# വിശുദ്ധ ഖുർആൻ
## ലഘു വിവരണം

ഡോ. അബ്ദുള്ള കോയ, കോഹിനൂർ
M.B.B.S, D.C.H
+91 9847 006 339



www.islamhouse.com

# വിശുദ്ധ ഖുർആൻ ലഘു വിവരണം


| അദ്ധ്യായം | പേജ് |
|---|---|
| മുഖവുര | iv |
| 1. ഫാതിഹഃ | 1 |
| 2. അൽബഖറ | 8 |
| 3. ആലുഇംറാൻ | 144 |
| 4. നിസാഅ് | 219 |
| 5. മാഇദ | 308 |
| 6. അൻആം | 372 |
| 7. അഅ്റാഫ് | 433 |
| 8. അൻഫാൽ | 503 |
| 9. തൗബ: | 534 |
| 10. യൂനുസ് | 593 |
| 11. ഹൂദ് | 626 |
| 12. യൂസുഫ് | 664 |
| 13. റഅ്ദ് | 701 |
| 14. ഇബ്റാഹീം | 720 |
| 15. ഹിജ്റ് | 739 |
| 16. നഹ്ൽ | 754 |
| 17. ഇസ്റാഅ് | 793 |
| 18. അൽ കഹ്ഫ് | 830 |
| 19. മർയം | 861 |
| 20. ത്വാഹാ | 879 |
| 21. അൻബിയാ | 902 |
| 22. ഹജ്ജ് | 929 |
| 23. മുഅ്മിനൂൻ | 953 |
| 24. നൂർ | 973 |
| 25. ഫുർഖാൻ | 1002 |
| 26. ശുഅറാ | 1024 |
| 27. നംല് | 1053 |
| 28. ഖസസ് | 1076 |
| 29. അൻകബൂത്ത് | 1102 |
| 30. റൂം | 1121 |
| 31. ലുഖ്മാൻ | 1138 |
| 32. സജദഃ | 1150 |
| 33. അഹ്സാബ് | 1160 |
| 34. സബഅ് | 1194 |
| 35. ഫാത്വിർ | 1212 |
| 36. യാസീൻ | 1227 |
| 37. സ്വാഫ്ഫാത്ത് | 1244 |
| 38. സ്വാദ് | 1265 |
| 39. സുമർ | 1285 |
| 40. മുഅ്മിൻ | 1310 |
| 41. ഹാമീം സജദഃ | 1333 |
| 42. ശൂറാ | 1351 |
| 43. സുഖ്റുഫ് | 1369 |
| 44. ദുഖാൻ | 1387 |
| 45. ജാഥിയഃ | 1396 |
| 46. അഹ്ഖാഫ് | 1405 |
| 47. മുഹമ്മദ് | 1418 |
| 48. ഫത്ഹ് | 1430 |
| 49. ഹുജുറാത്ത് | 1445 |
| 50. ഖാഫ് | 1455 |
| 51. ദാരിയാത്ത് | 1464 |
| 52. ത്വൂർ | 1473 |
| 53. നജ്മ് | 1481 |
| 54. ഖമർ | 1493 |
| 55. റഹ്മാൻ | 1502 |
| 56. വാഖിഅഃ | 1512 |
| 57. ഹദീദ് | 1524 |
| 58. മുജാദില | 1540 |
| 59. ഹശ്ർ | 1549 |
| 60. മുംതഹന | 1561 |
| 61. സ്വഫ്ഫ് | 1569 |
| 62. ജുമുഅഃ | 1574 |
| 63. മുനാഫിഖൂൻ | 1578 |
| 64. തഗാബുൻ | 1582 |
| 65. ത്വലാഖ് | 1588 |
| 66. തഹ്രീം | 1596 |
| 67. മുൽക് | 1602 |
| 68. ഖലം | 1609 |
| 69. ഹാഖ്ഖഃ | 1617 |
| 70. മആരിജ് | 1623 |
| 71. നൂഹ് | 1629 |
| 72. ജിന്ന് | 1635 |
| 73. മുസ്സമ്മിൽ | 1643 |
| 74. മുദ്ദഥ്ഥിർ | 1648 |
| 75. ഖിയാമഃ | 1657 |
| 76. ഇൻസാൻ | 1662 |
| 77. മുർസലാത്ത് | 1668 |
| 78. നബഅ് | 1673 |
| 79. നാസിആത്ത് | 1677 |
| 80. അബസ | 1682 |
| 81. തക്വീർ | 1687 |
| 82. ഇൻഫിത്വാർ | 1690 |
| 83. മുതഫ്ഫിഫീൻ | 1692 |
| 84. ഇൻശിഖാഖ് | 1696 |
| 85. ബുറൂജ് | 1699 |
| 86. ത്വാരിഖ് | 1702 |
| 87. അഅ്ലാ | 1704 |
| 88. ഗാശിയഃ | 1707 |
| 89. ഫജ്ർ | 1710 |
| 90. ബലദ് | 1715 |
| 91. ശംസ് | 1718 |
| 92. ലൈൽ | 1720 |
| 93. ള്-ളുഹാ | 1722 |
| 94. ഇൻശിറാഹ് | 1725 |
| 95. തീൻ | 1727 |
| 96. അലഖ് | 1729 |
| 97. ഖദ്ർ | 1732 |
| 98. ബയ്യിനഃ | 1734 |
| 99. സൽസല | 1736 |
| 100. ആദിയാത്ത് | 1737 |
| 101. ഖാരിഅ | 1739 |
| 102. തകാഥുർ | 1741 |
| 103. അസ്വ്ർ | 1743 |
| 104. ഹുമസഃ | 1745 |
| 105. ഫീൽ | 1746 |
| 106. ഖുറൈശ് | 1748 |
| 107. മാഊൻ | 1749 |
| 108. കൗഥർ | 1751 |
| 109. കാഫിറൂൻ | 1752 |
| 110. നസ്വ്ർ | 1754 |
| 111. ല്ലഹബ് | 1756 |
| 112. ഇഖ്ലാസ് | 1758 |
| 113. ഫലഖ് | 1760 |
| 114. നാസ് | 1764 |


www.islamhouse.com

# 1. സൂറത്തുൽ ഫാതിഹ: (പ്രാരംഭം)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 7

---

بسم الله الرحمن الرحيم എന്നത് സു:ഫാതിഹയിലെ ഒരു ആയത്താണെന്ന അഭിപ്രായക്കാർ 6 ഉം 7 ഉം വചനങ്ങൾ ഒന്നിച്ച് 7-ാ മത്തെ വചനമായി എണ്ണി വരുന്നു. ആകെ 7 വചനങ്ങളാണെന്നുള്ളതിൽ ഭിന്നിപ്പില്ല. വിശുദ്ധ ഖുർആനിൽ ആദ്യം വായിക്കപ്പെടുന്നതും 'മുസുഹഫു'കളിൽ ഒന്നാമതായി എഴുതപ്പെടുന്നതുമായ സൂറത്ത് എന്ന നിലക്ക് ഇതിന് 'സൂറത്തുൽ ഫാതിഹ' അഥവാ പ്രാരംഭ അദ്ധ്യായം എന്നും 'ഫാതിഹത്തുൽ കിത്താബ്' അഥവാ വേദ ഗ്രന്ഥത്തിന്റെ പ്രാരംഭം എന്നും പറയപ്പെടുന്നു. ഖുർആനിലെ മൗലിക പ്രതിപാദ്യ വിഷയങ്ങളുടെയെല്ലാം ഒരു സാരാംശം ഈ സൂറത്തിൽ അടങ്ങിയിരിക്കുന്നതിനാൽ ഈ സൂറത്തിന് ഖുർആനിന്റെ മൂലം - അഥവാ കേന്ദ്രം - എന്ന അർത്ഥത്തിൽ 'ഉമ്മുൽ ഖുർആൻ' എന്നും 'ഉമ്മുൽ കിതാബ്' എന്നും പേരുകളുണ്ട്. ഈ സൂറത്തിന്റെ പ്രാധാന്യവും ശ്രേഷ്ഠതയും സൂചിപ്പിക്കുന്ന മറ്റ് പല പേരുകളും ഹദീസുകളിലും മഹാന്മാരായ സഹാബികളുടെ വിവരണങ്ങളിലും വന്നത് താഴെ പറയുന്നു.

അസാസുൽ ഖുർആൻ - ഖുർആന്റെ അസ്തിവാരം

സൂറത്തുൽ കാഫിയ - മതിയായത് (ഖുർആനിക വിജ്ഞാനങ്ങൾ ഗ്രഹിക്കുവാൻ മതിയായ സൂറത്ത്)

സൂറത്തുൽ കൻസു - നിക്ഷേപം (വിജ്ഞാന മൂല്യങ്ങളുടെ നിക്ഷേപം)

സൂറത്തുൽ ഹംദ് - അല്ലാഹുവിനുള്ള സ്തുതി കീർത്തനങ്ങളുടെ അദ്ധ്യായം.

സൂറത്തുൽ ദുആഅ് - പ്രാർത്ഥനയുടെ അദ്ധ്യായം.

സൂറത്ത് സ്വലാത്ത് - നമസ്കാരത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത അദ്ധ്യായം. "സൂറത്തുൽ ഫാതിഹ ഓതിയിട്ടില്ലാത്ത വല്ല നമസ്കാരവും ആരെങ്കിലും നമസ്കരിച്ചാൽ അത് അപൂർണ്ണമാണ്, അത് അപൂർണ്ണമാണ്" എന്ന് നബി(സ) പ്രസ്താവിച്ചിരിക്കുന്നു.

സൂറത്തുൽ 'മുനാജാത്' - സ്വകാര്യ സംഭാഷണത്തിന്റെ (കൂടിക്കാഴ്ചയുടെ) അദ്ധ്യായം.

إياك نعبد و إياك نستعين എന്ന പ്രതിജ്ഞ കണക്കിലെടുത്ത്കൊണ്ടാണ് ഈ പേര് നലകിപ്പെട്ടിരിക്കുന്നത്.

"തീർച്ചയായും, ആവർത്തിത വചനങ്ങളിൽ പെട്ട ഏഴെണ്ണവും മഹത്തായ ഖുർആനും നാം നിനക്ക് നൽകിയിട്ടുണ്ട്" എന്ന് സൂ.ഹിജ്ർ: 87-ാം വചനത്തിലെ "ആവർത്തിത വചനങ്ങളിൽപെട്ട ഏഴെണ്ണം" എന്ന് പറഞ്ഞിരിക്കുന്നത് സൂറത്തുൽ ഫാതിഹയെ ഉദ്ദേശിച്ചാണെന്ന് നബി(സ) അരുളിയിട്ടുണ്ട് (അ.ബു). നിർബ്ബന്ധിത നമസ്കാരങ്ങളിലും സുന്നത്ത് നമസ്കാരങ്ങളിലുമായി അനേകമനേകം തവണ ആവർത്തിക്കപ്പെടുന്ന ഈ സൂറത്തിനെകുറിച്ച് "ഏഴ് ആവർത്തിത വചനങ്ങൾ" എന്ന് പ്രത്യേകം എടുത്ത് പറഞ്ഞതിന്റെ പൊരുൾ ഏവർക്കും മനസ്സിലാക്കാവുന്നതാണ്.

## 'അഊദു' ചൊല്ലൽ (ഓതൽ)അഥവാ ശരണം തേടൽ
## الإستعاذة

أعوذ بالله من الشيطان الرجيم എന്ന പ്രാർത്ഥനയുടെ അർത്ഥം ശപിക്കപ്പെട്ട പിശാചിൽ നിന്നും ഞാൻ അല്ലാഹുവിനോട് ശരണം തേടുന്നു എന്നാകുന്നു. തന്നാൽ കഴിയുന്ന എല്ലാ അടവുകളും മനുഷ്യരെ വഴി പിഴപ്പിക്കാൻ താൻ ഉപയോഗപ്പെടുത്തുമെന്ന് അല്ലാഹുവിന്റെ മുമ്പാകെ പതിജ്ഞയെടുത്തവനത്രേ നമ്മുടെ ബാഹ്യേന്ദ്രീയങ്ങൾക്ക് ഗോപ്യമായ അദൃശ്യനായ പിശാച്. ഈ വസ്തുത അല്ലാഹു ഖുർആനിൽ നമ്മെ ആവർത്തിച്ച് അറിയിച്ചിട്ടുള്ളതാകുന്നു. (സൂ.അഅ്റാഫ്: 16,17; സൂ.ഹിജ്ർ: 39; സൂ. അൽ കഹ്ഫ്: 50; സൂ.ഫാതിർ: 6; സൂ.സ്വാദ്: 82 എന്നീ വചനങ്ങൾ നോക്കുക). പിശാചിന്റെ ഉപദ്രവത്തിൽ നിന്നുള്ള രക്ഷ അല്ലാഹുവിൽ നിന്ന് തന്നെ നമുക്ക് ലഭിക്കേണ്ടിയിരിക്കുന്നു. മനുഷ്യർക്ക് മനുഷ്യവർഗ്ഗത്തിൽ തന്നെ പലതരം ശത്രുക്കളുമുണ്ട്. മനുഷ്യരും പിശാചുക്കളുമടങ്ങുന്ന രണ്ട് തരം ശത്രുക്കളിൽ നിന്നുമുള്ള രക്ഷാ മാർഗ്ഗങ്ങളെക്കുറിച്ച് സൂ.അഅ്റാഫ്: 199,200; സൂ. മുഅ്മിനൂൻ: 96,97,98 സൂ.ഹാമീം,

സജദ: 34,35,36 എന്നീ വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. സൂ.നാസ് ന്റെ വിവരണവും ഈ വിഷയ സംബന്ധമായി നോക്കുക.

"ഖുർആനിലെ ഏറ്റവും മഹത്തായ സൂറത്ത്" എന്നും "തൗറാത്തിലാകട്ടെ ഇഞ്ചീലിലാകട്ടെ സബൂറിലാകട്ടെ ഫുർഖാനി(ഖുർആൻ)ലാകട്ടെ ഇതുപോലൊരു സൂറത്ത് അവതരിച്ചിട്ടില്ല." - നബി വചനം.

"നീ ഖുർആൻ ഓതുമ്പോൾ ആട്ടപ്പെട്ട പിശാചിൽ നിന്നും അല്ലാഹുവിനോട് ശരണം തേടി കൊള്ളുക" - എന്ന സൂ.നഹ്ൽ: 98-ാം വചനത്തിന്റെ അടിസ്ഥാനത്തിൽ ഖുർആൻ പാരായണം ആരംഭിക്കുമ്പോൾ 'അഊദു' ചൊല്ലേണ്ടതുണ്ട് എന്നത്രേ ഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുള്ളത്. ഹദീസിന്റെ പിൻബലവും ഈ അഭിപ്രായത്തിനുണ്ട്. 'അഊദു' ചൊല്ലൽ നിർബ്ബന്ധമില്ലെങ്കിലും പ്രധാനപ്പെട്ട ഒരു ഐഛിക കർമ്മമാണ് അത് എന്ന് ചില പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. അഊദ് ചൊല്ലൽ നമസ്കാരത്തിലാകുമ്പോൾ അത് പതുക്കെയാണ് ചൊല്ലേണ്ടത്.

പിശാചിന്റെ ദുർമ്മന്ത്രത്തിന് സന്ദർഭം കാണുന്നിടത്തൊക്കെ - കോപം പിടിപെടുന്ന സന്ദർഭത്തിൽ പോലും - 'അഊദു' ചൊല്ലേണ്ടതുണ്ട് എന്ന് നബി(സ) അരുളിയതായി ബുഖാരി(റ) ഉദ്ധരിച്ചിരിക്കുന്നു.

### 'ബിസ്മി' ചൊല്ലൽ - അഥവാ അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കൽ.

ഖുർആനിലെ സൂ. തൗബ ഒഴിച്ചുള്ള 113 സൂറത്തുകളും ആരംഭിക്കുന്നത് ബിസ്മില്ലാഹ് കൊണ്ടാകുന്നു. (സൂ.തൗബയിലെ പ്രാരംഭ വിവരണം നോക്കുക). സൂ. നംല് -ൽ ആരംഭത്തിലുള്ള 'ബിസ്മില്ലാഹ്'-ന് പുറമെ 30-ാം വചനത്തിൽ ആ വചനത്തിന്റെ ഒരു ഭാഗമെന്ന നിലയിൽ 'ബിസ്മില്ലാഹ്' പൂർണ്ണ രൂപത്തിൽ കാണാം. സൂറത്തുകളിൽ ആരംഭത്തിലുള്ള ബിസ്മില്ലാഹ് ഖുർആനിൽ പെട്ടതാണോ അല്ലയോ എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. എന്നാൽ ഒരു കാര്യം തീർത്ത് പറയാം. ഖുർആൻ പാരായണം തുടങ്ങുമ്പോഴും, സൂറത്തുകളുടെ ആരംഭത്തിലും - സൂ:ഫാത്തിഹ:യുടെ ആരംഭത്തിൽ വിശേഷിച്ചും - 'ബിസ്മില്ലാഹ്' ചൊല്ലൽ ആവശ്യമാകുന്നു. നബി(സ) തിരുമേനിക്ക് അവതരിച്ച ആദ്യത്തെ ഖുർആൻ വചനം തന്നെ "നീ നിന്റെ റബ്ബിന്റെ നാമത്തിൽ വായിക്കുക" - **اقرأ بسم ربك** എന്നായിരുന്നുവല്ലോ. (സൂ.അലഖ് ആദ്യ വചനം നോക്കുക)

ഖുർആൻ പാരായണ വേളയിൽ മാത്രമല്ല, നല്ലതും വേണ്ടപ്പെട്ടതുമായ ഏതൊരു കാര്യം തുടങ്ങുമ്പോഴും അത് അല്ലാഹുവിന്റെ നാമത്തിൽ തുടങ്ങേണ്ടതാകുന്നു. പ്രധാന കാര്യങ്ങൾ അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുകയെന്ന പതിവ് പൂർവ്വ പ്രവാചകന്മാർ മുതൽക്കെയുള്ള നടപടിയാകുന്നു. (സൂ.ഹൂദ്:41; സൂ.നംല്: 30 വചനങ്ങൾ നോക്കുക) അല്ലാഹുവിന്റെ നാമവും അവന്റെ കൃപാകടാക്ഷവും ഓർത്തും ഉച്ചരിച്ചും കൊണ്ടുള്ള ശുഭ സൂചകമായ തുടക്കം, അതിന്റെ പര്യവസാനം ശുഭകരമായിത്തീരുവാനും അത്യന്താപേക്ഷിതമാകുന്നു. മാത്രമല്ല, അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ കൂടാതെ ചെയ്യുന്ന സൽക്കാര്യങ്ങളൊന്നും തന്നെ അല്ലാഹുവിന്റെ പ്രീതിക്കോ പ്രതിഫലത്തിനോ, ഒരാളെ അർഹനാക്കുന്നതല്ല.

നമസ്കാരത്തിൽ ബിസ്മില്ലാഹ് ഉറക്കെ ചൊല്ലുന്നതോ പതുക്കെ ചൊല്ലുന്നതോ നല്ലത് എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായമാണുള്ളത്. എങ്ങനെ ചൊല്ലിയാലും നമസ്കാരത്തിന് അതുമൂലം ഭംഗം നേരിടുന്നതല്ല. നബി(സ) തിരുമേനി, ഉറക്കെ ചൊല്ലുന്നതിനേക്കാൾ അധികം പതുക്കെ ചൊല്ലുകയായിരുന്നു പതിവ് എന്ന് ഇമാം ഇബ്നു ഖയ്യിം(റ) പ്രസ്താവിച്ചിട്ടുണ്ട്.

### ജുസുഅ് - 1

**വചനം 1,2,3,4,5,6,7:**

| | | |
|---|---|---|
| 1 | പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ | بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ١ |
| 2 | സ്തുതി (മുഴുവൻ) ലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു;- | ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ٢ |

| | |
|---|---|
| 3 പരമകാരുണികനും കരുണാനിധിയുമായുള്ളവൻ;- | الرَّحْمَٰنِ الرَّحِيمِ ﴿٣﴾ |
| 4 പ്രതിഫലദിവസത്തിൻെറ ഉടമസ്ഥൻ. | مَالِكِ يَوْمِ الدِّينِ ﴿٤﴾ |
| 5 നിന്നെമാത്രം ഞങ്ങൾ ആരാധിക്കുന്നു; നിന്നോടുമാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു. | إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴿٥﴾ |
| 6 ചൊവ്വായ പാതയിൽ നീ ഞങ്ങളെ വഴിചേർക്കേണമേ!- | اهْدِنَا الصِّرَاطَ الْمُسْتَقِيمَ ﴿٦﴾ |
| 7 (അതായത്) യാതൊരു കൂട്ടരുടെ മേൽ നീ അനുഗ്രഹം ചെയ്തിരിക്കുന്നുവോ അവരുടെ പാതയിൽ, (അതേ,) കോപ വിധേയരല്ലാത്തവരും, വഴി പിഴച്ചവരല്ലാത്തവരുമായ (വരുടെ പാതയിൽ). | صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ﴿٧﴾ |

**بسم الله الرحمن الرحيم**. എന്നത് സൂ.ഫാത്തിഹയിലെ ഒരു ആയത്ത് ആണെന്ന അഭിപ്രായക്കാർ 6ഉം 7ഉം വചനങ്ങൾ ഒന്നിച്ച് 7–ാ മത്തെ വചനമായി എണ്ണിവരുന്നു. ആകെ 7 വചനമാണെന്നുള്ളതിൽ ഭിന്നിപ്പില്ല.

**بسم الله**. – അല്ലാഹുവിന്റെ നാമത്തിൽ: **الله** എന്ന വാക്ക് **اله** (ഇലാഹ് – ആരാധിക്കപ്പെടുന്നവൻ) എന്ന വാക്കും **ال** (അൽ) എന്ന അവ്യയവും ചേർത്ത് പ്രത്യേകിപ്പിച്ചതാണ്. ഇതനുസരിച്ച് **الله** എന്ന സംജ്ഞാ നാമത്തിന്റെ അർത്ഥം "സാക്ഷാൽ ദൈവം" അഥവാ "ആരാധിക്കപ്പെടുവാൻ യഥാർത്ഥ, ഏക അർഹൻ" എന്നാകുന്നു – **الله اعلم**

**الرحمن الرحيم** പരമ കാരുണികനും കരുണാനിധിയുമായ (അല്ലാഹു) – ഐഹികമോ പാരത്രികമോ ആയ സകല വിധ അനുഗ്രഹങ്ങളുടെയും കർത്താവായ പരമ കാരുണികൻ എന്ന് 'അർ-റഹ്മാനി' നും നന്മ ചെയ്യുന്നവർക്ക് പ്രത്യേകമായി സിദ്ധിക്കാനിരിക്കുന്ന മഹാനുഗ്രഹങ്ങളുടെ ദാതാവായ കരുണാനിധി എന്ന് 'അർ-റഹീമി' നും വിവക്ഷ നൽകപ്പെടുന്നു.

അല്ലാഹുവിന്റെ അർശിന്റെ മീതെ വെച്ചിട്ടുള്ള ഒരു ഗ്രന്ഥത്തിൽ അല്ലാഹു ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു – "നിശ്ചയമായും എന്റെ കാരുണ്യം എന്റെ കോപത്തെ മുൻ കടന്നിരിക്കുന്നു" – നബി വചനം (ബു.മു). "എന്റെ കാരുണ്യം എല്ലാ വസ്തുക്കൾക്കും വിശാലമായിരിക്കുന്നു" എന്ന സൂ. അഅ്റാഫ്: 156ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. സത്യനിഷേധത്തിലും, തോന്നിയവാസത്തിലും മുഴുകിയ ധിക്കാരികൾ പോലും അവന്റെ എണ്ണമറ്റ അനുഗ്രഹങ്ങൾ സദാ ആസ്വദിച്ച് കൊണ്ടിരിക്കുന്നത് അത് കൊണ്ടത്രേ.

മറ്റൊരു നബി വചനം ഇപ്രകാരമാകുന്നു: അല്ലാഹുവിന്റെ കാരുണ്യം നൂറ് ആയി ഭാഗിച്ചാൽ അതിന്റെ ഒരു ഭാഗം മാത്രമാണ് ഈ ലോകത്ത് എല്ലാ ജീവികൾക്കുമിടയിൽ അവൻ അവതരിപ്പിച്ചിരിക്കുന്നത്. അവർ തമ്മിൽ ദയയും കരുണയും കാണിക്കുന്നത് ആ ഒരു ഭാഗം കൊണ്ടത്രെ. ബാക്കി തൊണ്ണൂറ്റിയൊൻപത് ഭാഗവും ഖിയാമത്ത് നാളിൽ തന്റെ അടിയാന്മാർക്ക് കരുണ ചെയ്വാനായി അവൻ കരുതി വെച്ചിരിക്കുകയാണ്." – ബു.മു(റ)

'റഹ്മാൻ' 'റഹീം' എന്നീ പദങ്ങളിൽ 'റഹ്മാൻ' എന്ന രൂപമാണ് കാരുണ്യത്തിന്റെ അതി വിശാലതയെ കൂടുതൽ ദ്യോതിപ്പിക്കുന്നത്. 'റഹ്മാൻ' എന്ന് അല്ലാഹുവിനെ കുറിച്ചല്ലാതെ മറ്റാരെ കുറിച്ചും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. 'അല്ലാഹു' എന്ന സംജ്ഞാ നാമത്തെ കഴിച്ചാൽ, അവന്റെ നാമ വിശേഷണങ്ങളായി ഉപയോഗിക്കപ്പെട്ടിട്ടുള്ള ഇതര നാമങ്ങളിൽ കൂടുതൽ സ്ഥാനം ഖുർആനിൽ കൽപിക്കപ്പെട്ട് കാണുന്നതും 'റഹ്മാൻ' എന്ന നാമമാകുന്നു. അല്ലാഹു എന്ന നാമം പോലെ മറ്റ് വിശേഷണങ്ങളൊന്നും കൂടാതെ, 'അൽ റഹ്മാൻ' എന്ന നാമവും 'അല്ലാഹു'വിന് ഉപയോഗിക്കപ്പെട്ടു കാണാം. (സൂ. ഇസ്രാഅ്: 110; സൂ.ഫുർഖാൻ: 59; സൂ.റഹ്മാൻ: 1 എന്നീ വചനങ്ങൾ നോക്കുക)

الحمد لله رب العالمين സർവ്വ ലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു എല്ലാ സ്തുതിയും: സ്തുതി കീർത്തനങ്ങളുടെ ഏത് വിഭാഗം പരിശോധിച്ചാലും ശരി, സ്തുതി ഏത് കാര്യത്തിന്റെ പേരിലായാലും ശരി, യഥാർത്ഥത്തിൽ ആ സ്തുതിക്കുള്ള കാരണ കർത്താവും ആ കാര്യത്തിന്റെ ഉത്ഭവ കേന്ദ്രവും അല്ലാഹു ആയിരിക്കുമെന്ന് കാണാം. حمد (സ്തുതി) എന്ന വാക്കിനോട് ال എന്ന അവ്യായം ചേർന്നപ്പോൾ സ്തുതിയുടെ ഇനത്തിൽ പെട്ടതെല്ലാം അതിൽ ഉൾപ്പെട്ടു.

എല്ലാ സ്തുതിയും അല്ലാഹുവിന് തന്നെയാണെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കുവാൻ തക്ക അവന്റെ ചില ഉൽകൃഷ്ട ഗുണങ്ങളാണ് തുടർന്നു പ്രസ്താവിച്ചിരിക്കുന്നത്. - رب العالمين (ലോകരുടെ രക്ഷിതാവ്.) الرحمن الرحيم (പരമ കാരുണികനും കരുണാധിനിയുമായുള്ളവൻ) مالك يوم الدّين (പ്രതി ഫല ദിവസത്തിന്റെ ഉടമസ്ഥൻ)

'റബ്ബ്' എന്ന വാക്കിന് സന്ദർഭാനുസരണം പല അർത്ഥങ്ങളുമുണ്ടെങ്കിലും رب العالمين എന്ന വാക്കിന്റെ അർത്ഥം അഖില ലോകങ്ങളുടെയും (ബുദ്ധി ജീവികളെന്നോ, മറ്റ് ജീവികളെന്നോ, നിർജ്ജീവ വസ്തുക്കളെന്നോ വ്യത്യാസമില്ലാതെ) രക്ഷിതാവ് എന്നതാകുന്നു. عالم (ലോകം) എന്ന വാക്കിന്റെ ബഹു വചനമാകുന്നു عالمين (അഖില ലോകങ്ങളും) എന്നത്. എന്താണ് رب العالمين (റബ്ബുൽ ആലമീൻ) എന്ന ഫിർഔന്റെ ചോദ്യത്തിന് "ആകാശങ്ങളുടെയും ഭൂമിയുടെയും അവ രണ്ടിനുമിടയിൽ ഉള്ളവയുടെയും റബ്ബ് " എന്ന് മൂസാ(അ) മറുപടി നൽകിയതായി സൂ.ശുഅറാഅ്: 23,24 വചനങ്ങളിൽ കാണാം.

الرحمن الرحيم (പരമ കാരുണികനും കരുണാനിധിയുമായുള്ളവൻ): എന്ന വിശേഷണത്തെക്കുറിച്ച് بسم الله الرحمن الرحيم ന്റെ വിവരണത്തിൽ പ്രതിപാദിച്ചിട്ടുള്ളത് നോക്കുക.

مالك يوم الدين പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ): دين (ദീൻ) എന്ന പദത്തിന് സന്ദർഭാനുസരണം പല അർത്ഥങ്ങളുമുണ്ടെങ്കിലും ഇവിടെ 'പ്രതിഫലം' എന്നാണർത്ഥം നലകപ്പെട്ടിട്ടുള്ളത്. സൃഷ്ടികളുടെ കർമ്മങ്ങൾക്കനുസരിച്ച് പ്രതിഫലം നൽകപ്പെടുന്ന ആ മഹാദിനമായ ഖിയാമത്ത് നാളാകുന്നു 'പ്രതിഫല ദിവസം' എന്നത്കൊണ്ട് വിവക്ഷ. ആ ദിവസത്തിലെ സർവ്വാധിപതിയും ഏകാധിപതിയും അല്ലാഹു മാത്രമായിരിക്കും. പ്രതിഫല ദിവസമെന്താണെന്ന് സൂ.ഇൻഫിതാർ: 19-ാം വചനത്തിൽ അല്ലാഹു ഇപ്രകാരം വിവരിക്കുന്നു: "ഒരാൾക്കും തന്നെ മറ്റൊരാൾക്കും വേണ്ടി യാതൊന്നും ചെയ്യാൻ കഴിയാത്ത ദിവസം. അന്ന് കാര്യം - അഥവാ അധികാരം - അല്ലാഹുവിനായിരിക്കും."

അല്ലാഹുവിന്റെ നാല് ഉൽകൃഷ്ട ഗുണങ്ങളേയും ഈ മൂന്ന് ചെറു വാക്യങ്ങളിലായി ഓർമ്മിച്ച്, അല്ലാഹുവിന് സ്തുതി കീർത്തനം ചെയ്തുകൊണ്ട് അല്ലാഹുവിന്റെ അടിയാൻ തുടർന്ന് പറയുന്നു:

إياك نعبد و إياك نستعين (നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു): نعبد ക്രിയയുടെ മൂല ധാതുവായ عبادة (ഇബാദത്ത്) എന്ന പദത്തിന് നിഘണ്ടുക്കളിൽ പല അർത്ഥങ്ങളും കാണാമെങ്കിലും 'ശറഇ' ന്റെ (മതത്തിന്റെ) സാങ്കേതികാർത്ഥത്തിലുള്ള അതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുന്ന ഏറ്റവും അനുയോജ്യമായ മലയാള പദം 'ആരാധന' എന്നാകുന്നു. സ്നേഹത്തിന്റെയും ഭക്തിയുടെയും, ഭയത്തിന്റെയും, വിനയത്തിന്റെയും അദൃശ്യമായ കഴിവിലുള്ള വിശ്വാസത്തിന്റെയും പൂർണ്ണതയെ ഒരുമിച്ച് കൂട്ടുന്ന (ഒത്തിണക്കുന്ന) കാര്യത്തിന് പറയപ്പെടുന്ന ഒരു വാക്കാകുന്നു ഇബാദത്ത് എന്നത്.

ആരാധനക്കും സഹായാർത്ഥനക്കും യാഥാർത്ഥത്തിൽ അർഹനായുള്ളവൻ അല്ലാഹു ഒരുവനേയുള്ളൂവെന്ന് ഏറ്റ് പറയലും മറ്റാരുടെ മുമ്പിലും അത് രണ്ടും ഞങ്ങൾ സമർപ്പിക്കുകയില്ലെന്നുമുള്ള പ്രതിജ്ഞയുമാകുന്നു ഈ വചനം. നമസ്കാരത്തിലും അല്ലാതെയും ഓരോ സത്യ വിശ്വാസിയും ഇത് ആവർത്തിച്ച് പറയേണ്ടതുണ്ട്. അല്ലാഹു അല്ലാത്തവർക്ക് ആരാധനയും സഹായാർത്ഥനയും അർപ്പിക്കുന്നവരെക്കുറിച്ച് ഖുർആനിൽ പലയിടങ്ങളിലും അല്ലാഹു താക്കീത് നൽകിയിട്ടുള്ളതായി കാണാം. (സൂ. അൽ ബഖറ: 165; സൂ.സുമർ: 36 സൂ.ആലു ഇംറാൻ 31,175 എന്നീ വചനങ്ങൾ നോക്കുക.)

و إياك نستعين (നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു). ഏതെല്ലാം കാര്യത്തിൽ സഹായത്തിന് ആവശ്യമായിരിക്കുമോ അതിലെല്ലാം സഹായമർപ്പിക്കുന്നു എന്നതാണ് പ്രസ്തുത വചനത്തിന്റെ സാരം എന്നാണ് മിക്ക ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായം. ഈ വചനത്തിന് തൊട്ട് മുമ്പ് പറഞ്ഞിട്ടുള്ള 'ഇബാദത്തു'കൾ യഥാവിധി സ്വീകരിക്കുവാനുള്ള സഹായാർത്ഥനയും ഇതിൽ

ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവെന്ന് തീർച്ചയായും പറയാം. ഭൗതികം, പാരത്രികം, മതപരം, ലൗകികം, ഐഹികം തുടങ്ങി സകല കാര്യങ്ങൾക്കും അല്ലാഹുവിന്റെ സഹായം അനിവാര്യമാകുന്നു. സാധാരണ ഗതിയിൽ മനുഷ്യ കഴിവിൽ പെട്ട കാര്യങ്ങളും ഇതിൽ നിന്നൊഴിവല്ല തന്നെ. ഏതൊരു നിസ്സാര കാര്യത്തിനും വേണ്ട എല്ലാ സാഹചര്യങ്ങളും ചുറ്റുപാടും അല്ലാഹുവിൽ നിന്ന് തന്നെ ലഭിക്കേണ്ടതുണ്ട് - സൃഷ്ടികളിൽ നിന്ന് ലഭ്യമല്ലാത്തതും അല്ലാഹുവിങ്കൽ നിന്ന് അദൃശ്യമായി മാത്രം ലഭിക്കുന്നതുമായ സഹായമാണ്, പ്രാധാനമായും ഇവിടെ ഉദ്ദേശ്യമെന്ന് മൊത്തത്തിൽ മനസ്സിലാക്കാം. സൃഷ്ടികളുടെ കഴിവിൽ പെടാത്തതും അദൃശ്യ മാർഗ്ഗത്തിലൂടെ അല്ലാഹുവിൽ നിന്ന് മാത്രം സഹായം ലഭിക്കേണ്ടതുമായ കാര്യങ്ങളിൽ അല്ലാഹു അല്ലാത്തവരോട് സഹായം അഭ്യർത്ഥിക്കുന്നത് കേവലം നിരർത്ഥകമാണെന്ന് മാത്രമല്ല അത് ശിർക്കും, സൃഷ്ടികൾക്ക് ദിവ്യത്വം കൽപിക്കലുമാകുന്നു. എന്നാൽ മനുഷ്യന് നൽകപ്പെട്ടിട്ടുള്ള കഴിവിൽ പെട്ടതും നല്ലതുമായ ഏത് കാര്യങ്ങളിലും പരസ്പരം സഹായ സഹകരണങ്ങൾ ചിലപ്പോൾ അത്യാവശ്യവും അനിവാര്യവുമായിരിക്കും. സൂ.മാഇദ: 2-ാം വചനത്തിൽ അല്ലാഹു ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. “പുണ്യത്തിലും ധർമ്മ നിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക.”

ഈ സൂറത്ത് ഒറ്റക്ക് പാരായണം ചെയ്യുമ്പോഴും “ഞങ്ങൾ ആരാധിക്കുന്നു, ഞങ്ങളെ വഴി ചേർക്കേണമേ” എന്നൊക്കെ ബഹുവചന രൂപത്തിൽ പ്രയോഗിക്കുന്നതിന്റെ രഹസ്യമെന്തന്നാൽ - “സത്യ വിശ്വാസികൾ സഹോദരന്മാരാണ്” “നിങ്ങൾ എല്ലാവരും അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കണം, നിങ്ങൾ ഭിന്നിക്കരുത്,” തുടങ്ങിയ അല്ലാഹുവിന്റെ വചനങ്ങളുടെയും, സമാന ആശയമുള്ള നബി വചനങ്ങളുടെയും അടിസ്ഥാനത്തിൽ സത്യവിശ്വാസിയായ ഓരോ വ്യക്തിയും സ്വന്തം കാര്യത്തിൽ മാത്രം താൽപര്യം പുലർത്തിയാൽ പോരാ. മുഴുവൻ സത്യ വിശ്വാസികളുടെയും നന്മയിലും വിജയത്തിലും താൽപര്യം ഉള്ളവരായിരിക്കേണ്ടതാണ് എന്നതാകുന്നു.

**اهدنا الصراط المستقيم** (ചൊവ്വായ പാതയിൽ നീ ഞങ്ങളെ വഴി ചേർക്കേണമേ): ഞങ്ങൾ അല്ലാഹുവിനോട് അർത്ഥിക്കുന്ന ഏറ്റവും വലിയ സഹായവും അനുഗ്രഹവുമാകുന്നു ഈ വചനത്തിൽ. മാർഗ്ഗ ദർശനം നൽകുക അഥവാ വഴികാട്ടുക എന്ന അർത്ഥത്തിലും സന്മാർഗ്ഗത്തിലാക്കുക അഥവാ നേർ വഴിയിലാക്കുക എന്ന അർത്ഥത്തിലും **اهد** (‘ഇഹ്ദി’) എന്ന വാക്കിന്റെ ധാതു രൂപമായ **الهداية** (ഹിദായത്ത്) എന്ന പദം ഖുർആനിൽ പ്രയോഗിക്കപ്പെടാറുണ്ട്. നല്ല കാര്യത്തിലേക്ക് മാർഗ്ഗ ദർശനം നൽകുന്നതിനാണ് ഈ പദം അധികവും ഉപയോഗിക്കപ്പെടാറുള്ളത്. മനുഷ്യർക്ക് അല്ലാഹുവിൽ നിന്ന് ഹിദായത്ത് (മാർഗ്ഗ ദർശനം) ലഭിക്കുന്നത് താഴെ പറയുന്ന പ്രകാരത്തിലാകാമെന്ന് ഇമാം ബൈളാവി(റ) ഇമാം റാഗിബ്(റ) എന്നിവർ ചൂണ്ടിക്കാട്ടുന്നു.

1. ജീവിതാവശ്യങ്ങൾ നിറവേറ്റത്തക്കവണ്ണം വിശേഷബുദ്ധി. ബാഹ്യേന്ദ്രീയങ്ങൾ, ആന്തരേന്ദ്രീയങ്ങൾ മുതലായവ നൽകി അനുഗ്രഹിക്കുക വഴി ലഭിക്കുന്നത്.

2. സത്യാസത്യങ്ങളും നന്മ തിന്മകളും തിരിച്ചറിയാനുള്ള തെളിവുകളും ദൃഷ്ടാന്തങ്ങളും നൽകുക വഴി ലഭിക്കുന്നത്.

3. പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും വഴി ലഭിക്കുന്നത്.

4. സന്മാർഗ്ഗ ചാരികളായ ആളുകൾക്ക് അല്ലാഹുവിൽ നിന്നും ലഭിക്കുന്ന പ്രത്യേക സഹായമാകുന്ന ‘തൗഫീഖ്’ മൂലം ലഭിക്കുന്നത്.

5. പരലോകത്ത് സ്വർഗ്ഗീയ ജീവിതം തുടങ്ങിയ മഹാഭാഗ്യങ്ങൾ നൽകുന്നത് മുഖേന ലഭിക്കുന്നത്.

ഒന്നാമത്തേയും രണ്ടാമത്തേയും, മൂന്നാമത്തേയും ഹിദായത്തുകൾ സത്യ വിശ്വാസികൾക്കും അല്ലാത്തവർക്കും നൽകപ്പെടുന്നവയാണ്. അവിശ്വാസികൾക്കും, ദുർമ്മാർഗ്ഗികൾക്കും ഹിദായത്ത് ലഭിക്കുകയില്ലെന്ന്അല്ലാഹു പ്രസ്താവിക്കാറുള്ളത് ഇവയിൽ നാലാമത്തേയും അഞ്ചാമത്തേയും ഹിദായത്തുകളെ ഉദ്ദേശിച്ചാകുന്നു. നബി(സ) തിരുമേനിയോ മറ്റോ ഹിദായത്ത് നൽകുന്നതല്ല എന്നത് കൊണ്ട് ഒന്നാമത്തേയും നാലാമത്തേയും അഞ്ചാമത്തേയും ഹിദായത്തുകൾ ഉൾപ്പെടുന്നു. ഈ മൂന്നും അല്ലാഹുവിൽ നിന്ന് മാത്രം സിദ്ധിക്കുന്നവയാകുന്നു.

ഇവിടെ 'ഹിദായത്ത്' കൊണ്ടുള്ള ഉദ്ദേശ്യം മേൽ വിവരിച്ച എല്ലാ ഇനങ്ങളും ആയിരിക്കാമെങ്കിലും നാലും, അഞ്ചും ഇനങ്ങളാണ് പ്രധാനമായും ഉദ്ദേശിക്കപ്പെടുന്നത്.

**الصراط المستقيم** (ചൊവ്വായ പാത) എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നതെന്തെന്ന് തുടർന്നുള്ള വാക്യങ്ങളിൽ നിന്ന് തന്നെ മനസ്സിലാക്കാവുന്നതാണ്. അവയുടെ വിശദീകരണത്തിൽ വ്യാഖ്യാതാക്കൾ വ്യത്യസ്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ടെങ്കിലും അല്ലാഹുവും റസൂലും നിർദ്ദേശിച്ച് തന്ന മാർഗ്ഗം എന്ന ഒരേ ആശയത്തിൽ ആണ് ആ പ്രസ്താവനകളെല്ലാം എത്തിച്ചേരുന്നത്.

ചൊവ്വായ മാർഗ്ഗം സ്വീകരിച്ച സത്യ വിശ്വാസികൾ ഈ പ്രാർത്ഥന വീണ്ടും വീണ്ടും ആവർത്തിക്കുന്നത് എന്തിനാണ്. ഇബ്നു കഥീർ(റ) പ്രസ്തുത സംശയത്തിന് ഇപ്രകാരം മറുപടി പറയുന്നു:

"അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് വഴി പിഴച്ച് പോകാതെ അതിൽ ഉറച്ച് നിൽക്കുവാനും അതിൽ അഭിവൃദ്ധിയും വളർച്ചയും ലഭിച്ചുകൊണ്ടിരിക്കുവാനും അല്ലാഹുവിന്റെ സഹായവും തൗഫീഖും സദാ സമയവും തന്റെ നേരെ നീട്ടിക്കൊണ്ടിരിക്കുവാനായി അവൻ അല്ലാഹുവിനോട് അപേക്ഷിച്ച് കൊണ്ടിരിക്കേണ്ടതാണ്."

ഈ വിഷയ സംബന്ധമായി സൂ.ആലു ഇംറാൻ: 8-ാം വചനത്തിലെ പ്രസ്താവന ശ്രദ്ധിക്കുക.

ചൊവ്വായ പാത (**الصراط المستقيم**) കൊണ്ടുള്ള വിവക്ഷ അടുത്ത വചനങ്ങളിൽ അല്ലാഹു വിവരിക്കുന്നു.

**صراط الذين أنعمت عليهم** (നീ അനുഗ്രഹം ചെയ്തു കൊടുത്തിട്ടുള്ളവരുടെ പാത): ഈ അനുഗൃഹീതർ ആരാണെന്ന് സൂ.നിസാഅ്: 69-ാം വചനത്തിൽ നിന്ന് മനസ്സിലാക്കാം.

"അല്ലാഹുവിനേയും റസൂലിനേയും ആർ അനുസരിക്കുന്നുവോ, അക്കൂട്ടർ അല്ലാഹു അനുഗ്രഹം ചെയ്ത് കൊടുത്തിട്ടുള്ള നബിമാർ, സിദ്ധീഖുകൾ, ശുഹദാക്കൾ, സ്വാലിഹുകൾ എന്നിവരോട് കൂടെയായിരിക്കും. അവർ വളരെ നല്ല സുഹൃത്തുക്കൾ ആകുന്നു."

അല്ലാഹുവിന്റെ കണക്കറ്റ അനുഗ്രഹങ്ങൾ ഐഹികമെന്നും പാരത്രികമെന്നും രണ്ട് വിഭാഗത്തിലാകുന്നു. ഇതിൽ പാരത്രികമായ അനുഗ്രഹങ്ങൾ - പാപം പൊറുക്കപ്പെടൽ, പുണ്യവാളന്മാരുടെ കൂട്ടത്തിൽ ശാശ്വത വിജയവും സ്വർഗ്ഗീയ ജീവിതവും സിദ്ധിക്കൽ, അല്ലാഹുവിന്റെ പ്രീതിയും പൊരുത്തവും ലഭിക്കൽ മുതലായ അനുഗ്രങ്ങളും അവ ലഭിക്കുവാൻ സഹായകമായിത്തീരുന്ന ഐഹിക വിഭാഗത്തിൽ പെട്ട കാര്യങ്ങളുമാണ് ഇവിടെ 'അനുഗ്രഹം' കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് എന്നാണ് ബൈളാവി(റ) ഈ വാക്യത്തിന്റെ വ്യാഖ്യാനമായി പ്രസ്താവിച്ചിട്ടുള്ളത്.

പ്രസ്തുത അനുഗ്രഹീത പാതയുടെ നിഷേധാത്മക വശം ആകുന്നു അടുത്ത വചനത്തിൽ.

**غير المغضوب عليهم ولاالضالين** (കോപ വിധേയരല്ലാത്തവരും വഴിപിഴച്ചവരല്ലാത്തവരുമായ (വരുടെ) പാതയിൽ: 'കോപ വിധേയരായവർ' എന്നത് കൊണ്ടുദ്ദേശ്യം യഹുദികളാണെന്നും, 'വഴി പിഴച്ചവർ' എന്നതുകൊണ്ടുദ്ദേശ്യം കിസ്ത്യാനികൾ ആണെന്നും നബി(സ) പ്രസ്താവിച്ചിരിക്കുന്നു. (തി: അ)

സത്യമാർഗ്ഗം എന്തെന്നറിവുണ്ടായിട്ടും അതിന് എതിരായി പ്രവർത്തിച്ചത് കൊണ്ടാണ് യഹൂദികളെ 'കോപത്തിന് വിധേയരായവർ' എന്ന് പറഞ്ഞതെന്നും, സത്യം മനസ്സിലാക്കാതെ സത്യ മാർഗ്ഗത്തിൽ നിന്നു തെറ്റിപ്പോയത് കൊണ്ടാണ് ക്രിസ്ത്യാനികളെ 'വഴി പിഴച്ചവർ' എന്ന് പറഞ്ഞതെന്നും, ഇമാം ഇബ്നു തൈമിയ്യ(റ) വിശദീകരിച്ചിരിക്കുന്നു. യഹൂദികളെപറ്റി 'അല്ലാഹു ശപിക്കുകയും കോപിക്കുകയും ചെയ്തവർ' എന്ന് സൂ.മാഇദ: 60-ാം വചനത്തിലും, "അവരുടെ അവിശ്വാസം നിമിത്തം അല്ലാഹു അവരെ ശപിച്ചിരിക്കുന്നു" എന്ന് സൂ. അൽ ബഖറ: 88-ാം വചനത്തിലും ക്രിസ്ത്യാനികളെ പറ്റി "അവർ മുമ്പേ വഴി പിഴച്ചിട്ടുണ്ട്; വളരെ ആളുകളെ വഴി പിഴപ്പിക്കുകയും ചൊവ്വായ മാർഗ്ഗം വിട്ട് പിഴക്കുകയും ചെയ്തിരിക്കുന്നു." എന്ന് സൂ.മാഇദ: 77-ാം വചനത്തിലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

പൊതുവിൽ പറഞ്ഞാൽ കോപ വിധേയർ യഹൂദരും വഴി പിഴച്ചവർ ക്രിസ്ത്യാനികളും തന്നെ. എങ്കിലും ഇവരല്ലാത്തവരിലും കോപത്തിന് വിധേയരായവരും വഴിപിഴച്ചവരും ഉണ്ട് എന്ന് താഴെ കാണുന്ന ഖുർആൻ വചനങ്ങളുടെ ആശയങ്ങളിൽ നിന്ന് വ്യക്തമാണ്.

സൂ: നിസാഅ്: 167 – “നിശ്ചയമായും അവിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് (ജന ങ്ങളെ) തിരിച്ച് കളയുകയും ചെയ്തവർ വിദൂരമായ വഴി പിഴവ് പിഴച്ച് കഴിഞ്ഞിരിക്കുന്നു.”

സൂ.ഫത്ഹ്: 6 – “കപട വിശ്വാസികളുടെയും മുശ്രിക്കകളുടെയും മേൽ അല്ലാഹു കോപിക്കുകയും അവരെ ശപിക്കുകയും ചെയ്തിരിക്കുന്നു.”

സൂ. നഹ്ൽ: 106: സത്യവിശ്വാസം സ്വീകരിച്ച ശേഷം മന:പൂർവ്വം അത് പരിത്യജിക്കുന്നവരുടെ മേൽ അല്ലാഹുവിന്റെ കോപമുണ്ടായിരിക്കും.

ഫാത്തിഹ സൂറത്ത് ഓതിക്കഴിയുമ്പോൾ അതോട് ചേർന്ന് ‘ആമീൻ’ امين – ഈ പ്രാർത്ഥന സ്വീകരിക്കേ ണമേ – എന്ന് ചൊല്ലേണ്ടതുണ്ട്. നബി(സ) തിരുമേനി അത് നീട്ടി ചൊല്ലിയിരുന്നതായും, ഉറക്കെ ചൊല്ലിയിരുന്നതായും രിവായത്തുകളിൽ വന്നിട്ടുണ്ട്.

“ഇമാം ആമീൻ പറയുമ്പോൾ നിങ്ങൾ ആമീൻ പറയണം. ഒരാളുടെ ആമീൻ പറയൽ മലക്കുകൾ ആമീൻ പറയുന്നതുമായി യോജിച്ച് വന്നാൽ അവന് അവന്റെ മുൻകഴിഞ്ഞ പാപം പൊറുത്തുകൊടുക്കുന്നതാ ണ്.” – നബി വചനം (ബു.മു)

നബി(സ) ഇപ്രകാരം അരുളിയതായി ഇമാം മുസ്ലിം, നസാഈ(റ) മുതലായവർ ഉദ്ധരിക്കുന്നു:

“അല്ലാഹു ഇപ്രകാരം പ്രസ്താവിക്കുന്നു – നമസ്കാരം എനിക്കും അടിയാനുമിടയിൽ രണ്ട് പകുതി യായി ഭാഗിക്കപ്പെട്ടിരിക്കുന്നു.”

അടിയാൻ الحمد لله رب العالمين എന്ന് പറഞ്ഞാൽ അല്ലാഹു പറയും – എന്റെ അടിയാൻ എന്നെ സ്തുതിച്ചു.

الرحمن الرحيم എന്ന് പറഞ്ഞാൽ അല്ലാഹു പറയും – എന്റെ അടിയാൻ എന്നെ പുകഴ്ത്തി പറഞ്ഞു.

مالك يوم الدين എന്ന് പറഞ്ഞാൽ അല്ലാഹു പറയും – എന്റെ അടിയാൻ എന്നെ മഹത്വപ്പെടുത്തി.

إياك نعبد و إياك نستعين എന്ന് പറഞ്ഞാൽ അല്ലാഹു പറയും – ഇത് എനിക്കും അടിയാനുമിടയിലുള്ള കാര്യ മാണ്. എന്റെ അടിയാൻ ചോദിക്കുന്നത് അവന് ലഭിക്കുന്നതാണ്.

اهدنا الصراط المستقيم ––– ولاالضالين. എന്നീ വചനങ്ങൾ പറഞ്ഞാൽ അല്ലാഹു പറയും – ഇത് എന്റെ അടി യാനുള്ളതാണ്. അവൻ ചോദിക്കുന്നത് അവന് ലഭിക്കും.

അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് വിധേയരാകാതെ സത്യമാർഗ്ഗത്തിൽ നിന്ന് വഴി പിഴച്ച് പോകാതെ അവന്റെ അനുഗ്രഹങ്ങൾക്ക് പാത്രീഭൂതരായിത്തീരുന്ന സജ്ജനങ്ങളിൽ അവൻ നമ്മെയെല്ലാം ഉൾപ്പെ ടുത്തി അനുഗ്രഹിക്കട്ടെ – ആമീൻ.

# 2. സൂറത്തുൽ ബഖറ
## (പശു)

**മദീനയിൽ അവതരിച്ചത്**

വചനങ്ങൾ: 286. വിഭാഗം – റുകൂഅ്: 40

(ഖുർആനിലെ ഏറ്റവും വലിയ സൂറത്ത്)

---

ഈ സൂറത്തിലെ പ്രതിപാദ്യവിഷയങ്ങളുടെ ആധിക്യം കാരണം ചില നബിവചനങ്ങളിൽ ഈ സൂറത്തിനെ പറ്റി 'ഖുർആന്റെ പൂഞ്ഞും അതിന്റെ കൊടുമുടിയും' എന്ന് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നു.

തിരുമേനിയുടെ മക്കാജീവിതകാലത്ത് മുശ്‌രിക്കുകളുടെ ശത്രുതയായിരുന്നു നബി(സ)ക്ക് നേരിടേണ്ടിവന്നതെങ്കിൽ, മദീനയിൽ യഹൂദികളും മുനാഫിഖുകളും ആയിരുന്നു ശത്രുസമൂഹങ്ങൾ. ഈ സൂറത്തിൽ ഈ രണ്ട് വിഭാഗക്കാരെക്കുറിച്ചും വിശദമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

സൂറതുൽ ബഖറ (പശുവിന്റെ അധ്യായം) എന്ന് സൂറത്തിന് പേര് വരാൻ കാരണം ഇസ്‌റാഈല്യരിൽ കഴിഞ്ഞുപോയ പശുവിന്റെ സംഭവം ഇതിൽ വിവരിക്കപ്പെട്ടിട്ടുള്ളതിനാലാണ്. (വചനം 67–73)

"സൂറതുൽ ബഖറ ഓതപ്പെടുന്ന വീടുകളിൽ നിശ്ചയമായും പിശാച് പ്രവേശിക്കുകയില്ല." (നബി വചനം)

---

**വിഭാഗം 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3,4,5**

1) അലിഫ് ലാം മീം.

الٓمٓ ﴿١﴾

2) ആ ഗ്രന്ഥം, അതിൽ സന്ദേഹമേ ഇല്ല: (അത്) മാർഗദർശനമത്രെ, സൂക്ഷ്മതപാലിക്കുന്നവർക്ക്

ذَٰلِكَ ٱلۡكِتَٰبُ لَا رَيۡبَۛ فِيهِۛ هُدٗى
لِّلۡمُتَّقِينَ ﴿٢﴾

3) അതായത് അദൃശ്യത്തിൽ വിശ്വസിക്കുകയും നമസ്കാരം നിലനിർത്തുകയും ചെയ്യുന്നവർ; നാം തങ്ങൾക്കു നല്കിയിട്ടുള്ളതിൽ നിന്ന് അവർ ചില വഴിക്കുകയും ചെയ്യും.

ٱلَّذِينَ يُؤۡمِنُونَ بِٱلۡغَيۡبِ وَيُقِيمُونَ ٱلصَّلَوٰةَ
وَمِمَّا رَزَقۡنَٰهُمۡ يُنفِقُونَ ﴿٣﴾

4) (നബിയേ), നിന്നിലേക്ക് ഇറക്കപ്പെട്ടതിലും നിന്റെ മുമ്പായി ഇറക്കപ്പെട്ടതിലും വിശ്വസിക്കുന്നവരും; പരലോകത്തിലാകട്ടെ, അവർ ദൃഢമായി വിശ്വസിക്കുകയും ചെയ്യും. (ഇവരാണ് സൂക്ഷ്മത പാലിക്കുന്നവർ).

وَٱلَّذِينَ يُؤۡمِنُونَ بِمَآ أُنزِلَ إِلَيۡكَ وَمَآ أُنزِلَ
مِن قَبۡلِكَ وَبِٱلۡأٓخِرَةِ هُمۡ يُوقِنُونَ ﴿٤﴾

5) അക്കൂട്ടർ തങ്ങളുടെ, രക്ഷിതാവിങ്കൽ നിന്നുള്ള സന്മാർഗത്തിലാകുന്നു. അക്കൂട്ടർ തന്നെയാണ് വിജയികളും.

أُوْلَٰٓئِكَ عَلَىٰ هُدٗى مِّن رَّبِّهِمۡۖ وَأُوْلَٰٓئِكَ
هُمُ ٱلۡمُفۡلِحُونَ ﴿٥﴾

الٓمٓ -ഖുർആനിലെ 29 സൂറത്തുകൾ ഇതുപോലെ കേവലാക്ഷരങ്ങൾകൊണ്ട് തുടങ്ങുന്നു. ചില സൂറത്തുകളിൽ അത് ഒരു അക്ഷരവും ചിലതിൽ രണ്ടും ചിലതിൽ മൂന്ന് അക്ഷരങ്ങളും ചിലതിൽ നാലും ചിലതിൽ അഞ്ചും അക്ഷരങ്ങൾ കാണാം.

ഈ അക്ഷരങ്ങളെപ്പറ്റി പ്രധാനമായും രണ്ട് അഭിപ്രായങ്ങളുണ്ട്. 1). പ്രസ്തുത അക്ഷരങ്ങളുടെ അർഥമോ വ്യാഖ്യാനമോ നമുക്കറിഞ്ഞുകൂടാ. അല്ലാഹുവിന് മാത്രമറിയുന്ന ഒരു രഹസ്യമാണത്. 2). പ്രസ്തുത അക്ഷരങ്ങളുടെ സാരങ്ങളും സൂചനകളും നാം ചിന്തിച്ചും പരിശോധിച്ചും മനസ്സിലാക്കിയെടുക്കേണ്ടതാണ് എന്നാണ് മറ്റൊരഭിപ്രായം.

എന്നാൽ അവയുടെ വ്യാഖ്യാനത്തിൽ പണ്ഡിതന്മാർക്കിടയിൽ യോജിച്ച അഭിപ്രായം കാണപ്പെടുന്നില്ല. വേറയും പല അഭിപ്രായങ്ങളും ഈ അക്ഷരങ്ങളെപ്പറ്റി ഉദ്ധരിക്കപ്പെടുന്നുണ്ട്. ഈ അക്ഷരങ്ങൾ സൂറത്തുകളുടെ പേരാണെന്നും, അവകൊണ്ട് ചില സൂചനാർത്ഥങ്ങളാണ് ഉദ്ദേശിക്കപ്പെടുന്നതെന്നും, അതല്ല അവ അല്ലാഹുവിനും നബി(സ)ക്കും ഇടയിലുള്ള ചില സ്വകാര്യ സൂചനകളാണെന്നും മറ്റും പറയപ്പെടുന്നു.

അറബി അക്ഷര മാലയിൽ 28 അക്ഷരങ്ങളാണുള്ളത്. അതിന്റെ പകുതി ഭാഗമായ 14 അക്ഷരങ്ങളാണ് ഈ കേവലാക്ഷരങ്ങളായിട്ടുള്ളത്. ഈ അക്ഷരങ്ങളോടെ ആരംഭിക്കുന്ന സൂറത്തുകൾ പരിശോധിച്ചാൽ, ഖുർആന്റെ സത്യതയും മഹത്വവും അമാനുഷികതയും ചൂണ്ടിക്കാട്ടുന്ന വചനങ്ങൾ ആ കേവലാക്ഷരങ്ങളെ തുടർന്ന് കാണാവുന്നതാണ്.

ഈ അക്ഷരങ്ങളെ സംബന്ധിച്ച് ഇബ്നു കഥീർ(റ) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: “ഈ അക്ഷരങ്ങളെ വൃഥാ, പ്രയോജനമില്ലാതെ അല്ലാഹു അവതരിപ്പിച്ചിട്ടില്ല. തീരെ അർത്ഥമില്ലാതെ തനി ആരാധനാപരമായത് (**تعبدى**) ഒന്നും ഖുർആനിൽ ഇല്ല. അപ്പോൾ ഈ അക്ഷരങ്ങൾക്ക് അർത്ഥമുണ്ടെന്ന് തീർച്ചയാണ്.”

ഖുർആൻ പോലെയുള്ള ഒരു ഗ്രന്ഥമോ, ഇതിലെ ഒരു അദ്ധ്യായം പോലെയുള്ള ഒരു ഭാഗമോ നിങ്ങൾ കൊണ്ട് വരുവിൻ എന്നിങ്ങനെ നിഷേധികളായ ശത്രുക്കളോടുള്ള ഒരു വെല്ലുവിളിയാണ് ഈ അക്ഷരങ്ങൾ എന്ന് ചില പണ്ഡിതന്മാർ ചൂണ്ടികാട്ടുന്നു.

**ذالك الكتاب** (ആ ഗ്രന്ഥം) - എന്ന് പറഞ്ഞത് മഹദ് ഗ്രന്ഥമായ ഖുർആനെ ഉദ്ദേശിച്ച് തന്നെയാകുന്നു -ഖുർആൻ നെ സംബന്ധിച്ച് രണ്ടുകാര്യങ്ങൾ അല്ലാഹു തുടർന്ന് പ്രസ്താവിക്കുന്നു:

1 അതിൽ സന്ദേഹമേ ഇല്ല - ഖുർആൻ ന്റെ പ്രതിപാദ്യ വിഷയങ്ങളിലൊ, സന്ദേശങ്ങളിലൊ, ലക്ഷ്യദൃഷ്ടാന്തങ്ങളിലൊ ഒന്നും തന്നെ യാതൊരു സന്ദേഹത്തിനും പഴുതില്ല തന്നെ.

2 അത് സൂക്ഷ്മത പാലിക്കുന്നവർക്ക് മാർഗ്ഗദർശനമാകുന്നു - മാർഗ്ഗദർശനം (ഹുദാ, ഹിദായത്ത്) എന്ന പദത്തിന്റെ വിശദമായ അർത്ഥത്തെക്കുറിച്ച് സൂ : ഫാതിഹയിൽ വിവരിച്ചത് ശ്രദ്ധിക്കുക ‘തഖ്‌വാ’ എന്ന വാക്കിന് സൂക്ഷ്മത എന്നും ‘മുത്തഖീൻ’ എന്ന വാക്കിന് സൂക്ഷ്മത പാലിക്കുന്നവർ എന്നുമാകുന്നു അർത്ഥം കൽപിക്കപ്പെട്ടിരിക്കുന്നത്. സൂക്ഷ്മതയില്ലാത്തവർക്ക് ഖുർആൻ ന്റെ മാർഗ്ഗദർശനം പ്രയോജനപ്പെടുകയില്ലെന്നതിന്റെ കാരണം സൂറത്ത് ഹാമിം സജദ: 44 ൽ അല്ലാഹു പ്രസ്താവിക്കുന്നുണ്ട്.

സൂക്ഷ്മത പാലിക്കുന്നവരുടെ അഞ്ച് പ്രധാന ലക്ഷണങ്ങൾ അല്ലാഹു തുടർന്നു എടുത്തു പറയുന്നു.

1). അവർ അദൃശ്യകാര്യങ്ങളിൽ (ഗ്വയ്ബ്) വിശ്വസിക്കുന്നവരാണ്: ഗ്വയ്ബ് എന്നാൽ അദൃശ്യം അഥവാ മറഞ്ഞകാര്യം എന്നർഥം. ബാഹ്യേന്ദ്രിയങ്ങളുടെ ദൃഷ്ടിയിൽ നിന്ന് മറഞ്ഞതൊക്കെ ഗ്വയ്ബ് ആകുന്നു. അല്ലാഹുവിന്റെ സത്ത, മലക്കുകൾ, പരലോകം, വിചാരണ, സ്വർഗം, നരകം, ഖബ്റിലെ അനുഭവങ്ങൾ തുടങ്ങി ബാഹ്യേന്ദ്രിയങ്ങൾ വഴിയോ, ആന്തരേന്ദ്രിയങ്ങൾ വഴിയോ മനുഷ്യന്റെ ബുദ്ധി കൊണ്ടോ കണ്ടെത്താൻ കഴിയാത്ത യാഥാർഥ്യങ്ങളാകുന്നു ഗ്വയ്ബ് എന്ന പദം കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. അവന്റെ ബുദ്ധിശക്തിയും ഗവേഷണവും കണ്ടുപിടിക്കുന്നതിനപ്പുറം, അല്ലാഹുവിന്റെയും പ്രവാചകന്മാരുടെയും അധ്യയനങ്ങൾ നിഷേധിക്കുന്നവരെക്കുറിച്ചാണ് മതനിഷേധികൾ, നിർമതവാദികൾ എന്നൊക്കെപ്പറയുന്നത്. അഹംഭാവവും മർക്കടമുഷ്ടിയുമായിരിക്കും അവരുടെ മുഖമുദ്ര.

ശാസ്ത്രീയമാർഗങ്ങൾ ഉപയോഗിച്ചും പരിചയംകൊണ്ടോ ലക്ഷണംകൊണ്ടോ മനുഷ്യൻ ആർജിക്കുന്ന വിജ്ഞാനങ്ങളൊന്നും ഗ്വയ്ബിൽ പെടുകയില്ല. ഉദാ- കമ്പിയില്ലാ കമ്പി, റേഡിയോ, ശൂന്യാകാശ വാഹനം, നക്ഷത്രങ്ങളെയും ഗോളങ്ങളെയും കുറിച്ചുള്ള വിജ്ഞാനങ്ങൾ, പ്രകൃതിയെക്കുറിച്ചുള്ള ഗവേഷണനിഗമനങ്ങൾ തുടങ്ങിയവ.

2,3). സൂക്ഷ്മതപാലിക്കുന്നവരുടെ രണ്ടാമത്തെയും മൂന്നാമത്തെയും ലക്ഷണമായി അല്ലാഹു പറഞ്ഞത്, “അവര്‍ നമസ്കാരം നിലനിര്‍ത്തുകയും നാം തങ്ങള്‍ക്ക് നല്കിയതില്‍ നിന്നും ചെലവഴിക്കുകയും ചെയ്യും” എന്നാകുന്നു.

അഞ്ചുനേരത്തെ നിര്‍ബന്ധ നമസ്കാരങ്ങള്‍ അവയുടെ ഘടകങ്ങളും നിബന്ധനകളും മര്യാദകളും പൂര്‍ത്തിയാക്കിക്കൊണ്ട് സമയം തെറ്റാതെ നിര്‍വഹിക്കുക എന്നതത്രെ നമസ്കാരം നിലനിര്‍ത്തുക എന്നതുകൊണ്ടുദ്ദേശിക്കുന്നത്. നിര്‍ബന്ധ നമസ്കാരങ്ങള്‍ക്ക് പുറമെ വേറെയും ഐച്ഛിക നമസ്കാരങ്ങളും നിര്‍വഹിക്കാന്‍ ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നു.

നാം തങ്ങള്‍ക്ക് നല്കിയതില്‍ നിന്നും ചെലവഴിക്കുക എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, ഇസ്‌ലാമിലെ നിര്‍ബന്ധദാനമായ സകാത്തും, കല്പിക്കപ്പെട്ടിട്ടുള്ള എല്ലാ ദാനധര്‍മങ്ങളുമാകുന്നു. ധനത്തില്‍ നിന്നും ചെലവഴിക്കുക എന്ന് പറയാതെ, നാം തങ്ങള്‍ക്കു നല്കിയിതില്‍ നിന്നും ചെലവഴിക്കുക എന്നത് വളരെ അര്‍ഥവത്തായ ഒരു പ്രയോഗമാണ്. മനുഷ്യന്‍ സമ്പാദിക്കുന്നത് ഭൂമിക്ക് അല്ലാഹു നല്കിയ ഉല്പാദന ശക്തിയും മനുഷ്യന് അല്ലാഹു നല്കിയ ശാരീരികവും ബുദ്ധിപരവുമായ കഴിവും സാഹചര്യങ്ങളും എല്ലാം ഉപയോഗിച്ചും അല്ലാഹു കണക്കാക്കിയിട്ടുള്ള മാര്‍ഗങ്ങളില്‍ കൂടെയുമാണല്ലോ. ഒരേ ഭൗതികസാഹചര്യങ്ങളില്‍ അധ്വാനിക്കുന്ന എല്ലാവര്‍ക്കും ഒരേ നേട്ടം തന്നെയല്ലല്ലോ കൈവരുന്നത്. അല്ലാഹു നല്കുന്നതാണ് ഓരോരുത്തര്‍ക്കും ലഭിക്കുന്നത്. അതില്‍ നിന്നാണ് നാം ചെലവഴിക്കാന്‍ നിര്‍ദേശിക്കപ്പെട്ടിട്ടുള്ളത്.

4). “നിനക്ക് ഇറക്കപ്പെട്ടതിലും നിനക്ക് മുമ്പ് ഇറക്കപ്പെട്ടതിലും വിശ്വസിക്കുന്നവരായിക്കണം അവര്‍” എന്നാണ് സൂക്ഷ്മതപാലിക്കുന്നവരുടെ മറ്റൊരു ലക്ഷണമായി അല്ലാഹു വിവരിക്കുന്നത്.

അതായത്, ഖുര്‍ആനില്‍ പ്രത്യേകമായും തൗറാത്ത്, ഇന്‍ജീല്‍ എന്നിവയില്‍ പൊതുവായും വിശ്വസിക്കുന്നവരെന്ന് സാരം. എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്തിരുന്നത് ഇസ്‌ലാം തന്നെ. “നിശ്ചയമായും മതം അല്ലാഹുവിന്റെ അടുക്കല്‍ ഇസ്‌ലാമാകുന്നു.” (3:19)

ഖുര്‍ആന്‍ അതിന്റെ മുമ്പുള്ള വേദങ്ങളെ സത്യമാക്കുന്നതാണ് എന്ന് ഖുര്‍ആനില്‍ പലയിടത്തും കാണാവുന്നതാണ്.

നിലവിലുള്ള തൗറാത്തും ഇന്‍ജീലും ഏറെ മാറ്റത്തിരുത്തലുകള്‍ക്കും ഏറ്റക്കുറച്ചിലുകള്‍ക്കും വിധേയമായതാണ്. ആയതിനാല്‍ അല്ലാഹുവിന്റെയും റസൂലിന്റെയും പ്രസ്താവനകളോട് യോജിക്കുന്ന മുന്‍ഗ്രന്ഥങ്ങളുടെ ഉള്ളടക്കങ്ങളെ ശരിവെക്കലും വിശ്വസിക്കലും സൂക്ഷ്മതപാലിക്കുന്നവര്‍ക്ക് നിര്‍ബന്ധമാണെന്നിരിക്കെ, ഇവയ്ക്കെതിരായത് തിരസ്കരിക്കലും നിര്‍ബന്ധമാണ്.

5. പരലോകത്തില്‍ അവര്‍ ദൃഢമായി വിശ്വസിക്കുന്നു. ഇസ്‌ലാമിക വിശ്വാസ സിദ്ധാന്തങ്ങളുടെയെല്ലാം അടിത്തറയാണ് അല്ലാഹുവിലും പരലോകത്തിലുമുള്ള വിശ്വാസം. മറ്റു വിശ്വാസങ്ങളെല്ലാം ഇതിന്റെ വിശദാംശങ്ങളോ ഇതിന്റെ അനിവാര്യഘടകങ്ങളോ ആയിരിക്കും. പരലോക വിശ്വാസം ഗൈബില്‍ വിശ്വസിക്കുന്നു എന്ന് പറഞ്ഞതില്‍ ഉള്‍പ്പെടുന്നതാണ്. അനശ്വരമായതും നന്മതിന്മകള്‍ക്ക് കൃത്യമായി പ്രതിഫലം നല്കുന്നതുമായ പരലോകജീവിതത്തിലുള്ള പരിപൂര്‍ണ വിശ്വാസമാണ് മനുഷ്യന്റെ സന്മാര്‍ഗബോധത്തിനുള്ള ഏക നിദാനം.

മുത്തഖികളുടെ മേല്‍പറഞ്ഞ ഗുണങ്ങള്‍ വിവരിച്ചശേഷം അല്ലാഹു പറയുന്നു: “അവര്‍ തങ്ങളുടെ റബ്ബിങ്കല്‍ സന്മാര്‍ഗത്തിലായിരിക്കും.” ഐഹികജീവിതത്തില്‍ ഒരാള്‍ക്ക് ലഭിക്കാനുള്ള ഏറ്റവും വലിയ സാക്ഷ്യമത്രെ ഇത്. തുടര്‍ന്ന് അല്ലാഹു പറയുന്നു: “അവര്‍ തന്നെയാണ് വിജയികളും.” സുഖദുഖ സമ്മിശ്രങ്ങളുമായ ഈ ജീവിതത്തില്‍ അവര്‍ ശാന്തിയോടും സമാധാനത്തോടെയും നിലകൊള്ളുന്നു. അതിലുപരി പരലോകജീവിതത്തിലും അക്കൂട്ടര്‍ വിജയം പ്രാപിച്ച് സ്വര്‍ഗാവകാശികളായിത്തീരുന്നു. അതാണല്ലോ അത്യുന്നത ഭാഗ്യവും.

**വചനം 6,7**

إِنَّ ٱلَّذِينَ كَفَرُوا۟ سَوَآءٌ عَلَيْهِمْ ءَأَنذَرْتَهُمْ أَمْ لَمْ تُنذِرْهُمْ لَا يُؤْمِنُونَ ﴿٦﴾

6) നിശ്ചയമായും അവിശ്വസിച്ചിട്ടുള്ളവര്‍, അവരെ നീ താക്കീത് ചെയ്തുവോ, അല്ലെങ്കില്‍ അവരെ താക്കീത് ചെയ്തില്ലയോ? (രണ്ടായാലും) അവരില്‍ സമമാകുന്നു. അവര്‍ വിശ്വസിക്കുന്നതല്ല.

7) അവരുടെ ഹൃദയങ്ങളുടെ മേലും അവരുടെ കേൾവിയുടെ മേലും അല്ലാഹു മുദ്രവെച്ചിരിക്കുന്നു. അവരുടെ ദൃഷ്ടികളുടെ മേലും ഉണ്ട് ഒരു (തരം) മൂടി. അവർക്ക് വമ്പിച്ച ശിക്ഷയുമുണ്ട്.

خَتَمَ ٱللَّهُ عَلَىٰ قُلُوبِهِمۡ وَعَلَىٰ سَمۡعِهِمۡۖ وَعَلَىٰٓ أَبۡصَٰرِهِمۡ غِشَٰوَةٞۖ وَلَهُمۡ عَذَابٌ عَظِيمٞ ﴿٧﴾

കാഫിർ എന്ന മൂലപദത്തിനർഥം മറച്ചുവെക്കുന്നവൻ എന്നാകുന്നു. വിത്ത് മണ്ണിലിട്ട് മൂടുന്ന കർഷകനെ കാഫിർ എന്ന് വിശേഷിപ്പിക്കാം. രാത്രി അതിന്റെ ഇരുട്ടുകൊണ്ട് വസ്തുക്കളെ മറച്ചുവെക്കുന്നതിനാൽ അതിനെയും കാഫിർ എന്ന് വിശേഷിപ്പിക്കാറുണ്ട്.

ഇവിടെ സത്യവിശ്വാസത്തെ നിഷേധിക്കുന്നവർ മൂടിവെക്കുന്നവർ എന്നർഥത്തിലാണ് കാഫിർ എന്ന് പ്രയോഗിക്കുന്നത്. പ്രസ്തുത മൂലപദത്തിന്റെ മറ്റു പ്രയോഗങ്ങൾ: ഈമാൻ (സത്യവിശ്വാസം) വിപരീതം കുഫ്ർ (സത്യനിഷേധം), മുഅ്മിൻ (സത്യവിശ്വാസി) വിപരീതം കാഫിർ (സത്യനിഷേധി), ശുക്ർ (നന്ദി) വിപരീതം കുഫ്ർ (നന്ദികേട്ട്), ശാക്കിർ (നന്ദിചെയ്യുന്നവൻ) വിപരീതം കാഫിർ (നന്ദികെട്ടവൻ),

ലക്ഷ്യങ്ങളും തെളിവുകളും അറിഞ്ഞിട്ടും സത്യത്തെ നിഷേധിക്കുന്ന വിഭാഗത്തിൽ പെട്ട മുശ്രിക്കുകളെ ഉദ്ദേശിച്ച് അല്ലാഹു പറയുന്നു: "നിശ്ചയമായും അവിശ്വസിച്ചിട്ടുള്ളവർ, അവരെ നീ താക്കീത് ചെയ്തുവോ അല്ലെങ്കിൽ അവരെ താക്കീത് ചെയ്തില്ലയോ. (രണ്ടായാലും) അവരിൽ സമമാകുന്നു. അവർ വിശ്വസിക്കുന്നതല്ല." (വചനം 6)

എന്താണവർ വിശ്വസിക്കാതിരിക്കാൻ കാരണം. അല്ലാഹു അവരുടെ ഹൃദയങ്ങളുടെ മേലും കേൾവിയുടെ മേലും മുദ്രവെച്ചിരിക്കുന്നു. അവരുടെ ദൃഷ്ടിയുടെ മേലും ഉണ്ട് ഒരു (തരം) മൂടി. അവർക്കു വമ്പിച്ച ശിക്ഷയുമുണ്ട്. (വചനം 7). അതായത് നിഷേധവും ധിക്കാരവും കൊണ്ട് അവരുടെ ഹൃദയങ്ങൾ നിറഞ്ഞിരിക്കുന്നു. ഇനി അതിലേക്ക് താക്കീതുകളോ ഉപദേശങ്ങളോ ദൃഷ്ടാന്തങ്ങളോ ഒന്നും പ്രവേശിക്കുകയില്ല. അല്ലാതെ, മനസ്സിലേക്ക് സത്യവിശ്വാസം പ്രവേശിക്കാതിരിക്കാത്ത വണ്ണം ആദ്യമേ അല്ലാഹു ഹൃദയങ്ങൾക്ക് മുദ്രവെച്ച് തടസ്സമുണ്ടാക്കിയതല്ല.

## വിഭാഗം 2

**വചനം 8,9,10**

8) മനുഷ്യരിലുണ്ട് ചിലർ. അവർ പറയും: ഞങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചിരിക്കുന്നു എന്ന്. അവർ (വാസ്തവത്തിൽ) സത്യവിശ്വാസികളല്ലതാനും.

وَمِنَ ٱلنَّاسِ مَن يَقُولُ ءَامَنَّا بِٱللَّهِ وَبِٱلۡيَوۡمِ ٱلۡأٓخِرِ وَمَا هُم بِمُؤۡمِنِينَ ﴿٨﴾

9) അവർ അല്ലാഹുവിനോടും വിശ്വസിച്ചവരോടും വഞ്ചന പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. (വാസ്തവത്തിൽ) അവർ തങ്ങളെത്തന്നെയല്ലാതെ വഞ്ചിക്കുന്നില്ലതാനും. അവർ (അത്) അറിയുന്നുമില്ല.

يُخَٰدِعُونَ ٱللَّهَ وَٱلَّذِينَ ءَامَنُواْ وَمَا يَخۡدَعُونَ إِلَّآ أَنفُسَهُمۡ وَمَا يَشۡعُرُونَ ﴿٩﴾

10) അവരുടെ ഹൃദയങ്ങളിലുമുണ്ട് ഒരു (തരം) രോഗം. എന്നിട്ട് അല്ലാഹു അവർക്ക് രോഗം വർധിപ്പിച്ചിരിക്കുകയാണ്. അവർക്ക് വേദനയേറിയ ശിക്ഷയുമുണ്ട്. അവർ വ്യാജം പറഞ്ഞുകൊണ്ടിരിക്കുന്നത് നിമിത്തം.

فِي قُلُوبِهِم مَّرَضٞ فَزَادَهُمُ ٱللَّهُ مَرَضٗاۖ وَلَهُمۡ عَذَابٌ أَلِيمُۢ بِمَا كَانُواْ يَكۡذِبُونَ ﴿١٠﴾

ഈ വചനങ്ങളിൽ അല്ലാഹു കപടവിശ്വാസികളെക്കുറിച്ച് പ്രസ്താവിക്കുന്നു. നബി(സ) മദീനയിൽ വന്നപ്പോൾ അവിടത്തെ അറബികൾ രണ്ടു ഗോത്രക്കാരായിരുന്നു -ഔസും ഖസ്റജും. അവിടത്തെ യഹൂദികൾ മൂന്ന് ഗോത്രക്കാരായിരുന്നു. ബനൂഖൈനുഖാഅ്, ബനൂ നളീർ, ബനൂഖുറൈള. നബി(സ) യഹൂദരുമായും പരിസരപ്രദേശങ്ങളിലെ പല അറബിഗോത്രങ്ങളുമായും സഖ്യഉടമ്പടി നടത്തിയിരുന്നു.

മുനാഫിഖുകളുടെ (കപടവിശ്വാസികൾ) ആവിർഭാവം അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂൽ എന്ന ഖസ്റജ് അറബിയുടെ ഇച്ഛാഭംഗത്തിൽ നിന്നും ആരംഭിക്കുന്നു. അബ്ദുല്ലായെ രാജാവായി വാഴിക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കെ ഇസ്ലാം മദീനയിൽ പ്രചരിക്കുകയും ബദ്ർ യുദ്ധത്തോടെ ഇസ്ലാമിന്റെ യശസ്സും പ്രതാപവും ശക്തിപ്പെടുകയും തുടർന്ന് അയാൾക്ക് രാജാവാകാനുള്ള അതിമോഹം നടക്കാതെ വരികയും ചെയ്തു.

ആ സന്ദർഭത്തിൽ നിവൃത്തിയില്ലാതെ അബ്ദുല്ലായും അയാളുടെ സിൽബന്ധികളും ഇസ്ലാമിനെ അംഗീകരിക്കുന്നതായി അഭിനയിച്ച് അവരുടെ അവിശ്വാസം തുടർന്നുപോന്നു. ഏതാനും അഅ്റാബികളും (മരുഭൂവാസികൾ) ഇവരോടൊപ്പം ചേർന്നു.

മുനാഫിഖുകളുടെ ബാഹ്യാവസ്ഥ പരിഗണിച്ച് സത്യവിശ്വാസികൾ വഞ്ചിതരാകുവാനും പല അനിഷ്ട സംഭവങ്ങളും ഉണ്ടാകാനും സാധ്യതയുള്ളതിനാൽ അവരെപ്പറ്റി ജാഗരൂകരാകാൻ അല്ലാഹു ഈ വചനങ്ങളിലൂടെ ഉണർത്തുന്നു. അവരുടെ ഹൃദയത്തിലുള്ള രോഗത്തിന്റെ ലക്ഷണം കാപട്യവും നിഷേധവുമത്രെ. ഓരോ ഖുർആൻ വചനം ഉൾക്കൊള്ളുമ്പോഴും സത്യവിശ്വാസികളുടെ വിശ്വാസം വർധിക്കുമ്പോൾ ഹൃദയത്തിൽ രോഗമുള്ള കപടന്മാരിൽ അതവരുടെ മ്ലേച്ഛത വർധിപ്പിക്കുന്നു. അവർ അവിശ്വാസികളായി മരണപ്പെടുകയും ചെയ്യും.

**വചനം 11,12**

وَإِذَا قِيلَ لَهُمْ لَا تُفْسِدُوا۟ فِى ٱلْأَرْضِ قَالُوٓا۟ إِنَّمَا نَحْنُ مُصْلِحُونَ ﴿١١﴾

11) അവരോട്, നിങ്ങൾ ഭൂമിയിൽ (നാട്ടിൽ) നാശമുണ്ടാക്കരുത് എന്ന് പറയപ്പെട്ടാൽ -അവർ പറയും: നിശ്ചയമായും ഞങ്ങൾ നന്മയുണ്ടാക്കുന്നവർ മാത്രമാകുന്നു എന്ന്.

أَلَآ إِنَّهُمْ هُمُ ٱلْمُفْسِدُونَ وَلَٰكِن لَّا يَشْعُرُونَ ﴿١٢﴾

12) അല്ലാ (അറിഞ്ഞേക്കുക!) നിശ്ചയമായും അവർ തന്നെയാണ് നാശമുണ്ടാക്കുന്നവർ. എങ്കിലും അവർ അറിയുന്നില്ല.

കപടന്മാർ അവരുടെ ദുഷ്ചെയ്തികളിലൂടെ സമൂഹത്തിൽ രക്തച്ചൊരിച്ചിലും അസമാധാനവും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇതിൽ നിന്നും പിന്തിരിയണമെന്ന് അവരോട് പറയപ്പെട്ടാൽ തങ്ങൾ ചെയ്യുന്നതെല്ലാം നാടിന് നന്മയും അത്യാവശ്യവുമാണെന്നവർ വാദിക്കുന്നു.

ഇക്കാലത്തും മുസ്ലിം നാമധാരികളായി പലരും ഇസ്ലാമിനെ തുരങ്കംവെക്കുന്ന നിരീശ്വര, നിർമത യുക്തിവാദികളുമായി കാലത്തിനൊത്ത് കോലംകെട്ടുന്നു. ഇസ്ലാമിന്റെ സമുദ്ധാരകന്മാരാണെന്ന് നടിച്ചുകൊണ്ട് കപടവിശ്വാസം നിലനിർത്തിപ്പോരുന്നു. ഇസ്ലാമിന്റെ പ്രത്യക്ഷ ശത്രുക്കളെക്കാൾ സത്യവിശ്വാസികൾ ഇത്തരക്കാരെ സൂക്ഷിക്കേണ്ടതാകുന്നു.

**വചനം 13,14,15,16**

وَإِذَا قِيلَ لَهُمْ ءَامِنُوا۟ كَمَآ ءَامَنَ ٱلنَّاسُ قَالُوٓا۟ أَنُؤْمِنُ كَمَآ ءَامَنَ ٱلسُّفَهَآءُ ۗ أَلَآ إِنَّهُمْ هُمُ ٱلسُّفَهَآءُ وَلَٰكِن لَّا يَعْلَمُونَ ﴿١٣﴾

13) മനുഷ്യർ വിശ്വസിച്ചതുപോലെ വിശ്വസിക്കുവിൻ എന്ന് അവരോട് പറയപ്പെട്ടാൽ- അവർ പറയും: ഭോഷന്മാർ വിശ്വസിച്ചതുപോലെ ഞങ്ങൾ വിശ്വസിക്കുകയോ? അല്ലാ - (അറിയുക) നിശ്ചയമായും അവർ തന്നെയാണ് ഭോഷന്മാർ. എങ്കിലും അവർക്ക് അറിഞ്ഞുകൂടാ.

وَإِذَا لَقُوا۟ ٱلَّذِينَ ءَامَنُوا۟ قَالُوٓا۟ ءَامَنَّا وَإِذَا خَلَوْا۟ إِلَىٰ شَيَـٰطِينِهِمْ قَالُوٓا۟ إِنَّا مَعَكُمْ إِنَّمَا نَحْنُ مُسْتَهْزِءُونَ ﴿١٤﴾

14) വിശ്വസിച്ചവരെ അവർ കണ്ടുമുട്ടിയാൽ അവർ പറയും: ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്. അവർ തങ്ങളുടെ പിശാചുക്കളിലേക്ക് (ചെന്ന്) തനിച്ചായാൽ അവർ പറയുകയും ചെയ്യും: ഞങ്ങൾ നിങ്ങളുടെ കൂടെ(തന്നെ)യാണ്. ഞങ്ങൾ (അവരെ) പരിഹസിക്കുന്നവർ മാത്രമാകുന്നു.

ٱللَّهُ يَسْتَهْزِئُ بِهِمْ وَيَمُدُّهُمْ فِى طُغْيَـٰنِهِمْ يَعْمَهُونَ ﴿١٥﴾

15 അല്ലാഹു അവരെ പരിഹസിക്കുന്നു; അവരുടെ അതിര് കവിച്ചലിൽ (അന്തംവിട്ട്) അലഞ്ഞ് നടക്കുമാറ് അവരെ അയച്ചു വിടുകയും ചെയ്യുന്നു.

أُو۟لَـٰٓئِكَ ٱلَّذِينَ ٱشْتَرَوُا۟ ٱلضَّلَـٰلَةَ بِٱلْهُدَىٰ فَمَا رَبِحَت تِّجَـٰرَتُهُمْ وَمَا كَانُوا۟ مُهْتَدِينَ ﴿١٦﴾

16 അക്കൂട്ടർ, സന്മാർഗത്തിനു(പകരം) ദുർമാർഗ്ഗം (വിലക്കു) വാങ്ങിയിട്ടുള്ളവരത്രെ. എന്നാൽ, അവരുടെ കച്ചവടം ലാഭകരമായില്ല; അവർ (ഉദ്ദിഷ്ട) മാർഗ്ഗം പ്രാപിച്ചവരായതുമില്ല.

ഈ വചനങ്ങളിൽ കപടന്മാരുടെ ഇരട്ടമുഖം അനാവരണം ചെയ്യപ്പെടുന്നു. സത്യവിശ്വാസികളുടെ അടുക്കൽ, വരുമ്പോൾ തങ്ങളും സത്യവിശ്വാസികളാണെന്നഭിനയിച്ച് മുസ്‌ലിംകളെ തൃപ്തിപ്പെടുത്തലും ഗനീമത്ത് സ്വത്തുക്കൾ (യുദ്ധത്തിൽ നിന്ന് ലഭിക്കുന്ന സ്വത്തുക്കൾ) പങ്കുപറ്റുകയും ചെയ്യുന്നു. അവരെവിട്ട് തങ്ങളുടെ യഥാർഥ സുഹൃത്തുക്കളുടെ അടുത്തുചെല്ലുമ്പോൾ തങ്ങൾ യഥാർഥത്തിൽ നിങ്ങളുടെ പക്ഷക്കാരാണ് എന്ന് തുറന്നുപറയുകയും സത്യവിശ്വാസികളെ ഭോഷന്മാരെന്ന് പരിഹസിക്കുകയും ചെയ്യുന്നു. അവരുടെ പരിഹാസത്തെ അല്ലാഹു വെറുതെവിടുകയില്ല. ഇഹത്തിലും പരത്തിലും അവരെ പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്യുമെന്ന് അല്ലാഹു പ്രസ്താവിക്കുന്നു.

സന്മാർഗത്തിൽ നിന്ന് ദുർമാർഗത്തിലേക്കും യോജിപ്പിൽ നിന്ന് ഭിന്നിപ്പിലേക്കും നിർഭയത്വത്തിൽ നിന്ന് ഭയത്തിലേക്കും സദാചാരത്തിൽ നിന്ന് ദുരാചാരത്തിലേക്കും വഴുതിപ്പോകുകയാണ് ഇക്കൂട്ടർ ചെയ്തതെന്ന് ഖത്താദ(റ) പ്രസ്താവിച്ചിരിക്കുന്നു.

**വചനം 17,18**

مَثَلُهُمْ كَمَثَلِ ٱلَّذِى ٱسْتَوْقَدَ نَارًا فَلَمَّآ أَضَآءَتْ مَا حَوْلَهُۥ ذَهَبَ ٱللَّهُ بِنُورِهِمْ وَتَرَكَهُمْ فِى ظُلُمَـٰتٍ لَّا يُبْصِرُونَ ﴿١٧﴾

17) അവരുടെ ഉപമ യാതൊരുവന്റെ മാതിരിയാകുന്നു, അവൻ ഒരു തീ കത്തിച്ചുണ്ടാക്കി. എന്നിട്ട് അവന്റെ ചുറ്റുപാടിലുള്ളതിന് അത് വെളിച്ചംനല്കിയപ്പോൾ അല്ലാഹു അവരുടെ (അവിടെയുള്ളവരുടെ) പ്രകാശം കൊണ്ടുപോയി. (കണ്ണു) കാണാത്ത നിലയിൽ അന്ധകാരങ്ങളിൽ (കൂരിരുട്ടിൽ) അവൻ അവരെ വിട്ടേക്കുകയും ചെയ്തു.

صُمٌّۢ بُكْمٌ عُمْىٌ فَهُمْ لَا يَرْجِعُونَ ﴿١٨﴾

18) ബധിരന്മാർ! ഊമകൾ! അന്ധന്മാർ! ആകയാൽ അവർ മടങ്ങുകയില്ല.

കപടവിശ്വാസികളുടെ ചില ഉപമകളാണ് ഈ വചനങ്ങളിൽ. അവർ ആദ്യം ശിർക്കാകുന്ന ഇരുട്ടിലായിരുന്നു. ഇസ്‌ലാമാകുന്ന പ്രകാശം സ്വീകരിച്ച അവർ ഹലാലും ഹറാമും തിരിച്ചറിഞ്ഞു. അങ്ങനെയിരിക്കെ അവർ കപട വിശ്വാസികളായി. അങ്ങനെ അവർ ബധിരന്മാരും ഊമകളും അന്ധന്മാരുമായിത്തീർന്നു. ഇനി അവർ ഇസ്‌ലാമിലേക്ക് മടങ്ങുകയില്ല.

**വചനം 19,20**

أَوْ كَصَيِّبٍ مِّنَ ٱلسَّمَآءِ فِيهِ ظُلُمَٰتٌ وَرَعْدٌ وَبَرْقٌ يَجْعَلُونَ أَصَٰبِعَهُمْ فِىٓ ءَاذَانِهِم مِّنَ ٱلصَّوَٰعِقِ حَذَرَ ٱلْمَوْتِ ۚ وَٱللَّهُ مُحِيطٌۢ بِٱلْكَٰفِرِينَ ﴿١٩﴾

يَكَادُ ٱلْبَرْقُ يَخْطَفُ أَبْصَٰرَهُمْ ۖ كُلَّمَآ أَضَآءَ لَهُم مَّشَوْا۟ فِيهِ وَإِذَآ أَظْلَمَ عَلَيْهِمْ قَامُوا۟ ۚ وَلَوْ شَآءَ ٱللَّهُ لَذَهَبَ بِسَمْعِهِمْ وَأَبْصَٰرِهِمْ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٢٠﴾

19) അല്ലെങ്കിൽ, അവരുടെ ഉപമ ആകാശത്തുനിന്ന് (ഒഴുക്കിവരുന്ന) ഒരു പെരുമഴ പോലെയാകുന്നു. അതിൽ അന്ധകാരങ്ങളും (കൂരിരുട്ടും ഇടിയും മിന്നലുമുണ്ട്. ഇടിവാളുകൾ നിമിത്തം മരണത്തെ ഭയന്ന് അവർ (ആ മഴയിൽ പെട്ടവർ) തങ്ങളുടെ വിരലുകളെ തങ്ങളുടെ ചെവികളിൽ ഇടുന്നു! അല്ലാഹു അവിശ്വാസികളെ വലയം ചെയ്യുന്നവനാകുന്നു.

20) മിന്നൽ അവരുടെ കാഴ്ചകളെ റാഞ്ചിയെടുക്കുമാറാകുന്നു. അവർക്കു വെളിച്ചം നല്കുമ്പോഴൊക്കെ അവരതിൽ നടക്കും. അതവരിൽ ഇരുട്ടാക്കിയാൽ അവർ നിന്നേക്കുകയും ചെയ്യും. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരുടെ കേൾവിയും അവരുടെ കാഴ്ചകളും അവൻ കൊണ്ടുപോകുക (എടുത്തുകളയുക) തന്നെ ചെയ്യുമായിരുന്നു. നിശ്ചയമായും അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

കപടവിശ്വാസികളെക്കുറിച്ച് ഈ വചനങ്ങളിൽ കുറച്ച് കൂടെ വിസ്തരിച്ച് അല്ലാഹു ഉപമിക്കുന്നു. രാത്രിയുടെ അന്ധകാരത്തിൽ, മഴയുടെ ആധിക്യത്തിൽ ഇടതടവില്ലാത്ത ഇടിയിലും മിന്നലിലും മരണഭയത്തോടെ മനസ്സിന്റെ സമനിലതെറ്റി നീങ്ങുന്ന ഒരാളുടെ മാനസികാവസ്ഥപോലെയാണ് കപടവിശ്വാസിയുടെ സ്ഥിതിഗതികൾ. അതായത് അവർക്ക് ഒരിക്കലും മനസ്സമാധാനവും സ്വസ്ഥതയും ഇല്ല. സംശയം, പരിഭ്രമം, ഭീതി, ആശയക്കുഴപ്പം (നബി(സ)യുടെ പക്ഷത്ത് ചേർന്നാലുണ്ടാകുന്ന നേട്ടങ്ങൾ, എന്നാൽ അതോടനുബന്ധിച്ചുള്ള ഉത്തരവാദിത്തങ്ങളെക്കുറിച്ചുള്ള ചിന്ത ഒരു വശത്ത്, അവിശ്വാസികളുടെ കൂടെ ചേർന്നാലുണ്ടാകുന്ന സ്വാർഥലാഭങ്ങൾ. എന്നാൽ അതോടനുബന്ധിച്ചുള്ള ഭവിഷ്യത്തുകൾ വേറൊരു ഭാഗത്തും.) എന്നിങ്ങനെ ഉപമയിൽ പറഞ്ഞ മനുഷ്യന്റെ സ്ഥിതിയിലായിത്തീരുന്നു കപടവിശ്വാസികൾ.

ഈ വചനത്തിന്റെ രണ്ട് തരത്തിലുള്ള വ്യാഖ്യാന രീതികളിൽ, സാഹിത്യ രംഗത്ത് കൂടുതൽ സ്ഥാനം അർഹിക്കുന്ന വ്യാഖ്യാനമാകുന്നു മേൽ വിവരിച്ചത്. **الله اعلم**

## വിഭാഗം 3

**വചനം 21,22**

يَٰٓأَيُّهَا ٱلنَّاسُ ٱعْبُدُوا۟ رَبَّكُمُ ٱلَّذِى خَلَقَكُمْ وَٱلَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ﴿٢١﴾

ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ فِرَٰشًا وَٱلسَّمَآءَ بِنَآءً وَأَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَخْرَجَ بِهِۦ مِنَ ٱلثَّمَرَٰتِ رِزْقًا لَّكُمْ ۖ فَلَا تَجْعَلُوا۟ لِلَّهِ أَندَادًا وَأَنتُمْ تَعْلَمُونَ ﴿٢٢﴾

21) ഹേ, മനുഷ്യരേ. നിങ്ങളെയും നിങ്ങളുടെ മുമ്പുള്ളവരെയും സൃഷ്ടിച്ചവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ സൂക്ഷ്മതയുള്ളവരായേക്കാം.

22) അതായത്, ഭൂമിയെ നിങ്ങൾക്ക് ഒരു വിരിപ്പും ആകാശത്തെ ഒരു കെട്ടിടവും (അഥവാ മേൽപുരയും) ആക്കിത്തന്നിട്ടുള്ളവൻ; ആകാശത്തു നിന്ന് അവൻ വെള്ളം ഇറക്കുകയും ചെയ്തിരിക്കുന്നു. എന്നിട്ട് അതുമൂലം നിങ്ങൾക്ക് ആഹാരത്തിന്നായി ഫലങ്ങളിൽ നിന്നു (പലതും) ഉല്പാദിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ നിങ്ങൾ അല്ലാഹുവിനു സമന്മാരെ ഉണ്ടാക്കരുത്. നിങ്ങൾ അറിഞ്ഞുംകൊണ്ട് (തന്നെ).

ഈ വചനങ്ങൾ മനുഷ്യസമുദായത്തെ ആക്മാനം അഭിമുഖീകരിച്ചുകൊണ്ടുള്ളതാകുന്നു. അല്ലാഹു, അവനെ മാത്രം ആരാധിക്കണമെന്നും തൗഹീദ് എന്നത് നിങ്ങളുടെ മാത്രമല്ല, നിങ്ങൾക്ക് മുമ്പുള്ളവരുടെയും ബാധ്യതയും പ്രകൃത്യായുള്ള ഒരു കടമയുമാണെന്നും ഉണർത്തുന്നു. തൗഹീദ് മുഖേനെ മാത്രമേ, നിങ്ങൾക്ക് സൂക്ഷ്മതയുള്ളവരായിരിക്കാനും തദ്വാരാ വിജയം പ്രാപിക്കാനും സാധിക്കുകയുള്ളൂവെന്നും ചൂണ്ടിക്കാട്ടുന്നു. മനുഷ്യന് യഥേഷ്ടം വിഹരിക്കാൻ ഗോളാകൃതിയിലുള്ള ഭൂമിയെ അല്ലാഹു വിരിപ്പ് പോലെ പാകപ്പെടുത്തുകയും അകാശത്തെ ഒരു മേൽപുര ആക്കുകയും ഭൂനിവാസികൾക്ക് കുടിക്കാനും കൃഷിക്കും ഫലവർഗങ്ങൾ ഉല്പാദിപ്പിക്കുന്നതിനും മറ്റ് ബഹുവിധ ഉപയോഗങ്ങൾക്കുമായി ആകാശത്ത് നിന്ന് മഴ വർഷിപ്പിക്കുകയും ചെയ്യുന്ന വസ്തുത മനുഷ്യന് അറിയാവുന്നതായിരിക്കെ, അല്ലാഹുവിനെയല്ലാതെ മറ്റാരെയെങ്കിലും ആരാധിക്കുന്നതിനോ കീഴ്വണങ്ങുന്നതിനോ അവന് സമന്മാരെ ഉണ്ടാക്കുന്നതിനോ വല്ല ന്യായവുമുണ്ടോ? (വചനം 165ന്റെ വിവരണം ശ്രദ്ധിക്കുക.) ഖുർആനിൽ പലയിടങ്ങളിലും കാണാവുന്നത് പോലെ ഈ വചനങ്ങളിലും അല്ലാഹുവിന്റെ മൂന്ന് ഗുണങ്ങളും സ്ഥാപിക്കപ്പെട്ടിരിക്കുന്നു: അല്ലാഹുവിന്റെ സൃഷ്ടികർതൃത്വം **خالقية**, അല്ലാഹുവിന്റെ രക്ഷാകർതൃത്വം **ربوبية** , അല്ലാഹുവിന്റെ ആരാധ്യത്വം **الوهية**.

ആദ്യത്തെ ഗുണം അല്ലാഹുവിന് വകവെച്ചുകൊടുക്കുന്ന ആരും രണ്ടാമത്തെ ഗുണവും വകവെച്ചുകൊടുക്കാൻ അവന്റെ വിശേഷബുദ്ധിയിലൂടെ അവൻ നിർബന്ധിതനാകും. ആ രണ്ട് ഗുണങ്ങളും സമ്മതിക്കുന്ന ആർക്കും മൂന്നാമത്തെ ഗുണവും അല്ലാഹുവിന് മാത്രമായിരിക്കൽ അനിവാര്യമാണെന്ന് സമ്മതിക്കാതിരിക്കാൻ നിർവാഹമില്ല. യുക്തിഹീനതയ്ക്ക് 'യുക്തി'യെന്ന് പേരിട്ടും സത്യമംഗീകരിക്കാൻ കൂട്ടാക്കാതെ 'വാദം' മാത്രം മുഖമുദ്രയാക്കിയിട്ടുള്ള 'യുക്തിവാദി'കൾ മാത്രമേ സ്രഷ്ടാവിന്റെ ഗുണങ്ങളെ അവഗണിച്ച് കൊണ്ടും മുൻവിധിക്കാരായി അഹങ്കാരികളായി തുടരുകയുള്ളൂ. കഴിഞ്ഞ ആറും ഏഴും വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ചത് പോലെ അവരെ കൈയൊഴിക്കുക മാത്രമേ കരണീയമായിട്ടുള്ളൂ.

**വചനം 23,24**

وَإِن كُنتُمْ فِي رَيْبٍ مِّمَّا نَزَّلْنَا عَلَىٰ عَبْدِنَا فَأْتُوا بِسُورَةٍ مِّن مِّثْلِهِ وَادْعُوا شُهَدَاءَكُم مِّن دُونِ اللَّهِ إِن كُنتُمْ صَادِقِينَ ﴿٢٣﴾

23) നമ്മുടെ അടിയാന്റെമേൽ നാം അവതരിപ്പിച്ചതിനെ സംബന്ധിച്ച് നിങ്ങൾ വല്ല (വിധേനയും) സന്ദേഹത്തിലാണെങ്കിൽ അതുപോലെയുള്ള ഒരു സൂറത്ത് (അധ്യായം) നിങ്ങൾ കൊണ്ടുവരുവിൻ. അല്ലാഹുവിന് പുറമെയുള്ള നിങ്ങളുടെ സാക്ഷികളെ (സഹായികളെ) നിങ്ങൾ വിളിക്കുകയും ചെയ്തുകൊള്ളുവിൻ. നിങ്ങൾ സത്യവാന്മാരാണെങ്കിൽ (അതൊന്നു കാണാമല്ലോ).

فَإِن لَّمْ تَفْعَلُوا وَلَن تَفْعَلُوا فَاتَّقُوا النَّارَ الَّتِي وَقُودُهَا النَّاسُ وَالْحِجَارَةُ ۖ أُعِدَّتْ لِلْكَافِرِينَ ﴿٢٤﴾

24) എന്നിട്ട് നിങ്ങൾ (അതു) ചെയ്തില്ലെങ്കിൽ, നിങ്ങൾ (ഒരിക്കലും) ചെയ്കയില്ല തന്നെ. എന്നാൽ, നിങ്ങൾ യാതൊരു നരകത്തെ സൂക്ഷിച്ചുകൊള്ളണം. അതിൽ കത്തിക്കപ്പെടുന്നതു (അതിന്റെ ഇന്ധനം) മനുഷ്യരും കല്ലുകളുമാകുന്നു. അത് അവിശ്വാസികൾക്കുവേണ്ടി തയ്യാറാക്കപ്പെട്ടിരിക്കുകയാണ്.

ഖുർആനിന്റെ അമാനുഷികതയെക്കുറിച്ച് സംശയിക്കുന്നവരെയെല്ലാം അല്ലാഹു ഈ പ്രസ്താവനയെ നേരിടാൻ വെല്ലുവിളിക്കുന്നു. അവർ ഏത് കാലദേശക്കാരുമായിക്കൊള്ളട്ടെ.

ഇവിടെ മാത്രമല്ല, ഒന്നിലധികം സ്ഥലത്ത് ഖുർആനിൽ, ഈ വെല്ലുവിളി അല്ലാഹു ആവർത്തിച്ചിട്ടുണ്ട്. സൂറതു ഇസ്റാഅ്: 88, ഹൂദ്: 13, യൂനുസ്: 38 എന്നിവിടങ്ങളിൽ നോക്കുക.

മേൽപറഞ്ഞ മക്കീസൂറത്തുകളിൽ മക്കാ മുശ്രിക്കുകളോടായി ആവർത്തിക്കപ്പെട്ട ഈ വെല്ലുവിളി ഈ സൂറത്തിലൂടെ മദീനയിലെ അവിശ്വാസികളോടും അല്ലാഹു ആവർത്തിക്കുന്നു.

ഖുർആൻ പോലെയുള്ള ഒരു ഗ്രന്ഥം എന്നതിന്റെ സ്ഥാനത്ത് പത്ത് സൂറത്തുകൾ എന്നും മറ്റൊരിക്കൽ ഒരൊറ്റ ചെറിയ സൂറത്തെങ്കിലും എന്നും അല്ലാഹു വെല്ലുവിളി ആവർത്തിച്ചെങ്കിലും അല്ലാഹു തന്നെ, തീർത്തുപറയുന്നു- ഒരു കാലത്തും നിങ്ങൾക്കതിന് സാധ്യമല്ല എന്ന്.

ഖുർആനിന്റെ അമാനുഷികതയെ തെളിയിക്കുന്ന അല്ലാഹുവിന്റെ പ്രസ്തുത വചനങ്ങളെക്കുറിച്ച് ബോധ്യം വന്നിട്ടും അതിൽ വിശ്വസിക്കാത്ത മർക്കടമുഷ്ടിക്കാരും അഹങ്കാരികളുമായ അവിശ്വാസികൾ നരകത്തെ സൂക്ഷിക്കണമെന്നും അതിൽ കത്തിക്കപ്പെടുന്ന ഇന്ധനം കല്ലുകളും മനുഷ്യരുമാണെന്നും അത് ഇത്തരം അവിശ്വാസികൾക്കായി തയാറാക്കി വയ്ക്കപ്പെട്ടിരിക്കുന്നുവെന്നും അല്ലാഹു താക്കീത് ചെയ്യുന്നു.

ഇവിടെയും ആലുഇംറാൻ 131ലും നരകത്തെപ്പറ്റി അത് അവിശ്വാസികൾക്ക് വേണ്ടി തയ്യാറാക്കപ്പെട്ടിരിക്കുന്നു എന്ന് പ്രസ്താവിക്കപ്പെട്ടതിൽ നിന്നും നരകം നേരത്തെ തന്നെ അല്ലാഹു സൃഷ്ടിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്.

അതുപോലെ സ്വർഗവും സൂക്ഷ്മത പാലിക്കുന്നവർക്കു വേണ്ടിയും (3:133) സത്യവിശ്വാസികൾക്കു വേണ്ടിയും (57:21) തയ്യാറാക്കിവയ്ക്കപ്പെട്ടിരിക്കുന്നു എന്നും അല്ലാഹു പ്രസ്താവിക്കുന്നു.

**വചനം 25**

وَبَشِّرِ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ أَنَّ لَهُمْ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ ۖ كُلَّمَا رُزِقُوا۟ مِنْهَا مِن ثَمَرَةٍ رِّزْقًا ۙ قَالُوا۟ هَٰذَا ٱلَّذِى رُزِقْنَا مِن قَبْلُ ۖ وَأُتُوا۟ بِهِۦ مُتَشَٰبِهًا ۖ وَلَهُمْ فِيهَآ أَزْوَٰجٌ مُّطَهَّرَةٌ ۖ وَهُمْ فِيهَا خَٰلِدُونَ ﴿٢٥﴾

25) നബിയേ, വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് സന്തോഷമറിയിക്കുകയും ചെയ്യുക. അടിഭാഗത്തിലൂടെ നദികൾ ഒഴികിക്കൊണ്ടിരിക്കുന്നതായ സ്വർഗങ്ങൾ അവർക്കുണ്ടെന്ന്. അതിൽ നിന്ന് അവർക്ക് ഏതൊരു ഫലവും ആഹാരമായി നല്കപ്പെടുമ്പോഴെല്ലാം അവർ പറയും: ഇത് മുമ്പ് നമുക്ക് നല്കപ്പെട്ടതാണ് എന്ന്. അതിനെ അവർക്ക് പരസ്പര സാദൃശ്യമുള്ളതായി കൊടുക്കപ്പെട്ടിരിക്കുകയാണ്. അവർക്ക് അതിൽ പരിശുദ്ധരാക്കപ്പെട്ട ഇണകളുണ്ടായിരിക്കും. അവർ അവിടത്തിൽ നിത്യവാസികളുമാകുന്നു.

കഴിഞ്ഞ വചനത്തിൽ നിഷേധികൾക്കുള്ള ശിക്ഷയെക്കുറിച്ച് താക്കീത്ചെയ്ത റബ്ബ് ഈ വചനത്തിൽ സത്യവിശ്വാസികൾക്ക് ലഭിക്കാനിരിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് സന്തോഷവാർത്തയറിയിക്കുന്നു.

സ്വർഗത്തിലെ വസ്തുക്കൾ പേരുകളിലും രൂപത്തിലും വർണ്ണത്തിലും ഭൂമിയിലുള്ള വസ്തുക്കളുമായി സാദൃശ്യമുണ്ടെങ്കിലും (ഉദാ: ഈത്തപ്പഴം, മാതളം, അരുവികൾ, കട്ടിലുകൾ, വിരിപ്പുകൾ മുതലായവ) രുചിയിലും സ്വാദിലും തികച്ചും വ്യത്യസ്തങ്ങളായിരിക്കും. താരതമ്യത്തിന് അതീതവുമായിരിക്കും.

നരകത്തിലെ വസ്തുക്കളുടെ സ്ഥിതിയും ഇതുപോലെ തന്നെ. ഭൂമിയിലെ തീ, ചൂട്, ഇന്ധനം, കല്ല് മുതലായ വസ്തുക്കളുമായി സാദൃശ്യമുള്ള പ്രസ്തുത വസ്തുക്കൾ, കാഠിന്യത്തിലും 'ആസ്വാദന'ത്തിലും തികച്ചും വ്യത്യസ്തവും; താരതമ്യത്തിന് അതീതവുമായിരിക്കും.

**വചനം 26,27**

۞ إِنَّ ٱللَّهَ لَا يَسْتَحْىِۦٓ أَن يَضْرِبَ مَثَلًا مَّا بَعُوضَةً فَمَا فَوْقَهَا ۚ فَأَمَّا ٱلَّذِينَ ءَامَنُوا۟ فَيَعْلَمُونَ أَنَّهُ ٱلْحَقُّ مِن رَّبِّهِمْ ۖ وَأَمَّا ٱلَّذِينَ كَفَرُوا۟ فَيَقُولُونَ مَاذَآ أَرَادَ ٱللَّهُ بِهَٰذَا مَثَلًا ۘ يُضِلُّ بِهِۦ كَثِيرًا وَيَهْدِى بِهِۦ كَثِيرًا ۚ وَمَا يُضِلُّ بِهِۦٓ إِلَّا ٱلْفَٰسِقِينَ ﴿٢٦﴾

26) നിശ്ചയമായും ഏതൊന്നിനെയും ഉപമയാ(ക്കികാണി)ക്കാൻ അല്ലാഹു ലജ്ജിക്കുകയില്ല. (-അത്) ഒരു കൊതുകാവട്ടെ, അതിന്റെ മീതെയുള്ളതാവട്ടെ. എന്നാൽ, വിശ്വസിച്ചവരാകട്ടെ, അതു തങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള യഥാർഥമാണെന്നു അവർക്കറിയുന്നതാണ്. അവിശ്വസിച്ചവരാകട്ടെ, അവർ പറയും: ഇതുകൊണ്ട് എന്തൊരു ഉപമയാണ് അല്ലാഹു ഉദ്ദേശിച്ചിരിക്കുന്നത്. (അതെ), അതുകൊണ്ട് അവൻ വളരെ ആളുകളെ പിഴവിലാക്കുന്നു. അതുകൊണ്ട് വളരെ ആളുകളെ അവൻ നേർവഴിയിലാക്കുകയും ചെയ്യുന്നു. (അനുസരണമില്ലാത്ത) തോന്നിവാസികളെയല്ലാതെ അതു

കൊണ്ട് അവൻ വഴിപിഴവിലാക്കുകയില്ല താനും.

27) അതായത്, യാതൊരു കൂട്ടരെ(യല്ലാതെ): അല്ലാഹുവിന്റെ ഉത്തരവ് (അഥവാ അവനോടുള്ള കരാർ) ഉറപ്പിച്ചതിന്റെ ശേഷം അതിനെ അവർ ലംഘിക്കുന്നു. ചേർക്കപ്പെടാൻ അല്ലാഹു കല്പിച്ചിട്ടുള്ളതിനെ അവർ മുറിച്ചുകളയുകയും ചെയ്യുന്നു. ഭൂമിയിൽ അവർ നാശമുണ്ടാക്കുകയും ചെയ്യുന്നു. (ഇവരെ മാത്രമേ വഴിപിഴവിലാകകുകയുള്ളൂ) അക്കൂട്ടർ തന്നെയാണ് നഷ്ടക്കാർ.

ٱلَّذِينَ يَنقُضُونَ عَهْدَ ٱللَّهِ مِنۢ بَعْدِ مِيثَٰقِهِۦ وَيَقْطَعُونَ مَآ أَمَرَ ٱللَّهُ بِهِۦٓ أَن يُوصَلَ وَيُفْسِدُونَ فِى ٱلْأَرْضِ ۚ أُو۟لَٰٓئِكَ هُمُ ٱلْخَٰسِرُونَ ﴿٢٧﴾

ഖുർആനിൽ ചിലയവസരങ്ങളിൽ ഉപമകളാക്കിയിട്ടുള്ള ഈച്ച, എട്ടുകാലി, കൊതുക് മുതലായവ അല്ലാഹുവിൽ നിന്നുള്ള ഗ്രന്ഥത്തിന്റെ അന്തസ്സിന് യോജിക്കാത്തതാണെന്ന കപടവിശ്വാസികളുടെ ആരോപണത്തിനുള്ള മറുപടിയാണ് പ്രസ്തുത വചനങ്ങൾ.

ഉപമയാക്കപ്പെട്ട വസ്തുക്കളുടെ നിസ്സാരതയെപ്പറ്റി ആരായാതെ ആ ഉപമയിലടങ്ങിയ തത്വരഹസ്യങ്ങളും വിജ്ഞാനങ്ങളും മനസ്സിലാക്കാനാണ് സത്യവിശ്വാസികൾ ശ്രദ്ധിക്കുക.

ഇത്തരം ഉപമകളെ പരിഹസിച്ചു തൃപ്തിയടയുന്ന അവിശ്വാസികൾക്ക് താക്കീതായിക്കൊണ്ട് അല്ലാഹു പറയുന്നു: "അതുമൂലം അവൻ പലരെയും വഴിപിഴവിലാക്കുകയും പലരെയും നേർമാർഗത്തിലാക്കുകയും ചെയ്യുന്നു."

വഴിപിഴവിലാക്കുന്നത് ആരെയെന്ന് അടുത്ത വചനത്തിൽ അല്ലാഹു വ്യക്തമാക്കുന്നു. "തോന്നിയവാസികളെയല്ലാതെ അതുമൂലം അവൻ വഴിപിഴവിലാക്കുകയില്ല."

തോന്നിയവാസികളുടെ (ഫാസിഖുകളുടെ) മൂന്ന് ദുസ്സമ്പ്രദായങ്ങൾ അല്ലാഹു വിവരിക്കുന്നു. 1). അല്ലാഹുവിന്റെ ഉത്തരവും അവനുമായുള്ള കരാറും ലംഘിക്കൽ. 2) ചേർക്കാൻ കല്പിക്കപ്പെട്ട ബന്ധം മുറിക്കൽ. 3) ഭൂമിയിൽ നാശമുണ്ടാക്കൽ.

**1. അല്ലാഹുവിന്റെ ഉത്തരവ് അഥവാ കരാർ (عهد الله)**

രണ്ട് തരത്തിലുള്ളതാകുന്നു. (i) അല്ലാഹുവിന്റെ ഏകത്വം, അസ്തിത്വം, ആരാധ്യത മുതലായവ അംഗീകരിക്കാനായി അല്ലാഹു നല്കിയിട്ടുള്ള വിശേഷബുദ്ധിയും പ്രകൃതി ദൃഷ്ടാന്തങ്ങളും മുഖേനയുള്ള ഉത്തരവ് - എല്ലാത്തരം അവിശ്വാസികളും ഈ അർഥത്തിലുള്ള ഉത്തരവ് ലംഘിച്ചവർ തന്നെ. (ii) പ്രവാചകന്മാർ, വേദഗ്രന്ഥങ്ങൾ അസാധാരണ ദൃഷ്ടാന്തങ്ങൾ എന്നിവ മുഖേനയുള്ള ഉത്തരവ് - വേദക്കാരിലുള്ള അവിശ്വാസികളും കപടവിശ്വാസികളും ഈ അർഥത്തിലുള്ള ഉത്തരവ് ലംഘിച്ചവരാകുന്നു.

**2). ചേർക്കാൻ അല്ലാഹു കല്പിച്ച ബന്ധങ്ങളിൽ** രക്തബന്ധം, കുടുംബബന്ധം, സ്നേഹബന്ധം, അയൽപക്ക ബന്ധം, മതബന്ധം, സാമൂഹ്യബന്ധം തുടങ്ങിയ എല്ലാ ന്യായമായ ബന്ധങ്ങളും ഉൾപ്പെടുന്നു.

**3). ഭൂമിയിൽ നാശമുണ്ടാക്കാനായിട്ട്,** മുനാഫിഖുകളും മുശ്രിക്കുകളും യഹൂദികളുമെല്ലാം അവരവരുടെ പങ്ക് വഹിച്ചവരാണ്. അവരുടെ പങ്കനുസരിച്ച് ഇഹത്തിലും പരത്തിലും അവർക്ക് നഷ്ടംബാധിക്കുകയും ചെയ്തു.

അതെ, അല്ലാഹു വഴിപിഴവിലാക്കുന്ന മേൽ വിഭാഗങ്ങളെക്കുറിച്ച് അല്ലാഹു പറയുന്നു: "...അക്കൂട്ടർ തന്നെയാണ് നഷ്ടക്കാർ."

**വചനം 28**

28) എങ്ങനെ നിങ്ങൾ അല്ലാഹുവിൽ അവിശ്വസിക്കും? നിങ്ങൾ നിർജീവികളായിരുന്നു; എന്നിട്ട് നിങ്ങളെ അവൻ ജീവിപ്പിച്ചിരിക്കുന്നുവെന്നിരിക്കെ. പിന്നെ, അവൻ നിങ്ങളെ മരണപ്പെടുത്തുന്നു. പിന്നെ (വീണ്ടും) അവൻ നിങ്ങളെ ജീവിപ്പിക്കുന്നു. പിന്നെ, അവനിലേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുന്നു.

كَيْفَ تَكْفُرُونَ بِٱللَّهِ وَكُنتُمْ أَمْوَٰتًا فَأَحْيَٰكُمْ ۖ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ ثُمَّ إِلَيْهِ تُرْجَعُونَ ﴿٢٨﴾

അല്ലാഹുവിന്റെ അസ്തിത്വം, ഏകത്വം, കഴിവ് എന്നിവയ്ക്ക് മനുഷ്യൻ തന്നെ തെളിവാണെന്ന് അല്ലാഹു ഉണർത്തുന്നു. ബീജം, ഇന്ദ്രിയം, ഭ്രൂണം മുതലായ മനുഷ്യന്റെ ആദ്യ ദശകളെക്കുറിച്ച് മനുഷ്യന് ചിലതെല്ലാം വിവരിക്കാൻ കഴിഞ്ഞേക്കും. അതിന് മുമ്പുള്ള അവന്റെ അവസ്ഥയോ– എത്രയോ കാലം; പറയത്തക്ക ഒരു വസ്തുവും ആയിരുന്നില്ലാത്ത ഒരു കാലഘട്ടം! തുടർന്ന് അവൻ ഒരു ജീവിയായി– മനുഷ്യനായി– അസ്തിത്വം പൂണ്ട് രംഗത്തുവരുന്നു. കുറച്ച് കഴിയുമ്പോൾ മരണമടയുന്നു. മനുഷ്യന്റെ ഈ മൂന്ന് അവസ്ഥയും നല്കിയത് അല്ലാഹുവാണെന്നിരിക്കെ, മനുഷ്യന്റെ മരണശേഷം വീണ്ടും അവന് ഒരു ജീവിതം നല്കാൻ അല്ലാഹുവിന് കഴിയുകയില്ലെന്ന് പറയാൻ ന്യായമുണ്ടോ? ശൂന്യതയിൽ നിന്ന് ജീവിതം നല്കിയവന് അർധശൂന്യതയിൽ നിന്ന് ജീവിപ്പിക്കാൻ വല്ല പ്രയാസവുമുണ്ടോ?

**വചനം 29**

هُوَ ٱلَّذِى خَلَقَ لَكُم مَّا فِى ٱلْأَرْضِ جَمِيعًا ثُمَّ ٱسْتَوَىٰٓ إِلَى ٱلسَّمَآءِ فَسَوَّىٰهُنَّ سَبْعَ سَمَٰوَٰتٍ ۚ وَهُوَ بِكُلِّ شَىْءٍ عَلِيمٌ ﴿٢٩﴾

29) അവനത്രെ നിങ്ങൾക്ക് ഭൂമിയിലുള്ളത് മുഴുവനും സൃഷ്ടിച്ചവൻ. പിന്നെ, അവൻ ആകാശത്തിലേക്ക് തിരിഞ്ഞ് അവയെ ഏഴ് ആകാശങ്ങളാക്കി ശരിപ്പെടുത്തിയിരിക്കുന്നു. അവൻ എല്ലാ കാര്യത്തെക്കുറിച്ചും അറിയുന്നവനുമാകുന്നു.

ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ മനുഷ്യന് ഉപകാരപ്പെടുന്ന വസ്തുക്കൾ എല്ലാം ഭൂമിയിൽ അല്ലാഹു തയ്യാറാക്കിവെച്ചതിന് ശേഷം അവൻ ആകാശത്തിലേക്ക് തിരിഞ്ഞു. അവയെ ഏഴ് ആകാശങ്ങളായി ശരിപ്പെടുത്തി.

ഭൂമിയിലുള്ളതെല്ലാം മനുഷ്യർക്കുവേണ്ടി സൃഷ്ടിച്ച റബ്ബ് അവ കൈകാര്യംചെയ്യുന്നതിന് ഉപാധികളും പരിമിതികളുമൊക്കെ മതനിയമങ്ങളിലൂടെ നിർദേശിക്കുകയും ചെയ്തിരിക്കുന്നു. ഇല്ലായിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന ഭവിഷ്യത്തുകൾ ആർക്കും ഊഹിക്കാവുന്നതേയുള്ളൂ.

ആകാശങ്ങൾ ഏഴെണ്ണമാണെന്ന് ഖുർആനിൽ എട്ട് പത്ത് സ്ഥലങ്ങളിൽ പറയപ്പെട്ടിട്ടുണ്ട്. മനുഷ്യബുദ്ധിയാൽ പരിമിതമാക്കപ്പെട്ട ആധുനികഗോളശാസ്ത്രം ഏഴ് ആകാശങ്ങളെ കണ്ടെത്തുന്നതിൽ വിജയിച്ചിട്ടില്ലെങ്കിലും റബ്ബിന്റെ വചനങ്ങൾക്ക് മുമ്പിൽ റബ്ബിന്റെ മറ്റൊരു സൃഷ്ടി മാത്രമായ മനുഷ്യന്റെ അല്പമാത്രമായ അറിവിന് എന്തു പ്രസക്തി– അതും കാലാകാലങ്ങളിൽ ശരിയും തെറ്റുമായി മാറിമറിഞ്ഞുകൊണ്ടിരിക്കുന്ന മനുഷ്യസൃഷ്ടിയായ സിദ്ധാന്തവൈകൃതങ്ങൾ നമ്മുടെ മുന്നിലുള്ളപ്പോൾ.

## വിഭാഗം 4

**വചനം 30**

وَإِذْ قَالَ رَبُّكَ لِلْمَلَٰٓئِكَةِ إِنِّى جَاعِلٌ فِى ٱلْأَرْضِ خَلِيفَةً ۖ قَالُوٓا۟ أَتَجْعَلُ فِيهَا مَن يُفْسِدُ فِيهَا وَيَسْفِكُ ٱلدِّمَآءَ وَنَحْنُ نُسَبِّحُ بِحَمْدِكَ وَنُقَدِّسُ لَكَ ۖ قَالَ إِنِّىٓ أَعْلَمُ مَا لَا تَعْلَمُونَ ﴿٣٠﴾

30) നിന്റെ റബ്ബ് മലക്കുകളോട് പറഞ്ഞ സന്ദർഭം (ഓർക്കുക). ഞാൻ ഭൂമിയിൽ ഒരു ഖലീഫയെ ഏർപ്പെടുത്തു(വാൻ പോകു)ന്നുവെന്ന്. അവർ പറഞ്ഞു. അതിൽ നാശമുണ്ടാക്കുകയും രക്തംചിന്തുകയും ചെയ്യുന്നവരെ നീ അതിൽ ഏർപ്പെടുത്തുകയോ? ഞങ്ങൾ നിന്നെ സ്തുതിച്ചുകൊണ്ട് തസ്ബീഹ് (സ്തോത്രകീർത്തനം) ചെയ്യുകയും നിനക്ക് തഖ്ദീസ് (നിന്റെ പരിശുദ്ധിയെ വാഴ്ത്തൽ) ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്നുവല്ലോ. അവൻ പറഞ്ഞു: നിശ്ചയമായും നിങ്ങൾക്ക് അറിഞ്ഞുകൂടാത്തത് എനിക്കറിയാം.

ഖലീഫ എന്ന വാക്കിന് മലയാളത്തിൽ പിൻഗാമി അനന്തരഗാമി, പ്രതിനിധി എന്നൊക്കെ ഭാഷാന്തരം നൽകാം. ആ പദത്തിൽ പ്രാതിനിധ്യത്തേക്കാൾ പരിഗണിക്കപ്പെട്ടിട്ടുള്ളത് പിൻഗാമിത്വമാകുന്നു. അല്ലാഹു ആരെയെങ്കിലും ഖലീഫ യാക്കി എന്ന് പറഞ്ഞാൽ ആ ഖലീഫ ഒരിക്കലും, അല്ലാഹുവിന്റെ പിൻഗാമിയൊ പ്രതിനിധിയൊ ആയിരിക്കുവാൻ നിവൃത്തിയില്ലല്ലൊ – അല്ലാഹുവിനെ സംബന്ധിച്ചെടത്തോളം ഒരർത്ഥത്തിലുള്ള അഭാവവും അവനുണ്ടാവുകയില്ലല്ലൊ. അവന്റെ ഏതെങ്കിലും ഒരു അധികാരമോ, കഴിവൊ,

പ്രവർത്തിയൊ മറ്റൊരാൾക്ക് വിട്ട് കൊടുക്കുകയൊ ഏല്പിച്ച് കൊടുക്കുകയോ ചെയ്യുന്ന പ്രശ്നവുമില്ല. അപ്പോൾ 'അല്ലാഹുവിന്റെ ഖലീഫ' എന്ന് ആരെകുറിച്ചെങ്കിലും പ്രയോഗിച്ച് കണ്ടാൽ അത് അല്ലാഹു ഖിലാഫത്ത് (മറ്റൊരാൾക്കു പകരം നിൽകുക ) സ്ഥാനം നൽകി ബഹുമാനിച്ച ആൾ എന്ന അർത്ഥത്തില ല്ലാതെ ആയിരിക്കുവാൻ നിവൃത്തിയില്ല - ഇമാം റാഗിബ്(റ).

"ഞാൻ ഭൂമിയിൽ ഒരു ഖലീഫയെ ആക്കുവാൻ പോകുന്നു" - എന്ന് അല്ലാഹു പറഞ്ഞതിന്റെ താല്പര്യത്തെക്കുറിച്ച് ഇബ്നു കഥീർ(റ) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"അതായത്, ഒരു തലമുറക്ക് ശേഷം മറ്റൊരു തലമുറയും, ഒരു കാലക്കാർക്ക് ശേഷം മറ്റൊരു കാലക്കാരുമായിക്കൊണ്ട് ചിലർക്ക് പിന്നിൽ ചിലർ വന്ന് കൊണ്ടിരിക്കുന്ന ജനങ്ങൾ " ഇതിന് തെളിവായി താഴെ കാണുന്ന ആയത്തുകളും അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നു - സൂ : ഫാത്വിർ 39, സൂ : നംല് : 62 ; സൂ സുഖുറുഫ് : 60; സൂ : മർയം :59

ഇബ്നു കഥീർ(റ) ഇമാം റാസി(റ) മുതലായ പല ഖുർആൻ വ്യഖ്യാതാക്കളുടെയും പ്രസ്താവനകളും വിവരണങ്ങളും പരിശോധിച്ചാൽ 'ഞാൻ ഭൂമിയിൽ ഒരു ഖലീഫയെ ഏർപ്പെടുത്തുന്നു എന്ന വചനത്തിന് ഒന്നിലധികം വ്യാഖ്യാനങ്ങൾ നിലവിലുണ്ടെന്ന് കാണാം.

1. ഈ ഭൂമിയിലെ നിവാസികളായിരുന്ന മറ്റൊരു സമുദായത്തിന്റെ പിൻഗാമികളായിട്ടാണ് മനുഷ്യവർഗ്ഗത്തെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. ജിന്ന് വർഗ്ഗമായിരുന്നു ആ പൂർവ്വസമുദായം.

2. ഒരു തലമുറയുടെ ശേഷം മറ്റൊരു തലമുറയായി ഭൂമിയിൽ മാറി മാറി വന്ന് കൊണ്ടിരിക്കുന്ന സമുദായങ്ങളായിട്ടാണ് മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. ഈ അഭിപ്രായത്തിനാണ് ഇബുനു കഥീർ (റ) ഇബുനു ജരീർ (റ) എന്നിവർ മുൻഗണന നൽകിയിരിക്കുന്നത്.

3. അല്ലാഹുവിന്റെ വിധി വിലക്കുകൾക്കനുസരിച്ച് ഭൂമിയിൽ അവന്റെ സൃഷ്ടികൾക്കിടയിൽ വിധിയും നീതിയും നടത്തുവാൻ വേണ്ടി അല്ലാഹു നിശ്ചയിച്ച ഖലീഫയാണ് അഥവാ അവന്റെ പ്രതിനിധിയാണ് ആദമും അദ്ദേഹത്തിന്റെ നീതിമാൻമാരും, സത്യവാൻമാരുമായ നല്ല സന്തതികളും. ഈ അഭിപ്രായമാണ് ഒരു വിഭാഗം ഖുർആൻ വ്യാഖ്യാതാക്കൾ സ്വീകരിച്ചിട്ടുള്ളത്.

4. ഈ ഭൂമിയിലെ ചരാചരങ്ങളുടെ കൈകാര്യ നടത്തിപ്പിന്റെ ചുക്കാൻ ഏല്പിക്കുവാനും അതിലെ വിഭവങ്ങളും നിക്ഷേപങ്ങളും ഊർജ്ജവും തേടിപ്പിടിച്ചു ഉപയോഗപ്പെടുത്തുവാനും പറ്റിയ ഒരു സൃഷ്ടി വർഗ്ഗത്തെ സൃഷ്ടിക്കുകയെന്നതാണ് ഖലീഫയെ ഏർപ്പെടുത്തുക എന്ന് പറഞ്ഞതിന്റെ താല്പര്യം - ഈ അഭിപ്രായം ഖുർആൻന്റെ ചില പ്രസ്താവനകൾക്ക് നിരക്കുന്നതായി കാണുന്നില്ല.

മേൽ കണ്ട ഓരോ അഭിപ്രായങ്ങളുടെയും വിവിധ രൂപങ്ങളും ന്യായങ്ങളുമെല്ലാം പരിഗണിക്കുമ്പോൾ, ആപേക്ഷികമായി നോക്കുമ്പോൾ, ഇവയിൽ രണ്ടാമതായി ഉദ്ധരിച്ച അഭിപ്രായത്തിനാണ് പല നിലക്കും മുൻഗണനയുള്ളത് الله اعلم

"അതിൽ നാശമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ നീ അതിൽ ആക്കുകയോ" എന്നുള്ള മലക്കുകളുടെ ചോദ്യം - അവർക്ക് സിദ്ധിച്ച വല്ല അറിവ് നിമിത്തമോ, കറുത്ത കളിമണ്ണിൽ നിന്നാണ് മനുഷ്യനെ സൃഷ്ടിക്കുന്നത് എന്ന് അല്ലാഹു അവരോട് പറഞ്ഞതിൽ നിന്നുള്ള (സൂ : ഹിജ്ർ : 28) അറിവിൽ നിന്ന് മനുഷ്യ പ്രവർത്തിയെ പറ്റി അവർ മനസ്സിലാക്കിയതിൽ നിന്നൊ, അതുമല്ലെങ്കിൽ ഭൂമിയിൽ മുമ്പുണ്ടായിരുന്നസമുദായത്തിന്റെ മാനദണ്ഡം വെച്ച് മനുഷ്യരെ കണക്കാക്കിയത് കൊണ്ടോ ആയിരിക്കാം മലക്കുകൾ ആ ചോദ്യം ചോദിച്ചത് الله اعلم. 'ഇവിടെ ഖലീഫ എന്നത് കൊണ്ടുദ്ദേശ്യം ആദം (അ) മാത്രമല്ല മനുഷ്യകുലത്തെ ആകമാനം ഉദ്ദേശിച്ചാണെന്നും മലക്കുകളുടെ പ്രസ്തുത ചോദ്യത്തിൽ നിന്നും വ്യക്തമാകുന്നു.

" നിശ്ചയമായും നിങ്ങൾക്കറിയാത്തത് എനിക്കറിയാം " എന്ന വാക്യം മുഖേന, " നിങ്ങൾ പറഞ്ഞ ചില ദോഷ വശങ്ങൾ മനുഷ്യരിൽ ഉണ്ടാകാമെങ്കിലും, അതിൽ ഉപരിയായ പല നന്മകളും ഗുണങ്ങളും അവരിൽ നിന്നുണ്ടാകാനുണ്ടെന്നും, നിങ്ങൾക്ക് വിഭാവനം ചെയ്യാൻ കഴിയാത്ത പല രഹസ്യങ്ങളും അതിൽ അടങ്ങിയിട്ടുണ്ടെന്നും " അല്ലാഹു മലക്കുകളെ ബോധ്യപ്പെടുത്തുന്നു.

<u>**വചനം 31,32,33**</u>

وَعَلَّمَ ءَادَمَ ٱلْأَسْمَآءَ كُلَّهَا ثُمَّ عَرَضَهُمْ عَلَى ٱلْمَلَـٰٓئِكَةِ فَقَالَ أَنۢبِـُٔونِى بِأَسْمَآءِ

31) അവൻ (അല്ലാഹു) ആദമിനു പേരുകളെല്ലാം പഠിപ്പിച്ചു. പിന്നെ, അവരെ (ആ പേരുകളുള്ള വസ്തുക്കളെ) മലക്കുകൾക്ക് കാണിച്ചിട്ട് അവൻ പറഞ്ഞു: ഇവരുടെ പേരുകളെപ്പറ്റി നിങ്ങൾ എനിക്കു വിവരം

هَٰٓؤُلَآءِ إِن كُنتُمۡ صَٰدِقِينَ ٣١ قَالُواْ سُبۡحَٰنَكَ لَا عِلۡمَ لَنَآ إِلَّا مَا عَلَّمۡتَنَآۖ إِنَّكَ أَنتَ ٱلۡعَلِيمُ ٱلۡحَكِيمُ ٣٢ قَالَ يَٰٓـَٔادَمُ أَنۢبِئۡهُم بِأَسۡمَآئِهِمۡۖ فَلَمَّآ أَنۢبَأَهُم بِأَسۡمَآئِهِمۡ قَالَ أَلَمۡ أَقُل لَّكُمۡ إِنِّيٓ أَعۡلَمُ غَيۡبَ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَأَعۡلَمُ مَا تُبۡدُونَ وَمَا كُنتُمۡ تَكۡتُمُونَ ٣٣

പറഞ്ഞുതരുവിൻ.- നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ.

32)അവർ പറഞ്ഞു: നീ മഹാപരിശുദ്ധൻ (നിനക്കു സ്തോത്രകീർത്തനം). നീ ഞങ്ങൾക്കു പഠിപ്പിച്ചതല്ലാതെ ഞങ്ങൾക്കു യാതൊരു അറിവുമില്ല. നിശ്ചയമായും നീ തന്നെ സർവജ്ഞനും അഗാധജ്ഞാനിയുമായുള്ളവൻ.

33)അവൻ (അല്ലാഹു) പറഞ്ഞു: ആദമേ, അവർക്ക് ഇവരുടെ (ഈ വസ്തുക്കളുടെ) പേരുകളെപ്പറ്റി പറഞ്ഞുകൊടുക്കുക. അങ്ങനെ അദ്ദേഹം അവർക്ക് അവരുടെ പേരുകളെപ്പററി പറഞ്ഞുകൊടുത്തപ്പോൾ അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങളോട് ഞാൻ പറഞ്ഞില്ലേ, നിശ്ചയമായും ഞാൻ ആകാശഭൂമികളിലെ അദൃശ്യം അറിയുമെന്ന്! നിങ്ങൾ വെളിവാക്കുന്നതും നിങ്ങൾ ഒളിച്ചുവെച്ചുകൊണ്ടിരിക്കുന്നതും ഞാൻ അറിയുന്നതാണ്.

ആദമിന്(അ) അല്ലാഹു എല്ലാ വസ്തുക്കളുടെയും പേര് പഠിപ്പിച്ചുകൊടുത്തു. മലക്കുകളോട് ഇവയുടെ പേരുകൾ പറയാൻ അല്ലാഹുവാൽ നിർദേശിക്കപ്പെടുമ്പോൾ അതിന് കഴിയാതെ മലക്കുകൾ തങ്ങളുടെ കഴിവുകേട് സമ്മതിച്ചു. ആദം നബിയോട് ആ പേരുകൾ പറയാൻ ആവശ്യപ്പെട്ടപ്പോൾ അതെല്ലാം അദ്ദേഹം വിവരിച്ചുകൊടുത്തു.

അങ്ങനെ അനുഭവത്തിലൂടെ മലക്കുകളുടെ തെറ്റ് അല്ലാഹു അവരെ ബോധ്യപ്പെടുത്തി.

"നിങ്ങൾക്കറിയാത്ത കാര്യങ്ങൾ എനിക്കറിയാം" എന്ന അല്ലാഹുവിന്റെ പ്രഖ്യാപനത്തിന്റെ പുലർച്ച അവർ അനുഭവത്തിൽ കണ്ടു.

എല്ലാ പേരുകളും എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം എല്ലാ വസ്തുക്കളുടെയും പേരാണെന്നും ബുദ്ധിജീവികളുടെ പേരുകളാണെന്നും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്.

"പേരുകൾ പഠിപ്പിച്ചു" എന്നതുകൊണ്ടുള്ള വിവക്ഷ, ഇന്നിന്ന പേരാണെന്ന് പഠിപ്പിച്ചു എന്നാണെന്നും അതല്ല, പേരടക്കം അവയുടെ വിവരങ്ങൾ പഠിപ്പിച്ചു എന്നാണെന്നും പറയപ്പെടുന്നു.

**വചനം 34**

وَإِذۡ قُلۡنَا لِلۡمَلَٰٓئِكَةِ ٱسۡجُدُواْ لِأٓدَمَ فَسَجَدُوٓاْ إِلَّآ إِبۡلِيسَ أَبَىٰ وَٱسۡتَكۡبَرَ وَكَانَ مِنَ ٱلۡكَٰفِرِينَ ٣٤

34) നിങ്ങൾ ആദമിന് സുജൂദ് ചെയ്യുവിൻ എന്ന് നാം മലക്കുകളോട് പറഞ്ഞ സന്ദർഭം (ഓർക്കുക:) എന്നിട്ട് അവർ സുജൂദ് ചെയ്തു; ഇബ്‌ലീസ് ഒഴികെ. അവൻ വിസമ്മതിച്ചു. അഹംഭാവം നടിക്കുകയും ചെയ്തു. അവൻ അവിശ്വാസി (അഥവാ സത്യനിഷേധി)കളിൽ പെട്ടവനാകുന്നു.

ശാരീരികമായ ആരാധനാകർമങ്ങളിൽ വെച്ച് മതത്തിൽ ഏറ്റവും പ്രാധാന്യം കല്പിക്കപ്പെടുന്ന ഒന്നാണ് മുഖം നിലത്തുവെച്ച് സാഷ്ടാംഗ നമസ്കാരം ചെയ്യുന്ന സുജൂദ് എന്ന കർമം. ഈ സുജൂദ് അല്ലാഹുവിന് മാത്രമേ അർപ്പിക്കപ്പെടാവൂ എന്നുള്ളത് പരക്കെ അംഗീകരിക്കപ്പെട്ടതാണല്ലോ.

എന്നാൽ മലക്കുകളോട് അല്ലാഹു ആദംനബിക്ക് സുജൂദ് ചെയ്യാൻ കല്പിച്ചത്, ആരാധനയുടെ സുജൂദ് ആയിരുന്നില്ല. എന്നാൽ, ബഹുമാനവും താഴ്മയും കാണിക്കുക, കീഴൊതുക്കം പ്രകടിപ്പിക്കുക, കുനിയുക, തലകുനിക്കുക തുടങ്ങി സുജൂദ് എന്ന വാക്കിന്റെ മറ്റു ഭാഷാർഥങ്ങളിൽ പെട്ട ഒരു സുജൂദായിരുന്നു എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു - അതു മനുഷ്യനിൽ നിന്നും തികച്ചും വ്യത്യസ്തമായ ആകൃതിയും പ്രകൃതിയും ഉള്ള മലക്കുകളുടെ സുജൂദിന്റെ പ്രകൃതവും, മനുഷ്യരുടെ സൂജൂദി-ന്റെ പ്രകൃതത്തിൽ നിന്നും വ്യത്യസ്തമാവുകയെന്നതും സ്വാഭാവികമാണല്ലോ. الله اعلم

അല്ലാഹുവിന്റെ കല്പനയനുസരിച്ച് മലക്കുകളെല്ലാം സുജൂദ് ചെയ്തെങ്കിലും ഇബ്‌ലീസ് മാത്രം സുജൂദ് ചെയ്തില്ല. സൃഷ്ടിയുടെ ആഭിജാത്യത്തിൽ ഗർവും അഹങ്കാരവും കാണിക്കുകയാണവൻ ചെയ്തത്. തീയിനാൽ സൃഷ്ടിക്കപ്പെട്ട ഞാൻ മണ്ണിനാൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് സുജൂദ് ചെയ്യുകയോ എന്നായിരുന്നു അവന്റെ ന്യായം.

“ഇബ്‌ലീസ് അവിശ്വാസികളിൽ പെട്ടവനാകുന്നു” -അതെ. ഒന്നുകിൽ അവൻ അവിശ്വാസിയായിരുന്നതിനാൽ കല്പന ധിക്കരിച്ചു എന്നാവാം. അല്ലെങ്കിൽ കല്പന ധിക്കരിച്ചത് നിമിത്തം അവിശ്വാസിയായിത്തീർന്നു എന്നുമാവാം.

“ഇബ്‌ലീസ് ജിന്ന് വർഗത്തിൽ പെട്ടവനാകുന്നു” (അൽകഹ്ഫ് 50). എന്നാലും മലക്കുകളോടുള്ള സുജൂദിന്റെ കല്പന അവനും ബാധകമായിരുന്നു. മലക്കുകൾക്കിടയിൽ അവരിലൊരാളെപ്പോലെ അവൻ കഴിഞ്ഞുകൂടിയിരുന്നത് കൊണ്ടോ അവനോട് പ്രത്യേകം കല്പനയുണ്ടായിരുന്നതുകൊണ്ടോ ആയിരിക്കാം അത്.

ആ കല്പന തനിക്ക് ബാധകമല്ല എന്ന് ഇബ്‌ലീസ് വാദിച്ചിട്ടില്ല. ഗർവും ധിക്കാരവുമാണവനെ നിഷേധിയാക്കിത്തീർത്തത്.

**വചനം 35,36**

وَقُلْنَا يَٰٓـَٔادَمُ ٱسْكُنْ أَنتَ وَزَوْجُكَ ٱلْجَنَّةَ وَكُلَا مِنْهَا رَغَدًا حَيْثُ شِئْتُمَا وَلَا تَقْرَبَا هَٰذِهِ ٱلشَّجَرَةَ فَتَكُونَا مِنَ ٱلظَّٰلِمِينَ ﴿٣٥﴾

35) (ആദമിനോട്) നാം പറയുകയും ചെയ്തു. ആദമേ, നീയും നിന്റെ ഇണ(ഭാര്യ)യും സ്വർഗത്തിൽ താമസിച്ചുകൊള്ളുക. അതിൽ നിന്ന് നിങ്ങൾ ഉദ്ദേശിച്ചിടത്ത് നിന്ന് സുഭിക്ഷമായി രണ്ടാളും ഭുജിച്ചുകൊള്ളുക. ഈ വൃക്ഷത്തെ നിങ്ങൾ സമീപിപ്പിക്കുകയും അരുത്. എന്നാൽ നിങ്ങൾ രണ്ടുപേരും അക്രമികളിൽ പെട്ടവരായിത്തീരും.

فَأَزَلَّهُمَا ٱلشَّيْطَٰنُ عَنْهَا فَأَخْرَجَهُمَا مِمَّا كَانَا فِيهِ ۖ وَقُلْنَا ٱهْبِطُوا۟ بَعْضُكُمْ لِبَعْضٍ عَدُوٌّ ۖ وَلَكُمْ فِى ٱلْأَرْضِ مُسْتَقَرٌّ وَمَتَٰعٌ إِلَىٰ حِينٍ ﴿٣٦﴾

36) എന്നിട്ട് പിശാച് അവരെ അതിൽ നിന്ന് വ്യതിചലിപ്പിച്ചു. അങ്ങനെ അവർ രണ്ടാളും ഏതൊരു (സ്ഥിതിയിലായിരുന്നുവോ) അതിൽ നിന്ന് അവരെ പുറത്താക്കി. നാം പറയുകയും ചെയ്തു: നിങ്ങൾ (എല്ലാവരും) ഇറങ്ങിപ്പോകുവിൻ. നിങ്ങളിൽ ചിലർക്ക് ചിലർ ശത്രുവാകുന്നു. നിങ്ങൾക്ക് ഭൂമിയിൽ ഒരു (നിശ്ചിത) സമയം വരേക്കും (വസിക്കാനുള്ള) പാർപ്പിടവും (ജീവിക്കാനുള്ള) വിഭവവും ഉണ്ടായിരിക്കും.

---

സുജൂദിന്റെ സംഭവത്തിന് ശേഷം ആദമിനെയും ഭാര്യയായ ഹവ്വാഇനെയും സ്വർഗത്തിൽ താമസിപ്പിച്ച അല്ലാഹു ഒരു നിശ്ചിത വൃക്ഷത്തിലെ ഫലമൊഴികെ എന്തും കഴിക്കാൻ അവർക്ക് അനുവാദം നല്കി. ഇബ്‌ലീസിന്റെ ദുഷ്പ്രേരണയ്ക്ക് വഴങ്ങി ആദമും(അ) ഹവ്വാഉം ആ വിലക്കപ്പെട്ട വൃക്ഷത്തിലെ കനി ഭക്ഷിച്ചു. അങ്ങനെ അവരുടെ സ്വർഗീയജീവിതം അവർക്ക് നഷ്ടപ്പെടുകയും ഭൗതികജീവിതം അവർ ആരംഭിക്കേണ്ടിവരികയും ചെയ്തു.

മേൽ സംഭവം ഒരു പരീക്ഷണമായിരുന്നു. അല്ലാഹുവിന് അതിന്റെ പര്യവസാനം ശരിക്കും അറിയാഞ്ഞിട്ടല്ല, പക്ഷേ, അതിനെത്തുടർന്നുള്ള നടപടികളെടുക്കാൻ അതൊരു കാരണമായി അല്ലാഹു നിശ്ചയിച്ചിരിക്കുകയാണ്.

ഭൂമിയിലേക്കയക്കുമ്പോൾ നിങ്ങൾ തമ്മിൽ നിതാന്ത ശത്രുക്കളായിരിക്കുമെന്നും ഒരു നിശ്ചിതകാലം വരെ ജീവിക്കാനാവശ്യമായ സൗകര്യങ്ങളും വിഭവങ്ങളും അവിടെ ഉണ്ടായിരിക്കുമെന്നും ഓർമിപ്പിച്ചുകൊണ്ട്. അല്ലാഹു അവരെ - ആദം(അ), ഹവ്വാഅ്(അ), ഇബ്‌ലീസ് എന്നിവരെ-ഭൂമിയിലേക്കയച്ചു.

സ്വർഗത്തിലെ ആ വിലക്കപ്പെട്ട വൃക്ഷം ഏതായിരുന്നുവെന്നതിനെക്കുറിച്ച് തെളിവുകളൊന്നുമില്ല. ഊഹത്തിനൊട്ട് പ്രസക്തിയുമില്ല.

ഏതായാലും വിലക്കപ്പെട്ട ആ വൃക്ഷത്തിലെ ഫലം കഴിച്ചതോടെ ആദമിനും ഹവ്വയ്ക്കും അവരുടെ നഗ്നതയെക്കുറിച്ച് വെളിപ്പെട്ടുവെന്നും അവർ ഇലയെടുത്ത് അത് മറക്കാൻ തുടങ്ങിയെന്നും സൂ: അഅ്റാഫ് 22ൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

**വചനം 37**

فَتَلَقَّىٰٓ ءَادَمُ مِن رَّبِّهِۦ كَلِمَٰتٍ فَتَابَ عَلَيْهِ ۚ إِنَّهُۥ هُوَ ٱلتَّوَّابُ ٱلرَّحِيمُ ﴿٣٧﴾

37) അനന്തരം ആദം തന്റെ രക്ഷിതാവിങ്കൽ നിന്നും ചില വാക്കുകൾ ഏറ്റെടുത്തു (പഠിച്ചു). അങ്ങനെ അവൻ അദ്ദേഹത്തിന്റെ പശ്ചാത്താപം സ്വീകരിച്ചു (കൊടുത്തു). നിശ്ചയമായും അവൻ തന്നെയാണ് പശ്ചാത്താപം വളരെ സ്വീകരിക്കുന്നവനും കരുണാനിധിയുമായുള്ളവൻ.

തന്റെ തെറ്റിനെക്കുറിച്ച് ആദം(അ) ഖേദിച്ചു. പശ്ചാത്തപിച്ച് മടങ്ങേണ്ടുന്ന വിധവും അതിനുള്ള വാക്കുകളും അല്ലാഹുവിൽ നിന്ന് അദ്ദേഹത്തിന് ലഭിച്ചു (അഅ്റാഫ് 23). “ഞങ്ങളുടെ റബ്ബേ, ഞങ്ങൾ ഞങ്ങളോട് തന്നെ അതിക്രമം പ്രവർത്തിച്ചിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും ഞങ്ങളോട് കരുണകാണിക്കുകയും ചെയ്യാത്തപക്ഷം നിശ്ചയമായും ഞങ്ങൾ നഷ്ടക്കാരിൽ പെട്ടവരായിത്തീരുന്നതാണ്.” –മനുഷ്യചരിത്രത്തിലെ ആദ്യത്തെ തെറ്റും ആദ്യത്തെ പശ്ചാത്താപവും.

**വചനം 38,39**

قُلْنَا ٱهْبِطُوا۟ مِنْهَا جَمِيعًا ۖ فَإِمَّا يَأْتِيَنَّكُم مِّنِّى هُدًى فَمَن تَبِعَ هُدَاىَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٣٨﴾

وَٱلَّذِينَ كَفَرُوا۟ وَكَذَّبُوا۟ بِـَٔايَٰتِنَآ أُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ ۖ هُمْ فِيهَا خَٰلِدُونَ ﴿٣٩﴾

38) നാം പറഞ്ഞു: നിങ്ങൾ മുഴുവനും ഇവിടെ നിന്ന് ഇറങ്ങിപ്പോയിക്കൊള്ളുക. എന്നിട്ട് എന്റെ പക്കൽ നിന്ന് വല്ല മാർഗദർശനവും നിങ്ങൾക്ക് വരുന്ന പക്ഷം (അത് തീർച്ചതന്നെ) അപ്പോൾ എന്റെ മാർഗദർശനം ആർ പിൻപറ്റിയോ അവരുടെ മേൽ യാതൊരു ഭയവുമില്ല. അവർ വ്യസനിക്കുകയുമില്ല.

39) അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കുകയും ചെയ്തവരാകട്ടെ, അക്കൂട്ടർ നരകത്തിന്റെ ആൾക്കാരാകുന്നു. അവരതിൽ സ്ഥിരവാസികളായിരിക്കും.

ആദമിനെയും(അ) ഹവ്വാഇനെയും(അ) ഭൂമിയിലേക്കയക്കുമ്പോൾ മനുഷ്യകുലത്തിന്റെ നന്മയ്ക്കും ഗുണത്തിനുമാവശ്യമായ മാർഗനിർദേശങ്ങൾ കാലാകാലങ്ങളിൽ പ്രവാചകന്മാർ, വേദഗ്രന്ഥങ്ങൾ, സന്ദേശങ്ങൾ, ദൃഷ്ടാന്തങ്ങൾ എന്നിവ മുഖേന അല്ലാഹുവിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുമെന്നും അവ സ്വീകരിച്ച് ജീവിതം നയിക്കുന്നവർ ഇഹത്തിലും പരത്തിലും വിജയികളായിരിക്കുമെന്നും അവയെ നിരാകരിക്കുകയും നിഷേധിക്കുകയുമാണെങ്കിൽ ശാശ്വത നരകാവകാശികളായിത്തീരുമെന്നും അല്ലാഹു, അവരിലൂടെ മനുഷ്യരെയാകമാനം ഉദ്ബോധിപ്പിക്കുന്നു.

*വ്യാഖ്യാനക്കുറിപ്പ് 1:* ആദം(അ)നബിയുടെയും ഇബ്ലീസിന്റെയും സംഭവം ഖുർആനിൽ പല സ്ഥലത്തും വ്യക്തമായി ആവർത്തിച്ചിട്ടുള്ളതാണ്. എന്നാൽ ചില കുബുദ്ധികൾ ശാസ്ത്രത്തിന്റെയും അവനവന്റെ യുക്തിയുടെയും പിന്തുണ ഈ സംഭവത്തിനില്ലെന്നതിനാൽ ഇത് യഥാർഥത്തിൽ സംഭവിച്ച കഥയല്ലെന്നും മനുഷ്യജീവിതത്തെ ഉദാഹരിക്കുന്ന ഒരു ഉദാഹരണം മാത്രമാണെന്നും സമർഥിക്കാൻ ശ്രമിച്ചുകാണാറുണ്ട്. ആയതിന് പരസ്പരവിരുദ്ധവും ബാലിശവുമായ ചില ദുർവ്യാഖ്യാനങ്ങൾ അവർ നടത്തുകയും ചെയ്യുന്നു.

ഈ സംഭവം ഖുർആനിൽ പലേടത്തും ആവർത്തിച്ചു പ്രസ്താവിക്കപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞുവല്ലോ. (അഅ്റാഫ് 11-27 ലാണ് കൂടുതൽ വിശദീകരിച്ചിട്ടുള്ളത്). ഈ സംഭവവിവരണത്തിൽ നിന്നും നാം പഠിക്കേണ്ടുന്ന പാഠങ്ങളും അല്ലാഹു പലേടത്തായി ചൂണ്ടിക്കാട്ടിത്തന്നിട്ടുണ്ട്. ഉദാഹരണത്തിന് സൂ:അഅ്റാഫിൽ ഇങ്ങനെ പറയുന്നു: "ആദമിന്റെ സന്തതികളേ, പിശാച് നിങ്ങളുടെ മാതാപിതാക്കളെ സ്വർഗത്തിൽ നിന്നും പുറത്താക്കിയതുപോലെ നിങ്ങളെ അവൻ കുഴപ്പത്തിലാക്കാതിരിക്കട്ടെ." (വചനം 27)

സൂറതുൽ കഹ്ഫിൽ അല്ലാഹു പറയുന്നു: "എന്നിരിക്കെ എന്നെ വിട്ട് അവനെയും (ഇബ്ലീസിനെയും) അവന്റെ സന്തതികളെയും നിങ്ങൾ കാര്യകർത്താക്കളാക്കുന്നുവോ? അവരാകട്ടെ, നിങ്ങൾക്ക് വ്യക്തമായ ശത്രുക്കളാകുന്നു." (വചനം 50)

മേൽപറഞ്ഞ സ്പഷ്ടമായ പാഠങ്ങൾ, കേവലം ഉപമാലങ്കാര പ്രയോഗങ്ങൾ മാത്രമാണെന്ന് വ്യാഖ്യാനം നല്കുന്നത് ഖുർആനിനെ ഒരു കഥയോ നോവലോ ആക്കുന്നത് പോലെയും, ഖുർആനിന്റെ നേർക്കുള്ള വമ്പിച്ച ഒരു കയ്യേറ്റവുമത്രെ. "വേദഗ്രന്ഥത്തിലെ വാക്കുകളെ അവർ സ്ഥാനമാറ്റം ചെയ്യുന്നു" എന്ന് വേദക്കാരെപ്പറ്റി അല്ലാഹു പ്രസ്താവിച്ച കൂട്ടത്തിൽ ഇത് ഉൾപ്പെടുകയില്ലേ എന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു.

ഈ സംഭവസംബന്ധമായി തൗറാത്തിൽ (പഴയ നിയമത്തിൽ) ആദം(അ) നബിക്ക് സുജൂദ് ചെയ്യാൻ കല്പിച്ച വിവരം കാണുന്നില്ല. പക്ഷേ, വൃക്ഷത്തിൽ നിന്നും ഭുജിച്ച സംഭവവും മറ്റും കാണാം. ഈ വിഷയത്തിലും മറ്റേത് വിഷയങ്ങളിലും നാം പാലിക്കേണ്ട ഒരു പൊതുതത്വമാണ് "ഖുർആനോട് യോജിച്ച ഏത് ഭാഗവും പൂർവവേദങ്ങളിൽ കണ്ടാലത് നാം തിരസ്കരിക്കാൻ പാടില്ല. ഖുർആനോട് യോജിക്കാത്ത ഭാഗമേതും സ്വീകരിക്കാനും പാടില്ല" എന്നത്.

## വിഭാഗം 5

അടുത്ത നൂറോളം വചനങ്ങൾ മിക്കവാറും ഇസ്റാഈല്യരെ പരാമർശിച്ചും അഭിമുഖീകരിച്ചും കൊ ുള്ളവയാണ്. കൂടാതെ സത്യവിശ്വാസികളെയും ക്രിസ്ത്യാനികളെയും മുശ്രിക്കുകളെയും പരാമർശിക്കുന്ന വചനങ്ങളും കാണാവുന്നതാണ്.

**വചനം 40,41**

يَٰبَنِيٓ إِسۡرَٰٓءِيلَ ٱذۡكُرُواْ نِعۡمَتِيَ ٱلَّتِيٓ أَنۡعَمۡتُ عَلَيۡكُمۡ وَأَوۡفُواْ بِعَهۡدِيٓ أُوفِ بِعَهۡدِكُمۡ وَإِيَّٰيَ فَٱرۡهَبُونِ ٤٠

وَءَامِنُواْ بِمَآ أَنزَلۡتُ مُصَدِّقٗا لِّمَا مَعَكُمۡ وَلَا تَكُونُوٓاْ أَوَّلَ كَافِرِۭ بِهِۦۖ وَلَا تَشۡتَرُواْ بِـَٔايَٰتِي ثَمَنٗا قَلِيلٗا وَإِيَّٰيَ فَٱتَّقُونِ ٤١

40) ഇസ്റാഈൽ സന്തതികളേ, ഞാൻ നിങ്ങൾക്ക് ചെയ്തിട്ടുള്ളതായ എന്റെ അനുഗ്രഹത്തെ നിങ്ങൾ ഓർക്കുവിൻ. എന്റെ (എന്നോടുള്ള) കരാർ നിങ്ങൾ നിറവേറ്റുകയും ചെയ്യുവിൻ. എന്നാൽ നിങ്ങളുടെ (നിങ്ങളോടുള്ള) കരാർ ഞാൻ നിറവേറ്റുന്നതാണ്. എന്നെ മാത്രം ഭയപ്പെടുകയും ചെയ്യുവിൻ.

41) നിങ്ങളുടെ കൂടെയുള്ളതിനെ സത്യമാക്കിക്കൊണ്ട് ഞാൻ അവതരിപ്പിച്ചിട്ടുള്ളത് വിശ്വസിക്കുകയും ചെയ്യുവിൻ. അതിൽ അവിശ്വസിക്കുന്ന ആദ്യത്തേവർ നിങ്ങളായിത്തീരരുത്. എന്റെ ആയത്തു(ദൃഷ്ടാന്തം)കൾക്ക് നിങ്ങൾ തുച്ഛമായ വില വാങ്ങുകയും ചെയ്യരുത്. എന്നെ മാത്രം സൂക്ഷിക്കുകയും ചെയ്യുവിൻ.

പ്രവാചകവര്യനായ ഇബ്റാഹീമിന്റെ(അ) പുത്രന്മാർ ഇസ്മാഈലും ഇസ്ഹാഖും.

ഇസ്ഹാഖ് നബിയുടെ(അ) മകൻ യഅ്ഖൂബ്(അ). യഅ്ഖൂബ്നബി(അ)യുടെ മറ്റൊരു പേരാണ് ഇസ്റാഈൽ. ഹിബ്രു ഭാഷയിലുള്ള പ്രസ്തുത വാക്കിന്റെ അർഥം 'അല്ലാഹുവിന്റെ അടിയാൻ' എന്നാണ്. യഅ്ഖൂബ്(അ)ന് യൂസുഫ്(അ)നബിയടക്കം 12 മക്കളുണ്ടായിരുന്നു. അവർ ക്രമേണ 12 ഗോത്രങ്ങളായിത്തീർന്നു. അവരെ മൊത്തത്തിൽ ബനൂഇസ്റാഈല്യർ (ഇസ്റാഈൽ സന്തതികൾ) എന്നും ഇസ്റാഈല്യർ എന്നും സംബോധനചെയ്തുപോരുന്നു. ഖുർആൻ അവതരിക്കുമ്പോഴേക്കും ഏകദേശം 4000 കൊല്ലത്തെ ചരിത്രം അവർ പിന്നിട്ടുകഴിഞ്ഞിരുന്നു.

ഇതരസമുദായങ്ങൾക്കൊന്നും ലഭിച്ചിട്ടില്ലാത്ത എത്രയോ വമ്പിച്ച അനുഗ്രഹങ്ങൾ അല്ലാഹു ഇസ്റാഈല്യർക്ക് നല്കിയതിനെപ്പറ്റി സൂചിപ്പിച്ചുകൊണ്ട് നന്ദികെട്ടവരും ദുർമാർഗികളും ആകാതിരിക്കാൻ അല്ലാഹു അവരെ ഇവിടെയും മറ്റു പല സന്ദർഭങ്ങളിലും ഓർമിപ്പിക്കുന്നു.

എന്തൊക്കെയാണാ അനുഗ്രഹങ്ങൾ -ഫിർഔന്റെ അടിമത്വത്തിൽ നിന്നുള്ള മോചനം, അത്യത്ഭുതകരമായ വിധത്തിൽ ചെങ്കടൽ കടന്ന് രക്ഷപ്പെട്ടത്, തീഹൂ വനത്തിൽ (സീനാ താഴ്‌വരയിൽ) വെച്ച് ഭക്ഷണമായി 'മന്നാ'യും 'സൽവാ'യും ലഭിച്ചുകൊണ്ടിരുന്നത്, പാറക്കല്ലിൽ നിന്ന് ഓരോ ഗോത്രങ്ങൾക്കായി പന്ത്രണ്ട് നീരുറവകൾ പൊട്ടിയൊഴുകിയത്, വളരെയധികം പ്രവാചകന്മാരുടെയും രാജാക്കന്മാരുടെയും പാരമ്പര്യമുള്ളവരായത്, തൗറാത്തിന്റെ അനുയായികളായത് തുടങ്ങി വളരെയധികം അനുഗ്രഹങ്ങൾ.

അല്ലാഹു പറയുന്നു: "എന്നോടുള്ള കരാർ- പ്രതിജ്ഞ- നിറവേറ്റിയാൽ നിങ്ങളോടുള്ള കരാർ ഞാൻ നിറവേറ്റും. അതായത്, നിങ്ങളോട് നാം കല്പിച്ചതെല്ലാം നിങ്ങൾ അനുഷ്ഠിക്കുകയും വിരോധിച്ചതെല്ലാം നിങ്ങൾ ഉപേക്ഷിക്കുകയും ചെയ്താൽ ഞാൻ നിങ്ങളെക്കുറിച്ച് തൃപ്തിയടയുകയും വമ്പിച്ച പ്രതിഫലങ്ങൾ നല്കുകയും ചെയ്യും.

"നിങ്ങളുടെ കൂടെയുള്ളത്" എന്ന് പറഞ്ഞത് ഇസ്റാഈല്യരുടെ വേദഗ്രന്ഥത്തെക്കുറിച്ചും "അതിനെ സത്യമാക്കിക്കൊണ്ട് അവതരിച്ചത്" എന്നു പറഞ്ഞത്, ഖുർആനെ ഉദ്ദേശിച്ചുമാകുന്നു. തൗറാത്ത്, ഇൻജീൽ മുതലായ എല്ലാ വേദഗ്രന്ഥങ്ങളെയും ശരിവെക്കുന്നതാണല്ലോ ഖുർആൻ (2:97, 3:3, 5:48 മുതലായവ നോക്കുക). എന്നാൽ ഖുർആനെ സ്വീകരിക്കുന്നതിന് പകരം നബി(സ) മദീനയിൽ അവരുടെ അടുക്കൽ ചെന്ന ആദ്യമാത്രയിൽ തന്നെ അവരതിൽ അവിശ്വസിക്കുകയും നിഷേധിക്കുകയുമാണ് ചെയ്തത്. അതു സൂചിപ്പിച്ചാണ് "അതിൽ അവിശ്വസിക്കുന്ന ആദ്യത്തെ കൂട്ടർ നിങ്ങളാവരുത്" എന്ന് അല്ലാഹു പറഞ്ഞത്.

'ആയത്തുകൾ' എന്നാൽ ദൃഷ്ടാന്തം, തെളിവുകൾ, അടയാളങ്ങൾ, ലക്ഷ്യങ്ങൾ എന്നൊക്കെയാണ് വാക്കർഥം. ഖുർആനിൽ മിക്കവാറും നാലുതരം കാര്യങ്ങൾക്കാണ് ഈ വാക്ക് ഉപയോഗിക്കപ്പെട്ടിട്ടുള്ളത്. 1). പ്രാപഞ്ചികവും പ്രകൃതിപരവുമായ ദൃഷ്ടാന്തങ്ങൾ. (ഉദാ: മഴ, കാറ്റ്, സൂര്യൻ, ചന്ദ്രൻ ആദിയായവ) 2). നബിമാർ മുഖേന വെളിപ്പെടാറുള്ള അസാധാരണവും അമാനുഷികവുമായ സംഭവങ്ങൾ- മുഅ്ജിസത്തുകൾ. 3). ഖുർആൻ വചനങ്ങളടക്കമുള്ള വേദവാക്യങ്ങൾ. 4). ചരിത്രസംഭവങ്ങൾ.

"എന്റെ ദൃഷ്ടാന്തങ്ങൾക്ക് നിങ്ങൾ തുച്ഛമായ വിലവാങ്ങരുത്," എന്നാൽ അല്ലാഹുവിന്റെ വിധി നിർദേശങ്ങൾ, ഭൗതിക കാര്യസാധ്യത്തിനുവേണ്ടി ലംഘിക്കുകയോ മൂടിവെക്കുകയോ ചെയ്യരുത് എന്നാകുന്നു.

മതകാര്യങ്ങളിലും നീതിനിർവഹണത്തിലും കൈക്കൂലിയും മാമൂലും വാങ്ങുക, സ്ഥാനമോഹം, സ്വാർഥതാല്പര്യം എന്നിവയ്ക്കായി മതശാസനകൾ ലംഘിക്കുകയും സത്യം മൂടിവെക്കുകയും ചെയ്യുക എന്നിവ ഈ വിഭാഗത്തിൽ പെടുന്നു. അല്ലാഹുവിന്റെ ആയത്തുകളെ അപേക്ഷിച്ച് അവയെല്ലാം വിലകുറഞ്ഞതും നിസ്സാരവുമാണല്ലോ.

**വചനം 42,43**

وَلَا تَلْبِسُوا۟ ٱلْحَقَّ بِٱلْبَـٰطِلِ وَتَكْتُمُوا۟ ٱلْحَقَّ وَأَنتُمْ تَعْلَمُونَ ﴿٤٢﴾

42) നിങ്ങൾ യഥാർഥത്തെ അയഥാർഥവുമായി (കൂട്ടി)കലർത്തുകയും യഥാർഥത്തെ മറച്ചുവെക്കുകയും ചെയ്യരുത്. നിങ്ങളാകട്ടെ (യഥാർഥം) അറിയുന്നുതാനും!

وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَٱرْكَعُوا۟ مَعَ ٱلرَّٰكِعِينَ ﴿٤٣﴾

43) നിങ്ങൾ നമസ്കാരം നിലനിർത്തുകയും സകാത്ത് കൊടുക്കുകയും ചെയ്യുവിൻ. കുമ്പിടുന്ന (നമസ്കരിക്കുന്ന) വരോടുകൂടി കുമ്പിടുക (നമസ്കരിക്കുക)യും ചെയ്യുവിൻ.

യഹൂദികൾ, പ്രത്യേകിച്ചും അവരിലെ പണ്ഡിതന്മാർ ജനങ്ങളെ സത്യവിശ്വാസം സ്വീകരിക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നതിനുവേണ്ടി, പ്രയോഗിച്ചുവന്ന രണ്ടുതരം കുതന്ത്രങ്ങളുണ്ടായിരുന്നു. - സത്യവും അസത്യവും കൂട്ടിക്കലർത്തി രണ്ടും തിരിച്ചറിയാതാക്കലും യാഥാർഥ്യം അറിഞ്ഞുകൊണ്ട് അവയെ മൂടിവെക്കുക എന്നതും.

നബി(സ)യുടെ ആഗമനത്തെക്കുറിച്ച് തൗറാത്തിലെ പ്രവചനങ്ങളിൽ നിന്നും യഹൂദികൾക്ക് പരക്കെ അറിയാമായിരുന്നു. എന്നാൽ തങ്ങളെക്കാൾ താഴ്ന്ന ജനതയെന്ന് അവർ ഗണിച്ചുപോന്ന അറബികളിൽ

നിന്നും ആണ് ആ പ്രവാചകനായതെന്ന വസ്തുതയാൽ, സത്യം അറിഞ്ഞുകൊണ്ടുതന്നെ അസൂയയും ശത്രുതയും പുലർത്തി അവരാ യാഥാർഥ്യം മൂടിവെക്കുകയാണുണ്ടായത്. ഇതേപ്പറ്റിയാണ് അല്ലാഹു യഹൂദരെ ഓർമപ്പെടുത്തുന്നത്.

നമസ്കാരവും സകാത്തും യഹൂദികൾക്കും നിർബന്ധമാക്കപ്പെട്ടിരുന്നു. എന്നാൽ നമസ്കാരത്തിൽ അവർ അങ്ങേയറ്റം അശ്രദ്ധരും സകാത്തിന്റെ കാര്യത്തിൽ പിശുക്കും ധനത്തോടുള്ള ആർത്തിയും നിമിത്തം, അങ്ങേയറ്റം അവഗണനയും അവർ പുലർത്തിപ്പോന്നു.

നബി(സ)യിൽ വിശ്വസിച്ചവരുടെ കൂടെചേർന്ന് പ്രസ്തുത കർമങ്ങൾ നിർദ്ദേശിക്കപ്പെട്ട വിധം അനുഷ്ഠിക്കുവീൻ എന്ന് അല്ലാഹു അവരോട് നിർദേശിക്കുന്നു. നമസ്കാരത്തിലെ പ്രധാന ഘടകങ്ങളാണല്ലോ റുകൂഉം സുജൂദും നിറുത്തവും (الركوع والسجود والقيام). ആ നിലയ്ക്ക് നമസ്കാരത്തെ സൂചിപ്പിക്കാൻ ഈ മൂന്ന് വാക്കുകളും ഖുർആനിൽ പലയിടത്തും പ്രയോഗിക്കാറുണ്ട്.

**വചനം 44**

۞ أَتَأْمُرُونَ ٱلنَّاسَ بِٱلْبِرِّ وَتَنسَوْنَ أَنفُسَكُمْ وَأَنتُمْ تَتْلُونَ ٱلْكِتَٰبَ ۚ أَفَلَا تَعْقِلُونَ ﴿٤٤﴾

44) നിങ്ങൾ മനുഷ്യരോട് പുണ്യകാര്യം (ചെയ്വാൻ) കല്പിക്കുകയും നിങ്ങളുടെ സ്വന്തം ദേഹത്തെ നിങ്ങൾ മറന്നുകളയുകയും ചെയ്യുകയാണോ? നിങ്ങളാകട്ടെ, വേദഗ്രന്ഥം പാരായണം ചെയ്യുകയുംചെയ്യുന്നു! അപ്പോൾ നിങ്ങൾ ബുദ്ധികൊടു(ത്തു ചിന്തി)ക്കുന്നില്ലേ?!

മറ്റുള്ളവരോട് സദ്കാര്യംചെയ്യാൻ ഉപദേശിക്കുകയും സ്വയം പ്രസ്തുത കാര്യങ്ങൾ അനുഷ്ഠിക്കാതിരിക്കുകയും ചെയ്യുന്നവരും വേദഗ്രന്ഥത്തിന്റെ പ്രബോധകരും അനുയായികളുമായി അഭിനയിക്കുന്നവരുമായ യഹൂദികളും അല്ലാത്തവരുമായ ഏവരും ഏറ്റവും ബുദ്ധിഹീനമായ ഏർപ്പാടാണ് ചെയ്യുന്നതെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. നിങ്ങൾ പ്രവർത്തിക്കാത്തത് നിങ്ങൾ ഉപദേശിക്കുന്നത് അല്ലാഹുവിന്റെ അടുക്കൽ വലിയ ക്രോധകരമായ കാര്യമാണ്. (സൂ: സ്വഫ്ഫ് 2,3)

**വചനം 45,46**

وَٱسْتَعِينُوا۟ بِٱلصَّبْرِ وَٱلصَّلَوٰةِ ۚ وَإِنَّهَا لَكَبِيرَةٌ إِلَّا عَلَى ٱلْخَٰشِعِينَ ﴿٤٥﴾

ٱلَّذِينَ يَظُنُّونَ أَنَّهُم مُّلَٰقُوا۟ رَبِّهِمْ وَأَنَّهُمْ إِلَيْهِ رَٰجِعُونَ ﴿٤٦﴾

45) ക്ഷമയും നമസ്കാരവും വഴി നിങ്ങൾ സഹായം തേടിക്കൊള്ളുവിൻ. നിശ്ചയമായും അത് വലിയ (ഭാരിച്ച) കാര്യം തന്നെയാകുന്നു. ഭക്തന്മാർക്കൊഴികെ.

46) അതായത്, തങ്ങൾ തങ്ങളുടെ റബ്ബുമായി കണ്ടുമുട്ടുന്നവരാണെന്നും തങ്ങൾ അവങ്കലേക്കു മടങ്ങിച്ചെല്ലുന്നവരാണെന്നും വിചാരിച്ചുകൊണ്ടിരിക്കുന്നവർ(ക്കൊഴികെ).

ക്ഷമയും നമസ്കാരവും എല്ലാത്തരം മനപ്രയാസങ്ങളിൽ നിന്നും ഞെരുക്കങ്ങളിൽ നിന്നുമുള്ള ചികിത്സയായിട്ട് അല്ലാഹു നിർദേശിക്കുന്നു. അത് ആത്മീയവും മാനസികവുമായ ശക്തിയും പരിശുദ്ധിയും നേടിക്കൊടുക്കുന്നതോടൊപ്പം അല്ലാഹുവിൽ നിന്നുള്ള സഹായം ലഭിക്കുന്നതിന് കാരണമായിത്തീരുകയും ചെയ്യുന്നു.

ഉമർ(റ) പ്രസ്താവിച്ചിരിക്കുന്നു: "ക്ഷമ രണ്ട് വിധത്തിലുണ്ട്. ആപത്തുകളിലുള്ള ക്ഷമ. ഇത് നല്ലതുതന്നെ. അതിനെക്കാൾ നല്ലതാണ്, നിരോധിക്കപ്പെട്ട കാര്യങ്ങളെ വിട്ടൊഴിയാനുള്ള ക്ഷമ." നബി(സ) തിരുമേനിക്ക് വല്ല അസ്വാസ്ഥ്യവും നേരിടുമ്പോൾ അവിടുന്ന് വേഗം നമസ്കാരത്തിലേക്ക് തിരിയുക പതിവായിരുന്നു. അല്ലാഹുവുമായി കണ്ടുമുട്ടുകയും അവനിലേക്ക് മടങ്ങുകയും ചെയ്യേണ്ടിവരുമെന്നുള്ള ബോധവും വിചാരവുമുള്ളവരാണ് ഭക്തന്മാർ എന്ന് തുടർന്ന് അല്ലാഹു പ്രസ്താവിക്കുന്നു.

**വിഭാഗം 6**

**വചനം 47,48**

يَـٰبَنِىٓ إِسْرَٰٓءِيلَ ٱذْكُرُوا۟ نِعْمَتِىَ ٱلَّتِىٓ أَنْعَمْتُ عَلَيْكُمْ وَأَنِّى فَضَّلْتُكُمْ عَلَى ٱلْعَـٰلَمِينَ ﴿٤٧﴾

وَٱتَّقُوا۟ يَوْمًا لَّا تَجْزِى نَفْسٌ عَن نَّفْسٍ شَيْـًٔا وَلَا يُقْبَلُ مِنْهَا شَفَـٰعَةٌ وَلَا يُؤْخَذُ مِنْهَا عَدْلٌ وَلَا هُمْ يُنصَرُونَ ﴿٤٨﴾

47) ഇസ്റാഈൽ സന്തതികളേ, ഞാൻ നിങ്ങൾക്ക് ചെയ്തു തന്നിട്ടുള്ളതായ എന്റെ അനുഗ്രഹത്തെ നിങ്ങൾ ഓർക്കുവിൻ. ഞാൻ നിങ്ങളെ (മറ്റുള്ള) ലോകരെക്കാൾ ശ്രേഷ്ഠരാക്കിയതും (ഓർക്കുവിൻ).

48) ഒരു (മഹാ)ദിവസത്തെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ. (അന്ന്) ഒരു ദേഹവും ഒരു ദേഹത്തിനും (ഒരാളും ഒരാൾക്കും) ഒട്ടും ഉപകരിക്കുന്നതല്ല. അതിൽ (ഒരാളിൽ) നിന്നും ഒരു ശുപാർശയും സ്വീകരിക്കപ്പെടുകയില്ല. അതിൽ (ഒരാളിൽ) നിന്നും ഒരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടുകയുമില്ല. അവർ സഹായിക്കപ്പെടുകയുമില്ല. (അങ്ങനെയുള്ള ഒരു ദിവസം).

---

40-ാം വചനത്തിൽ വിശദീകരിക്കപ്പെട്ട ബഹുവിധ അനുഗ്രഹങ്ങളിലൂടെ ഇസ്റാഈല്യരെ ശ്രേഷ്ഠരാക്കിയ അല്ലാഹു ആ അനുഗ്രഹങ്ങളെക്കുറിച്ച് ഒരിക്കൽ കൂടെ ഓർമിപ്പിക്കുന്നു. (എന്നാൽ "മനുഷ്യർക്കു വേണ്ടി നിയോഗിക്കപ്പെട്ട ഏറ്റവും ഉത്തമ സമുദായം നിങ്ങളാകുന്നു" എന്ന് അല്ലാഹു നബി(സ)യുടെ സമുദായത്തെപ്പറ്റി 3:110ൽ പ്രസ്താവിച്ചിരിക്കുന്നു.)

എന്നാൽ അവർക്ക് നല്കിയ ശ്രേഷ്ഠത കളഞ്ഞുകുളിച്ച് അല്ലാഹുവിന്റെ കോപത്തിന് വിധേയരായ അവരെ ഖിയാമത്ത് നാളിൽ അനുഭവിക്കാൻ പോകുന്ന നാല് കാര്യങ്ങൾ അല്ലാഹു തുടർന്ന് ഓർമിപ്പിക്കുന്നു. 1). അന്ന് ഒരാളും മറ്റൊരാൾക്ക് ഉപകരിക്കുകയില്ല. ഇതേ വസ്തുത 6:164, 35:18, 39:7, 80:37, 31:33 എന്നീ വചനങ്ങളിലും അല്ലാഹു മനുഷ്യരെ ഓർമപ്പെടുത്തുന്നു. 2). അന്ന് യാതൊരു ശിപാർശയും സ്വീകാര്യമല്ല. ഇതേ ആശയം 74:48, 2:255) എന്നീ വചനങ്ങളിലൂടെ അല്ലാഹു വിശ്വാസികളെ ഉണർത്തുന്നു. 3). അന്ന് ഒരു പ്രായശ്ചിത്തവും സ്വീകരിക്കുന്നതല്ല. ശിക്ഷയിൽ നിന്നും ഒഴിവാകാൻ യാതൊരു തെണ്ടവും സ്വീകരിക്കുകയില്ല. 5:36, 14:31 വചനങ്ങളിലൂടെ അല്ലാഹു ഇക്കാര്യം വീണ്ടും ഓർമിപ്പിക്കുന്നു. 4). ഒരു പ്രകാരത്തിലുള്ള സഹായവും അന്നവർക്ക് ലഭിക്കുകയില്ല. 37:25,26 വചനങ്ങളിലൂടെ ഇക്കാര്യം ആവർത്തിച്ചിരിക്കുന്നു. സമാന വചനം 2: 122,123 നോക്കുക.

---

**വചനം 49,50**

وَإِذْ نَجَّيْنَـٰكُم مِّنْ ءَالِ فِرْعَوْنَ يَسُومُونَكُمْ سُوٓءَ ٱلْعَذَابِ يُذَبِّحُونَ أَبْنَآءَكُمْ وَيَسْتَحْيُونَ نِسَآءَكُمْ ۚ وَفِى ذَٰلِكُم بَلَآءٌ مِّن رَّبِّكُمْ عَظِيمٌ ﴿٤٩﴾

وَإِذْ فَرَقْنَا بِكُمُ ٱلْبَحْرَ فَأَنجَيْنَـٰكُمْ وَأَغْرَقْنَآ ءَالَ فِرْعَوْنَ وَأَنتُمْ تَنظُرُونَ ﴿٥٠﴾

49) ഫിർഔന്റെ കൂട്ടർ നിങ്ങളെ കടുത്ത ശിക്ഷ അനുഭവിപ്പിച്ചുകൊണ്ടിരിക്കെ, അവരിൽ നിന്ന് നിങ്ങളെ നാം രക്ഷപ്പെടുത്തിയ സന്ദർഭവും (ഓർക്കുക). അവർ നിങ്ങളുടെ ആൺമക്കളെ അറുകൊല ചെയ്യുകയും നിങ്ങളുടെ സ്ത്രീക(ളായ മക്ക)ളെ ജീവിക്കാൻ വിടുകയും ചെയ്തിരുന്നു. അതിൽ നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള ഒരു വമ്പിച്ച പരീക്ഷണമുണ്ടായിരുന്നു.

50) നിങ്ങൾ നിമിത്തം സമുദ്രത്തെ നാം പിളർത്തിയ സന്ദർഭവും (ഓർക്കുക.) അങ്ങനെ നിങ്ങളെ നാം രക്ഷപ്പെടുത്തുകയും ഫിർഔന്റെ കൂട്ടരെ നിങ്ങൾ നോക്കി(ക്കണ്ടു)കൊണ്ടിരിക്കെ നാം മുക്കിക്കൊല്ലുകയും ചെയ്തു.

ഇസ്റാഈല്യരുടെ ചരിത്രത്തിലെ ചില പ്രധാനസംഭവങ്ങൾ ഈ വചനങ്ങളിലും തുടർന്നും വിവരിക്കുന്നു.

യൂസുഫ്(അ) ഈജിപ്തിലെ ധനകാര്യമന്ത്രിയായതിനെത്തുടർന്ന് അദ്ദേഹത്തിന്റെ പിതാവ് ഇസ്റാഈൽ എന്ന യഅ്ഖൂബ് നബി(അ)യും സഹോദരങ്ങളും ഈജിപ്തിൽ ചെന്ന് താമസമായി. നാനൂറ് സംവത്സരങ്ങൾ കൊണ്ട്, ആ കുടുംബം പെറ്റ് പെരുകി ഒരു പ്രധാനപ്പെട്ട ജനതയായിത്തീർന്നു. ഈജിപ്തിലെ പരമ്പരാഗത വംശജരായ ഖിബ്ത്വികൾക്ക് (കൊപ്തി) ഇക്കാര്യം അസഹനീയമായിത്തീർന്നു. രാജ്യഭരണം കൈയിലായിരുന്ന അവർ ഇസ്റാഈല്യരുടെ നേരെ അക്രമവും മർദനവും അഴിച്ചുവിട്ടുകൊണ്ടിരുന്നു. ഇവരുടെ കൂട്ടത്തിലെ ഭരണാധികാരികൾ ഫിർഔൻ (ഫറോവ) എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. (റോമിലെ ഭരണാധികാരികൾ കൈസർ (സീസർ) എന്നും പേർഷ്യയിലെ ഭരണാധികാരികൾ കിസ്റാ (കൊസ്രു) എന്നും യമനിലെ രാജാക്കന്മാർ തുബ്ബഅ് എന്ന പേരിലും അറിയപ്പെട്ടിരുന്നതുപോലെ.) ഖുർആനിൽ പരാമർശിക്കപ്പെട്ട ഫിർഔൻ എന്ന ഭരണാധികാരിയുടെ കാലത്ത് ഇസ്റാഈല്യരോടുള്ള അക്രമം മൂർധന്യദശയിലെത്തി. രാജ്യഭരണം ക്രമേണ ഖിബ്ത്വികൾക്ക് നഷ്ടപ്പെടുമെന്ന് ഭയപ്പെട്ട ഫിർഔൻ ഇസ്റാഈല്യരിൽ ജനിക്കുന്ന ആൺകുഞ്ഞുങ്ങളെയെല്ലാം കൊലപ്പെടുത്താൻ ഉത്തരവിടുകയും നടപ്പിലാക്കുകയും ചെയ്തു.

ഇക്കാലത്താണ് മൂസാ(അ)യുടെ ജനനം. അല്ലാഹു തോന്നിപ്പിച്ച പ്രകാരം, ആ കുഞ്ഞിനെ മാതാവ് നൈൽ നദിയിലൂടെ ഒഴുക്കുകയും ഫിർഔന്റെ കൊട്ടാരവാതിൽക്കലെത്തിയപ്പോൾ കൊട്ടാരവാസികൾ, അദ്ദേഹത്തെ കണ്ടെടുക്കുകയും കൊട്ടാരക്കുഞ്ഞായി വളർത്തുകയും ചെയ്തു.

മൂസാനബി(അ)ക്ക് പ്രവാചകത്വവും (നുബുവ്വത്ത്) ദിവ്യദൗത്യവും (രിസാലത്ത്) ലഭിച്ചതിന് ശേഷവും ഫിർഔനിന്റെ ക്രൂരകൃത്യങ്ങൾ തുടർന്നുകൊണ്ടിരുന്നു. ഇത്തരം കഠിനയത്നങ്ങളിൽ നിന്ന് മൂസാനബി(അ) മുഖേന ഇസ്റാഈല്യർക്ക് മോചനം നല്കിയതിനെയാണ് “അവരിൽ നിന്നും നിങ്ങളെ നാം രക്ഷപ്പെടുത്തിയ സന്ദർഭവും (ഓർക്കുക)” എന്ന് അല്ലാഹു പറയുന്നത്.

അതിൽ റബ്ബിൽ നിന്നുള്ള ഒരു പരീക്ഷണം ഉണ്ടായിരുന്നു എന്ന് തുടർന്ന് അല്ലാഹു പ്രസ്താവിക്കുന്നു. (“തിന്മകൊണ്ടും നന്മകൊണ്ടും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്” -സൂറതുൽഅൻബിയാഅ് 35.)- ഈ സംഭവത്തിലൂടെ ഫിർഔനിൽ നിന്നുള്ള പീഢനം സഹിക്കേണ്ടിവന്നവരുടെ ക്ഷമയും സഹനവും പരിശോധിക്കാനുള്ള പരീക്ഷണമാകാം; ഫിർഔനിന്റെ ആൾക്കാരിൽ നിന്നും അല്ലാഹു രക്ഷപ്പെടുത്തിയതിനാൽ അല്ലാഹുവിനുള്ള നന്ദിയും കൂറും പരിശോധിക്കാനുള്ള പരീക്ഷണമാകാം.

മൂസാ(അ) നബിയുടെ വടി അല്ലാഹുവിന്റെ നിർദേശപ്രകാരം ചെങ്കടലിൽ അടിച്ചപ്പോൾ, സമുദ്രം പിളർന്ന് അദ്ദേഹവും അനുയായികളും രക്ഷപ്പെടുകയും അവരെ പിന്തുടർന്ന ഫിർഔനും സൈന്യവും ആ സമുദ്രത്തിൽ മുങ്ങി മരിക്കുകയും ചെയ്ത സംഭവം, എന്നാൽ ഇസ്റാഈല്യർ ക്രമേണ വിസ്മരിക്കുകയും അല്ലാഹുവിനോട് നന്ദികെട്ടവരായിത്തീരുകയും ചെയ്തു. ഈ മഹാസംഭവം സൂ:ത്വാഹാ(77-79)ലും സൂ: ശുഅറാഇ (52-69)ലും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

---

**വചനം 51,52,53**

وَإِذْ وَٰعَدْنَا مُوسَىٰٓ أَرْبَعِينَ لَيْلَةً ثُمَّ ٱتَّخَذْتُمُ ٱلْعِجْلَ مِنۢ بَعْدِهِۦ وَأَنتُمْ ظَٰلِمُونَ ﴿٥١﴾

51) മൂസായുമായി നാല്പത് രാത്രിക്ക് നാം കരാർ നിശ്ചയം നടത്തിയ സന്ദർഭം (ഓർക്കുക). പിന്നീട് അദ്ദേഹത്തിന്റെ (അഭാവത്തിന്) ശേഷം നിങ്ങൾ പശുക്കുട്ടിയെ ഉണ്ടാക്കിത്തീർത്തു. നിങ്ങൾ അക്രമികളായും കൊണ്ട്.

ثُمَّ عَفَوْنَا عَنكُم مِّنۢ بَعْدِ ذَٰلِكَ لَعَلَّكُمْ تَشْكُرُونَ ﴿٥٢﴾

52) പിന്നെ അതിനുശേഷം നാം നിങ്ങൾക്ക് മാപ്പ് ചെയ്തു. നിങ്ങൾ നന്ദിചെയ്യാൻ വേണ്ടി.

وَإِذْ ءَاتَيْنَا مُوسَى ٱلْكِتَٰبَ وَٱلْفُرْقَانَ لَعَلَّكُمْ تَهْتَدُونَ ﴿٥٣﴾

53) മൂസാക്ക് നാം വേദഗ്രന്ഥവും (സത്യാസത്യ) വിവേചനവും നല്കിയ സന്ദർഭവും (ഓർക്കുക). നിങ്ങൾ സന്മാർഗം പ്രാപിക്കാൻ വേണ്ടി.

ഫിർഔനിൽ നിന്ന് രക്ഷപ്പെട്ട ഇസ്റാഈല്യർക്ക് വേദ ഗ്രന്ഥം നൽകപ്പെടുന്നതിനായി മൂസാനബി(അ) യോട് നാല്പത് ദിവസം സീനാ മലയിൽ വ്രതവും ധ്യാനവുമായി കഴിച്ചുകൂട്ടാൻ അല്ലാഹു നിർദേശിച്ചു. തന്റെ അഭാവത്തിൽ സഹോദരൻ ഹാറൂൻ നബി(അ) യെ ഇസ്റാഈല്യരുടെ നേതൃത്വം ഏല്പിച്ചു. എന്നാൽ ഹാറൂനിന്റെ(അ) ഉപദേശ നിർദേശങ്ങൾ വകവെക്കാതെ അവർ, സാമിരി എന്ന ഒരുവന്റെ നേതൃത്വത്തിൽ സ്വർണംകൊണ്ട് ഒരു പശുക്കുട്ടിയെ ഉണ്ടാക്കി ആരാധിക്കാൻ തുടങ്ങി. ഇത്രയും വലിയ അപരാധം ചെയ്തിട്ടുപോലും അല്ലാഹു അവർക്ക് മാപ്പുനല്കുകയുണ്ടായി; അവർ നന്ദിയുള്ളവരാകാനും സന്മാർഗം പ്രാപിക്കാനുമായി. മൂസാ(അ) നബിയിലൂടെ അവർക്ക് തൗറാത്ത് നല്കുകയും ചെയ്തു.

**വചനം 54**

وَإِذْ قَالَ مُوسَىٰ لِقَوْمِهِۦ يَٰقَوْمِ إِنَّكُمْ ظَلَمْتُمْ أَنفُسَكُم بِٱتِّخَاذِكُمُ ٱلْعِجْلَ فَتُوبُوٓا۟ إِلَىٰ بَارِئِكُمْ فَٱقْتُلُوٓا۟ أَنفُسَكُمْ ذَٰلِكُمْ خَيْرٌ لَّكُمْ عِندَ بَارِئِكُمْ فَتَابَ عَلَيْكُمْ ۚ إِنَّهُۥ هُوَ ٱلتَّوَّابُ ٱلرَّحِيمُ ﴿٥٤﴾

54) മൂസാ തന്റെ ജനതയോട് പറഞ്ഞ സന്ദർഭവം (ഓർക്കുക). എന്റെ ജനങ്ങളേ, നിശ്ചയമായും നിങ്ങൾ പശുക്കുട്ടിയെ ഉണ്ടാക്കിയത് നിമിത്തം നിങ്ങൾ നിങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. ആകയാൽ, നിങ്ങൾ നിങ്ങളെ സൃഷ്ടിച്ചവങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുവിൻ. അങ്ങനെ നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുവിൻ. അത് നിങ്ങളുടെ സ്രഷ്ടാവിന്റെയടുക്കൽ നിങ്ങൾക്ക് ഗുണകരമാകുന്നു. എന്നിട്ട് അവൻ നിങ്ങളുടെ പശ്ചാത്താപം സ്വീകരിച്ചു. നിശ്ചയമായും അവൻ തന്നെയാണ് വളരെ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമായുള്ളവൻ.

---

പശുക്കുട്ടിയെ ആരാധിച്ച സംഭവം ഭീമമായ ഒരു അതിക്രമമാണെന്നും നിങ്ങൾ നിങ്ങളുടെ സ്രഷ്ടാവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങണമെന്നും മൂസാ(അ) അവരോട് നിർദേശിച്ചു. പശ്ചാത്താപത്തിന്റെ പൂർത്തീകരണത്തിന്നായി 'നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുവിൻ' എന്ന് അല്ലാഹു കല്പിക്കുന്നു. ഈ കൊലയുടെ സ്വഭാവം എങ്ങനെയെന്ന വ്യത്യസ്ത രിവായത്തുകൾ കാണാം. എങ്കിലും പശുക്കുട്ടിയുടെ ആരാധനയിൽ പങ്കില്ലാത്തവർ പശുക്കുട്ടിയെ ആരാധിച്ചവരെ കൊലപ്പെടുത്തുക എന്നതത്രെ ഏറ്റവും പ്രബലമായ രിവായത്ത്. الله اعلم

**വചനം 55,56**

وَإِذْ قُلْتُمْ يَٰمُوسَىٰ لَن نُّؤْمِنَ لَكَ حَتَّىٰ نَرَى ٱللَّهَ جَهْرَةً فَأَخَذَتْكُمُ ٱلصَّٰعِقَةُ وَأَنتُمْ تَنظُرُونَ ﴿٥٥﴾

ثُمَّ بَعَثْنَٰكُم مِّنۢ بَعْدِ مَوْتِكُمْ لَعَلَّكُمْ تَشْكُرُونَ ﴿٥٦﴾

55) നിങ്ങൾ പറഞ്ഞ സന്ദർഭവും (ഓർക്കുക.) മൂസാ, അല്ലാഹുവിനെ പ്രത്യക്ഷത്തിൽ കാണുന്നതുവരെ ഞങ്ങൾ താങ്കളെ വിശ്വസിക്കുകയില്ല തന്നെ. എന്നിട്ട് നിങ്ങൾ നോക്കി (കണ്ട്) കൊണ്ടിരിക്കെ (തന്നെ) നിങ്ങൾക്ക് ഇടിത്തീ പിടിപെട്ടു.

56) പിന്നീട് നിങ്ങളുടെ മരണത്തിന് ശേഷം നിങ്ങളെ നാം എഴുന്നേല്പിച്ചു. നിങ്ങൾ നന്ദിചെയ്യാൻ വേണ്ടി.

---

ഇസ്റാഈല്യർ പശുക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ച സംഭവത്തിന് ശേഷം, അതിനെക്കുറിച്ച് വേദം പ്രകടിപ്പിക്കാനായി അവരിൽ നിന്നുള്ള നല്ലവരായ എഴുപത് പേരെ തെരഞ്ഞെടുത്തു. മൂസാ(അ) സീന മലയിലേക്ക് പോയ അവസരത്തിൽ, അവരാണ് അല്ലാഹുവിനെ പ്രത്യക്ഷത്തിൽ കാണാതെ, ഞങ്ങൾ താങ്കളെ വിശ്വസിക്കുയില്ലെന്ന ധിക്കാരപരമായ നിലപാടെടുത്തത്. അതിനാൽ അവർക്ക് ഇടിത്തീ ബാധിക്കുകയും അവർ മരണപ്പെടുകയും ചെയ്തു. തുടർന്ന് മൂസാ(അ) അല്ലാഹുവിനോട് സങ്കടപ്പെടുകയും അല്ലാഹു അവരെ

ജീവിപ്പിക്കുകയും ചെയ്തു. അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കാൻ ആ സമുദായം ബാധ്യതപ്പെട്ട മറ്റൊരു കാരണമായി അല്ലാഹു ഈ സംഭവത്തെ ഇവിടെ വിവരിക്കുന്നു. മേലുദ്ധരിച്ച സംഭവത്തിന് വേറെയും വ്യാഖ്യാനങ്ങളുണ്ടെങ്കിലും ഏറ്റവും പ്രബലമായതും സ്വീകാര്യമായതും മേലെ പ്രസ്താവിക്കപ്പെട്ടതാകുന്നു. الله اعلم

**വചനം 57**

وَظَلَّلْنَا عَلَيْكُمُ ٱلْغَمَامَ وَأَنزَلْنَا عَلَيْكُمُ
ٱلْمَنَّ وَٱلسَّلْوَىٰ ۖ كُلُوا۟ مِن طَيِّبَٰتِ مَا
رَزَقْنَٰكُمْ ۖ وَمَا ظَلَمُونَا وَلَٰكِن كَانُوٓا۟
أَنفُسَهُمْ يَظْلِمُونَ ﴿٥٧﴾

57) (ഇസ്റാഈൽ സന്തതികളേ), നിങ്ങൾക്ക് നാം മേഘത്തെ തണലാക്കിത്തരികയും ചെയ്തു. നിങ്ങൾക്ക നാം മന്നായും സൽവായും ഇറക്കിത്തരികയുംചെയ്തു. നാം നിങ്ങൾക്ക് നല്കിയിട്ടുള്ള നല്ല (വിശിഷ്ടമായ) വസ്തുക്കളിൽ നിന്ന് നിങ്ങൾ തിന്നുകൊള്ളുവിൻ (എന്നും പറഞ്ഞു). (എന്നാൽ), അവർ നമ്മെ അക്രമിച്ചില്ല. അവർ അവരുടെ സ്വന്തങ്ങളോടു തന്നെയായിരുന്നു അക്രമം പ്രവർത്തിച്ചിരുന്നത്.

---

ചെങ്കടൽ കടന്ന് വാഗ്ദത്ത ഭൂമിയായ ബൈത്തുൽ മുഖദ്ദസിലേക്ക് കടന്നുചെന്ന് ആ രാജ്യം അടക്കിവെച്ചിരുന്ന ശത്രുക്കളെ (അമാലിഖ എന്ന പോക്കിരിവർഗം) പുറത്താക്കാൻ, ശത്രുക്കൾ ദുർബലരാണെന്നറിഞ്ഞിട്ട് പോലും അതിന് മടിച്ചുനിന്നുവെന്നത് കൂടാതെ മൂസാ(അ)യോട് ധിക്കാരപൂർവം “താനും തന്റെ റബ്ബും പോയി യുദ്ധംനടത്തിക്കൊള്ളുക” എന്ന് പറഞ്ഞ ഇസ്റാഈല്യർക്ക് നാല്പത് കൊല്ലത്തോളം സീനാ താഴ്‌വരയിൽ കെട്ടിത്തിരിയേണ്ടിവന്നു. അക്കാലത്തുപോലും അല്ലാഹു അവർക്ക് നല്കിയ വമ്പിച്ച രണ്ട് അനുഗ്രഹങ്ങളെയാണ് ഈ വചനത്തിൽ ഓർമിപ്പിക്കുന്നത്.

ഒന്നാമതായി, മരുഭൂമിയിൽ തണലേകിക്കൊണ്ട് അല്ലാഹു അവർക്കവിടെ മേഘത്തണലുകൾ നിത്യവും നല്കിക്കൊണ്ടിരുന്നു. രണ്ടാമതായി, യാതൊരു ഉപജീവനമാർഗവുമില്ലാതിരുന്ന അവർക്ക് രുചിയേറിയ ‘മന്നാ’യും (കട്ടിത്തേൻ) ‘സൽവാ’യും (ഒരുതരം കാടപ്പക്ഷി) നല്കിക്കൊണ്ടിരുന്നു.

എന്നാൽ വീണ്ടും ഇസ്റാഈല്യർ അല്ലാഹുവിന്റെ അനുഗ്രഹങ്ങളോട് നന്ദികേട് കാണിക്കുകയായിരുന്നു. അതേക്കുറിച്ച് അല്ലാഹു പറയുന്നു: “അവർ നമ്മെ അക്രമിച്ചില്ല, അവർ അവരുടെ സ്വന്തങ്ങളോട് തന്നെയായിരുന്നു അക്രമം പ്രവർത്തിച്ചിരുന്നത്.” അതെ, അല്ലാഹുവിന് ഒരു ദോഷവും സംഭവിക്കുകയില്ല. അവർക്ക് തന്നെയാണ് അതുകൊണ്ട് ദോഷം സംഭവിച്ചത് എന്ന് സാരം.

**വചനം 58,59**

وَإِذْ قُلْنَا ٱدْخُلُوا۟ هَٰذِهِ ٱلْقَرْيَةَ فَكُلُوا۟
مِنْهَا حَيْثُ شِئْتُمْ رَغَدًا وَٱدْخُلُوا۟ ٱلْبَابَ
سُجَّدًا وَقُولُوا۟ حِطَّةٌ نَّغْفِرْ لَكُمْ خَطَٰيَٰكُمْ ۚ
وَسَنَزِيدُ ٱلْمُحْسِنِينَ ﴿٥٨﴾

58) നാം (നിങ്ങളോട്) പറഞ്ഞ സന്ദർഭം (ഓർക്കുക). നിങ്ങൾ ഈ രാജ്യത്തിൽ പ്രവേശിച്ചുകൊള്ളുവിൻ. എന്നിട്ട് നിങ്ങൾ ഉദ്ദേശിച്ചേടത്തു നിന്ന് സുഭിക്ഷമായി തിന്നുകൊള്ളുക. നിങ്ങൾ സുജൂദ് ചെയ്ത് (തലകുനിച്ച്) കൊണ്ട് (രാജ്യത്തിന്റെ) പടിവാതിൽ കടക്കുകയും ഹിത്ത്വത്തുൻ (പാപമോചനം) എന്നു പറയുകയുംചെയ്യുവിൻ. (എന്നാൽ), നിങ്ങൾക്ക് നിങ്ങളുടെ തെറ്റുകുറ്റങ്ങളെ നാം പൊറുത്തുതരുന്നതാണ്. സുകൃതം ചെയ്യുന്നവർക്ക് നാം വർധിപ്പിച്ചു കൊടുത്തേക്കുകയും ചെയ്യും.

فَبَدَّلَ ٱلَّذِينَ ظَلَمُوا۟ قَوْلًا غَيْرَ ٱلَّذِى
قِيلَ لَهُمْ فَأَنزَلْنَا عَلَى ٱلَّذِينَ ظَلَمُوا۟ رِجْزًا
مِّنَ ٱلسَّمَآءِ بِمَا كَانُوا۟ يَفْسُقُونَ ﴿٥٩﴾

59) എന്നാൽ (ആ) അക്രമം പ്രവർത്തിച്ചവർ തങ്ങളോട് പറയപ്പെട്ടതല്ലാത്ത ഒരു വാക്ക് (അതിന്) പകരമാക്കി (മാറ്റി). ആകയാൽ (ആ) അക്രമം പ്രവർത്തിച്ചവരുടെ മേൽ ആകാശത്തുനിന്ന് നാം ഒരു (കഠിന)ശിക്ഷ ഇറക്കി. അവർ തോന്നിയവാസം പ്രവർത്തിച്ചുകൊണ്ടിരുന്നതു നിമിത്തം.

ഇസ്റാഈല്യരുടെ വംശപിതാക്കളായ ഇബ്റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ്(അ) എന്നീ പ്രവാചകർ വസിച്ചുവന്ന ബൈത്തുൽ മുഖദ്ദസ് എന്ന തങ്ങളുടെ വാഗ്ദത്ത ഭൂമിയിലേക്ക് (നാല്പത് വർഷത്തോളം സീനാ താഴ്വരയിൽ കെട്ടിത്തിരിഞ്ഞ ശേഷം) പ്രവേശിക്കാനനുമതി നല്കിയ അല്ലാഹു, ആ രാജ്യത്ത് പ്രവേശിക്കുമ്പോൾ അതിന്റെ പടിവാതിൽ കടക്കുന്നത് അല്ലാഹുവിനോട് നന്ദിയും വിനയവും പ്രകടിപ്പിച്ച് തലതാഴ്ത്തി കുനിഞ്ഞുകൊണ്ടായിരിക്കണമെന്നും حطة (ഹിത്വത്തുൻ) - പാപമോചനം, പൊറുക്കൽ- എന്ന് പറയണമെന്നും കല്പിക്കപ്പെട്ടിരുന്നു. എന്നാൽ അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുമെന്നും അറിയിക്കപ്പെട്ടു. (ഈ സംഭവം മൂസാ(അ)നബിയുടെ കാലശേഷം അദ്ദേഹത്തിന്റെ പിൻഗാമി യൂശഅ്ന്റെ(അ) കാലത്തായിരുന്നു.)

എന്നാൽ ഇസ്റാഈല്യരിൽ ഒരു വിഭാഗം ആളുകൾ അഹങ്കാരപൂർവം വിജയഭേരി മുഴക്കിക്കൊണ്ടാണ് ആ രാജ്യത്ത് പ്രവശിച്ചത്. അവർ ചന്തികുത്തി ഞെരങ്ങുകയും ആ ഹിത്വത്തുൻ എന്ന വാക്കിനു പകരം حِنْطَةٌ (ഗോതമ്പുമണി) എന്ന വാക്ക് ഉച്ചരിക്കുകയുമാണ് ചെയ്തത്. (ബുഖാരി) ഈ ധിക്കാരത്തിന് അല്ലാഹു അവർക്ക് (ഖുർആനിൽ എന്തെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ലാത്ത) ആകാശത്തുനിന്നും കടുത്ത ശിക്ഷ ഇറക്കി. പ്ലേഗോ, അതുപോലെയുള്ള മഹാമാരിയോ ആണെന്ന് പറയപ്പെടുന്നു. الله اعلم

**വിഭാഗം 7**

**വചനം 60**

۞ وَإِذِ ٱسْتَسْقَىٰ مُوسَىٰ لِقَوْمِهِۦ فَقُلْنَا ٱضْرِب بِّعَصَاكَ ٱلْحَجَرَ ۖ فَٱنفَجَرَتْ مِنْهُ ٱثْنَتَا عَشْرَةَ عَيْنًا ۖ قَدْ عَلِمَ كُلُّ أُنَاسٍ مَّشْرَبَهُمْ ۖ كُلُوا۟ وَٱشْرَبُوا۟ مِن رِّزْقِ ٱللَّهِ وَلَا تَعْثَوْا۟ فِى ٱلْأَرْضِ مُفْسِدِينَ ﴿٦٠﴾

60) മൂസാ തന്റെ ജനതയ്ക്കു വേണ്ടി (കുടിക്കുവാൻ) വെള്ളത്തിനപേക്ഷിച്ച സന്ദർഭവും (ഓർക്കുക). അപ്പോൾ, നാം പറഞ്ഞു: നിന്റെ വടികൊണ്ട് (ആ) പാറക്കല്ലിന് അടിക്കുക. അപ്പോൾ അതിൽ നിന്ന് പന്ത്രണ്ട് നീരുറവുകൾ പൊട്ടിയൊഴുകി. എല്ലാ മനുഷ്യരും അ(വര)വർ കുടിക്കേണ്ടുന്ന സ്ഥാനം അറിയുകയുണ്ടായി. അല്ലാഹുവിന്റെ (വക) ആഹാരത്തിൽ നിന്ന് നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവിൻ. നാശകാരികളായിക്കൊണ്ട് ഭൂമിയിൽ നിങ്ങൾ കുഴപ്പം പ്രവർത്തിക്കുകയും അരുത് (എന്നും പറയപ്പെട്ടു).

---

ഇസ്റാഈല്യരുടെ മരുഭൂ വാസക്കാലത്ത് അവർക്ക് അല്ലാഹു ചെയ്തുകൊടുത്ത മറ്റൊരനുഗ്രഹത്തെയും ഒരത്ഭുത ദൃഷ്ടാന്തത്തെക്കുറിച്ചും പ്രസ്താവിക്കുന്നു. മന്നയും സൽവയും കൂടാതെ, വെള്ളത്തിന് അവർക്ക് വിഷമം നേരിടുമ്പോൾ അല്ലാഹു മൂസാനബിയോട്(അ) വടികൊണ്ട് പാറക്കല്ലിൽ അടിക്കാൻ കല്പിക്കുകയും ഉടനെ അതിൽ നിന്ന് പന്ത്രണ്ട് നീരുറവകൾ പൊട്ടിയൊഴുകുകയും ചെയ്തു. ഓരോ ഗോത്രത്തിനും ഓരോ ഉറവ് വീതം. ഇന്നും അവയിൽ ചിലത് സൂയസ് പട്ടണത്തിന്റെ അല്പം ദൂരെയായി ഒലിച്ചുകൊണ്ടിരിക്കുന്നതായി കാണാം.

**വചനം 61**

وَإِذْ قُلْتُمْ يَٰمُوسَىٰ لَن نَّصْبِرَ عَلَىٰ طَعَامٍ وَٰحِدٍ فَٱدْعُ لَنَا رَبَّكَ يُخْرِجْ لَنَا مِمَّا تُنۢبِتُ ٱلْأَرْضُ مِنۢ بَقْلِهَا وَقِثَّآئِهَا وَفُومِهَا وَعَدَسِهَا وَبَصَلِهَا ۖ قَالَ أَتَسْتَبْدِلُونَ

61) (ഇസ്റാഈൽ സന്തതികളേ), നിങ്ങൾ പറഞ്ഞ സന്ദർഭം (ഓർക്കുക). മൂസാ, ഒരേ(തരം) ഭക്ഷണത്തിലായിക്കൊണ്ടു ഞങ്ങൾ സഹിക്കുകയില്ല തന്നെ. അതിനാൽ, താങ്കൾ താങ്കളുടെ റബ്ബിനോട് ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കണം. ഭൂമിയിലെ ചീര, വെള്ളരി, ഗോതമ്പ്, പയർ, ഉള്ളി മുതലായി അത് മുളപ്പിച്ചുണ്ടാക്കുന്നവയിൽ അവൻ ഞങ്ങൾക്ക് ഉല്പാദിപ്പിച്ചുതരട്ടെ. അദ്ദേഹം പറഞ്ഞു: കൂടുതൽ ഉത്തമമായുള്ളതിന് പകരം

ٱلَّذِى هُوَ أَدْنَىٰ بِٱلَّذِى هُوَ خَيْرٌ ۚ ٱهْبِطُوا۟ مِصْرًا فَإِنَّ لَكُم مَّا سَأَلْتُمْ ۗ وَضُرِبَتْ عَلَيْهِمُ ٱلذِّلَّةُ وَٱلْمَسْكَنَةُ وَبَآءُو بِغَضَبٍ مِّنَ ٱللَّهِ ۗ ذَٰلِكَ بِأَنَّهُمْ كَانُوا۟ يَكْفُرُونَ بِـَٔايَٰتِ ٱللَّهِ وَيَقْتُلُونَ ٱلنَّبِيِّـۧنَ بِغَيْرِ ٱلْحَقِّ ۗ ذَٰلِكَ بِمَا عَصَوا۟ وَّكَانُوا۟ يَعْتَدُونَ ﴿٦١﴾

നിങ്ങൾ താണതായുള്ളതിനെ ആവശ്യപ്പെടുകയാണോ? (എന്നാൽ) നിങ്ങൾ ഒരു പട്ടണത്തിൽ ഇറങ്ങിക്കൊള്ളുക. അപ്പോൾ, നിങ്ങൾ ചോദിച്ചത് നിങ്ങൾക്ക് (അവിടെ) ഉണ്ടായിരിക്കും. നിന്ദ്യതയും നിർഗതിയും (അഥവാ പതിത്വവും) അവരുടെ മേൽ അടിക്കപ്പെടുക (അവരെ മൂടിക്കളയുക)യും ചെയ്തു. അല്ലാഹുവിന്റെ പക്കൽ നിന്നുള്ള കോപവുംകൊണ്ട് അവർ മടങ്ങുകയും ചെയ്തു. (അവസാനം നേടിയത് അതാണ്). അത് അല്ലാഹുവിന്റെ ആയത്തു(ദൃഷ്ടാന്തം)കളിൽ അവർ അവിശ്വസിക്കുകയും ന്യായമില്ലാതെ നബിമാരെ അവർ കൊലപ്പെടുത്തുകയും ചെയ്തിരുന്നത് നിമിത്തമാകുന്നു. (അതെ), അത് അവർ അനുസരണക്കേട് ചെയ്തതും അവർ അതിക്രമം പ്രവർത്തിച്ചിരുന്നതും നിമിത്തമാകുന്നു.

ഇസ്റാഈല്യരുടെ നന്ദികേടിന്റെയും ദുശ്ശാഠ്യത്തിന്റെയും മറ്റൊരുദാഹരണമാണിത്. അധ്വാനം കൂടാതെ ലഭിച്ചുകൊണ്ടിരിക്കുന്ന മന്നയും സൽവയും കൊണ്ട് തൃപ്തിപ്പെടാതെ, തങ്ങൾക്ക് മറ്റു ധാന്യങ്ങളും പച്ചക്കറികളും പഴവർഗങ്ങളുമൊക്ക ലഭ്യമാക്കാൻ പ്രാർഥിക്കാൻ വേണ്ടി അവർ മൂസാ(അ)നബിയോട് ആവലാതിപ്പെടുന്നു. എന്നാൽ മൂസാ(അ) അവരോട് നിങ്ങൾ ഈ മരുഭൂമി വിട്ട് വല്ല നഗരത്തിലും പോയി താമസിക്കുവിൻ എന്ന് നിർദേശിക്കുകയാണുണ്ടായത്. എന്നാൽ അവരതിന് തയ്യാറായില്ല. തുടർന്ന് "നിന്ദ്യതയും പതിത്വവും അവരുടെ മേൽ അടിക്കപ്പെടുകയും ചെയ്തു" എന്ന് അല്ലാഹു പ്രസ്താവിക്കുന്നു. "അല്ലാഹുവിന്റെ പക്കൽനിന്നുള്ള കോപവും കൊണ്ട് അവർ മടങ്ങുകയും ചെയ്തു." ഭക്ഷണവുമായി ബന്ധപ്പെട്ട ഒരു സംഭവം കൊണ്ട് മാത്രമല്ല, അവർ അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് വിധേയരായത് എന്നത് അല്ലാഹു തുടർന്ന് സൂചിപ്പിക്കുന്നു: "അല്ലാഹുവിന്റെ ആയത്തുകളിൽ അവർ അവിശ്വസിക്കുകയും ന്യായമില്ലാതെ നബിമാരെ കൊല്ലുകയും ചെയ്തിരുന്നത് കൊണ്ടാണത്. അവർ അനുസരണക്കേട് കാണിച്ചതും അതിക്രമം പ്രവർത്തിച്ചുകൊണ്ടിരുന്നതും കൊണ്ടാണത്."

മേൽപറഞ്ഞ നാലു കാര്യങ്ങളിൽ പ്രവാചകന്മാരെ കൊല്ലുക എന്നതൊഴിച്ചുള്ള കാര്യങ്ങൾ മൂസാനബി(അ)യുടെ കാലത്ത് തന്നെ അവർ പതിവാക്കിയിരുന്നു. പ്രവാചകന്മാരെ കൊലപ്പെടുത്തിയിരുന്നതായി പൊതുവിൽ പറഞ്ഞതല്ലാതെ അങ്ങനെയുള്ള ഒരു സംഭവവും ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടില്ല. ബലപ്പെട്ട ഹദീസുകളിലും കാണപ്പെടുന്നില്ല.

## വിഭാഗം 8

**വചനം 62**

إِنَّ ٱلَّذِينَ ءَامَنُوا۟ وَٱلَّذِينَ هَادُوا۟ وَٱلنَّصَٰرَىٰ وَٱلصَّٰبِـِٔينَ مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ وَعَمِلَ صَٰلِحًا فَلَهُمْ أَجْرُهُمْ عِندَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٦٢﴾

62) നിശ്ചയമായും വിശ്വസിച്ചിട്ടുള്ളവരും യഹൂദിയായവരും നസ്രാനി(ക്രിസ്ത്യാനി)കളും സ്വാബീകളും (എല്ലാം തന്നെ) ആർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽക്കർമം പ്രവർത്തിക്കുകയും ചെയ്തുവോ എന്നാലവർക്ക് അവരുടെ രക്ഷിതാവിന്റെ അടുക്കൽ അവരുടെ പ്രതിഫലമുണ്ടായിരിക്കും. അവരുടെ മേൽ യാതൊരു ഭയപ്പാടുമില്ല. അവർ വ്യസനിക്കുകയുമില്ല.

ദൈവത്തിലും പരലോകജീവിതത്തിലും വിശ്വസിക്കുകയും നല്ല കാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്താൽ, ഇസ്‌ലാം മതം അംഗീകരിച്ചില്ലെങ്കിലും രക്ഷയും മോക്ഷവും ലഭിക്കുമെന്ന് സ്ഥാപിക്കാനായി, ചില വക്രബുദ്ധികൾ ഈ വചനവും സൂറതു മാഇദയിലെ 69-ാം വചനവും ദുർവ്യാഖ്യാനം ചെയ്ത് കാണാറുണ്ട്. എന്നാൽ ഖുർആൻ വിഭാവനംചെയ്യുന്ന അല്ലാഹുവിലും അന്ത്യദിനത്തിലുമുള്ള വിശ്വാസമെന്തെന്നും സൽക്കർമങ്ങ

ളെന്തൊക്കെയാണെന്നും അവയെല്ലാം എങ്ങനെയൊക്കെ ആയിരിക്കണമെന്നും ഖുർആനിൽ അനേകം സ്ഥലങ്ങളിൽ സംശയലേശമന്യെ വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തിരിക്കെ, പ്രസ്തുത രീതിയിലുള്ള വിശ്വാസവും സൽകർമപ്രവർത്തനങ്ങളും ഒരാൾ കൈക്കൊള്ളുമ്പോൾ സ്വാഭാവികമായും അയാൾ മുസ്‌ലിം ആയിത്തീരുന്നു. അതോടെ, അയാൾ യഹൂദനെന്നോ ക്രിസ്ത്യാനിയെന്നോ സ്വാബിഅ് എന്നോ ഉള്ള വിഭാഗത്തിൽ പെടുന്നില്ല. അപ്പോൾ അവർക്ക്, രക്ഷിതാവിന്റെ അടുക്കൽ, അന്ത്യദിനത്തിൽ പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്.

അതുപോലെ തന്നെ മുസ്‌ലിം നാമധാരിയായെന്നത് കൊണ്ടോ മുസ്‌ലിം കുടുംബത്തിൽ പിറന്നുവെന്നതുകൊണ്ടോ ഒരാളുടെ വിശ്വാസവും പ്രവർത്തിയും ഇസ്‌ലാമിക അധ്യാപനങ്ങൾക്കനുസൃതമല്ലെങ്കിൽ, അയാളുടെ മുസ്‌ലിം ലേബൽ കൊണ്ട് മാത്രം അയാൾക്ക് രക്ഷയോ മോക്ഷമോ ലഭിക്കുകയില്ലെന്നും ഈ വചനങ്ങൾ അടിവരയിടുന്നു. ഇതോടനുബന്ധിച്ച് സൂറത്തു ആലുഇംറാൻ 85-ാം വചനം കാണുക: "ഇസ്‌ലാമല്ലാത്ത ഒരു മതത്തെ ആരെങ്കിലും തേടുന്നപക്ഷം അവനിൽ നിന്ന് അത് അംഗീകരിക്കപ്പെടുകയില്ല തന്നെ. അവൻ പരലോകത്തിൽ നഷ്ടക്കാരിൽ പെട്ടവനായിരിക്കും."

**വചനം 63,64**

وَإِذْ أَخَذْنَا مِيثَـٰقَكُمْ وَرَفَعْنَا فَوْقَكُمُ ٱلطُّورَ خُذُوا۟ مَآ ءَاتَيْنَـٰكُم بِقُوَّةٍ وَٱذْكُرُوا۟ مَا فِيهِ لَعَلَّكُمْ تَتَّقُونَ ﴿٦٣﴾

63) (നിങ്ങളോട്) നിങ്ങളുടെ ഉറപ്പ് (അഥവാ കരാർ) നാം വാങ്ങുകയും നിങ്ങളുടെ മീതെ, ത്വൂർ (പർവതം) നാം ഉയർത്തുകയും ചെയ്ത സന്ദർഭം (ഓർക്കുക). നിങ്ങൾക്ക് നാം നല്കിയതിനെ നിങ്ങൾ ബലത്തോടെ എടുത്ത് (സ്വീകരിച്ച്) കൊള്ളുവിൻ. അതിലുള്ളതിനെ നിങ്ങൾ ഓർമിക്കുകയും ചെയ്യുവിൻ. നിങ്ങൾ സൂക്ഷ്മതയുള്ളവരായേക്കാം (എന്ന് പറയുകയും ചെയ്തു).

ثُمَّ تَوَلَّيْتُم مِّنۢ بَعْدِ ذَٰلِكَ ۖ فَلَوْلَا فَضْلُ ٱللَّهِ عَلَيْكُمْ وَرَحْمَتُهُۥ لَكُنتُم مِّنَ ٱلْخَـٰسِرِينَ ﴿٦٤﴾

64) പിന്നീട്, അതിനുശേഷമായി നിങ്ങൾ തിരിഞ്ഞുകളഞ്ഞു. എന്നാൽ, നിങ്ങളുടെ മേൽ അല്ലാഹുവിന്റെ ദയയും (അഥവാ അനുഗ്രഹവും) കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ, നിങ്ങൾ നഷ്ടക്കാരിൽ പെട്ടവരാകുക തന്നെ ചെയ്തിരുന്നു.

വമ്പിച്ച ദൃഷ്ടാന്തങ്ങൾക്കുശേഷവും അനുസരണക്കേടിലും നന്ദികേടിലും ഇസ്‌റാഈല്യർ മുഴുകിക്കൊണ്ടിരുന്നതിന് വേറൊരു ഉദാഹരണമാണ് ഈ വചനങ്ങളിൽ. ഇസ്‌റാഈല്യർ അല്ലാഹുവിലും മൂസാനബി(അ)യിലും വിശ്വസിച്ചിരിക്കുന്നതു കൊണ്ട് തൗറാത്തിലെ വിധിവിലക്കുകൾ സ്വീകരിക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ അവർ അതിൽ വീഴ്ച വരുത്തുകയും അതിനെ അവഗണിക്കുകയും ചെയ്തു. അപ്പോൾ അല്ലാഹു അവർക്ക് കാണിച്ചുകൊടുത്ത ഒരു ദൃഷ്ടാന്തമാണ് അവരുടെ മേൽ പർവ്വതം ഉയർത്തുകയെന്നത്. ഞങ്ങളുടെ മേൽ അത് വീണേക്കുമോ എന്ന് അവർ ഭയപ്പെട്ടു. ഈ അവസരത്തിൽ തൗറാത്തിനെ മുറുകെ പിടിക്കണമെന്നും അതിലെ വിധിവിലക്കുകൾ യഥാവിധം പാലിക്കണമെന്നും അവരിൽ നിന്നും അല്ലാഹു കരാർ (ഉറപ്പ്) വാങ്ങുകയും ചെയ്തു.

എന്നാൽ പിന്നെയും അവർ പഴയപടി അതെല്ലാം അവഗണിക്കുകയാണ് ചെയ്തത്. എങ്കിലും അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും നിമിത്തം അവരെ അവൻ എല്ലാം നഷ്ടപ്പെട്ടവരാക്കിയില്ല. "നിങ്ങളുടെ മേൽ നാം ത്വൂർ പർവതം ഉയർത്തി" എന്നു പറഞ്ഞതുകൊണ്ട് ഏതോ ഒരു പർവതത്തെ ഉയർത്തി എന്നാണെന്ന് ചിലരും, സീനപർവതത്തെ ഉയർത്തി എന്നിങ്ങനെ മറ്റുചിലരും അഭിപ്രായപ്പെടുന്നു. الله اعلم

മനുഷ്യനറിയാവുന്ന പ്രകൃതിനിയമങ്ങൾക്കനുസരിച്ച് കാര്യങ്ങൾ വ്യാഖ്യാനിക്കുന്ന ചില വക്രതാല്പര്യക്കാർ ഇസ്‌റാഈല്യർക്ക് ഇടിത്തീ ബാധിച്ച സംഭവവും അവരുടെ മേൽ പർവതം ഉയർത്തിയ സംഭവവും രണ്ടും ഒരേ സംഭവമാണെന്ന് പ്രസ്താവിച്ചുകാണാറുണ്ട്. എന്നാൽ രണ്ട് സംഭവങ്ങളും ഒന്നല്ലെന്നും രണ്ടും രണ്ടാണെന്നും സംശയത്തിനിടമില്ലാത്ത വണ്ണം വ്യക്തമാണെന്നാണ് എല്ലാ വ്യാഖ്യാതാക്കളുടെയും ഏകാഭിപ്രായം. സൂറതുന്നിസാഅ് 154ലും സൂറതുഅഅ്റാഫ് 171ലും ഈ സംഭവം പ്രസ്താവിച്ചതും അപ്രകാരം തന്നെ.

**വചനം 65,66**

65) (ഇസ്റാഈൽ സന്തതികളേ), നിങ്ങളിൽ നിന്ന് സബ്ത്തി(ശബ്ബത്ത് ആചരത്തി)ൽ അതിക്രമം ചെയ്തവരെക്കുറിച്ച് നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. അപ്പോൾ അവരോട് നാം പറഞ്ഞു: നിങ്ങൾ ഹീനന്മാരായ കുരങ്ങുകളായിത്തീരുവിൻ.

وَلَقَدْ عَلِمْتُمُ ٱلَّذِينَ ٱعْتَدَوْا۟ مِنكُمْ فِى ٱلسَّبْتِ
فَقُلْنَا لَهُمْ كُونُوا۟ قِرَدَةً خَـٰسِـِٔينَ ٦٥

66) അങ്ങനെ, അതിനെ നാം അതിന്റെ മുമ്പിലുള്ളവർക്കും, അതിന്റെ പിമ്പിലുള്ളവർക്കും ഒരു (പാഠംനല്കുന്ന) ശിക്ഷയാക്കി. സൂക്ഷ്മത പാലിക്കുന്നവർക്ക് ഒരു സദുപദേശവും (ആക്കി).

فَجَعَلْنَـٰهَا نَكَـٰلًا لِّمَا بَيْنَ يَدَيْهَا وَمَا
خَلْفَهَا وَمَوْعِظَةً لِّلْمُتَّقِينَ ٦٦

ഇസ്റാഈല്യരുടെ മറ്റൊരു അനുസരണക്കേടും അതിന് ലഭിച്ച ശിക്ഷയും ഇവിടെ ചൂണ്ടിക്കാണിക്കുന്നു. അവർക്ക് ശനിയാഴ്ച ദിവസം സബത്ത് (ശബ്ബത്ത്) ദിനമായി ആചരിക്കാൻ നിശ്ചയിക്കപ്പെട്ടിരുന്നു. അന്ന് ജോലികളിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനും പ്രത്യേക ചില അനുഷ്ഠാനങ്ങൾ ആചരിക്കാനും നിർദേശിക്കപ്പെട്ടിരുന്നു. എന്നാൽ മീൻപിടുത്തം നടത്തി വന്നിരുന്ന ഇസ്റാഈല്യരിൽ ഒരു കൂട്ടർ, പ്രസ്തുത ദിവസങ്ങളിൽ അല്ലാഹുവിന്റെ പരീക്ഷണമെന്ന നിലയിൽ കൂട്ടംകൂട്ടമായി പ്രവഹിച്ച് കൊണ്ടിരുന്ന മത്സ്യങ്ങളെ കണ്ടപ്പോൾ സബത്ത് ദിനാചരണകല്പന അവർ തള്ളിക്കളയുകയും മത്സ്യബന്ധനത്തിൽ ഏർപ്പെടുകയും ചെയ്തു. അവരിലുണ്ടായിരുന്ന നല്ല മനുഷ്യന്മാർ അവരെ ഉപദേശിച്ച് നോക്കിയെങ്കിലും അവരത് ചെവിക്കൊണ്ടില്ല. ആ നല്ല മനുഷ്യരെ അല്ലാഹു രക്ഷപ്പെടുത്തുകയും ധിക്കാരികളെ കുരങ്ങുകളാക്കി ശിക്ഷിക്കുകയും ചെയ്തു. ആ സംഭവത്തിന്റെ മുമ്പിലും പിമ്പിലുമുള്ളവർക്ക് അതൊരു പാഠമാണെന്ന് അല്ലാഹു തുടർന്നുപറയുന്നു. ധിക്കാരികളെ കുരങ്ങുകളാക്കുകയും നല്ല മനുഷ്യരെ രക്ഷപ്പെടുത്തുകയും ചെയ്തതിലൂടെ അല്ലാഹു ഈ സംഭവത്തെ "സൂക്ഷ്മതപാലിക്കുന്നവർക്ക് ഒരു സദുപദേശവും ആക്കി."

**വചനം 67,68,69,70,71**

67) മൂസാ തന്റെ ജനതയോട് പറഞ്ഞ സന്ദർഭം (ഓർക്കുക). അല്ലാഹു നിങ്ങളോട് നിങ്ങൾ ഒരു പശുവിനെ അറുക്കണമെന്ന് കല്പിക്കുന്നു. അവർ പറഞ്ഞു: താങ്കൾ ഞങ്ങളെ പരിഹാസ്യവസ്തുവാക്കുകയാണോ? അദ്ദേഹം പറഞ്ഞു: ഞാൻ വിഡ്ഢികളിൽ പെട്ടവനായിത്തീരുന്നതിനെക്കുറിച്ച് ഞാൻ അല്ലാഹുവിനോട് ശരണം തേടുന്നു. (വിഡ്ഢികളുടെ സ്വഭാവമാണല്ലോ പരിഹസിക്കൽ).

وَإِذْ قَالَ مُوسَىٰ لِقَوْمِهِۦٓ إِنَّ ٱللَّهَ يَأْمُرُكُمْ
أَن تَذْبَحُوا۟ بَقَرَةً ۖ قَالُوٓا۟ أَتَتَّخِذُنَا هُزُوًا ۖ
قَالَ أَعُوذُ بِٱللَّهِ أَنْ أَكُونَ مِنَ ٱلْجَـٰهِلِينَ ٦٧

68) അവർ പറഞ്ഞു: താങ്കൾ താങ്കളുടെ റബ്ബിനോട് ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കുക. അത് എന്ത്(തരം) പശുവാണെന്ന് അവൻ ഞങ്ങൾക്ക് വിവരിച്ചുതരട്ടെ. അദ്ദേഹം പറഞ്ഞു: അവൻ പറയുന്നു: അത് നന്നേ പ്രായംകൂടിയതും പ്രായം കുറഞ്ഞതുമല്ലാത്ത ഒരു പശുവാണ്. (അതെ), അതിനിടയിൽ ഒരു മധ്യപ്രായത്തിലുള്ളത് (ആയിരിക്കണം). എനി, നിങ്ങളോട് കല്പിക്കപ്പെടുന്നത് നിങ്ങൾ ചെയ്തുകൊള്ളുവിൻ.

قَالُوا۟ ٱدْعُ لَنَا رَبَّكَ يُبَيِّن لَّنَا مَا هِىَ ۚ
قَالَ إِنَّهُۥ يَقُولُ إِنَّهَا بَقَرَةٌ لَّا فَارِضٌ وَلَا
بِكْرٌ عَوَانٌۢ بَيْنَ ذَٰلِكَ ۖ فَٱفْعَلُوا۟ مَا
تُؤْمَرُونَ ٦٨

69) അവർ പറഞ്ഞു: താങ്കൾ ഞങ്ങൾക്കുവേണ്ടി താങ്കളുടെ റബ്ബിനോട് പ്രാർഥിക്കുക. അതിന്റെ നിറമെന്തായിരിക്കുമെന്ന് അവൻ ഞങ്ങൾക്ക് വിവരിച്ചുതരട്ടെ. അദ്ദേഹം പറഞ്ഞു: അവൻ പറ

قَالُوا۟ ٱدْعُ لَنَا رَبَّكَ يُبَيِّن لَّنَا مَا لَوْنُهَا ۚ
قَالَ إِنَّهُۥ يَقُولُ إِنَّهَا بَقَرَةٌ صَفْرَآءُ فَاقِعٌ

لَّوۡنُهَا تَسُرُّ ٱلنَّـٰظِرِينَ ﴿٦٩﴾

യുന്നു: അത് നോക്കുന്നവർക്ക് സന്തോഷമുണ്ടാകുമാറ് നിറം ശുദ്ധ മഞ്ഞ വർണമുള്ളതായ ഒരു പശുവാണ് (ആയിരിക്കേണ്ടത്).

قَالُواْ ٱدۡعُ لَنَا رَبَّكَ يُبَيِّن لَّنَا مَا هِيَ إِنَّ ٱلۡبَقَرَ تَشَـٰبَهَ عَلَيۡنَا وَإِنَّآ إِن شَآءَ ٱللَّهُ لَمُهۡتَدُونَ ﴿٧٠﴾

70) അവർ പറഞ്ഞു: താങ്കൾ ഞങ്ങൾക്കു വേണ്ടി താങ്കളുടെ റബ്ബിനോട് പ്രാർഥിക്കണം. അത് ഏത് (തരം) പശുവായിരിക്കണമെന്ന് അവൻ ഞങ്ങൾക്കു വിവരിച്ചുതരട്ടെ. (കാരണം) നിശ്ചയമായും (പരസ്പര സാദൃശ്യത നിമിത്തം) പശു (ഏതെന്ന്) ഞങ്ങൾക്ക് തിരിച്ചറിയാതായിരിക്കുന്നു. ഞങ്ങൾ അല്ലാഹു ഉദ്ദേശിച്ചാൽ നേർമാർഗം പ്രാപിക്കുന്നവർ തന്നെയായിരിക്കും.

قَالَ إِنَّهُۥ يَقُولُ إِنَّهَا بَقَرَةٌ لَّا ذَلُولٌ تُثِيرُ ٱلۡأَرۡضَ وَلَا تَسۡقِي ٱلۡحَرۡثَ مُسَلَّمَةٌ لَّا شِيَةَ فِيهَاۚ قَالُواْ ٱلۡـَٔـٰنَ جِئۡتَ بِٱلۡحَقِّۚ فَذَبَحُوهَا وَمَا كَادُواْ يَفۡعَلُونَ ﴿٧١﴾

71) അദ്ദേഹം പറഞ്ഞു: അവൻ പറയുന്നു: അത് ഭൂമി ഉഴുതുകയാവട്ടെ. വിള നനക്കുകയാക്കട്ടെ, ചെയ്തു ശീലിച്ചതല്ലാത്ത പശുവാകുന്നു. (അതെ) കലർപ്പു വർണമില്ലാത്ത (ന്യൂനതകളിൽ നിന്ന്) സുരക്ഷിതമായതാകുന്നു (അഥവാ ആയിരിക്കണം). അവർ പറഞ്ഞു: ഇപ്പോൾ താങ്കൾ യഥാർഥ (വിവര)വും കൊണ്ടുവന്നിരിക്കുന്നു. അങ്ങനെ അവർ അതിനെ അറുത്തു. അവർ (അത്) ചെയ്യുമായിരുന്നില്ല. (എങ്കിലും അവസാനം ചെയ്യുകതന്നെ ചെയ്തു.)

---

ഈ സൂറത്തിന് പശു എന്നർഥമുള്ള അൽബഖറ എന്ന് പേര് പറയപ്പെടാൻ കാരണമായ പശുവിന്റെ സംഭവമാണീ വചനങ്ങളിൽ. അടുത്ത വചനങ്ങളിൽ (വചനം 72,73) വിവരിക്കുന്ന ഒരു കൊലപാതക സംഭവത്തിൽ മൂസാനബി(അ)യുടെ തീർപ്പുകല്പിക്കലിന്റെ ഭാഗമായി, അല്ലാഹുവിന്റെ നിർദേശപ്രകാരം ഒരു പശുവിനെ അറുക്കാൻ ഇസ്റാഈല്യരോട് കല്പിക്കപ്പെട്ടപ്പോൾ പ്രസ്തുത കല്പനയെ പരിഹസിച്ചും അതിൽ നിന്ന് ഒഴിഞ്ഞുമാറാനുമുള്ള വാഞ്ഛയിൽ അവരുതിർത്തുകൊണ്ടിരുന്ന മുട്ട് ചോദ്യങ്ങളുമാണ് ഈ വചനങ്ങളിൽ വിവരിക്കപ്പെടുന്നത്. (കൊലപാതക സംഭവമാണോ പശുവിനെ അറുത്ത സംഭവമാണോ ആദ്യം നടന്നതെന്നതിൽ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിലും ആ രണ്ട് സംഭവങ്ങളും പരസ്പരം ബന്ധപ്പെട്ട ഒരു സംഭവത്തിന്റെ രണ്ടു വശങ്ങളാണെന്നതിൽ യാതൊരു ഭിന്നാഭിപ്രായവുമില്ല.)

തങ്ങളുടെ നേതാവും മാർഗദർശിയും അല്ലാഹുവിന്റെ റസൂലുമായ മൂസാ(അ) പശുവിനെ അറുക്കാൻ അല്ലാഹു കല്പിക്കുന്നതായി ഇസ്റാഈല്യരെ അറിയിച്ചപ്പോൾ ആ കല്പന ഉടനെയങ്ങ് അനുസരിക്കാതെ മൂസാ(അ) തങ്ങളെ പരിഹസിക്കുകയാണോ എന്ന് അവർ അദ്ദേഹത്തോട് ചോദിക്കുകയാണുണ്ടായത്. മയത്തിലും നയത്തിലും അദ്ദേഹം അവരോട് വ്യംഗ്യമായി അവരുടെ വിഡ്ഢിത്തത്തെപ്പറ്റി ചൂണ്ടിക്കാട്ടിക്കൊണ്ട്, ആ കല്പന പരിഹാസമല്ലെന്നും കാര്യം തന്നെയാണെന്നും അവരോട് ഉദ്ബോധിപ്പിച്ചു. ആ അവസരത്തിലെങ്കിലും ആ കല്പന അനുസരിക്കേണ്ടതിന് പകരം, ആയത് നിറവേറ്റുന്നതിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിനായി ഏതുതരം പശുവാണതെന്നും അതിന്റെ നിറമെന്തായിരിക്കണമെന്നും എന്നിങ്ങനെ ആവർത്തിച്ച് മൂസാ(അ)യോട് ചോദിച്ചുകൊണ്ടിരുന്നു. അവരുടെ വിശ്വാസത്തിന്റെ ദൗർബല്യവും അച്ചടക്കരാഹിത്യവും അവഗണനാമനസ്ഥിതിയും അവരുടെ വാക്കുകളിൽ പ്രകടമായിരുന്നു. 'അല്ലാഹുവിനോട്,' 'നമ്മുടെ റബ്ബിനോട്' എന്ന പോലെയുള്ള പ്രയോഗങ്ങൾക്ക് പകരം 'താങ്കളുടെ റബ്ബിനോട് ഞങ്ങൾക്ക് വേണ്ടി പ്രാർഥിക്കുക' എന്ന രൂപത്തിലായിരുന്നു ആവർത്തിച്ചുകൊണ്ടുള്ള അവരുടെ ആവശ്യം. അല്ലാഹു മൂസാനബി(അ)യുടെ മാത്രം റബ്ബാണെന്ന മട്ടിലാണവരുടെ വാക്കും പ്രവർത്തിയും.

ഓരോ ചോദ്യം വരുമ്പോഴും മൂസാ(അ) അല്ലാഹുവിനോട് പ്രാർഥിക്കും. ആദ്യത്തെ ചോദ്യത്തിന് മദ്ധ്യപ്രായത്തിലുള്ള ഒരു പശുവായാൽ മതിയെന്നും തുടർന്നും ചോദ്യങ്ങൾ ആവർത്തിച്ചപ്പോൾ തനി മഞ്ഞ വർണമുള്ളതും കാഴ്ചയ്ക്ക് കൗതുകമുള്ളതും നിലം ഉഴുതുക, വെള്ളം തേവുക മുതലായ ജോലികളിൽ ഉപയോഗിക്കപ്പെടാത്തതും ഇതരവർണങ്ങളുടെ കലർപ്പില്ലാത്തതും അംഗഭംഗവും മുടന്തും ഇല്ലാത്തതും ആയ പശുവായിരിക്കണം എന്നും നിർദേശിക്കപ്പെട്ടു. ഒരു പശുവിനെ അറുക്കണമെന്നല്ലാതെ മറ്റു ഉപാധികളൊന്നും

പറയാതിരുന്ന സ്ഥിതിക്ക് ഏതെങ്കിലും ഒന്നിനെ അറുത്താൽ മതിയായിരുന്നു. എന്നാൽ അവരുടെ ധിക്കാരവും പരിഹാസവും നിമിത്തം മേൽ വിവരിച്ച ഉപാധികളും ഗുണഗണങ്ങളും ഒത്തിണങ്ങിയ ഒരു പശുവിനെ വളരെ പ്രയാസപ്പെട്ട് അവർക്ക് കണ്ടെത്തേണ്ടിവന്നു. എങ്കിലും ഒടുക്കം അവരാ കല്പന പാലിക്കുക തന്നെ ചെയ്തു. സ്വയം പ്രയാസം പേറുകയും അനുസരണക്കേട് പ്രകടിപ്പിക്കുകയും ചെയ്യുന്ന ഇത്തരം ചോദ്യങ്ങളെ ഖുർആനും (മാഇദ 101) നബി(സ)യുടെ ഹദീസും വിശ്വാസികൾക്ക് വിരോധിച്ചിരിക്കുന്നു.

## വിഭാഗം 9

### വചനം 72,73

وَإِذْ قَتَلْتُمْ نَفْسًا فَادَّارَأْتُمْ فِيهَا ۖ وَاللَّهُ مُخْرِجٌ مَّا كُنتُمْ تَكْتُمُونَ ﴿٧٢﴾

72) (ഇസ്റാഈൽ സന്തതികളേ) നിങ്ങൾ ഒരു ദേഹത്തെ (ആളെ) കൊലപ്പെടുത്തിയിട്ട് അതിൽ നിങ്ങൾ അന്യോന്യം (ആരോപണം നടത്തി) ഒഴിഞ്ഞുമാറിയ സന്ദർഭം (ഓർക്കുക). അല്ലാഹുവാകട്ടെ, നിങ്ങൾ ഒളിച്ചുവെച്ചുകൊണ്ടിരിക്കുന്നതിനെ വെളിക്ക് വരുത്തുന്നവനുമത്രെ.

فَقُلْنَا اضْرِبُوهُ بِبَعْضِهَا ۚ كَذَٰلِكَ يُحْيِي اللَّهُ الْمَوْتَىٰ وَيُرِيكُمْ آيَاتِهِ لَعَلَّكُمْ تَعْقِلُونَ ﴿٧٣﴾

73) അപ്പോൾ നാം പറഞ്ഞു: നിങ്ങൾ അവനെ അതിന്റെ (പശുവിന്റെ) ചില ഭാഗം (അഥവാ ഒരംശം) കൊണ്ട് അടിക്കുവിൻ. അപ്രകാരം അല്ലാഹു മരണപ്പെട്ടവരെ ജീവിപ്പിക്കുന്നു. നിങ്ങൾ ബുദ്ധി കൊടു(ത്തു ചിന്തി)ക്കാൻ വേണ്ടി അവന്റെ ദൃഷ്ടാന്തങ്ങളെ അവൻ നിങ്ങൾക്ക് കാണിച്ചുതരികയും ചെയ്യുന്നു.

മുമ്പ് പ്രസ്താവിച്ച പോലെ, സംഭവത്തിന്റെ ഒരു ഭാഗമാണിത്. ഇസ്റാഈൽ സന്തതികളിലൊരാൾ മറ്റൊരാളെ കൊലപ്പെടുത്തുകയുണ്ടായി. കൊലയാളി ആരെന്നറിയാൻ മൂസാ(അ)യുടെ നിർദേശപ്രകാരം (അല്ലാഹുവിന്റെ കല്പനപ്രകാരം) അറുക്കപ്പെട്ട ആ പശുവിന്റെ ഒരംശം കൊണ്ട് ആ കൊല്ലപ്പെട്ടവനെ അടിക്കുകയും മൃതദേഹത്തിന് അല്ലാഹു ജീവൻ തിരിച്ചുനല്കുകയും എന്നെ വധിച്ചത് ഇന്നയാളാണെന്ന് അത് പറയുകയുമുണ്ടായി. മൃതദേഹം വീണ്ടും പഴയപടി നിർജീവമായിത്തീരുകയും ചെയ്തു. മരണപ്പെട്ടയാളെ അല്ലാഹു ജീവിപ്പിച്ചത്, നിങ്ങൾ ബുദ്ധികൊടുത്ത് ചിന്തിക്കാൻ വേണ്ടിയാണെന്നും അതൊരു ദൃഷ്ടാന്തമെന്ന നിലയ്ക്കാണ് സംഭവിച്ചതെന്നും അല്ലാഹു തുടർന്നുപറയുന്നു.

### വചനം 74

ثُمَّ قَسَتْ قُلُوبُكُم مِّن بَعْدِ ذَٰلِكَ فَهِيَ كَالْحِجَارَةِ أَوْ أَشَدُّ قَسْوَةً ۚ وَإِنَّ مِنَ الْحِجَارَةِ لَمَا يَتَفَجَّرُ مِنْهُ الْأَنْهَارُ ۚ وَإِنَّ مِنْهَا لَمَا يَشَّقَّقُ فَيَخْرُجُ مِنْهُ الْمَاءُ ۚ وَإِنَّ مِنْهَا لَمَا يَهْبِطُ مِنْ خَشْيَةِ اللَّهِ ۗ وَمَا اللَّهُ بِغَافِلٍ عَمَّا تَعْمَلُونَ ﴿٧٤﴾

74) എന്നിട്ട് അതിനുശേഷം നിങ്ങളുടെ ഹൃദയങ്ങൾ കടുത്തുപോയി. അങ്ങനെ അവ (പാറ)ക്കല്ലു പോലെയിരിക്കുന്നു. അല്ലെങ്കിൽ കടുപ്പത്തിൽ (അതിനെക്കാൾ) കൂടുതൽ കാഠിന്യമുള്ളവയത്രെ. നിശ്ചയമായും (പാറ)ക്കല്ലുകളിൽ തന്നെയുണ്ട് അരുവികൾ പൊട്ടിയൊഴുകുന്നവ. അവയിൽ തന്നെയുണ്ട് പൊട്ടിപ്പിളർന്ന് അതിലൂടെ വെള്ളം പുറത്തു വരുന്നവയും. അവയിൽ തന്നെയുണ്ട് അല്ലാഹുവിനെ ഭയന്നതിനാൽ (കീഴ്പോട്ട്) വീഴുന്നവയും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അശ്രദ്ധനൊന്നുമല്ല.

എത്രയോ ദൃഷ്ടാന്തങ്ങളും അനുഗ്രഹങ്ങളും അനുഭവിച്ചിട്ടും ഇസ്റാഈല്യരുടെ ഹൃദയങ്ങൾക്ക് പരിവർത്തനം വരാത്തതിനെക്കുറിച്ചുള്ള ഒരു പ്രതിഷേധമാണീ വചനം. പാറക്കല്ലുകളെക്കാൾ കാഠിന്യമുള്ളതാണ് നിങ്ങളുടെ ഹൃദയങ്ങൾ. പാറക്കല്ലുകളിൽ പോലും കുറെയൊക്കെ അയവും ചലനവും ഉണ്ടാവാറുണ്ട്. അവയിൽ നിന്നും അരുവികളും നീരുറവകളും ഒഴുകാറുണ്ട്. ചില കല്ലുകൾ പൊട്ടിപ്പിളർന്ന് അതിലൂടെ വെള്ളം പുറത്തുവരാറുണ്ട്. വേറെ ചിലത് അല്ലാഹുവിനെ ഭയന്ന് മുകളിൽ നിന്ന് താഴോട്ട് വീഴാറുണ്ട്.

“ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളതും അവന് തസ്ബീഹ് നടത്തുന്നു. ഒരു വസ്തുവും അവന് തസ്ബീഹ് (സ്തോത്രകീർത്തനം) നടത്താതെയില്ല” (ഇസ്റാഅ് 44). എന്നാൽ ഇസ്റാഈല്യരുടെ ഹൃദയങ്ങൾ ഒരു തരത്തിലുള്ള മാറ്റവും സംഭവിക്കാതെ നിശ്ചേഷ്ടങ്ങളായിരിക്കുകയാണ്.

---

**വചനം 75,76,77**

۞ أَفَتَطْمَعُونَ أَن يُؤْمِنُوا۟ لَكُمْ وَقَدْ كَانَ فَرِيقٌ مِّنْهُمْ يَسْمَعُونَ كَلَـٰمَ ٱللَّهِ ثُمَّ يُحَرِّفُونَهُۥ مِنۢ بَعْدِ مَا عَقَلُوهُ وَهُمْ يَعْلَمُونَ ﴿٧٥﴾
وَإِذَا لَقُوا۟ ٱلَّذِينَ ءَامَنُوا۟ قَالُوٓا۟ ءَامَنَّا وَإِذَا خَلَا بَعْضُهُمْ إِلَىٰ بَعْضٍ قَالُوٓا۟ أَتُحَدِّثُونَهُم بِمَا فَتَحَ ٱللَّهُ عَلَيْكُمْ لِيُحَآجُّوكُم بِهِۦ عِندَ رَبِّكُمْ ۚ أَفَلَا تَعْقِلُونَ ﴿٧٦﴾
أَوَلَا يَعْلَمُونَ أَنَّ ٱللَّهَ يَعْلَمُ مَا يُسِرُّونَ وَمَا يُعْلِنُونَ ﴿٧٧﴾

75) (സത്യവിശ്വാസികളേ), അപ്പോൾ, അവർ (ഇസ്റാഈൽ സന്തതികൾ) നിങ്ങളെ വിശ്വസിക്കുമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ? അവരിൽ നിന്ന് ഒരു കൂട്ടർ അല്ലാഹുവിന്റെ വചനം കേൾക്കുകയും പിന്നീട് അത് (ബുദ്ധികൊടുത്ത്) ഗ്രഹിച്ചശേഷം അവർ അറിഞ്ഞുകൊണ്ട് (തന്നെ) അതിനെ മാറ്റിമറിക്കുകയും ചെയ്തുവന്നിരുന്നുവെന്നിരിക്കെ.

76) വിശ്വസിച്ചവരെ കണ്ടുമുട്ടിയാൽ അവർ പറയും: ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്. അവരിൽ ചിലർ ചിലരിലേക്ക് ഒഴിഞ്ഞുചെന്നാലാകട്ടെ, അവർ പറയും: അല്ലാഹു നിങ്ങൾക്ക് തുറന്നു(വെളിവാക്കി) തന്നിട്ടുള്ളതിനെക്കുറിച്ച് നിങ്ങൾ അവർക്ക് പറഞ്ഞുകൊടുക്കുകയാണോ? അതുമായി നിങ്ങളുടെ റബ്ബിന്റെ അടുക്കൽ വെച്ച് നിങ്ങളോടവർ ന്യായവാദം നടത്തുവാൻ വേണ്ടി. അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ?

77) അവർക്കറിഞ്ഞുകൂടേ, അവർ രഹസ്യമാക്കിയതും പരസ്യമാക്കിയതും അല്ലാഹു അറിയുന്നതാണെന്ന്?!

---

അറബ് വംശജനായ നബി(സ) തിരുമേനി പ്രവാചകനായി വന്നപ്പോൾ റസൂലിന്റെ വരവിനെപ്പറ്റി തൗറാത്തിൽ നിന്നും മറ്റുമായി യഹൂദർക്ക് അറിയാമായിരുന്നിട്ടുപോലും അവർക്ക് അസൂയയും ശത്രുതയും വിദ്വേഷവുമാണുണ്ടായത്. യഹൂദരിലുള്ള ചില കപടന്മാർ മുസ്‌ലിംകളുടെ അടുക്കൽ വരുമ്പോൾ “ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു” എന്ന് അഭിനയിക്കുകയും നബി(സ)യെ സംബന്ധിച്ച് അസത്യങ്ങൾ മുസ്‌ലിംകളോട് പറയുകയും ചെയ്യും. അവിടം വിട്ടു. ഇവർ സ്വന്തം ജനങ്ങളുടെ അടുക്കൽ ചെല്ലുമ്പോൾ ഇവർ അവരുടെ ആക്ഷേപത്തിന് വിധേയരാകുകയും ചെയ്യും. എന്നാൽ അല്ലാഹു പറയുന്നു: “അവർക്കറിഞ്ഞുകൂടേ, അവർ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അല്ലാഹു അറിയുന്നവനാണെന്ന്.”

---

**വചനം 78,79**

وَمِنْهُمْ أُمِّيُّونَ لَا يَعْلَمُونَ ٱلْكِتَـٰبَ إِلَّآ أَمَانِىَّ وَإِنْ هُمْ إِلَّا يَظُنُّونَ ﴿٧٨﴾

78) അവരിൽ ചിലർ അക്ഷരജ്ഞാനമില്ലാത്തവരുണ്ട് ചില വ്യാമോഹങ്ങളല്ലാതെ, വേദഗ്രന്ഥത്തെ(ക്കുറിച്ച്) അവർക്കറിയുകയില്ല. അവർ ഊഹിക്കുകയല്ലാതെ (മറ്റൊന്നും) ചെയ്യുന്നില്ല.

79) അപ്പോള്‍ യാതൊരു കൂട്ടര്‍ക്കാണ് കഷ്ടം! അവര്‍ തങ്ങളുടെ കൈകള്‍കൊണ്ട് ഗ്രന്ഥം എഴുതുന്നു. പിന്നീട്, ഇത് അല്ലാഹുവിന്റെ പക്കല്‍ നിന്നുള്ള താണ് എന്ന് പറയുകയും ചെയ്യും; അതുമൂലം തുച്ഛ മായ വില വാങ്ങാന്‍ വേണ്ടി. അങ്ങനെ, അവരുടെ കൈകള്‍ കൊണ്ട് അവര്‍ എഴുതിയത് നിമിത്തം അവര്‍ക്ക് കഷ്ടം! അവര്‍ സമ്പാദിക്കുന്നത് നിമി ത്തവും അവര്‍ക്ക് കഷ്ടം.

فَوَيْلٌ لِّلَّذِينَ يَكْتُبُونَ ٱلْكِتَـٰبَ بِأَيْدِيهِمْ ثُمَّ يَقُولُونَ هَـٰذَا مِنْ عِندِ ٱللَّهِ لِيَشْتَرُوا۟ بِهِۦ ثَمَنًا قَلِيلًا ۖ فَوَيْلٌ لَّهُم مِّمَّا كَتَبَتْ أَيْدِيهِمْ وَوَيْلٌ لَّهُم مِّمَّا يَكْسِبُونَ ﴿٧٩﴾

വേദക്കാരിലെ രണ്ട് വിഭാഗക്കാരെപ്പറ്റിയാണ് ഇവിടെ പ്രസ്താവിക്കുന്നത്. ഒരുകൂട്ടര്‍, എഴുത്തും വായ നയും അറിയാത്ത, പണ്ഡിതപുരോഹിതന്മാരുടെ പ്രസ്താവനകളിലൂടെ മതത്തെ മനസ്സിലാക്കിയ ഒരു വിഭാഗം; അന്വേഷിച്ചറിയാത്തതിലും ചിന്തിക്കാത്തതിലും ഇവര്‍ കുറ്റക്കാര്‍ തന്നെ. മറ്റൊരു കൂട്ടരുണ്ട്: പണ്ഡിത പുരോ ഹിതന്മാര്‍-അല്ലാഹുവിന്റെയും മതത്തിന്റെയും പേരില്‍ ഇവര്‍ അറിഞ്ഞുകൊണ്ട് കളവ് എഴുതിയുണ്ടാക്കും. ധനവും സ്വാധീനവും തുടങ്ങി ഐഹികമായ സ്വാര്‍ഥലാഭങ്ങള്‍ നേടുകയാണവരുടെ ലക്ഷ്യം. എന്നാല്‍ ഇവരുടെ ഇത്തരത്തിലുള്ള ഓരോ നേട്ടവും അവര്‍ക്ക് കഷ്ടവും ശിക്ഷയുമായിട്ടായിരിക്കും കലാശിക്കുക.

ഈ താക്കീത് യഹൂദികളെ ആക്ഷേപിച്ച് ഇറങ്ങിയതാണെങ്കിലും ഖുര്‍ആനെയും നബിവനചങ്ങളെയും ദുര്‍വ്യാഖ്യാനം ചെയ്തുകൊണ്ട് ഇക്കാലത്ത് സമൂഹത്തില്‍, മതത്തിന്റെ പേരില്‍ ഭൗതിക, സ്വാര്‍ഥ സ്ഥാന മാനങ്ങള്‍ നേടിയെടുക്കുന്ന എല്ലാ കൃത്രിമ പണ്ഡിത നാമ വേഷധാരികള്‍ക്കും ബാധകമാണെന്നുള്ളതില്‍ സംശയമില്ല. അല്ലാഹു നമ്മെ അത്തരക്കാരില്‍ നിന്നും കാത്തുരക്ഷിക്കട്ടെ. (ആമീന്‍)

**വചനം 80,81,82**

80) അവര്‍ പറയുകയും ചെയ്യുന്നു: എണ്ണം കണക്കാ ക്കപ്പെട്ട ചില ദിവസങ്ങളല്ലാതെ നരകം ഞങ്ങളെ സ്പര്‍ശിക്കുന്നതേയല്ല. (നബിയേ), പറയുക: നി ങ്ങള്‍ അല്ലാഹുവിന്റെയടുക്കല്‍ വല്ല കരാറും ഉ ണ്ടാക്കിവെച്ചിരിക്കുന്നുവോ? എന്നാല്‍, അല്ലാഹു അവന്റെ കരാര്‍ ലംഘിക്കുകയില്ല തന്നെ. അത ല്ല, നിങ്ങള്‍ അല്ലാഹുവിന്റെ പേരില്‍ നിങ്ങള്‍ക്ക റിയാത്തത് (കെട്ടി) പറയുകയാണോ?

وَقَالُوا۟ لَن تَمَسَّنَا ٱلنَّارُ إِلَّآ أَيَّامًا مَّعْدُودَةً ۚ قُلْ أَتَّخَذْتُمْ عِندَ ٱللَّهِ عَهْدًا فَلَن يُخْلِفَ ٱللَّهُ عَهْدَهُۥٓ ۖ أَمْ تَقُولُونَ عَلَى ٱللَّهِ مَا لَا تَعْلَمُونَ ﴿٨٠﴾

81) അങ്ങനെയല്ല, ആര്‍ തിന്മയെ നേടിവെക്കുകയും തന്റെ തെറ്റുകുറ്റം തന്നെ വലയം ചെയ്യുകയും ചെയ്തിരിക്കുന്നുവോ, അക്കൂട്ടര്‍ നരകത്തിന്റെ ആള്‍ക്കാരാകുന്നു. അവരതില്‍ നിത്യവാസികളാ യിരിക്കും.

بَلَىٰ مَن كَسَبَ سَيِّئَةً وَأَحَـٰطَتْ بِهِۦ خَطِيٓـَٔتُهُۥ فَأُو۟لَـٰٓئِكَ أَصْحَـٰبُ ٱلنَّارِ ۖ هُمْ فِيهَا خَـٰلِدُونَ ﴿٨١﴾

82) വിശ്വസിക്കുകയും സല്‍ക്കര്‍മങ്ങള്‍ പ്രവര്‍ത്തി ക്കുകയും ചെയ്തവരാകട്ടെ. അക്കൂട്ടര്‍ സ്വര്‍ഗ ത്തിന്റെ ആള്‍ക്കാരാകുന്നു. അവര്‍ അതില്‍ നിത്യവാസികളായിരിക്കും.

وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ أُو۟لَـٰٓئِكَ أَصْحَـٰبُ ٱلْجَنَّةِ ۖ هُمْ فِيهَا خَـٰلِدُونَ ﴿٨٢﴾

യഹൂദരില്‍ രൂഢമൂലമായ ഒരു വിശ്വാസമാണ് നരകശിക്ഷ തങ്ങളെ ബാധിക്കുകയില്ല എന്നത്. അഥവാ ബാധിച്ചാല്‍ തന്നെ ഏതാനും ചില ദിവസങ്ങള്‍ മാത്രം. അതിനുശേഷം ഞങ്ങള്‍ക്ക് സ്വര്‍ഗം ലഭിക്കുകത ന്നെ ചെയ്യും. ഇത്തരത്തിലൊരു കരാര്‍ അല്ലാഹു അവരുമായി ചെയ്തിട്ടുണ്ടെന്ന് തോന്നും അവരുടെ വാദം കേള്‍ക്കുമ്പോള്‍. എന്നാല്‍ അവര്‍ അല്ലാഹുവിന്റെ പേരില്‍ അവര്‍ക്കറിയാത്തതു പറഞ്ഞുണ്ടാക്കുക യാണ്.

പാപം ചെയ്യുന്തോറും അത് നിസ്സാരപാപങ്ങളെങ്കിൽ പോലും വർധിച്ചുവർധിച്ച് രക്ഷാമാർഗം നിശ്ശേഷം അടയുകയും അവൻ സ്ഥിര നരകവാസത്തിന് അർഹനായിത്തീരുകയും ചെയ്യുന്നു. വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, സ്വർഗത്തിൽ നിത്യവാസികളായിരിക്കും.

**വിഭാഗം 10**

**വചനം 83**

83) ഇസ്റാഈൽ സന്തതികളുടെ ഉറപ്പ് (അവരോട്) നാം വാങ്ങിയ സന്ദർഭം (ഓർക്കുക). നിങ്ങൾ അല്ലാഹുവിനെയല്ലാതെ ആരാധിക്കുകയില്ല (ആരാധിക്കരുത്) എന്നും മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും നന്മചെയ്യണമെന്നും നിങ്ങൾ മനുഷ്യരോട് നല്ലത് പറയണമെന്നും നിങ്ങൾ നമസ്കാരം നിലനിർത്തുകയും സകാത്തുകൊടുക്കുകയും ചെയ്യണമെന്നും (ഇതായിരുന്നു ആ ഉറപ്പ്). പിന്നീട് (ഇസ്റാഈൽ സന്തതികളേ), നിങ്ങൾ -നിങ്ങളിൽ അല്പം ആളുകൾ ഒഴിച്ച്- (അതിൽ നിന്ന്) പിന്മാറിക്കളഞ്ഞു. നിങ്ങളാകട്ടെ, തിരിഞ്ഞുകളയുന്നവരുമാകുന്നു. (അത് നിങ്ങളുടെ പതിവാണ്).

وَإِذۡ أَخَذۡنَا مِيثَٰقَ بَنِيٓ إِسۡرَٰٓءِيلَ لَا تَعۡبُدُونَ إِلَّا ٱللَّهَ وَبِٱلۡوَٰلِدَيۡنِ إِحۡسَانٗا وَذِي ٱلۡقُرۡبَىٰ وَٱلۡيَتَٰمَىٰ وَٱلۡمَسَٰكِينِ وَقُولُواْ لِلنَّاسِ حُسۡنٗا وَأَقِيمُواْ ٱلصَّلَوٰةَ وَءَاتُواْ ٱلزَّكَوٰةَ ثُمَّ تَوَلَّيۡتُمۡ إِلَّا قَلِيلٗا مِّنكُمۡ وَأَنتُم مُّعۡرِضُونَ ﴿٨٣﴾

ഇസ്റാഈല്യരോട് അല്ലാഹു വാങ്ങിയ ഈ കരാറ് അവർക്ക് മാത്രം ബാധകമായ കരാറല്ല. അതിലെ ഓരോ കാര്യങ്ങളും അന്നത്തെപ്പോലെ പാലിക്കാൻ ഇന്നത്തെ സത്യവിശ്വാസികളും ബാധ്യസ്ഥരത്രെ.

ഇതിലേറ്റവും മുഖ്യമായത്, അല്ലാഹുവിനെയല്ലാതെ ആരാധിച്ചുകൂടാ എന്ന തൗഹീദ് തന്നെ. തുടർന്ന് മാതാപിതാക്കൾക്ക് നന്മചെയ്യലും (ഈ രണ്ട് കാര്യങ്ങളും ഖുർആനിൽ പലേടത്തും ഇതേ പ്രാധാന്യത്തോടെ എടുത്തുപറഞ്ഞിരിക്കുന്നത് കാണാം.) പിന്നീട് അടുത്ത ബന്ധുക്കൾ, അനാഥകൾ, ദരിദ്രർ എന്നിവരുടെ നേരെ പ്രത്യേകിച്ചും, മനുഷ്യരോട് പൊതുവിലും നല്ല നിലയിൽ പെരുമാറാൻ കല്പിക്കുന്നു.

കൂടാതെ, അനുഷ്ഠാന കർമങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട നമസ്കാരവും സകാത്തും അനുഷ്ഠിക്കാനും അല്ലാഹു നിർദേശിക്കുന്നു.

**വചനം 84,85,86**

84) നിങ്ങളുടെ ഉറപ്പ് (നിങ്ങളോട്) നാം വാങ്ങിയ സന്ദർഭം (ഓർക്കുക). നിങ്ങൾ (തമ്മതമ്മിൽ) നിങ്ങളുടെ രക്തം ചിന്തുകയില്ലെന്നും നിങ്ങളുടെ ഭവനങ്ങളിൽ നിന്ന് നിങ്ങളെ തന്നെ നിങ്ങൾ പുറത്താക്കുകയില്ലെന്നും പിന്നെ നിങ്ങൾ സാക്ഷ്യം വഹിച്ചുകൊണ്ട് (അത് ഏറ്റ്) സമ്മതിക്കുകയും ചെയ്തു.

85)(എന്നിട്ട്) പിന്നെയും നിങ്ങളിതാ ഇങ്ങനെയുള്ളവരാകുന്നു. നിങ്ങൾ നിങ്ങളെത്തന്നെ കൊലചെയ്യുന്നു. നിങ്ങളിൽ നിന്നുള്ള ഒരു കൂട്ടരെ അവരുടെ ഭവനങ്ങളിൽ നിന്ന് നിങ്ങൾ പുറത്താക്കുകയും ചെയ്യുന്നു. കുറ്റവും അതിക്രമവും വഴി അവർക്കെതിരിൽ നിങ്ങൾ പരസ്പരം പിന്തുണ നല്കിക്കൊണ്ട് അവർ നിങ്ങളുടെ അടു

وَإِذۡ أَخَذۡنَا مِيثَٰقَكُمۡ لَا تَسۡفِكُونَ دِمَآءَكُمۡ وَلَا تُخۡرِجُونَ أَنفُسَكُم مِّن دِيَٰرِكُمۡ ثُمَّ أَقۡرَرۡتُمۡ وَأَنتُمۡ تَشۡهَدُونَ ﴿٨٤﴾

ثُمَّ أَنتُمۡ هَٰٓؤُلَآءِ تَقۡتُلُونَ أَنفُسَكُمۡ وَتُخۡرِجُونَ فَرِيقٗا مِّنكُم مِّن دِيَٰرِهِمۡ تَظَٰهَرُونَ عَلَيۡهِم بِٱلۡإِثۡمِ وَٱلۡعُدۡوَٰنِ وَإِن يَأۡتُوكُمۡ أُسَٰرَىٰ تُفَٰدُوهُمۡ وَهُوَ مُحَرَّمٌ

عَلَيْكُمْ إِخْرَاجُهُمْ ۚ أَفَتُؤْمِنُونَ بِبَعْضِ
ٱلْكِتَٰبِ وَتَكْفُرُونَ بِبَعْضٍ ۚ فَمَا جَزَآءُ
مَن يَفْعَلُ ذَٰلِكَ مِنكُمْ إِلَّا خِزْىٌ فِى
ٱلْحَيَوٰةِ ٱلدُّنْيَا ۖ وَيَوْمَ ٱلْقِيَٰمَةِ يُرَدُّونَ إِلَىٰٓ
أَشَدِّ ٱلْعَذَابِ ۗ وَمَا ٱللَّهُ بِغَٰفِلٍ عَمَّا
تَعْمَلُونَ ﴿٨٥﴾

ക്കൽ തടവുകാരായി വന്നാലാകട്ടെ, നിങ്ങൾ അവർക്ക് മോചനമൂല്യം നല്കുകയും ചെയ്യുന്നു. അതാകട്ടെ, (കാര്യമാകട്ടെ) അവരെ പുറത്താക്കൽ നിങ്ങളുടെ മേൽ നിഷിദ്ധമാക്കപ്പെട്ടതുമാകുന്നു. അപ്പോൾ, വേദഗ്രന്ഥത്തിന്റെ ചില ഭാഗത്തിൽ നിങ്ങൾ വിശ്വസിക്കുകയും ചില ഭാഗത്തിൽ നിങ്ങൾ അവിശ്വസിക്കുകയുമാണോ ചെയ്യുന്നത്?! എന്നാൽ നിങ്ങളിൽ അപ്രകാരം ചെയ്യുന്നവരുടെ പ്രതിഫലം, ഇഹലോക ജീവിതത്തിൽ അപമാനമല്ലാതെ (മറ്റൊന്നും) അല്ല. ഖിയാമത്ത് നാളിലാകട്ടെ, അവർ അതികഠിനമായ ശിക്ഷയിലേക്ക് തള്ളപ്പെടുന്നതുമാണ്. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു അശ്രദ്ധനൊന്നുമല്ല.

أُو۟لَٰٓئِكَ ٱلَّذِينَ ٱشْتَرَوُا۟ ٱلْحَيَوٰةَ ٱلدُّنْيَا
بِٱلْءَاخِرَةِ ۖ فَلَا يُخَفَّفُ عَنْهُمُ ٱلْعَذَابُ وَلَا
هُمْ يُنصَرُونَ ﴿٨٦﴾

86) അക്കൂട്ടർ, പരലോകത്തിന് (പകരം) ഇഹലോകജീവിതം വാങ്ങിയിട്ടുള്ളവരത്രെ. ആകയാൽ, അവർക്ക് ശിക്ഷ ലഘൂകരിക്കപ്പെടുകയില്ല; അവർ സഹായിക്കപ്പെടുന്നതുമല്ല.

---

മദീനയിലെ അറബി ഗോത്രങ്ങളായ ഔസും ഖസ്റജും തമ്മിൽ ഇടിയ്ക്കിടെ യുദ്ധമുണ്ടാകാറുണ്ടായിരുന്നു. യഹൂദി ഗോത്രങ്ങളിൽ, ഖുറൈള, ഔസ് ഗോത്രത്തിന്റെ കൂടെയും, ഖൈനുഖാഉം നളീറും, ഖസ്റജ് ഗോത്രത്തിന്റെ കൂടെയും ചേർന്ന് ഈ യുദ്ധങ്ങളിൽ പങ്കുചേരാറുണ്ടായിരുന്നു. തദവസരത്തിൽ അല്ലാഹുവുമായുള്ള കരാറിന് വിരുദ്ധമായി പരസ്പരം കൊലയും കൊള്ളിവയ്പ്പും നടത്തുകയും വാസസ്ഥലങ്ങളിൽ നിന്ന് ആട്ടിയോടിക്കുകയും ബന്ധനസ്ഥരാക്കുകയും ചെയ്തിരുന്നു. യുദ്ധാവസരത്തിൽ തങ്ങൾ ബന്ധനസ്ഥരാക്കിയ തങ്ങളുടെ സഹോദരങ്ങളായ യഹൂദികളെ മോചിപ്പിക്കാനായി അവർ തന്നെ മോചനദ്രവ്യം കൊടുത്തു രക്ഷപ്പെടുത്തുകയും ചെയ്യുമായിരുന്നു.

വേദഗ്രന്ഥത്തിലെ ചില വിധികൾ മാത്രം പാലിക്കുകയും മറ്റു ചിലത് തിരസ്കരിക്കുകയും ചെയ്യുന്ന യഹൂദികളെ ആക്ഷേപിച്ചുകൊണ്ട് അല്ലാഹു അവരെ താക്കീത് ചെയ്യുന്നു-ഇഹലോകത്ത് വെച്ച് അപമാനവും പരലോകത്തുവെച്ച് അതികഠിനമായ ശിക്ഷയും പ്രതീക്ഷിച്ചുകൊള്ളാനായി.

ഇസ്ലാമിന്റെ വിധിവിലക്കുകൾ അംഗീകരിക്കുകയും എന്നിട്ട് അവയിൽ സൗകര്യമുള്ളതു മാത്രം അനുഷ്ഠിക്കുകയും മറ്റുള്ളവയെ അവഗണിച്ചുതള്ളുകയും ചെയ്യുന്ന മുസ്ലിംകൾക്ക് അല്ലാഹുവിന്റെ ഈ ആക്ഷേപവും താക്കീതും ബാധകമാകുന്നു.

## വിഭാഗം 11

**വചനം 87**

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَٰبَ وَقَفَّيْنَا مِنۢ
بَعْدِهِۦ بِٱلرُّسُلِ ۖ وَءَاتَيْنَا عِيسَى ٱبْنَ
مَرْيَمَ ٱلْبَيِّنَٰتِ وَأَيَّدْنَٰهُ بِرُوحِ ٱلْقُدُسِ ۗ
أَفَكُلَّمَا جَآءَكُمْ رَسُولٌۢ بِمَا لَا تَهْوَىٰٓ
أَنفُسُكُمُ ٱسْتَكْبَرْتُمْ فَفَرِيقًا كَذَّبْتُمْ
وَفَرِيقًا تَقْتُلُونَ ﴿٨٧﴾

87) തീർച്ചയായും മൂസാക്ക് നാം വേദഗ്രന്ഥം നല്കുകയുണ്ടായി. അദ്ദേഹത്തിന്റെ ശേഷം നാം ദൂതന്മാരെ തുടർച്ചയായി അയക്കുകയും ചെയ്തിരിക്കുന്നു. മർയമിന്റെ മകൻ ഈസാക്ക് വ്യക്തമായ തെളിവുകൾ നാം നല്കുകയും ചെയ്തു. അദ്ദേഹത്തെ നാം പരിശുദ്ധാത്മാവിനാൽ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എന്നിരിക്കെ, നിങ്ങളുടെ ദേഹങ്ങൾ (അഥവാ മനസ്സുകൾ) ഇഷ്ടപ്പെടാത്തതുമായി നിങ്ങൾക്ക് വല്ല റസൂലും വരുമ്പോഴൊക്കെയും നിങ്ങൾ അഹംഭാവം നടിക്കുകയാണോ? അങ്ങനെ ഒരു കൂട്ടരെ നിങ്ങൾ വ്യാജമാക്കി; ഒരു കൂട്ടരെ നിങ്ങൾ കൊലപ്പെടുത്തുകയും ചെയ്യുന്നു.

മൂസാ(അ) മുതല്‍ ഈസാ(അ) വരെ വളരെയധികം പ്രവാചകന്മാര്‍ യഹൂദരില്‍ തുടരെത്തുടരെ വന്നു കൊണ്ടിരുന്നു. എല്ലാവരും തൗറാത്തിന്റെ അധ്യായനങ്ങള്‍ നടപ്പില്‍വരുത്തുകയും അതിലേക്ക് ക്ഷണിക്കുക യുമായിരുന്നു. അവരില്‍ അവസാനത്തെ റസൂലായ ഈസാ(അ) വന്നപ്പോള്‍ തൗറാത്തിലെ ചില നടപടി ക്രമങ്ങള്‍ ഭേദപ്പെടുത്തപ്പെട്ടു.

ഈസാനബിയെ "പരിശുദ്ധാത്മാവിനാല്‍ (റൂഹുല്‍ ഖുദ്സ്) ബലപ്പെടുത്തി" എന്നു പറഞ്ഞതിന് ഒന്നില ധികം വ്യാഖ്യാനങ്ങള്‍ പറയപ്പെട്ടിട്ടുണ്ട്.

1) ഈസാനബിക്ക് അവതരിച്ച ഇന്‍ജീലാകുന്ന വേദഗ്രന്ഥമാണ് പരിശുദ്ധാത്മാവ് എന്നാണൊരു വ്യാഖ്യാനം.

2) ഈസാ നബി(അ)യുടെ ആത്മാവാണെന്നാണ് വേറൊരു വ്യാഖ്യാനം. അദ്ദേഹം പിതാവില്ലാതെ ജനി ച്ചതും അദ്ദേഹത്തിന്റെ മാതാവില്‍ അല്ലാഹു അവന്റെ വക ജീവന്‍ ഊതിയിട്ടുണ്ടെന്ന് (21:91ല്‍) പറഞ്ഞിട്ടുള്ള തുമാണീ വ്യാഖ്യാനത്തിന് പറയുന്ന അടിസ്ഥാനം.

3) ജിബ്‌രീല്‍(അ) എന്ന മലക്കാണ് പരിശുദ്ധാത്മാവ് കൊണ്ടുദ്ദേശിക്കപ്പെടുന്നത് എന്നാണ് മറ്റൊരു വ്യാഖ്യാനം. ഏറ്റവും ബലപ്പെട്ടതും ഖുര്‍ആന്‍റെയും ഹദീസിന്റെയും പിന്‍ബലമുള്ളതും ഈ അഭിപ്രായ ത്തിന്നാണ്. (സൂ: നഹ്ല്‍ 102, സൂ: മാഇദ 110).

നബിമാരെ കൊലപ്പെടുത്തുന്നതിനെപ്പറ്റി 61-ാം വചനത്തിലും വ്യാഖ്യാനത്തിലും മുമ്പ് വിവരിച്ചിട്ടുണ്ട്.

---

**വചനം 88**

88) അവര്‍ പറയുന്നു: ഞങ്ങളുടെ ഹൃദയങ്ങള്‍ (ഉറ യിട്ട്) മൂടപ്പെട്ടവയാണ് (അതല്ല), പക്ഷേ, അവ രുടെ അവിശ്വാസം നിമിത്തം അല്ലാഹു അവരെ ശപിച്ചിരിക്കുകയാണ്. അതിനാല്‍ വളരെ കുറച്ചേ അവര്‍ വിശ്വസിക്കൂ.

وَقَالُوا۟ قُلُوبُنَا غُلْفٌۢ ۚ بَل لَّعَنَهُمُ ٱللَّهُ بِكُفْرِهِمْ فَقَلِيلًا مَّا يُؤْمِنُونَ ﴿٨٨﴾

ഞങ്ങളുടെ ഹൃദയങ്ങള്‍ ഉറയിട്ട് മൂടപ്പെട്ടതിനാലാണ് മുഹമ്മദിന്റെ ഉപദേശങ്ങള്‍ ഞങ്ങളുടെ മനസ്സില്‍ കടക്കാത്തതെന്ന് യഹൂദികള്‍ പരിഹാസപൂര്‍വം പറഞ്ഞിരുന്നു. എന്നാല്‍ അതല്ല യഥാര്‍ഥ കാരണമെന്നും അവരുടെ അവിശ്വാസവും സത്യനിഷേധവും നിമിത്തം അവര്‍ അല്ലാഹുവിന്റെ ശാപത്തിന് പാത്രമായതാണ് അതിന് കാരണമെന്നും അല്ലാഹു മറുപടി നല്കുന്നു:

"അവര്‍ വളരെ കുറച്ചേ വിശ്വസിക്കൂ" എന്ന് പറഞ്ഞതിനു രണ്ടുതരത്തില്‍ വ്യാഖ്യാനം നല്കപ്പെട്ടിട്ടുണ്ട്.

1) വളരെ കുറഞ്ഞ ആളുകളേ യഹൂദികളില്‍ നിന്നും നബി(സ)യില്‍ വിശ്വസിക്കുകയുള്ളൂവെന്ന്. ഇത് വളരെ പ്രസിദ്ധമായ യാഥാര്‍ഥ്യവുമാണ്.

2) പൂര്‍ണമായ വിശ്വാസം അവരില്‍ നിന്ന് പ്രതീക്ഷിച്ചുകൂടാ എന്ന് -ഏതാനും ചില കാര്യങ്ങളില്‍ അവര്‍ വിശ്വസിക്കുകയും മറ്റുചില കാര്യങ്ങളില്‍ അവിശ്വാസം പ്രകടിപ്പിക്കുകയും ചെയ്തുപോന്നു.

രണ്ട് വ്യാഖ്യാനവും യഹൂദരെ സംബന്ധിച്ചിടത്തോളം വാസ്തവം തന്നെ.

---

**വചനം 89**

89) തങ്ങളുടെ കൂടെയുള്ളതിനെ (ശരിവെച്ച്) സത്യമാ ക്കുന്നതായ ഒരു ഗ്രന്ഥം അവര്‍ക്ക് അല്ലാഹുവിന്റെ പക്കല്‍ നിന്നും വന്നപ്പോള്‍ - മുമ്പ് അവര്‍ അവി ശ്വസിച്ചവര്‍ക്കെതിരില്‍ വിജയം അര്‍ഥിച്ചുകൊണ്ടി രിക്കുകയായിരുന്നു താനും. (അതെ) അങ്ങനെ അവര്‍ക്കറിയാവുന്ന (ആ) കാര്യം അവര്‍ക്ക് വന്ന പ്പോള്‍ അവരതില്‍ അവിശ്വസിക്കുകയായി. ആക യാല്‍ (ആ) അവിശ്വാസികളുടെ മേല്‍ അല്ലാഹു വിന്റെ ശാപമുണ്ടായിരിക്കും.

وَلَمَّا جَآءَهُمْ كِتَـٰبٌ مِّنْ عِندِ ٱللَّهِ مُصَدِّقٌ لِّمَا مَعَهُمْ وَكَانُوا۟ مِن قَبْلُ يَسْتَفْتِحُونَ عَلَى ٱلَّذِينَ كَفَرُوا۟ فَلَمَّا جَآءَهُم مَّا عَرَفُوا۟ كَفَرُوا۟ بِهِۦ ۚ فَلَعْنَةُ ٱللَّهِ عَلَى ٱلْكَـٰفِرِينَ ﴿٨٩﴾

അന്ത്യപ്രവാചകന്റെ ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ടും "ആ പ്രവാചകനെ വേഗം അയച്ചുതന്ന് ഞങ്ങളെ (അറബികളിൽ നിന്നും) സഹായിക്കണമേ" എന്ന് പ്രാർഥിച്ചും കൊണ്ടിരുന്ന യഹൂദികൾ, ആ പ്രവാചകൻ വരികയും അവരുടെ കൈയിലുള്ള വേദഗ്രന്ഥത്തെ -തൗറാത്തിനെ- ശരിവെച്ച് സത്യപ്പെടുത്തിക്കൊണ്ട് ഖുർആൻ അവതരിക്കുകയും ചെയ്തപ്പോൾ അവരതാ അതിൽ അവിശ്വസിക്കുകയായി. അതിനുള്ള കാരണമോ? നബി(സ) അറബികളിൽ പെട്ട ആളായിപ്പോയി എന്നതും തങ്ങളുടെ അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും അദ്ദേഹം അനുവദിക്കുന്നില്ല എന്നതും. ആയതിനാൽ അവർ അല്ലാഹുവിന്റെ ശാപത്തിനും കോപത്തിനും പാത്രീഭൂതരാവുകയാണുണ്ടായത്.

---

**വചനം 90**

بِئْسَمَا ٱشْتَرَوْا۟ بِهِۦٓ أَنفُسَهُمْ أَن يَكْفُرُوا۟ بِمَآ أَنزَلَ ٱللَّهُ بَغْيًا أَن يُنَزِّلَ ٱللَّهُ مِن فَضْلِهِۦ عَلَىٰ مَن يَشَآءُ مِنْ عِبَادِهِۦ ۖ فَبَآءُو بِغَضَبٍ عَلَىٰ غَضَبٍ ۚ وَلِلْكَٰفِرِينَ عَذَابٌ مُّهِينٌ ﴿٩٠﴾

90) യാതൊന്നിനു (പകരം) അവർ തങ്ങളെത്തന്നെ വിറ്റുകളഞ്ഞുവോ അത് വളരെ ചീത്ത! അതായത് അല്ലാഹു അവതരിപ്പിച്ചതിൽ അവർ അവിശ്വസിക്കുന്നത്; (അതെ), അല്ലാഹു തന്റെ അടിയാന്മാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് തന്റെ അനുഗ്രഹത്തിൽ നിന്ന് അവതരിപ്പിച്ചുകൊടുക്കുന്നതിനാലുള്ള അസൂയകൊണ്ട് അങ്ങനെ, അവർ കോപത്തിനു മേൽ കോപവുമായി മടങ്ങി, (അതാണവർക്കു ലഭിച്ച നേട്ടം). അവിശ്വാസികൾക്ക് നിന്ദ്യമായ ശിക്ഷയുമുണ്ട്.

താൽക്കാലിക ദേഹേച്ഛകളും സ്വാർഥതാല്പര്യങ്ങളും സംരക്ഷിക്കാൻ വേണ്ടി അവർ വിറ്റുകളഞ്ഞത് ശാശ്വതമായ ഭാവി വിജയത്തെയാണ്. പ്രവാചകത്വം ഏതെങ്കിലും ഒരു വിഭാഗത്തിന്റെ കുത്തകയല്ലെന്നതും അത് അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ നല്കുന്ന ഒരനുഗ്രഹമാണെന്നതും വല്ല യോഗ്യതകൊണ്ടും സിദ്ധിക്കുന്ന ഒരനുഗ്രഹമല്ല അത് എന്നതും മനസ്സിലാക്കാതെ, അസൂയകൊണ്ട് അന്ധരായ യഹൂദർ ഖുർആനിലും മുഹമ്മദ് നബി(സ)യിലുമുള്ള അവിശ്വാസം നിമിത്തം അല്ലാഹുവിന്റെ കോപത്തിന് വീണ്ടും പാത്രമായിരിക്കുകയാണ്.

---

**വചനം 91,92**

وَإِذَا قِيلَ لَهُمْ ءَامِنُوا۟ بِمَآ أَنزَلَ ٱللَّهُ قَالُوا۟ نُؤْمِنُ بِمَآ أُنزِلَ عَلَيْنَا وَيَكْفُرُونَ بِمَا وَرَآءَهُۥ وَهُوَ ٱلْحَقُّ مُصَدِّقًا لِّمَا مَعَهُمْ ۗ قُلْ فَلِمَ تَقْتُلُونَ أَنۢبِيَآءَ ٱللَّهِ مِن قَبْلُ إِن كُنتُم مُّؤْمِنِينَ ﴿٩١﴾

۞ وَلَقَدْ جَآءَكُم مُّوسَىٰ بِٱلْبَيِّنَٰتِ ثُمَّ ٱتَّخَذْتُمُ ٱلْعِجْلَ مِنۢ بَعْدِهِۦ وَأَنتُمْ ظَٰلِمُونَ ﴿٩٢﴾

91) അവരോട് അല്ലാഹു അവതരിപ്പിച്ചിട്ടുള്ളതിൽ വിശ്വസിക്കുവിൻ എന്നു പറയപ്പെട്ടാൽ അവർ പറയും: ഞങ്ങൾക്ക് ഇറക്കപ്പെട്ടതിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്ന്. അതിനപ്പുറമുള്ളതിൽ അവർ അവിശ്വസിക്കുകയും ചെയ്യുന്നു. അതാവട്ടെ, അവരുടെ കൂടെയുള്ളതിനെ (ശരിവെച്ച്) സത്യമാക്കിക്കൊണ്ടുള്ള യഥാർഥമാണുതാനും (എന്നിട്ടും). (നബിയേ) പറയുക: എന്നാൽ നിങ്ങൾ എന്തിനാണ് മുമ്പ് അല്ലാഹുവിന്റെ നബിമാരെ കൊലപ്പെടുത്തിയിരുന്നത് -നിങ്ങൾ വിശ്വാസികളാണെങ്കിൽ?

92) മൂസാ നിങ്ങൾക്ക് വ്യക്തമായ തെളിവുകൾ കൊണ്ടുവരികയുണ്ടായല്ലോ. പിന്നെ, അതിനുശേഷം, നിങ്ങൾ അക്രമികളായുംകൊണ്ട് പശുക്കുട്ടിയെ നിങ്ങൾ ഉണ്ടാക്കി (ആരാധിച്ചു).

ഖുർആനിൽ വിശ്വസിക്കാൻ പറയപ്പെട്ടാൽ യഹൂദികൾ പറയുമായിരുന്നു: ഞങ്ങൾക്ക് അവതരിക്കപ്പെട്ടതിൽ (തൗറാത്തിൽ) ഞങ്ങൾ വിശ്വസിക്കുന്നുണ്ട്. ഞങ്ങൾക്കതു മതി എന്ന്. എന്നാൽ അതിലവർ ശരിക്കൊട്ട് വിശ്വസിക്കുന്നുമില്ല. വിശ്വസിച്ചിരുന്നുവെങ്കിൽ മുമ്പ് അവരിലുണ്ടായിരുന്ന പല നബിമാരെയും അവർ കൊല

പ്പെടുത്തുമായിരുന്നില്ല. കൂടാതെ, അല്ലാഹുവിന്റെ ഏകത്വത്തിന് പല ദൃഷ്ടാന്തങ്ങളും മൂസാ(അ) മുഖേന അവതരിപ്പിക്കപ്പെട്ടിട്ടും പശുക്കുട്ടിയെ ആരാധിച്ചവരാണവർ.

---

**വചനം 93**

وَإِذْ أَخَذْنَا مِيثَـٰقَكُمْ وَرَفَعْنَا فَوْقَكُمُ ٱلطُّورَ خُذُوا۟ مَآ ءَاتَيْنَـٰكُم بِقُوَّةٍ وَٱسْمَعُوا۟ ۖ قَالُوا۟ سَمِعْنَا وَعَصَيْنَا وَأُشْرِبُوا۟ فِى قُلُوبِهِمُ ٱلْعِجْلَ بِكُفْرِهِمْ ۚ قُلْ بِئْسَمَا يَأْمُرُكُم بِهِۦٓ إِيمَـٰنُكُمْ إِن كُنتُم مُّؤْمِنِينَ ﴿٩٣﴾

93) നാം നിങ്ങളുടെ ഉറപ്പ് (കരാർ) വാങ്ങുകയും നിങ്ങളുടെ മീതെ നാം ത്വൂർ (പർവതം) ഉയർത്തുകയും ചെയ്ത സന്ദർഭം: നിങ്ങൾക്ക് നാം നല്കിയതിനെ നിങ്ങൾ ബലമായി പിടിക്കുവിൻ. കേൾക്കുകയും (മനസ്സിലാക്കുകയും) ചെയ്യുവിൻ (എന്നു പറഞ്ഞുംകൊണ്ട്). അവർ പറഞ്ഞു: ഞങ്ങൾ കേട്ടു: ഞങ്ങൾ അനുസരണക്കേട് കാണിക്കുകയും ചെയ്യുന്നു. അവരുടെ അവിശ്വാസം നിമിത്തം, അവരുടെ ഹൃദയങ്ങളിൽ അവർക്ക് പശുക്കുട്ടി കുടിപ്പിക്കപ്പെടുക (പശുക്കുട്ടിയോടുള്ള സ്നേഹം നിറയുക)യും ചെയ്തിരിക്കുന്നു. പറയുക: നിങ്ങളുടെ (ആ) വിശ്വാസം നിങ്ങളോട് കല്പിക്കുന്നത് വളരെ ചീത്തയത്രെ- നിങ്ങൾ വിശ്വാസികളാണെങ്കിൽ.

മുമ്പ് 63-ാം വചനത്തിൽ പ്രസ്താവിച്ച സംഭവങ്ങൾ ഒന്നുകൂടി അല്ലാഹു ഓർമിപ്പിക്കുന്നു (പർവതം ഉയർത്തിയതും ഇസ്റാഈല്യരോട് ഉറപ്പുവാങ്ങിയതും). തൗറാത്തിലെ കല്പനകളെല്ലാം കണിശമായും കേട്ട് മനസ്സിലാക്കണം എന്നവരോട് പറയപ്പെട്ടപ്പോൾ 'ഞങ്ങൾ കേട്ടു, ഞങ്ങൾ അനുസരണക്കേട് കാണിക്കുകയും ചെയ്യുന്നു' എന്ന് ധിക്കാരത്തോടെ പറഞ്ഞവരാണവർ.

അവർ ആരാധിച്ച ആ പശുക്കുട്ടിയോട് അവർക്കുള്ള പ്രേമത്തിന്റെ ആധിക്യംനിമിത്തം അവരുടെ ഹൃദയത്തിലേക്ക് സദുപദേശങ്ങൾക്കൊന്നും പ്രവേശനമില്ലാതായിരിക്കുന്നു എന്നത്രെ അല്ലാഹു 'അവരുടെ ഹൃദയങ്ങളിൽ പശുക്കുട്ടി കുടിപ്പിക്കപ്പെട്ടിരിക്കുന്നു' എന്ന ഉന്നത സാഹിത്യശൈലിയിലൂടെ പ്രസ്താവിക്കുന്നത്.

തങ്ങൾ മുമ്പേ വിശ്വാസികളാണെന്നും പുതുതായി ഇനി ഒന്നിലും വിശ്വസിക്കേണ്ടതില്ലെന്നും വാദിക്കുന്ന യഹൂദരോട് അവരുടെ പ്രസ്തുത വിശ്വാസം അവരെ ദുർമാർഗത്തിലേക്കാണ് നയിക്കുന്നതെങ്കിൽ നിങ്ങളുടെ ആ വിശ്വാസം എത്ര ചീത്തയാണെന്ന് അല്ലാഹു ഓർമിപ്പിക്കുന്നു.

---

**വചനം 94,95,96**

قُلْ إِن كَانَتْ لَكُمُ ٱلدَّارُ ٱلْـَٔاخِرَةُ عِندَ ٱللَّهِ خَالِصَةً مِّن دُونِ ٱلنَّاسِ فَتَمَنَّوُا۟ ٱلْمَوْتَ إِن كُنتُمْ صَـٰدِقِينَ ﴿٩٤﴾

94) (നബിയേ), പറയുക: പരലോകഭവനം (മറ്റുള്ള) മനുഷ്യരെക്കൂടാതെ, അല്ലാഹുവിങ്കൽ നിങ്ങൾക്ക് മാത്രമായുള്ളതാണെങ്കിൽ നിങ്ങൾ മരിക്കാൻ കൊതിക്കുവിൻ - നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ.

وَلَن يَتَمَنَّوْهُ أَبَدًۢا بِمَا قَدَّمَتْ أَيْدِيهِمْ ۗ وَٱللَّهُ عَلِيمٌۢ بِٱلظَّـٰلِمِينَ ﴿٩٥﴾

95) അവരുടെ കൈകൾ മുൻചെയ്ത് വെച്ചിട്ടുള്ളത് നിമിത്തം അവർ അതിന് ഒരു കാലത്തും കൊതിക്കുകയില്ല തന്നെ. അല്ലാഹു അക്രമികളെപ്പറ്റി (ശരിക്ക്) അറിയുന്നവനാകുന്നു.

96) നിശ്ചയമായും മനുഷ്യരിൽവെച്ച് ജീവിതത്തിന് ഏറ്റവും ആർത്തിയുള്ളവരായി അവരെ നീ കണ്ടെത്തുക തന്നെ ചെയ്യും. ശിർക്ക് (ബഹുദൈവവിശ്വാസം) സ്വീകരിച്ചവരെക്കാൾ തന്നെയും. അവരിൽ ഒരാൾ (ഓരോരുത്തൻ) മോഹിക്കുന്നു. തനിക്ക് ആയിരം കൊല്ലം ആയുസ്സ് നല്കപ്പെട്ടിരുന്നെങ്കിൽ എന്ന്! അവന് ദീർഘായുസ്സ് നല്കപ്പെടുന്നത് അവനെ ശിക്ഷയിൽ നിന്ന് അകറ്റിക്കളയുന്നതല്ല താനും. അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

وَلَتَجِدَنَّهُمْ أَحْرَصَ ٱلنَّاسِ عَلَىٰ حَيَوٰةٍ وَمِنَ ٱلَّذِينَ أَشْرَكُوا۟ ۚ يَوَدُّ أَحَدُهُمْ لَوْ يُعَمَّرُ أَلْفَ سَنَةٍ وَمَا هُوَ بِمُزَحْزِحِهِۦ مِنَ ٱلْعَذَابِ أَن يُعَمَّرَ ۗ وَٱللَّهُ بَصِيرٌۢ بِمَا يَعْمَلُونَ ﴿٩٦﴾

---

യഹൂദരിലും ക്രിസ്ത്യാനികളിലുമുള്ള ഒരു വാദമാണ് തങ്ങൾ അല്ലാഹുവിന്റെ ഇഷ്ടക്കാരും മക്കളുമാണെന്നും സ്വർഗം തങ്ങളുടെ മാത്രം കുത്തകാവകാശമാണെന്നതും (2:80, 2:111, 5:20 നോക്കുക).

അല്ലാഹു ഈ വാദത്തെ കളവാണെന്ന് സ്ഥാപിക്കുന്നു. അവരുടെ ഈ വാദം ആത്മാർഥമാണെങ്കിൽ അവരൊന്ന് മരിക്കാൻ കൊതിക്കട്ടെ എന്ന് പറഞ്ഞ് അല്ലാഹു ഒരു കാലത്തും അവരതിന് തയ്യാറാകുകയില്ലെന്ന് കൂടി ഉറപ്പിച്ചുപറഞ്ഞിരിക്കുന്നു. എല്ലാ മനുഷ്യരെക്കാളും -പരലോകത്തിൽ വിശ്വസിക്കാത്ത മുശ്രിക്കുകളെക്കാൾ പോലും- ജീവിക്കാൻ കൊതിയുള്ളവരാണവരെന്നും ആയിരം കൊല്ലത്തെ ജീവിതം അവരിലാർക്കെങ്കിലും ലഭിച്ചാൽ പോലും അതുകൊണ്ട് അവന് ശിക്ഷയ്ക്ക് യാതൊരു ഒഴിവും ലഭിക്കാൻ പോകുന്നില്ലെന്നും കൂടി അല്ലാഹു വ്യക്തമാക്കുന്നു.

"നിങ്ങൾ മരിക്കാൻ കൊതിക്കുവിൻ" എന്ന് പറഞ്ഞതിന്റെ താല്പര്യം, മുസ്‌ലിംകളും യഹൂദികളുമാകുന്ന ഇരു കക്ഷികളിൽ അസത്യവാദിയായ കക്ഷി ഏതാണോ ആ കക്ഷി മരണമടയട്ടെ, എന്ന് പ്രാർഥിക്കാൻ യഹൂദികളോടുള്ള *മുബാഹലക്കുള്ള* (അന്യോന്യം ശാപപ്രാർഥന നടത്തൽ) ഒരു വെല്ലുവിളിയാണെന്നാണ് പ്രമുഖ ഖുർആൻ പണ്ഡിതരായ ഇബ്നുഅബ്ബാസും(റ) ഇബ്നുകസീറും(റ) അഭിപ്രായപ്പെട്ടിരിക്കുന്നത്.

## വിഭാഗം 12

**വചനം 97,98**

97. (നബിയേ), പറയുക: ആരെങ്കിലും ജിബ്‌രീലിന് ശത്രുവാണെങ്കിൽ (ആയിക്കൊള്ളട്ടെ). എന്നാൽ അദ്ദേഹമത്രെ അല്ലാഹുവിന്റെ ഉത്തരവ് പ്രകാരം അത് (ഖുർആൻ) നിന്റെ ഹൃദയത്തിൽ അവതരിപ്പിച്ചത്. അതിന്റെ മുമ്പിലുള്ളതിനെ സത്യമാക്കിക്കൊണ്ടും സത്യവിശ്വാസികൾക്ക് മാർഗദർശനവും സന്തോഷവാർത്തയുമായിക്കൊണ്ടും.

قُلْ مَن كَانَ عَدُوًّا لِّجِبْرِيلَ فَإِنَّهُۥ نَزَّلَهُۥ عَلَىٰ قَلْبِكَ بِإِذْنِ ٱللَّهِ مُصَدِّقًا لِّمَا بَيْنَ يَدَيْهِ وَهُدًى وَبُشْرَىٰ لِلْمُؤْمِنِينَ ﴿٩٧﴾

98) ആരെങ്കിലും അല്ലാഹുവിനും അവന്റെ മലക്കുകൾക്കും അവന്റെ റസൂലുകൾക്കും ജിബ്‌രീലിനും മീകാഈലിനും ശത്രുവാണെങ്കിൽ (അവർ അറിഞ്ഞിരിക്കട്ടെ): എന്നാൽ നിശ്ചയമായും അല്ലാഹു (ആ) അവിശ്വാസികൾക്ക് ശത്രുവാകുന്നു.

مَن كَانَ عَدُوًّا لِّلَّهِ وَمَلَٰٓئِكَتِهِۦ وَرُسُلِهِۦ وَجِبْرِيلَ وَمِيكَىٰلَ فَإِنَّ ٱللَّهَ عَدُوٌّ لِّلْكَٰفِرِينَ ﴿٩٨﴾

---

നബി(സ)യുമായുള്ള വാഗ്വാദത്തിനിടയിൽ തിരുമേനിയുടെ മറുപടി അവർ സമ്മതിക്കാൻ നിർബന്ധിതരായപ്പോൾ, യഹൂദർ ഇപ്രകാരമാണ് പറഞ്ഞത്: "നബി(സ)ക്ക് വഹ്‌യ് കൊണ്ടുവരുന്നത് ജിബ്‌രീലായതുകൊണ്ടാണ് ഞങ്ങൾ വിശ്വസിക്കാത്തത്. അദ്ദേഹം ഞങ്ങളുടെ ശത്രുവാണ്. മീകാഈലാണ് കൊണ്ടുവരുന്നതെങ്കിൽ ഞങ്ങൾ വിശ്വസിക്കുമായിരുന്നു. അദ്ദേഹം ഞങ്ങളുടെ മിത്രമാണ്."

ഇതേതുടർന്നാണ് പ്രസ്തുത വചനങ്ങൾ അവതരിച്ചത്. ജിബ്‌രീലിനോട് പകവെക്കുന്നവർ അല്ലാഹുവിനോടും അവന്റെ ദൂതന്മാരായ ജിബ്‌രീൽ, മീകാഈൽ തുടങ്ങിയ മലക്കുകളോടും മനുഷ്യദൂതന്മാരായ പ്രവാചകന്മാരോടും പകവെക്കുകയാണെന്നും അല്ലാഹു അവരുടെ ശത്രുവാണെന്നും അല്ലാഹു താക്കീത് ചെയ്യുന്നു.

**വചനം 99,100,101**

99) തീർച്ചയായും, നിനക്ക് നാം സുവ്യക്തങ്ങളായ പല ദൃഷ്ടാന്തങ്ങൾ ഇറക്കിത്തന്നിട്ടുണ്ട്. തോന്നിയവാസികളല്ലാതെ (ആരും) അവയിൽ അവിശ്വസിക്കുകയില്ല.

100)അവർ വല്ല കരാറും (അഥവാ പ്രതിജ്ഞയും) ചെയ്യുമ്പോഴൊക്കെയും അവരിൽ നിന്ന് ഒരു കൂട്ടർ അതിനെ വലിച്ചെറിയുകയാണോ?! എന്നല്ല, അവരിൽ അധികമാളും വിശ്വസിക്കുന്നില്ല.

101)അവരുടെ കൂടെയുള്ളതിനെ സത്യമാക്കുന്നതായ ഒരു റസൂൽ അവർക്ക് അല്ലാഹുവിങ്കൽ നിന്ന് വന്നപ്പോൾ ഗ്രന്ഥം നല്കപ്പെട്ടവരിൽ ഒരു കൂട്ടർ അല്ലാഹുവിന്റെ ഗ്രന്ഥം തങ്ങളുടെ പിൻപുറത്തേക്ക് വലിച്ചെറിഞ്ഞു. അവർ അറിയാത്തതുപോലെ.

وَلَقَدۡ أَنزَلۡنَآ إِلَيۡكَ ءَايَٰتِۭ بَيِّنَٰتٖۖ وَمَا
يَكۡفُرُ بِهَآ إِلَّا ٱلۡفَٰسِقُونَ ٩٩

أَوَكُلَّمَا عَٰهَدُواْ عَهۡدٗا نَّبَذَهُۥ فَرِيقٞ
مِّنۡهُمۚ بَلۡ أَكۡثَرُهُمۡ لَا يُؤۡمِنُونَ ١٠٠

وَلَمَّا جَآءَهُمۡ رَسُولٞ مِّنۡ عِندِ ٱللَّهِ
مُصَدِّقٞ لِّمَا مَعَهُمۡ نَبَذَ فَرِيقٞ مِّنَ ٱلَّذِينَ
أُوتُواْ ٱلۡكِتَٰبَ كِتَٰبَ ٱللَّهِ وَرَآءَ
ظُهُورِهِمۡ كَأَنَّهُمۡ لَا يَعۡلَمُونَ ١٠١

യഹൂദികളിലെ മുൻഗാമികളിൽ കഴിഞ്ഞുപോയ അവരുടെ പണ്ഡിതന്മാർക്ക് മാത്രമറിയാമായിരുന്ന ദൃഷ്ടാന്തങ്ങൾ, അക്ഷരജ്ഞാനമില്ലാത്ത നബി(സ)യിലൂടെ അവർക്ക് വെളിപ്പെടുത്തപ്പെട്ടപ്പോൾ അവിടുത്തെ സത്യതയെ, ധിക്കാരികളും തോന്നിവാസികളുമായ വേദക്കാർ, നിഷേധിക്കാൻ മുതിരുകയാണുണ്ടായത്.

പ്രതിജ്ഞകളും കരാറുകളും ലംഘിക്കുകയെന്നത് ഇസ്റാഈല്യരിൽ മഹാഭൂരിപക്ഷത്തിന്റെയും ചിരകാല പാരമ്പര്യമാണെന്ന് അല്ലാഹു ചൂണ്ടിക്കാണിക്കുന്നു. തങ്ങൾ വിശ്വസിക്കുന്നതും തങ്ങളുടെ ഏകഗ്രന്ഥമെന്ന് അവർ അവകാശപ്പെടുന്നതുമായ തൗറാത്തിൽ വ്യക്തമായി സ്ഥാപിക്കപ്പെട്ട അന്ത്യപ്രവാചകന്റെ ആഗമനം, ആ അന്ത്യപ്രവാചകൻ വന്നുകഴിഞ്ഞപ്പോൾ, അസൂയയും ധിക്കാരവും കൊണ്ട് റസൂൽ(സ) തിരുമേനിയെ നിഷേധിക്കുക വഴി അവർ തൗറാത്തിനെ പുറകോട്ട് വലിച്ചെറിയുകയാണ് ഫലത്തിൽ ചെയ്തിരിക്കുന്നത്.

**വചനം 102,103**

102)സുലൈമാന്റെ രാജവാഴ്ചയെപ്പറ്റി പിശാചുക്കൾ ഓതി (പ്രചരിപ്പിച്ചു) വന്നിരുന്നതിനെ അവർ പിൻപറ്റുകയും ചെയ്തു. സുലൈമാൻ അവിശ്വസിച്ചിട്ടില്ലതാനും. എങ്കിലും മനുഷ്യർക്ക് സിഹ്ർ (ആഭിചാരം) പഠിപ്പിച്ചുകൊണ്ട് പിശാചുക്കളത്രെ അവിശ്വസിച്ചത്. ബാബിലിൽ (ബാബിലോണിൽ) ഹാറൂത്തും മാറൂത്തുമെന്ന രണ്ട് മലക്കുകൾക്ക് ഇറക്കപ്പെട്ടതും (അവർ പിൻപറ്റി). (അവരാകട്ടെ), ഞങ്ങൾ ഒരു പരീക്ഷണം മാത്രമാണ്. അതിനാൽ നീ അവിശ്വസിച്ചുപോകരുത് എന്ന് പറയാതെ, ഒരാൾക്കും അവർ രണ്ടാളും പഠിപ്പിച്ചിരുന്നതുമില്ല. എന്നാൽ, മനുഷ്യന്റെയും അവന്റെ ഇണയുടെയും ഇടയിൽ ഭിന്നിപ്പിക്കുന്ന കാര്യം അവർ

وَٱتَّبَعُواْ مَا تَتۡلُواْ ٱلشَّيَٰطِينُ عَلَىٰ مُلۡكِ
سُلَيۡمَٰنَۖ وَمَا كَفَرَ سُلَيۡمَٰنُ وَلَٰكِنَّ
ٱلشَّيَٰطِينَ كَفَرُواْ يُعَلِّمُونَ ٱلنَّاسَ
ٱلسِّحۡرَ وَمَآ أُنزِلَ عَلَى ٱلۡمَلَكَيۡنِ بِبَابِلَ
هَٰرُوتَ وَمَٰرُوتَۚ وَمَا يُعَلِّمَانِ مِنۡ أَحَدٍ
حَتَّىٰ يَقُولَآ إِنَّمَا نَحۡنُ فِتۡنَةٞ فَلَا تَكۡفُرۡۖ
فَيَتَعَلَّمُونَ مِنۡهُمَا مَا يُفَرِّقُونَ بِهِۦ بَيۡنَ

ٱلْمَرْءِ وَزَوْجِهِۦ ۚ وَمَا هُم بِضَآرِّينَ بِهِۦ مِنْ أَحَدٍ إِلَّا بِإِذْنِ ٱللَّهِ ۚ وَيَتَعَلَّمُونَ مَا يَضُرُّهُمْ وَلَا يَنفَعُهُمْ ۚ وَلَقَدْ عَلِمُوا۟ لَمَنِ ٱشْتَرَىٰهُ مَا لَهُۥ فِى ٱلْـَٔاخِرَةِ مِنْ خَلَٰقٍ ۚ وَلَبِئْسَ مَا شَرَوْا۟ بِهِۦٓ أَنفُسَهُمْ ۚ لَوْ كَانُوا۟ يَعْلَمُونَ ﴿١٠٢﴾

ആ രണ്ടാളിൽനിന്നും പഠിച്ചിരുന്നു. (വാസ്തവത്തിൽ) അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ ഒരാൾക്കും തന്നെ അതുകൊണ്ട് അവർ ഉപദ്രവം വരുത്തുന്നവരല്ലതാനും. അവർക്ക് ഉപദ്രവം വരുത്തുകയും അവർക്ക് ഉപകാരം ചെയ്യാതിരിക്കുകയും ചെയ്യുന്ന കാര്യം അവർ പഠിക്കുകയും ചെയ്യും. തീർച്ചയായും, അവർ അറിഞ്ഞിട്ടുണ്ട്. അതിനെ ആർ വാങ്ങിയോ അവന് പരലോകത്തിൽ യാതൊരു ഓഹരിയും ഇല്ലെന്ന്. യാതൊന്നിന് (പകരം) അവർ തങ്ങളുടെ സ്വന്തങ്ങളെ വിറ്റു(കളഞ്ഞു)വോ അത് വളരെ ചീത്തതന്നെ. അവർ അറിഞ്ഞിരുന്നവെങ്കിൽ (നന്നായേനെ).

وَلَوْ أَنَّهُمْ ءَامَنُوا۟ وَٱتَّقَوْا۟ لَمَثُوبَةٌ مِّنْ عِندِ ٱللَّهِ خَيْرٌ ۖ لَّوْ كَانُوا۟ يَعْلَمُونَ ﴿١٠٣﴾

103. അവർ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നുവെങ്കിൽ! അല്ലാഹുവിങ്കൽ നിന്നുള്ള ഏതൊരു പ്രതിഫലവും ഏറ്റവും ഉത്തമമത്രെ. അവർ അറിഞ്ഞിരുന്നെങ്കിൽ (നന്നായേനെ).

---

ഇസ്റാഈല്യരുടെ മറ്റൊരു ദുഷ്ചെയ്തിയാണ് അല്ലാഹു ചൂണ്ടിക്കാണിക്കുന്നത്.

സുലൈമാൻ നബി(അ)യുടെ രാജവാഴ്ച കാലത്ത് അല്ലാഹുവിന്റെ അനുഗ്രഹത്തിലൂടെ ജിന്നുകൾ, പറവകൾ മുതലായവയെ കീഴ്പ്പെടുത്തുക തുടങ്ങി പല അമാനുഷിക കഴിവുകൾ അദ്ദേഹത്തിന് സിദ്ധിച്ചിരുന്നു വല്ലോ. ഇതൊക്കെ സിഹ്ർ മൂലമാണെന്നും സുലൈമാൻ(അ) ആഭിചാരവിദഗ്ധനാണെന്നും ഇസ്റാഈല്യർ ചുച്ചിച്ചുപോന്നു.

ആഭിചാരം, ക്ഷുദ്രം, ഇന്ദ്രജാലം, ചെപ്പടിവിദ്യ, വശീകരണം, ജാലവിദ്യ, കൺകെട്ട്, മാരണം എന്നീ അർഥങ്ങളിലെല്ലാം മൊത്തത്തിൽ ഉപയോഗിക്കുന്ന വാക്കാണ് സിഹ്ർ എന്നത്. മന്ത്രതന്ത്രങ്ങൾ, ജപഹോമാദികൾ, ഉറുക്ക് നറുക്കുകൾ, അക്കക്കളങ്ങൾ, രക്ഷാതകിടുകൾ, മെസ്മരിസം, ഹിപ്നോട്ടിസം, 'ഇസ്മി'ന്റെ പണി, ത്വൽസമാത്ത് മുതലായവയെല്ലാം സിഹ്റിന്റെ വിവിധ ഇനങ്ങളത്രെ. മിക്കതിലും ഭൂതം, ജിന്ന്, മലക്ക്, ദേവൻ, ദേവി, പിശാച്, മരണമടഞ്ഞവർ, നക്ഷത്രഗ്രഹങ്ങൾ എന്നിവയോടുള്ള സഹായാഭ്യാർഥനകളും അടങ്ങിയിരിക്കും. ആപത്തുകളിൽ നിന്ന് രക്ഷനേടാനും ശത്രുക്കൾക്ക് ആപത്ത് വരുത്താനും മറഞ്ഞ കാര്യങ്ങൾ അറിയാനും ആളുകളെ തമ്മിൽ പിണക്കാനും ഇണക്കാനും മരണപ്പെട്ടവരുടെ ആത്മാക്കളുമായി ബന്ധപ്പെടാനും മറ്റുമാണ് സിഹ്റിന്റെ ലക്ഷ്യങ്ങൾ. മിക്കതും പകിട്ടും മായയും മാനസികമായ ചില വിഭ്രാന്തികളുമായിരിക്കും.

മൊത്തത്തിൽ എല്ലാതരം സിഹ്റും കുറ്റകരവും വെറുക്കപ്പെട്ടതുമാണെങ്കിലും എല്ലാതരം സിഹ്റും, ശിർക്കും കുഫ്റും ആകുന്നില്ല എന്നുള്ളതാണ് വാസ്തവം. ഏതായാലും സത്യവിശ്വാസത്തിനും സത്യവിശ്വാസികൾക്കും യോജിക്കാത്തതാണ് സിഹ്റിന്റെ എല്ലാ ഇനങ്ങളുമെന്നതിൽ സംശയമില്ല.

സിഹ്റിനെക്കുറിച്ച് ഇവിടെ "സുലൈമാൻ അവിശ്വസിച്ചിട്ടില്ല. എങ്കിലും സിഹ്ർ പഠിപ്പിച്ചും കൊണ്ട് പിശാചുക്കൾ അവിശ്വസിച്ചിരിക്കുന്നു" എന്ന് അല്ലാഹു പ്രസ്താവിക്കുന്നു. സുലൈമാൻ നബി(അ)യെ വേദക്കാർ വിജ്ഞാനിയും വിദഗ്ധനുമായ ഒരു രാജാവായിട്ട് മാത്രമാണ് കാണുന്നത്. അദ്ദേഹത്തെ പ്രവാചകനായ രാജാവായി അവർ ഗണിക്കുന്നില്ല. അക്രമിയും, ധൂർത്തനും സ്വേച്ഛാധിപതിയും വിഗ്രഹാരാധകനുമൊക്കെയാണദ്ദേഹം, അവരുടെ കാഴ്ചയിൽ.

മനുഷ്യരിലും ജിന്നുകളിലും പെട്ട പിശാചുക്കൾ പ്രചരിപ്പിച്ച് വന്നതിനെയാണ് അവർ പിൻപറ്റിയത്. കൂടാതെ, മനുഷ്യരിലുള്ള പിശാചുക്കളും ജിന്നുകളിലുള്ള പിശാചുക്കളും അവരാൽ കഴിയുന്ന വിധത്തിൽ മനുഷ്യർക്ക് സിഹ്റിന്റെ വിദ്യകൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു.

തുടർന്ന് വിവരിക്കുന്ന ഹാറൂത്ത്, മാറൂത്ത് എന്നിവർ യഥാർഥ മലക്കുകളാണോ അല്ലയോ എന്നതിൽ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ملكين എന്ന വാക്കിന് രണ്ട് യഥാർഥ മലക്കുകൾ എന്നും മലക്കുകളെപ്പോലെ ശുദ്ധന്മാരായ രണ്ടു മനുഷ്യന്മാർ എന്നും ഉദ്ദേശ്യമുണ്ടെന്ന് അഭിപ്രായമുണ്ട്. ഇസ്റാഈല്യരെ അടിമകളാക്കി ബാബിലോണിലേക്ക് നാടുകടത്തിയ ബോഖ്ദ്നേസർ എന്ന രാജാവിന്റെ കാലത്താണീ

സംഭവം എന്ന് കരുതപ്പെടുന്നു. (അല്ലാഹുവിനറിയാം)

ഹാറൂത്തും മാറൂത്തും ജനങ്ങൾക്ക് ചിലതെല്ലാം പഠിപ്പിച്ചുകൊടുത്തിരുന്നു. പക്ഷേ, അത് പഠിച്ച് പ്രയോഗിക്കാനുള്ളതല്ലായിരുന്നു. അങ്ങനെ പ്രയോഗിച്ചാൽ നീ അവിശ്വാസിയാകാൻ ഇടവരും. അതു സൂക്ഷിക്കണം എന്നൊക്കെ ഉപദേശിച്ച് കൊണ്ടായിരുന്നു അവർ അത് ജനങ്ങൾക്ക് പഠിപ്പിച്ചിരുന്നതും.

ആ രണ്ടുപേരിൽ നിന്നും മനുഷ്യർ പഠിച്ചിരുന്ന അറിവിന്റെ സ്വഭാവം അല്ലാഹു വ്യക്തമാക്കുന്നു – "മനുഷ്യന്റെയും അവന്റെ ഇണയുടെയും ഇടയിൽ ഭിന്നിപ്പിക്കുന്ന ചില കാര്യങ്ങൾ". എന്നാൽ അല്ലാഹു തുടർന്ന് പറയുന്നു: "അല്ലാഹുവിന്റെ ഉത്തരവ് കൂടാതെ ഒരാൾക്കും അവർ ഉപദ്രവം വരുത്തുന്നവരല്ല". അതായത്, സിഹ്റ് ചെയ്യുന്നവന്റെ സ്വന്തം കഴിവ് കൊണ്ടല്ല അത് ഉപദ്രവമായിത്തീരുന്നത്. അത് ചെയ്യുന്നവർക്ക് അദൃശ്യമോ അമാനുഷികമോ ആയ വല്ല കഴിവും ഉള്ളതുകൊണ്ടുമല്ല. അല്ലാഹു നിശ്ചയിച്ചതും മനുഷ്യർക്ക് കണ്ടുപിടിക്കാൻ സാധിക്കാത്തതുമായ ചില രഹസ്യങ്ങളും നിലവിലുണ്ട്.

സിഹ്റ് മൂലം യാതൊരു ഗുണവും ലഭിക്കാനില്ലെന്നും അതു ദോഷം മാത്രമേ വരുത്തുകയുള്ളൂവെന്നും അത് ചെയ്യുന്നവന് പരലോകഗുണം നഷ്ടപ്പെടുമെന്നും അല്ലാഹു തുടർന്ന് ഉണർത്തുന്നു. – "അവർ തങ്ങളുടെ സ്വന്തങ്ങളെ ഏതൊന്നിന് വിറ്റുകളഞ്ഞുവോ, അത് വളരെ ചീത്തതന്നെ." തുടർന്ന് അല്ലാഹു പറയുന്നു: "അവർ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നുവെങ്കിൽ? അല്ലാഹുവിങ്കൽ നിന്നുള്ള ഏതൊരു പ്രതിഫലവും ഏറ്റവും ഉത്തമമത്രെ."

ബാബിലോണിൽ വെച്ച് ഇസ്റാഈല്യർ സിഹ്റിന്റെ പ്രവർത്തനത്തിൽ മുഴുകിയിരുന്ന ചരിത്രസംഭവം, അവർ സത്യമാർഗം വിട്ട് വ്യതിചലിച്ചുപോയ കാരണങ്ങൾ എടുത്തുപറയുന്ന കൂട്ടത്തിൽ വിവരിക്കുകയാണിവിടെ ചെയ്തിരിക്കുന്നത്. ഖുർആൻ അവതരിച്ച കാലത്തുള്ള യഹൂദികൾ ഖുർആനിന്റെ ഈ ആരോപണത്തെ എതിർക്കാനോ വിമർശിക്കാനോ കഴിയാതെ മൗനമവലംബിക്കുകയായിരുന്നു.

## വിഭാഗം 13

**വചനം 104,105**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَقُولُوا۟ رَٰعِنَا وَقُولُوا۟ ٱنظُرْنَا وَٱسْمَعُوا۟ ۗ وَلِلْكَـٰفِرِينَ عَذَابٌ أَلِيمٌ ﴿١٠٤﴾

مَّا يَوَدُّ ٱلَّذِينَ كَفَرُوا۟ مِنْ أَهْلِ ٱلْكِتَـٰبِ وَلَا ٱلْمُشْرِكِينَ أَن يُنَزَّلَ عَلَيْكُم مِّنْ خَيْرٍ مِّن رَّبِّكُمْ ۗ وَٱللَّهُ يَخْتَصُّ بِرَحْمَتِهِۦ مَن يَشَآءُ ۚ وَٱللَّهُ ذُو ٱلْفَضْلِ ٱلْعَظِيمِ ﴿١٠٥﴾

104)ഹേ, വിശ്വസിച്ചവരേ. നിങ്ങൾ റാഇനാ (ഞങ്ങളെ ഗൗനിക്കണം) എന്ന് പറയരുത്. നിങ്ങൾ ഉൻളുർനാ (ഞങ്ങളെ നോക്കണം) എന്ന് പറയുകയും (പറയുന്നത്) കേൾക്കുകയും ചെയ്യുവിൻ. അവിശ്വാസികൾക്ക് വേദനയേറിയ ശിക്ഷയുണ്ടായിരിക്കും.

105)വേദക്കാരിൽ നിന്നാകട്ടെ, ബഹുദൈവ വിശ്വാസികളിൽ നിന്നാകട്ടെ. അവിശ്വസിച്ചിട്ടുള്ളവർ ഇഷ്ടപ്പെടുന്നില്ല. നിങ്ങളുടെ രക്ഷിതാവിൽ നിന്ന് നിങ്ങൾക്ക് വല്ല ഗുണവും ഇറക്കപ്പെടുന്നത്. അല്ലാഹുവാകട്ടെ, അവൻ ഉദ്ദേശിക്കുന്നവരെ അവന്റെ കാരുണ്യംകൊണ്ട് അവൻ പ്രത്യേകമാക്കുന്നു. അല്ലാഹു മഹത്തായ അനുഗ്രഹശാലിയുമാകുന്നു.

റാഇനാ (راعنا) എന്ന വാക്കിന് "ഞങ്ങളെ ഗൗനിക്കണം" എന്നാണർഥം. അതേ വാക്കിന് വിഡ്ഢി, മൂഢൻ എന്നും ഭാഷാർഥമുണ്ട്. നബി(സ) വല്ലതും പറയുമ്പോൾ, യഹൂദികൾ ഈ വാക്ക് ആദരവും മര്യാദയും പാലിക്കുകയാണെന്ന് പുറമേക്ക് തോന്നുമാറ് റസൂലിനെ വിഡ്ഢിയെന്ന് വിളിച്ച് പരിഹസിക്കാൻ പ്രയോഗിച്ചുപോന്നിരുന്നു. 'റാഇന'യുടെ സ്ഥാനത്ത് ഞങ്ങളെ നോക്കണം, ശ്രദ്ധിക്കണം എന്നുമാത്രം അർഥമുള്ള ഉൻളുർനാ (انظرنا) എന്ന അർഥശങ്കയ്ക്കിടയില്ലാത്ത വാക്ക് ഉപയോഗിക്കാൻ സത്യവിശ്വാസികളെ ഉപദേശിക്കുക വഴി 'റാഇനാ'യിലുള്ളതുപോലെ പരിഹാസത്തിനുള്ള പഴുത് ഇല്ലാ താക്കുകയും, അത്തരം പരിഹാസവാക്കുകൾ നബി(സ)യോട് ഉപയോഗിക്കുന്നത് സത്യവിശ്വാസികൾക്ക് യോജിച്ചതല്ലെന്ന് താക്കീത് നല്കുകയും ചെയ്യുന്നു.

പ്രവാചകത്വമാകുന്ന അനുഗ്രഹവും അത് വിശ്വസിച്ച് വിജയം നേടാനുള്ള ഭാഗ്യവും അവൻ ഉദ്ദേശിച്ചവർക്ക് പ്രദാനം ചെയ്യുന്നത് വേദക്കാരിലും ബഹുദൈവവിശ്വാസികളിലും പെട്ടവർക്ക് ഇഷ്ടപ്പെടുന്നില്ല. അല്ലാഹുവാകട്ടെ അവന്റെ അനുഗ്രഹം അവന് മാത്രം അറിയാവുന്ന ചില യുക്തിരഹസ്യങ്ങളനുസരിച്ച് അവനുദ്ദേശിക്കുന്നവർക്ക് പ്രദാനംചെയ്യുന്നു.

<u>വചനം 106,107</u>

﴿ مَا نَنسَخْ مِنْ ءَايَةٍ أَوْ نُنسِهَا نَأْتِ بِخَيْرٍ مِّنْهَآ أَوْ مِثْلِهَآ ۗ أَلَمْ تَعْلَمْ أَنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١٠٦﴾

أَلَمْ تَعْلَمْ أَنَّ ٱللَّهَ لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۗ وَمَا لَكُم مِّن دُونِ ٱللَّهِ مِن وَلِىٍّ وَلَا نَصِيرٍ ﴿١٠٧﴾

106)വല്ല ആയത്തിനെയും (വചനത്തെയും) നാം നീക്കം ചെയ്യുകയോ (അഥവാ ദുർബലപ്പെടുത്തുകയോ) അതിനെ വിസ്മരിപ്പിക്കുകയോ ചെയ്യുന്നതായാൽ അതിനെക്കാൾ ഉത്തമ മായതിനെയോ അതുപോലെയുള്ളതിനെയോ നാം കൊണ്ടുവരുന്നതാണ്. നിനക്കറിഞ്ഞുകൂടേ, അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണെന്ന്!

107)നിനക്കറിഞ്ഞുകൂടേ, അല്ലാഹുവിന് തന്നെയാണ് ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധികാരമുള്ളതെന്ന്! അല്ലാഹുവിനെക്കൂടാതെ നിങ്ങൾക്ക് യാതൊരു രക്ഷാധികാരിയുമില്ല; ഒരു സഹായകനുമില്ല.

---

നസ്ഖ് (نسخ) എന്ന വാക്കിന് 'പകർത്തുക', 'നീക്കംചെയ്യുക' എന്നാണ് ഭാഷാർഥം. ഒരു മതവിധിക്ക് ആസ്പദമായ തത്വം അവസാനിക്കുമ്പോൾ ആ വിധി ദുർബലപ്പെടുത്തി, തൽസ്ഥാനത്ത് മറ്റൊരു വിധി കൊണ്ടുവരുക എന്നാണതിന്റെ വിവക്ഷ.

യഹൂദികൾ ഖുർആനെ എതിർക്കാൻ ഉപയോഗിച്ച ആരോപണങ്ങളിൽ ഒന്നിന്റെ മറുപടിയായിട്ടാണ് ഈ വചനം അവതരിച്ചത്: ഇബ്റാഹീം(അ), മൂസാ(അ) മുതലായ പ്രവാചകന്മാർക്ക് നല്കപ്പെട്ടിരുന്ന ചില ദൈവികഗ്രന്ഥങ്ങൾ അഥവാ ഏടുകൾ പിന്നീട് നിലനിറുത്തപ്പെടാതെ, ജനസ്മൃതിയിൽ നിന്നുപോലും എടുക്കപ്പെട്ടുപോയിട്ടുണ്ട്. തൗറാത്തിലെ ചില നിയമങ്ങൾ ഇൻജീലിലും, രണ്ടിലെയും ചില നിയമങ്ങൾ ഖുർആനിലും അല്ലാഹു നസ്ഖ് ചെയ്തിട്ടുണ്ട്. ഉദാ: ആദംനബി(അ)യുടെ കാലത്ത് അദ്ദേഹത്തിന്റെ പുത്രന്മാരും പുത്രിമാരും തമ്മിൽ വിവാഹബന്ധം ആകാമായിരുന്നു. അന്ന് അന്യസ്ത്രീകൾ ഉണ്ടായിരുന്നില്ല. പിന്നീട് അത് നിരോധിക്കപ്പെട്ടു.

ഇസ്റാഈല്യർക്ക് ആദ്യകാലത്ത് രണ്ട് സഹോദരിമാരെ ഒന്നിച്ച് വിവാഹം കഴിക്കാമായിരുന്നു. പിന്നീട് തൗറാത്ത് മുഖേനെ അത് ദുർബലപ്പെടുത്തി. ഇബ്റാഹീമിനോട്(അ) ഇസ്മാഈലിനെ(അ) അറുക്കാൻ ആദ്യം അല്ലാഹു കല്പിച്ചു. പിന്നീട് ഒരു ആടിനെ അറുത്താൽ മതിയെന്ന് ആ കല്പന ദുർബലപ്പെടുത്തി. പശുക്കുട്ടിയെ ആരാധിച്ച ഇസ്റാഈല്യരെ കൊല്ലാൻ ആദ്യം അല്ലാഹു കല്പിച്ചു. കുറെ പേർ കൊല്ലപ്പെട്ടപ്പോൾ കൊല നിർത്തൽ ചെയ്യാൻ കല്പിക്കപ്പെട്ടു.

മുൻകാല വേദഗ്രന്ഥങ്ങളിലെ മേൽപറഞ്ഞ 'നസ്ഖു'കളെപ്പറ്റി നന്നായി അറിയാവുന്ന യഹൂദർ, ഖിബ്ല ബൈത്തുൽ മുഖദ്ദസായിരുന്നത് മാറ്റി കഅ്ബയെ ഖിബ്ലയാക്കി സ്ഥിരപ്പെടുത്തിയ അല്ലാഹുവിന്റെ കല്പന വന്നതോടെയാണ്, അല്ലാഹുവിന് ആദ്യത്തെ വിധിയിൽ അബദ്ധംവന്നത് കൊണ്ടാണോ അവൻ തന്നെ ആ വിധി മാറ്റുന്നത് എന്ന അതിധിക്കാരപരമായ ആക്ഷേപത്തോടെ ഖുർആനിനെതിരായും നബി(സ)ക്കെതിരായും ദുഷ്പ്രചാരണമഴിച്ചുവിട്ടത്.

ഖുർആനിൽ 'നസ്ഖ്' ഉള്ളതിന് പല ഉദാഹരണങ്ങളുമുണ്ട്: ഭർത്താവ് മരണപ്പെട്ട സ്ത്രീയുടെ ഇദ്ദ കാലം ഒരു കൊല്ലമായിരുന്നത് നാലു മാസവും പത്ത് ദിവസവും ആക്കപ്പെട്ടതും, ബൈത്തുൽ മുഖദ്ദസ് ഖിബ്ലയായിരുന്നതു കഅ്ബയിലേക്ക് മാറ്റിയതും, മരണപ്പെട്ട ആളുടെ സ്വത്ത് മക്കൾക്ക് മാത്രമായിരുന്നത്, മാതാപിതാക്കൾക്കും ഭാര്യക്കും ഭർത്താവിനും മറ്റും വിവിധ തോതിലാക്കിയതും മറ്റും നസ്ഖിന് ഉദാഹരണങ്ങളത്രെ.

നസ്ഖ് സംബന്ധമായി ഇസ്റാഈല്യരുടെ ദുരുദ്ദേശ്യപരമായ ആക്ഷേപങ്ങൾക്കു അല്ലാഹു മറുപടി പറയുന്നതാണ് 106,107 വചനങ്ങൾ. ഒരു വിശദീകരണം ആവശ്യമില്ലാത്ത വിധം ആ വചനങ്ങൾ സുവ്യക്തമായ അർഥം ഉൾക്കൊള്ളുന്നതുമാണ്. അല്ലാഹുവിന്റെ രക്ഷാകർതൃത്വവും രാജാധികാരവും ഊന്നിപ്പറയുന്നതിനോടൊപ്പം അല്ലാഹുവിന്റെ തീരുമാനങ്ങളെ വിമർശിക്കുന്നവരുടെ ധിക്കാരത്തെയും അക്രമത്തെയും അല്ലാഹു താക്കീത് നല്കുകയും ചെയ്യുന്നു.

എല്ലാ കാലത്തേക്കും ദേശത്തേക്കുമുള്ള അന്ത്യപ്രവാചകനായി മുഹമ്മദ് നബി(സ) നിയമിക്കപ്പെടുകയും ലോകജനതയ്ക്കാകമാനം വേദഗ്രന്ഥമായി ഖുർആൻ അവതരിക്കുകയും ചെയ്ത സ്ഥിതിക്ക് എല്ലാവരിലും

എല്ലാ കാലത്തേക്കും പ്രായോഗികമായ സ്ഥിരപ്പെട്ട നിയമങ്ങൾ ആവശ്യമായിത്തീർന്നു. അങ്ങനെ നിലവിലുള്ള ചില നിയമങ്ങളും ആചാരാനുഷ്ഠാനങ്ങളും ഖുർആൻ വഴി 'നസ്ഖ്' ചെയ്യുകയെന്നത് അനിവാര്യമായ ഒരാവശ്യം കൂടിയായിരുന്നു. അല്ലാഹുവിന്റെ നിയമനിർമാണത്തിലുള്ള പോരായ്മയല്ല,അതിന്റെ പരിപൂർണതയാണത് കാണിക്കുന്നത്.

**വചനം 108**

أَمْ تُرِيدُونَ أَن تَسْـَٔلُوا۟ رَسُولَكُمْ كَمَا سُئِلَ مُوسَىٰ مِن قَبْلُ ۗ وَمَن يَتَبَدَّلِ ٱلْكُفْرَ بِٱلْإِيمَٰنِ فَقَدْ ضَلَّ سَوَآءَ ٱلسَّبِيلِ ﴿١٠٨﴾

108)അതല്ല, മുമ്പ് മൂസായോട് ചോദിക്കപ്പെട്ടത് പോലെ, നിങ്ങളുടെ റസൂലിനോട് ചോദിക്കുവാൻ നിങ്ങൾ ഉദ്ദേശിക്കുന്നുവോ? ആർ അവിശ്വാസത്തെ സത്യവിശ്വാസത്തിന് പകരം സ്വീകരിച്ചുവോ അവൻ തീർച്ചയായും ശരിയായ മാർഗം പിഴച്ചുപോയി.

മൂസാനബി(അ)യോട് ഇസ്റാഈല്യർ ചോദിച്ചിരുന്ന ഭോഷത്തരവും ധിക്കാരവും നിറഞ്ഞ ചോദ്യങ്ങളും അന്വേഷണങ്ങളും യഹൂദർ നബി(സ)യോടും നടത്തിയിരുന്നു. മുസ്‌ലിംകളെ അതിനവർ പ്രേരിപ്പിക്കുകയും ചെയ്തുപോന്നു. പ്രസ്തുത കാര്യത്തിൽ മിതത്വവും മര്യാദകളും പാലിക്കേണ്ടതുണ്ടെന്നും അതിരുകവിയൽ അവിശ്വാസത്തിലേക്ക് വഴിതെളിയിക്കുമെന്നും അല്ലാഹു താക്കീത്ചെയ്യുകയും ചെയ്യുന്നു.

വിവരമില്ലാത്ത കാര്യങ്ങൾ ചോദിച്ചറിയണമെന്നത് ഖുർആനിലും ഹദീസിലും പ്രത്യേകം പ്രത്സാഹിപ്പിക്കപ്പെട്ടിട്ടുണ്ട്. അതേസമയം, അനാവശ്യവും അർഥശൂന്യവുമായ ചോദ്യങ്ങൾ ചോദിക്കുന്നതും, ആവശ്യത്തിലധികം ചുഴിഞ്ഞന്വേഷണം നടത്തുന്നതും വിരോധിക്കപ്പെട്ടിരിക്കുന്നു.

**വചനം 109,110**

وَدَّ كَثِيرٌ مِّنْ أَهْلِ ٱلْكِتَٰبِ لَوْ يَرُدُّونَكُم مِّنۢ بَعْدِ إِيمَٰنِكُمْ كُفَّارًا حَسَدًا مِّنْ عِندِ أَنفُسِهِم مِّنۢ بَعْدِ مَا تَبَيَّنَ لَهُمُ ٱلْحَقُّ ۖ فَٱعْفُوا۟ وَٱصْفَحُوا۟ حَتَّىٰ يَأْتِىَ ٱللَّهُ بِأَمْرِهِۦٓ ۗ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١٠٩﴾

109)വേദക്കാരിൽ നിന്ന് അധികമാളുകളും നിങ്ങളുടെ സത്യവിശ്വാസത്തിന് ശേഷം നിങ്ങളെ അവർക്ക് അവിശ്വാസികളായി മടക്കാൻ (കഴിഞ്ഞെ)ങ്കിൽ (കൊള്ളാമായിരുന്നു) എന്ന് ആഗ്രഹിക്കുകയാണ്; അവർക്ക് യഥാർഥം വ്യക്തമായിട്ടുള്ളതിനു ശേഷം, അവരുടെ മനസ്സുകളിൽ നിന്നുള്ള അസൂയയാൽ! എന്നാൽ അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നത് വരെ നിങ്ങൾ പൊറുക്കുകയും ക്ഷമിക്കുകയും ചെയ്തു കൊള്ളുവീൻ. നിസ്സംശയം അല്ലാഹു അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു.

وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ ۚ وَمَا تُقَدِّمُوا۟ لِأَنفُسِكُم مِّنْ خَيْرٍ تَجِدُوهُ عِندَ ٱللَّهِ ۗ إِنَّ ٱللَّهَ بِمَا تَعْمَلُونَ بَصِيرٌ ﴿١١٠﴾

110)നിങ്ങൾ നമസ്കാരം നിലനിർത്തുകയും സകാത്ത് കൊടുക്കുകയും ചെയ്യുവിൻ. നിങ്ങൾ നിങ്ങളുടെ സ്വന്തങ്ങൾക്കു വേണ്ടി നന്മയായി ഏതൊന്നും മുൻകൂട്ടി ചെയ്യുന്നതെന്തും അത് അല്ലാഹുവിന്റെ അടുക്കൽ നിങ്ങൾ കണ്ടെത്തുന്നതാണ്. നിശ്ചയമായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് കണ്ടറിയുന്നവനാകുന്നു.

അല്ലാഹു സത്യവിശ്വാസികൾക്ക് നല്കുന്ന നിർദേശങ്ങളും മുന്നറിയിപ്പുമാണീ വചനങ്ങളിൽ. അവിശ്വാസികൾ നിങ്ങളെ വിശ്വാസത്തിൽ നിന്നും പിഴപ്പിച്ച് അവിശ്വാസത്തിലാക്കാൻ ശ്രമിക്കുന്നത്, അവർ നിങ്ങളുടെ ശത്രുക്കളായതുകൊണ്ടും നിങ്ങളോടുള്ള അസൂയ കൊണ്ടുമാണ്. ക്ഷമയും അവഗണനയും അവലംബിക്കാനും പ്രധാന കടമകളായ നമസ്കാരവും സകാത്തും നിലനിർത്താനും നന്മയും പുണ്യങ്ങളും ചെയ്ത് സമ്പാദിക്കാനും ഉപദേശിക്കുന്ന അല്ലാഹു, നിങ്ങൾക്ക് വഴിയെ, വിജയവും പ്രതാപവും കരഗതമാകുമെന്ന് വാഗ്ദത്തം നല്കുകയും ചെയ്യുന്നു.

**വചനം 111,112**

وَقَالُوا۟ لَن يَدْخُلَ ٱلْجَنَّةَ إِلَّا مَن كَانَ هُودًا أَوْ نَصَـٰرَىٰ ۗ تِلْكَ أَمَانِيُّهُمْ ۗ قُلْ هَاتُوا۟ بُرْهَـٰنَكُمْ إِن كُنتُمْ صَـٰدِقِينَ ﴿١١١﴾

111)അവർ (വേദക്കാർ) പറയുകയാണ്: ജൂതന്മാരോ നസ്രാണി (ക്രിസ്താനി)കളോ ആയവരല്ലാതെ സ്വർഗത്തിൽ (മറ്റാരും) പ്രവേശിക്കുന്നതേയല്ല. അതവരുടെ വ്യാമോഹങ്ങളത്രെ. (നബിയേ) പറയുക: നിങ്ങളുടെ തെളിവുകൊണ്ടുവരുവിൻ. നിങ്ങൾ സത്യവാന്മാരാണെങ്കിൽ.

بَلَىٰ مَنْ أَسْلَمَ وَجْهَهُۥ لِلَّهِ وَهُوَ مُحْسِنٌ فَلَهُۥٓ أَجْرُهُۥ عِندَ رَبِّهِۦ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿١١٢﴾

112)അങ്ങനെയല്ല, ആരൊരുവൻ, താൻ സുകൃതം ചെയ്യുന്നവനായും കൊണ്ട് തന്റെ മുഖം അല്ലാഹുവിന് കീഴ്പെടുത്തിയോ (പൂർണമായി കീഴൊതുങ്ങിയോ) അവന് തന്റെ റബ്ബിന്റെ അടുക്കൽ തന്റെ പ്രതിഫലം ഉണ്ട്. അവരുടെ മേൽ യാതൊരു ഭയവുമില്ല. അവർ വ്യസനിക്കുന്നതുമല്ല.

സ്വർഗത്തിന്റെ അവകാശികൾ തങ്ങൾ മാത്രമാണെന്നുള്ള യഹൂദികളുടെയും ക്രിസ്ത്യാനികളുടെയും വാദം, അവരുടെ വെറും വ്യാമോഹമാണെന്ന് അല്ലാഹു ഉറപ്പിച്ചുപറയുന്നു. അതോടൊപ്പം, വിഷയത്തിന്റെ യഥാർഥ നില ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. നന്മകൾ ചെയ്തുകൊണ്ട് അല്ലാഹുവിന്റെ വിധിവിലക്കുകൾക്ക് കീഴടങ്ങുന്നവരാരോ അവരാണ് സ്വർഗാവകാശികൾ. അവർക്ക് ഭയപ്പെടാനോ വ്യസനിക്കാനോ യാതൊന്നുമില്ല തന്നെ.

## വിഭാഗം 14

**വചനം 113**

وَقَالَتِ ٱلْيَهُودُ لَيْسَتِ ٱلنَّصَـٰرَىٰ عَلَىٰ شَىْءٍ وَقَالَتِ ٱلنَّصَـٰرَىٰ لَيْسَتِ ٱلْيَهُودُ عَلَىٰ شَىْءٍ وَهُمْ يَتْلُونَ ٱلْكِتَـٰبَ ۗ كَذَٰلِكَ قَالَ ٱلَّذِينَ لَا يَعْلَمُونَ مِثْلَ قَوْلِهِمْ ۚ فَٱللَّهُ يَحْكُمُ بَيْنَهُمْ يَوْمَ ٱلْقِيَـٰمَةِ فِيمَا كَانُوا۟ فِيهِ يَخْتَلِفُونَ ﴿١١٣﴾

113)ജൂതന്മാർ പറയുന്നു: നസ്രാണികൾ (ക്രിസ്ത്യാനി) ഒന്നിലുമല്ല (അവർക്ക് ഒരടിസ്ഥാനവുമില്ല ) എന്ന്. നസ്രാണികൾ പറയുന്നു: ജൂതന്മാർ ഒന്നിലുമല്ല. (അവർക്ക് ഒരടിസ്ഥാനവുമില്ല) എന്ന്. അവർ (ഇരുകൂട്ടരും) വേദഗ്രന്ഥം പാരായണം ചെയ്തുവരുന്നുതാനും. അതുപോലെ ഇവരുടെ വാക്കുപോലെ(ത്തന്നെ) അറിവില്ലാത്തവരും പറഞ്ഞിരിക്കുന്നു. എന്നാൽ, യാതൊരു കാര്യത്തിൽ അവർ ഭിന്നാഭിപ്രായത്തിലായിക്കൊണ്ടിരിക്കുന്നുവോ അതിൽ, ഖിയാമത്തുനാളിൽ അല്ലാഹു അവർക്കിടയിൽ വിധി കല്പിക്കുന്നതാണ്.

ക്രിസ്ത്യാനികൾക്ക് യാതൊരടിസ്ഥാനവും പ്രമാണവുമില്ലെന്ന് യഹൂദികളും നേരെ മറിച്ച് യഹൂദികളെപ്പറ്റി അതുപോലെ ക്രിസ്ത്യാനികളും വാദിക്കുന്നു. രണ്ടുകൂട്ടരും വേദഗ്രന്ഥം പാരായണം ചെയ്തുവരുന്നുണ്ടുതാനും. 'അറിവില്ലാത്തവർ' എന്നതുകൊണ്ടുദ്ദേശം, വേദഗ്രന്ഥങ്ങളുമായി ബന്ധപ്പെട്ടിട്ടില്ലാത്തവരെല്ലാം ഉൾപ്പെടുന്നുവെന്നതാണ്, കൂടുതൽ സ്വീകാര്യമായ വ്യാഖ്യാനം. മറ്റുള്ളവരെല്ലാം അടിസ്ഥാനമില്ലാത്തവരാണെന്ന വാദം എല്ലാ കാലത്തുമുള്ള പല സമുദായക്കാരിലും മതക്കാരിലും കാണപ്പെടുന്ന ഒരു വാദം തന്നെയാണ്.

ഖിയാമത്ത് നാളിൽ അല്ലാഹു എല്ലാവരുടെ കാര്യത്തിനും വിധി നടത്തുന്നതാണെന്ന് അല്ലാഹു തുടർന്ന് പ്രഖ്യാപിക്കുന്നു.

**വചനം 114**

114)അല്ലാഹുവിന്റെ പള്ളികളെ -അവയിൽവെച്ച് അവന്റെ നാമം സ്മരിക്കപ്പെടുന്നതിനെ- തടസ്സപ്പെടുത്തുകയും അവയുടെ ശൂന്യതയിൽ (അഥവാ അവയെ പാഴാക്കുന്നതിൽ) പരിശ്രമിക്കുകയും ചെയ്തവനെക്കാൾ അധികം അക്രമി ആരാണുള്ളത്? (അങ്ങനെയുള്ള അക്കൂട്ടർ, ഭയപ്പെട്ടവരായിക്കൊണ്ടല്ലാതെ അവർക്ക് അതിൽ പ്രവേശിക്കാവതല്ല. ഇഹലോകത്ത് അവർക്ക് അപമാനമുണ്ടായിരിക്കും; പരലോകത്ത് അവർക്ക് വമ്പിച്ച ശിക്ഷയുമുണ്ട്.

وَمَنْ أَظْلَمُ مِمَّن مَّنَعَ مَسَٰجِدَ ٱللَّهِ أَن يُذْكَرَ فِيهَا ٱسْمُهُۥ وَسَعَىٰ فِى خَرَابِهَآ ۚ أُو۟لَٰٓئِكَ مَا كَانَ لَهُمْ أَن يَدْخُلُوهَآ إِلَّا خَآئِفِينَ ۚ لَهُمْ فِى ٱلدُّنْيَا خِزْىٌ وَلَهُمْ فِى ٱلْءَاخِرَةِ عَذَابٌ عَظِيمٌ ﴿١١٤﴾

അല്ലാഹുവിനെ ആരാധിക്കാനും കീർത്തിപ്പെടുത്താനും വേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള പള്ളികളിൽ വെച്ച് അതിനനുവദിക്കാതെ, അതിനെ ശൂന്യമാക്കാൻ ശ്രമിക്കുന്നത് അക്രമങ്ങളിൽ വെച്ച് ഏറ്റവും വലിയ അക്രമമാണെന്ന് ഈ വചനത്തിൽ അറിയിക്കുന്നു. ഇഹലോകത്തിൽ അവർക്ക് അപമാനവും പരലോകത്ത് വമ്പിച്ച ശിക്ഷയും അല്ലാഹു പ്രഖ്യാപിക്കുന്നു. ഈ വചനം ലോകത്തിലെ എല്ലാ പള്ളികളെയും (അല്ലാഹുവിന്റെ പള്ളികൾ -مسجد الله) ബാധിക്കുന്നത് തന്നെയാകുന്നു.

നബി(സ)യും സ്വഹാബികളും ഉംറ കർമത്തിന്നായി പുറപ്പെട്ട് ഹുദയ്ബിയയിലെത്തിയപ്പോൾ ഖുറൈശികൾ തടഞ്ഞതും ഹുദയ്ബിയ സന്ധിയിലവസാനിച്ചതുമായ സംഭവമാണ് ഈ വചനത്തിന് പിന്നിലുള്ളതെന്നാണ് ചില പണ്ഡിതന്മാരുടെ അഭിപ്രായം. വേറെയും ചില അഭിപ്രായങ്ങളുണ്ട്.

എന്നാൽ കഴിഞ്ഞുപോയ സംഭവത്തെക്കുറിച്ചും, ഭാവിയിൽ വരാനിരിക്കുന്ന, ഇക്കാലത്ത് മുസ്ലിം സമുദായത്തിലെ തന്നെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള വൈരം നിമിത്തം നടന്നുകൊണ്ടിരിക്കുന്ന പള്ളി തടയലുകളും പള്ളി പൂട്ടിക്കലുമൊക്കെയുള്ള സംഭവങ്ങളെക്കുറിച്ചുള്ള സൂചനയാണ് പ്രസ്തുത വചനങ്ങളിലെന്നും ചില പണ്ഡിതന്മാർക്കഭിപ്രായമുണ്ട്. (الله اعلم)

**വചനം 115**

115. അല്ലാഹുവിന്റേതാണ് ഉദയസ്ഥാനവും, അസ്തമന സ്ഥാനവും. ആകയാൽ, നിങ്ങൾ എവിടേക്ക് തന്നെ തിരിഞ്ഞാലും അവിടെ അല്ലാഹുവിന്റെ മുഖം ഉണ്ടായിരിക്കും. നിശ്ചയമായും അല്ലാഹു വിശാലനാണ്, സർവജ്ഞനാണ്.

وَلِلَّهِ ٱلْمَشْرِقُ وَٱلْمَغْرِبُ ۚ فَأَيْنَمَا تُوَلُّوا۟ فَثَمَّ وَجْهُ ٱللَّهِ ۚ إِنَّ ٱللَّهَ وَٰسِعٌ عَلِيمٌ ﴿١١٥﴾

അല്ലാഹുവിന്റെ സാന്നിധ്യം ഒരു പ്രത്യേക ഭാഗത്ത് പരിമിതമായതുകൊണ്ടല്ല ഒരു സ്ഥലം ഖിബ്‌ലയാക്കി നിശ്ചയിക്കപ്പെട്ടത്. സമുദായത്തിന്റെ ഏകീകരണം, ഐക്യം തുടങ്ങിയ പല ലക്ഷ്യങ്ങളും ഉദ്ദേശിച്ചുകൊണ്ടാണത്. നബി(സ)യുടെ മക്കാ ജീവിതകാലത്ത് കഅ്ബയെ ഖിബ്‌ലയാക്കി സ്വീകരിച്ചിരുന്നു. (വിഭാഗം:17, പ്രാരംഭം നോക്കുക.) മദീനയിൽ വന്നശേഷം യഹൂദികളുടെ ഖിബ്‌ലയായിരുന്ന ബൈത്തുൽ മുഖദ്ദസ് ഖിബ്‌ലയായി സ്വീകരിച്ചു. പിന്നീട് അത് നസ്ഖ് ചെയ്യപ്പെടുകയും (പതിനാറോ പതിനേഴോ മാസങ്ങൾക്കു ശേഷം) വീണ്ടും കഅ്ബ ഖിബ്‌ലയാക്കി കല്പിക്കപ്പെടുകയും ചെയ്തു. ഈ മാറ്റങ്ങൾ യഹൂദികൾ, മുസ്ലിംകളിൽ ആശയക്കുഴപ്പമുണ്ടാക്കാൻ ഒരായുധമാക്കുകയും ചെയ്തു. ഇതിനെല്ലാം മറുപടിയായിക്കൊണ്ടുള്ളതാണ് ഈ വചനം.

'അല്ലാഹുവിന്റെ മുഖം', 'അല്ലാഹുവിന്റെ കൈ' എന്നൊക്കെ ഖുർആനിലോ ഹദീസിലോ പ്രയോഗിച്ചു കാണുമ്പോൾ അതിനൊന്നും സ്വന്തമായി വ്യാഖ്യാനങ്ങൾ നല്കാതെ, "വാക്കിന്റെ അർത്ഥം നമുക്കറിയാം, അതിന്റെ യാഥാർഥ്യം എന്താണെന്ന് നമുക്കറിഞ്ഞുകൂടാ -അല്ലാഹുവിന്നറിയാം" എന്ന് കരുതി വിട്ടേക്കുകയാണ് കൂടുതൽ സുരക്ഷിതമായ മാർഗം എന്നാണ് പണ്ഡിതമതം.

**വചനം 116,117**

وَقَالُوا۟ ٱتَّخَذَ ٱللَّهُ وَلَدًا ۗ سُبْحَـٰنَهُۥ ۖ بَل لَّهُۥ مَا فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ كُلٌّ لَّهُۥ قَـٰنِتُونَ ﴿١١٦﴾

116) അവർ പറയുന്നു: അല്ലാഹു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു എന്ന്! (ഹാ), അവൻ മഹാപരിശുദ്ധൻ. (അങ്ങനെയല്ല;) പക്ഷേ, അവന്നത്രെ ആകാശങ്ങളിലും ഭൂമിയിലുമുള്ളത് (ഒക്കെയും). എല്ലാവരും അവന് കീഴൊതുങ്ങിയവരാണ്.

بَدِيعُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ وَإِذَا قَضَىٰٓ أَمْرًا فَإِنَّمَا يَقُولُ لَهُۥ كُن فَيَكُونُ ﴿١١٧﴾

117) ആകാശങ്ങളെയും ഭൂമിയെയും മാതൃകയില്ലാതെ നിർമിച്ചവനത്രെ (അവൻ). അവൻ ഒരു കാര്യം (വേണമെന്ന്) തീരുമാനിച്ചാൽ ഉണ്ടാകുക എന്ന് അതിനോട് പറയുകയേ വേണ്ടൂ, അത് ഉണ്ടാകുന്നതാണ്.

---

അല്ലാഹുവിന് സന്താനങ്ങളുണ്ടെന്ന് വാദിക്കുന്ന കക്ഷികൾ പലതുണ്ട്. ക്രിസ്ത്യാനികൾ പറയുന്നു, ഈസാ(അ) ദൈവപുത്രനാണെന്ന്. യഹൂദികൾ ഉസൈർ(അ) ദൈവപുത്രനാണെന്ന് പറയുന്നവരാകുന്നു. മലക്കുകൾ അല്ലാഹുവിന്റെ പുത്രിമാരാണെന്ന് അറേബ്യൻ മുശ്‌രിക്കുകൾ വാദിച്ചുപോന്നു.

അല്ലാഹുവിന്റെ മഹിതമഹത്വത്തിനും പരമപരിശുദ്ധതയ്ക്കും നിരക്കാത്തതും അവന് വളരെയേറെ ക്രോധകരവുമായ ഈ വാദത്തിന്റെ പൊള്ളത്തരം വ്യക്തമാക്കുന്ന അല്ലാഹുവിനെക്കുറിച്ചുള്ള ചില യാഥാർഥ്യങ്ങൾ ഈ വചനങ്ങളിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

1). അവൻ മഹാപരിശുദ്ധൻ: സൃഷ്ടിഗുണങ്ങളിൽ നിന്നെല്ലാം പരമപരിശുദ്ധനാണവനെന്നിരിക്കെ, സൃഷ്ടികളെപ്പോലെ അവന് മക്കളുണ്ടാകുന്നത് എങ്ങനെയാണ്?

2). ആകാശഭൂമികളിലുള്ളതെല്ലാം അവന്റേതാണ്: സ്രഷ്ടാവും ഉടമയും നിയന്താവും അവൻ തന്നെ. അതിലൊന്നും, അവന് യാതൊരു പങ്കുകാരുമില്ല. അവന്റെ സൃഷ്ടികളിൽ ചിലത് തന്നെ, അവന്റെ സന്താനങ്ങളാകുകയോ.

3). എല്ലാവരും അവന് കീഴൊതുങ്ങിയവരാണ്: എല്ലാവരും അവന്റെ നിയമവ്യവസ്ഥയ്ക്കും പ്രകൃതിചട്ടങ്ങൾക്കും ഉദ്ദേശ്യങ്ങൾക്കും വിധേയരാണെന്നിരിക്കെ, ചിലർ മാത്രം അവന്റെ സന്തതിസ്ഥാനത്തേക്കും അവന്റെ തുല്യതയിലേക്കും എങ്ങനെയാണ് എത്തിച്ചേരുക?

4). ആകാശഭൂമികളെ മാതൃകകൂടാതെ സൃഷ്ടിച്ചുണ്ടാക്കിയവനാണവൻ: ശുദ്ധശൂന്യതയിൽ നിന്നാണവൻ എല്ലാം സൃഷ്ടിച്ചുണ്ടാക്കിയത്. അവൻ നിർമിച്ചുണ്ടാക്കിയതല്ലാതെ, അവനിൽ ജനിച്ചതായി ഒന്നുമില്ല. അവൻ മറ്റൊന്നിൽ നിന്ന് ജനിച്ചതുമല്ല. അവന് തുല്യമായി ഒന്നുമില്ല.

5). അവൻ ഒരു കാര്യം ഉണ്ടാകണമെന്ന് തീരുമാനിച്ചാൽ 'ഉണ്ടാകുക' എന്നു പറയുകയേ വേണ്ടൂ, അത് ഉണ്ടാകുന്നതാണ്.

---

**വചനം 118**

وَقَالَ ٱلَّذِينَ لَا يَعْلَمُونَ لَوْلَا يُكَلِّمُنَا ٱللَّهُ أَوْ تَأْتِينَآ ءَايَةٌ ۗ كَذَٰلِكَ قَالَ ٱلَّذِينَ مِن قَبْلِهِم مِّثْلَ قَوْلِهِمْ ۘ تَشَـٰبَهَتْ قُلُوبُهُمْ ۗ قَدْ بَيَّنَّا ٱلْـَٔايَـٰتِ لِقَوْمٍ يُوقِنُونَ ﴿١١٨﴾

118) അറിഞ്ഞുകൂടാത്തവർ പറയുന്നു: "അല്ലാഹു ഞങ്ങളോട് സംസാരിക്കുകയോ അല്ലെങ്കിൽ ഞങ്ങൾക്ക് വല്ല ദൃഷ്ടാന്തവും വരുകയോ ചെയ്തുകൂടേ?! (എന്ത് കൊണ്ട് അതൊന്നും ഉണ്ടാകുന്നില്ല!)" അതുപോലെ, ഇവർ പറഞ്ഞതുപോലെ(ത്തന്നെ) ഇവരുടെ മുമ്പുള്ളവരും പറഞ്ഞിരിക്കുന്നു. അവരുടെ (ഇരുകൂട്ടരുടെയും) ഹൃദയങ്ങൾ പരസ്പരം സാദൃശ്യമായിരിക്കുകയാണ്. ദൃഢമായി വിശ്വസിക്കുന്ന ജനങ്ങൾക്ക് നാം ദൃഷ്ടാന്തങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്.

മുൻകാലങ്ങളിൽ ഇസ്റാഈല്യരും മറ്റും അവരുടെ പ്രവാചകന്മാരോട് പറഞ്ഞിരുന്നതുപോലെ അറബി മുശ്‌രിക്കുകൾ പറയുമായിരുന്നു: "മുഹമ്മദേ, അല്ലാഹുവിന് നിന്നിലൂടെയല്ലാതെ, എന്തുകൊണ്ട് ഞങ്ങളോട് നേരിട്ടും സംസാരിച്ചുകൂടാ. വല്ല പ്രത്യക്ഷ ദൃഷ്ടാന്തങ്ങളും എന്തുകൊണ്ട് ഞങ്ങൾക്ക് കാട്ടിത്തന്നുകൂടാ."

എന്നാൽ ഇവരും ഇവരുടെ മുമ്പുള്ളവരും ഇമ്മാതിരി ആവശ്യങ്ങൾ പുറപ്പെടുവിക്കുന്നത് ദൃഷ്ടാന്തങ്ങളും തെളിവുകളും കണ്ട് സംശയം തീർക്കാനോ സത്യം ഗ്രഹിക്കാനോ വേണ്ടിയല്ല- അതിനായിരുന്നുവെങ്കിൽ വേണ്ടത്ര ദൃഷ്ടാന്തങ്ങളും ലക്ഷ്യങ്ങളും അവർക്ക് നല്കിക്കഴിഞ്ഞിട്ടുണ്ട് എന്ന് അല്ലാഹു പറയുന്നു.

**വചനം 119**

119)നിശ്ചയമായും, നിന്നെ നാം സന്തോഷവാർത്ത അറിയിക്കുവാനും, താക്കീത് നല്കുന്നവനുമായിക്കൊണ്ട് യഥാർഥവുമായി അയച്ചിരിക്കുകയാണ്. കത്തിജ്വലിക്കുന്ന നരകത്തിന്റെ ആൾക്കാരെപ്പറ്റി നിന്നോട് ചോദിക്കപ്പെടുകയില്ല.

إِنَّآ أَرۡسَلۡنَٰكَ بِٱلۡحَقِّ بَشِيرٗا وَنَذِيرٗاۖ وَلَا تُسۡـَٔلُ عَنۡ أَصۡحَٰبِ ٱلۡجَحِيمِ ١١٩

പ്രവാചകന്മാരുടെ പ്രബോധനത്തിന്റെ രണ്ട് വശങ്ങളാണ് സത്യമാർഗം സ്വീകരിക്കുന്നതിനാൽ ലഭിക്കുന്ന നേട്ടങ്ങളെയും പുണ്യഫലങ്ങളെയും കുറച്ചുള്ള സന്തോഷവാർത്ത അറിയിക്കുകയെന്നതും സ്വീകരിക്കാത്തവർക്ക് ലഭിക്കാനിരിക്കുന്ന ഭവിഷ്യത്തുകളെയും ശിക്ഷകളെയും കുറിച്ച് താക്കീത് നല്കുകയെന്നതും.

ഏതുമാർഗം സ്വീകരിക്കണമെന്നത് ഓരോ വ്യക്തിയുടെയും നിശ്ചയമാകുന്നു. അതിൽ നബിമാർക്ക് ബാധ്യതയില്ല, അവരോട് ചോദിക്കപ്പെടുകയുമില്ല.

**വചനം 120,121**

120)യഹൂദികളാകട്ടെ, നസ്രാണി (ക്രിസ്ത്യാനി)കളാകട്ടെ. അവരുടെ (നടപടി) മാർഗത്തെ നീ പിൻപറ്റുന്നത് വരെയും നിന്നെക്കുറിച്ച് തൃപ്തിപ്പെടുകയില്ല തന്നെ. പറയുക: നിശ്ചയമായും അല്ലാഹുവിന്റെ മാർഗദർശനമത്രെ മാർഗദർശനം. നീ (എങ്ങാനും) അറിവിൽ നിന്നും നിനക്ക് വന്നുകിട്ടിയതിന് ശേഷം അവരുടെ ഇച്ഛകളെ പിൻപറ്റിയെങ്കിൽ. നിനക്ക് അല്ലാഹുവിങ്കൽ നിന്ന് യാതൊരു രക്ഷകനുമില്ല. യാതൊരു സഹായകനുമില്ല.

وَلَن تَرۡضَىٰ عَنكَ ٱلۡيَهُودُ وَلَا ٱلنَّصَٰرَىٰ حَتَّىٰ تَتَّبِعَ مِلَّتَهُمۡۗ قُلۡ إِنَّ هُدَى ٱللَّهِ هُوَ ٱلۡهُدَىٰۗ وَلَئِنِ ٱتَّبَعۡتَ أَهۡوَآءَهُم بَعۡدَ ٱلَّذِي جَآءَكَ مِنَ ٱلۡعِلۡمِ مَا لَكَ مِنَ ٱللَّهِ مِن وَلِيّٖ وَلَا نَصِيرٍ ١٢٠

121)യാതൊരു കൂട്ടർ, അവർക്ക് നാം വേദഗ്രന്ഥം നല്കി അവരത് പാരാണയമുറപ്രകാരം പാരായണം ചെയ്തുവരുന്നുവോ, അക്കൂട്ടർ അതിൽ വിശ്വസിക്കുന്നവരാണ്. ആർ അതിൽ അവിശ്വസിക്കുന്നുവോ, അക്കൂട്ടർ തന്നെയാണ് നഷ്ടക്കാർ.

ٱلَّذِينَ ءَاتَيۡنَٰهُمُ ٱلۡكِتَٰبَ يَتۡلُونَهُۥ حَقَّ تِلَاوَتِهِۦٓ أُوْلَٰٓئِكَ يُؤۡمِنُونَ بِهِۦۗ وَمَن يَكۡفُرۡ بِهِۦ فَأُوْلَٰٓئِكَ هُمُ ٱلۡخَٰسِرُونَ ١٢١

യഹൂദികളും ക്രിസ്ത്യാനികളും തെളിവുകൾ പോരാത്തതുകൊണ്ടല്ല നബി(സ)യിൽ വിശ്വസിക്കാത്തത്; എന്നാൽ അവർ സ്വീകരിച്ചുവരുന്ന നടപടിമാർഗങ്ങൾ നബി(സ) സ്വീകരിക്കുന്നില്ലെന്നുള്ള ഏക കാരണം കൊണ്ടാണ്. "നിശ്ചയമായും അല്ലാഹുവിന്റെ മാർഗദർശനമത്രെ മാർഗദർശനം" എന്ന് നബി(സ)യെ അല്ലാഹു പഠിപ്പിക്കുന്നു.

വേദക്കാരുടെയല്ല, ആരുടെയും ഇച്ഛകൾകക്കോ തന്നിഷ്ടങ്ങൾക്കോ നബി(സ) വഴങ്ങുകയില്ലെന്ന് തീർച്ചയാണെന്നിരിക്കെ, "അങ്ങനെ നീ പിൻപറ്റിയാൽ അല്ലാഹുവിങ്കൽ നിന്ന് നിനക്ക് യാതൊരു രക്ഷകനുമില്ല, യാതൊരു സഹായകനുമില്ല" എന്ന കഠിനസ്വരത്തിലെ താക്കീതിനെക്കുറിച്ച് വല്ലവർക്കും സംശയം തോന്നിയേക്കാം. നബി(സ) നിങ്ങളുടെ ഇച്ഛക്ക് വഴിപ്പെടുമെന്നുള്ള വ്യാമോഹം നിങ്ങൾക്ക് വേണ്ടാ എന്ന് വേദക്കാരെ നിരാശപ്പെടുത്തലും സത്യവിശ്വാസികൾക്ക് പൊതുവെയുള്ള ഒരു താക്കീതുമാണ് അതിന്റെ താല്പര്യം.

വേദഗ്രന്ഥം പാരായണം ചെയ്യുന്നത് പാരായണ മുറപ്രകാരം ആയിരിക്കുക എന്നത് വളരെ ശ്രദ്ധാർഹമാകുന്നു. മുസ്‌ലിം സമുദായത്തെ ബാധിച്ചുകൊണ്ടിരിക്കുന്ന എല്ലാ അധ:പതനങ്ങൾക്കും കാരണം, മുസ്‌ലിംകൾ ഖുർആൻ പാരായണം ചെയ്യാത്തതുകൊണ്ടല്ല- അത് അതിന്റെ മുറപ്രകാരമല്ലാത്തുകൊണ്ടാണ്. അർഥവും ആശയവും മനസ്സിലാക്കി അതിലെ വിധിവിലക്കുകളും ഉപദേശനിർദേശങ്ങളും അപ്പടി സ്വീകരിച്ച് അതിന്റെ അധ്യയനങ്ങൾക്ക് മുന്നിൽ, സ്വന്തം താല്പര്യങ്ങളും അഭിപ്രായങ്ങളും ബലികഴിക്കാനുള്ള മനസ്സാന്നിധ്യത്തോടെ ഖുർആൻ പാരായണം ചെയ്താൽ, ഖുർആനിൽ അചഞ്ചലമായി വിശ്വസിക്കുകയും തദ്വാരാ ഇഹത്തിലും പരത്തിലും വിജയികളായിത്തീരുകയും ചെയ്യും. അല്ലാത്ത കൂട്ടർ നഷ്ടക്കാർ തന്നെ.

**വിഭാഗം 15**

**വചനം 122,123**

يَـٰبَنِىٓ إِسْرَٰٓءِيلَ ٱذْكُرُوا۟ نِعْمَتِىَ ٱلَّتِىٓ أَنْعَمْتُ عَلَيْكُمْ وَأَنِّى فَضَّلْتُكُمْ عَلَى ٱلْعَـٰلَمِينَ ﴿١٢٢﴾

وَٱتَّقُوا۟ يَوْمًا لَّا تَجْزِى نَفْسٌ عَن نَّفْسٍ شَيْـًٔا وَلَا يُقْبَلُ مِنْهَا عَدْلٌ وَلَا تَنفَعُهَا شَفَـٰعَةٌ وَلَا هُمْ يُنصَرُونَ ﴿١٢٣﴾

122)ഹേ, ഇസ്റാഈൽ സന്തതികളേ, ഞാൻ നിങ്ങൾക്ക് ചെയ്തുതന്നിട്ടുള്ള എന്റെ അനുഗ്രഹം നിങ്ങൾ ഓർക്കുവിൻ. ഞാൻ നിങ്ങളെ (മറ്റുള്ള) ലോകരെക്കാൾ ശ്രേഷ്ഠരാക്കിയതും (ഓർക്കുവിൻ).

123)ഒരു (വമ്പിച്ച) ദിവസത്തെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ. (അന്ന്) ഒരു ദേഹവും ഒരു ദേഹത്തിനും (അഥവാ ഒരാൾ ഒരാൾക്കും) ഒട്ടും ഉപകരിക്കുന്നതല്ല. അതിൽ (അഥവാ ഒരാളിൽ) നിന്നും ഒരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടുകയുമില്ല; അതിന് (അഥവാ ഒരാൾക്കും) ഒരു ശുപാർശയും പ്രയോജനം ചെയ്കയുമില്ല. അവർ സഹായിക്കപ്പെടുകയുമില്ല. (അങ്ങനെയുള്ള ഒരു ദിവസം).

ഇതേ പ്രകാരത്തിലുള്ള മുമ്പ് കഴിഞ്ഞുപോയിട്ടുള്ള രണ്ട് വചനങ്ങളും (47,48) അവയുടെ വ്യാഖ്യാനങ്ങളും ഓർക്കുക. ഇസ്റാഈല്യർക്ക് അല്ലാഹു നല്കിയ അനുഗ്രഹങ്ങളെ ഓർമിപ്പിച്ചുകൊണ്ട് അവരോട് സത്യവിശ്വാസത്തിലേക്ക് മടങ്ങാനും ഇല്ലാത്ത പക്ഷം നേരിടേണ്ട ആ വമ്പിച്ച ദിവസത്തെ ഭവിഷ്യത്തുകളെക്കുറിച്ച് ജാഗരൂകരായിരിക്കാനും ആവർത്തിച്ചുണർത്തുകയാണിവിടെ.

**വചനം 124**

۞ وَإِذِ ٱبْتَلَىٰٓ إِبْرَٰهِـۧمَ رَبُّهُۥ بِكَلِمَـٰتٍ فَأَتَمَّهُنَّ ۖ قَالَ إِنِّى جَاعِلُكَ لِلنَّاسِ إِمَامًا ۖ قَالَ وَمِن ذُرِّيَّتِى ۖ قَالَ لَا يَنَالُ عَهْدِى ٱلظَّـٰلِمِينَ ﴿١٢٤﴾

124)ഇബ്റാഹീമിനെ അദ്ദേഹത്തിന്റെ റബ്ബ് ചില വാക്കുകൾ (കല്പനകൾ) മൂലം പരീക്ഷണം നടത്തിയ സന്ദർഭം (ഓർക്കുക). എന്നിട്ട്, അദ്ദേഹം അവ പൂർത്തിയാക്കി (നിർവഹിച്ചു). അവൻ പറഞ്ഞു: ഞാൻ നിന്നെ മനുഷ്യർക്ക് നേതാവാക്കുകയാണ്. അദ്ദേഹം പറഞ്ഞു: എന്റെ സന്തതികളിൽ നിന്നും (നേതാക്കളെ ഉണ്ടാക്കേണമേ). അവൻ പറഞ്ഞു: എന്റെ കരാറ് (അഥവാ വാഗ്ദത്തം) അക്രമികൾക്ക് ബാധകമാകുകയില്ല.

ഇബ്റാഹീം നബി(അ)യെ ചില കല്പനകൾ മുഖേന അല്ലാഹു പരീക്ഷണം നടത്തിയെന്നത് കൊണ്ടുദ്ദേശിക്കുന്നത് ഇസ്മാഈലിനെ(അ) ബലിയർപ്പിക്കാനുള്ള സംഭവമായിരുന്നെന്നും തൗഹീദിന്റെ ദൗത്യനിർവഹണത്തിലുള്ള ത്യാഗപരിശ്രമങ്ങളായിരുന്നെന്നും ഇസ്‌ലാമിന്റെ അനുഷ്ഠാനപരമായ ചില നടപടികളായിരുന്നെന്നും അതല്ല, ഇതെല്ലാം കൂടിയായിരുന്നെന്നും വിവക്ഷയുണ്ട്. അദ്ദേഹമത് പൂർണമായും നിർവഹിക്കുകയും ചെയ്തു.

ഇമാം (إمام) എന്നാൽ പിന്തുടരപ്പെടുന്ന ആൾ. അഥവാ നേതാവ് എന്നർഥം. നേതാവ് അനുയായികൾക്ക് മാതൃകയായിരിക്കണം. ഇബ്റാഹീമിന്(അ) ശേഷമുള്ള എല്ലാ പ്രവാചകന്മാരും അവരുടെ സമുദായങ്ങളും, മനുഷ്യർക്കുനേതാവായ അദ്ദേഹത്തിന്റെ മാതൃക പിൻപറ്റാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു.

അദ്ദേഹത്തെ നേതാവാക്കുന്നുവെന്ന് അല്ലാഹു അറിയിച്ചപ്പോൾ എന്റെ സന്തതികളിലും നേതാക്കളെ ഉണ്ടാക്കണേ എന്ന് അദ്ദേഹം അല്ലാഹുവിനോട് പ്രാർഥിച്ചു. ഭൗതികമായ നേതൃത്വപദവിയായിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. തൗഹീദും സന്ദേശങ്ങളും പ്രബോധനംചെയ്യുന്ന ത്യാഗനിർഭരമായ നേതൃത്വമായിരുന്നു. (സകരിയ്യ(അ)യും, മൂസാ(അ)യും ഇത്തരം പ്രാർഥനകൾ നടത്തിയിരുന്നതായി ഖുർആനിൽ വിവരിക്കുന്നുണ്ട്.)

അല്ലാഹു ഇബ്റാഹീമിന്റെ(അ) ആ പ്രാർഥന സ്വീകരിക്കുകയും ഇസ്മാഈൽ(അ), ഇസ്ഹാഖ്(അ) എന്നീ പ്രവാചകരായ മക്കളെ വാർധക്യകാലത്ത് അദ്ദേഹത്തിന് പ്രദാനംചെയ്യുകയും ചെയ്തു. "എന്റെ കരാർ അക്രമികൾക്ക് ബാധകമാകുകയില്ല" എന്ന അല്ലാഹുവിന്റെ പ്രസ്താവനയിലൂടെ തന്റെ സന്താനപരമ്പരയിൽ പെട്ടവരെല്ലാം തന്നെ നല്ലവരായിരിക്കണമെന്നില്ലെന്നും അവരിൽ അക്രമികൾ ഉണ്ടായിരിക്കാമെന്നുമുള്ള ഒരു മുന്നറിയിപ്പ് അല്ലാഹു നൽകുന്നു.

---

**വചനം 125**

وَإِذْ جَعَلْنَا ٱلْبَيْتَ مَثَابَةً لِّلنَّاسِ وَأَمْنًا
وَٱتَّخِذُوا۟ مِن مَّقَامِ إِبْرَٰهِـۧمَ مُصَلًّى ۖ
وَعَهِدْنَآ إِلَىٰٓ إِبْرَٰهِـۧمَ وَإِسْمَـٰعِيلَ أَن
طَهِّرَا بَيْتِىَ لِلطَّآئِفِينَ وَٱلْعَـٰكِفِينَ
وَٱلرُّكَّعِ ٱلسُّجُودِ ﴿١٢٥﴾

125)(ആ) വീട്ടിനെ (കഅ്ബയെ) നാം മനുഷ്യർക്ക് ഒരു സങ്കേതവും ഒരു നിർഭയ(സ്ഥാന)വും ആക്കിവെച്ച സന്ദർഭം (ഓർക്കുക). മഖാമു ഇബ്റാഹീമിൽ (ഇബ്റാഹീം നിന്ന സ്ഥാനത്തിൽ) നിന്നും ഒരു നമസ്കാര സ്ഥാനം നിങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുവിൻ. ഇബ്റാഹീമിനും ഇസ്മാഈലിനും നാം കല്പന കൊടുക്കുകയും ചെയ്തിരിക്കുന്നു. ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്കും ഭജനമിരിക്കുന്നവർക്കും സാഷ്ടാംഗം കുമ്പിട്ട് നമസ്കരിക്കുന്നവർക്കും വേണ്ടി നിങ്ങൾ രണ്ടാളും എന്റെ വീടിനെ ശുദ്ധമാക്കണമെന്ന്.

---

കഅ്ബയെ ഒരു നിർഭയ സങ്കേതമാക്കിയെന്നത്, അല്ലാഹുവിൽ നിന്ന് പാപമോചനം തേടിച്ചെല്ലുന്നവർക്കെന്ന പോലെ ശത്രുക്കളിൽ നിന്നും അഭയം തേടിയെത്തുന്നവർക്കും ബാധകമാകുന്നു. കഅ്ബയുടെ പരിസരപ്രദേശമായ ഹറമിൽ വച്ച് ആരെയും കൈയേറ്റം ചെയ്യാനോ ശിക്ഷാനടപടികൾ എടുക്കാനോ പാടില്ലാത്തതാകുന്നു. ഹറമിന്റെ അതിർത്തിക്കുള്ളിൽ വെച്ച് ജന്തുക്കളെ വേട്ടയാടാനോ മരങ്ങളും ചെടികളും മുറിച്ചുകളയാനോ പാടില്ല. ജാഹിലിയ്യാ കാലത്തെ കലഹപ്രിയരായ അറബികൾ പോലും ഈ നിബന്ധനകൾ പാലിച്ചുപോന്നിരുന്നു.

മഖാം ഇബ്റാഹീം- ഇബ്റാഹീം നിന്ന സ്ഥലം എന്ന് വാർക്കർഥം- എന്നതുകൊണ്ടുദ്ദേശിക്കുന്നത്, കഅ്ബയുടെ വാതിലിന് മുൻവശത്ത് വാതിലിനെ അഭിമുഖീകരിച്ച് നിൽക്കുന്നവരുടെ അല്പം വലതുഭാഗത്തായി സ്ഥിതിചെയ്യുന്ന പ്രസിദ്ധമായ കല്ലാണ് എന്നത്രെ പണ്ഡിതമതം. കഅ്ബാ പ്രദക്ഷിണം (ത്വവാഫ്) കഴിഞ്ഞാലുടൻ മഖാമ് ഇബ്റാഹീമിന്റെ പിന്നിൽ നിന്നുകൊണ്ട് രണ്ട് റക്അത്ത് നമസ്കരിക്കുകയെന്നത് എല്ലാവരും ആചരിച്ചുപോരുന്ന പ്രബലമായ സുന്നത്താകുന്നു.

കഅ്ബ പടുത്തുയർത്താൻ വേണ്ടി ഇബ്റാഹീമിന്(അ) ചവിട്ടിനിൽക്കാൻ ഇസ്മാഈൽ(അ) കൊണ്ടുവന്നതും ഇബ്റാഹീമിന്റെ(അ) പാദമുദ്രകൾ പതിഞ്ഞതുമായ കല്ലാണ് മഖാമ് ഇബ്റാഹീം. കാലക്രമത്തിൽ കല്പനയ്ക്ക് വിപരീതമായി ജനങ്ങളത് തൊട്ടുതടവി ഇബ്റാഹീമിന്റെ(അ) മടമ്പിന്റെയും വിരലുകളുടെയും കാലടികളുടെയും അടയാളങ്ങൾ തേഞ്ഞുമാഞ്ഞുപോകുകയുണ്ടായി.

'മഖാമ്' ഇബ്റാഹീമിന്റെ അടുത്ത് ഒരു നമസ്കാരസ്ഥാനം സ്വീകരിച്ചെങ്കിൽ എന്ന ഉമറിന്റെ(റ) ആഗ്രഹത്തോട് യോജിച്ചാണ് 'മഖാമ്' ഇബ്റാഹീമിൽ നിന്നും നിങ്ങൾ ഒരു നമസ്കാരസ്ഥാനം സ്വീകരിച്ചുകൊള്ളുവിൻ' എന്ന ഖുർആൻ വാക്യം അവതീർണമായത്. ജാഹിലിയ്യാ അറബികൾ കല്ലുകളെ ആരാധിക്കുന്നതിൽ പ്രസിദ്ധരായിരുന്നുവെങ്കിലും, മഖാമ് ഇബ്റാഹീമിനെയും ഹജറുൽ അസ്വദിനെയും ആരാധിച്ചിരുന്നതായി

അറിയുന്നില്ല. അതേസമയം ആ രണ്ടു കല്ലുകളെയും അവർ ബഹുമാനിച്ചിരുന്നു.

"എന്റെ വീട്" എന്ന് കഅ്ബയെ ഉദ്ദേശിച്ച് അല്ലാഹു പറഞ്ഞതിലൂടെ ആ പരിശുദ്ധാലയത്തിന് അല്ലാഹു കല്പിച്ച ഉന്നതസ്ഥാനമാണ് വ്യക്തമാകുന്നത്.

കഅ്ബയെ ഏഴു പ്രാവശ്യം പ്രദക്ഷിണം ചെയ്യുന്ന 'ത്വവാഫ്' കർമം ഹജ്ജിലും ഉംറയിലും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. മറ്റു പള്ളികളിൽ പ്രവേശിക്കുന്നവർ രണ്ട് റക്അത്ത് തഹിയ്യത്ത് (ഉപചാരനമസ്കാരം) നിർവഹിക്കാൻ നിർദേശിക്കപ്പെട്ടിട്ടുള്ളതുപോലെ, മസ്ജിദുൽ ഹറാം പള്ളിയിൽ പ്രവേശിക്കുന്നവർ അതിന്റെ സ്ഥാനത്ത് ത്വവാഫ് കർമം ചെയ്യാൻ നിർദേശിക്കപ്പെട്ടിരിക്കുന്നു. 'എന്റെ വീടിനെ ശുദ്ധമാക്കണം' എന്ന് ഇബ്റാഹീമിനോടും(അ) ഇസ്മാഈലിനോടും(അ) അല്ലാഹു നിർദേശിച്ചത്, വിഗ്രഹങ്ങൾ, ശിർക്ക്പരമായ ആരാധനകൾ, മ്ലേച്ഛതകൾ, തോന്നിവാസങ്ങൾ, സഭ്യമല്ലാത്ത സംസാരങ്ങൾ, മാലിന്യങ്ങൽ, അക്രമങ്ങൾ ആദിയായവയിൽനിന്നെല്ലാം ആ പരിശുദ്ധാലയം ശുദ്ധമായിരിക്കണമെന്നാണ്.

---

**വചനം 126**

وَإِذْ قَالَ إِبْرَٰهِـۧمُ رَبِّ ٱجْعَلْ هَـٰذَا بَلَدًا ءَامِنًا وَٱرْزُقْ أَهْلَهُۥ مِنَ ٱلثَّمَرَٰتِ مَنْ ءَامَنَ مِنْهُم بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ ۖ قَالَ وَمَن كَفَرَ فَأُمَتِّعُهُۥ قَلِيلًا ثُمَّ أَضْطَرُّهُۥٓ إِلَىٰ عَذَابِ ٱلنَّارِ ۖ وَبِئْسَ ٱلْمَصِيرُ ﴿١٢٦﴾

126)ഇബ്റാഹീം പറഞ്ഞ സന്ദർഭം (ഓർക്കുക): എന്റെ റബ്ബേ, നീ ഇതൊരു നിർഭയമായ രാജ്യമാക്കുകയും അതിലെ ആൾക്കാർക്ക് ഫലവർഗങ്ങളിൽ നിന്നും ആഹാരം നല്കുകയും വേണമേ. (അതെ) അവരിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചവർക്ക് (ആഹാരവും നല്കേണമേ). അവൻ പറഞ്ഞു: അവിശ്വസിച്ചവനും (ആഹാരം നല്കുന്നതാണ്). എന്നാൽ അവനെ ഞാൻ അല്പം സുഖമനുഭവിപ്പിക്കും. പിന്നീട് അവനെ ഞാൻ നരകശിക്ഷയിലേക്ക് (വരുവാൻ) നിർബന്ധിതനാക്കുന്നതാണ്. (ആ) വന്നുചേരുന്ന (മടക്ക)സ്ഥാനം വളരെ ചീത്ത!

---

ഇബ്റാഹീംനബി(അ)യുടെ മേൽ വിവരിച്ച പ്രാർഥന, ഭാര്യ ഹാജറിനെയും മകൻ ഇസ്മാഈലിനെയും ആദ്യമായി മക്കയിൽ കൊണ്ടുപോയി ആക്കിയ ഉടനെ ചെയ്ത പ്രാർഥനയാണെന്ന് കരുതേണ്ടിയിരിക്കുന്നു. (الله اعلم) നിർഭയമായ രാജ്യമെന്നതിനെക്കുറിച്ച് കഴിഞ്ഞ വചനത്തിലെ വ്യാഖ്യാനത്തിൽ വിവരിച്ചുവല്ലോ.

ആ രാജ്യക്കാരിൽ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചവർക്ക് ഫലവർഗങ്ങളാൽ ആഹാരം നല്കേണമേ എന്ന് പ്രാർത്ഥിച്ചപ്പോൾ ആഹാരം നല്കുന്ന കാര്യത്തിൽ വിശ്വാസി, അവിശ്വാസി; നീതിമാൻ, അക്രമി എന്നിങ്ങനെ വിവേചനമില്ലെന്ന് അല്ലാഹു അദ്ദേഹത്തെ മനസ്സിലാക്കി. അതായത്, ആഹാരത്തിലും ഭൗതികസുഖസൗകര്യത്തിലുമുള്ള ഏറ്റക്കുറവ് ഒരാളുടെ നന്മതിന്മയുടെ അടിസ്ഥാനത്തിലല്ല- അത് അല്ലാഹുവിന് മാത്രം അറിയാവുന്ന ചില രഹസ്യങ്ങളുടെ അടിസ്ഥാനത്തിലാകുന്നു. എന്നാൽ അവിശ്വാസികളെ പിന്നീട് പരലോകജീവിതത്തിൽ അല്ലാഹു നരകശിക്ഷയിലേക്ക് നിർബന്ധിക്കുന്നതാണ്.

മക്കയുടെ പരിസരപ്രദേശമായ ത്വാഇഫ് മുതലായ ഫലഭൂയിഷ്ഠമായ പ്രദേശത്തുനിന്നും ഫലസ്ത്വീൻ, ശാം മുതലായ വിദൂരസ്ഥലങ്ങളിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഇന്ന് എല്ലാതരം ഭക്ഷ്യവിഭവങ്ങളും മക്കയിലേക്ക് പ്രവഹിച്ചുകൊണ്ടിരിക്കുന്നു.

---

**വചനം 127,128,129**

وَإِذْ يَرْفَعُ إِبْرَٰهِـۧمُ ٱلْقَوَاعِدَ مِنَ ٱلْبَيْتِ وَإِسْمَـٰعِيلُ رَبَّنَا تَقَبَّلْ مِنَّآ ۖ إِنَّكَ أَنتَ

127)(ആ) വീട്ടിൽനിന്നും (അതിന്റെ) അടിത്തറ ഇബ്റാഹീമും ഇസ്മാഈലും (കെട്ടി) ഉയർത്തിയിരുന്ന സന്ദർഭം (ഓർക്കുക:) (അവർ ഇങ്ങനെ പ്രാർഥിച്ചിരുന്നു:) ഞങ്ങളുടെ റബ്ബേ, ഞങ്ങളിൽ നിന്ന് നീ (ഈ കർമം) സ്വീകരിക്കേണമേ. നിശ്ചയമായും നീ

ٱلسَّمِيعُ ٱلْعَلِيمُ ﴿١٢٧﴾

തന്നെയാണ് (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമായുള്ളവൻ.

رَبَّنَا وَٱجْعَلْنَا مُسْلِمَيْنِ لَكَ وَمِن ذُرِّيَّتِنَآ أُمَّةً مُّسْلِمَةً لَّكَ وَأَرِنَا مَنَاسِكَنَا وَتُبْ عَلَيْنَآ ۖ إِنَّكَ أَنتَ ٱلتَّوَّابُ ٱلرَّحِيمُ ﴿١٢٨﴾

128)ഞങ്ങളുടെ റബ്ബേ, ഞങ്ങളെ (രണ്ടാളെയും) നിനക്ക് കീഴൊതുങ്ങിയവരാക്കുകയും ചെയ്യേണമേ. ഞങ്ങളുടെ സന്തതികളിൽ നിന്നും നിനക്ക് കീഴ്പ്പെടുന്നതായ ഒരു സമുദായത്തെ (ഉണ്ടാക്കേണമേ). ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനാകർമ്മങ്ങൾ (അഥവാ ത്യാഗകർമ്മങ്ങൾ) കാണിച്ചുതരികയും ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണമേ. നിശ്ചയമായും നീ തന്നെയാണ് (വളരെ) പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമായുള്ളവൻ.

رَبَّنَا وَٱبْعَثْ فِيهِمْ رَسُولًا مِّنْهُمْ يَتْلُوا۟ عَلَيْهِمْ ءَايَٰتِكَ وَيُعَلِّمُهُمُ ٱلْكِتَٰبَ وَٱلْحِكْمَةَ وَيُزَكِّيهِمْ ۚ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ﴿١٢٩﴾

129)ഞങ്ങളുടെ റബ്ബേ, അവരിൽ നിന്ന് (തന്നെ) ഒരു റസൂലിനെ നീ നിയോഗിക്കുകയും ചെയ്യേണമേ. (അതെ), അവർക്ക് നിന്റെ "ആയത്ത്" (ദൃഷ്ടാന്തം)കൾ ഓതിക്കൊടുക്കുകയും അവർക്ക് വേദഗ്രന്ഥവും വിജ്ഞാനവും പഠിപ്പിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യുന്ന (ഒരു റസൂലിനെ). നിശ്ചയമായും നീ തന്നെയാണ് പ്രതാപശാലിയും അഗാധജ്ഞനുമായുള്ളവൻ.

---

ഇബ്റാഹീം നബി(അ)യും ഇസ്മാഈൽ നബി(അ)യും കഅ്ബാമന്ദിരം കെട്ടിയുയർത്തുമ്പോൾ ചെയ്ത പ്രാർഥനകളാണിത്. താഴെ കാണുന്ന അപേക്ഷകളാണ് അവർ അല്ലാഹുവിന്റെ മുന്നിൽ സമർപ്പിക്കുന്നത്.

1)." റബ്ബേ, ഞങ്ങളിൽനിന്നും ഈ കർമ്മം സ്വീകരിക്കണമേ" -പ്രവർത്തിക്കുന്ന കാര്യം കല്പിക്കപ്പെട്ടതും പുണ്യകരവുമായിരുന്നാൽ തന്നെയും പല കാരണങ്ങളാലും അത് സ്വീകാര്യമാകാതിരിക്കാൻ സാധ്യതയുണ്ട്. ഏത് സൽക്കർമവും അല്ലാഹു അത് സ്വീകരിച്ചെങ്കിലേ അതിന് പ്രതിഫലം ലഭിക്കുകയുള്ളൂ. നാംചെയ്യുന്ന സൽക്കർമങ്ങളോടൊപ്പവും ഈ പ്രാർഥന (തേട്ടം) എല്ലായ്പ്പോഴും നമ്മുടെ ഹൃദയങ്ങളിലുണ്ടായിരിക്കേണ്ടതാണ്.

2). "ഞങ്ങളെ രണ്ടാളെയും നിനക്ക് കീഴൊതുങ്ങിയവർ അഥവാ മുസ്ലിംകൾ ആക്കേണമേ." -പ്രവാചകന്മാരായ ആ മഹാന്മാർ ഇങ്ങനെ പ്രാർഥിക്കുമ്പോൾ നമ്മെപ്പോലെ, തെറ്റുകുറ്റങ്ങളിൽ മുഴുകിയ ആളുകൾക്ക് ഈ പ്രാർഥനയുടെ ആവശ്യകത എത്ര വമ്പിച്ചതാണെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. ഒരിക്കൽ മുസ്ലിം ആയിക്കഴിഞ്ഞാൽ പോരാ, മരണംവരെ ആ ഇസ്ലാം നിലനിൽക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു: "നിങ്ങൾ മുസ്ലിംകളായിക്കൊണ്ടല്ലാതെ മരിക്കരുത്."

3). "ഞങ്ങളുടെ സന്തതികളിലും നിനക്ക് കീഴ്പ്പെടുന്ന ഒരു സമുദായത്തെ -മുസ്ലിംകളായ സമുദായത്തെ ഉണ്ടാക്കണമേ." -പ്രാർഥനയിൽ അവനവനുവേണ്ടി ആദ്യം പ്രാർഥിച്ചതിന് ശേഷം, മക്കൾക്കും കുടുംബാംഗങ്ങൾക്കും ഭാവി തലമുറയ്ക്കും വേണ്ടി പ്രാർഥിക്കേണ്ടതിന്റെ മാതൃക ഈ അപേക്ഷയിൽ അടങ്ങിയിരിക്കുന്നു.

4). ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനാകർമങ്ങൾ നീ കാണിച്ചുതരേണമേ" -അല്ലാഹുവിന്നായി ചെയ്യപ്പെടുന്ന ആരാധനാകർമങ്ങളുടെ രൂപവും സ്വഭാവങ്ങളും എപ്രകാരമായിരിക്കണമെന്ന് അല്ലാഹുവിൽ നിന്ന് തന്നെ അറിവും അനുമതിയും കിട്ടേണ്ടതുണ്ട്. അല്ലാഹുവും റസൂലും അംഗീകരിച്ചിട്ടില്ലാത്ത, പിന്നീട് മതത്തിൽ കടത്തിക്കൂട്ടിയ എല്ലാ ആരാധനാരൂപങ്ങളും 'ബിദ്അത്ത്' (അനാചാരം) ആയിരിക്കും. "അല്ലാഹു നിയമിച്ച പ്രകാരമല്ലാതെ, അവന് ആരാധന ചെയ്തുകൂടാ" എന്നത് ഇസ്ലാമിലെ ഒരു അംഗീകൃത സത്യമാകുന്നു. നബിദിന, വാരാഘോഷങ്ങളും ശവകുടീര നേർച്ച ഉത്സവ പൂരങ്ങളും ആരാധനകളാക്കി കൊണ്ടുനടക്കുന്നതിന്റെ രൂപവും സ്വഭാവങ്ങളും ആരാണ് നിയമിച്ചുകാണിച്ചുകൊടുത്ത്, അറിവും അനുമതിയും നല്കി അംഗീകരിച്ചിരിക്കുന്നത് എന്ന് ബന്ധപ്പെട്ടവർ ചിന്തിക്കേണ്ടിയിരിക്കുന്നു.

5). “ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കേണമേ” -പ്രവാചകന്മാർ പോലും അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങിക്കൊണ്ടിരിക്കുന്നത് പതിവാണെന്നിരിക്കെ, അക്കാര്യത്തിൽ നാം എത്രമാത്രം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നബി(സ) ഇപ്രകാരം അരുളിയിരിക്കുന്നു: “ഹേ, മനുഷ്യരേ, നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുവിൻ. ഞാൻ തന്നെ ദിനംപ്രതി നൂറു പ്രാവശ്യം പശ്ചാത്തപിച്ചുകൊണ്ടിരിക്കുന്നു.”

6). “അവർക്ക് അവരിൽ നിന്നും ഒരു റസൂലിനെ നിയമിക്കേണമേ” -ഇബ്റാഹീം നബി(അ)യുടെ ഈ പ്രാർഥന മുഹമ്മദ് നബി(സ)യുടെ നിയോഗത്തിലൂടെ അല്ലാഹു പൂർത്തീകരിച്ചിരിക്കുന്നു. “ഞാൻ എന്റെ പിതാവ് ഇബ്റാഹീമിന്റെ പ്രാർഥനയാണ്” എന്ന് നബി(സ) പ്രസ്താവിച്ചതായി ഹദീസുകളിൽ വന്നിട്ടുണ്ട്. ഇബ്റാഹീം (അ) പ്രാർഥിച്ച് ഏകദേശം നാലായിരം കൊല്ലങ്ങൾക്കു ശേഷമാണ് നബി(സ)യെ റസൂലാക്കി നിയോഗിച്ചത്. പ്രാർഥനകൾക്ക് അപ്പപ്പോൾ ഉത്തരം കിട്ടിക്കൊള്ളണമെന്നില്ലെന്നതിന് ഉത്തമ ഉദാഹരണമാണീ ദുആയും ഉത്തരവും.

നിയോഗിക്കപ്പെടേണ്ട റസൂലിന്റെ പ്രത്യേകതകളായി ഇബ്റാഹീം(അ) പ്രാർഥിച്ചിരുന്നതായി എടുത്തുപറഞ്ഞതും ഖുർആനിൽ അല്ലാഹു റസൂൽ(സ) തിരുമേനിയെ വിശേഷിപ്പിച്ചതുമായ ആ ഗുണവിശേഷങ്ങൾ ഇവയാണ്:

1). അല്ലാഹുവിന്റെ ആയത്തുകൾ- അഥവാ ലക്ഷ്യങ്ങളും ദൃഷ്ടാന്തങ്ങളും-വിവരിച്ചുകൊടുക്കുക.

2). അവർക്ക് വേദഗ്രന്ഥം പഠിപ്പിക്കുക. വിശുദ്ധ ഖുർആൻ മുഖേനയാണ് ഈ വിശേഷണം പൂർത്തിയാക്കുന്നത്.

3). അവർക്ക് വിജ്ഞാനം, യുക്തി എന്നിവ പഠിപ്പിക്കുക. അവിടുത്തെ ചര്യയാകുന്ന സുന്നത്ത് മുഖേനയാണ് ഈ ദൗത്യം പൂർണമാകുന്നത്. അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന നിർദേശങ്ങൾ സമുദായത്തിൽ വിവരിച്ചുകൊടുത്തത് അവിടുത്തെ വാക്ക് മുഖേനയും പ്രവൃത്തി മുഖേനയുമാണല്ലോ. അതാണ് അവിടുത്തെ സുന്നത്തും.

4) അവരെ സംസ്കരിക്കുക- വിശ്വാസാചാരങ്ങളിലോ സ്വഭാവത്തിലോ പെരുമാറ്റത്തിലോ ഇടപാടുകളിലോ മാത്രമല്ല, മാനുഷിക ജീവിതത്തിന്റെ എല്ലാ തുറകളിലും വ്യാപകമായിരുന്നതായിരുന്നു. നബി(സ) വരുത്തിയ സംസ്കരണം.

ഇബ്റാഹീംനബി(അ)യുടെ പ്രാർഥനകൾ അടങ്ങിയ ഈ മൂന്ന് വചനങ്ങളും അവസാനിക്കുന്നത് “അല്ലാഹുവേ, നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്”; “അല്ലാഹുവേ, നീ വളരെ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാണ്”; “അല്ലാഹുവേ, നീ പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു” എന്നിങ്ങനെ അല്ലാഹുവിന്റെ ഉൽകൃഷ്ട ഗുണങ്ങൾ വഴി അവനെ പുകഴ്ത്തിപ്പറഞ്ഞ്കൊണ്ടാണ് അത് പ്രാർഥനയുടെ ഒരു മര്യാദയാണെന്ന് കൂടെ ഈ വചനങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

## വിഭാഗം 16

**വചനം 130,131,132**

وَمَن يَرۡغَبُ عَن مِّلَّةِ إِبۡرَٰهِـۧمَ إِلَّا مَن سَفِهَ نَفۡسَهُۥۚ وَلَقَدِ ٱصۡطَفَيۡنَٰهُ فِي ٱلدُّنۡيَاۖ وَإِنَّهُۥ فِي ٱلۡأٓخِرَةِ لَمِنَ ٱلصَّٰلِحِينَ ١٣٠

إِذۡ قَالَ لَهُۥ رَبُّهُۥٓ أَسۡلِمۡۖ قَالَ أَسۡلَمۡتُ لِرَبِّ ٱلۡعَٰلَمِينَ ١٣١

وَوَصَّىٰ بِهَآ إِبۡرَٰهِـۧمُ بَنِيهِ وَيَعۡقُوبُ يَٰبَنِيَّ إِنَّ ٱللَّهَ ٱصۡطَفَىٰ لَكُمُ ٱلدِّينَ فَلَا تَمُوتُنَّ

130)ആരാണ് ഇബ്റാഹീമിന്റെ മാർഗത്തോട് അതൃപ്തി കാണിക്കുക- തന്നെത്തന്നെ ഭോഷനാക്കിയവനല്ലാതെ?! ഇഹത്തിൽ അദ്ദേഹത്തെ നാം (ശുദ്ധനായി) തെരഞ്ഞെടുത്തിട്ടുണ്ട്; പരലോകത്തിൽ അദ്ദേഹമാകട്ടെ. നിശ്ചയമായും സജ്ജനങ്ങളിൽ പെട്ടവനുമാകുന്നു.

131)അദ്ദേഹത്തോട് തന്റെ രക്ഷിതാവ് നീ കീഴൊതുങ്ങുക (മുസ്ലിമാകുക) എന്ന് പറഞ്ഞപ്പോൾ, അദ്ദേഹം പറഞ്ഞു: ഞാൻ ലോകരക്ഷിതാവിന് കീഴൊതുങ്ങിയിരിക്കുന്നു.

132)ഇതിനെപ്പറ്റി ഇബ്റാഹീം തന്റെ മക്കളോട് വസ്വിയ്യത്തും ചെയ്തിരിക്കുന്നു; യഅ്ഖൂബും തന്റെ മക്കളോട് (അതെ), എന്റെ മക്കളേ, നിശ്ചയമായും അല്ലാഹു നിങ്ങൾക്ക് മതത്തെ (ശുദ്ധമാക്കി) തെര

إِلَّا وَأَنتُم مُّسْلِمُونَ ﴿١٣٢﴾

ഞെടുത്ത് തന്നിരിക്കുന്നു. ആകയാൽ, നിങ്ങൾ കീഴൊതുങ്ങിയവരായി (മുസ്‌ലിംകളായി)ക്കൊണ്ട ല്ലാതെ തീർച്ചയായും മരണപ്പെടരുത് എന്ന്.

ഇബ്റാഹീം(അ) സ്വീകരിച്ചുവന്ന മാർഗമായ ഇസ്‌ലാമിന്റെ മാർഗം കൈവെടിയുന്നവർ തങ്ങളെത്തന്നെ വിഡ്ഢികളാക്കുകയാണ് ചെയ്യുന്നത്. റബ്ബിന്റെ കല്പനകൾക്കെല്ലാം പരിപൂർണമായി കീഴൊതുങ്ങിയ ഒരു മുസ്‌ലിമായിരുന്നു അദ്ദേഹം. മാത്രമല്ല, തന്റെ മക്കളോടും സന്തതികളോടും അതേ നിലയിൽ ജീവിക്കാൻ അദ്ദേഹം വസ്വിയത്ത് ചെയ്തിരുന്നു. അദ്ദേഹത്തിന്റെ പൗത്രനായ യഅ്ഖൂബും(അ) അപ്രകാരം അദ്ദേഹ ത്തിന്റെ മക്കളോട് വസ്വിയത്ത് ചെയ്തിരുന്നു.

“നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കരുത്” എന്ന വസ്വിയത്തിലെ ഉദ്ദേശ്യമെന്തെന്നാൽ ജീവി തത്തിൽ നാം ഒരിക്കലും ഇസ്‌ലാമിനെ കൈവിടരുതെന്നാണ്. ഏതവസരത്തിലാണ് മരണം പിടികൂടുക യെന്ന് ആർക്കും അറിഞ്ഞുകൂടല്ലോ.

---

**വചനം 133,134**

أَمْ كُنتُمْ شُهَدَآءَ إِذْ حَضَرَ يَعْقُوبَ ٱلْمَوْتُ إِذْ قَالَ لِبَنِيهِ مَا تَعْبُدُونَ مِنۢ بَعْدِى قَالُوا۟ نَعْبُدُ إِلَٰهَكَ وَإِلَٰهَ ءَابَآئِكَ إِبْرَٰهِـۧمَ وَإِسْمَٰعِيلَ وَإِسْحَٰقَ إِلَٰهًا وَٰحِدًا وَنَحْنُ لَهُۥ مُسْلِمُونَ ﴿١٣٣﴾

133)അതല്ല, യഅ്ഖൂബിന് മരണം ആസന്നമായ അവ സരത്തിൽ നിങ്ങൾ (അവിടെ) സന്നിഹിതരായിരു ന്നുവോ? അതായത്, അദ്ദേഹം തന്റെ മക്കളോട്: നിങ്ങൾ എന്റെ ശേഷം എന്തിനെയാണ് ആരാധി ക്കുക എന്ന് പറഞ്ഞപ്പോൾ, അവർ പറഞ്ഞു: നിങ്ങ ളുടെ ആരാധ്യനും നിങ്ങളുടെ പിതാക്കളുടെ ഇബ്റാഹീമിന്റെയും ഇസ്മാഈലിന്റെയും ഇസ്ഹാ ഖിന്റെയും -ആരാധ്യനുമായുള്ളവനെ -(അതെ) ഒരേ ഒരു ആരാധ്യനെ-(ത്തന്നെ) ഞങ്ങൾ ആരാ ധിക്കും. ഞങ്ങൾ അവന് കീഴൊതുങ്ങിയവരും (മു സ്‌ലിംകളും) ആയിരിക്കും.

تِلْكَ أُمَّةٌ قَدْ خَلَتْ ۖ لَهَا مَا كَسَبَتْ وَلَكُم مَّا كَسَبْتُمْ ۖ وَلَا تُسْـَٔلُونَ عَمَّا كَانُوا۟ يَعْمَلُونَ ﴿١٣٤﴾

134)അതൊരു സമുദായം -അതു(കാലം)കഴിഞ്ഞുപോ യി.അത് സമ്പാദിച്ചുവെച്ചത് അതിനുണ്ടായിരിക്കും; നിങ്ങൾ സമ്പാദിച്ചുവെച്ചത് നിങ്ങൾക്കുമുണ്ടായി രിക്കും. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി നിങ്ങളോട് ചോദിക്കപ്പെടുന്നതുമല്ല.

യഅ്ഖൂബിന്റെ(അ) മരണസമയത്ത് തന്റെ മക്കളോട് ചോദിക്കുന്നതും അതിന് അവരുടെ മറുപടിയു മാണ് ആദ്യവചനത്തിൽ. ഇതാണ് യഥാർഥത്തിൽ നടന്നതെന്നിരിക്കെ, അങ്ങനെയല്ല, മറ്റൊരു വിധത്തിലാ ണെന്ന് ഇസ്റാഈല്യരും അറബി മുശ്‌രിക്കുകളും അവരുടെ കടകവിരുദ്ധ നിലപാട് മൂലം വാദിക്കുന്ന പക്ഷം, അല്ലാഹു ചോദിക്കുന്നു: “യഅ്ഖൂബിന് മരണം ആസന്നമായ അവസരത്തിൽ നിങ്ങൾ (അവിടെ) സന്നിഹി തരായിരുന്നുവോ?”

അല്ലാഹു അവരെ ഓർമിപ്പിക്കുന്നു -അവരുടെ കർമഫലം അവർക്ക് മാത്രമായിരിക്കും. അവരുടെ പിൻതു ടർച്ചക്കാരാണെന്നവകാശപ്പെട്ടതുകൊണ്ട് മാത്രം നിങ്ങൾക്ക് രക്ഷ കിട്ടുകയില്ല. നിങ്ങളുടെ കർമഫലം നിങ്ങൾ തന്നെ അനുഭവിക്കണം. മനുഷ്യർക്കാകമാനം ബാധകമായ ഒരു പൊതുതത്വമാണീ വചനത്തിൽ കൂടെ അല്ലാഹു ഓർമപ്പെടുത്തുന്നത്.

---

**വചനം 135**

وَقَالُوا۟ كُونُوا۟ هُودًا أَوْ نَصَٰرَىٰ تَهْتَدُوا۟ ۗ

135)അവർ (വേദക്കാർ) പറയുന്നു: നിങ്ങൾ യഹൂദിക ളോ, നസ്രാണികളോ (ക്രിസ്ത്യാനി) ആയി ക്കൊള്ളുവിൻ, എന്നാൽ നിങ്ങൾ സന്മാർഗം പ്രാപി

قُلْ بَلْ مِلَّةَ إِبْرَٰهِـۧمَ حَنِيفًا ۖ وَمَا كَانَ مِنَ ٱلْمُشْرِكِينَ ﴿١٣٥﴾

ക്കും. പറയുക: (അതല്ല), പക്ഷേ, ഋജുമനസ്കനായിരുന്ന ഇബ്റാഹീമിന്റെ മാർഗം. (അതാണ് ഞങ്ങൾ പിൻപറ്റുക). അദ്ദേഹം മുശ്രിക്കുകളിൽ (ബഹുദൈവാരാധകരിൽ) പെട്ടവനായിരുന്നതുമില്ല.

യഹൂദികളും ക്രിസ്ത്യാനികളും സത്യവിശ്വാസികളോട് പറയാറുള്ളള വാക്കുകളാണിവ. നിങ്ങൾ ഞങ്ങളുടെ മതം സ്വീകരിച്ചാൽ നിങ്ങൾക്ക് സന്മാർഗം പ്രാപിക്കാം; ഇല്ലെങ്കിൽ നിങ്ങൾ വഴിപിഴച്ചവരായിരിക്കും എന്ന്. അല്ലാഹു നബി(സ)യോട് കല്പിക്കുന്നു: "പറയുക: നമ്മുടെയെല്ലാം പിതാമഹൻ ഇബ്റാഹീം(അ) സ്വീകരിച്ച തൗഹീദിന്റെ മാർഗം നമുക്ക് സ്വീകരിക്കാം. അദ്ദേഹം നിങ്ങളെപ്പോലെ ബഹുദൈവവിശ്വാസികളിൽ പെട്ടവനായിരുന്നില്ല."

**വചനം 136,137,138**

قُولُوٓا۟ ءَامَنَّا بِٱللَّهِ وَمَآ أُنزِلَ إِلَيْنَا وَمَآ أُنزِلَ إِلَىٰٓ إِبْرَٰهِـۧمَ وَإِسْمَٰعِيلَ وَإِسْحَٰقَ وَيَعْقُوبَ وَٱلْأَسْبَاطِ وَمَآ أُوتِىَ مُوسَىٰ وَعِيسَىٰ وَمَآ أُوتِىَ ٱلنَّبِيُّونَ مِن رَّبِّهِمْ لَا نُفَرِّقُ بَيْنَ أَحَدٍ مِّنْهُمْ وَنَحْنُ لَهُۥ مُسْلِمُونَ ﴿١٣٦﴾

136)(സത്യവിശ്വാസികളേ), നിങ്ങൾ പറയുവിൻ. ഞങ്ങൾ അല്ലാഹുവിലും ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും ഇബ്റാഹീമിനും ഇസ്മാഈലിനും ഇസ്ഹാഖിനും യഅ്ഖൂബിനും (അദ്ദേഹത്തിന്റെ) സന്തതികൾക്കും അവതരിക്കപ്പെട്ടതിലും മൂസാക്കും ഈസാക്കും നല്കപ്പെട്ടതിലും പ്രവാചകന്മാർക്ക് തങ്ങളുടെ റബ്ബിങ്കൽ നിന്ന് നല്കപ്പെട്ടതിലും (എല്ലാം) വിശ്വസിച്ചിരിക്കുന്നു. അവരിൽ നിന്ന് ഒരാൾക്കിടയിലും ഞങ്ങൾ വ്യത്യാസം വരുത്തുന്നില്ല. ഞങ്ങൾ അവന് (അല്ലാഹുവിന്) കീഴൊതുങ്ങിയവരും (മുസ്ലിംകളും) ആകുന്നു.

فَإِنْ ءَامَنُوا۟ بِمِثْلِ مَآ ءَامَنتُم بِهِۦ فَقَدِ ٱهْتَدَوا۟ ۖ وَّإِن تَوَلَّوْا۟ فَإِنَّمَا هُمْ فِى شِقَاقٍ ۖ فَسَيَكْفِيكَهُمُ ٱللَّهُ ۚ وَهُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿١٣٧﴾

137)എന്നിട്ട്, നിങ്ങൾ ഏതൊന്നിൽ വിശ്വസിച്ചിരിക്കുന്നുവോ അപ്രകാരമുള്ളതിൽ അവരും വിശ്വസിച്ചുവെങ്കിൽ അവർ സന്മാർഗം പ്രാപിച്ചുകഴിഞ്ഞു. അവർ തിരിഞ്ഞുകളയുകയാണെങ്കിലോ, നിശ്ചയമായും അവർ കക്ഷിപിരിവിൽ തന്നെയാകുന്നു. എന്നാൽ, അവരെ (നേരിടാൻ) നിനക്ക് അല്ലാഹു മതിയാകും. അവൻ (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമത്രെ.

صِبْغَةَ ٱللَّهِ ۖ وَمَنْ أَحْسَنُ مِنَ ٱللَّهِ صِبْغَةً ۖ وَنَحْنُ لَهُۥ عَٰبِدُونَ ﴿١٣٨﴾

138)(അതെ), അല്ലാഹുവിന്റെ വർണം നല്കൽ! (അതത്രെ, ഞങ്ങൾ സ്വീകരിച്ചിരിക്കുന്നത്) ആരാണ്, വർണം നല്കുന്നതിൽ അല്ലാഹുവിനെക്കാൾ നല്ലവൻ? ഞങ്ങൾ അവന് തന്നെ ആരാധന ചെയ്യുന്നവരുമാകുന്നു.

യഹൂദികളും ക്രിസ്ത്യാനികളും ചില നബിമാരിലും ചില വേദഗ്രന്ഥങ്ങളിലും മാത്രം വിശ്വസിക്കുമ്പോൾ സത്യവിശ്വാസികൾ ആൾവ്യത്യാസമോ കാലവ്യത്യാസമോ നോക്കാതെ ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, മൂസാ, ഈസാ(അ) എന്നീ പ്രവാചകന്മാരിലും അവരുടെ സന്താനപരമ്പകളിൽ പെട്ട എല്ലാ പ്രവാചന്കമാരിലും അവർക്ക് നല്കപ്പെട്ട എല്ലാ ദിവ്യസന്ദേശങ്ങളിലും വിശ്വസിക്കുന്നു. ഇന്നവരിൽ വിശ്വസിക്കും, ഇന്നവരിൽ വിശ്വസിക്കുകയില്ല എന്ന പക്ഷഭേദമൊന്നും ഞങ്ങൾക്കില്ല.

നബി(സ)ക്ക് മുമ്പുള്ള പ്രവാചകന്മാർക്കിറങ്ങിയ വേദഗ്രന്ഥങ്ങളിൽ ചിലത് അജ്ഞാതമായിരിക്കുന്നു. ചിലതിൽ മാറ്റത്തിരുത്തലുകളും കൈകടത്തലുകളും വന്നുപോയിരിക്കുന്നു. എന്നാൽ അവയിലെല്ലാം, ഖുർആന്റെ അധ്യയനത്തോട് യോജിച്ച ഭാഗങ്ങൾ വിശ്വസിക്കൽ നിർബന്ധമാകുന്നു. യോജിക്കാത്തതും എതി

രായതുമായ ഭാഗങ്ങൾ തിരസ്കരിക്കുകയല്ലാതെ നിവൃത്തിയില്ല.

എല്ലാ പ്രവാചകന്മാർക്കും അവതരിക്കപ്പെട്ടതിലും വിശ്വസിക്കുന്നവരാണ് സത്യവിശ്വാസികൾ. എങ്കിലും മുഹമ്മദ് നബി(സ)ക്ക് ഇറക്കപ്പെട്ട ഖുർആനിലുള്ള അവരുടെ വിശ്വാസം വിശദരൂപത്തിലും ആഴത്തിലും തന്നെ ആയിരിക്കേണ്ടതുണ്ട്.

അല്ലാഹു നല്കിയ വർണം എന്നതുകൊണ്ടുള്ള വിവക്ഷ ഇസ്‌ലാമിന്റെ വർണം നല്കൽ എന്നാകുന്നു. ക്രിസ്ത്യാനികൾ ജ്ഞാന സ്നാനം വഴിയും ജൂതന്മാർ സ്നാന കർമം വഴിയും ആളുകൾക്ക് ക്രിസ്തീയ വർണവും ജൂതവർണവും നല്കുമ്പോൾ സത്യവിശ്വാസികൾ സ്വീകരിച്ച വർണം മനുഷ്യപ്രകൃതിക്കനുയോജ്യമായി അല്ലാഹു അംഗീകരിച്ചുതന്ന ഇസ്‌ലാമാകുന്ന വർണമാകുന്നു.

---

**വചനം 139,140**

قُلْ أَتُحَآجُّونَنَا فِى ٱللَّهِ وَهُوَ رَبُّنَا وَرَبُّكُمْ وَلَنَآ أَعْمَٰلُنَا وَلَكُمْ أَعْمَٰلُكُمْ وَنَحْنُ لَهُۥ مُخْلِصُونَ ﴿١٣٩﴾

أَمْ تَقُولُونَ إِنَّ إِبْرَٰهِـۧمَ وَإِسْمَٰعِيلَ وَإِسْحَٰقَ وَيَعْقُوبَ وَٱلْأَسْبَاطَ كَانُوا۟ هُودًا أَوْ نَصَٰرَىٰ ۗ قُلْ ءَأَنتُمْ أَعْلَمُ أَمِ ٱللَّهُ ۗ وَمَنْ أَظْلَمُ مِمَّن كَتَمَ شَهَٰدَةً عِندَهُۥ مِنَ ٱللَّهِ ۗ وَمَا ٱللَّهُ بِغَٰفِلٍ عَمَّا تَعْمَلُونَ ﴿١٤٠﴾

139)പറയുക: അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങൾ ഞങ്ങളോട് ന്യായവാദം നടത്തുകയോ? അവനാകട്ടെ, ഞങ്ങളുടെ റബ്ബും നിങ്ങളുടെ റബ്ബുമാണ് താനും. ഞങ്ങൾക്ക് ഞങ്ങളുടെ കർമങ്ങളും നിങ്ങൾക്ക് നിങ്ങളുടെ കർമങ്ങളുമാണുള്ളതും. ഞങ്ങൾ അവനോട് നിഷ്കളങ്കന്മാരുമത്രെ.

140)അതല്ല, നിങ്ങൾ പറയുന്നുവോ: നിശ്ചയമായും, ഇബ്റാഹീമും ഇസ്മാഈലും ഇസ്ഹാഖും യഅ്ഖൂബും സന്തതികളും യഹൂദികളോ അല്ലെങ്കിൽ നസ്രാണികളോ (ക്രിസ്ത്യാനി) ആയിരുന്നു എന്ന്?! പറയുക: നിങ്ങളാണോ ഏറ്റവും അറിയുന്നവർ, അതല്ല, അല്ലാഹുവോ?! അല്ലാഹുവിങ്കൽ നിന്ന് (സിദ്ധിച്ചതായി) തന്റെ പക്കലുള്ള വല്ല സാക്ഷ്യത്തെയും മറച്ചുവെച്ചവനെക്കാൾ അധികം അക്രമി ആരുണ്ട്? നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു അശ്രദ്ധനൊന്നുമല്ല.

---

യഥാർഥ സന്മാർഗികൾ ഞങ്ങളാണ് എന്നുള്ള വേദക്കാരുടെ കുതർക്കങ്ങൾക്ക് മറുപടിയാണീ വചനങ്ങൾ: “അല്ലാഹു നമ്മിൽ ഒരു കൂട്ടരുടെ മാത്രം റബ്ബല്ല. രണ്ടുകൂട്ടരുടെയും റബ്ബാകുന്നു. എല്ലാവരുടെയും കർമഫലങ്ങൾ അവരവർ തന്നെ അനുഭവിക്കുകയും വേണം. ആരാധനയിലും മതശാസനകളിലും ഞങ്ങൾ റബ്ബിനോട് നിഷ്കളങ്കരുമാകുന്നു.” എന്നിങ്ങനെ പറയാൻ അല്ലാഹു സത്യവിശ്വാസികളോട് കല്പിക്കുന്നു.

ഇബ്റാഹീമും ഇസ്മാഈലും ഇസ്ഹാഖും യഅ്ഖൂബും(അ) അവരുടെ സന്തതികളും യഹൂദികളും ക്രിസ്ത്യാനികളുമായിരുന്നില്ല. മൂസാ(അ)യുടെ തൗറാത്ത് മേൽപറഞ്ഞ പ്രവാചകന്മാർക്ക് ശേഷം വളരെ ക്കാലം കഴിഞ്ഞാണ് അവതരിച്ചത്. യഹൂദമതം തൗറാത്തിനെ മാത്രം പ്രമാണമാക്കിക്കൊണ്ടുള്ളതുമല്ല. പിന്നീട് വന്ന യഹൂദപണ്ഡിതന്മാർ ആവിഷ്കരിച്ച ആചാരമുറകൾക്കനുസരിച്ചുള്ളതാണ്. ക്രിസ്തീയതയെക്കുറിച്ച് പറയുകയാണെങ്കിൽ അവർ ഈസാ(അ)യുടെ അനുയായികളാണെന്നാണല്ലോ പറയുന്നത്. അദ്ദേഹത്തിന്റെ ജനനമാണെങ്കിൽ മേൽപറഞ്ഞ പ്രവാചകന്മാരുടെ ശേഷം എത്രയോ കാലം കഴിഞ്ഞിട്ടുമാണ്.

“മേൽപറഞ്ഞ പ്രവാചകന്മാരൊക്കെ നിങ്ങളുടെ മതം ആചരിക്കുന്നവരായിരുന്നുവെന്ന് നിങ്ങൾ പറയുന്നു. അല്ലെന്ന് അല്ലാഹുവും പറയുന്നു. തീർച്ചയായും വാസ്തവം അറിയുക അല്ലാഹുവിന് തന്നെ.”

പ്രവാചകന്മാർ മുഖേനയോ വേദഗ്രന്ഥം മുഖേനയോ സ്ഥാപിതമായ വാസ്തവങ്ങൾക്ക് നിരക്കാത്ത വിധിനിയമങ്ങളും സിദ്ധാന്തങ്ങളും ആചാരങ്ങളും മതത്തിന്റെ പേരിൽ വെച്ചുകെട്ടുന്ന പണ്ഡിതന്മാരെ- അവർ യഹൂദികളോ ക്രിസ്ത്യാനികളോ മുസ്‌ലിം നാമ, വേഷധാരികളോ ആരുമായിക്കൊള്ളട്ടെ- ഉദ്ദേശിച്ചുള്ള അല്ലാഹുവിന്റെ ഒരു കനത്ത താക്കീതാകുന്നു- “അല്ലാഹുവിങ്കൽ നിന്ന് തന്റെ പക്കൽ സിദ്ധിച്ചിട്ടുള്ള വല്ല സാക്ഷ്യത്തെയും മറച്ചുവയ്ക്കുന്നവനെക്കാൾ വലിയ അക്രമി ആരാണ്” എന്ന വചനം.

**വചനം 141**

141)അതൊരു സമുദായം-അത് (കാലം) കഴിഞ്ഞുപോയി. അത് സമ്പാദിച്ചുവെച്ചത് അതിനുണ്ടായിരിക്കും. നിങ്ങള്‍ സമ്പാദിച്ചുവെച്ചത് നിങ്ങള്‍ക്കുമുണ്ടായിരിക്കും. അവര്‍ പ്രവര്‍ത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി നിങ്ങളോട് ചോദിക്കപ്പെടുന്നതുമല്ല.

تِلْكَ أُمَّةٌ قَدْ خَلَتْ ۖ لَهَا مَا كَسَبَتْ وَلَكُم مَّا كَسَبْتُمْ ۖ وَلَا تُسْأَلُونَ عَمَّا كَانُوا يَعْمَلُونَ ﴿١٤١﴾

ഇതേ ആശയത്തിലുള്ള ഒരു വചനം 134ല്‍ കഴിഞ്ഞുപോയിട്ടുണ്ട്. അവിടെ കൊടുത്ത വിവരണം ഇവിടെയും ഓര്‍മിക്കുക.

## ജുസുഅ് - 2

### വിഭാഗം 17

മക്കാ ജീവിതകാലത്ത് നബി(സ) ഖിബ്‌ലയായി അംഗീകരിച്ചിരുന്നത് കഅ്ബ ആയിരുന്നെന്നും ബൈത്തുല്‍ മുഖദ്ദിസ് ആയിരുന്നെന്നും അതല്ല രണ്ടിനെയും ആയിരുന്നെന്നും അഭിപ്രായമുണ്ട്. നബി(സ) മദീനയില്‍ എത്തിയ ആദ്യത്തെ പതിനാറോ പതിനേഴോ മാസക്കാലം ബൈത്തുല്‍ മുഖദ്ദസിനെയായിരുന്നു ഖിബ്‌ലയായി അംഗീകരിച്ചിരുന്നത്. ഇവയെല്ലാം അല്ലാഹുവിങ്കല്‍ നിന്നുള്ള വല്ല കല്‍പനപ്രകാരമായിരുന്നുവോ അല്ലേ എന്നത് അല്ലാഹുവിന് മാത്രമറിയാം. ജൂതന്മാരെ ഇസ്‌ലാമിലേക്ക് ആകര്‍ഷിക്കാനുള്ള ഒരു മാര്‍ഗമെന്ന നിലയ്ക്ക് കൂടിയായിരുന്നു അതെന്ന് പറയപ്പെടുന്നു.

എന്നാല്‍ ജൂതന്മാരാവട്ടെ, മുഹമ്മദും കൂട്ടരും ഞങ്ങളുടെ മാര്‍ഗം ശരിയാണെന്നുള്ളത്കൊണ്ടാണ് ഞങ്ങളുടെ ഖിബ്‌ല സ്വീകരിച്ചത് എന്ന തരത്തിലുള്ള ദുഷ്പ്രചാരണം നടത്തിക്കൊണ്ടിരുന്നു. കഅ്ബയോടുള്ള അചഞ്ചലമായ ബഹുമാനവും യഹൂദികളുടെ ദുഷ്പ്രചാരണവും കാരണം അറബികള്‍ക്ക് അങ്ങേയറ്റം മനപ്രയാസത്തിന് കാരണമായി. നബി(സ) തിരുമേനിക്കും ഇബ്റാഹീം നബി(അ)യുടെ ഖിബ്‌ലയായ കഅ്ബയെത്തന്നെ ഖിബ്‌ലയായി അംഗീകരിച്ചുകിട്ടണമെന്ന ആഗ്രഹമുണ്ടായി.

തുടര്‍ന്നാണ് നബി(സ)യുടെ ആഗ്രഹമനുസരിച്ച് അല്ലാഹുവിന്റെ കല്‍പന അവതരിക്കുകയുണ്ടായത്. ഇതോടുകൂടി ഇസ്‌ലാമിന്റെ ശത്രുക്കള്‍ പുതിയ ആക്ഷേപങ്ങളും ആരോപണങ്ങളുമായി ജനങ്ങള്‍ക്കിടയില്‍ ആശയക്കുഴപ്പങ്ങള്‍ സൃഷ്ടിക്കാന്‍ തുടങ്ങി.

**വചനം 142**

142)മനുഷ്യരില്‍ നിന്നുള്ള ഭോഷന്മാര്‍ (അടുത്ത ഭാവിയില്‍) പറയും: ഇവര്‍ (ഇതേവരെ) യാതൊരു ഖിബ്‌ലയില്‍ (നിലകൊള്ളുന്നവര്‍) ആയിരുന്നുവോ അതില്‍ നിന്ന് ഇവരെ തിരിച്ചുവിട്ടതെന്താണ്? പറയുക: അല്ലാഹുവിന്റേതാണ് ഉദയസ്ഥാനവും അസ്തമന സ്ഥാനവും. അവന്‍ ഉദ്ദേശിക്കുന്നവരെ അവന്‍ നേരെയുള്ള (ചൊവ്വായ) പാതയിലേക്ക് വഴി ചേര്‍ക്കുന്നതാണ്.

۞ سَيَقُولُ السُّفَهَاءُ مِنَ النَّاسِ مَا وَلَّاهُمْ عَن قِبْلَتِهِمُ الَّتِي كَانُوا عَلَيْهَا ۚ قُل لِّلَّهِ الْمَشْرِقُ وَالْمَغْرِبُ ۚ يَهْدِي مَن يَشَاءُ إِلَىٰ صِرَاطٍ مُّسْتَقِيمٍ ﴿١٤٢﴾

ഖിബ്‌ല മാറ്റി നിശ്ചയിച്ചുകൊണ്ടുള്ള വചനം 144 അവതരിക്കുന്നതിന് മുമ്പുതന്നെ ശത്രുപക്ഷക്കാര്‍ പ്രചരിപ്പിക്കാനിടയുള്ള ആരോപണങ്ങളെപ്പറ്റി അല്ലാഹു ഈ വചനത്തിലൂടെ മുന്‍കൂട്ടി അറിയിക്കുകയാണ്. മുഹമ്മദ് പൂര്‍വ പ്രവാചകന്മാരുടെ ഖിബ്‌ലയെ (ബൈത്തുല്‍ മുഖദ്ദിസ്) പുറംതള്ളിക്കളഞ്ഞു. അതിലേക്ക് തിരിച്ചുവരാതെ ഞങ്ങളവനെ സ്വീകരിക്കുകയില്ലെന്ന് യഹൂദര്‍ പറയാന്‍ തുടങ്ങി. മുഹമ്മദ് ഒരിക്കല്‍ തന്റെ പിതാക്കളുടെ ഖിബ്‌ല (കഅ്ബ) വേണ്ടെന്നുവെച്ചു. ഇപ്പോഴിതാ, വീണ്ടും അത് സ്വീകരിക്കുകയാണ്. മുഹമ്മദിന് ഒന്നിലും സ്ഥിരതയില്ല. കുറെക്കഴിയുമ്പോള്‍ ഞങ്ങളുടെ (വിഗ്രഹ) മതത്തിലേക്ക് തന്നെ അവര്‍ തിരിച്ചുവരും -എന്നിങ്ങനെ അറബ് മുശ്‌രിക്കുകള്‍ പ്രചരിപ്പിക്കാന്‍ തുടങ്ങി. മുഹമ്മദ് സ്വയം നിര്‍മിക്കുന്ന മതമായതുകൊണ്ടാണ് ഇങ്ങനെ മാറ്റേണ്ടിവരുന്നത് എന്നും അവര്‍ കൂട്ടിച്ചേര്‍ത്തു. (106-ാം വചനത്തിലെ നസ്ഖ് സംബന്ധമായ വിശദീകരണം ശ്രദ്ധിക്കുക.) ദുര്‍ബലഹൃദയരായ മുസ്‌ലിംകളില്‍ പ്രസ്തുത പ്രചാരണങ്ങള്‍ ആശയക്കുഴപ്പം സൃഷ്ടിക്കാന്‍ കാരണമായി.

എന്നാല്‍ ദുഷ്പ്രചാരണം നടത്തുന്ന ശത്രുക്കളെ അപ്പാടെ അല്ലാഹു ഒരൊറ്റ വാക്യത്തില്‍ ആക്ഷേപി

ക്കുകയാണ്. "മനുഷ്യരിൽ നിന്നുള്ള ഭോഷന്മാർ" എന്ന അവരുടെ ആരോപണങ്ങൾ നിരർഥകമാണെന്ന് കാണിക്കുന്ന ഒരു യാഥാർഥ്യം അവരെ ഓർമിപ്പിക്കാൻ നബി(സ)യോട് അല്ലാഹു കല്പിക്കുന്നു. "അല്ലാഹുവിനാണ് ഉദയസ്ഥാനവും അസ്തമയസ്ഥാനവും" 115-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ ഈ വാക്യത്തെപ്പറ്റി മുമ്പ് വിവരിച്ചത് ഓർക്കുക.

അല്ലാഹു എന്തെങ്കിലും കല്പിച്ചാൽ യുക്തിമത്തായ ചില തത്വങ്ങൾ അതിലുണ്ടായിരിക്കും. നിരുപാധികം ആ കല്പന അനുസരിക്കുകയെന്നതാണ് നമ്മുടെ കടമ. അല്ലാഹു ഉദ്ദേശിക്കുന്ന ഭാഗ്യവാന്മാരെ അവൻ നേരായ പാതയിലാക്കുന്നു.

---

**വചനം 143**

وَكَذَٰلِكَ جَعَلۡنَٰكُمۡ أُمَّةٗ وَسَطٗا
لِّتَكُونُواْ شُهَدَآءَ عَلَى ٱلنَّاسِ وَيَكُونَ
ٱلرَّسُولُ عَلَيۡكُمۡ شَهِيدٗاۗ وَمَا جَعَلۡنَا
ٱلۡقِبۡلَةَ ٱلَّتِي كُنتَ عَلَيۡهَآ إِلَّا لِنَعۡلَمَ مَن
يَتَّبِعُ ٱلرَّسُولَ مِمَّن يَنقَلِبُ عَلَىٰ عَقِبَيۡهِۚ
وَإِن كَانَتۡ لَكَبِيرَةً إِلَّا عَلَى ٱلَّذِينَ هَدَى
ٱللَّهُۗ وَمَا كَانَ ٱللَّهُ لِيُضِيعَ إِيمَٰنَكُمۡۚ
إِنَّ ٱللَّهَ بِٱلنَّاسِ لَرَءُوفٞ رَّحِيمٞ ١٤٣

143)അപ്രകാരം നാം നിങ്ങളെ ഒരു മധ്യമ (അഥവാ ഉത്തമ) സമുദായമാക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ മനുഷ്യരുടെ മേൽ സാക്ഷ്യംവഹിക്കുന്നവരായിരിക്കാനും നിങ്ങളുടെ മേൽ റസൂൽ സാക്ഷ്യംവഹിക്കുന്നവനായിരിക്കാനും വേണ്ടി(യത്രെ അത്). നീ (ഇതേവരെ) യാതൊരു ഖിബ്‌ലയിൽ (നിലകൊള്ളുന്നവൻ) ആയിരുന്നുവോ അതിനെ നാം ഏർപ്പെടുത്തിയിട്ടില്ല. (വന്നപാടെ) മടമ്പുകളിൽ തിരിഞ്ഞു (മടങ്ങി) പോകുന്നവരിൽ നിന്ന് റസൂലിനെ പിൻപറ്റുന്നവരെ നമുക്ക് (വേർതിരിച്ച്) അറിയുവാൻ വേണ്ടിയല്ലാതെ. അല്ലാഹു നേർമാർഗത്തിലാക്കിയവർക്കൊഴികെ അത് ഒരു വലിയ കാര്യം തന്നെയാകുന്നു. നിങ്ങളുടെ സത്യവിശ്വാസം പാഴാക്കിക്കളയാൻ അല്ലാഹു(വിന് ഉദ്ദേശ്യം) ഇല്ല. നിശ്ചയമായും അല്ലാഹു മനുഷ്യരോട് ദയാലുവും കരുണാനിധിയും തന്നെ.

---

അല്ലാഹു സത്യവിശ്വാസികളെ ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു. "വസത്" എന്ന വാക്കിന് മധ്യമം, ഉത്തമമായത്, ശ്രേഷ്ഠമായത്, മിതമായത് എന്നെല്ലാം അർഥങ്ങളുണ്ട്. മുസ്‌ലിം സമുദായം ആ അർഥവിശേഷണങ്ങൾക്കെല്ലാം അർഹർ തന്നെ. അവർ ക്രിസ്ത്യാനികളെപ്പോലെ മതത്തിൽ വെച്ചുകെട്ടി അതിരുകവിഞ്ഞവരോ ജൂതന്മാരെപ്പോലെ മതത്തെ വെട്ടിച്ചുരുക്കിയവരോ അല്ല. ഉത്തമസമുദായം ആക്കിയതിന്റെ പരിണിതഫലമാണ് അല്ലാഹു വിവരിക്കുന്നത് – "നിങ്ങൾ മനുഷ്യരുടെ മേൽ സാക്ഷ്യം വഹിക്കുന്നവരും റസൂൽ നിങ്ങളുടെ മേൽ സാക്ഷ്യം വഹിക്കുന്ന ആളും ആയിത്തീരാൻ വേണ്ടി...." എന്നാണ്. ഈ സാക്ഷ്യംകൊണ്ടുള്ള വിവക്ഷയെപ്പറ്റിയുള്ള പല വ്യാഖ്യാനങ്ങളുള്ളത് താഴെ കാണുംവിധം സംഗ്രഹിക്കാം.

1). വിശ്വാസാചാരങ്ങളിലും കർമപരമായ നടപടികളിലും മറ്റുള്ളവർക്ക് മാതൃകയായിക്കൊണ്ട് നിങ്ങൾ മനുഷ്യസമുദായങ്ങൾക്കും സാക്ഷിയായിരിക്കുന്നു. നിങ്ങൾക്ക് മാതൃകയും നേതൃത്വവും നല്കിക്കൊണ്ട് റസൂൽ(സ) നിങ്ങൾക്കും സാക്ഷിയായിരിക്കുന്നു.

2) നിങ്ങളുടെ സന്മാർഗജീവിതത്തെ മാനദണ്ഡമാക്കിക്കൊണ്ടാണ് മറ്റുള്ളവരുടെ നന്മയും തിന്മയും അളക്കപ്പെടുക. അവർ സന്മാർഗത്തിലാണോ ദുർമാർഗത്തിലാണോ എന്നതിന് നിങ്ങൾ സാക്ഷ്യം വഹിക്കേണ്ടതുണ്ട്. നിങ്ങളുടെ നന്മയും തിന്മയുമാവട്ടെ റസൂൽ കാണിച്ചുതന്നതിന്റെ അടിസ്ഥാനത്തിലും അളക്കപ്പെടും.

3) മുൻകഴിഞ്ഞ പ്രവാചകന്മാരിലൂടെ അല്ലാഹു അവരുടെ സമുദായങ്ങൾക്ക് സത്യമാർഗം വളരെ വിസ്തരിച്ചു വിവരിച്ചുകൊടുത്തിരുന്നുവെന്നതിന് പരലോകത്ത് വെച്ച് നിങ്ങൾ അവർക്കെതിരിൽ സാക്ഷികളായിരിക്കേണ്ടതാണ്. പ്രവാചകന്റെ അധ്യാപനങ്ങൾ നിങ്ങൾ ശരിക്ക് പാലിച്ചിട്ടുണ്ടോ എന്നതിന് നിങ്ങളെ സംബന്ധിച്ച് റസൂലും സാക്ഷ്യംവഹിക്കുന്നതാണ്.

ചുരുക്കിപ്പറഞ്ഞാൽ മറ്റുള്ളവർക്ക് സാക്ഷിയായിത്തീരുന്നത് ഈ സമുദായത്തിന്റെ ശ്രേഷ്ഠതയായതോടൊപ്പം തന്നെ മറ്റ് സമുദായങ്ങളെ അപേക്ഷിച്ച് ഈ സമുദായത്തിന്റെ മേലുള്ള വമ്പിച്ച ബാധ്യതകൂടിയാണ് അത് കുറിക്കുന്നത്.

ബൈത്തുൽ മുഖദ്ദിസിനെ താൽക്കാലിക ഖിബ്‌ലയാക്കാൻ കാരണം, അതിൽ ആരൊക്കെയാണ് റസൂലിനെ പിൻപറ്റുകയെന്നും അതിന്റെ പേരിൽ ആരൊക്കെയാണ് അവിശ്വാസത്തിലേക്ക് തന്നെ മടങ്ങിപ്പോകുകയെന്നും പ്രത്യക്ഷത്തിൽ വേർതിരിച്ചു കണ്ടറിയാൻ വേണ്ടി മാത്രമാണ്. സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം, റസൂൽ(സ) കൊണ്ടുവന്നതെന്തും, അത് ഖിബ്‌ലമാറ്റം ആകട്ടെ, വേറെ വല്ല വിധിനിയമമാകട്ടെ ചോദ്യം ചെയ്യാതെ സ്വീകരിക്കുകയാണ് അവരുടെ കടമ. അല്ലാത്തവരുടെ വിശ്വാസം യഥാർഥ വിശ്വാസമായിരിക്കില്ല.

ഖുബായിലെ പള്ളിയിൽ വെച്ച് ജനങ്ങൾ സുബ്ഹ് നമസ്കരിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഖിബ്‌ലമാറ്റത്തെക്കുറിച്ചുള്ള വാർത്ത അറിയുന്നത്. റുകൂഇലായിരുന്ന ഇമാമും പിന്തുടർന്നവരും വട്ടത്തിൽ തിരിഞ്ഞു, വടക്കുഭാഗത്തായിരുന്ന ബൈത്തുൽ മുഖദ്ദിസിൽ നിന്നും തെക്ക് ഭാഗത്തുള്ള കഅ്ബയെ ലക്ഷ്യമാക്കി നമസ്കാരം തുടർന്നു. -ഇമാം പിന്നിലും പിന്തുടർന്നവർ മുന്നിലും ആയിക്കൊണ്ട് സത്യവിശ്വാസികൾ റസൂലിനെ പിൻപറ്റുന്നതിന്റെ ഒരു ഉത്തമമാതൃകയാണ് ഖുബായിലെ ഈ സംഭവം. അതേസമയം, ചില ആളുകളാവട്ടെ ഈ ഖിബ്‌ല മാറ്റത്തെത്തുടർന്ന് ഇസ്‌ലാമിനെത്തന്നെ ബഹിഷ്കരിച്ച് പോകുകയുമുണ്ടായി. ഈ രണ്ട് കൂട്ടരെയും വേർതിരിച്ചറിയാനാണ് അങ്ങനെ ചെയ്തതെന്ന അല്ലാഹുവിന്റെ വചനം അങ്ങനെ പ്രത്യക്ഷത്തിൽ പുലരുകയും ചെയ്തു.

4). ഈ കാര്യവും ഇതുപോലെ റസൂൽ(സ) മുഖേന അല്ലാഹു നടപ്പാക്കുന്ന ഏതൊരു കാര്യത്തിലും സത്യവിശ്വാസികൾക്ക് ആശയക്കുഴപ്പമോ മനപ്രയാസമോ തോന്നുകയില്ല. അല്ലാത്തവർക്ക് ഇത്തരം കാര്യങ്ങൾ വലിയൊരു വിഷമവും മനപ്രയാസവുമായിട്ടേ അനുഭവപ്പെടുകയുള്ളൂ.

5). "നിങ്ങളുടെ സത്യവിശ്വാസത്തെ അല്ലാഹു പാഴാക്കുകയില്ല" എന്ന വചനം ഖിബ്‌ല മാറ്റത്തിന്റെ ഇടക്കാലത്ത് മരണമടഞ്ഞ സത്യവിശ്വാസികളുടെ നമസ്കാരത്തിന്റെ സ്വീകാര്യതയെക്കുറിച്ച് സ്വഹാബികളിൽ ചിലരുടെ സംശയത്തിന്റെ മറുപടിയാണെന്നാണ് ഹദീസുകളിൽ വന്നിരിക്കുന്നത്.

"നിശ്ചയമായും മനുഷ്യരോടു ദയാലുവും കരുണാനിധിയും ആയ അല്ലാഹു അവന്റെ കല്പന നിരുപാധികം വിശ്വാസത്തോടെ അനുസരിക്കുന്ന മനുഷ്യരുടെ സൽക്കർമങ്ങളെ ഒരിക്കലും പാഴാക്കുകയില്ല.

**വചനം 144**

قَدْ نَرَىٰ تَقَلُّبَ وَجْهِكَ فِي ٱلسَّمَآءِ ۖ فَلَنُوَلِّيَنَّكَ قِبْلَةً تَرْضَىٰهَا ۚ فَوَلِّ وَجْهَكَ شَطْرَ ٱلْمَسْجِدِ ٱلْحَرَامِ ۚ وَحَيْثُ مَا كُنتُمْ فَوَلُّوا۟ وُجُوهَكُمْ شَطْرَهُۥ ۗ وَإِنَّ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ لَيَعْلَمُونَ أَنَّهُ ٱلْحَقُّ مِن رَّبِّهِمْ ۗ وَمَا ٱللَّهُ بِغَٰفِلٍ عَمَّا يَعْمَلُونَ ﴿١٤٤﴾

144)(നബിയേ), നിന്റെ മുഖം ആകാശത്തിൽ (നോട്ടമിട്ടു) തിരിഞ്ഞുകൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട്. അതിനാൽ, നീ തൃപ്തിപ്പെടുന്നതായ ഒരു ഖിബ്‌ല(യിലേ)ക്ക് നാം നിന്നെ നിശ്ചയമായും തിരിച്ചുതരാം. എനി, നിന്റെ മുഖത്തെ മസ്ജിദുൽ ഹറാമിന്റെ നേർക്ക് നീ തിരിച്ചുകൊള്ളുക. നിങ്ങൾ എവിടെയായാലും നിങ്ങളുടെ മുഖങ്ങളെ അതിന്റെ നേർക്ക് തിരിച്ചുകൊള്ളുവിൻ. നിശ്ചയമായും വേദഗ്രന്ഥം നല്കപ്പെട്ടവർക്ക് അറിയാം. അത് അവരുടെ റബ്ബിങ്കൽ നിന്നുള്ള യാഥാർഥ്യമാകുന്നുവെന്ന്. അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു അശ്രദ്ധനൊന്നുമല്ല.

ഈ വചനത്തിലൂടെയാണ് ബൈത്തുൽ മുഖദ്ദിസ് ഖിബ്‌ലയായി സ്വീകരിച്ചുകൊണ്ടുള്ള താൽക്കാലിക നിയമം മാറ്റി തൽസ്ഥാനത്ത് കഅ്ബയെ ഖിബ്‌ലയാക്കി നിയമിച്ചത്. കഅ്ബ ഖിബ്‌ലയായി കിട്ടിയാൽ കൊള്ളാമെന്നുള്ള അതിയായ മോഹവും ജൂതരുടെ ഖിബ്‌ല സംബന്ധമായ ദുഷ്പ്രചാരണവും സ്വൈര്യക്കേടും ഒക്കെ ചേർന്ന് നബി(സ) അല്ലാഹുവിൽ നിന്ന് വല്ല വഹ്‌യും പ്രതീക്ഷിച്ചുകൊണ്ട് ആവേശപൂർവം ആകാശത്തേക്ക് നോക്കാറുണ്ടായിരുന്നു. അങ്ങനെ റസൂലിന്റെ ആഗ്രഹം നിറവേറ്റിക്കൊണ്ടാണീ വചനം അവതരിച്ചത്.

ഹിജ്റ രണ്ടാം കൊല്ലത്തിലാണീ കല്പന അവതരിച്ചത്. ഇതിന് ശേഷം കഅ്ബയിലേക്ക് തിരിഞ്ഞ്കൊണ്ട് നബി(സ) ആദ്യം നമസ്കരിച്ചത്. ഒരു അസ്വർ നമസ്കാരമായിരുന്നുവെന്ന് ബുഖാരിയും മുസ്‌ലിമും(റ) ഉദ്ധരിച്ച ഹദീസിൽ വന്നിരിക്കുന്നു. (നബി(സ) ഒന്നാമതായി നിർമിച്ച ഖൂബാ പള്ളിയിൽ ആ വിവരം ലഭിച്ചത് അടുത്ത ദിവസം സുബഹ് നമസ്കാരവേളയിലാണ്).

നമസ്കാരസമയത്ത് മാത്രമല്ല, പ്രാർഥന ചൊല്ലുമ്പോഴും മരണപ്പെട്ടവരെ ഖബ്റിൽ കിടത്തുമ്പോഴും ഖിബ്‌ലയുടെ നേരെ തിരിയേണ്ടതാണെന്ന് ഹദീസുകളിൽ കാണാം. കഅ്ബ സംബന്ധമായ ഈ കല്പന അല്ലാഹുവിങ്കൽ നിന്നുള്ള യഥാർഥമാണെന്ന് അവരുടെ വേദഗ്രന്ഥങ്ങളിൽ നിന്നും പ്രവാചകന്മാരിൽ നിന്നും വേദക്കാർക്ക് തീർച്ചയായും അറിയാമെന്ന് അല്ലാഹു പറയുന്നു.

---

**വചനം 145,146,147**

وَلَئِنْ أَتَيْتَ ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ بِكُلِّ
ءَايَةٍ مَّا تَبِعُوا۟ قِبْلَتَكَ ۚ وَمَآ أَنتَ بِتَابِعٍ
قِبْلَتَهُمْ ۚ وَمَا بَعْضُهُم بِتَابِعٍ قِبْلَةَ بَعْضٍ ۚ
وَلَئِنِ ٱتَّبَعْتَ أَهْوَآءَهُم مِّنۢ بَعْدِ مَا
جَآءَكَ مِنَ ٱلْعِلْمِ ۙ إِنَّكَ إِذًا لَّمِنَ
ٱلظَّـٰلِمِينَ ﴿١٤٥﴾
ٱلَّذِينَ ءَاتَيْنَـٰهُمُ ٱلْكِتَـٰبَ يَعْرِفُونَهُۥ كَمَا
يَعْرِفُونَ أَبْنَآءَهُمْ ۖ وَإِنَّ فَرِيقًا مِّنْهُمْ
لَيَكْتُمُونَ ٱلْحَقَّ وَهُمْ يَعْلَمُونَ ﴿١٤٦﴾
ٱلْحَقُّ مِن رَّبِّكَ ۖ فَلَا تَكُونَنَّ مِنَ ٱلْمُمْتَرِينَ ﴿١٤٧﴾

145)വേദഗ്രന്ഥം നല്കപ്പെട്ടവരുടെ അടുക്കൽ എല്ലാ (വിധ) ദൃഷ്ടാന്തവുമായി നീ ചെന്നുവെങ്കിൽ തന്നെയും അവർ നിന്റെ ഖിബ്‌ലയെ പിന്തുടരുകയില്ല. നീ അവരുടെ ഖിബ്‌ലയെ പിന്തുടരുന്നവനുമല്ല. അവരിൽ ചിലർ, ചിലരുടെ ഖിബ്‌ലയെ പിന്തുടരുന്നവരുമല്ല. അറിവിൽ നിന്നും നിനക്ക് വന്നുകിട്ടിയതിനു ശേഷം, നീ (എങ്ങാനും) അവരുടെ ഇച്ഛകളെ പിൻപറ്റിയെങ്കിൽ, നിശ്ചയമായും അപ്പോൾ നീ അക്രമികളിൽ പെട്ടവൻ തന്നെയായിരിക്കും.

146)നാം വേദഗ്രന്ഥം നല്കിയിട്ടുള്ളവർ, തങ്ങളുടെ മക്കളെ അറിയുന്നത് പോലെ അദ്ദേഹത്തെ അറിയുന്നതാണ്. നിശ്ചയമായും അവരിൽ നിന്ന് ഒരു വിഭാഗം, അവർഅറിഞ്ഞുംകൊണ്ട് (തന്നെ) യഥാർഥം ഒളിച്ചുവെക്കുന്നു.

147)യഥാർഥം നിന്റെ റബ്ബിങ്കൽ നിന്നത്രെ (ലഭിക്കുന്നത്). അതിനാൽ, സന്ദേഹപ്പെടുന്നവരുടെ കൂട്ടത്തിൽ തീർച്ചയായും നീ ആയിത്തീരരുത്.

---

ഖിബ്‌ലയുടെ വിഷയത്തിൽ യഥാർഥ സ്ഥിതി അറിഞ്ഞുകൊണ്ട് അത് ധിക്കരിക്കുന്ന വേദക്കാരെ നബി(സ)ക്ക് പിൻപറ്റാൻ കഴിയുകയില്ലല്ലോ. അവരിൽ തന്നെ യഹൂദരുടെ ഖിബ്‌ല ബൈത്തുൽ മുഖദ്ദിസും ക്രിസ്ത്യാനികളുടേത് കിഴക്ക് ഭാഗവുമാണ്. ഖിബ്‌ലയുടെ കാര്യത്തിൽ നബി(സ)യും വേദക്കാരും തമ്മിലും വേദക്കാർ തമ്മിൽ തമ്മിലും യോജിക്കുന്ന പ്രശ്നമേയില്ല.

“നീ എങ്ങാനും അവരുടെ ഇച്ഛകളെ പിൻപറ്റിയെങ്കിൽ നീ അക്രമികളിൽ പെട്ടവനായിരിക്കും” എന്ന വചനം, നബിക്ക് വല്ല ചാഞ്ചല്യവും ഉണ്ടായേക്കാമെന്ന നിലയ്ക്കല്ല. ഈ കല്പനയിൽ അവർക്കനുകൂലമായി ഭാവിയിൽ വല്ല മാറ്റവും സംഭവിച്ചേക്കാമെന്ന വ്യാമോഹം വേദക്കാർ വെച്ചുപുലർത്തേണ്ടതില്ലെന്ന് അവരെ ബോധ്യപ്പെടുത്തുകയെന്നതാണ് അതുകൊണ്ടുദ്ദേശ്യം.

നബിതിരുമേനി(സ) അല്ലാഹുവിന്റെ പ്രവാചകനാണെന്നും അദ്ദേഹം കൊണ്ടുവരുന്നതെല്ലാം യഥാർഥമാണ് എന്നുമുള്ള വസ്തുത സ്വന്തം മക്കളെ അറിയുംപോലെ സംശയലേശമന്യെ അറിയുന്ന വേദക്കാരിലെ ഒരു വിഭാഗക്കാർ (പണ്ഡിതർ) അറിഞ്ഞുകൊണ്ട് തന്നെ യഥാർഥം മറച്ചുവെക്കുകയാണ് ചെയ്യുന്നത്. റബ്ബിങ്കൽ നിന്ന് തിരുമേനിക്ക് ലഭിച്ചതാണ് യഥാർഥമെന്നും അതിൽ യാതൊരു സന്ദേഹത്തിനും ഇടയില്ലെന്നും അല്ലാഹു ഓർമിപ്പിക്കുന്നു.

## വിഭാഗം 18

**വചനം 148**

وَلِكُلٍّ وِجْهَةٌ هُوَ مُوَلِّيهَا ۖ فَٱسْتَبِقُوا۟
ٱلْخَيْرَٰتِ ۚ أَيْنَ مَا تَكُونُوا۟ يَأْتِ بِكُمُ ٱللَّهُ

148) എല്ലാവർക്കും (എല്ലാ വിഭാഗത്തിനും) ഉണ്ട് ഒരു അഭിമുഖ സ്ഥാനം; അത് (ഓരോ വിഭാഗവും) അതിന് (മുഖം) തിരിക്കുന്നതായിരിക്കും. അതിനാൽ, നിങ്ങൾ ഉത്തമ (കാര്യ)ങ്ങളിലേക്ക് മുന്നോട്ടുവരുവിൻ. നിങ്ങൾ എവിടെ (തന്നെ) ആയിരു

جَمِيعًا ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١٤٨﴾

ന്നാലും അല്ലാഹു നിങ്ങളെ മുഴുവനും കൊണ്ടുവരുന്നതാണ്. നിശ്ചയമായും അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

എല്ലാ മതവിഭാഗക്കാർക്കും അവരവരുടെ ആരാധനകളിൽ ഓരോ ലക്ഷ്യസ്ഥാനം -ഖിബ്‌ല- ഉണ്ടായിരിക്കും. എന്നാൽ, ഖിബ്‌ലയുടെ കാര്യത്തിലും മറ്റു കാര്യങ്ങളിലെല്ലാം തന്നെ, നിങ്ങൾ കൂടുതൽ ഉത്തമമായിട്ടുള്ളതിലേക്ക് ധൃതിപൂർവം മുന്നേറുവിൻ. എല്ലാവരെയും ഖിയാമത്ത് നാളിൽ അല്ലാഹു ഒരുമിച്ചുകൂട്ടി തക്ക പ്രതിഫലം നൽകുന്നതാണ്. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

---

**<u>വചനം 149,150</u>**

وَمِنْ حَيْثُ خَرَجْتَ فَوَلِّ وَجْهَكَ شَطْرَ ٱلْمَسْجِدِ ٱلْحَرَامِ ۖ وَإِنَّهُۥ لَلْحَقُّ مِن رَّبِّكَ ۗ وَمَا ٱللَّهُ بِغَٰفِلٍ عَمَّا تَعْمَلُونَ ﴿١٤٩﴾ وَمِنْ حَيْثُ خَرَجْتَ فَوَلِّ وَجْهَكَ شَطْرَ ٱلْمَسْجِدِ ٱلْحَرَامِ ۚ وَحَيْثُ مَا كُنتُمْ فَوَلُّوا۟ وُجُوهَكُمْ شَطْرَهُۥ لِئَلَّا يَكُونَ لِلنَّاسِ عَلَيْكُمْ حُجَّةٌ إِلَّا ٱلَّذِينَ ظَلَمُوا۟ مِنْهُمْ فَلَا تَخْشَوْهُمْ وَٱخْشَوْنِى وَلِأُتِمَّ نِعْمَتِى عَلَيْكُمْ وَلَعَلَّكُمْ تَهْتَدُونَ ﴿١٥٠﴾

149)നീ പുറപ്പെട്ടുപോയേടത്ത് നിന്ന് (എല്ലാം തന്നെ) നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ നേരെ തിരിച്ചുകൊള്ളുക. നിശ്ചയമായും അത് നിന്റെ റബ്ബിങ്കൽ നിന്നുള്ള യഥാർഥം തന്നെയാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു അശ്രദ്ധനൊന്നുമല്ല.

150)നീ പുറപ്പെട്ടുപോയേടത്ത് നിന്ന് (എല്ലാം തന്നെ) നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ നേരെ തിരിച്ചുകൊള്ളുക. നിങ്ങൾ എവിടെയായിരുന്നാലും നിങ്ങളുടെ മുഖങ്ങൾ നിങ്ങൾ അതിനു നേരെ തിരിക്കുവിൻ. നിങ്ങൾക്കെതിരിൽ മനുഷ്യർക്ക് ഒരു ന്യായവും (കൊണ്ടുവരാൻ) ഉണ്ടാകാതിരിക്കുന്നതിന് വേണ്ടി; (അതെ), അവരിൽനിന്ന് അക്രമം ചെയ്തവർക്കൊഴികെ. എന്നാൽ, അവരെ നിങ്ങൾ പേടിക്കണ്ടാ, എന്നെ പേടിക്കുകയും ചെയ്തുകൊള്ളുവിൻ. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ പൂർത്തിയാക്കിത്തരുവാനും നിങ്ങൾ സന്മാർഗം പ്രാപിച്ചേക്കാനും വേണ്ടിയത്രെ (അത്).

മതചിഹ്നങ്ങളിൽ ഖിബ്‌ലയ്ക്കുള്ള സ്ഥാനം എത്ര ഗൗരവത്തോടുകൂടിയാണ് അല്ലാഹു കണക്കിലെടുത്തിരിക്കുന്നതെന്ന് അതേക്കുറിച്ച് ആവർത്തിച്ചുള്ള അല്ലാഹുവിന്റെ വചനങ്ങളിൽ നിന്നും നാം ചിന്തിച്ചു മനസ്സിലാക്കേണ്ടതാണ്. നിങ്ങൾ എവിടെ യാത്രപോയാലും അവിടെ നിന്നെല്ലാം നമസ്കാരത്തിൽ കഅ്ബയിലേക്ക് തിരിയണമെന്നും നിങ്ങൾ കഅ്ബയുടെ അടുത്തോ ദൂരെയോ ആയാലും കഅ്ബ കാണാവുന്നിടത്തോ, കാണാത്തിടത്തോ ആയാലും അങ്ങനെ ചെയ്യണമെന്നും അല്ലാഹു നിർദേശിക്കുന്നു. ഇബ്‌റാഹീമിന്റെ(അ) മാർഗം പിന്തുടരുന്ന മുഹമ്മദ്നബി(സ) ഇബ്‌റാഹീമിന്റെ(അ) ഖിബ്‌ല ഉപേക്ഷിക്കുന്നു എന്നും മറ്റും മുശ്‌രിക്കുകൾ ന്യായം പറയാതിരിക്കാൻ കഅ്ബയിലേക്ക് തിരിയണമെന്ന് അല്ലാഹു നിർദേശിക്കുകയാണ്.

ഈ വിഷയം ഇത്രയും ഗൗരവമർഹിക്കാൻ കാരണം, എതിർകക്ഷികൾ മുസ്‌ലിംകൾക്കെതിരിൽ കൊണ്ടുവരുന്ന ദുഷ്പ്രചാരണങ്ങൾ കൂടാതെ, ഈ ഖിബ്‌ല മാറ്റം മതപരമായ അനുഷ്ഠാന നിയമങ്ങളിൽ ഏർപ്പെടുത്തപ്പെട്ട ഒന്നാമത്തെ 'നസ്ഖ്' ആയിരുന്നതിനാൽ നസ്ഖിന്റെ പേരിലും ഇസ്‌ലാമിന്റെ ശത്രുക്കൾ രൂക്ഷമായ എതിർപ്പുകൾ അഴിച്ചുവിട്ടിരുന്നതിനാലാണ്. എന്നാൽ ഇത്തരം ആക്ഷേപങ്ങളൊന്നും ചെവികൊള്ളാതെ, അല്ലാഹുവിനെ മാത്രം ഭയപ്പെട്ടു അവന്റെ അനുഗ്രഹം നേടിയെടുത്ത് സന്മാർഗം പ്രാപിച്ച് വിജയംനേടാൻ അല്ലാഹു സത്യവിശ്വാസികളെ ഉണർത്തുന്നു.

**വചനം 151,152**

كَمَآ أَرۡسَلۡنَا فِيكُمۡ رَسُولٗا مِّنكُمۡ يَتۡلُواْ عَلَيۡكُمۡ ءَايَٰتِنَا وَيُزَكِّيكُمۡ وَيُعَلِّمُكُمُ ٱلۡكِتَٰبَ وَٱلۡحِكۡمَةَ وَيُعَلِّمُكُم مَّا لَمۡ تَكُونُواْ تَعۡلَمُونَ ﴿١٥١﴾ فَٱذۡكُرُونِيٓ أَذۡكُرۡكُمۡ وَٱشۡكُرُواْ لِي وَلَا تَكۡفُرُونِ ﴿١٥٢﴾

151)(അതെ) നിങ്ങളില്‍, നിങ്ങളില്‍ നിന്നുള്ള ഒരു റസൂലിനെ നാം അയച്ചതുപോലെ; അദ്ദേഹം നിങ്ങള്‍ക്ക് നമ്മുടെ ആയത്ത് (ലക്ഷ്യം)കള്‍ ഓതിത്തരികയും നിങ്ങളെ സംസ്കരിക്കുകയും നിങ്ങള്‍ക്ക് വേദഗ്രന്ഥവും വിജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു. നിങ്ങള്‍ക്ക് അറിയുമായിരുന്നില്ലാത്തത് അദ്ദേഹം നിങ്ങള്‍ക്ക് പഠിപ്പിച്ചുതരികയും ചെയ്യുന്നു. (അങ്ങനെയുള്ള ഒരു റസൂലിനെ)

152)ആകയാല്‍, നിങ്ങള്‍ എന്നെ സ്മരിക്കുവിന്‍. (എന്നാല്‍) ഞാന്‍ നിങ്ങളെ(യും) സ്മരിക്കുന്നതാണ്. എനിക്ക് നന്ദികാണിക്കുകയും ചെയ്യുവിന്‍. എന്നോട് നന്ദികേട് കാണിക്കുകയും അരുത്.

---

അല്ലാഹു, മനുഷ്യര്‍ക്ക് ചെയ്തു തന്ന മറ്റൊരു വലിയ അനുഗ്രഹത്തെ ഓര്‍മ്മിപ്പിക്കുന്നു. നിങ്ങള്‍ക്ക് സന്മാര്‍ഗ്ഗം കാണിച്ച് തരാനായി ഒരു റസൂലിനെ ഞാന്‍ നിങ്ങള്‍ക്ക് അയച്ചുതന്നിട്ടുണ്ട്. തുടര്‍ന്ന് റസൂലിന്റെ കൃത്യങ്ങളും ചുമതലകളും അല്ലാഹു വിവരിക്കുന്നു. (ഇതേക്കുറിച്ച് വചനം 129-ല്‍ വിശദമായി വിവരിച്ചിട്ടുണ്ട്.)

ഇത്രയും വമ്പിച്ച അനുഗ്രഹം ചെയ്ത് തന്നിട്ടുള്ള അല്ലാഹുവിനെ എപ്പോഴും സ്മരിക്കണമെന്നും ഒരിക്കലും അവനോട് നന്ദികേട് കാണിക്കരുതെന്നും അല്ലാഹു ഓര്‍മ്മിപ്പിക്കുന്നു.

## വിഭാഗം 19

**വചനം 153**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱسۡتَعِينُواْ بِٱلصَّبۡرِ وَٱلصَّلَوٰةِۚ إِنَّ ٱللَّهَ مَعَ ٱلصَّٰبِرِينَ ﴿١٥٣﴾

153)ഹേ, വിശ്വസിച്ചവരേ. ക്ഷമയും നമസ്കാരവും വഴി നിങ്ങള്‍ സഹായം തേടിക്കൊള്ളുവിന്‍. നിശ്ചയമായും അല്ലാഹു ക്ഷമിക്കുന്നവരോടൊപ്പമായിരിക്കും.

---

ക്ഷമയും നമസ്കാരവും മുറുകെ പിടിക്കുവാനും അത്‌വഴി സഹായം തേടിക്കൊള്ളുവാനും അല്ലാഹു സത്യവിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു. അനുഗ്രഹങ്ങളിലും സന്തോഷത്തിലും നന്ദിയെന്നപോലെ, പരീക്ഷണങ്ങളിലും വിഷമങ്ങളിലും ക്ഷമ കൈക്കൊള്ളേണ്ടത് സത്യവിശ്വാസിയുടെ സ്വഭാവമായിരിക്കേണ്ടതാണ്.

നമസ്കാരമാകട്ടെ അല്ലാഹുവിന്റെ മുമ്പില്‍ സാഷ്ടാംഗം ചെയ്തുകൊണ്ട് നടത്തുന്ന ഭക്തികര്‍മ്മമാണല്ലോ. ആ പ്രാര്‍ത്ഥനക്ക് അല്ലാഹു പ്രത്യേകം വില കല്പിക്കുമെന്നതില്‍ സംശയിക്കാനില്ല. (വചനം 45ലെ വിവരണം ശ്രദ്ധിക്കുക).

---

**വചനം 154**

وَلَا تَقُولُواْ لِمَن يُقۡتَلُ فِي سَبِيلِ ٱللَّهِ أَمۡوَٰتُۢۚ بَلۡ أَحۡيَآءٞ وَلَٰكِن لَّا تَشۡعُرُونَ ﴿١٥٤﴾

154)അല്ലാഹുവിന്റെ മാര്‍ഗത്തില്‍ കൊല്ലപ്പെടുന്നവരെക്കുറിച്ച് നിങ്ങള്‍ 'മരണപ്പെട്ടവര്‍' എന്ന് പറയരുത്. എന്നാല്‍ (അവര്‍) ജീവിച്ചിരിക്കുന്നവരാകുന്നു; എങ്കിലും നിങ്ങള്‍ (അത്) ഗ്രഹിക്കുകയില്ല.

---

അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ സമരം ചെയ്തു രക്തസാക്ഷിത്വം വരിക്കുന്നവര്‍, പ്രത്യക്ഷത്തില്‍ മരണപ്പെട്ടവരാണെങ്കിലും യഥാര്‍ത്ഥത്തില്‍ അവര്‍ മരണപ്പെട്ടവരല്ല. അവര്‍ അല്ലാഹുവിങ്കള്‍ ജീവിച്ചിരിക്കുന്നവര്‍

തന്നെയാണ്. ആലു ഇംറാൻ 169-171ൽ, അവർക്ക് ആഹാരം നല്കപ്പെട്ടുകൊണ്ടിരിക്കുമെന്നും, അവരോടൊപ്പം വന്ന് ചേരാനിരിക്കുന്നവരെപ്പറ്റി അവർ സന്തുഷ്ടരായിരിക്കുമെന്നും പ്രസ്താവിച്ചിരിക്കുന്നു. നിഷ്ക്കളങ്ക മനസ്സോടെയും ഐഹികമായ ലക്ഷ്യങ്ങൾ വച്ച്കൊണ്ടല്ലാതെയും രക്തസാക്ഷിത്വം വരിക്കുന്നവർക്ക് മാത്രമെ മേൽപറഞ്ഞ നേട്ടങ്ങൾ ലഭിക്കുകയുള്ളൂ എന്ന് നബി(സ) വ്യക്തമാക്കിയിട്ടുണ്ട്. രക്തസാക്ഷികളുടെ ആത്മാക്കൾ പച്ചവർണ്ണമുള്ള ചില പക്ഷികളുടെ ഉള്ളങ്ങളിലായി സ്വർഗ്ഗത്തിൽ അവരുടെ ഇഛാനുസരണം മേഞ്ഞുകൊണ്ടിരിക്കുമെന്ന് നബി(സ) പ്രസ്താവിച്ചിരിക്കുന്നു.

**വചനം 155,156,157**

وَلَنَبْلُوَنَّكُم بِشَيْءٍ مِّنَ الْخَوْفِ وَالْجُوعِ وَنَقْصٍ مِّنَ الْأَمْوَالِ وَالْأَنفُسِ وَالثَّمَرَاتِ ۗ وَبَشِّرِ الصَّابِرِينَ ﴿١٥٥﴾

155)ഭയം, വിശപ്പ്, സ്വത്തുക്കളിലും ദേഹങ്ങളിലും ഫലങ്ങളിലും കുറവ് എന്നിവയിൽ പെട്ട വല്ലതും കൊണ്ട് നിശ്ചയമായും നാം നിങ്ങളെ പരീക്ഷണം ചെയ്യുന്നതാണ്. ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

الَّذِينَ إِذَا أَصَابَتْهُم مُّصِيبَةٌ قَالُوا إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ ﴿١٥٦﴾

156)അതായത് യാതൊരു കൂട്ടർക്ക്: അവർക്ക് വല്ല ബാധയും (ആപത്തും) ബാധിച്ചാൽ അവർ പറയും: ഞങ്ങൾ അല്ലാഹുവിനുള്ളവരാണ്. ഞങ്ങൾ അവങ്കലേക്ക് തന്നെ മടങ്ങുന്നവരുമാകുന്നു.

أُولَٰئِكَ عَلَيْهِمْ صَلَوَاتٌ مِّن رَّبِّهِمْ وَرَحْمَةٌ ۖ وَأُولَٰئِكَ هُمُ الْمُهْتَدُونَ ﴿١٥٧﴾

157)അക്കൂട്ടർ- അവരിൽ അവരുടെ റബ്ബിങ്കൽ നിന്നുള്ള അനുഗ്രഹാശിസ്സുകളും കാരുണ്യവും ഉണ്ടായിരിക്കും. അക്കൂട്ടർ തന്നെയാണ് സന്മാർഗം പ്രാപിച്ചവരും.

അല്ലാഹുവിങ്കൽ നിന്നുള്ള പരീക്ഷണം രണ്ടുവിധത്തിലുണ്ട്. തിന്മ മുഖേനയും നന്മ മുഖേനയും തിന്മയിൽ ക്ഷമയും സഹനവും നന്മയിൽ നന്ദിയും കൂറും പുലർത്തുന്ന സത്യവിശ്വാസികൾക്ക് രണ്ടുതരം പരീക്ഷണവും ഗുണകരമായി കലാശിക്കും. അല്ലാത്തവർക്ക് രണ്ടും ദോഷമല്ലാതെ വരുത്തുകയില്ല.

ഈ വചനങ്ങളിൽ തിന്മ മുഖേനയുള്ള വിവിധതരം പരീക്ഷണങ്ങളെ അല്ലാഹു എടുത്ത് പറയുന്നു.

യുദ്ധം, കലഹം, ശത്രുക്കൾ തുടങ്ങിയ കാരണങ്ങളാലുണ്ടാകുന്ന ഭയം, ക്ഷാമം കൊണ്ടും ദാരിദ്ര്യം കൊണ്ടും ഉണ്ടാകുന്ന വിശപ്പ്, പല കാരണങ്ങളുണ്ടാകുന്ന ധനനഷ്ടം, പല വിധ അത്യാഹിതങ്ങളും രോഗങ്ങളും മൂലമുള്ള ആൾനഷ്ടം, കൃഷിയിൽ വന്നുചേർന്നേക്കാവുന്ന ഫലനഷ്ടം എന്നിവ.

അവയിൽ ക്ഷമ കൈക്കൊള്ളുന്നവർക്ക് അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹങ്ങളും, നന്മകളും ലഭിക്കുന്നതാകുന്നു. നേരെ മറിച്ച് അക്ഷമയും വേവലാതിയുമായി കഴിയുന്നവർക്ക് ഇഹത്തിൽ ആപത്തുകളുടെ ഗൗരവം വർദ്ധിക്കലും, പരത്തിൽ അല്ലാഹുവിന്റെ അപ്രീതിയുമായിരിക്കും അനുഭവം.

ക്ഷമാലുക്കളുടെ ഒരു നിർവചനമെന്നോണം അല്ലാഹു അവരെ വിശേഷിപ്പിച്ചത് ശ്രദ്ധിക്കുക: അവർക്ക് വല്ല ആപത്തും ബാധിച്ചാൽ "ഞങ്ങൾ അല്ലാഹുവിനുള്ളവരാണ്. ഞങ്ങൾ അവങ്കലേക്ക് തന്നെ മടങ്ങുന്നവരാണ്" എന്ന വാക്യം പറയുന്നവരാണവർ. إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ എന്ന ഈ വാക്യത്തിന് ഇസ്തിർജാഅ് (മടക്കംകാണക്കൽ) എന്ന് പറയപ്പെടുന്നു.

നാമെല്ലാം അവന്റെ അടിമകളാണെന്നുംതങ്ങളുടെ കൈകാര്യങ്ങളും നിയന്ത്രണങ്ങളുമെല്ലാം അവന്റെ കൈയിലാണെന്നും അത് മരണാനന്തരം അവനിലേക്ക് മടങ്ങിചെല്ലേണ്ടതാണെന്നും ഉള്ള സമർപ്പണമാണാ വാക്യം. ഇത്തരത്തിൽ ക്ഷമ കാണിക്കുന്നവർക്ക് അല്ലാഹു ആപത്തിൽ അവന് പ്രതിഫലം കൊടുക്കുകയും അതിലും ഉത്തമമായതിനെ അവന് പിന്നീട് നല്കുകയും ചെയ്യാതിരിക്കില്ല.

**വചനം 158**

۞ إِنَّ ٱلصَّفَا وَٱلْمَرْوَةَ مِن شَعَآئِرِ ٱللَّهِ ۖ فَمَنْ حَجَّ ٱلْبَيْتَ أَوِ ٱعْتَمَرَ فَلَا جُنَاحَ عَلَيْهِ أَن يَطَّوَّفَ بِهِمَا ۚ وَمَن تَطَوَّعَ خَيْرًا فَإِنَّ ٱللَّهَ شَاكِرٌ عَلِيمٌ ﴿١٥٨﴾

158)നിശ്ചയമായും സ്വഫായും മർവായും അല്ലാഹുവിന്റെ (വക) ചിഹ്നങ്ങളിൽ പെട്ടതാണ്. അതിനാൽ, ആരെങ്കിലും (ആ) ഭവനത്തിങ്കൽ (കഅ്ബയുടെ അടുക്കൽ) ഹജ്ജ് ചെയ്യുകയോ ഉംറ ചെയ്യുകയോ ചെയ്യുന്നതായാൽ അവൻ ആ രണ്ടിലൂടെയും പ്രദക്ഷിണം ചെയ്യുന്നതിന് തെറ്റില്ല. ആരെങ്കിലും സ്വമേധയാ വല്ല നന്മയും പ്രവർത്തിക്കുന്നതായാൽ നിശ്ചയമായും അല്ലാഹു നന്ദികാണിക്കുന്നവനും സർവജ്ഞനുമാകുന്നു. (അതവൻ പാഴാക്കുകയില്ല.)

---

കഅ്ബയുടെ അരികെയുള്ള രണ്ടു കുന്നുകളാണ് സഫായും മർവായും. ഇബ്രാഹിം (അ) ഹാജറിനേയും ഇസ്മാഈൽ (അ)നേയും മക്കായിൽ കൊണ്ടാക്കി തിരിച്ച് പോയപ്പോൾ, ജലമന്വേഷിച്ച് ഹാജറ ഈ രണ്ട് കുന്നുകൾക്കിടയിൽ ഏഴു പ്രാവശ്യം നടക്കുകയുണ്ടായി. ഹാജറിന്റെ ആ നടത്തം അനുസ്മരിച്ച് കൊണ്ടാണ്, ഹജ്ജുവേളയിലും ഉംറ വേളയിലും തീർത്ഥാടകർ സഫാ–മർവക്കിടയിൽ 7 പ്രാവശ്യം നടന്ന് 'സഅ്യ്' (വേഗം നടക്കൽ) കർമ്മം നിർവ്വഹിക്കുന്നത്. 'സഅ്യ്' കർമ്മം ഹജ്ജിനും ഉംറയ്ക്കും നിർബന്ധമില്ലെന്ന് തോന്നിയേക്കാവുന്ന വിധം ആ "രണ്ടിലൂടെയും പ്രദക്ഷിണം ചെയ്യുന്നതിൽ തെറ്റില്ല" എന്ന് പറയാനുള്ള കാരണം:

ജാഹിലിയാ കാലത്ത് കഅ്ബയും പരിസരങ്ങളുമെല്ലാം ബിംബങ്ങളാൽ നിറക്കപ്പെട്ടിരുന്നു. അക്കാലത്ത് സഫായിൽ 'ഇസാഫ്' എന്നും മർവയിൽ 'നാഇല' എന്നും പേരായ ബിംബങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. മക്കാ വിജയത്തോടെ ആ വിഗ്രഹങ്ങളെല്ലാം തുടച്ച് നീക്കപ്പെട്ടുവെങ്കിലും വിഗ്രഹങ്ങളിരുന്ന സ്ഥലമായത് കൊണ്ട് രണ്ടിനുമിടയിൽ 'സഅ്യ്' നടത്തുന്നത് തെറ്റാണെന്ന ധാരണ മുസ്‌ലിംകൾക്കുണ്ടായിരുന്നു. ആ ധാരണ ശരിയല്ലെന്നാണ് ഈ വചനത്തിലൂടെ അല്ലാഹു ഉണർത്തുന്നത്– 'സഅ്യ്' കർമ്മം ഹജ്ജിനും ഉംറക്കും നിർബ്ബന്ധം തന്നെയാകുന്നു.

സഫായും മർവായും അല്ലാഹുവിന്റെ ചിഹ്നങ്ങളിൽപ്പെട്ടതാണെന്ന് അല്ലാഹു പറഞ്ഞപ്പോൾ അതു രണ്ടും രണ്ട് പരിപാവന സ്ഥലങ്ങളാണെന്നും അവയ്ക്കിടയിലെ 'സഅ്യ്' പ്രധാനപ്പെട്ട ഒരു പുണ്യകർമ്മമാണെന്നും വ്യക്തമാണ്. ഏതെങ്കിലും പുണ്യസ്ഥലങ്ങളെപ്പറ്റി അല്ലാഹുവിന്റെ ചിഹ്നങ്ങളാണെന്നോ ബഹുമാനിക്കപ്പെടേണ്ടതാണെന്നോ പറയപ്പെട്ടാൽ ആ സ്ഥലത്തെ മണ്ണിനും കല്ലിനും മറ്റും ദിവ്യത്വം കല്പിക്കുന്നതും, കാര്യസാദ്ധ്യത്തിനായി അവയെ തൊട്ട് തടവുന്നതും വളരെ തെറ്റായ പ്രവണതയാകുന്നു.

"ആരെങ്കിലും സ്വമേധയാ ഒരു നന്മ ചെയ്താൽ...." എന്ന വചനം, എല്ലാ ഐഹിക സദ്കർമ്മങ്ങൾക്കുമുള്ള പ്രോത്സാഹനമാകുന്നു. ആയുസ്സിൽ ഒരിക്കൽ മാത്രം നിർബന്ധമുള്ള ഹജ്ജ് കർമ്മം കഴിവുള്ളവർക്ക് കൂടുതൽ പ്രാവശ്യം ചെയ്യുന്നത് പുണ്യകരവും അല്ലാഹു പ്രോത്സാഹിപ്പിക്കുന്നതുമാണെന്ന് ഈ വചനത്തിലൂടെ ഗ്രഹിക്കാവുന്നതാണ്. മദീനാ ഹിജ്റക്കുശേഷം നബി(സ) ഒരു ഹജ്ജ് അല്ലാതെ ചെയ്തിട്ടില്ല. എന്നാൽ മക്കാ ജീവിതകാലത്ത് അവിടുന്ന് എത്ര ഹജ്ജ് ചെയ്തിരിക്കുമെന്നതിന് തെളിവില്ല. സഹാബികൾ, തിരുമേനിയുടെ അറിവോടെയും കല്പനപ്രകാരവും മദീനാ ഹിജ്റക്ക് ശേഷം ഒന്നിലധികം ഹജ്ജും ഉംറയും ചെയ്തിട്ടുണ്ടെന്ന് തീർച്ചയാണ്. الله اعلم

---

**വചനം 159,160**

إِنَّ ٱلَّذِينَ يَكْتُمُونَ مَآ أَنزَلْنَا مِنَ ٱلْبَيِّنَٰتِ وَٱلْهُدَىٰ مِنۢ بَعْدِ مَا بَيَّنَّٰهُ لِلنَّاسِ فِى ٱلْكِتَٰبِ ۙ أُو۟لَٰٓئِكَ يَلْعَنُهُمُ ٱللَّهُ وَيَلْعَنُهُمُ ٱللَّٰعِنُونَ ﴿١٥٩﴾

159)നിശ്ചയമായും (വ്യക്തമായ) തെളിവുകളായും മാർഗദർശനമായും നാം അവതരിപ്പിച്ചിട്ടുള്ളതിനെ –വേദഗ്രന്ഥത്തിൽ നാം അത് മനുഷ്യർക്കു വേണ്ടി വിവരിച്ചതിനുശേഷം– മറച്ചുവെക്കുന്നവർ, (അതെ), അക്കൂട്ടർ– അവരെ അല്ലാഹു ശപിക്കുന്നതാണ്. (മറ്റു) ശപിക്കുന്നവരും അവരെ ശപിക്കുന്നതാണ്.

إِلَّا ٱلَّذِينَ تَابُوا۟ وَأَصْلَحُوا۟ وَبَيَّنُوا۟ فَأُو۟لَٰٓئِكَ أَتُوبُ عَلَيْهِمْ ۚ وَأَنَا ٱلتَّوَّابُ ٱلرَّحِيمُ ﴿١٦٠﴾

160)പശ്ചാത്തപിക്കുകയും (പ്രവർത്തി) നന്നാക്കുകയും (വ്യക്തമാക്കി) വിവരിച്ചുകൊടുക്കുകയും ചെയ്തവരൊഴികെ. എന്നാൽ അക്കൂട്ടരാകട്ടെ, അവരുടെ പശ്ചാത്താപം നാം സ്വീകരിക്കുന്നതാണ്. ഞാനത്രെ വളരെ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമായുള്ളവൻ.

ഈ താക്കീത് സത്യം അറിവുണ്ടായിട്ടും മൂടി വയ്ക്കുന്ന, ജനങ്ങൾക്ക് വിവരിച്ച് കൊടുക്കാതിരിക്കുന്ന എല്ലാവർക്കും ബാധകമാണ്. റസൂൽ തിരുമേനി പറഞ്ഞു. ആരോടെങ്കിലും ഒരു അറിവിനെക്കുറിച്ച് ചോദിക്കപ്പെട്ടിട്ടും അവൻ അത് ശരിക്കു പറഞ്ഞുകൊടുക്കാതെ മറച്ച് വെക്കുന്ന പക്ഷം ഖിയാമത്ത് നാളിൽ അവന് അഗ്നിയാലുള്ള ഒരു കടിഞ്ഞാണിടപ്പെടുന്നതാണ്.

അല്ലാഹുവിന്റെ ശാപം കൊണ്ട് വിവക്ഷ, ഇഹത്തിലും പരത്തിലും അവന്റെ ദയാദാക്ഷിണ്യങ്ങൾ ലഭിക്കാതിരിക്കലും, പരലോകശിക്ഷക്ക് വിധേയമാക്കലുമാകുന്നു. ശപിക്കുന്നവരുടെ ശാപം എന്ന് പറഞ്ഞത് കൊണ്ടുദ്ദേശം, ശാപം ആരിൽ നിന്നെല്ലാം ഉണ്ടാകാമോ, അവരുടെയെല്ലാം ശാപം എന്നാകുന്നു മലക്കുകളും മനുഷ്യരും അതിൽ ഉൾപ്പെടുന്നു.

എന്നാൽ ചെയ്ത്പോയതിനെപ്പറ്റി നിർവ്യാജം ഖേദിക്കുകയും ചെയ്ത തെറ്റ് തിരുത്തുകയും അഥവാ മൂടിവച്ചത് വ്യക്തമാക്കുകയും തെറ്റ് ആവർത്തിക്കാതിരിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹു പൊറുത്തുകൊടുക്കുന്നതാണ്.

**വചനം 161,162**

إِنَّ ٱلَّذِينَ كَفَرُوا۟ وَمَاتُوا۟ وَهُمْ كُفَّارٌ أُو۟لَٰٓئِكَ عَلَيْهِمْ لَعْنَةُ ٱللَّهِ وَٱلْمَلَٰٓئِكَةِ وَٱلنَّاسِ أَجْمَعِينَ ﴿١٦١﴾

161)നിശ്ചയമായും അവിശ്വസിക്കുകയും അവിശ്വാസികളായുംകൊണ്ട് മരണപ്പെടുകയും ചെയ്തവർ, (അതെ), അക്കൂട്ടർ അവരുടെ മേൽ അല്ലാഹുവിന്റെയും മുഴുവൻ മലക്കുകളുടെയും മനുഷ്യരുടെയും ശാപമുണ്ടായിരിക്കും.

خَٰلِدِينَ فِيهَا ۖ لَا يُخَفَّفُ عَنْهُمُ ٱلْعَذَابُ وَلَا هُمْ يُنظَرُونَ ﴿١٦٢﴾

162)അതിൽ (അവർ) നിത്യവാസികളായിക്കൊണ്ട്, അവർക്ക് ശിക്ഷ ലഘൂകരിക്കപ്പെടുകയുമില്ല. അവർക്ക് ഇടകൊടുക്കപ്പെടുകയുമില്ല.

ഒരാൾ സത്യവിശ്വാസിയോ, അവിശ്വാസിയോ എന്ന് തിട്ടപ്പെടുത്തുന്നത് ആയാളുടെ മരണത്തോട് കൂടിയായിരിക്കും. ആയുഷ്കാലം മുഴുവൻ അവിശ്വാസിയായിരുന്ന ഒരാൾ മരിക്കുന്നതിന് മുമ്പ് സത്യവിശ്വാസം സ്വീകരിക്കാനും അതേപോലെ ഒരു സത്യവിശ്വാസി മരണത്തിന് മുമ്പ് അവിശ്വാസിയാകാനും സാദ്ധ്യതയുണ്ട്. ഓരോ വ്യക്തിയുടെയും അന്ത്യം എങ്ങനെ കലാശിച്ചവെന്ന് അല്ലാഹുവിനല്ലാതെ അറിയുകയില്ലല്ലോ. അതുകൊണ്ടാണ് അവിശ്വാസികളെ മൊത്തത്തിൽ ശപിക്കാമെങ്കിലും, അവിശ്വാസിയായ പ്രത്യേക വ്യക്തികളെ ശപിക്കാൻ പാടില്ലെന്ന് പണ്ഡിതന്മാർ പറയുന്നത്. ഖുർആനിൽ, അക്രമികളെ പൊതുവെ ശപിച്ച്കൊണ്ടുള്ള പല വാക്യങ്ങളും കാണാം; എന്നാൽ പിശാചിനെയല്ലാതെ വ്യക്തികളെ ശപിച്ച്കൊണ്ടുള്ള ഖുർആൻ വാക്യങ്ങൾ കാണാവുന്നതല്ല.

**വചനം 163**

وَإِلَٰهُكُمْ إِلَٰهٌ وَٰحِدٌ ۖ لَّآ إِلَٰهَ إِلَّا هُوَ ٱلرَّحْمَٰنُ ٱلرَّحِيمُ ﴿١٦٣﴾

163)നിങ്ങളുടെ ഇലാഹ് (ആരാധ്യൻ) ഏക ഇലാഹാകുന്നു. അവനല്ലാതെ ഇലാഹേയില്ല. കാരുണ്യവാനും കരുണാനിധിയുമായുള്ളവനത്രെ (അവൻ).

അല്ലാഹു അല്ലാതെ ആരാധ്യൻ (ഇലാഹ്) ഇല്ല. അവൻ ഏകനും കരുണാനിധിയും കാരുണ്യവാനുമത്രെ.

അല്ലാഹു അല്ലാതെ ആരാധ്യൻ ഇല്ല എന്ന് പറയുന്നതിന്റെ അർത്ഥം അല്ലാഹുവിനല്ലാതെ, മറ്റാർക്കും ആരാധന ചെയ്യപ്പെടുന്നില്ല എന്നല്ല. എന്നാൽ ആരാധ്യരായി ഗണിക്കപ്പെട്ട് വരുന്ന മറ്റുള്ളവയെല്ലാം മിഥ്യ കളും കൃത്രിമങ്ങളുമാകുന്നു എന്നൊക്കെയാകുന്നു അതിന്റെ അർത്ഥം.

## വിഭാഗം 20

വചനം 164

إِنَّ فِي خَلْقِ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱخْتِلَٰفِ ٱلَّيْلِ وَٱلنَّهَارِ وَٱلْفُلْكِ ٱلَّتِي تَجْرِى فِى ٱلْبَحْرِ بِمَا يَنفَعُ ٱلنَّاسَ وَمَآ أَنزَلَ ٱللَّهُ مِنَ ٱلسَّمَآءِ مِن مَّآءٍ فَأَحْيَا بِهِ ٱلْأَرْضَ بَعْدَ مَوْتِهَا وَبَثَّ فِيهَا مِن كُلِّ دَآبَّةٍ وَتَصْرِيفِ ٱلرِّيَٰحِ وَٱلسَّحَابِ ٱلْمُسَخَّرِ بَيْنَ ٱلسَّمَآءِ وَٱلْأَرْضِ لَءَايَٰتٍ لِّقَوْمٍ يَعْقِلُونَ ﴿١٦٤﴾

164)നിശ്ചയമായും, ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചതിലും രാവും പകലും (മാറിമാറി) വ്യത്യാസപ്പെടുന്നതിലും മനുഷ്യർക്ക് ഉപകാരപ്പെടുന്നവ(സ്തുക്കളെ)യും കൊണ്ട് സമുദ്രത്തിലൂടെ സഞ്ചരിക്കുന്ന കപ്പലുകളിലും ആകാശത്തുനിന്ന് അല്ലാഹു വെള്ളത്തെ ഇറക്കുകയും എന്നിട്ട് അതുമൂലം ഭൂമിയുടെ നിർജീവതയ്ക്കു ശേഷം അതിനെ സജീവമാക്കി അതിൽ (എല്ലാ)തരം ജീവജന്തുക്കളെയും വ്യാപിപ്പിക്കുകയും ചെയ്തിട്ടുള്ളതിലും, കാറ്റുകളുടെയും ആകാശത്തിനും ഭൂമിക്കുമിടയിൽ കീഴ്പ്പെടുത്ത(നിയന്ത്രിക്ക)പ്പെടുന്ന മേഘത്തിന്റെയും നടത്തിപ്പിലും ബുദ്ധികൊടു(ത്ത് ഗ്രഹി)ക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.

അല്ലാഹു മാത്രമേ ഇലാഹായിരിക്കാൻ അർഹനായുള്ളൂവെന്നതിന്റെ തെളിവുകളാണ് ഈ വചനത്തിൽ വിവരിക്കപ്പെടുന്നത്.

(1) ആകാശ ഭൂമികളുടെ സൃഷ്ടിപ്പ്: അനന്തവിശാലമായ ആകാശങ്ങൾ നക്ഷത്രലോകങ്ങൾ സൂര്യചന്ദ്രന്മാർ, ഗ്രഹങ്ങൾ, ഉപ്രഗഹങ്ങൾ, നാം നിവസിക്കുന്ന ഭൂമി ഓരോന്നിന്റെയും ഗതിവിഗതികൾ, പരസ്പരബന്ധങ്ങൾ എന്നിവയും;

(2) രാപ്പകലുകളുടെ വ്യത്യാസം: അവ മാറിക്കൊണ്ടിരിക്കുന്നതും, സമയവും ഇരുട്ടും വെളിച്ചവും പരസ്പരം മാറിമറിഞ്ഞുകൊണ്ടിരിക്കുന്നതും;

(3) ജനങ്ങൾക്ക് ഉപകാരപ്രദങ്ങളായ വസ്തു വിഭവങ്ങളെ വഹിച്ച്കൊണ്ട് സഞ്ചരിക്കുന്ന കപ്പലുകളും അവയുടെ സഞ്ചാരത്തിനുപയുക്തമാകുംവിധം ഏർപ്പെടുത്തപ്പെട്ട സമുദ്രമാർഗ്ഗങ്ങളും;

(4) ആകാശത്ത് നിന്ന് മഴവെള്ളം ഇറക്കി നിർജ്ജീവമായിക്കിടക്കുന്ന തരിശുതുണ്ടുകൾ കൃഷിക്കുപയുക്തമാക്കിത്തീർക്കുന്നതും വിവിധതരം ജീവജന്തുക്കളെ ഭൂമിയിൽ വിതരണം ചെയ്തതും;

(5) വിവിധ തരത്തിലുള്ള കാറ്റുകളുടെ നിയന്ത്രണവും;

(6) ആകാശത്തിനും ഭൂമിക്കുമിടയിൽ വച്ചു നിയന്ത്രിക്കപ്പെടുന്ന മേഘത്തിന്റെ കൈകാര്യവും;

തുടങ്ങി ഒട്ടേറെ മഹദ്കാര്യങ്ങൾ തികച്ചും വ്യവസ്ഥാപിതമായ രീതിയിൽ സൃഷ്ടിച്ച് നിയന്ത്രിച്ച് നടത്തിപ്പോരുന്ന അല്ലാഹുവിനു മാത്രമേ ആരാധിക്കപ്പെടാൻ അർഹതയുള്ളൂവെന്നും, മറ്റുള്ള ആരാധ്യവസ്തുക്കളെല്ലാം വെറും മിഥ്യകളാണെന്നും ബുദ്ധി കൊടുത്ത് ചിന്തിക്കുന്ന ആർക്കും വ്യക്തമായി മനസ്സിലാകുന്നതാണ്.

പ്രകൃതിയെന്നും, ഊർജ്ജമെന്നും പരിണാമമെന്നും സ്ഫോടനമെന്നുമൊക്കെ പേരിട്ട് പ്രതിഷ്ഠിച്ച് സൃഷ്ടാവായി പൂജിച്ചുകൊണ്ട് യഥാർത്ഥ സൃഷ്ടാവിനെ ചിന്താമണ്ഡലത്തിൽ നിന്ന് വൈരാഗ്യപൂർവ്വം ഒഴിച്ചുനിർത്തുന്ന അഹങ്കാരികൾക്ക് യഥാർത്ഥ സൃഷ്ടാവിനേയും അവന്റെ മാഹാത്മ്യങ്ങളെയും കണ്ടെത്താൻ കഴിഞ്ഞെന്ന് വരികയില്ല.

**വചനം 165,166,167**

165)മനുഷ്യരിലുണ്ട് ചിലർ; അവർ അല്ലാഹുവിന് പുറമെ (അവന്) ചില സമന്മാരെ ഉണ്ടാക്കുന്നു. അല്ലാഹുവിനെ സ്നേഹിക്കുന്നതുപോലെ അവർ അവരെ സ്നേഹിക്കുന്നു. വിശ്വസിച്ചവരാകട്ടെ, അല്ലാഹുവിനോട് ഏറ്റവും ശക്തമായ സ്നേഹമുള്ളവരത്രെ. (ആ) അക്രമം പ്രവർത്തിച്ചവർ ശിക്ഷയെ (നേരിൽ) കാണുന്ന അവസരത്തിൽ, ശക്തി മുഴുവനും അല്ലാഹുവിനാണുള്ളതെന്ന് അവർ കണ്ടറിഞ്ഞിരുന്നെങ്കിൽ... അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്നും (കണ്ടറിഞ്ഞിരുന്നുവെങ്കിൽ....)

وَمِنَ ٱلنَّاسِ مَن يَتَّخِذُ مِن دُونِ ٱللَّهِ أَندَادًا يُحِبُّونَهُمْ كَحُبِّ ٱللَّهِ ۖ وَٱلَّذِينَ ءَامَنُوٓا۟ أَشَدُّ حُبًّا لِّلَّهِ ۗ وَلَوْ يَرَى ٱلَّذِينَ ظَلَمُوٓا۟ إِذْ يَرَوْنَ ٱلْعَذَابَ أَنَّ ٱلْقُوَّةَ لِلَّهِ جَمِيعًا وَأَنَّ ٱللَّهَ شَدِيدُ ٱلْعَذَابِ ﴿١٦٥﴾

166)(അതെ) പിൻപറ്റപ്പെട്ടവർ (തങ്ങളെ) പിൻപറ്റിയവരിൽ നിന്ന് ഒഴിഞ്ഞുമാറുന്ന സന്ദർഭം; അവർ (രണ്ടു കൂട്ടരും) ശിക്ഷ (നേരിൽ) കാണുകയും, അവരിൽ (നിന്ന്) ബന്ധങ്ങൾ മുറിഞ്ഞുപോകുകയും ചെയ്യുന്ന (സന്ദർഭം).

إِذْ تَبَرَّأَ ٱلَّذِينَ ٱتُّبِعُوا۟ مِنَ ٱلَّذِينَ ٱتَّبَعُوا۟ وَرَأَوُا۟ ٱلْعَذَابَ وَتَقَطَّعَتْ بِهِمُ ٱلْأَسْبَابُ ﴿١٦٦﴾

167)പിൻപറ്റിയവർ പറയുകയും ചെയ്യും: ഞങ്ങൾക്ക് ഒരു മടക്കം ഉണ്ടായിരുന്നെങ്കിൽ, എന്നാൽ– ഞങ്ങളിൽ നിന്ന് അവർ ഒഴിഞ്ഞുമാറിയതുപോലെ, അവരിൽ നിന്ന് ഞങ്ങളും ഒഴിഞ്ഞുമാറുമായിരുന്നു. അപ്രകാരം, അവരുടെ കർമ്മങ്ങളെ അവരുടെ മേൽ ഖേദങ്ങളായി അല്ലാഹു അവർക്ക് കാണിച്ചുകൊടുക്കുന്നതാണ്. അവർ, നരകത്തിൽ നിന്ന് പുറത്തു പോകുന്നതല്ല താനും.

وَقَالَ ٱلَّذِينَ ٱتَّبَعُوا۟ لَوْ أَنَّ لَنَا كَرَّةً فَنَتَبَرَّأَ مِنْهُمْ كَمَا تَبَرَّءُوا۟ مِنَّا ۗ كَذَٰلِكَ يُرِيهِمُ ٱللَّهُ أَعْمَٰلَهُمْ حَسَرَٰتٍ عَلَيْهِمْ ۖ وَمَا هُم بِخَٰرِجِينَ مِنَ ٱلنَّارِ ﴿١٦٧﴾

---

അല്ലാഹുവിന്റെ ഉൽകൃഷ്ട ഗുണവിശേഷങ്ങളിലോ, അധികാരാവകാശങ്ങളിലോ, പ്രവർത്തനങ്ങളിലോ, സത്തയിലോ, ഏതെങ്കിലും തരത്തിലുള്ള തുല്യതയോ, പങ്കോ, മറ്റേതെങ്കിലും വസ്തുവിന് ഉണ്ടെന്ന് സങ്കല്പിക്കുക എന്നത്രേ അവന് സമന്മാരെ (انداد) ഏർപ്പെടുത്തുക (ശിർക്ക്) എന്നതുകൊണ്ട് വിവക്ഷ. അത് വിഗ്രഹങ്ങളാകാം, ശിർക്കിന്റെ നേതാക്കളാകാം, ദിവ്യത്വം കല്പിക്കപ്പെടുന്ന കല്ലുകൾ, ചിഹ്നങ്ങൾ, ജാറങ്ങൾ, നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ, മലക്കുകൾ, പിശാചുക്കൾ മുതലായവയുമാകാം. സ്ഥലകാലങ്ങളനുസരിച്ച് സമന്മാരുടെ സ്വഭാവത്തിലും മാറ്റങ്ങൾ ഉണ്ടായിരിക്കുമെന്ന് മാത്രം.

പാപങ്ങളിൽ വച്ച് ഏറ്റവും വമ്പിച്ചത് “നിന്നെ സൃഷ്ടിച്ചത് അല്ലാഹുവായിരിക്കെ അവന് സമന്മാരെ ഏർപ്പെടുത്തുന്നതാണ്” എന്ന് റസൂൽ(സ) പഠിപ്പിക്കുന്നു. പൊറുക്കുകയില്ലെന്ന് അല്ലാഹു വ്യക്തമായി പ്രഖ്യാപിച്ചതുമാണ് ശിർക്ക്.

മേൽപറഞ്ഞ സമന്മാരോടു പ്രാർത്ഥിക്കുക, സഹായം തേടുക, അവരുടെ നാമത്തിൽ നേർച്ച വഴിപാടുകൾ നടത്തുക എന്നിങ്ങനെയുള്ള കാര്യങ്ങളെ ഇസ്‌ലാമികാചാരങ്ങളായി സമർത്ഥിക്കാൻ ശ്രമിക്കുന്ന പണ്ഡിതന്മാരും അനുയായികളും ശിർക്കെന്ന മഹാപാതകത്തിൽ നിന്നും രക്ഷ നേടാൻ, ഖുർആനിലെ താഴെ കാണുന്ന ഏതാനും ആയത്തുകൾ മനസ്സിരുത്തി പഠിച്ചാൽ മാത്രം മതിയാകും.

സൂറത്തുൽ ഫാതിഹ: വചനം:5 “നിനക്കു മാത്രം ഞങ്ങൾ ഇബാദത്ത് ചെയ്യുന്നു. നിന്നോടു മാത്രം ഞങ്ങൾ സഹായമർത്ഥിക്കുന്നു.”

സൂറത്ത് ജിന്നിലെ വചനം: 18 “നിങ്ങൾ അല്ലാഹുവിനോടുകൂടി ഒരാളെയും വിളിച്ച് പ്രാർത്ഥിക്കരുത്.”

സൂറത്ത് സുമറിലെ (വചനം: 36) “അല്ലാഹു പോരേ അവന്റെ അടിയാന്ന്?” ഈയൊരു വചനം മാത്രം

ചിന്തിക്കുന്നവർക്ക് എത്രമാത്രം അഗാധമായ അർത്ഥം ഉൾക്കൊള്ളുന്നതാണ്.

നിരീശ്വരവാദികൾ അല്ലാഹുവിൽ വിശ്വസിക്കാത്തവരായത്കൊണ്ട് അവർ അല്ലാഹുവിനോട് മറ്റുള്ളവരെ സമപ്പെടുത്തുന്നവരായിരിക്കില്ല. എന്നാൽ മനുഷ്യരിൽ ഭൂരിഭാഗം വരുന്ന ദൈവവാദികളും അതോടൊപ്പം വിശ്വാസം ശരിയായിട്ടില്ലാത്തവരുമായിരിക്കും ശിർക്കിന്റെ കരാള ഹസ്തത്തിൽ അകപ്പെടുക.

അല്ലാഹു പറയുന്നു: "മനുഷ്യരിൽ അധികമാളുകളും ശിർക്ക് പ്രവർത്തിക്കുന്നവരായും കൊണ്ടല്ലാതെ അല്ലാഹുവിൽ വിശ്വസിക്കുന്നില്ല." സൂ: യൂസഫ് 106

നേരിട്ടുള്ള വിഗ്രഹാരാധനയില്ലെങ്കിലും ശിർക്ക് പരമായ ബഹുവിധ പ്രവർത്തനങ്ങളെ ന്യായീകരിക്കാൻ നമ്മുടെ മുസ്‌ലിം സഹോദരന്മാർ പറയുന്ന ന്യായം, അല്ലാഹുവിൽ വിശ്വസിച്ചുകൊണ്ടുതന്നെ വിഗ്രഹാരാധന നടത്തിയിരുന്ന മക്കാ മുശ്‌രിക്കുകൾ പറഞ്ഞ അതേ ന്യായം തന്നെ.

"ഞങ്ങളീ വിഗ്രഹങ്ങളോടാണ് (മഹാത്മാക്കളോടാണ്) പ്രാർത്ഥിക്കുന്നതെങ്കിലും യഥാർത്ഥത്തിൽ പ്രാർത്ഥന അല്ലാഹുവിനോടാണ്. ഗുണവും ദോഷവും ചെയ്യാൻ ഈ വിഗ്രഹങ്ങൾക്ക് (മഹാത്മാക്കൾക്ക്) കഴിവുണ്ടെന്ന് ഞങ്ങൾ കരുതുന്നില്ല. അവരുടെ ശുപാർശമൂലം അല്ലാഹു അത് സാധിച്ചുതരുമെന്നുള്ള വിശ്വാസത്തിലാണ് ഞങ്ങൾ പ്രാർത്ഥിക്കുന്നത്."

അതെ...എന്താണന്തരം. വിഗ്രഹങ്ങൾക്ക് പകരം കെട്ടിപ്പൊക്കിയ ഖബറുകളും, ജാറങ്ങളും, ഖബറുകൾക്കുള്ളിലെ അസ്ഥിപഞ്ജര മാത്രമായ മൃതദേഹങ്ങളുമാണെന്നല്ലാതെ.

ഭൗതികമായ സ്വാർത്ഥലാഭങ്ങൾക്കുവേണ്ടി, പ്രമാണങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് നേതൃത്വത്തിന്റെ എല്ലാ സുഖലോലുപതയും ആസ്വദിക്കുന്നവരോട് ഖുർആൻ വചനങ്ങളൊ, നബിചര്യയോ വിവരിച്ചിട്ട് യാതൊരു കാര്യവുമില്ല. എന്നാൽ അവരെ അന്ധമായി പിന്തുടരുന്ന അനുയായികൾ സ്വന്തമായി യാഥാർത്ഥ്യം ചിന്തിച്ച് മനസ്സിലാക്കി ഭീമമായ പതനത്തിൽ നിന്നും അവനവന്റെ നഫ്സിനെ രക്ഷിച്ചെടുക്കാൻ ചില സംഗതികൾ ഇവിടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

മേൽപറഞ്ഞ 'സമന്മാരോ'ടൊന്നും യാതൊരു തരത്തിലുള്ള സഹായാഭ്യർത്ഥനയും ചെയ്യാതെ അല്ലാഹുവിലും റസൂലിലും വിശ്വസിച്ച് അല്ലാഹുവിനോട് മാത്രം പ്രാർത്ഥിച്ച് നിർദ്ദേശിക്കപ്പെട്ട സദ്കർമ്മങ്ങളൊക്കെ ചെയ്ത് ജീവിച്ച ഒരാൾ, ഇസ്‌ലാമിൽ നിന്ന് തെറ്റിയവനാണെന്ന് ഒരു കക്ഷിയും വാദിക്കുന്നില്ലല്ലോ.

എന്നാൽ ആ 'സമന്മാരെ' അല്ലാഹുവിനോട് ഏതെങ്കിലും രീതിയിൽ സമപ്പെടുത്തി ഖുർആനിലെയും ഹദീസിലെയും തദ്സംബന്ധമായ അധ്യായങ്ങൾക്ക് വിരുദ്ധമായുള്ള പ്രവർത്തനങ്ങളിലൂടെ, ശിർക്കാണെന്ന് വ്യക്തമായ ഒരവസ്ഥയിൽ നമ്മുടെ സഹോദരങ്ങൾ അവരവരുടെ ആത്മാവിനെ നിത്യനാശത്തിലെത്തിക്കണോ.

ആദ്യം പറഞ്ഞ വിഭാഗത്തിൽപ്പെട്ട ഒരു മുസ്‌ലിമാകാനാണോ, അതോ രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ട 'മുസ്‌ലിം നാമധാരി' ആകാനാണോ നാമോരോരുത്തരും ആഗ്രഹിക്കേണ്ടതും പ്രവർത്തിക്കേണ്ടതും – ആ 'സമന്മാരെപ്പറ്റി' അല്ലാഹു നിരന്തരം ഖുർആനിലൂടെ നമ്മെ ഓർമ്മപ്പെടുത്തി, മുന്നറിയിപ്പ് നൽകുന്നതെന്തിനായിരിക്കണമെന്നെങ്കിലും നമുക്ക് ചിന്തിച്ചുകൂടേ.

"അല്ലാഹു പോരേ അവന്റെ അടിയാന്ന്" എന്ന വചനം എത്രമാത്രം ഹൃദയസ്പർശിയാണ്.

"അല്ലാഹുവിനെ സ്നേഹിക്കുന്നതുപോലെ അവർ ആ സമൻമാരെയും സ്നേഹിക്കും" (വചനം: 165) അല്ലാഹുവിനോടു ഭക്തി കാണിക്കുന്നതുപോലെ അവരോടും ഭക്തി കാണിക്കുകയും അല്ലാഹുവിനെ ബഹുമാനിക്കുന്നതുപോലെ അവരെയും ബഹുമാനിക്കുകയും ചെയ്യുന്നു. എന്നാൽ സത്യവിശ്വാസികൾ മറ്റുള്ളവരോടു എത്ര സ്നേഹമുണ്ടെങ്കിലും, അവരെ ആരാധിക്കാനോ, അവരോട് പ്രാർത്ഥിക്കുവാനോ അതവരെ പ്രേരിപ്പിക്കുന്നില്ല. അല്ലാഹുവിനോടുള്ള സത്യവിശ്വാസിയുടെ സ്നേഹം ഏറ്റവും കടുത്ത സ്നേഹമായിരിക്കും.

തങ്ങളുടെ ആരാധ്യ വസ്തുക്കൾക്കും സമന്മാർക്കും യാതൊരു കഴിവുമില്ലെന്ന് പരലോകത്ത് വച്ച് അവർ തിരിച്ചറിയുമ്പോഴേക്കും ശിർക്കിന്റെ നേതൃത്വം വഹിച്ച തലവന്മാരും അവരെ പിൻപറ്റിയവരും നിസ്സഹായരായിക്കൊണ്ട് പരസ്പരം കുറ്റാരോപണം നടത്തി രക്ഷപ്പെടാൻ ശ്രമിക്കും. എന്നാൽ രണ്ടുകൂട്ടർക്കും ഒരിക്കലെങ്കിലും ഒഴിവുകിട്ടാത്ത ശാശ്വതമായ നരകശിക്ഷ തന്നെയായിരിക്കും ഫലം.

## വിഭാഗം 21

**വചനം 168,169**

يَـٰٓأَيُّهَا ٱلنَّاسُ كُلُوا۟ مِمَّا فِى ٱلْأَرْضِ حَلَـٰلًا طَيِّبًا وَلَا تَتَّبِعُوا۟ خُطُوَٰتِ ٱلشَّيْطَـٰنِ ۚ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿١٦٨﴾

168)ഹേ മനുഷ്യരേ, ഭൂമിയിലുള്ളവയിൽ നിന്ന് അനുവദനീയവും വിശിഷ്ടവുമായത് നിങ്ങൾ തിന്നുകൊള്ളുവിൻ. പിശാചിതന്റെ കാലടികളെ നിങ്ങൾ പിൻപറ്റുകയും ചെയ്യരുത്. നിശ്ചയമായും അവൻ നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാകുന്നു.

إِنَّمَا يَأْمُرُكُم بِٱلسُّوٓءِ وَٱلْفَحْشَآءِ وَأَن تَقُولُوا۟ عَلَى ٱللَّهِ مَا لَا تَعْلَمُونَ ﴿١٦٩﴾

169)തിന്മയ്ക്കും, നീചവൃത്തിക്കും മാത്രമേ അവൻ നിങ്ങളോട് കല്പിക്കുകയുള്ളൂ. (കൂടാതെ) അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കറിഞ്ഞുകൂടാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുവാനും.

അന്നതാദാവായ അല്ലാഹു മനുഷ്യർക്ക് അനുവദനീയമാക്കപ്പെട്ട ഭൂവിഭവങ്ങളെ പിശാചിന്റെ ദുരുപദേശങ്ങൾക്ക് വിധേയരായിക്കൊണ്ട് നിരോധിച്ച് കുടുസ്സാക്കരുതെന്ന് അല്ലാഹു ഓർമ്മിപ്പിക്കുന്നു. ഖുർആൻ അവതരിക്കുന്ന കാലത്ത് ഇത്തരത്തിൽ വിഗ്രഹങ്ങളുടെ പേരിൽ നേർച്ചയാക്കപ്പെട്ട ചില മൃഗങ്ങൾ (സൂ: മാഇദ: 103 നോക്കുക), ഒട്ടകമാംസം, മറ്റു ചില വസ്തുക്കൾ എന്നിവ മുശ്രിക്കുകൾ നിഷിദ്ധമാക്കിയിരുന്നു. ഇങ്ങനെയുള്ള വിലക്കുകളൊന്നും അല്ലാഹു നിയമിച്ചിട്ടുള്ളതല്ല. അതെല്ലാം പിശാചിന്റെ പ്രേരണയാലുണ്ടായ നിയമങ്ങൾ മാത്രമാണ്. പിശാച് തിന്മക്കും നീച പ്രവൃത്തിക്കും നിങ്ങളെ പ്രേരിപ്പിക്കുക വഴി അല്ലാഹുവിന്റെ പേരിൽ വെച്ച് കെട്ടപ്പെടുന്ന നിയമങ്ങളിലൂടെ മനുഷ്യരെ വഴിതെറ്റിക്കാൻ ഒരുമ്പെട്ടവനാണ്.

അനുവദനീയവും അല്ലാത്തതുമായ ഭക്ഷണവസ്തുക്കളെക്കുറിച്ചു വചനം 172,173ൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

**വചനം 170,171**

وَإِذَا قِيلَ لَهُمُ ٱتَّبِعُوا۟ مَآ أَنزَلَ ٱللَّهُ قَالُوا۟ بَلْ نَتَّبِعُ مَآ أَلْفَيْنَا عَلَيْهِ ءَابَآءَنَآ ۗ أَوَلَوْ كَانَ ءَابَآؤُهُمْ لَا يَعْقِلُونَ شَيْـًٔا وَلَا يَهْتَدُونَ ﴿١٧٠﴾

170)അല്ലാഹു അവതരിപ്പിച്ചതിനെ പിൻപറ്റുവിൻ എന്ന് അവരോട് പറയപ്പെട്ടാൽ, അവർ പറയും: (ഇല്ല), പക്ഷേ, ഞങ്ങളുടെ പിതാക്കളെ ഞങ്ങൾ ഏതൊരു പ്രകാരത്തിൽ കണ്ടെത്തിയോ അത് ഞങ്ങൾ പിൻപറ്റും. അവരുടെ പിതാക്കൾ യാതൊന്നും ബുദ്ധികൊടു(ത്തുഗ്രഹി)ക്കാതെയും സന്മാർഗം പ്രാപിക്കാതെയും ആയിരുന്നാലുമോ (എന്നിരുന്നാലും അവരെത്തന്നെ പിൻപറ്റുമോ?!

وَمَثَلُ ٱلَّذِينَ كَفَرُوا۟ كَمَثَلِ ٱلَّذِى يَنْعِقُ بِمَا لَا يَسْمَعُ إِلَّا دُعَآءً وَنِدَآءً ۚ صُمٌّۢ بُكْمٌ عُمْىٌ فَهُمْ لَا يَعْقِلُونَ ﴿١٧١﴾

171)അവിശ്വസിച്ചവരുടെ ഉദാഹരണം (പറയുന്നതായാൽ) ഒരു 'വിളിയും തെളിയും' അല്ലാതെ (മറ്റൊന്നും) കേട്ടറിയാത്തതിനോട് (മൃഗത്തോട്) ഒച്ചയിടുന്നവന്റെ മാതിരിയാണ്. (അതെ), ബധിരന്മാർ, ഊമകൾ, അന്ധന്മാർ. അതിനാൽ, അവർ ബുദ്ധികൊടു(ത്തുഗ്രഹി)ക്കുകയില്ല.

അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കുക, അനുവദനീയമായ വസ്തുക്കളെ നിഷിദ്ധമാക്കുക, തുടങ്ങിയ ദുർമാർഗ്ഗങ്ങളെ പിൻ പറ്റാതെ, "അല്ലാഹു അവതരിപ്പിക്കുന്നതിനെ പിൻ പറ്റുവിൻ." എന്നവരോട് പറയപ്പെട്ടാൽ അവർ പറയുമായിരുന്നു. "ഞങ്ങൾ പൂർവ്വികന്മാരെ പിൻപറ്റുകയാണ്" എന്ന്. എന്നാൽ അല്ലാഹു അവരെ ഓർമ്മിപ്പിക്കുന്നു. അല്ലാഹുവിന്റെ നിയമങ്ങളനുസരിച്ചാണ്, പൂർവ്വീകരുടെ നടപടിയെങ്കിൽ അതിൽ ആക്ഷേപിക്കാനൊന്നുമില്ല. അവരെ പിൻ തുടരാം. എന്നാൽ പൂർവ്വികർ സത്യം ഗ്രഹിക്കാതെയും ബുദ്ധി ശൂന്യരായിക്കൊണ്ടും അല്ലാഹുവിന്റെ നിയമങ്ങൾക്ക് വിരുദ്ധരായിക്കൊണ്ട് നിലകൊള്ളുന്നവരാണെങ്കിലും നിങ്ങൾ അവരെ പിൻ പറ്റുകയോ എന്ന് അല്ലാഹു ചോദിക്കുന്നു.

അങ്ങനെ അന്ധമായി അവിശ്വസിച്ചവർ മൃഗ തുല്യരാണെന്ന് അല്ലാഹു രണ്ടാമത്തെ വചനത്തിൽ ചൂണ്ടി ക്കാട്ടുന്നു - അവയെ മേക്കുന്നവൻ ഒച്ചയിടുമ്പോൾ അവന്റെ ശബ്ദം കേൾക്കുന്നുവെന്നല്ലാതെ, അവൻ നിർദ്ദേശിക്കുന്നതെന്തെന്നറിയാത്ത മൃഗങ്ങളെപ്പോലെ.

അവർ സത്യത്തെ സംബന്ധിച്ചേടത്തോളം, ബധിരരും ഊമകളും അന്ധന്മാരുമായിരിക്കും.

---

**വചനം 172**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُلُواْ مِن طَيِّبَٰتِ مَا رَزَقْنَٰكُمْ وَٱشْكُرُواْ لِلَّهِ إِن كُنتُمْ إِيَّاهُ تَعْبُدُونَ ﴿١٧٢﴾

172)ഹേ, വിശ്വസിച്ചവരേ, നിങ്ങൾക്ക് നാം നല്കിയിട്ടുള്ള വിശിഷ്ടമായ വസ്തുക്കളിൽ നിന്ന് നിങ്ങൾ തിന്നുകൊള്ളുവിൻ. നിങ്ങൾ അല്ലാഹുവിന് നന്ദികാണിക്കുകയും ചെയ്യുവിൻ. നിങ്ങൾ അവനെത്തന്നെയാണ് ആരാധിക്കുന്നതെങ്കിൽ.

---

അല്ലാഹു അനുവദനീയമാക്കിയ വിശിഷ്ട വസ്തുക്കളെല്ലാം അനുവദനീയവും അല്ലാഹു നിഷിദ്ധമാക്കിയത് മാത്രം നിഷിദ്ധമാക്കുന്നവരുമാണ് സത്യവിശ്വാസികൾ. ഭക്ഷ്യവസ്തുക്കളിൽ മാത്രമല്ല എല്ലാ വസ്തുതകളിലും സത്യവിശ്വാസികൾ ഇതേപ്പറ്റി ബോധവാന്മാരായിരിക്കേണ്ടതാണ്.

ബാഹ്യദൃഷ്ട്യാ അനുവദനീയമാണെന്ന് തോന്നുമെങ്കിലും ഏതെങ്കിലും വിധേനയുള്ള പാപത്തിന്റെയോ സംശയത്തിന്റെയോ കലർപ്പില്ലാതെ ആ വസ്തുക്കൾ ശുദ്ധമായിരിക്കാൻ സത്യവിശ്വാസികൾ സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഭക്ഷ്യവസ്തുക്കളിൽ മാത്രമല്ല, എല്ലാ വസ്തുതകളിലും സത്യവശ്വാസികൾ ഇത് ഗൗനിക്കേണ്ടിയിരിക്കുന്നു.

നിങ്ങൾ അല്ലാഹുവിനെയാണ് ആരാധിക്കുന്നതെങ്കിൽ അവനോട് നന്ദികാണിക്കണമെന്ന് കൽപിക്കുന്നതിലൂടെ മേല്പറഞ്ഞ തരത്തിലുള്ള സൂക്ഷ്മതയെക്കുറിച്ചുള്ള സൂചന നാം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു.

---

**വചനം 173**

إِنَّمَا حَرَّمَ عَلَيْكُمُ ٱلْمَيْتَةَ وَٱلدَّمَ وَلَحْمَ ٱلْخِنزِيرِ وَمَآ أُهِلَّ بِهِۦ لِغَيْرِ ٱللَّهِ ۖ فَمَنِ ٱضْطُرَّ غَيْرَ بَاغٍ وَلَا عَادٍ فَلَآ إِثْمَ عَلَيْهِ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٧٣﴾

173)ശവവും രക്തവും പന്നിമാംസവും അല്ലാഹു അല്ലാത്തവർക്ക് വേണ്ടി ശബ്ദം ഉയർത്തപ്പെട്ട(അറുക്കപ്പെട്ട)തും മാത്രമേ അവൻ നിങ്ങൾക്ക് ഹറാമാക്കി(നിഷിദ്ധമാക്കി)യിട്ടുള്ളു. എന്നാൽ, (നിയമലംഘനം) കാംക്ഷിക്കുന്നവനല്ലാതെയും അതിരുവിട്ടവനല്ലാതെയും ആരെങ്കിലും നിർബന്ധിതനാകുന്ന പക്ഷം, അവന്റെമേൽ( അതിൽ) കുറ്റമില്ല. നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനാണ്. കരുണാനിധിയാണ്.

---

ഈ വചനത്തിൽ അല്ലാഹു നിയമവിരുദ്ധമാക്കിയിട്ടുള്ള ഏതാനും വസ്തുക്കൾ ഏതൊക്കെയാണെന്ന് അറിയിക്കുന്നു. അവ ഇവയൊക്കെയാകുന്നു; ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവർക്ക് വേണ്ടി ശബ്ദം ഉയർത്തപ്പെട്ട (അറുക്കപ്പെട്ട)തും സൂ: മാഇദ 3,4; അൻആം 145; സൂ: നഹ്ൽ 115 വചനങ്ങൾ നോക്കുക.

1. ശവം: അറവ്കൊണ്ടല്ലാതെ (രോഗം കൊണ്ടോ, പരുക്ക്കൊണ്ടോ) ജീവൻ നഷ്ടപ്പെട്ട എല്ലാ ശവങ്ങളും ഇതിൽ ഉൾപ്പെടുന്നു. എന്നാൽ സമുദ്രത്തിൽ നിന്ന് വേട്ടയാടി പിടിക്കപ്പെടുന്ന വസ്തുക്കളും, വെട്ടുകിളികളും ഇതിൽ നിന്നൊഴിവാക്കപ്പെട്ടിരിക്കുന്നു.

2. രക്തം: മാംസത്തിൽ ഒട്ടിപ്പിടിച്ചു നിൽക്കുന്ന രക്തത്തിന് വിരോധമില്ല. ഒഴുകിവരുന്ന രക്തമാണ് വിരോധിക്കപ്പെട്ടത്.

3. പന്നിമാംസം: പന്നി മ്ലേഛമായ ഒരു വസ്തുവാണ്. അതിന്റെ മാംസവും മറ്റെല്ലാ അംശങ്ങളും നിഷിദ്ധമാണ്.

4. അല്ലാഹു അല്ലാത്തവർക്ക് വേണ്ടി ശബ്ദം ഉയർത്തപ്പെട്ടത്: ശബ്ദം ഉയർത്തിപ്പട്ടത് എന്നത് കൊണ്ടുദ്ദേശിക്കുന്നത്: അക്കാലത്ത് മുശ്രിക്കുകൾ, തങ്ങളുടെ ദൈവങ്ങൾക്കും വിഗ്രഹങ്ങൾക്കും വേണ്ടി വഴിപാടായി അറുക്കുവാൻ ഉദ്ദേശിക്കുമ്പോൾ, ആ ദൈവങ്ങളുടെ പേർ ശബ്ദം ഉയർത്തിപറയുമായിരുന്നു. അങ്ങനെ ഇത്തരത്തിലുള്ള ഉദ്ദേശവുമായി അറുക്കപ്പെടുന്ന എല്ലാ വസ്തുക്കളും 'ശബ്ദം ഉയർത്തപ്പെട്ടത്' എന്ന പ്രയോഗത്തിലൂടെ അറിയപ്പെട്ടുപോന്നു. അല്ലാഹു അല്ലാത്ത ആരുടെ പേരിലോ, ആരുടെ പ്രീതിക്കോ ആർക്കു നേർച്ച വഴിപാടായോ അറുക്കപ്പെട്ടാലും അതെല്ലാം ഈ വിഭാഗത്തിൽപ്പെടുന്നതും ഭക്ഷിക്കാൻ പാടില്ലാത്തതുമാകുന്നു. അല്ലാഹുവല്ലാത്ത ഏതൊന്നിനായി അറുക്കപ്പെട്ടുവോ അതിനെ ബഹുമാനിക്കലും ആരാധിക്കലും കൂടെ അതോടൊപ്പം കരുതിയിട്ടുണ്ടെങ്കിൽ അതു കുഫ്റ് (അവിശ്വാസം) ആകുന്നു. "അല്ലാഹു അല്ലാത്തവർക്ക് വേണ്ടി അറുത്തവനെയും അല്ലാഹു ശപിച്ചിരിക്കുന്നു" - (നബി വചനം). അറുത്തവൻ മുമ്പ് മുസ്ലിമായിരുന്നെങ്കിൽ അവനിപ്പോൾ മതഭ്രഷ്ടനാകുകയും ചെയ്തു.

ഈ വചനത്തിൽ പറഞ്ഞ നാലു വസ്തുക്കൾക്ക് പുറമെ ചില ഇനങ്ങളെപ്പറ്റി സൂ: മാഇദ: 3 ലും അൻആം 145ലും നഹ്ൽ 115ലും വിശദീകരിച്ചിട്ടുണ്ട്.

എന്നാൽ നിഷിദ്ധമാക്കപ്പെട്ട മേൽപറഞ്ഞ നാലു വസ്തുക്കൾ, നിർബ്ബന്ധിതാവസ്ഥയിൽ ജീവനെ പട്ടിണിയിട്ടു കൊല്ലുകയെന്ന തെറ്റിനെ അതിജീവിക്കാൻ ഉപയോഗിക്കുന്നതിൽ തെറ്റില്ലെന്ന് അല്ലാഹു അറിയിക്കുന്നു. എന്നാൽ, നിയമം ലംഘിക്കാൻ തീരെ ആഗ്രഹമില്ലാതെയും ആവശ്യത്തിൽ കവിയാതെയുമായിരിക്കണം, അത്തരമൊരാനുകൂല്യം ഉപയോഗപ്പെടുത്തേണ്ടതെന്ന് അല്ലാഹു തത്സംബന്ധമായി ഓർമ്മിപ്പിക്കുന്നു.

---

**വചനം 174,175,176**

إِنَّ ٱلَّذِينَ يَكۡتُمُونَ مَآ أَنزَلَ ٱللَّهُ مِنَ ٱلۡكِتَٰبِ وَيَشۡتَرُونَ بِهِۦ ثَمَنٗا قَلِيلًا أُوْلَٰٓئِكَ مَا يَأۡكُلُونَ فِي بُطُونِهِمۡ إِلَّا ٱلنَّارَ وَلَا يُكَلِّمُهُمُ ٱللَّهُ يَوۡمَ ٱلۡقِيَٰمَةِ وَلَا يُزَكِّيهِمۡ وَلَهُمۡ عَذَابٌ أَلِيمٌ ﴿١٧٤﴾

174)നിശ്ചയമായും വേദഗ്രന്ഥത്തിൽ നിന്ന് അല്ലാഹു അവതരിപ്പിച്ചതിനെ മറച്ചുവെക്കുകയും അതിന് (പ്രതിഫലം) അല്പമായ വില വാങ്ങുകയും ചെയ്യുന്നവർ, അക്കൂട്ടർ -അവരുടെ വയറുകളിൽ (നരക) അഗ്നിയല്ലാതെ തിന്നു(നിറക്കു)ന്നില്ല. ഖിയാമത്തുനാളിൽ അല്ലാഹു അവരോട് സംസാരിക്കുകയുമില്ല. അവരെ സംസ്കരി(ച്ചു ശുദ്ധമാ)ക്കുകയുമില്ല. അവർക്ക് വേദനയേറിയ ശിക്ഷയുമുണ്ടായിരിക്കും.

أُوْلَٰٓئِكَ ٱلَّذِينَ ٱشۡتَرَوُاْ ٱلضَّلَٰلَةَ بِٱلۡهُدَىٰ وَٱلۡعَذَابَ بِٱلۡمَغۡفِرَةِۚ فَمَآ أَصۡبَرَهُمۡ عَلَى ٱلنَّارِ ﴿١٧٥﴾

175)അക്കൂട്ടർ, സന്മാർഗത്തിന് (പകരം) ദുർമാർഗവും പാപമോചനത്തിന് (പകരം) ശിക്ഷയും വാങ്ങിയവരത്രെ. അപ്പോൾ നരകത്തെപ്പറ്റി അവർക്ക് (ഇത്രയേറെ) സഹനമുണ്ടാക്കിയതെന്താണ്?

ذَٰلِكَ بِأَنَّ ٱللَّهَ نَزَّلَ ٱلۡكِتَٰبَ بِٱلۡحَقِّۗ وَإِنَّ ٱلَّذِينَ ٱخۡتَلَفُواْ فِي ٱلۡكِتَٰبِ لَفِي شِقَاقِۭ بَعِيدٖ ﴿١٧٦﴾

176)വേദഗ്രന്ഥത്തെ അല്ലാഹു യഥാർഥ (മുറ)പ്രകാരം അവതരിപ്പിച്ചിരിക്കുന്നതുകൊണ്ടത്രെ അത്. (അതാണ് ഈ കടുത്ത ശിക്ഷയ്ക്ക് കാരണം). വേദഗ്രന്ഥത്തിൽ ഭിന്നാഭിപ്രായം കാണിച്ചവരാകട്ടെ, നിശ്ചയമായും വിദൂരമായ കക്ഷിപിരിവിൽ തന്നെയാകുന്നു.

വേദവിജ്ഞാനങ്ങളും മതസത്യങ്ങളും അറിഞ്ഞുകൊണ്ട് സ്വാർത്ഥ താല്പര്യത്തിനായി അവയെ മൂടിവക്കുന്ന എല്ലാവർക്കും അല്ലാഹുവിന്റെ ശക്തമായ താക്കീതാണീ വചനങ്ങൾ.

അവർ ചെയ്യുന്നത് അവ അവതരിപ്പിച്ച അല്ലാഹുവിനോടു ചെയ്യുന്ന ധിക്കാരമാകുന്നു. സത്യം മൂടിവെക്കുന്നതിന് പകരം, അവർക്ക് ലഭിക്കുന്ന ഐഹിക നേട്ടങ്ങൾ കേവലം തുഛവും നിസ്സാരവും താല്ക്കാലികവുമായിരിക്കും. ധനസമ്പാദനവും ഉദരപൂരണവും ലക്ഷ്യമാക്കി ചെയ്യുന്ന ഇത്തരം പ്രവർത്തികൾ പരലോകത്തു അവരുടെ വയറുകൾ അഗ്നികൊണ്ട് നിറക്കുന്നതിനിടയാക്കാൻ കാരണമാകുന്നതാണ്. ഇഹലോകത്ത് നേതൃത്വവും അനുയായിവൃന്ദത്തിന്റെ വലയത്തിലുമായി കഴിഞ്ഞുകൂടുന്ന അവർ അല്ലാഹുവിന്റെ മുമ്പിൽ നിന്ദ്യരും, അല്ലാഹു സംസാരിക്കുകപോലും ചെയ്യാത്ത വെറുക്കപ്പെട്ടവരും ആയിരിക്കും. അവർ സംസ്കരിക്കപ്പെടുകയുമില്ല. കഠിന കഠോര നരകശിക്ഷക്ക് അവർ പാത്രീഭൂതരായിത്തീരുകയും ചെയ്യും.

താൽക്കാലികമായ ഭൗതിക നേട്ടങ്ങൾക്ക് വേണ്ടി കഠിന കഠോരമായ നരക ശിക്ഷയെപ്പറ്റി അറിവുണ്ടായിട്ടും അവർ ഇത്തരത്തിലുള്ള പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നതിനെപ്പറ്റി അല്ലാഹു ചോദിക്കുന്നു. "ഇവർക്ക് നരകത്തെപ്പറ്റി ഈ സഹനം നല്കിയത് എന്താണ്."

വേദഗ്രന്ഥങ്ങളിൽ അല്ലാഹു മുറപ്രകാരം അവതരിപ്പിച്ച കാര്യങ്ങളിൽ വല്ലതും ഒളിപ്പിച്ച് വയ്ക്കുന്നവർ വേദഗ്രന്ഥത്തെ നിഷേധിക്കുന്നവരും അതിൽ ഭിന്നിപ്പും ഭിന്നാഭിപ്രായവുമുണ്ടാക്കുന്നവരും അല്ലാഹുവിനെതിരിൽ മത്സരിക്കുന്നവരുമാകുന്നു. അതെ, നിശ്ചയമായും അവർ വിദൂരമായ കക്ഷിപ്പിരിവിൽ തന്നെയാകുന്നു.

## വിഭാഗം 22

**വചനം 177**

۞ لَّيْسَ ٱلْبِرَّ أَن تُوَلُّوا۟ وُجُوهَكُمْ قِبَلَ ٱلْمَشْرِقِ وَٱلْمَغْرِبِ وَلَٰكِنَّ ٱلْبِرَّ مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ وَٱلْمَلَٰٓئِكَةِ وَٱلْكِتَٰبِ وَٱلنَّبِيِّـۧنَ وَءَاتَى ٱلْمَالَ عَلَىٰ حُبِّهِۦ ذَوِى ٱلْقُرْبَىٰ وَٱلْيَتَٰمَىٰ وَٱلْمَسَٰكِينَ وَٱبْنَ ٱلسَّبِيلِ وَٱلسَّآئِلِينَ وَفِى ٱلرِّقَابِ وَأَقَامَ ٱلصَّلَوٰةَ وَءَاتَى ٱلزَّكَوٰةَ وَٱلْمُوفُونَ بِعَهْدِهِمْ إِذَا عَٰهَدُوا۟ ۖ وَٱلصَّٰبِرِينَ فِى ٱلْبَأْسَآءِ وَٱلضَّرَّآءِ وَحِينَ ٱلْبَأْسِ ۗ أُو۟لَٰٓئِكَ ٱلَّذِينَ صَدَقُوا۟ ۖ وَأُو۟لَٰٓئِكَ هُمُ ٱلْمُتَّقُونَ ﴿١٧٧﴾

177)നിങ്ങൾ നിങ്ങളുടെ മുഖങ്ങളെ ഉദയസ്ഥാനത്തിന്റെയും അസ്തമനസ്ഥാനത്തിന്റെയും നേർക്ക് (കിഴക്കോട്ടും പടിഞ്ഞാട്ടും) തിരിക്കുന്നതല്ല പുണ്യം. പക്ഷേ, പുണ്യവാൻ എന്നാൽ യാതൊരുവനാണ്; അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദഗ്രന്ഥത്തിലും പ്രവാചകന്മാരിലും അവൻ വിശ്വസിച്ചു; ധനം-അതിനോട് പ്രിയമുള്ളതോടെ (തന്നെ) കുടുംബബന്ധമുള്ളവർക്കും അനാഥ(ക്കുട്ടി)കൾക്കും അഗതികൾക്കും വഴിപോക്കനും ചോദിച്ചുവരുന്നവർക്കും അടിമകളുടെ വിഷയത്തിലും അവൻ കൊടുക്കുകയും ചെയ്തു. നമസ്കാരം നിലനിർത്തുകയും സകാത്ത് കൊടുക്കുകയും ചെയ്തു (ഇങ്ങനെയുള്ളവനാണ്). (അതെ), കരാർ ചെയ്താൽ, തങ്ങളുടെ കരാർ നിറവേറ്റുന്നവരും. (വിശേഷിച്ച്) വിഷമതയിലും കഷ്ടതയിലും യുദ്ധത്തിന്റെ അവസരത്തിലും ക്ഷമ കൈക്കൊള്ളുന്നവരും. അക്കൂട്ടരത്രെ സത്യം പറഞ്ഞവർ. അക്കൂട്ടർ തന്നെയാണ് സൂക്ഷ്മതയുള്ള ഭയ(ഭക്തരായിട്ടുള്ള)വരും.

---

ഒരു നിശ്ചിത ഭാഗത്തേക്ക് തിരിയുകപോലെയുള്ള ബാഹ്യമായ ആചാരങ്ങൾ അനുഷ്ഠിക്കുന്നത് കൊണ്ടു മാത്രം ഒരാൾ പുണ്യവാൻ ആയിത്തീരുന്നില്ല. ഒരാൾ പുണ്യവാനായി തീരണമെങ്കിൽ അവൻ വിശ്വസിക്കേണ്ടുന്ന കാര്യങ്ങളിലെല്ലാം വിശ്വസിക്കുകയും അനുഷ്ടിക്കേണ്ടുന്ന കാര്യങ്ങളെല്ലാം അനുഷ്ഠിക്കുകയും വേണം.

വിശ്വാസകാര്യങ്ങൾ തുടർന്ന് അല്ലാഹു ഓർമ്മപ്പെടുത്തുന്നു:

(1) അല്ലാഹുവിലുള്ള വിശ്വാസം, അല്ലാഹുവിന്റെ അസ്തിത്വം, ഏകത്വം, അധികാരാവകാശങ്ങൾ, ഉൽകൃഷ്ടഗുണങ്ങൾ അല്ലാഹുവിന്റെ വിധിവ്യവസ്ഥകൾ എന്നിവയിലെല്ലാമുള്ള വിശ്വസിക്കേണ്ട പ്രകാരത്തിലുള്ള വിശ്വാസം.

(2) അന്ത്യനാളിലുള്ള വിശ്വാസം: സൽക്കർമ്മികൾക്കു രക്ഷയും ദുഷ്കർമ്മികൾക്ക് ശിക്ഷയും വിധിക്കപ്പെടുന്ന രണ്ടാമതൊരു ജീവിതത്തിലുള്ള വിശ്വാസം.

(3) മലക്കുകളിലുള്ള വിശ്വാസം: അല്ലാഹുവിനെ സ്തോത്ര കീർത്തനങ്ങൾ നടത്തിയും അല്ലാഹുവിന്റെ ആജ്ഞയനുസരിച്ച് മാത്രം പ്രവർത്തിക്കുകയും ചെയ്യുന്ന ആത്മീയ ജീവികളിലുള്ള വിശ്വാസം.

(4) വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം: എല്ലാ വേദഗ്രന്ഥങ്ങളിലും മൊത്തമായും ഖുർആനിൽ പ്രത്യേകമായും വിശ്വസിക്കുക.

(5) നബിമാരിൽ വിശ്വസിക്കുക: എല്ലാ മുൻപ്രവാചകന്മാരിലും പൊതുവേയും, അന്ത്യപ്രവാചകനായ മുഹമ്മദു (സ) തിരുമേനിയിൽ പ്രത്യേകിച്ചും വിശ്വസിക്കുക.

അനുഷ്ഠാന കാര്യങ്ങളിൽ ഒന്നാമതായി എടുത്ത് പറഞ്ഞത് ധനത്തോട് ഇഷ്ടവും സ്നേഹവും ഉണ്ടായിരിക്കെ അത് ചിലവഴിക്കുക എന്നതാകുന്നു – ത്യാഗമനസ്ഥിതിയോടെയും, പുണ്യസമ്പാദനത്തിന്റെ മോഹത്തോടെയും വിഷമഘട്ടത്തിലും ചെലവഴിക്കുകയെന്നത്.

ചിലവഴിക്കപ്പെടുന്നതിൽ അത് വിനിയോഗപ്പെടുന്നത് ആരിലാണെന്നും, ആർക്കാണ് മുൻഗണന നൽകേണ്ടതെന്നും അല്ലാഹു വിവരിച്ച് തരുന്നു. (1) കുടുംബബന്ധമുള്ളവർ: റസൂൽ(സ) തിരുമേനിയുടെ ഒരു വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. “കുടുംബബന്ധമുള്ളവർക്ക് സദഖ നല്കുന്നതിൽ രണ്ടു പ്രതിഫലമുണ്ട്. ധർമ്മത്തിന്റെയും ചാർച്ചാബന്ധം പാലിക്കുന്നതിന്റെയും (2) യതീമുകൾ (അനാഥകൾ); സ്വന്തം കുടുംബത്തിൽപെട്ടതായാലും അന്യകുടുംബത്തിൽ പെട്ടതായാലും ശരി, യത്തീമിന്റെ ഉത്തരവാദിത്വം ഏല്ക്കുന്നവന്, സ്വർഗ്ഗത്തിൽ വമ്പിച്ച പദവിയുണ്ടായിരിക്കും. (3) മിസ്കീനുകൾ (അഗതികൾ): ബുദ്ധിമുട്ടും, തിടുക്കവുമുണ്ടെങ്കിലും അത് മറ്റുള്ളവരെ അറിയിക്കാതെ അഭിമാനം കാത്ത് സൂക്ഷിക്കുന്നവരാണ് ‘മിസ്കീനുകൾ’ എന്നത് കൊണ്ടുദ്ദേശിക്കുന്നത്. (4) വഴിപോക്കർ: സ്വദേശത്തേക്ക് തിരിച്ച്പോകാൻ വകയില്ലാതെ ബുദ്ധിമുട്ടുന്നവർ (5)ചോദിച്ചുവരുന്നവർ: യാചന ഇസ്ലാം വളരെയധികം വെറുക്കുന്ന ഒരു കാര്യമാണെങ്കിലും കൈനീട്ടി വരുന്നവരെ ഒന്നും കൊടുക്കാതെ, നല്ല വാക്കെങ്കിലും പറയാതെ വിരട്ടി അയക്കുന്നത്, ഇസ്ലാം അങ്ങേയറ്റം നിരുത്സാഹപ്പെടുത്തുന്നു. “ചോദിച്ച് വരുന്നവന് ഒരവകാശമുണ്ട്. അവൻ കുതിരപ്പുറത്ത് വന്നിരുന്നാലും ശരി.” എന്ന നബിവചനം ഓർക്കുക. (6) അടിമകളുടെ വിഷയത്തിൽ: അടിമകളുടെ മോചനവും, ക്ഷേമവും ഖുർആനിലും ഹദീസിലും വളരെയധികം പ്രാധാന്യം കല്പിക്കപ്പെട്ടിരിക്കുന്ന വിഷയങ്ങളത്രെ.

അനുഷ്ഠാന കാര്യങ്ങളിൽ അടുത്തതായി വിവരിക്കപ്പെട്ടിട്ടുള്ളത് നമസ്കാരം നില നിറുത്തുന്നതും സകാത്ത് കൊടുക്കുന്നതുമാണ്. ഇതേക്കുറിച്ചും അടുത്ത വിഷയമായ കരാർ പാലിക്കുന്നതിനെക്കുറിച്ചും ക്ഷമ പാലിക്കുന്നതിനെക്കുറിച്ചും ഖുർആനിലും ഹദീസിലും തുടർന്ന് ധാരാളം അവസരങ്ങളിൽ വിശദമായി വിവരിക്കുന്നുണ്ട്.

മേൽ വിവരിച്ച വിശ്വാസാനുഷ്ഠാന കാര്യങ്ങൾ പാലിച്ചുവരുന്നവരെക്കുറിച്ചു അല്ലാഹു സാക്ഷ്യപ്പെടുത്തുന്നു. –അവരാണ് സത്യം പറഞ്ഞവർ, അവർ തന്നെയാണ് മുത്തഖികളും

ഇങ്ങനെയുള്ള പുണ്യവാന്മാരിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ (ആമീൻ)

---

**വചനം 178,179**

178)ഹേ, വിശ്വസിച്ചവരേ, കൊല്ലപ്പെട്ടവരുടെ വിഷയത്തിൽ പ്രതിക്രിയ നടത്തൽ നിങ്ങളുടെ മേൽ നിയമിക്കപ്പെട്ടിരിക്കുന്നു. അതായത്, സ്വതന്ത്രന് സ്വതന്ത്രനും, അടിമക്ക് അടിമയും സ്ത്രീക്ക് സ്ത്രീയും (എന്ന നിലക്ക്). എന്നാൽ ആർക്കെങ്കിലും തന്റെ സഹോദരനിൽ നിന്ന് വല്ലതും മാപ്പ് ചെയ്ത് കിട്ടുന്നപക്ഷം, അപ്പോൾ (ആചാര) മര്യാദയെ പിൻപ

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُتِبَ عَلَيْكُمُ
ٱلْقِصَاصُ فِى ٱلْقَتْلَى ۖ ٱلْحُرُّ بِٱلْحُرِّ وَٱلْعَبْدُ
بِٱلْعَبْدِ وَٱلْأُنثَىٰ بِٱلْأُنثَىٰ ۚ فَمَنْ عُفِىَ لَهُۥ
مِنْ أَخِيهِ شَىْءٌ فَٱتِّبَاعٌۢ بِٱلْمَعْرُوفِ وَأَدَآءٌ

إِلَيْهِ بِإِحْسَٰنٍ ۗ ذَٰلِكَ تَخْفِيفٌ مِّن رَّبِّكُمْ وَرَحْمَةٌ ۗ فَمَنِ ٱعْتَدَىٰ بَعْدَ ذَٰلِكَ فَلَهُۥ عَذَابٌ أَلِيمٌ ﴿١٧٨﴾

റ്റലും നല്ല നിലയിൽ അവന് കൊടുത്തുവീട്ടലുമാണ് (വേണ്ടത്). അത്, നിങ്ങളുടെ റബ്ബിങ്കൽ നിന്ന് (നിങ്ങൾക്ക്) ഒരു ഇളവ് നല്കലും കാരുണ്യവുമാകുന്നു. എനി അതിനുശേഷം ആരെങ്കിലും അതിരുവിട്ടു പ്രവർത്തിക്കുന്ന പക്ഷം, അവന് വേദനയേറിയ ശിക്ഷയുണ്ടായിരിക്കും.

وَلَكُمْ فِى ٱلْقِصَاصِ حَيَوٰةٌ يَٰٓأُو۟لِى ٱلْأَلْبَٰبِ لَعَلَّكُمْ تَتَّقُونَ ﴿١٧٩﴾

179)പ്രതിക്രിയ നടത്തുന്നതിൽ നിങ്ങൾക്ക് - ഹേ, ബുദ്ധിമാന്മാരേ- ഒരു (തരം) ജീവിതം ഉണ്ടായിരിക്കും. നിങ്ങൾ സൂക്ഷ്മത പാലിച്ചേക്കാവുന്നതാണ്.

---

കൊലക്ക് കൊല എന്ന തരത്തിലുള്ള പ്രതിക്രിയാ സമ്പ്രദായം അറബികളിൽ മുമ്പേ പതിവുണ്ടായയിരുന്നു. എന്നാൽ അതിൽ നീതിയും സമത്വവും പാലിക്കപ്പെട്ടിരുന്നില്ല. ഘാതകൻ അടിമയാണെങ്കിൽ അവന്റെ യജമാനനേയും സ്ത്രീയാണെങ്കിൽഭർത്താവിനേയും എന്നിങ്ങനെയാണ് പ്രതിക്രിയ നടത്തിയിരുന്നത്. സമൂഹത്തിലെ ഉയർന്നവർക്ക് ഒരു നീതിയും താഴ്ന്നവർക്ക് മറ്റൊരു നീതിയുമായിരുന്നു നടത്തിപ്പോന്നിരുന്നത്.

ആദ്യത്തെ ആയത്തിന്റെ താല്പര്യം കൊന്നവനെ കൊല്ലുന്നത് നിർബ്ബന്ധമാണെന്നല്ല. എന്നാൽ പ്രതിക്രിയയിൽ സമത്വവും നീതിയും പാലിക്കണമെന്നാണ്. സ്വതന്ത്രന് സ്വതന്ത്രനും, അടിമക്ക് അടിമയും സ്ത്രീക്ക് സ്ത്രീയും എന്ന് പറഞ്ഞത്, അതിന്റെ വിശദീകരണമത്രെ. പകരം കൊല്ലാതെ പ്രായശ്ചിത്തം-അഥവാ തെണ്ടം കൊണ്ട് മതിയാക്കുവാൻ വധിക്കപ്പെട്ടവന്റെ അവകാശികൾക്ക് അധികാരവും അതിന് അവർക്ക് പ്രോത്സാഹനവും നല്കപ്പെട്ടിരിക്കുന്നു. (സൂ:മാഇദ: 45 നോക്കുക)

പ്രതി കൊലയിൽനിന്നും ഒഴിവാക്കപ്പെട്ടാൽ പ്രായശ്ചിത്തം-നഷ്ടപരിഹാരം-ഘാതകൻ പൂർത്തീകരിക്കണം-ഭംഗിയായും നല്ല നിലയിലും.

ഒരിക്കൽ മേൽപ്രകാരം മാപ്പ് നല്കപ്പെട്ടതിന് ശേഷം ഇരുഭാഗത്ത് നിന്നേതെങ്കിലുമൊരു വിഭാഗം ഒത്തുതീർപ്പിന് വിരുദ്ധമായി അതിര് വിട്ട് പ്രവർത്തിച്ചാൽ അവർക്ക് വേദനയേറിയ ശിക്ഷയെക്കുറിച്ച് അല്ലാഹു താക്കീത് നൽകുന്നു.

കൽപ്പിച്ചുകൂട്ടിയുള്ള കൊലകളെപ്പറ്റിയാണ് മുകളിൽ വിവരിച്ചത്. അബദ്ധത്തിൽ വന്ന്പോകുന്ന കൊലകളിൽ പ്രായശ്ചിത്തം നൽകുകയെന്നതാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. വിശദവിവരം സൂ: നിസാഅ് 92-ൽ വിവരിക്കുന്നുണ്ട്.

179-ാം വചനത്തിൽ ബുദ്ധിമാന്മാരേ എന്ന് സംബോധന ചെയ്തുകൊണ്ട് കൊലക്ക് പകരം കൊല എന്ന നിയമത്തിലടങ്ങിയ തത്വം അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ഈ നിയമത്തിലൂടെ സമൂഹത്തിൽ കൊലക്കുറ്റം കുറയുമെന്ന കാര്യത്തിൽ സംശയത്തിനവകാശമില്ല. പലവിധ കാരണങ്ങളാൽ അന്യരെ വധിക്കാൻ പ്രേരിതരാകുന്ന ആളുകളെ അവരുടെ അക്രമവാസനയിൽ നിന്ന് പിന്തിരിപ്പിക്കാനും സമൂഹത്തിലെ മറ്റുള്ളവർക്ക് മുന്നറിയിപ്പായിക്കൊണ്ടും മനുഷ്യ പ്രകൃതിയെ നന്നായി അറിയുന്ന സൃഷ്ടാവ് പ്രായോഗികവും യുക്ത്യാധിഷ്ഠിതവുമായ ഇതുപോലെയുള്ള നിയമങ്ങളാണ് ഇസ്‌ലാമിന്റെ നിയമങ്ങളായി അവതരിപ്പിച്ചിരിക്കുന്നത്.

'പരിഷ്കൃത രാഷ്ട്രങ്ങൾ' എന്നഭിമാനിക്കുന്ന ചില രാജ്യങ്ങളിൽ വധശിക്ഷ നിർത്തൽ ചെയ്യുകയും പകരം മറ്റ് ചില ശിക്ഷകൾ നടപ്പാക്കുകയും ചെയ്തിരിക്കുന്നു. അതിന്റെ ഫലമോ: കൊലക്കുറ്റത്തിന്റെ ക്രമാതീതമായ വർദ്ധനയും, നിസ്സാര കാര്യങ്ങൾക്ക്പോലം അന്യനെ കൊലചെയ്യുന്നതിലുള്ള പ്രവണതയും. ഇസ്‌ലാമിക ശിക്ഷാ നിയമങ്ങൾ നടപ്പാക്കുന്ന നാടുകളിലെ കുറ്റകൃത്യങ്ങളുടെയും പരിഷ്കൃതമെന്നും ആധുനികമെന്നും ഘോഷിക്കപ്പെടുന്ന നാടുകളിൽ നടമാടിക്കൊണ്ടിരിക്കുന്ന ക്രൂരകൃത്യങ്ങളുടെയും സ്ഥിതിവിവരക്കണക്കുകൾ ഒന്ന് പരിശോധിച്ച് നോക്കിയാൽ രണ്ട് നിയമങ്ങൾ തമ്മിലുള്ള അന്തരം ആർക്കും ബോധ്യമാകുന്നതാണ്.

വചനം 180,181,182

كُتِبَ عَلَيْكُمْ إِذَا حَضَرَ أَحَدَكُمُ ٱلْمَوْتُ إِن تَرَكَ خَيْرًا ٱلْوَصِيَّةُ لِلْوَٰلِدَيْنِ وَٱلْأَقْرَبِينَ بِٱلْمَعْرُوفِ ۖ حَقًّا عَلَى ٱلْمُتَّقِينَ ﴿١٨٠﴾

180)നിങ്ങളിൽ ഒരാൾക്ക് മരണം ആസന്നമായാൽ -അവൻ വല്ല ഗുണവും (ധനവും) വിട്ടുപോകുന്ന പക്ഷം- നിങ്ങളുടെ മേൽ നിയമിക്കപ്പെട്ടിരിക്കുന്നു. മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും (ആചാര) മര്യാദയനുസരിച്ച് വസിയ്യത്ത് ചെയ്യൽ. സൂക്ഷ്മത പാലിക്കുന്നവരുടെ മേൽ ഒരു കടമ(യത്രെ അത്).

فَمَنۢ بَدَّلَهُۥ بَعْدَمَا سَمِعَهُۥ فَإِنَّمَآ إِثْمُهُۥ عَلَى ٱلَّذِينَ يُبَدِّلُونَهُۥٓ ۚ إِنَّ ٱللَّهَ سَمِيعٌ عَلِيمٌ ﴿١٨١﴾

181)എന്നിട്ട് ആരെങ്കിലും അത് കേട്ടതിനുശേഷം അതിനെ മാറ്റിമറിച്ചാൽ അതിന്റെ കുറ്റം അത് മാറ്റിമറിക്കുന്നവരുടെ മേൽ തന്നെയായിരിക്കും. നിശ്ചയമായും അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

فَمَنْ خَافَ مِن مُّوصٍ جَنَفًا أَوْ إِثْمًا فَأَصْلَحَ بَيْنَهُمْ فَلَآ إِثْمَ عَلَيْهِ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٨٢﴾

182)എനി, വസിയ്യത്ത് ചെയ്യുന്ന വല്ലവനിൽ നിന്നും (ഏതെങ്കിലും) ഒരു തെറ്റോ കുറ്റമോ (ഉണ്ടായതായി) ആരെങ്കിലും ഭയപ്പെട്ടിട്ട് അവരുടെ (വസിയ്യത്ത് ചെയ്യപ്പെടുന്നവരുടെ) ഇടയിൽ അവൻ നന്നാക്കിത്തീർത്താൽ, അവന്റെ മേൽ (അതിന്റെ) കുറ്റമില്ല. നിശ്ചയമായും അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

ധനം കൈവശമുള്ള ആളുകൾ, മരണാസന്നരാകുമ്പോൾ തങ്ങളുടെ സ്വത്തിൽ നിന്നും മാതാപിതാക്കൾക്കും അടുത്ത കുടുംബബന്ധമുള്ളവർക്കും മര്യാദയായി കണക്കാക്കപ്പെടുന്ന ഒരു വിഹിതം ഒസ്യത്ത് ചെയ്യുന്നത് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കടമയാകുന്നു. ഒസ്യത്തിന്റെ സാക്ഷികളോ, അവകാശികളോ, പിന്നീടു അതിന്റെ യഥാരൂപത്തിന് വല്ല വ്യത്യാസവും വരുത്തുന്ന പക്ഷം അതിന്റെ കുറ്റം അവർക്ക് മാത്രമായിരിക്കും. എനി ഒരാളുടെ ഒസ്യത്തിൽ അന്യായമായി വല്ലതും വന്ന് പോയാൽ അത് മനസ്സിലാക്കിയവർ ആ തെറ്റ് കുറ്റം പരിഹരിക്കുന്നതും ഒസ്യത്തിന്റെ അവകാശികൾക്കിടയിൽ യോജിപ്പുനോക്കുന്നതും വളരെ നല്ലതാണ്. അല്ലാഹുവിൽ നിന്നുള്ള പാപമോചനവും കരുണയും അവർക്ക് സിദ്ധിച്ചേക്കുന്നതാണ്.

അനന്തരാവകാശത്തിന്റെ ആയത്തുകൾ, വിശദമായി, സൂറത്തു: നിസാഇൽ അവതരിച്ചതോട് കൂടി (സൂ:നിസാഅ് വചനം 7—12; 176) ഒസ്യത്തിന്റെ നിർബന്ധം കാലഹരണപ്പെട്ടുപോയി (നസ്ഖ് ആയി) എന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായം. നബി(സ) ഒരു പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു. "എല്ലാ അനന്തരാവകാശികൾക്കും അവരുടെ ഓഹരി കൊടുത്ത് കഴിഞ്ഞിട്ടുണ്ട്. അതിനാൽ ഒരു അനന്തരാവകാശിക്കും ഒസ്യത്തില്ല."

റസൂലിന്റെ മേൽ ഉദ്ധരിച്ച പ്രസ്താവനപ്രകാരവും ഫുഖഹാക്കളിൽ കാര്യപ്പെട്ടവരുടെ അഭിപ്രായ പ്രകാരവും ഒസ്യത്തിന്റെ ഈ ആയത്ത് അനന്തരാവകാശത്തിന്റെ ആയത്തു മുഖേന 'മൻസൂഖ്' ആയി (കാലഹരണപ്പെട്ടതായി)ട്ടുണ്ടെന്ന് 'ഇജ്മാഅ്' (പണ്ഡിതന്മാരുടെ ഏകോപിച്ച അഭിപ്രായം) ഉള്ളതാകുന്നു. എന്ന് ഇബ്നു കഥീർ(റ) അഭിപ്രായപ്പെട്ടിരിക്കുന്നു.

ഇതനുസരിച്ച് ഇനി അനന്തരാവകാശമില്ലാത്ത അടുത്ത ബന്ധുക്കളുടെ കാര്യമാണ് ബാക്കിയുള്ളത്. അവർക്ക് സ്വത്തിന്റെ മൂന്നിലൊരു ഭാഗത്തിൽ നിന്ന് ഒസ്യത്ത് ചെയ്യൽ ഒരു വേണ്ടപ്പെട്ട കാര്യവുമാകുന്നു. അടുത്ത ബന്ധുക്കൾക്ക് നന്മയും ഗുണവും ചെയ്തുകൊടുക്കുന്നത് സംബന്ധിച്ച് ധാരാളം ഖുർആൻ വചനങ്ങളും ഹദീസുകളും നമ്മെ ഓർമ്മപ്പെടുത്തുന്നു. എന്നാൽ ഒസ്യത്ത് ആർക്കെല്ലാം എത്ര വീതം വേണമെന്ന് ആയത്തിലും ഹദീസിലും നിർണ്ണയിക്കപ്പെട്ടിട്ടുമില്ല. കവിഞ്ഞപക്ഷം, ആകെയുള്ള സ്വത്തിന്റെ മൂന്നിലൊ

രംശം മാത്രമെ ഒസ്യത്ത് ചെയ്യാവൂ എന്ന് നബി(സ) കല്പിക്കുകയും ചെയ്തിരിക്കുന്നു. ഈ പരിധിക്കു ള്ളിൽ നിന്നുകൊണ്ട് സ്വത്തവകാശം ലഭിക്കാത്ത അടുത്ത ബന്ധുക്കൾക്ക് വല്ലതുമൊക്കെ ഒസ്യത്ത് ചെയ്യൽ എല്ലാവരുടെയും ധാർമ്മികമായ കടമയാകുന്നു. അനന്തരാവകാശ നിയമപ്രകാരം സ്വത്തവകാശം ലഭിക്കുന്ന കുടുംബാംഗങ്ങൾക്ക് പ്രത്യേകമായി ഒസ്യത്ത് ചെയ്യാൻ പാടില്ലാത്തതാകുന്നു. ഇനി അഥവാ, അങ്ങനെ സ്വത്തവകാശം കിട്ടുന്നവരിൽ തന്നെ കൂടുതൽ ദാരിദ്ര്യമുള്ളവർക്ക് വല്ലതും ഒസ്യത്ത് ചെയ്യുന്ന പക്ഷം അത് മറ്റുള്ള അവകാശികളുടെ സമ്മതത്തോടു കൂടിയേ ആകാവൂ.

ഒസ്യത്തും കടവും ഉണ്ടെങ്കിൽ അത് കഴിച്ച് ബാക്കിയുള്ളതാകുന്നു, അനന്തരാവകാശം, എന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്.

## വിഭാഗം 23

**വചനം 183,184,185**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُتِبَ عَلَيۡكُمُ
ٱلصِّيَامُ كَمَا كُتِبَ عَلَى ٱلَّذِينَ مِن
قَبۡلِكُمۡ لَعَلَّكُمۡ تَتَّقُونَ ١٨٣

183)ഹേ, വിശ്വസിച്ചവരേ, നിങ്ങളുടെ മുമ്പുള്ളവരുടെ മേൽ നിയമിക്കപ്പെട്ടതുപോലെ, നിങ്ങളുടെ മേലും നോമ്പുനോൽക്കൽ നിയമിക്കപ്പെട്ടിരിക്കു ന്നു. നിങ്ങൾ സൂക്ഷ്മത പാലിച്ചേക്കാം.

أَيَّامٗا مَّعۡدُودَٰتٖۚ فَمَن كَانَ مِنكُم
مَّرِيضًا أَوۡ عَلَىٰ سَفَرٖ فَعِدَّةٞ مِّنۡ أَيَّامٍ أُخَرَۚ
وَعَلَى ٱلَّذِينَ يُطِيقُونَهُۥ فِدۡيَةٞ طَعَامُ
مِسۡكِينٖۖ فَمَن تَطَوَّعَ خَيۡرٗا فَهُوَ خَيۡرٞ لَّهُۥۚ
وَأَن تَصُومُواْ خَيۡرٞ لَّكُمۡۖ إِن كُنتُمۡ
تَعۡلَمُونَ ١٨٤

184)(അതെ), എണ്ണപ്പെട്ട (അല്പം) ചില ദിവസങ്ങ ളിൽ. എന്നാൽ, നിങ്ങളിൽ ആരെങ്കിലും രോഗി യോ, യാത്രയിലോ ആയിരുന്നാൽ, അപ്പോൾ മറ്റു ദിവസങ്ങളിൽ നിന്ന് (അത്ര) എണ്ണം പൂർത്തി യാക്കണം). അതിന് (ഞെരുങ്ങി) സാധിപ്പുണ്ടാ കുന്നവരുടെ മേൽ (അവർ നോമ്പ് നോൽക്കാ തിരുന്നാൽ) തെണ്ടം– ഒരു സാധുവിന്റെ ഭക്ഷണം -(കടമ) ഉണ്ടായിരിക്കും. എന്നാൽ, ആരെങ്കിലും ഒരു നന്മ സ്വമേധയാ ചെയ്യുന്നതായാൽ അത വന് ഉത്തമമത്രെ. നിങ്ങൾ നോമ്പുനോൽക്കുന്ന താകട്ടെ, നിങ്ങൾക്ക് (കൂടുതൽ) ഉത്തമമാകുന്നു; നിങ്ങൾക്ക് അറിയാവുന്നതാണങ്കിൽ.

شَهۡرُ رَمَضَانَ ٱلَّذِيٓ أُنزِلَ فِيهِ ٱلۡقُرۡءَانُ
هُدٗى لِّلنَّاسِ وَبَيِّنَٰتٖ مِّنَ ٱلۡهُدَىٰ
وَٱلۡفُرۡقَانِۚ فَمَن شَهِدَ مِنكُمُ ٱلشَّهۡرَ
فَلۡيَصُمۡهُۖ وَمَن كَانَ مَرِيضًا أَوۡ عَلَىٰ
سَفَرٖ فَعِدَّةٞ مِّنۡ أَيَّامٍ أُخَرَۗ يُرِيدُ ٱللَّهُ
بِكُمُ ٱلۡيُسۡرَ وَلَا يُرِيدُ بِكُمُ ٱلۡعُسۡرَ

185)റമദാൻ മാസം ഖുർആൻ അവതരിപ്പിക്കപ്പെട്ടിട്ടു ള്ളതാ(യ മാസമാ)കുന്നു. മനുഷ്യർക്ക് സന്മാർഗ ദർശകമായും മാർഗദർശനവും (സത്യാസത്യ) വിവേചനവുമാകുന്ന വ്യക്തമായ തെളിവുകളാ യുംകൊണ്ട്. ആകയാൽ, നിങ്ങളിൽ ആർ (ആ) മാസത്തിൽ ഹാജറുണ്ടായോ അവൻ, അതിൽ നോമ്പുനോറ്റുകൊള്ളട്ടെ. ആരെങ്കിലും രോഗിയോ യാത്രയിലോ ആയിരുന്നാൽ, മറ്റു ദിവ സങ്ങളിൽ നിന്ന് (അത്ര) എണ്ണം (പൂർത്തിയാ ക്കണം). അല്ലാഹു. നിങ്ങളിൽ എളുപ്പത്തെ (സൗകര്യത്തെ) ഉദ്ദേശിക്കുന്നു; നിങ്ങളിൽ

وَلِتُكْمِلُوا۟ ٱلْعِدَّةَ وَلِتُكَبِّرُوا۟ ٱللَّهَ عَلَىٰ مَا هَدَىٰكُمْ وَلَعَلَّكُمْ تَشْكُرُونَ ﴿١٨٥﴾

അവൻ ഞെരുക്കത്തെ ഉദ്ദേശിക്കുന്നുമില്ല. നിങ്ങൾ എണ്ണം പൂർത്തിയാക്കാൻ വേണ്ടിയും നിങ്ങൾക്ക് അല്ലാഹു സന്മാർഗം കാണിച്ചുതന്നതിന്റെ പേരിൽ നിങ്ങൾ അവന് തക്ബീർ (മഹത്വകീർത്തനം) നടത്താൻ വേണ്ടിയും നിങ്ങൾ നന്ദികാണിക്കാൻ വേണ്ടിയുമാകുന്നു (ഇതെല്ലാം നിശ്ചയിച്ചത്).

---

ഇസ്‌ലാമിലെ പഞ്ചസ്തംഭങ്ങളിൽ ഒന്നായ നോമ്പ് (വ്രതം) നിർബന്ധമാക്കിയത് സംബന്ധിച്ച വചനങ്ങളാണിവ. താഴെ പറയുന്ന കാര്യങ്ങൾ ഈ വചനങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കാൻ കഴിയുന്നതാകുന്നു.

“ഹേ വിശ്വസിച്ചവരേ” എന്ന സംബോധനയിലൂടെ:

(1) ഓരോ സത്യവിശ്വാസിക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. പ്രത്യേകം ഒഴിവ് നല്കപ്പെട്ടവർ ഒഴികെ. (2) നിർണ്ണയം ചെയ്യപ്പെട്ട ഏതാനും ദിവസങ്ങളിൽ മാത്രമേ നോമ്പ് നോൽക്കേണ്ടതുള്ളൂ എന്ന പ്രസ്താവനയിലൂടെ ഇതത്ര ഭാരപ്പെട്ടതല്ല എന്ന് അല്ലാഹു ആശ്വസിപ്പിക്കുന്നു. (3) മുഹമ്മദു(സ) നബിയുടെ മുൻ സുദായങ്ങളിലും നോമ്പു നിയമിക്കപ്പെട്ടിരുന്നു. എന്നാൽ നമ്മുടെ നോമ്പും മുൻ സമുദായങ്ങളുടെ നോമ്പും വിശദാംശങ്ങളിൽ യോജിച്ചിരിക്കണമെന്നില്ല.

(4) നോമ്പുകൊണ്ടു നേടാനുള്ള ലക്ഷ്യമായി അല്ലാഹു പറയുന്നത്– “നിങ്ങൾ സൂക്ഷ്മത പാലിക്കുന്നവരാകാൻ വേണ്ടി” എന്നാകുന്നു. അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിച്ചുകൊണ്ടു ഭയഭക്തിയുള്ളവരായിരിക്കുക എന്നത്രേ സൂക്ഷ്മത പാലിക്കുക എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ശരീരേച്ഛകളെയും വികാരങ്ങളെയും നോമ്പിലൂടെ നിയന്ത്രിക്കുകവഴി അവൻ പാപങ്ങളിൽ നിന്നും തെറ്റുകുറ്റങ്ങളിൽ നിന്നും വിമുക്തനാകുന്നു. നോമ്പ് കേവലം ശാരീരികമായ പരിശീലനമോ ആരോഗ്യപരമായ ഒരു ശുദ്ധീകരണമോ അല്ല. എല്ലാ നിബന്ധനകളോടെയും പാലിക്കപ്പെടുന്ന നോമ്പ് യഥാർത്ഥത്തിൽ പാപങ്ങളെ തടുക്കുന്ന വിശ്വാസിയുടെ പരിചയാണെന്നാണ് റസൂൽ(സ) വിശേഷിപ്പിച്ചത്. മാനസികവും ആത്മീയവുമായ പല നേട്ടങ്ങളും അതുമുഖേന സിദ്ധിക്കുന്നു.

(5) എണ്ണപ്പെട്ട ചില ദിവസങ്ങൾ എന്ന് പറഞ്ഞതിന്റെ വിവക്ഷ, റമളാൻ മാസത്തിലെ ദിവസങ്ങളാണെന്ന് മൂന്നാമത്തെ വചനം കൊണ്ട് വ്യക്തമാണ്.

(6) നോമ്പിന്റെ നിർബന്ധത്തിൽ നിന്നും രോഗികളെയും യാത്രക്കാരെയും അല്ലാഹു ഒഴിവാക്കിയിരിക്കുന്നു. രോഗവും യാത്രയും ഏത് തരത്തിലുള്ളതാണെന്ന് വിശദമാക്കപ്പെട്ടിട്ടില്ല. അല്ലാഹു ഒരു ഉപാധിയും സൂചിപ്പിച്ചിട്ടില്ലാത്ത സ്ഥിതിക്ക് സാധാരണ പതിവനുസരിച്ച് ‘രോഗി’ എന്നും ‘യാത്രക്കാരൻ’ എന്നും ശരിയായ അർത്ഥത്തിൽ പറയത്തക്ക രോഗവും യാത്രയും ഉണ്ടായാൽ മതിയാകും എന്നത്രേ കൂടുതൽ ന്യായയുക്തമായ പണ്ഡിതമതം والله اعلم. അവ നിമിത്തം എത്ര ദിവസത്തെ നോമ്പ് വിട്ടുപോയോ, അത്രയും എണ്ണം പിന്നീട് മറ്റു ദിവസങ്ങളിൽ നോറ്റ് വീട്ടേണ്ടതാണ്.

(7) “നോമ്പിന് സാധിപ്പുണ്ടാകുന്നവരുടെ മേൽ തെണ്ടം കടമയുണ്ട്” – നോമ്പു നിർബന്ധമാക്കപ്പെട്ട ആദ്യഘട്ടത്തിൽ (ഹിജ്റ രണ്ടാംകൊല്ലത്തിൽ) അല്ലാഹു അനുവദിച്ച് കൊടുത്ത ഒരു ഇളവായിരുന്നു അത്. രോഗികളും യാത്രക്കാരുമല്ലാതിരുന്നിട്ടും, നോമ്പ് പിടിക്കാൻ കഴിവുള്ളവർക്ക് നോമ്പ് നോൽക്കുകയോ അല്ലാത്തപക്ഷം ഓരോ ദിവസത്തെ നോമ്പിന് പകരമായി ഓരോ സാധുവിന്റെ ഭക്ഷണം തെണ്ടം കൊടുക്കുകയോ ചെയ്താൽ മതിയായിരുന്നു. എന്നാൽ നോമ്പ് നോൽക്കുന്നതാണ് ഉത്തമമെന്നും അറിയിച്ചിരുന്നു.

എന്നാൽ ഒരു കൊല്ലത്തിന്ശേഷം അവതരിച്ച “ആ മാസത്തിൽ ആർ ഹാജരുണ്ടായോ, അവൻ അതിൽ നോമ്പ് നോൽക്കട്ടെ” എന്ന വചനത്തോടെ ഈ ഇളവു ദുർബലപ്പെടുകയാണുണ്ടായത്. (നസുഖ് ചെയ്യപ്പെട്ടു.)

അതോടെ യാത്രക്കാരും രോഗികളുമല്ലാത്ത നോമ്പിന് കഴിവുള്ളവരെല്ലാം നോമ്പു നോൽക്കൽ നിർബന്ധമാണെന്നും നോമ്പ് നോൽക്കാതെ തെണ്ടം കൊടുക്കൽ മതിയാവുകയില്ലെന്നും നിയമിക്കപ്പെട്ടു.

എന്നാൽ നോമ്പ് പിടിക്കാൻ ബുദ്ധിമുട്ടുള്ള വൃദ്ധന്മാരും വൃദ്ധകളും നോമ്പ് നോൽക്കേണ്ടതില്ല. കഴിവുള്ള പക്ഷം ഓരോ ദിവസത്തിനും ഒരു സാധുവിന്റെ ഭക്ഷണം തെണ്ടം കൊടുക്കണം.

ഗർഭിണികളും മുലയൂട്ടുന്ന സ്ത്രീകളും ശിശുവിനോ, മാതാവിനോ ദോഷം ഭവിക്കാൻ സാദ്ധ്യതയുണ്ടെന്ന് ഭയക്കുന്ന പക്ഷം നോമ്പു പിടിക്കേണ്ടതില്ല. തെണ്ടം കൊടുത്താൽ മതി എന്നും അതല്ല സാധ്യമാകുമ്പോൾ നോറ്റു വീട്ടുകയാണ് വേണ്ടത് എന്നും അഭിപ്രായങ്ങളുണ്ട്. അതുപോലെതന്നെ പ്രസവരക്തവും ഋതുരക്തവുമുള്ള, നോമ്പ് നിഷിദ്ധമാക്കപ്പെട്ട സ്ത്രീകൾക്കും പ്രായം തികയാത്ത കുട്ടികൾക്കും, വിശേഷ ബുദ്ധിയി

ല്ലാത്തവര്‍ക്കും നോമ്പും മറ്റും നിര്‍ബന്ധമില്ലെന്നതില്‍ തര്‍ക്കമില്ല.

8,9) തെണ്ടം കൊടുക്കേണ്ടത് ഒരു സാധുവിന്റെ ഭക്ഷണം എന്നാണ് അല്ലാഹു പറഞ്ഞത്. ഒരാള്‍ക്ക് സാധാരണഗതിയില്‍ ഭക്ഷണമായി കരുതപ്പെടുന്ന ഭക്ഷ്യപദാര്‍ത്ഥമെന്നാണുദ്ദേശിക്കുന്നത്. പാചകം ചെയ്തതോ അല്ലാതെയോ ആകാം. ഒരു ദിവസത്തെ നോമ്പിന് ഒരു സാധുവിനാണ് ഭക്ഷണം നല്കുക. ഒരാളുടെ ഭക്ഷണത്തേക്കാള്‍ കൂടുതല്‍ നല്‍കുകയോ, അല്പം ബുദ്ധിമുട്ടിയാണെങ്കിലും നോമ്പു തന്നെ പിടിക്കുകയോ, ഭക്ഷണം നല്കുന്നതോടൊപ്പം നോമ്പ് തന്നെ അനുഷ്ഠിക്കുകയോ ചെയ്യുന്നതായിരിക്കും കൂടുതല്‍ പുണ്യപ്പെട്ടത് എന്നായിരിക്കും, “ആരെങ്കിലും ഒരു നല്ല കാര്യം സ്വയമേവ ചെയ്യുന്നതായാല്‍ അത വന് ഉത്തമമായിരിക്കും” എന്ന വചനത്തിന്റെ വിവക്ഷ.

(10) തെണ്ടംകൊടുത്ത് നോമ്പിന്റെ നിര്‍ബന്ധത്തില്‍ നിന്ന് ഒഴിവാകാവുന്ന അവസരത്തില്‍ പോലും കഴി യുന്നതും നോമ്പു നോല്‍ക്കാന്‍ ശ്രമിക്കേണ്ടതാണെന്ന് അല്ലാഹു പ്രത്യേകം ഉണര്‍ത്തുന്നു. “നിങ്ങള്‍ നോമ്പ് നോല്‍ക്കുന്നത് നിങ്ങള്‍ക്ക് കൂടുതല്‍ ഉത്തമമാകുന്നു.” നോമ്പു മൂലം ലഭിക്കുന്ന ഗുണങ്ങളും പ്രതിഫല ങ്ങളും എത്രയും വമ്പിച്ചതാകുന്നു. “നോമ്പ് എനിക്കുള്ളതാണ്-ഞാനാണതിന് പ്രതിഫലം നല്കുക” എന്ന, എല്ലാ ആരാധനകള്‍ക്കും പ്രതിഫലം നല്കുന്ന അല്ലാഹുവിന്റെ പ്രഖ്യാപനം നോമ്പിന്റെ പ്രാധാന്യം വ്യക്ത മാക്കുന്നു.

(11) “റമളാന്‍ മാസം ഖുര്‍ആന്‍ അവതരിക്കപ്പെട്ട മാസമാകുന്നു” എന്ന വാക്യം നോമ്പിന് ആ മാസം തിര ഞ്ഞെടുക്കാനുള്ള കാരണം ചൂണ്ടിക്കാട്ടുന്നു. മറ്റുള്ള ദൈവിക ഗ്രന്ഥങ്ങളുടെ അവതരണവും ഇതേ മാസ ത്തില്‍ തന്നെയായിരുന്നെന്ന് ചില ഹദീസുകളില്‍ വന്നിട്ടുണ്ട്. എല്ലാ റമളാനിലും ജിബ്‌രീല്‍(അ) നബി(സ) യുടെ അടുക്കല്‍ വന്ന് ഖുര്‍ആന്‍ പാഠം നോക്കാറുണ്ടായിരുന്നുവെന്ന് ഹദീസില്‍ വെളിവാക്കപ്പെട്ടിട്ടുണ്ട്.

ഖുര്‍ആന്‍ അവതരിച്ചത് റമളാനിലെ അനുഗ്രഹീത രാത്രിയായ ലൈലത്തുല്‍ ഖദ്‌റിലാണെന്നതിന്റെ താല്‍പര്യം, അല്ലാഹുവിന്റെ ജ്ഞാന രേഖയാകുന്ന “ലൌഹുല്‍ മഹ്ഫൂളില്‍” നിന്ന് അടുത്ത ആകാശ ത്തേക്ക് ആ രാത്രിയില്‍ ആദ്യമായിട്ട് അവതരിച്ചുവെന്നാണെന്നും, അതല്ല ഖുര്‍ആന്‍ ആദ്യമായി അവതരി ക്കാന്‍ തുടങ്ങിയത് റമളാനിലാണെന്നും അഭിപ്രായങ്ങളുണ്ട്. ഈ രണ്ട് അഭിപ്രായങ്ങളും ശരിയായിരിക്കു ന്നതിന് വിരോധമില്ലതാനും. الله اعلم (സൂ: ഖദ്ര്‍ വിശദീകരണം നോക്കുക)

(12) അല്ലാഹു തുടര്‍ന്നു പറയുന്നു. “അതിനാല്‍, ആ മാസത്തില്‍ ആര്‍ ഹാജരുണ്ടായോ അവന്‍ അതില്‍ നോമ്പ് നോറ്റുകൊള്ളട്ടെ” മുന്‍ ആയത്തുകളില്‍ ഇളവ് നല്കിയ വിഭാഗക്കാര്‍ ഒഴികെയുള്ള എല്ലാവരും നോമ്പ് പിടിക്കുക തന്നെ വേണമെന്ന് ഈ വചനത്തിലൂടെ അല്ലാഹു നിര്‍ദ്ദേശിക്കുന്നു. ഈ വചനത്തിലൂടെ നോമ്പ് പിടിക്കുവാന്‍ കഴിവുള്ളവര്‍ക്കും വേണമെങ്കില്‍ തെണ്ടം കൊണ്ടു മതിയാക്കാം എന്ന ആദ്യകാല നിര്‍ദ്ദേശം ദുര്‍ബലപ്പെടുത്തുകയാണുണ്ടായതെന്ന് മുമ്പ് വിവരിച്ചുവല്ലോ.

(13) രോഗിയാകുകയോ, യാത്രയിലായിരിക്കുകയോ ചെയ്താല്‍ അത്മൂലം ആ ദിവസങ്ങളില്‍ നോമ്പ് ഒഴിവാക്കാമെന്ന് അല്ലാഹു അനുവദിച്ചത് അവന്റെ ഒരു മഹത്തായ അനുഗ്രഹമാകുന്നു. പിന്നീട് സൗക ര്യമുള്ളപ്പോള്‍ വേറെ ദിവസങ്ങളില്‍ ആ നോമ്പുകള്‍ നോറ്റ് വീട്ടിയാല്‍ മതിയാകും. “നിങ്ങളുടെ മേല്‍ മത കാര്യങ്ങളില്‍ അവന്‍ ഒരു വിഷമവും ഏര്‍പ്പെടുത്തിയിട്ടില്ല” (സൂ.ഹജ്ജ്-78) - എന്ന അല്ലാഹുവിന്റെ ഔദാ ര്യവും അവന്‍ സ്വയം സ്വീകരിച്ച പൊതുതത്വവുമാണ് ഇത്തരം ഇളവുകള്‍. മനുഷ്യര്‍ക്ക് അനുഷ്ഠിക്കാന്‍ സാദ്ധ്യമല്ലാത്ത കല്‍പനകളൊന്നും മതത്തിലില്ല.

(14) “നിങ്ങള്‍ എണ്ണം പൂര്‍ത്തിയാക്കുവാനും നിങ്ങള്‍ക്ക് അല്ലാഹു സന്മാര്‍ഗം കാണിച്ച് തന്നതിന്റെ പേരില്‍ നിങ്ങള്‍ അവന് മഹത്വകീര്‍ത്തനം ചെയ്യാന്‍ വേണ്ടിയും നിങ്ങള്‍ നന്ദി കാണിക്കാന്‍ വേണ്ടിയുമാ കുന്നു.” (ഇതെല്ലാം നിശ്ചയിച്ചത്) എന്ന് അരുളിയാണ് അല്ലാഹു ഈ വചനം അവസാനിപ്പിക്കുന്നത്. അല്ലാഹു ഒരു സല്‍ക്കര്‍മ്മം കല്പിച്ചാല്‍ അത് കഴിയുന്നത്ര അവന്‍ കല്പിച്ചപോലെ കൊണ്ടുവരാന്‍ ശ്രമിക്കേണ്ടതാ ണെന്നും അവന്‍ വല്ല കാര്യത്തെക്കുറിച്ചും വിരോധിച്ചാല്‍ അത് അപ്പാടെ വര്‍ജ്ജിക്കണമെന്നും നബി(സ) നിര്‍ദ്ദേശിച്ചിരിക്കുന്നു. “നിങ്ങള്‍ക്ക് കഴിയുന്നത്ര നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കുവിന്‍” (64:16) എന്ന് അല്ലാഹുവും പറഞ്ഞിരിക്കുന്നു. കൂടാതെ ഒരു നല്ല കര്‍മ്മം ചെയ്ത് കഴിയുമ്പോള്‍ ആ സല്‍കര്‍മ്മം ചെയ്യു വാന്‍ അനുഗ്രഹിച്ച അല്ലാഹുവിന് മഹത്വകീര്‍ത്തനം (തക്ബീര്‍ - അല്ലാഹു അക്ബര്‍ എന്ന കീര്‍ത്തനം) ചെയ്യണമെന്നും അല്ലാഹു ഉദ്ബോധിപ്പിക്കുന്നു. നോമ്പില്‍ മാത്രമല്ല ഹജ്ജ് കര്‍മ്മം നിര്‍വ്വഹിച്ച് കഴിഞ്ഞാലും (സൂ: ബഖറ: 200), ജുമുഅ നമസ്കാരാനന്തരവും (സൂ:ജുമുഅ:10) നമസ്കാരത്തിന് ശേഷവും (സൂറ: ഖാഫ് 40) അല്ലാഹുവിനെ സ്മരിക്കുകയും സ്തോത്ര കീര്‍ത്തനം നടത്തുകയും ചെയ്യണമെന്നും നിര്‍ദ്ദേശിക്കപ്പെ ട്ടിരിക്കുന്നു.

യാത്രകളില്‍ നോമ്പ് അനുഷ്ഠിക്കുന്നത് സംബന്ധമായി വന്നിട്ടുള്ള ചില ഹദീസുകളുടെ വെളിച്ചത്തില്‍ സന്ദര്‍ഭവും പരിതസ്ഥിതിയും വ്യക്തികളുടെ സ്ഥിതിഗതിയും അനുസരിച്ച്, ചിലപ്പോള്‍ നോമ്പ് അനുഷ്ഠി

ക്കുകയെന്നതും ചിലപ്പോൾ നോമ്പ് വിട്ടുകളയുകയെന്നതുമാണ് ഉത്തമമായിരിക്കുക എന്നാണ് പൊതുവെ മനസ്സിലാകുന്നത്.

എന്നാൽ അല്ലാഹു നല്കിയ ഇളവുകൾ ഉപയോഗപ്പെടുത്താതെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന സ്വഭാവവും, നേരെമറിച്ച് നാമമാത്രമായെങ്കിലും കാണുന്ന പഴുതുകൾ ഉപയോഗിച്ച് അല്ലാഹു നല്കിയ ഇളവിന്റെ പേരിൽ നിയമനിർദ്ദേശങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്ന സ്വഭാവവും രണ്ടും ഒഴിവാക്കേണ്ടതാണ് - ഒന്നാമത്തേത് ഒരുതരം നന്ദികേടും, രണ്ടാമത്തേത് ഒരുതരം ധിക്കാരവുമാണെന്ന് മനസ്സിലാക്കാവുന്നതാണ്.

ഏതെങ്കിലും തക്കതായ കാരണത്താൽ റമളാനിൽ ഒരാൾ നോമ്പു ഒഴിവാക്കുകയാണെങ്കിൽ തന്നെ അയാൾ, നോമ്പിന് യോജിക്കാത്ത കാര്യങ്ങൾ (ഉദാ: ഭക്ഷണം കഴിക്കുക) പരസ്യമായി ചെയ്തു, റമളാൻ മാസത്തോടു ഒരുതരത്തിലുള്ള അനാദരവും പ്രകടിപ്പിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

<u>വചനം 186</u>

وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ ۖ أُجِيبُ دَعْوَةَ ٱلدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا۟ لِى وَلْيُؤْمِنُوا۟ بِى لَعَلَّهُمْ يَرْشُدُونَ ﴿١٨٦﴾

186)(നബിയേ) എന്റെ അടിയന്മാർ എന്നെപ്പറ്റി നിന്നോട് ചോദിച്ചാൽ, നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു (എന്നു പറയുക). എന്നെ വിളി(ച്ചു പ്രാർഥി)ച്ചാൽ ഞാൻ വിളി(ച്ചു പ്രാർഥിക്കു)ന്നവന്റെ വിളിക്ക് ഉത്തരം നല്കുന്നതാണ്. എന്നാൽ, അവർ എനിക്ക് (എന്റെ വിളിക്ക്) ഉത്തരം ചെയ്യുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്തുകൊള്ളട്ടെ. അവർ നേർവഴി പ്രാപിച്ചേക്കുന്നതാണ്.

നോമ്പിനെക്കുറിച്ചുള്ള വചനങ്ങളെ തുടർന്നുള്ള ഈ വചനത്തിൽ പ്രാർത്ഥനയെക്കുറിച്ച് പറയുകയും അതിന് പ്രേരിപ്പിക്കുകയും ചെയ്തതിൽ നിന്നും നോമ്പും പ്രാർത്ഥനയും തമ്മിലുള്ള പ്രത്യേക ബന്ധം മനസ്സിലാക്കാവുന്നതാണ്.

'എന്റെ അടിയാൻമാർ' എന്ന പ്രയോഗത്തിലൂടെ 'എന്നെ ആരാധിക്കുന്ന എന്റെ അടിമകൾ' എന്ന ഉദ്ദേശത്തിലൂടെ അല്ലാഹു നബിയോട് പറയുന്നു. "(നബിയെ) എന്റെ അടിയാന്മാർ എന്നെപ്പറ്റി നിന്നോട് ചോദിച്ചാൽ നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു എന്ന് പറയുക" അതായത് അവരുടെ പ്രാർത്ഥനകളെ അവൻ എപ്പോഴും കേൾക്കുന്നു. അതിന് പ്രത്യേക സമയമോ, സ്ഥലമോ, ആരുടെയെങ്കിലും മദ്ധ്യസ്ഥതയോ ശുപാർശയോ ആവശ്യമില്ല. അവർ എന്നെ വിളിച്ച് പ്രാർത്ഥിക്കുന്നതിന് ഉത്തരം നൽകാൻ ഞാൻ സദാ സന്നദ്ധനായിരിക്കുന്ന സ്ഥിതിക്ക് എന്റെ കല്പനാ നിർദ്ദേശങ്ങൾ അനുസരിക്കുകയും എന്നിൽ ശരിക്ക് വിശ്വസിക്കുകയും വഴി എന്റെ വിളിക്ക് അവരും ഉത്തരം ചെയ്യേണ്ടതാണ്.

ദുആ (പ്രാർത്ഥന)യെക്കുറിച്ച് നബി(സ) പറയുന്നു- "ദുആ (പ്രാർത്ഥന) തന്നെയാണ് ഇബാദത്ത്" "ദുആ ഇബാദത്തിന്റെ മജ്ജയാകുന്നു" അതായത് ആരാധനകളുടെ കാതലായ വശം തന്നെ പ്രാർത്ഥനയാകുന്നു. സമീപസ്ഥൻ എന്ന പദത്തെക്കുറിച്ച് റസൂൽ(സ) ഒരിക്കൽ ഇപ്രകാരം വിശദീകരിക്കുകയുണ്ടായി. "നിശ്ചയമായും നിങ്ങൾ വിളിക്കുന്നവൻ, നിങ്ങൾ ഓരോരുത്തരുടെയും കണ്ഠനാളത്തേക്കാൾ നിങ്ങളോട് അടുപ്പമുള്ളവനാകുന്നു." എന്റെ അടിയാൻ എന്നെ സ്മരിക്കുകയും എന്നെക്കുറിച്ച് അവന്റെ അധരങ്ങൾ ഇളകിക്കൊണ്ടിരിക്കുകയും ചെയ്യുമ്പോഴൊക്കെ ഞാൻ അവനോടുകൂടെ ഉണ്ടായിരിക്കുന്നതാണ്" എന്ന അല്ലാഹുവിന്റെ വാഗ്ദാനം നബി(സ)യിൽ നിന്നും അബൂഹുറൈറ(റ) ഉദ്ധരിക്കുന്നു.

എന്നെ വിളിച്ച് പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നല്കുമെന്നുള്ള വചനത്തെക്കുറിച്ച് റസൂൽ(സ) ഇപ്രകാരം വിശദീകരിച്ചിരിക്കുന്നു. "കുറ്റമല്ലാത്തതോ, ചാർച്ചാബന്ധം മുറിക്കുന്നതിനല്ലാത്തതോ ആയ വല്ല പ്രാർത്ഥനയും ഒരു മുസ്ലിം ചെയ്യുന്നതായാൽ, അവൻ ധൃതി കൂട്ടാത്ത പക്ഷം അവന് മൂന്നിൽ ഒരു കാര്യം അല്ലാഹു ചെയ്ത് കൊടുക്കാതിരിക്കുകയില്ല-ഒന്നുകിൽ അവൻ പ്രാർത്ഥിച്ച കാര്യം അവന് വേഗമാക്കിക്കൊടുക്കുക, അല്ലെങ്കിൽ അതിനെ അവന് വേണ്ടി പരലോകത്തേക്ക് സൂക്ഷിച്ചുവെക്കുക, അല്ലെങ്കിൽ അവനിൽ നിന്നും അതിന്റെ അത്ര തിന്മയെ തിരിച്ച് കളയുക."

'ധൃതി കൂട്ടാത്തപക്ഷം' എന്നതിനെ റസൂൽ(സ) ഇപ്രകാരം വിശദീകരിച്ചു. "ഞാൻ പ്രാർത്ഥിച്ച്, പ്രാർത്ഥിച്ച് എനിക്ക് ഉത്തരം കിട്ടുന്നില്ല എന്ന് കുണ്ഠിതപ്പെട്ടു, പ്രാർത്ഥന വിട്ടുകളയാതിരിക്കുക".

“അല്ലാഹുവിങ്കലേക്ക് രണ്ടു കൈയും നീട്ടി നന്മ ചോദിക്കുന്ന അടിയാനെ ഒന്നും നല്കാതെ മടക്കിക്കളയാൻ, നിശ്ചയമായും അല്ലാഹു ലജ്ജിക്കുന്നതാണ്” നബിവചനം.

**വചനം 187**

أُحِلَّ لَكُمْ لَيْلَةَ ٱلصِّيَامِ ٱلرَّفَثُ إِلَىٰ نِسَآئِكُمْ ۚ هُنَّ لِبَاسٌ لَّكُمْ وَأَنتُمْ لِبَاسٌ لَّهُنَّ ۗ عَلِمَ ٱللَّهُ أَنَّكُمْ كُنتُمْ تَخْتَانُونَ أَنفُسَكُمْ فَتَابَ عَلَيْكُمْ وَعَفَا عَنكُمْ ۖ فَٱلْـَٔـٰنَ بَـٰشِرُوهُنَّ وَٱبْتَغُوا۟ مَا كَتَبَ ٱللَّهُ لَكُمْ ۚ وَكُلُوا۟ وَٱشْرَبُوا۟ حَتَّىٰ يَتَبَيَّنَ لَكُمُ ٱلْخَيْطُ ٱلْأَبْيَضُ مِنَ ٱلْخَيْطِ ٱلْأَسْوَدِ مِنَ ٱلْفَجْرِ ۖ ثُمَّ أَتِمُّوا۟ ٱلصِّيَامَ إِلَى ٱلَّيْلِ ۚ وَلَا تُبَـٰشِرُوهُنَّ وَأَنتُمْ عَـٰكِفُونَ فِى ٱلْمَسَـٰجِدِ ۗ تِلْكَ حُدُودُ ٱللَّهِ فَلَا تَقْرَبُوهَا ۗ كَذَٰلِكَ يُبَيِّنُ ٱللَّهُ ءَايَـٰتِهِۦ لِلنَّاسِ لَعَلَّهُمْ يَتَّقُونَ ﴿١٨٧﴾

187)നോമ്പിന്റെ രാത്രിയിൽ നിങ്ങളുടെ സ്ത്രീ(ഭാര്യ)കളുമായി സംസർഗം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. അവർ നിങ്ങൾക്ക് ഒരു (തരം) വസ്ത്രമാണ്; നിങ്ങൾ അവർക്കും ഒരു (തരം) വസ്ത്രമാകുന്നു, നിങ്ങൾ നിങ്ങളുടെ സ്വന്തങ്ങളോടു തന്നെ വഞ്ചന നടത്തിയിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിരിക്കുന്നു. എന്നാൽ, അവൻ നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും നിങ്ങൾക്ക് മാപ്പുനല്കുകയും ചെയ്തിരിക്കുന്നു. എനി, ഇപ്പോൾ, നിങ്ങൾ അവരുമായി സ്പർശനം നടത്തുകയും (കൂടിച്ചേരുകയും) അല്ലാഹു നിങ്ങൾക്ക് (വിധിച്ചു) നിശ്ചയിച്ചതിനെ നിങ്ങൾ തേടുകയും ചെയ്തുകൊള്ളുവിൻ. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവിൻ; കറുപ്പ് നൂലിൽ (ഇരുട്ടിൽ) നിന്ന് പ്രഭാതമാകുന്ന വെള്ളനൂൽ നിങ്ങൾക്ക് വ്യക്തമായിത്തീരുന്നതു വരേക്കും. പിന്നെ, നിങ്ങൾ രാത്രിവരെ നോമ്പ് പൂർത്തിയാക്കുക. നിങ്ങൾ പള്ളികളിൽ ഇഅ്തികാഫ് (ഭജനമിരിക്കൽ) ചെയ്യുന്നവരായിരിക്കുമ്പോഴും അവരുമായി നിങ്ങൾ സ്പർശനം നടത്തരുത് (കൂടിച്ചേരരുത്). അവ(യൊക്കെ) അല്ലാഹുവിന്റെ (നിയമ)അതിർത്തികളാകുന്നു; അതിനാൽ അവയെ നിങ്ങൾ സമീപിക്കരുത്. അപ്രകാരം അല്ലാഹു അവന്റെ ആയത്തു(ലക്ഷ്യം)കളെ മനുഷ്യർക്ക് (വ്യക്തമാക്കി) വിവരിച്ചുതരുന്നു. അവർ സൂക്ഷ്മത പാലിച്ചേക്കാം.

നോമ്പിന്റെ രാത്രിയിൽ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള എല്ലാവിധ സമ്പർക്കവും നടത്തുന്നതിന് വിരോധമില്ലെന്ന് അറിയിക്കുന്നതോടൊപ്പം, അതനുവദിച്ചതിലടങ്ങിയ തത്വം കൂടെ അല്ലാഹു ചൂണ്ടിക്കാണിക്കുന്നു. അവർ നിങ്ങൾക്കും നിങ്ങൾ അവർക്കും ഒരുതരത്തിലുള്ള വസ്ത്രമാകുന്നു. എത്ര അർത്ഥഗർഭവും ആകർഷകവുമായ വാക്യം.

“നിങ്ങൾ നിങ്ങളുടെ സ്വന്തങ്ങളോടു തന്നെ വഞ്ചന പ്രവർത്തിച്ചിരുന്നത് അല്ലാഹു അറിഞ്ഞിരിക്കുന്നു” എന്ന് പറഞ്ഞത് ഈ ആയത്ത് അവതരിപ്പിക്കുന്നതിന് മുമ്പ് മുസ്‌ലിംകൾ നോമ്പ് അനുഷ്ഠിക്കുമ്പോൾ വേദക്കാരുടെ ചില ആചാരങ്ങൾ ദുരുദ്ദേശത്തോടുകൂടിയല്ലെങ്കിലും ആചരിച്ച് പോന്നിരുന്നതിനെക്കുറിച്ചാകുന്നു... എന്തെന്നാൽ നോമ്പു തുറന്നതിനുശേഷവും ഭാര്യാ ഭർതൃ സമ്പർക്കം അവർ സ്വയം വിലക്കിയിരുന്നു. ഭക്ഷണത്തിന് മുമ്പായി രാത്രി ഉറങ്ങിപ്പോയാൽ പിറ്റേന്ന് നോമ്പു തുറക്കുന്നത്വരെ ഭക്ഷണം കഴിക്കാതിരിക്കുമായിരുന്നു. ഇത്തരം തെറ്റുകൾ അവരുടെ ഖേദപ്രകടനം അല്ലാഹു സ്വീകരിച്ചതിലൂടെ മാപ്പ് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് അല്ലാഹു അവർക്ക് സന്തോഷവാർത്ത അറിയിക്കുന്നു.

“അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചത് നിങ്ങൾ തേടുവിൻ” എന്ന വചനത്തിലൂടെ അല്ലാഹു ഭാര്യാഭർതൃബന്ധത്തിലൂടെ കേവലം ശാരീരിക സുഖാസ്വാദനമായി കരുതാതെ, സന്താനലാഭം കൂടെ തേടേണ്ടതുണ്ടെന്നും നിർദ്ദേശിക്കുന്നു.

വെള്ള നൂൽ കറുപ്പ് നൂലിൽ നിന്ന് വ്യക്തമായിത്തീരുന്നത്വരെ എന്ന ഉപമയിലൂടെ രാത്രിയുടെ ഇരുട്ട്

നീങ്ങി പുലരുന്നത് വരെ എന്ന സമയക്രമം അല്ലാഹു വിവരിക്കുന്നു. പിന്നീട് പ്രഭാതം മുതൽ അടുത്ത അസ്തമനം വരെ നോമ്പു അനുഷ്ഠിക്കണമെന്നും കല്പിക്കുന്നു.

നോമ്പ് കാലത്ത് അനുഷ്ഠിക്കേണ്ട അത്യന്തം പുണ്യമേറിയ ഒരു കർമ്മമാണ് 'ഇഅ്തികാഫു.' ഏതെങ്കിലും ഒന്നിന്റെ അടുക്കൽ നിന്ന് വേർപിരിയാതെ അതിന്റെ അടുക്കൽ ചുറ്റിപ്പറ്റി കഴിഞ്ഞ്കൂടുക എന്നാണ് വാക്കിന്റെ അർത്ഥം. അല്ലാഹുവിന്റെ സ്മരണയിലും ആരാധനയിലുമായി പള്ളിയിൽ അടങ്ങിയിരിക്കുക എന്നാണു ഇഅ്തികാഫ് കൊണ്ടുദ്ദേശിക്കുന്നത്. ഇത് എല്ലാ കാലത്തും അനുഷ്ഠിക്കാവുന്ന ഒരു പുണ്യകർമ്മമാകുന്നു. റമളാനിലും പ്രത്യേകിച്ച് അവസാനത്തെ പത്ത് ദിവസങ്ങളിൽ വിശേഷിച്ചും, പ്രോത്സാഹിക്കപ്പെട്ടിരിക്കുന്നു. ഇഅ്തികാഫ് സമയത്ത് ഭാര്യാ ഭർതൃ സ്പർശനം വിരോധിക്കപ്പെട്ടിരിക്കുന്നു. അത്യാവശ്യ കാര്യങ്ങൾക്കായി പള്ളിയിൽനിന്ന് വിട്ടുനില്ക്കാവുന്നതാണ്.

മേൽ പറഞ്ഞതെല്ലാം അല്ലാഹുവിന്റെ അതിർത്തികളാണെന്നും ആ അതിർത്തി വിട്ടുകടക്കുന്നതും ലംഘിക്കുന്നതും ശിക്ഷാർഹമാണെന്നും തുടർന്ന് അല്ലാഹു മുന്നറിയിപ്പ് നൽകുന്നു. ആയതിനാൽ അനുവാദങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ അതിന്റെ അങ്ങേ പരിധിവരെ പോകരുത്. അപ്പോൾ നിരോധനത്തിന്റെ വലയിൽ ചെന്ന് ചാടാൻ സാധ്യതയേറെയാണ്. വ്യഭിചാരം, അനാഥയുടെ ധനം ദുർവിനിയോഗം ചെയ്യൽ തുടങ്ങിയ തെറ്റുകളെപ്പറ്റി സൂചിപ്പിക്കുമ്പോഴും അല്ലാഹു "നിങ്ങൾ അവയെ സമീപിക്കരുത്".-എന്ന മുന്നറിയിപ്പ് നല്കുന്നതും ഇതേ ഉദ്ദേശത്തിലാകുന്നു.

അല്ലാഹു അവന്റെ ദൃഷ്ടാന്തങ്ങളെ മനുഷ്യർക്ക് വിവരിച്ച് കൊടുക്കുന്നതിന്റെ ആത്യന്തിക ലക്ഷ്യം അവർ സൂക്ഷ്മത പാലിക്കുന്നതിനാണെന്ന വാക്കുകളോടെ അല്ലാഹു നോമ്പിന്റെ വിഷയം ഇവിടെ അവസാനിപ്പിക്കുന്നു.

---

**വചനം 188**

وَلَا تَأْكُلُوٓا۟ أَمْوَٰلَكُم بَيْنَكُم بِٱلْبَٰطِلِ وَتُدْلُوا۟ بِهَآ إِلَى ٱلْحُكَّامِ لِتَأْكُلُوا۟ فَرِيقًا مِّنْ أَمْوَٰلِ ٱلنَّاسِ بِٱلْإِثْمِ وَأَنتُمْ تَعْلَمُونَ ﴿١٨٨﴾

188)നിങ്ങൾ, നിങ്ങളുടെ സ്വത്തുക്കളെ നിങ്ങൾക്കിടയിൽ (തമ്മതമ്മിൽ) അന്യായമായ വഴിക്കു തിന്നരുത്. അവയെ വിധികർത്താക്കളിലേക്ക് (അഥവാ ഭരണാധികാരികളിലേക്ക്) ഇട്ടുകൊടുക്കുകയും (അരുത്). മനുഷ്യരുടെ സ്വത്തുക്കളിൽ നിന്ന് ഒരു വിഭാഗത്തെ നിങ്ങൾ അറിഞ്ഞും കൊണ്ട് (തന്നെ) കുറ്റമായ നിലയ്ക്ക് നിങ്ങൾ തിന്നുവാൻ വേണ്ടി.

---

നിങ്ങൾക്കിടയിൽ (സത്യവിശ്വാസികൾക്കിടയിൽ) അനുവദനീയമല്ലാത്തതും ന്യായമല്ലാത്തതുമായ ഏതൊരു മാർഗ്ഗത്തിലൂടെയും ഒരാൾ മറ്റൊരാളുടെ ധനം കൈക്കലാക്കുന്നതിനെ നിരോധിച്ചിരിക്കുന്നു. അതിന് സഹായകമാം വിധം വിധികർത്താക്കളുടെ മുന്നിൽ കള്ളക്കേസും കൈക്കൂലിയുമായി സമീപിക്കുക എന്നതും അല്ലാഹു വിരോധിച്ചിരിക്കുന്നു.

കൃത്രിമ തെളിവുകളുടെ അടിസ്ഥാനത്തിൽ അനുകൂല വിധി സമ്പാദിക്കുന്ന വ്യാജ വ്യവഹാരക്കാരെക്കുറിച്ച് റസൂൽ(സ) അരുളി ചെയ്തതായി ഉമ്മു സലമ (റ) ഉദ്ധരിച്ച ഒരു ഹദീസിന്റെ സാരം ഇപ്രകാരമാകുന്നു. "ഞാൻ ഒരു മനുഷ്യൻ തന്നെ. നിങ്ങളിലാരെങ്കിലും ഒരു തർക്കവുമായി എന്നെ സമീപിക്കും. നിങ്ങളിൽ ചിലർ മറ്റുള്ളവരേക്കാൾ തെളിവ് കൊണ്ട് വന്നേക്കാം. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ അയാൾക്കനുകൂലമായി വിധിച്ചേക്കാം. എന്നാൽ ഏതെങ്കിലും ഒരാൾക്ക് (യഥാർത്ഥത്തിൽ) അവന്റെ സഹോദരന് അവകാശപ്പെട്ട വല്ലതും ഞാൻ വിധിച്ച് കൊടുക്കുന്ന പക്ഷം ഞാൻ അവന് വിധിച്ച് കൊടുക്കുന്നത് നരകത്തിൽ നിന്നുള്ള കഷ്ണമായിരിക്കുന്നതാണ്." ബു:മു.

റസൂൽ(സ)യുടെ വിധിയുടെ സ്ഥിതി പോലും ഇതാണെങ്കിൽ മറ്റുള്ള വിധികർത്താക്കളുടെ വിധിയെക്കുറിച്ച് പറയുവാനുണ്ടോ.

---

**വിഭാഗം 24**

---

**വചനം 189**

۞ يَسْـَٔلُونَكَ عَنِ ٱلْأَهِلَّةِ ۖ قُلْ هِىَ

189)(നബിയേ), അവർ നിന്നോട് മാസപ്പിറവികളെപ്പറ്റി ചോദിക്കുന്നതാണ്. പറയുക: അവ മനുഷ്യർക്കും

مَوَٰقِيتُ لِلنَّاسِ وَٱلْحَجِّ ۗ وَلَيْسَ ٱلْبِرُّ بِأَن تَأْتُوا۟ ٱلْبُيُوتَ مِن ظُهُورِهَا وَلَٰكِنَّ ٱلْبِرَّ مَنِ ٱتَّقَىٰ ۗ وَأْتُوا۟ ٱلْبُيُوتَ مِنْ أَبْوَٰبِهَا ۚ وَٱتَّقُوا۟ ٱللَّهَ لَعَلَّكُمْ تُفْلِحُونَ ﴿١٨٩﴾

ഹജ്ജിനുമുള്ള സമയനിർണയങ്ങളാകുന്നു. നിങ്ങൾ വീടുകളിൽ അവയുടെ പുറംഭാഗങ്ങളിലൂടെ ചെല്ലുന്നതുകൊണ്ടല്ല പുണ്യം (ലഭിക്കുന്നത്). എങ്കിലും സൂക്ഷ്മത പാലിച്ചവനത്രെ പുണ്യവാൻ. വീടുകളിൽ അവയുടെ വാതിലുകളിൽ കൂടി (തന്നെ) ചെല്ലുകയും ചെയ്യുവിൻ. അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. നിങ്ങൾ വിജയംപ്രാപിച്ചേക്കാം.

ഖുർആനിൽ ധാരാളം ശാസ്ത്രീയ വിജ്ഞാനങ്ങളും അടങ്ങിയിട്ടുണ്ടെങ്കിലും ശാസ്ത്രീയ തത്വങ്ങൾ വിവരിക്കുകയെന്നത് അതിന്റെ ലക്ഷ്യമല്ല. അക്കാര്യം മനുഷ്യരുടെ ബുദ്ധിക്കും പരീക്ഷണ നിരീക്ഷണങ്ങൾക്കും വിട്ടുകൊടുത്തിരിക്കുകയാണ്.

മാസപ്പിറവിയെപ്പറ്റി ജനങ്ങൾ റസൂൽ(സ)യോടു ചോദിക്കുമായിരുന്നു. അല്ലാഹു നബി (സ)യോട് കല്പിക്കുന്നു. "പറയുക, അവ മനുഷ്യർക്കും ഹജ്ജിനുമുള്ള സമയ നിർണ്ണയങ്ങളാകുന്നു." ലൗകികമോ മതപരമോ ആയ കാര്യങ്ങളിലും, ഹജ്ജ് സംബന്ധമായ സമയ നിർണ്ണയത്തിനും മാസപ്പിറവികൾ സഹായകമാകുമെന്ന് സാരം.

ഹജ്ജിൽ പ്രവേശിച്ച് കഴിഞ്ഞാൽ അത് അവസാനിക്കുന്നതിന് മുമ്പ് വീടുകളിൽ പ്രവേശിക്കേണ്ടി വരുമ്പോൾ പുറംഭാഗങ്ങളിലൂടെയോ, ജനൽ പഴുതുകളിലൂടെയോ അകത്തു കടക്കുക ഒരു ജാഹിലിയാ സമ്പ്രദായമായിരുന്നു. ഇതിലൊന്നും ഒരു പുണ്യവുമില്ലെന്നും വീട്ടിൽ പ്രവേശിക്കുമ്പോഴെല്ലാം നേരെയുള്ള പ്രവേശന മാർഗ്ഗത്തിലൂടെ തന്നെ പ്രവേശിച്ച് കൊള്ളണമെന്നും അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ചു കൊണ്ട് സൂക്ഷ്മതയുള്ളവരായിരിക്കുന്നതിലാണ് പുണ്യവും വിജയവുമുള്ളതെന്നും അല്ലാഹു അറിയിക്കുന്നു.

**വചനം 190,191,192,193**

وَقَٰتِلُوا۟ فِى سَبِيلِ ٱللَّهِ ٱلَّذِينَ يُقَٰتِلُونَكُمْ وَلَا تَعْتَدُوٓا۟ ۚ إِنَّ ٱللَّهَ لَا يُحِبُّ ٱلْمُعْتَدِينَ ﴿١٩٠﴾

190)നിങ്ങളോട് യുദ്ധത്തിന് വരുന്നവരോട് അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ യുദ്ധംചെയ്യുവിൻ. നിങ്ങൾ അതിക്രമിക്കുകയുമരുത്. നിശ്ചയമായും അല്ലാഹു അതിക്രമിക്കുന്നവരെ ഇഷ്ടപ്പെടുന്നതല്ല.

وَٱقْتُلُوهُمْ حَيْثُ ثَقِفْتُمُوهُمْ وَأَخْرِجُوهُم مِّنْ حَيْثُ أَخْرَجُوكُمْ ۚ وَٱلْفِتْنَةُ أَشَدُّ مِنَ ٱلْقَتْلِ ۚ وَلَا تُقَٰتِلُوهُمْ عِندَ ٱلْمَسْجِدِ ٱلْحَرَامِ حَتَّىٰ يُقَٰتِلُوكُمْ فِيهِ ۖ فَإِن قَٰتَلُوكُمْ فَٱقْتُلُوهُمْ ۗ كَذَٰلِكَ جَزَآءُ ٱلْكَٰفِرِينَ ﴿١٩١﴾

191)കണ്ടുമുട്ടിയേടത്ത് വെച്ച് നിങ്ങൾ അവരെ കൊലപ്പെടുത്തിക്കൊള്ളുവിൻ. അവർ നിങ്ങളെ പുറത്താക്കിയിടത്തുനിന്ന് നിങ്ങൾ അവരെ പുറത്താക്കുകയും ചെയ്യുവിൻ. ഫിത്ന (കുഴപ്പം) കൊലയേക്കാൾ കഠിനമായിട്ടുള്ളതാകുന്നു. മസ്ജിദുൽ ഹറാമിങ്കൽ വെച്ച് അവർ നിങ്ങളോട് (ഇങ്ങോട്ട്) യുദ്ധത്തിന് വരുന്നതുവരെ, നിങ്ങൾ അവിടെ വെച്ച് അവരോട് (അങ്ങോട്ട്) യുദ്ധംചെയ്യരുത്. എനി, അവർ (അവിടെവെച്ച്) നിങ്ങളോട് യുദ്ധം ചെയ്യുകയാണെങ്കിൽ, അപ്പോൾ (അവിടെവെച്ച്) നിങ്ങൾ അവരെ കൊന്നുകൊള്ളുക. അപ്രകാരമാണ് അവിശ്വാസികളുടെ പ്രതിഫലം.

فَإِنِ ٱنتَهَوْا۟ فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٩٢﴾

192)എന്നാൽ അവർ (പിന്മാറി) വിരമിച്ചെങ്കിൽ, നിശ്ചയമായും അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

193)ഫിത്‌ന (കുഴപ്പം) ഉണ്ടാകാതിരിക്കുകയും ദീൻ (മതം) അല്ലാഹുവിന് ആയിത്തീരുകയും ചെയ്യുന്നതുവരേക്കും നിങ്ങൾ അവരോട് യുദ്ധം നടത്തിക്കൊള്ളുവിൻ. അങ്ങനെ, അവർ വിരമിച്ചുവെങ്കിൽ അപ്പോൾ (പിന്നെ) അക്രമം ചെയ്യുന്നവർക്കെതിരെയല്ലാതെ അതിക്രമം ഇല്ല (പാടില്ല).

وَقَـٰتِلُوهُمْ حَتَّىٰ لَا تَكُونَ فِتْنَةٌ وَيَكُونَ ٱلدِّينُ لِلَّهِ ۖ فَإِنِ ٱنتَهَوْا۟ فَلَا عُدْوَٰنَ إِلَّا عَلَى ٱلظَّـٰلِمِينَ ﴿١٩٣﴾

ഇസ്‌ലാമിന്റെ ശത്രുക്കളുമായുള്ള ധർമ്മ യുദ്ധങ്ങളിൽ അനുഷ്ഠിക്കേണ്ട അടിസ്ഥാന തത്വങ്ങളാണീ വചനങ്ങളിൽ.

(1) “നിങ്ങളോട് യുദ്ധത്തിന് വരുന്നവരോട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ യുദ്ധം നടത്തിക്കൊള്ളുവിൻ” യുദ്ധം ചെയ്യുന്നത് ശത്രുക്കളോട് പകവീട്ടുവാനോ, പേരിനും പെരുമക്കും വേണ്ടിയോ ആയിരിക്കാതെ, അല്ലാഹുവിന്റെ ദീനിന്റെ സുരക്ഷിതത്വത്തിന് വേണ്ടിയായിരിക്കണം.

(2) “അതിക്രമം ചെയ്യരുത്. നിശ്ചയമായും അതിക്രമം അല്ലാഹു ഇഷ്ടപ്പെടുകയില്ല.”- ഇങ്ങോട്ടു അക്രമത്തിനുദ്ദേശ്യമില്ലാത്ത സമാധാന പ്രിയരെയോ, യുദ്ധകാലത്തുതന്നെ വൃദ്ധന്മാർ, കുട്ടികൾ, സ്ത്രീകൾ എന്നിവരേയോ ആക്രമിക്കരുത്. യുദ്ധത്തിൽ കൊല്ലപ്പെടുന്നവരുടെ അംഗഛേദം തുടങ്ങിയ കടുംകൈകൾ ചെയ്യരുത്.

(3) “അവരെ കണ്ടുമുട്ടിയിടത്ത് വച്ച് തന്നെ കൊലപ്പെടുത്തണം” അങ്ങോട്ടു യുദ്ധം ചെയ്യപ്പെടാൻ അർഹരായവരെ ബാക്കിവെക്കുന്നത് ഇസ്‌ലാമിന് ആപത്തായിത്തീരും.

(4) “അവർ നിങ്ങളെ പുറത്താക്കിയിടത്ത് നിന്ന് നിങ്ങൾ അവരെയും പുറത്താക്കിക്കൊള്ളുക”-മക്കാ മുശ്‌രിക്കുകൾ നബി(സ)യെയും അനുയായികളെയും നാട്ടിൽ നിന്നും ഓടിപ്പോകാൻ നിർബന്ധിതരാക്കിയല്ലോ. അതുപോലെ മക്കാ വിജയത്തോടെ ഇസ്‌ലാമിനെ അംഗീകരിക്കാതെ, ശിർക്കിൽ ഉറച്ച് നിന്നവർ പുറത്താക്കപ്പെടുകയുണ്ടായി.

(5) “ഫിത്‌ന-അഥവാ കുഴപ്പം-കൊലയേക്കാൾ കഠിനമായതാണ്”-ഫിത്‌ന എന്ന വാക്കിന് സന്ദർഭാനുസരണമായി പല അർത്ഥങ്ങളും നൽകാറുണ്ട്. കുഴപ്പം, വഴിപിഴപ്പിക്കുക, പരീക്ഷണം, ആപത്ത്, ആദർശത്തിലെ ഭിന്നിപ്പ്, പാപം, അവിശ്വാസം, അപമാനം, ശിക്ഷ, മർദ്ദനം എന്നൊക്കെ. സത്യവിശ്വാസത്തിനും, സത്യവിശ്വാസികൾക്കും എതിരെ മുശ്‌രിക്കുകൾ അഴിച്ചുവിടുന്ന അക്രമങ്ങളും മർദ്ദനങ്ങളും നോക്കുമ്പോൾ യുദ്ധം നിമിത്തം ഉണ്ടാകുന്ന ഭവിഷ്യത്തുകൾ, അവയേക്കാൾ ലഘുവാണെന്നാണ് വചനത്തിന്റെ രത്നച്ചുരുക്കം.

(6 “മസ്ജിദുൽ ഹറാമിന്റെ അടുക്കൽ വെച്ച് അവർ (ശത്രുക്കൾ) ഇങ്ങോട്ട് യുദ്ധം ചെയ്യുന്നതുവരെ, നിങ്ങൾ അവിടെ വെച്ച് അങ്ങോട്ട് യുദ്ധം ചെയ്യരുത്.” മക്കാ ഹറമിൽ യുദ്ധമോ കയ്യേറ്റമോ പാടില്ലെന്ന് ജാഹിലിയ്യാ കാലത്തെ അറബികൾ പോലും പൊതുവെ പാലിച്ച് പോന്നിരുന്നതാണ്. എന്നുവെച്ച് ശത്രുക്കൾ കഅ്ബയുടെ പരിസരത്ത്വെച്ച് യുദ്ധത്തിനൊരുങ്ങിയാൽ മുസ്‌ലിംകൾ കൈയും കെട്ടി നില്ക്കാതെ അവരെ നേരിടേണ്ടതാണ്. എന്നാൽ അവിടെ വെച്ച് ഒരിക്കലും മുസ്‌ലിംകൾ അങ്ങോട്ട് യുദ്ധം ആരംഭിക്കാൻ പാടില്ല.

(7) “എന്നാൽ അവർ (ശത്രുക്കൾ) വിരമിച്ചുവെങ്കിൽ അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു”. അതെ, അവർ നിലപാട് മാറ്റി സത്യവിശ്വാസം സ്വീകരിക്കുകയും യുദ്ധങ്ങൾ ഉപേക്ഷിക്കുകയും ചെയ്താൽ അല്ലാഹു അവർ മുൻപ് ചെയ്ത അക്രമങ്ങളുൾപ്പെടെ മാപ്പാക്കുന്നതാണ്.

(8) “ഫിത്‌ന ഉണ്ടാകാതിരിക്കുകയും, ദീൻ അല്ലാഹുവിനായിത്തീരുകയും ചെയ്യുന്നതുവരെ അവരുമായി യുദ്ധം നടത്തിക്കൊള്ളുക”-യുദ്ധത്തിന്റെ രണ്ട് ലക്ഷ്യങ്ങളാണ് മേൽ സൂചിപ്പിച്ചത്.ഈ ലക്ഷ്യങ്ങൾ സാധൂകരിക്കുന്നത് വരെ യുദ്ധത്തിന്റെ ആവശ്യകത ലോകത്ത് നിലവിലുണ്ടായിരിക്കും എന്ന് താല്പര്യം. എവിടെയും ശിർക്കും കുഫ്റും അവശേഷിക്കാതെ, എല്ലാ മനുഷ്യരും മുസ്‌ലിംകളായിത്തീരുന്നത്വരെ, യുദ്ധം നടത്തിക്കൊണ്ടിരിക്കണമെന്നതല്ല, ഇതിന്റെ അർത്ഥം-എന്നാൽ കുഴപ്പങ്ങൾ അവസാനിക്കുകയും, ഇസ്‌ലാമിനെതിരെ, ആക്രമണങ്ങളും കൈകടത്തലുകളും ഇല്ലാതെ അതിന് ലോകത്ത് അഭിമാനപൂർവ്വം സ്വൈരവിഹാരം കൊള്ളുമാറാകുന്ന സന്ദർഭം വരെയും യുദ്ധത്തിന്റെ ആവശ്യകത നിലവിലുണ്ടായിരിക്കും എന്ന് താല്പര്യം.

(9) "അവര്‍ വിരമിച്ചാല്‍ പിന്നെ അക്രമകാരികള്‍ക്കെതിരായിട്ടല്ലാതെ അതിക്രമം പാടില്ല"-ശത്രുക്കള്‍ അവരുടെ അക്രമങ്ങള്‍ നിര്‍ത്തിവച്ചാല്‍, മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് അവര്‍ക്കെതിരെ യുദ്ധമോ, ആക്രമണമോ ഉണ്ടായിക്കൂടാ എന്ന് സാരം.

---

**വചനം 194**

194)ഹറാമായ (പവിത്രമായ) മാസം ഹറാമായ (പവിത്രമായ) മാസത്തിന് (പകരം) ആകുന്നു. ഹുര്‍മത്ത് (പവിത്രവസ്തു)കളും പ്രതിക്രിയ (നടത്തപ്പെടുന്നവ)യാകുന്നു. ആകയാല്‍ ആരെങ്കിലും നിങ്ങളുടെ മേല്‍ അതിക്രമം പ്രവര്‍ത്തിച്ചാല്‍, നിങ്ങളുടെ മേല്‍ അവന്‍ അതിക്രമം പ്രവര്‍ത്തിച്ച (അതേ) മാതിരിയില്‍ നിങ്ങള്‍ അവന്റെമേലും അതിക്രമം പ്രവര്‍ത്തിച്ചുകൊള്ളുവിന്‍. അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിന്‍. അല്ലാഹുസൂക്ഷ്മത പാലിക്കുന്നവരുടെ കൂടെയായിരിക്കുമെന്ന് നിങ്ങള്‍ അറിഞ്ഞുംകൊള്ളുവിന്‍.

ٱلشَّهۡرُ ٱلۡحَرَامُ بِٱلشَّهۡرِ ٱلۡحَرَامِ وَٱلۡحُرُمَٰتُ قِصَاصٞۚ فَمَنِ ٱعۡتَدَىٰ عَلَيۡكُمۡ فَٱعۡتَدُواْ عَلَيۡهِ بِمِثۡلِ مَا ٱعۡتَدَىٰ عَلَيۡكُمۡۚ وَٱتَّقُواْ ٱللَّهَ وَٱعۡلَمُوٓاْ أَنَّ ٱللَّهَ مَعَ ٱلۡمُتَّقِينَ ١٩٤

---

ഹറാം, ഹുര്‍മത്ത് എന്നീ വാക്കുകള്‍ നിഷിദ്ധത, പവിത്രത, ആദരണീയത, അലംഘനീയത എന്നീ വ്യത്യസ്ഥ അര്‍ത്ഥങ്ങളില്‍ സന്ദര്‍ഭാനുസരണം പ്രയോഗിച്ചുവരുന്നു.

പവിത്രമായ മാസങ്ങള്‍ എന്നതുകൊണ്ടുദ്ദേശിക്കുന്നത് യുദ്ധം നിരോധിക്കപ്പെട്ട ദുല്‍ഖഅദ്, ദുല്‍ഹജ്ജ്, മുഹര്‍റം, റജബ് എന്നീ നാല് മാസങ്ങളാണ്. പവിത്ര വസ്തുക്കള്‍ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ആരാധനാ സ്ഥാപനങ്ങള്‍, പുണ്യസ്ഥലങ്ങള്‍, പൊതുസ്ഥാപനങ്ങള്‍ എന്നിവയാകുന്നു.

സ്വൈരപൂര്‍വ്വം ഹജ്ജ് കര്‍മ്മം നിര്‍വ്വഹിച്ച് തിരിച്ച്പോകാന്‍ വേണ്ടിയാണ് ദുല്‍ഖഅദ്, ദുല്‍ഹജ്ജ്, മുഹറം എന്നിവ പവിത്രമാസങ്ങളാക്കപ്പെട്ടിട്ടുള്ളത്. ഇടക്ക് വച്ച് ഉംറ കര്‍മ്മം നിര്‍വ്വഹിക്കുന്നവര്‍ക്കായി റജബ് മാസവും ഈ മാസങ്ങളില്‍ യുദ്ധവും അക്രമവും നിരോധിക്കപ്പെട്ടിരിക്കുന്നു.

ഇനി ശത്രുക്കള്‍ ഈ പവിത്രമാസങ്ങളില്‍ ഇങ്ങോട്ട് യുദ്ധത്തിന് വന്നാല്‍ മുസ്‌ലിംകള്‍ക്ക് അവരോട് അതേ മാതിരിയില്‍ തന്നെ എതിരിടാം. അല്ലാത്തപക്ഷം അതിന്റെ ഭവിഷ്യത്ത് പറയേണ്ടതില്ലല്ലോ. ഈ പ്രതികാര നടപടിയിലും അല്ലാഹുവിനെ സൂക്ഷിക്കണമെന്നും അങ്ങനെയുള്ളവരുടെ പക്ഷത്ത് അല്ലാഹു ഉണ്ടായിരിക്കുമെന്നും അല്ലാഹു പ്രത്യേകം ഉണര്‍ത്തുന്നു.

---

**വചനം 195**

195)നിങ്ങള്‍ അല്ലാഹുവിന്റെ മാര്‍ഗത്തില്‍ ചില വഴിക്കുവിന്‍. നിങ്ങളുടെ കൈകളെ നിങ്ങള്‍ നാശത്തിലേക്ക് ഇട്ടേക്കുകയും ചെയ്യരുത്. നിങ്ങള്‍ നന്മ പ്രവര്‍ത്തിക്കുകയും ചെയ്യണം. നിശ്ചയമായും നന്മ ചെയ്യുന്നവരെ അല്ലാഹു സ്നേഹിക്കുന്നതാണ്.

وَأَنفِقُواْ فِي سَبِيلِ ٱللَّهِ وَلَا تُلۡقُواْ بِأَيۡدِيكُمۡ إِلَى ٱلتَّهۡلُكَةِ وَأَحۡسِنُوٓاْۚ إِنَّ ٱللَّهَ يُحِبُّ ٱلۡمُحۡسِنِينَ ١٩٥

---

'അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍' ധനം ചെലവഴിക്കുക എന്നത്കൊണ്ട്, അല്ലാഹു ഇഷ്ടപ്പെടുന്ന എല്ലാ വിഷയങ്ങളും ഉള്‍പ്പെടുന്നു. ദീനിന്റെ അഭിവൃദ്ധിക്കും വളര്‍ച്ചക്കും വേണ്ട കാര്യങ്ങള്‍, ശത്രുക്കളുമായുള്ള സമരങ്ങള്‍ എന്നിവ മുന്‍ഗണനയര്‍ഹിക്കുന്നു.

ധനത്തിന്റെ കാര്യത്തില്‍ പിശുക്ക് പിടിച്ച് മേല്‍ സൂചിപ്പിച്ചതുപോലെയുള്ള കാര്യത്തില്‍ ചിലവഴിക്കുന്നതില്‍ മുന്നോട്ട് വരാത്ത പക്ഷം അത് ശത്രുക്കള്‍ക്ക് ശക്തി വര്‍ദ്ധിപ്പിക്കുവാനും, നിങ്ങള്‍ നാശഗര്‍ത്തത്തില്‍ പതിക്കുവാനും ഇടയാക്കും.

വചനം 196

وَأَتِمُّواْ ٱلْحَجَّ وَٱلْعُمْرَةَ لِلَّهِ ۚ فَإِنْ أُحْصِرْتُمْ فَمَا ٱسْتَيْسَرَ مِنَ ٱلْهَدْىِ ۖ وَلَا تَحْلِقُواْ رُءُوسَكُمْ حَتَّىٰ يَبْلُغَ ٱلْهَدْىُ مَحِلَّهُۥ ۚ فَمَن كَانَ مِنكُم مَّرِيضًا أَوْ بِهِۦٓ أَذًى مِّن رَّأْسِهِۦ فَفِدْيَةٌ مِّن صِيَامٍ أَوْ صَدَقَةٍ أَوْ نُسُكٍ ۚ فَإِذَآ أَمِنتُمْ فَمَن تَمَتَّعَ بِٱلْعُمْرَةِ إِلَى ٱلْحَجِّ فَمَا ٱسْتَيْسَرَ مِنَ ٱلْهَدْىِ ۚ فَمَن لَّمْ يَجِدْ فَصِيَامُ ثَلَٰثَةِ أَيَّامٍ فِى ٱلْحَجِّ وَسَبْعَةٍ إِذَا رَجَعْتُمْ ۗ تِلْكَ عَشَرَةٌ كَامِلَةٌ ۗ ذَٰلِكَ لِمَن لَّمْ يَكُنْ أَهْلُهُۥ حَاضِرِى ٱلْمَسْجِدِ ٱلْحَرَامِ ۚ وَٱتَّقُواْ ٱللَّهَ وَٱعْلَمُوٓاْ أَنَّ ٱللَّهَ شَدِيدُ ٱلْعِقَابِ ﴿١٩٦﴾

196 നിങ്ങൾ അല്ലാഹുവിനായി 'ഹജ്ജും', 'ഉംറഃ'യും പൂർത്തിയാക്കുവിൻ. ഇനി, നിങ്ങൾക്ക് മുടക്ക് ബാധിച്ചെങ്കിൽ, അപ്പോൾ 'ഹദ്‌യി'ൽ (ബലി മൃഗത്തിൽ) നിന്നും സൗകര്യപ്പെട്ടതു (ബലി കഴിക്കുക). 'ഹദ്‌യു' അതിൻെറ അനുവദനീയ സ്ഥാനത്ത് (നിശ്ചിത സ്ഥാനത്ത്) എത്തുന്നതു വരേക്കും നിങ്ങൾ നിങ്ങളുടെ തല മുണ്ഡനം ചെയ്യരുത്. എന്നാൽ, നിങ്ങളിൽ ആരെങ്കിലും രോഗിയായിരിക്കുകയോ, അല്ലെങ്കിൽ അവനിൽ അവൻെറ തലയിൽനിന്നുള്ള വല്ല ഉപദ്രവവും ഉണ്ടായിരിക്കുകയോ ചെയ്താൽ, അപ്പോൾ നോമ്പോ ദാനധർമ്മമോ ബലികർമ്മമോ ആകുന്ന ഒരു തെണ്ട (പ്രായശ്ചിത്ത) മാകുന്നു (വേണ്ടത്). എന്നാൽ, നിങ്ങൾ നിർഭയാവസ്ഥ യിലായാൽ-എന്നിട്ട് ആരെങ്കിലും ഉംറഃ (നിർവ്വഹിച്ചുകൊണ്ട്) ഹജ്ജുവരെ സുഖമെടു ക്കുന്നപക്ഷം, അപ്പോൾ, ഹദ്‌യിൽ (ബലി മൃഗത്തിൽ) നിന്നു സൗകര്യപ്പെട്ടത് (ബലി കഴിക്കുക). ഇനി, ആർക്കെങ്കിലും (അതു) കിട്ടാത്തപക്ഷം, ഹജ്ജി(ൻെറ ദിവസങ്ങളി)ൽ മൂന്നു ദിവസവും നിങ്ങൾ മടങ്ങിപ്പോയാൽ (വേറെ) ഒരു ഏഴും നോമ്പ് നോൽക്കുക. (അങ്ങനെ) അത് പൂർത്തിയായ പത്ത് (നോമ്പ്). അത് (ആ പറഞ്ഞ വിധി), ആരുടെ കുടുംബം മസ്ജിദുൽ ഹറാമിങ്കൽ സന്നിഹതർ (നിവ സിക്കുന്നവർ) ആയിട്ടില്ലയോ അവർക്കുള്ള താകുന്നു. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. അല്ലാഹു കഠിനമായ ശിക്ഷാ നടപടി എടുക്കുന്ന വനാണെന്നു നിങ്ങൾ അറിഞ്ഞുംകൊള്ളുവിൻ.

---

ദീർഘമായ ഈ വചനത്തിൽ ഹജ്ജ് ഉംറ എന്നീ കർമ്മങ്ങളെ വിശദീകരിക്കുന്നു.

കഴിവുള്ളവർ ആയുസ്സിൽ ഒരിക്കൽ ഹജ്ജ് നിർവ്വഹിക്കൽ നിർബന്ധമാക്കപ്പെട്ടതാകുന്നു. ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ അഞ്ചാമത്തേതുമാണത്. ഉംറ കർമ്മം നിർബന്ധമാണെന്നും അല്ലെന്നും അഭിപ്രായമു ണ്ടെങ്കിലും നിർബന്ധമാണെന്ന് പറയാതിരിക്കലാണ് വേണ്ടതെന്ന് ഇബ്നു ജരീർ(റ) തെളിവുകളുടെ അടി സ്ഥാനത്തിൽ സമർത്ഥിക്കുന്നു.

നബി(സ) മക്കാ ജീവിതകാലത്ത് ഹജ്ജും ഉംറയും പലവട്ടം ചെയ്തിരിക്കാനാണ് സാധ്യത. എത്ര പ്രാവശ്യം എന്നതിനെപ്പറ്റി വ്യക്തമായ തെളിവുകളില്ല.

ഹിജ്റ 5-ാം വർഷത്തിൽ ഇസ്‌ലാമിൽ ഹജ്ജിന്റെ നിയമം അവതരിച്ചുവെങ്കിലും 10-ാം വർഷത്തിലാണ് ആദ്യമായി നബി(സ)ക്ക് സുരക്ഷിതമായി ഹജ്ജ് നിർവ്വഹിക്കാനുള്ള സാഹചര്യമുണ്ടായത് - ഇതാണ് 'ഹജ്ജത്തുൽ വിദാഅ്' എന്ന പേരിൽ പ്രസിദ്ധമായ നബി(സ)യുടെ അവസാനത്തെ ഹജ്ജ്. ഹിജ്റ 6-ാം വർഷം, ഉംറക്കായി പുറപ്പെട്ടെങ്കിലും മുശ്‌രിക്കുകളുടെ തടസ്സം മൂലം ഹുദൈബിയയിൽ വച്ചുണ്ടായ സന്ധി യനുസരിച്ച് തിരുമേനി മടങ്ങിപ്പോരുകയാണുണ്ടായത്. പിന്നീട് ഹിജ്റ 7ാം വർഷവും, 8-ാം വർഷവും ഹജ്ജ ത്തുൽ വിദാഇലുമാണ് നബി(സ) ഉംറ നിർവ്വഹിച്ചത്.

ഈ ആയത്തിൽ അല്ലാഹു പ്രസ്താവിച്ച മുഖ്യവിഷയങ്ങൾ:

(1) "അല്ലാഹുവിനായി ഹജ്ജും ഉംറയും പൂര്‍ത്തിയാക്കുക" എന്നാല്‍ അല്ലാഹുവിന്റെ പ്രിതിയും പ്രതിഫലവും ഉദ്ദേശിച്ച്കൊണ്ട് നിര്‍വ്വഹിക്കുക എന്ന് സാരം. അല്ലാതെ സൃഷ്ടികളുടെ ആരാധനയിലൂടെ സല്‍ക്കര്‍മ്മങ്ങളിലൂടെ, അല്ലാഹുവിന് യാതൊരു നേട്ടവും ഉണ്ടാകുവാനില്ല തന്നെ. 'പൂര്‍ത്തിയാക്കുക' എന്ന വാക്കിലൂടെ, ഈ കര്‍മ്മങ്ങളില്‍ പ്രവേശിച്ച് കഴിഞ്ഞാല്‍ ഇടയ്ക്ക് വെച്ച് നിര്‍ത്തിക്കളയാതെ പൂര്‍ത്തിയാക്കുക തന്നെ വേണമെന്ന് നിര്‍ദ്ദേശിക്കുന്നു. - ഇടക്ക് വച്ച് വല്ല തെറ്റുകള്‍ വന്ന്പോയാല്‍ പോലും.

(2) "വല്ല മുടക്കും ബാധിച്ചാല്‍ സൗകര്യപ്പെട്ട ഒരു മൃഗത്തെ ബലി ചെയ്യുക": മുടക്ക് എന്നത് കൊണ്ടുദ്ദേശം ശത്രുക്കള്‍ നിമിത്തമോ (ഹുദൈബിയ ഉടമ്പടി ഓര്‍ക്കുക) രോഗം മുതലായ കാരണങ്ങള്‍ നിമിത്തമോ ഉള്ള തടസ്സങ്ങളാകുന്നു. 'സൗകര്യപ്പെട്ട ബലിമൃഗം' എന്നതുകൊണ്ട്, അത് ആടായാലും മതിയാകുമെന്നും മാടോ ഒട്ടകമോ ആകുന്നത് കൂടുതല്‍ നല്ലതാണെങ്കിലും, ആയിരിക്കണമെന്ന് നിര്‍ബന്ധമില്ലെന്നും മനസ്സിലാക്കാവുന്നതാണ്.

(3) "ബലിമൃഗം അതിന്റെ നിശ്ചിത സ്ഥാനത്ത് എത്തുന്നത്വരെ തലമുടി കളയാന്‍ പാടില്ല." ഹജ്ജിന്റെയും ഉംറയുടെയും പ്രധാന കര്‍മ്മങ്ങള്‍ അവസാനിപ്പിച്ചതിന് ശേഷം തലമുടി എടുക്കുന്നതോടെയാണ് അവയില്‍ നിന്നും വിരമിക്കുന്നത്. (മുടി കളയുകയോ, വെട്ടുകയോ ആകാം) ബലി കര്‍മ്മം കഴിഞ്ഞതിന് ശേഷമായിരിക്കണം മുടി എടുക്കല്‍ എന്നും, ബലി നടത്തുന്നത് നിശ്ചയിക്കപ്പെട്ട സ്ഥലത്തു വച്ചായിരിക്കണമെന്നും (മക്കാ ഹറമില്‍ വച്ച്) ഈ വചനം വ്യക്തമാക്കുന്നു. ഹുദൈബിയയില്‍ വച്ച് നബി (സ)യും സഹാബിമാരും ഒട്ടകങ്ങളെ അവിടെ വച്ച് തന്നെ ബലി കഴിക്കാനിടയായത് ശത്രുക്കളുടെ തടസ്സം മൂലം അവയെ ഹറമില്‍ എത്തിക്കാന്‍ പറ്റാത്തതുകൊണ്ടായിരുന്നു. അങ്ങിനെയുള്ള മുടക്കുകള്‍ നേരിടുമ്പോള്‍ നേരിടുന്ന സ്ഥലത്ത്വച്ച്തന്നെ ബലി നടത്താമെന്നാണ് ഇത് സംബന്ധിച്ച് മനസ്സിലാകുന്നത്.

(4) വല്ല രോഗവും നിമിത്തമോ, തലയില്‍ പേന്‍ മുതലായ മറ്റ് ശല്യങ്ങള്‍ നിമിത്തമൊ മുടി മുന്‍കൂട്ടി കളയേണ്ടുന്ന ആവശ്യം നേരിട്ടാല്‍ അതിന് വിരോധമില്ല. അതിന് പ്രതിവിധിയായി ഒരു തെണ്ടം വേണ്ടതുണ്ട്: നോമ്പ് അല്ലെങ്കില്‍ ദാനധര്‍മ്മം അല്ലെങ്കില്‍ ഒരു ബലികര്‍മ്മം. മൂന്ന് ദിവസം നോമ്പ് പിടിക്കുകയോ അര സ്വാഅ്വീതം (ഒരു സ്വാഅ്=ഏകദേശം 2.04 കിലോഗ്രാം) ആറ് സാധുക്കള്‍ക്ക് ഭക്ഷണസാധനം ന്‌ലകുകയോ ഒരു ആടിനെ ബലി കഴിക്കുകയോ ചെയ്യുകയെന്നതാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഈ തെണ്ടം ഹറമില്‍ വെച്ച് തന്നെ വേണ്ടതില്ലെന്നാണ് മനസ്സിലാകുന്നത്. **الله اعلم**

(5) ഈ വചനത്തില്‍ "നിങ്ങള്‍ നിര്‍ഭയാവസ്ഥയിലായാല്‍" എന്നത് കൊണ്ടുദ്ദേശിക്കുന്നത് **تمتع**(സുഖമെടുക്കല്‍) രൂപത്തിലുള്ള ഹജ്ജ് കര്‍മ്മത്തെക്കുറിച്ചാകുന്നു. (മറ്റ് രണ്ട് രൂപങ്ങള്‍- **قران** (കൂട്ടിച്ചേര്‍ക്കല്‍) എന്നും **افراد** (ഒറ്റപ്പെടുത്തല്‍) എന്നും അറിയപ്പെടുന്നു.) തമത്തുഅ് കൊണ്ടുദ്ദേശിക്കുന്നത് ഹജ്ജില്‍ പ്രവേശിക്കുന്നതിന് മുമ്പായി ഉംറ നിര്‍വ്വഹിച്ച് കഴിയുകയും അത്വരെ, നിഷിദ്ധമാക്കപ്പെട്ടിരുന്ന കാര്യങ്ങള്‍ (പുരുഷന്മാര്‍ തല മറക്കല്‍, സ്ത്രീകള്‍ മുഖം മറക്കല്‍, കാലുറ-തൊപ്പി-കുപ്പായം പോലെയുള്ളവ ധരിക്കല്‍, വാസന ദ്രവ്യം ഉപയോഗിക്കല്‍, മുടി എടുക്കല്‍, സ്ത്രീ പുരുഷബന്ധം, ജന്തുവേട്ട തുടങ്ങിയവ) അനുവദനീയമായിത്തീരുമാറ് സുഖമെടുക്കുകയും ചെയ്യുന്നതിനെയാണ്. അങ്ങനെയുള്ളവര്‍ ഒരു മൃഗത്തെ ബലി ചെയ്യേണ്ടതാണ് (ആടൊ, മാടൊ, ഒട്ടകമോ)

(6) ഇനി അഥവാ മേല്‍ പറഞ്ഞ ബലി കര്‍മ്മം നടത്താന്‍ സാധിക്കാത്തപക്ഷം അവര്‍ പത്തു നോമ്പ് നോല്‍ക്കുകയാണ് വേണ്ടത്. ഇതില്‍ 3 എണ്ണം ദുല്‍ഹജ്ജ് പത്തിന് മുമ്പായി തീര്‍ക്കണം. ബാക്കി ഏഴു നോമ്പുകള്‍ നാട്ടില്‍ മടങ്ങിയെത്തിയ ശേഷം പൂര്‍ത്തിയാക്കണം.

(തമത്തുഅ് ന്റെ ആനുകൂല്യം 'ഹറം' നിവാസികള്‍ക്കില്ല)

എല്ലാ കര്‍മ്മങ്ങളും അതതിന്റെ യഥാര്‍ത്ഥ രൂപത്തിലും, സൂക്ഷ്മതയോടെയും, അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ലക്ഷ്യമാക്കിക്കൊണ്ടും, ആയിരിക്കണമെന്നും അല്ലാത്തപക്ഷം, അല്ലാഹുവിന്റെ ശിക്ഷാ നടപടിയെക്കുറിച്ച് ഭയപ്പെടേണ്ടതാണെന്നും അല്ലാഹു ഓര്‍മ്മിപ്പിക്കുന്നു.

## വിഭാഗം 25

**വചനം 197,198,199**

ٱلْحَجُّ أَشْهُرٌ مَّعْلُومَٰتٌ ۚ فَمَن فَرَضَ فِيهِنَّ
ٱلْحَجَّ فَلَا رَفَثَ وَلَا فُسُوقَ وَلَا جِدَالَ
فِى ٱلْحَجِّ ۗ وَمَا تَفْعَلُوا۟ مِنْ خَيْرٍ يَعْلَمْهُ ٱللَّهُ ۗ
وَتَزَوَّدُوا۟ فَإِنَّ خَيْرَ ٱلزَّادِ ٱلتَّقْوَىٰ ۚ

197)ഹജ്ജ്(കാലം) അറിയപ്പെട്ട ചില മാസങ്ങളാകുന്നു. എന്നാല്‍ അവയില്‍ ആരെങ്കിലും ഹജ്ജ് നിര്‍ബന്ധമാക്കിയാല്‍ (ഹജ്ജില്‍ പ്രവേശിച്ചാല്‍) സ്ത്രീസല്ലാപമാകട്ടെ, തോന്നിയവാസമാകട്ടെ, തര്‍ക്കം നടത്തലാകട്ടെ ഹജ്ജില്‍ പാടില്ല. നിങ്ങള്‍ നന്മയുള്ളത് എന്തുചെയ്താലും അത് അല്ലാഹു അറിയുന്നതാണ്. നിങ്ങള്‍ യാത്രാഭക്ഷണം (യാത്രയ്ക്കുള്ള വിഭവങ്ങള്‍) ഒരുക്കുകയും ചെയ്യുവിന്‍. എന്നാല്‍ യാത്രാ

وَٱتَّقُونِ يَٰٓأُوْلِي ٱلۡأَلۡبَٰبِ ﴿١٩٧﴾

ഭക്ഷണത്തിൽ ഏറ്റവും ഉത്തമമായത്, തഖ്‌വ (സൂക്ഷ്മത)യാകുന്നു. എന്നെ സൂക്ഷിക്കുകയും ചെയ്യുവിൻ. ഹേ, ബുദ്ധിമാന്മാരേ.

لَيۡسَ عَلَيۡكُمۡ جُنَاحٌ أَن تَبۡتَغُواْ فَضۡلٗا مِّن رَّبِّكُمۡۚ فَإِذَآ أَفَضۡتُم مِّنۡ عَرَفَٰتٖ فَٱذۡكُرُواْ ٱللَّهَ عِندَ ٱلۡمَشۡعَرِ ٱلۡحَرَامِۖ وَٱذۡكُرُوهُ كَمَا هَدَىٰكُمۡ وَإِن كُنتُم مِّن قَبۡلِهِۦ لَمِنَ ٱلضَّآلِّينَ ﴿١٩٨﴾

198)നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള വല്ല അനുഗ്രഹവും നിങ്ങൾ തേടുന്നതിന് നിങ്ങളുടെ മേൽ തെറ്റില്ല. അങ്ങനെ അറഫാത്തുനിന്ന് നിങ്ങൾ ഒഴുകിപ്പോന്നാൽ, മശ്അറുൽ ഹറാമിന്റെ അടുക്കൽവെച്ച് നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുവിൻ. അവൻ നിങ്ങൾക്കു മാർഗദർശനം നല്കിയപോലെ, നിങ്ങൾ അവനെ(യും) സ്മരിക്കുവിൻ. നിശ്ചയമായും നിങ്ങൾ ഇതിനുമുമ്പ് വഴിപിഴച്ചവരിൽ പെട്ടവർ തന്നെയായിരുന്നു.

ثُمَّ أَفِيضُواْ مِنۡ حَيۡثُ أَفَاضَ ٱلنَّاسُ وَٱسۡتَغۡفِرُواْ ٱللَّهَۚ إِنَّ ٱللَّهَ غَفُورٞ رَّحِيمٞ ﴿١٩٩﴾

199)പിന്നെ (ഒരു കാര്യം). മനുഷ്യന്മാർ ഒഴുകിപ്പോരുന്നേടത്തുനിന്നു (തന്നെ) നിങ്ങൾ ഒഴുകിപ്പോരുവിൻ. അല്ലാഹുവിനോട് നിങ്ങൾ പാപമോചനം തേടുകയും ചെയ്യുവിൻ. നിശ്ചയമായും അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

ശവ്വാലും ദുൽഖഅ്ദും, ദുൽഹജ്ജും ആണ് ഹജ്ജിന്റെ മാസങ്ങളായി അറിയപ്പെടുന്നത്. ശവ്വാലിന് മുമ്പായി ഹജ്ജിന് ഇഹ്റാം (അഥവാ നിഷിദ്ധം ഏർപ്പെടുത്തൽ) ചെയ്യാൻ പാടില്ല.

ഹജ്ജിന് ഇഹ്റാം ചെയ്ത് പ്രവേശിച്ചാൽ, മൂന്ന് കാര്യങ്ങൾ അല്ലാഹു കർശനമായി നിരോധിച്ചിരിക്കുന്നു. സ്ത്രീപുരുഷ സല്ലാപം, തോന്ന്യവാസം, തർക്കം എന്നിവ.

സ്ത്രീപുരുഷ സല്ലാപം എന്നത് കൊണ്ടുദ്ദേശിക്കുന്നത് സംയോഗം മാത്രമല്ല ചുംബനം മുതലായ പ്രാഥമിക ക്രീഡകളും, സംസാരങ്ങളും കൂടിയാകുന്നു.

'തോന്നിയവാസം' എന്ന് പറഞ്ഞതിൽ മതത്തിന്റെ വിധിവിലക്കുകൾ അനുസരിക്കാതെയും അച്ചടക്കം പാലിക്കാതെയുമുള്ള എല്ലാ ചെയ്തികളും ഉൾപ്പെടുന്നു.

അന്യോന്യം കയർക്കുക, ശണ്ഠ കൂടുക, വിവാദം നടത്തുക എന്നവയൊക്കെ 'തർക്കം' നടത്തലിലും ഉൾപ്പെടുന്നു.

ജാഹിലിയാ കാലത്ത് ഹജ്ജിന് വരുന്ന ചിലർ യാത്രക്കുള്ള സാധന സാമഗ്രികൾ ഒരുക്കിക്കൊണ്ട് പോകുന്നത്, 'തവക്കുലി'ന് എതിരാണെന്ന ധാരണയിൽ, യാത്രാ സാമാനങ്ങളൊന്നും കൂടാതെ പുറപ്പെട്ട് സ്വയം കഷ്ടത അനുഭവിക്കുകയും, മറ്റുള്ളവർക്ക് ഒരു ഭാരമായിത്തീരുകയും ചെയ്യാറുണ്ടായിരുന്നു. ഇത്തരക്കാർക്ക് ഒരു ഖണ്ഡനമായിക്കൊണ്ടാണ് ഈ വചനത്തിൽ, നിങ്ങൾ യാത്രാവിഭവങ്ങൾ ഒരുക്കുവിൻ എന്ന് അല്ലാഹു ഉപദേശിക്കുന്നത്. എന്നാൽ തുടർന്ന് അല്ലാഹു പറയുന്നു. "യാത്രാവിഭവങ്ങളിൽ ഏറ്റവും ഉത്തമമായത്" സൂക്ഷ്മത (തഖ്‌വാ)യാകുന്നു, എന്ന്. യാത്രാ സാമാനങ്ങൾ ഒരുക്കുന്നതിൽ അധികം നിമഗ്നരാകാതെ അല്ലാഹുവിനെ സൂക്ഷിക്കുന്ന കാര്യത്തിൽ കൂടുതൽ ഗൗനിക്കുക എന്ന് താല്പര്യം.

"നിങ്ങളുടെ റബ്ബിൽ നിന്നുള്ള അനുഗ്രഹം തേടുന്നതിന് നിങ്ങൾക്ക് തെറ്റില്ല" എന്ന വചനം ജാഹിലിയ്യാ കാലത്തെ അറബികൾ ഹജ്ജ് കാലത്ത് നടത്തിയിരുന്ന വൻ കച്ചവടങ്ങൾ നന്നല്ലെന്ന് കരുതി മുസ്ലിംകൾ അതിൽനിന്നും ഒഴിഞ്ഞ് നിന്നിരുന്നതിനെ തിരുത്തിക്കൊണ്ടുള്ളതാണെന്ന് ബുഖാരി (റ)യടക്കം പലരും ഉദ്ധരിക്കുന്നു.

ദുൽഹജ്ജ് 9-ാം ദിവസം ഹാജിമാർ 'അറഫാ'യിൽ സമ്മേളിക്കുന്നു. അറഫായിൽ നിന്ന് വൈകുന്നേരം ഇറങ്ങിപ്പോരുമ്പോൾ രാത്രി 'മുസ്ദലിഫ'യിൽ തങ്ങേണ്ടതുണ്ട്. മുസ്ദലിഫയെ അല്ലെങ്കിൽ അവിടെയുള്ള 'ഖുസഹ്' എന്ന കുന്നിനെ ഉദ്ദേശിച്ചാണ് 'മശഅറുൽ ഹറാം' എന്ന് പറയുന്നത്. അവിടെ വച്ച് മഗ്‌രിബും ഇശായും ജംആക്കി നമസ്കരിക്കുകയും ദിക്ർ, ദുആ, തൽബിയ്യത്ത് എന്നിവയൊക്കെ വർദ്ധിപ്പിക്കേണ്ടതു

മാകുന്നു. സന്മാർഗ്ഗദർശനം നല്കി അനുഗ്രഹിച്ച അല്ലാഹുവിനെ അതിന് നന്ദിയായി ധാരാളം സ്മരിക്കുകയും ചെയ്യുക.

"മനുഷ്യന്മാർ ഒഴുകിപ്പോരുന്നേടത്ത് നിന്ന് തന്നെ നിങ്ങൾ ഒഴുകിപ്പോരുവിൻ" എന്ന വചനത്തിലൂടെ അല്ലാഹു, ഖുറൈശികളിലൊരു വിഭാഗം "ഞങ്ങൾ യോഗ്യന്മാരും ധീരന്മാരുമാണെന്ന" സ്വയം വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അറഫയിൽ പോകാതെ മുസ്ദലിഫയിൽ സമ്മേളിച്ച് അവിടെ നിന്നും തിരിച്ച് പോരുകയും ചെയ്തിരുന്ന സമ്പ്രദായത്തെ വിരോധിക്കുകയാണ് ചെയ്യുന്നത്. എല്ലാവരും അറഫയിൽപോയി അവിടെനിന്ന് തന്നെ മടങ്ങണമെന്ന് അല്ലാഹു കല്പിച്ചിരിക്കുകയാണ്.

അവസാനം അല്ലാഹുവിനോട് പാപമോചനം തേടുവാൻ ഉപദേശിക്കുകയും അവൻ വളരെ പൊറുക്കുന്നവനും കരുണാനിധിയുമാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് അതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു (നമസ്കാരത്തിന് ശേഷവും നോമ്പിന് ശേഷവും ഇപ്രകാരം ചെയ്യുവാൻ കൽപിക്കപ്പെട്ടിരിക്കുന്നു.)

**വചനം 200,201,202**

فَإِذَا قَضَيْتُم مَّنَٰسِكَكُمْ فَٱذْكُرُوا۟ ٱللَّهَ كَذِكْرِكُمْ ءَابَآءَكُمْ أَوْ أَشَدَّ ذِكْرًا ۗ فَمِنَ ٱلنَّاسِ مَن يَقُولُ رَبَّنَآ ءَاتِنَا فِى ٱلدُّنْيَا وَمَا لَهُۥ فِى ٱلْءَاخِرَةِ مِنْ خَلَٰقٍ ﴿٢٠٠﴾

200)അങ്ങനെ, നിങ്ങൾ നിങ്ങളുടെ (ഹജ്ജ് സംബന്ധമായ) ആരാധനാകർമ്മങ്ങൾ നിർവഹിച്ചുകഴിഞ്ഞാൽ, നിങ്ങൾ നിങ്ങളുടെ പിതാക്കളെ സ്മരിക്കുന്നതുപോലെ- അഥവാ അതിനെക്കാൾ ശക്തമായ സ്മരണ- അല്ലാഹുവിനെ സ്മരിച്ചുകൊള്ളുവിൻ. എന്നാൽ, മനുഷ്യരിലുണ്ട് ചിലർ- അവർ പറയും: ഞങ്ങളുടെ റബ്ബേ, നീ ഞങ്ങൾക്ക് ഇഹലോകത്തിൽ നല്കേണമേ. പരലോകത്തിൽ അവർക്ക് യാതൊരു ഓഹരിയുമില്ല.

وَمِنْهُم مَّن يَقُولُ رَبَّنَآ ءَاتِنَا فِى ٱلدُّنْيَا حَسَنَةً وَفِى ٱلْءَاخِرَةِ حَسَنَةً وَقِنَا عَذَابَ ٱلنَّارِ ﴿٢٠١﴾

201)അവരിലുണ്ട് ചിലർ. അവർ പറയും: ഞങ്ങളുടെ റബ്ബേ, നീ ഞങ്ങൾക്ക് ഇഹലോകത്തിൽ നന്മനല്കേണമേ. പരലോകത്തിലും നന്മ (നല്കേണമേ). ഞങ്ങളെ നരകശിക്ഷയിൽ നിന്ന് കാത്തുതരുകയും ചെയ്യേണമേ.

أُو۟لَٰٓئِكَ لَهُمْ نَصِيبٌ مِّمَّا كَسَبُوا۟ ۚ وَٱللَّهُ سَرِيعُ ٱلْحِسَابِ ﴿٢٠٢﴾

202)അക്കൂട്ടർക്ക് അവർ സമ്പാദിച്ചതു നിമിത്തം ഒരു (വമ്പിച്ച) വിഹിതമുണ്ടായിരിക്കും. അല്ലാഹുവാകട്ടെ, വിചാരണ വേഗം നടത്തുന്നവനാകുന്നു.

ഹജ്ജ് കർമ്മങ്ങൾ നിർവ്വഹിച്ച് കഴിഞ്ഞാൽ കീർത്തനം, ധ്യാനം, പ്രാർത്ഥന മുതലായവ നടത്തിക്കൊണ്ട് അല്ലാഹുവിന്റെ സ്മരണ പുതുക്കിക്കൊണ്ടിരിക്കാൻ വീണ്ടും അല്ലാഹു കല്പിക്കുകയാണ്. പഴയകാല അറബികൾ ഹജ്ജ് കഴിഞ്ഞാൽ തങ്ങളുടെ പൂർവ്വികരുടെ യോഗ്യതകളും മറ്റും എണ്ണിപ്പറഞ്ഞും പാടിപ്പുകഴ്ത്തിയും കൊണ്ടിരിക്കുക പതിവായിരുന്നു. അല്ലാഹു അതിനെ വിരോധിക്കുകയും അതിന്റെ സ്ഥാനത്ത് അതിലുപരി ശക്തമായി നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുക, എന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

തുടർന്ന്, അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നത് എങ്ങനെയാകണം, എങ്ങനെ ആകരുത് എന്ന് അല്ലാഹു പറയുന്നു.

ഭൗതിക ചിന്ത മാത്രമുള്ള ചില മനുഷ്യർ "റബ്ബെ ഞങ്ങൾക്ക് ഇഹത്തിൽ ഇന്നിന്ന കാര്യങ്ങൾ നൽകേണമെ" എന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കും അവർക്ക് ഐഹികാവശ്യങ്ങൾ അല്ലാഹു ഉദ്ദേശിച്ച അളവിൽ നൽകിക്കൊണ്ടിരിക്കും. എന്നാൽ അവർക്ക് പരലോകത്ത് ഒന്നും ലഭിക്കാനുണ്ടാവുകയില്ല.

എന്നാൽ വേറൊരു വിഭാഗം ആളുകൾ "ഇഹത്തിലും പരത്തിലും ഞങ്ങൾക്ക് നന്മനൽകേണമേ, നരകശിക്ഷയിൽ നിന്നും ഞങ്ങളെ കാക്കണേ" എന്നായിരിക്കും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ളവർക്ക് ഇഹത്തിൽ വച്ച് അല്ലാഹു ഉദ്ദേശിച്ച കാര്യങ്ങൾ നൽകും. പരലോകത്തിലാകട്ടെ അവരുടെ പ്രാർത്ഥനകളും കർമ്മങ്ങളുമായി അവർ ഇഹത്തിൽ വച്ച് സമ്പാദിച്ച് വെച്ച നേട്ടങ്ങൾക്കനുസരിച്ച് അതിമഹത്തായ

പദവി ലഭിക്കുകയും ചെയ്യും. ഈ പ്രാർത്ഥന നബി (സ) സാധാരണ പ്രാർത്ഥിക്കാറുണ്ടായിരുന്നതും, ഹജ്ജ് കർമ്മങ്ങളിലും മറ്റും ഈ പ്രാർത്ഥനക്ക് വലിയ സ്ഥാനം നല്കപ്പെട്ടിരിക്കുന്നതും പ്രസ്താവ്യമാകുന്നു.

തുടർന്ന് അല്ലാഹു എല്ലാവരുടെയും വിചാരണ അതിവേഗം നടത്തുന്നവനാണെന്ന് ഉണർത്തുകയും ചെയ്യുന്നു.

**വചനം 203**

۞ وَٱذْكُرُوا۟ ٱللَّهَ فِىٓ أَيَّامٍ مَّعْدُودَٰتٍ ۚ فَمَن تَعَجَّلَ فِى يَوْمَيْنِ فَلَآ إِثْمَ عَلَيْهِ وَمَن تَأَخَّرَ فَلَآ إِثْمَ عَلَيْهِ ۚ لِمَنِ ٱتَّقَىٰ ۗ وَٱتَّقُوا۟ ٱللَّهَ وَٱعْلَمُوٓا۟ أَنَّكُمْ إِلَيْهِ تُحْشَرُونَ ﴿٢٠٣﴾

203)എണ്ണപ്പെട്ട (അല്പം) ചില ദിവസങ്ങളിലും നിങ്ങൾ അല്ലാഹുവിനെ സ്മരിച്ചുകൊള്ളുവിൻ. എന്നാൽ, ആരെങ്കിലും രണ്ടു ദിവസംകൊണ്ട് ധൃതിപ്പെട്ടുപോരുന്ന പക്ഷം, അവന്റെ മേൽ കുറ്റമില്ല. ആരെങ്കിലും പിന്തിനിന്നാൽ അവന്റെ മേലും കുറ്റമില്ല. (അതെ), സൂക്ഷ്മത പാലിക്കുന്നവർക്ക്. (അവർക്കാണ് ഇപ്പറഞ്ഞത്). നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും നിങ്ങൾ അവങ്കലേക്ക് ഒരുമിച്ചുകൂട്ടപ്പെടുമെന്ന് അറിഞ്ഞുകൊള്ളുകയും ചെയ്യുവിൻ.

'എണ്ണപ്പെട്ട ദിവസങ്ങൾ'കൊണ്ട് ഇവിടെ ഉദ്ദേശം "അയ്യാമുത്തശ്‌രീഖ്" എന്ന് അറിയപ്പെടുന്ന ദുൽഹജ്ജ് 11, 12, 13 തീയതികളാകുന്നു. ഈ ദിവസങ്ങളിൽ, നമസ്കാരങ്ങൾക്ക് ശേഷവും 'ജംറ' കളിൽ കല്ലെറിയുമ്പോഴും, ബലിമൃഗങ്ങളെ അറുക്കുമ്പോഴും മറ്റും തക്ബീർ ചൊല്ലുന്നത് സുന്നത്താക്കപ്പെട്ടിരിക്കുന്നു.

'ജംറ'കളിലെ കല്ലേറു രണ്ടുദിവസംകൊണ്ട് പൂർത്തിയാക്കി രണ്ടാംദിവസം അവിടം വിട്ട് പോരുന്നതിനും, മൂന്ന് ദിവസം നിന്ന്, മൂന്നാം ദിവസം പോരുന്നതിനും, വിരോധമില്ലെന്ന് അല്ലാഹു അറിയിക്കുന്നു. രണ്ടോ മൂന്നോ ദിവസമെന്നതിനേക്കാൾ, പ്രാധാന്യം കല്പിക്കേണ്ടത് സൂക്ഷ്മതക്കാകുന്നു. എല്ലാവരും അല്ലാഹുവിലേക്ക് തിരിച്ച് ചെല്ലേണ്ടവരാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് അല്ലാഹുവിനെ സൂക്ഷിക്കുവാൻ ഒരിക്കൽകൂടെ അവൻ ഉണർത്തുന്നു.

**വചനം 204,205,206,207**

وَمِنَ ٱلنَّاسِ مَن يُعْجِبُكَ قَوْلُهُۥ فِى ٱلْحَيَوٰةِ ٱلدُّنْيَا وَيُشْهِدُ ٱللَّهَ عَلَىٰ مَا فِى قَلْبِهِۦ وَهُوَ أَلَدُّ ٱلْخِصَامِ ﴿٢٠٤﴾

204)മനുഷ്യരിലുണ്ട് (ഇങ്ങിനെ) ചിലരും: ഐഹിക ജീവിത(വിഷയ)ത്തിൽ അവന്റെ വാക്ക്(സംസാരം) നിന്നെ അത്ഭുതപ്പെടുത്തും; അവന്റെ ഹൃദയത്തിലുള്ളതിനെ(ആത്മാർഥതയെ)പ്പറ്റി അവൻ അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തുകയും ചെയ്യും. അവനാകട്ടെ, (വാസ്തവത്തിൽ) കുതർക്കിയായ വഴക്കുകാരനും (അഥവാ കടുത്തവൈരാഗ്യമുള്ളവനും) ആയിരിക്കും.

وَإِذَا تَوَلَّىٰ سَعَىٰ فِى ٱلْأَرْضِ لِيُفْسِدَ فِيهَا وَيُهْلِكَ ٱلْحَرْثَ وَٱلنَّسْلَ ۗ وَٱللَّهُ لَا يُحِبُّ ٱلْفَسَادَ ﴿٢٠٥﴾

205)അവൻ തിരിഞ്ഞുപോയാലാകട്ടെ, അവൻ ഭൂമിയിൽ പരിശ്രമം നടത്തുകയായി, അതിൽ നാശം(കുഴപ്പം) ഉണ്ടാക്കുവാനും, വിളയും സന്തതിയും നാശപ്പെടുത്തുവാനും! അല്ലാഹുവാകട്ടെ, നാശ(കുഴപ്പ)ത്തെ ഇഷ്ടപ്പെടുന്നില്ലതാനും.

وَإِذَا قِيلَ لَهُ ٱتَّقِ ٱللَّهَ أَخَذَتْهُ ٱلْعِزَّةُ بِٱلْإِثْمِ ۚ فَحَسْبُهُۥ جَهَنَّمُ ۚ وَلَبِئْسَ ٱلْمِهَادُ ﴿٢٠٦﴾

206)അവനോട്: "നീ അല്ലാഹുവിനെ സൂക്ഷിക്കുക" എന്ന് പറയപ്പെട്ടാലാകട്ടെ, പ്രതാപം (അഥവാ രോഷം) അവനെ കുറ്റ(കൃത്യ)ത്തിനു പ്രേരിപ്പിക്കുകയായി. എന്നാൽ, അവന്നു 'ജഹന്നം' (നരകം) മതി! അത് എത്രയോ മോശപ്പെട്ട വിതാനം തന്നെ!

207)മനുഷ്യരിലുണ്ടു(വേറെ) ചിലരും; അല്ലാഹുവിന്റെ പ്രീതിയെ തേടിക്കൊണ്ട് തന്റെ സ്വന്തത്തെ (ആത്മാവിനെ) അവൻ വിൽക്കുന്നതാണ്. അല്ലാഹു അടിയാന്മാരോട് വളരെ കൃപയുള്ളവനുമാകുന്നു.

وَمِنَ ٱلنَّاسِ مَن يَشۡرِى نَفۡسَهُ ٱبۡتِغَآءَ مَرۡضَاتِ ٱللَّهِۗ وَٱللَّهُ رَءُوفُۢ بِٱلۡعِبَادِ ٢٠٧

മറ്റൊരു തരത്തിലുള്ള രണ്ടു വിഭാഗം ആൾക്കാരെ പറ്റിയാണ് ഈ വചനങ്ങൾ. അതിൽ ഒരു വിഭാഗക്കാരുടെ സംസാരം ആരെയും അത്ഭുതപ്പെടുത്തുംവിധം ആകർഷകമായിരിക്കും. തങ്ങളുടെ ആത്മാർത്ഥത സ്ഥാപിക്കാൻ വേണ്ടി ഇടക്കിടെ അല്ലാഹുവിന്റെ നാമം സാക്ഷ്യപ്പെടുത്തിക്കൊണ്ടിരിക്കും. എന്നാൽ വാസ്തവത്തിൽ അവർ കുതർക്കികളും വഴക്കാളികളുമായിരിക്കും. നാട്ടിൽ കുഴപ്പങ്ങളുണ്ടാക്കുകയും അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. ഇതൊക്കെ കണ്ട് നീ അല്ലാഹുവിനെ സൂക്ഷിക്കണം എന്ന് അവനോട് പറഞ്ഞാൽ രോഷവും അഹങ്കാരവും അവനെ പിടികൂടുകയും അവൻ കൂടുതൽ ധിക്കാരത്തിലും തോന്നിയവാസത്തിലും ഏർപ്പെടുകയും ചെയ്യും. ഇത്തരക്കാർക്ക് അല്ലാഹു എത്രയും മോശമായൊരു വിതാനം ഒരുക്കി വച്ചിരിക്കുന്നു -(നരകം)- കപടവിശ്വാസികളിലും, സത്യവിശ്വാസികളിലുംപെട്ട ഇത്തരം സ്വഭാവക്കാരെപ്പറ്റിയാണ് ഈ വിവരണമെന്നാണ് പണ്ഡിതാഭിപ്രായം. ഇത്തരക്കാർ, റസൂലിന്റെ കാലത്തുള്ളതുപോലെ ഇക്കാലത്തും സുലഭമാണല്ലോ-പ്രത്യേകിച്ചും, അധികാരവും, സ്വാധീനവും കിട്ടിയാൽ അക്കൂട്ടർ ചെയ്തുകൂട്ടുന്ന ചെയ്തികളെപ്പറ്റി, നാം കണ്ടും അനുഭവിച്ചും കൊണ്ടിരിക്കുകയുമാണല്ലോ.

രണ്ടാമതൊരു വിഭാഗക്കാരെക്കുറിച്ച് അല്ലാഹു അധികം വിശദീകരിച്ചിട്ടില്ലെങ്കിലും വിശദീകരണം കൂടാതെ തന്നെ, അവരെപ്പറ്റി മനസ്സിലാക്കാവുന്നതാണ്. അല്ലാഹുവിന്റെ പ്രീതിയും പൊരുത്തവും ലഭിക്കാനായി എന്ത് ത്യാഗവും സഹിക്കാൻ അവർ തയ്യാറായിരിക്കും. ധനം പ്രതാപം മുതലായവ മാത്രമല്ല, സ്വന്തം ആത്മാവിനെപ്പോലും ബലി കഴിക്കാൻ അവർ ഒരുക്കമായിരിക്കും. ഹിജ്റക്ക് ഒരുങ്ങിപ്പുറപ്പെട്ട സുഹൈബു(റ) ഖുറൈശികളുടെ ശാഠ്യത്തിന് വഴങ്ങി തന്റെ സ്വത്തുകളെല്ലാം മക്കയിൽ ഉപേക്ഷിച്ച് മദീനയിലേക്കു യാത്രയായ സംഭവത്തിന്റെ കാര്യത്തിലാണ് ഈ വചനം അവതരിച്ചതെന്ന് ചിലർ പ്രസ്താവിച്ചിരിക്കുന്നു. ഏതായാലും അതിലെ ഉള്ളടക്കം പൊതുവെ എല്ലാവർക്കും ബാധകമത്രെ.

ഈ വിഭാഗക്കാർക്ക് അല്ലാഹു നല്കുന്ന വാഗ്ദാനം "അല്ലാഹു അടിയാന്മാരെപ്പറ്റി കൃപയുള്ളവനാണ്" എന്നത്രേ.

**വചനം 208,209**

208. ഹേ, വിശ്വസിച്ചവരെ, നിങ്ങൾ മുഴുവനുമായി സമാധാനത്തിൽ (ഇസ്‌ലാമിൽ) പ്രവേശിക്കുവീൻ.നിങ്ങൾ പിശാചിന്റെ കാലടികളെ പിൻപറ്റുകയും ചെയ്യരുത്. നിശ്ചയമായും, അവൻ നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാകുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱدۡخُلُواْ فِي ٱلسِّلۡمِ كَآفَّةٗ وَلَا تَتَّبِعُواْ خُطُوَٰتِ ٱلشَّيۡطَٰنِۚ إِنَّهُۥ لَكُمۡ عَدُوّٞ مُّبِينٞ ٢٠٨

209. എന്നാൽ, നിങ്ങൾക്ക് വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിനുശേഷം(പിന്നെയും) നിങ്ങൾ വഴുതിപ്പോകുകയാണെങ്കിൽ, നിങ്ങൾ അറിഞ്ഞുകൊള്ളണം, അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാണെന്ന്!

فَإِن زَلَلۡتُم مِّنۢ بَعۡدِ مَا جَآءَتۡكُمُ ٱلۡبَيِّنَٰتُ فَٱعۡلَمُوٓاْ أَنَّ ٱللَّهَ عَزِيزٌ حَكِيمٌ ٢٠٩

മതത്തിന്റെ ഏതാനും വശങ്ങളിൽ ഇസ്‌ലാമിക നിയമങ്ങൾ അനുഷ്ഠിക്കുകയും, സ്വാർത്ഥ താല്പര്യങ്ങളെയും ഭൗതിക നേട്ടങ്ങളെയും മുൻനിർത്തി മറ്റു വശങ്ങളിൽ ഇസ്‌ലാമിക നിയമങ്ങളും തത്വങ്ങളും അവഗണിക്കുകയും ചെയ്യുന്നവർക്കെല്ലാം ബാധകമാണീ വചനം.

(നിങ്ങൾ മുഴുവനുമായി ഇസ്‌ലാമിൽ പ്രവേശിക്കുവിൻ) എന്ന വചനം മേൽപ്രകാരം ചെയ്യുന്നവർ സത്യവിശ്വാസികളുടെ പരമ ശത്രുവായ പിശാചിന്റെ കാലടികളെ പിൻപറ്റുന്നവർ ആണെന്ന് താക്കീത് നല്കുകയും ചെയ്യുന്നു. സത്യം ഇന്നതാണ്, ഇസ്‌ലാമിക നടപടി ഇന്നതാണ് എന്നൊക്കെ വ്യക്തമായ അറിവ് കിട്ടിയിട്ടും, പിന്നെയും നേർമാർഗ്ഗം വിട്ടു വഴുതിപ്പോകുന്നവർക്ക് തക്കതായ ശിക്ഷയെപ്പറ്റി അല്ലാഹു താക്കീത് നല്കുന്നു.

**വചനം 210**

210)അവർ നോക്കി(കാത്തു)ക്കൊണ്ടിരിക്കുന്നുവോ? അവരുടെ അടുക്കൽ മേഘത്തണലുകളിലായി അല്ലാഹുവും, മലക്കുകളും വരുന്നതിനെയല്ലാതെ! കാര്യം തീരുമാനം ചെയ്യപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിങ്കലേക്കത്രെ കാര്യങ്ങൾ മടക്കപ്പെടുന്നത്.

هَلۡ يَنظُرُونَ إِلَّآ أَن يَأۡتِيَهُمُ ٱللَّهُ فِي ظُلَلٖ مِّنَ ٱلۡغَمَامِ وَٱلۡمَلَٰٓئِكَةُ وَقُضِيَ ٱلۡأَمۡرُۚ وَإِلَى ٱللَّهِ تُرۡجَعُ ٱلۡأُمُورُ ٢١٠

"അല്ലാഹുവും മലക്കുകളും മേഘത്തണലുകളിലായി വരുക" എന്നതുകൊണ്ടു ഖിയാമത്ത് നാളിൽ അല്ലാഹു സൃഷ്ടികളുടെ വിചാരണക്ക് വരുന്ന സന്ദർഭത്തെയാണ് സൂചിപ്പിക്കുന്നത് എന്നാണ് ഹദീസുകളിൽ നിന്നും മനസ്സിലാകുന്നത്. 'മേഘത്തണൽ' എന്നതുകൊണ്ടെന്താണുദ്ദേശമെന്ന് അറിയിക്കപ്പെട്ടിട്ടില്ല. അല്ലാഹുവിനറിയാം.

ഈ വചനത്തിലൂടെ കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട, ഇസ്‌ലാമിൽ പൂർണ്ണമായി പ്രവേശിക്കാതെ പിശാചിന്റെ കാലടികളെ പിൻപറ്റി പിഴച്ച്പോയവരെ, മലക്കുകൾ സഹിതം അല്ലാഹു വന്ന് വിചാരണചെയ്ത് തീരുമാനമെടുക്കുന്ന ആ സന്ദർഭത്തെ അവർ കാത്തിരുന്നുകൊള്ളട്ടെ എന്ന് അല്ലാഹു മുന്നറിയിപ്പ് നല്കുന്നു.

വിശ്വാസത്തിന്റെയും പ്രവർത്തനത്തിന്റെയും കാലം ഇന്നതാണെന്നും, പ്രതിഫലത്തിന്റെ സന്ദർഭം ഇന്നതാണെന്നുമൊക്കെയുള്ള കാര്യം മുമ്പെ തീരുമാനിക്കപ്പെട്ടിരിക്കുന്നുവെന്ന് തുടർന്ന് അല്ലാഹു ഓർമ്മപ്പെടുത്തുന്നു. എല്ലാം വ്യവസ്ഥ ചെയ്തുവെച്ച അല്ലാഹുവിങ്കലേക്ക് തന്നെയാണല്ലോ എല്ലാ കാര്യങ്ങളും മടക്കപ്പെടുന്നതും.

## വിഭാഗം 26

**വചനം 211,212**

211)(നബിയേ), ഇസ്‌റാഈൽ സന്തതികളോട് ചോദി(ച്ചുനോ)ക്കുക: വ്യക്തമായ എത്ര ദൃഷ്ടാന്തമാണ് നാം അവർക്ക് നൽകിയിരിക്കുന്നത്?! ആരെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹം തനിക്ക് വന്നതിനു ശേഷം അതിനെ മാറ്റിമറിക്കുന്ന പക്ഷം, നിശ്ചയമായും അല്ലാഹു കഠിനമായി ശിക്ഷാനടപടി എടുക്കുന്നവനാകുന്നു.

سَلۡ بَنِيٓ إِسۡرَٰٓءِيلَ كَمۡ ءَاتَيۡنَٰهُم مِّنۡ ءَايَةِۭ بَيِّنَةٖۗ وَمَن يُبَدِّلۡ نِعۡمَةَ ٱللَّهِ مِنۢ بَعۡدِ مَا جَآءَتۡهُ فَإِنَّ ٱللَّهَ شَدِيدُ ٱلۡعِقَابِ ٢١١

212)അവിശ്വസിച്ചിട്ടുള്ളവർക്ക് ഐഹികജീവിതം ഭംഗിയാക്കപ്പെട്ടിരിക്കുന്നു. വിശ്വസിച്ചവരെപ്പറ്റി അവർ പരിഹസിക്കുകയും ചെയ്യുന്നതാണ്. സൂക്ഷ്മത പാലിച്ചവരാകട്ടെ, ഖിയാമത്തുനാളിൽ അവരുടെ മീതെയുമായിരിക്കും. അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ നൽകുകയും ചെയ്യും.

زُيِّنَ لِلَّذِينَ كَفَرُواْ ٱلۡحَيَوٰةُ ٱلدُّنۡيَا وَيَسۡخَرُونَ مِنَ ٱلَّذِينَ ءَامَنُواْۘ وَٱلَّذِينَ ٱتَّقَوۡاْ فَوۡقَهُمۡ يَوۡمَ ٱلۡقِيَٰمَةِۗ وَٱللَّهُ يَرۡزُقُ مَن يَشَآءُ بِغَيۡرِ حِسَابٖ ٢١٢

എത്രയോ ദൃഷ്ടാന്തങ്ങളിലൂടെ അല്ലാഹു അനുഗ്രഹിച്ച ഇസ്രാഈല്യർ നന്ദികെട്ടവരായിത്തീർന്നത്പോലെ സത്യവിശ്വാസികൾ ആയിത്തീരരുതെന്ന് അല്ലാഹു മുന്നറിയിപ്പ് നൽകുന്നു. സത്യനിഷേധികളുടെ ഏകലക്ഷ്യം ഭൗതിക സുഖസൗകര്യങ്ങളായിരിക്കും. അതിൽ അവർ വഞ്ചിതരുമായിരിക്കും. സത്യവിശ്വാസികൾ, സുഖസൗകര്യങ്ങളിൽ അവരുടെ താഴെക്കിടയിലായും കൊണ്ടു, സത്യത്തിന്റെ മാർഗ്ഗത്തിൽ പരമാവധി പരിശ്രമിക്കുന്നതിനെ സംബന്ധിച്ച് സത്യനിഷേധികൾ പരിഹസിച്ചുകൊണ്ടിരിക്കും. എന്നാൽ ഖിയാമത്ത് നാളിൽ സത്യവിശ്വാസികൾ, സത്യനിഷേധികളെക്കാൾ ഉന്നതസ്ഥാനത്തായിരിക്കും. അതിനുപുറമെ അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ കണക്കില്ലാതെ ഇഹത്തിലും പരത്തിലും അനുഗ്രഹങ്ങൾ നൽകുകയും ചെയ്യും.

**വചനം 213**

كَانَ ٱلنَّاسُ أُمَّةً وَٰحِدَةً فَبَعَثَ ٱللَّهُ
ٱلنَّبِيِّـۧنَ مُبَشِّرِينَ وَمُنذِرِينَ وَأَنزَلَ
مَعَهُمُ ٱلْكِتَٰبَ بِٱلْحَقِّ لِيَحْكُمَ بَيْنَ
ٱلنَّاسِ فِيمَا ٱخْتَلَفُوا۟ فِيهِ ۚ وَمَا ٱخْتَلَفَ
فِيهِ إِلَّا ٱلَّذِينَ أُوتُوهُ مِنۢ بَعْدِ مَا جَآءَتْهُمُ
ٱلْبَيِّنَٰتُ بَغْيًۢا بَيْنَهُمْ ۖ فَهَدَى ٱللَّهُ
ٱلَّذِينَ ءَامَنُوا۟ لِمَا ٱخْتَلَفُوا۟ فِيهِ مِنَ
ٱلْحَقِّ بِإِذْنِهِۦ ۗ وَٱللَّهُ يَهْدِى مَن يَشَآءُ إِلَىٰ
صِرَٰطٍ مُّسْتَقِيمٍ ﴿٢١٣﴾

213)മനുഷ്യർ ഒരേ സമുദായമായിരുന്നു. അങ്ങനെ, സന്തോഷവാർത്ത അറിയിക്കുന്നവരും, താക്കീത് നൽകുന്നവരുമായി അല്ലാഹു നബിമാരെ നിയോഗി(ച്ചയ)ച്ചു. അവരോടൊപ്പം യഥാർഥവുമായി വേദഗ്രന്ഥവും അവൻ അവതരിപ്പിച്ചു; മനുഷ്യർ യാതൊന്നിൽ ഭിന്നാഭിപ്രായത്തിലായോ അതിൽ അവർക്കിടയിൽ അത് വിധി കൽപിക്കുവാൻവേണ്ടി. അത് നൽകപ്പെട്ടവരല്ലാതെ അതിൽ ഭിന്നാഭിപ്രായത്തിലായില്ലതാനും; (അതെ), അവർക്ക് (വ്യക്തമായ) തെളിവുകൾ വന്നുകിട്ടിയതിനുശേഷം, അവർക്കിടയിലുള്ള സ്പർധ(അഥവാ ധിക്കാരം) നിമിത്തം. അപ്പോൾ, യാതൊന്നിൽ അവർ ഭിന്നാഭിപ്രായത്തിലായോ ആ യഥാർഥത്തിലേക്ക് തന്റെ അനുമതി പ്രകാരം അല്ലാഹു വിശ്വസിച്ചവർക്ക് മാർഗദർശനം നൽകി. അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് (നേരെ) ചൊവ്വായ പാതയിലേക്ക് മാർഗദർശനം നൽകുന്നതാണ്.

ആരംഭകാലത്ത് നേരായ മാർഗ്ഗത്തിലൂടെ ചരിച്ച്കൊണ്ടിരുന്ന മനുഷ്യ സമുദായത്തിൽ ക്രമേണ അഭിപ്രായ ഭിന്നതകളും പിളർപ്പുകളും ഉടലെടുത്തു. അപ്പപ്പോൾ അല്ലാഹു നബിമാരെയും വേദഗ്രന്ഥങ്ങളെയും അയച്ച് ഭിന്നിപ്പുള്ള വിഷയങ്ങളുടെ സത്യാവസ്ഥ മനസ്സിലാക്കിക്കൊടുത്തു. എന്നിട്ടും ചിലർ സ്പർദ്ധ കൈവിടാതെ ഭിന്നിപ്പിൽ തന്നെ ശഠിച്ച് നില്ക്കുകയാണ് ചെയ്തത്. എന്നാൽ സത്യം മനസ്സിലായവർക്ക്, അത്വഴി സന്മാർഗ്ഗം പ്രാപിക്കുവാനുള്ള ഭാഗ്യം അല്ലാഹു നൽകി. അവരെ അവൻ നേർവഴിയിലാക്കിത്തീർത്തു.

**വചനം 214**

أَمْ حَسِبْتُمْ أَن تَدْخُلُوا۟ ٱلْجَنَّةَ وَلَمَّا
يَأْتِكُم مَّثَلُ ٱلَّذِينَ خَلَوْا۟ مِن قَبْلِكُم ۖ
مَّسَّتْهُمُ ٱلْبَأْسَآءُ وَٱلضَّرَّآءُ وَزُلْزِلُوا۟ حَتَّىٰ
يَقُولَ ٱلرَّسُولُ وَٱلَّذِينَ ءَامَنُوا۟ مَعَهُۥ مَتَىٰ
نَصْرُ ٱللَّهِ ۗ أَلَآ إِنَّ نَصْرَ ٱللَّهِ قَرِيبٌ ﴿٢١٤﴾

214. അതല്ല, (ഒരുപക്ഷേ) നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിക്കാമെന്ന് നിങ്ങൾ ഗണിച്ചിരിക്കുന്നുവോ? നിങ്ങളുടെ മുമ്പ് കഴിഞ്ഞുപോയിട്ടുള്ളവരുടെ മാതൃക നിങ്ങൾക്ക് വന്നുകഴിഞ്ഞിട്ടില്ലാതെ! അവർക്ക് വിഷമതയും, കഷ്ടതയും ബാധിക്കുകയുണ്ടായി. മാത്രമല്ല, റസൂലും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും "അല്ലാഹുവിന്റെ സഹായം എപ്പോഴായിരിക്കും" എന്നുപറയു(കപോലും ചെയ്യു)മാറ് അവർ കിടിലംകൊള്ളുകയും ചെയ്തു! അല്ല (അറിഞ്ഞേക്കുക)! നിശ്ചയമായും അല്ലാഹുവിന്റെ സഹായം സമീപത്തുള്ളത്(തന്നെ) ആകുന്നു.

മുൻ പ്രവാചകന്മാരുടെ സമുദായങ്ങളും, രോഗം, യുദ്ധം, ദാരിദ്ര്യം, ക്ഷാമം തുടങ്ങിയവ കൂടാതെ സത്യനിഷേധികളുടെ മർദനങ്ങളും, ആക്രമണങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്. സഹിക്കവയ്യാതെ റസൂലുകളും സത്യവിശ്വാസികളും "എപ്പോഴാണ് ഇനി അല്ലാഹുവിങ്കൽ നിന്നുള്ള സഹായം വന്നെത്തുക" എന്ന് വിലപിച്ചിട്ടുപോലുമുണ്ട്. സത്യത്തിന്റെ മാർഗ്ഗത്തിൽ അങ്ങനെയുള്ള പരീക്ഷണങ്ങൾക്ക് വിധേയരാകാതെ, സത്യവിശ്വാസം സ്വീകരിച്ച് കഴിയുമ്പോഴേക്കും സ്വർഗ്ഗത്തിൽ കടന്ന് കളയാമെന്ന് ആരെങ്കിലും കരുതുന്നുവെ

ങ്കിൽ അത് ശരിയല്ല എന്ന് അല്ലാഹു ഉണർത്തുന്നു. അങ്ങനെയുള്ള പരീക്ഷണ ഘട്ടങ്ങളുടെ പിന്നാലെ തന്നെ അല്ലാഹുവിന്റെ സഹായവും ഉണ്ടായിരിക്കുമെന്നും അല്ലാഹു ആശ്വസിപ്പിക്കുകയും ചെയ്യുന്നു.

ഇതേ ആശയം സൂ: അൻകബൂത്ത് 2, 3 വചനങ്ങളിൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.

**വചനം 215**

215)(നബിയേ), അവർ നിന്നോട് ചോദിക്കുന്നു. എന്താണ് അവർ ചിലവഴിക്കേണ്ടത് എന്ന്. പറയുക: നല്ലതായുള്ളതെന്തു(തന്നെ) നിങ്ങൾ ചെലവഴിക്കുന്നുവോ അത്, മാതാപിതാക്കൾക്കും, അടുത്തബന്ധുക്കൾക്കും, അനാഥകൾക്കും, അഗതികൾക്കും, വഴിപോക്കനുമാണ് (വേണ്ടത്). നിങ്ങൾ നല്ലതായുള്ളതെന്തു ചെയ്താലും നിശ്ചയമായും അല്ലാഹു അതിനെപ്പറ്റി അറിയുന്നവനാകുന്നു.

يَسْـَٔلُونَكَ مَاذَا يُنفِقُونَ ۖ قُلْ مَآ أَنفَقْتُم مِّنْ خَيْرٍ فَلِلْوَٰلِدَيْنِ وَٱلْأَقْرَبِينَ وَٱلْيَتَـٰمَىٰ وَٱلْمَسَـٰكِينِ وَٱبْنِ ٱلسَّبِيلِ ۗ وَمَا تَفْعَلُوا۟ مِنْ خَيْرٍ فَإِنَّ ٱللَّهَ بِهِۦ عَلِيمٌ ﴿٢١٥﴾

ധർമ്മവിഷയങ്ങളിൽ അത് വൻതുകയൊ വിലപിടിച്ചതോ ആയിരിക്കണമെന്നില്ലെന്നും എന്നാൽ അത് നല്ലതായുള്ളതായിരിക്കണമെന്നും മുൻഗണന നൽകേണ്ടത് മാതാപിതാക്കൾ, അടുത്ത കുടുംബാംഗങ്ങൾ, അനാഥകൾ, സാധുക്കൾ, ബുദ്ധിമുട്ടുന്ന വഴിയാത്രക്കാർ എന്നിവർക്കായിരിക്കണമെന്നും അല്ലാഹു ഉദ്ബോധിപ്പിക്കുന്നു. യാതൊരു സദ്പ്രവർത്തിയും വൃഥാവിലായിപ്പോകുകയില്ലെന്നും അവൻ തക്കതായ പ്രതിഫലം നൽകുമെന്നും അറിയിക്കുന്നു.

**വചനം 216**

216 (സത്യവിശ്വാസികളേ) നിങ്ങളുടെ മേൽ യുദ്ധം നിയമിക്കപ്പെട്ടിരിക്കുന്നു. അതാവട്ടെ, നിങ്ങൾക്കു (സ്വതവേ) ഒരു വെറുപ്പു(ള്ളതു) മാകുന്നു. ഒരു കാര്യം നിങ്ങൾക്ക് (വാസ്തവത്തിൽ) ഗുണകരമായിരിക്കെ, നിങ്ങൾക്കതിനോട് വെറുപ്പുണ്ടായേക്കാം; ഒരു കാര്യം നിങ്ങൾക്കു (വാസ്തവത്തിൽ) ദോഷകരമായിരിക്കെ നിങ്ങൾ അതിനെ ഇഷ്ടപ്പെടുകയും ചെയ്തേക്കാം. (യഥാർത്ഥം) അല്ലാഹു അറിയുന്നു; നിങ്ങൾക്ക് അറിയുകയില്ല.

كُتِبَ عَلَيْكُمُ ٱلْقِتَالُ وَهُوَ كُرْهٌ لَّكُمْ ۖ وَعَسَىٰٓ أَن تَكْرَهُوا۟ شَيْـًٔا وَهُوَ خَيْرٌ لَّكُمْ ۖ وَعَسَىٰٓ أَن تُحِبُّوا۟ شَيْـًٔا وَهُوَ شَرٌّ لَّكُمْ ۗ وَٱللَّهُ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ ﴿٢١٦﴾

യുദ്ധം നിർബന്ധമാക്കിക്കൊണ്ടുള്ള വചനമാണിത്. യുദ്ധംമൂലം തൽക്കാലം ഞെരുക്കങ്ങളും ബുദ്ധിമുട്ടുകളുമുണ്ടാകുന്നത്കൊണ്ട് നിങ്ങൾക്ക് വെറുപ്പുണ്ടാകാമെങ്കിലും ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും രക്ഷക്ക് അതാവശ്യമാണെന്നും അല്ലാഹു നിർദ്ദേശിക്കുന്നു. ചില കാര്യങ്ങൾ പ്രത്യക്ഷത്തിൽ അനിഷ്ടകരമായിരിക്കുമെങ്കിലും അത് ഗുണകരമായിത്തീർന്നേക്കാം; അത്പോലെതന്നെ വളരെ ഇഷ്ടകരമായ ചില കാര്യങ്ങൾ അനുഭവത്തിൽ ദോഷകരമായി ഭവിച്ചേക്കാം. അതേക്കുറിച്ചെല്ലാം അല്ലാഹുവിന് മാത്രമെ അറിയുകയുള്ളൂ. അല്ലാഹുവിന്റെ വിധിന്യായങ്ങൾ നിങ്ങളുടെ യഥാർത്ഥ നന്മയും ഭാവിഗുണവും കണക്കിലെടുത്തുകൊണ്ടായിരിക്കും. ആയത് പൂർണ്ണമനസ്സോടെ സ്വീകരിക്കുക – ഇത് സത്യവിശ്വാസികൾക്ക് അത്യന്തം മനസ്സമാധാനം നല്കുന്നതാണെന്ന് പറയേണ്ടതില്ലല്ലോ.

(യുദ്ധം ഏതവസരത്തിലാണ്, ആരോടാണ് നടത്തേണ്ടതെന്നതിനെപ്പറ്റി വചനം 190–193ൽ വിവരിച്ചിട്ടുണ്ട്.

**വിഭാഗം 27**

**വചനം 211,212**

217)(നബിയേ), നിന്നോട് അവർ 'ഹറാമാ'യ (പവിത്രമായ) മാസത്തെ–അതായത്, അതിൽ യുദ്ധം ചെയ്യുന്നതിനെ–പ്പറ്റി ചോദിക്കുന്നു. പറയുക: അതിൽ

يَسْـَٔلُونَكَ عَنِ ٱلشَّهْرِ ٱلْحَرَامِ قِتَالٍ فِيهِ ۖ قُلْ قِتَالٌ فِيهِ كَبِيرٌ ۖ وَصَدٌّ عَن سَبِيلِ ٱللَّهِ

وَكُفْرٌۢ بِهِۦ وَٱلْمَسْجِدِ ٱلْحَرَامِ
وَإِخْرَاجُ أَهْلِهِۦ مِنْهُ أَكْبَرُ عِندَ ٱللَّهِ ۚ
وَٱلْفِتْنَةُ أَكْبَرُ مِنَ ٱلْقَتْلِ ۗ وَلَا يَزَالُونَ
يُقَٰتِلُونَكُمْ حَتَّىٰ يَرُدُّوكُمْ عَن دِينِكُمْ
إِنِ ٱسْتَطَٰعُوا۟ ۚ وَمَن يَرْتَدِدْ مِنكُمْ عَن
دِينِهِۦ فَيَمُتْ وَهُوَ كَافِرٌ فَأُو۟لَٰٓئِكَ
حَبِطَتْ أَعْمَٰلُهُمْ فِى ٱلدُّنْيَا وَٱلْءَاخِرَةِ ۖ
وَأُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ ۖ هُمْ فِيهَا
خَٰلِدُونَ ﴿٢١٧﴾

യുദ്ധം ചെയ്യൽ ഒരു വലിയ കാര്യം(തന്നെ) ആകുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ജനങ്ങളെ) തടയലും, അവനിൽ അവിശ്വസിക്കലും, 'മസ്ജിദുൽ ഹറാമി'ൽ നിന്നും (ജനങ്ങളെ തടയലും), അതിന്റെ ആൾക്കാരെ (അവിടത്തുകാരെ) അവിടെ നിന്ന് പുറത്താക്കലും അല്ലാഹുവിന്റെ അടുക്കൽ (അതിനെക്കാൾ) കൂടുതൽ വലിയതാകുന്നു. 'ഫിത്ന' (കുഴപ്പം) കൊലയേക്കാൾ വലിയതുമാകുന്നു. അവർക്ക് സാധ്യമായെങ്കിൽ, നിങ്ങളെ നിങ്ങളുടെ മതത്തിൽ നിന്ന് വിട്ടു മടക്കിക്കളയുന്നതുവരേക്കും അവർ നിങ്ങളോട് യുദ്ധം നടത്തിക്കൊണ്ടേയിരിക്കുന്നതാണ്. നിങ്ങളിൽ നിന്ന് ആരെങ്കിലും തന്റെ മതത്തെവിട്ട് പിൻതിരിയുകയും, അങ്ങനെ, അവൻ അവിശ്വാസിയായിക്കൊണ്ട് മരണപ്പെടുകയും ചെയ്യുന്ന പക്ഷം, അപ്പോൾ അക്കൂട്ടർ, ഇഹത്തിലും പരത്തിലും അവരുടെ പ്രവർത്തനങ്ങൾ നിഷ്ഫലമായി. അക്കൂട്ടർ, നരകത്തിന്റെ ആൾക്കാരുമാകുന്നു. അവർ അതിൽ നിത്യവാസികളായിരിക്കും.

إِنَّ ٱلَّذِينَ ءَامَنُوا۟ وَٱلَّذِينَ هَاجَرُوا۟
وَجَٰهَدُوا۟ فِى سَبِيلِ ٱللَّهِ أُو۟لَٰٓئِكَ يَرْجُونَ
رَحْمَتَ ٱللَّهِ ۚ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٢١٨﴾

218)നിശ്ചയമായും, വിശ്വസിച്ചവരും, ഹിജ്റ(സ്വദേശം വിട്ട്) പോകുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുകയും ചെയ്തവരും, (അതെ), അക്കൂട്ടർ, അല്ലാഹുവിന്റെ കാരുണ്യം പ്രതീക്ഷിക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവാകട്ടെ, വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

ഹിജ്റ രണ്ടാം കൊല്ലത്തിൽ, റജബ് മാസത്തിൽ അബ്ദുള്ളാഹിബ്നു ജഹ്ശ് (റ)ന്റെ നേതൃത്വത്തിൽ ഒരു ചെറിയ സൈന്യസംഘത്തെ നബി(സ) അയക്കുകയുണ്ടായി. മക്കയുടെയും ത്വാഇഫിന്റെയും ഇടയിലുള്ള നഖ്ല എന്ന സ്ഥലത്ത് പതിയിരുന്ന ഖുറൈശികളുടെ നീക്കങ്ങൾ മനസ്സിലാക്കാനായിരുന്നു നിർദ്ദേശിക്കപ്പെട്ടിരുന്നത്. എന്നാൽ അവിടെയെത്തിയ ഒരു ഖുറൈശി കച്ചവടസംഘവുമായി അവർ ഏറ്റുമുട്ടാനിടയാകുകയും അവരുടെ നേതാവായ ഇബ്നുൽ ഹള്റമി കൊല്ലപ്പെടുകയും രണ്ട് സംഘാംഗങ്ങളെ അവർ ബന്ധനസ്ഥരാക്കുകയും, കിട്ടിയ ഗനീമത്തുമായി അവർ നബി (സ)യുടെ അടുക്കൽ തിരിച്ചെത്തുകയും ചെയ്തു. മദീനയിലെ ശത്രുക്കൾ ഈ അവസരം ഉപയോഗപ്പെടുത്തി, യുദ്ധം നിഷിദ്ധമായ റജബു മാസത്തിൽ മുഹമ്മദും കൂട്ടരും യുദ്ധം നടത്തിയെന്നാക്ഷേപിച്ച് പരിഹസിക്കാൻ തുടങ്ങി. "ഞാൻ നിങ്ങളോടു ഈ സമയത്ത് യുദ്ധം ചെയ്യാൻ കല്പിച്ചിട്ടില്ലല്ലോ" എന്ന് നബി(സ)യും പറഞ്ഞു. മുസ്ലിംകളും അവരോടു പ്രതിഷേധം അറിയിച്ചു. അബ്ദുല്ലാഹിബ്നു ജഹ്ശ്(റ)ഉം കൂട്ടരും വളരെ ഖേദത്തിലായി. ഇതിനെത്തുടർന്നാണ് ഈ വചനം അവതരിച്ചത്.

യുദ്ധം ഹറാമായ മാസത്തിൽ യുദ്ധം ചെയ്യുന്നത് വലിയ തെറ്റ് തന്നെ. എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് ജനങ്ങളെ തടയുന്നതും, അവനിൽ അവിശ്വസിക്കുന്നതും മസ്ജിദുൽ ഹറാമിൽ നിന്ന് ജനങ്ങളെ തടയുന്നതും അതിനെക്കാൾ വലിയ തെറ്റാകുന്നു. കൂടുതൽ വലിയ തെറ്റിനെ ഇല്ലാതാക്കാൻ ചെറിയ തെറ്റു സ്വീകരിക്കാമെന്നത് കേവലം ന്യായവും പ്രായോഗികവുമാകുന്നു. കൂടാതെ മുസ്ലിംകൾക്കെതിരിൽ മുശ്രിക്കുകൾ നടത്തിക്കൊണ്ടിരിക്കുന്ന ഫിത്നയുടെ ഗൗരവം വളരെ വമ്പിച്ചതാണെന്നിരിക്കെ, അവരിൽ ചിലരെ കൊലപ്പെടുത്തിയത് കേവലം നിസ്സാരമായി ഗണിക്കാവുന്നതേയുള്ളൂ. (ഫിത്ത്നയെപ്പറ്റി 191-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ പ്രസ്താവിച്ചത് ശ്രദ്ധിക്കുക)

സത്യവിശ്വാസം സ്വീകരിച്ച ഒരു മുസ്ലിം ഇസ്ലാമിൽ നിന്ന് പിന്തിരിഞ്ഞുപോകുന്ന പക്ഷം, അവൻ ചെയ്ത യാതൊരു സൽക്കർമ്മവും (ഇസ്ലാമിലായിരുന്നപ്പോൾ ചെയ്തത് പോലും) അല്ലാഹുവിങ്കൽ സ്വീകാ

ര്യമായിരിക്കുകയില്ല. അവനാ നിലയിൽ മരണപ്പെട്ടാൽ കാലാകാല നരക ശിക്ഷയായിരിക്കും അവനുള്ള പ്രതിഫലം.

അബ്ദുല്ലാഹ്ബ്നു ജഹ്ശും(റ) കൂട്ടരും ചെയ്തു പോയത് തെറ്റാണെങ്കിലും സത്യവിശ്വാസം സ്വീകരിക്കുകയും, ഹിജ്റ പോകുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുകയും ചെയ്ത അവരുടെ ഉദ്ദേശ്യവും ലക്ഷ്യവും നല്ലതായിരുന്നതിനാൽ അല്ലാഹു അവർക്ക് പൊറുത്തുകൊടുത്തിരിക്കുന്നുവെന്നും 218-ാം വചനത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

'ജിഹാദ്' എന്ന പദത്തിനു "കഴിവതും പരിശ്രമിക്കുക, അത്യദ്ധ്വാനം ചെയ്യുക, കിണഞ്ഞു ശ്രമിക്കുക എന്നൊക്കെയാകുന്നു അർത്ഥം. ശത്രുവെ ചെറുക്കുന്നതിൽ മുഴുവൻ കഴിവും വിനിയോഗിക്കുകയെന്നതാണ് ജിഹാദ്. ജിഹാദ് മൂന്നു തരത്തിലുണ്ട്- പ്രത്യക്ഷ ശത്രുവിനോടുള്ളത്. പിശാചിനോടുള്ളത്, സ്വന്തം ദേഹേഛയോടുള്ളത്. അല്ലാതെ ജിഹാദ് എന്നതു യുദ്ധത്തിന്റെ ഒരു പര്യായപദമല്ല. 'മേൽപറഞ്ഞ ശത്രുക്കളോട് സമരം ചെയ്യുക' എന്ന അർത്ഥത്തിലാണ് അത് ഉപയോഗിക്കപ്പെടുന്നത്. അന്ധവിശ്വാസം, അനാചാരം തുടങ്ങിയ പൈശാചിക ശത്രുക്കളോട് സമരം നടത്തുന്നവരെ മുജാഹിദുകൾ എന്ന് പറയപ്പെടുന്നത്, അവയ്ക്കെതിരെ ജിഹാദ് നടത്തുന്നവർ എന്ന അർത്ഥത്തിലാകുന്നു.

---

**വചനം 219,220**

219)കള്ളിനെയും, 'മൈസിറി'നെ (ചൂതാട്ടത്തെ)യും കുറിച്ച് അവർ നിന്നോട് ചോദിക്കുന്നു. പറയുക: "ആ രണ്ടിലും വലിയ കുറ്റ(ദോഷ)വും, മനുഷ്യർക്ക് ചില പ്രയോജനങ്ങളുമുണ്ട്. അവയുടെ കുറ്റ(ദോഷ)മാക്കട്ടെ, അവയുടെ പ്രയോജനത്തേക്കാൾ വലുതാകുന്നു." എന്താണവർ ചിലവഴിക്കേണ്ടതെന്നും അവർ നിന്നോട് ചദിക്കുന്നു. പറയുക: സൗകര്യപ്പെട്ടത്. (ശിഷ്ടം) ഇപ്രകാരം, അല്ലാഹു നിങ്ങൾക്ക് 'ആയത്തു'(ലക്ഷ്യം)കൾ വിവരിച്ചുതരുന്നു- നിങ്ങൾ ചിന്തിച്ചുനോക്കുവാൻവേണ്ടി.

220)ഇഹത്തിന്റെയും പരത്തിന്റെയും കാര്യത്തിൽ. അനാഥകളെപ്പറ്റിയും അവർ നിന്നോട് ചോദിക്കുന്നു. പറയുക: "അവർക്ക് നന്മ വരുത്തൽ ഉത്തമമായ കാര്യമാകുന്നു; നിങ്ങൾ അവരുമായി കൂടിക്കല(ർന്നു ജീവിച്ചുവ)രുകയാണെങ്കിൽ, (അവർ) നിങ്ങളുടെ സഹോദരങ്ങളാകുന്നു. അല്ലാഹുവാകട്ടെ നാശമുണ്ടാക്കുന്നവനെ നന്മയുണ്ടാക്കുന്നവനിൽ നിന്നു(വേർതിരിച്ച്) അറിയുകയും ചെയ്യുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ, നിങ്ങളെ അവൻ ബുദ്ധിമുട്ടിക്കുക തന്നെ ചെയ്യുമായിരുന്നു. നിശ്ചയമായും, അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു."

۞ يَسْـَٔلُونَكَ عَنِ ٱلْخَمْرِ وَٱلْمَيْسِرِ ۖ قُلْ فِيهِمَآ إِثْمٌ كَبِيرٌ وَمَنَٰفِعُ لِلنَّاسِ وَإِثْمُهُمَآ أَكْبَرُ مِن نَّفْعِهِمَا ۗ وَيَسْـَٔلُونَكَ مَاذَا يُنفِقُونَ قُلِ ٱلْعَفْوَ ۗ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمُ ٱلْـَٔايَٰتِ لَعَلَّكُمْ تَتَفَكَّرُونَ ﴿٢١٩﴾

فِى ٱلدُّنْيَا وَٱلْـَٔاخِرَةِ ۗ وَيَسْـَٔلُونَكَ عَنِ ٱلْيَتَٰمَىٰ ۖ قُلْ إِصْلَاحٌ لَّهُمْ خَيْرٌ ۖ وَإِن تُخَالِطُوهُمْ فَإِخْوَٰنُكُمْ ۚ وَٱللَّهُ يَعْلَمُ ٱلْمُفْسِدَ مِنَ ٱلْمُصْلِحِ ۚ وَلَوْ شَآءَ ٱللَّهُ لَأَعْنَتَكُمْ ۚ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ ﴿٢٢٠﴾

---

**(خَمْر)** (ഖംറ്) - കള്ള് എന്നതിനെപ്പറ്റി നബി(സ) പറഞ്ഞു. "മത്തുണ്ടാക്കുന്നതെല്ലാം കള്ളാകുന്നു." അത് മദ്യം, ചാരായം, വിസ്കി, ബ്രാണ്ടി, കഞ്ചാവ്, ചരസ്സ് എന്ന ഏത് പേരിൽ അറിയപ്പെട്ടാലും എല്ലാവിധ ലഹരി പദാർത്ഥങ്ങളും നിഷിദ്ധമാകുന്നു.

**(خَمْر)** ഖംറ് - എന്ന വാക്കിന് 'മൂടുക' എന്നാണ് അർത്ഥം. ബുദ്ധിയെ മൂടി മറക്കുന്നത് എന്നാണിവിടെ അർത്ഥമാക്കുന്നത്.

**(ميسر)** മൈസിർ - എന്ന വാക്കിനർത്ഥം എളുപ്പം ധനം കൈക്കലാക്കുക എന്നത്രേ. ചൂതാട്ടം, പന്തയം, ലോട്ടറി, ഷോടതി എന്നിവയാണുദ്ദേശം. എല്ലാം നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.

ഇവ രണ്ടും നിഷിദ്ധമാക്കിക്കൊണ്ടുള്ള പടിപടിയായിട്ടുള്ള കല്പനയുടെ ഒന്നാമത്തെ പടിയായിട്ടാണ് ഈ വചനം അവതരിച്ചത്. ഇവയിൽ ചില ഗുണങ്ങളുണ്ടെങ്കിലും അതിലേറെ ദോഷങ്ങളുമുള്ളതിനാൽ അവ വർജ്ജിക്കണമെന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. തുടർന്ന്, നിസാഅ് 43-ാം വചനത്തിലൂടെയും സൂ: മാഇദ: 90 91 വചനങ്ങളിലൂടെയും മദ്യപാനത്തെ കർശനമായി നിരോധിക്കുകയാണുണ്ടായത്.

ലഹരി ഉപയോഗം മൂലം താല്ക്കാലികമായി ആനന്ദവും ഉന്മേഷവും ധൈര്യവും ഒക്കെ ലഭിക്കാമെങ്കിലും ദുർവ്യയം, അടിപിടി, വാക്കേറ്റം, കുടുംബകലഹം തോന്നിയ വാസങ്ങൾ, കൊലപാതകം തുടങ്ങിയ എല്ലാ നീചകൃത്യങ്ങൾക്കും അത് ഇടയാക്കുന്നു. ചൂതാട്ടം നിമിത്തം അന്യരുടെ ധനം അന്യായമായി കൈക്കലാക്കുകയെന്ന ലക്ഷ്യം പ്രാപിക്കാതെ വരുമ്പോൾ, ധനനഷ്ടവും പാപ്പരത്തവും നേരിടുകയും ചെയ്യുന്നു.

പാരത്രിക ജീവിതത്തിൽ നേരിടുവാനുള്ള ദോഷങ്ങളാകട്ടെ കൂടുതൽ ഭയങ്കരവും ഗൗരവതരവും തന്നെ.

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കാൻ കൽപിക്കപ്പെട്ടപ്പോൾ സഹാബികൾ നബി (സ)യോടു ധനത്തിൽ നിന്ന് എന്താണ് ചെലവഴിക്കേണ്ടതെന്ന് ചോദിച്ചു. വിട്ടുവീഴ്ച ചെയ്യാവുന്നത് അഥവാ സൗകര്യമുള്ളത് എന്നാണതിന് മറുപടി നൽകപ്പെട്ടത്. അത്യാവശ്യം കഴിച്ച് ബാക്കിയുള്ളത് എന്നാണിത് കൊണ്ടുദ്ദേശിക്കുന്നത്. അതിൽ കൂടുതൽ ചിലവഴിക്കുന്ന പക്ഷം നല്ലതും ഉത്തമവും തന്നെ. ഈ കാര്യത്തിൽ അൻസാരികളായ സഹാബികളുടെ മാതൃക അല്ലാഹു സൂറ 59:9 വചനത്തിലൂടെ പ്രശംസിച്ചിരിക്കുന്നു - അവർ തങ്ങളുടെ ദേഹങ്ങളേക്കാൾ മറ്റുള്ളവർക്ക് പ്രാധാന്യം നല്കുന്നു.

ആദ്യം സ്വദേഹത്തിനും പിന്നെ വീട്ടുകാർക്കും തുടർന്ന് കുടുംബാംഗങ്ങൾക്കും എന്നിട്ടും മിച്ചമുണ്ടെങ്കിൽ ഇഷ്ടപ്പെട്ടവർക്കും കൊടുത്തുകൊള്ളുക എന്നാണ് റസൂലിന്റെ വചനം നമ്മെ പഠിപ്പിക്കുന്നത്. "ഉയർന്നു നില്ക്കുന്ന (കൊടുക്കുന്ന) കൈ, താണ് നില്ക്കുന്ന (വാങ്ങുന്ന) കൈയിനേക്കാൾ ഉത്തമമാകുന്നു."

അനാഥകളുടെ സ്വത്തിന്റെ കാര്യത്തിലാണ് അടുത്ത വചനത്തിലെ നിർദ്ദേശങ്ങൾ. സ്വത്തുക്കളിലാകട്ടെ, മറ്റ് വിഷയങ്ങളിലാകട്ടെ, അനാഥകൾക്ക് നന്മയും അഭിവൃദ്ധിയും ഉണ്ടാകുന്ന ഏത് കാര്യവും ചെയ്യുന്നതും- അവർക്ക് ഇഹത്തിലും നിങ്ങൾക്ക് പരത്തിലും അത്യധികം ഗുണകരമാകുന്നു. അവരുടെ കൂടെ കൂട്ടുജീവിതം സ്വീകരിക്കേണ്ടതും നിങ്ങളുടെ സഹോദരങ്ങളോടെന്നപോലെ സ്നേഹത്തോടെയും, ഇണക്കത്തോടെയും, ഗുണകാംക്ഷയോടെയും വർത്തിക്കേണ്ടതുമാണ്. ഭക്ഷണപാനീയങ്ങൾ പോലെയുള്ള നിത്യാവശ്യങ്ങളിൽ അവരുടെ സ്വത്തുക്കൾ നിങ്ങൾക്ക് കൂട്ടായി വിനിയോഗിക്കാവുന്നതാണ്. പക്ഷെ അവരുടെ ധനം ചൂഷണം ചെയ്യപ്പെടാൻ ഇടയാക്കരുത്.

നിങ്ങൾ എന്ത് ചെയ്യുന്നു, നിങ്ങളുടെ ഉദ്ദേശ്യമെന്ത് എന്നൊക്കെ അല്ലാഹുവിന് നല്ലപോലെ അറിയാം.

**വചനം 221**

وَلَا تَنكِحُوا۟ ٱلْمُشْرِكَٰتِ حَتَّىٰ يُؤْمِنَّ ۚ وَلَأَمَةٌ مُّؤْمِنَةٌ خَيْرٌ مِّن مُّشْرِكَةٍ وَلَوْ أَعْجَبَتْكُمْ ۗ وَلَا تُنكِحُوا۟ ٱلْمُشْرِكِينَ حَتَّىٰ يُؤْمِنُوا۟ ۚ وَلَعَبْدٌ مُّؤْمِنٌ خَيْرٌ مِّن مُّشْرِكٍ وَلَوْ أَعْجَبَكُمْ ۗ أُو۟لَٰٓئِكَ يَدْعُونَ إِلَى ٱلنَّارِ ۖ وَٱللَّهُ يَدْعُوٓا۟ إِلَى ٱلْجَنَّةِ وَٱلْمَغْفِرَةِ بِإِذْنِهِۦ ۖ وَيُبَيِّنُ ءَايَٰتِهِۦ لِلنَّاسِ لَعَلَّهُمْ يَتَذَكَّرُونَ ﴿٢٢١﴾

221)(സത്യവിശ്വാസികളേ), ബഹുദൈവവിശ്വാസിനികളായ സ്ത്രീകൾ വിശ്വസിക്കുന്നതുവരേക്കും നിങ്ങൾ അവരെ വിവാഹം കഴിക്കരുത്. സത്യവിശ്വാസിനിയായ ഒരു അടിമ സ്ത്രീ തന്നെയാണ്, ഒരുബഹുദൈവവിശ്വാസിനിയായ സ്ത്രീയെക്കാൾ ഉത്തമം. അവൾ നിങ്ങളെ അത്ഭുതപ്പെടുത്തിയാലും (നിങ്ങൾക്ക് കൗതുകം ജനിപ്പിച്ചാലും) ശരി. ബഹുദൈവവിശ്വാസികൾക്ക് അവർ വിശ്വസിക്കുന്നതുവരെക്കും നിങ്ങൾ വിവാഹം കഴിച്ചുകൊടുക്കുകയും ചെയ്യരുത്. സത്യവിശ്വാസിയായ ഒരു അടിമ തന്നെയാണ് ഒരു ബഹുദൈവവിശ്വാസിയെക്കാൾ ഉത്തമം. അവൻ നിങ്ങളെ അത്ഭുതപ്പെടുത്തി (കൗതുകപ്പെടുത്തി)യാലും ശരി. (കാരണം) അക്കൂട്ടർ നരകത്തിലേക്ക് ക്ഷണിക്കുന്നു. അല്ലാഹുവാകട്ടെ, അവൻ അവന്റെ ഉത്തരവ് (വിധിവിലക്കുകൾ) മുഖേന സ്വർഗത്തിലേക്കും, പാപമോചനത്തിലേക്കും ക്ഷണിക്കുന്നു. അവൻ തന്റെ ആയത്തു(ലക്ഷ്യം)കളെ മനുഷ്യർക്ക് വിവരിച്ചുകൊടുക്കുകയും ചെയ്യുന്നു. അവർ ഉറ്റാലോചിക്കുവാൻവേണ്ടി.

ഇതുമുതൽ ഏതാനും വചനങ്ങൾ വൈവാഹികവും ഗാർഹികവുമായ തുറകളിൽ സത്യവിശ്വാസികൾ അനുഷ്ഠിക്കേണ്ട നിയമങ്ങളാണ് അല്ലാഹു പഠിപ്പിക്കുന്നത്.

സത്യവിശ്വാസികളായ പുരുഷന്മാർ മുശ്‌രിക്കുകളായ സ്ത്രീകളെ വിവാഹം ചെയ്യാനും, മുസ്‌ലിം സ്ത്രീകളെ മുശ്‌രിക്കുകളായ പുരുഷന്മാർക്ക് വിവാഹം കഴിച്ച്കൊടുക്കാനും പാടില്ലെന്ന് അല്ലാഹു കല്പിക്കുന്നു - അവരിൽപ്പെട്ട സ്ത്രീയോ, പുരുഷനോ, നിങ്ങളെ എത്രതന്നെ ആകർഷിച്ച് അത്ഭുതപ്പെടുത്തിയാലും ശരി. അതിനേക്കാൾ നല്ലത് സത്യവിശ്വസികളായ അടിമകളുമായി വിവാഹബന്ധം നടത്തുന്നതാണെന്നും അല്ലാഹു വ്യക്തമാക്കുന്നു. ഈ കല്പന മുശ്‌രിക്കുകളെ സംബന്ധിച്ച് മാത്രമല്ല കാഫിറുകളെ സംബന്ധിച്ചും ബാധകമാണെന്ന് സൂ: മുംതഹിന:10ൽ അല്ലാഹു വ്യക്തമാക്കുന്നു.

ഇവരുമായുള്ള വിവാഹബന്ധം പാടില്ലെന്ന് നിശ്ചയിച്ചതിലടങ്ങിയ തത്വം അല്ലാഹു തുടർന്ന് വിവരിക്കുന്നു- “അവർ ക്ഷണിക്കുന്നത് നരകത്തിലേക്കാണു” അതെ, അവരുടെ വിശ്വാസാചാരങ്ങൾ സ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗം തടയുന്നതാണല്ലോ.

എന്നാൽ, വേദക്കാരിൽ നിന്നുള്ള സ്ത്രീകളെ ചുരുക്കം ചില ഉപാധികളോടെ മുസ്‌ലിംകൾക്ക് വിവാഹം ചെയ്യാമെന്ന് സൂ:മാഇദ 5-ാം വചനത്തിൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.

## വിഭാഗം 28

**വചനം 222,223**

وَيَسْـَٔلُونَكَ عَنِ ٱلْمَحِيضِ ۖ قُلْ هُوَ أَذًى فَٱعْتَزِلُوا۟ ٱلنِّسَآءَ فِى ٱلْمَحِيضِ ۖ وَلَا تَقْرَبُوهُنَّ حَتَّىٰ يَطْهُرْنَ ۖ فَإِذَا تَطَهَّرْنَ فَأْتُوهُنَّ مِنْ حَيْثُ أَمَرَكُمُ ٱللَّهُ ۚ إِنَّ ٱللَّهَ يُحِبُّ ٱلتَّوَّٰبِينَ وَيُحِبُّ ٱلْمُتَطَهِّرِينَ ﴿٢٢٢﴾

222)അവർ നിന്നോട് ആർത്തവത്തെക്കുറിച്ചും ചോദിക്കുന്നു. പറയുക: അത് ഒരു(തരം) ഉപദ്രവമാകുന്നു; അതിനാൽ ആർത്തവ(കാല)ത്തിൽ നിങ്ങൾ സ്ത്രീകളെ വിട്ടുനിൽക്കുവീൻ. അവർ ശുദ്ധിയാകുന്നതുവരേക്കും നിങ്ങൾ അവരെ സമീപിക്കുകയും അരുത്. അങ്ങനെ, അവർ ശുദ്ധിയായിത്തീർന്നാൽ, അല്ലാഹു നിങ്ങളോട് കല്പിച്ചവിധത്തിലൂടെ നിങ്ങൾ അവരുടെ അടുക്കൽ ചെന്നുകൊള്ളുവീൻ. നിശ്ചയമായും പശ്ചാത്തപിച്ചു മടങ്ങുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു. ശുദ്ധി പ്രാപിക്കുന്നവരെയും അവൻ ഇഷ്ടപ്പെടുന്നു.

نِسَآؤُكُمْ حَرْثٌ لَّكُمْ فَأْتُوا۟ حَرْثَكُمْ أَنَّىٰ شِئْتُمْ ۖ وَقَدِّمُوا۟ لِأَنفُسِكُمْ ۚ وَٱتَّقُوا۟ ٱللَّهَ وَٱعْلَمُوٓا۟ أَنَّكُم مُّلَٰقُوهُ ۗ وَبَشِّرِ ٱلْمُؤْمِنِينَ ﴿٢٢٣﴾

223)നിങ്ങളുടെ സ്ത്രീകൾ (ഭാര്യമാർ), നിങ്ങളുടെ കൃഷി(യിടം) ആകുന്നു. അതിനാൽ, നിങ്ങളുടെ കൃഷിയുടെ അടുക്കൽ നിങ്ങൾ എങ്ങനെ ഉദ്ദേശിച്ചുവോ (അപ്രകാരം) ചെന്നുകൊള്ളുക. നിങ്ങൾ നിങ്ങൾക്കുതന്നെ(വേണ്ടത്) മുൻകൂട്ടി ചെയ്തുവെക്കുകയും ചെയ്യുവീൻ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, നിങ്ങൾ അവനുമായി കണ്ടുമുട്ടുന്നവരാണെന്ന് അറിയുകയും ചെയ്യുവീൻ. (നബിയേ), സത്യവിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

ആർത്തവം മാലിന്യവും വൃത്തിഹീനവുമാകുന്നു. ആർത്തവരക്തം മാലിന്യ വസ്തുവാണെന്നല്ലാതെ ആർത്തവമുള്ള സ്ത്രീകൾ മാലിന്യവതികളല്ല. ആർത്തവകാലത്ത് മാലിന്യ സ്ഥാനവുമായി ബന്ധപ്പെട്ട സമീപനം-സംഭോഗം-അനുവദനീയമല്ലെങ്കിലും മറ്റുള്ള സമീപനങ്ങൾക്ക് വിരോധമില്ലെന്ന് ഹദീസുകൾ വ്യക്തമാക്കുന്നു. ആർത്തവ രക്തം നിന്നതിന്ശേഷം കുളി നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. അതോടെ ശുദ്ധിയാകുന്ന സ്ത്രീകളെ പ്രകൃതി മര്യാദകളും മത നിർദ്ദേശങ്ങളും ലംഘിക്കാത്ത വിധത്തിൽ ഭർത്താവിന് സമീപിക്കാവുന്നതാണ്.

അതുപോലെ ആന്തരികവും ആത്മീയവുമായ മാലിന്യങ്ങളാണ് പാപങ്ങളെന്നും അവയിൽ നിന്നുള്ള ശുദ്ധീകരണമാണ് പശ്ചാത്താപമെന്നും, എല്ലാ ശുദ്ധീകരണങ്ങളെയും അല്ലാഹു ഇഷ്ടപ്പെടുന്നുവെന്നും അല്ലാഹു ഉണർത്തിയിരിക്കുന്നു.

“നിങ്ങളുടെ സ്ത്രീകൾ-ഭാര്യമാർ-നിങ്ങളുടെ കൃഷിയിടമാണ്” എന്ന വാക്യം മഹത്തായ ഒരു തത്വത്തെ ചൂണ്ടിക്കാട്ടുന്നു. കൃഷിയിടം എന്നാൽ ഉല്പന്നങ്ങൾ വിളയുന്നിടം എന്ന അർത്ഥത്തിൽ സന്താനങ്ങൾ വളരുന്ന കൃഷിയിടമാണല്ലോ ഭാര്യമാർ. മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപ്പ് തന്നെ ഈ കൃഷിയിലൂടെയാണല്ലോ. അല്ലാഹു നിശ്ചയിച്ച ഒരു പ്രകൃതി നിയമമത്രേ അത്.

“അത്കൊണ്ട്, നിങ്ങളുടെ കൃഷിയിടത്തിൽ നിങ്ങൾ ഉദ്ദേശിച്ച പ്രകാരം ചെന്ന് കൊള്ളുക” എന്നുകൂടി അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അവരുടെയടുക്കൽ ചെല്ലുമ്പോൾ ഉൽപാദനത്തിനുപയുക്തമായ - മാർഗ്ഗങ്ങളിലൂടെയായിരിക്കണം പ്രവേശിക്കുന്നതെന്നും അതിന് വിരുദ്ധമായ മാർഗ്ഗങ്ങൾ ശരിയല്ലെന്നും നിർദ്ദേശിക്കുന്നു.

“നിങ്ങൾ നിങ്ങൾക്ക് തന്നെ വേണ്ടി മുന്നൊരുക്കം ചെയ്ത്കൊള്ളണം. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണം” വൈവാഹിക ജീവിതത്തിലും മറ്റുമായി ശ്രദ്ധ ചെലുത്തിക്കൊണ്ട് സ്വന്തം ഭാവി വിജയിപ്പിക്കുന്നതിന് മറന്നുപോകരുത്. സൽക്കർമ്മങ്ങൾ ചെയ്തും, അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിച്ച്കൊണ്ടും, മരണാനന്തര വിജയത്തിനുള്ള മാർഗ്ഗങ്ങൾ ഒരുക്കിക്കൊണ്ടിരിക്കണം. അല്ലാഹുവിന്റെ മുമ്പിൽ ഹാജരായി അവന്റെ വിചാരണ നേരിടേണ്ടിവരുമെന്ന് സദാ ഓർമ്മയുണ്ടായിരിക്കണമെന്നാണ് താല്പര്യം.

**വചനം 224,225**

وَلَا تَجۡعَلُواْ ٱللَّهَ عُرۡضَةٗ لِّأَيۡمَٰنِكُمۡ أَن تَبَرُّواْ وَتَتَّقُواْ وَتُصۡلِحُواْ بَيۡنَ ٱلنَّاسِۚ وَٱللَّهُ سَمِيعٌ عَلِيمٞ ٢٢٤

224)നിങ്ങൾ നിങ്ങളുടെ സത്യങ്ങൾക്ക് അല്ലാഹുവിനെ ഒരു വിലങ്ങ് (തടസ്ഥം) ആക്കരുത്; അതായത്, നിങ്ങൾ പുണ്യം പ്രവർത്തിക്കുകയും, സൂക്ഷ്മത പാലിക്കുകയും മനുഷ്യർക്കിടയിൽ നന്മയുണ്ടാക്കുകയും ചെയ്യുന്നതിനും, അല്ലാഹു (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനുമാകുന്നു.

لَّا يُؤَاخِذُكُمُ ٱللَّهُ بِٱللَّغۡوِ فِيٓ أَيۡمَٰنِكُمۡ وَلَٰكِن يُؤَاخِذُكُم بِمَا كَسَبَتۡ قُلُوبُكُمۡۗ وَٱللَّهُ غَفُورٌ حَلِيمٞ ٢٢٥

225)നിങ്ങളുടെ സത്യങ്ങളിൽ (മനപ്പൂർവമല്ലാത്ത) വ്യർഥവാക്കുമൂലം അല്ലാഹു നിങ്ങളെ പിടികൂടുകയില്ല. എങ്കിലും, നിങ്ങളുടെ ഹൃദയങ്ങൾ(മനപ്പൂർവം) പ്രവർത്തിച്ചുവെച്ചതുമൂലം അവൻ നിങ്ങളെ പിടികൂടുന്നതാണ്. അല്ലാഹു വളരെ പൊറുക്കുന്നവനും സഹനശീലനുമാകുന്നു.

സൽക്കർമ്മങ്ങൾ ചെയ്യുന്നതിനും, അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിക്കുന്നതിനും, ജനങ്ങൾക്കിടയിൽ സന്ധിയാക്കുക മുതലായ നല്ല പ്രവൃത്തികൾ ചെയ്യുന്നതിനും ഭംഗം വരത്തക്കവിധം അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യരുത്. അഥവാ അങ്ങനെ ചെയ്തുപോയെങ്കിൽ അതിൽനിന്ന് വിരമിക്കുകയും ആ നല്ല കാര്യം നിർവ്വഹിക്കുകയും ചെയ്യേണ്ടതാകുന്നു.

മനപൂർവ്വമല്ലാതെ, ഉദ്ദേശ്യപൂർവ്വമല്ലാതെ, നാവിലൂടെ വന്ന്പോകുന്ന സത്യ വാക്യങ്ങളെപ്പറ്റി അല്ലാഹു ശിക്ഷാനടപടിയെടുക്കുകയില്ലെന്നും മനസ്സറിഞ്ഞ് ഉദ്ദേശ്യപൂർവ്വം ചെയ്യുന്ന സത്യങ്ങളെ സംബന്ധിച്ചാണ് നടപടി എടുക്കുകയെന്നും അല്ലാഹു അറിയിക്കുന്നു. അശ്രദ്ധ, വികാരവിക്ഷോഭം, ഭാഷാപരമായ പ്രയോഗം (അറബികളുടെ വല്ലാഹി എന്ന പ്രയോഗം ഉദാഹരണം) എന്നീ നിലകളിൽ വരുന്ന സത്യവാക്യ പ്രയോഗങ്ങൾ മൂലം അല്ലാഹു നമ്മെ പിടികൂടുകയില്ലെന്ന് അറിയിക്കുന്നു.

സത്യം ലംഘിക്കുന്നതിന് ചെയ്യേണ്ടുന്ന പ്രായ്ശ്ചിത്തം പത്ത് സാധുക്കൾക്ക് ഭക്ഷണമോ, വസ്ത്രമോ കൊടുക്കുക, അല്ലെങ്കിൽ ഒരു അടിമയെ സ്വതന്ത്രമാക്കിവിടുക, അതുമല്ലെങ്കിൽ മൂന്ന് ദിവസം നോമ്പു നോല്ക്കുക എന്നതാകുന്നു. (സൂ: മാഇദ: 89)

“മനുഷ്യന് സാധിക്കാത്ത കാര്യത്തിലാകട്ടെ അല്ലാഹുവിനോടു അനുസരണക്കേട് കാണിക്കുന്ന വിഷയത്തിലാകട്ടെ, കുടുംബബന്ധം മുറിക്കുന്നതിലാകട്ടെ, സത്യവും നേർച്ചയും പാടില്ല”. നബിവചനം.

നല്ല കാര്യങ്ങൾ ചെയ്യുന്നതിന് അല്ലാഹുവിന്റെ നാമത്തിൽ ആവർത്തിച്ച് സത്യം ചെയ്തുകൊണ്ട് അവന്റെ നാമത്തെ വിലകെടുത്താൻ പാടില്ലാത്തതാകുന്നു. അത്യാവശ്യം നേരിടുമ്പോഴല്ലാതെ, അല്ലാഹുവന്റെ നാമത്തിൽ സത്യം ചെയ്യുന്ന സമ്പ്രദായം വർജ്ജിക്കേണ്ടതാണ്. സത്യം ചെയ്യൽ അധികരിപ്പിക്കുന്നതിനെപ്പറ്റി ഖുർആനിലും (68:10) നബിവചനങ്ങളിലും ആക്ഷേപിച്ചിട്ടുള്ളതാണ് താനും.

**വചനം 226,227**

لِّلَّذِينَ يُؤْلُونَ مِن نِّسَآئِهِمْ تَرَبُّصُ أَرْبَعَةِ أَشْهُرٍ ۖ فَإِن فَآءُو فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٢٢٦﴾

226)തങ്ങളുടെ സ്ത്രീകളെ സംബന്ധിച്ച് (സംയോഗം ചെയ്കയില്ലെന്നു) ശപഥം ചെയ്യുന്നവർക്ക് നാലു മാസത്തെ കാത്തിരിപ്പുണ്ടായിരിക്കും. എന്നാൽ, അവർ മടങ്ങിവരുന്ന പക്ഷം, നിശ്ചയമായും അല്ലാഹു പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

وَإِنْ عَزَمُوا۟ ٱلطَّلَٰقَ فَإِنَّ ٱللَّهَ سَمِيعٌ عَلِيمٌ ﴿٢٢٧﴾

227)അവർ വിവാഹമോചനത്തിനു തീർച്ചയാക്കുകയാണെങ്കിലോ- നിശ്ചയമായും, അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

അറബികളിൽ മുമ്പ് നിലവിലുണ്ടായിരുന്ന ഒരു ശപഥ സമ്പ്രദായമായിരുന്നു 'ഈലാഇ്' എന്നത്. അതായത് ഭാര്യാഭർത്താക്കന്മാർക്കിടയിൽ വല്ല അനിഷ്ടങ്ങളും ഉണ്ടാകുമ്പോൾ മേലിൽ താൻ ഭാര്യയുമായി സംയോഗം നടത്തുകയില്ലെന്ന് ശപഥം ചെയ്യുന്ന ഒരു പതിവ്. ഈ ശപഥം ചിലപ്പോൾ നിശ്ചിത കാലത്തേക്കാകാം ചിലപ്പോൾ അനിശ്ചിതകാലത്തേക്കായിരിക്കും. ഈ 'ഇലാഅ്' സമ്പ്രദായത്തെക്കുറിച്ച് ഇസ്‌ലാം ശരീഅത്തിൽ അനുവർത്തിക്കേണ്ട വിധി എന്താണെന്ന് ഈ വചനങ്ങളിൽ അല്ലാഹു അറിയിക്കുന്നു.

ഒരാൾ തന്റെ ഭാര്യയെ സംബന്ധിച്ച് 'ഇലാഇ്' ചെയ്യുന്നപക്ഷം പരമാവധി നാല്മാസം അവന് ഒഴിവു നൽകാം. അതിന് മുമ്പ് അവൻ ആ ശപഥത്തിൽ നിന്ന് മടങ്ങി പിൻമാറിയെങ്കിൽ അല്ലാഹു അവന് പൊറുത്ത്കൊടുക്കും. സത്യം ലംഘിച്ചതിനുള്ള പ്രായശ്ചിത്തം അവൻ നല്കേണ്ടതുണ്ട്. നാലുമാസം തികഞ്ഞിട്ടും അവൻ ശപഥത്തിൽ നിന്നും പിൻമാറുന്നില്ലെങ്കിൽ അവളെ വിവാഹമോചനം ചെയ്ത് വിട്ടയച്ചേക്കണം. എന്നാൽ വളരെ സൂക്ഷിച്ചുവേണം അക്കാര്യം ചെയ്യുവാൻ. വിവാഹമോചനത്തിന് തക്ക കാരണമുണ്ടോ ഇല്ലേ എന്നെല്ലാം അല്ലാഹുവിന് ശരിക്കും അറിയാം. നാലുമാസം കഴിയുന്നതോടെ ഭാര്യ ത്വലാഖായി (വിവാഹ മോചിതയായി) പോകുമെന്ന് ഉമർ(റ), ഉസ്മാൻ(റ), അലി(റ) മുതലായ സഹാബികൾ അഭിപ്രായപ്പെടുന്നു. എന്നാൽ വിവാഹമോചനം നിയമാനുസൃതം വേറെ തന്നെ നടത്തേണ്ടതുണ്ടെന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം.

'ഈലാഇ്' ചെയ്യാതെയാണെങ്കിലും ന്യായമായ വല്ല കാരണവും കൂടാതെ ഭാര്യാഭർതൃസംബന്ധം പാലിക്കാത്ത ഭർത്താവിനെപ്പറ്റി ഭാര്യക്ക് ന്യായാധിപസ്ഥാനത്ത് സങ്കടം ബോധിപ്പിക്കാൻ അവകാശം നല്കപ്പെട്ടിട്ടുണ്ട്.

**വചനം 228**

وَٱلْمُطَلَّقَٰتُ يَتَرَبَّصْنَ بِأَنفُسِهِنَّ ثَلَٰثَةَ قُرُوٓءٍ ۚ وَلَا يَحِلُّ لَهُنَّ أَن يَكْتُمْنَ مَا خَلَقَ ٱللَّهُ فِىٓ أَرْحَامِهِنَّ إِن كُنَّ يُؤْمِنَّ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ ۚ وَبُعُولَتُهُنَّ أَحَقُّ بِرَدِّهِنَّ فِى ذَٰلِكَ إِنْ أَرَادُوٓا۟ إِصْلَٰحًا ۚ وَلَهُنَّ مِثْلُ ٱلَّذِى عَلَيْهِنَّ بِٱلْمَعْرُوفِ ۚ وَلِلرِّجَالِ عَلَيْهِنَّ

228)വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾ അവരുടെ ദേഹങ്ങളുമായി (സ്വയം) മൂന്നു 'ഖുർഉ്' (ആർത്തവ ശുദ്ധി)കൾ കാത്തിരിക്കണം. അവരുടെ ഗർഭാശയങ്ങളിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതിനെ ഒളിച്ചുവെക്കൽ അവർക്ക് അനുവദനീയമാകുകയില്ല – അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ. അതിൽ ( ആ കാലത്തിൽ) അവരെ മട(ക്കിയെടു)ക്കുന്നതിനു അവരുടെ വരൻമാർ കൂടുതൽ അവകാശപ്പെട്ടവരുമാകുന്നു; – (അതെ), അവർ നന്മവരുത്തുന്നതിനെ ഉദ്ദേശിച്ചെങ്കിൽ. അവരുടെ (ഭാര്യമാരുടെ) മേലുള്ളതുപോലെ, (സാദാചാര)

دَرَجَةٌ ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٢٢٨﴾

മര്യാദയനുസരിച്ച് അവരോടും (ബാധ്യത) ഉണ്ട്. പുരുഷന്മാർക്ക് അവരെക്കാൾ ഒരു പദവി ഉണ്ടുതാനും. അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു.

“ഖുർഉ്” എന്ന വാക്ക് ആർത്തവ സമയമെന്നും ശുദ്ധിയുടെ സമയമെന്നുമുള്ള രണ്ട് വിപരീതാർത്ഥങ്ങളിലും പ്രയോഗിച്ച് വരുന്നുണ്ട്.

‘ഈലാഉ’ നെത്തുടർന്നായാലും അല്ലെങ്കിലും ശരി ത്വലാഖു (വിവാഹമോചനം) ചെയ്യപ്പെട്ട സ്ത്രീകൾ മൂന്ന് ‘ഖുർഉ്’ കാലം കാത്തിരിക്കേണ്ടതുണ്ട്. ഈ കാത്തിരിപ്പിനാണ് ‘ഇദ്ദ’ എന്ന് പറയപ്പെടുന്നത്. (ആർത്തവ കാലത്ത് സ്ത്രീകളെ വിവാഹമോചനം ചെയ്യുന്നത് തെറ്റാണെന്ന് സൂ: ത്വലാഖ് ആദ്യവചനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.)

സംയോഗം നടന്നിട്ടില്ലാത്ത സ്ത്രീകൾക്ക് ഇദ്ദ ആചരിക്കേണ്ടതില്ലെന്ന് 33:49ലും, ആർത്തവം ഉണ്ടായിട്ടില്ലാത്തവരോ, ആർത്തവം നിലച്ച് പോയിട്ടുള്ളവരോ ആയ സ്ത്രീകളുടെ ഇദ്ദ മൂന്ന് മാസമാണെന്നും ഗർഭിണികളുടെ ഇദ്ദ അവരുടെ പ്രസവം വരെയാണെന്നും 65:4ലും അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.

അവർക്ക് ഗർഭം ഉണ്ടെന്ന് കണ്ടാൽ അതും, ആർത്തവം ഉണ്ടായാൽ അതും, ചില സ്വാർത്ഥ താല്പര്യങ്ങൾക്കായി (ഇദ്ദ കാലം വേഗം അവസാനിക്കണമെന്നോ, കഴിവതും നീണ്ടുപോകണമെന്നോ ഉള്ള ആഗ്രഹം മൂലം) മൂടിവെക്കരുതെന്ന് അല്ലാഹു തുടർന്ന് ഉദ്ബോധിപ്പിക്കുന്നു. അതുമൂലം സംഭവിക്കാവുന്ന ഭവിഷ്യത്തുകൾ വലുതുമായിരിക്കും. മടക്കി എടുക്കൽ, പുനർവിവാഹം എന്നിവ ഇദ്ദയെ ആശ്രയിച്ചാണല്ലോ നടക്കുക. ഇക്കാര്യങ്ങൾ മൂടിവെക്കുന്നത് വമ്പിച്ച തെറ്റാണെന്ന് അല്ലാഹു ഗൗരവത്തിൽ താക്കീത് നൽകുന്നു. “അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ” എന്ന വാക്കുകൾ ആയതിന്റെ ഗൗരവം സൂചിപ്പിക്കുന്നു.

വിവാഹമോചനം ചെയ്യുന്നപക്ഷം മേലിൽ തങ്ങൾക്കു യോജിച്ചു പോകാനാകുമെന്ന് പുനർവിചിന്തനം ഉണ്ടാകുന്ന പക്ഷം ഇദ്ദ കാലം കഴിയും മുമ്പ് അവളെ മടക്കിയെടുക്കാമെന്നും അത് വളരെ ഉത്തമമാണെന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. എന്നാൽ രണ്ട് പ്രാവശ്യം വിവാഹമോചനം നടത്തുകയും മടക്കി എടുക്കുകയും ചെയ്തശേഷം മൂന്നാമതും വിവാഹമോചനം ചെയ്യുന്ന പക്ഷം ഈ അവസരം നഷ്ടപ്പെട്ടുപോകുന്നതാണെന്ന് (അടുത്ത വചനത്തിൽ) അല്ലാഹു അറിയിക്കുന്നു. മടക്കി എടുക്കുന്നത് വല്ല ദുരുദ്ദേശവും വച്ചുകൊണ്ടായിരിക്കരുതെന്നും ഉപദ്രവത്തിനൊന്നും കാരണമായിക്കൂടാ എന്നും, നന്മ വരുത്തണമെന്ന ഉദ്ദേശത്തോടെ ആയിരിക്കണമെന്നും ഓർത്തിരിക്കേണ്ടതുണ്ട്.

“ഭാര്യമാരുടെ മേലുള്ള ബാധ്യത പോലെ, അവരോടു ഭർത്താക്കൾക്കും ബാധ്യതയുണ്ട്.” എന്ന വാക്യത്തിലൂടെ, അടിമകളെപ്പോലെയോ കന്ന്കാലികളെപ്പോലെയോ കണക്കാക്കപ്പെട്ടിരുന്ന, അക്കാലത്തെ സ്ത്രീകൾക്ക് അവരർഹിക്കുന്ന അവകാശങ്ങളെല്ലാം അല്ലാഹു വകവെച്ച് കൊടുത്തിരിക്കുകയാണ്.

പുരുഷന്മാരും സ്ത്രീകും ദാമ്പത്യജീവിതത്തിൽ പരസ്പരം നിറവേറ്റേണ്ടുന്ന ബാദ്ധ്യതകളിൽ, മതദൃഷ്ട്യാ അറിയപ്പെട്ടതും, സദാചാരപരമായി അറിയപ്പെട്ടതും, ഗാർഹികം, കുടുംബപരം, ദാമ്പത്യപരം, സാമ്പത്തികം ആദിയായ തുറകളിൽ അനുവർത്തിക്കേണ്ടതുമായ ബാധ്യതകളും ഉൾപ്പെടുന്നു.

പരസ്പരം കടമയുണ്ടെന്നു പറഞ്ഞപ്പോൾ തന്നെ അല്ലാഹു “പുരുഷന്മാർക്ക് അവരെക്കാൾ ഒരു പദവിയുണ്ടുതാനും” എന്നുണർത്തുന്നു. ഇതെക്കുറിച്ച് ഇവിടെ കൂടുതൽ വ്യക്തമാക്കപ്പെട്ടില്ലെങ്കിലും സൂ: നിസാഇ്: 34ൽ കൂടുതൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങളെല്ലാം തികച്ചും യുക്തവും ന്യായവുമാണെന്നും അതിൽ യാതൊരു ഭേദഗതിക്കും സ്ഥാനമില്ലെന്നും അവസാനം അല്ലാഹു ചൂണ്ടിക്കാട്ടുന്നു. – “അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു.”

## വിഭാഗം 29

**വചനം 229,230**

ٱلطَّلَٰقُ مَرَّتَانِ ۖ فَإِمْسَاكٌۢ بِمَعْرُوفٍ أَوْ تَسْرِيحٌۢ بِإِحْسَٰنٍ ۗ وَلَا يَحِلُّ لَكُمْ أَن

229)‘ത്വലാഖ്’ (വിവാഹമോചനം) രണ്ട് പ്രവാശ്യമാകുന്നു (ഉള്ളത്). എന്നിട്ട് (പിന്നെ, ആചാര) മര്യാദയനുസരിച്ച് വെച്ചുകൊണ്ടിരിക്കുക, അല്ലെങ്കിൽ നന്മ ചെയ്തുകൊണ്ട് പിരിച്ചയക്കുക (– ഇതാണ് വേണ്ടത്). നിങ്ങൾ അവർക്ക് (ഭാര്യമാർക്ക്) കൊടു

تَأْخُذُوا۟ مِمَّآ ءَاتَيْتُمُوهُنَّ شَيْـًٔا إِلَّآ أَن
يَخَافَآ أَلَّا يُقِيمَا حُدُودَ ٱللَّهِ ۖ فَإِنْ خِفْتُمْ
أَلَّا يُقِيمَا حُدُودَ ٱللَّهِ فَلَا جُنَاحَ عَلَيْهِمَا
فِيمَا ٱفْتَدَتْ بِهِۦ ۗ تِلْكَ حُدُودُ ٱللَّهِ فَلَا
تَعْتَدُوهَا ۚ وَمَن يَتَعَدَّ حُدُودَ ٱللَّهِ
فَأُو۟لَـٰٓئِكَ هُمُ ٱلظَّـٰلِمُونَ ﴿٢٢٩﴾

ത്തിട്ടുള്ളതിൽ നിന്ന് യാതൊന്നും (തിരിച്ചു) വാങ്ങൽ നിങ്ങൾക്ക് അനുവദനീയമാകയില്ല; - അവർ (ഭാര്യാഭർത്താക്കൾ) രണ്ടുപേരും അല്ലാഹുവിന്റെ (നിയമ) അതിർത്തികളെ നിലനിറുത്തിപ്പോരുകയില്ലെന്ന് അവർ ഭയപ്പെടുന്നതായാലല്ലാതെ. ഇനി, അവർ രണ്ടുപേരും അല്ലാഹുവിന്റെ (നിയമ) അതിർത്തികളെ തങ്ങൾ നിലനിർത്തിപ്പോരുകയില്ലെന്നു നിങ്ങൾ ഭയപ്പെട്ടെങ്കിൽ, - അപ്പോൾ, അവൾ യാതൊന്നു(കൊടുത്തു) കൊണ്ട് സ്വയം മോചിതയാകുന്നുവോ അതിൽ രണ്ടുപേരുടെ മേലും തെറ്റില്ല. അത് (ഒക്കെയും) അല്ലാഹുവിന്റെ (നിയമ) അതിർത്തികളാകുന്നു; ആകയാൽ, അവയെ നിങ്ങൾ വിട്ടുകടക്കരുത്. ആർ അല്ലാഹുവിന്റെ (നിയമ) അതിർത്തികളെ വിട്ടുകടക്കുന്നുവോ അക്കൂട്ടർ തന്നെയാണ് അക്രമികൾ.

فَإِن طَلَّقَهَا فَلَا تَحِلُّ لَهُۥ مِنۢ بَعْدُ حَتَّىٰ
تَنكِحَ زَوْجًا غَيْرَهُۥ ۗ فَإِن طَلَّقَهَا فَلَا
جُنَاحَ عَلَيْهِمَآ أَن يَتَرَاجَعَآ إِن ظَنَّآ أَن
يُقِيمَا حُدُودَ ٱللَّهِ ۗ وَتِلْكَ حُدُودُ ٱللَّهِ
يُبَيِّنُهَا لِقَوْمٍ يَعْلَمُونَ ﴿٢٣٠﴾

230. എന്നിട്ട് (പിന്നെയും) അവൻ അവളെ ത്വലാഖ് (വിവാഹമോചനം) നടത്തിയെങ്കിൽ, അവനല്ലാത്ത (വേറെ) ഒരു ഭർത്താവിനെ അവൾ വിവാഹം കഴിക്കുന്നതുവരേക്കും ഇനി അവൾ അവന്നു അനുവദനീയമാകുകയില്ല. എന്നിട്ട്, അവൻ (രണ്ടാമത്തവൻ) അവളെ വിവാഹമോചനം നടത്തിയെങ്കിൽ, അപ്പോൾ അവർ രണ്ടുപേരും അന്യോന്യം മടങ്ങിവരുന്നതിനു അവരുടെമേൽ തെറ്റില്ല; - (അതെ), അവർ രണ്ടാളും അല്ലാഹുവിന്റെ (നിയമ) അതിർത്തികളെ തങ്ങൾ നിലനിറുത്തിപ്പോരുമെന്ന് വിചാരിക്കുകയാണെങ്കിൽ. അവ (ഒക്കെയും) അല്ലാഹുവിന്റെ (നിയമ) അതിർത്തികളാകുന്നു. അറിയുന്ന ജനങ്ങൾക്കുവേണ്ടി അവൻ അവ വിവരിച്ചുകൊടുക്കുകയാണ്.

---

ത്വലാഖ് സംബന്ധമായി പ്രധാനപ്പെട്ട പല നിയമങ്ങളും ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നു. ഈ വചനങ്ങളിൽ ആറ് പ്രാവശ്യത്തോളം (حُدُود الله - അല്ലാഹു നിശ്ചയിച്ച നിയമാതിർത്തികൾ) എന്ന് വിശേഷിപ്പിച്ച്കൊണ്ട് പ്രസ്തുതനിമയങ്ങൾക്ക് അല്ലാഹു കല്പിച്ചിട്ടുള്ള ഗൗരവം ചൂണ്ടിക്കാണിക്കുന്നു.

ഒരാൾക്ക് അയാളുടെ ഭാര്യയെ എത്ര പ്രാവശ്യം വേണമെങ്കിലും വിവാഹമോചനം നടത്താനും, മടക്കി എടുക്കാനും അക്കാലത്തെ അറബികൾക്കിടയിൽ സ്വാതന്ത്ര്യമുണ്ടായിരുന്നു. ചിലർ "ഒരു കാലത്തും ഏറ്റെടുക്കുകയില്ല, വിട്ടയക്കുകയുമില്ല" എന്ന നിലപാടു സ്വീകരിച്ചും, സ്ത്രീകളെ കഷ്ടപ്പെടുത്താറുണ്ടായിരുന്നു. ഈ നികൃഷ്ട സമ്പ്രദായത്തിന് അറുതി വരുത്തിക്കൊണ്ടും സ്ത്രീ സമൂഹത്തെ രക്ഷപ്പെടുത്തിക്കൊണ്ടുമാണ് ഈ വചനങ്ങൾ അവതരിച്ചത്.

യാതൊരു കാരണവശാലും വിവാഹമോചനം അനുവദിക്കാതെയും, വേർപിരിഞ്ഞ് താമസിക്കുകയാണെങ്കിൽപോലും, പുനർവിവാഹം അനുവദിക്കാതെയും, അഥവാ വിവാഹം കഴിക്കുകയാണെങ്കിൽ അത് വ്യഭിചാരമായി കണക്കാക്കിയുമുള്ള മതനിയമങ്ങൾ നിലനില്ക്കുന്ന മറ്റ് മതങ്ങളിൽ നിന്നും വ്യത്യസ്തമായി മനുഷ്യപ്രകൃതിക്ക് അനുയോജ്യമായ നിലപാടാണ് ഇസ്‌ലാംമതം സ്വീകരിച്ചിട്ടുള്ളത്.

ഈ വചനങ്ങളിലടങ്ങിയ മുഖ്യ നിയമ നിർദ്ദേശങ്ങൾ താഴെ കാണുംവിധമാകുന്നു.

(ഒന്ന്) "ത്വലാഖ് -വിവാഹമോചനം-രണ്ടു പ്രാവശ്യമാകുന്നു" എന്ന് വച്ചാൽ, ഒന്നാമത്തെ പ്രാവശ്യം

ത്വലാഖ് നടത്തിയാൽ അതിന്റെ ഇദ്ദ കഴിയുന്നതിന് മുമ്പായി ഭർത്താവിന് ഭാര്യയെ വിവാഹത്തിലേക്ക് മടക്കിയെടുക്കാം. മടക്കിയെടുത്തതിന് ശേഷം ആവശ്യം നേരിട്ടാൽ, രണ്ടാമതും ത്വലാഖ് നടത്താം. ഈ ത്വലാഖിന് ശേഷം "സദാചാരമര്യാദപ്രകാരം അവളെ വെച്ച് ആദരിക്കുക, അല്ലെങ്കിൽ നന്മചെയ്ത് കൊണ്ട്-നല്ല നിലയിൽ അവളെ പിരിച്ച് വിടുക" അതായത്, സദുദ്ദേശ്യത്തോടെ, ഒരിക്കൽ കൂടെ അവളെ വിവാഹത്തിലേക്ക് മടക്കി എടുക്കുക, അല്ലെങ്കിൽ, മാന്യമായ രീതിയിൽ അവളെ പിരിച്ചയക്കുക.

ഇതോടനുബന്ധിച്ച് താഴെ കാണുന്ന ചില വസ്തുതകൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.

(1) ഒരേസമയം തന്നെ ഒറ്റയടിക്ക്, രണ്ടോ മൂന്നൊ ത്വലാഖുകൾ നടത്തുന്ന സമ്പ്രദായം ശരിയല്ല. ഓരോ ത്വലാഖും വെവ്വേറെ പ്രാവശ്യത്തിലായിരിക്കേണ്ടതുണ്ട്.

(2) ആർത്തവ കാലത്തോ സംയോഗം നടന്നിട്ടുള്ള ശുദ്ധികാലത്തോ ത്വലാഖ് നടത്തരുത് ഇതിന് അനാചാരമായ ത്വലാഖ് എന്ന് പറയപ്പെടുന്നു. ഇത് വിരോധിക്കപ്പെട്ടിരിക്കുന്നു. ഇദ്ദയുടെ കാലം ദീർഘിച്ച്പോകാൻ ഇടയാകാത്ത അവസരത്തിലായിരിക്കണം ത്വലാഖ് നടക്കുന്നത്.

(3) ഒന്നാം പ്രാവശ്യത്തെ ത്വലാഖിനെ തുടർന്നുള്ള ഇദ്ദ അവസാനിക്കുന്നത്വരെ മടക്കി എടുക്കാത്ത പക്ഷം അവൾക്ക് വേറെ വിവാഹം കഴിക്കാം. വിവാഹമോചനം നടത്തിയ ആദ്യത്തെ ഭർത്താവിന് തന്നെ, പരസ്പരം ഇഷ്ടമാണെങ്കിൽ അവളെ വിവാഹം കഴിക്കാവുന്നതാണ്.

(4) രണ്ടാം പ്രാവശ്യം ത്വലാഖ് നടത്തിയാലുള്ള വിധിയും മേൽപറഞ്ഞപോലെ തന്നെ.

(5) മൂന്നാം പ്രാവശ്യത്തെ ത്വലാഖിന് ശേഷം മടക്കിയെടുക്കണമെങ്കിൽ, മറ്റൊരാൾ അവളെ വിവാഹം കഴിക്കുകയും അവൻ അവളെ വിവാഹമോചനം നടത്തി ഇദ്ദ കഴിയുകയും ചെയ്യണം. എന്നിട്ടേ വീണ്ടും വിവാഹം കഴിക്കാൻ പാടുള്ളൂ.

(രണ്ട്) "നിങ്ങൾ അവർക്ക് കൊടുത്തിട്ടുള്ളതിൽ നിന്ന് യാതൊന്നും തിരിച്ച് മേടിക്കാൻ നിങ്ങൾക്ക് പാടില്ല"-മഹറായി നല്കപ്പെട്ട ധനമോ, അതിന്റെ ഒരു ഭാഗമൊ ത്വലാഖ് സമയത്തു തിരിച്ചുവാങ്ങാൻ പാടില്ല. സംഭാവനയായി വല്ലതും നല്കപ്പെട്ടിട്ടുണ്ടെങ്കിൽ അതും തിരിച്ച് വാങ്ങാവതല്ല. ഒരിക്കൽ ദാനമായി കൊടുത്തതിനെ പിന്നീട് തിരിച്ചുവാങ്ങുന്നത് ഛർദ്ദിച്ച വസ്തുവെ വീണ്ടും തിന്നുന്ന നായയുടെ സ്വഭാവമാണ് എന്നത്രേ നബിവചനം. എങ്കിലും അവൾ സ്വമനസ്സാലെ വല്ലതും വിട്ടുകൊടുക്കുന്ന പക്ഷം അത് സ്വീകരിക്കാവുന്നതാണ് (നിസാഉ്:4)

(മൂന്ന്) "എനി അവർ രണ്ടുപേരും അല്ലാഹുവിന്റെ നിയമാതിർത്തികളെ നിലനിർത്തുകയില്ലെന്ന് നിങ്ങൾ ഭയപ്പെട്ടാൽ, അപ്പോൾ അവൾ ഏതൊന്ന് കൊടുത്തുകൊണ്ട് സ്വയം മോചിതയാകുന്നുവോ അതിൽ രണ്ടുപേർക്കും തെറ്റില്ല" - രണ്ടുപേരും തമ്മിൽ യോജിച്ചുപോവുകയില്ലെന്ന ഘട്ടത്തിൽ അവൾക്ക് അവനിൽ നിന്ന് മോചനം സിദ്ധിക്കണമെന്ന് ആവശ്യമുണ്ടാകുകയും ചെയ്യുന്ന പക്ഷം വിവാഹ മോചനത്തിന് അവൾ പ്രതിഫലം കൊടുക്കാൻ നിശ്ചയിക്കുകയും അവനത് സ്വീകരിച്ചുകൊണ്ട് വിവാഹമോചനം നല്കുകയും ചെയ്യുന്നതിന് വിരോധമില്ല. ഇങ്ങനെ പതിഫലം നിശ്ചയിച്ച് കൊണ്ടുള്ള വിവാഹമോചനത്തിന് 'ഖുൽഅ്' എന്ന് പറയപ്പെടുന്നു. (ഉരിയുക, അഴിച്ച്വെക്കുക എന്ന് വാക്കർത്ഥം).

ഇരുകൂട്ടരും ഒന്നിച്ചു തീരുമാനിക്കുന്ന ഏത് തുകയും 'ഖുൽഇ'ൽ പ്രതിഫലമായി നിശ്ചയിക്കുന്നതിന് വിരോധമില്ല എന്നത്രെ ഭൂരിപക്ഷ പണ്ഡിതാഭിപ്രായം.

'ഖുൽഅ്' നടന്നാൽ പിന്നെ, അതിനെ തുടർന്നുള്ള ഇദ്ദ വേളയിൽ മടക്കി എടുക്കുവാനുള്ള ഭർത്താവിന്റെ അവകാശം നഷ്ടപ്പെടുന്നതാകുന്നു.

(നാല്) "എനി, അവൻ അവളെ വിവാഹമോചനം നടത്തിയെങ്കിൽ, അവനല്ലാത്ത ഒരു ഭർത്താവിനെ അവൾ വിവാഹം കഴിക്കുന്നത് വരെ എനി അവൾ അവന് അനുവദനീയമാകുകയില്ല. എന്നിട്ട് രണ്ടാമത്തെവൻ അവളെ വിവാഹമോചനം നടത്തുന്നപക്ഷം അവർ രണ്ടുപേരും അന്യോന്യം മടങ്ങി വരുന്നതിന് തെറ്റില്ല":

മുമ്പു രണ്ടുവട്ടം ത്വലാഖ് കഴിഞ്ഞതിനുശേഷം മൂന്നാമതും ത്വലാഖ് നടത്തിയാൽ മറ്റൊരു പുരുഷൻ അവളെ വിവാഹം കഴിക്കുകയും അവൻ അവളെ വിവാഹമോചനം നടത്തുകയും അതിന്റെ നിയമപ്രകാരമുള്ള ഇദ്ദ കഴിയുകയും ചെയ്താൽ മാത്രമെ പിന്നീട് ആദ്യ ഭർത്താവിന് അവളെ വിവാഹം കഴിക്കാൻ പാടുള്ളൂ. ആ വിവാഹമോചനവും വിവാഹവും സാധാരണ നിലയിലുള്ള വിവാഹമായിരിക്കണം. ആദ്യ ഭർത്താവിന്റെ നിർബന്ധ പ്രകാരമോ ആവശ്യപ്രകാരമോ ആയിരിക്കരുത്.

"അല്ലാഹുവിന്റെ അതിർത്തികളെ തങ്ങൾ നിലനിർത്തിയേക്കുമെന്ന് രണ്ടുപേരും കരുതിയാൽ" എന്ന

വചനത്തിൽ നിന്നും മൂന്ന് പ്രാവശ്യം തെറ്റിപ്പിരിഞ്ഞ അവർ വീണ്ടും വിവാഹിതരാകാൻ തീരുമാനിച്ചാൽ അല്ലാഹുവിന്റെ നിയമ പരിധിക്കുള്ളിൽ ഒതുങ്ങിനിന്ന് രഞ്ജിപ്പോടെ കഴിഞ്ഞുകൂടുമെന്നുള്ള തീരുമാനം രണ്ടുപേർക്കും ഉണ്ടായിരിക്കണം എന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. അങ്ങനെയല്ലെങ്കിൽ നിയമദൃഷ്ട്യാ അവരുടെ വിവാഹം സാധുവായേക്കുമെങ്കിലും അവർ അല്ലാഹുവിന്റെ മുമ്പിൽ കുറ്റക്കാരായിരിക്കും.

തക്കതായ കാരണം കൂടാതെ രണ്ടും മൂന്നുമൊക്കെ ത്വലാഖുകൾ ഒറ്റയടിക്ക് നടത്തുകയും പിന്നെ, വീണ്ടുവിചാരമുണ്ടാകമ്പോൾ, ചില പണ്ഡിത വിഭാഗങ്ങളുടെ ഒത്താശയോടെ, വല്ല വങ്കന്മാരെയും പ്രതിഫലം കൊടുത്തോ മറ്റോ, ഒരു നാമമാത്ര വിവാഹം ബാഹ്യത്തിൽ നടത്തിച്ച് അടുത്ത അവസരത്തിൽ തന്നെ, അവരെക്കൊണ്ട് വിവാഹമോചനം ചെയ്യിക്കുന്ന "ചടങ്ങ് നിൽക്കുക" എന്ന അത്യന്തം നീചമായ ഒരു തോന്നിയവാസം നമ്മുടെ സമുദായത്തിൽ കണ്ടുവരുന്നുണ്ട്. അല്ലാഹുവിന്റെ നിയമത്തെ അവഗണിച്ചു കൊണ്ട് അതിനെ കേവലം ഒരു ചടങ്ങാക്കിക്കൊണ്ടുള്ള ഈ നടപടിയെക്കുറിച്ചുള്ള നബിവചനം ഓർമ്മിപ്പിക്കുന്നത് അത്തരക്കാർക്ക് ഒരു താക്കീതായിരിക്കും.

"വായ്പ വാങ്ങിയ കൂറ്റനെപ്പറ്റി ഞാൻ നിങ്ങൾക്ക് അറിയിച്ച് തരട്ടെയോ? അത് ചടങ്ങ് നില്ക്കുന്നവനാണ്. ചടങ്ങ് നില്ക്കുന്നവനെയും, ആർക്ക് വേണ്ടി ചടങ്ങ് നില്ക്കുന്നുവോ, അവനെയും അല്ലാഹു ശപിക്കട്ടെ."

ഈ വചനങ്ങളിലടങ്ങിയ വിധിവിലക്കുകളെല്ലാം, അല്ലാഹുവിന്റെ നിയമാതിർത്തികളാണെന്ന് ആവർത്തിച്ച് പറഞ്ഞതിന്ശേഷം, ആ അതിർത്തികൾ ലംഘിക്കുന്നവർ അല്ലാഹുവിന്റെ ശിക്ഷക്കും കോപശാപത്തിനും പാത്രീഭൂതരായിത്തീരുമെന്നു, അല്ലാഹു ശക്തമായി താക്കീത് ചെയ്തിരിക്കുന്നു.

ആയത്തിൽ വിവരിച്ച പ്രകാരം ഓരോ ത്വലാഖും വെവ്വേറെ പ്രാവശ്യത്തിലായിരിക്കുന്നതാണ് ത്വലാഖിന്റെ സാക്ഷാൽ രൂപമെന്ന നിർദ്ദേശത്തിന് വിരുദ്ധമായി ഒരേസമയത്ത് തന്നെ ഒറ്റയടിക്ക് മൂന്ന് ത്വലാഖും ഒന്നിച്ച് ഒരാൾ നടത്തിയാൽ അതെങ്ങനെ നടപ്പിൽ വരുത്താം എന്നതിനെക്കുറിച്ച് പ്രധാനമായും നാലു വ്യത്യസ്ത അഭിപ്രായങ്ങളാണ് പണ്ഡിതർക്കിടയിലുള്ളത്.

(1) ഒന്ന് പോലും സാധുവാകുകയില്ല. കാരണം അത് ബിദ്അത്തായ ത്വലാഖാകുന്നു.

(2) ഒന്ന് മാത്രം സാധുവാകും. ബാക്കി രണ്ടും നിരർത്ഥകമായിരിക്കും. തെളിവിന്റെ പിൻബലം കൂടുതൽ ഈ അഭിപ്രായത്തിനാകുന്നു.

(3) മൂന്നും സാധുവാകും. പിന്നീട് മടക്കിയെടുക്കണമെങ്കിൽ മറ്റൊരാൾ വിവാഹം കഴിച്ച് ത്വലാഖും,ഇദ്ദയും കഴിഞ്ഞിരിക്കണം. മുൻകാലത്തും പിൽക്കാലത്തുമുള്ള പല പണ്ഡിതന്മാരുടെയും പ്രധാന മദ്ഹബുകളിലെയും അഭിപ്രായം ഇതാകുന്നു.

(4) ഭർത്താവും ഭാര്യയും തമ്മിൽ സംയോഗം നടന്നിട്ടുണ്ടെങ്കിൽ മൂന്നും സാധുവാകും. ഇല്ലാത്ത പക്ഷം ഒന്നേ സാധുവാകുകയുള്ളൂ.

ഇതാണാ വ്യത്യസ്ത അഭിപ്രായങ്ങളുടെ ചുരുക്കം.

**വചനം 231**

وَإِذَا طَلَّقْتُمُ ٱلنِّسَآءَ فَبَلَغْنَ أَجَلَهُنَّ فَأَمْسِكُوهُنَّ بِمَعْرُوفٍ أَوْ سَرِّحُوهُنَّ بِمَعْرُوفٍ ۚ وَلَا تُمْسِكُوهُنَّ ضِرَارًا لِّتَعْتَدُوا۟ ۚ وَمَن يَفْعَلْ ذَٰلِكَ فَقَدْ ظَلَمَ نَفْسَهُۥ ۚ وَلَا تَتَّخِذُوٓا۟ ءَايَٰتِ ٱللَّهِ هُزُوًا ۚ وَٱذْكُرُوا۟ نِعْمَتَ ٱللَّهِ عَلَيْكُمْ وَمَآ أَنزَلَ عَلَيْكُم مِّنَ ٱلْكِتَٰبِ وَٱلْحِكْمَةِ يَعِظُكُم بِهِۦ ۚ وَٱتَّقُوا۟

231 നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്തിട്ട് അവർ അവരുടെ (ഇദ്ദയുടെ) അവധി പ്രാപിച്ചാൽ, അവരെ നിങ്ങൾ (ആചാര) മര്യാദയനുസരിച്ചു വെച്ചുകൊണ്ടിരിക്കുവിൻ; അല്ലെങ്കിൽ (ആചാര) മര്യാദയനുസരിച്ച് അവരെ പിരിച്ചുവിടുവിൻ. നിങ്ങൾ അതിരു വിട്ടുപോകുമാറ് ദ്രോഹമുണ്ടാക്കുവാനായിട്ട് അവരെ നിങ്ങൾ പിടിച്ചുവെക്കുകയും ചെയ്യരുത്. ആരെങ്കിലും അത് ചെയ്യുന്നപക്ഷം, അവൻ അവനോട് തന്നെ അക്രമം പ്രവർത്തിക്കുകയാണ് ചെയ്തത്. അല്ലാഹുവിൻെറ ആയത്തു (വചനം)കളെ നിങ്ങൾ പരിഹാസ്യമാക്കിത്തീർക്കരുത്, നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹം നിങ്ങൾ ഓർമ്മിക്കുകയും ചെയ്യണം; വേദഗ്രന്ഥത്തിൽ

ٱللَّهَ وَٱعۡلَمُوٓاْ أَنَّ ٱللَّهَ بِكُلِّ شَيۡءٍ عَلِيمٞ ٢٣١

നിന്നും, വിജ്ഞാനത്തിൽനിന്നുമായി നിങ്ങൾക്ക് സദുപദേശം നൽകിക്കൊണ്ട് അവൻ നിങ്ങൾക്ക് ഇറക്കിത്തന്നിട്ടുള്ളതും(ഓർക്കുവിൻ). നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും അറിയുന്നവനാണെന്ന് അറിഞ്ഞുകൊള്ളുകയും ചെയ്യുവിൻ.

ത്വലാഖിനെ തുടർന്ന് ഇദ്ദയുടെ കാലാവധി അവസാനിക്കാറാകുമ്പോൾ, രണ്ടിലൊന്ന് അനിർവാര്യമായിത്തീരുന്നു-ഒന്നുകിൽ അവളെ വിവാഹബന്ധത്തിലേക്ക് മടക്കി എടുക്കുക, അല്ലെങ്കിൽ പിരിച്ചുവിടുക. രണ്ടിൽ ഏതു സ്വീകരിച്ചാലും അത് നീതിയും മര്യാദയും അനുസരിച്ചായിരിക്കണം. ദുരുദ്ദേശ്യത്തോടെയോ ഉപദ്രവം ഉണ്ടാകുന്ന തരത്തിലോ ആയിക്കൂടാ. പരിതസ്ഥിതികളും ചുറ്റുപാടുകളും കണക്കിലെടുത്തുകൊണ്ട് ഏതിലാണ് ഇരുവർക്കം നൻമയെന്നും ഏതാണ് കരണീയമെന്നും കണക്കിലെടുത്തുകൊണ്ടുവേണം രണ്ടിലൊന്നു തീരുമാനിക്കാൻ. ത്വലാഖ് ചെയ്യുകയും പിന്നെ മടക്കി എടുക്കുകയും പിന്നെ നിസ്സാരകാര്യങ്ങൾക്ക് ഇത് ആവർത്തിക്കുകയും ചെയ്തുകൊണ്ട് അവളെ കഷ്ടപ്പെടുത്തുന്നതിനെ "അതിരു വിട്ടുപോകുമാറ് ദ്രോഹമുണ്ടാക്കാനായിട്ട് അവരെ നിങ്ങൾ പിടിച്ച് വെക്കരുത്." എന്ന നിർദ്ദേശത്തിലൂടെ അല്ലാഹു താക്കീത് ചെയ്യുന്നു. അങ്ങനെ ചെയ്യുന്നത് അവനവനോടു തന്നെ ചെയ്യുന്ന അക്രമമാണെന്നും അല്ലാഹുവിന്റെ വചനങ്ങളെ പരിഹസിക്കുന്നതിന് തുല്യമാണെന്നും അവന്റെ അനുഗ്രഹങ്ങളോടും സദുപദേശങ്ങളോടും കാണിക്കുന്ന നന്ദികേടാണെന്നും അല്ലാഹു ഓർമ്മിപ്പിക്കുന്നു. അല്ലാഹുവിനെ സൂക്ഷിക്കണമെന്നും അവൻ എല്ലാ രഹസ്യപരസ്യങ്ങളും അറിയുന്നവനാണെന്നും അല്ലാഹു വീണ്ടും ഓർമ്മപ്പെടുത്തുന്നു.

ഈ വിഷയത്തിന് അല്ലാഹു നല്കിയിട്ടുള്ള ഗൗരവം കണക്കിലെടുക്കുമ്പോൾ ഇന്നത്തെ മുസ്‌ലിം സമുദായം ഇക്കാര്യത്തിൽ അവലംബിച്ച് വരുന്ന സമ്പ്രദായം വിശ്വാസികൾക്ക് അതിയായ മനപ്രയാസം ഉണ്ടാക്കുന്നതത്രേ. മറ്റുള്ള സമുദായങ്ങളുടെയിടയിൽ ഇസ്‌ലാമിക നിയമങ്ങളെ പരിഹാസപാത്രമാക്കുന്നതിന് ഇന്നത്തെ പല സമ്പ്രദായങ്ങളും ഇടയാക്കുന്നുണ്ടെന്നുള്ളത് അത്യധികം ഖേദകരം തന്നെ.

## വിഭാഗം 30

**വചനം 232**

وَإِذَا طَلَّقۡتُمُ ٱلنِّسَآءَ فَبَلَغۡنَ أَجَلَهُنَّ فَلَا تَعۡضُلُوهُنَّ أَن يَنكِحۡنَ أَزۡوَٰجَهُنَّ إِذَا تَرَٰضَوۡاْ بَيۡنَهُم بِٱلۡمَعۡرُوفِۗ ذَٰلِكَ يُوعَظُ بِهِۦ مَن كَانَ مِنكُمۡ يُؤۡمِنُ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِۗ ذَٰلِكُمۡ أَزۡكَىٰ لَكُمۡ وَأَطۡهَرُۚ وَٱللَّهُ يَعۡلَمُ وَأَنتُمۡ لَا تَعۡلَمُونَ ٢٣٢

232)നിങ്ങൾ സ്ത്രീകളെ ത്വലാഖ് (വിവാഹമോചനം) നടത്തിയിട്ട് അവർ അവരുടെ (ഇദ്ദയുടെ) അവധി പ്രാപിച്ചാൽ, അവർ അവരുടെ ഭർത്താക്കളെ-തങ്ങൾക്കിടയിൽ (സദാചാര) മര്യാദപ്രകാരം അവർ പരസ്പരം തൃപ്തിപ്പെട്ടാൽ-വിവാഹം ചെയ്യുന്നതിൽ നിന്ന് നിങ്ങളവരെ മുടക്കിയിടരുത്. ഇത് (ഈ കൽപന) മൂലം, നിങ്ങളിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചുവരുന്നവർക്ക് സദുപദേശം നൽകപ്പെടുകയാണ്. അത് നിങ്ങൾക്ക് ഏറ്റം സംശുദ്ധമായതും, ഏറ്റം വൃത്തിയായതുമാകുന്നു. അല്ലാഹുവിന്നറിയാം; നിങ്ങൾക്ക് അറിഞ്ഞുകൂടാ.

ഇദ്ദകാലത്ത് മടക്കി എടുക്കപ്പെട്ടിട്ടില്ലാത്ത സ്ത്രീക്ക് സദാചാര മര്യാദകളെ അതിലംഘിക്കാത്തവിധം പരസ്പരം തൃപ്തിപ്പെട്ട ഭർത്താക്കളെ സ്വീകരിക്കുന്നതിന് തടസ്സമുണ്ടാക്കി മുടക്കിയിടരുതെന്ന് വിവാഹമോചനം നടത്തിയ ഭർത്താക്കളെയും വിവാഹമോചനം നടത്തപെട്ട സ്ത്രീകളുടെ കൈകാര്യ കർത്താക്കളെയും അല്ലാഹു ഉപദേശിക്കുന്നു. പൂർവ്വ വൈരാഗ്യം, ദുർവാശി, പ്രതികാരമനസ്ഥിതി എന്നീ കാരണങ്ങളാൽ വിവാഹമോചനം നടത്തിയ ഭർത്താക്കളും സ്ത്രീകളുടെ കൈകാര്യകർത്താക്കളും സ്ത്രീകളെ വിഷമിപ്പിക്കുന്ന സംഭവങ്ങൾ സാധാരണമാണ്. അല്ലാഹു അവർക്ക് താക്കീത് നല്കുന്നു. "നിങ്ങളിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ച് വരുന്നവർക്ക് സദുപദേശം, ഈ കല്പനയിലൂടെ നല്കപ്പെടുകയാണ്. അതാണ് നിങ്ങൾക്ക് ഏറ്റവും സംശുദ്ധമായതും, വെടുപ്പുള്ളതും. "അല്ലാഹുവിന് എല്ലാം അറിയാം, നിങ്ങൾക്ക് അറിഞ്ഞുകൂടാ"

**വചനം 233**

۞ وَٱلْوَٰلِدَٰتُ يُرْضِعْنَ أَوْلَٰدَهُنَّ حَوْلَيْنِ
كَامِلَيْنِ ۖ لِمَنْ أَرَادَ أَن يُتِمَّ ٱلرَّضَاعَةَ ۚ وَعَلَى
ٱلْمَوْلُودِ لَهُۥ رِزْقُهُنَّ وَكِسْوَتُهُنَّ بِٱلْمَعْرُوفِ ۚ لَا
تُكَلَّفُ نَفْسٌ إِلَّا وُسْعَهَا ۚ لَا تُضَآرَّ وَٰلِدَةٌۢ
بِوَلَدِهَا وَلَا مَوْلُودٌ لَّهُۥ بِوَلَدِهِۦ ۚ وَعَلَى
ٱلْوَارِثِ مِثْلُ ذَٰلِكَ ۗ فَإِنْ أَرَادَا فِصَالًا عَن
تَرَاضٍ مِّنْهُمَا وَتَشَاوُرٍ فَلَا جُنَاحَ عَلَيْهِمَا ۗ
وَإِنْ أَرَدتُّمْ أَن تَسْتَرْضِعُوٓا۟ أَوْلَٰدَكُمْ فَلَا
جُنَاحَ عَلَيْكُمْ إِذَا سَلَّمْتُم مَّآ ءَاتَيْتُم
بِٱلْمَعْرُوفِ ۗ وَٱتَّقُوا۟ ٱللَّهَ وَٱعْلَمُوٓا۟ أَنَّ ٱللَّهَ بِمَا
تَعْمَلُونَ بَصِيرٌ ﴿٢٣٣﴾

233)മാതാക്കൾ അവരുടെ സന്താനങ്ങൾക്ക് പൂർണ്ണമായ രണ്ടുകൊല്ലം മുലകൊടുക്കണം; (ഇത്) മുലകുടി(ക്കാലം) പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നവർക്കുള്ളതത്രെ. യാതൊരുവന്നു(സന്താനം) ജനിച്ചിരിക്കുന്നുവോ അവന്റെ മേലാണ്(ആചാര)മര്യാദയനുസരിച്ച് അവരുടെ (മുലകൊടുക്കുന്നവരുടെ) ആഹാരവും, വസ്ത്രങ്ങളും (ബാധ്യത) ഉള്ളത്. ഒരു ദേഹത്തോടും അതിന്റെ കഴിവ് (അനുസരിച്ച്) അല്ലാതെ ശാസിക്കപ്പെടുകയില്ല. ഒരു മാതാവ് അവളുടെ സന്താനം നിമിത്തമാകട്ടെ, യാതൊരുവന്നു (സന്താനം) ജനിച്ചുവോ അവൻ അവന്റെ സന്താനം നിമിത്തമാകട്ടെ, ദ്രോഹം ചെയ്യപ്പെട്ടുകൂടാ. അനന്തരാവകാശിയായുള്ളവന്റെ മേലും അതുപോലെ(ബാധ്യത)യുണ്ട്. ഇനി, അവർ രണ്ടാളിൽ നിന്നുമുള്ള പരസ്പര തൃപ്തിയോടെയും, കൂടിയാലോചനയോടെയും (മുലകുടി) പിരിക്കുവാൻ അവർ രണ്ടാളും ഉദ്ദേശിച്ചുവെങ്കിൽ, അപ്പോൾ, രണ്ടാളുടെ മേലും (അതിൽ) തെറ്റില്ല. നിങ്ങളുടെ സന്താനങ്ങൾക്ക് (മറ്റൊരുവൾ മുഖേന) മുലകൊടുപ്പിക്കുവാൻ നിങ്ങൾ ഉദ്ദേശിച്ചുവെങ്കിൽ, – അപ്പോൾ (അതിനും) നിങ്ങളുടെ മേൽ തെറ്റില്ല; – നിങ്ങൾ കൊടുക്കുന്നത് (ആചാര)മര്യാദപ്രകാരം നിങ്ങൾ ഏൽപിച്ചുകൊടുത്താൽ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാണെന്ന് അറിഞ്ഞുകൊള്ളുകയും ചെയ്യുവീൻ.

---

ഈ വചനത്തിൽ ശിശുക്കളുടെ മുലകുടി സംബന്ധമായി ചില കാര്യങ്ങൾ അല്ലാഹു വിശദീകരിക്കുന്നു.

(1) കുട്ടികളുടെ മാതാക്കളാണ് അവർക്ക് മുലകൊടുക്കേണ്ടത്. അവരാണ് മുലകൊടുക്കുവാൻ ബാദ്ധ്യസ്ഥരും അവകാശപ്പെട്ടവരും.

(2) പൂർണ്ണമായ രണ്ടു കൊല്ലമാണ് മുലകുടിയുടെ കാലം. നാലുമാസം കഴിയുമ്പോൾ മറ്റ് ഭക്ഷണങ്ങൾ കൊടുത്ത് തുടങ്ങാമെങ്കിലും മുലകുടി രണ്ടുവർഷം പൂർത്തിയാകുന്നത് വരെ തുടരണം.

മുലകുടിയുടെ കാലം രണ്ട് കൊല്ലമായി നിശ്ചയിക്കപ്പെട്ടതിൽ താഴെ കാണുന്ന വസ്തുതകൾ അടങ്ങിയിരിക്കുന്നു.

(ഒന്ന്) രണ്ട് കൊല്ലത്തിലധികം, മാതാവ് മുല കൊടുക്കുകയോ, പിതാവ് അതിനുവേണ്ട ചിലവ് വഹിക്കുകയോ ചെയ്യേണ്ടതില്ല. രണ്ട്കൊല്ലം തികയുന്നതിന് മുമ്പ് പ്രത്യേക കാരണം കൂടാതെ രണ്ടാൾക്കും അവരവരുടെ ബാധ്യതയിൽ നിന്നും ഒഴിഞ്ഞുമാറാവുന്നതല്ല.

(രണ്ട്) മാതാവല്ലാത്ത മറ്റ് വല്ല സ്ത്രീയുമാണ് മുല കൊടുക്കുന്നതെങ്കിൽ ആ കുട്ടിയും അവളുമായി ഒരു മാതൃബന്ധവും കുടുംബബന്ധവും ഉണ്ടായിത്തീരുന്നു. ഈ മുലകുടി ബന്ധം സ്ഥാപിതമാകുന്നത് കുട്ടികൾക്ക് രണ്ട് വയസ്സ് തികയും മുമ്പായി മുലകുടിക്കുമ്പോൾ മാത്രമായിരിക്കുമെന്നും പിന്നീട് മുലകുടിക്കുന്നത്കൊണ്ട് ഈ ബന്ധം സ്ഥാപിതമാകുകയില്ലെന്നും ഹദീസിന്റെ പിൻബലത്തോടെ ഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു.

(3) മുല കൊടുക്കുന്ന മാതാവിന് ഭക്ഷണത്തിനും വസ്ത്രത്തിനുമുള്ള വക നല്കാൻ കുട്ടിയുടെ പിതാവ് ബാധ്യസ്ഥനാണ്. രണ്ടുപേരും വിവാഹബന്ധത്തിലുള്ളപ്പോൾ, കുട്ടി മുല കുടിക്കുവാനില്ലെങ്കിലും അത് ഭർത്താവിന്റെ കടമയാകുന്നു. വിവാഹബന്ധം നിലവിലില്ലാത്തപ്പോൾ അവൾക്ക് നല്കേണ്ട ഒരു ആനുകൂല്യവും അവകാശവുമാണത്.

(4) ഭക്ഷണത്തിനും വസ്ത്രത്തിനും നല്കപ്പെടേണ്ടുന്ന തുകയോ അളവോ നിർണ്ണയിക്കപ്പെട്ടിട്ടില്ല. രണ്ട് കൂട്ടരുടെയും കഴിവ്, ജീവിതമാർഗ്ഗം, ജീവിതനില, കുടുംബനില എന്നിവയനുസരിച്ച് ഇത് വ്യത്യാസപ്പെടാവുന്നതാണ്. തമ്മിൽ തർക്കം നേരിടുന്നപക്ഷം, മദ്ധ്യസ്ഥന്മാർക്ക് നിർണ്ണയിക്കാവുന്നതാണ്.

(5) കഴിവിനപ്പുറം നല്കാൻ പിതാവിനോടോ, അത്യാവശ്യത്തിൽ കുറഞ്ഞത്കൊണ്ട് മതിയാക്കുവാൻ മാതാവിനോടോ നിർബന്ധിക്കുവാൻ പാടില്ലാത്തതാകുന്നു.

(6) തുകയുടെ കാര്യത്തിൽ മാത്രമല്ല മറ്റുള്ള കാര്യങ്ങളിലും കുട്ടിയുടെ മാതാവിനോ പിതാവിനോ ഉപദ്രവം ഉണ്ടാക്കാവതല്ല. കുട്ടിയെ തനിക്ക് വിട്ടുകിട്ടാതെ, അല്ലെങ്കിൽ ചെലവിനുള്ള വക നല്കപ്പെടാതെ, അല്ലെങ്കിൽ തനിക്ക് വിവാഹത്തിലേർപ്പെടാൻ നിവർത്തിയില്ലാതെ എന്നിങ്ങനെയുള്ള ബുദ്ധിമുട്ടുകളൊന്നും കുട്ടിമൂലം മാതാവിന് വരുത്താൻ പാടില്ല. കുട്ടിയെ ഏറ്റുവാങ്ങാതെ, കഴിവിൽ കവിഞ്ഞ തുക ആവശ്യപ്പെട്ടുകൊണ്ട്, കുട്ടിയെ കാണുവാൻ പോലും അനുവദിക്കാതെ, എന്നിങ്ങനെയുള്ള ബുദ്ധിമുട്ടുകളൊന്നും പിതാവിനും വരുത്താൻ പാടില്ല.

(7) അനന്തരാവകാശികൾക്കും അത് പോലെയുള്ള ബാദ്ധ്യതയുണ്ട്. (وعلى الوارث مثل ذالك) ഈ വാക്യത്തിന്റെ അർത്ഥ വ്യാഖ്യാനങ്ങളിൽ ഒന്നിലധികം അഭിപ്രായങ്ങൾ കാണാവുന്നതാണ്. ഈ ഒരൊറ്റ ചെറുവാക്യത്തിൽനിന്ന് ശാഖോപശാഖകളായി പല കാര്യങ്ങളും കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. ഒരുകാര്യം സംശയമില്ലാതെ പറയാം: പിതാവോ മാതാവോ ജീവിച്ചിരിപ്പില്ലെങ്കിൽ, അല്ലെങ്കിൽ രോഗം കൊണ്ടോ മറ്റോ ജീവിച്ചിരിപ്പില്ലാത്ത ഫലത്തിലാണെങ്കിൽ, ഈരുകൂട്ടരുടെയും ബന്ധപ്പെട്ടവർ കുട്ടിയുടെ കാര്യത്തിൽ വേണ്ടത് ചെയ്യേണ്ടതുണ്ട്.

(8) കുട്ടിയുടെ മുലകുടി കാലം ചില പ്രത്യേക പരിതസ്ഥിതികളിൽ മാതാപിതാക്കൾ തമ്മിൽ കൂടിയാലോചിച്ച് രണ്ട്ഭാഗത്ത് നിന്നുമുള്ള പൂർണ്ണ സമ്മതത്തോടെ, രണ്ട് കൊല്ലത്തിന് മുമ്പ് തന്നെ നിർത്തണമെന്ന് തീരുമാനിക്കുന്നതിന് വിരോധമില്ല. കുട്ടിയുടെ നന്മ കൂടി കണക്കിലെടുത്ത് കൊണ്ടേ ആ തീരുമാനമുണ്ടാകൽ പാടുള്ളൂ.

(9) കുട്ടിയുടെ നന്മയോ, മാതാവിന്റെ വിഷമതയോ, പിതാവിന്റെ പരിതസ്ഥിതികളോ പരിഗണിച്ച് മാതാവല്ലാത്ത മറ്റു വല്ല സ്ത്രീകളെയും കുട്ടിക്ക് മുലകൊടുത്ത് വളർത്താൻ മാതാവിന്റെയും പിതാവിന്റെയും സമ്മതത്തോടെ ഏല്പിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ഇവിടെ അല്ലാഹു വേറെ പ്രത്യേക ഉപാധികളൊന്നും പറഞ്ഞുകാണുന്നില്ല.

(10) കുട്ടിക്ക് മുലകൊടുക്കുന്ന സ്ത്രീക്ക് സാധാരണ, ആചാരമര്യാദയനുസരിച്ചുള്ള വേതനം നൽകേണ്ടതാണ്.

മേൽ പറഞ്ഞ കാര്യങ്ങളൊക്കെ ശരിക്ക് പാലിച്ചുകൊണ്ട് അല്ലാഹുവിനെ സൂക്ഷിക്കണമെന്നും അവൻ എല്ലാം കണ്ടറിയുന്നവനാണെന്നും അല്ലാഹു തുടർന്ന് ഓർമ്മിപ്പിക്കുന്നു.

**വചനം 234**

وَٱلَّذِينَ يُتَوَفَّوْنَ مِنكُمْ وَيَذَرُونَ أَزْوَٰجًا يَتَرَبَّصْنَ بِأَنفُسِهِنَّ أَرْبَعَةَ أَشْهُرٍ وَعَشْرًا ۖ فَإِذَا بَلَغْنَ أَجَلَهُنَّ فَلَا جُنَاحَ عَلَيْكُمْ فِيمَا فَعَلْنَ فِىٓ أَنفُسِهِنَّ بِٱلْمَعْرُوفِ ۗ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿٢٣٤﴾

234)നിങ്ങളിൽ നിന്ന് യാതൊരുകൂട്ടർ മരിക്കുകയും ഭാര്യമാരെ വിട്ടേച്ചുപോവുകയും ചെയ്യുന്നുവോ- (അവരുടെ ശേഷം) അവർ (ആ ഭാര്യമാർ) അവരുടെ ദേഹങ്ങളുമായി നാലുമാസവും ഒരു പത്തും (പത്തുദിവസവും) കാത്തിരിക്കണം. എന്നിട്ട്, അവർ തങ്ങളുടെ അവധി പ്രാപിച്ചാൽ;- അപ്പോൾ, അവർ തങ്ങളുടെ ദേഹങ്ങളുടെ കാര്യത്തിൽ (ആചാര) മര്യാദയനുസരിച്ച് ചെയ്യുന്നതിൽ നിങ്ങളുടെ മേൽ തെറ്റില്ല. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

ഭർത്താക്കൾ കാലഗതി പ്രാപിക്കുമ്പോൾ, അവരുടെ ഭാര്യമാർ, നാല്മാസവും പത്ത് ദിവസവും ഇദ്ദ ആചരിക്കേണ്ടതുണ്ട്. ഈ കാലത്ത് വിവാഹവും വിവാഹാലോചനയും സൗന്ദര്യാലങ്കാരങ്ങളും വിരോധിക്കപ്പെട്ടിരിക്കുന്നു. ഇദ്ദ കഴിഞ്ഞാൽ സദാചാര മര്യാദകൾക്കനുസൃതമായി അവർക്ക് അവരുടെ വിവാഹമടക്കമുള്ള ഭാവികാര്യങ്ങൾ തീരുമാനിക്കാവുന്നതാണ്.

എന്നാൽ ഗർഭിണികളുടെ ഇദ്ദകാലം അവർ പ്രസവിക്കുന്നതുവരെയാണെന്ന് സൂ: ത്വലാഖ്: 4-ാം വചനത്തിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

വിവാഹമോചനത്തിനും ഭർത്താവിന്റെ മരണത്തിനും ശേഷം സ്ത്രീകൾ ഇദ്ദ ആചരിക്കാൻ നിർദ്ദേശിക്കപ്പെട്ടതിലെ ഒരു പ്രധാന ഉദ്ദേശം അവർക്ക് ഗർഭമുണ്ടോ എന്നറിയുകയാണ്. നാലുമാസവും പത്തു ദിവസവുമെന്ന് അല്ലാഹു കൽപിച്ചതിന്റെ രഹസ്യമെന്താണെന്ന് നമുക്ക് വെളിവാക്കപ്പെട്ടിട്ടില്ല. ഇതുപോലെ നമസ്കാരത്തിന്റെ എണ്ണം, സകാത്തിന്റെ തോത്, ചില ദിക്റുകളുടെ എണ്ണം എന്നിങ്ങനെ പലതിന്റെയും നിർണ്ണയത്തിലടങ്ങിയ യുക്തി നമുക്ക് അറിഞ്ഞുകൂടാ. അത്തരം കാര്യങ്ങളെ 'തഅബ്ബുദീ' അഥവാ ആരാധനാ പരമായ കാര്യം എന്ന് അറിയപ്പെടുന്നു.

**വചനം 235**

وَلَا جُنَاحَ عَلَيۡكُمۡ فِيمَا عَرَّضۡتُم بِهِۦ مِنۡ خِطۡبَةِ ٱلنِّسَآءِ أَوۡ أَكۡنَنتُمۡ فِيٓ أَنفُسِكُمۡۚ عَلِمَ ٱللَّهُ أَنَّكُمۡ سَتَذۡكُرُونَهُنَّ وَلَٰكِن لَّا تُوَاعِدُوهُنَّ سِرًّا إِلَّآ أَن تَقُولُواْ قَوۡلٗا مَّعۡرُوفٗاۚ وَلَا تَعۡزِمُواْ عُقۡدَةَ ٱلنِّكَاحِ حَتَّىٰ يَبۡلُغَ ٱلۡكِتَٰبُ أَجَلَهُۥۚ وَٱعۡلَمُوٓاْ أَنَّ ٱللَّهَ يَعۡلَمُ مَا فِيٓ أَنفُسِكُمۡ فَٱحۡذَرُوهُۚ وَٱعۡلَمُوٓاْ أَنَّ ٱللَّهَ غَفُورٌ حَلِيمٞ ٢٣٥

235)(ആ) സ്ത്രീകളുടെ വിവാഹാർഥന സംബന്ധിച്ച് നിങ്ങൾ (വല്ലതും) സൂചന നൽകുകയോ, അല്ലെങ്കിൽ നിങ്ങളുടെ മനസ്സുകളിൽ ഒളിച്ചുവെക്കുകയോ ചെയ്യുന്നതിൽ നിങ്ങളുടെ മേൽ തെറ്റില്ല. നിങ്ങൾ വഴിയെ അവരെ ഓർത്തേക്കുന്നതാണെന്ന് അല്ലാഹുവിന്നറിയാം. എങ്കിലും, നിങ്ങൾ അവരോട് രഹസ്യമായി (ഒരു) വാഗ്ദാനം നടത്തരുത് - നിങ്ങൾ മര്യാദയുള്ള വല്ല വാക്കും പറയുക എന്നുള്ളതല്ലാതെ. നിയമം അതിന്റെ അവധിയിലെത്തുന്നതുവരേക്കും വിവാഹ ബന്ധം നിങ്ങൾ തീർച്ചപ്പെടുത്തുകയും ചെയ്യരുത്. അല്ലാഹു നിങ്ങളുടെ മനസ്സുകളിലുള്ളത് അറിയുമെന്ന് നിങ്ങൾ അറിഞ്ഞുകൊള്ളുക. ആകയാൽ, നിങ്ങൾ അവനെ ശ്രദ്ധിച്ചു(കാത്തു) കൊള്ളുവീൻ. അല്ലാഹു വളരെ പൊറുക്കുന്നവനും, സഹനശീലനുമാണെന്ന് അറിയുകയും ചെയ്യുവീൻ.

ഭർത്താക്കളുടെ മരണത്തെതുടർന്ന് ഇദ്ദയിലിരിക്കുന്ന സ്ത്രീകളോട് വിവാഹാഭ്യർത്ഥന നടത്തുകയോ, വിവാഹ വാഗ്ദാനം നടത്തുകയോ ചെയ്യാൻ പാടില്ല. എന്നാൽ സുചനാ വാക്കുകൾ പറയുകയോ, മനസ്സിൽ ആഗ്രഹം വച്ച് കൊണ്ടിരിക്കുകയോ ചെയ്യാവുന്നതാണ്. ഈ വിഷയത്തിൽ മടക്കി എടുക്കുവാൻ സാദ്ധ്യമല്ലാത്ത നിലക്കുള്ള വിവാഹമോചനത്തെ തുടർന്ന് ഇദ്ദ ആചരിക്കുന്നവരും ഭർത്താവിന്റെ മരണശേഷം ഇദ്ദയിലിരിക്കുന്നവരും ഒരുപോലെയാകുന്നു. എന്നാൽ മടക്കി എടുക്കുവാൻ സാദ്ധ്യതയുള്ള വിവാഹമോചനത്തിന്റെ ഇദ്ദയിലിരിക്കുന്ന സ്ത്രീകളോടു മേൽപറഞ്ഞ പ്രകാരമുള്ള സൂചനപോലും പാടില്ലാത്തതാകുന്നു.

അല്ലാഹുവിന്റെ നിയമാതിർത്തികളെ കാത്തുസൂക്ഷിക്കാൻ തുടർന്ന് അല്ലാഹു താക്കീതു നൽകുന്നു.

## വിഭാഗം 31

**വചനം 236**

لَّا جُنَاحَ عَلَيۡكُمۡ إِن طَلَّقۡتُمُ ٱلنِّسَآءَ مَا لَمۡ تَمَسُّوهُنَّ أَوۡ تَفۡرِضُواْ لَهُنَّ فَرِيضَةٗۚ

236)സ്ത്രീകളെ(ഭാര്യമാരെ) നിങ്ങൾ സ്പർശിക്കുകയോ, അവർക്ക് (മഹ്റിന്റെ) ഒരു നിർണയം നിർണയിക്കുകയോ ചെയ്യാത്തപ്പോൾ, അവരെ നിങ്ങൾ വിവാഹമോചനം നടത്തിയെങ്കിൽ നിങ്ങളുടെ മേൽ തെറ്റി

وَمَتِّعُوهُنَّ عَلَى ٱلْمُوسِعِ قَدَرُهُۥ وَعَلَى ٱلْمُقْتِرِ قَدَرُهُۥ مَتَٰعًۢا بِٱلْمَعْرُوفِ ۖ حَقًّا عَلَى ٱلْمُحْسِنِينَ ﴿٢٣٦﴾

ല്ല. അവർക്ക് നിങ്ങൾ 'മുത്അത്ത്'(അനുഭവിക്കുവാനുള്ള വിഭവം) നൽകുകയും ചെയ്യണം; – നിവൃത്തിയുള്ളവന്റെ മേൽ അവന്റെ തോതും ഞെരുക്കമുള്ളവന്റെ മേൽ അവന്റെ തോതുമത്രെ(ബാധ്യത)– (ആചാര) മര്യാദയനുസരിച്ചുള്ള ഒരു വിഭവം (നൽകണം);–(അതെ), സുകൃതം ചെയ്യുന്നവരുടെ മേൽ ഒരു കടമ!

ഭാര്യമാരെ വിവാഹമോചനം നടത്തുന്നത് അനുവദനീയമാണെങ്കിലും "അനുവദനീയമായ കാര്യത്തിൽ വെച്ച് അല്ലാഹുവിന് ഏറ്റവും കോപകരമായുള്ളത് ത്വലാഖ് ആകുന്നു" എന്ന് ഹദീസ് നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഇനി, വിവാഹശേഷം, സ്ത്രീയും പുരുഷനും തമ്മിൽ സ്പർശനം അഥവാ സംയോഗം നടന്നിട്ടില്ലാതിരിക്കുകയും അവർക്ക് മഹ്ർ (വിവാഹമൂല്യം) എത്രയാണെന്ന് നിർണ്ണയിക്കപ്പെട്ട് കഴിയാതിരിക്കുകയും ആയിട്ടുള്ള സന്ദർഭത്തിൽ വിവാഹമോചനം അനിർവാര്യമായിത്തീരുന്ന പക്ഷം അത് നടത്തുന്നത് നിയമാനുസൃതം തന്നെയാണെന്നും അവൾക്ക് 'മഹ്ർ' കൊടുക്കേണ്ടതില്ലെന്നും അല്ലാഹു അറിയിക്കുന്നു.

വിവാഹമോചനം നടത്തുമ്പോൾ സ്ത്രീകൾക്ക് സമ്മാനമായി ഒരു വിഭവം (മുത്അത്ത്), അവരവരുടെ പദവിയും കഴിവുമനുസരിച്ച് നല്കണമെന്ന് കല്പിക്കപ്പെട്ടിരിക്കുന്നു. അത് എത്രയായിരിക്കണം, എന്തായിരിക്കണം എന്നൊന്നും ഖുർആനിലൊ ഹദീസിലൊ വ്യക്തമാക്കപ്പെട്ടിട്ടില്ല. അത് സുകൃതവും മാന്യവുമായ ഒരു കാര്യമാണെന്ന് പ്രോത്സാഹിപ്പിക്കപ്പെട്ടിരിക്കുന്നു. ആ സ്ത്രീകൾക്ക് ഒരു മനസ്സമാധാനവും, സന്തോഷവും ലഭിക്കത്തക്കവണ്ണം വല്ല വിഭവവും നൽകുക എന്നതാണ് 'മുത്അത്ത്'കൊണ്ടു വിവക്ഷ എന്ന് സാമാന്യമായി പറയാം.

വിവാഹത്തിന് ഒഴിച്ച്കൂടാത്ത നിർബ്ബന്ധകാര്യമായ 'മഹ്ർ'ന്റെ സംഖ്യ നിക്കാഹ് നടക്കുമ്പോൾ തന്നെ നിർണ്ണയിക്കണമെന്ന് നിർബ്ബന്ധമില്ല. വിവാഹകർമ്മത്തോടൊപ്പം തന്നെ 'മഹ്ർ' മുഴുവൻ കൊടുത്തേ തീരൂ എന്നുമില്ല. പർസപര സമ്മതപ്രകാരം സംഖ്യ പിന്നീട് നിശ്ചയിച്ചാലും അത് പിന്നീട് കൊടുത്താലും മതിയാകും.

**വചനം 237**

وَإِن طَلَّقْتُمُوهُنَّ مِن قَبْلِ أَن تَمَسُّوهُنَّ وَقَدْ فَرَضْتُمْ لَهُنَّ فَرِيضَةً فَنِصْفُ مَا فَرَضْتُمْ إِلَّآ أَن يَعْفُونَ أَوْ يَعْفُوَا۟ ٱلَّذِى بِيَدِهِۦ عُقْدَةُ ٱلنِّكَاحِ ۚ وَأَن تَعْفُوٓا۟ أَقْرَبُ لِلتَّقْوَىٰ ۚ وَلَا تَنسَوُا۟ ٱلْفَضْلَ بَيْنَكُمْ ۚ إِنَّ ٱللَّهَ بِمَا تَعْمَلُونَ بَصِيرٌ ﴿٢٣٧﴾

237)അവരെ (ഭാര്യമാരെ) സ്പർശിക്കുന്നതിനുമുമ്പായി നിങ്ങൾ അവരെ വിവാഹമോചനം ചെയ്തുവെങ്കിൽ, – നിങ്ങൾ അവർക്ക് ഒരു നിർണയം നിർണയിച്ചിട്ടുണ്ടുതാനും– എന്നാൽ, നിങ്ങൾ നിർണയം ചെയ്തിട്ടുള്ളതിന്റെ പകുതിയാണ് (കൊടുക്കേണ്ടത്); – അവർ (ആ സ്ത്രീകൾ) മാപ്പാക്കുകയോ, അല്ലെങ്കിൽ വിവാഹബന്ധം യാതൊരുവന്റെ കൈവശമാണോ അവൻ മാപ്പാക്കുകയോ ചെയ്യുന്നതായാലൊഴികെ. നിങ്ങൾ മാപ്പാക്കുന്നതാകട്ടെ, സൂക്ഷ്മത(അഥവാ ഭയഭക്തി)യിലേക്ക് കൂടുതൽ അടുത്തതുമാകുന്നു. നിങ്ങൾക്കിടയിലുള്ള ശ്രേഷ്ഠത (അല്ലെങ്കിൽ ഔദാര്യം) നിങ്ങൾ മറന്നുകളയുകയും ചെയ്യരുത്. നിശ്ചയമായും, അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാണ്.

ഭാര്യയുമായി സ്പർശനം അഥവാ സംയോഗം നടക്കുന്നതിന് മുമ്പ് അവളെ വിവാഹമോചനം ചെയ്യുന്ന സാഹചര്യമുണ്ടായാൽ, മഹ്ർ നേരത്തെ നിർണ്ണയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ നേരത്തെ നിശ്ചയിച്ച 'മഹ്റി'ന്റെ പകുതി കൊടുക്കൽ നിർബന്ധമാകുന്നു. സ്ത്രീ സ്വമനസ്സാലെ ഒഴിവാക്കിക്കൊടുക്കുന്ന പക്ഷം അത് കൊടുക്കണമെന്നില്ല. ഭർത്താവ് ഔദാര്യമായി കൊടുക്കുകയാണെങ്കിൽ പകുതിലധികമോ, മുഴുവനുമോ സ്വീകരിക്കുന്നതിന് അവൾക്ക് വിരോധവുമില്ല. വിട്ടുവീഴ്ചാ മനസ്ഥിതിയാണ് ഏതു ഭാഗത്ത് നിന്നായാലും സൂക്ഷ്മ

തക്കും ഭയഭക്തിക്കും ശ്രേഷ്ഠതക്കും അനുയോജ്യമെന്ന് അല്ലാഹു ഉണർത്തുന്നു. ഇത്തരം സന്ദർഭങ്ങളിൽ മുത്അത്തിന്റെ നിർബ്ബന്ധം ഇല്ല.

ആരെല്ലാമാണ് സൂക്ഷ്മതയും ഭയഭക്തിയുമുള്ളവർ എന്നൊക്കെ അല്ലാഹു കണ്ടറിഞ്ഞും വീക്ഷിച്ചും കൊണ്ടിരിക്കുന്നുവെന്ന് അല്ലാഹു ഓർമ്മപ്പെടുത്തുന്നു.

**വചനം 238,239**

238)(എല്ലാ) നമസ്കാരങ്ങളെയും (വിശിഷ്യാ) മധ്യ നമസ്കാരത്തെയും സംബന്ധിച്ച് നിങ്ങൾ സൂക്ഷിച്ചുപോകുവീൻ. (ഒതുക്കത്തോടുകൂടി) ഭക്തിയുള്ളവരായ നിലയിൽ അല്ലാഹുവിനു വേണ്ടി നിൽക്കുകയും ചെയ്യുവീൻ.

239)ഇനി, നിങ്ങൾ ഭയപ്പെടുന്നപക്ഷം, കാൽ നടക്കാരായിക്കൊണ്ടോ, വാഹനമേറിയവരായിക്കൊണ്ടോ (ആവാം). എന്നാൽ നിങ്ങൾ (ഭയം നീങ്ങി) സമാധാനത്തിലായാൽ-നിങ്ങൾക്കറിയുമായിരുന്നില്ലാത്തത് അല്ലാഹു നിങ്ങൾക്ക് പഠിപ്പിച്ചുതന്നതുപോലെ, നിങ്ങൾ അവനെ സ്മരിക്കുവീൻ.

حَـٰفِظُواْ عَلَى ٱلصَّلَوَٰتِ وَٱلصَّلَوٰةِ ٱلْوُسْطَىٰ وَقُومُواْ لِلَّهِ قَـٰنِتِينَ ﴿٢٣٨﴾

فَإِنْ خِفْتُمْ فَرِجَالًا أَوْ رُكْبَانًا ۖ فَإِذَآ أَمِنتُمْ فَٱذْكُرُواْ ٱللَّهَ كَمَا عَلَّمَكُم مَّا لَمْ تَكُونُواْ تَعْلَمُونَ ﴿٢٣٩﴾

നമസ്കാരത്തെപ്പറ്റി 'സൂക്ഷിച്ച് പോരുക' എന്ന പ്രയോഗത്തിലൂടെ പതിവായും കൃത്യമസയത്തും നിഷ്ഠയോടെയും നമസ്കാരം അനുഷ്ഠിച്ച് വരേണ്ടതിന്റെ പ്രാധാന്യം അല്ലാഹു ഓർമ്മിപ്പിക്കുന്നു. "മനുഷ്യന്റെയും ശിർക്ക് കുഫ്റുകളുടെയും ഇടക്കുള്ള അതിർവരമ്പാണു നമസ്കാരം" എന്നും "കർമ്മങ്ങളിൽ വച്ച് ഏറ്റവും ശ്രേഷ്ഠമായതാണ് നമസ്കാരം" എന്നും റസൂൽ(സ) അരുളിയിരിക്കുന്നു.

'മദ്ധ്യ നമസ്കാരം' ഏതാണെന്നുള്ളതിൽ ഭിന്നാഭിപ്രായമുണ്ട്. അസർ നമസ്കാരം ആണെന്നാണ് പ്രബലാഭിപ്രായം.

തുടർന്ന്, അല്ലാഹുവിന്റെ മുമ്പിൽ നമസ്കരിക്കുവാൻ നില്ക്കുന്നത് ഭക്തിയോട്കൂടിയും, അച്ചടക്കവും ഒതുക്കവും പാലിച്ച്കൊണ്ടുമായിരിക്കണമെന്നും അല്ലാഹു നിർദ്ദേശിക്കുന്നു. നമസ്കാരത്തിൽ സംസാരം, തിരിഞ്ഞുനോക്കൽ, ധൃതിയിൽ കഴിച്ച്കൂട്ടൽ, അശ്രദ്ധ, കോട്ടുവാ ഇടൽ, ഊരക്ക് കൈകുത്തി നിൽക്കൽ എന്നിവ വർജ്ജിക്കേണ്ടതാകുന്നു.

ശത്രുക്കളെക്കുറിച്ചോ, തീ, കാട്ടുമൃഗം, കൊടുങ്കാറ്റ്, മലവെള്ളം എന്നിങ്ങനെ വല്ലതിനെയും കുറിച്ചോ ഭയപ്പെടുന്ന അവസ്ഥയിൽ, നമസ്കാരം നടന്ന്കൊണ്ടോ വാഹനപ്പുറത്ത് കയറിയോ സാധിക്കുന്നതുപോലെ ഭംഗിയായി നിർവഹിക്കണം. എന്നാൽ നമസ്കാരം വിട്ടുകളയുവാൻ പാടില്ല. ഈ അവസരത്തിൽ ഖിബ്ലക്ക് നേരെ തിരിഞ്ഞേ തീരൂ എന്നില്ല.

**വചനം 240**

240)നിങ്ങളിൽ നിന്ന് യാതൊരു കൂട്ടർ മരിക്കുകയും, ഭാര്യമാരെ വിട്ടേച്ചുപോവുകയും ചെയ്യുന്നുവോ-തങ്ങളുടെ ഭാര്യമാർക്ക് ഒരു ഒസിയ്യത്തു (അവർ ചെയ്യേണ്ടതാണ്). അതായത് (വീട്ടിൽനിന്ന്) പുറത്താക്കാത്തവിധം (ഒരു) കൊല്ലത്തേക്കുള്ള ഒരു വിഭവം. ഇനി, അവർ (സ്വയം) പുറത്തുപോയെങ്കിൽ, അവർ തങ്ങളുടെ ദേഹങ്ങളുടെ കാര്യത്തിൽ (സദാചാര) മര്യാദയായി ചെയ്യുന്നതിൽ നിങ്ങളുടെ മേൽ തെറ്റില്ല. അല്ലാഹു പ്രതാപിശാലിയും അഗാധജ്ഞനുമാകുന്നു.

وَٱلَّذِينَ يُتَوَفَّوْنَ مِنكُمْ وَيَذَرُونَ أَزْوَٰجًا وَصِيَّةً لِّأَزْوَٰجِهِم مَّتَـٰعًا إِلَى ٱلْحَوْلِ غَيْرَ إِخْرَاجٍ ۚ فَإِنْ خَرَجْنَ فَلَا جُنَاحَ عَلَيْكُمْ فِى مَا فَعَلْنَ فِىٓ أَنفُسِهِنَّ مِن مَّعْرُوفٍ ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٢٤٠﴾

ഭർത്താക്കൾ മരണപ്പെടുമ്പോൾ, ഭാര്യമാരെ ഒരു കൊല്ലം ഭർത്താവിന്റെ വീട്ടിൽ തന്നെ താമസിപ്പിക്കാനും ഈ കാലത്ത് അവരുടെ ചിലവ് കൊടുക്കാനും അവർ ഒസിയ്യത്ത് ചെയ്യേണ്ടതാണ്. എന്നാൽ ആ സ്ത്രീകൾ അവരുടെ സ്വന്തം നിലക്ക് ആ വീടുവിട്ട് പോകുവാനും സദാചാര വിരുദ്ധമല്ലാത്ത വിധത്തിൽ അവരുടെ ഭാവി കാര്യങ്ങൾ (വിവാഹം മുതലായ) ചെയ്യുന്നതിനും അവർക്ക് സ്വാതന്ത്ര്യമുണ്ട്. - നിർബ്ബന്ധ ഇദ്ദ കാലമായ നാലുമാസവും പത്തു ദിവസവും ആചരിച്ചതിന് ശേഷമോ, അല്ലെങ്കിൽ പ്രസവത്തിന് ശേഷമോ എന്നാണ് വിദഗ്ദ അഭിപ്രായം. الله اعلم

**വചനം 241**

وَلِلْمُطَلَّقَٰتِ مَتَٰعٌۢ بِٱلْمَعْرُوفِ ۖ حَقًّا عَلَى ٱلْمُتَّقِينَ ﴿٢٤١﴾

241)വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾക്ക് (ആചാര) മര്യാദയനുസരിച്ച് വല്ല വിഭവവും (ലഭിക്കേണ്ടത്) ഉണ്ട്. (അതെ), സൂക്ഷ്മത പാലിക്കുന്നവരുടെ മേൽ ഒരു കടമ!

വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾക്കെല്ലാം സദാചാര മര്യാദയനുസരിച്ച് വല്ല വിഭവവും (മുത്അത്തു) നല്കേണ്ടതുണ്ടെന്നും അത് സൂക്ഷ്മത പാലിക്കുന്നവരുടെ മേൽ കടമയാണെന്നും ഈ വചനത്തിൽ അല്ലാഹു നിർദ്ദേശിക്കുന്നു. 236, 237 വചനങ്ങളിൽ മുത്അത്തിന്റെ വ്യത്യസ്ത രൂപം വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്.

വചനം 241ന്റെ താല്പര്യം വിവരിക്കുന്നതിൽ പണ്ഡിതന്മാർക്കിടയിൽ വ്യത്യസ്തമായ അഭിപ്രായങ്ങളാണുള്ളത്.

**വചനം 242**

كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمْ ءَايَٰتِهِۦ لَعَلَّكُمْ تَعْقِلُونَ ﴿٢٤٢﴾

242)അപ്രകാരം, അല്ലാഹു അവന്റെ ആയത്തു(ലക്ഷ്യം)കൾ നിങ്ങൾക്ക് വിവരിച്ചുതരുന്നു. - നിങ്ങൾ ബുദ്ധി കൊടു(ത്തു മനസ്സിലാ)ക്കുവാൻ വേണ്ടി.

അല്ലാഹു വിവരിച്ച് തരുന്ന നിയമങ്ങളിൽ നിന്നും എന്തെങ്കിലും ഒഴിവ് കഴിവുകളോ, സ്വാർത്ഥ താല്പര്യങ്ങളോ നിമിത്തം, ഒഴിഞ്ഞ് മാറാൻ ശ്രമിക്കുന്നത് ബുദ്ധിഹീനതയാകുന്നു. അങ്ങനെ ചെയ്യുന്നത് ഐഹികവും പാരത്രികവുമായ ദോഷത്തിലേക്ക് നയിക്കുമെന്ന് ബുദ്ധികൊടുത്ത് ചിന്തിക്കുന്നവർക്ക് മനസ്സിലാകുന്നതാണ്.

## വിഭാഗം 32

**വചനം 243**

۞ أَلَمْ تَرَ إِلَى ٱلَّذِينَ خَرَجُوا۟ مِن دِيَٰرِهِمْ وَهُمْ أُلُوفٌ حَذَرَ ٱلْمَوْتِ فَقَالَ لَهُمُ ٱللَّهُ مُوتُوا۟ ثُمَّ أَحْيَٰهُمْ ۚ إِنَّ ٱللَّهَ لَذُو فَضْلٍ عَلَى ٱلنَّاسِ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَشْكُرُونَ ﴿٢٤٣﴾

243)നീ കണ്ടില്ലേ, യാതൊരുകൂട്ടരെ?! അവർ ആയിരങ്ങൾ(ആയിരക്കണക്കിലാളുകൾ) ഉണ്ടായിരുന്നിട്ടും മരണഭയത്താൽ തങ്ങളുടെ ഭവനങ്ങളിൽ നിന്ന് അവർ പുറത്ത്പോയി. എന്നിട്ട് അവരോട് അല്ലാഹു പറഞ്ഞു: "നിങ്ങൾ മരണമടയുവീൻ". പിന്നെ അവൻ അവരെ ജീവിപ്പിച്ചു. (ഇങ്ങിനെയുള്ള ഒരു കൂട്ടരെ കണ്ടില്ലേ?!). നിശ്ചയമായും അല്ലാഹു മനുഷ്യരുടെമേൽ ഔദാര്യം (അഥവാ അനുഗ്രഹം) ഉള്ളവൻ തന്നെയാകുന്നു. എങ്കിലും മനുഷ്യരിൽ അധികമാളുകളും നന്ദി ചെയ്യുന്നില്ല.

ഈ വചനത്തിനാധാരമായ സംഭവത്തെക്കുറിച്ച് ഒന്നിലധികം രിവായത്തുകൾ ഉണ്ടെങ്കിലും ഒന്നും സ്വീകാര്യമാംവിധം ബലവത്തല്ല. സംഭവത്തിൽ നിന്ന് പഠിക്കേണ്ടുന്ന പാഠം പഠിക്കുവാൻ അതിന്റെ ആവശ്യവുമില്ല.

അല്ലാഹു ചുരുക്കിപ്പറഞ്ഞ രൂപം കൊണ്ട് നമുക്കും മതിയാക്കാം. ആയിരക്കണക്കിലുള്ള ഒരു ജനത, ശത്രുക്കളോ പകർച്ചവ്യാധിയോ കാരണമുള്ള മരണഭയം മൂലം തങ്ങളുടെ വാസസ്ഥലം വിട്ട് ഓടിപ്പോയി.

എന്നാൽ അവരുടെ ഓടിപ്പോക്കുകൊണ്ട് ഫലമുണ്ടായില്ല. അല്ലാഹുവിന്റെ കല്പന പ്രകാരം അവർ മരണമടയുകതന്നെ ചെയ്തു.

അത്പോലെ തന്നെ അല്ലാഹു ജീവിപ്പിച്ചു എന്ന് പറഞ്ഞതിന്റെ യഥാർത്ഥ താല്പര്യവും നമുക്കറിഞ്ഞുകൂടാ.

എന്നാൽ സംഭവത്തിലടങ്ങിയിട്ടുള്ള ഗുണപാഠം വ്യക്തമാണ്-ജീവിതവും മരണവും അല്ലാഹുവിന്റെ നിയന്ത്രണത്തിലുള്ളതാകുന്നു. യുദ്ധമോ, മറ്റ് പരീക്ഷണഘട്ടങ്ങളോ നേരിടുമ്പോൾ ഭീരുത്വം കാട്ടി ഓടി രക്ഷപ്പെടാൻ ശ്രമിക്കാതെ, എല്ലാം അല്ലാഹുവിൽ അർപ്പിച്ച്, ധൈര്യസമേതം ഉറച്ച് നില്ക്കുകയാണ് വേണ്ടത്. അപ്പോൾ അവന്റെ പക്കൽ നിന്നുള്ള സഹായവും വിജയവും കൈവരും. ഭീരുത്വംമൂലം പിൻമാറിപ്പോകുന്നത് അല്ലാഹുവിനോടുള്ള നന്ദികേടും, ഖുർആനിലും (8:16) ഹദീസിലും വിരോധിച്ചിട്ടുള്ളതുമാകുന്നു.

വിഷൂചിക മുതലായ പകർച്ചവ്യാധികളുടെ നാട്ടിലേക്ക് പോകരുതെന്നും, അവ ഒരു നാട്ടിൽ സംഭവിച്ചാൽ, അവിടെ നിന്ന് ഓടിപ്പോകരുതെന്നും നബി (സ) പ്രസ്താവിച്ചിട്ടുണ്ട്.

---

**വചനം 244**

وَقَٰتِلُوا۟ فِى سَبِيلِ ٱللَّهِ وَٱعْلَمُوٓا۟ أَنَّ ٱللَّهَ سَمِيعٌ عَلِيمٌ ﴿٢٤٤﴾

244)നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുകയും, അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാണെന്ന് അറിഞ്ഞുകൊള്ളുകയും ചെയ്യുവീൻ.

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധത്തിന് തയ്യാറാകാതെ ഒഴിഞ്ഞ് മാറിയാലോ, യുദ്ധത്തിൽ നിന്ന് ഒളിച്ചോടിയാലോ അല്ലാഹുവിന്റെ വിധിയെ തടുക്കുവാൻ ആർക്കും സാധ്യമല്ല. "നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പ്രാപിക്കും-നിങ്ങൾ ഉന്നത സൗധങ്ങളിലായിരുന്നാലും ശരി." അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണെന്ന് തുടർന്ന് ഓർമ്മപ്പെടുത്തുന്നു.

---

**വചനം 245**

مَّن ذَا ٱلَّذِى يُقْرِضُ ٱللَّهَ قَرْضًا حَسَنًا فَيُضَٰعِفَهُۥ لَهُۥٓ أَضْعَافًا كَثِيرَةً ۚ وَٱللَّهُ يَقْبِضُ وَيَبْصُۜطُ وَإِلَيْهِ تُرْجَعُونَ ﴿٢٤٥﴾

245)ആരുണ്ട് അല്ലാഹുവിന് നല്ല കടമായി കടം കൊടുക്കുന്നവൻ?! എന്നാലവൻ അവന്ന് അതിനെ വളരെ ഇരട്ടികളായി ഇരട്ടിച്ചു കൊടുക്കുന്നതാണ്. അല്ലാഹു (ചുരുക്കി) പിടിക്കുകയും നീട്ടിക്കൊടുക്കുകയും ചെയ്യുന്നു. അവങ്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

പൂർണ്ണമനസ്സോടെയും, അല്ലാഹുവിന്റെ പ്രതിഫലം മോഹിച്ചും നൽകുന്ന ഏത് സംഭാവനയും ദാനധർമ്മങ്ങളും അല്ലാഹു സ്വീകരിക്കും. അല്ലാഹുവിന് കൊടുക്കുന്ന ആ നല്ല കടം, വളർത്തി അഭിവൃദ്ധിപ്പെടുത്തി ധാരാളക്കണക്കിൽ ഇരട്ടിപ്പിച്ച്കൊണ്ട് അവൻ പ്രതിഫലം നൽകുകയും ചെയ്യും.

ധനവും ഉപജീവനമാർഗ്ഗവുമൊക്കെ കൊടുക്കുന്നതും എടുക്കുന്നതും, വിശാലമാക്കുന്നതും കുടുസ്സാക്കുന്നതും അല്ലാഹുവാകുന്നു. അവങ്കലേക്ക് തന്നെ മടക്കപ്പെടുന്ന എല്ലാവരും ചിലവഴിച്ചതിന്റെ ലാഭവും, ചിലവഴിക്കാത്തതിന്റെ നഷ്ടവും അവിടെ വച്ച് അനുഭവിക്കേണ്ടതാണ്.

---

**വചനം 246**

أَلَمْ تَرَ إِلَى ٱلْمَلَإِ مِنۢ بَنِىٓ إِسْرَٰٓءِيلَ مِنۢ بَعْدِ مُوسَىٰٓ إِذْ قَالُوا۟ لِنَبِىٍّ لَّهُمُ ٱبْعَثْ لَنَا مَلِكًا نُّقَٰتِلْ فِى سَبِيلِ ٱللَّهِ ۖ قَالَ هَلْ

246) നീ കണ്ടില്ലേ, മൂസായുടെ (കാല)ശേഷം ഇസ്റാഈൽ സന്തതികളിൽ നിന്നുള്ള പ്രധാനികളെ?! അതായത്, അവർ അവരുടെ ഒരു പ്രവാചകനോട് പറഞ്ഞ സന്ദർഭം: 'താങ്കൾ ഞങ്ങൾക്ക് ഒരു രാജാവിനെ നിയോഗിച്ചുതരണം - ഞങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്തുകൊള്ളാം." അദ്ദേഹം പറഞ്ഞു: "നിങ്ങളുടെ മേൽയുദ്ധം നിയ

عَسَيۡتُمۡ إِن كُتِبَ عَلَيۡكُمُ ٱلۡقِتَالُ
أَلَّا تُقَٰتِلُواْۖ قَالُواْ وَمَا لَنَآ أَلَّا نُقَٰتِلَ فِي
سَبِيلِ ٱللَّهِ وَقَدۡ أُخۡرِجۡنَا مِن دِيَٰرِنَا
وَأَبۡنَآئِنَاۖ فَلَمَّا كُتِبَ عَلَيۡهِمُ ٱلۡقِتَالُ تَوَلَّوۡاْ إِلَّا
قَلِيلٗا مِّنۡهُمۡۗ وَٱللَّهُ عَلِيمُۢ بِٱلظَّٰلِمِينَ ٢٤٦

മിക്കപ്പെടുന്ന പക്ഷം, നിങ്ങൾ യുദ്ധം ചെയ്യാതിരുന്നേക്കുമോ? അവർ പറഞ്ഞു: "ഞങ്ങൾക്കെന്താണ്, ഞങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യാതിരിക്കുവാൻ (കാരണമുള്ളത്). ഞങ്ങളുടെ ഭവനങ്ങളിൽ നിന്നും, മക്കളിൽ നിന്നും ഞങ്ങൾ പുറത്താക്കപ്പെട്ടിട്ടുള്ള സ്ഥിതിക്ക്!" എന്നിട്ട്, അവരുടെ മേൽ യുദ്ധം നിയമിക്കപ്പെട്ടാറെ, അവർ തിരിഞ്ഞു കളഞ്ഞു – അവരിൽനിന്ന് അല്പം (ആളുകൾ) ഒഴികെ. അല്ലാഹു അക്രമകാരികളെപ്പറ്റി അറിയുന്നവനുമത്രെ.

മൂസാ (അ) നബിക്ക് ശേഷം പല നൂറ്റാണ്ടുകൾ കഴിഞ്ഞ് ദാവൂദ് (അ) നബിയുടെ കാലത്തെ ഒരു സംഭവത്തിലേക്ക് ഈ വചനം വിരൽചൂണ്ടുന്നു.

മൂസാ (അ)ന്റെ നിയോഗത്തിന് ശേഷം, അദ്ദേഹത്തിന്റെ ശുശ്രൂഷകനായിരുന്ന യോശുവാ പ്രവാചകന്റെ നേതൃത്വത്തിൽ ഇസ്രാഈൽ ജനത ഫലസ്തീനിൽ പ്രവേശിച്ചശേഷം അദ്ദേഹം അവരുടെ ഓരോ ഗോത്രത്തിനുമുള്ള വാസസ്ഥലം നിർണ്ണയിച്ച് കൊടുത്തു. അദ്ദേഹത്തിന്റെ മരണശേഷം കാലക്രമേണ ബിംബാരാധനയും, ദൈവപ്രതിഷ്ഠകളും മറ്റ് ദുരാചാരങ്ങളം, ഇസ്രാഈല്യരിൽ പടർന്നുപിടിച്ചു. തുടർന്ന് മൂസാ (അ)ക്ക് ശേഷം നാലാം നൂറ്റാണ്ടിൽ ഫെലിസ്ത്യരുമായുണ്ടായ യുദ്ധത്തിൽ ഇസ്രാഈല്യർക്ക് ദാരുണമായ പരാജയം നേരിടുകയും അവരുടെ നിയമപെട്ടകം എന്നറിയപ്പെടുന്ന 'താബൂത്തും' 'തൗറാത്തും' ഫെലസ്ത്യർ കൊണ്ടുപോകുകയും ചെയ്തു.

തുടർന്ന് വർഷങ്ങൾക്ക്ശേഷം, അവർക്കിടയിൽ ശെമുവേൽ എന്ന പ്രവാചകൻ അവതരിക്കുകയുണ്ടായി. അദ്ദേഹത്തിന് വാർദ്ധക്യം പിടിപെട്ടപ്പോൾ, തങ്ങളെ യുദ്ധത്തിലും മറ്റും നയിക്കാനായി ഒരു രാജാവിനെ നിയോഗിച്ച് തരണമെന്ന് ഇസ്രാഈല്യർ ആ പ്രവാചകനോടാവശ്യപ്പെട്ടു. എന്നാൽ അങ്ങനെയൊരു രാജാവിന്റെ കീഴിൽ, ശത്രുക്കളുമായി യുദ്ധം നടത്തേണ്ടിവരുമ്പോൾ നിങ്ങൾ അനുസരണക്കേട് കാണിച്ച് പിന്മാറുമോ എന്ന് അദ്ദേഹം അവരോട് ചോദിച്ചു. ഞങ്ങളെ നാട്ടിൽ നിന്നും വീട്ടിൽ നിന്നും ഇറക്കിവിടുകയും ഞങ്ങളുടെ കുട്ടികളെ ബന്ധനത്തിലാക്കുകയും ചെയ്ത ശത്രുക്കളോട് യുദ്ധം നടത്തുവാൻ ഒരു രാജാവിന്റെ നേതൃത്വം കൂടി ലഭിച്ചാൽ ഞങ്ങൾ പിൻമാറുകയോ എന്നായിരുന്നു അവരുടെ മറുപടി.

എന്നാൽ അല്ലാഹു പറഞ്ഞത്പോലെ "എന്നിട്ട് അവരുടെ മേൽ യുദ്ധം നിയമിക്കപ്പെട്ടപ്പോൾ അവരിൽ അൽപം ആളുകളൊഴിച്ച് ബാക്കിയുള്ളവർ പിന്മാറി."

---

**വചനം 247**

وَقَالَ لَهُمۡ نَبِيُّهُمۡ إِنَّ ٱللَّهَ قَدۡ بَعَثَ
لَكُمۡ طَالُوتَ مَلِكٗاۚ قَالُوٓاْ أَنَّىٰ يَكُونُ
لَهُ ٱلۡمُلۡكُ عَلَيۡنَا وَنَحۡنُ أَحَقُّ بِٱلۡمُلۡكِ
مِنۡهُ وَلَمۡ يُؤۡتَ سَعَةٗ مِّنَ ٱلۡمَالِۚ قَالَ
إِنَّ ٱللَّهَ ٱصۡطَفَىٰهُ عَلَيۡكُمۡ وَزَادَهُۥ بَسۡطَةٗ
فِي ٱلۡعِلۡمِ وَٱلۡجِسۡمِۖ وَٱللَّهُ يُؤۡتِي مُلۡكَهُۥ

247)അവരുടെ പ്രവാചകൻ അവരോട് പറഞ്ഞു: "നിശ്ചയമായും അല്ലാഹു ത്വാലൂത്തിനെ നിങ്ങൾക്ക് രാജാവായി നിയോഗിച്ചു തന്നിട്ടുണ്ട്" അവർ പറഞ്ഞു: "എങ്ങിനെയാണ് അവന്ന് ഞങ്ങളുടെ മേൽ രാജത്വം ഉണ്ടാകുന്നത്?– ഞങ്ങളാകട്ടെ, രാജത്വത്തിനു അവനെക്കാൾ അർഹതയുള്ളവരാകുന്നു; – (മാത്രമല്ല), ധനം സംബന്ധിച്ചു (വേണ്ടുന്ന) ഒരു കഴിവും അവന്നു നൽകപ്പെട്ടിട്ടുമില്ല (എന്നിരിക്കെ)!" അദ്ദേഹം പറഞ്ഞു: "നിശ്ചയമായും അല്ലാഹു അദ്ദേഹത്തെ നിങ്ങളുടെ മേൽ (രാജത്വത്തിനു) തെരഞ്ഞെടുത്തിരിക്കുന്നു. അവൻ അദ്ദേഹത്തിന് അറിവിലും ശരീരത്തിലും വികാസം വർധിപ്പിച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവർക്ക് അവന്റെ

مَن يَشَآءُ ۚ وَٱللَّهُ وَٰسِعٌ عَلِيمٌ ﴿٢٤٧﴾

(വക) രാജത്വം നൽകുന്നു. അല്ലാഹു വിശാലനും (എല്ലാം) അറിയുന്നവനുമാകുന്നു."

ഇസ്റാഈല്യർ പന്ത്രണ്ട് ഗോത്രങ്ങളായിരുന്നുവല്ലോ. അവരിൽ ലേവീ ഗോത്രത്തിൽ പ്രവാചകത്വവും യെഹൂദ്യാ ഗോത്രത്തിൽ ന്യായാധിപത്യവും തുടർന്ന് പോന്നിരുന്നു. അവരിൽ ഒരു ചെറുഗോത്രമായ 'ബിൻയാമീൻ' ഗോത്രത്തിൽപെട്ട ത്വാലൂത്തിനെയാണ്, അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം പ്രവാചകൻ അവർക്ക് രാജാവായി നിയമിച്ച് കൊടുത്തത്. അദ്ദേഹം കാലികളെ മേക്കുക, ചെരുപ്പ് തുന്നുക മുതലായ ജോലികൾ ചെയ്തിരുന്നു. പറയത്തക്ക ധനശേഷിയും ഉണ്ടായിരുന്നില്ല. ആയതിനാൽ അദ്ദേഹത്തെ സ്വീകരിക്കാൻ അവർ തയാറായില്ല. അവനെക്കാൾ അർഹതയും ധനവും തങ്ങൾക്കാണല്ലോ എന്നായിരുന്നു അവരുടെ വാദം. സർവജ്ഞനായ അല്ലാഹുവാണ്, അറിവുകൊണ്ടും ശരീരസ്ഥിതികൊണ്ടും മികച്ച് നില്ക്കുന്ന അദ്ദേഹത്തെ രാജാവാക്കി നിയമിച്ചതെന്നും രാജത്വം നൽകലും മറ്റും, അല്ലാഹു തന്റെ ഉദ്ദേശ്യമനുസരിച്ച് ചെയ്യുന്ന കാര്യങ്ങളാണ് എന്നും അനുഗ്രഹം കൊണ്ടും കഴിവ്കൊണ്ടും കരുണകൊണ്ടുമെല്ലാം അല്ലാഹു അങ്ങേ അറ്റം വിശാലനാണ് എന്നും പ്രവാചകൻ ഇസ്രാഈല്യരോടു പറഞ്ഞു.

**വചനം 248**

وَقَالَ لَهُمْ نَبِيُّهُمْ إِنَّ ءَايَةَ مُلْكِهِۦٓ أَن يَأْتِيَكُمُ ٱلتَّابُوتُ فِيهِ سَكِينَةٌ مِّن رَّبِّكُمْ وَبَقِيَّةٌ مِّمَّا تَرَكَ ءَالُ مُوسَىٰ وَءَالُ هَٰرُونَ تَحْمِلُهُ ٱلْمَلَٰٓئِكَةُ ۚ إِنَّ فِى ذَٰلِكَ لَءَايَةً لَّكُمْ إِن كُنتُم مُّؤْمِنِينَ ﴿٢٤٨﴾

248)അവരുടെ പ്രവാചകൻ അവരോട്(വീണ്ടും) പറഞ്ഞു: "അദ്ദേഹത്തിന്റെ രാജത്വത്തിന്റെ ദൃഷ്ടാന്തം(ആ) താബൂത്ത്(പെട്ടകം) നിങ്ങൾക്ക് വന്നെത്തുകയാണ്. അതിൽ, നിങ്ങളുടെ റബ്ബിങ്കൽ നിന്ന്((മന:) ശാന്തിയും, മൂസായുടെ ആൾക്കാരും ഹാറൂന്റെ ആൾക്കാരും വിട്ടേച്ചുപോയതിൽ നിന്നുള്ള ചില അവശിഷ്ടവുമുണ്ടായിരിക്കും. മലക്കുകൾ അത് വഹിച്ചുകൊണ്ടുവരുന്നതാണ്. നിശ്ചയമായും, അതിൽ നിങ്ങൾക്ക് ദൃഷ്ടാന്തമുണ്ട് – നിങ്ങൾ വിശ്വാസികളാണെങ്കിൽ"

ത്വാലൂത്തിന്റെ രാജത്വത്തിനുള്ള ദൃഷ്ടാന്തമായി ഇസ്രാഈല്യരിൽ നിന്നും ശത്രുക്കൾ മുമ്പ് പിടിച്ചെടുത്ത അവരുടെ നിയമപെട്ടകം 'താബൂത്ത്' യാതൊരു പരിശ്രമവും കൂടാതെ അവരിൽ തിരിച്ചുവരുന്നതാണെന്ന വസ്തുത പ്രവാചകൻ അവരെ അറിയിച്ചു. അതിൽ നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള ശാന്തിയുണ്ടായിരിക്കും. എന്നും അദ്ദേഹം അവരെ അറിയിച്ചു. "മൂസായുടെയും ഹാറൂന്റെയും ആൾക്കാർ വിട്ടേച്ച്പോയ ചില അവശിഷ്ടവുമുണ്ടായിരിക്കും" എന്നതുകൊണ്ട് തൗറാത്തിന്റെ ചില ഭാഗങ്ങൾ എന്നും, മൂസാ(അ)ന്റെയും ഹാറൂൻ(അ)ന്റെയും വടികൾ എന്നും അവരുടെ വസ്ത്രങ്ങൾ എന്നുമൊക്കെ അഭിപ്രായങ്ങളുണ്ട്.

## വിഭാഗം 33

**വചനം 249**

فَلَمَّا فَصَلَ طَالُوتُ بِٱلْجُنُودِ قَالَ إِنَّ ٱللَّهَ مُبْتَلِيكُم بِنَهَرٍ فَمَن شَرِبَ مِنْهُ فَلَيْسَ مِنِّى وَمَن لَّمْ يَطْعَمْهُ فَإِنَّهُۥ مِنِّىٓ إِلَّا مَنِ ٱغْتَرَفَ غُرْفَةًۢ بِيَدِهِۦ ۚ فَشَرِبُوا۟ مِنْهُ إِلَّا قَلِيلًا مِّنْهُمْ ۚ فَلَمَّا جَاوَزَهُۥ هُوَ

249)അങ്ങനെ, ത്വാലൂത്ത് സൈന്യങ്ങളെയുംകൊണ്ട് (സ്ഥലം) വിട്ടുപോയപ്പോൾ – അദ്ദേഹം പറഞ്ഞു: "നിശ്ചയമായും, അല്ലാഹു ഒരു നദിമുഖേന നിങ്ങളെ പരീക്ഷിക്കുന്നതാണ് – അപ്പോൾ, അതിൽ നിന്ന് ആർ (വെള്ളം) കുടിച്ചുവോ അവൻ എന്റെ കൂട്ടത്തിൽ പെട്ടവനല്ല; ആർ അത് രുചി നോക്കിയില്ലയോ അവൻ എന്റെ കൂട്ടത്തിൽ പെട്ടവനാണ്; – തന്റെ കൈകൊണ്ട് ഒരു കോരൽ കോരിയെടു(ത്തുകുടി)ക്കുന്നവനൊഴികെ. (അതിന് വിരോധമില്ല)". എന്നിട്ട് അതിൽനിന്ന് അല്പം(ആളുകൾ)

وَٱلَّذِينَ ءَامَنُوا۟ مَعَهُۥ قَالُوا۟ لَا طَاقَةَ لَنَا ٱلْيَوْمَ بِجَالُوتَ وَجُنُودِهِۦ ۚ قَالَ ٱلَّذِينَ يَظُنُّونَ أَنَّهُم مُّلَـٰقُوا۟ ٱللَّهِ كَم مِّن فِئَةٍ قَلِيلَةٍ غَلَبَتْ فِئَةً كَثِيرَةًۢ بِإِذْنِ ٱللَّهِ ۗ وَٱللَّهُ مَعَ ٱلصَّـٰبِرِينَ ﴿٢٤٩﴾

ഒഴികെ (ബാക്കിയെല്ലാം) അതിൽ നിന്നു കുടിച്ചു. അങ്ങനെ, അദ്ദേഹവും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും അത് (നദി) വിട്ടുകടന്നപ്പോൾ - അവർ പറഞ്ഞു: “ജാലൂത്തിനോടും, അവന്റെ സൈന്യങ്ങളോടും (ഏറ്റുമുട്ടാൻ) ഇന്ന് നമുക്ക് കഴിവില്ല”. തങ്ങൾ അല്ലാഹുവുമായി കണ്ടുമുട്ടുന്നവരാണെന്ന് വിചാരിക്കുന്നവർ പറഞ്ഞു: “കുറഞ്ഞതായ എത്രയോ സംഘം (ആളുകൾ) അധികരിച്ചതായ സംഘത്തെ അല്ലാഹുവിന്റെ അനുമതിപ്രകാരം ജയിച്ചടക്കിയിട്ടുണ്ട്. അല്ലാഹുവാകട്ടെ, ക്ഷമിക്കുന്നവരുടെ കൂടെയായിരിക്കും.”

---

ഇസ്രാഈല്യരുടെ അച്ചടക്ക രാഹിത്യത്തിനും വിശ്വാസ ദൗർബല്യത്തിനും ഉദാഹരണമായ മറ്റൊരു സംഭവമാണിവിടെ വിവരിക്കുന്നത്. അവരുടെ വാസസ്ഥലങ്ങളിലൂടെ ഒഴുകുന്ന ജോർദാൻ നദി കടന്നുപോകുമ്പോൾ ത്വാലൂത്തും സൈന്യവും നേരിടുന്ന പരീക്ഷണമാണ് സന്ദർഭം. നദിയിൽ നിന്നും ആരും വെള്ളം കുടിക്കരുത് എന്നും കുടിച്ചവരെ സൈന്യത്തിൽ ചേർക്കുകയില്ല എന്നും, അത്യാവശ്യമെങ്കിൽ കൈകൊണ്ട് ഒരു കോരൽ കോരി കുടിക്കാം എന്നും അവർ നിർദ്ദേശിക്കപ്പെട്ടു. (ഉഷ്ണവും ദാഹവും കൂടുതലുള്ള ഒരു സന്ദർഭമായിരുന്നു അത്) അതിൽ അല്പം ആളുകൾ മാത്രമേ നിർദ്ദേശം പാലിച്ച് വെള്ളം കുടിക്കാതിരുന്നുള്ളൂ. ബദർ യുദ്ധത്തിൽ പങ്കെടുത്തവരുടെ അത്ര എണ്ണം (മുന്നൂറ്റിപത്തിൽ പരം പേർ) മാത്രമായിരുന്നു അവർ എന്ന് ഹദീസിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

പരീക്ഷണം കഴിഞ്ഞ് അവർ നദികടന്ന് പോർക്കളത്തിലെത്തിയപ്പോൾ എണ്ണത്തിൽ കുറഞ്ഞ അവരിൽ ചിലർ ജാലൂത്തി (ഗോല്യാത്ത്) നോടും അവന്റെ സൈന്യത്തോടും നേരിടാൻ വിമുഖത കാണിച്ചപ്പോൾ, അവരിൽ കൂടുതൽ അറിവും വിശ്വാസവും ഉള്ളവർ അവരെ പറഞ്ഞു സമാധാനിപ്പിച്ചു. അല്ലാഹുവിന്റെ കല്പന അനുസരിച്ച് യുദ്ധത്തിനിറങ്ങിയ നമ്മെ അവൻ സഹായിക്കാതിരിക്കുകയില്ല. നാമെല്ലാം അവങ്കലേക്കാണല്ലോ മടങ്ങിച്ചെല്ലുക, നാം ക്ഷമ കൈക്കൊള്ളണം, അല്ലാഹു ക്ഷമിക്കുന്നവരുടെ പക്ഷത്താണ് ഉണ്ടായിരിക്കുക എന്നൊക്കെ അവർ ഉദ്ബോധിപ്പിച്ചു.

ഉമർ (റ) ഒരിക്കൽ പറഞ്ഞ കാര്യം ഇവിടെ പ്രസ്താവ്യമാകുന്നു - ആൾ കുറവ് നിമിത്തം നമുക്ക് പരാജയം ബാധിക്കുകയില്ല. പാപങ്ങൾ നിമിത്തമാണ് നമുക്ക് പരാജയം ബാധിക്കുക.

---

**വചനം 250,251**

وَلَمَّا بَرَزُوا۟ لِجَالُوتَ وَجُنُودِهِۦ قَالُوا۟ رَبَّنَآ أَفْرِغْ عَلَيْنَا صَبْرًا وَثَبِّتْ أَقْدَامَنَا وَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَـٰفِرِينَ ﴿٢٥٠﴾

250)അവർ ജാലൂത്തിനോടും അവന്റെ സൈന്യങ്ങളോടും (യുദ്ധത്തിൽ) പ്രത്യക്ഷപ്പെട്ടപ്പോൾ അവർ പറഞ്ഞു: “ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ മേൽ ക്ഷമ ചൊരിഞ്ഞുതരുകയും, ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തുകയും ചെയ്യേണമേ! അവിശ്വാസികൾക്കെതിരിൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ!”

فَهَزَمُوهُم بِإِذْنِ ٱللَّهِ وَقَتَلَ دَاوُۥدُ جَالُوتَ وَءَاتَىٰهُ ٱللَّهُ ٱلْمُلْكَ وَٱلْحِكْمَةَ وَعَلَّمَهُۥ مِمَّا يَشَآءُ ۗ وَلَوْلَا دَفْعُ ٱللَّهِ ٱلنَّاسَ بَعْضَهُم بِبَعْضٍ لَّفَسَدَتِ ٱلْأَرْضُ وَلَـٰكِنَّ ٱللَّهَ ذُو فَضْلٍ عَلَى ٱلْعَـٰلَمِينَ ﴿٢٥١﴾

251)അങ്ങനെ, അവർ അല്ലാഹുവിന്റെ അനുമതി കൊണ്ട് അവരെ തോൽപിച്ചുകളഞ്ഞു. ജാലൂത്തിനെ ദാവൂദ് കൊല്ലുകയും ചെയ്തു. അദ്ദേഹത്തിന് അല്ലാഹു രാജത്വവും വിജ്ഞാനവും നൽകുകയുംചെയ്തു; അവൻ ഉദ്ദേശിക്കുന്ന ചിലത് അദ്ദേഹത്തിന് അവൻ പഠിപ്പിച്ചുകൊടുത്തു. അല്ലാഹു മനുഷ്യരെ-അവരിൽ ചിലരെ ചിലരെക്കൊണ്ട്- തടുക്കലില്ലായിരുന്നെങ്കിൽ, ഭൂമി നാശപ്പെടുമായിരുന്നു. പക്ഷെ, അല്ലാഹു ലോകരുടെ മേൽ ദയയുള്ളവനാകുന്നു.

തങ്ങളിൽ ക്ഷമയാകുന്ന അനുഗ്രഹം വർഷിച്ച് തരാനും, ധീരതയോടെ പാദങ്ങൾ ഉറപ്പിച്ച് തരുവാനും അവിശ്വാസങ്ങൾക്കെതിരിൽ അവസാന വിജയത്തിനായി അല്ലാഹുവിന്റെ സഹായം പ്രദാനം ചെയ്യാനും അവർ അല്ലാഹുവിനോടു പ്രാർത്ഥിച്ചു. അങ്ങനെ, അല്ലാഹുവിന്റെ സഹായത്തോടെ ആ വമ്പിച്ച ശത്രുസൈന്യത്തെ പരാജയപ്പെടുത്തുകയും ഭീമാകാരനായ ജാലൂത്തിനെ സത്യവിശ്വാസികളുടെ ഭാഗത്ത് നിന്ന് ദാവൂദ്(അ) വധിക്കുകയും ചെയ്തു.

ത്വാലൂത്തു രാജാവിന്ശേഷം ദാവൂദു(അ) ഇസ്രാഈല്യരുടെ രാജാവും, അവരുടെ പ്രവാചകനും ആയി അല്ലാഹു നിയോഗിച്ചു. രാജത്വത്തിന്റെയും പ്രവാചകത്വത്തിന്റെയും പദവികൾ ഒന്നിച്ചലങ്കരിക്കാനുള്ള ഭാഗ്യം സിദ്ധിച്ച ഒന്നാമത്തെ മഹാൻ ദാവൂദ്(അ) നബി തന്നെയാണെന്നത്രേ അറിയപ്പെടുന്നത്. പടയങ്കി നിർമ്മിക്കൽ, പക്ഷികളുടെ ഭാഷ മനസ്സിലാക്കൽ, മുതലായ ചില അറിവുകൾ അല്ലാഹു അദ്ദേഹത്തിന് പ്രത്യേകം പഠിപ്പിച്ച് കൊടുക്കുകയുണ്ടായി. ജാലൂത്തിനെ കൊലപ്പെടുത്തിയ കാലത്ത്, അദ്ദേഹം ഒരു ആട്ടിടനായിരുന്നെന്ന്, ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞ് കാണാം.

ഈ ചരിത്രസംഭവം വിവരിച്ചശേഷം, ഇത്തരം സംഭവങ്ങൾ നടപ്പിൽ വരുത്തുന്നതിലടങ്ങിയ തത്വം അല്ലാഹു ചൂണ്ടിക്കാട്ടുന്നു. “മനുഷ്യരിൽ ചിലരെ, ചിലരെക്കൊണ്ട് അല്ലാഹു തടുക്കലില്ലായിരുന്നെങ്കിൽ, ഭൂമി നാശപ്പെട്ട് പോകുമായിരുന്നു.” അതെ, ഭൂലോകത്ത് സമാധാന ജീവിതവും ധാർമ്മിക ജീവിതവും താറുമാറാകുമായിരുന്നു; ഭൂലോകമാകെ പൈശാചികത്വത്തിന്റെയും മൃഗീയതയുടെയും കൂത്തരങ്ങായി മാറുമായിരുന്നു. അതില്ലാതാക്കുവാൻ വേണ്ടി അല്ലാഹു അവന്റെ ഔദാര്യവും, അനുഗ്രഹവും നിമിത്തം ഈ ലോകത്ത് നടപ്പിൽ വരുത്തുന്ന നടപടിച്ചട്ടങ്ങളിൽ ഒന്നാണത് എന്ന് താല്പര്യം.

സമാനമായ ഒരു വചനം സൂ:ഹജ്ജ് 40-ാം വചനത്തിൽ അല്ലാഹു പറയുന്നു. “മനുഷ്യരിൽ ചിലരെ ചിലരെക്കൊണ്ട് അല്ലാഹു തടുക്കലല്ലായിരുന്നെങ്കിൽ, അല്ലാഹുവിന്റെ നാമം, ധാരാളമായി കീർത്തിക്കപ്പെടുന്ന പല സന്യാസി മഠങ്ങളും, കൃസ്ത്രീയ ദേവാലയങ്ങളും ജൂതദേവാലയങ്ങളും മുസ് ലിം പള്ളികളും പൊളിച്ച് തകർക്കപ്പെടുമായിരുന്നു.”

---

**വചനം 252**

تِلْكَ ءَايَٰتُ ٱللَّهِ نَتْلُوهَا عَلَيْكَ بِٱلْحَقِّ ۚ
وَإِنَّكَ لَمِنَ ٱلْمُرْسَلِينَ ﴿٢٥٢﴾

252)അത്(ഒക്കെയും) അല്ലാഹുവിന്റെ ആയത്തു (ലക്ഷ്യം) കളാകുന്നു; - യഥാർഥപ്രകാരം, നാം അവയെ നിനക്ക് ഓതിത്തരുകയാണ്. നിശ്ചയമായും നീയും മുർസലുകളിൽ (ദിവ്യദൗത്യം നൽകപ്പെട്ടവരിൽ) പെട്ടവൻ തന്നെയാകുന്നു.

---

മേൽ വിവരിച്ചതെല്ലാം അറിഞ്ഞിരിക്കേണ്ട യാഥാർത്ഥ്യ സംഭവങ്ങളാകുന്നു. നീ അല്ലാഹുവിനാൽ അയക്കപ്പെട്ട ദൈവദൂതനായത്കൊണ്ട് നിനക്ക് ഇതൊക്കെ നാം (മലക്ക് മുഖേന) ഓതിക്കേൾപ്പിച്ച് വിവരിച്ച് തരുകയാണ് എന്നൊക്കെ നബി(സ) തിരുമേനിയെ അല്ലാഹു ഉണർത്തുകയാണ്.

## ജുസ്അ് - 3

۞ تِلْكَ ٱلرُّسُلُ فَضَّلْنَا بَعْضَهُمْ عَلَىٰ بَعْضٍ ۘ
مِّنْهُم مَّن كَلَّمَ ٱللَّهُ ۖ وَرَفَعَ بَعْضَهُمْ دَرَجَٰتٍ ۚ
وَءَاتَيْنَا عِيسَى ٱبْنَ مَرْيَمَ ٱلْبَيِّنَٰتِ وَأَيَّدْنَٰهُ
بِرُوحِ ٱلْقُدُسِ ۗ وَلَوْ شَآءَ ٱللَّهُ مَا ٱقْتَتَلَ ٱلَّذِينَ
مِنۢ بَعْدِهِم مِّنۢ بَعْدِ مَا جَآءَتْهُمُ ٱلْبَيِّنَٰتُ

253. (മേൽ പ്രസ്താവിക്കപ്പെട്ട) ആ റസൂലുകൾ- അവരിൽ ചിലരെ ചിലരെക്കാൾ നാം ശ്രേഷ്ഠരാക്കിയിരിക്കുന്നു. അവരിൽ നിന്ന് (ചിലർ) അല്ലാഹു സംസാരിച്ചവരുണ്ട്. അവരിൽ ചിലരെ അവൻ പല പദവികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു. മർയമിന്റെ മകൻ ഈസാക്ക് നാം വ്യക്തമായ തെളിവുകൾ നൽകുകയും പരിശുദ്ധാത്മാവ് മുഖേന അദ്ദേഹത്തെ നാം ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അവരുടെശേഷമുള്ളവർ അവർക്ക് വ്യക്തമായ തെളിവുകൾ വന്നതിനുശേഷം(പരസ്പരം)

وَلَٰكِنِ ٱخْتَلَفُوا۟ فَمِنْهُم مَّنْ ءَامَنَ وَمِنْهُم مَّن كَفَرَ ۚ وَلَوْ شَآءَ ٱللَّهُ مَا ٱقْتَتَلُوا۟ وَلَٰكِنَّ ٱللَّهَ يَفْعَلُ مَا يُرِيدُ ﴿٢٥٣﴾

ശണ്ഠകൂടുകയില്ലായിരുന്നു. എങ്കിലും, അവർ (അഭിപ്രായ) ഭിന്നിപ്പിലായി;- എന്നിട്ട് അവരിൽനിന്ന് (ചിലർ) വിശ്വസിച്ചവരുണ്ട്. അവരിൽ നിന്ന് (ചിലർ) അവിശ്വസിച്ചവരുമുണ്ട്. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അവർ (പരസ്പരം) ശണ്ഠ കൂടുകയില്ലായിരുന്നു. എങ്കിലും അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു.

ജനങ്ങൾക്ക് മാർഗ്ഗദർശനം നൽകാനായി നിയോഗിക്കപ്പെട്ട ദൈവദൂതന്മാർ എല്ലാവരും ശ്രേഷ്ഠതയിലും പദവികളിലും സമനിലക്കാരല്ല. അവരിൽ ചിലരെ, മറ്റ് ചിലരേക്കാൾ അല്ലാഹു ശ്രേഷ്ഠരാക്കി വെച്ചിട്ടുണ്ട്. ഉദാഹരണമായി, നേരിൽ തന്നെ അല്ലാഹു സംസാരിച്ചവർ അവരിലുണ്ട്- മൂസാ നബി(അ) മാത്രമാണ് ഈ ലോകത്ത് വെച്ച് (സീനാ താഴ്വരയിൽ) ഈ ഭാഗ്യം സിദ്ധിച്ച ഏകവ്യക്തി. അദ്ദേഹം 'കലീമുല്ലാഹി' (അല്ലാഹു സംസാരിച്ച ആൾ) എന്ന് അറിയപ്പെടുന്നു.

"മിഅ്റാജി"ൽ (വാനാരോഹണ യാത്രയിൽ) നബി(സ) തിരുമേനിയോടു അല്ലാഹു സംസാരിച്ചതായി ബലപ്പെട്ട ഹദീസിൽ വന്നിട്ടുണ്ട്. സൂ: 'നജ്മി'ൽ അതിന്റെ ചില സൂചനകളും കാണാവുന്നതാണ്.

മറ്റ് നബിമാരിൽ നിന്നും വ്യത്യസ്തമായി, നബി(സ) ലോകജനതക്ക് ആകമാനം അയക്കപ്പെട്ട, അന്ത്യപ്രവാചകനാകുന്നു.

ഇബ്രാഹിം നബി(അ)യെ "അല്ലാഹു ചങ്ങാതി ആക്കി വച്ചിരിക്കുന്നു" എന്ന് 4:125ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

അല്ലാഹുവിന്റെ അനുവാദപ്രകാരം മരണപ്പെട്ടവരെ ജീവിപ്പിക്കുക, മണ്ണുകൊണ്ട് കുരുവികളെ ഉണ്ടാക്കി പറപ്പിക്കുക, മാറാവ്യാധികൾ സുഖപ്പെടുത്തുക എന്നീ സിദ്ധികൾ ഈസാ (അ) നബിക്ക് നല്കപ്പെട്ടിരുന്നു.

ഈസാ(അ) ദൈവപുത്രനാണെന്നും, ദൈവം തന്നെയാണെന്നും ഉള്ള ക്രിസ്ത്യാനികളുടെ വാദം അല്ലാഹു ഖണ്ഡിക്കുന്നു. അദ്ദേഹം പിതാവില്ലാതെ ജനിച്ച ആളാണെങ്കിലും, ഒരു സ്ത്രീയിൽ നിന്നും ജനിച്ച മനുഷ്യൻ മാത്രമാണെന്നുള്ള യാഥാർത്ഥ്യമാണ് عيس بن مريم (മർയമിന്റെ മകൻ ഈസാ) എന്ന പ്രയോഗത്തിലൂടെ അല്ലാഹു ആവർത്തിച്ച് സൂചിപ്പിക്കുന്നത്. (വിശദവിവരങ്ങൾക്ക് 87ാം വചനം നോക്കുക)

ശ്രേഷ്ഠതകളിലും പദവികളിലും വ്യത്യസ്ത നിലക്കാരായിരുന്നുവെങ്കിലും, അവരുടെയെല്ലാം പ്രബോധന ധർമ്മം ഒന്നുതന്നെയായിരുന്നു. എന്നാൽ ജനങ്ങൾ, സത്യവിശ്വാസികളും അവിശ്വാസികളുമായി ചേരി തിരിഞ്ഞ് ശണ്ഠയും കലഹവും നടത്തിക്കൊണ്ടിരിക്കുന്നു. അങ്ങനെ സംഭവിക്കരുതെന്ന് അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ തീർച്ചയായും അങ്ങനെ സംഭവിക്കുകയില്ലായിരുന്നു. അഥവാ എല്ലാവരും ഒന്നടങ്കം സത്യവിശ്വാസികളും സന്മാർഗ്ഗികളും ആകുമായിരുന്നു. എന്നാൽ ഇഛാസ്വാതന്ത്ര്യം നൽകപ്പെട്ട മനുഷ്യൻ, എന്ത് നിലപാട് സ്വീകരിക്കുന്നുവോ അതനുസരിച്ച് അല്ലാഹു അവന് പ്രതിഫലം നൽകുന്നതാണ്. ഈ സ്വാതന്ത്ര്യം ഒരുകൂട്ടർ സന്മാർഗ്ഗം പ്രാപിക്കാൻ ഉപയോഗിക്കുമ്പോൾ, വേറൊരു കൂട്ടർ ദുർമാർഗ്ഗത്തിൽ ആപതിക്കാൻ ദുരുപയോഗപ്പെടുത്തുന്നു. അങ്ങനെ അവർ തമ്മിൽ ശണ്ഠകൾക്കും ഭിന്നിപ്പുകൾക്കും കാരണമായി ത്തീർന്നു.

എന്തുകൊണ്ട് മനുഷ്യന് ഇങ്ങനെ ഇഛാസ്വാതന്ത്ര്യം നൽകി എന്ന് ചോദ്യം ചെയ്യാൻ മനുഷ്യന് അർഹതയില്ല. അല്ലാഹു പറയുന്നു. "അവൻ ചോദ്യം ചെയ്യപ്പെടുകയില്ല. അവരാകട്ടെ ചോദ്യം ചെയ്യപ്പെടുകയും ചെയ്യും." (അൻബിയാഅ് -23) എല്ലാം അല്ലാഹുവിന്റെ സൃഷ്ടി. അവന്റെ നിയമവ്യവസ്ഥ, എല്ലാം അവന്റെ ഉദ്ദേശ്യവും ഹിതവും.

## വിഭാഗം 34

**വചനം 254**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ أَنفِقُوا۟ مِمَّا رَزَقْنَٰكُم مِّن قَبْلِ أَن يَأْتِىَ يَوْمٌ لَّا بَيْعٌ فِيهِ وَلَا خُلَّةٌ وَلَا شَفَٰعَةٌ ۗ وَٱلْكَٰفِرُونَ هُمُ ٱلظَّٰلِمُونَ ﴿٢٥٤﴾

254)ഹേ, വിശ്വസിച്ചവരേ, നിങ്ങൾക്ക് നാം നൽകിയിട്ടുള്ളതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുവീൻ. ഒരു ക്രയവിക്രയമാകട്ടെ, ശുപാർശയാകട്ടെ, ചങ്ങാതിത്തമാകട്ടെ (ഉണ്ടായിരിക്കുക) ഇല്ലാത്ത ഒരു ദിവസം വന്നെത്തുന്നതിനു മുമ്പായി. അവിശ്വാസികൾ തന്നെയാണ് അക്രമകാരികൾ.

ക്രയവിക്രയവും ചങ്ങാതിത്തവും ശുപാർശയുമില്ലാത്ത ദിവസം എന്ന് പറഞ്ഞത് ഖിയാമത്ത് നാളിനെ ഉദ്ദേശിച്ചാണെന്ന് വ്യക്തമാണല്ലോ. ഇവകൊണ്ടൊന്നും ആ നാളിൽ രക്ഷപ്പെടുവാൻ കഴിയുകയില്ലല്ലോ. ആ ദിവസം പെട്ടെന്ന് വന്നെത്തിയേക്കാം, അതിൻമുമ്പ് ധനം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിച്ച് അന്ന ത്തേക്ക് സമ്പാദിച്ച് വെക്കുവിൻ. ധനമാണെങ്കിൽ, അല്ലാഹു നൽകിയ ഒരു അനുഗ്രഹവുമാണല്ലോ.

**വചനം 255**

ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلۡحَيُّ ٱلۡقَيُّومُۚ لَا تَأۡخُذُهُۥ
سِنَةٞ وَلَا نَوۡمٞۚ لَّهُۥ مَا فِي ٱلسَّمَٰوَٰتِ وَمَا فِي
ٱلۡأَرۡضِۗ مَن ذَا ٱلَّذِي يَشۡفَعُ عِندَهُۥٓ إِلَّا
بِإِذۡنِهِۦۚ يَعۡلَمُ مَا بَيۡنَ أَيۡدِيهِمۡ وَمَا خَلۡفَهُمۡۖ
وَلَا يُحِيطُونَ بِشَيۡءٖ مِّنۡ عِلۡمِهِۦٓ إِلَّا بِمَا شَآءَۚ
وَسِعَ كُرۡسِيُّهُ ٱلسَّمَٰوَٰتِ وَٱلۡأَرۡضَۖ وَلَا يَـُٔودُهُۥ
حِفۡظُهُمَاۚ وَهُوَ ٱلۡعَلِيُّ ٱلۡعَظِيمُ ٢٥٥

255)അല്ലാഹു– അവനല്ലാതെ ഒരു ആരാധ്യനുമില്ല. (അവൻ) ജീവത്തായുള്ളവൻ; സർവ നിയന്താവാ യുള്ളവൻ. മയക്കമാകട്ടെ, ഉറക്കമാകട്ടെ, അവന്നു പിടിപെടുകയില്ല. അവന്റേതാണ് ആകാശങ്ങളിലു ള്ളതും, ഭൂമിയിലുള്ളതും (എല്ലാം). ആരുണ്ട്, അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെ അടു ക്കൽ ശുപാർശ ചെയ്യുന്നവൻ?!(ആരുമില്ല). അവ രുടെ മുമ്പിലുള്ളതും, അവരുടെ പിമ്പിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്നും അവൻ ഉദ്ദേശിച്ചതിനെക്കുറിച്ചല്ലാതെ, യാതൊന്നി നെക്കുറിച്ചും അവർ സൂക്ഷ്മമായി അറിയുകയില്ല. അവന്റെ 'കുർസിയ്യ്' (രാജപീഠം) ആകാശ ങ്ങൾക്കും ഭൂമിക്കും വിശാലമായിരിക്കുന്നു. (അവ രണ്ടും ഉൾക്കൊള്ളുന്നതാണത്). അവ രണ്ടിന്റെയും സംരക്ഷണം അവനെ ഭാരപ്പെടുത്തുന്നുമില്ല. അവ നത്രെ, ഉന്നതനും മഹത്തായുള്ളവനും.

---

അല്ലാഹുവിന്റെ 'കുർസിയ്യി'(രാജപീഠം)നെപ്പറ്റി ഈ വചനത്തിൽ പ്രസ്താവിക്കുന്നതുകൊണ്ട് 'ആയ ത്തുൽ കുർസിയ്യ്' എന്ന പേരിൽ ഈ വചനം അറിയപ്പെടുന്നു.

അല്ലാഹുവിന്റെ കിത്താബിലുള്ള ഏറ്റവും മഹത്തായ ആയത്ത് എന്ന് നബി (സ) ഇതിനെ വിശേഷി പ്പിച്ചിരിക്കുന്നു.

നമസ്കാരത്തിന് ശേഷവും, രാത്രി ഉറങ്ങാൻ നേരത്തും ഈ ആയത്ത് ഓതാൻ പ്രോത്സാഹിപ്പിക്കപ്പെട്ടി രിക്കുന്നു. പിശാചിന്റെ ഉപദ്രവത്തിൽ നിന്നുള്ള ഒരു കാവലാണ് ആയത്തുൽ കുർസിയ്യ് എന്ന് പൊതുവെ അറിയപ്പെടുന്ന ഒരു കാര്യമത്രേ. അല്ലാഹുവിന്റെ അത്യുൽകൃഷ്ടമായ പല നാമങ്ങളും മഹൽഗുണങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ട്. അവ താഴെ വിവരിക്കുന്നു.

(1) "അല്ലാഹു അല്ലാതെ ആരാധ്യനേ ഇല്ല"–ഇസ്‌ലാമിന്റെ പ്രഥമവും പ്രധാനവുമായ ഈ മുദ്രാവാക്യ ത്തിന്റെ അനിർവാര്യത തുടർന്നുള്ള ഓരോ വാക്യവും പ്രതിനിധാനം ചെയ്യുന്നു.

(2) "അവൻ ജീവത്തായുള്ളതും സർവ്വ നിയന്താവുമാകുന്നു" സൃഷ്ടാവായ അല്ലാഹുവിനെ സംബന്ധി ച്ചേടത്തോളം അവന്റെ 'ജീവൻ അഥവാ ജീവസ്സ് അഥവാ ജീവിതം' സൃഷ്ടികളുടെതിൽനിന്നും വ്യത്യസ്ത മായി, അവന്റെ പരിശുദ്ധ സത്തയോടു മാത്രം ബന്ധപ്പെട്ടതാകുന്നു. അന്യമായ മറ്റൊന്നിനെയും ആശ്ര യിച്ച്കൊണ്ടുള്ളതല്ല അവന്റെ ജീവിതം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, സൃഷ്ടിവർഗ്ഗങ്ങളുടെ ഏതു വിധ ത്തിലുള്ള ജീവിതം എടുത്താലും അതിന്റെയെല്ലാം ഉദ്ഭവകേന്ദ്രം അല്ലാഹുവാകുന്നു. അല്ലാഹുവാകട്ടെ സ്വയം ഭൂവും. അവന്റെ ജീവിതം അവന്റെ പരിശുദ്ധ സത്തയെപ്പോലെ തന്നെ അനാദിയും അനന്തവുമാകുന്നു.

അങ്ങനെ, സ്വയം നിലകൊള്ളുന്നവനും, അവനല്ലാത്ത മറ്റെല്ലാ വസ്തുക്കളെയും അവയെ സംബന്ധിച്ച സകല കാര്യങ്ങളെയും വ്യവസ്ഥാപിതമായി നിയന്ത്രിച്ച് കൈകാര്യം നടത്തുന്നവനുമാണ് അല്ലാഹു എന്നത്രേ, സർവ്വനിയന്താവ് എന്നതുകൊണ്ട് വിവക്ഷ.

ഈ രണ്ട് ഗുണങ്ങളും അവന് മാത്രമായുള്ളതായിരിക്കെ ആരാധനക്ക് അർഹനും അവൻ മാത്രമാകുന്നു.

(3) “മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല” ആന്തരേന്ദ്രിയങ്ങളുടെ ക്ഷീണത്തിൽ നിന്നും തളർച്ചയിൽനിന്നും ഉള്ള വിശ്രമമായ മയക്കവും ഉറക്കവും അവനെ തീണ്ടുകയില്ല. ലോകാലോകങ്ങളെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ആ മഹാശക്തിക്ക് ഉറക്കമോ മയക്കമോ ബാധിച്ചാലുള്ള സ്ഥിതി എന്താകുമായിരുന്നു.

(4) “ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റേതാണ്” എല്ലാം അവൻ സൃഷ്ടിച്ചത്, അവൻ ഉടമ. മനുഷ്യർക്ക് നാമമാത്രമായ എന്തെങ്കിലും അവകാശാധികാരങ്ങളും കാണപ്പെടുന്നുവെങ്കിൽ അതും അവൻ നൽകിയത് തന്നെ. അവൻ നിശ്ചയിച്ച നിയമവ്യവസ്ഥയുടെ ചട്ടക്കൂട്ടിൽ ഒതുങ്ങിയത് മാത്രം. എന്നിരിക്കെ അവനല്ലാത്തവരെ ആരാധ്യരായി സ്വീകരിക്കന്നതിൽ എന്താണർത്ഥം.

(5) “അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെ അടുക്കൽ ശുപാർശ നടത്തുന്നവനായി ആരുണ്ട്?” ആരും തന്നെയില്ല. അവൻ അനുവദിച്ചവർക്ക്, അവൻ അനുവദിച്ചവർക്ക്വേണ്ടി, അവൻ അനുവദിച്ച പ്രകാരമല്ലാതെ അവന്റെ അടുക്കൽ ശുപാർശ ചെയ്യാനുള്ള കഴിവോ അവകാശമോ ആർക്കുമില്ല–മലക്കുകൾക്കും പ്രവാചകന്മാർക്കുപോലും. പരലോകത്ത് വെച്ച് നടക്കുന്ന ശുപാർശകളിൽ വച്ച് ഏറ്റവും വലിയ ശുപാർശ നബി (സ)യുടെ ശുപാർശയാകുന്നു. അത്പോലും മേൽപറഞ്ഞ ഉപാധികളോട് കൂടിയായിരിക്കും. മഹ്ശർ മഹാസമ്മേളനത്തിൽ വച്ച് തങ്ങൾക്ക് വേണ്ടി അല്ലാഹുവോട് ശുപാർശ ചെയ്യാൻ പ്രവാചക പ്രതിനിധികളോട് ഓരോരുത്തരും അപേക്ഷിക്കുമെങ്കിലും, ഓരോ പ്രവാചകനും ഓരോ കാരണം പറഞ്ഞ് തനിക്ക് അതിന് അർഹതയില്ലെന്ന് പറയുന്നതാണ്. അവസാനം മുഹമ്മദ് നബി(സ)യോടു അപേക്ഷിക്കുന്നതാണ്. തിരുമേനി, അല്ലാഹുവിന് സുജൂദായി വീണ് അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നതിന്റെ ഫലമായി അല്ലാഹുവിന്റെ അനുവാദത്തോടെ, അല്ലാഹു നിശ്ചയിച്ച്കൊടുത്ത പരിധിക്കുള്ളിൽനിന്ന്കൊണ്ട്, അവനോട് ശുപാർശ നടത്തുന്നതാണ്.

ശുപാർശക്കായി ഖബറിൽ കിടക്കുന്നവരോടും, മഹാത്മാക്കളോടും, കേണപേക്ഷിക്കുന്നവർ മേൽപറഞ്ഞ വസ്തുത മനസ്സിരുത്തി ഉൾക്കൊണ്ടിരുന്നെങ്കിൽ...

(6) “അവരുടെ മുമ്പിലുള്ളതും പിമ്പിലുള്ളതുമെല്ലാം അവൻ അറിയുന്നു” അതെ, ആകാശഭൂമികളിലുള്ളവരുടെ സകല കാര്യങ്ങളും, ഭൂത വർത്തമാന ഭാവി കാല വ്യത്യാസമോ വലുപ്പ ചെറുപ്പ വ്യത്യാസമോ കൂടാതെ അവൻ അറിയുന്നു. എല്ലാം അവൻ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

(7) “അല്ലാഹുവിന്റെ അറിവിൽപെട്ട ഏതൊരു കാര്യത്തെക്കുറിച്ചും അവൻ ഉദ്ദേശിച്ചതല്ലാതെ, ആർക്കും സൂക്ഷ്മമായി ഒന്നും അറിയുകയില്ല താനും.” അവന്റേതായ അറിവ്, അവനെ സംബന്ധിച്ച അറിവ്, അവന് അറിയാവുന്ന കാര്യങ്ങൾ, എന്നൊക്കെ “അവന്റെ അറിവ്” എന്ന വാക്കിന് വിവക്ഷ നല്കപ്പെടാറുണ്ട്. ഏത് അർത്ഥത്തിലായാലും ശരി, അവൻ ഉദ്ദേശിച്ചതും അവൻ അറിയിച്ച് കൊടുത്തതുമല്ലാതെ, ആർക്കും ഒന്നും അറിയുകയില്ല തന്നെ.

(8) “അവന്റെ ‘കുർസിയ്യ്’ ആകാശഭൂമികൾ ഉൾക്കൊള്ളത്തക്കവണ്ണം വിശാലമായതാകുന്നു.” –അല്ലാഹുവിന്റെ സിംഹാസനമാകുന്ന അർശും കുർസിയ്യും ഒന്ന് തന്നെയാണെന്നും രണ്ടും വെവ്വേറെയാണെന്നും അഭിപ്രായങ്ങളുണ്ട്. അല്ലാഹുവിനറിയാം. എന്തായാലും ആകാശഭൂമികളും അവയിലുള്ളതുമെല്ലാം അല്ലാഹുവിന്റെ ഭരണാധികാരത്തിലും അവന്റെ അറിവിലും ഒതുങ്ങി നിൽക്കുന്നവയാണ് എന്നായിരിക്കും ഈ വാക്യത്തിലെ ആശയം.

(9) “ആകാശങ്ങളുടെയും ഭൂമിയുടെയും സംരക്ഷണം അവനെ ഭാരപ്പെടുത്തുന്നില്ല. ” –ഏതൊരു കാര്യവും വേണമെന്ന് അവൻ നിശ്ചയിക്കുകയേ വേണ്ടൂ. അതുണ്ടായിക്കൊള്ളും (36:82); അവൻ ഉദ്ദേശിക്കുന്നതെന്തോ അതവൻ പ്രവർത്തിക്കും (11:107) അവൻ ചെയ്യുന്നതിനെപറ്റി അവനെ ചോദ്യം ചെയ്യാനും ആരുമില്ല. (21:23); എന്നിരിക്കെ ആകാശഭൂമികളുടെ കൈകാര്യവും നിയന്ത്രണവും എങ്ങനെ അവനൊരു ഭാരമായിത്തീരും.

(10) “അവൻ തന്നെയാണ് ഉന്നതനും മഹത്തായുള്ളവനും ” – പരമവും, പരിപൂർണ്ണവുമായ ഔന്നത്യവും മഹത്വവും, അല്ലാഹുവിനല്ലാതെ മറ്റാർക്കും ഇല്ല തന്നെ.

ഒരു യാഥാർത്ഥ്യം ഓർമ്മിപ്പിക്കുന്നത് നന്നായിരിക്കും. അല്ലാഹുവിനെക്കുറിച്ച് അവൻ കാണുന്നവനാണ്. കേൾക്കുന്നവനാണ്, നീതിമാനാണ്, വലിയവനാണ്, അവൻ കോപിച്ചു, അവൻ തൃപ്തിപ്പെട്ടു, കൊടുത്തു, അയച്ചു എന്നിത്യാദി പദങ്ങൾ ഉപയോഗിക്കുമ്പോൾ, അവയൊക്കെ, സൃഷ്ടികളെക്കുറിച്ച് പറയാറുള്ള അതേ അർത്ഥത്തിലല്ല പ്രയോഗിക്കപ്പെടുന്നത്. നമുക്ക് പരിചിതമായ വാക്കുകളിൽ അവ പ്രസ്താവിക്കപ്പെടുന്നുവെന്നേയുള്ളൂ. അവയുടെ ഏറ്റവും പരിപൂർണ്ണവും, ഏറ്റവും പരിശുദ്ധവുമായ അർത്ഥത്താൽ മാത്രമെ അവ വിലയിരുത്തപ്പെടാവൂ.

<u>**വചനം 256,257**</u>

لَآ إِكۡرَاهَ فِي ٱلدِّينِۖ قَد تَّبَيَّنَ ٱلرُّشۡدُ مِنَ ٱلۡغَيِّۚ فَمَن يَكۡفُرۡ بِٱلطَّٰغُوتِ وَيُؤۡمِنۢ بِٱللَّهِ فَقَدِ ٱسۡتَمۡسَكَ بِٱلۡعُرۡوَةِ ٱلۡوُثۡقَىٰ لَا ٱنفِصَامَ لَهَاۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿٢٥٦﴾

256)മതത്തിൽ നിർബന്ധം ചെലുത്തലേ ഇല്ല; ദുർമാർഗ ത്തിൽ നിന്നു നേർമാർഗം (വേർതിരിഞ്ഞ്) വ്യക്ത മായിക്കഴിഞ്ഞിരിക്കുന്നു. ആകയാൽ, ഏതൊരുവൻ 'ത്വാഗൂത്തി'ൽ (ദുർമൂർത്തികളിൽ) അവിശ്വസിക്കു കയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു വോ– എന്നാലവൻ, വളരെ ബലവത്തായ പിടിക്ക യർ മുറുകെ പിടിച്ചുകഴിഞ്ഞു. അതിനു അറ്റുപോ കൽ(സംഭവിക്കുക) ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

ٱللَّهُ وَلِيُّ ٱلَّذِينَ ءَامَنُواْ يُخۡرِجُهُم مِّنَ ٱلظُّلُمَٰتِ إِلَى ٱلنُّورِۖ وَٱلَّذِينَ كَفَرُوٓاْ أَوۡلِيَآؤُهُمُ ٱلطَّٰغُوتُ يُخۡرِجُونَهُم مِّنَ ٱلنُّورِ إِلَى ٱلظُّلُمَٰتِۗ أُوْلَٰٓئِكَ أَصۡحَٰبُ ٱلنَّارِۖ هُمۡ فِيهَا خَٰلِدُونَ ﴿٢٥٧﴾

257)അല്ലാഹു വിശ്വസിച്ചവരുടെ ബന്ധു (അഥവാ രക്ഷാധികാരി) ആകുന്നു; അവരെ അവൻ അന്ധ കാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് പുറത്തുകൊ ണ്ടുവരുന്നു. അവിശ്വസിച്ചവരാകട്ടെ, അവരുടെ ബന്ധുക്കൾ (അഥവാ കാര്യകർത്താക്കൾ) 'ത്വാഗൂ ത്തു' (ദുർമൂർത്തികളു)മാകുന്നു;– അവർ അവരെ പ്രകാശത്തിൽനിന്നു അന്ധകാരങ്ങളിലേക്ക് പുറ ത്തുകൊണ്ടുവരുന്നു. അക്കൂട്ടർ നരകത്തിന്റ ആൾക്കാരത്രെ. അവർ അതിൽ നിത്യവാസികളാ യിരിക്കും.

---

മതത്തിൽ–ഇസ്‌ലാമിൽ–ആരെയും നിർബന്ധിച്ച് പ്രവേശിപ്പിക്കാൻ പാടില്ലെന്ന് അല്ലാഹു പ്രഖ്യാപിക്കുന്നു. സത്യവിശ്വാസവും സന്മാർഗ്ഗവും ഇന്നതാണെന്നും അവിശ്വാസവും ദുർമാർഗവും ഇന്നതാണെന്നും സ്പഷ്ടമായി തെളിഞ്ഞ് കഴിഞ്ഞ സ്ഥിതിക്ക് നിർബന്ധത്തിന്റെ ആവശ്യമില്ല. വേണമെന്നുള്ളവർക്ക് വിശ്വസിക്കാം. വേണ്ടന്ന് വെക്കുന്നവർക്ക് അവിശ്വസിക്കുകയും ചെയ്യാം (18:29 നോക്കുക). നേരായ മാർഗ്ഗം സ്വീകരിച്ച സത്യവിശ്വാസികൾക്ക്, ശാശ്വത രക്ഷയും അല്ലാത്തവർക്ക് കാലാകാല ശിക്ഷയുമായിരിക്കും ഫലം.

"നിന്റെ റബ്ബ് ഉദ്ദേശിച്ചിരുന്നെങ്കിൽ ഭൂമിയിലുള്ളവർ മുഴുവൻ വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ, മനുഷ്യൻ സത്യവിശ്വാസികളായിരിക്കാൻ നീ അവരെ നിർബന്ധിക്കുകയാണോ" സൂ: യൂനുസു: 99

256–ാം ആയത്തിന്റെ അവതരണഹേതു ഇബ്നു കഥിർ (റ) താഴെക്കാണുംവിധം ഉദ്ധരിക്കുന്നു.

"മദീനക്കാരായ അൻസാരികളിൽപ്പെട്ട ചിലർക്ക് യഹൂദമതമോ കൃസ്ത്രീയമതമോ സ്വീകരിച്ച മക്കളുണ്ടായിരുന്നു. ആ പിതാക്കൾ, അവരെ ഇസ്‌ലാംമതം സ്വീകരിക്കാൻ നിർബന്ധിക്കുമായിരുന്നു. ആ അവസരത്തിലാണ് ഈ വചനം അവതരിച്ചത്."

വേറെയും ചില അഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവ സ്വീകാര്യമായി ഗണിക്കപ്പെട്ടിട്ടില്ല.

'ത്വാഗൂത്ത്' എന്നത് ദുർമൂർത്തി, ചെകുത്താൻ, ആഭിചാരികൾ, പ്രശ്നക്കാർ, പിശാചുക്കൾ, ദുർഭൂതങ്ങൾ, വിഗ്രഹങ്ങൾ എന്നിങ്ങനെ പല അർത്ഥത്തിലും പ്രയോഗിക്കപ്പെടുന്നു. ഈ വചനത്തിൽ ത്വാഗൂത്ത് എന്നത്കൊണ്ട് "അല്ലാഹു അല്ലാത്ത എല്ലാ ആരാധ്യ വസ്തുക്കളുമാണ്" ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്ന് മനസിലാക്കാം.

'ത്വാഗൂത്ത്'കളിലെല്ലാം അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നവർ 'മുറിഞ്ഞുപോകാത്ത ബലവത്തായ പിടിക്കയർ മുറുകെപ്പിടിച്ചു': അഥവാ ശാശ്വതമായ രക്ഷാമാർഗ്ഗം അവലംബിച്ച് കഴിഞ്ഞു.

അല്ലാഹുവിൽ വിശ്വസിച്ചും അവനെ ആരാധിച്ചും വരുന്നവർക്ക് അല്ലാഹു അവരുടെ വലിയ്യ് (മിത്രം, ബന്ധു, സഹായി, രക്ഷാകർത്താവ്) ആയിരിക്കെ അവരെ അവൻ, ശിർക്ക്, കുഫ്ർ, സംശയം, കാപട്യം, അന്ധവിശ്വാസങ്ങൾ ആദിയായ അന്ധകാരങ്ങളിൽ നിന്നും രക്ഷപ്പെടുത്തി സത്യവിശ്വാസത്തിന്റെയും സന്മാർഗ്ഗത്തിന്റെയും പ്രകാശത്തിലേക്ക് നയിക്കും. നേരെ മറിച്ച് ത്വാഗൂത്തുകളെ വലിയ്യ് ആക്കുന്നവരെ, ആ ത്വാഗൂത്തുകൾ, പ്രകാശത്തിൽനിന്നും മേൽപറഞ്ഞ അന്ധകാരങ്ങളിലേക്കായിരിക്കും നയിക്കുക. അവസാനം കാലാകാല നരകശിക്ഷയിലേക്കും.

**വിഭാഗം 35**

**വചനം 258**

258)നീ കണ്ടില്ലേ, ഇബ്റാഹീമിനോടു അദ്ദേഹത്തിന്റെ റബ്ബിന്റെ കാര്യത്തിൽ ന്യായവാദം നടത്തിയ ഒരുവനെ? (അതെ), അവന്ന് അല്ലാഹു രാജത്വം നൽകിയതിനാൽ! (അതായത്) "എന്റെ റബ്ബത്രെ ജീവിപ്പിക്കുകയും, മരണപ്പെടുത്തുകയും ചെയ്യുന്നവൻ" എന്ന് ഇബ്റാഹീം പറഞ്ഞപ്പോൾ,- അവൻ പറഞ്ഞു: ഞാൻ ജീവിപ്പിക്കുകയും മരണപ്പെടുത്തുകയും ചെയ്യുന്നു(വല്ലോ)". ഇബ്റാഹീം പറഞ്ഞു: "എന്നാൽ, അല്ലാഹു സൂര്യനെ കിഴക്കുഭാഗത്തു നിന്നു കൊണ്ടുവരുന്നു. നീ അതിനെ പടിഞ്ഞാറു ഭാഗത്ത് നിന്ന് (ഒന്ന്) കൊണ്ടുവരുക!" അപ്പോൾ, (ആ) അവിശ്വസിച്ചവൻ (ഉത്തരംമുട്ടി) സ്തംഭിച്ചു. അല്ലാഹു, അക്രമകാരികളായ ജനങ്ങളെ നേർമാർഗത്തിലാക്കുകയില്ല.

أَلَمْ تَرَ إِلَى ٱلَّذِى حَآجَّ إِبْرَٰهِـۧمَ فِى رَبِّهِۦٓ أَنْ ءَاتَىٰهُ ٱللَّهُ ٱلْمُلْكَ إِذْ قَالَ إِبْرَٰهِـۧمُ رَبِّىَ ٱلَّذِى يُحْىِۦ وَيُمِيتُ قَالَ أَنَا۠ أُحْىِۦ وَأُمِيتُ ۖ قَالَ إِبْرَٰهِـۧمُ فَإِنَّ ٱللَّهَ يَأْتِى بِٱلشَّمْسِ مِنَ ٱلْمَشْرِقِ فَأْتِ بِهَا مِنَ ٱلْمَغْرِبِ فَبُهِتَ ٱلَّذِى كَفَرَ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿٢٥٨﴾

നാട് ഭരിക്കുന്ന രാജാക്കൾ ദൈവങ്ങളായി ചമയലും ആളുകൾ അവരെ ആരാധിക്കലും പൂർവ്വകാലത്ത് പതിവായിരുന്നു. ഇബ്രാഹിം നബി(അ)യുടെ കാലത്ത് രാജ്യം ഭരിച്ചിരുന്നത് നംറൂദ് എന്ന രാജാവായിരുന്നു. ഫിർഔനെക്കുറിച്ച് ഖുർആനിൽ ധാരാളം പരാമർശങ്ങൾ കാണാമെങ്കിലും, നംറൂദിനെക്കുറിച്ച് ഈ വചനത്തിലല്ലാതെ, ഖുർആനിൽ പരാമർശം കാണുന്നില്ല. ഇബ്രാഹിം നബി(അ) നംറൂദിനോടു "എന്റെ റബ്ബ് ജീവിപ്പിക്കുകയും മരണപ്പെടുത്തുകയും ചെയ്യുന്നവനാണ്" എന്ന് പറഞ്ഞപ്പോൾ അത് അംഗീകരിക്കാൻ നംറൂദിന്റെ അഹന്ത അവനെ സമ്മതിച്ചില്ല. അവൻ ജീവിതത്തിനും മരണത്തിനും ഒരു പുതിയ വ്യാഖ്യാനം നൽകിക്കൊണ്ട് പറഞ്ഞു: "ഞാൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നുവല്ലോ". പലരേയും ഇച്ഛാനുസരണം കൊല്ലുകയും, മറ്റു പലരേയും കൊലപ്പെടുത്താൻ കഴിവുണ്ടായിട്ടും കൊല്ലാതെ വിടുകയും ചെയ്യുന്ന നംറൂദിന്റെ അഹങ്കാരവും ഔദ്ധത്യവും അവനെക്കൊണ്ടു അങ്ങനെ പറയിപ്പിച്ചതാവാം.

എന്നാൽ അതൊന്നും ഇബ്രാഹിം(അ) പറഞ്ഞതിന് ഒരുവിധത്തിലും ഖണ്ഡനമാകുന്നില്ലെന്ന് സ്പഷ്ടം തന്നെ.

എന്നാലും നംറൂദിന്റെ വാക്കിനെ വിശകലനം ചെയ്യാനൊന്നും മുതിരാതെ ഒരു വെല്ലുവിളികൂടി ഉൾപ്പെടുത്തിക്കൊണ്ട് സംസാരഗതി മാറ്റുകയാണദ്ദേഹം ചെയ്തത്.

"അല്ലാഹു സൂര്യനെ കിഴക്ക് നിന്ന് കൊണ്ടുവരുന്നു. താനത് പടിഞ്ഞാറ്നിന്ന് കൊണ്ടുവരുക" എന്ന് ഇബ്രാഹിം(അ) പറഞ്ഞപ്പോൾ, ആ കാര്യത്തിൽ തന്റേതായ യാതൊരു വ്യാഖ്യാനവും നൽകാനാകാതെ നംറൂദു ഉത്തരംമുട്ടി സ്തംഭിച്ച് പോയി.

അനന്തരം എന്തുണ്ടായി എന്ന് അല്ലാഹു തുടർന്നു പറഞ്ഞിട്ടില്ല.

"അക്രമകാരികളായ ജനങ്ങളെ അല്ലാഹു നേർമാർഗ്ഗത്തിലാക്കുകയില്ല" എന്ന് അല്ലാഹു പറഞ്ഞതിൽ നിന്നും നംറൂദ് ഇബ്രാഹിം(അ) നബിയുടെ പ്രബോധനം സ്വീകരിക്കുകയോ, തന്റെ വാദത്തിൽ നിന്നും പിൻമടങ്ങുകയോ ചെയ്തിട്ടില്ലെന്ന് മനസ്സിലാക്കാവുന്നതാണ്. ഇബ്രാഹിം(അ) നബി അഗ്നികുണ്ഡത്തിൽ എറിയപ്പെട്ടതും അവസാനം രാജ്യം ത്യജിച്ച് ഹിജ്റ പോയതും പ്രസിദ്ധമാണല്ലോ.

**വചനം 259**

259)അല്ലെങ്കിൽ, ഒരു രാജ്യത്തിലൂടെ നടന്നുപോയ ഒരുവന്റെ മാതിരി(കണ്ടില്ലേ?)- അത് (ആ രാജ്യം) അതിലെ മേൽക്കൂരകളോടെ വീണടിഞ്ഞു കിടക്കു

أَوْ كَٱلَّذِى مَرَّ عَلَىٰ قَرْيَةٍ وَهِىَ خَاوِيَةٌ عَلَىٰ عُرُوشِهَا قَالَ أَنَّىٰ يُحْىِۦ هَٰذِهِ ٱللَّهُ بَعْدَ

مَوۡتِهَاۖ فَأَمَاتَهُ ٱللَّهُ مِاْئَةَ عَامٖ ثُمَّ بَعَثَهُۥۖ قَالَ
كَمۡ لَبِثۡتَۖ قَالَ لَبِثۡتُ يَوۡمًا أَوۡ بَعۡضَ يَوۡمٖۖ
قَالَ بَل لَّبِثۡتَ مِاْئَةَ عَامٖ فَٱنظُرۡ إِلَىٰ طَعَامِكَ
وَشَرَابِكَ لَمۡ يَتَسَنَّهۡۖ وَٱنظُرۡ إِلَىٰ حِمَارِكَ
وَلِنَجۡعَلَكَ ءَايَةٗ لِّلنَّاسِۖ وَٱنظُرۡ إِلَى
ٱلۡعِظَامِ كَيۡفَ نُنشِزُهَا ثُمَّ نَكۡسُوهَا لَحۡمٗاۚ
فَلَمَّا تَبَيَّنَ لَهُۥ قَالَ أَعۡلَمُ أَنَّ ٱللَّهَ عَلَىٰ
كُلِّ شَيۡءٖ قَدِيرٞ ٢٥٩

കയാണ്- (അപ്പോൾ), അദ്ദേഹം പറഞ്ഞു: "ഇത് ചത്തു(നിർജീവമായി) പോയതിന്റെ ശേഷം ഇതിനെ അല്ലാഹു ജീവിപ്പിക്കുന്നത് എങ്ങനെയായിരിക്കും?!" എന്നിട്ട്, അദ്ദേഹത്തെ അല്ലാഹു നൂറു വർഷം മരിപ്പിച്ചു(കിടത്തി); പിന്നെ അദ്ദേഹത്തെ (ജീവിപ്പിച്ച്) എഴുന്നേൽപിച്ചു. അവൻ(അല്ലാഹു) പറഞ്ഞു: "നീ എത്ര (കാലം) കഴിഞ്ഞുകൂടി?" അദ്ദേഹം പറഞ്ഞു: "ഞാൻ ഒരു ദിവസം, അല്ലെങ്കിൽ ഒരു ദിവസത്തിന്റെ കുറച്ചുഭാഗം കഴിഞ്ഞുകൂടിയിരിക്കുന്നു." അവൻ പറഞ്ഞു: (അല്ല). എങ്കിലും നീ നൂറുവർഷം കഴിഞ്ഞുകൂടിയിരിക്കുന്നു:- എന്നാൽ, നിന്റെ ഭക്ഷണത്തിലേക്കും പാനീയത്തിലേക്കും നോക്കൂ. അത് (പഴക്കം പിടിച്ച്) മാറ്റം വന്നിട്ടില്ല. നിന്റെ കഴുതയിലേക്കും നോക്കുക (അതെങ്ങനെയുണ്ടെന്ന്)! നിന്നെ മനുഷ്യർക്ക് നാം ഒരു ദൃഷ്ടാന്തം ആക്കുവാൻ വേണ്ടിയും (കൂടി) ആകുന്നു (ഇത്). (അതാ, ആ) എല്ലുകളിലേക്കും നോക്കുക - നാം അവയെ എങ്ങനെ ഘടിപ്പിക്കുകയും, പിന്നെ അവക്ക് മാംസം ധരിപ്പിക്കുകയും ചെയ്യുന്നുവെന്ന്!". അങ്ങനെ അദ്ദേഹത്തിന് (കാര്യം) വ്യക്തമായിത്തീർന്നപ്പോൾ, അദ്ദേഹം പറഞ്ഞു: അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണെന്ന് ഞാൻ (അനുഭവത്തിലൂടെ) അറിയുന്നു."

---

സത്യവിശ്വാസിയും സത്യാന്വേഷിയുമായ ഒരാൾക്ക് അല്ലാഹു കൂടുതൽ പ്രകാശം നൽകി അനുഗ്രഹിക്കുകയുണ്ടായ ഒരു സംഭവമാണ് ഈ വചനത്തിൽ വിവരിക്കുന്നത്.

"ഒരു രാജ്യത്തിലൂടെ നടന്നുപോയ ആൾ" എന്നത് കൊണ്ടുദ്ദേശിക്കുന്നത് ഉസൈർ പ്രവാചകനായിരുന്നുവെന്നും, പ്രസ്തുത രാജ്യം ബൈത്തുൽ മുഖദ്ദസ് അഥവാ യെരുശലം ആയിരുന്നുവെന്നുമാണ് ഭൂരിപക്ഷം ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായം. ആ രാജ്യത്തിലൂടെ അദ്ദേഹം സഞ്ചരിക്കുമ്പോൾ അവിടെ കണ്ട കാഴ്ചയാണ് സംഭവത്തിന് കാരണമായതെന്നു ആയത്തിൽ നിന്നും സ്പഷ്ടമാണ്. വീടുകളും കെട്ടിടങ്ങളും തകർന്ന് വീണ് കിടക്കുന്ന കാഴ്ചയെക്കുറിച്ചാണ് "അത്, അതിലെ മേൽക്കൂരകളോടെ വീണടിഞ്ഞ് കിടക്കുകയാണ്" എന്ന് പറഞ്ഞത്. ബാബിലോണിയൻ രാജാവായ നെബൂഖാദുനേസർ ബൈത്തുൽ മുഖദ്ദസ് ആക്രമിച്ചു നശിപ്പിച്ച്, ഈസ്രാഈല്യരെ കൂട്ടക്കൊല നടത്തുകയും അടിമകളാക്കി ബാബിലോണിയയിലേക്ക് കൊണ്ടുപോകുകയും ചെയ്തതിനെ തുടർന്നുള്ള കാലത്തെയാണ് ഇത് കുറിക്കുന്നതെന്നാണ് അധിക ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായം.

"ഈ രാജ്യം ചത്തു നിർജ്ജീവമായതിന് ശേഷം, ഇതെങ്ങിനെയായിരിക്കും അല്ലാഹു ജീവിപ്പിക്കുക" എന്ന് ആശ്ചര്യപ്പെട്ട അദ്ദേഹത്തിന്, അനുഭവത്തിലൂടെത്തന്നെ കാട്ടിക്കൊടുക്കുവാൻ അല്ലാഹു നിശ്ചയിച്ചു. അല്ലാഹു ആ മഹാനെ നൂറുകൊല്ലം മരിപ്പിച്ചുകിടത്തുകയും, പിന്നീട് ജീവിപ്പിച്ച് എഴുന്നേൽപ്പിക്കുകയും ചെയ്തു.

അദ്ദേഹം ജീവിച്ച ശേഷം അദ്ദേഹത്തോട് താൻ മരണാവസ്ഥയിൽ എത്രകാലം കഴിഞ്ഞുകൂടിയിട്ടുണ്ടാകുമെന്ന് അല്ലാഹു ചോദിച്ചു. "ഒരു ദിവസം, അല്ലെങ്കിൽ ഒരു ദിവസത്തിന്റെ കുറച്ച് ഭാഗം" എന്നാണദ്ദേഹം മറുപടി പറഞ്ഞത്. (മുന്നൂറിൽപരം കൊല്ലം, അല്ലാഹുവാൽ ഉറക്കപ്പെട്ടു, കഴിഞ്ഞുകൂടിയ ഗുഹാവാസികൾ അവരുടെ ഉറക്കിൽനിന്ന് ഉണർന്നപ്പോൾ അവർ തമ്മിലും ഇതേ അഭിപ്രായം പ്രകടിപ്പിച്ചതായി സൂ: അൽ കഹ്ഫ് 19ൽ കാണാം) പ്രസ്തുത ചോദ്യം അദ്ദേഹത്തിനോട് അല്ലാഹു ചോദിച്ചതും അതിന് അദ്ദേഹം മറുപടി പറഞ്ഞതും, വഹ്‌യ് മുഖാന്തരമോ, മലക്ക് മുഖാന്തരമോ ആയിരിക്കാം. താനും നൂറ് വർഷം മരിച്ചു കിട

ന്നിരിക്കുന്നു എന്ന കാര്യം തുടർന്ന് അല്ലാഹു അദ്ദേഹത്തെ അറിയിച്ചു. നൂറ് കൊല്ലം കഴിഞ്ഞിട്ടും അദ്ദേഹത്തിന്റെ ഭക്ഷണപാനീയങ്ങൾക്ക് മാറ്റമൊന്നും സംഭവിച്ചിരുന്നില്ല. കഴുതയാകട്ടെ ചത്ത് ജീർണ്ണിക്കുകയും എല്ലുകൾ മാത്രം അവശേഷിക്കുകയും ചെയ്തിരിക്കുന്നു. അദ്ദേഹത്തോട് ആ എല്ലുകളിലേക്ക് നോക്കുവാനും, അവയെ പുനസ്സംഘടിപ്പിച്ച് മാംസം കൊണ്ട് പൊതിഞ്ഞു വീണ്ടും അതിനെ ജീവിപ്പിക്കുന്നത് ശ്രദ്ധിക്കുവാനും അല്ലാഹു കല്പിച്ചു.

അപ്രകാരം ആ രാജ്യത്തെ പുനരുദ്ധരിച്ചു അതിൽ ജനപ്പെരുപ്പവും സമ്പത് സമൃദ്ധിയുമുണ്ടാക്കി, വീണ്ടും ജീവസ്സുറ്റതാക്കാൻ, അല്ലാഹുവിന് യാതൊരു പ്രയാസവുമില്ലെന്നും മരണാനന്തര ജീവിതം മുതലായ, മനുഷ്യദൃഷ്ടിയിൽ അവിശ്വസനീയമെന്ന് തോന്നുന്ന കാര്യങ്ങൾ അല്ലാഹുവിന് കേവലം നിസ്സാരങ്ങളാണെന്നുമൊക്കെ അല്ലാഹു ഈ സംഭവം മുഖേന അനുഭവത്തിൽ കാണിച്ചുകൊടുക്കുകയും മറ്റുള്ളവർക്ക് ഒരു ദൃഷ്ടാന്തമുണ്ടാക്കാൻ അല്ലാഹു ഉദ്ദേശിക്കുകയും ചെയ്തിരിക്കുന്നു.

ഇതെല്ലാം കണ്ടപ്പോൾ ആ മഹാൻ പറഞ്ഞുപോയി. "അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനെന്ന് ഞാൻ (അനുഭവത്തിലൂടെ) അറിയുന്നു" മുമ്പേ അറിഞ്ഞും വിശ്വസിച്ചും വരുന്ന യാഥാർത്ഥ്യം കാഴ്ചയിൽ കണ്ടിരിക്കുന്നുവെന്ന് സാരം.

ഈ മഹാൻ പിന്നീട് തന്റെ കഴുതപ്പുറത്ത് കയറി ജനങ്ങൾക്കിടയിൽ ചെന്ന് ഞാൻ ഉസൈറാണെന്ന് പറഞ്ഞപ്പോൾ അവർ അദ്ദേഹത്തെ വ്യാജമാക്കി. അപ്പോൾ അദ്ദേഹം തൗറാത്ത് ഒരക്ഷരം പിഴക്കാതെ, മനഃപാഠം വായിച്ച് കേൾപ്പിച്ചു. തുടർന്ന് അവർ അദ്ദേഹത്തെ വിശ്വസിക്കുകയും അദ്ദേഹം അല്ലാഹുവിന്റെ മകനാണെന്ന് ഇസ്രാഈല്യർ പറഞ്ഞ് തുടങ്ങുകയും ചെയ്തു-എന്നിങ്ങനെയും ചിലരൊക്കെ പ്രസ്താവിച്ചിരിക്കുന്നു.

---

**വചനം 260**

وَإِذۡ قَالَ إِبۡرَٰهِـۧمُ رَبِّ أَرِنِي كَيۡفَ تُحۡيِ ٱلۡمَوۡتَىٰۖ قَالَ أَوَلَمۡ تُؤۡمِنۖ قَالَ بَلَىٰ وَلَٰكِن لِّيَطۡمَئِنَّ قَلۡبِيۖ قَالَ فَخُذۡ أَرۡبَعَةٗ مِّنَ ٱلطَّيۡرِ فَصُرۡهُنَّ إِلَيۡكَ ثُمَّ ٱجۡعَلۡ عَلَىٰ كُلِّ جَبَلٖ مِّنۡهُنَّ جُزۡءٗا ثُمَّ ٱدۡعُهُنَّ يَأۡتِينَكَ سَعۡيٗاۚ وَٱعۡلَمۡ أَنَّ ٱللَّهَ عَزِيزٌ حَكِيمٞ ٢٦٠

260)ഇബ്റാഹീം പറഞ്ഞ സന്ദർഭവും (ഓർക്കുക): "എന്റെ റബ്ബേ, മരണപ്പെട്ടവരെ നീ എങ്ങിനെ ജീവിപ്പിക്കുന്നുവെന്ന് എനിക്കു നീ (ഒന്ന്) കാണിച്ചു തരേണമേ!". അവൻ (അല്ലാഹു) പറഞ്ഞു: നീ (അതിൽ) വിശ്വസിക്കുകയും ചെയ്തിട്ടില്ലേ?! (പിന്നെ എന്തിനാണിതു ആവശ്യപ്പെടുന്നത്?)". അദ്ദേഹം പറഞ്ഞു: "ഇല്ലാതേ! (വിശ്വസിച്ചിട്ടുണ്ട്). എങ്കിലും, എന്റെ ഹൃദയം സമാധാനമടയുവാൻ വേണ്ടിയാകുന്നു." അവൻ (റബ്ബ്) പറഞ്ഞു: "എന്നാൽ നീ പക്ഷികളിൽ നിന്നു ഒരു നാലെണ്ണം പിടിക്കുക; എന്നിട്ട് അവയെ നിന്റെ അടുക്കലേക്ക് കൂട്ടിച്ചേർത്തുകൊള്ളുക. പിന്നീട്, അവയിൽ നിന്നുള്ള ഓരോ അംശം എല്ലാ (ഓരോ) മലകളിലും ആക്കിക്കൊള്ളുക; പിന്നെ, നീ അവയെ വിളിക്കുക-അവ നിന്റെ അടുക്കൽ ഓടിവരുന്നതാണ്. അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാണെന്ന് നീ അറിഞ്ഞുകൊള്ളുക."

---

അല്ലാഹുവിന്റെ അപാരമായ കഴിവിന്റെ പ്രത്യക്ഷ ദൃഷ്ടാന്തമായ ഒരു സംഭവം കഴിഞ്ഞ വചനത്തിൽ വിവരിച്ചശേഷം അതേ തരത്തിലുള്ള മറ്റൊരു സംഭവംകൂടി ഈ വചനത്തിൽ അല്ലാഹു വിവരിച്ചിരിക്കുന്നു. ഈ സംഭവത്തിലെ കഥാനായകനും ദൃക്സാക്ഷിയുമായ വ്യക്തി പ്രവാചക കുടുബത്തലവനായ ഇബ്രാഹിം(അ) നബിയാകുന്നു.

മരണപ്പെട്ടവരെ ജീവിപ്പിക്കുവാൻ അല്ലാഹുവിന് നിഷ്പ്രയാസം കഴിയുമെന്ന് ഇബ്രാഹിം(അ)ന് ശരിക്കും അറിയാഞ്ഞിട്ടല്ല. എന്നാലും സ്വന്തം കണ്ണുകൊണ്ട് അതിനൊരു മാതൃക കണ്ട് കഴിഞ്ഞാൽ അത് തനിക്കൊരു മനസ്സമാധാനമായിത്തീരുമെന്ന് അദ്ദേഹം കരുതി. അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിച്ചു: "എന്റെ

രക്ഷിതാവെ, മരണപ്പെട്ടവരെ നീ ജിവിപ്പിക്കുന്നതെങ്ങിനെയാണെന്ന് എനിക്കൊന്നു കാട്ടിത്തരേണമേ.”

“നീ അറിയുകയും അതില്‍ വിശ്വസിക്കുകയും ചെയ്തിട്ടില്ലേ” എന്ന അല്ലാഹുവിന്റെ ചോദ്യത്തിന് ഇബ്രാഹിം(അ) ഇപ്രകാരം മറുപടി പറഞ്ഞു.

“അല്ലാഹുവെ, തീര്‍ച്ചയായും എനിക്കതില്‍ അറിവും വിശ്വാസവുമുണ്ട്. എങ്കിലും എന്റെ ഹൃദയം സമാധാനമടയുവാന്‍ വേണ്ടിയാകുന്നു”

അല്ലാഹു അപേക്ഷ സ്വീകരിച്ചുകൊണ്ട് ഇങ്ങനെ അറിയിച്ചു. “നീ നാല് പക്ഷികളെ വശപ്പെടുത്തി അവയുടെ ഓരോ അംശം എല്ലാ മലകളിലും കൊണ്ടുപോയി വെച്ചേക്കുക. പിന്നീട് ആ പക്ഷികളെ വിളിക്കുക. എന്നാലവ ജീവന്‍ പൂണ്ടു നിന്റെ അടുക്കല്‍ ഓടിയെത്തുന്നത് നിനക്ക് കാണാം”

അവ മരണശേഷം വീണ്ടും ജീവിച്ച് അദ്ദേഹത്തിന്റെ അടുക്കല്‍ ഓടി വരുകയും ചെയ്തതായി നമുക്ക് ഖണ്ഡിതമായി മനസ്സിലാക്കാവുന്നതാണ്. ഇബ്രാഹിം(അ) കല്‍പനപ്രകാരം ചെയ്യുകയും ഉദ്ദേശിക്കുന്ന ഏതൊരു കാര്യവും നടപ്പില്‍ വരുത്തുവാന്‍ കഴിവുള്ള അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാണെന്ന് അല്ലാഹു ഇബ്രാഹിം നബിയെയും സര്‍വ്വമനുഷ്യരെയും തുടര്‍ന്ന് അറിയിക്കുകയും ചെയ്യുന്നു.

## വിഭാഗം 36

**വചനം 261**

مَّثَلُ ٱلَّذِينَ يُنفِقُونَ أَمْوَٰلَهُمْ فِى سَبِيلِ ٱللَّهِ كَمَثَلِ حَبَّةٍ أَنۢبَتَتْ سَبْعَ سَنَابِلَ فِى كُلِّ سُنۢبُلَةٍ مِّا۟ئَةُ حَبَّةٍ ۗ وَٱللَّهُ يُضَٰعِفُ لِمَن يَشَآءُ ۗ وَٱللَّهُ وَٰسِعٌ عَلِيمٌ ﴿٢٦١﴾

261)അല്ലാഹുവിന്റെ മാര്‍ഗത്തില്‍ തങ്ങളുടെ സ്വത്തുക്കള്‍ ചിലവഴിക്കുന്നവരുടെ ഉപമ,- എല്ലാ (ഓരോ) കതിരിലും നൂറു ധാന്യമണിയുള്ളതായ ഏഴ് കതിരുകള്‍ ഉല്‍പാദിപ്പിക്കുന്ന ഒരു ധാന്യമണിയുടെ മാതിരിയാകുന്നു. അല്ലാഹു, അവന്‍ ഉദ്ദേശിക്കുന്നവര്‍ക്ക് ഇരട്ടി(പ്പിടി)യായി കൊടുക്കുകയും ചെയ്യും. അല്ലാഹു വിശാലനും (എല്ലാം) അറിയുന്നവനുമാകുന്നു.

അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ ധനം ചിലവഴിക്കുക എന്നത്കൊണ്ടുദ്ദേശ്യം അവന്‍ തൃപ്തിപ്പെടുന്ന എല്ലാ വിഷയങ്ങളിലും എന്നാകുന്നു. അതില്‍ മുന്‍പന്തിയില്‍ നിലകൊള്ളുന്നതാണ് ഇസ്‌ലാമിലെ ധര്‍മ്മസമരം അഥവാ ‘ജിഹാദ്’. നന്മകള്‍ക്ക് ചുരുങ്ങിയത് പത്തിരട്ടി പ്രതിഫലം നല്‍കുമെന്ന് വ്യക്തമാക്കിയ അല്ലാഹു അവന്റെ മാര്‍ഗ്ഗത്തില്‍ ധനം ചിലവഴിക്കുകയെന്ന നന്മക്ക് എഴുനൂറ് ഇരട്ടിയും അവന്‍ ഉദ്ദേശിക്കുന്നവര്‍ക്ക് അതിലും കൂടുതലായും പ്രതിഫലം നല്‍കുമെന്ന് വാഗ്ദത്തം ചെയ്യുന്നു. ചെലവഴിക്കുന്ന പണത്തിന്റെ പരിശുദ്ധി, വിഷയത്തിന്റെ പ്രാധാന്യം, ചിലവഴിക്കുന്നവന്റെ ഉദ്ദേശ്യലക്ഷ്യം ആദിയായവ അനുസരിച്ച്, ചെലവഴിച്ചതിന്റെ ഫലമായുണ്ടാകുന്ന നന്മകളുടെ തോതനുസരിച്ചായിരിക്കും ആ വര്‍ദ്ധനവും എന്നു മനസ്സിലാക്കാവുന്നതാണ്. അല്ലാഹു വിശാലനും എല്ലാം അറിയുന്നവനുമാകുന്നു.

**വചനം 262,263,264**

ٱلَّذِينَ يُنفِقُونَ أَمْوَٰلَهُمْ فِى سَبِيلِ ٱللَّهِ ثُمَّ لَا يُتْبِعُونَ مَآ أَنفَقُوا۟ مَنًّا وَلَآ أَذًى ۙ لَّهُمْ أَجْرُهُمْ عِندَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٢٦٢﴾

262)യാതൊരുകൂട്ടര്‍ തങ്ങളുടെ സ്വത്തുക്കള്‍ അല്ലാഹുവിന്റെ മാര്‍ഗത്തില്‍ ചെലവഴിക്കുകയും, പിന്നീട് തങ്ങള്‍ ചെലവഴിച്ചതിനെത്തുടര്‍ന്ന് ഉപകാരം എടുത്തുപറയുകയാകട്ടെ, ദ്രോഹിക്കുകയാകട്ടെ ചെയ്യാതിരിക്കുകയും ചെയ്യുന്നുവോ- അവര്‍ക്ക് തങ്ങളുടെ റബ്ബിന്റെ അടുക്കല്‍ തങ്ങളുടെ പ്രതിഫലം ഉണ്ടായിരിക്കും. അവരുടെ മേല്‍ യാതൊരു ഭയവുമില്ല. അവര്‍ വ്യസനപ്പെടുകയുമില്ല.

۞ قَوْلٌ مَّعْرُوفٌ وَمَغْفِرَةٌ خَيْرٌ مِّن صَدَقَةٍ يَتْبَعُهَآ أَذًى ۗ وَٱللَّهُ غَنِىٌّ حَلِيمٌ ﴿٢٦٣﴾

263)(നല്ല) മര്യാദപ്പെട്ട വല്ല വാക്കും, പൊറുത്തുകൊടുക്കലും, ദ്രോഹം തുടർന്നു വരുന്നതുമായ ധർമത്തേക്കാൾ ഉത്തമമായതാകുന്നു. അല്ലാഹുവാകട്ടെ, (പരാശ്രയം വേണ്ടാത്ത) ധന്യനും സഹനശീലനുമാണ്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تُبْطِلُوا۟ صَدَقَـٰتِكُم بِٱلْمَنِّ وَٱلْأَذَىٰ كَٱلَّذِى يُنفِقُ مَالَهُۥ رِئَآءَ ٱلنَّاسِ وَلَا يُؤْمِنُ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ ۖ فَمَثَلُهُۥ كَمَثَلِ صَفْوَانٍ عَلَيْهِ تُرَابٌ فَأَصَابَهُۥ وَابِلٌ فَتَرَكَهُۥ صَلْدًا ۖ لَّا يَقْدِرُونَ عَلَىٰ شَىْءٍ مِّمَّا كَسَبُوا۟ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْكَـٰفِرِينَ ﴿٢٦٤﴾

264)ഹേ, വിശ്വസിച്ചവരേ, ഉപകാരം എടുത്തുപറയലും, ദ്രോഹിക്കലും വഴി, നിങ്ങളുടെ (ദാന)ധർമങ്ങളെ നിങ്ങൾ നിഷ്ഫലമാക്കരുത് – (അതെ,) മനുഷ്യരെ കാണിക്കുവാനായി തന്റെ ധനം ചെലവഴിക്കുകയും, അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാതിരിക്കുകയുംചെയ്യുന്നവനെപ്പോലെ. എന്നാൽ, അവന്റെ ഉദാഹരണം മീതെ(കുറച്ച്) മണ്ണുള്ളതായ ഒരു മിനുസ്സപ്പാറയുടെ മാതിരിയാകുന്നു. എന്നിട്ട് അതിന് ഒരു കനത്ത മഴ ബാധിച്ചു. അതതിനെ ഉറച്ചുമിനുത്ത നിലയിൽ വിട്ടേച്ചുകളഞ്ഞു. (അതായത്), അവർ ചെയ്തുവെച്ചതിൽ യാതൊന്നിനും (യാതൊന്നും അനുഭവിക്കുവാൻ) അവർക്ക് കഴിയുകയില്ല. അല്ലാഹു അവിശ്വാസികളായ ജനങ്ങളെ സന്മാർഗത്തിലാക്കുകയുമില്ല.

---

നാം ചെയ്യുന്ന ദാനധർമ്മങ്ങൾ ഫലശൂന്യമാക്കിത്തീർക്കുന്ന മൂന്ന് കാര്യങ്ങളെക്കുറിച്ച് അല്ലാഹു മുന്നറിയിപ്പ് നല്കുന്നു.

(1) ചെയ്ത ദാനധർമ്മം എടുത്ത് പറയുകയും, എണ്ണിക്കാട്ടുകയും ചെയ്യുക. ഇപ്രകാരം ചെയ്യപ്പെട്ടവരുടെ അന്തസ്സിനും അഭിമാനത്തിനും ഇത് ക്ഷതമേൽപിക്കുന്നു.

(2) ഉപകാരം ചെയ്യപ്പെട്ട ആൾക്ക് വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ഉപദ്രവവും സ്വൈര്യക്കേടും ഉണ്ടാക്കുക. ചെയ്ത ഉപകാരത്തിന്റെ പേരിൽ നന്ദിയും കൂറും പ്രത്യുപകരവും കടപ്പാടും ലഭിക്കാനുള്ള ദുർവിചാരത്തിൽ നിന്നുമാണ് ഇതിന്റെ ഉത്ഭവം.

(3) അന്യരെ കാണിക്കാനായും, ജനമദ്ധ്യത്തിൽ കീർത്തി നേടാനും, ഉള്ള ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുക.

മേൽപറഞ്ഞ ന്യൂനതകൾ കൂടാതെ, അല്ലാഹുവിന്റെ പ്രീതിമാത്രം കാംക്ഷിച്ച്കൊണ്ട് ചെയ്യുന്ന ദാനധർമ്മങ്ങൾ ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ അടുക്കൽ തക്കതായ പ്രതിഫലം ഉണ്ടായിരിക്കും. പ്രതിഫലത്തെപ്പറ്റി യാതൊരു ആശങ്കയും അവർക്ക് വേണ്ടാ; ചിലവഴിച്ചതിനെപ്പറ്റി ഭാവിയിൽ ഒരിക്കലും അവർക്ക് വ്യസനപ്പെടേണ്ടിവരികയുമില്ല.

ദാനധർമ്മങ്ങൾ ചെയ്യുന്നതിനെ തുടർന്ന് വല്ല ഉപദ്രവമോ സ്വൈര്യക്കേടോ ഉണ്ടാക്കുന്ന പക്ഷം, അതിനേക്കാൾ ഭേദം ആ ദാനധർമ്മങ്ങൾ ചെയ്യാതിരിക്കലാണ്. നല്ല വാക്കുകളും, സമാശ്വസിപ്പിക്കലും വിട്ടുവീഴ്ചയോടെയുള്ള പെരുമാറ്റവുമാണ് അതിനേക്കാൾ ഏറെ ഉത്തമം. ജനങ്ങളുടെ ദാനധർമ്മങ്ങളൊന്നും അല്ലാഹുവിന് ആവശ്യമില്ല. അതിന്റെ ഗുണം അവർക്ക് തന്നെയാണല്ലോ. “അല്ലാഹു ധന്യനും സഹനശീലനുമാകുന്നു.”

അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസമില്ലാതെ ജനമദ്ധ്യേ പേരിനും പെരുമക്കും വേണ്ടി ധനം ചിലവഴിക്കുന്നതിന് തുല്യമാണ്, ചെയ്ത ഉപകാരം എടുത്ത് പറഞ്ഞ് ഉപദ്രവവും സ്വൈര്യക്കേടും ഉണ്ടാക്കി ധാനധർമ്മങ്ങളെ നിഷ്ഫലമാക്കുന്നവർ ചെയ്യുന്നത്.

അങ്ങനെയുള്ളവരുടെ കർമ്മങ്ങൾ, ഉറപ്പും മിനുസവുമുള്ള ഒരു പാറക്കല്ലിന്മേൽ കുറച്ച് മണ്ണുണ്ടായിരിക്കെ, അതിന് ശക്തിയായ മഴ തട്ടിയാൽ അവിടെ ഒന്നും ബാക്കിയാകാത്തത്പോലെ, നിഷ്ഫലമായിത്തീരുന്നതാണ്. മാത്രമല്ല ഖിയാമത്ത് നാളിൽ കോപം മൂലം അല്ലാഹു സംസാരിക്കുകയോ, നോക്കുകയോ സംസ്കരിക്കുകയോ ചെയ്യുകയില്ലെന്ന് നബി(സ) അരുളിയ മൂന്നു വിഭാഗക്കാരിൽ ഒരു വിഭാഗം, കൊടുത്തതിനെപ്പറ്റി എടുത്തുപറഞ്ഞുകൊണ്ടിരിക്കുന്ന ഇക്കൂട്ടരായിരിക്കും. മറ്റ് രണ്ടു വിഭാഗക്കാർ (അന്തസ്സിന് വേണ്ടി) വസ്ത്രം നിലത്തിഴക്കുന്നവരും, കള്ള സത്യം മുഖേന ചരക്ക് വിറ്റഴിക്കുന്നവരും ആകുന്നു.

**വചനം 265**

265)അല്ലാഹുവിന്റെ പ്രീതിയെ തേടിയും, തങ്ങളുടെ ആത്മാക്കളിൽ (മനസ്സുകളിൽ) നിന്നുള്ള ദൃഢീകരണമായുംകൊണ്ട് തങ്ങളുടെ ധനംചെലവഴിക്കുന്നവരുടെ ഉപമയാകട്ടെ,- ഒരു മേടു പ്രദേശത്തുള്ള ഒരു തോട്ടത്തിന്റെ മാതിരിയാകുന്നു: അതിന് ഒരു കനത്ത മഴ കിട്ടി; എന്നിട്ട് അത്അതിന്റെ കനി രണ്ടിരട്ടിയായി നൽകി (-ഇങ്ങിനെയുള്ള ഒരു തോട്ടത്തിന്റെ മാതിരി). ഇനി, അതിനു കനത്ത മഴ കിട്ടിയില്ലെങ്കിൽ, ഒരു ചാറൽ മഴ (മതിയാകും). അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

وَمَثَلُ ٱلَّذِينَ يُنفِقُونَ أَمْوَٰلَهُمُ ٱبْتِغَآءَ
مَرْضَاتِ ٱللَّهِ وَتَثْبِيتًا مِّنْ أَنفُسِهِمْ كَمَثَلِ
جَنَّةٍۭ بِرَبْوَةٍ أَصَابَهَا وَابِلٌ فَـَٔاتَتْ أُكُلَهَا
ضِعْفَيْنِ فَإِن لَّمْ يُصِبْهَا وَابِلٌ فَطَلٌّ ۗ
وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ٢٦٥

അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചുകൊണ്ട് സൽകാര്യങ്ങൾക്ക് ധനം ചെലവഴിക്കുന്നവരുടെ ഒരു ഉപമ, അല്ലാഹു ഈ വചനത്തിൽ വിവരിക്കുന്നു.

ഉയർന്ന് നിൽക്കുന്ന ഒരു മേട് പ്രദേശത്തെ തോട്ടം, ശുദ്ധമായ വായുവും മണ്ണും, അതോടുകൂടി നല്ല മഴയും കിട്ടിയാൽ ഇരട്ടി പ്രതിഫലം അതിൽനിന്ന് ലഭിക്കും. നേരിയ മഴ കിട്ടിയാലും മതി.

ഇങ്ങനെതന്നെയാണ് ഉദ്ദേശ്യശുദ്ധിയോടും വിശ്വാസദാർഢ്യത്തോടെയും ദാനധർമ്മങ്ങൾ നിർവ്വഹിക്കുന്നവരുടെ പ്രതിഫലവും.

ഓരോരുത്തരുടെയും പ്രവർത്തനങ്ങളും നിലപാടും മനസ്ഥിതിയും സസൂക്ഷ്മം അല്ലാഹു കണ്ടറിഞ്ഞ്കൊണ്ടിരിക്കുന്നുണ്ടെന്ന് കൂടി അല്ലാഹു നമ്മെ ഓർമ്മിപ്പിക്കുന്നു.

---

**വചനം 266**

266)നിങ്ങളിൽ (ആരെങ്കിലും) ഒരുവൻ ആഗ്രഹിക്കുമോ,-ഈത്തപ്പനകളുടെയും, മുന്തിരിവള്ളികളുടെയും ഒരു തോട്ടം അവന്ന് ഉണ്ടായിരിക്കുവാൻ?- അതിന്റെ അടിയിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്നു; അതിൽ അവന്നു എല്ലാ(വിധ) ഫലവർഗങ്ങളിൽ പെട്ടതുമുണ്ട്; (അതേ സമയം) അവന് വാർധക്യം ബാധിക്കുകയും ചെയ്തിരിക്കുന്നു; ദുർബലരായ (കുറേ) സന്താനങ്ങൾ അവന്നുണ്ടുതാനും;- എന്നിട്ട് തീ ഉള്ളതായ ഒരു (കടുത്ത) ചുഴലിക്കാറ്റ് അതിനു ബാധിച്ചു അത് കരിഞ്ഞുപോയി! (ഇങ്ങിനെയൊരു തോട്ടമുണ്ടായിരിക്കുവാൻ വല്ലവരും ആഗ്രഹിക്കുമോ?!) ഇപ്രകാരം അല്ലാഹു നിങ്ങൾക്ക് ആയത്ത്(ലക്ഷ്യം)കൾ വിവരിച്ചുതരുന്നു- നിങ്ങൾ ചിന്തിക്കുവാൻ വേണ്ടി.

أَيَوَدُّ أَحَدُكُمْ أَن تَكُونَ لَهُۥ جَنَّةٌ مِّن
نَّخِيلٍ وَأَعْنَابٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ
لَهُۥ فِيهَا مِن كُلِّ ٱلثَّمَرَٰتِ وَأَصَابَهُ ٱلْكِبَرُ
وَلَهُۥ ذُرِّيَّةٌ ضُعَفَآءُ فَأَصَابَهَآ إِعْصَارٌ فِيهِ نَارٌ
فَٱحْتَرَقَتْ ۗ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمُ
ٱلْءَايَٰتِ لَعَلَّكُمْ تَتَفَكَّرُونَ ٢٦٦

അടിയിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന, വിവിധ ഫലവർഗ്ഗങ്ങളും, ഈത്തപ്പനയും, മുന്തിരിവള്ളികളുമുള്ള ഒരു വലിയ തോട്ടം ആരാണാഗ്രഹിക്കാത്തത്. ഇമ്മാതിരി ഒരു തോട്ടത്തിന്റെ ആവശ്യകത ഏറ്റവും അധികമായിത്തീരുന്നത്, തോട്ടമുടമസ്ഥന് വാർദ്ധക്യം പിടിപെടുകയും, ദുർബ്ബലരായ സന്താനങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യുമ്പോഴാണല്ലോ. ഈ അവസ്ഥയിൽ പെട്ടെന്ന് ഒരു ചുഴലിക്കാറ്റും അഗ്നിയും ബാധിച്ച് ആ തോട്ടമങ്ങു നശിച്ച് പോയാലത്തെ അവസ്ഥ എന്തായിരിക്കും. ഇതുപോലെയാണ് സൽക്കർമ്മങ്ങൾ പലതും ചെയ്യുകയും അവയെ നിഷ്ഫലമാക്കുന്ന കാര്യങ്ങൾ ഉപേക്ഷിക്കാതിരിക്കുകയും ചെയ്യുന്നവരുടെ സ്ഥിതി. ധനം ചെലവഴിക്കൽ മാത്രമല്ല, എല്ലാ കർമ്മങ്ങൾ ചെയ്യുന്നവർക്കും ബാധകമാകുന്ന ഒരു ഉപമയാണിത്.

**വിഭാഗം 37**

**വചനം 267,268**

267)ഹേ, വിശ്വസിച്ചവരേ, നിങ്ങള്‍ സമ്പാദിച്ചുണ്ടാക്കിയ (നല്ല) ശുദ്ധമായ വസ്തുക്കളില്‍ നിന്ന് നിങ്ങള്‍ ചിലവഴിക്കുവീന്‍; ഭൂമിയില്‍ നിന്ന് നിങ്ങള്‍ക്ക് നാം (ഉല്‍പാദിപ്പിച്ച്) പുറപ്പെടുവിച്ചുതന്നിട്ടുള്ളതില്‍ നിന്നും (ചെലവഴിക്കുവീന്‍). ചീത്തയുള്ളതിനെ, അതില്‍നിന്നുതന്നെ ചിലവഴിക്കുവാനായി നിങ്ങള്‍ കരുതിവെക്കുകയുംചെയ്യരുത്. അതിനെപ്പറ്റി നിങ്ങള്‍ കണ്ണടക്കുന്നതായാലല്ലാതെ അത് നിങ്ങള്‍ (ഇങ്ങോട്ട്) മേടിക്കുന്നവരല്ലല്ലോ. അല്ലാഹു(പരാശ്ര യമില്ലാത്ത) ധന്യനും സ്തുത്യര്‍ഹനുമാണെന്നു നിങ്ങള്‍ അറിഞ്ഞുകൊള്ളുവീന്‍.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَنفِقُواْ مِن طَيِّبَٰتِ مَا كَسَبْتُمْ وَمِمَّآ أَخْرَجْنَا لَكُم مِّنَ ٱلْأَرْضِ ۖ وَلَا تَيَمَّمُواْ ٱلْخَبِيثَ مِنْهُ تُنفِقُونَ وَلَسْتُم بِـَٔاخِذِيهِ إِلَّآ أَن تُغْمِضُواْ فِيهِ ۚ وَٱعْلَمُوٓاْ أَنَّ ٱللَّهَ غَنِىٌّ حَمِيدٌ ﴿٢٦٧﴾

268)പിശാച് നിങ്ങളോട് ദാരിദ്ര്യത്തെ വാഗ്ദത്തം ചെയ്യു കയും, നിങ്ങളോട് നീചവൃത്തിക്ക് കല്‍പിക്കുകയും ചെയ്യുന്നു. അല്ലാഹുവാകട്ടെ, അവന്‍റെ പക്കല്‍നി ന്നുള്ള പാപമോചനവും ദയയും (അഥവാ അനുഗ്ര ഹവും) നിങ്ങളോട് വാഗ്ദത്തം ചെയ്യുന്നു. അല്ലാഹു വിശാലനും (എല്ലാം) അറിയുന്നവനുമാണ്.

ٱلشَّيْطَٰنُ يَعِدُكُمُ ٱلْفَقْرَ وَيَأْمُرُكُم بِٱلْفَحْشَآءِ ۖ وَٱللَّهُ يَعِدُكُم مَّغْفِرَةً مِّنْهُ وَفَضْلًا ۗ وَٱللَّهُ وَٰسِعٌ عَلِيمٌ ﴿٢٦٨﴾

അദ്ധ്വാനിച്ചും ജോലിയെടുത്തും സമ്പാദിക്കുന്നതും ഭൂമിയില്‍ നിന്ന് ഉല്‍പാദിതമാകുന്നതുമാണല്ലോ, മുഖ്യമായ ധനാഗമമാര്‍ഗ്ഗങ്ങള്‍. അങ്ങനെ ലഭിക്കുന്ന ധനം സല്‍ക്കാര്യങ്ങളില്‍ ചിലവഴിക്കണമെന്നും ചിലവ ഴിക്കുന്ന ധനം ശുദ്ധമായതായിരിക്കണമെന്നും അല്ലാഹു നിര്‍ദ്ദേശിക്കുന്നു. ചിലവഴിക്കുന്ന വസ്തു, താണത രത്തില്‍പെട്ടതോ, നിഷിദ്ധമായതോ ആയിരിക്കരുത്. അത്തരം വസ്തുക്കള്‍, ഇങ്ങോട്ടാരെങ്കിലും തരുമ്പോള്‍, അത് സ്വീകരിക്കാന്‍ നാമും മടിക്കുമല്ലോ.

ഇങ്ങനെയൊക്കെ കല്പിക്കുന്നതു മനുഷ്യന്‍റെ തന്നെ ഗുണത്തിന് വേണ്ടിയാണ്. അല്ലാഹു ആരുടെയും ഒരു വിധത്തിലുള്ള ആശ്രയവും വേണ്ടാത്തവനും, ധന്യനും സ്തുത്യര്‍ഹനുമാകുന്നു.

ദാരിദ്ര്യത്തെപ്പറ്റി പിശാചിന്‍റെ ഭയപ്പെടുത്തലിലും ദുര്‍മ്മന്ത്രവാദത്തിലും കുടുങ്ങി നല്ല വഴിക്ക് ചെലവഴി ക്കാന്‍ പിശുക്ക് കാണിക്കുന്ന പലരും ചിലപ്പോള്‍ നീചവൃത്തികളിലും, തോന്നിയവാസങ്ങളിലും അതി ലേറെ ചിലവഴിച്ചെന്ന് വരാം. എന്നാല്‍ സല്‍ക്കര്‍മ്മങ്ങളില്‍ ചിലവഴിക്കുന്നവര്‍ക്ക് അല്ലാഹു നല്കുന്ന വാഗ്ദാനം അനുഗ്രഹവും ദയയും പാപമോചനവുമാകുന്നു. ഏറ്റവും മഹത്തായ നേട്ടവും അതുതന്നെ.

**വചനം 269**

269)അവന്‍ (അല്ലാഹു) ഉദ്ദേശിക്കുന്നവര്‍ക്ക് അവന്‍ വിജ്ഞാനം നല്‍കുന്നു. ഏതൊരുവന്നു വിജ്ഞാനം നല്‍കപ്പെടുന്നുവോ അവന്ന് ധാരാളം നന്മ നല്‍കപ്പെട്ടുകഴിഞ്ഞു! (സല്‍) ബുദ്ധിയുള്ള വരല്ലാതെ ഉറ്റാലോചിക്കുകയില്ലതാനും.

يُؤْتِى ٱلْحِكْمَةَ مَن يَشَآءُ ۚ وَمَن يُؤْتَ ٱلْحِكْمَةَ فَقَدْ أُوتِىَ خَيْرًا كَثِيرًا ۗ وَمَا يَذَّكَّرُ إِلَّآ أُوْلُواْ ٱلْأَلْبَٰبِ ﴿٢٦٩﴾

'ഹിക്മത്ത്' എന്ന വാക്കിനു ബുദ്ധി, ശക്തി, ജ്ഞാനം, ഖുര്‍ആനിക വിജ്ഞാനം, അല്ലാഹുവിനെക്കുറി ച്ചുള്ള ഭയപ്പാട്, കാര്യഗ്രഹണശക്തി എന്നിങ്ങനെ പല അര്‍ത്ഥങ്ങളും കല്പിക്കപ്പെട്ടിരിക്കുന്നു. കേവലം കുറെ അറിവുകളോ വിദ്യയോ കരസ്ഥമാക്കിയത്കൊണ്ട് മാത്രം 'ഹിക്മത്ത്' ലഭ്യമാകുന്നതല്ല. അല്ലാഹു വിന്‍റെ അനുഗ്രഹത്തിനും പ്രതിഫലത്തിനും പാത്രമാകത്തക്കവണ്ണം അവ ഉപയോഗപ്പെടുത്താനുള്ള ഭാഗ്യം

കൂടി സിദ്ധിക്കുമ്പോഴേ അത് ലഭ്യമാകുകയുള്ളൂ. “അല്ലാഹു ഉദ്ദേശിക്കുന്നവര്‍ക്ക് അവന്‍ ഹിക്മത്ത് നല്‍കുന്നു” എന്നും “ഹിക്മത്ത് ആര്‍ക്ക് നല്കപ്പെടുന്നുവോ അവന് ധാരാളം നന്മ നല്കപ്പെട്ടു കഴിഞ്ഞു” എന്നുമുള്ള അല്ലാഹുവിന്റെ തിരുവാക്യങ്ങളില്‍ നിന്നും അക്കാര്യം മനസ്സിലാക്കാവുന്നതാണ്. 4:54, 2:251, 38:20 എന്നീ വചനങ്ങളിലും ഇതുസംബന്ധിച്ച് കൂടുതല്‍ വ്യക്തമാകുന്നതാണ്.

ഹിക്മത്തിന്റെ ഏറ്റവും ഉന്നതമായ പദവിയാണ് പ്രവാചകത്വം എന്ന് ഇബ്നു കഥീര്‍ (റ) ചൂണ്ടിക്കാട്ടിയിരിക്കുന്നു.

അല്ലാഹുവിനെക്കുറിച്ചുള്ള ഭയപ്പാടാണ് ഹിക്മത്തിന്റെ തല (അഥവാ പ്രധാന ഭാഗം) എന്ന് ഹദീസില്‍ വന്നിരിക്കുന്നു.

“സല്‍ബുദ്ധിയുള്ളവരല്ലാതെ ഉറ്റാലോചിക്കുകയില്ല” -അതായതു ഹിക്മത്ത് ലഭിച്ചവരേ, കാര്യങ്ങള്‍ വേണ്ടത് പോലെ ചിന്തിച്ചറിയുകയും അത് യഥാവിധി പ്രവര്‍ത്തനത്തില്‍ വരുത്തുകയും ചെയ്യുകയുള്ളൂ. അങ്ങനെയുള്ളവരാണ് യഥാര്‍ത്ഥ ബുദ്ധിമാന്മാര്‍.

---

**വചനം 270,271**

وَمَآ أَنفَقْتُم مِّن نَّفَقَةٍ أَوْ نَذَرْتُم مِّن نَّذْرٍ فَإِنَّ ٱللَّهَ يَعْلَمُهُۥ ۗ وَمَا لِلظَّٰلِمِينَ مِنْ أَنصَارٍ ﴿٢٧٠﴾

270)നിങ്ങള്‍ വല്ല ചിലവും ചിലവഴിക്കുകയോ, അല്ലെങ്കില്‍ വല്ല നേര്‍ച്ചയും നേര്‍ച്ചയാക്കുകയോ ചെയ്താലും-നിശ്ചയമായും, അല്ലാഹു അതിനെ അറിയുന്നതാണ്. അക്രമികള്‍ക്ക് യാതൊരു സഹായികളും ഇല്ല.

إِن تُبْدُوا۟ ٱلصَّدَقَٰتِ فَنِعِمَّا هِىَ ۖ وَإِن تُخْفُوهَا وَتُؤْتُوهَا ٱلْفُقَرَآءَ فَهُوَ خَيْرٌ لَّكُمْ ۚ وَيُكَفِّرُ عَنكُم مِّن سَيِّـَٔاتِكُمْ ۗ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿٢٧١﴾

271)നിങ്ങള്‍ ദാനധര്‍മങ്ങളെ വെളിവാക്കി ചെയ്യുന്നപക്ഷം, അത് എത്രയോ നല്ലതു(തന്നെ). നിങ്ങള്‍ അത് മറച്ചുചെയ്യുകയും ദരിദ്രന്മാര്‍ക്ക് കൊടുക്കുകയും ചെയ്യുന്നപക്ഷം, അത് നിങ്ങള്‍ക്ക് (കൂടുതല്‍) ഗുണകരമാകുന്നു. നിങ്ങളുടെ തിന്മകളില്‍ നിന്നും (കുറെഭാഗം) അവന്‍ മൂടിവെ(ച്ചുമാപ്പാ)ക്കുകയും ചെയ്യുന്നതാണ്. അല്ലാഹുവാകട്ടെ, നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

---

ദാനധര്‍മ്മങ്ങളെന്ന നിലക്കോ, അല്ലാതെയോ, ചെയ്യപ്പെടുന്ന എല്ലാ ചിലവുകളെക്കുറിച്ചും, നേര്‍ച്ചകളെക്കുറിച്ചും, അല്ലാഹുവിന്നറിയാം. ആയതിന് തക്ക പ്രതിഫലം അവന്‍ നല്കുകയും ചെയ്യും. വേണ്ടപ്പെട്ട മാര്‍ഗ്ഗത്തില്‍ ചിലവഴിക്കാതിരിക്കുന്നതും, അല്ലാഹുഇഷ്ടപ്പെടാത്ത മാര്‍ഗ്ഗത്തില്‍ ചെലവഴിക്കുന്നതും, ഉദ്ദേശ്യശുദ്ധിയില്ലാതെ ചിലവഴിക്കുന്നതും, അക്രമവും അനീതിയുമാകുന്നു. അത്തരക്കാര്‍ക്കു ഖിയാമത്ത് നാളില്‍ യാതൊരു രക്ഷയും സഹായവും ലഭിക്കുകയില്ല താനും.

ദാനധര്‍മ്മങ്ങള്‍ പരസ്യമായി ചെയ്യുന്നതില്‍ വിരോധമില്ല. പക്ഷെ ശുദ്ധമനസ്സോടെയും, അല്ലാഹുവിന്റെ പ്രീതിയെ ഉദ്ദേശിച്ചുമായിരിക്കണമെന്ന് മാത്രം. എങ്കിലും ചിലവഴിക്കുന്നത് രഹസ്യമായിരിക്കുകയും, ദരിദ്രവിഭാഗത്തിനായിരിക്കുകയും ചെയ്യുന്നതാണ് അതിനെക്കാള്‍ ഉത്തമവും കൂടുതല്‍ പുണ്യകരവും. ദാനധര്‍മ്മങ്ങള്‍ക്ക് വമ്പിച്ച പ്രതിഫലം നല്‍കപ്പെടുമെന്ന് മാത്രമല്ല ചെയ്തുപോയ പല പാപങ്ങളും അല്ലാഹു പൊറുക്കുന്നതുമാകുന്നു.

ആരൊക്കെ എന്തൊക്കെ ചെയ്യുന്നുവെന്നുമൊക്കെ അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു.

നിര്‍ബന്ധമല്ലാത്ത വല്ല പുണ്യകര്‍മ്മവും ചെയ്തുകൊള്ളാമെന്ന് സ്വയം പ്രതിജ്ഞ ചെയ്യുന്നതിനാണ് നേര്‍ച്ച എന്നു പറയുന്നത്. ഇത് ഒരു ആരാധനയാകുന്നു. അത്കൊണ്ട് നേര്‍ച്ചകളെല്ലാം അല്ലാഹുവിന് മാത്രമെ പാടുള്ളൂ. ഒരു കാര്യം നേര്‍ച്ചയാക്കിയാല്‍ അത് നിര്‍വ്വഹിക്കല്‍ നിര്‍ബന്ധമാകുന്നു. പുണ്യകരമായ കാര്യങ്ങളല്ലാതെ നേര്‍ച്ചയാക്കാന്‍ പാടില്ല.

ഖിയാമത്ത് നാളില്‍ അല്ലാഹു തണല്‍ നല്‍കുന്ന ഏഴുകൂട്ടരില്‍ “വലത്തെ കൈ ചിലവഴിക്കുന്നത് ഇടത്തെ കൈ അറിയാതെ, സ്വകാര്യമായി അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ച് ദാനധര്‍മ്മം ചെയ്യുന്നവരെ നബി(സ) എണ്ണിയിരിക്കുന്നു.”

ഒരാൾ ചെലവഴിക്കുന്നത് മറ്റുള്ളവർക്ക് മാതൃകയായിത്തീരുന്നതിനോ, ചില പ്രത്യേക സന്ദർഭങ്ങളിൽ തെറ്റിദ്ധാരണയകറ്റുന്നതിനോ, ധർമ്മം പരസ്യമായി ചെയ്യാമെന്ന് പണ്ഡിതന്മാർ ചൂണ്ടിക്കാട്ടുന്നു.

**വചനം 272**

لَّيۡسَ عَلَيۡكَ هُدَىٰهُمۡ وَلَٰكِنَّ ٱللَّهَ يَهۡدِي مَن يَشَآءُۗ وَمَا تُنفِقُواْ مِنۡ خَيۡرٖ فَلِأَنفُسِكُمۡۚ وَمَا تُنفِقُونَ إِلَّا ٱبۡتِغَآءَ وَجۡهِ ٱللَّهِۚ وَمَا تُنفِقُواْ مِنۡ خَيۡرٖ يُوَفَّ إِلَيۡكُمۡ وَأَنتُمۡ لَا تُظۡلَمُونَ ٢٧٢

272)(നബിയേ), അവരെ സന്മാർഗത്തിലാക്കൽ നിന്റെ മേൽ (ബാധ്യത) ഇല്ല. എങ്കിലും, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ സന്മാർഗത്തിലാക്കുകയത്രെ ചെയ്യുന്നത്. നിങ്ങൾ നല്ലതായുള്ളത് എന്ത് ചെലവുചെയ്താലും (അത്) നിങ്ങളുടെ സ്വന്തങ്ങൾക്കുവേണ്ടി(തന്നെ)യായിരിക്കും. അല്ലാഹുവിന്റെ മുഖത്തെ (പ്രീതിയെ) തേടിക്കൊണ്ടല്ലാതെ നിങ്ങൾ ചെലവഴിക്കുന്നുമില്ല (എന്നിരിക്കെ). നിങ്ങൾ നല്ലതായുള്ളതെന്ത് ചെലവഴിക്കുന്നതായാലും അത് (അതിന്റെ പ്രതിഫലം) നിങ്ങൾക്ക് നിറവേറ്റിത്തരപ്പെടുന്നതാണ്. നിങ്ങളോട് അനീതി ചെയ്യപ്പെടുകയില്ലതാനും.

പ്രബോധനം ചെയ്യുകയെന്നതാണ് നബി(സ)യുടെ ചുമതല. നേർമാർഗ്ഗത്തിലാക്കുകയെന്നത് തിരുമേനിയുടെ ബാധ്യതയല്ല. അത് അല്ലാഹുവിന്റെ പ്രവർത്തിയാകുന്നു. നേർമാർഗ്ഗത്തിലാക്കപ്പെടാൻ ആരാണ് അർഹൻ എന്നൊക്കെ അല്ലാഹുവിനാണല്ലോ അറിയുക. അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗ്ഗത്തിലാക്കുന്നു. ഈ സംഗതി ഖുർആനിൽ പല സ്ഥലത്തും അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാണ്.

ദാനധർമ്മങ്ങൾ നൽകുന്നത് മുസ്‌ലിംകൾക്ക് തന്നെ ആയിക്കൊള്ളണമെന്നില്ല. ഏത് മതസ്ഥർക്കും ആകാം. അവർ സന്മാർഗ്ഗം സ്വീകരിച്ചിട്ടില്ലാത്തിന്റെ ബാദ്ധ്യത നിങ്ങൾക്കില്ല. അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് ചെയ്യുന്ന ഏതൊരു ദാനധർമ്മവും പ്രതിഫലത്തിൽ യാതൊരു കുറവും വരാതെ, അതിന്റെ ഫലം നിങ്ങൾ ആസ്വദിക്കുന്നതാണ്. ഒന്നും അല്ലാഹു പാഴാക്കുകയില്ല-എന്നിങ്ങനെയാണ് അല്ലാഹു തുടർന്ന് പറഞ്ഞതിന്റെ താല്പര്യം.

നല്കപ്പെടുന്ന ധനം, ഇസ്‌ലാമിനെതിരായോ, ദുർമാർഗ്ഗങ്ങളിലോ, വിനിയോഗിക്കപ്പെടുമെന്ന് കണ്ടാൽ അങ്ങനെയുള്ളവർക്ക് ദാനധർമ്മങ്ങൾ നല്കിക്കൂടാത്തതുമാകുന്നു.

സക്കാത്ത് പോലെയുള്ള നിർബന്ധധർമ്മങ്ങൾ മുസ്‌ലിംകൾക്ക് തന്നെ നല്കപ്പെടേണ്ടതാണ്.

**വചനം 273**

لِلۡفُقَرَآءِ ٱلَّذِينَ أُحۡصِرُواْ فِي سَبِيلِ ٱللَّهِ لَا يَسۡتَطِيعُونَ ضَرۡبٗا فِي ٱلۡأَرۡضِ يَحۡسَبُهُمُ ٱلۡجَاهِلُ أَغۡنِيَآءَ مِنَ ٱلتَّعَفُّفِ تَعۡرِفُهُم بِسِيمَٰهُمۡ لَا يَسۡـَٔلُونَ ٱلنَّاسَ إِلۡحَافٗاۗ وَمَا تُنفِقُواْ مِنۡ خَيۡرٖ فَإِنَّ ٱللَّهَ بِهِۦ عَلِيمٌ ٢٧٣

273)അല്ലാഹുവിന്റെ മാർഗത്തിൽ തടഞ്ഞുവെക്കപ്പെട്ടിട്ടുള്ളവരായ ദരിദ്രർക്കത്രെ (ദാനധർമ്മങ്ങൾ നൽകേണ്ടത്); ഭൂമിയിൽ സഞ്ചരി(ച്ചുനട)ക്കുവാൻ അവർക്ക് കഴിയുന്നതല്ല; ആത്മാഭിമാനം പാലിക്കുന്നത് നിമിത്തം, അറിയാത്തവൻ അവരെ ധനികൻമാരായി കണക്കാക്കുന്നു. അവരുടെ ലക്ഷണംകൊണ്ട് അവരെ നിനക്ക് മനസ്സിലാക്കാവുന്നതാണ്; അവർ മനുഷ്യരോട് ബുദ്ധിമുട്ടിച്ച് (ഒന്നും) ചോദിക്കുകയില്ല. (ഇങ്ങിനെയുള്ളവർക്കത്രെ ദാനധർമ്മങ്ങൾ നൽകേണ്ടത്). നിങ്ങൾ നല്ലതായുള്ളത് എന്ത് ചെലവഴിക്കുന്നതായാലും അല്ലാഹു അതിനെക്കുറിച്ച് അറിയുന്നവനാകുന്നു.

ദാനധർമ്മങ്ങൾ നല്കപ്പെടാൻ ഏറ്റവും അർഹരായവരെക്കുറിച്ച് ഈ വചനത്തിൽ അല്ലാഹു പരിചയപ്പെടുത്തുന്നു. റസൂലിന്റെ കൂടെ ഹിജ്റ വന്നവരും ജീവിതമാർഗ്ഗം ഇല്ലാത്തവരുമായ കുറെ സഹാബികൾ, മദീനാ പള്ളിക്കോലായിലും പരിസരത്തുമായി ഇസ്‌ലാമിക വിജ്ഞാനം സമ്പാദിക്കാനും, സമരങ്ങളിലും സൈനിക നടപടികളിലും പങ്കെടുത്തും കഴിഞ്ഞ് കൂടിയിരുന്ന 'സ്വുഫ്ഫത്തുകാർ' അഥവാ 'കോലായിൽ താമസിക്കുന്നവർ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന അവർ ഏകദേശം മുന്നൂറ് പേരുണ്ടായിരുന്നു. ഇവർക്കാണ് ദാനധർമ്മങ്ങളിൽ മുൻഗണന നൽകേണ്ടതെന്ന് അല്ലാഹു ഉണർത്തുന്നു. ഇക്കാലത്ത് സ്വുഫ്ഫത്തുകാർ ഇല്ലെങ്കിലും അവരെപ്പോലെ അല്ലാഹു എടുത്തുപറഞ്ഞ താഴെക്കാണുന്ന സ്വഭാവത്തോടുകൂടിയവർക്ക് വേണ്ടി ധനം ചെലവഴിക്കുന്നത് . വളരെയേറെ പ്രധാനപ്പെട്ട ഒരു പുണ്യകർമ്മമാകുന്നു.

(1) അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തടഞ്ഞുവെക്കപ്പെട്ടവരാകുന്നു. ഭൗതികമായ ഉദ്ദേശ്യങ്ങളൊന്നുമില്ലാതെ അല്ലാഹുവിന്റെ പ്രീതി സമ്പാദിക്കാനായി, ത്യാഗങ്ങൾ അനുഷ്ടിക്കലാണവരുടെ ജീവിതലക്ഷ്യം.

(2) ഭൂമിയിലൂടെ സഞ്ചരിച്ച് കച്ചവടം, കൃഷി മുതലായവ നടത്താനുള്ള പരിതസ്ഥിതി അവർക്കില്ല.

(3) ആത്മാഭിമാനത്തോടെ ജീവിതം നയിക്കുന്ന അവരെ അറിയാത്തവർ അവരെ കാണുമ്പോൾ അവർ ധനികന്മാരാണെന്നായിരിക്കും ധരിക്കുക.

(4) എന്നാൽ വിനയം, ഒതുക്കം, വിളർത്ത മുഖം, ഒട്ടിയ വയർ, കീറിയ വസ്ത്രങ്ങൾ എന്നീ അടയാളങ്ങൾ വഴി അവരെ മനസ്സിലാക്കാവുന്നതാണ്.

(5) എന്നാലും മറ്റുള്ളവരോട് യാചിക്കുകയോ, വല്ലതും ചോദിച്ച് ബുദ്ധിമുട്ടിക്കുകയോ അവർ ചെയ്യില്ല.

യാചനയും, അന്യരോട് ചോദിച്ച് വാങ്ങുന്നതും വളരെയേറെ ആക്ഷേപകരമായിട്ടാണ് ഇസ്ലാമിൽ ഗണിക്കപ്പെട്ടിരിക്കുന്നത്. "നിങ്ങളിലൊരാൾ ചോദിച്ചു വാങ്ങിക്കൊണ്ടിരിക്കുന്നതായാൽ അവൻ അല്ലാഹുവിനെ കണ്ട് മുട്ടുന്ന സമയത്ത് അവന്റെ മുഖത്ത് മാംസം ഉണ്ടായിരിക്കുന്നതല്ല"- നബിവചനം.

## വിഭാഗം 38

**വചനം 274**

ٱلَّذِينَ يُنفِقُونَ أَمْوَٰلَهُم بِٱلَّيْلِ وَٱلنَّهَارِ سِرًّا وَعَلَانِيَةً فَلَهُمْ أَجْرُهُمْ عِندَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٢٧٤﴾

274)യാതൊരു കൂട്ടർ, രാത്രിയും പകലും, രഹസ്യമായും പരസ്യമായും തങ്ങളുടെ സ്വത്തുക്കൾ ചെലവഴിക്കുന്നുവോ,-അവർക്ക് അവരുടെ റബ്ബിന്റെ അടുക്കൽ അവരുടെ പ്രതിഫലം ഉണ്ടായിരിക്കും. അവരുടെമേൽ യാതൊരു ഭയവുമില്ല; അവർ വ്യസനപ്പെടുകയുമില്ല.

അല്ലാഹുവിന്റെ പ്രീതിമാത്രം ലക്ഷ്യമാക്കിക്കൊണ്ട് വേണ്ടപ്പെട്ട എല്ലാ വിഷയങ്ങളിലും ധനവ്യയം ചെയ്യുന്നവർക്കുള്ള സന്തോഷവാർത്ത അല്ലാഹു അറിയിക്കുന്നു. അവർക്ക് ഒരുതരത്തിലുള്ള ഭയമൊ വ്യവസനമോ ഏർപ്പെടുകയില്ലെന്നും അറിയിക്കുന്നു.

"ഒരു മുസ്‌ലിം അല്ലാഹുവിന്റെ പ്രതിഫലം കണക്കിലെടുത്തുകൊണ്ട് തന്റെ വീട്ടുകാർക്ക്വേണ്ടി ചിലവഴിച്ചാൽ പോലും അത് അവന്റെ വക ഒരു ധർമ്മമായിത്തീരുന്നതാണ്. ഏതൊരു ദാനധർമ്മവും അവന്റെ പദവിയും ഉയർച്ചയും വർദ്ധിപ്പിക്കാതിരിക്കുകയില്ല."- ബു.മു.

**വചനം 275**

ٱلَّذِينَ يَأْكُلُونَ ٱلرِّبَوٰا۟ لَا يَقُومُونَ إِلَّا

275)പലിശ(മുതൽ) തിന്നുന്നവർ, ബാധ (അഥവാ ഭ്രാന്ത്) നിമിത്തം പിശാച് മറിച്ചുവീഴ്ത്തുന്നവൻ എഴുന്നേല്ക്കുന്ന പോലെയല്ലാതെ എഴുന്നേൽക്കു

كَمَا يَقُومُ ٱلَّذِى يَتَخَبَّطُهُ ٱلشَّيْطَٰنُ مِنَ
ٱلْمَسِّ ۚ ذَٰلِكَ بِأَنَّهُمْ قَالُوٓا۟ إِنَّمَا ٱلْبَيْعُ مِثْلُ
ٱلرِّبَوٰا۟ ۗ وَأَحَلَّ ٱللَّهُ ٱلْبَيْعَ وَحَرَّمَ ٱلرِّبَوٰا۟ ۚ فَمَن
جَآءَهُۥ مَوْعِظَةٌ مِّن رَّبِّهِۦ فَٱنتَهَىٰ فَلَهُۥ مَا
سَلَفَ وَأَمْرُهُۥٓ إِلَى ٱللَّهِ ۖ وَمَنْ عَادَ فَأُو۟لَٰٓئِكَ
أَصْحَٰبُ ٱلنَّارِ ۖ هُمْ فِيهَا خَٰلِدُونَ ﴿٢٧٥﴾

ന്നതല്ല. അത് (സംഭവിക്കുന്നത്) "നിശ്ചയമായും കച്ചവടം (കൊള്ളക്കൊടുക്കൽ) പലിശപോലെത്തന്നെയാണ്" എന്ന് അവർ പറഞ്ഞത്കൊണ്ടത്രെ. കച്ചവടം (കൊള്ളക്കൊടുക്കൽ) അല്ലാഹു അനുവദനീയമാക്കുകയും, പലിശ അവൻ നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, ഏതൊരുവന്ന് തന്റെ റബ്ബിൽ നിന്നുള്ള സദുപദേശം വന്നിട്ട് അവൻ (അതിൽനിന്ന്) വിരമിച്ചുവോ, - എന്നാലവന് മുൻകഴിഞ്ഞത് ഉണ്ടായിരിക്കും (അതവന്ന് എടുക്കാം). അവന്റെ കാര്യം അല്ലാഹുവിങ്കലേക്കുമാകുന്നു. (അവൻ തീരുമാനമെടുത്തുകൊള്ളും). യാതൊരുവർ (വീണ്ടും) ആവർത്തിച്ചുവോ, അക്കൂട്ടർ നരകത്തിന്റെ ആൾക്കാരാകുന്നു;- അവർ അതിൽ നിത്യവാസികളായിരിക്കും.

---

ദാനധർമ്മങ്ങൾക്ക് എല്ലാ നിലക്കും വിപരീതമായ പലിശയെക്കുറിച്ച് തുടർന്ന് അല്ലാഹു പ്രസ്താവിക്കുന്നു. കുടിലമനസ്കത, അതിമോഹം, ചൂഷണം, ദുരുദ്ദേശ്യം ആദിയായ ദുർഗുണങ്ങളാണ് പലിശയുടെ പ്രേരകങ്ങൾ. ധർമ്മിഷ്ഠൻ, മറ്റുള്ളവരുടെ ബുദ്ധിമുട്ട് തന്റെ ബുദ്ധിമുട്ടുപോലെ കണക്കാക്കി യാതൊന്നും ഭൗതികമായി പ്രതീക്ഷിക്കാതെ താൻ കഷ്ടപ്പെട്ട് സമ്പാദിച്ച് അന്യർക്കുവേണ്ടി ധനം വ്യയം ചെയ്യുമ്പോൾ പലിശക്കാരൻ പാവപ്പെട്ടവരുടെ ബുദ്ധിമുട്ട് ചൂഷണം ചെയ്ത്, അന്യന്റെ അദ്ധ്വാനം പിഴിഞ്ഞെടുത്ത് അവന്റെ രക്തം ഊറ്റിക്കുടിച്ച് കൂടുതൽ സമ്പന്നനാകാൻ ശ്രമിക്കുന്നു.

'പലിശ തിന്നുന്നവർ' എന്ന പ്രയോഗം അല്ലാഹവിന് അവരോടുള്ള വെറുപ്പിനെ സൂചിപ്പിക്കുന്നു. നിഷിദ്ധവും അക്രമവുമായ മാർഗ്ഗങ്ങളിലൂടെ അന്യരുടെ ധനം ചൂഷണം ചെയ്യുന്നവരെപ്പറ്റി ആക്ഷേപസൂചകമായി 'ധനം തിന്നുക' എന്ന പ്രയോഗം ഖുർആനിൽ വേറെയും കാണാം.

"പലിശ തിന്നുന്നവനെയും, പലിശ കൊടുക്കുന്നവനേയും, അതിന്റെ സാക്ഷികളേയും അതിന്റെ എഴുത്തുകാരനെയും നബി(സ) ശപിച്ചിരിക്കുന്നു."

കുറ്റത്തിൽ എല്ലാവരും ഭാഗഭാക്കാണെങ്കിലും പലിശ വാങ്ങുന്നവന്റെ കുറ്റം മറ്റുള്ളവരുടേതിനേക്കാൾ കഠിനമായിരിക്കുമെന്ന് പറയേണ്ടതില്ല.

വിനാശകരമായ ഏഴു മഹാ പാപങ്ങളിൽ ഒന്നായി പലിശയേയാണ് നബി(സ) എണ്ണിയിട്ടുള്ളത്.

"പലിശ എഴുപതു വിധത്തിലുണ്ട്. അവയിൽ ഏറ്റവും ലഘുവായതു ഒരാൾ അവന്റെ മാതാവിനെ വിവാഹം കഴിക്കുന്നതിന് തുല്യമാണ്"-നബി വചനം.

'രിബാ'എന്ന അറബി മൂലപദമാണ് 'പലിശ'എന്ന് ഭാഷാന്തരം ചെയ്യപ്പെടുന്നതു ഇതിന്റെ ഭാഷാർത്ഥം വളർച്ച അഥവാ വർദ്ധനവു എന്നത്രെ.

പലിശ ഇടപാടുകൾ പ്രധാനമായും രണ്ട് ഇനമായി വിഭജിക്കപ്പെടുന്നു.

(1) അധികപലിശ: കടക്കാരന് കടം വീട്ടാൻ അവധി അനുവദിക്കുന്നതിന്റെ പേരിൽ ഈടാക്കപ്പെടുന്ന ആദായം. ഇന്ന് നിലവിലുള്ള എല്ലാ പലിശ ഇടപാടുകളും കാലാനുസൃതമായി ചില വ്യവസ്ഥകളും ഉപാധികളും ഒഴിവാക്കിയാൽ, ഈ വിഭാഗം പലിശയിടപാടിൽ പെടുന്നു.

(2) മിച്ച പലിശ അഥവാ റൊക്കപ്പലിശ: ഒരു സാധനം അതേ ഇനത്തിൽ പെട്ട സാധനത്തിന് (ഉദാ:സ്വർണ്ണം, വെള്ളി, ഗോതമ്പ്, കാരക്ക,. തുടങ്ങിയവ) കൈമാറുമ്പോൾ വസൂലാക്കപ്പെടുന്ന അധികാദായം. ഈ തരം പലിശയെ വിവരിക്കുന്നതിന് താഴെ കാണുന്ന സംഭവം അബൂ സഈദ് ഖുദരി(റ) ഉദ്ധരിച്ചിരിക്കുന്നു.

നബി (സ)യുടെ അടുക്കൽ ബിലാൽ(റ) കുറച്ച് ബറനി (ഉയർന്ന തരം കാരക്ക) കൊണ്ട്വരികയുണ്ടായി. 'ഇത് എവിടെ നിന്ന് കിട്ടി' എന്ന് നബി(സ) ചോദിച്ചു. ബിലാൽ(റ) പറഞ്ഞു. "ഞങ്ങളുടെ പക്കൽ കുറച്ച്

താണ തരം കാരക്കയാണുണ്ടായിരുന്നത്. അതിൽ നിന്ന് രണ്ട് 'സ്വാഇ' ന്ന് ഒരു 'സ്വാഉ' ബറനി വീതം വാങ്ങിയതാണ്.' അപ്പോൾ തിരുമേനി പറഞ്ഞു "ആവൂ തനി പലിശ തനി പലിശ അങ്ങനെ ചെയ്യരുത്. താൻ വാങ്ങുവാൻ ഉദ്ദേശിക്കുന്ന പക്ഷം താണ കാരക്ക വേറെ ഒരു വിൽപനയായി വിറ്റേക്കുക. എന്നിട്ട് അതിന് മറ്റേത് വാങ്ങിക്കൊള്ളുക"-ബു:മു

പലിശ തിന്നുന്നവരെപ്പറ്റി "ബാധ നിമിത്തം പിശാച് മറിച്ച് വീഴ്ത്തുന്നവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ അവർ എഴുന്നേൽക്കുകയില്ല". എന്നത്രെ അല്ലാഹു പറഞ്ഞത്. അതായത് ഖിയാമം നാളിൽ അവർക്ക് ശരിക്ക് എഴുന്നേൽക്കുവാനോ, നടക്കുവാനോ, കഴിയാതെ ഭ്രാന്തന്മാരെപ്പോലെ ചരിഞ്ഞും മറിഞ്ഞും വീണ് കൊണ്ടിരിക്കുമെന്ന് സാരം.

പലിശക്കാർക്ക് ഈ നിന്ദ്യാവസ്ഥ അനുഭവപ്പെടാനുള്ള കാരണം അല്ലാഹു ചൂണ്ടിക്കാട്ടുന്നു. "കച്ചവടം പലിശപോലെത്തന്നെയാണ് എന്ന് അവർ പറഞ്ഞത് നിമിത്തമാണത്"-രണ്ടും മുതൽ മുടക്കി ആദായം എടുക്കൽ തന്നെയാണല്ലോ എന്നാണവരുടെ വാദം. എന്നാൽ ഇതിനു അല്ലാഹു നൽകുന്ന മറുപടി-"അല്ലാഹു കച്ചവടത്തെ അനുവദനീയമാക്കിയിരിക്കുന്നു. പലിശയെ അവൻ നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു."-എന്നാകുന്നു. ഒന്ന് അനുവദനീയവും, മറ്റേത് നിഷിദ്ധവും ആക്കുവാനുള്ള കാരണമെന്താണെന്ന് അല്ലാഹു ഈ മറുപടിയിൽ സ്പർശിച്ചിട്ടില്ല. അതിന്റെ ആവശ്യമില്ല. സാധാരണക്കാർ മുതൽ സാമ്പത്തിക വിദഗ്ദർവരെയുള്ള ഏവർക്കും അൽപം ആലോചിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളു'

മനുഷ്യന്റെ വ്യക്തിപരവും, സാമൂഹ്യവുമായ എല്ലാ വിധ നന്മക്കും എന്തൊക്കെയാണ് വേണ്ടതെന്ന് അറിയുന്ന സൃഷ്ടാവും പരിപാലകനുമായ അല്ലാഹുവിന്റെ നിയമ നിർമ്മാണങ്ങൾ അനുസരിക്കാൻ മനുഷ്യൻ ബാദ്ധ്യസ്ഥനാണ്. അവന്റെ നിയമങ്ങളിലടങ്ങിയ യുക്തി തത്വങ്ങളെ മനസ്സിലാക്കുന്നതും ആരായുന്നതും നല്ലത് തന്നെ. പക്ഷെ അത് ബോദ്ധ്യപ്പെട്ടെങ്കിലേ ആ നിയമങ്ങൾ അനുസരിക്കൂ എന്ന് വെക്കുവാൻ മനുഷ്യന് പാടില്ല.

അല്ലാഹു തുടരുന്നു "ആകയാൽ ഏതൊരുവന് തന്റെ രക്ഷിതാവിങ്കൽ നിന്നുള്ള സദുപദേശം വന്നിട്ട് അവൻ അതിൽ നിന്ന് വിരമിച്ചാൽ മുമ്പു കഴിഞ്ഞ് പോയത് അവനുണ്ടായിരിക്കും" -പലിശ വർജ്ജിക്കേണ്ടതാണെന്ന വിവരം കിട്ടിയ ഉടനെ അതിൽ നിന്നും എല്ലാ പ്രകാരത്തിലും വിരമിച്ചാൽ, മുമ്പു അവർ നടത്തിയ പലിശ ഇടപാടുകളെപ്പറ്റി അവർക്ക് ശിക്ഷ ഉണ്ടായിരിക്കുന്നതല്ല. മുമ്പു പലിശയായി വസൂൽ ചെയ്ത സംഖ്യ തിരിച്ച് കൊടുക്കൽ നിർബന്ധമില്ല. എന്നാൽ കൂടുതൽ ഉത്തമം മടക്കിക്കൊടുക്കലാണെന്നത്രേ "അവന്റെ കാര്യം അല്ലാഹുവിങ്കലെക്കാണ്" എന്ന അല്ലാഹു പറഞ്ഞ വാക്കുകളിൽ നിന്ന് മനസ്സിലാകുന്നത്. എനി വല്ലവരും പിന്നെയും പലിശയിടപാടിൽ തുടരുകയാണെങ്കിൽ "അക്കൂട്ടർ നരകത്തിന്റെ ആൾക്കാരാകുന്നു; അവരതിൽ സ്ഥിരവാസികളായിരിക്കും" എന്ന് അല്ലാഹു താക്കീതു നല്കുന്നു.

പലിശ സംബന്ധമായ റസൂൽ(സ)യുടെ ഒരു ഹദീസു അത്യധികം ചിന്താർഹമാണ്.

നബി(സ) പറഞ്ഞു"ജനങ്ങൾ പലിശ തിന്നുന്ന ഒരു കാലം അവരിൽ വരും"

അപ്പോൾ ചോദിക്കപ്പെട്ടു. "എല്ലാ മനുഷ്യരുമൊ" തിരുമേനി(സ) പറഞ്ഞു"അതിൽ നിന്ന് തിന്നിട്ടില്ലാത്തവർക്ക് അതിന്റെ പൊടി പടലത്തിൽ നിന്നും ബാധിക്കുന്നതാണ്"

അതുകൊണ്ട് പലിശയുടെ നേരിയ ചുവയെങ്കിലും ഉണ്ടാകാവുന്ന ഇടപാടുകളിൽ നിന്നും ഒഴിഞ്ഞു മാറുകയും അത്തരം ഇടപാടുകളെ ന്യായീകരിക്കാൻ ശ്രമിക്കാതിരിക്കുകയുമാണ് പലിശയുടെ പൊടിപടലങ്ങളിൽ നിന്നും സ്വന്തം ദേഹങ്ങളെ കാത്തു രക്ഷിക്കാനുള്ള മാർഗ്ഗം.

---

**വചനം 276**

يَمۡحَقُ ٱللَّهُ ٱلرِّبَوٰاْ وَيُرۡبِي ٱلصَّدَقَٰتِۗ وَٱللَّهُ لَا يُحِبُّ كُلَّ كَفَّارٍ أَثِيمٍ ﴿٢٧٦﴾

276)പലിശയെ അല്ലാഹു തുടച്ചു നീക്കുന്നു; ദാനധർമങ്ങളെ അവൻ വളർത്തുകയും ചെയ്യുന്നു. അല്ലാഹുവാക്കട്ടെ, മഹാപാപിയായ നന്ദികെട്ട (അഥവാ അവിശ്വാസിയായ) എല്ലാവരെയും (ഒരാളെയും) ഇഷ്ടപ്പെടുന്നതുമല്ല.

പലിശക്കാരെസംബന്ധിച്ചേടത്തോളം, സുഖ സംതൃപ്തിയോടെയുള്ള ജീവിതമോ, സമൂഹത്തിലെ മാന്യതയോ അന്തസ്സോ ലഭിക്കുകയില്ല. ധനം വർദ്ധിക്കുന്തോറും അവരുടെ പിശുക്കും ആർത്തിയും സമാധാനക്കുറവും വർദ്ധിക്കുകയാണ് ചെയ്യുക. പരലോകത്തിലാകട്ടെ അവർ കഠിനമായ ശിക്ഷക്ക് വിധേയരാകുകയും ചെയ്യും. എന്നാൽ ധർമ്മിഷ്ഠനെ സംബന്ധിച്ചേടത്തോളം അവന്റെ ധർമ്മങ്ങളെ അല്ലാഹു വളർത്തി വലുതാക്കുകയും വമ്പിച്ച പ്രതിഫലത്തിനർഹനായിത്തീരുകയും ചെയ്യുന്നു. ജനങ്ങൾക്ക് അവനോട് സ്നേഹവും ആദരവും വർദ്ധിക്കുകയും അവന് സുഖസംതൃപ്തമായ ജീവിതം ലഭ്യമാകുകയും ചെയ്യുന്നു.

പലിശക്കാരൻ, നന്ദികെട്ടവനും മഹാപാപിയുമാണെന്നും, അത്തരം ഒരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ലെന്നും അല്ലാഹു തുടർന്ന് പറയുന്നു.

---

**വചനം 277,278,279,280,281**

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ
وَأَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ لَهُمْ
أَجْرُهُمْ عِندَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ
وَلَا هُمْ يَحْزَنُونَ ٢٧٧

277)നിശ്ചയമായും, വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും നമസ്കാരം നിലനിറുത്തുകയും, സകാത്ത്കൊടുക്കുകയും ചെയ്തവർ, അവർക്ക് തങ്ങളുടെ റബ്ബിന്റെ അടുക്കൽ തങ്ങളുടെ പ്രതിഫലം ഉണ്ടായിരിക്കും; അവരുടെ മേൽ യാതൊരു ഭയവുമില്ല; അവർ വ്യസനപ്പെടുകയുമില്ല.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَذَرُوا۟
مَا بَقِىَ مِنَ ٱلرِّبَوٰٓا۟ إِن كُنتُم مُّؤْمِنِينَ ٢٧٨

278)ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവീൻ; പലിശയിൽനിന്നും (ഈടാക്കുവാൻ) ബാക്കിയുള്ളതിനെ നിങ്ങൾ വിട്ടുകളയുകയും ചെയ്യുവീൻ. – നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

فَإِن لَّمْ تَفْعَلُوا۟ فَأْذَنُوا۟ بِحَرْبٍ مِّنَ ٱللَّهِ وَرَسُولِهِۦ ۖ
وَإِن تُبْتُمْ فَلَكُمْ رُءُوسُ أَمْوَٰلِكُمْ لَا
تَظْلِمُونَ وَلَا تُظْلَمُونَ ٢٧٩

279)ഇനി, നിങ്ങൾ (അങ്ങിനെ) ചെയ്തില്ലെങ്കിൽ – അല്ലാഹുവിങ്കൽ നിന്നും, അവന്റെ റസൂലിൽനിന്നുമുള്ള ഒരു (ഭയങ്കര) യുദ്ധത്തെപ്പറ്റി നിങ്ങൾ അറിഞ്ഞിരിക്കുവീൻ! നിങ്ങൾ പശ്ചാത്തപിച്ചുവെങ്കിലോ, നിങ്ങളുടെ മൂലധനങ്ങൾ നിങ്ങൾക്കുണ്ടായിരിക്കും. – നിങ്ങൾ അക്രമം ചെയ്കയുമില്ല, നിങ്ങളോട് അക്രമം ചെയ്യപ്പെടുകയുമില്ല (എന്ന നിലക്ക്).

وَإِن كَانَ ذُو عُسْرَةٍ فَنَظِرَةٌ إِلَىٰ مَيْسَرَةٍ ۚ
وَأَن تَصَدَّقُوا۟ خَيْرٌ لَّكُمْ ۖ إِن كُنتُمْ
تَعْلَمُونَ ٢٨٠

280)വല്ല ഞെരുക്കക്കാരനും ഉണ്ടായെങ്കിൽ, ഒരു സൗകര്യം(ഉണ്ടാകുന്നതു)വരെ കാത്തിരിക്കലാണ്(വേണ്ടത്). നിങ്ങൾ ധർമ്മമാ(ക്കി വിട്ടുകൊടു)ക്കലാവട്ടെ, നിങ്ങൾക്ക് ഉത്തമവുമാകുന്നു; – നിങ്ങൾക്ക് അറിയാവുന്നതാണെങ്കിൽ!

وَٱتَّقُوا۟ يَوْمًا تُرْجَعُونَ فِيهِ إِلَى ٱللَّهِ ۖ ثُمَّ
تُوَفَّىٰ كُلُّ نَفْسٍ مَّا كَسَبَتْ وَهُمْ لَا
يُظْلَمُونَ ٢٨١

281)നിങ്ങൾ അല്ലാഹുവിങ്കലേക്ക് മടക്കപ്പെടുന്നതായ ദിവസത്തെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവീൻ. പിന്നെ, എല്ലാ (ഓരോ) ദേഹത്തിനും അത് സമ്പാദിച്ചുണ്ടാക്കിയത് (അതിന്റെ പ്രതിഫലം) നിറവേറ്റിക്കൊടുക്കപ്പെടുന്നതാണ്. അവരാകട്ടെ, അക്രമം ചെയ്യപ്പെടുകയില്ലതാനും.

അല്ലാഹുവിന്റെ ഇഷ്ടത്തിന് പാത്രീഭൂതരായി തീരുന്നവർ, അവനോട് നന്ദിയുള്ളവരും, അവനിൽ വിശ്വസിക്കുന്നവരും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുന്നവരും നമസ്കാരം നിലനിർത്തുന്നവരും, സകാത്തു കൊടുക്കുന്നവരും ആകുന്നു. അവർക്ക് തക്കതായ പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്. അവർക്ക് ഭയമോ വ്യസനമോ ഉണ്ടായിരിക്കുന്നതല്ല.

തുടർന്ന് അല്ലാഹുവിന്റെ വിധി വിലക്കുകൾ പാലിച്ച് അവനെ സൂക്ഷിച്ച് ജീവിക്കണമെന്ന് അല്ലാഹു ഉണർത്തുന്നു. നിങ്ങൾ മുമ്പ് നടത്തിയിട്ടുള്ള പലിശ ഇടപാടുകളിൽ, ബാക്കി പിരിഞ്ഞ് കിട്ടാനുള്ളത് മേലിൽവസൂലാക്കരുതെന്നും അത് ഉപേക്ഷിക്കണമെന്നും കല്പിക്കുന്നു. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ ഈ കല്പന അനുസരിക്കാതെ നിവൃത്തിയില്ലെന്നും ഓർമ്മിപ്പിക്കുന്നു.

മുകളിൽ പറഞ്ഞ കല്പന അനുസരിക്കാത്തപക്ഷം, അതിന് തയാറില്ലാത്തവർക്കെതിരെ അല്ലാഹുവും റസൂലും യുദ്ധം പ്രഖ്യാപിക്കുമെന്ന് ശക്തിയായി താക്കീതു ചെയ്യുന്നു. അങ്ങനെയുള്ളവർ പരലോകത്ത് അല്ലാഹുവിന്റെ ശാപകോപങ്ങൾക്കും ശിക്ഷകൾക്കും വിധേയരായിരിക്കുമെന്ന് വ്യക്തമാണല്ലോ. ചെയ്ത്പോയതിനെപ്പറ്റി ഖേദിച്ച് മടങ്ങിയാൽ മൂലധനം-അഥവാ കടം കൊടുത്ത സംഖ്യ-രക്ഷപ്പെട്ട് കിട്ടുമെന്നും അറിയിച്ചിരിക്കുന്നു. “നിങ്ങൾ ആക്രമിക്കുകയും ആക്രമിക്കപ്പെടുകയും ഇല്ല” മൂലധനത്തേക്കാൾ അധികം വാങ്ങി, അക്രമം ചെയ്യുവാനോ, അതിൽ നിന്ന് വല്ലതും വിട്ട് കൊടുത്ത് അക്രമത്തിന് വിധേയനാകുവാനോ അനുവദിക്കുകയില്ല എന്ന് സാരം.

പലിശ ഇടപാടിൽ നിന്ന് വിരമിച്ച് മടങ്ങുവാൻ ആവശ്യപ്പെട്ടിട്ടും അവർ മടങ്ങാത്ത പക്ഷം ഇസ്ലാമിക ഭരണാധികാരി അവരോടു യുദ്ധം പ്രഖ്യാപിക്കണമെന്നും ഒറ്റൊറ്റ വ്യക്തികളാണെങ്കിൽ അവരെ വധശിക്ഷക്ക് വിധേയരാക്കണമെന്നും മിക്ക ഖുർആൻ വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിട്ടുണ്ട്. നിങ്ങൾ പശ്ചാത്തപിച്ച് മടങ്ങിയാൽ നിങ്ങൾക്ക് നിങ്ങളുടെ മൂലധനം ലഭിക്കും എന്ന് പറഞ്ഞതിൽനിന്ന് അവർ സ്വയം മടങ്ങാതെ, ബലം പ്രയോഗിച്ചു മടക്കേണ്ടിവരുന്ന പക്ഷം, അവരുടെ മൂലധനം കൂടി അവർക്ക് നൽകേണ്ടതില്ലെന്നാണ് പല പണ്ഡിതന്മാരും അഭിപ്രയപ്പെട്ടിട്ടുള്ളത്.

കടക്കാരന് കടം വീട്ടാൻ സാധിക്കാത്തവിധം ഞെരുക്കം ബാധിച്ചാൽ അതിനുള്ള സൗകര്യം ഉണ്ടാകുന്നത്‌വരെ അവന് ഒഴിവ് കൊടുക്കണമെന്നും അതുവരെ ബുദ്ധിമുട്ടിക്കരുതെന്നും അല്ലാഹു കല്പിക്കുന്നു. എല്ലാ കടക്കാരെയും ബാധിക്കുന്ന ഒരു കല്പനയാണിത്. കടസംഖ്യ പാടെ വിട്ടു കൊടുക്കണമെന്ന് അല്ലാഹു അനുശാസിക്കുന്നില്ല. എന്നാൽ ധർമ്മമാക്കി വിട്ട് കൊടുക്കുന്നതാണ് ഏറ്റവും ഉത്തമമെന്ന് അല്ലാഹു പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

“വല്ലവനും ഒരു ഞെരുക്കക്കാരന് താമസം ചെയ്തു കൊടുക്കുകയോ വിട്ടു കൊടുക്കുകയോ ചെയ്യുന്ന പക്ഷം അല്ലാഹുവിന്റെ തണലല്ലാതെ, മറ്റു തണലില്ലാത്ത ആ ദിവസം അല്ലാഹു അവന്റെ തണലിൽ അവന് തണൽ നല്കുന്നതാണ്.” നബി വചനം

കടക്കാരെ സംബന്ധിച്ചു കടം വാങ്ങിക്കഴിഞ്ഞാൽ ഏതെങ്കിലും സൂത്രങ്ങളോ, ന്യായങ്ങളോ പ്രയോഗിച്ച് കഴിവുണ്ടായിട്ടും കടം കൊടുത്ത് തീർക്കാതെ കഴിച്ച് കൂട്ടാൻ ശ്രമിക്കുന്നവരെ നബി(സ) ഹദീസുകളിലൂടെ ശക്തമായി താക്കീതു ചെയ്തിരിക്കുന്നു.

“ഉള്ളവൻ കടം തീർക്കാതെ അമാന്തം വരുത്തുന്ന പക്ഷം അവന്റെ മാനത്തെ സ്പർശിക്കലും, അവനെ ശിക്ഷിക്കലും അനുവദനീയമാകുന്നു.”

ഒരു മനുഷ്യൻ ചോദിച്ചു “അല്ലാഹുവിന്റെ റസൂലെ. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ (യുദ്ധത്തിൽ) വെച്ചു ഞാൻ കൊല്ലപ്പെടുകയാണെങ്കിൽ എന്റെ പാപങ്ങൾ അല്ലാഹു എനിക്ക് മാപ്പാക്കിത്തരുമോ” അപ്പോൾ തിരുമേനി പറഞ്ഞു “അതെ, കടം ഒഴികെ. കടം അല്ലാഹു പൊറുക്കുകയില്ല.”

ഈ ജീവിതം താൽക്കാലികമാണെന്നും, ശാശ്വതമായ പരലോക ജീവിതം വരാനിരിക്കുന്നു, അവിടെ വെച്ചാണ് എല്ലാ കർമ്മങ്ങൾക്കും പ്രതിഫലം നല്കപ്പെടുക, അതുകൊണ്ട് അന്നത്തേക്ക് വേണ്ടുന്ന മുൻകരുതൽ ചെയ്ത് കൊള്ളുക, എന്നൊക്കെ അല്ലാഹു 281-വചനത്തതിലൂടെ അനുസ്മരിപ്പിക്കുന്നു.

ഈ വചനമാണ് അവസാനം അവതരിപ്പിച്ച ഖുർആൻ വചനമെന്നും പിന്നീട് ഏതാനും ദിവസങ്ങൾ മാത്രമെ നബി(സ) ജീവിച്ചിരുന്നിട്ടുള്ളുവെന്നും, ചില രിവായത്തുകളിൽ വന്നിരിക്കുന്നു. - الله اعلم

**വിഭാഗം 39**

**വചനം 282**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا تَدَايَنتُم بِدَيۡنٍ
إِلَىٰٓ أَجَلٖ مُّسَمّٗى فَٱكۡتُبُوهُۚ وَلۡيَكۡتُب
بَّيۡنَكُمۡ كَاتِبُۢ بِٱلۡعَدۡلِۚ وَلَا يَأۡبَ كَاتِبٌ
أَن يَكۡتُبَ كَمَا عَلَّمَهُ ٱللَّهُۚ فَلۡيَكۡتُبۡ
وَلۡيُمۡلِلِ ٱلَّذِي عَلَيۡهِ ٱلۡحَقُّ وَلۡيَتَّقِ ٱللَّهَ
رَبَّهُۥ وَلَا يَبۡخَسۡ مِنۡهُ شَيۡـٔٗاۚ فَإِن كَانَ
ٱلَّذِي عَلَيۡهِ ٱلۡحَقُّ سَفِيهًا أَوۡ ضَعِيفًا أَوۡ
لَا يَسۡتَطِيعُ أَن يُمِلَّ هُوَ فَلۡيُمۡلِلۡ وَلِيُّهُۥ
بِٱلۡعَدۡلِۚ وَٱسۡتَشۡهِدُواْ شَهِيدَيۡنِ مِن
رِّجَالِكُمۡۖ فَإِن لَّمۡ يَكُونَا رَجُلَيۡنِ فَرَجُلٞ
وَٱمۡرَأَتَانِ مِمَّن تَرۡضَوۡنَ مِنَ ٱلشُّهَدَآءِ أَن
تَضِلَّ إِحۡدَىٰهُمَا فَتُذَكِّرَ إِحۡدَىٰهُمَا
ٱلۡأُخۡرَىٰۚ وَلَا يَأۡبَ ٱلشُّهَدَآءُ إِذَا مَا دُعُواْۚ
وَلَا تَسۡـَٔمُوٓاْ أَن تَكۡتُبُوهُ صَغِيرًا أَوۡ
كَبِيرًا إِلَىٰٓ أَجَلِهِۦۚ ذَٰلِكُمۡ أَقۡسَطُ عِندَ
ٱللَّهِ وَأَقۡوَمُ لِلشَّهَٰدَةِ وَأَدۡنَىٰٓ أَلَّا تَرۡتَابُوٓاْۖ إِلَّآ
أَن تَكُونَ تِجَٰرَةً حَاضِرَةٗ تُدِيرُونَهَا
بَيۡنَكُمۡ فَلَيۡسَ عَلَيۡكُمۡ جُنَاحٌ أَلَّا
تَكۡتُبُوهَاۗ وَأَشۡهِدُوٓاْ إِذَا تَبَايَعۡتُمۡۚ وَلَا
يُضَآرَّ كَاتِبٞ وَلَا شَهِيدٞۚ وَإِن تَفۡعَلُواْ فَإِنَّهُۥ
فُسُوقُۢ بِكُمۡۗ وَٱتَّقُواْ ٱللَّهَۖ وَيُعَلِّمُكُمُ

282)ഹേ, വിശ്വസിച്ചവരേ, നിങ്ങള്‍ ഒരു നിര്‍ണയിക്കപ്പെട്ട അവധിവരേക്ക് (കാലം വെച്ചുകൊണ്ട്) അന്യോന്യം വല്ല കടമിടപാടും നടത്തിയാല്‍, നിങ്ങളതു എഴുതിവെക്കുവീന്‍. ഒരെഴുത്തുകാരന്‍ നിങ്ങള്‍ക്കിടയില്‍ നീതിയനുസരിച്ച് (അത്) എഴുതുകയും ചെയ്തുകൊള്ളട്ടെ. ഒരെഴുത്തുകാരനും (തന്നെ) അവന്നു അല്ലാഹു പഠിപ്പിച്ചുകൊടുത്തതുപോലെ (അത്) എഴുതുവാന്‍ വിസമ്മതിക്കുകയും അരുത്. അങ്ങനെ, അവന്‍ എഴുതിക്കൊള്ളട്ടെ; യാതൊരുവന്റെ മേലാണോ കടബാധ്യതയുണ്ടായിരിക്കുന്നത് അവന്‍ വാചകം പറഞ്ഞുകൊടുക്കുകയും തന്റെ റബ്ബായ അല്ലാഹുവിനെ അവന്‍ സൂക്ഷിക്കുകയും ചെയ്യട്ടെ. അതില്‍ നിന്ന് അവന്‍ ഒരു വസ്തുവും കുറവ് വരുത്തുകയും അരുത്. ഇനി, കടബാധ്യതയുള്ളവന്‍ ഒരു ഭോഷനോ, അല്ലെങ്കില്‍ ദുര്‍ബലനോ, അല്ലെങ്കില്‍ അവന്‍ (സ്വന്തം നിലക്ക്) വാചകം പറഞ്ഞുകൊടുക്കുവാന്‍ സാധിക്കാതെയോ ആയിരുന്നെങ്കില്‍,-അപ്പോള്‍ അവന്റെ കൈകാര്യക്കാരന്‍ നീതിപൂര്‍വം വാചകം പറഞ്ഞുകൊടുത്തുകൊള്ളട്ടെ. നിങ്ങളുടെ പുരുഷന്മാരില്‍ നിന്നുള്ള രണ്ട് സാക്ഷികളോട് നിങ്ങള്‍ സാക്ഷ്യം (വഹിക്കുവാന്‍) ആവശ്യപ്പെടുകയുംചെയ്യുവീന്‍. ഇനി, അവര്‍ (രണ്ട് സാക്ഷികള്‍) പുരുഷന്മാരായില്ലെങ്കില്‍, സാക്ഷികളായി നിങ്ങള്‍ തൃപ്തിപ്പെടുന്നവരില്‍ നിന്ന് ഒരു പുരുഷനും രണ്ട് സ്ത്രീകളും (ആവട്ടെ). - അവര്‍ രണ്ടിലൊരുവള്‍ക്ക് പിഴവുപറ്റുകയും, അപ്പോള്‍ അവരിലൊരുവള്‍ മറ്റേവളെ ഓര്‍മിപ്പിക്കുകയും ചെയ്യുന്നതിനു(വേണ്ടി). സാക്ഷികള്‍ (സാക്ഷ്യത്തിനു) വിളിക്കപ്പെടുമ്പോള്‍ അവര്‍ വിസമ്മതിക്കുകയും ചെയ്യരുത്. ചെറുതാകട്ടെ, വലുതാകട്ടെ, അത് അതിന്റെ അവധിവരെ എഴുതിവെക്കുവാന്‍ നിങ്ങള്‍ മടിക്കുകയുംചെയ്യരുത്. അതൊക്കെ, അല്ലാഹുവിന്റെ അടുക്കല്‍ കൂടുതല്‍ നീതിപൂര്‍വകമായതും സാക്ഷ്യത്തിനു കൂടുതല്‍ ബലം നല്‍കുന്നതും, നിങ്ങള്‍ സന്ദേഹപ്പെടാതിരിക്കുവാന്‍ കൂടുതല്‍ അടുപ്പ(സൗകര്യ)മായതുമാകുന്നു.-നിങ്ങള്‍ക്കിടയില്‍ നിങ്ങള്‍നടത്തുന്ന വല്ല റൊക്കക്കച്ചവടവും(ഇടപാടും) ആയാലൊഴികെ;- അപ്പോള്‍, അത് എഴുതിവെക്കാതിരിക്കുന്നതിന് നിങ്ങളുടെ മേല്‍ കുറ്റമില്ല. നിങ്ങളന്യോന്യം വില്‍പ(കൊള്ളക്കൊടുക്കല്‍) നടത്തുമ്പോള്‍ നിങ്ങള്‍ സാക്ഷി നിറുത്തുകയും ചെയ്യുവീന്‍. ഒരു

ﭐللَّهُۗ وَﭐللَّهُ بِكُلِّ شَيۡءٍ عَلِيمٞ ﴿٢٨٢﴾

എഴുത്തുകാരനോടാകട്ടെ, ഒരു സാക്ഷിയോടാകട്ടെ, ദ്രോഹം കാണിക്കപ്പെടുകയും ചെയ്യരുത്. നിങ്ങൾ (അങ്ങിനെ) ചെയ്യുന്നുവെങ്കിലോ, അത്‌നിങ്ങളിലുള്ള ധിക്കാരമായിരിക്കും. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്തുകൊള്ളുവീൻ. അല്ലാഹു നിങ്ങൾക്ക് പഠിപ്പിച്ചുതരുകയാണ്. അല്ലാഹുവാകട്ടെ, എല്ലാ കാര്യത്തെക്കുറിച്ചും അറിയുന്നവനാകുന്നു.

---

ഖുർആനിലെ ഏറ്റവും വലിയ ഈ സൂക്തത്തിലൂടെ ധനപരമായ ഇടപാടുകളിൽ സത്യവിശ്വാസികൾ പാലിക്കേണ്ട വിധി വിലക്കുകൾ അല്ലാഹു പഠിപ്പിക്കുന്നു. ഈ വചനത്തിലെ ഉള്ളടക്കങ്ങൾ അധിക വ്യാഖ്യാനമോ, വിവരണമോ കൂടാതെ എല്ലാവർക്കും മനസ്സിലാക്കാവുന്നതാണ്. ഈ വചനത്തിലടങ്ങിയ നിയമ നിർദ്ദേശങ്ങളുടെ സാരാംശം ഇങ്ങനെ സംഗ്രഹിക്കാം.

(1) ഒരു നിശ്ചിത അവധി വെച്ച് കൊണ്ടുള്ള കടമിടപാടുകൾ നടത്തുമ്പോൾ അതു എഴുതി രേഖപ്പെടുത്തി വെക്കേണ്ടതാകുന്നു. ഇടപാട് കേവലം ചെറുതാണെന്നുള്ളത് കൊണ്ട് മാത്രം എഴുതിവെക്കൽ ഉപേക്ഷിക്കുവാൻ പാടില്ല. പരസ്പരം വിശ്വാസ വഞ്ചന ചെയ്യുകയില്ലെന്നതിന്റെ പേരിൽ മാത്രം അത് വേണ്ടെന്ന് വച്ച് കൂടാ.

(2) എഴുതി രേഖപ്പെടുത്തുന്നത് എഴുത്തറിയുന്ന ഒരു മൂന്നാമന്റെ കൈക്കായിരിക്കണം. അവൻ നീതി പാലിക്കണം-ഒരു പക്ഷത്തിനും പ്രത്യേകം ഗുണമോ ദോഷമോ ഉണ്ടാകുന്നതൊന്നും ചെയ്‌വാൻ പാടില്ലതാനും

(3) എഴുത്തറിയുന്നവൻ -അവൻ എഴുതിക്കൊടുക്കേണ്ട സന്ദർഭം വന്നാൽ അതിന് വിസമ്മതിച്ചുകൂടാ. അവന് എഴുതാൻ കഴിവ് നല്കിയ അല്ലാഹുവിനോടുള്ള ഒരു നന്ദി കൂടിയാകുന്നു തന്റെ സഹോദരങ്ങൾക്ക് വേണ്ടി ആ കഴിവ് വിനിയോഗിക്കൽ. ഇത് ഒരു സേവനമെന്ന നിലക്കാണ് അത് ചെയ്ത് കൊടുക്കേണ്ടത്. എന്നാൽ സമയവും ബുദ്ധിമുട്ടും വിനിയോഗിക്കുന്നതിനനുസരിച്ച് സന്ദർഭാനുസരണം, പ്രതിഫലം വാങ്ങാവുന്നതാണ്.

(4) രേഖയിൽ എഴുതേണ്ട വാചകം പറഞ്ഞുകൊടുക്കാനുള്ള അവകാശം, ആരുടെ പേരിലാണ് കടബാദ്ധ്യതവരുന്നതെങ്കിൽ അവനുള്ളതാണ്. എന്നാൽ ഉഭയകക്ഷികൾ തമ്മിലുള്ള നിശ്ചയങ്ങൾക്കോ മത നിയമങ്ങൾക്കോ യോജിക്കാത്ത വ്യവസ്ഥകൾ അതിൽ ഉൾക്കൊള്ളിക്കാൻ പാടില്ല.

(5) ഇടപാടുകളെ സംബന്ധിച്ച രേഖകൾ പറഞ്ഞു കൊടുത്തു എഴുതിക്കാൻ കഴിയാത്ത ഭോഷൻ, അവിവേകി, ഭ്രാന്തൻ, കുട്ടി, ഭാഷ അറിയാത്തവൻ, ഊമ, രോഗി, എന്നിങ്ങനെയുള്ളവർക്ക് വേണ്ടി അവരുടെ രക്ഷിതാക്കളോ പ്രതിനിധികളോ അക്കാര്യം നിർവ്വഹിക്കണം.

(6) എഴുതിരേഖപ്പെടുത്തുന്നതിന് രണ്ടുപേരെ സാക്ഷി നിർത്തുകയും വേണം-അവർ മുസ്ലിംകളും പ്രായപൂർത്തിയെത്തിയ പുരുഷന്മാരുമായിരിക്കണം. സാക്ഷികൾ മര്യാദക്കാരും പൊതു സമ്മതന്മാരുമായിരിക്കേണ്ടതാണ്.

(7) സംഗതിവശാൽ, രണ്ടു പുരുഷന്മാരെ സൗകര്യപ്പെട്ടില്ലെങ്കിൽ ഒരു പുരുഷനും, രണ്ടു സ്ത്രീകളുമാവാം. എന്നാൽ സ്ത്രീകൾ മാത്രം സാക്ഷികളായാൽ പോരാ. സ്ത്രീകൾക്ക് പലപ്പോഴും ഓർമ്മതെറ്റും പിഴവും പിണഞ്ഞേക്കാമെന്നുള്ളതിനാലാണ്, അങ്ങനെ നിശ്ചയിച്ചതെന്ന് അല്ലാഹു ഓർമ്മിപ്പിക്കുന്നു. സ്ത്രീയും പുരുഷനും തമ്മിലുള്ള പൊതുവായ ബുദ്ധിപരമായ വ്യത്യാസമാണ് അല്ലാഹു ഇത് മുഖേന സൂചിപ്പിക്കുന്നത്.

“നരകക്കാരിൽ സ്ത്രീകൾ അധികമായിട്ടാണ് എനിക്ക് കാണിക്കപ്പെട്ടിരിക്കുന്നത്” എന്ന് അരുളിയ നബി(സ) അതിന് കാരണമായി പറഞ്ഞത് ഇപ്രകാരമാണ്. “സ്ത്രീകൾ ബന്ധുക്കളോട് നന്ദികേടുകാണിക്കുകയും ശാപം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ബുദ്ധിയിലും മതത്തിലും നിങ്ങൾക്ക് കുറവുകളുണ്ട്. രണ്ടു സ്ത്രീകളുടെ സാക്ഷ്യം ഒരു പുരുഷന്റെ സാക്ഷ്യത്തിന് തുല്യമായി നിലകൊള്ളുന്നുവെന്നത് അവളുടെ ബുദ്ധിയുടെ കുറവ് നിമിത്തമാണ്. ഋതുകാലങ്ങളിൽ നമസ്കരിക്കാതെയും, നോമ്പ് നോല്ക്കാതെയും കഴിഞ്ഞുകൂടുന്നത് അവളുടെ മതത്തിലുള്ള കുറവുമാകുന്നു.”

(8) സാക്ഷ്യം ഏറ്റെടുക്കുന്നത് ഒരു സാമൂഹ്യ കടമയാകുന്നു. അത്തരം സന്ദർഭങ്ങളിൽ സാക്ഷികൾ

അതിന് വിസമ്മതിച്ച് കൂടാത്തതാകുന്നു. ആവശ്യം വരുമ്പോൾ വിധികർത്താക്കളുടെയും, മാദ്ധ്യസ്ഥന്മാരുടെയും മുമ്പിൽ സാക്ഷികൾ, തങ്ങളുടെ സാക്ഷ്യം നിർവ്വഹിക്കൽ അവരുടെ ചുമതലയുമാകുന്നു.

(9) ഇടപാട് ചെറുതായാലും വലുതായാലും എഴുതിവെക്കേണ്ടതാണ്. രേഖ സൂക്ഷിച്ച് വെക്കുവാനുള്ള അവകാശം ആർക്കാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. എങ്കിലും, കടം തീർത്ത് കിട്ടേണ്ടുന്ന ആൾക്ക് ആയിരിക്കും രേഖ സൂക്ഷിക്കുവാനുള്ള അവകാശം.

(10) എഴുതി രേഖപ്പെടുത്തിവെക്കുന്നത്, അല്ലാഹുവിന്റെ അടുക്കൽ കൂടുതൽ നീതിപൂർവ്വകമായ ഒരു കാര്യമാകുന്നു. രണ്ടു പക്ഷത്തിനും ദോഷമില്ലാതെ കാര്യങ്ങൾ അവസാനിപ്പിക്കാൻ അത് ഉതകുന്നു. സാക്ഷികളുടെ സാക്ഷ്യത്തിന് അതൊരു പിൻബലവുമാകുന്നു. കാലപ്പഴക്കം കൊണ്ട് ബന്ധപ്പെട്ടവർക്ക് വല്ല മറവിയോ, സംശയമോ തോന്നിയാലും ആ സംശയം തീർക്കുവാനും ആ രേഖകൾ സഹായകമായിരിക്കും.

(11) എനി, ഇടപാടു സാധനം കൊടുക്കലും പ്രതിഫലം വാങ്ങലും ഒപ്പം തീരുന്ന റൊക്ക ഇടപാടാണെങ്കിൽ അതു എഴുതി രേഖപ്പെടുത്തണമെന്നില്ല. എന്നാലും കാര്യപ്പെട്ടതും ഭാവിയിൽ സാക്ഷിയുടെ ആവശ്യം നേടിയെടുക്കാമെന്ന് തോന്നുന്നതുമായ റൊക്ക ഇടപാടുകളിൽ രണ്ടാളെ സാക്ഷി നിറുത്തുന്നത് ആവശ്യമാകുന്നു.

(12) കരാറിൽ ഇടപെട്ട എഴുത്ത്കാരനോടാകട്ടെ, സാക്ഷിയോടാകട്ടെ ഉപദ്രവം ചെയ്യരുത്. എഴുത്തിലോ സാക്ഷ്യത്തിലോ കൃത്രിമത്തിന് നിർബന്ധിക്കുക, കൂലിച്ചെല്ലവുകൾ കൊടുക്കാതിരിക്കുക, സൗകര്യമില്ലാത്തവരെ ആയതിന് നിർബന്ധിക്കുകയോ, ബുദ്ധിമുട്ടിക്കുകയോ ചെയ്യുക, മുതലായ ഉപദ്രവങ്ങൾ ചെയ്യപ്പെടരുതെന്ന് താല്പര്യം.

(13) അങ്ങനെ ഉപദ്രവവും അനീതിയും ചെയ്യുന്നവർ ധിക്കാരവും തോന്നിയവാസവുമാണ് പ്രവർത്തിക്കുന്നതെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു.

തുടർന്ന്, ഇത്രയൊക്കെ വിശദമായി കാര്യങ്ങൾ വിവരിച്ച് തരുന്നത് നിങ്ങളുടെ നന്മക്കും വിജയത്തിനും വേണ്ടിയാണെന്നും നിങ്ങൾ അവ എത്രത്തോളം പാലിക്കുന്നുണ്ടെന്ന് അല്ലാഹു അറിയുന്നുണ്ടെന്നും അല്ലാഹു ഓർമ്മിപ്പിക്കുന്നു.

മുലകുടിക്കുന്ന ശിശുവിനോട് അതിന്റെ മാതാവിനുള്ളതിനേക്കാൾ എത്രയോ കരുണയാണ് അല്ലാഹുവിനു അവന്റെ അടിയാനോടുള്ളതെന്ന് നബി(സ) അരുളിയിരിക്കുന്നു.

---

**വചനം 283**

۞ وَإِن كُنتُمْ عَلَىٰ سَفَرٍ وَلَمْ تَجِدُوا۟ كَاتِبًا فَرِهَـٰنٌ مَّقْبُوضَةٌ ۖ فَإِنْ أَمِنَ بَعْضُكُم بَعْضًا فَلْيُؤَدِّ ٱلَّذِى ٱؤْتُمِنَ أَمَـٰنَتَهُۥ وَلْيَتَّقِ ٱللَّهَ رَبَّهُۥ ۗ وَلَا تَكْتُمُوا۟ ٱلشَّهَـٰدَةَ ۚ وَمَن يَكْتُمْهَا فَإِنَّهُۥٓ ءَاثِمٌ قَلْبُهُۥ ۗ وَٱللَّهُ بِمَا تَعْمَلُونَ عَلِيمٌ ﴿٢٨٣﴾

283)നിങ്ങൾ വല്ല യാത്രയിലുമായിരിക്കുകയും, നിങ്ങൾക്ക് ഒരെഴുത്തുകാരനെ കിട്ടാതിരിക്കുകയുമാണെങ്കിൽ– അപ്പോൾ, കൈവശം നൽക്കപ്പെടുന്ന പണയങ്ങൾ (കൊടുക്കേണ്ടതാണ്). ഇനി, നിങ്ങളിൽ ചിലർ ചിലരെ വിശ്വസിച്ചുവെങ്കിൽ,–അപ്പോൾ വിശ്വാസമർപ്പിക്കപ്പെട്ടവൻ തന്റെ വിശ്വാസ്യത നിർവഹിച്ചു(പാലിച്ചു)കൊള്ളട്ടെ. അവൻ തന്റെ റബ്ബിനെ സൂക്ഷിച്ചും കൊള്ളട്ടെ. നിങ്ങൾ സാക്ഷ്യത്തെ (നിറവേറ്റാതെ) മറച്ചുവെക്കുകയും ചെയ്യരുത്. ആരെങ്കിലും അതിനെ മറച്ചുവെക്കുന്ന പക്ഷം, അവൻ, ഹൃദയം പാപിയായവനാകുന്നു. അല്ലാഹുവാകട്ടെ, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അറിയുന്നവനുമാണ്.

---

യാത്രകളിൽ വച്ച് പണമിടപാട് നടത്തുമ്പോൾ കടപത്രം എഴുതാൻ ആളെ കിട്ടാത്തപക്ഷം, കടം വാങ്ങുന്നവൻ (അധമർണ്ണൻ) കടം കൊടുക്കുന്നവന് (ഉത്തമർണ്ണൻ) വല്ല വസ്തുവും പണയമായിക്കൊടുത്ത് ഇടപാടിന് ഉറപ്പ് നല്കേണ്ടതാണ്. യാത്രയിലല്ലാത്തപ്പോഴും എഴുത്തുകാർ ഉള്ളപ്പോഴും, പണയം വയ്ക്കാവുന്നതാണ്. നബി (സ) കാലഗതി അടയുമ്പോൾ അവിടുത്തെ പടയങ്കി ഒരു യഹൂദന്റെ കൈയിൽ പണയത്തിലായിരുന്നുവെന്നും വീട്ടുകാരുടെ ഭക്ഷണത്തിന് വേണ്ടി ധാന്യം കടം മേടിച്ചതിന്റെ പേരിലായിരുന്നു അതെന്നും, ചരിത്രപ്രസിദ്ധമാണല്ലോ.

പരസ്പരം വിശ്വാസം അർപ്പിച്ചു കഴിഞ്ഞാൽ ആ വിശ്വാസ്യത ശരിക്കും പാലിക്കേണ്ടത് വിശ്വസിക്കപ്പെട്ടവന്റെ കടമയാകുന്നു. അത് പാലിക്കുന്നതിൽ അവൻ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളണം. ഇതൊരു പൊതുവായിട്ടുള്ള തത്വമായിട്ടാണ് പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. പണയം വാങ്ങുന്നവനും കൊടുക്കുന്നവനും അടക്കമുള്ള ഇടപാടുകാരെ ഇവിടെ പ്രത്യേകം ഉദ്ദേശം വച്ചിട്ടുണ്ടെന്ന് സന്ദർഭം കൊണ്ട് മനസ്സിലാക്കാം. കടസംഖ്യ കൊടുത്തുതീർക്കുമ്പോൾ പണയവസ്തു കേടുപാടു കൂടാതെയും മായം ചേർക്കാതെയും യാതൊരു മടികൂടാതെയും തിരിച്ചേല്പിക്കേണ്ടതാകുന്നു. വിശ്വാസ വഞ്ചനയെ ഖുർആനും, നബിവചനങ്ങളും അങ്ങേയറ്റം ആക്ഷേപിച്ചിരിക്കുന്നു.

സാക്ഷ്യം മൂടിവെക്കുവാൻ പാടില്ല. ഹൃദയം ദുഷിച്ചവരുടെ സ്വഭാവമാണത്. ആവശ്യം വരുമ്പോൾ സാക്ഷ്യം നിർവ്വഹിക്കാതിരിക്കുക, യഥാർത്ഥവിരുദ്ധമായ സാക്ഷിമൊഴി നല്കുക, മുതലായവയെല്ലാം സാക്ഷ്യം മൂടിവെക്കൽ തന്നെ. അല്ലാഹു നമ്മുടെ എല്ലാ പ്രവർത്തികളും അറിയുന്നവനാകുന്നുവെന്നും, അവന്റെ മുമ്പിൽ എല്ലാറ്റിനും ഉത്തരം പറയേണ്ടിവരുമെന്നും അല്ലാഹു താക്കീത് ചെയ്യുന്നു.

## വിഭാഗം 40

**വചനം 284**

لِّلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ۗ وَإِن تُبْدُوا۟ مَا فِيٓ أَنفُسِكُمْ أَوْ تُخْفُوهُ يُحَاسِبْكُم بِهِ ٱللَّهُ ۖ فَيَغْفِرُ لِمَن يَشَآءُ وَيُعَذِّبُ مَن يَشَآءُ ۗ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٢٨٤﴾

284) അല്ലാഹുവിന്നുള്ളതാണ് ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും(എല്ലാം). നിങ്ങളുടെ മനസ്സുകളിലുള്ളതിനെ നിങ്ങൾ വെളിവാക്കുകയോ, അല്ലെങ്കിൽ അതിനെ നിങ്ങൾ മറച്ചുവെക്കുകയോ ചെയ്താലും അല്ലാഹു അതിനെപ്പറ്റി നിങ്ങളെ വിചാരണ ചെയ്യുന്നതാണ്. എന്നിട്ട് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുകയും, അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

ആകാശഭൂമികളിൽ ഉള്ള സർവ്വ വസ്തുക്കളും അല്ലാഹുവിന്റേതാണ്. അവന്റെ അടിയാന്മാർ പ്രവർത്തനത്തിലൂടെയോ വാക്കുകളിലൂടെയോ വെളിപ്പെടുത്തുന്നതും വെളിപ്പെടുത്താതെ മനസ്സിൽ മറച്ച്വെക്കുന്നതുമായ എല്ലാ വിചാര വികാരങ്ങളും അവൻ അറിയുന്നു. അവയെപ്പറ്റി അവൻ വിചാരണ ചെയ്യുകയും എന്നിട്ട് പൊറുത്ത് കൊടുക്കേണ്ടവർക്ക് പൊറുത്തുകൊടുക്കുകയും ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കുകയും ചെയ്യും. എന്നൊക്കെ അല്ലാഹു ഈ വചനത്തിൽ ഓർമ്മിപ്പിക്കുന്നു.

ഹൃദയങ്ങളിലുള്ള വിചാരങ്ങടക്കം എല്ലാ രഹസ്യങ്ങളെയും പരസ്യങ്ങളെയും അല്ലാഹു അറിയുമെന്നുള്ളത് പലപ്പോഴും ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഹൃദയങ്ങളിലുള്ളതിനെ സംബന്ധിച്ച് അവൻ മനുഷ്യരെ വിചാരണ നടത്തുന്നുമെന്ന് ഈ വചനത്തിൽ മാത്രമാണ് വ്യക്തമാക്കപ്പെട്ടിരിക്കുന്നത്.

ഈ വചനം അവതരിച്ചപ്പോൾ സഹാബികൾക്ക് അത് സഹിക്കാതായി. അവർ നബി (സ)യുടെ അടുക്കൽ ചെന്ന് സങ്കടപ്പെട്ടു. "ഇത് ഞങ്ങളുടെ കഴിവിനപ്പുറമാണല്ലോ റസൂലേ"

നബി(സ) അവരോട് പറഞ്ഞു. "മുമ്പ് വേദക്കാർ ചെയ്തതുപോലെ ഞങ്ങൾ കേട്ടു, ഞങ്ങൾ എതിർപ്രവർത്തിക്കുന്നു എന്ന് പറയാതെ, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നു എന്ന് നിങ്ങൾ പറയുവിൻ."

തുടർന്ന് കുറച്ച് കാലത്തിന് ശേഷം അല്ലാഹു അടുത്ത ആയത്ത് അവതരിപ്പിക്കുകയുണ്ടായി – ഓരോരുത്തർക്കും കഴിവുള്ളതല്ലാതെ ആരോടും ശാസിക്കപ്പെടുകയില്ലെന്നും മറ്റും. ഈ വചനത്തിലൂടെ കഴിഞ്ഞ വചനം 'നസ്ഖ്' ചെയ്തിരിക്കുന്നുവെന്ന് ചില സഹാബികൾ പ്രസ്താവിച്ചു കാണാം. എന്നാൽ സാധാരണ പറയപ്പെടാറുള്ള 'നസ്ഖ്' (വിധി ദുർബ്ബലപ്പെടുത്തൽ) അല്ല അതുകൊണ്ടുദ്ദേശിക്കുന്നതെന്നും, ആദ്യം അവതരിച്ച വചനത്തിന്റെ ഉദ്ദേശ്യം പിന്നീട് അവതരിച്ച വചനം വിവരിച്ച് തരുന്നുവെന്നേ, ആ നസ്ഖിന്ന് അർത്ഥമുള്ളൂ എന്നും ഇമാം അസ്ഖലാനി(റ) മുതലായവർ ചൂണ്ടിക്കാട്ടിയിരിക്കുന്നു.

മനുഷ്യമനസ്സിലുണ്ടാകുന്ന വിചാരങ്ങൾക്ക് അല്ലാഹു അതാതിനനുസരിച്ച് നടപടി എടുക്കുമെന്നും, ആരൊക്കെ മാപ്പിന്നർഹരാണെന്നും, ആരൊക്കെ ശിക്ഷക്കർഹരാണെന്നും അറിയുന്ന അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവർക്ക് പൊറുത്തു കൊടുക്കുകയും അവൻ ഉദ്ദേശിക്കുന്നവരെ ശിക്ഷിക്കുകയും ചെയ്യുമെന്നും

അറിയിക്കുന്നു.

നബി(സ) പറയുന്നു: “നിശ്ചയമായും എന്റെ സമുദായത്തിന് അവരുടെ മനസ്സുകൾ വർത്തമാനം പറയുന്നത് (മനസ്സിൽ തോന്നിയത്), അതവർ പ്രവർത്തിക്കുകയോ, സംസാരിക്കുകയോ ചെയ്യാത്തപക്ഷം അല്ലാഹു വിട്ട് കൊടുത്തിരിക്കുന്നു.”

വിശ്വാസ സംബന്ധമായ തത്വങ്ങൾക്ക് എതിരാകുന്ന വിധം മനസ്സിൽ ചിലപ്പോൾ ഉണ്ടാകുന്ന തോന്നലുകൾ, ഇല്ലാതാക്കുക, മനുഷ്യന്റെ കഴിവിൽപെട്ടതല്ലാത്തതുകൊണ്ട് അവ മൂലം സത്യവിശ്വാസത്തിന് കോട്ടം തട്ടുന്നില്ലെന്ന് നബി (സ) അരുളിയിരിക്കുന്നു. അത്തരം തോന്നലുകൾ മറ്റുള്ളവരോട് തുറന്ന് പറയുവാൻ പോലും ധൈര്യം വരാത്ത അവസ്ഥ അയാളുടെ വിശ്വാസ ദാർഢ്യത്തെയാണ് സൂചിപ്പിക്കുന്നതെന്നും നബി(സ) ചൂണ്ടിക്കാണിക്കുന്നു.”

എന്നാൽ വിചാരവികാരങ്ങളെ അനിയന്ത്രിതമായി അയച്ച്വിടാതെ നിയന്ത്രിക്കേണ്ടതുണ്ട്. ദുർവിചാരങ്ങൾക്കും ദുരുദ്ദേശ്യങ്ങൾക്കും കഴിയുന്നത്ര കടിഞ്ഞാണിടേണ്ടതുണ്ട്. നിയന്ത്രണാതീതമായവയെ സംസാരത്തിലോ, പ്രവൃത്തിയിലോ കൊണ്ട്വരാതെ അടക്കി നിറുത്താൻ സൂക്ഷിക്കേണ്ടതുമുണ്ട്.

**വചനം 285,286**

ءَامَنَ ٱلرَّسُولُ بِمَآ أُنزِلَ إِلَيْهِ مِن رَّبِّهِۦ وَٱلْمُؤْمِنُونَ ۚ كُلٌّ ءَامَنَ بِٱللَّهِ وَمَلَٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ لَا نُفَرِّقُ بَيْنَ أَحَدٍ مِّن رُّسُلِهِۦ ۚ وَقَالُوا۟ سَمِعْنَا وَأَطَعْنَا ۖ غُفْرَانَكَ رَبَّنَا وَإِلَيْكَ ٱلْمَصِيرُ ﴿٢٨٥﴾

285. റസൂലിന് അദ്ദേഹത്തിന്റെ റബ്ബിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതിൽ അദ്ദേഹവും, സത്യവിശ്വാസികളും വിശ്വസിച്ചിരിക്കുന്നു. എല്ലാവരും(തന്നെ) അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ വേദഗ്രന്ഥങ്ങളിലും അവന്റെ റസൂലുകളിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ റസൂലുകളിൽ ഒരാൾക്കിടയിലും ഞങ്ങൾ വ്യത്യാസം കാണിക്കുകയില്ല (ഇതാണവരുടെ നില). അവർ പറയുകയും ചെയ്യുന്നു: “ഞങ്ങൾ കേൾക്കുകയും, അനുസരിക്കുകയും ചെയ്തിരിക്കുന്നു; നിന്റെ പൊറുക്കൽ-(അതാണ് ഞങ്ങൾ തേടുന്നത്)- ഞങ്ങളുടെ റബ്ബേ നിന്റെ അടുക്കലേക്കത്രെ തിരിച്ചുവരവും.”

لَا يُكَلِّفُ ٱللَّهُ نَفْسًا إِلَّا وُسْعَهَا ۚ لَهَا مَا كَسَبَتْ وَعَلَيْهَا مَا ٱكْتَسَبَتْ ۗ رَبَّنَا لَا تُؤَاخِذْنَآ إِن نَّسِينَآ أَوْ أَخْطَأْنَا ۚ رَبَّنَا وَلَا تَحْمِلْ عَلَيْنَآ إِصْرًا كَمَا حَمَلْتَهُۥ عَلَى ٱلَّذِينَ مِن قَبْلِنَا ۚ رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِۦ ۖ وَٱعْفُ عَنَّا وَٱغْفِرْ لَنَا وَٱرْحَمْنَآ ۚ أَنتَ مَوْلَىٰنَا فَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَٰفِرِينَ ﴿٢٨٦﴾

286. ഒരു ആത്മാവിനോടും (ഒരു വ്യക്തിയോടും) അതിനു നിവൃത്തിയുള്ളതല്ലാതെ അല്ലാഹു ശാസിക്കുകയില്ല. അത് (നന്മ) സമ്പാദിച്ചതു അതിന്നുതന്നെയായിരിക്കും. അത് (തിന്മ) സമ്പാദിച്ചുകൂട്ടിയതും അതിന്റെ മേൽതന്നെയായിരിക്കും. (പ്രാർഥിക്കുക): “ഞങ്ങളുടെ റബ്ബേ, ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾ അബദ്ധം ചെയ്യുകയോ ചെയ്തുവെങ്കിൽ നീ ഞങ്ങളെ പിടികൂടരുതേ! (ശിക്ഷാനടപടി എടുക്കരുതേ). ഞങ്ങളുടെ റബ്ബേ! ഞങ്ങളുടെ മുമ്പുള്ളവരുടെ മേൽ നീ ചുമത്തിയതുപോലെ, ഞങ്ങളുടെ മേൽ നീ ഭാരം ചുമത്തുകയും ചെയ്യരുതേ! ഞങ്ങളുടെ റബ്ബേ ! ഞങ്ങൾക്ക് സാധ്യതയില്ലാത്തത് ഞങ്ങളെ(ക്കൊണ്ട്) നീ വഹിപ്പിക്കുകയും ചെയ്യരുതേ! ഞങ്ങൾക്ക് മാപ്പും നൽകണമേ! ഞങ്ങൾക്ക് പൊറുത്തുതരികയും വേണമേ! ഞങ്ങളോട് കരുണ ചെയ്യുകയും ചെയ്യേണമേ! നീ ഞങ്ങളുടെ യജമാനനാകുന്നു. ആകയാൽ, അവിശ്വാസികൾക്കെതിരെ ഞങ്ങളെ നീ സഹായിക്കേണമേ!”

റസൂലിന് റബ്ബിങ്കൽ നിന്ന് എന്തെല്ലാം അവതരിച്ചിട്ടുണ്ടോ അതിലെല്ലാം അദ്ദേഹം വിശ്വസിച്ചിട്ടുണ്ട്. കൂടാതെ, എല്ലാ സത്യവിശ്വാസികളും വിശ്വസിച്ചിട്ടുണ്ട്. അവതരിപ്പിച്ച അല്ലാഹുവിലും, ആരുടെ കൈക്കാണോ അവതരിപ്പിച്ചത് ആ മലക്കുകളിലും നബി(സ)ക്ക് അവതരിപ്പിക്കപ്പെട്ട ഖുർആൻ കൂടാതെ, പല റസൂലുകൾക്കുമായി ഇതിനുമുമ്പ് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളിലും, റസൂലും സത്യവിശ്വാസികളുമെല്ലാം വിശ്വസിച്ചിരിക്കുന്നു.

“ഞങ്ങൾ ചിലതിൽ വിശ്വസിക്കും, ചിലതിൽ വിശ്വസിക്കുകയില്ല.” (4:150) എന്ന് അവിശ്വാസികൾ പറഞ്ഞതു പോലെയോ “ഞങ്ങൾക്ക് ഇറക്കപ്പെട്ടതിൽ ഞങ്ങൾ വിശ്വസിക്കും.”(2:91) എന്ന് വേദക്കാർ പറഞ്ഞത്പോലെയോ സത്യവിശ്വാസികൾ പറയുകയില്ല.

മുമ്പ് ഇസ്രാഈല്യർ പറഞ്ഞതുപോലെ “ഞങ്ങൾകേട്ടു ഞങ്ങൾ അനുസരണക്കേട് കാണിക്കുന്നു” എന്നും അവർ പറയുകയില്ല. “ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നു” എന്നായിരിക്കും അവർ പറയുക. “ഞങ്ങളുടെ നാഥാ, നിന്റെ പൊറുക്കൽ-അതാണ് ഞങ്ങൾക്ക് വേണ്ടത്. ഞങ്ങളുടെ തിരിച്ചുവരവും നിന്റെ അടുക്കലേക്കാണല്ലോ” എന്നും അവർ പറഞ്ഞുകൊണ്ടിരിക്കും.

എന്നാൽ അല്ലാഹുവിന്റെ എല്ലാ വിധി വിലക്കുകളും അപ്പടി സ്വീകരിച്ച് അനുഷ്ഠിക്കാൻ മനുഷ്യന് കഴിയുമോ എന്ന് സംശയിക്കുന്നവർക്ക് മറുപടിയായി അല്ലാഹു പറയുന്നു. “ഒരാളോടും ആ വ്യക്തിക്ക് നിർവ്വഹിക്കുവാൻ നിവൃത്തിയുള്ളതല്ലാതെ അതിനപ്പുറം അല്ലാഹു ശാസിക്കുന്നതല്ല.” വലിയ വിഷമമൊന്നും സഹിക്കേണ്ടിവരാതെ, അസഹ്യമായ കഷ്ടനഷ്ടമൊന്നും ബാധിക്കാതെ അനുഷ്ഠാനത്തിൽ വരുത്താവുന്ന കാര്യങ്ങളേ അല്ലാഹു കല്പിച്ചിട്ടുള്ളൂവെന്നാണതിന്റെ താല്പര്യം. മതത്തിൽ അവൻ നിങ്ങളുടെ മേൽ ഒരു വിഷമവും ഏർപ്പെടുത്തിയിട്ടില്ല. എന്ന് അല്ലാഹു 22:78ൽ പ്രസ്താവിക്കുന്നുണ്ട്. അതോടുകൂടി സാന്ദർഭികമായോ, താൽക്കാലികമായോ ഏർപ്പെടുന്ന പ്രതിബന്ധങ്ങളിൽ അതിനനുസരിച്ചു പ്രതിവിധികളും ഇളവുകളും നല്കപ്പെട്ടിട്ടുണ്ട് താനും.

എന്നാൽ സ്വേഛക്കനുസരിച്ച് ജീവിതം നയിക്കാൻ അല്ലാഹു മനുഷ്യനെ അനുവദിക്കുന്നില്ല. “ഓരോ വ്യക്തിയും ചെയ്ത് വെക്കുന്ന നന്മ അവനവന് തന്നെയാണ് ഗുണം ചെയ്യുന്നത്. അവൻ ചെയ്ത് കൂട്ടുന്ന തിന്മ അവന് തന്നെയാണ് ദോഷം വരുത്തുന്നതും” എന്ന് അല്ലാഹു തുടർന്ന് അറിയിക്കുന്നു. അതിൽ അല്ലാഹുവിന് എന്തെങ്കിലും നേട്ടമോ, കോട്ടമോ ഉണ്ടാകാനില്ല. മനുഷ്യന് ഗുണമേത് ദോഷമേത് എന്ന് സൂക്ഷ്മജ്ഞാനമുള്ള അല്ലാഹു, മനുഷ്യൻ ജീവിക്കേണ്ടത് ഇന്നിന്ന പ്രകാരമാണെന്ന് അറിയിക്കുന്നു.

തുടർന്ന് സത്യവിശ്വാസികൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതായ ഒരു പ്രാർത്ഥന കൊണ്ട് അല്ലാഹു ഈ സൂറ അവസാനിപ്പിക്കുന്നു.

“സൂറ: ഫാതിഹയും സൂറത്തുൽ ബഖറയുടെ അന്ത്യഭാഗങ്ങളും താങ്കളുടെ മുമ്പ് ഒരു പ്രവാചകനും നല്കപ്പെട്ടിട്ടില്ലാത്ത രണ്ട് പ്രകാശങ്ങളാകുന്നു. അവ രണ്ടിൽ നിന്നും ഏതക്ഷരം ഓതിയാലും, അത് താങ്കൾക്ക് നൽകപ്പെടാതിരിക്കുകയില്ല.” എന്ന് മലക്ക് മുഖേന റസൂൽ (സ) അറിയിക്കപ്പെട്ടിരിക്കുന്നു. ഈ പ്രാർത്ഥനക്ക് അല്ലാഹു ഉത്തരം നൽകാതിരിക്കുകയില്ല.

ഈ പ്രാർത്ഥനയിലെ അപേക്ഷകൾ ഇവയാണ്.

(1) “ഞങ്ങൾ മറന്ന് പോകുകയോ അബദ്ധം പ്രവർത്തിക്കുകയോ ചെയ്തതിൽ നീ ഞങ്ങളെ പിടികൂടി ശിക്ഷാ നടപടി എടുക്കരുതേ, റബ്ബേ” മറവി മൂലമോ അബദ്ധത്തിലോ ചെയ്യുന്ന തെറ്റുകൾക്ക് ശിക്ഷിക്കപ്പെടുന്നതല്ലെന്ന് പല ഖുർആൻ വചനങ്ങളിൽ നിന്നും നബിവചനങ്ങളിൽ നിന്നും വ്യക്തമാകുന്നുണ്ട്. എന്നാൽ എല്ലാ മറവിയിലും അബദ്ധത്തിലും മനുഷ്യൻ തികച്ചും നിരപരാധിയായിരിക്കുകയില്ല. മാത്രമല്ല അത്തരം മറവിയേയും അബദ്ധത്തേയും തുടർന്ന് തൃപ്തികരമല്ലാത്ത ഭവിഷ്യത്തുകൾ വേറെയും സംഭവിക്കാനും ഇടയുണ്ട്. ആ സ്ഥിതിക്ക് മറവി ബാധിച്ചോ, അബദ്ധം പിണഞ്ഞോ, ഉണ്ടാകാവുന്ന തെറ്റുകൾ മാപ്പ് ചെയ്യപ്പെടണേ എന്നും അതേ തുടർന്നുണ്ടാകാവുന്ന ദോഷങ്ങളൊന്നും ബാധിക്കാതെ, ഇഹത്തിലും പരത്തിലും ഞങ്ങളെ കാത്തുരക്ഷിക്കണേ എന്നുമാണീ പ്രാർത്ഥനയുടെ താല്പര്യം.

(2) “മുമ്പുള്ളവരുടെ മേൽ ചുമത്തിയത് പോലുള്ള ഭാരങ്ങളൊന്നും ഞങ്ങളുടെ മേൽ ചുമത്തരുതേ” മുൻ സമുദായങ്ങളുടെ മേലുണ്ടായിരുന്ന ചില കർശന നിയമങ്ങളും പ്രയാസമേറിയ കർമ്മാചാരങ്ങളും നബി (സ) തിരുമേനിയുടെ സമുദായത്തിന് ലഘൂകരിച്ച് കൊടുത്തിട്ടുള്ളത് പ്രസ്താവ്യമാകുന്നു.

“അവരുടെ (വേദക്കാരുടെ) ഭാരവും അവരുടെ മേലുണ്ടായിരുന്ന കുടുക്ക് ബന്ധങ്ങളും അദ്ദേഹം അവരിൽ നിന്നും ഇറക്കി വെക്കും-അഅ്റാഫ് 157”

(3) "ഞങ്ങൾക്ക് സാധ്യതയില്ലാത്ത കാര്യങ്ങളൊന്നും ഞങ്ങളെ വഹിപ്പിക്കരുതേ" ഇഹത്തിലും പരത്തിലും ഞങ്ങൾക്ക് സഹിക്കാൻ സാധിക്കാത്ത കഷ്ടപ്പാടുകൾ വരാതെ ഞങ്ങളെ കാത്ത് തരണേ എന്ന് സാരം.

(4) "ഞങ്ങൾക്ക് മാപ്പ് നൽകേണമേ"

(5) "ഞങ്ങൾക്ക് പൊറുത്തു തരേണേ"

(6) "ഞങ്ങൾക്ക് കരുണ ചെയ്യേണേ"

ഞങ്ങളുടെ പാപങ്ങളും തെറ്റുകളും വെളിക്ക് വരുത്താതെ മൂടി വെച്ച് മാപ്പാക്കുകയും അവ മൂലം ഞങ്ങളെ ശിക്ഷയിലും അപമാനത്തിലും അകപ്പെടുത്താതെ പൊറുത്തു തരുകയും ചെയ്യേണമേ.

(7) "റബ്ബേ നീയത്രേ ഞങ്ങളുടെ യജമാനൻ. നിന്റെ അടിയാന്മാരും സത്യവിശ്വാസികളുമായ ഞങ്ങൾക്ക്, ഞങ്ങളുടെ ശത്രുക്കൾക്കെതിരെ സഹായം നൽകേണമേ, ഞങ്ങൾക്ക് നിന്നെയല്ലാതെ ആരെയും ആശ്രയിക്കാനില്ലല്ലോ.

റസൂൽ തിരുമേനി (സ) പറഞ്ഞു:

"സൂറത്തുൽ ബഖറയുടെ അവസാനത്തിൽ നിന്ന് രണ്ട് ആയത്തുകൾ ആരെങ്കിലും ഒരു രാത്രിയിൽ ഓതിയാൽ അവ അവന് മതിയാകും."

ഈ സൂറത്ത് ഓതിക്കഴിയുമ്പോൾ മുആദ് (റ) 'ആമീൻ' എന്ന് പറഞ്ഞിരുന്നതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

---

# 3. സൂറത്ത് ആലുഇംറാൻ (ഇംറാൻ കുടുംബം)

**മദീനയിൽ അവതരിച്ചത്**

വചനങ്ങൾ 200, (റുകൂഅ് 20)

---

ഈ സൂറത്തിൽ ഈസാ(അ) നബിയുടെ പിതാമഹനായ ഇംറാൻ ന്റെ കുടുംബത്തെപ്പറ്റി പ്രസ്താവിക്കപ്പെട്ടിട്ടുള്ളത്കൊണ്ട് ഇതിന് ആലുഇംറാൻ (ഇംറാൻ കുടുംബം) എന്ന് പറയപ്പെടുന്നു. ഈ സൂറത്തിൽ കൃസ്ത്യാനികളെ സംബന്ധിച്ച് കുറെ അധികം പ്രസ്താവനകൾ അടങ്ങിയിരിക്കുന്നു.

ഹിജ്റ ഒമ്പതാം കൊല്ലത്തിൽ നജ്റാൻ ദേശക്കാരായ അറുപത് പേരടങ്ങിയ ഒരു കൃസ്തീയ സംഘം നബി(സ)യുടെ അടുക്കൽ വന്ന സംഭവത്തെ തുടർന്നാണ് ഈ സൂറത്തിന്റെ ആദ്യത്തെ 80-ൽപരം വചനങ്ങളിൽ ഭൂരിഭാഗവും അവതരിച്ചത് എന്നത്രേ പല ഖുർആൻ വ്യാഖ്യാതാക്കളും പറയുന്നത് . അവരിൽ അവരുടെ നേതാക്കളും പണ്ഡിതന്മാരുമടങ്ങിയ 14 പേരും ഉണ്ടായിരുന്നു. അസ്വർ നമസ്ക്കാരം കഴിഞ്ഞ ഉടനെയായിരുന്നു അവർ മദീനാ പള്ളിയിൽ പ്രവേശിച്ചത്. അവരുടെ പ്രാർത്ഥനാകർമ്മത്തിന്റെ സമയമായപ്പോൾ അത് പള്ളിയിൽ വെച്ച് തന്നെ നിർവഹിച്ച് കൊള്ളാൻ നബി(സ) അവർക്ക് അനുമതി നൽകി.

നബി(സ) യുമായുള്ള സംഭാഷണത്തിൽ അവർ ഈസാ (അ) ദൈവമാണെന്നും, ദൈവപുത്രനാണെന്നും പരിശുദ്ധാത്മാവാണെന്നും വാദിച്ചു. ഈസാ(അ) മരണപ്പെട്ടവരെ ജീവിപ്പിച്ചത് അദ്ദേഹം ദൈവമായത് കൊണ്ടാണെന്നും, അദ്ദേഹം പിതാവില്ലാതെ ജനിച്ചത് ദൈവപുത്രനായത് കൊണ്ടാണെന്നും വേദഗ്രന്ഥങ്ങളിൽ നാം സൃഷ്ടിച്ചു, നാം കൽപ്പിച്ചു എന്നിങ്ങനെ ബഹുവചന രൂപത്തിൽ പറയുന്നത് ദൈവം ഒന്നിലധികം പേരുള്ളത് കൊണ്ടാണെന്നും അവർ വാദിച്ചു. അവരുടെ വാദങ്ങളെ ഖണ്ഡിച്ച് കൊണ്ട് ഖുർആൻ വചനങ്ങൾ അവതരിക്കുകയും അവർ നബി (സ) യോട് ഉത്തരം മുട്ടുകയും ചെയ്തു. അവരെ നബി(സ) ഇസ്ലാമിലേക്ക് ക്ഷണിച്ചു. ഞങ്ങൾ മുമ്പേ മുസ്ലീംകളായി കഴിഞ്ഞിട്ടുണ്ടെന്ന് അവർ വാദിച്ചു. അല്ലാഹുവിന് സന്താനമുണ്ടെന്ന വാദം, പന്നിമാംസം ഭുജിക്കൽ, കുരിശാരാധന മുതലായവ നിങ്ങൾ നടത്തിവരുന്ന സ്ഥിതിക്ക് നിങ്ങൾ ഇസ്ലാം അംഗീകരിച്ചിട്ടില്ലെന്ന് നബി(സ) അവരോട് മറുപടി പറഞ്ഞു. സത്യം മനസ്സിലായിട്ടും അതിലേക്ക് മടങ്ങുവാൻ തയ്യാറാകാതിരുന്ന അവരെ താഴെ 61-ാം വചനത്തിൽ കാണാവുന്നത് പോലെ നബി(സ) ഒരു 'മുബാഹല'ക്ക് (പരസ്പരം ശാപ പ്രാർത്ഥന നടത്തുന്നതിന്) ആഹ്വാനം ചെയ്തു. അവർ അതിൽ നിന്ന് ഒഴിഞ്ഞ് മാറി അവസാനം കപ്പം കൊടുത്ത് കൊള്ളാമെന്ന് കരാർ ചെയ്ത് അവർ മടങ്ങിപ്പോയി.

ഈ സൂറത്തിലെ ആദ്യത്തെ 80ൽ പരം വചനങ്ങളിൽ ചിലത് നജ്റാൻ സംഘത്തിന്റെ വരവിനെ തുടർന്നുണ്ടായതല്ലെന്ന് കാണിക്കുന്ന ചില രിവായത്തുകൾ നിലവിലുണ്ട്. ഉദാഹരണത്തിന് ബദർ യുദ്ധത്തെ സംബന്ധിക്കുന്ന 13-ാം വചനം.

**വിഭാഗം 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1, 2**

الٓمٓ ﴿١﴾

ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلْحَىُّ ٱلْقَيُّومُ ﴿٢﴾

1) അലിഫ്-ലാം-മീം
2) അല്ലാഹു-അവനല്ലാതെ ആരാധ്യനേയില്ല. (അവൻ) ജീവത്തായുള്ളവൻ; സർവ്വ നിയന്താവായുള്ളവൻ.

---

അലിഫ് -ലാം - മീം എന്നത് പോലെ ചില സൂറത്തുകളുടെ ആരംഭത്തിലുള്ള കേവലാക്ഷരങ്ങളെക്കുറിച്ച് സൂ : ബഖറയുടെ ആരംഭത്തിൽ വിവരിച്ചിട്ടുണ്ട്.

രണ്ടാം വചനത്തിലെ ആശയങ്ങൾ സൂ: ബഖറയിലെ 255-ാം വചനമായ ആയത്തുൽ കുർസി യുടെ വ്യാഖ്യാനത്തിലും വിവരിച്ചിട്ടുണ്ട്.

---

**വചനം 3**

نَزَّلَ عَلَيْكَ ٱلْكِتَٰبَ بِٱلْحَقِّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ وَأَنزَلَ ٱلتَّوْرَىٰةَ وَٱلْإِنجِيلَ ﴿٣﴾

3) (നബിയേ, ഈ) വേദഗ്രന്ഥത്തെ- അതിൻെറ മുമ്പിലുള്ളതിനെ സത്യമാക്കി (ശരിവെച്ചു) കൊണ്ട് -യഥാർത്ഥ പ്രകാരം അവൻ നിനക്ക് അവതരിപ്പിച്ചിരിക്കുന്നു. തൗറാത്തും, ഇഞ്ചീലും അവൻ അവതരിപ്പിച്ചിരിക്കുന്നു.

---

ഖുർആൻ അതിന്റെ മുമ്പുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുകയും, അവയുടെ സത്യത സ്ഥാപിക്കുകയും ചെയ്യുന്നുവെന്ന് മാത്രമല്ല സത്യാസത്യങ്ങളും ന്യായാന്യായങ്ങളും വേർതിരിച്ച് വിവരിക്കുക കൂടി ചെയ്തിരിക്കുന്നു. മുൻവേദഗ്രന്ഥങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും, അവയുടെ അനുയായികളായി രണ്ട് സമുദായങ്ങൾ നിലവിലുള്ളതുമായ തൗറാത്തും ഇഞ്ചീലും അല്ലാഹു പ്രത്യേകം എടുത്ത് പറഞ്ഞിരിക്കുന്നു.

തൗറാത്തും ഇഞ്ചീലും കൊണ്ട് - ഇവിടെയും മറ്റെല്ലാസന്ദർഭങ്ങളിലും തന്നെ - വിവക്ഷിക്കപ്പെടുന്നത് മൂസാ(അ) നബിക്ക് അവതരിപ്പിക്കപ്പെട്ട യഥാർത്ഥ തൗറാത്തും, ഈസാ(അ) നബിക്ക് അവതരിപ്പിക്കപ്പെട്ട യഥാർത്ഥ ഇഞ്ചീലുമാകുന്നു. ഇത് രണ്ടിന്റെയും ശരിയായപകർപ്പ് ജൂതന്മാരുടെയോ, കൃസ്ത്യാനികളുടെയോ കൈയ്യിൽ ഇല്ല തന്നെ. പല കൂട്ടിച്ചേർക്കലും മാറ്റത്തിരിത്തലുകളും നടത്തപ്പെട്ട് ചരിത്ര ഗ്രന്ഥങ്ങളെന്നോ, ഓർമ്മക്കുറിപ്പുകളെന്നോ, സന്ദേശങ്ങളെന്നോ, ഒക്കെയുള്ള നിലയിൽ പലരാൽ എഴുതിച്ചേർക്കപ്പെട്ടവയാണവ. മൂസാ(അ) നബിയുടെ കാലശേഷമുള്ള ചില സംഭവങ്ങൾ തൗറാത്തിലും, ഈസാ(അ) നബിയുടെ കാലശേഷമുള്ള ചില സംഭവങ്ങൾ ഇഞ്ചീലിലും അങ്ങനെ ചേർക്കപ്പെട്ടതായി കാണാവുന്നതാണ്.

---

**വചനം 4, 5, 6**

مِن قَبْلُ هُدًى لِّلنَّاسِ وَأَنزَلَ ٱلْفُرْقَانَ ۗ إِنَّ ٱلَّذِينَ كَفَرُوا۟ بِـَٔايَٰتِ ٱللَّهِ لَهُمْ عَذَابٌ شَدِيدٌ ۗ وَٱللَّهُ عَزِيزٌ ذُو ٱنتِقَامٍ ﴿٤﴾

4. (ഇതിന്) മുമ്പായി-മനുഷ്യർക്ക് മാർഗ്ഗദർശനമായി ക്കൊണ്ട്; (സത്യാസത്യ) വിവേചനവും അവൻ അവതരിപ്പിച്ചിരിക്കുന്നു. നിശ്ചയമായും, അല്ലാഹുവിൻെറ 'ആയത്ത്' (ലക്ഷ്യം) കളിൽ അവിശ്വസിച്ചിട്ടുള്ളവർ (ആരോ), അവർക്ക് കഠിനമായ ശിക്ഷയുണ്ട്. അല്ലാഹുവാകട്ടെ, പ്രതാപശാലിയാണ്; ശിക്ഷാനടപടി എടുക്കുന്നവനാണ്

إِنَّ ٱللَّهَ لَا يَخْفَىٰ عَلَيْهِ شَىْءٌ فِى ٱلْأَرْضِ وَلَا فِى ٱلسَّمَآءِ ﴿٥﴾

5 നിശ്ചയമായും അല്ലാഹു- ഭൂമിയിലാകട്ടെ, ആകാശത്തിലാകട്ടെ-യാതൊന്നും അവൻെറ മേൽ അവ്യക്തമായിരിക്കയില്ല.

6 അവനത്രെ, താന്‍ ഉദ്ദേശിക്കുന്ന പ്രകാരം ഗര്‍ഭാശയങ്ങളില്‍ നിങ്ങളെ രൂപപ്പെടുത്തുന്ന വന്‍. അവനല്ലാതെ ആരാധ്യനേ ഇല്ല; അഗാധജ്ഞനായ പ്രതാപശാലിയാണ് (അവന്‍).

هُوَ ٱلَّذِى يُصَوِّرُكُمْ فِى ٱلْأَرْحَامِ كَيْفَ يَشَآءُ ۚ لَآ إِلَٰهَ إِلَّا هُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٦﴾

---

സത്യം ഇന്നതെന്നും അസത്യം ഇന്നതെന്നും വേര്‍തിരിച്ച് വിവേചിക്കുക എന്നത്രേ **الفرقان** എന്ന വാക്കിന്റെ അര്‍ത്ഥം.

മാതാക്കളുടെ ഗര്‍ഭാശയങ്ങളില്‍ വെച്ച് ഓരോരുത്തര്‍ക്കും അവരവരുടെ രൂപം നല്‍കി സൃഷ്ടിച്ചുണ്ടാക്കുന്നവന്‍ അല്ലാഹുവല്ലാതെ മറ്റാരുമല്ല. അതാകട്ടെ അവന്‍ ഉദ്ദേശിക്കുന്ന രൂപത്തിലും സ്വഭാവത്തിലും. അതില്‍നിങ്ങള്‍ക്കൊ, നിങ്ങളുടെ പിതാക്കള്‍ക്കൊ, നിങ്ങളുടെ മറ്റ് ആരാധ്യന്മാര്‍ക്കോ യാതൊരു പങ്കുമില്ല. ആരുടെ ഉദ്ദേശത്തിനും അതില്‍ സ്ഥാനമില്ല.

---

**വചനം 7, 8, 9**

7 (നബിയെ) അവനത്രെ, നിന്‍റെ മേല്‍ വേദഗ്രന്ഥം അവതരിപ്പിച്ചവന്‍. 'മുഹ്കമായ' (ദൃഢപ്രധാനമായ) ഒരു തരം ആയത്ത് (വചനം) കള്‍ അതില്‍ പെട്ടതാകുന്നു. അവ (ആ) ഗ്രന്ഥത്തിന്‍റെ മൂലകേന്ദ്രമത്രെ. 'മുതശാബിഹാ'യ (പരസ്പര സാദൃശ്യമുള്ളതായ) മറ്റൊരു വിഭാഗവും (അതില്‍) ഉണ്ട്. എന്നാല്‍, തങ്ങളുടെ ഹൃദയങ്ങളില്‍ വക്രതയുള്ളവര്‍, കുഴപ്പത്തെ ആഗ്രഹിച്ചും, വ്യാഖ്യാനത്തെ (അഥവാ പൊരുളിനെ) ആഗ്രഹിച്ചുംകൊണ്ട് അവര്‍ അതില്‍നിന്നും പരസ്പര സാദൃശ്യമുള്ളതിന് (മുതശാബിഹാ യതിന്നു) പിന്നാലെ കൂടുന്നതാകുന്നു. അതില്‍ വ്യാഖ്യാനം (അഥവാ പൊരുള്‍) അല്ലാഹുവല്ലാതെ അറിയുക യില്ലതാനും. അറിവില്‍ അടിയുറച്ചവരാകട്ടെ, അവര്‍ പറയും: ഞങ്ങള്‍ അതില്‍ വിശ്വസിച്ചി രിക്കുന്നു; എല്ലാം നമ്മുടെ റബ്ബിന്‍റെ പക്കല്‍ നിന്നുള്ളതാകുന്നു. (സല്‍) ബുദ്ധിയുള്ള വരല്ലാതെ, ഉറ്റാലോചിക്കുന്നതല്ലതാനും.

هُوَ ٱلَّذِىٓ أَنزَلَ عَلَيْكَ ٱلْكِتَٰبَ مِنْهُ ءَايَٰتٌ مُّحْكَمَٰتٌ هُنَّ أُمُّ ٱلْكِتَٰبِ وَأُخَرُ مُتَشَٰبِهَٰتٌ ۖ فَأَمَّا ٱلَّذِينَ فِى قُلُوبِهِمْ زَيْغٌ فَيَتَّبِعُونَ مَا تَشَٰبَهَ مِنْهُ ٱبْتِغَآءَ ٱلْفِتْنَةِ وَٱبْتِغَآءَ تَأْوِيلِهِۦ ۗ وَمَا يَعْلَمُ تَأْوِيلَهُۥٓ إِلَّا ٱللَّهُ ۗ وَٱلرَّٰسِخُونَ فِى ٱلْعِلْمِ يَقُولُونَ ءَامَنَّا بِهِۦ كُلٌّ مِّنْ عِندِ رَبِّنَا ۗ وَمَا يَذَّكَّرُ إِلَّآ أُو۟لُوا۟ ٱلْأَلْبَٰبِ ﴿٧﴾

8. (അവര്‍ തുടരും:) ഞങ്ങളുടെ റബ്ബേ! ഞങ്ങളെ നീ സന്‍മാര്‍ഗ്ഗത്തിലാക്കിയശേഷം (വീണ്ടും) ഞങ്ങളുടെ ഹൃദയങ്ങളെ നീ തെറ്റിക്കരുതേ! ഞങ്ങള്‍ക്ക് നിന്‍റെ അടുക്കല്‍ നിന്ന് നീ കാരുണ്യം പ്രദാനം ചെയ്യുകയും വേണമേ! നിശ്ചയമായും, നീ തന്നെയാണ് വളരെ പ്രദാനം ചെയ്യുന്നവന്‍.

رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِن لَّدُنكَ رَحْمَةً ۚ إِنَّكَ أَنتَ ٱلْوَهَّابُ ﴿٨﴾

9. ഞങ്ങളുടെ റബ്ബേ! നിശ്ചയമായും നീ, യാതൊരു സന്ദേഹവുമില്ലാത്തതായ ഒരു ദിവസത്തേക്ക് മനുഷ്യരെ(യെല്ലാം) ഒരുമിച്ചു കൂട്ടുന്ന വനാകുന്നു. നിശ്ചയമായും അല്ലാഹു വാഗ്ദത്ത

رَبَّنَآ إِنَّكَ جَامِعُ ٱلنَّاسِ لِيَوْمٍ لَّا رَيْبَ فِيهِ ۚ إِنَّ ٱللَّهَ لَا يُخْلِفُ ٱلْمِيعَادَ ﴿٩﴾

നിശ്ചയത്തിന് എതിര് പ്രവര്‍ത്തിക്കുകയില്ല.

---

ഖുര്‍ആനാകുന്ന ഈ വേദഗ്രന്ഥത്തില്‍ മുഹ്കമാ യ വചനങ്ങള്‍ എന്നും മുതശാബിഹാ യ വചനങ്ങള്‍ എന്നും രണ്ട് തരം വചനങ്ങള്‍ അടങ്ങിയിരിക്കുന്നു.

'മുഹ്കമ്' എന്ന വാക്കിന് ബലവത്തായത്, ദൃഢമാക്കപ്പെട്ടത്, യുക്തിമത്തായത്, നിയമബലമുള്ളത്, സുവ്യക്തമായത് എന്നൊക്കെ സന്ദര്‍ഭമനുസരിച്ച് അര്‍ത്ഥം നല്‍കാവുന്നതാണ്. മുതശാബിഹ് എന്നാല്‍ പരസ്പരം സാദൃശ്യമുള്ളത്, സാദൃശ്യം നിമിത്തം വേര്‍തിരിച്ചറിയാത്തത് എന്നിങ്ങനെയും അര്‍ത്ഥമാക്കുന്നു. സംശയത്തിനും ആശയക്കുഴപ്പത്തിനും ഇടയില്ലാത്ത വണ്ണം അര്‍ത്ഥവും ആശയവും വ്യക്തമായി മനസ്സിലാക്കുന്നതെല്ലാം മുഹ്കമും അല്ലാത്തവ മുതശാബിഹും ആകുന്നു.

മുഹ്കമായ വചനങ്ങള്‍ ആകുന്നു ഖുര്‍ആന്റെ മൂലപ്രധനമായ ഭാഗം. മുതശാബിഹായ വചനങ്ങളുടെ യഥാര്‍ത്ഥ വ്യാഖ്യാനവും പൊരുളും (തഅ്വീല്‍) അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. എന്നാല്‍ വക്രഹൃദയരായ ആളുകള്‍ കുഴപ്പമുണ്ടാക്കാനും ദുര്‍വ്യാഖ്യാനം ചെയ്യാനും വേണ്ടി ഈ വിഭാഗത്തിന്റെ പിന്നാലെ കൂടുന്നതാണ്. അടിപതറാതെ അറിവുള്ള ആളുകള്‍ അതില്‍ ചുഴിഞ്ഞന്വേഷണം നടത്താനും തങ്ങളുടെ വക വ്യാഖ്യാനം നല്‍കാനും മുതിരാതെ വിശദാംശങ്ങള്‍ അല്ലാഹുവിലേക്ക് വിടുകയായിരിക്കും ചെയ്യുക. അല്ലാഹുവിന്റെ ഖുദറത്ത് (കഴിവ്) എങ്ങിനെയുള്ളതാണ്, അര്‍ശി ന്മേല്‍ അല്ലാഹു ആരോഹണം ചെയ്യുന്നത് എങ്ങനെയാണ്, സ്വര്‍ഗ്ഗസ്ഥര്‍ക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളുടെയും നരകസ്ഥര്‍ക്ക് ലഭിക്കുന്ന ശിക്ഷകളുടെയും യഥാര്‍ത്ഥ രൂപം എങ്ങനെയാണ്, അലിഫ്-ലാം-മീം പോലെ ചില സൂറത്തുകളുടെ ആരംഭത്തിലുള്ള കേവലാക്ഷരങ്ങളുടെ പൊരുള്‍ എന്താണ്, എന്നിത്യാദി കാര്യങ്ങളൊന്നും അല്ലാഹുവിനല്ലാതെ അറിയുകയില്ലല്ലോ ?

ഈ ആയത്തില്‍ നിന്നും മറ്റ് വിവരണങ്ങളില്‍ നിന്നുമായി നമുക്ക് താഴെ കാണുന്ന ആശയങ്ങള്‍ ഗ്രഹിക്കാവുന്നതാണ്:

(1) സുവ്യക്തവും സ്പഷ്ടവുമായ അര്‍ത്ഥോദ്ദേശ്യങ്ങളുള്ളത് 'മുഹ്കമ്' എന്നും, അല്ലാഹുവിന് മാത്രം അന്തസാരങ്ങള്‍ അറിയാവുന്നത് അല്ലെങ്കില്‍ അല്ലാഹുവിന്നും പാണ്ഡിത്യത്തില്‍ അടിയുറച്ച ബുദ്ധിമാന്മാര്‍ക്കും അറിയാവുന്നത് 'മുതശാബിഹ്' എന്നും ഇങ്ങനെ രണ്ട് തരം വചനങ്ങള്‍ ഖുര്‍ആനിലുണ്ട്.

(2) ആദ്യത്തേതാണ് (മുഹ്കമ്) ഖുര്‍ആന്റെ മൂലപ്രധാനമായ ഭാഗം. അത്കൊണ്ട് അതിനെ അവലംബമാക്കിക്കൊണ്ടായിരിക്കണം എല്ലാ തത്വങ്ങളും കാര്യങ്ങളും തീരുമാനിക്കപ്പെടുന്നതും വ്യാഖ്യാനിക്കപ്പെടുന്നതും.

(3) മുതശാബിഹായ വിഭാഗത്തില്‍പ്പെട്ട വാക്യങ്ങള്‍ക്ക് മുഹ്കമിന്റെ അടിസ്ഥാനത്തിലുള്ള വ്യാഖ്യാനവും വിവരണവുമല്ലാതെ അവയെപ്പറ്റി കൂടുതല്‍ ചുഴിഞ്ഞന്വേഷിക്കാനോ, അവയുടെ സാക്ഷാല്‍ ഉദ്ദേശ്യം തിട്ടപ്പെടുത്തി കുടുസ്സാക്കി കൈകാര്യം ചെയ്യുവാനോ പാടില്ലാത്തതാകുന്നു.

(4) അങ്ങനെ ചെയ്യുന്ന പക്ഷം അത് മതത്തില്‍ കുഴപ്പമുണ്ടാക്കലാണ്. ഹൃദയത്തില്‍ വക്രതയുള്ള - അഥവാ ദുരുദ്ദേശവും കാപട്യവുമുള്ള ആളുകളായിരിക്കും അതിന് മുതിരുക.

(5) പാണ്ഡിത്യവും വിവേകവുമുള്ളവര്‍ അവയുടെ യാഥാര്‍ത്ഥ്യങ്ങള്‍ ചുഴിഞ്ഞ് നോക്കി വ്യാഖ്യാനിക്കാന്‍ മുതിരുകയില്ല. മാത്രമല്ല അവര്‍ ഉറ്റാലോചിക്കുകയും അവരുടെ പക്കല്‍ അബദ്ധം വന്ന് പോകാതിരിക്കുന്നതിനും കൂടുതല്‍ മാര്‍ഗ്ഗദര്‍ശനം ലഭിക്കുന്നതിനും വേണ്ടി അല്ലാഹുവിനോട് പ്രാര്‍ത്ഥിക്കുകയും ചെയ്യും.

(6) അവയുടെ ഉദ്ദേശ്യം തങ്ങള്‍ക്ക് മനസ്സിലായാലും ഇല്ലെങ്കിലും ശരി, അതില്‍ അവര്‍ ശരിക്കും വിശ്വസിക്കുകയും യാഥാര്‍ത്ഥ്യം അല്ലാഹുവിങ്കലേക്ക് വിട്ടേക്കുകയും ചെയ്യും.

ഇബ്നു അബ്ബാസ്(റ) ന്റെ ഒരു പ്രസ്താവന ഈ ആയത്തിന്റെ ഉള്ളടക്കത്തിലേക്ക് വെളിച്ചം വീശുന്നതാണ്.

തഫ്സീര്‍ (ഖുര്‍ആന്‍ വ്യാഖ്യാനം) നാലു വിധത്തിലാണുള്ളത് - അറബികള്‍ അവരുടെ ഭാഷയില്‍ മനസ്സിലാക്കുന്ന തഫ്സീര്‍, ആര്‍ക്കും അറിയാതിരിക്കാന്‍ നിവൃത്തിയില്ലാത്ത തഫ്സീര്‍, പണ്ഡിതന്‍മാര്‍ക്ക് അറിയാവുന്ന തഫ്സീര്‍, അല്ലാഹുവിനല്ലാതെ മറ്റാര്‍ക്കും അറിയുവാന്‍ കഴിയാത്ത തഫ്സീര്‍-ഇവയാണത്.

അറിവില്‍ അടിയുറച്ച സല്‍ബുദ്ധിയുള്ള ആളുകള്‍ പറയും "ഞങ്ങള്‍ അതില്‍ വിശ്വസിച്ചിരിക്കുന്നു. എല്ലാം നമ്മുടെ റബ്ബിന്റെ പക്കല്‍ നിന്നുള്ളതാകുന്നു."

തുടർന്ന് അവർപറയും “ഞങ്ങളുടെ റബ്ബേ ഞങ്ങളെ നീ സന്മാർഗ്ഗത്തിലാക്കിയശേഷം (വീണ്ടും) ഞങ്ങളുടെ ഹൃദയങ്ങളെ നീ തെറ്റിക്കരുതേ. ഞങ്ങൾക്ക് നിന്റെ അടുക്കൽനിന്നും കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ ദാനക്കാരൻ.”

ഖിയാമത്ത്നാളിൽ മനുഷ്യരെയെല്ലാം ഒരുമിച്ച്കൂട്ടുന്ന നാളിൽ, നിന്റെ കോപത്തിന് പാത്രമായത്തീരരുതേ എന്നും അവർ അല്ലാഹുവിനോട് അപേക്ഷിക്കുന്നു.

## വിഭാഗം - 2

**വചനം 10, 11, 12**

إِنَّ ٱلَّذِينَ كَفَرُوا۟ لَن تُغْنِىَ عَنْهُمْ أَمْوَٰلُهُمْ وَلَآ أَوْلَـٰدُهُم مِّنَ ٱللَّهِ شَيْـًٔا ۖ وَأُو۟لَـٰٓئِكَ هُمْ وَقُودُ ٱلنَّارِ ﴿١٠﴾

10 നിശ്ചയമായും, അവിശ്വസിച്ചവർ, അവരുടെ സ്വത്തുക്കളാകട്ടെ, അവരുടെ മക്കളാകട്ടെ, അല്ലാഹുവിങ്കൽ നിന്ന് അവർക്ക് യാതൊന്നും ഉപകരിക്കുകയില്ല തന്നെ. അക്കൂട്ടർ തന്നെയാണ് നരകത്തിന്റെ വിറകും.

كَدَأْبِ ءَالِ فِرْعَوْنَ وَٱلَّذِينَ مِن قَبْلِهِمْ ۚ كَذَّبُوا۟ بِـَٔايَـٰتِنَا فَأَخَذَهُمُ ٱللَّهُ بِذُنُوبِهِمْ ۗ وَٱللَّهُ شَدِيدُ ٱلْعِقَابِ ﴿١١﴾

11 (അതെ) ഫിർഔന്റെ കൂട്ടരുടെയും, അവർക്ക് മുമ്പുള്ളവരുടെയും സമ്പ്രദായംപോലെ (ത്തന്നെ). (അതായത്)അവർ നമ്മുടെ ‘ആയത്ത്’ (ലക്ഷ്യം)കളെ വ്യാജമാക്കി; അപ്പോൾ, അവരുടെ പാപങ്ങൾ നിമിത്തം അവരെ അല്ലാഹു പിടിച്ചു (ശിക്ഷിച്ചു). അല്ലാഹുവാകട്ടെ, കഠിനമായി ശിക്ഷാനടപടി എടുക്കുന്നവനാകുന്നു.

قُل لِّلَّذِينَ كَفَرُوا۟ سَتُغْلَبُونَ وَتُحْشَرُونَ إِلَىٰ جَهَنَّمَ ۚ وَبِئْسَ ٱلْمِهَادُ ﴿١٢﴾

12 (നബിയേ) അവിശ്വസിച്ചവരോട് പറയുക: “വഴിയെ നിങ്ങൾ ജയിച്ചടക്കപ്പെടുക (പരാജയപ്പെടുക)യും, ‘ജഹന്ന’മി (നരകത്തി)ലേക്ക് ശേഖരിച്ചുകൊണ്ട് വരപ്പെടുകയും ചെയ്യും.” അത് എത്രയോ ചീത്ത വിതാനം!

---

അറേബ്യൻ ഉപദ്വീപ് മുഴുവൻ ഇസ്ലാമിനു അധീനപ്പെട്ട് കഴിഞ്ഞിട്ടില്ലാത്ത അവസരത്തിലാണ് നിങ്ങൾ ജയിച്ചടക്കപ്പെടുമെന്നും, അങ്ങിനെ സത്യവിശ്വാസികൾക്ക് വിജയം കൈവരുമെന്നും അല്ലാഹു അവിശ്വാസികളെ താക്കീത് ചെയ്യുന്നത്. ഇത് ഖുർആന്റെയും നബി(സ) യുടേയും സത്യതക്ക് ഒരു ഉത്തമ ദൃഷ്ടാന്തമാകുന്നു. അവിശ്വാസികളുടെ പരാജയത്തിന്റെ ആരംഭം കുറിച്ച ബദർ യുദ്ധത്തെ ചൂണ്ടിക്കാട്ടിക്കൊണ്ട് അല്ലാഹു തുടർന്ന് പറയുന്നു.

**വചനം 13**

قَدْ كَانَ لَكُمْ ءَايَةٌ فِى فِئَتَيْنِ ٱلْتَقَتَا ۖ فِئَةٌ تُقَـٰتِلُ فِى سَبِيلِ ٱللَّهِ وَأُخْرَىٰ كَافِرَةٌ يَرَوْنَهُم مِّثْلَيْهِمْ رَأْىَ ٱلْعَيْنِ ۚ وَٱللَّهُ يُؤَيِّدُ بِنَصْرِهِۦ مَن يَشَآءُ ۗ إِنَّ فِى ذَٰلِكَ لَعِبْرَةً لِّأُو۟لِى ٱلْأَبْصَـٰرِ ﴿١٣﴾

13) പരസ്പരം കണ്ടു (ഏറ്റു)മുട്ടിയ (ആ) രണ്ടു സംഘങ്ങളിൽ നിങ്ങൾക്ക് ഒരു ദൃഷ്ടാന്തം ഉണ്ടായിട്ടുണ്ട്. (അതെ) ഒരു കക്ഷി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നു; മറ്റൊന്ന് അവിശ്വാസികളായുള്ളതും. അവർ (അവിശ്വാസികൾ) തങ്ങളുടെ രണ്ടത്രയായി കൺകാഴ്ചയിൽ അവരെ കണ്ടിരുന്നു. അല്ലാഹുവാകട്ടെ, അവൻ ഉദ്ദേശിക്കുന്നവരെ തന്റെ സഹായംകൊണ്ട് ബലപ്പെടുത്തുന്നു. നിശ്ചയമായും, അതിൽ (ഉൾ) കാഴ്ചയുള്ളവർക്ക് ഒരു (വലിയ) ചിന്താപാഠമുണ്ട്.

യാതൊരു സജ്ജീകരണങ്ങളും കൂടാതെ വാളുകൾ മാത്രം ധരിച്ച മൂന്നൂറ്റിപ്പത്തിൽ പരം സത്യവിശ്വാസികളും എല്ലാ യുദ്ധസന്നാഹങ്ങളുമായി വന്ന ആയിരത്തോളം മുശ്‌രിക്കുകളും തമ്മിൽ നടന്ന ചരിത്രപ്രസിദ്ധമായ യുദ്ധമത്രേ ബദർയുദ്ധം. സത്യവിശ്വാസത്താൽ പ്രചോദിതമായ ആ ചെറുസംഘത്തിന് അവിശ്വാസികളായ ആ വൻ സംഘത്തെ അമ്പേ പരാജയപ്പെടുത്താൻ കഴിഞ്ഞത് അല്ലാഹുവിന്റെ സഹായം കൊണ്ട് മാത്രമാണല്ലോ. അങ്ങനെ മേലിലും സത്യവിശ്വാസികളെ അല്ലാഹു വിജയിപ്പിച്ച് കൊണ്ടിരിക്കുമെന്നും സത്യനിഷേധികൾ നിശ്ശേഷം പരാജിതരായിത്തീരുമെന്നും ദീർഘദൃഷ്ടിയുള്ളവർക്ക് മനസ്സിലാക്കാവുന്നതാണ്.

"അവിശ്വാസികൾ തങ്ങളുടെ രണ്ടത്രയായി കൺകാഴ്ച്ചയിൽ അവരെ കണ്ടിരുന്നു" എന്നത് കൊണ്ടുദ്ദേശ്യം സത്യവിശ്വാസികളുടെ എണ്ണം വളരെ കുറവായിരുന്നുവെങ്കിലും മുശ്‌രിക്കുകളുടെ കാഴ്ച്ചയിൽ അവർ അധികമുള്ളതായി തോന്നിക്കപ്പെട്ടിരുന്നു എന്നായിരിക്കാം.

---

**വചനം 14, 15**

14 കാമ്യ വസ്തുക്കളോടുള്ള പ്രേമം മനുഷ്യർക്ക് അലങ്കാരമായി കാണിക്കപ്പെട്ടിരിക്കുന്നു;- (അതെ) സ്ത്രീകളും, പുത്രൻമാരും, സ്വർണ്ണത്തിൽനിന്നും വെള്ളിയിൽ നിന്നുമായി അട്ടിയിടപ്പെട്ട കൂമ്പാരങ്ങളും, ലക്ഷണമൊത്ത കുതിരകളും, (ആടുമാടൊട്ടകങ്ങളാകുന്ന) കാലികളും, കൃഷിയിടങ്ങളുമാകുന്ന (കാമ്യ വസ്തുക്കളോട്). അത് ഐഹിക ജീവിതത്തിൻെറ വിഭവമത്രെ. അല്ലാഹുവാകട്ടെ, അവൻെറ അടുക്കലാണ് നല്ല മടക്കസ്ഥാനമുള്ളത്.

15 പറയുക: അതിനെക്കാൾ ഉത്തമമായതിനെക്കുറിച്ച് ഞാൻ നിങ്ങൾക്ക് വിവരം നൽകട്ടെയോ? സൂക്ഷ്മത പാലിച്ചവർക്ക് തങ്ങളുടെ റബ്ബിൻെറ അടുക്കൽ, അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളുണ്ടായിരിക്കും; അതിൽ (അവർ) നിത്യവാസികളായിക്കൊണ്ട്. പരിശുദ്ധരാക്കപ്പെട്ട ഇണകളും, അല്ലാഹുവിങ്കൽ നിന്നുള്ള ഒരു (മഹത്തായ) പ്രീതിയും (ഉണ്ടായിരിക്കും). അല്ലാഹു, അടിയാൻമാരെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

زُيِّنَ لِلنَّاسِ حُبُّ ٱلشَّهَوَٰتِ مِنَ ٱلنِّسَآءِ وَٱلْبَنِينَ وَٱلْقَنَٰطِيرِ ٱلْمُقَنطَرَةِ مِنَ ٱلذَّهَبِ وَٱلْفِضَّةِ وَٱلْخَيْلِ ٱلْمُسَوَّمَةِ وَٱلْأَنْعَٰمِ وَٱلْحَرْثِ ۗ ذَٰلِكَ مَتَٰعُ ٱلْحَيَوٰةِ ٱلدُّنْيَا ۖ وَٱللَّهُ عِندَهُۥ حُسْنُ ٱلْمَـَٔابِ ﴿١٤﴾

۞ قُلْ أَؤُنَبِّئُكُم بِخَيْرٍ مِّن ذَٰلِكُمْ ۚ لِلَّذِينَ ٱتَّقَوْا۟ عِندَ رَبِّهِمْ جَنَّٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا وَأَزْوَٰجٌ مُّطَهَّرَةٌ وَرِضْوَٰنٌ مِّنَ ٱللَّهِ ۗ وَٱللَّهُ بَصِيرٌۢ بِٱلْعِبَادِ ﴿١٥﴾

---

സ്ത്രീകളും, പുത്രന്മാരും, സമ്പത്തും , ലക്ഷണമൊത്ത കുതിരകളും, കാലികളും, കൃഷിയിടങ്ങളും, എല്ലാം മനുഷ്യർക്ക് അലങ്കാരമായിതോന്നുന്നവയാണ്. എന്നാൽ അവയെല്ലാം, താൽക്കാലികവും നശ്വരവുമത്രെ. അവയേക്കാൾ എത്രയോ ഉന്നതവും അനശ്വരവുമാണ് അല്ലാഹുവിന്റെ പ്രീതിയും സ്വർഗ്ഗീയാനുഗ്രഹങ്ങളും. അവയ്ക്കുവേണ്ടിയാണ് അവന്റെ പ്രേമവും പരിശ്രമവും വേണ്ടത്.

മേൽപറഞ്ഞ ഭൗതീക അനുഗ്രഹങ്ങൾ ഉപയോഗപ്പെടുത്തിക്കൂടാ എന്നല്ല ഇപ്പറഞ്ഞതിന്റെ താൽപ്പര്യം. അവയ്ക്ക് അമിതമായ പ്രാധാന്യം നൽകി പരലോക കാര്യം വിസ്മരിച്ച് പോകരുത് എന്നാണ്. ആരെല്ലാമാണ് ഭൗതീക സുഖസൗകര്യങ്ങൾക്ക് അമിതപ്രാധാന്യം നൽകുന്നത്, ആരാണ് അല്ലാഹുവിന്റെ പ്രീതിക്ക് അവയെക്കാൾ പ്രാധാന്യം കൽപ്പിക്കുന്നത്. എന്നിത്യാദി കാര്യങ്ങളെല്ലാം അല്ലാഹുവിന് ശരിക്കും അറിയാം എന്നാണ് "അല്ലാഹു അവന്റെ അടിയാന്മാരെപ്പറ്റി കണ്ടറിയുന്നവനാണ്" എന്ന വചനത്തിലൂടെ അല്ലാഹു ഉണർത്തുന്നത്. സൂക്ഷ്മത പാലിക്കുന്നവർക്കാണ് സ്വർഗ്ഗീയാനുഗ്രഹങ്ങൾ ഒരുക്കപ്പെട്ടിരിക്കുന്നത് എന്നും അല്ലാഹു ഓർമ്മിപ്പിക്കുന്നു. സൂക്ഷ്മത പാലിക്കുന്നവരുടെ സ്വഭാവസവിശേഷതകൾ അടുത്ത വചനത്തിൽ അല്ലാഹു വിവരിക്കുന്നു.

**വചനം 16,17**

16 അതായത്, (ഇങ്ങിനെ) പറയുന്നവർ: ഞങ്ങളുടെ റബ്ബേ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ആകയാൽ, ഞങ്ങൾക്ക് ഞങ്ങളുടെ പാപങ്ങൾ പൊറുത്തു തരുകയും, ഞങ്ങളെ നരക ശിക്ഷയിൽ നിന്ന് കാത്തുതരുകയും ചെയ്യേണമേ!

ٱلَّذِينَ يَقُولُونَ رَبَّنَآ إِنَّنَآ ءَامَنَّا فَٱغْفِرْ لَنَا ذُنُوبَنَا وَقِنَا عَذَابَ ٱلنَّارِ ﴿١٦﴾

17 (അതെ) ക്ഷമാലുക്കളും, സത്യവാൻമാരും, ഭക്തന്മാരും, ചിലവഴിക്കുന്നവരും, നിശാന്ത്യ വേളകളിൽ പാപമോചനം തേടുന്നവരും! (ഇവരാണ് സൂക്ഷ്മത പാലിക്കുന്നവർ.)

ٱلصَّٰبِرِينَ وَٱلصَّٰدِقِينَ وَٱلْقَٰنِتِينَ وَٱلْمُنفِقِينَ وَٱلْمُسْتَغْفِرِينَ بِٱلْأَسْحَارِ ﴿١٧﴾

---

ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു ആകയാൽ ശിക്ഷയിൽ നിന്നും ഞങ്ങളെ കാക്കേണമേ എന്ന പ്രാർത്ഥനയിൽ മൗലീകമായ ഒരു തത്വം അടങ്ങിയിരിക്കുന്നു- അതായത് സത്യവിശ്വാസം സ്വീകരിച്ചവർക്ക് മാത്രമേ പാപമോചനവും രക്ഷയും ലഭിക്കുകയുള്ളു. അവർക്ക് മാത്രമേ അത് രണ്ടിനും അപേക്ഷിക്കാൻ അർഹതയുള്ളൂ.

അത്തരം ആൾക്കാരെ, അല്ലാഹുവിങ്കലേക്ക് വിനയവും താഴ്മയും അർപ്പിക്കുന്നതിന് പരിപക്വരാക്കിത്തീർക്കുന്ന ചില സ്വഭാവഗുണങ്ങളെക്കുറിച്ച് അല്ലാഹു തുടർന്ന് അറിയിക്കുന്നു.

(1) ക്ഷമ : അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നതിലും നിരോധങ്ങൾ ഉപേക്ഷിക്കുന്നതിലും നേരിടുന്ന എല്ലാ വിഷമങ്ങളും സഹിക്കുക, ആപത്തുകളിലും അനിഷ്ടങ്ങളിലും ക്ഷമ കൈക്കൊള്ളുക മുതലായവ.

(2) സത്യം : ഉദ്ദേശ്യത്തിലും വാക്കിലും പ്രവർത്തിയിലും സത്യം പാലിക്കുക.

(3) ഭക്തി : വിനയത്തോടെയും ബഹുമാനത്തോടെയും അല്ലാഹുവിനെ അനുസരിക്കൽ.

(4) ചിലവഴിക്കൽ : നിർബന്ധമായതും അല്ലാത്തതുമായ ദാനധർമ്മങ്ങൾ.

(5) നിശാന്ത്യത്തിൽ പാപമോചനത്തിനായി പ്രാർത്ഥിക്കുക. രാത്രിയുടെ അവസാനയാമങ്ങൾ പ്രാർത്ഥനകൾക്ക് പ്രത്യേകം ഉത്തരം ലഭിക്കുന്ന സമയമാണെന്നും നമസ്ക്കാരത്തിനും ദിക്ർ മുതലായ കർമ്മങ്ങൾക്കും കൂടുതൽ വിശേഷപ്പെട്ട സമയമാണെന്നും ഖുർആനിൽ നിന്നും നബി വചനങ്ങളിൽ നിന്നും അറിയപ്പെട്ടതാണ്.

---

**വചനം 18**

18 താനല്ലാതെ ഒരു ആരാധ്യനുമില്ലെന്ന് അല്ലാഹുവും, മലക്കുകളും, അറിവുള്ളവരും സാക്ഷ്യം വഹിച്ചിരിക്കുന്നു;-(അതെ, അവൻ) നീതിമുറ നിലനിർത്തുന്നവനായിക്കൊണ്ട്. അവനല്ലാതെ ആരാധ്യനേയില്ല; അഗാധ ജ്ഞനായ പ്രതാപശാലിയത്രെ (അവൻ).

شَهِدَ ٱللَّهُ أَنَّهُۥ لَآ إِلَٰهَ إِلَّا هُوَ وَٱلْمَلَٰٓئِكَةُ وَأُو۟لُوا۟ ٱلْعِلْمِ قَآئِمًۢا بِٱلْقِسْطِ ۚ لَآ إِلَٰهَ إِلَّا هُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿١٨﴾

അല്ലാഹുമാത്രമാണ് ആരാധനക്കർഹനായ ഏക ആരാധ്യൻ എന്ന് എത്രയൊ ദൃഷ്ടാന്തങ്ങളും തെളിവുകളും വഴി അല്ലാഹു സ്പഷ്ടമാക്കിയിട്ടുണ്ട്. മലക്കുകളും അറിവുള്ളവരുമെല്ലാം അത് വിശ്വസിച്ചുറപ്പിക്കുകയും ചെയ്തിരിക്കുന്നു. അഖിലലോക നീതിവ്യവസ്ഥ നിലനിറുത്തി നടത്തിപ്പോരുന്നവൻ അവനല്ലാതെ മറ്റരുമല്ല. അജയ്യനായ പ്രതാപശാലിയും തത്വവിജ്ഞാന സമ്പൂർണ്ണനായ യുക്തിമാനും അവനാകുന്നു.

ഈ വചനം ഓതുമ്പോൾ റബ്ബേ ഞാനും അതിന് സാക്ഷിയാണ് എന്ന് നബി (സ) പറഞ്ഞിരുന്നതായി ഹദീസുകളിൽ വന്നിട്ടുണ്ട്.

**വചനം 19, 20**

إِنَّ ٱلدِّينَ عِندَ ٱللَّهِ ٱلْإِسْلَٰمُ ۗ وَمَا ٱخْتَلَفَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ إِلَّا مِنۢ بَعْدِ مَا جَآءَهُمُ ٱلْعِلْمُ بَغْيًۢا بَيْنَهُمْ ۗ وَمَن يَكْفُرْ بِـَٔايَٰتِ ٱللَّهِ فَإِنَّ ٱللَّهَ سَرِيعُ ٱلْحِسَابِ ﴿١٩﴾

19 നിശ്ചയമായും, മതം അല്ലാഹുവിൻെറ അടുക്കൽ ഇസ്‌ലാമാ കുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവർ -തങ്ങൾക്കിടയിലുള്ള ധിക്കാരം (അഥവാ അസൂയ) നിമിത്തം-തങ്ങൾക്ക് അറിവ് വന്നെത്തിയ ശേഷമല്ലാതെ, ഭിന്നിക്കുക യുണ്ടായിട്ടില്ല. അല്ലാഹുവിൻെറ ആയത്ത് (ദൃഷ്ടാന്തം) കളിൽ ആരെങ്കിലും അവിശ്വസിക്കുന്ന പക്ഷം,- എന്നാൽ, (അറിഞ്ഞുകൊള്ളട്ടെ:) നിശ്ചയമായും, അല്ലാഹു വേഗം വിചാരണനടത്തുന്നവനാകുന്നു.

فَإِنْ حَآجُّوكَ فَقُلْ أَسْلَمْتُ وَجْهِىَ لِلَّهِ وَمَنِ ٱتَّبَعَنِ ۗ وَقُل لِّلَّذِينَ أُوتُوا۟ ٱلْكِتَٰبَ وَٱلْأُمِّيِّـۧنَ ءَأَسْلَمْتُمْ ۚ فَإِنْ أَسْلَمُوا۟ فَقَدِ ٱهْتَدَوا۟ ۖ وَّإِن تَوَلَّوْا۟ فَإِنَّمَا عَلَيْكَ ٱلْبَلَٰغُ ۗ وَٱللَّهُ بَصِيرٌۢ بِٱلْعِبَادِ ﴿٢٠﴾

20 എനി, അവർ നിന്നോട് (തർക്കിച്ച്) ന്യായവാദം നടത്തുകയാണെങ്കിൽ, നീ പറയുക: എൻെറ മുഖം ഞാൻ അല്ലാഹുവിന് കീഴൊതുക്കി യിരിക്കുന്നു-എന്നെ പിൻപറ്റിയവരും (കീഴൊതു ക്കിയിരിക്കുന്നു). വേദഗ്രന്ഥം നൽകപ്പെട്ട വരോടും, അക്ഷരജ്ഞാനമില്ലാത്ത (അഥവാ വേദഗ്രന്ഥം ലഭിച്ചിട്ടില്ലാത്ത) വരോടും "നിങ്ങൾ കീഴൊതുങ്ങിയിരിക്കുന്നുവോ'' എന്ന് ചോദിക്കുകയും ചെയ്യുക. എന്നിട്ട്, അവർ കീഴൊതുങ്ങിയെങ്കിൽ, അവർ നേർമാർഗ്ഗം പ്രാപിച്ചുകഴിഞ്ഞു; അവർ തിരിഞ്ഞു കളഞ്ഞുവെങ്കിലോ, നിൻെറ മേൽ പ്രബോധനം മാത്രമാണ് (ബാധ്യത) ഉള്ളത്. അല്ലാഹു അടിയാൻമാരെക്കുറിച്ച് കണ്ടറിയുന്ന വനുമാകുന്നു.

---

മനുഷ്യാരംഭം തൊട്ട് മനുഷ്യാവസാനം വരേയുള്ള എല്ലാവർക്കും അല്ലാഹു നിയമിച്ചതും, ഒന്നാമത്തെ പ്രവാചകനും ഒന്നാമത്തെ വേദഗ്രന്ഥവും തുടങ്ങി അന്ത്യപ്രവാചകനും അവസാന വേദഗ്രന്ഥമായ വിശുദ്ധ ഖുർആനും വരെ പ്രബോധനം ചെയ്ത് കൊണ്ടിരിക്കുന്നതുമായ ഏകമതമാണ് ഇസ്ലാം. ഇസ്ലാമ ല്ലാത്ത മറ്റൊരു മതവും അല്ലാഹുവിങ്കൽ സ്വീകാര്യമല്ല. എന്നാൽ പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും അവത രിപ്പിക്കപ്പെട്ട ചില സമുദായങ്ങൾ വേണ്ടത്ര അറിവ് കിട്ടിയിട്ടും അസൂയയും ധിക്കാരവും മൂലം ഈ സത്യ ത്തിൽ നിന്ന് വ്യതിചലിച്ച് പോയിട്ടുണ്ട്. ഇസ്ലാമിന്റെ പരമാടിസ്ഥാനമായ തൗഹീദിൽ പോലും അവർ തർക്കവും ന്യായവാദവും നടത്തിപ്പോന്നു. അവരോട് വാദപ്രതിവാദത്തിന് നിൽക്കേണ്ടതില്ലെന്നും ഞാനും എന്നെ പിൻ പറ്റുന്ന സത്യവിശ്വാസികളും അല്ലാഹുവിനെമാത്രം ആരാധിച്ച് അവന് കീഴൊതുങ്ങിയിരി ക്കുന്നുവെന്ന് പറഞ്ഞ് ഒഴിവായാൽ മതിയെന്നും അല്ലാഹു നബി(സ) യോട് കൽപ്പിക്കുന്നു.

വേദക്കാരായാലും അതല്ലാത്ത നിരക്ഷരകക്ഷികളായ അറബികളായാലും, എല്ലാവർക്കും ഇസ്ലാമിന്റെ പ്രബോധനം എത്തിക്കുകയും അതിലേക്ക് ക്ഷണിക്കുകയും മാത്രമെ നബി(സ) ചെയ്യേണ്ടതുള്ളു. അവരെ യെല്ലാം മുസ്ലിം ആക്കിത്തീർക്കുക നബി(സ) യുടെ ബാദ്ധ്യതയല്ല. പ്രബോധനവും ക്ഷണവും ലഭിച്ചിട്ട് പിന്നെയും കീഴൊതുങ്ങാത്തവരുടെ വിചാരണയും തീരുമാനവും എല്ലാം കണ്ടറിയുന്ന അല്ലാഹു നട ത്തിക്കൊള്ളും.

**വിഭാഗം 3**

**വചനം 21, 22**

إِنَّ ٱلَّذِينَ يَكْفُرُونَ بِـَٔايَٰتِ ٱللَّهِ وَيَقْتُلُونَ

21 നിശ്ചയമായും, യാതൊരു കൂട്ടർ: അല്ലാഹുവി ൻെറ ആയത്തു (ലക്ഷ്യം)കളിൽ അവിശ്വ

ٱلنَّبِيِّـۧنَ بِغَيۡرِ حَقّٖ وَيَقۡتُلُونَ ٱلَّذِينَ يَأۡمُرُونَ بِٱلۡقِسۡطِ مِنَ ٱلنَّاسِ فَبَشِّرۡهُم بِعَذَابٍ أَلِيمٍ ٢١

സിക്കുകയും, യാതൊരു ന്യായവും കൂടാതെ പ്രവാചകൻമാരെ കൊലപ്പെടുത്തുകയും,-മനുഷ്യരിൽ നിന്നും നീതിമുറ പാലിക്കുവാൻ കൽപിക്കുന്നവരെ കൊലപ്പെടുത്തുകയും ചെയ്യുന്നു(വോ),- അവർക്ക് വേദനയേറിയ ശിക്ഷയെക്കുറിച്ച് സന്തോഷ വാർത്ത അറിയിക്കുക.

أُوْلَٰٓئِكَ ٱلَّذِينَ حَبِطَتۡ أَعۡمَٰلُهُمۡ فِي ٱلدُّنۡيَا وَٱلۡأٓخِرَةِ وَمَا لَهُم مِّن نَّٰصِرِينَ ٢٢

22 അക്കൂട്ടർ, ഇഹത്തിലും, പരത്തിലും, തങ്ങളുടെ കർമ്മങ്ങൾ വിഫലമായിപ്പോയവരത്രെ. സഹായികളായിട്ട് അവർക്ക് (ഒരാളും തന്നെ) ഇല്ലതാനും.

---

അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുക, പ്രവാചകന്മാരെ കൊലപ്പെടുത്തുക തുടങ്ങിയ പാരമ്പര്യത്തിൽ നിന്നും വേദക്കാർ സത്യവിശ്വാസത്തിലേക്ക് മടങ്ങാത്ത പക്ഷം അവർക്ക് കഠിന മായ ശിക്ഷ അനുഭവിക്കേണ്ടി വരുമെന്ന് മാത്രമല്ല അവർ നല്ല കർമ്മങ്ങൾ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ തന്നെ ഇഹത്തിലോ, പരത്തിലോ അവർക്കത് കൊണ്ട് യാതൊരു പ്രയോജനവും ലഭിക്കുകയുമില്ല. അവർക്ക് യാതൊരു സഹായവും പ്രതീക്ഷിക്കാനില്ല. ശിക്ഷയെക്കുറിച്ച് "സന്തോഷ വാർത്ത അറിയിക്കുക" എന്ന് പറഞ്ഞത് "താക്കീത് ചെയ്യുക" എന്ന പ്രയോഗത്തിന് പകരം പരിഹാസ രൂപത്തിലുള്ള ഒരു അലങ്കാര പ്രയോഗമാകുന്നു.

---

**വചനം - 23, 24, 25**

أَلَمۡ تَرَ إِلَى ٱلَّذِينَ أُوتُواْ نَصِيبٗا مِّنَ ٱلۡكِتَٰبِ يُدۡعَوۡنَ إِلَىٰ كِتَٰبِ ٱللَّهِ لِيَحۡكُمَ بَيۡنَهُمۡ ثُمَّ يَتَوَلَّىٰ فَرِيقٞ مِّنۡهُمۡ وَهُم مُّعۡرِضُونَ ٢٣

23 വേദഗ്രന്ഥത്തിൽ നിന്നും ഒരു ഓഹരി നൽകപ്പെട്ടിട്ടുള്ളവരെ നീ (നോക്കി) കണ്ടില്ലേ? അവർക്കിടയിൽ വിധികൽപിക്കുവാനായി അല്ലാഹുവിൻെറ ഗ്രന്ഥത്തിലേക്ക് അവർ വിളിക്കപ്പെടുന്നു;- (എന്നിട്ട്) പിന്നെ, അവരിൽ നിന്ന് ഒരു കക്ഷി (അതാ) വിമുഖരായും കൊണ്ട് തിരിഞ്ഞു കളയുന്നു!

ذَٰلِكَ بِأَنَّهُمۡ قَالُواْ لَن تَمَسَّنَا ٱلنَّارُ إِلَّآ أَيَّامٗا مَّعۡدُودَٰتٖۖ وَغَرَّهُمۡ فِي دِينِهِم مَّا كَانُواْ يَفۡتَرُونَ ٢٤

24 "എണ്ണപ്പെട്ട (അൽപം) ചില ദിവസങ്ങളല്ലാതെ നരകം ഞങ്ങളെ സ്പർശിക്കുകയേ ഇല്ല" എന്ന് അവർ പറഞ്ഞുവന്നതു നിമിത്തമാകുന്നു അത്, അവർ കെട്ടിച്ചമച്ചുകൊണ്ടിരുന്നത് അവരുടെ മത (കാര്യ)ത്തിൽ അവരെ വഞ്ചി(തരാ)ക്കുകയും ചെയ്തിരിക്കുന്നു.

فَكَيۡفَ إِذَا جَمَعۡنَٰهُمۡ لِيَوۡمٖ لَّا رَيۡبَ فِيهِ وَوُفِّيَتۡ كُلُّ نَفۡسٖ مَّا كَسَبَتۡ وَهُمۡ لَا يُظۡلَمُونَ ٢٥

25 എന്നാൽ, യാതൊരു സന്ദേഹവുമില്ലാത്ത ഒരു ദിവസത്തേക്ക് അവരെ നാം ഒരുമിച്ചു കൂട്ടിയാൽ എങ്ങിനെയായിരിക്കും (അവരുടെ സ്ഥിതി)?! (അന്ന്) ഓരോ വ്യക്തിക്കും അത് സമ്പാദിച്ചു വെച്ചത് നിറവേറ്റിക്കൊടുക്കപ്പെടുകയും ചെയ്യും:- അവരാകട്ടെ, (അവരോട്) അനീതി ചെയ്യപ്പെടുന്നതുമല്ല.

തൗറാത്തിന്റെയും ഇഞ്ചീലിന്റെയും അനുയായികളായ വേദക്കാർ അവരുടെ വേദഗ്രന്ഥങ്ങളിൽ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്ന വിഷയത്തിൽ പ്രസ്താവിച്ചിട്ടുള്ള വിധികളെ ധിക്കരിച്ച് കൊണ്ട് "ഞങ്ങൾ എന്ത് തെറ്റ് കുറ്റം ചെയ്താലും ചില നിശ്ചിതദിവസങ്ങളോളം മാത്രമെ ഞങ്ങൾ നരക ശിക്ഷ അനുഭവിക്കുകയുള്ളൂ" എന്ന അബദ്ധധാരണ കെട്ടിച്ചമച്ച്കൊണ്ട് സ്വയം വഞ്ചിതരായിരിക്കുന്നു. ഓരോരുത്തരുടെയും ചെയ്തികൾക്ക് യാതൊരു അനീതിയും കൂടാതെനടപടി കൈകൊള്ളപ്പെടുന്ന ആ ദിവസത്തിൽ അവർ വേദനിക്കേണ്ടിവരും. അത് കൊണ്ട് ഇപ്പോൾ തന്നെ രക്ഷാമാർഗ്ഗം തേടികൊള്ളാൻ അല്ലാഹു അവരെ താക്കീത് ചെയ്യുന്നു. (അൽബഖറ: 80-ാം വചനം വ്യഖ്യാനം ശ്രദ്ധിക്കുക)

---

**വചനം 26, 27**

قُلِ ٱللَّهُمَّ مَٰلِكَ ٱلْمُلْكِ تُؤْتِى ٱلْمُلْكَ مَن تَشَآءُ وَتَنزِعُ ٱلْمُلْكَ مِمَّن تَشَآءُ وَتُعِزُّ مَن تَشَآءُ وَتُذِلُّ مَن تَشَآءُ ۖ بِيَدِكَ ٱلْخَيْرُ ۖ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٢٦﴾

26 (നബിയേ) പറയുക: "അല്ലാഹുവേ, രാജാധിപത്യത്തിന്റെ ഉടമസ്ഥനേ! നീ ഉദ്ദേശിക്കുന്നവർക്ക് നീ രാജാധിപത്യം കൊടുക്കുന്നു; നീ ഉദ്ദേശിക്കുന്നവരിൽനിന്ന് നീ രാജാധിപത്യം നീക്കിക്കളയുകയും ചെയ്യുന്നു; നീ ഉദ്ദേശിക്കുന്നവരെ നീ പ്രതാപത്തിലാക്കുകയും, നീ ഉദ്ദേശിക്കുന്നവരെ നീ നിന്ദ്യതയിലാക്കുകയുംചെയ്യുന്നു. നിന്റെ കൈവശമത്രെ നന്മയുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു."

تُولِجُ ٱلَّيْلَ فِى ٱلنَّهَارِ وَتُولِجُ ٱلنَّهَارَ فِى ٱلَّيْلِ ۖ وَتُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَتُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ ۖ وَتَرْزُقُ مَن تَشَآءُ بِغَيْرِ حِسَابٍ ﴿٢٧﴾

27 "നീ രാത്രിയെ പകലിൽ കടത്തുകയും, പകലിനെ രാത്രിയിൽ കടത്തുകയും ചെയ്യുന്നു; നീ ജീവിയെ നിർജ്ജീവിയിൽ നിന്ന് പുറത്തു വരുത്തുകയും, നിർജ്ജീവിയെ ജീവിയിൽ നിന്ന് പുറത്തു വരുത്തുകയും ചെയ്യുന്നു; നീ ഉദ്ദേശിക്കുന്നവർക്ക് നീ കണക്കില്ലാതെ നൽകുകയും ചെയ്യുന്നു."

---

സത്യവിശ്വാസികൾ ദാരിദ്ര്യവും ബുദ്ധിമുട്ടും അനുഭവിച്ച് കൊണ്ടിരിക്കേ, അവരുടെ ശത്രുക്കൾ സുഖാഡംബരങ്ങളിലും പ്രതാപത്തിലും കഴിഞ്ഞ് കൂടുന്നു. ധിക്കാരികളായ അവർ ചോദിക്കുമായിരുന്നു. "സത്യവിശ്വാസികളാണ് അല്ലാഹുവിന് ഇഷ്ട്ടപ്പെട്ടവരെങ്കിൽ അവർക്കല്ലേ സുഖസൗകര്യങ്ങളും കഴിവും കൂടുതൽ ലഭിച്ചിരിക്കേണ്ടത്."

അതിനുള്ള മറുപടിയായിക്കൊണ്ട് തത്വപരമായ കുറെ യാഥാർത്ഥ്യങ്ങൾ പ്രാർത്ഥനാരൂപത്തിൽ അല്ലാഹു ഈ വചനങ്ങളിലൂടെ സത്യവിശ്വാസികളെ പഠിപ്പിക്കുന്നു. അവയുടെ രത്നച്ചുരുക്കം ഇങ്ങനെ മന്നസ്സിലാക്കാം.

അല്ലാഹുവേ, എല്ലാ വിധത്തിലുള്ള സ്ഥാനപദവികളും, നന്മകളും കനിഞ്ഞേകുന്നതും, അവ എടുത്ത് കളയുന്നതും രാപകലുകളെ നിയന്ത്രിക്കുന്നതും, ജീവികളും നിർജ്ജീവ വസ്തുക്കളുമാകുന്ന എല്ലാ വസ്തുക്കളെയും സൃഷ്ടിച്ച് പരിപാലിക്കുന്നതും നീയാകുന്നു. എല്ലാം നിന്റെ ഉടമയിലും നിയന്ത്രണാധികാരത്തിലും ഉൾപ്പെട്ടതാകുന്നു. നിന്റെ ഉദ്ദേശ്യവും പരിപാടിയും അനുസരിച്ചല്ലാതെ ഒന്നും സംഭവിക്കുകയില്ല. നിന്നെക്കൂടാതെ മറ്റാർക്കും അതിലൊന്നും പങ്കോ അവകാശമോ ഇല്ല. അത് കൊണ്ട് നിന്റെ ഔദാര്യവും കൃപാകടാക്ഷവും ഞങ്ങളിൽ വർഷിക്കേണമേ.

**വചനം 28**

لَّا يَتَّخِذِ ٱلْمُؤْمِنُونَ ٱلْكَٰفِرِينَ أَوْلِيَآءَ مِن دُونِ ٱلْمُؤْمِنِينَ ۖ وَمَن يَفْعَلْ ذَٰلِكَ

28 സത്യവിശ്വാസികൾ സത്യവിശ്വാസികളെയല്ലാതെ, അവിശ്വാസികളെ മിത്രങ്ങളാക്കി വെക്കരുത്. ആരെങ്കിലും അത് ചെയ്യുന്നപക്ഷം, അവൻ അല്ലാഹുവിനെ സംബന്ധിച്ച് ഒന്നിലും

فَلَيۡسَ مِنَ ٱللَّهِ فِي شَيۡءٍ إِلَّآ أَن تَتَّقُواْ مِنۡهُمۡ تُقَىٰةٗۗ وَيُحَذِّرُكُمُ ٱللَّهُ نَفۡسَهُۥۗ وَإِلَى ٱللَّهِ ٱلۡمَصِيرُ ٢٨

(തന്നെ) അല്ല (അവന് അല്ലാഹുവുമായി യാതൊരു പൊരുത്തപ്പാടും ബന്ധവുമില്ല); അവരെക്കുറിച്ച് നിങ്ങള്‍ ഒരു (തരം) സൂക്ഷ്മത പാലിക്കല്‍ എന്നുള്ളതല്ലാതെ. (അതിന് വിരോധമില്ല.) അല്ലാഹു അവനെക്കുറിച്ചുതന്നെ (ജാഗരൂകരായിരിക്കണമെന്ന്) നിങ്ങളെ താക്കീത് ചെയ്യുന്നു. അല്ലാഹുവിങ്കലേക്കത്രെ തിരിച്ചു വരവ്.

---

മുസ്ലിംകളുമായി ശത്രുത പുലര്‍ത്തിവരികയും തക്കം കിട്ടിയാല്‍ ഉപദ്രവിക്കാനും ആക്രമിക്കാനും വട്ടം കൂട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന അവിശ്വാസികളെക്കുറിച്ചാണ് ഈ വചനവും ഖുര്‍ആനിലെ ഇത് സംബന്ധമായ മറ്റ് വചനങ്ങളും എന്ന് പ്രത്യേകം ഓര്‍മ്മിച്ചിരിക്കേണ്ടതാകുന്നു.

അത്തരം അവിശ്വാസികളെ മിത്രങ്ങളും കൈകാര്യക്കാരുമായി സ്വീകരിക്കുന്നതിനെ അല്ലാഹു കര്‍ശനമായി നിരോധിക്കുന്നു. അങ്ങനെ ചെയ്യുന്നവര്‍ക്ക് അല്ലാഹുവില്‍നിന്ന് യാതൊരു കരുണയും സ്നേഹവും പ്രതീക്ഷിക്കേണ്ടതില്ല. അസഹനീയമായ ആക്രമ മര്‍ദ്ദനങ്ങള്‍ ഉണ്ടായേക്കാവുന്ന സാഹചര്യത്തില്‍ അതില്‍നിന്ന് രക്ഷപ്രാപിക്കുന്നതിനായി പരിധിയില്‍ കവിയാത്ത വിധത്തില്‍ അവരുമായി മൈത്രീബന്ധം സ്ഥാപിക്കാവുന്നതാണ്.

സൂ : മാഇദ 51, സൂ ; അന്‍ഫാല്‍ 73, സൂ : മുംതഹന 1 എന്നി വചനങ്ങളില്‍ സമാനമായ നിര്‍ദേശം അല്ലാഹു സത്യവിശ്വാസികള്‍ക്ക് നല്‍കുന്നു

സ്വഹാബികള്‍ അവരുടെ ശത്രുക്കളില്‍പ്പെട്ട ചിലരുമായി കാണുമ്പോള്‍ പുറമെ ചിരിക്കാറുണ്ടായിരുന്നുവെങ്കിലും മനസ്സില്‍ നിറയെ അവരോട് വെറുപ്പായിരുന്നു. ഈ വചനത്തില്‍ അവരെക്കുറിച്ച് "നിങ്ങള്‍ ഒരുതരം സൂക്ഷ്മത കാണിക്കുക" എന്ന് പറഞ്ഞതിന്റെ വ്യാഖ്യാനത്തില്‍ ഇബ്നു അബ്ബാസ്(റ) ല്‍ നിന്നും ഇങ്ങനെ ഉദ്ധരിക്കുന്നു. "ഹൃദയം ഇണക്കിക്കൊണ്ടുള്ള പ്രവൃത്തി കൊണ്ടല്ല സൂക്ഷ്മത; നാവുകൊണ്ട് മാത്രമാണ് സൂക്ഷമത". ഗത്യന്തരമില്ലാത്ത ഘട്ടത്തില്‍ ഹൃദയത്തില്‍ സത്യവിശ്വാസം ഉറപ്പിച്ച് ക്കൊണ്ട് 'കുഫറി'ന്റെ വല്ല വാക്കുകളും പറയേണ്ടിവന്നാല്‍ അതിന് വിരോധമില്ലെന്ന് സൂ: നഹ്ല്‍ 106 ല്‍ അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാണ്.

അതേ സമയം, അന്യോന്യം നല്ല നിലയില്‍ വര്‍ത്തിച്ച് പോരുന്ന, അവിശ്വാസികളോട് അങ്ങോട്ടും മുസ്ലിംകള്‍ സ്നേഹത്തിലും സൗഹാര്‍ദ്ദത്തിലും തന്നെ വര്‍ത്തിച്ചുക്കൊണ്ടിരിക്കേണ്ടതാകുന്നു. (സൂ: മുംതഹന 8,9 നോക്കുക)

---

**വചനം 29,30**

قُلۡ إِن تُخۡفُواْ مَا فِي صُدُورِكُمۡ أَوۡ تُبۡدُوهُ يَعۡلَمۡهُ ٱللَّهُۗ وَيَعۡلَمُ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِۗ وَٱللَّهُ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ٢٩

29 പറയുക: "നിങ്ങളുടെ നെഞ്ചു (ഹൃദയം)കളിലുള്ളത് നിങ്ങള്‍ മറച്ചുവെച്ചാലും, അല്ലെങ്കില്‍ അതു വെളിവാക്കിയാലും അല്ലാഹു അതറിയുന്നതാണ്. ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും അവന്‍ അറിയുന്നു. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു."

يَوۡمَ تَجِدُ كُلُّ نَفۡسٖ مَّا عَمِلَتۡ مِنۡ خَيۡرٖ مُّحۡضَرٗا وَمَا عَمِلَتۡ مِن سُوٓءٖ تَوَدُّ لَوۡ أَنَّ بَيۡنَهَا وَبَيۡنَهُۥٓ أَمَدَۢا بَعِيدٗاۗ وَيُحَذِّرُكُمُ ٱللَّهُ نَفۡسَهُۥۗ وَٱللَّهُ رَءُوفُۢ بِٱلۡعِبَادِ ٣٠

30 "എല്ലാ (ഓരോ) ആത്മാവും (തന്നെ), അതു നന്മയായിട്ട് എന്ത് പ്രവര്‍ത്തിച്ചുവോ അതിനെ തയ്യാറാക്കപ്പെട്ടതായി അത് കണ്ടെത്തുന്ന ദിവസം! അത് (ഓരോ ആത്മാവും) തിന്മയായിട്ട് എന്ത് പ്രവര്‍ത്തിച്ചുവോ, തന്റെയും അതിന്റെയും (ആ ആത്മാവിന്റെയും ആ തിന്മയുടെയും) ഇടയില്‍ വിദൂരമായ അകലം

ഉണ്ടായിരുന്നെങ്കിൽ (നന്നായേനെ)! എന്ന് അത് കൊതിക്കുകയും ചെയ്യും. അല്ലാഹു അവനെക്കുറിച്ചു തന്നെ (ജാഗരൂകരായിരിക്കണമെന്ന്) നിങ്ങളെ താക്കീത് ചെയ്യുന്നു. അല്ലാഹു അടിയാൻമാരോട് വളരെ ദയയുള്ളവനുമാകുന്നു.''

---

ഖിയാമത്ത് നാളിൽ ഓരോ വ്യക്തിയും നന്മയായിട്ട് എന്ത് പ്രവർത്തിച്ചുവോ അതും, തിന്മയായിട്ട് എന്ത് പ്രവർത്തിച്ചുവോ അതും, കണ്ടെത്തുന്നതാണ് . തിന്മ പ്രവർത്തിച്ചവർ ആ ആത്മാവിനും ആ ദിവസത്തിനുമിടയിൽ വിദൂരമായ അകലം ഉണ്ടായെങ്കിൽ നന്നായേനെ എന്ന് കൊതിച്ച് തീരാദു:ഖത്തിലുമായിരിക്കും.

## വിഭാഗം 4

**വചനം 31,32**

قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِى يُحْبِبْكُمُ ٱللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٣١﴾

قُلْ أَطِيعُوا۟ ٱللَّهَ وَٱلرَّسُولَ ۖ فَإِن تَوَلَّوْا۟ فَإِنَّ ٱللَّهَ لَا يُحِبُّ ٱلْكَٰفِرِينَ ﴿٣٢﴾

31 പറയുക:''നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ, നിങ്ങൾ എന്നെ പിൻപറ്റുവിൻ; (എന്നാൽ) അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും, നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരുകയും ചെയ്യും. അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.''

32 പറയുക: ''നിങ്ങൾ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുവിൻ.'' എന്നിട്ട് അവർ തിരിഞ്ഞുകളയുന്നപക്ഷം, നിശ്ചയമായും അല്ലാഹു (ആ) അവിശ്വാസികളെ സ്നേഹിക്കുന്നതല്ല.

---

ഞങ്ങൾ അല്ലാഹുവിന്റെ മക്കളും ഇഷ്ടക്കാരുമാണെന്ന് വാദിക്കുന്ന ജൂതരും കൃസ്ത്യാനികളും, അല്ലാഹുവിന്റെ സാമീപ്യം സമ്പാദിക്കാനെന്ന വ്യാജേന അല്ലാഹു അല്ലാത്തവരോട് പ്രത്യക്ഷമായോ പരോക്ഷമായോ പ്രാർത്ഥിക്കുന്ന വിഭാഗക്കാർ, ഞങ്ങളാണ് യഥാർത്ഥത്തിൽ അല്ലാഹുവിനെ അനുസരിക്കുന്നവരെന്ന് വാദിച്ച് കൊണ്ട് നബിചര്യകളും നബിവചനകളും അവഗണിച്ച് പുറം തള്ളുന്ന 'അഹ്ലുൽ ഖുർആനികൾ' എന്ന് പറയപ്പെടുന്നവർ, എന്നിങ്ങനെയുള്ളവർക്കെല്ലാം തക്കതായ മറുപടി ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നു. അല്ലാഹുവിന്റെ നിർദ്ദേശങ്ങളും റസൂലിന്റെ വചനങ്ങളും ചര്യകളും അനുസരിക്കാതെ പിന്തിരിഞ്ഞ് കളയുന്നവൻ അല്ലാഹു ഇഷ്ടപ്പെടാത്ത അവിശ്വാസികളാകുന്നു വെന്നത്രേ അവസാനത്തെ വചനം കാണിക്കുന്നത്. സൂ: നിസാഉ് : 80 ൽ അല്ലാഹു പറയുന്നു- ''ആർ റസൂലിനെ അനുസരിക്കുന്നുവോ അവൻ അല്ലാഹുവിനെ അനുസരിച്ചു.'' മുൻ കഴിഞ്ഞുപോയ എല്ലാ പ്രവാചകൻമാരും എല്ലാ റസൂലുകളും നബി(സ) തിരുമേനിയുടെ കാലത്ത് ജീവിച്ചിരിപ്പുണ്ടായിരുന്നവെങ്കിൽ അവർ ഓരോരുത്തരും നബി(സ)യെ പിൻപറ്റി നടക്കാൻ ബാദ്ധ്യസ്ഥരാകുമായിരുന്നു. (വചനം 81 ശ്രദ്ധിക്കുക)

റസൂൽ(സ) തിരുമേനിയുടെ ചര്യ സ്വീകരിക്കുന്നത് വഴി നാം അല്ലാഹുവിനെ സ്നേഹിക്കുന്നു. അങ്ങനെയുള്ളവരെ അല്ലാഹു സ്നേഹിക്കുകയും അവരുടെ പാപങ്ങൾ അല്ലാഹു പൊറുത്ത് കൊടുക്കുകയും ചെയ്യുന്നു.

**വചനം 33,34**

۞ إِنَّ ٱللَّهَ ٱصْطَفَىٰٓ ءَادَمَ وَنُوحًا وَءَالَ إِبْرَٰهِيمَ وَءَالَ عِمْرَٰنَ عَلَى ٱلْعَٰلَمِينَ ﴿٣٣﴾

33 നിശ്ചയമായും അല്ലാഹു, ആദമിനേയും, നൂഹിനേയും, ഇബ്റാഹീം കുടുംബത്തെയും, ഇംറാൻ കുടുംബത്തെയും ലോകരിൽ (ഉൽകൃഷ്ടരാക്കി) തിരഞ്ഞെടുത്തിരിക്കുന്നു;-

34 (അതെ) ചിലർ (മറ്റു) ചിലരിൽ നിന്നുള്ള സന്തതികളായിക്കൊണ്ട്. അല്ലാഹു (എല്ലാം) കേൾക്കുന്നവനാണ്, അറിയുന്നവനാണ്.

ذُرِّيَّةَۢ بَعۡضُهَا مِنۢ بَعۡضٖۗ وَٱللَّهُ سَمِيعٌ عَلِيمٌ ٣٤

മനുഷ്യപിതാവും ഒന്നാമത്തെ പ്രാവാചകനുമാണല്ലോ ആദംനബി (അ) അദ്ദേഹത്തിന് ശേഷം അറിയപ്പെട്ട ഒന്നാമത്തെ റസൂലാണ് നൂഹ്നബി (അ) തുടർന്ന് മഹത്തായ സ്ഥാനപദവികൾ ലഭിച്ച പ്രവാചകവര്യനാണ് ഇബ്രാഹിംനബി(അ). അദ്ദേഹത്തിന്റെ സന്താന പരമ്പരകളത്രേ ഇസ്രാഈല്യരും അറബികളും. ഇസ്രാഈല്യരിൽ പെട്ട ഒരു പ്രധാന ശാഖയാണ് ഇംറാൻ കുടുംബം (ആലു ഇംറാൻ) ഇംറാൻ എന്ന് പറയുന്നത് മൂസാനബി (അ) ഹാറൂൻ (അ) എന്നീ നബിമാരുടെ പിതാവായ ഇംറാൻ ആണെന്ന് ചിലർക്ക് അഭിപ്രായമുണ്ടെങ്കിലും തുടർന്നുള്ള വചനങ്ങളിൽ നിന്ന് മനസ്സിലാക്കുന്നത് ഈസാ (അ) നബിയുടെ മാതാവായ മർയം (അ) ബീവിയുടെ പിതാവായ ഇംറാനും അദ്ദേഹത്തിന്റെ കുടുംബവുമാണ് എന്നാണ്.

## വചനം 35

35 ഇംറാൻെറ സ്ത്രീ (ഭാര്യ) പറഞ്ഞ സന്ദർഭം (ഓർക്കുക): "എൻെറ റബ്ബേ, നിശ്ചയമായും എൻെറ വയറ്റിലുള്ളതിനെ (ഗർഭസ്ഥശിശുവെ) സ്വതന്ത്രമാക്കപ്പെട്ട നിലയിൽ ഞാൻ നിനക്ക് (നേർച്ച) നേർന്നിരിക്കുന്നു; ആകയാൽ, നീ എന്നിൽനിന്ന് (അത്) സ്വീകരിക്കേണമേ! നിശ്ചയമായും, നീ തന്നെയാണ് (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനും".

إِذۡ قَالَتِ ٱمۡرَأَتُ عِمۡرَٰنَ رَبِّ إِنِّي نَذَرۡتُ لَكَ مَا فِي بَطۡنِي مُحَرَّرٗا فَتَقَبَّلۡ مِنِّيٓۖ إِنَّكَ أَنتَ ٱلسَّمِيعُ ٱلۡعَلِيمُ ٣٥

മർയം (അ) ബീവിയുടെ മാതാവാണ് ഇംറാന്റെ ഭാര്യ. അവരുടെ പേർ ഹന്ന എന്നാണറിയപ്പെടുന്നത്. സന്താനത്തിന് വേണ്ടിയുള്ള പ്രാർത്ഥനയുടെ ഫലമായി അവർ ഗർഭവതിയായപ്പോൾ, ശിശു ജനിച്ചാൽ ആ കുട്ടിയെ ബൈത്തുൽ മുഖദ്ദിസിലെ പരിചരണത്തിനും ആരാധനാകർമ്മങ്ങൾ നടത്തുന്നതിനുമായി വഴിപാടാക്കാൻ നേർച്ചനേർന്നു. അക്കാലത്ത് ആൺകുട്ടികളെ അങ്ങനെ വഴിപാടാക്കുക പതിവുണ്ടായിരുന്നു. താൻ പ്രസവിക്കുന്ന കുട്ടി ആൺകുട്ടിയായിരിക്കുമെന്ന് അവർ ആഗ്രഹിച്ചിരിക്കണം. 'സ്വതന്ത്രമാക്കപ്പെട്ട നിലയിൽ' എന്ന് പറഞ്ഞത്, പള്ളിയുടെ കാര്യത്തിലല്ലാതെ മറ്റൊന്നിലും ശ്രദ്ധപതിപ്പിക്കാത്തവനാക്കുക എന്നത്രേ. അവർ ഗർഭവതിയായിരുന്നപ്പോൾ തന്നെ കുട്ടിയുടെ പിതാവ് ഇംറാൻ മരണപ്പെട്ടിരുന്നു.

## വചനം 36

36 എന്നിട്ട് അവൾ അതിനെ (ആ പെൺകുട്ടിയെ) പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: "എൻെറ റബ്ബേ, ഞാൻ അതിനെ പെണ്ണായി പ്രസവിച്ചു (വല്ലോ)!''-അവൾ പ്രസവിച്ചതിനെപ്പറ്റി അല്ലാഹു ഏറ്റവും അറിയുന്നവനാണ് താനും- "ആണ് പെണ്ണിനെപ്പോലെ അല്ല(ല്ലോ). ഞാൻ അവൾക്ക് 'മർയം' എന്ന് പേരുവെച്ചിരിക്കുന്നു; അവൾക്കും, അവളുടെ സന്തതികൾക്കും ആട്ടപ്പെട്ട (ശപിക്കപ്പെട്ട) പിശാചിൽ നിന്ന് ഞാൻ നിന്നോട് ശരണം തേടുകയും ചെയ്യുന്നു."

فَلَمَّا وَضَعَتۡهَا قَالَتۡ رَبِّ إِنِّي وَضَعۡتُهَآ أُنثَىٰ وَٱللَّهُ أَعۡلَمُ بِمَا وَضَعَتۡ وَلَيۡسَ ٱلذَّكَرُ كَٱلۡأُنثَىٰۖ وَإِنِّي سَمَّيۡتُهَا مَرۡيَمَ وَإِنِّيٓ أُعِيذُهَا بِكَ وَذُرِّيَّتَهَا مِنَ ٱلشَّيۡطَٰنِ ٱلرَّجِيمِ ٣٦

ഇംറാന്റെ ഭാര്യ പെൺകുഞ്ഞിനെയാണ് പ്രസവിച്ചത്. നേർച്ചനേർന്ന സ്ഥിതിക്ക് അവർ പെൺകുട്ടിയായിട്ടും നേർച്ച നിർവ്വഹിച്ചു. കുട്ടിക്ക് മർയം എന്ന് പേരിടുകയും മർയമിനും അവരുടെ സന്തതികൾക്കും പിശാചിന്റെ ഉപദ്രവങ്ങളൊന്നും ബാധിക്കാതിരിക്കാൻ അവർ പ്രാർത്ഥിക്കുകയും ചെയ്തു.

**വചനം 37**

فَتَقَبَّلَهَا رَبُّهَا بِقَبُولٍ حَسَنٍ وَأَنۢبَتَهَا نَبَاتًا حَسَنًا وَكَفَّلَهَا زَكَرِيَّا ۖ كُلَّمَا دَخَلَ عَلَيْهَا زَكَرِيَّا ٱلْمِحْرَابَ وَجَدَ عِندَهَا رِزْقًا ۖ قَالَ يَـٰمَرْيَمُ أَنَّىٰ لَكِ هَـٰذَا ۖ قَالَتْ هُوَ مِنْ عِندِ ٱللَّهِ ۖ إِنَّ ٱللَّهَ يَرْزُقُ مَن يَشَآءُ بِغَيْرِ حِسَابٍ ﴿٣٧﴾

37 അങ്ങനെ, അവളുടെ റബ്ബ് അവളെ (മർയമിനെ) നല്ലതായ ഒരു സ്വീകരണം സ്വീകരിച്ചു: അവളെ അവൻ ഒരു നല്ല ഉൽപാദനമായി ഉൽപാദിപ്പി(ച്ചു വളർത്തിക്കൊണ്ടിരി)ക്കുകയും ചെയ്തു. അവളെ (സംരക്ഷിക്കുവാൻ) സകരിയ്യാക്ക് അവൻ ഏൽപിച്ചു കൊടുക്കുകയും ചെയ്തു. സകരിയ്യാ മിഹ്റാബിൽ (പ്രാർത്ഥനാ മണ്ഡപത്തിൽ) അവളുടെ അടുക്കൽ പ്രവേശിക്കുമ്പോഴൊക്കെയും അദ്ദേഹം അവളുടെ അടുക്കൽ (ചില) ആഹാരം കണ്ടെത്തുമായിരുന്നു. അദ്ദേഹം പറഞ്ഞു; "മർയമേ, എവിടെ നിന്നാണ് നിനക്കിത് (കിട്ടിയത്)?" അവൾ പറഞ്ഞു: "അത് അല്ലാഹുവിൻെറ പക്കൽ നിന്നാണ് (ലഭിക്കുന്നത്)" നിശ്ചയമായും, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ നൽകുന്നതാണ്.

പിശാചിന്റെ ഉപദ്രവങ്ങളിൽ നിന്നും മർയം(അ) നെ കാത്ത് രക്ഷിച്ച അല്ലാഹു. സൽസ്വഭാവം, വിശ്വാസ ദാർഢ്യം, ഭയഭക്തി, ചാരിത്ര്യശുദ്ധി എന്നീ ഗുണങ്ങളോടെ അവരെ വളർത്തിക്കൊണ്ട് വന്നു. ബൈത്തുൽ മുഖദ്ദസിലെ പ്രധാന പുരോഹിതനായ സക്കരിയ(അ) നെ ഒരു നറുക്കെടുപ്പിലൂടെ, മർയം (അ) ന്റെ സംരക്ഷണം അല്ലാഹു ഏൽപ്പിക്കുകയും ചെയ്തു. അദ്ദേഹം മർയമിന്റെ മാതൃസഹോദരിയുടെ ഭർത്താവ് കൂടിയായിരുന്നു. പള്ളിയിലെ മിഹ്റാബിൽ പ്രാർത്ഥനാ മണ്ഡപത്തിൽ തന്നെയായിരുന്നു മർയമിന് സ്ഥലം ഏർപ്പാട് ചെയ്തിരുന്നത്. അവിടെ ചെല്ലുമ്പോഴൊക്കെ അസാധാരണമായി അവിടെ കാണുമായിരുന്ന ഭക്ഷണ പദാർത്ഥങ്ങൾ എവിടെ നിന്നാണ് കിട്ടുന്നതെന്ന് ചോദിച്ച അദ്ദേഹത്തോട് അവർ പറഞ്ഞു. ഇത് അല്ലാഹുവിന്റെ പക്കൽ നിന്ന് കിട്ടുന്നതാണ്.

"അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ നൽകുന്നു" എന്ന വാക്യം അല്ലാഹുവിന്റെ സ്വന്തം വാക്യമായും മർയമിന്റെ മറുപടിയിൽപെട്ട വാക്യമായും വരുവാൻ സാദ്ധ്യതയുണ്ട്. രണ്ടായാലും ഉദ്ദേശ്യം വളരെ വിശാലവും വ്യക്തവും തന്നെ.

**വചനം 38**

هُنَالِكَ دَعَا زَكَرِيَّا رَبَّهُۥ ۖ قَالَ رَبِّ هَبْ لِى مِن لَّدُنكَ ذُرِّيَّةً طَيِّبَةً ۖ إِنَّكَ سَمِيعُ ٱلدُّعَآءِ ﴿٣٨﴾

38 അവിടെവെച്ച് സകരിയ്യാ തൻെറ റബ്ബിനോട് പ്രാർത്ഥിച്ചു. (അതെ) അദ്ദേഹം പറഞ്ഞു: "റബ്ബേ, എനിക്ക് നിൻെറ പക്കൽനിന്ന് (നിൻെറ വകയായി) ഒരു വിശിഷ്ടസന്തതിയെ പ്രദാനം ചെയ്യണേ:- നിശ്ചയമായും, നീ പ്രാർത്ഥന കേൾക്കുന്ന (സ്വീകരിക്കുന്ന)വനാകുന്നു."

സക്കരിയ (അ) വളരെ വൃദ്ധനായിരുന്നു. ഭാര്യയാകട്ടെ പ്രസവിക്കാത്ത വന്ധ്യയും. വൃദ്ധയായ മാതാവിൽ നിന്നും മർയം ജനിച്ചതും അല്ലാഹു സാധാരണമല്ലാത്ത മാർഗ്ഗത്തിലൂടെ ആഹാരം നൽകി മർയമിനെ സംരക്ഷിച്ചതും കണ്ട സക്കരിയ്യ (അ) തനിക്കും ഒരു സന്താനത്തെ തന്നനുഗ്രഹിക്കാൻ അല്ലാഹുവിനോട് പ്രാർത്ഥിച്ചു. ആ സന്താനം ഒരു വിശിഷ്ടനും പരിശുദ്ധനും ആയിരിക്കണമേ എന്ന് കൂടി അദ്ദേഹം അപേക്ഷിച്ചു. സത്യദീനിന്റെ പ്രബോധനത്തിന് തനിക്കു ശേഷം ഒരു പിന്തുടർച്ചാവകാശി ഉണ്ടായിരിക്കുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം.

**വചനം 39**

فَنَادَتْهُ ٱلْمَلَٰٓئِكَةُ وَهُوَ قَآئِمٌ يُصَلِّى فِى ٱلْمِحْرَابِ أَنَّ ٱللَّهَ يُبَشِّرُكَ بِيَحْيَىٰ مُصَدِّقًۢا بِكَلِمَةٍ مِّنَ ٱللَّهِ وَسَيِّدًا وَحَصُورًا وَنَبِيًّا مِّنَ ٱلصَّٰلِحِينَ ﴿٣٩﴾

39 എന്നിട്ട് അദ്ദേഹം'മിഹ്റാബി ൽ (പ്രാർത്ഥനാ മണ്ഡപത്തിൽ) നമസ്കരിച്ചുകൊണ്ട് നിൽക്കുകയായിരുന്നപ്പോൾ അദ്ദേഹത്തെ മലക്കുകൾ വിളിച്ചു (പറഞ്ഞു): "യഹ്‌യാ (എന്ന കുട്ടി)യെക്കുറിച്ച് അല്ലാഹു തനിക്കു സന്തോഷമറിയിക്കുന്നുവെന്ന്;" അല്ലാഹുവിങ്കൽ നിന്നുള്ള ഒരു'വാക്കി നെ സത്യപ്പെടുത്തുന്നവനും, നേതാവും, ആത്മനിയന്ത്രകനും, സദ്‌വൃത്തൻമാരിൽപെട്ട പ്രവാചകനുമായിക്കൊണ്ട്.

---

അദ്ദേഹത്തിന്റെ പ്രാർത്ഥന അല്ലാഹു സ്വീകരിക്കുകയും മിഹ്റാബിൽ നമസ്ക്കരിച്ച് കൊണ്ടിരിക്കുമ്പോൾ അല്ലാഹു മലക്കുകൾ മുഖാന്തിരം ആ പ്രാർത്ഥന സ്വീകരിച്ചുവെന്നുള്ള സന്തോഷവാർത്ത അറിയിക്കുകയും ചെയ്തു. അദ്ദേഹത്തിന് ഉണ്ടാകാൻ പോകുന്ന കുട്ടി ആണായിരിക്കുമെന്നും പേര് യഹ്‌യാ എന്നായിരിക്കുമെന്നും അല്ലാഹു അറിയിച്ചു. ആ സന്താനത്തിന്റെ സവിശേഷഗുണങ്ങളും അല്ലാഹു മുൻകൂട്ടി അറിയിച്ച് കൊടുത്തു.

(1) അദ്ദേഹം അല്ലാഹുവിങ്കൽ നിന്നുള്ള ഒരു വാക്കിനെ അഥവാ ഈസാനബി (അ) നെ സത്യപ്പെടുത്തുന്നവനായിരിക്കും. (45 -ാം വചനം നോക്കുക) ഈസാ (അ)നബിയിൽ ഒന്നാമതായി വിശ്വസിച്ച ആളും അദ്ദേഹത്തിന്റെ പ്രബോധന തത്വങ്ങൾ പ്രചരിപ്പിച്ച ആളുമായിരുന്നു അദ്ദേഹം.

(2) അദ്ദേഹം ഒരു നേതാവായിരിക്കും. മതവിജ്ഞാനം, ഭയഭക്തി മുതലായ ഗുണങ്ങളിലെല്ലാം പ്രസിദ്ധനായിരുന്നു അദ്ദേഹം. ഇക്കാരണങ്ങളാലാണ് കൃസ്ത്യാനികൾക്കിടയിൽ അദ്ദേഹം 'സ്നാപക യോഹന്നാൻ' എന്ന പേരിൽ അറിയപ്പെടുന്നതും.

(3) വിനോദങ്ങളിലൊ, പാപങ്ങളിലൊ ഏർപ്പെടാത്ത ആത്മനിയന്ത്രണമുള്ള ആളായിരിക്കും അദ്ദേഹം.

(4) എല്ലാറ്റിലുമുപരി അദ്ദേഹം സദ്‌വൃത്തനായ ഒരു പ്രവാചകനുമായിരിക്കും.

---

**വചനം 40,41**

قَالَ رَبِّ أَنَّىٰ يَكُونُ لِى غُلَٰمٌ وَقَدْ بَلَغَنِىَ ٱلْكِبَرُ وَٱمْرَأَتِى عَاقِرٌ ۖ قَالَ كَذَٰلِكَ ٱللَّهُ يَفْعَلُ مَا يَشَآءُ ﴿٤٠﴾

40 അദ്ദേഹം പറഞ്ഞു: ''റബ്ബേ, എനിക്ക് എങ്ങിനെയാണ് ആൺകുട്ടിയുണ്ടാകുക? എനിക്ക് വാർദ്ധക്യം എത്തിക്കഴിഞ്ഞു; എൻെറ സ്ത്രീ (ഭാര്യ) മച്ചിയുമാകുന്നു (എന്നിരിക്കെ)!" അവൻ (അല്ലാഹു) പറഞ്ഞു: "അപ്രകാരം തന്നെയാണ് (കാര്യം); അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു."

قَالَ رَبِّ ٱجْعَل لِّىٓ ءَايَةً ۖ قَالَ ءَايَتُكَ أَلَّا تُكَلِّمَ ٱلنَّاسَ ثَلَٰثَةَ أَيَّامٍ إِلَّا رَمْزًا ۗ وَٱذْكُر رَّبَّكَ كَثِيرًا وَسَبِّحْ بِٱلْعَشِىِّ وَٱلْإِبْكَٰرِ ﴿٤١﴾

41 അദ്ദേഹം പറഞ്ഞു: "റബ്ബേ, എനിക്ക് ഒരു അടയാളം ഏർപ്പെടുത്തിത്തരണേ!" അവൻ പറഞ്ഞു: "നിൻെറ അടയാളം, സൂചനയായിട്ട് (ആംഗ്യം മുഖേന) അല്ലാതെ മൂന്നുദിവസം നീ മനുഷ്യരോട് സംസാരിക്കാതിരിക്കലാകുന്നു. നിൻെറ റബ്ബിനെ നീ ധാരാളം ഓർമ്മിക്കുകയും, വൈകിട്ടും കാലത്തും സ്തോത്രകീർത്തനം (തസ്ബീഹ്) ചെയ്യുകയും ചെയ്തുകൊള്ളുക."

വൃദ്ധനായ തനിക്ക് വന്ധ്യയും പ്രായം ചെന്നവളുമായ ഭാര്യയിൽ ആൺകുട്ടി ജനിക്കുമെന്ന് മലക്കുകൾ മുഖേന അറിയിപ്പ് കിട്ടിയ സക്കരിയ(അ) സന്തോഷനിർഭരവും അൽഭുതജനകവുമായ ആ സന്ദർഭത്തിൽ ഇപ്രകാരം ചോദിച്ചു. 'റബ്ബേ എനിക്കെങ്ങനെയാണ് ഒരു ആൺകുട്ടിയുണ്ടാകുക.'

'ഞാൻ ഉദ്ദേശിക്കുന്നതെന്തും ഞാൻ പ്രവർത്തിക്കുമെ'ന്നായിരുന്നു അല്ലാഹുവിന്റെ മറുപടി.

കുട്ടി എപ്പോൾ ജനിക്കുമെന്നതിന് നേരെത്തേ തന്നെ ഒരു അടയാളം അറിയിച്ചുതന്നാൽ കൊള്ളാമെന്ന് അദ്ദേഹം അപേക്ഷിച്ചു. ജനങ്ങളോട് വല്ല ആംഗ്യവും മുഖേന എന്തെങ്കിലും സൂചന നൽകുകയല്ലാതെ, മൂന്ന് ദിവസക്കാലം ആരോടും സംസാരിക്കാതിരിക്കലാണ് അതിന്റെ അടയാളമെന്നും അത് സംഭവിച്ചാൽ കുട്ടിയുണ്ടാകുവാൻ പോകുന്നുവെന്ന് ഉറപ്പിക്കാമെന്നും മറുപടികിട്ടി. ആതോട് കൂടി അല്ലാഹുവിനെ ധാരാളം സ്മരിച്ച്കൊണ്ടിരിക്കാനും രാവിലെയും വൈകുന്നേരവും സ്തോത്രകീർത്തങ്ങൾ നടത്തുവാനും വീട് വിട്ട് പോകരുതെന്നും ഉപദേശിച്ചു.

'സംസാരിക്കാതിരിക്കുക' എന്നത് കൊണ്ടുദ്ദേശം ശാരീരികമായ യാതൊരു തകരാറും ബാധിക്കാതെ തന്നെ മൂന്ന് ദിവസം സംസാരിക്കാതിരിക്കുക എന്നാണെന്ന് മിക്ക പണ്ഡിതന്മാരുടെയും വ്യാഖ്യാനം. യഹ്‌യാ(അ) ന്റെയും ഈസാ (അ)ന്റെയും ചരിത്രം വിശദമായി സൂ: മർയം-ൽ വിവരിക്കപ്പെട്ടിട്ടുണ്ട്.

## വിഭാഗം 5

**വചനം 42 ,43**

وَإِذْ قَالَتِ ٱلْمَلَٰٓئِكَةُ يَٰمَرْيَمُ إِنَّ ٱللَّهَ ٱصْطَفَىٰكِ وَطَهَّرَكِ وَٱصْطَفَىٰكِ عَلَىٰ نِسَآءِ ٱلْعَٰلَمِينَ ﴿٤٢﴾

يَٰمَرْيَمُ ٱقْنُتِى لِرَبِّكِ وَٱسْجُدِى وَٱرْكَعِى مَعَ ٱلرَّٰكِعِينَ ﴿٤٣﴾

42 മലക്കുകൾ പറഞ്ഞ സന്ദർഭവും (ഓർക്കുക): "മർയമേ, നിശ്ചയമായും അല്ലാഹു, നിന്നെ (വിശിഷ്ടയായി) തിരഞ്ഞെടുക്കുകയും, നിന്നെ ശുദ്ധിയാക്കുകയും ചെയ്തിരിക്കുന്നു; ലോകരിലുള്ള സ്ത്രീകളിൽ നിന്നെ അവൻ (ശ്രേഷ്ഠയായി) തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു."

43 "മർയമേ, നിൻെറ റബ്ബിനോട് നീ ഭക്തി കാണിക്കുക; നീ'സുജൂദ്'(സാഷ്ടാംഗ നമസ്കാരം) ചെയ്കയും,'റുകൂഉ്'(കുമ്പിട്ടു നമസ്കാരം) ചെയ്യുന്നവരോടൊപ്പം'റുകൂഉ്' (കുമ്പിട്ടു നമസ്കാരം) ചെയ്കയും ചെയ്തു കൊള്ളുക."

---

മർയം(അ) ബീവിക്ക് പ്രവാചകത്വ സ്ഥാനമില്ലെങ്കിലും മലക്കുകൾ വഴി അവർക്ക് പല സന്ദേശങ്ങളും അയക്കപ്പെട്ടിരുന്നതായി ഖുർആനിൽ നിന്ന് വ്യക്തമാണ്. അല്ലാഹു അവരെ വിശിഷ്ടയാക്കി തിരഞ്ഞെടുത്തിരിക്കുന്നുവെന്നും ശുദ്ധയാക്കി വെച്ചിരിക്കുന്നുവെന്നും ലോകത്തുള്ള മറ്റ് സ്ത്രീകളെക്കാൾ ശ്രേഷ്ടമായ പദവി നൽകി അല്ലാഹു അവരെ അനുഗ്രഹിച്ചിട്ടുണ്ടെന്നും മലക്കുകൾ അവരെ അറിയിക്കുന്നു. അക്കാലത്തുള്ള ഇതര സ്ത്രീകളെക്കാൾ ഉന്നതമായ പദവി എന്നാണിത് കൊണ്ട് വിവക്ഷയെന്നത്രെ ഒരു നബി വചനം സൂചിപ്പിക്കുന്നത്. പ്രസ്തുത വചനത്തിൽ മർയം(അ) നെ ക്കൂടാതെ ഖുവൈലിദു മകൾ ഖദീജ(റ), ഫിർഔന്റെ ഭാര്യ ആസ്യ, നബി(സ) യുടെ പുത്രി ഫാത്തിമ(റ), നബി(സ) യുടെ ഭാര്യ ആയിശ എന്നിവരും സ്ത്രീകളിൽ ഉത്തമകളായി എണ്ണപ്പെട്ടിരിക്കുന്നത് കാണാം. സൂ : തഹ്‌രീമിൽ സത്യവിശ്വാസികളായ രണ്ട് മാതൃകാ വനിതകളെ എടുത്ത് പറഞ്ഞിട്ടുള്ളതിൽ ഒന്നാമത്തേത് ഫിർഔന്റെ ഭാര്യ (ആസ്യ)യും രണ്ടാമത്തേത് മർയമുമാകുന്നു.

തുടർന്ന് സുജൂദുകളും ദുആഉം ചെയ്യാനും അത് വഴി റബ്ബിനോട് ഭക്തി കാണിക്കാനും മലക്കുകൾ മർയം(അ) നോട് ഉപദേശിക്കുന്നു. സൂജൂദ് , റുക്കൂഉ്, ഖിയാം (നിറുത്തം) എന്നിവ അന്നും ഇന്നും നമസ്കാരത്തിന്റെ പ്രധാന ഘടകങ്ങൾ തന്നെ. അനുഷ്ഠാനങ്ങളിൽ അൽപ്പമൊക്കെ വ്യത്യാസമുണ്ടായിരിക്കാമെങ്കിലും. നമസ്ക്കാരത്തെ ഉദ്ദേശിച്ച് ഖുർആനിലും ഹദീസിലും സൂജൂദ്, റുക്കൂഉ്, ഖിയാം എന്നീ പദങ്ങൾ ഉപയോഗിക്കപ്പെട്ട് കാണാം.

വചനം 44

ذَٰلِكَ مِنۡ أَنۢبَآءِ ٱلۡغَيۡبِ نُوحِيهِ إِلَيۡكَۚ وَمَا كُنتَ لَدَيۡهِمۡ إِذۡ يُلۡقُونَ أَقۡلَٰمَهُمۡ أَيُّهُمۡ يَكۡفُلُ مَرۡيَمَ وَمَا كُنتَ لَدَيۡهِمۡ إِذۡ يَخۡتَصِمُونَ ﴿٤٤﴾

44 അത് (ഒക്കെയും) അദൃശ്യവാർത്തകളിൽ പെട്ടതാകുന്നു; നാം നിനക്ക് അത്'വഹ്‌യു'(ദിവ്യ സന്ദേശം) നൽകുകയാണ്. മർയമിനെ തങ്ങളിൽ ഏതൊരുവൻ ഏറ്റെടുക്കണമെന്ന് അവർ തങ്ങളുടെ പേനകൾ (-അഥവാ അമ്പുകോലുകൾ-മുഖേന നറുക്ക്) ഇട്ടപ്പോൾ, നീ അവരുടെ അടുക്കൽ ഉണ്ടായിരുന്നില്ല(ല്ലോ). അവർ തർക്കം നടത്തിക്കൊണ്ടിരിക്കുമ്പോഴും നീ അവരുടെ അടുക്കൽ ഉണ്ടായിരുന്നില്ല.

മർയം (അ) ജനിച്ച ശേഷം മാതാവ് തന്റെ നേർച്ച നിറവേറ്റാനായി കുട്ടിയെ ബൈത്തുൽ മുഖദ്ദസിൽ കൊണ്ടുചെന്നപ്പോൾ തങ്ങളുടെ നേതാവായ ഇംറാന്റെ പുത്രിയായ ആ കുട്ടിയെ ആർ ഏറ്റ് വാങ്ങണമെന്നതിൽ അവിടത്തെ പുരോഹിതർക്കിടയിൽ തർക്കമായി. അവസാനം അവർ നറുക്കിട്ടു. അവർ അവരുടെ പേനകൾ അല്ലെങ്കിൽ അമ്പുകോലുകൾ- മുഖേനയാണ് നറുക്കെടുപ്പ് നടത്തിയത്. സക്കരിയ്യ (അ) നബിക്കാണ് നറുക്ക് വീണത്. അങ്ങനെ അദ്ദേഹം അവരെ ഏറ്റ് വാങ്ങി. ഈ വിവരങ്ങളെല്ലാം വഹ്‌യ് മുഖേന അല്ലാഹു അറിയിച്ചത് കൊണ്ട് മാത്രമാണ് നബി(സ)ക്ക് അതറിയാൻ കഴിഞ്ഞത് . അല്ലാതെ നറുക്കെടുപ്പ് നടക്കുമ്പോൾ നബി(സ) തിരുമേനി അവരുടെ അടുക്കൽ ഉണ്ടായിരുന്നില്ലല്ലോ.

വേദക്കാരുടെ മുമ്പിൽ വച്ച് നബി(സ) അവരുടെ വേദഗ്രന്ഥങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്ത ഇത്തരം കാര്യങ്ങൾ പരസ്യമായി പ്രഖ്യാപനം ചെയ്യുമ്പോൾ അവർ അതൊന്നും നിഷേധിക്കാതിരുന്നത് നബി(സ) യുടെ സത്യതക്ക് തെളിവാണെന്ന് വ്യക്തം.

വചനം 45 , 46

إِذۡ قَالَتِ ٱلۡمَلَٰٓئِكَةُ يَٰمَرۡيَمُ إِنَّ ٱللَّهَ يُبَشِّرُكِ بِكَلِمَةٖ مِّنۡهُ ٱسۡمُهُ ٱلۡمَسِيحُ عِيسَى ٱبۡنُ مَرۡيَمَ وَجِيهٗا فِي ٱلدُّنۡيَا وَٱلۡأٓخِرَةِ وَمِنَ ٱلۡمُقَرَّبِينَ ﴿٤٥﴾

45 മലക്കുകൾ പറഞ്ഞ സന്ദർഭം (ഓർക്കുക): "മർയമേ, നിശ്ചയമായും അല്ലാഹു, അവങ്കൽ നിന്നുള്ള ഒരു'വാക്കി നെക്കുറിച്ചു നിനക്ക് സുവിശേഷം അറിയിക്കുന്നു; -അവൻെറ പേർ, മർയമിൻെറ മകൻ ഈസാ എന്ന 'മസീഹാ കുന്നു-ഇഹത്തിലും, പരത്തിലും, പ്രമുഖനായും, സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനായുംകൊണ്ട്."

وَيُكَلِّمُ ٱلنَّاسَ فِي ٱلۡمَهۡدِ وَكَهۡلٗا وَمِنَ ٱلصَّٰلِحِينَ ﴿٤٦﴾

46 തൊട്ടിലിലായിരിക്കെയും, മദ്ധ്യവയസ്കനായ നിലയിലും അവൻ മനുഷ്യരോട് സംസാരിക്കുകയും ചെയ്യും; സദ്‌വൃത്തരിൽപെട്ടവനാകുന്നു (അവൻ).

സാധാരണ പ്രകൃതി നിയമപ്രകാരം മാതാപിതാക്കളുടെ സമ്പർക്കത്തിൽ നിന്നാണല്ലോ ശിശുക്കൾ ജനിക്കുന്നത്. എന്നാൽ ഈസാ (അ) അദ്ദേഹം ഉണ്ടാകണമെന്ന് അല്ലാഹു കൽപ്പിച്ചപ്പോൾ ഉണ്ടാവുകയാണുണ്ടായത്. അതിനാൽ, അല്ലാഹുവിങ്കൽ നിന്നുള്ള ഒരു വാക്ക് മൂലം ഉണ്ടായ ആളെന്ന നിലക്ക് അദ്ദേഹത്തെ പറ്റി كلمة الله (അല്ലാഹുവിന്റെ വാക്ക്) എന്നും كلمة من الله എന്നും, അല്ലാഹുവിന്റെ വക ആത്മാവ് എന്ന അർത്ഥത്തിൽ روح الله എന്നും പറയപ്പെടുന്നു.

അദ്ദേഹത്തെപറ്റി 'മസീഹ്' എന്ന് പറയപ്പെടുന്നത് 'മശീഹാ' അല്ലെങ്കിൽ 'മിശിഹാ' എന്ന ഹീബ്രു വാക്കിന്റെ അറബി ഉച്ചാരണമാണ് മസീഹ് എന്നത് കൊണ്ടാണ് - അഭിഷേകം ചെയ്യപ്പെട്ടവൻ എന്ന് വാക്കർത്ഥം. ക്രിസ്തു എന്നതും ഇതേ അർത്ഥത്തിലുള്ള ഒരു ഗ്രീക്ക് പദമത്രെ.

ഈസാ (അ) നെ ابن مريم (മർയമിന്റെ മകൻ ) എന്ന് അല്ലാഹു ഈ വചനത്തിലും ഖുർആനിൽ പലയിടത്തും വിശേഷിപ്പിച്ചിരിക്കുന്നു. പിതാവില്ലാതെ മാതാവിൽ നിന്ന് മാത്രം ജനിച്ച ആളാണദ്ദേഹമെന്നുള്ളതിന് പുറമെ, ദൈവപുത്രൻ എന്നുള്ള കൃസ്ത്യാനികളുടെ വാദത്തിന്റെയും യോസേഫിന്റെ പുത്രനെന്നും, വ്യഭിചാരപുത്രനെന്നുമുള്ള യഹൂദികളുടെ വാദത്തിന്റെയും ഖണ്ഡനം കൂടി അതുൾക്കൊള്ളുന്നു.

ഈസാ (അ) ഇഹത്തിലും പരത്തിലും പ്രമുഖനാണെന്നും അല്ലാഹുവിങ്കൽ സാമീപ്യം സിദ്ധിച്ച ആളാണെന്നും സദ്‌വൃത്തനാണെന്നും തുടർന്ന് അല്ലാഹു പറയുന്നു.

പ്രസവം കഴിഞ്ഞ ശേഷം മർയം (അ) കുട്ടിയുമായി ജനമദ്ധ്യേ വന്നപ്പോൾ ജനങ്ങൾ ആക്ഷേപിച്ചുവെന്നും, അപ്പോൾ അവർ അല്ലാഹുവിന്റെ കൽപ്പന പ്രകാരം കുട്ടിയുടെ നേരെ ചൂണ്ടികാട്ടിയെന്നും ഞാൻ അല്ലാഹുവിന്റെ അടിയാനും പ്രവാചകനുമാണെന്നും മറ്റും അദ്ദേഹം അപ്പോൾ പറയുകയുണ്ടായെന്നും സൂ: മർയമിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അങ്ങനെ ഒരു ദൃഷ്ടാന്തമെന്ന വണ്ണം അദ്ദേഹം തൊട്ടിലിലായിരിക്കെയും, മദ്ധ്യവയസ്കനായിരിക്കെയും ദൈവദൂതനെന്ന നിലയിലും സംസാരിക്കുമെന്ന കാര്യം അല്ലാഹു അറിയിക്കുന്നു.

---

വചനം 47

قَالَتْ رَبِّ أَنَّىٰ يَكُونُ لِى وَلَدٌ وَلَمْ يَمْسَسْنِى بَشَرٌ ۖ قَالَ كَذَٰلِكِ ٱللَّهُ يَخْلُقُ مَا يَشَآءُ ۚ إِذَا قَضَىٰٓ أَمْرًا فَإِنَّمَا يَقُولُ لَهُۥ كُن فَيَكُونُ ﴿٤٧﴾

47 അവൾ (മർയം)പറഞ്ഞു: "എൻെറ റബ്ബേ, എനിക്കെങ്ങനെ കുട്ടിയുണ്ടാകും? എന്നെ ഒരു മനുഷ്യനും സപർശിച്ചിട്ടില്ലല്ലോ!" അവൻ പറഞ്ഞു: "അങ്ങിനെത്തന്നെയാണ് (കാര്യം); അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു. (അതെ) അവൻ ഒരു കാര്യം തീരുമാനം ചെയ്താൽ, അതിനോട് 'ഉണ്ടാകുക'എന്ന് മാത്രം പറയുന്നു; അപ്പോൾ അത് ഉണ്ടാകുന്നു."

---

നിയമാനുസൃതമായ രീതിയിലോ, അല്ലാതെയോ, പുരുഷ സമ്പർക്കമുണ്ടായിട്ടില്ലാത്ത ഒരു സ്ത്രീക്ക് കുട്ടി ജനിച്ച സംഭവം ഇതിന് മുമ്പുണ്ടായിട്ടില്ലാത്തതിനാൽ മർയം(അ)ന് അൽഭുതം തോന്നുകയും അതെങ്ങനെയെന്നറിയാൻ ആഗ്രഹമുണ്ടാകുകയും ചെയ്തു. ഇതിന് അല്ലാഹു നൽകിയ മറുപടി, കാര്യകാരണങ്ങൾക്കപ്പുറമുള്ള എല്ലാ അൽഭുത സംഭവങ്ങളിലും മനുഷ്യൻ മനസ്സിരുത്തേണ്ട മറുപടിയായിരുന്നു. "അതെ, കാര്യം അങ്ങനെയൊക്കെത്തന്നെ; അല്ലാഹു എന്ത് ഉദ്ദേശിക്കുന്നുവോ അതവൻ സൃഷ്ടിക്കുന്നു. ഏതൊരു കാര്യവും ഉണ്ടാകണമെന്ന് അവൻ തീരുമാനിച്ചു കഴിഞ്ഞാൽ അത് ഉണ്ടാകണമെന്ന് അതിനോട് കൽപ്പിക്കുകയേ വേണ്ടൂ. അതുണ്ടായിക്കൊള്ളും."

പുരുഷന്റെ നാമമാത്രസ്പർശനം പോലും ഉണ്ടായിട്ടില്ലാത്ത സ്ത്രീയിൽ നിന്ന് ഈസാ(അ) ജനിച്ചുവെന്നതിനാൽ ആ കുട്ടി ദൈവമോ, ദൈവപുത്രനോ, ദൈവാംശമോ ഒന്നും ആകുന്നില്ലെന്നും ആ കുട്ടിയും മറ്റ് കുട്ടികളെപ്പോലെ അല്ലാഹുവിന്റെ സൃഷ്ടികളിൽപ്പെട്ട ഒരു സൃഷ്ടിമാത്രമാണെന്നും അല്ലാഹു എന്ത് ഉദ്ദേശിക്കുന്നതായാലും അത് ചെയ്യുവാൻ അവന് ഒരു പ്രയാസവുമില്ലെന്നുമുള്ള സൂചനകൾ ഈ മറുപടിയിൽ അടങ്ങിയിരിക്കുന്നു.

ബൈബിളിൽ ഈസാ(അ) ന്റെ ജനനത്തെപ്പറ്റി വിവരിക്കുന്നിടത്ത് 'അത്യുന്നതന്റെ പുത്രൻ', 'ദൈവത്തിന്റെ പുത്രൻ', എന്നിങ്ങനെയുള്ള സത്യവിരുദ്ധമായ പലതും 'ദാവീദിന്റെ സിംഹാസനം അവന് കൊടുക്കും' , 'അവൻ എന്നും രാജാവാകും' എന്നിങ്ങനെയുള്ള ശരിയല്ലാത്ത പല പ്രസ്താവനകളും അടങ്ങിയിരിക്കുന്നതായി കാണാം. ഇതേക്കുറിച്ച് ബൈബിളിൽ ഉദ്ധരിച്ച ലൂക്കോസ് എന്നയാൾ യേശുവിന്റെ ശിഷ്യനോ, ശിഷ്യന്മാരുടെ ശിഷ്യനോ അല്ല. പിൽക്കാലത്ത് കൃസ്തുമതം സ്വീകരിച്ച ഒരാൾ മാത്രമാകുന്നു.

**വചനം 48 ,49 , 50 , 51**

وَيُعَلِّمُهُ ٱلْكِتَٰبَ وَٱلْحِكْمَةَ وَٱلتَّوْرَىٰةَ وَٱلْإِنجِيلَ ﴿٤٨﴾

48 അവൻ (അല്ലാഹു) അവന് (ഈസാക്ക്) ഗ്രന്ഥവും, വിജ്ഞാനവും, തൗറാത്തും, ഇഞ്ചീലും പഠിപ്പിക്കുകയും ചെയ്യും;-

وَرَسُولًا إِلَىٰ بَنِىٓ إِسْرَٰٓءِيلَ أَنِّى قَدْ جِئْتُكُم بِـَٔايَةٍ مِّن رَّبِّكُمْ ۖ أَنِّىٓ أَخْلُقُ لَكُم مِّنَ ٱلطِّينِ كَهَيْـَٔةِ ٱلطَّيْرِ فَأَنفُخُ فِيهِ فَيَكُونُ طَيْرًۢا بِإِذْنِ ٱللَّهِ ۖ وَأُبْرِئُ ٱلْأَكْمَهَ وَٱلْأَبْرَصَ وَأُحْىِ ٱلْمَوْتَىٰ بِإِذْنِ ٱللَّهِ ۖ وَأُنَبِّئُكُم بِمَا تَأْكُلُونَ وَمَا تَدَّخِرُونَ فِى بُيُوتِكُمْ ۚ إِنَّ فِى ذَٰلِكَ لَءَايَةً لَّكُمْ إِن كُنتُم مُّؤْمِنِينَ ﴿٤٩﴾

49 "ഇസ്രാഈൽ സന്തതികളിലേക്ക് റസൂലായും (അവനെ അയക്കും): നിങ്ങളുടെ റബ്ബിങ്കൽ നിന്ന് ഒരു ദൃഷ്ടാന്തവും കൊണ്ട് ഞാൻ നിങ്ങളിൽ വന്നിരിക്കുന്നുവെന്നു (ള്ള ദൗത്യവുമായി); അതായത്, പക്ഷിയുടെ ആകൃതിപോലെ കളിമണ്ണിനാൽ ഞാൻ നിങ്ങൾക്ക് (രൂപം) സൃഷ്ടിച്ചുണ്ടാക്കിത്തരും; എന്നിട്ട് ഞാനതിൽ ഊതും, അപ്പോൾ അല്ലാഹുവിൻെറ അനുവാദംകൊണ്ട് അത് പക്ഷിയായിത്തീരും. അല്ലാഹുവിൻെറ അനുവാദംകൊണ്ട് ജാത്യാന്ധനെയും, വെള്ളപ്പാണ്ഡുകാരനെയും ഞാൻ സുഖപ്പെടുത്തുകയും, മരണപ്പെട്ടവരെ ജീവിപ്പിക്കുകയും ചെയ്യും. നിങ്ങൾ തിന്നുന്നതിനെയും, നിങ്ങളുടെ വീടുകളിൽ നിങ്ങൾ സൂക്ഷിച്ചുവെക്കുന്നതിനെയും കുറിച്ച് ഞാൻ നിങ്ങൾക്ക് വൃത്താന്തമറിയിക്കുകയും ചെയ്യും. നിശ്ചയമായും, അതിൽ നിങ്ങൾക്ക് ഒരു (വമ്പിച്ച) ദൃഷ്ടാന്തമുണ്ട്. നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ."

وَمُصَدِّقًا لِّمَا بَيْنَ يَدَىَّ مِنَ ٱلتَّوْرَىٰةِ وَلِأُحِلَّ لَكُم بَعْضَ ٱلَّذِى حُرِّمَ عَلَيْكُمْ ۚ وَجِئْتُكُم بِـَٔايَةٍ مِّن رَّبِّكُمْ فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ﴿٥٠﴾

50 "തൗറാത്താകുന്ന എൻെറ മുമ്പിലുള്ളതിനെ സത്യപ്പെടുത്തുന്നവനായും, നിങ്ങളുടെ മേൽ നിഷിദ്ധമാക്കപ്പെട്ടിട്ടുള്ളതിൽ ചിലത് നിങ്ങൾക്ക് അനുവദനീയമാക്കിത്തരുവാൻ വേണ്ടിയും (ഞാൻ വന്നിരിക്കുന്നു). നിങ്ങളുടെ റബ്ബിങ്കൽ നിന്ന് നിങ്ങൾക്ക് ഞാൻ ദൃഷ്ടാന്തവും കൊണ്ടു വന്നിരിക്കുന്നു. ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ."

إِنَّ ٱللَّهَ رَبِّى وَرَبُّكُمْ فَٱعْبُدُوهُ ۗ هَٰذَا صِرَٰطٌ مُّسْتَقِيمٌ ﴿٥١﴾

51 "നിശ്ചയമായും, അല്ലാഹു എൻെറ റബ്ബും, നിങ്ങളുടെ റബ്ബുമാകുന്നു; അതിനാൽ അവനെ നിങ്ങൾ ആരാധിക്കുവിൻ. ഇത് നേരെ (ചൊവ്വെ) യുള്ള പാതയാകുന്നു. (ഇതൊക്കെയാണ് എൻെറ ദൗത്യം)"

---

അല്ലാഹു ഈസാ (അ)ന് വേദവിജ്ഞാനങ്ങളും, തത്വവിജ്ഞാനങ്ങളും പഠിപ്പിച്ച് കൊടുക്കുന്നതാണെന്നും അദ്ദേഹം ഇസ്രാഈല്യരിലേക്ക് റസൂലായിരിക്കുമെന്നും ഈ വചനങ്ങളിൽ തുടർന്നറിയിക്കുന്നു. മൂസാ(അ)നബിക്ക് അവതരിച്ച തൌറാത്ത് തന്നെയായിരുന്നു ഈസാ (അ)ന്റെ കാലത്തും പൊതുവേ അംഗീകരിക്കപ്പെട്ടിരുന്നത്. ഈസാ(അ)ക്ക് പ്രത്യേകമായി അവതരിക്കപ്പെട്ട വേദഗ്രന്ഥമാണ് ഇഞ്ചീൽ എന്ന സാക്ഷാൽ സുവിശേഷം. ഈ രണ്ട് ഗ്രന്ഥങ്ങളും ഈസാ (അ)ക്ക് ഹൃദിസ്ഥമായിരുന്നുവെന്ന് പറയ

പ്പെടുന്നു. ഈസാ(അ) ഇസ്രാഈൽ സമുദായത്തിലേക്ക് അയക്കപ്പെട്ട റസൂലായിരിന്നുവെന്നും, അന്ത്യപ്രവാചകനായ മുഹമ്മദ് (സ) തിരുമേനി വന്നശേഷം, ഇസ്രാഈല്യർ മുഴുവനും തിരുമേനിയെ പിൻപറ്റാൻ ബാദ്ധ്യസ്ഥരാണെന്നും സുവിശേഷത്തിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

ഓരോ കാലത്തും നിയോഗിക്കപ്പെടുന്ന റസൂലുകളുടെ സത്യത സ്ഥാപിക്കുന്നതിന് വേണ്ടി അവരുടെ കൈക്ക് അല്ലാഹു വെളിപ്പെടുത്താറുള്ള അമാനുഷിക ദൃഷ്ടാന്തങ്ങൾ (മുഅ്ജിസത്തുകൾ) അതതു കാലത്തെ ജനങ്ങളുടെ സ്ഥിതിഗതികൾക്കും, വിജ്ഞാനത്തിനുമനുസരിച്ചായിരിക്കും. സിഹ്റിന് വളരെ പ്രചാരമുണ്ടായിരുന്ന മൂസാ(അ)നബിയുടെ കാലത്ത് അദ്ദേഹത്തിന് നൽകപ്പെട്ട പ്രധാന ദൃഷ്ടാന്തങ്ങൾ സിഹ്റിനെ വെല്ലുന്നവയായിരുന്നു. നബി(സ) തിരുമേനിയുടെ കാലത്ത് സാഹിത്യത്തിന് വലിയ സ്ഥാനം കൽപ്പിക്കപ്പെട്ടിരുന്നു. തിരുമേനിക്ക് നൽകപ്പെട്ട പ്രധാന ദൃഷ്ടാന്തം സാഹിത്യകാരന്മാരെ വെല്ലുന്ന ഖുർആൻ ആകുന്നു. അത്പോലെ തത്വശാസ്ത്രം, വൈദ്യശാസ്ത്രം, എന്നിവ പുരോഗതി പ്രാപിച്ച ഈസാ (അ) നബിയുടെ കാലത്ത് അത്തരം കഴിവുകളെ വെല്ലുന്ന പ്രത്യേക ദൃഷ്ടാന്തങ്ങളായിരുന്നു. അദ്ദേഹത്തിന് നൽകപ്പെട്ടിരുന്നത്. പിതാവില്ലാതെയുള്ള അദ്ദേഹത്തിന്റെ ജനനത്തിൽ അസംഭവ്യതയൊന്നുമില്ല എന്ന് സ്ഥാപിക്കുന്നത് കൂടിയായിരുന്നു അദ്ദേഹത്തിന്റെ മുഅ്ജിസത്തുകൾ- അതെ, പ്രസ്തുത ദൃഷ്ടാന്തങ്ങൾ ഒരാളുടെ കൈക്ക് സംഭവിപ്പിക്കാൻ കഴിയുന്ന അല്ലാഹുവിന് ആ ആളെ സാധാരണ പതിവിൽ നിന്നും വിത്യസ്തമായി പിതാവില്ലാതെ ജനിപ്പിക്കാൻ കഴിയുമെന്നതിലുണ്ടോ വല്ല സംശയവും.

ഈസാ (അ) ന്റെ മുഅ്ജിസത്തുകളായി ഇവിടെ പ്രസ്താവിക്കപ്പെട്ട കാര്യങ്ങൾ ഇവയാകുന്നു.

(1) കളിമണ്ണ്കൊണ്ട് പക്ഷികളുടെ രൂപമുണ്ടാക്കി അതിൽ അദ്ദേഹം ഊതിയാൽ അത് പക്ഷിയായിത്തീരുക.

(2) ജന്മനാൽ തന്നെ അന്ധരായവരെയും മാറാരോഗികളെയും വെള്ളപ്പാണ്ടുകാരെയും സുഖപ്പെടുത്തുക.

(3) മരണപ്പെട്ടവരെ ജീവിപ്പിക്കുക

(4) മറഞ്ഞകാര്യങ്ങളെപ്പറ്റി പറയുക (ഉദാഹരണത്തിന് ജനങ്ങൾ തിന്നുന്നതും അവർ വീട്ടിൽ സൂക്ഷിച്ച് വക്കുന്നതുമായ വസ്തുക്കളെപറ്റി വിവരിക്കുക)

"നിങ്ങളുടെ റബ്ബിങ്കൽ നിന്ന് ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തവുമായി വന്നിരിക്കുന്നു." എന്നും "ഈ ദൃഷ്ടാന്തങ്ങൾ സംഭവിക്കുന്നത് അല്ലാഹുവിന്റെ അനുവാദപ്രകാരമാകുന്നു" എന്നും ഈസാ (അ) ആവർത്തിച്ചു പറയുകയും ചെയ്തിരിക്കുന്നു. സൂറത്തുൽ മാഇദ 110- ൽ ഈസാ(അ) നെ അഭിമുഖീകരിച്ച് കൊണ്ട് "ഈ ദൃഷ്ടാന്തങ്ങളെല്ലാം നീ ചെയ്യുന്നത് എന്റെ അനുവാദപ്രകാരമാണ്" എന്ന് അല്ലാഹു ആവർത്തിച്ച് പറഞ്ഞിരിക്കുന്നു.

ഈ വസ്തുത മനസ്സിലാക്കാതെ സമുദായത്തിലെ ചിലർ പ്രവാചകന്മാരും അല്ലാത്തവരുമായ പല മഹാന്മാർക്കും ദിവ്യത്വം കൽപ്പിക്കുകയും അങ്ങനെ ശിർക്ക് പരമായ അന്ധവിശ്വാസത്തിൽ മുഴുകി പോകുകയും ചെയ്യുന്നു. ആ മഹാത്മാക്കൾക്ക് അവർ ഉദ്ദേശിക്കുമ്പോഴൊക്കെ അസാധാരണ സംഭവങ്ങൾ കാണിക്കുവാനും ചില മറഞ്ഞ കാര്യങ്ങൾ അറിയുവാനും കഴിയുമെന്ന് അവർ ധരിച്ച് വശായിരിക്കുന്നു.

"ഒരു റസൂലിനും തന്നെ അല്ലാഹുവിന്റെ അനുവാദപ്രകാരമല്ലാതെ ഒരു ദൃഷ്ടാന്തവും കൊണ്ട് വരാനാകുകയില്ല." (റഅ്ദ് 38). പ്രവാചകന്മാരുടെ സ്ഥിതി ഇതാണെങ്കിൽ സമൂഹത്തിൽ ദിവ്യത്വം കൽപ്പിക്കപ്പെടുന്ന പ്രവാചകന്മാരല്ലാത്തവരുടെ അവസ്ഥ എന്താണെന്ന് ഇസ്ലാമിന്റെ അടിസ്ഥാനപ്രമാണങ്ങൾ അറിയാവുന്ന ഏവർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ.

ഈസാ(അ)ന്റെ രണ്ട് ദൗത്യങ്ങൾ അദ്ദേഹത്തിന്റെ പ്രസ്താവനയിൽ പ്രത്യേകം എടുത്ത് പറഞ്ഞിരിക്കുന്നു.

(ഒന്ന്) തന്റെ മുമ്പിലുള്ള തൗറാത്തിനെ സത്യപ്പെടുത്തിക്കൊണ്ട് അതിലെ നിയമ നടപടികളെ പുനർജ്ജീവിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക. അദ്ദേഹത്തിനവതരിച്ച ഇഞ്ചീൽ (സുവിശേഷം) ലെ ഉപദേശങ്ങളും താക്കീതുകളും മറ്റും പ്രചരിപ്പിക്കുക.

(രണ്ട്) ഇസ്രാഈല്യരുടെ മേൽ നിഷിദ്ധമാക്കപ്പെട്ടിരിക്കുന്ന ചില കാര്യങ്ങളെ അവർക്ക് അനുവദനീയമാക്കുക - യഹൂദികൾക്ക് അനുവദനീയമായിരുന്ന ചില വസ്തുക്കൾ അവരുടെ ധിക്കാരവും ആക്രമവും കാരണം അവർക്ക് നിഷിദ്ധമാക്കപ്പെട്ടതായി അല്ലാഹു 4 :160 ; 6:146 എന്നിവിടങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. നഖമുള്ള എല്ലാ വസ്തുക്കളും പശു, ആട് എന്നിവയുടെ കൊഴുപ്പുകളും അവർക്ക് നിഷിദ്ധമാക്കപ്പെട്ടവയിൽപ്പെടുന്നു. ഇങ്ങനെയുള്ള വല്ലതും ഈസാ(അ) ന്റെ കാലത്ത് അവർക്ക് അനുവദനീയമാക്കപ്പെട്ടിരിക്കാം.

അവസാനമായി “നിങ്ങളുടെ റബ്ബിങ്കൽ നിന്ന് ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തവും കൊണ്ട് വന്നിരിക്കുന്നു” എന്ന് പറഞ്ഞ് കൊണ്ടു നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണമെന്നും എന്നെ അനുസരിക്കണമെന്നും എന്റെയും നിങ്ങളുടെയും റബ്ബായ അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നു.

---

**വചനം 52 , 53 54**

۞ فَلَمَّآ أَحَسَّ عِيسَىٰ مِنۡهُمُ ٱلۡكُفۡرَ قَالَ
مَنۡ أَنصَارِيٓ إِلَى ٱللَّهِۖ قَالَ ٱلۡحَوَارِيُّونَ
نَحۡنُ أَنصَارُ ٱللَّهِ ءَامَنَّا بِٱللَّهِ وَٱشۡهَدۡ بِأَنَّا
مُسۡلِمُونَ ٥٢

رَبَّنَآ ءَامَنَّا بِمَآ أَنزَلۡتَ وَٱتَّبَعۡنَا ٱلرَّسُولَ
فَٱكۡتُبۡنَا مَعَ ٱلشَّٰهِدِينَ ٥٣

وَمَكَرُواْ وَمَكَرَ ٱللَّهُۖ وَٱللَّهُ خَيۡرُ ٱلۡمَٰكِرِينَ ٥٤

52 എന്നിട്ട് ഈസാ അവരിൽ (ഇസ്രാഈല്യരിൽ) നിന്ന് അവിശ്വാസത്തെ (അനുഭവത്തിൽ) അറിഞ്ഞപ്പോൾ, അദ്ദേഹം പറഞ്ഞു: “അല്ലാഹുവിങ്കലേക്കുള്ള (മാർഗ്ഗത്തിൽ) എൻെറ സഹായികൾ ആരുണ്ട്?” ‘ഹവാരീകൾ’പറഞ്ഞു: “ഞങ്ങൾ അല്ലാഹുവിൻെറ (മാർഗ്ഗത്തിൽ) സഹായികളാകുന്നു; ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ ‘മുസ്ലിംകളാകുന്നുവെന്ന് താങ്കൾ സാക്ഷ്യം വഹിക്കുകയും ചെയ്യണം.”

53 “ഞങ്ങളുടെ റബ്ബേ, നീ അവതരിപ്പിച്ചതിൽ ഞങ്ങൾ വിശ്വസിക്കുകയും, ഞങ്ങൾ റസൂലിനെ പിൻപറ്റുകയും ചെയ്തിരിക്കുന്നു. ആകയാൽ, നീ ഞങ്ങളെ സാക്ഷ്യം വഹിച്ചവരോടൊപ്പം രേഖപ്പെടുത്തേണമേ!”

54 അവർ (അവിശ്വാസികൾ) തന്ത്രം പ്രയോഗിച്ചു; അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. അല്ലാഹുവാകട്ടെ, തന്ത്രം പ്രയോഗിക്കുന്നവരിൽ ഉത്തമനാകുന്നു.

---

‘ഹവാരി’ കൾ എന്ന പദത്തിന്റെ വാക്കർത്ഥത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്, അവർ അലക്കുകാരായിരുന്നെന്നും മീൻപിടുത്തക്കാരായിരുന്നെന്നും പറയപ്പെടുന്നു. ഏതായാലും ‘സഹായികൾ’ എന്ന അർത്ഥത്തിൽ ആ വാക്ക് ഉപയോഗിക്കപ്പെടുന്നു.

ഇസ്രാഈല്യർ ഈസാ(അ) നബിയുടെ ദിവ്യദൗത്യം നിഷേധിക്കുക മാത്രമല്ല അദ്ദേഹത്തിന്റെ പേരിൽ വ്യാജ ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തു. അദ്ദേഹത്തെപറ്റി വ്യഭിചാരപുത്രൻ, ചെപ്പടിവിദ്യക്കാരൻ, രാജ്യദ്രോഹി, മതദ്രോഹി എന്നിങ്ങനെ പലതും ആരോപിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. ഈ അവസരത്തിൽ അല്ലാഹുവിങ്കലേക്കുള്ള മാർഗ്ഗത്തിൽ എന്നെ സഹായിക്കാൻ ആരാണുള്ളതെന്ന് ഈസ(അ) തന്റെ അനുയായികളോട് ചോദിച്ചു. കുറച്ചാളുകൾ മുന്നോട്ട് വന്ന് ഞങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സഹായിക്കുവാൻ തയ്യാറാണെന്ന അറിയിച്ചു. ഇവരാണ് ‘ഹവാരി’കൾ എന്ന പേരിൽ അറിയപ്പെടുന്നത്. ഇവർ പന്ത്രണ്ട് പേരാണെന്ന് പറയപ്പെടുന്നു. (അല്ലാഹുവിനറിയാം). ഞങ്ങൾ സത്യവിശ്വാസം സ്വീകരിച്ചവരാണെന്നും നബിയെ പിൻപറ്റിയ സത്യസാക്ഷികളിൽ തങ്ങളെ ഉൾപ്പെടുത്തണമേ എന്നും അവർ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്തു. ഈസാ(അ)നബിക്കെതിരെ വ്യാജ ആരോപങ്ങൾ വിജയിക്കാതെ വന്നപ്പോൾ അവിശ്വാസികൾ അദ്ദേഹത്തെ ക്രൂശിക്കാനും കൊലപ്പെടുത്താനും ശ്രമം നടത്തി,

ബൈബിളിൽ “കൂടെയുള്ളവർ അദ്ദേഹത്തെ ബന്ധിക്കുകയും മുൾക്കിരീടം ധരിപ്പിക്കുകയും കുരിശിൽ കയറ്റുകയും ചെയ്തു” എന്ന് പ്രസ്താവിച്ചതായി കാണാം. എന്നാൽ കുരിശു സംഭവത്തിന്റെ പര്യവസാനം മറ്റൊന്നായിരുന്നു. ഇസ്രാഈല്യർ ഒരാളെ പിടികൂടുകയും കുരിശിൽ തറച്ചതും ശരിതന്നെ. എന്നാൽ ആ ആൾ ഈസാ (അ) നബി ആയിരുന്നില്ല. അവരറിയാതെ അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തുകയാണുണ്ടായത്. “അവർ (അവിശ്വാസികൾ) തന്ത്രം പ്രയോഗിച്ചു അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. അല്ലാഹുവാകട്ടെ തന്ത്രം പ്രയോഗിക്കുന്നവരിൽ ഉത്തമനാകുന്നു.” അടുത്ത വചനത്തിൽ അല്ലാഹു പ്രയോഗിച്ച തന്ത്രമെന്തെന്ന് വിവരിക്കുന്നു.

**വിഭാഗം 6**

**വചനം 55, 56, 57**

55 (അതെ) അല്ലാഹു പറഞ്ഞ സന്ദർഭം: “ഈസാ, നിശ്ചയമായും, നിന്നെ ഞാൻ പൂർണ്ണമായി പിടിച്ചെടുക്കുകയും, നിന്നെ എൻെറ അടുക്കലേക്ക് ഉയർത്തുകയും ചെയ്യുന്നതാണ്. അവിശ്വസിച്ചവരിൽ നിന്ന് നിന്നെ (ഞാൻ) ശുദ്ധമാക്കുകയും, നിന്നെ പിൻപറ്റിയവരെ ഖിയാമത്തുനാൾ വരേക്കും അവിശ്വസിച്ചവരുടെ മീതെ ആ(ക്കിവെ) ക്കുകയും ചെയ്യുന്നതാണ്. പിന്നീട് എൻെറ അടുക്കലേക്കായിരിക്കും നിങ്ങളുടെ മടങ്ങിവരവ്. അപ്പോൾ നിങ്ങൾ ഭിന്നിച്ചുകൊണ്ടിരിക്കുന്ന കാര്യത്തിൽ, നിങ്ങൾക്കിടയിൽ ഞാൻ വിധി കൽപിക്കുന്ന താകുന്നു.

إِذْ قَالَ ٱللَّهُ يَٰعِيسَىٰٓ إِنِّى مُتَوَفِّيكَ وَرَافِعُكَ إِلَىَّ وَمُطَهِّرُكَ مِنَ ٱلَّذِينَ كَفَرُوا۟ وَجَاعِلُ ٱلَّذِينَ ٱتَّبَعُوكَ فَوْقَ ٱلَّذِينَ كَفَرُوٓا۟ إِلَىٰ يَوْمِ ٱلْقِيَٰمَةِ ۖ ثُمَّ إِلَىَّ مَرْجِعُكُمْ فَأَحْكُمُ بَيْنَكُمْ فِيمَا كُنتُمْ فِيهِ تَخْتَلِفُونَ ﴿٥٥﴾

56 ‘‘എന്നിട്ട് അപ്പോൾ, യാതൊരു കൂട്ടർ അവിശ്വസിച്ചുവോ അവരെ ഇഹത്തിലും, പരത്തിലും ഞാൻ കഠിനമായ ശിക്ഷ ശിക്ഷിക്കും; അവർക്കു സഹായികളായിട്ട് (ആരും ഉണ്ടാകുക) ഇല്ലതാനും.”

فَأَمَّا ٱلَّذِينَ كَفَرُوا۟ فَأُعَذِّبُهُمْ عَذَابًا شَدِيدًا فِى ٱلدُّنْيَا وَٱلْءَاخِرَةِ وَمَا لَهُم مِّن نَّٰصِرِينَ ﴿٥٦﴾

57 “എന്നാൽ, യാതൊരുകൂട്ടർ വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തുവോ അവർക്ക് അവൻ (അല്ലാഹു) അവരുടെ പ്രതിഫലങ്ങൾ പൂർത്തിയാക്കി കൊടുക്കുകയും ചെയ്യും. അല്ലാഹു, അക്രമികളെ സ്നേഹിക്കുകയില്ല.”

وَأَمَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ فَيُوَفِّيهِمْ أُجُورَهُمْ ۗ وَٱللَّهُ لَا يُحِبُّ ٱلظَّٰلِمِينَ ﴿٥٧﴾

---

ഈസാ(അ) നബിയെ കുരിശിൽ തറച്ചു മൃഗീയരൂപത്തിൽ വധിക്കുവാനായിരുന്നുവല്ലോ യഹൂദികൾ വട്ടം കൂട്ടിയിരുന്നത്. അവരിൽ നിന്ന് അദ്ദേഹത്തെ അല്ലാഹു രക്ഷിക്കുകയും അതെങ്ങനെയായിരിക്കുമെന്ന് ഈ വചനങ്ങളിലൂടെ അല്ലാഹു മുൻകൂട്ടി ഈസാ(അ) നബിയെ അറിയിക്കുകയും ചെയ്യുന്നു. “നിന്നെ നാം പൂർണ്ണമായി പിടിച്ചെടുക്കുകയും എന്റെ അടുക്കലേക്ക് ഉയർത്തുകയും ചെയ്യുന്നതാണ്.”

സൂറത്ത് നിസാഅ് 157:158 ൽ അല്ലാഹു പറയുന്നു: “ഉറപ്പായും അവർ അദ്ദേഹത്തെ കൊലപ്പെടുത്തി യിട്ടില്ല . അദ്ദേഹത്തെ അവർ ക്രൂശിച്ചിട്ടുമില്ല, പക്ഷെ അല്ലാഹു തന്റെ അടുക്കലേക്ക് അദ്ദേഹത്തെ ഉയർത്തു കയാണ് ചെയ്തത്. അല്ലാഹു പ്രതാപശാലിയും, അഗാധ ജ്ഞാനിയുമാകുന്നു.”

യഹൂദർ, അദ്ദേഹമെന്ന് ധരിച്ച് അദ്ദേഹത്തോട് രൂപസാദൃശ്യമുള്ള ഒരാളെ പിടിച്ച് ക്രൂശിക്കുകയാണ് ഉണ്ടായത്. അവർ കുരിശിലേറ്റിയത് അദ്ദേഹത്തെത്തന്നെയാണോ, എന്നുള്ള കാര്യം അവർക്ക് തന്നെ ഉറ പ്പില്ലെന്നുള്ള യാഥാർത്ഥ്യം ബൈബിളിന്റെ ചില പ്രസ്താവനകളിൽ നിന്ന് തന്നെ മനസ്സിലാകുന്നതാണ്.

“അല്ലാഹു തന്റെ അടുക്കലേക്ക് അദ്ദേഹത്തെ ഉയർത്തി” എന്ന് പറഞ്ഞതിന്റെ അർത്ഥം അദ്ദേഹ ത്തിന്റെ ആത്മാവിനെ പിടിച്ചെടുത്ത് കൊണ്ടുപോയി എന്നാണെന്നോ, അവന്റെ അടുക്കൽ അദ്ദേഹത്തിന് ഉന്നത പദവി നൽകി എന്നാണെന്നോ പറഞ്ഞ് തൃപ്തിപ്പെടുവാൻ ഒരു വിശ്വാസിക്ക് സാദ്ധ്യമല്ല. “അദ്ദേ ഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല, അദ്ദേഹത്തെ അവർ ക്രൂശിച്ചിട്ടുമില്ല” എന്നിങ്ങനെ സൂ: നിസാ ഇലെ 157-ാം വചനത്തിൽ “അദ്ദേഹത്തെ” എന്ന പ്രയോഗം കൊണ്ട് ജഡവും ആത്മാവും കൂടിയുള്ള ഈസാ(അ) നബിയെയാണ് ഉദ്ദേശ്യമെങ്കിൽ “അദ്ദേഹത്തെ അല്ലാഹു തന്റെ അടുക്കലേക്ക് ഉയർത്തി”

എന്ന സൂറ: നിസാഅ് 158-ാം വാക്യത്തിലെ സർവ്വനാമം കൊണ്ടും ജഡവും ആത്മാവുമുള്ള ഈസാ(അ)നബിയെയാണ് ഉയർത്തിയതെന്ന് സാമാന്യബുദ്ധിയുള്ള ആർക്കും മനസ്സിലാക്കാവുന്നതാണ്. അദ്ദേഹത്തെ ഉയർത്തി എന്നത് കൊണ്ട് ആകാശത്തേക്ക് ഉയർത്തിയ എന്നാണ് താൽപ്പര്യമെന്നത്രേ, പണ്ഡിതന്മാരുടെ പ്രബല അഭിപ്രായം. ഉപരിലോകത്തേക്ക് എന്ന് സാമാന്യമായി പറയാം.

ലോകാവസാന കാലത്ത് ഈസാ(അ) ഭൂമിയിൽ ഇറങ്ങിവരുമെന്നും ഇസ്‌ലാമിന്റെ നിയമനടപടികൾക്കനുസരിച്ച് അദ്ദേഹം നീതിന്യായം നടത്തുമെന്നും, ക്രിസ്ത്യാനികൾ കെട്ടിച്ചമച്ചുണ്ടാക്കിയ പല നടപടികളെയും അദ്ദേഹം എതിർക്കുമെന്നും നബി(സ) തിരുമേനി പ്രസ്താവിച്ചതായി ബുഖാരി(റ) മുസ്‌ലിം(റ) തുടങ്ങിയ മഹാന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനെ ബലപ്പെടുത്തുന്ന ചില സൂചനകൾ സൂ: നിസാഅ് 159 ലും സൂ: സുഖ്‌റുഫ് 61 ലും കാണാവുന്നതാണ്.

ഈസാ(അ)നബിക്ക് ക്രിസ്ത്യാനികൾ ദിവ്യത്വം കൽപിച്ച് അദ്ദേഹത്തെ ആരാധിക്കുന്നതിനെ ഖണ്ഡിച്ചുകൊണ്ട് ഈ സൂറത്തിലും മറ്റ് സൂറത്തുകളിലും പല വചനങ്ങളും കാണാവുന്നതാണ്. അദ്ദേഹത്തിന് ആരാധന അർപ്പിക്കാൻ അവർ പറയുന്ന പ്രധാന ന്യായങ്ങൾ മൂന്നെണ്ണമത്രെ. (1) അദ്ദേഹം പിതാവില്ലാതെ ജനിച്ചു (2) അദ്ദേഹത്തിന്റെ കൈക്ക് വെളിപ്പെട്ട അമാനുഷിക ദൃഷ്ടാന്തങ്ങൾ. (3) അദ്ദേഹം കുരിശിൽ തറച്ചു, കൊല്ലപ്പെട്ട ശേഷം മൂന്നാം ദിവസം ആകാശത്തേക്ക് ഉയർത്തപ്പെട്ടു എന്നുള്ളത്.

ഈ മൂന്നിൽ ഒന്നാമത്തേതിനെയും രണ്ടാമത്തേതിനേയും ഖുർആൻ നിഷേധിച്ചിട്ടില്ലെന്നു മാത്രമല്ല രണ്ടിനേയും സ്ഥാപിക്കുകയും വിശദീകരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. എന്നാൽ അതോടൊപ്പം തന്നെ, അക്കാരണങ്ങളാൽ അദ്ദേഹം ദൈവമോ ദൈവ പുത്രനോ ആകുന്നില്ലെന്നും, അതെല്ലാം അല്ലാഹുവിന്റെ കഴിവിൽ പെട്ടതും അവന്റെ പ്രവൃത്തിയുമാണെന്നും, ആകയാൽ അദ്ദേഹം അല്ലാഹുവിന്റെ സൃഷ്ടിയും അടിയാനും ആകുന്നുവെന്നും സമർത്ഥിച്ചിരിക്കുന്നു.

എന്നാൽ മൂന്നാമത്തെ ന്യായത്തെ,- അദ്ദേഹം ക്രൂശിച്ച് കൊല്ലപ്പെട്ട ശേഷം ഉയർത്തപ്പെട്ടുവെന്നതിനെ സംബന്ധിച്ച് അദ്ദേഹം ക്രൂശിക്കപ്പെടുകയോ, കൊല്ലപ്പെടുകയോ ചെയ്തിട്ടില്ലെന്ന് സ്പഷ്ടമാക്കുകയും, ഉയർത്തപ്പെട്ടുവെന്നതിനെ സ്ഥാപിക്കുകയുമാണ് ഖുർആൻ, "അവർ അദ്ദേഹത്തെ കൊലപ്പെടുത്തിയിട്ടുമില്ല, ക്രൂശിച്ചിട്ടുമില്ല." "എങ്കിലും അല്ലാഹു അദ്ദേഹത്തെ തന്റെ അടുക്കലേക്ക് ഉയർത്തുകയാണ് ചെയ്തത്." എന്നീ വചനങ്ങളിലൂടെ ചെയ്തിരിക്കുന്നത്. ഈസാ(അ) ആണെന്ന് തെറ്റിദ്ധരിച്ച് വേറെ ഒരാളെയാണ് അവർ കുരിശിൽ തറച്ച് കൊലപ്പെടുത്തിയത്.

"നിന്നെ പിൻപറ്റിയവരെ ഖിയാമത്ത് നാൾ വരേക്കും അവിശ്വസിച്ചവർക്ക് മീതെയാക്കി വെക്കുന്നതാണ്" എന്ന വചനത്തിൽ, പിൻപറ്റിയവർ എന്നത് കൃസ്ത്യാനികളെ ഉദ്ദേശിച്ചും (അദ്ദേഹത്തിന്റെ മാർഗത്തിൽ നിന്ന് അവർ പിഴച്ച് പോയിട്ടുണ്ടെങ്കിലും) അവിശ്വസിച്ചവർ എന്നത് യഹൂദികളെയും ഉദ്ദേശിച്ചാണെന്നാണ് ഒരു വീക്ഷണം. മറ്റൊരു വീക്ഷണപ്രകാരം, പിൻപറ്റിയവർ എന്നതു കൊണ്ട് ഈസാ(അ) ന്റെ സത്യമാർഗം തെറ്റിപ്പോകാതെ വിശ്വാസം നിലനിർത്തിപ്പോന്നവരെന്നാണെന്നും അല്ലാത്തവരെല്ലാം അവിശ്വസിച്ചവരാണെന്നുമാണ്. الله اعلم

---

**വചനം 58**

58 (നബിയേ) അത് (മേൽ വിവരിച്ചത്) ലക്ഷ്യങ്ങളും, യുക്തിമത്തായ ഉൽബോധനവുമായിക്കൊണ്ട് നാം നിനക്ക് ഓതികേൾപ്പിക്കുകയാണ്.

ذَٰلِكَ نَتْلُوهُ عَلَيْكَ مِنَ ٱلْءَايَٰتِ وَٱلذِّكْرِ ٱلْحَكِيمِ ﴿٥٨﴾

---

നബി(സ) തിരുമേനിയുടെ സത്യതക്കും, ഈസാ(അ) നെ സംബന്ധിച്ച സത്യാവസ്ഥ വേദക്കാർ മനസ്സിലാക്കുന്നതിനും, മതിയായ ലക്ഷ്യങ്ങളും ഖുർആന്റെ ഉദ്ബോധനങ്ങളുമായിക്കൊണ്ട്, നബി(സ)ക്ക് അല്ലാഹു അവതരിപ്പിച്ചുകൊടുക്കുന്നതാണ്. മേൽ പ്രസ്താവിച്ച വിവരങ്ങളൊക്കെ എന്നു സാരം.

**വചനം 59, 60**

59 നിശ്ചയമായും, ഈസായുടെ ഉപമ, അല്ലാഹുവിൻെറ അടുക്കൽ ആദമിൻെറ ഉപമ പോലെയാകുന്നു. (അതിൽ കവിഞ്ഞൊന്നുമില്ല.) (അതെ) അവൻ അദ്ദേഹത്തെ മണ്ണിനാൽ സൃഷ്ടിച്ചു

إِنَّ مَثَلَ عِيسَىٰ عِندَ ٱللَّهِ كَمَثَلِ ءَادَمَ ۖ خَلَقَهُۥ مِن تُرَابٍ ثُمَّ قَالَ لَهُۥ كُن

فَيَكُونُ ﴿٥٩﴾

(രൂപപ്പെടുത്തി); പിന്നീട് അതിനോട് 'ഉണ്ടാകുക'എന്ന് പറഞ്ഞു; അപ്പോള്‍ (അതാ) അതുണ്ടാകുന്നു!

ٱلْحَقُّ مِن رَّبِّكَ فَلَا تَكُن مِّنَ ٱلْمُمْتَرِينَ ﴿٦٠﴾

60 യഥാര്‍ത്ഥം, നിന്‍റെ റബ്ബിങ്കല്‍ നിന്നുള്ള താകുന്നു. ആകയാല്‍, നീ സന്ദേഹപ്പെടുന്ന വരുടെ കൂട്ടത്തിലായിത്തീരരുത്.

ഈസാ(അ)യുടെ ജനനം ഒരു മാതാവില്‍ നിന്നുമാണ്. ആ സ്ഥിതിക്ക് അതിനേക്കാള്‍ എത്രയോ പുതുമയും അത്ഭുതകരവുമാണ് മാതാവില്‍ നിന്നോ പിതാവില്‍ നിന്നോ അല്ലാതെയുള്ള മനുഷ്യരുടെ ആദ്യപിതാവായ ആദം (അ)ന്റെ സൃഷ്ടിപ്പ്. മണ്ണില്‍ നിന്ന് അല്ലാഹു അദ്ദേഹത്തെ രൂപപ്പെടുത്തുകയും, പിന്നീട് അതിനോട് മനുഷ്യനാവണമെന്ന് കല്‍പിക്കുകയും ചെയ്തു. അത് മനുഷ്യനായി തീര്‍ന്നു. ആ സ്ഥിതിക്ക്, ജനനത്തിലുണ്ടായ പ്രത്യേകത നിമിത്തം ദിവ്യത്വം കല്‍പിക്കപ്പെടുകയാണെങ്കില്‍, ഈസയേക്കാള്‍ ഉന്നത സ്ഥാനം കല്‍പ്പിക്കപ്പെടേണ്ടത് ആദമിനല്ലേ. അദ്ദേഹത്തിന് ആരും ദിവ്യത്വം കല്‍പ്പിക്കുന്നില്ലല്ലോ എന്ന് അല്ലാഹു വിശദീകരിക്കുന്നു.

നബി(സ)യോട് സന്ദേഹപ്പെടരുതെന്ന് കല്‍പ്പിച്ചത്, നബി(സ) സംശയിക്കാനിടയുള്ളത് കൊണ്ടല്ല- മറ്റുള്ളവര്‍ സംശയത്തിനധീനപ്പെടരുതെന്ന താക്കീതാണത്.

പ്രകൃതിവ്യവസ്ഥയുടെ സൃഷ്ടാവായ അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം മാറ്റം വരുത്തുവാന്‍ പാടില്ലാത്ത പ്രകൃതിനിയമം എന്നൊന്നില്ല എന്ന് സ്പഷ്ടമത്രെ. ഒരു കാര്യം ഉണ്ടാകണമെന്ന് അവന്‍ ഉദ്ദേശിച്ചാല്‍, അതുണ്ടാകണമെന്ന് അവന്‍ കല്‍പിക്കുകയേ വേണ്ടു- അതങ്ങുണ്ടാകുകയായി. ആണും പെണ്ണും കൂടാതെ അല്ലാഹു ആദം(അ) നെ സൃഷ്ടിച്ചു. പുരുഷബന്ധം കൂടാതെ ഈസാ(അ)നെ സൃഷ്ടിച്ചു. ആണില്‍ നിന്നും പെണ്ണില്‍ നിന്നുമായി മറ്റ് മനുഷ്യരുടെയെല്ലാം സൃഷ്ടിപ്പും നടന്നുവരുന്നു.

**വചനം 61, 62, 63**

فَمَنْ حَآجَّكَ فِيهِ مِنۢ بَعْدِ مَا جَآءَكَ مِنَ ٱلْعِلْمِ فَقُلْ تَعَالَوْا۟ نَدْعُ أَبْنَآءَنَا وَأَبْنَآءَكُمْ وَنِسَآءَنَا وَنِسَآءَكُمْ وَأَنفُسَنَا وَأَنفُسَكُمْ ثُمَّ نَبْتَهِلْ فَنَجْعَل لَّعْنَتَ ٱللَّهِ عَلَى ٱلْكَـٰذِبِينَ ﴿٦١﴾

61 ഇനി, നിനക്ക് അറിവ് വന്നുകിട്ടിയശേഷം, അതില്‍ (അദ്ദേഹത്തിന്‍റെ കാര്യത്തില്‍) നിന്നോട് വല്ലവരും (തര്‍ക്കിച്ച്) ന്യായവാദം നടത്തുന്നതായാല്‍, നീ പറയുക: "വരുവിന്‍, ഞങ്ങളുടെ പുത്രന്‍മാരെയും, നിങ്ങളുടെ പുത്രന്‍മാരെയും, ഞങ്ങളുടെ സ്ത്രീകളെയും, നിങ്ങളുടെ സ്ത്രീകളെയും ഞങ്ങളെത്തന്നെയും, നിങ്ങളെത്തന്നെയും നാം വിളിക്കുക; പിന്നെ നാം ഉള്ളഴിഞ്ഞു പ്രാര്‍ത്ഥിക്കുക; അങ്ങനെ, അല്ലാഹുവിന്‍റെ ശാപത്തെ നാം വ്യാജം പറയുന്നവരുടെ മേല്‍ ആ(ക്കുവാന്‍ പ്രാര്‍ത്ഥി) ക്കുക."

إِنَّ هَـٰذَا لَهُوَ ٱلْقَصَصُ ٱلْحَقُّ ۚ وَمَا مِنْ إِلَـٰهٍ إِلَّا ٱللَّهُ ۚ وَإِنَّ ٱللَّهَ لَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٦٢﴾

62 നിശ്ചയമായും, ഇതുതന്നെയാണ് യഥാര്‍ത്ഥമായ കഥാവിവരണം. അല്ലാഹു അല്ലാതെ യാതൊരു ആരാധ്യനും ഇല്ലതാനും. നിശ്ചയമായും, അല്ലാഹു തന്നെയാണ് അഗാധജ്ഞനായ പ്രതാപശാലിയും.

فَإِن تَوَلَّوْا۟ فَإِنَّ ٱللَّهَ عَلِيمٌۢ بِٱلْمُفْسِدِينَ ﴿٦٣﴾

63 എന്നിട്ട് അവര്‍ തിരിഞ്ഞുകളഞ്ഞെങ്കില്‍, നിശ്ചയമായും അല്ലാഹു, നാശകാരികളെപ്പറ്റി അറിയുന്നവനാകുന്നു. (ഇതവര്‍ ഓര്‍ത്തിരിക്കട്ടെ.)

ഈസാ(അ) നബിയുടെ യഥാർത്ഥ ചരിത്രം കഴിഞ്ഞ വചനങ്ങളിൽ വിശദമായി വിവരിച്ചു. അതെല്ലാം കേട്ടറിഞ്ഞ് മനസ്സിലാക്കിയിട്ടും അവിശ്വാസത്തിൽതന്നെ ഉറച്ച് നിൽക്കുന്ന കൃസ്തീയ നിവേദക സംഘത്തെ അല്ലാഹു ഒരു 'മുബാഹല'ക്ക് ആഹ്വാനം ചെയ്യുന്നതാണ് 61-ാം വചനത്തിൽ കാണുന്നത്. രണ്ട് കൂട്ടരും ഒരു മിച്ചുകൂടി നമ്മിൽ കള്ളവാദിയായവർക്ക് അല്ലാഹുവിന്റെ ശാപം ഏൽക്കട്ടെ എന്ന് എല്ലാവരും അല്ലാഹുവി നോട് അകമഴിഞ്ഞ് പ്രാർത്ഥിക്കുക എന്നത്രേ മുബാഹല കൊണ്ടുദ്ദേശ്യം. ഈ സൂറത്തിന്റെ ആരംഭത്തിൽ സൂചിപ്പിച്ച പോലെ, ആദ്യത്തെ എൺപതോളം വചനങ്ങൾ നജ്റാനിൽ നിന്ന് വന്ന കൃസ്തീയ നിവേദക സംഘത്തിന്റെ വരവിനെ തുടർന്ന് അവതരിച്ചതാണെന്നും, നബി(സ) അവരെ മുബാഹലക്ക് ക്ഷണിക്കു കയുണ്ടായെന്നും ആദ്യം അതിന് സമ്മതിച്ച്, പിന്നീടവർ ഒഴിഞ്ഞ് മാറുകയാണുണ്ടായതെന്നും നാം മുമ്പ് മനസ്സിലാക്കിയല്ലോ. അലി, ഫാതിമ, ഹസൻ, ഹുസൈൻ(റ) എന്നിവരെയും കൂട്ടിക്കൊണ്ട് നബി(സ) നിശ്ചിത സമയത്തും സ്ഥലത്തും തയ്യാറായി വന്നു. എന്നാൽ സത്യവാനായ പ്രവാചകൻ മുഹമ്മദുമായി മുബാഹല (ശാപപ്രാർത്ഥന) നടത്തുന്ന ജനത നാമാവശേഷമാകാതിരിക്കുകയില്ല എന്ന കൃസ്തീയ നേതാക്കളുടെ മുന്നറിയിപ്പുകാരണം അവർ അതിൽ നിന്ന് ഒഴിഞ്ഞ് മാറുകയും ചില സന്ധിവ്യവസ്ഥകൾ ചെയ്ത് തിരിച്ചു പോകുകയുമാണുണ്ടായത്.

സത്യം ഇതാണെന്ന് ബോധ്യപ്പെട്ടിട്ട് പിന്നെയും അത് സ്വീകരിക്കാതിരിക്കുകയും മുബാഹലയിൽ നിന്ന് ഒഴിഞ്ഞ് മാറുകയും ചെയ്യുന്നവർ നാശകാരികളും കുഴപ്പക്കാരുമാണെന്നും അവരുടെ പേരിൽ അല്ലാഹു വഴിയെ വേണ്ടുന്ന നടപടികൾ എടുത്തുകൊള്ളുമെന്നുമുള്ള താക്കീതാണ് 63-ാം വചനത്തിൽ അടങ്ങി യിരിക്കുന്നത്.

## വിഭാഗം 7

**വചനം 64**

قُلْ يَٰٓأَهْلَ ٱلْكِتَٰبِ تَعَالَوْا۟ إِلَىٰ كَلِمَةٍ سَوَآءٍۭ بَيْنَنَا وَبَيْنَكُمْ أَلَّا نَعْبُدَ إِلَّا ٱللَّهَ وَلَا نُشْرِكَ بِهِۦ شَيْـًٔا وَلَا يَتَّخِذَ بَعْضُنَا بَعْضًا أَرْبَابًا مِّن دُونِ ٱللَّهِ ۚ فَإِن تَوَلَّوْا۟ فَقُولُوا۟ ٱشْهَدُوا۟ بِأَنَّا مُسْلِمُونَ ﴿٦٤﴾

64 (നബിയേ) പറയുക: "വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായ ഒരു വാക്കിലേക്ക് (തത്വത്തിലേക്ക്) വരുവിൻ; അതായത്: അല്ലാഹുവിനെയല്ലാതെ നാം ആരാധിക്കാതി രിക്കുകയും, അവനോട് യാതൊന്നിനെയും നാം പങ്കുചേർക്കാതിരിക്കുകയും, നമ്മിൽ ചിലർ ചിലരെ അല്ലാഹുവിന് പുറമെ റബ്ബുകളാക്കാ തിരിക്കുകയും ചെയ്യുക എന്ന് (ഉള്ളതിലേക്ക്)." എന്നിട്ടവർ തിരിഞ്ഞുകളയുന്ന പക്ഷം, (അവരോട്) നിങ്ങൾ പറഞ്ഞുകൊള്ളുക: "ഞങ്ങൾ 'മുസ്ലിം കളാണ് (അല്ലാഹുവിന് കീഴൊതുങ്ങിയവരാണ്) എന്ന് നിങ്ങൾ സാക്ഷ്യം വഹിച്ചുകൊള്ളുവിൻ."

---

പ്രവാചകന്മാരുടെ അനുയായികളുടെ പാരമ്പര്യം പുലർത്തിപ്പോരുന്ന യഹൂദികളും കൃസ്ത്യാനികളും - اهل الكتاب (വേദക്കാർ)എന്നും അറിയപ്പെടുന്നു. അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും, അവന് യാതൊരു പങ്കുകാരേയും സമന്മാരേയും ഏർപ്പെടുത്തരുതെന്നും പ്രബോധനം ചെയ്യാത്ത ഒരു റസൂലും വേദഗ്രന്ഥവും ഇല്ല. ഈ അടിസ്ഥാന സിദ്ധാന്തം സ്വീകരിക്കാൻ ബാദ്ധ്യസ്ഥരായ വേദക്കാരെ അതിലേക്ക് ക്ഷണിക്കുവാൻ അല്ലാഹു നബി(സ)യോട് കൽപ്പിക്കുകയാണ്. ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായ വാക്ക് എന്ന് പറഞ്ഞത് മേൽപറഞ്ഞ തത്വങ്ങളെപ്പറ്റിയാകുന്നു.

'നമ്മിൽ ചിലർ ചിലരെ അല്ലാഹുവിന് പുറമെ റബ്ബുകളാക്കാതിരിക്കുകയും ചെയ്യുക' എന്ന തത്വത്തി ലൂടെ, മനുഷ്യരെല്ലാം അല്ലാഹുവിന്റെ സൃഷ്ടികളും അടിമകളുമായിരിക്കെ, മനുഷ്യരിൽ ചിലർ ചിലരെ റബ്ബു കളാക്കി വെക്കുന്നതിലെ അന്യായവും അനൗചിത്യവും അല്ലാഹു പഠിപ്പിക്കുന്നു. മനുഷ്യൻ മനുഷ്യനെ ആരാധിക്കലും, മനുഷ്യവ്യക്തികളിൽ ദിവ്യത്വം കൽപിക്കലും, അല്ലാഹുവിന്റെ കൽപനക്കെതിരിൽ മറ്റുള്ളവ രുടെ കൽപന അനുസരിക്കലും ഓരോ തരത്തിലുള്ള റബ്ബാക്കലിന്റെ വ്യത്യസ്ത രൂപങ്ങളാണ്.

സൂ: തൗബയിൽ അല്ലാഹു പറയുന്നു "വേദക്കാർ തങ്ങളുടെ പണ്ഡിതന്മാരെയും പുരോഹിതന്മാ രെയും റബ്ബുകളാക്കി തീർത്തു." (9:31) ഈ വചനത്തിന്റെ വിശദീകരണമായി നബി(സ) ഇപ്രകാരം പറഞ്ഞു:

“നിങ്ങൾ (കൃസ്ത്യാനികൾ) അവരെ ആരാധിച്ചു വരുന്നില്ലെങ്കിലും അവർ നിങ്ങൾക്ക് ചില കാര്യങ്ങൾ അനുവദനീയമാക്കിത്തരികയും, ചിലതിനെ അവർ നിങ്ങൾക്ക് നിഷിദ്ധമാക്കിത്തരികയും അത് നിങ്ങൾ സ്വീകരിക്കുകയും ചെയ്തില്ലേ? അത് തന്നെയാണ് റബ്ബുകളാക്കിത്തീർക്കുകയെന്നത്”

പുരോഹിതന്മാർ നിർമ്മിച്ചുണ്ടാക്കുന്ന നിയമങ്ങൾ മത നിയമങ്ങളായി ആചരിക്കുന്നത് ക്രിസ്ത്യാനികളുടെ പതിവായിരുന്നു. “പാതിരി പറഞ്ഞത് ക്രിസ്ത്യാനിക്ക് മതം” എന്നൊരു ശൈലി പോലും ഇതിൽ നിന്നുണ്ടായതാകുന്നു. മുസ്ലീംകളുടെ സ്ഥിതിയും ഇക്കാലത്ത് വ്യത്യസ്തമല്ല. ഏതെങ്കിലും ഒരു പ്രത്യേക പണ്ഡിതനോ മഹാനോ ഒരു വിഷയത്തെപ്പറ്റി വല്ലതും അഭിപ്രായപ്പെടുകയോ, പറയുകയോ ചെയ്താൽ അത് അല്ലാഹുവിന്റെ ഖുർആൻനും നബി(സ)യുടെ സുന്നത്തിനും എതിരാണെന്ന് വ്യക്തമായിരുന്നാലും ഇന്നയിന്ന വ്യക്തി പറഞ്ഞുവെന്ന ഒറ്റ കാരണത്താൽ മതവിധിയാക്കി അംഗീകരിക്കുന്ന സമ്പ്രദായം മുസ്ലീം സമുദായത്തിൽ വ്യാപകമായി പടർന്ന് പിടിച്ചിരിക്കുന്നു.

അത്തരം മുസ്ലീം ബഹുജനങ്ങളും, അവരെ വഴിപിഴപ്പിച്ച് മുതലെടുക്കുന്ന പണ്ഡിതന്മാരും ഈ ഖുർആൻ വചനവും നബിവചനവും ഒന്ന് മനസ്സിലാക്കിയിരുന്നെങ്കിൽ...!

ദൃഷ്ടാന്തങ്ങളും ന്യായങ്ങളും താക്കീതുകളും ഉപദേശങ്ങളും ഒന്നും തന്നെ കൃസ്തീയ സംഘത്തോടു ഫലിക്കുന്നില്ലെന്ന് കണ്ടപ്പോൾ അവസാനമായി “ഞങ്ങളിതാ അല്ലാഹുവിന് കീഴൊതുങ്ങിയ മുസ്ലീംകളാണെന്ന് സാക്ഷ്യം വഹിച്ചേക്കുക” എന്നു പറഞ്ഞുകൊണ്ട് അവരെ അവരുടെ പാട്ടിന് വിടാൻ അല്ലാഹു നബി(സ)യോട് കൽപ്പിക്കുന്നു.

---

**വചനം 65, 66, 67**

يَٰٓأَهۡلَ ٱلۡكِتَٰبِ لِمَ تُحَآجُّونَ فِيٓ إِبۡرَٰهِيمَ وَمَآ أُنزِلَتِ ٱلتَّوۡرَىٰةُ وَٱلۡإِنجِيلُ إِلَّا مِنۢ بَعۡدِهِۦٓۚ أَفَلَا تَعۡقِلُونَ ٦٥

65 വേദക്കാരേ, എന്തിനാണ് നിങ്ങൾ ഇബ്റാഹീമിന്റെ കാര്യത്തിൽ (തർക്കിച്ചു) ന്യായവാദം നടത്തുന്നത്? തൗറാത്തും, ഇഞ്ചീലും അദ്ദേഹത്തിന് ശേഷമല്ലാതെ ഇറക്കപ്പെട്ടിട്ടില്ലല്ലോ (എന്നിരിക്കെ)! അപ്പോൾ, നിങ്ങൾ ചിന്തിക്കുന്നില്ലേ?!

هَٰٓأَنتُمۡ هَٰٓؤُلَآءِ حَٰجَجۡتُمۡ فِيمَا لَكُم بِهِۦ عِلۡمٞ فَلِمَ تُحَآجُّونَ فِيمَا لَيۡسَ لَكُم بِهِۦ عِلۡمٞۚ وَٱللَّهُ يَعۡلَمُ وَأَنتُمۡ لَا تَعۡلَمُونَ ٦٦

66 ഹേ, നിങ്ങൾ (ഇതാ) ഇങ്ങിനെയുള്ളവരാകുന്നു: നിങ്ങൾക്ക് അറിവുള്ള കാര്യത്തിൽ നിങ്ങൾ (തർക്കിച്ചു) ന്യായവാദം നടത്തി! എന്നാൽ, നിങ്ങൾക്ക് അറിവില്ലാത്ത കാര്യത്തിൽ എന്തിനാണ് നിങ്ങൾ ന്യായവാദം നടത്തിക്കൊണ്ടിരിക്കുന്നത്?! അല്ലാഹു (എല്ലാം) അറിയുന്നു: നിങ്ങൾക്ക് അറിയുകയില്ലതാനും.

مَا كَانَ إِبۡرَٰهِيمُ يَهُودِيّٗا وَلَا نَصۡرَانِيّٗا وَلَٰكِن كَانَ حَنِيفٗا مُّسۡلِمٗا وَمَا كَانَ مِنَ ٱلۡمُشۡرِكِينَ ٦٧

67 ഇബ്റാഹീം ഒരു യഹൂദിയാകട്ടെ, ക്രിസ്ത്യാനിയാകട്ടെ, ആയിരുന്നില്ല. എങ്കിലും, അദ്ദേഹം ഒരു ശുദ്ധമനസ്കനും, ‘മുസ്‌ലിമും’(കീഴൊതുങ്ങിയവനും) ആയിരുന്നു: അദ്ദേഹം ‘മുശ്‌രിക്കു’ (ബഹുദൈവ വിശ്വാസി) കളിൽപെട്ടവനായിരുന്നതുമില്ല.

---

ഇബ്രാഹിം നബി(അ) തങ്ങളുടെ മതക്കാരനാണെന്ന് നജ്റാനിലെ കൃസ്തീയ സംഘവും യഹൂദികളും ചേർന്ന് നബി(സ)യുടെ അടുക്കൽ വെച്ച് തർക്കിക്കുകയുണ്ടായി. ഇരു കൂട്ടരെയും ആക്ഷേപിച്ചുകൊണ്ട് അല്ലാഹു പറയുന്നു : തൗറാത്തിന്റെ അനുയായികളാണ് യഹൂദികൾ; ഇഞ്ചീലിന്റെ അനുയായികളാണ് കൃസ്ത്യാനികൾ. ഇബ്രാഹിം(അ)ന്റെ കാലശേഷം വളരെ കഴിഞ്ഞിട്ടാണ് ആ രണ്ട് ഗ്രന്ഥങ്ങളുടെയും അവതരണം. എന്നിരിക്കെ രണ്ട് കൂട്ടരുടെയും വാദം പൊള്ളയും നിരർത്ഥകവുമാണല്ലോ. തങ്ങൾക്കറിയാത്ത വിഷയത്തിലാണവർ തർക്കവും ന്യായവാദവും നടത്തുന്നതെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. സത്യാവസ്ഥ അല്ലാഹുവിനാണ് അറിയുക എന്ന് ഉണർത്തിക്കൊണ്ട് അല്ലാഹു പറുയുന്നു: ഇബ്രാഹിം നബി(അ) യഹൂദനോ,

കൃസ്ത്യാനിയോ ആയിരുന്നില്ല; അറബികളെപ്പോലെ മുശ്രിക്കുകളുടെ കൂട്ടത്തിൽപെട്ട ആളുമായിരുന്നില്ല. അദ്ദേഹം ശുദ്ധഹൃദയനും അല്ലാഹുവിൽ വിശ്വസിച്ച് അവന് പൂർണമായും കീഴൊതുങ്ങി ജീവിച്ച് വന്ന ഒരു മുസ്ലിമുമായിരുന്നു.

---

**വചനം 68**

إِنَّ أَوْلَى ٱلنَّاسِ بِإِبْرَٰهِيمَ لَلَّذِينَ ٱتَّبَعُوهُ وَهَٰذَا ٱلنَّبِىُّ وَٱلَّذِينَ ءَامَنُوا۟ ۗ وَٱللَّهُ وَلِىُّ ٱلْمُؤْمِنِينَ ﴿٦٨﴾

68 നിശ്ചയമായും, മനുഷ്യരിൽ വെച്ച് ഇബ്റാഹീമിനോട് കൂടുതൽ (അടുപ്പ) ബന്ധമുള്ളവർ, അദ്ദേഹത്തെ പിൻപറ്റിയവരും, ഈ പ്രവാചകനും, വിശ്വസിച്ചിട്ടുള്ളവരും തന്നെയാണ്. അല്ലാഹു സത്യവിശ്വാസികളുടെ രക്ഷാധികാരി (അഥവാ സഹായി) യാകുന്നു.

---

ഇബ്രാഹിം(അ) സ്വീകരിച്ച് വന്ന മാർഗത്തിലും അദ്ദേഹത്തിന്റെ നടപടിക്രമങ്ങളിലും അദ്ദേഹത്തെ മാതൃകയാക്കി പിൻപറ്റിയവരാണ് ഈ പ്രവാചകനായ മുഹമ്മദ് നബി(സ)യും അദ്ദേഹത്തിൽ വിശ്വസിച്ചിട്ടുള്ള സത്യവിശ്വാസികളും; അല്ലാഹു സത്യവിശ്വാസികളുടെ രക്ഷാധികാരി (അഥവാ സഹായി) ആകുന്നു.

---

**വചനം 69, 70,71**

وَدَّت طَّآئِفَةٌ مِّنْ أَهْلِ ٱلْكِتَٰبِ لَوْ يُضِلُّونَكُمْ وَمَا يُضِلُّونَ إِلَّآ أَنفُسَهُمْ وَمَا يَشْعُرُونَ ﴿٦٩﴾

يَٰٓأَهْلَ ٱلْكِتَٰبِ لِمَ تَكْفُرُونَ بِـَٔايَٰتِ ٱللَّهِ وَأَنتُمْ تَشْهَدُونَ ﴿٧٠﴾

يَٰٓأَهْلَ ٱلْكِتَٰبِ لِمَ تَلْبِسُونَ ٱلْحَقَّ بِٱلْبَٰطِلِ وَتَكْتُمُونَ ٱلْحَقَّ وَأَنتُمْ تَعْلَمُونَ ﴿٧١﴾

69 (സത്യവിശ്വാസികളെ) വേദക്കാരിൽ നിന്നുള്ള ഒരു വിഭാഗം (ആളുകൾ) മോഹിക്കുകയാണ്, നിങ്ങളെ അവർ വഴിപിഴപ്പിച്ചിരുന്നെങ്കിൽ (കൊള്ളാമായിരുന്നു) എന്ന്! (വാസ്തവത്തിൽ) അവർ തങ്ങളെത്തന്നെയല്ലാതെ വഴിപിഴപ്പിക്കുന്നുമില്ല; (അത്) അവർ ഗ്രഹിക്കുന്നുമില്ല.

70 വേദക്കാരേ, അല്ലാഹുവിൻെറ 'ആയത്തു' (ലക്ഷ്യം)കളിൽ, (അവർക്ക് സത്യ) സാക്ഷ്യം വഹിച്ചുകൊണ്ടു (തന്നെ) നിങ്ങൾ അവിശ്വസിക്കുന്നത് എന്തിനാണ്?!

71 വേദക്കാരെ നിങ്ങൾ യഥാർത്ഥത്തെ അയഥാർത്ഥവുമായി കൂട്ടിക്കലർത്തുകയും അറിഞ്ഞും കൊണ്ടു(തന്നെ) യഥാർത്ഥത്തെ ഒളിച്ചുവെക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത് എന്തിനാണ്?!

---

നബി(സ)തിരുമേനിയുടെ സത്യതക്ക് തെളിവായി അവരുടെ വേദഗ്രന്ഥങ്ങളിലുള്ള ലക്ഷ്യങ്ങളെ മനസ്സിലാക്കുകയും, അതോടൊപ്പം അവയെ മൂടി വെക്കുകയും, സത്യാസത്യങ്ങളെ കൂട്ടിക്കുഴച്ച്, യഥാർത്ഥം വ്യക്തമാക്കാതിരിക്കുകയുമാണ് വേദക്കാർ ചെയ്യുന്നത്. എന്തിനാണ് ഇത്തരം അതിക്രമങ്ങൾ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതെന്ന് അവരെ അല്ലാഹു ആക്ഷേപിക്കുന്നു.

## വിഭാഗം: 8

**വചനം 72, 73. 74**

وَقَالَت طَّآئِفَةٌ مِّنْ أَهْلِ ٱلْكِتَٰبِ ءَامِنُوا۟

72 വേദക്കാരിൽ നിന്നുള്ള ഒരു വിഭാഗം (ആളുകൾ) പറയുകയാണ്: "(ഈ) വിശ്വസിച്ചവരുടെ

بِٱلَّذِىٓ أُنزِلَ عَلَى ٱلَّذِينَ ءَامَنُواْ وَجْهَ ٱلنَّهَارِ وَٱكْفُرُوٓاْ ءَاخِرَهُۥ لَعَلَّهُمْ يَرْجِعُونَ ﴿٧٢﴾

മേൽ അവതരിപ്പിക്കപ്പെട്ടതിൽ, പകലിൻെറ ആരംഭത്തിൽ നിങ്ങൾ വിശ്വസിക്കുവിൻ; അതിൻെറ അവസാനത്തിൽ നിങ്ങൾ (അങ്ങ്) അവിശ്വസിക്കുകയും ചെയ്യുവിൻ. (എന്നാൽ) അവർ മടങ്ങിയേക്കാം;"

وَلَا تُؤْمِنُوٓاْ إِلَّا لِمَن تَبِعَ دِينَكُمْ قُلْ إِنَّ ٱلْهُدَىٰ هُدَى ٱللَّهِ أَن يُؤْتَىٰٓ أَحَدٌ مِّثْلَ مَآ أُوتِيتُمْ أَوْ يُحَآجُّوكُمْ عِندَ رَبِّكُمْ ۗ قُلْ إِنَّ ٱلْفَضْلَ بِيَدِ ٱللَّهِ يُؤْتِيهِ مَن يَشَآءُ ۗ وَٱللَّهُ وَٰسِعٌ عَلِيمٌ ﴿٧٣﴾

73 "നിങ്ങളുടെ മതത്തെ പിൻതുടർന്നവരെയല്ലാതെ നിങ്ങൾ വിശ്വസിക്കുകയും ചെയ്യരുത്'' (നബിയേ) പറയുക: ''നിശ്ചയമായും, അല്ലാഹുവിൻെറ മാർഗ്ഗദർശനമത്രെ, (യഥാർത്ഥ) മാഗ്ഗദർശനം. (അതെ) നിങ്ങൾക്ക് നൽകപ്പെട്ടതുപോലെ, (വേറെ) വല്ല ഒരാൾക്കും നൽകപ്പെടുന്നതിനാൽ; അല്ലെങ്കിൽ, നിങ്ങളുടെ റബ്ബിങ്കൽ വെച്ച് അവർ നിങ്ങളോടു ന്യായവാദം ചെയ്യുമെന്നതിനാൽ." പറയുക: "നിശ്ചയമായും അനുഗ്രഹം അല്ലാഹുവിൻെറ കൈവശമത്രെ (ഉള്ളത്.) അവൻ ഉദ്ദേശിക്കുന്നവർക്ക് അത് അവൻ നൽകുന്നു. അല്ലാഹു, വിശാലനും, (എല്ലാം) അറിയുന്നവനുമാകുന്നു."

يَخْتَصُّ بِرَحْمَتِهِۦ مَن يَشَآءُ ۗ وَٱللَّهُ ذُو ٱلْفَضْلِ ٱلْعَظِيمِ ﴿٧٤﴾

74 അവൻ ഉദ്ദേശിക്കുന്നവരെ തൻെറ കാരുണ്യം കൊണ്ട് അവൻ പ്രത്യേകപ്പെടുത്തുന്നു. അല്ലാഹു, മഹത്തായ അനുഗ്രഹമുള്ളവനത്രെ."

---

വേദക്കാർ - വിശേഷിച്ചു യഹൂദികൾ - സത്യവിശ്വാസികളെ വഴി തെറ്റിക്കാനായി തയ്യാറാക്കിയ ഗൂഢ പരിപാടിയാണ് 72-ാം വചനത്തിൽ അല്ലാഹു വെളിപ്പെടുത്തുന്നത്. തങ്ങളിൽ പെട്ട ചിലരെ ശട്ടം കെട്ടി രാവിലെ മുസ്ലിമായി വേഷമണിഞ്ഞ്, സത്യവിശ്വാസികളുമായി ഇടപഴകി, വൈകുന്നേരമാകുമ്പോൾ ഇസ്ലാംമതത്തെ തള്ളിപ്പറഞ്ഞുകൊണ്ട് ഇസ്ലാമിൽ നിന്നും സ്വയം ഭൃഷ്ടാകുക. വേദഗ്രന്ഥവുമായി പരിചയമുള്ള ഇവർ ഇസ്ലാമിനെ ഇപ്രകാരം അവമതിക്കാൻ ശ്രമിക്കുമ്പോൾ, ദുർബ്ബലരായ ചില സത്യവിശ്വാസികളെങ്കിലും ഇസ്ലാമിൽ നിന്ന് വിട്ട്പോകാൻ കാരണമാകുകയും, അങ്ങനെ ജനമദ്ധ്യെ ആശയക്കുഴപ്പമുണ്ടാക്കാമെന്നൊക്കെയാണവരുടെ കണക്ക്കൂട്ടൽ. നിങ്ങളുടെ മതനടപടികൾക്കെതിരെ ആരെന്ത് പറഞ്ഞാലും വിശ്വസിക്കരുതെന്നും അവർ ഇത്തരം കോമരങ്ങളോട് പ്രത്യേകം ഉപദേശിക്കുമായിരുന്നു.

അവരുടെ ഗൂഢതന്ത്രം തുറന്ന് കാട്ടുകമാത്രമല്ല അത്കൊണ്ടൊന്നും ഒരു പ്രയോജനവും അവർക്ക് ലഭിക്കാൻ പോകുന്നില്ലെന്നും അവരെ തെര്യപ്പെടുത്താൻ അല്ലാഹു നബി(സ)യോട് കൽപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു വളരെ വിശാലനും എല്ലാം അറിയുന്നവനുമാകുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ അനുഗ്രഹിക്കും; കാരുണ്യം ചൊരിഞ്ഞ് കൊടുക്കും. വേദക്കാർക്ക് ലഭിച്ചത് പോലെ മറ്റൊരു കൂട്ടർക്ക് (മുസ്ലീംകൾക്ക്) വേദഗ്രന്ഥവും പ്രവാചകനും വന്ന് കിട്ടിയതിൽ അവർ അസൂയാലുക്കളാകുന്നു. അവർ അറിഞ്ഞ് കൊണ്ട് തന്നെ സത്യത്തെ നിഷേധിച്ചവരാണെന്ന് സത്യവിശ്വാസികൾ അല്ലാഹുവിന്റെ മുമ്പിൽ വെച്ച് ന്യായവാദം ചെയ്ത് സമർത്ഥിക്കുമെന്നവർ ഭയപ്പെടുകയും ചെയ്യുന്നു. ഇതൊക്കെ കാരണമാണ് ഇത്തരം നീച പ്രവർത്തികൾക്ക് അവരെ പ്രേരിപ്പിക്കുന്നത്.

**വചനം 75, 76**

۞ وَمِنْ أَهْلِ ٱلْكِتَٰبِ مَنْ إِن تَأْمَنْهُ

75 വേദക്കാരിലുണ്ട് ചിലർ: ഒരു 'ഖിൻത്വാറി നെ (കൂമ്പാരത്തെ) സംബന്ധിച്ച് നീ അവരെ

بِقِنطَارٍ يُؤَدِّهِۦٓ إِلَيْكَ وَمِنْهُم مَّنْ إِن تَأْمَنْهُ بِدِينَارٍ لَّا يُؤَدِّهِۦٓ إِلَيْكَ إِلَّا مَا دُمْتَ عَلَيْهِ قَآئِمًا ۗ ذَٰلِكَ بِأَنَّهُمْ قَالُوا۟ لَيْسَ عَلَيْنَا فِى ٱلْأُمِّيِّـۧنَ سَبِيلٌ وَيَقُولُونَ عَلَى ٱللَّهِ ٱلْكَذِبَ وَهُمْ يَعْلَمُونَ ﴿٧٥﴾

വിശ്വസിച്ചാൽ അവർ നിനക്കത് തന്നുതീർക്കും. അവരിലുണ്ട്(വേറെ) ചിലരും; ഒരു 'ദീനാറിനെ (പൊൻപണത്തെ) സംബന്ധിച്ച് നീ അവരെ വിശ്വസിച്ചാൽ-അവരിൽ (അവരെ തിരക്കിക്കൊണ്ട്) നീ നിലകൊള്ളുന്നവനായിരുന്നാലല്ലാതെ-അവർ നിനക്കത് തന്നു തീർക്കുകയില്ല. "(വേദക്കാരല്ലാത്ത) നിരക്ഷരരുടെ കാര്യത്തിൽ, ഞങ്ങളുടെ മേൽ (ബാധ്യതയുണ്ടാവാൻ) ഒരു മാർഗ്ഗവുമില്ല," എന്ന് അവർ പറയുന്നത് നിമിത്തമത്രെ അത്. അവർ അറിഞ്ഞുകൊണ്ടു (തന്നെ) അല്ലാഹുവിൻെറ മേൽ വ്യാജം പറയുകയും ചെയ്യുന്നു.

بَلَىٰ مَنْ أَوْفَىٰ بِعَهْدِهِۦ وَٱتَّقَىٰ فَإِنَّ ٱللَّهَ يُحِبُّ ٱلْمُتَّقِينَ ﴿٧٦﴾

76 അങ്ങനെയല്ല, യാതൊരുവൻ തൻെറ കരാർ നിറവേറ്റുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്തുവോ, എന്നാൽ, (ആ) സൂക്ഷ്മത പാലിക്കുന്നവരെ നിശ്ചയമായും അല്ലാഹു സ്നേഹിക്കും.

- - - - - - - - - - - - - - - - - - - - - - - - - - - - - - - -

വേദക്കാരിൽ പെട്ട എല്ലാവരും ഒരുപോലെ ദുഷിച്ചവരല്ല. വളരെയധികം ധനം വിശ്വസിച്ചേൽപിച്ചാൽ പോലും തക്കസമയം മടക്കിത്തരുന്ന നല്ല മനസ്ഥിതിക്കാരും അവരിലുണ്ട്. നേരെ മറിച്ച്, ഒരു പൊൻപണം പോലും വിശ്വസിച്ച് കൊടുത്താൽ, തിരക്കിക്കൊണ്ടിരുന്നില്ലെങ്കിൽ തിരിച്ച് തരുവാൻ കൂട്ടാക്കാത്ത ആളുകളും അവരിലുണ്ട്. വേദക്കാരല്ലാത്ത നിരക്ഷരരുടെ കാര്യത്തിൽ ബാധ്യത നിറവേറ്റണമെന്നത് നിർബ്ബന്ധമില്ലെന്നും, സ്വസമുദായത്തിൽപെട്ടവരോടുള്ള കടമകൾ പാലിക്കലേ കടമയുള്ളൂ എന്നുമൊക്കെ അല്ലാഹുവിന്റെ പേരിൽ അവർ വ്യാജവാദം പറഞ്ഞുപോന്നു. എന്നാൽ സ്വസമുദായമെന്നോ, അന്യസമുദായമെന്നോ വ്യത്യാസമില്ലാതെ കരാറുകൾ നിറവേറ്റുകയും സൂക്ഷ്മതപാലിക്കുകയും ചെയ്യുന്നവരെയാണ് അല്ലാഹു സ്നേഹിക്കുകയെന്ന് അല്ലാഹു തുടർന്ന് പറയുന്നു.

---

<u>വചനം 77</u>

إِنَّ ٱلَّذِينَ يَشْتَرُونَ بِعَهْدِ ٱللَّهِ وَأَيْمَٰنِهِمْ ثَمَنًا قَلِيلًا أُو۟لَٰٓئِكَ لَا خَلَٰقَ لَهُمْ فِى ٱلْءَاخِرَةِ وَلَا يُكَلِّمُهُمُ ٱللَّهُ وَلَا يَنظُرُ إِلَيْهِمْ يَوْمَ ٱلْقِيَٰمَةِ وَلَا يُزَكِّيهِمْ وَلَهُمْ عَذَابٌ أَلِيمٌ ﴿٧٧﴾

77 നിശ്ചയമായും, അല്ലാഹുവിനോടുള്ള കരാറിനും (പ്രതിജ്ഞക്കും), തങ്ങളുടെ സത്യ (ശപഥ) ങ്ങൾക്കും തുച്ഛമായ വിലവാങ്ങുന്നവർ, അക്കൂട്ടർ, അവർക്ക് പരലോകത്തിൽ യാതൊരു ഓഹരിയുമില്ല; ഖിയാമത്തുനാളിൽ അല്ലാഹു അവരോട് സംസാരിക്കുകയുമില്ല: അവരുടെ നേരെ നോക്കുകയുമില്ല; അവരെ സംസ്കരി (ച്ചു നന്നാ)ക്കുകയുമില്ല; അവർക്കു വേദനയേറിയ ശിക്ഷയുമുണ്ടായിരിക്കും.

- - - - - - - - - - - - - - - - - - - - - - - - - - - - - - - -

നബി(സ)യിൽ വിശ്വസിക്കുക, അവിടുത്തെ മാർഗം പിൻപറ്റുക എന്നിങ്ങനെയുള്ള നിശ്ചയവും പ്രതിജ്ഞയുമാണ് അല്ലാഹുവിനോടുള്ള കരാർ (**عهد الله**) എന്നത് കൊണ്ട് പ്രധാനമായും ഉദ്ദേശ്യം. (അൽബഖറ : 27 വിവരണം നോക്കുക). പ്രസ്തുത കരാറും ശപഥങ്ങളും നിറവേറ്റാതെ നിസ്സാരമായ വില-ഐഹികമായ കാര്യങ്ങൾ - കൊണ്ട് തൃപ്തിപ്പെടുന്നവർക്ക് പരലോകത്ത് യാതൊരു രക്ഷയും ലഭിക്കുയില്ലെന്നും, അതികഠിനമായ ശിക്ഷ അവർ അനുഭവിക്കേണ്ടി വരുമെന്നും, അല്ലാഹു താക്കീത് നൽകുന്നു. അവരോട് അല്ലാഹു സംസാരിക്കുകയില്ലെന്നും അവരുടെ നേരെ നോക്കുകയില്ലെന്നും പറഞ്ഞത് അല്ലാഹുവിന് അത്തരക്കാരോടുള്ള അമർഷത്തിന്റെ ഗൗരവത്തെ കാണിക്കുന്നു.

**വചനം 78**

78 നിശ്ചയമായും, അവരിൽ തന്നെ (വേറെ) ഒരു കക്ഷിയുമുണ്ട്: വേദഗ്രന്ഥത്തി (ൻെറ വായനയി)ൽ തങ്ങളുടെ നാവുകളെ അവർ വളച്ചുതിരിക്കും, അത് വേദഗ്രന്ഥത്തിൽ പെട്ടതെന്ന് നിങ്ങൾ ഗണിക്കുവാൻ വേണ്ടി. അത് വേദഗ്രന്ഥത്തിൽ പെട്ടതല്ലതാനും. "അത് അല്ലാഹുവിൻെറ പക്കൽ നിന്നുള്ളതാണ്" എന്ന് അവർ പറയുകയും ചെയ്യും. അത് അല്ലാഹുവിൻെറ പക്കൽ നിന്നുള്ളതല്ലതാനും. അവർ അറിഞ്ഞുകൊണ്ടു (തന്നെ) അല്ലാഹുവിൻെറ പേരിൽ വ്യാജം പറയുകയും ചെയ്യുന്നു.

وَإِنَّ مِنۡهُمۡ لَفَرِيقٗا يَلۡوُۥنَ أَلۡسِنَتَهُم بِٱلۡكِتَٰبِ لِتَحۡسَبُوهُ مِنَ ٱلۡكِتَٰبِ وَمَا هُوَ مِنَ ٱلۡكِتَٰبِ وَيَقُولُونَ هُوَ مِنۡ عِندِ ٱللَّهِ وَمَا هُوَ مِنۡ عِندِ ٱللَّهِ وَيَقُولُونَ عَلَى ٱللَّهِ ٱلۡكَذِبَ وَهُمۡ يَعۡلَمُونَ ٧٨

---

യഹൂദി പണ്ഡിതന്മാർ വേദഗ്രന്ഥം വായിച്ച് കേൾപ്പിക്കുമ്പോൾ തങ്ങളുടെ സ്വാർത്ഥ താൽപര്യങ്ങൾക്കൊത്ത അർത്ഥം വരത്തക്കവണ്ണം അക്ഷരങ്ങളും പദങ്ങളും മാറ്റിമറിച്ച്, തങ്ങൾ വായിക്കുന്നതെല്ലാം വേദഗ്രന്ഥത്തിലെ പ്രസ്താവനകളും, അല്ലാഹുവിന്റെ വചനങ്ങളുമാണെന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നു. ഇത് അല്ലാഹുവിന്റെ പേരിൽ തനി വ്യാജം കെട്ടിപ്പറയലാണെന്ന് പറയേണ്ടതില്ലല്ലോ.

ഏതാണ്ട് ഇതുപോലെയുള്ള കൃത്രിമങ്ങൾ സ്വാർത്ഥ തൽപരരായ ചില മുസ്ലീം പണ്ഡിതന്മാരും കാണിക്കാറുള്ളതാണല്ലോ. ഖുർആനിന്റെ അക്ഷരങ്ങളും പദങ്ങളും മാറ്റി മറിക്കാൻ സാധ്യമല്ലാത്തതിനാൽ, അവർ അതിലെ വാക്കുകൾക്കും വാക്യങ്ങൾക്കും ദുർവ്യാഖ്യാനം ചമച്ച്, അത് ഖുർആന്റെ വ്യാഖ്യാനമായി സമർത്ഥിക്കുന്നു. ഇത്തരെ ആൾക്കാരെക്കുറിച്ച് അൽബഖറ : 79 വചനത്തിൽ അല്ലാഹു കഠിനമായി താക്കീത് നൽകിയിരിക്കുന്നു.

---

**വചനം 79,80**

79 ഒരു മനുഷ്യന്നും (തന്നെ) ഉണ്ടാകുകയില്ല, അല്ലാഹു അദ്ദേഹത്തിനു വേദഗ്രന്ഥവും, വിധികർത്തൃത്വവും (അഥവാ വിജ്ഞാനവും), പ്രവാചകത്വവും നൽകുക: പിന്നീട് അദ്ദേഹം മനുഷ്യരോട്: "നിങ്ങൾ അല്ലാഹുവിന്നല്ലാതെ -എനിക്ക്-അടിയാൻമാരായിരിക്കുവിൻ" എന്ന് പറയുകയും ചെയ്യുക. (ഇതു രണ്ടും കൂടി ഒരിക്കലും സംഭവിക്കുകയില്ല) എങ്കിലും "നിങ്ങൾ വേദഗ്രന്ഥം പഠിപ്പിച്ചു വരുന്നതു കൊണ്ടും, നിങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടും നിങ്ങൾ 'റബ്ബാനീകൾ'(മതോപദേഷ്ടാക്കൾ) ആയിത്തീരുവിൻ" എന്നായിരിക്കും (അദ്ദേഹം പറയുക).

مَا كَانَ لِبَشَرٍ أَن يُؤۡتِيَهُ ٱللَّهُ ٱلۡكِتَٰبَ وَٱلۡحُكۡمَ وَٱلنُّبُوَّةَ ثُمَّ يَقُولَ لِلنَّاسِ كُونُواْ عِبَادٗا لِّي مِن دُونِ ٱللَّهِ وَلَٰكِن كُونُواْ رَبَّٰنِيِّـۧنَ بِمَا كُنتُمۡ تُعَلِّمُونَ ٱلۡكِتَٰبَ وَبِمَا كُنتُمۡ تَدۡرُسُونَ ٧٩

80 നിങ്ങൾ മലക്കുകളെയും, നബിമാരെയും റബ്ബുകളായി സ്വീകരിക്കുവാൻ അദ്ദേഹം നിങ്ങളോട് കൽപിക്കുകയും (ഉണ്ടാകുക) ഇല്ല .നിങ്ങൾ മുസ്ലിംകൾ (അല്ലാഹുവിന്നു കീഴൊതുങ്ങിയവർ) ആയിട്ടുള്ളതിനുശേഷം, നിങ്ങളോട് അവിശ്വാസത്തിന് അദ്ദേഹം കൽപിക്കുകയോ?!

وَلَا يَأۡمُرَكُمۡ أَن تَتَّخِذُواْ ٱلۡمَلَٰٓئِكَةَ وَٱلنَّبِيِّـۧنَ أَرۡبَابًاۗ أَيَأۡمُرُكُم بِٱلۡكُفۡرِ بَعۡدَ إِذۡ أَنتُم مُّسۡلِمُونَ ٨٠

വേദഗ്രന്ഥവും വിജ്ഞാനവും പ്രവാചകത്വവും ലഭിച്ച ഒരു മനുഷ്യൻ, നിങ്ങൾ എന്നെ ആരാധിക്കുന്ന അടിയാന്മാരായിരിക്കണമെന്ന് ജനങ്ങളോട് പറയുവാൻ ഒരിക്കലും പാടില്ല; അങ്ങനെ സംഭവിക്കുകയുമില്ല. നേരെ മറിച്ച് വേദഗ്രന്ഥം പഠിച്ചും, മറ്റുള്ളവരെ പഠിപ്പിച്ചും ഉപദേശിച്ചും അല്ലാഹുവിനെ അനുസരിച്ചും കൊണ്ടിരിക്കുന്ന വേദവിജ്ഞാനികളായിത്തീരണം നിങ്ങൾ എന്നേ അവർ പറയുകയുള്ളൂ. അല്ലാഹുവിനെയല്ലാതെ, മലക്കുകളെയോ നബിമാരെയോ റബ്ബുകളായി സ്വീകരിക്കാനോ, നിങ്ങൾ അല്ലാഹുവിന് കീഴൊതുങ്ങിയ മുസ്ലീംകളായി കഴിഞ്ഞശേഷം പിന്നീട് അതിനു കടകവിരുദ്ധമായി കുഫ്റും ശിർക്കും സ്വീകരിക്കാനോ അവരെങ്ങനെ ഉപദേശിക്കും. അതൊന്നും ഒരിക്കലും സംഭവിക്കാൻ പോകുന്നില്ല.

ഈസാ(അ) നബിയെ റബ്ബായി ഗണിച്ച് ആരാധിക്കുന്ന കൃസ്ത്യാനികളെയും, അല്ലാഹു അല്ലാത്തവർക്ക് ദിവ്യത്വം കൽപിക്കുകയും ആരാധന അർപ്പിക്കുകയും ചെയ്യുന്ന എല്ലാവരെയും ആക്ഷേപിച്ചുകൊണ്ടുള്ളതാണീ വചനങ്ങൾ. മലക്കുകൾക്കും പ്രവാചകന്മാർക്കു പോലും ദിവ്യസ്ഥാനം കൽപിക്കപ്പെടാൻ പാടില്ലെങ്കിൽ, പ്രവാചകന്മാരുടെ അനുയായികളായ പണ്ഡിതന്മാർ, പുരോഹിതന്മാർ, ശൈഖന്മാർ, മഹാന്മാർ തുടങ്ങിയവർക്ക് ദിവ്യത്വപദവി നൽകി റബ്ബുകളാക്കാൻ പാടില്ലെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. റബ്ബുകളാക്കുക എന്നത് ഏതെല്ലാം വിധത്തിലാകാമെന്ന് വചനം 64 ൽ വിശദമാക്കിയിട്ടുണ്ട്.

## വിഭാഗം: 9

**വചനം 81 , 82**

وَإِذْ أَخَذَ ٱللَّهُ مِيثَٰقَ ٱلنَّبِيِّـۧنَ لَمَآ ءَاتَيْتُكُم مِّن كِتَٰبٍ وَحِكْمَةٍ ثُمَّ جَآءَكُمْ رَسُولٌ مُّصَدِّقٌ لِّمَا مَعَكُمْ لَتُؤْمِنُنَّ بِهِۦ وَلَتَنصُرُنَّهُۥ ۚ قَالَ ءَأَقْرَرْتُمْ وَأَخَذْتُمْ عَلَىٰ ذَٰلِكُمْ إِصْرِى ۖ قَالُوٓا۟ أَقْرَرْنَا ۚ قَالَ فَٱشْهَدُوا۟ وَأَنَا۠ مَعَكُم مِّنَ ٱلشَّٰهِدِينَ ﴿٨١﴾

81 അല്ലാഹു പ്രവാചകൻമാരുടെ ഉറപ്പുവാങ്ങിയ സന്ദർഭം (ഓർക്കുക): വേദഗ്രന്ഥമായും, വിജ്ഞാനമായും ഞാൻ നിങ്ങൾക്ക് വല്ലതും നൽകുകയും, പിന്നീട്, നിങ്ങളുടെ കൂടെയുള്ളതിനെ സത്യമാക്കുന്ന ഒരു റസൂൽ നിങ്ങളിൽ വരുകയും ചെയ്താൽ, തീർച്ചയായും, നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹത്തെ സഹായിക്കുകയും ചെയ്യുമെന്ന്. അവൻ (അവരോട്) പറഞ്ഞു: “നിങ്ങൾ (ഏറ്റു) സമ്മതിക്കുകയും, അതിനെക്കുറിച്ച് എൻെറ ബാധ്യത (എന്നോടുള്ള കരാറിൻെറ ബാധ്യത) നിങ്ങൾ (ഏറ്റ്) എടുക്കുകയും ചെയ്തുവോ?” അവർ പറഞ്ഞു: ‘‘ഞങ്ങൾ (ഏറ്റു) സമ്മതിച്ചിരിക്കുന്നു.’’ അവൻ പറഞ്ഞു: ‘‘എന്നാൽ, നിങ്ങൾ (അതിന്) സാക്ഷ്യം വഹിക്കുവിൻ, ഞാനും നിങ്ങളോടൊപ്പം സാക്ഷികളിൽപെട്ടവനാകുന്നു.”

فَمَن تَوَلَّىٰ بَعْدَ ذَٰلِكَ فَأُو۟لَٰٓئِكَ هُمُ ٱلْفَٰسِقُونَ ﴿٨٢﴾

82 എന്നിരിക്കെ, അതിനുശേഷം ആരെങ്കിലും തിരിഞ്ഞുകളഞ്ഞാൽ, അക്കൂട്ടർ തന്നെയാണ് തോന്നിയവാസികൾ

---

അല്ലാഹുവിങ്കൽ നിന്ന് വിജ്ഞാന ബോധനങ്ങൾ ലഭിച്ചിട്ടുള്ള ഏതൊരു പ്രവാചകനും അദ്ദേഹത്തിന് ലഭിച്ച മാർഗദർശനം ശരിവെച്ച് കൊണ്ട് പിന്നീട് വേറൊരു റസൂൽ വരുന്ന പക്ഷം ആ റസൂലിൽ വിശ്വസിക്കലും, പ്രബോധനത്തിൽ ആ റസൂലിന് സഹായസഹകരണം നൽകലും നിർബന്ധമാകുന്നു. ഇപ്രകാരം ചെയ്യാമെന്ന് എല്ലാ പ്രവാചകന്മാരോടും അല്ലാഹു ഉറപ്പ് വാങ്ങിക്കുകയും, എല്ലാവരും അത് തങ്ങളുടെ ബാധ്യതയായി ഏൽക്കുകയും ചെയ്തിട്ടുണ്ട്. നബിമാർക്ക് പോലും ഒഴിച്ച്കൂടാൻ പറ്റാത്ത ഈ ബാധ്യതയിൽ നിന്ന് ഒഴിഞ്ഞ് മാറി, ഞങ്ങൾ ഞങ്ങളുടെ നബിയിലും ഞങ്ങളുടെ ഗ്രന്ഥത്തിലും മാത്രമെ വിശ്വസിക്കുകയുള്ളൂ എന്ന് പറയാൻ വേദക്കാരായ ഒരു സമുദായത്തിനും അവകാശമില്ലാത്തതാകുന്നു. “മൂസാ(അ) നിങ്ങൾക്കിടയിൽ ജീവിച്ചിരിക്കുകയായിരുന്നെങ്കിൽ അദ്ദേഹത്തിന് എന്നെ പിൻപറ്റുകയല്ലാതെ നിവൃത്തിയുണ്ടാകുമായിരുന്നില്ല” എന്ന നബിവ

ചനം അബൂയഅ്‌ലാ (റ) റിപ്പോര്‍ട്ട് ചെയ്യുന്നു.

**വചനം 83, 84**

أَفَغَيْرَ دِينِ ٱللَّهِ يَبْغُونَ وَلَهُۥٓ أَسْلَمَ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ طَوْعًا وَكَرْهًا وَإِلَيْهِ يُرْجَعُونَ ﴿٨٣﴾

83 അപ്പോള്‍, അല്ലാഹുവിന്‍െറ മതമല്ലാത്തതിനെ (മറ്റൊരു മതത്തെ) യാണോ അവര്‍ ആവശ്യപ്പെടുന്നത്? അവന് ആകാശഭൂമികളിലുള്ളവര്‍ (എല്ലാം)-അനുസരണപൂര്‍വമോ, നിര്‍ബന്ധ പൂര്‍വമോ-കീഴൊതുങ്ങുകയും ചെയ്തിരിക്കുന്നു (എന്നിരിക്കെ)!- അവനിലേക്കുതന്നെ അവര്‍ മടക്കപ്പെടുകയും ചെയ്യുന്നു (എന്നുമിരിക്കെ)!

قُلْ ءَامَنَّا بِٱللَّهِ وَمَآ أُنزِلَ عَلَيْنَا وَمَآ أُنزِلَ عَلَىٰٓ إِبْرَٰهِيمَ وَإِسْمَٰعِيلَ وَإِسْحَٰقَ وَيَعْقُوبَ وَٱلْأَسْبَاطِ وَمَآ أُوتِىَ مُوسَىٰ وَعِيسَىٰ وَٱلنَّبِيُّونَ مِن رَّبِّهِمْ لَا نُفَرِّقُ بَيْنَ أَحَدٍ مِّنْهُمْ وَنَحْنُ لَهُۥ مُسْلِمُونَ ﴿٨٤﴾

84 (നബിയേ) പറയുക: "ഞങ്ങള്‍ അല്ലാഹുവിലും, ഞങ്ങള്‍ക്ക് ഇറക്കപ്പെട്ടതിലും വിശ്വസിച്ചിരിക്കുന്നു; (മാത്രമല്ല) ഇബ്റാഹീമിന്‍െറയും, ഇസ്മാഈലിന്‍െറയും, ഇസ്ഹാഖിന്‍െറയും, യഅ്ഖൂബിന്‍െറയും, 'സിബ്ത്ത്'(സന്തതി) കളുടെയും മേല്‍ ഇറക്കപ്പെട്ടിട്ടുള്ളതിലും, മൂസാക്കും, ഈസാക്കും, (മറ്റു) നബിമാര്‍ക്കും തങ്ങളുടെ റബ്ബിങ്കല്‍നിന്ന് നല്‍കപ്പെട്ടിട്ടുള്ളതിലും (വിശ്വസിച്ചിരിക്കുന്നു). (അതെ) അവരില്‍ ഒരാളുടെ ഇടക്കും ഞങ്ങള്‍ വ്യത്യാസം കാണിക്കുകയില്ല; ഞങ്ങളാവട്ടെ, അവന് (അല്ലാഹുവിന് കീഴൊതുങ്ങിയ) മുസ്‌ലിംകളുമാകുന്നു."

---

എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്ത ഏക മതം അല്ലാഹുവിന്റെ മതമായ ഇസ്‌ലാം മതമാകുന്നു. അതിനും പുറമെ ഇഷ്ടപ്രകാരമായാലും, നിര്‍ബ്ബന്ധിതമായിട്ടായാലും ശരി മനുഷ്യരടക്കം ആകാശഭൂമികളിലുള്ളവരെല്ലാം (ജിന്നുകള്‍, മലക്കുകള്‍, ജീവജന്തുക്കള്‍, നിര്‍ജ്ജീവ വസ്തുക്കള്‍ എന്നിവയെല്ലാം) തന്നെ അല്ലാഹു നിശ്ചയിച്ച് വച്ച നിയമ വ്യവസ്ഥക്ക് കീഴൊതുങ്ങുകയല്ലാതെ നിവൃത്തിയില്ല. എല്ലാവരുടെയും മടക്കവും അവനിലേക്ക് തന്നെ. എന്നിരിക്കെ, അല്ലാഹുവിന്റെ മതമല്ലാത്ത ഒരു മതത്തെ സ്വീകരിക്കുകയെന്ന അവരുടെ ആവശ്യം ഒരിക്കലും സ്വീകാര്യമല്ല തന്നെ. എല്ലാ പ്രവാചകന്മാരും കൊണ്ടുവന്നിട്ടുള്ളത് അല്ലാഹുവിന്റേതായ ആ മതം തന്നെയാണെന്നും, അതുകൊണ്ട് ആ പ്രവാചകന്മാരില്‍ ചിലരുടെ ദൗത്യത്തില്‍ വിശ്വസിക്കുകയും ചിലരുടേതില്‍ വിശ്വസിക്കാതിരിക്കുകയും ചെയ്യുവാന്‍ സാദ്ധ്യമല്ലെന്നുമുള്ള യാഥാര്‍ത്ഥ്യം സ്വീകരിച്ചവരാണ് ഞങ്ങളെന്നും പ്രഖ്യാപിക്കാന്‍ അല്ലാഹു നബി(സ)യോട് കല്‍പിക്കുന്നു.

പ്രവാചകന്മാര്‍ ലക്ഷക്കണക്കിന് കഴിഞ്ഞുപോയിട്ടുണ്ട്. അവരില്‍ കൂടുതല്‍ ബഹുമാനീയരും സ്മരണീയരുമെന്ന നിലക്കാണ് ഇബ്രാഹിം (അ) തുടങ്ങിയ ചില നബിമാരുടെ പേരുകള്‍ പ്രത്യേകം എടുത്ത് പറഞ്ഞിരിക്കുന്നത്. യഅ്ക്കൂബ് (അ) ന്റെ പന്ത്രണ്ട് സന്താനപരമ്പരയിലുണ്ടായിട്ടുള്ള പ്രവാചകന്മാരെ ഉദ്ദേശിച്ചാണ് **الاسباط** എന്ന് പറഞ്ഞിരിക്കുന്നത്.

**വചനം 85**

وَمَن يَبْتَغِ غَيْرَ ٱلْإِسْلَٰمِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِى ٱلْءَاخِرَةِ مِنَ ٱلْخَٰسِرِينَ ﴿٨٥﴾

85 ആരെങ്കിലും 'ഇസ്‌ലാം'(മതം) അല്ലാത്തതിനെ മതമായി തേടുന്നപക്ഷം, – അത് അവനില്‍ നിന്ന് സ്വീകരിക്കപ്പെടുകയില്ലതന്നെ. അവന്‍ പരലോകത്തിലാകട്ടെ, നഷ്ടക്കാരില്‍ പെട്ടവനുമായിരിക്കും.

ഇസ്ലാമല്ലാത്ത ഏതൊരു മതം ആര്‍ തന്നെ സ്വീകരിച്ചാലും അത് അല്ലാഹുവിങ്കല്‍ സ്വീകാര്യമല്ലെന്നും, അവന്‍ പരലോകത്തില്‍ സര്‍വവും നഷ്ടപ്പെട്ടവനായിരിക്കുമെന്നും സംശയലേശമന്യേ, അല്ലാഹു ഈ വചനത്തില്‍ സ്പഷ്ടമാക്കുന്നു.

---

**വചനം 86, 87, 88, 89**

كَيْفَ يَهْدِى ٱللَّهُ قَوْمًا كَفَرُوا۟ بَعْدَ إِيمَـٰنِهِمْ وَشَهِدُوٓا۟ أَنَّ ٱلرَّسُولَ حَقٌّ وَجَآءَهُمُ ٱلْبَيِّنَـٰتُ ۚ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ ﴿٨٦﴾

86 തങ്ങളുടെ വിശ്വാസത്തിനു ശേഷം അവിശ്വസിച്ചതായ ഒരു ജനതയെ അല്ലാഹു എങ്ങിനെ നേര്‍മാര്‍ഗ്ഗത്തിലാക്കും? റസൂല്‍ യഥാര്‍ത്ഥ (സത്യ)വാനാണെന്ന് അവര്‍ സാക്ഷ്യപ്പെടുത്തുകയും, അവര്‍ക്ക് വ്യക്തമായ തെളിവുകള്‍ വന്നു കിട്ടുകയും ചെയ്തിരിക്കുന്നു (എന്നിരിക്കെ)! അല്ലാഹു അക്രമികളായ ജനങ്ങളെ നേര്‍മാര്‍ഗ്ഗത്തിലാക്കുകയില്ല താനും.

أُو۟لَـٰٓئِكَ جَزَآؤُهُمْ أَنَّ عَلَيْهِمْ لَعْنَةَ ٱللَّهِ وَٱلْمَلَـٰٓئِكَةِ وَٱلنَّاسِ أَجْمَعِينَ ﴿٨٧﴾

87 അക്കൂട്ടര്‍-(അതെ) അവരുടെ പ്രതിഫലം, അല്ലാഹുവിന്റെയും, മലക്കുകളുടെയും, മനുഷ്യരുടെയുമെല്ലാം (തന്നെ) ശാപം അവരുടെ മേല്‍ ഉണ്ടായിരിക്കുമെന്നുള്ളതാണ്.

خَـٰلِدِينَ فِيهَا لَا يُخَفَّفُ عَنْهُمُ ٱلْعَذَابُ وَلَا هُمْ يُنظَرُونَ ﴿٨٨﴾

88 -അതില്‍ (അവര്‍) സ്ഥിരവാസികളായിക്കൊണ്ട്; ശിക്ഷ അവര്‍ക്ക് ലഘൂകരിക്കപ്പെടുകയില്ല; അവര്‍ക്ക് ഒഴിവ് (അഥവാ പരിഗണന) നല്‍കപ്പെടുകയുമില്ല;-

إِلَّا ٱلَّذِينَ تَابُوا۟ مِنۢ بَعْدِ ذَٰلِكَ وَأَصْلَحُوا۟ فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٨٩﴾

89 അതിനുശേഷം പശ്ചാത്തപിക്കുകയും, (സല്‍ക്കര്‍മ്മം ചെയ്തു) നന്നായിത്തീരുകയും ചെയ്തവരൊഴികെ (അവര്‍ക്ക് രക്ഷയുണ്ടായിരിക്കും) എന്നാല്‍, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

---

വേദഗ്രന്ഥങ്ങള്‍ മുഖേനയും, തെളിവുകള്‍ മുഖേനയും നബി(സ)യുടെയും, അവിടുന്ന് കൊണ്ടുവന്നിട്ടുള്ളതിന്റെയും സത്യതയില്‍ ബോധ്യവും വിശ്വാസവും ഉണ്ടായിക്കഴിഞ്ഞിട്ടും നബി(സ)യില്‍ വിശ്വസിക്കാതെ, അവിശ്വാസികളായിത്തീര്‍ന്ന വേദക്കാരെയും, സത്യവിശ്വാസം സ്വീകരിച്ച് കഴിഞ്ഞശേഷം, ഇസ്ലാമില്‍ നിന്നും ഭ്രഷ്ടായിപ്പോയവരെയും ഉദ്ദേശിച്ചുള്ള കനത്ത താക്കീതാണീ വചനങ്ങള്‍. അവരുടെ മേല്‍ അല്ലാഹുവിന്റെയും മലക്കുകളുടെയും മനുഷ്യരുടെയുമെല്ലാം ശാപമുണ്ടായിരിക്കുമെന്ന് പറഞ്ഞതിന്റെ താല്‍പര്യം സൂ: ബഖറ 161 ന്റെ വ്യാഖ്യാനത്തില്‍ വിശദീകരിച്ചിട്ടുണ്ട്.

---

**വചനം 90, 91**

إِنَّ ٱلَّذِينَ كَفَرُوا۟ بَعْدَ إِيمَـٰنِهِمْ ثُمَّ ٱزْدَادُوا۟ كُفْرًا لَّن تُقْبَلَ تَوْبَتُهُمْ وَأُو۟لَـٰٓئِكَ هُمُ ٱلضَّآلُّونَ ﴿٩٠﴾

90 നിശ്ചയമായും, തങ്ങളുടെ വിശ്വാസത്തിനു ശേഷം അവിശ്വസിക്കുകയും, പിന്നീട് അവിശ്വാസം വര്‍ദ്ധിച്ചു കൊണ്ടിരിക്കുകയും ചെയ്തവര്‍, അവരുടെ പശ്ചാത്താപം സ്വീകരിക്കപ്പെടുകയോ ഇല്ല; അക്കൂട്ടര്‍തന്നെയാണ് വഴിപിഴച്ചവരും.

إِنَّ ٱلَّذِينَ كَفَرُوا۟ وَمَاتُوا۟ وَهُمْ كُفَّارٌ فَلَن

91 നിശ്ചയമായും, അവിശ്വസിക്കുകയും, തങ്ങള്‍ അവിശ്വാസികളായിക്കൊണ്ടു (തന്നെ) മരണ

يُقْبَلَ مِنْ أَحَدِهِم مِّلْءُ ٱلْأَرْضِ ذَهَبًا وَلَوِ ٱفْتَدَىٰ بِهِۦٓ ۗ أُو۟لَـٰٓئِكَ لَهُمْ عَذَابٌ أَلِيمٌ وَمَا لَهُم مِّن نَّـٰصِرِينَ ﴿٩١﴾

പ്പെടുകയും ചെയ്തവർ, അവരിൽ ഒരാളിൽ നിന്നും ഭൂമി നിറയെ സ്വർണ്ണം സ്വീകരിക്കപ്പെടുകയില്ലതന്നെ - അവനതു തെണ്ടം (പ്രായശ്ചിത്തം) ചെയ്താലും ശരി. അക്കൂട്ടർ- അവർക്ക് വേദനയേറിയ ശിക്ഷയുണ്ടായിരിക്കും; അവർക്ക് സഹായികളായി (ആരും) ഇല്ലതാനും.

അവിശ്വാസികളായിക്കൊണ്ട് മരണമടയുന്നവർക്ക് പരലോകത്തിൽ യാതൊരു രക്ഷയുമുണ്ടായിരിക്കുന്നതല്ല. മരണവേളയിലെ അവരുടെ പശ്ചാത്താപമോ, അവിശ്വാസികളായിക്കൊണ്ട് അവർ ചെയ്ത നല്ലകാര്യങ്ങളോ, ഭൂമി നിറയെ സ്വർണം തെണ്ടം കൊടുത്താലോ യാതൊരു പ്രയോജനവും ഉണ്ടാവുകയില്ല. ഒരാൾ വിശ്വാസിയോ അവിശ്വാസിയോ സന്മാർഗിയോ ദുർമാർഗിയോ എന്നുള്ളതിന്റെ അവസാനത്തെ തീരുമാനം അവന്റെ മരണത്തോട് കൂടിയാണ് തിട്ടപ്പെടുന്നതെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

നബി(സ) അരുളിയിരിക്കുന്നു : "നരകക്കാരനായ ഒരാളോട് ഭൂമിയിലുള്ളതെല്ലാം നിനക്കുള്ളതായിരുന്നാൽ(ഇപ്പോൾ) അത് നീ തെണ്ടമായി കൊടുക്കുമോ എന്ന് ചോദിക്കപ്പെട്ടാൽ അതെ എന്ന ഉത്തരം പറയുന്ന അയാളോട് അല്ലാഹു പറയും : നിന്റെ പിതാവായ ആദമിന്റെ മുതുകിൽ വച്ച് നീ എന്നോട് ഒന്നിനെയും പങ്ക് ചേർക്കുകയില്ലെന്ന് ഞാൻ നിന്നോട് കരാർ വാങ്ങി. നി അതിനെ ധിക്കരിച്ച് എന്നോട് പങ്ക് ചേർക്കുക തന്നെ ചെയ്തു. നീ വേദനയേറിയ ശിക്ഷ അനുഭവിക്കുക." (അ:ബു:മു)

**ജുസ്അ്-4**

**വിഭാഗം 10**

**വചനം 92**

لَن تَنَالُوا۟ ٱلْبِرَّ حَتَّىٰ تُنفِقُوا۟ مِمَّا تُحِبُّونَ ۚ وَمَا تُنفِقُوا۟ مِن شَىْءٍ فَإِنَّ ٱللَّهَ بِهِۦ عَلِيمٌ ﴿٩٢﴾

92 (സത്യവിശ്വാസികളേ) നിങ്ങൾ ഇഷ്ടപ്പെടുന്നവയിൽനിന്ന് നിങ്ങൾ ചിലവഴിക്കുന്നതുവരെ നിങ്ങൾ പുണ്യം പ്രാപിക്കുകയില്ല തന്നെ. നിങ്ങൾ ഏതൊരു വസ്തുവും (തന്നെ) ചിലവഴിക്കുന്നതായാലും, നിശ്ചയമായും അല്ലാഹു അതിനെപ്പറ്റി അറിയുന്നവനാണ്.

ഒരാൾ ചിലവഴിക്കുന്നത് പുണ്യകരവും കൂടുതൽ പ്രതിഫലാർഹവുമായിത്തീരുന്നത് അയാൾക്ക് പ്രിയപ്പെട്ട വസ്തു അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കുമ്പോഴാണ്. ആ വസ്തുവിനേക്കാൾ അയാൾ പ്രാധാന്യം കൽപ്പിക്കുന്നത് അല്ലാഹുവിന്റെ പ്രീതിക്കും പ്രതിഫലത്തിനുമാണ് എന്നാണല്ലോ അത് കാണിക്കുന്നത്. പ്രിയങ്കരമല്ലാത്തതും മോശപ്പെട്ടതുമായ വസ്തുക്കളെ ചിലവഴിക്കാൻ കരുതിവെക്കരുത് (ബഖറ : 267 ഓർക്കുക)

ഈ വചനം അവതരിച്ചപ്പോൾ, അബൂത്വൽഹത്ത്(റ) എന്ന ധനികനായ അൻസാരി അദ്ദേഹത്തിന്റെ സ്വത്തുക്കളിൽ ഏറ്റവും പ്രിയങ്കരമായ ബൈറൂഹാ എന്ന തോട്ടം വേണ്ടുന്ന വിഷയത്തിൽ ചെലവഴിക്കാനായി നബി(സ) തിരുമേനിയെ ഏൽപിച്ചു. തിരുമേനിയുടെ നിർദേശപ്രകാരം അദ്ദേഹം അത് അടുത്ത കുടുംബങ്ങൾക്ക് വേണ്ടി ധർമ്മമായി ഭാഗിച്ചു കൊടുത്തു.

ഉമർ(റ) അദ്ദേഹത്തിന് പ്രിയപ്പെട്ട ഒരു തോട്ടം നബി(സ)യോട് ആലോചിച്ച ശേഷം അല്ലാഹുവിന്റെ മാർഗത്തിൽ വഖ്ഫാക്കി പ്രഖ്യാപിച്ചു.

സൈദുബ്നു ഹാരിസു(റ) അദ്ദേഹത്തിന് പ്രിയപ്പെട്ട കുതിരയെ അല്ലാഹുവിന്റെ മാർഗത്തിൽ ധർമ്മമാക്കി.

ഇബ്നു ഉമർ(റ) തനിക്ക് പ്രിയങ്കരിയായിരുന്ന റോമാക്കാരിയായ ഒരു അടിമ സ്ത്രീയെ സ്വതന്ത്രയാക്കി വിട്ടു.

**വചനം 93, 94, 95**

﴿ كُلُّ ٱلطَّعَامِ كَانَ حِلًّا لِّبَنِىٓ إِسْرَٰٓءِيلَ إِلَّا مَا حَرَّمَ إِسْرَٰٓءِيلُ عَلَىٰ نَفْسِهِۦ مِن قَبْلِ أَن تُنَزَّلَ ٱلتَّوْرَىٰةُ ۗ قُلْ فَأْتُوا۟ بِٱلتَّوْرَىٰةِ فَٱتْلُوهَآ إِن كُنتُمْ صَٰدِقِينَ ﴿٩٣﴾

فَمَنِ ٱفْتَرَىٰ عَلَى ٱللَّهِ ٱلْكَذِبَ مِنۢ بَعْدِ ذَٰلِكَ فَأُو۟لَٰٓئِكَ هُمُ ٱلظَّٰلِمُونَ ﴿٩٤﴾

قُلْ صَدَقَ ٱللَّهُ ۗ فَٱتَّبِعُوا۟ مِلَّةَ إِبْرَٰهِيمَ حَنِيفًا وَمَا كَانَ مِنَ ٱلْمُشْرِكِينَ ﴿٩٥﴾

93 എല്ലാ ഭക്ഷണ (പദാർത്ഥ) വും ഇസ്രാഈൽ സന്തതികൾക്ക് അനുവദനീയമായിരുന്നു; -തൗറാത്ത് അവതരിപ്പിക്കപ്പെടുന്നതിനു മുമ്പായി ഇസ്രാഈൽ അദ്ദേഹത്തിൻെറ സ്വന്തം പേരിൽ നിഷിദ്ധമാക്കിയതൊഴികെ- (നബിയേ) പറയുക: "എന്നാൽ, നിങ്ങൾ തൗറാത്ത് കൊണ്ടുവന്ന് അത് (ഒന്ന്) വായിക്കുവിൻ- നിങ്ങൾ സത്യവാൻമാരാണെങ്കിൽ!

94 എന്നിട്ട്, അതിനുശേഷം ആർ അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമച്ചുവോ, എന്നാൽ, അക്കൂട്ടർ തന്നെയാണ് അക്രമികൾ."

95 (നബിയേ) പറയുക: "അല്ലാഹു സത്യം പറഞ്ഞിരിക്കുന്നു; ആകയാൽ, ഇബ്റാഹീമിൻെറ-(അദ്ദേഹം) ശുദ്ധമനസ്കനായ നിലയിൽ (സ്വീകരിച്ച-നടപടി) മാർഗ്ഗം നിങ്ങൾ പിൻപറ്റുവിൻ. അദ്ദേഹം മുശ്‌രിക്കു (ബഹുദൈവ വിശ്വാസി) കളിൽ പെട്ടവനായിരുന്നില്ലതാനും."

---

ഇസ്റാഈലീ ഗോത്രങ്ങളുടെ പിതാവും ഇബ്രാഹിം നബി(അ)യുടെ പൗത്രനുമായ യഅ്ഖൂബ് (അ) ഇസ്രാഈൽ എന്ന പേരിൽ അറിയപ്പെടുന്നു. അദ്ദേഹത്തിനുണ്ടായ ഒരു രോഗത്തെതുടർന്നാണെന്ന് പറയപ്പെടുന്നു അദ്ദേഹം ഒട്ടകത്തിന്റെ മാംസവും പാലും സ്വയം നിഷിദ്ധമാക്കിയിരുന്നുവത്രേ الله اعلم. യഅ്ഖൂബ് (അ) നിഷിദ്ധമാക്കിയവ എന്ന അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ പിൻഗാമികളും ആ വസ്തുക്കളെ നിഷിദ്ധമാക്കി ഗണിച്ചുപോന്നു. അങ്ങനെ തൗറാത്ത് അവതരിച്ചപ്പോൾ, തൗറാത്തിൽ അവയെപ്പറ്റി വ്യക്തമായ നിരോധം ഒന്നുമില്ലെങ്കിലും, പാരമ്പര്യമായി അവർ സ്വീകരിച്ചു വന്ന ആ നിരോധം തങ്ങളുടെ ഒരു സ്ഥിരം നിയമമായി ഇസ്രാഈല്യർ ആചരിച്ച് വന്നു എന്ന് ഒരു വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ ആ വസ്തുക്കൾ മതദൃഷ്ട്യാ അവർക്ക് തൗറാത്തിലൂടെ നിഷിദ്ധമാക്കപ്പെട്ടിട്ടുണ്ട് എന്ന് സ്ഥാപിക്കാൻ യഹൂദികൾക്ക് സാദ്ധ്യമല്ല. അത്കൊണ്ടാണ്, നിങ്ങൾ സത്യവാദികളാണെങ്കിൽ തൗറാത്ത് കൊണ്ട് വന്ന് വായിക്കുവിൻ എന്ന് അല്ലാഹു അവരെ വെല്ലുവിളിക്കുന്നത്. (എന്നാൽ ഇസ്രാഈലിയരുടെ അക്രമം നിമിത്തം മറ്റ് ചില വസ്തുക്കൾ, തൗറാത്തിലൂടെ അവർക്ക് നിഷിദ്ധമാക്കിയിട്ടുണ്ട് എന്ന വസ്തുത സൂ: നിസാഅ് 160 ലും സൂ: അൻആം 146 ലും കാണാവുന്നതാണ്.)

എന്നാൽ വെല്ലുവിളി ഏറ്റെടുത്ത് തൗറാത്ത് വായിച്ച് തങ്ങളുടെ വാദം സ്ഥാപിക്കാൻ യഹൂദികൾ ധൈര്യപ്പെട്ടില്ല. എന്തെന്നാൽ തൗറാത്തിൽ നിന്ന് അത് സ്ഥാപിക്കുവാൻ യഹൂദികൾക്ക് സാദ്ധ്യമാകുമായിരുന്നില്ല. അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിച്ചമക്കുന്നവരാരോ, അവർ തന്നെയാണ് അക്രമികൾ എന്ന് അല്ലാഹു താക്കീത് ചെയ്യുന്നു.

അവരുടെ നിലപാട് തെറ്റാണെന്നിരിക്കെ, ഇബ്രാഹിം നബി(അ) യുടെ പാരമ്പര്യം അവകാശപ്പെടുന്ന അവർ ശുദ്ധമനസ്കനായിരുന്ന ആ പ്രവാചകവര്യൻ സ്വീകരിച്ചിരുന്ന യഥാർത്ഥ മാർഗം പിൻപറ്റുവാൻ അല്ലാഹു അവരെ 95-ാം വചനത്തിലൂടെ ആഹ്വാനം ചെയ്യുകയാണ്. അദ്ദേഹം ശിർക്കുകളൊന്നും തീണ്ടാത്ത ഏകദൈവ വിശ്വാസിയായിരുന്നു എന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

**വചനം 96 97**

إِنَّ أَوَّلَ بَيْتٍ وُضِعَ لِلنَّاسِ لَلَّذِى بِبَكَّةَ مُبَارَكًا وَهُدًى لِّلْعَٰلَمِينَ ﴿٩٦﴾

96 നിശ്ചയമായും, മനുഷ്യർക്കുവേണ്ടി സ്ഥാപിക്കപ്പെട്ടതായ ഒന്നാമത്തെ വീട്, ആശീർവദിക്കപ്പെട്ടതായും, ലോകർക്ക് മാർഗ്ഗദർശനമായുംകൊണ്ട് ബക്കഃ (മക്കഃ)യിലുള്ളതു തന്നെയാകുന്നു.

فِيهِ ءَايَٰتٌۢ بَيِّنَٰتٌ مَّقَامُ إِبْرَٰهِيمَ ۖ وَمَن دَخَلَهُۥ كَانَ ءَامِنًا ۗ وَلِلَّهِ عَلَى ٱلنَّاسِ حِجُّ ٱلْبَيْتِ مَنِ ٱسْتَطَاعَ إِلَيْهِ سَبِيلًا ۚ وَمَن كَفَرَ فَإِنَّ ٱللَّهَ غَنِىٌّ عَنِ ٱلْعَٰلَمِينَ ﴿٩٧﴾

97 അതിൽ സുവ്യക്തങ്ങളായ ദൃഷ്ടാന്തങ്ങളുണ്ട്-(വിശിഷ്യ) 'മഖാമു ഇബ്റാഹീം' (ഇബ്റാഹീം നിന്ന സ്ഥലം). അതിൽ ആർ പ്രവേശിച്ചുവോ അവൻ നിർഭയനായിരിക്കുന്നതാണ്. ആ വീട്ടിങ്കൽ 'ഹജ്ജ്'ചെയ്യൽ മനുഷ്യർക്ക് അതിലേക്ക് (ചെന്നെത്തുവാനുള്ള) മാർഗ്ഗം സാധിച്ചു കിട്ടിയവർക്ക്- അല്ലാഹുവിനോട് (ബാധ്യത) ഉണ്ട്. വല്ലവരും അവിശ്വസിക്കുന്നപക്ഷം, നിശ്ചയമായും അല്ലാഹു, ലോകരെ സംബന്ധിച്ച് അനാശ്രയനാകുന്നു.

---

ഭൂമിയിൽ ജനങ്ങൾക്ക് ഒന്നാമതായി സ്ഥാപിക്കപ്പെട്ട ആരാധനാ മന്ദിരമായ ബക്ക (മക്ക) യിൽ സ്ഥിതി ചെയ്യുന്ന കഅ്ബ ഇബ്രാഹിം നബി (അ) ക്ക് മുൻപ് തന്നെ സ്ഥാപിക്കപെട്ടിട്ടുണ്ടെന്നും അദ്ദേഹം കാലക്രമത്തിൽ അതിന്റെ പുനർ നിർമ്മാണം നടത്തുകയാണ് ചെയ്തതെന്നുമാണ് പല മഹാൻമാരുടെയും അഭിപ്രായം (الله اعلم) ഇബ്രാഹീം (അ) നബിക്ക് ശേഷം പല നൂറ്റാണ്ടുകൾ കഴിഞ്ഞാണ് മൂസാ(അ) ന്റെ കാലം. മൂസാ(അ) നബിക്ക് ശേഷം നാന്നൂറോ അഞ്ഞൂറോ വർഷം കഴിഞ്ഞു സുലൈമാൻ (അ) നബിയുടെ കാലത്താണ് ബൈത്തുൽ മുഖദ്ദസു സ്ഥാപിക്കപ്പെട്ടത്.

കഅബാലയം, അല്ലാഹുവിനാൽ ആശീർവദിക്കപ്പെട്ടതും ലോകർക്ക് മാർഗ്ഗദർശന കേന്ദ്രവുമാകുന്നു. മറ്റ് പള്ളികളിൽ വെച്ച് ചെയ്യുന്നതിനേക്കാൾ അനവധി ഇരട്ടി പ്രതിഫലം അവിടെ വെച്ച് ചെയ്യുന്ന ആരാധനാ കർമ്മകൾക്ക് ലഭിക്കുന്നതാണ്.

കഅബ നിർമ്മാണം കഴിഞ്ഞു പല ആയിരം വർഷങ്ങൾ കഴിഞ്ഞു പോയിട്ടും അന്ന് തൊട്ട് ഇന്നോളം ഇടതടവില്ലാതെ, ആ മന്ദിരം ജനങ്ങളാൽ ആദരിക്കപ്പെട്ടും ശുശ്രൂഷിക്കപ്പെട്ടും കൊണ്ട് ഇരിക്കുന്നു എന്നതും അതിനെ നശിപ്പിക്കാനൊരുങ്ങിവന്ന ആനപട്ടാളത്തിൽ നിന്നും ഒരു അസാധാരണ മാർഗ്ഗത്തിലൂടെ അല്ലാഹു രക്ഷപ്പെടുത്തിയതും (സൂ: ഫീൽ) അതിന്റെ പവിത്രതയെയും, പ്രാധാന്യത്തെയും തെളിയിക്കുന്ന ദൃഷ്ടാന്തങ്ങളാകുന്നു.

ദൃഷ്ടാന്തങ്ങളുടെ കൂട്ടത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പ്രത്യക്ഷ ദൃഷ്ടാന്തമത്രെ 'ഇബ്രാഹിം മഖാം' (സു:ബഖറ. 125 നോക്കുക) അവിടെ ആർ പ്രവേശിച്ചാലും അവർ നിർഭയരാകുന്നു - എത്ര വമ്പിച്ച കുറ്റവാളിയോ, അക്രമിയോ ആയാലും അത്തരക്കാർക്കെതിരെ പ്രതികാര നടപടിയെടുക്കാൻ, അവൻ പുറത്ത് കടക്കുന്നത് വരെ നോക്കി നിൽക്കാനേ ഭരണാധികാരികൾക്കു പോലും നിർവ്വാഹമുള്ളൂ. ഹജ്ജ് കർമ്മം നിർഭയമായി നിർവഹിക്കാനായി, ദുൽഖഅ്ദ്, ദുൽ ഹജ്ജ്, മുഹറം മാസങ്ങളും, ഉംറ കർമ്മം, നിർഭയം നിർവഹിക്കാനായി റജബു മാസവും യുദ്ധം നിരോധിക്കപ്പെട്ടിരിക്കുന്നു- ഇസാലാമിലും, ജാഹിലിയാ കാലത്ത് പോലും.

വേദക്കാരടക്കം എല്ലാവരും കഅബയെ തങ്ങളുടെ ആരാധനാ കേന്ദ്രമായി അംഗീകരിക്കുകയെന്നതും ആ മന്ദിരത്തിൽ ചെന്ന് ഹജ്ജ് കർമ്മം നിർവഹിക്കുകയെന്നതും അല്ലാഹുവിനോട് നിർവഹിക്കേണ്ട ഒരു ബാദ്ധ്യതയാകുന്നു. ശാരീരികവും , സാമ്പത്തികവും ഗതാഗത സംബന്ധവുമായും മറ്റുമുള്ള സൗകര്യങ്ങൾ ഉള്ളവർക്ക് മാത്രമേ കഴിവുള്ളവർക്ക് പോലും അത് നിർബന്ധമുള്ളൂ എന്ന് തുടർന്ന് അല്ലാഹു പറയുന്നു. ആയുഷ്കാലത്ത് ഒരു പ്രാവശ്യം മാത്രമേ കഴിവുള്ളവർക്ക് പോലും അത് നിർബന്ധമായി ചെയ്യേണ്ടതുള്ളൂ എന്നുംകഴിയുന്നത്ര അത് വർദ്ധിപ്പിക്കുന്നത് നല്ലതാണെന്നും നബി(സ) തിരുമേനിയും പ്രസ്താവിച്ചിരിക്കുന്നു.

സാഹചര്യമെല്ലാമൊത്ത് വന്നിട്ടും ഹജ്ജ് കർമ്മമെന്ന ബാദ്ധ്യത നിർവഹിക്കാതെ, അവിശ്വാസവും സത്യ നിഷേധവും വച്ച് പുലർത്തുന്നവർ അതിന്റെ ദോഷഫലം അവർ തന്നെ അനുഭവിക്കുമെന്നല്ലാതെ, ലോക രിൽ ആരുടെയും ആശ്രയം വേണ്ടാത്ത അല്ലാഹുവിന് യാതൊരു കോട്ടവും കുറവും അത് കൊണ്ട് ബാധി ക്കുന്നില്ല.

കഅ് ബയുടെ മഹത്വവും പ്രാധാന്യവും അംഗീകരിക്കുവാൻ തയ്യാറാകാതെ, ആക്ഷേപം ഉന്നയിച്ച് കൊണ്ടി രുന്ന വേദക്കാരുടെ ചെയ്തിയെ സൂചിപ്പിച്ച് കൊണ്ടാണ് ഈ വചനങ്ങളിൽ കഅ്ബയുടെയും ഹജ്ജിന്റെയും പ്രാധാന്യം വിവരിച്ചത്.

**വചനം 98 99**

قُلْ يَٰٓأَهْلَ ٱلْكِتَٰبِ لِمَ تَكْفُرُونَ بِـَٔايَٰتِ ٱللَّهِ وَٱللَّهُ شَهِيدٌ عَلَىٰ مَا تَعْمَلُونَ ﴿٩٨﴾

قُلْ يَٰٓأَهْلَ ٱلْكِتَٰبِ لِمَ تَصُدُّونَ عَن سَبِيلِ ٱللَّهِ مَنْ ءَامَنَ تَبْغُونَهَا عِوَجًا وَأَنتُمْ شُهَدَآءُ ۗ وَمَا ٱللَّهُ بِغَٰفِلٍ عَمَّا تَعْمَلُونَ ﴿٩٩﴾

98 (നബിയേ) പറയുക: "വേദക്കാരേ, എന്തിനാണ് നിങ്ങൾ അല്ലാഹുവിൻെറ 'ആയത്തു'(ലക്ഷ്യം) കളിൽ അവിശ്വസിക്കുന്നത്? നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു (ദൃക്ക്) സാക്ഷിയാണല്ലോ!"

99 പറയുക: "വേദക്കാരേ, എന്തിനാണ് നിങ്ങൾ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന്-അതിനു വക്രതയെ ആഗ്രഹിച്ചു കൊണ്ട്-വിശ്വസിച്ചവരെ തട്ടിക്കളയുന്നത്?- നിങ്ങൾ (അതിന്) സാക്ഷികളാണെന്നിരിക്കെ! നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി അല്ലാഹു അശ്രദ്ധനൊന്നുമല്ല.

വേദഗ്രന്ഥങ്ങൾ മുഖേനയും പ്രവാചകന്മാർ വഴിയും നബി(സ) യുടെയും ഖുർആന്റെയും സത്യാ വസ്ഥ വ്യക്തമായി കഴിഞ്ഞിട്ടും, സത്യവിശ്വാസം സ്വീകരിക്കാതെയും സന്മാർഗ്ഗത്തിൽ പ്രവേശിച്ചവരെ അതിൽ നിന്നും പിൻതിരിപ്പിക്കുവാൻ ശ്രമിച്ചും, വേദക്കാർ ചെയ്തുകൂട്ടുന്ന പ്രവൃത്തികൾ അല്ലാഹു കണ്ട റിഞ്ഞ് കൊണ്ടിരിക്കുന്നുണ്ടെന്നും, അതിന്റെ ഭവിഷ്യത്ത് അവർ അനുഭവിക്കേണ്ടി വരുമെന്നും, അവരെ താക്കീതു ചെയ്യാൻ അല്ലാഹു നബി(സ)യോട് കല്പിക്കുന്നു.

**വചനം 100, 101**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِن تُطِيعُوا۟ فَرِيقًا مِّنَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ يَرُدُّوكُم بَعْدَ إِيمَٰنِكُمْ كَٰفِرِينَ ﴿١٠٠﴾

وَكَيْفَ تَكْفُرُونَ وَأَنتُمْ تُتْلَىٰ عَلَيْكُمْ ءَايَٰتُ ٱللَّهِ وَفِيكُمْ رَسُولُهُۥ ۗ وَمَن يَعْتَصِم بِٱللَّهِ فَقَدْ هُدِىَ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿١٠١﴾

100 ഹേ, വിശ്വസിച്ചവരേ, വേദഗ്രന്ഥം നൽകപ്പെട്ട വരിൽ ഒരു വിഭാഗത്തെ നിങ്ങൾ അനുസരി ക്കുന്ന പക്ഷം നിങ്ങളുടെ സത്യവിശ്വാസ (സ്വീകരണ)ത്തിനുശേഷം, അവർ നിങ്ങളെ അവിശ്വാസികളാക്കി മടക്കിയേക്കും. (അതു സൂക്ഷിക്കണം)

101 നിങ്ങൾ എങ്ങിനെ അവിശ്വസിക്കും? നിങ്ങളാ കട്ടെ, നിങ്ങൾക്ക് അല്ലാഹുവിൻെറ 'ആയത്തു' (ലക്ഷ്യം) കൾ ഓതികേൾപ്പിക്കപ്പെട്ടു വരുന്നു; നിങ്ങളിൽ അവൻെറ റസൂലും ഉണ്ട് (എന്നിരിക്കെ)! ആർ അല്ലാഹുവിനെ മുറുകെ പിടിക്കുന്നുവോ അവൻ (നേരെ) ചൊവ്വായ പാതയിലേക്ക് നയിക്കപ്പെട്ടു കഴിഞ്ഞു.

വേദക്കാരിൽ പെട്ട പലരും സത്യവിശ്വാസികളെ ഇസ്ലാമിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ച് കൊണ്ടിരി

ക്കുന്നു. അങ്ങനെയുള്ളവരെ കരുതിയിരിക്കണം, അവരുടെ വാക്കുകള്‍ സ്വീകരിക്കരുത്. അല്ലാത്തപക്ഷം നിങ്ങള്‍ അവിശ്വാസത്തിലേക്ക് തന്നെ മടങ്ങാന്‍ കാരണമായിതീരും. നിങ്ങള്‍ക്ക് അല്ലാഹുവിന്റെ വചനങ്ങള്‍ അവതരിച്ച് കൊണ്ടിരിക്കുന്നുണ്ട്; അവന്റെ റസൂല്‍(സ) നിങ്ങള്‍ക്കിടയില്‍ ജീവിച്ചിരിപ്പുണ്ട്. സംശയനിവാരണത്തിനോ, വിശദീകരണങ്ങള്‍ക്കോ, മറ്റാരേയും നിങ്ങള്‍ക്ക് ആശ്രയിക്കേണ്ടതായിട്ടില്ല. അല്ലാഹുവിന്റെ കല്‍പനാ നിര്‍ദേശങ്ങള്‍ മുറുകെ പിടിക്കുന്ന കാലത്തോളം നിങ്ങള്‍ പിഴച്ച് പോകുകയുമില്ല - എന്നിങ്ങനെ അല്ലാഹു വിശ്വാസികളെ ഉപദേശിക്കുന്നു.

ഇക്കാലത്തും വേദക്കാര്‍ - ജൂത ക്യസ്ത്യാനികള്‍ - മുസ്‌ലിംകളെ വഴി പിഴപ്പിക്കാനുള്ള ശ്രമങ്ങള്‍ നടത്തികൊണ്ടിരിക്കുന്നു. ഈ ആവശ്യാര്‍ത്ഥം അടുത്ത കാലത്തായി അവര്‍ സ്വീകരിച്ച് വരുന്ന സമര്‍ത്ഥമായ മാര്‍ഗ്ഗമത്രെ 'ഓറിയന്‍റലിസം'. ഇസ്‌ലാമിനെയും, ഖുര്‍ ആനെയും, നബി(സ) തിരുമേനിയെയും കുറിച്ച് മുസ്‌ലിംകളില്‍ ആശയകുഴപ്പം സൃഷ്ടിക്കുക വഴി, ഇസ് ലാമില്‍ നിന്നും അവരെ അകറ്റുകയെന്നതാണവരുടെ മുഖ്യ ലക്ഷ്യം. ഓറിയന്റലിസ്റ്റുകളുടെ സാഹിത്യത്തിലൂടെ ഇസ് ലാമിനെ കുറിച്ച് മനസ്സിലാക്കാനിടവന്ന അഭ്യസ്തവിദ്യരായ പലര്‍ക്കും, ഇസ്‌ലാമിനെകുറിച്ച് വളരെയധികം തെറ്റിധാരണകള്‍ ഉണ്ടായിതീര്‍ന്നിട്ടുണ്ട്. ജൂതപണ്ഡിതന്‍മാരാണ് ഈ കുതന്ത്രങ്ങളില്‍ കൂടുതല്‍ പങ്ക് വഹിച്ച് വരുന്നത്.

## വിഭാഗം 11

**വചനം 102, 103**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ حَقَّ تُقَاتِهِۦ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ ﴿١٠٢﴾

وَٱعْتَصِمُوا۟ بِحَبْلِ ٱللَّهِ جَمِيعًا وَلَا تَفَرَّقُوا۟ ۚ وَٱذْكُرُوا۟ نِعْمَتَ ٱللَّهِ عَلَيْكُمْ إِذْ كُنتُمْ أَعْدَآءً فَأَلَّفَ بَيْنَ قُلُوبِكُمْ فَأَصْبَحْتُم بِنِعْمَتِهِۦٓ إِخْوَٰنًا وَكُنتُمْ عَلَىٰ شَفَا حُفْرَةٍ مِّنَ ٱلنَّارِ فَأَنقَذَكُم مِّنْهَا ۗ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمْ ءَايَـٰتِهِۦ لَعَلَّكُمْ تَهْتَدُونَ ﴿١٠٣﴾

102 ഹേ, വിശ്വസിച്ചവരേ, നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കേണ്ടുന്ന മുറപ്രകാരം അവനെ സൂക്ഷിക്കുവിന്‍, നിങ്ങള്‍ മുസ്‌ലിംകള്‍ ആയിക്കൊണ്ടല്ലാതെ മരണമടയുകയും ചെയ്യരുത്.

103 നിങ്ങള്‍ എല്ലാവരും (ഒരുമിച്ചുകൊണ്ട്) അല്ലാഹുവിന്‍െറ പാശത്തെ മുറുകെ പിടിക്കുകയും ചെയ്യുവിന്‍; നിങ്ങള്‍ ഭിന്നിക്കുകയും അരുത്. നിങ്ങളുടെ മേല്‍ അല്ലാഹു ചെയ്ത അനുഗ്രഹം നിങ്ങള്‍ ഓര്‍ക്കുകയും ചെയ്യുവിന്‍; നിങ്ങള്‍ (പരസ്പരം) ശത്രുക്കളായിരുന്ന അവസരത്തില്‍, അവന്‍ നിങ്ങളുടെ ഹൃദയങ്ങള്‍ക്കിടയില്‍ ഇണക്കിത്തന്നു; അങ്ങനെ, നിങ്ങള്‍ അവന്‍െറ അനുഗ്രഹം കൊണ്ട് (പരസ്പരം) സഹോദരങ്ങളായിതിക്കുന്നു. നിങ്ങള്‍ അഗ്നിയാകുന്ന (അഥവാ നരകമാകുന്ന) ഒരു (വമ്പിച്ച) കുണ്ടിന്‍െറ വക്കിലായിരുന്നു; എന്നിട്ട് നിങ്ങളെ അതില്‍ നിന്ന് അവന്‍ രക്ഷപ്പെടുത്തുകയും ചെയ്തു. അപ്രകാരം, അല്ലാഹു അവന്‍െറ 'ആയത്തു' (ലക്ഷ്യം)കള്‍ നിങ്ങള്‍ക്ക് വിവരിച്ചു തരുന്നു- നിങ്ങള്‍ സന്‍മാര്‍ഗ്ഗം പ്രാപിച്ചേക്കാം.

---

ഇസ്‌ലാമിന്റെ ശത്രുക്കളുടെ കുതന്ത്രങ്ങളില്‍ പെട്ട് പിഴച്ച് പോകാതിരിക്കാന്‍ വിശ്വാസികള്‍ക്ക് അല്ലാഹു ചില ഉപദേശങ്ങള്‍ നല്കുന്നു.

1) അല്ലാഹുവിനെ സൂക്ഷിക്കേണ്ടുന്ന മുറപ്രകാരം സൂക്ഷിക്കണം:അവന്റെ കല്പനകള്‍ അനുഷ്ഠിക്കുകയും, അവന്റെ നിരോധനങ്ങള്‍ വര്‍ജിക്കുകയും ചെയ്യുന്നത് മുഖേനയത്രെ അവനെ സൂക്ഷിക്കല്‍ (തഖ്‌വാ) ഉണ്ടാകുന്നത്. എന്നാല്‍ അല്ലാഹുവിനോടുള്ള കടപ്പാടുകളും , മര്യാദകളുമല്ലാം, കണക്ക് തീര്‍ത്ത് പൂര്‍ത്തീകരിക്കുകയെന്നത് മനുഷ്യസാധ്യമല്ലെന്നും, അവ നിറവേറ്റുന്നതില്‍ എല്ലാ മനുഷ്യര്‍ക്കും ഒരേ നിലവാരം പുലര്‍ത്താന്‍ കഴിയുകയില്ലെന്നുമുള്ളത്കൊണ്ടാണ് അവനെ മുറപ്രകാരം (ഓരോരുത്തവര്‍ക്കും അവനവന്‍െറ കഴിവിനനുസരിച്ച് ) സൂക്ഷിക്കുക എന്ന് പറഞ്ഞതിന്റെ താല്പര്യം (സൂ: തഗാബുന്‍: 16 ശ്രദ്ധിക്കുക).

ബുഖാരി(റ), മുസ്‌ലിം(റ) റിപ്പോർട്ട് ചെയ്ത ഒരു നബി വചനം ഇപ്രകാരമാകുന്നു. ഞാൻ നിങ്ങളോട് വല്ലതും കല്പിച്ചാൽ നിങ്ങൾ അതിൽ നിന്ന് നിങ്ങൾക്ക് കഴിയുന്നത്ര നിർവഹിക്കുവിൻ. നിങ്ങളോട് ഞാൻ വല്ലതിനെകുറിച്ചും വിരോധിച്ചാൽ നിങ്ങൾ അത് അപ്പാടെ വർജ്ജിക്കുകയും ചെയ്യുവിൻ .

2). മുസ്‌ലിംകളായി കൊണ്ടല്ലാതെ നിങ്ങൾ മരണപ്പെടരുത്: അഥവാ സദാ മുസ്‌ലിംകളായി വർത്തിക്കണം. അവസാന നിമിഷത്തിൽ അവിശ്വാസിയായി മരണപ്പെട്ടാൽ അവർ നഷ്ടക്കാരിൽ പെട്ടവരായി. മുസ്ലിമാകുകയെന്നതുകൊണ്ട് വിവക്ഷ, അല്ലാഹുവിന്റെ വിധി വിലക്കുകൾ അനുസരിച്ച് അവന് പൂർണ്ണമായും കീഴൊതുങ്ങി ജീവിക്കുക എന്നാണ് - അല്ലാതെ, ജാതി മുസ്‌ലിമാകുക എന്നതല്ല.

3). അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കണം- അല്ലാഹുവിന്റെ പാശം എന്നതുകൊണ്ട് ഖുർആൻ, ഇസ്‌ലാം, അല്ലാഹുവിനെ അനുസരിച്ച് കൊള്ളാമെന്നുള്ള ഉടമ്പടി, ഇസ് ലാമിക ഐക്യം, എന്നും മറ്റുമാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. നിങ്ങളെല്ലാവരും അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കണമെന്നും അല്ലാഹു ഉദ്ബോധിപ്പിക്കുന്നതിലൂടെ എല്ലാവരും പരസ്പരം സഹായിച്ചും സഹകരിച്ചും, ഉപദേശിച്ചും കൊണ്ടിരിക്കണമെന്നാണ് ധ്വനിക്കുന്നത്. തുടർന്ന് നിങ്ങൾ ഭിന്നിച്ച് പോകരുത് എന്ന് കൂടി പറഞ്ഞിരിക്കുന്നു. സൂ : അൽഫാൽ 46 ലും ഇക്കാര്യത്തിൽ സത്യവിശ്വാസികളെ താക്കീത് ചെയ്തിട്ടുണ്ട്.

അല്ലാഹുവിന്റെ ഈ മുന്നറിയിപ്പ് ചെവികൊള്ളാത്തതിന്റെ തിക്ത ഫലം മുസ് ലിം സമുദായം , പൂർവ്വോപരി അനുഭവിച്ച് വരുന്ന ഒരു കാലഘട്ടത്തിലാണല്ലൊ നാം ഇന്നുള്ളത് . അല്ലാഹു നമ്മെ രക്ഷിക്കട്ടെ ആമീൻ.

4). അല്ലാഹു ചെയ്ത് തന്ന അനുഗ്രഹം ഓർമിച്ച് കൊണ്ടിരിക്കണം : ലഭിച്ച് കഴിഞ്ഞ എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾക്ക് അല്ലാഹുവിനോട് നന്ദി കാണിക്കുന്നത് കൂടുതൽ അനുഗ്രഹം ലഭിക്കുന്നതിന് കാരണമായിത്തീരുന്നതാണ്. അല്ലാഹു ഇവിടെ എടുത്ത് പറയുന്നത്, ഖുർആൻ ഒന്നാമതായി അഭിമുഖീകരിക്കുന്ന അന്നത്തെ സത്യവിശ്വാസികൾക്കും, ഭാവിയിലെ സത്യവിശ്വാസികൾക്കും ഒരിക്കലും വിസ്മരിക്കാൻ പറ്റാത്ത ഒരു അനുഗ്രഹത്തെകുറിച്ചാണ്. പരസ്പരം കലഹിച്ചും രക്തം ചിന്തിയും കഴിയുകയായിരുന്ന പല അറബു ഗോത്രങ്ങളെയും, ഇസ്ലാം ഏകോദര സഹോദരങ്ങളാക്കി മാറ്റി. മക്കയിൽ നിന്നുള്ള മുഹാജിറുകളും മദീനയിൽ നൂറിൽ പരം കൊല്ലങ്ങളായി പരസ്പരം യുദ്ധം ചെയ്തിരുന്ന ഔസു, ഖസ്റജ് ഗോത്രങ്ങളും, എല്ലാം ചേർന്ന് ലോകചരിത്രത്തിൽ എവിടെയും സാമ്യതയില്ലാത്ത വിധത്തിലുള്ള ഒരു കൂട്ടു ജീവിതമാണ് ഉണ്ടായിത്തീർന്നത്.

മാത്രമല്ല എല്ലാ അനാചാരങ്ങളിലും തോന്നിവാസങ്ങളിലും മുഴുകി നരകത്തിന്റെ വക്കിലോളം എത്തിയ അവരെ അല്ലാഹു ഇസ്ലാമാകുന്ന അനുഗ്രഹം നല്കി അതിൽ നിന്നും രക്ഷപ്പെടുത്തി, സ്വർഗ്ഗത്തിന്റെ രാജപാതയിലേക്ക് തിരിച്ച് വിടുകയും ചെയ്തു.

അല്ലാഹു അവന്റെ ലക്ഷ്യദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊണ്ട് നിങ്ങൾക്ക് ഇപ്രകാരം ഉപദേശങ്ങൾ നല്കികൊണ്ടിരിക്കുന്നത് നിങ്ങൾ സന്മാർഗ്ഗം പ്രാപിക്കാൻ വേണ്ടിയാണെന്നും, ആരും നേർവഴി തെറ്റിപ്പോകാതെ, സൂക്ഷിക്കണമെന്നും അല്ലാഹു ഉണർത്തുന്നു,

**വചനം: 104,105,106,107,108,109**

104 (സത്യവിശ്വാസികളേ) നിങ്ങളിൽ നിന്നും ഉണ്ടായിരിക്കയും ചെയ്യട്ടെ, നന്മയിലേക്കു ക്ഷണിക്കുകയും, സദാചാരം കൊണ്ട് കൽപിക്കുകയും, ദുരാചാരത്തെക്കുറിച്ചു വിരോധിക്കുകയും ചെയ്യുന്ന ഒരു സമുദായം. (അങ്ങിനെയുള്ള) അക്കൂട്ടർ തന്നെയാണ് വിജയികളും.

وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى ٱلْخَيْرِ وَيَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ ۚ وَأُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿١٠٤﴾

105 നിങ്ങൾ യാതൊരു കൂട്ടരെപ്പോലെ ആയിരിക്കുകയും അരുത്: (വ്യക്തമായ) തെളിവുകൾ അവർക്ക് വന്നതിനു ശേഷം അവർ (പരസ്പരം) ഭിന്നിക്കുകയും, അഭിപ്രായവ്യത്യാസത്തിലാകുകയും ചെയ്തു. അക്കൂട്ടരാകട്ടെ, അവർക്ക് വമ്പിച്ച ശിക്ഷയുമുണ്ടായിരിക്കും;-

وَلَا تَكُونُوا۟ كَٱلَّذِينَ تَفَرَّقُوا۟ وَٱخْتَلَفُوا۟ مِنۢ بَعْدِ مَا جَآءَهُمُ ٱلْبَيِّنَـٰتُ ۚ وَأُو۟لَـٰٓئِكَ لَهُمْ عَذَابٌ عَظِيمٌ ﴿١٠٥﴾

يَوْمَ تَبْيَضُّ وُجُوهٌ وَتَسْوَدُّ وُجُوهٌ ۚ فَأَمَّا ٱلَّذِينَ ٱسْوَدَّتْ وُجُوهُهُمْ أَكَفَرْتُم بَعْدَ إِيمَٰنِكُمْ فَذُوقُوا۟ ٱلْعَذَابَ بِمَا كُنتُمْ تَكْفُرُونَ ﴿١٠٦﴾

106 (അതെ) ചില മുഖങ്ങൾ വെളുക്കുകയും, ചില മുഖങ്ങൾ കറുക്കുകയും ചെയ്യുന്ന ദിവസം! എന്നാൽ, യാതൊരു കൂട്ടരുടെ മുഖങ്ങൾ കറുത്തുവോ അവർ,– (അവരോടു പറയപ്പെടും:) “നിങ്ങളുടെ സത്യവിശ്വാസത്തിനു ശേഷം നിങ്ങൾ അവിശ്വസിച്ചുവോ?!– എന്നാൽ നിങ്ങൾ അവിശ്വസിച്ചുകൊണ്ടിരുന്നതു നിമിത്തം നിങ്ങൾ ശിക്ഷ ആസ്വദിച്ചു കൊള്ളുവിൻ.”

وَأَمَّا ٱلَّذِينَ ٱبْيَضَّتْ وُجُوهُهُمْ فَفِى رَحْمَةِ ٱللَّهِ هُمْ فِيهَا خَٰلِدُونَ ﴿١٠٧﴾

107 എന്നാൽ, യാതൊരു കൂട്ടരുടെ മുഖങ്ങൾ വെളുത്തുവോ അവർ, അല്ലാഹുവിൻെറ കാരുണ്യത്തിലുമായിരിക്കും. അവരതിൽ ശ്വാശ്വതൻമാരായിരിക്കുന്നതാണ്.

تِلْكَ ءَايَٰتُ ٱللَّهِ نَتْلُوهَا عَلَيْكَ بِٱلْحَقِّ ۗ وَمَا ٱللَّهُ يُرِيدُ ظُلْمًا لِّلْعَٰلَمِينَ ﴿١٠٨﴾

108 അവ (മേൽ പറഞ്ഞതൊക്കെ) അല്ലാഹുവിൻെറ ആയത്തു (ലക്ഷ്യം) കളാകുന്നു; യഥാർത്ഥ പ്രകാരം നാം അവ നിനക്ക് ഓതിത്തരുകയാണ് അല്ലാഹു, ലോകരോട് യാതൊരു അനീതിയും (ചെയ്‌വാൻ) ഉദ്ദേശിക്കുന്നില്ല.

وَلِلَّهِ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۚ وَإِلَى ٱللَّهِ تُرْجَعُ ٱلْأُمُورُ ﴿١٠٩﴾

109 അല്ലാഹുവിനുള്ളതത്രെ, ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം). അല്ലാഹുവിങ്കലേക്കു തന്നെ കാര്യങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

---

‘മഅ്റൂഫു’ എന്ന പദത്തിന് ഭാഷാപരമായി പല അർത്ഥങ്ങളുമുണ്ടെങ്കിലും, ഏതൊരു കാര്യം ചെയ്യുന്നത് നല്ലതും, അല്ലാഹുവിന് വഴിപ്പെടുന്നതും സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം ചീത്തയായി ഗണിക്കപ്പെടാത്തതുമാണോ, അവയെല്ലാം മഅ്റൂഫു എന്നവാക്കിനാൽ അിറയപ്പെടുന്നു. സദാചാരം, സൽകാര്യം എന്നിങ്ങനെയും അർത്ഥം നല്കാവുന്നതാണു. അതുപോലെ ഏതൊരു കാര്യം ചെയ്യുന്നത് ചീത്തയായും, സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം, നല്ലതായി ഗണിക്കപ്പെടാത്തതും, അല്ലാഹുവിന്റെ അടുക്കൽ വെറുക്കപ്പെട്ടതുമാണോ അത്തരം ദുരാചാരങ്ങൾ, ദുഷ്കാര്യങ്ങൾ എന്നിവ, ‘മുൻകർ’ എന്ന വാക്കിനാൽ അറിയപ്പെടുന്നു.

സത്യവിശ്വാസികൾ സ്വയം നന്നായാൽ മാത്രം പോരാ , മറ്റുള്ളവരെ നന്നാക്കി ത്തീർക്കുവാൻ ശ്രമിക്കുക കൂടി വേണമെന്ന് അല്ലാഹു കല്പിക്കുന്നു– മറ്റുള്ളവരെ നല്ല കാര്യങ്ങൾക്കായി ഉപദേശിക്കുകയും ചീത്ത കാര്യങ്ങളിൽ നിന്ന് പിന്തിരിപ്പിക്കുകയും ചെയ്യണം. നബി(സ) ഇപ്രകാരം അരുളിയിരിക്കുന്നു. “നിങ്ങളിൽ ആരെങ്കിലും ഒരു ദുരാചാരം കാണുന്ന പക്ഷം, അവൻ തന്റെ കൈകൊണ്ട് അത് മാറ്റിക്കൊള്ളട്ടെ. അതിന് സാധ്യമല്ല എങ്കിൽ അവന്റെ നാവു കൊണ്ട് അതു തടയട്ടെ. എനി അതിനും കഴിവില്ലെങ്കിൽ അവന്റെ ഹൃദയം കൊണ്ട് അതിനെ വെറുത്ത് കൊള്ളട്ടെ. സദാചാരം കൊണ്ട് കല്പിക്കുകയും ദുരാചാരത്തെകുറിച്ച് വിരോധിക്കുകയും ചെയ്യാത്ത ഒരുവന്റെ പ്രാർത്ഥനക്ക് അല്ലാഹു ഉത്തരം നല്കുകയില്ല”

“ഏറ്റവും വമ്പിച്ച ജിഹാദിൽ(ധർമ്മസമരത്തിൽ) പെട്ടതാണ് അക്രമിയായ ഒരു ഭരണാധിപന്റെ അടുക്കൽ ഒരു നീതിയുടെ വാക്ക് പറയൽ”.

വ്യക്തമായ തെളിവുകൾ ലഭിച്ചിട്ടും, പരസ്പരം ഭിന്നിക്കുകയും ഛിദ്രിക്കുകയും ചെയ്ത വേദക്കാരെ പോലെ, നിങ്ങളും ആയിത്തീരരുതെന്ന് അല്ലാഹു സത്യവിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു. അങ്ങനെയുള്ളവർക്ക് പരലോകത്ത് അതികഠിനമായ ശിക്ഷയും അപമാനവുമാണുള്ളത്.

ഖിയാമത്ത് നാളിൽ ചില മുഖങ്ങൾ വെളുക്കുകയും മറ്റു ചിലവ കറുക്കകയും ചെയ്യും – സജ്ജനങ്ങളുടെ മുഖം സന്തോഷാധിക്യത്താൽ അന്ന് പ്രസന്നവും പ്രകാശമയവുമായിരിക്കും; ദുർജ്ജനങ്ങളുടെ മുഖം ദുഃഖഭാരവും ഭയാധിക്യവും നിമിത്തം അന്ന് മ്ലാനവും ഇരുണ്ടതുമായിരിക്കും.

നിങ്ങൾ ചരിക്കേണ്ടുന്ന മാർഗ്ഗം നിങ്ങൾക്ക് വ്യക്തമായി മനസ്സിലാക്കുവാൻ വേണ്ടുന്ന എല്ലാ തെളിവുകളും വിശദീകരണങ്ങളും നല്കിയിട്ടുള്ള അല്ലാഹു ലോകത്ത് ആരോടും യാതൊരു അനീതിയും കാണിക്കുവാൻ ഉദ്ദേശിക്കുന്നില്ല. അഖില വസ്തുക്കളുടെയും സൃഷ്ടാവും ഉടമയുമായ അല്ലാഹുവിങ്കലേക്കാകുന്നു എല്ലാം പര്യവസാനിക്കുന്നതും. അപ്പോൾ അവൻ നിർദ്ദേശിക്കുന്ന മാർഗ്ഗത്തിലൂടെ മാത്രം ചരിക്കുകയും അവന് അനിഷ്ടകരമായ മാർഗ്ഗങ്ങൾ വെടിയാനും സൃഷ്ടികൾ ബാധ്യസ്ഥരാണല്ലോ.

## വിഭാഗം 12

**വചനം 110,111,112**

كُنتُمۡ خَيۡرَ أُمَّةٍ أُخۡرِجَتۡ لِلنَّاسِ تَأۡمُرُونَ
بِٱلۡمَعۡرُوفِ وَتَنۡهَوۡنَ عَنِ ٱلۡمُنكَرِ
وَتُؤۡمِنُونَ بِٱللَّهِۗ وَلَوۡ ءَامَنَ أَهۡلُ
ٱلۡكِتَٰبِ لَكَانَ خَيۡرٗا لَّهُمۚ مِّنۡهُمُ
ٱلۡمُؤۡمِنُونَ وَأَكۡثَرُهُمُ ٱلۡفَٰسِقُونَ ﴿١١٠﴾
لَن يَضُرُّوكُمۡ إِلَّآ أَذٗىۖ وَإِن يُقَٰتِلُوكُمۡ
يُوَلُّوكُمُ ٱلۡأَدۡبَارَ ثُمَّ لَا يُنصَرُونَ ﴿١١١﴾

110 നിങ്ങൾ, മനുഷ്യർക്ക്വേണ്ടി പുറപ്പെടുവിക്കപ്പെട്ട ഏറ്റം ഉത്തമ സമുദായമാകുന്നു. നിങ്ങൾ സദാചാരം കൊണ്ട് കൽപിക്കുകയും, ദുരാചാരത്തെ കുറിച്ചു വിരോധിക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. വേദക്കാർ വിശ്വസിച്ചിരുന്നെങ്കിൽ അവർക്കത് ഏറ്റം ഉത്തമമായിരുന്നു. അവരിൽ (ചിലർ) സത്യവിശ്വാസികളുണ്ട്; അവരിൽ അധികവും തോന്നിയവാസികളത്രെ.

111 അവർ വല്ല ശല്യവും (ഉണ്ടാക്കുക) അല്ലാതെ നിങ്ങൾക്ക് ഉപദ്രവം (ഒന്നും) ചെയ്യുകയില്ല തന്നെ. അവർ നിങ്ങളോട് യുദ്ധം ചെയ്യുകയാണെങ്കിലോ, അവർ നിങ്ങളോട് പിൻ തിരിഞ്ഞു പോകുന്നതുമാണ്. പിന്നെ, അവർക്ക് സഹായം ലഭിക്കുകയുമില്ല.

ضُرِبَتۡ عَلَيۡهِمُ ٱلذِّلَّةُ أَيۡنَ مَا ثُقِفُوٓاْ إِلَّا
بِحَبۡلٖ مِّنَ ٱللَّهِ وَحَبۡلٖ مِّنَ ٱلنَّاسِ وَبَآءُو
بِغَضَبٖ مِّنَ ٱللَّهِ وَضُرِبَتۡ عَلَيۡهِمُ
ٱلۡمَسۡكَنَةُۚ ذَٰلِكَ بِأَنَّهُمۡ كَانُواْ يَكۡفُرُونَ
بِـَٔايَٰتِ ٱللَّهِ وَيَقۡتُلُونَ ٱلۡأَنۢبِيَآءَ بِغَيۡرِ حَقّٖۚ
ذَٰلِكَ بِمَا عَصَواْ وَّكَانُواْ يَعۡتَدُونَ ﴿١١٢﴾

112 അവർ എവിടെത്തന്നെ കാണപ്പെട്ടാലും (ശരി) അവരുടെ മേൽ നിന്ദ്യത അടിക്കപ്പെട്ടിരിക്കുന്നു; അല്ലാഹുവിങ്കൽ നിന്നുള്ള വല്ല കയറും ജനങ്ങളിൽ നിന്നുള്ള വല്ല കയറും സഹിതമല്ലാതെ (അവർക്കതിൽ നിന്നു രക്ഷയില്ല.) അല്ലാഹുവിങ്കൽ നിന്നുള്ള കോപവും കൊണ്ട് അവർ മടങ്ങുകയും ചെയ്തിരിക്കുന്നു. (അതാണവർക്ക് ലഭിച്ച നേട്ടം.) നിർഗ്ഗതിയും (അഥവാ പതിതത്വവും) അവരുടെ മേൽ അടിക്കപ്പെട്ടിരിക്കുന്നു. അത്, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ അവർ അവിശ്വസിക്കുകയും, ഒരു ന്യായവും കൂടാതെ പ്രവാചകൻമാരെ അവർ കൊലപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നതു നിമിത്തമാകുന്നു. (അതെ) അത് അവർ അനുസരണക്കേട് ചെയ്തതും, അവർ അതിക്രമം പ്രവർത്തിച്ചിരുന്നതും നിമിത്തമത്രെ.

---

സമുദായങ്ങളിൽവെച്ച് ഏറ്റവും ഉത്തമമായത് മുസ്ലിം സമുദായം തന്നെ. മറ്റുള്ളവർക്ക് മാതൃകയാകേണ്ടതും അവർ തന്നെ. എന്നാൽ ഉത്തമ സമുദായമായിതീരാൻ "നിങ്ങൾ സദാചാരം കൊണ്ട് കല്പിക്കുകയും ദുരാചാരത്തെകുറിച്ച് വിരോധിക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു". എന്ന ഉപാധി അല്ലാഹു നിർദേശിക്കുന്നു. ഈ ഗുണങ്ങൾ നിങ്ങളിൽ നിലനിൽക്കുമ്പോഴെ നിങ്ങൾ ഉത്തമ സമുദായമായിരിക്കുകയുള്ളൂ എന്ന് താല്പര്യം.

"നിങ്ങളാണ് ഏറ്റവും ഉത്തമ സമുദായം" എന്നതുകൊണ്ട് നബി (സ) യുടെ കാലത്തെ മുസ്ലിംകളെ മാത്രം ഉദ്ദേശിച്ച് കൊണ്ട് പറഞ്ഞതല്ല എന്നും മുസ്ലിം സമുദായത്തെ പൊതുവിൽ ഉൾപ്പെടുത്തികൊണ്ടുള്ള ഒരു വിധിയാണെന്നുമാണ് പണ്ഡിത മതം. എന്നാൽ മേൽ പറഞ്ഞ സവിശേഷതകളിൽ, നബി(സ) തിരുമേനിയുടെ കാലത്തും അതിനടുത്തകാലങ്ങളിലുമുള്ള സത്യ വിശ്വാസികൾ മുന്നിട്ടു നിൽക്കുന്നവരായിരുന്നത് കൊണ്ട്, ഉത്തമരിൽ മുൻപന്തിയിൽ അവരാണെന്നതിൽ സംശയമില്ല. എന്റെ സമുദായത്തിൽ വച്ച് ഏറ്റവും ഉത്തമം എന്റെ കാലക്കാരാണ്. എന്നിട്ട് അവരോട് അടുത്ത് വരുന്നവരും പിന്നീട് അവരോട് അടുത്തു വരുന്നവരും : നബി വചനം

വേദക്കാരുടെ വിശ്വാസവും നടപടികളുമെല്ലാം പിഴച്ചു പോയിരിക്കുകയാണ്. അവർ നബി (സ)യിൽ വിശ്വസിച്ച് യഥാർത്ഥ സത്യവിശ്വാസികളാകുന്ന പക്ഷം, അവരും ഈ ഉത്തമ സമുദായത്തിൽ ഉൾപ്പെട്ട ഭാഗ്യവാൻമാരായിത്തീരും ; അതവർക്ക് കൂടുതൽ നല്ലതായിരുന്നു എന്ന് തുടർന്ന് അല്ലാഹു പറയുന്നു. വേദക്കാരിൽ അധികഭാഗവും വഴി പിഴച്ചവരും അവിശ്വാസികളുമാണെങ്കിലും അവരിൽ ചുരുക്കം ചിലർ സത്യവിശ്വാസികളായി നല്ലവരുണ്ടെന്നും അല്ലാഹു ചൂണ്ടികാണിക്കുന്നു. വേദക്കാരെ ഭയപ്പെടേണ്ടതില്ലെന്നും, അവർ നിമിത്തം കുറെയൊക്കെ ശല്യവും സൈ്വരക്കേടും ഉണ്ടാവുമെന്നല്ലാതെ മുസ്ലിംകൾക്ക് ഉപദ്രവം വരുത്താനുള്ള കഴിവോ ധീരതയോ, അവർക്കില്ലെന്നും , അവർ യുദ്ധത്തിന് വന്നാൽ തന്നെ പിൻതിരിഞ്ഞോടുകയേയുള്ളൂവെന്നും, അല്ലാഹു സത്യവിശ്വാസികളെ അറിയിക്കുന്നു. ബൈനുഖാള്, നളീർ; ഖുറൈള എന്നീയുദ്ധങ്ങളിൽ യഹൂദികളിൽ ഈ പ്രവചനം സത്യമായിതീർന്നത് മുസ്ലീംങ്ങൾ കാണുകയും ചെയ്തു.

"അവർ എവിടെയായാലും അവരുടെ മേൽ നിന്ദ്യത അടിക്കപ്പെട്ടിരിക്കുന്നു എന്നും അവർ അല്ലാഹുവിന്റെ കോപവും കൊണ്ട് മടങ്ങിയിരിക്കുന്നു എന്നും അവരുടെ മേൽ നിർഗതി അഥവാ പതിത്വം അടിക്കപ്പെട്ടിരിക്കുന്നു" എന്നുമൊക്കെയുള്ള പ്രസ്താവം വേദക്കാരെപറ്റി പൊതുവെയും യഹൂദികളെ പ്രത്യേകിച്ചും ഉദ്ദേശിച്ച് കൊണ്ടുള്ളതുമാകുന്നും . (സൂ ബഖറ : 61 നോക്കുക )

തുടർന്ന് അല്ലാഹു പറയുന്നു "അല്ലാഹുവിങ്കൽ നിന്നുള്ള വല്ല കയറും ജനങ്ങളിൽ നിന്നുള്ള വല്ല കയറും സഹിതമല്ലാതെ അവർക്കതിൽ നിന്ന് രക്ഷയില്ല" – അതായത് സത്യവിശ്വാസം സ്വീകരിക്കുക, മുസ്ലീംകളുമായി സഖ്യത്തിലോ സന്ധിയിലോ ഏർപ്പെടുക, ഇതര സമുദായങ്ങളുടെയോ മുസ്ലീംകളുടെ ശത്രുക്കളുടെയോ സഖ്യം ലഭിക്കുക മുതലായവയെല്ലാം ഈപിടി കയറിന് ഉദാഹരണങ്ങളാകാവുന്നതാണ്– ഇല്ലെങ്കിൽ നിന്ദ്യതയിൽ നിന്നും അവർക്ക് ഒരിക്കലും രക്ഷപ്പെടുവാൻ സാധ്യമാവുകയില്ല, അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ അവിശ്വസിക്കുകയും, ഒരു ന്യായവും കൂടാതെ പ്രവാചകൻമാരെ കൊലപ്പെടുത്തുകയും, അനുസരണക്കേടും, അതിക്രമവും കാണിക്കുകയും ചെയ്തതിനാലാണ്, അവർ അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് പാത്രീഭൂതരായത്. ഇസ്രാ ഈല്യർ എന്ന് തൊട്ട് അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് ഇരയായി തീർന്നുവോ, അന്ന് മുതൽ അവരിൽ നിന്ദ്യതയും പതിത്വവും കുടിയേറുകയും ചെയ്തിരിക്കുന്നുവെന്നതിന് ചരിത്രം സാക്ഷിയാണ്. ഇസ്ലാമിന് മുമ്പ് ഇറാഖിലെയും റോമായിലെയും സാമ്രാജ്യത്വ ശക്തികൾക്കടിമപ്പെട്ടും, ഇസ്ലാമിക ഭരണകാലത്ത് അതിന്റെ കീഴിൽ കപ്പം കൊടുത്തും, അതിന് ശേഷമാകട്ടെ പല രാഷ്ട്രങ്ങളിലായി, ഹീനരും പതിതരുമായിട്ടേ അവർക്ക് ജീവിക്കാൻ കഴിഞ്ഞിട്ടുള്ളൂ. തുടർന്ന്, രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ഇസ്രാഈൽ രാഷ്ട്രം എന്ന പേരിൽ പാലസ്തീനികളുടെ നാട് വിഭജിച്ച്, സ്ഥാപിതമായെങ്കിലും അതിന്റെ നിലനില്പുതന്നെ അമേരിക്ക മുതലായ വൻ കോയ്മകളുടെ കൈക്കലാണുള്ളത്. അല്ലാഹുവിന്റെയും മനുഷ്യരുടെയും കയറ് സഹിതമല്ലാതെ നിന്ദ്യതയിൽ നിന്ന് അവർക്ക് രക്ഷയില്ലെന്ന് അല്ലാഹുവിന്റെ പ്രസ്താവം ഇന്നും സത്യമായി പുലർന്നുകൊണ്ടിരിക്കുന്നു. അറബി രാഷ്ട്രങ്ങളും മറ്റു പല അമുസ്ലിം രാഷ്ട്രങ്ങളും അതിനെ അംഗീകരിച്ചിട്ടില്ല. ഇത്രയും വെറുക്കപ്പെട്ട ഒരു രാഷ്ട്രം ലോകത്ത് വേറൊന്നില്ല തന്നെ.

മുസ്ലിം രാഷ്ട്രങ്ങളെപറ്റി പറയുകയാണെങ്കിൽ വലുപ്പം കൊണ്ടും ജനസംഖ്യകൊണ്ടും വളരെ ചെറുതായ യഹൂദ രാഷ്ട്രത്തിന്റെ, മുസ്ലിംകൾക്കെതിരായ നീക്കത്തെ ചെറുക്കുവാൻ ദശകണക്കായ അറബു മുസ്ലിം രാഷ്ട്രങ്ങൾക്ക്, സമ്പത്തു കൊണ്ടും ഭൗതികാഭിവൃദ്ധികൊണ്ടും, ഏറെ മുൻപന്തിയിലായിട്ടും, ഒന്നും ചെയ്യാൻ കഴിയുന്നില്ല. സമ്പൽ സമൃദ്ധിയുടെ പെരുപ്പത്തോടൊപ്പം, ഇസ്ലാമിക ജീവിതത്തിൽ നിന്നുള്ള അകൽച്ചയും , ഇസ്ലാമിക ചൈതന്യത്തിന്റെ അഭാവവും , ഭൗതിക സുഖാഡംഭരങ്ങളിലുള്ള താല്പര്യവും, അറബ് രാഷ്ടങ്ങൾക്കിടയിലെ അനൈക്യവും അവരെ ദുർബലരാക്കിയിരിക്കുന്നു.

<u>വചനം 113, 114, 115</u>

113 അവർ (വേദക്കാർ-എല്ലാവരും) സമമല്ല; വേദക്കാരിൽ ചൊവ്വിന് നിലകൊള്ളുന്ന ഒരു സമൂഹം ഉണ്ട്: രാത്രി സമയങ്ങളിൽ അവർ 'സുജൂദു'(സാഷ്ടാംഗനമസ്കാരം) ചെയ്തു കൊണ്ട് അല്ലാഹുവിൻെറ 'ആയത്തു' (വേദവാക്യം) പാരായണം ചെയ്യുന്നു. (ഇങ്ങിനെയുള്ള ഒരു സമൂഹം.)

۞ لَيۡسُواْ سَوَآءٗۗ مِّنۡ أَهۡلِ ٱلۡكِتَٰبِ أُمَّةٞ قَآئِمَةٞ يَتۡلُونَ ءَايَٰتِ ٱللَّهِ ءَانَآءَ ٱلَّيۡلِ وَهُمۡ يَسۡجُدُونَ ﴿١١٣﴾

114 അവർ അല്ലാഹുവിലും, അന്ത്യനാളിലും വിശ്വസിക്കുന്നു; അവർ സദാചാരം കൊണ്ട് കൽപിക്കുകയും, ദുരാചാരത്തെക്കുറിച്ചു വിരോധിക്കുകയും, നല്ല കാര്യങ്ങളിൽ പരസ്പരം ധൃതികൂട്ടികൊണ്ടിരിക്കുകയും ചെയ്യുന്നു. അക്കൂട്ടർ സദ്വൃത്തൻമാരിൽ പെട്ടവരുമാണ്.

يُؤۡمِنُونَ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِ وَيَأۡمُرُونَ بِٱلۡمَعۡرُوفِ وَيَنۡهَوۡنَ عَنِ ٱلۡمُنكَرِ وَيُسَٰرِعُونَ فِي ٱلۡخَيۡرَٰتِ وَأُوْلَٰٓئِكَ مِنَ ٱلصَّٰلِحِينَ ﴿١١٤﴾

115 അവർ നല്ല കാര്യമായി എന്തു ചെയ്യുന്നതായാലും അതിൽ അവരോടു നന്ദികേട് ചെയ്യപ്പെടുകയില്ലതന്നെ. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെപ്പറ്റി അറിയുന്നവനാകുന്നു.

وَمَا يَفۡعَلُواْ مِنۡ خَيۡرٖ فَلَن يُكۡفَرُوهُۗ وَٱللَّهُ عَلِيمُۢ بِٱلۡمُتَّقِينَ ﴿١١٥﴾

---

വേദക്കാർ അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് വിധേയരായിരിക്കയാണെന്ന് കഴിഞ്ഞ വചനത്തിൽ പറഞ്ഞു. എന്നാൽ അവർ മുഴുവൻ അങ്ങനെയുള്ളവരല്ല - അൽപം ചിലർ സത്യവിശ്വാസത്തിൽ ഉറച്ച് നിൽക്കുകയും നബി(സ)യിൽ വിശ്വസിച്ച് ഇസ്ലാമിനെ അംഗീകരിക്കുകയും ചെയ്തുവരുന്നു. അബ്ദുല്ലാഹിബ്നു സലാം(റ) മുതലായവർ, ഇസ്ലാമിൽ പ്രവേശിച്ചപ്പോൾ, യഹൂദി പണ്ഡിതൻമാർ "ഞങ്ങളിൽ മോശക്കാരായ ആളുകൾ മാത്രമാണ് മുഹമ്മദിൽ വിശ്വസിച്ചത്" എന്ന് പ്രചരിപ്പിക്കാൻ തുടങ്ങിയപ്പോഴാണ് ഈ വചനം അവതരിച്ചത് എന്ന് ഇബ്നു അബ്ബാസ്(റ) ഉദ്ധരിച്ച ഒരു രിവായത്തിൽ പറയുന്നു.

തുടർന്ന് ഈ സദ് വൃത്തരെപ്പറ്റി അല്ലാഹു പ്രശംസിച്ച ചില കാര്യങ്ങൾ ഉണർത്തുന്നു : 1 അവർ സുജൂദ് ചെയ്തു കൊണ്ട് രാത്രി സമയങ്ങളിൽ അല്ലാഹുവിന്റെ ആയത്തുകൾ പാരായണം ചെയ്യും. നമസ്ക്കാരത്തെ പറ്റി റുകൂഉ് എന്നും സുജൂദ് എന്നും ഖുർ ആനിൽ സാധാരണ ഉപയോഗിച്ച് വരുന്നതാണല്ലോ. അപ്പോൾ സുജൂദ് കൊണ്ടുദ്ദേശം നമസ്ക്കാരമായിരിക്കാം. മാത്രമല്ല, സുജൂദിൽ ഖുർ ആൻ പാരായണം, നബി(സ) വിരോധിക്കുകയും ചെയ്തിട്ടുണ്ടല്ലോ.

2 അവർ അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുന്നു. മറ്റ് വേദക്കാരിൽ നിന്നും വ്യത്യസ്തരായി ഇക്കൂട്ടർ അന്ത്യനാളിനെ കുറിച്ച് ഖുർ ആന്റെ വിവരണങ്ങൾക്കനുസൃതമായും , അല്ലാഹുവിനെ ക്കുറിച്ച് ശിർക്കിന്റെ കലർപ്പില്ലാതെയും, ശരിയായ വിശ്വാസം ഉൾക്കൊണ്ടവരാകുന്നു.

3. അവർ സല്ക്കാര്യം കൊണ്ട് ജനങ്ങളെ ഉപദേശിക്കുകയും, ദുഷ്കാര്യങ്ങളെ കുറിച്ച് വിരോധിക്കുകയും ചെയ്യുന്നു.

4. അവർ നല്ല കാര്യങ്ങളിൽ ധൃതിപൂർവ്വം മുന്നേറിക്കൊണ്ടിരിക്കും.

വേദക്കാരിലുള്ള ഇപ്പറഞ്ഞ ഗുണങ്ങളില്ലാത്ത ഭൂരിഭാഗത്തെയും പറ്റി 110-ാം വചനത്തിൽ "അവരിൽ അധികവും തോന്നിയവാസികളാണ്" എന്ന് പ്രസ്താവിച്ച അല്ലാഹു, ഇത്തരം ഗുണങ്ങളുള്ള ഇവരെ കുറിച്ച് "അവർ സദ്വൃത്തന്മാരിൽപ്പെട്ടവരാണ്" എന്ന് സാക്ഷ്യപ്പെടുത്തുന്നു, കൂടാതെ അവർ ചെയ്യുന്ന സദ് കാര്യങ്ങളെ അല്ലാഹു നന്ദിപൂർവ്വം സ്വീകരിച്ച് പ്രതിഫലം നൽകുന്നതാണെന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു

**വചനം 116, 117**

116 നിശ്ചയമായും, അവിശ്വസിച്ചിട്ടുള്ളവര്‍,- അവരുടെ സ്വത്തുക്കളാകട്ടെ, അവരുടെ മക്കളാകട്ടെ, അല്ലാഹുവില്‍ നിന്നു(ള്ള ശിക്ഷ) യാതൊന്നും അവര്‍ക്കു തടുത്തു കൊടുക്കുന്ന തേയല്ല. അക്കൂട്ടര്‍, നരകത്തിന്‍റെ ആള്‍ക്കാരു മാകുന്നു; അവര്‍ അതില്‍ നിത്യവാസി കളായിരിക്കും.

إِنَّ ٱلَّذِينَ كَفَرُوا۟ لَن تُغْنِىَ عَنْهُمْ أَمْوَٰلُهُمْ وَلَآ أَوْلَٰدُهُم مِّنَ ٱللَّهِ شَيْـًٔا ۖ وَأُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ ۚ هُمْ فِيهَا خَٰلِدُونَ ﴿١١٦﴾

117 ഈ ഐഹികജീവിതത്തില്‍ അവര്‍ ചിലവഴി ക്കുന്നതിന്‍റെ ഉപമ, ഒരു കാറ്റിന്‍റെ മാതിരിയാ കുന്നു: അതില്‍ അതിശൈത്യമുണ്ട്; തങ്ങളുടെ സ്വന്തങ്ങളോടു തന്നെ അക്രമം പ്രവര്‍ത്തിച്ച ഒരു ജനതയുടെ കൃഷിയിടത്തിന്ന് അതു ബാധിച്ചു; എന്നിട്ട് അതിനെ അതു നശിപ്പിച്ചു കളഞ്ഞു. (ഇങ്ങിനെയുള്ള ഒരു കാറ്റിന്‍റെ മാതിരി) അല്ലാഹു അവരോട് അക്രമം പ്രവര്‍ത്തി ച്ചിട്ടില്ലതാനും. എങ്കിലും അവര്‍ തങ്ങളുടെ സ്വന്തങ്ങളോടുതന്നെ അക്രമം പ്രവര്‍ത്തിക്കുന്നു.

مَثَلُ مَا يُنفِقُونَ فِى هَٰذِهِ ٱلْحَيَوٰةِ ٱلدُّنْيَا كَمَثَلِ رِيحٍ فِيهَا صِرٌّ أَصَابَتْ حَرْثَ قَوْمٍ ظَلَمُوٓا۟ أَنفُسَهُمْ فَأَهْلَكَتْهُ ۚ وَمَا ظَلَمَهُمُ ٱللَّهُ وَلَٰكِنْ أَنفُسَهُمْ يَظْلِمُونَ ﴿١١٧﴾

---

അവിശ്വാസികള്‍ക്ക് അവരുടെ സ്വത്തും മക്കളുമൊന്നും, പരലോകത്ത് പ്രയോജനപ്പെടാന്‍ പോകുന്നില്ല. ശാശ്വതമായ നരകശിക്ഷയായിരിക്കും അവര്‍ക്കവിടെ ലഭിക്കുക. ദാനധര്‍മ്മാദി നല്ല വിഷയങ്ങളില്‍ അവി ശ്വാസികള്‍ ധനം ചിലവഴിക്കാറുണ്ടെങ്കിലും അതിനൊന്നും യാതൊരു പ്രതിഫലവും ലഭിക്കുകയില്ല. അവ രുടെ അവിശ്വാസവും അതനുസരിച്ചുള്ള പ്രവര്‍ത്തികളും, അതിശൈത്യമായ ഒരു കൊടുങ്കാറ്റ് കൃഷിയിടം നശിപ്പിച്ച് കളയുന്നതുപോലെ അവരുടെ കര്‍മ്മഫലങ്ങളെയും നഷ്ടപ്പെടുത്തിക്കളയും. അവരുടെ അവിശ്വാ സവും പാപങ്ങളും വഴി, തങ്ങളുടെ സ്വന്തങ്ങളോട് തന്നെ അക്രമം പ്രവര്‍ത്തിച്ചതിനാലാണ് അവര്‍ ഇഹ ത്തിലും പരത്തിലും നഷ്ടക്കാരായിത്തീരുന്നത് - അല്ലാതെ അല്ലാഹു അവരോട് അക്രമം പ്രവര്‍ത്തിച്ചത് കൊണ്ടല്ല.

---

**വചനം 118, 119 120**

118 ഹേ, വിശ്വസിച്ചരേ, നിങ്ങള്‍ക്കു പുറമെ (യുള്ളവരില്‍) നിന്ന് നിങ്ങള്‍ (രഹസ്യം സൂക്ഷിക്കുന്ന) ഉള്ളുകള്ളിക്കാരെ സ്വീകരി ക്കരുത്. അവര്‍ നിങ്ങളോട് കുഴപ്പത്തി (ന്‍റെ കാര്യത്തി)ല്‍ വീഴ്ച വരുത്തുന്നതല്ല. നിങ്ങള്‍ ബുദ്ധിമുട്ടുന്നതിന്ന് അവര്‍ ആഗ്രഹിക്കുകയാണ്. അവരുടെ വായകളില്‍ നിന്ന് ഈര്‍ഷ്യത വെളിവായിക്കഴിഞ്ഞിരിക്കുന്നു. അവരുടെ നെഞ്ചു (ഹൃദയം)കള്‍ മറച്ചുവെക്കുന്നതാകട്ടെ, കൂടുതല്‍ വലിയതുമാണ്. തീര്‍ച്ചയായും, (ഇതാ) നാം നിങ്ങള്‍ക്ക് ദൃഷ്ടാന്തങ്ങള്‍ വിവരിച്ചു തന്നിരിക്കുന്നു; നിങ്ങള്‍ ബുദ്ധി കൊടു (ത്തു ചിന്തി)ക്കുന്നുവെങ്കില്‍.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَّخِذُوا۟ بِطَانَةً مِّن دُونِكُمْ لَا يَأْلُونَكُمْ خَبَالًا وَدُّوا۟ مَا عَنِتُّمْ قَدْ بَدَتِ ٱلْبَغْضَآءُ مِنْ أَفْوَٰهِهِمْ وَمَا تُخْفِى صُدُورُهُمْ أَكْبَرُ ۚ قَدْ بَيَّنَّا لَكُمُ ٱلْءَايَٰتِ ۖ إِن كُنتُمْ تَعْقِلُونَ ﴿١١٨﴾

119 ഹാ! നിങ്ങളിതാ ഇങ്ങിനെയുള്ളവരാണ്: നിങ്ങള്‍ അവരെ (അങ്ങോട്ടു) സ്നേഹിക്കുന്നു; അവര്‍ നിങ്ങളെ (ഇങ്ങോട്ടു) സ്നേഹിക്കു

هَٰٓأَنتُمْ أُو۟لَآءِ تُحِبُّونَهُمْ وَلَا يُحِبُّونَكُمْ وَتُؤْمِنُونَ بِٱلْكِتَٰبِ كُلِّهِۦ وَإِذَا لَقُوكُمْ

قَالُوٓاْ ءَامَنَّا وَإِذَا خَلَوۡاْ عَضُّواْ عَلَيۡكُمُ ٱلۡأَنَامِلَ مِنَ ٱلۡغَيۡظِۚ قُلۡ مُوتُواْ بِغَيۡظِكُمۡۗ إِنَّ ٱللَّهَ عَلِيمُۢ بِذَاتِ ٱلصُّدُورِ ١١٩

ന്നുമില്ല. നിങ്ങൾ വേദഗ്രന്ഥത്തിൽ എല്ലാം (തന്നെ) വിശ്വസിക്കുകയും ചെയ്യുന്നു. (അവർ അതും ചെയ്യുന്നില്ല.) നിങ്ങളെ കണ്ടുമുട്ടിയാൽ അവർ പറയും: "ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു" എന്ന്. അവർ (നിങ്ങളെ വിട്ട്) ഒഴിഞ്ഞുപോയാലാകട്ടെ, കോപം നിമിത്തം നിങ്ങളെപ്പറ്റി അവർ വിരൽ കടിക്കുകയും ചെയ്യും. (നബിയേ) പറയുക: "നിങ്ങളുടെ കോപംകൊണ്ടു നിങ്ങൾ മരിച്ചുകൊള്ളുവിൻ!" നിശ്ചയമായും അല്ലാഹു, നെഞ്ചു (ഹൃദയം) കളിലുള്ളതിനെപ്പറ്റി അറിയുന്നവനാകുന്നു.

إِن تَمۡسَسۡكُمۡ حَسَنَةٞ تَسُؤۡهُمۡ وَإِن تُصِبۡكُمۡ سَيِّئَةٞ يَفۡرَحُواْ بِهَاۖ وَإِن تَصۡبِرُواْ وَتَتَّقُواْ لَا يَضُرُّكُمۡ كَيۡدُهُمۡ شَيۡـًٔاۗ إِنَّ ٱللَّهَ بِمَا يَعۡمَلُونَ مُحِيطٞ ١٢٠

120 നിങ്ങളെ വല്ല നന്മയും സ്പർശിക്കുന്നപക്ഷം, അതവർക്ക് വെറുപ്പ് (അഥവാ വ്യസനം) ഉണ്ടാക്കുന്നു; നിങ്ങൾക്കു വല്ല തിന്മയും ബാധിക്കുന്നുവെങ്കിലോ, അവരതിൽ സന്തോഷമടയുകയും ചെയ്യുന്നു. നിങ്ങൾ ക്ഷമിക്കുകയും, സൂക്ഷിക്കുകയും ചെയ്യുന്നപക്ഷം, അവരുടെ തന്ത്രം നിങ്ങൾക്ക് ഒട്ടും ഉപദ്രവം വരുത്തുന്നതുമല്ല. നിശ്ചയമായും അല്ലാഹു, അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ (യെല്ലാം) വലയം ചെയ്യുന്നവനാകുന്നു. (അവന് എല്ലാം അറിയാം.)

---

മദീനയിലെ യഹൂദികളും അറബികളും തമ്മിൽ ജാഹിലിയത്തിൽ , നിലവിലുണ്ടായിരുന്ന വ്യക്തിബന്ധങ്ങളും സൗഹൃദബന്ധങ്ങളും, തുടർന്നും പുലർത്തി പോന്നിരുന്നതിനാൽ യഹൂദികൾ പ്രസ്തുത ബന്ധങ്ങൾ ചൂഷണം ചെയ്ത് മുസ്ലീംകളുടെ ചില അഭ്യന്തര രഹസ്യങ്ങൾ ചോർത്തിയെടുത്ത്, മുസ്ലീംകളിൽ കുഴപ്പമുണ്ടാക്കാൻ ഉപയോഗപ്പെടുത്തിക്കൊണ്ടിരുന്നു. അവരിൽ ചിലർ തല്ക്കാല നിൽക്കപൊറുതിക്ക് വേണ്ടി ഇസ്ലാമിന്റെ വേഷമണിഞ്ഞ കപടവിശ്വാസികളുമായിരുന്നു; അവരുടെ ഹൃദയങ്ങൾ വിഷകലുഷിതമായിരുന്നു. ഇങ്ങനെയുള്ള ബന്ധങ്ങളുടെയും കുട്ടുകെട്ടുകളുടെയും ഭവ്യഷ്യത്ത് വമ്പിച്ചതാണല്ലോ.

ഈ ആയത്തുകളുടെ അവതരണ സന്ദർഭം നോക്കുമ്പോൾ യഹൂദികളോടും കപട വിശ്വാസികളോടും ഉള്ളണഞ്ഞ ബന്ധം സ്ഥാപിക്കുന്നതിനേയാണ് ഇതിൽ നിരോധിച്ചിരിക്കുന്നതെന്ന് പറയാം. എന്നാൽ കഴിഞ്ഞ കാല ചരിത്ര യാഥാർത്യങ്ങൾ നോക്കുമ്പോഴും , ആയത്തുകളിലടങ്ങിയ വിധി പൊതുവായിരിക്കുമെന്ന ചട്ടം നോക്കുമ്പോഴും , ശത്രു ഭാഗക്കാരുടെ മനസ്സിരിപ്പുകളായി അല്ലാഹു എടുത്തു കാണിച്ച അവസ്ഥാവിശേഷങ്ങൾ ആരിലുണ്ടോ, – അവർ ഏത് മതക്കാരോ വിഭാഗക്കാരോ ആകട്ടെ – അവരുമായി ഉള്ളണഞ്ഞ ബന്ധങ്ങൾ സ്ഥാപിക്കുന്നത് വിരോധവും ആപൽക്കരവും തന്നെ. കൂടാതെ മുസ്ലിംകളുടെ ഉള്ളു കള്ളികൾ അറിയുവാൻ ഇടവരുന്ന ജോലികളിൽ അത്തരക്കാരെ നിയമിക്കുന്നതും അപകടകരമാകുന്നു. എന്നാൽ മുസ്ലീംകൾ അങ്ങോട്ടു കാണിക്കുന്ന വിശ്വാസമനസ്ഥിതിയും സ്നേഹഭാവവും അതേപടി ഇങ്ങോട്ടും പ്രകടിപ്പിക്കുന്ന വിഭാഗങ്ങളുമായി രഞ്ജിപ്പിലും മമതയിലും വർത്തിക്കണമെന്നുതന്നെയാണ് ഇസ്ലാമികതത്വം.

ഈ വിഷയം,വിശദീകരിച്ച ശേഷം അല്ലാഹു സത്യ വിശ്വാസികളോട് പറയുന്നു : "നിങ്ങൾ ക്ഷമിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്ന പക്ഷം, അവരുടെ തന്ത്രം നിങ്ങൾക്ക് ഒരു ഉപദ്രവവും വരുത്തുകയില്ല. നിശ്ചയമായും അവർ പ്രവർത്തിക്കുന്നതിനെ അല്ലാഹു വലയം ചെയ്ത് കൊണ്ടിരിക്കുന്നവനാണ് – അഥവാ ശരിക്ക് അറിഞ്ഞ് കൊണ്ടിരിക്കുന്നുണ്ട്."

## വിഭാഗം 13

അടുത്ത വചനങ്ങളിൽ, ഇസ്ലാമിന്റെ ശത്രുക്കളുടെ കുതന്ത്രങ്ങൾ അനുഭവത്തിൽ കണ്ടറിയുവാൻ മുസ്ലീംങ്ങൾക്ക് ഇട വന്നതും ഭാവിയിലേക്ക് പല പാഠങ്ങൾ ലഭിച്ചതുമായ ഒരു സംഭവത്തെ – അഥവാ, ഉഹ്ദ് യുദ്ധത്തെ – പറ്റിയാണ്, അല്ലാഹു വിവരിക്കുന്നത്.

ഹിജ്റ മൂന്നാം കൊല്ലം ശവ്വാൽ മാസത്തിൽ, ബദർ യുദ്ധത്തിൽ (ഹിജ്റ രണ്ടാം വർഷത്തിൽ) ഏറ്റ പരാജയത്തിന് പകരം വീട്ടാനായി, മൂവായിരത്തോളം വരുന്ന ഖുറൈശികളുടെ ഒരു സേന അബൂസുഫ്യാൻ(റ)ന്റെ നേതൃത്വത്തിൽ മദീനായുടെ അടുത്ത് വന്ന് ചേർന്നു. സഹാബികളുടേതായി വന്ന വ്യത്യസ്ത അഭിപ്രായങ്ങളിൽ, നബി(സ) അവരുമായി കൂടിയാലോചന നടത്തുകയും, മദീനയുടെ വെളിയിൽ ചെന്ന് ശത്രുവിനെ നേരിടണമെന്ന തീരുമാനത്തിലെത്തുകയും ചെയ്തു. കപട വിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹിബ്നു് ഉബയ്യിന് ഈ അഭിപ്രായത്തോട് വിയോജിപ്പുണ്ടായിരുന്നു. ശത്രുക്കൾ മദീനയിൽ കടന്ന് വന്നാൽ അവിടെ വെച്ച് യുദ്ധം ചെയ്യുന്നതാണ് നല്ലതെന്ന പക്ഷക്കാരനായിരുന്നു അയാൾ. നബി(സ) തിരുമേനിയും ആയിരം സഹാബികളുമായി പുറപ്പെട്ട്, ശൌത്ത് എന്ന സ്ഥലത്തെത്തിയപ്പോൾ അബ്ദുല്ലാഹുബിനു ഉബയ്യും, മുന്നൂറോളം അനുയായികളും തങ്ങളുടെ അഭിപ്രായം സ്വീകരിക്കാത്തതിൽ നബി(സ) തിരുമേനിയോട് വിയോജിച്ചുകൊണ്ട് പിന്നോക്കം മടങ്ങുകയുണ്ടായി. ബാക്കി 700 പേരും നബി(സ) യും മുന്നോട്ട് നീങ്ങി. മദീനയിൽ നിന്ന് ഏതാണ്ട് നാല് നാഴിക ദുരെ ഉഹ്ദിലെത്തിയപ്പോൾ പിൻ ഭാഗത്ത് ഉഹദ് മലയും മുൻഭാഗത്ത് ശത്രുസൈന്യവുമായി ക്കൊണ്ട് അതിന്റെ താഴ്വരയിൽ നബി(സ) യും സഹാബികളും ഇറങ്ങി. ശത്രുക്കളുടെ പ്രത്യാക്രമണം ഉണ്ടാകാൻ സാദ്ധ്യതയുള്ള ഒരു മർമ്മസ്ഥാനത്ത്, എന്ത് സംഭവിച്ചാലും സമ്മതം കിട്ടാതെ സ്ഥലം വിടരുതെന്ന കല്പനയോടെ, അബ്ദുല്ലാഹിബിനു ജുബൈർ(റ)ന്റെ നേതൃത്വത്തിൽ അമ്പത് അമ്പെയ്തുകാരെ, തിരുമേനി നിറുത്തി.

യുദ്ധാരംഭത്തിൽ മുസ്ലിംകൾക്ക് വിജയമുണ്ടാകുകയും ശത്രുക്കൾ യുദ്ധക്കളം വിട്ടോടുവാൻ തുടങ്ങുകയും ചെയ്തു. മുസ്ലിംകൾ ഗനീമത്ത് വസ്തുക്കൾ ശേഖരിക്കുന്നത് ശ്രദ്ധയിൽപെട്ട മലയിലുള്ള അമ്പെയ്ത്തുകാർ, തിരുമേനിയുടെ കല്പനക്ക് കാത്ത് നിൽക്കാതെ ഇബ്നു ജുബൈറും (റ) അല്പം ചിലരുമൊഴികെ, ഗനീമത്ത് ശേഖരണത്തിനായി അവിടുന്ന് സ്ഥലം വിട്ടു. ശത്രുപക്ഷത്തിലെ നേതാവായിരുന്ന ഖാലിദുബ്നുൽ വലീദു, ഒരു കുതിര സൈന്യവ്യൂഹവുമായി , മലയുടെ പിന്നിലൂടെ മുസ്ലിംകളെ പ്രത്യാക്രമണം നടത്തി. മുസ്ലിം അണികൾ ചിന്നി ചിതറുകയും, അവരിൽ അമ്പരപ്പും പരിഭ്രമവും ഉളവാകുകയും ചെയ്തു.

ഇതിനിടയിൽ നബി(സ) വധിക്കപ്പെട്ടു എന്നൊരു വാർത്ത പരക്കുകയും, മുസ്ലിംകൾ അങ്കലാപ്പിലാകുകയും ചെയ്തു. എന്നാൽ നബി(സ) യാതൊരു പതർച്ചയുമില്ലാതെ, സധീരം നിലകൊള്ളുന്നുണ്ടായിരുന്നു. തിരുമേനിയുടെ ചുറ്റും പത്ത് പന്ത്രണ്ട് ധീര സാഹസികർ സ്വന്തം ജീവൻ തൃണവൽക്കരിച്ച് കൊണ്ട് സ്വന്തം ശരീരം നബി(സ) തിരുമേനിക്ക് പരിചകളാക്കി, ശത്രുക്കളിൽ നിന്നും അറുപതും എഴുപതും മുറിവുകൾ ഏറ്റു വാങ്ങി പൊരുതികൊണ്ടിരുന്നു. നബി(സ) തിരുമേനിക്കു പരിക്കുകൾ ഏൽക്കുകയും അവിടുത്തെ പല്ല് മുറിയുകയും ഉണ്ടായി

തിരുമേനി മലയിൽ ഒരിടത്ത് കയറി സഹാബികളെ വിളിച്ച് കൂട്ടുകയും, തിരുമേനിയെ കണ്ട ആശ്വാസത്താൽ പുതിയൊരു ആവേശത്തോടെ പൊരുതിയ സഹാബികൾ ശത്രുക്കളെ തുരത്തുകയും അവർ സ്ഥലം വിടുകയും ചെയ്തു. ഇത് മുസ്ലിംങ്ങൾക്ക് അല്ലാഹു ചെയ്തു കൊടുത്ത വമ്പിച്ച ഒരനുഗ്രഹമായിരുന്നു. അനുസരണം, ധൈര്യം, ക്ഷമ, തവക്കുൽ ആദിയായവയിൽ തങ്ങളുടെ പോരായ്മ മനസ്സിലാക്കി അത് തിരുത്താനും ധാരാളം പാഠങ്ങൾ പഠിക്കുവാനും സത്യവിശ്വാസികൾക്ക് ലഭിച്ച ഒരു മഹാ സംഭവമായിരുന്നു, ഉഹ്ദു യുദ്ധം.

---

**വചനം 121, 122**

وَإِذْ غَدَوْتَ مِنْ أَهْلِكَ تُبَوِّئُ ٱلْمُؤْمِنِينَ مَقَٰعِدَ لِلْقِتَالِ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿١٢١﴾

121 (നബിയേ) സത്യവിശ്വാസികൾക്ക് യുദ്ധത്തിനുള്ള താവളങ്ങൾ സൗകര്യപ്പെടുത്തിക്കൊടുക്കുവാനായി നീ നിൻെറ വീട്ടുകാരിൽ നിന്ന് കാലത്തു (പുറപ്പെട്ടു) പോയ സന്ദർഭം (ഓർക്കുക): അല്ലാഹു (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനുമാകുന്നു.

إِذْ هَمَّت طَّآئِفَتَانِ مِنكُمْ أَن تَفْشَلَا وَٱللَّهُ وَلِيُّهُمَا ۗ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ﴿١٢٢﴾

122 (അതെ) നിങ്ങളിൽപെട്ട രണ്ടു വിഭാഗങ്ങൾ ഭീരുത്വം കാണിക്കുവാൻ ശ്രമിച്ച സന്ദർഭം; അല്ലാഹുവാകട്ടെ, ആ രണ്ടു കൂട്ടരുടെയും കാര്യകർത്താവു (അഥവാ സഹായിയു)മാണ്. അല്ലാഹുവിൻെറ മേൽ(തന്നെ) ഭരമേൽപിച്ചുകൊള്ളട്ടെ, സത്യവിശ്വാസികൾ!

ഖസ്റജ് ഗോത്രത്തിൽപ്പെട്ട ബനൂസലമ : ശാഖയും, ഔസു ഗോത്രത്തിൽ പ്പെട്ട ബനൂഹാരിഥ : ശാഖയുമാകുന്നു, “ഭീരുത്വം കാട്ടുവാൻ ശ്രമിച്ച രണ്ട് ഗോത്രക്കാർ” എന്ന് അല്ലാഹു പറഞ്ഞത്. ഉഹദ് യുദ്ധത്തിൽ പാർശ്വസേനകളായി നിറുത്തപ്പെട്ടത് അവരായിരുന്നു. സ്ഥിതിഗതികളുടെ ഗൗരവം നിമിത്തം, കല്പിച്ച് കൂട്ടിയല്ലാതെ തന്നെ അവരുടെ മനോവീര്യം ക്ഷയിക്കുകയായിരുന്നു എന്നും , അതൊരു അനുസരണക്കേടോ, കൊള്ളരുതായ്കയോ ആയിരുന്നില്ല എന്നുമാണ് “അല്ലാഹുവാകട്ടെ അവരുടെ കാര്യ കർത്താവുമായിരുന്നു” എന്ന വചനം സൂചിപ്പിക്കുന്നത്. തുടർന്ന് അല്ലാഹു പറയുന്നു: “സത്യവിശ്വാസികൾ അല്ലാഹുവിന്റെ മേൽ തന്നെ ഭരമേൽപ്പിച്ചുകൊള്ളട്ടെ.”

---

**വചനം 123, 124 , 125**

وَلَقَدْ نَصَرَكُمُ ٱللَّهُ بِبَدْرٍ وَأَنتُمْ أَذِلَّةٌ ۖ فَٱتَّقُوا۟ ٱللَّهَ لَعَلَّكُمْ تَشْكُرُونَ ﴿١٢٣﴾

123 നിങ്ങൾ എളിയവരായി (ദുർബ്ബലരായി) രുന്നപ്പോൾ, അല്ലാഹു നിങ്ങളെ ബദ്റിൽ സഹായിക്കുകയുണ്ടായിട്ടുണ്ട്. ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളുവിൻ-നിങ്ങൾ നന്ദി കാണിക്കുമാറായേക്കാം.

إِذْ تَقُولُ لِلْمُؤْمِنِينَ أَلَن يَكْفِيَكُمْ أَن يُمِدَّكُمْ رَبُّكُم بِثَلَٰثَةِ ءَالَٰفٍ مِّنَ ٱلْمَلَٰٓئِكَةِ مُنزَلِينَ ﴿١٢٤﴾

124 അതായത്, (നബിയേ) നീ സത്യവിശ്വാസികളോട് പറഞ്ഞിരുന്ന സന്ദർഭം: “മലക്കുകളിൽ നിന്നും ഇറക്കപ്പെടുന്ന മുവ്വായിരം (പേരെ) കൊണ്ട് നിങ്ങളുടെ റബ്ബ് നിങ്ങൾക്ക് സഹായം നൽകുന്നത് നിങ്ങൾക്ക് മതിയാവുകയില്ലേ?!-”

بَلَىٰٓ ۚ إِن تَصْبِرُوا۟ وَتَتَّقُوا۟ وَيَأْتُوكُم مِّن فَوْرِهِمْ هَٰذَا يُمْدِدْكُمْ رَبُّكُم بِخَمْسَةِ ءَالَٰفٍ مِّنَ ٱلْمَلَٰٓئِكَةِ مُسَوِّمِينَ ﴿١٢٥﴾

125 “ഇല്ലാതേ (-മതിയാകും); നിങ്ങൾ ക്ഷമിക്കുകയും, സൂക്ഷിക്കുകയും, അവർ (ശത്രു സൈന്യം) ഈ ക്ഷണത്തിൽ നിങ്ങളുടെ അടുക്കൽ വരുകയും ചെയ്യുന്ന പക്ഷം, മലക്കുകളിൽ നിന്നും (പ്രത്യേക) അടയാളം ലഭിച്ച അയ്യായിരം (പേരെ) കൊണ്ടു നിങ്ങളുടെ റബ്ബ് നിങ്ങൾക്ക് സഹായം നൽകുന്നതാണ്.” എന്ന്.

---

ആൾപ്പെരുപ്പമോ, ആയുധമോ അനുസരിച്ചല്ല , വിശ്വാസവും ധീരതയും അനുസരിച്ചാണ് സത്യവിശ്വാസികൾക്ക് അല്ലാഹു വിജയം നല്കുകയെന്നതിന് വ്യക്തമായ ഒരു തെളിവായിരുന്ന ബദുർ യുദ്ധത്തെ സംബന്ധിച്ചാണ് തുടർന്നുള്ള വചനങ്ങൾ.

ഹിജ്റ രണ്ടാം കൊല്ലം റംസാൻ പതിനേഴിന് ബദുർ യുദ്ധം ഉണ്ടായി സർവ്വ സജ്ജീകരണങ്ങളോടും കൂടി വന്ന ഏതാണ്ട് ആയിരത്തോളംവരുന്ന ഖുറൈശി സേനയെ നേരിട്ടത് മുന്നൂറ്റിപ്പതിമൂന്ന് മുസ്ലീംകളും, കൂടെ രണ്ട് കുതിരകളും എഴുപത് ഒട്ടകങ്ങളും മാത്രമായിരുന്നു. അവരെ അല്ലാഹു ‘എളിയവർ’ എന്നാണ് വിശേഷിപ്പിച്ചത്. തുടർന്ന് അല്ലാഹുവിനെ സൂക്ഷിച്ചും അവനിൽ കാര്യങ്ങൾ അർപ്പിച്ച്കൊണ്ട് ശത്രുവിനെ നേരിട്ടപ്പോൾ അല്ലാഹുവിൽ നിന്ന് സിദ്ധിക്കുന്ന വിജയം അവർക്ക് കൈവരികയുണ്ടായി.

124 ാം വചനത്തിൽ ബദ്റിൽ ആമഹാ വിജയം ലഭിച്ച സന്ദർഭം അല്ലാഹു വിവരിക്കുന്നു. നബി(സ), വിഷമിച്ചിരിക്കുകയായിരുന്ന സഹാബികളോടു പറഞ്ഞു, “മൂവായിരം മലക്കുകളെ ഇറക്കിക്കൊണ്ട് അല്ലാഹു നിങ്ങളെ സഹായിച്ചാൽ പോരേ. അതെ. മതി. നിങ്ങൾ ക്ഷമയും സൂക്ഷ്മതയും സ്വീകരിക്കുകയും, ശത്രു സൈന്യം ഈ ക്ഷണത്തിൽ വന്നെത്തുകയും ചെയ്യുന്നപക്ഷം, പ്രത്യേകം തയ്യാറാക്കിയ അയ്യായിരം മലക്കുകളെ ക്കൊണ്ട് തന്നെ അല്ലാഹു നിങ്ങളെ സഹായിക്കും.” എന്നാൽ ശത്രു സൈന്യം മൂവായിരം മലക്കുകളുടെ സഹായത്താൽ തന്നെ അമ്പെ പരാജയപ്പെടുകയുണ്ടായി എന്നാണ് പല ഖുർആൻ വ്യാഖ്യാതാക്കളും പ്രസ്താവിച്ചിരിക്കുന്നത് . എന്നാൽ മൂവായിരം മലക്കുകളെ കൊണ്ടോ, അയ്യായിരം മലക്കുകളെകൊണ്ടോ, അവർക്ക് സഹായം നല്കിയെന്നോ, ഇല്ലെന്നോ, ആയത്തിൽ പ്രസ്താവി

ച്ചിട്ടില്ല. ബദ്റിൽ, ആയിരം മലക്കുകളെകൊണ്ട് സഹായം നല്കിയെന്ന് സൂ അൻ ഫാലിൽ 9ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്.

**വചനം 126, 127**

وَمَا جَعَلَهُ ٱللَّهُ إِلَّا بُشْرَىٰ لَكُمْ وَلِتَطْمَئِنَّ قُلُوبُكُم بِهِۦ ۗ وَمَا ٱلنَّصْرُ إِلَّا مِنْ عِندِ ٱللَّهِ ٱلْعَزِيزِ ٱلْحَكِيمِ ﴿١٢٦﴾

126 അതിനെ (മലക്കുകളെ ഇറക്കി സഹായം നൽകുന്നതിനെ) നിങ്ങൾക്കൊരു സന്തോഷ വാർത്തയല്ലാതെ അല്ലാഹു ആക്കിയിട്ടില്ല; നിങ്ങളുടെ ഹൃദയങ്ങൾ അതുകൊണ്ട് സമാധാനമടയുവാൻ വേണ്ടിയുമാകുന്നു. സഹായമാകട്ടെ, പ്രതാപശാലിയായ അഗാധ ജ്ഞനായ അല്ലാഹുവിൻെറ പക്കൽ നിന്നല്ലാതെ (ലഭിക്കുക) ഇല്ലതാനും.

لِيَقْطَعَ طَرَفًا مِّنَ ٱلَّذِينَ كَفَرُوٓا۟ أَوْ يَكْبِتَهُمْ فَيَنقَلِبُوا۟ خَآئِبِينَ ﴿١٢٧﴾

127 (അതെ) അവിശ്വസിച്ചവരിൽ നിന്നുള്ള ഒരു ഭാഗത്തെ മുറി (ച്ചു നശിപ്പി) ക്കുവാൻ വേണ്ടി യാണ് (അത്); അല്ലെങ്കിൽ, അവരെ അപമാന പ്പെടുത്തുകയും, അങ്ങനെ അവർ നിരാശരായി (പരാജയപ്പെട്ട്) തിരിഞ്ഞുപോകുകയും ചെയ്വാൻ (വേണ്ടിയാണ്).

---

മലക്കുകളെ ഇറക്കി നിങ്ങൾക്ക് സഹായം നല്കുന്നതും ഈവിവരം നിങ്ങളെ അിറയിക്കുന്നതുമൊക്കെ നിങ്ങൾക്കൊരു സന്തോഷവാർത്തയായും, അത് വഴി നിങ്ങൾക്ക് മനഃസമാധാനം ലഭിക്കുവാനും വേണ്ടിയാ കുന്നു. അല്ലാതെ അവർ മൂലം നിങ്ങൾക്ക് സഹായവും വിജയവും ലഭിക്കാൻ വേണ്ടിയല്ല. സഹായം അല്ലാഹുവിൽ നിന്ന് മാത്രം ലഭിക്കുന്നതാണ്. അവൻ ഉദ്ദേശിക്കുന്ന പക്ഷം, മലക്കുകളെ ഇറക്കാതെയും ,യുദ്ധം നടത്താതെ പോലും നിങ്ങൾക്ക് വിജയം ലഭിക്കുന്നതാണ്. എന്നാൽ, നിങ്ങൾ ശത്രുക്കളുമായി യുദ്ധം ചെയ്യണമെന്നൊക്കെ കല്പിക്കുന്നത്, അവരുടെ ശക്തി ക്ഷയിക്കാനും അങ്ങനെ അവർ നിരാശ രായിത്തീരുവാനും വേണ്ടിയാകുന്നു - എന്നല്ലാതെ അവിശ്വാസികളെ മുഴുവൻ കൊന്നൊടുക്കുകയല്ല ഉദ്ദേശ്യം. ബദ്ർ യുദ്ധത്തിലല്ലാതെ, മറ്റ് യുദ്ധങ്ങളിലൊന്നും മലക്കുകൾ ശത്രുക്കളുമായി യുദ്ധത്തിൽ ഏർപ്പെട്ടിട്ടില്ലെന്നാണ് ഭൂരിഭാഗം പണ്ഡിതൻമാരുടെയും അഭിപ്രായം. “ബദ്റിൽ ഇത്രയധികം മലക്കുകൾ ഇറങ്ങി യുദ്ധം ചെയ്തിട്ടും എഴുപത് പേരല്ലേ കൊല്ലപ്പെട്ടുള്ളൂ. മനുഷ്യരുടെ കൈകൊണ്ട് അല്ലാതെ ശത്രുക്കൾ മരിച്ചുവീഴുന്നത് കാണ പ്പെടാഞ്ഞതെന്താണ്.” എന്നിങ്ങനെയുള്ള ചില യുക്തിവാദികളുടെ ജല്പനങ്ങൾ മലക്കുകളുടെ ഇടപെടലും പ്രവർത്തനവും മനുഷ്യരുടേത് പോലെ തന്നെയായിരിക്കുമെന്ന അബദ്ധ ധാരണ മൂലമാകുന്നു.

ഈ ലോകത്ത് നടക്കുന്ന പല വിഷയങ്ങളിലും, മലക്കുകൾക്ക് ചില കൈകളുണ്ടെന്ന് ഖുർ ആൻ കൊണ്ടും ഹദീസ് കൊണ്ടും സംശയാതീതമായി സ്ഥാപിതമായതാണ്.

**വചനം 128, 129.**

لَيْسَ لَكَ مِنَ ٱلْأَمْرِ شَىْءٌ أَوْ يَتُوبَ عَلَيْهِمْ أَوْ يُعَذِّبَهُمْ فَإِنَّهُمْ ظَـٰلِمُونَ ﴿١٢٨﴾

128 (നബിയേ) കാര്യത്തിൽ (അഥവാ അധികാര ത്തിൽ) നിനക്ക് യാതൊന്നും (തന്നെ) ഇല്ല. ഒരു പക്ഷേ, അവൻ (അല്ലാഹു) അവരുടെ പശ്ചാത്താപം സ്വീകരിക്കുക, അല്ലെങ്കിൽ അവരെ ശിക്ഷിക്കുക-കാരണം, നിശ്ചയമായും അവർ അക്രമികളാകുന്നു. (എന്നിരിക്കെ, രണ്ടിനും സാദ്ധ്യതയുണ്ട്.)

وَلِلَّهِ مَا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ ۚ يَغْفِرُ لِمَن يَشَآءُ وَيُعَذِّبُ مَن يَشَآءُ ۚ وَٱللَّهُ

129 അല്ലാഹുവിനുള്ളതാണ്, ആകാശങ്ങളിലു ള്ളതും, ഭൂമിയിലുള്ളതും. അവൻ ഉദ്ദേശിക്കുന്ന വർക്ക് അവൻ പൊറുത്തു കൊടുക്കും; അവൻ

غَفُورٌ رَّحِيمٌ ﴿١٢٩﴾

ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

ഉഹ്ദ് യുദ്ധത്തിൽ മുസ്ലീംകളോട് കൂടുതൽ അതിക്രമം കാട്ടിയ ചില മുശ് രിക്കുകൾക്കെതിരായി, നബി(സ) പ്രാർത്ഥിക്കുന്നത് സംബന്ധമായിട്ടാണ് ഈ വചനം അവതരിച്ചത്. ഇന്നിന്നവർ സൻമാർഗ്ഗികളാണെന്നും, ദുർമാർഗ്ഗികളാണെന്നുമുള്ള വിധി കല്പിക്കുവാൻ നബി(സ)ക്ക് അധികാരമില്ല. അക്കാര്യം അല്ലാഹുവിന്റെ അധികാരത്തിൽപ്പെട്ടതാകുന്നു. ഒരു പക്ഷെ, അവിശ്വാസിയും ദുർമാർഗ്ഗിയുമായ ഒരാൾ, ഖേദിച്ച് മടങ്ങുകയും, അല്ലാഹു അവന്റെ മടക്കം സ്വീകരിക്കുകയും ചെയ്തെന്ന് വരാം; അല്ലാത്ത പക്ഷം അല്ലാഹു അവരെ ശിക്ഷിച്ചെന്നും വരാം. ഓരോരുത്തരെകുറിച്ചും അന്തിമ തീരുമാനം അല്ലാഹുവിങ്കലാകുന്നു. ഇസ്ലാമിന്റെ കഠിന വിരോധികളായിരുന്ന ചില വ്യക്തികൾ പിന്നീട് നബി(സ)യിൽ വിശ്വസിക്കുകയും, അവരിലൂടെ ഇസ്ലാമിന് വളരെ നേട്ടങ്ങൾ ഉണ്ടായിത്തീരുകയും ചെയ്തിട്ടുള്ളത് ഇവിടെ പ്രസ്താവ്യമാകുന്നു.

സൂ ഖസസു : 56 ൽ അല്ലാഹു പറയുന്നു. "നീ ഇഷ്ടപ്പെട്ടവരെ നീ സൻമാർഗ്ഗത്തിലാക്കുകയില്ല. എങ്കിലും അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ സൻമാർഗ്ഗത്തിലാക്കുന്നു."

## വിഭാഗം 14

**വചനം 130 ,131**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَأۡكُلُواْ ٱلرِّبَوٰٓاْ أَضۡعَٰفٗا مُّضَٰعَفَةٗۖ وَٱتَّقُواْ ٱللَّهَ لَعَلَّكُمۡ تُفۡلِحُونَ ﴿١٣٠﴾

130 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ ഇരട്ടിയിരട്ടികളായി പലിശ (മുതൽ) തിന്നരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

وَٱتَّقُواْ ٱلنَّارَ ٱلَّتِيٓ أُعِدَّتۡ لِلۡكَٰفِرِينَ ﴿١٣١﴾

131 അവിശ്വാസികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതായ നരകത്തെ സൂക്ഷിക്കുകയും ചെയ്യുവിൻ.

---

പലിശ മുതൽ തിന്നുന്നതിനെ അഥവാ ഉപയോഗിക്കുന്നതിനെ-ക്കുറിച്ച് സത്യവിശ്വാസികളെ ഈ വചനം മുഖേന അല്ലാഹു വിലക്കുന്നു. സൂ:ബഖറയിൽ പ്രത്യേക ഉപാധിയോ വിശേഷണങ്ങളോ കൂടാതെയാണ് പലിശയെ അല്ലാഹു നിഷിദ്ധമാക്കി പ്രസ്താവിച്ചിരിക്കുന്നത്. എന്നാൽ ഇവിടെ നിങ്ങൾ ഇരട്ടി ഇരട്ടികളായി പലിശ മുതൽ തിന്നരുത് എന്ന് പ്രസ്താവിച്ചതിൽ നിന്നും, തല്പരകക്ഷികളായ ചില ഭൌതിക താല്പര്യക്കാർ, നയപൂർവ്വം മുസ്ലീംകളെ ഇസ്ലാമിൽ നിന്നും അകറ്റുവാനുള്ള ഗൂഢ പദ്ധതിയുടെ ഭാഗമായി, ഇസ്ലാമിൽ മിതപലിശക്ക് വിരോധമില്ലെന്നും, ഇരട്ടിപലിശ മാത്രമാണ് വിരോധിക്കപ്പെട്ടിട്ടുള്ളതെന്നും പ്രചരിപ്പിക്കാറുണ്ട്. എന്നാൽ, നികൃഷ്ടമോ, നീചമോ ആയ ഒരു കാര്യത്തെക്കുറിച്ച് ആക്ഷേപിക്കുകയോ, വിലക്കുകയൊ ചെയ്യുമ്പോൾ അതിന്റെ ദുഷിച്ച ചില വശങ്ങളെ ചൂണ്ടിക്കാട്ടുന്ന വിശേഷണങ്ങൾ എടുത്ത് പറഞ്ഞ് ശ്രോതാക്കൾക്ക് അതിനോട് വെറുപ്പ് തോന്നത്തക്ക ശൈലിയിൽ അതിനെ ക്കുറിച്ച് വിവരിക്കുന്നത് എല്ലാ ഭാഷയിലും സാഹിത്യത്തിലും കാണാവുന്ന ശൈലിയാണ്. അക്കൂട്ടത്തിൽ പെട്ടതാണ് "പലിശ ഉപയോഗിക്കരുത്" എന്നോ മറ്റോ പറയാതെ "പലിശ തിന്നരുത്" എന്നും "അനാഥകളുടെ സ്വത്തുക്കൾ ഉപയോഗിക്കരുത്" എന്ന് പറയുന്നതിന് പകരം "അനാഥകളുടെ സ്വത്തുക്കൾ തിന്നരുത്" എന്നും പറഞ്ഞത്. സ്വന്തം മക്കളെ കൊല്ലുന്നതിനെ പറ്റി ആക്ഷേപിച്ച് പറഞ്ഞപ്പോൾ, "ആ കുട്ടി നിന്റെ കൂടെ ഭക്ഷണം കഴിക്കുന്നതിനെ ഭയന്ന് കൊണ്ട്" എന്നും വ്യഭിചാരത്തെക്കുറിച്ച് വിശദീകരിച്ചപ്പോൾ "നിന്റെ അയൽക്കാരന്റെ ഭാര്യയെ വ്യഭിചാരം ചെയ്യുന്നത്" എന്നും നബി(സ) പറഞ്ഞതായി ഹദീസുകളിൽ വന്നതിന്റെ അർത്ഥം, അല്ലാത്ത സന്ദർഭത്തിൽ സ്വന്തം മക്കളെ കൊല്ലാം എന്നോ, അയൽക്കാരന്റെ ഭാര്യയല്ലാത്ത സ്ത്രീകളെ വ്യഭിചരിക്കാം എന്നോ ആണെന്ന് സൽബുദ്ധിയുള്ള ഒരാളും മനസ്സിലാക്കുകയില്ലല്ലോ.

"ഇരട്ടിഇരട്ടിയായ നിലയിൽ" എന്നു പറയാൻ മറ്റൊരു കാരണം കൂടിയുണ്ട്. അറേബ്യയിൽ അക്കാലത്ത് നിലവിലുണ്ടായിരുന്നത്, അവധിക്കു പലിശയും മൂലധനവും ഉടമസ്ഥന് മടക്കിക്കൊടുത്തില്ലെങ്കിൽ,ആ പലിശയും മൂലധനത്തോട് ചേർത്ത് അതിനും പലിശ ഈടാക്കുന്ന കൂട്ടുപലിശ സമ്പ്രദായമായിരുന്നു, എന്നതിനാലാണ്.

തുടർന്ന്, സത്യവിശ്വാസികളോട് നരകത്തെ സൂക്ഷിക്കണമെന്ന് താക്കീതു ചെയ്ത അല്ലാഹു, നരകം അവിശ്വാസികൾക്കായി ഒരുക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നു. കുറ്റ കൃത്യങ്ങൾ ചെയ്ത സത്യവിശ്വാസികൾക്കും ശിക്ഷ അനുഭവിക്കേണ്ടി വരുമെന്നും ഓർക്കണം . 133-ാം വചനത്തിലും , സൂ:ഹദീദ് 21 ലും സ്വർഗ്ഗത്തെക്കുറിച്ചും അൽ ബഖറ 24 ൽ നരകത്തെ കുറിച്ചും പറഞ്ഞപ്പോൾ അത് ഒരുക്കി വെക്കപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞിട്ടുള്ളതിൽ നിന്നും, അവ നേരത്തെ തയ്യാറാക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട് എന്നാണ് മനസ്സിലാകുന്നത്.

---

**വചനം 132, 133**

وَأَطِيعُوا۟ ٱللَّهَ وَٱلرَّسُولَ لَعَلَّكُمْ تُرْحَمُونَ ﴿١٣٢﴾

۞ وَسَارِعُوٓا۟ إِلَىٰ مَغْفِرَةٍ مِّن رَّبِّكُمْ وَجَنَّةٍ عَرْضُهَا ٱلسَّمَٰوَٰتُ وَٱلْأَرْضُ أُعِدَّتْ لِلْمُتَّقِينَ ﴿١٣٣﴾

132 നിങ്ങൾ അല്ലാഹുവിനെയും, റസൂലിനെയും അനുസരിക്കുകയും ചെയ്യുവിൻ- നിങ്ങൾക്ക് കരുണ ചെയ്യപ്പെട്ടേക്കാം.

133 നിങ്ങളുടെ റബ്ബിങ്കൽനിന്നുള്ള പാപമോചനത്തിലേക്ക് (അന്യോന്യം) ധൃതികൂട്ടി വരുകയും ചെയ്യുവിൻ; ഒരു സ്വർഗ്ഗത്തിലേക്കും (ധൃതി കൂട്ടുവിൻ): അതിന്റെ വിസ്താരം ആകാശങ്ങളും ഭൂമിയും (കൂടിയ അത്ര) ആകുന്നു; അത് സൂക്ഷ്മത പാലിക്കുന്നവ (രായ ഭയഭക്തൻമാ)ർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടിരിക്കുന്നു.

---

അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചകൊണ്ട് അല്ലാഹുവിങ്കൽ നിന്ന് പാപമോചനം നേടുവാനും ഞാൻ മുമ്പിലാവണം എന്ന വീറോടെ സൽക്കർമ്മങ്ങൾ ചെയ്ത് കൊണ്ട് ആകാശഭൂമികളോളം വിശാലവിസ്തൃതമായ സ്വർഗ്ഗത്തിൽ അനുഗ്രഹീത ജീവിതം നേടാനും, അല്ലാഹു സത്യവിശ്വാസികളെ ആവേശപ്പെടുത്തുന്നു. അല്ലാഹുവിനെ അനുസരിക്കാൻ കല്പിക്കുന്നതോടൊപ്പം, റസൂലിനെയും അനുസരിക്കണമെന്ന് ഖുർ ആനിൽ പലേടത്തും പറഞ്ഞ് കാണാം. “റസൂലിനെ ആർ അനുസരിക്കുന്നുവോ അവൻ അല്ലാഹുവിനെ അനുസരിച്ച് കഴിഞ്ഞു” എന്ന് 4:80 ൽ അല്ലാഹു പറയുന്നു. ഖുർആൻ മാത്രമേ മുസ്ലീംകൾ പ്രമാണമായി അംഗീകരിക്കേണ്ടതുള്ളൂ- നബി(സ)യുടെ സുന്നത്തിനെ പ്രമാണമാക്കേണ്ടതില്ല - എന്ന് വാദിക്കുന്ന കക്ഷികൾ, അല്ലാഹുവിന്റെ വചനങ്ങളെ മനപൂർവ്വം അവഗണിക്കുന്ന ധിക്കാരികളാകുന്നു.

---

**വചനം 134, 135, 136**

ٱلَّذِينَ يُنفِقُونَ فِى ٱلسَّرَّآءِ وَٱلضَّرَّآءِ وَٱلْكَٰظِمِينَ ٱلْغَيْظَ وَٱلْعَافِينَ عَنِ ٱلنَّاسِ ۗ وَٱللَّهُ يُحِبُّ ٱلْمُحْسِنِينَ ﴿١٣٤﴾

وَٱلَّذِينَ إِذَا فَعَلُوا۟ فَٰحِشَةً أَوْ ظَلَمُوٓا۟ أَنفُسَهُمْ ذَكَرُوا۟ ٱللَّهَ فَٱسْتَغْفَرُوا۟ لِذُنُوبِهِمْ وَمَن يَغْفِرُ ٱلذُّنُوبَ إِلَّا ٱللَّهُ وَلَمْ يُصِرُّوا۟ عَلَىٰ مَا فَعَلُوا۟ وَهُمْ يَعْلَمُونَ ﴿١٣٥﴾

134 അതായത്, സന്തോഷാവസ്ഥയിലും, കഷ്ടാവസ്ഥയിലും ചിലവഴിക്കുന്നവർ, കോപം ഒതുക്കിവെക്കുന്നവരും, മനുഷ്യർക്ക് മാപ്പു നൽകുന്നവരും. അല്ലാഹു, നന്മ പ്രവർത്തിക്കുന്നവരെ സ്നേഹിക്കുന്നതുമാണ്.

135 യാതൊരു കൂട്ടരും: തങ്ങൾ വല്ല നീചകൃത്യവും ചെയ്യുകയോ, അല്ലെങ്കിൽ തങ്ങളോടു തന്നെ അക്രമം പ്രവർത്തിക്കുകയോ ചെയ്താൽ, അവർ അല്ലാഹുവിനെ ഓർമ്മിക്കുകയും, അങ്ങനെ, തങ്ങളുടെ പാപങ്ങൾക്കു വേണ്ടി പാപമോചനം തേടുകയും ചെയ്യുന്നതാണ്;- അല്ലാഹു അല്ലാതെ പാപങ്ങളെ ആർ പൊറുക്കും?!- (മാത്രമല്ല) തങ്ങൾ ചെയ്തതിൽ അറിഞ്ഞും കൊണ്ട് അവർ ശഠിച്ചു നിൽക്കുകയുമില്ല. (ഇങ്ങിനെയുള്ളവർക്കാണ് സ്വർഗ്ഗം ഒരുക്കപ്പെട്ടിരിക്കുന്നത്)

أُوْلَٰٓئِكَ جَزَآؤُهُم مَّغْفِرَةٌ مِّن رَّبِّهِمْ وَجَنَّٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا ۚ وَنِعْمَ أَجْرُ ٱلْعَٰمِلِينَ ﴿١٣٦﴾

136 അക്കൂട്ടർ-(അതെ) അവരുടെ പ്രതിഫലം, തങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള പാപമോചനവും, അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളുമാകുന്നു; അതിൽ (അവർ) നിത്യവാസികളായ നിലയിൽ. പ്രവർത്തിക്കുന്നവരുടെ പ്രതിഫലം എത്ര നല്ലത്!

---

സ്വർഗ്ഗാവകാശികളുടെ മൂന്ന് ഗുണങ്ങളാണ് ആദ്യത്തെ വചനത്തിൽ പറഞ്ഞിരിക്കുന്നത്. 1 അവർ സന്തോഷാവസ്ഥയിലും കഷ്ടാവസ്ഥയിലും ധനം ചിലവഴിക്കുന്നു. സുഖ സന്തോഷാവസ്ഥയിൽ കയ്യയച്ച് ചിലവഴിക്കുന്നു ചിലർ, ദുഃഖമോ ഞെരുക്കമോ നേരിട്ടാൽ പിശുക്കൻമാരായി മാറാറുണ്ട്; അതുപോലെ പിശുക്കൻമാരായി കഴിയുന്ന ചിലർ വല്ല ആപത്തും നേരിടുമ്പോൾ ദാനധർമ്മങ്ങൾ ചെയ്യാൻ തുനിയാറുമുണ്ട്. എന്നാൽ യഥാർത്ഥ ഭക്തൻമാർ അങ്ങനെയായിരിക്കയില്ല എന്ന് താല്പര്യം.

2 അവർ കോപം വരുമ്പോൾ, അത് മൂർഛിക്കാൻ അനുവദിക്കാതെയും, വികാര പ്രകടനം നടത്താതെയും സ്വന്തം മനസ്സിൽ ഒതുക്കി നിർത്തുന്നു. നബി(സ) അരുളി ചെയ്തു മൽപിടുത്തം കൊണ്ടല്ല ഒരാൾ ഊക്കനാകുന്നത്. ദേഷ്യം വരുമ്പോൾ സ്വന്തം മനസ്സിനെ അധീനപ്പെടുത്തുന്നവനത്രേ ഊക്കൻ.

ഒരാൾ നബി(സ)യുടെ അടുക്കൽവന്ന് ഉപദേശം നല്കണമെന്ന് അഭ്യർത്ഥിച്ചപ്പോൾ 'താൻ ദേഷ്യപ്പെടരുത്' എന്നാണ് റസൂൽ (സ) ഉപദേശിച്ചത്. വീണ്ടും വീണ്ടും അപേക്ഷിച്ചപ്പോഴും തിരുമേനി ആ വാക്ക് ആവർത്തിക്കുകയാണുണ്ടായതു. "ഒരാൾക്ക് അവന്റ കോപം നടപ്പിൽ വരുത്തുവാൻ കഴിവുണ്ടായിട്ടും, അത് ഒതുക്കി വച്ചാൽ അല്ലാഹു അവന്റെ ഉള്ളിൽ അഭയവും വിശ്വാസവും വർദ്ധിപ്പിക്കുന്നതാണ്". നബിവചനം.

"ദേഷ്യം പിശാചിൽ നിന്നാണ് , പിശാചാകട്ടെ അഗ്നിയാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അഗ്നി വെള്ളം കൊണ്ടാണ് കെടുത്തപ്പെടുന്നത്. നിങ്ങളിൽ ഒരാൾക്ക് ദേഷ്യം പിടിച്ചാൽ അവൻ വുളു ചെയ്തു കൊള്ളട്ടെ"-ഹദീസ്.

3 ഭയഭക്തൻമാർ ജനങ്ങൾക്ക് മാപ്പുനൽകുന്നവരാണ്. മറ്റുള്ളവരുടെ തെറ്റുകൾക്ക് പ്രതികാരം ചെയ്യാതെ, അവരോട് പകയും ശത്രുതയും വെച്ച് പുലർത്താതെ അവർ ക്ഷമ കൈകൊള്ളുന്നു. ഇത്തരത്തിൽ നൻമ പ്രവർത്തിക്കുന്ന സജ്ജനങ്ങളെ അല്ലാഹു സ്നേഹിക്കും എന്ന് അല്ലാഹു തുടർന്ന് പ്രസ്താവിക്കുന്നു.

തുടർന്ന് ഭയഭക്തൻമാരുടെ 4-ാമത്തെ ഗുണമായി അടുത്ത വചനത്തിൽ അല്ലാഹു പറയുന്നു : അവർ വല്ല നീച കൃത്യമോ, പാപമോ ചെയ്തു പോയാൽ, ഉടനെ കുറ്റബോധം വരുകയും, അല്ലാഹുവിനെ ഓർമ്മിക്കുകയും , പശ്ചാത്തപിച്ച് പൊറുതിക്കപേക്ഷിക്കുകയും ചെയ്യുന്നു. തെറ്റു കുറ്റങ്ങൾ മനുഷ്യസഹജമാകുന്നു. കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹുവല്ലാതെ അവന്റെ അടിയാൻമാരുടെ പക്കൽ വരുന്ന തെറ്റുകുറ്റങ്ങൾ പൊറുക്കുവാൻ വേറെ ആരാണുള്ളത്. ആരുമില്ലല്ലോ. അത് കൊണ്ട് തെറ്റ് ചെയ്താൽ ഉടനെ മാപ്പിനപേക്ഷിക്കുകയെന്നതാണ് മനുഷ്യന്റെ കടമ. കുറ്റം ചെയ്തിട്ടു കുറ്റമാണെന്നറിഞ്ഞുകൊണ്ട് ഖേദിച്ചു മടങ്ങാതെ ഉറച്ച് നിൽക്കുന്നത് നന്ദികേടും ധിക്കാരവുമാകുന്നു. കുറ്റം ചെയ്തു പോയെങ്കിലും, ഉടനെ അതിൽ നിന്ന് പശ്ചാത്തപിച്ചു മടങ്ങുന്ന പക്ഷം കുറ്റം പൊറുക്കപ്പെടുമെന്ന് മാത്രമല്ല, ആമടക്കം ഒരു പുണ്യകർമ്മമായിത്തീരുന്നതുമാകുന്നു.

"തങ്ങൾ ചെയ്തതിൽ അറിഞ്ഞും കൊണ്ട് അവർ ശഠിച്ചു നിൽക്കുകയില്ല" എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം ഒരിക്കൽ ചെയ്ത കുറ്റം പിന്നീടൊരിക്കലും ആവർത്തിക്കാതിരിക്കുക എന്നല്ല. കുറ്റം ആവർത്തിക്കുന്നത് തെറ്റ് തന്നെ. പക്ഷെ കുറ്റം ആവർത്തിക്കുമ്പോൾ പശ്ചാത്താപവും ആവർത്തിക്കുന്ന പക്ഷം അത് കുറ്റത്തിൽ ശഠിച്ച് നില്ക്കലായിരിക്കയില്ല. ചെയ്ത കുറ്റത്തിൽ പശ്ചാത്തപിക്കാതിരിക്കലാണ് ശഠിച്ച് നിൽക്കൽ. നബി(സ) പറയുന്നു: "പാപമോചനം തേടിയവർ ശഠിച്ച് നിന്നിട്ടില്ല - അവൻ ഒരു ദിവസം എഴുപത് പ്രാവശ്യം ആവർത്തിച്ചാലും" - ദാ; തി. പാപം പല പ്രാവശ്യം ആവർത്തിച്ചാലും അപ്പോഴൊക്കെ ഖേദിച്ച് മടങ്ങുകയും അല്ലാഹുവിനോട് പാപമോചനം തേടുകയും വേണം. അല്ലാഹു പൊറുത്തു തരികയില്ലെന്ന് നിരാശപ്പെടരുത് എന്നത്രേ ഹദീസിന്റെ സാരം.

മറ്റൊരു ഹദീസിൽ നബി(സ) പറയുന്നു : ഒരാളുടെ ഒട്ടകം മരുഭൂമിയിൽ വച്ച് കാണാതായി. പിന്നീട് അവന് അതിനെ തിരിച്ച് കിട്ടുമ്പോഴത്തെ സന്തോഷത്തേക്കാൾ അധികമാണ്. അല്ലാഹുവിന് അവന്റെ അടിയാൻ പശ്ചാത്തപിക്കുന്നതിലുള്ള സന്തോഷം (ബു; മു).

"അല്ലാഹു അല്ലാതെ ആരാണ് പാപങ്ങൾ പൊറുക്കുക" എന്ന അല്ലാഹുവിന്റെ ചോദ്യം ഏത് പാപിക്കാണ് അല്ലാഹുവിന്റെ കാരുണ്യത്തിൽ ആശ നല്കാത്തത്. അല്ലാഹുവേ, നീ ഞങ്ങളുടെ പാപങ്ങളെല്ലാം, പൊറുത്ത് ഞങ്ങളെ അനുഗ്രഹിക്കേണമെ. (ആമീൻ)

**വചനം 137 , 138**

قَدْ خَلَتْ مِن قَبْلِكُمْ سُنَنٌ فَسِيرُوا۟ فِى ٱلْأَرْضِ فَٱنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلْمُكَذِّبِينَ ﴿١٣٧﴾

137 നിങ്ങളുടെ മുമ്പു പല നടപടി ക്രമങ്ങളും കഴിഞ്ഞുപോയിട്ടുണ്ട്. അതിനാൽ നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിക്കുവിൻ, എന്നിട്ട് വ്യാജമാക്കിയവരുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന് (ആലോചിച്ചു) നോക്കുവിൻ.

هَـٰذَا بَيَانٌ لِّلنَّاسِ وَهُدًى وَمَوْعِظَةٌ لِّلْمُتَّقِينَ ﴿١٣٨﴾

138 ഇത് മനുഷ്യർക്കു (പൊതുവെയു)ള്ള ഒരു വിവരണമാകുന്നു; സൂക്ഷ്മത പാലിക്കുന്നവർക്ക് (ഭയഭക്തൻമാർക്ക്) മാർഗ്ഗദർശനവും സദുപദേശവും ആകുന്നു.

---

പ്രവാചകൻമാരും അനുയായികളും അവരുടെ എതിരാളികളായ സത്യനിഷേധികളും തമ്മിൽ ഇതിന് മുമ്പ് കഴിഞ്ഞുപോയ എത്രയൊ ഏറ്റുമുട്ടലുകളിലെല്ലാം അവസാന വിജയം സത്യവിശ്വാസികുടെ പക്ഷത്തിനായിരിക്കുകയെന്ന നടപടിയാണ് ഉണ്ടായിട്ടുള്ളത്. ഭൂമിയിലൂടെ സഞ്ചരിച്ച് മുൻ സമുദായങ്ങളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് അന്വേഷിച്ചാൽ ഇതിന് ധാരാളം തെളിവു ലഭിക്കുന്നതാണ്. മനുഷ്യർ പൊതുവെ മനസ്സിലാക്കുവാൻ വേണ്ടിയും , സൂക്ഷ്മത പാലിക്കുന്നവർക്ക് മാർഗ്ഗദർശനവും സദുപദേശവും ആയിട്ടുമാകുന്നു ഇത്തരം വിവരണങ്ങൾ വിവരിച്ച് തരുന്നത്.

**വചനം 139**

وَلَا تَهِنُوا۟ وَلَا تَحْزَنُوا۟ وَأَنتُمُ ٱلْأَعْلَوْنَ إِن كُنتُم مُّؤْمِنِينَ ﴿١٣٩﴾

139 നിങ്ങൾ അധൈര്യപ്പെടുകയുമരുത്; വ്യസനിക്കുകയുമരുത്. നിങ്ങൾ തന്നെയാണ് ഏറ്റവും ഉന്നതൻമാർ-നിങ്ങൾ സത്യവിശ്വാസികളാകുന്നുവെങ്കിൽ!

---

വസ്തുത മേൽ പ്രസ്താവിച്ച മാതിരിയായിരിക്കേ ഉഹ്ദിൽ സംഭവിച്ചത് പോലെ, താല്ക്കാലിക പരാജയമോ, വിഷമങ്ങളോ, നിങ്ങളെ അധൈര്യപ്പെടുത്തുകയോ, നിങ്ങൾ അതെപറ്റി വ്യസനിക്കുകയോ ചെയ്യരുത്. നിങ്ങൾ യഥാർത്ഥ സത്യവിശ്വാസികളായിരിക്കുന്ന കാലത്തോളം ഇഹത്തിലും പരത്തിലും ഉന്നത സ്ഥാനം നിങ്ങൾക്ക് തന്നെയായിരിക്കും.

**വചനം 140, 141**

إِن يَمْسَسْكُمْ قَرْحٌ فَقَدْ مَسَّ ٱلْقَوْمَ قَرْحٌ مِّثْلُهُۥ ۚ وَتِلْكَ ٱلْأَيَّامُ نُدَاوِلُهَا بَيْنَ ٱلنَّاسِ وَلِيَعْلَمَ ٱللَّهُ ٱلَّذِينَ ءَامَنُوا۟ وَيَتَّخِذَ مِنكُمْ شُهَدَآءَ ۗ وَٱللَّهُ لَا يُحِبُّ ٱلظَّـٰلِمِينَ ﴿١٤٠﴾

140 നിങ്ങൾക്ക് വല്ല മുറിവ് (പരിക്കും) ബാധിക്കുന്നുവെങ്കിൽ, അതുപോലെയുള്ള മുറിവ് (പരുക്ക്) (ആ) ജനതക്കും ബാധിച്ചിട്ടുണ്ട്. ആ ദിവസങ്ങൾ - അവയെ മനുഷ്യർക്കിടയിൽ നാം കൈമാറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. വിശ്വസിച്ചവരെ അല്ലാഹു (വേർതിരിച്ച്) അറിയുവാനും, നിങ്ങളിൽനിന്ന് സാക്ഷികളെ ഉണ്ടാക്കിത്തീർക്കുവാനും വേണ്ടി (യാണത്). അല്ലാഹു വാകട്ടെ, അക്രമികളെ ഇഷ്ടപ്പെടുകയില്ല.

وَلِيُمَحِّصَ ٱللَّهُ ٱلَّذِينَ ءَامَنُوا۟ وَيَمْحَقَ ٱلْكَـٰفِرِينَ ﴿١٤١﴾

141 (കൂടാതെ) വിശ്വസിച്ചവരെ ശുദ്ധീകരിച്ചെടുക്കുവാനും, അവിശ്വാസികളെ (അവരുടെ അഭിവൃദ്ധിയെ) തുടച്ചുകളയുവാനും വേണ്ടിയാണ്.

ജയ പരാജയങ്ങൾ എല്ലാവർക്കും ബാധിച്ചെന്ന് വരാം. അതെല്ലാം തീരുമാനിക്കുന്നത് അല്ലാഹുവാണ്. ഒരിക്കൽ ഒരു കൂട്ടർക്ക് ഗുണം കണ്ടേക്കും. മറ്റൊരിക്കൽ മറിച്ചും ആകാം . ചില ലക്ഷ്യങ്ങൾ വെച്ച് കൊണ്ടാണ് അല്ലാഹു അങ്ങനെ ചെയ്യുന്നത്.യഥാർത്ഥ വിശ്വാസികളും കപട വിശ്വാസികളും തമ്മിൽ വേർതിരിച്ചറിയാനും ,നിങ്ങളിലുള്ള ദൗർബല്ല്യവും പോരായ്മയും നീക്കി നിങ്ങളെ ശുദ്ധീകരിക്കാനും ക്രമേണ അവിശ്വാസികളുടെ ശക്തിയും പ്രതാപവുമെല്ലാം തുടച്ച് നീക്കാനുമൊക്കെയാണ് അല്ലാഹു ഈ പരീക്ഷണങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

“നിങ്ങളിൽ നിന്ന് സാക്ഷികളെ ഉണ്ടാക്കിത്തീർക്കുവാൻ” എന്ന വചനത്തിന് രണ്ട് തരത്തിലുള്ള വ്യാഖ്യാനം നല്കപ്പെട്ടിട്ടുണ്ട് : 1 അല്ലാഹുവിങ്കൽ ലഭിക്കുന്ന മഹത്തായ സ്ഥാനങ്ങളും അനുഗ്രഹങ്ങളും കരസ്ഥമാക്കാൻ രക്തസാക്ഷികൾ ഉണ്ടായിത്തീരുക 2. ഇസ്ലാമിനു വേണ്ടി എന്തുത്യാഗവും സഹിക്കാൻ തയ്യാറുള്ള സത്യസാ ക്ഷികൾ - അഥവാ മാതൃകാ പുരുഷൻമാർ ഉണ്ടായിത്തീരുക.

രണ്ട് വ്യാഖ്യാനങ്ങളും ഒരേ തത്വത്തിൽ തന്നെയാണ് കലാശിക്കുന്നതും.

---

**വചനം 142, 143**

أَمْ حَسِبْتُمْ أَن تَدْخُلُوا۟ ٱلْجَنَّةَ وَلَمَّا يَعْلَمِ ٱللَّهُ ٱلَّذِينَ جَٰهَدُوا۟ مِنكُمْ وَيَعْلَمَ ٱلصَّٰبِرِينَ ﴿١٤٢﴾

وَلَقَدْ كُنتُمْ تَمَنَّوْنَ ٱلْمَوْتَ مِن قَبْلِ أَن تَلْقَوْهُ فَقَدْ رَأَيْتُمُوهُ وَأَنتُمْ تَنظُرُونَ ﴿١٤٣﴾

142 അതല്ല - നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്ന് നിങ്ങൾ വിചാരിച്ചുവോ? നിങ്ങളിൽ നിന്നും സമരം ചെയ്തവരെ അല്ലാഹു (വേർതിരിച്ച്) അറിയുകയും, ക്ഷമാലുക്കളെ (വേർതിരിച്ച്) അറിയുകയും ചെയ്തിട്ടില്ലാതിരിക്കെ!

143 തീർച്ചയായും, നിങ്ങൾ മരണത്തെ കൊതിച്ചുകൊണ്ടിരുന്നിട്ടുണ്ട് അതിനെ കണ്ടുമുട്ടുന്നതിന് മുമ്പ്. ഇപ്പോൾ, നിങ്ങളത് (അനുഭവത്തിൽ) നോക്കിക്കൊണ്ടു (തന്നെ) കണ്ടുകഴിഞ്ഞിരിക്കയാണ്.

---

ദീനിന് വേണ്ടി സമരം ചെയ്യുന്നവരേയും, ശത്രുക്കളെ നേരിടുന്നതിൽ സഹനവും ക്ഷമയും കൈകൊള്ളുന്നവരേയും വേർതിരിച്ചറിയാൻ അവസരമുണ്ടാകുന്നതിന് മുമ്പ് - സത്യവിശ്വാസം സ്വീകരിച്ചുവെന്നത് കൊണ്ട് മാത്രം - നിങ്ങൾക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കാമെന്ന് നിങ്ങൾ കരുതേണ്ട. (2:214; 29:2 എന്നീ വചനങ്ങളും നോക്കുക). പരീക്ഷണങ്ങളിൽ സ്ഥൈര്യവും സഹനവും അവലംബിക്കുന്നവർക്കെ ഇഹത്തിൽ വിജയവും പരത്തിൽ സ്വർഗ്ഗവും ലഭിക്കുകയുള്ളൂ. ഇസ്ലാമിന് വേണ്ടി വീരമൃത്യു അടയുവാൻ വളരെ കൊതിച്ചിരുന്നുവല്ലോ നിങ്ങൾ. ഇപ്പോൾ നിങ്ങളത് അനുഭവത്തിൽ കണ്ട് കഴിഞ്ഞിരിക്കയാണ് . സധീരം അതിനെ നേരിടുവാൻ തയ്യാറാകുക.

ബദർ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിയാതെ വന്ന പല സഹാബികളും ഖേദിച്ച് കൊണ്ടിരിക്കെയാണ് ഉഹദ് സംഭവം ഉണ്ടായത്. ശത്രുക്കളോടുള്ള പ്രതികാരവാഞ്ഛ മാത്രമല്ല യുദ്ധത്തിൽ പങ്കെടുക്കുവാൻ അവരെ പ്രേരിപ്പിച്ചത് . ദീനിന് വേണ്ടി ത്യാഗവും, രക്തസാക്ഷിത്തവും വരിച്ച് പുണ്യം നേടണമെന്നതായിരുന്നു അവരുടെ ആഗ്രഹം.

## വിഭാഗം 15

**വചനം 144, 145**

وَمَا مُحَمَّدٌ إِلَّا رَسُولٌ قَدْ خَلَتْ مِن قَبْلِهِ ٱلرُّسُلُ ۚ أَفَإِي۟ن مَّاتَ أَوْ قُتِلَ ٱنقَلَبْتُمْ عَلَىٰٓ أَعْقَٰبِكُمْ ۚ وَمَن يَنقَلِبْ عَلَىٰ عَقِبَيْهِ فَلَن يَضُرَّ ٱللَّهَ شَيْـًٔا ۗ وَسَيَجْزِى ٱللَّهُ ٱلشَّٰكِرِينَ ﴿١٤٤﴾

144 മുഹമ്മദ് ഒരു റസൂൽ (ദൂതൻ)അല്ലാതെ (മറ്റൊന്നും) അല്ല. അദ്ദേഹത്തിനു മുമ്പ് റസൂലുകൾ കഴിഞ്ഞു പോയിട്ടുണ്ട്. എന്നിരിക്കെ, അദ്ദേഹം മരണപ്പെടുകയോ, കൊല്ലപ്പെടുകയോ ചെയ്തുവെങ്കിൽ നിങ്ങൾ നിങ്ങളുടെ മടമ്പുകാലുകളിൽ തിരിച്ചു പോകുകയോ! ആരെങ്കിലും തൻെറ മടമ്പുകാലുകളിൽ തിരിച്ചുപോകുന്ന

പക്ഷം, അവൻ അല്ലാഹുവിനു യാതൊന്നും ദ്രോഹം വരുത്തുകയില്ല തന്നെ. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു വഴിയെ പ്രതിഫലം നൽകുകയും ചെയ്യും.

وَمَا كَانَ لِنَفْسٍ أَن تَمُوتَ إِلَّا بِإِذْنِ ٱللَّهِ كِتَٰبًا مُّؤَجَّلًا ۗ وَمَن يُرِدْ ثَوَابَ ٱلدُّنْيَا نُؤْتِهِۦ مِنْهَا وَمَن يُرِدْ ثَوَابَ ٱلْءَاخِرَةِ نُؤْتِهِۦ مِنْهَا ۚ وَسَنَجْزِى ٱلشَّٰكِرِينَ ﴿١٤٥﴾

145 ഒരു ദേഹത്തിനും (ആൾക്കും) അല്ലാഹുവിൻെറ അനുമതിയോടെയല്ലാതെ മരണപ്പെടുവാൻ നിവൃത്തിയില്ല; അവധി കുറിക്കപ്പെട്ട ഒരു രേഖയായിട്ട് (അവനത് രേഖപ്പെടുത്തിയിരിക്കുന്നു). ആരെങ്കിലും ഇഹലോകത്തെ പ്രതിഫലം ഉദ്ദേശിക്കുന്ന പക്ഷം അവന് അതിൽവെച്ചു നാം നൽകുന്നതാണ്. ആരെങ്കിലും പരലോകത്തെ പ്രതിഫലം ഉദ്ദേശിക്കുന്ന പക്ഷം, അവന് അതിൽവെച്ചും നാം നൽകുന്നതാണ്. നന്ദി കാണിക്കുന്നവർക്ക് വഴിയെ നാം പ്രതിഫലം കൊടുക്കുകയും ചെയ്യും.

---

ഉഹദ് യുദ്ധവേളയിൽ നബി(സ) തിരുമേനി കൊല്ലപ്പെട്ടെന്നൊരു കിംവദന്തി പരന്നപ്പോൾ കപട വിശ്വാസികളും ദുർബ്ബല വിശ്വാസികളും, “ഇനി നമുക്ക് നമ്മുടെ പഴയ മതത്തിലേക്ക് മടങ്ങാമല്ലോ” എന്ന് പറയുകയുണ്ടായി. എന്നാൽ ചിലർ “മുഹമ്മദ് നമുക്ക് എത്തിച്ച് തരേണ്ടത് എത്തിച്ച് തന്നിരിക്കുന്നു. നാം നമ്മുടെ മതത്തിന് വേണ്ടി യുദ്ധം ചെയ്യുക” എന്ന ധീരമായ നിലപാടടുക്കുകയാണുണ്ടായത്.

മുഹമ്മദ് ദൈവമോ, ദൈവപുത്രനോ അല്ല - ഒരു റസൂൽ മാത്രമാണ് . അദ്ദഹം മരണപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്യാം. റസൂലുകൾ മുൻകാലത്ത് മരിക്കുകയും കൊല്ലപ്പെടുകയും ഉണ്ടായിട്ടുണ്ട്. റസൂലിന്റെ ജീവിതവുമായി മാത്രം ബന്ധപ്പെട്ടതല്ല സത്യവിശ്വാസം. ഇനി കാരണമെന്തായിരുന്നാലും സത്യ ദീൻ ഉപേക്ഷിച്ച് ശിർക്കിലേക്കും കുഫ്റിലേക്കും ആരെങ്കിലും മടങ്ങിപോകുകയാണെങ്കിൽ ആ നന്ദികേടിന്റെ ഭവിഷ്യത്ത് അവർ തന്നെ അനുഭവിക്കേണ്ടി വരും . അല്ലാഹുവിന് അതുകൊണ്ട് യാതൊരു ദോഷവും നേരിടാനില്ല. അല്ലാഹുവിന് നന്ദി കാണിച്ച് കൊണ്ട്, ആമാർഗ്ഗത്തിൽ തന്നെ ഉറച്ച് നില്ക്കുന്നവർക്ക് അല്ലാഹു വമ്പിച്ച പ്രതിഫലം നല്കുന്നതാണ്.

മരണത്തെ സംബന്ധിച്ചിടത്തോളം, പ്രവാചകനെന്നോ , അല്ലാത്തവരെന്നോ വ്യത്യാസമില്ലാതെ, അല്ലാഹു മുമ്പെ കണക്കാക്കി വെച്ച സമയത്ത് തന്നെ ഏവർക്കും സംഭവിക്കുന്നതാണ്. യുദ്ധത്തിൽ പങ്കെടുത്തെന്ന് വച്ച് അത് നിശ്ചിതസമയത്തിന് മുൻകൂട്ടിയോ, ഓടി രക്ഷപ്പെട്ടത് കൊണ്ട് നിശ്ചിതസമയത്തിന് പിന്നിട്ടോ, സംഭവിക്കാമെന്ന് ധരിക്കേണ്ടതില്ല. അൽപായുസ്സ് ലഭിക്കുന്നതും, ദീർഘായുസ്സ് ലഭിക്കുന്നതുമെല്ലാം തന്നെ നിശ്ചയമനുസരിച്ച് മാത്രമാകുന്നു (35:11)

റസൂൽ(സ) തിരുമേനി ചരമം പ്രാപിച്ചപ്പോൾ ധീരനായ ഉമർ(റ) അടക്കം പലരും തിരുമേനിയുടെ മരണത്തെ നിഷേധിക്കുകയുണ്ടായ സന്ദർഭത്തിൽ അബൂബക്കർ(റ) ഇപ്രകാരം പറഞ്ഞു. “മുഹമ്മദിനെ ആരെങ്കിലും ആരാധിക്കുന്നുവെങ്കിൽ മുഹമ്മദ് മരണമടഞ്ഞുപോയി. അല്ലാഹുവിനെ ആരെങ്കിലും ആരാധിക്കുന്നുവെങ്കിൽ അവൻ ശേഷിച്ചിരിക്കുന്നു.” തുടർന്ന് ഈ (144-ാം) വചനം ഓതുകയുണ്ടായി. ഇതു കേട്ടപ്പോഴാണ് ഉമർ(റ) നും മറ്റും യഥാർത്ഥബോധം തിരിച്ച് കിട്ടിയത്.

തുടർന്ന് ഈവചനങ്ങളിൽ അല്ലാഹു പറയുന്നു :യുദ്ധത്തിൽ പങ്കെടുക്കുക മുതലായ കർമ്മങ്ങൾക്ക് ലഭിക്കുന്ന പ്രതിഫലം അവരവരുടെ ഉദ്ദേശലക്ഷ്യങ്ങൾക്കനുസരിച്ചായിരിക്കും. ധനം സമ്പാദിക്കുക മുതലായ ഐഹിക നേട്ടങ്ങൾ ഉദ്ദേശിക്കുന്നവർക്ക്, അത്തരം നേട്ടങ്ങളും, പാരത്രികനേട്ടങ്ങൾ ഉദ്ദേശിക്കുന്നവർക്ക് അത്തരം അനുഗ്രഹങ്ങളുമായിരിക്കും ലഭിക്കുക.

“മടമ്പു കാലുകളിൽ തിരിച്ച് പോയി” എന്ന പ്രയോഗം “വന്നപാടെ മടങ്ങി” ‘വന്ന കാലിൽ തന്നെ മടങ്ങി’ എന്നിങ്ങനെ മലയാളത്തിൽ പറയാറുള്ളതുപോലെ അറബിയിലുള്ള ഒരു പ്രയോഗമാകുന്നു.

**വചനം 146, 147,148**

146 എത്രയോ നബിമാരാണ്-അവരോടൊപ്പം ധാരാളം 'രിബ്ബീ കൾ (പുണ്യ പുരുഷൻമാർ) യുദ്ധം ചെയ്തിട്ടുള്ളത്! എന്നിട്ട്, അല്ലാഹുവിൻെറ മാർഗത്തിൽ അവർക്ക്(ആപത്ത്) ബാധിച്ചതിനാൽ അവർ അധൈര്യപ്പെട്ടിട്ടില്ല; അവർക്ക് ദൌർബല്യമുണ്ടായതുമില്ല; അവർ (ശത്രുവിന്) ഒതുങ്ങിക്കൊടുത്തതുമില്ല; അല്ലാഹുവാകട്ടെ, ക്ഷമിക്കുന്നവരെ സ്നേഹിക്കുന്നു.

وَكَأَيِّن مِّن نَّبِيٍّ قَٰتَلَ مَعَهُۥ رِبِّيُّونَ كَثِيرٌ فَمَا وَهَنُوا۟ لِمَآ أَصَابَهُمْ فِى سَبِيلِ ٱللَّهِ وَمَا ضَعُفُوا۟ وَمَا ٱسْتَكَانُوا۟ ۗ وَٱللَّهُ يُحِبُّ ٱلصَّٰبِرِينَ ﴿١٤٦﴾

147 അവരുടെ വാക്ക് അവർ (ഇങ്ങിനെ) പറയലല്ലാതെ (മറ്റൊന്നും) ആയിരുന്നതുമില്ല: "ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ പാപങ്ങളെയും, ഞങ്ങളുടെ കാര്യത്തിൽ ഞങ്ങളുടെ അതിരു കവിച്ചലിനെയും നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ! ഞങ്ങളുടെ കാലടികളെ (പതറാതെ) ഉറപ്പിച്ചു തരുകയും, അവിശ്വാസികളായ ജനങ്ങളുടെ മേൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ!"

وَمَا كَانَ قَوْلَهُمْ إِلَّآ أَن قَالُوا۟ رَبَّنَا ٱغْفِرْ لَنَا ذُنُوبَنَا وَإِسْرَافَنَا فِىٓ أَمْرِنَا وَثَبِّتْ أَقْدَامَنَا وَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَٰفِرِينَ ﴿١٤٧﴾

148 അങ്ങനെ, അല്ലാഹു അവർക്ക് ഇഹലോകത്തെ പ്രതിഫലവും, പരലോകത്തെ നല്ല പ്രതിഫലവും നൽകി. അല്ലാഹുവാകട്ടെ നന്മ പ്രവർത്തിക്കുന്നവരെ സ്നേഹിക്കുന്നു.

فَـَٔاتَىٰهُمُ ٱللَّهُ ثَوَابَ ٱلدُّنْيَا وَحُسْنَ ثَوَابِ ٱلْـَٔاخِرَةِ ۗ وَٱللَّهُ يُحِبُّ ٱلْمُحْسِنِينَ ﴿١٤٨﴾

മുമ്പ് എത്രയോ പ്രവാചകൻമാരോടൊപ്പം ധാരാളം അനുയായികൾ സത്യദീനിന് വേണ്ടി ശത്രുക്കളോട് അടരാടിയിട്ടുണ്ട്. ശത്രുക്കളിൽ നിന്ന് അവർക്ക് പല അനിഷ്ട സംഭവങ്ങളും നേരിട്ടിട്ടുമുണ്ട്. എന്നാൽ അവർ അക്ഷമയോ, അധൈര്യമോ കാണിച്ചില്ല ; ശത്രുക്കൾക്ക് അടിയറ വെച്ചതുമില്ല. തങ്ങളുടെ പാപമോചനത്തിനും, ശത്രുക്കളുടെ മുമ്പിൽ കാലിടറാതെ ഉറച്ച് നിന്ന് വിജയം വരിക്കാനുള്ള സഹായത്തിനും വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും എല്ലാം അല്ലാഹുവിൽ അർപ്പിക്കുകയുമാണവർ ചെയ്തത് . അങ്ങനെ അല്ലാഹു അവർക്ക് ഇഹത്തിൽ വിജയവും സമാധാനവും പരത്തിൽ വമ്പിച്ച പ്രതിഫലങ്ങളും നല്കി. അല്ലാഹു നന്മ പ്രവർത്തിക്കുന്നവരെ സ്നേഹിക്കുന്നു.

## വിഭാഗം 16

**വചനം 149,150,151**

149 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അവിശ്വസിച്ചവരെ അനുസരിക്കുന്നപക്ഷം, അവർ നിങ്ങളെ നിങ്ങളുടെ മടമ്പുകാലുകളിൽ (പുറകോട്ടു) മടക്കിക്കളയും; അങ്ങനെ, നിങ്ങൾ നഷ്ടപ്പെട്ടവരായി മാറിപ്പോയേക്കും.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِن تُطِيعُوا۟ ٱلَّذِينَ كَفَرُوا۟ يَرُدُّوكُمْ عَلَىٰٓ أَعْقَٰبِكُمْ فَتَنقَلِبُوا۟ خَٰسِرِينَ ﴿١٤٩﴾

150 പക്ഷെ, അല്ലാഹുവത്രെ നിങ്ങളുടെ യജമാനൻ. അവൻ സഹായികളിൽവെച്ച് ഉത്തമനുമാകുന്നു.

بَلِ ٱللَّهُ مَوْلَىٰكُمْ ۖ وَهُوَ خَيْرُ ٱلنَّٰصِرِينَ ﴿١٥٠﴾

151 അവിശ്വസിച്ചവരുടെ ഹൃദയങ്ങളിൽ നാം വഴിയെ ഭീതി ഇട്ടുകൊടുക്കുന്നതാണ്; അല്ലാഹു യാതൊരു(അധികൃത) രേഖയും അവതരിപ്പിച്ചിട്ടി

سَنُلْقِى فِى قُلُوبِ ٱلَّذِينَ كَفَرُوا۟ ٱلرُّعْبَ بِمَآ أَشْرَكُوا۟ بِٱللَّهِ مَا لَمْ يُنَزِّلْ بِهِۦ

سُلْطَٰنًا ۖ وَمَأْوَىٰهُمُ ٱلنَّارُ ۚ وَبِئْسَ مَثْوَى ٱلظَّٰلِمِينَ ﴿١٥١﴾

ല്ലാത്തതിനെ അവർ അവനോട് പങ്കുചേർത്ത തുനിമിത്തം. അവരുടെ സങ്കേത സ്ഥാനം നരകവുമാകുന്നു. (ആ) അക്രമികളുടെ പാർപ്പിടം എത്രയോ ചീത്ത!

- - -

അവിശ്വാസികളെ കാര്യക്കാരാക്കി, അനുസരിച്ചാൽ, അവർ നിങ്ങളെ ശിർക്കിന്റെ മതത്തിലേക്ക് മടക്കുകയും നിങ്ങൾ നഷ്ടപ്പെട്ടവരായി ത്തീരുകയും ചെയ്യും . അല്ലാഹുവാണ് നിങ്ങളുടെ യജമാനൻ, അവനാണ് നിങ്ങളുടെ ഏറ്റവും നല്ല സഹായിയും.

തുടർന്ന് അല്ലാഹുപറയുന്നു; തല്ക്കാലം അവിശ്വാസികൾക്ക് ദുരഭിമാനത്തിന് അവസരം സിദ്ധിച്ചുവെങ്കിലും (ഉഹ്ദിൽ മുസ്ലിംങ്ങൾക്ക് പററിയ പരാജയം) അടുത്ത ഭാവിയിൽ തന്നെ , അവരുടെ ഹൃദയം ഭീതി കൊണ്ടു നിറക്കപ്പെടും.യാതൊരു പ്രമാണവും ന്യായവും കൂടാതെ അല്ലാഹുവല്ലാത്ത വസ്തുക്കളെ ആരാധിക്കുന്നവരാണ് അവർ. അവർക്ക് ആ വസ്തുക്കളിൽനിന്നോ, അല്ലാഹുവിൽനിന്നോ യാതൊരു സഹായവും ലഭിക്കുന്നതല്ല. അവരുടെ പ്രാപ്യസ്ഥാനം നരകമായിരിക്കും.

ജാബിർ(റ) ഉദ്ധരിച്ച ഒരു ഹദീസ് : നബി(സ) പറഞ്ഞു എന്റെ മുമ്പുള്ള പ്രവാചകൻമാർക്കാർക്കും നല്കപെട്ടിട്ടില്ലാത്ത അഞ്ച് പ്രത്യേകതകൾ എനിക്ക് നല്കപെട്ടിരിക്കുന്നു.

1 ഒരു മാസത്തെ അകലത്തോളം (എന്നെകുറിച്ച് ശത്രുക്കൾക്കുണ്ടാകുന്ന) ഭീതികൊണ്ട് എനിക്ക് സഹായം നല്കപെട്ടിരിക്കുന്നു.

2. ഭൂമി എല്ലായിടവും എനിക്ക് നമസ്ക്കാര സ്ഥലവും ശുദ്ധീകരണ വസ്തുവും ആക്കപ്പെട്ടിരിക്കുന്നു.

3. ഗനീമത്തു സ്വത്തുക്കൾ അനുവദനീയമാക്കപ്പെട്ടിരിക്കുന്നു

4. പരലോകത്ത് വച്ച് ശുപാർശ ചെയ്യാനുള്ള അനുമതി(ശഫാഅത്ത്) എനിക്ക് നല്കപ്പെട്ടിരിക്കുന്നു.

5. ഞാൻ മനുഷ്യരിലേക്കെല്ലാമുള്ള പ്രവാചകനായി നിയോഗിക്കപ്പെട്ടിരിക്കുന്നു.

---

**വചനം 152, 153**

وَلَقَدْ صَدَقَكُمُ ٱللَّهُ وَعْدَهُۥٓ إِذْ تَحُسُّونَهُم بِإِذْنِهِۦ ۖ حَتَّىٰٓ إِذَا فَشِلْتُمْ وَتَنَٰزَعْتُمْ فِى ٱلْأَمْرِ وَعَصَيْتُم مِّنۢ بَعْدِ مَآ أَرَىٰكُم مَّا تُحِبُّونَ ۚ مِنكُم مَّن يُرِيدُ ٱلدُّنْيَا وَمِنكُم مَّن يُرِيدُ ٱلْءَاخِرَةَ ۚ ثُمَّ صَرَفَكُمْ عَنْهُمْ لِيَبْتَلِيَكُمْ ۖ وَلَقَدْ عَفَا عَنكُمْ ۗ وَٱللَّهُ ذُو فَضْلٍ عَلَى ٱلْمُؤْمِنِينَ ﴿١٥٢﴾

152 അല്ലാഹുവിൻെറ അനുമതിപ്രകാരം നിങ്ങൾ അവരെ കൊന്നു നശിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ, തീർച്ചയായും അവൻ തൻെറ വാഗ്ദാനം നിങ്ങളോട് (പാലിച്ചു) സത്യമാക്കിയിട്ടുണ്ട്. അങ്ങനെ, നിങ്ങൾ ഭീരുത്വം കാണിക്കുകയും, കാര്യത്തിൽ അന്യോന്യം പിണങ്ങുക (ഭിന്നിക്കുക)യും, നിങ്ങൾ ഇഷ്ടപ്പെട്ടിരുന്ന കാര്യം നിങ്ങൾക്ക് അവൻ (അനുഭവത്തിൽ) കാട്ടിത്തന്നശേഷം നിങ്ങൾ അനുസരണക്കേട് ചെയ്യുകയും ചെയ്തപ്പോൾ.........! (അതെ, അപ്പോഴാണ് സഹായം ലഭിക്കാതായത്.) നിങ്ങളിൽ ഇഹലോകത്തെ ഉദ്ദേശിക്കുന്നവരുണ്ട്; നിങ്ങളിൽ പരലോകത്തെ ഉദ്ദേശിക്കുന്നവരുമുണ്ട്. പിന്നെ, നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടി അവരിൽ നിന്നു നിങ്ങളെ അവൻ (അല്ലാഹു) തിരിച്ചുവിട്ടു. അവൻ നിങ്ങൾക്ക് മാപ്പു നൽകുകതന്നെ ചെയ്തിട്ടുമുണ്ട്. അല്ലാഹു, സത്യവിശ്വാസികളുടെ മേൽ അനുഗ്രഹം (അഥവാ ഔദാര്യം) ഉള്ളവനത്രെ.

153 (അതെ) നിങ്ങൾ ഒരാളെയും തിരിഞ്ഞു നോക്കാതെ, ഓടിക്കയറിപ്പോയിരുന്ന സന്ദർഭം! റസൂലാകട്ടെ, നിങ്ങളുടെ പിൻവശത്തു നിന്ന് നിങ്ങളെ വിളിക്കുകയും ചെയ്തിരുന്നു. അങ്ങനെ, അവൻ നിങ്ങൾക്ക് ദുഃഖത്തോടു ദുഃഖം പ്രതിഫലമാക്കി (പകരമാക്കി)ത്തന്നു. നിങ്ങൾക്കു(കിട്ടാതെ) പാഴായിപ്പോയതിൻെറ പേരിലാകട്ടെ, നിങ്ങൾക്ക് (ആപത്തു) ബാധിച്ചതിൻെറ പേരിലാകട്ടെ, നിങ്ങൾ വ്യസനപ്പെടാതിരിക്കുവാൻവേണ്ടിയാണ് (അത്). അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനത്രെ.

۞ إِذْ تُصْعِدُونَ وَلَا تَلْوُۥنَ عَلَىٰٓ أَحَدٍ وَٱلرَّسُولُ يَدْعُوكُمْ فِىٓ أُخْرَىٰكُمْ فَأَثَٰبَكُمْ غَمًّۢا بِغَمٍّ لِّكَيْلَا تَحْزَنُوا۟ عَلَىٰ مَا فَاتَكُمْ وَلَا مَآ أَصَٰبَكُمْ ۗ وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ ﴿١٥٣﴾

---

ഉഹദ് യുദ്ധത്തിന്റെ ആദ്യ ഘട്ടത്തിൽ വമ്പിച്ച വിജയം കൈവരിച്ച മുസ്ലിംകളിൽ ഒരു വിഭാഗം നബി(സ) യുടെയും അവരുടെ യുദ്ധക്കളത്തിലെ തലവന്റെയും കല്പനകൾക്ക് എതിര് പ്രവർത്തിക്കുകയും, ഗനീമത്തും ആയുധങ്ങളും ശേഖരിക്കുന്നതിൽ വ്യാപൃതരാകുകയും ചെയ്തപ്പോൾ ശത്രുക്കൾ തിരിച്ച് വന്ന് ആഞ്ഞടിക്കുകയും മുസ്ലിംകൾക്ക് ആപത്തുകൾ ബാധിക്കുകയും ചെയ്തു. അതെ; ധീരതയും യോജിപ്പും കൈവെടിഞ്ഞു ഭിന്നിക്കുകയും ഭീരുത്വം കാണിക്കുകയും അനുസരണം വെടിയുകയും ചെയ്തു. ഇതെല്ലാം സംഭവിച്ചത് ആദ്യഘട്ടത്തിൽ മുസ്ലിംകൾക്കുണ്ടായ വിജയത്തിന് ശേഷമാണല്ലോ . ആഅവസരത്തിൽ മുസ്ലിംകൾ ശത്രുക്കളെ കൊന്ന് നശിപ്പിച്ചപ്പോൾ , അല്ലാഹു അവന്റെ വാഗ്ദാനം സത്യമാക്കി കാണിക്കുകയായിരുന്നു. എന്നാൽ , തുടർന്ന് മുസ്ലിംകൾ അനുസരണക്കേടും ഭീരുത്വവും കാണിച്ചപ്പോൾ അല്ലാഹുവിങ്കൽ നിന്നുള്ള സഹായം നിൽക്കുകയും സംഭവിക്കേണ്ടതെല്ലാം സംഭവിക്കുകയും ചെയ്തു. ആ സന്ദർഭത്തിൽ സഹാബികളിൽ എല്ലാവരും അനുസരണക്കേട് കാണിക്കുകയുണ്ടായില്ല. അതാണ് നിങ്ങളിൽ ഇഹലോകത്തെ ഉദ്ദേശിക്കുന്നവരും പരലോകത്തെ ഉദ്ദേശിക്കുന്നവരും ഉണ്ട് എന്ന് അല്ലാഹു പറഞ്ഞത്.

രണ്ടാമത്തെ ആക്രമണത്തിലൂടെ ശത്രുക്കൾക്ക് വേണമെങ്കിൽ മുസ്ലിംകളെ നശിപ്പിക്കാൻ തക്ക സാഹചര്യമുണ്ടായിരുന്നെങ്കിലും, അത് ഉപയോഗപ്പെടുത്താതെ, അവർ വിജയഭേരി മുഴക്കി വേഗം സ്ഥലം വിടുകയാണുണ്ടായത് . അല്ലാഹു ചെയ്ത ഈ അനുഗ്രഹത്തെപറ്റിയാണു, "അവരിൽനിന്ന് നിങ്ങളെ അവൻ (അല്ലാഹു) തിരിച്ചുവിട്ടു" എന്ന് പറഞ്ഞിരിക്കുന്നത്. ഇതെല്ലാം നിങ്ങളെ പരീക്ഷണം ചെയ്യാൻ വേണ്ടിയാണെന്നും ഇപ്രാവശ്യം അല്ലാഹു നിങ്ങളുടെ പാകപിഴവുകൾ ക്ക് മാപ്പു നല്കിയിരിക്കുന്നുവെന്നും, നിങ്ങൾ സത്യവിശ്വാസികളായത് കൊണ്ടാണ്, ശിക്ഷാ നടപടികൾ എടുക്കാതെ അവൻ നിങ്ങൾക്ക് മാപ്പ് നല്കുന്നതെന്നും തുടർന്ന് അറിയിക്കുന്നു.

ശത്രുക്കളുടെ തിരിച്ച് വരവും പുനരാക്രമണവും കണ്ടു ഭയവിഹ്വലരായ മുസ്ലിംകളിൽ ചിലർ മദീനായിലേക്ക് ഓടി; ചിലർ എങ്ങോട്ടെന്നില്ലാതെ സ്ഥലം വിട്ടു. എന്നാൽ റസൂൽ (സ) സ്വസ്ഥാനത്ത് ഉറച്ച് നിന്ന് കൊണ്ട് "അല്ലാഹുവിന്റെ അടിയാന്മാരേ ഇങ്ങോട്ടു വരിൻ" എന്ന് വിളിച്ചു കൊണ്ടിരിക്കുന്നു. ഇതിനിടയിൽ നബി(സ) കൊല്ലപ്പെട്ടുവെന്ന ഒരുവ്യാജ വാർത്തയും പ്രചരിച്ചു. ശത്രുക്കൾ മദീനയിൽ പ്രവേശിച്ചാൽ കുടുംബങ്ങൾക്കും വീട്ടുകാർക്കും വരുത്തി വയ്ക്കാവുന്ന നാശങ്ങളെകുറിച്ചും അവർ അത്യന്തം പരിഭ്രാന്തരായി. ഇതെല്ലാം സംഭവിച്ചതു അവരുടെ സ്വന്തം പ്രവൃത്തിമൂലം തന്നെ. അതേസമയം ആപത്തുകളിൽ ക്ഷമയും സഹനവും കൈകൊള്ളാനും, അവരുടെ വിശ്വാസം സുദൃഢമാകാനും , അവരുടെ മനക്കരുത്ത് ശക്തിപെടാനും സത്യവിശ്വാസികളെ അത് മൂലം പരിശീലിപ്പിക്കുകയായിരുന്നു. മേലിൽ സത്യവിശ്വാസികൾ, എന്ത് കഷ്ട നഷ്ടങ്ങൾ സംഭവിച്ചാലും , അതിൽ വ്യസനിക്കുകയോ വേദനിക്കുകയോ അരുത് . അല്ലാഹു എല്ലാവരും പ്രവൃത്തിക്കുന്നതിനെപറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

---

**വചനം 154**

154 പിന്നീട് (ആ) ദുഃഖത്തിന്നു ശേഷം, അവൻ (അല്ലാഹു) നിങ്ങളിൽ ഒരു നിർഭയത- (അതായത്) ഒരു നിദ്രാമയക്കം-ഇറക്കിത്തന്നു. നിങ്ങളിൽ നിന്ന് ഒരു വിഭാഗത്തെ അത് ആവരണം ചെയ്തിരുന്നു; ഒരു വിഭാഗമാകട്ടെ,

ثُمَّ أَنزَلَ عَلَيْكُم مِّنۢ بَعْدِ ٱلْغَمِّ أَمَنَةً نُّعَاسًا يَغْشَىٰ طَآئِفَةً مِّنكُمْ ۖ وَطَآئِفَةٌ قَدْ أَهَمَّتْهُمْ

أَنفُسُهُمْ يَظُنُّونَ بِٱللَّهِ غَيْرَ ٱلْحَقِّ ظَنَّ
ٱلْجَٰهِلِيَّةِ ۖ يَقُولُونَ هَل لَّنَا مِنَ ٱلْأَمْرِ مِن
شَىْءٍ ۗ قُلْ إِنَّ ٱلْأَمْرَ كُلَّهُۥ لِلَّهِ ۗ يُخْفُونَ فِىٓ
أَنفُسِهِم مَّا لَا يُبْدُونَ لَكَ ۖ يَقُولُونَ لَوْ
كَانَ لَنَا مِنَ ٱلْأَمْرِ شَىْءٌ مَّا قُتِلْنَا هَٰهُنَا ۗ قُل
لَّوْ كُنتُمْ فِى بُيُوتِكُمْ لَبَرَزَ ٱلَّذِينَ كُتِبَ عَلَيْهِمُ
ٱلْقَتْلُ إِلَىٰ مَضَاجِعِهِمْ ۖ وَلِيَبْتَلِىَ ٱللَّهُ مَا فِى
صُدُورِكُمْ وَلِيُمَحِّصَ مَا فِى قُلُوبِكُمْ ۗ
وَٱللَّهُ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿١٥٤﴾

അവരുടെ സ്വന്ത (കാര്യ)ങ്ങള്‍ അവരെ അസ്വസ്ഥമാക്കിക്കളഞ്ഞു; അല്ലാഹുവിനെപ്പറ്റി അവര്‍ ന്യായമല്ലാത്തത്-(അതെ) 'ജാഹിലിയ്യത്തി ന്‍റെ (അജ്ഞാനകാലത്തെ) വിചാരം- വിചാരിച്ചു കൊണ്ട്. അവര്‍ പറയുന്നു: "കാര്യത്തില്‍ നിന്ന് വല്ലതും (ഒരു പങ്ക്) നമുക്കുണ്ടോ?!" (നബിയേ) പറയുക: "നിശ്ചയമായും, കാര്യമെല്ലാം (തന്നെ) അല്ലാഹുവിനാണു(ള്ളത്). നിന്നോട് അവര്‍ വെളിപ്പെടുത്താത്ത (ചില)ത് അവര്‍ തങ്ങളുടെ മനസ്സുകളില്‍ ഒളിച്ചുവെക്കുന്നു. അവര്‍ പറയുന്നു: "കാര്യത്തില്‍ നിന്ന് വല്ലതും (ഒരു പങ്ക്) നമുക്കുണ്ടായിരുന്നെങ്കില്‍, നാം ഇവിടെ വെച്ച് കൊല്ലപ്പെടുമായിരുന്നില്ല." പറയുക: "നിങ്ങള്‍ നിങ്ങളുടെ വീടുകളിലായിരുന്നാലും യാതൊരുവരുടെ മേല്‍ കൊലവിധിക്ക (നിശ്ചയിക്ക)പ്പെട്ടിരിക്കുന്നുവോ അവര്‍, തങ്ങളുടെ കിടപ്പുസ്ഥാന (മരിച്ചു വീഴുന്ന സ്ഥല)ങ്ങളിലേക്ക് പ്രത്യക്ഷപ്പെട്ടുവരികതന്നെ ചെയ്യുന്നതാണ്". (മാത്രമല്ല) നിങ്ങളുടെ നെഞ്ചു (മനസ്സു) കളിലുള്ളത് അല്ലാഹു പരീക്ഷിക്കുവാന്‍ വേണ്ടിയും, നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് ശുദ്ധീകരണം ചെയ്വാന്‍ വേണ്ടിയും (കൂടിയാണതൊക്കെ ചെയ്തത്). അല്ലാഹുവാകട്ടെ, നെഞ്ചു(മനസ്സു)കളിലുള്ളതിനെപ്പറ്റി അറിയുന്നവനാകുന്നു.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

ഉഹ്ദില്‍ സത്യവിശ്വാസികള്‍ക്ക് വളരെയേറെ കഷ്ടപാടുകള്‍ അനുഭവിക്കേണ്ടി വന്നെങ്കിലും അവര്‍ക്ക് അല്ലാഹു ഒരു നിദ്രാമയക്കവും മനശാന്തിയും തദവസരത്തില്‍ പ്രദാനം ചെയ്തു. ആ അവസരത്തില്‍ നബി(സ)യുടെ രക്ഷക്ക് വേണ്ടി സ്വജീവനെപോലും വകവെക്കാതെ ശത്രുക്കളോട് അടരാടിയ അബൂത്തുല്‍ഹത്തുല്‍ അന്‍സാരി (റ) പിന്നീട് പറയുകയുണ്ടായി – "ഞങ്ങള്‍ക്ക് ഒരു തരം നിദ്രാമയക്കം ബാധിക്കുകയുണ്ടായി . എന്‍റെ വാള്‍ എന്‍റെ കൈയില്‍ നിന്ന് വീഴുകയും, ഞാന്‍ അത് കയ്യിലെടുക്കുകയും ചെയ്ത് കൊണ്ടിരുന്നു."

എന്നാല്‍ ഈ മയക്കം മുസ്ലീം പക്ഷത്തുള്ള എല്ലാവരേയും ബാധിച്ചിരുന്നില്ല . വിശ്വാസത്തില്‍ കാപട്യവും കളങ്കവും തീരാത്ത ഒരു വിഭാഗത്തെ മാത്രമേ അത് ആവരണം ചെയ്തിരുന്നുള്ളൂ. എന്നാല്‍ കപട വിശ്വാസികള്‍ക്ക്, മനസ്സമാധാനത്തിന് പകരം, അസ്വാസ്ഥ്യവും പരിഭ്രമവും ഒന്നിനൊന്ന് വര്‍ദ്ധിക്കുകയാണുണ്ടായത് . ഇസ്ലാം തറപറ്റിയെന്നും, മുസ്ലീംകള്‍ക്ക് വിജയമുണ്ടെന്ന അല്ലാഹുവിന്‍റെ വാഗ്ദാനം പാലിക്കപ്പെട്ടില്ല എന്നിങ്ങനെ, ജാഹിലിയാ കാലത്തെ വിചാരങ്ങളും ചിന്താഗതികളും അവരെ പിടികൂടി. "കാര്യങ്ങളുടെ നടത്തിപ്പില്‍ നമുക്ക് വല്ല പങ്കുണ്ടായിരുന്നെങ്കില്‍ മുഹമ്മദ് നമ്മള്‍ പറഞ്ഞത് കേള്‍ക്കുമായിരുന്നു. എങ്കില്‍ നമ്മുടെ ആളുകള്‍ ഇത്തരത്തില്‍ വധിക്കപ്പെടുമായിരുന്നില്ല." എന്നിങ്ങനെ അവര്‍ പറഞ്ഞുകൊണ്ടിരുന്നു. അല്ലാഹു അവര്‍ക്ക് നല്കുന്ന മറുപടിയുടെ സാരം ഇപ്രകാരമാകുന്നു. "കാര്യങ്ങളുടെ നടത്തിപ്പ് എല്ലാം അല്ലാഹുവിന്‍റെ നിയന്ത്രണവും ഉദ്ദേശവും അനുസരിച്ച് മാത്രമാകുന്നു. ഇന്ന ആള്‍ ഇന്ന സ്ഥലത്ത് വച്ച് ഇന്ന സമയത്ത് കൊല്ലപ്പെടുമെന്ന് അവന്‍ നിശ്ചയിച്ച് കഴിഞ്ഞിട്ടുണ്ട്. എവിടെ അടച്ചിരുന്നാലും, ആസ്ഥലത്തും ആസമയത്തും വെളിക്ക് വന്ന് അവര്‍ കൊല്ലപ്പെടാതിരിക്കില്ല." കൂടാതെ നിങ്ങളിലുള്ള കപടന്‍മാരേയും വഞ്ചകന്‍മാരേയും വേര്‍ തിരിച്ച് കാണിക്കാനുള്ള ഒരു പരീക്ഷണവും ശുദ്ധീകരണവും കൂടിയാണിതൊക്കെ.

**വചനം 155**

إِنَّ ٱلَّذِينَ تَوَلَّوۡاْ مِنكُمۡ يَوۡمَ ٱلۡتَقَى ٱلۡجَمۡعَانِ إِنَّمَا ٱسۡتَزَلَّهُمُ ٱلشَّيۡطَٰنُ بِبَعۡضِ مَا كَسَبُواْۖ وَلَقَدۡ عَفَا ٱللَّهُ عَنۡهُمۡۗ إِنَّ ٱللَّهَ غَفُورٌ حَلِيمٞ ﴿١٥٥﴾

155 നിശ്ചയമായും, രണ്ടു സംഘങ്ങൾ (പരസ്പരം) കൂട്ടിമുട്ടിയ ദിവസം നിങ്ങളിൽനിന്ന് (പിൻ) തിരിഞ്ഞു പോയവർ അവർ ചെയ്തുവെച്ചതിൽ ചിലതു നിമിത്തം, പിശാച് അവരെ വഴി തെറ്റിക്കുവാൻ ശ്രമിച്ചത് മാത്രമാകുന്നു. തീർച്ചയായും, അല്ലാഹു അവർക്ക് മാപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. നിശ്ചയമായും അല്ലാഹു, വളരെ പൊറുക്കുന്നവനാണ്; സഹനശീലനാണ്.

---

മുസ്ലീംസംഘവും ശത്രുസംഘവും തമ്മിൽ യുദ്ധം നടക്കുമ്പോൾ ഒന്നുകിൽ വിജയം അല്ലെങ്കിൽ വീര മരണം (ശഹാദത്ത്) എന്നുറച്ച് നില്ക്കേണ്ടവരാണ് മുസ്ലീംകൾ. ഉഹ്ദിൽ വെച്ച് മുസ്ലീംകളിൽ ഒരു വിഭാഗം പിൻതിരിഞ്ഞോടിയത് അവർ പിശാചിന്റെ കെണിയിൽ അകപ്പെട്ടത് കൊണ്ടുണ്ടായ അവരുടെ തെറ്റ് കുറ്റ ങ്ങൾ കാരണമാകുന്നു. എന്നാൽ വളരെ പൊറുക്കുന്നവനും സഹനശീലനുമായ അല്ലാഹു അവർക്ക് മാപ്പ് നല്കിയിരുന്നുവെന്ന് കൂടി അല്ലാഹു അവരെ സമാധാനിപ്പിക്കുകയും ചെയ്യുന്നു.

## വിഭാഗം 17

**വചനം 156, 157, 158**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَكُونُواْ كَٱلَّذِينَ كَفَرُواْ وَقَالُواْ لِإِخۡوَٰنِهِمۡ إِذَا ضَرَبُواْ فِي ٱلۡأَرۡضِ أَوۡ كَانُواْ غُزّٗى لَّوۡ كَانُواْ عِندَنَا مَا مَاتُواْ وَمَا قُتِلُواْ لِيَجۡعَلَ ٱللَّهُ ذَٰلِكَ حَسۡرَةٗ فِي قُلُوبِهِمۡۗ وَٱللَّهُ يُحۡيِۦ وَيُمِيتُۗ وَٱللَّهُ بِمَا تَعۡمَلُونَ بَصِيرٞ ﴿١٥٦﴾

156 ഹേ, വിശ്വസിച്ചവരേ, അവിശ്വസിക്കുകയും, തങ്ങളുടെ സഹോദരങ്ങൾ ഭൂമിയിൽ സഞ്ചരിക്കുകയോ, അല്ലെങ്കിൽ പടയെടുത്ത് പോകുന്നവരായിരിക്കുകയോ ചെയ്താൽ അവരെക്കുറിച്ച് (ഇങ്ങിനെ) പറയുകയും ചെയ്യുന്നവരെപ്പോലെ നിങ്ങൾ ആയിരിക്കരുത്: "അവർ നമ്മുടെ അടുക്കലായിരുന്നുവെങ്കിൽ അവർ മരണപ്പെടുമായിരുന്നില്ല; അവർ കൊല്ലപ്പെടുകയും ചെയ്യുമായിരുന്നില്ല." അവരുടെ ഹൃദയങ്ങളിൽ അല്ലാഹു അതൊരു ഖേദമാക്കിത്തീർക്കുവാനായിട്ട്. (അതാണിതിന്റെ അനന്തരഫലം.) അല്ലാഹു (തന്നെ) ജീവിപ്പിക്കുകയും മരണപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനുമത്രെ.

وَلَئِن قُتِلۡتُمۡ فِي سَبِيلِ ٱللَّهِ أَوۡ مُتُّمۡ لَمَغۡفِرَةٞ مِّنَ ٱللَّهِ وَرَحۡمَةٌ خَيۡرٞ مِّمَّا يَجۡمَعُونَ ﴿١٥٧﴾

157 അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ കൊല്ലപ്പെടുകയോ, അല്ലെങ്കിൽ മരണപ്പെടുകയോ ചെയ്തുവെങ്കിലോ, അല്ലാഹുവിങ്കൽ നിന്നു (ണ്ടാകുന്ന) പാപമോചനവും, കാരുണ്യവും അവർ ശേഖരിച്ചു കൂട്ടുന്നതിനെക്കാൾ ഉത്തമം തന്നെയാകുന്നു.

وَلَئِن مُّتُّمۡ أَوۡ قُتِلۡتُمۡ لَإِلَى ٱللَّهِ تُحۡشَرُونَ ﴿١٥٨﴾

158 നിങ്ങൾ മരണപ്പെടുകയോ, അല്ലെങ്കിൽ കൊല്ലപ്പെടുകയോ ചെയ്തുവെങ്കിൽ, നിങ്ങൾ അല്ലാഹുവിങ്കലേക്കുതന്നെ ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്യുന്നു.

തങ്ങളുടെ സുഹൃത്തുക്കളോ ബന്ധുക്കളോ, വല്ല യാത്രകളിലും വെച്ച് മരണപ്പെടുകയോ, വല്ല യുദ്ധത്തിലും വെച്ച് കൊല്ലപ്പെടുകയോ ചെയ്യുമ്പോൾ അവിശ്വാസികൾ ഇപ്രകാരം പറയും : "ഹാ അവൻ ഇവിടെതന്നെ ആയിരുന്നെങ്കിൽ ഇത് സംഭവിക്കുമായിരുന്നില്ല." അല്ലാഹു കണക്കാക്കുന്നതാണ് ജീവിതവും മരണവും എന്നും, എവിടയൊയിരുന്നാലും നിശ്ചിതസമയത്ത് മരണം പിടികൂടുമെന്നും അവർക്കറിഞ്ഞുകൂടല്ലോ.

എന്നാൽ, എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ നിശ്ചയപ്രകാരമാണ് നടക്കുന്നതെന്ന് ഉറച്ച് വിശ്വസിക്കുന്ന സത്യവിശ്വാസികൾക്ക് തങ്ങളുടെ സ്വന്തക്കാരോ ഇഷ്ടക്കാരോ നഷ്ടപ്പെടുമ്പോൾ അത്തരം ഖേദത്തിനോ വിലാപത്തിനോ അവകാശമുണ്ടാകാൻ പാടില്ലാത്തതാകുന്നു.

മരണം സംഭവിക്കുന്നത് - സ്വാഭാവിക രൂപത്തിലായാലും കൊലപോലുള്ള കാര്യങ്ങൾ കൊണ്ടായാലും - അത് അല്ലാഹുവിന്റെ മാർഗ്ഗത്തിലാകുന്ന പക്ഷം, അല്ലാഹു വിൽ നിന്ന് ലഭിക്കുന്ന പാപപൊറുതിയും, കാരുണ്യവുമായിരിക്കും ഈലോകത്ത് വെച്ച് സമ്പാദിക്കുന്ന സർവ്വ ത്തേക്കാളും ഉത്തമമായിരിക്കുക. ആർ എങ്ങനെ എപ്പോൾ മരണപ്പെട്ടാലും, എല്ലാവരുടേയും മടക്കം അല്ലാഹുവിങ്കലേക്ക് തന്നെ.

---

**വചനം 159, 160**

159 (നബിയേ) എന്നാൽ, അല്ലാഹുവിങ്കൽനിന്നുള്ള ഒരു (മഹത്തായ) കാരുണ്യം നിമിത്തം നീ അവരോട് സൗമ്യമായിരിക്കുന്നു. (സൗമ്യമായി വർത്തിക്കുന്നു.) നീ ഒരു പരുഷ സ്വഭാവിയും, കഠിന ഹൃദയനുമായിരുന്നുവെങ്കിൽ, അവർ നിൻെറ ചുറ്റുപാടിൽ നിന്ന് വേറിട്ടുപോകുക തന്നെ ചെയ്യുമായിരുന്നു. ആകയാൽ, നീ അവർക്ക് മാപ്പ് നൽകുകയും, അവർക്കുവേണ്ടി പാപമോചനം തേടുകയും ചെയ്തു കൊള്ളുക. കാര്യത്തിൽ, അവരോട് നീ കൂടിയാലോചന നടത്തുകയും ചെയ്യുക. എന്നിട്ട്, നീ (വല്ലതും) തീർച്ചപ്പെടുത്തിയാൽ, നീ അല്ലാഹുവിൻെറ മേൽ ഭരമേൽപിച്ചു കൊള്ളുക. നിശ്ചയമായും അല്ലാഹു, ഭരമേൽപിക്കുന്നവരെ സ്നേഹിക്കുന്നു.

فَبِمَا رَحۡمَةٖ مِّنَ ٱللَّهِ لِنتَ لَهُمۡۖ وَلَوۡ كُنتَ فَظًّا غَلِيظَ ٱلۡقَلۡبِ لَٱنفَضُّواْ مِنۡ حَوۡلِكَۖ فَٱعۡفُ عَنۡهُمۡ وَٱسۡتَغۡفِرۡ لَهُمۡ وَشَاوِرۡهُمۡ فِي ٱلۡأَمۡرِۖ فَإِذَا عَزَمۡتَ فَتَوَكَّلۡ عَلَى ٱللَّهِۚ إِنَّ ٱللَّهَ يُحِبُّ ٱلۡمُتَوَكِّلِينَ ١٥٩

160 നിങ്ങളെ അല്ലാഹു സഹായിക്കുന്ന പക്ഷം, നിങ്ങളെ ജയിക്കുന്ന ഒരാളുമില്ല. അവൻ നിങ്ങളെ (സഹായിക്കാതെ) കൈവെടിയുന്നുവെങ്കിലോ, എന്നാൽ (പിന്നെ) അവനു പുറമെ നിങ്ങളെ സഹായിക്കുന്നതായ ഒരാൾ ആരാണുള്ളത്! അല്ലാഹുവിൻെറ മേൽ ഭരമേൽപിച്ചുകൊള്ളട്ടെ, സത്യവിശ്വാസികൾ!

إِن يَنصُرۡكُمُ ٱللَّهُ فَلَا غَالِبَ لَكُمۡۖ وَإِن يَخۡذُلۡكُمۡ فَمَن ذَا ٱلَّذِي يَنصُرُكُم مِّنۢ بَعۡدِهِۦۗ وَعَلَى ٱللَّهِ فَلۡيَتَوَكَّلِ ٱلۡمُؤۡمِنُونَ ١٦٠

---

ഉഹ്ദിൽ വെച്ച് സഹാബികളിൽ പല പാകപിഴവുകളും അനുസരണക്കേടും വന്നു പോയെങ്കിലും, നബി(സ) അവരോട് പരുഷമായോ ആക്ഷേപരൂപത്തിലോ പെരുമാറുകയുണ്ടായില്ല . അങ്ങനെ ചെയ്തിരുന്നെങ്കിൽ സഹാബികളിൽ അത് മടുപ്പും വെറുപ്പും ഉണ്ടാക്കുമായിരുന്നു. എന്നാൽ വളരെ മയത്തിലും സൗമ്യത്തിലുമാണ് തിരുമേനി പെരുമാറിയത്. നബി (സ) യുടെ ഈ ഉൽകൃഷ്ട ഗുണത്തെ അല്ലാഹു പ്രശംസിക്കുകയാണ്. ഇത്രയും ഉത്തമമായ ഈ സ്വഭാവഗുണം , അല്ലാഹു അവന്റെ മഹത്തായ കാരുണ്യം നിമിത്തം, നൽകിയ ഒരു വലിയ അനുഗ്രഹമാണെ ന്ന് ഉണർത്തുകയും ചെയ്യുന്നു. ഖുർ ആനിൽ ഒന്നിലധികം സ്ഥലങ്ങളിൽ അല്ലാഹു തിരുമേനിയുടെ ഉൽകൃഷ്ട സ്വഭാവങ്ങളെക്കുറിച്ച് പ്രശംസിച്ചത് കാണാവുന്നതാണ്. "ഉൽകൃഷ്ടസ്വഭാവങ്ങളെ പൂർത്തിയാക്കുവാൻ വേണ്ടി മാത്രമാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്." എന്ന് തിരുമേനി അരുളി ചെയ്തിട്ടുമുണ്ട്.

എന്നാൽ സന്ദർഭം ആവശ്യപ്പെടുന്ന അവസരങ്ങളിൽ നബി(സ) എന്ത് കണ്ടാലും കണ്ണടക്കാതെ, ധീരമായി പെരുമാറിയതിനും ചരിത്രത്തിൽ ധാരാളം ഉദാഹരണങ്ങൾ കാണാവുന്നതാണ്.

തിരുമേനിയുടെ സൗമ്യസ്വഭാവത്തിന്റെ അനുഗുണമെന്നോണം രണ്ട് മൂന്ന് കാര്യങ്ങൾ അല്ലാഹു അവിടുത്തോട് ഉപദേശിക്കുന്നു. 1 അവർക്ക് വന്നുപോയ വീഴ്ചയിൽ നബി(സ) അവർക്ക് മാപ്പ് നല്കണമെന്ന് . അല്ലാഹു അവർക്ക് മാപ്പ് ചെയ്ത് കൊടുത്തിട്ടുണ്ടെന്ന് വചനം 155-ൽ പറഞ്ഞുവല്ലോ.

2. അവർക്ക് വേണ്ടി പാപമോചനം, തേടണമെന്ന്. നബിമാർ അവരുടെ അനുയായികൾക്ക് വേണ്ടി ചെയ്യുന്ന പ്രാർത്ഥന അല്ലാഹുവിങ്കൽ കൂടുതൽ സ്വീകാര്യമായിരിക്കുന്നതാണ്. 3 കാര്യങ്ങൾ അവരുമായി കൂടിയാലോചന നടത്തണമെന്ന് : അത് അവരുടെ മനസ്സിന് കൂടുതൽ അടുപ്പവും ഇണക്കവും അനുസരണ സന്നദ്ധതും ഉളവാക്കുമല്ലോ. ഇത്തരം കൂടിയാലോചനകൾ, ഭരണകാര്യങ്ങൾ, നയതന്ത്രകാര്യങ്ങൾ, പൊതുകാര്യങ്ങൾ, ലൗകിക വിഷയങ്ങൾ എന്നിവയിൽ പ്രസക്തമാണെങ്കിലും മതകാര്യങ്ങളിലോ മറ്റ് ഏതെങ്കിലും കാര്യങ്ങളിലോ അല്ലാഹുവും റസൂലും ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ, പിന്നെ അന്യരുടെ അഭിപ്രായം ആരായുവാനില്ല.

അല്ലാഹുവിങ്കൽ നിന്ന് വഹ്യ് ലഭിച്ചു കൊണ്ടിരിക്കുന്ന നബി(സ) തിരുമേനിയോട് പോലും, മറ്റുള്ളവരുമായി കൂടിയാലോചന നടത്തുവാൻ കൽപിക്കപ്പെടുമ്പോൾ, സാധാരണ നേതാക്കളും, ഭരണകർത്താക്കളുമൊക്കെ, അവരുടെ കീഴിലുള്ളവരുമായി കൂടിയാലോചിക്കേണ്ടതിന്റെ പ്രാധാന്യം ഊഹിക്കാവുന്നതാണ്. സു : ശൂറായിൽ സത്യവിശ്വാസികളുടെ ഗുണങ്ങളിൽ "അവരുടെ കാര്യം അവർക്കിടയിൽ കൂടി ആലോചിക്കപ്പെടുന്നതുമായിരിക്കും" എന്ന് അല്ലാഹു പറയുന്നു . (ശൂറാ : 38).

ഈവചനം അവതരിക്കുന്നതിന് മുമ്പും നബി(സ) ജനങ്ങളുമായി കാര്യങ്ങൾ കൂടിയാലോചിക്കുന്ന പതിവുണ്ടായിരുന്നു. ഒരു പുതിയ കൽപന എന്ന നിലക്കല്ല, നബി(സ) യുടെ ആ ഉൽകൃഷ്ട സ്വഭാവത്തെ പ്രസംസിക്കുകയും, മേലിലും തിരുമേനി അതിൽ ജനങ്ങൾക്ക് മാതൃക കാണിച്ച് കൊണ്ടിരിക്കണമെന്ന് ഉപദേശിക്കുകയും ചെയ്യുക എന്ന നിലക്കാണ്, ഈ കല്പനയുള്ളത്.

കൂടിയാലോചനക്ക്ശേഷം ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അതങ്ങ് നടത്തിക്കൊള്ളണം എന്ന് പറയാതെ "അല്ലാഹുവിന്റെ മേൽ ഭരമേൽപ്പിച്ചു കൊള്ളുക" എന്നാണ് അല്ലാഹു പറഞ്ഞത്.തീരുമാനം നടപ്പിലാക്കാനും, അതിന്റെ പര്യവസാനം നന്നായിരിക്കാനും-അല്ലാഹുവിന്റെ സഹായം അനിവാര്യമാണല്ലോ. കൂടാതെ 'തവക്കുൽ' - അല്ലാഹുവിന്റെ മേൽ ഭരമേൽപ്പിക്കൽ - ചെയ്യുന്നവരെ അല്ലാഹുവിന് ഇഷ്ടമാണെന്നും, അത്തരക്കാർക്ക് അവന്റെ സഹായം ലഭിക്കുമെന്നും തവക്കുൽ ചെയ്യാത്തവർക്ക് അവന്റെ സഹായം പ്രതീക്ഷിച്ചുകൂടാ എന്ന് സൂചിപ്പിക്കുകയും, ചെയ്യുന്നു.

''സത്യവിശ്വാസികൾ അല്ലാഹുവിന്റെ മേൽ ഭരമേൽപ്പിച്ചുകൊള്ളട്ടെ'' എന്ന് അല്ലാഹു അവർത്തിച്ചുണർത്തുന്നു.

---

**വചനം 161, 162, 163**

وَمَا كَانَ لِنَبِيٍّ أَن يَغُلَّ ۚ وَمَن يَغْلُلْ يَأْتِ بِمَا غَلَّ يَوْمَ الْقِيَامَةِ ۚ ثُمَّ تُوَفَّىٰ كُلُّ نَفْسٍ مَّا كَسَبَتْ وَهُمْ لَا يُظْلَمُونَ ﴿١٦١﴾

أَفَمَنِ اتَّبَعَ رِضْوَانَ اللَّهِ كَمَن بَاءَ بِسَخَطٍ مِّنَ اللَّهِ وَمَأْوَاهُ جَهَنَّمُ ۚ وَبِئْسَ الْمَصِيرُ ﴿١٦٢﴾

161 ഒരു പ്രവാചകനും (തന്നെ) വഞ്ചിച്ചെടുക്കൽ പാടില്ലാത്തതാണ്. ആർ വഞ്ചിച്ചെടുക്കുന്നുവോ അവൻ, താൻ വഞ്ചിച്ചെടുത്തതുമായി ഖിയാമത്തു നാളിൽ വരുന്നതാണ്. പിന്നീട് എല്ലാ (ഓരോ) വ്യക്തിയും സമ്പാദിച്ചുവെച്ചത് അതിനു നിറവേറ്റിക്കൊടുക്കപ്പെടും; അവരാകട്ടെ, അക്രമിക്കപ്പെടുകയില്ലതാനും.

162 അപ്പോൾ, അല്ലാഹുവിൻെറ പ്രീതിയെ പിൻപറ്റിയവൻ അല്ലാഹുവിങ്കൽ നിന്നുള്ള കോപവും കൊണ്ടു (കോപം നേടിക്കൊണ്ട്) മടങ്ങുകയും, തൻെറ സങ്കേത സ്ഥാനം 'ജഹന്നം'(നരകം) ആകുകയും ചെയ്ത ഒരുവനെപ്പോലെയാണോ! (ആ) പര്യവസാന

هُمْ دَرَجَٰتٌ عِندَ ٱللَّهِ ۗ وَٱللَّهُ بَصِيرٌۢ بِمَا يَعْمَلُونَ ﴿١٦٣﴾

സ്ഥലം എത്രയോ ചീത്ത!

163 അവർ, അല്ലാഹുവിൻെറ അടുക്കൽ പല (തരം) പദവികൾ (ഉള്ളവർ) ആകുന്നു. അല്ലാഹു വാകട്ടെ, അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനുമാകുന്നു.

പൊതുസ്വത്തിൽനിന്നോ, അന്യന്റെ അവകാശത്തിൽനിന്നോ വല്ലതും വഞ്ചിച്ചെടുക്കുന്നത് കടുത്ത അക്രമവും മഹാപാപവുമാകുന്നു. ഒരു പ്രവാചകനും അങ്ങനെ ഒരിക്കലും ചെയ്യുകയില്ല. എനി ആരെങ്കിലും - അത് ഒരു പ്രവാചകൻ തന്നെയായിരുന്നാലും - വല്ലതും വഞ്ചിച്ചെടുക്കുന്നപക്ഷം, ആവഞ്ചിച്ചെടുക്കപ്പെട്ട വസ്തുവും കൊണ്ടായിരിക്കും ഖിയാമത്ത് നാളിൽ അവൻ വരിക. അങ്ങനെ അവൻ സ്വകാര്യമായി ചെയ്ത ആ കൃത്യം നിമിത്തം മഹ്ശറയിലെ ആ മഹാസദസ്സിൽ വെച്ച് വഷളാക്കപ്പെടുകയും, അവന് കനത്ത ശിക്ഷ നല്കപ്പെടുകയും ചെയ്യും, എന്നാൽ കുറ്റത്തിൽ കവിഞ്ഞ ശിക്ഷയോ മറ്റോ നല്കി അവനോട് യാതൊരു അനീതിയും കാണിക്കപ്പെടുന്നതല്ല.

ഈ വചനത്തിന്റെ അവതരണ സന്ദർഭമെന്ന നിലയിൽ രണ്ട് രിവായത്തുകൾ കാണാം: ഉഹ്ദിൽ മലമുകളിൽനിന്ന് വില്ലാളികൾ അനുവാദം കൂടാതെ, അവിടം വിട്ട് ഗനീമത്ത് ശേഖരിക്കാനായി, ഇറങ്ങിപോന്നത്, ഗനീമത്ത് സ്വത്തുക്കൾ വീതിച്ച് കൊടുക്കുന്നതിൽ നബി(സ) തുല്ല്യ നീതി പാലിക്കുകയില്ലെന്നും അവരെ വഞ്ചിക്കുമെന്നും അവർ ധരിച്ചിരുന്നതിനാലാണ് - ഈ അവസരത്തിലാണ് ഈ വചനം അവതരിച്ചതെന്നാണ് ഒരു പ്രബല അഭിപ്രായം.

ബദ്ർ യുദ്ധത്തിൽ ശത്രുക്കളിൽ നിന്ന് കിട്ടിയ ഒരു ചുവന്ന പുതപ്പ് കാണാതായി. അത് നബി(സ) തനിക്കായി എടുത്ത് വെച്ചതായിരിക്കുമെന്ന് കപടവിശ്വാസികൾ പ്രചരിപ്പിക്കുകയുണ്ടായി. ഇത് സംബന്ധിച്ചാണ് ഈ വചനത്തിന്റെ അവതരണമുണ്ടായത് എന്നാണ് മറ്റൊരു പ്രബല രിവായത്ത്.

തുടർന്ന് അല്ലാഹു പറയുന്നു: അല്ലാഹുവിന്റെ പ്രീതി ലഭിക്കുന്ന മാർഗ്ഗം പിൻ പറ്റുന്നവരും, അവന്റെ കോപത്തിന് കാരണമാകുന്ന, വഞ്ചനപോലുള്ള മാർഗ്ഗം, പിൻ പറ്റുന്നവരും ഒരുപോലെയല്ല. ഒന്നാമത്തെ വിഭാഗക്കാർ സ്വർഗ്ഗീയാവകാശികളും, മറ്റേ വിഭാഗക്കാർ നരകശിക്ഷക്ക് അർഹരുമായിരിക്കും. ഓരോ വിഭാഗക്കാരിലും തന്നെ, അവരവരുടെ നിലപാടിനനുസൃതമായി, അവരുടെ സ്ഥാനത്തിലും പദവികളിലും വ്യത്യാസമുണ്ടായിരിക്കും. വഞ്ചനയെകുറിച്ച് വന്നിട്ടുള്ള ഖുർആൻ വചനങ്ങളും നബി വചനങ്ങളും നിരവധിയാണ്. ഒരിക്കൽ അസുദു ഗോത്രക്കാരനായ ഒരാളെ നബി(സ) സക്കാത്ത് പിരിച്ചെടുക്കുന്ന ജോലിക്കയക്കുകയും അയാൾ ജോലിക്കിടെ ഹദ്‌യ(സമ്മാനം) സ്വീകരിക്കുകയും ചെയ്തതറിഞ്ഞ് റസൂൽ(സ) മിമ്പറിൽ കയറി പ്രസ്തുത പ്രവൃത്തിയെ പരസ്യമായി അപലപിക്കുകയും, നിങ്ങളിൽ ആരെങ്കിലും അങ്ങനെ വല്ലതും കൊണ്ട് വരുന്നതായാൽ അതവന്റെ പിരടിയിൽ വെച്ചുകൊണ്ട് ഖിയാമത്ത് നാളിൽ അവൻ വരുമെന്ന് സഹാബികളെ ഓർമ്മിപ്പിക്കുകയും ചെയ്തു.

---

**വചനം 164**

لَقَدْ مَنَّ ٱللَّهُ عَلَى ٱلْمُؤْمِنِينَ إِذْ بَعَثَ فِيهِمْ رَسُولًا مِّنْ أَنفُسِهِمْ يَتْلُوا۟ عَلَيْهِمْ ءَايَٰتِهِۦ وَيُزَكِّيهِمْ وَيُعَلِّمُهُمُ ٱلْكِتَٰبَ وَٱلْحِكْمَةَ وَإِن كَانُوا۟ مِن قَبْلُ لَفِى ضَلَٰلٍ مُّبِينٍ ﴿١٦٤﴾

164 തീർച്ചയായും, സത്യവിശ്വാസികളിൽ അവരിൽ നിന്നുതന്നെയുള്ള ഒരു റസൂലിനെ നിയോഗി ച്ചിരിക്കയാൽ, അല്ലാഹു അവർക്ക് (വലിയ) ദാക്ഷിണ്യം ചെയ്തിട്ടുണ്ട്; അവൻെറ 'ആയത്തു'(ലക്ഷ്യം) കൾ അദ്ദേഹം അവർക്ക് ഓതിക്കൊടുക്കുകയും, അവരെ സംസ്കരി ക്കുകയും, അവർക്ക് വേദഗ്രന്ഥവും വിജ്ഞാന വും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു റസൂലിനെ). നിശ്ചയമായും, മുമ്പ് അവർ വ്യക്തമായ വഴിപിഴവിൽ തന്നെയായിരുന്നു.

---

സൻമാർഗ്ഗ നിരതരായി ജീവിക്കുവാനുള്ള തത്വോപദേശങ്ങളും, മാർഗ്ഗ നിർദ്ദേശങ്ങളും അല്ലാഹുവിങ്കൽ നിന്ന് എത്തിച്ച കൊടുത്ത് കൊണ്ടിരിക്കുന്ന, തങ്ങളുടെ ഇടയിൽ ജനിച്ച് തങ്ങളോടൊപ്പം തന്നെ ജീവിച്ച് വരുന്ന ഒരു റസൂലിനെ നിയോഗിച്ച് കൊടുക്കുക വഴി സത്യവിശ്വാസികൾക്ക് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ച

മഹാഭാഗ്യത്തെ പറ്റി അവരെ അല്ലാഹു അനുസ്മരിപ്പിക്കുന്നു. അല്ലാഹുവിന്റെ ആയത്തുകൾ അദ്ദേഹം അവർക്ക് ഓതി കൊടുക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥവും വിജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു. ഇതിന് മുമ്പ് നിശ്ചയമായും അവർ വ്യക്തമായ വഴിപിഴവിൽ തന്നെയായിരുന്നു എന്ന് അല്ലാഹു ഓർമ്മപ്പെടുത്തുന്നു.

(ഈ വചനത്തിലടങ്ങിയ ആശയങ്ങളെ സൂ : ബഖറ 129 ലും സൂ:ജുമുഅ യിലും കൂടുതൽ വിശദീകരിച്ചിട്ടുണ്ട് )

---

**വചനം 165. 166, 167, 168**

165 നിങ്ങൾക്ക് ഒരു വിപത്ത് ബാധിച്ചപ്പോഴേക്കും അതിൻെറ രണ്ടത്ര നിങ്ങൾ (അങ്ങോട്ടും) ബാധിപ്പിച്ചിട്ടുണ്ട്. നിങ്ങൾ പറയുകയോ: “ഇതെങ്ങിനെയാണ് (സംഭവിച്ചത്)?” എന്ന്! (നബിയേ) പറയുക: “അത് നിങ്ങളുടെ തന്നെ അടുക്കൽ നിന്നാകുന്നു. നിശ്ചയമായും അല്ലാഹു, എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.”

أَوَلَمَّآ أَصَٰبَتۡكُم مُّصِيبَةٞ قَدۡ أَصَبۡتُم مِّثۡلَيۡهَا قُلۡتُمۡ أَنَّىٰ هَٰذَاۖ قُلۡ هُوَ مِنۡ عِندِ أَنفُسِكُمۡۗ إِنَّ ٱللَّهَ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ١٦٥

166 രണ്ടു സംഘങ്ങൾ കൂട്ടിമുട്ടിയ (ആ) ദിവസം നിങ്ങൾക്ക് ബാധിച്ചത് (ഒക്കെയും) അല്ലാഹുവിൻെറ അനുമതിപ്രകാരമാകുന്നു. അവൻ സത്യവിശ്വാസികളെ (വേർതിരിച്ച്) അറിയുവാൻ വേണ്ടിയുമാകുന്നു;

وَمَآ أَصَٰبَكُمۡ يَوۡمَ ٱلۡتَقَى ٱلۡجَمۡعَانِ فَبِإِذۡنِ ٱللَّهِ وَلِيَعۡلَمَ ٱلۡمُؤۡمِنِينَ ١٦٦

167 കാപട്യം കാണിച്ചവരെ (വേർതിരിച്ച്) അറിയുവാൻ വേണ്ടിയും. അവരോട് (ആ കപടൻമാരോടു) പറയപ്പെട്ടു: “വരുവിൻ, നിങ്ങൾ അല്ലാഹുവിൻെറ മാർഗത്തിൽ യുദ്ധം ചെയ്യുവിൻ, അല്ലെങ്കിൽ ചെറുത്തു നിൽക്കുവിൻ” അവർ പറഞ്ഞു: “ഒരു യുദ്ധം (ഉണ്ടാകുമെന്നു) ഞങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ, ഞങ്ങൾ നിങ്ങളെ പിന്തുടരുക തന്നെ ചെയ്യുമായിരുന്നു.” സത്യവിശ്വാസത്തോടുള്ളതിനെക്കാൾ-അന്നത്തെ ദിവസം-അവർ അവിശ്വാസത്തോടു കൂടുതൽ അടുത്തവരാകുന്നു. തങ്ങളുടെ ഹൃദയങ്ങളിൽ ഇല്ലാത്തത് അവർ തങ്ങളുടെ വായ കൊണ്ടു പറയുന്നു. അല്ലാഹുവാകട്ടെ, അവർ മൂടിവെക്കുന്നതിനെപ്പറ്റി കൂടുതൽ അറിയുന്നവനുമാണ്.

وَلِيَعۡلَمَ ٱلَّذِينَ نَافَقُواْۚ وَقِيلَ لَهُمۡ تَعَالَوۡاْ قَٰتِلُواْ فِي سَبِيلِ ٱللَّهِ أَوِ ٱدۡفَعُواْۖ قَالُواْ لَوۡ نَعۡلَمُ قِتَالٗا لَّٱتَّبَعۡنَٰكُمۡۗ هُمۡ لِلۡكُفۡرِ يَوۡمَئِذٍ أَقۡرَبُ مِنۡهُمۡ لِلۡإِيمَٰنِۚ يَقُولُونَ بِأَفۡوَٰهِهِم مَّا لَيۡسَ فِي قُلُوبِهِمۡۚ وَٱللَّهُ أَعۡلَمُ بِمَا يَكۡتُمُونَ ١٦٧

168 (യുദ്ധത്തിൽ സംബന്ധിക്കാതെ) ഇരുന്നും കൊണ്ട് തങ്ങളുടെ സഹോദരങ്ങളെക്കുറിച്ച് (ഇങ്ങിനെ) പറഞ്ഞവരാണ് (അവർ): “അവർ നമ്മെ അനുസരിച്ചെങ്കിൽ അവർ കൊല്ലപ്പെടുമായിരുന്നില്ല”. (നബിയേ) പറയുക: “എന്നാൽ, നിങ്ങൾ നിങ്ങളുടെ ദേഹങ്ങളെ സംബന്ധിച്ച് മരണത്തെ (ഒന്ന്) തടുക്കുവിൻ, നിങ്ങൾ സത്യവാൻമാരാണെങ്കിൽ! (അതൊന്ന് കാണാമല്ലോ)”

ٱلَّذِينَ قَالُواْ لِإِخۡوَٰنِهِمۡ وَقَعَدُواْ لَوۡ أَطَاعُونَا مَا قُتِلُواْۗ قُلۡ فَٱدۡرَءُواْ عَنۡ أَنفُسِكُمُ ٱلۡمَوۡتَ إِن كُنتُمۡ صَٰدِقِينَ ١٦٨

ഉഹ്ദിൽ മുസ്ലീംകൾ കഷ്ട നഷ്ടങ്ങൾ അനുഭവിച്ചപ്പോൾ ചില സാധാരണക്കാർ പറയുകയുണ്ടായി: നാം അല്ലാഹുവിന്റെ സഹായം പ്രതീക്ഷിച്ച്, അല്ലാഹുവിന്റെ റസൂലിന്റെ കൂടെ, അല്ലാഹുവിന്റെ എതിരാളികളായ ശത്രുക്കളുമായിട്ടാണ് യുദ്ധം ചെയ്യുന്നത്. എന്നിട്ടെന്താണ് ഇങ്ങനെ സംഭവിച്ചത് .

അല്ലാഹു മറുപടി നൽകുന്നു: ഇത്രയൊന്നും ശക്തിയും ഒരുക്കവും ഇല്ലാതിരുന്നിട്ടും, ബദ്റിൽ വെച്ച് നിങ്ങൾ ശത്രുക്കളെ പരാജയപ്പെടുത്തി ദയനീയമായി പിന്നോട്ടോടിച്ചു. ഇപ്പോൾ ബദ്റിലെ കഷ്ടനഷ്ടങ്ങളുടെ പകുതി ആപത്തേ നിങ്ങൾക്ക് സംഭവിച്ചിട്ടുള്ളൂ. എന്നിട്ടും ഇതെങ്ങനെ സംഭവിച്ചുവെന്ന് നിങ്ങൾ ആവലാതിപ്പെടുന്നു. എന്നാൽ ഇങ്ങനെയൊക്കെ സംഭവിക്കാനുള്ള കാരണങ്ങൾ നിങ്ങളിൽ നിന്ന് തന്നെ ഉണ്ടായതാണ്. മദീനയിൽ നിന്ന് വെളിയിൽ പോയി, യുദ്ധത്തിനിറങ്ങുവാൻ നിങ്ങൾ റസൂലിനെ നിർബന്ധിതനാക്കി; കല്പനയവഗണിച്ച് യുദ്ധം കലാശിക്കും മുമ്പ് ഗനീമത്ത് സ്വത്തുക്കൾ ശേഖരിക്കുന്നതിൽ നിങ്ങൾ വ്യാപൃതരായി; മലയിലെ വില്ലാളികൾ കല്പന ലംഘിച്ച് സ്ഥലം വിട്ടു; എന്നിങ്ങനെ പലതുമാണതിന് കാരണമായിത്തീർന്നത്.

എന്നാൽ ഇങ്ങനെ സംഭവിച്ചതിൽ ചില യുക്തിരഹസ്യങ്ങൾ അല്ലാഹു കണ്ട് വെച്ചിട്ടുണ്ട്. ആരാണ് സത്യവിശ്വാസത്തിൽ ഉറച്ച് നില്ക്കുന്നവർ, ആരാണ് കപടൻമാർ എന്ന് പ്രത്യക്ഷത്തിൽ വേർതിരിച്ച് കാണുന്നതിന് കൂടിയാണത്.

അബ്ദുല്ലാഹിബ്നു ഉബയ്യിന്റെ നേതൃത്വത്തിൽ വഴിയിൽ നിന്ന് മടങ്ങിയ മുന്നൂറ് കപട വിശ്വാസികളെ മടക്കി വിളിച്ച് കൊണ്ട് വന്ന്, സജീവമായിട്ടല്ലെങ്കിലും, പരോക്ഷമായി യുദ്ധത്തിൽ പങ്കെടുപ്പിക്കാൻ ഒരു ശ്രമം ചില സഹാബികൾ നടത്തുകയുണ്ടായി. എന്നാൽ കപടവിശ്വാസികൾ ഇതിന് നല്കിയ മറുപടി ഇപ്രകാരമായിരുന്നു: "ഒരു യുദ്ധം ഉണ്ടാകുമെന്ന് നമുക്ക് തോന്നുന്നില്ല. അഥവാ ഉണ്ടാകുന്ന പക്ഷം നിങ്ങളൊന്നിച്ച് ഞങ്ങളും ചേർന്ന് കൊള്ളാം" ഇത് കേവലം ഒരു തട്ടിപ്പും പരിഹാസവും മാത്രമായിരുന്നു.

ബദ്റിലേറ്റ പരാജയത്തിന് പകരം വീട്ടാൻ സുസജ്ജരായി വരുന്ന ശത്രു സൈന്യം മുസ്ലീംകളോട് ഏറ്റ് മുട്ടാതെ തിരികെപോകില്ലെന്ന് ആ കപട വിശ്വാസികൾക്ക് നന്നായിട്ടറിയാം. അതിനെ പറ്റിയാണ് "സത്യവിശ്വാസത്തോടുള്ളതിനേക്കാൾ അവിശ്വാസത്തോടാണ് അവർക്ക് കൂടുതൽ അടുപ്പമുള്ളത് . അവരുടെ ഹൃദയങ്ങളിൽ ഇല്ലാത്തത് അവർ വായ കൊണ്ട് പറയുന്നു" എന്ന് അല്ലാഹു പറഞ്ഞത്.

പ്രസ്തുത വചനത്തിന്റെ വിശദീകരണത്തിൽ ഇബ്നു കഥീർ(റ) ചൂണ്ടികാട്ടുന്നു: "മനുഷ്യന്റെ സ്ഥിതിഗതികൾക്കനുസരിച്ച് അവന്റെ നിലപാടിൽ മാറ്റം സംഭവിക്കും. അങ്ങനെ ചിലപ്പോൾ സത്യവിശ്വാസത്തോടും മറ്റ് ചിലപ്പോൾ അവിശ്വാസത്തോടും അവന് അടുപ്പം കൂടുതലായിരിക്കും" .

തങ്ങളുടെ വാക്ക് കേൾക്കാതെ യുദ്ധത്തിനിറങ്ങിയതുകൊണ്ടാണ് പലരും മരണപ്പെടേണ്ടി വന്നതെന്ന് കപടവിശ്വാസികൾ പറഞ്ഞിരുന്നു. എന്നാൽ അവർ വീട്ടിൽ അടഞ്ഞിരുന്ന് മരണത്തിൽ നിന്നൊന്ന് രക്ഷപ്പെടട്ടെ, അതൊന്ന് കാണാമല്ലോ, എന്ന് അവരോട് പറയാൻ നബി (സ) യോട് അല്ലാഹു കല്പിക്കുന്നു. (വചനം 154 നോക്കുക)

---

**വചനം 169. 170, 171**

وَلَا تَحْسَبَنَّ ٱلَّذِينَ قُتِلُوا۟ فِى سَبِيلِ ٱللَّهِ أَمْوَٰتًۢا ۚ بَلْ أَحْيَآءٌ عِندَ رَبِّهِمْ يُرْزَقُونَ ﴿١٦٩﴾

169 അല്ലാഹുവിൻെറ മാർഗത്തിൽ കൊല്ലപ്പെട്ടവരെ (അവർ) മരണപ്പെട്ടവരാണെന്ന് തീർച്ചയായും നീ ഗണിക്കരുത്. എന്നാൽ, തങ്ങളുടെ റബ്ബിൻെറ അടുക്കൽ ജീവിച്ചിരിക്കുന്നവരാണ് (അവർ). അവർക്ക് ഉപജീവനം നൽകപ്പെട്ടുകൊണ്ടിരിക്കുന്നു;

فَرِحِينَ بِمَآ ءَاتَىٰهُمُ ٱللَّهُ مِن فَضْلِهِۦ وَيَسْتَبْشِرُونَ بِٱلَّذِينَ لَمْ يَلْحَقُوا۟ بِهِم مِّنْ خَلْفِهِمْ أَلَّا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿١٧٠﴾

170 അല്ലാഹുവിൻെറ അനുഗ്രഹത്തിൽനിന്നും (അഥവാ ഔദാര്യം നിമിത്തം)അവർക്ക് കൊടുത്തിട്ടുള്ളതിൽ സന്തുഷ്ടരായിക്കൊണ്ട്. അവരുടെ പിന്നിൽ (ഉള്ളവരിൽ) നിന്ന് അവരോടു (വന്നു) ചേർന്നിട്ടില്ലാത്തവരെക്കുറിച്ച് അവർ സന്തോഷമടയുകയും ചെയ്യുന്നു, അവരുടെ മേൽ യാതൊരു ഭയവുമില്ല, അവർ വ്യസനിക്കുകയും ചെയ്യുകയില്ല എന്ന്.

171 അല്ലാഹുവിങ്കൽ നിന്നുള്ള ഒരു (മഹത്തായ) അനുഗ്രഹവും ഔദാര്യവും കൊണ്ട് അവർ സന്തോഷമടയുന്നു. അല്ലാഹു സത്യവിശ്വാസികളുടെ പ്രതിഫലം പാഴാക്കുകയില്ലെന്നും (സന്തോഷമടയുന്നു)

۞ يَسۡتَبۡشِرُونَ بِنِعۡمَةٖ مِّنَ ٱللَّهِ وَفَضۡلٖ وَأَنَّ ٱللَّهَ لَا يُضِيعُ أَجۡرَ ٱلۡمُؤۡمِنِينَ ﴿١٧١﴾

ഉഹ്ദ് യുദ്ധത്തിൽ രക്തസാക്ഷികളായവരുടെ (ശഹീദായവരുടെ) കാര്യത്തിലാണ് ഈ ഖുർ ആൻ വചനം അവതരിച്ചതെന്ന് കരുതപ്പെടുന്നുണ്ടെങ്കിലും, എല്ലാ ശുഹദാക്കളെക്കുറിച്ചും പൊതുവായ വസ്തുതയാണ് ഈ വചനങ്ങളെന്ന് വ്യക്തമാണ്. സൂ: ബഖറ 154 ൽ ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട് . അത് കൂടാതെ , ഇവിടെ അവരുടെ ജീവിതത്തെ അല്പമൊന്ന് വിശദീകരിച്ചിട്ടുണ്ട്. ജീവിതത്തെയും മരണത്തെയും കുറിച്ച് സൂക്ഷ്മവും വസ്തുനിഷ്ഠവുമായി നിർവ്വചിക്കാൻ പണ്ഡിതൻമാർക്കോ ശാസ്ത്രജ്ഞൻമാർക്കോ നാളിത് വരെ കഴിഞ്ഞിട്ടില്ല. അത് രണ്ടും അല്ലാഹുവിന്റെ രഹസ്യങ്ങളിൽ പെട്ടതായി തന്നെ അവശേഷിക്കുന്നതുമാണ്.

മരണത്തിനും പുനരുത്ഥാനത്തിനുമിടയിൽ സുഖദു:ഖങ്ങൾ അനുഭവിക്കത്തക്ക ഒരു തരം ആത്മീയജീവിതം മനുഷ്യനുണ്ടെന്ന് ഖുർആനിലും ഹദീസുകളിലും ഖണ്ഡിതമായി അറിയിക്കപ്പെട്ടിട്ടുള്ളതാകുന്നു.ഈ ജീവിതത്തിനാണ് "ബർസഖി" ലെ ജീവിതമെന്നും ഖബറിലെ ജീവിതമെന്നും പറയപ്പെടുന്നത്. ആരും തന്നെ അതിൽ നിന്നും ഒഴിവാകുന്നതല്ല. എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ രക്തസാക്ഷികളായി മരണപ്പെടുന്നവർക്ക് , ആ ജീവിതം , സാധാരണ സത്യവിശ്വാസികളുടേതിനേക്കാൾ ഉന്നത നിലവാരത്തിലുള്ള ഒരു ജീവിതമായിരിക്കും. താഴെ കാണുന്ന കാര്യങ്ങൾ അല്ലാഹു പ്രത്യേകം എടുത്ത് പറയുന്നു.

1. അവർ മരണപ്പെട്ടവരാണെന്ന് ഗണിക്കരുത്. അവർ അല്ലാഹുവിന്റെ അടുക്കൽ ജീവിച്ചിരിക്കുന്നവരാണ്. എന്നാൽ അല്ലാഹു പറഞ്ഞ ആ ജീവിതം നമുക്ക് സുപരിചിതമായ ഒരു ഭൗതിക ജീവിതമല്ല. പ്രത്യേക അർത്ഥത്തിലുള്ള ഒരു ജീവിതമാകുന്നു.

2. ആ പ്രത്യേക ജീവിതത്തോട് യോജിച്ച ഒരു ആഹാര സമ്പ്രദായം അല്ലാഹു അവർക്ക് നൽകി കൊണ്ടിരിക്കുന്നു.

3. ഉപജീവനം നല്കപെടുന്നതിന് പുറമെ വേറെയും പല അനുഗ്രഹങ്ങളും അവർക്ക് നല്കപ്പെടുകയും അവരതിൽ സന്തുഷ്ടരുമായിരിക്കും.

4. തങ്ങളെക്കുറിച്ചുമാത്രമല്ല, ഭാവിയിൽ തങ്ങളുടെ കൂട്ടത്തിലേക്ക് വന്ന് ചേരാനിരിക്കുന്ന രക്തസാക്ഷികളായ തങ്ങളുടെ സഹോദരങ്ങൾക്ക് ലഭിച്ചേക്കുന്ന അനുഗ്രഹങ്ങളെകുറിച്ചും , അവർ സന്തുഷ്ടരായിരിക്കും.

5. കൂടാതെ , സത്യവിശ്വാസികൾക്ക് (അവർ രക്തസാക്ഷികളാകട്ടെ അല്ലാത്തവരാകട്ടെ) പൊതുവെ ലഭിക്കാനിരിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചും, അവരുടെ മരണശേഷം അവയൊന്നും നഷ്ടപ്പെടാതെ , അവർക്ക് സിദ്ധിക്കുമെന്നുള്ളതിലും അവർ സന്തോഷഭരിതരായിരിക്കും.

ഈ വചനങ്ങളിലെ ആശയങ്ങളിലേക്ക് വെളിച്ചം വീശുന്ന ധാരാളം നബി വചനങ്ങളും ഹദീസു ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്.

## വിഭാഗം -18

**വചനം 172 ,173,174.**

172 തങ്ങൾക്ക് മുറിവു (പരിക്കു) ബാധിച്ചതിനു ശേഷം (പിന്നെയും) അല്ലാഹുവിനും റസൂലിനും ഉത്തരം നൽകിയ കൂട്ടർ! (പ്രശംസനീയർതന്നെ), അവരിൽനിന്ന് നന്മ പ്രവർത്തിക്കുകയും, സൂക്ഷിക്കുകയും ചെയ്തിട്ടുള്ളവർക്ക് മഹത്തായ പ്രതിഫലമുണ്ട്.

ٱلَّذِينَ ٱسۡتَجَابُواْ لِلَّهِ وَٱلرَّسُولِ مِنۢ بَعۡدِ مَآ أَصَابَهُمُ ٱلۡقَرۡحُۚ لِلَّذِينَ أَحۡسَنُواْ مِنۡهُمۡ وَٱتَّقَوۡاْ أَجۡرٌ عَظِيمٌ ﴿١٧٢﴾

173 (അതായത്) യാതൊരു കൂട്ടർക്ക്: അവരോട് മനുഷ്യൻമാർ പറഞ്ഞു: "നിശ്ചയമായും, നിങ്ങ

ٱلَّذِينَ قَالَ لَهُمُ ٱلنَّاسُ إِنَّ ٱلنَّاسَ قَدۡ

جَمَعُوا۟ لَكُمْ فَٱخْشَوْهُمْ فَزَادَهُمْ إِيمَـٰنًا
وَقَالُوا۟ حَسْبُنَا ٱللَّهُ وَنِعْمَ ٱلْوَكِيلُ ﴿١٧٣﴾

ളോട് (നേരിടുവാൻ ആ) മനുഷ്യർ (ആളുകളെ) ശേഖരിച്ചിട്ടുണ്ട്; ആകയാൽ, നിങ്ങൾ അവരെ പേടിച്ചുകൊള്ളുവിൻ." അപ്പോൾ, അതവർക്ക് വിശ്വാസം വർദ്ധിപ്പിച്ചു; അവർ പറയുകയും ചെയ്തു: "നമുക്ക് അല്ലാഹു മതി! അവൻ എത്രയോ നല്ല ഭരമേൽപിക്കപ്പെടുന്നവൻ!"

فَٱنقَلَبُوا۟ بِنِعْمَةٍ مِّنَ ٱللَّهِ وَفَضْلٍ لَّمْ
يَمْسَسْهُمْ سُوٓءٌ وَٱتَّبَعُوا۟ رِضْوَٰنَ ٱللَّهِ ۗ
وَٱللَّهُ ذُو فَضْلٍ عَظِيمٍ ﴿١٧٤﴾

174 അങ്ങനെ, അല്ലാഹുവിങ്കൽ നിന്നുള്ള ഒരു (മഹത്തായ) അനുഗ്രഹവും, ഔദാര്യവുമായി അവർ തിരിഞ്ഞു (മടങ്ങി) വന്നു. ഒരു തിൻമയും അവരെ സ്പർശിച്ചില്ല, (മാത്രമല്ല) അവർ അല്ലാഹുവിൻെറ പ്രീതിയെ പിൻപറ്റുകയും ചെയ്തു. അല്ലാഹുവാകട്ടെ, വമ്പിച്ച ഔദാര്യവാനുമാകുന്നു.

---

ഉഹ്ദ് യുദ്ധത്തിൽ, ആരംഭത്തിൽ പരാജയം അനുഭവപ്പെട്ടെങ്കിലും, മുസ്ലീംകളുടെ പക്കൽ വന്ന് പോയ കൈപിഴവുകൾ കാരണം വമ്പിച്ച വിനകൾ വരുത്തിയശേഷം അഹങ്കാരപൂർവ്വം വേഗം സ്ഥലം വിട്ട് പോകുകയാണ് മുശ്രിക്കുകൾ ചെയ്തത്. ഒരു പക്ഷേ അവർ വീണ്ടും തിരിച്ച് വന്ന് മദീനയെ ആക്രമിച്ചേക്കുമോ എന്ന് നബി(സ)ക്ക് തോന്നി. അതിനാൽ പിറ്റേദിവസം തന്നെ ശത്രുക്കളെ പിൻതുടരാൻ തിരുമേനി ജനങ്ങളെ ക്ഷണിച്ചു. ഉഹ്ദിൽ പങ്കെടുത്തവരല്ലാതെ ആരും തന്നോടൊപ്പം വരരുതെന്നും തിരുമേനി കല്പിച്ചു. നബി(സ)യും സംഘവും എട്ട് നാഴിക അകലെയുള്ള ഹംറാഉൽ അസദിലെത്തി. ശത്രുക്കൾ, മദീനയിലേക്ക് തിരിച്ച് വരാനുള്ള പുറപ്പാടിലായിരിന്നു. നബി(സ)യുടെ സംഘത്തെക്കണ്ട് ഭയന്ന അവർ വേഗം മക്കായിലേക്ക് തിരിച്ച്പോയി.

ഈ സംഘത്തിൽ പങ്കെടുത്ത് പോയ സഹാബികളെ പ്രശംസിച്ച്കൊണ്ടുള്ളതാണ് 172 ാം വചനം .തലേ ദിവസത്തെ യുദ്ധത്തിൽ ബാധിച്ച പരുക്കുകൾ മൂലം അവശരായിരുന്ന പലരും, അതൊന്നും വകവയ്ക്കാതെയാണ് നബി(സ) യുടെ ക്ഷണം സ്വീകരിച്ച് പുറപ്പെട്ടത്. അവരുടെ മഹത്തായ ത്യാഗസന്നദ്ധത എക്കാലത്തുമുള്ള സത്യവിശ്വാസികൾക്ക് ഉത്തമ മാതൃകയായിത്തീരാൻ വേണ്ടിയാണ് അല്ലാഹു അവരുടെ സ്മരണ ഖുർആനിൽ നിലനിർത്തിയിരിക്കുന്നത്.

സഹാബികളുടെ മാതൃകാപരമായ മറ്റൊരു സംഭവത്തെയാണ് 173-ാം വചനത്തിൽ പ്രസ്താവിക്കുന്നത്. ഉഹദ് യുദ്ധം കഴിഞ്ഞ് വിജയഭേരി മുഴക്കികൊണ്ട് മടങ്ങിയ ശത്രുസൈന്യത്തിന്റെ തലവൻ അബൂസുഫ്യാൻ അടുത്ത കൊല്ലം ബദ്റിൽ വെച്ച് വീണ്ടും കാണാമെന്ന് വിളിച്ച് പറയുകയും നബി(സ) അത് സമ്മതിക്കുകയും ചെയ്തിരുന്നു. എന്നാൽ അടുത്തവർഷം സമയമായപ്പോൾ, ക്ഷാമം നിമിത്തം ഖുറൈശികൾക്ക് യുദ്ധസന്നാഹം ചെയ്യാൻ സാധിച്ചില്ല. ഒരു തന്ത്രമെന്ന നിലയിൽ അബൂ സുഫ്യാൻ(റ) നുഐമുബ്നു മസ്ഊദ് എന്നൊരാൾക്ക് വമ്പിച്ച ഇനാം നല്കി ഖുറൈശികൾ വമ്പിച്ച യുദ്ധസന്നാഹം നടത്തിക്കൊണ്ടിരിക്കുകയാണെന്ന് മദീനയിൽ പ്രചരണം നടത്തി, മദീനാ നിവാസികളിൽ ഭീതി ഉളവാക്കാൻ ശട്ടം ചെയ്തു. "മനുഷ്യൻമാർ അവരോട് പറഞ്ഞു : നിശ്ചയമായും നിങ്ങളോട് (നേരിടുവാൻ ആ) മനുഷ്യർ (ആളുകളെ) ശേഖരിച്ചിട്ടുണ്ട്. ആകയാൽ നിങ്ങൾ അവരെ പേടിച്ച് കൊള്ളുവിൻ" എന്ന വചനം ഈ കള്ള പ്രചരണത്തെ ഉദ്ദേശിച്ചായിരിക്കുമെന്ന് മനസ്സിലാക്കാം.

ഏതായാലും നബി(സ)യും സത്യവിശ്വാസികളും ആ കുപ്രചാരണത്തിന് വില കല്പിച്ചതേയില്ല. അതവർക്ക് വിശ്വാസം വർദ്ധിപ്പിക്കുകയും "ഞങ്ങൾക്ക് അല്ലാഹു മതി, അവൻ എത്രയോ, നല്ല ഭരമേൽപ്പിക്കപ്പെടുന്നവൻ" എന്നവർ പറയുകയും ചെയ്തു.

എന്നാൽ നബി(സ)യാകട്ടെ , വാക്ക് പാലിച്ച് കൊണ്ട് ആയിരത്തഞ്ഞൂറ് പേരടങ്ങുന്ന ഒരു സൈന്യത്തെ നയിച്ച് കൊണ്ട് അടുത്തകൊല്ലം ശഅ്ബാനിൽ ബദ്റിൽ ചെന്നിറങ്ങി. മദീനയിൽ നടത്തിയ കുപ്രചരണം ഫലപ്രദമായിരിക്കുമെന്ന് കരുതി വാക്ക് പാലിച്ചെന്ന് വരുത്തിത്തീർക്കാൻ അബൂസുഫ്യാൻ ഒരു സൈന്യവുമായി മക്കയിൽ നിന്ന് പുറപ്പെട്ടെങ്കിലും ഒന്ന് രണ്ട് ദിവസത്തെ യാത്രക്ക് ശേഷം തിരിച്ച് പോകുകയുണ്ടായി. അങ്ങനെ ബദ്റിലെ കച്ചവടമേള നടക്കുകയായിരുന്ന ആ സമയത്ത് മുശ്രിക്കുകളുടെ അസാന്നിദ്ധ്യത്തിൽ മുസ്ലീംകൾക്ക് വമ്പിച്ച കച്ചവടവും ലാഭവും ലഭിക്കുകയും ചെയ്തു. ഈ സംഭവം ചെറിയ ബദ്ർ (بدر الصغرى) എന്ന പേരിൽ അറിയപ്പെടുന്നു.

"ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേല്പിക്കപ്പെടാൻ അവൻ എത്രയോ നല്ലവനാണു" എന്ന് അഗ്നിയിൽ ഇടപ്പെട്ട അവസരത്തിൽ ഇബ്രാഹിം (അ) നബിയും (മനുഷ്യൻമാർ നിങ്ങളോടു നേരിടുവാൻ ആളുകളെ ശേഖരിച്ചിരിക്കുന്നു) എന്ന് പറയപ്പെട്ടപ്പോൾ മുഹമ്മദ് (സ) നബിയും പറയുകയുണ്ടായി.

---

**വചനം 175**

إِنَّمَا ذَٰلِكُمُ ٱلشَّيْطَٰنُ يُخَوِّفُ أَوْلِيَآءَهُۥ فَلَا تَخَافُوهُمْ وَخَافُونِ إِن كُنتُم مُّؤْمِنِينَ ﴿١٧٥﴾

175 (സത്യവിശ്വാസികളേ) നിശ്ചയമായും അത് പിശാച് തന്നെയാണ്; അവൻ തൻെറ മിത്രങ്ങളെക്കുറിച്ച് (നിങ്ങളെ) ഭയപ്പെടുത്തുകയാണ്. അതിനാൽ, അവരെ നിങ്ങൾ ഭയപ്പെടേണ്ടാ, എന്നെ ഭയപ്പെടുകയും ചെയ്യുവിൻ, നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

---

വമ്പിച്ച സൈന്യവുമായി വന്ന് ഖുറൈശികൾ മദീനയെ നശിപ്പിച്ചേക്കും എന്നിങ്ങനെ മുകളിൽ കണ്ടത് പോലെയുള്ള ഭീഷണികളൊക്കെ പിശാചിന്റെയും അനുയായികളുടെയും വകയാണ്. അവന്റെ ബന്ധുക്കളായ അവിശ്വാസികളെ ക്കുറിച്ച് നിങ്ങളെ ഭയപ്പെടുത്തി നിർവീര്യരാക്കുകയാണവന്റെ ലക്ഷ്യം. എന്നാൽ സത്യവിശ്വാസികളായ നിങ്ങൾ, അത്തരം ഭീഷണിക്കൊന്നും വഴങ്ങാതെ അല്ലാഹുവിനെ മാത്രമാണ് ഭയപ്പെടേണ്ടതെന്ന് അല്ലാഹു പ്രസ്താവിക്കുന്നു.

---

**വചനം 176,177,178**

وَلَا يَحْزُنكَ ٱلَّذِينَ يُسَٰرِعُونَ فِى ٱلْكُفْرِ ۚ إِنَّهُمْ لَن يَضُرُّوا۟ ٱللَّهَ شَيْـًٔا ۗ يُرِيدُ ٱللَّهُ أَلَّا يَجْعَلَ لَهُمْ حَظًّا فِى ٱلْءَاخِرَةِ ۖ وَلَهُمْ عَذَابٌ عَظِيمٌ ﴿١٧٦﴾

إِنَّ ٱلَّذِينَ ٱشْتَرَوُا۟ ٱلْكُفْرَ بِٱلْإِيمَٰنِ لَن يَضُرُّوا۟ ٱللَّهَ شَيْـًٔا وَلَهُمْ عَذَابٌ أَلِيمٌ ﴿١٧٧﴾

وَلَا يَحْسَبَنَّ ٱلَّذِينَ كَفَرُوٓا۟ أَنَّمَا نُمْلِى لَهُمْ خَيْرٌ لِّأَنفُسِهِمْ ۚ إِنَّمَا نُمْلِى لَهُمْ لِيَزْدَادُوٓا۟ إِثْمًا ۚ وَلَهُمْ عَذَابٌ مُّهِينٌ ﴿١٧٨﴾

176 (നബിയേ) അവിശ്വാസത്തിൽ (പതിക്കുവാൻ) ധൃതി കൂട്ടിക്കൊണ്ടിരിക്കുന്നവർ നിന്നെ വ്യസനിപ്പിക്കാതെയുമിരിക്കട്ടെ. നിശ്ചയമായും അവർ, അല്ലാഹുവിനു യാതൊന്നും ഉപദ്രവം വരുത്തുകയില്ലതന്നെ. പരലോകത്തിൽ അവർക്ക് ഒരു പങ്കും ഏർപെടുത്തിക്കൊടുക്കാതിരിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നു. അവർക്ക് വമ്പിച്ച ശിക്ഷയുമുണ്ട്.

177 നിശ്ചയമായും സത്യവിശ്വാസത്തിനു (പകരം) അവിശ്വാസം വാങ്ങിയിട്ടുള്ളവർ, അവർ അല്ലാഹുവിന്ന് യാതൊന്നും ഉപദ്രവം വരുത്തുകയേ ഇല്ല. അവർക്ക് വേദനയേറിയ ശിക്ഷയുമുണ്ട്.

178 അവിശ്വസിച്ചവർക്ക് നാം (കാല) താമസം ചെയ്തുകൊടുക്കുന്നത് അവരുടെ സ്വന്തങ്ങൾക്ക് ഗുണകരമാണെന്ന് അവർ നിശ്ചയമായും വിചാരിക്കേണ്ടാ. അവർക്ക് നാം (കാല) താമസം ചെയ്തുകൊടുക്കുന്നത് അവർക്ക് പാപം വർദ്ധിക്കുവാൻ വേണ്ടി മാത്രമാകുന്നു. അവർക്ക് അപമാനകരമായ ശിക്ഷയുമുണ്ട്.

---

വേണ്ടത്ര വ്യക്തമായ തെളിവുകൾ ഉണ്ടായിരുന്നിട്ടും ജനങ്ങൾ അവിശ്വാസത്തിൽ ശഠിച്ച് നില്ക്കുന്നത് കണ്ട് നബി (സ) ക്ക് വളരെ വ്യസനം ഉണ്ടായിരുന്നു. (18:6 ; 26:3 കാണുക) അങ്ങനെ വ്യസനിക്കേണ്ടതില്ല, അവരുടെ ധിക്കാരം നിമിത്തം അല്ലാഹുവിനോ, അവന്റെ മതത്തിനോ, ഒരു ദോഷവും വരാനില്ല. അവർ ചെയ്യുന്നതൊക്കെ ചെയ്യട്ടെ എന്ന് വെച്ച് അല്ലാഹു അവരെ അയച്ച് വിട്ടിരിക്കയാണ്. അതിന്റെ ദോഷഫലം അവർ തന്നെ അനുഭവിക്കേണ്ടിവരും - എന്നിങ്ങനെ അല്ലാഹു നബി(സ)യെ ആശ്വസിപ്പിക്കുന്നു.

സത്യവിശ്വാസവും നേർമാർഗ്ഗവും സ്വീകരിക്കാൻ പ്രേരകമായ ധാരാളം ദൃഷ്ടാന്തങ്ങൾ മുമ്പിലുണ്ടായിട്ടും, സത്യനിഷേധത്തിന്റെ മാർഗ്ഗത്തിൽ തന്നെ പതിക്കുവാൻ തിരക്ക് കൂട്ടുന്ന എല്ലാവർക്കും ബാധകമാണ് ഈ വചനങ്ങൾ (9:55,85;23:55,56; 68:44,45 നോക്കുക ).

**വചനം 179**

مَّا كَانَ ٱللَّهُ لِيَذَرَ ٱلْمُؤْمِنِينَ عَلَىٰ مَآ أَنتُمْ عَلَيْهِ حَتَّىٰ يَمِيزَ ٱلْخَبِيثَ مِنَ ٱلطَّيِّبِ ۗ وَمَا كَانَ ٱللَّهُ لِيُطْلِعَكُمْ عَلَى ٱلْغَيْبِ وَلَٰكِنَّ ٱللَّهَ يَجْتَبِى مِن رُّسُلِهِۦ مَن يَشَآءُ ۖ فَـَٔامِنُوا۟ بِٱللَّهِ وَرُسُلِهِۦ ۚ وَإِن تُؤْمِنُوا۟ وَتَتَّقُوا۟ فَلَكُمْ أَجْرٌ عَظِيمٌ ﴿١٧٩﴾

179 (സത്യവിശ്വാസികളേ) നിങ്ങൾ ഏതൊരു പ്രകാരത്തിലാണോ (ഉള്ളതു) അപ്രകാരം സത്യവിശ്വാസികളെ വിട്ടേക്കുവാൻ അല്ലാഹു (വിനു ഉദ്ദേശം) ഇല്ല; നല്ല (ശുദ്ധമായ) തിൽ നിന്ന് (ചീത്തപ്പെട്ടു) ദുഷിച്ചതിനെ അവൻ വേർതിരിക്കുന്നതുവരെ. അദൃശ്യ (കാര്യ)ത്തെക്കുറിച്ച് നിങ്ങൾക്ക് വെളിവാക്കിത്തരുവാനും അല്ലാഹു (വിനു ഉദ്ദേശം) ഇല്ല; എങ്കിലും, തൻെറ ദൂതൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു തിരഞ്ഞെടുക്കുന്നു. അതിനാൽ, നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതൻമാരിലും വിശ്വസിച്ചുകൊള്ളുവിൻ. നിങ്ങൾ വിശ്വസിക്കുകയും, സൂക്ഷിക്കുകയും ചെയ്യുന്നുവെങ്കിലോ, നിങ്ങൾക്ക് വമ്പിച്ച പ്രതിഫലമുണ്ടായിരിക്കും.

---

യഥാർത്ഥ വിശ്വാസികളും കപടവിശ്വാസികളും വേർതിരിച്ചറിയപ്പെടുന്ന ചുറ്റുപാടുണ്ടാകുന്നത് വരെ ഉഹ്ദിൽ ഉണ്ടായത് പോലെയുള്ള ചില പരീക്ഷണങ്ങൾ അല്ലാഹു നടത്തികൊണ്ടിരിക്കും. ഓരോ വ്യക്തിയുടേയും രഹസ്യപരസ്യങ്ങൾ അറിയുന്നവൻ, അദൃശ്യജ്ഞാനത്തിനുടമയായ അല്ലാഹുമാത്രമാണ്. സൃഷ്ടികൾക്കൊന്നും –പ്രവാചകൻമാർക്ക് പോലും –ബാഹ്യവും ദൃശ്യവുമായ കാര്യങ്ങളേ അറിയാൻ കഴിയൂ. എന്നാൽ അല്ലാഹു കൊടുക്കുന്ന ചില അദൃശ്യ വിവരങ്ങൾ അവന്റെ റസൂലുകൾക്കും അവർ മുഖേന അവരുടെ അനുയായികൾക്കും അറിയാൻ സാധിക്കും. ആകയാൽ അദൃശ്യങ്ങളെല്ലാം അറിയുന്ന അല്ലാഹുവിലും അവന്റെ സന്ദേശവാഹകരായ റസൂലുകളിലും നിങ്ങൾ ശരിക്കും വിശ്വസിക്കേണ്ടതാകുന്നു. അത്തരക്കാർക്ക് അല്ലാഹുവിങ്കൽ നിന്ന് വമ്പിച്ച പ്രതിഫലം ലഭിക്കുന്നതായിരിക്കും.

അദൃശ്യകാര്യം സംബന്ധിച്ച് കൂടുതൽ വിശദീകരണം അൽബഖറ : 3; അൻ ആം : 50 ; നംല് : 65; ജിന്ന് : 36 എന്നിവിടങ്ങളിൽ കാണാവുന്നതാണ്.

---

**വചനം 180**

وَلَا يَحْسَبَنَّ ٱلَّذِينَ يَبْخَلُونَ بِمَآ ءَاتَىٰهُمُ ٱللَّهُ مِن فَضْلِهِۦ هُوَ خَيْرًا لَّهُم ۖ بَلْ هُوَ شَرٌّ لَّهُمْ ۖ سَيُطَوَّقُونَ مَا بَخِلُوا۟ بِهِۦ يَوْمَ ٱلْقِيَٰمَةِ ۗ وَلِلَّهِ مِيرَٰثُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۗ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿١٨٠﴾

180 അല്ലാഹു അവൻെറ അനുഗ്രഹത്തിൽ നിന്നും തങ്ങൾക്കു നൽകിയിട്ടുള്ളതിൽ ലുബ്ധത കാണിക്കുന്നവർ, നിശ്ചയമായും വിചാരിക്കേണ്ടാ, അതവർക്ക് ഗുണകരമാണെന്ന്. എന്നാൽ, അത് അവർക്ക് ദോഷകരമാകുന്നു. അവർ യാതൊന്നിൽ ലുബ്ധത കാണിച്ചുവോ അതിനെ ഖിയാമത്തു നാളിൽ, അവർക്ക് കഴുത്താഭരണമാക്കപ്പെടുന്നതാണ്. അല്ലാഹുവിനാണ് ആകാശങ്ങളുടെയും, ഭൂമിയുടെയും അനന്തരാവകാശം. അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞാനിയുമാകുന്നു.

ഈ വചനത്തിൽ അല്ലാഹു ധനം കൊണ്ടുള്ള ത്യാഗത്തെ പ്രോത്സാഹിപ്പിക്കുകയും ലുബ്ധതയെകുറിച്ച് താക്കീത് നല്കുകയും ചെയ്യുന്നു. ധനം കൂടാതെ, അല്ലാഹു നല്കിയ അറിവ് ആരോഗ്യം മുതലായ അനുഗ്രഹങ്ങളും ആവശ്യവേളയിൽ ഉപയോഗിക്കാതിരിക്കുന്നതും പിശുക്ക തന്നെ.

മുസ്ലിമിനെ സംബന്ധിച്ചിടത്തോളം, ധനപരമായി, സകാത്ത് പോലെയുള്ള നിശ്ചിത നിർബന്ധ കടമകൾക്ക് പുറമെ, സന്ദർഭവും അവസരവും അനുസരിച്ചും, കഴിവിന്റെ തോതനുസരിച്ചും വേറെയും കടമകൾ നിർവ്വഹിക്കപ്പെടേണ്ടതായിട്ടുണ്ട് താനും. അങ്ങനെ ചെലവഴിക്കാതെ കെട്ടിപൂട്ടി വെക്കുന്ന സ്വത്തുക്കൾ ഖിയാമത്തുനാളിൽ കഴുത്താഭരണമായി അണിയിക്കപ്പെടുമെന്ന് അല്ലാഹു താക്കീത് നൽകുന്നു. സക്കാത്ത് കൊടുക്കാത്ത സ്വത്തിനെ ഒരു സർപ്പമാക്കി, അതിന്റെ ഉടമസ്ഥന് മാലയിട്ടു ശിക്ഷിക്കുമെന്നും, അന്യന്റെ ഭൂമി കൈയേറിയവന് ആ ഭൂമി ഖിയാമത്ത് നാളിൽ മാലയാക്കി ഇടപ്പെടുമെന്നും നബി(സ) പ്രസ്താവിച്ചിരിക്കുന്നു.

അല്ലാഹുവിന്റെയും റസൂലിന്റെയും ഇത്തരം പ്രസ്താവനകളൊക്കെ കേവലം ചില അലങ്കാര പ്രയോഗങ്ങളായി കണക്കാക്കാതെ, അവയുടെ സ്പഷ്ടമായ അർത്ഥത്തിൽ തന്നെ സത്യവിശ്വാസികൾ സ്വീകരിക്കേണ്ടതാണ്.

ധനം കൈകാര്യം ചെയ്യാനുള്ള താൽകാലികമായ അവകാശം മാത്രമേ, മനുഷ്യന് അല്ലാഹു നല്കിയിട്ടുള്ളു. അതിന്റെ യഥാർത്ഥ ഉടമസ്ഥൻ അല്ലാഹുവാകുന്നു. അത്കൊണ്ട് അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് കൈകാര്യങ്ങൾ നടത്തുവാനേ മനുഷ്യന് അർഹതയുള്ളൂ. ധനവും അല്ലാഹു നൽകിയ മറ്റ് അനുഗ്രങ്ങളും മനുഷ്യൻ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്ന് അല്ലാഹു സസൂക്ഷ്മം വീക്ഷിച്ചു കൊണ്ടിരിക്കുന്നുമുണ്ട്.

## വിഭാഗം 19

**വചനം 181, 182**

181 "അല്ലാഹു ദരിദ്രനും, നാം ധനികൻമാരുമാണ്" എന്ന് പറഞ്ഞവരുടെ വാക്ക് അല്ലാഹു തീർച്ചയായും കേട്ടിട്ടുണ്ട്. അവർ(ആ) പറഞ്ഞതും, ഒരു ന്യായവും കൂടാതെ അവർ പ്രവാചകൻമാരെ കൊന്നതും നാം എഴുതി (രേഖപ്പെടുത്തി) കൊള്ളാം. നാം (അവരോടു) പറയുകയും ചെയ്യും: "കത്തിയെരിയുന്ന (നരക) ശിക്ഷ ആസ്വദിക്കുവിൻ."

لَّقَدْ سَمِعَ ٱللَّهُ قَوْلَ ٱلَّذِينَ قَالُوٓا۟ إِنَّ ٱللَّهَ فَقِيرٌ وَنَحْنُ أَغْنِيَآءُ ۘ سَنَكْتُبُ مَا قَالُوا۟ وَقَتْلَهُمُ ٱلْأَنۢبِيَآءَ بِغَيْرِ حَقٍّ وَنَقُولُ ذُوقُوا۟ عَذَابَ ٱلْحَرِيقِ ﴿١٨١﴾

182 "അത് നിങ്ങളുടെ കരങ്ങൾ മുൻ ചെയ്തുവെച്ചത് നിമിത്തവും, അല്ലാഹു അടിമകളോടു അനീതി ചെയ്യുന്നവനൊന്നുമല്ലെന്നുള്ളതിനാലുമാകുന്നു."

ذَٰلِكَ بِمَا قَدَّمَتْ أَيْدِيكُمْ وَأَنَّ ٱللَّهَ لَيْسَ بِظَلَّامٍ لِّلْعَبِيدِ ﴿١٨٢﴾

---

"ആരാണ് അല്ലാഹുവിന് നല്ലതായ കടം കൊടുക്കുന്നവർ" ( 2:245; 57 :11) എന്ന ഖുർ ആൻ വചനം അവതരിച്ചപ്പോൾ യഹൂദർ അതിനെ പരിഹസിച്ച് കൊണ്ടു "അങ്ങനെയെങ്കിൽ അല്ലാഹു ദരിദ്രനും നാം ധനികരുമാണല്ലോ" എന്നൊക്കെ ജല്പിക്കാൻ തുടങ്ങി.

അതിനെപറ്റിയാണ് അല്ലാഹു ഈ വചനത്തിൽ പ്രസ്താവിക്കുന്നത് - അവർ പറഞ്ഞ വാക്കുകൾ അവൻ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. കൂടാതെ യാതൊരു ന്യായവും കൂടാതെ അല്ലാഹുവിന്റെ പ്രവാചകൻമാരെ വധിക്കുക പോലുള്ള കടും കൃത്യങ്ങളും അവർ ചെയ്തതും, രേഖപ്പെടുത്തപെട്ടിട്ടുണ്ട്. ഇതിനൊക്കെ അവർക്ക് കത്തിയെരിയുന്ന നരകശിക്ഷ അല്ലാഹു ആസ്വദിപ്പിക്കുന്നതാണ്. അല്ലാഹു അടിമകളോട് യാതൊരു അനീതിയും ചെയ്യുന്നവനല്ല. നല്ലത് പ്രവർത്തിച്ചവരുടെ പ്രതിഫലത്തിൽ അവൻ യാതൊരു കുറവും വരുത്തുകയില്ല; ശിക്ഷിക്കുമ്പോളാകട്ടെ കുറ്റത്തിൽ കവിഞ്ഞ ശിക്ഷയും അവൻ ആർക്കും നല്കുന്നതല്ല; അക്രമത്തിന് വിധേയരായവർക്ക് അവൻ നഷ്ടപരിഹാരം ഈടാക്കികൊടുക്കുക തന്നെ ചെയ്യും.

**വചനം 183, 184**

ٱلَّذِينَ قَالُوٓاْ إِنَّ ٱللَّهَ عَهِدَ إِلَيۡنَآ أَلَّا نُؤۡمِنَ لِرَسُولٍ حَتَّىٰ يَأۡتِيَنَا بِقُرۡبَانٖ تَأۡكُلُهُ ٱلنَّارُۗ قُلۡ قَدۡ جَآءَكُمۡ رُسُلٞ مِّن قَبۡلِي بِٱلۡبَيِّنَٰتِ وَبِٱلَّذِي قُلۡتُمۡ فَلِمَ قَتَلۡتُمُوهُمۡ إِن كُنتُمۡ صَٰدِقِينَ ١٨٣

183 (ഇങ്ങിനെ) പറഞ്ഞവരാണ് (അവർ): “അഗ്നി തിന്നു (ദഹിപ്പിക്കു)മാറുള്ള ഒരു ബലി (യാഗ) കർമ്മവുമായി ഞങ്ങളുടെ അടുക്കൽ വരുന്നതുവരെ, ഒരു റസൂലിനെയും ഞങ്ങൾ വിശ്വസിക്കരുതെന്നു നിശ്ചയമായും അല്ലാഹു ഞങ്ങൾക്ക് ആജ്ഞ നൽകിയിരിക്കുന്നു.” (നബിയേ) പറയുക: “എൻെറ മുമ്പ് പല റസൂലുകളും വ്യക്തമായ തെളിവുകൾ സഹിതവും നിങ്ങൾ (ഈ) പറഞ്ഞതു സഹിതവും നിങ്ങൾക്കു വരുകയുണ്ടായിട്ടുണ്ട്, എന്നിട്ട് എന്തിനാണ് നിങ്ങൾ അവരെ കൊലചെയ്തത്– നിങ്ങൾ സത്യവാൻമാരാണെങ്കിൽ ?!”

فَإِن كَذَّبُوكَ فَقَدۡ كُذِّبَ رُسُلٞ مِّن قَبۡلِكَ جَآءُو بِٱلۡبَيِّنَٰتِ وَٱلزُّبُرِ وَٱلۡكِتَٰبِ ٱلۡمُنِيرِ ١٨٤

184 ഇനി (പിന്നെയും), അവർ നിന്നെ വ്യാജമാക്കുകയാണെങ്കിൽ (അതിൽ പരിഭവിക്കാനില്ല); കാരണം, നിനക്കു മുമ്പ് പല റസൂലുകളും വ്യാജമാക്കപ്പെടുകയുണ്ടായിട്ടുണ്ട്; അവർ, വ്യക്തമായ തെളിവുകളും, ഏടുകളും, വെളിച്ചം നൽകുന്ന വേദഗ്രന്ഥവും, കൊണ്ടു വന്നിരിക്കുന്നു. (എന്നിട്ടും വ്യാജമാക്കപ്പെടുകയാണ് ചെയ്തത്.)

---

യഹൂദർ ഒരു കള്ളവാദം കെട്ടിച്ചമക്കാറുണ്ടായിരുന്നു. ഒരു ബലി കർമ്മം നടത്തുകയും അതിനെ ദിവ്യമായ അഗ്നി വന്ന് ദഹിപ്പിക്കുകയും ചെയ്ത് കാണിച്ചാലല്ലാതെ ഒരു ദൈവദൂതനെയും വിശ്വസിക്കരുതെന്ന് ഞങ്ങളോട് അല്ലാഹു കല്പിച്ചിരുക്കുന്നു. അത്കൊണ്ട് മുഹമ്മദിൽ വിശ്വസിക്കണമെങ്കിൽ അത്തരമൊരു ദൃഷ്ടാന്തം നടത്തിക്കാണിക്കട്ടെ എന്നായിരുന്നു അവരുടെ ജല്പനം .

എന്നാൽ നിങ്ങൾ ജല്പിക്കുന്ന അതേ ബലി ദൃഷ്ടാന്തവും മറ്റ് ദൃഷ്ടാന്തങ്ങളും മുമ്പു പല റസൂലുകലും കാണിച്ചിട്ടുണ്ടെങ്കിലും നിങ്ങൾ അവരെ വ്യാജമാക്കുകയും കൊലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അത് കൊണ്ട് നിങ്ങളുടെ ഈ വാദം തട്ടിപ്പും വ്യാജവുമാണെന്ന് അവരോടു മറുപടി പറയാൻ അല്ലാഹു നബി(സ) യെ ഉപദേശിക്കുന്നു.

എന്നിട്ടും, പിന്നെയും, അവർ സത്യം സ്വീകരിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ അതിൽ നബി(സ) പരിഭവിക്കുകയോ വ്യസനിക്കുകയോ ചെയ്യേണ്ടതില്ല. വേണ്ടത്ര തെളിവുകളും, സത്യാസത്യങ്ങൾ വിവേചിക്കുന്ന വേദ ഗ്രന്ഥവും കൊണ്ട് വന്ന പല റസൂലുകളും ഇതിന് മുമ്പും നിഷേധിക്കപ്പെട്ടിട്ടുണ്ട്, എന്ന് അല്ലാഹു നബി(സ)യെ സമാധാനിപ്പിക്കുകയും ചെയ്യുന്നു.

---

**വചനം: 185,186**

كُلُّ نَفۡسٖ ذَآئِقَةُ ٱلۡمَوۡتِۗ وَإِنَّمَا تُوَفَّوۡنَ أُجُورَكُمۡ يَوۡمَ ٱلۡقِيَٰمَةِۖ فَمَن زُحۡزِحَ عَنِ ٱلنَّارِ وَأُدۡخِلَ ٱلۡجَنَّةَ فَقَدۡ فَازَۗ وَمَا ٱلۡحَيَوٰةُ ٱلدُّنۡيَآ إِلَّا مَتَٰعُ ٱلۡغُرُورِ ١٨٥

185 എല്ലാ ദേഹവും (ആളും) മരണത്തെ രുചിനോക്കുന്നതാകുന്നു. നിങ്ങളുടെ കൂലി (കർമ്മഫലം) കൾ ഖിയാമത്തു നാളിലേ നിങ്ങൾക്കു നിറവേറ്റിത്തരപ്പെടുകയുള്ളു. അപ്പോൾ, ആർ നരകത്തിൽ നിന്ന് അകറ്റപ്പെടുകയും, സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തുവോ അവൻ ഭാഗ്യം പ്രാപിച്ചു. ഐഹിക ജീവിതം വഞ്ചനയുടെ വിഭവം (കൃത്രിമ സാമാനം) അല്ലാതെ (മറ്റൊന്നും) അല്ല.

186 നിങ്ങളുടെ സ്വത്തുക്കളിലും, നിങ്ങളുടെ ദേഹങ്ങളിലും നിങ്ങൾ നിശ്ചയമായും പരീക്ഷണം ചെയ്യപ്പെടുന്നതാണ്. നിങ്ങൾക്ക് മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്നും, 'ശിർക്ക്'(ബഹുദൈവ വിശ്വാസം) സ്വീകരിച്ച വരിൽ നിന്നും നിങ്ങൾ ധാരാളം പീഡനം (പീഡന വാക്കുകൾ) കേൾക്കുകയും തന്നെ ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നുവെങ്കിൽ, നിശ്ചയ മായും അത് (ഒഴിച്ചുകൂടാത്ത) ദൃഢകാര്യങ്ങളിൽ പെട്ടതാകുന്നു.

۞ لَتُبْلَوُنَّ فِىٓ أَمْوَٰلِكُمْ وَأَنفُسِكُمْ وَلَتَسْمَعُنَّ مِنَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ مِن قَبْلِكُمْ وَمِنَ ٱلَّذِينَ أَشْرَكُوٓا۟ أَذًى كَثِيرًا ۚ وَإِن تَصْبِرُوا۟ وَتَتَّقُوا۟ فَإِنَّ ذَٰلِكَ مِنْ عَزْمِ ٱلْأُمُورِ ﴿١٨٦﴾

എല്ലാവരും മരണം ആസ്വദിക്കുക തന്നെ ചെയ്യും ഏവരുടെയും കർമ്മഫലങ്ങൾ കണക്ക് തീർത്ത് കൊടുക്കുന്നത് ഖിയാമത്ത് നാളിൽ മാത്രമായിരിക്കും. സജ്ജനങ്ങൾക്ക് സ്വർഗ്ഗമെന്ന സൗഭാഗ്യവും ദുർജ്ജനങ്ങൾക്ക് നരകമെന്ന ദൗർഭാഗ്യവുമായിരിക്കും പ്രതിഫലം. സജ്ജനങ്ങൾക്ക് ഈ ലോകത്ത് അനുഭവപ്പെടുന്ന കഷ്ടനഷ്ടങ്ങളും പരീക്ഷണങ്ങളും ആ മഹാ സൗഭാഗ്യത്തിലേക്കുള്ള വഴി സുഗമമാക്കുന്നവ മാത്രമായിരിക്കും . നേരേ മറിച്ച് ദുർജ്ജനങ്ങൾക്ക് ഇവിടെ വച്ച് അനുഭവപ്പെടുന്ന സുഖസൗകര്യങ്ങൾ, നരകത്തിലേക്കുള്ള മാർഗ്ഗം തെളിയിക്കുന്നവയുമായിരിക്കും. ഐഹിക ജീവിതമെന്നത് കൃത്രിമ വിഭവങ്ങളുടെ സമുച്ചയമാകുന്നു. ആരും അതിൽ വഞ്ചിതരാകരുത്. അല്ലാഹുവിന്റെ ഇഷ്ടത്തിന് പാത്രീഭൂതരാകുന്ന സത്യവിശ്വാസികൾ ഈ ജീവിതത്തിൽ സ്വന്തം ദേഹങ്ങളിലും സ്വത്തുക്കളിലുമെല്ലാം തന്നെ പരീക്ഷണങ്ങൾക്ക് വിധേയരാകുകതന്നെ ചെയ്യും. അവർക്ക് വേദക്കാരിൽ നിന്നും അവിശ്വാസികളിൽനിന്നും ഒക്കെ പലതരം ഉപദ്രവങ്ങളും നേരിടേണ്ടി വന്നേക്കും. അത്തരം സന്ദർഭങ്ങളിലൊക്കെ ക്ഷമ കൈക്കൊള്ളുകയും സൂക്ഷ്മത കൈകൊള്ളുകയും ചെയ്യുകയെന്നത്, പ്രയാസമേറിയതും, എന്നാൽ ഗൗരവപ്പെട്ടതും, അനുപേക്ഷണീയവുമായ കാര്യമാണെന്ന് അല്ലാഹു പ്രസ്താവിക്കുന്നു.

---

**വചനം 187, 188 , 189**

187 വേദഗ്രന്ഥം നൽകപ്പെട്ടവരുടെ ഉറപ്പ് അല്ലാഹു (അവരിൽ നിന്നു) വാങ്ങിയ സന്ദർഭം (ഓർക്കുക): നിശ്ചയമായും, നിങ്ങൾ അത് (വേദഗ്രന്ഥം) മനുഷ്യർക്ക് വിവരിച്ചു കൊടുക്കുകയും, അതു മൂടിവെക്കാതിരിക്കുകയും, ചെയ്യുമെന്ന്. എന്നിട്ട്, അവരതിനെ തങ്ങളുടെ പിൻപുറത്തേക്ക് ഇട്ടുകളഞ്ഞു; അതിനു (പകരം) തുച്ഛമായ വില വാങ്ങുകയും ചെയ്തു. അപ്പോൾ, അവർ വാങ്ങിക്കൊണ്ടിരുന്നത് എത്രയോ ചീത്ത!

وَإِذْ أَخَذَ ٱللَّهُ مِيثَٰقَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ لَتُبَيِّنُنَّهُۥ لِلنَّاسِ وَلَا تَكْتُمُونَهُۥ فَنَبَذُوهُ وَرَآءَ ظُهُورِهِمْ وَٱشْتَرَوْا۟ بِهِۦ ثَمَنًا قَلِيلًا ۖ فَبِئْسَ مَا يَشْتَرُونَ ﴿١٨٧﴾

188 തങ്ങൾ കൊണ്ടുവന്ന (ചെയ്ത)തിനെപ്പറ്റി സന്തോഷം കൊള്ളുകയും, തങ്ങൾ ചെയ്തിട്ടില്ലാത്തതിനെപ്പറ്റി തങ്ങൾ സ്തുതിക്കപ്പെടുവാൻ ഇഷ്ടപ്പെടുകയും ചെയ്യുന്നവരെ തീർച്ചയായും നീ വിചാരിക്കേണ്ടാ, (അതെ) അവർ ശിക്ഷയിൽ നിന്ന് (രക്ഷപ്പെട്ട്) ഭാഗ്യത്തിലാണെന്ന് തീർച്ചയായും നീ വിചാരിക്കേണ്ട. അവർക്ക് വേദനയേറിയ ശിക്ഷയുണ്ടുതാനും.

لَا تَحْسَبَنَّ ٱلَّذِينَ يَفْرَحُونَ بِمَآ أَتَوا۟ وَّيُحِبُّونَ أَن يُحْمَدُوا۟ بِمَا لَمْ يَفْعَلُوا۟ فَلَا تَحْسَبَنَّهُم بِمَفَازَةٍ مِّنَ ٱلْعَذَابِ ۖ وَلَهُمْ عَذَابٌ أَلِيمٌ ﴿١٨٨﴾

189 അല്ലാഹുവിനാണ് ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധിപത്യം. അല്ലാഹു എല്ലാ കാര്യത്തിനും, കഴിവുള്ളവനുമാകുന്നു.

وَلِلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۗ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١٨٩﴾

---

വേദഗ്രന്ഥത്തിന്റെ ഉള്ളടക്കങ്ങൾ യഥാരൂപത്തിൽ ജനങ്ങൾക്ക് എത്തിച്ചു കൊടുക്കാമെന്ന് വേദക്കാർ പൊതുവിലും, അവരിലെ പണ്ഡിതൻമാർ പ്രത്യേകിച്ചും ഏറ്റെടുത്തിട്ടുണ്ട്. അതാണ് അവരുടെ ഉറപ്പു -കരാർ- അല്ലാഹു മേടിച്ചു എന്ന് പറഞ്ഞത് . എന്നാൽ ഈ കരാർ അവർ പാലിച്ചില്ല. അവർ അതിന്റെ പല ഭാഗങ്ങളും, വിശേഷിച്ച്, നബി(സ)യുടെ പ്രവാചകത്വത്തെ സ്ഥിരീകരിക്കുന്നതും തങ്ങളുടെ മാമൂലാചാര ങ്ങൾക്ക് നിരക്കാത്തതും - മൂടി വെച്ച് കളഞ്ഞു. ഐഹികമായ സ്വാർത്ഥ മോഹങ്ങൾ മാത്രമാണ് ഇതിന വരെ പ്രേരിപ്പിച്ചതും. അങ്ങനെ അവർ ശാശ്വതമോക്ഷത്തിനുള്ള മാർഗ്ഗങ്ങൾ കൊട്ടിയടക്കുകയും ചെയ്തു. ഈ കച്ചവടവും അതിൽ നിന്നുള്ള ലാഭവും അങ്ങേയറ്റം മോശപ്പെട്ടത് തന്നെ.

ഈ താക്കീതും ആക്ഷേപവും യഹൂദികളെക്കുറിച്ച് മാത്രമല്ല, ഖുർആന്റെ അദ്ധ്യാപനങ്ങളെ മൂടി വെക്കുകയും, താൽക്കാലിക പ്രതാപത്തിനും ഭൗതികനേട്ടത്തിനും വേണ്ടി ദുർ വ്യാഖ്യാനം ചെയ്യുകയും ചെയ്യുന്ന മുസ്ലീം പണ്ഡിതൻമാർക്കും ബാധകമാണെന്നുള്ളതിൽ സംശയമില്ല.

188 - ാം വചനത്തിൽ സൂചിപ്പിക്കപ്പെട്ട കൂട്ടർ ആരാണെന്നുള്ളതിനെ പറ്റി പല അഭിപ്രായങ്ങളും ഉണ്ടെങ്കിലും, അവയുടെ രത്നചുരുക്കം ഇങ്ങനെയാകുന്നു: കൊള്ളരുതാത്ത കാര്യങ്ങൾ പ്രവർത്തിക്കു കയും അതിൽ സന്തോഷം കൊള്ളുകയും ചെയ്യുക ; അല്ലെങ്കിൽ വേണ്ടപ്പെട്ട കാര്യം ചെയ്തശേഷം അതിൽ ദുരഭിമാനം കൊള്ളുക ;പ്രവർത്തനത്തിൽ കൊണ്ട് വന്നിട്ടില്ലാത്ത കാര്യത്തിന്റെ പേരിൽ സൽപേർ ലഭിക്കണമെന്ന് ആഗ്രഹിക്കുകയും, അതിന് ശ്രമം നടത്തുകയും ചെയ്യുക - ഈ സ്വഭാവം ആരിലെല്ലാ മുണ്ടോ , അവർക്ക് വേദനയേറിയ ശിക്ഷയുണ്ടെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ (ആമീൻ)

## വിഭാഗം: 20

**വചനം 190, 191, 192,193,194**

190 നിശ്ചയമായും, ആകാശങ്ങളുടെയും, ഭൂമിയുടെയും സൃഷ്ടിപ്പിലും, രാവും പകലും വ്യത്യാസപ്പെടുന്നതിലും (സൽ) ബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്.

إِنَّ فِى خَلْقِ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱخْتِلَٰفِ ٱلَّيْلِ وَٱلنَّهَارِ لَءَايَٰتٍ لِّأُو۟لِى ٱلْأَلْبَٰبِ ﴿١٩٠﴾

191 അതായത്, നിന്നുകൊണ്ടും , ഇരുന്നുകൊണ്ടും, തങ്ങളുടെ പാർശ്വങ്ങളിലായി (കിടന്നു) കൊണ്ടും അല്ലാഹുവിനെ ഓർമ്മിക്കുന്നവർ. ആകാശങ്ങളുടെയും, ഭൂമിയുടെയും സൃഷ്ടിപ്പിനെപ്പറ്റി അവർ ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യും. "ഞങ്ങളുടെ റബ്ബേ, ഇത് (ഒക്കെ) നീ നിരർത്ഥമായി സൃഷ്ടിച്ചിട്ടില്ല; നീ മഹാ പരിശുദ്ധൻ! (നിനക്കു സ്തോത്രം). അതിനാൽ, നീ ഞങ്ങളെ നരകശിക്ഷയിൽ നിന്ന് കാ(ത്തു രക്ഷി)ക്കണേ!

ٱلَّذِينَ يَذْكُرُونَ ٱللَّهَ قِيَٰمًا وَقُعُودًا وَعَلَىٰ جُنُوبِهِمْ وَيَتَفَكَّرُونَ فِى خَلْقِ ٱلسَّمَٰوَٰتِ وَٱلْأَرْضِ رَبَّنَا مَا خَلَقْتَ هَٰذَا بَٰطِلًا سُبْحَٰنَكَ فَقِنَا عَذَابَ ٱلنَّارِ ﴿١٩١﴾

192 "ഞങ്ങളുടെ റബ്ബേ, യാതൊരുവനെ നീ നരകത്തിൽ പ്രവേശിപ്പിച്ചുവോ അവനെ തീർച്ചയായും നീ അപമാനത്തിലാക്കി. അക്രമികൾക്ക് സഹായികളായി (ആരും) ഇല്ലതാനും."

رَبَّنَآ إِنَّكَ مَن تُدْخِلِ ٱلنَّارَ فَقَدْ أَخْزَيْتَهُۥ ۖ وَمَا لِلظَّٰلِمِينَ مِنْ أَنصَارٍ ﴿١٩٢﴾

193 "ഞങ്ങളുടെ റബ്ബേ, സത്യവിശ്വാസത്തിലേക്കു (ക്ഷണിച്ചു കൊണ്ട്) ഒരാൾ വിളിച്ചുപറയുന്നതായി ഞങ്ങൾ കേട്ടു: "നിങ്ങൾ, നിങ്ങളുടെ റബ്ബിൽ വിശ്വസിക്കുവിൻ" എന്ന്; അങ്ങിനെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ റബ്ബേ, അതിനാൽ, ഞങ്ങളുടെ പാപങ്ങളെ ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ! ഞങ്ങളുടെ തിന്മകളെ ഞങ്ങളിൽനിന്നും നീ മൂടിവെച്ചു(മാപ്പാക്കി) തരികയും ചെയ്യേണമേ! പുണ്യവാൻമാരുടെ കൂടെ (അവരുടെ കൂട്ടത്തിലായി) ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ!

رَّبَّنَآ إِنَّنَا سَمِعْنَا مُنَادِيًا يُنَادِى لِلْإِيمَـٰنِ أَنْ ءَامِنُوا۟ بِرَبِّكُمْ فَـَٔامَنَّا ۚ رَبَّنَا فَٱغْفِرْ لَنَا ذُنُوبَنَا وَكَفِّرْ عَنَّا سَيِّـَٔاتِنَا وَتَوَفَّنَا مَعَ ٱلْأَبْرَارِ ﴿١٩٣﴾

194 "ഞങ്ങളുടെ റബ്ബേ, നിൻെറ റസൂലുകളിലൂടെ നീ ഞങ്ങളോട് വാഗ്ദാനം ചെയ്തിട്ടുള്ളത് നീ ഞങ്ങൾക്ക് നൽകുകയും ചെയ്യേണമേ! ഖിയാമത്തുനാളിൽ, ഞങ്ങളെ നീ അപമാനപ്പെടുത്തുകയും ചെയ്യരുതേ! നിശ്ചയമായും നീ, വാഗ്ദത്തം ലംഘിക്കുകയില്ല."

رَبَّنَا وَءَاتِنَا مَا وَعَدتَّنَا عَلَىٰ رُسُلِكَ وَلَا تُخْزِنَا يَوْمَ ٱلْقِيَـٰمَةِ ۗ إِنَّكَ لَا تُخْلِفُ ٱلْمِيعَادَ ﴿١٩٤﴾

---

അനന്തവിശാലമായ ആകാശം, അതിൽ, എണ്ണമറ്റ നക്ഷത്രഗോളങ്ങൾ , ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ വ്യവസ്ഥാപിതമായ അവയുടെ ഗതിവിഗതികൾ ; സമുദ്രങ്ങൾ , വൻകരകൾ , പർവ്വതങ്ങൾ, ദ്വീപുകൾ, മരുഭൂമികൾ , കാടുകൾ , വിവിധ ജീവജാലങ്ങൾ , എന്നിവയടങ്ങിയ വിശാലമായ ഭൂമി ; ഒന്നിനൊന്ന് പിന്നാലെയായി മാറികൊണ്ടിരിക്കുന്ന ദിന രാത്രങ്ങൾ , സൂര്യ ചന്ദ്രന്മാരുടെ ചലന ഗതികൾ ;മുതലായവയെപറ്റി ചിന്തിക്കുന്ന, ബുദ്ധിമാന്മാർക്ക് , സൃഷ്ടികർത്താവും, സർവ നിയന്താവുമായ അല്ലാഹുവിന്റെ , അത്യുൽകൃഷ്ടങ്ങളായ മഹൽ ഗുണങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ കഴിയുന്നു, കൂടാതെ മനുഷ്യനടക്കമുള്ള ഈസൃഷ്ടികൾ എങ്ങനെയുണ്ടായി , എവിടെ നിന്ന് വന്നു, എങ്ങോട്ട് പോകുന്നു എന്നിത്യാദി വിഷയങ്ങളിൽ അതവന് ശരിക്ക് വെളിച്ചം നല്കുകയും ചെയ്യുന്നു.

ഇവയൊക്കെ യഥാർത്ഥ ദൃഷ്ടാന്തങ്ങളായി മനസ്സിലേറ്റുന്ന സൽ ബുദ്ധിമാന്മാരുടെ ഗുണഗണങ്ങൾ അല്ലാഹു തുടർന്ന് വിവരിക്കുന്നു : അവർ നില്ക്കുമ്പോഴും ഇരിക്കുമ്പോവും, കിടക്കുമ്പോഴുമൊക്കെ, അല്ലാഹുവിനെ ക്കുറിച്ചുള്ള സ്മരണയും ബോധവുമുള്ളവരായിരിക്കും.(അല്ലാത്തവരെ സംബന്ധിച്ചിടത്തോളം ആ ദൃഷ്ടാന്തങ്ങളെല്ലാം കേവലം പ്രകൃതിയുടെ വികൃതികൾ മാത്രമാമായിരിക്കും) അങ്ങനെ അല്ലാഹുവിന്റെ സമരണയിൽ മുഴുകിരിക്കുന്ന സൽബുദ്ധിമാന്മാർക്ക്, അവരുടെ മനസ്സിലും നാവിലും ആദൃഷ്ടാന്തങ്ങൾ ഉണ്ടാക്കിത്തീർക്കുന്ന പ്രതികരണമാണ് "ഞങ്ങളുടെ റബ്ബെ, ഞങ്ങളുടെ റബ്ബേ" എന്ന് വിളിച്ച്കൊണ്ടുള്ള ആപ്രാർത്ഥനാ കീർത്തനങ്ങൾ. സോദ്ദേശത്തോടെ സൃഷ്ടികൾ നടത്തിയിട്ടുള്ള മഹാപരിശുദ്ധനായ അല്ലാഹുവിനോട്, പാപങ്ങൾ പൊറുത്ത് തരുവാനും , നരകശിക്ഷയെന്ന അപമാനത്തിൽനിന്ന് രക്ഷപ്പെടുത്തുവാനും, നല്ലമനുഷ്യരായി ജീവിച്ച്, നല്ല മനുഷ്യരായി മരണപ്പെട്ട് പരലോകജീവിതം സുഖകരമായിത്തീർക്കാനും അവർ, അല്ലാഹുവിനോട് നിരന്തരം പ്രാർത്ഥിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നു.

സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ആൾ എന്ന് പറഞ്ഞത് റസൂലിനെ ഉദ്ദേശിച്ചാകുന്നു. സജ്ജനങ്ങൾക്ക് പരലോകത്ത് ലഭിക്കുമെന്ന് വേദഗ്രന്ഥങ്ങൾ വഴിയൊ ഉപദേശങ്ങൾ വഴിയൊ അവർ അറിയിച്ച പ്രതിഫലങ്ങളും അനുഗ്രഹങ്ങളുമാകുന്നു, റസൂലുകളിലൂടെ വാഗ്ദാനം ചെയ്ത കാര്യം കൊണ്ടുദ്ദേശം.

റസുൽ തിരുമേനി(സ) പാതിരാവിൽ എഴുന്നേറ്റ് തഹജ്ജുദ് നമസ്ക്കരിക്കുന്നതിനു മുമ്പായി , ഈ വചനങ്ങൾ ( 190 - 194) ഓതാറുണ്ടായിരുന്നുവെന്ന്, ഇബ്നു അബ്ബാസ്(റ) റിപ്പോർട്ട് ചെയ്യുന്നു. തിരുമേനിയുടെ രാത്രി നമസ്ക്കാരത്തെക്കുറിച്ച് പഠിച്ചറിയുവാൻ അദ്ദേഹത്തിന്റെ പിതാവു അബ്ബാസ്(റ) അദ്ദേഹത്തെ പറഞ്ഞയച്ചതായിരുന്നു

**വചനം 195**

فَٱسْتَجَابَ لَهُمْ رَبُّهُمْ أَنِّى لَآ أُضِيعُ عَمَلَ عَـٰمِلٍ مِّنكُم مِّن ذَكَرٍ أَوْ أُنثَىٰ ۖ بَعْضُكُم مِّنۢ بَعْضٍ ۖ فَٱلَّذِينَ هَاجَرُوا۟ وَأُخْرِجُوا۟ مِن دِيَـٰرِهِمْ وَأُوذُوا۟ فِى سَبِيلِى وَقَـٰتَلُوا۟ وَقُتِلُوا۟ لَأُكَفِّرَنَّ عَنْهُمْ سَيِّـَٔاتِهِمْ وَلَأُدْخِلَنَّهُمْ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ ثَوَابًا مِّنْ عِندِ ٱللَّهِ ۗ وَٱللَّهُ عِندَهُۥ حُسْنُ ٱلثَّوَابِ ﴿١٩٥﴾

195 അപ്പോൾ, അവരുടെ റബ്ബ് അവർക്ക് ഉത്തരം നൽകുകയായി: “ആണോ, പെണ്ണോ ആകട്ടെ, നിങ്ങളിൽ നിന്നും പ്രവർത്തിക്കുന്ന ഒരാളുടെയും പ്രവൃത്തി ഞാൻ പാഴാക്കി ക്കളയുകയില്ല;- നിങ്ങളിൽ ചിലർ ചിലരിൽ നിന്നുള്ളവരാകുന്നു (എല്ലാവരും ഒരുപോലെത്ത ന്നെയാണ്);- എന്നാൽ, (സ്വരാജ്യം വിട്ട്) ഹിജ്റ പോകുകയും, തങ്ങളുടെ ഭവനങ്ങളിൽ നിന്ന് പുറത്താക്കപ്പെടുകയും, എൻെറ മാർഗ്ഗത്തിൽ ഉപദ്രവിക്കപ്പെടുകയും, യുദ്ധം ചെയ്യുകയും, കൊല്ലപ്പെടുകയും ചെയ്തിട്ടുള്ളവർ, തീർച്ചയായും അവർക്ക് അവരുടെ തിന്മകളെ ഞാൻ മൂടിവെച്ചു (മാപ്പാക്കി) കൊടുക്കുകയും, അടിഭാഗത്തിലൂടെ അരുവികൾ ഒഴുകുന്ന സ്വർഗങ്ങളിൽ അവരെ ഞാൻ പ്രവേശിപ്പിക്കുക യും തന്നെ ചെയ്യും. (അതെ) അല്ലാഹുവിൻെറ പക്കൽ നിന്നുള്ള പ്രതിഫലം! അല്ലാഹുവാകട്ടെ, അവൻെറ പക്കൽ നല്ല പ്രതിഫലം ഉണ്ടു താനും.

മേൽ കണ്ട , സത്യവിശ്വാസികളുടെ പ്രാർത്ഥനകൾക്ക് താമസമന്യേ അല്ലാഹു ഉത്തരം നല്കും. ഓരോ നല്ല കർമ്മങ്ങൾക്കും അല്ലാഹു പ്രതിഫലം നല്കും. കർമ്മങ്ങൾക്ക് പ്രതിഫലം ലഭിക്കുന്നതിൽ സ്ത്രീ പുരുഷ വ്യത്യാസത്തിന് സ്ഥാനമില്ല.

എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സ്വന്തം നാടും വീടും ത്യജിച്ച് പോകേണ്ടി വരിക , നാട്ടിൽ നിന്നും വീട്ടിൽനിന്നും ബഹിഷ്കരിക്കപ്പെടുക , മർദ്ദനങ്ങൾ അനുഭവിക്കേണ്ടിവരിക, യുദ്ധം ചെയ്യുക, കൊല്ല പ്പെടുക മുതലായ ത്യാഗങ്ങൾ സഹിക്കുന്നവർക്ക് അല്ലാഹു പ്രത്യേക പദവി വാഗ്ദാനം ചെയ്യുന്നു. അവ രുടെ തെറ്റ് കുറ്റങ്ങൾ പൊറുത്ത് കൊടുത്ത് സ്വർഗ്ഗ ജീവിതം പ്രദാനം ചെയ്യുന്നു. ഏറ്റവും നല്ലതും ഉന്നതവു മായ പ്രതിഫലങ്ങൾ തയാറുള്ളത് അല്ലാഹുവിന്റെ പക്കലാണെന്ന് അല്ലാഹു ഓർമ്മപെടുത്തുന്നു.

---

**വചനം 196 197 198**

لَا يَغُرَّنَّكَ تَقَلُّبُ ٱلَّذِينَ كَفَرُوا۟ فِى ٱلْبِلَـٰدِ ﴿١٩٦﴾

196 (നബിയേ) അവിശ്വസിച്ചവർ രാജ്യങ്ങളിൽ സ്വൈര വിഹാരം കൊള്ളുന്നത് നിന്നെ വഞ്ചിച്ചു കളയരുത്.

مَتَـٰعٌ قَلِيلٌ ثُمَّ مَأْوَىٰهُمْ جَهَنَّمُ ۚ وَبِئْسَ ٱلْمِهَادُ ﴿١٩٧﴾

197 തുച്ഛമായ ഒരു സുഖാനുഭവമത്രെ (അത്). പിന്നെ, അവരുടെ സങ്കേതം ‘ജഹന്നം’ (നരകം) ആകുന്നു. അതെത്രയോ ചീത്ത വിരിപ്പ്!

لَـٰكِنِ ٱلَّذِينَ ٱتَّقَوْا۟ رَبَّهُمْ لَهُمْ جَنَّـٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَا نُزُلًا مِّنْ عِندِ ٱللَّهِ ۗ وَمَا عِندَ ٱللَّهِ خَيْرٌ لِّلْأَبْرَارِ ﴿١٩٨﴾

198 എന്നാൽ, തങ്ങളുടെ റബ്ബിനെ സൂക്ഷിച്ചുവന്ന വരാകട്ടെ,-അവർക്ക് അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ ങ്ങളുണ്ട്; അതിൽ (അവർ) നിത്യവാസി കളായിക്കൊണ്ട്. (അതെ) അല്ലാഹുവിൻെറ പക്കൽ നിന്നുള്ള സൽക്കാരം! അല്ലാഹുവിൻെറ അടുക്കൽ ഉള്ളതാവട്ടെ, പുണ്യവാൻമാർക്ക് ഏറ്റവും ഉത്തമമാകുന്നു.

സത്യനിഷേധികളുടെ ഈ ലോകത്തുള്ള സൈ്വരവിഹാരം കണ്ട് ആരും വഞ്ചിതരാകേണ്ടതില്ല. ഐഹിക ജീവിതത്തിലെ സുഖസൗകര്യങ്ങൾ, കേവലം താൽക്കാലികമായ അനുഭവം മാത്രമാകുന്നു. പിന്നീടവർക്ക് ലഭിക്കാനിരിക്കുന്നത് ശാശ്വതമായ നരകശിക്ഷയായിരിക്കും. നേരെ മറിച്ച് സൂക്ഷ്മത പാലിക്കുന്ന സത്യവി ശ്വാസികൾക്ക് സുഖ സമ്പൂർണ്ണവും ശാശ്വതവും അനുഗ്രഹീതവുമായ സ്വർഗ്ഗമായിരിക്കും പ്രതിഫലം. അത് പുണ്യവാൻമാർക്ക് അല്ലാഹു ഒരുക്കി വച്ചിട്ടുള്ള സൽക്കാരമാകുന്നു.

---

**വചനം 199**

وَإِنَّ مِنْ أَهْلِ ٱلْكِتَٰبِ لَمَن يُؤْمِنُ بِٱللَّهِ وَمَآ أُنزِلَ إِلَيْكُمْ وَمَآ أُنزِلَ إِلَيْهِمْ خَٰشِعِينَ لِلَّهِ لَا يَشْتَرُونَ بِـَٔايَٰتِ ٱللَّهِ ثَمَنًا قَلِيلًا ۗ أُو۟لَٰٓئِكَ لَهُمْ أَجْرُهُمْ عِندَ رَبِّهِمْ ۗ إِنَّ ٱللَّهَ سَرِيعُ ٱلْحِسَابِ ﴿١٩٩﴾

199 നിശ്ചയമായും വേദക്കാരിൽ (തന്നെ) ഉണ്ട് ചിലർ: അല്ലാഹുവിനു താഴ്മ ചെയ്തുകൊണ്ട് അല്ലാഹുവിലും, നിങ്ങളിലേക്ക് ഇറക്കപ്പെട്ട തിലും അവരിലേക്ക് ഇറക്കപ്പെട്ടതിലും അവർ വിശ്വസിക്കുന്നു: അല്ലാഹുവിൻെറ 'ആയത്തു' (വചനം)കൾക്കു അവർ അൽപമായ വില വാങ്ങുകയില്ല. അക്കൂട്ടർ- അവർക്ക് അവരുടെ റബ്ബിൻെറ അടുക്കൽ അവരുടേതായ കൂലിയുണ്ട്. നിശ്ചയമായും, അല്ലാഹു വിചാരണ വേഗം നടത്തുന്നവനാകുന്നു.

---

വേദക്കാർ പൊതുവെ അല്ലാഹുവിന്റെ ആക്ഷേപങ്ങൾക്ക് വിധേയരാണെങ്കിലും, അവരിൽ ചുരുക്കം ചില നല്ല വ്യകതികളും ഇല്ലാതില്ല. അവർ തങ്ങളുടെ വേദഗ്രന്ഥത്തിൽ മാത്രമല്ല , അല്ലാഹുവിലും ഖുർ ആനിലും , നബി(സ) യിലും വിശ്വസിക്കുന്നവരും, അല്ലാഹുവിനോടു ഭയഭക്തിയുള്ളവരുമാകുന്നു. അവർ അല്പമായ ഐഹികകാര്യലാഭത്തിനുവേണ്ടി, സത്യത്തെ മൂടി വെക്കുകയോ, ദുർവ്യാഖ്യാനം നടത്തുകയോ ചെയ്യാറില്ല. അങ്ങനെയുള്ള വ്യക്തികൾക്ക് അല്ലാഹുവിങ്കൽ പ്രത്യേക പ്രതിഫലം ഉണ്ടായിരിക്കും , അവ രുടെ വിചാരണ അല്ലാഹു വേഗം തീർക്കുന്നതുമാകുന്നു.

---

**വചനം 200**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱصْبِرُوا۟ وَصَابِرُوا۟ وَرَابِطُوا۟ وَٱتَّقُوا۟ ٱللَّهَ لَعَلَّكُمْ تُفْلِحُونَ ﴿٢٠٠﴾

200 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ ക്ഷമിക്കുവിൻ, ക്ഷമയിൽ മികവ് കാണിക്കുകയും ചെയ്യുവിൻ, കെട്ടിക്കാത്തു (തയ്യാറെടുത്തു) കൊണ്ടിരിക്കുക യും ചെയ്യുവിൻ; അല്ലാഹുവിനെ സൂക്ഷിക്കുക യും ചെയ്യുവിൻ-നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

---

മനുഷ്യർക്ക് അഭിമുഖീകരിക്കാനുള്ള മുന്ന് തരം വിഷയങ്ങളിൽ - സ്വന്തം ദേഹങ്ങളോട് ബന്ധപ്പെട്ടത്, മറ്റുള്ളവരോട് ബന്ധപ്പെട്ടത് , അല്ലാഹുവിനോട് ബന്ധപ്പെട്ടത് -മനുഷ്യർ കൈകൊള്ളേണ്ടുന്ന നിലപാടിന്റെ ആകെ സാരം ഈ വചനത്തിലെ നാല് ഉപദേശങ്ങളിൽ അടങ്ങിയിരിക്കുന്നു.

ഹേ വിശ്വസിച്ചവരെ എന്ന സംബോധനയോടെ അല്ലാഹു പറയുന്നു.

1. നിങ്ങൾ ക്ഷമിക്കുവിൻ : അല്ലാഹുവിന്റെ നിയമങ്ങൾ പാലിക്കുന്നതിലും, സൽകർമ്മങ്ങൾ പ്രവർത്തി ക്കുന്നതിലും, ആപത്തുകളും കഷ്ടപാടുകളും നേരിടുന്നതിലുമെല്ലാം സഹനം കൈകൊള്ളണം. വ്യക്തിപ രമായ എല്ലാ തുറകളെയും ബാധിക്കുന്നതാണ് ഈ ഉപദേശം.

2. ക്ഷമയിൽ മികവ് കാട്ടുവിൻ : കുടുംബങ്ങൾ, അയൽക്കാർ , എതിർ കക്ഷികൾ, സഖ്യകക്ഷികൾ, മനു ഷ്യരും പിശാചുക്കളുമടങ്ങുന്ന ശത്രുക്കൾ, തുടങ്ങിയവരിൽ നിന്നും നേരിട്ടേക്കാവുന്ന ഉപദ്രവങ്ങളിൽ അവ രേക്കാളേറെ, ക്ഷമയിൽ മികച്ച് നിൽക്കാൻ നിങ്ങൾ ഉത്സാഹം കാണിക്കണം.

3. കെട്ടിക്കാത്ത് (തയ്യാറെടുത്ത്) കൊണ്ടിരിക്കുകയും ചെയ്യുവിൻ : ശത്രുക്കളുടെ ഭാഗത്ത് നിന്ന് ഉണ്ടായേ ക്കാവുന്ന ആക്രമണങ്ങളെക്കുറിച്ച് ജാഗരൂകരായിക്കൊണ്ട് അവയെ നേരിടാൻ സദാ തയ്യാറായികൊണ്ടിരി ക്കണം എന്ന് സാരം.

രണ്ടാമത്തേയും മൂന്നാമത്തേയും ഉപദേശങ്ങള്‍, പുറമെ നിന്നുണ്ടാകുന്ന എല്ലാ ഉപദ്രവങ്ങളിലും കരണീയം തന്നെ.

4. നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിന്‍ : അല്ലാഹുവിന്റെ വിധി വിലക്കുകള്‍ അനുസരിക്കുക വഴി അവനോട് ഭയ ഭക്തി ഉണ്ടായിരിക്കണം.

അല്ലാഹുവിനോട് ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഈ വാക്കില്‍ അടങ്ങിയിരിക്കുന്നു.

ഈ നാല് ഉപദേശങ്ങള്‍ യഥാവിധി സ്വീകരിക്കുന്നവര്‍ക്ക് എവിടെയും എപ്പൊഴും വിജയം സുനിശ്ചിതം തന്നെ.

ഐഹികവും പാരത്രികവുമായ വിജയമാര്‍ഗ്ഗങ്ങളുടെ സാരാംശം ഉള്‍കൊള്ളുന്ന ഈ ഉപദേശത്തിലൂടെ അല്ലാഹു ഈ സൂറത്ത് അവസാനിപ്പിക്കുന്നു.

# 4. സൂറത്തു - ന്നിസാഉ് (സ്ത്രീകള്‍)

മദീനയില്‍ അവതരിച്ചത്

വചനങ്ങള്‍ 176, വിഭാഗം (റുകൂഉ്) 24

ഒന്നാമത്തെ വചനത്തില്‍ തന്നെ സ്ത്രീകളെപറ്റി പരാമര്‍ശമുള്ളതിന് പുറമെ അവരെ സംബന്ധിച്ച പല കാര്യങ്ങളും ഇതില്‍ പ്രസ്താവിക്കപെട്ടിരിക്കുന്നു. അത്കൊണ്ട് ഈ സൂറത്തിന് അന്നിസാഅ് (സ്ത്രീകള്‍) എന്ന് പറയപ്പെടുന്നു.

അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്തേയും അളവറ്റ കാരുണ്യത്തേയും കുറിക്കുന്ന 26, 27, 28, 31, 40,48, 64,110, 116 എന്നീ വചനങ്ങള്‍ മനുഷ്യര്‍ക്ക് വമ്പിച്ച സല്‍പ്രതീക്ഷയും, ആവേശവും ജനിപ്പിക്കുന്നവയാണ്. 'സൂറത്തു ന്നിസാഉ'ലെ ഈ വചനങ്ങള്‍ ഇഹലോകം മുഴുവനേക്കാള്‍ എനിക്ക് ഇഷ്ടപ്പെട്ടതാണു എന്ന് ഇബുനു മസ്ഊദു(റ) ഉം, 'സൂറത്തുന്നിസാഉ'ലെ ഈ വചനങ്ങള്‍ ഈ സമുദായത്തെ സംബന്ധിച്ചിടത്തോളം, ഇഹലോകത്തേക്കാളേറെ ഉത്തമമാണ് എന്ന് ഇബുന് അബ്ബാസു(റ) ഉം പ്രസ്താവിച്ചിരിക്കുന്നു.

**വിഭാഗം 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍

**വചനം 1**

يَٰٓأَيُّهَا ٱلنَّاسُ ٱتَّقُواْ رَبَّكُمُ ٱلَّذِى خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَآءً ۚ وَٱتَّقُواْ ٱللَّهَ ٱلَّذِى تَسَآءَلُونَ بِهِۦ وَٱلْأَرْحَامَ ۚ إِنَّ ٱللَّهَ كَانَ عَلَيْكُمْ رَقِيبًا ﴿١﴾

1 ഹേ, മനുഷ്യരെ, ഒരേ ആത്മാവില്‍ (ആളില്‍) നിന്ന് നിങ്ങളെ സൃഷ്ടിച്ചവനായ നിങ്ങളുടെ റബ്ബിനെ നിങ്ങള്‍ സൂക്ഷിക്കുവിന്‍; അതില്‍നിന്നു തന്നെ അതിന്‍െറ ഇണയെ സൃഷ്ടിക്കുകയും, ആ രണ്ടാളില്‍ നിന്നുമായി ധാരാളം പുരുഷന്‍മാരെയും, സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്ത (റബ്ബിനെ); യാതൊരുവന്‍െറ പേരില്‍ നിങ്ങള്‍ അന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നുവോ ആ അല്ലാഹുവിനെയും, കുടുംബബന്ധങ്ങളെയും സൂക്ഷിക്കുവിന്‍. നിശ്ചയമായും, അല്ലാഹു നിങ്ങളില്‍ മേല്‍നോട്ടം ചെയ്യുന്നവനാകുന്നു.

---

'ഹേ മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുവിന്‍' എന്ന വാക്യം കൊണ്ട് ആരംഭിക്കുന്ന രണ്ട് സൂറത്തുകളില്‍ ഒന്നാമത്തേതാണിതു. രണ്ടാമത്തെ സൂറത്ത് സൂ: ഹജ്ജ് ആകുന്നു ഇവിടെ തുടര്‍ന്ന്, മനുഷ്യവര്‍ഗ്ഗത്തിന്റെ ഉല്‍ഭവത്തെകുറിച്ച് വിവരിക്കുന്നു. സൂ: ഹജ്ജില്‍ അന്ത്യനാളിനെ പറ്റിയും. ഒരേ ആത്മാവ് نَفْسٍ وَاحِد എന്നത് കൊണ്ടുദ്ദേശ്യം, മനുഷ്യപിതാവായ ആദം നബി(അ) ആണെന്നതില്‍ മുസ്ലീംകള്‍ക്കിടയില്‍ അഭിപ്രായവ്യത്യാസമില്ല. സമുദായത്തെ മുഴുവന്‍ ഉദ്ദേശിച്ച് കൊണ്ട് يا بني آدم (ആദമിന്റെ സന്തതികളെ) എന്ന് ഖുര്‍ആനിലും മറ്റും പറയപ്പെടാറുള്ളതും അത് കൊണ്ടാണ്.

മനുഷ്യരായ നിങ്ങളെ അല്ലാഹു ഒരേ ആത്മാവിൽ നിന്നും സൃഷ്ടിച്ചു എന്ന് പറഞ്ഞ ശേഷം, അതെങ്ങനെ പ്രയോഗത്തിൽ വരുത്തിയെന്നും ചൂണ്ടിക്കാട്ടിയിരിക്കുന്നു:

ആദം(അ) നബിയെ മണ്ണിൽ നിന്നാണ് സൃഷ്ടിച്ചതെന്ന് 3:59 ലും മറ്റും അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഇണയെ-ഹവ്വാഉ്(റ) നെ-സൃഷ്ടിച്ചത് അദ്ദേഹത്തിൽ നിന്നാണെന്ന് അല്ലാഹു ഇവിടെ വ്യക്തമാക്കുന്നു. എന്നാൽ അദ്ദേഹത്തിൽ നിന്ന് ഇണയെ സൃഷ്ടിച്ചതെങ്ങനെയാണെന്ന് തീർത്ത് പറയത്തക്ക തെളിവുകളൊന്നും ഇല്ല. നബി(സ) സ്ത്രീകളോട് നല്ല നിലയിൽ പെരുമാറണമെന്ന് വസിയത്ത് ചെയ്ത് കൊണ്ട് ഇങ്ങനെ പറയുന്നു. "...കാരണം സ്ത്രീകൾ വാരിയെല്ലിനാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു." ഈ ഹദീസിനെ ആസ്പദമാക്കി ഭൂരിപക്ഷം പണ്ഡിതൻമാരും പറയുന്നത് ആദം(അ) ന്റെ വാരിയെല്ലിൽ നിന്നാണ് ഹവ്വാഉ്(അ) സൃഷ്ടിക്കപ്പെട്ടത് എന്നാകുന്നു, വാരിയെല്ലിൽ നിന്നാണെന്ന് ഉറപ്പിച്ച് പറയത്തക്ക തെളിവില്ലെങ്കിലും, ആ അഭിപ്രായം തെറ്റാണെന്ന് വിധി കല്പിക്കാനും തെളിവുകളൊന്നുമില്ല. الله اعلم

മനുഷ്യ സമുദായമായ നിങ്ങളെ ഒരേ ആത്മാവിൽ അഥവാ ആളിൽ നിന്ന് ഉല്പാദിപ്പിച്ച് തുടങ്ങുകയും, പിന്നീട് അതിൽ നിന്നും അതിന്റെ ഇണയിൽ നിന്നുമായി നിങ്ങളെ പെരുപ്പിച്ച് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുള്ള നിങ്ങളുടെ റബ്ബിനെ നിങ്ങൾ സൂക്ഷിക്കണം എന്ന് പറഞ്ഞ ശേഷം, നിങ്ങൾ യാതൊരു അല്ലാഹുവിന്റെ പേരിൽ, അഥവാ അവനെ മുൻനിർത്തിക്കൊണ്ട്, അന്യോന്യം ചോദിക്കാറുണ്ടോ ആ അല്ലാഹുവിനെ സൂക്ഷിക്കണം എന്ന് പിന്നെയും പറഞ്ഞിരിക്കുന്നു . നിങ്ങളെ സൃഷ്ടിച്ചതും സംരക്ഷിക്കുന്നതും അല്ലാഹു ആണെന്ന് നിങ്ങൾക്കറിയുന്നത് കൊണ്ടാണല്ലോ നിങ്ങൾ പലപ്പോഴും അവനെ മുൻനിർത്തി പരസ്പരം പലതും ആവശ്യപ്പെടുന്നതും ചോദിക്കുന്നതും (ഉദാ: അല്ലാഹുവിന്റെ പേരിൽ ഞാൻ അപേക്ഷിക്കുന്നു; അല്ലാഹുവിനെ ഓർത്ത് ഇക്കാര്യം ചെയ്ത് തരണം; പടച്ചവനെ മുൻ നിർത്തിയാണ് ഞാനിത് പറയുന്നത്)

അല്ലാഹുവിനെ സൂക്ഷിക്കുവാൻ ഊന്നി പറഞ്ഞതിനോട് ചേർത്ത് കൊണ്ട് കുടുംബ ബന്ധങ്ങളെയും സൂക്ഷിക്കണം എന്ന് കൂടി അല്ലാഹു ഓർമ്മിപ്പിച്ചിരിക്കുകയാണ്. കുടുംബ ബന്ധം പാലിക്കുന്നതിനും കുടുംബത്തോട് നല്ല നിലക്ക് പെരുമാറുന്നതിനും , ഖുർ ആനിൽ പലയിടത്തും, ഹദീസുകളിലും പല തവണ ആവർത്തിച്ച് ഉപദേശിച്ചതായി കാണാം. അല്ലാഹുവിനെ സൂക്ഷിക്കലും കുടുംബ ബന്ധം സൂക്ഷിക്കലും ഒരേ ഉദ്ദേശ്യത്തിലല്ല കലാശിക്കുന്നതെന്ന് പ്രത്യേകം പറയേണ്ടുന്ന ആവശ്യമില്ല.

അല്ലാഹുവിനെ സൂക്ഷിക്കൽ, അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങൾക്കനുസരിച്ച് ജീവിക്കുന്നത് കൊണ്ടും, കുടുംബ ബന്ധത്തെ സൂക്ഷിക്കൽ കുടുംബബന്ധമുള്ളവരോട് നന്നായി വർത്തിക്കുന്നത് കൊണ്ടുമാണ് സാക്ഷാൽക്കരിക്കപ്പെടുന്നത്. ഈ കടമകളെല്ലാം, നിങ്ങൾ പാലിക്കുന്നുണ്ടോ എന്ന് അല്ലാഹു സസൂക്ഷ്മം വീക്ഷിക്കുന്നുണ്ടെന്നും അല്ലാഹു നമ്മെ തുടർന്ന്, ഓർമ്മപ്പെടുത്തുന്നു.

---

**വചനം 2:**

وَءَاتُوا۟ ٱلْيَتَٰمَىٰٓ أَمْوَٰلَهُمْ ۖ وَلَا تَتَبَدَّلُوا۟ ٱلْخَبِيثَ بِٱلطَّيِّبِ ۖ وَلَا تَأْكُلُوٓا۟ أَمْوَٰلَهُمْ إِلَىٰٓ أَمْوَٰلِكُمْ ۚ إِنَّهُۥ كَانَ حُوبًا كَبِيرًا ﴿٢﴾

2 അനാഥകൾക്ക് അവരുടെ സ്വത്തുക്കൾ നിങ്ങൾ (വിട്ടു) കൊടുക്കുവിൻ. നല്ല (ശുദ്ധമായ) തിനു (പകരം) ദുഷിച്ചതിനെ നിങ്ങൾ മാറ്റിയെടുക്കുകയും ചെയ്യരുത്, നിങ്ങളുടെ സ്വത്തുക്കളിലേക്ക് (കൂട്ടിച്ചേർത്ത്) അവരുടെ സ്വത്തുക്കൾ നിങ്ങൾ തിന്നുകയും ചെയ്യരുത്. നിശ്ചയമായും, അത് വലുതായ ഒരു പാതകമാകുന്നു.

---

കഴിഞ്ഞ വചനത്തിൽ അല്ലാഹുവിനെയും കുടുംബ ബന്ധങ്ങളെയും സൂക്ഷിക്കുവാൻ കൽപിച്ച ശേഷം അതിന്റെ വിശദീകരണമെന്നോണം ഈ വചനം മുതൽ അല്ലാഹു പല കാര്യങ്ങളും വിവരിക്കുന്നു.

കൂട്ടത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണല്ലോ അനാഥരുടെ കാര്യം. അതുകൊണ്ട് അനാഥരുടെ വിഷയത്തിൽ സൂക്ഷിക്കേണ്ടുന്ന കാര്യങ്ങൾക്ക് മുൻഗണന നൽകപ്പെട്ടിരിക്കുകയാണ്. അനാഥരുടെ സ്വത്ത് കൈകാര്യം ചെയ്യുന്ന എല്ലാവരെയും അഭിമുഖീകരിക്കുന്നതാണ് ഇതിലെ കൽപ്പനകൾ - അവർ കുടുംബത്തിൽ പ്പെട്ടവരായാലും അല്ലെങ്കിലും ശരി. അതത് കുടുംബങ്ങളിലെ അനാഥകളുടെ കൈകാര്യം മിക്കവാരും ആ കുടുംബത്തിലെ അംഗങ്ങളുടെ കൈക്കായിരിക്കുമല്ലോ നടത്തപ്പെടുക. ആ നിലക്ക് അനാഥരുടെ കുടുംബത്തലവന്മാ

രെയായിരിക്കും ഇത് കൂടുതൽ ബാധിക്കുക എന്ന് മാത്രം.

പിതാക്കൾ നഷ്ടപ്പെട്ടുപോയ കുട്ടികൾക്കാണ് 'യത്തീം'എന്ന് പറയുന്നത്. പ്രായ പൂർത്തിയായവർക്ക് സാധാരണ ആ പേര് പറയാറില്ല. യത്തീമുകളുടെ വിഷയത്തിൽ മൂന്ന് കൽപനകളാണ് ഈ വചനത്തിലുള്ളത്.

1). അവരുടെ സ്വത്തുക്കൾ അവർക്ക് വിട്ടുകൊടുക്കണം: (പ്രായപൂർത്തിയാകും മുമ്പോ ധനം കൈകാര്യം ചെയ്യാനുള്ള തന്റേടം വരാത്തവർക്കോ സ്വത്ത് വിട്ടുകൊടുക്കേണ്ടതില്ലെന്ന് 5 ഉം 6 ഉം വചനങ്ങളിൽ പ്രസ്താവിക്കുന്നുണ്ട്.) അവർക്ക് പ്രായ പൂർത്തിയും തന്റേടവും എത്തുമ്പോൾ അവരുടെ സ്വത്തുക്കൾ അവർക്ക് വിട്ടുകൊടുക്കണം. ഈ സന്ദർഭത്തിൽ വല്ല പ്രത്യേക കാരണവും നിമിത്തം കുട്ടിക്ക് സ്വത്ത് ഏറ്റ് വാങ്ങാൻ പ്രയാസമുണ്ടെങ്കിൽ വിട്ടുകൊടുക്കണമെന്ന് നിർബ്ബന്ധമില്ലെങ്കിലും തുടർന്നുള്ള കൈകാര്യങ്ങൾ കുട്ടിയുടെ സമ്മതത്തോട് കൂടിയായിരിക്കണം.

2) നല്ലതിന് പകരം ദുഷിച്ചതിനെ മാറ്റി എടുക്കരുത്. അനാഥകളുടെ വക ഉയർന്ന തരം വസ്തുക്കളെ ഇങ്ങോട്ടെടുത്ത്, അതിനേക്കാൾ മോശപ്പെട്ടത് തിരികെ വെക്കുക; അവരുടെ സ്വത്ത് സ്വന്തം താൽപര്യത്തിനായി വിനിയോഗിക്കുക എന്നിങ്ങനെയുള്ള പ്രവർത്തികൾ ചെയ്യരുത്.

3) അവരുടെ സ്വത്തും സ്വന്തം സ്വത്തുക്കളും ഇടകലർത്തി ഉപയോഗിക്കരുത്: അവരുടെ ധനം ദുർവ്യയം ചെയ്യുകയോ, വകമാറ്റി ചിലവഴിക്കുകയോ ചെയ്യാൻ പാടില്ല. എന്നാൽ നീതിയും മര്യാദയും തെറ്റാതെ, അനാഥകളുമായി കൂട്ട് ജീവിതം നയിക്കുന്നതിന് വിരോധമില്ല.(2:220 നോക്കുക). അന്യരുടെ സ്വത്തുക്കൾ നിയമാനുസൃതമല്ലാതെ ഉപയോഗിക്കുന്നത് കുറ്റകരം തന്നെ; അത് അനാഥകളുടേത് കൂടിയാകുമ്പോൾ കൂടുതൽ ഗുരുതരമായ തെറ്റായിത്തീരുന്നു. അതാണ് "നിശ്ചയമായും, അത് വലുതായ പാതകമാകുന്നു." എന്ന വാക്യം കുറിക്കുന്നത്. അവരുടെ സ്വത്തുക്കൾ ഉപയോഗിക്കരുത്, എന്ന് പറയുന്നതിനു പകരം "തിന്നരുത്" എന്ന പദപ്രയോഗത്തിലൂടെ അല്ലാഹു പ്രസ്തുത തെറ്റിന്റെ ഗൗരവം എടുത്ത് കാട്ടുന്നു.

<u>വചനം 3:</u>

وَإِنْ خِفْتُمْ أَلَّا تُقْسِطُوا فِي الْيَتَامَىٰ فَانكِحُوا مَا طَابَ لَكُم مِّنَ النِّسَاءِ مَثْنَىٰ وَثُلَاثَ وَرُبَاعَ ۖ فَإِنْ خِفْتُمْ أَلَّا تَعْدِلُوا فَوَاحِدَةً أَوْ مَا مَلَكَتْ أَيْمَانُكُمْ ۚ ذَٰلِكَ أَدْنَىٰ أَلَّا تَعُولُوا ﴿٣﴾

3 അനാഥകളുടെകാര്യത്തിൽ നിങ്ങൾ നീതിമുറ പാലിക്കുകയില്ലെന്ന് നിങ്ങൾ ഭയപ്പെട്ടുവെങ്കിൽ, അപ്പോൾ (മറ്റു) സ്ത്രീകളിൽ നിന്ന് നിങ്ങൾക്ക് നന്നാ (യിത്തോന്നി) യവരെ ഈരണ്ടും, മുമ്മൂന്നും, നന്നാലുമായി നിങ്ങൾ വിവാഹം കഴിച്ചുകൊള്ളുവിൻ. എനി, നിങ്ങൾ നീതി പ്രവർത്തിക്കുകയില്ലെന്ന് നിങ്ങൾ ഭയപ്പെട്ടുവെങ്കിൽ, അപ്പോൾ, ഒരുവളെ (മാത്രം വിവാഹം കഴിക്കുക); അല്ലെങ്കിൽ നിങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയവരെ (സ്വീകരിച്ചുകൊള്ളുക). അത്, നിങ്ങൾ (ക്രമം) തെറ്റിപ്പോകാതിരിക്കുവാൻ കൂടുതൽ യോജിച്ചതത്രെ.

---

ഈ വചനത്തിന്റെ അവതരണ സന്ദർഭവും പശ്ചാത്തലവും സംബന്ധിച്ച് പ്രധാനമായും മൂന്ന് അഭിപ്രായങ്ങളാണുള്ളത്. ഒന്ന് ആയിശ(റ)യിൽ നിന്നും, മറ്റൊന്ന് ഇബ്നു അബ്ബാസ്(റ)യിൽനിന്നും, മൂന്നാമത്തേത് സഈദ്ബ്നു ജുബൈർ(റ)ൽ നിന്നും. ആപേക്ഷികമായി നോക്കുമ്പോൾ ആയിശ(റ) പറഞ്ഞതിനാണ് കൂടുതൽ പ്രാധാന്യവും ഭൂരിഭാഗം പണ്ഡിതന്മാർ അംഗീകരിച്ചതും.

അവരുടെ പ്രസ്താവന പ്രകാരം, അധീനത്തിലും ബന്ധത്തിലുംപ്പെട്ട അനാഥകളുടെ സ്വത്തോ സൗന്ദര്യമോ ഉന്നം വെച്ച്കൊണ്ട് അവരെ വിവാഹം കഴിക്കുകയും, മഹർ മുതലായ അവരുടെ അവകാശങ്ങളിൽ അവരോട് അനീതി കാണിക്കുകയും ചെയ്തിരുന്ന പതിവിനെ ഉദ്ദേശിച്ചാണ് "അനാഥകളുടെ കാര്യത്തിൽ നിങ്ങൾ

നീതിമുറ പാലിക്കുകയില്ലെന്ന് ഭയപ്പെട്ടാൽ" എന്ന് പറഞ്ഞിരിക്കുന്നത് എന്നത്രേ. അങ്ങനെ അനീതി പ്രവർത്തിച്ചേക്കുമെന്ന് കണ്ടാൽ ആ അനാഥകളെ വിവാഹം ചെയ്ത് കൂടാത്തതാണ്. അനാഥകളല്ലാത്ത സ്വതന്ത്ര സ്ത്രീകളിൽ നിന്ന് നന്നായി തോന്നുന്ന രണ്ടോ മൂന്നോ നാലോ വീതം സ്ത്രീകളെ വിവാഹം ചെയ്യാം. എന്നാൽ അവിടെയും നീതി പാലിക്കുകയില്ലെന്ന് ആശങ്ക തോന്നുന്ന പക്ഷം ഒരു സ്ത്രീയെ മാത്രം വിവാഹം ചെയ്തുകൊള്ളുക. അല്ലാത്ത പക്ഷം ഉടമസ്ഥതയിലുള്ള - അടിമകളായ - സ്ത്രീകളെ സ്വീകരിച്ച് കൊള്ളേണ്ടതാണ്. അതാണ് അക്രമവും അനീതിയും വന്ന് പോകാതിരിക്കാനുള്ള നല്ല മാർഗ്ഗം.

ഇബ്നു അബ്ബാസ്(റ)ൽ നിന്ന് ഉദ്ധരിക്കപ്പെടുന്നതിന്റെ ചുരുക്കം ഇപ്രകാരമാകുന്നു. ജാഹിലിയ്യാ കാലത്ത് ഒരാൾ പത്തോ അതിലധികമോ സ്ത്രീകളെ വിവാഹം ചെയ്യുകയും അതിൽ അവർ അഭിമാനം കൊള്ളുകയും ചെയ്യുമായിരുന്നു. അങ്ങനെ കൈയിലുള്ള ധനം തീരുമ്പോൾ തങ്ങളുടെ അധീനത്തിലുള്ള അനാഥകളുടെ സ്വത്ത് ആ ഭാര്യമാരുടെ ചിലവിലേക്ക് ഉപയോഗിക്കും. അത് കൊണ്ട് വിവാഹത്തിന് ഒരു പരിധി നിശ്ചയിക്കുകയാണ് ഈ വചനം ചെയ്യുന്നത്.

സഈദ് ബ്നു ജുബൈർ(റ)ൽ നിന്നും ഉദ്ധരിക്കപ്പെട്ടതിന്റെ സാരം ഇപ്രകാരമാകുന്നു. ജാഹിലിയ്യാ കാലത്ത് ഒരാൾ പത്തോ അതിലധികമോ വിവാഹം കഴിക്കും, അവരോട് നീതി പാലിക്കുകയുമില്ല. എന്നാൽ അനാഥകളോട് അനീതി പ്രവർത്തിക്കുന്നത് ആ ജാഹിലിയ്യ കാലത്തും വെറുക്കപ്പെട്ട ഒരു കാര്യമായിരുന്നു. അതുപോലെ നിങ്ങൾ വിവാഹം കഴിച്ച സ്ത്രീകളോടും നിങ്ങൾ അനീതി കാണിച്ച് കൂടാ എന്നും, അത് കൊണ്ട് നാല് പേരെ മാത്രമേ വിവാഹം കഴിക്കാവൂ എന്നും, നീതി പാലിക്കാനാവുകയില്ലെങ്കിൽ ഒന്ന് കൊണ്ട് മതിയാക്കണം എന്നും കല്പിക്കുകയാണ് ഈ വചനം ചെയ്യുന്നത്.

എന്നാൽ,. ഒന്നാമതായി ഉദ്ധരിച്ച ആയിശ(റ)യുടെ വ്യാഖ്യാനമാണ് കൂടുതൽ യുക്തവും കൂടുതൽ സ്വീകരിക്കപ്പെട്ടതും.

"നിങ്ങൾ നീതി പാലിക്കുകയില്ലെന്ന് ഭയപ്പെട്ടാൽ . . . " എന്നത് കൊണ്ടുദ്ദേശം, ഭർത്താവിൽനിന്ന് ഭാര്യക്ക് ലഭിക്കാനവകാശപ്പെട്ട ഭക്ഷണം, വസ്ത്രം, പാർപ്പിടം, ഭാര്യാഭർതൃബന്ധങ്ങൾ എന്നിവ ഏതെങ്കിലും കാരണം കൊണ്ടു നീതി പാലിക്കാനാവുകയില്ലെങ്കിൽ ഒന്നിൽ കൂടുതൽ സ്ത്രീകളെ വിവാഹം ചെയ്യുന്നത് നിഷിദ്ധവും ശിക്ഷാർഹവുമാകുന്നു. അങ്ങനെ നീതി പാലിക്കുകയില്ലെന്ന് ഭയപ്പെട്ടാൽ ഒരു സ്ത്രീയെ മാത്രം സ്വീകരിക്കുകയോ അല്ലെങ്കിൽ അടിമസ്ത്രീകളെ വിവാഹം കഴിക്കുകയോ ചെയ്യണം. അങ്ങനെ ചെയ്യുന്നത് "അത് നിങ്ങൾ (ക്രമം) തെറ്റിപ്പോകാതിരിക്കാൻ കൂടുതൽ യോജിച്ചതാണ്" എന്ന് അല്ലാഹു പ്രസ്താവിക്കുന്നു. (ബഹുഭാര്യത്വത്തെപറ്റി കൂടുതൽ വിശദമായി 129-ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്).

**വചനം 4:**

وَءَاتُوا۟ ٱلنِّسَآءَ صَدُقَـٰتِهِنَّ نِحْلَةً ۚ فَإِن طِبْنَ لَكُمْ عَن شَىْءٍ مِّنْهُ نَفْسًا فَكُلُوهُ هَنِيٓـًٔا مَّرِيٓـًٔا ﴿٤﴾

4 സ്ത്രീകൾക്ക് അവരുടെ വിവാഹ മൂല്യങ്ങളെ (മഹ്റുകളെ) നിങ്ങൾ പാരിതോഷികമായി (സന്തോഷപ്പെട്ടു) കൊടുക്കുകയും ചെയ്യുവിൻ. ഇനി, അതിൽനിന്ന് വല്ലതിനെയും നിങ്ങൾക്ക് അവർ മനസ്സു നന്നായി (തൃപ്തിപ്പെട്ട് വിട്ടു) തരുന്ന പക്ഷം, അത് നിങ്ങൾ മംഗളമായും, സുഖകരമായും, തിന്നു (ഉപയോഗിച്ചു) കൊള്ളുവിൻ.

സ്വദുഖ, സ്വദാഖ് ( صدقة ،صداق ) എന്നീ അറബി പദങ്ങൾ വിവാഹമൂല്യം (مهر) എന്ന പദത്തിന് പകരമായി പ്രയോഗിച്ച് വരാറുണ്ട്. ഒരു പ്രതിഫലവും പ്രതീക്ഷിക്കാതെ, മക്കൾക്കോ മറ്റോ നൽകാറുള്ള ഇഷ്ടദാനം എന്ന അർത്ഥത്തിലാണ് നിഹ്ലത്ത് (نحلة) എന്ന് സാധാരണ ഉപയോഗിക്കാറുള്ളത്.

സ്ത്രീകളുടെ മഹർ സന്തോഷപൂർവ്വം പൂർണ്ണ മനസ്സോടെ കൊടുത്ത് കൊള്ളണമെന്ന് അല്ലാഹു കല്പിക്കുന്നു. ജാഹിലിയ്യാ കാലത്ത് മാത്രമല്ല ഇക്കാലത്തും പലരും അത് സ്ത്രീകൾക്ക് കൈവിട്ട് കൊടുക്കാതെ അടക്കി വെക്കുന്നതായി കണ്ട് വരാറുണ്ട്. നിശ്ചയിക്കപ്പെട്ട മഹർ, സ്ത്രീഭാഗത്തുനിന്ന് ആവശ്യപ്പെടാതെ തന്നെ

മനസ്സുതുറന്നു കൊടുത്തു തീര്‍ക്കേണ്ടതാണെന്നും, അവരുടെ പരിപൂര്‍ണ്ണസമ്മതം കൂടാതെ അത് വിനിയോഗിക്കാവുന്നതല്ലെന്നും, ഈ വചനത്തില്‍ നിന്നും മനസ്സിലാക്കാവുന്നതാണ്. സ്ത്രീകള്‍ സ്വന്തം മനസ്സാലെ അതില്‍ നിന്നും വിട്ട് കൊടുക്കുകയാണെങ്കില്‍ അത് സ്വീകരിക്കുന്നതില്‍ യാതൊരു വിരോധവുമില്ല.

---

**വചനം 5,6:**

وَلَا تُؤْتُوا۟ ٱلسُّفَهَآءَ أَمْوَٰلَكُمُ ٱلَّتِى جَعَلَ ٱللَّهُ لَكُمْ قِيَـٰمًا وَٱرْزُقُوهُمْ فِيهَا وَٱكْسُوهُمْ وَقُولُوا۟ لَهُمْ قَوْلًا مَّعْرُوفًا ﴿٥﴾

5 അല്ലാഹു നിങ്ങള്‍ക്ക് ഒരു നിലനില്‍പു (മാര്‍ഗ്ഗം) ആക്കിത്തന്നിട്ടുള്ളതായ നിങ്ങളുടെ സ്വത്തുക്കളെ നിങ്ങള്‍ ഭോഷന്‍മാര്‍ക്ക് (വിട്ടു) കൊടുക്കുകയും ചെയ്യരുത്. അതിലൂടെ (അതുവഴി) നിങ്ങള്‍ അവര്‍ക്ക് ഉപജീവനം നല്‍കുകയും, അവര്‍ക്ക് വസ്ത്രം നല്‍കുകയും ചെയ്യുവിന്‍. അവരോട് മര്യാദപ്പെട്ട (നല്ല) വാക്കു പറയുകയും ചെയ്യുവിന്‍.

وَٱبْتَلُوا۟ ٱلْيَتَـٰمَىٰ حَتَّىٰٓ إِذَا بَلَغُوا۟ ٱلنِّكَاحَ فَإِنْ ءَانَسْتُم مِّنْهُمْ رُشْدًا فَٱدْفَعُوٓا۟ إِلَيْهِمْ أَمْوَٰلَهُمْ ۖ وَلَا تَأْكُلُوهَآ إِسْرَافًا وَبِدَارًا أَن يَكْبَرُوا۟ ۚ وَمَن كَانَ غَنِيًّا فَلْيَسْتَعْفِفْ ۖ وَمَن كَانَ فَقِيرًا فَلْيَأْكُلْ بِٱلْمَعْرُوفِ ۚ فَإِذَا دَفَعْتُمْ إِلَيْهِمْ أَمْوَٰلَهُمْ فَأَشْهِدُوا۟ عَلَيْهِمْ ۚ وَكَفَىٰ بِٱللَّهِ حَسِيبًا ﴿٦﴾

6 അനാഥകളെ നിങ്ങള്‍ പരീക്ഷിച്ചു നോക്കുകയും ചെയ്യുക; അങ്ങനെ, അവര്‍ വിവാഹ (പ്രായ) ത്തിങ്കലെത്തിയാല്‍, (അതെ) എന്നിട്ട് അവരില്‍ നിന്ന് നിങ്ങള്‍ കാര്യബോധം കണ്ടറിഞ്ഞുവെങ്കില്‍ അപ്പോള്‍, അവരുടെ സ്വത്തുക്കള്‍ അവര്‍ക്ക് (ഏല്‍പിച്ചു) കൊടുക്കുവിന്‍. അമിതമായും, അവര്‍ വലുതാകുമെന്ന് (കണ്ട്) ധൃതിപ്പെട്ടും നിങ്ങള്‍ അത് തിന്നുകളയരുത്. ആരെങ്കിലും ധനികനായിരുന്നാല്‍, അവന്‍ (അതുപയോഗിക്കാതെ) മാന്യത പാലിച്ചു കൊള്ളട്ടെ. ആരെങ്കിലും ദരിദ്രനായിരുന്നാല്‍, അവന്‍ മര്യാദ പ്രകാരം തിന്നു കൊള്ളട്ടെ. എന്നാല്‍, അവരുടെ സ്വത്തുക്കള്‍ അവര്‍ക്കു നിങ്ങള്‍ (ഏല്‍പിച്ചു) കൊടുക്കുമ്പോള്‍, അവരുടെമേല്‍ നിങ്ങള്‍ (അതിനു) സാക്ഷ്യപ്പെടുത്തിക്കൊള്ളുവിന്‍. കണക്ക് നോക്കുന്നവനായി അല്ലാഹുതന്നെമതി.

അനാഥകളുടെ സ്വത്തുക്കള്‍ അവര്‍ക്ക് വിട്ട് കൊടുക്കണമെന്ന 2-ാം വചനത്തിലെ പ്രസ്താവനയുമായി ബന്ധപ്പെട്ട ചില വിശദീകരണങ്ങളാണീ വചനത്തിലുള്ളത്. (1)സ്വത്ത് അവരുടെതാണെങ്കില്‍തന്നെ ഭോഷന്മാര്‍ക്ക് സ്വത്ത് കൈവിട്ട് കൊടുത്താല്‍ സ്വത്തിന്റെ നാശത്തിന് കാരണമാകുമല്ലോ. അത്കൊണ്ട് അത്തരക്കാര്‍ക്ക് സ്വത്ത് കൈവിട്ട് കൊടുത്ത് കൂടാ. സ്വത്തിന്റെ നാശം, മറ്റുള്ളവരെയും ബാധിക്കുന്ന നഷ്ടമാണ്; സ്വത്തിന്റെ അഭിവൃദ്ധിയില്‍ മറ്റുള്ളവര്‍ക്കും ഗുണമായിരിക്കും. അതുകൊണ്ട് ഭോഷന്മാര്‍ക്ക് ധനം കൈവിട്ടു കൊടുക്കുന്നത് അവരോട് മാത്രമല്ല മറ്റുള്ളവരോടും ചെയ്യുന്ന അനീതിയായിരിക്കും. (2) ഭോഷന്മാര്‍ക്ക് സ്വത്തുക്കള്‍ ഏല്‍പിച്ച് കൊടുക്കരുതെങ്കിലും, അത് വഴി അവരുടെ ആഹാരാദി ഉപജീവനത്തിനുള്ള വകയും, വസ്ത്രം മുതലായ ആവശ്യങ്ങളും സ്വത്ത് കൈകാര്യം ചെയ്യുന്ന ആള്‍ നിര്‍വ്വഹിച്ച് കൊടുക്കണം. അത് ആ സ്വത്തില്‍ നിന്ന് തന്നെ ചിലവഴിക്കാവുന്നതാണ്. (3) അവരോട് നല്ല മര്യാദ വാക്കുകള്‍ പറയണം. സൗമ്യതയും സ്നേഹവും പ്രകടിപ്പിക്കുകയും, സദുപദേശങ്ങളും, സന്ദര്‍ഭോചിതമായ നിര്‍ദ്ദേശങ്ങളും നല്‍കുകയും ചെയ്യണം. അവര്‍ യഥാര്‍ത്ഥത്തില്‍ ഭോഷന്മാരാണെങ്കിലും, തങ്ങളുടെ പോരായ്മ മനസ്സിലാക്കാന്‍ അവര്‍ പ്രാപ്തരല്ലല്ലോ. “ഞാന്‍ ഇന്നിന്ന പ്രകാരം നിന്റെ സ്വത്ത് കൈകാര്യം ചെയ്യുന്നത് ഇതിന്റെ അഭിവൃദ്ധിക്ക് വേണ്ടിയാണ്.” എന്ന് അവരെ ബോധ്യപ്പെടുത്താന്‍ ശ്രമിക്കേണ്ടതാണ്. (4) അനാഥകള്‍ക്ക്

വിവാഹപ്രായം – അഥവാ പ്രായപൂർത്തി – ആകുമ്പോഴാണ് അവരുടെ സ്വത്ത് വിട്ട് കൊടുക്കേണ്ടത്. അത് കൈകാര്യം ചെയ്യാനുള്ള പ്രാപ്തിയും കാര്യബോധവും ഉണ്ടെന്ന് പരിക്ഷണത്തിലൂടെ കണ്ടാൽ മാത്രമേ ധനം വിട്ട് കൊടുക്കേണ്ടതുള്ളൂ. അതിന് വേണ്ടി അവർക്ക് നേരത്തെക്കൂട്ടി തന്നെ പരിശീലനം നൽകിക്കൊണ്ടിരിക്കേണ്ടതുണ്ട്. സ്വത്തിന്റെ നടത്തിപ്പിനുള്ള വിവേകം അഥവാ കാര്യബോധം, ബുദ്ധിപരമായി മാത്രമല്ല മതപരമായും, വന്നിട്ടുള്ളതായി കണ്ടെത്തിയാൽ സ്വത്ത് വിട്ട് കൊടുക്കേണ്ടതാണ്. 'വിവാഹപ്രായത്തിങ്കൽ എത്തുക' എന്നത് കൊണ്ടുദ്ദേശിക്കുന്നത് പ്രായപൂർത്തി വരുക എന്നാണല്ലോ. പതിനഞ്ച് വയസ്സ് പൂർത്തിയാകുക, ഇന്ദ്രിയ സ്ഖലനമോ, ആർത്തവമോ ഉണ്ടാകുക മുതലായവ പ്രായപൂർത്തി വരുന്നതിന്റെ അടയാളമായി ഹദീസുകൾ വിവരിക്കുന്നു. (5) കൈകാര്യ കർത്താവിന് ആ സ്വത്തിൽ നിന്ന് മിതമായ തോതിൽ ഉപയോഗിക്കാൻ അനുവാദമുണ്ട്. എന്നിട്ടും തിരിച്ചേൽപ്പിക്കേണ്ട സ്വത്താണെന്ന് കരുതി അമിതമായി ഉപയോഗിക്കുകയോ പാട്ടിലമർത്തി വെക്കുവാനോ പാടില്ലാത്തതാകുന്നു. കൈകാര്യം നടത്തുന്നയാൾ ധനികനാണെങ്കിൽ ആ സ്വത്തിൽനിന്നും ഒന്നും പറ്റാതെ അവൻ മാനവും മാന്യതയും പാലിച്ചുകൊണ്ടും, ദരിദ്രനാണെങ്കിൽ അവൻ ഇക്കാര്യത്തിൽ അവന്റെ സമയവും അദ്ധ്വാനവും വിനിയോഗിക്കുന്നതിൽ മര്യാദയനുസരിച്ചും അതിൽ നിന്ന് ഉപയോഗിച്ച് കൊള്ളട്ടെ എന്നും മാത്രമേ അല്ലാഹു നിർദ്ദേശിക്കുന്നുള്ളൂ – അല്ലാതെ കണിശമായ നിബന്ധനകളൊന്നും പ്രസ്താവിച്ചിട്ടില്ല. ദരിദ്രനാണെങ്കിൽ ഉപയോഗിക്കുന്നതിന്റെ പരിധിയെക്കുറിച്ച് പല വ്യാഖ്യാതാക്കളും പല തരത്തിലുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിച്ചതായി കാണാം. എല്ലാ അഭിപ്രായങ്ങളും പരിശോധിച്ചാൽ, അത്യാവശ്യങ്ങൾക്കുവേണ്ടി, കഴിയുന്നത്ര ചുരുങ്ങിയ തോതിൽ അവന് എടുത്തു ഉപയോഗിക്കാം, സ്വത്തിന് നാശം ഭവിക്കാതിരിക്കാൻ പരമാവധി ശ്രമിക്കുകയും വേണം എന്ന തത്വത്തിൽ അവയെല്ലാം ഊന്നിനിൽക്കുന്നതായി മനസ്സിലാക്കാം. (6) സ്വത്ത് വിട്ട് കൊടുക്കുന്ന അവസരത്തിൽ അത് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സ്വത്ത് സത്യസന്ധമായി കൈകാര്യപ്പെട്ടിരുന്നാലും, ആരോപണങ്ങൾ വരാതിരിക്കാനുള്ള ഒരു മുൻകരുതലെന്ന നിലയിൽ അല്ലാഹുവിന്റെ ഈ നിർദ്ദേശം പ്രധാനമായും കൈകാര്യക്കാരന്റെ നന്മയെ ഉദ്ദേശിച്ച്കൊണ്ടുള്ളതാകുന്നു. രേഖകളും തെളിവുകളും എങ്ങനെയായിരുന്നാലും കാര്യങ്ങൾ കയ്യാളപ്പെട്ടതിന്റെ നിജസ്ഥിതി അറിയാവുന്ന അല്ലാഹു അതിനെപ്പറ്റി കണക്ക് ചോദിക്കുകയും ചെയ്യുമെന്ന് തുടർന്ന് അല്ലാഹു ഓർമ്മിപ്പിക്കുന്നു. അന്യന്റെ – പ്രത്യേകിച്ചും അനാഥകളുടെ – സ്വത്ത് കൈകാര്യം നടത്തുമ്പോൾ സത്യസന്ധരായാൽ മാത്രം പോരാ, വേണ്ടത്പോലെ കൈകാര്യം നടത്തുവാനുള്ള പ്രാപ്തിയും കഴിവും ഉള്ളവർ കൂടി ആയിരിക്കണമെന്ന് നബി(സ) പഠിപ്പിക്കുന്നുണ്ട്.

---

**വചനം 7:**

لِّلرِّجَالِ نَصِيبٌ مِّمَّا تَرَكَ ٱلْوَٰلِدَانِ وَٱلْأَقْرَبُونَ وَلِلنِّسَآءِ نَصِيبٌ مِّمَّا تَرَكَ ٱلْوَٰلِدَانِ وَٱلْأَقْرَبُونَ مِمَّا قَلَّ مِنْهُ أَوْ كَثُرَ نَصِيبًا مَّفْرُوضًا ﴿٧﴾

7 മാതാപിതാക്കളും, അടുത്ത കുടുംബങ്ങളും വിട്ടേച്ചുപോയതിൽ (സ്വത്തിൽ) നിന്ന് പുരുഷൻമാർക്ക് ഓഹരിയുണ്ട്; മാതാപിതാക്കളും, അടുത്ത കുടുംബങ്ങളും വിട്ടേച്ചുപോയതിൽ (സ്വത്തിൽ) നിന്ന് സ്ത്രീകൾക്കും ഓഹരിയുണ്ട്; അതായത്, അതിൽ നിന്ന് കുറഞ്ഞതോ, അധികരിച്ചതോ, ആയതിൽ നിന്ന് (എല്ലാംതന്നെ); (അതെ) നിർണ്ണയം ചെയ്യപ്പെട്ട ഒരോഹരി.

---

ഈ വചനത്തിലും തുടർന്നുള്ള മൂന്ന് വചനങ്ങളിലും (വചനം 8,9,10) അനന്തരാവകാശ സംബന്ധമായ അടിസ്ഥാന തത്വങ്ങളും നിർദ്ദേശങ്ങളും നല്കിയതിനു ശേഷം അല്ലാഹു 11,12,176 വചനങ്ങളിൽ വിഷയം വിശദീകരിക്കുന്നു.

ഖുർആൻ അവതരണകാലത്ത് അറബികൾക്കിടയിൽ നിലിവിലുണ്ടായിരുന്ന പിൻതുടർച്ചാ സമ്പ്രദായങ്ങൾ അക്രമവും അനീതിയും കലർന്നതായിരുന്നു. പ്രസ്തുത അനീതികൾ തുടച്ച് നീക്കി, നീതിയുക്തമായ

ഒരു നിയമസംഹിത അവതരിപ്പിക്കുകയാണ് ഖുർആൻ ചെയ്യുന്നത്. എന്നാൽ അല്ലാഹു പ്രസ്താവിച്ച തത്വോപ ദേശങ്ങൾ ശരിക്ക് ഗ്രഹിക്കുകയും പാലിക്കുകയും ചെയ്യുന്നതിൽ സമുദായം ഇന്ന് കാണിക്കുന്ന അലംഭാവം, ജാഹിലിയ്യാ കാലത്ത് അനന്തരസ്വത്തുക്കളുടെ കൈകാര്യത്തിൽ നടന്നിരുന്ന മിക്ക അനീതികളെയും അനുസ്മി രിപ്പിക്കുന്നു.

അനന്തരാവകാശക്രമത്തിന്റ അടിസ്ഥാന തത്വങ്ങളായി അല്ലാഹു ഈ വചനത്തിൽ പ്രസ്താവിച്ച കാര്യ ങ്ങൾ ഇവയാകുന്നു. (1) പുരുഷനും സ്ത്രീക്കും സ്വത്തിൽ നിശ്ചിത അവകാശമുണ്ട്. ജാഹിലിയ്യാ കാലത്ത് കുട്ടികൾക്കും സ്ത്രീകൾക്കും സ്വത്തവകാശം നല്കുക പതിവുണ്ടായിരുന്നില്ല. (2) സ്വത്തുടമ വിട്ടേച്ച് പോകുന്ന അഥവാ അയാൾ മരണപ്പെടുമ്പോൾ ബാധ്യത കഴിച്ച് ബാക്കിയായി അവശേഷിക്കുന്ന സ്വത്തിന് മാത്രമാണ് അനന്തരവകാശ നിയമം ബാധകമാകുന്നത്. അങ്ങനെ വരുമ്പോൾ, അയാളുടെ മുമ്പു മരണപ്പെട്ടുപോയ ഒരാൾക്കും അവർ എത്രതന്നെ അടുത്ത ബന്ധമുള്ളവനായിരുന്നാലും - ആ സ്വത്തിന് അവകാശമില്ലെന്ന് സ്പഷ്ടമാണ്. നേരെമറിച്ച് സ്വത്തുടമയുടെ മരണശേഷം മരണപ്പെടുന്ന അവകാശിയുടെ അവകാശം ഇല്ലാതാകുന്നുമില്ല. അയാ ളുടെ ഓഹരി അയാളുടെ അവകാശികൾക്ക് നല്കപ്പെടേണ്ടതാണ്. (3) വിട്ടേച്ചുപോയ സ്വത്തിനെല്ലാം നിയമം ബാധകമാകും. നാണയമെന്നോ, സ്വർണ്ണമെന്നോ ഇളകുന്ന വസ്തുവെന്നോ, അല്ലാത്തവയെന്നോ ഉള്ള വ്യത്യാ സമില്ല. ഇന്നയിന്ന വസ്തുക്കൾ മൂത്തമക്കൾക്കെന്നോ, ഇളയമക്കൾക്കെന്നോ (ഉദാ. തറവാട് വീട്) ഉള്ള നിയമ ങ്ങളൊന്നും ഇസ്ലാമിലില്ല. എന്നാൽ പരസ്പരം തൃപ്തിപ്പെട്ട് അത്തരം തീരുമാനങ്ങളിൽ എത്തുന്നതിന് വിരോ ധവുമില്ല. (4) മരണപ്പെട്ട ആളുടെ മക്കളോ അടുത്ത കുടുംബങ്ങളോ ആയിരിക്കുക എന്നുള്ളതിൽ നിന്നാണ് സ്വത്തവകാശത്തിനുള്ള അർഹത ഉൽഭവിക്കുന്നത്. മാതാപിതാക്കളും അടുത്ത കുടുംബങ്ങളും വിട്ടുപോയ സ്വത്തിൽ നിന്ന് എന്ന് പറഞ്ഞതിൽ നിന്നു ഇതു മനസ്സിലാക്കാം. അവകാശികളുടെ കൂട്ടത്തിൽ ഭാര്യഭർത്താ ക്കളെ അല്ലാഹു പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്. അനന്തര സ്വത്തിന്റെ അർഹതക്ക് ദരിദ്രനെന്നോ, ധനിക നെന്നോ ഉള്ള പരിഗണന മാനദണ്ഡമാക്കാവുന്നതല്ല. മരണപ്പെട്ട ആളുമായുള്ള ബന്ധത്തിന്റെ അടിസ്ഥാന ത്തിൽ മാത്രമായിരിക്കും അത്. കൂടുതൽ അടുത്ത ബന്ധമുള്ളവർ നിലവിലുള്ളപ്പോൾ, അവരേക്കാൾ അകന്ന ബന്ധമുള്ളവർക്ക് അവകാശം നഷ്ടപ്പെടുന്നതിലുള്ള തത്വം ഇപ്പറഞ്ഞതിൽ നിന്നും മനസ്സിലാക്കാമല്ലോ. (5) സ്വത്തിന്റെ ഏറ്റക്കുറവ് പരിഗണനീയമല്ല. കുറഞ്ഞതിൽ നിന്നോ അധികരിച്ചതിൽ നിന്നോ എന്നാണല്ലോ അല്ലാഹു പറഞ്ഞത്. വളരെകുറച്ച് മാത്രമായാലും സാധാരണക്കണക്കിലായാലും അവകാശത്തിന്റെ തോത് ഒരു പോലെ തന്നെ. വളരെ തുച്ഛമാണെങ്കിൽ അവകാശികൾക്ക് വിട്ടുവീഴ്ചയോടെ ഒത്തൊരുമിച്ച് വല്ല തീരുമാ നവും എടുക്കാവുന്നതാണ്. എത്രയായാലും, മരണപ്പെട്ടവന്റെ ബാധ്യത (കടവും നിയമാനുസൃതമായ വസിയ്യ ത്തും) കഴിച്ച് ബാക്കി മാത്രമേ അവകാശികൾക്കുള്ളൂ. (6) 'നിർണ്ണയം ചെയ്യപ്പെട്ട ഓഹരി' എന്ന വചന ത്തിൽനിന്നും അർത്ഥമാക്കുന്നത്, അല്ലാഹു ഓരോ അവകാശിക്കുമുള്ള ഓഹരി എത്രയാണെന്ന് നിർണ്ണയിച്ച് കഴിഞ്ഞിട്ടുള്ളതുപ്രകാരം, എന്തെങ്കിലും ഭേദഗതിയോ മാറ്റത്തിരുത്തലുകളോ ചെയ്യാതെ, അവൻ നിശ്ചയിച്ച വിഹിതം, ഓരോരുത്തർക്കും വകവെച്ച് കൊടുക്കൽ നിർബ്ബന്ധമാണ് എന്നത്രെ. സ്ത്രീ - പുരുഷ സമത്വവാദ ത്തിന്റെ പേരിലോ, ദാരിദ്ര്യത്തിന്റെയും ബുദ്ധിമുട്ടിന്റെയും പേരിലോ, അല്ലാഹുവിന്റെ വിധിയിൽ മാറ്റം വരുത്താൻ പാടില്ല.

**വചനം 8,9,10:**

8 (സ്വത്തു) ഭാഗം ചെയ്യുന്നിടത്ത് കുടുംബക്കാരും, അനാഥകളും, സാധുക്കളും ഹാജറുണ്ടായാൽ, അതിൽ നിന്ന് അവർക്ക് നൽകുകയും, അവരോടു (നല്ല) മര്യാദപ്പെട്ട വാക്ക് പറയുകയും ചെയ്യുവിൻ.

وَإِذَا حَضَرَ ٱلْقِسْمَةَ أُو۟لُوا۟ ٱلْقُرْبَىٰ وَٱلْيَتَـٰمَىٰ وَٱلْمَسَـٰكِينُ فَٱرْزُقُوهُم مِّنْهُ وَقُولُوا۟ لَهُمْ قَوْلًا مَّعْرُوفًا ﴿٨﴾

9 തങ്ങളുടെ പിന്നിൽ ദുർബ്ബലരായ സന്താനങ്ങളെ വിട്ടേച്ചു പോയിരുന്നാൽ അവരെപ്പറ്റി ഭയപ്പെടുന്നവർ പേടിച്ചുകൊള്ളുകയും ചെയ്യട്ടെ; (അതെ) അപ്പോൾ അവർ അല്ലാഹുവിനെ സൂക്ഷിച്ചു കൊള്ളട്ടെ; ചൊവ്വായ വാക്ക് പറയുകയും ചെയ്യട്ടെ.

وَلْيَخْشَ ٱلَّذِينَ لَوْ تَرَكُوا۟ مِنْ خَلْفِهِمْ ذُرِّيَّةً ضِعَـٰفًا خَافُوا۟ عَلَيْهِمْ فَلْيَتَّقُوا۟ ٱللَّهَ وَلْيَقُولُوا۟ قَوْلًا سَدِيدًا ﴿٩﴾

10 നിശ്ചയമായും, അനാഥകളുടെ സ്വത്തുക്കളെ അക്രമമായി തിന്നുന്നവർ, അവരുടെ വയറുകളിൽ അവർ തിന്നു (നിറക്കു)ന്നത് അഗ്നി മാത്രമാകുന്നു. കത്തിജ്ജ്വലിക്കുന്ന നരകത്തിൽ വഴിയെ അവർ (കടന്ന്) എരിയുകയും ചെയ്യും.

إِنَّ ٱلَّذِينَ يَأۡكُلُونَ أَمۡوَٰلَ ٱلۡيَتَٰمَىٰ ظُلۡمًا إِنَّمَا يَأۡكُلُونَ فِي بُطُونِهِمۡ نَارٗاۖ وَسَيَصۡلَوۡنَ سَعِيرٗا ١٠

---

വചനം 8 അനന്തരാവകാശികളെ അഭിമുഖീകരിച്ചുള്ളതാകുന്നു. അനന്തരസ്വത്ത് ഭാഗിക്കുന്ന സന്ദർഭത്തിൽ നിശ്ചിത അവകാശങ്ങളൊന്നും ലഭിക്കാത്തവരായ കുടുംബങ്ങളോ, അനാഥകളോ സാധുക്കളോ ഉണ്ടായിരുന്നാൽ അവർക്ക് അതിൽ നിന്നും കുറേശ്ശെ വക കൊടുത്തു നല്ല വാക്കും പറഞ്ഞ് സന്തോഷിപ്പിച്ച് വിടണം എന്ന് സാരം. ഇതൊരു നിർബന്ധനിയമമാണെന്നും അതല്ല പുണ്യപ്പെട്ട ഒരു ഐഛിക നിയമമാണെന്നും പണ്ഡിതന്മാർക്കിടയിൽ രണ്ട് അഭിപ്രായക്കാരുണ്ട്. ( الله اعلم). അതുപോലെ കൃഷിയിടങ്ങളിൽ നിന്നും മറ്റും വിളവെടുക്കുന്ന അവസരങ്ങളിൽ ബന്ധപ്പെട്ടവരും സാധുക്കളും ഹാജരുണ്ടെങ്കിൽ അവർക്കും അപ്രകാരം വല്ലതുമൊക്കെ കൊടുത്ത് തൃപ്തിപ്പെടുത്തുന്നതും വളരെ നല്ലൊരു വഴക്കമത്രേ.

വചനം: 9 സ്വത്തുക്കൾ വിട്ടേച്ച് മരണപ്പെട്ടുപോകുന്നവരെ ഉദ്ദേശിച്ചുള്ളതാകുന്നു. തങ്ങളുടെ മരണശേഷം തങ്ങളുടെ മക്കൾ മുതലായ അവകാശികൾ നിസ്സഹായരായിപ്പോകുമെന്ന് ആശങ്കയുള്ളവർ നേരത്തെ തന്നെ മുൻകരുതൽ എടുക്കേണ്ടതാണ്. അങ്ങനെയുള്ളവർ സ്വത്തിന്റെ കാര്യമായ ഭാഗമോ മുഴുവനോ വസിയ്യത്ത് ചെയ്യുകയോ, മറ്റ് വിഷയങ്ങളിൽ ചെലവഴിക്കുകയോ ചെയ്യാതെ, അവകാശികൾക്ക് വേണ്ടി കരുതി വെക്കണം. സഅ്ദ്ബ്നു അബീവഖാസ്(റ) രോഗത്തിലായിരുന്നപ്പോൾ തന്റെ സ്വത്തിൽ വലിയൊരു ഭാഗം വസിയ്യത്ത് ചെയ്യുവാൻ നബി(സ)യോട് അനുവാദം ചോദിച്ചപ്പോൾ ആദ്യം അത് സമ്മതിക്കാതിരിക്കുകയും, പിന്നീട് പരമാവധി മൂന്നിലൊന്ന് വസിയ്യത്ത് ചെയ്യാൻ അനുവദിക്കുകയും ചെയ്തു.

വചനം: 10ന്റെ ആശയം വ്യക്തമാകുന്നു. അനാഥകളുടെ ധനം അന്യായമായ രൂപത്തിൽ എടുത്ത് തിന്നുന്നവൻ നരകത്തിൽ കിടന്ന് അഗ്നി കൊണ്ട് വയറ് നിറക്കേണ്ട ശിക്ഷ അനുഭവിക്കേണ്ടിവരും. ഏഴ് മഹാപാപങ്ങളുടെ കുട്ടത്തിൽ നബി(സ) എണ്ണിയിരിക്കുന്ന അതിഭയങ്കരമായ ഒരു പാതകമാകുന്നു അത്.

## വിഭാഗം 2

അനന്തരാവകാശ സംബന്ധമായ നിയമപരമായ വിശദീകരണങ്ങൾ 11-ാം വചനത്തോടെ തുടങ്ങുന്നു. ഉഹ്ദു യുദ്ധത്തിൽ കൊല്ലപ്പെട്ട സഅദുബ്നു റുബയ്യ് (റ)ന്റെ ഭാര്യ അദ്ദേഹത്തിന്റെ രണ്ട് പുത്രികളുമായി റസൂൽ(സ) തിരുമേനിയുടെ അടുക്കൽ ചെന്ന്, അവരുടെ പിതൃവ്യൻ അവരുടെ സ്വത്ത് മുഴുവൻ എടുത്ത് അവർക്ക് ഒന്നും ബാക്കിവെച്ചിട്ടില്ലെന്ന് പരാതി പറഞ്ഞപ്പോൾ തിരുമേനി പറഞ്ഞു: "അല്ലാഹു അതിൽ തീരുമാനമടുത്തുകൊള്ളും" - അങ്ങനെ അനന്തരാവകാശത്തിന്റെ ആയത്തുകൾ അവതരിച്ചു. വചനം 11,12, കൂടാതെ സൂറത്തിലെ അവസാന വചനം (വചനം 176) എന്നീ മൂന്ന് വചനങ്ങളിലായി അനന്തരാവകാശം സംബന്ധിച്ച എല്ലാ പ്രധാന നിയമങ്ങളും അല്ലാഹു വിവരിച്ചിരിക്കുന്നു. ഈ മൂന്നു വചനങ്ങളെയും ബന്ധപ്പെട്ട നബി വചനങ്ങളെയും അടിസ്ഥാനമാക്കി ക്രോഡീകരിക്കപ്പെട്ട അനർഘമായ ഒരു വിജ്ഞാനശാഖയത്രേ "ഇൽ മുൽ ഫറാ ഇളു്" എന്ന പേരിൽ അറിയപ്പെടുന്ന ഓഹരി നിർണയങ്ങളുടെ വിജ്ഞാനമെന്ന കർമ്മശാസ്ത്രവിജ്ഞാനം. മുസ്ലീംകൾക്കേവർക്കും, ലോകത്ത് മറ്റു സമുദായങ്ങളുടെ മുമ്പിൽ അഭിമാനം കൊള്ളാവുന്ന ഒരു നിയമസംഹിതയാകുന്നു 'ഇൽമുൽഫറാഇളു്."

---

**വചനം 11 :**

11 നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങളോടു 'വസിയ്യത്തു' ചെയ്യുന്നു: ആണിന് രണ്ടു പെണ്ണിൻെറ ഓഹരിക്കു തുല്ല്യമായതുണ്ട് എന്ന്. എന്നാൽ, അവർ രണ്ടിനുമീതെ സ്ത്രീകളായിരുന്നാൽ അവർക്ക്

يُوصِيكُمُ ٱللَّهُ فِيٓ أَوۡلَٰدِكُمۡۖ لِلذَّكَرِ مِثۡلُ حَظِّ ٱلۡأُنثَيَيۡنِۚ فَإِن كُنَّ نِسَآءٗ فَوۡقَ ٱثۡنَتَيۡنِ فَلَهُنَّ ثُلُثَا مَا تَرَكَۖ وَإِن كَانَتۡ

وَٰحِدَةً فَلَهَا ٱلنِّصۡفُۚ وَلِأَبَوَيۡهِ لِكُلِّ وَٰحِدٍ مِّنۡهُمَا ٱلسُّدُسُ مِمَّا تَرَكَ إِن كَانَ لَهُۥ وَلَدٞۚ فَإِن لَّمۡ يَكُن لَّهُۥ وَلَدٞ وَوَرِثَهُۥٓ أَبَوَاهُ فَلِأُمِّهِ ٱلثُّلُثُۚ فَإِن كَانَ لَهُۥٓ إِخۡوَةٞ فَلِأُمِّهِ ٱلسُّدُسُۚ مِنۢ بَعۡدِ وَصِيَّةٖ يُوصِي بِهَآ أَوۡ دَيۡنٍۗ ءَابَآؤُكُمۡ وَأَبۡنَآؤُكُمۡ لَا تَدۡرُونَ أَيُّهُمۡ أَقۡرَبُ لَكُمۡ نَفۡعٗاۚ فَرِيضَةٗ مِّنَ ٱللَّهِۗ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمٗا ﴿١١﴾

അവൻ (മരണപ്പെട്ട ആൾ) വിട്ടേച്ചു പോയതിൻെറ മൂന്നിൽ രണ്ടംശമുണ്ടായിരിക്കും. അവൾ (മകൾ) ഒരുവളാണെങ്കിൽ അവൾക്ക് പകുതിയുമുണ്ട്: അവന് (മരണപ്പെട്ടവന്) സന്താനമുണ്ടായിരുന്നാൽ, അവൻ വിട്ടുപോയതിൽ നിന്ന് അവൻെറ മാതാപിതാക്കൾക്ക്- അവരിൽ ഓരോരുത്തർക്കും-ആറിലൊന്നുമുണ്ടായിരിക്കും. ഇനി, അവന് സന്താനമില്ലാതിരിക്കുകയും, അവൻെറ മാതാപിതാക്കൾ (മാത്രം) അവനെ അനന്തരമെടുക്കുകയും ചെയ്യുന്ന പക്ഷം, അവൻെറ മാതാവിന് മൂന്നിലൊന്നുണ്ടായിരിക്കും. എന്നാൽ, അവന് സഹോദരങ്ങൾ ഉണ്ടായിരുന്നാൽ, അവൻെറ മാതാവിന് ആറിലൊന്നായിരിക്കും. അവൻ ചെയ്യുന്ന 'വസിയ്യത്തി'ൻെറയോ, കടത്തിൻെറയോ ശേഷമത്രെ (ഇതെല്ലാം). നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ മക്കളും -ഇവരിൽ ഏതാളാണ് ഉപകാരത്തിൽ നിങ്ങൾക്ക് കൂടുതൽ അടുപ്പമുള്ളവരെന്ന് നിങ്ങൾക്ക് അറിയുകയില്ല. (അതെ) അല്ലാഹുവിങ്കൽനിന്ന് (നിശ്ചയിച്ചിട്ടു) ള്ള ഓഹരി നിർണ്ണയം (തന്നെ)! നിശ്ചയമായും, അല്ലാഹു സർവ്വജ്ഞനും, അഗാധജ്ഞനുമാകുന്നു.

---

നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങളോടു 'വസിയത്ത്' ചെയ്യുന്നു എന്ന് ശക്തമായി ഉണർത്തിക്കൊണ്ടാണ് അല്ലാഹു നിയമങ്ങൾ വിവരിക്കാൻ തുടങ്ങുന്നത്. വിഷയത്തിന്റെ പ്രാധാന്യവും അത് അനുഷ്ഠാനത്തിൽ വരുത്തുവാനുള്ള ശക്തമായ പ്രോത്സാഹനവുമാണിത് സൂചിപ്പിക്കുന്നത്. മരണപ്പെട്ട ആളുമായി, ഏറ്റവും അടുത്ത ബന്ധമുള്ള, മക്കളുടെ കാര്യമാണ് ആദ്യമായി പ്രസ്താവിക്കുന്നത്.

ഒരു ആണിന് രണ്ട് പെണ്ണിന്റെ ഓഹരിയാണുള്ളത് എന്നത്രേ അല്ലാഹുവിന്റെ വസിയ്യത്ത്. രണ്ട് കൂട്ടർക്കും ഒരേ തോതിൽ അവകാശം നല്കപ്പെടേണ്ടതല്ലേ എന്ന് ചോദിക്കപ്പെടാറുണ്ട്. ധനത്തിന്റെ ആവശ്യം സ്ത്രീകളേക്കാൾ കൂടുതലായി പുരുഷന്മാരാണല്ലോ നേരിടുന്നത്. സ്ത്രീകളടക്കമുള്ള കുടുംബത്തിന്റെ ഭക്ഷണം, പാർപ്പിടം, തുടങ്ങി ചിലവുകളും, മറ്റ് പുറം കാര്യങ്ങളിലെ ചിലവുകളും നിർവഹിച്ച് കൊടുക്കേണ്ടുന്ന ബാദ്ധ്യതയും പുരഷന്മാർക്കാണല്ലോ. ഇതാണ് പുരുഷന് സ്ത്രീയുടെ ഇരട്ടി നിശ്ചയിച്ചതിലടങ്ങിയ ചില തത്വങ്ങൾ.

അനന്തരാവകാശ സംബന്ധമായ കാര്യങ്ങളിൽ ബന്ധങ്ങൾ എടുത്ത് പറയുമ്പോൾ (ഉദാ. മാതാവ്, പിതാവ്, മകൻ,. മകൾ, സഹോദരൻ, ഭാര്യ, ഭർത്താവ്) മരണപ്പെട്ട ആളുടെ പിതാവ്, മാതാവ്, മകൻ. . . . എന്നിങ്ങനെയാണർത്ഥമാക്കുന്നത്. അത് പോലെ തന്നെ പകുതി, ആറിലൊന്ന്, എട്ടിലൊന്ന് എന്നൊക്കെ ഓഹരി കണക്കാക്കുന്നത് മരണപ്പെട്ട ആളുടെ ആകെ ധനത്തെ ആസ്പദമാക്കിയുമായിരിക്കും.

അവകാശികളിൽ രണ്ട് തരക്കാരുണ്ട്. (1) നിശ്ചിത ഓഹരിക്കാർ ( أهل الفروض ) ഇവരുടെ നിശ്ചിത ഓഹരിയിൽ ഏറ്റക്കുറവ് വരികയില്ല.

(2) അസബ ( العصبة ) അഥവാ ക്ലിപ്തമായ ഓഹരി നിശ്ചയിക്കപ്പെടാത്തവർ. നിശ്ചിത ഓഹരിക്കാർക്ക് കൊടുത്തു കഴിഞ്ഞതിനുശേഷം ബാക്കിയുണ്ടാകുന്നത് ഇവർക്കായിരിക്കും. നിശ്ചിത ഓഹരിക്കാർ ഇല്ലെങ്കിൽ സ്വത്ത് മുഴുവൻ ഇവർക്കായിരിക്കും. പുത്രൻ, പൗത്രൻ, പിതാവ്, സഹോദരൻ, സഹോദരപുത്രൻ, പിതൃവ്യൻ, പിതൃവ്യപുത്രൻ എന്നിങ്ങനെ കൂടുതൽ മരണപ്പെട്ടവനുമായി അടുത്ത ബന്ധുക്കളായിരിക്കും ഇവർ. ഇവരിൽ ചിലർക്ക് ഒരു നിശ്ചിത ഓഹരി ലഭിക്കുന്നതിന് പുറമേ നിലവിലുള്ള മറ്റ് ഓഹരിക്കാരുടെ അവകാശങ്ങൾ കഴിച്ച് ബാക്കിയുണ്ടെങ്കിൽ അതും കൂടെ (രണ്ടു അവകാശങ്ങളും) ലഭിക്കാനുള്ള സന്ദർഭങ്ങളും ഉണ്ടായെന്ന് വരാം.

മക്കളുടെയും മാതാപിതാക്കളുടെയും (നിശ്ചിത ഓഹരിക്കാർ) അവകാശത്തെക്കുറിച്ച് പ്രസ്താവിക്കുന്ന ഈ വചനത്തിൽ താഴെ കാണുന്ന നിയമങ്ങൾ അടങ്ങിയിരിക്കുന്നു.

1. ഒരാൾക്ക് അവകാശികളായി ആൺമക്കൾ മാത്രമുള്ളപ്പോൾ സ്വത്ത് മുഴുവൻ അവർക്കായിരിക്കും. അവർ ഒന്നിലധികം പേരുണ്ടെങ്കിൽ അവർ സമമായി ഭാഗിച്ചെടുക്കണം. നിശ്ചിത ഓഹരിക്കാർ വേറെയുണ്ടെങ്കിൽ അവരുടേത് കഴിച്ച് ബാക്കിയായിരിക്കും ഇവർക്കുള്ളത്.

2. ആൺമക്കളില്ലാത്തപ്പോൾ ഒരു മകൾ മാത്രമേയുള്ളവെങ്കിൽ അവൾക്ക് പകുതിയും, ഒന്നിലധികം പെൺമക്കളുണ്ടെങ്കിൽ അവർക്ക് 2/3 അംശവും ലഭിക്കും. (നിശ്ചിത ഓഹരിക്കാരുണ്ടെങ്കിൽ അത് കഴിച്ച് ബാക്കിയുള്ളത്)

3. മക്കൾ ആണും പെണ്ണും ഉണ്ടായിരുന്നാൽ ആണിന്റെ പകുതി പെണ്ണിന് എന്ന തോതിൽ ഭാഗിക്കണം. (നിശ്ചിത ഓഹരിക്കാർ ഉണ്ടെങ്കിൽ അവരുടേത് കഴിച്ച് ബാക്കിയുള്ളത്)

4. മക്കൾ ഉള്ളപ്പോൾ അവർ ആണോ പെണ്ണോ ഒന്നോ അധികമോ ആവട്ടെ മാതാവിനും പിതാവിനും 1/6 വീതമായിരിക്കും ഓഹരി. എന്നാൽ പുത്രനില്ലാതിരിക്കെ മറ്റ് ഓഹരിക്കാരുടേത് കഴിച്ച് വല്ലതും ബാക്കിയുണ്ടാകുന്ന പക്ഷം അതും പിതാവിന് ലഭിക്കും. മാതാവിന് 1/6 മാത്രമേ ലഭിക്കൂ.

5. സന്താനമോ സഹോദര സഹോദരികളായ ഒന്നലധികം ആളുകളോ ഇല്ലാതിരിക്കുന്ന പക്ഷം മാതാവിന്റെ അവകാശം 1/3 ആയിരിക്കുന്നതാണ്.

6. സഹോദര സഹോദരികളായി ഒന്നിലധികം പേരുണ്ടെങ്കിൽ മാതാവിന് 1/6 മാത്രമായിരിക്കും ലഭിക്കുക.

ഈ രണ്ട് അവസരങ്ങളിലും നിശ്ചിത ഓഹരിക്കാരുടേത് കഴിച്ച് വല്ലതും ബാക്കി വരുന്ന പക്ഷം അത് പിതാവിന് (അസ്വബയായി) ലഭിക്കുകയും ചെയ്യും.

ഇവ കൂടാതെ ഈ വചനവും ബന്ധപ്പെട്ട ഹദീസുകളും അടിസ്ഥാനമാക്കി, വേറെയും പല വിധികൾ അനന്തരവകാശ സംബന്ധമായി പണ്ഡിതന്മാർ വിവരിച്ചിട്ടുണ്ട്.

മരണപ്പെട്ട ആൾ വല്ല വസിയ്യത്തും ചെയ്തു വെച്ചിട്ടുണ്ടെങ്കിൽ അതും അയാൾ കൊടുത്ത് തീർക്കാനുള്ള കടവും കഴിച്ച് ബാക്കി വരുന്ന സ്വത്ത് മാത്രമേ അവകാശികൾക്ക് ഭാഗിച്ചെടുക്കാൻ പാടുള്ളൂ.

വസിയ്യത്ത് സംബന്ധിച്ച് കൂടുതൽ വിശദീകരണങ്ങൾ സൂ: ബഖറ 180 ലും വ്യാഖ്യാനത്തിലും കഴിഞ്ഞ് പോയിട്ടുണ്ട്. ആകെ സ്വത്തിന്റെ 1/3 മൂന്നിലൊന്നിൽ കവിഞ്ഞ് വസിയ്യത്ത് ചെയ്യാൻ പാടില്ല. എന്നാൽ കടം എത്രയുണ്ടെങ്കിലും സ്വത്തിൽ നിന്ന് കെടുത്ത് തീർത്തേ പറ്റൂ. വസിയ്യത്തിനേക്കാൾ മുൻഗണന നൽകേണ്ടത് കടം കൊടുത്ത് തീർക്കുന്നതിനാണ്. കടം മറ്റാരെങ്കിലും കൊടുത്ത് തീർക്കാൻ തയ്യാറാകുന്ന പക്ഷം മാത്രമേ അത് സ്വത്തിൽ നിന്ന് കൊടുക്കാതിരിക്കാൻ നിവൃത്തിയുള്ളൂ. കടവും വസിയ്യത്തും ഗൗനിക്കാതെ സ്വത്ത് ഭാഗിച്ചെടുക്കുന്നത് അന്യരുടെ അവകാശം അക്രമമായി പിടിച്ചെടുക്കുന്നതിന് തുല്യമായിരിക്കും.

തുടർന്ന് അല്ലാഹു പറയുന്നു 'നിങ്ങളുടെ പിതാക്കളിലും മക്കളിലും ആരാണ് ഉപകാരത്തിൽ കൂടുതൽ അടുത്തവർ എന്ന് നിങ്ങൾക്കറിയുകയില്ല. എല്ലാ യുക്തിരഹസ്യങ്ങളും അറിയുന്ന അല്ലാഹു അത് കൊണ്ടാണ് എല്ലാവരുടേയും അവകാശം അവൻതന്നെ നിർണ്ണയിച്ച് തന്നിരിക്കുന്നത്. പിതാക്കൾ എന്നതുകൊണ്ട് പിതാക്കൾക്കു പുറമെ, പിതാമഹന്മാരും മക്കൾ എന്നത് കൊണ്ട് സ്വന്തം മക്കളും മക്കളുടെ മക്കളും എല്ലാം ഉൾപ്പെടുന്നു. ഉപകാരം കൊണ്ടുദ്ദേശ്യം ഐഹികമായതോ പാരത്രികമായതോ ആയ ഉപകാരമാകാം. ഇഹത്തിൽ ലഭിക്കുന്ന ഉപകാരങ്ങളെ പറ്റി വിവരിക്കേണ്ട ആവശ്യമില്ല. ചിലർ നല്ലവരും, ധനം നല്ല വിഷയത്തിൽ മാത്രം ചെലവഴിക്കുന്നവരും, മരണപ്പെട്ടവന്റെ ഗുണത്തിന് വേണ്ടി പ്രാർത്ഥിക്കുന്നവരുമായിരിക്കും. സ്വർഗസ്ഥരായ സജ്ജനങ്ങളൊന്നിച്ച്, അവരുടെ പിതാക്കളിലും, സന്തതികളിലും ഭാര്യമാരിലുമുള്ള സദുവൃത്തരായ ആളുകളെയും അല്ലാഹു ഒരുമിച്ച് കൂട്ടുമെന്ന് 13:23; 52:21 എന്നിവിടങ്ങളിൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. ഇതൊക്കെ പാരത്രികമായ നന്മകൾക്ക് ഉദാഹരണമാകുന്നു.

എല്ലാ കാര്യവും അറിയുന്ന സർവ്വശക്തനായ അല്ലാഹു നിശ്ചയിച്ച് തന്ന ഓഹരിക്രമം മാറ്റം വരുത്താൻ ആർക്കും അധികാരവും അവകാശവുമില്ല. അല്ലാഹു പറയുന്നു "അല്ലാഹുവിങ്കൽ നിന്നുള്ള ഓഹരി നിർണ്ണയം. നിശ്ചയമായും അവൻ സർവ്വജ്ഞനും അഗാധജ്ഞനുമാകുന്നു."

**വചനം 12 :**

12 നിങ്ങളുടെ ഭാര്യമാർ വിട്ടേച്ചു പോയതിൻെറ പകുതി നിങ്ങൾക്കാകുന്നു; അവർക്ക് സന്താനമില്ലെങ്കിൽ. ഇനി, അവർക്ക് സന്താന

۞ وَلَكُمْ نِصْفُ مَا تَرَكَ أَزْوَٰجُكُمْ إِن لَّمْ يَكُن لَّهُنَّ وَلَدٌ ۚ فَإِن كَانَ

لَهُنَّ وَلَدٌ فَلَكُمُ ٱلرُّبُعُ مِمَّا تَرَكۡنَۚ
مِنۢ بَعۡدِ وَصِيَّةٖ يُوصِينَ بِهَآ أَوۡ
دَيۡنٖۚ وَلَهُنَّ ٱلرُّبُعُ مِمَّا تَرَكۡتُمۡ إِن
لَّمۡ يَكُن لَّكُمۡ وَلَدٞۚ فَإِن كَانَ لَكُمۡ
وَلَدٞ فَلَهُنَّ ٱلثُّمُنُ مِمَّا تَرَكۡتُمۚ مِّنۢ بَعۡدِ
وَصِيَّةٖ تُوصُونَ بِهَآ أَوۡ دَيۡنٖۗ وَإِن
كَانَ رَجُلٞ يُورَثُ كَلَٰلَةً أَوِ ٱمۡرَأَةٞ
وَلَهُۥٓ أَخٌ أَوۡ أُخۡتٞ فَلِكُلِّ وَٰحِدٖ مِّنۡهُمَا
ٱلسُّدُسُۚ فَإِن كَانُوٓاْ أَكۡثَرَ مِن ذَٰلِكَ
فَهُمۡ شُرَكَآءُ فِي ٱلثُّلُثِۚ مِنۢ بَعۡدِ وَصِيَّةٖ
يُوصَىٰ بِهَآ أَوۡ دَيۡنٍ غَيۡرَ مُضَآرّٖۚ وَصِيَّةٗ مِّنَ
ٱللَّهِۗ وَٱللَّهُ عَلِيمٌ حَلِيمٞ ١٢

മുണ്ടായിരുന്നാൽ, അവർ വിട്ടേച്ചുപോയതിൽ നിന്നും നാലിലൊന്നു നിങ്ങൾക്കുണ്ടായിരിക്കും. അവർ ചെയ്യുന്ന വസിയ്യത്തിന്റെയോ, അല്ലെങ്കിൽ കടത്തിന്റെയോ ശേഷമാണ് (ഇതെല്ലാം). നിങ്ങൾക്ക് സന്താനമില്ലെങ്കിൽ നിങ്ങൾ വിട്ടു പോയതിൽ നിന്നും അവർക്ക് നാലിലൊന്നുമുണ്ടായിരിക്കും; ഇനി, നിങ്ങൾക്ക് സന്താനം ഉണ്ടായിരുന്നെങ്കിൽ, അപ്പോൾ നിങ്ങൾ വിട്ടുപോയതിൽ നിന്നും അവർക്ക് എട്ടിലൊന്നുണ്ടായിരിക്കും. നിങ്ങൾ ചെയ്യുന്ന വസിയ്യത്തിന്റെയോ, അല്ലെങ്കിൽ കടത്തിന്റെയോ ശേഷമാണ് (ഇത്). ഒരു പുരുഷൻ, അല്ലെങ്കിൽ ഒരു സ്ത്രീ 'കലാലത്താ'യി (പിതാവും മക്കളുമില്ലാതെ) അനന്തരമെടുക്കപ്പെടുകയും, അയാൾക്ക് ഒരു സഹോദരനോ, സഹോദരിയോ ഉണ്ടായിരിക്കുകയും ചെയ്താൽ, അപ്പോൾ-അവർ രണ്ടിൽ ഓരോരുത്തർക്കും ആറിലൊന്നുമുണ്ടായിരിക്കും. എന്നാൽ, അവർ (സഹോദരങ്ങൾ) അതിനെക്കാൾ അധികമായിരുന്നെങ്കിൽ, അപ്പോഴവർ മൂന്നിലൊന്നിൽ പങ്കുകാരായിരിക്കും. അന്യോന്യം ഉപദ്രവമുണ്ടാക്കപ്പെടാത്തവിധം ചെയ്യപ്പെടുന്ന വസിയ്യത്തിന്റെയോ, അല്ലെങ്കിൽ കടത്തിന്റെയോ ശേഷമത്രെ, (ഇതും). (അതെ) അല്ലാഹുവിങ്കൽ നിന്നുള്ള വസിയ്യത്തു (തന്നെ)! അല്ലാഹുവാകട്ടെ, സർവ്വജ്ഞനാണ്, സഹനശീലനാണ്.

---

മാതാപിതാക്കളുടെയും മക്കളുടെയും അവകാശവിഹിതം കഴിഞ്ഞ വചനത്തിൽ വിവരിച്ച ശേഷം ഈ വചനത്തിൽ ഭാര്യഭർത്താക്കളുടെയും മറ്റും അവകാശങ്ങൾ വിവരിക്കുകയാണ്.

1. സ്ത്രീ മരിക്കുമ്പോൾ അവൾക്ക് മക്കളില്ലെങ്കിൽ അവളുടെ ഭർത്താവിന് പകുതിയും മക്കളുണ്ടെങ്കിൽ നാലിലൊന്നുമായിരിക്കും അവകാശം. (2) പുരുഷൻ മരണപ്പെടുമ്പോൾ അവന് മക്കളില്ലെങ്കിൽ ഭാര്യക്ക് നാലിലൊന്നും, മക്കളുണ്ടെങ്കിൽ എട്ടിലൊന്നും (അഥവാ ഭർത്താവിന്റെ പകുതിവീതം) അവകാശമായിരിക്കും. ഒരാൾക്ക് ഒന്നിലധികം ഭാര്യമാരുണ്ടെങ്കിൽ ആ ഓഹരി അവർക്കിടയിൽ സമമായി ഭാഗിക്കേണ്ടതാണ്. മക്കൾ ഒന്നോ അധികമോ, ആണോ പെണ്ണോ, വേറൊരു വിവാഹത്തിൽ ജനിച്ചവരാണോ, എന്നിങ്ങനെയുള്ള വ്യത്യാസം ഇവിടെ പരിഗണിക്കപ്പെടുകയില്ല. മരണപ്പെട്ട ആൾക്ക് മക്കളുണ്ടോ എന്ന് മാത്രമേ നോക്കേണ്ടതുള്ളൂ. സ്വന്തം മക്കളില്ലാത്തപ്പോൾ ആൺമക്കളുടെ മക്കളുണ്ടായിരുന്നാലും സ്ഥിതി ഇതു തന്നെയാകുന്നു. (3) ഒരാൾ മരണപ്പെടുമ്പോൾ അയാളുടെ പിതാവോ മക്കളോ ജീവിച്ചിരിപ്പില്ലെങ്കിൽ അയാളെപ്പറ്റി 'കലാലത്ത്' ( كلالة ) എന്ന് പറയപ്പെടുന്നു. അകന്ന കുടുംബം എന്നുദ്ദേശ്യം. ഇങ്ങനെ വരുമ്പോൾ അയാളുടെ ഉമ്മയൊത്ത ഒരു സഹോദരനോ സഹോദരിയോ ഉണ്ടെങ്കിൽ അവർക്ക് ആറിലൊന്ന് അവകാശമുണ്ട്. ഇവർ ഒന്നിലധികം പേരുണ്ടെങ്കിൽ എല്ലാവർക്കും കൂടി മൂന്നിലൊന്ന് ലഭിക്കും. ആണിനും പെണ്ണിനും സമമായ ഓഹരിയാണുണ്ടാവുക (കലാലത്തിനെക്കുറിച്ചു വചനം: 176ൽ വീണ്ടും പ്രസ്താവിച്ചിട്ടുണ്ട്).

ഈ വചനത്തിൽ വീണ്ടും വീണ്ടും അല്ലാഹു ഓർമ്മപ്പെടുത്തുന്നു - 'മരണപ്പെട്ടവൻ വല്ല വസിയത്തും ചെയ്തിട്ടുണ്ടെങ്കിൽ അതും, അവന് കടമുണ്ടെങ്കിൽ അതും കഴിച്ചശേഷമേ സ്വത്ത് ഭാഗിക്കാൻ പാടുള്ളൂ" എന്ന്. അവസാനം "പരസ്പരം ഉപദ്രവമുണ്ടാക്കപ്പെടാത്ത വിധം" എന്ന് കൂടി പറഞ്ഞിരിക്കുന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അവകാശികളായി അടുത്ത ബന്ധമുള്ളവർ ഇല്ലെന്ന് വരുമ്പോൾ 'കലാലത്തു' ആയ സ്വത്ത

വകാശി അകന്ന അവകാശികൾക്ക് തങ്ങളുടെ സ്വത്തുക്കൽ ലഭിക്കുന്നത് തടയാൻ വേണ്ടി വല്ല വസിയത്തും ചെയ്ത് കൊണ്ടോ, സ്വത്തിന്മേൽ കടം വരുത്തി വച്ചോ ഉപദ്രവം ചെയ്യുന്ന സ്വത്തുടമകൾ ഉണ്ടാകാം. നേരെ മറിച്ച് തങ്ങൾക്ക് വീണ് കിട്ടുന്ന ആ അവകാശലഹരിയിൽ, മരണപ്പെട്ട ആളുമായി അടുത്ത ബന്ധമില്ലാത്ത അനന്തരാവ കാശികൾ മരണപ്പെട്ട ആളുടെ സ്വത്തിൽ നിന്ന് നികത്തപ്പെടേണ്ട ബാദ്ധ്യതകൾ അവഗണിക്കുന്നതും സ്വഭാവിക മാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടായിരിക്കണം സർവ്വജ്ഞനായ അല്ലാഹു ഇങ്ങനെ ഒരു ഉപാധി ഇവിടെ പ്രസ്താവിച്ചതും വസിയ്യത്തിന്റെയും കടത്തിന്റെയും കാര്യം ആവർത്തിച്ചു പറഞ്ഞതും. الله اعلم

അവകാശികളെ തടയുകയോ നഷ്ടപ്പെടുത്തുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടെ, ആളുകൾ നടത്തുന്ന ദാനധർമ്മങ്ങൾ, വസിയ്യത്തുകൾ, വഖ്ഫുകൾ ഇവയൊന്നും അല്ലാഹുവിങ്കൽ സ്വീകാര്യമാകുകയില്ല. മാത്രമല്ല അതൊക്കെ ദുഷ്കർമ്മങ്ങളായിരിക്കുമെന്ന് അവർ ഓർക്കേണ്ടതുണ്ട്. അല്ലാഹു തുടർന്ന് പറയുന്നു :"ഇതെല്ലാം അല്ലാഹുവിൽ നിന്നുള്ള വസിയ്യത്താണ്. അല്ലാഹു സർവ്വജ്ഞനും സഹനശീലനുമാണ്." ഈ വാക്യങ്ങ ളിലടങ്ങിയ ഗൗരവവും, അതിന്റെ അർത്ഥവിശാലതയും ഏവർക്കും ഏറെക്കുറെ ആലോചിച്ചറിയാവുന്നതാണ്.

**വചനം 13,14:**

تِلْكَ حُدُودُ اللَّهِ ۚ وَمَن يُطِعِ اللَّهَ وَرَسُولَهُ يُدْخِلْهُ جَنَّاتٍ تَجْرِي مِن تَحْتِهَا الْأَنْهَارُ خَالِدِينَ فِيهَا ۚ وَذَٰلِكَ الْفَوْزُ الْعَظِيمُ ﴿١٣﴾

وَمَن يَعْصِ اللَّهَ وَرَسُولَهُ وَيَتَعَدَّ حُدُودَهُ يُدْخِلْهُ نَارًا خَالِدًا فِيهَا وَلَهُ عَذَابٌ مُّهِينٌ ﴿١٤﴾

13 അവ (ഒക്കെയും) അല്ലാഹുവിൻെറ (നിയമ) അതിർത്തികളാകുന്നു. അല്ലാഹുവിനെയും, അവൻെറ റസൂലിനെയും ആർ അനുസരിക്കുന്നുവോ അവരെ അവൻ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളിൽ പ്രവേശിപ്പിക്കുന്നതാണ്; അതിൽ (അവർ) നിത്യവാസികളായും കൊണ്ട്. അതത്രെ, വമ്പിച്ച നേട്ടം!

14 ആർ അല്ലാഹുവിനോടും, അവൻെറ റസൂലിനോടും അനുസരണക്കേട് ചെയ്യുകയും, അവൻെറ (നിയമ) അതിർത്തികളെ വിട്ടുകടക്കുകയും ചെയ്യുന്നുവോ, അവനെ അവൻ അഗ്നിയിൽ പ്രവേശിപ്പിക്കും-അതിൽ (അവൻ) നിത്യവാസിയായിക്കൊണ്ട്. അവനു നിന്ദ്യകരമായ ശിക്ഷയുമുണ്ടായിരിക്കും.

മേൽപറഞ്ഞ നിയമാതിർത്തികൾ പാലിക്കുന്നവർക്ക് മഹത്തായ അനുഗ്രഹവും അവ ലംഘിക്കുകയും മറികടക്കുകയും ചെയ്യുന്നവർക്ക് കനത്ത ശിക്ഷയും അല്ലാഹു മുന്നറിയിപ്പ് നല്കുന്നു. കൂടാതെ അല്ലാഹുവിന്റെ വചനങ്ങളും റസൂൽ(സ) തിരുമേനി നൽകിക്കാണിച്ച വ്യാഖ്യാനങ്ങളും, മാതൃകകളും സ്വീകരിക്കൽ നിർബന്ധമാണെന്നും, അല്ലാഹു അറിയിക്കുന്നു. അല്ലാഹു നിശ്ചയിച്ച സ്വത്തവകാശക്രമങ്ങളും മറ്റ് നിയമങ്ങളുമെല്ലാം ശരിക്കും പാലിക്കാത്തവരെയും, അതിൽ തിരുത്തൽ വാദവുമായി രംഗത്തിറങ്ങുന്നവരെയും ബാധിക്കുന്നതാണ് ഈ കനത്ത താക്കീത്.

## വിഭാഗം 3

**വചനം 15,16**

وَاللَّاتِي يَأْتِينَ الْفَاحِشَةَ مِن نِّسَائِكُمْ فَاسْتَشْهِدُوا عَلَيْهِنَّ أَرْبَعَةً مِّنكُمْ ۖ فَإِن شَهِدُوا فَأَمْسِكُوهُنَّ فِي الْبُيُوتِ حَتَّىٰ يَتَوَفَّاهُنَّ الْمَوْتُ أَوْ يَجْعَلَ اللَّهُ لَهُنَّ سَبِيلًا ﴿١٥﴾

15 നിങ്ങളുടെ സ്ത്രീകളിൽ നിന്ന് നീചവൃത്തി ചെയ്യുന്നവർ (ആരോ), അവരുടെ മേൽ നിങ്ങളിൽ നിന്നുള്ള നാലുപേരെ നിങ്ങൾ സാക്ഷികൊണ്ടു വരുവിൻ. എന്നിട്ട്, അവർ സാക്ഷ്യം വഹിച്ചെങ്കിൽ അവരെ (ആ സ്ത്രീകളെ) നിങ്ങൾ വീടുകളിൽ (തടഞ്ഞു) വെച്ചു കൊണ്ടിരിക്കുവിൻ, മരണം അവരെ പൂർണ്ണമായെടുക്കുകയോ, അല്ലെങ്കിൽ അല്ലാഹു

അവര്‍ക്കൊരു മാര്‍ഗം ഉണ്ടാക്കുകയോ ചെയ്യുന്നത് വരേക്കും.

وَٱلَّذَانِ يَأۡتِيَـٰنِهَا مِنكُمۡ فَـَٔاذُوهُمَاۖ فَإِن تَابَا وَأَصۡلَحَا فَأَعۡرِضُواْ عَنۡهُمَآۗ إِنَّ ٱللَّهَ كَانَ تَوَّابٗا رَّحِيمًا ١٦

16 നിങ്ങളില്‍ നിന്നും അത്(നീചവൃത്തി)ചെയ്യുന്ന രണ്ടുപേര്‍ (ആരോ), അവരെ രണ്ടാളെയും നിങ്ങള്‍ പീഡിപ്പിച്ചു (അഥവാ സൈരം കെടുത്തി) കൊള്ളുവിന്‍. ഇനി, അവര്‍ രണ്ടുപേരും പശ്ചാത്തപിക്കുകയും, നന്നായി വര്‍ത്തിക്കുകയും ചെയ്തെങ്കില്‍ നിങ്ങള്‍ അവരെ സംബന്ധിച്ച് തിരിഞ്ഞുകളയുവിന്‍. നിശ്ചയമായും അല്ലാഹു, വളരെ പശ്ചാത്താപം സ്വീകരിക്കുന്നവനും, കരുണാനിധിയുമാകുന്നു.

15-ാം വചനം വ്യഭിചാരക്കുറ്റത്തിന്റെ ശിക്ഷാനിയമമായി താല്‍ക്കാലികമായി അവതരിപ്പിച്ചതാണെന്നും, സൂറത്ത് നൂറിലെ വ്യഭിചാരത്തിനള്ള ശിക്ഷാനിയമം (വചനം 2-9) നടപ്പില്‍ വന്നതോടെ ഈ ശിക്ഷയുടെ സാധുത അവസാനിച്ചുവെന്നുമാകുന്നു ഭൂരിപക്ഷം പണ്ഡിതരുടെയും അഭിപ്രായം الله اعلم . ഈ വചനത്തിന്റെ സാരം ഇപ്രകാരമാകുന്നു. സത്യവിശ്വാസികളില്‍ പെട്ട സ്ത്രീകള്‍ വ്യഭിചാരം ചെയ്യുകയും അത് നാല് സാക്ഷികള്‍ മുഖാന്തിരം തെളിയുകയും ചെയ്താല്‍ അവരെ മരണം വരെ വെളിയില്‍ പോകാന്‍ അനുവദിക്കാതെ വീട്ട് തടങ്കലില്‍ വെക്കണം - അല്ലെങ്കില്‍ അവരെ സംബന്ധിച്ച് സ്വീകരിക്കേണ്ട മറ്റൊരു പോംവഴി അല്ലാഹു ഏര്‍പ്പെടുത്തുന്നതുവരേക്കും. പിന്നീട് സൂ. നൂറില്‍ വ്യഭിചാരത്തിനുള്ള സ്ഥിരമായ ശിക്ഷാനടപടി അവതരിപ്പിച്ചതോടെ, വീട്ട് തടങ്കല്‍ നിയമം കാലഹരണപ്പെടുകയും ചെയ്തു. 'അല്ലാഹു അവര്‍ക്ക് ഒരു മാര്‍ഗ്ഗം ഉണ്ടാക്കിയിരിക്കുന്നു." എന്ന് പറഞ്ഞ് കൊണ്ട് വ്യഭിചാരത്തിന്റെ ശിക്ഷാ നടപടിയാണത് എന്ന് നബി(സ) പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു.

16-ാം വചനം കാമവികാരനിവൃത്തിക്കായി നിഷിദ്ധമാര്‍ഗ്ഗങ്ങള്‍ സ്വീകരിക്കുന്ന സ്ത്രീകളെയും പുരുഷന്മാരെയും ഉദ്ദേശിച്ചാണെന്നാണ് വിദഗ്ദാഭിപ്രായം. (അല്ലാഹുവിനറിയാം). പ്രകൃതിവിരുദ്ധമായ നീചവൃത്തി ചെയ്യുന്ന ആളെയും ചെയ്യപ്പെടുന്ന ആളെയും പ്രഹരിക്കുക, ശകാരിക്കുക, അപമാനിക്കുക എന്നിങ്ങനെ പീഡിപ്പിക്കുകയും, സ്വൈരം കെടുത്തുകയും ചെയ്യുക. എന്നാല്‍ അവര്‍ മനഃപൂര്‍വ്വം ഖേദിച്ച് മടങ്ങുകയും, സല്‍പ്രവൃത്തികള്‍ ചെയ്ത് നന്നായിത്തീരുകയും ചെയ്യുന്ന പക്ഷം, അവരുടെ മേല്‍ പിന്നീട് നടപടി എടുക്കേണ്ടതില്ലെന്നും, അല്ലാഹു അവരുടെ ഖേദം സ്വീകരിക്കുമെന്നും തുടര്‍ന്ന് അല്ലാഹു അറിയിക്കുന്നു.

---

**വചനം 17,18:**

إِنَّمَا ٱلتَّوۡبَةُ عَلَى ٱللَّهِ لِلَّذِينَ يَعۡمَلُونَ ٱلسُّوٓءَ بِجَهَٰلَةٖ ثُمَّ يَتُوبُونَ مِن قَرِيبٖ فَأُوْلَـٰٓئِكَ يَتُوبُ ٱللَّهُ عَلَيۡهِمۡۗ وَكَانَ ٱللَّهُ عَلِيمًا حَكِيمٗا ١٧

17 നിശ്ചയമായും, അല്ലാഹുവിന്‍െറ മേല്‍ പശ്ചാത്താപം സ്വീകരിക്കല്‍ (ബാധ്യത) ഉള്ളത്, വിഡ്ഢിത്തം നിമിത്തം തിന്‍മ പ്രവര്‍ത്തിക്കുകയും, പിന്നീട് അടുത്ത് (തന്നെ) പശ്ചാത്തപിക്കുകയും ചെയ്യുന്നവര്‍ക്ക് (മാത്രം) ആകുന്നു. എന്നാല്‍, അക്കൂട്ടര്‍-അവരുടെ മേല്‍ അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നതാണ്. അല്ലാഹു സര്‍വ്വജ്ഞനും അഗാധജ്ഞനുമാകുന്നു.

وَلَيۡسَتِ ٱلتَّوۡبَةُ لِلَّذِينَ يَعۡمَلُونَ ٱلسَّيِّـَٔاتِ حَتَّىٰٓ إِذَا حَضَرَ أَحَدَهُمُ ٱلۡمَوۡتُ قَالَ إِنِّي تُبۡتُ ٱلۡـَٰٔنَ وَلَا ٱلَّذِينَ يَمُوتُونَ

18 യാതൊരു കൂട്ടര്‍ക്കല്ല പശ്ചാത്താപം (സ്വീകരിക്കല്‍ നിശ്ചയിക്കപ്പെട്ടിട്ട്) ഉള്ളത്: അവര്‍ തിന്‍മകള്‍ പ്രവര്‍ത്തിച്ചുകൊണ്ടിരിക്കും; അങ്ങനെ, അവരിലൊരാള്‍ക്ക് മരണം ആസന്നമായാല്‍ അവന്‍ പറയുകയായി: "നിശ്ചയമായും, ഞാന്‍ ഇപ്പോള്‍ പശ്ചാത്തപി

ച്ചിരിക്കുന്നു” എന്ന്. അവിശ്വാസികളായും കൊണ്ട് മരണപ്പെടുന്നവർക്കുമല്ല (പശ്ചാത്താപം സ്വീകരിക്കൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നത്). അക്കൂട്ടർ-അവർക്കു നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിരിക്കുന്നു.

وَهُمْ كُفَّارٌ ۚ أُولَٰٓئِكَ أَعْتَدْنَا لَهُمْ عَذَابًا أَلِيمًا ﴿١٨﴾

---

വളരെ ഗൗരവപൂർവ്വം മനസ്സിരുത്തേണ്ട വചനങ്ങളാണിവ രണ്ടും. അവിവേകവും വിഡ്ഢിത്തവും നിമിത്തം തിന്മകൾ ചെയ്തേക്കുക മനുഷ്യസഹജമാണ്. എന്നാൽ കുറ്റകരമായ കാര്യങ്ങൾ പ്രവർത്തിച്ച ശേഷം താമസിയാതെ അതിൽ നിന്ന് ഖേദിച്ച് മടങ്ങുന്നവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കാതിരിക്കുകയില്ല. നേരെമറിച്ച് കുറ്റങ്ങൾ ചെയ്ത്കൊണ്ടിരിക്കുകയും, മരണം വരുമ്പോൾ ഖേദം പ്രകടിപ്പിച്ച് മടങ്ങുകയും ചെയ്യുന്നവരുടെയും, അവിശ്വാസിയായിക്കൊണ്ടും മരണപ്പെടുന്നവരുടെയും പശ്ചാത്താപം അല്ലാഹുവിങ്കൽ സ്വീകാര്യമായിരിക്കുകയില്ല.

വിഡ്ഢിത്തം നിമിത്തം തെറ്റ് ചെയ്യുകയും ഉടനെ പശ്ചാത്തപിക്കുകയും ചെയ്യുന്നവരുടെ പശ്ചാത്താപം മാത്രമെ സ്വീകരിക്കപ്പെടുകയുള്ളൂവെന്നല്ല - അങ്ങനെയുള്ളവരുടെ പശ്ചാത്താപം സ്വീകരിക്കാൻ മാത്രമെ അല്ലാഹുവിന് ബാദ്ധ്യതയുള്ളൂ എന്നത്രേ അല്ലാഹു പറഞ്ഞത്. അപ്പോൾ അങ്ങനെയല്ലാത്തവരുടെ - അതായത് കല്പിച്ച് കൂട്ടി തെറ്റ് ചെയ്യുകയും ഉടനെത്തന്നെ പശ്ചാത്തപിക്കാതിരിക്കുകയും ചെയ്യുന്നവരുടെ - പശ്ചാത്താപം അല്ലാഹു സ്വീകരിച്ചെന്നും സ്വീകരിച്ചില്ലെന്നും വരാം. അവിശ്വാസമല്ലാത്ത എല്ലാ പാപങ്ങളും പൊറുക്കപ്പെടാവുന്നതാണെന്നും, അവയിൽ നിന്നുള്ള പശ്ചാത്താപം അല്ലാഹു ഉദ്ദേശിക്കുന്നവരിൽ നിന്ന് അവൻ സ്വീകരിക്കുന്നതാണെനന്നും അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതാണല്ലോ. (48, 116 എന്നീ വചനങ്ങളും 3:135 മുതലായ വചനങ്ങളും നോക്കുക) നബി(സ) അരുളിയിരിക്കുന്നു: ‘നിശ്ചയമായും, മനുഷ്യന് മരണം തൊണ്ടക്കുഴിയിലെത്താത്തപ്പോഴെല്ലാം അവന്റെ പശ്ചാത്തപം അല്ലാഹു സ്വീകരിക്കുന്നതാണ്.” പക്ഷെ കഴിവതും വേഗമുള്ള പശ്ചാത്താപമായിരിക്കും കൂടുതൽ സ്വീകാര്യമായിരിക്കുക.

---

**വചനം 19:**

19 ഹേ, വിശ്വസിച്ചവരേ, സ്ത്രീകളെ നിർബ്ബന്ധപൂർവ്വം അനന്തരമെടുക്കൽ നിങ്ങൾക്ക് അനുവദനീയമാകുകയില്ല. നിങ്ങൾ അവർക്കു നൽകിയതിൽ ചിലത് നിങ്ങൾക്ക് (കൈപറ്റി) കൊണ്ടു പോകുവാനായി അവരെ മുടക്കിയിടുകയും ചെയ്യരുത്; സുവ്യക്തമായ വല്ല നീചവൃത്തിയും അവർ കൊണ്ടു വരുന്നതായാലല്ലാതെ. (അപ്പോൾ വിരോധമില്ല) അവരോട് (സദാചാര) മര്യാദ പ്രകാരം നിങ്ങൾ സഹവസിക്കുകയും ചെയ്യുവിൻ. ഇനി, നിങ്ങൾ അവരെ വെറുത്തുവെങ്കിൽ, (നിങ്ങൾ ഓർക്കുക) ഒരു കാര്യത്തെ നിങ്ങൾ വെറുക്കുകയും, അതിൽ അല്ലാഹു വളരെ നന്മ ആ (ക്കിവെ) ക്കുകയും ചെയ്തേക്കാം.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا يَحِلُّ لَكُمْ أَن تَرِثُوا۟ ٱلنِّسَآءَ كَرْهًا ۖ وَلَا تَعْضُلُوهُنَّ لِتَذْهَبُوا۟ بِبَعْضِ مَآ ءَاتَيْتُمُوهُنَّ إِلَّآ أَن يَأْتِينَ بِفَٰحِشَةٍ مُّبَيِّنَةٍ ۚ وَعَاشِرُوهُنَّ بِٱلْمَعْرُوفِ ۚ فَإِن كَرِهْتُمُوهُنَّ فَعَسَىٰٓ أَن تَكْرَهُوا۟ شَيْـًٔا وَيَجْعَلَ ٱللَّهُ فِيهِ خَيْرًا كَثِيرًا ﴿١٩﴾

---

ജാഹിലിയ്യാ കാലത്ത് ഒരാൾ മരണപ്പെട്ടാൽ അയാളുടെ അവകാശികൾക്ക് അവരുടെ ഇഷ്ടംപോലെ എന്തും ചെയ്യാവുന്ന ഒരു അനന്തരസ്വത്തെന്നപോലെയായിരുന്നു അയാളുടെ വിധവയായ ഭാര്യയെ അവർ കണക്കാക്കിയിരുന്നത്. ഇത്തരം സമ്പ്രദായങ്ങളെ ഈ വചനം നിരോധിക്കുന്നു - “സ്ത്രീകളെ നിർബന്ധപൂർവ്വം അനന്തരമെടുക്കൽ നിങ്ങൾക്ക് അനുവദനീയമാകുകയില്ല.”

തുടർന്നു ജാഹിലിയ്യ കാലത്തെ മറ്റൊരു ദുഷിച്ച സമ്പ്രദായത്തെയും അല്ലാഹു നിഷിദ്ധമാക്കുന്നു. അതായത് ഒരാൾക്ക് തന്റെ ഭാര്യയോട് വല്ല അനിഷ്ടമോ വെറുപ്പോ ഉണ്ടായിത്തീർന്നാൽ, അവൻ അവളോട് നന്നായി

പെരുമാറുകയോ, നല്ല നിലക്ക് പിരിച്ചയക്കുകയോ ചെയ്യാതെ അവളെ കഷ്ടപ്പെടുത്തുന്നു - അങ്ങനെ ബുദ്ധി മുട്ടുമ്പോൾ, വിവാഹബന്ധത്തിൽ നിന്നും മോചനം ലഭിക്കാൻ വേണ്ടി മഹ്ർ ഒഴിവാക്കിക്കൊടുക്കാൻ അവൾ നിർബന്ധിതമായിത്തീരുമല്ലോ. ഈ ദുഷിച്ച സമ്പ്രദായം ഇന്നും ചില മുസ്ലീംകൾക്കിടയിൽ നടന്ന് കൊണ്ടിരിക്കുന്ന ഒരു അക്രമമാകുന്നു. "നിങ്ങൾ അവർക്ക് നല്കിയതിൽ ചിലത് നിങ്ങൾക്ക് കൊണ്ട് പോകാൻ വേണ്ടി നിങ്ങളവരെ മുടക്കിയിടരുത്" എന്ന വചനത്തിലൂടെ ഈ അക്രമത്തിന്റെ പിന്നിലുള്ള ലക്ഷ്യത്തെ ചൂണ്ടിക്കാട്ടിക്കൊണ്ടാണ് അല്ലാഹു അത് നിഷിദ്ധമാക്കുന്നത്.

എന്നാൽ വ്യക്തമായ വല്ല നീച വൃത്തിയും അവർ ചെയ്യുന്ന പക്ഷം അങ്ങനെ മുടക്കിയിടുന്നതിന് വിരോധമില്ലെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു. നീചവൃത്തികൊണ്ട് ഉദ്ദേശം വ്യഭിചാരം മാത്രമല്ല സ്വഭാവദോഷം, അനുസരണക്കേട്, പിണക്കം, മോഷണം എന്നിവയും ഉൾപ്പെടുമെന്നാണ് പണ്ഡിതാഭിപ്രായം. ഏതായാലും, ദുർവൃത്തി ഊഹത്തിന്റെ അടിസ്ഥാനത്തിലോ, വികാരത്തിന് വിധേയമായിക്കൊണ്ടുള്ളതോ ആയ ആരോപണത്തിന്റെ അടിസ്ഥാനത്തിലല്ലാതെ, വ്യക്തമായി പ്രത്യക്ഷപ്പെടുന്ന സന്ദർഭത്തിൽ, മറ്റ് വഴികളില്ലെങ്കിൽ അവർക്ക് അവരെ 'ഖുൽഇ' ന് (പ്രതിഫലത്തിന്മേലുള്ള വിവാഹമോചനം) പ്രേരിപ്പിക്കത്തക്കവണ്ണം പെരുമാറ്റം കുടുസ്സാക്കാവുന്നതാണെന്ന് പലരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ('ഖുൽഇ' നെ പറ്റി 2:229ൽ വിവരിച്ചത് ഓർക്കുക.

തുടർന്ന് അല്ലാഹു കുടുംബപരമായ വിജയത്തിന് നിദാനമായിത്തീരുന്ന ഒരു സദുപദേശം അറിയിക്കുന്നു. "അവരോട് നിങ്ങൾ സദാചാരമര്യാദപ്രകാരം സഹവസിക്കുകയും ചെയ്യണം" നബി (സ) പറയുന്നു. "നിങ്ങളിൽ വെച്ച് ഉത്തമൻ തന്റെ വീട്ടുകാരോട് ഉത്തമൻ ആരോ അവനായിരിക്കും."

സ്ത്രീസഹജമായ ചില ദുസ്വഭാവങ്ങൾ - ഒരു ദോഷമല്ലെങ്കിൽ മറ്റൊരു ദോഷം - മിക്കസ്ത്രീകളിലും ഉണ്ടായിരിക്കും. സ്ത്രീകളെ കവച്ച് വെക്കുന്ന ദുസ്വഭാവങ്ങൾ ചില പുരുഷന്മാരിലും ഉണ്ടായിരിക്കും. ഭർത്താക്കന്മാർക്ക് ഭാര്യമാരോട് വെറുപ്പും അതൃപ്തിയും ഉണ്ടാകുമ്പോൾ, ക്ഷമയും സഹനവും കൈക്കൊള്ളുന്നതായിരിക്കും ഭാവിയിൽ ഗുണകരമായി കലാശിക്കുകയെന്ന് അവസാനത്തെ വാക്യത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ധൃതികൂട്ടി പ്രതികാര നടപടി എടുക്കുകയോ വിവാഹമോചനം ചെയ്യുകയോ ചെയ്യാതെ സഹനം കൈക്കൊണ്ടാൽ നിങ്ങൾക്ക് മുൻകൂട്ടി വിഭാവനം ചെയ്യാൻ കഴിയാത്ത പല ഗുണങ്ങളും അനുഭവപ്പെടുവാനുണ്ടായേക്കും എന്നത്രെ അല്ലാഹു പറഞ്ഞതിന്റെ സാരം. അല്ലാഹുവിന്റെ ഈ ഉപദേശം ഭാര്യമാരുടെ കാര്യത്തിൽ മാത്രമല്ല മക്കൾ, അയൽക്കാർ, ബന്ധുമിത്രാദികൾ മുതലായവരുടെ കാര്യങ്ങളിലും പ്രസക്തമാണ്. ഒരു സ്ത്രീക്ക് ഏതെങ്കിലും ഒരു ദോഷമുണ്ടെങ്കിൽ അതിനേക്കാൾ ഗുണങ്ങളും അവളിൽ ഉണ്ടായേക്കാം. നബി(സ) ചൂണ്ടിക്കാട്ടുന്നു. 'ഒരു സത്യവിശ്വാസിനിയിലെ ഒരു സ്വഭാവം അവന് വെറുപ്പാണെങ്കിൽ അവളിൽ നിന്നു മറ്റൊരു സ്വഭാവം അവൻ തൃപ്തിയുള്ളതായിരിക്കുന്നതാണ്.'

---

**വചനം 20, 21:**

20 നിങ്ങൾ ഒരു ഇണ (ഭാര്യ) യുടെ സ്ഥാനത്ത് (വേറെ) ഒരു ഇണ (ഭാര്യ)യെ പകരം സ്വീകരിക്കുവാൻ ഉദ്ദേശിച്ചുവെങ്കിൽ, അവരിൽ ഒരുവൾക്ക് നിങ്ങൾ ഒരു കൂമ്പാരം (തന്നെ) നൽകുകയും ചെയ്തിരിക്കുന്നു; എന്നാൽ, അതിൽ നിന്ന് നിങ്ങൾ യാതൊന്നും (തിരിച്ചു) വാങ്ങരുത്. കള്ളാരോപണമായും, വ്യക്തമായ കുറ്റമായുംകൊണ്ട് നിങ്ങൾ അതുവാങ്ങുകയോ?!

وَإِنْ أَرَدتُّمُ ٱسْتِبْدَالَ زَوْجٍ مَّكَانَ زَوْجٍ وَءَاتَيْتُمْ إِحْدَىٰهُنَّ قِنطَارًا فَلَا تَأْخُذُوا۟ مِنْهُ شَيْـًٔا ۚ أَتَأْخُذُونَهُۥ بُهْتَـٰنًا وَإِثْمًا مُّبِينًا ﴿٢٠﴾

21 നിങ്ങൾ അത് എങ്ങിനെ വാങ്ങും? നിങ്ങളിൽ ചിലർ ചിലരുമായി (അന്യോന്യം) കൂടിച്ചേരുകയും, അവർ നിങ്ങളോട് കനത്തതായ ഒരു ഉറപ്പ് വാങ്ങുകയും ചെയ്തിട്ടുണ്ടെന്നിരിക്കെ!

وَكَيْفَ تَأْخُذُونَهُۥ وَقَدْ أَفْضَىٰ بَعْضُكُمْ إِلَىٰ بَعْضٍ وَأَخَذْنَ مِنكُم مِّيثَـٰقًا غَلِيظًا ﴿٢١﴾

---

ജാഹിലിയ്യാ കാലത്ത് നടപ്പുണ്ടായിരുന്ന മറ്റൊരു ദുഷിച്ച സമ്പ്രദായത്തെക്കുറിച്ചുള്ള കഠിനമായ ആക്ഷേപമാണീ വചനത്തിലുള്ളത്. ഒരാൾ നിലവിലുള്ള ഭാര്യയെ ഒഴിവാക്കി പുതിയ ഒരു സ്ത്രീയെ വിവാഹം കഴി

ക്കാൻ ആഗ്രഹിക്കുമ്പോൾ, നിലിവിലുള്ളവളോട് മോശമായി പെരുമാറുകയും അവരുടെ മേൽ കള്ള ആരോപണം നടത്തുകയും ചെയ്യും. അങ്ങനെ അവർക്ക് കൊടുത്ത മഹ്ർ തിരിച്ച് കിട്ടാൻ അവരെ നിർബന്ധിതരാക്കും. ഈ സമ്പ്രദായത്തെ അല്ലാഹു കർശനമായി നിരോധിക്കുന്നു. സ്ത്രീകളുടെ മേൽ ഇല്ലാത്ത ആരോപണം ചുമത്തിക്കൊണ്ടും അവളിൽ നിന്നും അന്യായമായി ധനം തട്ടിയെടുത്തും കൊണ്ടായിരിക്കരുത് ഭാര്യമാരെ വിവാഹമോചനം ചെയ്യുന്നത്. തക്കതായ കാരണമുണ്ടായിരിക്കുകയും, മറ്റു പോംവഴികളില്ലാതിരിക്കുകയും ചെയ്യുമ്പോഴേ, വിവാഹമോചനം അനുവദനീയമാക്കപ്പെട്ടിട്ടുള്ളൂ. അല്ലാത്തപക്ഷം, കടുത്ത ഒരു കരാർലംഘനം കൂടിയായിരിക്കും അതെന്നും അല്ലാഹു മുന്നറിയിപ്പു നല്കുന്നു.

അതൃപ്തി ഉണ്ടാകുന്നതിനുമുമ്പ് ഒത്തിണങ്ങി രണ്ടു ഇണകളായി കഴിഞ്ഞ് കൂടിയവരാണല്ലോ നിങ്ങൾ രണ്ടുപേരും. അവരെ മര്യാദയനുസരിച്ച് സ്വീകരിച്ച് കൊണ്ടിരിക്കുകയോ നല്ല നിലയിൽ പിരിച്ച് വിടുകയോ ചെയ്യാമെന്ന് നിങ്ങൾ അവർക്കു വിവാഹം മുഖേന ശക്തിമത്തായ ഉറപ്പു നല്കുകയും ചെയ്തിരിക്കുകയാണ്. ഇങ്ങനെയിരിക്കെ, എങ്ങനെ അവൾക്ക് കൊടുത്ത ധനം തിരിച്ച് വാങ്ങും; മനുഷ്യോചിതമല്ലാത്ത ഒരു മ്ലേച്ഛ സ്വഭാവമാണതെന്ന് കൂടി അല്ലാഹു ഓർമ്മിപ്പിക്കുന്നു. എന്നാൽ അവൾ സന്തോഷത്തോടെ സ്വമനസ്സാലെ വല്ലതും വിട്ട് കൊടുത്താൽ അത് വാങ്ങുന്നതിന് വിരോധമില്ലെന്ന് 4-ാം വചനത്തിൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. മഹ്റിൽ അതിര് കവിയുന്നത് നന്നല്ല. എങ്കിലും കവിഞ്ഞ പക്ഷം ഇത്രമാത്രമേ മഹ്ർ പാടുള്ളൂവെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടില്ല. ഉമർ(റ)ന്റെ ഖിലാഫത്ത് കാലത്ത് ഒരു പ്രസംഗത്തിൽ റസൂൽ(സ) അവിടുത്തെ ഭാര്യമാർക്ക് നാനൂറ് വെള്ളിപ്പണത്തിൽ അധികം മഹ്ർ കൊടുക്കുകയുണ്ടായിട്ടില്ലെന്നും, അതിനാൽ സ്ത്രീകളുടെ മഹ്റിൽ അതിര് കവിയരുത് എന്നും പറയുകയുണ്ടായി. സദസ്സിലുണ്ടായിരുന്ന ഒരു സ്ത്രീ ഈ (20-ാം) വചനം ഓതിക്കേൾപ്പിച്ചുകൊണ്ടു "അങ്ങനെ വിരോധിക്കാൻ താങ്കൾക്ക് അധികാരമില്ലെന്ന്" പറയുകയും ഖലീഫ ആ സ്ത്രീ പറഞ്ഞത് ശരിവെക്കുകയും ചെയ്തു. ഈ വചനത്തിൽ കൂമ്പാരം (ഖിന്ത്വാർ) മഹ്ർ എന്ന പ്രയോഗത്തിൽ നിന്നും കവിഞ്ഞപക്ഷം ഇത്രവരെ മാത്രമേ മഹർ പാടുള്ളുവെന്ന് നിയമിക്കപ്പെട്ടിട്ടില്ലെന്നാണ് മനസ്സിലാകുന്നത്.

---

**വചനം 22,23,24**

22 സ്ത്രീകളിൽനിന്നും നിങ്ങളുടെ പിതാക്കൾ വിവാഹം ചെയ്തവരെ നിങ്ങൾ വിവാഹം കഴിക്കരുത്, (പക്ഷെ) മുൻകഴിഞ്ഞുപോയിട്ടുള്ള തൊഴികെ. നിശ്ചയമായും, അത് ഒരു നീചവൃത്തിയും, വെറുക്കപ്പെട്ടതുമാകുന്നു; അത് വളരെ മോശപ്പെട്ട ഒരു മാർഗ്ഗവുമത്രെ.

وَلَا تَنكِحُواْ مَا نَكَحَ ءَابَآؤُكُم مِّنَ ٱلنِّسَآءِ إِلَّا مَا قَدۡ سَلَفَۚ إِنَّهُۥ كَانَ فَٰحِشَةٗ وَمَقۡتٗا وَسَآءَ سَبِيلًا ٢٢

## വിഭാഗം: 4

23 നിങ്ങളുടെ മേൽ (വിവാഹം കഴിക്കൽ) നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു: നിങ്ങളുടെ ഉമ്മമാരും, നിങ്ങളുടെ പുത്രിമാരും, നിങ്ങളുടെ സഹോദരികളും, നിങ്ങളുടെ അമ്മായി (പിതൃസഹോദരി) കളും, നിങ്ങളുടെ ഇളയമ്മ-മൂത്തമ്മ (മാതൃ സഹോദരി) കളും, സഹോദര പുത്രികളും, സഹോദരീ പുത്രികളും, നിങ്ങൾക്കു മുലതന്നിട്ടുള്ളതായ നിങ്ങളുടെ ഉമ്മമാരും, മുലകുടി ബന്ധത്തിലുള്ള നിങ്ങളുടെ സഹോദരികളും, നിങ്ങളുടെ സ്ത്രീ (ഭാര്യ) കളുടെ ഉമ്മമാരും, നിങ്ങൾ പ്രവേശനം (സംയോഗം) ചെയ്തിട്ടുള്ളവരായ നിങ്ങളുടെ സ്ത്രീകളിൽ നിന്നായി നിങ്ങളുടെ സംരക്ഷണത്തിലുള്ളവരായ നിങ്ങളുടെ വളർത്തു പുത്രികളും; ഇനി, നിങ്ങൾ അവരിൽ

حُرِّمَتۡ عَلَيۡكُمۡ أُمَّهَٰتُكُمۡ وَبَنَاتُكُمۡ وَأَخَوَٰتُكُمۡ وَعَمَّٰتُكُمۡ وَخَٰلَٰتُكُمۡ وَبَنَاتُ ٱلۡأَخِ وَبَنَاتُ ٱلۡأُخۡتِ وَأُمَّهَٰتُكُمُ ٱلَّٰتِيٓ أَرۡضَعۡنَكُمۡ وَأَخَوَٰتُكُم مِّنَ ٱلرَّضَٰعَةِ وَأُمَّهَٰتُ نِسَآئِكُمۡ وَرَبَٰٓئِبُكُمُ ٱلَّٰتِي فِي حُجُورِكُم مِّن نِّسَآئِكُمُ ٱلَّٰتِي دَخَلۡتُم بِهِنَّ فَإِن لَّمۡ تَكُونُواْ دَخَلۡتُم بِهِنَّ فَلَا جُنَاحَ عَلَيۡكُمۡ وَحَلَٰٓئِلُ أَبۡنَآئِكُمُ

ٱلَّذِينَ مِنْ أَصْلَـٰبِكُمْ وَأَن تَجْمَعُوا۟ بَيْنَ ٱلْأُخْتَيْنِ إِلَّا مَا قَدْ سَلَفَ ۗ إِنَّ ٱللَّهَ كَانَ غَفُورًا رَّحِيمًا ﴿٢٣﴾

പ്രവേശനം (സംയോഗം) ചെയ്യുകയുണ്ടായിട്ടില്ലെങ്കിൽ നിങ്ങളുടെ മേൽ കുറ്റമില്ല,-നിങ്ങളുടെ മുതുകെല്ലുകളിൽ നിന്നുള്ള നിങ്ങളുടെ (സ്വന്തം) പുത്രൻമാരുടെ സഹധർമ്മിണികളും, രണ്ടു സഹോദരികൾക്കിടയിൽ നിങ്ങൾ ഒരുമിച്ചുകൂട്ടലും. (പക്ഷെ) മുൻ കഴിഞ്ഞുപോയിട്ടുള്ളതൊഴികെ. (അതിനു വിരോധമില്ല) നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

**ജുസ്ഉ് - 5**

۞ وَٱلْمُحْصَنَـٰتُ مِنَ ٱلنِّسَآءِ إِلَّا مَا مَلَكَتْ أَيْمَـٰنُكُمْ ۖ كِتَـٰبَ ٱللَّهِ عَلَيْكُمْ ۚ وَأُحِلَّ لَكُم مَّا وَرَآءَ ذَٰلِكُمْ أَن تَبْتَغُوا۟ بِأَمْوَٰلِكُم مُّحْصِنِينَ غَيْرَ مُسَـٰفِحِينَ ۚ فَمَا ٱسْتَمْتَعْتُم بِهِۦ مِنْهُنَّ فَـَٔاتُوهُنَّ أُجُورَهُنَّ فَرِيضَةً ۚ وَلَا جُنَاحَ عَلَيْكُمْ فِيمَا تَرَٰضَيْتُم بِهِۦ مِنۢ بَعْدِ ٱلْفَرِيضَةِ ۚ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمًا ﴿٢٤﴾

24 "സ്ത്രീകളിൽ നിന്നും പാതിവ്യത്യം സിദ്ധിച്ച (വിവാഹിതരായ)വരും (നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു),- നിങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയവരൊഴികെ. നിങ്ങളുടെ മേൽ അല്ലാഹുവിൻെറ നിയമനം! (അവൻ നിയമിച്ചതാണിതെല്ലാം) അ(പ്പറഞ്ഞ) തിനപ്പുറമുള്ളത് നിങ്ങൾക്ക് അനുവദനീയമാക്കപ്പെടുകയും ചെയ്തിരിക്കുന്നു; (അതെ) വിടൻമാരല്ലാത്ത നിലയിൽ-ചാരിത്ര്യം സൂക്ഷിക്കുന്നവരായ നിലയിൽ-നിങ്ങളുടെ ധനംകൊണ്ട് നിങ്ങൾ (സ്ത്രീകളെ) തേടിയെടുക്കുവാൻ (വേണ്ടി.) (അതിനാണ് അങ്ങനെ അനുവദിച്ചിരിക്കുന്നത്) അങ്ങനെ അവരിൽ നിന്ന് യാതൊരുവരെക്കൊണ്ടു നിങ്ങൾ ഉപയോഗമെടുത്തുവോ അവർക്ക് നിങ്ങൾ അവരുടെ പ്രതിഫല (വിവാഹമൂല്യ)ങ്ങൾ ഒരു നിശ്ചിത ബാധ്യതയായി (നിർബന്ധപൂർവ്വം) കൊടുക്കുവിൻ. (ആ) ബാധ്യതാ നിശ്ചയത്തിന് ശേഷം, നിങ്ങൾ പരസ്പരം യാതൊന്നുകൊണ്ട് തൃപ്തിപ്പെട്ടുവോ അതിൽ നിങ്ങളുടെ മേൽ കുറ്റമില്ലതാനും. നിശ്ചയമായും അല്ലാഹു സർവ്വജ്ഞനും, അഗാധജ്ഞനുമാകുന്നു.

മരണപ്പെട്ട ആളുടെ ഭാര്യയെ വേറൊരു ഭാര്യയിൽ ജനിച്ച അയാളുടെ മകൻ വിവാഹം കഴിക്കുന്ന ഒരു ദുഷിച്ച സമ്പ്രദായം ജാഹിലിയ്യത്തിലുണ്ടായിരുന്നു. അത് ഈ വചനത്തിലൂടെ അല്ലാഹു കർശനമായി നിരോധിക്കുന്നു. ഈ കല്പന അവതരിക്കുന്നതിന് മുമ്പ് കഴിഞ്ഞ് പോയിട്ടുള്ളതിനെ നിരോധത്തിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിരിക്കുന്നു - ഇല്ലായിരുന്നെങ്കിൽ അതിൽ ജനിച്ച കുട്ടികളെ സംബന്ധിച്ചും മറ്റും പല സാമൂഹ്യപ്രശ്നങ്ങളും ഉണ്ടാകുമയിരുന്നല്ലോ.

നികൃഷ്ടമായ ആ സമ്പ്രദായത്തെ, നീചവൃത്തി, വെറുക്കപ്പെട്ടത്, വളരെ ദുഷിച്ചമാർഗ്ഗം എന്നൊക്കെ അല്ലാഹു വിശേഷിപ്പിച്ചതിൽ നിന്നും അത് എത്രമാത്രം നിന്ദ്യവും അപലപനീയവുമായ ഒരു സമ്പ്രദായമാണെന്ന് മനസ്സിലാക്കാമല്ലോ. വ്യഭിചാരത്തിന്റെ നിന്ദ്യതയെ പറ്റി വിവരിച്ചപ്പോൾ പോലും, ഈ മൂന്ന് വിശേഷണങ്ങളിൽ ആദ്യത്തേയും അവസാനത്തേതും മാത്രമേ അല്ലാഹു പ്രസ്താവിച്ചിട്ടുള്ളു. (17:32ൽ) ഈ നിരോധം അവതരിച്ച ശേഷവും ഈ സമ്പ്രദായം പ്രാവർത്തികമാക്കിയ ഒരാളെ കൊലപ്പെടുത്തുവാനും, അയാളുടെ സ്വത്ത് പിടിച്ചെടുക്കാനും നബി(സ) ആളെ അയച്ചതായി ഹദീസിൽ വന്നിട്ടുണ്ട്. മാതൃസ്ഥാനം കല്പിക്കപ്പെടേണ്ടുന്നവളാണല്ലോ. പിതാവിന്റെ ഭാര്യ. ഈ സമ്പ്രദായം മാതൃത്വത്തോടും പിതൃത്വത്തോടും

ചെയ്യുന്ന ഒരു ധിക്കാരവും, വ്യഭിചാരവേഴ്ചയുമത്രേ. ജാഹിലിയ്യാ കാലത്തുപോലും ഇത് "വെറുക്കപ്പെട്ട വിവാഹം" എന്നായിരുന്നു അറിയപ്പെട്ടിരുന്നത്.

(ഇവിടെ പ്രയോഗിച്ച പിതാക്കൾ എന്ന വാക്കാൽ, പിതാമഹന്മാരും ഉൾപ്പെടുമെന്നാണ് പണ്ഡിത മതം.)

സത്യവിശ്വാസികൾക്ക് കുടുംബബന്ധം, മുലകുടിബന്ധം, വിവാഹബന്ധം എന്നിവകൊണ്ട് വിവാഹം നിഷിദ്ധമായവർ ആരൊക്കെയാണെന്ന് 23-ാം വചനത്തിലും അടുത്ത വചനത്തിലുമായി അല്ലാഹു വിവരിക്കുന്നു. കുടുംബ ബന്ധം നിമിത്തം വിവാഹം നിഷിദ്ധമായവർ ഇവരാണ്. 1) മാതാക്കൾ : സ്വന്തം മാതാക്കൾക്ക് പുറമേ മാതാവിന്റെയും പിതാവിന്റെയും മാതാക്കളും ഇതിൽ ഉൾപ്പെടും. 2) പുത്രിമാർ: സ്വന്തം പുത്രിമാർക്ക് പുറമെ സ്വന്തം മക്കളുടെ പുത്രിമാരും ഇതിൽ ഉൾപ്പെടുന്നു. 3) സഹോദരിമാർ : മാതാവും പിതാവും ഒത്തവരോ, അല്ലെങ്കിൽ പിതാവോ, മാതാവോ മാത്രം ഒത്തവരോ ആയ എല്ലാ സഹോദരികളും. 4) അമ്മായി : പിതാവിന്റെയും പിതാമഹാന്മാരുടെയും, മാതാമഹൻമാരുടെയും സഹോദരികൾ, 5) മാതാവിന്റെയും, എല്ലാ തരത്തിലുള്ള ഉമ്മാമമാരുടെയും സഹോദരികൾ. 6) സഹോദരന്മാരുടെ പുത്രികൾ. 7) സഹോദരിമാരുടെ പുത്രികൾ - ഇത് രണ്ടിലും മേൽപറഞ്ഞ മൂന്നു തരത്തിലുള്ള സഹോദരസഹോദരിമാരുടെയും പുത്രികൾ അടങ്ങുന്നു.

വിവാഹ വിഷയത്തിൽ രക്തബന്ധം (കുടുംബ ബന്ധം) പോലെത്തന്നെയുള്ള ഒരു ബന്ധമായിട്ടാണ് മുലകുടി ബന്ധത്തെയും ഇസ്ലാം കണക്കാക്കുന്നത്. ഒരു സ്ത്രീയുടെ മുല കുടിച്ച കുട്ടിക്ക് ആ സ്ത്രീ മാതാവും, അവരുടെ അപ്പോഴത്തെ ഭർത്താവ് പിതാവും, അവർക്ക് -മുലകുടിച്ച കുട്ടി- മകൻ/മകൾ ആയും കണക്കാക്കപ്പെടുന്നതാണ്. മുലകുടിബന്ധത്തിലൂടെ വിവാഹം നിഷിദ്ധമായവർ ഇവരാണ്. 1. മുലകൊടുത്ത മാതാക്കൾ (2) ആ ബന്ധത്തിലുള്ള സഹോദരികൾ എന്നിവർ മാത്രമാകുന്നു. ഈ വചനത്തിൽ പ്രസ്താവിക്കപ്പെട്ടവർ. മറ്റുള്ളവരെപറ്റി ഒന്നും വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടില്ല. നബി(സ) ഒരു ഹദീസിൽ ഇത് സംബന്ധമായി ഇപ്രകാരം അരുളിയിരിക്കുന്നു - "കുടുംബബന്ധം നിമിത്തം നിഷിദ്ധമാകുന്നത് മുലകുടി ബന്ധം നിമിത്തവും നിഷിദ്ധമാകും."

വിവാഹബന്ധം നിമിത്തം വിവാഹം നിഷിദ്ധമാക്കപ്പെട്ടവർ ഇവരാണ്. 1) ഭാര്യമാരുടെ മാതാക്കൾ. മാതാക്കളിൽ മാതാമഹികളും പിതാമഹികളും ഉൾപ്പെടും. 2) വളർത്തുപുത്രികൾ - അഥവാ ഭാര്യമാർക്ക് മുൻവിവാഹത്തിൽ ജനിച്ച പെൺമക്കൾ. എന്നാൽ ആ ഭാര്യ സംയോഗത്തിന് മുമ്പ് വിവാഹമോചനം ചെയ്യപ്പെട്ടാൽ, അവളുടെ മുൻവിവാഹത്തിൽ ജനിച്ച മകൾ നിഷിദ്ധമാകുകയില്ല. ആ മകളെ അവന് വേണമെങ്കിൽ വിവാഹം ചെയ്യാം. (3) പുത്രന്മാരുടെ ഭാര്യമാർ: പുത്രന്മാർ എന്നതിൽ പൌത്രന്മാരും ഉൾപ്പെടും. എന്നാൽ ദത്ത് പുത്രന്മാർ ഉൾപ്പെടുകയില്ല എന്നാണ് "നിങ്ങളുടെ മുതുകെല്ലുകളിൽ നിന്നുള്ള നിങ്ങളുടെ പുത്രന്മാർ" എന്ന വിശേഷണത്തിലൂടെ അല്ലാഹു അറിയിക്കുന്നത്. ജാഹിലിയ്യാ കാലത്ത് ദത്ത് പുത്രന്മാർക്ക് യഥാർത്ഥ പുത്രന്മാരുടെ സ്ഥാനം കല്പിക്കുന്ന പതിവ് ഉണ്ടായിരുന്നെങ്കിലും, ദത്തെടുക്കുന്ന സമ്പ്രദായത്തെ ഇസ്ലാം നിരോധിച്ചിരിക്കുകയാണ് (സൂ : അഹ്സാബ് നോക്കുക) (4) രണ്ട് സഹോദരികളെ വിവാഹത്തിൽ ഒരുമിച്ച് കൂട്ടുക. ഇത് കുടുംബബന്ധത്തിലുള്ള സഹോദരികളെയും മുലകുടി ബന്ധത്തിലുള്ള സഹോദരികളെയും ബാധിക്കുന്നതാണ്. (ഇതും ജാഹിലിയ്യാകാലത്ത് പതിവുണ്ടായിരുന്ന ഒരു ദുസ്സമ്പ്രദായമായിരുന്നു). രണ്ട് സഹോദരികളെ ഒരുമിച്ച് കൂട്ടുന്നതിനെപ്പറ്റി മാത്രമേ ഇവിടെ വ്യക്തമാക്കപ്പെട്ടിട്ടുള്ളൂ. എങ്കിലും, ഒരു സ്ത്രീയോടൊപ്പം, അവളുടെ അമ്മായി, ഇളയമ്മ-മൂത്തമ്മ (പിതാവിന്റെയോ മാതാവിന്റെയോ സഹോദരികൾ) സഹോദരസഹോദരിമാരുടെ പുത്രി എന്നിവരെയും വിവാഹത്തിൽ ഒരുമിച്ച് കൂട്ടാൻ പാടില്ലെന്ന് നബി(സ) വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു.

24-ാം വചനത്തിലെ 'മുഹ്സിനാത്' എന്ന അറബി പദത്തിന് സ്വതന്ത്രകളായ സ്ത്രീകൾ, ചാരിത്ര്യശുദ്ധിയുള്ള സ്ത്രീകൾ, വിവാഹിതരായ സ്ത്രീകൾ എന്നിങ്ങനെ സന്ദർഭോചിതം വിവിധ അർത്ഥങ്ങളുണ്ട്. ഈ വചനത്തിൽ പ്രസ്തുത പദത്തിന് വിവാഹിതരായ സ്ത്രീകൾ എന്നാകുന്നു അർത്ഥം. കഴിഞ്ഞ വചനത്തിൽ വിവരിച്ചവർക്ക് പുറമെ, ഈ വചനത്തിലൂടെ ഒരു വിവാഹത്തിലിരിക്കുന്ന സ്ത്രീകളെ മറ്റൊരാൾ വിവാഹം കഴിക്കുന്നത് നിഷിദ്ധമാണെന്നർത്ഥം. എന്നാൽ ഇസ്ലാമിന്റെ ശത്രുക്കളുമായുള്ള യുദ്ധത്തിൽ ബന്ധനസ്ഥരായി പിടിക്കപ്പെട്ട സ്ത്രീകളെ ഈ വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ശത്രുനാട്ടിലുള്ള(ദാറുൽ ഹർബ്) അവരുടെ ഭർത്താക്കളുമായുള്ള വിവാഹബന്ധം അതോടെ ദുർബ്ബലപ്പെട്ട് പോകുന്നു. ഇത്തരം സ്ത്രീകൾക്ക് ഗർഭമില്ലെന്ന് ബോധ്യപ്പെട്ടാൽ മാത്രമേ അവരെ സമിപിക്കുവാൻ പാടുള്ളൂ. അവരെ ഭാഗിച്ച് കിട്ടിയ സേനാനികൾക്ക് വേണമെങ്കിൽ അവരെ വിവാഹം കഴിക്കുകയോ, അടിമകളും സഹധർമ്മിണികളുമായി വെക്കുകയോ, അന്യർക്ക്, വിവാഹം കഴിച്ച് കൊടുക്കുകയോ ചെയ്യാവുന്നതാണ്. ഈ സ്ത്രീകളെപ്പറ്റിയാണ് "നിങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയവർ" എന്ന് പറഞ്ഞത്. ഈ സ്ത്രീകളുടെ വിവാഹത്തിൽ ജനിക്കുന്ന കുട്ടികൾ സ്വതന്ത്രരായിരിക്കുന്നതും ഈ സ്ത്രീകൾ അവരുടെ യജമാനന്റേയോ, ഭർത്താവിൻെറയോ മരണത്തോടെ - അതിന് മുമ്പ് അവർ

സ്വതന്ത്രരാക്കപ്പെട്ട് കഴിഞ്ഞിട്ടില്ലെങ്കിൽ - താനെ സ്വതന്ത്രരായിത്തീരുന്നതാണ്. (വലങ്കൈയിന്റെ ഉടമസ്ഥത എന്ന പ്രയോഗത്തെപറ്റി സൂ: മുഅ്മിനൂൻ 6-ാം വചനത്തിലും, അടിമകളെ സംബന്ധിച്ച് സൂ: മുഹമ്മദ്: 4 ന്റെ വ്യാഖ്യാനത്തിലും വിവരിച്ചത് നോക്കുക).

വിവാഹം ചെയ്യാൻ പാടില്ലാത്ത സ്ത്രീകളെ വിവരിച്ചശേഷം നിങ്ങളുടെ മേൽ അല്ലാഹു നിയമിച്ച നിയമമാണിതെന്നും, ഇപ്പറഞ്ഞതിൽ പുറമെയുള്ള സ്ത്രീകൾ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നുവെന്നും അല്ലാഹു ഓർമ്മിപ്പിക്കുന്നു. അങ്ങനെ അനുവദിക്കപ്പെട്ടതിൽ "വേശ്യാവൃത്തരല്ലാതെ ചാരിത്ര്യം സൂക്ഷിക്കുന്നതായ നിലയിൽ നിങ്ങളുടെ ധനം കൊണ്ടു നിങ്ങൾ അന്വേഷിച്ച് പിടിക്കുവാൻ" എന്ന മാർഗ്ഗനിർദ്ദേശവും അല്ലാഹു തുടർന്ന് നല്കുന്നു. നിയമാനുസൃതമല്ലാതെ, അവിഹിതമാർഗ്ഗങ്ങൾ സ്വീകരിക്കുമ്പോൾ ധനം വ്യയം ചെയ്യേണ്ടിവരികയും, അപകടവും അപമാനകരവുമായ ദുർവൃത്തികളിൽ ചെന്ന് പതിക്കുകയും ചെയ്യേണ്ടിവരും. സദുവൃത്തരായ സ്ത്രീകളെ മഹ്ർ കൊടുത്തും അവരുടെ ചിലവുകൾ വഹിച്ചും, വിവാഹം കഴിച്ച്, നിങ്ങളുടെ ചാരിത്ര്യശുദ്ധിയും, സാന്മാർഗ്ഗിക മര്യാദയും നില നിറുത്തിപ്പോരുമാറ് നിങ്ങളുടെ ധനം ഉപയോഗിക്കുന്നതാണ് നിങ്ങൾക്ക് ഉത്തമം എന്ന് അല്ലാഹു പ്രസ്താവിക്കുന്നു.

"അവർക്ക് അവരുടെ പ്രതിഫലങ്ങൾ ഒരു നിശ്ചിത ബാദ്ധ്യതയായി നിങ്ങൾ കൊടുക്കണം" എന്ന് പറഞ്ഞ് കൊണ്ട് മഹ്റിന്റെ കാര്യം അല്ലാഹു പ്രത്യേകം ഓർമ്മിപ്പിക്കുന്നു. പ്രതിഫലങ്ങൾ എന്നത് കൊണ്ട് ഇവിടെ ഉദ്ദേശിക്കപ്പെട്ടത് മഹ്റാണ്. അവരിൽ നിന്നും ഉപയോഗപ്പെടുത്തുന്ന സുഖങ്ങളുടെ പേരിൽ അവർക്ക് നൽകുന്ന ഒരു പാരിതോഷികമാണല്ലോ മഹ്ർ.

മഹ്ർ തിട്ടപ്പെടുത്തിയതിനുശേഷവും ഭാര്യ അതിന്റെ ഒരു ഭാഗമോ, മുഴുവൻ തന്നെയോ ഭർത്താവിന് സന്തോഷപൂർവ്വം ഒഴിവാക്കിക്കൊടുക്കുന്നതിലോ, നിശ്ചയിച്ചതിനേക്കാൾ കൂടുതലായി വല്ലതും ഭർത്താവ് കൂട്ടിക്കൊടുക്കുന്നത് ഭാര്യ സ്വീകരിക്കുന്നതിലോ വിരോധമില്ല. മഹ്റിന്റെ കാര്യത്തിൽ വിട്ടുവീഴ്ച രണ്ടുഭാഗത്തു നിന്നും ആകാമെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. എന്നാൽ ഭർത്താവിന്റെ ഭാഗത്ത് നിന്നാണ് കൂടുതൽ ഔദാര്യം പ്രകടമാകേണ്ടത്.

"നിശ്ചയമായും അല്ലാഹു സർവ്വജ്ഞനും അഗാധജ്ഞനമാകുന്നു" എന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് അല്ലാഹു ഈ നിയമനിർദേശങ്ങൾ ഉപസംഹരിക്കുന്നത്.

---

**വചനം 25:**

وَمَن لَّمْ يَسْتَطِعْ مِنكُمْ طَوْلًا أَن يَنكِحَ ٱلْمُحْصَنَٰتِ ٱلْمُؤْمِنَٰتِ فَمِن مَّا مَلَكَتْ أَيْمَٰنُكُم مِّن فَتَيَٰتِكُمُ ٱلْمُؤْمِنَٰتِ ۚ وَٱللَّهُ أَعْلَمُ بِإِيمَٰنِكُم ۚ بَعْضُكُم مِّنۢ بَعْضٍ ۚ فَٱنكِحُوهُنَّ بِإِذْنِ أَهْلِهِنَّ وَءَاتُوهُنَّ أُجُورَهُنَّ بِٱلْمَعْرُوفِ مُحْصَنَٰتٍ غَيْرَ مُسَٰفِحَٰتٍ وَلَا مُتَّخِذَٰتِ أَخْدَانٍ ۚ فَإِذَآ أُحْصِنَّ فَإِنْ أَتَيْنَ بِفَٰحِشَةٍ فَعَلَيْهِنَّ نِصْفُ مَا عَلَى ٱلْمُحْصَنَٰتِ مِنَ ٱلْعَذَابِ ۚ ذَٰلِكَ لِمَنْ خَشِىَ ٱلْعَنَتَ مِنكُمْ ۚ وَأَن تَصْبِرُوا۟ خَيْرٌ لَّكُمْ ۗ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٢٥﴾

25 നിങ്ങളിൽനിന്ന് വല്ലവർക്കും സത്യവിശ്വാസിനികളായ ചാരിത്ര്യവതികളെ (സ്വതന്ത്ര സ്ത്രീകളെ) വിവാഹം കഴിക്കുന്നതിനു(ള്ള ധന) ശേഷി സാദ്ധ്യമാകാത്തപക്ഷം, അപ്പോൾ -സത്യവിശ്വാസിനികളായ നിങ്ങളുടെ വാലിയക്കാരികളിൽ നിങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയവരിൽ നിന്നു (വിവാഹം കഴിച്ചുകൊള്ളുക). നിങ്ങളുടെ സത്യവിശ്വാസത്തെക്കുറിച്ച് അല്ലാഹു ഏറ്റവും അറിയുന്നവനുമാകുന്നു. നിങ്ങളിൽ ചിലർ ചിലരിൽ നിന്നുള്ളവരത്രെ. (എല്ലാവരും പരസ്പരം സഹോദരങ്ങളാണല്ലോ.) ആകയാൽ, അവരുടെ ആൾക്കാരുടെ (കൈകാര്യക്കാരുടെ) സമ്മത പ്രകാരം നിങ്ങളവരെ വിവാഹം കഴിച്ചു കൊള്ളുക. (സദാചാര) മര്യാദപ്രകാരം അവരുടെ പ്രതിഫലങ്ങൾ (മഹ്റുകൾ) അവർക്ക് നൽകുകയും ചെയ്യുവിൻ. (അതെ) വേശ്യാവൃത്തരല്ലാത്തവരും, (രഹസ്യ)വേഴ്ചക്കാരെ സ്വീകരിക്കാത്തവരുമായ ചാരിത്ര്യശുദ്ധകളായ നിലയിൽ (അവരെ വിവാഹം കഴിച്ചേക്കുക). അങ്ങനെ, അവർക്ക് ചാരിത്ര്യ സംരക്ഷണം

ലഭിച്ചിട്ട് (വിവാഹം കഴിഞ്ഞിട്ടു പിന്നെ) അവർ വല്ല നീചവൃത്തിയും കൊണ്ടു വന്നു (ചെയ്തു) വെങ്കിൽ, അപ്പോൾ-ചാരിത്ര്യ ശുദ്ധകളായ (സ്വതന്ത്ര) സ്ത്രീകളുടെ മേലുണ്ടാകുന്ന ശിക്ഷയുടെ പകുതി അവരുടെ മേൽ ഉണ്ടായിരിക്കും. അത് (അടിമകളെ വിവാഹം ചെയ്യാമെന്നുള്ളത്) നിങ്ങളിൽ അസഹ്യതയെ ഭയപ്പെട്ടവർക്കാകുന്നു. നിങ്ങൾ ക്ഷമിക്കുന്നതാവട്ടെ, നിങ്ങൾക്ക് (കൂടുതൽ) ഉത്തമവുമത്രെ. അല്ലാഹു, വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

സ്വതന്ത്രകളായ സ്ത്രീകളെ വിവാഹം ചെയ്യുമ്പോൾ, കൂടുതൽ മഹ്റും മറ്റുള്ള ബാധ്യതകളും നൽകേണ്ടി വരുന്നതിനാൽ ധനപരമായ കഴിവില്ലാത്തവർക്ക് സത്യവിശ്വാസികളായ അടിമസ്ത്രീകളെ വിവാഹം കഴിക്കാമെന്ന് അല്ലാഹു അറിയിക്കുന്നു. നിങ്ങളിൽ എല്ലാവരുടെയും വിശ്വാസത്തെ പറ്റി അല്ലാഹുവിന് നല്ലവണ്ണം അറിയാമെന്നും, കുലീനതയേക്കാളും കുടുംബമാഹാത്മ്യത്തേക്കാളും സത്യവിശ്വാസത്തിനാണ് വില കല്പിക്കേണ്ടതെന്നും അല്ലാഹു അറിയിക്കുന്നു. സംഗതി വശാൽ നിങ്ങളിൽ ചിലർ സ്വതന്ത്രരും ചിലർ അടിമകളും ആയിപ്പോയി എന്നല്ലാതെ മനുഷ്യത്വത്തിലും സത്യവിശ്വാസത്തിലും എല്ലാരും സമന്മാരും സഹോദരങ്ങളുമാണ്.

അടിമസ്ത്രീകളെ വിവാഹം കഴിക്കുന്നത് അവരുടെ യജമാനന്മാരുടെ സമ്മതത്തോട് കൂടി ആയിരിക്കണമെന്നും, മര്യാദക്കുള്ള മഹർ അവർക്ക് കൊടുക്കണമെന്നും, എല്ലാ വിവാഹത്തിലുമെന്നപോലെ, ചാരിത്ര്യശുദ്ധിയെ സൂക്ഷിക്കുന്നവരും, വ്യഭിചാരവൃത്തികളിൽ ഏർപ്പെടാത്തവരുമായിരിക്കാൻ ശ്രദ്ധിക്കണമെന്നും അല്ലാഹു ഉണർത്തുന്നു.

എന്നാൽ പിന്നീട് ആ ഭാര്യമാരിൽ നിന്നും വല്ല നീചവൃത്തികളും ഉണ്ടായാൽ നിയമപ്രകാരം അവരെ ശിക്ഷിക്കേണ്ടതാണ്. പക്ഷേ സ്വതന്ത്രരായ, സ്ത്രീകൾക്ക് നല്കുന്ന ശിക്ഷയുടെ പകുതി ശിക്ഷയേ അവർക്ക് നല്കേണ്ടതുള്ളൂ എന്ന് അല്ലാഹു കല്പിക്കുന്നു. സമൂഹത്തിൽ പൊതുവെയുള്ള സമ്പ്രദായത്തിന് വിരുദ്ധമായി, ഇസ്ലാം, താഴെക്കിടയിലുള്ളവരും സാധാരണക്കാരുമായ ആളുകൾക്ക്, ശിക്ഷകളിൽ ലഘൂകരണവും, ഉന്നതരും മാന്യരുമായ ആളുകൾക്ക് ശിക്ഷകളിൽ കാഠിന്യവും നിർദ്ദേശിക്കുന്നു.

ഒരു വിവാഹം കഴിക്കാതിരുന്നാൽ ദുർവൃത്തികൾക്ക് വശംവദരായിത്തീർന്നേക്കുമെന്ന് ഭയപ്പെടുന്നവർക്ക് മാത്രമേ, അടിമകളെ വിവാഹം കഴിച്ച് കൂടൂ എന്ന് അല്ലാഹു അവസാനം എടുത്തു പറയുന്നു. കഴിവതും ക്ഷമിക്കുകയും, അടിമ വിവാഹം ഒഴിവാക്കുകയുമാണ് കൂടുതൽ നല്ലത്. അന്യരുടെ ഉടമസ്ഥതയിലുള്ള അടിമകളെ വിവാഹം കഴിക്കുന്നത് മാന്യതക്കും അന്തസ്സിനും യോജിച്ചതല്ല. അവരിൽ ജനിക്കുന്ന കുട്ടികൾ അടിമകളുമായിരിക്കും. ഇതെല്ലാം കാരണമായിട്ടാണ് ഈ വിഷയത്തെ ഇത്ര ശക്തിയായി അല്ലാഹു നിരുൽസാഹപ്പെടുത്തുന്നത്.

## വിഭാഗം 5

**വചനം 26,27,28**

يُرِيدُ ٱللَّهُ لِيُبَيِّنَ لَكُمْ وَيَهْدِيَكُمْ سُنَنَ ٱلَّذِينَ مِن قَبْلِكُمْ وَيَتُوبَ عَلَيْكُمْ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿٢٦﴾

26 നിങ്ങൾക്ക് (നിങ്ങളുടെ നടപടിക്രമങ്ങൾ) വിവരിച്ചു തരുവാൻ അല്ലാഹു ഉദ്ദേശിക്കുന്നു; നിങ്ങളുടെ മുമ്പുണ്ടായിരുന്നവരുടെ ചര്യകളെ നിങ്ങൾക്ക് കാട്ടിത്തരുവാനും, നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുവാനും (അവൻ ഉദ്ദേശിക്കുന്നു). അല്ലാഹു സർവ്വജ്ഞനും അഗാധജ്ഞനുമാകുന്നു.

وَٱللَّهُ يُرِيدُ أَن يَتُوبَ عَلَيْكُمْ وَيُرِيدُ ٱلَّذِينَ يَتَّبِعُونَ ٱلشَّهَوَٰتِ أَن تَمِيلُوا۟ مَيْلًا عَظِيمًا ﴿٢٧﴾

27 അല്ലാഹു, നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; ഇച്ഛകളെ പിൻപറ്റി കൊണ്ടിരിക്കുന്നവർ, നിങ്ങൾ (നേർമ്മാർഗ്ഗം വിട്ടു) വമ്പിച്ച തോതിൽ തെറ്റിപ്പോകുവാനും ഉദ്ദേശിക്കുന്നു.

28 നിങ്ങൾക്കു ലഘൂവാക്കിത്തരുവാൻ അല്ലാഹു ഉദ്ദേശിക്കുന്നു. ബലഹീനനായിട്ടത്രെ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതും.

يُرِيدُ ٱللَّهُ أَن يُخَفِّفَ عَنكُمْ ۚ وَخُلِقَ ٱلْإِنسَـٰنُ ضَعِيفًا ﴿٢٨﴾

നിങ്ങൾക്ക് സന്മാർഗ്ഗ നടപടിക്രമങ്ങൾ വിവരിച്ച് തരിക, മുൻപ് കഴിഞ്ഞ പ്രവാചകന്മാരുടെയും സജ്ജനങ്ങളുടെയും സച്ചരിതങ്ങൾ നിങ്ങൾ അനുകരിക്കുമാറാകുക. നിങ്ങളെ പാപവിമുക്തരാക്കി, അല്ലാഹുവിന്റെ മാപ്പിന് അർഹരാക്കുക ഇതൊക്കെയാണ് ഇങ്ങനെയുള്ള നിയമനിർദേശങ്ങൾ വഴി അല്ലാഹു ഉദ്ദേശിക്കുന്നത്. എന്നാൽ നിങ്ങൾ പിഴച്ച് കാണണമെന്ന് ആഗ്രഹിക്കുന്ന പിശാചിന്റെ ആൾക്കാരുടെ ദുഷ്പ്രേരണകൾക്ക് നിങ്ങൾ വശംവദരാകരുത്. ഉൽകൃഷ്ട സൃഷ്ടിയായ മനുഷ്യന്, പ്രകൃത്യാ പല ദൗർബല്യങ്ങളുമുണ്ട്. അവന്റെ വികാരങ്ങളെ മുഴുവൻ ഒതുക്കിവെക്കുവാൻ അവന് സാധിക്കുകയില്ല. ഈ ദൗർബല്യം കണക്കിലെടുത്തുകൊണ്ട് അല്ലാഹു നിശ്ചയിച്ചിരിക്കുന്ന പ്രായോഗിക നടപടിക്രമങ്ങളിൽ ഒന്നത്രെ, സ്വതന്ത്രകളെ വിവാഹം കഴിക്കാൻ സാധിക്കാത്തപക്ഷം അടിമകളെ വിവാഹം കഴിക്കാമെന്ന് അനുവദിക്കപ്പെട്ടത്.

**വചനം 29,30**

29 ഹേ, വിശ്വസിച്ചവരേ, നിങ്ങളുടെ സ്വത്തുക്കൾ നിങ്ങൾക്കിടയിൽ (തമ്മതമ്മിൽ) അന്യായമായി നിങ്ങൾ തിന്നരുത്; നിങ്ങളിൽനിന്നും അന്യോന്യം തൃപ്തിയോടെയുള്ള വല്ല കച്ചവടവും ആയാലൊഴികെ. (അതിനു വിരോധമില്ല) നിങ്ങൾ നിങ്ങളെത്തന്നെ കൊല്ലുകയും ചെയ്യരുത്. നിശ്ചയമായും അല്ലാഹു, നിങ്ങളെക്കുറിച്ച് കരുണയുള്ളവനാകുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَأْكُلُوٓا۟ أَمْوَٰلَكُم بَيْنَكُم بِٱلْبَـٰطِلِ إِلَّآ أَن تَكُونَ تِجَـٰرَةً عَن تَرَاضٍ مِّنكُمْ ۚ وَلَا تَقْتُلُوٓا۟ أَنفُسَكُمْ ۚ إِنَّ ٱللَّهَ كَانَ بِكُمْ رَحِيمًا ﴿٢٩﴾

30 ആരെങ്കിലും അതിക്രമമായും, അക്രമമായും അങ്ങനെ ചെയ്യുന്ന പക്ഷം, നാം അവനെ വഴിയെ അഗ്നിയിൽ (നരകത്തിൽ) കടത്തി എരിയിക്കുന്നതാണ്. അത്, അല്ലാഹുവിൻെറ മേൽ ഒരു എളുപ്പമുള്ള കാര്യമാകുന്നു.

وَمَن يَفْعَلْ ذَٰلِكَ عُدْوَٰنًا وَظُلْمًا فَسَوْفَ نُصْلِيهِ نَارًا ۚ وَكَانَ ذَٰلِكَ عَلَى ٱللَّهِ يَسِيرًا ﴿٣٠﴾

പലിശ ഇടപാടുകൾ, കൃത്രിമ വിൽപനകൾ, ചൂതാട്ടം, പന്തയം, ഷോടതി, മായം ചേർക്കൽ, ആദിയായി നിയമാനുസൃതമല്ലാത്ത ഏത് മാർഗ്ഗങ്ങളിലൂടെയും ധനം കരസ്ഥമാക്കുന്നത് അല്ലാഹു നിരോധിക്കുന്നു. പരസ്പരം തൃപ്തിപെട്ട് കൊണ്ടു നടത്തുന്ന നിയമ വിരോധമല്ലാത്ത എല്ലാ ക്രയവിക്രയങ്ങളെയും അല്ലാഹു അനുവദനീയമാക്കിയിരിക്കുന്നു. പരസ്പര തൃപ്തിയും അല്ലാഹുവിന്റെ അനുവദനീയതയും എല്ലാ ക്രയവിക്രയങ്ങൾക്കും ഒഴിച്ച് കൂടാൻ പാടില്ലാത്തതാകുന്നു.

'നിങ്ങൾ നിങ്ങളുടെ സ്വന്തങ്ങളെ - നിങ്ങളെ തന്നെ - കൊല്ലരുത്' എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം മൂന്ന് പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെടാറുണ്ട്. 1) നിങ്ങൾ തമ്മിൽ തമ്മിൽ കൊല ചെയ്യരുത്. (2) പാപങ്ങളും അക്രമങ്ങളും പ്രവർത്തിക്കുക വഴി നിങ്ങളുടെ സ്വയം നാശത്തിൽ വഴിയൊരുക്കരുത്. (3) നിങ്ങൾ ആത്മഹത്യയോ, മരണത്തിന് ഹേതുവാകുന്ന കാര്യങ്ങളോ ചെയ്യരുത് - ഈ മൂന്ന് ഉദ്ദേശ്യങ്ങളും വരുവാൻ സാധ്യതയുള്ള ഒരു വാക്യം തന്നെയാണത്

ആത്മഹത്യചെയ്തവന് സ്വർഗ്ഗം ലഭിക്കുകയില്ലെന്ന് പല ഹദീസുകളിലും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

മനുഷ്യരുടെ ധനവും ദേഹവും സുരക്ഷിതമായിരിക്കാനുള്ള ഇത്തരം നിർദ്ദേശങ്ങൾ, അല്ലാഹു നല്കിക്കൊണ്ടിരിക്കുന്നത് അല്ലാഹുവിന് നിങ്ങളോടുള്ള കാരുണ്യവും കൃപയും കൊണ്ടാകുന്നു.

**വചനം 31**

31 നിങ്ങളോട് വിരോധിക്കപ്പെടുന്നവയിലെ വൻകാര്യങ്ങൾ (മഹാപാപങ്ങൾ) നിങ്ങൾ

إِن تَجْتَنِبُوا۟ كَبَآئِرَ مَا تُنْهَوْنَ عَنْهُ نُكَفِّرْ

വർജ്ജിക്കുന്ന പക്ഷം,- നിങ്ങളുടെ തിൻമകളെ നിങ്ങളിൽ നിന്നു നാം മൂടി വെ(ച്ചു മാപ്പാ)ക്കുന്ന താണ്; നിങ്ങളെ മാന്യമായ ഒരു പ്രവേശനസ്ഥാ നത്തു നാം പ്രവേശിപ്പിക്കുന്നതുമാണ്.

عَنكُمْ سَيِّـَٔاتِكُمْ وَنُدْخِلْكُم مُّدْخَلًا كَرِيمًا ﴿٣١﴾

---

സത്യവിശ്വാസികൾക്ക് വളരെയധികം ആശ നൽകുന്ന ഒരു വാഗ്ദാനമാണ് ഈ വചനം. മനുഷ്യൻ ഒരു ഉൽകൃഷ്ട ജീവിയാണെങ്കിലും ദൗർബല്യത്തോടെയാണല്ലോ അവൻ സൃഷ്ടിക്കപ്പെട്ടത്. (വചനം 28). അവന്റെ ദൗർബല്യം നിമിത്തം അല്ലാഹു വിവരിച്ച് കൊടുത്ത വിലക്കപ്പെട്ട കാര്യങ്ങളിൽ നിന്നും, പരിപൂർണ്ണമായി വിമുക്ത രായിരിക്കുന്നവർ, വളരെ വിരളമായേ ഉണ്ടാകൂ. അത് കൊണ്ട് മനുഷ്യരെ ഏറ്റവും നന്നായി അറിയുന്ന പരമകാ രുണികനായ റബ്ബ് മനുഷ്യന് നല്കുന്ന അതിമഹത്തായ ഒരു ഔദാര്യമത്രേ ഈ വചനത്തിൽ കാണുന്നത്. വിരോധിക്കപ്പെട്ട മുഴുവൻ പാപങ്ങളും അവർ വർജ്ജിക്കുന്നില്ലെങ്കിൽ തന്നെ, മഹാപാപങ്ങളെങ്കിലും വർജ്ജി ക്കുന്ന പക്ഷം, ചെറിയതരം പാപങ്ങളെ അല്ലാഹു അവരിൽനിന്ന് മൂടി വച്ച് മാപ്പാക്കി കൊടുക്കുന്നതാണെന്ന് മാത്രമല്ല, അവരെ സ്വർഗ്ഗമെന്ന മാന്യസ്ഥാനത്ത് പ്രവേശിപ്പിച്ച് ആദരിക്കുന്നതാണ് എന്ന് കൂടി അല്ലാഹു പ്രസ്താ വിക്കുന്നു. അല്ലാഹുവിന് സദാസമയത്തും നാം പ്രത്യേകം നന്ദിപ്രകടിപ്പിക്കാൻ കടപെട്ട ഒരു മഹാനുഗ്രഹമാ ണത്രേ ഈ വചനം.

മഹാപാപങ്ങൾ ഏതൊക്കെയാണെന്നതിനെ പറ്റി വ്യക്തമായ തെളിവുകളൊന്നും ഖുർ ആനിൽ കാണു ന്നില്ല. പ്രബലമായ ചില ഹദീസുകളിൽ വിനാശകരങ്ങളായ ഏഴ് മഹാപാപങ്ങളെ നബി(സ) എടുത്ത് പറഞ്ഞി ട്ടുള്ളത് പ്രസിദ്ധമാകുന്നു. "അല്ലാഹുവിനോട് പങ്ക് ചേർക്കുക, ന്യായപ്രകാരമല്ലാതെ ആത്മാവിനെ (ആളെ) വധിക്കുക, സിഹ്റും (ആഭിചാരം), പലിശ തിന്നുന്നതും, അനാഥയുടെ സ്വത്ത് തിന്നുന്നതും, ശത്രുക്കളുമായി ഏറ്റ് മുട്ടിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ പിൻതിരിഞ്ഞുപോകുന്നതും, സത്യവിശ്വാസികളും സദ്വൃത്തകളു മായ സ്ത്രീകളെക്കുറിച്ച് വ്യഭിചാരാരോപണം നടത്തുന്നതും ആകുന്നു അവ. ഇവ കൂടാതെ, മാതാപിതാക്കളെ വെറുപ്പിക്കുക, അവരെ ശപിക്കുക, കള്ളസാക്ഷ്യം പറയുക, കള്ള സത്യം ചെയ്യുക, എന്നിവയും മഹാപാപങ്ങ ളിൽ ഉൾപ്പെടുത്തിയതായി പ്രബലമായ ഹദീസുകളിൽ കാണാം. ഖുർആന്റെയും നബി വചനങ്ങളുടെയും വെളിച്ചത്തിൽ പരിശോധിച്ചാൽ , മഹാപാപങ്ങൾ എഴുപതും അതിലധികവും കാണുമെന്ന് ചില പണ്ഡിതന്മാർ പ്രസ്താവിച്ചതായി കാണുന്നു.

മഹാപാപങ്ങളെക്കുറിച്ച് ഇബ്നു അബ്ബാസ്(റ)യിൽ നിന്നും രിവായത്ത് ചെയ്യപ്പെട്ട പ്രസ്താവനയുടെ സാരം ഇപ്രകാരമാകുന്നു. "മഹാപാപങ്ങൾ ഏഴിനേക്കാൾ അടുപ്പം എഴുന്നൂറിനോടാണ്. എങ്കിലും പാപമോ ചനം തേടുന്നതോട് കൂടി മഹാപാപം ഇല്ല; പതിവാക്കുന്നതോടുകൂടി നിസ്സാരപാപവും ഇല്ല."

---

**വചനം 32:**

32 നിങ്ങളിൽ ചിലർക്ക് ചിലരെക്കാൾ അല്ലാഹു ശ്രേഷ്ഠത നൽകി (അഥവാ അനുഗ്രഹം ചെയ്തു) കൊടുത്തിട്ടുള്ളതിനെ നിങ്ങൾ കൊതിക്കരുത്. പുരുഷൻമാർക്ക് അവർ സമ്പാദിച്ചുണ്ടാക്കിയതിൽ നിന്ന് ഓഹരി യുണ്ടായിരിക്കും; സ്ത്രീകൾക്ക് അവർ സമ്പാദിച്ചുണ്ടാക്കിയതിൽ നിന്നും ഓഹരി യുണ്ടായിരിക്കും. അല്ലാഹുവിനോട് അവൻെറ അനുഗ്രഹത്തിൽ (അഥവാ ഔദാര്യത്തിൽ) നിന്നും നിങ്ങൾ ചോദിക്കുകയും ചെയ്യുവിൻ. നിശ്ചയമായും അല്ലാഹു, എല്ലാ കാര്യത്തെപ്പറ്റി യും അറിയുന്നവനാകുന്നു.

وَلَا تَتَمَنَّوْا۟ مَا فَضَّلَ ٱللَّهُ بِهِۦ بَعْضَكُمْ عَلَىٰ بَعْضٍ ۚ لِّلرِّجَالِ نَصِيبٌ مِّمَّا ٱكْتَسَبُوا۟ ۖ وَلِلنِّسَآءِ نَصِيبٌ مِّمَّا ٱكْتَسَبْنَ ۚ وَسْـَٔلُوا۟ ٱللَّهَ مِن فَضْلِهِۦٓ ۗ إِنَّ ٱللَّهَ كَانَ بِكُلِّ شَىْءٍ عَلِيمًا ﴿٣٢﴾

---

ധനം, സുഖസൗകര്യങ്ങൾ, സ്ഥാനമാനങ്ങൾ, സ്വഭാവഗുണങ്ങൾ എന്നിങ്ങനെ അല്ലാഹു ചിലർക്ക് നൽകിയ ശ്രേഷ്ഠഗുണങ്ങൾ നിങ്ങൾക്ക് വേണമെന്ന് വ്യാമോഹിക്കുകയും, അതിൽ അസൂയപ്പെടുകയും ചെയ്യരുത്. പുരു ഷന്മാരായാലും, സ്ത്രീകളായാലും, അവരവർ ചെയ്ത് സമ്പാദിക്കുന്ന കർമ്മങ്ങളും, അദ്ധ്വാനങ്ങളും അനുസരി ച്ചുള്ള നേട്ടവും പ്രതിഫലവും എല്ലാവർക്കും ലഭിക്കും - പ്രയത്നത്തോടുകൂടി അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും തങ്ങളിൽ വർഷിച്ചുകൊണ്ടിരിക്കുവാൻ അവനോട് പ്രാർത്ഥിക്കുകയുമാണ് വേണ്ടത്. ആർക്കെല്ലാ

മാണ് എന്തെല്ലാമാണ് നല്കേണ്ടത്, അല്ലെങ്കിൽ നല്കാതിരിക്കേണ്ടത് എന്നൊക്കെ, അല്ലാഹുവിന് ശരിക്കും അറിയാം. 'രണ്ട് കൂട്ടരിൽ, അതായത് - അല്ലാഹു നൽകിയ ധനം, വേണ്ട വിഷയത്തിൽ ചിലവഴിക്കുന്നവനിലും അവൻ നല്കിയ വിജ്ഞാനപ്രകാരം വിധിക്കുകയും അത് മറ്റുള്ളവരിലേക്ക് പഠിപ്പിച്ചു നല്കുന്നവനിലും, അല്ലാതെ അസൂയയില്ല" എന്ന നബിവചനം ബുഖാരി, മുസ്ലീം(റ) തുടങ്ങിയവർ ഉദ്ധരിച്ചിട്ടുണ്ട്. 'അസൂയ' എന്ന അലങ്കാരപ്രയോഗത്തിലൂടെ ഇവിടെ ഉദ്ദേശിക്കുന്നത് ആ ഭാഗ്യം തങ്ങൾക്ക് ലഭിക്കുമ്പോൾ അവരെപ്പോലെ പ്രവർത്തിക്കാനുള്ള സന്നദ്ധതയെക്കുറിച്ചാണെന്നും, അല്ലാതെ അവർക്ക് ലഭിക്കുന്ന നന്മയിൽ വെറുപ്പും, വ്യാമോഹവും വെച്ച് പുലർത്തുക എന്ന അർത്ഥത്തിലല്ലെന്നും മനസ്സിലാക്കേണ്ടതാണ്.

---

**വചനം 33:**

وَلِكُلٍّ جَعَلْنَا مَوَٰلِىَ مِمَّا تَرَكَ ٱلْوَٰلِدَانِ وَٱلْأَقْرَبُونَ ۚ وَٱلَّذِينَ عَقَدَتْ أَيْمَٰنُكُمْ فَـَٔاتُوهُمْ نَصِيبَهُمْ ۚ إِنَّ ٱللَّهَ كَانَ عَلَىٰ كُلِّ شَىْءٍ شَهِيدًا ﴿٣٣﴾

33 എല്ലാവർക്കും (തന്നെ, തങ്ങളുടെ) മാതാപിതാക്കളും, അടുത്ത കുടുംബങ്ങളും വിട്ടേച്ചു പോയതിന് (സ്വത്തിനു) നാം ബന്ധപ്പെട്ടവരെ (അവകാശികളെ) ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ സത്യങ്ങൾ (അഥവാ വലങ്കൈകൾ) ബന്ധം സ്ഥാപിച്ചിട്ടുള്ളവർക്ക് അവരുടെ ഓഹരി നിങ്ങൾ കൊടുത്തു കൊള്ളുവിൻ. നിശ്ചയമായും അല്ലാഹു, എല്ലാ കാര്യത്തിനും (ദൃക്) സാക്ഷിയാകുന്നു.

---

ഈ വചനത്തിന് ഒന്നിലധികം രൂപത്തിൽ അർത്ഥം വ്യാഖ്യാനം നല്കപ്പെട്ട് കാണാം. കൂടുതൽ പ്രസക്തമായ വ്യാഖ്യാനങ്ങൾ ചുവടെ ഉദ്ധരിക്കുന്നു.

1. മാതാപിതാക്കളും അടുത്ത കുടുംബങ്ങളും മരണപ്പെട്ട് പോകുമ്പോൾ അവർ വിട്ടേച്ച് പോകുന്ന സ്വത്തിന് എല്ലാവർക്കും തന്നെ അല്ലാഹു നിശ്ചിത അവകാശികളെ ഏർപ്പെടുത്തിയിട്ടുണ്ട്. നിങ്ങളുമായി സഖ്യബന്ധം നിലവിലുള്ളവർക്ക് ആ സഖ്യബന്ധമനുസരിച്ച്, നിങ്ങൾ നിർവഹിച്ച് കൊടുക്കേണ്ടതുള്ള ബാധ്യതകളിൽ , സ്വത്തവകാശമല്ലാത്ത എല്ലാ ബാധ്യതകളും, നിങ്ങൾ നിർവ്വഹിച്ച് കൊടുക്കേണ്ടതാണ്.

ഇസ്ലാമിലെ അനന്തരാവകാശനിയമവ്യവസ്ഥപ്രകാരമുള്ള അവകാശികൾക്ക് മാത്രമേ മേലിൽ സ്വത്തവകാശമുള്ളുവെന്നും, അതിന് മുമ്പ് നിലനിന്നിരുന്ന (ഹിജ്റയെ തുടർന്ന് അൻസാറുകളും മുഹാജിറുകളും തമ്മിലുണ്ടായ സാഹോദര്യബന്ധത്തിന്റെ അടിസ്ഥാനത്തിലും, ജാഹിലിയ്യാ കാലത്ത് അറബികളിൽ പതിവുണ്ടായിരുന്ന സഖ്യബന്ധത്തിന്റെ അടിസ്ഥാനത്തിലും) സ്വത്തവകാശം പങ്ക് വെച്ചിരുന്ന പതിവിനെ നിർത്തൽ ചെയ്യുന്നതുമാണ് ഈ വചനം എന്നത്രേ ഈ വ്യാഖ്യാനത്തിന്റെ താല്പര്യം.

2. ഈ വ്യാഖ്യാനപ്രകാരം, മാതാപിതാക്കളും, അടുത്ത കുടുംബങ്ങളും വിട്ടുപോയ സ്വത്തിന് എല്ലാവർക്കും തന്നെ അടുത്ത കുടുംബബന്ധമുള്ള - അസ്വബക്കാരായി അറിയപ്പെടുന്ന - അവകാശികളെ നിശ്ചയിച്ചിട്ടുണ്ട് എന്നും വിവാഹബന്ധം സ്ഥാപിതമായിട്ടുള്ളവർക്ക് - അഥവാ ഭാര്യഭർത്താക്കൾക്ക് - അവരുടെ നിശ്ചിതഓഹരി കൊടുക്കണമെന്നും ആകുന്നു. അതായത് ഭാര്യഭർത്താക്കളുടെ നിശ്ചിത ഓഹരി (ഭർത്താവാണെങ്കിൽ പകുതിയും, നാലിലൊന്നും, ഭാര്യയാണെങ്കിൽ ഭർത്താവിന്റെ പകുതിയും) മാത്രം നല്കുകയും ബാക്കിയെല്ലാം ആ അടുത്ത അവകാശികൾക്ക് - അസ്വബക്കാർക്ക് - കൊടുക്കുകയുമാണ് വേണ്ടതെന്ന് താല്പര്യം.

മറ്റൊരു പ്രബല വ്യാഖ്യാനം ഇപ്രകാരമാകുന്നു. മാതാപിതാക്കളും അടുത്ത കുടുംബങ്ങളും, വിവാഹബന്ധം സ്ഥാപിതമായവരും - അഥവാ ഭാര്യഭർത്താക്കളും - വിട്ട് പോയ സ്വത്തിന് അല്ലാഹു നിശ്ചിത അവകാശികളെ എല്ലാവർക്കും ഏർപ്പെടുത്തിവെച്ചിരിക്കുന്നു. അഥവാ ആ അവകാശികൾക്ക് മാത്രമേ മേലിൽ അനന്തരവകാശമുള്ളൂ. ആ അവകാശികൾ ഓരോരുത്തർക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള ഓഹരി നല്കേണ്ടതാണ്.

---

**വിഭാഗം 6**

**വചനം 34,35**

ٱلرِّجَالُ قَوَّٰمُونَ عَلَى ٱلنِّسَآءِ بِمَا فَضَّلَ ٱللَّهُ بَعْضَهُمْ عَلَىٰ بَعْضٍ وَبِمَآ أَنفَقُوا۟ مِنْ

34 പുരുഷൻമാർ സ്ത്രീകളുടെ മേൽ (കാര്യം) നടത്തിപ്പുകാരാണ്; അവരിൽ (മനുഷ്യരിൽ) ചിലരെ ചിലരെക്കാൾ അല്ലാഹു ശ്രേഷ്ഠരാക്കിയിരിക്കുന്നതുകൊണ്ടും, അവർ (പുരുഷ

أَمْوَٰلِهِمْ ۚ فَٱلصَّٰلِحَٰتُ قَٰنِتَٰتٌ حَٰفِظَٰتٌ لِّلْغَيْبِ بِمَا حَفِظَ ٱللَّهُ ۚ وَٱلَّٰتِى تَخَافُونَ نُشُوزَهُنَّ فَعِظُوهُنَّ وَٱهْجُرُوهُنَّ فِى ٱلْمَضَاجِعِ وَٱضْرِبُوهُنَّ ۖ فَإِنْ أَطَعْنَكُمْ فَلَا تَبْغُوا۟ عَلَيْهِنَّ سَبِيلًا ۗ إِنَّ ٱللَّهَ كَانَ عَلِيًّا كَبِيرًا ﴿٣٤﴾

ൻമാർ) തങ്ങളുടെ സ്വത്തുക്കളിൽ നിന്ന് ചിലവഴിക്കുന്നതു കൊണ്ടും. (ഇതാണതിനു കാരണം.) എന്നാൽ, സദ്‌വൃത്തകളായുള്ളവർ അനുസരണമുള്ളവരും, അല്ലാഹു കാത്തു സൂക്ഷിച്ചപ്രകാരം അസാന്നിധ്യത്തിൽ കാത്തു സൂക്ഷിക്കുന്നവരുമാകുന്നു. യാതൊരു സ്ത്രീകളുടെ പിണക്കം (അനുസരണക്കേട്) നിങ്ങൾ ഭയപ്പെടുന്നുവോ, അവർക്കു നിങ്ങൾ സദുപദേശം നൽകുകയും, കിടപ്പു സ്ഥാനങ്ങളിൽ അവരെ വെടിയുകയും, അവരെ അടിക്കുകയും ചെയ്തു കൊള്ളുവിൻ. എന്നിട്ട്, അവർ നിങ്ങളെ അനുസരിച്ചുവെങ്കിൽ (പിന്നെ) അവർക്കെതിരിൽ നിങ്ങൾ ഒരു മാർഗ്ഗവും അന്വേഷിക്കരുത്. നിശ്ചയമായും അല്ലാഹു, ഉന്നതനും, വലിയവനുമാകുന്നു.

وَإِنْ خِفْتُمْ شِقَاقَ بَيْنِهِمَا فَٱبْعَثُوا۟ حَكَمًا مِّنْ أَهْلِهِۦ وَحَكَمًا مِّنْ أَهْلِهَآ إِن يُرِيدَآ إِصْلَٰحًا يُوَفِّقِ ٱللَّهُ بَيْنَهُمَآ ۗ إِنَّ ٱللَّهَ كَانَ عَلِيمًا خَبِيرًا ﴿٣٥﴾

35 അവർ രണ്ടുപേർക്കുമിടയിൽ നിങ്ങൾ പിളർപ്പു (ഛിദ്രം) ഭയപ്പെട്ടുവെങ്കിലോ, അപ്പോൾ, അവൻെറ ആൾക്കാരിൽ നിന്ന് ഒരു വിധികർത്താവിനെ (മദ്ധ്യസ്ഥനെ)യും, അവളുടെ ആൾക്കാരിൽ നിന്ന് ഒരു വിധികർത്താവിനെ (മദ്ധ്യസ്ഥനെ)യും നിങ്ങൾ നിയോഗിക്കുവിൻ. ഇരുകൂട്ടരും (അവർക്കിടയിൽ) നന്നാക്കുവാൻ ഉദ്ദേശിക്കുന്ന പക്ഷം, രണ്ടു പേർക്കുമിടയിൽ അല്ലാഹു യോജിപ്പുണ്ടാക്കുന്നതാണ്. നിശ്ചയമായും അല്ലാഹു, സർവ്വജ്ഞനും, സൂക്ഷ്മജ്ഞനുമാകുന്നു.

---

വിവാഹജീവിതത്തിന്റെ സുഗമമായ പ്രയാണത്തിന് ഭാര്യഭർത്താക്കന്മാർക്കിടയിൽ അനുവർത്തിക്കേണ്ട ചില നടപടിക്രമങ്ങൾ ഈ വചനത്തിലൂടെ അല്ലാഹു അറിയിക്കുന്നു.

1. സ്ത്രീകളുടെ മേലധികാരവും മേൽനോട്ടവും പുരുഷന്മാർക്കാണുള്ളത്. ഈ ആധികാരികസ്ഥാനത്തിന് പ്രകൃത്യാ ഉള്ളതും, സ്വാഭാവികമായുണ്ടാകുന്നതുമായ കാരണങ്ങളും അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അതിലൊന്ന് പുരുഷൻമാർക്ക് സ്ത്രീകളെക്കാൾ അല്ലാഹു നല്കിയിട്ടുള്ള ശ്രേഷ്ഠതയാണ് - അതായത് ശാരീരികവും മാനസികവുമായി പുരുഷനുള്ള സവിശേഷത. (വളരെ അപൂർവ്വമായി ഈ വ്യവസ്ഥിതിക്കൊരു അപവാദമുണ്ടാകാമെങ്കിലും) ഇക്കാരണം കൊണ്ടുതന്നെയാണ് സ്ത്രീകളിൽ നിന്ന് പ്രവാചകന്മാരെ അല്ലാഹു നിയോഗിക്കാത്തതും. “ഭരണാധികാരം സ്ത്രീയെ എല്പിച്ച ജനത വിജയിക്കുകയില്ല” എന്ന നബിവചനം ശ്രദ്ധേയമാണ്.

പുരുഷന്മാരാണ് സ്ത്രീകൾക്ക് വേണ്ടി ധനം ചിലവഴിക്കുന്നതെന്ന വസ്തുതയാണ് അല്ലാഹു പുരുഷന്മാരുടെ ആധികാരികതക്കായി തുടർന്നു പറയുന്നത്. സ്ത്രീകളുടെ മഹ്ർ, ഭക്ഷണം, പാർപ്പിടം, വസ്ത്രം തുടങ്ങിയ ചിലവുകളെല്ലാം വഹിക്കുന്നത് പുരുഷന്മാരാണല്ലോ.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ മൂലം സ്ത്രീകൾക്ക് ഇസ്ലാം സ്വാതന്ത്ര്യം അനുവദച്ചിട്ടില്ലെന്നോ, അവർ പുരുഷന്മാരുടെ അടിമകളാണെന്നോ, തെറ്റിദ്ധരിക്കേണ്ടതില്ല. “സ്ത്രീകളുടെ മേൽ ബാധ്യതകളുള്ളത് പോലെ, സദാചാരമര്യാദപ്രകാരം ഭർത്താക്കൾക്ക് സ്ത്രീകളോടും ബാദ്ധ്യതയുണ്ട്. പുരുഷന്മാർക്ക് അവരേക്കാൾ ഒരു പദവിയുണ്ടുതാനും. 2:228 എന്ന വചനത്തിലൂടെ സ്ത്രീപുരുഷന്മാർ പരസ്പരമുള്ള അവകാശങ്ങളെ അല്ലാഹു കണക്ക് തീർത്ത് വിവരിക്കുന്നു 2:228ൽ സൂചിപ്പിച്ച പുരുഷന്മാർക്കുള്ള ആ പദവിയുടെ വിശദീകരണമാണ് ഈ വചനത്തിൽ കാണുന്നത്.

2. തുടർന്ന് നല്ലവരും സദ്‌വൃത്തരുമായ സ്ത്രീകളുടെ ലക്ഷണങ്ങൾ അല്ലാഹു വിവരിക്കുന്നു. അല്ലാഹുവിനെ അനുസരിച്ചുകൊണ്ടും, ഭർത്താവുമായി അടക്കത്തിലും ഒതുക്കത്തിലും വർത്തിച്ച് കൊണ്ടിരിക്കുക, അവന്റെ അഭാവത്തിൽ അവന്റെ സ്വത്ത്, മാനം, മക്കൾ മുതലായവയും അവൾക്കോ അവനോ അപകീർത്തിയുണ്ടാക്കുന്ന കാര്യങ്ങളും കാത്ത് സൂക്ഷിക്കുക. വിവാഹം മൂലം തങ്ങളുടെ ചാരിത്ര്യം സംരക്ഷിക്കാനും തങ്ങളുടെ അവകാശങ്ങളും ആവശ്യങ്ങളും നിറവേറ്റുവാനും ഭർത്താക്കന്മാരോട് കല്പിക്കപ്പെട്ടിരിക്കുന്നതും സൂചിപ്പിച്ച്കൊണ്ടാണ് “അല്ലാഹു കാത്ത് രക്ഷിച്ചപ്രകാരം” എന്ന് പറഞ്ഞിരിക്കുന്നത്.

3. ഭാര്യ അനുസരണക്കേടും പിണക്കവും കാണിക്കുന്ന പക്ഷം ആദ്യം അതിന്റെ ഭവിഷ്യത്തിനെക്കുറിച്ച് അവളെ ഗുണദോഷിക്കുക, അത് പാലിക്കുന്നില്ലെങ്കിൽ കൂടെ ശയിക്കാൻ അനുവദിക്കാതെ മാറ്റി നിർത്തുക; അത് കൊണ്ടും ഫലമില്ലെങ്കിൽ പരുക്ക് പറ്റാത്തവിധത്തിൽ അവളെ അടിക്കാം (മുഖത്തടിക്കരുത്). ഇവയിൽ ഏതെങ്കിലും ഒരു നടപടികൊണ്ട് അവൾ അനുസരണത്തിലേക്ക് വന്നാൽ പിന്നീട് യാതൊരു നടപടിയും അവൾക്കെതിരെ സ്വീകരിച്ചുകൂടാ. തുടർന്ന് പെരുമാറ്റം കുടുസ്സാകുന്ന രീതിയിൽ യാതൊന്നും ചെയ്തുകൂടാ.

എന്നാൽ പുരുഷന് സ്ത്രീയുടെ മേലുള്ള നിയന്ത്രണാധികാരം ദുരുപയോഗപ്പെടുത്തുന്നപക്ഷം, അല്ലാഹു അവന്റെമേൽ തക്കതായ നടപടിയെടുക്കാൻ തയ്യാറുണ്ടെന്ന് “നിശ്ചയമായും അല്ലാഹു ഉന്നതനും വലിയവനുമാകുന്നു” എന്ന വചനത്തിലൂടെ അല്ലാഹു സൂചിപ്പിക്കുന്നു.

ഇനി, പുരുഷന്റെ ഭാഗത്തുനിന്നാണ് പിണക്കവും മോശമായ പെരുമാറ്റവും ഉണ്ടാകുന്നതെങ്കിൽ അതിനുള്ള പരിഹാരത്തെപ്പറ്റി താഴെ 128-ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്.

4. ഭാര്യയുടെയും ഭർത്താവിന്റെയും (രണ്ടുപേരുടെയും) പക്ഷത്തുനിന്ന് വഴക്കും ഛിദ്രവും ഉണ്ടാകുന്നുവെങ്കിൽ, രണ്ട് പക്ഷത്ത്നിന്നുമുള്ള മദ്ധ്യസ്ഥന്മാർ ഇരുകൂട്ടരുടെയും തെറ്റുകുറ്റങ്ങൾ വിശദമായി പരിശോധിച്ച് കൂടുതൽ യുക്തവും പ്രായോഗികവുമായ തീരുമാനമുണ്ടാക്കണം. അവരുടെ തീരുമാനം ഇരുകൂട്ടരും സ്വീകരിക്കുകയും വേണം. രണ്ടുകൂട്ടരും തമ്മിൽ നന്നായിത്തീരണമെന്ന് മദ്ധ്യസ്ഥന്മാർ ആത്മാർത്ഥമായി ഉദ്ദേശിക്കുന്നപക്ഷം അവർക്കിടയിൽ യോജിപ്പുവരുത്തുവാനുള്ള മാർഗ്ഗം അല്ലാഹു തുറന്ന് കൊടുക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.

മദ്ധ്യസ്ഥരുടെ അവസ്ഥാവിശേഷങ്ങളെ പറ്റിയും, അവർക്ക് അനുയോജ്യമായ പോംവഴികളെപ്പറ്റിയും, ഏറ്റവും നന്നായി അറിയുന്ന അല്ലാഹു സൂക്ഷ്മജ്ഞാനിയും സർവ്വജ്ഞനുമാണെന്ന് ഉണർത്തിക്കൊണ്ടാണ് അല്ലൂഹു ഈ വിഷയം അവസാനിപ്പിക്കുന്നത്.

ഭാര്യാ ഭർതൃ ബന്ധങ്ങളിലേക്ക് വെളിച്ചംവീശുന്ന പല നബിവചനങ്ങളും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

“ഏതൊരു സ്ത്രീ, അവളുടെ ഭർത്താവ് അവളെപ്പറ്റി തൃപ്തിപ്പെട്ടവളായി മരണമടയുന്നുവോ, അവൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്”.

“സത്യവിശ്വാസകളിൽ ഏറ്റവും ഉത്തമന്മാർ, തങ്ങളുടെ സ്ത്രീകളോട് ഏറ്റവും നല്ല സ്വഭാവത്തിൽ പെരുമാറുന്നവരാകുന്നു.”

“ഒരാൾ മറ്റൊരാൾക്ക് സുജൂദ് ചെയ്യാൻ കല്പിക്കുമായിരുന്നെങ്കിൽ, സ്ത്രീകൾ ഭർത്താക്കന്മാർക്ക് സുജൂദ് ചെയ്യാൻ ഞാൻ കൽപിക്കുമായിരുന്നു.”

---

**വചനം 36, 37:**

۞ وَٱعۡبُدُواْ ٱللَّهَ وَلَا تُشۡرِكُواْ بِهِۦ شَيۡـٔٗاۖ وَبِٱلۡوَٰلِدَيۡنِ إِحۡسَٰنٗا وَبِذِي ٱلۡقُرۡبَىٰ وَٱلۡيَتَٰمَىٰ وَٱلۡمَسَٰكِينِ وَٱلۡجَارِ ذِي ٱلۡقُرۡبَىٰ وَٱلۡجَارِ ٱلۡجُنُبِ وَٱلصَّاحِبِ بِٱلۡجَنۢبِ وَٱبۡنِ ٱلسَّبِيلِ وَمَا مَلَكَتۡ أَيۡمَٰنُكُمۡۗ إِنَّ ٱللَّهَ لَا يُحِبُّ مَن كَانَ مُخۡتَالٗا فَخُورًا ٣٦

36 നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ; അവനോട് യാതൊന്നിനെയും പങ്കു ചേർക്കുകയും ചെയ്യരുത്. മാതാപിതാക്കളോട് നന്മ പ്രവർത്തിക്കുകയും (ചെയ്യുവിൻ). അടുത്ത ബന്ധമുള്ളവരോടും, അനാഥകളോടും, സാധുക്കളോടും, അടുത്ത ബന്ധമുള്ള അയൽക്കാരനോടും, അകന്ന അയൽക്കാരനോടും, പാർശ്വത്തുള്ള കൂട്ടുകാരനോടും, വഴിക്കാരനോടും, നിങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയവരോടും (നന്മ പ്രവർത്തിക്കുവിൻ). നിശ്ചയമായും, പൊങ്ങച്ചക്കാരനും,

ദുരഭിമാനിയുമായിട്ടുള്ളവനെ അല്ലാഹു സ്നേഹിക്കുകയില്ല;-

37 അതായത്, യാതൊരുകൂട്ടർ: തങ്ങൾ പിശുക്കു കാണിക്കുകയും, മനുഷ്യരോട് പിശുക്ക് കാണിക്കുവാൻ കൽപിക്കുകയും, അല്ലാഹുവിൻെറ അനുഗ്രഹത്തിൽനിന്നും തങ്ങൾക്ക് അവൻ നൽകിയതിനെ മറച്ചുവെക്കുകയും ചെയ്യുന്ന (കൂട്ടർ). അവിശ്വാസികൾക്ക് (അഥവാ നന്ദികെട്ടവർക്ക്) നിന്ദാവഹമായ ശിക്ഷ നാം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

ٱلَّذِينَ يَبۡخَلُونَ وَيَأۡمُرُونَ ٱلنَّاسَ بِٱلۡبُخۡلِ وَيَكۡتُمُونَ مَآ ءَاتَىٰهُمُ ٱللَّهُ مِن فَضۡلِهِۦۗ وَأَعۡتَدۡنَا لِلۡكَٰفِرِينَ عَذَابٗا مُّهِينٗا ٣٧

---

മനുഷ്യന്റെ കടമകളിൽ വെച്ച് പരമപ്രധാനമായത് അവന്റെ സൃഷ്ടാവും രക്ഷിതാവുമായ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനോട് മറ്റൊന്നിനേയും പങ്ക് ചേർക്കാതിരിക്കുകയും ചെയ്യുകയെന്നതാകുന്നു - അഥവാ തൗഹീദ്. അല്ലാഹുവിനോടുള്ള കടമ കഴിഞ്ഞാൽ പിന്നീട് മനുഷ്യൻ ഏറ്റവും കടപ്പെട്ടിരിക്കുന്നത് അവന്റെ മാതാപിതാക്കളോടാണ്. തൗഹീദിനെപ്പറ്റി പ്രസ്താവിക്കുന്നതോടൊപ്പം, മാതാപിതാക്കൾക്ക് നന്മചെയ്യുന്ന കാര്യം കൂടി കല്പിക്കുന്നത് ഈ വചനത്തിലൂടെ മാത്രമല്ല - 2:83; 17:23; 31:14 എന്നീ വചനങ്ങളിലും കാണാം. മാതാപിതാക്കളോട് നന്നായി പെരുമാറാനും, അവർക്ക് എല്ലാവിധ സേവനങ്ങൾ നല്കാനും, അവരുടെ ഇഷ്ടാനിഷ്ടങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കുവാനും, അവരോട് നല്ല വാക്കുകൾ മാത്രം പറയാനും അവരെ ബഹുമാനിക്കാനും ഒക്കെ മറ്റു ഖുർആൻ വചനങ്ങളിലും, നബിവചനങ്ങളിലും ആവർത്തിച്ച് ഉണർത്തപ്പെട്ടിട്ടുണ്ട്.

മാതാപിതാക്കളെക്കുറിച്ച് പറഞ്ഞശേഷം മനുഷ്യന് കടപ്പാടുള്ള താഴെപറയുന്ന വിഭാഗക്കാർക്കും നന്മ ചെയ്യാൻ അല്ലാഹു കല്പിക്കുന്നു.

(1)അടുത്ത ബന്ധമുള്ള കുടുംബങ്ങൾ: സ്വന്തം സഹോദരസഹോദരികൾ, മാതാപിതാക്കളുടെ സഹോദരസഹോദരികൾ, അവരുടെ മക്കൾ എന്നിവരെല്ലാം ഇതിൽ ഉൾപെടുന്നു. ഇവരോട് നന്മചെയ്യുകയെന്നത് കേവലം ഒരു കടപ്പാട് നിർവ്വഹിക്കുക മാത്രമല്ല, കുടുംബബന്ധം പാലിക്കൽ കൂടിയാകുന്നു.

(2)അനാഥകൾ: ഇവരെപ്പറ്റി ഈ സൂറത്തിലും, മറ്റ് സൂറത്തുകളിലും, ഹദീസുകളിലും ഊന്നിപ്പറയപ്പെട്ടിട്ടുണ്ട്.

(3)സാധുക്കൾ: അഥവാ അത്യാവശ്യങ്ങൾ കഴിച്ച്കൂട്ടാൻ ഗതിയില്ലാത്ത പാവങ്ങൾ.

(4)അടുത്ത ബന്ധമുള്ള അയൽക്കാർ: അയൽപക്ക ബന്ധത്തിന് പുറമേ കുടുംബബന്ധം, മതബന്ധം എന്നിവകൊണ്ട് കൂടുതൽ അടുപ്പമുള്ളവർ.

(5)അകന്ന അയൽക്കാർ: മേൽപറഞ്ഞ പ്രത്യേകബന്ധമില്ലാത്ത അയൽവാസികൾ.

അയൽപക്ക മര്യാദകളെക്കുറിച്ച് ഏറെ ഹദിസുകൾ കാണാവുന്നതാണ്. “അല്ലാഹുവിലും അന്ത്യദിനത്തിലും ആർ വിശ്വസിക്കുന്നുവോ അവർ തന്റെ അയൽക്കാരന് നന്മ ചെയ്തുകൊള്ളട്ടെ”. ബു: മു.

“സ്വത്താവകാശംപോലും നല്കിയേക്കുമോ, എന്ന് ഞാൻ ഭയപ്പെടുമാറ് അയൽക്കാരന്റെ കാര്യത്തിൽ ജിബ്രീൽ (അ) എന്നോട് വസിയത്ത് ചെയ്തുകൊണ്ടിരുന്നു”. ബു: മു.

“അയൽക്കാരൻ പട്ടിണികിടക്കുമ്പോൾ, വയറുനിറച്ചു ഭക്ഷിക്കുന്നവൻ നമ്മിൽ പെട്ടവനല്ല”.

അയൽപക്ക കടപ്പാടുകളിൽ മുസ്ലീമും അമുസ്ലീമും വ്യത്യാസമില്ല. എന്നാൽ മുസ്ലീമും ബന്ധുവുമാണ് അയൽവാസിയെങ്കിൽ ആ കടപ്പാട് കൂടുതൽ ശക്തമായിരിക്കും.

(6) പാർശ്വത്തുള്ള കൂട്ടുകാരൻ : യാത്ര, തൊഴിൽ, ജോലി മുതലായവയിൽ പരസ്പരം ബന്ധപ്പെട്ടു കഴിയുന്ന എല്ലാ സ്നേഹിതന്മാരും, കൂട്ടുകാരും ഇതിൽ ഉൾപ്പെടുന്നു.

(7) വഴിപോക്കർ, അതിഥികളായി വന്നവർ, സദുദ്ദേശത്തോട് കൂടിയ ദേശസഞ്ചാരികൾ.

(8) വലങ്കൈഉടമപ്പെടുത്തുന്നവർ - അഥവാ അടിമകൾ, "ഒരു വിശ്വാസി തിന്നുന്നതിൽ നിന്ന് അവന് ഭക്ഷണം നല്കുകയും, അവൻ ഉടുക്കുന്നതിൽ നിന്നും അവന് ഉടുക്കാൻ കൊടുക്കുകയും ചെയ്ത് കൊള്ളട്ടെ." നബി വചനം - ബു.മു.

മരണം ആസന്നമായിരുന്ന സന്ദർഭത്തിൽ പോലും നമസ്കാരത്തെക്കുറിച്ചും അടിമകളെക്കുറിച്ചുമായിരുന്നു നബി(സ) പ്രധാനമായും വസിയ്യത്ത് ചെയ്ത് കൊണ്ടിരുന്നതെന്ന് അനസു(റ) പ്രസ്താവിച്ചിരിക്കുന്നു.

മേൽപറഞ്ഞ വിഭാഗക്കാർക്കൊക്കെ നന്മചെയ്യണമെന്നല്ലാതെ ആ നന്മ ഏതെല്ലാം പ്രകാരത്തിലായിരിക്കണമെന്ന് അല്ലാഹു വിശദീകരിച്ച് പറഞ്ഞിട്ടില്ല. എന്നാൽ ഓരോരുത്തരുടെയും ആവശ്യമനുസരിച്ച് വാക്കു കൊണ്ടും പ്രവൃത്തികൊണ്ടും ധനം കൊണ്ടും സഹായിക്കുകയെന്നതാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഔദാര്യ മനസ്ഥിതി, വിനയം, സഹതാപം, സാധുദയ മുതലായ ഗുണങ്ങളുള്ളവർക്കാണ് മറ്റുള്ളവർക്കും നന്മചെയ്യാൻ പ്രേരണയുണ്ടാകുക. ഗർവ്വിഷ്ടൻമാർക്കും, അഹങ്കാരികൾക്കും, ലുബ്ധന്മാർക്കും ഈ ഗുണങ്ങൾ ഉണ്ടാകാൻ തരമില്ലല്ലോ. അല്ലാഹു അവർക്ക് നല്കിയ അനുഗ്രഹങ്ങളെ ഇക്കൂട്ടർ കഴിയുന്നത്ര മറച്ച് വെക്കാൻ ശ്രമിക്കുന്നു. അങ്ങനെ അല്ലാഹുവിനോട് നന്ദികേടും, വിശ്വാസക്കുറവും കാട്ടുന്ന ഇക്കൂട്ടർക്ക് അല്ലാഹു നല്കുവാൻ പോകുന്ന ശിക്ഷയും അവരെ അങ്ങേയറ്റം നിന്ദിക്കുന്നതും അപമാനിക്കുന്നതുമായിരിക്കും.

"അല്ലാഹു അവന്റെ അടിയാന് ചെയ്തുകൊടുത്തിട്ടുള്ള അനുഗ്രഹത്തിന്റെ അടയാളം അവനിൽ പ്രത്യക്ഷപ്പെട്ട് കാണുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നു." നബിവചനം ബു.മു.

"ഒരു അണുതൂക്കം അഹംഭാവം ഹൃദയത്തിലുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. അഹംഭാവം എന്നാൽ യഥാർത്ഥത്തെ ധിക്കരിക്കലും, ജനങ്ങളെ അവഗണിക്കലുമാകുന്നു."ബു.മു.

**വചനം 38**

وَٱلَّذِينَ يُنفِقُونَ أَمْوَٰلَهُمْ رِئَآءَ ٱلنَّاسِ وَلَا يُؤْمِنُونَ بِٱللَّهِ وَلَا بِٱلْيَوْمِ ٱلْـَٔاخِرِ ۗ وَمَن يَكُنِ ٱلشَّيْطَٰنُ لَهُۥ قَرِينًا فَسَآءَ قَرِينًا ﴿٣٨﴾

38 യാതൊരു കൂട്ടരും: തങ്ങളുടെ സ്വത്തുക്കൾ മനുഷ്യരെ കാണിക്കുവാനായി അവർ ചിലവഴിക്കും; അല്ലാഹുവിലാകട്ടെ, അന്ത്യനാളിലാകട്ടെ, അവർ വിശ്വസിക്കുന്നുമില്ല. (ഇങ്ങിനെയുള്ളവരെയും അല്ലാഹു സ്നേഹിക്കുകയില്ല.) ആർക്കെങ്കിലും പിശാച് കൂട്ടാളിയാകുന്നുവെങ്കിൽ, അവൻ വളരെ മോശപ്പെട്ട കൂട്ടാളിയത്രെ!

---

അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലമോ, പരലോകരക്ഷയോ ലക്ഷ്യംവെക്കാതെ, ജനങ്ങൾക്കിടയിൽ പേരും പ്രശസ്തിയും ലക്ഷ്യമിട്ട്കൊണ്ട് ധനം ചിലവാക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ലെന്നും അത്തരക്കാരുടെ കൂട്ടാളി പിശാചാണെന്നും, പിശാച്, അങ്ങേയറ്റം മോശപ്പെട്ട കൂട്ടാളിയാണെന്നും അല്ലാഹു ഓർമ്മിപ്പിക്കുന്നു. അല്ലാഹുവിലും അന്ത്യദിനത്തിലുമുള്ള വിശ്വാസത്തിന്റെ അഭാവം നിമിത്തമാണ്, അവർ ചിലവഴിക്കുന്നതിന്റെ ലക്ഷ്യം തികച്ചും ഭൗതികമായിത്തീരുന്നത്.

"നിങ്ങളെ പറ്റി ഞാൻ ഏറ്റവും ഭയപ്പെടുന്നത് ചെറിയ ശിർക്കാകുന്നു. ചെറിയ ശിർക്കെന്നാൽ ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കലാണ്" എന്ന നബിവചനം ഇത്തരുണത്തിൽ സ്മരണീയമാണ്.

"ഏതൊരു കൂട്ടരെ കാണിക്കാൻ വേണ്ടി ഇഹത്തിൽ വെച്ച് നിങ്ങൾ പ്രവർത്തിച്ചുവോ, അക്കൂട്ടരുടെ അടുക്കൽ നിന്ന് വല്ല പ്രതിഫലവും ഗുണവും കിട്ടുമോ എന്ന് നിങ്ങൾ നോക്കുവിൻ" എന്ന് ഖിയാമത്ത്നാളിൽ അല്ലാഹു അത്തരക്കാരോട് പറയുന്നതാണ്.

---

**വചനം 39:**

وَمَاذَا عَلَيْهِمْ لَوْ ءَامَنُوا۟ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ وَأَنفَقُوا۟ مِمَّا رَزَقَهُمُ ٱللَّهُ ۚ وَكَانَ ٱللَّهُ بِهِمْ عَلِيمًا ﴿٣٩﴾

39 എന്താണ് അവർക്ക് (ദോഷം) ഉള്ളത്? അവർ അല്ലാഹുവിലും, അന്ത്യനാളിലും വിശ്വസിക്കുകയും, അല്ലാഹു തങ്ങൾക്ക് നൽകിയതിൽനിന്ന് ചിലവഴിക്കുകയും ചെയ്തിരുന്നാൽ! അവരെപ്പറ്റി അല്ലാഹു അറിയുന്നവനാകുന്നുതാനും.

ജനങ്ങളെ കാണിക്കാൻ വേണ്ടി ധനം ചെലവഴിക്കുന്നവർ, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ച്കൊണ്ടും അന്നത്തെ ദിവസം അവന്റെ പക്കൽ നിന്നുള്ള പ്രതിഫലം ഉദ്ദേശിച്ച് കൊണ്ടും ധനം ചിലവഴിച്ചിരുന്നെങ്കിൽ അവർക്ക് യാതൊരു ദോഷവും ഭവിക്കാനില്ലല്ലോ. അല്ലാഹു അവർ ചെയ്യുന്നതെല്ലാം അറിയുന്നവനും നന്മക്ക് അനേകം ഇരട്ടി പ്രതിഫലം നല്കുന്നവനുമാകുന്നു.

**വചനം 40,41,42:**

إِنَّ ٱللَّهَ لَا يَظۡلِمُ مِثۡقَالَ ذَرَّةٖۖ وَإِن تَكُ حَسَنَةٗ يُضَٰعِفۡهَا وَيُؤۡتِ مِن لَّدُنۡهُ أَجۡرًا عَظِيمٗا ﴿٤٠﴾

40 നിശ്ചയമായും അല്ലാഹു, ഒരു അണുത്തൂക്കം (ഒട്ടും) അക്രമം ചെയ്കയില്ല. അതൊരു നന്മയായിരുന്നാൽ അവൻ അതിനെ ഇരട്ടിപ്പിക്കുന്നതാണ്; അവൻെറ അടുക്കൽനിന്ന് (അവൻെറ വകയായി) വമ്പിച്ചതായ പ്രതിഫലം അവൻ കൊടുക്കുകയും ചെയ്യും.

فَكَيۡفَ إِذَا جِئۡنَا مِن كُلِّ أُمَّةِۭ بِشَهِيدٖ وَجِئۡنَا بِكَ عَلَىٰ هَٰٓؤُلَآءِ شَهِيدٗا ﴿٤١﴾

41 എന്നാൽ, എല്ലാ സമുദായത്തിൽനിന്നും നാം ഒരു സാക്ഷിയെ കൊണ്ടുവരുകയും, ഇക്കൂട്ടരുടെ മേൽ സാക്ഷിയായി നിന്നെ നാം കൊണ്ടു വരുകയും ചെയ്യുമ്പോൾ എങ്ങിനെയിരിക്കും (ഇവരുടെ സ്ഥിതി)?!

يَوۡمَئِذٖ يَوَدُّ ٱلَّذِينَ كَفَرُواْ وَعَصَوُاْ ٱلرَّسُولَ لَوۡ تُسَوَّىٰ بِهِمُ ٱلۡأَرۡضُ وَلَا يَكۡتُمُونَ ٱللَّهَ حَدِيثٗا ﴿٤٢﴾

42 അന്നത്തെ ദിവസം, അവിശ്വസിക്കുകയും റസൂലിനോട് അനുസരണക്കേട് കാണിക്കുകയും ചെയ്തവർ ആഗ്രഹിച്ചു പോകും, തങ്ങളെയുംകൊണ്ട് ഭൂമി സമനിരപ്പാക്കപ്പെട്ടിരുന്നെങ്കിൽ (നന്നായേനെ) എന്ന്! അവർ അല്ലാഹുവിനോട് ഒരു വർത്തമാനവും ഒളിച്ചുവെക്കുകയുമില്ല.

ഓരോ സമുദായവും അനുഷ്ഠിക്കുകയും പിൻപറ്റുകയും ചെയ്യേണ്ട മാർഗ്ഗവും നടപടിക്രമങ്ങളും, അതത് സമുദായത്തിലെ പ്രവാചകന്മാർ അല്ലാഹുവിന്റെ മുമ്പിൽ സാക്ഷ്യപ്പെടുത്തുന്നതാണ്. ഈ സമുദായത്തിന്റെ മേൽ സാക്ഷിയായി നബി(സ) തിരുമേനിയും വരുന്നതാണ്. ആ സമയത്ത് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കാതിരിക്കുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കാൻ പിശുക്ക് കാണിക്കുകയും, ലോകരെ ബോധ്യപ്പെടുത്താൻ വേണ്ടി ധനം ചിലവഴിക്കുകയും ചെയ്യുന്ന ഈ കൂട്ടരുടെ സ്ഥിതി എന്തായിരിക്കുമെന്ന് ഇവർ ആലോചിക്കുന്നില്ലേ. അവിടെ യാതൊരു രക്ഷാമാർഗ്ഗവും കണ്ടെത്താൻ കഴിയാതെ "തങ്ങളെയും കൊണ്ട് ഭൂമി സമനിരപ്പാക്കപ്പെട്ടിരുന്നെങ്കിൽ എത്ര നന്നായേനേ" എന്നവർ വിലപിച്ചു പോകും. എന്നാൽ അവരുടെ ദുഷ്ചെയ്തികളൊന്നും അന്നേ ദിവസം മറച്ച് വെക്കാനോ, അങ്ങനെ രക്ഷപ്പെടുവാനോ അവർക്ക് കഴിയുകയില്ല.

ഇബ്നു മസ്ഊദി(റ)ൽ നിന്നും: നബി തിരുമേനി(സ) ഖുർആൻ പാരായണം കേട്ട് കൊണ്ടിരിക്കെ 41-ാം വചനം എത്തിയപ്പോൾ രണ്ട് കണ്ണുകളിലും കണ്ണുനീർ ഒഴുക്കിക്കൊണ്ട് നബി(സ) പറഞ്ഞു. "മതി, ഇപ്പോൾ മതി" ഒരു കുറ്റവാളിയോ, പ്രതിയോ അല്ലാതെ കേവലം സാക്ഷിയെന്ന നിലക്ക് രാജാധിരാജന്റെ കോടതിയിൽ മൊഴി കൊടുക്കേണ്ടിവരുന്ന ആ ഘട്ടത്തിന്റെ ഗൗരവം ഓർത്താണ് നബി(സ) ഇഹത്തിൽവെച്ച് ഇത്രയും നടുങ്ങിയത്. അപ്പോൾ, കുറ്റപത്രം തയ്യാറാക്കപ്പെട്ട്, നരകശിക്ഷക്ക് വിധേയരായിത്തീരുന്ന ദുർഭാഗ്യവന്മാരുടെ സ്ഥിതി അവിടെ എന്തായിരിക്കും. അല്ലാഹു നമ്മെയെല്ലാം കാത്ത് രക്ഷിക്കട്ടെ. ആമീൻ

## വിഭാഗം 7

**വചനം 43:**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَقۡرَبُواْ ٱلصَّلَوٰةَ وَأَنتُمۡ سُكَٰرَىٰ حَتَّىٰ تَعۡلَمُواْ مَا تَقُولُونَ

43 ഹേ, വിശ്വസിച്ചവരെ, ലഹരി ബാധിച്ചവരായിക്കൊണ്ട് നിങ്ങൾ നമസ്ക്കാരത്തെ സമീപിക്കരുത്; നിങ്ങൾ പറയുന്നത് നിങ്ങൾക്ക് അറിയു(വാൻ കഴിയു)ന്നതു വരെ; 'ജനാബത്തു'

وَلَا جُنُبًا إِلَّا عَابِرِى سَبِيلٍ حَتَّىٰ تَغْتَسِلُوا۟ وَإِن كُنتُم مَّرْضَىٰٓ أَوْ عَلَىٰ سَفَرٍ أَوْ جَآءَ أَحَدٌ مِّنكُم مِّنَ ٱلْغَآئِطِ أَوْ لَٰمَسْتُمُ ٱلنِّسَآءَ فَلَمْ تَجِدُوا۟ مَآءً فَتَيَمَّمُوا۟ صَعِيدًا طَيِّبًا فَٱمْسَحُوا۟ بِوُجُوهِكُمْ وَأَيْدِيكُمْ ۗ إِنَّ ٱللَّهَ كَانَ عَفُوًّا غَفُورًا ﴿٤٣﴾

കാരായിക്കൊണ്ടും അരുത്; വഴി കടന്നു പോകുന്നവരായിട്ടല്ലാതെ - നിങ്ങള്‍ കുളിക്കുന്നതുവരെ. നിങ്ങള്‍ രോഗികളോ, യാത്രയിലോ ആയിരിക്കുകയോ, അല്ലെങ്കില്‍, നിങ്ങളില്‍ ഒരാള്‍ (മലമൂത്ര) വിസര്‍ജ്ജന സ്ഥലത്തുനിന്ന് വരുകയോ, സ്ത്രീകളുമായി സ്പര്‍ശനം നടത്തുകയോ ചെയ്തുവെങ്കില്‍ എന്നിട്ട് നിങ്ങള്‍ക്ക് വെള്ളം കിട്ടിയില്ല (എങ്കില്‍) അപ്പോള്‍, നിങ്ങള്‍ ശുദ്ധമായ ഭൂമുഖത്തെ (അഥവാ മണ്ണിനെ) കരുതിക്കൊള്ളുവിന്‍; എന്നിട്ട് നിങ്ങളുടെ മുഖങ്ങളെയും, കൈകളെയും തടവിക്കൊള്ളുവിന്‍. നിശ്ചയമായും അല്ലാഹു, വളരെ മാപ്പു ചെയ്യുന്നവനും, പൊറുക്കുന്നവനുമാകുന്നു.

---

ഇസ്ലാമില്‍ മദ്യപാനം നിരോധിക്കപ്പെട്ടത് മൂന്ന് ഘട്ടങ്ങളിലായിട്ടായിരുന്നു. ആദ്യഘട്ടമായി മദ്യപാനത്തില്‍ ഗുണത്തേക്കാളേറെ ദോഷങ്ങളാണെന്ന് അല്‍ബഖറ 219 വചനത്തിലും ലഹരി ബാധിച്ചവരായിക്കൊണ്ട് നമസ്കാരത്തെ സമീപിക്കരുതെന്ന ഈ വചനം രണ്ടാം ഘട്ടമായും, സു: മാഇൗദ 90,91 വചനങ്ങള്‍ മുഖേന മൂന്നാം ഘട്ടമായി മദ്യപാനം കര്‍ശനമായി നിരോധിക്കുകയുമാണുണ്ടായത്.

ചില സഹാബികള്‍ മദ്യപിച്ച് ലഹരി പിടിപെട്ടവരായി നമസ്കരിച്ചപ്പോള്‍ ഖുര്‍ആന്‍ വചനങ്ങള്‍ തെറ്റിച്ച് ഓതുകയുണ്ടായി. ഇതിനെ തുടര്‍ന്നാണ് ഈ വചനം അവതരിച്ചതെന്ന് പല രിവായത്തുകളിലും പ്രസ്താവിക്കപ്പെട്ടു കാണാം.

നമസ്ക്കാരത്തെ സമീപിക്കരുത് എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം നമസ്ക്കാര കര്‍മ്മത്തെ സമീപിക്കരുതെന്നാണെന്നും, നമസ്ക്കാര സ്ഥലമായ പള്ളിയില്‍ മറ്റുള്ളവര്‍ നമസ്ക്കരിക്കുന്നിടത്ത് കടന്ന് ചെല്ലരുതെന്നാണെന്നും അഭിപ്രായം കാണാം.

രണ്ടിനെയും സമീപിക്കരുതെന്നാണ് കൂടുതല്‍ യുക്തമായ അഭിപ്രായം . ലഹരിയുള്ളപ്പോള്‍ നമസ്ക്കരിക്കാന്‍ പാടില്ലെന്ന ഈ വചനം അവതരിച്ചശേഷം, നമസ്ക്കാര സമയത്ത് ലഹരി നീങ്ങിപോകാവുന്ന വിധം, സത്യവിശ്വാസികള്‍ മദ്യം ഉപയോഗിക്കുന്നത്, രാത്രി നേരത്തേക്ക് മാത്രമാക്കി എന്ന് രിവായത്ത് ചെയ്യപ്പെട്ടിട്ടുണ്ട്. മദ്യപാനം മുഖേനയല്ലാതെ മറ്റ് വിധത്തില്‍ ലഹരി ബാധിച്ചാലും, മനസ്സാന്നിദ്ധ്യവും ഭക്തിയും നഷ്ടപ്പെടുകയും, അവര്‍ പറയുന്നതെന്താണെന്നുള്ള ബോധം നഷ്ടപ്പെടുകയും, ചെയ്യുന്നതിനാല്‍ യാതൊരു വിധത്തിലുള്ള ലഹരിയിലായിരിക്കുമ്പോഴും നമസ്ക്കാരത്തെ സമീപിക്കുവാന്‍ പാടില്ല. 'ഒരുപക്ഷേ അവന്‍ പാപമോചനം തേടുവാന്‍ ശ്രമിക്കുകയും, എന്നിട്ടു തന്നെത്തന്നെ പഴിക്കുകയും ചെയ്തേക്കാം" എന്ന നബി വചനം ശ്രദ്ധേയമാകുന്നു.

തുടര്‍ന്ന്, ജനാബത്ത് കാരായികൊണ്ടും നമസ്ക്കാരത്തെ സമീപിക്കരുത് എന്ന് അല്ലാഹുപറയുന്നു. സംയോഗം, ഇന്ദ്രിയസ്ഖലനം, എന്നിവ മൂലമുണ്ടാകുന്ന അശുദ്ധിയാണ് ഈവാക്കുകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. നമസ്ക്കാരം, ഖുര്‍ആന്‍ പാരായണം, മുതലായവയില്‍ നിന്ന് ജനാബത്തുകാരന്‍ അകന്നു നില്‍ക്കേണ്ടതുണ്ട്. അത് പോലെ തന്നെ, പള്ളിയില്‍ കടന്ന് തങ്ങി നില്‍ക്കാനും പാടില്ല- വല്ല ആവശ്യാര്‍ത്ഥവും പള്ളിയിലൂടെ നടന്ന് പോകുന്നതിന് വിരോധമില്ല (ആര്‍ത്തവമുള്ള സ്ത്രീകളുടെ വിധിയും ഇത് പോലെ തന്നെ).

വെള്ളം കൊണ്ട് ശുദ്ധീകരിക്കാന്‍ കഴിയാത്ത പരിതസ്ഥിതിയില്‍ എന്ത് ചെയ്യണമെന്ന് തുടര്‍ന്ന് അല്ലാഹു വിവരിക്കുന്നു. നാലു അവസ്ഥകളാണ് ഇവിടെ അല്ലാഹു എടുത്ത് പറഞ്ഞിരിക്കുന്നത്.

1 രോഗികളായിരിക്കുക - വെള്ളം ഉപയോഗിക്കുന്നതു മൂലം ദോഷം ബാധിച്ചേക്കാവുന്ന രോഗമുള്ളവരായിരിക്കുക

2 യാത്രയിലായിരിക്കുക- യാത്രയുടെ ദൈര്‍ഘ്യത്തെ പറ്റി പറഞ്ഞിട്ടില്ലാത്തതുകൊണ്ട് 'യാത്ര ' എന്നു പറയപ്പെടുന്ന സഞ്ചാരമായാല്‍ മതിയെന്ന് മനസ്സിലക്കാം.

3 മലമൂത്രവിസർജ്ജന സ്ഥലത്ത് നിന്ന് വരിക

4. സ്ത്രീകളുമായി സ്പർശനം നടത്തുക അഥവാ സംയോഗം നടത്തുക

യാത്രയിലായാലും അല്ലെങ്കിലും ശരി, വെള്ളം ലഭ്യമാണെങ്കിൽ തന്നെ വെള്ളത്തിന്റെ ഉപയോഗം മൂലം ദോഷം ബാധിച്ചേക്കാവുന്ന രോഗം നിമിത്തമോ, ഉള്ള വെള്ളം ഉപയോഗിച്ചാൽ ദാഹശമനത്തിന് വല യേണ്ടി വരുമെന്ന് കണ്ടാലുമോ 'തയമും' ചെയ്യാവുന്നതാണ്.

വെള്ളം കിട്ടാതിരിക്കുക എന്ന ഉപാധിയെ പറ്റി, യാത്രയിൽ വെള്ളം തയാറുണ്ടെങ്കിലും ഇല്ലെങ്കിലും, തയമ്മും ചെയ്താൽ മതിയെന്ന് ചിലർ അഭിപ്രായപെടുന്നുണ്ട്. എന്നാൽ, ഏതെങ്കിലും സാഹചര്യത്താൽ ഉള്ള വെള്ളം ഉപയോഗിക്കാൻ പ്രയാസം ഉണ്ടായാലല്ലാതെ, യാത്രക്കാരെ സംബന്ധിച്ച് നിരുപാധികം ഒരു പൊതുവിധിയായി ഇത് സ്വീകരിക്കാൻ മാർഗ്ഗം കാണുന്നില്ല.

മലമൂത്ര വിസർജ്ജനാനന്തരവും സംയോഗാനന്തരവും, വെള്ളം കിട്ടാതിരിക്കുക എന്ന ഉപാധി, തയമ്മും അനുവദനീയമാക്കാൻ ബാധകമാണെന്നതിൽ അഭിപ്രായവ്യത്യാസമില്ല.

വെള്ളം ഉപയോഗിക്കാൻ പറ്റാത്ത രോഗമുള്ളപ്പോൾ വെള്ളം ഉണ്ടോ ഇല്ലേ എന്ന് നോക്കേണ്ടതുമില്ല.

യാത്രയിൽ വെള്ളം കിട്ടാനില്ലെങ്കിൽ, എത്ര കാലം കിട്ടിയില്ലെങ്കിലും അപ്പോഴൊക്കെ തയമ്മും കൊണ്ട് മതിയാക്കാമെന്ന് അഹമ്മദും(റ)മറ്റും ഉദ്ധരിച്ച ഹദീസിൽ വന്നിരിക്കുന്നു.

മേൽ പറഞ്ഞ സന്ദർഭങ്ങളിലൊക്കെ കുളി നിർബന്ധമായാൽ കുളിക്ക് പകരവും, വുളുവിന്റെ ആവശ്യം നേരിട്ടാൽ വുളുവിന് പകരവും തയമ്മും ചെയ്യാവുന്നതാണ്.

സ്തീകളെ തൊട്ടാൽ വുളു നിഷ്ഫലമാകുമോ, ഇല്ലയോ, എന്നതിൽ ഭിന്നാഭിപ്രായം പണ്ഡിതൻമാർക്കി ടയിൽ സഹാബികളുടെ കാലം മുതൽക്കേ ഉള്ളതാകുന്നു. എന്നാൽ ഹദീസുകൾ പരിശോധിക്കുമ്പോൾ ഇവിടെ പ്രയോഗിച്ച لامستم(ലാമസ്തും) എന്ന വാക്കിന് 'പരസ്പരം സ്പർശിക്കുക' എന്ന അർത്ഥത്തേ ക്കാൾ സംയോഗം എന്ന അർത്ഥത്തിനാണ് കൂടുതൽ പ്രാബല്യം കൽപിക്കപ്പെടുന്നത്. 'നബി(സ) സ്വപത്നി മാരെ ചുംബിച്ചശേഷം വുളു ചെയ്യാതെ നമസ്ക്കരിച്ചിട്ടുള്ളതായി പല ഹദീസുകളിലും വന്നിട്ടുള്ളതാകുന്നു. (ഇബ്നു ജരീറും, ഇബ്നു കഥീദും (റ) ഉദ്ധരിച്ചിട്ടുള്ളവ)

വിധി പ്രകാരം മണ്ണ്കൊണ്ട് കൈകളും മുഖവും തടവുന്നതിനാണ് തയമ്മും എന്ന് പറഞ്ഞു വരുന്നത് . മേൽ വിവരിച്ച ഏതെങ്കിലും സന്ദർഭം നേരിടേണ്ടി വരുമ്പോൾ "നിങ്ങൾ ശുദ്ധമായ ഭൂമുഖത്തെ കരുതികൊ ള്ളുക" (فتيمّموا صعيدا طيبا) എന്ന് പറഞ്ഞതിൽ നിന്നാണ് 'തയമ്മും' എന്ന പേർ ഈ കർമ്മത്തിന് സിദ്ധി ച്ചത്.

ഭൂമുഖം -സ്വഈദ് (صعيد) – എന്ന പദത്തിന്റെ വിവിധ അർത്ഥങ്ങളെ – ഭൂമിയുടെ ഉപരിതലം, ഭൂമുഖത്തു ള്ളത്, ഭൂമിയിൽ പൊന്തിക്കാണുന്നത്, മണ്ണ് , ഖബ്ർ , നിരപ്പായ സ്ഥലം – ആസ്പദമാക്കി തയമ്മമിന് ഏതെല്ലാം വസ്തുക്കളെ ഉപയോഗപ്പെടുത്താമെന്നതിനെ പറ്റി , സ്വാഭാവികമായും , പണ്ഡിതൻമാർക്കിട യിൽ അഭിപ്രായവ്യത്യാസമുണ്ട്. മണ്ണല്ലാത്ത വസ്തുക്കളെ കൊണ്ട് തയമ്മും ചെയ്താൽ ശരിയാകുകയി ല്ലെന്ന് തീർത്ത് പറയുകസാദ്ധ്യമല്ലെങ്കിലും മണ്ണ് കൊണ്ടായിരിക്കുന്നതാണ് കൂടുതൽ ഉത്തമമെന്നുള്ളതിൽ സംശയമില്ല. മണ്ണല്ലാത്ത വസ്തുക്കൾ എന്നത് കൊണ്ട് മണ്ണല്ലാത്ത, മണ്ണിനോട് ബന്ധപ്പെടുന്ന, മണൽ, കൽചുണ്ണാമ്പ്, സസ്യങ്ങൾ, പാറകൾ എന്നിവയാണ് ഉദ്ദേശിക്കപ്പെടുന്നത്.

മണ്ണ് പൊടിയുള്ളതായിരിക്കുന്നത് നല്ലതാണെന്ന് കൂടി ഹദീസുകളിൽനിന്ന് മനസ്സിലാകുന്നുണ്ട്. മണ്ണ് വെടിപ്പുള്ളതും, നജസ് (മ്ലേഛം ) കലരാത്തതും ആയിരിക്കണമെന്നാണ് -ശുദ്ധമായ എന്ന വിശേഷണ ത്തിൽ നിന്നും വ്യക്തമാകുന്നത്.

തുടർന്ന്, തയമ്മുമിന്റെ രൂപം വിവരിക്കപ്പെടുന്നു.മുഖം മുഴുവൻ തടവണമെന്ന കാര്യത്തിൽ പണ്ഡി തൻമാർക്കിടയിൽ ഭിന്നാഭിപ്രായമില്ല . കൈകളുടെ കാര്യത്തിൽ, അഭിപ്രായ വ്യത്യാസമുണ്ട് . മുട്ട് വരെ തടവൽ നിർബന്ധമാണെന്നാണ് ഒരു അഭിപ്രായം ; കൈപത്തി (മുൻകൈ) മാത്രം തടവിയാലും മതിയെ ന്നാണ് മറ്റൊരഭിപ്രായം. രണ്ട് ചര്യകൾക്കും റസൂലിന്റെ മാതൃകകളും റിപ്പോർട്ട് ചെയ്യപെട്ടിട്ടുണ്ട്. അത് പോലെ, മുഖത്തിനും കൈയിനും കൂടി , മണ്ണിൽ ഒരു അടി അടിച്ചാൽ മതിയെന്നും, അതല്ല പ്രത്യേകം പ്രത്യേകമായി രണ്ട് പ്രാവശ്യം മണ്ണിൽ അടിക്കേണ്ടതുണ്ടെന്നും പണ്ഡിതർക്കിടയിൽ, സ്വീകാര്യമായ, വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. വുളുവിന് പകരമായ തയമ്മുമും, കുളിക്ക് പകരമുള്ള തയമ്മുമും ഒരേ രീതി യിലാണെന്ന്, ഉമ്മർ (റ)വിന് ജനാബത്ത് ഏർപ്പെട്ട സന്ദർഭത്തിൽ, നബി(സ) കാണിച്ച് കൊടുത്ത തയമ്മു

മിന്റെ മാതൃകയിൽ നിന്ന് മനസ്സിലാക്കാവുന്നതാണ് – റസൂൽ(സ) രണ്ട് കൈപത്തികൾ നിലത്തടിച്ച് അതിൽ ഊതുകയും, പിന്നീട് അത്കൊണ്ട് മുഖവും രണ്ട് കൈപത്തികളും തടവുകയും ചെയ്തു.

---

**വചനം 44, 45, 46**

أَلَمْ تَرَ إِلَى ٱلَّذِينَ أُوتُوا۟ نَصِيبًا مِّنَ ٱلْكِتَٰبِ يَشْتَرُونَ ٱلضَّلَٰلَةَ وَيُرِيدُونَ أَن تَضِلُّوا۟ ٱلسَّبِيلَ ﴿٤٤﴾

44 വേദഗ്രന്ഥത്തിൽനിന്ന് ഒരംശം നൽകപ്പെട്ടിട്ടുള്ളവരെ നീ നോക്കിക്കണ്ടില്ലേ? അവർ ദുർമാർഗം (വിലക്ക്) വാങ്ങുന്നു; നിങ്ങൾ മാർഗ്ഗം പിഴച്ചുപോകുവാൻ അവർ ഉദ്ദേശിക്കുകയും ചെയ്യുന്നു!

وَٱللَّهُ أَعْلَمُ بِأَعْدَآئِكُمْ ۚ وَكَفَىٰ بِٱللَّهِ وَلِيًّا وَكَفَىٰ بِٱللَّهِ نَصِيرًا ﴿٤٥﴾

45 അല്ലാഹു, നിങ്ങളുടെ ശത്രുക്കളെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. മിത്രമായി (അഥവാ രക്ഷാ കർത്താവായി) അല്ലാഹുതന്നെ മതി; സഹായകനായും അല്ലാഹു തന്നെ മതി.

مِّنَ ٱلَّذِينَ هَادُوا۟ يُحَرِّفُونَ ٱلْكَلِمَ عَن مَّوَاضِعِهِۦ وَيَقُولُونَ سَمِعْنَا وَعَصَيْنَا وَٱسْمَعْ غَيْرَ مُسْمَعٍ وَرَٰعِنَا لَيًّۢا بِأَلْسِنَتِهِمْ وَطَعْنًا فِى ٱلدِّينِ ۚ وَلَوْ أَنَّهُمْ قَالُوا۟ سَمِعْنَا وَأَطَعْنَا وَٱسْمَعْ وَٱنظُرْنَا لَكَانَ خَيْرًا لَّهُمْ وَأَقْوَمَ وَلَٰكِن لَّعَنَهُمُ ٱللَّهُ بِكُفْرِهِمْ فَلَا يُؤْمِنُونَ إِلَّا قَلِيلًا ﴿٤٦﴾

46 (അതെ) യഹൂദരായവരിൽപെട്ടവർ (തന്നെ.) വാക്കുകളെ അവർ അതിൻെറ (യഥാ) സ്ഥാനങ്ങളിൽ നിന്ന് തെറ്റിച്ചു കളയുന്നു; അവർ പറയുകയും ചെയ്യും: 'സമിഅ്നാ വഅസൈ്വനാ' എന്നും, 'ഇസ്മഅ്ഗൈ്വറ മുസ്മഇൻ' എന്നും 'റാഇനാ' എന്നും! (അതെ) തങ്ങളുടെ നാവുകളെ വളച്ചൊടിച്ചും, മതത്തിൽ കുത്തിപ്പറഞ്ഞു (ആക്ഷേപിച്ചു) കൊണ്ടും! 'സമിഅ്നാ വഅത്വഅ്നാ' (ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തു) എന്നും, 'ഇസ്മഅ്' (കേൾക്കണേ) എന്നും. 'ഉൻളുർനാ' (ഞങ്ങളെ ഗൗനിക്കണേ) എന്നും അവർ പറഞ്ഞിരുന്നെങ്കിൽ, അതവർക്ക് ഗുണകരവും, ഏറ്റം ചൊവ്വുള്ളതുമായിരുന്നു. പക്ഷെ, അവരുടെ അവിശ്വാസം നിമിത്തം അല്ലാഹു അവരെ ശപിച്ചിരിക്കുകയാണ്. അതിനാൽ അല്പ (മാത്ര)മല്ലാതെ അവർ വിശ്വസിക്കുകയില്ല.

---

സ്വാർത്ഥ ലാഭത്തിന് വേണ്ടി സന്മാർഗ്ഗം കൈവെടിഞ്ഞു ദുർമാർഗ്ഗം സ്വീകരിക്കുകയും സത്യവിശ്വാസികളെ വഴി പിഴപ്പിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന യഹൂദികളെ മിത്രങ്ങളും സഹായികളുമായി ഗണിക്കരുതെന്ന് അല്ലാഹു മുന്നറിയിപ്പ് നല്കുന്നു. സത്യവിശ്വാസികളെ സഹായിക്കാനും രക്ഷിക്കാനും അല്ലാഹുതന്നെ മതി.

യഹൂദികളുടെ ദുഷ്ടമനസ്ഥിതി വെളിവാക്കുന്ന ചിലസമ്പ്രദായങ്ങൾ അല്ലാഹു ചൂണ്ടികാണിക്കുന്നു. അവർ വേദഗ്രന്ഥങ്ങളും നബി(സ)യിൽ നിന്ന് കേൾക്കുന്ന വാക്കുകളും യഥാസ്ഥാനങ്ങളിൽ നിന്ന് തെറ്റിച്ച്, തങ്ങളുടെ ഇഛക്കനുസൃതമായി വേറെ വാക്കുകൾ കുത്തി ചെലുത്തി ദുർവ്യാഖ്യാനം നടത്തി പൊതുജനങ്ങളെ വഞ്ചിക്കുന്നു. ഇതിന്റെ കർത്താക്കൾ അവരിലുള്ള പണ്ഡിതൻമാർ തന്നെയായിരിക്കും (2:75, 79). മറ്റ് ചിലപ്പോൾ, പ്രത്യക്ഷത്തിൽ കേട്ടാൽ, നല്ലതും വേണ്ടപ്പെട്ടതുമാണെന്ന് തോന്നിക്കുന്നതും , യഥാർത്ഥത്തിൽ കാപട്യവും കൗടില്യവും നിറഞ്ഞതുമായ ചില വാക്കുകൾ അവർ നബി(സ)യുടെ നേരെ പ്രയോഗിച്ച് കൊണ്ടിരിക്കും , ഉദാഹരണമായി:

1 (സമി അ്‌ നാ-വഅ്‌സൈനാ) سمعنا وعصينا -ഞങ്ങൾ കേൾക്കുകയും ഞങ്ങൾ അനുസരണക്കേട് കാണിക്കുകയും ചെയ്തിരിക്കുന്നു. അഥവാ കാത് കൊണ്ട് കേട്ടെങ്കിലും അനുസരിക്കാൻ തയാറല്ല എന്നവർ പറയുമായിരുന്നു, സത്യവിശ്വാസികളെ നബി(സ) വല്ലതും ഉപദേശിക്കുമ്പോൾ അവർ سمعنا واطعنا - ഞങ്ങൾ കേട്ടു, ഞങ്ങൾ അനുസരിച്ചു - എന്ന് പറയാറുള്ളതിന്റെ സ്ഥാനത്താണ് സത്യനിഷേധികൾ ഇത് പറയുക. അല്ലെങ്കിൽ اطعنا എന്ന് തോന്നിക്കുമാറ് നാവൊന്ന് വളച്ച് തിരിച്ചായിരിക്കും عصينا എന്ന് പറയുന്നത്.

2 (اسمع غير مسمع) പ്രശംസക്കും പരിഹാസത്തിനും കൊള്ളാവുന്ന രണ്ടർത്ഥങ്ങൾ ഈ വാക്കിനുണ്ട്. അതായത് "കേൾക്കണം. കേൾക്കാൻ പറ്റാത്തതൊന്നും കേൾക്കാൻ ഇടവരാതിരിക്കട്ടെ" എന്ന് നന്മയ്ക്ക് വേണ്ടിയുള്ള ഒരു പ്രാർത്ഥനയുടെ രൂപത്തിലും, "കേൾക്കുക, കേൾക്കുവാൻ സാധിക്കുമാറാകാതിരിക്കട്ടെ " എന്നിങ്ങനെ തിന്മക്ക് വേണ്ടിയുള്ള പ്രാർത്ഥനാ രൂപത്തിലും. രണ്ടാമത്തെ രൂപത്തിലാണ് ആ ശപിക്കപ്പെട്ടവർ നബി(സ)യോട് അത് പറയാറുള്ളത്, ഇതിൽ اسمع (കേൾക്കണം) എന്ന് മാത്രം പറയുമ്പോൾ ഈ ദ്വയാർത്ഥം വരികയില്ല

3. راعنا (റാഇനാ) 'ഞങ്ങളെ ഗൗനിക്കണം' എന്നും 'വിഡ്ഢി' എന്നും അർത്ഥം വരാവുന്ന ഒരു വാക്കാണിത്. അവർ പ്രത്യക്ഷത്തിൽ മര്യാദ തോന്നിപ്പിക്കുന്ന വിധത്തിൽ, ദുരുദ്ദേശ്യപൂർവ്വമാണീ വാക്കു നബി(സ) യോട് പറയുക. ' റാഇനാ' എന്ന വാക്കിന് പകരം انظرنا (ഉൻളുർനാ ) - ഞങ്ങളെ ശ്രദ്ധിക്കണം ഞങ്ങളെ നോക്കണം - എന്ന കളങ്കത്തിനും പരിഹാസത്തിനും പഴുതില്ലാത്ത വാക്ക് തന്നെ സത്യവിശ്വാസികൾ നബി(സ) യോട് ഉപയോഗിക്കണമെന്ന് 2:104 വചനത്തിലൂടെ അല്ലാഹു നിർദ്ദേശിച്ചിരിക്കുന്നു.

മേൽ പറഞ്ഞ വാക്കുകൾ തന്ത്രപൂർവ്വം വളച്ചൊടിച്ചും, താളമൊപ്പിച്ചും, പ്രയോഗിച്ച് കൊണ്ട് നബി(സ) യെയും ഇസ്ലാമിനെയും പരിഹസിച്ച് സ്വയം തൃപ്തിയടയുകയാണ് യഹൂദികൾ ചെയ്ത് കൊണ്ടിരുന്നത് . ഒന്നാമത്തെതിൽ عصينا എന്ന വാക്കിന്റെ സ്ഥാനത്ത് اطعنا എന്നും, രണ്ടാമത്തേതിൽ غير مسمع എന്ന് പറയാതെ اسمع എന്ന് മാത്രവും മൂന്നാമത്തേതിൽ راعنا എന്നതിന് പകരം انظرنا എന്നും പറയുകയുമായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത്.

എന്നാൽ അല്ലാഹുവിന്റെ ശാപത്തിന് വിധേയരായ അവരിൽ നിന്ന് അല്പം ചില വ്യകതികളൊഴികെ ആരും, സത്യവിശ്വാസം സ്വീകരിക്കാൻ പോകുന്നില്ല എന്ന് അല്ലാഹു അറിയിക്കുന്നു.

---

**വചനം 47 48**

47 ഹേ, (വേദ) ഗ്രന്ഥം നൽകപ്പെട്ടവരെ, നിങ്ങളുടെ കൂടെയുള്ളതിനെ സത്യമാക്കി (സ്ഥാപിച്ചു) കൊണ്ട് നാം അവതരിപ്പിച്ചിട്ടുള്ളതിൽ വിശ്വസിക്കുവിൻ; ചില മുഖങ്ങളെ നാം തുടച്ചുനീക്കി അവയെ അവയുടെ പിൻവശങ്ങളിലാക്കിത്തീർക്കുന്നതിന് മുമ്പായി, അല്ലെങ്കിൽ, ശബ്ബത്തിൻെറ ആൾക്കാരെ നാം ശപിച്ചതുപോലെ അവരെ (യും) നാം ശപിക്കുന്നതിനു (മുമ്പായി). അല്ലാഹുവിൻെറ കൽപന പ്രവർത്തനത്തിൽ വരുന്നതാകുന്നു.

يَـٰٓأَيُّهَا ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ ءَامِنُوا۟ بِمَا نَزَّلْنَا مُصَدِّقًا لِّمَا مَعَكُم مِّن قَبْلِ أَن نَّطْمِسَ وُجُوهًا فَنَرُدَّهَا عَلَىٰٓ أَدْبَارِهَآ أَوْ نَلْعَنَهُمْ كَمَا لَعَنَّآ أَصْحَـٰبَ ٱلسَّبْتِ ۚ وَكَانَ أَمْرُ ٱللَّهِ مَفْعُولًا ﴿٤٧﴾

48 നിശ്ചയമായും അല്ലാഹു, അവനോട് പങ്കു ചേർക്കപ്പെടുന്നത് പൊറുക്കുകയില്ല; അതിനു പുറമെയുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുകയും ചെയ്യും. ആർ

إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ ۚ وَمَن يُشْرِكْ بِٱللَّهِ فَقَدِ ٱفْتَرَىٰٓ إِثْمًا عَظِيمًا ﴿٤٨﴾

അല്ലാഹുവിനോട് പങ്കു ചേർക്കുന്നുവോ അവൻ, തീർച്ചയായും വമ്പിച്ച ഒരു കുറ്റം ചമച്ചുണ്ടാക്കിയിരിക്കുന്നു.

---

"നാം അവതരിപ്പിച്ചത്" എന്നത് കൊണ്ടുദ്ദേശം ഖുർആൻ ആകുന്നു. ഖുർആൻ മുൻ വേദഗ്രന്ഥങ്ങളെ സത്യപ്പെടുത്തുന്നതാണെന്നതിന്റെ വിശദീകരണം 2:41 ലും 3:2 ലും നല്കപെട്ടിട്ടുണ്ട്. ഖുർആനിൽ വിശ്വസിക്കാത്ത പക്ഷം, "ചില മുഖങ്ങളെ നാം തുടച്ച് നീക്കി അവയെ അവയുടെ പിൻവശങ്ങളിലാക്കിതീർക്കുന്നതാണെന്നും" (ഇത് ഖിയാമത്ത് നാളിൽ ഉണ്ടാകാൻ പോകുന്ന അനുഭവമാണെന്ന് ഇമാം റാസി (റ) അടക്കമുള്ള പണ്ഡിതൻമാർ ഉറപ്പിച്ച് പറഞ്ഞിരിക്കുന്നു) ഇഹലോകത്തിൽ "ശബ്ബത്തിന്റെ ആൾക്കാരെ നാം ശപിച്ചത് പോലെ" (ശബ്ബത്തിന്റെ ആൾക്കാരെ ശപിച്ച് അവരെ കുരങ്ങുകളാക്കി കോലം മറിച്ചത് സൂ: അൽബഖറ: 65 ലും സൂ: അഅ്റാഫ് 163–166 ലും വിവരിച്ചിട്ടുണ്ട്) ശപിക്കുകയോ ചേയ്തേക്കുമെന്നും, അല്ലാഹു നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന ഏത് കാര്യവും നടപ്പിൽ വരുക തന്നെ ചെയ്യുമെന്നും, അല്ലാഹു യഹൂദികളെ താക്കീത് ചെയ്യുന്നു.

തുടർന്ന് കൊണ്ട് , ശിർക്കിനെ അല്ലാഹു പൊറുക്കുകയില്ലെന്നും അതല്ലാതെ ഏത് പാപങ്ങളും അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്ത് കൊടുത്തേക്കുമെന്നും അല്ലാഹു വ്യക്തമാക്കുന്നു. താഴെ 116 –ാം വചനത്തിലും, ഇതേവാക്കുകൾ അല്ലാഹു ആവർത്തിച്ചിരിക്കുന്നു. ശിർക്കല്ലാത്ത പാപങ്ങൾ – അവ എത്ര വമ്പിച്ചതായാലും – അല്ലാഹു അവന്റെ ഔദാര്യം മൂലം, അവൻ ഉദ്ദേശിക്കുന്നവർക്ക്, പൊറുത്തു കൊടുക്കുന്നതാണ്. പ്രസ്തുത ഔദാര്യത്തിന് വേണ്ടി– പാപമോചനത്തിന് വേണ്ടി– പ്രാർത്ഥിക്കുവാനും പാപങ്ങളിൽ നിന്ന് ഖേദിച്ച് മടങ്ങാനും നാം കല്പിക്കപ്പെട്ടിരിക്കുന്നു. ശിർക്കിനെ സംബന്ധിച്ചേടത്തോളം, ഖേദിച്ച് പാപമോചനം തേടുന്നത് കൂടാതെ ശിർക്കിൽ നിന്നും വിരമിച്ച് തൗഹീദിലേക്ക് മടങ്ങുന്നതുകൊണ്ടല്ലാതെ, ശിക്ഷയിൽനിന്നും മുക്തിയില്ല. ശിർക്കിലായി മരണപ്പെട്ടാൽ കാലാകാലം നരകശിക്ഷയായിരിക്കും അനുഭവപ്പെടുക. പാപികളായിരിക്കെ തൗഹീദിൽ മരണപ്പെടുന്നവർക്ക് – അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനത്തിന് അവർ അർഹരാകാത്ത പക്ഷം – അവരുടെ പാപങ്ങൾക്കനുസരിച്ച ശിക്ഷകൾ അനുഭവിക്കേണ്ടി വരുന്നതും അതിന് ശേഷം സ്വർഗ്ഗ പ്രവേശം നല്കപ്പെടുന്നതുമാകുന്നു എന്ന, വസ്തുത, ഖുർആനിൽ നിന്നും നബിവചനങ്ങളിൽ നിന്നും സ്പഷ്ടമായി അിറയപ്പെട്ടതാണ്.

"തൌഹീദിൽ പ്രവേശിച്ച് പിന്നിട് അതേ പ്രകാരത്തിൽ തന്നെ മരണപ്പെട്ടാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കാതിരിക്കുകയില്ല ". എന്ന നബി വചനം ദുർവ്യാഖ്യാനം ചെയ്ത് ആ അടിയാൻ മറ്റ് എന്ത് പാപങ്ങൾ ചെയ്തുകൂട്ടിയാലും ശിക്ഷയൊന്നും ഇല്ലാതെ സ്വർഗ്ഗം സുനിശ്ചിതമാണെന്ന് ധരിക്കരുത്. ആ അടിയാന് ശിക്ഷയൊന്നും ഉണ്ടാകുകയില്ലെന്ന് നബി (സ) പറഞ്ഞിട്ടില്ല. " അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കാതിരിക്കുകയില്ല " എന്ന് പറഞ്ഞതിൽ നിന്നും , ശിർക്ക് ചെയ്യാത്ത പക്ഷം, മറ്റുള്ള പാപങ്ങളുടെ ശിക്ഷ കഴിഞ്ഞാൽ പിന്നീട് രക്ഷ കിട്ടുമെന്നും, സ്വർഗ്ഗപ്രവേശം ലഭിക്കുമെന്നുമാണ് ആ പറഞ്ഞതിന്റെ അർത്ഥം.

യഹൂദികളെ സംബന്ധിച്ചിടത്തോളം , അവരുടെ ശിർക്ക് പരമായ പല കാര്യങ്ങളിൽ രണ്ട് കാര്യങ്ങൾ അവരെ പറ്റി ഖുർആനിൽ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട് – ഉസൈർ (റ) അല്ലാഹുവിന്റെ പുത്രനാണെന്ന അവരുടെ വിശ്വാസവും , അവർ അവരുടെ പുരോഹിതൻമാരെ, റബ്ബുകളാക്കി പരിഗണിച്ച് , അവരുടെ വിധി വിലക്കുകൾ, അല്ലാഹുവിന്റെ വിധി വിലക്കുകൾക്ക് സമമാക്കിയതും. ക്രിസ്ത്യാനികളാണെങ്കിൽ ഈസാ(അ) അല്ലാഹുവിന്റെ പുത്രനാണെന്ന കടുത്ത ശിർക്കൻ ആശയമാണ് തങ്ങളുടെ മതത്തിന്റെ അടിസ്ഥാന തത്വമായി സ്വീകരിച്ചിരിക്കുന്നത്.

നമ്മുടെ ചില മുസ്ലീം സഹോദരങ്ങളെക്കുറിച്ച് കാലക്രമത്തിൽ അവരിൽ കടന്ന് കൂടിയ ശിർക്ക് പരമായ അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും എത്രയാണെന്ന് പറയുവാൻ തന്നെ പ്രയാസകരമായിരിക്കുന്നു.

---

**വചനം 49, 50**

أَلَمْ تَرَ إِلَى ٱلَّذِينَ يُزَكُّونَ أَنفُسَهُم ۚ بَلِ ٱللَّهُ يُزَكِّى مَن يَشَآءُ وَلَا يُظْلَمُونَ فَتِيلًا ﴿٤٩﴾

49 തങ്ങളുടെ (സ്വന്തം) ദേഹങ്ങളെ പരിശുദ്ധപ്പെടുത്തുന്ന (ആത്മപ്രശംസനടത്തുന്ന) വരെ നീ (നോക്കി) കണ്ടിട്ടില്ലേ?! പക്ഷേ, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ പരിശുദ്ധപ്പെടുത്തുകയത്രെ ചെയ്യുന്നത്. അവരോട് ഒരു തരിമ്പിട (പോലും) അനീതി ചെയ്യപ്പെടുന്നതുമല്ല.

50 നോക്കുക: എങ്ങിനെയാണവര്‍ അല്ലാഹുവിന്‍റെ മേല്‍ വ്യാജം കെട്ടിച്ചമക്കുന്നത്?! അതു (തന്നെ) മതി, സ്പഷ്ടമായ കുറ്റമായിട്ട്!

ٱنظُرْ كَيْفَ يَفْتَرُونَ عَلَى ٱللَّهِ ٱلْكَذِبَ ۖ وَكَفَىٰ بِهِۦٓ إِثْمًا مُّبِينًا ﴿٥٠﴾

---

തങ്ങള്‍ അല്ലാഹുവിന്‍റെ മക്കളും സ്നേഹപാത്രങ്ങളുമാണെന്നും, ഞങ്ങളല്ലാതെ സ്വര്‍ഗ്ഗത്തില്‍ പ്രവേശിക്കുകയില്ല , ഞങ്ങള്‍ പാപരഹിതരാണ് എന്നിങ്ങനെയുള്ള വേദക്കാരുടെ ആത്മ പ്രശംസകളെയും കുറിച്ചാണിവിടെ പ്രസ്താവിക്കുന്നത്. സ്വയം പ്രശംസ കൊണ്ട് ആരും പരിശുദ്ധരാകുന്നില്ല – അല്ലാഹു പരിശുദ്ധരാക്കിയവര്‍ മാത്രമേ പരിശുദ്ധരാകൂ. അവനാകട്ടെ , ആരോടും അനീതിയോ പക്ഷഭേദമോ കാണിക്കുകയുമില്ല. ആരാണ് പരിശുദ്ധരാക്കപ്പെടാന്‍ അര്‍ഹരെന്നും അല്ലാത്തവരെന്നും അവനറിയാം.

ആത്മ പ്രശംസ സ്വതവേ തന്നെ ഒരു തെറ്റാകുന്നു. അതോട് കൂടി അല്ലാഹുവിന്‍റെ പേരില്‍ ഇല്ലാത്തത് കെട്ടിപറയുക കൂടിയാകുമ്പോള്‍ , അത് കടുത്തതും ധിക്കാരം നിറഞ്ഞതുമായ "വ്യക്തമായ ഒരു കുറ്റമായി " അല്ലാഹു ചൂണ്ടികാണിക്കുന്നു.

## വിഭാഗം 8

**വചനം 51 ,52**

51 വേദഗ്രന്ഥത്തില്‍ നിന്ന് ഒരംശം നല്‍കപ്പെട്ടിട്ടുള്ളവരെ നീ (നോക്കി) കണ്ടില്ലേ?– അവര്‍ 'ജിബ്ത്തി'ലും, 'ത്വാഗൂത്തി'ലും (ക്ഷുദ്രമായതിലും ദുര്‍മ്മൂര്‍ത്തിയിലും) വിശ്വസിക്കുന്നു! അവിശ്വാസികളെക്കുറിച്ച് അവര്‍ പറയുകയും ചെയ്യുന്നു: "ഇക്കൂട്ടര്‍ വിശ്വസിച്ചവരെക്കാള്‍ കൂടുതല്‍ നേര്‍മ്മാര്‍ഗ്ഗം പ്രാപിച്ചവരാണ്" എന്ന്!

52 അക്കൂട്ടരത്രെ, അല്ലാഹു ശപിച്ചിട്ടുള്ളവര്‍. ഏതൊരുവനെ അല്ലാഹു ശപിക്കുന്നുവോ അവന് ഒരു സഹായകനെയും നീ കണ്ടെത്തുകയേ ഇല്ല.

أَلَمْ تَرَ إِلَى ٱلَّذِينَ أُوتُوا۟ نَصِيبًا مِّنَ ٱلْكِتَٰبِ يُؤْمِنُونَ بِٱلْجِبْتِ وَٱلطَّٰغُوتِ وَيَقُولُونَ لِلَّذِينَ كَفَرُوا۟ هَٰٓؤُلَآءِ أَهْدَىٰ مِنَ ٱلَّذِينَ ءَامَنُوا۟ سَبِيلًا ﴿٥١﴾

أُو۟لَٰٓئِكَ ٱلَّذِينَ لَعَنَهُمُ ٱللَّهُ ۖ وَمَن يَلْعَنِ ٱللَّهُ فَلَن تَجِدَ لَهُۥ نَصِيرًا ﴿٥٢﴾

---

സിഹ്ര്‍ (ആഭിചാരം) ആഭിചാരി, പ്രശ്നം നോക്കല്‍, പ്രശ്നക്കാരന്‍ ആദിയായ പലതിനും 'ജിബുത്ത്' (ദുഷ്ടം, ക്ഷുദ്രം) എന്ന് പറയപ്പെടാറുണ്ട്. ശകുനം നോക്കലും പ്രശ്നം വെക്കലും, പക്ഷിനോട്ടവും ഒക്കെ ജിബുത്തി ല്‍ പെട്ടതാകുന്നു. പിശാചുക്കള്‍, ധിക്കാരികള്‍, അല്ലാഹു അല്ലാത്ത ആരാധ്യ വസ്തുക്കള്‍ എന്നിവക്കെല്ലാം 'ത്വാഗൂത്ത്' എന്ന വാക്കും ഉപയോഗിച്ച് വരുന്നു. (അല്‍ ബഖറ 256– ന്‍റെ വിശദീകരം നോക്കുക)

മുസ്ലീംകള്‍ക്കെതിരായി ഒരു വന്‍ സഖ്യം ഉണ്ടാക്കുന്നതിന്‍റെ ഭാഗമായി മക്കയിലെത്തിയ , യഹൂദികളുമായുള്ള ചര്‍ച്ചക്കിടയില്‍, അവിടുത്തെ ഖുറൈശികളോട് നിങ്ങളെയും മുഹമ്മദിനെയും സംബന്ധിച്ച് ഒരു വിവരണം നല്കണമെന്ന് യഹൂദികള്‍ ആവശ്യപെട്ടു. കുടുംബബന്ധം പാലിക്കുക, ഹാജിമാര്‍ക്ക് ആതിഥ്യം നല്‍കുക, കഅ്ബാ ശുശ്രൂഷ ആദിയായ തങ്ങളുടെ ഗുണഗണങ്ങള്‍ തങ്ങളെക്കുറിച്ചും, കുടുംബങ്ങള്‍ക്കിടയില്‍ ഭിന്നിപ്പുണ്ടാക്കുക, പൂര്‍വ്വികന്‍മാരുടെ ദൈവങ്ങളെയും ആചാരങ്ങളെയും ആക്ഷേപിക്കുക എന്നിങ്ങനെയുള്ള അപരാധങ്ങള്‍ നബി(സ)യെക്കുറിച്ചും അവര്‍ വിവരിച്ചു. ഈയവസരത്തില്‍, നിങ്ങളാണ് മുഹമ്മദിനേയും അവന്‍റെ ആള്‍ക്കാരേയുംകാള്‍ ഉത്തമന്‍മാരും സന്‍മാര്‍ഗ്ഗികളും എന്ന് ആ യഹൂദികള്‍ മുശ്‌രിക്കുകള്‍ക്ക് സാക്ഷ്യം നല്‍കി. ഇതിനെ പറ്റിയാണ് ഈ വചനത്തില്‍ സൂചിപ്പിച്ചിരിക്കുന്നതെന്ന് പല രിവായത്തുകളില്‍നിന്നും മനസ്സിലാകുന്നു. ഖുറൈശികളെ തൃപ്തിപെടുത്തുന്നതിനായി അവര്‍ വിഗ്രഹങ്ങള്‍ക്കു മുന്നില്‍ സുജൂദു ചെയ്യുകയുണ്ടായെന്നും ചില രിവായത്തുകളില്‍ കാണാം. സ്വാര്‍ത്ഥ താല്പര്യങ്ങള്‍ക്കുവേണ്ടി എന്തും ചെയ്യാന്‍ മടിക്കാത്ത കൂട്ടരായ യഹൂദികള്‍ അത് കൊണ്ട് തന്നെ അല്ലാഹുവിന്‍റെ കടുത്ത ശാപകോപങ്ങള്‍ക്ക് പാത്രീഭൂതരായിരിക്കുന്നു. അല്ലാഹുവിന്‍റെ ശാപകോപങ്ങള്‍ക്ക് പാത്രമായവര്‍ ഒരു സഹായകനേയും കണ്ടെത്തുകയോ ഇല്ല.

**വചനം 53,54, 55**

أَمْ لَهُمْ نَصِيبٌ مِّنَ ٱلْمُلْكِ فَإِذًا لَّا يُؤْتُونَ ٱلنَّاسَ نَقِيرًا ﴿٥٣﴾

أَمْ يَحْسُدُونَ ٱلنَّاسَ عَلَىٰ مَآ ءَاتَىٰهُمُ ٱللَّهُ مِن فَضْلِهِۦ ۖ فَقَدْ ءَاتَيْنَآ ءَالَ إِبْرَٰهِيمَ ٱلْكِتَـٰبَ وَٱلْحِكْمَةَ وَءَاتَيْنَـٰهُم مُّلْكًا عَظِيمًا ﴿٥٤﴾

فَمِنْهُم مَّنْ ءَامَنَ بِهِۦ وَمِنْهُم مَّن صَدَّ عَنْهُ ۚ وَكَفَىٰ بِجَهَنَّمَ سَعِيرًا ﴿٥٥﴾

53 അതല്ല, അവര്‍ക്ക് രാജാധിപത്യത്തില്‍ നിന്നും വല്ല പങ്കും ഉണ്ടോ?! എന്നാല്‍ (ഉണ്ടായിരുന്നെങ്കില്‍) അപ്പോള്‍, ഒരണുവോളം അവര്‍ മനുഷ്യര്‍ക്ക് നല്‍കുകയില്ല.

54 അതല്ല, അല്ലാഹു അവന്‍റെ അനുഗ്രഹത്തില്‍നിന്നും മനുഷ്യര്‍ക്ക് നല്‍കിയിട്ടുള്ളതിന്‍റെ പേരില്‍ അവര്‍ അവരോട് അസൂയപ്പെടുകയാണോ?! എന്നാല്‍, ഇബ്റാഹീമിന്‍റെ കുടുംബത്തിന് നാം വേദഗ്രന്ഥവും, വിജ്ഞാനവും നല്‍കുകയുണ്ടായിട്ടുണ്ട്; അവര്‍ക്കു നാം വമ്പിച്ച രാജാധിപത്യവും നല്‍കിയിരിക്കുന്നു.

55 എന്നിട്ട്, അതില്‍ വിശ്വസിച്ചവരും അവരിലുണ്ട്; അതില്‍ നിന്ന് തിരിഞ്ഞു പോയവരും അവരിലുണ്ട്. കത്തിജ്ജ്വലിക്കുന്ന അഗ്നിയായി 'ജഹന്നം' (നരകം) തന്നെ മതി!

ഖുര്‍ആന്‍ അവതരിക്കുന്ന കാലത്ത് ഭൂമിയില്‍ എവിടെയും ആധിപത്യമോ പ്രതാപമോ ഇല്ലാത്ത യഹൂദികള്‍ ഇനി വല്ലപ്പോഴും, ആധിപത്യം കൈവന്നാല്‍ തന്നെ മറ്റൊരു കൂട്ടര്‍ക്ക് അവര്‍ തരിമ്പ് പോലും ഉപകാരം ചെയ്തു കൊടുക്കുകയില്ല. മറ്റുള്ളവര്‍ക്ക് വല്ല അനുഗ്രഹവും ലഭിക്കുന്ന പക്ഷം, അവര്‍ കടുത്ത അസൂയക്കാരുമാകുന്നു. ഈ അസൂയകൊണ്ടാണ് അവരില്‍ ചിലര്‍ ഖുര്‍ആനിലും നബി(സ)യിലും, അവരുടെ പൂര്‍വ്വപിതാവായ ഇബ്രാഹീം (അ) നബിയുടെ പരമ്പരയില്‍പെട്ട പല പ്രവാചകരിലും വിശ്വസിക്കാതെ പിന്തിരിഞ്ഞ് കളഞ്ഞത്.

പാശ്ചാത്യ ശക്തികളുടെ രക്ഷാകര്‍തൃത്വത്തിന്‍ കീഴില്‍ പലസ്തീനില്‍ സ്ഥാപിതമായ യഹൂദികളുടെ ഇസ്രാ ഈല്‍ രാഷ്ട്രം, സ്വാര്‍ത്ഥ താല്‍പര്യം, മുസ്ലീംകളോടുള്ള ശത്രുത, വര്‍ഗ്ഗീയ പക്ഷപാതം തുടങ്ങിയ ധിക്കാരവും പേക്കൂത്തുമായി വിഹരിച്ച് കൊണ്ടിരിക്കുകയാണല്ലോ. കുറച്ച് കാലം അല്ലാഹു അവര്‍ക്ക് വിട്ട് കൊടുത്തെന്ന് വരാം. അവസാനം, അവരെ ഒതുക്കുവാനുള്ള കത്തിജ്വലിക്കുന്ന നരകം അല്ലാഹു അവര്‍ക്കായി ഒരുക്കി വെച്ചിരിക്കുന്നു.

---

**വചനം 56**

إِنَّ ٱلَّذِينَ كَفَرُوا۟ بِـَٔايَـٰتِنَا سَوْفَ نُصْلِيهِمْ نَارًا كُلَّمَا نَضِجَتْ جُلُودُهُم بَدَّلْنَـٰهُمْ جُلُودًا غَيْرَهَا لِيَذُوقُوا۟ ٱلْعَذَابَ ۗ إِنَّ ٱللَّهَ كَانَ عَزِيزًا حَكِيمًا ﴿٥٦﴾

56 നിശ്ചയമായും, നമ്മുടെ 'ആയത്തു' (ലക്ഷ്യം)കളില്‍ അവിശ്വസിച്ചവര്‍, വഴിയെ നാം അവരെ അഗ്നിയില്‍ കടത്തി എരിയിക്കുന്നതാണ്. അവരുടെ തൊലികള്‍ വെന്തുപോകുമ്പോഴെല്ലാം അവര്‍ക്കു നാം അതല്ലാത്ത (വേറെ) തൊലികള്‍ പകരമാക്കുന്നതാണ് (അതെ) അവര്‍ ശിക്ഷ രുചിച്ചറിയുവാന്‍ വേണ്ടി. നിശ്ചയമായും അല്ലാഹു, പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

യഹൂദികളെന്നല്ല അല്ലാഹുവിന്‍റെ ലക്ഷ്യ ദൃഷ്ടാന്തങ്ങളില്‍ വിശ്വസിക്കാത്ത എല്ലാവരും അനുഭവിക്കേണ്ടി വരുന്ന ശിക്ഷയത്രെ നരകശിക്ഷ. ശിക്ഷ പുതുക്കികൊണ്ടിരിക്കുവാനും, വേദനയും യാതനയും വര്‍ദ്ധിച്ച് കൊണ്ടിരിക്കുവാനും വേണ്ടി അല്ലാഹു അവരുടെ തൊലികള്‍ മാറ്റിക്കൊണ്ടിരിക്കും . നരകത്തിലെ ആളുകള്‍ മരണപ്പെടുകയില്ല;എന്നാലൊ, വല്ലപ്പോഴും ഒരാശ്വാസം ലഭിച്ച് അല്‍പനേരമെങ്കിലും സൈ്വരജീവിതം കൊള്ളുവാന്‍ അവര്‍ക്ക് സാധിക്കുകയുമില്ല. (لا يموت فيها ولا يحى)

വചനം 57

57 വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, അടിഭാഗത്തിലൂടെ അരുവികൾ ഒഴുകുന്ന സ്വർഗ്ഗങ്ങളിൽ വഴിയെ അവരെ നാം പ്രവേശിപ്പിക്കുന്നതാണ്; അതിൽ (അവർ) എന്നെന്നും നിത്യവാസികളായിക്കൊണ്ട്. അതിൽ, പരിശുദ്ധമാക്കപ്പെട്ട ഇണകൾ അവർക്കുണ്ടായിരിക്കും. അവരെ നാം (നിത്യ) നിബിഡമായ തണലിൽ പ്രവേശിപ്പിക്കുകയും ചെയ്യും.

وَٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ سَنُدْخِلُهُمْ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَآ أَبَدًا ۖ لَّهُمْ فِيهَآ أَزْوَٰجٌ مُّطَهَّرَةٌ ۖ وَنُدْخِلُهُمْ ظِلًّا ظَلِيلًا ﴿٥٧﴾

സത്യവിശ്വാസികളായ സജ്ജനങ്ങളാകട്ടെ അല്ലാഹു അവരെ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകുന്ന സ്വർഗ്ഗങ്ങളിൽ പ്രവേശിപ്പിക്കുന്നതാണ്. അവിടെ പരിശുദ്ധരാക്കപ്പെട്ട ഇണകൾ അവർക്കുണ്ടായിരിക്കും. നിത്യ നിബിഡമായ സുഖ ശീതളമായ തണലിൽ അവർ പ്രവേശിപ്പിക്കപെടുകയും ചെയ്യും. സ്വർഗ്ഗത്തിൽ അവർ എന്നെന്നും നിത്യവാസികളായിരിക്കും.

വചനം 58

58 നിശ്ചയമായും അല്ലാഹു, നിങ്ങളോട് കൽപിക്കുന്നു; (വിശ്വസിച്ചേൽപിക്കപ്പെട്ട) 'അമാനത്തു'കളെ അവയുടെ ആൾക്കാർക്ക് നിങ്ങൾ കൊടുത്തു വീട്ടണമെന്ന്. മനുഷ്യർക്കിടയിൽ നിങ്ങൾ വിധികല്പിക്കുന്നതായാൽ, നിങ്ങൾ നീതിയനുസരിച്ച് വിധികല്പിക്കണമെന്നും. നിശ്ചയമായും അല്ലാഹു, ഇതു മുഖേന നിങ്ങൾക്ക് വളരെ നല്ല (ഒരു) സദുപദേശം നൽകുകയാണ്. നിശ്ചയമായും അല്ലാഹു, (എല്ലാം) കേൾക്കുന്നവനും, കാണുന്നവനുമാകുന്നു.

۞ إِنَّ ٱللَّهَ يَأْمُرُكُمْ أَن تُؤَدُّواْ ٱلْأَمَٰنَٰتِ إِلَىٰٓ أَهْلِهَا وَإِذَا حَكَمْتُم بَيْنَ ٱلنَّاسِ أَن تَحْكُمُواْ بِٱلْعَدْلِ ۚ إِنَّ ٱللَّهَ نِعِمَّا يَعِظُكُم بِهِۦٓ ۗ إِنَّ ٱللَّهَ كَانَ سَمِيعًۢا بَصِيرًا ﴿٥٨﴾

ഇസ്ലാമിക ജീവിതത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന രണ്ട് കല്പനകളാണ് ഈ വചനത്തിലുള്ളത്- അമാനത്തുകളെ അവയുടെ അവകാശികൾക്ക് കൊടുത്ത് വീട്ടണമെന്നും, മനുഷ്യർക്കിടയിൽ വല്ല കാര്യത്തിനും വിധി കല്പിക്കുന്ന പക്ഷം അത് നീതിയനുസരിച്ചായിരിക്കണമെന്നും. ഒരാൾ മറ്റൊരാളെ വിശ്വാസപൂർവ്വം ഏല്പിക്കുകയും, ആ ആൾ ഏറ്റെടുക്കുകയും ചെയ്ത എല്ലാ കാര്യങ്ങൾക്കും അമാനത്ത് (വിശ്വസ്തത എന്ന് വാക്കർത്ഥം) എന്ന് പറയപ്പെടുന്നു. അമാനത്തുകൾ മൂന്ന് വിഭാഗങ്ങളുണ്ട് 1) മനുഷ്യനും അവന്റെ റബ്ബിനും ഇടക്കുള്ള അമാനത്ത്. പ്രവാചകൻമാർ മുഖേനയും, വേദഗ്രന്ഥങ്ങൾ മുഖേനയും അല്ലാഹുവിനോട് മനുഷ്യർ പാലിക്കേണ്ടതായ കടമകളെല്ലാം ഇതിൽ ഉൾപെടുന്നു. 2) മനുഷ്യർ തമ്മിൽ തമ്മിലുള്ള അമാനത്ത്. ഒരാൾ ഒരാളെ വിശ്വാസപൂർവ്വം ഏൽപിച്ച സ്വത്തുക്കളും, രഹസ്യങ്ങളും, ഇടപാടുകളിൽ പാലിക്കപ്പെടേണ്ടുന്ന മര്യാദകളുമെല്ലാം ഇതിൽപെടുന്നു. 3) സ്വന്തം ദേഹങ്ങളോട് പാലിക്കപ്പെടേണ്ടുന്ന അമാനത്ത്: സ്വന്തം ഗുണത്തിനും നന്മയ്ക്കുമുള്ള അനുപേക്ഷണീയമായ കാര്യങ്ങളാണ് ഈ ഇനത്തിലുള്ളത്.

ഇവയിൽ രണ്ടാമത്തെ -മനുഷ്യർ തമ്മിലുള്ള - ഇനത്തെ ഉദ്ദേശിച്ചാണ് സാധാരണ ഗതിയിൽ അമാനത്ത് എന്ന് നാം പറഞ്ഞു വരുന്നത്.

ലൗകികമോ ,മതപരമോ ആയ ഏത് വിഷയത്തിലും തീരുമാനമെടുക്കുകയോ വിധി പറയുകയോ ചെയ്യുന്ന പക്ഷം, ന്യായവും സത്യവും അനുസരിച്ച് വിധി നടത്തണമെന്ന് തുടർന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. ബന്ധപ്പെട്ടവരുടെ തെളിവുകളും വാദമുഖങ്ങളും, നിസ്വാർത്ഥതയോടും, നിഷ്പക്ഷമായും വിലയിരുത്തി ചിന്തിച്ച് ന്യായമായ തീരുമാനമെടുക്കേണ്ടതാകുന്നു. അതിനുള്ള പ്രാപ്തിയും അറിവും ഉള്ളവർക്കെ, ഈ വിഷയത്തിൽ പ്രവേശിക്കാനും പാടുള്ളൂ.

ഈ രണ്ട് കൽപനകളും ഭരണകർത്താക്കൾ, ന്യായാധിപൻമാർ, നേതാക്കൾ, പണ്ഡിതൻമാർ മുതലായവർക്ക് മാത്രമല്ല സാധാരണ ജനങ്ങൾക്കും ബാധകമാകുന്നു. അത്പോലെ തന്നെ അമാനത്തിന്റെ അവകാശികളും, വിധി കൽപിക്കപ്പെടുന്ന മനുഷ്യരും നല്ലവരെന്നോ, അല്ലാത്തവരെന്നോ, വിശ്വാസികളെന്നോ, അല്ലാത്തവരെന്നോ ഉള്ള, പരിഗണന നൽകാനും പാടുള്ളതല്ല. വഞ്ചനയും അനീതിയും ആരോടും പാടില്ലെന്നത് ഇസ്ലാമിലെ ഒരു മൌലിക സിദ്ധാന്തമാകുന്നു.

എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്ന സർവ്വജ്ഞനായ അല്ലാഹു നിങ്ങൾക്ക് പ്രയോജനകരവും ഉത്തമവുമായ സദുപദേശമാണ് ഇത് മുഖേന നിങ്ങളോട് കല്പിക്കുന്നതെന്ന് ഓർമ്മപെടുത്തുന്നു.

നബി(സ) പറയുന്നു: "നിന്നെ വിശ്വസിച്ചവന് നീ അമാനത്ത് നിറവേറ്റി കൊടുക്കുക. നിന്നെ ചതിച്ചവനെ നി ചതിക്കരുത്" . കപട വിശ്വാസിയുടെ പ്രധാന ലക്ഷണങ്ങളിലൊന്നായി നബി(സ) എണ്ണിയിരിക്കുന്നത് "വിശ്വസിച്ചാൽ ചതിക്കുക " എന്നതാകുന്നു.

"ഒരു ജനതയിൽ വഞ്ചന പ്രത്യക്ഷപ്പെട്ടാൽ അവരുടെ ഹൃദയങ്ങളിൽ അല്ലാഹു ഭീതി ഏർപ്പെടുത്താതിരിക്കുകയില്ല. ഒരു ജനത കരാർ ലംഘിക്കുന്നതായാൽ അവർക്കെതിരിൽ ശത്രുവിന് സ്വാധീനം ലഭിക്കാതിരിക്കുകയില്ല ". - ഇബ്നു അബ്ബാസ്(റ)

നിർഭാഗ്യവും ഖേദകരവുമെന്ന് പറയട്ടെ, ഈ രണ്ട് കാര്യങ്ങളിലും മുസ്ലീംകളടക്കം , ലോകജനത മൊത്തത്തിൽ വളരെ കുത്തഴിഞ്ഞ അവസ്ഥയിലാണുള്ളത്. വിശ്വാസ്യരും ഋജു മാനസരുമായ ആളുകളെ കണ്ടെത്തുവാൻ , ഇക്കാലത്ത് വളരെയേറെ , പ്രയാസം തന്നെ.

---

**വചനം 59**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ أَطِيعُوا۟ ٱللَّهَ وَأَطِيعُوا۟ ٱلرَّسُولَ وَأُو۟لِى ٱلْأَمْرِ مِنكُمْ ۖ فَإِن تَنَـٰزَعْتُمْ فِى شَىْءٍ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ إِن كُنتُمْ تُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ ۚ ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا ﴿٥٩﴾

59 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ; റസൂലിനെയും, നിങ്ങളിൽ നിന്നുള്ള അധികാരസ്ഥൻമാരെയും അനുസരിക്കുവിൻ. എന്നാൽ, വല്ല കാര്യത്തിലും നിങ്ങൾ പരസ്പരം (ഭിന്നിച്ച്) പിണക്കമുണ്ടാകുന്ന പക്ഷം, അതിനെ നിങ്ങൾ അല്ലാഹുവിലേക്കും, റസൂലിലേക്കും മടക്കിക്കൊള്ളുവിൻ; നിങ്ങൾ അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ. അത് ഏറ്റവും ഉത്തമവും, കൂടുതൽ നല്ല പര്യവസാനമുള്ളതുമാകുന്നു.

---

ഇസ്ലാം ശരീഅത്തിന്റെ അടിത്തറയാണ് ഈ വചനം - ശരീ അത്തിലെ നിയമങ്ങളും തത്വസിദ്ധാന്തങ്ങളുമെല്ലാം ഈ അടിസ്ഥാനത്തിൽ മാത്രമേ സ്വീകാര്യമാകുകയുള്ളൂ. നിത്യ ജീവിതത്തിലെ വ്യക്തിപരവും, സാമൂഹ്യവും, സാമ്പത്തികവും, രാഷ്ട്രീയവും സാംസ്ക്കാരികവുമായ എല്ലാ വശങ്ങളും, ഈ വചനത്തിലടങ്ങിയ നാല് മൗലിക തത്വങ്ങളിൽ ഒതുങ്ങി നില്ക്കേണ്ടതാകുന്നു- അല്ലാത്ത പക്ഷം ആ വശം അനിസ്ലാമികമായിത്തീരുന്നതാണ്.

സത്യവിശ്വാസികളെ സംബോധന ചെയ്ത് കൊണ്ട് അല്ലാഹു പറയുന്നു. 1 നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ. അല്ലാഹുവിനെ അനുസരിക്കൽ പ്രയോഗികമാകുന്നത് അവന്റെ ഖുർആനെ അനുസരിക്കുന്നത് വഴിയാകുന്നു.

2 റസൂലിനെയും അനുസരിക്കുവിൻ : ഖുർആൻ അടക്കമുള്ള അല്ലാഹുവിന്റെ സകല സന്ദേശങ്ങളും, പ്രബോധനം ചെയ്യുന്നതും, അവയ്ക്ക് വിശദീകരണവും വ്യാഖ്യാനവും നൽകി, അവയുടെ പ്രായോഗിക രൂപം കാണിച്ച് തരുന്നതുമെല്ലാം റസൂൽ(സ) തിരുമേനിയാണല്ലോ . ഇവയിൽ ഖുർആൻ ഒഴിച്ച് ബാക്കിയെല്ലാം ചേർന്നതാണ് തിരുമേനിയുടെ സുന്നത്ത് എന്ന പേരിൽ അറിയപ്പെടുന്നത്. ഖുർആൻ വ്യക്തമാക്കിയിട്ടില്ലാത്ത വിഷയങ്ങളിൽ റസൂലിനെ അനുസരിക്കുന്നത് യഥാർത്ഥത്തിൽ അല്ലാഹുവിനെ അനുസരിക്കൽ തന്നെയാകുന്നു. " റസൂലിനെ ആർ അനുസരിക്കുന്നുവോ, അവർ അല്ലാഹുവിനെ അനുസരിച്ചു." വചനം-80. "അദ്ദേഹം സ്വേഛ അനുസരിച്ച് സംസാരിക്കുകയില്ല" സൂ : നജ്മ് : 3

മുസ്ലീം നാമധാരികളായ ആരെങ്കിലും മേൽ പറഞ്ഞ ഖുർആൻ വചനങ്ങൾ തിരസ്ക്കരിച്ചുകൊണ്ട്

സുന്നത്തിനെ നിഷേധിക്കുന്നുവെങ്കിൽ വചനം 80 -ൽ തുടർന്ന് അല്ലാഹു അക്കൂട്ടരെ ക്കുറിച്ച് റസൂലിന് നിർദ്ദേശം നല്കുന്നു - " ആരെങ്കിലും റസൂലിനെ അനുസരിക്കാതെ തിരിഞ്ഞ് കളയുന്ന പക്ഷം (നബിയെ) അവരുടെ മേൽ കാവൽക്കാരനായി നിന്നെ നാം അയച്ചിട്ടില്ല"

ഖുർആനെയും, ദൈവത്തെപോലും നിഷേധിക്കാൻ അല്ലാഹു സ്വാതന്ത്ര്യം നല്കിയ മനുഷ്യർ, നബി ചര്യകളേയും നിഷേധിക്കുന്നതിൽ, അതിലൂടെ അല്ലാഹുവിന്റെ വചനങ്ങൾ ധിക്കരിക്കുന്നതിൽ എന്താണ തിശയം. അത്തരം ആൾക്കാരുടെ കുത്തിത്തിരിപ്പിൽനിന്നും അല്ലാഹു നമ്മെയെല്ലാം കാത്ത് രക്ഷിക്കട്ടെ (ആമീൻ)

3. "നിങ്ങളിൽ നിന്നുള്ള അധികാരസ്ഥൻമാരേയും അനുസരിക്കണം". അധികാരസ്ഥൻമാർ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് അതാത് തുറകളിൽ അധികാരികളായ, തീരുമാനമെടുക്കാൻ അർഹതയും കെൽപ്പും ഉള്ളവർ എന്നാകുന്നു- ഭരണ കാര്യങ്ങളിൽ ഭരണ മേധാവികളും, പൊതുകാര്യങ്ങളിൽ സമുദായ നേതാക്കളും , യുദ്ധകാര്യങ്ങളിൽ സൈന്യാധിപൻമാരും, വ്യവഹാര വഴക്കുകളിൽ വിധി കർത്താക്കളും, മത വിധികളിൽ മത പണ്ഡിതൻമാരും ഒക്കെ അധികാരസ്ഥൻമാരായിരിക്കും . അതത് അധികാരത്തിനനുസരിച്ച് മത പാണ്ഡിത്യവും അറിവും ഉള്ളവർക്കെ പ്രസ്തുത സ്ഥാനത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. അവരിലാരെങ്കിലും അല്ലാഹുവിന്റെ ഖുർആൻനും നബി(സ) യുടെ സുന്നത്തിനും എതിരായി കല്പിച്ചാൽ ആ കല്പന അനുസരിക്കപ്പെടേണ്ടതില്ല.

4. "എനി നിങ്ങൾ വല്ലകാര്യത്തിലും പരസ്പരം പിണക്കമാകുന്ന പക്ഷം അത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുവിൻ"- മതപരമോ മതത്തോട് ബന്ധപ്പെട്ടതോ , ആയ കാര്യങ്ങളുൽ അധികാരസ്ഥന്മാരും, മറ്റുള്ളവരും തമ്മിലോ , ജനങ്ങൾ തമ്മിലോ, ഉണ്ടാകുന്ന ഭിന്നിപ്പുകളും അഭിപ്രായ വ്യത്യാസങ്ങളുമെല്ലാം ഇതിൽ ഉൾപെടുന്നു. തനി ലൗകികമായ കാര്യങ്ങൾ അത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നില്ല. ഭിന്നിപ്പുണ്ടാകുന്ന വിഷയങ്ങളെക്കുറച്ച് ഖുർആൻനും സുന്നത്തും കല്പിച്ചിരിക്കുന്ന വിധി എന്തോ, അത് സ്വീകരിക്കണമെന്നർത്ഥം.

സത്യസന്ധമായും, സദുദ്ദേശ്യത്തോട് കൂടിയും, പരിശോധിച്ചാൽ ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നുമായി, - വ്യക്തമായോ സൂചനയായോ, വാച്യമായൊ, വ്യംഗമായോ- വിധി കണ്ടെത്തുവാൻ കഴിയാത്ത പ്രശ്നങ്ങൾ വളരെ ദുർല്ലഭമായെ ഉണ്ടായിരിക്കുകയുള്ളൂ. പരിതസ്ഥിതികൾക്കും ചിന്താഗതികൾക്കും അനുസരിച്ച് മാറിക്കൊണ്ടിരിക്കുന്ന വല്ല പ്രശ്നങ്ങളുടേയും വിശദാംശങ്ങളായിരിക്കും മിക്കവാറും ഖുർആനിലും സുന്നത്തിലും നിന്ന് വേഗത്തിൽ പരിഹാരം ലഭിക്കാതെ ബാക്കിയാകുന്നത്. അത്തരം സന്ദർഭങ്ങളിൽ അവയുടെ അദ്ധ്യാപനങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് അഭിപ്രായം ആരായാനും നിരീക്ഷണം നടത്താനും അർഹരായ പണ്ഡിതൻമാർക്ക് അവകാശം നല്കപ്പെട്ടിരിക്കുന്നു. ഖുർആന്റെയും സുന്നത്തിന്റെയും നിർദ്ദേശങ്ങൾക്ക് എതിരായ ഒരു അഭിപ്രായത്തിനും ഇസ്ലാമിൽ സ്ഥാനമില്ല.

ഈ വചനത്തിൽ, തുടർന്ന് അല്ലാഹു പറയുന്നു "നിങ്ങൾ അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ " -

അങ്ങനെ ചെയ്യാത്ത പക്ഷം നിങ്ങളുടെ സത്യ വിശ്വാസം പൂർണ്ണമല്ല. ഞങ്ങൾ സത്യവിശ്വാസികളാണെന്ന് നിങ്ങൾ പറയുന്നതിൽ അർത്ഥവുമില്ല. ഈ കല്പനയുടെ ക്രിയാത്മകമായ നന്മ കൂടെ അല്ലാഹു തുടർന്നു ചൂണ്ടികാട്ടുന്നു. - " അത് ഏറ്റവും ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതുമാകുന്നു." അല്ലാഹുവിന്റെ കൃപാകടാക്ഷത്തിന് ഇഹത്തിലും പരത്തിലും നിങ്ങൾ പാത്രീഭൂതരായിരിക്കുന്നതാണ്.

ഈ വചനത്തിന്റെ ആശയത്തിലേക്ക് വെളിച്ചം വീശുന്ന ഏതാനും നബി വചനങ്ങൾ ഓർക്കുന്നത് സന്ദർഭോചിതമായിരിക്കും:

"എന്നെ ആർ അനുസരിച്ചുവൊ, അവൻ അല്ലാഹുവിനെ അനുസരിച്ചു. എന്നോട് ആർ അനുസരണക്കേട് ചെയ്തുവോ, അവൻ അല്ലാഹുവിനോട് അനുസരണക്കേട് ചെയ്തു. അമീറിനെ (അധികാരസ്ഥനെ) ആർ അനുസരിച്ചുവൊ അവൻ എന്നെ അനുസരിച്ചു. ആർ അനുസരണക്കേട് കാണിച്ചുവോ , അവൻ എന്നോട് അനുസരണക്കേട് ചെയ്തു."

"വർത്തമാനത്തിൽ വെച്ച് ഏറ്റവും ഉത്തമമായത് അല്ലാഹുവിന്റെ കിത്താബാകുന്നു. ചര്യയിൽ വെച്ച് ഏറ്റവും ഉത്തമമായത് മുഹമ്മദിന്റെ ചര്യയാകുന്നു. കാര്യങ്ങളിൽ വെച്ച് മോശമായത് , അവയിൽ പുതുതായി നിർമ്മിക്കപ്പെട്ടവയാണ് എല്ലാ പുത്തനാചാരവം ദുർമാർഗവുമാകുന്നു ".

“മുന്തിരിപ്പഴം പോലെ കറുത്ത ചെറിയ തലയുള്ളവനായ ഒരു നീഗ്രൊ അടിമയെ നിങ്ങളുടെ മേൽ ഉദ്യോഗസ്ഥനായി നിയമിക്കപ്പെട്ടാലും ശരി നിങ്ങൾ അവനെ കേൾക്കുകയും അനുസരിക്കുകയും ചെയ്യണം.”

“നീ അധികാരസ്ഥാനം ചോദിച്ച് വാങ്ങിയിട്ട് കിട്ടിയാൽ അതിൽ അല്ലാഹുവിന്റെ സഹായം ഉണ്ടായിരിക്കുകയില്ല. ചോദിക്കാതെ , അത് നിനക്ക് കിട്ടിയാൽ അതിൽ അല്ലാഹുവിന്റെ സഹായം നിനക്ക് ലഭിക്കും.”

“ ഞാൻ ഒരു മനുഷ്യൻ മാത്രമാകുന്നു. ഞാൻ നിങ്ങളോട് മത വിഷയത്തിൽ വല്ലതും കല്പിച്ചാൽ നിങ്ങളത് സ്വീകരിക്കണം. മതപരമല്ലാത്ത കാര്യത്തിൽ എന്റെ അഭിപ്രായത്തിൽ പെട്ട വല്ലതും കല്പിച്ചാൽ അത് തെറ്റായി ക്കൂടാ എന്നില്ല ”.

## വിഭാഗം 9

**വചനം 60, 61, 62, 63**

أَلَمْ تَرَ إِلَى ٱلَّذِينَ يَزْعُمُونَ أَنَّهُمْ ءَامَنُوا۟ بِمَآ أُنزِلَ إِلَيْكَ وَمَآ أُنزِلَ مِن قَبْلِكَ يُرِيدُونَ أَن يَتَحَاكَمُوٓا۟ إِلَى ٱلطَّٰغُوتِ وَقَدْ أُمِرُوٓا۟ أَن يَكْفُرُوا۟ بِهِۦ وَيُرِيدُ ٱلشَّيْطَٰنُ أَن يُضِلَّهُمْ ضَلَٰلًۢا بَعِيدًا ﴿٦٠﴾

60 (നബിയേ) നീ (നോക്കി)ക്കണ്ടില്ലേ?- നിനക്ക് ഇറക്കപ്പെട്ടതിലും, നിൻെറ മുമ്പ് ഇറക്കപ്പെട്ടതിലും തങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്ന് ജൽപിക്കുന്ന ഒരു കൂട്ടരെ! അവർ ‘ത്വാഗൂത്തി’ൻെറ (ദുർമ്മൂർത്തിയുടെ) അടുക്കലേക്ക് (കേസ്സ് കൊടുത്ത്) വിധി തേടുവാൻ ഉദ്ദേശിക്കുന്നു; അതിൽ (ത്വാഗൂത്തിൽ) അവിശ്വസിക്കുവാൻ അവരോട് കൽപിക്കപ്പെട്ടിട്ടുണ്ട് താനും; അവരെ വിദൂരമായ ഒരു വഴി പിഴവ് പിഴപ്പിക്കുവാൻ പിശാചും ഉദ്ദേശിക്കുന്നു.

وَإِذَا قِيلَ لَهُمْ تَعَالَوْا۟ إِلَىٰ مَآ أَنزَلَ ٱللَّهُ وَإِلَى ٱلرَّسُولِ رَأَيْتَ ٱلْمُنَٰفِقِينَ يَصُدُّونَ عَنكَ صُدُودًا ﴿٦١﴾

61 “അല്ലാഹു ഇറക്കിയതിലേക്കും, റസൂലിലേക്കും വരുവിൻ” എന്ന് അവരോട് പറയപ്പെട്ടാൽ, നിന്നെ വിട്ട് (ആ) കപട വിശ്വാസികൾ ഒരു (തരം) തിരിഞ്ഞു പോക്ക് പോകുന്നതായി നിനക്കു കാണാം.

فَكَيْفَ إِذَآ أَصَٰبَتْهُم مُّصِيبَةٌۢ بِمَا قَدَّمَتْ أَيْدِيهِمْ ثُمَّ جَآءُوكَ يَحْلِفُونَ بِٱللَّهِ إِنْ أَرَدْنَآ إِلَّآ إِحْسَٰنًا وَتَوْفِيقًا ﴿٦٢﴾

62 എന്നാൽ, അവരുടെ കരങ്ങൾ മുൻചെയ്തു വെച്ചതു നിമിത്തം അവർക്ക് വല്ല വിപത്തും ബാധിച്ചാൽ എങ്ങിനെയിരിക്കും? പിന്നീട് “ഞങ്ങൾ നന്മ വരുത്തലും, യോജിപ്പിക്കലുമല്ലാതെ (മറ്റൊന്നും) ഉദ്ദേശിച്ചിട്ടില്ലെ”ന്ന് അല്ലാഹുവിൻെറ പേരിൽ സത്യം ചെയ്തു (പറഞ്ഞു) കൊണ്ട് അവർ നിൻെറ അടുക്കൽ വരുകയും (ചെയ്താൽ എങ്ങിനെയിരിക്കും)?!

أُو۟لَٰٓئِكَ ٱلَّذِينَ يَعْلَمُ ٱللَّهُ مَا فِى قُلُوبِهِمْ فَأَعْرِضْ عَنْهُمْ وَعِظْهُمْ وَقُل لَّهُمْ فِىٓ أَنفُسِهِمْ قَوْلًۢا بَلِيغًا ﴿٦٣﴾

63 അവരുടെ ഹൃദയങ്ങളിലുള്ളത് (എന്താണെന്ന്) അല്ലാഹുവിന് അറിയാവുന്നവരത്രെ അക്കൂട്ടർ. ആകയാൽ (നബിയേ) അവരെ വിട്ടു തിരിഞ്ഞുകളയുക; അവർക്ക് സദുപദേശം നൽകുകയും ചെയ്യുക; അവരുടെ സ്വന്തങ്ങളിൽ (മനസ്സിൽ) തട്ടുന്ന വാക്ക് അവരോട് പറയുകയും ചെയ്യുക.

എന്തെങ്കിലും കക്ഷി വഴക്കൊ, പ്രശ്നമൊ നേരിട്ടാൽ, തനിക്ക് അനുകൂലമായ വിധി ഏത് ത്വാഗൂത്തിൽ നിന്നും ലഭിക്കണമെന്നുള്ളതല്ലാതെ, അല്ലാഹുവും റസൂലും കല്പിക്കുന്ന വിധിയെന്താണെന്നത് ചില കപടവിശ്വാസികൾക്ക് ചിന്താവിഷയമേ അല്ല. അത്തരം ചില സംഭവങ്ങളാണ് ഈ വചനങ്ങളുടെ അവതരണ ഹേതു എന്ന് ചില ഖുർആൻ വ്യാഖ്യാതാക്കൾ ഉദ്ധരിച്ച് കാണുന്നു. ഇന്നത്തെ മുസ്ലീം സമൂഹ

ത്തിൽ വലിയൊരു വിഭാഗം ഇത്തരം കപടവിശ്വാസികളിൽ പെടുന്നതായി കാണാവുന്നതാണ്. ഇസ്ലാമിലെ വിധിയായിരിക്കും തങ്ങൾക്ക് അനുകൂലമെന്ന് കണ്ടാൽ അവർ വലിയ മതഭക്തരായി പ്രത്യക്ഷപ്പെടും; ഇസ്ലാമിക നിയമങ്ങളുമായി യാതൊരു പൊരുത്തവുമില്ലാത്ത , വല്ല സർക്കാർ നിയമമൊ, കോടതി വിധിയൊ, മധ്യസ്ഥ തീരുമാനമൊ ആണ് തങ്ങൾക്ക് ഗുണകരമെങ്കിൽ, അപ്പോൾ ഇസ്ലാമിക വിധിയെ അവർ പാടെ അവഗണിക്കുന്നതുമാണ്. അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നുവെങ്കിൽ ഈ നില അവർ മാറ്റിയേ തീരൂ എന്ന് അല്ലാഹു നിർദ്ദേശിക്കുന്നു.

2: 256 ൽ വ്യക്തമാക്കുന്നത് പോലെ, അല്ലാഹുവിലും വേദഗ്രന്ഥത്തിലും റസൂലിലും, വിശ്വസിക്കുന്നതോടെ 'ത്വാഗൂത്തുകളെ' നിഷേധിക്കലും അതിൽ അനിവാര്യമായിത്തീരുന്നു.

തല്ക്കാലം, ഏതെങ്കിലും പൈശാചിക ശക്തികളുടെവിധികൊണ്ട് തൃപ്തി അടഞ്ഞ ശേഷം വല്ല അഹിതവും തങ്ങൾക്ക് ബാധിച്ചാൽ, ആ കപട വിശ്വാസികൾ നബി(സ) യുടെ അടുക്കൽ വന്ന് തങ്ങളുടെ പക്കൽ വന്ന് പോയത് കക്ഷികൾ തമ്മിൽ യോജിക്കണമെന്നും നല്ലത് വരണമെന്നുമുള്ള സദുദ്ദേശ്യം കൊണ്ടാണെന്ന് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്ത് കൊണ്ട് ഒഴികഴിവുകൾ സമർപ്പിക്കാൻ മെനക്കെടുന്നു. പക്ഷേ, അവരുടെ എല്ലാ ഉള്ളു കള്ളികളും അല്ലാഹുവിന് നല്ല പോലെ അറിയാമല്ലോ. വഴിയെ അവർ അർഹിക്കുന്ന ശിക്ഷാ നടപടി അല്ലാഹു എടുക്കുന്നതാണ്. തല്ക്കാലും അവരെ അവഗണിക്കാനും മനസ്സിൽ പതിയത്തക്ക നല്ല വാക്കുകളും ഉപദേശങ്ങളും അവർക്ക് നല്കാനും അല്ലാഹു നബി(സ) യോട് കല്പിക്കുന്നു.

---

**വചനം 64, 65**

وَمَآ أَرۡسَلۡنَا مِن رَّسُولٍ إِلَّا لِيُطَاعَ بِإِذۡنِ ٱللَّهِۚ وَلَوۡ أَنَّهُمۡ إِذ ظَّلَمُوٓاْ أَنفُسَهُمۡ جَآءُوكَ فَٱسۡتَغۡفَرُواْ ٱللَّهَ وَٱسۡتَغۡفَرَ لَهُمُ ٱلرَّسُولُ لَوَجَدُواْ ٱللَّهَ تَوَّابٗا رَّحِيمٗا ٦٤

64 ഒരു റസൂലിനെയും (തന്നെ) അല്ലാഹുവിൻെറ ഉത്തരവ് പ്രകാരം അനുസരിക്കപ്പെടുവാൻ വേണ്ടിയല്ലാതെ, നാം അയച്ചിട്ടില്ല. അവർ തങ്ങളോടു തന്നെ അക്രമം പ്രവർത്തിച്ചപ്പോൾ, അവർ നിൻെറ അടുക്കൽ വന്നിരുന്നുവെങ്കിൽ എന്നിട്ട്, അവർ അല്ലാഹുവിനോട് പാപമോചനം തേടുകയും അവർക്കുവേണ്ടി റസൂലും പാപമോചനം തേടുകയും (ചെയ്തിരുന്നെങ്കിൽ) അല്ലാഹുവിനെ വളരെ പശ്ചാത്താപം സ്വീകരിക്കുന്നവനായും, കരുണാനിധിയായും അവർ കണ്ടെത്തുകതന്നെ ചെയ്യുമായിരുന്നു.

فَلَا وَرَبِّكَ لَا يُؤۡمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيۡنَهُمۡ ثُمَّ لَا يَجِدُواْ فِيٓ أَنفُسِهِمۡ حَرَجٗا مِّمَّا قَضَيۡتَ وَيُسَلِّمُواْ تَسۡلِيمٗا ٦٥

65 (നബിയേ,) എന്നാൽ, ഇല്ല-നിൻെറ റബ്ബിനെ ത്തന്നെയാണ് (സത്യം!) – അവർ വിശ്വസിക്കുകയില്ല, അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുന്നതുവരേക്കും, പിന്നെ (അതിനു പുറമെ), നീ തീരുമാനിച്ചതിനെക്കുറിച്ച് അവരുടെ മനസ്സിൽ ഒരു വിഷമവും അവർക്കനുഭവപ്പെടാതിരിക്കുകയും, ഒരു (ശരിയായ) കീഴൊതുക്കം ഒതുങ്ങുകയും (ചെയ്യുന്നതുവരേക്കും)

പരമമായ അനുസരണം യഥാർത്ഥത്തിൽ അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണ്. അല്ലാഹുവിനെ അനുസരിക്കൽ, സാക്ഷാൽക്കരിക്കപ്പെടുന്നത് അവന്റെ സന്ദേശ നിർദ്ദേശങ്ങൾ ജനങ്ങൾക്ക് എത്തിക്കാൻ അവൻ നിയോഗിക്കുന്ന ദൂതൻമാരെ നിരുപാധികം അനുസരിക്കുന്നത് വഴിയാകുന്നു- ഓരോ വ്യക്തിയും അപ്രകാരം അനുസരിക്കാൻ നിർബന്ധമാക്കപ്പെടുകയും ചെയ്തിരിക്കുന്നു. റസുൽ (സ) നിലവിലുള്ളപ്പോൾ, അവിടുത്തെ വിധി അനുസരിക്കാതിരിക്കുന്നത് പോലെ തന്നെ, റസൂലിന്റെ കാലശേഷം, അവിടുത്തെ സുന്നത്തിനെ ധിക്കരിക്കുന്നതും, മതനിഷേധമാകുന്നു. റസുലിന്റെ(സ) ജീവിതകാലത്ത് ഒരക്രമം ചെയ്ത് കഴിഞ്ഞാൽ, അതിന് ന്യായീകരണമൊ, വാദപ്രതിവാദമൊ,നടത്താൻ തുനിയാതെ, റസൂൽ(സ) തിരുമേനിയുടെ അടുക്കൽ ചെന്ന് ഖേദം പ്രകടിപ്പിക്കുകയും, അല്ലാഹവിനോട് പാപമോചനത്തിന് പ്രാർത്ഥിക്കുകയും, തങ്ങൾക്ക്

വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ തിരുമേനിയോട് അപേക്ഷിക്കുകയുമാണ് അവർ ചെയ്യേണ്ടത്. അതോടുകൂടി, അവർക്ക് വേണ്ടി റസൂലും(സ) അല്ലാഹുവിനോട് പ്രാർത്ഥിക്കുന്ന പക്ഷം , നിശ്ചയമായും , അല്ലാഹുവിനെ, പശ്ചാത്താപം സ്വീകരിക്കുന്നവനായും, പൊറുത്ത് കൊടുക്കുന്നവനായും അവർ കണ്ടെത്തുക തന്നെ ചെയ്യുന്നതാണ്.

എന്നാൽ, ഈ വചനം ദുരുപയോഗപ്പെടുത്തിക്കൊണ്ട് റസൂൽ (സ) തിരുമേനിയുടെ കാലശേഷം , ഏത് പാപത്തിനും പരിഹാരമായി, തിരുമേനിയുടെ ഖബറിങ്കൽ ചെന്ന് സങ്കടം പറഞ്ഞാൽ മതിയെന്നും മറ്റുമുള്ള ചില അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ചില തല്പരകക്ഷികൾ പ്രചരിപ്പിച്ച് വരുന്നുണ്ട്. റസൂൽ (സ) തിരുമേനിയുടെ ജീവിതകാലത്ത് അവിടുത്തെ സന്നിധിയിൽ ചെല്ലുന്നതും , കാലശേഷം കബറിങ്കൽ ചെല്ലുന്നതും ഒരു പോലെയാണെന്നും ഇവർ ജല്പിക്കുന്നു. ഇതെത്രമാത്രം നിരർത്ഥകമാണെന്ന് പറയേണ്ടതില്ലല്ലോ. സമുദായത്തിന്റെ നൻമക്ക് വേണ്ടി അല്ലാഹു നിയോഗിച്ചയച്ച റസൂൽ (സ) ജീവിതകാലത്ത് അല്ലാഹുവിനോട് അവർക്ക് വേണ്ടി നടത്തുന്ന പ്രാർത്ഥന മറ്റാരുടെതിനെക്കാളും അവന്റെ അടുക്കൽ സ്വീകാര്യമാകാതിരിക്കാൻ തരമില്ലല്ലോ.

റസൂലിനെ അയക്കുന്നത് റസൂലിനെ അനുസരിക്കുവാനാണെന്ന് പറഞ്ഞുവല്ലോ. അപ്പോൾ അഭിപ്രായ വ്യത്യാസമൊ ഭിന്നിപ്പോ കക്ഷി വഴക്കോ, ഉളവാകുന്ന അവസരങ്ങളിൽ റസൂലിന്റെ വിധി ആ വിഷയത്തിൽ എന്താണെന്നേ ഒരു സത്യ വിശ്വാസിക്ക് നോക്കുവാൻ അവകാശമുള്ളു. അവിടുത്തെ വിയോഗത്തിന് ശേഷമാണെങ്കിൽ അദ്ദേഹം നമ്മെ ഏൽപിച്ചു പോയിട്ടുള്ള അല്ലാഹുവിന്റെ കിത്താബിൽനിന്നും, അവിടുത്തെ ചര്യയായ സുന്നത്തിൽനിന്നും ആ വിധി നാം കണ്ടെത്തി അനുസരിക്കേണ്ടിയിരിക്കുന്നു. അവിടുത്തെ വിയോഗത്തിന് ശേഷം, ഖുർആനെ മാത്രമേ അശ്രയിക്കേണ്ടതുള്ളൂ എന്ന് വാദിക്കുന്നവർ യഥാർത്ഥത്തിൽ റസൂലിനെ മാത്രമല്ല, ഖുർആനെയും കൂടിയാണ് വ്യാജമാക്കുകയും നിഷേധിക്കുകയും ചെയ്യുന്നത്.

"നിന്റെ റബ്ബിനെ തന്നെയാണു സത്യം" എന്ന് സത്യവാചകം ചെയ്ത് കൊണ്ട് അല്ലാഹു പറയുന്നു. "അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധി കർത്താവാക്കുന്നത് വരേക്കും അവർ വിശ്വസിക്കുകയില്ല " . വിധികർത്താവാക്കി, ആ വിധി നടപ്പിൽ വരുത്തിയാൽ മാത്രം പോരാ, ആ വിധിയെ പറ്റി മനസ്സിൽ ഒരു വിഷമവും തോന്നാതിരിക്കുകയും വേണം; അതും പോരാ, അതിന് കീഴൊതുങ്ങുകയും വേണം. ആ കീഴൊതുങ്ങലാകട്ടെ തികച്ചും ശരി വച്ച് സമ്മതിച്ചും കൊണ്ടുള്ള കീഴൊതുക്കമായിരിക്കുകയും വേണം. റസൂലിന്റെ വിധികളെ സ്വീകരിക്കുന്നതിനെ പറ്റി, എത്ര കണിശമായിട്ടാണ് അല്ലാഹുപ്രസ്താവിച്ചതെന്ന് നോക്കുക.

ഇത്രയും വിശദമായി അല്ലാഹു നിർദ്ദേശിക്കുന്നത് നബി(സ)യുടെ ജീവിതകാലത്തേക്ക് മാത്രം ബാധകമായതാണെന്ന് അല്പമെങ്കിലും സത്യവിശ്വാസം ഹൃദയത്തിൽ ശേഷിച്ചിരിപ്പുള്ള ആർക്കെങ്കിലും പറയുവാൻ സാധിക്കുമോ .

ഈ വചനത്തിലെ ആശയം ഉൾക്കൊണ്ട ഏതാനും നബിവചനങ്ങൾ ശ്രദ്ധിക്കുക : "നിങ്ങളിൽ ഒരാൾക്ക് അവന്റെ മാതാപിതാക്കളെയും, മക്കളെയും, എല്ലാ മനുഷ്യരെയും കാൾ അധികം ഇഷ്ടം ഞാനായി തീരുന്നത് വരെ, അവൻ വിശ്വാസിയായിരിക്കയില്ല".

"നിങ്ങളിൽ ഒരുവന്റെ ഇഛ ഞാൻ കൊണ്ട് വന്നിട്ടുള്ളതിനെ അനുസരിച്ചുകൊണ്ടാകുന്നത് വരെ അവൻ വിശ്വാസിയായിരിക്കില്ല."

---

**വചനം 66 67 68**

وَلَوْ أَنَّا كَتَبْنَا عَلَيْهِمْ أَنِ ٱقْتُلُوٓا۟ أَنفُسَكُمْ أَوِ ٱخْرُجُوا۟ مِن دِيَٰرِكُم مَّا فَعَلُوهُ إِلَّا قَلِيلٌ مِّنْهُمْ ۖ وَلَوْ أَنَّهُمْ فَعَلُوا۟ مَا يُوعَظُونَ بِهِۦ لَكَانَ خَيْرًا لَّهُمْ وَأَشَدَّ تَثْبِيتًا ﴿٦٦﴾

66 നിങ്ങൾ നിങ്ങളുടെ സ്വന്ത (ദേഹ)ങ്ങളെ കൊല്ലുവിൻ, അല്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ വസതികളിൽ നിന്ന് പുറത്തു പോകുവിൻ എന്ന് അവരുടെമേൽ നാം നിയമിച്ചിരുന്നെങ്കിൽ, അവർ-(അതെ) അവരിൽ നിന്ന് അൽപം ആളുകളൊഴികെ-അത് ചെയ്യുന്നതല്ല. അവരോട് സദുപദേശം ചെയ്യപ്പെടുന്ന കാര്യം അവർ ചെയ്തിരുന്നെങ്കിൽ, അതവർക്ക് ഏറ്റം ഉത്തമവും, കൂടുതൽ ശക്തമായി(സത്യത്തിൽ അവരെ) ഉറപ്പിക്കുന്നതുമാകുമായിരുന്നു:-

وَإِذًا لَّآتَيْنَاهُم مِّن لَّدُنَّآ أَجْرًا عَظِيمًا ﴿٦٧﴾
وَلَهَدَيْنَاهُمْ صِرَٰطًا مُّسْتَقِيمًا ﴿٦٨﴾

67 (മാത്രമല്ല) അന്നേരം നമ്മുടെ വകയായി വമ്പിച്ച പ്രതിഫലം അവർക്കു നാം നൽകുന്നതുമാണ്.
68 ചൊവ്വായ (നേരെയുള്ള) പാതയിൽ നാം അവരെ വഴി നടത്തുകയും തന്നെ ചെയ്യുന്നതാണ്.

---

ആത്മഹത്യ മുഖേനയോ , തമ്മിൽ തമ്മിൽ കൊല ചെയ്തോ, സ്വന്തം ജീവൻ നശിപ്പിക്കണമെന്നോ സ്വന്തം വാസസ്ഥലം ത്യജിച്ച് നാട് വിടണമെന്നോ , പോലെയുള്ള അസഹ്യമായ ശാസനകളൊന്നും അല്ലാഹു മനുഷ്യരുടെ മേൽ ചുമത്തിയിട്ടില്ല. അവർക്ക് ചെയ്യാൻ സാധിക്കുന്നതും അവരുടെ നൻമക്കും രക്ഷക്കും ആവശ്യമായതും മാത്രമേ അല്ലാഹു നിയമിച്ചിട്ടുള്ളൂ. അഥവാ, അത്തരം വല്ല കർശന നിയമങ്ങളും നിയമിച്ചാൽ തന്നെ അത് അനുസരിക്കാൻ കുറഞ്ഞ ആളുകളേ തയാറാകുകയുള്ളൂ- അപ്പോൾ, യഥാർത്ഥ വിശ്വാസികളും കപടവിശ്വാസികളും വേർ തിരിയുക തന്നെ ചെയ്യും . പക്ഷേ അത്തരം കടുത്ത നിയമങ്ങളൊന്നും അല്ലാഹു നിയമിച്ചിട്ടില്ല. അവർക്ക് നല്കപ്പെടുന്ന ഉപദേശങ്ങൾ , യഥാവിധി സ്വീകരിച്ചാൽ തന്നെ അവരുടെ വിശ്വാസവും സത്യസന്ധതയും കൂടുതൽ ദൃഢപ്പെടുവാനും അല്ലാഹുവിങ്കൽ നിന്ന് വമ്പിച്ച പ്രതിഫലം ലഭിക്കുവാനും നേർ മാർഗ്ഗത്തിൽ ഉറച്ച് നിൽക്കാനും, അത് കാരണമായിത്തീരുന്നതാണ്.

---

**വചനം 69, 70**

وَمَن يُطِعِ ٱللَّهَ وَٱلرَّسُولَ فَأُو۟لَٰٓئِكَ مَعَ ٱلَّذِينَ أَنْعَمَ ٱللَّهُ عَلَيْهِم مِّنَ ٱلنَّبِيِّـۧنَ وَٱلصِّدِّيقِينَ وَٱلشُّهَدَآءِ وَٱلصَّٰلِحِينَ ۚ وَحَسُنَ أُو۟لَٰٓئِكَ رَفِيقًا ﴿٦٩﴾
ذَٰلِكَ ٱلْفَضْلُ مِنَ ٱللَّهِ ۚ وَكَفَىٰ بِٱللَّهِ عَلِيمًا ﴿٧٠﴾

69 ആർ അല്ലാഹുവിനെയും, റസൂലിനെയും അനുസരിക്കുന്നുവോ, അക്കൂട്ടർ, യാതൊരുവരുടെമേൽ അല്ലാഹു അനുഗ്രഹം ചെയ്തിരിക്കുന്നുവോ അവരോടു കൂടെയായിരിക്കും: (അതെ) 'നബി'മാരും, 'സിദ്ദീഖു'കളും, 'ശഹീദു'കളും, 'സ്വാലിഹു'കളുമാകുന്ന (അനുഗൃഹിതരുടെ കൂടെ) അക്കൂട്ടർ വളരെ നല്ല സുഹൃത്തുക്കളും!
70 ആ അനുഗ്രഹം (അഥവാ ഔദാര്യം) അല്ലാഹുവിൽനിന്നാകുന്നു. (എല്ലാം) അറിയുന്നവനായി അല്ലാഹു (തന്നെ) മതിതാനും!

---

അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നതുമൂലം ലഭിക്കാനിരിക്കുന്ന അന്തിമ നേട്ടങ്ങളെക്കുറിച്ചാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത് - എല്ലാ മനുഷ്യരിലും വെച്ച്, അല്ലാഹു ഏറ്റവും അനുഗ്രഹിച്ചിട്ടുള്ള നബിമാരുടെയും, സിദ്ധീഖുകളുടെയും, ശഹീദുകളുടേയും, സ്വാലിഹുകളുടേയും സമ്പർക്കത്തോടെയും സുഹൃത് ബന്ധത്തോടെയും കൂടെയുള്ള സ്വർഗ്ഗീയ ജീവിതം! ആ നേട്ടങ്ങളാകട്ടെ , എല്ലാം അറിയുന്ന അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും കൊണ്ട് മാത്രം ലഭിക്കുന്നതുമാകുന്നു.

അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ പ്രത്യേകം പ്രദാനം ചെയ്യുന്ന ഉന്നത പദവിയിലുള്ളവരാണ് പ്രവാചകൻമാർ (നബിമാർ). മനുഷ്യരിൽ വെച്ച് ഏറ്റവും ഉൽകൃഷ്ടർ പ്രവാചകർ തന്നെ . അത് മനുഷ്യന്റെ യോഗ്യത കൊണ്ടോ പ്രയത്നം കൊണ്ടോ സിദ്ധിക്കുന്നതല്ല.

അവരെ കഴിച്ചാൽ, പിന്നീട് ഉന്നത പദവി കൊണ്ട് അനുഗ്രഹീതരായവർ ക്രമപ്രകാരം, സിദ്ധീഖുകൾ (സത്യസന്ധന്മാർ) ; ശഹീദുകൾ (സത്യസാക്ഷികൾ), സ്വാലിഹുകൾ (സദ്വൃത്തർ) എന്നിവരാകുന്നു . വിശ്വാസത്തിലും, വാക്കിലും, പ്രവർത്തിയിലും, സത്യത്തിൽ അടിയുറച്ച് നില്ക്കുന്ന സത്യസന്ധൻമാർക്ക് സിദ്ധീഖുകൾ എന്നും; സത്യത്തിന് വേണ്ടി ജീവൻപോലും ബലിയർപ്പിക്കാൻ തയാറായി, സത്യത്തിന് സാക്ഷ്യം വഹിച്ചവർക്ക് ശഹീദുകൾ എന്നും, സത്യവിശ്വാസം സ്വീകരിച്ച് സന്മാർഗ്ഗത്തിൽ നിലകൊള്ളുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് സ്വാലീഹുകൾ എന്നും പറയപ്പെടുന്നു.

“സ്വർഗ്ഗത്തിൽ അങ്ങയോടൊപ്പമുള്ള സഹവാസം എനിക്ക് ലഭിക്കണം” എന്ന് അഭ്യർത്ഥിച്ച സഹാബിയോട് തിരുമേനി പറഞ്ഞു - “സുജൂദ് (നമസ്ക്കാരം ) വർദ്ധിപ്പിക്കുക വഴി , നിന്റെ കാര്യത്തിൽ നീ എന്നെ സഹായിച്ചു കൊള്ളുക ” (മുസ്ലിം).

ഒരാൾ ഒരു കൂട്ടരെ സ്നേഹിക്കുന്നു. അയാൾ അവരോടൊപ്പം (പദവിയിൽ) എത്തിച്ചേർന്നിട്ടുമില്ല. ഇങ്ങനെയുള്ള ആളെപറ്റി നബി(സ)യോട് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു. " മനുഷ്യൻ അവൻ സ്നേഹിക്കുന്നവരോട് കൂടെയായിരിക്കും " ഞങ്ങൾ സ്വർഗ്ഗം പ്രാപിച്ചാൽ തന്നെയും ഞങ്ങൾക്ക് അങ്ങയുടെ കൂടെ സഹവസിക്കാൻ കഴിയുകയില്ലല്ലോ എന്ന് പരിതപിച്ച സഹാബികൾക്ക് ഈ വർത്തമാനം നിമിത്തം സന്തോഷിച്ചത്ര സന്തോഷം മറ്റൊരിക്കലും ഉണ്ടായിട്ടില്ല.

**വിഭാഗം 10**

**വചനം 71**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ خُذُوا۟ حِذْرَكُمْ فَٱنفِرُوا۟ ثُبَاتٍ أَوِ ٱنفِرُوا۟ جَمِيعًا ﴿٧١﴾

71 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ നിങ്ങളുടെ ജാഗ്രത കൈക്കൊള്ളുവിൻ. അങ്ങനെ, (പല) കൂട്ടങ്ങളായി (യുദ്ധത്തിന്) പുറപ്പെട്ടുകൊള്ളുക; അല്ലെങ്കിൽ എല്ലാവരും (ഒരുമിച്ച്) പുറപ്പെട്ടുകൊള്ളുക.

---

തുടർന്നുള്ള വചനങ്ങളിൽ ശത്രുക്കളെ നേരിടുന്നതിലും മറ്റും സത്യവിശ്വാസികൾ അറിഞ്ഞിരിക്കേണ്ട, പല കാര്യങ്ങളും വിവരിക്കുന്നു. എപ്പോൾ ആവശ്യം നേരിടുന്നോ, അപ്പോൾ നേരിടുവാൻ തക്കവണ്ണം , ആളും സന്നാഹവും ഒരുക്കി ജാഗരൂകരായിരിക്കണം. സന്ദർഭമനുസരിച്ച് സംഘം സംഘമായോ , എല്ലാവരും ഒരുമിച്ച് ചേർന്നോ, അവരുടെ നേരെ പുറപ്പെടുകയും, അവരുമായി ഏറ്റുമുട്ടുകയും ആകാം.

**വചനം 72, 73**

وَإِنَّ مِنكُمْ لَمَن لَّيُبَطِّئَنَّ فَإِنْ أَصَٰبَتْكُم مُّصِيبَةٌ قَالَ قَدْ أَنْعَمَ ٱللَّهُ عَلَىَّ إِذْ لَمْ أَكُن مَّعَهُمْ شَهِيدًا ﴿٧٢﴾

72 നിശ്ചയമായും, മടിച്ചു (പിന്നോക്കം) നിൽക്കുന്ന ചിലർ നിങ്ങളിൽ തന്നെയുണ്ട്. അങ്ങനെ, നിങ്ങൾക്ക് വല്ല വിപത്തും ബാധിച്ചുവെങ്കിൽ അവൻ പറയും: "ഞാൻ അവരോടൊപ്പം ഹാജറുള്ളവനല്ലാതിരുന്ന സ്ഥിതിക്ക് തീർച്ചയായും എന്റെ മേൽ അല്ലാഹു അനുഗ്രഹം ചെയ്തിരിക്കുന്നു."

وَلَئِنْ أَصَٰبَكُمْ فَضْلٌ مِّنَ ٱللَّهِ لَيَقُولَنَّ كَأَن لَّمْ تَكُنۢ بَيْنَكُمْ وَبَيْنَهُۥ مَوَدَّةٌ يَٰلَيْتَنِى كُنتُ مَعَهُمْ فَأَفُوزَ فَوْزًا عَظِيمًا ﴿٧٣﴾

73 അല്ലാഹുവിങ്കൽനിന്ന് വല്ല അനുഗ്രഹവും (അഥവാ മെച്ചവും) നിങ്ങൾക്ക് കിട്ടിയെങ്കിലാകട്ടെ, നിങ്ങൾക്കും അവനുമിടയിൽ ഒരു സ്നേഹബന്ധവും ഉണ്ടായിട്ടില്ലാത്തതുപോലെ-അവൻ പറയുകതന്നെ ചെയ്യും: "അയ്യോ! ഞാൻ അവരോടുകൂടെയായിരുന്നുവെങ്കിൽ നന്നായേനെ! എന്നാലെനിക്ക് വമ്പിച്ച ഭാഗ്യം പ്രാപിക്കാമായിരുന്നു."

---

മുസ്ലീംകളുടെ കൂട്ടത്തിൽ ഇടപഴകി കഴിഞ്ഞു കൂടിയിരുന്ന അബ്ദുല്ലാഹിബ്നു ഉബയ്യ്നെ പോലെയുള്ള കപടവിശ്വാസികൾ യുദ്ധങ്ങളിൽ പങ്കെടുക്കാതെ ഒഴിഞ്ഞുമാറുകയും, മറ്റുള്ളരെ അതിന് പ്രേരിപ്പിച്ചും, വന്നിരുന്നു, മുസ്ലീംകൾക്ക് വല്ല സംഘട്ടനങ്ങളിലും പരാജയമൊ തിരിച്ചടിയൊ നേരിട്ടാൽ, തങ്ങൾ അവരുടെ കൂടെ പോകാതിരുന്നത് അല്ലാഹു തങ്ങൾക്ക് തന്ന അനുഗ്രഹമായും, അവർ സമർത്ഥിക്കും. മറിച്ച് മുസ്ലീംങ്ങൾ വിജയിക്കുകയും ഗനീമത്ത് സ്വത്ത് ലഭിക്കുകയും ഉണ്ടായാൽ അവരോടൊപ്പം പങ്കെടുക്കാമായിരുന്നു എന്ന് അവർ വിലപിക്കുകയും ചെയ്യുമായിരുന്നു.

**വചനം 74,75**

۞ فَلْيُقَٰتِلْ فِى سَبِيلِ ٱللَّهِ ٱلَّذِينَ

74 എന്നാൽ, പരലോകത്തിനു (പകരം) ഐഹിക ജീവിതത്തെ വിൽക്കു (വാൻ തയ്യാറാകു)ന്നവർ

يَشْرُونَ ٱلْحَيَوٰةَ ٱلدُّنْيَا بِٱلْـَٔاخِرَةِ ۚ وَمَن يُقَـٰتِلْ فِى سَبِيلِ ٱللَّهِ فَيُقْتَلْ أَوْ يَغْلِبْ فَسَوْفَ نُؤْتِيهِ أَجْرًا عَظِيمًا ﴿٧٤﴾

അല്ലാഹുവിൻെറ മാർഗ്ഗത്തിൽ യുദ്ധം ചെയ്തുകൊള്ളട്ടെ. ആരെങ്കിലും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ യുദ്ധം ചെയ്തിട്ട് അവൻ കൊല്ലപ്പെടുകയോ, അല്ലെങ്കിൽ വിജയിക്കുകയോ ചെയ്യുന്നതായാൽ,- അവനു നാം വഴിയെ വമ്പിച്ച പ്രതിഫലം നൽകുന്നതാണ്.

وَمَا لَكُمْ لَا تُقَـٰتِلُونَ فِى سَبِيلِ ٱللَّهِ وَٱلْمُسْتَضْعَفِينَ مِنَ ٱلرِّجَالِ وَٱلنِّسَآءِ وَٱلْوِلْدَٰنِ ٱلَّذِينَ يَقُولُونَ رَبَّنَآ أَخْرِجْنَا مِنْ هَـٰذِهِ ٱلْقَرْيَةِ ٱلظَّالِمِ أَهْلُهَا وَٱجْعَل لَّنَا مِن لَّدُنكَ وَلِيًّا وَٱجْعَل لَّنَا مِن لَّدُنكَ نَصِيرًا ﴿٧٥﴾

75 നിങ്ങൾക്കെന്താണ്, നിങ്ങൾ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ യുദ്ധം ചെയ്യാതെ (ഇരിക്കുവാൻ)? പുരുഷൻമാരും, സ്ത്രീകളും, കുട്ടികളുമാകുന്ന ബലഹീനരായുള്ളവരുടെ വിഷയത്തിലും (യുദ്ധം ചെയ്യാതിരിക്കുവാൻ)? (അതെ, ഇങ്ങിനെ) പറയുന്നവരുടെ: "ഞങ്ങളുടെ റബ്ബേ, ആൾക്കാർ അക്രമികളായുള്ള ഈ രാജ്യത്തിൽ നിന്ന് ഞങ്ങളെ നീ പുറപ്പെടുവിച്ചു (മോചിപ്പിച്ചു) തരേണമേ! നിൻെറ വകയായി, ഞങ്ങൾക്ക് ഒരു രക്ഷാകർത്താവിനെ ഏർപ്പെടുത്തിത്തരുകയും വേണമേ! നിൻെറ വകയായി ഞങ്ങൾക്ക് ഒരു സഹായകനെ ഏർപ്പെടുത്തിത്തരുകയും ചെയ്യേണമേ!"

ഐഹിക സുഖസൗകര്യങ്ങൾ ലക്ഷ്യം വെക്കാതെ, പാരത്രിക നേട്ടങ്ങൾ ലക്ഷ്യം വെച്ച് കൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യാൻ തയ്യാറാകുന്നവർ, യുദ്ധത്തിൽ കോല്ലപെട്ടാലും, വിജയം വരിച്ചാലും, അല്ലാഹു അവർക്ക് വമ്പിച്ച പ്രതിഫലം നല്കുക തന്നെ ചെയ്യും. അല്ലാഹുവിന്റെ ദീനിനെ നിലനിറുത്തുന്ന വിഷയത്തിലും, ദുർബ്ബലരായ, സ്ത്രീ പുരുഷന്മാരെയും കുട്ടികളെയും, ശത്രുക്കളുടെ അക്രമത്തിൽ നിന്ന് രക്ഷപ്പെടുത്തുന്ന കാര്യത്തിലും യുദ്ധം ചെയ്യാൻ സ്വയം മുന്നോട്ട് വരേണ്ടവരല്ലെ നിങ്ങൾ എന്നിങ്ങനെ സത്യവിശ്വാസികൾക്ക് യുദ്ധാവേശവും, പ്രചോദനവും അല്ലാഹു തുടർന്നുള്ള വചനത്തിലൂടെ പ്രദാനം ചെയ്യുന്നു.

സത്യവിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ മുശ്രിക്കുകളുടെ മർദനത്തിനിരയായി, മദീനയിലേക്ക് ഹിജ്റ പോകാൻ അനുവദിക്കപ്പെടാതെ ഖുറൈശികൾ മക്കയിൽ തടഞ്ഞ് വെച്ചിരുന്ന കുറെ ആളുകളെക്കുറിച്ചാണ് ദുർബ്ബലർ എന്നിവിടെ പറഞ്ഞത്. അവർ ഹൃദയം നൊന്ത് കൊണ്ട് ചെയ്തിരുന്ന പ്രാർത്ഥനകളാണ് അല്ലാഹു ഉദ്ധരിച്ചത്. അധികം താമസിയാതെ തന്നെ, അല്ലാഹു അവരുടെ പ്രാർത്ഥനക്ക് ഉത്തരം നൽകുകയും , മക്കാ വിജയത്തോടെ, അവർക്ക് മക്കായിൽതന്നെ സൈ്വരജീവിതം നയിക്കുവാൻ സാദ്ധ്യമായിത്തീരുകയും ചെയ്തു.

**വചനം 76**

ٱلَّذِينَ ءَامَنُوا۟ يُقَـٰتِلُونَ فِى سَبِيلِ ٱللَّهِ ۖ وَٱلَّذِينَ كَفَرُوا۟ يُقَـٰتِلُونَ فِى سَبِيلِ ٱلطَّـٰغُوتِ فَقَـٰتِلُوٓا۟ أَوْلِيَآءَ ٱلشَّيْطَـٰنِ ۖ إِنَّ كَيْدَ ٱلشَّيْطَـٰنِ كَانَ ضَعِيفًا ﴿٧٦﴾

76 വിശ്വസിച്ചവർ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നു; അവിശ്വസിച്ചവരാകട്ടെ, 'ത്വാഗൂത്തി'ൻെറ (പിശാചാകുന്ന ദുർമ്മൂർത്തിയുടെ) മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നു. അതിനാൽ, നിങ്ങൾ പിശാചിൻെറ മിത്രങ്ങളോട് യുദ്ധം ചെയ്യുവിൻ. നിശ്ചയമായും, പിശാചിൻെറ തന്ത്രം ദുർബ്ബലമായതാകുന്നു.

അല്ലാഹവിന്റെ ശത്രുവായ പിശാചിന്റെ കക്ഷിക്ക് എത്ര തന്നെ പിൻബലവും പ്രതാപവുമുണ്ടെങ്കിലും അല്ലാഹുവിന്റെ കക്ഷിക്കാണ് അവസാനം വിജയവും ശക്തിയും കൈവരിക.

**വിഭാഗം 11**

**വചനം 77, 78, 79**

77 യാതൊരു കൂട്ടരെ നീ (നോക്കി) ക്കണ്ടില്ലേ? അവരോട് "നിങ്ങളുടെ കൈകളെ (യുദ്ധത്തിൽ നിന്നും) നിങ്ങൾ തടഞ്ഞു വെക്കുവിൻ; നിങ്ങൾ നമസ്കാരം നിലനിറുത്തുകയും, സകാത്ത് കൊടുക്കുകയും ചെയ്യുവിൻ" എന്ന് പറയപ്പെട്ടു; അങ്ങനെ, അവരുടെമേൽ യുദ്ധം നിയമിക്കപ്പെട്ടപ്പോൾ, അപ്പോൾ (അതാ), അവരിൽനിന്ന് ഒരു വിഭാഗം, അല്ലാഹുവിനെ ഭയപ്പെടുന്നതുപോലെ-അഥവാ (അതിലും) കൂടുതൽ ശക്തിമത്തായ ഭയപ്പാട്-മനുഷ്യരെ ഭയപ്പെടുന്നു! അവർ പറയുകയും ചെയ്തു: "ഞങ്ങളുടെ റബ്ബേ, എന്തിനാണ് ഞങ്ങളുടെ മേൽ നീ യുദ്ധം നിയമിച്ചത്?! അടുത്ത ഒരവധിവരേക്കും ഞങ്ങളെ നീ പിന്തിച്ചു (ഒഴിവാക്കി) തന്നുകൂടേ!" പറയുക: "ഇഹത്തിലെ (സുഖത്തിൻെറ) അനുഭവം തുച്ഛമായതാണ്. പരലോകമാകട്ടെ, സൂക്ഷ്മത പാലിക്കുന്നവർക്ക് ഏറ്റം ഉത്തമവുമാകുന്നു. നിങ്ങൾ ഒരു തരിമ്പോളം അക്രമിക്കപ്പെടുന്നതുമല്ല.

أَلَمْ تَرَ إِلَى ٱلَّذِينَ قِيلَ لَهُمْ كُفُّوٓاْ أَيْدِيَكُمْ وَأَقِيمُواْ ٱلصَّلَوٰةَ وَءَاتُواْ ٱلزَّكَوٰةَ فَلَمَّا كُتِبَ عَلَيْهِمُ ٱلْقِتَالُ إِذَا فَرِيقٌ مِّنْهُمْ يَخْشَوْنَ ٱلنَّاسَ كَخَشْيَةِ ٱللَّهِ أَوْ أَشَدَّ خَشْيَةً ۚ وَقَالُواْ رَبَّنَا لِمَ كَتَبْتَ عَلَيْنَا ٱلْقِتَالَ لَوْلَآ أَخَّرْتَنَآ إِلَىٰٓ أَجَلٍ قَرِيبٍ ۗ قُلْ مَتَٰعُ ٱلدُّنْيَا قَلِيلٌ وَٱلْءَاخِرَةُ خَيْرٌ لِّمَنِ ٱتَّقَىٰ وَلَا تُظْلَمُونَ فَتِيلًا ﴿٧٧﴾

78 "നിങ്ങൾ എവിടെ (ത്തന്നെ) ആയിരുന്നാലും മരണം നിങ്ങൾക്ക് പിടിപ്പെടുന്നതാണ്: നിങ്ങൾ (ഭദ്രമായി) കെട്ടി ഉയർത്തപ്പെട്ട കൊത്തളങ്ങളിലായിരുന്നാലും ശരി." (നബിയേ) അവർക്കു വല്ല നൻമയും ബാധിക്കുന്നുവെങ്കിൽ അവർ പറയും: "ഇത് അല്ലാഹുവിൻെറ പക്കൽ നിന്നുള്ളതാണ്" എന്ന്. അവർക്ക് വല്ല തിൻമയും ബാധിക്കുന്നുവെങ്കിലോ, അവർ പറയും: "ഇതു നിൻെറ പക്കൽ നിന്നുള്ളതാണ്" എന്ന്. പറയുക: "എല്ലാം (തന്നെ) അല്ലാഹുവിൻെറ പക്കൽ നിന്നുള്ളതാണ്." എന്നാൽ, ഈ ജനങ്ങൾക്കെന്താണ്-അവർ ഒരു വിഷയവും ഗ്രഹിക്കുമാറാകുന്നില്ല?!

أَيْنَمَا تَكُونُواْ يُدْرِككُّمُ ٱلْمَوْتُ وَلَوْ كُنتُمْ فِى بُرُوجٍ مُّشَيَّدَةٍ ۗ وَإِن تُصِبْهُمْ حَسَنَةٌ يَقُولُواْ هَٰذِهِۦ مِنْ عِندِ ٱللَّهِ ۖ وَإِن تُصِبْهُمْ سَيِّئَةٌ يَقُولُواْ هَٰذِهِۦ مِنْ عِندِكَ ۚ قُلْ كُلٌّ مِّنْ عِندِ ٱللَّهِ ۖ فَمَالِ هَٰٓؤُلَآءِ ٱلْقَوْمِ لَا يَكَادُونَ يَفْقَهُونَ حَدِيثًا ﴿٧٨﴾

79 നന്മയായിട്ട് നിനക്ക് എന്തു (തന്നെ) ബാധിച്ചാലും (അത്) അല്ലാഹുവിങ്കൽ നിന്നത്രെ; തിൻമയായിട്ട് നിനക്ക് എന്തു (തന്നെ) ബാധിച്ചാലും (അത്) നിന്നിൽ നിന്നുമത്രെ (ഉണ്ടാകുന്നത്). നിന്നെ നാം മനുഷ്യർക്ക് റസൂലായി (ദൂതനായി) അയക്കുകയും ചെയ്തിരിക്കുന്നു. സാക്ഷിയായി അല്ലാഹു (തന്നെ) മതി താനും.

مَّآ أَصَابَكَ مِنْ حَسَنَةٍ فَمِنَ ٱللَّهِ ۖ وَمَآ أَصَابَكَ مِن سَيِّئَةٍ فَمِن نَّفْسِكَ ۚ وَأَرْسَلْنَٰكَ لِلنَّاسِ رَسُولًا ۚ وَكَفَىٰ بِٱللَّهِ شَهِيدًا ﴿٧٩﴾

ഇസ്ലാമിന്റെ ആരംഭകാലത്ത് മക്കയിൽ വെച്ച് തന്നെ നമസ്ക്കാരവും സക്കാത്തും മുസ്ലീംകൾക്ക് നിർബ ന്ധമാക്കപ്പെട്ടിരുന്നു. ശത്രുക്കളുടെ ആക്രമങ്ങൾക്കെതിരായി യുദ്ധം നടത്തിയാൽ കൊള്ളാമെന്ന് അവർക്ക് ആഗ്രഹമുണ്ടായിരുന്നെങ്കിലും, മുസ്ലീംകളുടെ എണ്ണവും ശക്തിയും കുറവായിരുന്നതിനാലും, പരിശുദ്ധ ഹറ മിൽ വെച്ച് യുദ്ധവും സംഘട്ടനവും നടക്കുന്നത് ഒഴിവാക്കേണ്ടതിനാലും, തല്ക്കാലം യുദ്ധം ചെയ്യാതെ ക്ഷമയും സഹനവും കൈകൊള്ളാനുമായിരുന്നു അല്ലാഹുവിന്റെ കല്പന. മുസ്ലീംകൾ മദീനയിൽ എത്തി, അനുകൂലമായ അന്തരീക്ഷം സംജാതമായപ്പോൾ, യുദ്ധം ചെയ്യാനുള്ള കല്പന അവതരിക്കപ്പെടുകയും ചെയ്തു.

കപട വിശ്വാസികളും ദുർബല വിശ്വാസികളുമായ ആളുകളിൽ, ശത്രു ഭീതിയും, മരണ ഭീതിയും മൂലം ഈ കല്പന വളരെ അസ്വസ്ഥത ഉളവാക്കി; ശത്രുക്കളുടെ കൈകൊണ്ട് മരിക്കാതെ, കുറെ കാലം കൂടെ ജീവിക്കാൻ ഞങ്ങളെ വിട്ട് കൂടെ എന്നൊക്കെ അവർ പരിതപിച്ചു. ഇതിന് മറുപടി നല്കാൻ അല്ലാഹു നബി (സ) യോട് കല്പിക്കുന്നു. " ഇഹലോകത്തെ സുഖജീവിതം എത്ര തന്നെ ലഭിച്ചാലും, അത് പരലോകത്തെ അപേക്ഷിച്ച് വളരെ തുഛം മാത്രമാകുന്നു. അല്ലാഹുവിന്റെ ആജ്ഞയനുസരിച്ച് ജീവിക്കുന്നവർക്ക് അനശ്വ രവും സുഖ സമ്പൂർണ്ണവുമായ പരലോകജീവിതമാകുന്നു എറ്റവും നല്ല ജീവിതം. നിങ്ങൾ ചെയ്യുന്ന കർമ്മ ങ്ങളോ, ത്യാഗങ്ങളോ, ഒരു തരിമ്പ് പോലും പാഴായിപോകുകയില്ല. നിങ്ങൾ ഭയപ്പെടുന്ന മരണമാകട്ടെ , അത് അല്ലാഹു കണക്കാക്കിയ സമയത്ത്, കണക്കാക്കിയ വിധത്തിലും തന്നെ നിങ്ങളെ പിടികൂടുകതന്നെ ചെയ്യും. യുദ്ധത്തിൽ നിന്നൊളിച്ച്, വമ്പിച്ച കോട്ടക്കകത്ത് ഇരുളിൽ ഒളിച്ചിരുന്നാലും, അത് സമയത്ത് തന്നെ സംഭവിക്കുന്നതാണ്".

കപടവിശ്വാസികളുടെയും യഹൂദികളുടേയും മറ്റൊരു പതിവ് സ്വഭാവമായിരുന്നു – ക്ഷേമം, സൌഖ്യം പോലെ സന്തോഷകരമായ വല്ല അനുഭവങ്ങളും ഉണ്ടാകുമ്പോൾ, അത് അല്ലാഹുവിന്റെ വകയായി തങ്ങൾക്ക് ലഭിച്ചതാണെന്ന് പറഞ്ഞ് അഭിമാനം കൊള്ളുകയും, മറിച്ച് ക്ഷാമം, ദുഖം മുതലായ ദുരനുഭവങ്ങൾ ബാധി ക്കുമ്പോൾ അത് നബി (സ) നിമിത്തം സംഭവിച്ചതാണെന്ന് പറഞ്ഞ് ആരോപണം നടത്തുകയും ചെയ്യുക എന്നത്.

ഈ ആരോപണത്തിന് മറുപടി പറയാൻ അല്ലാഹു നബി (സ) യോട് കല്പിക്കുന്നു : "നന്മയും തിൻമയും അല്ലാഹുവിങ്കൽ നിന്നുള്ളതാകുന്നു; ഓരോന്നിനും ചില കാരണങ്ങളും സന്ദർഭങ്ങളും അവൻ നിശ്ചയിച്ചി ട്ടുണ്ട്. എന്നാൽ നൻമയും തിൻമയും തമ്മിൽ ഒരു വ്യത്യാസമുണ്ട് – നന്മ അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും കൊണ്ട് അല്ലാഹുവിൽ നിന്ന് തന്നെയാണ് ഉദ്ഭവിക്കുന്നത്; തിന്മയുടെ ഉത്ഭവമാകട്ടെ മനുഷ്യ രിൽ നിന്ന് തന്നെയാകുന്നു.– അവരുടെ അനുസരണക്കേടും പ്രവൃത്തി ദോഷവുമാണതിന് കാരണം ".

നന്മയും തിന്മയും ഉണ്ടാകുന്നതിൽ നബി(സ) ക്ക് പങ്കില്ലെന്നും, അല്ലാഹുവിന്റെ ദൗത്യങ്ങൾ പ്രബോ ധനം ചെയ്യുകയെന്നതാണ് അവിടുത്തെ ചുമതലയെന്നും ആയതിന് അല്ലാഹുവിന്റെ സാക്ഷ്യം തന്നെ മതി എന്നും അല്ലാഹു തുടർന്ന് അറിയിക്കുന്നു.

---

**വചനം 80**

80 റസൂലിനെ ആർ അനുസരിക്കുന്നുവോ അവൻ തീർച്ചയായും, അല്ലാഹുവിനെ അനുസരിച്ചു; ആരെങ്കിലും (അനുസരിക്കാതെ) തിരിഞ്ഞു കളയുന്ന പക്ഷം, (നബിയേ) അവരുടെ മേൽ കാവൽക്കാരനായി നിന്നെ നാം അയച്ചിട്ടില്ല.

مَّن يُطِعِ ٱلرَّسُولَ فَقَدۡ أَطَاعَ ٱللَّهَۖ وَمَن تَوَلَّىٰ فَمَآ أَرۡسَلۡنَٰكَ عَلَيۡهِمۡ حَفِيظٗا ﴿٨٠﴾

റസൂലിനെ അനുസരിക്കുകയെന്നത് അല്ലാഹുവിനെ അനുസരിക്കൽ തന്നെയാണെന്നതിന്റെ താല്പര്യം 59-ാം വചനത്തിലും തുടർന്നുള്ള വചനങ്ങളിലും വിശദീകരിക്കപെട്ടിട്ടുണ്ട്. റസൂലിനെ അനുസരിക്കാൻ തയ്യാറില്ലാത്തവരെ അനുസരിപ്പിക്കേണ്ടുന്ന ചുമതല അദ്ദേഹത്തിനില്ല. " അത്തരക്കാരുടെ മേൽ കാവൽക്കാ രനായി നിന്നെ നാം അയച്ചിട്ടില്ല" എന്ന വചനം തന്നെ അക്കൂട്ടരെക്കുറിച്ചുള്ള അല്ലാഹുവിന്റെ അവജ്ഞ പ്രകടമാക്കുന്നതാണ്.

**വചനം 81**

81 അവർ പറയും: "അനുസരണം" എന്ന്! എന്നിട്ട് നിൻെറ അടുക്കൽ നിന്ന് അവർ വെളിയിൽ പോയാൽ, അവരിൽ നിന്ന് ഒരു കൂട്ടർ തങ്ങൾ

وَيَقُولُونَ طَاعَةٞ فَإِذَا بَرَزُواْ مِنۡ عِندِكَ بَيَّتَ طَآئِفَةٞ مِّنۡهُمۡ غَيۡرَ ٱلَّذِي

تَقُولُ ۖ وَٱللَّهُ يَكْتُبُ مَا يُبَيِّتُونَ ۖ
فَأَعْرِضْ عَنْهُمْ وَتَوَكَّلْ عَلَى ٱللَّهِ ۚ وَكَفَىٰ
بِٱللَّهِ وَكِيلًا ﴿٨١﴾

(ആദ്യം) പറയുന്നതല്ലാത്തതിന് രാത്രി പരിപാടിയിടുക (ഗൂഡാലോചന നടത്തുക) യായി. അല്ലാഹുവാകട്ടെ, അവർ രാത്രി പരിപാടിയിടുന്ന (ഗൂഡാലോച നടത്തുന്ന)ത് രേഖപ്പെടുത്തുകയും ചെയ്യുന്നു. ആകയാൽ, അവരെക്കുറിച്ച് നീ അവഗണിച്ചേക്കുക; അല്ലാഹുവിൻെറ മേൽ ഭരമേൽപിക്കുകയും ചെയ്തുകൊള്ളുക. ഭരമേൽപിക്കപ്പെടുന്ന വനായി അല്ലാഹു (തന്നെ) മതി.

---

നബി(സ) യുടെ സാന്നിദ്ധ്യത്തിൽ ദൈവിക സന്ദേശങ്ങൾ അനുസരിക്കാനുള്ള സന്നദ്ധത പ്രകടിപ്പി ക്കുന്ന കപടവിശ്വാസികൾ, അവിടം വിട്ട് പോയാൽ, പരസ്പരം അതിനെതിരായ ഗൂഢാലോചനകളിൽ ഏർപ്പെടുന്നു. എല്ലാം അറിയുന്ന അല്ലാഹു അതിന്റെ ഫലം അക്കൂട്ടരെ വഴിയെ അനുഭവിപ്പിക്കുന്നതാണ്. നബി (സ) ഇത്തരം ചെയ്തികൾ മനസ്സിലാക്കി വെച്ചാൽ മതി. അതിൻമേൽ നടപടിയൊന്നുമെടുക്കേണ്ട തില്ല; അല്ലാഹുവിന്റെ മേൽ ഭരമേല്പിക്കുകയേ വേണ്ടൂ എന്നൊക്കെ അല്ലാഹു നബി(സ)യെ ഉണർത്തുന്നു.

---

**വചനം 82**

أَفَلَا يَتَدَبَّرُونَ ٱلْقُرْءَانَ ۚ وَلَوْ كَانَ مِنْ
عِندِ غَيْرِ ٱللَّهِ لَوَجَدُوا۟ فِيهِ ٱخْتِلَٰفًا
كَثِيرًا ﴿٨٢﴾

82 എന്നാൽ, അവർ ഖുർആനെക്കുറിച്ച് ഉറ്റാലോചി ക്കുന്നില്ലേ?! അത്, അല്ലാഹു അല്ലാത്ത (മറ്റുവല്ല) വരുടെ അടുക്കൽ നിന്നുമായിരുന്നുവെങ്കിൽ, വളരെ പരസ്പര വ്യത്യാസം അതിൽ അവർ കണ്ടെത്തുകതന്നെ ചെയ്യുമായിരുന്നു.

ഖുർആനെ ക്കുറിച്ച് ഉറ്റാലോചിച്ച് ചിന്തിക്കാത്ത ചില വികൃത മനസ്ഥിതിക്കാർ , അക്കാലത്തായാലും ഇക്കാലത്തായാലും ഖുർആൻ അല്ലാഹുവിൽനിന്ന് അവതരിച്ചതല്ല മറ്റാരുടെയെങ്കിലും കൃതിയാണ് എന്ന് ജൽപിച്ച് വരുന്നു. അങ്ങനെയായിരുന്നെങ്കിൽ, ഖുർ ആനിൽ പല പരസ്പര വ്യത്യാസങ്ങളും കാണാവുന്ന താണ് എന്ന അല്ലാഹുവിന്റെ വചനം, നിഷ്പക്ഷബുദ്ധിയും, സത്യാന്വേഷണ മനസ്ഥിതിയുമുള്ള ഏവരെയും ഇരുത്തി ചിന്തിപ്പിക്കാൻ പോരുന്നതാണ്. അനേകം ബുദ്ധിശാലികളും , രാഷ്ട്രമീമാംസകരും, ഒന്നിച്ച് ചേർന്ന് വർഷങ്ങളോളം അദ്ധ്വാനിച്ച് നിർമ്മിക്കുന്ന ഭരണഘടനകളും നിയമവ്യവസ്ഥകളും , ഇടക്കിടെ , ഭേദഗതി വരുത്തിക്കൊണ്ട് , അവയിലെ വൈരുദ്ധ്യങ്ങളും അപ്രായോഗികതകളും മറികടക്കാൻ ശ്രമിക്കുന്ന ഗതികേ ടുകൾ പല രാഷ്ട്രങ്ങളിലും നാം ഇന്ന് കണ്ട് കൊണ്ടിരിക്കുന്ന അനുഭവമാണല്ലോ. എന്നാൽ ഖുർആനെ സംബന്ധിച്ച് അതിന്റെ തത്വങ്ങളിലൊ സിദ്ധാന്തങ്ങളിലോ നിയമ നിർദ്ദേശങ്ങളിലോ, ഒന്നും തന്നെ ഇക്കാലം വരെ അങ്ങനെയുള്ള ഒരു ഗതികേടും സംഭവിച്ചിട്ടില്ല- മേലിൽ സംഭവിക്കുകയില്ലെന്ന് തിർത്ത് പറയുകയും ചെയ്യാം. എന്നാൽ സ്വാർത്ഥ ലാഭത്തിനായി , ഭൗതിക താല്പര്യങ്ങൾക്ക് മുൻതൂക്കം നൽകി , ഖുർ ആനോട് അവജ്ഞ പുലർത്തുന്നവർക്ക്, ഈ യഥാർത്ഥ്യം അംഗീകരിക്കാൻ മനപ്രയാസമുണ്ടാകുക സ്വാഭാവികമത്രെ.

ഖുർആന്റെ സ്പഷ്ടമായ ഒരു പ്രസ്താവന മറ്റൊരു സ്പഷ്ടമായ പ്രസ്താവനക്ക് ഒരിക്കലും വിരുദ്ധ മായി ചൂണ്ടിക്കാട്ടപെടുക സാദ്ധ്യമല്ല. ഒരുപ്രസ്താവന സ്പഷ്ടമായിരിക്കുകയും, മറ്റൊന്ന് അത്ര സ്പഷ്ടമ ല്ലാതിരിക്കുകയും ചെയ്യുക, ഒന്ന് വിശദ രൂപത്തിലും മറ്റേത് സാമാന്യരൂപത്തിലായിരിക്കുകയും ചെയ്യുക പോലെയുള്ള സന്ദർഭത്തിലായിരിക്കും പ്രത്യക്ഷത്തിൽ വല്ല പരസ്പര വ്യത്യാസവും ഉള്ളതായി ആർക്കെ ങ്കിലും തോന്നുവാൻ ഇടയാകുന്നത്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വ്യക്തത കുറവുള്ള ഭാഗത്തെ കൂടുതൽ വ്യക്തമായ ഭാഗം കൊണ്ട് വ്യാഖ്യാനിക്കുക എന്നതാണ്, കരണീയവും, നിർബന്ധവുമായിട്ടുള്ളത്. ഏതെ ങ്കിലും ആദർശമൊ, താല്പര്യമൊ മനസ്സിൽ വെച്ച് , വ്യക്തത കുറവുള്ള ഭാഗം കൊണ്ട് വ്യക്തമായ പ്രസ്താ വനകളെ തന്നിഷ്ട പ്രകാരം വ്യാഖ്യാനം ചെയ്യുന്നവർക്ക്, ഖുർആനിൽ വൈരുദ്ധ്യമുള്ളതായി അനുഭവപ്പെ ടുക സ്വാഭാവികമാണ് (ഈ വിഷയത്തെപറ്റി ആലു ഇംറാൻ: 7-ൽ വിവരിച്ചത് നോക്കുക )

**വചനം 83**

وَإِذَا جَآءَهُمۡ أَمۡرٞ مِّنَ ٱلۡأَمۡنِ أَوِ ٱلۡخَوۡفِ أَذَاعُواْ بِهِۦۖ وَلَوۡ رَدُّوهُ إِلَى ٱلرَّسُولِ وَإِلَىٰٓ أُوْلِي ٱلۡأَمۡرِ مِنۡهُمۡ لَعَلِمَهُ ٱلَّذِينَ يَسۡتَنۢبِطُونَهُۥ مِنۡهُمۡۗ وَلَوۡلَا فَضۡلُ ٱللَّهِ عَلَيۡكُمۡ وَرَحۡمَتُهُۥ لَٱتَّبَعۡتُمُ ٱلشَّيۡطَٰنَ إِلَّا قَلِيلٗا ٨٣

83 സമാധാനത്തെയോ, ഭയത്തെയോ സംബന്ധിക്കുന്ന വല്ല കാര്യവും അവര്‍ക്കു വന്നാല്‍, അവര്‍ അതിനെ പ്രചരിപ്പിക്കുന്നതാണ്. അവര്‍ അതിനെ റസൂലിലേക്കും, അവരില്‍ നിന്ന് കാര്യ (വിവര) മുള്ളവരിലേക്കും മടക്കിയിരുന്നെങ്കില്‍, അവരില്‍ നിന്ന് അതിനെ നിരീക്ഷിച്ചെടുക്കുന്നവര്‍ അതിനെക്കുറിച്ചു (വേണ്ടത്) അറിയുമായിരുന്നു. നിങ്ങളുടെ മേല്‍ അല്ലാഹുവിന്‍െറ അനുഗ്രഹവും (അഥവാ ഔദാര്യവും) അവന്‍െറ കാരുണ്യവും ഇല്ലായിരുന്നുവെങ്കില്‍, നിങ്ങള്‍ - അല്‍പം ആളുകളൊഴികെ-പിശാചിനെ പിന്‍പറ്റിക്കളയുമായിരുന്നു.

---

കപട വിശ്വാസികള്‍ മനപൂര്‍വ്വമായും , സത്യവിശ്വാസികളായ സാത്വികന്മാര്‍ ഭവിഷ്യത്തിനെ പറ്റി അറിയാതെയും പുലര്‍ത്തിപോന്ന ഒരു ദോഷത്തെ പറ്റി അല്ലാഹു ചൂണ്ടിക്കാട്ടുന്നു - ജനങ്ങള്‍ക്ക് സമാധാനം നല്‍കുന്നതോ , ഭീതിയുളവാക്കുന്നതോ , ആയ വല്ല കിംവദന്തിയും വാര്‍ത്തയും കേട്ടാല്‍ അതിന്റെ സത്യാവസ്ഥയും, അത് പരസ്യപെടുത്തിയാലുണ്ടായേക്കാവുന്ന ഭയങ്കരമായ ഭവിഷ്യത്തും ആലോചിക്കാതെ - അല്ലെങ്കില്‍ അറിയാതെ - അത് പ്രചരിപ്പിക്കുക എന്നത് . എന്നാല്‍ അങ്ങനെയുള്ള വാര്‍ത്തകള്‍ വല്ലതും കേട്ടാല്‍ അത് റസൂല്‍(സ) തിരുമേനിയെയും മറ്റ് കാര്യ വിവരവുമുള്ള നേതാക്കളെയും അറിയിക്കുന്ന പക്ഷം, അവര്‍ വിഷയം വേണ്ട പോലെ കൈകാര്യം ചെയ്യുകയും ആവശ്യമായ നടപടികള്‍ സ്വീകരിക്കുകയും ചെയ്തു കൊള്ളും. അങ്ങനെ ചെയ്യാതെ , കേട്ട മാത്രയില്‍ അത്തരം വാര്‍ത്തകള്‍ പ്രചരിപ്പിക്കുന്നത് കേവലം പൈശാചിക പ്രേരിതമാണെന്നും , അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നെങ്കില്‍ , ഭൂരി ഭാഗം ആളുകളും പിശാചിന്റെ ദുഷ്പ്രേരണക്ക് വശം വദരാകുമായിരുന്നുവെന്നും അല്ലാഹു ഉണര്‍ത്തുകയും ചെയ്യുന്നു.

അടിസ്ഥാന രഹിതമായ ചെറിയൊരു കിംവദന്തി പ്രചരിക്കുന്നത് മൂലം , ചിലപ്പോള്‍ അതിഭയങ്കരമായ ഭവിഷ്യത്തുകളായിരിക്കും സംഭവിക്കുക. ആ ഊഹാ പോഹം പ്രചരിപ്പിച്ചവരെല്ലാം ആ പാതകത്തിന് ഉത്തരവാദികളായിത്തീരുന്നു.

“നബി (സ) ‘ഖീല’യും ‘ഖാല’ യും വിരോധിച്ചിരിക്കുന്നു”- ഹദീസ്. ആരോ പറഞ്ഞു, ആളുകള്‍ അങ്ങനെ പറഞ്ഞു കേള്‍ക്കുന്നു, എന്നിങ്ങനെയുള്ള പ്രയോഗങ്ങളാണ് ‘ഖീല’ എന്നത്കൊണ്ടുദ്ദേശ്യം . അവന്‍ പറഞ്ഞു, ഇവന്‍ പറഞ്ഞു എന്നിങ്ങനെയുള്ള പ്രയോഗങ്ങളാണ് ‘ഖാല ’ എന്നത് കൊണ്ടുദ്ദേശ്യം“കേട്ടതെല്ലാം പറയുന്നത് തന്നെ മതി, ഒരു മനുഷ്യനില്‍ വ്യാജം ഉണ്ടായിരിക്കാന്‍”- നബി വചനം.

---

**വചനം 84, 85**

فَقَٰتِلۡ فِي سَبِيلِ ٱللَّهِ لَا تُكَلَّفُ إِلَّا نَفۡسَكَۚ وَحَرِّضِ ٱلۡمُؤۡمِنِينَۖ عَسَى ٱللَّهُ أَن يَكُفَّ بَأۡسَ ٱلَّذِينَ كَفَرُواْۚ وَٱللَّهُ أَشَدُّ بَأۡسٗا وَأَشَدُّ تَنكِيلٗا ٨٤

84 എന്നാല്‍, (നബിയേ) നീ അല്ലാഹുവിന്‍െറ മാര്‍ഗത്തില്‍ യുദ്ധം ചെയ്തു കൊള്ളുക. നിന്നോടു നിന്‍െറ സ്വന്തത്തെക്കുറിച്ചല്ലാതെ ശാസിക്കപ്പെടുന്നതല്ല: സത്യവിശ്വാസികളെ (അതിനു) പ്രേരിപ്പിക്കുകയും ചെയ്തുകൊള്ളുക. അവിശ്വസിച്ചവരുടെ (സമര) ശൗര്യത്തെ അല്ലാഹു തടുത്തു തന്നേക്കാം. അല്ലാഹുവാകട്ടെ, അതികഠിനമായ ശൗര്യമുള്ളവനും, അതികഠിനമായ (മാതൃകാ) ശിക്ഷ നല്‍കുന്നവനുമാകുന്നു.

مَّن يَشْفَعْ شَفَٰعَةً حَسَنَةً يَكُن لَّهُۥ نَصِيبٌ مِّنْهَا ۖ وَمَن يَشْفَعْ شَفَٰعَةً سَيِّئَةً يَكُن لَّهُۥ كِفْلٌ مِّنْهَا ۗ وَكَانَ ٱللَّهُ عَلَىٰ كُلِّ شَىْءٍ مُّقِيتًا ﴿٨٥﴾

85 ആരെങ്കിലും ഒരു നല്ലതായ ശുപാർശ ശുപാർശ ചെയ്യുന്ന പക്ഷം, അവന് അതിൽനിന്ന് ഒരു ഓഹരിയുണ്ടായിരിക്കും. ആരെങ്കിലും ഒരു ദുഷിച്ചതായ ശുപാർശ ശുപാർശ ചെയ്യുന്ന പക്ഷം, അവന് അതിൽനിന്ന് ഒരു പങ്കും ഉണ്ടായിരിക്കും. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുറ്റവനുമാകുന്നു. (അഥവാ മേൽനോട്ടം വഹിക്കുന്നവനാകുന്നു.)

---

സത്യവിശ്വാസികളെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധത്തിന് പ്രേരിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യുകയെന്നത് നബി(സ)യുടെ കടമയാകുന്നു. അവർ അനുസരിക്കുന്നില്ലെങ്കിൽ എന്ത്കൊണ്ട് എന്ന് നബി(സ)യോട് ചോദിക്കപ്പെടുകയില്ല. സ്വന്തം ദേഹത്തിന്റെ കാര്യം മാത്രമേ ചോദിക്കപ്പെടുകയുള്ളൂ. സത്യ നിഷേധികളുടെ ശക്തിയും വീര്യവും അല്ലാഹു അധികം താമസിയാതെ ക്ഷയിപ്പിക്കുമെന്നും, അങ്ങനെ സത്യവിശ്വാസികൾക്ക് വിജയം കൈവന്നേക്കുമെന്നും അല്ലാഹു സമാധാനിപ്പിക്കുകയും ചെയ്യുന്നു.

ഒരാൾ മറ്റൊരാൾക്ക് നല്ല കാര്യങ്ങൾക്ക് വേണ്ടി ഉപദേശങ്ങൾ, പ്രോത്സാഹനങ്ങൾ , പ്രാർത്ഥന കൾ, എന്നിവ നടത്തിയാൽ, അതിന്റെ നന്മയിൽ നിന്നൊരു വിഹിതവും, ചീത്ത കാര്യങ്ങൾക്ക് വേണ്ടി ശുപാർശ ചെയ്താൽ അതിന്റെ തിന്മയിൽ നിന്നൊരു പങ്കും ആ ശുപാർശകന് ലഭിക്കുമെന്ന് അല്ലാഹു തുടർന്നു അറിയിക്കുന്നു.

---

**വചനം 86, 87**

وَإِذَا حُيِّيتُم بِتَحِيَّةٍ فَحَيُّوا۟ بِأَحْسَنَ مِنْهَآ أَوْ رُدُّوهَآ ۗ إِنَّ ٱللَّهَ كَانَ عَلَىٰ كُلِّ شَىْءٍ حَسِيبًا ﴿٨٦﴾

86 നിങ്ങൾക്ക് (സത്യവിശ്വാസികൾക്ക്) വല്ല അഭിവാദ്യവും അർപ്പിക്കപ്പെട്ടാൽ, അതിനെക്കാൾ നല്ലതിനെ (അങ്ങോട്ടും) അഭിവാദ്യമർപ്പിക്കുവിൻ; അല്ലെങ്കിൽ അതു (പ്രകാരം തന്നെ) മടക്കുവിൻ. നിശ്ചയമായും, അല്ലാഹു എല്ലാകാര്യത്തെക്കുറിച്ചും കണക്കു നോക്കുന്നവനാകുന്നു.

ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ۚ لَيَجْمَعَنَّكُمْ إِلَىٰ يَوْمِ ٱلْقِيَٰمَةِ لَا رَيْبَ فِيهِ ۗ وَمَنْ أَصْدَقُ مِنَ ٱللَّهِ حَدِيثًا ﴿٨٧﴾

87 അല്ലാഹു- അവനല്ലാതെ ആരാധ്യനേ ഇല്ല. തീർച്ചയായും, അവൻ നിങ്ങളെ ഖിയാമത്തു നാളിലേക്ക് ഒരുമിച്ചുകൂട്ടുക തന്നെ ചെയ്യും-അതിൽ സന്ദേഹമേ ഇല്ല. ആരാണ് അല്ലാഹുവിനേക്കാൾ വർത്തമാനത്തിൽ സത്യം പറയുന്നവർ!? (ഇല്ല, ആരുമില്ല.)

---

ഒരാൾ ഇങ്ങോട്ട് സലാം പറഞ്ഞാൽ അതിനേക്കാൾ നല്ല രൂപത്തിൽ അങ്ങോട്ടും പറയുകയാണ് വേണ്ടത് . ചുരുങ്ങിയ പക്ഷം ഇങ്ങോട്ട് പറഞ്ഞ അതേ രൂപത്തിലെങ്കിലും അങ്ങോട്ട് മടക്കണം. ശത്രുക്കളുടെ ഭാഗ ത്തുനിന്നുള്ള അഭിവാദ്യമാണെങ്കിലും കൂടുതൽ മാന്യമായും ഉദാരമായും അങ്ങോട്ട് പെരുമാറണമെന്ന് ഇതിൽ സൂചനയുണ്ട്.

ഒരാൾ 'അസ്സലാമു അലൈക്കും' (നിങ്ങൾക്ക് സമാധാനമുണ്ടാകട്ടെ) എന്ന സലാമിന്റെ വാചകം പറ ഞ്ഞാൽ 'വ അലൈക്കുമുസ്സലാം വറഹ്മത്തുല്ലാഹ്' (നിങ്ങൾക്ക് സമാധാന രക്ഷയും അല്ലാഹുവിന്റെ കാരു ണ്യവും ഉണ്ടാകട്ടെ) എന്നും 'അസ്സലാമുഅലൈക്കും വ റഹ്മത്തുല്ലാഹ്' എന്ന് സലാം പറഞ്ഞാൽ 'വ അലൈക്കുമുസ്സലാം വ റഹ്മത്തുല്ലാഹ് വ ബറകാത്തുഹു' (നിങ്ങൾക്ക് സമാധാന രക്ഷയും അല്ലാഹുവിന്റെ കാരുണ്യവും ആശിർവാദവും ഉണ്ടാകട്ടെ) എന്നും വർദ്ധിപ്പിച്ച് മടക്കേണ്ടതാണ്. - കൂടാതെ, നല്ല മുഖഭാ വവും പ്രസന്നതയും പ്രകടിപ്പിക്കേണ്ടതും ആവശ്യമാകുന്നു. ആദ്യം സലാം പറയുന്നവൻ, സലാം മടക്കുന്ന വന് വർദ്ധിപ്പിക്കാൻ പാകത്തിൽ അസ്സലാമു അലൈക്കും എന്നോ അസ്സലാമു അലൈക്കും വ റഹ്മത്തു ല്ലാഹ് എന്നോ പറഞ്ഞു മതിയാക്കുകയാണ് വേണ്ടത്. അസ്സലാമു അലൈക്കും എന്നതിന് പത്ത് നന്മയും,

വ റഹ്മത്തുല്ലാഹ് എന്ന് ചേർക്കുമ്പോൾ ഇരുപത് നന്മയും വ ബറകാത്തുഹു എന്ന് ചേർക്കുമ്പോൾ മുപ്പത് നന്മയുമായിരിക്കും എന്ന് ഒരു നബി വചനത്തിൽ വന്നിരിക്കുന്നു.

ഒരു മുസ്ലിം മറ്റൊരു മുസ്ലിമിനെ കണ്ട് മുട്ടുമ്പോൾ തമ്മിൽ സലാം പറയൽ ഒരു നിർബന്ധ കല്പന യല്ലെങ്കിലും , ധാർമ്മികമായ ഒരു കടമായാകുന്നു. സലാം മടക്കലാകട്ടെ, നിർബന്ധ കർമ്മം തന്നെയാകുന്നു. പരസ്പരം അയക്കുന്ന കത്തുകളിലും, സമ്മാനാദി ഉപചാരങ്ങളിലും, ഇപ്രകാരം മര്യാദ പാലിക്കേണ്ടതുണ്ട്.

അല്ലാഹു മാത്രമാണ് ആരാധ്യൻ എന്നും, മരണാനന്തരം എല്ലാവരേയും ഖിയാമത്ത് നാളിൽ അല്ലാഹു ഒരുമിച്ച് കൂട്ടി വിചാരണ ചെയ്ത് നടപടി എടുക്കുമെന്നുള്ള വസ്തുതയും രണ്ടാമത്തെ വചനത്തിലൂടെ അല്ലാഹു താക്കീത് നൽകുന്നു.

## വിഭാഗം 12

**വചനം 88**

۞ فَمَا لَكُمْ فِى ٱلْمُنَٰفِقِينَ فِئَتَيْنِ وَٱللَّهُ أَرْكَسَهُم بِمَا كَسَبُوٓا۟ ۚ أَتُرِيدُونَ أَن تَهْدُوا۟ مَنْ أَضَلَّ ٱللَّهُ ۖ وَمَن يُضْلِلِ ٱللَّهُ فَلَن تَجِدَ لَهُۥ سَبِيلًا ﴿٨٨﴾

88 അപ്പോൾ, കപടവിശ്വാസികളുടെ കാര്യത്തിൽ (നിങ്ങൾ) രണ്ടു കക്ഷികളാകുവാൻ നിങ്ങൾക്കെന്താണ്? അവർ (ചെയ്തത്) സമ്പാദിച്ചതു നിമിത്തം അല്ലാഹു അവരെ (പൂർവ്വസ്ഥിതിയിലേക്ക്) മറിച്ചിട്ടിരിക്കേ! അല്ലാഹു വഴിപിഴവിലാക്കിയവരെ നിങ്ങൾ നേർമ്മാർഗത്തിലാക്കുവാൻ ഉദ്ദേശിക്കുന്നുവോ?! യാതൊരുവനെ അല്ലാഹു വഴിപിഴവിലാക്കുന്നുവോ അവനു (പിന്നെ) നീ ഒരു മാർഗവും കണ്ടെത്തുകയേ ഇല്ല.

---

മുസ്ലീംകളായി അഭിനയിച്ച് കൊണ്ട് മുശ്രിക്കുകളായ സ്വജനങ്ങളുമായി കലർന്ന് ജീവിക്കുകയും ചെയ്തിരുന്ന കുറെ ആളുകളുണ്ടായിരുന്നു. അവർ യഥാർത്ഥത്തിൽ മുസ്ലീംകളാണെന്നും, മുസ്ലീങ്ങളോടെന്നപോലെ അവരോട് പെരുമാറണമെന്നും സഹാബികളിൽ ഒരു വിഭാഗവും, അതല്ല അവർ തനി കപടന്മാരാണെന്നും അവിശ്വാസികളോടെന്നപോലെ അവരോട് പെരുമാറണമെന്നും സഹാബികളിൽ മറ്റൊരു വിഭാഗവും അഭിപ്രായപ്പെട്ടു വന്നു. ഈ രണ്ടാമത്തെ വിഭാഗത്തെയാണ് അല്ലാഹു ശരി വെക്കുന്നതെന്ന്, ഈ വചനത്തിൽ നിന്നും, അടുത്ത വചനത്തിൽ നിന്നും സ്പഷ്ടമാകുന്നു. അവരുടെ ചെയ്തികളിലൂടെ , അവർ പഴയ ശിർക്കിലേക്ക് തന്നെ തലകുത്തനെ മറിഞ്ഞ് പോയിരിക്കുകയാണ്.

അല്ലാഹു വഴി പിഴവിലാക്കിയവർ, ഹൃദയത്തിന് മുദ്ര വെച്ച് പൂർവ്വ സ്ഥിതിയിലേക്ക് മറിച്ചിട്ടു എന്നീ പ്രയോഗങ്ങളെക്കുറിച്ച് സൂ : ഫാതിഹ:യിൽ ഹിദായത്തിന്റെ വിവരണത്തിലും, അൽബഖറ 7-ാം വചനത്തിന്റെ വിശദീകരണത്തിലും വിവരിച്ചിട്ടുണ്ട്.

**വചനം 89, 90**

وَدُّوا۟ لَوْ تَكْفُرُونَ كَمَا كَفَرُوا۟ فَتَكُونُونَ سَوَآءً ۖ فَلَا تَتَّخِذُوا۟ مِنْهُمْ أَوْلِيَآءَ حَتَّىٰ يُهَاجِرُوا۟ فِى سَبِيلِ ٱللَّهِ ۚ فَإِن تَوَلَّوْا۟ فَخُذُوهُمْ وَٱقْتُلُوهُمْ حَيْثُ وَجَدتُّمُوهُمْ ۖ وَلَا تَتَّخِذُوا۟ مِنْهُمْ وَلِيًّا وَلَا نَصِيرًا ﴿٨٩﴾

89 അവർ അവിശ്വസിച്ചതുപോലെ, നിങ്ങളും അവിശ്വസിക്കുകയും, അങ്ങിനെ നിങ്ങൾ (ഇരുകൂട്ടരും) സമമായിരിക്കുകയും ചെയ്തിരുന്നെങ്കിൽ (കൊള്ളാമായിരുന്നു) എന്ന് അവർ ആഗ്രഹിക്കുകയാണ്. അതിനാൽ, അവരിൽ നിന്ന് നിങ്ങൾ (ബന്ധു) മിത്രങ്ങളെ സ്വീകരിക്കരുത്, അവർ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ 'ഹിജ്റ' (രാജ്യം ത്യജിച്ചു) പോകുന്നതു വരേക്കും. ഇനി, അവർ തിരിഞ്ഞുകളയുകയാണെങ്കിൽ, നിങ്ങൾ അവരെ പിടിക്കുകയും, അവരെ കണ്ടുമുട്ടിയേടത്തുവെച്ച്

കൊലപ്പെടുത്തുകയും ചെയ്യുവിൻ. അവരിൽ നിന്നും ഒരു ബന്ധു മിത്രത്തെയാകട്ടെ, സഹായകനെയാകട്ടെ നിങ്ങൾ സ്വീകരിക്കുകയും ചെയ്യരുത്;-

إِلَّا ٱلَّذِينَ يَصِلُونَ إِلَىٰ قَوۡمِۭ بَيۡنَكُمۡ وَبَيۡنَهُم مِّيثَٰقٌ أَوۡ جَآءُوكُمۡ حَصِرَتۡ صُدُورُهُمۡ أَن يُقَٰتِلُوكُمۡ أَوۡ يُقَٰتِلُواْ قَوۡمَهُمۡۚ وَلَوۡ شَآءَ ٱللَّهُ لَسَلَّطَهُمۡ عَلَيۡكُمۡ فَلَقَٰتَلُوكُمۡۚ فَإِنِ ٱعۡتَزَلُوكُمۡ فَلَمۡ يُقَٰتِلُوكُمۡ وَأَلۡقَوۡاْ إِلَيۡكُمُ ٱلسَّلَمَ فَمَا جَعَلَ ٱللَّهُ لَكُمۡ عَلَيۡهِمۡ سَبِيلٗا ﴿٩٠﴾

90 (അതെ) നിങ്ങൾക്കും തങ്ങൾക്കുമിടയിൽ വല്ല ഉടമ്പടിയും ഉള്ളതായ ഒരു ജനതയോടു ചേർന്ന് (ബന്ധപ്പെട്ടു) നിൽക്കുന്നവരൊഴികെ; അല്ലെങ്കിൽ, നിങ്ങളുമായി യുദ്ധം ചെയ്യുകയോ, തങ്ങളുടെ ജനതയുമായി യുദ്ധം ചെയ്യുകയോ ചെയ്‌വാൻ (വിഷമിച്ച്) തങ്ങളുടെ മനസ്സിടുങ്ങിയ നിലയിൽ നിങ്ങളുടെ അടുക്കൽ വന്നിട്ടുള്ള(വർ ഒഴികെ). അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ, നിങ്ങൾക്കെതിരെ (ശക്തി നൽകി) അവരെ അവൻ അധികാരപ്പെടുത്തുകയും, അങ്ങനെ, അവർ നിങ്ങളോട് യുദ്ധം ചെയ്യുകയും തന്നെ ചെയ്യുമായിരുന്നു. എന്നാൽ, അവർ നിങ്ങളെ വിട്ടുനിന്ന് നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും, നിങ്ങളോട് സമാധാനം പ്രകടിപ്പിക്കുക (സന്ധിക്ക് ഒരുങ്ങുക)യും ചെയ്തുവെങ്കിൽ, അപ്പോൾ, അവരുടെ മേൽ നിങ്ങൾക്ക് അല്ലാഹു ഒരു മാർഗവും ഉണ്ടാക്കിത്തന്നിട്ടില്ല.

---

കഴിഞ്ഞ വചനത്തിൽ പ്രസ്താവിക്കപ്പെട്ട ആ കപട വിശ്വാസികളെ സംബന്ധിച്ച് ഈ വചനങ്ങളിൽ ചൂണ്ടിക്കാട്ടിയ സംഗതികൾ ഇങ്ങനെ സംഗ്രഹിക്കാം: 1. അവർ അവിശ്വാസികളാണ് , നിങ്ങളും അവരെ പോലെ അവിശ്വാസികളായിത്തീരാൻ അവർ ആഗ്രഹിക്കുന്നു. 2. എനി, അവർ ദാറുൽ ഹർബിൽ (ശത്രുനാട്ടിൽ) നിന്ന് മദീനയിലേക്ക് ഹിജ്റ വരുന്ന പക്ഷം, അപ്പോൾ അവരെ മുസ്ലീംകളായി കരുതാവുന്നതാണ്. 3. ഹിജ്റ പോരാൻ വിസമ്മതിക്കുന്ന പക്ഷം അവരെ അവിശ്വാസികളും ശത്രുക്കളുമായി കരുതണം. മുസ്ലീംകളോട് യുദ്ധം പ്രഖ്യാപിച്ച മക്കാ മുശ്രിക്കുകളെയെന്ന പോലെ അവരെ കണക്കാക്കി തക്കം കിട്ടിയേടത്തു വെച്ച് ബന്ധനത്തിലാക്കുകയോ, കൊലപ്പെടുത്തുകയോ ചെയ്യേണ്ടതാണ് . അവരുമായി എന്തെങ്കിലും കൂട്ടുകെട്ടോ, അവരുടെ സഹായം സ്വീകരിക്കലോ പാടില്ലാത്തതാകുന്നു. ശത്രു ജനങ്ങൾക്കിടയിൽ കഴിഞ്ഞ് കൂടിയിരുന്ന മുസ്ലീംകൾ പല നിലക്കും പീഡിപ്പിക്കപ്പെട്ടിരിക്കുന്നു, മക്കാ വിജയത്തിന് മുമ്പുള്ള കാലഘട്ടത്തിൽ, ഹിജ്റക്ക് കഴിവുള്ള എല്ലാ സത്യവിശ്വാസികളും മദീനയിലേക്ക് ഹിജ്റ പോകൽ അന്നത്തെ പരിതസ്ഥിതിയിൽ നിർബന്ധമായിരുന്നു.പിന്നീട് മക്കാ വിജയം ഉണ്ടാകുകയും, അറേബ്യാ ഉപദ്വീപ് മിക്കവാറും മസ്ലീം രാജ്യമായി മാറുകയും ചെയ്തതോടെ , ഹിജ്റയുടെ നിർബന്ധം ഇല്ലാതായിത്തീർന്നു. മക്കാ വിജയ ദിവസം നബി(സ) പറഞ്ഞു : " വിജയത്തിന് ശേഷം ഹിജ്റ ഇല്ല. എനി ജിഹാദും നിയ്യത്തും (സമരവും സമരോദ്ദേശവും) ആണുള്ളത് ".

4 എന്നാൽ മുസ്ലീംകളുമായി സന്ധിയിലൊ സഖ്യത്തിലോ നിലകൊള്ളുന്നവരോ, അവരുടെ അടുക്കൽ അഭയം തേടിച്ചെന്നവരോ, മുസ്ലീംകളോടും സ്വന്തം ജനങ്ങളായ മുശ്രിക്കുകളോടും യുദ്ധം ചെയ്യാൻ മടിച്ച് കൊണ്ട് ധർമ്മ സങ്കടത്തിൽ കഴിയുന്നവരോ ആണെങ്കിൽ അവരെ ശത്രുക്കളായി ഗണിച്ച്, മുശ്രിക്കുകളൊടെന്നോണം പെരുമാറിക്കൂടാത്തതാകുന്നു. അവർ സത്യവിശ്വാസികൾക്കെതിരെ ശക്തി സംഭരിക്കാതിരുന്നത് അല്ലാഹുവിന്റെ ഒരു അനുഗ്രഹമാണെന്ന് കരുതിയാൽ മതി. 5 ശത്രുനാട്ടിൽ നിന്ന് ഹിജ്റ പോരാതിരുന്നെങ്കിലും, മുസ്ലീംകളോട് യുദ്ധം ചെയ്യാതെ , ഒഴിഞ്ഞു നില്ക്കുകയും മുസ്ലീംകളുമായി സമാധാനത്തിൽ വർത്തിക്കുന്നവരായിരുന്നാലും അവരെ, കൊല ചെയ്യുകയോ , ബന്ധനത്തിലാക്കാനോ പാടില്ല.

---

**വചനം 91**

سَتَجِدُونَ ءَاخَرِينَ يُرِيدُونَ أَن

91 വേറെ ചിലരെ നിങ്ങൾ കണ്ടെത്തിയേക്കും: നിങ്ങളെക്കുറിച്ച്, നിർഭയരായിരിക്കുവാനും

يَأۡمَنُوكُمۡ وَيَأۡمَنُواْ قَوۡمَهُمۡ كُلَّ مَا رُدُّوٓاْ
إِلَى ٱلۡفِتۡنَةِ أُرۡكِسُواْ فِيهَاۚ فَإِن لَّمۡ
يَعۡتَزِلُوكُمۡ وَيُلۡقُوٓاْ إِلَيۡكُمُ ٱلسَّلَمَ وَيَكُفُّوٓاْ
أَيۡدِيَهُمۡ فَخُذُوهُمۡ وَٱقۡتُلُوهُمۡ حَيۡثُ
ثَقِفۡتُمُوهُمۡۚ وَأُوْلَٰٓئِكُمۡ جَعَلۡنَا لَكُمۡ
عَلَيۡهِمۡ سُلۡطَٰنٗا مُّبِينٗا ٩١

തങ്ങളുടെ ജനതയെക്കുറിച്ച് നിർഭയരായിരിക്കുവാനും അവർ ഉദ്ദേശിക്കുന്നു. അവർ കുഴപ്പത്തിലേക്ക് തിരിക്കപ്പെടുമ്പോഴെല്ലാം അതിൽ അവർ (സ്വയം) മറിഞ്ഞു വീഴുന്നു. എന്നാൽ, അവർ നിങ്ങളെവിട്ട് നിൽക്കുകയും, നിങ്ങളോട് സമാധാനം പ്രകടിപ്പിക്കുകയും, അവരുടെ കൈകളെ (യുദ്ധം ചെയ്യാതെ) തടഞ്ഞു വെക്കുകയും ചെയ്യുന്നില്ലെങ്കിൽ, അവരെ കണ്ടു മുട്ടുന്നേടത്തുവെച്ച് നിങ്ങൾ പിടിക്കുകയും കൊലപ്പെടുത്തുകയും ചെയ്യുവിൻ. (അങ്ങിനെയുള്ള) അക്കൂട്ടർ- അവരുടെ മേൽ നിങ്ങൾക്കു നാം വ്യക്തമായ ഒരധികാരം (അഥവാ ന്യായം) ഉണ്ടാക്കിത്തന്നിരിക്കുന്നു.

---

വേറൊരു വിഭാഗം കപടവിശ്വാസികൾ മുസ്ലിംകളായി അഭിനയിച്ച് കൊണ്ട് സ്വജനങ്ങളുടെ ശിർക്ക് പരമായ കുഴപ്പ പ്രവർത്തനങ്ങളിൽ സ്വയം മറിഞ്ഞ് വീണ് മുസ്ലീംങ്ങൾക്കെതിരെ സഹകരിക്കുന്നു. അങ്ങനെ ഇരു ഭാഗത്തും അഭയം ലഭിക്കാനുള്ള ഇരുമുഖ നയമായിരിക്കും ഇവർക്കുള്ളത്. ഈ നിലപാട് മാറുന്നത് വരെ ഇവരെയും ശത്രുക്കളായി കണക്കാക്കി, ബന്ധനസ്ഥരാക്കുകയോ കൊല്ലുകയോ ചെയ്യുന്നതിന് സത്യവിശ്വാസികൾക്ക് അവകാശവും അധികാരവുമുണ്ടെന്ന് അല്ലാഹു അറിയിക്കുന്നു.

## വിഭാഗം 13

**വചനം 92, 93**

وَمَا كَانَ لِمُؤۡمِنٍ أَن يَقۡتُلَ مُؤۡمِنًا إِلَّا
خَطَـٔٗاۚ وَمَن قَتَلَ مُؤۡمِنًا خَطَـٔٗا فَتَحۡرِيرُ
رَقَبَةٖ مُّؤۡمِنَةٖ وَدِيَةٞ مُّسَلَّمَةٌ إِلَىٰٓ أَهۡلِهِۦٓ إِلَّآ
أَن يَصَّدَّقُواْۚ فَإِن كَانَ مِن قَوۡمٍ عَدُوّٖ
لَّكُمۡ وَهُوَ مُؤۡمِنٞ فَتَحۡرِيرُ رَقَبَةٖ مُّؤۡمِنَةٖۖ
وَإِن كَانَ مِن قَوۡمِۭ بَيۡنَكُمۡ وَبَيۡنَهُم
مِّيثَٰقٞ فَدِيَةٞ مُّسَلَّمَةٌ إِلَىٰٓ أَهۡلِهِۦ وَتَحۡرِيرُ
رَقَبَةٖ مُّؤۡمِنَةٖۖ فَمَن لَّمۡ يَجِدۡ فَصِيَامُ
شَهۡرَيۡنِ مُتَتَابِعَيۡنِ تَوۡبَةٗ مِّنَ ٱللَّهِۗ وَكَانَ
ٱللَّهُ عَلِيمًا حَكِيمٗا ٩٢

92 ഒരു സത്യവിശ്വാസിക്കും (തന്നെ) അബദ്ധമായിട്ടല്ലാതെ, ഒരു സത്യവിശ്വാസിയെ അവൻ കൊലപ്പെടുത്തുക ഉണ്ടാകാവതല്ല. (ഉണ്ടാവാൻ പാടില്ല.) ആരെങ്കിലും ഒരു സത്യവിശ്വാസിയെ അബദ്ധമായി കൊലപ്പെടുത്തിയാലാകട്ടെ, അപ്പോൾ ഒരു സത്യവിശ്വാസിയായ അടിമയെ സ്വതന്ത്രമാക്കലും, അവൻെറ (കൊല്ലപ്പെട്ടവൻെറ) ആൾക്കാർക്ക് ഏൽപിച്ചുകൊടുക്കപ്പെടുന്ന ഒരു തെണ്ടവും (നഷ്ടപരിഹാരവും) ആകുന്നു (വേണ്ടത്); അവർ (വിട്ടുകൊടുത്ത്) സൗജന്യമാക്കുന്നതായാലൊഴികെ. ഇനി (കൊല്ലപ്പെട്ട) അവൻ, നിങ്ങളുടെ ശത്രുവായ ഒരു ജനതയിൽ പെട്ടവനാണ്, അവനാകട്ടെ സത്യവിശ്വാസിയുമാണ് എങ്കിൽ, അപ്പോൾ, സത്യവിശ്വാസിയായ ഒരു അടിമയെ സ്വതന്ത്രമാക്കലാണ് (വേണ്ടത്). അവൻ, നിങ്ങൾക്കും തങ്ങൾക്കുമിടയിൽ വല്ല ഉടമ്പടിയുമുള്ളതായ ഒരു ജനതയിൽ പെട്ടവനാണെങ്കിലാകട്ടെ, അപ്പോൾ, അവൻെറ ആൾക്കാർക്ക് ഏൽപിച്ചുകൊടുക്കപ്പെടുന്ന ഒരു തെണ്ടവും (നഷ്ടപരിഹാരവും), ഒരു സത്യവിശ്വാസിയായ അടിമയെ സ്വതന്ത്രമാക്കലുമാണ് (വേണ്ടത്). ഇനി,

വല്ലവർക്കും അതു (സാധിച്ച്) കിട്ടിയില്ലെങ്കിൽ, തുടർച്ചയായി രണ്ടു മാസത്തെ നോമ്പാകുന്നു (വേണ്ടത്); (അതെ) അല്ലാഹുവിങ്കൽ നിന്ന് (നിശ്ചയിക്കപ്പെട്ടിട്ടു)ള്ള പശ്ചാത്താപമായിട്ട്. അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

93 ആരെങ്കിലും ഒരു സത്യവിശ്വാസിയെ കൽപിച്ചു കൂട്ടികൊണ്ടു കൊലപ്പെടുത്തുന്ന പക്ഷം, അവൻെറ പ്രതിഫലം, 'ജഹന്നം' (നരകം) ആകുന്നു-അതിൽ (അവൻ) നിത്യവാസിയായിക്കൊണ്ട്; അവൻെറ മേൽ അല്ലാഹു കോപിക്കുകയും, അവനെ ശപിക്കുകയും ചെയ്യുന്നതാണ്; അവനുവമ്പിച്ച ശിക്ഷ അവൻ (അല്ലാഹു) ഒരുക്കിവെക്കുകയും ചെയ്യുന്നതാണ്.

وَمَن يَقْتُلْ مُؤْمِنًا مُّتَعَمِّدًا فَجَزَآؤُهُۥ جَهَنَّمُ خَٰلِدًا فِيهَا وَغَضِبَ ٱللَّهُ عَلَيْهِ وَلَعَنَهُۥ وَأَعَدَّ لَهُۥ عَذَابًا عَظِيمًا ﴿٩٣﴾

---

അബദ്ധവശാലല്ലാതെ ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിയെ കൊലപ്പെടുത്തുകയെന്ന സംഭവമേ ഉണ്ടായികൂടാത്തതാണ്.

തുടർന്ന്, പല സാഹചര്യങ്ങളിലായി സംഭവിക്കാവുന്ന കൊലപാതകങ്ങളെ സംബന്ധിച്ച് വിധികൾ അല്ലാഹു വിവരിക്കുന്നു:

1. ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിയെ അബദ്ധത്തിൽ കൊല ചെയ്താൽ :രണ്ട് കാര്യങ്ങൾ ഘാതകന്റെ മേൽ നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. (ഒന്ന്) സത്യവിശ്വാസിയായ ഒരു അടിമയെ സ്വതന്ത്രമാക്കി മോചിപ്പിക്കൽ (രണ്ട് ) കൊല്ലപ്പെട്ടവന്റെ അവകാശികൾക്ക് നഷ്ടപരിഹാരം നല്കുക, ആറ് ഒട്ടകമാണ് ഒരാൾക്ക് തെണ്ടം നിശ്ചയിക്കപ്പെട്ടിരിക്കുന്നത് (പകരം ആടുമാടുകളോ , പണമോ ആകാവുന്നതാണ്)

കൊല്ലപെട്ടവന്റെ അവകാശികൾക്ക് വേണമെങ്കിൽ , ഘാതകന് വിട്ട് വീഴ്ച ചെയ്ത് കൊടുത്ത് തെണ്ടം ഒഴിവാക്കാവുന്നതാണ്. എന്നാലും അടിമയെ മോചിപ്പിക്കുന്നതിൽ നിന്ന് ഒഴിവില്ല.

2. അബദ്ധത്തിൽ കൊല്ലപ്പെട്ടവൻ സത്യവിശ്വാസി തന്നെയാണെങ്കിലും, മുസ്ലീംകളുമായി സമരത്തിലും ശത്രുതയിലും കഴിയുന്ന ജനങ്ങളുടെ കൂട്ടത്തിൽ നിന്ന് ഹിജ്റ പോകാതെ, അവർക്കിടയിൽ തന്നെ താമസിക്കുന്ന ആളായിരിക്കുക - അപ്പോൾ കൊലക്ക് പ്രായശ്ചിത്തമായി സത്യവിശ്വാസിയായ ഒരു അടിമയെ മോചിപ്പിക്കുകയാണ് വേണ്ടത്. തെണ്ടത്തിന്റെ ആവശ്യമില്ല. (തെണ്ടം കൊടുക്കുന്ന പക്ഷം, ശത്രുപക്ഷമാണല്ലോ സഹായിക്കപ്പെടുക)

3 മുസ്ലിംകളുമായി സന്ധി നിലവിലുള്ള ജനങ്ങളിൽ പെട്ട ഒരാളാണ് അബദ്ധത്തിൽ കൊല്ലപെട്ടതെങ്കിൽ അടിമയെ മോചിപ്പിക്കുകയും തെണ്ടം കൊടുക്കുകയും വേണം. കൊല്ലപെട്ടവൻ മുസ്ലിം ആയാലും അല്ലെങ്കിലും.

4 അടിമയെ മേചിപ്പിക്കുകയെന്നത് ഘാതകന്റെ സ്വന്തം സ്വത്തിൽനിന്ന് നിർവഹിക്കേണ്ടതാകുന്നു. കഴിവില്ലായ്മകൊണ്ടോ, കിട്ടായ്മകൊണ്ടോ അടിമയെ സ്വതന്ത്രമാക്കുവാൻ സാധിക്കാതെ വരുന്ന പക്ഷം ഘാതകൻ തുടർച്ചയായി രണ്ട് മാസം നോമ്പു പിടിക്കൽ നിർബന്ധമാകുന്നു. ഇടക്ക് വെച്ച് നോമ്പു വിടാനിടയായാൽ വീണ്ടും ആ രണ്ട് മാസം തുടർച്ചയായി നോൽകേണ്ടതാണ്

സത്യവിശ്യാസികളെ അബദ്ധത്തിലല്ലാതെ കൽപിച്ചുകൂട്ടി കൊലചെയ്താൽ പകരം കൊല്ലലാണ് ശിക്ഷയെന്നും കൊല്ലപ്പെട്ടവന്റെ അവകാശികൾ പ്രതിക്കൊല ഒഴിവാക്കികൊടുക്കുന്ന പക്ഷം തെണ്ടം മതിയെന്നും സു: ബഖറ 178 ൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ പാതകം എത്രകണ്ട് ക്രൂരവും ഭയങ്കരവുമായിട്ടാണ് അല്ലാഹു കണക്കാക്കിയിരിക്കുന്നതെന്ന് 93-ാവചനം വ്യക്തമാക്കുന്നു. ഘാതകന്റെ പ്രതിഫലം ശാശ്വതമായ നരകമാണെന്നും അല്ലാഹു വിന്റെ കോപത്തിനും ശാപത്തിനും അവൻ പാത്രമാകുമെന്നും അല്ലാഹു പ്രസ്താവിക്കുന്നു. ശിർക്കും കുഫ്റും കഴിച്ചാൽ പാപങ്ങളിൽ വെച്ച് ഏറ്റവും ഗൗരവമേറിയത് കരുതികൂട്ടി ഒരു സത്യവിശ്വാസിയെ വധിക്കുക എന്നതാകുന്നു.

**വചനം 94**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا ضَرَبْتُمْ فِى سَبِيلِ ٱللَّهِ فَتَبَيَّنُواْ وَلَا تَقُولُواْ لِمَنْ أَلْقَىٰٓ إِلَيْكُمُ ٱلسَّلَٰمَ لَسْتَ مُؤْمِنًا تَبْتَغُونَ عَرَضَ ٱلْحَيَوٰةِ ٱلدُّنْيَا فَعِندَ ٱللَّهِ مَغَانِمُ كَثِيرَةٌ ۚ كَذَٰلِكَ كُنتُم مِّن قَبْلُ فَمَنَّ ٱللَّهُ عَلَيْكُمْ فَتَبَيَّنُوٓاْ ۚ إِنَّ ٱللَّهَ كَانَ بِمَا تَعْمَلُونَ خَبِيرًا ﴿٩٤﴾

94 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ (സമരത്തിനായി) യാത്രപോയാൽ, നിങ്ങൾ (കാര്യം) വ്യക്തമായി മനസ്സിലാക്കി ക്കൊള്ളുവിൻ; നിങ്ങളോട് 'സലാം' (സമാധാനം) പ്രകടിപ്പിച്ചവനോട് "നീ സത്യവിശ്വാസിയല്ല" എന്ന് നിങ്ങൾ പറയുകയും ചെയ്യരുത്; നിങ്ങൾ ഐഹിക ജീവിതത്തിൻെറ വിഭവം തേടിക്കൊണ്ട്. എന്നാൽ, അല്ലാഹുവിൻെറ അടുക്കൽ വളരെ 'ഗനീമത്തു' (ഭാഗ്യമായി ലഭിക്കുന്ന വസ്തു)കൾ ഉണ്ട്. മുമ്പ് നിങ്ങൾ അപ്രകാരം തന്നെയായിരുന്നു; എന്നിട്ട് അല്ലാഹു നിങ്ങളിൽ ദാക്ഷിണ്യം ചെയ്തിരിക്കുകയാണ്; അതിനാൽ, നിങ്ങൾ വ്യക്തമായി (അന്വേഷിച്ചു) മനസ്സിലാക്കുവിൻ. നിശ്ചയമായും അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മ ജ്ഞനാകുന്നു.

---

മുസ്ലിംകൾ ശത്രു നാട്ടിലേക്ക് പടയെടുക്കുമ്പോൾ, അവിടവിടെയായി, ഇസ്ലാമിൽ വിശ്വസിച്ചിരുന്ന ചില ഒറ്റ പെട്ട വ്യക്തികളുണ്ടായിരുന്നു. അവരെ തിരിച്ചറിയാൻ പ്രത്യക്ഷലക്ഷണങ്ങളൊന്നുമുണ്ടായിരുന്നി ല്ല. അവരെ, മുസ്ലിംകൾ ശത്രുവിഭാഗക്കാരായി ഗണിക്കുകയും വാളിനിരയാകാൻ ഹേതുവാകുകയും ചെയ്തി രുന്നതിനാൽ മുസ്ലിം ആണെന്ന് കാണിക്കാൻ 'സലാം' പറയുകയൊ 'ലാഇലാഹ ഇല്ലല്ലാഹു' എന്ന് സാക്ഷ്യം വഹിക്കുന്നതായി പറയുകയോ ചെയ്തിട്ടും, അതു രക്ഷപെടാനുള്ള താൽകാലിക അടവാണെന്ന് കരുതി, അവരെ വധിക്കുകയും അവരുടെ സ്വത്തുക്കൾ കൈക്കലാക്കുകയും ചെയ്യുന്നചില സംഭവങ്ങളുണ്ടായി അത്തരം സംഭവങ്ങളെ റസൂൽ(സ)തങ്ങൾ അധിക്ഷേപിക്കുകയും ചെയ്തിരുന്നു. ആയതിനാൽ മേലിൽ അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സൂക്ഷിക്കണമെന്നും വാസ്തവം വ്യക്തമാകാതെ, അബദ്ധം പ്രവർത്തിച്ച് ഖേദിക്കുവാൻ ഇടവരുത്തരുതെന്നും അല്ലാഹു സത്യവിശ്യാസികളൊട് കൽപ്പിക്കുന്നു.

ഒരാളുടെ ബാഹ്യ നിലകൊണ്ടു തൃപ്തിപെടാതെ, അവനെ കൊലപെടുത്തുന്നത് കൊണ്ട് നിങ്ങൾക്ക് ലഭിക്കുന്ന നേട്ടം കേവലം നശ്വരമായ അൽപം ഭൗതിക വിഭവം മാത്രമാകുന്നു. അല്ലാഹുവിന്റെ അടുക്കൽ കണക്കറ്റ വിഭവങ്ങളും അനുഗ്രഹങ്ങളും ഇരിപ്പുണ്ട് – മറ്റൊരവസരത്തിൽ അതിൽ നിന്നും നിങ്ങൾക്കു ലഭി ക്കുവാനുള്ള അവസരം അവൻ ഉണ്ടാക്കി തന്നേക്കാം. നിങ്ങളും മുൻകാലത്ത് ആ വ്യക്തികളെപ്പോലെ അവിശ്വാസികളായിരുന്നു; പിന്നീടു നിങ്ങൾ സത്യവിശ്വാസം സ്വീകരിച്ചപ്പോൾ അത് പരസ്യപെടുത്താൻ ധൈര്യപെടാത്ത അവസ്ഥ നിങ്ങൾക്കും കഴിഞ്ഞ് പോയിട്ടുണ്ട് (അല്ലാഹുവിന്റെ ദയാ ദാക്ഷിണ്യത്താൽ ഇപ്പോൾ നിങ്ങളുടെ സ്ഥിതി മെച്ചപ്പെട്ടിരിക്കുന്നുവെന്നുമാത്രം) അതേസ്ഥിതിയിൽ കഴിഞ്ഞവരെയാണ് നിങ്ങൾ ഇപ്പോൾ കൈയേറ്റം ചെയ്യുന്നത്. മേലിൽ അത്തരം അനിഷ്ട സംഭവങ്ങൾ ആവർത്തിക്കരുത്.

താൻ മുസ്ലിമാണെന്ന് പറയുന്ന ഒരാളെപറ്റി വ്യക്തമായ തെളിവുകൂടാതെ 'അല്ല' എന്ന് വിധിക്കാൻ പാടില്ല എന്നൊക്കെയാണ് അല്ലാഹു പറഞ്ഞതിന്റെ താൽപര്യം

അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചെല്ലാം സൂക്ഷ്മമായി അറിഞ്ഞ് കൊണ്ടിരിക്കുന്നു ണ്ടെന്ന് താക്കീത് നൽകുകയും ചെയ്യുന്നു.

---

**വചനം 95,96**

لَّا يَسْتَوِى ٱلْقَٰعِدُونَ مِنَ ٱلْمُؤْمِنِينَ غَيْرُ أُوْلِى ٱلضَّرَرِ وَٱلْمُجَٰهِدُونَ فِى سَبِيلِ

95 സത്യവിശ്വാസികളിൽനിന്ന് ബുദ്ധിമുട്ടു ള്ളവരല്ലാത്ത (അടങ്ങി) ഇരിക്കുന്നവരും, തങ്ങളുടെ സ്വത്തുക്കളും ദേഹങ്ങളുംകൊണ്ട്

അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം ചെയ്യുന്നവരും സമമാവുകയില്ല. തങ്ങളുടെ സ്വത്തുക്കളും, ദേഹങ്ങളുംകൊണ്ട് സമരം ചെയ്യുന്നവരെ (അടങ്ങി) ഇരിക്കുന്നവരേക്കാൾ അല്ലാഹു പദവിയാൽ ശ്രേഷ്ഠരാക്കിയിരിക്കുന്നു. എല്ലാവരോടും (തന്നെ) അല്ലാഹു ഏറ്റവും നല്ലത് (നൽകുമെന്ന്) വാഗ്ദാനം ചെയ്കയും ചെയ്തിരിക്കുന്നു. സമരം ചെയ്യുന്നവരെ (അടങ്ങി) ഇരിക്കുന്നവരേക്കാൾ വമ്പിച്ച പ്രതിഫലത്താൽ അല്ലാഹു ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു;-

96 (അതെ) അവങ്കൽനിന്നുള്ള പല പദവികളും, പാപമോചനവും, കാരുണ്യവും! അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

ٱللَّهِ بِأَمْوَٰلِهِمْ وَأَنفُسِهِمْ ۚ فَضَّلَ ٱللَّهُ ٱلْمُجَٰهِدِينَ بِأَمْوَٰلِهِمْ وَأَنفُسِهِمْ عَلَى ٱلْقَٰعِدِينَ دَرَجَةً ۚ وَكُلًّا وَعَدَ ٱللَّهُ ٱلْحُسْنَىٰ ۚ وَفَضَّلَ ٱللَّهُ ٱلْمُجَٰهِدِينَ عَلَى ٱلْقَٰعِدِينَ أَجْرًا عَظِيمًا ﴿٩٥﴾

دَرَجَٰتٍ مِّنْهُ وَمَغْفِرَةً وَرَحْمَةً ۚ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٩٦﴾

---

യുദ്ധം ഒരു പൊതു നിർബന്ധ മായിരിക്കുകയും, ഏതാനും ആളുകൾ അതിന് സന്നദ്ധരായാൽ മതിയാകുമായിരുന്നതുമായ അവസരത്തിൽ, യുദ്ധത്തിന് പോകാതെ അടങ്ങിയിരുന്നവരെ പറ്റിയാണ് ഈ പ്രസ്താവന. (ബദ്ർയുദ്ധത്തിൽ പങ്കെടുത്തവരെയും പങ്കെടുക്കാത്തവരെയും സംബന്ധിച്ചാണ് ഈവചനമെന്ന് ഇബ്നു അബ്ബാസ്(റ) പ്രസ്താവിക്കുന്നു)

രോഗം, വൈകല്യം മുതലായ ബുദ്ധിമുട്ടുകളൊന്നും കൂടാതെന്നെ ധർമസമരങ്ങളിൽ പങ്കെടുക്കാതെ, വീട്ടിൽ അടങ്ങിയിരിക്കുന്ന ആളുകളും, ധനം കൊണ്ടും ദേഹം കൊണ്ടും സമരത്തിനിറങ്ങുന്നവരും ഒരു പൊലെയല്ലെന്നും എല്ലാവർക്കും അവരവരുടെ സൽക്കർ മങ്ങൾക്കനുസരിച്ച് പ്രതിഫലങ്ങൾ നൽകുമെങ്കിലും സമരശാലികൾക്ക് മറ്റേവർക്കുമില്ലാത്ത ശ്രേഷ്ഠതകളും, സ്ഥാനപദവികളും നല്കുമെന്നും അല്ലാഹു പ്രസ്താവിക്കുന്നു.

ജിഹാദ് എന്ന വാക്കിന് ഇമാം ഇബ്നു തൈമിയ (റ) ഇങ്ങനെ നിർവചനം നല്കിയിരിക്കുന്നു. “ജിഹാദ് എന്നാൽ അല്ലാഹുവിന് ഇഷ്ടപ്പെട്ട വിഷയം, സാധിക്കുന്നതിലും, അല്ലാഹുവിന് വെറുപ്പായ കാര്യങ്ങളെ തടയുന്നതിലും എല്ലാ വിധ കഴിവുകളും വിനിയോഗിക്കുക എന്നാകുന്നു”

പ്രത്യക്ഷശത്രുവിനെ ചെറുക്കുന്നതിലുള്ള ജിഹാദ് , പിശാചിനോടുള്ള ജിഹാദ്, സ്വന്തം ദേഹത്തോടുള്ള ജിഹാദ് എന്നിങ്ങനെ മൂന്ന് തരം ജിഹാദുണ്ടെന്നും കൈകൊണ്ടും നാവ് കൊണ്ടും ജിഹാദ് ഉണ്ടെന്നും” ഇമാം റാഗിബ്ബ്(റ) ജിഹാദിനെ നിർവചിക്കുന്നു.

## വിഭാഗം 14

**വചനം 97, 98, 99**

97 നിശ്ചയമായും, തങ്ങളോടു തന്നെ അക്രമം പ്രവർത്തിക്കുന്നവരായ നിലയിൽ മലക്കുകൾ യാതൊരു കൂട്ടരെ (മരണപ്പെടുത്തി) പിടിച്ചെടുക്കുന്നുവോ, (അവരോട്) അവർ (മലക്കുകൾ) പറയും: ‘‘നിങ്ങൾ എന്തിലായിരുന്നു (നിലകൊണ്ടിരുന്നത്)?’’ അവർ (അക്രമം പ്രവർത്തിച്ചവർ) പറയും: “ഞങ്ങൾ ഭൂമിയിൽ ദുർബ്ബലരായിരുന്നു.’’ അവർ (മലക്കുകൾ) പറയും: “അല്ലാഹുവിൻെറ ഭൂമി വിശാലമായതായിരുന്നില്ലേ- അതിൽ നിങ്ങൾക്കു ‘ഹിജ്റ’ (പലായനം) ചെയ്യാമായിരുന്നുവല്ലോ?!’’

إِنَّ ٱلَّذِينَ تَوَفَّىٰهُمُ ٱلْمَلَٰٓئِكَةُ ظَالِمِىٓ أَنفُسِهِمْ قَالُوا۟ فِيمَ كُنتُمْ ۖ قَالُوا۟ كُنَّا مُسْتَضْعَفِينَ فِى ٱلْأَرْضِ ۚ قَالُوٓا۟ أَلَمْ تَكُنْ أَرْضُ ٱللَّهِ وَٰسِعَةً فَتُهَاجِرُوا۟ فِيهَا ۚ فَأُو۟لَٰٓئِكَ مَأْوَىٰهُمْ جَهَنَّمُ ۖ وَسَآءَتْ مَصِيرًا ﴿٩٧﴾

അക്കൂട്ടര്‍- അവരുടെ സങ്കേതം 'ജഹന്നം' (നരകം) ആകുന്നു. അതു വളരെ മോശപ്പെട്ട പര്യവസാനവും!-

98 പുരുഷന്‍മാരും, സ്ത്രീകളും, കുട്ടികളുമാകുന്ന ദുര്‍ബ്ബലര്‍ ഒഴികെ, വല്ല ഉപായത്തിന്നും, സാധ്യമാകുകയാകട്ടെ, വല്ല (രക്ഷാ) മാര്‍ഗ്ഗവും കണ്ടു കിട്ടുകയാകട്ടെ ഇല്ലാത്ത വിധം (ദുര്‍ബ്ബലരായവരൊഴികെ)

إِلَّا ٱلْمُسْتَضْعَفِينَ مِنَ ٱلرِّجَالِ وَٱلنِّسَآءِ وَٱلْوِلْدَٰنِ لَا يَسْتَطِيعُونَ حِيلَةً وَلَا يَهْتَدُونَ سَبِيلًا ﴿٩٨﴾

99 എന്നാല്‍, അക്കൂട്ടര്‍-അവര്‍ക്ക് അല്ലാഹു മാപ്പ് ചെയ്യുമാറായേക്കുന്നതാണ്. അല്ലാഹു വളരെ മാപ്പ് നല്‍കുന്നവനും, വളരെ പൊറുക്കുന്നവനുമാകുന്നു.

فَأُو۟لَٰٓئِكَ عَسَى ٱللَّهُ أَن يَعْفُوَ عَنْهُمْ ۚ وَكَانَ ٱللَّهُ عَفُوًّا غَفُورًا ﴿٩٩﴾

---

ശിര്‍ക്കിന്റെ നാട്ടില്‍ നിന്ന് ഹിജ്റ പോകാതെ, നാടും വീടും വിടാനുള്ള മടി നിമിത്തം, ശത്രുക്കളുടെ ഇടയില്‍, അവരെ തൃപ്തിപെടുത്താനായി മതാനുഷ്ഠാനങ്ങളില്‍ വിട്ട് വീഴ്ച ചെയ്ത് കൊണ്ട് കഴിഞ്ഞ് കൂടിയിരുന്ന മക്കയിലുണ്ടായിരുന്ന മുസ്ലീംകളെക്കുറിച്ച് അല്ലാഹു പ്രസ്താവിക്കുന്ന. തങ്ങള്‍ ശത്രു നാട്ടിലായത് കൊണ്ട് മുശ്‌രിക്കുകളുടെ ഇംഗിതത്തിന് വഴങ്ങി ജീവിക്കാന്‍ നിര്‍ബന്ധിതരാണെന്ന് അവര്‍ പറയുകയും ചെയ്യുമായിരുന്നു. എന്നാല്‍ ഹിജ്റക്ക് ശേഷം, മദീനയില്‍ സൈ്വരമായ ഇസ്ലാമിക ജീവിതത്തിന് സാഹചര്യം ഉണ്ടായതോട് കൂടി മുസ്ലീംകളെല്ലാം മദീനയിലേക്ക് ഹിജ്റ പോകല്‍ നിര്‍ബന്ധമായിരുന്നു. എന്നാല്‍ അവരില്‍ ചിലര്‍ ഐഹിക താല്പര്യങ്ങള്‍ ത്യജിക്കുവാന്‍ സന്നദ്ധരായിരുന്നില്ല. അവരെകുറിച്ചാണ് ഈ വചനത്തിലെ പരാമര്‍ശം. തങ്ങളുടെ സംഘശക്തി അധികമുണ്ടെന്ന് തോന്നിപ്പിക്കാനായി ഇവരില്‍ പെട്ട ചിലരെ മുശ്‌രിക്കുകള്‍, ബദ്ര്‍ യുദ്ധത്തിന് നിര്‍ബന്ധിച്ച് കൊണ്ട് പോകുകയും, ചിലര്‍ യുദ്ധത്തില്‍ കൊല്ലപെടുകയും ചെയ്തു. അപ്പോള്‍ മദീനയിലെ മുസ്ലീംകള്‍, ആസഹോദരന്‍മാര്‍ക്ക് വേണ്ടി, പാപമോചനം തേടി. ഇവരുടെ വിഷയത്തില്‍ 97-ാം വചനം അവതരിക്കുകയും, ഈ വിവരം (ഹിജ്റ പോരാത്തവര്‍ക്ക് ഒഴികഴിവില്ലെന്ന്) അവര്‍ മക്കയിലെ ബാക്കിയുള്ള ആളുകള്‍ക്ക് എഴുതി അറിയിക്കുകയും ചെയ്തു. അങ്ങനെ അവര്‍ ഹിജ്റ പുറപ്പെടുകയും, മുശ്‌രിക്കുകള്‍ അവരുടെ പിന്നാലെ കൂടി അവരെ കുഴപ്പത്തിലാക്കുകയുമുണ്ടായി. അവരെ പറ്റി സൂ: അങ്കബൂത്ത് 10ാം വചനം അവതരിച്ചു. (അല്ലാഹുവില്‍ ഞങ്ങള്‍ വിശ്വസിച്ചു എന്ന് പറയുകയും, എന്നിട്ട് അല്ലാഹുവിന്റെ വിഷയത്തില്‍ വല്ല ഉപദ്രവവും ബാധിച്ചാല്‍ ജനങ്ങളുടെ കുഴപ്പത്തെ അല്ലാഹുവിന്റെ ശിക്ഷയെന്നോണമാക്കിതീര്‍ക്കുകയും ചെയ്യുന്ന ചിലര്‍ മനുഷ്യരിലുണ്ട്".)

ഈ വിവരവും മുസ്ലീംകള്‍ അവര്‍ക്കെഴുതി അറിയിച്ചു. തങ്ങള്‍ക്ക് ഗുണം ലഭിക്കാന്‍ ഒരു മാര്‍ഗ്ഗവുമില്ലെന്ന് നിരാശപ്പെട്ട അവരെപറ്റി സൂ:നഹ്ല്‍ 110-ാം വചനം അവതരിക്കുകയുണ്ടായി. (കുഴപ്പത്തിലകപ്പെട്ട ശേഷം, ഹിജ്റ പോകുകയും പിന്നീട് സമരം ചെയ്യുകയും ക്ഷമിക്കുകയും ചെയ്തവര്‍ക്ക്, നിന്റെ റബ്ബ് പൊറുത്ത് കൊടുക്കുന്നവനും കരുണാനിധിയുമാണ്")

ഈ വിവരമറിഞ്ഞ അവര്‍, മദീനയിലേക്ക് പുറപ്പെടുകയും, ശത്രുക്കളുമായി സമരത്തില്‍ ഏര്‍പ്പെടുകയും ചെയ്തു.

മതസ്വാതന്ത്ര്യം ഇല്ലാതിരിക്കുകയും, ശത്രുക്കളുടെ ഹിതങ്ങള്‍ക്കായി മതമൂല്യങ്ങള്‍ അവഗണിക്കേണ്ടി വരികയും, ഐഹിക സുഖ സൌകര്യങ്ങള്‍ക്ക് പ്രാധാന്യം നല്കികൊണ്ട് , ഇസ്ലാമിക ജീവിതം നയിക്കാനുള്ള മാര്‍ഗ്ഗമുണ്ടായിട്ട് പോലും, അതിന് തുനിയാതിരിക്കുകയും ചെയ്യുന്നവരെയെല്ലാം ബാധിക്കുന്നതാണ് വചനം 97. ശത്രു രാജ്യമായ 'ദാറുല്‍ ഹര്‍ബി'ല്‍ താമസിക്കുകയും, ഇസ്ലാമിന്റെ നാടായ 'ദാറുല്‍ ഇസ്ലാമി' ലേക്ക് ഹിജ്റ പോരുവാന്‍ തയാറാകാതിരിക്കുകയും ചെയ്യുക വഴി സ്വന്തം ദേഹങ്ങളോട് അക്രമം പ്രവര്‍ത്തിച്ച് കൊണ്ടിരിക്കുന്നവരുടെ മരണസമയത്ത് ആത്മാക്കളെ പിടിച്ചെടുക്കുന്ന മലക്കുകള്‍ അവരോട്, നിങ്ങള്‍ നിങ്ങളുടെ മതകാര്യങ്ങള്‍ എങ്ങനെ കൈകാര്യം ചെയ്തു, നിങ്ങള്‍ ഏത് കക്ഷിയിലായിരുന്നു എന്നിങ്ങനെ ആക്ഷേപിക്കുന്ന അവസരത്തില്‍, ഞങ്ങള്‍ ദുര്‍ബലരായിരുന്നതിനാല്‍ മതനിഷ്ഠ പാലിക്കാന്‍ കഴിയാതെ, ശത്രുക്കള്‍ക്ക് വഴങ്ങി കഴിയേണ്ടി വന്നു എന്നവര്‍ മറുപടി നല്കും. അപ്പോള്‍ മലക്കുകള്‍ അല്ലാഹുവിന്റെ വിശാലമായ ഭൂമിയില്‍ നിങ്ങള്‍ക്ക് സ്വാതന്ത്ര്യം ലഭിക്കുന്ന നാട്ടിലേക്ക് വിട്ട് പോകാമായിരുന്നില്ലേ എന്ന് പറഞ്ഞ് അവരെ ഖണ്ഡിക്കുകയും. അത്തരക്കാര്‍ക്ക് അല്ലാഹു നരകശിക്ഷ നല്‍കുകതന്നെ ചെയ്യുന്നതുമാണ്-

എന്നാൽ ഹിജ്റ പോകാൻ കഴിയാത്ത രോഗികൾ , വാർദ്ധക്യം ബാധിച്ചവർ, അബലകളായ സ്ത്രീകൾ, കുട്ടികൾ എന്നിങ്ങനെയുള്ളവർക്ക് അല്ലാഹു മാപ്പ് നല്കുന്നതാണ്.

**വചനം 100**

۞ وَمَن يُهَاجِرْ فِي سَبِيلِ ٱللَّهِ يَجِدْ فِي ٱلْأَرْضِ مُرَٰغَمًا كَثِيرًا وَسَعَةً ۚ وَمَن يَخْرُجْ مِنۢ بَيْتِهِۦ مُهَاجِرًا إِلَى ٱللَّهِ وَرَسُولِهِۦ ثُمَّ يُدْرِكْهُ ٱلْمَوْتُ فَقَدْ وَقَعَ أَجْرُهُۥ عَلَى ٱللَّهِ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿١٠٠﴾

100 ആരെങ്കിലും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ 'ഹിജ്റ' (സ്വദേശം വിട്ടേച്ച്) പോകുന്നപക്ഷം, അവൻ ഭൂമിയിൽ ധാരാളം ആശ്രയ സ്ഥാനവും, വിശാലതയും കണ്ടെത്തുന്നതാണ്. ആരെങ്കിലും തൻെറ വീട്ടിൽനിന്ന് അല്ലാഹുവിങ്കലേക്കും അവൻെറ റസൂലിലേക്കും 'ഹിജ്റ' പോകുന്നവനായി പുറപ്പെടുകയും, (എന്നിട്ട്) പിന്നീടവന് മരണം പിടിപെടുകയും ചെയ്യുന്നപക്ഷം, തീർച്ചയായും, അവൻെറ പ്രതിഫലം അല്ലാഹുവിൻെറ മേൽ (ബാധകമായി) സ്ഥിരപ്പെട്ടു. അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

അല്ലാഹുവിന്റെ ദീനിന്റെ നന്മയെ ലക്ഷ്യം വെച്ച് സ്വദേശം ത്യജിച്ച് പോകുന്നവർക്ക്, ശത്രുക്കളുടെ അധീഷ്ടങ്ങളിൽ നിന്ന് രക്ഷപ്പെട്ട് കൊണ്ട് , സുഖമായി കഴിഞ്ഞ് കൂടത്തക്ക ഇടവും സൌകര്യവും ഭൂമിയിൽ ധാരാളമുണ്ട് . മാത്രമല്ല , അല്ലാഹുവിന്റെ കല്പനകൾ പാലിച്ച് ,റസൂലിന്റെ സഹവാസത്തിൽ താല്പര്യം വെച്ച് കൊണ്ട് ,സ്വദേശം വിട്ട് പുറപ്പെട്ട ശേഷം ഉദ്ദിഷ്ട സ്ഥാനത്തെത്തും മുൻപ് വല്ലവരും മരണപ്പെട്ടാലും അല്ലാഹു അവരുടെ തെറ്റുകൾ പൊറുത്ത് കൊടുക്കുകയും വമ്പിച്ച പ്രതിഫലം നൽകുന്നതുമാകുന്നു.

ഉമർ(റ) നിവേദനം ചെയ്ത ഒരു പ്രസിദ്ധ ഹദീസിൽ നബി(സ) പറയുന്നു: നിശ്ചയമായും കർമങ്ങൾ ഉദ്ദേശ്യങ്ങൾ അനുസരിച്ച് മാത്രമായിരിക്കും. ഒരുവന്റെ ഹിജ്റ അല്ലാഹുവിങ്കലേക്കും അവന്റെ റസൂലിലേക്കും ഉദ്ദേശിച്ച് കൊണ്ടായിരുന്നാൽ അവനതിന്റെ പ്രതിഫലമുണ്ടായിരിക്കും. ഒരുവന്റെ ഹിജ്റ ഐഹിക കാര്യങ്ങൾ (സമ്പത്ത് , വിവാഹം ) ഉദ്ദേശിച്ചായിരുന്നാൽ അവന് അത് മാത്രമുണ്ടായിരിക്കും ”

## വിഭാഗം 15

**വചനം 101**

وَإِذَا ضَرَبْتُمْ فِي ٱلْأَرْضِ فَلَيْسَ عَلَيْكُمْ جُنَاحٌ أَن تَقْصُرُوا۟ مِنَ ٱلصَّلَوٰةِ إِنْ خِفْتُمْ أَن يَفْتِنَكُمُ ٱلَّذِينَ كَفَرُوٓا۟ ۚ إِنَّ ٱلْكَٰفِرِينَ كَانُوا۟ لَكُمْ عَدُوًّا مُّبِينًا ﴿١٠١﴾

101 (സത്യവിശ്വാസികളേ) നിങ്ങൾ ഭൂമിയിൽ യാത്ര ചെയ്യുന്നതായാൽ, നിങ്ങൾ നമസ്കാരത്തിൽ നിന്ന്(കുറച്ചു) ചുരുക്കുന്നതിന് നിങ്ങളുടെമേൽ തെറ്റില്ല; അവിശ്വസിച്ചവർ നിങ്ങളെ കുഴപ്പത്തിലാക്കുന്നത് നിങ്ങൾ ഭയപ്പെട്ടുവെങ്കിൽ. നിശ്ചയമായും, അവിശ്വാസികൾ നിങ്ങൾക്ക് പ്രത്യക്ഷമായ ശത്രുവാകുന്നു.

യാത്രാവേളകളിൽ അഞ്ചു നിർബന്ധ നമസ്ക്കാരങ്ങൾ യഥാവിധി നിർവ്വഹിക്കുവാൻ പ്രയാസമായതു കൊണ്ട് അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ അല്ലാഹു നിർദ്ദേശിക്കുന്നു:

'ഖസ്ർ' എന്നാൽ ചുരുക്കുക എന്നർത്ഥം. നമസ്ക്കാരം ഖസ്ർ ചെയ്യുന്നതു രണ്ട് വിധത്തിലുണ്ട്

1. നമസ്ക്കാരത്തിന്റെ റക്അത്തുകളുടെ എണ്ണം കുറച്ചും ഖിബ്‌ലക്ക് തിരിയാതെയും, റുകൂഅ് , സുജൂദ് മുതലായവ പൂർത്തിയാക്കാതെയും നടന്നും ഓടിയും കൊണ്ടും എന്നിങ്ങനെ വ്യത്യസ്തമായ പല രീതിയിലും ചെയ്യുന്നത്. صلوة الخوف (ഭയപ്പെട്ടുകൊണ്ടുള്ള നമസ്ക്കാരം) എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. ഇതെ പറ്റി തുടർന്നുള്ള വചനങ്ങളിൽ വിവരിക്കുന്നുണ്ട്.

2. നാല് റക്അത്തുള്ള നമസ്ക്കാരം രണ്ട് റകഅത്ത് മാത്രമായി നമസ്ക്കരിക്കുക. യാത്രകളിൽ പൊതുവെ

അംഗീകരിക്കപെട്ടിട്ടുള്ളത് ഈ രൂപത്തിലാകുന്നു.

ഭയാവസ്ഥയിലുള്ള ആദ്യത്തെ ഖസ്ർ ഖുർ ആൻ കൊണ്ടും , സമാധാനാവസ്ഥയിലുള്ള രണ്ടാമത്തെ ഖസ്ർ നബി(സ)യുടെ സുന്നത്ത് കൊണ്ടുമാണ് സ്ഥാപിതമായത് – “ അത് അല്ലാഹു നിങ്ങൾക്ക് നല്കിയ ഒരു സ്വദഖ: യാണ്. അവന്റെ സ്വദഖ നിങ്ങൾ സ്വീകരിച്ച് കൊള്ളുവിൻ ” എന്നാണ് ഇതേക്കുറിച്ചുള്ള നബി(സ) യുടെ തിരുവചനം .

യാത്രാവസ്ഥയിലുള്ള ഖസ്റിനെ സംബന്ധിച്ചേടത്തോളം, ഇത്ര ദൂരം ഉണ്ടെങ്കിലേ, ഖസ്വ്ർ പാടുള്ളുവെന്ന് നിർണ്ണയിക്കുവാൻ തക്ക ഒരു തെളിവ് നബി(സ) യുടെ സുന്നത്തിൽ കാണുന്നില്ല. സ്വാഭാവികമായും പണ്ഡിതൻമാർക്കിടയിൽ ഇക്കാര്യത്തിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. സാധാരണ ഗതിയിൽ, ഒരു യാത്രയെന്ന് വിശേഷിക്കപ്പെടുമാറുള്ള ദൂരമുണ്ടെങ്കിലേ ഖസ്വ്ർ ആക്കാൻ പാടുള്ളുവെന്നും, അടുത്തടുത്ത സ്ഥലങ്ങളിലേക്കും, നിത്യാവശ്യങ്ങൾക്കുള്ള പോക്ക് വരവുകളിലും ഖസ്ർ പാടില്ല എന്നും തീർച്ചയാണ് താനും

“ഖസ്വ്റാക്കുന്നതിന് തെറ്റില്ല ” എന്നാണ് വചനമെങ്കിലും, യാത്രകളിലെല്ലാം തന്നെ നബി (സ) നമസ്ക്കാരം ഖസ്വ്റാക്കുകയായിരുന്നു പതിവ്. ‘ഖസ്ർ’ ആക്കൽ യാത്രകളിൽ നിർബന്ധമില്ലെന്നാണ് ഭൂരിപക്ഷാഭിപ്രായം. ഏതായാലും ഖസ്റാക്കലാണ് ഉത്തമമെന്നുള്ളതിൽ സംശയമില്ല.

---

**വചനം 102, 103**

102 (നബിയേ) നീ അവരിൽ ഉണ്ടായിരിക്കുകയും, എന്നിട്ട് അവർക്ക് നമസ്കാരം നിലനിർത്തി (നടത്തി) ക്കൊടുക്കുകയും ചെയ്താൽ, അവരിൽനിന്ന് ഒരു വിഭാഗം നിൻെറ കൂടെ (നമസ്കാരത്തിന്) നിന്നുകൊള്ളട്ടെ; അവർ തങ്ങളുടെ ആയുധങ്ങൾ എടുത്തുകൊള്ളുകയും ചെയ്യട്ടെ. അങ്ങനെ, അവർ ‘സുജൂദ്’ ചെയ്താൽ അവർ നിങ്ങളുടെ പിൻപുറത്തായിരിക്കട്ടെ. നമസ്കരിച്ചിട്ടില്ലാത്ത മറ്റൊരു വിഭാഗം (നിൻെറകൂടെ) വരുകയും ചെയ്യട്ടെ; എന്നിട്ട് അവർ നിൻെറ കൂടെ നമസ്കരിച്ചുകൊള്ളട്ടെ; അവർ തങ്ങളുടെ ജാഗ്രതയും, തങ്ങളുടെ ആയുധങ്ങളും എടുത്തു കൊള്ളുകയും ചെയ്യട്ടെ. നിങ്ങൾ നിങ്ങളുടെ ആയുധങ്ങളെയും, നിങ്ങളുടെ സാമാനങ്ങളെയും സംബന്ധിച്ച് ശ്രദ്ധ വിട്ടിരുന്നെങ്കിൽ (കൊള്ളാം) എന്ന് (ആ) അവിശ്വസിച്ചവർ മോഹിക്കുകയാണ്; എന്നാലവർക്ക് നിങ്ങളുടെമേൽ (പെട്ടെന്ന്) ഒരൊറ്റ ആഞ്ഞടി നടത്താമായിരുന്നു (വല്ലോ)! നിങ്ങൾക്ക് മഴ നിമിത്തം വല്ല ശല്യവും ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ നിങ്ങൾ രോഗികളായിരിക്കുകയോ ചെയ്തെങ്കിൽ, നിങ്ങളുടെമേൽ തെറ്റുമില്ല, നിങ്ങളുടെ ആയുധങ്ങൾ (ഇറക്കി) വെക്കുന്നതിന്. (എന്നാലും) നിങ്ങൾ നിങ്ങളുടെ ജാഗ്രത സ്വീകരിക്കുകയും ചെയ്യണം. (അതിൽ വീഴ്ച വരുത്തിക്കൂടാ.) നിശ്ചയമായും, അവിശ്വാസികൾക്ക് അല്ലാഹു നിന്ദാകരമായ ശിക്ഷ ഒരുക്കിവെച്ചിരിക്കുന്നു.

وَإِذَا كُنتَ فِيهِمۡ فَأَقَمۡتَ لَهُمُ ٱلصَّلَوٰةَ
فَلۡتَقُمۡ طَآئِفَةٞ مِّنۡهُم مَّعَكَ وَلۡيَأۡخُذُوٓاْ
أَسۡلِحَتَهُمۡۖ فَإِذَا سَجَدُواْ فَلۡيَكُونُواْ مِن
وَرَآئِكُمۡ وَلۡتَأۡتِ طَآئِفَةٌ أُخۡرَىٰ لَمۡ
يُصَلُّواْ فَلۡيُصَلُّواْ مَعَكَ وَلۡيَأۡخُذُواْ حِذۡرَهُمۡ
وَأَسۡلِحَتَهُمۡۗ وَدَّ ٱلَّذِينَ كَفَرُواْ لَوۡ تَغۡفُلُونَ
عَنۡ أَسۡلِحَتِكُمۡ وَأَمۡتِعَتِكُمۡ فَيَمِيلُونَ
عَلَيۡكُم مَّيۡلَةٗ وَٰحِدَةٗۚ وَلَا جُنَاحَ
عَلَيۡكُمۡ إِن كَانَ بِكُمۡ أَذٗى مِّن مَّطَرٍ أَوۡ
كُنتُم مَّرۡضَىٰٓ أَن تَضَعُوٓاْ أَسۡلِحَتَكُمۡۖ
وَخُذُواْ حِذۡرَكُمۡۗ إِنَّ ٱللَّهَ أَعَدَّ لِلۡكَٰفِرِينَ
عَذَابٗا مُّهِينٗا ١٠٢

فَإِذَا قَضَيْتُمُ ٱلصَّلَوٰةَ فَٱذْكُرُوا۟ ٱللَّهَ قِيَـٰمًا وَقُعُودًا وَعَلَىٰ جُنُوبِكُمْ ۚ فَإِذَا ٱطْمَأْنَنتُمْ فَأَقِيمُوا۟ ٱلصَّلَوٰةَ ۚ إِنَّ ٱلصَّلَوٰةَ كَانَتْ عَلَى ٱلْمُؤْمِنِينَ كِتَـٰبًا مَّوْقُوتًا ﴿١٠٣﴾

103 അങ്ങനെ, നിങ്ങൾ നമസ്കാരം നിർവ്വഹിച്ചു കഴിഞ്ഞാൽ, നിൽക്കുന്നവരായും, ഇരിക്കുന്ന വരായും, നിങ്ങളുടെ പാർശ്വങ്ങളിലായും (കിടക്കുന്നവരായും) കൊണ്ട് നിങ്ങൾ അല്ലാഹുവിനെ ഓർമ്മിക്കുവിൻ. ഇനി, നിങ്ങൾക്ക് സമാധാനമായാൽ നിങ്ങൾ നമസ്കാരം (മുറക്ക്) നിലനിർത്തുവിൻ. (കാരണം) നിശ്ചയമായും നമസ്കാരം, സത്യവിശ്വാസികളുടെ മേൽ സമയം നിർണ്ണയിക്കപ്പെട്ട ഒരു നിർബന്ധ (നിയമ) മാകുന്നു.

---

യുദ്ധാവസരത്തിൽ അനുഷ്ഠിക്കേണ്ടുന്ന ഭയത്തിന്റെ നമസ്ക്കാരത്തിന്റെ صلوة الخوف പ്രധാന വിശദീകര ണമാണ് അല്ലാഹു വിവരിക്കുന്നത്.

സൈന്യത്തെ രണ്ടായി വിഭജിച്ച് ഒരു വിഭാഗത്തെയും കൂട്ടി നബി(സ) (സൈന്യനായകൻമാർ) ഇമാമായി ക്കൊണ്ട് നമസ്കാരം ആരംഭിക്കുക. സുജൂദ് കഴിഞ്ഞാൽ ആ വിഭാഗക്കാർ പിന്നോട്ട് മാറി ശത്രുക്കളെ അഭി മുഖീകരിച്ച് നില്ക്കുക . അതോടെ മറ്റേ വിഭാഗം മുന്നോട്ട് വന്ന് നബി(സ) യോടൊപ്പം ഒരു റക് അത്ത് നമ സ്ക്കരിക്കുക. ബാക്കിയുള്ള റക്അത്തുകൾ സൌകര്യം പോലെ സൈന്യം ഒറ്റയായൊ കൂട്ടായൊ നബി(സ) യോടൊപ്പം ഊഴം വെച്ചൊ പൂർത്തിയാക്കാമെന്നാണ് മനസ്സിലാകുന്നത്. الله اعلم യുദ്ധവേളയിൽ പോലും, ജമാഅത്തായിട്ടാണ് നമസ്ക്കരിക്കേണ്ടതെന്ന് ഈ വചനത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

ഭയപ്പാടിന്റെ നമസ്ക്കാരം നബി (സ) അതാതസരത്തിലെ യുദ്ധസാഹചര്യം വിലയിരുത്തിക്കൊണ്ട്, ഒന്നിലധികം രൂപത്തിൽ ചെയ്തിട്ടുള്ളതായി കാണാം. നബി(സ) സ്വീകരിച്ച രൂപങ്ങൾ എല്ലാം തന്നെ അല്ലാഹു ഈ വചനത്തിൽ ചൂണ്ടികാട്ടിയ മൂലരൂപത്തിൽ നിന്ന് പുറത്ത് പോകുന്നില്ലെന്നും , വിശദാംശങ്ങ ളിൽ മാത്രം സന്ദർഭത്തിനൊത്ത മാറ്റങ്ങൾ സ്വീകരിക്കുകയാണ് അവിടുന്ന് ചെയ്തിട്ടുള്ളതെന്നും, കാണാവു ന്നതാണ്.

ആദ്യത്തെ വിഭാഗക്കാർ , നബി(സ) യൊന്നിച്ച് നമസ്ക്കരിക്കണമെന്ന് പറഞ്ഞതോടൊപ്പം , അവർ അവ രുടെ ആയുധങ്ങൾ കൈയിലെടുക്കണം എന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. ശത്രുക്കൾ ആക്രമിച്ചാൽ നമ സ്ക്കാരത്തിലും പ്രത്യാക്രമണം നടത്തുവാൻ സാധിക്കണം.

രണ്ടാമത്തെ വിഭാഗക്കാർ, നമസ്ക്കാരത്തിൽ പ്രവേശിക്കുമ്പോഴും ആയുധം കൈയിലെടുക്കണമെന്ന് വീണ്ടും ഉപദേശിക്കുന്നു. മാത്രമല്ല നമസ്ക്കാരം ആരംഭിച്ച് കഴിഞ്ഞാൽ , നിങ്ങളുടെ ശ്രദ്ധ യുദ്ധത്തിൽ നിന്ന് വിട്ടെന്ന് മോഹിച്ച് ശത്രുക്കൾ ആഞ്ഞടിക്കാൻ സാധ്യതയുള്ളതിനാൽ, അവർ ജാഗ്രത പുലർത്തണ മെന്നും അല്ലാഹു ഉണർത്തുന്നു. മഴ, രോഗം മുതലായ വിഷമങ്ങളുള്ളപ്പോൾ ആയുധങ്ങൾ ധരിച്ച് കൊള്ള ണമെന്നില്ലെന്നും, എന്നാൽ ജാഗ്രത കൈവിടരുത് എന്നും അല്ലാഹു ഓർമ്മിപ്പിക്കുന്നു. അവിശ്വാസികൾ ഇഹത്തിൽ ക്രമേണ നിന്ദ്യരായി പരാജയപ്പെടുമെന്നും, പരത്തിൽ അപമാനകരമായ ശിക്ഷ അനുഭവിക്കേ ണ്ടിവരുമെന്നും, അല്ലാഹു സത്യവിശ്വാസികളെ സമാധാനിപ്പിക്കുന്നു.

മേൽ വിവരിച്ച പ്രകാരം നമസ്ക്കാരം നിർവഹിച്ച് കഴിഞ്ഞ ശേഷവും , നിന്നോ ഇരുന്നോ കിടന്നോ, അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ കൈവിടാതെ, തുടരണമെന്ന്, തുടർന്ന് അല്ലാഹു ഉണർത്തുന്നു.യുദ്ധം കഴിഞ്ഞു, സ്ഥിതി ശാന്തമായി കഴിഞ്ഞാൽ പിന്നീട് പതിവ് പ്രകാരം നമസ്ക്കാരം അതിന്റ മുറ പ്രകാരം തന്നെ അനുഷ്ഠിച്ച് പോരണം.

നമസ്ക്കാരത്തിന്റെ കാര്യം യുദ്ധത്തിൽ പോലും ഒഴിവില്ലാത്ത വിധം ഇത്രയും കർശനമായും വിശ ദമായും പ്രസ്താവിക്കാൻ കാരണം, അത് സത്യവിശ്വാസികൾക്ക് ഒഴിവാക്കാൻ പാടില്ലാത്തവണ്ണം സമയ നിർണ്ണയം ചെയ്തിട്ടുള്ള ഒരു നിർബന്ധ അനുഷ്ഠാന കർമ്മമായതിനാലാണെന്ന് പ്രത്യേകം ഓർമിപ്പിക്കു ന്നു. യുദ്ധത്തിൽ പോലും നമസ്ക്കാരം സമയം തെറ്റിക്കാതെ ചെയ്യേണ്ടതുണ്ടെന്നും , ജമാഅത്തായിതന്നെ നിർവഹിക്കേണ്ടതുണ്ടെന്നും പറഞ്ഞതിനെ തുടർന്നാണ് ഈ വാക്യം അല്ലാഹു പറഞ്ഞിട്ടുള്ളതെന്ന് കൂടി ഓർക്കേണ്ടതുണ്ട്. നമസ്ക്കാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ഏതാനും നബി വചനങ്ങൾ ശ്രദ്ധിക്കുക.

“കർമ്മങ്ങളിൽ വെച്ച് അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടത് നമസ്ക്കാരം അതിന്റെ സമയത്തിന് നിർവഹിക്കുകയെന്നതാണ് ”.

“ ഇസ്ലാമിനും കുഫു’റിനും ഇടക്കുള്ള അതിർ വരമ്പാണ് നമസ്ക്കാരം ”

“ ആർ നമസക്കാരം ഉപേക്ഷിച്ചുവോ അവൻ അവിശ്വാസിയായി ”

“ ഒരടിയാന്റെയും കുഫു’റിന്റെയും ഇടക്കുള്ളത് നമസ്ക്കാരം ഉപേക്ഷിക്കലാണ്.

---

**വചനം 104**

وَلَا تَهِنُوا۟ فِى ٱبْتِغَآءِ ٱلْقَوْمِ ۖ إِن تَكُونُوا۟ تَأْلَمُونَ فَإِنَّهُمْ يَأْلَمُونَ كَمَا تَأْلَمُونَ ۖ وَتَرْجُونَ مِنَ ٱللَّهِ مَا لَا يَرْجُونَ ۗ وَكَانَ ٱللَّهُ عَلِيمًا حَكِيمًا ﴿١٠٤﴾

104 (ആ) ജനതയെ തേടിപ്പിടിക്കുന്നതിൽ നിങ്ങൾ ബലഹീനരാകരുത്. നിങ്ങൾ വേദന അനുഭവിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ, നിങ്ങൾ വേദന അനുഭവിക്കുന്നതുപോലെ നിശ്ചയമായും അവരും വേദന അനുഭവിച്ചുകൊണ്ടിരിക്കുന്നു. (കൂടാതെ,) അവർ പ്രതീക്ഷിക്കുന്നില്ലാത്ത (ചില) ത് അല്ലാഹുവിൽ നിന്നും നിങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യുന്നു. അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

---

സത്യദീനിന്റെ ശത്രുക്കളായ മുശ്രിക്കുകളെ യുദ്ധാവസരങ്ങളിൽ മാത്രം നേരിട്ടാൽ പോരാ, അവരെ കഴിയുന്നത്ര തേടിപിടിച്ച് നശിപ്പിക്കേണ്ടതുണ്ട്. അവരെ നേരിടുന്നത് മൂലം, നിങ്ങൾക്ക് പല കഷ്ട നഷ്ടങ്ങളും പരുക്കുകളുമൊക്കെ അനുഭവപ്പെട്ടേക്കാം - അതിന്റെ പേരിൽ നിങ്ങൾ പിന്നോക്കം നിന്ന് കൂടാ. അവർക്കും ഇതൊക്കെ അനുഭവപ്പെടുന്നുണ്ടെന്ന് നിങ്ങൾ ഓർക്കണം. എന്നാൽ ഇഹത്തിലും പരത്തിലും അല്ലാഹുവിങ്കൽ നിന്നുള്ള പല അനുഗ്രഹങ്ങളും പ്രതീക്ഷിക്കുന്നവരാണ് നിങ്ങൾ. അവർക്കാണെങ്കിൽ അങ്ങനെ യാതൊരു പ്രതീക്ഷയുമില്ല.

## വിഭാഗം 16

തുടർന്നുള്ള ഏതാനും വചനങ്ങൾക്ക് അവതരണ ഹേതുവായി താഴെ പറയുന്ന സംഭവം മിക്ക ഖുർആൻ പണ്ഡിതരും ഉദ്ധരിക്കുന്നു.

നബി(സ) ഒന്നിച്ചുണ്ടായിരുന്ന ഒരു പടയെടുപ്പിൽ പങ്കെടുത്ത അൻസാരികളിൽ പെട്ട ഖത്താദ(റ)വിന്റെ പിതൃവ്യൻ രിഫാഅത്ത്(റ)ന്റെ പടയങ്കി കളവ് പോകുകയുണ്ടായി. ഒരു അൻസാരി ഗോത്രമായ ബനൂളഫ്ർ കാരനായ ത്വഅ്മത്ത് (അഥവാ ബശീർ) എന്നയാളെ സംശയിക്കുന്നതായി നബി(സ)യുടെ അടുക്കൽ പരാതിയെത്തി. മോഷ്ടാവാകട്ടെ അങ്കിയെടുത്ത് സൈദുബ്നു സ്സമീൻ എന്ന ജൂതന്റെ വീട്ടിൽ കൊണ്ട് പോയി വെച്ചു. ബശീറിന്റെ സുഹൃത്തുക്കൾ നബി(സ) തിരുമേനിയുടെ അടുക്കൽചെന്ന് ബശീർ നിരപരാധിയാണെന്നും അങ്കി മോഷ്ടിച്ചത് ആ ജൂതനാണെന്നും കളവ് മുതൽ അവന്റെ അടുക്കൽ നിന്ന് കണ്ടുകിട്ടിയുണ്ടെന്നും അറിയിച്ചു. യഹൂദർ അവന്റെ നിരപരാധിത്വം വിവരിച്ചുവെങ്കിലും കളവ് മുതൽ അവന്റെ പക്കൽ നിന്ന് കണ്ട് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ യഹൂദനെ നബി(സ) കുറ്റക്കാരനായി പ്രഖ്യാപിക്കുകയും ചെയ്തു.

ത്വഅ്മത്ത് (ബശീർ) ന്റെ ആൾക്കാർ നബി(സ) യുടെ അടുക്കൽ ചെന്ന് മുസ്ലിംകളായ തങ്ങളുടെ നിരപരാധികളായ വീട്ടുകാരെ പറ്റി ഖത്താദയും കൂട്ടരും കളവ് കേസ് ചുമത്തിയെന്ന് പരാതിപ്പെട്ടു. ഖത്താദയോട് നബി(സ) ഇതേക്കുറിച്ച് നീരസം പ്രകടിപ്പിക്കുകയും ചെയ്തു. വിവരമറിഞ്ഞ ഖത്താദ(റ)യുടെ പിതൃവ്യൻ രിഫാഅത്ത്(റ) വ്യസനത്തോടെ പറഞ്ഞു : “അല്ലാഹുവിനോടാണ് സഹായം തേടുവാനുള്ളത്” - അധികം താമസമുണ്ടായില്ല 105 മുതൽ 114 ഉൾപ്പെടെയുള്ള വചനങ്ങൾ അവതരിച്ചു. ഈ വചനങ്ങൾ അവതരിച്ചപ്പോൾ തിരുമേനി ആ പടയങ്കി, രിഫാഅത്തിന് ഏൽപ്പിച്ചുകൊടുത്തു. ഈ ഖുർആൻ വചനങ്ങൾ അവതരിപ്പിച്ചപ്പോൾ യഥാർത്ഥ മോഷ്ടാവായ ത്വഅ്മത്ത് (ബശീർ) മുശ്രിക്കുകളുടെ കൂട്ടത്തിൽ ചേർന്നു. തുടർന്ന് അല്ലാഹു 115 ഉം 116 ഉം വചനങ്ങൾ അവതരിപ്പിക്കുകയുണ്ടായി.

ഖുർആൻ അല്ലാഹുവിന്റെ വചനമാണെന്നുള്ളതിന് മറ്റൊരു തെളിവാകുന്നു ഈ വചനങ്ങൾ. ഒരു സംഭവത്തിന്റെ അജ്ഞാതമായി കിടപ്പുള്ള ഗൂഢരഹസ്യങ്ങളെ കലവറ കൂടാതെ ഈ വചനങ്ങൾ തുറന്ന് കാട്ടുന്നു.

അല്ലാഹുവിന്റെ ആക്ഷേപങ്ങൾക്ക് അങ്ങേയറ്റം പാത്രീഭൂതരായ യഹൂദസമുദായത്തിൽപ്പെട്ട ഒരാളുടെ നിരപരാധിത്വവും, അൻസാറുകളായ സഹാബികളുടെ കൂട്ടത്തിൽപ്പെട്ട ചില വ്യക്തികളുടെ കാപട്യവും ഈ വചനങ്ങളിൽ പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നു. അതോടൊപ്പം നബി(സ) യെ സംബന്ധിച്ച്പോലും ആക്ഷേപ സ്വരത്തിലുള്ള വാക്കുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. അദൃശ്യജ്ഞാനിയായ, എല്ലാം സൂക്ഷ്മമായി അറിയുന്ന അല്ലാഹുവിങ്കൽ നിന്നല്ലാതെ, ഇത്രയും ന്യായയുക്തമായ പ്രസ്താവന എങ്ങിനെയുണ്ടാകാനാണെന്ന് നിശ്പക്ഷ ബുദ്ധികളായ സത്യാന്വേഷികൾ മനസ്സിരുത്തി ചിന്തിക്കട്ടെ.

---

**വചനം : 105, 106, 107, 108**

إِنَّآ أَنزَلۡنَآ إِلَيۡكَ ٱلۡكِتَٰبَ بِٱلۡحَقِّ لِتَحۡكُمَ بَيۡنَ ٱلنَّاسِ بِمَآ أَرَىٰكَ ٱللَّهُۚ وَلَا تَكُن لِّلۡخَآئِنِينَ خَصِيمٗا ١٠٥

105 (നബിയേ) നിശ്ചയമായും, നാം നിനക്ക് യഥാർത്ഥ (മുറ) പ്രകാരം വേദഗ്രന്ഥം ഇറക്കിത്തന്നിരിക്കുന്നു; അല്ലാഹു നിനക്ക് കാണിച്ചുതന്ന പ്രകാരം നീ മനുഷ്യർക്കിടയിൽ വിധി കൽപിക്കുവാൻ വേണ്ടി. നീ വഞ്ചകൻമാർക്കു വേണ്ടി (കക്ഷി പിടിച്ച്) വാദിക്കുന്നവനാവരുത്.

وَٱسۡتَغۡفِرِ ٱللَّهَۖ إِنَّ ٱللَّهَ كَانَ غَفُورٗا رَّحِيمٗا ١٠٦

106 അല്ലാഹുവിനോടു നീ പാപമോചനം തേടുകയും ചെയ്യുക. നിശ്ചയമായും അല്ലാഹു, വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

وَلَا تُجَٰدِلۡ عَنِ ٱلَّذِينَ يَخۡتَانُونَ أَنفُسَهُمۡۚ إِنَّ ٱللَّهَ لَا يُحِبُّ مَن كَانَ خَوَّانًا أَثِيمٗا ١٠٧

107 തങ്ങളുടെ സ്വന്തങ്ങളോടു (തന്നെ) വഞ്ചന പ്രവർത്തിക്കുന്നവർക്കു വേണ്ടി നീ തർക്കം നടത്തുകയും ചെയ്യരുത്. നിശ്ചയമായും മഹാവഞ്ചകനും മഹാപാപിയുമായവരെ അല്ലാഹു ഇഷ്ടപ്പെടുന്നതല്ല.

يَسۡتَخۡفُونَ مِنَ ٱلنَّاسِ وَلَا يَسۡتَخۡفُونَ مِنَ ٱللَّهِ وَهُوَ مَعَهُمۡ إِذۡ يُبَيِّتُونَ مَا لَا يَرۡضَىٰ مِنَ ٱلۡقَوۡلِۚ وَكَانَ ٱللَّهُ بِمَا يَعۡمَلُونَ مُحِيطًا ١٠٨

108 അവർ മനുഷ്യരിൽ നിന്നും മറച്ചു വെക്കുന്നു; അല്ലാഹുവിൽ നിന്ന് മറച്ചുവെക്കുന്നുമില്ല; അവൻ തൃപ്തിപ്പെടാത്തതായ വാക്കുകൾ (പറയുവാൻ) അവർ (ഗൂഢമായി) രാത്രി പരിപാടിയിടുമ്പോൾ, അവൻ അവരുടെ കൂടെയുണ്ടുതാനും. (എന്നിട്ടും!) അല്ലാഹു, അവർ പ്രവർത്തിക്കുന്നതിനെ വലയം ചെയ്യുന്ന (സൂക്ഷ്മമായി അറിയുന്ന) വനുമാകുന്നു.

---

ബാഹ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മോഷ്ടാവായ ത്വഅ്മത്തിനെ (ബശീറിനെ) നിരപരാധിയായി നബി(സ) വിധിച്ചത് ബാഹ്യമായ തെളിവുകളെ അടിസ്ഥാനമാക്കിയാണല്ലോ. അദൃശ്യകാര്യങ്ങൾ അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയുകയില്ലല്ലോ. മനുഷ്യരിൽ ഏറ്റവും ഉന്നതനായ നബി(സ) തിരുമേനിക്കുപോലും.

എന്നിരുന്നാലും നബി(സ) യുടെ ഉന്നത നിലപാടനുസരിച്ച് സംഭവത്തിന്റെ യഥാർത്ഥ സ്ഥിതിയെക്കുറിച്ച് തിരുമേനി കൂറെക്കൂടി സൂക്ഷ്മാന്വേഷണം നടത്തേണ്ടതുണ്ടായിരുന്നുവെന്നുള്ള സൂചനയാണ്. “നീ വഞ്ചകന്മാർക്കു വേണ്ടി വാദിക്കുന്നവനാകരുത്” , “സ്വന്തങ്ങളോട് തന്നെ വഞ്ചന പ്രവർത്തിക്കുന്നവർക്ക് വേണ്ടി തർക്കം നടത്തരുത്” എന്നുമുള്ള വചനങ്ങൾ. പാപമോചനം തേടുവാൻ നബി(സ) കൽപ്പിക്കപ്പെട്ടത്, തെളിവും രേഖയും കൂടാതെ ഒരു മുസ്ലിം കുടുംബത്തിന്റെ പേരിൽ നിങ്ങൾ കളവ് ആരോപിച്ചുവെന്ന് ഖത്താദ(റ) വിനോട് പറഞ്ഞതിനെ ഉദ്ദേശിച്ചാണെന്നും, അതല്ല ത്വഅ്മത്തിനെ (ബശീറിനെ) കുറ്റ വിമുക്തനാക്കിയതിനെ ഉദ്ദേശിച്ചാണെന്നും, അതല്ല രണ്ടിനെയും ഉദ്ദേശിച്ചാണെന്നും വിത്യസ്ത അഭിപ്രായങ്ങ

ളുണ്ട്. الله اعلم

നബിമാർ പാപങ്ങളിൽ നിന്ന് മുക്തരാണെന്നതാണ് അംഗീകൃത തത്വമെങ്കിലും അവരുടെ മഹത്തായ നിലപാടിന് അനുയോജ്യമല്ലാത്ത നിസ്സാരമായ വല്ല പാകപ്പിഴവുകളെയും മുൻനിർത്തിയാണ്, പാപമോചനം തേടാൻ അല്ലാഹു അവരോട് കൽപ്പിക്കുന്നത്. സത്യവിശ്വാസികൾക്ക് അതൊരു പാഠം കൂടിയാണല്ലോ.

വഞ്ചകന്മാർ, പാപികൾ, സ്വയം വഞ്ചിച്ചവർ, എന്നൊക്കെ പ്രസ്താവിച്ചത് ത്വഅ്മത്തി(ബശീറി)നേയും അവന്റെ ആൾക്കാരെയും മാത്രം ഉദ്ദേശിച്ചല്ല – അത്തരം കൃത്രിമങ്ങൾ നടത്തുന്ന എല്ലാവരെയും ഉദ്ദേശിച്ചാകുന്നു. അവരവരുടെ പ്രവർത്തന ഫലം അവരവർ തന്നെ അനുഭവിക്കുന്നത് കൊണ്ടാണ് തങ്ങളോട് തന്നെ വഞ്ചന നടത്തുന്നവർ എന്ന് പ്രസ്താവിക്കപ്പെട്ടിട്ടുള്ളത്. കളവ് മുതൽ യഹൂദന്റെ വീട്ടിൽ കൊണ്ടുപോയി വെച്ച് അവനെ കുറ്റക്കാരനാക്കി ഒഴിഞ്ഞ്മാറാനായി രാത്രിയിൽ ഗൂഢാലോചന നടത്തിയതിനെ പറ്റിയാണ് "അവർ രാപ്പരിപാടി നടത്തിയെന്നും" "മനുഷ്യരിൽ നിന്ന് മറച്ചുവെച്ചു; അല്ലാഹുവിൽ നിന്ന് മറച്ചുവെക്കുന്നില്ല" എന്നും 108 ാം വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നത്.

**വചനം 109,110,111,112**

هَٰٓأَنتُمْ هَٰٓؤُلَآءِ جَٰدَلْتُمْ عَنْهُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا فَمَن يُجَٰدِلُ ٱللَّهَ عَنْهُمْ يَوْمَ ٱلْقِيَٰمَةِ أَم مَّن يَكُونُ عَلَيْهِمْ وَكِيلًا ﴿١٠٩﴾

109 ഹാ! നിങ്ങൾ (ഇതാ) ഇങ്ങിനെയുള്ള കൂട്ടരാണ്: ഐഹിക ജീവിതത്തിൽ അവർക്കുവേണ്ടി നിങ്ങൾ തർക്കം നടത്തി. എന്നാൽ, ഖിയാമത്തുനാളിൽ അവർക്കു വേണ്ടി അല്ലാഹുവിനോട് ആരാണ് തർക്കം നടത്തുക?! അല്ലാത്ത പക്ഷം, ആരാണ് അവരുടെമേൽ (ബാധ്യത) ഏറ്റെടുക്കുന്നവനായിരിക്കുക?!

وَمَن يَعْمَلْ سُوٓءًا أَوْ يَظْلِمْ نَفْسَهُۥ ثُمَّ يَسْتَغْفِرِ ٱللَّهَ يَجِدِ ٱللَّهَ غَفُورًا رَّحِيمًا ﴿١١٠﴾

110 ആരെങ്കിലും വല്ല തിൻമയും പ്രവർത്തിക്കുകയോ തന്നോടുതന്നെ അക്രമം പ്രവർത്തിക്കുകയോ ചെയ്യുകയും, പിന്നീടവൻ അല്ലാഹുവിനോട് പാപമോചനം തേടുകയും ചെയ്യുന്നതായാൽ, അവൻ അല്ലാഹുവിനെ വളരെ പൊറുക്കുന്നവനായും, കരുണാനിധിയായും കണ്ടെത്തുന്നതാണ്.

وَمَن يَكْسِبْ إِثْمًا فَإِنَّمَا يَكْسِبُهُۥ عَلَىٰ نَفْسِهِۦ ۚ وَكَانَ ٱللَّهُ عَلِيمًا حَكِيمًا ﴿١١١﴾

111 ആരെങ്കിലും ഒരു കുറ്റം സമ്പാദിച്ചു (പ്രവർത്തിച്ചു) വെക്കുന്നപക്ഷം അത് തനിക്കുതന്നെ എതിരായിട്ടത്രെ അവൻ സമ്പാദിക്കുന്നത്. അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

وَمَن يَكْسِبْ خَطِيٓـَٔةً أَوْ إِثْمًا ثُمَّ يَرْمِ بِهِۦ بَرِيٓـًٔا فَقَدِ ٱحْتَمَلَ بُهْتَٰنًا وَإِثْمًا مُّبِينًا ﴿١١٢﴾

112 ആരെങ്കിലും വല്ല തെറ്റോ, കുറ്റമോ സമ്പാദി(പ്രവർത്തി)ക്കുകയും പിന്നീട് അതിനെപ്പറ്റി ഒരു നിരപരാധിയെ (നിരപരാധിയുടെ മേൽ) ആരോപിക്കുകയും ചെയ്യുന്ന പക്ഷം, തീർച്ചയായും, അവൻ കള്ളാരോപണവും, സ്പഷ്ടമായ കുറ്റവും പേറിപ്പോയി.

മോഷ്ടാവായ ത്വഅ്മത്തിന് (ബശീറിന്) വേണ്ടി വാദിച്ചതിനേയും, നിരപരാധിയായ യഹൂദന്റെ മേൽ കളവ് കുറ്റം ആരോപിച്ചതിനെയും സൂചിപ്പിച്ചാണ്. "നിങ്ങൾ അവർക്ക് വേണ്ടി തർക്കം നടത്തി"യെന്ന് ആക്ഷേപിച്ചത്. ഒരാൾ ഒരു കുറ്റം ചെയ്യുകയും, നിരപരാധിയായ ഒരാളുടെ മേൽ ആരോപിക്കുകയും, ചെയ്താൽ, ആദ്യം ചെയ്തകുറ്റത്തിന് പുറമെ മറ്റൊരാളെപ്പറ്റി കള്ളം പറഞ്ഞുണ്ടാക്കിയ കുറ്റവും , അതേത്തുടർന്ന് അയാൾക്കുണ്ടാകുന്ന എല്ലാ ദോഷങ്ങളുടെയും ഉത്തരവാദിത്വവും അവൻ വഹിക്കേണ്ടി വരുമെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. ഈ വചനങ്ങളിലെ മറ്റു ആശയങ്ങൾ ഒരു വ്യാഖ്യാനവും കൂടാതെ തന്നെ വ്യക്തമാണ്.

**വിഭാഗം 17**

**വചനം 113**

وَلَوْلَا فَضْلُ ٱللَّهِ عَلَيْكَ وَرَحْمَتُهُۥ لَهَمَّت طَّآئِفَةٌ مِّنْهُمْ أَن يُضِلُّوكَ وَمَا يُضِلُّونَ إِلَّآ أَنفُسَهُمْ ۖ وَمَا يَضُرُّونَكَ مِن شَىْءٍ ۚ وَأَنزَلَ ٱللَّهُ عَلَيْكَ ٱلْكِتَٰبَ وَٱلْحِكْمَةَ وَعَلَّمَكَ مَا لَمْ تَكُن تَعْلَمُ ۚ وَكَانَ فَضْلُ ٱللَّهِ عَلَيْكَ عَظِيمًا ﴿١١٣﴾

113 (നബിയേ) നിൻെറ മേൽ അല്ലാഹുവിൻെറ അനുഗ്രഹവും, അവൻെറ കാരുണ്യവും ഇല്ലായിരുന്നെങ്കിൽ, അവരിൽ നിന്ന് ഒരു വിഭാഗം (ആളുകൾ) നിന്നെ വഴിപിഴപ്പിക്കുവാൻ തുനിയുക തന്നെ ചെയ്യുമായിരുന്നു. (വാസ്തവത്തിൽ) അവർ അവരെത്തന്നെയല്ലാതെ, വഴി പിഴപ്പിക്കുന്നുമില്ല; അവർ നിനക്ക് യാതൊന്നും തന്നെ ഉപദ്രവം വരുത്തുന്നതുമല്ല. അല്ലാഹു നിനക്ക് വേദഗ്രന്ഥവും, വിജ്ഞാനവും ഇറക്കിത്തരുകയും ചെയ്തിരിക്കുന്നു; നീ അറിയുമായിരുന്നില്ലാത്തത് (പലതും) അവൻ നിനക്ക് പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. നിൻെറ മേൽ അല്ലാഹുവിൻെറ അനുഗ്രഹം വമ്പിച്ചതാകുന്നു.

---

മേൽ പറഞ്ഞ സംഭവത്തിൽ സത്യാവസ്ഥ അല്ലാഹു നബി(സ) ക്ക് വെളിവാക്കിക്കൊടുത്തത് പോലെ സത്യാവസ്ഥ മനസ്സിലാക്കാൻ കഴിയാതെ പല സന്ദർഭങ്ങളിലും വഹ്‌യ് മൂലം അവയുടെ ഉള്ളുകള്ളി അല്ലാഹു തിരുമേനിക്ക് തുറന്ന് കാട്ടികൊടുക്കുകയുണ്ടായിട്ടുണ്ട്. ഇത്തരം ഒരു അനുഗ്രഹം ഇല്ലായിരുന്നെങ്കിൽ, വഞ്ചകരായ ഒരു കൂട്ടം ആളുകൾ നബി(സ)യെ വഴിപിഴപ്പിക്കാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുമായിരുന്നു. എന്നാൽ ഇത്തരം കുതന്ത്രങ്ങളുടെ ദുഷ്ട ഫലം അതിന്റെ കർത്താക്കൾ തന്നെയാണ് അനുഭവിക്കേണ്ടിവരിക. മേൽ പറഞ്ഞ അനുഗ്രഹങ്ങളും കാരുണ്യവും കൂടാതെ, ഏറ്റവും വമ്പിച്ച അനുഗ്രഹമായ പ്രവാകത്വവും, വേദഗ്രന്ഥവും (الكتاب) വിജ്ഞാനവും (الحكمة) നബി(സ) ക്ക് അവൻ പ്രദാനം ചെയ്തിട്ടുണ്ട്.

---

**വചനം 114,115**

۞ لَّا خَيْرَ فِى كَثِيرٍ مِّن نَّجْوَىٰهُمْ إِلَّا مَنْ أَمَرَ بِصَدَقَةٍ أَوْ مَعْرُوفٍ أَوْ إِصْلَٰحٍۭ بَيْنَ ٱلنَّاسِ ۚ وَمَن يَفْعَلْ ذَٰلِكَ ٱبْتِغَآءَ مَرْضَاتِ ٱللَّهِ فَسَوْفَ نُؤْتِيهِ أَجْرًا عَظِيمًا ﴿١١٤﴾

وَمَن يُشَاقِقِ ٱلرَّسُولَ مِنۢ بَعْدِ مَا تَبَيَّنَ لَهُ ٱلْهُدَىٰ وَيَتَّبِعْ غَيْرَ سَبِيلِ ٱلْمُؤْمِنِينَ نُوَلِّهِۦ مَا تَوَلَّىٰ وَنُصْلِهِۦ جَهَنَّمَ ۖ وَسَآءَتْ مَصِيرًا ﴿١١٥﴾

114 അവരുടെ ഗൂഢസംസാരത്തിൽ മിക്കതിലും ഒരു ഗുണവുമില്ല; വല്ല ദാനധർമ്മത്തെയോ, (സദാചാര) മര്യാദയെയോ, മനുഷ്യർക്കിടയിൽ (സന്ധിയാക്കി) നന്നാക്കുന്നതിനെയോ സംബന്ധിച്ചു കൽപിക്കുന്നവൻെറ (ഗൂഢസംസാരം) ഒഴികെ. അല്ലാഹുവിൻെറ പ്രീതിയെ തേടിക്കൊണ്ട് ആരെങ്കിലും അത് ചെയ്യുന്ന പക്ഷം, എന്നാൽ, വഴിയെ നാം അവന് വമ്പിച്ച പ്രതിഫലം നൽകുന്നതാണ്.

115 ആരെങ്കിലും അവന് സൻമാർഗ്ഗം വ്യക്തമാ(യി മനസ്സിലാ)യതിനു ശേഷം, റസൂലിനോട് (ഭിന്നിച്ച്) ചേരിപിരിയുന്നതായാൽ, സത്യ വിശ്വാസികളുടെ മാർഗമല്ലാത്തതിനെ അവൻ പിൻപറ്റുകയും (ചെയ്താൽ). അവൻ തിരിഞ്ഞപ്രകാരം (അതേപാട്ടിന്) അവനെ നാം തിരിച്ചുകളയും, അവനെ ‘ജഹന്നമി’ൽ (നരകത്തിൽ) കടത്തി എരിക്കുകയും ചെയ്യും. അത് എത്രയോ മോശമായ പര്യവസാനം!

സംസാര വിഷയം മറ്റുള്ളവർ അറിയാൻ പാടില്ലാത്തപ്പോഴാണല്ലോ , ഗൂഢ സംസാരം നടത്തുന്നത്. ചിലപ്പോൾ രഹസ്യ സംസാര വിഷയം നല്ലതായിരിക്കാം ( ധർമ്മ വിഷയങ്ങൾ , സൽക്കാര്യങ്ങൾ, ജനങ്ങൾ തമ്മിലുള്ള ഛിദ്രത നീക്കൽ എന്നിവക്ക് വേണ്ടി ) അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച്കൊണ്ട് ചെയ്യുന്ന അത്തരം രഹസ്യ സംസാരങ്ങൾക്ക് അല്ലാഹു മഹത്തായ പ്രതിഫലം നൽകുന്നതാകുന്നു. എന്നാൽ ഗൂഢ സംസാരങ്ങൾ മിക്കവാറും ചീത്ത കാര്യങ്ങൾക്കായാണ് കണ്ടുവരുന്നത്. അതിൽ ഒരു ഗുണവുമില്ലെന്ന് അല്ലാഹു അറിയിക്കുന്നു.

ശരിയായ മാർഗം ഇന്നതാണെന്ന് വ്യക്തമായ ശേഷം റസൂൽ (സ) തിരുമേനിയോട് ഭിന്നിച്ച് , സത്യവിശ്വാസികളുടെതല്ലാത്ത മാർഗം സ്വികരിക്കുന്നവരെ തൽക്കാലം അല്ലാഹു അവരുടെ പാട്ടിനുവിട്ടേക്കും. പിന്നീട് അവരെ നരകശിക്ഷക്ക് വിധേയരാക്കുന്നതാണെന്ന് അല്ലാഹു ശക്തമായി താക്കീത് നൽകുന്നു.

നിരപരാധിയായ യഹൂദന്റെ മേൽ കുറ്റമാരോപിക്കാനായി ബഷീറും സംഘവും രാത്രി നടത്തിയ ഗൂഢാലോചനയെ കുറിച്ചാണ് ആദ്യത്തെ വചനത്തിലെ സൂചന. എന്നാൽ സത്യാവസ്ഥ തുറന്ന് കാട്ടിക്കൊണ്ട് ഖുർആൻ വചനങ്ങൾ അവതരിച്ചപ്പോളെങ്കിലും, നബി(സ) യെയും, അവിടുന്ന് പ്രബോധനം ചെയ്യുന്ന സന്മാർഗത്തിന്റെയും സത്യതക്ക് സ്പഷ്ടമായ ഒരു തെളിവ് അത് വഴി അവർക്ക് ലഭിക്കുകയും ചെയ്ത സ്ഥിതിക്ക്, ഒരു മുസ്ലിം കുടുംബമായി അറിയപ്പെട്ടിരുന്ന അവർ നബി(സ)യുടെ മുമ്പാകെ ചെന്ന്, പശ്ചാത്തപിച്ച് മടങ്ങുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. അവൻ (ബശീർ അഥവാ ത്വഅ്മത്ത്) അത് ചെയ്തില്ലന്ന് മാത്രമല്ല നേരെ മക്കയിൽ ചെന്ന് മുശ്രിക്കുകളുടെ കൂട്ടത്തിൽ ചേരുകയാണുണ്ടായത്. ഇത് സംബന്ധിച്ചാണ് രണ്ടാമത്തെ വചനത്തിലെ സുചന. മക്കയിൽ അവൻ മോഷണം തുടർന്നുപോന്നു വെന്നും അവന്റെ അന്ത്യം വളരെ ദാരുണമായ വിധത്തിലായിരുന്നുവെന്നും രിവായത്ത് ചെയ്യപ്പെട്ടിരിക്കുന്നു.

സന്മാർഗം വ്യക്തമായി മനസ്സിലായ ശേഷം, കൽപ്പിച്ചുകൂട്ടി ദുർമാർഗം പിൻപറ്റുന്നതിനെ പറ്റി, അവൻ തിരിഞ്ഞ പാട്ടിൽ അല്ലാഹു അവനെ തിരിച്ചുവിടും എന്ന് പറഞ്ഞ വാക്യം വളരെ ഗൗരവപ്പെട്ടതാകുന്നു. അല്ലാഹു അവന് നൽകിയ ബുദ്ധി, മനസ്സാക്ഷി, ഇഛാ സ്വാതന്ത്ര്യം എന്നിവ ധിക്കാരപൂർവ്വം ഉപയോഗിക്കുന്നവനാണവൻ. അതിനാൽ നേർമാർഗം സ്വീകരിച്ച് രക്ഷപ്രാപിക്കുവാനുള്ള തൗഫീഖും, സഹായവും അവന് അല്ലാഹുവിൽ നിന്ന് ലഭിക്കാൻ അവകാശമില്ല. അല്ലാഹു നേർമാർഗം നൽകാത്തവനെ നേർമാർഗത്തിലാക്കാൻ ആർക്കും സാധ്യമല്ല താനും.

## വിഭാഗം 18

### വചനം 116

إِنَّ ٱللَّهَ لَا يَغۡفِرُ أَن يُشۡرَكَ بِهِۦ وَيَغۡفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُۚ وَمَن يُشۡرِكۡ بِٱللَّهِ فَقَدۡ ضَلَّ ضَلَٰلَۢا بَعِيدًا ﴿١١٦﴾

116 നിശ്ചയമായും, അല്ലാഹുവിനോട് പങ്ക് ചേർക്കപ്പെടുന്നതിനെ അവൻ പൊറുക്കുകയില്ല; അതിനപ്പുറമുള്ളതിനെ അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുകയും ചെയ്യും. ആർ അല്ലാഹുവിനോട് (വല്ലതും) പങ്ക് ചേർക്കുന്നുവോ അവൻ, തീർച്ചയായും വിദൂരമായ ഒരു വഴി പിഴവു പിഴച്ചു പോയി!

ശിർക്ക് അല്ലാഹു പൊറുക്കുകയില്ലെന്ന് 48-ാം വചനത്തിലും (മറ്റ് പലയിടങ്ങളിലും) അല്ലാഹു ഉറപ്പിച്ച് പറയുന്നുണ്ട്. അവിടെ ആവശ്യമായ വ്യാഖ്യാനം നൽകിയിട്ടുണ്ട്. ആർ അല്ലാഹുവിനോട് (വല്ലതും) പങ്ക് ചേർക്കുന്നുവോ , അവൻ വിദൂരമായി ഒരു വഴിപിഴവ് പിഴച്ച് പോയി എന്ന് തുടർന്ന് അല്ലാഹു താക്കീത് നൽകുകയും ചെയ്യുന്നു.

### വചനം 117, 118, 119, 120, 121

إِن يَدۡعُونَ مِن دُونِهِۦٓ إِلَّآ إِنَٰثٗا وَإِن يَدۡعُونَ إِلَّا شَيۡطَٰنٗا مَّرِيدٗا ﴿١١٧﴾

117 അവന് (അല്ലാഹുവിനു) പുറമെ ചില പെണ്ണുങ്ങളെ (ദേവികളെ) യല്ലാതെ അവർ വിളി(ച്ചു പ്രാർത്ഥി)ക്കുന്നില്ല; ധിക്കാര ശീലനായ പിശാചിനെയല്ലാതെ അവർ വിളി (ച്ചു പ്രാർത്ഥി) ക്കുന്നുമില്ല.

لَّعَنَهُ ٱللَّهُ ۘ وَقَالَ لَأَتَّخِذَنَّ مِنْ عِبَادِكَ
نَصِيبًا مَّفْرُوضًا ﴿١١٨﴾

118 അവനെ അല്ലാഹു ശപിച്ചിരിക്കുന്നു (അഥവാ
ശപിക്കട്ടെ)! അവൻ പറയുകയും ചെയ്തിരി
ക്കുന്നു: "നിശ്ചയമായും, നിൻെറ അടിയാൻ
മാരിൽ നിന്ന് ഒരു നിശ്ചിത ഓഹരി ഞാൻ
(എനിക്ക്) ഉണ്ടാക്കിത്തീർക്കുന്നതാണ്;

وَلَأُضِلَّنَّهُمْ وَلَأُمَنِّيَنَّهُمْ وَلَءَامُرَنَّهُمْ
فَلَيُبَتِّكُنَّ ءَاذَانَ ٱلْأَنْعَٰمِ وَلَءَامُرَنَّهُمْ
فَلَيُغَيِّرُنَّ خَلْقَ ٱللَّهِ ۚ وَمَن يَتَّخِذِ
ٱلشَّيْطَٰنَ وَلِيًّا مِّن دُونِ ٱللَّهِ فَقَدْ
خَسِرَ خُسْرَانًا مُّبِينًا ﴿١١٩﴾

119 ഞാനവരെ വഴിപിഴപ്പിക്കുകയും, അവരെ
വ്യാമോഹിപ്പിക്കുകയും തന്നെ ചെയ്യും; ഞാൻ
അവരോട് കൽപിക്കുകയും, അങ്ങനെ അവർ
കാലികളുടെ (ആടുമാടൊട്ടകങ്ങളുടെ)
കാതുകൾ (കീറി) മുറിക്കുകയും തന്നെ ചെയ്യും;
ഞാനവരോട് കൽപിക്കുകയും, അങ്ങനെ അവർ
അല്ലാഹുവിൻെറ സൃഷ്ടിപ്പിനെ (വികൃതമാക്കി)
ഭേദഗതി വരുത്തുകയും തന്നെ ചെയ്യും."
ആരെങ്കിലും അല്ലാഹുവിന് പുറമെ പിശാചിനെ
കാര്യകർത്താവാക്കി വെക്കുന്നുവോ, തീർച്ച
യായും, അവന് സ്പഷ്ടമായ നഷ്ടം നഷ്ട
പ്പെട്ടുപോയി!

يَعِدُهُمْ وَيُمَنِّيهِمْ ۖ وَمَا يَعِدُهُمُ ٱلشَّيْطَٰنُ
إِلَّا غُرُورًا ﴿١٢٠﴾

120 അവൻ (പിശാച്) അവരോട് വാഗ്ദാനം
ചെയ്യുകയും, അവരെ വ്യാമോഹിപ്പിക്കുകയും
ചെയ്യുന്നതാണ്. പിശാച് അവരോട് വഞ്ചന
യല്ലാതെ (ഒന്നും) വാഗ്ദാനം ചെയ്കയില്ലതാനും.

أُو۟لَٰٓئِكَ مَأْوَىٰهُمْ جَهَنَّمُ وَلَا يَجِدُونَ
عَنْهَا مَحِيصًا ﴿١٢١﴾

121 അക്കൂട്ടർ-അവരുടെ സങ്കേതസ്ഥാനം 'ജഹന്നം'
(നരകം) ആകുന്നു. അത് വിട്ടേച്ച് ഓടിപ്പോകുന്ന
ഒരു സ്ഥാനവും അവർ കണ്ടെത്തുകയുമില്ല.

---

ഇന്നത്തെ ബഹുദൈവ വിശ്വാസികളായ ചില കുടുംബങ്ങൾക്കും ജാതിക്കാർക്കും അവരവരുടേതായ പ്രത്യേക ദേവതകളും വിഗ്രഹങ്ങളും ദിവ്യാവതാരങ്ങളും നിലവിലുള്ളത് പോലെ , അറേബ്യയിൽ അക്കാലത്തുള്ള മുശ്രിക്കുകളും ചില പെണ്ണുങ്ങളേയും ധിക്കാരിയായ പിശാചിനേയും വിളിച്ച് പ്രാർത്ഥിച്ച് വന്നിരുന്നു. അറബികൾ അവരുടെ ദേവതകളെ മലക്കുകൾ എന്നും , മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്നും വിശ്വസിച്ചുപോന്നു. ലാത്ത, ഉസ്സ, മനാത്ത മുതലായ വിഗ്രഹങ്ങൾ പോലും സ്ത്രീ നാമങ്ങളായിട്ടാണ് അവർ ഉപയോഗിച്ചു വന്നിരുന്നത്. ധിക്കാരിയായ പിശാച് എന്ന് ഇവിടെ പറഞ്ഞത് ഇബ്ലീസിനെ ഉദ്ദേശിച്ചാകുന്നു. ആദമിന്റെ മക്കളെ തന്നാൽ കഴിയുന്ന വിധം വഴി പിഴപ്പിക്കുവാൻ ശ്രമിക്കുമെന്ന് ഇബ്ലീസ് ചെയ്ത ശപഥത്തിലെ ചില ഭാഗങ്ങളാണ് 118,119 വചനങ്ങളിൽ അല്ലാഹു ഉദ്ധരിക്കുന്നത്. ഇബ്ലീസിനെ വിളിച്ച് പ്രാർത്ഥിക്കുക എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഇബ്ലീസിന്റെ ദുർമന്ത്രങ്ങൾക്കും ദുരുപദേശങ്ങൾക്കും വഴങ്ങിക്കൊണ്ട് മുശ്രിക്കുകൾ വിഗ്രഹങ്ങളേയും, കല്ലുകളേയും, നക്ഷത്രങ്ങളേയും, മഹാത്മാക്കളേയും, മറ്റു പലതിനേയും ആരാധിച്ചും വിളിച്ചു പ്രാർത്ഥിച്ചും വരുന്നതിനെ കുറിച്ചാകുന്നു. ഇത്തരം മുശ്രിക്കുകളെ കൂടാതെ, വിഗ്രഹമോ , പ്രതിഷ്ഠയോ കൂടാതെ പിശാചുകളെ തന്നെ ആരാധിക്കുന്ന ചിലരും ഇല്ലാതില്ലതാനും (സൂ : സബഉ് 41 ഉം യാസീൻ 60 ഉം വ്യഖ്യാനങ്ങൾ ശ്രദ്ധിക്കുക)

എല്ലാതരം ശിർക്കുകളുടെയും പാപങ്ങളുടെയും പിന്നിലുള്ള പ്രചോദനമായ ഇബ്ലീസ് ധിക്കാരിയാണെന്നും , അല്ലാഹുവിനാൽ ശപിക്കപ്പെട്ടവനാണെന്നും , വിശേഷിപ്പിച്ച ശേഷം അവൻ മനുഷ്യ വർഗത്തിന്റെ ആജീവനാന്ത ശത്രുവും , അവരെ വഴി പിഴപ്പിക്കുവാൻ പ്രതിജ്ഞയെടുത്തവനാണെന്നും അല്ലാഹു ഓർമ്മിപ്പിക്കുന്നു. ധിക്കാരപൂർവ്വം അവൻ അല്ലാഹുവിനെ അഭിമുഖീകരിച്ച്കൊണ്ട് പറയുന്നത് നോക്കുക:

(1) "നിന്റെ അടിയാന്മാരിൽ നിന്ന് ഞാൻ ഒരു നിശ്ചിത ഓഹരി ഉണ്ടാക്കി വക്കുക തന്നെ ചെയ്യും", ആദമിന്റെ മക്കളിൽ അൽപ്പമൊഴിച്ച് ബാക്കിയുള്ളവരെ ഞാൻ താറുമാറാക്കും (17:62) "നിന്റെ കളങ്കരഹിതരായ അടിയാന്മാരല്ലാത്തവരെ മുഴുവനും ഞാൻ വഴി പിഴപ്പിക്കും" (38:82) എന്നും ഇബ്ലീസ് തുറന്ന് പറഞ്ഞിട്ടുള്ളതാണ്.

(2) “ഞാനവരെ വഴി പിഴപ്പിക്കുകയും വ്യാമോഹിപ്പിക്കുകയും തന്നെ ചെയ്യും.” വേറൊരിടത്ത് “ഭൂമിയിൽ ഞാൻ അവർക്ക് അലങ്കാരമാക്കിക്കൊടുക്കും” (15:39) എന്നും വേറെ പലതും ഇബ്ലീസ് തുറന്ന് പറഞ്ഞിരിക്കുന്നു.

(3) “അവരോട് ഞാൻ കൽപ്പിക്കുകയും അങ്ങനെ അവർ കാലികളുടെ കാതുകൾ കീറി മുറിക്കുകയും തന്നെ ചെയ്യും” മുശ്രിക്കുകളുടെ വിഗ്രഹങ്ങളുടെ പേരിലുള്ള നേർച്ച വഴിപാടുകളായ , ആടുമാടൊട്ടകങ്ങളുടെ കാത് കീറി മുറിക്കുകയെന്നത് അവരുടെ പതിവായിരുന്നു. അത്തരം നീച പ്രവർത്തികൾ മനുഷ്യരോട് ഇബ്ലീസ് കൽപ്പിക്കുകയും അവന്ന് കീഴ്പ്പെട്ടവർ അത് അനുസരിക്കുകയും ചെയ്യുമെന്ന് ഇബ്ലീസ് ധിക്കാരപൂർവ്വം പറയുന്നു.

(4) “അവരോട് ഞാൻ കൽപ്പിക്കുകയും അങ്ങനെ അവർ അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ ഭേദഗതി വരുത്തുകയും ചെയ്യും” – അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമങ്ങളിൽ മാറ്റം വരുത്തിക്കൊണ്ടുള്ള , ആധുനിക കാലത്തെ സ്വവർഗ ഭോഗം , വന്ധ്യം കരണം, ഗർഭഛിദ്രം, സ്ത്രീകൾ പുരുഷവേഷവും , പുരുഷന്മാർ സ്ത്രീ വേഷവും സ്വീകരിക്കൽ , ശരീരത്തിൽ പച്ചകുത്തൽ, കൃത്രിമ ചായങ്ങളും ഉപകരണങ്ങളും വഴി കൃത്രിമ വേഷമുണ്ടാക്കൽ എന്നിവയെല്ലാം സൃഷ്ടിപ്പിനെ ഭേദഗതി വരുത്തുന്നതിന്റെ ഉദാഹരണങ്ങളാണെന്ന് നബി വചനങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

അല്ലാഹുവിനെ കാര്യകർത്താവായി സ്വീകരിക്കാതെ പിശാചിനെ കാര്യകർത്താവായി സ്വീകരിക്കുന്നതിലൂടെ ,തനി പൊള്ളയും , വ്യാമോഹിപ്പിക്കുന്നതുമായ, അവന്റെ വാഗ്ദാനങ്ങളിൽ , വഞ്ചിതരാവുന്നവർക്ക് ശാശ്വതമായ നരക ശിക്ഷയായിരിക്കും ആധാരം എന്ന് അല്ലാഹു താക്കീത് നൽകുന്നു.

---

**വചനം 122**

وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ سَنُدْخِلُهُمْ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَآ أَبَدًا ۖ وَعْدَ ٱللَّهِ حَقًّا ۚ وَمَنْ أَصْدَقُ مِنَ ٱللَّهِ قِيلًا ﴿١٢٢﴾

122 വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളിൽ വഴിയെ അവരെ നാം പ്രവേശിപ്പിക്കുന്നതാണ്; അതിൽ എന്നെന്നും (അവർ) സ്ഥിരവാസികളായിക്കൊണ്ട്. അല്ലാഹുവിൻെറ വാഗ്ദാനം! (അതെ) യഥാർത്ഥം!! വാക്കിൽ അല്ലാഹുവിനേക്കാൾ കൂടുതൽ സത്യവാൻ (വേറെ) ആരാണ്?!

---

എന്നാൽ അല്ലാഹുവിനെ മാത്രം കാര്യകർത്താവായി അംഗീകരിച്ച് സത്യവിശ്വാസവും സൽകർമ്മങ്ങളും സ്വീകരിക്കുന്നവർക്ക്, ശാശ്വതവും സുഖസമ്പൂർണ്ണവുമായ സ്വർഗീയ ജീവിതമായിരിക്കും ലഭിക്കുക. ഇവർ കൈകാര്യകർത്താവായി സ്വീകരിച്ച അല്ലാഹു അവർക്ക് നൽകിയ വാഗ്ദാനങ്ങളല്ലാം തികച്ചും സത്യവും പരമാർത്ഥവുമായിരിക്കും.

**വചനം 123,124**

لَّيْسَ بِأَمَانِيِّكُمْ وَلَآ أَمَانِىِّ أَهْلِ ٱلْكِتَٰبِ ۗ مَن يَعْمَلْ سُوٓءًا يُجْزَ بِهِۦ وَلَا يَجِدْ لَهُۥ مِن دُونِ ٱللَّهِ وَلِيًّا وَلَا نَصِيرًا ﴿١٢٣﴾

123 നിങ്ങളുടെ വ്യാമോഹങ്ങളനുസരിച്ചല്ല; വേദക്കാരുടെ വ്യാമോഹങ്ങളനുസരിച്ചുമല്ല (കാര്യം). ആർ ഒരു തിൻമ പ്രവർത്തിക്കുന്നുവോ അവന് അതിനു (തക്ക) പ്രതിഫലം നൽകപ്പെടും; അല്ലാഹുവിനു പുറമെ ഒരു കൈകാര്യ കർത്താവിനെയാകട്ടെ, സഹായകനെയാകട്ടെ, അവൻ തനിക്ക് കണ്ടെത്തുകയുമില്ല.

وَمَن يَعْمَلْ مِنَ ٱلصَّٰلِحَٰتِ مِن

124 ആണായോ, പെണ്ണായോ ഉള്ള ആരെങ്കിലും താൻ സത്യവിശ്വാസിയായും കൊണ്ട് സൽ

ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَأُولَٰئِكَ يَدْخُلُونَ ٱلْجَنَّةَ وَلَا يُظْلَمُونَ نَقِيرًا ﴿١٢٤﴾

ക്കർമ്മങ്ങളിൽ നിന്ന് (വല്ലതും) ചെയ്യുന്ന പക്ഷം, അക്കൂട്ടർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്; അവരോട് ഒട്ടും അനീതി ചെയ്യപ്പെടുകയുമില്ല.

---

വിജയവും മോക്ഷവും ഒരു സമുദായത്തിന്റെയോ , വിഭാഗത്തിന്റെയോ കുത്തവകാശമല്ല. മോഹം കൊണ്ടോ വാദം കൊണ്ടോ ലഭിക്കുന്നതുമല്ല. ആണും പെണ്ണുമെന്ന വിത്യാസവും അക്കാര്യത്തിലില്ല. തിന്മയായുള്ള എന്ത് ചെയ്താലും അതിന്റെ കർത്താവ് അതിന്റെ ഫലം അനുഭവിക്കും. എന്നാൽ സത്യവിശ്വാസത്തോടുകൂടിയും അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ഉദ്ദേശിച്ചും ചെയ്യപ്പെടുന്നതായ സൽക്കർമ്മങ്ങൾക്ക് മാത്രമേ പരലോകത്തുള്ള പ്രതിഫലം നൽകപ്പെടുകയുള്ളൂവെന്ന് ഖുർആൻ പലയിടത്തും വ്യക്തമാക്കിയിട്ടുള്ളതാണ്.

ഐഹികമായ ഏതെങ്കിലും ലക്ഷ്യം വെച്ച്കൊണ്ട് ചെയ്യുന്ന കർമ്മങ്ങൾക്കൊന്നും പരലോകത്ത് പ്രതിഫലം നൽകപ്പെടുന്നതല്ല.

എല്ലാ തിന്മകൾക്കും അതാതിന്റെ  ശിക്ഷ അനുഭവപ്പെടുമെന്നാണെങ്കിലും , രോഗം, വ്യസനം പോലുള്ള ബുദ്ധിമുട്ടുകളിൽ അവർ ക്ഷമ കൈക്കൊള്ളുന്ന പക്ഷം, അവർക്ക് സൽഫലങ്ങൾ ലഭിച്ച്ക്കൊണ്ടിരിക്കുമെന്ന് ഒന്നിലധികം ഹദീസുകളിലൂടെ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

---

**വചനം 125,126**

وَمَنْ أَحْسَنُ دِينًا مِّمَّنْ أَسْلَمَ وَجْهَهُۥ لِلَّهِ وَهُوَ مُحْسِنٌ وَٱتَّبَعَ مِلَّةَ إِبْرَٰهِيمَ حَنِيفًا ۗ وَٱتَّخَذَ ٱللَّهُ إِبْرَٰهِيمَ خَلِيلًا ﴿١٢٥﴾

125 മതം കൂടുതൽ നല്ലവൻ ആരാണ്? താൻ (നിഷ്കളങ്കം) നൻമ പ്രവർത്തിക്കുന്നവനായും കൊണ്ട് തൻെറ മുഖത്തെ അല്ലാഹുവിന് കീഴ്പെടുത്തുക(വിട്ടു കൊടുക്കുക)യും. ഋജുമാനസനായ നിലയിൽ ഇബ്റാഹീമിൻെറ മാർഗ്ഗം പിൻപറ്റുകയും ചെയ്തിട്ടുള്ള ഒരുവനെക്കാൾ! ഇബ്റാഹീമിനെ അല്ലാഹു ഒരു (ഉറ്റ) ചങ്ങാതിയായി സ്വീകരിക്കുകയും ചെയ്തിരിക്കുന്നുതാനും.

وَلِلَّهِ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۚ وَكَانَ ٱللَّهُ بِكُلِّ شَىْءٍ مُّحِيطًا ﴿١٢٦﴾

126 അല്ലാഹുവിനുള്ളതാണ് ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (ഒക്കെ). അല്ലാഹു എല്ലാ കാര്യത്തെയും വലയം ചെയ്ത (പൂർണ്ണമായി അറിയുന്ന) വനാകുന്നു.

---

സത്യവിശ്വാസിയായികൊണ്ട് സൽക്കർമ്മം പ്രവർത്തിക്കുക എന്ന് പറഞ്ഞതിന്റെ വിശദീകരണം അല്ലാഹു നൽകുന്നു. അല്ലാഹുവിനെ മാത്രം ആരാധിച്ചും അവന്റെ മാത്രം ആജ്ഞാനിർദേശങ്ങൾ അനുസരിച്ചും , നിഷ്കളങ്കം സൽക്കർമ്മങ്ങൾ ചെയ്തുകൊണ്ട് ഇബ്രാഹീം(അ) സ്വീകരിച്ച് വന്ന അതേ നടപടി മാർഗം പിൻപറ്റുകയും ചെയ്യുന്നവർ ആരോ , അവരാണ് യതാർത്ഥ വിജയികൾ എന്ന് താൽപര്യം.

മുസ്ലിംകളും , മുശ്രിക്കുകളും അടക്കമുള്ള അറബികളും യഹൂദികളും ക്രിസ്താനികളും അടങ്ങിയ വേദക്കാരും അഭിമാനപൂർവ്വം ആദരിച്ച് വരുന്ന മഹാനാണല്ലോ ഇബ്രാഹീം(അ)  മാത്രമല്ല അദ്ദേഹത്തെ ഒരു ഉറ്റ ചങ്ങാതിയായി അല്ലാഹു സ്വികരിക്കുകയും ചെയ്തിരിക്കുന്നു. തങ്ങളാണ് അദ്ദേഹത്തിന്റെ മാർഗ്ഗം പിൻപറ്റുന്നവരെന്ന് എല്ലാ വിഭാഗക്കാരും വാദിക്കുന്നു. അത് കൊണ്ടാണ് അദ്ദേഹം സ്വീകരിച്ച മാർഗ്ഗം ഇന്നതാണെന്ന് സൂചിപ്പിച്ച് കൊണ്ട് അത് പിൻപറ്റിയവരാണ് ഏറ്റവും നല്ല മതനടപടിക്കാർ എന്ന് അല്ലാഹു പറഞ്ഞത്.

ആകാശങ്ങളിലുള്ളതെല്ലാം അല്ലാഹുവിന്റെതാണെന്നും എല്ലാറ്റിന്റെയും സ്രഷ്ടാവ് അവനാണെന്നും , എല്ലാവരും അവന്റെ അടിമകളാണെന്നും എല്ലാകാര്യത്തേയും പറ്റി സൂക്ഷ്മമായി അറിയുന്നവനാണ് അവൻ എന്നും അല്ലാഹു തുടർന്ന് ഉണർത്തുന്നു.

**വിഭാഗം: 19**

**വചനം 127**

127 (നബിയേ) സ്ത്രീകളുടെ കാര്യത്തിൽ അവർ നിന്നോട് വിധി തേടുന്നു. പറയുക:- അവരുടെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്ക് വിധി നൽകുന്നു; സ്ത്രീകളിലെ അനാഥകളുടെ കാര്യത്തിൽ (വേദ) ഗ്രന്ഥത്തിൽ നിങ്ങൾക്ക് ഓതിക്കേൾപ്പിക്കപ്പെടുന്നതും (നിങ്ങളെ ഓർമ്മിപ്പിക്കുന്നു.) (അതായത്:) തങ്ങൾക്ക് നിയമി(ച്ചു നിശ്ചയി) ക്കപ്പെട്ടിട്ടുള്ളത് നിങ്ങൾ കൊടുക്കാതിരിക്കുകയും, നിങ്ങൾ വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന വരുടെയും, കുട്ടികളാകുന്ന ദുർബലരായുള്ള വരുടെയും (കാര്യത്തിൽ ഓതിക്കേൾപ്പിക്ക പ്പെടുന്നതും ഓർമ്മിപ്പിക്കുന്നു); അനാഥകളോട് നിങ്ങൾ നീതിമുറയനുസരിച്ച് നിലകൊള്ളണ മെന്നും (ഓർമ്മിപ്പിക്കുന്നു). നിങ്ങൾ ഗുണ (കര)മായി എന്തു (തന്നെ) ചെയ്യുന്നതായാലും അതിനെപ്പറ്റി അല്ലാഹു നിശ്ചയമായും അറിയു ന്നവനാകുന്നു.

وَيَسْتَفْتُونَكَ فِي ٱلنِّسَآءِ ۖ قُلِ ٱللَّهُ يُفْتِيكُمْ فِيهِنَّ وَمَا يُتْلَىٰ عَلَيْكُمْ فِي ٱلْكِتَٰبِ فِي يَتَٰمَى ٱلنِّسَآءِ ٱلَّٰتِي لَا تُؤْتُونَهُنَّ مَا كُتِبَ لَهُنَّ وَتَرْغَبُونَ أَن تَنكِحُوهُنَّ وَٱلْمُسْتَضْعَفِينَ مِنَ ٱلْوِلْدَٰنِ وَأَن تَقُومُوا۟ لِلْيَتَٰمَىٰ بِٱلْقِسْطِ ۚ وَمَا تَفْعَلُوا۟ مِنْ خَيْرٍ فَإِنَّ ٱللَّهَ كَانَ بِهِۦ عَلِيمًا ﴿١٢٧﴾

സൂറത്തിന്റെ ആദ്യവചനത്തിൽ അനാഥകളെയും, സ്ത്രീകളെയും സംബന്ധിക്കുന്ന കാര്യങ്ങൾ വിവരിച്ച ശേഷം മറ്റു വിഷയങ്ങളെക്കുറിച്ച് വിശദീകരിക്കുകയും, വീണ്ടും ആദ്യം തുടങ്ങിവെച്ച വിഷയത്തിലേക്ക് തന്നെ തിരിച്ചുവന്നുകൊണ്ട് അല്ലാഹു പറയുന്നു: ഒരാളുടെ സംരക്ഷണത്തിൻ കീഴിൽ അയാൾക്ക് വിവാഹം കഴിക്കുന്നതിന് വിരോധമില്ലാത്ത അനാഥയായ പെൺകുട്ടിയുണ്ടാകുമ്പോൾ, അവളുടെ ധനത്തിലോ, സൗന്ദ ര്യത്തിലോ ആകൃഷ്ടനായി അവളെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചെന്ന് വരാം, ചിലപ്പോൾ അവളുടെ വൈരൂപ്യമോ മറ്റോ കാരണമായി അവളെ വിവാഹം കഴിക്കാൻ അദ്ദേഹം മടിച്ചെന്നും വരാം. അതേ സമയം അവളുടെ ധനം അധീനപ്പെട്ട് പോകുമെന്ന് കരുതി മറ്റൊരാൾക്ക് വിവാഹം ചെയ്തുകൊടുക്കാൻ ഇഷ്ടപ്പെ ടാതെയുമിരിക്കാം. രണ്ട് പ്രകാരത്തിലായാലും അവരോട് നീതി പാലിക്കണമെന്നും , അവരുടെ നിയമപ്രകാ രമുള്ള മഹർ മുതലായ എല്ലാ അവകാശങ്ങളും കൊടുക്കുകതന്നെ വേണമെന്നും അല്ലാഹു കൽപ്പിക്കുന്നു.

അത് പോലെതന്നെ ദുർബലരും സ്വത്ത് കാര്യങ്ങൾ നടത്തുമാറായിട്ടില്ലാത്തവരുമായ കുട്ടികളോടും നീതി പാലിക്കണമെന്നും അവരുടെ അനന്തര സ്വത്തുകളും മറ്റും മുറപോലെ കൊടുക്കണമെന്നും കൽപ്പിക്കുന്നു.

**വചനം 128,129,130**

128 വല്ല സ്ത്രീയും അവളുടെ വരനിൽ നിന്ന് പിണക്കമോ, അവഗണനയോ ഭയപ്പെട്ടുവെങ്കിൽ, അവർ രണ്ടുപേരും തങ്ങൾക്കിടയിൽ വല്ല യോജിപ്പുമുണ്ടാക്കുന്നതിന് അവർക്ക് കുറ്റമില്ല. യോജിപ്പാകട്ടെ, ഗുണകരവുമാകുന്നു. മനസ്സു കളിൽ പിശുക്ക് (ശീലം, സദാ) തയ്യാറാക്ക പ്പെട്ടിരിക്കുന്നുതാനും. നിങ്ങൾ നന്മ പ്രവർത്തി ക്കുകയും, സൂക്ഷിക്കുകയും ചെയ്യുന്നു വെങ്കിലോ, നിശ്ചയമായും, നിങ്ങൾ പ്രവർത്തി ക്കുന്നതിനെപ്പറ്റി അല്ലാഹു സൂക്ഷ്മമായി

وَإِنِ ٱمْرَأَةٌ خَافَتْ مِنۢ بَعْلِهَا نُشُوزًا أَوْ إِعْرَاضًا فَلَا جُنَاحَ عَلَيْهِمَآ أَن يُصْلِحَا بَيْنَهُمَا صُلْحًا ۚ وَٱلصُّلْحُ خَيْرٌ ۗ وَأُحْضِرَتِ ٱلْأَنفُسُ ٱلشُّحَّ ۚ وَإِن تُحْسِنُوا۟ وَتَتَّقُوا۟ فَإِنَّ ٱللَّهَ كَانَ بِمَا تَعْمَلُونَ خَبِيرًا ﴿١٢٨﴾

وَلَن تَسْتَطِيعُوٓا۟ أَن تَعْدِلُوا۟ بَيْنَ ٱلنِّسَآءِ وَلَوْ حَرَصْتُمْ ۖ فَلَا تَمِيلُوا۟ كُلَّ ٱلْمَيْلِ فَتَذَرُوهَا كَٱلْمُعَلَّقَةِ ۚ وَإِن تُصْلِحُوا۟ وَتَتَّقُوا۟ فَإِنَّ ٱللَّهَ كَانَ غَفُورًا رَّحِيمًا ﴿١٢٩﴾

അറിയുന്നവനാകുന്നു.

129 സ്ത്രീകൾക്കിടയിൽ നീതി പാലിക്കുവാൻ -നിങ്ങൾ (അതിന്) അത്യാഗ്രഹിച്ചാലും ശരി-നിങ്ങൾക്ക് സാധിക്കുകയില്ല തന്നെ. എന്നാൽ, നിങ്ങൾ (ഒരു പക്ഷത്തേക്ക്) മുഴുവൻ (അങ്ങു) ചാഞ്ഞുപോകരുത്. അപ്പോൾ, നിങ്ങൾ അവളെ (മറു പക്ഷത്തുള്ളവളെ) കെട്ടിയിടപ്പെട്ട വളെപ്പോലെ വിട്ടുകളഞ്ഞേക്കും. നിങ്ങൾ യോജിപ്പുണ്ടണ്ടാക്കുകയും, സൂക്ഷിക്കുകയും ചെയ്യുന്നുവെങ്കിലോ, നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധി യുമാകുന്നു.

وَإِن يَتَفَرَّقَا يُغْنِ ٱللَّهُ كُلًّا مِّن سَعَتِهِۦ ۚ وَكَانَ ٱللَّهُ وَٰسِعًا حَكِيمًا ﴿١٣٠﴾

130 അവർ രണ്ടുപേരും (തമ്മിൽ) പിരിഞ്ഞു പോകുന്നുവെങ്കിലോ, (രണ്ടിൽ) എല്ലാ (ഓരോരു) വരെയും അല്ലാഹു അവൻെറ വിശാലകഴിവിനാൽ ധന്യരാക്കുന്നതാണ്. അല്ലാഹു വിശാലനും, അഗാധജ്ഞനുമാകുന്നു.

---

ഭാര്യാഭർതൃ ബന്ധങ്ങളിലെ പൊരുത്തക്കേടുകളെ കുറിച്ച് കൂടുതൽ ഉപദേശനിർദ്ദേശങ്ങൾ ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നു. ഭർത്താവ് തന്നെ അവഗണിക്കുന്നുവെന്ന് ഒരു സ്ത്രീക്ക് മനസ്സിലായാൽ , അത് വർദ്ധിക്കുവാൻ കാരണമുണ്ടാക്കാതെ, അവർ രണ്ടാളും തമ്മിലോ , രണ്ടാളുടെ പക്ഷക്കാർ തമ്മിലോ . കൂടി ആലോചിച്ച് വിട്ടുവീഴ്ച്ച ചെയ്ത് ഒത്തുതീർപ്പിലെത്തേണ്ടതാണ്. ഒത്തുതീർപ്പിനു സാധ്യതയില്ലെങ്കിലേ മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുള്ളൂ. വിവാഹ മോചനമെന്നത് അവസാനത്തെ വഴിയും, മതത്തിൽ വെറുക്കപ്പെട്ട ഒരു കാര്യവുമാണ്.

ഒത്തുതീർപ്പ് വ്യവസ്ഥകൾ സന്ദർഭത്തിനനുസരിച്ച് കൈകൊള്ളുവാൻ അല്ലാഹു ഭാര്യാഭർത്താക്കന്മാർക്ക് വിട്ടു കൊടുത്തിരിക്കുന്നു. ഭാര്യയുടെ അനാരോഗ്യം, സ്വഭാവ ദോഷം, അപ്രാപ്തി, വന്ധ്യത , ഭർത്താവിന്റെ പെരുമാറ്റ ദൂഷ്യം, ഭക്ഷണം, പാർപ്പിടം, വസ്ത്രം, എന്നീ കാര്യങ്ങളുടെ കൈകാര്യകർത്രത്വം ,ബഹുഭാര്യത്വം തുടങ്ങിയവ പരിഗണിച്ചായിരിക്കണം വ്യവസ്ഥകൾ തീരുമാനിക്കേണ്ടത്.

വന്ധ്യത, വാർദ്ധക്യം, അനാരോഗ്യം മുതലായ കാരണങ്ങളാൽ ഭർത്താവ് മറ്റൊരു വിവാഹത്തിനോ, അവളെ പിരിച്ച് വിടാനോ ആലോചിക്കുന്ന സന്ദർഭങ്ങളിൽ, മഹ്ർ, നിത്യചെലവുകൾ ,ദാമ്പത്യാവകാശം എന്നിവയിൽ വിട്ടുവീഴ്ച്ച ചെയ്ത് കൊടുത്തുകൊണ്ട് അതേ വരെ കഴിഞ്ഞ് പോന്ന വിവാഹ ബന്ധം , തുടർന്ന് പോകുവാൻ ഇരുകൂട്ടരും തമ്മിൽ യോജിച്ച് വ്യവസ്ഥയുണ്ടാക്കുന്നതിനെ സംബന്ധിച്ചാണ് 128 ാം വചനത്തിൽ പ്രസ്താവിക്കുന്നത് എന്നതാണ് പണ്ഡിത മതം.

“ശുഹ്-ഹ്” അഥവാ പിശുക്ക് എന്ന വാക്ക് കൊണ്ട് ലുബ്ധതക്ക് പുറമെ കൂടുതൽ ലഭിക്കുവാനുള്ള ആർത്തി എന്നുകൂടി അർത്ഥമാക്കുന്നു. പരസ്പര ഭിന്നിപ്പ് അവസാനിക്കണമെങ്കിൽ പരസ്പരം വിട്ടുവീഴ്ച്ചയും ഔദാര്യമനസ്ഥിതിയും സ്വന്തം ഭാഗത്ത് നിന്ന് പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. പ്രശ്നം ശുഭകരമായി കലാശിക്കുന്നതിനുള്ള നന്മകൾ ചെയ്യുകയും , ദോഷകരമായ തിന്മകളൊന്നും ചെയ്യാതെ സൂക്ഷിക്കുകയും ചെയ്താൽ അല്ലാഹു തക്കതായ പ്രതിഫലം നൽകുന്നതാണെന്ന് തുടർന്ന് ഉണർത്തിയിരിക്കുന്നു.

തുടർന്ന് , നിങ്ങൾ അതിയായി ആഗ്രഹിച്ചാൽ പോലും ഭാര്യമാർക്കിടയിൽ പരിപൂർണ്ണമായ നീതി പാലനം നടത്തുവാൻ മനുഷ്യരായ നിങ്ങൾക്ക് സാധ്യമല്ലതന്നെ എന്ന് അല്ലാഹു തീർത്തു പറയുന്നു. അത് കൊണ്ട് കഴിവുള്ളേടത്തോളം , നീതി പാലിക്കണമെന്നും , കഴിവിനതീതമായി നീതിപാലനം കൽപ്പിക്കുന്നില്ല എന്നുമെത്രെ ഈ വാക്യം (129 ാം വചനം) ധ്വനിപ്പിക്കുന്നത്. എന്ന് വെച്ച് ചിലരുടെ നേരെ പ്രത്യേകം പ്രീതി കാരണം ചായ്വുള്ളവരായി തീരുകയും , മറ്റവരെ കെട്ടിയിട്ടപോലെ കുടുക്കിലാക്കി വിഷമിപ്പിക്കുകയും ചെയ്യരുത്. എന്ന് പ്രത്യേകം വിരോധിക്കുകയും ചെയ്തിരിക്കുന്നു. എന്ന് വെച്ചാൽ നിയമപ്രകാരം വിവാഹിതയാണങ്കിലും ഫലത്തിൽ വിവാഹിതയോ , മോചിതയോ അല്ലാത്ത വിധം ബന്ധനത്തിൽ അകപ്പെട്ടവളാക്കി കുടുക്കിയിടരുതെന്ന് സാരം. ഭാര്യമാരുടെ സ്വഭാവഗുണം, ഭർതൃസ്നേഹം , സൗന്ദര്യം , ആരോ

ഗ്യം, കാര്യപ്രാപ്തി എന്നീ ഗുണങ്ങളുടെ തോതനുസരിച്ച് ഒന്നിലധികം ഭാര്യമാരുള്ള ഒരാൾക്ക് എല്ലാവരോടും തുല്യമായ രീതിയിൽ പെരുമാറുവാൻ കഴിയുകയില്ലെന്ന് സ്പഷ്ടമാകുന്നു. എന്നാൽ ഭക്ഷണം, വസ്ത്രം, പാർപ്പിടം , ഒന്നിച്ചുള്ള താമസം , ജീവിത സൗകര്യങ്ങൾ എന്നീകാര്യങ്ങളിൽ തുല്യത കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യങ്ങളിൽ ഭാര്യാഭർത്താക്കന്മാർ കഴിയുന്നത്ര ക്ഷമിച്ചും,സഹിച്ചും , വിട്ടുവീഴ്ച ചെയ്തും തമ്മിൽ യോജിക്കാൻ ശ്രമിക്കണമെന്നും അങ്ങനെയുള്ളവർക്ക് അല്ലാഹുവിന്റെ പാപമോചനവും കരുണയും ലഭിക്കുമെന്ന് തുടന്ന് അല്ലാഹു അറിയിക്കുകയും ചെയ്യുന്നു.

റസൂൽ(സ) തിരുമേനി അവിടുത്തെ ഭാര്യമാരുടെ കൂടെ താമസിക്കുന്ന കാര്യത്തിൽ ഊഴം കണക്കാക്കി , തുല്യത പാലിക്കുകയും പ്രായഭേദമന്യേ നീതി പുലർത്തുകയും ചെയ്തിരുന്നു എന്ന് ആയിശ(റ) പ്രസ്താവിക്കുന്നു. എന്നിട്ടും അവിടുന്ന് പറയുമായിരുന്നു : അല്ലാഹുവേ , ഇത് എനിക്ക് കഴിയാവുന്ന കാര്യത്തിലുള്ള എന്റെ ഭാഗിക്കലാണ്, എനിക്ക് കഴിയാത്ത കാര്യത്തിൽ നീ എന്നെ കുറ്റപ്പെടുത്തരുതേ.

ഇസ്ലാമിക നിയമങ്ങളെ അനിസ്ലാമിക സംസ്കാരങ്ങൾക്ക് ഒപ്പിച്ച് ദുർവ്യാഖ്യാനം ചെയ്യുന്നതിൽ തൽപ്പരരായ ചില മുസ്ലിം പണ്ഡിത വേഷധാരികൾ , ഇസ്ലാമിൽ അനുവദനീയമായ ബഹുഭാര്യത്വത്തെ നിഷേധിക്കുവാനായി, “നിങ്ങൾക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നാലും , സ്ത്രീകൾക്കിടയിൽ നിങ്ങൾക്ക് നീതി പാലിക്കുക സാധ്യമല്ല തന്നെ.” എന്ന വചനത്തെ അവരുടെ വാദഗതിക്ക് പിൻബലമായ ഖുർആൻ വചനമായി അവതരിപ്പിക്കാൻ ശ്രമിച്ച് വരാറുണ്ട്. കൂടാതെ ബഹുഭാര്യത്വത്തിന് അനുമതി നൽകിയപ്പോൾ ഈ സൂറത്തിലെ 3 ാം വചനത്തിൽ നിങ്ങൾ നീതി പാലിക്കുകയില്ലെന്ന് ഭയപ്പെട്ടാൽ ഒരു സ്ത്രീയെ മാത്രം വിവാഹം ചെയ്യേണ്ടതാണ് എന്ന അല്ലാഹുവിന്റെ പ്രസ്താവനയും കൂടെ അവർ അവരുടെ നിഷേധാത്മക വാദഗതിക്ക് വേണ്ടി ദുർവ്യാഖ്യാനം ചെയ്യാനൊരുമ്പെടുന്നു. ഈ ദൈവിക വചനങ്ങൾ വളച്ചൊടിച്ച് “ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കാൻ പാടില്ലെന്നാണ് ഇസ്ലാമിന്റെ സ്ഥിരമായ സിദ്ധാന്തം . ഒഴിച്ച് കൂടാത്ത സന്ദർഭം നേരിടാൻ അസാദ്ധ്യമായ ഒരു നിബന്ധന ചുമത്തിക്കൊണ്ട് ഒരു നാമമാത്ര അനുവാദം മാത്രമാണ് ഈ വിഷയത്തിൽ ഖുർആൻ നൽകിയിരിക്കുന്നത്” എന്നിങ്ങനെയാണ് അക്കൂട്ടരുടെ ആധുനിക ഭ്രമവും ദൈവനിഷേധവും ജല്പിക്കുന്നത്.

എന്നാൽ തുടർന്നുള്ള വചനത്തിൽ അല്ലാഹു പറയുന്നു : “നിങ്ങൾ ഒരു പക്ഷത്തോട് മുഴുവനും അങ്ങ് ചായുകയും മറ്റവളെ കെട്ടിയിട്ടപോലെ ആക്കിതീർക്കുകയും ചെയ്യരുത്” എന്ന പ്രസ്താവന , സ്ത്രീകൾക്കിടയിൽ പരിപൂർണ്ണമായി നീതി പാലിക്കാൻ സാധ്യമല്ലാത്തതിനാൽ , സാധിക്കുന്നത്ര നീതി പാലിക്കണമെന്നും , ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുന്നതിന് മുൻ ആയത്തിൽ ഒരു നിബന്ധനയെന്നോണം നിശ്ചയിച്ച നീതിപാലനം ഇതേ അർത്ഥത്തിൽ തന്നെയാണുള്ളതെന്നും മനസ്സിലാക്കാവുന്നതാണ്.

ശരി; ഇനി മുകളിൽ വിവരിച്ച ഒത്തുതീർപ്പുകളൊന്നും സാധ്യമാകാതെ വരികയും , ഭിന്നിപ്പും അവഗണനയും നിലനിൽക്കുകയും ചെയ്യുകയാണെങ്കിൽ, മറ്റു നിവർത്തികളൊന്നും ഇല്ലെങ്കിൽ വിവാഹമോചനം നടത്താമെന്ന് 130 ാം വചനത്തിൽ അല്ലാഹു അനുവദിക്കുന്നു. നിയമാനുവാദമുണ്ടെങ്കിലും , അല്ലാഹുവിങ്കൽ വെറുപ്പായ ഒരു കാര്യമാണിത്. അങ്ങനെ ഭർത്താവും ഭാര്യയും നിവൃത്തില്ലാത്തൊരു ഘട്ടത്തിൽ പിരിയേണ്ടി വരികയാണെങ്കിൽ, അവൾക്ക് അവന്റെയും അവന് അവളുടെയും ആശ്രയം കൂടാതെ, അല്ലാഹു ധന്യരാക്കുമെന്ന് വാഗ്ദാനവും ചെയ്തിരിക്കുന്നു.

**വചനം 131, 132**

وَلِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ۗ وَلَقَدْ وَصَّيْنَا ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ مِن قَبْلِكُمْ وَإِيَّاكُمْ أَنِ ٱتَّقُوا۟ ٱللَّهَ ۚ وَإِن تَكْفُرُوا۟ فَإِنَّ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ۚ وَكَانَ ٱللَّهُ غَنِيًّا حَمِيدًا ﴿١٣١﴾

131 അല്ലാഹുവിനുള്ളതാണ് ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും, (എല്ലാം). നിങ്ങൾക്ക് മുമ്പ് (വേദ) ഗ്രന്ഥം നൽകപ്പെട്ടവരോടും, നിങ്ങളോടും നാം ‘വസിയ്യത്തു’ ചെയ്കയുണ്ടായിട്ടുണ്ട്; നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണമെന്ന്. നിങ്ങൾ അവിശ്വസിക്കുന്നുവെങ്കിലോ, എന്നാൽ (അറിയുക:) നിശ്ചയമായും, അല്ലാഹുവിനുള്ളതാണ് ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം). അല്ലാഹു (പരാശ്രയമില്ലാത്ത) ധന്യനും, സ്തുത്യർഹനുമാകുന്നു.

132 അല്ലാഹുവിനുള്ളതാണ് ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം). കൈകാര്യം ഏറ്റെടുക്കുന്നവനായി അല്ലാഹു തന്നെ മതി!

وَلِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ۚ وَكَفَىٰ بِٱللَّهِ وَكِيلًا ﴿١٣٢﴾

അല്ലാഹുവിന്റെ കല്പനാ നിർദ്ദേശങ്ങൾക്കും, ശാസനകൾക്കും പരമാടിസ്ഥാനമായി നിലകൊള്ളുന്ന അടിസ്ഥാന യാഥാർത്ഥ്യം, അഖിലാണ്ഡ വസ്തുക്കളെല്ലാം അല്ലാഹുവിന്റേതാണ് എന്നുള്ളതത്രേ. അതെ, എല്ലാം അവന്റെ സൃഷ്ടി , അവന്റെ ഉടമസ്ഥത, അവന്റെ അവകാശാധികാരം. ഈ യാഥാർത്ഥ്യത്തെക്കുറിച്ച് മനുഷ്യൻ സദാ ബോധവാനായിരിക്കേണ്ടത് കൊണ്ടാണ് ഇക്കാര്യം പലപ്പോഴും അല്ലാഹു ആവർത്തിച്ചാവർത്തിച്ച് ഓർമ്മിപ്പിക്കുന്നത്.

**വചനം 133**

133 അവൻ ഉദ്ദേശിക്കുന്ന പക്ഷം-മനുഷ്യരേ -നിങ്ങളെ അവൻ നീക്കം ചെയ്യുകയും, മറ്റൊരു കൂട്ടരെ കൊണ്ടുവരുകയും ചെയ്യുന്നതാണ്. അല്ലാഹു അതിന് കഴിവുള്ളവനുമാകുന്നു.

إِن يَشَأْ يُذْهِبْكُمْ أَيُّهَا ٱلنَّاسُ وَيَأْتِ بِـَٔاخَرِينَ ۚ وَكَانَ ٱللَّهُ عَلَىٰ ذَٰلِكَ قَدِيرًا ﴿١٣٣﴾

അതെ, അതിൽ ഒട്ടും സംശയിക്കേണ്ട. പക്ഷെ, അതിമഹത്തായ ചില ഉദ്ദേശ്യ ലക്ഷ്യങ്ങളെ മുൻനിർത്തി അങ്ങിനെ ചെയ്യുവാൻ അവൻ ഉദ്ദേശിച്ചിട്ടില്ലാത്തത് കൊണ്ട് അത് സംഭവിക്കുന്നില്ലെന്ന് മാത്രം (47:38, 35:16 എന്നീ വചനങ്ങളും വ്യാഖ്യാനങ്ങളും നോക്കുക)

**വചനം 134**

134 ആരെങ്കിലും ഇഹത്തിലെ പ്രതിഫലത്തെ ഉദ്ദേശിക്കുന്നതായാൽ, അല്ലാഹുവിൻെറ പക്കൽ, ഇഹത്തിലെയും പരത്തിലെയും പ്രതിഫലമുണ്ട് (എന്ന് അവൻ അറിഞ്ഞു കൊള്ളട്ടെ) അല്ലാഹു (എല്ലാം) കേൾക്കുന്നവനും, കാണുന്നവനും ആകുന്നു.

مَّن كَانَ يُرِيدُ ثَوَابَ ٱلدُّنْيَا فَعِندَ ٱللَّهِ ثَوَابُ ٱلدُّنْيَا وَٱلْـَٔاخِرَةِ ۚ وَكَانَ ٱللَّهُ سَمِيعًۢا بَصِيرًا ﴿١٣٤﴾

അൽ ബഖറ 200, 201 ; ശൂറാ 20 എന്നീ വചനങ്ങളും വ്യാഖ്യാനങ്ങളും നോക്കുക.

**വിഭാഗം 20**

**വചനം 135**

135 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി സാക്ഷികളായ നിലയിൽ, നീതിമുറയെ നിലനിർത്തിപ്പോരുന്നവരായിരിക്കുവിൻ; നിങ്ങളുടെ (സ്വന്തം) ദേഹങ്ങൾക്കോ, അല്ലെങ്കിൽ മാതാപിതാക്കൾക്കും, അടുത്ത കുടുംബങ്ങൾക്കുമോ എതിരായാലും ശരി. അയാൾ ധനികനോ, ദരിദ്രനോ ആയിരുന്നാൽ (രണ്ടായാലും) അല്ലാഹു ആ രണ്ടാളുമായും അധികം ബന്ധപ്പെട്ടവനാകുന്നു. അതിനാൽ, നീതിപാലിക്കുന്നതിന് (വിഘാതമായി) നിങ്ങൾ ഇച്ഛയെ പിൻപറ്റരുത്. നിങ്ങൾ വളച്ചു

۞ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُونُوا۟ قَوَّٰمِينَ بِٱلْقِسْطِ شُهَدَآءَ لِلَّهِ وَلَوْ عَلَىٰٓ أَنفُسِكُمْ أَوِ ٱلْوَٰلِدَيْنِ وَٱلْأَقْرَبِينَ ۚ إِن يَكُنْ غَنِيًّا أَوْ فَقِيرًا فَٱللَّهُ أَوْلَىٰ بِهِمَا ۖ فَلَا تَتَّبِعُوا۟ ٱلْهَوَىٰٓ أَن تَعْدِلُوا۟ ۚ وَإِن تَلْوُۥٓا۟ أَوْ تُعْرِضُوا۟ فَإِنَّ ٱللَّهَ كَانَ بِمَا تَعْمَلُونَ خَبِيرًا ﴿١٣٥﴾

തിരിക്കുകയോ, തിരിഞ്ഞു കളയുകയോ ചെയ്യുന്ന പക്ഷം, അപ്പോൾ, (നിങ്ങൾ ഓർക്കണം) നിശ്ചയമായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

---

വർത്തമാനങ്ങൾ, സാക്ഷ്യങ്ങൾ, തീരുമാനങ്ങൾ, ഇടപാടുകൾ മുതലായ വിഷയങ്ങളിലെല്ലാം , സ്വന്തം ദേഹത്തിനോ , മാതാപിതാക്കൾക്കോ, കുടുംബങ്ങൾക്കോ, ആർക്ക് ദോഷമായിരുന്നാലും, നീതിമുറ തെറ്റാതെ നിലനിറുത്തി പോരണം. അതിൽ ധനികനെന്നോ, ദരിദ്രനെന്നോ വ്യത്യാസമുണ്ടായിക്കൂടാ. സാക്ഷ്യം വഹിക്കുന്നതിലോ മറ്റോ സത്യം മറച്ച് വക്കുകയോ, സത്യം തുറന്ന് പറയാതെ ഒഴിഞ്ഞു മാറുകയോ ചെയ്താൽ എല്ലാം സൂക്ഷ്മമായി അറിയുന്ന അല്ലാഹു അതേ പറ്റി തക്ക നടപടി എടുക്കുക തന്നെ ചെയ്യും

ഒരു ഹദീസിൽ നബി (സ) പറയുന്നു:" ആവശ്യത്തിന് മുമ്പ് തന്നെ സാക്ഷ്യം നിറവേറ്റുന്നവനാണ് സാക്ഷികളിൽ വെച്ച് ഉത്തമനായിട്ടുള്ളവൻ " (മു) ഏറ്റെടുത്ത സാക്ഷ്യം നിർവഹിക്കുവാൻ മടി കൂടാതെ മുന്നോട്ടു വരുന്നവനെ ഉദ്ദേശിച്ചാണ് നബി(സ) പറയുന്നത്.

---

**വചനം 136**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ ءَامِنُوا۟ بِٱللَّهِ وَرَسُولِهِۦ وَٱلْكِتَـٰبِ ٱلَّذِى نَزَّلَ عَلَىٰ رَسُولِهِۦ وَٱلْكِتَـٰبِ ٱلَّذِىٓ أَنزَلَ مِن قَبْلُ ۚ وَمَن يَكْفُرْ بِٱللَّهِ وَمَلَـٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ وَٱلْيَوْمِ ٱلْـَٔاخِرِ فَقَدْ ضَلَّ ضَلَـٰلًۢا بَعِيدًا ﴿١٣٦﴾

136 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിലും, അവൻെറ റസൂലിലും വിശ്വസിക്കുവിൻ; അവൻ തൻെറ റസൂലിൻെറ മേൽ അവതരിപ്പിച്ച ഗ്രന്ഥത്തിലും, അവൻ മുമ്പ് ഇറക്കിയിട്ടുള്ള ഗ്രന്ഥത്തിലും (വിശ്വസിക്കുവിൻ). ആർ, അല്ലാഹുവിലും, അവൻെറ മലക്കുകളിലും, അവൻെറ (വേദ) ഗ്രന്ഥങ്ങളിലും, അവൻെറ റസൂലുകളിലും, അന്ത്യദിനത്തിലും അവിശ്വസിക്കുന്നുവോ, അവൻ, തീർച്ചയായും വിദൂരമായ വഴിപിഴവു പിഴച്ചുപോയി!

---

ഈവചനത്തിൽ പ്രസ്താവിച്ച എല്ലാ കാര്യങ്ങളിലും പൂർണ്ണമായി വിശ്വസിക്കാത്ത ഒരാളും സത്യ വിശ്വാസിയാകുകയില്ല. സത്യ വിശ്വാസികളെ സംബോധന ചെയ്തുകൊണ്ട് അല്ലാഹുവിലും ഖുർ ആനിലും , മുൻ വേദഗ്രന്ഥങ്ങളിലും, വിശ്വസിക്കണമെന്ന് പറയുന്നതിന്റ താല്പര്യം , ആ വിശ്വാസം സുദൃഢമാക്കി, തദടിസ്ഥാനത്തിൽ ജീവിച്ച് പോരുകയും വേണമെന്നാകുന്നു. റസൂലിന്റെ മേൽ അവതരിച്ചത് എന്ന് പറഞ്ഞത് ഖുർആനെ ഉദ്ദേശിച്ചും മുമ്പ് ഇറക്കിയതിൽ എന്നത് കൊണ്ടുദ്ദേശിച്ചത് തൌറാത്തും ഇഞ്ജീലും അടക്കമുള്ള എല്ലാ വേദഗ്രന്ഥങ്ങളും ആകുന്നു.

**വചനം 137, 138, 139**

إِنَّ ٱلَّذِينَ ءَامَنُوا۟ ثُمَّ كَفَرُوا۟ ثُمَّ ءَامَنُوا۟ ثُمَّ كَفَرُوا۟ ثُمَّ ٱزْدَادُوا۟ كُفْرًا لَّمْ يَكُنِ ٱللَّهُ لِيَغْفِرَ لَهُمْ وَلَا لِيَهْدِيَهُمْ سَبِيلًۢا ﴿١٣٧﴾

137 നിശ്ചയമായും, വിശ്വസിക്കുകയും, പിന്നെ അവിശ്വസിക്കുകയും, പിന്നെയും വിശ്വസിക്കുകയും, പിന്നീട് അവിശ്വസിക്കുകയും, പിന്നെ അവിശ്വാസം വർദ്ധിക്കുകയും ചെയ്തിട്ടുള്ളവർ അവർക്ക് അല്ലാഹു പൊറുത്തു കൊടുക്കുകയേ ഇല്ല. അവരെ അവൻ(നേരായ) വഴിയിൽ ചേർക്കുകയാകട്ടെ (ചെയ്ക) ഇല്ല.

بَشِّرِ ٱلْمُنَـٰفِقِينَ بِأَنَّ لَهُمْ عَذَابًا أَلِيمًا ﴿١٣٨﴾

138 കപടവിശ്വാസികളെ അവർക്ക് വേദനയേറിയ ശിക്ഷയുണ്ടെന്ന് സന്തോഷ വാർത്ത അറിയിച്ചു കൊള്ളുക.

139 അതായത്, സത്യവിശ്വാസികളെക്കൂടാതെ അവിശ്വാസികളെ മിത്രങ്ങ (ളാക്കിസ്വീകരി) ക്കുന്നവരെ. അവർ അവരുടെ (അവിശ്വാസി കളുടെ) അടുക്കൽ പ്രതാപം തേടുകയാണോ?! എന്നാൽ, നിശ്ചയമായും പ്രതാപം മുഴുവനും (ഉള്ളത്) അല്ലാഹുവിനാകുന്നു. (ഇതവർ ഓർത്തിരിക്കട്ടെ.)

ٱلَّذِينَ يَتَّخِذُونَ ٱلْكَـٰفِرِينَ أَوْلِيَآءَ مِن دُونِ ٱلْمُؤْمِنِينَ ۚ أَيَبْتَغُونَ عِندَهُمُ ٱلْعِزَّةَ فَإِنَّ ٱلْعِزَّةَ لِلَّهِ جَمِيعًا ﴿١٣٩﴾

---

കപടവിശ്വാസികൾ, താൽക്കാലികമായ വല്ല കാര്യലാഭത്തിനുമായി നാവു കൊണ്ടു സത്യ വിശ്വാസം രേഖപ്പെടുത്തുകയും മറിച്ചൊരവസരം വരുമ്പോൾ , അവിശ്വാസത്തിലേക്ക് മടങ്ങുകയും , വീണ്ടും അവസ രത്തിനൊത്ത് ഇത് ആവർത്തിക്കുകയും ചെയ്ത് കൊണ്ടിരിക്കും . ഇത്തരക്കാർ അതിൽ ഖേദിച്ച് മടങ്ങു കയും നിഷ്കളങ്കവും ,യാഥാർത്ഥവുമായ വിശ്വാസം സ്വീകരിക്കുകയും ചെയ്യാത്ത കാലത്തോളം , ഒരി ക്കലും അല്ലാഹു അവർക്ക് പൊറുത്ത് കൊടുക്കുകയൊ അവരെ സന്മാർഗ്ഗത്തിലാക്കുകയൊ ചെയ്യുകയില്ല. ഇത്തരക്കാരുടെ കൂട്ടു കെട്ടും ആഭിമുഖ്യവും അവിശ്വാസികളോടായിരിക്കും – ബാഹ്യമായ പ്രതാപവും സ്വാധീനവും തല്ക്കാലം അവിടെയായിരിക്കും അവർ കാണുന്നത് . എന്നാൽ പ്രതാപം മുഴുവൻ അല്ലാഹു വിന്റെ അടുക്കലാകുന്നു. യഥാർത്ഥ വിശ്വാസികളായിക്കൊണ്ട് , ആ പ്രതാപം തേടി , അവർ പോകേണ്ടത് അല്ലാഹുവിങ്കലേക്കാണ്.

കപടവിശ്വാസികൾക്ക് വേദനയേറിയ ശിക്ഷയെക്കുറിച്ച് അല്ലാഹു താക്കീത് നല്കുകയും ചെയ്യുന്നു.

---

**വചനം 140**

140 (വേദ) ഗ്രന്ഥത്തിൽ അവൻ നിങ്ങളുടെമേൽ ഇറക്കിയിട്ടുണ്ടല്ലോ, അല്ലാഹുവിൻെറ 'ആയത്തു' (വചനം)കളെ അതിൽ അവിശ്വസിക്കപ്പെടുന്നതായും, അതിനെപ്പറ്റി പരിഹാസം കൊള്ളുന്നതായും നിങ്ങൾ കേട്ടാൽ, അവരുടെ കൂടെ നിങ്ങൾ ഇരിക്കരുതെന്ന്, അവർ അതല്ലാത്ത (വേറെ) ഒരു വർത്തമാനത്തിൽ ഏർപ്പെടുന്നതു വരേക്കും. അപ്പോൾ (അങ്ങിനെ ചെയ്താൽ) നിശ്ചയമായും, നിങ്ങൾ അവരെപ്പോലെ (ത്തന്നെ)യായിരിക്കും. നിശ്ചയ മായും അല്ലാഹു, കപടവിശ്വാസികളെയും, അവിശ്വാസികളെയും മുഴുവൻ 'ജഹന്നമി'ൽ (നരകത്തിൽ) ഒരുമിച്ചു കൂട്ടുന്നവനാണ്.

وَقَدْ نَزَّلَ عَلَيْكُمْ فِى ٱلْكِتَـٰبِ أَنْ إِذَا سَمِعْتُمْ ءَايَـٰتِ ٱللَّهِ يُكْفَرُ بِهَا وَيُسْتَهْزَأُ بِهَا فَلَا تَقْعُدُوا۟ مَعَهُمْ حَتَّىٰ يَخُوضُوا۟ فِى حَدِيثٍ غَيْرِهِۦٓ ۚ إِنَّكُمْ إِذًا مِّثْلُهُمْ ۗ إِنَّ ٱللَّهَ جَامِعُ ٱلْمُنَـٰفِقِينَ وَٱلْكَـٰفِرِينَ فِى جَهَنَّمَ جَمِيعًا ﴿١٤٠﴾

---

അല്ലാഹുവിന്റെ ആയത്തുകളെ നിഷേധിക്കലും പരിഹസിക്കലും കപട വിശ്വാസികളുടെ പതിവാണ ല്ലോ. അങ്ങിനെയുള്ള അവസരങ്ങളിൽ അവർ ആ വിഷയം മാറ്റി മറ്റു വിഷയങ്ങളിൽ പ്രവേശിക്കുന്നത് വരെ സത്യവിശ്വാസികൾ അവരൊന്നിച്ച് ഇരിക്കുന്നത് അല്ലാഹു മക്കീ സൂറയായ സൂ: അൻആമിൽ വിരോധിച്ചിട്ടു ള്ളതാകുന്നു. എന്നിട്ട് പിന്നെയും ആരെങ്കിലും അക്കൂട്ടരൊന്നിച്ച് പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്യു ന്നുവെങ്കിൽ സമാന നിലപാടുകാരായ ഇരുകൂട്ടരും പരലോകത്തും, നരകത്തിലും ഒന്നിച്ച് ശിക്ഷിക്കപ്പെടു മെന്ന് അല്ലാഹു അവരെ താക്കീത് ചെയ്യുന്നു. മതപ്രമാണങ്ങളും, മതസിദ്ധാന്തങ്ങളും ദുർവ്യാഖ്യാനം ചെയ്തു കൊണ്ടും പഴഞ്ചനായി ചിത്രീകരിച്ച്കൊണ്ടും പുതിയ തത്വസിദ്ധാന്തങ്ങൾ അവതരിപ്പിച്ചുകൊണ്ടും നടന്നു വരുന്ന സദസുകളിൽ പങ്കെടുക്കുന്നതും, അത്തരം ഗ്രന്ഥങ്ങളും സാഹിത്യങ്ങളും വായിച്ചുകൊണ്ടിരിക്കുന്ന തുമല്ലാം തീർച്ചയായും വർജ്ജിക്കപ്പെടേണ്ടതാണ്. മതത്തിൽ വേണ്ടത്ര അവഗാഹം നേടിയിട്ടില്ലാത്തവർ വഴി പിഴച്ച് പോകാൻ അത് കാരണമായിത്തീരുന്നതാണ്. "നിങ്ങൾ അവരുടെ കൂടെയിരുന്നാൽ നിങ്ങളും അവരെപ്പോലെത്തന്നെയാണ്" എന്ന അല്ലാഹുവിന്റെ വാക്കിന്റെ ഗൗരവം ഒന്നാലോചിച്ച് നോക്കുക.

**വചനം 141**

141 നിങ്ങളെപ്പറ്റി കാത്തുകൊണ്ടിരിക്കുന്നവരത്രെ (ആ കപടൻമാർ). എന്നാൽ, അല്ലാഹുവിങ്കൽ നിന്ന് നിങ്ങൾക്ക് വല്ല തുറവിയും (വിജയവും) ഉണ്ടായെങ്കിൽ അവർ പറയും: "ഞങ്ങൾ നിങ്ങളുടെ കൂടെയായിരുന്നില്ലേ!" അവിശ്വാസികൾക്ക് വല്ല പങ്കും ഉണ്ടായെങ്കിലാകട്ടെ, അവർ പറയും: "ഞങ്ങൾ നിങ്ങളുടെ മേൽ സ്വാധീനം നേടുകയും, (അതോടുകൂടി) വിശ്വാസികളിൽ നിന്നു നിങ്ങളെ ഞങ്ങൾ രക്ഷപ്പെടുത്തുകയും ചെയ്തില്ലേ!" എന്നാൽ, (ഹേ, കൂട്ടരേ,) ഖിയാമത്തുനാളിൽ അല്ലാഹു നിങ്ങൾക്കിടയിൽ വിധിക്കുന്നതാണ്. അവിശ്വാസികൾക്ക് സത്യവിശ്വാസികളുടെ മേൽ ഒരു മാർഗ്ഗവും അല്ലാഹു ഉണ്ടാക്കിക്കൊടുക്കുന്നതേയല്ല.

ٱلَّذِينَ يَتَرَبَّصُونَ بِكُمْ فَإِن كَانَ لَكُمْ فَتْحٌ مِّنَ ٱللَّهِ قَالُوٓا۟ أَلَمْ نَكُن مَّعَكُمْ وَإِن كَانَ لِلْكَـٰفِرِينَ نَصِيبٌ قَالُوٓا۟ أَلَمْ نَسْتَحْوِذْ عَلَيْكُمْ وَنَمْنَعْكُم مِّنَ ٱلْمُؤْمِنِينَ ۚ فَٱللَّهُ يَحْكُمُ بَيْنَكُمْ يَوْمَ ٱلْقِيَـٰمَةِ ۗ وَلَن يَجْعَلَ ٱللَّهُ لِلْكَـٰفِرِينَ عَلَى ٱلْمُؤْمِنِينَ سَبِيلًا ﴿١٤١﴾

കപട വിശ്വാസികളുടെ മറ്റൊരു സ്വഭാവമാണ് അല്ലാഹു ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. സത്യവിശ്വാസികൾക്ക് എന്തൊക്കെ ആപത്ത് സംഭവിക്കുവാൻ പോകുന്നുവെന്നായിരിക്കും അവരുടെ കാത്തിരിപ്പ്. എന്നാൽ സത്യവിശ്വാസികൾക്ക് വല്ല വിജയമോ, നേട്ടമോ കൈവരുമ്പോൾ അതിൽ ഭാഗഭാക്കാകാൻ അവർ ശ്രമിക്കും. എന്നാൽ ഉഹ്ദിൽ സംഭവിച്ചപ്പോലെ അവിശ്വാസികൾക്ക് എന്തെങ്കിലും നേട്ടമോ വിജയമോ ലഭിച്ചാലോ , ഭാവം മാറ്റി അവരെ പറ്റിക്കൂടുകയും ചെയ്യും. ഞങ്ങൾ മുസ്ലിംകളെ സഹായിച്ചിരുന്നെങ്കിൽ നിങ്ങൾ പരാജയപ്പെടുമായിരുന്നു, അതിന് തുനിയാതിരുന്നതിനാലാണ് നിങ്ങൾക്ക് നേട്ടവും വിജയവും ഉണ്ടായത്. എന്നൊക്കെയായിരിക്കും അപ്പോഴത്തെ അവരുടെ സമർത്ഥന രീതി. അത്തരക്കാരുടെ മേൽ ഖിയാമത്ത് നാളിൽ തക്ക ശിക്ഷാ നടപടി എടുക്കുക തന്നെ ചെയ്യുമെന്നും , സത്യവിശ്വാസികളെ പരാജയപ്പെടുത്തി കീഴടക്കാനുള്ള അവസരം അല്ലാഹു ഒരിക്കലും അവർക്ക് നൽകുകയില്ലന്നും, അല്ലാഹു അവരെ ഓർമിപ്പിക്കുന്നു.

## വിഭാഗം 21

**വചനം 142,143**

142 നിശ്ചയമായും, കപടവിശ്വാസികൾ അല്ലാഹുവിനോട് വഞ്ചന പ്രവർത്തിക്കുകയാണ്. അവനാകട്ടെ, അവരെ വഞ്ചിക്കുന്നവനുമാകുന്നു. അവർ നമസ്കാരത്തിന് നിൽക്കുന്നതായാൽ, മടിയൻമാരായിക്കൊണ്ട് നിൽക്കുന്നതാണ്. (അതെ) അവർ മനുഷ്യരെ കാണിക്കുവാനായി ചെയ്യുന്നു. അൽപമായിട്ടല്ലാതെ അവർ അല്ലാഹുവിനെ ഓർക്കുകയുമില്ല;

إِنَّ ٱلْمُنَـٰفِقِينَ يُخَـٰدِعُونَ ٱللَّهَ وَهُوَ خَـٰدِعُهُمْ وَإِذَا قَامُوٓا۟ إِلَى ٱلصَّلَوٰةِ قَامُوا۟ كُسَالَىٰ يُرَآءُونَ ٱلنَّاسَ وَلَا يَذْكُرُونَ ٱللَّهَ إِلَّا قَلِيلًا ﴿١٤٢﴾

143 ഇക്കൂട്ടരിലേക്കുമില്ല, ഇക്കൂട്ടരിലേക്കുമില്ലാതെ, അതിന്നിടയിൽ ആടിപ്പിടക്കുന്നവരായിക്കൊണ്ട്. ഏതൊരുവനെ അല്ലാഹു വഴിപിഴവിലാക്കുന്നുവോ അവന് യാതൊരു മാർഗ്ഗവും നീ കണ്ടെത്തുകയേ ഇല്ല.

مُّذَبْذَبِينَ بَيْنَ ذَٰلِكَ لَآ إِلَىٰ هَـٰٓؤُلَآءِ وَلَآ إِلَىٰ هَـٰٓؤُلَآءِ ۚ وَمَن يُضْلِلِ ٱللَّهُ فَلَن تَجِدَ لَهُۥ سَبِيلًا ﴿١٤٣﴾

സൂറ : ബഖറ 9 -ാം വചനത്തിലെ അതേ മാതിരിയുള്ള പ്രസ്താവന തന്നെയാണ് ഇവിടെയും. കപടവിശ്വാസികളുടെ ഭാവവും വിശ്വാസവും അവരുടെ ഗൂഢ രഹസ്യങ്ങളൊന്നും അല്ലാഹു അറിയുകയില്ല എന്നാകുന്നു. അത് കൊണ്ടാണു അവർ അല്ലാഹുവിനോട് വഞ്ചന പ്രവർത്തിക്കുന്നുവെന്ന് പറഞ്ഞത്. ഇഹത്തിൽ മാത്രമല്ല പരത്തിൽ വച്ചും അവർ അല്ലാഹുവിനെ കബളിപ്പിക്കാൻ ശ്രമം നടത്തിനോക്കുന്നതാണന്ന് മറ്റൊരിടത്ത് അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. (സൂ:മുജാദല:18 ഉം വ്യാഖ്യാനവും നോക്കുക). അല്ലാഹു അവരെ വഞ്ചിക്കുന്നവനാണ് എന്ന് പറഞ്ഞതിന്റെ താൽപര്യം, അവരുടെ വഞ്ചനക്കനുയോജ്യമായ ശിക്ഷ അല്ലാഹു അവർക്കെതിരെ കൈക്കൊള്ളുന്നതാണ് എന്നാകുന്നു.

കപടവിശ്വാസികളുടെ മറ്റൊരു കപടനയം പ്രകടമാകുന്നത് അവർ നമസ്കാരകർമ്മം നിർവ്വഹിക്കുമ്പോഴാണ് - നമസ്കാരകർമ്മം നിർവ്വഹിക്കുവാൻ അവർക്ക് വലിയ മടിയായിരിക്കും; ജനങ്ങളെ കാട്ടി മുസ്ലിംകളാണെന്ന് ബോധ്യപ്പെടുത്തുവാനായി അവരത് നിർവ്വഹിക്കുകയും, തക്കം കിട്ടിയാൽ നമസ്ക്കരിക്കാതെ കഴിച്ചുകൂട്ടുകയും ചെയ്യും. നമസ്ക്കരിക്കുമ്പോഴാകട്ടെ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ വിരളവുമായിരിക്കും.

"കപട വിശ്വാസികൾക്ക് ഏറ്റവും ഭാരമേറിയത് ഇശാ നമസ്കാരവും സുബഹ്നമസ്കാരവുമാകുന്നു. ആ രണ്ടിലുമുള്ള പുണ്യം അവർക്കറിയാമായിരുന്നങ്കിൽ അവർ രണ്ടിനും മുട്ടുകുത്തിയെങ്കിലും വരുമായിരുന്നു." (ബു : മു)

കപട വിശ്വാസികളുടെ ഒരു പൊതുസ്ഥിതിയാണ് 143-ാം വചനത്തിൽ കാണുന്നത്. ഇസ്ലാമിന്റെ പക്ഷത്തോ, കുഫ്റിന്റെ പക്ഷത്തോ നില ഉറപ്പിക്കാതെ ഇടയിൽകിടന്ന് അങ്ങോട്ടുമിങ്ങോട്ടും ആടിക്കളിച്ച് കൊണ്ടിരിക്കുക. അല്ലാഹു അവരെ വഴിപിഴച്ച ദുർമാർഗ്ഗികളായേ എണ്ണുകയുള്ളൂ. അല്ലാഹു വഴിപിഴവിലാക്കിയവർക്ക് വേറെ മാർഗ്ഗമൊന്നും ലഭിക്കുകയില്ല തന്നെ.

---

**വചനം 144**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَتَّخِذُواْ ٱلۡكَٰفِرِينَ أَوۡلِيَآءَ مِن دُونِ ٱلۡمُؤۡمِنِينَۚ أَتُرِيدُونَ أَن تَجۡعَلُواْ لِلَّهِ عَلَيۡكُمۡ سُلۡطَٰنٗا مُّبِينًا ١٤٤

144 ഹേ, വിശ്വസിച്ചവരേ, സത്യവിശ്വാസികളെകൂടാതെ, അവിശ്വാസികളെ നിങ്ങൾ മിത്രങ്ങളായി സ്വീകരിക്കരുത്. നിങ്ങൾക്കെതിരെ അല്ലാഹുവിന്ന് വ്യക്തമായ ഒരധികൃത രേഖ ഉണ്ടാക്കുവാൻ നിങ്ങൾ ഉദ്ദേശിക്കുന്നുവോ?!

---

സത്യവിശ്വാസികൾ അവിശ്വാസികളെ മിത്രങ്ങളായി സ്വികരിച്ച് കൂടാത്തതാണ്. അവിശ്വാസികളോട് മൈത്രിയും കൂട്ടുകെട്ടും സ്ഥാപിക്കുന്നത്, നിങ്ങൾക്കെതിരിൽ നിങ്ങൾതന്നെ വ്യക്തമായ തെളിവ് സ്ഥാപിക്കലായിതീരും.

---

**വചനം 145,146**

إِنَّ ٱلۡمُنَٰفِقِينَ فِي ٱلدَّرۡكِ ٱلۡأَسۡفَلِ مِنَ ٱلنَّارِ وَلَن تَجِدَ لَهُمۡ نَصِيرًا ١٤٥

إِلَّا ٱلَّذِينَ تَابُواْ وَأَصۡلَحُواْ وَٱعۡتَصَمُواْ بِٱللَّهِ وَأَخۡلَصُواْ دِينَهُمۡ لِلَّهِ فَأُوْلَٰٓئِكَ مَعَ ٱلۡمُؤۡمِنِينَۖ وَسَوۡفَ يُؤۡتِ ٱللَّهُ ٱلۡمُؤۡمِنِينَ أَجۡرًا عَظِيمٗا ١٤٦

145 നിശ്ചയമായും, കപടവിശ്വാസികൾ നരകത്തിൽ നിന്നും ഏറ്റം താഴെ പടിയിലായിരിക്കും. അവർക്ക് ഒരു സഹായകനെയും നീ കണ്ടെത്തുന്നതേയല്ല താനും:-

146 (അതെ) പശ്ചാത്തപിച്ചു മടങ്ങുകയും, (കർമ്മങ്ങൾ) നന്നാക്കുകയും, അല്ലാഹുവിനെ മുറുകെ പിടിക്കുകയും, തങ്ങളുടെ മതത്തെ അല്ലാഹുവിന്ന് നിഷ്കളങ്കമാക്കുകയും ചെയ്തവരൊഴികെ; അക്കൂട്ടർ സത്യവിശ്വാസികളുടെ കൂടെയായിരിക്കും. സത്യവിശ്വാസികൾക്ക് വഴിയെ അല്ലാഹു മഹത്തായ പ്രതിഫലം കൊടുക്കുകയും ചെയ്യും.

അവിശ്വാസികളേക്കാൾ നിന്ദ്യരാണ് കപടവിശ്വാസികളെന്നും, അത്കൊണ്ട് ശിക്ഷയിലും അവർ ഏറ്റവും നികൃഷ്ടരായിരിക്കുമെന്നും, നരകത്തിന്റെ ഏറ്റവും താഴെ പടിയിലായിരിക്കും അവരെന്നും അല്ലാഹു അറിയിക്കുന്നു. എന്നാൽ അവർ ഖേദിച്ച് മടങ്ങുന്ന പക്ഷം , അല്ലാഹു സത്യവിശ്വാസികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി അവരെ അനുഗ്രഹിക്കുമെന്നും, അവരോട് കരുണചെയ്യുമെന്നും വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ഖേദം പ്രകടിപ്പിച്ചാൽ മാത്രം പോരാ, കർമ്മങ്ങൾ നന്നാക്കിത്തീർക്കുകയും അല്ലാഹുവിനെ മുറുകെ പിടിക്കുകയും മതത്തെ അല്ലാഹുവിന്ന് നിഷ്കളങ്കമാക്കുകയും ചെയ്തുകൊണ്ട് ഖേദപ്രകടനം ആത്മാർത്ഥതയോടെയാണന്ന് തെളിയിക്കുകയും ചെയ്യേണ്ടതുണ്ട്.

വചനം 147

مَّا يَفۡعَلُ ٱللَّهُ بِعَذَابِكُمۡ إِن شَكَرۡتُمۡ وَءَامَنتُمۡۚ وَكَانَ ٱللَّهُ شَاكِرًا عَلِيمٗا ﴿١٤٧﴾

147 നിങ്ങളെ ശിക്ഷിക്കുന്നതുകൊണ്ട് അല്ലാഹു എന്തു ചെയ്വാനാണ്? നിങ്ങൾ നന്ദി കാണിക്കുകയും, വിശ്വസിക്കുകയും ചെയ്യുന്ന പക്ഷം! അല്ലാഹു നന്ദി കാണിക്കുന്നവനും (എല്ലാം) അറിയുന്നവനുമാകുന്നുതാനും,

വിശ്വാസികൾക്ക് വളരെ മനസ്സമാധാനം നൽകുന്നതാണ് ഈ വചനം. നിങ്ങൾ അല്ലാഹുവിനോട് നന്ദികാണിക്കുകയും, വിശ്വാസികളായി തീരുകയും ചെയ്താൽ അല്ലാഹു നിങ്ങളെ ശിക്ഷിക്കാൻ പോകുന്നില്ല. നിങ്ങളെ വൃഥാ ശിക്ഷിച്ചത്കൊണ്ട് യാതൊരു നേട്ടവും അവനില്ലതാനും. അതോടുകൂടി നിങ്ങൾ ചെയ്യുന്ന നല്ലകാര്യങ്ങളെന്തും നന്ദിപൂർവ്വം സ്വീകരിച്ച് ഉദാരമായ പ്രതിഫലം നൽകുന്നവനാണവൻ. നിങ്ങളുടെ സർവ്വ കാര്യങ്ങളെക്കുറിച്ചു അറിയുന്നവനുമാണവൻ. മനസ്സിൽ മാത്രം ഒതുങ്ങിനിൽക്കാതെ, വിചാരങ്ങളിലൂടെയും, വാക്കുകളിലൂടെയും, പ്രവർത്തികളിലൂടെയും പ്രകടമാവുന്നതാണ് നന്ദി എന്നത്. എല്ലാ സൽക്കർമ്മങ്ങളും നന്ദിയുടെ ലക്ഷണവും എല്ലാ ദുഷ്കർമ്മങ്ങളും നന്ദികേടിന്റെ ലക്ഷണവുമാകുന്നു. നന്ദിയുടെ ഉദ്ഭവവും വളർച്ചയുമാകട്ടെ വിശ്വാസത്തിൽ നിന്നാണുതാനും.

## ജുസ്അ് – 6

വചനം 148

۞ لَّا يُحِبُّ ٱللَّهُ ٱلۡجَهۡرَ بِٱلسُّوٓءِ مِنَ ٱلۡقَوۡلِ إِلَّا مَن ظُلِمَۚ وَكَانَ ٱللَّهُ سَمِيعًا عَلِيمًا ﴿١٤٨﴾

148 വാക്കിൽനിന്നും തിൻമയായുള്ളതിനെ (ചീത്തയായ വാക്കുകളെ) ഉച്ചത്തിലാ(ക്കി പരസ്യമാ)ക്കുന്നതിനെ അല്ലാഹു ഇഷ്ടപ്പെടുകയില്ല; അക്രമം ചെയ്യപ്പെട്ടവൻ (ഉച്ചത്തിലാക്കുന്നത്) ഒഴികെ. അല്ലാഹു (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനുമാകുന്നു താനും.

ദുഷിച്ചവാക്കുകൾ രഹസ്യമായോ , പതുക്കെയോ പറയുന്നത് വിരോധിക്കപ്പെട്ടത് തന്നെ. എന്നാലത് പരസ്യമായും ഉച്ചത്തിലും ആയിരിക്കുമ്പോൾ കൂടുതൽ ഗൗരവമായിത്തീരുന്നു. അത്തരം ദുഷിച്ചവാക്കുകളല്ലാം തന്നെ അല്ലാഹുവിന്റെ കഠിനമായ വെറുപ്പിന് കാരണമായിത്തീരുന്നു. അല്ലാഹുവിന്റെ മഹിത മഹത്വങ്ങൾക്ക് യോജിക്കാത്ത വാക്കുകളും, മറ്റൊരാളെ ദുഷിച്ച്കൊണ്ടുള്ള വാക്കുകളും , തിന്മക്കായുള്ള പ്രാർത്ഥനാ വാക്കുകളും ഒക്കെ ഈ വിരോധത്തിന് വിധേയമാകുന്നു. എന്നാൽ അക്രമത്തിന് പാത്രമായിത്തീർന്നവർ അക്രമകാരികൾക്കെതിരെ ആക്ഷേപവും തെളിവും പരസ്യമായി കൊണ്ടു വരുന്നതിൽ വിരോധമില്ല. ഇങ്ങോട്ട് ചീത്ത പറഞ്ഞവനെ, അവൻ പറഞ്ഞതിൽ കവിയാത്ത വാക്കുകളിലൂടെ അങ്ങോട്ട് പറയുന്നത് തെറ്റല്ല, എന്നാൽ വിട്ടുവീഴ്ച്ച നൽകലും മാപ്പ് കൊടുക്കലുമാണ് അല്ലാഹുവിങ്കൽ പുണ്യമായിട്ടുള്ളത്.

വചനം 149

إِن تُبۡدُواْ خَيۡرًا أَوۡ تُخۡفُوهُ أَوۡ تَعۡفُواْ عَن

149 നിങ്ങൾ ഒരു നല്ല കാര്യം വെളിവാക്കുകയോ, അത് മറച്ചു വെക്കുകയോ, ഒരു തിൻമയെക്കുറിച്ച് മാപ്പു നൽകുകയോ, ചെയ്യുന്നപക്ഷം, (അറി

سُوٓءٍ فَإِنَّ ٱللَّهَ كَانَ عَفُوًّا قَدِيرًا ١٤٩

ഞ്ഞുകൊള്ളുക:) നിശ്ചയമായും അല്ലാഹു, വളരെ മാപ്പുചെയ്യുന്നവനും, കഴിവുള്ള വനുമാകുന്നു.

---

നല്ല വാക്കുകളും , നല്ലകാര്യങ്ങളും - അത് പരസ്യമായി ചെയ്താലും , രഹസ്യമായി ചെയ്താലും - അല്ലാഹു ഇഷ്ടപ്പെടുന്നു. തിന്മക്ക് പകരം തിന്മ ചെയ്യാതെ മാപ്പ് നൽകുന്നതും അവൻ വളരെ ഇഷ്ടപ്പെടുന്നു. അല്ലാഹുവാകട്ടെ വളരെയധികം മാപ്പും വിട്ടുവീഴ്ച്ചയും നൽകുന്ന അത്യുദാരനും കൂടിയാകുന്നു.

നബി(സ) ഇപ്രകാരം പറഞ്ഞിരിക്കുന്നു: “ദാനധർമ്മം നിമിത്തം ധനം ചുരുങ്ങിപ്പോകുകയില്ല. മാപ്പ് നൽകൽ കൊണ്ട് വീര്യമല്ലാതെ അല്ലാഹു വർദ്ധിപ്പിക്കുകയില്ല. അല്ലാഹുവിന് വേണ്ടി ആർ താഴ്മ കാണിക്കുന്നുവോ അവനെ അവൻ ഉയർത്തുന്നതാണ്” (മു:)

---

**വചനം 150,151**

إِنَّ ٱلَّذِينَ يَكْفُرُونَ بِٱللَّهِ وَرُسُلِهِۦ وَيُرِيدُونَ أَن يُفَرِّقُوا۟ بَيْنَ ٱللَّهِ وَرُسُلِهِۦ وَيَقُولُونَ نُؤْمِنُ بِبَعْضٍ وَنَكْفُرُ بِبَعْضٍ وَيُرِيدُونَ أَن يَتَّخِذُوا۟ بَيْنَ ذَٰلِكَ سَبِيلًا ١٥٠

150 നിശ്ചയമായും, യാതൊരുകൂട്ടർ: അല്ലാഹുവിലും, അവൻെറ റസൂലുകളിലും അവർ അവിശ്വസിക്കുന്നു; അല്ലാഹുവിൻെറയും അവൻെറ റസൂലുകളുടെയും ഇടയിൽ വ്യത്യാസപ്പെടുത്തുവാൻ അവർ ഉദ്ദേശിക്കുകയും ചെയ്യുന്നു; “ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും, ചിലരിൽ അവിശ്വസിക്കുകയും ചെയ്യുന്നു” എന്ന് അവർ പറയുകയും ചെയ്യുന്നു; അതിനിടയിൽ ഒരു (പ്രത്യേക) മാർഗ്ഗം സ്വീകരിക്കുവാനും അവർ ഉദ്ദേശിക്കുന്നു:-

أُو۟لَـٰٓئِكَ هُمُ ٱلْكَـٰفِرُونَ حَقًّا ۚ وَأَعْتَدْنَا لِلْكَـٰفِرِينَ عَذَابًا مُّهِينًا ١٥١

151 (അങ്ങിനെയുള്ള) അക്കൂട്ടർ തന്നെയാണ് യഥാർത്ഥത്തിൽ അവിശ്വാസികൾ. അവിശ്വാസികൾക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

---

ചില റസൂലുകളിലും , അവരുടെ പ്രബോധനത്തിലും വിശ്വസിക്കുകയും , മറ്റു ചില റസൂലുകളിൽ വിശ്വസിക്കാതെ , അവരെ നിഷേധിക്കുകയും ചെയ്യുന്ന എല്ലാവരെയും - പ്രത്യേകിച്ച് യഹൂദികളെയും ക്രസ്ത്യാനികളെയും - സംബന്ധിച്ചാണ് ഈ വചനങ്ങൾ. എല്ലാ റസൂലുകളും അല്ലാഹുവിന്റെ ദൗത്യ വാഹകന്മാരാണെന്നിരിക്കെ , ചിലരെ മാത്രം വിശ്വസിക്കുകയും , ചിലരെ നിഷേധിക്കുകയും ചെയ്യുന്നത് തനി അവിശ്വാസം തന്നെയാണെന്ന് അല്ലാഹു പ്രഖ്യാപിക്കുന്നു.

---

**വചനം 152**

وَٱلَّذِينَ ءَامَنُوا۟ بِٱللَّهِ وَرُسُلِهِۦ وَلَمْ يُفَرِّقُوا۟ بَيْنَ أَحَدٍ مِّنْهُمْ أُو۟لَـٰٓئِكَ سَوْفَ يُؤْتِيهِمْ أُجُورَهُمْ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ١٥٢

152 അല്ലാഹുവിലും, അവൻെറ റസൂലുകളിലും വിശ്വസിക്കുകയും, അവരിൽ ഒരാൾക്കിടയിലും വ്യത്യാസപ്പെടുത്താതിരിക്കുകയും ചെയ്തവരാകട്ടെ, അക്കൂട്ടർ-അവർക്ക് അവരുടെ പ്രതിഫലങ്ങൾ വഴിയെ അവൻ നൽകുന്നതാണ്. അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

---

അങ്ങനെ റസൂലുകൾക്കിടയിൽ വിവേചനം കാണിക്കാതെ അല്ലാഹുവിലും അവന്റെ റസൂലുകളിലും വിശ്വസിക്കുന്നവർക്ക് തക്കതായ പ്രതിഫലം അവൻ വഴിയെ നൽകുന്നതാണെന്ന് അല്ലാഹു അറിയിക്കുന്നു.

**വിഭാഗം 22**

**വചനം 153,154**

يَسْـَٔلُكَ أَهْلُ ٱلْكِتَٰبِ أَن تُنَزِّلَ عَلَيْهِمْ كِتَٰبًا مِّنَ ٱلسَّمَآءِ ۚ فَقَدْ سَأَلُوا۟ مُوسَىٰٓ أَكْبَرَ مِن ذَٰلِكَ فَقَالُوٓا۟ أَرِنَا ٱللَّهَ جَهْرَةً فَأَخَذَتْهُمُ ٱلصَّٰعِقَةُ بِظُلْمِهِمْ ۚ ثُمَّ ٱتَّخَذُوا۟ ٱلْعِجْلَ مِنۢ بَعْدِ مَا جَآءَتْهُمُ ٱلْبَيِّنَٰتُ فَعَفَوْنَا عَن ذَٰلِكَ ۚ وَءَاتَيْنَا مُوسَىٰ سُلْطَٰنًا مُّبِينًا ﴿١٥٣﴾

وَرَفَعْنَا فَوْقَهُمُ ٱلطُّورَ بِمِيثَٰقِهِمْ وَقُلْنَا لَهُمُ ٱدْخُلُوا۟ ٱلْبَابَ سُجَّدًا وَقُلْنَا لَهُمْ لَا تَعْدُوا۟ فِى ٱلسَّبْتِ وَأَخَذْنَا مِنْهُم مِّيثَٰقًا غَلِيظًا ﴿١٥٤﴾

153 (നബിയേ) വേദക്കാർ നിന്നോട് ചോദിക്കുന്നു, ആകാശത്തു നിന്ന് ഒരു ഗ്രന്ഥം നീ അവർക്ക് ഇറക്കിക്കൊടുക്കണമെന്ന്! എന്നാൽ, മൂസായോട് അവർ അതിനെക്കാൾ വലിയത് ചോദിക്കുക യുണ്ടായിട്ടുണ്ട്: അതായത്, അവർ പറഞ്ഞു: "ഞങ്ങൾക്കു നീ അല്ലാഹുവിനെ പ്രത്യക്ഷ ത്തിൽ കാണിച്ചു തരണ"മെന്ന്! അങ്ങനെ, അവരുടെ അക്രമം നിമിത്തം ഇടിത്തീ അവരെ പിടികൂടി. പിന്നെ, വ്യക്തമായ തെളിവുകൾ തങ്ങൾക്കു വന്നതിനു ശേഷം അവർ പശുക്കുട്ടിയെ (ദൈവമായി) സ്വീകരിച്ചു. എന്നിട്ട് അതിനെക്കുറിച്ച് നാം മാപ്പു നൽകി. മൂസാക്ക് നാം സ്പഷ്ടമായ അധികൃത രേഖ നൽകുകയും ചെയ്തു.

154 അവരുടെ (കരാർ) ഉറപ്പ് സംബന്ധിച്ച് അവരുടെ മീതെ നാം 'ത്വൂർ' (പർവ്വതം) ഉയർത്തുകയും ചെയ്തു. "നിങ്ങൾ 'സുജൂദ്' ചെയ്തു കൊണ്ട് (രാജ്യത്തിൻെറ) പടിവാതിൽ കടക്കുവിൻ" എന്ന് അവരോടു നാം പറയുകയും ചെയ്തു. 'സബ്ത്തി'ൽ (ശബ്ബത്താചരണത്തിൽ) നിങ്ങൾ അതിക്രമം ചെയ്യരുതെന്നും അവരോടു നാം പറഞ്ഞു. അവരിൽ നിന്നു നാം കനത്ത (കരാർ) ഉറപ്പ് മേടിക്കുകയും ചെയ്തു.

---

അടുത്ത ഏതാനും വചനങ്ങളിൽ വേദക്കാരെ കുറിച്ചുള്ള പരാമർശങ്ങളാകുന്നു.

ഞങ്ങൾ താങ്കളിൽ വിശ്വസിക്കണമെങ്കിൽ മുമ്പ് മൂസാ (അ) നബിക്ക് ലഭിച്ചത് പോലെ ഒരു വേദഗ്രന്ഥം ആകാശത്ത് നിന്ന് ഞങ്ങൾക്ക് ഇറക്കിത്തരണം എന്നായിരുന്നു യഹൂദികളുടെ ധിക്കാര പൂർവ്വമായ ആവശ്യം. ഇതിലും കടന്ന ധിക്കാരങ്ങൾ പലതും പ്രവർത്തിച്ചവരാണ് അവരെന്ന് അല്ലാഹു ഉദാഹരണ സഹിതം വിവരിക്കുന്നു.

അല്ലാഹുവിനെ നേരിൽ കാണാതെ , ഞങ്ങൾ നിന്നെ വിശ്വസിക്കുകയില്ല , അന്ന് അവർ മൂസാ(അ) നബിയോട് പറഞ്ഞത്; അത് മൂലം അവർക്ക് ഇടിത്തീ ബാധിച്ചത്; പിന്നെ മൂസാ (അ) തൗറാത്തുമായി വന്ന പ്പോഴെക്കും പശുക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ചത്; ആ അപരാധം അല്ലാഹു പൊറുത്ത് കൊടുത്തതിന് ശേഷവും അവരുടെ ധിക്കാരം മുഴുത്തപ്പോൾ , ത്വൂർ പർവ്വതം അവരുടെ തലക്ക് മീതെ ഉയർത്തിക്കൊണ്ട് അവരിൽ നിന്നും കരാറും ഉറപ്പും വാങ്ങിയത്; ബൈത്തുൽ മുഖദ്ദസ്സിലേക്ക് പ്രവേശിക്കുമ്പോൾ സുജൂദ് ചെയ്ത്കൊണ്ട് പ്രവേശിക്കണമെന്ന കൽപ്പന അവർ നിരസിച്ചത്; ശനിയാഴ്ച്ച മത്സ്യം പിടിക്കരുതെന്ന നിർദ്ദേശം അവർ ലംഘിച്ചത്; തൗറാത്ത് അനുസരിച്ച് കൊള്ളാമെന്ന പ്രതിജ്ഞക്ക് വിരുദ്ധമായി പ്രവർത്തി ച്ചത്; എന്നിങ്ങനെ അവരിൽ കഴിഞ്ഞ് പോയ ഏതാനും സംഭവങ്ങൾ അവരുടെ ധിക്കാരത്തിന് ഉദാഹരണ മായി അല്ലാഹു എടുത്ത് കാട്ടിയിരിക്കുന്നു.

പ്രസ്തുത സംഭവങ്ങളെക്കുറിച്ച് സൂ : ബഖറയിലും , സൂ : അഅ്റാഫിലും , സൂ : ത്വാഹായിലും വിശദമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

വചനം 155,156, 157,158

155 എന്നിട്ട്, അവരുടെ(കരാര്‍) ഉറപ്പ് അവര്‍ ലംഘിച്ചതുകൊണ്ടും, അല്ലാഹുവിന്‍െറ 'ആയത്തു' (ലക്ഷ്യം)കളില്‍ അവര്‍ അവിശ്വസിച്ചതുകൊണ്ടും, ഒരു ന്യായവും കൂടാതെ പ്രവാചകന്‍മാരെ അവര്‍ കൊലപ്പെടുത്തിയതുകൊണ്ടും, "ഞങ്ങളുടെ ഹൃദയങ്ങള്‍ ഉറയി(ട്ട് മൂ)ടപ്പെട്ടവയാകുന്നു"വെന്ന് അവര്‍ പറഞ്ഞതുകൊണ്ടും (അവര്‍ ശപിക്കപ്പെട്ടു). പക്ഷേ, (മൂടപ്പെടുകയല്ല-) അവരുടെ അവിശ്വാസം നിമിത്തം അല്ലാഹു അവക്ക് മുദ്രകുത്തിയിരിക്കുകയാണ്. ആകയാല്‍, അല്‍പമായിട്ടല്ലാതെ അവര്‍ വിശ്വസിക്കുകയില്ല.

فَبِمَا نَقْضِهِم مِّيثَٰقَهُمْ وَكُفْرِهِم بِـَٔايَٰتِ ٱللَّهِ وَقَتْلِهِمُ ٱلْأَنۢبِيَآءَ بِغَيْرِ حَقٍّ وَقَوْلِهِمْ قُلُوبُنَا غُلْفٌۢ ۚ بَلْ طَبَعَ ٱللَّهُ عَلَيْهَا بِكُفْرِهِمْ فَلَا يُؤْمِنُونَ إِلَّا قَلِيلًا ﴿١٥٥﴾

156 (അതെ) അവരുടെ അവിശ്വാസം കൊണ്ടും, മര്‍യമിന്‍െറ പേരില്‍ വമ്പിച്ച കള്ളാരോപണം അവര്‍ പറഞ്ഞതുകൊണ്ടും;-

وَبِكُفْرِهِمْ وَقَوْلِهِمْ عَلَىٰ مَرْيَمَ بُهْتَٰنًا عَظِيمًا ﴿١٥٦﴾

157 "നിശ്ചയമായും, അല്ലാഹുവിന്‍െറ റസൂലായ മര്‍യമിന്‍െറ മകന്‍ ഈസാ എന്ന 'മസീഹി'നെ ഞങ്ങള്‍ കൊലപ്പെടുത്തിയിരിക്കുന്നു"വെന്ന് അവര്‍ പറഞ്ഞതു കൊണ്ടും (അവര്‍ ശപിക്കപ്പെട്ടിരിക്കുന്നു). (വാസ്തവമാകട്ടെ) അദ്ദേഹത്തെ അവര്‍ കൊലപ്പെടുത്തിയിട്ടുമില്ല, അദ്ദേഹത്തെ അവര്‍ ക്രൂശിച്ചിട്ടുമില്ലതാനും. എങ്കിലും, അവര്‍ക്ക് തിരിച്ചറിയാതാക്കപ്പെട്ടിരിക്കുകയാണ്. നിശ്ചയമായും, അദ്ദേഹത്തിന്‍െറ കാര്യത്തില്‍ ഭിന്നാഭിപ്രായത്തിലായവര്‍, അദ്ദേഹ(ത്തിന്‍െറ സംഭവ) ത്തെക്കുറിച്ച് സംശയത്തില്‍ തന്നെയാണു(ള്ളത്). അവര്‍ക്ക് അദ്ദേഹത്തെക്കുറിച്ച് യാതൊരു അറിവുമില്ല-ഊഹത്തെ പിന്‍പറ്റലല്ലാതെ. ഉറപ്പായും അദ്ദേഹത്തെ അവര്‍ കൊലപ്പെടുത്തിയിട്ടില്ല;-

وَقَوْلِهِمْ إِنَّا قَتَلْنَا ٱلْمَسِيحَ عِيسَى ٱبْنَ مَرْيَمَ رَسُولَ ٱللَّهِ وَمَا قَتَلُوهُ وَمَا صَلَبُوهُ وَلَٰكِن شُبِّهَ لَهُمْ ۚ وَإِنَّ ٱلَّذِينَ ٱخْتَلَفُوا۟ فِيهِ لَفِى شَكٍّ مِّنْهُ ۚ مَا لَهُم بِهِۦ مِنْ عِلْمٍ إِلَّا ٱتِّبَاعَ ٱلظَّنِّ ۚ وَمَا قَتَلُوهُ يَقِينًۢا ﴿١٥٧﴾

158 പക്ഷേ, അദ്ദേഹത്തെ അല്ലാഹു അവങ്കലേക്ക് ഉയര്‍ത്തുകയത്രെ ചെയ്തത്. അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

بَل رَّفَعَهُ ٱللَّهُ إِلَيْهِ ۚ وَكَانَ ٱللَّهُ عَزِيزًا حَكِيمًا ﴿١٥٨﴾

---

യഹൂദികള്‍ അല്ലാഹുവിന്റെ ശാപകോപങ്ങള്‍ക്ക് പാത്രമായിത്തീര്‍ന്നതിനുള്ള ഏതാനും കാരണങ്ങള്‍ അല്ലാഹു തുടര്‍ന്ന് എടുത്ത് കാട്ടുന്നു:

(1) അവര്‍ കരാറുകളും പ്രതിജ്ഞകളും ലംഘിച്ച് കൊണ്ടിരുന്നു. (2)അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിലുള്ള അവിശ്വാസം -വേദഗ്രന്ഥം മുഖേന ലഭിച്ചതും, മൂസാ(അ) നബിയുടെ കൈക്കും മറ്റും വെളിവായതുമായ ദൃഷ്ടാന്തങ്ങളിലുള്ള അവിശ്വാസവും നിഷേധവും. (3) യാതൊരു ന്യായവും കൂടാതെ പ്രവാചകന്മാരെ കൊലപ്പെടുത്തിയത്. (സൂ: ബഖറയിലും സൂ: അഅ്റാഫിലും വിശദവിവരങ്ങള്‍ കാണാവുന്നതാണ്). (4)നിങ്ങള്‍ ഉപദേശിക്കുന്നതൊന്നും ഞങ്ങളുടെ ഹൃദയത്തിലേക്ക് കടക്കുകയില്ല - ഞങ്ങളുടെ ഹൃദയങ്ങള്‍ ഉറയിട്ട് മൂടിക്കിടക്കുകയാണ് എന്ന് പറഞ്ഞ്കൊണ്ട് മര്‍ക്കടമുഷ്ടി കാട്ടിയത്. ഹൃദയത്തില്‍ കടക്കാതിരിക്കാന്‍ അവര്‍ പറഞ്ഞ കാരണം ശരിയല്ലെന്നും, "അവരുടെ അവിശ്വാസം കാരണം അല്ലാഹു അവര്‍ക്ക് മുദ്ര

വെച്ചിരിക്കുകയാണ്" എന്നതാണ് യഥാർത്ഥ കാരണമെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ഏതെങ്കിലും അൽപ്പം ചില വ്യക്തികൾ, അല്ലെങ്കിൽ അവരിൽ നാമമാത്രമായ വിശ്വാസം – അതിൽ കവിഞ്ഞൊന്നും അവരിൽ നിന്നും പ്രതീക്ഷിക്കുവാനില്ല. (5) മർയം (അ) വ്യഭിചാരിണിയാണന്നും , ഈസാ (അ) ജാരസന്താനവുമാണെന്ന അവരുടെ കള്ളാരോപണം. എന്നാൽ തൊട്ടിലിൽ കിടന്ന്കൊണ്ട് "താൻ അല്ലാഹുവിന്റെ അടിമയാകുന്നു, തന്നെ അല്ലാഹു പ്രവാചകനാക്കിയിട്ടുണ്ട്" എന്ന് കുട്ടി അവരോട് സംസാരിച്ചപ്പോൾ, അവർക്ക് മർയം (അ) നെ കുറിച്ചുള്ള സംശയം അവസാനിക്കുകയും മർയമിനോടും ആ അൽഭുത ശിശുവിനോടും ബഹുമാനപൂർവ്വം പെരുമാറിപ്പോരുകയും ചെയ്തു. എന്നാൽ പ്രവാചകത്വം സിദ്ധിച്ചതിന് ശേഷം ഈസാ(അ) അവരുടെ ദുർന്നടപടികളെ ആക്ഷേപിക്കുകയും, സന്മാർഗോപദേശം നൽകുകയും ചെയ്യാൻ തുടങ്ങിയപ്പോൾ, അവർ അദ്ദേഹത്തെ നിഷേധിക്കുകയും, ആ പഴയ ആരോപണം പൂർവ്വാധികം ശക്തിയായി ഘോഷിക്കുവാനും തുടങ്ങി. അതേക്കുറിച്ചാണ് "വമ്പിച്ച കള്ളാരോപണം" എന്ന് അല്ലാഹു പറഞ്ഞത്.(6) ഈസാ (അ) നബിയെ തങ്ങൾ ക്രൂശിച്ച് കൊലപ്പെടുത്തിയെന്നുള്ള അവരുടെ അഹങ്കാര വാദം. മർയമിന്റെ മകൻ ഈസാ മസീഹിനെ ഞങ്ങൾ കൊലപ്പെടുത്തി എന്ന് മാത്രം പറഞ്ഞ് മതിയാക്കാതെ "അല്ലാഹുവിന്റെ റസൂലായ" എന്ന് കൂടി വിശേഷിപ്പിച്ചത് അവരുടെ പരിഹാസത്തെയും ധിക്കാരത്തെയുമാണ് സൂചിപ്പിക്കുന്നത്. വ്യഭിചാരപുത്രനെന്നും ആഭിചാരിയെന്നും കള്ളവാദിയെന്നുമൊക്കെ അദ്ദേഹത്തെ ആരോപിച്ച് കൊണ്ടിരുന്ന അവർ അദ്ദേഹം അല്ലാഹുവിന്റെ റസൂലാണെന്ന് എങ്ങനെ സമ്മതിക്കും.

ഈസാ(അ) ക്രൂശിച്ച് കൊല്ലപ്പെട്ടുവെന്ന് യഹൂദികൾ മാത്രമല്ല ക്രിസ്താനികളും വിശ്വസിച്ച് വരുന്നു. യഹൂദികൾ പ്രസ്തുത കൃത്യം തങ്ങളുടെ ധീരതയേയും കീർത്തിയേയും കുറിക്കുന്ന നടപടിയായിട്ട് കരുതിപ്പോരുമ്പോൾ, ക്രിസ്ത്യാനികളാകട്ടെ ജന്മനാ പാപിയായ മനുഷ്യവർഗ്ഗത്തിന്റെ പാപഭാരത്തിൽ നിന്നും മോചനത്തിനായി യേശു (ഈസാ നബി) കുരിശ് വരിച്ചതായിട്ടാണ് കണക്കാക്കിപ്പോരുന്നത്. ക്രിസ്തീയ മതത്തിന്റെ ഒന്നാമത്തെ അടിത്തറയായി അതവർ ഗണിക്കുകയും ചെയ്യുന്നു. ആദം(അ) സ്വർഗ്ഗത്തിലെ വിലക്കപ്പെട്ട വൃക്ഷത്തിൽ നിന്നും ഭുജിച്ചതിനെ തുടർന്നാണ് മനുഷ്യവർഗ്ഗം മുഴുവൻ ജന്മനാ പാപികളായതെന്നാണ് ക്രിസ്തീയ വിശ്വാസം.

ഈസാ(അ) കുരിശിൽ തറക്കപ്പെടുകയോ വധിക്കപ്പെടുകയോ ഉണ്ടായിട്ടില്ലെന്നും അവർക്ക് യഥാർത്ഥ സംഭവം തിരിച്ചറിയാതെ പോയിരിക്കുകയാണന്നും അങ്ങനെ സംഭവിച്ചിട്ടുണ്ടന്ന് പറയുന്നവരുടെ അടുക്കൽ ഊഹാപോഹങ്ങളല്ലാതെ യാതൊരു തെളിവുമില്ലന്നും അർത്ഥശങ്കക്കിടയില്ലാതെ അല്ലാഹു ഖണ്ഡിതമായി പ്രഖ്യാപിക്കുന്നു. സൂ: ആലുഇംറാൻ 54,55 വചനങ്ങളുടെ വിവരണത്തിൽ ഈ വിഷയം കൂടുതൽ വിശദീകരിച്ചിട്ടുണ്ട്.

ബൈബിളിലെ പുതിയ നിയമ പുസ്തകത്തിൽ ക്രൂശിക്കപ്പെട്ട ആൾ ഈസാ(അ) ആയിരുന്നില്ലെന്നും, അദ്ദേഹമാണെന്ന ധാരണയിൽ മറ്റൊരാളായിരിന്നുവെന്നും കാണാവുന്നതാണ്. എന്നാൽ കുരിശ് സംഭവം നടന്നിട്ടുണ്ടെങ്കിലും, അതിൽ ഈസാ (അ) കൊല്ലപ്പെട്ടിട്ടില്ലെന്നും, യഥാർത്ഥത്തിൽ അവിടെ നടന്നതെന്താണെന്ന് അവർക്ക് തിരിച്ചറിയാതാക്കപ്പെട്ടിരിക്കുകയാണ് എന്നുമാണ് അല്ലാഹു പറഞ്ഞത്.

തങ്ങൾ യേശുവിനെ ക്രൂശിച്ച് കൊന്നുവെന്ന് അഹങ്കരിക്കുന്ന യഹൂദികൾക്കോ , കുരിശ് സംഭവം തങ്ങളുടെ മോക്ഷത്തിനുള്ള ഏകമാർഗമാക്കിത്തീർത്ത ക്രിസ്ത്യാനികൾക്കോ ആ സംഭവത്തിന്റെ യാഥാർത്ഥ്യത്തെപ്പറ്റി യാതൊരു അറിവുമില്ല; അനേകം ഊഹാപോഹങ്ങളല്ലാതെ – കുരിശിൽ തറച്ചത് യേശുവിനെയല്ല .അദ്ദേഹത്തോട് രൂപസാദൃശ്യമുള്ള വേറൊരാളായിരുന്നുവെന്നും ; കുരിശിൽ തറച്ചത് അദ്ദേഹത്തെ തന്നെയാണങ്കിലും അദ്ദേഹം അതിൽ വെച്ച് മരണമടഞ്ഞിട്ടില്ലന്നും ; കുരിശിൽവെച്ച് മരിച്ചുവെങ്കിലും പിന്നീട് ഉയർത്തെഴുന്നേൽക്കുകയുണ്ടായെന്നും; ശരീരം മാത്രം ക്രൂശിക്കപ്പെട്ടു , ആത്മാവ് ഉയർത്തപ്പെട്ടു, എന്നും-അങ്ങനെ അനേകം ഊഹങ്ങളെയാണ് അവർ പിൻപറ്റുന്നത്.

യഥാർത്ഥത്തിൽ സംഭവിച്ചത് അല്ലാഹു പ്രസ്താവിക്കുന്നു "അല്ലാഹു അദ്ദേഹത്തെ തന്റെ അടുക്കലേക്ക് ഉയർത്തി" അതാണ് സംഭവിച്ചത്. ഉയർത്തൽ എങ്ങിനെയാണുണ്ടായത് ? ജഡത്തോടു കൂടിയോ അല്ലാതെയോ? ഉറക്കത്തിലോ ഉണർച്ചയിലോ? അദ്ദേഹം ഇപ്പോൾ എവിടെയാണ്? അദ്ദേഹത്തിന്റെ ജീവിതരീതി എങ്ങനെയാകുന്നു? ഇതൊന്നും അല്ലാഹു വ്യക്തമാക്കിയിട്ടില്ല. ഉറപ്പിച്ചും വിശദീകരിച്ചും പറയത്തക്ക വേറെ തെളിവുകളുമില്ല.

എന്നാൽ ഈ സംശയങ്ങൾക്ക് മേൽ ഉദ്ധരിച്ച ഖുർആൻ വചനങ്ങളിൽ നിന്നും , ആലുഇംറാനിലെ 54,55 വചനങ്ങളുടെ വിവരണത്തിൽ നിന്നും വിശദീകരണം ലഭിക്കുന്നതാണ്.

അദ്ദേഹത്തെ അല്ലാഹു അവന്റെ അടുക്കലേക്ക് – ആകാശത്തേക്ക് അഥവാ ഉപരിലോകത്തേക്ക് – ഉയർത്തിയത് ശരീരവും ആത്മാവും ചേർന്നുള്ള ഈസാ(അ) നബിയെയാണെന്നും , കാലാവസാനത്തിൽ

അദ്ദേഹം ഭൂമിയിലേക്ക് ഇറങ്ങിവന്ന് നീതി നടത്തുമെന്നും ഇപ്പോൾ അദ്ദേഹം സ്ഥിതിചെയ്യുന്നത് എവിടെ ത്തന്നെ ആയിരുന്നാലും അവിടെ ജീവിക്കാനാവശ്യമായ സാഹചര്യം പ്രദാനം ചെയ്യാൻ സർവ്വശക്തനായ അല്ലാഹുവിന് പ്രയാസമുള്ള കാര്യമല്ലെന്നും നമുക്ക് മനസ്സിലാക്കാവുന്നതാണ്.

---

**വചനം 159**

وَإِن مِّنْ أَهْلِ ٱلْكِتَـٰبِ إِلَّا لَيُؤْمِنَنَّ بِهِۦ قَبْلَ مَوْتِهِۦ ۖ وَيَوْمَ ٱلْقِيَـٰمَةِ يَكُونُ عَلَيْهِمْ شَهِيدًا ﴿١٥٩﴾

159 വേദക്കാരിൽ നിന്ന് (ആരും) അദ്ദേഹത്തിൻെറ മരണത്തിനു മുമ്പ് തീർച്ചയായും അദ്ദേഹത്തിൽ വിശ്വസിക്കാതിരിക്കയില്ല. ഖിയാമത്തു നാളി ലാകട്ടെ, അദ്ദേഹം അവരുടെ മേൽ സാക്ഷി യായിരിക്കുകയും ചെയ്യും.

---

ഈ വചനത്തിലെ ആദ്യത്തെ വാചകത്തിന് പരിഭാഷയിൽ സ്വീകരിച്ച അർത്ഥമാണ് കൂടുതൽ സ്വീകാര്യമായിട്ടുള്ളത്. അതായത് ഈസാ (അ) വീണ്ടും ഭൂമിയിൽ ഇറങ്ങിവന്ന ശേഷം ഭൂമിയിൽ വെച്ച് അദ്ദേഹം മരണമടയുന്നതിന് മുമ്പ് അക്കാലത്തുള്ള വേദക്കാരിൽ ആരും അദ്ദേഹത്തിൽ വിശ്വസിക്കാതിരിക്കുകയില്ല എന്ന് അർത്ഥം.

രണ്ടാമതൊരർത്ഥ വ്യാഖ്യാനം ഇപ്രകാരമാവുന്നു: വേദക്കാരായ ഓരോ ആളും ,അയാൾ മരണം കണ്ണിൽ കാണുകയും, ഈ ലോകവുമായുള്ള ബന്ധം മുറിഞ്ഞ് പോകുകയും ചെയ്യുന്ന അവസരത്തിലെങ്കിലും ,ഈസാ (അ) നബിയിൽ വിശ്വസിക്കാതിരിക്കുകയില്ല. അതായത്, അതേവരെ താൻ ഈസാ (അ) നബിയെകുറിച്ച് വെച്ച് പുലർത്തിപ്പോന്ന വിശ്വാസങ്ങളെല്ലാം തെറ്റാണെന്ന് ബോധ്യപ്പെട്ട് ശരിയായ വിശ്വാസം സ്വീകരിക്കുമെന്നർത്ഥം. വാസ്തവത്തിൽ വേദക്കാർ മാത്രമല്ല പിഴച്ച മാർഗങ്ങൾ സ്വീകരിച്ച എല്ലാവരും മരണവേളയിൽ അതേവരെയുള്ള പിഴച്ച വിശ്വാസങ്ങളിൽ നിന്ന് ഖേദിച്ച് മടങ്ങുകയും യഥാർത്ഥ വിശ്വാസം (മുഹമ്മദ് (സ) നബിയിലും ഈസാ (അ) നബിയിലുമുള്ള വിശ്വാസം) പ്രകടിപ്പിക്കുകയും ചെയ്യും. പക്ഷെ ആ സമയത്തുള്ള വിശ്വാസം കൊണ്ട് യാതൊരു ഫലവും ഉണ്ടാകുവാനില്ല.

മഹാന്മാരായ ഇബ്നു ജരീർ(റ) ഇബ്നു കഥീർ (റ) എന്നിവർ ഒന്നാമത്തെ അർത്ഥ വ്യാഖ്യാനമാണ് ശരിവെച്ചിട്ടുള്ളത്.

അവസാന കാലത്ത് ഈസാ (അ) ഭൂമിയിൽ ഇറങ്ങിവരുമെന്നും , ഭൂമിയിൽ നീതി നടപ്പാക്കുകയും ജനങ്ങളെ ഇസ്ലാമിലേക്ക് ക്ഷണിക്കുകയും ചെയ്യുമെന്നും, ദജ്ജാലിനെ കൊലപ്പെടുത്തുമെന്നും പല ഹദീസുകളിലും വന്നിട്ടുള്ളതാകുന്നു.

മസീഹുദ്ദജ്ജാൽ എന്ന യഹൂദനായ ഒരു കള്ളവാദി, അവസാനകാലത്ത് പ്രത്യക്ഷപ്പെടുമെന്നും, അസാധാരണമായ പല കടും കൃത്യങ്ങൾ നടത്തുവാനുള്ള കഴിവ് അവനുണ്ടായിരിക്കുമെന്നും അതുവഴി അവൻ ജനങ്ങളെ വഴിപിഴപ്പിച്ച് കൊണ്ടിരിക്കുമെന്നും യഹൂദികളായിരിക്കും അവന്റെ പ്രധാന അനുയായികളെന്നും, ഈസാ (അ) നബിയുടെ കൈ കൊണ്ടായിരിക്കും അവൻ കൊല്ലപ്പെടുകയെന്നും , അനേകം ഹദീസുകളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. യഅ്ജൂജ് -മഅ്ജൂജിന്റെ പുറപ്പാടും, ദജ്ജാലിന്റെ വരവും , ഈസാ (അ) നബിയുടെ വരവും ,സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദയം ചെയ്യുകയെന്നതും , ലോകാവസാന കാലങ്ങളിലെ ചില ദൃഷ്ടാന്തങ്ങളാണന്ന് പ്രവചിച്ചു കൊണ്ടുള്ള പല നബിവചനങ്ങൾ വേറെയുമുണ്ട്. (കൂടുതൽ പരാമർശങ്ങൾ 43:61, 27:82 എന്നീ വചനങ്ങളിലും , യഅ്ജൂജ് -മഅ്ജൂജിനെ പറ്റി സൂ: അൽകഹ്ഫ് 94-97 വചനങ്ങളിലും പ്രസ്താവിച്ചത് ശ്രദ്ധിക്കുക.

വന്ന് കഴിഞ്ഞിട്ടില്ലാത്തതും, വരുമെന്ന് പ്രതീക്ഷിക്കേണ്ടതുമായ ഏറ്റവും ദുഷിച്ച ആൾ എന്നാണ് ഒരു ഹദീസിൽ നബി(സ) ദജ്ജാലിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്.

ഖിയാമത്ത്നാളിൽ അദ്ദേഹം - ഈസാ (അ) - അവരുടെ മേൽ സാക്ഷിയായിത്തീരും എന്ന വചനത്തിന്റെ ഉദ്ദേശം വ്യക്തമാണ്. തന്നെ നിഷേധിക്കുകയും, കുരിശിലേറ്റാൻ ശ്രമിക്കുകയും ചെയ്ത ശപിക്കപ്പെട്ട യഹൂദികളുടെയും, തന്നെ ദൈവമാക്കി ആരാധിക്കുക വഴി, പിഴച്ച് പോയ ക്രിസ്ത്യാനികളുടെയും ചെയ്തികൾക്ക് അല്ലാഹുവിന്റെയടുക്കൽ അദ്ദേഹം സാക്ഷ്യം വഹിക്കുമെന്ന് സാരം. സൂ: മാഇദ: 116-119 വചനങ്ങളിൽ ഈ സാക്ഷ്യത്തെ പറ്റി ചില വിശദീകരണങ്ങൾ കാണാവുന്നതാണ്.

**വചനം 160, 161**

160 അങ്ങനെ, യഹൂദരായവരില്‍ നിന്നുള്ള ഒരു(വമ്പിച്ച) അക്രമം നിമിത്തം, അവര്‍ക്ക് അനുവദനീയമാക്കപ്പെട്ടിരുന്ന ചില നല്ലതായ വസ്തുക്കളെ അവരുടെമേല്‍ നാം നിഷിദ്ധമാക്കി. (കൂടാതെ) അല്ലാഹുവിന്‍റെ മാര്‍ഗ്ഗത്തില്‍ നിന്ന് (ജനങ്ങളെ) ധാരാളമായി അവര്‍ തടഞ്ഞതു കൊണ്ടും,-

فَبِظُلْمٍ مِّنَ ٱلَّذِينَ هَادُوا۟ حَرَّمْنَا عَلَيْهِمْ طَيِّبَٰتٍ أُحِلَّتْ لَهُمْ وَبِصَدِّهِمْ عَن سَبِيلِ ٱللَّهِ كَثِيرًا ﴿١٦٠﴾

161 അവരോട് പലിശയെക്കുറിച്ച് വിരോധിക്കപ്പെട്ടിരുന്നിട്ടും അവരത് മേടിച്ചതുകൊണ്ടും, അന്യായമായി മനുഷ്യരുടെ സ്വത്തുക്കളെ അവര്‍ തിന്നതുകൊണ്ടും (കൂടിയാണത്). അവരില്‍ നിന്നുള്ള അവിശ്വാസികള്‍ക്ക് വേദനയേറിയ ശിക്ഷ നാം ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു.

وَأَخْذِهِمُ ٱلرِّبَوٰا۟ وَقَدْ نُهُوا۟ عَنْهُ وَأَكْلِهِمْ أَمْوَٰلَ ٱلنَّاسِ بِٱلْبَٰطِلِ ۚ وَأَعْتَدْنَا لِلْكَٰفِرِينَ مِنْهُمْ عَذَابًا أَلِيمًا ﴿١٦١﴾

---

യഹൂദികളുടെ അക്രമങ്ങളെക്കുറിച്ചും നിഷേധങ്ങളെക്കുറിച്ചും വീണ്ടും അല്ലാഹു വിവരിക്കുന്നു. അല്ലാഹുവിന്‍റെ സത്യമാര്‍ഗത്തില്‍ നിന്ന് സ്വയം തിരിഞ്ഞ് പോകുകയും മറ്റുള്ളവരെ ധാരാളക്കണക്കില്‍ വഴി തെറ്റിക്കുകയും, കര്‍ശനമായി നിരോധിക്കപ്പെട്ടിട്ടും പലിശ വാങ്ങിക്കൊണ്ടിരിക്കുകയും, പലിശ ഇടപാടുകളിലൂടെയും കൈകൂലിയിലൂടെയും നിഷിദ്ധ മാര്‍ഗങ്ങളിലൂടെ ധനം സമ്പാദിക്കുകയും, പോലെയുള്ള അവരുടെ അക്രമങ്ങള്‍ നിമിത്തം, ഐഹികമായ ഒരു ശിക്ഷയെന്ന നിലക്ക് മുമ്പ് അവര്‍ക്ക് അനുവദിക്കപ്പെട്ടിരുന്ന ചില നല്ലതായ വസ്തുക്കള്‍ അല്ലാഹു അവര്‍ക്ക് നിഷിദ്ധമാക്കി കല്‍പ്പിച്ചു. കൂടാതെ പരലോക ശിക്ഷ വേറെയും അവര്‍ക്ക് വേണ്ടി അല്ലാഹു ഒരുക്കിവെച്ചിരിക്കുന്നു. "അവരില്‍ നിന്നുള്ള അവിശ്വാസികള്‍ക്ക് വേദനയേറിയ ശിക്ഷ നാം ഒരുക്കിവെച്ചിരിക്കുന്നു" എന്ന് പറഞ്ഞതില്‍ നിന്ന് യഹൂദികളില്‍ ചിലരെങ്കിലും അവിശ്വാസികളല്ലാത്തവരുണ്ടെന്ന് മനസ്സിലാക്കാം. അവര്‍ ആരാണെന്ന് അടുത്ത വചനത്തില്‍ നിന്ന് മനസ്സിലാക്കാം.

"ചില നല്ലതായ വസ്തുക്കള്‍ അവരുടെ മേല്‍ നാം നിഷിദ്ധമാക്കി" എന്ന വചനത്തിലെ ആ വസ്തുക്കള്‍ എന്തെല്ലാമായിരുന്നുവെന്ന് ഇവിടെ വ്യക്തമാക്കപ്പെട്ടിട്ടില്ല. നഖമുള്ള എല്ലാ വസ്തുക്കളും, പശു, ആട് എന്നിവയുടെ കൊഴുപ്പുകളും ആണവയെന്ന് സൂ: അന്‍ആം 146 ല്‍ പറയുന്നു.

ഇസ്രാഈലി പ്രവാചകന്‍മാരുടെ കാലത്ത് മാത്രമല്ല, ആധുനിക കാലത്തും അല്ലാഹുവിന്‍റെ മാര്‍ഗത്തില്‍ നിന്ന് ജനങ്ങളെ തടയുന്നതില്‍ യഹൂദികള്‍ മുന്‍പന്തിയിലാകുന്നു. കമ്മ്യൂണിസം, നിരീശ്വരപ്രസ്ഥാനം, അരാജകത്വം, പലിശ - ബാങ്കിങ് സ്ഥാപനങ്ങളുടെ ഉല്‍ഭവം എന്നിവ പരിശോധിച്ചാല്‍, ഇവയുടെയെല്ലാം സ്ഥാപക നേതാക്കള്‍ യഹൂദികളാണന്ന് കാണാവുന്നതാണ്.

---

**വചനം 162**

162 എങ്കിലും, അവരില്‍ നിന്നും അറിവില്‍ അടിയുറച്ചവരും, സത്യവിശ്വാസികളും, നിനക്ക് ഇറക്കപ്പെട്ടതിലും, നിനക്കു മുമ്പ് ഇറക്കപ്പെട്ടതിലും വിശ്വസിക്കുന്നു; (വിശേഷിച്ച്) നമസ്കാരം നിലനിര്‍ത്തുന്നവരും, 'സകാത്തു' കൊടുക്കുന്നവരും, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരും. അക്കൂട്ടര്‍ അവര്‍ക്ക് വഴിയെ നാം വമ്പിച്ച പ്രതിഫലം നല്‍കുന്നതാണ്.

لَّٰكِنِ ٱلرَّٰسِخُونَ فِى ٱلْعِلْمِ مِنْهُمْ وَٱلْمُؤْمِنُونَ يُؤْمِنُونَ بِمَآ أُنزِلَ إِلَيْكَ وَمَآ أُنزِلَ مِن قَبْلِكَ ۚ وَٱلْمُقِيمِينَ ٱلصَّلَوٰةَ ۚ وَٱلْمُؤْتُونَ ٱلزَّكَوٰةَ وَٱلْمُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ أُو۟لَٰٓئِكَ سَنُؤْتِيهِمْ أَجْرًا عَظِيمًا ﴿١٦٢﴾

യഹൂദികളിൽ തന്നെ വേണ്ടത്ര അറിവും വിശ്വാസവും ഉള്ള ചിലർ ഉണ്ട്; അവർ മുഹമ്മദ്(സ)ക്കും നബി(സ) തിരുമേനിക്ക് മുമ്പും ഇറക്കപ്പെട്ടതിൽ വിശ്വസിക്കുന്നവരും, നമസ്കാരം നില നിർത്തുന്നവരും, സക്കാത്ത് കൊടുക്കുന്നവരും, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരുമാകുന്നു. അക്കൂട്ടർക്ക് അല്ലാഹു വഴിയെ വമ്പിച്ച പ്രതിഫലം നൽകുന്നതുമാകുന്നു.

## വിഭാഗം 23

**വചനം 163,164,165**

۞ إِنَّآ أَوۡحَيۡنَآ إِلَيۡكَ كَمَآ أَوۡحَيۡنَآ إِلَىٰ نُوحٖ وَٱلنَّبِيِّـۧنَ مِنۢ بَعۡدِهِۦۚ وَأَوۡحَيۡنَآ إِلَىٰٓ إِبۡرَٰهِيمَ وَإِسۡمَٰعِيلَ وَإِسۡحَٰقَ وَيَعۡقُوبَ وَٱلۡأَسۡبَاطِ وَعِيسَىٰ وَأَيُّوبَ وَيُونُسَ وَهَٰرُونَ وَسُلَيۡمَٰنَۚ وَءَاتَيۡنَا دَاوُۥدَ زَبُورٗا ١٦٣

163 (നബിയേ,) നിശ്ചയമായും, നൂഹിനും, അദ്ദേഹത്തിന് ശേഷമുള്ള നബിമാർക്കും നാം 'വഹ്‌യു' (ദിവ്യ ബോധനം) നൽകിയതുപോലെ, നിനക്കും നാം 'വഹ്‌യു' നൽകിയിരിക്കയാണ്. ഇബ്റാഹീമിനും, ഇസ്മാഈലിനും, ഇസ്ഹാഖിനും, യഅ്ഖൂബിനും (അദ്ദേഹത്തിൻെറ) സന്തതികൾക്കും, ഈസാക്കും, അയ്യൂബിനും, യൂനുസിനും, ഹാറൂന്നും, സുലൈമാന്നും നാം 'വഹ്‌യു' നൽകിയിരിക്കുന്നു. ദാവൂദിന് നാം 'സബൂറും' (ഒരു പ്രത്യേക ഏടും) കൊടുത്തിരിക്കുന്നു.

وَرُسُلٗا قَدۡ قَصَصۡنَٰهُمۡ عَلَيۡكَ مِن قَبۡلُ وَرُسُلٗا لَّمۡ نَقۡصُصۡهُمۡ عَلَيۡكَۚ وَكَلَّمَ ٱللَّهُ مُوسَىٰ تَكۡلِيمٗا ١٦٤

164 (മാത്രമല്ല) മുമ്പ് നാം നിനക്ക് വിവരിച്ചു തന്നിട്ടുള്ള കുറെ റസൂലുകളെയും, നിനക്ക് നാം വിവരിച്ചു തന്നിട്ടില്ലാത്ത കുറെ റസൂലുകളെയും (അയച്ചിട്ടുണ്ട്). മൂസായോട് അല്ലാഹു (നേരിൽ) ഒരു സംസാരം സംസാരിക്കുകയും ചെയ്തിരിക്കുന്നു:

رُّسُلٗا مُّبَشِّرِينَ وَمُنذِرِينَ لِئَلَّا يَكُونَ لِلنَّاسِ عَلَى ٱللَّهِ حُجَّةُۢ بَعۡدَ ٱلرُّسُلِۚ وَكَانَ ٱللَّهُ عَزِيزًا حَكِيمٗا ١٦٥

165 (അതെ) സന്തോഷവാർത്ത അറിയിക്കുന്നവരും, താക്കീത് നൽകുന്നവരുമായ റസൂലുകളായിക്കൊണ്ട് (അവരെയൊക്കെ) അയച്ചു; റസൂലുകളുടെ (നിയോഗത്തിന്) ശേഷം അല്ലാഹുവിന്നെതിരിൽ മനുഷ്യർക്ക് ഒരു ന്യായവും (പറയുവാൻ) ഉണ്ടാകാതിരിക്കുവാൻ വേണ്ടിയത്രെ(അതെല്ലാം). അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

---

ഒരു സമുദായത്തിലേക്ക് നിയോഗിച്ചയക്കപ്പെട്ട ആദ്യത്തെ ദൈവദൂതനായ (റസൂലായ) നൂഹ് (അ) നബിക്കും, അദ്ദേഹത്തിന് ശേഷം പല സമുദായങ്ങളിലേക്കുമായി നിയോഗിക്കപ്പെട്ട പല പ്രവാചകന്മാർക്കും അല്ലാഹു ദിവ്യസന്ദേശങ്ങൾ നൽകിയത് പോലെ മുഹമ്മദ് നബി(സ) ക്കും അല്ലാഹു ദിവ്യസന്ദേശം നൽകിയിരിക്കുന്നു.

ഇബ്രാഹിം (അ) നബി അദ്ദേഹത്തിന്റെ മക്കളായ ഇസ്മാഈൽ (അ), ഇസ്ഹാഖ് (അ), പൗത്രനായ യഅ്ഖൂബ് (അ), യഅ്ഖൂബ് (അ) ന്റെ സന്തതി ഗോത്രങ്ങളായ പന്ത്രണ്ട് ഇസ്രാഈലി ഗോത്രങ്ങളിൽ, ഉണ്ടായിട്ടുള്ള അനേകം പ്രവാചകർ, വിഖ്യാത പ്രവാചകന്മാരായ ഈസാ,അയ്യൂബ് ,യൂനുസ് ,ഹാറൂൻ, സുലൈമാൻ (അ) എന്നിവർക്ക് മാത്രമല്ല ഖുർആൻ മുഖേനയോ മറ്റോ പരിചയപ്പെടുത്തിയിട്ടുള്ള വരും, അല്ലാത്ത വരുമായി കഴിഞ്ഞ്പോയിട്ടുള്ള അനേകം പ്രവാചകർക്കും അല്ലാഹു സന്ദേശങ്ങളും ബോധനങ്ങളും നൽകിയിട്ടുണ്ട്. ദാവൂദ് (അ) നബിക്ക് 'സബൂറും' മൂസാ (അ) നബിക്ക് 'തൗറാത്തും' നൽകപ്പെട്ടിട്ടുണ്ട്. മാത്രമല്ല മൂസാ(അ) നബിയോട് നേരിൽ തന്നെ സംസാരം നടത്തുകയും ചെയ്തിട്ടുണ്ട്.

അല്ലാഹുവിന്റെ റസൂലുകൾക്ക് പ്രധാനമായും രണ്ട് കാര്യങ്ങളാണ് നിർവ്വഹിക്കാനുണ്ടായിരുന്നത് (1) സത്യ വിശ്വാസവും സന്മാർഗ്ഗവും സ്വീകരിക്കുന്നവർക്ക് അല്ലാഹുവിൽ നിന്ന് ലഭിക്കാനിരിക്കുന്ന അനു

ഗ്രഹങ്ങളെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുക. (2) അത് രണ്ടും സ്വീകരിക്കാത്തവർക്ക് അല്ലാഹുവിന്റെ പക്കൽ നിന്ന് അനുഭവിക്കേണ്ടിവരുന്ന ശിക്ഷാ നടപടികളെക്കുറിച്ച് താക്കീതും മുന്നറിയിപ്പും നൽകുക. ഞങ്ങൾക്ക് സന്മാർഗം ഇന്നതാണെന്ന് തിരിച്ചറിയാത്തത് കൊണ്ടാണ് ഞങ്ങൾ പിഴച്ച് പോയത് എന്ന് പറഞ്ഞ് വിചാരണവേളയിൽ ആർക്കും രക്ഷപ്പെടുവാൻ കഴിയുകയില്ല. എന്തെന്നാൽ ഇത്രയധികം റസൂലുകളെ അല്ലാഹു നിയോഗിച്ച് കൊണ്ടിരുന്നത് എല്ലാ ജനവിഭാഗങ്ങൾക്കും സത്യവിശ്വാസവും സന്മാർഗവും എത്തിച്ച് കൊടുക്കുകയെന്ന പ്രത്യേക ലക്ഷ്യം വെച്ച് കൊണ്ട് തന്നെയായിരുന്നു.

'വഹ്‌യ്' എന്ന വാക്കിന്റെ വിശദവിവരം, വഹ്‌യിന്റെ വിവധ രൂപങ്ങൾ എന്നിവ സൂ: ശൂറാ 51 ൽ വിശദമായി വിവരിച്ചിട്ടുണ്ട്.

---

**വചനം 166**

لَّٰكِنِ ٱللَّهُ يَشۡهَدُ بِمَآ أَنزَلَ إِلَيۡكَۖ أَنزَلَهُۥ بِعِلۡمِهِۦۖ وَٱلۡمَلَٰٓئِكَةُ يَشۡهَدُونَۚ وَكَفَىٰ بِٱللَّهِ شَهِيدًا ﴿١٦٦﴾

166 എന്നാൽ, അല്ലാഹു നിനക്ക് ഇറക്കിത്തന്നതിനെപ്പറ്റി അവൻ സാക്ഷ്യം വഹിക്കുന്നു;- അത് അവൻ അവൻെറ അറിവോടെ ഇറക്കിയിരിക്കുകയാണ്. മലക്കുകളും (അതിന്) സാക്ഷ്യം വഹിക്കുന്നു. സാക്ഷിയായി അല്ലാഹു തന്നെ മതി താനും.

---

ആര് തന്നെ നിഷേധിച്ചാലും ശരി , അല്ലാഹു നബി(സ)ക്ക് അവതരിപ്പിച്ച് കൊടുത്തിട്ടുള്ളത് സത്യയാഥാർത്ഥ്യമാണ്. അതിന് അവനും അവന്റെ മലക്കുകളും സാക്ഷ്യം വഹിക്കുന്നു. മറ്റാരുടെ സാക്ഷ്യവും അതിന് ആവശ്യമേ ഇല്ല. അല്ലാഹുവിന്റെ സാക്ഷ്യം തന്നെ മതി അതിന് എന്ന് സാരം.

അല്ലാഹുവിന്റെ സ്വന്തമായ അറിവും വൈദഗ്ദ്യവും അനുസരിച്ചും, അത് കൈകാര്യം ചെയ്യാൻ തരപ്പെട്ട ആളും ചുറ്റുപാടുകളും ഏതെന്ന് അറിഞ്ഞ്കൊണ്ടും, ജനങ്ങളുടെ നന്മയും വിജയവും ഏതൊക്കെയാണെന്ന് മനസ്സിലാക്കിക്കൊണ്ടും ആണ് അല്ലാഹു ഖുർആൻ അവതരിപ്പിച്ചിട്ടുള്ളത് എന്നുമത്രെ "അവന്റെ അറിവോടെ അത് അവൻ ഇറക്കി" എന്ന വാക്യം വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ളത്.

---

**വചനം 167,168,169**

إِنَّ ٱلَّذِينَ كَفَرُواْ وَصَدُّواْ عَن سَبِيلِ ٱللَّهِ قَدۡ ضَلُّواْ ضَلَٰلَۢا بَعِيدًا ﴿١٦٧﴾

إِنَّ ٱلَّذِينَ كَفَرُواْ وَظَلَمُواْ لَمۡ يَكُنِ ٱللَّهُ لِيَغۡفِرَ لَهُمۡ وَلَا لِيَهۡدِيَهُمۡ طَرِيقًا ﴿١٦٨﴾

إِلَّا طَرِيقَ جَهَنَّمَ خَٰلِدِينَ فِيهَآ أَبَدٗاۚ وَكَانَ ذَٰلِكَ عَلَى ٱللَّهِ يَسِيرٗا ﴿١٦٩﴾

167 നിശ്ചയമായും, അവിശ്വസിക്കുകയും, അല്ലാഹുവിൻെറ മാർഗത്തിൽ നിന്ന് (ജനങ്ങളെ) തിരിച്ചുകളയുകയും ചെയ്തവർ, അവർ വിദൂരമായ വഴിപിഴവ് പിഴച്ചു കഴിഞ്ഞിരിക്കുന്നു.

168 നിശ്ചയമായും, അവിശ്വസിക്കുകയും, അക്രമം പ്രവർത്തിക്കുകയും ചെയ്തവർ,- അവർക്ക് പൊറുത്തു കൊടുക്കുവാൻ അല്ലാഹു (വിന് ഉദ്ദേശ്യം) ഇല്ല; അവരെ ഒരു വഴിയും കാട്ടികൊടുക്കുവാനും (അവന് ഉദ്ദേശ്യം) ഇല്ല;-

169 (അതെ) 'ജഹന്നമി'ൻെറ (നരകത്തിൻെറ) വഴിയല്ലാതെ; എന്നെന്നും അതിൽ (അവർ) നിത്യവാസികളായിക്കൊണ്ട്. അത് അല്ലാഹുവിൻെറ മേൽ എളുപ്പമായ കാര്യവുമാകുന്നു.

അവരുടെ അവിശ്വാസവും ധിക്കാരവും കാരണമായി അവരെ കാലാകാലം നരകത്തിലിട്ട് ശിക്ഷിക്കുകയെന്നത് അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം പ്രയാസകരമായ ഒരു കാര്യമല്ല. അവിശ്വാസികൾക്ക് പൊറുത്തുകൊടുക്കുകയില്ലെന്നും ധിക്കാരികൾക്കും ദുർവ്വാശിക്കാർക്കും സന്മാർഗം പ്രദാനം ചെയ്യുകയില്ലെന്നുമുള്ളതും അല്ലാഹുവിന്റെ നടപടിച്ചട്ടങ്ങളിൽ പെട്ടതാണല്ലോ.

എല്ലാ കുഫ്റും (അവിശ്വാസവും) - ശിർക്ക് കലരാത്തതും ശിർക്ക് കലർന്നതും - പൊറുക്കപ്പെടാത്ത പാപം തന്നെയാണന്ന് ഈ വചനത്തിൽ നിന്നും 2:27; 33:64,65 എന്നീ വചനങ്ങളിലും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

**വചനം 170**

170 ഹേ, മനുഷ്യരേ, നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള യഥാർത്ഥ സമേതം നിങ്ങൾക്ക് റസൂൽ വന്നിട്ടുണ്ട്. ആകയാൽ, നിങ്ങൾ നിങ്ങൾക്ക് ഗുണകരമായ നിലയിൽ വിശ്വസിച്ചുകൊള്ളുവിൻ. നിങ്ങൾ അവിശ്വസിക്കുകയാണെങ്കിലോ, എന്നാൽ, ആകാശഭൂമികളിലുള്ളത് (എല്ലാം) അല്ലാഹുവിൻേറതാണ്. (ഇത് നിങ്ങൾ ഓർത്തുകൊള്ളുക.) അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

يَٰٓأَيُّهَا ٱلنَّاسُ قَدْ جَآءَكُمُ ٱلرَّسُولُ بِٱلْحَقِّ مِن رَّبِّكُمْ فَـَٔامِنُوا۟ خَيْرًا لَّكُمْ ۚ وَإِن تَكْفُرُوا۟ فَإِنَّ لِلَّهِ مَا فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَكَانَ ٱللَّهُ عَلِيمًا حَكِيمًا ﴿١٧٠﴾

---

മനുഷ്യരെല്ലാവരും തന്നെ അവിശ്വാസികളായിരുന്നാലും അല്ലാഹുവിന് ഒരു നഷ്ടവും നേരിടാനില്ല. നിങ്ങളുടെ മേൽ വേണ്ടുന്ന നടപടി എടുക്കാൻ അവന് യാതൊരു പ്രയാസവുമില്ല. ആകാശ ഭൂമികളിലുള്ള വസുതുക്കളല്ലാം അവന്റെതാണ്. എല്ലാം അവന്റെ സൃഷ്ടിയും ഉടമയും നിയന്ത്രണവും . അവൻ എല്ലാം അറിയുന്നവനും അഗാധജ്ഞനുമാകുന്നു.

---

**വചനം 171**

171 വേദക്കാരേ, നിങ്ങൾ നിങ്ങളുടെ മതത്തിൽ അതിരുകവിയരുത്; നിങ്ങൾ അല്ലാഹുവിൻെറ പേരിൽ യഥാർത്ഥമല്ലാതെ പറയുകയും ചെയ്യരുത്. നിശ്ചയമായും, മർയമിൻെറ മകൻ ഈസാ 'മസീഹ്' അല്ലാഹുവിൻെറ റസൂലും, അവൻെറ വാക്കും മാത്രമാകുന്നു; അത് (ആ വാക്ക്) അവൻ മർയമിലേക്ക് ഇട്ടുകൊടുത്ത അവങ്കൽ നിന്നുള്ള ഒരു ആത്മാവുമാകുന്നു. ആകയാൽ, നിങ്ങൾ അല്ലാഹുവിലും, അവൻെറ റസൂലുകളിലും വിശ്വസിക്കുവിൻ. മൂന്നു (ദൈവങ്ങൾ) എന്ന് നിങ്ങൾ പറയുകയും അരുത്. (അതിൽ നിന്ന്) നിങ്ങൾ വിരമിക്കുവിൻ-നിങ്ങൾക്ക് ഗുണകരമായ നിലക്ക്. നിശ്ചയമായും, അല്ലാഹു ഒരേ 'ഇലാഹ്' മാത്രമാകുന്നു. അവന് ഒരു സന്താനം ഉണ്ടായിരിക്കുന്നതിൽ നിന്നും അവൻ മഹാ പരിശുദ്ധൻ! അവൻേറതാണ് ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം). (കൈകാര്യം) ഏൽപിക്കപ്പെടുന്നവനായി അല്ലാഹു തന്നെ മതി.

يَٰٓأَهْلَ ٱلْكِتَٰبِ لَا تَغْلُوا۟ فِى دِينِكُمْ وَلَا تَقُولُوا۟ عَلَى ٱللَّهِ إِلَّا ٱلْحَقَّ ۚ إِنَّمَا ٱلْمَسِيحُ عِيسَى ٱبْنُ مَرْيَمَ رَسُولُ ٱللَّهِ وَكَلِمَتُهُۥٓ أَلْقَىٰهَآ إِلَىٰ مَرْيَمَ وَرُوحٌ مِّنْهُ ۖ فَـَٔامِنُوا۟ بِٱللَّهِ وَرُسُلِهِۦ ۖ وَلَا تَقُولُوا۟ ثَلَٰثَةٌ ۚ ٱنتَهُوا۟ خَيْرًا لَّكُمْ ۚ إِنَّمَا ٱللَّهُ إِلَٰهٌ وَٰحِدٌ ۖ سُبْحَٰنَهُۥٓ أَن يَكُونَ لَهُۥ وَلَدٌ ۘ لَّهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۗ وَكَفَىٰ بِٱللَّهِ وَكِيلًا ﴿١٧١﴾

വേദക്കാരെ അഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു പറയുന്നു.

"നിങ്ങൾ നിങ്ങളുടെ മതത്തിൽ അതിരുകവിയരുത്." യഹൂദികൾ ഈസാ (അ) നബിയെ വ്യഭിചാരി , ആഭിചാരി, കള്ളവാദി എന്നൊക്കെ ആക്ഷേപിച്ച് അതിരുകവിഞ്ഞപ്പോൾ, ക്രിസ്താനികളാകട്ടെ അദ്ദേഹം ദൈവവും ദൈവപുത്രനും ആരാധ്യനുമാണെന്ന് പറഞ്ഞുകൊണ്ടാണ് അവരുടെ വിശ്വാസത്തിൽ അതിരുകവിഞ്ഞത്. ക്രിസ്ത്യാനികളുടെ എല്ലാ മാർഗ ഭ്രംശത്തിനും മൂലകാരണം ഈസാ (അ) നബിയുടെ വിഷയത്തിൽ അവരുടെ അതിര് കവിഞ്ഞ ഈ വിശ്വാസങ്ങളാകുന്നു. അവരെ പോലെ മുസ്ലിംകളും വഴി പിഴച്ച് പോകരുതെന്ന് കരുതിയാണ് നബി (സ) ഇപ്രകാരം അരുൾചെയ്തത് :

“മർയമിന്റെ മകൻ ഈസായെക്കുറിച്ച് ക്രിസ്ത്യാനികൾ അധിക പ്രശംസ നടത്തിയത് പോലെ നിങ്ങൾ എന്നെക്കുറിച്ച് അധിക പ്രശംസ നടത്തരുത്. നിശ്ചയമായും ഞാൻ അല്ലാഹുവിന്റെ റസൂലും അവന്റെ അടിയാനുമാകുന്നു.”

“അല്ലാഹു എനിക്ക് നൽകിയിട്ടുള്ള സ്ഥാന പദവിക്ക് മീതെ എന്നെ ഉയർത്തുന്നത് ഞാൻ ഇഷ്ടപ്പെടുകയില്ല.”

വേദക്കാരുടെ അതിര് കവിയലിന് കാരണം, അവർ അല്ലാഹുവിനെ പറ്റി യഥാർത്ഥ വിരുദ്ധ വിശ്വാസങ്ങളും സങ്കൽപങ്ങളും വെച്ച് പുലർത്തുന്നത് കൊണ്ടാണല്ലോ.അത് കൊണ്ടാണ് തുടർന്ന് അല്ലാഹു “നിങ്ങൾ അല്ലാഹുവിന്റെ പേരിൽ യഥാർത്ഥമല്ലാത്തത് പറയുകയും ചെയ്യരുത്.” എന്ന് വേദക്കാരോട് നിർദ്ദേശിക്കുന്നത്.

തുടർന്ന് ഈസാ (അ) നബിയുടെ സ്ഥാനവിശേഷങ്ങളെന്ന നിലക്ക് മൂന്ന് കാര്യങ്ങൾ അല്ലാഹു ഇവിടെ എടുത്ത് കാണിക്കുന്നു.

(1) ഈസാ (മസീഹ് ) അല്ലാഹുവിന്റെ റസൂലാകുന്നു - മസീഹ് , ഇബ്നു മറിയം എന്നീ നാമങ്ങളെ പറ്റി ആലുഇംറാൻ 45 ൽ വിശദീകരിച്ചിട്ടുണ്ട് ) . റസൂലുകളെല്ലാം മനുഷ്യരും അല്ലാഹുവിന്റെ അടിമകളും സൃഷ്ടികളുമാണ്. ആരും ദൈവമോ, ദൈവ പുത്രനോ, ദൈവാംശമോ അല്ല. ഈസാ(അ) നബിക്ക് മാത്രം പ്രത്യേകസ്ഥാനം കൊടുക്കുന്നത് അസംബന്ധമാണല്ലോ.

(2) ഈസാ, മർയമിലേക്ക് അവൻ ഇട്ട് കൊടുത്ത വാക്കാകുന്നു : സാധാരണ പ്രകൃതി ചട്ടങ്ങളിൽ നിന്ന് വ്യത്യസ്തമായി (ഒരു പിതാവിന്റെ മാധ്യമം കൂടാതെ) അല്ലാഹുവിന്റെ വാക്ക് കൊണ്ട് (كن فيكون എന്ന ഉത്തരവുകൊണ്ട്) മാത്രം മർയമിൽ ജനിച്ച ആളാണ് അദ്ദേഹമാണന്നാണിത് കൊണ്ട് വിവക്ഷ. ഈസായുടെ ഉദാഹരണം ആദമിന്റെ സൃഷ്ടിയുടെത് മാതിരിയാകുന്നു.

(3) ഈസാ, അല്ലാഹുവിങ്കൽ നിന്നുള്ള ആത്മാവുമാകുന്നു : പിതാവും മാതാവുമില്ലാതെ മനുഷ്യരൂപത്തിൽ സൃഷ്ടിക്കപ്പെട്ട ആദമിൽ അല്ലാഹു അവന്റെ ആത്മാവ് ഊതിയതിനാൽ അദ്ദേഹം മനുഷ്യജീവി ആയിതീർന്നത് പോലെ (സൂ: ഹിജ്ർ 29 , സൂ: സ്വാദു 72) ഈസാ (അ) യുടെ മാതാവിൽ അല്ലാഹു അവന്റെ ആത്മാവ് ഊതിയതിനാൽ (സൂ: അമ്പിയാഅ് 91 ; തഹ്രിം 12 ) അദ്ദേഹവും മനുഷ്യ ജീവിയായി ജനിച്ചുവെന്ന് സാരം. ഇക്കാരണത്താൽ ആദം (അ) ദൈവമോ, ദൈവ പുത്രനോ ദൈവാംശമോ ആകുന്നില്ലാത്തത് പോലെ ഈസായും (അ) അതൊന്നും ആകുകയില്ലല്ലോ.

ഈസാ(അ) നബിയെ സംബന്ധിച്ച് യതാർത്ഥ സ്ഥിതി ഇന്നതാണെന്ന് ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് അല്ലാഹു ക്രിസ്ത്യാനികളോട് പറയുന്നു. “ആകയാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ റസൂലുകളിലും വിശ്വസിക്കുവീൻ” അല്ലാഹു എകനാണെന്നും, അവന് ഇണയോ തുണയോ പങ്കുകാരോ മക്കളോ ഇല്ലെന്നും ആരാധനക്കർഹനായി അവൻ മാത്രമേയുള്ളൂ എന്നും, അവൻ സർവ്വത്തിന്റെയും സൃഷ്ടാവും ഉടമസ്ഥനുമാണെന്നും വിശ്വസിക്കുവാനും, എല്ലാ റസൂലുകളെയും പോലെ ഈസാ(അ) നബിയും അല്ലാഹുവിന്റെ അടിയാന്മാരിൽപ്പെട്ട ഒരാളാണെന്നും, ദൈവമല്ലെന്നും വിശ്വസിക്കുവാനും അല്ലാഹു നിർദ്ദേശിക്കുന്നു. അതോടൊപ്പം അവരുടെ ആ പിഴച്ച വിശ്വാസം ഉപേക്ഷിക്കേണ്ടതാണന്നും താക്കീത് ചെയ്യുന്നു. മൂന്ന് ദൈവങ്ങൾ അല്ലെങ്കിൽ മൂന്നെണ്ണം ചേർന്ന ഏകദൈവം എന്ന് പറയുകയും ചെയ്യരുത്. എന്ന് വെച്ചാൽ അല്ലാഹുവിന് പുറമെ, ഈസാ(അ)നേയും മർയം (അ) നേയും ദൈവങ്ങളാക്കുന്നതോ, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മുക്കുട്ട് ദൈവത്തെ ഉണ്ടാക്കിത്തീർക്കുന്നതോ ആയ എല്ലാ വിധ ത്രിത്വസിദ്ധാന്തങ്ങളും ഉപേക്ഷിച്ചേ തീരൂ എന്നർത്ഥം. -അത് നിങ്ങളുടെ തന്നെ ഗുണത്തിന് വേണ്ടിയാണെന്നും ഓർമ്മിപ്പിക്കുന്നു.

ഈ വിഷയം സംബന്ധമായി അല്ലാഹു ആവർത്തിച്ചുറപ്പിച്ച് കൊണ്ട് തുടർന്ന് പറയുന്നു : അല്ലാഹു മാത്രമാണ് ആരാധനക്കർഹനായ എകദൈവമായുള്ളവൻ. ഒരു സന്താനം ഉണ്ടാകുന്നതിൽ നിന്നും അവൻ എത്രയോ പരിശുദ്ധനാകുന്നു. കാരണം ആകാശ ഭൂമികളിലുള്ള സർവ്വ വസ്തുക്കളും അവന്റെ സൃഷ്ടിയും, അവൻ എല്ലാറ്റിന്റെയും ഉടമയും കൈകാര്യ കർത്താവും ആകുന്നു.അവൻ തന്നെ അതിന് ധാരാളം മതിതാനും.

ക്രിസ്തുമതത്തിന്റെ ത്രിത്വസിദ്ധാന്തത്തെക്കുറിച്ച് വളരെ വിശദമായും ഗഹനമായും വിശകലനം ചെയ്തതിന് ശേഷം മുഹമ്മദ് അമാനി മൗലവി താഴെ പറയുന്ന വിധത്തിൽ സംഗ്രഹിക്കുന്നു.

(1) ത്രിത്വോപദേശം , ത്രിയേകത്വ സിദ്ധാന്തം പരിശുദ്ധാത്മാവ് മുതലായവ സംബന്ധിച്ച് ക്രിസ്ത്യാനികൾ അവരുടെ മതത്തിന്റെ മൂലോപദേശങ്ങളായി ഗണിച്ച് വരുന്ന മിക്ക സിദ്ധാന്തങ്ങൾക്കും അവർ വേദ

പുസ്തകങ്ങളായി അംഗീകരിച്ച് വരുന്ന ഗ്രന്ഥങ്ങളിൽ നിന്നോ, അവർ ഉദ്ധരിക്കുന്ന യേശുക്രിസ്തുവിന്റെ വചനങ്ങളിൽ നിന്നോ , അവർക്ക് ശരിയായ തെളിവുകളൊന്നും ഉദ്ധരിക്കാനില്ല.

(2) പൗരാണിക കാലം തൊട്ട് ഇത് വരെയും അതാത് കാലത്തെ പണ്ഡിത പുരോഹിത വർഗത്തിന്റെയും , അതാത് കാലത്തെ പരിതസ്ഥിതികളുടെയും ഹിതമനുസരിച്ച് അതാത് കാലങ്ങളിൽ രൂപകൽപ്പനം ചെയ്യപ്പെട്ടവ മാത്രമാണവ.

(3) പിന്നീട് കാലക്രമത്തിൽ അവയല്ലാം ചോദ്യം ചെയ്യപെടാത്ത മതസിദ്ധാന്തങ്ങളായി അംഗീകരിക്കപ്പെട്ടു വരുകയും ചെയ്തു.

(4) ക്രിസ്തുമത സിദ്ധാന്തങ്ങളിൽ മുഖ്യസ്ഥാനം കൽപ്പിക്കപ്പെടുന്ന അടിസ്ഥാന തത്വങ്ങൾ പോലും യുക്തിക്കോ, ബുദ്ധിക്കോ, ന്യായത്തിനോ സ്ഥാനം കൽപ്പിക്കപ്പെടാത്തവയാകുന്നു.

## വിഭാഗം 24

**വചനം 172**

لَّن يَسْتَنكِفَ ٱلْمَسِيحُ أَن يَكُونَ عَبْدًا لِّلَّهِ وَلَا ٱلْمَلَٰٓئِكَةُ ٱلْمُقَرَّبُونَ ۚ وَمَن يَسْتَنكِفْ عَنْ عِبَادَتِهِۦ وَيَسْتَكْبِرْ فَسَيَحْشُرُهُمْ إِلَيْهِ جَمِيعًا ﴿١٧٢﴾

172 അല്ലാഹുവിന് അടിമയായിരിക്കുവാൻ (ഈസാ) 'മസീഹു' വൈമനസ്യം കാണിക്കുകയേ ചെയ്കയില്ല; (അല്ലാഹുവിങ്കൽ) സാമീപ്യം സിദ്ധിച്ചവരായ മലക്കുകളും (ചെയ്ക) ഇല്ല. അവനെ ആരാധിക്കുന്നതിനെപ്പറ്റി ആർ വൈമനസ്യം കാണിക്കുകയും, അഹംഭാവം കാണിക്കുകയും ചെയ്യുന്നുവോ അവരെ മുഴുവനും അവൻ തൻെറ അടുക്കലേക്ക് ഒരുമിച്ചുകൂട്ടിയേക്കുന്നതാണ്.

---

ക്രിസ്താനികൾ ആരാധിച്ച് പോരുന്ന , ഈസാ(അ) നബിയുടെ സ്വന്തം നിലപാടെന്താണ് – അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിൽ ഒട്ടും വൈമനസ്യമോ,അഹംഭാവമോ, ഒരിക്കലും ബാധിക്കാത്ത ആളാണദ്ദേഹം. അദ്ദേഹം മാത്രമല്ല അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ച പരിശുദ്ധരായ മലക്കുകളുടെ സ്ഥിതിയും അങ്ങനെ തന്നെ. എനി ഈസാ (അ) നബിയും മലക്കുകളും എന്നല്ല, ആർ തന്നെയും അല്ലാഹുവിന്റെ അടിയാന്മാരായികൊണ്ട് അവനെ ആരാധിക്കുവാൻ വൈമനസ്യം കാണിക്കുകയോ , ഗർവ്വ് നടിക്കുകയോ ചെയ്യുന്ന പക്ഷം അല്ലാഹു ഒന്നൊഴിയാതെ അവരെ മുഴുവൻ തന്റെ മുമ്പിൽ ഹാജരാക്കി നടപടി എടുക്കുക തന്നെ ചെയ്യും. ആ നടപടി എന്തായിരിക്കുമെന്ന് അടുത്ത വചനത്തിൽ വിവരിക്കുന്നുമുണ്ട്.

അല്ലാഹുവിന്റെ അടിമ ആയിരിക്കുന്നതിനെ സാക്ഷാൽകൃതമാക്കുന്നത് അവന് ആരാധന ചെയ്യുന്നത് മൂലമാണെന്ന് ഈ വചനത്തിൽ നിന്ന് മനസ്സിലാക്കാം.

---

**വചനം 173, 174, 175**

فَأَمَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ فَيُوَفِّيهِمْ أُجُورَهُمْ وَيَزِيدُهُم مِّن فَضْلِهِۦ ۖ وَأَمَّا ٱلَّذِينَ ٱسْتَنكَفُوا۟ وَٱسْتَكْبَرُوا۟ فَيُعَذِّبُهُمْ عَذَابًا أَلِيمًا وَلَا يَجِدُونَ لَهُم مِّن دُونِ ٱللَّهِ وَلِيًّا وَلَا نَصِيرًا ﴿١٧٣﴾

173 എന്നിട്ടപ്പോൾ, യാതൊരു കൂട്ടർ വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തിരിക്കുന്നുവോ, അവർക്ക് അവരുടെ പ്രതിഫലങ്ങളെ അവൻ നിറവേറ്റിക്കൊടുക്കുകയും, അവൻെറ അനുഗ്രഹത്തിൽ നിന്നും അവർക്ക് വർദ്ധിപ്പിച്ചു കൊടുക്കുകയും ചെയ്യും. എന്നാൽ, വൈമനസ്യം കാണിക്കുകയും, അഹംഭാവം നടിക്കുകയും ചെയ്തവരാകട്ടെ അവരെ അവൻ വേദനയേറിയ ശിക്ഷ ശിക്ഷിക്കും; അല്ലാഹുവിനു പുറമെ ഒരു രക്ഷാധികാരിയെയാകട്ടെ, സഹായകനെയാകട്ടെ അവർ തങ്ങൾക്ക് കണ്ടെത്തുകയുമില്ല.

يَـٰٓأَيُّهَا ٱلنَّاسُ قَدْ جَآءَكُم بُرْهَـٰنٌ مِّن رَّبِّكُمْ وَأَنزَلْنَآ إِلَيْكُمْ نُورًا مُّبِينًا ﴿١٧٤﴾

174 ഹേ, മനുഷ്യരേ, നിങ്ങളുടെ റബ്ബിങ്കൽ നിന്നും നിങ്ങൾക്ക് (ഖണ്ഡിതമായ) രേഖ വന്നു കഴിഞ്ഞിരിക്കുന്നു: നിങ്ങൾക്കു നാം സ്പഷ്ടമായ ഒരു പ്രകാശം ഇറക്കിത്തരുകയും ചെയ്തിരിക്കുന്നു.

فَأَمَّا ٱلَّذِينَ ءَامَنُوا۟ بِٱللَّهِ وَٱعْتَصَمُوا۟ بِهِۦ فَسَيُدْخِلُهُمْ فِى رَحْمَةٍ مِّنْهُ وَفَضْلٍ وَيَهْدِيهِمْ إِلَيْهِ صِرَٰطًا مُّسْتَقِيمًا ﴿١٧٥﴾

175 എന്നാൽ, യാതൊരുകൂട്ടർ അല്ലാഹുവിൽ വിശ്വസിക്കുകയും, അവനെ മുറുകെ പിടി(ച്ചു രക്ഷപ്രാപി)ക്കുകയും ചെയ്തുവോ, അവരെ അവൻ തൻെറ വക കാരുണ്യത്തിലും, അനുഗ്രഹത്തിലും പ്രവേശിപ്പിച്ചേക്കും. (നേരെ) ചൊവ്വായ ഒരുപാതയിൽ, തൻെറ അടുക്കലേക്ക് അവൻ അവരെ നയിക്കുകയും ചെയ്യും.

---

യാതൊരു വ്യാഖ്യാനവും കൂടാതെ തന്നെ ഈ വചനങ്ങളുടെ ആശയം സ്പഷ്ടമാകുന്നു.

---

**വചനം 176**

يَسْتَفْتُونَكَ قُلِ ٱللَّهُ يُفْتِيكُمْ فِى ٱلْكَلَـٰلَةِ ۚ إِنِ ٱمْرُؤٌا۟ هَلَكَ لَيْسَ لَهُۥ وَلَدٌ وَلَهُۥٓ أُخْتٌ فَلَهَا نِصْفُ مَا تَرَكَ ۚ وَهُوَ يَرِثُهَآ إِن لَّمْ يَكُن لَّهَا وَلَدٌ ۚ فَإِن كَانَتَا ٱثْنَتَيْنِ فَلَهُمَا ٱلثُّلُثَانِ مِمَّا تَرَكَ ۚ وَإِن كَانُوٓا۟ إِخْوَةً رِّجَالًا وَنِسَآءً فَلِلذَّكَرِ مِثْلُ حَظِّ ٱلْأُنثَيَيْنِ ۗ يُبَيِّنُ ٱللَّهُ لَكُمْ أَن تَضِلُّوا۟ ۗ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌۢ ﴿١٧٦﴾

176 (നബിയേ) അവർ നിന്നോട് (മത) വിധി തേടുന്നു പറയുക: "അല്ലാഹു നിങ്ങൾക്ക് 'കലാലത്തി'ൻെറ (പിതാവും സന്താനവുമില്ലാത്ത അനന്തരാവകാശത്തിൻെറ) കാര്യത്തിൽ വിധി പ്രസ്താവിക്കുന്നു.'' (അതായത്) ഒരു മനുഷ്യൻ തനിക്ക് സന്താനമില്ലാതെയും, തനിക്കൊരു സഹോദരി ഉണ്ടായിക്കൊണ്ടും നാശ (മരണ) മടഞ്ഞുവെങ്കിൽ അപ്പോൾ, അവൻ വിട്ടുപോയതിൻെറ (സ്വത്തിൻെറ) പകുതി അവൾക്കുണ്ടായിരിക്കും. അവൾ (മരണമടഞ്ഞവൾ)ക്ക് സന്താനമില്ലെങ്കിൽ അവൻ (സഹോദരൻ) അവളെ അനന്തരമെടുക്കുക(മുഴുവൻ സ്വത്തിനും അവകാശിയാവുക) യും ചെയ്യുന്നതാണ്. ഇനി, അവർ (സഹോദരിമാർ) രണ്ടാളാണെങ്കിൽ അവർക്ക് അയാൾ വിട്ടുപോയതിൽ (സ്വത്തിൽ) നിന്നു മൂന്നിൽ രണ്ടംശമുണ്ടായിരിക്കും. അവർ പുരുഷൻമാരും, സ്ത്രീകളുമായ സഹോദരങ്ങളായിരുന്നെങ്കിലോ അപ്പോൾ, ആണിന് രണ്ടു പെണ്ണിൻെറ ഓഹരിയുടെ അത്രയുണ്ടായിരിക്കും. നിങ്ങൾ പിഴച്ചുപോകുമെന്നുള്ളതിനാൽ, അല്ലാഹു നിങ്ങൾക്ക് വിവരിച്ചുതരുകയാണ്. അല്ലാഹുവാകട്ടെ, എല്ലാകാര്യത്തെക്കുറിച്ചും അറിയുന്നവനാകുന്നു.

---

സൂറത്തിന്റെ ആദ്യവചനങ്ങളിൽ (വചനം 7-12) പ്രതിപാദിച്ചിരുന്ന അനന്തരവകാശ നിയമങ്ങളെക്കുറിച്ച് വീണ്ടും പ്രതിപാദിച്ച്കൊണ്ട് അല്ലാഹു ഈ സൂറത്ത് അവസാനിപ്പിക്കുന്നു.

പിതാക്കളോ സന്താനങ്ങളോ ആയ അവകാശികൾ ഇല്ലാതിരിക്കുന്നതിനാണ് كلالة (കലാലത്ത്)

എന്ന് പറയുന്നത്. കലാലത്തിന്റെ കാര്യത്തിൽ ഈ വചനത്തിൽ പ്രസ്താവിക്കപ്പെട്ട സംഗതികൾ ഇങ്ങനെ സംഗ്രഹിക്കാം.

(1) മരണപ്പെട്ട ആൾക്ക് ഒരു സഹോദരി ഉണ്ടായിരുന്നാൽ അയാൾ വിട്ടുപോകുന്ന സ്വത്തിന്റെ പകുതി ലഭിക്കും. ഈ വചനത്തിൽ കലാലത്തിന്റെ ഉപാധിയായി സന്താനമില്ലാതിരിക്കുക എന്ന് മാത്രമേ പറയ പ്പെട്ടിട്ടുള്ളൂവെങ്കിലും മരണപ്പെട്ട ആളുടെ പിതാവ് കൂടെ ജീവിച്ചിരിപ്പുണ്ടെങ്കിൽ , സഹോദരിക്ക് അനന്തരാവകാശമായി ഒന്നും ലഭിക്കുകയില്ലെന്ന് തർക്കമില്ലാത്ത സംഗതിയായതിനാൽ , കലാലത്തിന് പിതാവില്ലാതിരിക്കുക കൂടി വേണ്ടതുണ്ടെന്ന് പ്രത്യേകം പറയാതെ തന്നെ മനസ്സിലാക്കാവുന്നതാണ്.

(2) സന്താനമില്ലാതെ മരണപ്പെട്ടത് സ്ത്രീയാകുകയും , അവൾക്ക് സഹോദരൻ ഉണ്ടായിരിക്കുകയും ആണെങ്കിൽ , അവളുടെ സ്വത്തിന് മുഴുവൻ ആ സഹോദരൻ അവകാശിയായിത്തീരും. പിതാവും കൂടി ഇല്ലാതിരിക്കുക എന്ന ഉപാധി , ഇവിടെയും മുകളിൽ പറഞ്ഞത് പോലെ തന്നെ. പിതാവുണ്ടാകുന്ന പക്ഷം സഹോദരന് അവകാശം ലഭിക്കുകയില്ല.

ഇനി മരണപ്പെട്ട ആൾക്ക് ഭർത്താവും , അല്ലെങ്കിൽ ഉമ്മയൊത്ത സഹോദരൻ എന്നിങ്ങനെ നിശ്ചിത ഓഹരി നിർണ്ണയിക്കപ്പെട്ടിട്ടുള്ള വേറെ അവകാശികളുണ്ടെങ്കിൽ അവരുടെ ഓഹരി കഴിച്ച് ബാക്കിയുള്ളതേ അപ്പോൾ സഹോദരന് ലഭിക്കുകയുള്ളൂ. സഹോദരർ ഒന്നിലധികമുണ്ടെങ്കിൽ അവർ സ്വത്ത് സമമായി ഭാഗിച്ചെടുക്കേണ്ടതാണ്.

(3) കലാലത്തായി മരണപ്പെടുന്ന ആൾക്ക് രണ്ട് സഹോദരിമാരുണ്ടായിരുന്നാൽ സ്വത്തിന്റെ മൂന്നിൽ രണ്ടംശമായിരിക്കും അവകാശം. രണ്ടിലധികം പേരുണ്ടായിരുന്നാലും അങ്ങനെ തന്നെ.

(4) സഹോദരൻ ആണും പെണ്ണും കൂടിയുണ്ടെങ്കിൽ, ആണിന്റെ പകുതി പെണ്ണിന് എന്ന തോതിൽ അവർ ഭാഗിച്ചെടുക്കണം.

സഹോദരൻ എന്നും സഹോദരി എന്നും ഇവിടെ പറഞ്ഞത് മാതാവും പിതാവും ഒത്തതോ, പിതാവ് മാത്രം ഒത്തതോ ആയ സഹോദര സഹോദരികളെക്കുറിച്ചാകുന്നു. മാതാവ് മാത്രം ഒത്തവരാണെങ്കിൽ ഒരാളാണങ്കിൽ ആറിലൊന്നും, ഒന്നിലധികം പേരുണ്ടെങ്കിൽ മൂന്നിലൊന്നുമാണെന്ന് 12-ാം വചനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

സന്താനമില്ലാത്തപ്പോൾ സഹോദരിക്ക് പകുതി ഓഹരി എന്നിവിടെ പറഞ്ഞത് നിർണ്ണയിക്കപ്പെട്ട ഓഹരി എന്ന നിലയിലാണ്. എന്നാൽ അസ്വബ എന്ന നിലക്കും ചിലപ്പോൾ സഹോദരിക്ക് പകുതി ലഭിച്ചെന്നും വരാം. ഒരു മകളും ഒരു സഹോദരിയും മാത്രം അവകാശികളായി വരുമ്പോൾ മകൾക്ക് നിർണ്ണയിക്കപ്പെട്ട ഓഹരിയായി പകുതിയും, ബാക്കി വരുന്ന പകുതി അസ്വബ യെന്ന നിലക്ക് സഹോദരിക്കുമായിരിക്കുമെന്ന് ഹദീസുകളിൽ സ്ഥാപിതമായിട്ടുണ്ട്.

തുടർന്ന് അല്ലാഹു ഉണർത്തുന്നു: “നിങ്ങൾ വഴിപിഴച്ച് പോകുമെന്ന് വെച്ച് അല്ലാഹു നിങ്ങൾക്ക് വിവരിച്ച് തരുകയാണ്. അല്ലാഹുവാകട്ടെ എല്ലാ കാര്യങ്ങളെക്കുറിച്ചും അറിയുന്നവനാകുന്നു.” നിങ്ങളുടെ നന്മ സ്ഥിതി ചെയ്യുന്നത് ഏതിലാണ് എന്ന് എല്ലാ കാര്യങ്ങളും അറിയുന്ന സർവ്വജ്ഞനായ അല്ലാഹു, അറിയായ്മ മൂലമോ, മതനിയമങ്ങൾ വേണ്ടത് പോലെ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ലാത്തത് നിമിത്തമോ, നിങ്ങൾ നേർമാർഗ്ഗം പിഴച്ച് പോകരുതെന്ന് വെച്ചാണ് ഇങ്ങനെയൊക്കെ വിവരിച്ച് തരുന്നതെന്ന് സാരം.

# 5. സൂറത്തു – മാഇദ (ഭക്ഷണത്തളിക)

**മദീനയിൽ അവതരിച്ചത് , വചനങ്ങൾ 120**

(വിഭാഗം – റുകൂഅ് – 16 )

ഒരു ഭക്ഷണത്തളികയെക്കുറിച്ച് 112-115 വചനങ്ങളിൽ പ്രസ്താവിക്കുന്നു. അത് കൊണ്ടാണ് ഈ സൂറത്തിന് ഭക്ഷണത്തളിക എന്നർത്ഥമായ മാഇദ: **المائدة** എന്ന പേർ വന്നത്

സൂറത്തിന്റെ തുടക്കം തന്നെ കരാറ് ബന്ധങ്ങളെ നിറവേറ്റണമെന്ന് കല്പിച്ച് കൊണ്ടാകയാലും , പല തരം കരാറ് ബന്ധങ്ങളെ ക്കുറിച്ച് ഈ സൂറത്തിൽ വിവരിച്ചിരിക്കയാലും **العقود** (കരാറ് ബന്ധങ്ങൾ) എന്നും ഈ സൂറത്തിന് പേർ പറയപെട്ടിട്ടുണ്ട്. ഹുദൈബിയ സന്ധി കഴിഞ്ഞ് അധികം താമസിയാതെയാണ് ഈ സൂറത്തിന്റെ അവതരണമുണ്ടായത് എന്ന് കരുതപ്പെടുന്നു.

വിവിധ തുറകളിലുള്ള ഒട്ടധികം മത നിയമങ്ങളും ഈ സൂറത്തിൽ അടങ്ങിയിട്ടുണ്ട്. يا ايّهاالذين امنو ( ഹേ വിശ്വസിച്ചവരെ) എന്ന് വിളിച്ച് കൊണ്ട് തുടങ്ങുന്ന ഈ സൂറത്തിൽ ഈ സംബോധന, പല പ്രാവശ്യം ആവർത്തിക്കപ്പെട്ടിരിക്കുന്നത് കാണാം. ഇസ്ലാമിന് പ്രചാരം വർദ്ധിച്ച അവസരത്തിലാണ് ഇതിന്റെ അവതരണമെന്ന് ഇത് സൂചിപ്പിക്കുന്നു. الله اعلم

**വിഭാഗം 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1 :**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ أَوْفُوا۟ بِٱلْعُقُودِ ۚ أُحِلَّتْ لَكُم بَهِيمَةُ ٱلْأَنْعَـٰمِ إِلَّا مَا يُتْلَىٰ عَلَيْكُمْ غَيْرَ مُحِلِّى ٱلصَّيْدِ وَأَنتُمْ حُرُمٌ ۗ إِنَّ ٱللَّهَ يَحْكُمُ مَا يُرِيدُ ﴿١﴾

1 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ കരാറു ബന്ധങ്ങളെ (പാലിച്ചു) നിറവേറ്റുവിൻ. നിങ്ങൾക്ക് (വഴിയെ) ഓതിക്കേൾപ്പിക്കപ്പെടുന്നതൊഴിച്ച് (മറ്റുള്ള) കന്നുകാലി ജന്തുക്കൾ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ 'ഇഹ്റാമി'ൽ പ്രവേശിച്ചവരായും കൊണ്ട് വേട്ടയാടൽ അനുവദനീയമാക്കുന്നവരല്ലാത്ത നിലയിൽ. (അതനുവദനീയ മാക്കിക്കൊണ്ട് പാടില്ല.) നിശ്ചയമായും അല്ലാഹു, അവൻ ഉദ്ദേശിക്കുന്നത് വിധിക്കുന്നതാണ്.

---

എല്ലാ കരാർ ബന്ധങ്ങളും യഥാവിധി പാലിക്കണമെന്ന് സത്യവിശ്വാസികളോട് അല്ലാഹു കല്പിക്കുന്നു. അല്ലാഹുവിനോട് ബാധ്യതയുള്ള കാര്യങ്ങളും , വിവാഹ സംബന്ധമോ, മുതലിടപാട് സംബന്ധമോ, ആയ നിശ്ചയങ്ങൾ, സന്ധി, സഖ്യം മുതലായവ സംബന്ധിച്ച വ്യവസ്ഥകൾ എന്നിങ്ങനെ എല്ലാ ഇടപാടുകളും ഇതിൽ ഉൾപെടുന്നു.

"ഒട്ടകം ആട് മാട് മുതലായ കാലി ജന്തുക്കളിൽ നിന്ന് താഴെ നിങ്ങൾക്ക് ഓതിക്കേൾപിച്ച് വിവരിച്ച് തരുന്നവയൊഴിച്ച് ബാക്കിയെല്ലാം ഭക്ഷിക്കൽ നിങ്ങൾക്ക് അനുവദനീയമാക്കപ്പെട്ടിരിക്കുന്നു. പക്ഷെ ഹജ്ജിനോ ഉംറക്കോ, ഇഹ്റാമി 'ൽ പ്രവേശിക്കാത്തവരെക്കുറിച്ചാണ് അനുവദനീയമാക്കപ്പെട്ടിരിക്കുന്നത്" എന്ന് സാരം.

ബഹീമത്ത് – بهيمة – എന്ന വാക്ക് കൊണ്ട് കാട്ടുജീവികളും പറവകളുമല്ലാത്ത ജന്തുക്കൾ നാല്ക്കാലികൾ എന്നിവയെയാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അൻ ആം എന്ന വാക്ക് ആട്, മാട്, ഒട്ടകങ്ങൾ എന്നീ മൃഗങ്ങൾക്കാണ് പൊതുവെ ഉപയോഗിക്കുന്നത്.

"നിങ്ങൾക്ക് (വഴിയെ) ഓതികേൾപ്പിക്കുന്നത്" എന്നത് കൊണ്ടുദ്ദേശ്യം 3-ാം വചനത്തിൽ വിവരിക്കപ്പെട്ട വസ്തുക്കളാകുന്നു.

"അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് വിധിക്കും" എന്ന വാക്യം അവനവന്റെ പരിമിത യുക്തിയും ബുദ്ധിയും

അടിസ്ഥാനമാക്കി അല്ലാഹുവിന്റെ നിയമ നിർദ്ദേശങ്ങളെ വിമർശിക്കുന്നവർക്ക് ഒരു താക്കീതാകുന്നു. എന്ത് കൊണ്ട് ഇന്നിന്ന കാര്യം വിരോധിച്ചു അല്ലെങ്കിൽ കല്പിച്ചു എന്നൊന്നും ആർക്കും ചോദ്യം ചെയ്യാൻ അവകാശമില്ല. ഭൂത വർത്തമാനകാര്യങ്ങളെല്ലാം അറിയുന്ന സർവ്വ ശക്തനായ അല്ലാഹുവിന് മനുഷ്യന്റെ ആത്യന്തിക നന്മ ഏതിലാണെന്ന് സൂക്ഷ്മമായറിയാം . അത് കൊണ്ട് അല്ലാഹു എന്ത് കല്പിച്ചുവൊ, എന്ത് വിരോധിച്ചുവോ, അതൊന്നും ചോദ്യം ചെയ്യാതെ അനുസരിക്കയെന്നതാണ് മനുഷ്യന്റെ കർത്തവ്യം. അതേ സമയം അവയിലടങ്ങിയിരിക്കുന്ന യുക്തി രഹസ്യങ്ങൾ കഴിവതും ആരാഞ്ഞറിയുവാൻ ശ്രമിക്കുകയും വേണം

---

**വചനം 2 :**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تُحِلُّوا۟ شَعَٰٓئِرَ ٱللَّهِ وَلَا ٱلشَّهْرَ ٱلْحَرَامَ وَلَا ٱلْهَدْىَ وَلَا ٱلْقَلَٰٓئِدَ وَلَآ ءَآمِّينَ ٱلْبَيْتَ ٱلْحَرَامَ يَبْتَغُونَ فَضْلًا مِّن رَّبِّهِمْ وَرِضْوَٰنًا ۚ وَإِذَا حَلَلْتُمْ فَٱصْطَادُوا۟ ۚ وَلَا يَجْرِمَنَّكُمْ شَنَـَٔانُ قَوْمٍ أَن صَدُّوكُمْ عَنِ ٱلْمَسْجِدِ ٱلْحَرَامِ أَن تَعْتَدُوا۟ ۘ وَتَعَاوَنُوا۟ عَلَى ٱلْبِرِّ وَٱلتَّقْوَىٰ ۖ وَلَا تَعَاوَنُوا۟ عَلَى ٱلْإِثْمِ وَٱلْعُدْوَٰنِ ۚ وَٱتَّقُوا۟ ٱللَّهَ ۖ إِنَّ ٱللَّهَ شَدِيدُ ٱلْعِقَابِ ﴿٢﴾

2 ഹേ, വിശ്വസിച്ചവരേ, അല്ലാഹുവിൻെറ മത ചിഹ്നങ്ങളെ നിങ്ങൾ അനുവദനീയമാ(ക്കി അനാദരി)ക്കരുത്; 'ഹറാമാ'യ (അലംഘനീയ) മാസത്തെയും അരുത്, (കഅ്ബയുടെ അടുക്കലേക്ക്) ബലിക്കായികൊണ്ടു പോകുന്ന മൃഗങ്ങളെയും അരുത്, (അവയുടെ) കഴുത്തിൽ തൂക്കപ്പെട്ട (അടയാള) വസ്തുക്കളെയും അരുത്; തങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് 'ബൈതുൽ ഹറാമി'നെ (അലംഘനീയ മന്ദിരത്തെ) ഉന്നം വെച്ചു പോകുന്നവരെയും അരുത്. നിങ്ങൾ 'ഹലാലാ'യാൽ (ഇഹ്റാമിൽ നിന്ന് ഒഴിവായാൽ) നിങ്ങൾ വേട്ടയാടിക്കൊള്ളുക. ഒരു ജനതയോടുള്ള അമർഷം-അവർ 'മസ്ജിദുൽ ഹറാമി'ൽ (അലംഘനീയമായ പള്ളിയിൽ) നിന്ന് നിങ്ങളെ തടഞ്ഞുവെച്ചുവെന്നതിനാൽ- അതിക്രമം പ്രവർത്തിക്കുവാൻ നിശ്ചയമായും നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യരുത്. പുണ്യത്തിലും, ഭയഭക്തിയിലും നിങ്ങൾ പരസ്പരം സഹായിക്കുകയും ചെയ്യുവിൻ; കുറ്റത്തിലും, അതിക്രമത്തിലും നിങ്ങൾ പരസ്പരം സഹായിക്കുകയും അരുത്; അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ. നിശ്ചയമായും, അല്ലാഹു ശിക്ഷാ നടപടി കഠിനമായുള്ളവനാണ്.

---

حرّم (ഹർ-റമ)എന്ന അറബിക്രിയാവാക്കിന് സന്ദർഭാനുസരണം നിഷിദ്ധമാക്കി, നിരോധിച്ചു എന്നും (ഉദാ: വ്യഭിചാരം, മദ്യപാനം) അലംഘനീയം, പവിത്രം എന്നും (ഉദാ : മസ്ജിദുൽ ഹറാം) വ്യത്യസ്തങ്ങളായ അർത്ഥങ്ങളുണ്ട്.

അത്പോലെ ഈ ധാതുവിൽ നിന്നുള്ള പദങ്ങളുടെ വിപരീതാർത്ഥത്തിൽ ഉപയോഗിച്ച് വരാറുള്ള حل، حلال എന്നീ പദങ്ങൾക്ക് അനുവദനീയം അനുവദനീയമാക്കി എന്നും അനാദരവ്, അനാദരിച്ചു എന്നും സന്ദർഭോചിതം അർത്ഥം കല്പിക്കപ്പെടുന്നു.

സത്യ വിശ്വാസികൾ പവിത്രമാക്കി കരുതി ആദരിച്ച് പോരേണ്ടുന്ന അഞ്ച് കാര്യങ്ങളാണ് അല്ലാഹു ഈ വചനത്തിൽ എടുത്ത് കാട്ടുന്നത്:

1. **شعائر الله** (അല്ലാഹുവിന്റെ ചിഹ്നങ്ങൾ) ഹജ്ജ് ഉംറ കർമ്മങ്ങളോടും മക്കാ ഹറമിനോടും ബന്ധപ്പെട്ട ചിഹ്നങ്ങൾക്ക് പ്രത്യേകമായും, ഇസ്ലാമിന്റെ പ്രത്യേക അടയാളങ്ങളായി കരുതപ്പെടുന്ന എല്ലാ കാര്യങ്ങൾക്കും പൊതുവായും ഉപയോഗിക്കപ്പെടുന്ന ഒരു വാക്കാണിത്. അതാതിൽ പാലിക്കപ്പെടുന്ന മര്യാദകളും ആദരവുകളും ലംഘിക്കാതെ അതിന്റെ പവിത്രത സൂക്ഷിക്കൽ നിർബന്ധമാണെന്ന് ചുരുക്കത്തിൽ പറയാം. ചിഹ്നത്തെ

അനാദരിക്കുന്നതിന്റെ പിന്നിലുള്ളത് , ധിക്കാരവും പരിഹാസവുമായിരിക്കും , അല്ലാഹുവിന്റെചിഹ്നങ്ങളിൽ ചിലതിനെ അല്ലാഹു പ്രത്യേകം തുടർന്നു ഉണർത്തുന്നു.

2 الشهر الحرام (ഹറാമായ- അലംഘനീയമായ മാസങ്ങൾ) ദുൽ ഖഅ്ദ :, ദുൽ ഹജ്ജ :, മുഹർറം; റജബ് എന്നീ മാസങ്ങളാണ് 'ഹറാമായ മാസങ്ങൾ' എന്ന് ഹജ്ജത്തുൽ വിദാഅ്ലെ പ്രസംഗത്തിൽ നബി(സ) പ്രഖ്യാപിച്ചിട്ടുണ്ട് . ഇക്കാലത്ത് യുദ്ധം നിരോധിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ശത്രുക്കൾ ഇങ്ങോട്ട് വന്ന് ആക്രമിച്ചാൽ പ്രത്യാക്രമണം നടത്തുന്നതിൽ വിരോധമില്ല താനും(സൂ: അൽ ബഖറ 194 നോക്കുക )

3,4. ബലിമൃഗങ്ങളും അവയുടെ കഴുത്തിൽ തൂക്കിയിടുന്ന കണ്ഠാഭരണങ്ങളും: കഅ്ബയുടെ അടുക്കലേക്ക് ബലിമൃഗങ്ങളെ കൊണ്ടുപോകുമ്പോൾ അവയെ തിരിച്ചറിയുന്നതിനും, അന്യരുടെ കയ്യേറ്റത്തിൽ നിന്നും അനാദരവിൽ നിന്നും സുരക്ഷിതത്വം ലഭിക്കുന്നതിനുമായി ചില അടയാളങ്ങൾ കെട്ടിത്തൂക്കുക പതിവുണ്ടായിരുന്നു. ഇങ്ങനെയുള്ള അടയാളങ്ങൾക്കും, ബലിമൃഗങ്ങൾക്കും ഉപദ്രവം ചെയ്യുന്ന പ്രവർത്തികളൊന്നും ചെയ്യരുതെന്നും അവയൊക്കെ അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതുമാണെന്ന് സാരം.

5. آمين البيت الحرام (അല്ലാഹുവിന്റെ അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അലംഘനീയ മന്ദിരമായ കഅ്ബയെ ഉന്നം വെച്ച് ചെല്ലുന്നവർ) കഅ്ബയും അതിന്റെ പരിസര പ്രദേശമായ ഹറമും ഇബ്റാഹീം(അ) നബി മുതൽക്കേ ഒരു അഭയ കേന്ദ്രവും ഇസ്ലാമിന്റെ സങ്കേതവുമായി നിശ്ചയിക്കപെട്ടിട്ടുള്ളതാകുന്നു. (2:125;3: 97 നോക്കുക) ഹജ്ജിനോ ഉംറക്കോ വേണ്ടി പോകുന്നവരെ മാത്രമല്ല ഉപജീവനമാർഗ്ഗം തേടി അങ്ങോട്ട് പോകുന്നവരെയും ഉപദ്രവിക്കാൻ പാടുള്ളതല്ല എന്നാണ് പല വ്യഖ്യാതാക്കളും ചൂണ്ടിക്കാട്ടിയിരിക്കുന്നത് (അൽ ബഖറ 198-ാം വചനവും ഇതിന് പിൻബലം നല്കുന്നതായി കാണാം)

മേൽ പറഞ്ഞ 5 കാര്യങ്ങളും ജാഹിലിയാ കാലത്തെ മുശ്രിക്കുകളും ഏറെക്കുറെ അംഗീകരിച്ച് പോന്നിരുന്നു. ഈ വചനങ്ങളെല്ലാം ഹുദൈബിയാ സന്ധിക്ക് ശേഷം മുസ്ലീംകളും മുശ്രിക്കുകളും തമ്മിൽ സമാധാനം നിലവിലുള്ള കാലത്താണ് അവതരിച്ചത്. നബി(സ)യും സഹാബികളും ഉംറക്ക് വേണ്ടി പുറപ്പെട്ട് ചെന്നപ്പോൾ ഹുദൈബിയ്യയിൽ വെച്ച് മുശ്രിക്കുകൾ അവരെ തടഞ്ഞത് പോലെ, അങ്ങോട്ട് ചെയ്യരുതെന്ന് കൂടി ഇതിൽ അടങ്ങിയിട്ടുണ്ട്. എന്നാൽ പിന്നീട് സ്ഥിതി ഗതികൾ മാറിയശേഷം ഹിജ്റ 9-ാം കൊല്ലത്തിൽ മുശ് രിക്കുകൾ മസ്ജിദിൽ ഹറാമിനെ സമീപിക്കരുതെന്നും, അവർ അല്ലാഹുവിന്റെ പള്ളികളിൽ പെരുമാറിക്കൂടാ എന്നും കല്പനയുണ്ടായി.

"നിങ്ങൾ ഹലാലായാൽ വേട്ടയാടിക്കൊള്ളുക" എന്നത് കൊണ്ടുദ്ദേശിക്കുന്നത്, ഉംറയും കഴിഞ്ഞ് ഇഹ്റാമിൽ നിന്നും വിരമിച്ച് കഴിഞ്ഞാൽ, പിന്നെ ജന്തുക്കളെ വേട്ടയാടി പിടിക്കുകയും, പിടിച്ച് തിന്നുകയും ചെയ്യുന്നതിന് വിരോധമില്ല -എന്നാകുന്നു.

തുടർന്ന്, മനുഷ്യർ സദാ ഓർമിച്ചിരിക്കേണ്ട, ചില ഉപദേശങ്ങൾ അല്ലാഹു സത്യവിശ്വാസികൾക്ക് നല്കുന്നു:

1 ഒരു ജനത (ഖുറൈശി മുശ്രിക്കുകൾ) മസ്ജിദുൽ ഹറാമിലേക്ക് പ്രവേശിക്കുവാൻ അനുവദിക്കാതെ നിങ്ങളെ ഹുദൈബിയയിൽ വെച്ച് തടഞ്ഞുവെന്ന കാരണത്താൽ, അവരോട് അതിക്രമം പ്രവർത്തിക്കാൻ നിങ്ങൾക്ക് പ്രേരണയാകാൻ പാടില്ല. ഈ സംഭവത്തിൽ മാത്രമല്ല മറ്റേതെങ്കിലും കാരണവശാലും, ഒരു ജനതയോട് അമർഷമോ വിദ്വേഷമൊ നേരിട്ടാലും അതിക്രമം ചെയ്തുകൂടാ. ഇക്കാര്യം 9-ാം വചനത്തിൽ, കൂടുതൽ വിശദമായി പ്രസ്താവിച്ചിരിക്കുന്നു.

2 പുണ്യകരമായ സൽകാര്യങ്ങളിലും അല്ലാഹുവിനോട് ഭയഭക്തി പാലിക്കുന്ന വിഷയങ്ങളിലും സത്യവിശ്വാസികൾ അന്യോന്യം സഹായിച്ചും സഹകരിച്ചും കൊണ്ടിരിക്കേണ്ടതാകുന്നു.

3 മാത്രമല്ല, കുറ്റകരവും അതിക്രമപരവുമായ കാര്യങ്ങളിലൊന്നും പരസ്പര സഹായ സഹകരണങ്ങൾ ചെയ്യാതിരിക്കുകയും വേണം.

അല്ലാഹുവിന്റെ, മേൽ വിവരിച്ച ഉപദേങ്ങൾ സ്വീകരിച്ചിരുന്നെങ്കിൽ ഈ ലോകം നിശ്ചയമായും ശാന്തസുന്ദരമായ ഒന്നായി മാറുമായിരുന്നു എന്നതിൽ സംശയമില്ല.

"മനുഷ്യരുമായി സമ്പർക്കം പുലർത്തുകയും അവരുടെ ഉപദ്രവത്തിൽ ക്ഷമ കൈകൊള്ളുകയും ചെയ്യുന്ന സത്യവിശ്വാസി ,ക്ഷമ കൈകൊള്ളാത്ത സത്യവിശ്വാസിയേക്കാൾ വമ്പിച്ച പ്രതിഫലം ലഭിക്കുന്നവനാകുന്നു." നബിവചനം

"ഒരു അക്രമിയെ സഹായിക്കുവാൻ വേണ്ടി, അറിഞ്ഞ് കൊണ്ട് അവന്റെ കൂടെ വല്ലവനും നടക്കുന്ന പക്ഷം, അവൻ ഇസ്ലാമിൽ നിന്നും പുറത്ത് പോയി " - നബിവചനം

<u>വചനം 3:</u>

حُرِّمَتۡ عَلَيۡكُمُ ٱلۡمَيۡتَةُ وَٱلدَّمُ وَلَحۡمُ ٱلۡخِنزِيرِ
وَمَآ أُهِلَّ لِغَيۡرِ ٱللَّهِ بِهِۦ وَٱلۡمُنۡخَنِقَةُ
وَٱلۡمَوۡقُوذَةُ وَٱلۡمُتَرَدِّيَةُ وَٱلنَّطِيحَةُ وَمَآ أَكَلَ
ٱلسَّبُعُ إِلَّا مَا ذَكَّيۡتُمۡ وَمَا ذُبِحَ عَلَى ٱلنُّصُبِ
وَأَن تَسۡتَقۡسِمُواْ بِٱلۡأَزۡلَٰمِۚ ذَٰلِكُمۡ فِسۡقٌۗ ٱلۡيَوۡمَ
يَئِسَ ٱلَّذِينَ كَفَرُواْ مِن دِينِكُمۡ فَلَا تَخۡشَوۡهُمۡ
وَٱخۡشَوۡنِۚ ٱلۡيَوۡمَ أَكۡمَلۡتُ لَكُمۡ دِينَكُمۡ وَأَتۡمَمۡتُ
عَلَيۡكُمۡ نِعۡمَتِي وَرَضِيتُ لَكُمُ ٱلۡإِسۡلَٰمَ دِينٗاۚ
فَمَنِ ٱضۡطُرَّ فِي مَخۡمَصَةٍ غَيۡرَ مُتَجَانِفٖ لِّإِثۡمٖ
فَإِنَّ ٱللَّهَ غَفُورٞ رَّحِيمٞ ٣

3 നിങ്ങളുടെ മേൽ ശവവും രക്തവും, പന്നിമാംസവും, അല്ലാഹു അല്ലാത്തവർക്കുവേണ്ടി ശബ്ദം ഉയർത്തപ്പെട്ട (അറുക്കപ്പെട്ട) തും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു; കുടുങ്ങിച്ചത്തതും, തല്ലിക്കൊല്ലപ്പെട്ടതും, വീണു ചത്തതും, കുത്തേറ്റു ചത്തതും, ദുഷ്ടജന്തു തിന്നതും (നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു); നിങ്ങൾ അറുത്തതൊഴികെ. ബലിപീഠത്തിങ്കൽ (അഥവാ പ്രതിഷ്ഠകളുടെ അടുക്കൽ) വെച്ച് അറുക്കപ്പെട്ടതും (നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു) അമ്പുകോലുകൾ കൊണ്ടു നിങ്ങൾ ഓഹരി (ഭാഗ്യം) നോക്കലും (നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു). അതു തോന്നിയവാസമാകുന്നു. ഇന്നത്തെ ദിവസം, നിങ്ങളുടെ മതത്തെക്കുറിച്ച് അവിശ്വസിച്ചവർ നിരാശപ്പെട്ടിരിക്കുകയാണ്. ഇനി, നിങ്ങൾ അവരെ പേടിക്കരുത്; എന്നെ പേടിക്കുകയും ചെയ്യുവിൻ. ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തിയാക്കിത്തന്നിരിക്കുന്നു. എൻ്റെ അനുഗ്രഹം നിങ്ങൾക്കു ഞാൻ പൂർണ്ണമാക്കിത്തരുകയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തരുകയും ചെയ്തിരിക്കുന്നു. ഇനി, വല്ലവനും കുറ്റത്തിലേക്ക് ചായ്‌വ് കാണിക്കുന്നവനല്ലാത്ത നിലയിൽ പട്ടിണിയിൽ (പെട്ട്) നിർബന്ധിതനായിത്തീരുന്നപക്ഷം. അപ്പോൾ (അതിനു വിരോധമില്ല) നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

1-ാം വചനത്തിൽ “കന്നുകാലി ജന്തുക്കൾ നിങ്ങൾക്ക് അനുവദനീയമാക്കപ്പെട്ടിരിക്കുന്നു” വെന്ന് പറഞ്ഞപ്പോൾ “നിങ്ങൾക്ക് വഴിയെ ഓതികേൾപ്പിക്കുന്നതൊഴികെ” എന്നു പറഞ്ഞിരിക്കുന്നതിനെപറ്റിയാണ് ഈ വചനത്തിൽ വിവരിക്കപ്പെടുന്നത്. ഇതിൽ ഭക്ഷിക്കാൻ നിഷിദ്ധമാക്കപ്പെട്ടതായി പ്രസ്താവിക്കപ്പെട്ട ആദ്യത്തെ നാലിനേയും (ശവം , രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവർക്ക് വേണ്ടി ശബ്ദം ഉയർത്തപ്പെട്ടത് - അറുക്കപ്പെട്ടത്) കുറിച്ച് സൂ: ബഖറ 173 -ൽ മുമ്പ് പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

അവിടെ പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്ത ചില വസ്തുക്കൾ കൂടി ഇവിടെ പ്രസ്താവിക്കപെട്ടിരിക്കുന്നു:

1 കുടുങ്ങിചത്തത് :വല്ല കുടുക്കിലും പെട്ട് ശ്വാസം മുട്ടി ചത്തതെല്ലാം ഇതിൽ പെടുന്നു. 2 തല്ലിക്കൊല്ലപെട്ടത് - വടി മുതലായ മൂർച്ചയില്ലാത്ത വസ്തുക്കൾ കൊണ്ട് അടിയേറ്റ് ചത്തത്. 3 വീണ് ചത്തത് - ഉയരത്തിൽ നിന്ന് കീഴ്പോട്ട് വീണോ , കുഴികളിൽ വീണോ ചത്തത്. 4 . കുത്തേറ്റ് ചത്തത്- മറ്റൊരു മൃഗം കുത്തിയത് കൊണ്ടോ പരസ്പരം കുത്തിയോ ചത്തത്. 5. ദുഷ്ട മൃഗം തിന്നത് - നരി, ചെന്നായ മുതലായ ഹിംസ്ര ജീവികളുടെ ആക്രമണം കൊണ്ട് ജീവൻ പോയത്. ഈ അഞ്ചും വാസ്തവത്തിൽ ശവത്തിൻ്റെ ഇനത്തിൽ പെട്ടതാകുന്നു.

മേൽ പറഞ്ഞ വിഭാഗത്തിൽ പെട്ട മൃഗത്തെ ചത്ത് പോകും മുമ്പ് അറുക്കാൻ കഴിഞ്ഞാൽ അത് നിഷിദ്ധമല്ല. അതാണ് നിങ്ങൾ അറുത്തതൊഴികെ എന്ന് പറഞ്ഞത് . അറുക്കുമ്പോൾ ശരിയായ ജീവനുണ്ടായിരിക്കണം

അല്ലാഹു അല്ലാത്തവർക്ക് വേണ്ടി ശബ്ദം ഉയർത്തപെട്ടത് (അറുക്കപ്പെട്ടത്) എന്നത് കൊണ്ട് മതിയാക്കാതെ, അല്ലാഹു തുടർന്ന് പറയുന്നു - ബലി പീഠത്തിൽ വെച്ച് അറുക്കപ്പെട്ടവയും നിഷിദ്ധമാകുന്നു എന്ന്. ജാഹിലിയ്യാ കാലത്ത് വിഗ്രഹങ്ങൾക്ക് വഴിപാടായി , അറുക്കപ്പെടുന്ന ബലിമൃഗങ്ങൾ , അത്തരം പീഠങ്ങളുടെ അടുക്കൽ വെച്ചാണ് അറുക്കപ്പെട്ടിരുന്നത്. ഇന്നും ക്ഷേത്രങ്ങളിലും ചില മഹാത്മാക്കളുടെ ഖബർ സ്ഥാനങ്ങളിലും, നേർച്ച നേരപ്പെടുന്ന ആട്, കോഴി മുതലായവയെ അറുക്കാനായി ബലി പീഠങ്ങളോ, പ്രത്യേകം ചില സ്ഥാനങ്ങളൊ കാണാവുന്നതാണ്. അറുക്കുമ്പോൾ അല്ലാഹുവിന്റെ പേര് പറഞ്ഞുവോ, ഇല്ലേ എന്നോ, അല്ലാഹുവിനുള്ള വഴിപാടായി അറുക്കപെട്ടതാണോ അല്ലേ എന്നോ ഉള്ള പരിഗണനകളൊന്നുമില്ലാതെ തന്നെ, അത്തരം സ്ഥാനങ്ങളിൽ വെച്ച് അറുക്കപ്പെടുന്ന വസ്തുക്കൾ അതേ കാരണം കൊണ്ട് മാത്രം നിഷിദ്ധമായിരിക്കുന്നതാണ്.

തുടർന്ന് അല്ലാഹു അറബികൾക്കിടയിലുണ്ടായിരുന്ന മറ്റൊരു ദുരാചാരത്തെ നിഷിദ്ധമാക്കി പ്രഖ്യാപിക്കുന്നു. "അമ്പ് കോലുകൾ കൊണ്ട് ഭാഗ്യം നോക്കലും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. അത് തോന്നിയ വാസമാകുന്നു."

പ്രത്യേക അടയാളങ്ങൾ വെച്ചിട്ടുള്ള അൽപം കൊള്ളി കഷണങ്ങൾ കുട്ടി കിലുക്കി, അതിൽ നിന്നും ഒരു കൊള്ളി എടുത്ത് അതിൻമേലുള്ള അടയാളത്തിന്റെ അടിസ്ഥാനത്തിൽ ഭാഗ്യ നിർഭാഗ്യങ്ങളും ഗുണദോഷ ഫലങ്ങളും തീരുമാനിക്കുന്ന ആ സമ്പ്രദായം വിഗ്രഹങ്ങളുടെ അശീർവാദത്തോടും , മതപരമായ ഒരു മാർഗ്ഗവുമായിട്ടാണ് നടത്തി പോന്നിരുന്നത്. ഈ വചനത്തിലൂടെ അല്ലാഹു പ്രസതുത സമ്പ്രദായം നിഷിദ്ധമാക്കിയിരിക്കുന്നു. സമാനമായ , ഷോടതി, നറുക്കെടുപ്പ്, ചൂതാട്ടം, പ്രശ്നം വെക്കൽ, ശകുനം നോക്കൽ, ജോൽസ്യം പറയൽ എന്നിവയും ഇസ്ലാമിൽ വിരോധിക്കപെട്ടിരിക്കുന്നു.

ഒന്നിലധികം പേർക്ക് തുല്ല്യമായ അവകാശമൊ അർഹതയൊ ഉള്ള ഒരു വിഷയത്തിൽ (ഉദാഹരണമായി നമസ്ക്കാരത്തിന് ഇമാമത്തിന് ഒരാളെ തീർച്ചപെടുത്തുക) ഏതെങ്കിലും ചിലർക്ക് മുൻഗണനനല്കാൻ പ്രത്യേക കാരണമില്ലാത്ത സന്ദർഭത്തിൽ, ഒരു പരിഹാരമെന്ന നിലയിൽ നറുക്കെടുപ്പ് നടത്തുന്നതിന് ഇസ്ലാമിൽ അനുവാദം നല്കപെട്ടിട്ടുണ്ട്. എന്നാൽ ജാഹിലിയാ കാലത്തെ അറബികളിൽ പ്രചാരമുണ്ടായിരുന്ന മേൽ വിവരിച്ച തരത്തിലുള്ള അമ്പ് കൊണ്ടുള്ള ഭാഗ്യ നിർഭാഗ്യ നിർണ്ണയവും മറ്റും തീർത്തും വിരോധിക്കപെട്ടിരിക്കുന്നു.

ഒരു കാര്യത്തിൽ പ്രവേശിക്കുന്നത് നന്നായിരിക്കുമൊ ഇല്ലേ എന്ന് തോന്നിപ്പിച്ച് തരുവാനും, അതിൽ സഹായം നല്കുവാനും വേണ്ടി, അല്ലാഹുവിനോട് പ്രാർത്ഥിക്കുക എന്നതാണ് ഒരു മുസ്ലിമിന് ചെയ്യുവാനുള്ളത്. രണ്ട് റക്അത്ത് നമസ്ക്കരിക്കുക; അതിന് ശേഷം, ഉദ്ദേശിക്കുന്ന കാര്യത്തിൽ ഉചിതമായി തീരുമാനമെടുക്കാൻ സഹായിക്കാനായി അല്ലാഹുവിനോട് ഹൃദയംഗമമായി പ്രാർത്ഥിക്കുകയും ചെയ്യുക. (ഇസ്തിഖാറത്തു ചെയ്യുക) - ഇതാണ് ഒരു സത്യവിശ്വാസിക്ക് കരണീയമായിട്ടുള്ളത്. (സു: ഖസസ്വ 68-ാം വചനത്തിന്റെ വ്യഖ്യാനം നോക്കുക )

തുടർന്ന് അല്ലാഹു സത്യവിശ്വാസികളെ സംബന്ധിച്ച് സന്തോഷകരമായ രണ്ട് കാര്യങ്ങൾ ഈ വചനത്തിലൂടെ അറിയിക്കുന്നു.

1 അവിശ്വാസികൾ ഇന്ന് നിങ്ങളുടെ മതത്തെ സംബന്ധിച്ച് നിരാശപ്പെട്ടിരിക്കുന്നു. എനി നിങ്ങൾ അവരെ പേടിക്കേണ്ട. എന്നെ പേടിക്കുകയും ചെയ്യുവിൻ .

അതായത് ഇനിയൊരിക്കലും നിങ്ങൾ ഇസ്ലാമിനെ കയ്യൊഴിയുകയൊ, അവരുടെ മതത്തിലേക്ക് തിരികെ ചെല്ലുകയോ ഇല്ലെന്ന് അവർക്ക് മനസ്സിലായി കഴിഞ്ഞു. ഇസ്ലാമിനെനശിപ്പിക്കാനോ, ഉന്മൂലനം ചെയ്യാനോ, സാധ്യമല്ലെന്നും അവർക്ക് ബോധ്യമായി കഴിഞ്ഞു. അവരെ പരാജയബോധം ബാധിച്ച് കഴിഞ്ഞു. അത് കൊണ്ട് മേലിൽ അവരെ ഭയപ്പെടേണ്ടതില്ല. അല്ലാഹുവിനെകുറിച്ചുള്ള പേടി കൈവിടുകയും അരുത്. അവൻ നിങ്ങളെ സഹായിക്കുകയും കൂടുതൽ ശക്തിപെടുത്തുകയും ചെയ്യും. ഈ വചനം അവതരിക്കുമ്പോൾ

അറേബ്യ മുഴുവനും ഇസ്ലാമിന് അധീനമായി ക്കഴിഞ്ഞിരുന്നു.

2 "ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തിയാക്കി തന്നിരിക്കുന്നു...." - മതത്തിൽ ആവശ്യമായ എല്ലാ നിയമ നിർദ്ദേശങ്ങളും, പ്രശ്നപരിഹാരങ്ങളും പൂർണ്ണമായും നല്കിക്കഴിഞ്ഞിരിക്കുന്നു. അതിൽ ഇനി ഒന്നു കൂട്ടുകയോ കുറക്കുകയോ ചെയ്യേണ്ടതില്ല. ഒരു റസൂലോ വേദ ഗ്രന്ഥമോ ഇനി വരേണ്ടുന്ന ആവശ്യവുമില്ല. ലോകത്ത് മതങ്ങൾ പലതുമുണ്ടെങ്കിലും അല്ലാഹു തൃപ്തിപെട്ട മതം ഇസ്ലാം മാത്രമാകുന്നു. അത് പ്രദാനം ചെയ്യുക വഴി അവന്റെ പരിപൂർണ്ണമായ അനുഗ്രഹം അതിന്റെ അനുയായികളായ നിങ്ങൾക്ക് കിട്ടി കഴിഞ്ഞിരിക്കുന്നു. അതിലുപരിയായി ഒരു അനുഗ്രഹവും മനുഷ്യന് കിട്ടാനില്ല.

ഈ വചനം അവതരിച്ചതിനുശേഷം ഏതാനും ചില ഖുർആൻ സൂക്തങ്ങൾ അവതരിച്ചിട്ടുണ്ടെങ്കിലും നിയമപരമായ പുതിയ വിധികളൊന്നും പിന്നീട് അവതരിക്കുകയുണ്ടായില്ല.

ഈ വചനം അവതരിച്ചത് ഹിജ്റ 9-ാം കൊല്ലത്തിലെ നബി(സ) യുടെ ഹജ്ജത്തുൽ വിദാഅ് എന്ന വിശ്രുത ഹജ്ജിലെ അറഫാ ദിനത്തിലായിരുന്നു.അതൊരു വെള്ളിയാഴ്ച ദിവസം വൈകുന്നേരമായിരുന്നു. ഈ വചനം അവതരിച്ചതിന് ശേഷം നബി(സ) തിരുമേനി 81 ദിവസമെ ജീവിച്ചിരുന്നുള്ളൂവെന്ന് ഇബ്നു ജരീരും മറ്റും രിവായത്ത് ചെയ്തിരിക്കുന്നു.

ഭക്ഷിക്കാൻ പാടില്ലാത്ത വസ്തുക്കളെ പറ്റി വചനത്തിന്റെ ആരംഭത്തിൽ വിവരിച്ചതിന്റെ അനുബന്ധമായി , തുടർന്ന് അല്ലാഹു അറിയിക്കുന്നു: ഏതെങ്കിലും നിർബന്ധിതാവസ്ഥയിൽ പെട്ട് പട്ടിണി കിടന്ന് കഷ്ടപെടുന്ന പക്ഷം, ഒരു കരുതികൂട്ടലൊ, താല്പര്യമെടുക്കലോ, അമിതത്വമോ ഇല്ലാതെ അത്യാവശ്യമായ അളവിൽ മാത്രം ആ നിഷിദ്ധ വസ്തുക്കൾ ഭക്ഷിക്കുന്നതിൽ വിരോധമില്ല. (സൂ : ബഖറ 173 ൽ ഇതേ ആശയം അല്ലാഹു വ്യക്തമാക്കുന്നുണ്ട്) കരുണാനിധിയായ അല്ലാഹു അത് പൊറുത്ത് മാപ്പാക്കുന്നവനാകുന്നു: ആ നിർബന്ധിതമായ അവസ്ഥ അവനവന്റെ തെറ്റ് കുറ്റങ്ങൾ കൊണ്ട് വന്നതാണെങ്കിലും നിഷിദ്ധ വസ്തുക്കൾ ഭക്ഷിച്ചിട്ടെങ്കിലും, ജീവൻ നിലനിർത്താൻ മാർഗ്ഗമുള്ളപ്പോൾ, അത് ഉപയോഗിക്കാതെ, ആത്മഹത്യക്ക് വിധേയനാകുന്നത് മറ്റൊരു കുറ്റം കൂടി ആയിരിക്കുമെന്നാണ് ഇബ്നു ജരീർ(റ) മുതലായ പണ്ഡിതർ ചൂണ്ടിക്കാട്ടുന്നത്.

"അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുന്നത് അവൻ വെറുക്കുന്നത് പോലെ, അവന്റെ ഇളവ് (വിട്ട് വീഴ്ച)കളെ സ്വീകരിക്കുന്നതിനെ അവൻ ഇഷ്ടപെടുകയും ചെയ്യുന്നു." - നബി വചനം .

---

**വചനം 4**

يَسْـَٔلُونَكَ مَاذَآ أُحِلَّ لَهُمْ ۖ قُلْ أُحِلَّ لَكُمُ ٱلطَّيِّبَٰتُ ۙ وَمَا عَلَّمْتُم مِّنَ ٱلْجَوَارِحِ مُكَلِّبِينَ تُعَلِّمُونَهُنَّ مِمَّا عَلَّمَكُمُ ٱللَّهُ ۖ فَكُلُوا۟ مِمَّآ أَمْسَكْنَ عَلَيْكُمْ وَٱذْكُرُوا۟ ٱسْمَ ٱللَّهِ عَلَيْهِ ۖ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ سَرِيعُ ٱلْحِسَابِ ﴿٤﴾

4 (നബിയേ) എന്താണ് അവർക്ക് അനുവദിക്കപ്പെട്ടിരിക്കുന്നത് എന്ന് അവർ നിന്നോട് ചോദിക്കുന്നു. പറയുക:- (നല്ല) വിശിഷ്ടമായ വസ്തുക്കൾ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു നിങ്ങൾക്ക് പഠിപ്പിച്ചുതന്നതിൽനിന്നും (ചിലത്) പഠിപ്പിച്ചുകൊണ്ട് നിങ്ങൾ നായാട്ട് പരിശീലിപ്പിക്കുന്ന നിലയിൽ വേട്ടജന്തുക്കളിൽപെട്ട വല്ലതിനെയും നിങ്ങൾ പഠിപ്പിക്കുന്നതായാൽ, അപ്പോൾ, അവ നിങ്ങൾക്കായി പിടിച്ചു തന്നതിൽനിന്നും നിങ്ങൾ തിന്നുകൊള്ളുവിൻ, അതിൽ അല്ലാഹുവിൻെറ നാമം നിങ്ങൾ പറയുകയും ചെയ്യുവിൻ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യണം. നിശ്ചയമായും, അല്ലാഹു വേഗം വിചാരണ നടത്തുന്നവനാകുന്നു.

കഴിഞ്ഞ വചനത്തിൽ ഭക്ഷിക്കൽ ഹറാമായ ഏതാനും വസ്തുക്കളെ പറ്റി വിവരിച്ചതിനെതുടർന്ന് ഈ വചനത്തിൽ ഭക്ഷിക്കാൻ ഹലാലായ വസ്തുക്കളെ പറ്റി അല്ലാഹു പ്രസ്താവിക്കുന്നു.അനുവദിക്കപ്പെട്ടവ

യുടെ നീണ്ട പട്ടിക എണ്ണി പറയുന്നതിന് പകരം അവയെ മനസ്സിലാക്കാനുതകുന്ന ഒരു പൊതു തത്വം അല്ലാഹു ചൂണ്ടികാട്ടുന്നു. طيبات (ത്വയ്യിബാത്ത്) ആയ വസ്തുക്കളെല്ലാം അനുവദനീയമാക്കപെട്ടിരിക്കുന്നു. 'ത്വയ്യിബാത്ത്' എന്ന വാക്കിന് നല്ലവ, പരിശുദ്ധമായവ, വിശിഷ്ടമായവ, സ്വാദിഷ്ടമായവ എന്നൊക്കെ സന്ദർഭാനുസരണം അർത്ഥങ്ങളുണ്ട്. മ്ളേഛതയിൽ നിന്നോ, പാപത്തിൽ നിന്നോ ശുദ്ധമായിട്ടുള്ളവ എന്ന അർത്ഥത്തിലും ഖുർആനിൽ പ്രസ്തുത വാക്ക് ഉപയോഗിക്കപെട്ടിരിക്കുന്നു. അല്ലാഹു നിഷിദ്ധമാക്കിയിട്ടുള്ള വസ്തുക്കളിൽ അടങ്ങിയ ദോഷ വശങ്ങൾ ഇല്ലാത്തതും , അവ നിഷിദ്ധമാക്കുവാൻ കാരണമായ തത്വങ്ങൾ ഉൾകൊള്ളാത്തവയും ആയിരിക്കുമ്പോഴെ , അവക്ക് 'ത്വയിബാത്ത് ' എന്ന് പറയാവൂ. അല്ലാഹുവും റസൂലും ഒരു കാര്യം നിഷിദ്ധമാക്കിയാൽ അത് നിഷിദ്ധവും . ഒരു കാര്യം അനുവദനീയമാക്കിയാൽ അത് വിശിഷ്ടമായതും തന്നെ. എന്നാൽ, രണ്ടിലൊരു വിധി വ്യക്തമാക്കപെട്ടിട്ടില്ലാത്ത വസ്തുക്കളിൽ ഏതെങ്കിലും ചിലത് വിശിഷ്ടമോ നികൃഷ്ടമൊ (ത്വയ്യിബോ ഖബീഥോ ) എന്ന കാര്യത്തിൽ പണ്ഡിതൻമാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടാകുക സ്വാഭാവികമാണല്ലോ. അത്തരം സന്ദർഭങ്ങളിൽ അല്ലാഹുവിന്റെയും റസൂലിന്റെയും പ്രസ്താവനകളും അവയിലടങ്ങിയ തത്വങ്ങളും മനസ്സിലാക്കി കൂടുതൽ സൂക്ഷ്മമായ അഭിപ്രായം സ്വീകരിക്കുകയെന്നതാണ് കരണീയമായിട്ടുള്ളത്.

തുടർന്ന് അല്ലാഹു വേട്ട ജന്തുക്കൾ പിടിച്ച് കൊണ്ട് വരുന്ന ജീവികളെ പറ്റി ഉണർത്തിയിരിക്കുന്നു. അല്ലാഹു മനുഷ്യർക്ക് നായാട്ട് നടത്തി ഭക്ഷ്യ വസ്തുക്കളെ സമ്പാദിക്കാനുള്ള അറിവും അതിനായി ചില മൃഗങ്ങളെയും പക്ഷികളെയും നായാട്ട് പരിശീലിപ്പിക്കാനുള്ള അറിവും നൽകി അനുഗ്രഹിച്ചിട്ടുണ്ട്. അങ്ങനെപരിശീലിപ്പിക്കപ്പെട്ട ജന്തുക്കൾ (നായ, നരി, പ്രാ പിടിയൻ പക്ഷി എന്നിവ ഉദാഹരണം) അവയുടെ സ്വന്താവശ്യാർത്ഥമല്ലാതെ, അവയുടെ യജമാനൻമാരുടെ ആവശ്യാർത്ഥം വല്ല ജീവികളെയും പിടിച്ച് കൊണ്ട് വന്ന് കൊടുത്താൽ, അവ ചത്ത് പോയിട്ടുണ്ടെങ്കിൽ തന്നെയും അവ ഭക്ഷിക്കാവുന്നതാണ്. പിടിച്ചു കൊണ്ട് വന്ന വേട്ട ജന്തു, ഉരുവിൽ നിന്ന് ഒട്ടും ഭക്ഷിക്കാതിരിക്കുകയെന്നതാണ്, അത് ജമാനന്റെ കല്പനപ്രകാരം പിടിച്ചതാണെന്നുള്ളതിന് തെളിവ് എന്ന് ഹദീസ് ബലപ്പെടുത്തുന്നു.

“നിന്റെ വേട്ട നായയെ അയക്കുമ്പോൾ നീ അല്ലാഹുവിന്റെ നാമം പറയുക. എന്നിട്ട് അത് നിനക്കായി കൊണ്ട് വരുന്ന ഉരുവിന് ജീവനുള്ളതായി കണ്ടാൽ അതിനെ നീ അറുക്കുക. അത് കൊല്ലപെട്ടതായി കാണുകയും, അതിൽ നിന്ന് വേട്ട ജന്തു തിന്നാതിരുക്കുകയും ചെയ്താൽ നീ അത് തിന്ന് കൊള്ളുക. അത് അതിൽ നിന്ന് ˘ തിന്നിട്ടുണ്ടെങ്കിൽ നീ അത് തിന്നരുത്.” - നബി വചനം.

“അതിന്റെ മേൽ അല്ലാഹുവിന്റെ നാമം പറയുകയും ചെയ്യുക” എന്ന വചനത്തിന്റെ ഉദ്ദേശ്യത്തിൽ പണ്ഡിതർക്കിടയിൽ മൂന്ന് അഭിപ്രായങ്ങളുണ്ട്. 1, വേട്ട ജന്തുവിനെ ഉരുവിന്റെ നേരെ വിടുമ്പോൾ ബിസ്മി ചൊല്ലുക എന്നും 2, ഉരുവിന് ജീവനുണ്ടെങ്കിൽ അറുക്കുമ്പോൾ ബിസ്മി ചൊല്ലുക എന്നും 3, ഉരുവിന്റെ മാംസം ഭക്ഷിക്കുമ്പോൾ ബിസ്മി ചൊല്ലുക എന്നും. മൂന്നവസരത്തിലും ബിസ്മി ചൊല്ലുന്നത് വേണ്ടപ്പെട്ട കാര്യം തന്നെ . എന്നാൽ ഹദീസുകളിൽ നിന്ന് ഒന്നാമത്തെ അഭിപ്രായമാണ് കൂടുതൽ ശരിയെന്നത് വ്യക്തമാകുന്നു.

തുടർന്ന് അല്ലാഹുവിനെസൂക്ഷിക്കണമെന്നും, അല്ലാഹു വിചാരണ വേഗം നടത്തുന്നവനാണെന്ന് അല്ലാഹു ഓർമ്മപ്പെടുത്തുന്നു.

---

**വചനം 5**

ٱلْيَوْمَ أُحِلَّ لَكُمُ ٱلطَّيِّبَٰتُ ۖ وَطَعَامُ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ حِلٌّ لَّكُمْ وَطَعَامُكُمْ حِلٌّ لَّهُمْ ۖ وَٱلْمُحْصَنَٰتُ مِنَ ٱلْمُؤْمِنَٰتِ وَٱلْمُحْصَنَٰتُ مِنَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ مِن قَبْلِكُمْ إِذَآ ءَاتَيْتُمُوهُنَّ أُجُورَهُنَّ مُحْصِنِينَ غَيْرَ

5 ഇന്ന് നിങ്ങൾക്ക് (നല്ല) വിശിഷ്ടമായ വസ്തുക്കൾ (പൊതുവെ) അനുവദിക്കപ്പെട്ടിരിക്കുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവരുടെ ഭക്ഷണവും നിങ്ങൾക്ക് അനുവദനീയമാകുന്നു; നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാകുന്നു. (കൂടാതെ) സത്യവിശ്വാസിനികളിൽനിന്നുള്ള ചാരിത്ര്യശുദ്ധകളായ സ്ത്രീകളും, നിങ്ങളുടെ മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരിൽനിന്നുള്ള ചാരിത്ര്യ ശുദ്ധകളായ സ്ത്രീകളും (അനുവദനീയമാകുന്നു); അവരുടെ

مُسَٰفِحِينَ وَلَا مُتَّخِذِىٓ أَخْدَانٍۗ وَمَن يَكْفُرْ بِٱلْإِيمَٰنِ فَقَدْ حَبِطَ عَمَلُهُۥ وَهُوَ فِى ٱلْءَاخِرَةِ مِنَ ٱلْخَٰسِرِينَ ﴿٥﴾

പ്രതിഫലങ്ങൾ (മഹ്റുകൾ) നിങ്ങൾ അവർക്ക് കൊടുത്താൽ;-(അതെ, നിങ്ങൾ) വിടൻമാരായല്ലാതെയും, (രഹസ്യ) വേഴ്ചക്കാരെ സ്വീകരിക്കുന്നവരായല്ലാതെയും ചാരിത്ര്യ ശുദ്ധരായിക്കൊണ്ട് (കൊടുത്താൽ) ആരെങ്കിലും സത്യവിശ്വാസത്തെ അവിശ്വസിക്കുന്ന (നിഷേധിക്കുന്ന) പക്ഷം, അവൻെറ കർമ്മം പൊളിഞ്ഞു (നിഷ്ഫലമായി) പോയി! അവൻ പരലോകത്തിലാകട്ടെ, നഷ്ടക്കാരിൽ പെട്ടവനുമാകുന്നു.

---

വിശിഷ്ട വസ്തുക്കൾ അനുവദനീയമാക്കപ്പെട്ടത് ഒരു സ്ഥിരമായ പൊതു നിയമമാണെന്ന് സൂചിപ്പിച്ച് കൊണ്ട് അല്ലാഹു ഈ വചനം ആരംഭിക്കുന്നു. തുടർന്ന് കൊണ്ട് വേദക്കാരുടെ - യഹൂദികളുടെയും കൃസ്ത്യാനികളുടെയും - ഭക്ഷണവും അനുവദനീയങ്ങളിൽ പെട്ടതാണെന്നറിയിക്കുന്നു. ധാന്യ വർഗ്ഗങ്ങൾ, ഫല വർഗ്ഗങ്ങൾ മുതലായ വസ്തുക്കൾ ആരുടേതായാലും ഭക്ഷിക്കുന്നതിൽ വിരോധമില്ലെന്നിരിക്കെ , ഇവിടെ പ്രധാനമായും ഉദ്ദേശം, അവരാൽ അറുക്കപ്പെട്ട മാംസമാണെന്ന്, സന്ദർഭം കൊണ്ട് മനസ്സിലാക്കാം. വേദക്കാരുടെ ഭക്ഷണം അനുവദനീയമാണെന്ന് പറഞ്ഞതിൽ , കള്ള്, പന്നി മാംസം , ശവം എന്നിവയൊന്നും ഉൾപെടുന്നില്ലാത്തത് പോലെ , അല്ലാഹു അല്ലാത്തവരുടെ പേര് പറഞ്ഞ് അറുത്തതും ഉൾപെടുക്കയില്ലെന്നതാണ്, കൂടുതൽ സൂക്ഷ്മമായ നിഗമനം الله اعلم

"നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാകുന്നു." എന്ന വചനത്തിൻ്റെ ഉദ്ദേശ്യത്തെക്കുറിച്ച് വിവിധ അഭിപ്രായങ്ങളുണ്ട്. നിങ്ങൾ അറുത്തതിനെഅവർക്ക് ഭക്ഷിക്കാൻ കൊടുക്കുന്നതിൽ നിങ്ങൾക്ക് നിയമ തടസ്സമൊന്നുമില്ലെന്നാണെന്നും, നിങ്ങൾക്കും വേദക്കാർക്കും ഒന്നിച്ച് ഭക്ഷണം കഴിക്കുന്നതിൽ വിരോധമില്ലെന്നാണെന്നും, ഒക്കെ അഭിപ്രായങ്ങളുണ്ട്. (അല്ലാഹുവിനറിയാം )

തുടർന്ന് വേദക്കാരുമായുള്ള വിവാഹ നിബന്ധന അല്ലാഹു വിവരിക്കുന്നു. വേദക്കാരായ സ്ത്രീകളെ മുസ്ലീംകൾക്ക് ഇങ്ങോട്ട് വിവാഹം ചെയ്തെടുക്കുവാനല്ലാതെ, അങ്ങോട്ട് വിവാഹം ചെയ്ത് കൊടുക്കാൻ അനുവദിക്കപ്പെട്ടിട്ടില്ല. ഭർത്താവിൻ്റെ നിയന്ത്രണത്തിൽ ജീവിക്കേണ്ട സ്ത്രീകളെ, വേദക്കാരായ പുരുഷൻമാർ വിവാഹം കഴിച്ചാൽ നേരിടാവുന്ന ഭവിഷ്യത്തു പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലോ.

സത്യവിശ്വാസിനികളായ സ്തീകളായാലും , വേദക്കാരായ സ്ത്രീകളായാലും, അവർ ചാരിത്ര്യശുദ്ധികളായിരിക്കണമെന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. ഈ വാക്ക് കൊണ്ട് ഉദ്ദേശ്യം എന്താണെന്നതിൽ ഒന്നിലേറെ അഭിപ്രായങ്ങൾ കാണാമെങ്കിലും ദുർനടപടികളിലൊന്നും , അകപ്പെടാതെ ചാരിത്ര്യം സൂക്ഷിച്ച് പോരുന്ന സ്ത്രീകൾ എന്നാണെന്നുള്ളതാണ് കൂടുതൽ ശരിയായ അഭിപ്രായം.

ദൈവികമായ ഒരു വേദഗ്രന്ഥത്തിൻ്റെയും ഒരു പ്രവാചകൻ്റെയും അനുയായികളെന്ന പരിഗണനയാലും, വേദക്കാരെ ഇസ്ലാമിലേക്ക് ആകർഷിക്കാനുള്ള ഒരു മാർഗ്ഗമെന്ന നിലയിലുമാണ്, വേദക്കാരായ സ്ത്രീകളെ വിവാഹം കഴിക്കാൻ അനുവദിക്കപ്പെട്ടിരിക്കുന്നത്. അല്ലാതെ ചില മുസ്ലീം വേഷധാരികൾ ജല്പിക്കുന്നത് പോലെ , മിശ്രവിവാഹം പ്രോത്സാഹിപ്പിച്ച്, വിശ്വാസികളെ മതത്തിൽ നിന്ന് അകറ്റി നിർത്തി നിർമത നിരീശ്വരരാക്കിത്തീർക്കുകയെന്നതല്ല അതിൻ്റെ ലക്ഷ്യം.

വേദക്കാരായ സ്ത്രീകളെ വിവാഹം ചെയ്യുമ്പോഴും മഹർ(വിവാഹമൂല്യം) നൽകണമെന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. വേദക്കാരെ വിവാഹം ചെയ്യുന്ന പുരുഷൻമാർ ചാരിത്ര്യശുദ്ധി പാലിക്കുന്നവരായിരിക്കണം.-വ്യഭിചാരത്തിലും ദുർവൃത്തിയിലും താല്പര്യമുള്ളവരാകരുത്. കാമുകിമാരെയും കൃത്രിമഭാര്യമാരെയും സ്വീകരിക്കുന്നവരായിരിക്കരുത്, ഇത്തരം ദുർവികാരങ്ങൾക്ക് വശം വദരാകരുത് എന്നൊക്കെ അല്ലാഹു ഉണർത്തുന്നു. (അടിമസ്ത്രീകളെ വിവാഹം ചെയ്യുമ്പോൾ ആലോചിക്കേണ്ട കാര്യങ്ങളെക്കുറിച്ച് സൂ: നിസാഅ് 25-ൽ വിവരിച്ചിട്ടുണ്ട് )

തുടർന്ന്, മേൽപറഞ്ഞ നിർദ്ദേശങ്ങളുടെ പ്രാധാന്യത്തെ സൂചിപ്പിച്ച്, ഒരു പൊതു തത്വം വിവരിച്ചുകൊണ്ട് അല്ലാഹു ഈ വചനം അവസാനിപ്പിക്കുന്നു-സത്യവിശ്വാസത്തെ വല്ലവരും നിരാകരിക്കുന്ന പക്ഷം അവൻ്റെ കർമ്മങ്ങൾ മുഴുവൻ നിഷ്ഫലമായി പോകുന്നതും അവൻ പരലോകത്ത് തീരാനഷ്ടക്കാരനായി ത്തീരുന്നതുമാകുന്നു.

**വിഭാഗം -2**

**വചനം 6**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا قُمۡتُمۡ إِلَى ٱلصَّلَوٰةِ فَٱغۡسِلُواْ وُجُوهَكُمۡ وَأَيۡدِيَكُمۡ إِلَى ٱلۡمَرَافِقِ وَٱمۡسَحُواْ بِرُءُوسِكُمۡ وَأَرۡجُلَكُمۡ إِلَى ٱلۡكَعۡبَيۡنِۚ وَإِن كُنتُمۡ جُنُبٗا فَٱطَّهَّرُواْۚ وَإِن كُنتُم مَّرۡضَىٰٓ أَوۡ عَلَىٰ سَفَرٍ أَوۡ جَآءَ أَحَدٞ مِّنكُم مِّنَ ٱلۡغَآئِطِ أَوۡ لَٰمَسۡتُمُ ٱلنِّسَآءَ فَلَمۡ تَجِدُواْ مَآءٗ فَتَيَمَّمُواْ صَعِيدٗا طَيِّبٗا فَٱمۡسَحُواْ بِوُجُوهِكُمۡ وَأَيۡدِيكُم مِّنۡهُۚ مَا يُرِيدُ ٱللَّهُ لِيَجۡعَلَ عَلَيۡكُم مِّنۡ حَرَجٖ وَلَٰكِن يُرِيدُ لِيُطَهِّرَكُمۡ وَلِيُتِمَّ نِعۡمَتَهُۥ عَلَيۡكُمۡ لَعَلَّكُمۡ تَشۡكُرُونَ ٦

6 ഹേ, വിശ്വസിച്ചവരേ, നിങ്ങള്‍ നമസ്കാരത്തിലേക്ക് നിന്നാല്‍ (നമസ്കാരത്തിന് ഒരുങ്ങിയാല്‍) നിങ്ങളുടെ മുഖങ്ങളും, മുട്ടുകള്‍ വരെ കൈകളും കഴുകുവിന്‍; നിങ്ങളുടെ തലകളെ തടവുകയും ചെയ്യുവിന്‍: രണ്ടു നെരിയാണികള്‍വരെ നിങ്ങളുടെ കാലുകളും (കഴുകുവിന്‍) നിങ്ങള്‍ 'ജനാബത്തു'കാര്‍ (വലിയ അശുദ്ധി ബാധിച്ചവര്‍) ആയിരുന്നാല്‍ (കുളിച്ച്) ശുദ്ധമാകുകയും ചെയ്യുവിന്‍. നിങ്ങള്‍ രോഗികളോ, അല്ലെങ്കില്‍ ഒരു യാത്രയിലോ ആയിരുന്നാല്‍ അല്ലെങ്കില്‍, നിങ്ങളിലൊരുവന്‍ (മലമൂത്ര) വിസര്‍ജ്ജന സ്ഥലത്തു നിന്ന് വരുകയോ, അല്ലെങ്കില്‍ നിങ്ങള്‍ സ്ത്രീകളുമായി സ്പര്‍ശനം നടത്തുകയോ ചെയ്തു, എന്നിട്ട് നിങ്ങള്‍ക്ക് വെള്ളം കിട്ടിയില്ല(എങ്കില്‍), അപ്പോള്‍, നിങ്ങള്‍ (നല്ല) ശുദ്ധമായ ഭൂമുഖത്തെ (അഥവാ മണ്ണിനെ) കരുതിക്കൊള്ളുവിന്‍, എന്നിട്ട് നിങ്ങളുടെ മുഖങ്ങളും കൈകളും അതിനാല്‍ തടവിക്കൊള്ളുവിന്‍. നിങ്ങളുടെമേല്‍ ഒരു വിഷമവും ഏര്‍പ്പെടുത്തുവാന്‍ അല്ലാഹു ഉദ്ദേശിക്കുന്നില്ല; എങ്കിലും നിങ്ങളെ ശുദ്ധിയാക്കുവാനും, അവന്‍റെ അനുഗ്രഹം നിങ്ങളില്‍ പൂര്‍ണ്ണമാക്കുവാനും അവന്‍ ഉദ്ദേശിക്കുന്നു: നിങ്ങള്‍ നന്ദി ചെയ്തേക്കാമല്ലോ (അഥവാ നന്ദി ചെയ്വാന്‍വേണ്ടിയാകുന്നു.)

---

നമസ്ക്കാര കര്‍മ്മത്തിന്‍റെ രൂപത്തെ പറ്റിയോ അവയിലെ പ്രധാനഘടകങ്ങളായ റുകൂഅ് സുജൂദ് മുതലായവ എങ്ങനെയായിരിക്കണമെന്നോ ഖുര്‍ആനില്‍ വിശദീകരിക്കപെട്ടിട്ടില്ല. അവയെല്ലാം നബി(സ) തിരുമേനിയുടെ വചനങ്ങളില്‍ നിന്നും പ്രവര്‍ത്തികളില്‍ നിന്നുമാണ് അറിയപ്പെടുന്നത്.എന്നാല്‍ ഈ വചനത്തില്‍ വുളുവിനെയും, തയമുമിനെയും സംബന്ധിച്ച് അല്ലാഹു വിശദമായി വിവരിക്കുന്നു. ഓരോ നമസ്ക്കാരത്തിനും പ്രത്യേകം വുളു എടുക്കണമെന്നില്ല. ഒരു വുളു എടുത്ത് കഴിഞ്ഞാല്‍ അത് മുറിഞ്ഞു. (നിഷ്ഫലമായി) പോയിട്ടില്ലെങ്കില്‍, ഒന്നിലധികം നമസ്ക്കാരം നിര്‍വഹിക്കുന്നതിന് വിരോധമില്ല.

എന്നാല്‍ ഓരോ നമസ്ക്കാരത്തിനും പ്രത്യേകം പ്രത്യേകം വുളു എടുക്കുന്നതാണ് കൂടുതല്‍ ഉത്തമം

വുളുവിന്‍റെഘടകങ്ങള്‍ എന്ന നിലക്ക്, മുഖംകഴുകുക മുട്ട് വരെ കൈകള്‍ കഴുകുക, തല തടവുക നെരിയാണിവരെ കാല്‍ കഴുകുക-വായയും മൂക്കും ശുദ്ധമാക്കുക, ചെവികള്‍ തടവുക, എന്നീ മര്യാദകളും നബി(സ) കാണിച്ച് തന്നിരിക്കുന്നു. ഓരോ കര്‍മ്മത്തിന്‍റെയും വിശദരൂപവും കര്‍മ്മ ശാസ്ത്ര ഗ്രന്ഥങ്ങളില്‍ പ്രതിപാദിക്കപെട്ടിട്ടുണ്ട്.

തയമ്മുമിനെസംബന്ധിച്ച് "നിങ്ങള്‍ രോഗികളായിരുന്നാല്‍" എന്ന് തുടങ്ങിയുള്ള വചനത്തിന്‍റെ വിശദീകരണം സൂ ;നിസാഅ് 43 ല്‍ കഴിഞ്ഞ് പോയിട്ടുണ്ട്. അവിടെ കുളിക്ക് പകരമുള്ള തയമ്മുമിനെപറ്റിയാണ് വിവരിച്ചത്. ഇവിടെ വുളുവിന് പകരം തയമ്മുമും സ്വീകരിക്കാമെന്ന് പ്രതിപാദിക്കുന്നു. കുളിക്ക് പകരമുള്ള തയമ്മുമും വുളുവിന് പകരമുള്ള തയമ്മുമും സ്വഭാവത്തില്‍ വ്യത്യാസമില്ലെന്ന് വ്യക്തമാക്കിയിരിക്കുന്നു.

വുളു ചെയ്യാൻ സാധിക്കാതെ വരുന്ന സന്ദർഭങ്ങളിൽ തയമ്മും ചെയ്താൽ മതിയെന്ന കല്പനയെ തുടർന്ന് അല്ലാഹു "നിങ്ങൾക്ക് വല്ല വിഷമവും ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നും, നിങ്ങളെ ശുദ്ധിയാക്കാനും, അവന്റെ അനുഗ്രഹം പൂർണ്ണമാക്കിത്തരുവാനുമാണ് അവൻ ഉദ്ദേശിക്കുന്നതെന്നും " അറിയിക്കുന്നു. കേവലം ശാരീരികവും ബാഹ്യവുമായ ശുദ്ധി മാത്രമല്ല, ആത്മീയവും മാനസികവുമായ ശുദ്ധി കൂടിയാകുന്നു അത്. വുളുവിൽ ഓരോ അവയവം കഴുകും തോറും ആ അവയവം കൊണ്ട് ചെയ്ത്പോയ തെറ്റുകൾ നീങ്ങി പോകുന്നതാണെന്ന് നബി(സ) അരുളിയിരിക്കുന്നു. വുളുവിന് ശേഷം, "അല്ലാഹുവെ, എന്നെ നീ പശ്ചാത്തപിച്ച് മടങ്ങുന്നവരുടെ കൂട്ടത്തിൽ ഉൾപെടുത്തേണമേ ;എന്നെ ശുദ്ധിയായവരുടെ കൂട്ടത്തിലും ഉൾപെടുത്തേണമേ (اللّهمّ اجعلني من التّوابين واجعلني من المتطهّرين) എന്ന് പ്രാർത്ഥിക്കുവാൻ നബി(സ) പ്രോത്സാഹിപ്പിക്കുകയും ചെയ്തിരിക്കുന്നു.

തുടർന്ന് അല്ലാഹു ചെയ്ത് തന്ന അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുവാൻ അവൻ നമ്മോട് നിർദ്ദേശിക്കുന്നു.

**വചനം 7**

وَٱذۡكُرُواْ نِعۡمَةَ ٱللَّهِ عَلَيۡكُمۡ وَمِيثَٰقَهُ ٱلَّذِي وَاثَقَكُم بِهِۦٓ إِذۡ قُلۡتُمۡ سَمِعۡنَا وَأَطَعۡنَاۖ وَٱتَّقُواْ ٱللَّهَۚ إِنَّ ٱللَّهَ عَلِيمُۢ بِذَاتِ ٱلصُّدُورِ ٧

7 നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹത്തെയും, അവൻ നിങ്ങളോട് ഉറപ്പുവാങ്ങിയിട്ടുള്ള അവൻെറ (അവനോടു നൽകിയ) ഉറപ്പിനെയും ഓർക്കുവിൻ (അതെ) "ഞങ്ങൾ കേൾക്കുകയും, അനുസരിക്കുകയും ചെയ്തു" എന്ന് നിങ്ങൾ പറഞ്ഞപ്പോൾ (വാങ്ങിയ ഉറപ്പ്). അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. നിശ്ചയമായും അല്ലാഹു, നെഞ്ചു (ഹൃദയം) കളിലുള്ളതിനെക്കുറിച്ച് അറിയുന്നവനാകുന്നു.

---

അല്ലാഹുവിന്റെ അനുഗ്രഹം എന്ന വാക്കിൽ അല്ലാഹു മനുഷ്യർക്ക് ചെയ്ത കണക്കറ്റ അനുഗ്രഹങ്ങൾ ഉൾപ്പടുമെങ്കിലും , സൻമാർഗ്ഗത്തിലേക്കുള്ള മാർഗ്ഗദർശനമാണ് മുഖ്യമായും ഉദ്ദേശിക്കപെട്ടിരിക്കുന്നത്. "അവൻ നിങ്ങളോട് ഉറപ്പ് വാങ്ങിയിട്ടുള്ള അവന്റെ (അവനോടു നല്കിയ) ഉറപ്പ്" എന്നത് കൊണ്ടുദ്ദേശ്യം അല്ലാഹുവിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിച്ച് അനുസരിക്കാൻ മനുഷ്യനുള്ള ബാധ്യതയാണെന്നാണ് പല വ്യാഖ്യാതാക്കളും പറയുന്നത്. തങ്ങളോട് കല്പിക്കുന്നതെല്ലാം തങ്ങൾ സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്ത് കൊള്ളാമെന്ന് സത്യവിശ്വാസികൾ പലസന്ദർഭങ്ങളിലും നബി(സ)യോട് പ്രതിജ്ഞ ചെയ്യുകയും ഉണ്ടായിട്ടുണ്ട്. എന്നാൽ സൂ : അഅ്റാഫ് 172 ാം വചനത്തിൽ കാണാവുന്ന പ്രകാരം, ആദം (അ) ന്റെ സന്താനങ്ങളോട് ആത്മീയ ലോകത്ത് വെച്ച് അല്ലാഹു വാങ്ങിയ കരാറാണതെന്ന് വേറെ പല വ്യാഖ്യാതാക്കളും പ്രസ്താവിച്ചിരിക്കുന്നു. ഈ വചനത്തിലെ ഖുർആന്റെ വാക്കുകളോട് കൂടുതൽ യോജിച്ചത് ആദ്യത്തെ പ്രസ്താവമാകുന്നു.

---

**വചനം 8**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُونُواْ قَوَّٰمِينَ لِلَّهِ شُهَدَآءَ بِٱلۡقِسۡطِۖ وَلَا يَجۡرِمَنَّكُمۡ شَنَـَٔانُ قَوۡمٍ عَلَىٰٓ أَلَّا تَعۡدِلُواْۚ ٱعۡدِلُواْ هُوَ أَقۡرَبُ لِلتَّقۡوَىٰۖ وَٱتَّقُواْ ٱللَّهَۚ إِنَّ ٱللَّهَ خَبِيرُۢ بِمَا تَعۡمَلُونَ ٨

8 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനു വേണ്ടി (ഉറച്ച്) നിലകൊള്ളുന്നവരായിരിക്കുവിൻ, നീതിമുറക്ക് സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ട്. ഒരു ജനതയോടുള്ള അമർഷം, നിങ്ങൾ നീതി പാലിക്കാതിരിക്കുവാൻ നിങ്ങളെ നിശ്ചയമായും പ്രേരിപ്പിക്കരുത്. നിങ്ങൾ നീതി പാലിക്കണം, അത് ഭയഭക്തിയോട് കൂടുതൽ അടുപ്പമുള്ളതത്രെ. അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. നിശ്ചയമായും അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനാകുന്നു.

"നീതി മുറക്ക് സാക്ഷ്യം വഹിച്ച് കൊണ്ട് അല്ലാഹുവിന് വേണ്ടി നിലകൊള്ളുക" എന്ന് പറഞ്ഞതിന്റെ താല്പര്യം സൂ: അന്നിസാഇലെ 135 ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്. ഒരു ജനതയോട് ഈർഷ്യയും വെറുപ്പുമുണ്ടെങ്കിൽ , അവരോട് അതിന്റെ പേരിൽ അനീതിയും അക്രമവും പ്രവർത്തിക്കരുതെന്നും അവരോട് നീതിയും മര്യാദയും പാലിക്കുന്നതിന് ഒരിക്കലും അത് തടസ്സമാകരുതെന്നും അല്ലാഹു കല്പിക്കുന്നു. ഈ കല്പന ശരിക്ക് പാലിക്കുന്ന പക്ഷം , ലോകത്ത് സമാധാനാന്തരീക്ഷം നിലനില്ക്കാൻ അത് തന്നെ ധാരാളം ഉതകുന്നതാണെന്ന് കാണാവുന്നതാണ്.

---

**വചനം 9, 10, 11**

9 വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർക്ക് പാപമോചനവും, മഹത്തായ പ്രതിഫലവും ഉണ്ട് (എന്ന്).

وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ لَهُم مَّغۡفِرَةٞ وَأَجۡرٌ عَظِيمٞ ٩

10 അവിശ്വസിക്കുകയും, നമ്മുടെ 'ആയത്ത്' (ലക്ഷ്യം) കളെ വ്യാജമാക്കുകയും ചെയ്തവരാകട്ടെ, അക്കൂട്ടർ, ജ്വലിക്കുന്ന അഗ്നിയുടെ (നരകത്തിൻെറ) ആൾക്കാരാകുന്നു.

وَٱلَّذِينَ كَفَرُواْ وَكَذَّبُواْ بِـَٔايَٰتِنَآ أُوْلَٰٓئِكَ أَصۡحَٰبُ ٱلۡجَحِيمِ ١٠

11 ഹേ, വിശ്വസിച്ചവരേ, നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹത്തെ നിങ്ങൾ ഓർക്കുവിൻ, (അതായത്) ഒരു ജനത നിങ്ങളുടെ നേരെ അവരുടെ കൈകൾ നീട്ടുവാൻ കരുതിയപ്പോൾ, എന്നിട്ട് നിങ്ങളിൽനിന്നും അവരുടെ കൈകളെ അവൻ തട്ടിനീക്കി. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യണം. അല്ലാഹുവിൻെറമേൽ ഭരമേൽപിച്ചുകൊള്ളട്ടെ സത്യവിശ്വാസികൾ.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱذۡكُرُواْ نِعۡمَتَ ٱللَّهِ عَلَيۡكُمۡ إِذۡ هَمَّ قَوۡمٌ أَن يَبۡسُطُوٓاْ إِلَيۡكُمۡ أَيۡدِيَهُمۡ فَكَفَّ أَيۡدِيَهُمۡ عَنكُمۡۖ وَٱتَّقُواْ ٱللَّهَۚ وَعَلَى ٱللَّهِ فَلۡيَتَوَكَّلِ ٱلۡمُؤۡمِنُونَ ١١

---

ഈവചനത്തിൽ 'അല്ലാഹുവിന്റെ അനുഗ്രഹം' എന്നത്കൊണ്ട് താഴെ പറയുന്ന സംഭവങ്ങളിൽ അല്ലാഹു ശത്രുതന്ത്രത്തെ പരാജയപ്പെടുത്തിയ സന്ദർഭങ്ങളെയാണ് സൂചിപ്പിക്കുന്നത് എന്ന് അഭിപ്രായമുണ്ട്.

1. അസ്ഫാൻ യുദ്ധത്തിൽ നബി(സ) യും സഹാബികളും അസർ നമസ്ക്കാരം ജമാ അത്തായി നിർവഹിക്കുമ്പോൾ മുസ്ലീംകളെ അക്രമിച്ച് പരാജയപ്പെടുത്താനുള്ള, ശത്രുക്കളുടെ കുതന്ത്രം 'ഭയപ്പാടിന്റെ നമസ്ക്കാരം' നടത്തുവാനുള്ള കല്പനമൂലം, അല്ലാഹു പരാജയപ്പെടുത്തിയത്;

2 ഒരു മരത്തണലിൽ വിശ്രമിക്കുകയായിരുന്ന നബി(സ)യുടെ വാളെടുത്ത് അത് ഉയർത്തിപ്പിടിച്ച്കൊണ്ട് "മുഹമ്മദെ, നിന്നെ ഇപ്പോൾ ആരു രക്ഷിക്കും" എന്ന് ചോദിച്ച മുഹാരിബ് ഗോത്രക്കാരനോട് തിരുമേനി ഉത്തരം പറഞ്ഞു "അല്ലാഹു ". അവൻ സ്തംഭിച്ച് പോകുകയും, വാൾ കൈയിൽ നിന്ന് വീഴുകയും ചെയ്തു. തിരുമേനി വാളെടുത്തു അതെ ചോദ്യം അവനോട് ചോദിച്ചു. "ആരുമില്ല രക്ഷിക്കണേ" എന്നായിരുന്നു അവന്റെ മറുപടി. തിരുമേനി അവന് മാപ്പ് നല്കി വിട്ടയച്ചു .

3 ഒരിക്കൽ നബി(സ) യെ ഭക്ഷണത്തിൽ വിഷം കലർത്തി കൊലപ്പെടുത്തുവാനുള്ള യഹൂദികളുടെ പദ്ധതി, അല്ലാഹു വഹ്‌യ് മുഖേന, നബി(സ) ക്ക് അറിവ് നല്കി രക്ഷപ്പെടുത്തിയത്.

4. ഒരിക്കൽ, നബി(സ) യഹൂദ ഗോത്രമായ, ബനൂ നളീറിന്റെ അടുക്കൽ പണം കടം ചോദിക്കാനായി ചെന്നപ്പോൾ തിരുമേനിയെ ഒരു ആസ്സ് കല്ല് തലയിൽ ഇട്ട് വധിക്കാനിട്ട പരിപാടി അല്ലാഹു വഹ്‌യുമുഖേന പരാജയപ്പെടുത്തിയത്

എന്നാൽ ഈ വചനത്തിലെ "അല്ലാഹുവിന്റെ അനുഗ്രഹം" എന്നത് കൊണ്ട് മുസ്ലീംകൾക്ക് ഇസ്ലാമിന്റെ ശത്രുക്കൾക്കെതിരായി നൽകിയ വിജയവും പ്രതാപവുമാണ് സുചിപ്പിക്കുന്നതെന്നാണ് മറ്റൊരു പ്രബലമായ അഭിപ്രായം.

**വിഭാഗം - 3**

**വചനം 12, 13**

۞ وَلَقَدْ أَخَذَ ٱللَّهُ مِيثَٰقَ بَنِىٓ إِسْرَٰٓءِيلَ وَبَعَثْنَا مِنْهُمُ ٱثْنَىْ عَشَرَ نَقِيبًا ۖ وَقَالَ ٱللَّهُ إِنِّى مَعَكُمْ ۖ لَئِنْ أَقَمْتُمُ ٱلصَّلَوٰةَ وَءَاتَيْتُمُ ٱلزَّكَوٰةَ وَءَامَنتُم بِرُسُلِى وَعَزَّرْتُمُوهُمْ وَأَقْرَضْتُمُ ٱللَّهَ قَرْضًا حَسَنًا لَّأُكَفِّرَنَّ عَنكُمْ سَيِّـَٔاتِكُمْ وَلَأُدْخِلَنَّكُمْ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ ۚ فَمَن كَفَرَ بَعْدَ ذَٰلِكَ مِنكُمْ فَقَدْ ضَلَّ سَوَآءَ ٱلسَّبِيلِ ﴿١٢﴾

12 ഇസ്രാഈൽ സന്തതികളുടെ ഉറപ്പ് (കരാർ) അല്ലാഹു വാങ്ങുകയുണ്ടായി; അവരിൽനിന്ന് പന്ത്രണ്ട് നായകൻമാരെ നാം (അല്ലാഹു) നിയോഗിക്കുകയും ചെയ്തു. അല്ലാഹു (അവരോട്) പറയുകയും ചെയ്തു: “നിശ്ചയമായും, ഞാൻ നിങ്ങളുടെ കൂടെയുണ്ട്; നിങ്ങൾ നമസ്കാരം നിലനിറുത്തുകയും, സകാത്ത് കൊടുക്കുകയും, എന്റെ റസൂലുകളിൽ വിശ്വസിക്കുകയും, അവരെ (സഹായിച്ചു) ശക്തിപ്പെടുത്തുകയും, അല്ലാഹുവിന് നല്ലതായ കടംകൊടുക്കുകയും ചെയ്തുവെങ്കിൽ, തീർച്ചയായും, നിങ്ങളുടെ തിൻമകളെ നിങ്ങൾക്ക് ഞാൻ മൂടിമറ(ച്ചു മാപ്പാ)ക്കുകയും, അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളിൽ നിങ്ങളെ ഞാൻ പ്രവേശിപ്പിക്കുകയും തന്നെ ചെയ്യും. എന്നാൽ, ഇതിനുശേഷം നിങ്ങളിൽനിന്ന് ആരെങ്കിലും അവിശ്വസിക്കുന്ന പക്ഷം, തീർച്ചയായും അവൻ ശരിയായ മാർഗ്ഗം പിഴച്ചുപോയി.”

فَبِمَا نَقْضِهِم مِّيثَٰقَهُمْ لَعَنَّٰهُمْ وَجَعَلْنَا قُلُوبَهُمْ قَٰسِيَةً ۖ يُحَرِّفُونَ ٱلْكَلِمَ عَن مَّوَاضِعِهِۦ ۙ وَنَسُوا۟ حَظًّا مِّمَّا ذُكِّرُوا۟ بِهِۦ ۚ وَلَا تَزَالُ تَطَّلِعُ عَلَىٰ خَآئِنَةٍ مِّنْهُمْ إِلَّا قَلِيلًا مِّنْهُمْ ۖ فَٱعْفُ عَنْهُمْ وَٱصْفَحْ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُحْسِنِينَ ﴿١٣﴾

13 എന്നിട്ട് അവർ തങ്ങളുടെ ഉറപ്പ് (വല്ലാതെ) ലംഘിച്ചതു നിമിത്തം നാം അവരെ ശപിച്ചു. അവരുടെ ഹൃദയങ്ങളെ നാം കടുത്തതാക്കുകയും ചെയ്തു. വാക്കുകളെ അതിന്റെ സ്ഥാനങ്ങളിൽനിന്നും അവർ മാറ്റം വരുത്തുന്നു; അവർക്ക് ഉൽബോധനം നൽകപ്പെട്ടതിൽ നിന്നും ഒരു (വലിയ) ഭാഗം അവർ മറന്നുകളയുകയും ചെയ്തു. അവരിൽനിന്ന്-അവരിൽ അൽപം ആളുകളൊഴികെ-(ഉണ്ടാകുന്ന) ചതിയെ നീ നോക്കി (മനസ്സിലാക്കി)ക്കൊണ്ടേ ഇരിക്കുകയും ചെയ്യുന്നു. എന്നാൽ, അവർക്ക് നീ മാപ്പ് നൽകുകയും, വിട്ടുകൊടുക്കുകയും ചെയ്തുകൊള്ളുക. നിശ്ചയമായും അല്ലാഹു, സുകൃതം ചെയ്യുന്നവരെ സ്നേഹിക്കുന്നു.

---

ഈസ്രാഈല്യരോട് അല്ലാഹു വാങ്ങിയ കരാറിനെക്കുറിച്ച് മുമ്പും 3:187: 4:154 വചനങ്ങളിൽ വിവരിക്കപെട്ടിട്ടുണ്ട്. ഇസ്രാഈൽ എന്ന് കൂടി പേരുണ്ടായിരുന്ന യഅ്ഖൂബ്(അ) നബിയുടെ 12 മക്കളുടെ പിന്തുടർച്ചക്കാരായി 12 ഗോത്രങ്ങളുണ്ടായിരുന്നു. അവരുടെ നേതാക്കളായി 12 നായകന്മാരെയും അല്ലാഹു നിയോഗിച്ചു. ഖുർആൻ വചനത്തിൽ നിന്നും അവർ മുഖാന്തിരമാണ് ഇസ്രാഈല്യരുടെ കരാർ നടന്നതെന്നാണ് മനസ്സിലാക്കുന്നത്.

എന്നാൽ ഇസ്രാഈല്യർ പിന്നെയും ആ കരാർ ലംഘിച്ച് കൊണ്ട് തോന്നിയവാസത്തിൽ മുഴുകിയതിനാൽ അല്ലാഹു അവരെ ശപിച്ച് കളഞ്ഞു. അവരുടെ ഹൃദയം കടുത്തതായി ത്തീർന്നു. മതശാസനകളും

വേദവാക്യങ്ങളും ദുർവ്യാഖ്യാനം ചെയ്യുകയും അനുഷ്ടാനകർമ്മങ്ങൾ വിസ്മരിക്കുകയും ചെയ്യുകയെന്നത് അവരുടെ പതിവായി. വിശ്വാസ വഞ്ചനയും ചതിപ്രയോഗങ്ങളും, ഇസ്ലാമിനും മുസ്ലീംകൾക്കുമെതിരെ അവർ പ്രയോഗിച്ചുകൊണ്ടിരുന്നു. വളരെ ചുരുക്കം ചില വ്യക്തികൾ മാത്രമെ ഇത്തം ദുഷ്ട പ്രവർത്തികളിൽ നിന്നും ഒഴിവുണ്ടായിരുന്നുള്ളൂ. യഹൂദികളിൽ നിന്നും ഇസ്ലാം അംഗീകരിക്കാൻ മുന്നോട്ട് വന്ന അബ്ദുല്ലാഹിബ്നു സലാം(റ) പോലെയുള്ളവരായിരിന്നു ഇവർ.

എന്നാൽ യഹൂദികളുടെ സ്ഥിതി ഗതികൾ ഇതൊക്കെയാണെങ്കിലും, അവരോട് മാപ്പിന്റെയും വിട്ട് വീഴ്ചയുടെയും നയം സ്വീകരിക്കണമെന്നും , അങ്ങോട്ട് അതേ തരത്തിൽ പ്രതികരിക്കാൻ അവകാശമുണ്ടെങ്കിലും , വിട്ട് വീഴ്ചയും മാപ്പ് നല്കലുമാണ് കൂടുതൽ ഉൽകൃഷ്ടമായ സുകൃതമെന്നും, അത്തരക്കാരെ അല്ലാഹു സഹായിക്കുകയും സ്നേഹിക്കുകയും ചെയ്യുമെന്നും അല്ലാഹു അറിയിക്കുന്നു. അല്ലാഹു പലപ്പോഴും നൽകാറുള്ള ഈ ഉപദേശം, നബി(സ) തിരുമേനി സത്യവിശ്വാസികൾക്കും സ്വജീവിതത്തിൽ പലപ്പോഴും മാതൃക കാണിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

---

**വചനം 14**

وَمِنَ ٱلَّذِينَ قَالُوٓاْ إِنَّا نَصَٰرَىٰٓ أَخَذۡنَا مِيثَٰقَهُمۡ فَنَسُواْ حَظّٗا مِّمَّا ذُكِّرُواْ بِهِۦ فَأَغۡرَيۡنَا بَيۡنَهُمُ ٱلۡعَدَاوَةَ وَٱلۡبَغۡضَآءَ إِلَىٰ يَوۡمِ ٱلۡقِيَٰمَةِۚ وَسَوۡفَ يُنَبِّئُهُمُ ٱللَّهُ بِمَا كَانُواْ يَصۡنَعُونَ ١٤

14 ഞങ്ങൾ 'നസ്രാനി'കളാണെന്ന് പറയുന്നവരിൽ (ക്രിസ്ത്യാനികളിൽ) നിന്നും (തന്നെ) നാം അവരുടെ ഉറപ്പ് വാങ്ങിയിരിക്കുന്നു. എന്നിട്ട്, അവർക്ക് ഉൽബോധനം നൽകപ്പെട്ടതിൽ നിന്ന് ഒരു (വലിയ) ഭാഗം അവർ മറന്നു കളഞ്ഞു. അങ്ങനെ, അവർക്കിടയിൽ ഖിയാമത്തു നാൾവരേക്കും നാം ശത്രുതയും, വിദ്വേഷവും ഇളക്കിവിട്ടു. അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനെപ്പറ്റി വഴിയെ അല്ലാഹു അവരെ ബോധപ്പെടുത്തുകയും ചെയ്യും.

---

യഹൂദികളിൽ നിന്ന് മാത്രമല്ല കൃസ്ത്യാനികളിൽ നിന്നും തങ്ങൾ അല്ലാഹുവിന്റെ കല്പനകൾ പാലിച്ചുകൊള്ളാമെന്ന് അല്ലാഹു കരാർ വാങ്ങുകയുണ്ടായിട്ടുണ്ട്. അവരും ആ കരാർ വേണ്ട പോലെ പാലിച്ചില്ലെന്നും, അതിൻ ഫലമായി, അവർക്കിടയിൽ , കാലാവസാനം വരെ നിലനില്ക്കുന്ന ശത്രുതയും വിദ്വേഷവും ഉണ്ടായിത്തീർന്നുവെന്നും, അവരുടെ പ്രവർത്തനങ്ങളുടെ ശരിയായ പ്രതിഫലം അവർ വഴിയെ അനുഭവിക്കാനിരിക്കുന്നുമെന്നുമാണ് ഈ വചനത്തിൽ പറഞ്ഞതിന്റെ ചുരുക്കം.

ക്രിസ്ത്യാനികളെപോലെ അത്രയധികം ഭിന്നിപ്പും ശത്രുതയും നിലവിലുള്ള ഒരു മതവിഭാഗത്തെ ലോകത്തു വേറെ കാണുകയില്ല. അല്ലാഹുവിനെയും ഈസാ നബി(സ)യെയും സംബന്ധിച്ച് പരസ്പര വിരുദ്ധമായ സിദ്ധാന്തങ്ങളെ അടിസ്ഥാനപ്പെടുത്തി, നൂറുകണക്കിന് കക്ഷികൾ ക്രിസ്ത്യാനികളിലുണ്ട്. ഓരോ കക്ഷിയും മറ്റവരെ അവിശ്വാസികളായി കണക്കാക്കുന്നു. എത്രയൊ രക്ത ചൊരിച്ചിലുകളും സംഘട്ടനങ്ങളും അവർക്കിടയിൽ ഉണ്ടായിട്ടുണ്ട്.

ക്രിസ്ത്യാനികളും യഹൂദികളും തമ്മിലുള്ള അവസ്ഥയാകട്ടെ ഇതിനേക്കാൾ കഠിനവും ശക്തവുമാകുന്നു. മുസ്ലീംകൾക്കെതിരെ, അവർ യോജിപ്പിലാണെങ്കിലും, ഇരുകൂട്ടരുടെയും ഹൃദയങ്ങൾ പരസ്പരം ശത്രുത നിറഞ്ഞതായി നിലനില്ക്കുന്നു. യഥാർത്ഥത്തിൽ മുസ്ലീംകളോടുള്ളതിനേക്കാൾ വെറുപ്പും വിദ്വേഷവുമാണ് ക്രിസ്ത്യാനികൾക്ക് യഹൂദികളോടുള്ളത്.

ക്രിസ്ത്യാനികളെ പറ്റി 'നസ്രാണികൾ എന്ന് പറയപ്പെടുന്നതിനെപറ്റി രണ്ട് അഭിപ്രായങ്ങളാണുള്ളത്. 1. ഈസാ (അ)വളർന്ന് വന്ന രാജ്യമായ "നസാറത്തി'(നാസിറിയ്യ) നോട് ബന്ധപ്പെടുത്തിക്കൊണ്ടുള്ളതായ പേരാണതെന്നതാണ് ചില ഖുർആൻ വ്യഖ്യാതാക്കളും പൊതുവെ ക്രിസ്ത്യാനികളും പറയുന്നത്. (2) 'ഹവാരി'കൾ എന്ന് അറിയപെടുന്ന ഈസാ(അ) നബിയുടെ ശിഷ്യഗണം അല്ലാഹുവിനോട് "ഞങ്ങൾ അല്ലാഹുവിന്റെ മാർഗത്തിലേക്കുള്ള സഹായികളാണ്" - എന്ന് പറഞ്ഞതായി അല്ലാഹു 3:52 ൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇതിനെഅടിസ്ഥാനമാക്കി , സഹായം എന്ന് അർത്ഥമുള്ള നസ്രത്ത് എന്ന വാക്കിൽ നിന്നാണ് 'നസ്രാണി'കൾ എന്ന പേർ ഉദ്ഭവിച്ചതെന്നുമാണ് പല ഖുർആൻ വ്യാഖ്യാതാക്കളും പറഞ്ഞിട്ടുള്ളത്. الله اعلم

**വചനം 15, 16**

يَٰٓأَهۡلَ ٱلۡكِتَٰبِ قَدۡ جَآءَكُمۡ رَسُولُنَا يُبَيِّنُ لَكُمۡ كَثِيرٗا مِّمَّا كُنتُمۡ تُخۡفُونَ مِنَ ٱلۡكِتَٰبِ وَيَعۡفُواْ عَن كَثِيرٖۚ قَدۡ جَآءَكُم مِّنَ ٱللَّهِ نُورٞ وَكِتَٰبٞ مُّبِينٞ ١٥

يَهۡدِي بِهِ ٱللَّهُ مَنِ ٱتَّبَعَ رِضۡوَٰنَهُۥ سُبُلَ ٱلسَّلَٰمِ وَيُخۡرِجُهُم مِّنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ بِإِذۡنِهِۦ وَيَهۡدِيهِمۡ إِلَىٰ صِرَٰطٖ مُّسۡتَقِيمٖ ١٦

15 വേദക്കാരേ, വേദഗ്രന്ഥത്തിൽനിന്നും നിങ്ങൾ മറച്ചുവെച്ചുകൊണ്ടിരുന്നതിൽ പലതും നിങ്ങൾക്ക് വിവരിച്ചു തന്നുകൊണ്ട് നമ്മുടെ റസൂൽ നിങ്ങളിൽ (ഇതാ) വന്നിട്ടുണ്ട്. പലതിനെക്കുറിച്ചും (വിവരിക്കാതെ) അദ്ദേഹം മാപ്പു നൽ(കി വിട്ടു തരു) കയും ചെയ്യുന്നു. അല്ലാഹുവിങ്കൽ നിന്ന് നിങ്ങൾക്ക് ഒരു പ്രകാശവും, സ്പഷ്ടമായ ഒരു വേദഗ്രന്ഥവും വന്നിട്ടുണ്ട്;-

16 തൻെറ പ്രീതിയെ പിൻപറ്റിയവരെ അതുമൂലം അല്ലാഹു സമാധാനത്തിൻെറ (അഥവാ രക്ഷയുടെ) മാർഗ്ഗങ്ങളിൽ ചേർക്കുന്നതാണ്; അവൻെറ അനുമതി പ്രകാരം അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്ക് പുറപ്പെടുവിക്കുകയും ചെയ്യുന്നതാണ്; നേരായ (ചൊവ്വെയുള്ള) ഒരു പാതയിലേക്ക് അവരെ അവൻ നയിക്കുകയും ചെയ്യും.

---

വേദഗ്രന്ഥങ്ങളിലെ പല സത്യങ്ങളും, വേദക്കാരിലെ പണ്ഡിതന്മാർ, ജനങ്ങൾക്ക് വിവരിച്ച് കൊടുക്കാതെ രഹസ്യമാക്കി വെച്ചിരുന്നു. അങ്ങനെയുള്ള പല രഹസ്യ സത്യങ്ങളും ഖുർ ആൻ വഴിയും വഹ്‌യ് വഴിയും നബി(സ) തുറന്ന് കാട്ടിയിരുന്നു-എന്നാൽ ഒളിച്ച് വച്ച് വന്നിരുന്ന മുഴുവൻ കാര്യങ്ങളും നബി(സ) തുറന്ന് കാട്ടുകയുണ്ടായില്ല. ആവശ്യവും സന്ദർഭവും അനുസരിച്ച് മാത്രമെ വ്യക്തമാക്കിയിരുന്നുള്ളൂ.

'പ്രകാശവും' സ്പഷ്ടവുമായ 'വേദഗ്രന്ഥ'വും എന്ന് പറഞ്ഞത് ഖുർആനെയും അത് മൂലം ലഭ്യമാകുന്ന വിജ്ഞാനവെളിച്ചത്തെയും ഉദ്ദേശിച്ചാകുന്നു. 'അല്ലാഹുവിന്റെ പ്രീതിയെ പിൻ പറ്റുന്നത്' എന്നത് ഇസ്ലാമിക മാർഗ്ഗത്തെ പിൻപറ്റുന്നത് കൊണ്ടുമാകുന്നു.

---

**വചനം 17**

لَّقَدۡ كَفَرَ ٱلَّذِينَ قَالُوٓاْ إِنَّ ٱللَّهَ هُوَ ٱلۡمَسِيحُ ٱبۡنُ مَرۡيَمَۚ قُلۡ فَمَن يَمۡلِكُ مِنَ ٱللَّهِ شَيۡـًٔا إِنۡ أَرَادَ أَن يُهۡلِكَ ٱلۡمَسِيحَ ٱبۡنَ مَرۡيَمَ وَأُمَّهُۥ وَمَن فِي ٱلۡأَرۡضِ جَمِيعٗاۗ وَلِلَّهِ مُلۡكُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَمَا بَيۡنَهُمَاۚ يَخۡلُقُ مَا يَشَآءُۚ وَٱللَّهُ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ١٧

17 അല്ലാഹു തന്നെയാണ് മർയമിൻെറ മകൻ 'മസീഹ്' എന്ന് പറയുന്നവർ തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു. (നബിയേ,) പറയുക: എന്നാൽ, അല്ലാഹുവിങ്കൽ നിന്ന് വല്ല കാര്യത്തെയും ആരാണ് സ്വാധീനമാ(ക്കി തടു) ക്കുക? മർയമിൻെറ മകൻ 'മസീഹി'നെയും, അദ്ദേഹത്തിൻെറ ഉമ്മയെയും, ഭൂമിയിലുള്ളവരെ മുഴുവനും നശിപ്പിക്കുവാൻ അവൻ ഉദ്ദേശി ച്ചുവെങ്കിൽ! ആകാശങ്ങളുടെയും, ഭൂമിയുടെയും, അവ രണ്ടിനുമിടയിലുള്ളതിൻെറയും രാജാധി പത്യം അല്ലാഹുവിനത്രെ. അവൻ ഉദ്ദേശിക്കു ന്നത് അവൻ സൃഷ്ടിക്കുന്നു. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനുമത്രെ."

ഈസാ (അ) ദൈവം മനുഷ്യരൂപത്തിൽ അവതരിച്ചതാണ് എന്ന് വാദിക്കുന്ന ക്രിസ്ത്യാനികളെ പറ്റിയാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. അദ്ദേഹത്തേയും അദ്ദേഹത്തിന്റെ മാതാവായ മറിയത്തിനെയും എന്ന് വേണ്ടാ ഭൂമിയിലുള്ളവരെ മുഴുവനും തന്നെ നശിപ്പിക്കാൻ അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അതിൽ നിന്ന് ഏതെങ്കിലും വിധത്തിൽ തടയുവാൻ കഴിവും സ്വാധീനവുമുള്ള ആരുമില്ല. അഖിലാണ്ഡ വസ്തുക്കളും അവന്റെ അധീനത്തിലാകുന്നു. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ എല്ലാ കാര്യത്തിലും കഴിവുള്ളവനുമാകുന്നു. ഈസാ (അ) നെപിതാവില്ലാതെ സൃഷ്ടിച്ചതും അവൻ തന്നെ.

**വചനം 18**

18 യഹൂദികളും, നസ്രാനി (ക്രിസ്ത്യാനി) കളും പറയുന്നു: "ഞങ്ങൾ അല്ലാഹുവിൻെറ മക്കളും അവൻെറ ഇഷ്ടക്കാരുമാകുന്നു" എന്ന്! പറയുക: എന്നാൽ (പിന്നെ), എന്തിനാണ് നിങ്ങളുടെ പാപങ്ങൾ നിമിത്തം നിങ്ങളെ അവൻ ശിക്ഷിക്കുന്നത്?! പക്ഷെ, അവൻ സൃഷ്ടിച്ചവരിൽ പെട്ട മനുഷ്യരത്രെ നിങ്ങൾ. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കും; അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. ആകാശങ്ങളുടെയും, ഭൂമിയുടെയും, അവ രണ്ടിനുമിടയിലുള്ളതിൻെറയും രാജാധിപത്യം അല്ലാഹുവിനത്രെ. അവനിലേക്കു തന്നെയാണ് തിരിച്ചു വരവും."

وَقَالَتِ ٱلْيَهُودُ وَٱلنَّصَٰرَىٰ نَحْنُ أَبْنَٰٓؤُا۟ ٱللَّهِ وَأَحِبَّٰٓؤُهُۥ ۚ قُلْ فَلِمَ يُعَذِّبُكُم بِذُنُوبِكُم ۖ بَلْ أَنتُم بَشَرٌ مِّمَّنْ خَلَقَ ۚ يَغْفِرُ لِمَن يَشَآءُ وَيُعَذِّبُ مَن يَشَآءُ ۚ وَلِلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ۖ وَإِلَيْهِ ٱلْمَصِيرُ ﴿١٨﴾

"തങ്ങൾ അല്ലാഹുവിന്റെ മക്കളും ഇഷ്ടക്കാരുമാണ്. ഞങ്ങൾ പാപം ചെയ്താൽ അവൻ ഞങ്ങൾക്ക് പൊറുത്ത് തരും" എന്നിങ്ങനെയുള്ള വേദക്കാരുടെ ജൽപനങ്ങൾക്ക് മറുപടിയാണിത്. എന്നാൽ പാപം ചെയ്താൽ അൽപദിവസങ്ങളിലേക്ക് മാത്രമായിട്ടെങ്കിലും തങ്ങൾക്ക് നരക ശിക്ഷ ഉണ്ടായേക്കാമെന്ന് അവർ സമ്മതിക്കാറുണ്ട്. (2:80); കൂടാതെ ഈ ലോകത്ത് വെച്ച് തന്നെ പല ശിക്ഷകൾക്കും പരീക്ഷണങ്ങൾക്കും അവർ വിധേയരായിട്ടുമുണ്ട്. ഇതെല്ലാം വേദക്കാരും എല്ലാവരെപോലെയുമുള്ള മനുഷ്യസൃഷ്ടികൾ ആയത് കൊണ്ടാണല്ലോ. എല്ലാവരേയും പോലെ അവരും അല്ലാഹുവിന്റെ അടുക്കലേക്ക് മടങ്ങിചെല്ലുകയും അവന്റെ രക്ഷാശിക്ഷകൾക്ക് വിധേയരാകുകയും ചെയ്യും. എല്ലാവരും അല്ലാഹുവിന്റെ അടിമകളുമാകുന്നു.

ഇസ്രാഈല്യരുടെ വംശപിതാവയ യഅ്ഖൂബ് (അ)നെ തങ്ങളുടെ വേദഗ്രന്ഥത്തിൽ "എന്റെ പുത്രൻ" എന്ന് പ്രസ്താവിച്ചിട്ടുണ്ടെന്നും, അതിനാൽ അദ്ദേഹത്തിന്റെ സന്തതികളായ തങ്ങൾ അല്ലാഹുവിന്റെ പുത്രപൗത്രന്മാരുമാണ് എന്നാണവരുടെ വാദം. യഅ്ഖൂബ് (അ) നെസംബന്ധിച്ചോ, ഈസാ (അ) നെസംബന്ധിച്ചോ തൌറാത്തിലൊ, ഇഞ്ചീലിലോ, 'പുത്രൻ' എന്നുള്ള വിശേഷണം ഉണ്ടെന്ന് വന്നാൽ തന്നെയും അത് ഒരു ആലങ്കാരിക പ്രയോഗം മാത്രമാണെന്ന്, നിലവിലുള്ള ബൈബിളിലെ ഈ ഒരു വാചകം തന്നെ തെളിയിക്കുന്നു. " ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും " മത്തായി 5:8,9.

**വചനം 19**

19 വേദക്കാരേ, റസൂലുകളിൽ നിന്നുമുള്ള ഒരു വിടവു ഘട്ടത്തിൽ നിങ്ങൾക്ക് (കാര്യം) വിവരിച്ചു തന്നുകൊണ്ട് നമ്മുടെ റസൂൽ (ഇതാ) നിങ്ങൾക്ക് വന്നു കഴിഞ്ഞിരിക്കുന്നു; (അതെ) ഒരു സന്തോഷവാർത്ത അറിയിക്കുന്നവനാകട്ടെ, താക്കീത് നൽകുന്നവനാകട്ടെ ഞങ്ങൾക്ക്

يَٰٓأَهْلَ ٱلْكِتَٰبِ قَدْ جَآءَكُمْ رَسُولُنَا يُبَيِّنُ لَكُمْ عَلَىٰ فَتْرَةٍ مِّنَ ٱلرُّسُلِ أَن تَقُولُوا۟ مَا جَآءَنَا مِنۢ بَشِيرٍ وَلَا نَذِيرٍ ۖ فَقَدْ جَآءَكُم بَشِيرٌ

وَنَذِيرٌ ۗ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١٩﴾

വന്നിട്ടില്ലെന്ന് നിങ്ങള്‍ പറയുമെന്നതിനാല്‍. (അങ്ങിനെ പറയാതിരിക്കുവാന്‍ വേണ്ടിയാണത്) എന്നാല്‍, സന്തോഷവാര്‍ത്ത അറിയിക്കുന്നവനും, താക്കീതുകാരനും നിങ്ങള്‍ക്ക് (ഇതാ) വന്നു കഴിഞ്ഞു. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

ഈ സാ (അ) നബി വരെയുള്ള കാലഘട്ടങ്ങളില്‍ ഇസ്രാഈല്യരില്‍ വളരെയധികം റസൂലുകള്‍ കഴിഞ്ഞ് പോയിട്ടുണ്ട്-പലപ്പോഴും ഒരേ കാലത്ത് തന്നെ ഒന്നിലധികം പ്രവാചകര്‍. ഈസാ(അ) നബിക്കുശേഷം ഏതാണ്ട് 600 കൊല്ലങ്ങള്‍ക്ക് ശേഷമാണ് മുഹമ്മദ് നബി(സ)യുടെ കാലഘട്ടം. 'ഒരു വിടവ് കാലത്ത് നമ്മുടെ റസൂല്‍ വന്നു' എന്ന് പറഞ്ഞത് അത് കൊണ്ടാണ്. ഞങ്ങള്‍ക്ക് വേണ്ടുന്ന ഉപദേശങ്ങളും, താക്കീതുകളും നന്‍കാന്‍ ഒരു റസൂലും വരാത്തത് കൊണ്ടാണ് ഞങ്ങള്‍ പിഴച്ച് പോയത് എന്ന് നിങ്ങള്‍ ഒഴിവു കഴിവു പറയാതിരിക്കാന്‍ ഇതാ നിങ്ങളിലേക്ക് നമ്മുടെ റസൂല്‍ വന്നിരിക്കുന്നു എന്ന് അല്ലാഹു പറയുന്നു.

പ്രവാചകന്‍മാരുടെ പ്രബോധനത്തിന്റെ പ്രധാനപ്പെട്ട രണ്ട് വശങ്ങളാണല്ലൊ, ദുര്‍മാര്‍ഗ്ഗികള്‍ക്കുള്ള ശിക്ഷകളെക്കുറിച്ച് താക്കീത് നല്‍കലും, സന്മാര്‍ഗ്ഗികള്‍ക്കുള്ള പ്രതിഫലത്തെക്കുറിച്ച് സന്തോഷവാര്‍ത്ത അറിയിക്കലും.

## വിഭാഗം 4

**വചനം 20, 21**

وَإِذْ قَالَ مُوسَىٰ لِقَوْمِهِۦ يَٰقَوْمِ ٱذْكُرُوا۟ نِعْمَةَ ٱللَّهِ عَلَيْكُمْ إِذْ جَعَلَ فِيكُمْ أَنۢبِيَآءَ وَجَعَلَكُم مُّلُوكًا وَءَاتَىٰكُم مَّا لَمْ يُؤْتِ أَحَدًا مِّنَ ٱلْعَٰلَمِينَ ﴿٢٠﴾

20 മൂസാ തന്‍െറ ജനതയോട് പറഞ്ഞ സന്ദര്‍ഭം (ഓര്‍ക്കുക): എന്‍െറ ജനങ്ങളെ, നിങ്ങള്‍ക്ക് അല്ലാഹു ചെയ്ത അനുഗ്രഹത്തെ നിങ്ങള്‍ ഓര്‍ക്കുവിന്‍: നിങ്ങളില്‍ അവന്‍ (പല) നബിമാരെ ഏര്‍പ്പെടുത്തുകയും, നിങ്ങളെ അവന്‍ രാജാക്കളാക്കുകയും ചെയ്തിരിക്കെ; ലോകരില്‍ നിന്ന് ഒരാള്‍ക്കും നല്‍കിയിട്ടില്ലാത്തത് നിങ്ങള്‍ക്ക് അവന്‍ നല്‍കുകയും ചെയ്തിരിക്കുന്നു (എന്നിരിക്കെ).

يَٰقَوْمِ ٱدْخُلُوا۟ ٱلْأَرْضَ ٱلْمُقَدَّسَةَ ٱلَّتِى كَتَبَ ٱللَّهُ لَكُمْ وَلَا تَرْتَدُّوا۟ عَلَىٰٓ أَدْبَارِكُمْ فَتَنقَلِبُوا۟ خَٰسِرِينَ ﴿٢١﴾

21 'എന്‍െറ ജനങ്ങളെ, നിങ്ങള്‍ക്ക് അല്ലാഹു നിശ്ചയിച്ചു (രേഖപ്പെടുത്തി) തന്നതായ (ആ) പരിശുദ്ധ ഭൂമിയില്‍ നിങ്ങള്‍ പ്രവേശിക്കുവിന്‍; നിങ്ങള്‍ പിന്നോക്കം മടങ്ങിപ്പോരുകയും ചെയ്യരുത്; എന്നാല്‍, നിങ്ങള്‍ നഷ്ടക്കാരായി മാറുന്നതാണ്.'

മൂസാ(അ) നബി, ഇസ്രാഈല്യര്‍ക്ക് നല്കിയ സദുപദേശങ്ങള്‍, താക്കീതുകള്‍, ശാസനകള്‍ എന്നിവയെ പറ്റി ഖുര്‍ആനില്‍ വളരെയധികം സന്ദര്‍ഭങ്ങളില്‍ വിവരിച്ച് കാണാം. (ബൈബിളിലും, അവയുടെ ആധിക്യം കണ്ട് നാം വിസ്മയിച്ച് പോകും) ഇസ്രാഈല്യര്‍ക്ക് വാഗ്ദാനം ചെയ്യപെട്ടിരുന്ന പലസ്തീന്‍ ഭൂമിയിലെ ശത്രുക്കളുമായി സമരം നടത്തി മുന്നോട്ട് പോകുവാന്‍ അവര്‍ വിസമ്മതിച്ച് കൊണ്ടിരുന്ന അവസരത്തിലാണ് മൂസാ (അ) നബി തന്റെ ജനതയൊട് ഈ ഉപദേശങ്ങള്‍ നല്കുന്നത്.

ആദ്യം അല്ലാഹു അവര്‍ക്ക് ചെയ്ത് കൊടുത്ത അനുഗ്രഹങ്ങളെ അനുസ്മരിച്ച് കൊണ്ട് അദ്ദേഹം നന്ദിയും അനുസരണയുമുള്ളവരായിത്തീരുവാന്‍ അവരെ ഉപദേശിക്കുന്നു. മൂന്ന് അനുഗ്രഹങ്ങളാണ് മൂസാ(അ) നബി പ്രത്യേകമായി അവരെ അനുസ്മരിപ്പിക്കുന്നത്.

1 നിങ്ങളില്‍ അല്ലാഹു പല പല നബിമാരേയും നിയോഗിക്കുകയുണ്ടായിട്ടുണ്ട് -ഗോത്രപിതാവായ യഅ്ഖൂബ്(അ) നബി മുതല്‍ മൂസാ(അ) നബി വരെയും, അദ്ദേഹത്തിന് ശേഷം ധാരാളക്കണക്കില്‍ പ്രവാ

ചകന്മാരെയും, നിയോഗിക്കപെട്ടിട്ടുണ്ട്.

2 നിങ്ങളെ അവൻ രാജാക്കളാക്കിയിരിക്കുന്നു-ഫിർഔന്റെ അടിമത്വത്തിൽ നിന്ന് അല്ലാഹു അവരെ മോചിതരാക്കിയതും അവരിൽ നിന്ന് തന്നെയുള്ള പ്രവാചകരുടെ നേതൃത്വത്തിൻ കീഴിൽ കഴിയാൻ സാധിതമായതും സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള സാഹചര്യം അല്ലാഹു അവർക്ക് നല്കിയതുമെല്ലാമാണ് ഈ വചനത്തിലൂടെ മൂസാ(അ) നബി അവരെ ഓർമിപ്പിക്കുന്നത് എന്നാണ് പണ്ഡിതാഭിപ്രായം

3 ലോകരിൽ മറ്റാർക്കും നല്കിയിട്ടില്ലാത്ത പല നന്മകളും നിങ്ങൾക്ക് അല്ലാഹു നല്കിയിരിക്കുന്നു -ഇബ്രാഹീം(അ) നബിയുടെ കാലം മുതൽ ഈജിപ്തിൽ യൂസ്ഫ്(അ) നബിയുടെ കാലം കഴിയുന്നത് വരെ, മതസാംസ്ക്കാരിക, നാഗരിക തുറകളിലെല്ലാം - ഇസ്രാഈല്യരുടെ പ്രതാപവും പ്രശസ്തിയും മികച്ച് നിന്നു. പിന്നീട് നശിക്കാൻ തുടങ്ങിയ അവരുടെ പ്രതാപം , മൂസാ (അ) നബിയുടെ കൈക്ക് അവർ വീണ്ടെടുത്തുകൊണ്ടിരിക്കുകയാണ്. കൂടാതെ അനേകം ദൃഷ്ടാന്തങ്ങളും അത്ഭുതങ്ങളും കാണുകയും മുറിഞ്ഞ് പോകാത്ത പ്രകാശ ശൃംഖലയാൽ അനുഗ്രഹീതമാക്കപ്പെടുകയും ചെയ്തവരാണവർ

ഇബ്രാഹിം (അ) നബി, സ്വദേശമായിരുന്ന ഇറാഖിൽ നിന്നും ഹിജ്റ പോന്നു, ഒടുവിൽ പലസ്തീനിലെ ബൈത്തുൽ മുഖദ്ദിസിൽ താമസമാക്കുകയും അവിടെ വെച്ച് കാലഗതി പ്രാപിക്കുകയും ചെയ്തു . കുറെ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പൌത്രൻ യഅ് ഖൂബ് (അ) നബിയുടെ പുത്രനായ യൂസുഫ് (അ) നബി ഈജിപ്തിലെ ഒരു ഭരണാധികാരിയായി തീർന്നപ്പോൾ അവരെല്ലാം കുടുംബസമേതം ഈജിപ്തിലേക്ക് താമസം മാറ്റി ക്രമേണ ആ കുടുംബത്തിനുണ്ടായിരുന്ന പ്രതാപം ക്ഷയിക്കുകയും അവർ കൊപ്തി വർഗ്ഗക്കാരായ ഫറൊവൊ രാജാക്കൻമാരുടെ അടിമകളായിത്തീരുകയും ചെയ്തു. തുടർന്ന് ഏകദേശം നാന്നൂറ് വർഷങ്ങൾക്ക് ശേഷം മൂസാ (അ) നബി യൊന്നിച്ച് ചെങ്കടൽ കടന്ന് ഫിർഔനിൽ നിന്നും അവർ രക്ഷപ്പെടുകയും , മൂസാ (അ) നബി മുഖാന്തരം , അവർക്ക് വീണ്ടും വാസസ്ഥലമായി വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന പലസ്തീനിലേക്കുള്ള മാർഗ്ഗ മദ്ധ്യേ സീനാ മരുഭൂമിയിൽ അവർ താവളമടിക്കുകയും ചെയ്തിരുന്ന കാലത്താണ് അല്ലാഹു അവർക്ക് നല്കിയ അനുഗ്രഹങ്ങളെ ഓർമിപ്പിച്ച്കൊണ്ട് തുടർന്ന് മൂസ (അ) അവരോട് പറയുന്നത്: “ജനങ്ങളെ, അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചു തന്ന ആ പരിശുദ്ധ ഭൂമിയിൽ പ്രവേശിച്ചു കൊള്ളുവിൻ” എന്ന്.

എന്നാൽ ആ പരിശുദ്ധ ഭൂമിയിൽ കുടിയേറിയ ബഹുദൈവാരാധകരും, കരുത്തരും, അതികായൻമാരുമായ അമാലിഖ:വർഗ്ഗക്കാരെ പരാജയപ്പെടുത്തി വേണം ഇസ്രാഈല്യർ അവിടെ പ്രവേശിക്കാൻ. എന്നാൽ മടിയന്മാരും ഭീരുക്കളുമായ ഇസ്രാഈല്യർ അനുസരണക്കേട് കാണിക്കുകയാണുണ്ടായത്. തുടർന്ന് അദ്ദേഹം അവർക്ക് മുന്നറിയിപ്പ് നല്കുന്നു “നിങ്ങൾ പിന്നോക്കം മടങ്ങിപോകരുത്. എങ്കിൽ നിങ്ങൾ നഷ്ടക്കാരായി തീരുന്നതാണ്.”

മൂസാ (അ) നബിയുടെ പ്രസ്തുത ഉപദേശത്തിന് അവരിൽ നിന്നുണ്ടായ പ്രതികരണമാണ് അടുത്ത വചനത്തിൽ.

---

**വചനം 22**

22 അവർ പറഞ്ഞു: ‘മൂസാ, നിശ്ചയമമായും, സ്വേച്ഛാധികാരികളായ (അഥവാ പരാക്രമശാലികളായ) ഒരു ജനത അവിടത്തിലുണ്ട്; ഞങ്ങളാകട്ടെ, അവിടെനിന്ന് അവർ പുറത്തുപോകുംവരേക്കും അവിടെ ഞങ്ങൾ പ്രവേശിക്കുകയില്ല തന്നെ. ഇനി, അവർ അവിടെ നിന്ന് പുറത്ത് പോകുന്നപക്ഷം, ഞങ്ങൾ (അവിടെ) പ്രവേശിക്കുന്നവരാണ്.’

قَالُوا۟ يَٰمُوسَىٰٓ إِنَّ فِيهَا قَوْمًا جَبَّارِينَ وَإِنَّا لَن نَّدْخُلَهَا حَتَّىٰ يَخْرُجُوا۟ مِنْهَا فَإِن يَخْرُجُوا۟ مِنْهَا فَإِنَّا دَٰخِلُونَ ﴿٢٢﴾

---

അവിടെയുള്ള ആളുകൾ അതി ശക്തരും ക്രൂരന്മാരുമാണ്. അവരോട് യുദ്ധം ചെയ്ത് തോല്പിച്ച് അവിടെ പ്രവേശിക്കാൻ നമുക്കാവുകയില്ല. ഏതെങ്കിലും വിധേന അവർ അവിടെ നിന്ന് ഒഴിഞ്ഞ് പോയാലല്ലാതെ അങ്ങോട്ട് കടക്കുവാൻ ഒരുകാലത്തും ഞങ്ങൾക്ക് സാധ്യമല്ല. അവർ ഒഴിഞ്ഞ് പേയാൽ മാത്രം ഞങ്ങൾ അവിടെ പ്രവേശിക്കാം - ഇതായിരുന്നു അവരുടെ മറുപടി.

വചനം 23, 24

قَالَ رَجُلَانِ مِنَ ٱلَّذِينَ يَخَافُونَ أَنْعَمَ ٱللَّهُ عَلَيْهِمَا ٱدْخُلُوا۟ عَلَيْهِمُ ٱلْبَابَ فَإِذَا دَخَلْتُمُوهُ فَإِنَّكُمْ غَٰلِبُونَ ۚ وَعَلَى ٱللَّهِ فَتَوَكَّلُوٓا۟ إِن كُنتُم مُّؤْمِنِينَ ﴿٢٣﴾

23 ഭയപ്പെടുന്നവരിൽപെട്ട രണ്ടു പുരുഷൻമാർ -അല്ലാഹു അവരുടെ മേൽ അനുഗ്രഹം ചെയ്തിരിക്കുന്നു-പറഞ്ഞു: 'നിങ്ങൾ അവരുടെ മേൽ (ആ) വാതിൽ കടന്നു ചെല്ലുവിൻ. അങ്ങനെ, നിങ്ങൾ കടന്നു ചെന്നാൽ, നിശ്ചയമായും, നിങ്ങൾ (അവരെ) ജയിക്കുന്ന വരായിരിക്കും':- 'അല്ലാഹുവിൻെറ മേൽ (മാത്രം) ഭരമേൽപിക്കുകയും ചെയ്യുവിൻ- നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ!'

قَالُوا۟ يَٰمُوسَىٰٓ إِنَّا لَن نَّدْخُلَهَآ أَبَدًا مَّا دَامُوا۟ فِيهَا ۖ فَٱذْهَبْ أَنتَ وَرَبُّكَ فَقَٰتِلَآ إِنَّا هَٰهُنَا قَٰعِدُونَ ﴿٢٤﴾

24 അവർ ആ ജനത പറഞ്ഞു: 'മൂസാ, നിശ്ചയമായും, അവരവിടെ നിലവിലുള്ളപ്പോൾ ഒരിക്കലും ഞങ്ങൾ അവിടെ പ്രവേശിക്കുകയില്ല തന്നെ. ആകയാൽ, നീയും നിൻെറ റബ്ബും പോയിട്ട് നിങ്ങൾ (അങ്ങ്) യുദ്ധം ചെയ്തു കൊള്ളുക; 'ഞങ്ങൾ, ഇവിടെ ഇരിക്കുകയാണ്.'

---

ആ സന്ദർഭത്തിൽ പലസ്തീനിൽ ചെന്ന്, ആ നാടിനെയും അവിടെയുള്ള ജനങ്ങളുടേയും സ്ഥിതിഗതികൾ അറിഞ്ഞ് വരാൻ മൂസാ (അ) അവരിൽ പ്രധാനികളുടെ ഒരു സംഘത്തെ അയച്ചു. അവർ തിരിച്ച് വന്ന് അവിടുത്തെ സംഗതികൾ വിവരിച്ചപ്പോൾ ഇസ്രാഈല്യർ കൂടുതൽ ഭീരുക്കളായിതീർന്നു. എന്നാൽ അവരിൽ രണ്ട് പേർ മാത്രം -നൂനിന്റെ മകൻ യൂശഉം (അ) യഫുന്നായുടെ മകൻ കാലബും - വസ്തുതകൾ ശരിയാം വണ്ണം വിവരിക്കുകയും വിജയ സാധ്യത ചൂണ്ടി കാണിക്കുകയും ചെയ്തു. "ഭയപ്പെടുന്നവരുടെ കൂട്ടത്തിൽ പെട്ട രണ്ട് പേർ" എന്ന് ഇവരെ പറ്റിയാണ് അല്ലാഹു പ്രസ്താവിച്ചത് എന്നാണ് പണ്ഡിതാഭിപ്രായം. അവർ രണ്ടാളും സദ്പുരുഷൻമാരായിരിന്നുവെന്ന് "അല്ലാഹു അവരുടെ മേൽ അനുഗ്രഹം ചെയ്തിരിക്കുന്നു" എന്ന വചനത്തിൽ നിന്നും സ്പഷ്ടമാണല്ലൊ. ഇവരിൽ മൂസാ (അ) നബിയുടെ ഭൃത്യനായിരുന്ന യൂശഅ്(അ) മൂസാ (അ) നബിയുടെ കാലശേഷം, ഇസ്രാഈല്യരുടെ നേതൃത്വം കൈവന്ന പ്രവാചകനായിത്തിർന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് ഇസ്രാഈല്യർ യുദ്ധം ചെയ്ത് വാഗ്ദത്ത ഭൂമി ജയിച്ചടക്കിയത്.

ആ നാട്ടിലെ ജനങ്ങൾ ശക്തൻമാരും ക്രൂരൻമാരുമൊക്കെയാണെങ്കിലും കാര്യങ്ങൾ അല്ലാഹുവിങ്കൽ അർപിച്ചുകൊണ്ട് പട്ടണത്തിൽ പ്രവേശിച്ച് ആക്രമിച്ചാൽ വിജയം നിങ്ങൾക്ക് തന്നെയായിരിക്കും എന്ന് ആ മാന്യൻമാർ അവരോട് ഉപദേശിച്ചു. എന്നാൽ മൂസാ (അ) മുഖാന്തിരം അനേകം ദൃഷ്ടാന്തങ്ങൾ അനുഭവത്തിൽ കണ്ടിട്ടുള്ള ആ നന്ദികെട്ട ജനത, മൂസാ (അ) നബിയോട് പറഞ്ഞു: "മൂസാ; ആ ജനങ്ങൾ അവിടെയുള്ള കാലത്തോളം ഞങ്ങൾ ആ നാട്ടിലേക്ക് പ്രവേശിക്കുകയെ ഇല്ല. നിർബന്ധമാണെങ്കിൽ നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്ത് അവരെ അവിടെ നിന്ന് തുരത്തുക. അതിന് ശേഷം ഞങ്ങൾ അങ്ങോട്ടു വരാം". അല്ലാഹു അക്ബർ - എന്തൊരു ധിക്കാരം. ഈ ജനതയെ ക്കുറിച്ചാണ് അല്ലാഹു പറഞ്ഞത് - "അതിനുശേഷം നിങ്ങളുടെ ഹൃദയങ്ങൾ കടുത്ത് പോയി. അവ കല്ല് പോലെയോ അതിനേക്കാൾ കടുപ്പമേറിയതോ ആയിരിക്കുന്നു." - 2:74

നേരെ മറിച്ച് നബി(സ) തിരുമേനിയുടെ സഹാബികൾ അതിശക്തരായ ഖുറൈശി സൈന്യവുമായി , ഓർക്കാപുറത്ത് , യാതൊരു സന്നാഹവുമില്ലാതെ , ബദ്റിൽ ഏറ്റ് മുറ്റേണ്ട ഘട്ടം വന്നപ്പോൾ അവർ നബി(സ) തിരുമേനിയോട് പറഞ്ഞു - മൂസ (അ) നബിയോട് ഇസ്രാഈല്യർ പറഞ്ഞത് പോലെ താങ്കളും താങ്കളുടെ റബ്ബും പോയി യുദ്ധം ചെയ്തുകൊള്ളുക എന്ന് ഞങ്ങൾ പറയുകയില്ല. അങ്ങുന്ന് 'ബറകുൽ ഗിദാമി ലേക്ക്' തന്നെ ഞങ്ങളെ വിളിച്ചാലും, ഞങ്ങൾ അങ്ങയോടൊപ്പം പോരാൻ തയ്യാറാണ് ഇസ്രാഈല്യരുടെ മറുപടിയും , സഹാബികളുടെ ഈ മറുപടിയും തമ്മിൽ എത്രമാത്രം അന്തരം (വളരെ പ്രയാസപ്പെട്ട് തരണം ചെയ്യേണ്ട ഒരു സ്ഥലമാണ് 'ബറകുൽ ഗിമാദ്')

**വചനം 25**

قَالَ رَبِّ إِنِّي لَآ أَمْلِكُ إِلَّا نَفْسِي وَأَخِي ۖ فَٱفْرُقْ بَيْنَنَا وَبَيْنَ ٱلْقَوْمِ ٱلْفَٰسِقِينَ ﴿٢٥﴾

25 അദ്ദേഹം (മൂസാ) പറഞ്ഞു: 'എൻെറ റബ്ബേ! നിശ്ചയമായും ഞാൻ, എൻെറ സ്വന്തത്തെയും എൻെറ സഹോദരനെയുമല്ലാതെ അധീനമാക്കുന്നില്ല! ആകയാൽ, ഞങ്ങളുടെയും (ഈ) ധിക്കാരികളായ ജനതയുടെയും ഇടയിൽ നീ വേർപെടുത്തിത്തരേണമേ!'

അനുസരണം കാണിക്കാത്ത ധിക്കാരികളും മുരട്ട് സ്വഭാവക്കാരുമായ ആ ജനതയുടെ മറുപടി കേട്ട് മൂസാ (അ) മനം നൊന്ത് അല്ലാഹുവിനോട് അപേക്ഷിക്കുകയാണ്. "എന്റെ റബ്ബേ എന്റെ സ്വന്തം ദേഹവും സന്തത സഹചാരിയായ എന്റെ സഹോദരൻ ഹാറൂനുമല്ലാതെ, മറ്റാരും എനിക്ക് വഴങ്ങാതിയിരിക്കുന്നു. അത് കൊണ്ട് ഞങ്ങൾക്കും, തോന്നിയവാസികളായ ഈ ജനതക്കും ഇടയിൽ ഒരു അന്തിമ തീരുമാനമുണ്ടാക്കി കാര്യം കലാശിപ്പിച്ച് തരേണമേ."

**വചനം 26**

قَالَ فَإِنَّهَا مُحَرَّمَةٌ عَلَيْهِمْ ۛ أَرْبَعِينَ سَنَةً ۛ يَتِيهُونَ فِي ٱلْأَرْضِ ۚ فَلَا تَأْسَ عَلَى ٱلْقَوْمِ ٱلْفَٰسِقِينَ ﴿٢٦﴾

26 അവൻ (റബ്ബ്) പറഞ്ഞു: 'എന്നാൽ, നിശ്ചയമായും അത് (ആ രാജ്യം) അവരുടെ മേൽ നാൽപതുകൊല്ലം നിഷിദ്ധമാക്കപ്പെട്ടതാകുന്നു; (അതെ) അവർ ഭൂമിയിൽ അന്തം വിട്ട് (അലഞ്ഞു) നടക്കും. ആകയാൽ, (ആ) ധിക്കാരികളായ ജനങ്ങളുടെ പേരിൽ നീ വ്യസനപ്പെടരുത്.'

അല്ലാഹു മൂസാ(അ) നബിക്ക് ഉത്തരം നല്കുന്നു.

ഈ ഐഹിക ജീവിതത്തിൽ തന്നെ അവർക്കുള്ള ശിക്ഷയായിട്ട് നാല്പത് കൊല്ലം ഈ ജനത, സീനാ മരുഭൂമിയിൽ വട്ടം കറങ്ങിക്കൊണ്ട് കഴിഞ്ഞ് കൂടട്ടെ. തുടർന്ന് അവർ നാശമടയുകയും പുതിയൊരു ചൈതന്യവും ആവേശവും ഉൾക്കൊള്ളുന്ന ഒരു തലമുറ രംഗത്ത് വന്ന് വാഗ്ദത്തഭൂമി ജയിച്ചടക്കുകയും, തങ്ങളുടെ അവകാശം വീണ്ടെടുക്കുകയും ചെയ്ത് കൊള്ളും. ഇപ്പോൾ ഈ ജനതയെ അവരുടെ പാട്ടിന് വിട്ടേക്കുക.

അങ്ങനെനാല്പത് വർഷങ്ങൾ, സീനാ വനാന്തരങ്ങളും മരുഭൂമികളിലുമായി ഇസ്രാഈല്യർ അലഞ്ഞ് തിരിഞ്ഞു. ഇതിനിടയിൽ ഹാറൂൻ(അ) നബിയും, മൂസാ (അ) നബിയും കാലഗതിയടഞ്ഞു.തുടർന്ന് അദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന യൂശഉ(അ) നബിയുടെ നേതൃത്വത്തിലാണ് പല യുദ്ധങ്ങൾക്ക് ശേഷം, ഇസ്രാഈല്യർ ആ രാജ്യം ജയിച്ചടക്കുകയുണ്ടായതും, അവർക്കിടയിൽ രാജ്യം ഭാഗിക്കപ്പെട്ടതും.

## വിഭാഗം 5

**വചനം 27, 28, 29**

۞ وَٱتْلُ عَلَيْهِمْ نَبَأَ ٱبْنَيْ ءَادَمَ بِٱلْحَقِّ إِذْ قَرَّبَا قُرْبَانًا فَتُقُبِّلَ مِنْ أَحَدِهِمَا وَلَمْ يُتَقَبَّلْ مِنَ ٱلْءَاخَرِ قَالَ لَأَقْتُلَنَّكَ ۖ قَالَ إِنَّمَا يَتَقَبَّلُ ٱللَّهُ مِنَ ٱلْمُتَّقِينَ ﴿٢٧﴾

27 (നബിയേ,) അവർക്ക് ആദമിൻെറ രണ്ടു പുത്രൻമാരുടെ വൃത്താന്തവും യഥാർത്ഥ പ്രകാരം ഓതിക്കൊടുക്കുക: അതായത്, അവർ രണ്ടാളും ഒരു 'ഖുർബാൻ' (ബലി കർമ്മം) നടത്തിയ സന്ദർഭം; എന്നിട്ട് അവരിൽ ഒരാളിൽനിന്ന് അതു സ്വീകരിക്കപ്പെട്ടു; മറ്റേവനിൽ നിന്നു സ്വീകരിക്കപ്പെട്ടതുമില്ല. അവൻ (മറ്റേവൻ) പറഞ്ഞു: 'നിശ്ചയമായും ഞാൻ നിന്നെ കൊലപ്പെടുത്തും.' അവൻ (സ്വീകരിക്കപ്പെട്ടവൻ) പറഞ്ഞു; "സൂക്ഷ്മത പാലിക്കുന്ന (ഭയഭക്തിയുള്ള) വരിൽ നിന്നേ അല്ലാഹു സ്വീകരിക്കൂ.

لَئِنۢ بَسَطتَ إِلَيَّ يَدَكَ لِتَقْتُلَنِى مَآ أَنَا۠ بِبَاسِطٍ يَدِىَ إِلَيْكَ لِأَقْتُلَكَ ۖ إِنِّىٓ أَخَافُ ٱللَّهَ رَبَّ ٱلْعَـٰلَمِينَ ﴿٢٨﴾

28 'എന്നെ കൊലപ്പെടുത്തുവാൻ വേണ്ടി എൻെറ നേരെ നിൻെറ കൈ നീ നീട്ടിയാൽ തന്നെ, നിന്നെ കൊലചെയ്‌വാൻ വേണ്ടി നിൻെറ നേരെ എൻെറ കൈ ഞാൻ നീട്ടുന്നവനേ അല്ല. നിശ്ചയമായും ഞാൻ, ലോക രക്ഷിതാവായ അല്ലാഹുവിനെ ഭയപ്പെടുന്നു.

إِنِّىٓ أُرِيدُ أَن تَبُوٓأَ بِإِثْمِى وَإِثْمِكَ فَتَكُونَ مِنْ أَصْحَـٰبِ ٱلنَّارِ ۚ وَذَٰلِكَ جَزَٰٓؤُا۟ ٱلظَّـٰلِمِينَ ﴿٢٩﴾

29 നിശ്ചയമായും ഞാൻ, എൻെറ കുറ്റവും നിൻെറ കുറ്റവും കൊണ്ടു നീ മടങ്ങുവാൻ (രണ്ടു കുറ്റവും നീ ഏറ്റെടുക്കുവാൻ) ഉദ്ദേശിക്കുന്നു; അങ്ങനെ, നീ നരകത്തിൻെറ ആൾക്കാരിൽ പെട്ടവനായിരിക്കുവാൻ. അതാവട്ടെ, അക്രമി കളുടെ പ്രതിഫലവുമാകുന്നു.'

ആദം (അ) നബിയുടെ സ്വന്തം മക്കളിൽ കഴിഞ്ഞ ഒരു സംഭവത്തെപറ്റിയാണ് ഈ വചനങ്ങളിൽ വിവരിക്കുന്നത്. അദ്ദേഹത്തിന്റെ രണ്ട് പുത്രൻമാർ ഓരോ ബലി കർമ്മം നടത്തി. ഒരാളുടേത് സ്വീകരിക്കപ്പെട്ടു. മറ്റേയാളുടേത് സ്വീകരിക്കപ്പെട്ടില്ല. അവന് സ്വസഹോദരനോട് – ബലി സ്വീകരിക്കപ്പെട്ടവനോട് – അസൂയതോന്നുകയും അവനെ കൊലപെടുത്തണമെന്ന് തീരുമാനത്തിലെത്തുകയും അക്കാര്യം അവനോട് തുറന്ന് പറയുകയും ചെയ്തു. ശാന്തസ്വഭാവിയായ ആ സഹോദരൻ പറഞ്ഞു. "അല്ലാഹുവിനെ സൂക്ഷിക്കുന്ന ഭയഭക്തൻമാരിൽ നിന്നേ അല്ലാഹു കർമ്മങ്ങൾ സ്വികരിക്കുകയുള്ളൂ. അത് കൊണ്ട് നിന്റെ ബലി സ്വീകരിക്കണമെന്നതിന് എന്നെ കൊല്ലുകയെന്നതല്ല അതിന്റെ പരിഹാര മാർഗ്ഗം – നിന്റെ നിലപാട് നന്നാക്കുകയെന്നതാണ്. നീയെന്റെ കഥ കഴിക്കുവാനാണ് ഒരുങ്ങുന്നതെങ്കിൽ , അത്പോലെ ആങ്ങോട്ടും ഒരുക്കം കൂട്ടാൻ ഞാൻ സന്നദ്ധനല്ല. അല്ലാഹുവിന്റെ ശിക്ഷയെ തൊട്ട് ഞാൻ ഭയക്കുന്നു. എന്നാൽ നീ ആ കൃത്യം ചെയ്തു കളഞ്ഞാൽ നീ നരകശിക്ഷക്ക് വിധേയനായിത്തീരുമെന്ന് നീ ഓർക്കണം."

ഈ സംഭവത്തിലെ ആദമിന്റെ മക്കളായ ഖാബീൽ കൊല നടത്തിയവനായും, ഹാബീൽ കൊല്ലപെട്ടവനായും ആയി അറിയപ്പെടുന്നു. അവർ രണ്ടാളും ആദമിന്റെ മക്കളായിരുന്നു എന്നതിന് റസൂൽ തിരുമേനി (സ) യുടെ വചനം സാക്ഷ്യപ്പെടുത്തുന്നു. "ഏതൊരാളും അക്രമമായി കൊല്ലപെടുന്ന പക്ഷം ആ രക്തം ചിന്തിയതിന്റെ ശിക്ഷയിൽ നിന്ന് ഒരു പങ്ക് ആദമിന്റെ ഒന്നാമത്തെ പുത്രന്റെ മേൽ ഇല്ലാതിരിക്കുകയില്ല. കാരണം അവനാണ് കൊല നടപ്പിൽ വരുത്തിയവരിൽ ഒന്നാമത്തെ ആൾ".

അവർ രണ്ട് പേരും ബലി നടത്താൻ കാരണമെന്തെന്നോ, അവർ നടത്തിയ ബലി കർമ്മം എന്തായിരുന്നു എന്നോ, തിട്ടമായി പറയാനുള്ള സ്വീകാര്യമായ തെളിവുകളൊന്നും ഖുർആനിലോ, ഹദീസിലോ കാണപ്പെടുന്നില്ല. എന്നാൽ മനുഷ്യരിൽ അസൂയ കടന്ന് കൂടിയാലുണ്ടാകുന്ന അനിഷ്ട സംഭവങ്ങളെപറ്റി മനസ്സിലാക്കുവാൻ, അതൊന്നും അറിഞ്ഞിരിക്കേണ്ടുന്ന ആവശ്യവും ഇല്ലല്ലൊ.

"എന്റെ കുറ്റവും നിന്റെ കുറ്റവുമായി നീ മടങ്ങുക" എന്നത് കൊണ്ട് , എന്നെ കൊല്ലുന്ന കുറ്റവും നിന്റെ ബലി സ്വീകരിക്കാതിരിക്കുമാറ് നീ ചെയ്ത മറ്റു കുറ്റങ്ങളും നീ വഹിക്കേണ്ടി വരുമെന്നാണ് ഉദ്ദേശിക്കുന്നതെന്നാണ് കൂടുതൽ വ്യക്തമായ അഭിപ്രായം

## വചനം 30, 31

فَطَوَّعَتْ لَهُۥ نَفْسُهُۥ قَتْلَ أَخِيهِ فَقَتَلَهُۥ فَأَصْبَحَ مِنَ ٱلْخَـٰسِرِينَ ﴿٣٠﴾

30 എന്നിട്ട് അവൻെറ (ബലി സ്വീകരിക്കപ്പെടാത്തവൻെറ) സഹോദരനെ കൊല്ലുന്നതിന് അവൻെറ മനസ്സു വഴങ്ങിക്കൊടുത്തു; അങ്ങനെ അവൻ അവനെ കൊല ചെയ്തു. ആകയാൽ, അവൻ നഷ്ടക്കാരിൽ പെട്ടവനായിത്തീർന്നു.

فَبَعَثَ ٱللَّهُ غُرَابًا يَبْحَثُ فِى ٱلْأَرْضِ لِيُرِيَهُۥ كَيْفَ يُوَٰرِى سَوْءَةَ أَخِيهِ ۚ قَالَ يَـٰوَيْلَتَىٰٓ

31 അപ്പോൾ, ഭൂമിയിൽ (മാന്തി) കുഴിച്ചു നോക്കുന്ന ഒരു കാക്കയെ അല്ലാഹു അയച്ചു; തൻെറ സഹോദരൻെറ നഗ്നജഡം (മൃതദേഹം) മറവു

أَعَجَزْتُ أَنْ أَكُونَ مِثْلَ هَٰذَا ٱلْغُرَابِ فَأُوَٰرِيَ سَوْءَةَ أَخِي ۖ فَأَصْبَحَ مِنَ ٱلنَّٰدِمِينَ ﴿٣١﴾

ചെയ്യുന്നതെങ്ങിനെയെന്ന് അതവന് കാണിച്ചു കൊടുക്കുവാൻ വേണ്ടി. അവൻ പറഞ്ഞു: 'എൻെറ കഷ്ടമേ! ഞാൻ ഈ കാക്കയെപ്പോലെ ആയിരിക്കുകയും, അങ്ങനെ എൻെറ സഹോദരൻെറ നഗ്നജഡം (മൃതദേഹം) മറവു ചെയ്യുകയും ചെയ്‌വാൻ എനിക്കു കഴിയാതായിപ്പോയോ?!' അങ്ങനെ, അവൻ ഖേദക്കാരിൽ പെട്ടവനായിത്തീർന്നു.

അവൻ അവസാനം, സ്വസഹോദരനെ കൊലപെടുത്തുക തന്നെ ചെയ്തു. മൃതദേഹം കൊണ്ട് എന്ത് ചെയ്യണമെന്നറിയാതെ അവൻ അന്തം വിട്ടു. മുമ്പൊരു സംഭവം ഇതുപോലെ മനുഷ്യർ കാണുകയുണ്ടായിട്ടില്ലല്ലോ. മൃതദേഹം മറവു ചെയ്യാനുള്ള മാർഗ്ഗം അപ്പോൾ അല്ലാഹു തന്നെ അവന് –മനുഷ്യവർഗ്ഗത്തിന് തന്നെ – കാട്ടികൊടുത്തു. ഒരു കാക്കപ്പക്ഷിക്ക് നിലത്ത് മാന്തി കുഴിയുണ്ടാക്കുവാൻ അല്ലാഹു തോന്നിപ്പിക്കുകയും അത് കണ്ടപ്പോൾ അങ്ങനെ ഒരു കുഴിയുണ്ടാക്കി സഹോദരന്റെ മൃതദേഹം അതിൽ അവൻ കുഴിച്ച് മൂടുകയും ചെയ്തു. ഈ കാക്കയുടെ അത്ര പോലും ബുദ്ധി എനിക്ക് തോന്നിയില്ലല്ലോ എന്നവൻ പരിതപിച്ചു. തന്റെ അവിവേകത്തിലും തീരാനഷ്ടത്തിലും അവൻ ഖേദക്കാരനായി ത്തീർന്നു.

കോപം അസൂയ എന്നിങ്ങനെയുള്ള വികാരങ്ങൾക്കടിമപ്പെട്ട്, വീണ്ട് വിചാരമില്ലാതെ വല്ല കൊടുംകൃത്യങ്ങളും പ്രവർത്തിക്കുകയും, പ്രവർത്തിച്ച് കഴിഞ്ഞ ശേഷം എന്ത് ചെയ്യണമെന്നറിയാതെ അന്തം വിടുകയും ചെയ്യുന്ന മനുഷ്യ സ്വഭാവത്തിന് വശം വദരാകാതെ സൂക്ഷിക്കണമെന്നാണ് ഈ സംഭവ വിവരണം നമ്മെ പഠിപ്പിക്കുന്നത്. ഒരു ഹദീസിൽ നബി(സ) ചൂണ്ടിക്കാട്ടുന്നു. "മൽപിടുത്തത്തിൽ വിജയിക്കുന്നത് കൊണ്ടല്ല ഊക്കനാകുന്നത് കോപിക്കമ്പോൾ തന്നത്താൻ നിയന്ത്രിക്കുന്നവനാണ് ഊക്കൻ."

**വചനം 32**

مِنْ أَجْلِ ذَٰلِكَ كَتَبْنَا عَلَىٰ بَنِيٓ إِسْرَٰٓءِيلَ أَنَّهُۥ مَن قَتَلَ نَفْسًۢا بِغَيْرِ نَفْسٍ أَوْ فَسَادٍ فِي ٱلْأَرْضِ فَكَأَنَّمَا قَتَلَ ٱلنَّاسَ جَمِيعًا وَمَنْ أَحْيَاهَا فَكَأَنَّمَآ أَحْيَا ٱلنَّاسَ جَمِيعًا ۚ وَلَقَدْ جَآءَتْهُمْ رُسُلُنَا بِٱلْبَيِّنَٰتِ ثُمَّ إِنَّ كَثِيرًا مِّنْهُم بَعْدَ ذَٰلِكَ فِي ٱلْأَرْضِ لَمُسْرِفُونَ ﴿٣٢﴾

32 അക്കാരണത്താൽ, ഇസ്രാഈൽ സന്തതികളുടെ മേൽ നാം രേഖപ്പെടുത്തി: ഒരു ദേഹത്തി(നെ കൊല ചെയ്തി) നോ, അല്ലെങ്കിൽ ഭൂമിയിൽ വല്ല കുഴപ്പ (പ്രവർത്തന)ത്തിനോ (പകരം) അല്ലാതെ ആരെങ്കിലും ഒരു ദേഹത്തെ കൊലപ്പെടുത്തിയാൽ, അവൻ മനുഷ്യരെ മുഴുവൻ കൊല ചെയ്തതു പോലെയാകുന്നുവെന്ന്; ആരെങ്കിലും അതിനെ ഒരു ദേഹത്തെ ജീവിപ്പിക്കുന്നതായാൽ അവൻ മനുഷ്യരെ മുഴുവൻ ജീവിപ്പിച്ചതുപോലെയാകുന്നുവെന്നും. നമ്മുടെ റസൂലുകൾ വ്യക്തമായ തെളിവുകളുമായി അവർക്കു ചെല്ലുകയുമുണ്ടായിട്ടുണ്ട്. പിന്നെ, അതിനു ശേഷവും അവരിൽനിന്നു വളരെ ആളുകൾ ഭൂമിയിൽ അതിരു കവിഞ്ഞവർ തന്നെയാകുന്നു.

ന്യായമായ കാരണം കൂടാതെ – ഒരാളെ കൊലപ്പെടുത്തിയതിന്റെ പ്രതികാരമായിട്ടോ, ഭൂമിയിൽ വല്ല കുഴപ്പവും ഉണ്ടാക്കുന്നതിന്റെ ശിക്ഷയായിട്ടോ അല്ലാതെ – ഒരാൾ മറ്റൊരാളെ കൊല്ലുന്നത് മനുഷ്യരെ മുഴുവൻ കൊല്ലുന്നതുപോലെ, അത്രയും ഗൗരവപ്പെട്ട ഒരു മഹാപാപമാണെന്നും , ഒരാൾ മറ്റൊരാളുടെ ജീവൻ രക്ഷിക്കുന്നത്, മുഴുവൻ മനുഷ്യരുടേയും ജീവൻ രക്ഷിക്കുന്നത് പോലെ , അത്രയും മഹത്തായ ഒരു പുണ്യകർമ്മമാണെന്നും അല്ലാഹു ഇസ്രാഈല്യർക്ക് രേഖപ്പെടുത്തികൊടുത്തിരുന്നു. കൂടാതെ, വേണ്ടത്ര തെളിവുകൾ സഹിതം, അല്ലാഹുവിന്റെ സന്ദേശങ്ങൾ എത്തിച്ച് കൊടുക്കുവാനായി വളരെ റസൂലുകളും അവരിൽ ഉണ്ടായിട്ടുണ്ട്. ഇതെല്ലാമായിട്ടും അവരിൽ പലരും പിന്നെയും തോന്നിയവാസവും നിയമലംഘനവും വഴി അതിര് വിടുകയാണ് ചെയ്തത്.

ഒരാളെ കൊലപെടുത്തിയതിന്റെ പ്രതിക്കൊലയെ സംബന്ധിച്ച് സൂ ബഖറ: 178, 179 വചനങ്ങളിലും, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ ശിക്ഷയെന്ന നിലയിലുള്ള കൊലയെക്കുറിച്ച് അടുത്തവചനത്തിലും പ്രസ്താവിക്കപെട്ടിട്ടുണ്ട്.

ഒരു സത്യവിശ്വാസിയെ കൽപിച്ച് കൂട്ടി കൊലപെടുത്തുന്നവന്റെ പ്രതിഫലം ശാശ്വതമായ നരകശിക്ഷയാണെനനും, അല്ലാഹു അവന്റെ നേരെ കോപിക്കുകയും അവനെശപിക്കുകയും ചെയ്യുമെന്നും, സൂ: നിസാഅ്: 93 ൽ അല്ലാഹു അറിയിച്ചിട്ടുണ്ട്. അത് പോലെ കൊലപാതകത്തിന്റെ ഗൗരവം കാണിക്കുന്നതാണ് ഈ വചനവും, എന്നല്ലാതെ ഒരാളെ കൊന്നവന്റെ മേൽ എല്ലാവരെയും കൊന്നത് പോലെയുള്ള നിയമപരമായ ശിക്ഷാ നടപടി എടുക്കേണ്ടതുണ്ടെന്നോ, ഒരാളെ രക്ഷപെടുത്തിയതിന് എല്ലാവരേയും രക്ഷപെടുത്തിയതിനുള്ള പാരിതോഷികം നല്കണമെന്നോ അല്ല الله اعلم

---

**വചനം 33, 34**

33 നിശ്ചയമായും, അല്ലാഹുവിനോടും, അവൻെറ റസൂലിനോടും പോരാടുകയും, ഭൂമിയിൽ കുഴപ്പത്തിന് പരിശ്രമം നടത്തുകയും ചെയ്യുന്നവരുടെ പ്രതിഫലം, അവർ നിർദ്ദയം കൊല്ലപ്പെടുകയോ, ക്രൂശിക്കപ്പെടുകയോ (തന്നെ) ആകുന്നു; അല്ലെങ്കിൽ, (ഒന്നൊന്നിന്) എതിരിൽ നിന്നായി അവരുടെ കൈകളും കാലുകളും മുറിച്ചു കളയപ്പെടുകയോ, (സ്വന്തം) ഭൂമിയിൽനിന്ന് അവർ നാടുകടത്തപ്പെടുകയോ, (തന്നെ) ആകുന്നു. അതവർക്ക് ഇഹത്തിൽ ഒരു അപമാനമായിരിക്കും; അവർക്കു പരലോകത്തിലാകട്ടെ, വമ്പിച്ച ശിക്ഷയുമുണ്ടായിരിക്കും;

34 അവരുടെ മേൽ (നടപടി എടുക്കുവാൻ) നിങ്ങൾക്ക് കഴിയുന്നതിനു മുമ്പായി പശ്ചാത്തപിച്ചവരൊഴികെ. എന്നാൽ, നിങ്ങൾ അറിഞ്ഞുകൊള്ളുക: അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നുവെന്ന്.

إِنَّمَا جَزَٰٓؤُاْ ٱلَّذِينَ يُحَارِبُونَ ٱللَّهَ وَرَسُولَهُۥ وَيَسۡعَوۡنَ فِي ٱلۡأَرۡضِ فَسَادًا أَن يُقَتَّلُوٓاْ أَوۡ يُصَلَّبُوٓاْ أَوۡ تُقَطَّعَ أَيۡدِيهِمۡ وَأَرۡجُلُهُم مِّنۡ خِلَٰفٍ أَوۡ يُنفَوۡاْ مِنَ ٱلۡأَرۡضِۚ ذَٰلِكَ لَهُمۡ خِزۡيٞ فِي ٱلدُّنۡيَاۖ وَلَهُمۡ فِي ٱلۡأٓخِرَةِ عَذَابٌ عَظِيمٌ ٣٣

إِلَّا ٱلَّذِينَ تَابُواْ مِن قَبۡلِ أَن تَقۡدِرُواْ عَلَيۡهِمۡۖ فَٱعۡلَمُوٓاْ أَنَّ ٱللَّهَ غَفُورٞ رَّحِيمٞ ٣٤

---

അല്ലാഹുവിനോടും റസുലിനോടും പോരാടുകയെന്നാൽ, ധാർമിക വ്യവസ്ഥകൾക്കെതിരിൽ അക്രമങ്ങളും സമരങ്ങളും നടത്തുകയെന്നത്രെ. ഇസ്ലാമിന് എതിരെ നടത്തപെടുന്ന അട്ടിമറിപ്രവർത്തനങ്ങളും, കൊള്ള, കൊല, കവർച്ച, മുതലായ ഭീകര പ്രവർത്തനങ്ങളും, നടത്തുന്ന ഏവർക്കും നേരെ സ്വീകരിക്കേണ്ട ശിക്ഷാ നടപടികളെ ക്കുറിച്ചാണ് അല്ലാഹു ഇവിടെ വ്യക്തമാക്കുന്നത് - കൊലപെടുത്തുക, ക്രൂശിക്കുക ഒരു വശത്തെ കൈയും മറുവശത്തെ കാലും എന്ന നിലക്ക് കൈകാലുകൾ മുറിക്കുക നാട് കടത്തുക എന്നീ നാലിൽ ഏതെങ്കിലും ഒരു ശിക്ഷാനടപടിയാണ് അല്ലാഹു നിർദ്ദേശിക്കുന്നത്. ഇവയിൽ ഇന്നിന്ന കുറ്റകൃത്യങ്ങൾക്കാണെന്ന് സൂചിപ്പിക്കപെട്ടിട്ടില്ല. കുറ്റത്തിന്റെ സ്വഭാവമനുസരിച്ച്, കൂടുതൽ യുക്തമായ നടപടി ഭരണാധികാരിക്ക് സ്വീകരിക്കാമെന്നാണ് മനസ്സിലാക്കേണ്ടത്.

ഇതെല്ലാം , കേവലം ഐഹികമായ ശിക്ഷകളാകുന്നു. അത്തരക്കാരെ അപമാനിക്കുവാനും നിന്ദിക്കുവാനും, മറ്റുള്ളവർക്ക് ഒരു മുന്നറിയിപ്പ് എന്ന നിലക്കുമാണത്. എന്നാൽ, അവർക്ക് പരലോകത്ത് വേറെയും ശിക്ഷ അനുഭവിക്കേണ്ടി വരുമെന്ന് അല്ലാഹു അറിയിക്കുന്നു. എന്നാൽ പിടികൂടുന്നതിന് മുമ്പായി അവർ സ്വയം ഖേദിച്ച് മടങ്ങി കീഴടങ്ങുന്ന പക്ഷം, അവരുടെ മേൽ ശിക്ഷാ നടപടിയെടുക്കേണ്ടതില്ലെന്നും , വളരെ പൊറുക്കുന്നവനും , കരുണാനിധിയുമായ അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കുമെന്നും അല്ലാഹു തുടർന്ന് അറിയിക്കുന്നു.

**വിഭാഗം 6**

**വചനം 35**

35 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; അവനിലേക്കു സമീപനമാർഗ്ഗം തേടുകയും ചെയ്യുവിൻ; അവൻെറ മാർഗ്ഗത്തിൽ സമരം ചെയ്യുകയും ചെയ്യുവിൻ; നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ وَٱبْتَغُوٓاْ إِلَيْهِ ٱلْوَسِيلَةَ وَجَٰهِدُواْ فِى سَبِيلِهِۦ لَعَلَّكُمْ تُفْلِحُونَ ﴿٣٥﴾

അല്ലാഹുവിനെ സൂക്ഷിക്കുകയും, അവന്റെ മാർഗ്ഗത്തിൽ സമരം നടത്തുകയും ചെയ്യുന്നതിനെ സംബന്ധിച്ച് പലപ്പോഴും വിവരിച്ചിട്ടുണ്ട്. അല്ലാഹുവിങ്കലേക്ക് വസീലത്ത് (സമീപനമാർഗ്ഗം) തേടുവിൻ എന്നത് കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിന് വഴിപ്പെട്ടും, സൽക്കർമ്മങ്ങൾ ചെയ്തും, കൊണ്ട് അവന്റെ സാമീപ്യവും, പ്രീതിയും നേടുവാൻ, ശ്രമിക്കുവിൻ എന്നാകുന്നു. ഇക്കാര്യത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായവ്യത്യാസമേ ഇല്ല എന്ന് ഇബ്നു കഥീർ(റ) മുതലായവർ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ തല്ക്കാല ഭൗതിക നേട്ടം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ചില പണ്ഡിതവേഷക്കാർ, ഈ ആശയത്തെ ദുർവ്യാഖ്യാനം ചെയ്ത്, മരണപെട്ട് പോയവരോ, ജീവിച്ചിരിപ്പുള്ളവരോ, ആയ മഹാത്മാക്കളെ കൊണ്ടോ, പുണ്യസ്ഥലങ്ങൾ പോലെയുള്ള വല്ല വസ്തുക്കൾ കൊണ്ടൊ ഇട തേടുക - അഥവാ ഏതെങ്കിലും ഒന്നിനെ മുൻനിർത്തി പ്രാർത്ഥിക്കുക - എന്ന ഒരർത്ഥ വ്യാഖ്യാനം നല്കി, ഇസ്ലാമിന്റെ അടിത്തറക്ക് പോലും വിരുദ്ധമായ പല അന്ധ വിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും, ശിർക്ക് പരമായ പ്രവർത്തനങ്ങൾക്കും, ന്യായീകരണം നല്കി വരുന്നു.

**വചനം 36, 37**

36 നിശ്ചയമായും, അവിശ്വസിച്ചവർ, 'ഖിയാമത്തു' നാളിലെ ശിക്ഷയിൽ നിന്നു തെണ്ടം നൽ(കിമോചിതരാ)കുവാൻ ഭൂമിയിലുള്ളതു മുഴുവനും, അതോടു കൂടി അതിൻെറ അത്രയും ഉണ്ടായിരുന്നാലും, അതവരിൽ നിന്ന് സ്വീകരിക്കപ്പെടുന്നതല്ല. അവർക്ക് വേദനയേറിയ ശിക്ഷയുമുണ്ടായിരിക്കും.
37 നരകത്തിൽ നിന്ന് പുറത്തു പോകുവാൻ അവർ ഉദ്യമിക്കും; അവർ അതിൽ നിന്നു പുറത്തു പോകുന്നവരല്ലതാനും. അവർക്ക് (മുറിയാതെ) നിലനിൽക്കുന്ന ശിക്ഷയുമുണ്ടായിരിക്കും.

إِنَّ ٱلَّذِينَ كَفَرُواْ لَوْ أَنَّ لَهُم مَّا فِى ٱلْأَرْضِ جَمِيعًا وَمِثْلَهُۥ مَعَهُۥ لِيَفْتَدُواْ بِهِۦ مِنْ عَذَابِ يَوْمِ ٱلْقِيَٰمَةِ مَا تُقُبِّلَ مِنْهُمْ ۖ وَلَهُمْ عَذَابٌ أَلِيمٌ ﴿٣٦﴾ يُرِيدُونَ أَن يَخْرُجُواْ مِنَ ٱلنَّارِ وَمَا هُم بِخَٰرِجِينَ مِنْهَا ۖ وَلَهُمْ عَذَابٌ مُّقِيمٌ ﴿٣٧﴾

ഒരു നബിവചനം പ്രസ്താവിക്കുന്നു. "നരകക്കാരിൽ പെട്ട ഒരു പുരുഷനെ കൊണ്ട് വരപ്പെടും. നരകത്തിൽ നിന്നും രക്ഷപെടാൻ, ഭൂമിയോളം സ്വർണ്ണം (എനിക്കുണ്ടായാൽ) തെണ്ടം നല്കാമെന്ന് പറയുന്ന അവനോട് അല്ലാഹു പറയും - നീ കളവ് പറയുകയാണ്, ഞാൻ നിന്നോട്, ഇഹത്തിൽ, അതിനേക്കാൾ നിസ്സാരമായ കാര്യമാണ് ആവശ്യപെട്ടത്. എന്നിട്ട് നീ അത് ചെയ്തില്ല. അങ്ങനെ അവനെ നരകത്തിലേക്ക് തിരികെ കൊണ്ട് പോകാൻ കല്പിക്കപെടും."

**വചനം 38, 39, 40**

38 മോഷ്ടിച്ചവനും, മോഷ്ടിച്ചവളും, അവരുടെ കൈകൾ നിങ്ങൾ മുറിച്ചു കൊള്ളുവിൻ; അവർ പ്രവർത്തിച്ചതിനു (തക്ക) പ്രതിഫലമായിട്ട് -(അതെ) അല്ലാഹുവിൽ നിന്നുള്ള (പാഠം നൽകുന്ന) ഒരു ശിക്ഷയായിട്ട്. അല്ലാഹു പ്രതാപശാലിയാണ്; അഗാധജ്ഞനാണ്.

وَٱلسَّارِقُ وَٱلسَّارِقَةُ فَٱقْطَعُوٓاْ أَيْدِيَهُمَا جَزَآءًۢ بِمَا كَسَبَا نَكَٰلًا مِّنَ ٱللَّهِ ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٣٨﴾

39 എന്നാൽ, ആരെങ്കിലും തൻെറ അക്രമത്തിനു ശേഷം പശ്ചാത്തപിക്കുകയും, നന്നായിത്തീരുകയും ചെയ്താൽ, നിശ്ചയമായും, അല്ലാഹു അവൻെറ മേൽ പശ്ചാത്താപം സ്വീകരിക്കുന്നതാണ്. നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനാകുന്നു; കരുണാനിധിയാകുന്നു.

فَمَن تَابَ مِنۢ بَعۡدِ ظُلۡمِهِۦ وَأَصۡلَحَ فَإِنَّ ٱللَّهَ يَتُوبُ عَلَيۡهِۚ إِنَّ ٱللَّهَ غَفُورٞ رَّحِيمٌ ٣٩

40 നിനക്കറിഞ്ഞുകൂടേ? അല്ലാഹുവിനാണ് ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധിപത്യമുള്ളതെന്ന്! അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കും; അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുകയും ചെയ്യും. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനുമത്രെ.

أَلَمۡ تَعۡلَمۡ أَنَّ ٱللَّهَ لَهُۥ مُلۡكُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ يُعَذِّبُ مَن يَشَآءُ وَيَغۡفِرُ لِمَن يَشَآءُۗ وَٱللَّهُ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ٤٠

---

അന്യന്റെ ധനമോ മറ്റ് വസ്തുക്കളോ, അനുയോജ്യമായ സൂക്ഷിപ്പ് സ്ഥാനങ്ങളിൽ നിന്ന് ഗൂഢമായി എടുക്കുമ്പോഴാണ് നിയമപ്രകാരം അത് മോഷണത്തിൽ പെടുന്നത്. അളവിലും തൂക്കത്തിലും കൃത്രിമം നടത്തുക, പൊതുസ്ഥലങ്ങളിൽ വീണ് കിടക്കുന്ന സാധനം എടുത്ത് കൊണ്ട് പോകുക, വഞ്ചിച്ചോ ഉപായത്തിലോ അന്യന്റെ ധനം കൈക്കലാക്കുക എന്നീ കുറ്റങ്ങൾക്ക്, മോഷണത്തിന്റെ ശിക്ഷയായ കൈ മുറിക്കുക എന്നത് നടപ്പിലാക്കേണ്ടതില്ലെന്ന് ഹദീസിൽ വന്നിട്ടുണ്ട്.

മോഷ്ടിക്കപെട്ട വസ്തു എത്ര നിസ്സാരമാണെങ്കിലും, കൈ മുറിക്കണമെന്ന് ചില പണ്ഡിതർ അഭിപ്രായപ്പെടുമ്പോൾ, മോഷ്ടാവിന്റെ കൈ മുറിക്കണമെങ്കിൽ മോഷ്ടിക്കപെട്ട വസ്തുവിന്റെ വില കൂടി പരിഗണിക്കേണ്ടതുണ്ടെന്നാണ് ഹദീസുകളുടെ വെളിച്ചത്തിൽ ബഹുഭൂരിപക്ഷം പണ്ഡിതൻമാരുടേയും നിഗമനം. എന്നാൽ, ചുരുങ്ങിയത് എത്ര വിലയുള്ള സാധനം മോഷ്ടിച്ചാലാണ് കൈമുറിക്കപ്പെടേണ്ടത് എന്നുള്ള കാര്യത്തിൽ പണ്ഡിതർക്കിടയിൽ ഏകാഭിപ്രായമില്ല.

വലത്തെ കൈയിന്റെ കൈപത്തിയും മുഴങ്കയും തമ്മിൽ ബന്ധിക്കുന്ന സന്ധിയിലാണ് കൈമുറിക്കേണ്ടത്. മോഷ്ടാവ് പശ്ചാത്തപിച്ച് മടങ്ങിയാൽ അല്ലാഹു പൊറുത്ത് കൊടുക്കുമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം ഖേദിച്ചവന്റെ കൈ മുറിക്കേണ്ടതില്ല എന്നല്ല ; അല്ലാഹുവിൽ നിന്നുള്ള പരലോക ശിക്ഷ ഒഴിവാകുമെന്നാകുന്നു. കൈ മുറിച്ചാലും മോഷ്ടിക്കപെട്ട വസ്തുവൊ, അതിന്റെ വിലയൊ, ഉടമസ്ഥന് തിരിച്ച് നല്കുകയും വേണം.

ശിക്ഷാനടപടി നടപ്പാക്കുന്ന കാര്യത്തിൽ പ്രമാണികളെ ഒഴിവാക്കുകയും, ദുർബലൻമാരെ മാത്രം ശിക്ഷിക്കുകയും ചെയ്യുന്ന പതിവിനെ റസൂൽ(സ) തിരുമേനി കഠിനമായി അധിക്ഷേപിച്ചിരിക്കുന്നു, ഒരിക്കൽ ഖുറൈശി ഗോത്രത്തിൽപ്പെട്ട പ്രമുഖകുടുംബത്തിലെ ഒരു സ്ത്രീയുടെ കൈ മുറിക്കുവാൻ കല്പിച്ച നബി(സ) തിരുമേനിയെ, പ്രസ്തുത ശിക്ഷാ നടപടിയിൽ നിന്നും അവരെ ഒഴിവാക്കാനായി തിരുമേനിയുടെ പോറ്റു പുത്രനും സ്നേഹ ഭാജനവുമായ ഉസാമ(റ) നബി(സ) തിരുമേനിയെ ശുപാർശയുമായി സമീപിച്ചപ്പോൾ രോഷാകുലനായി റസൂൽ(സ) പറഞ്ഞു: “അല്ലാഹുവിന്റെ ശിക്ഷാ നിയമത്തിൽ ശുപാർശക്ക് വന്നിരിക്കുകയാണോ നീ”. തുടർന്നുള്ള പ്രസംഗത്തിൽ തിരുമേനി പറഞ്ഞു . “അല്ലാഹുവിനെത്തന്നെയാണെ, മുഹമ്മദിന്റെ മകൾ ഫാത്തിമ തന്നെ മോഷ്ടിച്ചാലും ഞാൻ അവളുടെ കൈ മുറിക്കുക തന്നെ ചെയ്യും.”

അല്ലാഹുവിന്റെ നീതിന്യായങ്ങളിലടങ്ങിയ യുക്തി രഹസ്യങ്ങളെ പറ്റി ചിന്തിച്ച് മനസ്സിലാക്കുകയും, മനസ്സിലാക്കാൻ കഴിയാത്ത ഭാഗം, അല്ലാഹുവിന്റെ അറിവിലേക്ക് വിട്ട് കൊടുക്കുകയുമാണ് മനുഷ്യർക്ക് കരണീയമായിട്ടുള്ളത്. അതിനപ്പുറം അവകാശപെടുന്നവരാണ്, ഇസ്ലാമിലെ ശിക്ഷാ നിയമങ്ങളെ പഴഞ്ചനെന്നും, കിരാതമെന്നും വിശേഷിപ്പിക്കുന്നത്. മനുഷ്യനെപറ്റിയും അവന്റെ നന്മയെ പറ്റിയുമെല്ലാം മനുഷ്യനേക്കാൾ അധികം അറിവുള്ളത് അല്ലാഹുവിനാണല്ലോ.

ഇന്നത്തെ ലോകക്രമത്തിൽ മുസ്ലീം രാഷ്ട്രങ്ങൾ പലതും നിലവിലുണ്ടെങ്കിലും , ഇസ്ലാമിക ശിക്ഷാ നിയമങ്ങൾ കുറെയൊക്കെ നടപ്പിലുള്ള ഏക രാഷ്ട്രം സഊദി അറേബ്യ മത്രമാകുന്നു. അവിടെ ഇസ്ലാമിക നിയമങ്ങൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നതിനാൽ മറ്റ് രാഷ്ട്രങ്ങളുമായി താരതമ്യപെടുത്തുമ്പോൾ , സഊദി അറേബ്യയിൽ മോഷണവും, കൊള്ളയും കൊലപാതകങ്ങളും, മറ്റ് കുറ്റ കൃത്യങ്ങളുമൊക്കെ പരിഷ്കൃത രാഷ്ട്രങ്ങളെന്നഭിമാനിക്കുന്ന രാഷ്ട്രങ്ങളിലുള്ളതിനേക്കാൾ, എത്രയൊ കുറവാണെന്ന് ആധുനിക സ്ഥിതി വിവരകണക്കുകൾ തന്നെ എടുത്ത് കാട്ടുന്നു. പരിഷ്കൃത നിയമങ്ങൾ നിലവിലുള്ള രാജ്യങ്ങളിൽ തന്നെ, ഭരണകർത്താക്കൾ, രാഷ്ട്രീയ എതിരാളികൾ, പോലെയുള്ള ചിലരുടെ നേരെ എടുത്തുവരാറുള്ള ശിക്ഷാന ടപടികൾ, പലതും, അത്യധികം ക്രൂരവും പൈശാചികവുമായിരിക്കുകയും ചെയ്യും.

'പരിഷ്കൃതനിയമങ്ങളിലെ'പിഴയും കാരാഗ്രഹവാസവുമൊക്കെ അനുഭവിച്ച് പുറത്തുവരുന്ന കുറ്റ വാളികൾ, അതെ കുറ്റങ്ങൾ പല തവണ ആവർത്തിക്കുന്നതും, നാം ദൈനംദിനം കണ്ട് വരുന്നു.

തുടർന്ന് അല്ലാഹു പറയുന്നു. അല്ലാഹുവിനാണ് ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധിപത്യ മുള്ളത്. അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കും; അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്ത് കൊടു ക്കുകയും ചെയ്യും. എല്ലാറ്റിനും അവന് കഴിവ് ഉണ്ട്. ശിക്ഷിക്കേണ്ടത് ആരെയൊക്കെയാണെന്നും പൊറുത്ത് കൊടുത്ത് രക്ഷിക്കേണ്ടത് ആരെയാണെന്നുമൊക്കെ അവൻ തീർച്ചയാക്കുന്നതാണ്. അതിലൊന്നും ആർക്കും ചോദ്യം ചെയ്യാൻ അവകാശമില്ലെന്നും, അവൻ ഉദ്ദേശിക്കുന്നത് ചെയ്യാൻ അവന് ആരുടെയും സമ്മതമൊ സഹായമൊ ആവശ്യമില്ലെന്നും ഒക്കെയാണ് ഈ വചനങ്ങളിലടങ്ങിയ ആശയങ്ങൾ.

**വചനം 41, 42, 43**

۞ يَٰٓأَيُّهَا ٱلرَّسُولُ لَا يَحۡزُنكَ ٱلَّذِينَ
يُسَٰرِعُونَ فِي ٱلۡكُفۡرِ مِنَ ٱلَّذِينَ قَالُوٓاْ ءَامَنَّا
بِأَفۡوَٰهِهِمۡ وَلَمۡ تُؤۡمِن قُلُوبُهُمۡۛ وَمِنَ ٱلَّذِينَ
هَادُواْۛ سَمَّٰعُونَ لِلۡكَذِبِ سَمَّٰعُونَ
لِقَوۡمٍ ءَاخَرِينَ لَمۡ يَأۡتُوكَۖ يُحَرِّفُونَ ٱلۡكَلِمَ
مِنۢ بَعۡدِ مَوَاضِعِهِۦۖ يَقُولُونَ إِنۡ أُوتِيتُمۡ هَٰذَا
فَخُذُوهُ وَإِن لَّمۡ تُؤۡتَوۡهُ فَٱحۡذَرُواْۚ وَمَن يُرِدِ
ٱللَّهُ فِتۡنَتَهُۥ فَلَن تَمۡلِكَ لَهُۥ مِنَ ٱللَّهِ شَيۡـًٔاۚ
أُوْلَٰٓئِكَ ٱلَّذِينَ لَمۡ يُرِدِ ٱللَّهُ أَن يُطَهِّرَ قُلُوبَهُمۡۚ
لَهُمۡ فِي ٱلدُّنۡيَا خِزۡيٞۖ وَلَهُمۡ فِي ٱلۡأٓخِرَةِ
عَذَابٌ عَظِيمٞ ٤١

41 ഹേ, റസൂലേ, അവിശ്വാസത്തിൽ (പതിക്കുവാൻ) ധൃതികൂട്ടിക്കൊണ്ടിരിക്കുന്നവർ നിന്നെ വ്യസനിപ്പിക്കാതിരുന്നുകൊള്ളട്ടെ, (അതെ) തങ്ങളുടെ വായകൾകൊണ്ട് 'ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു'വെന്നു പറയുകയും, തങ്ങളുടെ ഹൃദയങ്ങൾ വിശ്വസിക്കാതി രിക്കുകയും ചെയ്തവരിൽ നിന്നും; യഹൂദ രായിട്ടുള്ളവരിൽ നിന്നും (അവിശ്വാസത്തിൽ പതിക്കുവാൻ ധൃതികൂട്ടുന്നവർ). വ്യാജത്തി ലേക്കു ചെവി കൊടുത്തുകൊണ്ടിരിക്കുന്നവർ! നിൻെറ അടുക്കൽ വന്നിട്ടില്ലാത്ത വേറെ ചില ജനങ്ങളിലേക്ക് ചെവികൊടുത്തുകൊണ്ടിരി ക്കുന്നവർ! വാക്കുകളെ അതിൻെറ സ്ഥാന (നിർണ്ണയ) ങ്ങൾക്കു ശേഷം അവർ മാറ്റം വരുത്തുന്നു. അവർ പറയുന്നു: “നിങ്ങൾക്ക് ഇത് (ഈ മാറ്റം വരുത്തിയത്) നൽകപ്പെട്ടെങ്കിൽ നിങ്ങളത് സ്വീകരിച്ചുകൊള്ളുവിൻ; ഇതു നൽകപ്പെട്ടില്ലെങ്കിൽ നിങ്ങൾ കാത്തുകൊള്ളു കയും ചെയ്യുക. ഏതൊരുവനെ അല്ലാഹു പരീക്ഷണത്തിന് ഉദ്ദേശിക്കുന്നുവോ, അവനു വേണ്ടി അല്ലാഹുവിങ്കൽ നിന്ന് യാതൊന്നും (തന്നെ) നീ സ്വാധീനമാക്കുകയില്ല തന്നെ. അക്കൂട്ടർ-അവരുടെ ഹൃദയങ്ങളെ ശുദ്ധീക രിക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ലാത്തവരത്രെ. അവർക്ക് ഇഹത്തിൽ അപമാനമുണ്ടായിരിക്കും. അവർക്ക് പരലോകത്തിൽ വമ്പിച്ച ശിക്ഷയു മുണ്ടായിരിക്കും.

سَمَّٰعُونَ لِلۡكَذِبِ أَكَّٰلُونَ لِلسُّحۡتِۚ
فَإِن جَآءُوكَ فَٱحۡكُم بَيۡنَهُمۡ أَوۡ أَعۡرِضۡ عَنۡهُمۡۖ
وَإِن تُعۡرِضۡ عَنۡهُمۡ فَلَن يَضُرُّوكَ شَيۡـٔٗاۖ وَإِنۡ
حَكَمۡتَ فَٱحۡكُم بَيۡنَهُم بِٱلۡقِسۡطِۚ إِنَّ ٱللَّهَ
يُحِبُّ ٱلۡمُقۡسِطِينَ ٤٢

42 വ്യാജത്തിനു ചെവികൊടുത്തുകൊണ്ടിരിക്കുന്നവര്‍! നിഷിദ്ധ (ധന) ത്തെ തിന്നുകൊണ്ടിരിക്കുന്നവര്‍! എന്നാല്‍, അവര്‍ നിന്‍റെ അടുക്കല്‍ വരുന്ന പക്ഷം, നീ അവര്‍ക്കിടയില്‍ വിധിച്ചു കൊള്ളുക, അല്ലെങ്കില്‍ അവരില്‍ നിന്ന് തിരിഞ്ഞു കളയുക. നീ അവരില്‍ നിന്ന് തിരിഞ്ഞു കളയുന്ന പക്ഷം, അവര്‍ നിനക്കു യാതൊന്നും ഉപദ്രവം വരുത്തുന്നതേയല്ല. നീ വിധിക്കുകയാണെങ്കിലോ, നീതിമുറയനുസരിച്ച് അവര്‍ക്കിടയില്‍ നീ വിധിക്കുകയും ചെയ്യുക. നിശ്ചയമായും, നീതിമുറ പാലിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നതാണ്.

وَكَيۡفَ يُحَكِّمُونَكَ وَعِندَهُمُ ٱلتَّوۡرَىٰةُ
فِيهَا حُكۡمُ ٱللَّهِ ثُمَّ يَتَوَلَّوۡنَ مِنۢ بَعۡدِ
ذَٰلِكَۚ وَمَآ أُوْلَٰٓئِكَ بِٱلۡمُؤۡمِنِينَ ٤٣

43 നിന്നെ എങ്ങിനെ അവര്‍ വിധികര്‍ത്താവാക്കും- അവരുടെ പക്കല്‍ തൗറാത്തുണ്ടായിരിക്കെ?! (അതെ) അല്ലാഹുവിന്‍റെ വിധി അതിലുണ്ട്; പിന്നെ (യും) അതിനുശേഷം അവര്‍ തിരിഞ്ഞു പോകുന്നു (എന്നിരിക്കെ)! അക്കൂട്ടര്‍, വിശ്വാസികളേ അല്ല.

---

തന്നിഷ്ടത്തിനും കാര്യലാഭത്തിനും വേണ്ടി അല്ലാഹുവിന്റെയും റസൂലിന്റെയും കല്‍പനകളെ ധിക്കരിക്കുകയും മതനിയമങ്ങളെ മാറ്റി മറിക്കുകയും ചെയ്യുന്ന യഹൂദികളും അവരുടെ ചാരന്മാരും അനുഭാവികളുമായി വര്‍ത്തിക്കുന്ന കപട വിശ്വാസികളും അവിശ്വാസത്തിന്റെ അഗാധതയിലേക്ക് ദ്രുതഗമനം ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നബി(സ) വ്യസനിക്കേണ്ടതില്ല. അവരെ കൊണ്ടുള്ള ശല്യം അല്ലാഹു തീര്‍ത്ത് തരുന്നതാണ് എന്ന് അല്ലാഹു നബി(സ) യെ സമാധാനിപ്പിക്കുന്നു.

ഈ വചനങ്ങളുടെ അവതരണത്തിന് ആസ്പദമായി ഒന്നിലധികം സംഭവങ്ങള്‍ വിവരിക്കപ്പെട്ടിട്ടുണ്ട്.

യഹൂദികളില്‍പെട്ട ഒരു പുരുഷനും സ്ത്രീയും വ്യഭിചാരം ചെയ്തു. തൌറാത്തിലെ വിധിപ്രകാരം എറിഞ്ഞ് കൊല്ലപ്പെടേണ്ട അവരെ ചമ്മട്ടി കൊണ്ട് അടിക്കുക , മുഖത്ത് തീ പൊള്ളിക്കുക എന്നിങ്ങനെസ്വയം നിര്‍മ്മിച്ചുണ്ടാക്കിയ വിധി അവര്‍ നടപ്പാക്കി. വിവരമറിഞ്ഞ റസൂല്‍(സ) എറിഞ്ഞ് കൊല്ലുവാന്‍ തന്നെ വിധിച്ചു. തൌറാത്തിലെ പ്രസ്തുത സൂക്തം (എറിഞ്ഞ്കൊല്ലണമെന്നുള്ള) വായിച്ച് കേള്‍പിച്ചു. തുടര്‍ന്ന് ആ പുരുഷനും സ്ത്രീയും എറിഞ്ഞ് കൊല്ലപെടുകയുണ്ടായി.

മറ്റൊരു സംഭവത്തില്‍ ഒരു കൊലപാതക കേസില്‍ കക്ഷികള്‍ തമ്മിലുണ്ടായ വഴക്കിനെതുടര്‍ന്ന് യഹൂദര്‍ നബി(സ)യുടെ തീരുമാനത്തിന് വിടുവാന്‍ തീരുമാനിക്കുകയും ആ സന്ദര്‍ഭത്തിലാണ് ഈ വചനങ്ങള്‍ അവതരിച്ചതെന്നും വേറെ ചില ഹദീസുകളില്‍ വന്നിരിക്കുന്നു. الله اعلم അക്കാലങ്ങളാല്‍, ഉന്നത വര്‍ഗ്ഗത്തില്‍ പെട്ടവര്‍ കൊലക്കുറ്റം ചെയ്താല്‍ പ്രതികാര നടപടികളില്‍ ഇളവനുവദിക്കുകയും, സാധാരണക്കാര്‍ കൊല ചെയ്താല്‍ പൂര്‍ണ്ണമായ നടപടി സ്വീകരിക്കുകയും , യഹൂദികളില്‍ പതിവായിരുന്നു..

'വ്യാജത്തിലേക്ക് ചെവി കൊടുക്കുന്നവര്‍ ' എന്നത് കൊണ്ട് കള്ളവാര്‍ത്തകള്‍ കേള്‍ക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവര്‍ എന്നും, എന്തെങ്കിലും ഹേതുകാട്ടി കളവ് പറഞ്ഞു പരത്തുവാനായി നബി(സ)യുടെ അടുക്കല്‍ വന്ന് വല്ലതും കേള്‍ക്കുന്നവര്‍ എന്നും അര്‍ത്ഥം വരും.

"വേറെ ചില ജനങ്ങളിലേക്ക് ചെവി കൊടുത്തു കൊണ്ടിരിക്കുന്നവര്‍" എന്നത് കൊണ്ട് നബി(സ)യുടെ വാക്കുകളിലേക്കല്ല, മറ്റൊരു കൂട്ടരുടെ വാക്കുകളിലേക്കാണ് അവരുടെ ശ്രദ്ധ, എന്നും , മറ്റൊരു ജനതക്ക് വേണ്ടി, അവര്‍ക്ക് ആരോപണങ്ങള്‍ ഉന്നയിക്കാന്‍ വല്ല പഴുതും ഉണ്ടാക്കിക്കൊടുക്കുവാന്‍ വേണ്ടിയാണ് അവര്‍ നബി(സ)യുടെ അടുക്കല്‍ വന്ന് ചെവിയോര്‍ക്കുന്നത്, എന്നും, വിശദീകരണം നല്കപെടുന്നു.

"നിന്റെ അടുക്കല്‍ വന്നിട്ടില്ലാത്ത വേറെ ചില ജനങ്ങള്‍" എന്നത് കൊണ്ടുദ്ദേശ്യം, അഹങ്കാരം

നിമിത്തം നബി(സ) യുടെ അടുക്കൽ വരാതെ അകലെ നിന്ന് കുത്തിത്തിരുപ്പ് നടത്തുന്ന യഹൂദികൾ എന്നാകുന്നു.

"വാക്കുകളെ അതിന്റെ സ്ഥാനങ്ങൾക്ക് ശേഷം അവർ മാറ്റം വരുത്തുന്നു" എന്നത് കൊണ്ട് വേദ ഗ്രന്ഥങ്ങളിലെ നിയമ വ്യവസ്ഥകളെ ദുർവ്യാഖ്യാനം ചെയ്യുന്ന യഹൂദികളുടെ പതിവിനെയാണ് സൂചിപ്പിക്കുന്നത്.

"നിങ്ങൾക്ക് ഇത് നല്കപെട്ടെങ്കിൽ സ്വികരിച്ച് കൊള്ളുക ഇല്ലെങ്കിൽ കാത്തു കൊള്ളുക" എന്ന വാക്യം, അവരുടെ നേതാക്കൾ അവരോട്, അവരുടെ അഭീഷ്ടങ്ങൾക്ക് യോജിക്കുന്ന വല്ലതും നബി(സ) പറഞ്ഞാൽ, അത് സ്വീകരിക്കാമെന്നും, അല്ലാത്ത പക്ഷം അത് തള്ളികളയണമെന്നും നിർദ്ദേശിക്കുന്നതിനെസൂചിപ്പിക്കുന്നു. അവർ എത്രമാത്രം ദുഷിച്ച് പോയിട്ടുണ്ടെന്നും, അവരുടെ ഹൃദയം എത്രത്തോളം കടുത്ത് പോയിട്ടുണ്ടെന്നും, ഇതിൽ നിന്നൊക്കെ വ്യക്തമാണല്ലൊ. ആകയാൽ അവർ നന്നായിത്തീരുമെന്നോ, അവരുടെ ഹൃദയം ശുദ്ധമായി ത്തീരുമെന്നോ പ്രതീക്ഷിക്കേണ്ടതില്ലെന്ന്, അല്ലാഹു നബി(സ) യെ അറിയിക്കുന്നു- "ഹൃദയം ശുദ്ധിയാക്കാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ലാത്ത ഒരു കൂട്ടരാണവർ". എന്ത് കൊണ്ടെന്നാൽ നന്നായി ത്തീരുവാനും ഹൃദയം ശുദ്ധിയാകുവാനുമുള്ള ആഗ്രഹമോ, പ്രവർത്തനമോ ഒന്നുമില്ലാത്തവരാണവർ. അവർക്ക് ഇഹത്തിൽ അപമാനവും , പരത്തിൽ വമ്പിച്ച ശിക്ഷയും ഉണ്ടായിരിക്കും.

തുടർന്നും അല്ലാഹു അവരെ ആക്ഷേപിക്കുന്നു "അവർ വ്യാജത്തിന് ചെവി കൊടുത്ത് കൊണ്ടിരിക്കുന്നവരാകുന്നു. അവർ നിഷിദ്ധം തിന്നൽ പതിവാക്കിയവരാകുന്നു" മതവിധികളെ മാറ്റി മറിച്ച് വ്യാഖ്യാനിക്കുന്നതിന്റെ പേരിൽ കൈക്കൂലിയും കോഴയും ഉപജീവനമാർഗ്ഗമാക്കി മാറ്റിയവരാണവർ.

ഇനി അഥവാ, അവർ വല്ല വിഷയത്തിലും വിധി തേടി ക്കൊണ്ട് വന്നാൽ വിധി കൊടുക്കുകയൊ, കൊടുക്കാതിരിക്കുകയൊ, ഇഷ്ടം പോലെ ചെയ്യാം. എന്നാൽ വിധി കൊടുക്കുന്ന പക്ഷം നീതിമുറയനുസരിച്ചെ കൊടുക്കാവൂ എന്ന അല്ലാഹു നബി(സ) യെ ഉപദേശിക്കുന്നു. അവരുടെ പക്കൽ തൌറാത്ത് ഉണ്ടായിട്ടും , അതവർ അനുസരിക്കാതെ, നബി (സ)യുടെ അടുക്കൽ വിധി തേടുന്നത്, തങ്ങളുടെ ആഗ്രഹത്തിനൊത്ത വിധി കിട്ടിയെങ്കിലൊ എന്നുള്ള ദുരുദ്ദേശമാണെന്ന് വ്യക്തമാണല്ലൊ.

## വിഭാഗം 7

**വചനം 44**

إِنَّآ أَنزَلْنَا ٱلتَّوْرَىٰةَ فِيهَا هُدًى وَنُورٌ ۚ يَحْكُمُ بِهَا ٱلنَّبِيُّونَ ٱلَّذِينَ أَسْلَمُوا۟ لِلَّذِينَ هَادُوا۟ وَٱلرَّبَّٰنِيُّونَ وَٱلْأَحْبَارُ بِمَا ٱسْتُحْفِظُوا۟ مِن كِتَٰبِ ٱللَّهِ وَكَانُوا۟ عَلَيْهِ شُهَدَآءَ ۚ فَلَا تَخْشَوُا۟ ٱلنَّاسَ وَٱخْشَوْنِ وَلَا تَشْتَرُوا۟ بِـَٔايَٰتِى ثَمَنًا قَلِيلًا ۚ وَمَن لَّمْ يَحْكُم بِمَآ أَنزَلَ ٱللَّهُ فَأُو۟لَٰٓئِكَ هُمُ ٱلْكَٰفِرُونَ ﴿٤٤﴾

44 നിശ്ചയമായും, നാം തൗറാത്ത് അവതരിപ്പിച്ചിരിക്കുന്നു; അതിൽ മാർഗ്ഗദർശനവും പ്രകാശവുമുണ്ട്. (ഇസ്‌ലാമിനെ അംഗീകരിച്ചു) കീഴൊതുങ്ങിയവരായ പ്രവാചകൻമാർ യഹൂദരായുള്ളവർക്ക് അതു പ്രകാരം വിധിച്ചു കൊടുത്തിരുന്നു; 'റബ്ബാനി'കളും (പുണ്യ പുരുഷൻമാരും) , പണ്ഡിതൻമാരും (വിധിച്ചു കൊടുത്തിരുന്നു); (അതെ) അല്ലാഹുവിൻെറ ഗ്രന്ഥത്തെ സംബന്ധിച്ച് അവരോട് കാത്തു സൂക്ഷിക്കുവാൻ ഏൽപിക്കപ്പെട്ടതും, അതിന് അവർ സാക്ഷ്യം വഹിക്കുന്നവരായിരുന്നതും നിമിത്തം. (അതു കൊണ്ടാണ് അവർ അതു പ്രകാരം വിധിച്ചിരുന്നത്) ആകയാൽ, നിങ്ങൾ മനുഷ്യരെ പേടിക്കരുത്; എന്നെ പേടിക്കുകയും ചെയ്യണം; എൻെറ 'ആയത്തു' (ലക്ഷ്യം) കൾക്ക് നിങ്ങൾ തുച്ഛമായ വില വാങ്ങുകയും ചെയ്യരുത്. ആർ അല്ലാഹു അവതരിപ്പിച്ചത് പ്രകാരം വിധിക്കുന്നില്ലയോ, അക്കൂട്ടർ തന്നെയാണ് അവിശ്വാസികൾ.

ജനങ്ങൾക്ക് സൻമാർഗ്ഗം പ്രാപിക്കുവാനാവശ്യമായ മാർഗ്ഗദർശനങ്ങളും അജ്ഞാനാന്ധകാരങ്ങളിൽ നിന്നുള്ള പ്രകാശവുമായി തൌറാത്ത് അല്ലാഹു അവതരിപ്പിച്ചിരിക്കുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള ഏക മതമായ ഇസ്ലാമിന്റെ നിയമ നിർദ്ദേശങ്ങൾക്ക് കീഴൊതുങ്ങിക്കൊണ്ടിരിക്കുന്ന റബ്ബാനികളും പണ്ഡിതൻമാരു മൊക്കെ അതിലെ നിയമമനുസരിച്ച് അവർക്കിടയിൽ വളരെ കാലം വിധി നടത്തി പോന്നിട്ടുണ്ട് , വേദഗ്രന്ഥ ത്തിന്റെ സംരക്ഷണവും പ്രബോധനകൃത്യവും ഏൽപിക്കപ്പെട്ടവരായിരുന്നു അവർ. അതിന്റെ സത്യങ്ങൾക്കും പരിശുദ്ധിക്കും അവർ സാക്ഷികളുമായിരുന്നു. അതുകൊണ്ട് അവർ ആ ചുമതല നിർവഹിച്ച് പോന്നു ഈ പാരമ്പര്യം നിലനിർത്തേണ്ടവരാണ് യഹൂദികൾ.

തുടർന്ന് യഹൂദികളോടും സത്യവിശ്വാസികളോടും, ജനങ്ങളെ പേടിക്കണ്ട , എന്നെ പേടിക്കുകയും വേണം എന്ന് ഉദ്ബോധിപ്പിക്കുന്നു. ജനങ്ങളെ ഭയന്ന് കൊണ്ട് അല്ലാഹുവിന്റെ നിയമങ്ങൾ മാറ്റി മറിച്ച് അതൊരു വരുമാനമാക്കുന്ന സമ്പ്രദായം നിറുത്തൽ ചെയ്യണമെന്നാണ് സൂചന . “എന്റെ ആയത്തുകൾക്കു തുഛ വില വാങ്ങരുത്” എന്നും, “അല്ലാഹു അവതരിപ്പിച്ചത് പ്രകാരം ആർ വിധിക്കുന്നില്ലയൊ, അക്കൂട്ടർ തന്നെയാണ് അവിശ്വാസികൾ ” എന്നും അല്ലാഹു തുടർന്ന് താക്കീത് ചെയ്യുന്നു. അടുത്ത വചനത്തിൽ “അക്കൂട്ടർ തന്നെയാണ് അക്രമികൾ ”എന്നും 47-ാം വചനത്തിൽ “അവർ തോന്നിയവാസികളാണ് ” എന്നും അല്ലാഹു പറഞ്ഞിരിക്കുന്നു.

“അവർ അവിശ്വാസികളാണ്” എന്ന വാക്യത്തിന്റെ ഉദ്ദേശം യഹൂദികളും കൃസ്ത്യാനികളും അട ങ്ങുന്ന വേദക്കാരെ സംബന്ധിച്ചാണെന്നും അല്ലാഹുവിന്റെ ഏതെങ്കിലും വിധിയെ നിഷേധിക്കുന്നവരെ പറ്റിയാണെന്നും , “അവിശ്വാസം ” എന്ന വാക്കു കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിന്റെ വിധി നിയമങ്ങൾ സ്വീകരിക്കാതിരിക്കുന്നതിന്റെ ഗൗരവം ചൂണ്ടികാട്ടുവാനാണെന്നും (സത്യ വിശ്വാസത്തിനെതിരായ അവി ശ്വാസം എന്ന നിലയിലല്ല എന്നും ) ഖുർആൻ വ്യാഖ്യാതാക്കൾ ഒന്നിലധികം നിലപാട് സ്വീകരിച്ച് കാണുന്നു.

**الله اعلم**

“അല്ലാഹുവിന്റെ വിധിയെ നിഷേധിച്ച് കൊണ്ട്, അവൻ അവതരിപ്പിച്ച പ്രകാരം വിധിക്കാതിരിക്കുന്ന എല്ലാവരെ പറ്റിയും പറയുവാനുള്ളത് അവർ അവിശ്വാസികളാണ് എന്ന് തന്നെയാകുന്നു ” എന്നാണ് ഇക്കാ ര്യത്തിൽ ഇബ്നു അബ്ബാസു (റ) പ്രസ്താവിച്ചിട്ടുള്ളത്.

---

**വചനം 45**

وَكَتَبْنَا عَلَيْهِمْ فِيهَآ أَنَّ ٱلنَّفْسَ بِٱلنَّفْسِ وَٱلْعَيْنَ بِٱلْعَيْنِ وَٱلْأَنفَ بِٱلْأَنفِ وَٱلْأُذُنَ بِٱلْأُذُنِ وَٱلسِّنَّ بِٱلسِّنِّ وَٱلْجُرُوحَ قِصَاصٌ ۚ فَمَن تَصَدَّقَ بِهِۦ فَهُوَ كَفَّارَةٌ لَّهُۥ ۚ وَمَن لَّمْ يَحْكُم بِمَآ أَنزَلَ ٱللَّهُ فَأُو۟لَٰٓئِكَ هُمُ ٱلظَّٰلِمُونَ ﴿٤٥﴾

45 അവരുടെ (യഹൂദൻമാരുടെ) മേൽ അതിൽ (തൗറാത്തിൽ) നാം നിയമമാക്കുകയും ചെയ്തിരിക്കുന്നു: ആൾക്ക് ആളും, (ജീവന് ജീവനും) കണ്ണിന് കണ്ണും, മൂക്കിന് മൂക്കും, ചെവിക്ക് ചെവിയും, പല്ലിന് പല്ലും മുറിവു(കൾക്ക് മുറിവു)കളും പ്രതികാര നടപടിയാകുന്നുവെന്ന്. എന്നാൽ, ആരെങ്കിലും അതിനെ (പ്രതികാര നടപടിയെ) ധർമ്മമാക്കി (മാപ്പാക്കി)യാൽ അതവന് പ്രായശ്ചിത്തമായി രിക്കും. ആർ അല്ലാഹു അവതരിപ്പിച്ചതു പ്രകാരം വിധിക്കുന്നില്ലയോ അക്കൂട്ടർ തന്നെയാണ് അക്രമികൾ.

---

പ്രമാണികളായ ആളുകൾ കൊലക്കുറ്റം, വ്യഭിചാരക്കുറ്റം എന്നിവ ചെയ്താൽ അവർക്കുള്ള ശിക്ഷ കളി ൽ ഇളവ് നല്കികൊണ്ടുള്ള പല നടപടികളും യഹൂദികൾ സ്വീകരിച്ച് വന്നിരുന്നു. തൌറാത്തിലൂടെ , കൊന്നവനെകൊല്ലുക, മൂക്ക്, ചെവി, കണ്ണ് മുതലായ അവയവങ്ങളെ നഷ്ടപെടുത്തുന്നവരോടും മുറിവുകൾ വരുത്തുന്നവരോടും അതേ പ്രകാരം തന്നെ പകരം ചെയ്യുക എന്നീ ശിക്ഷാരീതികളിൽ, കുറ്റക്കാർ യോഗ്യ രെന്നോ അയോഗ്യരെന്നോ, പ്രമാണികളെന്നോ പാവങ്ങളെന്നോ നോക്കാതെ നടപ്പാക്കണമെന്നാണ്, നിർദ്ദേ ശിക്കപ്പെട്ടിട്ടുള്ളത് . പക്ഷെ അക്രമികളോട് പ്രതികാരം നടത്താനുള്ള അവകാശം, ആരെങ്കിലും വിട്ട് കൊടുത്ത് കൊണ്ട് അവനെ പ്രതികാരത്തിൽ നിന്നും ഒഴിവാക്കുന്നതായാൽ അത് പുണ്യകരവും, പാപമോചനത്തിന് കാരണവുമായിത്തീരുന്നതാണ്.

തൌറാത്തിലെ വിധി നടപ്പിൽ വരുത്താതെ മറ്റൊരു പുതിയ വിധിയുണ്ടാക്കി നടപ്പിൽ വരുത്തു ന്നവർ ആരോ അക്കൂട്ടർ തന്നെയാണ് അക്രമികൾ എന്ന് അല്ലാഹു തുടർന്ന് അറിയിക്കുന്നു. പ്രതിക്രിയ നട ത്തുന്ന കാര്യത്തിൽ തൌറാത്തിലെ ഈ നിയമം തന്നെയാണ് ഇസ്ലാമിൽ ഇപ്പോഴും നിലവിലുള്ളത്. തൌറാത്തിൽ പല മാറ്റതിരുത്തലുകൾക്കും കാലക്രമത്തിൽ വിധേയമായിട്ടുണ്ടെങ്കിലും, ഇന്നത്തെ ബൈബി ളിലും , പ്രതിക്രിയ സംബന്ധിച്ച് മേൽ പറഞ്ഞ നിയമ നിർദ്ദേശങ്ങൾ ഇപ്പോഴും മാറ്റമില്ലാതെ നിലനിൽക്കു ന്നതായി കാണാവുന്നതാണ് (പുറപ്പാട് അ: 21 ൽ 23 –25 )

---

**വചനം 46, 47**

وَقَفَّيْنَا عَلَىٰٓ ءَاثَٰرِهِم بِعِيسَى ٱبْنِ مَرْيَمَ مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ ٱلتَّوْرَىٰةِ ۖ وَءَاتَيْنَٰهُ ٱلْإِنجِيلَ فِيهِ هُدًى وَنُورٌ وَمُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ ٱلتَّوْرَىٰةِ وَهُدًى وَمَوْعِظَةً لِّلْمُتَّقِينَ ﴿٤٦﴾

46 (മേൽപറഞ്ഞ) അവരുടെ (കാൽ) പാടുകളിലായി നാം മർയമിൻെറ മകൻ ഈസായെ തുടർന്നയക്കുകയും ചെയ്തു; തൻെറ മുമ്പിലിരിക്കുന്ന തൌറാത്തിനെ (ശരിവെച്ച്) സത്യപ്പെടുത്തുന്നവനായിക്കൊണ്ട്. അദ്ദേഹത്തിനു നാം ‘ഇഞ്ചീലും’ നൽകി; അതിൽ മാർഗ്ഗദർശനവും, പ്രകാശവും ഉണ്ടായിക്കൊണ്ടും, അതിൻെറ മുമ്പിലിരിക്കുന്ന തൌറാത്തിനെ (ശരിവെച്ച്) സത്യമാക്കിക്കൊണ്ടും; സൂക്ഷ്മത പാലിക്കുന്നവർക്ക് മാർഗ്ഗദർശനവും, സദുപദേശവുമായിക്കൊണ്ടും.

وَلْيَحْكُمْ أَهْلُ ٱلْإِنجِيلِ بِمَآ أَنزَلَ ٱللَّهُ فِيهِ ۚ وَمَن لَّمْ يَحْكُم بِمَآ أَنزَلَ ٱللَّهُ فَأُو۟لَٰٓئِكَ هُمُ ٱلْفَٰسِقُونَ ﴿٤٧﴾

47 ഇഞ്ചീലിൻെറ ആൾക്കാർ അതിൽ അല്ലാഹു അവതരിപ്പിച്ച പ്രകാരവും വിധിച്ചുകൊള്ളട്ടെ. അല്ലാഹു അവതരിപ്പിച്ച പ്രകാരം ആർ വിധിക്കുന്നില്ലയോ അക്കൂട്ടർ തന്നെയാണു തോന്നിയവാസികൾ.

---

ഈസാ(അ) നബിയും, ഇഞ്ചീലിന്റെയും തൌറാത്തിന്റെയും അദ്ധ്യയനങ്ങളെ ശരിവയ്ക്കുകയും അതിലേക്ക് ക്ഷണിക്കുകയുമാണ് ചെയ്തിരുന്നത്. അൽപ മാത്രമായ ചില കാര്യങ്ങളിലൊഴിച്ച് ബാക്കി വിഷയങ്ങളിലെല്ലാം, തൌറാത്തിലൂടെ മൂസാ(അ) നബി മുഖേന നടപ്പാക്കപ്പെട്ട ശരിഅത്ത് നിയമങ്ങൾ തന്നെയായിരുന്നു ഈസാ(അ) നബിയും പിൻപറ്റിയിരുന്നത്. എല്ലാ പ്രവാചകൻമാരും പ്രബോധനം ചെയ്യേ ണ്ടിയിരുന്ന മതം ഇസ്ലാം ആക കൊണ്ട് ഓരോപ്രവാചകനും, അനുഷ്ഠാനമുറകളിലെ വിശദാംശങ്ങളിൽ കാലികമായ മാറ്റം മാത്രം അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം നടപ്പിൽ വരുത്തി, തന്റെ മുമ്പുള്ള പ്രവാചകർ സ്വീകരിച്ച് വന്ന അതെ നടപടി മാർഗ്ഗങ്ങൾ തന്നെയാണ് പിൻ പറ്റി പോന്നത്.

ആദ്യകാലത്ത് ഈസാ (അ) നബിയിൽ വിശ്വസിച്ചവരും തൌറാത്തിന്റെ നിയമനടപടികൾ തന്നെ യാണ് അംഗീകരിച്ചിരുന്നത്. കാലക്രമത്തിൽ യഹൂദികളും കൃസ്ത്യാനികളും തമ്മിൽ ശത്രുതയും പകയും മുഴുത്തതോടെ കൃസ്ത്യാനികൾ, പഴയ നിയമം വർജ്ജിക്കുകയും പുരോഹിത വർഗ്ഗം പുതിയ നിയമ നട പടിച്ചട്ടങ്ങൾ സൃഷ്ടിക്കുകയും ചെയ്ത് പോന്നു.

ഇഞ്ചീലിന്റെ ആൾക്കാർ , തൌറാത്തിനെയും പിൻ പറ്റൽ അനിവാര്യമാകുന്നു. ഇഞ്ചീലിൽ സുവി ശേഷങ്ങൾക്കും സദുപദേശങ്ങൾക്കും പുറമെ ചില നിയമങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് “ഇഞ്ചീലിന്റെ ആൾക്കാർ അതിലുള്ള പ്രകാരംവിധിച്ചു കൊള്ളട്ടെ ” എന്ന വചനത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. നബി(സ) തിരുമേനിയുടെ വരവിനെക്കുറിച്ചും തിരുമേനിയിൽ വിശ്വസിക്കേണ്ടതുണ്ടെന്നുള്ള മുന്നറിയിപ്പുകളും തൌ റാത്തിലും ഇഞ്ചീലിലും ഉണ്ട് താനും (സൂ : സ്വഫ്-ഫ് 6-ാം വചനത്തിന്റെ വ്യാഖ്യാനം നോക്കുക) അപ്പോൾ ഇഞ്ചീലിലുള്ള കൽപനകൾ യഥാവിധി സ്വീകരിക്കുന്ന പക്ഷം അവർ നബി(സ)യിലും ഖുർആനിലും വിശ്വ സിക്കലും അനിർവാര്യമായിത്തീരുന്നു. എന്നാൽ യഹൂദികൾ അവരുടെ വേദഗ്രന്ഥത്തിൽനിന്നും വ്യതിചലി ച്ചത് പോലെ കൃസ്ത്യാനികളും അവർക്ക് അല്ലാഹു നൽകിയ ഇഞ്ചീലിൽ പല ഭേദഗതികളും വരുത്തി. സുവിശേഷങ്ങൾ എന്ന പേരിൽ പലരും പലതും എഴുതിയുണ്ടാക്കുകയാണുണ്ടായത്.

അല്ലാഹു ഇഞ്ചീലിൽ അവതരിപ്പിച്ച പ്രകാരം വിധിക്കാത്ത പക്ഷം അക്കൂട്ടർ തന്നെയാണ് തോന്നിയവാസികൾ എന്ന് അല്ലാഹു തുടർന്ന് താക്കീത് ചെയ്യുന്നു.

**വചനം 48**

وَأَنزَلْنَآ إِلَيْكَ ٱلْكِتَٰبَ بِٱلْحَقِّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ ٱلْكِتَٰبِ وَمُهَيْمِنًا عَلَيْهِ ۖ فَٱحْكُم بَيْنَهُم بِمَآ أَنزَلَ ٱللَّهُ ۖ وَلَا تَتَّبِعْ أَهْوَآءَهُمْ عَمَّا جَآءَكَ مِنَ ٱلْحَقِّ ۚ لِكُلٍّ جَعَلْنَا مِنكُمْ شِرْعَةً وَمِنْهَاجًا ۚ وَلَوْ شَآءَ ٱللَّهُ لَجَعَلَكُمْ أُمَّةً وَٰحِدَةً وَلَٰكِن لِّيَبْلُوَكُمْ فِى مَآ ءَاتَىٰكُمْ ۖ فَٱسْتَبِقُوا۟ ٱلْخَيْرَٰتِ ۚ إِلَى ٱللَّهِ مَرْجِعُكُمْ جَمِيعًا فَيُنَبِّئُكُم بِمَا كُنتُمْ فِيهِ تَخْتَلِفُونَ ﴿٤٨﴾

48 (നബിയേ) നിനക്കും നാം യഥാർത്ഥ പ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിരിക്കുന്നു; അതിൻെറ മുമ്പിലുള്ള വേദഗ്രന്ഥത്തെ (ശരി വെച്ചു) സത്യപ്പെടുത്തുന്നതായിക്കൊണ്ടും, അതിൽ മേൽനോട്ടം ചെയ്യുന്നതായിക്കൊണ്ടും. ആകയാൽ, അല്ലാഹു അവതരിപ്പിച്ചതു പ്രകാരം അവർക്കിടയിൽ നീ വിധിച്ചുകൊള്ളുക. നിനക്ക് വന്നിട്ടുള്ള യഥാർത്ഥത്തെ വിട്ട് അവരുടെ ഇച്ഛകളെ നീ പിൻപറ്റുകയും ചെയ്യരുത്. നിങ്ങളിൽ എല്ലാവർക്കും (തന്നെ) ഓരോ (നിയമ) നടപടി ക്രമവും, ഓരോ തുറന്ന (കർമ്മ) മാർഗ്ഗവും നാം ഏർപ്പെടുത്തിയിരിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ (യെല്ലാം) അവൻ ഒരേ സമുദായമാക്കുക തന്നെ ചെയ്യുമായിരുന്നു എങ്കിലും, നിങ്ങൾക്ക് അവൻ നൽകിയിട്ടുള്ളതിൽ നിങ്ങളെ പരീക്ഷണം ചെയ്വാൻ വേണ്ടിയത്രെ (അങ്ങിനെ ചെയ്യാതിരുന്നത്.) അതിനാൽ, നല്ല കാര്യങ്ങൾക്കു (മത്സര പൂർവ്വം) മുൻ കടന്നു വരുവിൻ! അല്ലാഹുവിങ്കലേക്കാണ് നിങ്ങളുടെയെല്ലാം മടങ്ങിവരവ്. അപ്പോൾ, നിങ്ങൾ (തമ്മിൽ) ഏതൊന്നിൽ ഭിന്നാഭിപ്രായത്തിലായിരുന്നുവോ അതിനെപ്പറ്റി അവൻ നിങ്ങളെ ബോധപ്പെടുത്തുന്നതാണ്.

---

തൌറാത്തിനെയും ഇഞ്ചീലിനെയുമെന്ന പോലെ ഖുർആനാകുന്ന വേദഗ്രന്ഥവും അല്ലാഹു തന്നെയാണ് അവതരിപ്പിച്ചിരിക്കുന്നത്. അതിനു മുമ്പുള്ള വേദഗ്രന്ഥങ്ങളുടെ സത്യത സ്ഥാപിക്കുകയാണ് ഖുർആൻ ചെയ്യുന്നത്. കൂടാതെ ഏതെങ്കിലും തരത്തിലുള്ള കൈകടത്തലുകളിലൂടെയും ദുർവ്യാഖ്യാനങ്ങളിലൂടെയും വികലമാക്കട്ടെ പ്രസ്തുത ഗ്രന്ഥങ്ങളുടെ സാക്ഷാൽ ദൗത്യങ്ങളെന്തായിരുന്നുവെന്ന് തുറന്ന് കാട്ടിക്കൊണ്ട്, അവയെ സംബന്ധിച്ച ഒരു മേൽ നോട്ടവും സംരക്ഷണവും കൂടിയാണ് ഖുർആൻ നിർവഹിക്കുന്നത്

ഇങ്ങിനെയുള്ള ഒരു ഗ്രന്ഥം നബി(സ)ക്ക് നൽകിയിട്ടുള്ള സ്ഥിതിക്ക് എല്ലാ കാര്യങ്ങളിലും വിധി കൽപിക്കുന്നതും തീരുമാനം നിശ്ചയിക്കുന്നതും ആ ഗ്രന്ഥം അനുസരിച്ച് മാത്രമായിരിക്കണം. ആരുടേയും ഇഛകൾക്കൊ തന്നിഷ്ടങ്ങൾക്കൊ വഴങ്ങിക്കൊടുക്കരുത്. ഈ കൽപന നബി (സ) തിരുമേനിക്ക് മാത്രമല്ല, മുസ്ലീം സമുദായത്തെ പൊതുവിലും പണ്ഡിതന്മാരേയും വിധികർത്താക്കളെയും പ്രത്യേകിച്ചും ബാധിക്കുന്നതാകുന്നു.

എല്ലാ നബിമാരും പ്രബോധനം ചെയ്തിട്ടുള്ളത് ഒരേ മതമാകുന്നു – ഇസ്ലാം. മാത്രമല്ല ഖുർആൻ അതിന്റെ മുമ്പുള്ള വേദഗ്രന്ഥങ്ങളെയെല്ലാം ശരിവെയ്ക്കുകയും ചെയ്യുന്നു. എന്നിരിക്കെ എല്ലാ സമുദായങ്ങളും ആചാരാനുഷ്ഠാനങ്ങളിലും നിയമ നടപടികളിലും വ്യത്യസ്തത പുലർത്താനുള്ള കാരണം എന്താണെന്നുള്ളതിനെ കുറിച്ചും അല്ലാഹു വിശദീകരിക്കുന്നു.

മൗലിക തത്വങ്ങളും മൂല സിദ്ധാന്തങ്ങളും ഒന്നു തന്നെയാണെങ്കിലും അവയെ പ്രയോഗവൽക്കരിക്കുന്നതിനായി ഓരോ സമുദായത്തിന്റെയും ബുദ്ധിപരവും മാനസീകവും സാമൂഹികവുമായ വളർച്ചക്കും

കാലദേശ പരിതസ്ഥിതികൾക്കും അനുസൃതമായി ഓരോ നിയമ നടപടിക്രമവും (شرعة) ഓരോ കർമ്മ മാർഗ്ഗവും (منهاج) നിശ്ചയിച്ച് വെച്ചതാണ്.

നബി (സ) പറഞ്ഞതായി അബുഹുറൈറ(റ) ഉദ്ധരിക്കുന്നു. "പ്രവാചക സമൂഹങ്ങളാകുന്ന ഞങ്ങൾ പല മാതൃവഴിക്കുള്ള സഹോദരങ്ങളാകുന്നു. ഞങ്ങളുടെ മതം ഒന്നത്രേ."

നിങ്ങളെ ഒരു സമുദായം മാത്രം ആക്കാതെ വ്യത്യസ്ത സമുദായങ്ങളാക്കിയത് ഓരോ സമുദായത്തിനും അവൻ നിശ്ചയിച്ചുതന്നിട്ടുള്ളതിൽ നിങ്ങൾ എന്ത് നില കൈക്കൊള്ളുന്നുവെന്ന് നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടിയാകുന്നു. ആരാണ് ലക്ഷ്യത്തിലേക്കു കൂടുതൽ മുന്നേറി വരുന്നതെന്നും ആരാണ് കൂടുതൽ വിജയം വരിക്കുന്നവരെന്നും ഉള്ള ഒരു പരീക്ഷണം കൂടിയത്രേ അത്. ഏത് നില കൈകൊണ്ടിരുന്നാലും എല്ലാവരും തിരിച്ച് വരുന്നത് അല്ലാഹുവിലേക്കാണല്ലോ. അപ്പോൾ ഓരോ കൂട്ടരും സ്വീകരിച്ച നിലപാട് എന്തായിരുന്നുവെന്ന് അവരെ ശരിക്കും ബോധ്യപ്പെടുത്തിക്കൊണ്ട് അവൻ നടപടി എടുത്തു കൊള്ളുന്നതുമാണ് എന്നും അല്ലാഹു എല്ലാവരേയും താക്കീത് ചെയ്യുന്നു.

**വചനം: 49, 50**

وَأَنِ ٱحْكُم بَيْنَهُم بِمَآ أَنزَلَ ٱللَّهُ وَلَا تَتَّبِعْ أَهْوَآءَهُمْ وَٱحْذَرْهُمْ أَن يَفْتِنُوكَ عَنۢ بَعْضِ مَآ أَنزَلَ ٱللَّهُ إِلَيْكَ ۖ فَإِن تَوَلَّوْا۟ فَٱعْلَمْ أَنَّمَا يُرِيدُ ٱللَّهُ أَن يُصِيبَهُم بِبَعْضِ ذُنُوبِهِمْ ۗ وَإِنَّ كَثِيرًا مِّنَ ٱلنَّاسِ لَفَٰسِقُونَ ﴿٤٩﴾

49 അല്ലാഹു അവതരിപ്പിച്ചതു പ്രകാരം അവർക്കിടയിൽ നീ വിധിക്കണം, അവരുടെ ഇച്ഛകളെ പിൻപറ്റുകയും ചെയ്യരുത് എന്നും (നാം കൽപിച്ചിരിക്കുന്നു). അല്ലാഹു നിനക്ക് അവതരിപ്പിച്ചിട്ടുള്ള ചിലതിൽനിന്ന് അവർ നിന്നെ കുഴപ്പത്തിലാ(ക്കി തെറ്റി)ക്കുന്നതിനെക്കുറിച്ചു നീ കാത്തുകൊള്ളുകയും ചെയ്യുക. ഇനി, അവർ തിരിഞ്ഞുകളയുന്ന പക്ഷം നീ അറിഞ്ഞുകൊള്ളുക: അവരുടെ ചില പാപങ്ങൾ നിമിത്തം അവർക്ക് (ആപത്ത്) ബാധിപ്പിക്കുവാൻ തന്നെ അല്ലാഹു ഉദ്ദേശിക്കുന്നുവെന്ന്. നിശ്ചയമായും, മനുഷ്യരിൽ നിന്ന് വളരെ ആളുകളും തോന്നിയവാസികൾ തന്നെയാണ്.

أَفَحُكْمَ ٱلْجَٰهِلِيَّةِ يَبْغُونَ ۚ وَمَنْ أَحْسَنُ مِنَ ٱللَّهِ حُكْمًا لِّقَوْمٍ يُوقِنُونَ ﴿٥٠﴾

50 അപ്പോൾ, 'ജാഹിലിയ്യത്തി'ന്റെ (അജ്ഞാന കാലത്തിലെ) വിധിയാണോ അവർ തേടുന്നത്?! ഉറപ്പി(ച്ചു വിശ്വസി)ക്കുന്ന ജനങ്ങൾക്ക് അല്ലാഹുവിനെക്കാൾ വിധി നന്നായുള്ളവൻ (വേറെ) ആരുണ്ട്?!

---

നബി(സ)യെ സ്വീകരിച്ചൊ വഞ്ചിച്ചൊ നേർമാർഗ്ഗത്തിൽ നിന്ന് വ്യതിചലിപ്പിക്കാമെന്ന വ്യാമോഹവുമായി ഏതാനും യഹൂദി നേതാക്കൾ, കഅബുബ്ന് അസദിന്റെ നേതൃത്വത്തിൽ നബി(സ)യുടെ അടുക്കൽ ചെന്ന് ഇപ്രകാരം പറഞ്ഞു. "ഞങ്ങളും ഞങ്ങളുടെ ജനങ്ങളും തമ്മിൽ ഒരു വഴക്ക് കേസുണ്ട്. ആയതിന് ഞങ്ങൾ താങ്കളുടെ മുമ്പിൽ ന്യായവിധിക്കായി വെക്കാം.താങ്കൾ അവർക്കെതിരായി ഞങ്ങൾക്ക് അനുകൂലമായി വിധിക്കണം. എങ്കിൽ ഞങ്ങൾ താങ്കളെ വിശ്വസിക്കുകയും സത്യപ്പെടുത്തുകയും ചെയ്ത് കൊള്ളാം. ഞങ്ങൾ താങ്കളെ പിൻ പറ്റിയാൽ മറ്റുള്ള യഹൂദരെല്ലാം ഞങ്ങളെയും പിൻ പറ്റും."

ഈ അവസരത്തിലാണ് ഈ വചനങ്ങൾ (49;50)അവതരിച്ചത്. അല്ലാഹു അവതരിപ്പിച്ച പ്രകാരം തന്നെ വിധിക്കണമെന്നും വേദക്കാരുടെയോ മറ്റൊ തന്നിഷ്ടങ്ങൾക്ക് വഴങ്ങിപ്പോകരുത് എന്നും അല്ലാഹു ഊന്നിപ്പറയുന്നു. അവർ, ഇത്തരം കുത്സിത പ്രവർത്തനങ്ങളിലൂടെ നിന്നെ കുഴപ്പത്തിലാക്കി തെറ്റിക്കുന്നതിനെക്കുറിച്ച് കാത്ത് കൊള്ളാനും അല്ലാഹൂ നബി (സ)യെ ഉപദേശിക്കുന്നു.

അവർ അല്ലാഹുവിന്റെ വിധി സ്വീകരിക്കാതെ, പിന്തിരിഞ്ഞുപോകുകയാണെങ്കിൽ അവരുടെ ചില പാപങ്ങൾ നിമിത്തം അവർക്ക് ആപത്ത് ബാധിപ്പിക്കുന്നതിന് അല്ലാഹു ഉദ്ദേശിക്കുന്നു. പരലോകത്തുള്ള ശിക്ഷ കൂടാതെ ഇഹലോകത്തും ആ ആപത്തുകൾ അവർ അനുഭവിക്കുകയുണ്ടായി. അവരിലെ നളീർ ഗോത്രം ഒന്നടങ്കം മദീനയിൽ നിന്ന് നാട് കടത്തപ്പെട്ടു; മറ്റൊരു ഗോത്രമായ 'ഖുറൈള'യാകട്ടെ, അവരിൽ

വലിയവരെല്ലാം തന്നെ അവരാൽ തന്നെ നിയമിതനായ മദ്ധ്യസ്ഥന്റെ തീരുമാനമനുസരിച്ച് കൊല്ലപ്പെടുകയും ചെയ്തു.

ഉപദേശങ്ങളും തെളിവുകളും ധാരാളം കിട്ടിയിട്ടും സത്യം സ്വീകരിക്കാതെ മുരടിച്ച് നിൽക്കുന്നത് ഒരു മനുഷ്യ സ്വഭാവമാണെന്ന് അല്ലാഹു നബി(സ)യെ സമാധാനിപ്പിക്കുകയാണു “മനുഷ്യരിൽ വളരെ ആളുകളും തോന്നിയവാസികൾ തന്നെ” എന്ന വചനത്തിലൂടെ.

ജാഹിലിയ്യ കാലത്തെ (അജ്ഞാനകാലത്തെ) മുശ്‌രിക്കുകൾ, അന്ധവിശ്വാസങ്ങളും കുല മഹാത്മ്യവും കൈയൂക്കുമൊക്കെ അടിസ്ഥാനമാക്കി കാര്യങ്ങൾ തീരുമാനിച്ചിരുന്നതുപോലെയാണോ വേദഗ്രന്ഥം ലഭിച്ച യഹൂദികളും, അവർക്കിടയിൽ കാര്യങ്ങൾക്ക് വിധി തേടുന്നത് എന്ന് അല്ലാഹു ആക്ഷേപ സ്വരത്തിൽ ചോദിക്കുന്നു. അല്ലാഹുവിലും വേദഗ്രന്ഥത്തിലുമൊക്കെ വിശ്വസിക്കുന്നുവെന്ന അവരുടെ അവകാശം നാമമാത്രമാകുന്നു. ഉറച്ച് വിശ്വസിച്ചിരുന്നെങ്കിൽ അല്ലാഹു നൽകിയ വിധി വിട്ട് മറ്റൊന്ന് സ്വീകരിക്കാനിടയില്ലെന്ന് തുടർന്ന് അല്ലാഹു സൂചിപ്പിക്കുന്നു.

## വിഭാഗം 8

**വചനം 51, 52, 53**

۞ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَتَّخِذُواْ ٱلْيَهُودَ وَٱلنَّصَٰرَىٰٓ أَوْلِيَآءَ ۘ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ وَمَن يَتَوَلَّهُم مِّنكُمْ فَإِنَّهُۥ مِنْهُمْ ۗ إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿٥١﴾

51 ഹേ, വിശ്വസിച്ചവരേ, യഹൂദികളെയും നസ്രാനി (ക്രിസ്ത്യാനി) കളെയും നിങ്ങൾ ബന്ധുമിത്രങ്ങളാക്കി (അഥവാ സഹായികളാക്കി) വെക്കരുത്. അവരിൽ ചിലർ ചിലരുടെ (തമ്മതമ്മിൽ) ബന്ധുമിത്രങ്ങളാകുന്നു. നിങ്ങളിൽ നിന്ന് ആരെങ്കിലും അവരോട് മൈത്രി സ്ഥാപിക്കുന്ന പക്ഷം, നിശ്ചയമായും അവൻ, അവരിൽ പെട്ടവനായിരിക്കും. നിശ്ചയമായും അല്ലാഹു, അക്രമികളായ ജനങ്ങളെ സൻമാർഗ്ഗത്തിലാക്കുകയില്ല.

فَتَرَى ٱلَّذِينَ فِى قُلُوبِهِم مَّرَضٌ يُسَٰرِعُونَ فِيهِمْ يَقُولُونَ نَخْشَىٰٓ أَن تُصِيبَنَا دَآئِرَةٌ ۚ فَعَسَى ٱللَّهُ أَن يَأْتِىَ بِٱلْفَتْحِ أَوْ أَمْرٍ مِّنْ عِندِهِۦ فَيُصْبِحُواْ عَلَىٰ مَآ أَسَرُّواْ فِىٓ أَنفُسِهِمْ نَٰدِمِينَ ﴿٥٢﴾

52 എന്നാൽ, ഹൃദയങ്ങളിൽ ഒരു (തരം) രോഗമുള്ളവർ അവരിൽ (അവരുമായി മൈത്രി സ്ഥാപിക്കുന്നതിൽ) ധൃതികൂട്ടിക്കൊണ്ടിരിക്കുന്നതായി നിനക്ക് കാണാം. അവർ പറയുന്നു: “ഞങ്ങൾക്ക് വല്ല അത്യാഹിതവും ബാധിക്കുന്നതിനെ ഞങ്ങൾ ഭയപ്പെടുന്നു.” എന്നാൽ, അല്ലാഹു വിജയത്തെ, അല്ലെങ്കിൽ തൻെറ പക്കൽ നിന്നുള്ള (മറ്റു) വല്ല കാര്യത്തെയും കൊണ്ടു വരുമാറായേക്കാം; അങ്ങനെ, അവർ തങ്ങളുടെ മനസ്സുകളിൽ രഹസ്യമാക്കിവെച്ചതിനെക്കുറിച്ച് അവർ ‘ഖേദക്കാരായി’ത്തീർന്നേക്കും. (ഇതവർ ഓർത്തിരിക്കട്ടെ.)

وَيَقُولُ ٱلَّذِينَ ءَامَنُوٓاْ أَهَٰٓؤُلَآءِ ٱلَّذِينَ أَقْسَمُواْ بِٱللَّهِ جَهْدَ أَيْمَٰنِهِمْ ۙ إِنَّهُمْ لَمَعَكُمْ ۚ حَبِطَتْ أَعْمَٰلُهُمْ فَأَصْبَحُواْ خَٰسِرِينَ ﴿٥٣﴾

53 വിശ്വസിച്ചവർ (അപ്പോൾ) പറയുകയും ചെയ്യും: “തങ്ങൾ നിങ്ങളുടെ കൂടെത്തന്നെയാണ് എന്ന് തങ്ങൾക്ക് കഴിയും പ്രകാരം അല്ലാഹുവിൽ സത്യം ചെയ്തുറപ്പിച്ചവർ ഇക്കൂട്ടരാണോ?!” (അതെ) അവരുടെ പ്രവർത്തനങ്ങൾ നിഷ്ഫലമായി; അങ്ങനെ അവർ നഷ്ടക്കാരായി ത്തീർന്നിരിക്കുകയാണ്.

മദീനയിലെ ഇസ്ലാമിന്റെ പ്രധാന ശത്രുക്കൾ യഹൂദികളും, രണ്ടാമതായി ക്രിസ്ത്യാനികളുമാണ്. അവരാകട്ടെ മുമ്പേ കെട്ടുറപ്പും ശക്തിയുമുള്ള സമൂഹവുമാകുന്നു. സത്യ വിശ്വാസം ഹൃദയത്തിൽ കടന്നിട്ടില്ലാത്ത കപട വിശ്വാസികൾ മുസ്ലീംകളുടെ ഭാവി അവസ്ഥയെപ്പറ്റി സംശയം വെച്ച് പുലർത്തുകയും, മുസ്ലിംകൾ അവസാനം പരാജയപ്പെടുകയും ശത്രുക്കൾ വിജയിക്കുകയും ചെയ്താൽ തങ്ങളുടെ ഭാവി അപകടത്തിലായിത്തീരുമെന്ന ഭയത്താൽ അവർ, ശത്രുവിഭാഗത്തോട് സ്നേഹവും മൈത്രിബന്ധവും പുലർത്തി പോരുകയും ചെയ്തു പോന്നു. എന്നാൽ അല്ലാഹു അന്തിമ വിജയം മുസ്ലീംകൾക്ക് നൽകി ശത്രുക്കളെ നാമാവശേഷമാക്കിയാൽ, ഈ കപടന്മാർ ഖേദത്തിലായിത്തീരും. മുസ്ലീംകളാണെങ്കിൽ അവരെ സ്വീകരിക്കുകയുമില്ല. അങ്ങനെ തങ്ങൾ സ്വീകരിച്ച അടവുകളെല്ലാം, തങ്ങൾക്ക് നഷ്ടം വരുത്തുകയാണുണ്ടായതെന്ന് അവർക്ക് വൈകി ബോധ്യമാകും. – എന്നൊക്കെയാണ് അല്ലാഹു ഈ വചനങ്ങളിൽ മുന്നറിയിപ്പ് തരുന്നത്. ഒടുക്കം സംഭവിച്ചതും അത് തന്നെയാണല്ലോ.

അങ്ങനെ മുസ്ലീംകളോടും വേദക്കാരോടും, തങ്ങൾ നിങ്ങളുടെ കൂടെത്തന്നെയാണെന്ന് സത്യം ചെയ്തു പറഞ്ഞ ഇക്കൂട്ടരുടെ പ്രവർത്തനങ്ങൾ വിഫലമാകുകയും അവർ നഷ്ടക്കാരായിത്തീരുകയും ചെയ്തിരിക്കുന്നു. അതായത് അവരുടെ ഗൂഢതന്ത്രങ്ങൾ പൊളിഞ്ഞ് പോകുകയും, അവർ മുസ്ലീംകളെന്ന നാട്യത്തിൽ ചെയ്ത നമസ്കാരം, നോമ്പ് മുതലായ സൽക്കർമ്മങ്ങൾ വിഫലമാകുകയും ചെയ്തിരിക്കുന്നു.

യഹൂദികളും ക്രിസ്ത്യാനികളും തമ്മിൽ ആഭ്യന്തരമായി നോക്കുമ്പോൾ, എത്രയോ അകൽച്ചയും വെറുപ്പും ഉണ്ടെങ്കിൽ പോലും മുസ്ലീംകൾക്കും ഇസ്ലാമിനും എതിരിൽ അവർ എന്നും മിത്രങ്ങളും പരസ്പര സഹായികളും തന്നെ ആയിരിക്കും. നബി (സ)യുടെ കാലത്തും, കുരിശു യുദ്ധങ്ങളിലും, അബിസിനിയായിലും, സോമാലിയയിലും, ഫലസ്തീനിലും എല്ലാം, ഈ രണ്ട് വിഭാഗക്കാരുടെ മുസ്ലീംകൾക്കെതിരായ മൈത്രി നമുക്ക് കാണാവുന്നതാണ്. വേദക്കാർക്ക് അവർ വേദഗ്രന്ഥത്തിന്റെ ആൾക്കാരെന്ന നിലക്ക് ചില പ്രത്യേകതകൾ മുസ്ലീംകൾ കൽപിക്കുന്നുണ്ടെങ്കിലും മുസ്ലീംകളെ ആ നിലക്ക് അവർ കണക്കാക്കാറില്ല എന്നാണ് ചരിത്രം കാണിച്ച് തരുന്നത്.

ഇസ്ലാമിനും മുസ്ലീംകൾക്കും എതിരെ പകയും വിദ്വേഷവും പുലർത്തിക്കൊണ്ടിരിക്കുന്ന ഏത് കൂട്ടരോടും അണഞ്ഞ സ്നേഹബന്ധം പുലർത്തുന്ന എല്ലാ മുസ്ലീംകളും അവരുടെ കൂട്ടത്തിൽ പെട്ടവനാകുന്നു എന്ന് അല്ലാഹു പറഞ്ഞ വാക്യം പ്രത്യേകം ശ്രദ്ധേയമാകുന്നു. വേദക്കാരോടെന്നല്ല, അമുസ്ലീംകളായ എല്ലാവരോടും സ്നേഹത്തിലും മമതയിലും വർത്തിക്കേണ്ടതാണെന്നുള്ള വിധിയും, ഇസ്ലാമിനോടു പകയും ശത്രുതയും വെച്ച് കൊണ്ടിരിക്കുന്നവരെ മിത്രങ്ങളായി സ്വീകരിക്കരുതെന്ന വിധിയും വെവ്വേറെയാണെന്നും, ഒന്നൊന്നിന് എതിരല്ലാത്തതാണെന്നും ഓർമ്മിക്കേണ്ടതുണ്ട്.

---

**വചനം 54**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ مَن يَرۡتَدَّ مِنكُمۡ عَن دِينِهِۦ فَسَوۡفَ يَأۡتِي ٱللَّهُ بِقَوۡمٖ يُحِبُّهُمۡ وَيُحِبُّونَهُۥٓ أَذِلَّةٍ عَلَى ٱلۡمُؤۡمِنِينَ أَعِزَّةٍ عَلَى ٱلۡكَٰفِرِينَ يُجَٰهِدُونَ فِي سَبِيلِ ٱللَّهِ وَلَا يَخَافُونَ لَوۡمَةَ لَآئِمٖۚ ذَٰلِكَ فَضۡلُ ٱللَّهِ يُؤۡتِيهِ مَن يَشَآءُۚ وَٱللَّهُ وَٰسِعٌ عَلِيمٌ ٥٤

54 ഹേ, വിശ്വസിച്ചവരേ, നിങ്ങളിൽനിന്ന് ആരെങ്കിലും തൻെറ മതം വിട്ടു മടങ്ങിക്കളയുന്ന (മതഭ്രംശം സ്വീകരിക്കുന്ന) പക്ഷം, അപ്പോൾ, (അവൻ അറിഞ്ഞിരിക്കട്ടെ:) വഴിയെ അല്ലാഹു ഒരു ജനതയെകൊണ്ടുവരും: അവൻ അവരെ സ്നേഹിക്കും, അവർ അവനെയും സ്നേഹിക്കും; സത്യ വിശ്വാസികളോട് എളിയവരും (വിനയമുള്ളവരും) അവിശ്വാസികളോട് പ്രതാപശാലികളും (ഗൗരവമുള്ളവരും) ആയുള്ളവർ; അവർ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം ചെയ്യും; ഒരാക്ഷേപക്കാരൻെറ ആക്ഷേപവും അവർ ഭയപ്പെടുകയുമില്ല. (ഇങ്ങിനെയുള്ള ഒരു ജനതയെകൊണ്ടുവരും.) അത് അല്ലാഹുവിൻെറ അനുഗ്രഹമത്രെ; അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ നൽകുന്നു. അല്ലാഹു വിശാലനും, സർവ്വജ്ഞനുമാകുന്നു.

വല്ലവരും സത്യവിശ്വാസം സ്വീകരിച്ച് ഇസ്ലാമായ ശേഷം ഇസ്ലാമിനെ ഉപേക്ഷിച്ച് കുഫ്‌റിലേക്ക് തന്നെ മറികടക്കുന്നു എങ്കിൽ അല്ലാഹുവിനോ സത്യ മതത്തിനോ യാതൊരു ദോഷവും ഭവിക്കുവാനില്ല. അവർക്ക് പകരം അവരേക്കാൾ നല്ലതായ മറ്റൊരു കൂട്ടരെ അല്ലാഹു തൽസ്ഥാനത്തു കൊണ്ടു വരുന്നതാണ്. (ഈ കാര്യം 47:38 മുതലായ സ്ഥലങ്ങളിലും അല്ലാഹു പ്രസ്താവിച്ച് കാണാവുന്നതാണ്). അങ്ങനെ അല്ലാഹു പുതുതായി കൊണ്ടുവരുന്നവരുടെ സവിശേഷതകൾ അല്ലാഹു ചൂണ്ടിക്കാട്ടുന്നു. 1. അല്ലാഹുവിന്റെ സ്നേഹവും സഹായവും അനുഗ്രഹങ്ങളും അവർക്കുണ്ടായിക്കൊണ്ടിരിക്കും. 2. അവർ അല്ലാഹുവിനെ സ്നേഹിക്കുന്ന വരും അവനെ പരിപൂർണ്ണമായി അനുസരിക്കുന്നവരുമായിരിക്കും. 3. അവർ സത്യവിശ്വാസികളോട് വിനീ തരും എളിയവരുമായിരിക്കും. 4. അവിശ്വാസികളെ സംബന്ധിച്ചിടത്തോളം, ഗൗരവമേറിയവരും പ്രതാപശാ ലികളുമായിരിക്കും അവർ. 5. അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുന്നവരായിരിക്കും. 6. സത്യ ത്തിനെതിരെ അധികാരസ്ഥന്റെയോ, അക്രമിയുടേയോ ആക്ഷേപത്തെ അവർ ഭയക്കുകയില്ല.

റസൂൽ (സ)തിരുമേനി കാലഗതി പ്രാപിക്കുമ്പോൾ നിലവിലുണ്ടായിരുന്ന മുസ്ലീം നാടുകളുടേയും ജനസംഖ്യയുടെയും ഭൂരിഭാഗവും - മക്ക, മദീന, ത്വാഇഫ് എന്നിവിടങ്ങളിലുള്ളവരൊഴികെ മറ്റെല്ലാവരും തന്നെ എന്നു പറയാം - ഇസ്ലാമിൽ നിന്ന് പിൻ മാറിക്കളഞ്ഞ സംഭവമുണ്ടായി. അപ്പോഴത്തെ ഖലീഫയായി രുന്ന അബൂബക്കർ സിദ്ദിഖ് (റ)ന്റെ നേതൃത്വത്തിൽ, സത്യവിശ്വാസികൾ അതിനെ നേരിടുകയും, ചരിത്ര പ്രസിദ്ധമായ പല സംഘട്ടനങ്ങൾക്ക് ശേഷം മടങ്ങിപ്പോയവർ ഇസ്ലാമിലേക്ക് തിരിച്ച് വരുകയും, ഇസ്ലാമിന്റെ ശക്തിയും കെട്ടുറപ്പും പൂർവാധികം വർദ്ധിക്കുകയുമുണ്ടായി. അതിനെ തുടർന്ന് അദ്ദേഹത്തിന്റെ ഖിലാ ഫത്ത് കാലത്തും, ഉമർ(റ)ന്റെ ഖിലാഫത്ത് കാലത്തും, മുസ്ലീംകളിൽ പ്രകടമായിരുന്ന സ്വഭാവവൈശിഷ്ട്യവും മനോവീര്യവും പരിശോധിച്ചാൽ ഈ വചനം അവതരിച്ചതിന്റെ അടുത്ത കാലത്തു തന്നെ സംഭവിക്കാനി രുന്ന ഒരു യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഒരു പ്രവചനം കൂടിയാണ്. ഈ വചനമെന്ന് പറയാവുന്നതാണ്. الله اعلم

---

**വചനം 55, 56**

إِنَّمَا وَلِيُّكُمُ ٱللَّهُ وَرَسُولُهُۥ وَٱلَّذِينَ ءَامَنُوا۟ ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَهُمْ رَٰكِعُونَ ﴿٥٥﴾

وَمَن يَتَوَلَّ ٱللَّهَ وَرَسُولَهُۥ وَٱلَّذِينَ ءَامَنُوا۟ فَإِنَّ حِزْبَ ٱللَّهِ هُمُ ٱلْغَٰلِبُونَ ﴿٥٦﴾

55 നിശ്ചയമായും, നിങ്ങളുടെ ബന്ധുമിത്രം അല്ലാഹുവും, അവൻെറ റസൂലും, വിശ്വസിച്ച വരും മാത്രമാകുന്നു; (അതെ) നമസ്കാരം നിലനിർത്തുകയും, സകാത്തു കൊടുക്കുകയും ചെയ്യുന്നവർ അവരാകട്ടെ, (ഭയഭക്തിയർപ്പിച്ചു) കുമ്പിടുന്നവരുമായിരിക്കും. (മറ്റാരും നിങ്ങൾക്ക് ബന്ധുമിത്രങ്ങളല്ല.)

56 ആർ അല്ലാഹുവിനോടും, അവൻെറ റസൂലി നോടും, വിശ്വസിച്ചവരോടും മൈത്രി സ്ഥാപിക്കുന്നുവോ, എന്നാൽ, (അറിയുക) നിശ്ചയമായും, അല്ലാഹുവിൻെറ കക്ഷി തന്നെയാണ് വിജയം നേടുന്നവർ.

---

സത്യവിശ്വാസികൾ പിന്നെ , ആരെയാണ് ബന്ധുമിത്രാദികളാക്കേണ്ടതെന്ന് അല്ലാഹു തുടർന്ന് പ്രസ്താവിക്കുന്നു. അല്ലാഹുവും അവന്റെ റസൂലും, കപടൻമാരല്ലാത്ത വിശ്വാസികളും മാത്രമാണ് സത്യ വിശ്വാസികളുടെ വലിയ്യുകൾ (ബന്ധുമിത്രാദികൾ). അവരെ വലിയ്യുകളായി സ്വീകരിക്കുന്നവർ അല്ലാഹു വിന്റെ കക്ഷിക്കാരാണെന്നും, അവരാണ് വിജയം വരിക്കുന്നവർ എന്നും തുടർന്ന് അല്ലാഹു പറയുന്നു.

2:257, 3:68, 2:107 മുതലായ വചനങ്ങളിൽ "അല്ലാഹു സത്യവിശ്വാസികളുടെ വലിയ്യാണു" എന്നും "അവനല്ലാതെ നിങ്ങൾക്ക് വലിയ്യില്ല" എന്നും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. സാക്ഷാൽ വലിയ്യ് അല്ലാഹു മാത്ര മാണെന്നും, അവനെ വലിയ്യാക്കുന്നതിനെ തുടർന്ന് റസൂലിനെയും വിശ്വാസികളെയും വലിയ്യുകളാക്കലും ഏർപ്പെടുന്നു എന്നും ഇമാം ബൈളാവി(റ) മുതലായവർ ചൂണ്ടിക്കാട്ടുന്നു. അല്ലാഹുവും റസൂലും വിശ്വാസി കളും മാത്രമാണ് നിങ്ങളുടെ വലിയ്യുകൾ എന്ന് ഒന്നിച്ച് പറയുമ്പോൾ സ്നേഹത്തിന്റെയും പരസ്പര സഹാ യത്തിന്റെയും അടിസ്ഥാനത്തിലുള്ള വലിയ്യുകൾ - അഥവാ ബന്ധുമിത്രങ്ങൾ - എന്ന അർത്ഥത്തിലാണ തെന്ന് വ്യക്തമാണ്. അല്ലാതെ അത് കൈകാര്യ കർതൃത്വത്തിന്റെ അടിസ്ഥാനത്തിലുള്ള വലിയ്യുകൾ എന്നർത്ഥ മാകുന്നില്ല. അല്ലാഹുവിനെ മാത്രം ഉദ്ദേശിച്ച് വലിയ്യ് എന്ന് പറയുമ്പോൾ, ബന്ധുമിത്രം, രക്ഷാധികാരി, കൈകാര്യം നടത്തുന്നവൻ, എന്നിങ്ങനെ സന്ദർഭോചിതം അർത്ഥം നൽകാവുന്നതാണ്.

വേദക്കാരായ യഹൂദികളും കൃസ്ത്യാനികളും പരസ്പരം വലിയ്യുകളാണെന്ന് 51-ാം വചനത്തിലും, അവിശ്വാസികൾ പരസ്പരം വലിയ്യുകളാണെന്ന് സൂ: അൻഫാൽ 73ലും മുഹാജിറുകളും അൻസാറുകളും പരസ്പരം വലിയ്യുകളാണെന്ന് സൂ: അൻഫാൽ 72 ലും, സത്യവിശ്വാസികളായ സ്ത്രീയും പുരുഷൻമാരും പരസ്പരം വലിയ്യുകളാണെന്ന് സൂ: തൌബ: 71 ലും, അക്രമികളായ ആളുകൾ പരസ്പരം വലിയ്യുകളാണെന്ന് സൂ; ജാഥിയ : 19ലും അല്ലാഹു പറയുന്നു. ഇവരെല്ലാം പരസ്പരം രക്ഷാധികാരികളോ, കൈകാര്യകർത്താക്കളോ അല്ലെന്നും സ്നേഹബന്ധത്തിലും പരസ്പര സഹായത്തിലും നിലകൊള്ളുന്ന വലിയ്യുകൾ- ബന്ധുമിത്രങ്ങൾ- മാത്രമാണെന്നും സ്പഷ്ടമാണല്ലോ.

വലിയ്യ് വന്ന വാക്കിന് കൈകാര്യകർത്താവ് എന്നർത്ഥം വരുന്നതിനെ ചൂഷണം ചെയ്തുകൊണ്ട് ശിആ കക്ഷി, അലി(റ)ക്കാണ് ഖിലാഫത്തിന് അർഹതയുള്ളതെന്ന അവരുടെ തെറ്റായവാദത്തിന് ഈ വചനങ്ങൾ തെളിവാക്കാൻ ശ്രമിക്കാറുണ്ട്. ഇതേ വാദമുഖങ്ങളിൽ ചിലതിനെ അനുകരിച്ചു കൊണ്ട് ശിർക്ക്പരമായ അന്ധവിശ്വാസങ്ങളെ ന്യായികരിക്കാൻ ചില പണ്ഢിതൻമാർ 55-ാം വചനം ദുർവ്യാഖ്യാനം ചെയ്ത് മുതലെടുക്കുന്നതും കണ്ടുവരുന്നു. സദ് വൃത്തരും മഹാൻമാരുമായ ചില സത്യവിശ്വാസികൾക്ക് ഈ ലോക കാര്യങ്ങളിൽ ചില അദൃശ്യമായ കൈകാര്യങ്ങൾ നടത്തുവാനുള്ള കഴിവുണ്ടെന്നും അതു കൊണ്ട് അവരോട് അതിനായി അപേക്ഷിക്കാമെന്നുമാണ് അവരുടെ വ്യാഖ്യാനത്തിന്റെ രത്ന ചുരുക്കം.

## വിഭാഗം 9

**വചനം 57**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَّخِذُوا۟ ٱلَّذِينَ ٱتَّخَذُوا۟ دِينَكُمْ هُزُوًا وَلَعِبًا مِّنَ ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ مِن قَبْلِكُمْ وَٱلْكُفَّارَ أَوْلِيَآءَ ۚ وَٱتَّقُوا۟ ٱللَّهَ إِن كُنتُم مُّؤْمِنِينَ ﴿٥٧﴾

57 ഹേ, വിശ്വസിച്ചവരേ, നിങ്ങളുടെ മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്ന് നിങ്ങളുടെ മതത്തെ പരിഹാസവും കളിയുമാക്കിത്തീർത്തവരെയും, (നിഷേധികളായ) അവിശ്വാസികളെയും നിങ്ങൾ ബന്ധുമിത്രങ്ങളാക്കി വെക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ-നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

---

ഇസ്ലാമിനെ പരിഹസിക്കുകയും കളിയാക്കുകയും ചെയ്യുകയെന്നത് വേദക്കാരുടെയും മുശ്രിക്കുകളുടെയും പതിവ് തന്നെ: പക്ഷേ മുശ്രിക്കുകളെ അപേക്ഷിച്ച് പലനിലക്കും അതിൽ നിന്ന് ഒഴിഞ്ഞ് നിൽക്കേണ്ട വരാണല്ലോ വേദക്കാർ. അത്തരക്കാരെയൊന്നും ബന്ധുമിത്രാദികളാക്കരുതെന്നും, അല്ലാഹുവിനെ സുക്ഷിക്കണമെന്നും,തുടർന്ന് അല്ലാഹു സത്യവിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു.

**വചനം 58**

وَإِذَا نَادَيْتُمْ إِلَى ٱلصَّلَوٰةِ ٱتَّخَذُوهَا هُزُوًا وَلَعِبًا ۚ ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَعْقِلُونَ ﴿٥٨﴾

58 നിങ്ങൾ നമസ്കാരത്തിലേക്ക് (ബാങ്കു) വിളിച്ചാൽ, അവരതിനെ പരിഹാസവും, കളിയുമാക്കിത്തീർക്കുന്നു. അത്, അവർ (ബുദ്ധി കൊടുത്ത്) ഗ്രഹിക്കാത്ത ഒരു ജനതയാണെന്നുള്ളത് കൊണ്ടത്രെ.

---

ബാങ്കുവിളി കേൾക്കുമ്പോൾ, അത്തരക്കാർ അതിനെ യും നമസ്കാരത്തെയും പരിഹസിച്ച് സംസാരിക്കുക പതിവായിരുന്നു. അവരുടെ ബുദ്ധിശൂന്യതയും വിവരക്കുറവുമാണ് കാരണമെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

**വചനം 59**

قُلْ يَـٰٓأَهْلَ ٱلْكِتَـٰبِ هَلْ تَنقِمُونَ مِنَّآ إِلَّآ أَنْ ءَامَنَّا بِٱللَّهِ وَمَآ أُنزِلَ إِلَيْنَا وَمَآ أُنزِلَ مِن قَبْلُ وَأَنَّ أَكْثَرَكُمْ فَـٰسِقُونَ ﴿٥٩﴾

59 (നബിയേ) പറയുക: "വേദക്കാരേ, ഞങ്ങളെക്കുറിച്ചു നിങ്ങൾ (വല്ലതും) അധിക്ഷേപിക്കുന്നുവോ? ഞങ്ങൾ അല്ലാഹുവിലും, ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതിലും, മുമ്പ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതിലും വിശ്വസിച്ചുവെന്നു

ള്ളതും, നിങ്ങളിൽ അധികമാളും തോന്നിയ വാസികളാണെന്നുള്ളതുമല്ലാതെ!"

---

ഞങ്ങൾ, അല്ലാഹുവിലും, ഖുർആനിലും അതിന്റെ മുമ്പുള്ള എല്ലാ വേദഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നു എന്നാണല്ലോ, നിങ്ങൾ വേദക്കാർ, ഞങ്ങളെ പറ്റി ആക്ഷേപിക്കുവാനുള്ള കാരണം. ഈ ഒരു കാര്യത്തിന് നിങ്ങൾ ഞങ്ങളെ ആക്ഷേപിക്കാൻ കാരണം നിങ്ങളിലധികമാളുകളും തോന്നിയവാസികളും ധിക്കാരികളുമാണെന്നുള്ളത് മാത്രമാവുന്നു - എന്ന് വേദക്കാരോട് പറയുവാൻ അല്ലാഹു നബി(സ)യോട് കൽപിക്കുന്നു.

---

**വചനം 60**

قُلۡ هَلۡ أُنَبِّئُكُم بِشَرّٖ مِّن ذَٰلِكَ مَثُوبَةً عِندَ ٱللَّهِۚ مَن لَّعَنَهُ ٱللَّهُ وَغَضِبَ عَلَيۡهِ وَجَعَلَ مِنۡهُمُ ٱلۡقِرَدَةَ وَٱلۡخَنَازِيرَ وَعَبَدَ ٱلطَّٰغُوتَۚ أُوْلَٰٓئِكَ شَرّٞ مَّكَانٗا وَأَضَلُّ عَن سَوَآءِ ٱلسَّبِيلِ ٦٠

60 പറയുക: ''അല്ലാഹുവിൻെറ അടുക്കൽ അതിനെക്കാൾ പ്രതിഫലം മോശമായവരെപ്പറ്റി ഞാൻ നിങ്ങൾക്ക് വിവരമറിയിക്കട്ടെയോ? യാതൊരുവരെ അല്ലാഹു ശപിക്കുകയും, അവരുടെ മേൽ അവൻ കോപിക്കുകയും ചെയ്തിരിക്കുന്നുവോ അവരാണ് (അത്); (അതെ) അവരിൽ നിന്നും (ചിലരെ) അവൻ കുരങ്ങുകളും പന്നികളുമാക്കുകയും ചെയ്തിരിക്കുന്നു; അവർ 'ത്വാഗൂത്തി'നെ (ദുർമൂർത്തിയെ) ആരാധിക്കുകയും ചെയ്തിരിക്കുന്നു (ഇങ്ങിനെയുള്ളവർ). അക്കൂട്ടർ, (ഏറ്റം) സ്ഥാനം മോശമായവരും, ശരിയായ മാർഗം വിട്ട് ഏറ്റം പിഴച്ചുപോയവരുമാകുന്നു."

---

അല്ലാഹു തുടരുന്നു: ഞങ്ങളുടെ പ്രശംസനീയമായ ഗുണങ്ങളുടെ പേരിൽ ഞങ്ങളെ അധിക്ഷേപിക്കുന്ന നിങ്ങളുടെ (യഹൂദരുടെ) സ്ഥിതിയെന്താണ്? അല്ലാഹുവിന്റെ ശാപകോപങ്ങളുടെ നീണ്ട പാരമ്പര്യം തന്നെ നിങ്ങൾക്കുണ്ട്. നിങ്ങളുടെ സമൂഹത്തിൽ പെട്ടചിലരെ അല്ലാഹു കുരങ്ങന്മാരും പന്നികളുമാക്കി മാറ്റുക പോലും ചെയ്തിട്ടുണ്ട്. നിങ്ങൾ ചില ദുർമൂർത്തികളെ ആരാധിക്കുകയും അതു വഴി ഏറ്റവും മോശപ്പെട്ടവരും വഴിപിഴച്ചവരും ആയിതീരുകയും ചെയ്തിരുന്നു.

യഹൂദികളുടെ മേൽ അല്ലാഹുവിന്റെ കോപശാപങ്ങളെ കുറിച്ച് ഖുർആനിൽ പല സ്ഥലത്തും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. ശബ്ബത്ത് നാളിൽ അവർ ചെയ്ത അനുസരണക്കേടിനെ തുടർന്ന് കുരങ്ങുകളാക്കി മാറ്റിയതിനെ പറ്റി അൽ ബഖറ: 65 ലും അഅ്റാഫു 166 ലും പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ അവരിൽ ചിലരെ പന്നികളാക്കിയ വിവരം അവിടങ്ങളിലൊന്നും പ്രസ്താവിക്കപ്പെട്ടിട്ടില്ല. ആ സന്ദർഭത്തിലാണതെന്നും , അതല്ല വേറെ സന്ദർഭത്തിലാണെന്നും ഒക്കെ പറയപ്പെടുന്നു.- അല്ലാഹുവിനറിയാം. ഒന്നും ഉറച്ചു പറയത്തക്ക തെളിവുകളില്ല.

'ത്വാഗൂത്ത്' എന്ന വാക്കിന്റെ ഭാഷാർത്ഥം, പ്രയോഗം എന്നിവയെ സംബന്ധിച്ച് അൽബഖറ 256;257 എന്നീ വചനങ്ങളുടെ വ്യാഖ്യാനത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. യഹൂദികളെ സംബന്ധിച്ചിടത്തോളം, അവർ പശുകുട്ടിയെ ദൈവമാക്കി ആരാധിച്ചതും, പിശാചിന്റെ ദുരുപദേശങ്ങൾ സ്വീകരിച്ചതും, പണ്ഢിത പുരോഹിതൻമാരുടെ നിയമ നിർമാണങ്ങളെ മതനിയമങ്ങളായി സ്വീകരിച്ച് കൊണ്ട് അവരെ റബ്ബുകളാക്കിയതും മറ്റുമുള്ള അർത്ഥത്തിൽ ആവാം, "അവർ ത്വാഗൂത്തിനെ ആരാധിച്ചു" എന്ന് പറഞ്ഞത്. الله اعلم

---

**വചനം 61,62,63**

وَإِذَا جَآءُوكُمۡ قَالُوٓاْ ءَامَنَّا وَقَد دَّخَلُواْ بِٱلۡكُفۡرِ وَهُمۡ قَدۡ خَرَجُواْ بِهِۦۚ وَٱللَّهُ أَعۡلَمُ بِمَا كَانُواْ يَكۡتُمُونَ ٦١

61 അവർ നിങ്ങളുടെ അടുക്കൽ വരുമ്പോൾ "ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു" എന്ന് അവർ പറയുന്നതാണ്. (വാസ്തവമാകട്ടെ) അവിശ്വാസത്തോടെയത്രെ അവർ കടന്നുവന്നിട്ടുള്ളത്; അവർ അതുമായി (തന്നെ) പുറത്തു പോകുകയും ചെയ്തിരിക്കയാണ്. അല്ലാഹു

വാകട്ടെ, അവര്‍ ഒളിച്ചുവെച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവനാകുന്നു.

62 അവരില്‍ നിന്നു പലരെയും കുറ്റത്തിലും, അതിക്രമത്തിലും, നിഷിദ്ധ (ധന)ത്തെ തിന്നുന്നതിലും അവര്‍ ധൃതികൂട്ടിക്കൊണ്ടിരിക്കുന്നതായി നിനക്ക് കാണാവുന്നതുമാണ്. അവര്‍ പ്രവര്‍ത്തിച്ചുകൊണ്ടിരിക്കുന്നത് വളരെ ചീത്ത തന്നെ!

وَتَرَىٰ كَثِيرًا مِّنْهُمْ يُسَٰرِعُونَ فِى ٱلْإِثْمِ وَٱلْعُدْوَٰنِ وَأَكْلِهِمُ ٱلسُّحْتَ ۚ لَبِئْسَ مَا كَانُوا۟ يَعْمَلُونَ ﴿٦٢﴾

63 അവര്‍ കുറ്റമായത് പറയുന്നതിനെയും, അവര്‍ നിഷിദ്ധ (ധന)ത്തെ തിന്നുന്നതിനെയും സംബന്ധിച്ചു 'റബ്ബാനീ'കളും (പുണ്യപുരുഷന്‍മാരും,) പണ്ഡിതന്‍മാരും അവരെ എന്തുകൊണ്ട് വിരോധിക്കുന്നില്ല?! അവര്‍ പ്രവര്‍ത്തിച്ചു (തൊഴിലാക്കി) കൊണ്ടിരിക്കുന്നത് വളരെ ചീത്ത തന്നെ!

لَوْلَا يَنْهَىٰهُمُ ٱلرَّبَّٰنِيُّونَ وَٱلْأَحْبَارُ عَن قَوْلِهِمُ ٱلْإِثْمَ وَأَكْلِهِمُ ٱلسُّحْتَ ۚ لَبِئْسَ مَا كَانُوا۟ يَصْنَعُونَ ﴿٦٣﴾

---

യഹൂദികളായിരുന്ന ചില കപടന്‍മാര്‍ നബിയുടെ അടുക്കല്‍ വിശ്വാസികളായി അഭിനയിക്കും. എന്നാല്‍ ഹൃദയത്തില്‍ അവിശ്വാസവും നിഷേധവും ഒളിച്ച് വെച്ചും, കൊണ്ടായിരിക്കും അവരുടെ വരവ്. നബിതിരുമേനിയുടെ ഉപദേശങ്ങള്‍ എത്ര കേട്ടാലും യാതൊരു മനപരിവര്‍ത്തനവും സംഭവിക്കാതെ, വന്നപ്പോഴുള്ള അതേ വിശ്വാസത്തോടും നിഷേധത്തോടും കൂടി തന്നെയായിരിക്കും ഇവരുടെ മടക്കവും, ഈ ഒളിച്ച് കളിയൊന്നും, സര്‍വ്വജ്ഞനായ അല്ലാഹുവിങ്കല്‍ വിലപോകുകയില്ല.

അടുത്ത വചനങ്ങളില്‍ യഹൂദികളില്‍, പരക്കെയുള്ള ദുസ്സമ്പ്രദായങ്ങളെ പറ്റി പരാമര്‍ശിക്കുന്നു. പാപകരവും കുറ്റകരവുമായ കാര്യങ്ങള്‍ പറയുക, പ്രവര്‍ത്തിക്കുക, നിയമാതിര്‍ത്തികളും, ധാര്‍മിക വരമ്പുകളും, അതിലംഘിക്കുക, കൈകൂലി, പലിശ പോലെയുള്ള ഹറാമായ ധനം ഉപയോഗിക്കുക എന്നീ കാര്യങ്ങളില്‍ അവര്‍ വ്യാപൃതരായിരുന്നു, ഇത്തരം കാര്യങ്ങളില്‍ അവരെ ഗുണദോഷിക്കാനും വിലക്കാനും ബാദ്ധ്യസ്ഥരായ പുണ്യപുരുഷന്‍മാരും പണ്ഢിതന്‍മാരുമാകട്ടെ അവര്‍ക്ക് മൗനാനുവാദം നല്‍കി അവരെ പോത്സാഹിപ്പിക്കുകയാണ് ചെയ്തത്. അങ്ങനെ ഇരു കൂട്ടരും അങ്ങെ അറ്റം ചീത്തയായി കഴിഞ്ഞിരിക്കുന്നു എന്ന് സാരം.

---

**വചനം 64**

64 യഹൂദികള്‍ പറയുന്നു: "അല്ലാഹുവിന്‍െറ കൈ (കുടുക്കി) ബന്ധിക്കപ്പെട്ടതാണ്'' എന്ന്!- അവരുടെ കൈകള്‍ (കുടുക്കി) ബന്ധിക്കപ്പെടട്ടെ! അവര്‍ (ആ) പറഞ്ഞതു നിമിത്തം അവര്‍ ശപിക്കപ്പെടുകയും ചെയ്യട്ടെ! (അഥവാ അവ ബന്ധിക്കപ്പെടുകയും അവര്‍ ശപിക്കപ്പെടുകയും ചെയ്തിരിക്കുന്നു.) (അങ്ങനെയല്ല-) പക്ഷേ, അവന്‍െറ രണ്ടു കൈകളും (നീട്ടി) നിവര്‍ത്തപ്പെട്ടവയാകുന്നു; അവന്‍ എങ്ങിനെ ഉദ്ദേശിക്കുന്നുവോ (അതുപ്രകാരം) അവന്‍ ചിലവഴിക്കുന്നു. നിന്‍െറ റബ്ബിങ്കല്‍നിന്നു നിനക്ക് അവതരിക്കപ്പെട്ടിട്ടുള്ളത് അവരില്‍ വളരെ പേര്‍ക്കും ധിക്കാരവും അവിശ്വാസവും വര്‍ദ്ധിപ്പിക്കുകതന്നെ ചെയ്യുന്നു. അവര്‍ക്കിടയില്‍ ഖിയാമത്തു നാള്‍വരേക്കും നാം

وَقَالَتِ ٱلْيَهُودُ يَدُ ٱللَّهِ مَغْلُولَةٌ ۚ غُلَّتْ أَيْدِيهِمْ وَلُعِنُوا۟ بِمَا قَالُوا۟ ۘ بَلْ يَدَاهُ مَبْسُوطَتَانِ يُنفِقُ كَيْفَ يَشَآءُ ۚ وَلَيَزِيدَنَّ كَثِيرًا مِّنْهُم مَّآ أُنزِلَ إِلَيْكَ مِن رَّبِّكَ طُغْيَٰنًا وَكُفْرًا ۚ وَأَلْقَيْنَا بَيْنَهُمُ ٱلْعَدَٰوَةَ وَٱلْبَغْضَآءَ إِلَىٰ يَوْمِ ٱلْقِيَٰمَةِ ۚ كُلَّمَآ أَوْقَدُوا۟ نَارًا لِّلْحَرْبِ أَطْفَأَهَا ٱللَّهُ ۚ وَيَسْعَوْنَ فِى ٱلْأَرْضِ فَسَادًا ۚ وَٱللَّهُ لَا يُحِبُّ ٱلْمُفْسِدِينَ ﴿٦٤﴾

ശത്രുതയും, വിദ്വേഷവും ഇട്ടിരിക്കുകയാണ്. യുദ്ധത്തിനുവേണ്ടി അവര്‍ വല്ല തീയും കത്തിക്കുമ്പോഴൊക്കെ അല്ലാഹു അതിനെ കെടുത്തിക്കളയുന്നു; ഭൂമിയില്‍ കുഴപ്പത്തിനായി അവര്‍ പരിശ്രമം നടത്തുകയും ചെയ്യുന്നു. അല്ലാഹുവാകട്ടെ, കുഴപ്പമുണ്ടാക്കുന്നവരെ ഇഷ്ടപ്പെടുന്നുമില്ല.

---

അത്യാര്‍ത്തിയും പിശുക്കും നിമിത്തം കഴിവുണ്ടായിരുന്നിട്ടുപോലും ദരിദ്രജീവിതം സ്വീകരിച്ച് വന്ന ഒരു സമൂഹമാണ് യഹൂദര്‍. കൂടാതെ അല്ലാഹുവിന്റെ കോപശാപങ്ങള്‍ നിമിത്തവും അവര്‍ക്ക് ദാരിദ്ര്യം ഒരു നിത്യ ശാപമായിതീര്‍ന്നു. ഈ അവസ്ഥയില്‍ അവരുടെ നാവില്‍ നിന്നും "അല്ലാഹുവിന്റെ കൈ ബന്ധിക്കപ്പെട്ടതാണ്." എന്നതുപോലെയുള്ള ധിക്കാരപരമായ വാക്കുകള്‍ പുറത്ത് വന്ന് കൊണ്ടിരുന്നു. അല്ലാഹു പിശുക്കനാണ്, നമുക്കുവേണ്ടത് അവന്‍ നല്‍കുന്നില്ല, എന്നാണവരാപ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നത്. ആ ശപിക്കപ്പെട്ട സമൂഹം 'അല്ലാഹു ദരിദ്രനും നാം ധനികന്‍മാരുമായിരിക്കുന്നു.' എന്ന് പറഞ്ഞതായും 3:181ല്‍ അല്ലാഹു പ്രസ്താവിക്കുന്നു.

അവരുടെ ധിക്കാരവാക്കുകള്‍ക്ക് അല്ലാഹു ഉചിതമായ മറുപടി നല്‍കുന്നു. "അവര്‍ ആ പറഞ്ഞത് നിമിത്തം അവരുടെ കൈകള്‍ ബന്ധിക്കപ്പെടുകയും അവര്‍ ശപിക്കപ്പെടുകയും ചെയ്യട്ടെ" ("അവരുടെ കൈകള്‍ ബന്ധിക്കപ്പെടുകയും അവര്‍ ശപിക്കപ്പെടുകയും ചെയ്തിരിക്കുന്നു.")

തുടര്‍ന്ന് അല്ലാഹു പറയുന്നു "ആ ശപിക്കപ്പെട്ടവര്‍ പറയുന്നത് കള്ളമാകുന്നു. അല്ലാഹുവിന്റെ കൈ ബന്ധിക്കപ്പെട്ടതല്ല. അഥവാ അവന്‍ പിശുക്കനും ലുബ്ധനുമല്ല. അവന്റെ കൈകള്‍ നീണ്ട് നിവര്‍ന്നിരിക്കുന്നവ തന്നെയാണ്" , അഥവാ അവന്‍ അത്യുദാരനും ലോഭം കൂടാതെ ചെലവഴിക്കുന്നവനുമാകുന്നു.

തുടര്‍ന്ന് യഹൂദികളെ സംബന്ധിച്ച് ചില കാര്യങ്ങള്‍ അല്ലാഹു വെളിപ്പെടുത്തുന്നു.

1. വിശുദ്ധ ഖുര്‍ആനിലെ മാര്‍ഗ്ഗദര്‍ശനങ്ങള്‍ അവര്‍ നിഷേധിക്കുകയും പരിഹാസ്യമാക്കുകയും ചെയ്യുന്നു. ഖുര്‍ആനിലെ ഓരോ വിഷയവും അവതരിക്കുമ്പോള്‍ അവരുടെ ധിക്കാരത്തെയും അവിശ്വാസത്തെയും അത് വര്‍ദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്.

2. അവര്‍ക്കിടയില്‍ ഖിയാമത്ത് നാള്‍ വരെയും നാം ശത്രുതയും വിദ്വേഷവും ഏര്‍പ്പെടുത്തിയിരിക്കുന്നു.- അവര്‍ക്കിടയില്‍ എന്നത് കൊണ്ടുദ്ദേശ്യം, യഹൂദികള്‍ തമ്മില്‍ തമ്മില്‍ എന്നും യഹൂദികളും കൃസ്ത്യാനികളും തമ്മില്‍ എന്നും ആകാവുന്നതാണ് . യഹൂദികളും കൃസ്ത്യാനികളും തമ്മിലുള്ള ശത്രുതയും വിദ്വേഷവും ചരിത്ര പ്രസിദ്ധവും പണ്ട് മുതല്‍ക്കേ ആരംഭിച്ചതും ലോകാവസാനം വരെ നിലനില്‍ക്കുന്നതുമാകുന്നു. മുസ്ലിം വിരോധത്തില്‍ മാത്രമേ അവര്‍ തമ്മില്‍ യോജിക്കുകയുള്ളു. അത് പോലെ തന്നെയാണ് യഹൂദര്‍ തമ്മിലുള്ള അഭിപ്രായ ഭിന്നതയും, അന്തഛിദ്രതയും. ഇസ്രാഈലി രക്തത്തിന്റെയും യഹൂദനാമത്തിന്റെയും. മുസ്ലിം വിരോധത്തിന്റെയും പേരില്‍ മാത്രമെ അവര്‍ക്കിടയില്‍ യഥാര്‍ത്ഥ യോജിപ്പുള്ളു. ഇസ്രാഈല്‍ രാഷ്ട്രത്തിന്റെ സ്ഥാപനത്തിന് കൃസ്ത്യാനികളും യഹൂദരും, യഹൂദര്‍ തമ്മില്‍ തമ്മിലും സഹകരിച്ചുവെന്നത് താത്കാലികമായ സ്വാര്‍ത്ഥതാല്‍പര്യം മുന്‍നിര്‍ത്തിയല്ലാതെ, മറ്റൊന്നിനുമല്ലെന്ന് പ്രസിദ്ധമാണ്.

3. അവര്‍ യുദ്ധാഗ്നി കത്തിക്കുമ്പോഴൊക്കെ അല്ലാഹു അത് കെടുത്തി കളയുന്നു.- അതായത് മദീനയിലെ മുസ്ലിംകള്‍ക്കെതിരെ , പല ഗൂഢ തന്ത്രങ്ങളും, വഞ്ചനകളും നടത്തി യുദ്ധം സംഘടിപ്പിക്കാന്‍ ആലോചിക്കുന്ന അവരുടെ കുതന്ത്രങ്ങള്‍ അല്ലാഹു പരാജയപ്പെടുത്തികൊണ്ടിരിക്കുന്നു.

4. അവര്‍ ഭൂമിയില്‍ കുഴപ്പവും നാശവും ഉണ്ടാക്കാന്‍ ശ്രമിക്കുന്നു. നബി(സ)യുടെ കാലത്തും ഇന്നോളവും ഭൂമിയില്‍ കുഴപ്പം സൃഷ്ടിക്കാനല്ലാതെ പൊതു നന്‍മക്കു വേണ്ടി എന്തെങ്കിലും പരിശ്രമം നടത്തിയ ചരിത്രം അവര്‍ക്കില്ല.

---

**വചനം 65, 66**

65 വേദക്കാര്‍ വിശ്വസിക്കുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നുവെങ്കില്‍, അവര്‍ക്കു നാം അവരുടെ തിന്‍മകളെ മൂടി

وَلَوْ أَنَّ أَهْلَ ٱلْكِتَٰبِ ءَامَنُوا۟ وَٱتَّقَوْا۟ لَكَفَّرْنَا عَنْهُمْ سَيِّـَٔاتِهِمْ وَلَأَدْخَلْنَٰهُمْ

جَنَّٰتِ ٱلنَّعِيمِ ٦٥

(മാപ്പാക്കി)ക്കൊടുക്കുകയും, സുഖാനുഗ്രഹ ത്തിൻെറ സ്വർഗ്ഗങ്ങളിൽ അവരെ നാം പ്രവേശിപ്പിക്കുകയും തന്നെ ചെയ്യുമായിരുന്നു.

وَلَوْ أَنَّهُمْ أَقَامُوا۟ ٱلتَّوْرَىٰةَ وَٱلْإِنجِيلَ وَمَآ أُنزِلَ
إِلَيْهِم مِّن رَّبِّهِمْ لَأَكَلُوا۟ مِن فَوْقِهِمْ وَمِن
تَحْتِ أَرْجُلِهِم ۚ مِّنْهُمْ أُمَّةٌ مُّقْتَصِدَةٌ ۖ وَكَثِيرٌ
مِّنْهُمْ سَآءَ مَا يَعْمَلُونَ ٦٦

66 തൗറാത്തും, ഇഞ്ചീലും, അവരുടെ റബ്ബിങ്കൽ നിന്ന് അവരിലേക്ക് അവതരിപ്പിക്കപ്പെട്ടതും അവർ നിലനിറുത്തിയിരുന്നുവെങ്കിൽ, അവരുടെ മുകൾ ഭാഗത്തു നിന്നും, അവരുടെ കാലുകളുടെ താഴ്ഭാഗത്തു നിന്നും അവർ തിന്നുക (അവർക്ക് ആഹാരം ലഭിക്കുക) തന്നെ ചെയ്യുമായിരുന്നു. അവരിൽ മിതത്വം പാലിക്കുന്ന ഒരു സമൂഹം ഉണ്ട്. അവരിൽ നിന്ന് വളരെ പേരാകട്ടെ, അവർ പ്രവർത്തിച്ചു വരുന്നത് വളരെ ചീത്ത!

തൌറാത്തിന്റെയും ഇഞ്ചീലിന്റെയും ഖുർആന്റെയും അല്ലാഹു അവതരിപ്പിച്ചിട്ടുള്ള മറ്റു ഗ്രന്ഥങ്ങളുടെയും അദ്ധ്യാപനങ്ങൾ തമ്മിൽ വൈരുദ്ധ്യമില്ലെന്നിരിക്കെ തൌറാത്തിലും ഇഞ്ചീലിലും വിശ്വസിക്കുന്ന വേദക്കാർ ഖുർആനിലും നബി(സ)യിലും വിശ്വസിക്കാതിരിക്കാൻ നിവൃത്തിയില്ല.അങ്ങനെ അവർ വിശ്വസിച്ചാൽ ഇഹലോകത്തും പരലോകത്തും അല്ലാഹുവിന്റെ അനുഗ്രഹം അവർക്ക് ലഭിക്കുന്നതാണ്, എന്നാൽ അവർ ചെയ്തതാകട്ടെ തൌറാത്തിനെയും ഇഞ്ചീലിനെയും മാറ്റി മറിക്കുകയും തോന്നിയതെല്ലാം മതമാക്കിത്തീർക്കുകയുമാണ്.

മായം കലരാത്ത സത്യവിശ്വാസവും സൻമാർഗ്ഗ നിഷ്ഠയും അവർ പുലർത്തി പോന്നിരുന്നു വെങ്കിൽ, മുകൾഭാഗത്ത് നിന്ന് മഴ വർഷിച്ചും, കിഴിഭാഗത്ത് ഉൽപന്നങ്ങളുടെ ആധിക്യം നൽകിയും അല്ലാഹു അവരുടെ ഐഹിക ജീവിതം ക്ഷേമകരവും സന്തുഷ്ടവുമാക്കുമായിരുന്നു

വേദക്കാർ മുഴുവൻ വഴിപിഴച്ചവരാണെന്ന് പറഞ്ഞു കൂടാ - അവരിൽ തന്നെ ദുർലഭം ആളുകൾ, സൻമാർഗ്ഗത്തിൽ നിലനിന്ന് വരുന്നവരായിട്ടുണ്ട്. ഈ തരക്കാരിൽപെട്ട മിതത്വം പാലിക്കുന്ന ഒരു വിഭാഗം നബി(സ)യിലും ഖുർആനിലും വിശ്വസിക്കാൻ മുമ്പോട്ട് വരുന്നുമുണ്ട്.

എന്നാൽ അവരിൽ അധികം ആളുകളും പ്രവർത്തിച്ച് വരുന്നത് വളരെ ചീത്ത പ്രവർത്തനങ്ങൾ തന്നെ.

## വിഭാഗം - 10

**വചനം 67**

۞ يَٰٓأَيُّهَا ٱلرَّسُولُ بَلِّغْ مَآ أُنزِلَ إِلَيْكَ
مِن رَّبِّكَ ۖ وَإِن لَّمْ تَفْعَلْ فَمَا بَلَّغْتَ
رِسَالَتَهُۥ ۚ وَٱللَّهُ يَعْصِمُكَ مِنَ ٱلنَّاسِ ۗ
إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلْكَٰفِرِينَ ٦٧

67 ഹേ, റസൂലേ, നിൻെറ റബ്ബിങ്കൽ നിന്നു നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ എത്തിച്ചു കൊടുക്കുക (പ്രബോധനം ചെയ്യുക) . നീ (അത്) ചെയ്തില്ലെങ്കിൽ, അവൻെറ ദൗത്യം നീ എത്തിച്ചു കൊടുത്തില്ല. അല്ലാഹു മനുഷ്യരിൽനിന്ന് നിന്നെ കാത്തു രക്ഷിക്കുന്നതാണ്. നിശ്ചയമായും, അല്ലാഹു അവിശ്വാസികളായ ജനങ്ങളെ നേർമ്മാർഗ്ഗത്തിലാക്കുകയില്ല.

അല്ലാഹു നൽകിയിട്ടുള്ള സന്ദേശങ്ങളെ മുഴുവൻ, ജനങ്ങൾക്ക് എത്തിച്ച് കൊടുക്കണമെന്നും അതിൽ വല്ല വീഴ്ചയും വരുത്തിയാൽ അല്ലാഹു ഏൽപിച്ച ദൗത്യനിർവഹണത്തിന്റെ കടമ നിറവേറുകപ്പെടുകയില്ലെന്നും അല്ലാഹു നബി(സ)യോട് ആജ്ഞാപിക്കുന്നു. ജനങ്ങളിൽ നിന്നുണ്ടാകുന്ന എതിർപ്പും ശത്രുതയും ആപത്തുകളും എല്ലാം കാത്ത് കൊള്ളാം എന്നും അല്ലാഹു അതോടൊപ്പം ഏറ്റുപറയുകയും ചെയ്തു.

ഹജ്ജത്തുൽ വിദാഇൽ നബി(സ) അവിടെ കൂടിയ ജനങ്ങളോട് ഇപ്രകാരം ചോദിക്കുകയുണ്ടായി: “ഹേ മനുഷ്യരെ എന്നെ പറ്റി നിശ്ചയമായും നിങ്ങളോട് ചോദിക്കപ്പെടുന്നതാണ് അപ്പോൾ നിങ്ങൾ എന്തായിരിക്കും പറയുക.” ജനങ്ങൾ പറഞ്ഞു “അവിടുന്ന് എത്തിച്ച് തരികയും നിർവഹിക്കുകയും ഉപദേശിക്കു

കയും ചെയ്തിരുന്നു വെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കും" അപ്പോൾ റസൂൽ(സ) അവിടുത്തെ ചൂണ്ടാണി വിരൽ ആകാശത്തേക്ക് ഉയർത്തുകയും, അവരുടെ നേരെ താഴ്ത്തി ആഗ്യം കാണിക്കുകയും ചെയ്തു കൊണ്ട് മൂന്ന് പ്രാവശ്യം ഇങ്ങനെ പറഞ്ഞു "അല്ലാഹുവേ, നീ സാക്ഷ്യം വഹിക്കണേ."

ഈ വചനം അവതരിച്ചതിന് ശേഷം ചില വിഷമഘട്ടങ്ങളിൽ നബി(സ) യുടെ രക്ഷക്ക് വേണ്ടി, ചിലർ കാവൽ നിൽക്കാറുണ്ടായിരുന്ന പതിവ് അവിടുന്ന് നിർത്തൽ ചെയ്തു. "എന്നെ അല്ലാഹു കാത്ത് രക്ഷിച്ച് കൊള്ളാമെന്ന് ഏറ്റിട്ടുണ്ട്" എന്ന് അവിടുന്ന് പറഞ്ഞുവെന്നും ചില ഹദീസുകളിൽ വന്നിട്ടുണ്ട്. എത്രയോ ആപത്ഘട്ടങ്ങളിൽ ആശ്ചര്യകരമാംവണ്ണം നബി(സ) രക്ഷപ്പെട്ട സംഭവങ്ങൾ ധാരാളം കാണാവുന്നതാണ്. (അൽപം ചില ഉദാഹരണങ്ങൾ 11-ാം വചനത്തിന്റെ വിവരണത്തിൽ കഴിഞ്ഞിട്ടുണ്ട്.)

**വചനം 68**

قُلْ يَٰٓأَهْلَ ٱلْكِتَٰبِ لَسْتُمْ عَلَىٰ شَىْءٍ حَتَّىٰ تُقِيمُوا۟ ٱلتَّوْرَىٰةَ وَٱلْإِنجِيلَ وَمَآ أُنزِلَ إِلَيْكُم مِّن رَّبِّكُمْ ۗ وَلَيَزِيدَنَّ كَثِيرًا مِّنْهُم مَّآ أُنزِلَ إِلَيْكَ مِن رَّبِّكَ طُغْيَٰنًا وَكُفْرًا ۖ فَلَا تَأْسَ عَلَى ٱلْقَوْمِ ٱلْكَٰفِرِينَ ﴿٦٨﴾

68 (നബിയേ) പറയുക: "വേദക്കാരേ, നിങ്ങൾ യാതൊന്നിലും (തന്നെ) അല്ല, -തൗറാത്തും, ഇഞ്ചീലും, നിങ്ങളുടെ റബ്ബിങ്കൽ നിന്നു നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതും നിങ്ങൾ നിലനിറുത്തുവോളം.'' നിൻെറ റബ്ബിങ്കൽനിന്നു നിനക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതും അവരിൽനിന്ന് വളരെ പേർക്കും ധിക്കാരവും അവിശ്വാസവും വർദ്ധിപ്പിക്കുക തന്നെ ചെയ്യുന്നു. അതിനാൽ, അവിശ്വാസികളായ (ആ) ജനങ്ങളുടെ പേരിൽ നീ വ്യസനപ്പെടേണ്ടാ.

യഥാർത്ഥ തൌറാത്തും ഇഞ്ചീലും (മാറ്റിമറിക്കലുകൾക്ക് വിധേയമാക്കപ്പെട്ട് അവർ സ്വീകരിച്ച് പോരുന്ന കൃത്രിമ വേദങ്ങളല്ല) നിലനിർത്തുന്നത് സംബന്ധിച്ച് 65, 66 വചനങ്ങളുടെയും ഖുർആൻ അവർക്ക് ധിക്കാരവും അവിശ്വാസവും വർധിക്കുമെന്നതിനെ കുറിച്ച് 64-ാം വചനത്തിന്റെയും വ്യാഖ്യാനത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. അവ ശരിക്കും നിലനിർത്തുന്ന പക്ഷം അവർ സത്യവിശ്വാസം സ്വീകരിക്കാതിരിക്കില്ല താനും. "നിങ്ങൾക്ക് അവതരിക്കപ്പെട്ടതു" എന്നു പറഞ്ഞത് കൊണ്ടുള്ള വിവക്ഷ ഖുർആൻ ആകുന്നു.

**വചനം 69**

إِنَّ ٱلَّذِينَ ءَامَنُوا۟ وَٱلَّذِينَ هَادُوا۟ وَٱلصَّٰبِـُٔونَ وَٱلنَّصَٰرَىٰ مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ وَعَمِلَ صَٰلِحًا فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٦٩﴾

69 നിശ്ചയമായും, വിശ്വസിച്ചവരും, യഹൂദരായവരും 'സ്വാബീ'കളും ക്രിസ്ത്യാനികളും, (ആരാവട്ടെ, അവരിൽ) ആർ അല്ലാഹുവിലും, അന്ത്യനാളിലും വിശ്വസിക്കുകയും, സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്തുവോ, എന്നാൽ അവരുടെ മേൽ യാതൊരു ഭയവുമില്ല, അവർ വ്യസനിക്കുകയുമില്ല.

ഈ വിഷയം ഇതേ രീതിയിൽ സൂ: ബഖറ 62 ലും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട് . കൂടുതൽ വിശദീകരണങ്ങൾ അവിടെ നോക്കുക. അല്ലാഹുവിലും അന്ത്യ ദിനത്തിലും ശരിക്ക് വിശ്വസിക്കുകയും, ആവിശ്വാസത്തിലധിഷ്ഠിതമായ സൽകർമ്മങ്ങൾ ചെയ്യുന്നവരും ആരാണോ അവർ ഏത് സമുദായക്കാരായാലും ശരി അവർക്കാണ് രക്ഷയുള്ളത്. അവർക്ക് ഭയമോ വ്യസനമോ ഉണ്ടായിരിക്കുകയില്ല. ഇത് യഥാർത്ഥ സത്യവിശ്വാസികളിൽ മാത്രമേ സാക്ഷാൽകൃതമാകുകയുള്ളൂ എന്ന് പറയേണ്ടതില്ലല്ലോ.

'മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന് ചില മതമില്ലാ മതക്കാർ പ്രചരിപ്പിക്കുന്ന സിദ്ധാന്തത്തെ അനുകൂലിക്കാനായി ചില പുത്തൻ വ്യഖ്യാതാക്കൾ, ഈ വചനം ദുർവ്യാഖ്യാനം ചെയ്ത് കാണാറുണ്ട്. എന്നാൽ അല്ലാഹുവിലും അന്ത്യ ദിനത്തിലും യഥാർത്ഥ വിശ്വാസവും സൽകർമ്മവും സാക്ഷാൽകൃതമാകുന്ന സത്യദീനായ ഇസ്ലാം മാത്രമാണ് അല്ലാഹുവിങ്കൽ സ്വീകാര്യമായ ഏക മതം, എന്നും

അതല്ലാതെ മറ്റൊരു മതവും അവങ്കൽ സ്വീകാര്യമല്ല എന്നുമുള്ള അല്ലാഹുവിന്റെ വചനങ്ങൾ ഓർക്കാതെയാണാ വ്യാഖ്യാതാക്കളുടെ ജൽപനങ്ങൾ.

---

**വചനം 70, 71**

لَقَدْ أَخَذْنَا مِيثَٰقَ بَنِىٓ إِسْرَٰٓءِيلَ
وَأَرْسَلْنَآ إِلَيْهِمْ رُسُلًا ۖ كُلَّمَا جَآءَهُمْ
رَسُولٌۢ بِمَا لَا تَهْوَىٰٓ أَنفُسُهُمْ فَرِيقًا
كَذَّبُوا۟ وَفَرِيقًا يَقْتُلُونَ ﴿٧٠﴾

وَحَسِبُوٓا۟ أَلَّا تَكُونَ فِتْنَةٌ فَعَمُوا۟ وَصَمُّوا۟
ثُمَّ تَابَ ٱللَّهُ عَلَيْهِمْ ثُمَّ عَمُوا۟ وَصَمُّوا۟
كَثِيرٌ مِّنْهُمْ ۚ وَٱللَّهُ بَصِيرٌۢ بِمَا يَعْمَلُونَ ﴿٧١﴾

70 ഇസ്രാഈൽ സന്തതികളുടെ ഉറപ്പ് (കരാർ) നാം വാങ്ങുക തന്നെ ചെയ്തിട്ടുണ്ട്. അവരിലേക്ക് നാം റസൂലുകളെ അയക്കുകയും ചെയ്തു. അവരുടെ മനസ്സുകൾ ഇച്ഛിക്കാത്ത കാര്യവുമായി ഓരോ റസൂൽ അവരിൽ ചെല്ലുമ്പോഴൊക്കെയും ഒരു വിഭാഗത്തെ അവർ വ്യാജമാക്കുകയായി, (വേറെ) ഒരു വിഭാഗത്തെ അവർ കൊലപ്പെടുത്തുകയും ചെയ്തിരുന്നു!

71 ഒരു പരീക്ഷണവും (അഥവാ കുഴപ്പവും) ഉണ്ടാകുകയില്ലെന്ന് അവർ കണക്കുകൂട്ടി; അങ്ങനെ, അവർ അന്ധരാവുകയും, ബധിരരാവുകയും ചെയ്തു. പിന്നീട്, അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിച്ചു. പിന്നെ (വീണ്ടും) അവർ–അവരിൽ വളരെ ആളുകൾ–അന്ധരും ബധിരരുമായി. അല്ലാഹു അവർ പ്രവർത്തിച്ചു വരുന്നതിനെപ്പറ്റി കണ്ടറിയുന്നവനത്രെ.

---

ആദ്യത്തെ ആയത്തിൽ പ്രസ്താവിക്കപ്പെട്ട കാര്യങ്ങളെ കുറിച്ച് ഇതിന് മുമ്പ് പലപ്പോഴും വിവരിച്ചിട്ടുള്ളതാണല്ലോ.

രണ്ടാമത്തെ ആയത്തിന്റെ സാരം ഇങ്ങനെ വിവരിക്കാം: തങ്ങൾ എന്ത് നിലപാട് സ്വീകരിച്ചാലും വിജയവും മോക്ഷവും തങ്ങളുടെ കുത്തകയാണെന്ന് ധരിച്ച് വശായി പ്രവാചകൻ മാരുടെ സത്യോപദേശങ്ങൾക്ക് ചെവികൊടുക്കാതെ തോന്നിയവാസത്തിൽ മുഴുകിയ ഇസ്രാഈല്യരിൽ അല്ലാഹു ചില പരീക്ഷണങ്ങളും ശിക്ഷാനടപടികളും ഏർപ്പെടുത്തി. പിന്നീട് അവരിൽ പശ്ചാതാപം ഉണ്ടാവുകയും അല്ലാഹു അത് സ്വീകരിക്കുകയും ചെയ്തു. കുറെ കഴിഞ്ഞപ്പോൾ വീണ്ടും അവരിൽ അധികപേരുടെയും മട്ട് മാറുകയും പഴയപോലെ അന്ധരും ബധിരരുമായിതീരുകയും ചെയ്തു. എല്ലാം അറിയുന്ന അല്ലാഹു തക്ക സമയത്ത് വേണ്ട നടപടികൾ എടുക്കുകതന്നെ ചെയ്യും.

ഈ വചനത്തിൽ സൂചിപ്പിച്ച പരീക്ഷണ ഘട്ടങ്ങൾ ഇസ്രാഈല്യരുടെ ചരിത്രത്തിലെ താഴെ പറയുന്ന സംഭവങ്ങളായിരിക്കാം എന്ന് ചില വ്യാഖ്യാതാക്കൾ പറയുന്നു:

അവരുടെ അക്രമങ്ങൾ മുഴുത്ത് കൊണ്ടിരുന്ന ഒരു കാലത്ത് ബാബിലോണിയയിലെ ബുഖ്ത്തുനസ്സർ (നെബു ഖേദുനേസർ) രാജാവ് ബൈത്തുൽ മുഖദ്ദിസ് ആക്രമിച്ച് നശിപ്പിക്കുകയും യഹൂദികളെ കൂട്ടത്തോടെ അടിമകളാക്കുകയും ബാബിലോണിയയിലേക്ക് കൊണ്ട് പോവുകയും ചെയ്തു. കുറേ കൊല്ലങ്ങൾക്ക് ശേഷം അവരുടെ സ്ഥിതിഗതികളിൽ മാറ്റമുണ്ടായി തീരുകയും അവർക്ക് മോചനം ലഭിക്കുകയും ചെയ്തു. പിന്നെയും കാലക്രമത്തിൽ അവരുടെ നില വഷളായിതീരുകയാണുണ്ടായത്. ഈ സംഭവങ്ങളെ പറ്റി കൂടുതൽ വിവരങ്ങൾ സൂ: ബനൂ ഇസ്രാഈലിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

---

**വചനം 72, 73, 74**

لَقَدْ كَفَرَ ٱلَّذِينَ قَالُوٓا۟ إِنَّ ٱللَّهَ

72 "നിശ്ചയമായും, അല്ലാഹു തന്നെയാണ് മർയമിൻെറ മകൻ മസീഹു" എന്നു പറഞ്ഞവർ

هُوَ ٱلْمَسِيحُ ٱبْنُ مَرْيَمَ ۖ وَقَالَ ٱلْمَسِيحُ يَـٰبَنِىٓ إِسْرَٰٓءِيلَ ٱعْبُدُوا۟ ٱللَّهَ رَبِّى وَرَبَّكُمْ ۖ إِنَّهُۥ مَن يُشْرِكْ بِٱللَّهِ فَقَدْ حَرَّمَ ٱللَّهُ عَلَيْهِ ٱلْجَنَّةَ وَمَأْوَىٰهُ ٱلنَّارُ ۖ وَمَا لِلظَّـٰلِمِينَ مِنْ أَنصَارٍ ﴿٧٢﴾

തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു. "ഇസ്രാഈൽ സന്തതികളേ, നിങ്ങൾ എൻെറ റബ്ബും നിങ്ങളുടെ റബ്ബുമായ അല്ലാഹുവിനെ ആരാധിക്കണം" എന്നു മസീഹു പറയുകയും ചെയ്തിരിക്കുന്നു. (എന്നിട്ടും അവരതു പറഞ്ഞുണ്ടാക്കി.) നിശ്ചയമായും, കാര്യം: അല്ലാഹുവിനോട് ആരെങ്കിലും പങ്ക് ചേർക്കുന്ന പക്ഷം, തീർച്ചയായും അവൻെറ പേരിൽ അല്ലാഹു സ്വർഗ്ഗം നിഷിദ്ധമാക്കിയിരിക്കുന്നു; അവൻെറ സങ്കേതം നരകവുമായിരിക്കും. അക്രമികൾക്ക് സഹായികളായി (ആരും) ഇല്ലതാനും.

لَّقَدْ كَفَرَ ٱلَّذِينَ قَالُوٓا۟ إِنَّ ٱللَّهَ ثَالِثُ ثَلَـٰثَةٍ ۘ وَمَا مِنْ إِلَـٰهٍ إِلَّآ إِلَـٰهٌ وَٰحِدٌ ۚ وَإِن لَّمْ يَنتَهُوا۟ عَمَّا يَقُولُونَ لَيَمَسَّنَّ ٱلَّذِينَ كَفَرُوا۟ مِنْهُمْ عَذَابٌ أَلِيمٌ ﴿٧٣﴾

73 "നിശ്ചയമായും, അല്ലാഹു മൂന്നിൽ (മൂന്നു ദൈവങ്ങളിൽ) ഒരുവനാകുന്നു''വെന്നു പറഞ്ഞവർ തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു. ഒരേ ഒരു ആരാധ്യനല്ലാതെ (വേറെ) ഒരാരാധ്യനും ഇല്ല താനും, അവർ പറഞ്ഞുകൊണ്ടിരിക്കുന്നതിൽ നിന്ന് അവർ വിരമിക്കുന്നില്ലെങ്കിൽ, അവരിൽനിന്ന് അവിശ്വസിച്ചവരെ വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും.

أَفَلَا يَتُوبُونَ إِلَى ٱللَّهِ وَيَسْتَغْفِرُونَهُۥ ۚ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٧٤﴾

74 അപ്പോൾ, അവർ അല്ലാഹുവിങ്കലേക്ക് (ഖേദിച്ചു) മടങ്ങുകയും, അവനോട് പാപമോചനം തേടുകയും ചെയ്തുകൂടേ?! അല്ലാഹുവാകട്ടെ, വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

---

അല്ലാഹു മാത്രമേ ആരാധ്യനും ദൈവവുമായിട്ടുള്ളു; അവനോട് പങ്ക് ചേർക്കുന്നവർക്ക് സ്വർഗ്ഗം നിഷിദ്ധവും നരകം അവർക്ക് സങ്കേതവുമായിരിക്കും എന്ന യഥാർത്ഥ തൗഹീദിലേക്ക് ഇസ്രാഈല്യരെ ക്ഷണിച്ച ഈസാ(അ) നബിയെ തന്നെ 'അല്ലാഹു വാകുന്ന ദൈവം തന്നെയാണ് അദ്ദേഹം' എന്ന് പറഞ്ഞ്, അവർ ദൈവമാക്കുകയാണ് ചെയ്തത്. വേറൊരു കൂട്ടരാകട്ടെ, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ ത്രിഭൂതങ്ങൾ ചേർന്നതാണ് സാക്ഷാൽ ദൈവമെന്നും അവയിൽ ഒന്നാണ് ( പിതാവ് ) അല്ലാഹു എന്നും പറഞ്ഞുണ്ടാക്കി. ഈ രണ്ട് കൂട്ടരും അവിശ്വാസികൾ തന്നെയാകുന്നു. അത്തരം ദുർവാദങ്ങളിൽ നിന്നും വിരമിച്ച് പശ്ചാത്തപിക്കുന്ന പക്ഷം, അല്ലാഹു അവർക്ക് പൊറുത്ത് കൊടുക്കും. അല്ലാത്ത പക്ഷം അതി കഠിനമായ ശിക്ഷയായിരിക്കും അവരുടെ അനുഭവം.

---

**വചനം 75**

مَّا ٱلْمَسِيحُ ٱبْنُ مَرْيَمَ إِلَّا رَسُولٌ قَدْ خَلَتْ مِن قَبْلِهِ ٱلرُّسُلُ وَأُمُّهُۥ صِدِّيقَةٌ ۖ كَانَا يَأْكُلَانِ ٱلطَّعَامَ ۗ ٱنظُرْ كَيْفَ نُبَيِّنُ لَهُمُ ٱلْـَٔايَـٰتِ ثُمَّ ٱنظُرْ أَنَّىٰ يُؤْفَكُونَ ﴿٧٥﴾

75 മർയമിൻെറ മകൻ മസീഹു ഒരു റസൂൽ (ദൈവദൂതൻ) അല്ലാതെ (മറ്റൊന്നും) അല്ല. അദ്ദേഹത്തിനു മുമ്പ് റസൂലുകൾ (പലരും) കഴിഞ്ഞു പോയിട്ടുണ്ട്. അദ്ദേഹത്തിൻെറ ഉമ്മയാകട്ടെ, ഒരു സത്യസന്ധ(യായ സ്ത്രീ) യുമാകുന്നു. രണ്ടുപേരും ഭക്ഷണം കഴിക്കുമായിരുന്നു. നോക്കുക: ദൃഷ്ടാന്തങ്ങളെ അവർക്കു നാം എപ്രകാരം വിവരിച്ചു കൊടുക്കുന്നുവെന്ന്! (എന്നിട്ടു) പിന്നെ

നോക്കുക; അവര്‍ (സത്യത്തില്‍നിന്ന്) എങ്ങിനെ തെറ്റിക്കപ്പെടുന്നുവെന്ന് !

---

മുന്‍ കഴിഞ്ഞ റസൂലുകളെപ്പോലെ അവരാരും ദൈവമായിരുന്നില്ല എന്നത് പോലെ ഈസാ(അ) നബിയും ഒരു മനുഷ്യന്‍ തന്നെയായിരുന്നു. അദ്ദേഹം അവരെപോലെ ജനങ്ങളെ ഉപദേശിച്ചത് തൗഹീദുമായിരുന്നു. അദ്ദേഹത്തിന്റെ മാതാവാകട്ടെ, ഒരു സത്യസന്ധയായ ഉത്തമ വനിതയുമായിരുന്നു. സാധാരണ മനുഷ്യരെപോലെ അവര്‍ രണ്ടാളും ഭക്ഷണത്തിന് ആവശ്യമുള്ളവരും, അത് കഴിച്ച് ജീവിക്കുന്നവരും ആയിരുന്നു. ഈസാ (അ) ദൈവമാണെന്നോ ദൈവപുത്രനാണെന്നോ, മുക്കൂട്ട് ദൈവങ്ങളില്‍ ഒന്നാണെന്നോ ഉള്ള ശിര്‍ക്ക് വാദങ്ങളൊക്കെ കൃസ്തീയപണ്ഢിതരും സഭകളും പിന്നീട് കെട്ടിച്ചമച്ചുണ്ടാക്കിയതാണ്. കൃസ്തീയ വേദപ്രമാണങ്ങളില്‍ ഏറ്റവും പ്രധാനമായ പുതിയ നിയമത്തിലെ പുസ്തകങ്ങളിലും മറ്റ് ആധികാരിക ഗ്രന്ഥങ്ങളിലും ഇതിന് പല തെളിവുകളും കാണാം, ഉദാഹരണമായി:

മത്തായി (അ:4ല്‍ 10,11 ) വചനങ്ങളില്‍ യേശു പിശാചിനോട് ഇപ്രകാരം പറയുന്നു: “സാത്താനെ, നിന്റെ ദൈവമായ കര്‍ത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ.”

മറ്റൊരിടത്ത് യേശു ഇപ്രകാരം പറഞ്ഞതായി, ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: “എല്ലാറ്റിലും മുഖ്യ കല്‍പ്പന യിസ്രായിലെ നമ്മുടെ ദൈവമായ കര്‍ത്താവ് ഏക കര്‍ത്താവ് ആകുന്നു, നിന്റെ ദൈവമായ കര്‍ത്താവിനെ പൂര്‍ണ്ണ ഹൃദയത്തോടെയും, പൂര്‍ണ്ണമനസ്സോടെയും സ്നേഹിക്കണം.” (മാര്‍ക്കോസ് 12ല്‍ 29,30 )

“യേശു വിശപ്പും ദാഹവും അനുഭവിച്ചു. സന്തോഷം, ദു:ഖം,സ്നേഹം. കോപം എന്നീ വികാരങ്ങള്‍ അവനുമുണ്ടായിരുന്നു. അവന്‍ ജ്ഞാനിയായിരുന്നെങ്കിലും സര്‍വ്വജ്ഞാനിയായിരുന്നില്ല. അവന്‍ പ്രവര്‍ത്തിച്ച അത്ഭുതങ്ങള്‍ സ്വന്തം ശക്തിയാലല്ല ദൈവവിശ്വാസത്താലാണ് ചെയ്തത്. യേശുവിന് മനുഷ്യചിത്തവും ദൈവചിത്തവും എന്നിങ്ങനെ രണ്ട് ചിത്തങ്ങള്‍ (മനസ്സുകള്‍) ഉണ്ടായിരുന്നു വെന്നതിന് ഈ മൂന്ന് സുവിശേഷങ്ങളിലും ( മത്തായി, മാര്‍ക്കോസ്, ലൂക്കോസ് ) യാതൊരു ആധാരവുമില്ല.” - (പുറം 412,414)

---

**വചനം 76, 77**

قُلْ أَتَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَمْلِكُ لَكُمْ ضَرًّا وَلَا نَفْعًا ۚ وَٱللَّهُ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٧٦﴾

قُلْ يَٰٓأَهْلَ ٱلْكِتَٰبِ لَا تَغْلُوا۟ فِى دِينِكُمْ غَيْرَ ٱلْحَقِّ وَلَا تَتَّبِعُوٓا۟ أَهْوَآءَ قَوْمٍ قَدْ ضَلُّوا۟ مِن قَبْلُ وَأَضَلُّوا۟ كَثِيرًا وَضَلُّوا۟ عَن سَوَآءِ ٱلسَّبِيلِ ﴿٧٧﴾

76 പറയുക: “നിങ്ങള്‍ക്ക് വല്ല ഉപദ്രവത്തിനാകട്ടെ, ഉപകാരത്തിനാകട്ടെ കഴിയാത്തതിനെ അല്ലാഹുവിനു പുറമെ നിങ്ങള്‍ ആരാധിക്കുന്നുവോ?! അല്ലാഹുതന്നെയാണ് (എല്ലാം) കേള്‍ക്കുന്നവനും അറിയുന്നവനുമായുള്ളവന്‍.”

77 പറയുക: “വേദക്കാരേ, ന്യായമല്ലാത്ത വിധം നിങ്ങള്‍ നിങ്ങളുടെ മതത്തില്‍ അതിരുകവിയരുത്. ചില ജനങ്ങളുടെ തന്നിഷ്ടങ്ങളെ നിങ്ങള്‍ പിന്‍പറ്റുകയും ചെയ്യരുത്: അവര്‍ മുമ്പേ വഴിപിഴച്ചിട്ടുണ്ട്; വളരെ ആളുകളെ അവര്‍ വഴിപിഴപ്പിക്കുകയും ചെയ്തിരിക്കുന്നു; ശരിയായ മാര്‍ഗ്ഗം വിട്ട് അവര്‍ തെറ്റിപ്പോകുകയും ചെയ്തിരിക്കുന്നു. (ഇങ്ങിനെയുള്ള ഒരു ജനതയുടെ.)”

---

സ്വന്തം നിലയ്ക്ക് എന്തെങ്കിലും ഉപദ്രവമോ ഉപകാരമോ ചെയ്യാന്‍ കഴിവില്ലാത്ത വസ്തുക്കളെ- അവ നിര്‍ജീവികളോ, ജീവികളോ ഏതായാലും ശരി - ആരാധിക്കുന്നതിന്റെ അര്‍ഥശൂന്യതയേയാണ് ആദ്യത്തെ വചനം ചൂണ്ടിക്കാട്ടുന്നത്. ഈസാ(അ) നബിയും ഇതില്‍ നിന്നും ഒഴിവല്ലല്ലോ. സ്വന്തം ദേഹത്തിന് പോലും കഷ്ടതകളില്‍ നിന്നും വേദനകളില്‍ നിന്നും, യാതനകളില്‍ നിന്നും മുക്തി നല്‍കാന്‍ കഴിയാത്ത അദ്ദേഹത്തിന് മറ്റുള്ളവര്‍ക്ക് മുക്തി നല്‍കാന്‍ എങ്ങനെ കഴിയാനാണ്.

രണ്ടാമത്തെ വചനത്തില്‍ വേദക്കാരെ അഭിസംബോധന ചെയ്തുകൊണ്ട് രണ്ട് കാര്യങ്ങള്‍ അല്ലാഹു അവരോട് വിരോധിക്കുന്നു.

1. മതത്തിൽ ന്യായമല്ലാത്ത അതിരു കവിയൽ പാടില്ല: മതത്തിൽ പിഴച്ചുപോകൽ മത നിഷേധത്തിൽ നിന്നും ഉണ്ടാകുന്നതുപോലെ തന്നെ, അതിൽ അതിര് കവിയുന്നത് കൊണ്ടും ഉണ്ടായിതീരുന്നു. കൃസ്ത്യാനികളുടെ വഴിപിഴവ് മതത്തിൽ അതിരു കവിയുന്നതിന്റെ ഉത്തമ ഉദാഹരണമാണ് - മനുഷ്യനും, അല്ലാഹുവിന്റെ സൃഷ്ടിയുമായ ഈസാ(അ) നബിക്കും അദ്ദേഹത്തിന്റെ മാതാവിനുപോലും അവർ ദിവ്യത്വം കൽപ്പിച്ചത് കൂടാതെ അദ്ദേഹം കുരിശിൽ ബന്ദിക്കപ്പെട്ടിട്ടുണ്ടെന്ന നിഗമനത്തിൽ കുരിശിനെ പോലും അവർ ആരാധ്യ വസ്തുക്കളാക്കി. പുരോഹിത വർഗ്ഗങ്ങളെ അവർ റബ്ബുകളാക്കി: അങ്ങനെ വിശ്വാസത്തിലെ ഈ അതിര് കവിയൽ അവരെ ശിർക്കിന്റെ അടിതട്ടിലേക്ക് തള്ളിവിട്ടു. കൃസ്ത്യാനികളുടെ ഈ അതിര് കവിയൽ രോഗം മിക്കതും പല രൂപത്തിലും മുസ്ലിം സമുദായത്തിലേക്കും പകർന്നിട്ടുണ്ടെന്നുള്ളത് ഒരു ദു:ഖ സത്യം മാത്രമാകുന്നു.

2. ഖുർആൻ അവതരിപ്പിക്കുന്ന കാലത്ത് തന്നെ ഈസാ(അ)യും ഇഞ്ചീലും പഠിപ്പിച്ച മത തത്വങ്ങൾ യഹൂദികളുടെയും ആദ്യകാല ക്രൈസ്തവരുടെയും, ഗ്രീക്ക് തത്വ ശാസ്ത്രങ്ങളുടെയും ഹൈന്ദവ സിദ്ധാന്തങ്ങളുടെയും ബാബിലോണിയൻ ചിന്താഗതികളുടെയും കൈകടത്തലുകളിലൂടെയും കൃസ്തീയ മഹാസഭ (സുന്നഹദോസ്)കളുടെ പൊളിച്ചെഴുത്തുകളിലൂടെയും വികലമാക്കപ്പെട്ട് കഴിഞ്ഞിരുന്നു. ഖുർആൻ അവതരിപ്പിക്കപ്പെട്ടതിന് ശേഷവും കൃസ്തീയ സഭകൾ അവരുടെ മത തത്വങ്ങളിൽ പുതിയ കൂട്ടിച്ചേർക്കലുകൾ നടത്തിക്കൊണ്ടേയിരുന്നു. ഈ യാഥാർത്ഥ്യങ്ങളിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് അല്ലാഹു ഈ വചനത്തിലൂടെ വേദക്കാരെ താക്കീത് ചെയ്യുന്നു:

"മുമ്പേ വഴിപിഴച്ച് പോകുകയും വളരെ ആളുകളെ വഴി പിഴപ്പിക്കുകയും നേർമാർഗ്ഗത്തിൽ നിന്ന് തെറ്റിപ്പോകുകയും ചെയ്തിട്ടുള്ള ജനങ്ങളുടെ തന്നിഷ്ടങ്ങളെ നിങ്ങൾ പിൻ പറ്റരുത്."

## വിഭാഗം 11

**വചനം 78, 79, 80, 81**

لُعِنَ ٱلَّذِينَ كَفَرُوا۟ مِنۢ بَنِىٓ إِسْرَٰٓءِيلَ عَلَىٰ لِسَانِ دَاوُۥدَ وَعِيسَى ٱبْنِ مَرْيَمَ ۚ ذَٰلِكَ بِمَا عَصَوا۟ وَّكَانُوا۟ يَعْتَدُونَ ﴿٧٨﴾

78 ഇസ്രാഈൽ സന്തതികളിൽനിന്ന് അവിശ്വസിച്ചവർ ദാവൂദിൻെറയും, മർയമിൻെറ മകൻ ഈസായുടെയും നാവിലൂടെ ശപിക്കപ്പെട്ടിരിക്കുന്നു. അത്, അവർ അനുസരണക്കേട് ചെയ്യുകയും, അതിരു വിട്ടുകൊണ്ടിരിക്കുകയും ചെയ്തതു നിമിത്തമത്രെ.

كَانُوا۟ لَا يَتَنَاهَوْنَ عَن مُّنكَرٍ فَعَلُوهُ ۚ لَبِئْسَ مَا كَانُوا۟ يَفْعَلُونَ ﴿٧٩﴾

79 അവർ ചെയ്ത ദുരാചാരത്തെക്കുറിച്ച് അവർ പരസ്പരം വിരോധിക്കാറില്ലായിരുന്നു. അവർ ചെയ്തുകൊണ്ടിരുന്നത് വളരെ ചീത്ത തന്നെ!

تَرَىٰ كَثِيرًا مِّنْهُمْ يَتَوَلَّوْنَ ٱلَّذِينَ كَفَرُوا۟ ۚ لَبِئْسَ مَا قَدَّمَتْ لَهُمْ أَنفُسُهُمْ أَن سَخِطَ ٱللَّهُ عَلَيْهِمْ وَفِى ٱلْعَذَابِ هُمْ خَٰلِدُونَ ﴿٨٠﴾

80 അവരിൽ നിന്ന് പലരെയും അവിശ്വസിച്ചവരോട് മൈത്രീബന്ധം സ്ഥാപിക്കുന്നതായി നിനക്കു കാണാം. അവരുടെ സ്വന്തങ്ങൾ തങ്ങൾക്കു വേണ്ടി മുന്നൊരുക്കി വെച്ചിട്ടുള്ളത് വളരെ ചീത്ത തന്നെ! അതായത്, അല്ലാഹു അവരുടെമേൽ ക്രോധിച്ചിരിക്കുകയാണെന്നുള്ളത്. ശിക്ഷയിലാകട്ടെ, അവർ ശാശ്വതൻമാരുമാകുന്നു. (ഇതാണവർ തങ്ങൾക്കു വേണ്ടി ഒരുക്കിവെച്ചിരിക്കുന്നത്)

وَلَوْ كَانُوا۟ يُؤْمِنُونَ بِٱللَّهِ وَٱلنَّبِىِّ وَمَآ أُنزِلَ إِلَيْهِ مَا ٱتَّخَذُوهُمْ أَوْلِيَآءَ وَلَٰكِنَّ كَثِيرًا مِّنْهُمْ فَٰسِقُونَ ﴿٨١﴾

81 അവർ അല്ലാഹുവിലും, നബിയിലും, അദ്ദേഹത്തിലേക്ക് അവതരിപ്പിക്കപ്പെട്ടതിലും വിശ്വസിച്ചുകൊണ്ടിരുന്നെങ്കിൽ അവർ അവരെ ബന്ധുമിത്രങ്ങളാക്കുമായിരുന്നില്ല. എങ്കിലും, അവരിൽ വളരെ ആളുകളും തോന്നിയ വാസികളാകുന്നു.

ഇസ്രാഈല്യരുടെ ധിക്കാരത്തിന്റെയും അനുസരണക്കേടിന്റെയും കാരണമായി അവരിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകന്മാരായ ദാവൂദു(അ) നബിയും ഈസാ(അ)നബിയും അവരെ ശപിക്കുകയു ണ്ടായി. അവരുടെ ഇടയിൽ ആരെന്ത് തോന്നിയവാസം ചെയ്താലും അതിൽ നിന്ന് സ്വയം പശ്ചാത്തപിച്ച് മടങ്ങുകയോ മറ്റുള്ളവർ അത് മുടക്കം ചെയ്യുകയോ പതിവില്ലായിരുന്നു അങ്ങനെ അത് പിന്നെയും പിന്നെയും ആവർത്തിച്ച് കൊണ്ടിരിക്കും.

പ്രവാചകന്മാരുടെ അനുയായികളെന്ന നിലക്കു അവർ കൂടുതൽ അടുപ്പവും ബന്ധവും സത്യവിശ്വാ സികളുമായിട്ടാണ് വേണ്ടത്. എന്നാൽ, അവരിൽ അധികമാളുകളും ബന്ധുമിത്രങ്ങളാക്കി പോരുന്നത് മുശ്രിക്കു കളായ അവിശ്വാസികളെയാണ്. അല്ലാഹുവിന്റെ ക്രോധവും ശാപവും ശാശ്വതമായ ശിക്ഷയുമാണ് തങ്ങ ളുടെ നടപടികളിലൂടെ അവർ നേടിവെച്ചിരിക്കുന്നത്. ഇവരും അവിശ്വാസികളും സത്യനിഷേധികൾ തന്നെ. അല്ലായിരുന്നുവെങ്കിൽ ഇവർ അല്ലാഹുവിലും അവന്റെ പ്രവാചകനിലും വേദഗ്രന്ഥങ്ങളിലും അവിശ്വസിക്കു കയും ആ അവിശ്വാസികളെ ബന്ധുമിത്രങ്ങളായി സ്വീകരിക്കുകയും ചെയ്യുമായിരുന്നില്ലല്ലോ.

സൽക്കാര്യങ്ങളെകൊണ്ട് ഉപദേശിക്കലും ദുഷ്കാര്യങ്ങളെകുറിച്ച് വിരോധിക്കലും സത്യവിശ്വാസി കളുടെ മേൽ കടമയാകുന്നു. നബി(സ) പറഞ്ഞതായി ഇബ്ന് മസുഊദ് (റ) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു. “ഇസ്രാഈല്യരിൽ, ഒരാൾ തെറ്റ് ചെയ്യുന്നത് കാണുമ്പോൾ മറ്റൊരാൾ ഇത് ചെയ്യാൻ പാടില്ലാത്തതെന്ന് അയാളോട് ആദ്യം പറയും. എന്നാൽ പിറ്റേ ദിവസം അവനെ അതേ നിലയിൽ കാണുമ്പോൾ അയാൾ അവനോടൊന്നിച്ച് ഭക്ഷണപാനീയത്തിലും സഹവാസത്തിലും പങ്കെടുക്കുകയും ചെയ്യും. അങ്ങനെ അവർ ചെയ്യാൻ തുടങ്ങിയപ്പോൾ അല്ലാഹു അവർക്കിടയിൽ ഭിന്നിപ്പുണ്ടാക്കി.” പിന്നീടു നബി(സ) ഈ വചനങ്ങൾ ഓതുകയും ഇപ്രകാരം പറയുകയും ചെയ്തു. “അല്ലാഹുവിനെ തന്നെയാണെ, നിങ്ങൾ സദാചാരം കൊണ്ട് കല്പിക്കുകയും ദുരാചാരത്തെ വിരോധിക്കുകയും വേണം. ആക്രമിയുടെ കൈക്ക് പിടിക്കുകയും ചെയ്യണം.”

നബി(സ) പറഞ്ഞതായി ഹുദൈഫത്തുബ്നുൽ യമാൻ(റ) ഉദ്ധരിക്കുന്നു. “സദാചാരം കൊണ്ട് കല്പി ക്കുകയും ദുരാചാരത്തെ വിരോധിക്കുകയും ചെയ്യാത്തപക്ഷം, നിങ്ങളുടെ മേൽ അല്ലാഹുവിന്റെ ശിക്ഷാന ടപടി അയക്കപ്പെടുന്നതാണ്. പിന്നീട് നിങ്ങളുടെ പ്രാർത്ഥനക്ക് അവൻ നിങ്ങൾക്ക് ഉത്തരം നൽകുകയില്ല.”

“ജിഹാദിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായത് അക്രമിയായ ഒരു ഭരണാധികാരിയുടെ അടുക്കൽവെച്ച് പറയപ്പെടുന്ന സത്യത്തിന്റെ ഒരു വാക്യമാകുന്നു”. - നബിവചനം.

“നിങ്ങൾ ഒരു ദുരാചാരം കണ്ടാൽ, തന്റെ കൈകൊണ്ടോ അത് സാധിക്കാത്തപക്ഷം നാവുകൊ ണ്ടോ, അതു തടഞ്ഞ് കൊള്ളട്ടെ. അതിനും സാധിക്കാത്തപക്ഷം, തന്റെ ഹൃദയം കൊണ്ട് അതിനെ വെറു ത്ത്കൊള്ളട്ടെ- സത്യവിശ്വാസത്തിൽ ഏറ്റവും ദുർബലമായതത്രേ അത്.” - നബി വചനം.

**വചനം 82, 83, 84, 85, 86**

۞ لَتَجِدَنَّ أَشَدَّ ٱلنَّاسِ عَدَٰوَةً لِّلَّذِينَ ءَامَنُواْ ٱلْيَهُودَ وَٱلَّذِينَ أَشْرَكُواْ ۖ وَلَتَجِدَنَّ أَقْرَبَهُم مَّوَدَّةً لِّلَّذِينَ ءَامَنُواْ ٱلَّذِينَ قَالُوٓاْ إِنَّا نَصَٰرَىٰ ۚ ذَٰلِكَ بِأَنَّ مِنْهُمْ قِسِّيسِينَ وَرُهْبَانًا وَأَنَّهُمْ لَا يَسْتَكْبِرُونَ ﴿٨٢﴾

82 നിശ്ചയമായും, വിശ്വസിച്ചവരോട് മനുഷ്യരിൽ വെച്ച് ഏറ്റവും കഠിന ശത്രുതയുള്ളവർ യഹൂദികളും, ശിർക്കു ചെയ്യുന്നവരുമായി (ബഹുദൈവ വിശ്വാസികളുമായി) നീ കാണുന്നതാണ്. നിശ്ചയമായും, വിശ്വസിച്ച വരോട് അവരിൽവെച്ച് ഏറ്റവും അടുത്ത സ്നേഹബന്ധമുള്ളവർ, ഞങ്ങൾ ‘നസ്രാനീ’ക ളാണെന്ന് പറയുന്നവരായും (ക്രിസ്ത്യാനി കളായും) നീ കാണുന്നതാണ്. അവരിൽ ചില പണ്ഡിതാചാര്യൻമാരും, പുരോഹിതൻമാരും ഉണ്ടെന്നുള്ളതും, അവർ അഹംഭാവം നടിക്കുന്നില്ലെന്നുള്ളതും നിമിത്തമാകുന്നു അത്.

**ജുസുഅ് 7**

وَإِذَا سَمِعُواْ مَآ أُنزِلَ إِلَى ٱلرَّسُولِ تَرَىٰٓ أَعْيُنَهُمْ تَفِيضُ مِنَ ٱلدَّمْعِ مِمَّا

83 റസൂലിലേക്ക് അവതരിപ്പിക്കപ്പെട്ടതിനെ അവർ കേട്ടാൽ, യഥാർത്ഥത്തിൽനിന്നും അവർ മനസ്സിലാക്കിയതു നിമിത്തം, അവരുടെ കണ്ണുകൾ അശ്രുവിനാൽ ഒഴുകുന്നതായി

عَرَفُواْ مِنَ ٱلۡحَقِّۖ يَقُولُونَ رَبَّنَآ ءَامَنَّا
فَٱكۡتُبۡنَا مَعَ ٱلشَّٰهِدِينَ ٨٣
وَمَا لَنَا لَا نُؤۡمِنُ بِٱللَّهِ وَمَا جَآءَنَا مِنَ
ٱلۡحَقِّ وَنَطۡمَعُ أَن يُدۡخِلَنَا رَبُّنَا مَعَ
ٱلۡقَوۡمِ ٱلصَّٰلِحِينَ ٨٤
فَأَثَٰبَهُمُ ٱللَّهُ بِمَا قَالُواْ جَنَّٰتٖ تَجۡرِي مِن
تَحۡتِهَا ٱلۡأَنۡهَٰرُ خَٰلِدِينَ فِيهَاۚ وَذَٰلِكَ جَزَآءُ
ٱلۡمُحۡسِنِينَ ٨٥
وَٱلَّذِينَ كَفَرُواْ وَكَذَّبُواْ بِـَٔايَٰتِنَآ
أُوْلَٰٓئِكَ أَصۡحَٰبُ ٱلۡجَحِيمِ ٨٦

നിനക്കു കാണാം. അവർ പറയും: “ഞങ്ങളുടെ റബ്ബേ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു; ആകയാൽ, നീ ഞങ്ങളെ സാക്ഷ്യം വഹിക്കുന്നവരോടൊപ്പം രേഖപ്പെടുത്തണേ!”

84 “അല്ലാഹുവിലും, യഥാർത്ഥത്തിൽ നിന്നും ഞങ്ങൾക്കു വന്നിട്ടുള്ളതിലും വിശ്വസിക്കാതിരിക്കുമാറ് ഞങ്ങൾക്കെന്താണ് (തടസ്സം) ഉള്ളത്, സദ്വൃത്തരായ ജനങ്ങളോടൊപ്പം ഞങ്ങളുടെ റബ്ബ് ഞങ്ങളെ പ്രവേശിപ്പിക്കുവാൻ ഞങ്ങൾ മോഹിച്ചു കൊണ്ടിരിക്കെ!?”

85 അങ്ങനെ, അവർ (ആ) പറഞ്ഞതുകൊണ്ട് അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളെ അല്ലാഹു അവർക്ക് പ്രതിഫലം നൽകി; (അവർ) അതിൽ നിത്യവാസികളായ നിലയിൽ സുകൃതവാൻമാരുടെ പ്രതിഫലമത്രെ അത്.

86 അവിശ്വസിക്കുകയും, നമ്മുടെ ‘ആയത്തു’ (ലക്ഷ്യം) കളെ വ്യാജമാക്കുകയും ചെയ്തവരാകട്ടെ, അക്കൂട്ടർ, ജ്വലിക്കുന്ന നരകത്തിൻെറ ആൾക്കാരാകുന്നു.

---

ഖുർആൻ അവതരിക്കുന്നകാലത്ത് ഇസ്ലാമിന്റെ ശത്രുക്കളിൽ യഹൂദികളും മുശ്‌രിക്കുകളും സത്യവിശ്വാസികളോട് ഏറ്റവും അധികം ശത്രുത പുലർത്തുന്നവരും, കൃസ്ത്യാനികൾ ഈ കൂട്ടരിൽ വെച്ച് സത്യവിശ്വാസികളോട് കൂടുതൽ സ്നേഹബന്ധം പുലർത്തുന്നവരുമാണെന്നും അല്ലാഹു സത്യവിശ്വാസികളെ അറിയിക്കുന്നു. ആ നിലക്കായിരിക്കണം, ഓരോ കൂട്ടരോടുമുള്ള പെരുമാറ്റമെന്നാണിതിന്റെ സൂചന. ക്രിസ്ത്യാനികളുടെ ശത്രുത അത്ര കഠിനമല്ലാതിരിക്കുന്നതിനുള്ള കാരണം അല്ലാഹു തുടർന്ന് വിവരിക്കുന്നു.

ഗർവ്വും അഹംഭാവവുമില്ലാത്ത, ശുദ്ധഹൃദയരായ ചില പണ്ഡിതാചാര്യന്മാരും ഭക്തരായ പുരോഹിതന്മാരും ക്രിസ്ത്യാനികളിൽ ഉണ്ടെന്നും, അല്ലാഹുവിന്റെ വചനങ്ങൾ കേട്ടാൽ കണ്ണീരൊഴുക്കിക്കൊണ്ട് അവർ അനുസരണവും ഭക്തിയും കാണിക്കുകയും അതിൽ അവർ വിശ്വസിക്കുകയും തങ്ങളെ സത്യത്തിന് സാക്ഷ്യം വഹിക്കുന്ന സജ്ജനങ്ങളിൽ ഉൾപ്പെടുത്താനും, അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രതിഫലവും ലഭിക്കുവാനും അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമെന്നും അല്ലാഹു അവരെപറ്റി അറിയിക്കുന്നു.

യഹൂദികളെയും മുശ്‌രിക്കുകളെയും അപേക്ഷിച്ച്, നോക്കുമ്പോൾ അന്നത്തെ ക്രിസ്ത്യാനികൾ ഇസ്ലാമിനോടു അവലംബിച്ച നയം വളരെ ശാന്തമായിരുന്നു. മക്കയിൽ നിന്ന് മുസ്ലീംകൾ ഒന്നാമതായി ഹിജ്റ പോയതു ഒരു ക്രിസ്തീയ രാജാവായ നജ്ജാശിയുടെ ഭരണത്തിലുള്ള അബിസീനിയായിലേക്കാണല്ലോ. അദ്ദേഹം അവരെ ആദരിക്കുകയും, ജഅഫുറുബ്നു അബീത്വാലിബു(റ)ൽ നിന്നും സൂറത്ത് മറിയം ശ്രവിച്ച മാത്രയിൽ ഈസാ (അ)നെയും മർയം(അ) നെയും സംബന്ധിച്ച യാഥാർത്ഥ്യം മനസ്സിലാക്കി അദ്ദേഹം ഇസ്ലാം മതം സ്വീകരിക്കുകയും ചെയ്തു. അദ്ദേഹം മരണപ്പെട്ട വാർത്ത വഹ്‌യു മൂലം അറിഞ്ഞപ്പോൾ നബി(സ) അദ്ദേഹത്തിന് വേണ്ടി ജനാസ: നമസ്ക്കാരം നടത്തിയ സംഭവം പ്രസിദ്ധമാണ്.

റോമാ ചക്രവർത്തിയായിരുന്ന ഹിറഖ്ലിയൂസിനെ ഇസ്ലാമിലേക്ക് ക്ഷണിച്ച് കൊണ്ട് നബി(സ) കത്തയച്ചപ്പോൾ അദ്ദേഹം ഇസ്ലാമിലേക്ക് ചായ്‌വ് കാണിക്കുകയുണ്ടായെങ്കിലും ക്രിസ്ത്രീയനേതാക്കളുടെ കഠിനമായ പ്രതിഷേധം കാരണം രാജാധികാരം നഷ്ടപ്പെടുമെന്ന് ഭയന്ന് പിന്നീട് പിൻമാറുകയാണുണ്ടായത്.

ഈജിപ്തിലെ ഭരണാധികാരിയായിരുന്ന മുഖൌഖിസിന് തീരുമേനി അയച്ച കത്ത് സസന്തോഷം സ്വീകരിച്ച് തീരുമേനിക്ക് പല സമ്മാനങ്ങളും കാഴ്ച വസ്തുക്കളും കൊടുത്തയക്കുകയുണ്ടായി. തീരുമേനിയുടെ പുത്രനായ ഇബ്രാഹിമിന്റെ മാതാവായിരുന്ന മാരിയത്തുൽ ഖിബ്തിയ്യ(റ) അങ്ങനെ ഈജിപ്തിൽ നിന്നും വന്ന് ചേർന്ന ഒരു അടിമസ്ത്രീയായിരുന്നു.

ക്രിസ്ത്യാനികളിലെ പ്രധാനപ്പെട്ട പല നേതാക്കളും ഇസ്ലാമിൽ പ്രവേശിക്കുകയുണ്ടായി.

മേൽവിവരിച്ച രീതിയിൽ ക്രിസ്ത്യാനികളിൽ നിന്നുള്ളതുപോല നല്ല സമീപനം വേദക്കാരായ യഹൂദികളിൽനിന്നും ഇസ്ലാമിനോട് പ്രകടമായ ചരിത്രമില്ല. ആധുനിക കാലത്ത് ഇസ്രാഈൽ സ്ഥാപിതമായതോടെ തങ്ങൾക്ക് കിട്ടിയ ശക്തിയും കെട്ടുറപ്പും അവർ പൂർവ്വാധികം ശക്തിയായി മുസ്ലീംകൾക്കെതിരെ പ്രകടിപ്പിച്ച് വരുന്നു.

പിൽക്കാല ക്രിസ്ത്യാനികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഖുർആൻ അവതരിക്കുന്ന കാലത്തെ സ്ഥിതിഗതികളിൽനിന്നും വ്യത്യസ്തമായി മുസ്ലിംകൾക്കെതിരെ, അനേകം രക്തക്കളങ്ങൾ ഒഴുക്കിയ ചരിത്രമാണ്, കുരിശ് യുദ്ധങ്ങളിലും സ്പെയിനിൽ നിന്ന് മുസ്ലീംകളെ നിഷ്കാസനം ചെയ്തതിലും ഒക്കെ അവർ പ്രകടിപ്പിച്ചത്.

ഇസ്ലാമിനോടും മുസ്ലീംകളോടും ആദ്യകാലങ്ങളിൽ ക്രിസ്ത്യാനികൾ കൂടുതൽ അടുപ്പമുണ്ടാകാൻ കാരണമായി ഇബ്നു കഥീർ(റ) ബൈളാവി(റ) മുതലായവർ സൂചിപ്പിച്ച് കാണുന്നത്, കർക്കശമായ മതശാസനകളും നിയമങ്ങളും ക്രിസ്തുമതത്തിൽ കുറവാണ് എന്നുള്ളതാണ്. കാരുണ്യം, വിനയം, എതിരാളികളോട് സഹിഷ്ണുത, സഹനം എന്നീ സ്വാഭാവഗുണങ്ങൾക്ക് അതിൽ കൂടുതൽ സ്ഥാനവും നൽകപ്പെട്ടിരിക്കുന്നു. പിൽക്കാലങ്ങളിൽ പ്രസ്തുത സ്വാഭാവഗുണങ്ങളിൽ നിന്ന്, സ്വാർത്ഥപരമായ പ്രേരണകൾ നിമിത്തം അവർ അകന്ന് പോയതിനാൽ, മേൽസൂചിപ്പിച്ചത് പോലെയുള്ള കഠിനസംഘട്ടനങ്ങളിൽ അവർ ഏർപ്പെടുകയും ചെയ്തു.

82-ാം വചനത്തിലൂടെ തങ്ങളുടെ സത്യതക്ക് ഖുർആൻ സാക്ഷ്യം വഹിക്കുന്നതായി ക്രിസ്തീയ പണ്ഡിതന്മാർ സമർത്ഥിച്ച് വരാറുണ്ട്. ആയതിന് ഇമാം ഇബ്ന് തൈമിയ്യ(റ) ഇപ്രകാരം മറുപടി പറയുന്നു.

ആ വചനത്തിന്റെ അടുത്ത വചനത്തിൽ (വചനം 83) അല്ലാഹു പറയുന്നു: റസൂലിന് അവതരിക്കപ്പെട്ടത് അവർ കേട്ടാൽ തങ്ങളുടെ തെറ്റുകൾ മനസ്സിലാക്കി, കണ്ണീരൊഴുക്കി അവർ പറയും "ഞങ്ങളുടെ റബ്ബേ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ആകയാൽ നീ ഞങ്ങളെ സാക്ഷ്യം വഹിക്കുന്നതോടൊപ്പം രേഖപ്പെടുത്തേണമേ" എന്ന്. - അങ്ങനെയുള്ളവർ സ്വാഭാവികമായും ക്രിസ്തുമതം വിട്ട് മുസ്ലീംകളായിത്തീരുകയും ചെയ്യുമല്ലോ.

## വിഭാഗം 12

**വചനം 87, 88**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تُحَرِّمُوا۟ طَيِّبَـٰتِ مَآ أَحَلَّ ٱللَّهُ لَكُمْ وَلَا تَعْتَدُوٓا۟ ۚ إِنَّ ٱللَّهَ لَا يُحِبُّ ٱلْمُعْتَدِينَ ﴿٨٧﴾

وَكُلُوا۟ مِمَّا رَزَقَكُمُ ٱللَّهُ حَلَـٰلًا طَيِّبًا ۚ وَٱتَّقُوا۟ ٱللَّهَ ٱلَّذِىٓ أَنتُم بِهِۦ مُؤْمِنُونَ ﴿٨٨﴾

87 ഹേ, വിശ്വസിച്ചവരേ, നിങ്ങൾക്ക് അല്ലാഹു അനുവദനീയമാക്കിത്തന്നിട്ടുള്ളതിലെ (നല്ല) വിശിഷ്ട വസ്തുക്കളെ നിങ്ങൾ നിഷിദ്ധമാക്കരുത്; നിങ്ങൾ അതിരുവിടുകയും ചെയ്യരുത്. നിശ്ചയമായും അല്ലാഹു, അതിരുവിടുന്നവരെ ഇഷ്ടപ്പെടുകയില്ല.

88 അല്ലാഹു നിങ്ങൾക്കു നൽകിയതിൽ നിന്ന് അനുവദനീയവും വിശിഷ്ടവുമായത് തിന്നുകൊള്ളുകയും ചെയ്യുവിൻ. നിങ്ങൾ യാതൊരു അല്ലാഹുവിൽ വിശ്വസിക്കുന്നവരാണോ അവനെ സൂക്ഷിക്കുകയും ചെയ്യുവിൻ.

---

ക്രിസ്ത്യാനികൾ അവരുടെ മതാനുഷ്ഠാനങ്ങളിൽ അതിരു കവിഞ്ഞ് അനുവദനീയമാക്കപ്പെട്ട സുഖസൗകര്യങ്ങൾ ത്യജിച്ച് സന്യാസജീവിതം അനുഷ്ഠിച്ച് വന്നത് പോലെ, സത്യവിശ്വാസികൾ, അല്ലാഹു തങ്ങൾക്ക് അനുവദിച്ച് കൊടുത്ത നല്ല വസ്തുക്കളൊന്നും സ്വയം നിഷിദ്ധമാക്കരുതെന്ന് അല്ലാഹു കൽപിക്കുന്നു. അങ്ങനെ നിഷിദ്ധമാക്കുന്നത് അവന്റെ അനുഗ്രഹത്തിന് നേരെയുള്ള നന്ദികേടാകുന്നു. എന്നാൽ അനുവദിക്കപ്പെട്ട വസ്തുക്കൾ ഉപയോഗിക്കുന്നതിൽ മിതത്വം പാലിക്കാതിരിക്കുന്നതും അനുവദനീയമാക്കപ്പെടാത്ത വസ്തുക്കളെ ഉപയോഗിക്കുന്നതും അതിരു കവിയലായിരിക്കുന്നതാണ്.

അനുവദനീയമായ നല്ല വസ്തുക്കൾ എന്ന് പറഞ്ഞതിന്റെ വിഷയത്തെപ്പറ്റി അൽബഖറ:168 ന്റെ വ്യാഖ്യാനം നോക്കുക. സഹാബികളിൽപ്പെട്ട ചില ആളുകൾ തങ്ങൾ മാംസം കഴിക്കുകയില്ലെന്നും സദാ നോമ്പുപിടിക്കുമെന്നും, മറ്റുചിലർ, വിവാഹം കഴിക്കുകയില്ലെന്നും, രാത്രി ഉറങ്ങാതെ നമസ്ക്കരിക്കുമെന്നു

മൊക്കെ, തീരുമാനിച്ചതിനെപറ്റി അറിഞ്ഞ റസൂൽ (സ) തീരുമേനി, അവരെ പറ്റി ആക്ഷേപിക്കുകയും താൻ ഇത്തരം അല്ലാഹു അനുവദിച്ച കാര്യങ്ങൾ മിതത്വത്തോടെ അനുഭവിക്കാറുണ്ടെന്നും എന്റെ ചര്യയോടു, വെറുപ്പുള്ളവർ എന്റെ കൂട്ടത്തിൽപെട്ടവരല്ല എന്ന് അവരോട് പറയുകയും ചെയ്തു.

ഇത് പോലെയുള്ള ചില സംഭവങ്ങളാണ് ഈ വചനങ്ങളുടെ അവതരണത്തിന് ഹേതു എന്ന് പല രിവായത്തുകളിലും വന്നിരിക്കുന്നു.

---

**വചനം 89 :**

لَا يُؤَاخِذُكُمُ ٱللَّهُ بِٱللَّغْوِ فِىٓ أَيْمَـٰنِكُمْ وَلَـٰكِن يُؤَاخِذُكُم بِمَا عَقَّدتُّمُ ٱلْأَيْمَـٰنَ ۖ فَكَفَّـٰرَتُهُۥٓ إِطْعَامُ عَشَرَةِ مَسَـٰكِينَ مِنْ أَوْسَطِ مَا تُطْعِمُونَ أَهْلِيكُمْ أَوْ كِسْوَتُهُمْ أَوْ تَحْرِيرُ رَقَبَةٍ ۖ فَمَن لَّمْ يَجِدْ فَصِيَامُ ثَلَـٰثَةِ أَيَّامٍ ۚ ذَٰلِكَ كَفَّـٰرَةُ أَيْمَـٰنِكُمْ إِذَا حَلَفْتُمْ ۚ وَٱحْفَظُوٓا۟ أَيْمَـٰنَكُمْ ۚ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمْ ءَايَـٰتِهِۦ لَعَلَّكُمْ تَشْكُرُونَ ﴿٨٩﴾

89 നിങ്ങളുടെ സത്യങ്ങളിലെ വ്യർത്ഥ വാക്കുമൂലം അല്ലാഹു നിങ്ങളെ പിടികൂടുകയില്ല. പക്ഷേ, നിങ്ങൾ (മനഃപൂർവ്വം) സത്യങ്ങളെ ഉറപ്പിക്കുന്നതുമൂലം അവൻ നിങ്ങളെ പിടികൂടുന്നതാണ്. അപ്പോൾ അതിൻെറ (അത് ലംഘിച്ചതിൻെറ) പ്രായശ്ചിത്തം, നിങ്ങൾ നിങ്ങളുടെ വീട്ടുകാർക്ക് ഭക്ഷിക്കുവാൻ കൊടുക്കാറുള്ളതിൻെറ മദ്ധ്യനിലക്കുള്ളതിൽ നിന്ന് പത്തു സാധുക്കൾക്ക് ഭക്ഷണം കൊടുക്കലാകുന്നു; അല്ലെങ്കിൽ അവർക്ക് വസ്ത്രം (കൊടുക്കുക); അല്ലെങ്കിൽ ഒരു അടിമയെ സ്വതന്ത്രമാക്കുക. ഇനി വല്ലവർക്കും (അതൊന്നും) കിട്ടിയില്ലെങ്കിൽ, മൂന്നു ദിവസത്തെ നോമ്പു പിടിക്കലാണ് (വേണ്ടത്) അത്, നിങ്ങൾ ശപഥം ചെയ്താൽ നിങ്ങളുടെ സത്യ(ലംഘന)ങ്ങൾക്കുള്ള പ്രായശ്ചിത്തമത്രെ. നിങ്ങളുടെ സത്യങ്ങളെ നിങ്ങൾ കാത്തു സൂക്ഷിക്കുകയും ചെയ്യുവിൻ. അപ്രകാരം അല്ലാഹു അവൻെറ 'ആയത്തു' (ലക്ഷ്യം) കളെ നിങ്ങൾക്ക് വിവരിച്ചുതരുന്നു. നിങ്ങൾ നന്ദി കാണിച്ചേക്കാമല്ലോ.

---

മനപൂർവ്വമല്ലാതെ നാവിലൂടെ വന്ന് പോകുന്ന സത്യ വാചകങ്ങൾ പാലിക്കാത്ത പക്ഷം അല്ലാഹു നടപടി എടുക്കുകയില്ല. എന്നാൽ ഉദ്ദേശ്യപൂർവ്വം ഉറപ്പിച്ച് പറയുന്ന സത്യങ്ങൾ പാലിക്കാത്ത പക്ഷം ആ സത്യം ലംഘിച്ചതിന്റെ പേരിൽ അവർ പ്രായശ്ചിത്തം നൽകേണ്ടതുണ്ട്. പത്തു സാധുക്കൾക്ക്, അവർ അവരുടെ കുടുംബങ്ങൾക്ക് നൽകുന്ന നിലയിലുള്ള ഭക്ഷണംകൊടുക്കുക ; അല്ലെങ്കിൽ പത്ത് സാധുക്കൾക്ക് വസ്ത്രം നൽകുക; അതുമല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിക്കുക – ഇതാണ് സത്യം ലംഘിച്ചാലുള്ള പ്രായശ്ചിത്തം. ഇതൊന്നും സാധിക്കാതെ വരികയാണെങ്കിൽ മൂന്ന് ദിവസം നോമ്പ് നോൽക്കൽ നിർബന്ധ മാകുന്നു.

എന്നാൽ ഇന്നപ്രകാരം ചെയ്ത് കൊള്ളാം അല്ലെങ്കിൽ ചെയ്യുകയില്ല എന്ന് ഒരാൾ സത്യം പറഞ്ഞാൽ, അത് നിറവേറ്റൽ അയാളുടെ കടമയായിത്തീരുന്നു എങ്കിലും ആ സത്യം മൂലം വല്ല സൽക്കാര്യത്തിനും തടസ്സം നേരിടുന്ന പക്ഷം പ്രായശ്ചിത്തം നൽകികൊണ്ട് അതിൽ നിന്നും മടങ്ങേണ്ടതാകുന്നു.

സത്യങ്ങളെ സംബന്ധിച്ച് പല വിവരങ്ങളും അൽബഖറ 224,225 വചനങ്ങളിലും വ്യാഖ്യാനങ്ങളിലും വിശദീകരിച്ചിട്ടുണ്ട്.

അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രം സത്യം ചെയ്യുക, നന്മക്ക് തടസ്സം വരുന്ന തരത്തിലോ, തിന്മക്ക് കാരണമാകുന്ന വിധത്തിലോ സത്യം ചെയ്യാതിരിക്കുക, സത്യം ചെയ്താൽ കർശനമായി പാലിക്കുക, ലംഘിച്ച് പോയെങ്കിൽ ഉടനടി പ്രായശ്ചിത്തം ചെയ്യുക എന്നിവയെല്ലാം ഉൾപ്പെടുന്ന ഒരു കല്പനയാണ് "നിങ്ങളുടെ സത്യങ്ങളെ നിങ്ങൾ കാത്ത് സൂക്ഷിക്കുവീൻ" – എന്ന വാക്യം.

**വചനം : 90, 91**

90 ഹേ, വിശ്വസിച്ചവരേ, നിശ്ചയമായും കള്ളും, 'മൈസിറും' (ചൂതാട്ടവും), ബലിപീഠങ്ങളും (അഥവാ പ്രതിഷ്ഠകളും), അമ്പുകോലുകളും പിശാചിൻെറ പ്രവർത്തനത്തിൽ പെട്ട മ്ളേച്ഛരം മാത്രമാകുന്നു. അതിനാൽ നിങ്ങളതു വർജ്ജി ക്കുവിൻ-നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِنَّمَا ٱلْخَمْرُ وَٱلْمَيْسِرُ
وَٱلْأَنصَابُ وَٱلْأَزْلَـٰمُ رِجْسٌ مِّنْ عَمَلِ
ٱلشَّيْطَـٰنِ فَٱجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ ﴿٩٠﴾

91 നിശ്ചയമായും പിശാച് ഉദ്ദേശിക്കുക തന്നെ ചെയ്യുന്നു: കള്ളിലൂടെയും, 'മൈസിറി' (ചൂതാട്ടത്തി)ലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉണ്ടാക്കുവാനും; അല്ലാഹുവിനെ ഓർക്കുന്നതിൽ നിന്നും, നമസ്കാരത്തിൽ നിന്നും നിങ്ങളെ തടയു വാനും. ആകയാൽ, നിങ്ങൾ വിരമിക്കുന്ന വരാണോ?! (വിരമിക്കുവാൻ തയ്യാറുണ്ടോ?!)

إِنَّمَا يُرِيدُ ٱلشَّيْطَـٰنُ أَن يُوقِعَ بَيْنَكُمُ
ٱلْعَدَٰوَةَ وَٱلْبَغْضَآءَ فِى ٱلْخَمْرِ وَٱلْمَيْسِرِ ۖ
وَيَصُدَّكُمْ عَن ذِكْرِ ٱللَّهِ وَعَنِ ٱلصَّلَوٰةِ
فَهَلْ أَنتُم مُّنتَهُونَ ﴿٩١﴾

---

'കള്ള്' എന്നാൽ ലഹരിയുണ്ടാക്കുന്ന എല്ലാ പാനീയങ്ങളുമാകുന്നു. ചൂതാട്ടം എന്നത് കൊണ്ട് എളുപ്പമാർഗ്ഗത്തിൽ വെറും ഭാഗ്യമെന്ന നിലയിൽ, അന്യായമായി ധനം സമ്പാദിക്കുന്ന പന്തയങ്ങൾ, ഷോട തികൾ, ചൂതുകളികൾ എന്നിവ ഉൾപ്പെടുന്നു. ബലി പീഠങ്ങൾ എന്നാൽ ബിംബങ്ങൾക്ക് ബലിയർപ്പിക്കപ്പെ ടുന്ന മൃഗങ്ങളെ അറുക്കുവാൻ വേണ്ടി പ്രതിഷ്ഠിക്കപ്പെടുന്ന കല്ലുകളും, അമ്പുകോലുകൾ എന്നാൽ ഭാഗ്യ നിർഭാഗ്യങ്ങളെ നിജപ്പെടുത്താൻ വേണ്ടി പ്രത്യേകരൂപത്തിൽ അടയാളപ്പെടുത്തപ്പെട്ടിട്ടുള്ളവയും ആകുന്നു. (കൂടുതൽ വിവരങ്ങൾക്ക് അൽബഖറ 219 ഉം ഈ സൂറത്തിന്റെ 3-ാം വചനവും നോക്കുക)

കള്ളിനു അക്കാലത്തെ അറബികളിൽ ഭക്ഷണസാധനം കണക്കെ പ്രചാരം സിദ്ധിച്ചിട്ടുണ്ടായിരുന്നത് കൊണ്ടാണ് ഒറ്റയടിക്ക് അതു നിശ്ശേഷം നിഷേധിക്കാതെ പടിപടിയായി നിരോധനം ഏർപ്പെടുത്തപ്പെട്ടതു.

ആദ്യം സൂ: അൽ ബഖറ 219 -ാം വചനം അവതരിപ്പിച്ചു. "കള്ളിനെയും ചൂതാട്ടത്തെയും കുറിച്ച് അവർ നിന്നോടു ചോദിക്കും". ആ രണ്ടിലും ചില പ്രയോജനങ്ങളുണ്ടെങ്കിലും, അവയിലടങ്ങിയ കുറ്റത്തിന്റെ ഭാഗമാണ് അധികരിച്ചു നിൽക്കുന്നതെന്നുമുള്ള അറിയിപ്പോടെ, അല്ലാഹു അവരെ അതിൽനിന്ന് നിരുൽസാ ഹപ്പെടുത്തി.

തുടർന്ന് സൂ: നിസാഇലെ "നിങ്ങൾ ലഹരി ബാധിതരായിക്കൊണ്ട് നമസ്കാരത്തെ സമീപിക്ക രുത്" എന്ന് തുടങ്ങുന്ന 43-ാം വചനം അവതരിക്കുകയും ഭാഗികമായ നിരോധനം ഏർപ്പെടുത്തുകയും ചെയ്തു.

ഈ വചനത്തിലൂടെ കള്ളും, ചൂതാട്ടവും, ബലിപീഠങ്ങളും, കോലുകളും കർശനമായി നിരോധിക്ക പ്പെട്ടിരിക്കുകയാണ്. ഇവ നാലും പിശാചിന്റെ പ്രവർത്തനങ്ങളാണെന്നും മ്ലേച്ഛവും നീചവുമായ ഏർപ്പാടുക ളാണെന്നും, കള്ളും, ചൂതാട്ടവും മനുഷ്യർ തമ്മിൽ ശത്രുതയും വിദ്വേഷവും ഉണ്ടാക്കിത്തീർക്കുകയും, അല്ലാഹു വിനെക്കുറിച്ചുള്ള സ്മരണ നശിപ്പിക്കുകയും നമസ്ക്കാരത്തെകുറിച്ച് അശ്രദ്ധാരാക്കിത്തീർക്കുകയും ചെയ്യുന്നതുമാണെന്നും പ്രത്യേകം ചൂണ്ടിക്കാട്ടിയിരിക്കുന്നു. കള്ള് കൊണ്ടും ചൂതാട്ടം കൊണ്ടും ജനമദ്ധ്യേ നടമാടിക്കൊണ്ടിരിക്കുന്ന അനർത്ഥങ്ങളും തോന്നിയ വാസങ്ങളും എല്ലാവർക്കും അറിയാവുന്നതാണല്ലോ.

ഇവയെല്ലാം പ്രസ്താവിച്ച ശേഷം അല്ലാഹു സത്യവിശ്വാസികളോടു ചോദിക്കുന്നു. "ആകയാൽ നിങ്ങൾ വിരമിക്കാൻ തയ്യാറുണ്ടോ" ഈ വചനം അവതരിച്ചപ്പോൾ ഈ ചോദ്യത്തിന്റെ ഗൗരവം ഉൾക്കൊണ്ട് നടുങ്ങിപ്പോയ, അതുവരെ കള്ളുകുട്ടി നിറുത്തിയിട്ടില്ലായിരുന്ന സഹാബികൾ ഉച്ചൈസ്തരം പ്രഖ്യാപിച്ചു.

"ഞങ്ങൾ വിരമിച്ചു, ഞങ്ങളിതാ വിരമിച്ചിരിക്കുന്നു." ഈ വചനം കേട്ട്, മദ്യപിച്ച് ലഹരിപിടിപെട്ട് തുടങ്ങിയിരുന്നവരും, കള്ള് ഒഴിച്ച് കൊടുത്തിരുന്നവരും ബാക്കിയുള്ള മദ്യമെല്ലാം തെരുവിൽ ഒഴുക്കിക്ക ളഞ്ഞു. മദീനയിലെ തെരുവുകളിലെല്ലാം കള്ളിന്റെ അരുവികൾ ഒഴുകിത്തുടങ്ങി.

ഈയവസരത്തിൽ ചിലയാളുകൾ പറയുകയുണ്ടായി: “ഇന്നയിന്ന ആളുകൾ യുദ്ധത്തിൽ കൊല്ലപ്പെട്ടിട്ടുണ്ടല്ലോ. അവരുടെ വയറ്റിൽ കള്ളുകളുണ്ടായിരുന്നുവല്ലോ.” ഇതു സംബന്ധിച്ച് 93-ാം വചനം അവതരിക്കുകയുണ്ടായി. (അവിടെ നോക്കുക)

കള്ള് കുടിക്കുന്നവരേയും കുടിപ്പിക്കുന്നവരേയും വാങ്ങുന്നവരേയും വിൽക്കുന്നവരേയും അതിന്റെ ധനം ഉപയോഗിക്കുന്നവരേയും റസൂൽ(സ) ശപിച്ചിരിക്കുന്നുവെന്ന് ഒരു ഹദീസിൽ വന്നിരിക്കുന്നു.

ആയത്തിൽ ഉപയോഗിച്ച ഖംറ് (خمر) എന്ന വാക്ക് മുന്തിരിക്കള്ളിനെയാണ് സൂചിപ്പിക്കുന്നതെങ്കിലും കാരക്ക, തേൻ, ഗോതമ്പ്, യവം എന്നിവയിൽ നിന്നുണ്ടാക്കുന്നതും, ബുദ്ധിയെ മൂടിക്കളയുന്നതുമായ എല്ലാ ലഹരിപാനീയങ്ങളും, നിഷിദ്ധമാക്കപ്പെട്ടവയാണെന്ന് ഉമർ(റ), നബി(സ) യുടെ മിമ്പറിൽ കയറി ചെയ്ത പ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചിരിക്കുന്നു.

അബ്ദുൽ ഖൈസു ഗ്രോത്രത്തിൽപെട്ട ഒരു നിവേദക സംഘത്തിലെ അശജ്ജു എന്ന ബുദ്ധിമാനായ ചെറുപ്പക്കാരൻ “ഞങ്ങളുടെ നാട്ടിലെ പ്രത്യേക കാലാവസ്ഥയിൽ ഈ പാനീയം കുടിക്കാത്തപക്ഷം ഞങ്ങളുടെ വയറ് തടിക്കുന്നതാണ്.” എന്ന് പറഞ്ഞ് കൊണ്ട് ഈ പാനീയം ഇത്രകണ്ട് കുടിക്കാൻ അനുവദിച്ച് കൂടെ എന്ന് ആംഗ്യത്തിലൂടെ തിരുമേനിയോട് ചോദിച്ചപ്പോൾ നബി(സ) അവിടുത്തെ രണ്ട് കൈപത്തികൾ അടുപ്പിച്ച് കാണിച്ച് കൊണ്ട് “ഞാൻ ഇത്രത്തോളം കുടിക്കാൻ അനുവദിച്ചാൽ താൻ ഇത്രത്തോളം കുടിച്ചേക്കും” എന്ന് പറഞ്ഞുകൊണ്ടു രണ്ട് കൈപത്തികളും നീട്ടി അകറ്റി കാണിക്കുകയുണ്ടായി. “അങ്ങനെ കുടിച്ച് ലഹരി പിടിച്ചാൽ ഒരാൾ അവന്റെ സഹോദരനെ വാളുകൊണ്ട് വെട്ടുകയും ചെയ്യും”. താൻ കള്ളുണ്ടാക്കുന്നത് മരുന്നിന്റെ ആവശ്യത്തിനാണെന്ന് പറഞ്ഞ സഹാബിയോട് റസൂൽ(സ) പറഞ്ഞു. “അതു മരുന്നല്ല. അതു രോഗമാകുന്നു.”

മദ്യപാനികളുടെ മേൽ സ്വീകരിക്കപ്പെടുന്ന പ്രത്യേക ശിക്ഷാനിയമം (حد) ഖുർആൻ കൊണ്ടോ മറ്റോ സ്ഥാപിതമായിട്ടില്ല. നബി(സ) യുടെ കാലത്ത് നാൽപത് അടിയാണ് ശിക്ഷയായി നൽകപ്പെട്ടിരുന്നത്. പിന്നീട് ജനങ്ങളിൽ മദ്യപാനം അധികരിച്ച അവസരത്തിൽ ഉമർ (റ) എൺപതു അടി വീതം ശിക്ഷ നൽകുകയുണ്ടായി. (ബു).

**വചനം : 92, 93**

92 നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ; റസൂലിനെയും അനുസരിക്കുവിൻ; (അനുസരണക്കേട്) കാത്തു കൊള്ളുകയും ചെയ്യുവിൻ. ഇനി, നിങ്ങൾ തിരിഞ്ഞുകളയുകയാണെങ്കിൽ, നിങ്ങൾ അറിഞ്ഞുകൊള്ളണം: നമ്മുടെ റസൂലിൻെറ മേൽ വ്യക്തമായ പ്രബോധനം മാത്രമാണ് (ബാധ്യത) ഉള്ളതെന്ന്.

وَأَطِيعُواْ ٱللَّهَ وَأَطِيعُواْ ٱلرَّسُولَ وَٱحۡذَرُواْۚ فَإِن تَوَلَّيۡتُمۡ فَٱعۡلَمُوٓاْ أَنَّمَا عَلَىٰ رَسُولِنَا ٱلۡبَلَٰغُ ٱلۡمُبِينُ ﴿٩٢﴾

93 വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരുടെ മേൽ അവർ (മുമ്പു) ഭക്ഷിച്ചതിൽ കുറ്റമില്ല; അവർ സൂക്ഷിക്കുകയും, വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും, പിന്നെയും സൂക്ഷിക്കുകയും, വിശ്വസിക്കുകയും, പിന്നെയും സൂക്ഷിക്കുകയും സുകൃതം ചെയ്യുകയും ചെയ്താൽ. അല്ലാഹു സുകൃതം ചെയ്യുന്നവരെ ഇഷ്ടപ്പെടുകയും ചെയ്യുന്നു.

لَيۡسَ عَلَى ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ جُنَاحٞ فِيمَا طَعِمُوٓاْ إِذَا مَا ٱتَّقَواْ وَّءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ ثُمَّ ٱتَّقَواْ وَّءَامَنُواْ ثُمَّ ٱتَّقَواْ وَّأَحۡسَنُواْۚ وَٱللَّهُ يُحِبُّ ٱلۡمُحۡسِنِينَ ﴿٩٣﴾

---

എല്ലാ കാര്യങ്ങളിലും അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകൾ അനുസരിക്കണമെന്നും അല്ലാത്തപക്ഷം അതിന്റെ ഭവിഷ്യത്തുകളെപ്പറ്റി ജാഗരൂകരായിരുന്ന് കൊള്ളണമെന്നും അല്ലാഹുവിന്റെ സന്ദേശങ്ങൾ ജനങ്ങൾക്ക് എത്തിച്ച് കൊടുക്കുകയല്ലാതെ, അവരെ അനുസരിപ്പിക്കുകയെന്നുള്ളതു റസൂലിന്റെ ചുമതലയല്ലെന്നും ആദ്യത്തെ വചനത്തിൽ അല്ലാഹു ഉണർത്തുന്നു.

കള്ള് മുതലായ വസ്തുക്കളെ നിഷിദ്ധമാക്കികൊണ്ടുള്ള കല്പനവരുന്നതിനു മുമ്പ് അവ ഉപയോഗിച്ചവർക്ക് അതിന്റെ പേരിൽ കുറ്റമൊന്നുമില്ലെന്നു രണ്ടാമത്തെ വചനത്തിൽ അറിയിക്കുന്നു. ഈ കല്പന വരുംമുമ്പ് കള്ള് കുടിച്ചിരുന്ന സത്യവിശ്വാസികൾ യുദ്ധത്തിലും മറ്റും മരണമടഞ്ഞിട്ടുള്ളതിനാൽ അവർ കുറ്റവാളികളായിത്തീരുമോ എന്നുള്ള സഹാബികളുടെ സംശയങ്ങൾക്ക് മറുപടി കൂടിയാണീ വചനം. അവർ ശരിക്കും സത്യ വിശ്വാസികളും സൽക്കർമ്മങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവരും, അല്ലാഹുവിന്റെ വിധി വിലക്കുകളെ സൂക്ഷിച്ചുപോരുന്നവരും ആയിരിക്കുകയും വീണ്ടും വീണ്ടും അതേ നിലയിൽ അവസാനം വരെ തുടർന്ന് പോകുകയും ചെയ്താൽ അവർക്ക് ഒരു കുറ്റവും വരാനില്ല. അവർ സുകൃതവാൻമാരും അല്ലാഹുവിന്റെ സ്നേഹത്തിന് പാത്രീഭൂതരുമായിരിക്കും.

## വിഭാഗം 13

**വചനം 94**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَيَبْلُوَنَّكُمُ ٱللَّهُ بِشَىْءٍ مِّنَ ٱلصَّيْدِ تَنَالُهُۥٓ أَيْدِيكُمْ وَرِمَاحُكُمْ لِيَعْلَمَ ٱللَّهُ مَن يَخَافُهُۥ بِٱلْغَيْبِ ۚ فَمَنِ ٱعْتَدَىٰ بَعْدَ ذَٰلِكَ فَلَهُۥ عَذَابٌ أَلِيمٌ ﴿٩٤﴾

94 ഹേ, വിശ്വസിച്ചവരേ, നിങ്ങളുടെ കൈകളും, കുന്തങ്ങളും എത്തത്തക്കവിധം വേട്ട (യാടിപ്പിടിക്കപ്പെടുന്ന) ജന്തുക്കളിൽപെട്ട വല്ലതും മുഖേന നിശ്ചയമായും അല്ലാഹു നിങ്ങളെ പരീക്ഷണം നടത്തുന്നതാണ്; അദൃശ്യമായ നിലയിൽ, അല്ലാഹുവിനെ ഭയപ്പെടുന്നവരെ അവൻ (വേർതിരിഞ്ഞ്) അറിയുവാൻ വേണ്ടി. എന്നിട്ട് അതിനുശേഷം ആരെങ്കിലും അതിരുവിട്ടാൽ അവന് വേദനയേറിയ ശിക്ഷയുണ്ടായിരിക്കും.

---

ഹജ്ജിലോ ഉംറയിലോ പ്രവേശിച്ച് കഴിഞ്ഞാൽ ഒരു ജീവിയേയും വേട്ടയാടാൻ പാടില്ലാത്തതാണ്. ജാഹിലിയ്യത്തിലും ഇസ്ലാമിലും അംഗീകരിക്കപ്പെട്ട ഒരു നിയമമാണത്. വിശ്വാസികളിൽ അല്ലാഹുവിനെ ശരിക്കും ഭയപ്പെടുന്നവരും വേണ്ടത്ര ഭയമില്ലാത്തവരും ഉണ്ടായിരിക്കുമല്ലോ. അവരെ പരീക്ഷിക്കുവാൻ വേണ്ടി അവർ ഇസ്ലാമിൽ പ്രവേശിച്ചശേഷം അവരുടെ കുന്തംകൊണ്ടും കൈകൊണ്ടും വേഗത്തിൽ വേട്ടയാടി പിടിക്കത്തക്കവണ്ണം ചെറുതും വലുതുമായ ജീവികൾ അവരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കും. വേണ്ടത്ര സൂക്ഷ്മതയില്ലാത്തവർ അവയെ പിടിച്ച് ഭക്ഷിക്കുവാൻ ശ്രമിക്കുകയും യഥാർത്ഥ ഭയഭക്തന്മാർ ആ കൃത്യത്തിൽ നിന്ന് മനപൂർവ്വം ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക സ്വാഭാവികമാണ്. അങ്ങനെ രണ്ടു തരക്കാരെയും വേർതിരിച്ചറിയപ്പെടുമാറാകുമെന്നർത്ഥം. ഇങ്ങനെ ഒരു പരീക്ഷണമുണ്ടാകുമെന്ന് അറിയിച്ചിട്ട് പിന്നെയും വല്ലവരും വല്ല ജീവികളെയും വേട്ടയാടുന്നതായാൽ അവർക്ക് കഠിന ശിക്ഷയുണ്ടായിരിക്കുമെന്ന് അല്ലാഹു താക്കീതു ചെയ്യുന്നു.

ഹുദൈബിയ്യ സംഭവമുണ്ടായകൊല്ലത്തിൽ നബി (സ) യും സഹാബികളും ഉംറക്ക് പോയ അവസരത്തിൽ അവർ ഇങ്ങനെ ഒരു പരീക്ഷണത്തിന് വിധേയരാകുകയുണ്ടായെന്നും ആ സന്ദർഭത്തിലാണ് ഈ വചനം അവതരിച്ചതെന്നും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു (അല്ലാഹുവിനറിയാം)

ഏതായാലും ഇത്തരം പരീക്ഷണങ്ങൾ സത്യവിശ്വാസികൾ പലപ്പോഴും നേരിടേണ്ടി വരുമെന്നും ആ പരീക്ഷണങ്ങളിൽ വിജയം വരിക്കുന്ന യഥാർത്ഥ ഭക്തരായിരിക്കണം സത്യവിശ്വാസികൾ എന്നും ഈ വചനം ആഹ്വാനം ചെയ്യുന്നു.

---

**വചനം 95**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَقْتُلُوا۟ ٱلصَّيْدَ وَأَنتُمْ حُرُمٌ ۚ وَمَن قَتَلَهُۥ مِنكُم مُّتَعَمِّدًا فَجَزَآءٌ مِّثْلُ مَا قَتَلَ مِنَ ٱلنَّعَمِ يَحْكُمُ بِهِۦ ذَوَا عَدْلٍ مِّنكُمْ هَدْيًۢا بَٰلِغَ ٱلْكَعْبَةِ

95 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ 'ഇഹ്റാമി'ൽ പ്രവേശിച്ചവരായിരിക്കെ വേട്ട(യാടിപ്പിടിക്കപ്പെടുന്ന) ജന്തുക്കളെ കൊല്ലരുത്. നിങ്ങളിൽ ആരെങ്കിലും കൽപിച്ചുകൂട്ടി അതിനെ കൊല്ലുന്നപക്ഷം, അവൻ കൊന്നതിന് തുല്ല്യമായി കാലികളിൽനിന്ന് ഒരു പ്രതിഫല (പ്രായശ്ചിത്തം) വേണ്ടതാണ്; നിങ്ങളിൽ നിന്നുള്ള നീതിമാൻമാരായ രണ്ടാൾ

أَوْ كَفَّـٰرَةٌ طَعَامُ مَسَـٰكِينَ أَوْ عَدْلُ ذَٰلِكَ صِيَامًا لِّيَذُوقَ وَبَالَ أَمْرِهِۦ ۗ عَفَا ٱللَّهُ عَمَّا سَلَفَ ۚ وَمَنْ عَادَ فَيَنتَقِمُ ٱللَّهُ مِنْهُ ۗ وَٱللَّهُ عَزِيزٌ ذُو ٱنتِقَامٍ ﴿٩٥﴾

അതിനെപ്പറ്റി വിധി കൽപിക്കുന്നവിധം (അതുപോലെയുള്ളത്); കഅ്ബത്തിങ്കൽ എത്തിച്ചേരുന്ന ഒരു ബലിമൃഗമായിക്കൊണ്ട്. അല്ലെങ്കിൽ ഒരു പ്രായശ്ചിത്തം-അതായത് സാധുക്കൾക്ക് ഭക്ഷണം (നൽകുക)-അല്ലെങ്കിൽ അതിനു സമാനം നോമ്പ് (രണ്ടിലൊന്ന് വേണം) ; അവൻെറ കാര്യത്തിൻെറ (അവൻ ചെയ്തതിൻെറ) ദുഷ്ഫലം അവൻ അനുഭവിക്കുവാൻവേണ്ടി (യാണ് അത്). മുൻകഴിഞ്ഞതിനെപ്പറ്റി അല്ലാഹു മാപ്പു നൽകിയിരിക്കുന്നു. വല്ലവരും (ഇനി) ആവർത്തിക്കുന്നപക്ഷം, അവനോട് അല്ലാഹു ശിക്ഷാനടപടി എടുക്കുന്നതുമാണ് അല്ലാഹു പ്രതാപശാലിയും, ശിക്ഷാ നടപടി എടുക്കുന്നവനുമാകുന്നു.

---

ഹജ്ജിനോ, ഉംറക്കോ ഇഹ്റാമിൽ പ്രവേശിച്ച് കഴിഞ്ഞാൽ കല്പിച്ചുകൂട്ടി ജന്തുക്കളെ വേട്ടയാടരുതെന്ന് ഈ വചനത്തിൽ വ്യക്തമായി നിരോധിച്ചിരിക്കുന്നു. (ഈ സൂറത്തിലെ 1 ഉം 2 ഉം വചനങ്ങൾ നോക്കുക) കടിക്കുന്ന നായ, പാമ്പ് മുതലായ ഉപദ്രവജീവികളെ കൊല്ലാവുന്നതാണെന്ന് ഹദീസുകളിൽ വന്നിട്ടുണ്ട്. അവയല്ലാത്ത ഇതര ജീവികളെ ഒരാൾ വേട്ടയാടുന്ന പക്ഷം ആട്, മാട്, ഒട്ടകം എന്നിവയിൽ ആയതിനോട് കിടപിടിക്കുന്ന ഒരു മൃഗത്തെ (രണ്ട് നീതിമാന്മാരുടെ അഭിപ്രായമനുസരിച്ച് തീരുമാനിക്കപ്പെട്ടത്) ബലികഴിക്കേണ്ടതാണ്. ബലി മൃഗങ്ങളെ കഅബയുടെ പരിസരങ്ങളിൽ കൊണ്ടു വന്ന് അവിടെ വെച്ച് തന്നെ ബലികഴിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബലിമൃഗത്തിന്റെ വില കണക്കാക്കി സാധുക്കൾക്ക് ഭക്ഷണം കൊടുക്കുകയോ, അല്ലെങ്കിൽ ആ പണത്തിന് എത്ര സാധുവിന്റെ ഭക്ഷണം വരുമോ അത്രയും എണ്ണം നോമ്പ് നോൽക്കുകയോ ചെയ്യേണ്ടതാണ്. ഈ കല്പന വരുന്നതിന് മുമ്പ് വല്ലവരും ഇഹ്റാമിൽ വേട്ടയാടുകയുണ്ടായിട്ടുണ്ടെങ്കിൽ അതു മാപ്പാക്കി തന്നിട്ടുണ്ടെന്നും അല്ലാഹു അറിയിക്കുന്നു. മേലിൽ അത് ആവർത്തിക്കുന്നവർക്ക് കഠിന ശിക്ഷ ലഭിക്കുമെന്നും അല്ലാഹു അറിയിക്കുന്നു.

---

**വചനം 96**

أُحِلَّ لَكُمْ صَيْدُ ٱلْبَحْرِ وَطَعَامُهُۥ مَتَـٰعًا لَّكُمْ وَلِلسَّيَّارَةِ ۖ وَحُرِّمَ عَلَيْكُمْ صَيْدُ ٱلْبَرِّ مَا دُمْتُمْ حُرُمًا ۗ وَٱتَّقُوا۟ ٱللَّهَ ٱلَّذِىٓ إِلَيْهِ تُحْشَرُونَ ﴿٩٦﴾

96 സമുദ്രത്തിലെ വേട്ട (യാടിപ്പിടിക്കപ്പെടുന്ന) ജന്തുക്കളും, അതിലെ ഭക്ഷ്യങ്ങളും നിങ്ങൾക്ക് അനുവദനീയമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾക്കും, യാത്രാസംഘങ്ങൾക്കും ഉപയോഗത്തിന്നായിക്കൊണ്ട്. നിങ്ങൾ 'ഇഹ്റാമി'ൽ പ്രവേശിച്ചവരായിരിക്കുമ്പോഴൊക്കെയും നിങ്ങളുടെ മേൽ കരയിലെ വേട്ട(യാടിപ്പിടിക്കപ്പെടുന്ന) ജന്തുക്കൾ നിഷിദ്ധമാക്കപ്പെടുകയും ചെയ്തിരിക്കുന്നു. യാതൊരു അല്ലാഹുവിങ്കലേക്ക് നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമോ അവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ.

---

ഈ വചനത്തിൽ രണ്ടു വിധികൾ അടങ്ങിയിരിക്കുന്നു. (1) സമുദ്രത്തിൽ നിന്ന് വേട്ടയാടി പിടിക്കപ്പെടുന്നവയും അതിൽ നിന്ന് ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളും അനുവദനീയമാക്കപ്പെട്ടിരിക്കുന്നു. അത് പൊതുവിൽ എല്ലാവരുടെയും, പ്രത്യേകിച്ച് സമുദ്രത്തിലൂടെ യാത്ര ചെയ്യുന്നവരുടെയും ഉപയോഗത്തെ മുൻനിറുത്തിയാകുന്നു. ഏതെങ്കിലും വിധേനയുള്ള പരിശ്രമം മൂലം ലഭ്യമാകുന്നതും, അദ്ധ്വാനം കൂടാതെ കരക്കണഞ്ഞത് കൊണ്ടോ മറ്റോ ലഭ്യമാകുന്നതും, ഭക്ഷണമാവശ്യാർത്ഥം ഉപയോഗിക്കപ്പെടാറുള്ളതുമായ മ്ലേഛമല്ലാത്തതും ഉപദ്രവകരമല്ലാത്തുമായ എല്ലാ കടൽ വിഭവങ്ങളെയും ഭക്ഷിക്കാവുന്നതാണ്.

സമുദ്രജീവികൾ ചത്താലും ഭക്ഷിക്കുന്നതിന് വിരോധമില്ലെന്ന് "സമുദ്രജലം ശുദ്ധമയാതും അതിലെ ശവം അനുവദനീയവുമാകുന്നു" എന്ന നബി വചനം സാക്ഷ്യപെടുത്തുന്നു. ഒരിക്കൽ അബൂ ഉബൈദ(റ)ന്റെ നേതൃത്വത്തിലുള്ള ഒരു മുന്നംഗ സൈന്യ സംഘം അവരുടെ ഭക്ഷ്യപദാർത്ഥം തീർന്ന് പോയപ്പോൾ കടൽക്കരയിൽ ചത്തടിഞ്ഞതായി കണ്ടെത്തിയ ഒരു കുന്നോളം പോന്ന തിമിംഗലത്തെ വെട്ടിമുറിച്ച് പാചകം ചെയ്ത് ഏതാനും ദിവസങ്ങളോളം ഭക്ഷിച്ച് പോന്നു. സൈന്യം മടങ്ങി വന്ന് നബി(സ)യോട് വിവരം പറഞ്ഞപ്പോൾ തിരുമേനി പറഞ്ഞു: "അത് അല്ലാഹു നിങ്ങൾക്ക് നൽകിയ ആഹാരമാകും" തുടർന്ന് അതിന്റെ മാംസത്തിൽ ബാക്കിയുള്ളതിൽ നിന്ന് തിരുമേനിയും ഭക്ഷിക്കുകയുണ്ടായി.

(2) ഇഹ്റാമിൽ പ്രവേശിച്ചവർക്ക് കര ജീവികളെ വേട്ടയാടിപ്പിടിക്കുവാനോ വേട്ടയാടി പിടിക്കപ്പെട്ടതിനെ ഭക്ഷിക്കുവാനോ പാടില്ല. നേരിട്ട് വേട്ടയിൽ പങ്ക് വഹിച്ചിട്ടില്ലെങ്കിലും ഭാഗികമായി ഇടപെടുലുകൾ അതിന് സഹായകമായി ഉണ്ടാകുന്നത് പോലും സൂക്ഷിക്കേണ്ടതുണ്ടെന്ന സൂചന കൂടി അവസാനത്തെ വാക്യത്തിൽ അടങ്ങിയിരിക്കുന്നു.

---

**വചനം 97, 98, 99**

۞ جَعَلَ ٱللَّهُ ٱلۡكَعۡبَةَ ٱلۡبَيۡتَ ٱلۡحَرَامَ قِيَٰمٗا لِّلنَّاسِ وَٱلشَّهۡرَ ٱلۡحَرَامَ وَٱلۡهَدۡيَ وَٱلۡقَلَٰٓئِدَۚ ذَٰلِكَ لِتَعۡلَمُوٓاْ أَنَّ ٱللَّهَ يَعۡلَمُ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِ وَأَنَّ ٱللَّهَ بِكُلِّ شَيۡءٍ عَلِيمٌ ٩٧

97 (ആ) അലംഘനീയ വീടാകുന്ന കഅ്ബയെ അല്ലാഹു മനുഷ്യർക്ക് ഒരു നിലനിൽപ് (കേന്ദ്രം) ആക്കിയിരിക്കുന്നു; അലംഘനീയമായ മാസത്തെയും, ബലി (ക്കു കൊണ്ടുപോകുന്ന) മൃഗത്തെയും, (അവയുടെ) കഴുത്തിൽ തൂക്കപ്പെട്ട (അടയാള) വസ്തുക്കളെയും (അവർക്ക് നിലനിൽപാക്കിയിരിക്കുന്നു). അത്, ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) അല്ലാഹു അറിയുന്നുവെന്ന് നിങ്ങൾ അറിയുവാൻവേണ്ടിയത്രെ; അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും അറിയുന്നവനാകുന്നുവെന്നും (അറിയുവാൻ വേണ്ടിയാണ്).

ٱعۡلَمُوٓاْ أَنَّ ٱللَّهَ شَدِيدُ ٱلۡعِقَابِ وَأَنَّ ٱللَّهَ غَفُورٞ رَّحِيمٞ ٩٨

98 നിങ്ങൾ അറിഞ്ഞുകൊള്ളുക: അല്ലാഹു ശിക്ഷാനടപടി കഠിനമായുള്ളവനാണെന്നും, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാണെന്നും.

مَّا عَلَى ٱلرَّسُولِ إِلَّا ٱلۡبَلَٰغُۗ وَٱللَّهُ يَعۡلَمُ مَا تُبۡدُونَ وَمَا تَكۡتُمُونَ ٩٩

99 റസൂലിൻെറ മേൽ പ്രബോധനമല്ലാതെ (ബാധ്യത) ഇല്ല. അല്ലാഹുവാകട്ടെ, നിങ്ങൾ വെളിവാക്കുന്നതും, നിങ്ങൾ മൂടിവെക്കുന്നതും അറിയുന്നു താനും.

---

ഇബ്രാഹിം(അ)നബി, മകൻ ഇസ്മാഈൽ(അ) നേയും, മാതാവിനെയും മക്കയിൽ കൊണ്ടുവന്നാക്കിയതിനുശേഷം സംസം വെള്ളം പ്രത്യക്ഷപ്പെട്ടതോടെ ക്രമേണ അവിടെ ജനവാസം ഉണ്ടാകുകയും, പിന്നീട് അല്ലാഹുവിന്റെ കൽപന പ്രകാരം ഇബ്രാഹിം(അ) നബിയും, ഇസ്മായീൽ(അ) നബിയുംകൂടി കഅ്ബമന്ദിരം കെട്ടിയുയർത്തുകയും ചെയ്തു. അതിനുശേഷം ഇബ്രാഹിം(അ) നബി പല പ്രാർത്ഥനകളും ചെയ്ത കൂട്ടത്തിൽ ആ രാജ്യത്തിന്റെ നന്മക്കും അഭിവൃദ്ധിക്കും വേണ്ടി പ്രാർത്ഥിക്കുകയുണ്ടായി. കാലക്രമത്തിൽ നഗരം ആരാധനകേന്ദ്രം മാത്രമല്ല, അഭയത്തിന്റെയും സംസ്കാരത്തിന്റെയും കച്ചവടത്തിന്റെയുമൊക്കെ കേന്ദ്രമായിപരിണമിച്ചു.

ഇതിനെല്ലാം പുറമെ നാല് മാസക്കാലം യുദ്ധം നിരോധിക്കപ്പെട്ടിരിക്കുകകൊണ്ട് ആ കാലങ്ങളിൽ ആർക്കും അവിടെനിന്ന് നിർഭയം ആരാധനാ കർമ്മങ്ങളും, കച്ചവട യാത്രകളും നടത്തുവാൻ സാധിക്കുമായിരുന്നു. കഠിനശത്രുക്കൾ പോലും പരസ്പരം കൈയേറ്റം നടത്താൻ തുനിയുമായിരുന്നില്ല. ഹറമിന്റെ അതിർത്തികളിൽ മരങ്ങളും ചെടികളും ജന്തുക്കളും ബലികർമ്മത്തിനായി കൊണ്ടുവരപ്പെടുന്ന ബലിമൃഗങ്ങളും ഉപദ്രവിക്കപ്പെടാവതല്ല. (ബലിമൃഗങ്ങളെ തിരിച്ചറിയാനായി അവയുടെ കഴുത്തിൽ ചെരിപ്പോ മറ്റോ കെട്ടിത്തൂക്കുമായിരുന്നു). മൊത്തത്തിൽ പറഞ്ഞാൽ സമാധാനത്തിന്റെ യും അഭിവൃദ്ധിയുടെയും കേന്ദ്രം

തന്നെയായിരുന്നു മക്ക നഗരം. അതിനൊക്കെ കാരണം പരിശുദ്ധ കഅ്ബയും തന്നെ. ആകാശങ്ങളിലും ഭൂമിയിലുള്ളതും എല്ലാം അല്ലാഹുവിന്ന് അറിയുന്നതുകൊണ്ടാണ് അവൻ ഇങ്ങനെയുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നതെന്നുംഅവയെപ്പറ്റി ചിന്തിച്ചാൽ നിങ്ങൾക്ക്തന്നെ അതു മനസ്സിലാക്കാൻ കഴിയുന്നതാണ് എന്നുമൊക്കെയാണ് 97-ാം വചനത്തിൽ അല്ലാഹു ചൂണ്ടികാട്ടുന്നത്.

98, 99 വചനങ്ങളിലെ ആശയങ്ങൾ പ്രത്യേകം വിശദീകരിക്കാതെ തന്നെ അത് വ്യക്തമാണല്ലോ.

**വചനം 100**

قُل لَّا يَسْتَوِى ٱلْخَبِيثُ وَٱلطَّيِّبُ وَلَوْ أَعْجَبَكَ كَثْرَةُ ٱلْخَبِيثِ ۚ فَٱتَّقُوا۟ ٱللَّهَ يَـٰٓأُو۟لِى ٱلْأَلْبَـٰبِ لَعَلَّكُمْ تُفْلِحُونَ ﴿١٠٠﴾

100 (നബിയേ) പറയുക: “ചീത്തയും നല്ലതും (അഥവാ ദുഷിച്ചതും വിശിഷ്ടമായതും) സമമാകുകയില്ല; ചീത്തയുടെ പെരുപ്പം നിന്നെ ആശ്ചര്യപ്പെടുത്തിയാലും ശരി. ആകയാൽ, ബുദ്ധിമാൻമാരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; നിങ്ങൾ വിജയം പ്രാപിച്ചേക്കാം.”

---

വളരെ ഗൗരവപൂർവ്വം മനസ്സിരുത്തേണ്ടുന്ന ഒരു വസ്തുത അല്ലാഹു ഈ ചെറുവചനങ്ങളിലൂടെ ഉദ്ബോധനം ചെയ്യുന്നു. കാര്യങ്ങളാകട്ടെ വസ്തുക്കളാകട്ടെ നല്ലത് എപ്പോഴും നല്ലത്തന്നെ. ചീത്ത എപ്പോഴും ചീത്തയും തന്നെ. ചീത്തയുടെ ആധിക്യം അതിനെ നല്ലതാക്കി തീർക്കുന്നില്ല. ചീത്തയായുള്ളതിന്ന് സർവ്വത്ര പ്രചാരം സിദ്ധിച്ചാലുംഅതിന്റെ ആധിക്യത്തിൽ വഞ്ചിക്കപ്പെടാതെ അതിൽനിന്ന് ഒഴിഞ്ഞുമാറിക്കൊണ്ട് അതിൽ അകപ്പെടാതെ അല്ലാഹുവിനെ സൂക്ഷിക്കുകയാണ് ബുദ്ധിമാന്മാർ ചെയ്യേണ്ടത്.

ധാർമ്മിക മര്യാദകൾ, സ്വഭാവ ഗുണങ്ങൾ, സദാചാരപരമായ അച്ചടക്കങ്ങൾ, അനുഷ്ഠാന മുറകൾ, തുടങ്ങി എല്ലാ തുറകളിലും നന്മയെ അപേക്ഷിച്ച് തിന്മക്കായിരിക്കും ജനമദ്ധ്യേ മുൻതൂക്കം കാണുക. ഒരു ആശയം അതെത്ര നീചമോ നികൃഷ്ടമോ ആയാലും അത് ജനമദ്ധ്യേ പ്രചരിച്ച് കഴിഞ്ഞാൽ തുടർന്ന് അതൊരു മാന്യവും ഉൽകൃഷ്ടവുമായ ആചാരമായി രൂപപ്പെടുന്നത് വിരളമല്ല. മദ്യപാനം, വ്യഭിചാരം അന്യന്റെ അവകാശം കൈയേറൽ, സാമ്പത്തിക അഴിമതി മുതലായ നീച കൃത്യങ്ങൾപോലും ഭൂരിപക്ഷത്തിന്റെ അഭീഷ്ടമെന്ന മാനദണ്ഡത്തെ അടിസ്ഥാനമാക്കി സ്വീകാര്യതയേറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മനുഷ്യരിൽ പ്രചരിച്ചുവരുന്ന അരാജകത്വത്തിന്റെ മൂലകാരണവും മറ്റൊന്നുമല്ല. ഒരുഅനിർവാര്യതയെന്ന പോലെ മനുഷ്യത്വം മൃഗീയതിലേക്കും പൈശാചികത്വത്തിലേക്കും അധ:പതിക്കുവാനും ഈയൊരു സ്ഥിതി വിശേഷം കാരണമായിത്തീരുന്നു.

മുസ്ലിം സമുദായത്തിൽ കടന്നുകൂടി സ്ഥിരപ്രതിഷ്ഠനേടിക്കഴിഞ്ഞ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഭൂരിപക്ഷത്തിന്റെയും ന്യൂനപക്ഷത്തിന്റെയും പേരിൽ വിലയിരുത്തുന്നത് അല്ലാഹു ചൂണ്ടികാട്ടിയഈ യാഥാർത്ഥ്യത്തിന് കടകവുരുദ്ധമത്രേ.

“മനുഷ്യരിൽ അധികമാളുകളും വിശ്വസിക്കുകയില്ല” (11:17); “മനുഷ്യരിൽ അധികമാളുകളും അറിയുകയില്ല” (12:21); “മനുഷ്യരിൽ അധികമാളുകളും നന്ദികാണിക്കുകയില്ല” (12:38);എന്നിങ്ങനെയുള്ള അനേകം ഖുർആൻ വചനങ്ങളിൽനിന്നും ഈ വാസ്തവം കൂടുതൽ വ്യക്തമായി മനസ്സിലാക്കാവുന്നതാണ്.

അല്ലാഹു ഏതൊന്ന് നല്ലതാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ അത് എപ്പോഴും നല്ലത് തന്നെ. അത് അനുസരിക്കാൻ ആളുണ്ടെങ്കിലും ഇല്ലെങ്കിലും ശരി. അവൻ ചീത്തയെന്ന് നിശ്ചയിച്ചത് എപ്പോഴും ചീത്തതന്നെ- അതിനെ അനുകൂലിക്കുന്നവരുടെ ആധിക്യം എത്രയുണ്ടെങ്കിലും ശരി.

## വിഭാഗം 14

**വചനം 101, 102**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَسْـَٔلُوا۟ عَنْ أَشْيَآءَ إِن تُبْدَ لَكُمْ تَسُؤْكُمْ وَإِن تَسْـَٔلُوا۟ عَنْهَا حِينَ يُنَزَّلُ ٱلْقُرْءَانُ تُبْدَ لَكُمْ عَفَا ٱللَّهُ عَنْهَا ۗ وَٱللَّهُ غَفُورٌ حَلِيمٌ ﴿١٠١﴾

101 ഹേ, വിശ്വസിച്ചവരേ, ചില കാര്യങ്ങളെക്കുറിച്ചു നിങ്ങൾ ചോദിക്കരുത്: അവ നിങ്ങൾക്ക് വെളിവാക്കപ്പെട്ടാൽ അവ നിങ്ങളെ അതൃപ്തിപ്പെടുത്തും; ഖുർആൻ അവതരിക്കപ്പെടുന്ന സമയത്ത് അവയെപ്പറ്റി നിങ്ങൾ ചോദിക്കുന്നതായാൽ, നിങ്ങൾക്ക് അവ വെളിവാക്കപ്പെടുകയും ചെയ്യും. അവയെക്കുറിച്ച് അല്ലാഹു

മാപ്പു നൽകിയിരിക്കുകയാണ്. അല്ലാഹു വളരെ പൊറുക്കുന്നവനാണ്; സഹനശീലനാണ്.

قَدْ سَأَلَهَا قَوْمٌ مِّن قَبْلِكُمْ ثُمَّ أَصْبَحُوا۟ بِهَا كَٰفِرِينَ ﴿١٠٢﴾

102 നിങ്ങളുടെ മുമ്പ് ഒരു ജനത അവ (സംബന്ധിച്ച്) ചോദിക്കുകയുണ്ടായി; പിന്നീട് അവർ അവയിൽ അവിശ്വാസികളായിത്തീർന്നു.

അനാവശ്യ ചോദ്യങ്ങളും ഉപകാരപ്രദമല്ലാത്ത അന്വേഷണങ്ങളും ചെയ്യുന്നതിനെ അല്ലാഹു നിരോധിക്കുന്നു. അവയുടെ മറുപടി പലപ്പോഴും ചോദ്യകർത്താവിനുപോലും അതൃപ്തിയും വിഷമവും ഉണ്ടാക്കുന്നതായിരിക്കും. എന്നാൽ ഖുർആൻ അവതരിപ്പിക്കുമ്പോൾ വല്ല സംശയമോ അവക്തതയോ തോന്നുന്ന പക്ഷം അതിനെപ്പറ്റി ചോദിച്ചറിഞ്ഞാൽ അതിന് പരിഹാരം ലഭിക്കുകയും ചെയ്യുന്നതാണ്. ഇതിനുമുമ്പ് അങ്ങനെ വല്ല അനാവശ്യ ചോദ്യങ്ങളും ചോദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലാഹു അത് മാപ്പാക്കിയിരിക്കുന്നു.

മുമ്പുള്ള സമുദായക്കാർ - വേദക്കാർ - അത്തരം ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്കുള്ള മറുപടിക്കനുസരിച്ച് നിറവേറ്റാവുന്ന ബാദ്ധ്യതകൾ നിറവേറ്റാതെ അവയെ നിഷേധിക്കുകയുമാണുണ്ടായത്. സത്യവിശ്വാസികളും അത്പോലെ ആകാതിരിക്കാനാണ് ഇങ്ങനെ ഉപദേശിക്കുന്നത് എന്നൊക്കെയാണ് അല്ലാഹു പറഞ്ഞതിന്റെ താല്പര്യം.

ഏതെങ്കിലും ഒരു കാര്യം ഇന്നിന്നപ്രകാരമായിരിക്കണമെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ലാത്തപ്പോൾ അത് ജനങ്ങൾക്ക് ഹിതവും സൗകര്യവുമനുസരിച്ച് പൂർത്തീകരിക്കാൻ വിഷമമുണ്ടായിരിക്കുകയില്ല. എന്നാൽ വിശദാംശയങ്ങളെപ്പറ്റി ചോദിക്കുമ്പോൾ ലഭിക്കുന്ന വിശദീകരണം അതിൽ കൃത്യതയും കണിശതയും വർദ്ധിപ്പിക്കുകയും പൂർത്തീകരിക്കാൻ പ്രയാസകരമായിത്തീരുകയും ചെയ്യുന്നു. ഒരു പശുവിനെ അറുക്കണമെന്ന അല്ലാഹുവിന്റെ കല്പനയെപ്പറ്റി മൂസാ(അ)നബി അറിയിച്ചപ്പോൾ അനാവശ്യ ചോദ്യങ്ങൾ ചോദിച്ചതിന് അവർക്ക് ലഭിച്ച വിശദീകരണങ്ങൾ അവരുടെ അനുസരണക്കേടിനും നിഷേധത്തിനും കാരണമായിത്തീർന്നത് അൽബഖറ 67 - 71 ലും മറ്റും അല്ലാഹു ഉദ്ധരിച്ചിട്ടുണ്ട്.

ഇതുപോലെയുള്ള ചില സംഭവങ്ങൾ ഹദീസുകളിലും വന്നിരിക്കുന്നു. ഒരിക്കൽ തിരുമേനിക്ക് ദ്വേഷ്യം പിടിക്കുകയും ചോദിച്ചോളൂ, ചോദിച്ചോളൂ എന്നു പറഞ്ഞതു കേട്ടു, സഹാബികൾ ഭയപ്പെട്ട് കരയുവാനും ഇടയായി. അപ്പോൾ ഉമർ(റ) നബി(സ)യുടെ അടുക്കൽ ചെന്നു "ഞങ്ങൾ അല്ലാഹുവിനെ റബ്ബായും അങ്ങയെ റസൂലായും ഇസ്ലാമിനെ മതമായും തൃപ്തിപ്പെട്ടിരിക്കുന്നു. അങ്ങുന്ന് ഞങ്ങൾക്ക് മാപ്പു തരണം". എന്ന് അപേക്ഷിക്കുകയും തിരുമേനി സമാധാനപ്പെടുകയും ചെയ്ത സംഭവം ബുഖാരി മുസ്ലിം(റ) എന്നിവർ ഉദ്ധരിച്ചതാണ്.

ഈ വചനം അവതരിപ്പിക്കാനൊരു കാരണമായി ഇത്തരം സംഭവങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു.

മറ്റൊരിക്കൽ ഹജ്ജ് കർമ്മംനിർബന്ധമാക്കിക്കൊണ്ട് ഖുർആൻ വചനം അവതരിപ്പിച്ചപ്പോൾ നബി(സ) യോട് എല്ലാ കൊല്ലവും നിർബന്ധമാണോ എന്നു ചോദിച്ചതു കേട്ടു മിണ്ടാതിരുന്ന നബി തിരുമേനി, മൂന്നാമതും ചോദ്യം ആവർത്തിക്കപ്പെട്ടപ്പോൾ പറഞ്ഞു: "അതേ, എന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾക്കത് നിർബന്ധമാകുകതന്നെ ചെയ്യും. നിങ്ങളോട് വല്ലതും കല്പിച്ചാൽ എന്നെ അധികം ചോദ്യം ചെയ്യാതെ അതിൽ നിന്നും കഴിയുന്നത്ര നിങ്ങൾ ചെയ്തു കൊള്ളുക. നിങ്ങളുടെ മുമ്പുള്ളവർ നാശമടഞ്ഞത് അവരുടെ ചോദ്യത്തിന്റെ ആധിക്യവും അവരുടെ നബിമാരോട് അവർ വിയോജിപ്പ് കാണിച്ചതും നിമിത്തമാണ്."

"മുസ്ലിംകളിൽവെച്ച് വമ്പിച്ച തെറ്റുകാരൻ യാതോരുവനാകുന്നു.- നിഷിദ്ധമാക്കപ്പെട്ടിട്ടില്ലാത്ത ഒരു കാര്യം അവന്റെ ചോദ്യം നിമിത്തം നിഷിദ്ധമാക്കപ്പെട്ടു". - നബി വചനം.

മറ്റൊരു നബിവചനം: "നിങ്ങളോടുള്ള കാരുണ്യം നിമിത്തം പല കാര്യങ്ങളെക്കുറിച്ചും അല്ലാഹു മൗനം അവലംബിച്ചിട്ടുണ്ട്. അവയെപ്പറ്റി നിങ്ങൾ ചോദ്യം നടത്തരുത്."

ഇതുപോലുള്ള ഖുർ ആൻ വചനങ്ങളും നബി വചനങ്ങളും അനാവശ്യ ചോദ്യങ്ങളും വിശദീകരണങ്ങളും ചോദിക്കുന്നതിനേയും തർക്കത്തിനു വേണ്ടിയും പരീക്ഷിക്കുവാൻ വേണ്ടിയും ചോദ്യങ്ങൾ അധികരിക്കുന്നതിനേയുമാണ് വിരോധിക്കുന്നത്.മാത്രമല്ല അറിയാത്ത കാര്യങ്ങൾ അന്വേഷിച്ച് മനസ്സിലാക്കുന്നതിനെ ഖുർആനും ഹദീസ് വചനങ്ങളും പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്.

**വചനം 103, 104**

مَا جَعَلَ ٱللَّهُ مِنۢ بَحِيرَةٍ وَلَا سَآئِبَةٍ وَلَا وَصِيلَةٍ وَلَا حَامٍ ۙ وَلَٰكِنَّ ٱلَّذِينَ كَفَرُوا۟ يَفْتَرُونَ عَلَى ٱللَّهِ ٱلْكَذِبَ ۖ وَأَكْثَرُهُمْ لَا يَعْقِلُونَ ﴿١٠٣﴾

103 'ബഹീറത്താ'കട്ടെ, 'സാഇബത്താ'കട്ടെ, 'വസീലത്താ'കട്ടെ, 'ഹാമാ'കട്ടെ (ഒന്നും തന്നെ) അല്ലാഹു ഏർപ്പെടുത്തിയിട്ടില്ല; പക്ഷേ, അവിശ്വസിച്ചവർ അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമക്കുകയാണ്. അവരിൽ അധികമാളും ബുദ്ധികൊടു(ത്തു ഗ്രഹി) ക്കുന്നില്ല.

وَإِذَا قِيلَ لَهُمْ تَعَالَوْا۟ إِلَىٰ مَآ أَنزَلَ ٱللَّهُ وَإِلَى ٱلرَّسُولِ قَالُوا۟ حَسْبُنَا مَا وَجَدْنَا عَلَيْهِ ءَابَآءَنَآ ۚ أَوَلَوْ كَانَ ءَابَآؤُهُمْ لَا يَعْلَمُونَ شَيْـًٔا وَلَا يَهْتَدُونَ ﴿١٠٤﴾

104 അവരോട്: "അല്ലാഹു ഇറക്കിയതിലേക്കും റസൂലിലേക്കും വരുവിൻ" എന്നു പറയപ്പെട്ടാൽ, അവർ പറയും: "ഞങ്ങളുടെ പിതാക്കളെ ഏതൊരു പ്രകാരത്തിൽ ഞങ്ങൾ കണ്ടെത്തിയോ അതു മതി ഞങ്ങൾക്ക്" എന്ന്. അവരുടെ പിതാക്കൾക്ക് യാതൊന്നും അറിയാതെയും, അവർ സൻമാർഗ്ഗം പ്രാപിക്കാതെയുമായി രുന്നാലുമോ?! (എന്നാലും അവർക്ക് അതു തന്നെ മതിയോ?!)

---

മുശ്‌റിക്കുകൾ അവരുടെ ദൈവങ്ങൾക്ക് നേർച്ച വഴിപാടായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന മൃഗങ്ങളായിരുന്നു, "ബഹീറത്ത് (അഞ്ച് പ്രസവം കഴിഞ്ഞ ഒട്ടകം) "സാഇബത്ത്" (യഥേഷ്ടം മേഞ്ഞ് നടക്കാൻ വിടപ്പെടുന്ന ഒട്ടകം) "വസീലത്ത്" (ആദ്യത്തെ പ്രസവത്തിൽ ആണിനേയും പെണ്ണിനേയും പ്രസവിക്കുന്ന ആട്) "ഹാമു" (ഒരു നിശ്ചിതഎണ്ണം സന്താനങ്ങളുടെ പിതാവായിത്തീരുന്ന ഒട്ടകക്കൂറ്റൻ) എന്നിവ. ഇങ്ങനെ വിഗ്രഹങ്ങൾക്ക് മൃഗങ്ങളെ നേർച്ചയാക്കുന്ന മുശ്‌രിക്കുകളുടെ സമ്പ്രദായങ്ങൾ അല്ലാഹു കല്പിച്ച ആരാധനാമുറകളാണെന്ന നിലക്കാണ് അവർ അനുഷ്ഠിച്ച് പോന്നിരുന്നതും അങ്ങനെ അല്ലാഹുവിന്റെ പേരിൽ വ്യാജം ചമച്ച് കൊണ്ടിരുന്നതും.

അന്നത്തെ മുശ്‌രിക്കുകൾ സ്വീകരിച്ചിരുന്ന പല തരം നേർച്ച വഴിപാടുകളും ഇന്നും വിഗ്രഹാരാധകർക്കിടയിൽ മാത്രമല്ല പല മുസ്ലിം സഹോദരങ്ങളിലും കാണാവുന്നതാണ്. മൃഗങ്ങളെ മാത്രമല്ല പ്രാവ് കോഴി പലഹാരങ്ങൾ മുതലായവയേയും പല മഹാത്മാക്കളുടെ പേരിലും അവരുടെ ഖബർസ്ഥാനങ്ങളുടെ പേരിലും നേർച്ചയാക്കിക്കൊണ്ട് അവർ ശിർക്കെന്ന മഹാപാപം ചെയ്ത് കൊണ്ടിരിക്കുന്നു. ഇങ്ങനെ വഴിപാടാക്കപ്പെട്ട ജീവികളെ, അവ ഉപദ്രവകാരികളായാൽ പോലും, അവയെ വിരട്ടുവാനോ, അടിക്കുവാനോ പാടില്ലെന്ന് പോലും പല വിഢ്ഢികളും കരുതിവരുന്നു.

പ്രമാണങ്ങളെ ഉദ്ധരിച്ച് കൊണ്ട് ഇത്തരം ആളുകളെ ഉപദേശിക്കുന്നവരോട് ഇവർ പറയുന്ന ന്യായം മുൻകാല മുശ്‌രിക്കുകൾ പറഞ്ഞ് വന്നിരുന്ന അതേ വാക്കുകൾ തന്നെ. "ഞങ്ങളുടെ പൂർവ്വികൻമാർ ആചരിച്ച് വന്ന ഈ നടപടികൾ ഞങ്ങൾ ഉപേക്ഷിക്കുവാൻ പോകുന്നില്ല." എന്നാൽ ആ നടപടികൾ തെറ്റോ ശരിയോ എന്നതവർക്ക് ആലോചനാ വിഷയമേ അല്ല. അല്ലാഹു അവരുടെ അന്ധമായ അനുകരണത്തെ അപലപിച്ച് കൊണ്ട് ചോദിക്കുന്നു. " അവരുടെ പിതാക്കൾക്ക് യാതൊന്നും അറിയാതെയും അവർ സൻമാർഗ്ഗം പ്രാപിക്കാതെയുമിരുന്നാലും അവരെ പിൻപറ്റുകയാണൊ അവർ ചെയ്യുന്നത് "

---

**വചനം : 105**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ عَلَيْكُمْ أَنفُسَكُمْ ۖ لَا يَضُرُّكُم مَّن ضَلَّ إِذَا ٱهْتَدَيْتُمْ ۚ إِلَى ٱللَّهِ

105 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ നിങ്ങളുടെ സ്വന്ത (ശരീര)ങ്ങളെ കാത്തു (സൂക്ഷിച്ചു) കൊള്ളുവിൻ. നിങ്ങൾ സൻമാർഗ്ഗം പ്രാപിച്ചാൽ, വഴിപിഴച്ചവർ നിങ്ങൾക്ക് ഉപദ്രവം വരുത്തു

مَرْجِعُكُمْ جَمِيعًا فَيُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿١٠٥﴾

ന്നതല്ല. അല്ലാഹുവിങ്കലേക്കത്രെ നിങ്ങളെല്ലാവരുടെയും മടങ്ങി വരവ്. അപ്പോള്‍ നിങ്ങള്‍ പ്രവര്‍ത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി അവന്‍ നിങ്ങളെ ബോധ്യപ്പെടുത്തുന്നതാണ്.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

നിങ്ങള്‍ ഓരോരുത്തരും അവനവന്റെ കര്‍മ്മ ഫലങ്ങള്‍ അനുഭവിക്കേണ്ടി വരും. മറ്റുള്ളവര്‍ പിഴച്ച് പോയത്കൊണ്ട് നിങ്ങള്‍ക്ക് ദോഷമൊന്നും വരാനില്ല; നിങ്ങള്‍ക്ക് ഒഴിവ് കഴിവ് ലഭിക്കാന്‍ പോകുന്നുമില്ല. എല്ലാവരുടേയും മടക്കം അല്ലാഹുവിങ്കലേക്കാകുന്നു അപ്പോള്‍ ഓരോരുത്തരുടേയും ചെയ്തികളെപറ്റി അവന്‍ നിങ്ങളെ ബോധ്യപെടുത്തി വേണ്ട നടപടികള്‍ എടുത്ത് കൊള്ളും. മറ്റുള്ളവരെ നല്ല കാര്യങ്ങള്‍ കൊണ്ട് ഉപദേശിക്കുകയും ചീത്ത കാര്യങ്ങളെക്കുറിച്ച് വിരോധിക്കുകയും ചെയ്യേണ്ടത് ഓരോരുത്തരുടെയും നിര്‍ബന്ധ ബാധ്യതയാകുന്നു. അല്ലാതെ മറ്റുള്ളവര്‍ പിഴച്ച് പോയെങ്കില്‍ നാമും പിഴച്ച് പോയിക്കൊള്ളട്ടെ, എന്ന നിലപാട് സ്വീകരിക്കുക, ഭൂരിപക്ഷത്തിന്റെയൊ, നല്ലവരെന്ന് കരുതപ്പെടുന്നവരുടെയൊ പ്രവര്‍ത്തികളെ മാത്രം ആധാരമാക്കി, തെളിവും ന്യായവും നോക്കാതെ, കാര്യങ്ങള്‍ പിന്തുടരുക എന്നിങ്ങനെയുള്ള സമ്പ്രദായങ്ങള്‍ ഉപേക്ഷിച്ച് സ്വന്തം രക്ഷാമാര്‍ഗ്ഗങ്ങളില്‍ ഓരോരുത്തരും കൂടുതല്‍ ശ്രദ്ധ ചെലുത്തുകയാണ് വേണ്ടത്.

ഈ ഖുര്‍ആന്‍ വചനത്തെ പറ്റി റസൂല്‍(സ) തിരുമേനി ഇപ്രകാരം പറഞ്ഞതായി അബുഥഅ്‌ലബത്തല്‍ ഖുശനി(റ) രിവായത് ചെയ്യുന്നു. 'നിങ്ങള്‍ സദാചാരത്തെപ്പറ്റി ഉപദേശിക്കുകയും ദുരാചാരത്തെക്കുറിച്ച് നിരോധിക്കുകയും വേണം. എന്നാല്‍ ഓരോരുത്തരിലും ലുബ്ധതയും തന്നിഷ്ടം പിന്‍പറ്റലും, ഐഹിക ജീവിതത്തിന് പ്രാധാന്യം കൊടുക്കലും കണ്ടാല്‍ നീ നിന്റെ സ്വന്തം കാര്യം നോക്കുക, പൊതുജനങ്ങളുടെ കാര്യം നീ വിട്ടേക്കുകയും ചെയ്യുക. വരാനിരിക്കുന്ന ഒരു കാലമുണ്ട്. അന്ന് ക്ഷമ കൊക്കൊള്ളുന്നവന്‍ തീക്കട്ടയില്‍ പിടിച്ചവനെ പോലെയായിരിക്കും. അന്ന് സല്‍കര്‍മ്മം പ്രവര്‍ത്തിക്കുന്നവര്‍ക്ക് നിങ്ങളെപ്പോലെ പ്രവര്‍ത്തി ക്കുന്ന അമ്പത് പേരുടെ അത്ര പ്രതിഫലമുണ്ടായിരിക്കും".

**വചനം : 106, 107, 108**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ شَهَٰدَةُ بَيْنِكُمْ إِذَا حَضَرَ أَحَدَكُمُ ٱلْمَوْتُ حِينَ ٱلْوَصِيَّةِ ٱثْنَانِ ذَوَا عَدْلٍ مِّنكُمْ أَوْ ءَاخَرَانِ مِنْ غَيْرِكُمْ إِنْ أَنتُمْ ضَرَبْتُمْ فِى ٱلْأَرْضِ فَأَصَٰبَتْكُم مُّصِيبَةُ ٱلْمَوْتِ ۚ تَحْبِسُونَهُمَا مِنۢ بَعْدِ ٱلصَّلَوٰةِ فَيُقْسِمَانِ بِٱللَّهِ إِنِ ٱرْتَبْتُمْ لَا نَشْتَرِى بِهِۦ ثَمَنًا وَلَوْ كَانَ ذَا قُرْبَىٰ ۙ وَلَا نَكْتُمُ شَهَٰدَةَ ٱللَّهِ إِنَّآ إِذًا لَّمِنَ ٱلْءَاثِمِينَ ﴿١٠٦﴾

106 ഹേ, വിശ്വസിച്ചവരേ, നിങ്ങളില്‍ ഒരാള്‍ക്ക് മരണം ആസന്നമായാല്‍, 'വസിയ്യത്തി'ന്‍െറ സമയത്ത് നിങ്ങള്‍ക്കിടയിലുള്ള സാക്ഷ്യം, നിങ്ങളില്‍ നിന്നുള്ള നീതിമാന്‍മാരായ രണ്ടാളുകളാകുന്നു. അല്ലെങ്കില്‍ നിങ്ങളല്ലാത്തവരില്‍നിന്ന് വേറെ രണ്ടാളുകള്‍,-നിങ്ങള്‍ ഭൂമിയില്‍ യാത്ര ചെയ്യുകയും, എന്നിട്ട് നിങ്ങള്‍ക്കു മരണവിപത്ത് ബാധിക്കുകയും ചെയ്തുവെങ്കില്‍. അവരെ രണ്ടാളെയും നിങ്ങള്‍ നമസ്കാരത്തിനുശേഷം തടഞ്ഞു നിറുത്തണം; എന്നിട്ട്-നിങ്ങള്‍ക്കു സന്ദേഹം ഏര്‍പ്പെട്ടാല്‍-അവര്‍ രണ്ടാളും അല്ലാഹുവില്‍ (ഇങ്ങിനെ) സത്യം ചെയ്യണം. "അടുത്ത (കുടുംബ)ബന്ധമുള്ളവനായിരുന്നാലും ഞങ്ങള്‍ ഇതിനു (പകരം) ഒരു പ്രതിഫലവും വാങ്ങുന്നതല്ല; അല്ലാഹുവിന്‍െറ സാക്ഷ്യം ഞങ്ങള്‍ ഒളിച്ചുവെക്കുന്നതുമല്ല; എന്നാല്‍ (അങ്ങിനെ ചെയ്താല്‍) നിശ്ചയമായും ഞങ്ങള്‍, കുറ്റക്കാരില്‍ പെട്ടവര്‍ തന്നെയായിരിക്കും."

فَإِنْ عُثِرَ عَلَىٰٓ أَنَّهُمَا ٱسْتَحَقَّآ إِثْمًا فَـَٔاخَرَانِ يَقُومَانِ مَقَامَهُمَا مِنَ ٱلَّذِينَ ٱسْتَحَقَّ

107 ഇനി, അവര്‍ രണ്ടുപേരും കുറ്റത്തിന് അവകാശപ്പെട്ടിരിക്കുന്നുവെന്ന് വെളിവാകുന്ന പക്ഷം, അപ്പോള്‍, യാതൊരു കൂട്ടര്‍ക്കെതിരെ

عَلَيۡهِمُ ٱلۡأَوۡلَيَٰنِ فَيُقۡسِمَانِ بِٱللَّهِ لَشَهَٰدَتُنَآ أَحَقُّ مِن شَهَٰدَتِهِمَا وَمَا ٱعۡتَدَيۡنَآ إِنَّآ إِذٗا لَّمِنَ ٱلظَّٰلِمِينَ ﴿١٠٧﴾

അത് (കുറ്റം) അവകാശപ്പെട്ടുവോ അവരിൽ നിന്ന് വേറെ രണ്ടാൾ-കൂടുതൽ ബന്ധപ്പെട്ട രണ്ടാൾ-അവരുടെ സ്ഥാനത്ത് (സാക്ഷികളായി) നില്ക്കണം; എന്നിട്ട് അവർ രണ്ടുപേരും (ഇങ്ങിനെ) സത്യം ചെയ്യണം: "ഞങ്ങളുടെ സാക്ഷ്യം ഈ രണ്ടു പേരുടെ സാക്ഷ്യത്തെക്കാൾ യഥാർത്ഥമായുള്ളതാണ്; ഞങ്ങൾ ക്രമം തെറ്റുകയും ചെയ്തിട്ടില്ല; എന്നാൽ (അങ്ങിനെ ചെയ്താൽ) നിശ്ചയമായും ഞങ്ങൾ, അക്രമികളിൽ പെട്ടവർ തന്നെയായിരിക്കും."

ذَٰلِكَ أَدۡنَىٰٓ أَن يَأۡتُواْ بِٱلشَّهَٰدَةِ عَلَىٰ وَجۡهِهَآ أَوۡ يَخَافُوٓاْ أَن تُرَدَّ أَيۡمَٰنُۢ بَعۡدَ أَيۡمَٰنِهِمۡۗ وَٱتَّقُواْ ٱللَّهَ وَٱسۡمَعُواْۗ وَٱللَّهُ لَا يَهۡدِي ٱلۡقَوۡمَ ٱلۡفَٰسِقِينَ ﴿١٠٨﴾

108 അത്, സാക്ഷ്യം അതിൻെറ (ശരിയായ) വിധത്തിൽ അവർ കൊണ്ടുവരുവാൻ കൂടുതൽ അടുപ്പമുള്ളതാകുന്നു (ഉപകരിക്കുന്നതാണ്) അല്ലെങ്കിൽ, തങ്ങളുടെ സത്യങ്ങൾക്കുശേഷം സത്യങ്ങൾ (മറ്റുള്ളവരിലേക്ക്) തിരിച്ചുവിടപ്പെടുന്നതിനെ അവർ ഭയപ്പെടുവാൻ (ഉപകരിക്കുന്നതാണ്). നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, കേൾക്കുക (അനുസരിക്കുക)യും ചെയ്യുവിൻ. അല്ലാഹു, തോന്നിയവാസികളായ ജനങ്ങളെ സൻമാർഗത്തിലാക്കുകയില്ല താനും.

വസിയത്ത് സംബന്ധിച്ച പല വിവരങ്ങളും സൂ. ബഖറ: 180 ൽ പ്രസ്താവിച്ചിട്ടുണ്ട്. വസിയത്തുമായി ബന്ധപ്പെട്ട മറ്റു ചില കാര്യങ്ങളാണ് ഈ വചനങ്ങളിൽ :

(1) വസിയത്ത് ചെയ്യുന്നയാൾ നീതിമാന്മാരായ രണ്ടാളുകളെ സാക്ഷി നിറുത്തേണ്ടി വരും. അവർ മുസ്ലിംകളായിരിക്കേണ്ടതാണ്.

(2) വല്ല യാത്രാ വേളയിലുമാണ് വസിയത്ത് നടക്കുന്നതെങ്കിൽ മുസ്ലിംകളെ തന്നെ സാക്ഷികളായി കിട്ടാൻ പ്രയാസമാണെങ്കിൽ മുസ്ലിംകളല്ലാത്ത രണ്ടുപേരെ സാക്ഷിയാക്കാവുന്നതാണ്. അവരാകട്ടെ മുസ്ലിംകളുടെ ഭരണത്തിന് കീഴൊതുങ്ങി, മുസ്ലീംകളുമായി സ്നേഹത്തിൽ വർത്തിക്കുന്ന രണ്ടു പേരായിരിക്കുകയും വേണം. വസിയത്തിന്റെ തുടർ നടപടികൾക്കു അത് അനിർവാര്യമായിരിക്കുമല്ലോ.

(3) സാക്ഷികളുടെ മൊഴികളിൽ മരണപ്പെട്ടവന്റെ ബന്ധപ്പെട്ടവർക്ക് വല്ല അഭിപ്രായ വ്യത്യാസമോ സംശയമോ നേരിടുന്ന പക്ഷം സാക്ഷികൾ ഒരു ജമാഅത്ത് നമസ്കാരാനന്തരം പള്ളിയിൽ പൊതു സദസ്സിൽ സത്യം ചെയ്യേണ്ടതാണ്.

(4) സത്യം ചെയ്യുമ്പോൾ തങ്ങൾ പക്ഷഭേദമോ സ്വാർത്ഥതാല്പര്യമോ കൂടാതെ ശരിയായിട്ടുള്ള കാര്യങ്ങളാണ് പറയുന്നതെന്ന് വ്യക്തമാക്കേണ്ടതാകുന്നു. അതോടെ ആ വസിയത്ത് ബലത്തിൽ വരുന്നതാണ്.

(5) സാക്ഷികൾ ഇങ്ങനെ സത്യം ചെയ്തിട്ടും എതിരായ തെളിവുകളാൽ അവർ തെറ്റു ചെയ്തിരിക്കുന്നതായി വെളിപ്പെട്ടാൽ ഈ രണ്ട് സാക്ഷികളേക്കാൾ കൂടുതൽ മര്യാദക്കാരും വസിയത്ത് ചെയ്ത ആളുമായി കൂടുതൽ ബന്ധപ്പെട്ടവരുമായ രണ്ടാളുകളെക്കൊണ്ടു ആദ്യത്തെവരുടെ തെറ്റ് സ്ഥാപിക്കേണ്ടതാണ്.

(6) വസിയത്തിന്റെ യഥാർത്ഥ രൂപം ഇന്നതാണെന്ന് വ്യക്തമാക്കികൊണ്ട് ഓരോ സാക്ഷിയും ഞങ്ങൾ പറയുന്നതാണ് കൂടുതൽ ശരിയെന്നും ഞങ്ങൾ പറയുന്നതിൽ യാതൊരു ക്രമക്കേടും ഇല്ലെന്നും സത്യം ചെയ്തു പറയുന്നതോടെ ആദ്യത്തെവരുടെ സാക്ഷ്യം ദുർബലപ്പെടുത്തപ്പെടുന്നതാണ്.

തങ്ങൾ സത്യം ചെയ്ത് പറഞ്ഞത് ശരിയല്ലെന്ന് കണ്ടാൽ പുതിയ സാക്ഷികളുടെ മൊഴി സ്വീകരിക്കുവാൻ അല്ലാഹു ഉപാധി വെച്ചത് തങ്ങളുടെ സാക്ഷ്യം തള്ളപ്പെട്ടാൽ തങ്ങൾ വഷളാകുമെന്ന ഭയത്താൽ അവർ കള്ളവും കൃത്രിമവും കൂടാതെ സത്യസന്ധമായി സാക്ഷ്യം നിർവഹിക്കാൻ ശ്രദ്ധിക്കുമെന്നതിനാലാണ്.

തുടർന്ന്, അല്ലാഹുവിനെ സൂക്ഷിക്കണമെന്നും അനുസരിക്കണമെന്നും അനുസരിക്കാത്ത തോന്നിയവാസികളായ ആളുകളെ അവൻ സന്മാർഗ്ഗത്തിലാക്കുകയില്ലെന്നും അല്ലാഹു താക്കീത് നൽകുന്നു.

അല്ലാഹു ഇത്രയധികം പ്രാധാന്യം നൽകി വസീയത്തിന്റെ വിധികൾ ഖുർആനിൽ വിവരിച്ചിട്ടും വസിയത്തിന്റെയും അതുപാലിക്കുന്നതിന്റെയും വിഷയത്തിൽ മുസ്ലീം സമുദായം ഇന്ന് സ്വീകരിച്ച് വരുന്ന നിലപാട് അത്യധികം പരിതാപകരമായ അവസ്ഥയിലാണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. വസീയത്തിന്റെ കാര്യത്തിൽ മാത്രമല്ല, അനന്തരാവാശികൾക്ക് നിശ്ചിത ഓഹരികൾ വീതിച്ച് കൊടുക്കുന്നതിലും സക്കാത്തിന്റെ നിയമങ്ങൾ പാലിക്കുന്നതിലും കടമിടപാടുകൾ കൊടുത്ത് തീർക്കുന്നതിലുമെല്ലാം മുസ്ലിംകൾ അങ്ങേയറ്റം അനാസ്ഥയിലാണുള്ളതെന്ന് പറയേണ്ടിയിരിക്കുന്നു.

## വിഭാഗം 15

**വചനം 109**

109 അല്ലാഹു റസൂലുകളെ ഒരുമിച്ചു കൂട്ടുന്ന ദിവസം! എന്നിട്ട് അവൻ പറയും: "എന്താണ് നിങ്ങൾക്ക് ഉത്തരം നൽകപ്പെട്ടത്?" അവർ പറയും: "ഞങ്ങൾക്ക് അറിവില്ല! നിശ്ചയമായും, നീതന്നെയാണ് അദൃശ്യകാര്യങ്ങളെ നന്നായി അറിയുന്നവൻ".

۞ يَوْمَ يَجْمَعُ ٱللَّهُ ٱلرُّسُلَ فَيَقُولُ مَاذَآ أُجِبْتُمْ ۖ قَالُوا۟ لَا عِلْمَ لَنَآ ۖ إِنَّكَ أَنتَ عَلَّٰمُ ٱلْغُيُوبِ ﴿١٠٩﴾

ഖിയാമത്ത് നാളിൽ അല്ലാഹു എല്ലാ റസൂലുകളേയും അവരുടെ സമുദായങ്ങളെയും ചോദ്യം ചെയ്യുന്നതാണ് . (സൂ. അഅ്റാഫ് വചനം 6 ശ്രദ്ധിക്കുക) ഈ വചനത്തിൽ റസൂലുകളോട് ചേദിക്കപ്പെടുന്നതിനെക്കുറിച്ചാണ് പറയുന്നത്. നിങ്ങൾ നിങ്ങളുടെ സമുദായത്തെ തൗഹീദിലേക്കും സത്യദീനിലേക്കും ക്ഷണിച്ചിട്ട് അവരുടെ പ്രതികരണം എന്തായിരുന്നു എന്ന ചോദ്യം കേട്ട് ആ മഹാസമ്മേളനത്തിൽ പ്രവാചകന്മാർ പോലും നടുങ്ങി വിറച്ച് പോകുന്നതാണ്. അവരുടെ ജീവിതകാലത്തും അവരുടെ കാലശേഷവും അവരിൽ നിന്നുണ്ടായ പ്രതികരണത്തെക്കുറിച്ച് സൂക്ഷ്മവും സാർവത്രികവുമായ അറിവ് അല്ലാഹുവിന് മാത്രമാണല്ലോ ഉള്ളത്. ഭക്തിയാദരപൂർവ്വം റസൂലുകൾ മറുപടി പറയുന്നു. "ഞങ്ങൾക്ക് അറിവില്ല, റബ്ബേ, നീ തന്നെയാണല്ലോ അദൃശ്യകാര്യങ്ങളെ നന്നായി അറിയുന്നവൻ."

അടുത്ത വചനത്തിൽ ഈസാ (അ) നബിയെ അഭിമുഖീകരിച്ച് കൊണ്ടുള്ള ഒരു പ്രസ്താവനയാകുന്നു.

**വചനം 110,111**

110 അല്ലാഹു പറയുന്ന സന്ദർഭം: "മർയമിൻെറ മകൻ ഈസാ, നിനക്കും നിൻെറ മാതാവിനും എൻെറ (ഞാൻ ചെയ്ത) അനുഗ്രഹം ഓർക്കുക:- (അതെ) പരിശുദ്ധാത്മാവിനെക്കൊണ്ടു ഞാൻ നിന്നെ ബലപ്പെടുത്തിയ സന്ദർഭം, തൊട്ടിലിൽവെച്ചും, മദ്ധ്യവയസ്കനായിക്കൊണ്ടും നീ മനുഷ്യരോട് സംസാരിക്കുന്ന നിലക്ക്; -ഗ്രന്ഥവും, വിജ്ഞാനവും, തൗറാത്തും, ഇഞ്ചീലും നിനക്കു ഞാൻ പഠിപ്പിച്ചു തന്ന സന്ദർഭവും, -കളിമണ്ണിൽനിന്നും എൻെറ അനുമതി പ്രകാരം പക്ഷിയുടെ ആകൃതിപോലെ നീ രൂപപ്പെടുത്തുകയും, എന്നിട്ട് അതിൽ നീ ഊതുകയും, അപ്പോൾ അത് എൻെറ അനുവാദം കൊണ്ടു പക്ഷിയായിത്തീരുകയും ചെയ്യുന്ന സന്ദർഭവും; -ജാത്യാന്ധനെയും, വെള്ളപ്പാണ്ഡുകാരനെയും എൻെറ അനുവാദപ്രകാരം നീ സുഖപ്പെടുത്തുന്ന (സന്ദർഭവും); -മരണപ്പെട്ടവരെ എൻെറ അനുവാദപ്രകാരം നീ

إِذْ قَالَ ٱللَّهُ يَٰعِيسَى ٱبْنَ مَرْيَمَ ٱذْكُرْ نِعْمَتِى عَلَيْكَ وَعَلَىٰ وَٰلِدَتِكَ إِذْ أَيَّدتُّكَ بِرُوحِ ٱلْقُدُسِ تُكَلِّمُ ٱلنَّاسَ فِى ٱلْمَهْدِ وَكَهْلًا ۖ وَإِذْ عَلَّمْتُكَ ٱلْكِتَٰبَ وَٱلْحِكْمَةَ وَٱلتَّوْرَىٰةَ وَٱلْإِنجِيلَ ۖ وَإِذْ تَخْلُقُ مِنَ ٱلطِّينِ كَهَيْـَٔةِ ٱلطَّيْرِ بِإِذْنِى فَتَنفُخُ فِيهَا فَتَكُونُ طَيْرًۢا بِإِذْنِى ۖ وَتُبْرِئُ ٱلْأَكْمَهَ وَٱلْأَبْرَصَ بِإِذْنِى ۖ وَإِذْ تُخْرِجُ ٱلْمَوْتَىٰ بِإِذْنِى ۖ وَإِذْ كَفَفْتُ بَنِىٓ إِسْرَٰٓءِيلَ عَنكَ إِذْ جِئْتَهُم بِٱلْبَيِّنَٰتِ فَقَالَ ٱلَّذِينَ

كَفَرُواْ مِنْهُمْ إِنْ هَٰذَآ إِلَّا سِحْرٌ مُّبِينٌ ﴿١١٠﴾

(ജീവിപ്പിച്ച്) പുറത്തു വരുത്തുന്ന സന്ദർഭവും; -ഇസ്രാഈൗൽ സന്തതികളെ നിന്നിൽ നിന്നു ഞാൻ തടുത്തു തന്ന സന്ദർഭവും; (അതെ) അവരുടെ അടുക്കൽ നീ വ്യക്തമായ തെളിവുകളുമായി ചെല്ലുകയും, എന്നിട്ട് അവരിൽനിന്നും അവിശ്വസിച്ചവർ "ഇതു വ്യക്തമായ ആഭിചാരമല്ലാതെ (മറ്റൊന്നും) അല്ല" എന്ന് പറയുകയും ചെയ്തപ്പോൾ;-

وَإِذْ أَوْحَيْتُ إِلَى ٱلْحَوَارِيِّـۧنَ أَنْ ءَامِنُواْ بِى وَبِرَسُولِى قَالُوٓاْ ءَامَنَّا وَٱشْهَدْ بِأَنَّنَا مُسْلِمُونَ ﴿١١١﴾

111 'ഹവാരീ'കൾക്ക് എന്നിലും, എൻെറ റസൂലിലും നിങ്ങൾ വിശ്വസിക്കണമെന്ന് നാം 'വഹ്‌യു' (രഹസ്യ സന്ദേശം) നൽകിയ സന്ദർഭവും; (അതെ) അവർ പറഞ്ഞു: "ഞങ്ങൾ വിശ്വസിച്ചു, ഞങ്ങൾ 'മുസ്‌ലിം'കളാണെന്ന് താൻ സാക്ഷ്യം വഹിച്ചും കൊള്ളുക" എന്ന്. (ഇതെല്ലാം ഓർക്കുക)

---

ഈസാ (അ) നബിക്കും മാതാവിനും പൊതുവിലും ഈസ (അ) നബിക്ക് പ്രത്യേകമായും ചെയ്ത് കൊടുത്ത അനുഗ്രഹങ്ങളെക്കുറിച്ച് അല്ലാഹു ഓർമ്മിപ്പിക്കുന്നു. (സൂ. ആലു ഇംറാൻ : 42 മുതൽ 51 വരെ ഏതാനും വചനങ്ങളിലും അവയുടെ വ്യഖ്യാനത്തിലും ഈ വിഷയത്തെക്കുറിച്ച് വിസ്തരിച്ച് പറഞ്ഞിട്ടുള്ളത് ശ്രദ്ധിക്കുക.) അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ കൈക്ക് സംഭവിച്ചതായി ആയതിൽ ചൂണ്ടിക്കാട്ടിയ അമാനുഷിക ദൃഷ്ടാന്തങ്ങളെല്ലാം സിഹ്ർ (മാരണം അഥവാ ആഭിചാരം) ആണെന്നു പറഞ്ഞു യഹുദികൾ അദ്ദേഹത്തെ ആക്രമിച്ചതും കുരിശിലേറ്റി കൊല്ലാൻ ശ്രമിച്ചതും അല്ലാഹു അദ്ദേഹത്തെ ആകാശത്തേക്കുയർത്തി രക്ഷപ്പെടുത്തിയതും അവിടെ വിവരിച്ചിട്ടുണ്ട്. "ഇസ്രാഈല്യരെ (യഹൂദരെ) തടുത്ത് തന്നു"വെന്ന് പറഞ്ഞത് ഇതിനെപ്പറ്റിയാണ്. ഈ സംഭാഷണം ഈസാ(അ) നബി ആകാശത്തേക്ക് ഉയർത്തപ്പെട്ട ശേഷം നടന്നതോ പരലോകത്ത് വെച്ച് ഖിയാമത്ത് നാളിൽ നടക്കാനിരിക്കുന്നതോ ആയിരിക്കാവുന്നതാണ് എന്നതാണ് പണ്ഡിത മതം.

ഈസാ നബിയുടെ പ്രബോധന ദൗത്യങ്ങളിൽ അദ്ദേഹത്തെ സഹായിക്കാൻ തയ്യാറായി വന്ന പന്ത്രണ്ട് ശിഷ്യന്മാരെ (ഹവാരികൾ, അപോസ്തലന്മാർ) ക്കുറിച്ച് സൂ. ആലു ഇംറാൻ 52-ാം വചനത്തിൽ വിശദീകരിച്ച് കഴിഞ്ഞിട്ടുണ്ട് അതേക്കുറിച്ച് 111-ാം വചനത്തിൽ ഓർമ്മിപ്പിക്കുന്നു. ഹവാരികൾക്ക് 'വഹ്‌യ്' നൽകി എന്ന് പറഞ്ഞതുകൊണ്ട് അവർ പ്രവാചകന്മാരായിരുന്നുവെന്ന് അർത്ഥമില്ല. പ്രവാചകരല്ലാത്തവർക്കും വഹ്‌യ് നൽകി (സ്വകാര്യ സന്ദേശം നൽകി, തോന്നിപ്പിച്ചു, ബോധനം നൽകി എന്നീ അർത്ഥത്തിൽ)യതിന് ഖുർആനിൽ വേറെയും ഉദാഹരണങ്ങൾ കാണാം. - മൂസ(അ) നബിയുടെ മാതാവിന് വഹ്‌യ് നൽകി എന്ന് 28 : 7 ലും തേനീച്ചക്ക് വഹ്‌യ് നൽകി എന്ന് 16 : 68 ലും പ്രസ്താവിച്ചുകാണാം. നബിമാർക്ക് പ്രത്യേകമായി നൽകുന്ന വഹ്‌യിനെ പറ്റി സൂ : ശൂറാ 51 -ാം വചനത്തിൽ അല്ലാഹു വിവരിച്ചിട്ടുണ്ട്.

---

**വചനം 112, 113, 114, 115**

إِذْ قَالَ ٱلْحَوَارِيُّونَ يَٰعِيسَى ٱبْنَ مَرْيَمَ هَلْ يَسْتَطِيعُ رَبُّكَ أَن يُنَزِّلَ عَلَيْنَا مَآئِدَةً مِّنَ ٱلسَّمَآءِ قَالَ ٱتَّقُواْ ٱللَّهَ إِن كُنتُم مُّؤْمِنِينَ ﴿١١٢﴾

112 'ഹവാരീ'കൾ പറഞ്ഞ സന്ദർഭം (ഓർക്കുക): "മർയമിൻെറ മകൻ ഈസാ, ആകാശത്തുനിന്ന് ഒരു ഭക്ഷണത്തളിക ഞങ്ങൾക്ക് ഇറക്കിത്തരുവാൻ താങ്കളുടെ റബ്ബിനു സാധിക്കുമോ?" അദ്ദേഹം പറഞ്ഞു: "നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ."

قَالُواْ نُرِيدُ أَن نَّأْكُلَ مِنْهَا وَتَطْمَئِنَّ

113 അവർ പറഞ്ഞു: "ഞങ്ങൾ അതിൽനിന്ന്

قُلُوبُنَا وَنَعْلَمَ أَن قَدْ صَدَقْتَنَا وَنَكُونَ عَلَيْهَا مِنَ ٱلشَّٰهِدِينَ ﴿١١٣﴾

തിന്നുവാൻ ഉദ്ദേശിക്കുന്നു; ഞങ്ങളുടെ ഹൃദയങ്ങൾ സമാധാനമടയുവാനും, താങ്കൾ ഞങ്ങളോടു സത്യം പറഞ്ഞിരിക്കുന്നുവെന്ന് ഞങ്ങൾക്ക് അറിയുവാനും, ഞങ്ങൾ അതിന് (ആ ഭക്ഷണത്തളികക്ക്) സാക്ഷ്യം വഹിക്കുന്ന വരിൽ പെട്ടവരായിരിക്കുവാനും (ഉദ്ദേശി ക്കുന്നു.)”

قَالَ عِيسَى ٱبْنُ مَرْيَمَ ٱللَّهُمَّ رَبَّنَآ أَنزِلْ عَلَيْنَا مَآئِدَةً مِّنَ ٱلسَّمَآءِ تَكُونُ لَنَا عِيدًا لِّأَوَّلِنَا وَءَاخِرِنَا وَءَايَةً مِّنكَ ۖ وَٱرْزُقْنَا وَأَنتَ خَيْرُ ٱلرَّٰزِقِينَ ﴿١١٤﴾

114 മർയമിൻെറ മകൻ ഈസാ പറഞ്ഞു: “അല്ലാഹുവേ, ഞങ്ങളുടെ റബ്ബേ, ആകാശത്തു നിന്ന് നീ ഞങ്ങൾക്ക് ഒരു ഭക്ഷണത്തളിക ഇറക്കിത്തരേണമേ! ഞങ്ങൾക്കും-ഞങ്ങളിൽ ആദ്യമുള്ളവർക്കും, ഞങ്ങളിൽ അവസാന മുള്ളവർക്കും- അതൊരു ഉത്സവവും, നിൻെറ പക്കൽ നിന്നുള്ള ഒരു (മഹത്തായ) ദൃഷ്ടാന്തവുമായിരിക്കുമാറ്. ഞങ്ങൾക്കു നീ ഉപജീവനം നൽകുകയും വേണമേ! നീ ഉപജീവനം നൽകുന്നവരിൽ ഏറ്റം ഉത്തമ നാണല്ലോ”.

قَالَ ٱللَّهُ إِنِّى مُنَزِّلُهَا عَلَيْكُمْ ۖ فَمَن يَكْفُرْ بَعْدُ مِنكُمْ فَإِنِّىٓ أُعَذِّبُهُۥ عَذَابًا لَّآ أُعَذِّبُهُۥٓ أَحَدًا مِّنَ ٱلْعَٰلَمِينَ ﴿١١٥﴾

115 അല്ലാഹു പറഞ്ഞു: “ഞാൻ നിങ്ങൾക്ക് അത് ഇറക്കിത്തരാം; എന്നാൽ, പിന്നീട് നിങ്ങളിൽ നിന്ന് ആരെങ്കിലും അവിശ്വസിക്കുന്നപക്ഷം, നിശ്ചയമായും ഞാൻ, ലോകരിൽ ഒരാളെയും ശിക്ഷിക്കാത്തതായ ഒരു (വമ്പിച്ച) ശിക്ഷ അവനെ ഞാൻ ശിക്ഷിക്കുന്നതാണ്”.

ഈ സൂറത്തിന് ‘മാഇദ’ (ഭക്ഷണത്തളിക) എന്ന് പേർ പറയപെടുന്നതിന് ആസ്പദമായ സംഭവ മാണ് ഈ വചനങ്ങളിലെ ഉള്ളടക്കം. “താങ്കളുടെ റബ്ബിന് ആകാശത്ത് നിന്ന് ഒരു ഭക്ഷണത്തളിക ഞങ്ങൾക്ക് ഇറക്കിത്തരുവാൻ കഴിയുമോ” എന്ന് ഈസ(അ) നബിയോട് ചോദിച്ചത് ഹവാരികളായിരുന്നു. അവരാകട്ടെ 111-ാം വചനത്തിൽ നിന്നും ആലു ഇംറാൻ 52-ാം വചനത്തിൽ നിന്നും വ്യക്തമാകുന്നത് പോലെ സത്യവി ശ്വാസികളും ഇസ്ലാമിക മാർഗ്ഗം സ്വീകരിച്ച് മതപ്രചരണത്തിൽ ഈസാ(അ) നബിയെ സഹായിക്കാൻ മുന്നോട്ട് വന്നവരുമാകുന്നു.

അങ്ങനെയുള്ള ഹവാരികൾ ഇത്തരത്തിൽ ഒരു ചോദ്യം ചോദിക്കുന്നതിന്റെ കാരണം എന്തായി രിക്കും. ഇതേകുറിച്ച് അധിക വ്യഖ്യാതാക്കളും പ്രകടിപ്പിച്ച് കാണുന്ന അഭിപ്രായം ഇപ്രകാരമാണ്:

അല്ലാഹുവിന് അക്കാര്യം ചെയ്യാൻ കഴിവുണ്ടോ എന്ന അർത്ഥത്തിലല്ല, അവരുടെ ചോദ്യം. എന്നാൽ അല്ലാഹു ഞങ്ങൾക്ക് വേണ്ടി അങ്ങനെ ചെയ്തു തരുമോ, ചെയ്തു തരാൻ സാധ്യതയുണ്ടോ, അല്ലെങ്കിൽ താങ്കൾക്ക് അല്ലാഹുവിനോട് അങ്ങനെ ചോദിക്കാമോ എന്നിങ്ങനെയുള്ള അർത്ഥത്തിലാണ് അവരുടെ ചോദ്യം.

110-ാം വചനത്തിൽ വിവരിച്ചതുപോലെയുള്ള ദൃഷ്ടാന്തങ്ങൾ കണ്ടറിഞ്ഞ അവർക്ക് അല്ലാഹു വിന്റെ കഴിവിനെ പറ്റി സംശയമുണ്ടാകാൻ അവകാശമില്ലല്ലോ. ഈസാ(അ) നബി “നിങ്ങൾ സത്യവിശ്വാസി കളാണെങ്കിൽ അല്ലാഹുവിനെ സൂക്ഷിക്കുവീൻ” എന്ന് അവരോട് പറഞ്ഞതിന്റെ സാരം വേണ്ടത്ര ദൃഷ്ടാ ന്തങ്ങൾ കണ്ട് കഴിഞ്ഞ സ്ഥിതിക്ക് ഇനിയും ദൃഷ്ടാന്തത്തിന് ആവശ്യപ്പെടുന്നത് സത്യവിശ്വാസികൾക്ക് യോജിച്ചതല്ല എന്നാകുന്നു.

തങ്ങളുടെ ചോദ്യത്തിന്റെ ലക്ഷ്യം തുടർന്ന് അവർ തന്നെ വിവരിച്ചതിൽ നിന്നു ഇപ്രകാരം മനസ്സി ലാക്കാവുന്നതാണ്.

(1) അതിൽ നിന്നും ഭൗമികമല്ലാത്ത ഒരു ഭക്ഷ്യപദാർത്ഥം ആസ്വദിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. (2) ഞങ്ങളുടെ ഹൃദയങ്ങൾ കൂടുതൽ ദൃഷ്ടാന്തങ്ങൾ നേരിൽ കണ്ടു, സമാധാനമടയാൻ ഉദ്ദേശിക്കുന്നു.

ഇബ്രാഹിം നബി(അ) പോലും മനസ്സമാധാനത്തിനു വേണ്ടി ദൃഷ്ടാന്തത്തിന് അപേക്ഷിച്ചത്. 2 : 260 ൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ടല്ലോ. (3) ഈസാ(അ) സത്യവാനാണെന്നുള്ള അവരുടെ നേരത്തേയുള്ള വിശ്വാസം കുടുതൽ ദൃഢതരമായിത്തീരുവാൻ അത് കാരണമായിത്തീരുമല്ലോ. (4) അതിന് ഞങ്ങൾ ദൃക്സാക്ഷികളായിത്തീർന്നാൽ ദൗത്യ ബോധത്തിൽ ഈസാ(അ) നബിയെ കൂടുതൽ ഫലപ്രദമായി സഹായിക്കുവാൻ ഞങ്ങൾക്ക് കഴിയുമല്ലോ.

ഹവാരികളുടെ ചോദ്യവും വിശദീകരണവും സദുദ്ദേശ്യപരമാണെന്ന് കണ്ട ഈസ(അ) അല്ലാഹുവിനോട് അതിന് വേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥനക്ക് അല്ലാഹുവിൽ നിന്നും ലഭിച്ച ഉത്തരം "ഭക്ഷണത്തളിക ഇറക്കിത്തരാം. പക്ഷെ അതിന് ശേഷവും നിങ്ങളിൽ നിന്നും അവിശ്വാസവും നിഷേധവും ഉണ്ടാവുകയാണെങ്കിൽ മുമ്പാർക്കും ഞാൻ നൽകിയിട്ടില്ലാത്ത കഠിന ശിക്ഷ അവർ അനുഭവിക്കേണ്ടി വരും" എന്നായിരുന്നു.

തുടർന്ന് ഭക്ഷണത്തളിക ഇറക്കുകയുണ്ടായൊ എന്നൊന്നും അല്ലാഹു വ്യക്തമാക്കിയിട്ടില്ല. എന്നാൽ ഖുർആന്റെ വാക്കുകളിൽ നിന്നും ഭക്ഷണത്തളിക ഇറക്കുകയുണ്ടായിട്ടുണ്ടെന്നും ആ തളികയിൽ അപ്പം മാമ്പഴം ചില പഴങ്ങൾ എന്നിവ ഉണ്ടായിരുന്നുവെന്നും ഇബ്നു അബ്ബാസ് (റ) അമ്മാർ (റ) എന്നിവരെ ഉദ്ധരിച്ച് അധിക ഖുർ ആൻ വ്യഖ്യാതാക്കളും അഭിപ്രായപ്പെടുന്നു. എന്നാൽ മേൽപറഞ്ഞ പ്രകാരമുള്ള താക്കീത് അല്ലാഹു നൽകിയതോട് കൂടി ഹവാരികൾ തങ്ങളുടെ ആവശ്യം പിൻവലിച്ചുവെന്നും അതുകൊണ്ട് തളിക ഇറക്കപ്പെടുകയുണ്ടായില്ല എന്നും ഹസൻ (റ) മുജാഹിദു(റ) ഇബ്നു കഥീർ (റ) എന്നിവരുടെ രിവായത്തിൽ കാണാം.

## വിഭാഗം 16

**വചനം 116, 117, 118**

وَإِذْ قَالَ ٱللَّهُ يَٰعِيسَى ٱبْنَ مَرْيَمَ ءَأَنتَ قُلْتَ لِلنَّاسِ ٱتَّخِذُونِى وَأُمِّىَ إِلَٰهَيْنِ مِن دُونِ ٱللَّهِ ۖ قَالَ سُبْحَٰنَكَ مَا يَكُونُ لِىٓ أَنْ أَقُولَ مَا لَيْسَ لِى بِحَقٍّ ۚ إِن كُنتُ قُلْتُهُۥ فَقَدْ عَلِمْتَهُۥ ۚ تَعْلَمُ مَا فِى نَفْسِى وَلَآ أَعْلَمُ مَا فِى نَفْسِكَ ۚ إِنَّكَ أَنتَ عَلَّٰمُ ٱلْغُيُوبِ ﴿١١٦﴾

116 അല്ലാഹു പറഞ്ഞ (അഥവാ പറയുന്ന) സന്ദർഭവും (ഓർക്കുക): "മർയമിൻെറ മകൻ ഈസാ, നീയാണോ മനുഷ്യരോടു പറഞ്ഞത്: "എന്നെയും, എൻെറ ഉമ്മയെയും നിങ്ങൾ അല്ലാഹുവിനു പുറമെ രണ്ടു ആരാധ്യൻമാരാക്കിക്കൊള്ളുവിൻ എന്ന്?!" അദ്ദേഹം പറഞ്ഞു (അഥവാ പറയും): "നീ മഹാപരിശുദ്ധൻ! (നിൻെറ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു) എനിക്ക് ഒരു അവകാശവും (അഥവാ ന്യായവും) ഇല്ലാത്തതു പറയുവാൻ എനിക്കു പാടില്ലല്ലോ! ഞാനത് പറഞ്ഞിരുന്നെങ്കിൽ, തീർച്ചയായും നീ അത് അറിഞ്ഞിട്ടുണ്ടാകും. എൻെറ സ്വന്തത്തിൽപെട്ടത് (എന്നെ സംബന്ധിച്ചത്) നീ അറിയുന്നു; നിൻെറ സ്വന്തത്തിൽപെട്ടത് (നിന്നെ സംബന്ധിച്ചത്) എനിക്കറിയുകയുമില്ല. നിശ്ചയമായും, നീ തന്നെയാണ് അദൃശ്യ കാര്യങ്ങളെ നന്നായറിയുന്നവൻ."

مَا قُلْتُ لَهُمْ إِلَّا مَآ أَمَرْتَنِى بِهِۦٓ أَنِ ٱعْبُدُوا۟ ٱللَّهَ رَبِّى وَرَبَّكُمْ ۚ وَكُنتُ عَلَيْهِمْ شَهِيدًا مَّا دُمْتُ فِيهِمْ ۖ فَلَمَّا تَوَفَّيْتَنِى كُنتَ أَنتَ ٱلرَّقِيبَ عَلَيْهِمْ ۚ وَأَنتَ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿١١٧﴾

117 "നീ എന്നോട് എന്ത് കൽപിച്ചുവോ അതല്ലാതെ ഞാൻ അവരോടു പറഞ്ഞിട്ടില്ല; അതായത് എൻെറ റബ്ബും, നിങ്ങളുടെ റബ്ബുമായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കണമെന്ന് (അല്ലാതെ). ഞാൻ അവരിൽ ഉണ്ടായിരുന്നപ്പോഴൊക്കെ ഞാൻ അവരുടെ മേൽ (നോട്ടം ചെയ്യുന്ന) സാക്ഷിയായിരുന്നു; അങ്ങനെ, നീ എന്നെ പൂർണ്ണമായെടുത്തപ്പോൾ, അവരുടെ മേൽ നോട്ടം വഹിക്കുന്നവൻ നീ തന്നെ ആയിരുന്നു. നീയാകട്ടെ, എല്ലാ കാര്യത്തിനും

إِن تُعَذِّبْهُمْ فَإِنَّهُمْ عِبَادُكَ ۖ وَإِن تَغْفِرْ لَهُمْ فَإِنَّكَ أَنتَ الْعَزِيزُ الْحَكِيمُ ﴿١١٨﴾

മേൽ (നോട്ടം ചെയ്യുന്ന) സാക്ഷിയുമാകുന്നു."
118 "നീ അവരെ ശിക്ഷിക്കുന്നപക്ഷം, അവർ നിൻെറ അടിയാൻമാരാകുന്നു. (നിനക്കതിന് അർഹതയുണ്ട്.) നീ അവർക്ക് പൊറുത്തു കൊടുക്കുകയാണെങ്കിൽ, നീ തന്നെയാണല്ലോ പ്രതാപശാലിയും അഗാധജ്ഞനുമായുള്ളവൻ. (നീ ഉദ്ദേശിച്ച പോലെ ചെയ്വാൻ നിനക്ക് യാതൊരു തടസ്സവും ഇല്ലതാനും.")

---

ഖിയാമത്ത് നാളിൽ അല്ലാഹുവും ഈസാ(അ) നബിയും തമ്മിൽ നടക്കാനിരിക്കുന്ന സംഭാഷണമാണിതെന്നും ഈസാ(അ) നബിയെ ആകാശത്തേക്ക് ഉയർത്തിയ ശേഷം സംഭവിച്ച് കഴിഞ്ഞ സംഭാഷണമാണിതെന്നും രണ്ടഭിപ്രായം ഖുർആൻ വ്യഖ്യാതാക്കളിലുണ്ട്, വാസ്തവം അല്ലാഹുവിനറിയാം.

ഈസാ(അ) നബിയേയും അദ്ദേഹത്തിന്റെ മാതാവായ മറിയം(അ) നേയും കൃസ്ത്യാനികൾ ഇലാഹാക്കി (ദൈവമാക്കി)യെന്നുള്ള ആക്ഷേപമാണ്, ഈ വചനങ്ങളിലെ പ്രതിപാദ്യ വിഷയം. തങ്ങൾ മർയമിനെ ദൈവമാക്കി അംഗീകരിക്കില്ലെന്ന് ചില കൃസ്തീയ പാതിരിമാർ പറഞ്ഞും പ്രചരിപ്പിച്ചും വരാറുണ്ട്. എന്നാൽ മർയമിനെ ദൈവമാക്കിയ 'മർയമി വിഭാഗം' എന്നൊരു വിഭാഗം കൃസ്ത്യാനികൾ മുൻ കാലത്ത് ഉണ്ടായിരുന്നുവെന്ന് സയ്യിദ് മഹമൂദ് ആലൂസി (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ പ്രസ്താവിച്ചിരിക്കുന്നതായി കാണാം. ക്രിസ്തുമതത്തിന്റെ അടിസ്ഥാന പരമായ തത്വങ്ങൾ പോലും പെളിച്ചെഴുതപ്പെട്ട കൂട്ടത്തിൽ ആ പഴയ സിദ്ധാന്തവും ചില കൃസ്തീയ വിഭാഗങ്ങൾ കയ്യൊഴിച്ചിട്ടുണ്ടെങ്കിൽ അതിൽ അതിശയിക്കാനൊന്നുമില്ല. ക്രിസ്താനികളിൽ തന്നെ ചില വിഭാഗങ്ങൾ ഇന്നു മർയം(അ)ന് ദിവ്യത്വം കല്പിച്ച് വരുന്നുണ്ട് താനും.

ക്രിസ്ത്വാബ്ദം 450 നോടുകൂടി, മർയംന് 'ദൈവത്തെ പ്രസവിച്ചവൾ' എന്ന സ്ഥാനപ്പേര് നൽകി 'ദൈവമാതാ' എന്ന് സംബോധന നൽകിയിരുന്നു. ഇവൾ പാപരഹിതയാണെന്നും ശരീരം സ്വർഗത്തിൽ പോയി എന്നും യേശു ക്രിസ്തുവിനെപ്പോലെ ഇവളേയും ആരാധിക്കേണ്ടതാണെന്നും നിശ്ചയിക്കപ്പെടുകയും ചെയ്തു. ഇക്കാര്യം കൃസ്തീയ സുവിശേഷങ്ങളിൽ തന്നെ നിർദ്ദേശിച്ചിട്ടുണ്ട്. (വേ. പു:നി.ഭാ. 331) നബി(സ)യുടെ കാലത്ത് റോമാ ചക്രവർത്തിയായിരുന്ന ഫിറഖ്ലിയൂസിന്റെ പതാകയിൽ 'ദൈവമാതാവിന്റെ' ചിത്രം ഉണ്ടായിരുന്നുവെന്നും, അതിന്റെ അനുഗ്രഹം കൊണ്ട് തന്റെ പതാക താണ് പോകുകയില്ലെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നതായും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

മേൽ ഉദ്ധരിച്ചതിൽ നിന്നും, ഇക്കാലത്തെ കൃസ്ത്യാനികളിൽ ചിലർ (പൊട്ടസ്റ്റന്റുകാർ വിശേഷിച്ചും) മർയം മാതാവിനെപ്പറ്റി ദൈവമെന്ന് പറയാറില്ലെങ്കിലും മുൻകാലത്ത് കരുതി വന്നിരുന്നുവെന്നും, ഇന്നും ചിലർ കരുതി വരുന്നുണ്ടെന്നും മനസിലാക്കാവുന്നതാണ്. മാത്രമല്ല ഈയൊരു വചനത്തിലൂടെ ഖുർആൻ തങ്ങളുടെ പേരിൽ നിലവിലില്ലാത്ത ഒരു വിശ്വാസം വെച്ച് കെട്ടുകയാണെന്ന ചില ക്രിസ്തീയ പാതിരിമാരുടെ പ്രമാണം അടിസ്ഥാന രഹിതമാണെന്നും, ഖുർആന്റെ പ്രസ്താവന അക്ഷരാർത്ഥത്തിൽ ശരിയാണെന്നും മേൽ ഉദ്ധരിച്ചതിൽ നിന്നും സംശയലേശമന്യേ വ്യക്തമാകുന്നുണ്ട്.

ഈസാ(അ) പറഞ്ഞു "നീ അവരെ ശിക്ഷിക്കുന്ന പക്ഷം അവർ നിന്റെ അടിയാന്മാരാണ്" എന്ന വാക്യം അവസാനംവരെ നബി(സ) ഓതുകയുണ്ടായി. എന്നിട്ട് രണ്ട് കൈയും ഉയർത്തിപ്പിടിച്ച് കൊണ്ട് "അല്ലാഹുവെ എന്റെ സമുദായം" എന്ന് പറഞ്ഞ് അവിടുന്ന് കരയുകയും ചെയ്തു, അപ്പോൾ അല്ലാഹു ജിബ്രിൽ(അ) മുഖേന തിരുമേനിയെ അറിയിച്ചു. "നിന്റെ സമുദായത്തിന്റെ കാര്യത്തിൽ നാം നിന്നെ തൃപ്തിപ്പെടുത്തി ത്തന്നേക്കും. നിന്നെ നാം അതൃപ്തിപ്പെടുത്തുകയില്ല."

ഒരിക്കൽ സബി(സ) ഇപ്രകാരം പറയുകയുണ്ടായി. ഖിയാമത്ത് നാളിൽ ആദ്യമായി വസ്ത്രം ധരിപ്പിക്കപ്പെടുന്നത് ഇബ്രാഹിം(അ)ന് ആയിരിക്കും. എന്റെ സമുദായത്തിൽ നിന്ന് ചില മനുഷ്യരെ കൊണ്ടുവന്ന് ഇടതു വശത്തേക്ക് (അവിശ്വാസികളായ ദുർജ്ജനങ്ങളുടെ പക്ഷത്തേക്ക്) എടുക്കപ്പെടുക്കമ്പോൾ ഞാൻ "എന്റെ ആൾക്കാർ" എന്ന് പറയും. അപ്പോൾ എന്നോടു പറയപ്പെടും. "അവർ താങ്കൾക്ക് ശേഷം പുതുതായി ഉണ്ടാക്കിത്തീർത്തതിനെക്കുറിച്ച് താങ്കൾക്കറിഞ്ഞു കൂടാ". അപ്പോൾ ആ നല്ല അടിയാൻ (ഈസാ നബി) പറഞ്ഞത് പോലെ ഞാൻ പറയും "ഞാൻ അവരിൽ ഉണ്ടായിരുന്നപ്പോൾ ഞാൻ അവരിൽ സാക്ഷ്യം വഹിക്കുന്നവനായിരുന്നു."

അപ്പോൾ പറയപ്പെടും, "താങ്കൾ അവരെ പിരിഞ്ഞത് മുതൽ അവർ പിന്നോക്കം മടങ്ങിക്കൊണ്ടി

രിക്കുകയായിരുന്നു.”

ഒരു രാത്രി നേരം പുലരുവോളം “നീ അവരെ ശിക്ഷിക്കുന്ന പക്ഷം അവര്‍ നിന്‍റെ അടിയാന്‍മാരാണ്” എന്ന് തുടങ്ങി ആയത്തിന്‍റെ അവസാനം വരെ ഓതിക്കൊണ്ട് നബി(സ) നിസ്കരിച്ചതായും ഹദീസില്‍ വന്നിരിക്കുന്നു.

---

**വചനം 119**

قَالَ ٱللَّهُ هَٰذَا يَوْمُ يَنفَعُ ٱلصَّٰدِقِينَ صِدْقُهُمْ ۚ لَهُمْ جَنَّٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَآ أَبَدًا ۚ رَّضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ ۚ ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ﴿١١٩﴾

119 അല്ലാഹു പറഞ്ഞു (അഥവാ പറയുന്നതാണ്): ഇത്, സത്യവാന്‍മാര്‍ക്ക് തങ്ങളുടെ സത്യം ഉപകരിക്കുന്ന ദിവസമാകുന്നു. അവര്‍ക്ക് അടിഭാഗത്തിലൂടെ അരുവികള്‍ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വര്‍ഗ്ഗങ്ങളുണ്ടായിരിക്കും - (അവര്‍) അതില്‍ എന്നെന്നും നിത്യവാസികളായ നിലയില്‍. അവരെക്കുറിച്ച് അല്ലാഹു തൃപ്തിപ്പെടുന്നതാണ്: അവനെക്കുറിച്ച് അവരും തൃപ്തിപ്പെടുന്നതാണ്. അതത്രെ വമ്പിച്ച വിജയം!

---

ഈ വചനത്തിലെ പ്രസ്താവന ഖിയാമത്ത് നാളിനെക്കുറിച്ചാകുന്നു. സത്യാവന്മാര്‍ക്ക് അവരുടെ സത്യം ഉപകരിക്കുന്നതാണ് എന്ന് പറഞ്ഞതിന്‍റെ താല്‍പര്യം ഇഹത്തില്‍ വെച്ച് സത്യം പറയുകയും പ്രവര്‍ത്തിക്കുകയും ചെയ്തവര്‍ക്ക് അത് മൂലം വമ്പിച്ച പ്രതിഫലം ലഭിക്കുമെന്നത്രേ. ശാശ്വത സ്വര്‍ഗ്ഗീയ സുഖം ലഭിക്കുമെന്ന മാഹാഭാഗ്യം; കൂടാതെ അല്ലാഹുവിന്‍റെ തൃപ്തിയും അവര്‍ക്ക് ലഭിക്കുന്നതാണ്. അവര്‍ക്ക് അല്ലാഹുവിനെക്കുറിച്ചും പരിപൂര്‍ണ്ണമായ തൃപ്തിയായിരിക്കും. അത് തന്നെയാണ് ഏറ്റവും ഉന്നതമായ മഹാ ഭാഗ്യവും.

**വചനം 120**

لِلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا فِيهِنَّ ۚ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌۢ ﴿١٢٠﴾

120 അല്ലാഹുവിനാണ് ആകാശങ്ങളുടെയും ഭൂമിയുടെയും അവയിലുള്ളതിന്‍െറയും രാജത്വം. അവന്‍ എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

---

എല്ലാ സനാതന നിയമങ്ങളുടെയും എല്ലാ ധാര്‍മ്മിക വ്യവസ്ഥകളുടെയും എല്ലാ വിശ്വാസാചാരാനുഷ്ഠാന മുറകളുടെയും അടിത്തറ ചൂണ്ടിക്കാട്ടുന്നതാണ് ഈ വചനം. അല്‍പ മാത്രം വാക്കുകള്‍ - അര്‍ത്ഥ സംപുഷ്ടിയും വ്യാപ്തിയും നോക്കുമ്പോള്‍ സര്‍വ്വ വ്യാപകവും.

ഈ വചനത്തോടെ അല്ലാഹു ഈ മഹത്തായ സൂറത്തു അവസാനിപ്പിക്കുന്നു.

# 6. സൂറത്തുൽ അൻആം
# (കാലികൾ)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 165, വിഭാഗം (റുകൂഅ്) 20

ഈ സൂറത്ത് മുഴുവനും ഒരേ പ്രാവശ്യം തന്നെ അവതരിപ്പിച്ചതാണെന്നും, ഇതവതരിപ്പിച്ചപ്പോൾ ഇതിന്റെ ബഹുമാനാർത്ഥം വളരെ മലക്കുകളും ഇറങ്ങുകയുണ്ടായെന്നും പല രിവായത്തുകളിലും കാണുന്നു. മക്കി സൂറത്തുകളിലെ പതിവ് പ്രകാരം ഈ സൂറത്തിലെ പ്രധാന പരാമർശങ്ങൾ മുശ്‌രിക്കുകളുടെ വിശ്വാസാചാരങ്ങളെയും തൗഹീദിനെയും സംബന്ധിച്ചാകുന്നു. അക്കൂട്ടത്തിൽ ആടുമാടുകളൊട്ടകങ്ങളാകുന്ന കാലികളുടെ നേർച്ച വഴിപാട് സംബന്ധമായി മുശ്‌രിക്കുകളുടെ ദുരാചാരങ്ങളെ സംബന്ധിച്ച് ഈ സൂറത്തിൽ കൂടുതൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഇതിന് സൂറത്തുൽ അൻആം (കാലികളുടെ അദ്ധ്യായം) എന്ന് പറയപ്പെടുന്നു.

**വിഭാഗം - 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1, 2, 3**

1 (സർവ്വ) സ്തുതി(യും) അല്ലാഹുവിനാണ്; ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിക്കുകയും, അന്ധകാരങ്ങളും, പ്രകാശവും ഏർപ്പെടുത്തുകയും ചെയ്തവൻ. എന്നിട്ടും അവിശ്വസിച്ചവർ തങ്ങളുടെ റബ്ബിനോട് സമപ്പെടുത്തുന്നു!

2 അവനത്രെ, കളിമണ്ണിൽ നിന്ന് നിങ്ങളെ സൃഷ്ടിച്ചവൻ; പിന്നെ അവൻ ഒരു അവധി നിശ്ചയി(ച്ചു വെ)ച്ചിരിക്കുന്നു. നിർണ്ണയം ചെയ്യപ്പെട്ട ഒരു അവധി അവന്റെ അടുക്കലുണ്ടുതാനും. എന്നിട്ടും, നിങ്ങൾ സന്ദേഹപ്പെട്ടു കൊണ്ടിരിക്കുന്നു!

3 അവൻ തന്നെയാണ് ആകാശങ്ങളിലും ഭൂമിയിലും അല്ലാഹു. നിങ്ങളുടെ രഹസ്യവും, നിങ്ങളുടെ പരസ്യവും അവൻ അറിയുന്നു. നിങ്ങൾ (പ്രവർത്തിച്ചു) സമ്പാദിക്കുന്നതും അവൻ അറിയുന്നു.

ٱلْحَمْدُ لِلَّهِ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ
وَٱلْأَرْضَ وَجَعَلَ ٱلظُّلُمَـٰتِ وَٱلنُّورَ ۖ ثُمَّ
ٱلَّذِينَ كَفَرُوا۟ بِرَبِّهِمْ يَعْدِلُونَ ﴿١﴾

هُوَ ٱلَّذِى خَلَقَكُم مِّن طِينٍ ثُمَّ قَضَىٰٓ أَجَلًا ۖ
وَأَجَلٌ مُّسَمًّى عِندَهُۥ ۖ ثُمَّ أَنتُمْ تَمْتَرُونَ ﴿٢﴾

وَهُوَ ٱللَّهُ فِى ٱلسَّمَـٰوَٰتِ وَفِى ٱلْأَرْضِ ۖ يَعْلَمُ
سِرَّكُمْ وَجَهْرَكُمْ وَيَعْلَمُ مَا تَكْسِبُونَ ﴿٣﴾

---

**الحمد لله** (അല്ലാഹുവിനാണ് സർവ്വ സ്തുതിയും) എന്നുള്ള സ്തുതികീർത്തനങ്ങൾ കൊണ്ട് ആരംഭിക്കുന്ന അഞ്ചു സൂറത്തുകളിൽ രണ്ടാമത്തേതാണിത്. ഒന്നാമത്തേതു ഫാതിഹയും മൂന്നാമത്തേത് അൽകഹ്ഫും നാലാമത്തേത് സബഉം അഞ്ചാമത്തേത് ഫാത്വിറും ആകുന്നു. ഓരോന്നിലും ഈ വാക്യത്തെ തുടർന്ന് സ്തുതി കീർത്തനങ്ങൾക്കെല്ലാം യഥാർത്ഥത്തിൽ അർഹതയുള്ളവൻ അല്ലാഹുവാണെന്ന് തെളിയിക്കുന്ന അവന്റെ ചില സവിശേഷഗുണങ്ങളായിരിക്കും പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്.

**حمد** (സ്തുതി) എന്ന പദത്തിന്റെ അർത്ഥോദ്ദേശ്യങ്ങൾ സൂ: ഫാതിഹയിൽ വിശദമായി വിവരിച്ചിട്ടുണ്ട്. ആകാശ ഭൂമികളെ സൃഷ്ടിച്ചവനും അന്ധകാരങ്ങളും ആകാശവും ഏർപ്പെടുത്തിയവനുമായ അല്ലാഹുവിനോടു അതിലൊന്നും പങ്കില്ലാത്തതും അല്ലാഹുവിന്റെ തന്നെ സൃഷ്ടികളിൽപ്പെട്ടതുമായ വസ്തുക്കളെ - അവ ജീവികളോ നിർജ്ജീവകളോ ആവട്ടെ - സമപ്പെടുത്തുകയും അവയെ ആരാധിക്കുകയും ചെയ്യുന്നത് തികച്ചും അർത്ഥശൂന്യവും വിഡ്ഢിത്തവുമാണല്ലോ.

ഖുർആനിൽ ഇവിടെയും പല സ്ഥലങ്ങളിലും 'അന്ധകാരങ്ങൾ' എന്നത് ബഹുവചന രൂപത്തിലും 'പ്രകാശം' എന്നത് ഏക വചന രൂപത്തിലുമാണ് പ്രയോഗിച്ചിരിക്കുന്നത്. അന്ധകാരങ്ങളുടെ വൈവിധ്യവും ആധിക്യവും വിഭിന്നതയും സൂചിപ്പിച്ചുകൊണ്ട് അതിനെ ബഹു വചനമായും അന്ധകാരങ്ങളെ നീക്കം ചെയ്യാനുള്ള ഏക മാർഗ്ഗം ഏക പ്രകാശമായ അല്ലാഹുവിന്റെ ദീനും ഖുർആനും മാത്രമാണെന്ന് സൂചിപ്പിച്ചുകൊണ്ട് അതിനെ ഏകവചന രൂപത്തിലും പറഞ്ഞിരിക്കുകയാണെന്നാണ് വ്യാഖ്യാതാക്കൾ സാമാന്യമായി വിശദീകരിച്ച് വരുന്നത്.

രണ്ടാമത്തെ വചനത്തിൽ മൂന്ന് കാര്യങ്ങൾ അല്ലാഹു എടുത്ത് കാണിക്കുന്നു.

(1) മനുഷ്യരായ നിങ്ങളെ അവൻ കളിമണ്ണിനാൽ സൃഷ്ടിച്ചിരിക്കുന്നു. മനുഷ്യപിതാവായ ആദം(അ)നെ കളിമണ്ണിനാൽ സൃഷ്ടിച്ചതാണെന്ന് ഖുർആനിൽ ഒന്നിലധികം സന്ദർഭങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ചില സ്ഥലങ്ങളിൽ ആദമിനെ മണ്ണിൽ നിന്ന് സൃഷ്ടിച്ചതാണെന്നും, ചില സ്ഥലങ്ങലിൽ മനുഷ്യരെ മണ്ണിൽ നിന്ന് സൃഷ്ടിച്ചതാണെന്നും പറഞ്ഞിരിക്കുന്നു. (ഉദാ. 3 : 59, 22 : 5). അപ്പോൾ മണ്ണിൽ നിന്നും ഉൽപാദിപ്പിക്കുന്ന സസ്യലതാദികൾ ദ്രവിച്ച് ഉണ്ടാകുന്ന മനുഷ്യബീജത്തിൽ-ഇന്ദ്രിയത്തിൽ - നിന്നും മനുഷ്യരെ സൃഷ്ടിച്ചുവെന്നും ഉദ്ദേശമാകാവുന്നതാണ് الله اعلم

(2) മനുഷ്യരെ സൃഷ്ടിച്ചുവെന്ന് മാത്രമല്ല ഒരു അവധിയും അവൻ നിശ്ചയിച്ചു വെച്ചിരിക്കുന്നു.

(3) നിർണ്ണയം ചെയ്യപ്പെട്ട മറ്റൊരു അവധിയും അവന്റെ അടുക്കൽ ഉണ്ട്.

ഒന്നാമത്തെ അവധികൊണ്ട് വിവക്ഷ വർത്തമാന കാലം വരെയുള്ള കാലം ആകാവുന്നതാണ്. രണ്ടാമത്തേത് കൊണ്ടു വിവക്ഷ മരണം മുതൽക്കുള്ള ഭാവി ജീവിതമോ വർത്തമാനകാലം മുതൽ മരണം വരെയുള്ള കാലമോ ആകാവുന്നതാണ്. ഏതായാലും രണ്ടാമത്തെ അവധി കൊണ്ടുദ്ദേശിക്കുന്നത്, അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയുവാനോ അനുമാനിക്കുവാനോ കഴിയാത്ത ഒരു കാലാവധിയാണെന്നതിൽ സംശയമില്ല. ഓരോരുത്തരുടെയും ആയുഷ്കാലം എത്രയാണ്, ഖിയാമത്ത് നാൾ എപ്പോഴായിരിക്കും പരലോക ജീവിതം ഏത് വരെ നീണ്ട് നിൽക്കും എന്നിവയൊക്കെ അല്ലാഹുവിനല്ലാതെ ആർക്കും അറിയുകയില്ലല്ലൊ. ഇങ്ങനെ മനുഷ്യനെ മണ്ണിൽ നിന്ന് സൃഷ്ടിച്ചുണ്ടാക്കുകയും ഭൂത വർത്തമാന ഭാവി കാലങ്ങളെല്ലാം നിർണ്ണയിക്കുകയും ചെയ്ത അല്ലാഹു മനുഷ്യനെ വീണ്ടും ജീവിപ്പിക്കുമെന്നതിൽ അവിശ്വാസികൾ സംശയം കൊണ്ടിരിക്കുന്നതിന്റെ നിരർത്ഥതയെയാണ് ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്.

ആകാശ ഭൂമികളിലെല്ലാം ഏകാരാധ്യനായിരിക്കാൻ അർഹനായ അല്ലാഹു മനുഷ്യരുടെ സകല രഹസ്യ പരസ്യങ്ങളും അറിയുന്ന വനാകുന്നു. ആയതിനാൽ ഓരോരുത്തനും അവനവന്റെ ഭാവിയെ കരുതിയിരിക്കേണ്ടതുണ്ട്. എന്നത്രെ മൂന്നാമത്തെ വചനത്തിന്റെ താരതമ്യം.

ഒന്നാമത്തെ വചനത്തിൽ തൗഹീദും, രണ്ടാമത്തെതിൽ പരലോക ജീവിതവും മൂന്നാമത്തേതിൽ പ്രതിഫല നടപടിയും സ്ഥാപിച്ചശേഷം അടുത്ത വചനങ്ങളിൽ പ്രവാചകത്വത്തിന്റെ സത്യത്തെക്കുറിച്ച് ചൂണ്ടിക്കാട്ടുന്നു.

---

**വചനം. 4, 5**

4 അവരുടെ റബ്ബിൻെറ ദൃഷ്ടാന്തങ്ങളിൽ നിന്നുള്ള ഒരു ദൃഷ്ടാന്തവും (തന്നെ) അവർക്ക് വരുന്നില്ല, അവർ അതിനെപ്പറ്റി (അശ്രദ്ധരായി) തിരിഞ്ഞു കളയുന്നവരാകാതെ.

5 അങ്ങനെ, അവർക്ക് യഥാർത്ഥം വന്നപ്പോൾ അവർ അതിനെ വ്യാജമാക്കിക്കളഞ്ഞു. അതിനാൽ, അവർ ഏതൊന്നിനെക്കുറിച്ചു പരിഹസിച്ചുകൊണ്ടിരിക്കുകയാണോ അതിൻെറ വൃത്താന്തങ്ങൾ വഴിയെ അവർക്ക് വന്നെത്തുന്നതാണ്.

وَمَا تَأْتِيهِم مِّنْ ءَايَةٍ مِّنْ ءَايَٰتِ رَبِّهِمْ إِلَّا كَانُوا۟ عَنْهَا مُعْرِضِينَ ﴿٤﴾

فَقَدْ كَذَّبُوا۟ بِٱلْحَقِّ لَمَّا جَآءَهُمْ ۖ فَسَوْفَ يَأْتِيهِمْ أَنۢبَٰٓؤُا۟ مَا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٥﴾

---

നബി(സ)യും പ്രവാചകത്വവും അതുമായി ബന്ധപ്പെട്ട ഖുർആനുമാകുന്ന യാഥാർത്ഥ്യത്തെ (الحق) അവർ വ്യാജമാക്കി പരിഹസിച്ചുകൊണ്ടിരിക്കുന്നു. ആ യാഥാർത്ഥ്യത്തിന്റെ പുലർച്ച താമസിയാതെ അവർക്കറിയുമാറാകും. അവരുടെ നിഷേധത്തിന്റെ ഫലം താമസിയാതെ അവർ അനുഭവിക്കുകയും ചെയ്യും എന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. അതിന്റെ ഐഹികമായ പുലർച്ചയും ഫലവും ആ മുശ്‌രിക്കുകൾ അനുഭവിക്കുകയുണ്ടായി. പാരത്രികമായ ഫലങ്ങൾ അനുഭവിക്കാനിരിക്കുന്നതേയുള്ളു.

<u>വചനം 6</u>

6 അവർ കണ്ടില്ലേ, അവരുടെ മുമ്പ് എത്രയോ തലമുറകളെ നാം നശിപ്പിച്ചിരിക്കുന്നുവെന്ന്? നിങ്ങൾക്കുനാം ചെയ്തു തന്നിട്ടില്ലാത്ത സൗകര്യം ഭൂമിയിൽ അവർക്കു നാം സൗകര്യപ്പെടുത്തി (ക്കൊടുത്തു); ആകാശത്തെ (മഴയെ) അവരിൽ നാം സമൃദ്ധമായി അയക്കുകയും ചെയ്തു; അവരുടെ അടിഭാഗത്തിലൂടെ ഒഴുകിക്കൊണ്ട് നാം അരുവികളെ ഏർപ്പെടുത്തുകയും ചെയ്തു; എന്നിട്ട് അവരുടെ പാപങ്ങൾ നിമിത്തം അവരെ നാം നശിപ്പിച്ചു; അവരുടെ ശേഷം, വേറെ തലമുറയെ നാം ഉണ്ടാക്കുകയും ചെയ്തു.

أَلَمۡ يَرَوۡاْ كَمۡ أَهۡلَكۡنَا مِن قَبۡلِهِم مِّن قَرۡنٖ مَّكَّنَّٰهُمۡ فِي ٱلۡأَرۡضِ مَا لَمۡ نُمَكِّن لَّكُمۡ وَأَرۡسَلۡنَا ٱلسَّمَآءَ عَلَيۡهِم مِّدۡرَارٗا وَجَعَلۡنَا ٱلۡأَنۡهَٰرَ تَجۡرِي مِن تَحۡتِهِمۡ فَأَهۡلَكۡنَٰهُم بِذُنُوبِهِمۡ وَأَنشَأۡنَا مِنۢ بَعۡدِهِمۡ قَرۡنًا ءَاخَرِينَ ٦

---

ശക്തിയിലും പ്രതാപത്തിലും നിങ്ങളെ കവച്ച് വെച്ചിരുന്ന ആദു ഥമൂദു പോലെയുള്ള പല സമുദായങ്ങളും സത്യ നിഷേധത്തിൽ അതിര് കവിഞ്ഞപ്പോൾ അല്ലാഹു അവരെ നശിപ്പിച്ച് പുതിയ തലമുറകളെ കൊണ്ടു വരികയുണ്ടായി. അത്പോലെ നിങ്ങളെയും നശിപ്പിച്ച് പകരം വേറെ കൂട്ടരെ ഏർപ്പെടുത്തുവാൻ അവന് കഴിയുമെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു.

<u>വചനം 7, 8, 9, 10</u>

7 (നബിയേ) ഒരു (എഴുത്തു) താളിൽ ഒരു ഗ്രന്ഥം നാം നിൻെറ മേൽ അവതരിപ്പിച്ച് അവരുടെ കൈകളാൽ അവരത് തൊട്ടിരുന്നാലും, (ആ) അവിശ്വസിച്ചവർ പറയുക തന്നെ ചെയ്യും: "ഇതൊരു സ്പഷ്ടമായ ആഭിചാരമല്ലാതെ (മറ്റൊന്നും) അല്ല" എന്ന്.

وَلَوۡ نَزَّلۡنَا عَلَيۡكَ كِتَٰبٗا فِي قِرۡطَاسٖ فَلَمَسُوهُ بِأَيۡدِيهِمۡ لَقَالَ ٱلَّذِينَ كَفَرُوٓاْ إِنۡ هَٰذَآ إِلَّا سِحۡرٞ مُّبِينٞ ٧

8 അവർ പറയുന്നു: "ഇയാളുടെ മേൽ ഒരു മലക്ക് ഇറക്കപ്പെടാത്തതെന്ത്?!" നാം വല്ല മലക്കിനെയും ഇറക്കിയിരുന്നെങ്കിൽ, കാര്യം തീരുമാനിക്കപ്പെടുക തന്നെ ചെയ്യുമായിരുന്നു; പിന്നെ, അവർ(ക്ക് ഇടകൊടുത്ത്) ഗൗനിക്കപ്പെടുകയില്ല.

وَقَالُواْ لَوۡلَآ أُنزِلَ عَلَيۡهِ مَلَكٞۖ وَلَوۡ أَنزَلۡنَا مَلَكٗا لَّقُضِيَ ٱلۡأَمۡرُ ثُمَّ لَا يُنظَرُونَ ٨

9 അദ്ദേഹത്തെ നാം ഒരു മലക്കാക്കുന്നതായാലും അദ്ദേഹത്തെ നാം ഒരു പുരുഷനാക്കുമായിരുന്നു (അഥവാ ആക്കേണ്ടി വരുമായിരുന്നു). (അങ്ങനെ) അവർ സംശയത്തിലകപ്പെട്ടു കൊണ്ടിരിക്കുന്ന കാര്യം (പിന്നെയും) നാം അവർക്ക് സംശയത്തിലാക്കുകയും ചെയ്യുമായിരുന്നു.

وَلَوۡ جَعَلۡنَٰهُ مَلَكٗا لَّجَعَلۡنَٰهُ رَجُلٗا وَلَلَبَسۡنَا عَلَيۡهِم مَّا يَلۡبِسُونَ ٩

10 നിൻെറ മുമ്പ് പല റസൂലുകളെക്കുറിച്ചും പരിഹസിക്കപ്പെടുകയുണ്ടായിട്ടുണ്ട്; എന്നിട്ട്, അവരെ കളിയാക്കിയിരുന്നവരിൽ, അവർ പരിഹസിച്ചുകൊണ്ടിരുന്ന കാര്യം വന്നു ഭവിച്ചു.

وَلَقَدِ ٱسۡتُهۡزِئَ بِرُسُلٖ مِّن قَبۡلِكَ فَحَاقَ بِٱلَّذِينَ سَخِرُواْ مِنۡهُم مَّا كَانُواْ بِهِۦ يَسۡتَهۡزِءُونَ ١٠

ആകാശത്ത് നിന്ന് ഒരു വേദഗ്രന്ഥം ഒരു താളിൽ എഴുതി മുശ്‌രിക്കുകൾക്ക് ഇറക്കി കൊടുക്കുകയും അതവർ കണ്ണിൽ കണ്ട്, കൈ കൊണ്ട് തൊടുകയും ചെയ്താലും നിഷേധികളായ അവർ വിശ്വസിക്കാൻ പോകുന്നില്ല. ഇതൊരു ആഭിചാര വിദ്യയാണെന്ന് പറഞ്ഞ് അവർ ഒഴിഞ്ഞ് മാറുകയെ ഉള്ളു. സമാനമായ ഒരു പരാമർശം സൂ: ഹിജ്‌റ് 14, 15 ലൂം കാണാം.

അവർക്ക് ആകാശത്തുനിന്ന് നാം ഒരു വാതിൽ തുറന്ന് കൊടുക്കുകയും അതിലൂടെ അവർ കയറി പോകുകയും ചെയ്താലും അവർ പറയും –"ഞങ്ങളുടെ കാഴ്ചകൾക്ക് ലഹരി ബാധിക്കപ്പെട്ടിരിക്കുന്നു. ഞങ്ങൾ മാരണം ചെയ്യപ്പെട്ടവരാണ്".

മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെങ്കിൽ എന്ത് കൊണ്ട് അവനോടൊപ്പം ഒരു മലക്കിനെ അയച്ച് അവൻ പറയുന്നത് സത്യമാണെന്ന് സാക്ഷ്യപ്പെടുത്തിക്കൂടാ എന്ന മുശ്‌രികളുടെ ധിക്കാരപരമായ ചോദ്യത്തിന് അല്ലാഹു മറുപടി പറയുന്നു. (വചനം 8,9)

പ്രവാചകന്മാരും തെളിവുകളും മുഖാന്തിരം സത്യാസത്യങ്ങൾ വിവേചിച്ച് സ്വീകരിക്കുന്ന സമ്പ്രദായം മലക്കുകളുടെ വരവോടെ അവസാനിക്കുന്നതാണ്. മലക്കുകൾ വന്ന് കഴിയുന്നതോടെ ഈ മുശ്‌രിക്കുകളുടെ നാശമായിരിക്കും. മലക്കുകൾ വന്നിട്ടും അവർ വിശ്വസിക്കാതിരുന്നാൽ അവരെ നശിപ്പിക്കുന്ന വല്ല പൊതു ശിക്ഷയും അല്ലാഹു ഇറക്കുന്നതാകുന്നു. ചിലപ്പോൾ മലക്കിനെ യഥാർത്ഥ രൂപത്തിൽ കാണുമ്പോൾ ആ കാഴ്ചയുടെ ഗൌരവം താങ്ങാനാകാതെ അവർ മരണമടഞ്ഞ് പോകുന്നതുമാണ്. കൂടാതെ സ്വതസിദ്ധമായ സ്വഭാവ പ്രകൃതിയോട് കൂടിയതും ആത്മീയ ജീവികളുമായ മലക്കുമായി ബന്ധപ്പെടാനും സമ്പർക്കം പുലർത്താനും അവർക്ക് സാധ്യമാകുകയില്ലല്ലോ. ഇനി അതിനായി മലക്കിനെ മനുഷ്യാകൃതിയിലാക്കിക്കൊണ്ട് അയച്ചാലോ അപ്പോഴും അവർ ചോദിക്കും "എന്തു കൊണ്ട് മലക്കിനെ അയക്കുന്നില്ല" എന്ന് അതിനാൽ ഒരു മലക്കിനെ അയക്കുന്നത് ഒരു നിലക്കും പ്രായോഗികമായിരിക്കുകയുമില്ല".

10-ാം വചനത്തിലൂടെ അവിശ്വാസികൾക്ക് അല്ലാഹു കനത്ത താക്കീത് നൽകുന്നു - മുമ്പും ഇതുപോലെ അവരുടെ ദൈവദൂതന്മാരെ പരിഹസിക്കുകയും ധിക്കരിക്കുകയും ചെയ്ത പല സമുദായക്കാരും അതിന്റെ ഫലം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അത്പോലെ ഇവരുടെ ഗതിയും അതായിരിക്കുമെന്ന് അല്ലാഹു മുന്നറിയിപ്പ് നൽകുന്നു.

## വിഭാഗം - 2

**വചനം 11**

قُلْ سِيرُوا۟ فِى ٱلْأَرْضِ ثُمَّ ٱنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلْمُكَذِّبِينَ ﴿١١﴾

11 (നബിയേ) പറയുക: "നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിക്കുവിൻ, പിന്നെ, വ്യാജമാക്കിയവരുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന് നോക്കുവിൻ"

---

ഭൂമിയിലൂടെ സഞ്ചരിച്ച് മുൻ സമുദായങ്ങളുടെ ചരിത്രങ്ങളെ പറ്റി പഠിക്കുന്ന പക്ഷം അവർ അവരുടെ സത്യ നിഷേധത്തിന്റെ ഫലമായി അല്ലാഹുവിന്റെ ശിക്ഷകൾക്ക് വിധേയമായതിന്റെ പല ഉദാഹരണങ്ങളും നിങ്ങൾക്ക് മനസിലാക്കുവാൻ കഴിയുമെന്ന് സാരം.

**വചനം 12, 13**

قُل لِّمَن مَّا فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ قُل لِّلَّهِ ۚ كَتَبَ عَلَىٰ نَفْسِهِ ٱلرَّحْمَةَ ۚ لَيَجْمَعَنَّكُمْ إِلَىٰ يَوْمِ ٱلْقِيَـٰمَةِ لَا رَيْبَ فِيهِ ۚ ٱلَّذِينَ خَسِرُوٓا۟ أَنفُسَهُمْ فَهُمْ لَا يُؤْمِنُونَ ﴿١٢﴾

12 പറയുക: "ആരുടേതാണ് ആകാശങ്ങളിലും ഭൂമിയിലുമുള്ളത്?" പറയുക: "അല്ലാഹുവിന്റേതാണ്. കാരുണ്യത്തെ തൻെറ സ്വന്തം പേരിൽ (ബാധ്യതയായി) അവൻ നിശ്ചയിച്ചിരിക്കുന്നു. നിശ്ചയമായും, അവൻ ഖിയാമത്തുനാളിലേക്ക് നിങ്ങളെ ഒരുമിച്ചു കൂട്ടുക തന്നെ ചെയ്യും-അതിൽ സന്ദേഹമേ ഇല്ല. തങ്ങളുടെ സ്വന്തങ്ങളെ (ത്തന്നെ) നഷ്ടപ്പെടുത്തിയവരത്രെ(അവർ). അതിനാൽ അവർ വിശ്വസിക്കയില്ല."

13 "അവന്‍േറതു തന്നെയാണ് രാത്രിയിലും പകലിലും ഒതുങ്ങിയതും (എല്ലാം). അവന്‍ (എല്ലാം) കേള്‍ക്കുന്നവനും അറിയുന്നവനുമത്രെ."

۞ وَلَهُۥ مَا سَكَنَ فِي ٱلَّيۡلِ وَٱلنَّهَارِۚ وَهُوَ ٱلسَّمِيعُ ٱلۡعَلِيمُ ﴿١٣﴾

---

ആകാശ ഭൂമികളിലുള്ളതും രാവിലും പകലിലും ഒതുങ്ങുന്ന വസ്തുക്കളുമെല്ലാം അല്ലാഹുവിന്റെ നിയന്ത്രണത്തിലും അധികാരത്തിലുമാകുന്നു. യാഥാര്‍ത്ഥ്യം ഇതായിരുന്നിട്ടും നിങ്ങള്‍ അവനില്‍ അവിശ്വസിക്കുന്നത് നിങ്ങളുടെ സ്വന്തം ഭാവിയെ നഷ്ടപ്പെടുത്തലാകുന്നു. സൃഷ്ടികളോട് കരുണ ചെയ്യല്‍ അല്ലാഹു അവന്റെ ബാധ്യതയായി നിശ്ചയിച്ചിരിക്കുന്നത് കൊണ്ട് തല്‍ക്കാലം അവന്‍ നിങ്ങളെ ഒഴിവാക്കി വിട്ടിരിക്കുകയാണ്. ഖിയാമത്ത് നാളില്‍ അവന്‍ നടപടി എടുക്കാതിരിക്കുകയില്ല.

നബി(സ) പറയുന്നു. "അല്ലാഹു സൃഷ്ടികളെ സൃഷ്ടിച്ചപ്പോള്‍ നിശ്ചയമായും എന്റെ കാരുണ്യം എന്റെ കോപത്തെ അതിജയിച്ചിരിക്കുന്നുവെന്ന് ഒരു രേഖ അവന്റെ അര്‍ശിന്മേല്‍ അവന്‍ രേഖപ്പെടുത്തി വെച്ചിരിക്കുന്നു". (ബു. മു)

---

**വചനം 14, 15, 16**

14 പറയുക: "അല്ലാഹുവിനെ-ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചുണ്ടാക്കിയവനെ-അല്ലാതെ ഞാന്‍ രക്ഷാകര്‍ത്താവാക്കി വെക്കുകയോ? അവനാകട്ടെ, ഭക്ഷണം നല്‍കുകയും ചെയ്യുന്നു; അവന് ഭക്ഷണം നല്‍കപ്പെടുന്നുമില്ല. (-എന്നിട്ടും)!" പറയുക: "നിശ്ചയമായും മുസ്‌ലിമാകുന്ന (കീഴൊതുങ്ങുന്ന) ഒന്നാമത്തേവന്‍ ഞാനായിരിക്കണമെന്ന് എന്നോട് കല്‍പിക്കപ്പെട്ടിരിക്കുന്നു. നിശ്ചയമായും, നീ മുശ്‌രിക്കുകളില്‍ (ബഹുദൈവ വിശ്വാസികളില്‍) ആയിത്തീരരുതെന്നും."

قُلۡ أَغَيۡرَ ٱللَّهِ أَتَّخِذُ وَلِيّٗا فَاطِرِ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَهُوَ يُطۡعِمُ وَلَا يُطۡعَمُۗ قُلۡ إِنِّيٓ أُمِرۡتُ أَنۡ أَكُونَ أَوَّلَ مَنۡ أَسۡلَمَۖ وَلَا تَكُونَنَّ مِنَ ٱلۡمُشۡرِكِينَ ﴿١٤﴾

15 പറയുക: "എന്‍െറ രക്ഷിതാവിനോടു ഞാന്‍ അനുസരണക്കേട് കാണിച്ചുവെങ്കില്‍, വമ്പിച്ച ഒരു ദിവസത്തിലെ ശിക്ഷയെ നിശ്ചയമായും ഞാന്‍ ഭയപ്പെടുന്നു."

قُلۡ إِنِّيٓ أَخَافُ إِنۡ عَصَيۡتُ رَبِّي عَذَابَ يَوۡمٍ عَظِيمٖ ﴿١٥﴾

16 അന്നത്തെ ദിവസം ആരില്‍നിന്ന് അത് (ആ ശിക്ഷ) ഒഴിവാക്കപ്പെടുന്നുവോ അവന് തീര്‍ച്ചയായും അവന്‍ കരുണ ചെയ്തിരിക്കുന്നു. അതത്രെ സ്പഷ്ടമായ വിജയം!"

مَّن يُصۡرَفۡ عَنۡهُ يَوۡمَئِذٖ فَقَدۡ رَحِمَهُۥۚ وَذَٰلِكَ ٱلۡفَوۡزُ ٱلۡمُبِينُ ﴿١٦﴾

സ്രഷ്ടാവും അന്നദാതാവുമായ അല്ലാഹു മറ്റാരില്‍ നിന്നും ഭക്ഷണമോ മറ്റോ ലഭിക്കേണ്ടുന്ന ആവശ്യമില്ലാത്തവനാകുന്നു. ആ റബ്ബിനോട് പങ്ക് ചേര്‍ക്കുന്നതും അവന്റെ വിധി വിലക്കുകള്‍ ധിക്കരിക്കുന്നതും ബുദ്ധിശൂന്യതയാകുന്നു. "അല്ലാഹു അല്ലാത്തവരെ രക്ഷാകര്‍ത്താക്കളായി ഞാന്‍ എങ്ങിനെ സ്വീകരിക്കും. ഞാനാണെങ്കില്‍ എല്ലാ തരം ശിര്‍ക്കുകളില്‍ നിന്നും പൂര്‍ണ്ണ വിമുക്തനായി, ഒന്നാമത്തെ മുസ്ലിമായിരിക്കണമെന്ന് കല്‍പിക്കപ്പെട്ട, ആളുമാകുന്നു. അവന്റെ കല്‍പന ധിക്കരിക്കുന്ന പക്ഷം അന്ത്യനാളുകളിലെ അവന്റെ ശിക്ഷയെക്കുറിച്ച് ഞാന്‍ ഭയപ്പെടുകയും ചെയ്യുന്നു. അത്കൊണ്ട് നിങ്ങള്‍ എന്ത് നിലപാട് സ്വീകരിച്ചാലും എന്റെ ദൗത്യ നിര്‍വഹണത്തില്‍ നിന്ന് ഞാന്‍ ലവലേശം പിന്‍വാങ്ങുന്നതല്ല."- എന്നിങ്ങനെ മുശ്‌രിക്കുകളോടു പ്രഖ്യാപിക്കാന്‍ അല്ലാഹു നബി (സ)യോടു കല്‍പ്പിക്കുന്നു.

---

**വചനം 17, 18**

17 (നബിയേ) നിനക്ക് അല്ലാഹു വല്ല ഉപദ്രവത്തെയും ബാധിപ്പിക്കുകയാണെങ്കില്‍, അവന

وَإِن يَمۡسَسۡكَ ٱللَّهُ بِضُرّٖ فَلَا كَاشِفَ

لَهُۥٓ إِلَّا هُوَ ۖ وَإِن يَمۡسَسۡكَ بِخَيۡرٖ فَهُوَ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ١٧

ല്ലാതെ അതിനെ നീക്കം ചെയ്യുന്നവൻ (ആരും) ഇല്ല. നിനക്ക് അവൻ വല്ല ഗുണത്തെയും ബാധിപ്പിക്കുകയാണെങ്കിൽ, അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമത്രെ. (അതാർക്കും തടയുകയും സാധ്യമല്ല.)

وَهُوَ ٱلۡقَاهِرُ فَوۡقَ عِبَادِهِۦۚ وَهُوَ ٱلۡحَكِيمُ ٱلۡخَبِيرُ ١٨

18 അവനത്രെ, അവൻെറ അടിയാൻമാരുടെ മീതെ സർവ്വാധികാരിയായുള്ളവനും;അവനത്രെ, അഗാധജ്ഞനും, സൂക്ഷ്മജ്ഞനുമായുള്ളവനും.

ആർക്ക്, എവിടെ, എന്ത് അധികാരം ഉണ്ടെങ്കിലും അതൊക്കെ നാമമാത്രവും താൽക്കാലികവും ആപേക്ഷികവും മാത്രമാകുന്നു. സൃഷ്ടികളുടെ പരമാധികാരിയും സർവ്വാധികാരിയും അല്ലാഹുമാത്രമെയുള്ളു. അവന്റെ അധികാരത്തിൽ എന്തെങ്കിലും തരത്തിലുള്ള പരിമിതിയോ ഉപാധിയോ ഇല്ല.

**വചനം 19, 20**

قُلۡ أَيُّ شَيۡءٍ أَكۡبَرُ شَهَٰدَةٗۖ قُلِ ٱللَّهُۖ شَهِيدُۢ بَيۡنِي وَبَيۡنَكُمۡۚ وَأُوحِيَ إِلَيَّ هَٰذَا ٱلۡقُرۡءَانُ لِأُنذِرَكُم بِهِۦ وَمَنۢ بَلَغَۚ أَئِنَّكُمۡ لَتَشۡهَدُونَ أَنَّ مَعَ ٱللَّهِ ءَالِهَةً أُخۡرَىٰۚ قُل لَّآ أَشۡهَدُۚ قُلۡ إِنَّمَا هُوَ إِلَٰهٞ وَٰحِدٞ وَإِنَّنِي بَرِيٓءٞ مِّمَّا تُشۡرِكُونَ ١٩

19 പറയുക: "സാക്ഷ്യത്തിൽ വെച്ച് ഏറ്റവും വലിയത് ഏത് വസ്തുവാണ്?" പറയുക: "എൻെറയും നിങ്ങളുടെയും ഇടയിൽ അല്ലാഹു സാക്ഷിയാകുന്നു. ഈ ഖുർആൻ മുഖേന നിങ്ങളെയും, അത് ആർക്ക് എത്തിച്ചേർന്നുവോ അവരെയും ഞാൻ താക്കീതു ചെയ്യുവാൻ വേണ്ടി അത് എനിക്ക് 'വഹ്‌യു' നൽകപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിനോടൊപ്പം വേറെ ആരാധ്യൻമാരുണ്ടെന്ന് നിങ്ങൾ സാക്ഷ്യം വഹിക്കുക തന്നെ ചെയ്യുന്നുവോ?!" പറയുക: "ഞാൻ (അതിനു) സാക്ഷ്യം വഹിക്കുകയില്ല.'' പറയുക; "നിശ്ചയമായും, അവൻ ഏക ആരാധ്യൻ തന്നെയാകുന്നു; നിശ്ചയമായും നിങ്ങൾ പങ്കുചേർക്കുന്നതിനെ സംബന്ധിച്ചു ഞാൻ നിരപരാധിയുമാകുന്നു."

ٱلَّذِينَ ءَاتَيۡنَٰهُمُ ٱلۡكِتَٰبَ يَعۡرِفُونَهُۥ كَمَا يَعۡرِفُونَ أَبۡنَآءَهُمُۘ ٱلَّذِينَ خَسِرُوٓاْ أَنفُسَهُمۡ فَهُمۡ لَا يُؤۡمِنُونَ ٢٠

20 നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവർ, തങ്ങളുടെ പുത്രൻമാരെ അറിയുന്നതുപോലെ അവർ അദ്ദേഹത്തെ അറിയുന്നതാണ്. തങ്ങളുടെ സ്വന്തങ്ങളെ (ത്തന്നെ) നഷ്ടപ്പെടുത്തിയവരത്രെ (അവർ); അതിനാൽ അവർ വിശ്വസിക്കയില്ല.

"ഏറ്റവും പ്രബലവും സ്വീകാര്യവുമായ സാക്ഷ്യം അല്ലാഹുവിന്റെ സാക്ഷ്യം എന്നല്ലാതെ മറുപടിയില്ല. അല്ലാഹുവാണ് എനിക്കീ ഖുർആൻ നൽകിയിരിക്കുന്നത്. നിങ്ങളെയും ലോകാവസാനം വരെയുള്ളവരെയും താക്കീത് ചെയ്യുവാനും, യാഥാർത്ഥ്യ സത്യത്തിലേക്ക് ക്ഷണിക്കാനുമായിട്ടാണ് ഖുർആൻ എനിക്ക് നൽകപ്പെട്ടിരിക്കുന്നത്. ഇതാണ് യഥാർത്ഥ സത്യമെന്നും, നിങ്ങൾ സ്വീകരിച്ച മാർഗ്ഗം തെറ്റായതാണെന്നുമുള്ളതിന് സാക്ഷിയാണ് അല്ലാഹു. അവന്റെ സാക്ഷ്യത്തിന് വിരുദ്ധമായി അവന് പുറമെ വേറെയും ദൈവങ്ങളുണ്ടെന്ന നിങ്ങളുടെ കള്ള സാക്ഷ്യത്തിനോ നിങ്ങളുടെ ചെയ്തികൾക്കോ ഞാൻ ബാദ്ധ്യസ്ഥനല്ല."- എന്നൊക്കെ മുശ്‌രിക്കുകളോട് പറയുവാൻ അല്ലാഹു നബി(സ) തിരുമേനിയോട് കല്പിക്കുന്നതാണ് 19-ാം വചനം.

വേദഗ്രന്ഥങ്ങളെയോ പ്രവാചകരെയോക്കുറിച്ച് അടുത്ത് പരിചയങ്ങളൊന്നുമില്ലാത്ത മുശ്‌രിക്കുകളെപ്പോലെയല്ലല്ലോ വേദക്കാരുടെ സ്ഥിതി. സ്വന്തം മക്കളെ എപ്രകാരം അവർ തിരിച്ചറിയുമോ അത്ര

ത്തോളം ഈ സംഗതികളുടെ സത്യാവസ്ഥയും അവർക്കറിയാം. എന്നിട്ടും മുശ്‌രിക്കുകളെപ്പോലെ അവരും സ്വന്തം രക്ഷാ മാർഗ്ഗങ്ങളെല്ലാം നഷ്ടപ്പെടുത്തിയിരിക്കുകയാണ്.-അതാണവരും വിശ്വസിക്കാതിരിക്കുന്നത്.

അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ എന്നും മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ റസൂലാണ് എന്നും ഖുർആൻ അല്ലാഹുവിൽ നിന്നുള്ള വേദഗ്രന്ഥമാണെന്നും സ്വന്തം മക്കളെ അറിയും പോലെ അറിയുന്ന വേദക്കാർ, അസൂയയും ധിക്കാരവും സ്വാർത്ഥതയും കാരണം രക്ഷാമാർഗ്ഗം അടിയോടെ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്.

**വിഭാഗം 3**

**വചനം 21, 22, 23, 24**

وَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا أَوْ كَذَّبَ بِـَٔايَٰتِهِۦٓ ۗ إِنَّهُۥ لَا يُفْلِحُ ٱلظَّٰلِمُونَ ﴿٢١﴾

وَيَوْمَ نَحْشُرُهُمْ جَمِيعًا ثُمَّ نَقُولُ لِلَّذِينَ أَشْرَكُوٓا۟ أَيْنَ شُرَكَآؤُكُمُ ٱلَّذِينَ كُنتُمْ تَزْعُمُونَ ﴿٢٢﴾

ثُمَّ لَمْ تَكُن فِتْنَتُهُمْ إِلَّآ أَن قَالُوا۟ وَٱللَّهِ رَبِّنَا مَا كُنَّا مُشْرِكِينَ ﴿٢٣﴾

ٱنظُرْ كَيْفَ كَذَبُوا۟ عَلَىٰٓ أَنفُسِهِمْ ۚ وَضَلَّ عَنْهُم مَّا كَانُوا۟ يَفْتَرُونَ ﴿٢٤﴾

21 ആരാണ്, അല്ലാഹുവിൻെറ മേൽ വ്യാജം കെട്ടിച്ചമക്കുകയോ, അവൻെറ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കുകയോ ചെയ്തവനെക്കാൾ അക്രമി?! നിശ്ചയമായും കാര്യം: അക്രമികൾ വിജയിക്കുകയില്ല.

22 അവരെ മുഴുവനും നാം ഒരുമിച്ചുകൂട്ടുന്ന ദിവസം (ഓർക്കുക)! പിന്നീട് (നമ്മോടു) പങ്കുചേർത്തവരോടു നാം പറയും: "നിങ്ങൾ ജൽപിച്ചുകൊണ്ടിരുന്നതായ നിങ്ങളുടെ (ആ) പങ്കുകാർ എവിടെ?!"

23 പിന്നെ, അവരുടെ (അവരെക്കൊണ്ടുള്ള) കുഴപ്പം അവർ (ഇങ്ങിനെ) പറയുന്നതല്ലാതെ (മറ്റൊന്നും) ആയിരിക്കയില്ല: "ഞങ്ങളുടെ റബ്ബായ അല്ലാഹുവിനെ തന്നെയാണ (സത്യം)! ഞങ്ങൾ പങ്കുചേർക്കുന്നവരായിരുന്നില്ല."

24 നോക്കുക: അവർ തങ്ങളുടെ സ്വന്തം പേരിൽ (തന്നെ) വ്യാജം പറഞ്ഞതെങ്ങിനെയെന്ന് ! അവർ ഏതൊന്നു കെട്ടിച്ചമച്ചിരുന്നുവോ അത് അവരെ വിട്ടു മറഞ്ഞു പോകുന്നതുമാണ്.

അല്ലാഹുവിന്റെ പങ്കാളികളായി നിങ്ങൾ ജൽപിച്ചാരാധിച്ച് വരുന്ന ദൈവങ്ങളൊക്കെ എവിടെ പോയി. അവയൊന്നും നിങ്ങൾക്ക് രക്ഷയും സഹായവും നല്കുന്നില്ലല്ലൊ - എന്ന് മുശ്‌രിക്കുകളോട് മഹ്ശറയിൽ വെച്ച് അല്ലാഹു ചോദിക്കും. ഇഹലോകത്ത് വെച്ച് സത്യനിഷേധവും ശിർക്കും ധാർഷ്ട്യവും കൈ കൊണ്ടിരുന്ന അവർ ഈ അവസരത്തിൽ , തങ്ങൾ ശിർക്കുകളൊന്നും പ്രവർത്തിച്ചിട്ടില്ലെന്ന് അല്ലാഹുവിന്റെ പേരിൽ കള്ള സത്യം ചെയ്യും. എന്നാൽ സഹായിക്കുന്നവരായി ആരും ഉണ്ടായിരിക്കുകയില്ല.

**വചനം 25, 26**

وَمِنْهُم مَّن يَسْتَمِعُ إِلَيْكَ ۖ وَجَعَلْنَا عَلَىٰ قُلُوبِهِمْ أَكِنَّةً أَن يَفْقَهُوهُ وَفِىٓ ءَاذَانِهِمْ وَقْرًا ۚ وَإِن يَرَوْا۟ كُلَّ ءَايَةٍ لَّا يُؤْمِنُوا۟ بِهَا ۚ حَتَّىٰٓ إِذَا جَآءُوكَ يُجَٰدِلُونَكَ يَقُولُ ٱلَّذِينَ كَفَرُوٓا۟ إِنْ هَٰذَآ إِلَّآ أَسَٰطِيرُ ٱلْأَوَّلِينَ ﴿٢٥﴾

25 അവരിലുണ്ട് ചിലർ: നിന്നിലേക്ക് (നീ പറയുന്നതിലേക്ക്) അവർ ചെവികൊടുക്കും; (പക്ഷേ) അത് ഗ്രഹിക്കുന്നതിനു (തടസ്സമായി) അവരുടെ ഹൃദയങ്ങളുടെമേൽ നാം ചില മൂടികളെ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവരുടെ കാതുകളിൽ ഒരു (തരം) കട്ടിയും (നാം ഏർപ്പെടുത്തിയിരിക്കുന്നു). എല്ലാ ദൃഷ്ടാന്തവും കണ്ടാലും അതിലവർ വിശ്വസിക്കുന്നതുമല്ല. അങ്ങനെ, അവർ നിൻെറ അടുക്കൽ വന്നാൽ നിന്നോട് അവർ തർക്കം നടത്തുന്നതാണ്. (ആ)

അവിശ്വസിച്ചവർ പറയും: "ഇത് പൂർവ്വിക ൻമാരുടെ പുരാണ കഥകളല്ലാതെ (മറ്റൊന്നും) അല്ല".

26 അവർ അതിനെക്കുറിച്ചു (മറ്റുള്ളവരെ) വിരോധി ക്കുകയും, അതിൽ നിന്ന് അവർ അകലുകയും ചെയ്യും. (വാസ്തവത്തിൽ) അവർ തങ്ങളെത്ത ന്നെയല്ലാതെ നാശത്തിലാക്കുന്നില്ല; അവർക്ക് ബോധം വരുന്നില്ലതാനും.

وَهُمۡ يَنۡهَوۡنَ عَنۡهُ وَيَنۡـَٔوۡنَ عَنۡهُۖ وَإِن يُهۡلِكُونَ إِلَّآ أَنفُسَهُمۡ وَمَا يَشۡعُرُونَ ﴿٢٦﴾

---

മുശ്‌രിക്കുകളിൽ ചിലർ നബി (സ) ഖുർ ആൻ പാരായണം ചെയ്യുകയൊ, വല്ല ഉപദേശം നൽകു കയൊ ചെയ്യുമ്പോൾ, അവർ വന്ന് അതിലേക്ക് ശ്രദ്ധിക്കും. സത്യം ഗ്രഹിക്കണമെന്ന ഉദ്ദേശത്തിലല്ല ; കുതർക്കത്തിനും കുത്തിത്തിരിപ്പിനും പഴുതുണ്ടാക്കുക എന്ന ഏക ഉദ്ദേശമാണവരുടെ ലക്ഷ്യം. കൂടാതെ , ഇതൊക്കെ പഴങ്കഥകളും പൂർവ്വികൻമാരുടെ പുരാണകഥകളുമല്ലാതെ മറ്റൊന്നുമല്ല എന്ന് പറഞ്ഞ് കൊണ്ട് മറ്റുള്ളവരെ കൂടി മുടക്കം ചെയ്യുകയാണവർ ചെയ്യുന്നത്. അങ്ങനെ അവർ സ്വയം രക്ഷാമാർഗ്ഗം തടസ്സപെടു ത്തുകയും ചെയ്യുന്നു.

"അവരുടെ ഹൃദയങ്ങൾക്ക് മേൽ നാം ചില മൂടികളെയും കാതുകളിൽ ഒരുതരം ഭാരവും ഏർപെടു ത്തിയിരിക്കുന്നു " എന്ന് പറഞ്ഞതിന്റെ താല്പര്യം,സത്യം ഗ്രഹിക്കാൻ അവർ ശ്രമിച്ചിട്ടും, അതിനനുവദി ക്കാതെ, അല്ലാഹു തടസ്സമുണ്ടാക്കി എന്നല്ല. സത്യം ഗ്രഹിക്കണമെന്ന ഉദ്ദേശ്യമില്ലാതെയും, നിഷേധബു ദ്ധിയും മർക്കടമുഷ്ടിയും കൈവിടാതെയും, സത്യം മനസ്സിലാക്കുവാൻ സാദ്ധ്യമല്ലെന്നുള്ളത് അല്ലാഹു നിശ്ച യിച്ച ഒരു നടപടി ചട്ടമാണെന്ന തത്വമാണ് ഇതിൽ അന്തർഭവിച്ചിരിക്കുന്നത്. ഖുർആനിലും ഹദീസിലും ഇത്തരം പ്രയോഗങ്ങൾ കാണുമ്പോൾ ഈ യഥാർത്ഥ്യം നാം ഓർമ്മിക്കേണ്ടതാകുന്നു. സൂ: അൽ ബഖറ 7-ാം വചനത്തിലും സൂ: അൽ കഹ്ഫ്: 57ലും സൂ: അൻഫാൽ :23-ലും ഇതേ രീതിയിലുള്ള പ്രയോഗങ്ങൾ കാണാവുന്നതാണ്

തുടർന്നുള്ള 28-ാം വചനത്തിലെ അവസാനവാക്യവും കൂടി ശ്രദ്ധിക്കുക.

---

**വചനം 27, 28**

27 അവർ നരകത്തിങ്കൽ നിറുത്തപ്പെടുന്ന അവസരം നീ കണ്ടിരുന്നുവെങ്കിൽ! അപ്പോൾ അവർ പറയുന്നതാണ്: "ഹാ ഞങ്ങളുടെ റബ്ബിൻെറ ദൃഷ്ടാന്തങ്ങളെ ഞങ്ങൾ വ്യാജ മാക്കാതിരിക്കുകയും, ഞങ്ങൾ സത്യവിശ്വാ സികളിൽ പെട്ടവരായിത്തീരുകയും ചെയ്യുമാറ് ഞങ്ങൾ (ഒന്ന്) മടക്കപ്പെട്ടിരുന്നെങ്കിൽ നന്നായേനെ!"

وَلَوۡ تَرَىٰٓ إِذۡ وُقِفُواْ عَلَى ٱلنَّارِ فَقَالُواْ يَٰلَيۡتَنَا نُرَدُّ وَلَا نُكَذِّبَ بِـَٔايَٰتِ رَبِّنَا وَنَكُونَ مِنَ ٱلۡمُؤۡمِنِينَ ﴿٢٧﴾

28 (അത്രയുമല്ല) പക്ഷെ, അവർ മുമ്പ് മറച്ചുവെച്ചു കൊണ്ടിരുന്നത് അവർക്ക് (ഇപ്പോൾ) വെളിവായി രിക്കുകയാണ്. അവർ മടക്കപ്പെട്ടാലും അവരോട് യാതൊന്നിനെക്കുറിച്ചു വിരോധിക്കപ്പെട്ടുവോ അതിലേക്ക് അവർ (വീണ്ടും) മടങ്ങുകതന്നെ ചെയ്യുന്നതാണ്. നിശ്ചയമായും അവർ, വ്യാജം പറയുന്നവർതന്നെ.

بَلۡ بَدَا لَهُم مَّا كَانُواْ يُخۡفُونَ مِن قَبۡلُۖ وَلَوۡ رُدُّواْ لَعَادُواْ لِمَا نُهُواْ عَنۡهُ وَإِنَّهُمۡ لَكَٰذِبُونَ ﴿٢٨﴾

നരകശിക്ഷ കണ്ണിൽ കാണുന്ന അവസരത്തിൽ ഞങ്ങളെ ഒന്ന് കൂടി ഐഹിക ജീവിതത്തിലേക്ക് മടക്കി തന്നിരുന്നെങ്കിൽ ഞങ്ങൾ സത്യവിശ്വാസം സ്വീകരിച്ചേനെ എന്നവർ വിലപിക്കുകയും വ്യാമോഹി ക്കുകയും ചെയ്യും. എങ്കിലും അവർക്ക് യാതൊരു ആത്മാർത്ഥതയുമുണ്ടായിരിക്കുകയില്ല. ഇനി അഥവാ, രണ്ടാമതൊന്ന് കൂടി അവരെ ഇഹത്തിലേക്ക് മടക്കിയാൽ തന്നെ പഴയ സമ്പ്രദായം തന്നെ ആവർത്തിക്കു കയായിരിക്കും അവർ ചെയ്യുക. അവർ അത്രയും ദുഷിച്ച് പോയിരിക്കുന്നു.

**വചനം 29, 30, 31**

29 അവർ പറയുന്നു: "കാര്യം: നമ്മുടെ (ഈ) ഐഹിക ജീവിതമല്ലാതെ (മറ്റൊരു ജീവിതം) ഇല്ല; നാം (മരണാനന്തരം) എഴുന്നേൽ പിക്കപ്പെടുന്നവരുമല്ല."

30 അവർ അവരുടെ റബ്ബിങ്കൽ നിറുത്തപ്പെടുന്ന അവസരം നീ കണ്ടിരുന്നെങ്കിൽ! അവൻ (അവരോടു) പറയും: "ഇത് യഥാർത്ഥം തന്നെ അല്ലേ?!" അവർ പറയും: "അല്ലാതേ! ഞങ്ങളുടെ റബ്ബിനെത്തന്നെയാണ (സത്യം)!" അവർ പറയും: "എന്നാൽ, നിങ്ങൾ അവിശ്വസിച്ചു കൊണ്ടിരുന്നതു നിമിത്തം നിങ്ങൾ ശിക്ഷ ആസ്വദിച്ചു കൊള്ളുവിൻ."

وَقَالُوٓاْ إِنْ هِىَ إِلَّا حَيَاتُنَا ٱلدُّنْيَا وَمَا نَحْنُ بِمَبْعُوثِينَ ﴿٢٩﴾

وَلَوْ تَرَىٰٓ إِذْ وُقِفُواْ عَلَىٰ رَبِّهِمْ ۚ قَالَ أَلَيْسَ هَٰذَا بِٱلْحَقِّ ۚ قَالُواْ بَلَىٰ وَرَبِّنَا ۚ قَالَ فَذُوقُواْ ٱلْعَذَابَ بِمَا كُنتُمْ تَكْفُرُونَ ﴿٣٠﴾

**വിഭാഗം 4**

31 തീർച്ചയായും, അല്ലാഹുവുമായി കണ്ടുമുട്ടുന്നതിനെ വ്യാജമാക്കിയവർ നഷ്ടമടഞ്ഞിരിക്കുന്നു. അങ്ങനെ, അന്ത്യസമയം അവർക്ക് പെട്ടെന്നു വന്നെത്തുമ്പോൾ, അവർ പറയും: "ഹാ! ഇതി(ന്റെ കാര്യത്തിൽ) ഞങ്ങൾ വീഴ്ച വരുത്തിയതിനാൽ ഞങ്ങളുടെ സങ്കടമേ!!" അവരാകട്ടെ, തങ്ങളുടെ (പാപ)ഭാരങ്ങളെ അവരുടെ മുതുകുകളിൽ വഹിക്കുന്നുമുണ്ടായിരിക്കും. അല്ലാ! (അറിയുക) അവർ പേറിക്കൊണ്ടിരിക്കുന്നത് എത്രയോ ചീത്ത!

قَدْ خَسِرَ ٱلَّذِينَ كَذَّبُواْ بِلِقَآءِ ٱللَّهِ ۖ حَتَّىٰٓ إِذَا جَآءَتْهُمُ ٱلسَّاعَةُ بَغْتَةً قَالُواْ يَٰحَسْرَتَنَا عَلَىٰ مَا فَرَّطْنَا فِيهَا وَهُمْ يَحْمِلُونَ أَوْزَارَهُمْ عَلَىٰ ظُهُورِهِمْ ۚ أَلَا سَآءَ مَا يَزِرُونَ ﴿٣١﴾

---

**فرّطنا فيها** (ഇതിൽ ഞങ്ങൾ വീഴ്ചവരുത്തി ) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം ഇഹലോക ജീവിതത്തിൽ സത്യവിശ്വാസവും സൽക്കർമ്മവും അനുഷ്ഠിക്കുന്നതിൽ വീഴ്ച വരുത്തിയെന്നും, അന്ത്യനാളിൽ വിശ്വസിക്കാതെ, അതിന്റെ കാര്യത്തിൽ വീഴ്ച വരുത്തിയെന്നും ആകാവുന്നതാണ്. രണ്ടായാലും സാരം ഒന്ന് തന്നെ.

**വചനം 32**

32 ഐഹിക ജീവിതം, കളിയും വിനോദവുമല്ലാതെ (മറ്റൊന്നും) അല്ല. പരലോക ഭവനം തന്നെയാണ് സൂക്ഷ്മത പാലിക്കുന്നവർക്ക് ഉത്തമം. അപ്പോൾ(മനുഷ്യരെ) നിങ്ങൾ ബുദ്ധി കൊടു(ത്തു ഗ്രഹി)ക്കുന്നില്ലേ?!

وَمَا ٱلْحَيَوٰةُ ٱلدُّنْيَآ إِلَّا لَعِبٌ وَلَهْوٌ ۖ وَلَلدَّارُ ٱلْءَاخِرَةُ خَيْرٌ لِّلَّذِينَ يَتَّقُونَ ۗ أَفَلَا تَعْقِلُونَ ﴿٣٢﴾

---

ഐഹിക ജീവിതം കളിയും വിനോദവുമാണ്, പരലോക ജീവിതമാണ് സാക്ഷാൽ ജീവിതവും കാര്യപെട്ടതും എന്ന് പറയുമ്പോൾ ഐഹികജീവിതത്തിൽ വെച്ച് ഒന്നും നേടുവാനില്ലെന്ന് ധരിക്കേണ്ടതില്ല. സ്ഥിരതയും സാക്ഷാൽക്കാരവുമുള്ള പരലോക ജീവിതത്തിൽ വിജയവും മോക്ഷവും ലഭിക്കാനുള്ള മാർഗ്ഗങ്ങളെല്ലാം സമ്പാദിക്കുന്നത് ഇഹത്തിൽ വെച്ചാണല്ലൊ. പാരത്രിക ജീവിത യാഥാർത്ഥ്യങ്ങളെ അപേക്ഷിച്ച് ഐഹിക ജീവിതത്തിന് സ്ഥിരതയൊ സാക്ഷാൽക്കാരമോ ഇല്ലല്ലോ. സൂ: അഅ്ലാ 16, 17 വചനങ്ങളിൽ അല്ലാഹു പറയുന്നു. "എങ്കിലും നിങ്ങൾ ഐഹിക ജീവിതത്തിന് പ്രാധാന്യം നൽകുന്നു. പരലോകമാകട്ടെ കൂടുതൽ ഉത്തമവും ശേഷിക്കുന്നതുമാകുന്നു". സൂക്ഷ്മത പാലിക്കുന്ന സജ്ജനങ്ങൾക്ക് പരലോകജീവിതമാണ് ഉത്തമമെന്ന് അല്ലാഹു തുടർന്ന് അറിയിക്കുന്നു.

**വചനം 33, 34**

33 (നബിയേ) അവര്‍ പറഞ്ഞു വരുന്നത് നിശ്ചയമായും നിന്നെ വ്യസനിപ്പിക്കുന്നുവെന്ന് നാം അറിയുന്നുണ്ട്. എന്നാല്‍ (യഥാര്‍ത്ഥത്തില്‍) അവര്‍ നിന്നെ വ്യാജമാക്കുന്നില്ല; എങ്കിലും (ആ) അക്രമികള്‍ അല്ലാഹുവിന്‍െറ 'ആയത്തു' (ലക്ഷ്യം) കളെയത്രെ നിഷേധിക്കുന്നത്.

34 നിന്‍െറ മുമ്പ് പല റസൂലുകളും വ്യാജമാക്കപ്പെടുകയുണ്ടായിട്ടുണ്ട്. എന്നിട്ട് അവര്‍ക്ക് നമ്മുടെ സഹായം വന്നെത്തുന്നതു വരെ, തങ്ങള്‍ വ്യാജമാക്കപ്പെടുകയും, ഉപദ്രവിക്കപ്പെടുകയും ചെയ്തതില്‍ അവര്‍ ക്ഷമ സ്വീകരിച്ചു. അല്ലാഹുവിന്‍െറ വാക്കുകള്‍ക്ക് മാറ്റം വരുത്തുന്നവരേ ഇല്ല. 'മുര്‍സലു'കളുടെ വൃത്താന്തത്തില്‍ നിന്നും (വേണ്ടത്) നിനക്ക് വന്നു കിട്ടിയിട്ടുണ്ടല്ലോ.

قَدْ نَعْلَمُ إِنَّهُۥ لَيَحْزُنُكَ ٱلَّذِى يَقُولُونَ ۖ
فَإِنَّهُمْ لَا يُكَذِّبُونَكَ وَلَٰكِنَّ ٱلظَّٰلِمِينَ
بِـَٔايَٰتِ ٱللَّهِ يَجْحَدُونَ ﴿٣٣﴾

وَلَقَدْ كُذِّبَتْ رُسُلٌ مِّن قَبْلِكَ فَصَبَرُوا۟
عَلَىٰ مَا كُذِّبُوا۟ وَأُوذُوا۟ حَتَّىٰٓ أَتَىٰهُمْ
نَصْرُنَا ۚ وَلَا مُبَدِّلَ لِكَلِمَٰتِ ٱللَّهِ ۚ وَلَقَدْ
جَآءَكَ مِن نَّبَإِى۟ ٱلْمُرْسَلِينَ ﴿٣٤﴾

---

ഖുറൈശികള്‍ സത്യവിശ്വാസം സ്വീകരിക്കാത്തതില്‍ വ്യസനത്തിലായ നബി(സ) യെ അല്ലാഹു സമാധാനിപ്പിക്കുന്നു. അവരുടെ നിഷേധങ്ങളും, കുതര്‍ക്കങ്ങളും താങ്കള്‍ക്കെതിരിലല്ല. നമ്മുടെ ദൃഷ്ടാന്തങ്ങളെയും വചനങ്ങളെയുമാണ് അവര്‍ വ്യാജമാക്കുന്നത്. ഈ അനുഭവം മുമ്പും പല റസൂലുകള്‍ക്കുമെതിരെ, അക്രമമര്‍ദ്ദനങ്ങളുള്‍പെടെ, അവര്‍ നടത്തിയിട്ടുണ്ട്. അവരതൊക്കെ സഹിക്കുകയും ക്ഷമിക്കുകയും ചെയ്യുകയും ക്രമേണ അവര്‍ക്ക് അല്ലാഹുവിങ്കല്‍ നിന്നുള്ള സഹായവും വിജയവും വന്ന് കിട്ടുകയും ചെയ്തു. ഈ യാഥാര്‍ത്ഥ്യം തെളിയിക്കുന്ന പല വര്‍ത്തമാനങ്ങളും ഇതിന് മുമ്പു ഞാന്‍ താങ്കള്‍ക്ക് അറിയിച്ചു തന്നിട്ടുണ്ടല്ലോ. അവരെ പോലെ താങ്കളും ക്ഷമിക്കുക. അവസാനവിജയം നമ്മുടെ റസൂലുകള്‍ക്കും അവരുടെ പക്ഷക്കാര്‍ക്കുമായിരിക്കണമെന്ന് നാം മുമ്പെ നിശ്ചയിച്ച് വെച്ചതാണ്.

35: 8 ;18 :6; 26 : 3 മുതലായ സ്ഥലങ്ങളിലും സമാനമായ പ്രസ്താവനകള്‍ കാണാവുന്നതാണ്.

നബി(സ)യോട് അബൂ ജഹല്‍ ഇങ്ങനെ പറഞ്ഞതായി അലി(റ) പ്രസ്താവിച്ചിരിക്കുന്നു : "ഞങ്ങള്‍ നിന്നെ വ്യാജമാക്കുന്നില്ല. എങ്കിലും നീ കൊണ്ടു വന്നതിനെയാണ് വ്യാജമാക്കുന്നത്."

മറ്റൊരിക്കല്‍ അബുജഹല്‍ അഖ്നസ്ബ്നു ശരീഖിനോട് ഇപ്രകാരം പറഞ്ഞു . "മുഹമ്മദ് സത്യവാന്‍ തന്നെ എന്നാല്‍ നുബുവത്തും (പ്രവാചകത്വവും) സിഖായത്തും (ഹാജിമാര്‍ക്ക് വെള്ളം നല്കുന്ന സ്ഥാനവും) ഹിജാബത്തും (കഅബയുടെ സംരക്ഷണാധികാരവും) നേതൃത്വവും ഖുസ്വയ്യിന്‍റെ സന്തതികള്‍ (മുഹമ്മദിന്‍റെ പിതൃവഴിക്കാര്‍) കൊണ്ട് പോയാല്‍ പിന്നെ മറ്റുള്ള ഖുറൈഷികള്‍ക്ക് എന്താണുണ്ടായിരിക്കുക. "

---

**വചനം 35, 36**

35 അവരുടെ തിരിഞ്ഞുകളയല്‍ (അവഗണന) നിനക്ക് വളരെ വലുതായി (തോന്നിയി) രുന്നാല്‍, എന്നാല്‍-ഭൂമിയില്‍ ഒരു മാളമോ, ആകാശത്തില്‍ ഒരു കോണിയോ തേടിപ്പിടിക്കുവാനും, എന്നിട്ട് വല്ല ദൃഷ്ടാന്തവും അവര്‍ക്ക് കൊണ്ടുവരുവാനും നിനക്ക് സാധ്യമാകുന്ന പക്ഷം (അങ്ങിനെ ചെയ്തേക്കുക)! അല്ലാഹു ഉദ്ദേശിച്ചാല്‍, അവരെ (യെല്ലാം) അവന്‍ സന്‍മാര്‍ഗ്ഗത്തില്‍ ഒരുമിച്ചു കൂട്ടിയിരുന്നു. ആകയാല്‍, തീര്‍ച്ചയായും നീ വിവരമില്ലാത്തവരില്‍ (വിഡ്ഢികളില്‍) പെട്ടവനായിത്തീരരുത്.

وَإِن كَانَ كَبُرَ عَلَيْكَ إِعْرَاضُهُمْ فَإِنِ
ٱسْتَطَعْتَ أَن تَبْتَغِىَ نَفَقًا فِى ٱلْأَرْضِ أَوْ
سُلَّمًا فِى ٱلسَّمَآءِ فَتَأْتِيَهُم بِـَٔايَةٍ ۚ وَلَوْ شَآءَ
ٱللَّهُ لَجَمَعَهُمْ عَلَى ٱلْهُدَىٰ ۚ فَلَا تَكُونَنَّ
مِنَ ٱلْجَٰهِلِينَ ﴿٣٥﴾

36 (പറയുന്നത്) കേൾക്കുന്നവർ മാത്രമേ ഉത്തരം നല്കൂ. മരണപ്പെട്ടുപോയവരാകട്ടെ, അവരെ അല്ലാഹു എഴുന്നേൽപ്പിക്കുകയാണ് ചെയ്യുക; പിന്നെ, അവങ്കലേക്ക് അവർ മടക്കപ്പെടുന്നതാണ്.

۞ إِنَّمَا يَسْتَجِيبُ ٱلَّذِينَ يَسْمَعُونَ وَٱلْمَوْتَىٰ يَبْعَثُهُمُ ٱللَّهُ ثُمَّ إِلَيْهِ يُرْجَعُونَ ﴿٣٦﴾

ധാരാളം തെളിവുകൾ കിട്ടിയിട്ടും അവർ വിശ്വസിക്കുന്നില്ലെങ്കിൽ നബി (സ)ക്ക് അമിതമായ ഉൽകണ്ഠ വേണ്ടതില്ല. വേണമെങ്കിൽ വിശ്വസിക്കട്ടെ എന്ന് സമാധാനിക്കുകയെ വേണ്ടൂ. അതല്ല, അവരെ വിശ്വസിപ്പിക്കുക തന്നെ വേണമെന്ന് വെക്കുന്ന പക്ഷം ഭൂമിയിൽ വല്ല മാളവും തേടിപിടിച്ച് അതിലൂടെ കീഴ്പോട്ടിറങ്ങിയൊ, ആകാശത്തേക്കുള്ള വല്ല കോണിയും കണ്ടെത്തി അതിലൂടെ മേൽപോട്ട് കയറിയൊ, എങ്ങനെയാണ് സാധിക്കുന്നതെന്ന് വെച്ചാൽ അവരെ വിശ്വസിപ്പിക്കുക. ആക്ഷേപസ്വരത്തിലുള്ള ഈ വാക്കുകളിലൂടെ ഇക്കൂട്ടരെ പറ്റി അത്രക്കൊന്നും സാഹസപെടേണ്ടതില്ലെന്ന് നബി(സ) യെ സമാധാനിപ്പിക്കുകയാണുദ്ദേശ്യം. വേണ്ടത്ര തെളിവുകൾ നല്കി ക്കൊണ്ട്, വിശ്വസിക്കലും വിശ്വസിക്കാതിരിക്കലും, അവരവരുടെ ഹിതത്തിന് വിട്ട് കൊടുത്തിരിക്കയാണ് അല്ലാഹു. എല്ലാ മനുഷ്യരേയും വിശ്വസിപ്പിച്ചേ തീരൂ എന്ന് അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അതങ്ങനെ തന്നെ സംഭവിക്കുമായിരുന്നു. അവർ വിശ്വസിക്കാത്തതിന്റെ പേരിൽ അമിതമായ അക്ഷമയും വ്യസനവും കാണിക്കുന്നത് കേവലം വിഡ്ഢിത്തമാണെന്നും അത് നബി(സ)ക്ക് യോജിച്ചതല്ലെന്നും അല്ലാഹു ഉണർത്തുന്നു.

അവർ നബി(സ)യുടെ ക്ഷണം സ്വീകരിക്കാതിരിക്കാൻ കാരണം , പറയുന്ന കാര്യം ശ്രദ്ധിച്ച് കേൾക്കാതെ, ഹൃദയചൈതന്യം നശിച്ച് മൃതപ്രായരായവരാണ് അവരെന്നതിനാലാണ്. പുനരുത്ഥാന ദിവസം ഈ 'ജീവഛവങ്ങളുടെ' മേൽ, അല്ലാഹു നടപടിയെടുക്കുന്നതാണു.

**വചനം 37**

37 അവർ പറയുന്നു: "ഇവന്റെ മേൽ തന്റെ റബ്ബിങ്കൽനിന്ന് വല്ല ദൃഷ്ടാന്തവും ഇറക്കപ്പെടാത്തതെന്താണ്?!" പറയുക: "നിശ്ചയമായും അല്ലാഹു വല്ല ദൃഷ്ടാന്തവും ഇറക്കുവാൻ കഴിവുള്ളവനാണ്. എങ്കിലും, അവരിൽ അധികമാളും അറിയുന്നില്ല."

وَقَالُوا۟ لَوْلَا نُزِّلَ عَلَيْهِ ءَايَةٌ مِّن رَّبِّهِۦ ۚ قُلْ إِنَّ ٱللَّهَ قَادِرٌ عَلَىٰٓ أَن يُنَزِّلَ ءَايَةً وَلَـٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿٣٧﴾

ഖുർആനാകുന്ന ഏറ്റവും മഹത്തായ ദൃഷ്ടാന്തമടക്കം അവരുടെ മുമ്പിലുണ്ടായിട്ടും ദുർബുദ്ധിയും ദുർവാശിയും നിമിത്തം, പുതിയൊരു ദൃഷ്ടാന്തം ആവശ്യപെടുകയാണവർ. മൂസാ(അ) നബിയുടെ വടിപോലെയൊ, സ്വാലിഹു(അ) നബിയുടെ ഒട്ടകം പോലെയൊ അല്ലെങ്കിൽ ആകാശത്ത് നിന്നൊരു കഷണം വീഴ്ത്തുകയൊ, സ്വർണ്ണം കൊണ്ടുള്ള ഒരു വീടുണ്ടാകുകയോ, നബി(സ) ആകാശത്തേക്ക് കയറിപോകുകയൊ പോലെയുള്ള ഏതെങ്കിലും ദൃഷ്ടാന്തമൊ (മുഅ്ജിസത്ത് ) ആണ് അവർ ആവശ്യപെടുന്നത്. ഏത് തരത്തിലുള്ള ദൃഷ്ടാന്തവും കാണിച്ചുകൊടുക്കാൻ അല്ലാഹുവിന് കഴിയുമെങ്കിലും അവ കാണിച്ചു കൊടുക്കാത്തതിൽ ചില യുക്തി സത്യങ്ങൾ അടങ്ങിയിട്ടുണ്ട്. ഈ യാഥാർത്ഥ്യം മനസ്സിലാക്കാത്തത് കൊണ്ടാണ് അവർ ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കുന്നത്.

അമാനുഷികമായ ചില ദൃഷ്ടാന്തങ്ങൾ കാണിച്ച് എല്ലാവരേയും സത്യവിശ്വാസം സ്വീകരിപ്പിക്കണമെന്നല്ല. അല്ലാഹു ഉദ്ദേശിക്കുന്ന സത്യങ്ങൾ ഇന്നിന്നതാണെന്ന് പ്രവാചകൻമാർ മുഖേന വിവരിച്ച് കൊടുക്കുകയും, നേർമാർഗ്ഗത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുക; ക്ഷണം സ്വീകരിക്കാനും തിരസ്ക്കരിക്കാനും അവർക്ക് അവസരം നല്കുക, അങ്ങനെ വിശ്വസിക്കുന്നവരുടെ വിശ്വാസവും, നിഷേധിക്കുന്നവരുടെ നിഷേധവും മനപൂർവ്വവും, ഉദ്ദേശ്യപൂർവ്വവും ആയിരിക്കും – ഇതാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.

ബുദ്ധിപരമായ പക്വതയില്ലാത്ത പൂർവ്വ സമുദായങ്ങൾക്ക്, ബുദ്ധിപരമായ ദൃഷ്ടാന്തങ്ങൾ വഴി സത്യാസത്യം വേർതിരിച്ചെടുക്കാൻ കഴിവില്ലാതിരുന്നതിനാലാണ് കാലത്തിനൊത്ത ചില പ്രകൃതി ദൃഷ്ടാന്തങ്ങൾ അവർക്ക് കാട്ടിക്കൊടുക്കുകയുണ്ടായത്. എന്നാൽ ബുദ്ധിപരമായ വളർച്ച പ്രാപിച്ച നബി(സ) തിരുമേനിയുടെ സമുദായത്തിന് യോജ്യമായത് തെളിവിന്റെ സുസ്ഥിരതയും സുവ്യക്തതയും ബുദ്ധിപരവുമായ ദൃഷ്ടാന്തങ്ങളാകുന്നു. മാത്രമല്ല പൂർവ്വ സമുദായങ്ങൾക്ക് ചില ദൃഷ്ടാന്തങ്ങൾ കാട്ടിക്കൊടുത്തപ്പോൾ അവർ മാരണവും ജാലവിദ്യയുമാണെന്ന് നിഷേധിച്ചപ്പോൾ, ആ നിഷേധം അവരുടെ മേൽ പൊതുശിക്ഷകൾ വന്ന്

ഭവിക്കാൻ കാരണവുമായി.

അത് പോലെ ഈ സത്യനിഷേധികളുടെ വെല്ലുവിളിയനുസരിച്ച് ദൃഷ്ടാന്തം കാട്ടിക്കൊടുക്കുന്ന പക്ഷം, അത് അവരുടെയും നാശത്തിന് ഇടയാക്കുകയാണുണ്ടാവുക.

നബി(സ) തിരുമേനിയുടെ പ്രബോധന സന്ദേശങ്ങളുടെ സത്യതക്ക് തെളിവായി നിലകൊള്ളുന്ന ദൃഷ്ടാന്തങ്ങൾ കാലദേശാതീതവും, ബുദ്ധിപരവുമായിരിക്കാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത് -ഇതിൽ ഏറ്റവും പ്രധാനമായത് വിശുദ്ധ ഖുർആൻ തന്നെ.

---

**വചനം 38**

وَمَا مِن دَآبَّةٍ فِى ٱلْأَرْضِ وَلَا طَٰٓئِرٍ يَطِيرُ بِجَنَاحَيْهِ إِلَّآ أُمَمٌ أَمْثَالُكُم ۚ مَّا فَرَّطْنَا فِى ٱلْكِتَٰبِ مِن شَىْءٍ ۚ ثُمَّ إِلَىٰ رَبِّهِمْ يُحْشَرُونَ ﴿٣٨﴾

38 ഭൂമിയിലെ (ചലിക്കുന്ന) ഏതൊരു ജന്തുവാകട്ടെ, രണ്ടു ചിറകുകൾകൊണ്ടു പറക്കുന്ന ഏതൊരു പക്ഷിയാകട്ടെ, നിങ്ങളെപ്പോലെയുള്ള ചില സമുദായങ്ങളല്ലാതെ (മറ്റൊന്നും) അല്ല. ഗ്രന്ഥത്തിൽ യാതൊന്നും (തന്നെ) നാം വീഴ്ച വരുത്തിയിട്ടില്ല. പിന്നീട്, അവർ തങ്ങളുടെ റബ്ബിങ്കലേക്ക് ഒരുമിച്ചു കൂട്ടപ്പെടുന്നതാണ്.

---

ഭുമിയിലുള്ള ഒരോ ജീവിവർഗ്ഗവും ഓരോ സമുദായമാകുന്നു. ഓരോന്നിനും വേണ്ട വ്യവസ്ഥകളും മാർഗ്ഗദർശനങ്ങളും അല്ലാഹു നല്കിയിട്ടുണ്ട്. അത് പോലെ ഒരു സമുദായമാണ് മനുഷ്യവർഗ്ഗവും. വിശേഷ ബുദ്ധി, വിവേചനശക്തി, ചിന്താശക്തി എന്നിവ മനുഷ്യവർഗ്ഗത്തിന്റെ പ്രത്യേകതകളാകുന്നു. ദൃഷ്ടാന്തങ്ങളിൽ നിന്നും സത്യാസത്യം തിരിച്ചറിയാനുള്ള ശാസനകൾ മനുഷ്യർക്ക് നൽകുവാൻ അതാണ് കാരണം.

“ഗ്രന്ഥത്തിൽ നാം യാതൊന്നും വീഴ്ച വരുത്തിയിട്ടില്ല ” എന്ന വാക്യത്തിലെ ഗ്രന്ഥം “ഖുർആൻ” ആയിരിക്കാനും ”ലൌഹുൽ മഹ്ഫൂള് ” (സംഭവിച്ചതും സംഭവിക്കാനിരിക്കുന്നതുമായ എല്ലാ ചെറുതും വലുതുമായ കാര്യങ്ങൾ രേഖപെടുത്തപെട്ടിട്ടുള്ള അല്ലാഹുവിന്റെ ജ്ഞാന രേഖ) ആയിരിക്കാനും സാദ്ധ്യതയുണ്ട്. - الله اعلم

മനുഷ്യൻ മാത്രമല്ല എല്ലാ ജീവജന്തുക്കളും തന്നെ മഹ്ശറിൽ ഒരുമിച്ച് കൂട്ടപെടുമെന്ന് അവസാന വാക്യത്തിൽ നിന്നും മനസ്സിലാക്കാം. ഏതൊരു ജീവിയും ഖിയാമത്ത് നാളിൽ ഒരുമിച്ച് കൂട്ടപെടുമെന്ന് മാത്ര മല്ല, പിന്നീട് അവയിൽ ചിലതിന് ചിലതിൽ നിന്ന്, പ്രതികാര നടപടി എടുക്കപെടുന്നതാണ് എന്നും, പിന്നീട് അവ മണ്ണായിത്തീരുമെന്നും ഒരു നബി വചനത്തിൽ പറയുന്നു. (സൂ: നബഅ് : 40 വിശദീകരണം നോക്കുക)

---

**വചനം 39**

وَٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَا صُمٌّ وَبُكْمٌ فِى ٱلظُّلُمَٰتِ ۗ مَن يَشَإِ ٱللَّهُ يُضْلِلْهُ وَمَن يَشَأْ يَجْعَلْهُ عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٣٩﴾

39 നമ്മുടെ ‘ആയത്തു’ (ദൃഷ്ടാന്തം) കളെ വ്യാജമാക്കിയവർ ബധിരൻമാരും ഊമകളുമത്രെ, അന്ധകാരങ്ങളിലാണ് (അവർ). അല്ലാഹു ആരെ (വഴി പിഴവിലാക്കുവാൻ) ഉദ്ദേശിക്കുന്നുവോ, അവനെ അവൻ വഴിപിഴവിലാക്കുന്നു. അവൻ ആരെ (നേർമാർഗ്ഗത്തിലാക്കുവാൻ) ഉദ്ദേശിക്കുന്നുവോ, അവനെ അവൻ നേരെ (ചൊവ്വാ) യുള്ള പാതയിൽ ആക്കുന്നതുമാണ്.

---

ലക്ഷ്യങ്ങളും തെളിവുകളും ശ്രദ്ധിക്കാതെ, സത്യയാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാതെ, ഇരുട്ടിൽ പെട്ട ബധിര മൂകൻമാരെ പോലേയുള്ളവരെക്കുറിച്ചാണ് “അല്ലാഹു അവരെ വഴിപിഴപ്പിക്കുമെന്ന്” പറഞ്ഞത്. എന്നാൽ ലക്ഷ്യങ്ങിലും തെളിവുകളിലും ശ്രദ്ധ പതിപ്പിച്ച് സത്യ സൻമാർഗ്ഗം പിൻപറ്റുന്നവരെയാകട്ടെ, അല്ലാഹു അവരെ നേർക്ക് നേരെയുള്ള പാതയിൽ ആക്കുന്നതാണ്.അല്ലാതെ, ഒരു വ്യവസ്ഥയൊ മാനദണ്ഡമോ ഒന്നും കൂടാതെ, കുറെ ആളുകളെ സൻമാർഗ്ഗത്തിലും മറ്റ് കുറെ ആളുകളെ ദുർമാർഗ്ഗത്തിലും ആക്കും എന്നല്ല അല്ലാഹു പറഞ്ഞതിന്റെ ഉദ്ദേശ്യം.

സമാനമായ വചനങ്ങൾ 2:26 ;14:27;6:117 എന്നിവിടങ്ങളിൽ വായിക്കാം

**വചനം 40, 41**

40 (നബിയേ) പറയുക: നിങ്ങൾ കണ്ടുവോ? നിങ്ങൾക്ക് അല്ലാഹുവിൻെറ ശിക്ഷ വന്നെത്തുകയോ, അല്ലെങ്കിൽ അന്ത്യസമയം വന്നെത്തുകയോ ചെയ്തുവെങ്കിൽ, അല്ലാഹു അല്ലാത്തവരെയോ നിങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുക? നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ! (ഇതൊന്നു പറയുവിൻ, കേൾക്കട്ടെ!)

قُلْ أَرَءَيْتَكُمْ إِنْ أَتَىٰكُمْ عَذَابُ ٱللَّهِ أَوْ أَتَتْكُمُ ٱلسَّاعَةُ أَغَيْرَ ٱللَّهِ تَدْعُونَ إِن كُنتُمْ صَـٰدِقِينَ ﴿٤٠﴾

41 (അല്ല) എന്നാൽ നിങ്ങൾ അവനെത്തന്നെ വിളി(ച്ചു പ്രാർത്ഥി)ക്കുന്നതാണ്. അപ്പോൾ, നിങ്ങൾ ഏതൊന്നിലേക്ക് (അവനെ) വിളി (ച്ചു പ്രാർത്ഥി)ക്കുന്നുവോ അതിനെ അവൻ തുറവിയാക്കുന്നു-അവൻ ഉദ്ദേശിച്ചെങ്കിൽ. നിങ്ങൾ (അവനോട്) പങ്കു ചേർക്കുന്നവയെ നിങ്ങൾ വിസ്മരിക്കുകയും ചെയ്യുന്നു.

بَلْ إِيَّاهُ تَدْعُونَ فَيَكْشِفُ مَا تَدْعُونَ إِلَيْهِ إِن شَآءَ وَتَنسَوْنَ مَا تُشْرِكُونَ ﴿٤١﴾

---

ബഹുദൈവവിശ്വാസികളായ വിഗ്രഹാരാധകർ മാത്രമല്ല. മരണപെട്ടു പോയ മഹാത്മാക്കളെയും , ജീവിച്ചിരിപ്പുള്ള ആൾ ദൈവങ്ങളെയും വിളിച്ചാരാധിക്കുന്നവരും അത്യാപത്ത് വരുമ്പോൾ അല്ലാഹുവിനെമാത്രം വിളിച്ച് രക്ഷക്കപേക്ഷിക്കുകയായിരിക്കും ചെയ്യുക. നിരീശ്വരവാദികൾ പോലും അത്യാഹിതങ്ങൾ നേരിടുമ്പോൾ "പടച്ചവനെ, ഈശ്വരാ" എന്നിങ്ങനെ വിളിച്ച് നിലവിളിക്കുന്നതായി കാണാം. ഈ ലോകാലോകങ്ങളുടെയെല്ലാം സൃഷ്ടാവും പരമാധികാരിയുമായ ഒരു മഹാശക്തിയുണ്ടെന്നുള്ള അവബോധം, മനുഷ്യരിൽ നിക്ഷിപ്തമായിട്ടുണ്ടെന്നുള്ളതാണ് ഇതിന് കാരണം.

## വിഭാഗം 5

**വചനം 42 ,43, 44, 45**

42 (നബിയേ) നിനക്കു മുമ്പ് പല സമുദായങ്ങളിലേക്കും നാം (ദൂതൻമാരെ) അയക്കുകയുണ്ടായിട്ടുണ്ട്; എന്നിട്ട് കഷ്ടപ്പാടും, ദുരിതവും കൊണ്ടു നാം അവരെ പിടികൂടി, അവർ വിനയം കാണിക്കുവാൻവേണ്ടി.

وَلَقَدْ أَرْسَلْنَآ إِلَىٰٓ أُمَمٍ مِّن قَبْلِكَ فَأَخَذْنَـٰهُم بِٱلْبَأْسَآءِ وَٱلضَّرَّآءِ لَعَلَّهُمْ يَتَضَرَّعُونَ ﴿٤٢﴾

43 എന്നാൽ, അവർക്ക് നമ്മുടെ ശിക്ഷ വന്നപ്പോൾ അവർ വിനയം കാണിക്കാതിരുന്നതെന്താണ്?! എങ്കിലും അവരുടെ ഹൃദയങ്ങൾ കടുത്തുപോയി. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെ പിശാച് അവർക്ക് അലങ്കാരമാക്കിക്കാണിക്കുകയും ചെയ്തു. (ഇതാണുണ്ടായത്.)

فَلَوْلَآ إِذْ جَآءَهُم بَأْسُنَا تَضَرَّعُوا۟ وَلَـٰكِن قَسَتْ قُلُوبُهُمْ وَزَيَّنَ لَهُمُ ٱلشَّيْطَـٰنُ مَا كَانُوا۟ يَعْمَلُونَ ﴿٤٣﴾

44 അങ്ങനെ, യാതൊന്നിനെക്കുറിച്ച് അവർ ഉൽബോധിപ്പിക്ക (ഉപദേശിക്ക) പ്പെട്ടുവോ അതവർ മറന്നുകളഞ്ഞപ്പോൾ, അവർക്ക് എല്ലാ വസ്തുക്കളുടെയും വാതിലുകൾ നാം തുറന്നുകൊടുത്തു. അങ്ങനെ, (അവസാനം) തങ്ങൾക്ക് നൽകപ്പെട്ടതിൽ അവർ ആഹ്ളാദം കൊണ്ടപ്പോൾ, അവരെ നാം പെട്ടെന്ന് പിടിച്ചു (ശിക്ഷിച്ചുകളഞ്ഞു). അപ്പോൾ, അവർ (അതാ) നിരാശപ്പെട്ടവർ (ആയിത്തീരുന്നു)!

فَلَمَّا نَسُوا۟ مَا ذُكِّرُوا۟ بِهِۦ فَتَحْنَا عَلَيْهِمْ أَبْوَٰبَ كُلِّ شَىْءٍ حَتَّىٰٓ إِذَا فَرِحُوا۟ بِمَآ أُوتُوٓا۟ أَخَذْنَـٰهُم بَغْتَةً فَإِذَا هُم مُّبْلِسُونَ ﴿٤٤﴾

45 അങ്ങനെ, (ആ) അക്രമം പ്രവർത്തിച്ചവരുടെ മൂട് മുറിക്കപ്പെട്ടു (അവർ നിശ്ശേഷം നശിപ്പിക്കപ്പെട്ടു). ലോകരക്ഷിതാവായ അല്ലാഹുവിനത്രെ സ്തുതി (മുഴുവനും)!

فَقُطِعَ دَابِرُ ٱلْقَوْمِ ٱلَّذِينَ ظَلَمُوا۟ ۚ وَٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿٤٥﴾

---

മുമ്പു പല സമുദായങ്ങളിലേക്കും അയക്കപ്പെട്ട റസൂലുകളെ അവർ നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്തപ്പോൾ അവരുടെ ധിക്കാരം മാറ്റുവാൻ വേണ്ടി അല്ലാഹു ഓരോ തരത്തിലുള്ള പീഢനങ്ങൾക്കും ദുരിതങ്ങൾക്കും അവരെ വിധേയരാക്കി. എന്നാൽ അവർ കൂടുതൽ ദുഷിച്ചവരായിത്തീരുകയാണുണ്ടായത്. പിശാച് അവർ ചെയ്യുന്ന തോന്നിയവാസങ്ങൾ, അവർക്ക് ഭൂഷണമായി തോന്നിപ്പിക്കുകയും ചെയ്തു. അപ്പോൾ അല്ലാഹു അവർക്ക് ക്ഷേമഐശ്വര്യങ്ങളും സുഖസൗകര്യങ്ങളും, പ്രദാനം ചെയ്ത് നോക്കി. എന്നാൽ അല്ലാഹുവോട് നന്ദി കാണിക്കുന്നതിന് പകരം ദുരഭിമാനം നടിക്കുകയും അഹങ്കാരികളായിത്തീരുകയുമാണവർ ചെയ്തത്. ഈ രണ്ട് വിധത്തിലുള്ള പരീക്ഷണങ്ങൾകൊണ്ട് പാഠം പഠിക്കാത്ത അവരിൽ, അല്ലാഹു ഓരോ തരത്തിലുള്ള ശിക്ഷകൾ ഏർപെടുത്തി. അപ്പോഴാണവർ കണ്ണ് തുറന്നത്. പക്ഷെ ഫലമെന്ത് ?അല്ലാഹു അവരെ, ഭൂമുഖത്ത് നിന്ന് നിശ്ശേഷം നിഷ്കാസനം ചെയ്തു .

ഈ ചരിത്ര യാഥാർത്ഥ്യം എല്ലാ അവിശ്വാസികൾക്കും പാഠമായിരിക്കട്ടെ എന്ന് അല്ലാഹു താക്കീത് ചെയ്യുന്നു.

ആപത്തുകളും കഷ്ടപാടുകളും മുഖേന അല്ലാഹു നടത്തി നോക്കുന്ന പരീക്ഷണങ്ങളിൽ സത്യവിശ്വാസികൾ ക്ഷമ കൈകൊണ്ടും സുഖ സൗകര്യങ്ങൾ നല്കി അല്ലാഹു നടത്തുന്ന പരീക്ഷണങ്ങളിൽ അല്ലാഹുവിനോട് നന്ദി കാണിച്ചും എല്ലാ അവസരത്തിലും സത്യവിശ്വാസിക്ക് കാര്യങ്ങൾ ഗുണകരമായിത്തീരുന്നു, എന്ന് നബി(സ) തിരുമേനി ഒരു വചനത്തിൽ വ്യക്തമാക്കുന്നു.

മേൽ പറഞ്ഞ വിധം മുർസലുകളുടെ ദൌത്യങ്ങളും പ്രബോധനങ്ങളും വിജയിക്കുകയും സത്യനിഷേധികൾ പരാജയപെടുകയും ചെയ്തതിന്റെ പേരിൽ അല്ലാഹുവിനെ സ്തുതിക്കേണ്ടതുണ്ടെന്ന് അനുസ്മരിപ്പിച്ച് കൊണ്ട് അല്ലാഹു അവനെ തന്നെ സ്തുതിക്കുന്നതാണ് അവസാനത്തെ വാക്യം.

---

**വചനം 46, 47**

46 പറയുക: "നിങ്ങൾ കണ്ടുവോ (പറഞ്ഞു തരൂ)? നിങ്ങളുടെ കേൾവിയും, കാഴ്ചകളും അല്ലാഹു എടുത്തുകളയുകയും, നിങ്ങളുടെ ഹൃദയങ്ങൾക്ക് അവൻ മുദ്ര വെക്കുകയും ചെയ്തുവെങ്കിൽ, അല്ലാഹു അല്ലാത്ത ഏതൊരു 'ഇലാഹാ'ണ് (ആരാധ്യനാണ്) നിങ്ങൾക്കത് കൊണ്ടു വന്നു തരുന്നത്?!" നോക്കൂ: നാം അവർക്ക് 'ആയത്തു' (ലക്ഷ്യം) കൾ എങ്ങിനെ വിവിധ രൂപത്തിൽ വിവരിച്ചു കൊടുക്കുന്നുവെന്ന്! (എന്നിട്ടും) പിന്നെ, അവർ തിരിഞ്ഞുകളയുന്നു!

قُلْ أَرَءَيْتُمْ إِنْ أَخَذَ ٱللَّهُ سَمْعَكُمْ وَأَبْصَٰرَكُمْ وَخَتَمَ عَلَىٰ قُلُوبِكُم مَّنْ إِلَٰهٌ غَيْرُ ٱللَّهِ يَأْتِيكُم بِهِ ۗ ٱنظُرْ كَيْفَ نُصَرِّفُ ٱلْءَايَٰتِ ثُمَّ هُمْ يَصْدِفُونَ ﴿٤٦﴾

47 പറയുക; "നിങ്ങൾ കണ്ടുവോ (പറഞ്ഞു തരിൻ) ? പെട്ടന്ന്, അല്ലെങ്കിൽ പ്രത്യക്ഷത്തിൽ (പരസ്യമായിത്തന്നെ) നിങ്ങൾക്ക് അല്ലാഹുവിൻെറ ശിക്ഷ വരുന്നപക്ഷം, അക്രമികളായ ജനങ്ങളല്ലാതെ നശിപ്പിക്കപ്പെടുമോ?!"

قُلْ أَرَءَيْتَكُمْ إِنْ أَتَىٰكُمْ عَذَابُ ٱللَّهِ بَغْتَةً أَوْ جَهْرَةً هَلْ يُهْلَكُ إِلَّا ٱلْقَوْمُ ٱلظَّٰلِمُونَ ﴿٤٧﴾

അല്ലാഹു ചൂണ്ടിക്കാട്ടിയ ഈ രണ്ട് യാഥാർത്ഥ്യങ്ങളും എല്ലാവർക്കും അറിയാവുന്നതാണ്. എന്നിട്ടും

അതൊന്നും വക വെക്കാതെ , നിങ്ങൾ അല്ലാഹു അല്ലാത്ത വസ്തുക്കളെ ആരാധിച്ച് വരുന്നത് എത്രമാത്രം അനാശാസ്യവും നിരർത്ഥകവുമാണ് ; ഇതൊന്നും നിങ്ങൾ മനസ്സിരുത്താത്തത് വലിയ ആശ്ചര്യം തന്നെ എന്നിങ്ങനെ മുശ്‌രിക്കുകളെ ഓർമിപ്പിക്കുവാൻ അല്ലാഹു നബി(സ)യോട് കല്പിക്കുകയാണ്.

**വചനം 48, 49**

وَمَا نُرۡسِلُ ٱلۡمُرۡسَلِينَ إِلَّا مُبَشِّرِينَ وَمُنذِرِينَ ۖ فَمَنۡ ءَامَنَ وَأَصۡلَحَ فَلَا خَوۡفٌ عَلَيۡهِمۡ وَلَا هُمۡ يَحۡزَنُونَ ﴿٤٨﴾

وَٱلَّذِينَ كَذَّبُواْ بِـَٔايَٰتِنَا يَمَسُّهُمُ ٱلۡعَذَابُ بِمَا كَانُواْ يَفۡسُقُونَ ﴿٤٩﴾

48 ദൂതൻമാരെ സന്തോഷവാർത്ത അറിയിക്കുന്നവരായും, താക്കീത് (അഥവാ മുന്നറിയിപ്പ്) നൽകുന്നവരായുമല്ലാതെ നാം അയക്കാറില്ല. എന്നിട്ട് ആർ വിശ്വസിക്കുകയും (കർമ്മങ്ങൾ) നന്നാക്കിത്തീർക്കുകയും ചെയ്തുവോ, അവരുടെ മേൽ യാതൊരു ഭയവുമില്ല; അവർ വ്യസനിക്കുകയുമില്ല.

49 നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയവരാകട്ടെ, അവർ തോന്നിയവാസം പ്രവർത്തിച്ചിരുന്നതുകൊണ്ട് അവരെ ശിക്ഷ ബാധിക്കുന്നതാണ്.

നല്ല കാര്യങ്ങൾ ഇന്നിന്നതാണെന്നും അവ സ്വീകരിച്ചാൽ ഇന്നിന്ന ഗുണങ്ങൾ ലഭിക്കുമെന്നുമുള്ള സന്തോഷവാർത്ത അറിയിക്കലും, ചീത്ത കാര്യങ്ങൾ ഇന്നിന്നവയാണെന്നും, അവ ഉപേക്ഷിക്കാത്ത പക്ഷം, ഇന്നിന്ന ദോഷങ്ങൾ സംഭവിക്കുമെന്നുള്ള താക്കീത് നൽകലും - എന്നിങ്ങനെ രണ്ട് ദൗത്യങ്ങളാണ് അല്ലാഹുവിന്റെ റസൂലുകൾക്ക് നിർവഹിക്കാനുള്ളത്. അതിൽ അവരെ അനുസരിക്കുന്നവർക്ക് രക്ഷയുണ്ട്, അല്ലാത്തവർക്ക് ശിക്ഷയുമുണ്ടായിരിക്കും എന്ന് സാരം.

**വചനം 50**

قُل لَّآ أَقُولُ لَكُمۡ عِندِي خَزَآئِنُ ٱللَّهِ وَلَآ أَعۡلَمُ ٱلۡغَيۡبَ وَلَآ أَقُولُ لَكُمۡ إِنِّي مَلَكٌۖ إِنۡ أَتَّبِعُ إِلَّا مَا يُوحَىٰٓ إِلَيَّۚ قُلۡ هَلۡ يَسۡتَوِي ٱلۡأَعۡمَىٰ وَٱلۡبَصِيرُۚ أَفَلَا تَتَفَكَّرُونَ ﴿٥٠﴾

50 (നബിയേ) പറയുക: ‘‘അല്ലാഹുവിൻെറ ഖജനാവുകൾ എൻെറ പക്കലുണ്ടെന്ന് നിങ്ങളോടു ഞാൻ പറയുന്നില്ല; ഞാൻ അദൃശ്യകാര്യം അറിയുകയുമില്ല; ഞാൻ ഒരു ‘മലക്കാ’ണ് എന്നും നിങ്ങളോട് ഞാൻ പറയുന്നില്ല. എനിക്ക് ‘വഹ്‌യു’ (ദിവ്യസന്ദേശം) നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിൻപറ്റുന്നില്ല.” പറയുക: “അന്ധനും, കാഴ്ചയുള്ളവനും സമമാകുമോ?! അപ്പോൾ, നിങ്ങൾ ചിന്തിച്ചുനോക്കുന്നില്ലേ?!”

അല്ലാഹുവിന്റെ റസൂലാകണമെങ്കിൽ അമാനുഷിക കഴിവുകളും അദൃശ്യ ജ്ഞാനവുമൊക്കെ വേണമെന്ന അവരുടെ ധാരണ അടിയോടെ തെറ്റാണെന്ന് വ്യക്തമാക്കുവാൻ അല്ലാഹു നബി(സ)യോട് കല്പിക്കുന്നു. അത്തരം കഴിവുകളൊന്നും തനിക്കില്ലെന്നും, അല്ലാഹുവിന്റെ ഖജനാവുകളൊന്നും തന്റെ അധീനത്തിലില്ലെന്നും താനൊരു മലക്ക് അല്ലെന്നും മനുഷ്യ പ്രകൃതിക്കനുയോജ്യമായ കഴിവുകളും അറിവുകളും മാത്രമേ എനിക്കുള്ളൂ എന്നും, അതിനപ്പുറമുള്ള അറിവുകൾ അല്ലാഹുവിങ്കൽ നിന്നുള്ള ദിവ്യ സന്ദേശങ്ങളിലൂടെ എനിക്ക് ലഭിച്ച് കൊണ്ടിരിക്കുന്നതാണെന്നും അതാണ് ഞാൻ അതേപടി പ്രബോധനം ചെയ്യുന്നതെന്നും അവരോട് വ്യക്തമാക്കുക - എന്ന് അല്ലാഹു നിർദ്ദേശിക്കുന്നു.

അല്ലാഹുവിന്റെ സൃഷ്ടികളിൽ വെച്ച് വിശിഷ്ടരായ പ്രവാചകൻമാരുടെ സമൂഹത്തിൽ വെച്ച് ഏറ്റവും വിശിഷ്ടനായ വ്യക്തിയായ നബി(സ) തിരുമേനിയെ ക്കുറിച്ചാണ് ഇതെല്ലാം അല്ലാഹു പറഞ്ഞത്. പ്രവാചക പദവിയുടെ എത്രയൊ താഴെക്കിടയിൽ സ്ഥിതി ചെയ്യുന്ന ചില പുണ്യവാൻമാരെക്കുറിച്ച് അവർക്ക് അസാധാരണമായ കഴിവുകളുണ്ടെന്നും, അവർക്ക് മറഞ്ഞ കാര്യങ്ങൾ അറിയാമെന്നും, അദൃശ്യമായ സ്വാധീന ശക്തികളുമുണ്ടെന്നുമൊക്കെ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും, അതിലൂടെ ഭൗതിക നേട്ടങ്ങൾ കൊയ്യു

കയും ചെയ്യുന്ന, പണ്ഡിത നാമ വേഷധാരികൾ , ഈ ഒരൊറ്റ ഖുർ ആൻ വചനം മനസ്സിരുത്തി ഉൾക്കൊണ്ടിരുന്നുവെങ്കിൽ , ഇന്ന് സമുദായ മദ്ധ്യത്തിൽ പ്രചുര പ്രചാരം സിദ്ധിച്ച് കഴിഞ്ഞ അന്ധവിശ്വാങ്ങളും അനാചാരങ്ങളും സ്വയം ഇല്ലാതാകുമായിരുന്നു. എന്നാൽ തുറന്ന മനസ്സോടെ അല്ലാഹുവിന്റെയും റസൂലിന്റെയും വചനങ്ങൾ ഗ്രഹിക്കുവാനും ഉൾക്കൊള്ളുവാനും സന്നദ്ധതയുള്ളവർക്കെ അതിന് ഭാഗ്യം ലഭിക്കുകയുള്ളു. അല്ലാത്തവരോട് എത്ര വേദാന്തം ഓതി കേൾപ്പിച്ചിട്ടും ഫലമുണ്ടാവുകയില്ല . ഈ രണ്ട് തരക്കാരെക്കുറിച്ച് തന്നെയാണ് അല്ലാഹു തുടർന്ന് പറയുന്നത്.

"പറയുക, അന്ധനും കാഴ്ചയുള്ളവനും സമമാകുമോ? അപ്പോൾ നിങ്ങൾ ചിന്തിച്ച് നോക്കുന്നില്ലേ?"

## വിഭാഗം 6

**വചനം 51**

وَأَنذِرۡ بِهِ ٱلَّذِينَ يَخَافُونَ أَن يُحۡشَرُوٓاْ إِلَىٰ رَبِّهِمۡ لَيۡسَ لَهُم مِّن دُونِهِۦ وَلِيّٞ وَلَا شَفِيعٞ لَّعَلَّهُمۡ يَتَّقُونَ ٥١

51 ഇതു (വഹ്യ് നൽകപ്പെടുന്നത്) മുഖേന നീ താക്കീത് നൽകുകയും ചെയ്യുക. തങ്ങളുടെ റബ്ബിങ്കലേക്ക് ഒരുമിച്ചുകൂട്ടപ്പെടുമെന്നു ഭയപ്പെടുന്നവരെ; അവർക്ക് അവനു പുറമെ ഒരു രക്ഷാധികാരി (അഥവാ കൈകാര്യ കർത്താവ്) ആകട്ടെ, ഒരു ശുപാർശകനാകട്ടെ (ഉണ്ടായിരിക്കുക) യില്ല. അവർ സൂക്ഷിച്ചേക്കാം.

---

അല്ലാഹുവിന്റെ മുമ്പിൽ തങ്ങളുടെ ചെയ്തികളെക്കുറിച്ച് ഉത്തരം പറയേണ്ടി വരുമെന്ന ബോധമില്ലാത്തവരെ താക്കീത് ചെയ്തത് കൊണ്ട് അവർ സൂക്ഷ്മത പാലിക്കുവാൻ തയ്യാറാകുകയില്ലല്ലോ. അത് കൊണ്ടാണ് പ്രസ്തുത ഭയപ്പാടുള്ളവരെ താക്കീത് ചെയ്യണമെന്ന് അല്ലാഹു പറയുന്നത്.

**വചനം 52, 53, 54, 55**

وَلَا تَطۡرُدِ ٱلَّذِينَ يَدۡعُونَ رَبَّهُم بِٱلۡغَدَوٰةِ وَٱلۡعَشِيِّ يُرِيدُونَ وَجۡهَهُۥۖ مَا عَلَيۡكَ مِنۡ حِسَابِهِم مِّن شَيۡءٖ وَمَا مِنۡ حِسَابِكَ عَلَيۡهِم مِّن شَيۡءٖ فَتَطۡرُدَهُمۡ فَتَكُونَ مِنَ ٱلظَّٰلِمِينَ ٥٢

52 തങ്ങളുടെ റബ്ബിൻെറ പ്രീതിയെ ഉദ്ദേശിച്ചു കൊണ്ട് രാവിലെയും, വൈകുന്നേരവും (സദാ) അവനെ വിളിച്ചു (പ്രാർത്ഥിച്ചു) കൊണ്ടിരിക്കുന്നവരെ നീ ആട്ടിക്കളയരുത്. അവരുടെ വിചാരണയിൽനിന്ന് ഒട്ടുംതന്നെ, നിൻെറ മേൽ (ബാദ്ധ്യത) ഇല്ല; നിൻെറ വിചാരണയിൽ നിന്ന് ഒട്ടുംതന്നെ അവരുടെ മേലും (ബാദ്ധ്യത) ഇല്ല. (എല്ലാവരേയും വിചാരണ നടത്തി തീരുമാനമെടുക്കുവാനുള്ള അധികാരം അല്ലാഹുവിനാണ്.) എന്നാൽ (അങ്ങിനെയുണ്ടെങ്കിൽ) നിനക്കവരെ ആട്ടിക്കളയാമായിരുന്നു; അപ്പോൾ, (ആട്ടിക്കളഞ്ഞാൽ) നീ അക്രമികളിൽ പെട്ടവനായിത്തീരുന്നതുമാണ്.

وَكَذَٰلِكَ فَتَنَّا بَعۡضَهُم بِبَعۡضٖ لِّيَقُولُوٓاْ أَهَٰٓؤُلَآءِ مَنَّ ٱللَّهُ عَلَيۡهِم مِّنۢ بَيۡنِنَآۗ أَلَيۡسَ ٱللَّهُ بِأَعۡلَمَ بِٱلشَّٰكِرِينَ ٥٣

53 അപ്രകാരം, അവരിൽ ചിലരെ ചിലരെക്കൊണ്ടു നാം പരീക്ഷണം ചെയ്തിരിക്കുന്നു; "ഞങ്ങളുടെ ഇടയിൽ നിന്ന് ഇവർക്കാണോ അല്ലാഹു അനുഗ്രഹം നൽകിയത്?!" എന്ന് അവർ പറയുവാൻവേണ്ടി. നന്ദി കാണിക്കുന്നവരെപ്പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനല്ലയോ?!

وَإِذَا جَآءَكَ ٱلَّذِينَ يُؤۡمِنُونَ بِـَٔايَٰتِنَا فَقُلۡ سَلَٰمٌ عَلَيۡكُمۡۖ كَتَبَ رَبُّكُمۡ عَلَىٰ

54 നമ്മുടെ 'ആയത്തു' (ലക്ഷ്യം) കളിൽ വിശ്വസിക്കുന്നവർ നിൻെറ അടുക്കൽ വന്നാൽ, നീ (അവരോട്) പറയുക: "നിങ്ങൾക്ക് സമാധാന ശാന്തിയുണ്ടാവട്ടെ! നിങ്ങളുടെ റബ്ബ് തൻെറ

نَفْسِهِ ٱلرَّحْمَةَ ۖ أَنَّهُۥ مَنْ عَمِلَ مِنكُمْ سُوٓءًۢا بِجَهَٰلَةٍ ثُمَّ تَابَ مِنۢ بَعْدِهِۦ وَأَصْلَحَ فَأَنَّهُۥ غَفُورٌ رَّحِيمٌ ﴿٥٤﴾

സ്വന്തം പേരിൽ കാരുണ്യം (ഒരു ബാധ്യതയായി) നിശ്ചയിച്ചിരിക്കുന്നു; അതായത്, നിങ്ങളിൽനിന്ന് ആരെങ്കിലും വിഡ്ഢിത്തം നിമിത്തം വല്ല തിൻമയും പ്രവർത്തിച്ച് പിന്നീട് അതിൻെറ ശേഷം പശ്ചാത്തപിക്കുകയും, (കർമ്മം) നന്നാക്കിത്തീർക്കുകയും ചെയ്താൽ, അപ്പോൾ, അവൻ വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നുവെന്ന്."

وَكَذَٰلِكَ نُفَصِّلُ ٱلْءَايَٰتِ وَلِتَسْتَبِينَ سَبِيلُ ٱلْمُجْرِمِينَ ﴿٥٥﴾

55 അപ്രകാരം നാം 'ആയത്തു' (ലക്ഷ്യം) കളെ വിശദീകരിച്ചു തരുന്നു; കുറ്റവാളികളുടെ മാർഗ്ഗം വ്യക്തമായിക്കാണുവാൻ വേണ്ടിയും (കൂടി) ആകുന്നു (അത്).

- - - - - - - - - - - - - - - - - - - - - - - - - - - - - - - -

ചില ഖുറൈശി പ്രമാണികൾ നബി(സ)യുടെ അടുക്കൽ വരുകയുണ്ടായ ഒരു സന്ദർഭത്തിൽ നബി(സ) തിരുമേനി സുഹൈബു, അമ്മാർ, ബിലാൽ, ഖബ്ബാബു(റ) എന്നീ പാവപെട്ടവരും സാധുക്കളുമായ സഹാബികളുടെ കൂടെയായിരുന്നു. ആ പ്രമാണികൾ നബി(സ)യൊട് അവരെ, കൂട്ടത്തിൽ നിന്ന് ആട്ടിക്കളയാനും, അങ്ങനെയെങ്കിൽ ഞങ്ങൾ നിന്നെ പിൻ പറ്റാം എന്നും പറയുകയുണ്ടായി. ഈ സംഭവമാണ്, ഈ ഖുർ ആൻ വചനങ്ങൾ അവതരിക്കാൻ ഹേതുവെന്ന് കരുതപെടുന്നു.

അല്ലാഹുവിന്റെ ആരാധനയിലും പ്രാർത്ഥനയിലും സമയം ചിലവഴിച്ച് വരുന്ന നിഷ്കളങ്കരായ മനുഷ്യരെ - അവർ എത്ര പാവങ്ങളായിക്കൊള്ളട്ടെ -അവഗണിക്കരുത്. അവരുടെ ഗുണദോഷങ്ങളെ വിചാരണ ചെയ്ത് തീരുമാനമെടുക്കേണ്ടുന്ന ബാധ്യത അല്ലാഹുവിന് മാത്രമാകുന്നു. സത്യം സ്വീകരിക്കാൻ ആദ്യം മുമ്പോട്ട് വരുക പാവങ്ങളും സാധുക്കളുമാകുന്നതും ഉന്നതവിഭാഗം അതിൽ പിന്നോക്കം നില്ക്കുന്നതും മറ്റുള്ളവരെ അവർ പുച്ഛിക്കുന്നതും ഒക്കെ അല്ലാഹു ചെയ്യുന്ന ചില പരീക്ഷണങ്ങളാകുന്നു. അങ്ങനെ അല്ലാഹുവിന്റെ സന്ദേശങ്ങളിൽ വിശ്വസിക്കുവാൻ മുന്നോട്ട് വരുന്നവർ ആരായാലും അവരെ അഭിവാദ്യം ചെയ്ത് സ്വീകരിക്കുക തന്നെ വേണം. അവർ അറിവില്ലായ്മ മൂലം ചെയ്ത് പോയ തിന്മകളെ പറ്റി ഖേദിച്ച് മടങ്ങി, നന്നായിത്തീർന്നാൽ അല്ലാഹു പൊറുത്തു കൊടുക്കുന്നതുമാണ്.

പ്രവാചകൻമാരുടെ പ്രബോധനങ്ങൾ വിശ്വസിക്കുന്നതിൽ മുമ്പൻമാർ എല്ലാ കാലത്തും സാധുക്കളായ ആളുകൾ തന്നെയായിരിക്കും. നൂഹ് നബി(അ) മുതൽ നബി(സ) തിരുമേനി വരെയുള്ള പ്രബോധകരുടെയും അവസ്ഥ അത് തന്നെയായിരുന്നു. റോമാ ചക്രവർത്തിയായ ഹിറഖ്ലി യൂസിനെ ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ടു നബി(സ) കത്തയച്ചപ്പോൾ, അന്ന് ശാമിലുണ്ടായിരുന്ന അബൂ സൂഫ് യാനെ (റ) വിളിച്ച് അന്വേഷണം നടത്തിയപ്പോൾ നബി(സ) യെ പിൻപറ്റിയവർ ദുർബല വിഭാഗക്കാരാണെന്ന് അബൂ സൂഫ് യാൻ (റ) അറിയിച്ചപ്പോൾ , ഹിറഖ്ലി യൂസു പറഞ്ഞു "അങ്ങനെത്തന്നെയാണുണ്ടാവുക. റസൂലുകളെ ആദ്യം പിൻപറ്റുന്നവർ ദുർബലന്മാരായിരിക്കും"

"കാരുണ്യം തന്റെ ബാധ്യതയായി നിങ്ങളുടെ റബ്ബ് നിശ്ചയിച്ച് വെച്ചിരിക്കുന്നു " എന്നുള്ള വാചകം, സത്യവിശ്വാസികൾക്ക് അത്യന്തം സന്തോഷകരവും ആശാവഹവുമായ ഒരു വാഗ്ദാനമാകുന്നു. 12 ാം വചനത്തിലും ഇക്കാര്യം അല്ലാഹു ഉണർത്തുകയുണ്ടായി.

നബി(സ) ഇപ്രകാരം അരുളിയിരിക്കുന്നു. "അല്ലാഹുവിന്റെ കാരുണ്യത്തിന്റെ നൂറിൽ ഒരു ഭാഗം മാത്രമാണ് മനുഷ്യരടക്കമുള്ള എല്ലാ ജീവികളിലുമായി അവൻ (ഇഹത്തിൽ) നൽകിയിരിക്കുന്നത്. ബാക്കി തൊണ്ണൂറ്റി ഒമ്പത് ഭാഗവും തന്റെ അടിയാൻമാർക്കിടയിൽ കരുണ ചെയ്വാനായി ഖിയാമത്ത് നാളിലേക്ക് അല്ലാഹു മാറ്റിവെച്ചിരിക്കുകയാണ് ".

"വിഡ്ഢിത്തം നിമിത്തം തിന്മ പ്രവർത്തിക്കുക " എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യ ത്തെക്കുറിച്ച് സൂ നിസാഅ് 17ാം വചനത്തിന്റെ വ്യഖ്യാനത്തിൽ വിവരിച്ച് കഴിഞ്ഞിട്ടുണ്ട്.

## വിഭാഗം 7

**വചനം 56, 57, 58, 59**

قُلْ إِنِّى نُهِيتُ أَنْ أَعْبُدَ ٱلَّذِينَ

56 പറയുക: "അല്ലാഹുവിനു പുറമെ നിങ്ങൾ വിളി(ച്ചു പ്രാർത്ഥി) ക്കുന്നവരെ ഞാൻ

تَدْعُونَ مِن دُونِ ٱللَّهِ ۚ قُل لَّآ أَتَّبِعُ
أَهْوَآءَكُمْ ۙ قَدْ ضَلَلْتُ إِذًا وَمَآ أَنَا۠
مِنَ ٱلْمُهْتَدِينَ ﴿٥٦﴾
قُلْ إِنِّى عَلَىٰ بَيِّنَةٍ مِّن رَّبِّى وَكَذَّبْتُم
بِهِۦ ۚ مَا عِندِى مَا تَسْتَعْجِلُونَ
بِهِۦٓ ۚ إِنِ ٱلْحُكْمُ إِلَّا لِلَّهِ ۖ يَقُصُّ ٱلْحَقَّ ۖ
وَهُوَ خَيْرُ ٱلْفَٰصِلِينَ ﴿٥٧﴾
قُل لَّوْ أَنَّ عِندِى مَا تَسْتَعْجِلُونَ بِهِۦ
لَقُضِىَ ٱلْأَمْرُ بَيْنِى وَبَيْنَكُمْ ۗ وَٱللَّهُ
أَعْلَمُ بِٱلظَّٰلِمِينَ ﴿٥٨﴾
۞ وَعِندَهُۥ مَفَاتِحُ ٱلْغَيْبِ لَا يَعْلَمُهَآ
إِلَّا هُوَ ۚ وَيَعْلَمُ مَا فِى ٱلْبَرِّ وَٱلْبَحْرِ ۚ
وَمَا تَسْقُطُ مِن وَرَقَةٍ إِلَّا يَعْلَمُهَا وَلَا
حَبَّةٍ فِى ظُلُمَٰتِ ٱلْأَرْضِ وَلَا رَطْبٍ وَلَا
يَابِسٍ إِلَّا فِى كِتَٰبٍ مُّبِينٍ ﴿٥٩﴾

ആരാധിക്കുന്നത് നിശ്ചയമായും എന്നോട് വിരോധിക്കപ്പെട്ടിരിക്കുന്നു.'' പറയുക: "നിങ്ങളുടെ ഇച്ഛകളെ ഞാൻ പിൻപറ്റുകയില്ല; (അങ്ങിനെ ചെയ്താൽ) അന്നേരം, ഞാൻ തീർച്ചയായും വഴിപിഴച്ചു; ഞാൻ സൻമാർഗ്ഗം പ്രാപിച്ചവരിൽപെട്ടവനല്ലതാനും."

57 പറയുക: ''നിശ്ചയമായും ഞാൻ, എൻെറ റബ്ബിങ്കൽ നിന്നുള്ള വ്യക്തമായ തെളിവോ ടെയാണുള്ളത്; നിങ്ങൾ അതിനെ വ്യാജ മാക്കുകയും ചെയ്തിരിക്കയാണ്. നിങ്ങൾ യാതൊന്നിന് ധൃതി കൂട്ടിക്കൊണ്ടിരിക്കുന്നുവോ അത് എൻെറ പക്കൽ ഇല്ല. വിധി(യുടെ അധികാരം) അല്ലാഹുവിനല്ലാതെ (ആർക്കും) ഇല്ല. അവൻ യഥാർത്ഥത്തെ കഥനം ചെയ്തു (വിവരിച്ചു) തരുന്നു; അവൻ തീർപ്പു കൽപിക്കുന്നവരിൽവെച്ചു ഉത്തമനുമത്രെ."

58 പറയുക: "നിങ്ങൾ ധൃതികൂട്ടിക്കൊണ്ടിരിക്കുന്ന കാര്യം എൻെറ പക്കൽ ഉണ്ടെന്നു വരികിൽ, എനിക്കും നിങ്ങൾക്കുമിടയിൽ കാര്യം തീരുമാനിക്കപ്പെടുക തന്നെ ചെയ്തിരുന്നു. അല്ലാഹുവാകട്ടെ, അക്രമികളെപ്പറ്റി നല്ലവണ്ണം അറിയുന്നവനാകുന്നു."

59 അവൻെറ (അല്ലാഹുവിൻെറ) പക്കലാണ് അദൃശ്യകാര്യത്തിൻെറ താക്കോലുകൾ; അവനല്ലാതെ അവയെക്കുറിച്ച് അറിയുകയില്ല. കരയിലും കടലിലുമുള്ളത് ഒക്കെയും അവൻ അറിയുന്നു. ഒരു ഇലയും തന്നെ, അതവൻ അറിയാതെ (കൊഴിഞ്ഞു) വീഴുന്നതല്ല; ഭൂമിയുടെ അന്ധകാരങ്ങളിലുള്ള ഒരു ധാന്യമണിയാകട്ടെ, ഒരു (ഈറമുള്ള) പച്ച വസ്തുവാകട്ടെ, ഉണങ്ങിയതാകട്ടെ, സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ (രേഖപ്പെടുത്തപ്പെട്ടിട്ട്) ഇല്ലാതെയില്ല.

---

മുഹമ്മദ് പറയുന്നതൊക്കെ നേരാണെങ്കിൽ , അതിനെ നിഷേധിക്കുന്ന ഞങ്ങൾക്ക് എന്ത് കൊണ്ട് ശിക്ഷയൊന്നും അനുഭവപ്പെടുന്നില്ല എന്നും മറ്റും മുശ്‌രിക്കുകൾ പരിഹാസപൂർവ്വം പറയാറുണ്ടായിരുന്നു. മുശ്‌രിക്കുകളുടെ സമാനതരത്തിലുള്ള പരിഹാസം സൂ: അൻഫാൽ: 32 ൽ അല്ലാഹു ഉദ്ധരിക്കുന്നുണ്ട്. അതിനെ സൂചിപ്പിച്ച് കൊണ്ടാണ് 'നിങ്ങൾ ധൃതി കൂട്ടുന്ന കാര്യം' എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നത്

അവിശ്വാസികളോട് ഇപ്രകാരം പറയാനായി അല്ലാഹു നബി(സ) യൊട് കല്പിക്കുന്നു : "നിങ്ങളുടെ ആരാധ്യ ദൈവങ്ങളെ ആരാധിക്കുവാനോ, തോന്നിയവാസങ്ങളെ അനുകരിക്കാനോ ഞാൻ തയാറല്ല -അങ്ങനെ ചെയ്താൽ ഞാൻ വഴി പിഴച്ച് പോകും. അല്ലാഹുവിൽ നിന്നുള്ള എനിക്ക് ലഭിച്ച വ്യക്തമായ തെളിവുകൾ വ്യാജമാക്കിത്തള്ളുന്നതാണ് നിങ്ങൾക്ക് പിണഞ്ഞ ആപത്ത്. ശിക്ഷയെ ക്കുറിച്ചുള്ള നിങ്ങളുടെ ധൃതി കൂട്ടലിനെ പറ്റിയാണെങ്കിൽ, അക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള അവകാശം അല്ലാഹുവിനാണ്. അക്കാര്യം എന്റെ അധീനത്തിൽ പെട്ടതല്ല. നമ്മിൽ അക്രമികൾ ആരാണെന്ന് അറിയാവുന്ന അല്ലാഹു യുക്തമായ സമയത്തും രീതിയിലും പ്രശ്നത്തിനുള്ള പരിഹാരം ഉണ്ടാക്കുന്നതാണ്. എത്ര നിഗൂഢവും നിസ്സാരവുമായ ഏതൊരു കാര്യവും അറിയുന്ന, അദൃശ്യ ജ്ഞാനിയായ , അല്ലാഹുവിന്റെ പക്കൽ സ്പഷ്ടമായ ഗ്രന്ഥത്തിൻ രേഖപെടുത്തപെടാത്ത യാതൊരു വസ്തുതയും കരയിലൊ കടലിലൊ ഇല്ല തന്നെ."

**വചനം 60**

60 അവനത്രെ, രാത്രിയിൽ നിങ്ങളെ (ഉറക്കിൽ) പിടിച്ചെടുക്കുന്നവൻ. പകലിൽ നിങ്ങൾ പ്രവർത്തിച്ചത് അവൻ അറിയുകയും ചെയ്യുന്നു. പിന്നെ (ഉറക്കിനു ശേഷം) നിർണ്ണയം ചെയ്യപ്പെട്ട ഒരവധി (പൂർത്തിയാക്കി) നിർവ്വഹിക്കപ്പെടുവാനായി അതിൽ (പകലിൽ) അവൻ നിങ്ങളെ എഴുന്നേൽപിക്കുന്നു. പിന്നെ അവങ്കലേക്കാണ് നിങ്ങളുടെ മടങ്ങി വരവ്. പിന്നീട്, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെക്കുറിച്ചു നിങ്ങളെ അവൻ ബോധപ്പെടുത്തുന്നതാണ്.

وَهُوَ ٱلَّذِى يَتَوَفَّىٰكُم بِٱلَّيْلِ وَيَعْلَمُ مَا جَرَحْتُم بِٱلنَّهَارِ ثُمَّ يَبْعَثُكُمْ فِيهِ لِيُقْضَىٰٓ أَجَلٌ مُّسَمًّى ۖ ثُمَّ إِلَيْهِ مَرْجِعُكُمْ ثُمَّ يُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿٦٠﴾

---

**توفى** (തവഫ്- ഫീ) എന്ന പദത്തിന് "പൂർണമായെടുക്കുക, നിറവേറ്റിയെടുക്കുക, പിടിച്ചെടുക്കുക (മരണം, ഉറക്ക്, മുതലായവയിലൂടെ ) എന്നൊക്കെ അർത്ഥമുണ്ട്. ഇവിടെ ഉറക്കുക എന്ന ഉദ്ദേശ്യത്തിലാണത് പ്രയോഗിച്ചിട്ടുള്ളത്.

'നിർണയിക്കപെട്ട അവധി' എന്നത് കൊണ്ടുദ്ദേശ്യം ഓരോരുത്തനും നിശ്ചയിക്കപെട്ട ആയുഷ് കാലമാകുന്നു. രാത്രിയിൽ മരണസമാനമായ ഉറക്ക് നല്കിയതിന് ശേഷം, ആയുഷ് കാലാവധി തീരുന്നത് വരെ ജീവിക്കാൻ വേണ്ടി വീണ്ടും നിങ്ങളെ ഉയിർത്തെഴുനേൽപിച്ച് കൊണ്ടിരിക്കുന്നുവെന്നും , അങ്ങനെഅവസാനം സാക്ഷാൽ മരണം നല്കുകയും, മരണാനന്തരം വീണ്ടും എഴുന്നേൽപിച്ച് മുൻ ചെയ്ത കാര്യങ്ങളെക്കുറിച്ച് നടപടി എടുക്കുകയും ചെയ്യുമെന്ന് സാരം.

## വിഭാഗം - 8

**വചനം 61, 62**

61 അവനത്രെ, തൻെറ അടിയാൻമാരുടെ മേലുള്ള സർവ്വാധികാരി. അവൻ നിങ്ങളിൽ കാവൽക്കാരെ അയക്കുകയും ചെയ്യുന്നു. അങ്ങനെ, നിങ്ങളിലൊരാൾക്ക് മരണം വന്നെത്തുമ്പോൾ, നമ്മുടെ ദൂതൻമാർ അവനെ പിടിച്ചെടുക്കുന്നു; അവരാകട്ടെ, വീഴ്ചവരുത്തുകയില്ലതാനും.
62 പിന്നീട്, അവർ (പിടിച്ചെടുക്കപ്പെട്ടവ) തങ്ങളുടെ യഥാർത്ഥ യജമാനനിലേക്ക് മടക്കിക്കൊണ്ടു വരപ്പെടുന്നതാണ്. അല്ലാ! (അറിയുക:) അവനാണ് വിധി (യുടെ അധികാരം) ഉള്ളത്. അവൻ കണക്കു നോക്കുന്നവരിൽവെച്ച് ഏററവും വേഗതയുള്ളവനുമാകുന്നു.

وَهُوَ ٱلْقَاهِرُ فَوْقَ عِبَادِهِۦ ۖ وَيُرْسِلُ عَلَيْكُمْ حَفَظَةً حَتَّىٰٓ إِذَا جَآءَ أَحَدَكُمُ ٱلْمَوْتُ تَوَفَّتْهُ رُسُلُنَا وَهُمْ لَا يُفَرِّطُونَ ﴿٦١﴾

ثُمَّ رُدُّوٓا۟ إِلَى ٱللَّهِ مَوْلَىٰهُمُ ٱلْحَقِّ ۚ أَلَا لَهُ ٱلْحُكْمُ وَهُوَ أَسْرَعُ ٱلْحَٰسِبِينَ ﴿٦٢﴾

'കാവൽക്കാർ' (**حفظة**) എന്ന് പറഞ്ഞത് കർമ്മങ്ങളെ രേഖപെടുത്തുന്നതിനായി നിയോഗിക്കപെട്ട മലക്കുകളെ ഉദ്ദേശിച്ചാകുന്നു. (സൂ : ഇൻഫിത്വാർ 10-12 ലും സൂ:ഖാഫ് 18 ലും നോക്കുക ). നമ്മുടെ ദൂതന്മാർ (**رسلنا**) എന്ന് പറഞ്ഞത് മരണപ്പെടുത്തുന്ന ദൗത്യം ഏൽപ്പിക്കപ്പെട്ടിട്ടുള്ള മലക്കുകളാകുന്നു. ( സൂ : സജദ 11 ഉം മറ്റും നോക്കുക.

**വചനം 63 , 64, 65**

63 പറയുക: "കരയിലെയും, കടലിലെയും അന്ധകാരങ്ങളിൽനിന്ന് നിങ്ങളെ രക്ഷപ്പെടുത്തു

قُلْ مَن يُنَجِّيكُم مِّن ظُلُمَٰتِ ٱلْبَرِّ وَٱلْبَحْرِ

تَدۡعُونَهُۥ تَضَرُّعٗا وَخُفۡيَةٗ لَّئِنۡ أَنجَىٰنَا مِنۡ هَٰذِهِۦ لَنَكُونَنَّ مِنَ ٱلشَّٰكِرِينَ ٦٣

ന്നതാരാണ്? വിനയം കാണിച്ചും, രഹസ്യമായും അവനെ നിങ്ങൾ വിളിച്ചു (പ്രാർത്ഥിച്ചു) കൊണ്ടിരിക്കെ! "ഇതിൽനിന്ന് ഞങ്ങളെ അവൻ രക്ഷപ്പെടുത്തിയെങ്കിൽ നിശ്ചയമായും ഞങ്ങൾ നന്ദി കാണിക്കുന്നവരുടെ കൂട്ടത്തിൽ ആയിത്തീരുക തന്നെ ചെയ്യും'' എന്നു (പറഞ്ഞുകൊണ്ട്).

قُلِ ٱللَّهُ يُنَجِّيكُم مِّنۡهَا وَمِن كُلِّ كَرۡبٖ ثُمَّ أَنتُمۡ تُشۡرِكُونَ ٦٤

64 പറയുക: "അതിൽനിന്നും, എല്ലാ ദുഃഖങ്ങളിൽ നിന്നും അല്ലാഹു (തന്നെ) നിങ്ങളെ രക്ഷപ്പെടുത്തുന്നു. (എന്നിട്ടും) പിന്നെ, നിങ്ങൾ (അവനോട്) പങ്കു ചേർക്കുന്നു!"

قُلۡ هُوَ ٱلۡقَادِرُ عَلَىٰٓ أَن يَبۡعَثَ عَلَيۡكُمۡ عَذَابٗا مِّن فَوۡقِكُمۡ أَوۡ مِن تَحۡتِ أَرۡجُلِكُمۡ أَوۡ يَلۡبِسَكُمۡ شِيَعٗا وَيُذِيقَ بَعۡضَكُم بَأۡسَ بَعۡضٍۗ ٱنظُرۡ كَيۡفَ نُصَرِّفُ ٱلۡأٓيَٰتِ لَعَلَّهُمۡ يَفۡقَهُونَ ٦٥

65 പറയുക: "അവനത്രെ കഴിവുള്ളവൻ, നിങ്ങളുടെ മുകളിൽനിന്നോ, നിങ്ങളുടെ കാലുകളുടെ അടിയിൽനിന്നോ നിങ്ങളിൽ വല്ല ശിക്ഷയും അയക്കുവാനും, അല്ലെങ്കിൽ, നിങ്ങളെ (ഭിന്ന) കക്ഷികളായി കൂട്ടികലർത്തി ആശയക്കുഴപ്പത്തിലാക്കുകയും, നിങ്ങളിൽ ചിലർക്ക് ചിലരുടെ ശൗര്യം (കാഠിന്യം) അനുഭവിപ്പിക്കുകയും ചെയ്വാനും.'' നോക്കൂ: അവർ (കാര്യം) ഗ്രഹിക്കുവാൻവേണ്ടി നാം 'ആയത്തു' (ലക്ഷ്യം) കളെ വിവിധ രൂപത്തിൽ വിവരിച്ചു കൊടുക്കുന്നത് എങ്ങിനെയാണെന്ന്!

---

കരയിലായാലും കടലിലായാലും അത്യാപത് ഘട്ടങ്ങളിൽ ബഹുദൈവവിശ്വാസികളും അല്ലാഹുവിനെ ഭക്തിയോടും താഴ്മയോടും വിളിച്ച് രക്ഷക്കപേക്ഷിക്കുന്നു. യഥാർത്ഥത്തിൽ രക്ഷ നൽകുന്നവൻ അല്ലാഹു മാത്രമാണെന്നവർക്കെല്ലാം ബോധോദയം വരുന്നു. എന്നാൽ ആപത്തിൽ നിന്ന് അല്ലാഹു രക്ഷ നല്കിയാലോ .. അവർ പഴയ പടി ശിർക്ക് തന്നെ പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ അതിവർഷം, അതിശൈത്യം , മഹാവ്യാധി, പകർച്ചവ്യാധി, ഇടിമിന്നൽ, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഭൂകമ്പം , ആദിയായി , മുകളിൽ നിന്നും അടിയിൽ നിന്നും എന്തെങ്കിലും ശിക്ഷ നിങ്ങൾക്ക് നല്കാനും, അല്ലെങ്കിൽ നിങ്ങൾ പരസ്പരം ഭിന്നിച്ച് പരസ്പരം കലഹിച്ച് നാശം ഭവിപ്പിക്കുവാനോ അല്ലാഹുവിന് കഴിവുണ്ടെന്ന് നിങ്ങൾ ഓർക്കേണ്ടതാണെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു.

65 ാം വചനത്തിൽ നിങ്ങളുടെ മുകളിൽനിന്നോ നിങ്ങളുടെ കാലുകളുടെ അടിയിൽ നിന്നോ ശിക്ഷ അയക്കുവാൻ കഴിവുള്ളവനാണ് അല്ലാഹു എന്ന് അവതരിച്ചപ്പോൾ രണ്ട് തവണയും നബി(സ) തിരുമേനി പറഞ്ഞു. "അല്ലാഹുവെ, ഞാൻ നിന്നോട് ശരണം തേടുന്നു". എന്ന്

"നിങ്ങളെ പല കക്ഷികളായി കൂട്ടിക്കലർത്തി പരസ്പരം കാഠിന്യം അനുഭവിപ്പിക്കാനും കഴിവുള്ളവനാണ് " എന്ന് അവതരിച്ചപ്പോൾ അവിടുന്ന് പറഞ്ഞു. " ഇത് (മറ്റുള്ളവയെക്കാൾ ) നിസ്സാരമാണ് " എന്ന്.

**വചനം 66, 67**

وَكَذَّبَ بِهِۦ قَوۡمُكَ وَهُوَ ٱلۡحَقُّۚ قُل لَّسۡتُ عَلَيۡكُم بِوَكِيلٖ ٦٦

66 (നബിയേ) നിൻെറ ജനത ഇതിനെ (ഖുർആനെ)- യഥാർത്ഥം അതായിരിക്കെ-വ്യാജമാക്കിയിരിക്കയാണ്. പറയുക: "ഞാൻ നിങ്ങളുടെ മേൽ (ഉത്തരവാദിത്വം) ഏൽപിക്കപ്പെട്ടവനൊന്നുമല്ല."

67 “എല്ലാ വർത്തമാനത്തിനുമുണ്ട് (അത്) ഒരു കലാശം; വഴിയെ നിങ്ങൾക്ക് അറിയാറാകുന്നതുമാണ്.”

لِّكُلِّ نَبَإٖ مُّسۡتَقَرّٞۚ وَسَوۡفَ تَعۡلَمُونَ ٦٧

---

“അല്ലാഹുവിന്റെ സന്ദേശങ്ങൾ നിങ്ങൾക്കെത്തിച്ച് തരുന്ന ഉത്തരവാദിത്വം ഞാൻ നിർവഹിക്കുന്നുണ്ട്, അവയെ യഥാർത്ഥമായി പുലരുന്ന ഒരവസരമുണ്ട്. അപ്പോൾ നിങ്ങൾ കണ്ണ് തുറക്കുന്നതാണ്.”

---

**വചനം 68, 69, 70**

68 നമ്മുടെ ‘ആയത്തു’ (ലക്ഷ്യം) കളിൽ മുഴുകി (കുഴപ്പമുണ്ടാക്കി) ക്കൊണ്ടിരിക്കുന്നവരെ നീ കണ്ടാൽ, അവർ അതല്ലാത്ത (വേറെ) ഒരു വിഷയത്തിൽ മുഴുകുന്നത് (പ്രവേശിക്കുന്നതു) വരെ അവരിൽ നിന്നു നീ തിരിഞ്ഞു കളയുക. (വല്ലപ്പോഴും)പിശാച് നിന്നെ മറപ്പിച്ചുകളയുന്ന പക്ഷം, അപ്പോൾ, ഓർമ്മക്കുശേഷം (ആ) അക്രമികളുടെ കൂടെ നീ ഇരിക്കരുത്.

وَإِذَا رَأَيۡتَ ٱلَّذِينَ يَخُوضُونَ فِيٓ ءَايَٰتِنَا فَأَعۡرِضۡ عَنۡهُمۡ حَتَّىٰ يَخُوضُواْ فِي حَدِيثٍ غَيۡرِهِۦۚ وَإِمَّا يُنسِيَنَّكَ ٱلشَّيۡطَٰنُ فَلَا تَقۡعُدۡ بَعۡدَ ٱلذِّكۡرَىٰ مَعَ ٱلۡقَوۡمِ ٱلظَّٰلِمِينَ ٦٨

69 സൂക്ഷ്മത പാലിക്കുന്നവരുടെ മേൽ അവരുടെ വിചാരണയിൽ നിന്ന് ഒന്നുംതന്നെ (ബാദ്ധ്യത) ഇല്ല; എങ്കിലും ഓർമ്മിപ്പിക്കൽ (അതാണു ബാദ്ധ്യത.) ; അവർ സൂക്ഷിച്ചേക്കാമല്ലോ.

وَمَا عَلَى ٱلَّذِينَ يَتَّقُونَ مِنۡ حِسَابِهِم مِّن شَيۡءٖ وَلَٰكِن ذِكۡرَىٰ لَعَلَّهُمۡ يَتَّقُونَ ٦٩

70 തങ്ങളുടെ മതത്തെ കളിയും, വിനോദവുമാക്കിത്തീർക്കുകയും, ഐഹിക ജീവിതം വഞ്ചിക്കുകയും ചെയ്തിട്ടുള്ളവരെ നീ (അവരുടെ പാട്ടിന്) വിട്ടേക്കുകയും ചെയ്യുക. ഏതൊരു ആത്മാവും(വ്യക്തിയും) അത് (പ്രവർത്തിച്ചു) സമ്പാദിച്ചത് നിമിത്തം ബന്ധിക്കപ്പെടുമെന്ന (നാശത്തിന് വിധേയമാക്കപ്പെടുമെന്ന) തിനാൽ ഇതുമൂലം (ഖുർആൻ മുഖേന) നീ ഉപദേശംനൽകുകയും ചെയ്യുക. അല്ലാഹുവിനെ കൂടാതെ അതിന് ഒരു രക്ഷാകർത്താവാകട്ടെ, ശുപാർശക്കാരനാകട്ടെ (ഉണ്ടായിരിക്കുക) ഇല്ല. അത് എല്ലാ(വിധ) തെണ്ടവും (അഥവാ പ്രായശ്ചിത്തവും) നൽകിയാലും അതിൽനിന്ന് അത് സ്വീകരിക്കപ്പെടുകയുമില്ല. അക്കൂട്ടരത്രെ അവർ (പ്രവർത്തിച്ചു) സമ്പാദിച്ചതു നിമിത്തം ബന്ധിക്കപ്പെട്ട (നാശത്തിന്ന് വിധേയമാക്കപ്പെട്ട) വർ. അവർ അവിശ്വസിച്ചുകൊണ്ടിരുന്നത് നിമിത്തം അവർക്ക് ചുട്ടുതിളക്കുന്ന വെള്ളത്തിൽ നിന്നുള്ള പാനീയവും, വേദനയേറിയ ശിക്ഷയുമുണ്ടായിരിക്കും.

وَذَرِ ٱلَّذِينَ ٱتَّخَذُواْ دِينَهُمۡ لَعِبٗا وَلَهۡوٗا وَغَرَّتۡهُمُ ٱلۡحَيَوٰةُ ٱلدُّنۡيَاۚ وَذَكِّرۡ بِهِۦٓ أَن تُبۡسَلَ نَفۡسُۢ بِمَا كَسَبَتۡ لَيۡسَ لَهَا مِن دُونِ ٱللَّهِ وَلِيّٞ وَلَا شَفِيعٞ وَإِن تَعۡدِلۡ كُلَّ عَدۡلٖ لَّا يُؤۡخَذۡ مِنۡهَآۗ أُوْلَٰٓئِكَ ٱلَّذِينَ أُبۡسِلُواْ بِمَا كَسَبُواْۖ لَهُمۡ شَرَابٞ مِّنۡ حَمِيمٖ وَعَذَابٌ أَلِيمُۢ بِمَا كَانُواْ يَكۡفُرُونَ ٧٠

ഖുർആനടക്കമുള്ള അല്ലാഹുവിന്റെ ഏത് ലക്ഷ്യ ദൃഷ്ടാന്തങ്ങളെയും വ്യാജമാക്കുകയോ പരിഹസിക്കുകയൊ ദുർവ്യാഖ്യാനം ചെയ്യുകയൊ ചെയ്യുന്നവരുടെ വാക്കുകളിലേക്ക് ശ്രദ്ധ കൊടുക്കുന്നതും അവരോടൊപ്പം സമ്പർക്കം പുലർത്തുന്നതും അല്ലാഹു വിരോധിക്കുന്നു. പ്രസ്തുത അക്രമ പ്രവർത്തനങ്ങൾക്ക്

പ്രോൽസാഹനം നൽകലാണല്ലൊ അത്. ഒരു പക്ഷെ, പിശാചിന്റെ ദുർബോധനത്തിലൂടെയുള്ള മറവി നിമിത്തം, അബദ്ധത്തിൽ അവരുടെ കൂടെ ചെന്നിരുന്നാൽ , ഓർമ വന്നാൽ പിന്നെ ആ അക്രമികളുടെ കൂടെ ഇരുന്ന് പോകരുത്

മറവി മനുഷ്യ സഹജമാണ്; നബി(സ) തിരുമേനിക്ക് പോലും -പ്രബോധന വിഷയങ്ങളിൽ ഒഴികെ- മറവി പറ്റാറുണ്ട്. മറവി നിമിത്തം ചെയ്ത് പോകുന്ന തെറ്റുകളിൽ മനുഷ്യൻ കുറ്റക്കാരനല്ലെങ്കിലും അത് നിമിത്തം ദോഷഫലങ്ങൾ ഉണ്ടായേക്കാവുന്നതാണ്. അത് കൊണ്ട് മറവികളിൽ പൈശാചികമായ പ്രേരണകൾക്ക് കൂടി സ്ഥാനമുണ്ടായിരിക്കും - പിശാച് നിന്നെ മറപ്പിക്കുന്ന പക്ഷം എന്നതിലെ സൂചന അതാകുന്നു.

രണ്ടാമത്തെ വചനത്തിൽ, ആ അക്രമികളുടെ വിചാരണ അല്ലാഹു നടത്തിക്കൊള്ളുമെന്നും, എന്നാൽ ആ അക്രമികളെ ഓർമിപ്പിക്കലും ഉപദേശിക്കലും ഓരോ സത്യ വിശ്വാസിയും , അവനവന്റെ കഴിവും സാഹചര്യവും അനുസരിച്ച് ചെയ്യേണ്ടതാണെന്നും, അല്ലാഹു ഓർമിപ്പിക്കുന്നു.

ഈ വിഷയസംബന്ധമായി സൂ: നിസാഉ് 140-ാം വചനത്തിന്റെ വിശദീകരണം നോക്കുക "അവരോടൊപ്പം നിങ്ങൾ ഇരുന്നാൽ നിങ്ങളും അവരെപോലെയായിരിക്കും " എന്ന് അല്ലാഹു അവിടെ പറഞ്ഞ വാചകം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്

എന്നാൽ മതപ്രമാണങ്ങളിൽ നിന്ന് സത്യാവസ്ഥ മനസ്സിലാക്കുവാനും, സത്യവിരുദ്ധമായ ദുർവ്യാഖ്യാനങ്ങൾ തിരിച്ചറിഞ്ഞ്, അവയെ ഖണ്ഡിച്ച് കൊണ്ട് പൊതുജനങ്ങളിലുള്ള ആശയകുഴപ്പം നീക്കം ചെയ്യാനും കഴിയുന്ന പണ്ഡിതൻമാരെ സംബന്ധിച്ചിടത്തോളം അത്തരക്കാരുടെ പ്രസ്താവനകളിൽ ശ്രദ്ധിക്കുന്നത് കൊണ്ടും സമ്പർക്കം കൊണ്ടും ദോഷമില്ല- മാത്രമല്ല അത് ചിലപ്പോൾ അത്യാവശ്യം കൂടിയായിരിക്കും.

എന്നാൽ പണ്ഡിതൻമാർ സദുദ്ദേശ്യത്തോടെയാണ് അത്തരക്കാരുടെ രംഗങ്ങളിൽ ഹാജറുണ്ടാകുന്നതെങ്കിലും, അതിനെ ചൂഷണം ചെയ്ത് കൊണ്ട് അക്കൂട്ടർ പൊതുജനങ്ങളെ ആശയക്കുഴപ്പത്തിലാക്കുവാൻ ശ്രമിക്കുന്നതാണ്. ഇതാകട്ടെ അവയെ കേൾക്കുന്നതിനേക്കാൾ നാശകരവുമാണ്. ആയത് കൊണ്ട് വഴി പിഴപ്പിക്കുന്ന പുത്തൻ വാദക്കാരുമായി സഹകരിക്കുന്നത്, അങ്ങേയറ്റം അവധാനതയോടെയു സൂക്ഷ്മതയോടെയും വേണ്ടതാണ്.

അല്ലെങ്കിൽ ഖുർആനെയും സുന്നത്തിനെയും കുറിച്ച് അടിയുറച്ച അറിവു കരസ്ഥമാക്കിയിട്ടില്ലാത്തവർ, അങ്ങേയറ്റം വ്യാജമായ കാര്യത്തെ സത്യമായി വിശ്വസിക്കുകയും, പിന്നീടത് മാററുവാൻ കഴിയാതെ ആ വ്യാജ വിശ്വാസവുമായി അവർ മരണം പ്രാപിക്കുകയും ചെയ്യുന്നതാണ്.

70-ാം ഈ വചനത്തിൽ അല്ലാഹു പ്രസ്താവിച്ചതിന്റെ ചുരുക്കം ഇതാണ്. 1 മതകാര്യങ്ങളെ കേവലം കളിയും വിനോദവുമാക്കി തള്ളിയവരെ അവരുടെ പാട്ടിന് വിട്ടേക്കണം. 2 ദുഷ്കർമ്മങ്ങൾ നിമിത്തം നാശത്തിന് - ശിക്ഷക്ക് - വിധേയരായിത്തീരുന്നതിന് ഇട വരാതിരിക്കാൻ ഖുർആൻ മുഖേന, തുടരെ തുടരെ, അത്തരക്കാരെ ഉപദേശിച്ച് കൊണ്ടിരിക്കണം . നാശത്തിന് വിധേയരായിത്തീർന്നാൽ, രക്ഷാകർത്താക്കളൊ, ശുപാർശക്കാരോ, ഏതെങ്കിലും തരത്തിലുള്ള തെണ്ടമൊ രക്ഷക്കെത്തുകയില്ല. 3 അത്തരക്കാർക്ക് കഠിനകഠോരമായ നരകശിക്ഷ മാത്രമായിരിക്കും ആധാരം. അവിടെ ദാഹശമനത്തിനുള്ള തിളച്ച‘ ഹമീമാ ’ കുന്ന വെള്ളമായിരിക്കും അവർക്ക് ലഭിക്കുക.

## വിഭാഗം 9

**വചനം 71, 72, 73**

71 പറയുക: "അല്ലാഹുവിന് പുറമെ, ഞങ്ങൾക്ക് ഉപകാരം ചെയ്യാത്തതും, ഉപദ്രവം ചെയ്യാത്തതുമായ വസ്തുവിനെ ഞങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുകയോ?! അല്ലാഹു ഞങ്ങളെ സൻമാർഗ്ഗത്തിലാക്കിയ ശേഷം, ഞങ്ങൾ ഞങ്ങളുടെ പിൻകാലുകളിൽ (തന്നെ പിറകോട്ടു) മടക്കപ്പെടുകയുമോ?! (ഇതൊന്നും ഉണ്ടാവാൻ പോകുന്നില്ല.) (അതെ, വഴി അറിയാതെ) ഭൂമിയിൽ പരിഭ്രമചിത്തനായിക്കൊണ്ട് പിശാചുക്കൾ തെറ്റിച്ചുകൊണ്ടുപോയ ഒരുവനെപ്പോലെ, "ഞങ്ങളുടെ അടുക്കൽ വാ" (എന്ന് പറഞ്ഞുകൊണ്ട്) നേർ വഴിയിലേക്ക്

قُلْ أَنَدْعُوا۟ مِن دُونِ ٱللَّهِ مَا لَا يَنفَعُنَا وَلَا يَضُرُّنَا وَنُرَدُّ عَلَىٰٓ أَعْقَابِنَا بَعْدَ إِذْ هَدَىٰنَا ٱللَّهُ كَٱلَّذِى ٱسْتَهْوَتْهُ ٱلشَّيَـٰطِينُ فِى ٱلْأَرْضِ حَيْرَانَ لَهُۥٓ أَصْحَـٰبٌ يَدْعُونَهُۥٓ إِلَى ٱلْهُدَى ٱئْتِنَا ۗ قُلْ إِنَّ هُدَى ٱللَّهِ هُوَ ٱلْهُدَىٰ ۖ وَأُمِرْنَا لِنُسْلِمَ

لِرَبِّ ٱلْعَٰلَمِينَ ۝٧١

അവനെ വിളിക്കുന്ന ചില കൂട്ടുകാർ അവനുണ്ടായിരിക്കെ (തന്നെ).'' പറയുക: "നിശ്ചയമായും, അല്ലാഹുവിൻെറ നേർമ്മാർഗ്ഗം തന്നെയാണ് (യഥാർത്ഥ) നേർമ്മാർഗ്ഗം. ലോകരക്ഷിതാവിന് കീഴൊതുങ്ങുവാൻ ഞങ്ങൾ കൽപിക്കപ്പെട്ടിരിക്കുന്നുതാനും;-

وَأَنْ أَقِيمُوا۟ ٱلصَّلَوٰةَ وَٱتَّقُوهُ ۚ وَهُوَ
ٱلَّذِىٓ إِلَيْهِ تُحْشَرُونَ ۝٧٢

72 "നിങ്ങൾ നമസ്കാരം നിലനിറുത്തുകയും, അവനെ സൂക്ഷിക്കുകയും ചെയ്യണമെന്നും (കൽപിക്കപ്പെട്ടിരിക്കുന്നു). യാതൊരുവങ്കലേക്ക് നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമോ അങ്ങിനെ യുള്ളവൻ അവൻതന്നെയാണു താനും."

وَهُوَ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ
وَٱلْأَرْضَ بِٱلْحَقِّ ۖ وَيَوْمَ يَقُولُ كُن
فَيَكُونُ ۚ قَوْلُهُ ٱلْحَقُّ ۚ وَلَهُ ٱلْمُلْكُ يَوْمَ
يُنفَخُ فِى ٱلصُّورِ ۚ عَٰلِمُ ٱلْغَيْبِ
وَٱلشَّهَٰدَةِ ۚ وَهُوَ ٱلْحَكِيمُ ٱلْخَبِيرُ ۝٧٣

73 അവൻ തന്നെയാണ് ആകാശങ്ങളെയും, ഭൂമിയെയും യഥാർത്ഥ (മുറ) പ്രകാരം സൃഷ്ടിച്ചവനും. അവൻ (ഏതൊന്നിനെ ക്കുറിച്ചും) 'ഉണ്ടാകുക' എന്ന് പറയുന്ന ദിവസം അതുണ്ടാകുന്നു. അവൻെറ വാക്ക് യഥാർ ത്ഥമത്രെ. കാഹളത്തിൽ ഊതപ്പെടുന്ന ദിവസം രാജാധിപത്യവും അവനുതന്നെ. അദൃശ്യവും, ദൃശ്യവും അറിയുന്നവനാണ് (അവൻ) അവനത്രെ, അഗാധജ്ഞനും, സൂക്ഷ്മജ്ഞ നുമായുള്ളവൻ.

---

സത്യവിശ്വാസികളെ പഴയ വിഗ്രഹാരാധനയിലേക്ക് തന്നെ മടക്കുവാൻ ശ്രമിക്കുന്ന മുശ്രിക്കുക ളൊട് ഇപ്രകാരം പറയാൻ അല്ലാഹു കല്പിക്കുന്നു: ശിർക്കിൽ നിന്നും ഞങ്ങളെ അല്ലാഹു രക്ഷപെടുത്തി ഇസ്ലാമാകുന്ന നേർ മാർഗ്ഗത്തിലേക്ക് നയിച്ചിരിക്കെ, ഞങ്ങൾക്ക് എന്തെങ്കിലും ഉപകാരമൊ ഉപദ്രവമൊ ചെയ്യാൻ കഴിയാത്ത ആ ദൈവങ്ങളെ വിളിച്ച് പ്രാർത്ഥിക്കാൻ ഞങ്ങൾ ഒരിക്കലും, മടങ്ങുകയില്ല തന്നെ. ലോക രക്ഷിതാവായ അല്ലാഹുവിന് കീഴ്പെട്ടും, അവനെ സൂക്ഷിച്ചും ആരാധിച്ചും ജീവിക്കാൻ ഞങ്ങൾ കല്പിക്കപെട്ടിരിക്കുന്നു. മരുഭൂമിയിൽ വഴി തെറ്റി കൂട്ടം വിട്ട ഒരുവനെ അവന്റെ കൂട്ടുകാർ "ഇതാ ഇങ്ങോ ട്ടുവാ" എന്ന് വിളിച്ച കൊണ്ടിരുന്നിട്ടും, ആക്ഷണം സ്വീകരിക്കാതെ, പിശാചുകളുടെ തട്ടിക്കൊണ്ട് പോക ലിന് വിധേയനായിത്തീരുന്നവരെ പോലെ ഞങ്ങളും ആയിത്തീരണമെന്നാണോ നിങ്ങൾ പറയുന്നത്. ഞങ്ങൾ പഴയ ശിർക്കിലേക്ക് മാറുമെന്ന പ്രതീക്ഷ നിങ്ങൾ വെച്ച് കൊണ്ടിരിക്കേണ്ടതില്ല. നാമെല്ലാം തന്നെ ഏക രക്ഷിതാവായ അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപെടുന്നവരാണെന്ന് ഓർമ വേണം.

73 -ാമത്തെ വചനത്തിൽ, ആകാശ ഭൂമികളെ യഥാർത്ഥ മുറ പ്രകാരം സൃഷ്ടിച്ചത് അവനാകുന്നു എന്ന് പറഞ്ഞത് വളരെ വിപുലമായ ആശയം ഉൾക്കൊള്ളുന്ന ഒരു വാക്യമത്രെ. മഹത്തായ ഉദ്ദേശ്യ ലക്ഷ്യ ങ്ങളൊടെയും, വ്യവസ്ഥാപിതവും, അതി സമർത്ഥവുമായ പരിപാടികളോട് കൂടിയുമാണ് ഇല്ലായ്മയിൽ നിന്നും അല്ലാഹു അവയ്ക്ക് രൂപം നല്കിയത്. ഏതൊരു കാര്യമൊ, വസ്തുവൊ ഉണ്ടാകണമെന്ന് അവൻ ഉദ്ദേശിച്ചാൽ അത് സംഭവിക്കുന്നു എന്നിരിക്കെ അവൻ ഉദ്ദേശിക്കുന്ന ദിവസത്തിൽ മനുഷ്യരെ പുനരുജ്ജീ വിപ്പിച്ച് വിചാരണ നടത്തി രക്ഷാ ശിക്ഷകൾ നല്കുക അവന് ഒട്ടും പ്രയാസമുള്ള കാര്യമല്ല തന്നെ .

കാഹളത്തിൽ ഊതുന്ന ദിവസം എന്ന് പറഞ്ഞത് ഖിയാമത്ത് നാളാകുന്നു. ഇസ്രാഫീൽ(അ) എന്ന മലക്കായിരിക്കും കാഹളത്തിൽ ഊതുക . ലോകാവസാന സമയത്തും പിന്നീട് ജീവികളെല്ലാം പുനരെഴു ന്നേൽക്കപ്പെടുന്ന അവസരത്തിലും രണ്ട് പ്രാവശ്യം കാഹളം ഊതപെടുന്നതാണ്. സൂ നംല് 87 ലും സൂ സുമർ 68 ലും കാണുക) അന്നേ ദിവസം രാജാധിപത്യം അല്ലാഹുവിന് മാത്രമായിരിക്കും . എക്കാലത്തും ഭരണാധിപത്യം അല്ലാഹുവിന് മാത്രമാണെങ്കിലും, പരിമിതവും നാമമാത്രവുമായ ചില ഭരണാധികാരികൾ സൃഷ്ടികളിലും നിലവിലുണ്ടല്ലോ. എന്നാൽ അന്നേ ദിവസം രാജാധിപത്യം ഏകനായ സർവാധികാരി യായ അല്ലാഹുവിന് മാത്രമായിരിക്കും.

**വചനം 74, 75**

74 ഇബ്റാഹീം തൻെറ പിതാവ് ആസറിനോട് പറഞ്ഞ സന്ദർഭം (ഓർക്കുക): "താങ്കൾ ബിംബങ്ങളെ ആരാധ്യ (ദൈവ)ങ്ങളാക്കുകയോ?! നിശ്ചയമായും ഞാൻ, താങ്കളെയും, താങ്കളുടെ ജനതയെയും സ്പഷ്ടമായ വഴിപിഴവിലായി കാണുന്നു."

75 അതുപോലെ, ആകാശങ്ങളുടെയും, ഭൂമിയുടെയും 'മലകൂത്തും' (രാജാധിപത്യ രഹസ്യവും) നാം ഇബ്റാഹീമിന് കാണിച്ചു കൊടുത്തിരുന്നു. അദ്ദേഹം ദൃഢവിശ്വാസികളിൽപെട്ടവനായിരിക്കുവാൻ വേണ്ടിയും (കൂടിയാണത്).

۞ وَإِذْ قَالَ إِبْرَٰهِيمُ لِأَبِيهِ ءَازَرَ أَتَتَّخِذُ أَصْنَامًا ءَالِهَةً ۖ إِنِّىٓ أَرَىٰكَ وَقَوْمَكَ فِى ضَلَٰلٍ مُّبِينٍ ﴿٧٤﴾

وَكَذَٰلِكَ نُرِىٓ إِبْرَٰهِيمَ مَلَكُوتَ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَلِيَكُونَ مِنَ ٱلْمُوقِنِينَ ﴿٧٥﴾

---

ഇബ്രാഹിം(അ) നബിയുടെ പിതാവ് ആസർ ഒരു വിഗ്രഹാരാധകനും, ക്ഷേത്രത്തിലെ വലിയ പൂജാരിയുമായിരുന്നു. വിഗ്രഹാരാധകനായ സ്വന്തം പിതാവിനേയും, നാട്ടുകാരേയും ഇബ്രാഹിം(അ) വിമർശിച്ചതിനെക്കുറിച്ചാണ് അല്ലാഹു ഒന്നാം വചനത്തിൽ പ്രസ്താവിക്കുന്നത്. (ഇതിനെ പറ്റി മർയം, അമ്പിയാഉ് എന്നീ സൂറത്തുകളിൽ കൂടുതൽ വിശദമായി വിവരിച്ചിട്ടുണ്ട് )

തുടർന്ന് അല്ലാഹു പറയുന്നു: "അകാശങ്ങളുടെയും ഭൂമിയുടെയും 'മലകൂത്തും' (രാജാധിപത്യ രഹസ്യവും) നാം ഇബ്രാഹീമിന് കാണിച്ച് കൊടുത്തിരുന്നു". - ആകാശഭൂമികളുടെ ഭരണാധികാരം, ഉടമസ്ഥത, അവയിൽ ഏകാരാധ്യനായിരിക്കാനുള്ള അർഹത, അവയുടെ രക്ഷാകർതൃത്വം ആദിയായവ അല്ലാഹുവിന് മാത്രമാണെന്ന യാഥാർത്ഥ്യം കാര്യകാരണ സഹിതം, -അല്ലാഹു അദ്ദേഹത്തിന് വേണ്ടത്ര മനസ്സിലാക്കി കൊടുത്തിരുന്നു എന്ന് സാരം.

"അദ്ദേഹം ദൃഢവിശ്വാസികളിൽ പെട്ടവനായിരിക്കുവാൻ വേണ്ടിയും (കൂടിയാണത്) " എന്ന് അല്ലാഹു തുടർന്ന് പറയുന്നു സാധാരണപോലെയുള്ള ഒരു വിശ്വാസമായിരുന്നില്ല അദ്ദേഹത്തിന്റേത്. ഒരു കാരണവശാലും പതറിപോകുകയൊ, ബലക്ഷയം ബാധിക്കുകയോ ചെയ്യാത്ത ദൃഢമായ വിശ്വാസമായിരുന്നു അദ്ദേഹത്തിന്റേത് എന്ന് താല്പര്യം

ഇതോട് ബന്ധപ്പെടുത്തി, തുടർന്ന്, അല്ലാഹു പറയുന്നു :

---

**വചനം 76, 77, 78 79**

76 അങ്ങനെ, അദ്ദേഹത്തിൻെറ മേൽ രാത്രി (വന്നു) മൂടിയപ്പോൾ, അദ്ദേഹം ഒരു നക്ഷത്രം കണ്ടു; അദ്ദേഹം പറഞ്ഞു: "ഇത് എൻെറ റബ്ബ് (രക്ഷിതാവ്) ആകുന്നു." എന്നിട്ട് അത് മറഞ്ഞു പോയപ്പോൾ, അദ്ദേഹം പറഞ്ഞു: "മറഞ്ഞു പോകുന്നവരെ ഞാൻ ഇഷ്ടപ്പെടുന്നില്ല."

77 എന്നിട്ട്, ചന്ദ്രൻ ഉദിച്ചുവരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: "ഇത് എൻെറ റബ്ബാകുന്നു." എന്നിട്ട് അത് മറഞ്ഞുപോയപ്പോൾ, അദ്ദേഹം പറഞ്ഞു: "എൻെറ റബ്ബ് എനിക്ക് മാർഗദർശനം നൽകിയില്ലെങ്കിൽ, നിശ്ചയമായും ഞാൻ വഴിപിഴച്ച ജനങ്ങളിൽപെട്ടവൻ തന്നെ ആയിത്തീരുന്നതാണ്."

فَلَمَّا جَنَّ عَلَيْهِ ٱلَّيْلُ رَءَا كَوْكَبًا ۖ قَالَ هَٰذَا رَبِّى ۖ فَلَمَّآ أَفَلَ قَالَ لَآ أُحِبُّ ٱلْءَافِلِينَ ﴿٧٦﴾

فَلَمَّا رَءَا ٱلْقَمَرَ بَازِغًا قَالَ هَٰذَا رَبِّى ۖ فَلَمَّآ أَفَلَ قَالَ لَئِن لَّمْ يَهْدِنِى رَبِّى لَأَكُونَنَّ مِنَ ٱلْقَوْمِ ٱلضَّآلِّينَ ﴿٧٧﴾

فَلَمَّا رَءَا ٱلشَّمْسَ بَازِغَةً قَالَ هَـٰذَا رَبِّى هَـٰذَآ أَكْبَرُ ۖ فَلَمَّآ أَفَلَتْ قَالَ يَـٰقَوْمِ إِنِّى بَرِىٓءٌ مِّمَّا تُشْرِكُونَ ﴿٧٨﴾

78 എന്നിട്ട് (പിന്നെ) സൂര്യൻ ഉദിച്ചു വരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: "ഇതെൻെറ റബ്ബാണ്; ഇത് ഏറ്റവും വലുതാകുന്നു." എന്നിട്ട് അത് മറഞ്ഞുപോയപ്പോൾ അദ്ദേഹം പറഞ്ഞു: "എൻെറ ജനങ്ങളെ, നിശ്ചയമായും ഞാൻ, (അല്ലാഹുവിനോട്) നിങ്ങൾ പങ്കു ചേർക്കുന്നതിൽനിന്ന് (ഒക്കെയും) ഒഴിവായവനാകുന്നു."

إِنِّى وَجَّهْتُ وَجْهِىَ لِلَّذِى فَطَرَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ حَنِيفًا ۖ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ ﴿٧٩﴾

79 ''ഞാൻ, ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിച്ചുണ്ടാക്കിയവനിലേക്ക് ഋജു മാനസനായിക്കൊണ്ട് എൻെറ മുഖം (ഇതാ) തിരിച്ചിരിക്കുന്നു. ഞാൻ 'മുശ്‌രിക്കുകളിൽ' (പങ്കു ചേർക്കുന്നവരിൽ) പെട്ടവനല്ല താനും."

ഒരു പ്രാചീന രാജ്യമായ ബാബിലോണിയയിലെ ഊർ എന്ന പട്ടണമായിരുന്നു ഇബ്രാഹീം (അ) നബിയുടെ ജനനസ്ഥലം . വിഗ്രഹാരാധകരായ പല ഗോത്രക്കാരും, ഒരോരുത്തർക്കും പ്രത്യേകം കുല ദൈവങ്ങളും ഉൾപെട്ട ആ നാട്ടുകാർ, പുരോഹിത വർഗ്ഗത്തിന്റെ ചൊൽപടിക്ക് വിധേയരായിരുന്നു. സൂര്യൻ, ചന്ദ്രൻ, ശുക്രൻ തുടങ്ങിയ നക്ഷത്രങ്ങൾക്കും, കാമദേവൻമാർ , മുതലായ ദേവൻമാർക്കും പ്രത്യേകം ക്ഷേത്ര ങ്ങളും, വിഗ്രഹങ്ങളും പ്രതിഷ്ഠകളും അവർക്കുണ്ടായിരുന്നു.

ഇബ്രാഹിം(അ) നബിയുടെ പിതാവാകട്ടെ ഒരു ബിംബ വ്യാപാരിയും, പൂജാരി വർഗ്ഗത്തിലെ നേതാവുമായിരുന്നു. ബിംബാരാധാനയെക്കുറിച്ച് അദ്ദേഹം സ്വന്തം പിതാവുമായി നടത്തിയ വിമർശനമാണ് 74 ാം വചനത്തിൽ കണ്ടത്. അനന്തരം , സൂര്യ ചന്ദ്ര നക്ഷത്രഗ്രഹങ്ങളുടെ ആരാധനയെ വിമർശിച്ച് കൊണ്ട് ജന ങ്ങളുമായി നടത്തിയ വാദപ്രതിവാദമാണ് ഈ വചനങ്ങളിൽ.

വാന ലോകത്തെ പ്രധാനവിഗ്രഹങ്ങളായി ഗണിക്കപ്പെടുന്ന ചന്ദ്രൻ, ശുക്രൻ, ചൊവ്വ , ബുധൻ , വ്യാഴം. സൂര്യൻ, ശനി എന്നീ സപ്തഗ്രഹങ്ങളുടെ നാമത്തിൽ നടത്തപെടുന്ന ക്ഷേത്രാരാധനയുടെ തെറ്റുകൾ അവർക്കദ്ദേഹം വിവരിച്ച് കൊടുക്കുന്നു. ആദ്യമായി, ശുക്രൻ ദൈവമായിരിക്കാൻ കൊള്ളുകയില്ല – – അതിന് ദിശമാറി സഞ്ചരിക്കാനോ, സമയവ്യത്യാസം സ്വീകരിക്കാനോ , സ്വാതന്ത്ര്യമില്ലാതെ, ഒരു മഹാശക്തിയുടെ നിയന്ത്രണത്തിലാണത് സ്ഥിതി ചെയ്യുന്നത് എന്ന് അദ്ദേഹം സ്ഥാപിച്ചു.

പിന്നീട് ചന്ദ്രനിലേക്കും, അനന്തരം സൂര്യനിലേക്കും തിരിഞ്ഞ് അതേ പ്രകാരം തന്നെ സമർത്ഥിച്ചു.

ഏറ്റവും പ്രധാനപ്പെട്ട ഈ ഗ്രഹങ്ങൾക്ക് ദൈവികതക്ക് അർഹതയില്ലാത്ത സ്ഥിതിക്ക് മറ്റുള്ള അപ്രധാനഗ്രഹങ്ങളുടെ കാര്യം വിശിഷ്യാ പറയേണ്ടതില്ലല്ലൊ.

അങ്ങനെ ഖണ്ഡിതമായ തെളിവ് സഹിതം സത്യം സ്ഥാപിതമായപ്പോൾ അദ്ദേഹം പറഞ്ഞു. "എന്റെ ജനങ്ങളെ, നിങ്ങൾ അല്ലാഹുവിനോട് പങ്ക് ചേർക്കുന്നതിൽ നിന്ന് ഞാൻ ഒഴിവായവനാണ്. ആകാശഭൂമി കളെ സൃഷ്ടിച്ചുണ്ടാക്കിയവനിലേക്ക് ഋജു മാനസനായിക്കൊണ്ട് ഞാൻ എന്റെ മുഖം തിരിച്ചിരിക്കുന്നു."

ഇബ്രാഹിം നബി(അ) യെക്കുറിച്ചും അദ്ദേഹം തന്റെ പിതാവിനോടും ജനങ്ങളോടും ശിർക്കിനെ ക്കുറിച്ച് നടത്തിയ വിമർശനത്തെക്കുറിച്ചും, അദ്ദേഹം ഋജുമാനസനായി തൌഹീദിൽ നിലകൊള്ളുന്നതിനെ ക്കുറിച്ചും കൂടുതൽ വിശദമായി സൂ : 21 : 51 –70 ;16 : 120–123 ; 6:161 എന്നിവിടങ്ങളിൽ വിശദമായി പ്രതിപാ ദിച്ചിട്ടുണ്ട്.

**വചനം 80, 81, 82**

وَحَآجَّهُۥ قَوْمُهُۥ ۚ قَالَ أَتُحَـٰٓجُّوٓنِّى فِى ٱللَّهِ وَقَدْ هَدَىٰنِ ۚ وَلَآ أَخَافُ مَا تُشْرِكُونَ بِهِۦٓ إِلَّآ أَن يَشَآءَ رَبِّى شَيْـًٔا ۗ وَسِعَ رَبِّى كُلَّ شَىْءٍ عِلْمًا ۗ أَفَلَا تَتَذَكَّرُونَ ﴿٨٠﴾

80 അദ്ദേഹത്തോട് അദ്ദേഹത്തിൻെറ ജനത ന്യായവാദം (തർക്കം) നടത്തി. അദ്ദേഹം പറഞ്ഞു: "അല്ലാഹു എന്നെ നേർമാർഗ്ഗത്തിലാക്കിത്തന്നിരിക്കെ, അല്ലാഹുവിൻെറ കാര്യത്തിൽ നിങ്ങൾ എന്നോട് ന്യായവാദം (തർക്കം) നടത്തുകയോ?! നിങ്ങൾ അവനോട് പങ്കു ചേർക്കുന്നതിനെ (ഒന്നും തന്നെ) ഞാൻ

ഭയപ്പെടുന്നില്ലതാനും; (അതെ) എൻെറ റബ്ബ് വല്ലതും ഉദ്ദേശിക്കുന്നതായാലല്ലാതെ. എൻെറ റബ്ബ് അറിവുകൊണ്ട് എല്ലാ വസ്തുക്കൾക്കും വിശാലമായിരിക്കുന്നു. (എല്ലാം അവൻെറ അറിവിൽ അടങ്ങുന്നു.) എന്നാൽ, നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ?!"

81 "നിങ്ങൾ പങ്കു ചേർത്തതിനെ ഞാൻ എങ്ങിനെ ഭയപ്പെടും? നിങ്ങൾക്ക് അല്ലാഹു യാതൊരു അധികൃതരേഖയും ഇറക്കിത്തന്നിട്ടില്ലാത്തതിനെ നിങ്ങൾ അവനോട് പങ്കുചേർത്തതിനെക്കുറിച്ച് നിങ്ങൾ ഭയപ്പെടുന്നുമില്ല! അപ്പോൾ, ഇരു വിഭാഗക്കാരിൽവെച്ചു നിർഭയതക്ക് കൂടുതൽ അർഹതയുള്ളവർ ആരാണ്? നിങ്ങൾക്ക് അറിയാമെങ്കിൽ (ആലോചിച്ചു നോക്കൂ)!"

وَكَيْفَ أَخَافُ مَآ أَشْرَكْتُمْ وَلَا تَخَافُونَ أَنَّكُمْ أَشْرَكْتُم بِٱللَّهِ مَا لَمْ يُنَزِّلْ بِهِۦ عَلَيْكُمْ سُلْطَٰنًا ۚ فَأَىُّ ٱلْفَرِيقَيْنِ أَحَقُّ بِٱلْأَمْنِ ۖ إِن كُنتُمْ تَعْلَمُونَ ﴿٨١﴾

82 യാതൊരു കൂട്ടർ, വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തോട് യാതൊരു അക്രമത്തെയും അവർ (കൂട്ടി) കലർത്താതിരിക്കുകയും ചെയ്തുവോ, അക്കൂട്ടർ- അവർക്കത്രെ നിർഭയതയുള്ളത്; അവർ നേർമാർഗം പ്രാപിച്ച വരുമാകുന്നു.

ٱلَّذِينَ ءَامَنُوا۟ وَلَمْ يَلْبِسُوٓا۟ إِيمَٰنَهُم بِظُلْمٍ أُو۟لَٰٓئِكَ لَهُمُ ٱلْأَمْنُ وَهُم مُّهْتَدُونَ ﴿٨٢﴾

---

ദീർഘകാലത്തെ തങ്ങളുടെ അന്ധവിശ്വാസങ്ങൾക്കെതിരിൽ, തെളിവുകൾ സമർപ്പിക്കപ്പെടുമ്പോൾ, തൽക്കാലം ഉത്തരം മുട്ടുമെങ്കിലും, മാനസാന്തരം പ്രാപിക്കാത്ത അക്കൂട്ടർ തങ്ങളുടെ നിലപാടിനെ ന്യായീകരിക്കാനായി, തർക്കവും ഭീഷണിയും അക്രമവും കൈകൊള്ളാൻ മുതിരുകയെന്ന പതിവ് ഇബ്രാഹിം (അ) നബിയുടെ ജനതയും കൈകൊണ്ടു, തങ്ങളുടെ ദൈവങ്ങൾക്കെതിരെ വിരൽ ചൂണ്ടിയാൽ, അവയുടെ ശാപ കോപങ്ങൾ അനുഭവിക്കേണ്ടി വരുമെന്നവർ ഭീഷണിപെടുത്തി .

എന്നാൽ അവരോട് ഇബ്രാഹിം(അ) ഇപ്രകാരം മറുപടി നല്കി: സ്പഷ്ടമായ തെളിവുകളോടെ, തൌഹീദിൽ ഉറച്ച് നില്ക്കാനുള്ള സ്പഷ്ടമായ തെളിവുകളും ഭാഗ്യവും മനക്കരുത്തും അവൻ എനിക്ക് നല്കിയിട്ടുണ്ട്. നിങ്ങളുടെ ഈ ദൈവങ്ങളിൽ നിന്ന് വല്ല നാശവും സംഭവിച്ചേക്കുമെന്ന് ഞാൻ ഭയപ്പെടുന്നില്ല. എന്നാൽ യാതൊരു തെളിവും ന്യായവുമില്ലാതെ അവയെ ദൈവങ്ങളായി വെച്ച, നിങ്ങളാണ്, അല്ലാഹുവിങ്കൽ നിന്നുള്ള ശിക്ഷയെ ഭയപ്പെടേണ്ടിയിരിക്കുന്നത്. സർവജ്ഞനായ എന്റെ റബ്ബിനെ ക്കുറിച്ചുള്ള ഭയം കൂടാതെ, സമാധാനപ്പെട്ട് കൊണ്ടിരിക്കാൻ അർഹൻ നിങ്ങളാണോ :അതല്ല ഞാനൊ?.

തൌഹീദിൽ നിലയുറപ്പിച്ച് ശിർക്ക് പരമായ വല്ല അക്രമങ്ങളും അതിൽ കൂട്ടിക്കലർത്തി, അതിനെ കളങ്കപെടുത്താതിരിക്കുന്നവർക്കാകുന്നു ശാശ്വത വിജയം എന്ന് 82ാം വചനം ഓർമ്മിപ്പിക്കുന്നു.

ഈ വചനം അവതരിച്ചപ്പോൾ " ഒരു അക്രമവും ചെയ്യാത്തവർ ആരാണ് നമ്മുടെ കൂട്ടത്തിലുള്ളത്" എന്ന് മനപ്രയാസപ്പെട്ട സഹാബികളോട് നബി(സ) പറഞ്ഞു.

ലുഖുമാൻ (അ) തന്റെ മകനോട് പറഞ്ഞത് നിങ്ങൾ കേട്ടിട്ടില്ലെ

"എന്റെ കുഞ്ഞുമോനേ, നീ അല്ലാഹുവിനോട് പങ്ക് ചേർക്കരുത്. നിശ്ചയമായും പങ്ക്ചേർക്കൽ (ശിർക്ക്) വമ്പിച്ച അക്രമമാകുന്നു." എന്ന്. സത്യ വിശ്വാസം സ്വീകരിച്ച ശേഷം ശിർക്കല്ലാത്ത വല്ല പാപവും ചെയ്തവൻ, അത് മൂലം കുറ്റക്കാരനാകുമെങ്കിലും, അവൻ അവിശ്വാസിയായിത്തീരുന്നില്ല.

## വിഭാഗം 10

**വചനം 83**

83 അവ(യൊക്കെ) നമ്മുടെ ന്യായമാകുന്നു: തൻെറ ജനതക്കെതിരിൽ ഇബ്റാഹീമിന്ന് നാം അവ

وَتِلْكَ حُجَّتُنَآ ءَاتَيْنَٰهَآ إِبْرَٰهِيمَ عَلَىٰ

قَوْمِهِۦٓ ۗ نَرْفَعُ دَرَجَٰتٍ مَّن نَّشَآءُ ۗ إِنَّ رَبَّكَ حَكِيمٌ عَلِيمٌ ﴿٨٣﴾

നൽകിയിരിക്കുകയാണ്. നാം ഉദ്ദേശിക്കുന്നവരെ നാം പല പദവികൾ ഉയർത്തുന്നു. നിശ്ചയമായും നിൻെറ റബ്ബ്, അഗാധജ്ഞനും, സർവ്വജ്ഞ നുമാകുന്നു.

74 മുതൽക്കുള്ള വചനങ്ങൾ, നമ്മുടെ തൌഹീദിന്റെ തെളിവുകളായി, നാം ഇബ്രാഹിമിന് പഠിപ്പിച്ച് കൊടുത്തതാണെന്നും നാം ഉദ്ദേശിക്കുന്നവരെ, ഇത് പോലെ അസാധാരണമായ സ്ഥാന പദവികൾ നല്കി നാം ഉയർത്തുന്നതാണെന്നും അല്ലാഹു നബി(സ)യോട് പറയുന്നു. അല്ലാഹു അഗാധജ്ഞനും യുക്തിമാനു മാകുന്നു.

**വചനം 84,85, 86, 87**

وَوَهَبْنَا لَهُۥٓ إِسْحَٰقَ وَيَعْقُوبَ ۚ كُلًّا هَدَيْنَا ۚ وَنُوحًا هَدَيْنَا مِن قَبْلُ ۖ وَمِن ذُرِّيَّتِهِۦ دَاوُۥدَ وَسُلَيْمَٰنَ وَأَيُّوبَ وَيُوسُفَ وَمُوسَىٰ وَهَٰرُونَ ۚ وَكَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿٨٤﴾

وَزَكَرِيَّا وَيَحْيَىٰ وَعِيسَىٰ وَإِلْيَاسَ ۖ كُلٌّ مِّنَ ٱلصَّٰلِحِينَ ﴿٨٥﴾

وَإِسْمَٰعِيلَ وَٱلْيَسَعَ وَيُونُسَ وَلُوطًا ۚ وَكُلًّا فَضَّلْنَا عَلَى ٱلْعَٰلَمِينَ ﴿٨٦﴾

وَمِنْ ءَابَآئِهِمْ وَذُرِّيَّٰتِهِمْ وَإِخْوَٰنِهِمْ ۖ وَٱجْتَبَيْنَٰهُمْ وَهَدَيْنَٰهُمْ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٨٧﴾

84 അദ്ദേഹത്തിന് നാം ഇസ്ഹാഖിനെയും, യഅ്ഖൂബിനെയും പ്രദാനം ചെയ്കയും ചെയ്തു. എല്ലാവരെയും നാം നേർമാർഗ്ഗ ത്തിലാക്കിയിരിക്കുന്നു. മുമ്പ് നൂഹിനെയും നാം നേർമാർഗ്ഗത്തിലാക്കിയിരിക്കുന്നു. അദ്ദേഹത്തിൻെറ സന്തതികളിൽ നിന്ന് ദാവൂദിനെയും, സുലൈമാനെയും, അയ്യൂബി നെയും, യൂസുഫിനെയും, മൂസായെയും, ഹാറൂനെയും (നേർമാർഗ്ഗത്തിലാക്കി). അപ്രകാ രം സൽഗുണവാൻമാർക്ക് നാം പ്രതിഫലം നൽകുന്നു.

85 സകരിയ്യായെയും, യഹ്യായെയും, ഈസാ യെയും, ഇൽയാസിനെയും (നേർമാർഗ്ഗ ത്തിലാക്കി). എല്ലാവരും സദ്വൃത്തരി ൽപെട്ടവരാകുന്നു.

86 ഇസ്മാഈലിനെയും, അൽയസഇനെയും, യൂനുസിനെയും, ലൂത്വിനെയും (നേർമ്മാർഗ്ഗ ത്തിലാക്കി). എല്ലാവരെയും ലോകരെക്കാൾ നാം ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു.

87 അവരുടെ പിതാക്കളിൽ നിന്നും, അവരുടെ സന്തതികളിൽ നിന്നും, അവരുടെ സഹോദര ങ്ങളിൽ നിന്നും (പലരെയും ശ്രേഷ്ഠരാക്കി യിരിക്കുന്നു) അവരെ നാം തിരഞ്ഞെടുക്കുക യും, നേരെ (ചൊവ്വാ)യുള്ള പാതയിലേക്ക് അവരെ നാം വഴിചേർക്കുകയും ചെയ്തിരി ക്കുന്നു.

ഇസ്ഹാഖ്(അ) ഇബ്രാഹിം (അ)ന്റെ പുത്രനും യഅ്ഖൂബ് (അ) പൌത്രനുമാകുന്നു. നൂഹ്(അ) അദ്ദേഹത്തിന്റെ പൂർവ പിതാക്കളിൽ ഒരാളായിരുന്നു.

‘അദ്ദേഹത്തിന്റെ സന്തതികളിൽ നിന്ന്’ എന്ന് പറഞ്ഞതിൽ നിന്നും നൂഹ്(അ) ന്റെ സന്തതികളിൽ നിന്നും എന്നാകാം ഉദ്ദേശ്യം. (തുടർന്ന് പറയപെട്ട ലൂത്ത്(അ) ഉം യൂനുസ്(അ)ഉം ഇബ്രാഹിം(അ) നബി യുടെ നേർ സന്തതികളിൽ പെട്ടവരല്ലല്ലോ) - **الله اعلم**. വേറൊരു ആയത്തിൽ അല്ലാഹു പറയുന്നു. “നാം നൂഹിനെയും ഇബ്രാഹിമിനെയും അയച്ചിട്ടുണ്ട്. അവർ രണ്ടാളുകളുടേയും സന്തതികളിൽ നാം പ്രവാച കത്വവും വേദഗ്രന്ഥവും ഏർപെടുത്തുകയും ചെയ്തിരിക്കുന്നു.” (സൂ ഹദീദ് : 26)

ഇബ്രാഹീം (അ) നബി അടക്കം പതിനെട്ടു പ്രവാചകന്മാരുടെ പേരാണ് അല്ലാഹു ഈ വചനങ്ങളിൽ എടുത്ത് പറഞ്ഞത്. അവരുടെ ശ്രേഷ്ടതകളും സവിശേഷതകളും അല്ലാഹു ഇവിടെ ചൂണ്ടി കാട്ടുകയും ചെയ്തിരിക്കുന്നു.

1. അല്ലാഹു അവരെ നേർമാർഗ്ഗത്തിലാക്കിയിരിക്കുന്നു. 'ഹിദായത്ത് ' എന്ന വാക്കിന് പല അർത്ഥങ്ങളുണ്ടെങ്കിലും 'നേർമാർഗ്ഗത്തിലാക്കുക' എന്ന അർത്ഥത്തിലുള്ള ഹിദായത്ത് ' അല്ലാഹുവിൽ നിന്ന് മാത്രം ലഭിക്കുന്നതാണ് (സു: ഫാത്തിഹ വിശദീകരണം നോക്കുക )

2. അവർ മനസാ വാചാ കർമണാ പരിശുദ്ധരും, നിഷ്കളങ്കരും, സദ് വൃത്തരും സൽഗുണവാന്മാരുമായിരുന്നു.

3. അവർ പ്രവാചകന്മാരല്ലാത്ത മറ്റുള്ള എല്ലാവരേക്കാളും ശ്രേഷ്ഠന്മാരും ഉന്നതന്മാരും ആയിരുന്നു.

4. അവരെ അല്ലാഹു തെരെഞ്ഞെടുക്കുകയും വളവും വക്രതയുമില്ലാത്ത നേർക്ക് നേരെയുള്ള മാർഗ്ഗത്തിലേക്ക് അവരെ വഴി ചേർക്കുകയും ചെയ്തിരിക്കുന്നു.

**വചനം 88, 89, 90**

ذَٰلِكَ هُدَى ٱللَّهِ يَهْدِى بِهِۦ مَن يَشَآءُ مِنْ عِبَادِهِۦ ۚ وَلَوْ أَشْرَكُوا۟ لَحَبِطَ عَنْهُم مَّا كَانُوا۟ يَعْمَلُونَ ﴿٨٨﴾

88 അത് അല്ലാഹുവിൻെറ (വക) മാർഗ്ഗദർശനമത്രെ-തൻെറ അടിയാൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവരെ അതു മൂലം അവൻ നേർമാർഗ്ഗത്തിലാക്കുന്നു. അവർ (അല്ലാഹുവിനോട്) പങ്കു ചേർത്തിരുന്നു (ശിർക്ക് ചെയ്തിരുന്നു) വെങ്കിൽ, അവർ പ്രവർത്തിച്ചിരുന്നത് അവർക്ക് (ഫലപ്പെടാതെ) പൊളിഞ്ഞു പോകുക തന്നെ ചെയ്തിരുന്നു.

أُو۟لَٰٓئِكَ ٱلَّذِينَ ءَاتَيْنَٰهُمُ ٱلْكِتَٰبَ وَٱلْحُكْمَ وَٱلنُّبُوَّةَ ۚ فَإِن يَكْفُرْ بِهَا هَٰٓؤُلَآءِ فَقَدْ وَكَّلْنَا بِهَا قَوْمًا لَّيْسُوا۟ بِهَا بِكَٰفِرِينَ ﴿٨٩﴾

89 നാം വേദഗ്രന്ഥവും, വിധികർത്തൃത്വവും (അഥവാ വിജ്ഞാനവും), പ്രവാചകത്വവും നൽകിയിട്ടുള്ളവരത്രെ അക്കൂട്ടർ. ഇനി, ഇക്കൂട്ടർ അവയിൽ അവിശ്വസിക്കുകയാണെങ്കിൽ, അവയിൽ അവിശ്വസിക്കുന്നവരല്ലാത്ത ഒരു ജനതയെ നാം അവക്ക് (അവയിൽ വിശ്വസിക്കുന്നതിന്) ഭരമേൽപിച്ചിട്ടുണ്ട്.

أُو۟لَٰٓئِكَ ٱلَّذِينَ هَدَى ٱللَّهُ ۖ فَبِهُدَىٰهُمُ ٱقْتَدِهْ ۗ قُل لَّآ أَسْـَٔلُكُمْ عَلَيْهِ أَجْرًا ۖ إِنْ هُوَ إِلَّا ذِكْرَىٰ لِلْعَٰلَمِينَ ﴿٩٠﴾

90 (നബിയേ) അല്ലാഹു നേർമ്മാർഗ്ഗത്തിലാക്കിയിട്ടുള്ളവരത്രെ (മേൽപറഞ്ഞ) അക്കൂട്ടർ; ആകയാൽ, അവരുടെ (ആ) നേർമ്മാർഗ്ഗത്തോട് നീ പിൻതുടർന്നു കൊള്ളുക. പറയുക: "ഇതിൻെറ പേരിൽ ഞാൻ നിങ്ങളോട് ഒരു പ്രതിഫലവും ചോദിക്കുന്നില്ല. ഇത് ലോകർക്ക് (മുഴുവൻ) വേണ്ടിയുള്ള ഒരു ഉൽബോധനമല്ലാതെ (മറ്റൊന്നും) അല്ല."

---

മേൽ പറയപ്പെട്ട എല്ലാവരുടെയും സവിശേഷതകൾ കഴിഞ്ഞ വചനങ്ങളിൽ ചൂണ്ടിക്കാട്ടി, തുടർന്ന് അല്ലാഹു പറയുന്നു. അവയൊക്കെ അല്ലാഹുവിങ്കൽ നിന്ന് അവർക്ക് ലഭിച്ച അനുഗ്രഹങ്ങളാണെന്നും, അവൻ ഉദ്ദേശിക്കുന്നവരെയാണ് അവൻ നേർമാർഗ്ഗത്തിലാക്കുക എന്നും. ഏതെങ്കിലും യോഗ്യത കൊണ്ടോ പരിശ്രമം കൊണ്ടോ ലഭിക്കുന്നതല്ല, പ്രവാചകത്വ പദവിയും വേദഗ്രന്ഥവും . പക്ഷെ ഉപരി സൂചിതങ്ങളായ ഗുണങ്ങളുള്ള പരിശുദ്ധന്മാർക്കേ, അവനത് നല്കുകയുള്ളൂ താനും. തന്റെ ദൗത്യം ഏറ്റെടുക്കുവാൻ പറ്റിയവർ ആരാണെന്ന് അവന് നല്ല പോലെ അറിയാമെന്ന്, ഖുർആൻ പലപ്പോഴും വ്യക്തമാക്കിയിട്ടുള്ളതാണ്.

അങ്ങനെ തിരഞ്ഞെടുക്കപ്പെട്ട പ്രവാചകന്മാർ ശിർക്കൊ ശിർക്കിലേക്ക് കാരണമായിത്തീരുന്ന യാതൊന്നുമൊ ചെയ്യുകയില്ലെന്ന് തീർച്ചയാണെന്നിരിക്കെ "അവർ ശിർക്ക് ചെയ്തിരുന്നെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം പൊളിഞ്ഞ് ഫലശൂന്യമായിപോകുമായിരുന്നു" എന്ന് പറഞ്ഞിരിക്കുന്നത് ശിർക്കിന്റെ അതീവ

ഗൗരവത്തേയാണ് കാണിക്കുന്നത്- അതേ സമയത്ത് പ്രവാചകൻമാരുടെ പരിശുദ്ധതയേയും.

മേൽ പറഞ്ഞ പ്രവാചകന്മാർക്കൊക്കെ തൗഹീദിന്റെ പ്രബോധനത്തിനായി, വേദഗ്രന്ഥങ്ങളും വിജ്ഞാനവും പ്രവാചക പദവിയും നല്കപെട്ടത് പോലെ, പ്രവാചകത്വവും വേദഗ്രന്ഥവും നല്കപെട്ട ആളാണ് മുഹമ്മദ്(സ) നബിയും. അദ്ദേഹത്തെ നിഷേധിക്കുന്നത് അവരെയെല്ലാം നിഷേധിക്കലാണ്. അവർ വിശ്വസിക്കുന്നില്ലെങ്കിൽ, തികച്ചും വിശ്വാസികളായ വേറൊരു കൂട്ടരെ, നാം അതിന് തയാറാക്കി വെച്ചിട്ടുണ്ട്.

ഈ മക്കീ സൂറത്ത് അവതരിച്ച് അധികം കഴിയുന്നതിന് മുമ്പായി മദീനയിലെ അൻസാരികളും മുജാഹിദുകളും തൗഹീദീന്റെ ദൗത്യവാഹകന്മാരായ ചരിത്രം പ്രസിദ്ധമാണല്ലോ.

തുടർന്ന്, നബി(സ)യെ അഭിമുഖീകരിച്ച് കൊണ്ട് രണ്ട് കാര്യങ്ങൾ അല്ലാഹു ഉണർത്തുന്നു : 1 ആ പ്രവാചകൻമാർ സ്വീകരിച്ചും, അനുഷ്ഠിച്ചും പോന്ന മാർഗ്ഗം പിൻ പറ്റണമെന്നും. 2 ലോകജനതയുടെ നന്മയാണ് തന്റെ ലക്ഷ്യമെന്നും തനിക്കതിൽ യാതൊരു സ്വാർത്ഥവുമില്ലെന്നും യാതൊരു പ്രതിഫലവും താൻ ആഗ്രഹിക്കുന്നില്ലെന്നും പ്രഖ്യാപിക്കണമെന്നും.

പണ്ട് കാലം മുതലെ മനുഷ്യലോകത്തിന്വേണ്ടി അല്ലാഹു നിശ്ചയിച്ചവതരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു സൻമാർഗ്ഗികവ്യവസ്ഥയുടെ പൂർത്തീകരണമാണ് നബി(സ) നിർവഹിച്ച് കൊണ്ടിരിക്കുന്നത്. അതിൽ അദ്ദേഹത്തിന് യാതൊരു സ്വാർത്ഥോദ്ദേശ്യവും ഇല്ല. മത പ്രബോധന രംഗത്ത് പ്രവർത്തിക്കുന്നവരെല്ലാം സദാ ഓർമ്മിച്ചിരിക്കേണ്ടുന്ന രണ്ട് കാര്യങ്ങളാണിവ.

## വിഭാഗം 11

**വചനം 91**

وَمَا قَدَرُوا۟ ٱللَّهَ حَقَّ قَدْرِهِۦٓ إِذْ قَالُوا۟ مَآ أَنزَلَ ٱللَّهُ عَلَىٰ بَشَرٍ مِّن شَىْءٍ ۗ قُلْ مَنْ أَنزَلَ ٱلْكِتَـٰبَ ٱلَّذِى جَآءَ بِهِۦ مُوسَىٰ نُورًا وَهُدًى لِّلنَّاسِ ۖ تَجْعَلُونَهُۥ قَرَاطِيسَ تُبْدُونَهَا وَتُخْفُونَ كَثِيرًا ۖ وَعُلِّمْتُم مَّا لَمْ تَعْلَمُوٓا۟ أَنتُمْ وَلَآ ءَابَآؤُكُمْ ۖ قُلِ ٱللَّهُ ۖ ثُمَّ ذَرْهُمْ فِى خَوْضِهِمْ يَلْعَبُونَ ﴿٩١﴾

91 അല്ലാഹുവിന് അവൻെറ യഥാർത്ഥ നിലപാട് (അഥവാ മഹത്വം) അവർ കൽപിച്ചില്ല; "അല്ലാഹു ഒരു മനുഷ്യൻെറ മേലും യാതൊന്നും (തന്നെ) അവതരിപ്പിച്ചിട്ടില്ല" എന്ന് അവർ പറഞ്ഞപ്പോൾ. പറയുക: ''പ്രകാശവും, മനുഷ്യർക്ക് മാർഗ്ഗദർശനവുമായിക്കൊണ്ട് മൂസാ കൊണ്ടുവന്ന (ആ) ഗ്രന്ഥം അവതരിപ്പിച്ചതാരാണ്?! നിങ്ങൾ അതിനെ (ചിലതൊക്കെ) വെളിവാക്കുകയും, പലതും മറച്ചുവെക്കുകയും ചെയ്തുകൊണ്ടുള്ള തുണ്ടുതാളുകളാക്കിക്കൊണ്ടിരിക്കുന്നു. നിങ്ങൾക്കാകട്ടെ, നിങ്ങളുടെ പിതാക്കൾക്കാകട്ടെ അറിഞ്ഞുകൂടാത്തത് നിങ്ങൾക്ക് പഠിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു." പറയുക: "അല്ലാഹുവാണ് (അവതരിപ്പിച്ചത്)." പിന്നീട്, അവരുടെ അനാവശ്യത്തിൽ വിളയാടിക്കൊണ്ടിരിക്കുമാറ് അവരെ നീ വിട്ടേക്കുക.

---

"അല്ലാഹുവിന് അവന്റെ യഥാർത്ഥ നിലപാട് (അഥവാ മഹത്വം ) അവർ കല്പിച്ചിട്ടില്ല " എന്നുള്ള വാക്യം ഇവിടെ മാത്രമല്ല സൂ. ഹജ്ജ് 74 ലും സൂ. സുമർ 67 ലും കണാവുന്നതാണ് . ശിർക്കിനെയും അവിശ്വാസത്തേയും ക്കുറിച്ച് സംസാരക്കുന്ന മദ്ധ്യേയാണ് എല്ലാ സ്ഥലത്തും ആ വാക്യമുള്ളത്. അല്ലാഹുവിന്റെ മഹത്വം അവർ വേണ്ടത് പോലെ മനസ്സിലാക്കിയില്ല, അവനെ സംബന്ധിച്ച് അറിഞ്ഞിരിക്കേണ്ടുന്ന പ്രകാരം അറിഞ്ഞില്ല -അതാണ് അതിനൊക്കെ കാരണമെന്ന് സാരം. അല്ലാഹു സർവ്വജ്ഞനും കാരുണ്യവാനും മനുഷ്യന്റെ വിജയത്തിനു വേണ്ടുന്ന മാർഗ്ഗദർശനങ്ങൾ നല്കുവാനുള്ള സംവിധാനം ഒരുക്കിയവനും ഒക്കെ ആണെന്ന യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാത്തത് കൊണ്ടാണല്ലൊ അവർ അവിശ്വാസികളും ബഹുദൈവ വിശ്വാസികളും ആയിത്തീരുന്നത്.

"ഒരു മനുഷ്യന്റെ മേലും അല്ലാഹു ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല " എന്ന് പറഞ്ഞത് ആരാണെന്നുള്ളതിൽ വ്യാഖ്യാതാക്കൾക്കിടയിൽ രണ്ടഭിപ്രായങ്ങൾ കാണുന്നു - മക്കാ മുശ്രിക്കുകളാണെന്നും യഹൂദികളാണെന്നും.

ഈ സൂറത്ത് അവതരിച്ചത് മക്കി കാലഘട്ടത്തിലാണ്; അക്കാലത്ത് യഹൂദികളുമായി ഒരേറ്റുമുട്ടൽ ഉണ്ടായിട്ടില്ല;മാത്രമല്ല മൂസാ(അ) നബിക്ക് തൗറാത്ത് അവതരിച്ചതിനെ അവർ നിഷേധിക്കുകയുമില്ല - ആയതിനാൽ ഇത് മക്കാ മുശ്‌രിക്കുകൾ പറഞ്ഞതാണെന്നാണ് ഒരു വിഭാഗം വ്യാഖ്യാതാക്കൾ പറയുന്നത്.

മൂസാ(അ) നബിക്ക് അവതരിച്ച തൌറാത്തിനെ യഹൂദികൾ നിഷേധിക്കുന്നില്ലെങ്കിലും , ഖുർ ആന്റെ നേരെയുള്ള വൈരാഗ്യത്തിന്റെ കാഠിന്യം നിമിത്തം യഹൂദികൾ അങ്ങനെ പറഞ്ഞതായിരിക്കാം എന്നാണ് രണ്ടാമത്തെ വിഭാഗം വ്യാഖ്യാതാക്കൾ പറയുന്നത് - الله اعلم

“നിങ്ങൾ അതിനെ - മൂസാ നബി(അ) കൊണ്ടുവന്ന ഗ്രന്ഥത്തെ - ചിലതൊക്കെ വെളിവാക്കുകയും പലതും മറച്ച് വെക്കുകയും ചെയ്ത് കൊണ്ടുള്ള തുണ്ടു താളുകളാക്കുന്നു ” എന്ന വാക്യം യഹൂദികളെ ഉദ്ദേശിച്ചാകുന്നു. പൊതു ജനങ്ങൾക്കിടയിൽ വെളിവാക്കാവുന്ന ഭാഗങ്ങളും പണ്ഡിതൻമാർക്കും നേതാക്കൾക്കുമിടയിൽ രഹസ്യമാക്കി വെച്ചിരുന്ന ഭാഗങ്ങളും എന്നിങ്ങനെ തൌറാത്തിനെ അവർ തരം തിരിച്ച് എഴുതി വെച്ചിരുന്നു. തൌറാത്തിനെ നിങ്ങൾ അലങ്കോലപെടുത്തിയെന്നത് ശരി തന്നെ; എന്നാൽ അതിന്റെ അവതരണത്തെ നിങ്ങൾക്ക് നിഷേധിക്കുവാൻ സാധ്യമല്ലെന്ന് സാരം.

“നിങ്ങൾക്കാകട്ടെ നിങ്ങളുടെ പിതാക്കൾക്കാകട്ടെ അറിഞ്ഞു കൂടാത്തത് നിങ്ങൾക്ക് പഠിപ്പിക്കപെട്ടു”. എന്ന് പറഞ്ഞത് ഖുർ ആൻ അല്ലെങ്കിൽ തൌറാത്തു മുഖേന നല്കിയിട്ടുള്ള അറിവുകളെ സൂചിപ്പിക്കുന്നു.

അവസാനമായി, അല്ലാഹു ആർക്കും ഒന്നും അവതരിപ്പിക്കുകയുണ്ടായിട്ടില്ല എന്ന വാദം തികച്ചും നിരർത്ഥകവും, ബാലിശവുമാണെന്നും, അത്തരം അനാവശ്യങ്ങളിൽ മുഴുകി , രസിച്ച് കൊണ്ട് അവരങ്ങ് നടക്കട്ടെ എന്നും, അതിന്റെ ഭവിഷ്യത്ത് അവർക്ക് അറിയാറാകും എന്നും അല്ലാഹു താക്കീത് നല്കുന്നു.

**വചനം 92**

وَهَٰذَا كِتَٰبٌ أَنزَلْنَٰهُ مُبَارَكٌ مُّصَدِّقُ ٱلَّذِى بَيْنَ يَدَيْهِ وَلِتُنذِرَ أُمَّ ٱلْقُرَىٰ وَمَنْ حَوْلَهَا ۚ وَٱلَّذِينَ يُؤْمِنُونَ بِٱلْءَاخِرَةِ يُؤْمِنُونَ بِهِۦ ۖ وَهُمْ عَلَىٰ صَلَاتِهِمْ يُحَافِظُونَ ﴿٩٢﴾

92 (ഇതാ) ഇതും നാം അവതരിപ്പിച്ച ഒരു ഗ്രന്ഥമത്രെ; അനുഗൃഹീതമായ (വർദ്ധിച്ച നൻമകളുള്ള) തും, അതിൻെറ മുമ്പിലുള്ളതിനെ സത്യപ്പെടുത്തുന്നതുമാണ് (അത്). ‘ഉമ്മുൽഖുറാ’യെ (രാജ്യങ്ങളുടെ കേന്ദ്രത്തെ) യും, അതിൻെറ ചുറ്റുപുറമുള്ളവരെയും നീ താക്കീതു ചെയ്‌വാൻ വേണ്ടിയും (കൂടിയാകുന്നു). പരലോകത്തിൽ വിശ്വസിക്കുന്നവർ അതിൽ വിശ്വസിക്കുന്നതാണ്; അവർ, തങ്ങളുടെ നമസ്കാരത്തെപ്പറ്റി കാത്തുസൂക്ഷിക്കുകയും ചെയ്യും.

---

ഖുർആൻ എന്നത് നന്മകൾ നിറഞ്ഞ അനുഗ്രഹീത ഗ്രന്ഥമാണെന്നും, മുൻ വേദഗ്രന്ഥങ്ങൾക്ക് സത്യസാക്ഷ്യം വഹിക്കുന്നതാണെന്നും മക്കാ നിവാസികളെയും , മക്കയുടെ ചുറ്റുമായി നിവസിക്കുന്ന എല്ലാ മനുഷ്യരെയും അതിന്റെ ചുറ്റുപുറങ്ങളിലായി സ്ഥിതിചെയ്യുന്ന എല്ലാ രാജ്യക്കാരെയും താക്കീത് ചെയ്യാൻ വേണ്ടി അവതരിപ്പിക്കപ്പെട്ടതാണെന്നും അല്ലാഹു പ്രസ്താവിക്കുന്നു. പാരത്രിക ജീവിതത്തിൽ വിശ്വസിക്കുന്നവർ ഖുർആനിൽ വിശ്വസിക്കാതിരിക്കുകയില്ലെന്നും, അവർ അല്ലാഹുവിന് നമസ്ക്കാരവും ഭയഭക്തിയും അർപ്പിക്കുന്നവരായിരിക്കുമെന്നും ചൂണ്ടികാട്ടുന്നു.

ഉമ്മുൽ ഖുറാ (രാജ്യങ്ങളുടെ മാതാവ് ) എന്നത് കൊണ്ട് മക്കാ രാജ്യമാണുദ്ദേശ്യം . (2:125; 42:7) എന്നിവിടങ്ങളിൽ നോക്കുക)

**വചനം 93, 94**

وَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا أَوْ قَالَ أُوحِىَ إِلَىَّ وَلَمْ يُوحَ إِلَيْهِ شَىْءٌ وَمَن قَالَ سَأُنزِلُ مِثْلَ مَآ أَنزَلَ ٱللَّهُ ۗ وَلَوْ تَرَىٰٓ إِذِ

93 ആരാണ് അധികം അക്രമി? അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമച്ചുണ്ടാക്കുകയോ, അല്ലെങ്കിൽ തനിക്ക് യാതൊന്നും വഹ്‌യു (ദിവ്യസന്ദേശം) നൽകപ്പെട്ടിട്ടില്ലാതിരിക്കെ “എനിക്ക് വഹ്‌യു നൽകപ്പെട്ടിരിക്കുന്നു” വെന്ന്

ٱلظَّٰلِمُونَ فِي غَمَرَٰتِ ٱلۡمَوۡتِ وَٱلۡمَلَٰٓئِكَةُ بَاسِطُوٓاْ أَيۡدِيهِمۡ أَخۡرِجُوٓاْ أَنفُسَكُمُۖ ٱلۡيَوۡمَ تُجۡزَوۡنَ عَذَابَ ٱلۡهُونِ بِمَا كُنتُمۡ تَقُولُونَ عَلَى ٱللَّهِ غَيۡرَ ٱلۡحَقِّ وَكُنتُمۡ عَنۡ ءَايَٰتِهِۦ تَسۡتَكۡبِرُونَ ٩٣

പറയുകയോ ചെയ്തവനെക്കാൾ! അല്ലാഹു അവതരിപ്പിച്ചതുപോലെ ഞാൻ അവതരിപ്പിച്ചുകൊള്ളാമെന്ന് പറഞ്ഞവനെക്കാളും! (ആ) അക്രമികൾ മരണവെപ്രാളത്തിലായിരിക്കുമ്പോൾ, നീ കണ്ടിരുന്നുവെങ്കിൽ! (ഹാ! അതൊരു ഭയങ്കര കാഴ്ച തന്നെയായിരിക്കും) മലക്കുകൾ (അവരുടെ നേരെ) തങ്ങളുടെ കൈകൾ നീട്ടിക്കൊണ്ടുമിരിക്കും; (അവർ പറയും:) "നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ പുറത്താക്കുവിൻ. ഇന്ന് നിങ്ങൾക്ക് ഹീനത, (നിന്ദ്യത) യുടെ ശിക്ഷ പ്രതിഫലം നൽകപ്പെടുന്നതാണ്; നിങ്ങൾ അല്ലാഹുവിൻെറ പേരിൽ യഥാർത്ഥമല്ലാത്തത് പറഞ്ഞുകൊണ്ടിരുന്നതും, അവൻെറ 'ആയത്തു' (ലക്ഷ്യം) കളെ സംബന്ധിച്ച് നിങ്ങൾ അഹംഭാവം നടിച്ചുകൊണ്ടിരുന്നതും നിമിത്തം."

وَلَقَدۡ جِئۡتُمُونَا فُرَٰدَىٰ كَمَا خَلَقۡنَٰكُمۡ أَوَّلَ مَرَّةٖ وَتَرَكۡتُم مَّا خَوَّلۡنَٰكُمۡ وَرَآءَ ظُهُورِكُمۡۖ وَمَا نَرَىٰ مَعَكُمۡ شُفَعَآءَكُمُ ٱلَّذِينَ زَعَمۡتُمۡ أَنَّهُمۡ فِيكُمۡ شُرَكَٰٓؤُاْۚ لَقَد تَّقَطَّعَ بَيۡنَكُمۡ وَضَلَّ عَنكُم مَّا كُنتُمۡ تَزۡعُمُونَ ٩٤

94 (അവരോട് പറയപ്പെടും) "നിങ്ങളെ നാം ഒന്നാം പ്രാവശ്യം സൃഷ്ടിച്ചതുപോലെ, നമ്മുടെ അടുക്കൽ ഒറ്റപ്പെട്ടവരായിക്കൊണ്ട് നിങ്ങൾ (ഇതാ) വന്നു കഴിഞ്ഞു; നിങ്ങൾക്ക് നാം അധീനപ്പെടുത്തിത്തന്നത് (ഒക്കെ) നിങ്ങൾ നിങ്ങളുടെ പിൻപുറത്ത് വിട്ടേച്ചുപോരുകയും ചെയ്തിരിക്കുന്നു. "നിങ്ങളുടെ കാര്യത്തിൽ (അല്ലാഹുവിൻെറ) പങ്കുകാരാണെന്ന് നിങ്ങൾ ജൽപിച്ചവരായ നിങ്ങളുടെ (ആ) ശുപാർശകൻമാരെ നിങ്ങളോടൊപ്പം നാം കാണുന്നുമില്ല. നിങ്ങൾക്കിടയിൽ (ബന്ധം) മുറിഞ്ഞു പോകുക തന്നെ ചെയ്തിട്ടുണ്ട്. നിങ്ങൾ ജൽപിച്ചുകൊണ്ടിരുന്നത് (ഒക്കെയും) നിങ്ങളെ വിട്ടു മറഞ്ഞു പോകയും ചെയ്തിരിക്കുന്നു."

---

അല്ലാഹുവിന് സമന്മാരുണ്ട് സന്താനങ്ങളുണ്ട് എന്നൊക്കെ പറഞ്ഞ് കൊണ്ടിരിക്കുന്നവർ , വഹ്‌യ് ലഭിച്ചിരിക്കുന്നു എന്ന് വാദിക്കുന്ന മുസൈലമത്തുൽ കദ്ദാബിനെപോലുള്ള കള്ള പ്രവാചകന്മാർ , ഈ ഖുർആൻ പോലെയുള്ള ഗ്രന്ഥം അവതരിപ്പിക്കാൻ കഴിവുണ്ടെന്ന് വീമ്പിളക്കുന്ന ധിക്കാരികൾ എന്നിവർ ഏറ്റവും കടുത്ത അക്രമികളാകുന്നു. ജീവിതത്തിൽ എന്തും പറയാനും പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യം അവർക്കുണ്ടെങ്കിലും, മരണവേളയിൽ തന്നെയും തുടർന്നും അവർക്ക് അതിന്റെ ഫലം അതിഭയങ്കരമായി അനുഭവപ്പെടും. അല്ലാഹുവിന്റെ സമൻമാരാക്കി വെച്ചു ആരെയൊക്കെ അവർ പ്രാർത്ഥിച്ച് വന്നിരുന്നുവൊ, അവരാരും അവർക്ക് അവിടെ രക്ഷക്കുണ്ടായിരിക്കുകയില്ല.

"മലക്കുകൾ അവരുടെ കൈകൾ നീട്ടിക്കൊണ്ടിരിക്കും " എന്ന് പറഞ്ഞത് അവിശ്വാസികളുടെ മരണവേളയിൽ മലക്കുകൾ അവരുടെ മുഖത്തും പിൻവശത്തും അടിക്കുകയും , കഠിനമായി അവരോട് പെരുമാറുകയും ചെയ്യുമെന്നതിനെ ഉദ്ദേശിച്ചാകുന്നു. (സൂ ;8:50 നോക്കുക )

"നിങ്ങൾക്ക് നാം അധീനപ്പെടുത്തിത്തന്നതൊക്കെ നിങ്ങൾ വിട്ടേച്ച് പോന്നു " എന്ന് പറഞ്ഞതിന്റെ സാരം ഇഹത്തിൽവെച്ച് നിങ്ങൾക്കു നാം നല്കിയ സൗകര്യങ്ങളും സ്വാതന്ത്ര്യങ്ങളും , ഉപയോഗിച്ച് നമ്മെ ധിക്കരിച്ച നിങ്ങൾക്ക് ഇപ്പോൾ അതെല്ലാം നഷ്ടപെട്ടിരിക്കയാണ്. നിങ്ങളുടെ പങ്കുകാരും നിങ്ങളും തമ്മിലുള്ള ബന്ധം മുറിഞ്ഞ് പോകുക തന്നെ ചെയ്തിരിക്കുന്നു.

**വിഭാഗം 12**

**വചനം 95, 96, 97, 98, 99**

95 നിശ്ചയമായും അല്ലാഹു, ധാന്യവും, കുരുവും പിളർത്തുന്നവനാണ്. നിർജ്ജീവമായതിൽനിന്ന് അവൻ ജീവിയെ പുറത്തു വരുത്തുന്നു; ജീവിയിൽ നിന്ന് നിർജ്ജീവമായതിനെ പുറത്തു വരുത്തുന്നവനുമാകുന്നു. (അങ്ങിനെയുള്ള) അവനത്രെ അല്ലാഹു; എന്നിരിക്കെ, എങ്ങിനെയാണ് നിങ്ങൾ (അവനെ വിട്ട്) തെറ്റിക്കപ്പെടുന്നത്?!

﴿ إِنَّ ٱللَّهَ فَالِقُ ٱلْحَبِّ وَٱلنَّوَىٰ ۖ يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَمُخْرِجُ ٱلْمَيِّتِ مِنَ ٱلْحَىِّ ۚ ذَٰلِكُمُ ٱللَّهُ ۖ فَأَنَّىٰ تُؤْفَكُونَ ﴿٩٥﴾

96 പ്രഭാതത്തെ പിളർത്തുന്നവനാണ് (അവൻ). രാത്രിയെ അവൻ ശാന്തമാക്കുകയും ചെയ്തിരിക്കുന്നു; സൂര്യനെയും, ചന്ദ്രനെയും അവൻ (സമയത്തിൻെറ) കണക്കും (ആക്കിയിരിക്കുന്നു). അത് (ഒക്കെയും) സർവ്വജ്ഞനായ (ആ) പ്രതാപശാലിയുടെ നിർണ്ണയം (വ്യവസ്ഥ) ആകുന്നു.

فَالِقُ ٱلْإِصْبَاحِ وَجَعَلَ ٱلَّيْلَ سَكَنًا وَٱلشَّمْسَ وَٱلْقَمَرَ حُسْبَانًا ۚ ذَٰلِكَ تَقْدِيرُ ٱلْعَزِيزِ ٱلْعَلِيمِ ﴿٩٦﴾

97 അവനത്രെ, നിങ്ങൾക്ക് നക്ഷത്രങ്ങളെ-അവമൂലം കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ നിങ്ങൾ വഴി കാണുവാൻ വേണ്ടി-ഏർപ്പെടുത്തിയവനും. അറിയുന്ന ജനങ്ങൾക്ക് നാം ദൃഷ്ടാന്തങ്ങൾ വിശദീകരിച്ചു കൊടുത്തിട്ടുണ്ട്.

وَهُوَ ٱلَّذِى جَعَلَ لَكُمُ ٱلنُّجُومَ لِتَهْتَدُوا۟ بِهَا فِى ظُلُمَٰتِ ٱلْبَرِّ وَٱلْبَحْرِ ۗ قَدْ فَصَّلْنَا ٱلْءَايَٰتِ لِقَوْمٍ يَعْلَمُونَ ﴿٩٧﴾

98 അവനത്രെ, ഒരേ ആത്മാവിൽ (അഥവാ വ്യക്തിയിൽ)നിന്ന് നിങ്ങളെ (സൃഷ്ടിച്ച്) ഉണ്ടാക്കിയവനും. അങ്ങനെ, (നിങ്ങൾക്ക്) തങ്ങുന്ന സ്ഥാനവും, സൂക്ഷിപ്പുസ്ഥാനവുമുണ്ട്. ഗ്രഹിക്കുന്ന ജനങ്ങൾക്ക് നാം ദൃഷ്ടാന്തങ്ങൾ വിശദീകരിച്ചു കൊടുത്തിട്ടുണ്ട്.

وَهُوَ ٱلَّذِىٓ أَنشَأَكُم مِّن نَّفْسٍ وَٰحِدَةٍ فَمُسْتَقَرٌّ وَمُسْتَوْدَعٌ ۗ قَدْ فَصَّلْنَا ٱلْءَايَٰتِ لِقَوْمٍ يَفْقَهُونَ ﴿٩٨﴾

99 അവനത്രെ, ആകാശത്തുനിന്ന് (മഴ) വെള്ളം ഇറക്കിയവനും. എന്നിട്ട് അതുമൂലം എല്ലാ വസ്തുക്കളുടെയും മുളയെ നാം (അല്ലാഹു) പുറത്തു വരുത്തി; എന്നിട്ട് അതിൽനിന്ന് നാം പച്ച (ച്ചെടി)കളെ പുറത്ത് വരുത്തി അതിൽ നിന്ന് പരസ്പരം (മേൽക്കുമേൽ) തിങ്ങിക്കൊണ്ടിരിക്കുന്ന ധാന്യം നാം പുറപ്പെടുവിക്കുന്നു. ഈത്തപ്പനയിൽ നിന്ന്-അതിൻെറ കുലയിൽ നിന്ന്-താണു (തൂങ്ങി) നിൽക്കുന്ന കതിർപ്പുകളും (ഉണ്ടായിത്തീരുന്നു). മുന്തിരികളുടെ തോട്ടങ്ങളും, ഓലീവു വൃക്ഷവും, മാതളച്ചെടിയും (പുറത്തു വരുത്തുന്നു); സാദൃശ്യപ്പെട്ടതും, പരസ്പര സാദൃശ്യമില്ലാത്തതുമായിക്കൊണ്ട്. അത് കായ്ക്കുമ്പോൾ അതിൻെറ കായയിലേക്കും,അത് മൂപ്പെത്തു

وَهُوَ ٱلَّذِىٓ أَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَخْرَجْنَا بِهِۦ نَبَاتَ كُلِّ شَىْءٍ فَأَخْرَجْنَا مِنْهُ خَضِرًا نُّخْرِجُ مِنْهُ حَبًّا مُّتَرَاكِبًا وَمِنَ ٱلنَّخْلِ مِن طَلْعِهَا قِنْوَانٌ دَانِيَةٌ وَجَنَّٰتٍ مِّنْ أَعْنَابٍ وَٱلزَّيْتُونَ وَٱلرُّمَّانَ مُشْتَبِهًا وَغَيْرَ مُتَشَٰبِهٍ ۗ ٱنظُرُوٓا۟ إِلَىٰ ثَمَرِهِۦٓ إِذَآ أَثْمَرَ وَيَنْعِهِۦٓ ۚ إِنَّ فِى ذَٰلِكُمْ لَءَايَٰتٍ لِّقَوْمٍ يُؤْمِنُونَ ﴿٩٩﴾

ന്നതിലേക്കും നിങ്ങൾ നോക്കുക! നിശ്ചയമായും, വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിലെല്ലാം പല ദൃഷ്ടാന്തങ്ങളുണ്ട്.

---

അല്ലാഹുവിന്റെ സൃഷ്ടിവൈഭവം , ശക്തിമാഹാത്മ്യം , ഏകത്വം ആദിയായവക്കുള്ള നിത്യ ദൃഷ്ടാന്തങ്ങളിൽ പെട്ട കുറേ യാഥാർത്ഥ്യങ്ങൾ അല്ലാഹു എടുത്ത് കാണിക്കുന്നു.

1 ധാന്യമണികളെയും കുരുക്കളെയും പിളർത്തി അവയിൽ നിന്ന് സസ്യങ്ങളെയും വൃക്ഷങ്ങളെയും ഉൽപാദിപ്പിക്കുന്നു.

2 ജീവനോ വളർച്ചയോ ഇല്ലാത്ത നിർജ്ജീവ വസ്തുക്കളിൽ നിന്നും ജീവനും വളർച്ചയുമുള്ള വസ്തുക്കളെ ഉൽപാദിപ്പിക്കുകയും , അങ്ങനെ മനുഷ്യനടക്കമുള്ള ജീവികളുടെ വംശ വർദ്ധന നടത്തുകയും ചെയ്യുന്നു. 3 രാത്രിയുടെ ഇരുട്ടിൽ നിന്ന് പ്രഭാതം പുലരുന്നത് . 4 രാത്രിയെ വിശ്രമത്തിന് ഉപയുക്തമാം വിധം ശാന്തമാക്കിയത്. 5 സമയ ക്രമത്തിന് ഉതകുമാറ് സൂര്യ ചന്ദ്ര നക്ഷത്രങ്ങളെ നിയന്ത്രിച്ച് പോരുന്നത്. 6 കരയിലൂടെയും കടലിലൂടെയും യാത്ര ചെയ്യുന്നവർക്ക് ദിക്കുകൾ തിരിച്ചറിയുന്നതിന് നക്ഷത്രങ്ങളെ ഏർപെടുത്തിയത് . ആധുനിക യുഗത്തിലെ വായുമണ്ഡലത്തിലൂടെയും , ഗോളാന്തരങ്ങളിലൂടെയും ഉള്ള യാത്രകളിലും, നക്ഷത്രങ്ങളുടെ മാർഗ്ഗദർശനം ആവശ്യം തന്നെ. 7 ഓരോ വ്യക്തിയുടെയും സൃഷ്ടിപ്പിനെ സംബന്ധിച്ചേടത്തോളം അതിന്റെ ബീജം കുറെകാലം, അതിന്റെ മാതാപിതാക്കളിൽ തങ്ങി നില്ക്കുകയും, അനന്തരം മാതാവിന്റെ ഗർഭപാത്രത്തിൽ വെച്ച് ചില ദശാ മാറ്റങ്ങൾ തരണം ചെയ്ത് മനുഷ്യ രൂപം പൂണ്ട് പുറത്ത് വരുകയും ചെയ്യുന്നു. 8 ആകാശത്ത് നിന്ന് മഴവെള്ളം ഇറക്കി, എല്ലാ വിധ സസ്യങ്ങളെയും മുളപ്പിക്കുകയും , ധാന്യങ്ങൾ ഉൽപാദിപ്പിക്കുകയും ചെയ്യുന്നു. ഈത്തപനകൾ, മുന്തിരിതോട്ടങ്ങൾ , ഒലിവ് വൃക്ഷങ്ങൾ , മാതളച്ചെടികൾ ആദിയായവയെല്ലാം ഉൽപാദിതമാകുന്നു. അവയിൽ വെച്ച് ഗുണങ്ങളിൽ ചിലവ പരസ്പരം സാദൃശ്യം ഉള്ളവയും ,ചിലവ വ്യത്യസ്തത ഉള്ളവയും ആയിരിക്കും. അവ ആദ്യം പിഞ്ചും പിന്നീട് മൂത്ത് പഴുത്ത് പാകത്തിലുമായിരിക്കും.

മേൽ പറഞ്ഞ യാഥാർത്ഥ്യങ്ങളെ ഗ്രഹിക്കുകയും , വിശ്വസിക്കുകയും ചെയ്യുന്നവർക്ക് ഇതിലൊക്കെ അല്ലാഹുവിന്റെ മഹിത മഹത്വങ്ങളെയും ഏകത്വത്തേയും ഉൾകൊള്ളാൻ കഴിയുന്നതാണ്.

---

**വചനം 100**

وَجَعَلُوا۟ لِلَّهِ شُرَكَآءَ ٱلْجِنَّ وَخَلَقَهُمْ ۖ وَخَرَقُوا۟ لَهُۥ بَنِينَ وَبَنَـٰتٍۭ بِغَيْرِ عِلْمٍ ۚ سُبْحَـٰنَهُۥ وَتَعَـٰلَىٰ عَمَّا يَصِفُونَ ﴿١٠٠﴾

100 അവർ ജിന്നുകളെ അല്ലാഹുവിന് പങ്കുകാരാക്കുകയും ചെയ്തിരിക്കുന്നു; അവരെ അവൻ സൃഷ്ടിച്ചിരിക്കയുമാണ് (എന്നിട്ടും)! ഒരു വിവരവുമില്ലാതെ അവർ അവന് പുത്രൻമാരെയും പുത്രികളെയും കെട്ടിയുണ്ടാക്കുകയും ചെയ്തിരിക്കുന്നു. അവൻ മഹാ പരിശുദ്ധൻ! അവർ വിശേഷിപ്പിച്ചു പറയുന്നതിൽനിന്ന് (ഒക്കെയും) അവൻ വളരെ ഉന്നതി പ്രാപിക്കുകയും ചെയ്തിരിക്കുന്നു.

---

ബഹുദൈവ വിശ്വാസികൾ, അല്ലാഹുവിന് പുറമെ വിഗ്രഹങ്ങളെ മാത്രമല്ല ജിന്നുകളെയും പല ഭൗതികശക്തികളുടേയും പേരിൽ ദേവി ദേവൻമാരെയും സങ്കൽപിച്ചുണ്ടാക്കി അവയെയും ആരാധിക്കുന്നത് എല്ലാ കാലത്തുമുള്ള അവരുടെ പതിവാകുന്നു. ഇത്തം വിശ്വാസാചാരങ്ങൾ ഒരു പ്രകാരത്തില്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ മുസ്ലീം സമുദായത്തിലും നിലവിലുണ്ടാകുന്നത് ദുഃഖകരമായ ഒരു സത്യമത്രെ.

മലക്കുകളെ അല്ലാഹുവിന്റെ പെൺമക്കളായി അറബി മുശ്രിക്കുകളും, ഈസാ(അ) നബിയെയും ഉസൈർ(അ) നെയും അൺമക്കളായി വേദക്കാരും വിശ്വസിച്ചിരുന്നു. ഇതെല്ലാം അല്ലാഹുവിന്റെ അധികാരാവകാശങ്ങളിലും ,ഗുണമാഹാത്മ്യങ്ങളിലും പങ്ക് ചേർക്കലാകുന്നു. അല്ലാഹുവാകട്ടെ, ഇത്തരം എല്ലാ സങ്കൽപങ്ങളിൽ നിന്നും എത്രയൊ പരിശുദ്ധനും ഉന്നതനുമാകുന്നു.

**വിഭാഗം 13**

**വചനം 101**

بَدِيعُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِۖ أَنَّىٰ يَكُونُ لَهُۥ وَلَدٞ وَلَمۡ تَكُن لَّهُۥ صَٰحِبَةٞۖ وَخَلَقَ كُلَّ شَيۡءٖۖ وَهُوَ بِكُلِّ شَيۡءٍ عَلِيمٞ ﴿١٠١﴾

101 ആകാശങ്ങളെയും, ഭൂമിയെയും മാതൃകയില്ലാതെ ഉണ്ടാക്കിയവനാണ് (അവൻ). അവന് എങ്ങിനെയാണൊരു സന്താനമുണ്ടാകുക- അവന് ഒരു കൂട്ടുകാരി (സഖി)യുമി ല്ലതാനും (-എന്നിരിക്കെ)?! എല്ലാ വസ്തുക്കളെയും അവൻ സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു; അവൻ എല്ലാ വസ്തുവെക്കുറിച്ചും അറിയുന്നവനുമാകുന്നു.

---

അല്ലാഹുവിന് സന്താനമുണ്ടായിരിക്കാൻ നിവൃത്തിയില്ലെന്നുള്ളതിന് ചില വസ്തുതകൾ ഈ വചനത്തിൽ അവൻ ചൂണ്ടിക്കാട്ടിയിരിക്കുന്നു. 1 ആകാശഭൂമികളുടെ മുഴുവൻ സൃഷ്ടാവായ അല്ലാഹു ആ സൃഷ്ടികളിൽ പെട്ട ഏതെങ്കിലും ഒന്നിനെ സന്താനമായി സങ്കല്പിക്കുന്നതെങ്ങിനെയാണ്.

2 അല്ലാഹുവിന് ഒരു സന്താനമുണ്ടാകണമെങ്കിൽ ആ സന്താനത്തിന്റെ മാതാവായി, അല്ലാഹുവിന് ഒരു സഹധർമ്മിണി വേണമല്ലൊ. എന്നാൽ ഇങ്ങനെ ഒരു സഹധർമ്മിണിയുള്ളതായി ഈ മുശ്രിക്കുകളൊന്നും ജല്പിക്കുന്നില്ല.

3 സൃഷ്ടി സന്താനം ആകുന്ന പക്ഷം, സൃഷ്ടികളെല്ലാം സന്താനങ്ങളായിരിക്കേണ്ടി വരും 4 സർവ്വജ്ഞാനിയായ അല്ലാഹവിന് അവൻ അറിയാതെ എങ്ങനെ സന്താനമുണ്ടാകാനാണ്.

**വചനം 102, 103**

ذَٰلِكُمُ ٱللَّهُ رَبُّكُمۡۖ لَآ إِلَٰهَ إِلَّا هُوَۖ خَٰلِقُ كُلِّ شَيۡءٖ فَٱعۡبُدُوهُۚ وَهُوَ عَلَىٰ كُلِّ شَيۡءٖ وَكِيلٞ ﴿١٠٢﴾

102 (അങ്ങിനെയുള്ള) ആ അവനത്രെ നിങ്ങളുടെ റബ്ബായ അല്ലാഹു. അവനല്ലാതെ ആരാധ്യനേ ഇല്ല. എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു (അവൻ). ആകയാൽ നിങ്ങൾ അവനെ ആരാധിക്കുവിൻ. അവൻ എല്ലാ വസ്തുക്കളുടെ മേലും (കൈകാര്യം) ഏറ്റെടുത്തവനുമാകുന്നു.

لَّا تُدۡرِكُهُ ٱلۡأَبۡصَٰرُ وَهُوَ يُدۡرِكُ ٱلۡأَبۡصَٰرَۖ وَهُوَ ٱللَّطِيفُ ٱلۡخَبِيرُ ﴿١٠٣﴾

103 അവനെ ദൃഷ്ടികൾ കണ്ടെത്തുകയില്ല; അവനാകട്ടെ, ദൃഷ്ടികളെ കണ്ടെത്തുകയും ചെയ്യുന്നു. അവൻ, സസൂക്ഷ്മനായുള്ളവനത്രെ; സൂക്ഷ്മജ്ഞാനിയത്രെ.

---

സൃഷ്ടികളുടെ കണ്ണ് കൊണ്ട് കണ്ട് പിടിക്കുവാനും, അവരുടെ കാഴ്ചക്ക് എത്തിച്ചേരുവാനും സാധ്യമല്ലാത്ത വിധം, അതി സൂക്ഷ്മനും, സൗമ്യനുമായുള്ളവനത്രെ അല്ലാഹു . അതേ സമയം , എല്ലാ ദൃഷ്ടികളെയും കാഴ്ചകളേയും കണ്ടറിയുന്ന സൂക്ഷ്മ ജ്ഞാനിയുമാണവൻ.

സൂറ :ശൂറാ : 11 ൽ അല്ലാഹു പ്രസ്താവിക്കുന്നു: "അവനെ പോലെ ഒരു വസ്തുവും ഇല്ല. അവൻ എല്ലാം കേട്ടറിയുന്നവനാണ്, കണ്ടറിയുന്നവനാണ്. "

സത്യവിശ്വാസികൾക്ക് പരലോകത്ത് വെച്ച് അല്ലാഹുവിനെകാണുവാനുള്ള മഹാഭാഗ്യം സിദ്ധിക്കുമെന്ന് ഖുർആനിൽ വ്യക്തമായി പ്രസ്താവിക്കപെട്ടിട്ടുള്ളതാണ്. : (75:22,23) കാണുക

**വചനം 104**

قَدۡ جَآءَكُم بَصَآئِرُ مِن رَّبِّكُمۡۖ فَمَنۡ أَبۡصَرَ فَلِنَفۡسِهِۦۖ وَمَنۡ عَمِيَ فَعَلَيۡهَاۚ وَمَآ

104 (പറയുക:) "നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്ക് ഉൾക്കാഴ്ച(ക്കുള്ള തെളിവു)കൾ വന്നു കഴിഞ്ഞിരിക്കുന്നു. അതിനാൽ, ആർ

(മനോദൃഷ്ടികൊണ്ട്) കണ്ടറിഞ്ഞുവോ (അതിൻെറ ഗുണം) അവൻെറ സ്വന്തത്തിന് തന്നെ. ആര്‍ (കണ്ടറിയാതെ) അന്ധനായോ (അതിൻെറ ദോഷം) അതിൻെറമേല്‍ തന്നെ. ഞാന്‍ നിങ്ങളുടെമേല്‍ ഒരു കാവല്‍ക്കാരനല്ല”.

أَنَا۠ عَلَيۡكُم بِحَفِيظٖ ١٠٤

---

വേണ്ടത്ര തെളിവുകള്‍ കിട്ടിയതിന് ശേഷം സത്യം മനസ്സിലാക്കി സ്വീകരിക്കാന്‍ തയാറുള്ളവര്‍ക്ക് അതിന്റെ ഗുണം ലഭിക്കുന്നതാണ്. അതല്ല കണ്ണടച്ച് അന്ധത നടിക്കുവാനാണ് വല്ലവരും ഉദ്ദേശിക്കുന്നതെങ്കില്‍ ഭവിഷ്യത്ത് അവര്‍ സ്വയം അനുഭവിക്കുകയും ചെയ്ത് കൊള്ളട്ടെ. സത്യാവസ്ഥയും അതിന്റെ തെളിവുകളും എത്തിച്ച് തരുകയെന്ന ബാധ്യത ഞാന്‍ നിര്‍വഹിച്ചിട്ടുണ്ട് -എന്നിങ്ങനെ ജനങ്ങളെ അറിയിക്കാന്‍ നബി(സ) യോട് അല്ലാഹു കല്‍പിക്കുകയാണു.

“ബാഹ്യ ദൃഷ്ടികള്‍ക്കല്ല അന്ധത ബാധിക്കുന്നത് ;നെഞ്ചുകളിലുള്ള ഹൃദയങ്ങള്‍ക്കാണ് അന്ധത ബാധിക്കുന്നത് ” . സൂ ഹജ്ജ് :46

---

**വചനം 105**

105 അപ്രകാരം, ദൃഷ്ടാന്തങ്ങളെ നാം വിവിധ രൂപത്തില്‍ വിവരിക്കുന്നു. “നീ പഠിച്ചു വെച്ചിരിക്കുന്നു” വെന്ന് അവര്‍ പറയുവാന്‍ വേണ്ടിയും, അറിയാവുന്ന ജനങ്ങള്‍ക്ക് ഇതു നാം വിവരിച്ചു കൊടുക്കുവാന്‍ വേണ്ടിയും (കൂടിയാണത്).

وَكَذَٰلِكَ نُصَرِّفُ ٱلۡأٓيَٰتِ وَلِيَقُولُواْ دَرَسۡتَ وَلِنُبَيِّنَهُۥ لِقَوۡمٖ يَعۡلَمُونَ ١٠٥

---

ഇങ്ങനെ വിവിധരൂപത്തില്‍ അല്ലാഹു ദൃഷ്ടാന്തങ്ങള്‍ വിവരിച്ച് തന്ന് കൊണ്ടിരിക്കുന്നത് കാര്യം മനസ്സിലാക്കുന്നവര്‍ക്ക് അത് ഗ്രഹിക്കാനുള്ള സൗകര്യത്തിന് വേണ്ടിയാകുന്നു. “ഇതൊക്കെ നീ മറ്റാരില്‍ നിന്നൊ പഠിച്ച് വെച്ച് ഞങ്ങളോട് പറയുകയാണ് ഇതൊന്നും അല്ലാഹുവില്‍ നിന്നുള്ളതല്ല” എന്നിങ്ങനെ അവിശ്വാസികള്‍ നബി(സ)യോട് പറയുവാനും ഇത് കാരണമാകുന്നു. (സൂ :25: 4,5 ; 16 : 103 എന്നിവിടങ്ങളില്‍ നോക്കുക)

---

**വചനം 106, 107**

106 (നബിയേ) നിനക്ക് നിൻെറ റബ്ബിങ്കല്‍നിന്ന് ‘വഹ്‌യു’ നല്‍കപ്പെട്ടിട്ടുള്ളതിനെ നീ പിന്‍പറ്റി ക്കൊള്ളുക. അവനല്ലാതെ അരാധ്യനേയില്ല. ‘മുശ്‌രിക്കു’ (ബഹുദൈവ വിശ്വാസി) കളില്‍ നിന്ന് നീ തിരിഞ്ഞുകളയുകയും ചെയ്യുക.

ٱتَّبِعۡ مَآ أُوحِيَ إِلَيۡكَ مِن رَّبِّكَۖ لَآ إِلَٰهَ إِلَّا هُوَۖ وَأَعۡرِضۡ عَنِ ٱلۡمُشۡرِكِينَ ١٠٦

107 അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കില്‍ അവര്‍ ശിര്‍ക്ക് ചെയ്യുമായിരുന്നില്ല. നിന്നെ അവരുടെ മേല്‍ നാം ഒരു കാവല്‍ക്കാരനാക്കിയിട്ടില്ല താനും. നീ അവരുടെ മേല്‍ (ബാധ്യത) ഏറ്റെടുത്ത (അഥവാ ഏല്‍പിക്കപ്പെട്ട) വനല്ലതാനും.

وَلَوۡ شَآءَ ٱللَّهُ مَآ أَشۡرَكُواْۗ وَمَا جَعَلۡنَٰكَ عَلَيۡهِمۡ حَفِيظٗاۖ وَمَآ أَنتَ عَلَيۡهِم بِوَكِيلٖ ١٠٧

അല്ലാഹു നബി(സ)യോട് പറയുന്നു - ആരും ശിര്‍ക്ക് ചെയ്യുന്നവരായിക്കൂടാ എന്ന് അല്ലാഹു ഉദ്ദേശിച്ചിട്ടില്ല. സത്യാസത്യങ്ങള്‍ ഗ്രഹിച്ച് സത്യം സ്വീകരിക്കാനും, സ്വീകരിക്കാതെ മുശ്‌രിക്കുകളായിരിക്കാനും, ഏവര്‍ക്കും സ്വാതന്ത്ര്യമുണ്ട്. രണ്ടിന്റെയും ഫലം അവരവര്‍ പിന്നീട്, അനുഭവിച്ച് കൊള്ളുകയും ചെയ്യും. അത് കൊണ്ട് ജനങ്ങളെ സത്യവിശ്വാസത്തിലേക്ക് നിര്‍ബന്ധിച്ച് വലിച്ചിഴക്കുകയൊ, അവരുടെ ഉത്തരവാദിത്വം നബി(സ) ഏറ്റെടുക്കുകയൊ ചെയ്യേണ്ടതില്ല.

വചനം 108

108 അല്ലാഹുവിന് പുറമെ അവർ വിളി(ച്ചു പ്രാർത്ഥി)ക്കുന്നവരെ നിങ്ങൾ ശകാരിക്കരുത്. (കാരണം) അപ്പോൾ, വിവരമില്ലാതെ അവർ അല്ലാഹുവിനെ അതിരുവിട്ട് ശകാരിച്ചേക്കും. അപ്രകാരം, എല്ലാ സമുദായത്തിനും അവ (രവ)രുടെ പ്രവർത്തനം നാം ഭംഗിയാക്കി ക്കൊടുത്തിരിക്കുന്നു. പിന്നീട്, അവരുടെ റബ്ബിങ്കലേക്കാണ് അവരുടെ മടങ്ങിവരവ്. അപ്പോൾ, അവർ പ്രവർത്തിച്ചുകൊണ്ടിരി ക്കുന്നതിനെപ്പറ്റി അവരെ അവൻ ബോധ പ്പെടുത്തുന്നതാണ്.

وَلَا تَسُبُّوا۟ ٱلَّذِينَ يَدْعُونَ مِن دُونِ ٱللَّهِ فَيَسُبُّوا۟ ٱللَّهَ عَدْوًۢا بِغَيْرِ عِلْمٍۗ كَذَٰلِكَ زَيَّنَّا لِكُلِّ أُمَّةٍ عَمَلَهُمْ ثُمَّ إِلَىٰ رَبِّهِم مَّرْجِعُهُمْ فَيُنَبِّئُهُم بِمَا كَانُوا۟ يَعْمَلُونَ ﴿١٠٨﴾

---

ബഹുദൈവവിശ്വാസികളുടെ ആരാധ്യ വസ്തുക്കളെ മുസ്ലീംകൾ പഴിച്ച് പറയരുതെന്ന് അല്ലാഹു വിരോധിക്കുന്നു. ആ വിവരം കെട്ടവർ പകരമായി, അല്ലാഹുവിനെ പറ്റി ശകാരിച്ച്, പഴിച്ച് സംസാരിക്കാൻ അത് കാരണമായിത്തീരുന്നതാണ് . ഒരു കാര്യം സ്വതവേ നിർദോഷകരമായിരുന്നാൽ പോലും അത് അനിഷ്ടമായ ഒരു ദോഷത്തിന് കാരണമായിത്തീരുന്ന പക്ഷം, അതിൽ നിന്ന് ഒഴിഞ്ഞ് നില്ക്കേണ്ടതുണ്ട് എന്നത്രെ ഇതിലടങ്ങിയ തത്വം. ഓരോ സമുദായവും അവരവർ ആചരിച്ച് വരുന്ന നടപടി ക്രമങ്ങളും, ആരാധ്യവസ്തുക്കളും ഉത്തമമായി കരുതുന്നു. അവയെ നിങ്ങൾ പഴിക്കുന്ന പക്ഷം അവർ കൂടുതൽ ധിക്കാരത്തിനും, അക്രമത്തിനും മുതിരുകയാണുണ്ടാവുക.

---

വചനം 109, 110

109 തങ്ങൾക്ക് കഴിയും പ്രകാരം അവർ അല്ലാഹുവിൽ സത്യം ചെയ്ത് (ഉറപ്പിച്ച്) പറയുന്നു: തങ്ങൾക്ക് വല്ല(പ്രത്യേക) ദൃഷ്ടാന്തവും വന്നു കിട്ടിയെങ്കിൽ, തീർച്ചയായും അവർ അതിൽ വിശ്വസിക്കുക തന്നെ ചെയ്യുമെന്ന്. പറയുക: “നിശ്ചമായും, ദൃഷ്ടാന്തങ്ങൾ അല്ലാഹുവിൻെറ അടുക്കൽ (മാത്രം) ആണുള്ളത്: നിങ്ങൾക്ക് എന്തറിയാം, അത് വന്നു കിട്ടിയാൽ അവർ വിശ്വസിക്കുന്നതല്ല എന്നുള്ളത്?!”

وَأَقْسَمُوا۟ بِٱللَّهِ جَهْدَ أَيْمَٰنِهِمْ لَئِن جَآءَتْهُمْ ءَايَةٌ لَّيُؤْمِنُنَّ بِهَاۚ قُلْ إِنَّمَا ٱلْءَايَٰتُ عِندَ ٱللَّهِۖ وَمَا يُشْعِرُكُمْ أَنَّهَآ إِذَا جَآءَتْ لَا يُؤْمِنُونَ ﴿١٠٩﴾

110 അവർ ഇതിൽ (ഖുർആനിൽ) ആദ്യ പ്രാവശ്യം (തന്നെ) വിശ്വസിക്കാതിരുന്നപോലെ, അവരുടെ ഹൃദയങ്ങളെയും, ദൃഷ്ടികളെയും നാം മറിച്ചു കൊണ്ടിരിക്കുന്നതാണ്. അവരുടെ അതിരു കവിച്ചലിൽ (അന്ധാളിപ്പ്) അലഞ്ഞു കൊണ്ടിരിക്കുമാറ് അവരെ നാം വിട്ടേക്കുന്നതുമാണ്.

وَنُقَلِّبُ أَفْـِٔدَتَهُمْ وَأَبْصَٰرَهُمْ كَمَا لَمْ يُؤْمِنُوا۟ بِهِۦٓ أَوَّلَ مَرَّةٍ وَنَذَرُهُمْ فِى طُغْيَٰنِهِمْ يَعْمَهُونَ ﴿١١٠﴾

പല തെളിവുകളും കണ്ടിട്ടും വിശ്വസിക്കാത്ത അവർ, പുതിയൊരു ദൃഷ്ടാന്തം കണ്ടാലും വിശ്വസിക്കാൻ പോകുന്നില്ല. അവരുടെ മനസ്സിനും കാഴ്ചക്കുമൊക്കെ തകരാറ് ബാധിച്ചിരിക്കുന്നു. അവർ കൂടുതൽ ദുഷിച്ചുകൊണ്ടിരിക്കുകയാണ്. അവർ ചെയ്യുന്ന അതിക്രമങ്ങളിൽ അന്ധാളിച്ച് വിഹരിക്കുവാൻ നാം അവരെ തല്ക്കാലം അയച്ച് വിടുകയാണ്. വചനം 111 നോക്കുക

## ജുസ്അ് – 8

### വിഭാഗം 14

വചനം 111

111 നാം അവരിലേക്ക് മലക്കുകളെ ഇറക്കിയെന്നിരുന്നാലും, മരണപ്പെട്ടവർ അവരോട്

۞ وَلَوْ أَنَّنَا نَزَّلْنَآ إِلَيْهِمُ ٱلْمَلَٰٓئِكَةَ

وَكَلَّمَهُمُ ٱلْمَوْتَىٰ وَحَشَرْنَا عَلَيْهِمْ كُلَّ شَىْءٍ قُبُلًا مَّا كَانُوا۟ لِيُؤْمِنُوٓا۟ إِلَّآ أَن يَشَآءَ ٱللَّهُ وَلَٰكِنَّ أَكْثَرَهُمْ يَجْهَلُونَ ﴿١١١﴾

സംസാരിക്കുകയും ചെയ്തു(വെന്നാലും). അവർക്ക് (ദൃഷ്ടാന്തമായി) എല്ലാ വസ്തുക്കളെയും കൂട്ടംകൂട്ടമായി നാം ശേഖരിച്ചു (കൂട്ടി) കൊടുക്കുകയും ചെയ്തു (വെന്നാലും), അവർ വിശ്വസിക്കുവാൻ (തയ്യാർ) ആകുന്നതല്ല- അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ. പക്ഷേ, അവരിലധികമാളുകളും അറിയാതിരിക്കുകയാണ്.

---

109, 110 വചനങ്ങളിലെ വിഷയവുമായി ബന്ധപ്പെട്ടതാണ് ഈ വചനവും. എത്ര വമ്പിച്ച ദൃഷ്ടാന്തം കണ്ടാലും മുശ്രിക്കുകൾ വിശ്വസിക്കാൻ മുമ്പോട്ട് വരികയില്ല. അത്രക്ക് കടുത്ത് പോയിട്ടുണ്ട് അവരുടെ ഹൃദയങ്ങൾ. അവർക്ക് ആകാശത്ത് നിന്ന് ഒരു വാതിൽ തുറന്ന് കൊടുത്തിട്ട് അവർ അതിലൂടെ കയറി പോയാലും ഞങ്ങൾക്ക് ലഹരിയും മാരണവും ബാധിച്ചിരിക്കുകയാണ്, എന്നൊക്കെയാണ് ആ മർക്കടമുഷ്ടിക്കാർ പറയുക (ഹിജ്ർ 14 ; 15 വചനം നോക്കുക).

അല്ലാഹുവിന്റെ ഉദ്ദേശ്യം കൂടാതെ ഒരു കാര്യവും, നന്മയാകട്ടെ, തിന്മയാകട്ടെ സംഭവിക്കുകയില്ല എന്ന വസ്തുത ഖുർആനിലും ഹദീസുകളിലും സ്പഷ്ടമായി ധാരാളം പ്രതിപാദിച്ചിട്ടുണ്ട്.

---

**വചനം 112, 113**

وَكَذَٰلِكَ جَعَلْنَا لِكُلِّ نَبِىٍّ عَدُوًّا شَيَٰطِينَ ٱلْإِنسِ وَٱلْجِنِّ يُوحِى بَعْضُهُمْ إِلَىٰ بَعْضٍ زُخْرُفَ ٱلْقَوْلِ غُرُورًا ۚ وَلَوْ شَآءَ رَبُّكَ مَا فَعَلُوهُ ۖ فَذَرْهُمْ وَمَا يَفْتَرُونَ ﴿١١٢﴾

112 അതുപോലെ, എല്ലാ പ്രവാചകൻമാർക്കും നാം ഓരോ ശത്രുവെ ഏർപ്പെടുത്തിയിരിക്കുന്നു, അതായത്, മനുഷ്യരിലെയും ജിന്നുകളിലെയും പിശാചുക്കളെ, അവരിൽ ചിലർ ചിലരോട് (തമ്മതമ്മിൽ) വഞ്ചനയായി മോടിവാക്ക് സ്വകാര്യബോധനം നൽകിക്കൊണ്ടിരിക്കുന്നതാണ്. നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നെങ്കിൽ അവരത് ചെയ്യുമായിരുന്നില്ല. ആകയാൽ, അവരെയും, അവർ കെട്ടിച്ചമക്കുന്നതിനെയും നീ (അങ്ങു) വിട്ടേക്കുക.

وَلِتَصْغَىٰٓ إِلَيْهِ أَفْـِٔدَةُ ٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ وَلِيَرْضَوْهُ وَلِيَقْتَرِفُوا۟ مَا هُم مُّقْتَرِفُونَ ﴿١١٣﴾

113 പരലോകത്തിൽ വിശ്വസിക്കാത്തവരുടെ ഹൃദയങ്ങൾ അതിലേക്ക് ചായുവാൻവേണ്ടിയും, അവരത് തൃപ്തിപ്പെടുവാൻവേണ്ടിയും, അവർ പ്രവർത്തിച്ചുണ്ടാക്കുന്നത് അവർ പ്രവർത്തിച്ചുണ്ടാക്കുവാൻവേണ്ടിയുമാകുന്നു (അത്).

---

നബി(സ)തിരുമേനിക്ക് മാത്രമല്ല കഴിഞ്ഞ് പോയ എല്ലാ നബിമാർക്കും, ദുഷ്ടരായ മനുഷ്യ പിശാചുക്കളും, ജിന്നു പിശാചുക്കളും ശത്രുക്കളായുണ്ടായിരുന്നു. അവർ, പരസ്പരം, വഞ്ചനാപരമായ കൃത്രിമവാക്കുകൾ മോടി പിടിപ്പിച്ച്, കൈമാറിക്കൊണ്ടിരിക്കും. അല്ലാഹു ഉദ്ദേശ്യ പൂർവ്വം നടപ്പിലാക്കുന്നത് തന്നെയാണിതൊക്കെ. അതിൽ പല യുക്തി രഹസ്യങ്ങളും അടങ്ങിയിട്ടുണ്ട്.

യഥാർത്ഥ നന്മയെന്നത് നല്ലതും ചീത്തയും തമ്മിലുള്ള പോരാട്ടത്തിൽനിന്നും ഉരുത്തിരിഞ്ഞുണ്ടാകേണ്ടതാണ്. നൻമക്ക് മാത്രം സാഹചര്യങ്ങൾ നിലവിലുള്ള - തിന്മക്ക് സാദ്ധ്യതയും പ്രലോഭനവുമില്ലാത്ത- ഒരു ചുറ്റു പാടിൽ ഉണ്ടാകുന്ന നന്മക്ക് വളരെയൊന്നും മഹത്വം കല്പിക്കുവാനില്ല. നല്ലതും ചീത്തയും തിരഞ്ഞെടുക്കുവാനുള്ള അഭിപ്രായ സ്വാതന്ത്ര്യം മനുഷ്യന് നല്കപെട്ടിട്ടുള്ള സ്ഥിതിക്ക്, അല്ലാഹുവെക്കുറിച്ചും പരലോകത്തെക്കുറിച്ചും വിശ്വാസമില്ലാത്ത സത്യ നിഷേധികൾക്ക് അവരുടെ ഇഷ്ടപ്രകാരം വിഹരി

ക്കുവാനുള്ള അവസരം ഇവിടെ ഉണ്ടായിരിക്കുകയും വേണ്ടതുണ്ടല്ലോ. പ്രവാചകൻമാർ പ്രബോധനം ചെയ്യുന്ന ദൈവിക സന്ദേശങ്ങളെ എതിർക്കുന്നതിൽ മനുഷ്യരും ജിന്നുകളിലുമുള്ള പിശാചുക്കൾ (ദുഷ്ടർ) നേതൃത്വം വഹിക്കുകയും ചെയ്യുന്നു. എല്ലാം അല്ലാഹുവിന്റെ ഉദ്ദേശ്യവും അറിവും അനുസരിച്ച് നടക്കുന്നത് തന്നെ.

---

വചനം 114

أَفَغَيْرَ ٱللَّهِ أَبْتَغِى حَكَمًا وَهُوَ ٱلَّذِىٓ أَنزَلَ إِلَيْكُمُ ٱلْكِتَـٰبَ مُفَصَّلًا ۚ وَٱلَّذِينَ ءَاتَيْنَـٰهُمُ ٱلْكِتَـٰبَ يَعْلَمُونَ أَنَّهُۥ مُنَزَّلٌ مِّن رَّبِّكَ بِٱلْحَقِّ ۖ فَلَا تَكُونَنَّ مِنَ ٱلْمُمْتَرِينَ ﴿١١٤﴾

114 (പറയുക:) “അപ്പോൾ, അല്ലാഹു അല്ലാത്തവരെയോ ഞാൻ വിധി കർത്താവായി (തേടി) അന്വേഷിക്കുന്നത്? അവനത്രെ, വിശദീകരിക്കപ്പെട്ട നിലയിൽ നിങ്ങൾക്ക് വേദഗ്രന്ഥം ഇറക്കിത്തന്നിട്ടുള്ളവൻ (എന്നിരിക്കെ)!” നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവരാകട്ടെ, അവർക്കറിയാം: അത് നിൻെറ റബ്ബിങ്കൽനിന്ന് യഥാർത്ഥ പ്രകാരം ഇറക്കപ്പെട്ടതാണെന്ന്. അതിനാൽ, നിശ്ചയമായും, നീ സന്ദേഹപ്പെടുന്നവരുടെ കൂട്ടത്തിലായിത്തീരരുത്.

---

മുശ്‌രിക്കുകൾ വേദഗ്രന്ഥങ്ങളെക്കുറിച്ച് പരിചയമില്ലാത്തവരായത് കൊണ്ട് അവർ ഖുർആനിൽ സംശയിച്ചേക്കാനിടയുണ്ട്. എന്നാൽ വേദക്കാർ ഖുർആനിനെ നിഷേധിക്കുന്നത് അവർക്ക് അതറിയാത്തത് കൊണ്ടല്ല. അവരുടെ അസൂയയും സ്വാർത്ഥതയും നിമിത്തമാകുന്നു.

“നീ സന്ദേഹപെടുന്നവരുടെ കൂട്ടത്തിലായിരിക്കരുത് ” എന്ന് പറഞ്ഞത് പ്രത്യക്ഷത്തിൽ നബിയോടാണെങ്കിലും അത് യഥാർത്ഥത്തിൽ ജനങ്ങളെയെല്ലാം ഉന്നം വെച്ചുള്ളതാകുന്നു.

---

വചനം 115, 116, 117

وَتَمَّتْ كَلِمَتُ رَبِّكَ صِدْقًا وَعَدْلًا ۚ لَّا مُبَدِّلَ لِكَلِمَـٰتِهِۦ ۚ وَهُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿١١٥﴾

وَإِن تُطِعْ أَكْثَرَ مَن فِى ٱلْأَرْضِ يُضِلُّوكَ عَن سَبِيلِ ٱللَّهِ ۚ إِن يَتَّبِعُونَ إِلَّا ٱلظَّنَّ وَإِنْ هُمْ إِلَّا يَخْرُصُونَ ﴿١١٦﴾

إِنَّ رَبَّكَ هُوَ أَعْلَمُ مَن يَضِلُّ عَن سَبِيلِهِۦ ۖ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ﴿١١٧﴾

115 നിൻെറ റബ്ബിൻെറ വചനം സത്യത്തിലും, നീതിയിലും പരിപൂർണ്ണമായിരിക്കുന്നു. അവൻെറ വചനങ്ങൾക്ക് മാറ്റം വരുത്തുന്നവനേ ഇല്ല. അവൻ (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമത്രെ.

116 ഭൂമിയിലുള്ളവരിൽ അധികമാളുകളെയും നീ അനുസരിക്കുന്നപക്ഷം അവർ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് നിന്നെ വ്യതിചലിപ്പിക്കുന്നതാണ്. അവർ ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല; അവർ മതിപ്പിട്ടു പറയുകയല്ലാതെ ചെയ്യുന്നുമില്ല.

117 നിശ്ചയമായും, നിൻെറ രക്ഷിതാവ് തന്നെയാണ് അവൻെറ മാർഗ്ഗത്തിൽനിന്ന് വ്യതിചലിക്കുന്നവരെ ഏറ്റവും അറിയുന്നവൻ. അവൻ തന്നെയാണ് സൻമാർഗ്ഗം പ്രാപിക്കുന്നവരെപ്പറ്റി ഏറ്റവും അറിയുന്നവനും.

അല്ലാഹുവിന്റെ വചനങ്ങൾ സത്യസമ്പൂർണങ്ങളും, നീതിയുക്തങ്ങളുമായിരിക്കും. അവയേക്കാൾ പ്രായോഗികമോ, യുക്തമോ ആയ വേറൊന്ന് ആവിഷ്കരിക്കുവാൻ ആർക്കും സാധ്യമെയല്ല. എന്നാൽ ഭൂരി ഭാഗം ആളുകളും, ഈ യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കാതെ പിഴച്ച് പോയിരിക്കുകയാണ്. “അതാണ് നല്ലത്, ജന ഹിതം ഇതാണ്; മുൻ വഴക്കം ഇന്നതാണ്, സൗകര്യം ഇപ്രകാരമാണ്; ബുദ്ധിക്ക് യോജിക്കുന്നത് ഇങ്ങനെയാണ്” എന്നിത്യാദി മതിപ്പും കണക്ക് കൂട്ടലുകളും നടത്തി അവർ തെറ്റായ മാർഗ്ഗങ്ങളും നടപടിക്രമങ്ങളും പിൻപറ്റിക്കൊണ്ടിരിക്കുന്നു.

അത് കൊണ്ട്, ഒരു കാര്യം സ്വീകരിക്കുമ്പോള്‍, അല്ലാഹുവിന്റെ വിധിയെന്താണ്, അവന്‍ കാണിച്ച് തന്ന മാര്‍ഗ്ഗം ഏതാണ് എന്നുള്ളതായിരിക്കണം മാനദണ്ഡം. അല്ലാതെ ഭൂരിപക്ഷത്തിന്റെ അഭിപ്രായമോ, അംഗീകാരമോ ആയിക്കൂടാ. ആരൊക്കെയാണ് നേരായ മാര്‍ഗ്ഗം സ്വീകരിക്കുന്നതെന്നും , ആരെല്ലാമാണ് അതില്‍ നിന്ന് പിഴച്ച് പോകുന്നവരെന്നും ഏറ്റവും അറിയുന്നവനും അല്ലാഹു തന്നെ

അല്ലാഹു ചിലരെ നേര്‍വഴിയിലാക്കുമെന്നും, ചിലരെ വഴി പിഴവിലാക്കുമെന്നും പോലെയുള്ള പ്രസ്താവനകളുടെ ഉദ്ദേശ്യം യാതൊരു അടിസ്ഥാനമൊ, മാനദണ്ഡമൊ ഇല്ലാതെ, അങ്ങനെ ആക്കിത്തീര്‍ക്കുമെന്നല്ല; തക്കതായ കാരണങ്ങളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തില്‍ മാത്രമായിരിക്കും അത്. ഈ വാസ്തവമത്രേ, "നിന്റെ റബ്ബിന്റെ മാര്‍ഗ്ഗത്തില്‍നിന്നും പിഴച്ചു പോകുന്നവര്‍ ആരാണെന്ന് അവന്‍ ഏറ്റവും അറിയുന്നവനാണ്. നേര്‍ മാര്‍ഗ്ഗം പ്രാപിക്കുന്നവരെക്കുറിച്ചും അവന്‍ ഏറ്റവും അറിയുന്നവനാണ് " എന്ന വചനത്തില്‍ അല്ലാഹു പ്രസ്താവിക്കുന്നത്. സൂ നഹ്ല്‍ : 125; ഖസ്വസ്: 56 ; ഖലം : 7 എന്നിവിടങ്ങളിലും ഇത്പോലെയുള്ള വചനങ്ങള്‍ കാണാവുന്നതാണ്.

---

**വചനം 118, 119**

فَكُلُوا۟ مِمَّا ذُكِرَ ٱسْمُ ٱللَّهِ عَلَيْهِ إِن كُنتُم بِـَٔايَـٰتِهِۦ مُؤْمِنِينَ ﴿١١٨﴾

وَمَا لَكُمْ أَلَّا تَأْكُلُوا۟ مِمَّا ذُكِرَ ٱسْمُ ٱللَّهِ عَلَيْهِ وَقَدْ فَصَّلَ لَكُم مَّا حَرَّمَ عَلَيْكُمْ إِلَّا مَا ٱضْطُرِرْتُمْ إِلَيْهِ ۗ وَإِنَّ كَثِيرًا لَّيُضِلُّونَ بِأَهْوَآئِهِم بِغَيْرِ عِلْمٍ ۗ إِنَّ رَبَّكَ هُوَ أَعْلَمُ بِٱلْمُعْتَدِينَ ﴿١١٩﴾

118 അതിനാല്‍, അല്ലാഹുവിന്‍െറ നാമം ഉച്ചരി (ച്ച് അറു)ക്കപ്പെട്ടതില്‍നിന്ന് നിങ്ങള്‍ തിന്നുകൊള്ളുവിന്‍; നിങ്ങള്‍ അവന്‍െറ 'ആയത്തു' (ലക്ഷ്യം) കളില്‍ വിശ്വസിക്കുന്നവരാണെങ്കില്‍.

119 അല്ലാഹുവിന്‍െറ നാമം ഉച്ചരി (ച്ച് അറു) ക്കപ്പെട്ടതില്‍ നിന്ന് തിന്നാതിരിക്കുമാറ് നിങ്ങള്‍ക്കു(തടസ്സം) എന്താണ്? നിങ്ങളുടെ മേല്‍ അവന്‍ നിഷിദ്ധമാക്കിയത് (ഏതൊന്ന്) അവന്‍ നിങ്ങള്‍ക്ക് വിശദീകരിച്ചുതന്നിട്ടുമുണ്ട്. (എന്നിരിക്കെ)! (പക്ഷെ) നിങ്ങള്‍ യാതൊന്നിന് നിര്‍ബ്ബന്ധിതരാക്കപ്പെട്ടുവോ അതൊഴികെ. (അതിന് വിരോധമില്ലതാനും.) ഒരു വിവരവും ഇല്ലാതെ, വളരെ ആളുകളും അവരുടെ ഇച്ഛകള്‍ക്കനുസരിച്ചു (ആളുകളെ) വഴിപിഴപ്പിച്ചുകൊണ്ടിരിക്കുന്നു. നിശ്ചയമായും നിന്‍െറ റബ്ബ് അതിരു വിടുന്നവരെപ്പറ്റി ഏറ്റം അറിയുന്നവനത്രെ.

---

ജീവികളെ അറുക്കുമ്പോള്‍ അവരുടെ ആരാധ്യവസ്തുക്കളുടെ (വിഗ്രഹങ്ങളുടെ) നാമത്തില്‍ അറുക്കുകയെന്നതും , താനെ ചത്ത് പോയ ശവങ്ങളെ ഭക്ഷിക്കുകയെന്നതും മുശ്‌രിക്കുകള്‍ക്കിടയില്‍ പ്രചാരത്തിലുണ്ടായിരുന്ന ഒരു സമ്പ്രദായമായിരുന്നു. അല്ലാഹുവിന്റെ നാമത്തിലല്ലാതെ അറുക്കുവാന്‍ പാടില്ലെന്നും, ശവം നിഷിദ്ധമാണെന്നും കല്‍പിക്കപ്പെട്ടപ്പോള്‍ അതിനെതിരില്‍ അവര്‍ കുതര്‍ക്കങ്ങള്‍ പുറപ്പെടുവിച്ചു കൊണ്ടിരുന്നു. "നിങ്ങളുടെ ആരാധ്യനായ അല്ലാഹു കൊലപെടുത്തിയതിനെ (ശവത്തെ) ഭക്ഷിക്കുവാന്‍ പാടില്ലെന്നും നിങ്ങള്‍ കൊലപ്പെടുത്തിയതിനെ (അറുത്തതിനെ) ഭക്ഷിക്കാമെന്നും പറയുന്നതിന് എന്താണ് ന്യായമുള്ളത്".

അവരുടെ കുതര്‍ക്കങ്ങള്‍ അനുസരിക്കരുതെന്നും അല്ലാഹുവിന്റെ കല്‍പന അനുസരിക്കണമെന്നും സത്യവിശ്വാസികളോട് അല്ലാഹു കല്‍പിക്കുന്നു. തങ്ങളുടെ കുതര്‍ക്കങ്ങള്‍ കേട്ട് മുസ്ലീങ്ങള്‍ വഞ്ചിതരായി പോയേക്കുമെന്ന പ്രതീക്ഷ, ആ മുശ്‌രിക്കുകള്‍ വെച്ച് കൊണ്ടിരിക്കുണ്ടാ എന്നും അല്ലാഹു തുടര്‍ന്ന് സൂചിപ്പിക്കുന്നു.

നിര്‍ബന്ധിതരാകുന്ന അവസരങ്ങളിലൊഴിച്ച് , നിങ്ങള്‍ക്ക് ഭക്ഷിക്കുവാന്‍ പാടില്ലാത്തത് ഏതാണെന്ന് അല്ലാഹു വിവരിച്ച് തന്നിട്ടുണ്ട്- ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ നാമത്തില്‍ അറുക്കപെട്ടത് എന്നിവ. എന്നാല്‍ നിര്‍ബന്ധിതാവസ്ഥയില്‍ ഈ നാല് വിഭാഗത്തിലും പെട്ടത് ഭക്ഷിക്കുന്നതിന് വിരോധമില്ലെന്ന് വ്യക്തമാക്കപെട്ടിട്ടുണ്ട്. (താഴെ, 145-ാം വചനം; സൂ: നഹ്ല്‍ :115; സൂ :ബഖറ: 173; സൂ:മാഇദ:3 എന്നിവിടങ്ങളില്‍ നോക്കുക )

വചനം 120

120 കുറ്റത്തിൽ പ്രത്യക്ഷമായതിനെയും പരോക്ഷമായതിനെയും നിങ്ങൾ വിട്ടുകളയുവിൻ. നിശ്ചയമായും, കുറ്റം സമ്പാദിക്കുന്നവർ, അവർ പ്രവർത്തിച്ചിരുന്നതിന് അവർക്ക് പ്രതിഫലം നൽകപ്പെടും.

وَذَرُواْ ظَٰهِرَ ٱلۡإِثۡمِ وَبَاطِنَهُۥٓۚ إِنَّ ٱلَّذِينَ يَكۡسِبُونَ ٱلۡإِثۡمَ سَيُجۡزَوۡنَ بِمَا كَانُواْ يَقۡتَرِفُونَ ﴿١٢٠﴾

---

പ്രത്യക്ഷവും പരോക്ഷവുമായതും, രഹസ്യവും പരസ്യവുമായതുമായ എല്ലാതരം പാപങ്ങളെയും വർജ്ജിക്കണം. പാപങ്ങൾക്ക് അല്ലാഹു തക്കതായ ശിക്ഷ നല്കുക തന്നെ ചെയ്യും .

പാപത്തെ പറ്റി റസൂൽ (സ) ഇപ്രകാരം പറഞ്ഞു . "തന്റെ മനസ്സിൽ കെട്ടിപിണവുണ്ടാക്കുകയും , ജനങ്ങൾ കണ്ടറിയുന്നതിൽ തനിക്ക് അനിഷ്ടം തോന്നുകയും ചെയ്യുന്ന കാര്യങ്ങളാകുന്നു, പാപങ്ങളെന്നത്".

---

വചനം 121

121 അല്ലാഹുവിൻെറ നാമം ഉച്ചരി (ച്ച് അറു) ക്കപ്പെടാത്തതിൽനിന്ന് നിങ്ങൾ തിന്നരുത്. നിശ്ചയമായും അത്, തോന്നിയവാസം തന്നെയാകുന്നു. നിശ്ചയമായും പിശാചുക്കൾ, നിങ്ങളോട് തർക്കം നടത്തുവാൻവേണ്ടി തങ്ങളുടെ മിത്രങ്ങളോട് സ്വകാര്യബോധനം നൽകിക്കൊണ്ടിരിക്കുക തന്നെ ചെയ്യും. അവരെ നിങ്ങൾ അനുസരിക്കുന്നപക്ഷം, നിശ്ചയമായും, നിങ്ങൾ 'മുശ്രിക്കു'കൾ തന്നെയായിരിക്കും.

وَلَا تَأۡكُلُواْ مِمَّا لَمۡ يُذۡكَرِ ٱسۡمُ ٱللَّهِ عَلَيۡهِ وَإِنَّهُۥ لَفِسۡقٞۗ وَإِنَّ ٱلشَّيَٰطِينَ لَيُوحُونَ إِلَىٰٓ أَوۡلِيَآئِهِمۡ لِيُجَٰدِلُوكُمۡۖ وَإِنۡ أَطَعۡتُمُوهُمۡ إِنَّكُمۡ لَمُشۡرِكُونَ ﴿١٢١﴾

---

അല്ലാഹു അല്ലാത്തവരുടെ നാമത്തിൽ അറുക്കപ്പെട്ടതും, സ്വയം ചത്തതും നിഷിദ്ധമാണെന്ന താഴെ 145ാം വചനത്തിലും 2: 173 ; 5: 3; 16:115 എന്നിവിടങ്ങളിലും വ്യക്തമാക്കപെട്ടിട്ടുള്ളതാണ്. ആരുടെ നാമവും പറയപ്പെടാതെ അറുത്തതിനെ സംബന്ധിച്ച് – അറുത്ത ആൾ മുസ്ലീമായാൽ തന്നെയും – പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായമാണുള്ളത്. പല മഹാന്മാരും, അറുക്കുമ്പോൾ ബിസ്മി ചൊല്ലൽ നിർബന്ധമാണെന്ന അഭിപ്രാക്കാരാകുന്നു. അത് 'തോന്നിയവാസം തന്നെയാണ് ' എന്ന വചനത്തിൽ നിന്നും മനസ്സിലാകുന്നതും അത് തന്നെ.

എന്നാൽ ഇമാം ശാഫിഇ(റ)യുടെയും മറ്റും അഭിപ്രായം അറുക്കുമ്പോൾ 'ബിസ്മി' ചൊല്ലണമെന്ന് നിർബന്ധമില്ല – അത് നല്ല കാര്യമാണെന്നേയുള്ളൂ –എന്നാകുന്നു; "അല്ലാഹുവിന്റെ നാമം പറയാതെ അറുക്കുന്നത്" എന്ന വാക്കിന്റെ താല്പര്യം "അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപെട്ടത്" എന്നത്രെ അവരുടെ അഭിപ്രായം. താഴെ 145–ാം വചനത്തിൽ അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപെട്ടതിനെയാണ് 'തോന്നിയവാസം' എന്ന് വിശേഷിപ്പിച്ചിരിക്കുന്നതും

ഈ അഭിപ്രായത്തിന് തെളിവായി ആയിശ(റ)യുടെ ഒരു ഹദീസും അവർ ഉദ്ധരിക്കുന്നു.

"അടുത്ത കാലത്ത് ഇസ്ലാമിൽ വന്ന ചിലർ ഞങ്ങളുടെ അടുക്കൽ മാംസവും കൊണ്ട് വന്നു.. അതിൽ അല്ലാഹുവിന്റെ നാമം പറയപ്പെട്ടിരിക്കുമോ ഇല്ലയോ എന്ന് ഞങ്ങൾക്കറിയില്ല. "ഇത് ഞങ്ങൾക്ക ഭക്ഷിക്കാമൊ" എന്ന് ചില ആളുകൾ റസൂൽ (സ) തിരുമേനിയോട് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു : "നിങ്ങൾ അതിൽ അല്ലാഹുവിന്റെ നാമം പറഞ്ഞു (ബിസ്മി ചൊല്ലി ) ഭക്ഷിച്ച് കൊള്ളുവിൻ " (ബുഖാരി)

ഇക്കാര്യത്തിൽ മൂന്നാമതൊരഭിപ്രായം ഇതാണ് :"മുസ്ലീംകളെ സംബന്ധിച്ചിടത്തോളം അവർ മറന്ന് കൊണ്ട് ബിസ്മി വിട്ട് കളഞ്ഞാൽ വിരോധമില്ല. കല്പിച്ച് കൂട്ടി വിട്ട് കളഞ്ഞാൽ അത് നിഷിദ്ധമായിരിക്കും". ഇത് ഇമാം അബൂ ഹനീഫ : (റ) യുടെയും മറ്റ് ചില മഹാന്മാരുടെയും അഭിപ്രായമാകുന്നു. ഇതിന്റെ മുമ്പ് പറഞ്ഞ അഭിപ്രായത്തേക്കാൾ യുക്തമായി തോന്നുന്നത് ഇതാകുന്നു. الله اعلم

"നിങ്ങളോട് തർക്കം നടത്തുവാൻ വേണ്ടി, പിശാചുക്കൾ അവരുടെ മിത്രങ്ങളോട് സ്വാകാര്യ ബോധനം നടത്തുന്നു ". എന്ന് പറഞ്ഞത് അല്ലാഹു കൊലപ്പെടുത്തിയത് (ശവം) തിന്ന് കൂടാ എന്നും നിങ്ങൾ കൊലപെടുത്തിയത് (അറുക്കപ്പെട്ടത്) തിന്നാമെന്നും പറയുന്നത് ശരിയല്ലെന്നുമൊക്കെ മുശ്രിക്കുകളും യഹൂദി

കളും വാദിച്ചുകൊണ്ടിരിക്കുന്നതിനെ ഉദ്ദേശിച്ചാകുന്നു.

"അവരെ അനുസരിക്കുന്ന പക്ഷം..." എന്ന വചനം അല്ലാഹു നിഷിദ്ധമാക്കിയതിനെ അനുവദനീയമാക്കുകയും, അല്ലാഹു അനുവദനീയമാക്കിയതിനെ നിഷിദ്ധമാക്കുകയും ചെയ്യുന്ന പക്ഷം നിങ്ങളും മുശ്‌രിക്കുകളായി എന്ന മുന്നറിയിപ്പാകുന്നു.

**വിഭാഗം 15**

**വചനം 122**

122 നിർജ്ജീവനായിരുന്നിട്ട് നാം അവനെ ജീവിപ്പിക്കുകയും, നാം അവന് ഒരു പ്രകാശം -അവൻ അതുമായി മനുഷ്യരിൽ നടക്കുമാറ് -ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തിട്ടുള്ളവൻ (ഇങ്ങിനെയുള്ള) ഒരുവനെപ്പോലെയാണോ?! അവൻെറ ഉപമ (അവൻ) അന്ധകാരങ്ങളിലാണ്; അതിൽ നിന്ന് അവൻ (രക്ഷപ്പെട്ട്) പുറത്ത് കടക്കുന്നവനേയല്ല. (ഇങ്ങിനെയുള്ളവനെപ്പോലെയാണോ അവൻ?) അതുപോലെ, അവിശ്വാസികൾക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ഭംഗിയായി കാണിക്കപ്പെട്ടിരിക്കുന്നു.

أَوَمَن كَانَ مَيْتًا فَأَحْيَيْنَٰهُ وَجَعَلْنَا لَهُۥ نُورًا يَمْشِى بِهِۦ فِى ٱلنَّاسِ كَمَن مَّثَلُهُۥ فِى ٱلظُّلُمَٰتِ لَيْسَ بِخَارِجٍ مِّنْهَا ۚ كَذَٰلِكَ زُيِّنَ لِلْكَٰفِرِينَ مَا كَانُوا۟ يَعْمَلُونَ ﴿١٢٢﴾

അന്ധവിശ്വാസങ്ങളിലും, അനാചാരങ്ങളിലും നിന്ന് വിമുക്തമായി , സത്യവിശ്വാസവും സന്മാർഗ്ഗവും പ്രാപിച്ച് മാതൃകാപരമായ ജീവിതം നയിക്കുന്ന സത്യവിശ്വാസികളും, സത്യവും സന്മാർഗ്ഗവും കാണാതെ , അജ്ഞതയിലും ദുർനടപ്പിലും കഴിയുന്ന അവിശ്വാസികളും തമ്മിൽ എങ്ങനെ സമൻമാരാകും; എങ്ങനെ പൊരുത്തപെടും.

ഹൃദയം ദുഷിച്ച് തോന്നിയവാസങ്ങൾക്ക് അടിമപെട്ടവർക്ക്, തങ്ങൾ ചെയ്യുന്നതും പറയുന്നതുമായ നീചവും നികൃഷ്ടവുമായ കാര്യങ്ങൾ, നല്ലതായും അലങ്കാരവുമായി തോന്നുന്നതും അതിൽ അഭിമാനം കൊള്ളുന്നതും പതിവാണെന്ന് തുടർന്ന് അല്ലാഹു പറയുന്നു.

**വചനം 123**

123 അപ്രകാരം, എല്ലാ രാജ്യത്തിലും അതിലെ കുറ്റവാളികളിൽ വലിയവൻമാരെ നാം ഏർപ്പെടുത്തിയിരിക്കുന്നു, അവരതിൽ (കു)തന്ത്രം പ്രയോഗിക്കുവാനായിട്ട്. (വാസ്തവത്തിൽ) അവർ അവരോടു തന്നെയല്ലാതെ (കു)തന്ത്രം പ്രയോഗിക്കുന്നുമില്ല. അവർക്ക് ബോധം വരുന്നില്ലതാനും.

وَكَذَٰلِكَ جَعَلْنَا فِى كُلِّ قَرْيَةٍ أَكَٰبِرَ مُجْرِمِيهَا لِيَمْكُرُوا۟ فِيهَا ۖ وَمَا يَمْكُرُونَ إِلَّا بِأَنفُسِهِمْ وَمَا يَشْعُرُونَ ﴿١٢٣﴾

സ്വാധീനവും ദുസ്സാമർത്ഥ്യവും ഉപയോഗപ്പെടുത്തി, ജനങ്ങളെ വഴിപിഴപ്പിക്കുന്ന ദുഷ്ട നേതാക്കൾ, ഈ സമുദായത്തിൽ മാത്രമല്ല മുൻ പ്രവാചകൻമാരുടെ കാലത്തും ഉണ്ടായിരുന്നു. അത്തരക്കാരെ, അവരുടെ അടവുകൾ പയറ്റാൻ അല്ലാഹു വിട്ടിരിക്കുകയാണ്. അതിന്റെ അനന്തരഫലം അവർ തന്നെയാണ് അനുഭവിക്കേണ്ടിവരിക -പ്രവാചകൻമാർക്കും സത്യവിശ്വാസികൾക്കും, ഒരു പരാജയവും സംഭവിക്കാനില്ല. പക്ഷെ ആ അറിവ് അവർക്കുണ്ടാകുന്നില്ല.

**വചനം 124**

124 അവർക്ക് വല്ല ദൃഷ്ടാന്തവും (അഥവാ ലക്ഷ്യവും) വന്നാൽ, അവർ പറയും: "അല്ലാഹുവിൻെറ റസൂലുകൾ (ദൂതൻമാർ)ക്ക് നൽകപ്പെട്ടതു പോലെ ഞങ്ങൾക്ക് നൽകപ്പെടു

وَإِذَا جَآءَتْهُمْ ءَايَةٌ قَالُوا۟ لَن نُّؤْمِنَ حَتَّىٰ نُؤْتَىٰ مِثْلَ مَآ أُوتِىَ رُسُلُ ٱللَّهِ ۘ ٱللَّهُ أَعْلَمُ

حَيۡثُ يَجۡعَلُ رِسَالَتَهُۥۗ سَيُصِيبُ ٱلَّذِينَ أَجۡرَمُواْ صَغَارٌ عِندَ ٱللَّهِ وَعَذَابٞ شَدِيدُۢ بِمَا كَانُواْ يَمۡكُرُونَ ١٢٤

ന്നതുവരേക്കും ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല." അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്, തൻെറ 'രിസാലത്ത്' (ദൗത്യം) ഏർപ്പെടുത്തേണ്ടുന്ന ഇടം (ഏതാണെന്ന്). കുറ്റം പ്രവർത്തിച്ചവർക്ക് അല്ലാഹുവിൻെറ അടുക്കൽ എളിമത്വവും, കഠിനശിക്ഷയും ബാധിക്കുന്നതാണ്; അവർ (കു)തന്ത്രം പ്രയോഗിച്ചിരുന്നതു നിമിത്തം.

---

ഏത് തരത്തിലുള്ള ദൃഷ്ടാന്തങ്ങൾ കണ്ടാലും അല്ലാഹുവിന്റെ ദുതൻമാർക്ക് ലഭിച്ചത് പോലെയുള്ള തെളിവുകൾ ഞങ്ങൾക്ക് ലഭിക്കാതെ തങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ലെന്ന് ആ മർക്കട മുഷ്ടിക്കാർ പറഞ്ഞ് കൊണ്ടിരിക്കും. എന്ത് കൊണ്ട് അവർക്ക് നല്കപെട്ടത് പോലെയുള്ള ദൃഷ്ടാന്തങ്ങൾ ഞങ്ങൾക്ക് നൽകപെട്ടുകൂടാ എന്നൊക്കെ അവർ പറഞ്ഞുകൊണ്ടിരിക്കും. അതിന് അല്ലാഹു മറുപടി നൽകുന്നു – "തന്റെ രിസാലത്ത് -ദൗത്യം – ഏറ്റെടുക്കാൻ പറ്റിയവർ ആരെന്ന് അവന് നന്നായറിയാം. യുക്തം പോലെ അവൻ തന്നെ അത് ചെയ്ത് കൊള്ളും. പ്രവാചകത്വമെന്നത് ഏതെങ്കിലും യോഗ്യത കൊണ്ടോ പദവി കൊണ്ടോ ലഭിക്കുന്നതല്ല".

"അവന്റെ കാരുണ്യം കൊണ്ട് അവൻ ഉദ്ദേശിക്കുന്നവരെ അവൻ പ്രത്യേകപ്പെടുത്തും " 2:105, 3:74 എന്നിവിടങ്ങളിൽ അല്ലാഹു പ്രസ്താവിക്കുന്നു.

മക്കായിലെയും ത്വാഇഫിലെയും ഏതെങ്കിലും മഹാനായ ഒരാൾക്ക് എന്ത് കൊണ്ട് ഖുർ ആൻ അവതരിക്കപ്പെട്ടില്ല എന്ന മുശ്‌രിക്കുകളുടെ ചോദ്യങ്ങൾക്ക് അല്ലാഹു നൽകിയ മറുപടി "അവരാണോ നിന്റെ റബ്ബിന്റെ കാരുണ്യം ഭാഗിച്ച് കൊടുക്കുന്നത് ". (43:32) എന്നാകുന്നു.

---

**വചനം 125**

فَمَن يُرِدِ ٱللَّهُ أَن يَهۡدِيَهُۥ يَشۡرَحۡ صَدۡرَهُۥ لِلۡإِسۡلَٰمِۖ وَمَن يُرِدۡ أَن يُضِلَّهُۥ يَجۡعَلۡ صَدۡرَهُۥ ضَيِّقًا حَرَجٗا كَأَنَّمَا يَصَّعَّدُ فِي ٱلسَّمَآءِۚ كَذَٰلِكَ يَجۡعَلُ ٱللَّهُ ٱلرِّجۡسَ عَلَى ٱلَّذِينَ لَا يُؤۡمِنُونَ ١٢٥

125 എന്നാൽ, ഏതൊരുവനെ സൻമാർഗ്ഗത്തിലാക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ, അവൻെറ നെഞ്ചിന് (ഹൃദയത്തിന്) അവൻ 'ഇസ്‌ലാമി'ലേക്ക് വികാസം നൽകുന്നു. ഏതൊരുവനെ വഴി പിഴവിലാക്കുവാൻ അവൻ ഉദ്ദേശിക്കുന്നുവോ, അവൻെറ നെഞ്ചിനെ (ഹൃദയത്തെ) അവൻ ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കുന്നു; (അതെ) അവൻ ആകാശത്തിലൂടെ കയറിപ്പോകുന്നതുപോലെ. അതുപോലെ, വിശ്വസിക്കാത്തവരുടെ മേൽ അല്ലാഹു മ്ലേച്ഛത (അഥവാ ശിക്ഷ) ഏർപ്പെടുത്തുന്നതാണ്.

---

'ഹിദായത്ത്' പലതരത്തിലുണ്ട് – അല്ലാഹുവിന്റെ സഹായവും തൌഫീഖും സിദ്ധിക്കുക എന്ന അർത്ഥത്തിലുള്ള ഹിദായത്താണ് ഇവിടെ ഉദ്ദേശം. (ഹിദായത്ത് ന്റെ വിശദവിവരങ്ങൾ സൂ:ഫാതിഹ: 6 ൽ നോക്കുക ) അല്ലാഹു ഹിദായത്ത് നൽകാൻ ഉദ്ദേശിക്കുന്നവരുടെ ഹൃദയങ്ങൾക്ക്, വികാസവും വിശാലതയും നല്കി, സത്യവിശ്വാസം അംഗീകരിക്കാനുള്ള സന്നദ്ധത അവൻ പ്രദാനം ചെയ്യുന്നു. അല്ലാത്തവരുടെ ഹൃദയങ്ങളെ, സത്യവിശ്വാസം സ്വീകരിക്കാൻ തയ്യാറില്ലാതാകുമാറ്, അവൻ, ഞെരുക്കി കുടുസ്സാക്കി ത്തീർക്കുന്നു. (വചനം 117 വിശദീകരണം നോക്കുക )

"ആകാശത്തിലുടെ കയറിപ്പോകുന്നത് പോലെ " എന്ന് പറഞ്ഞത് സത്യവിശ്വാസവും സൻമാർഗ്ഗവും സ്വീകരിക്കുന്നതിൽ അവർക്ക് അനുഭവപ്പെടുന്ന മനപ്രയാസത്തിന്റെ കാഠിന്യം ചൂണ്ടിക്കാട്ടുന്ന ഒരു ഉപമയാകുന്നു, അന്തരീക്ഷത്തിലൂടെ മേല്പോട്ട് ഉയരും തോറും വായു സാന്ദ്രത ക്രമേണ നിശ്ശേഷം ഇല്ലാതായിത്തീർന്ന് നെഞ്ചിടുങ്ങി ശ്വാസതടസ്സം അനുഭവപ്പെട്ട് ജീവനാശത്തിനിടയാകുകയും ചെയ്യുമല്ലോ "അവന്റെ നെഞ്ച് ഇടുങ്ങിയതും ഞെരുങ്ങിയതുമാകുന്നു" എന്ന് സർവജ്ഞനായ അല്ലാഹു ഉപമിച്ച് പറഞ്ഞതിന്റെ അന്തസത്ത ചിന്തിക്കുന്നവർക്ക് ഉൾക്കൊള്ളാവുന്നതാണ്.

ഈ വചനത്തിന്റെ താല്പര്യത്തിലേക്ക് കൂടുതൽ വിശദീകരണം സൂ.ഹുജുറാത്തിൽ കാണാവുന്നതാണ്. (49:7)

സൻമാർഗ്ഗികൾക്ക് അല്ലാഹു സത്യവിശ്വാസം ഭംഗിയാക്കി ക്കാണിക്കുകയും, അവിശ്വാസവും തോന്നിയവാസവും വെറുപ്പാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു എന്ന ആശയമുള്ള പ്രസ്തുത വചനത്തിന്റെ വിശദീകരണത്തിനായി റസൂൽ(സ) ഇപ്രകാരം പറഞ്ഞു: "ഹൃദയത്തിൽ അല്ലാഹു ഇട്ടുകൊടുക്കുന്ന ഒരു പ്രകാശമാണത്. അത് ലഭിക്കുന്ന ഭാഗ്യവാൻമാർക്ക് ശാശ്വത ജീവിതത്തിന്റെ ഭവനത്തിലേക്ക് മനസ്സിന് വീണ്ട് വിചാരമുണ്ടാകുകയും കൃത്രിമ ഭവനത്തിൽ നിന്ന് (മനസ്സ്) വിട്ടു നില്ക്കുകയും, മരിക്കുന്നതിന് മുമ്പ് മരിക്കുവാൻ തയ്യാർ ഉണ്ടായിരിക്കുകയും ചെയ്യുന്നതാണ്"- അതായത് പരലോകത്തിന് ഐഹിക സുഖ സൗകര്യങ്ങളേക്കാൾ പ്രാധാന്യം നല്കുകയും മരിക്കുന്നതിന് മുമ്പായ കടമകളും സൽകർമ്മങ്ങളും പ്രവർത്തിക്കുന്നതുമാകുന്നു.

---

**വചനം 126, 127**

وَهَٰذَا صِرَٰطُ رَبِّكَ مُسْتَقِيمًا ۗ قَدْ فَصَّلْنَا ٱلْـَٔايَٰتِ لِقَوْمٍ يَذَّكَّرُونَ ﴿١٢٦﴾ ۞ لَهُمْ دَارُ ٱلسَّلَٰمِ عِندَ رَبِّهِمْ ۖ وَهُوَ وَلِيُّهُم بِمَا كَانُوا۟ يَعْمَلُونَ ﴿١٢٧﴾

126 ഇതാ നിൻെറ റബ്ബിൻെറ പാത-നേരെ ചൊവ്വായ നിലയിൽ-(സ്ഥിതി ചെയ്യുന്നു). ഉറ്റാലോചിക്കുന്ന ജനങ്ങൾക്കു വേണ്ടി നാം 'ആയത്തു' (ലക്ഷ്യം) കൾ വിശദീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

127 അവർക്ക് അവരുടെ റബ്ബിൻെറ അടുക്കൽ സമാധാനത്തിൻെറ (ശാന്തിയുടെ) ഭവനമുണ്ടായിരിക്കും; അവൻ, അവരുടെ കൈകാര്യകർത്താവും (അഥവാ രക്ഷാധികാരിയും) ആകുന്നു; (അതെ) അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതു നിമിത്തം.

---

'നിന്റെ റബ്ബിന്റെ പാത' എന്നത് കൊണ്ട് വിവക്ഷ, ഖുർആൻ മുഖേന അല്ലാഹു കാണിച്ചു തരുന്ന മതമാർഗ്ഗമെന്നാകുന്നു. (153ാം വചനം വ്യാഖ്യാനം നോക്കുക) സമാധാനത്തിന്റെ അഥവാ ശാന്തിയുടെ ഭവനം എന്ന് പറഞ്ഞത് സ്വർഗ്ഗത്തെ ഉദ്ദേശിച്ചാകുന്നു. ഉറ്റാലോചിക്കാത്തവർക്ക് തെളിവുകൾ വിവരിക്കുന്നതു കൊണ്ട് ഫലമില്ലല്ലോ. അത് കൊണ്ടാണ് "ഉറ്റാലോചിക്കുന്ന ജനങ്ങൾക്ക് വേണ്ടി വിവരിച്ചിരിക്കുന്നു." എന്ന് പറഞ്ഞത്

---

**വചനം 128**

وَيَوْمَ يَحْشُرُهُمْ جَمِيعًا يَٰمَعْشَرَ ٱلْجِنِّ قَدِ ٱسْتَكْثَرْتُم مِّنَ ٱلْإِنسِ ۖ وَقَالَ أَوْلِيَآؤُهُم مِّنَ ٱلْإِنسِ رَبَّنَا ٱسْتَمْتَعَ بَعْضُنَا بِبَعْضٍ وَبَلَغْنَآ أَجَلَنَا ٱلَّذِىٓ أَجَّلْتَ لَنَا ۚ قَالَ ٱلنَّارُ مَثْوَىٰكُمْ خَٰلِدِينَ فِيهَآ إِلَّا مَا شَآءَ ٱللَّهُ ۗ إِنَّ رَبَّكَ حَكِيمٌ عَلِيمٌ ﴿١٢٨﴾

128 അവരെ മുഴുവനും അവൻ (റബ്ബ്) ഒരുമിച്ചു കൂട്ടുന്ന ദിവസം! (അന്ന് അല്ലാഹു പറയും:) "ജിന്നിൻെറ സമൂഹമേ! തീർച്ചയായും നിങ്ങൾ മനുഷ്യരിൽനിന്ന് (ആളുകളെ) അധികരി (ച്ചു പിഴ)പ്പിച്ചിരിക്കുന്നു." മനുഷ്യരിൽ നിന്നുള്ള അവരുടെ (ബന്ധു) മിത്രങ്ങൾ പറയും: "ഞങ്ങളുടെ റബ്ബേ, ഞങ്ങളിൽ ചിലർ ചിലരെ ഉപയോഗപ്പെടുത്തി; നീ ഞങ്ങൾക്ക് നിശ്ചയിച്ചുവെച്ച അവധി ഞങ്ങൾ പ്രാപിക്കുകയും ചെയ്തു." അവൻ പറയും: "നരകം നിങ്ങളുടെ പാർപ്പിടമാകുന്നു; അതിൽ (നിങ്ങൾ) നിത്യവാസികളായിക്കൊണ്ട്-അല്ലാഹു ഉദ്ദേശിച്ചതൊഴികെ." നിശ്ചയമായും നിൻെറ റബ്ബ് അഗാധജ്ഞനും, സർവ്വജ്ഞനുമാകുന്നു.

---

മഹ്ശറിൽ ഒരുമിച്ച് കൂട്ടപ്പെട്ട ശേഷം അല്ലാഹു ജിന്നുകളോട് പറയും: "മനുഷ്യരിൽ നിന്ന് വളരെയധികം ആളുകളെ നിങ്ങൾ വഴി പിഴപ്പിച്ചുവല്ലോ."

ജിന്നുകളുടെ അനുയായികളായി വർത്തിച്ചിരുന്ന മനുഷ്യർ പരിഭ്രാന്തരായി കുറ്റം സമ്മതിച്ച് കൊണ്ട് ദയനീയ സ്വരത്തിൽ, മറുപടി പറയും "ഞങ്ങൾ അന്യോന്യം ഉപയോഗപ്പെടുത്തിയെന്നത് ശരിയാണ്, നീ ഞങ്ങൾക്ക് നിശ്ചയിച്ചിരുന്ന അയുഷ്കാലം ഞങ്ങൾ ദുരുപയോഗപ്പെടുത്തി. ഞങ്ങൾ ഇരു കൂട്ടരും അബദ്ധം പ്രവർത്തിച്ച് പോയതിന് ഞങ്ങൾക്ക് പൊറുത്ത് തരേണമെ."

"ശരി. ഇനി നിങ്ങൾ ഇരു കൂട്ടർക്കും താമസിക്കുവാനുള്ള പാർപിടം നരകമാകുന്നു" എന്നായിരിക്കും അല്ലാഹുവിന്റെ മറുപടി.

മനുഷ്യരെ വഴിതെറ്റിക്കൽ സ്ഥിരം ജോലിയാക്കിയ ജിന്നു വർഗ്ഗക്കാരായ പിശാചുക്കളുടെ ദുരുപദേശങ്ങൾക്ക് മനുഷ്യർ വഴങ്ങിക്കൊടുക്കുകയും അവർക്ക് ദിവ്യത്വം കല്പിച്ച് കൊണ്ട് അവരെ അനുസരിക്കുകയും ആരാധിക്കുകയും ചെയ്തു വരുന്നു. ഇതൊക്കെയാണ് ഞങ്ങൾ അന്യോന്യം ഉപയോഗപ്പെടുത്തി" എന്ന് പറഞ്ഞതിന്റെ സാരം. "അവരതിൽ ശാശ്വതരായിരിക്കും- അല്ലാഹു ഉദ്ദേശിച്ചതൊഴികെ " എന്ന വാക്കിൽ ഒഴിവാക്കപ്പെട്ട കാലത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ സൂ, ഹൂദ് 107, 108 വചനങ്ങളുടെ വ്യാഖ്യാനത്തിൽ കാണാം

**വചനം 129**

وَكَذَٰلِكَ نُوَلِّي بَعْضَ ٱلظَّٰلِمِينَ بَعْضًۢا بِمَا كَانُوا۟ يَكْسِبُونَ ﴿١٢٩﴾

129 അപ്രകാരം, അക്രമികൾ സമ്പാദിക്കുന്ന (പ്രവർത്തിക്കുന്ന) തു നിമിത്തം അവരിൽ ചിലർക്ക് ചിലരോട് നാം മൈത്രിയുണ്ടാക്കുന്നു.

---

ആക്രമികൾ പരസ്പരം ബന്ധുമിത്രങ്ങളാണ് എന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു (45:19-ഉം നോക്കുക). അത് പോലെ തോന്നിയവാസത്തിലും ദുർമാർഗ്ഗത്തിലും പങ്കാളികളായ ജിന്നുകളും മനുഷ്യരും ബന്ധുമിത്രങ്ങളാണെന്നും, ശിക്ഷയിൽ പങ്കാളികളാണെന്നും കഴിഞ്ഞ വചനത്തിലും പ്രസ്താവിച്ചു. അങ്ങനെ ഇഹത്തിലെന്നപോലെ പരത്തിലും പ്രവർത്തനത്തിലെന്നപോലെ ശിക്ഷയിലും അവർ പരസ്പരം മിത്രങ്ങളാണെന്ന് സാരം .

സത്യവിശ്വാസികൾ ബന്ധുമിത്രങ്ങളാണെന്ന് 9:71 ലും യഹൂദികളും ക്രിസ്ത്യാനികളും ബന്ധുമിത്രങ്ങളാണെന്ന് 5:51 ലും മുഹാജിറുകളും അൻസാറുകളും ബന്ധുമിത്രങ്ങളാണെന്ന് 8:72 ലും അവിശ്വാസികൾ ബന്ധുമിത്രങ്ങളാണെന്ന് 8:73ലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

## വിഭാഗം 16

**വചനം 130**

يَٰمَعْشَرَ ٱلْجِنِّ وَٱلْإِنسِ أَلَمْ يَأْتِكُمْ رُسُلٌ مِّنكُمْ يَقُصُّونَ عَلَيْكُمْ ءَايَٰتِى وَيُنذِرُونَكُمْ لِقَآءَ يَوْمِكُمْ هَٰذَا ۚ قَالُوا۟ شَهِدْنَا عَلَىٰٓ أَنفُسِنَا ۖ وَغَرَّتْهُمُ ٱلْحَيَوٰةُ ٱلدُّنْيَا وَشَهِدُوا۟ عَلَىٰٓ أَنفُسِهِمْ أَنَّهُمْ كَانُوا۟ كَٰفِرِينَ ﴿١٣٠﴾

130. "ജിന്നുകളുടെയും മനുഷ്യരുടെയും സമൂഹമേ, നിങ്ങൾക്ക് നിങ്ങളിൽ പെട്ട ദൂതൻമാർ വന്നില്ലേ? നിങ്ങൾക്ക് എന്റെ 'ആയത്തു' (ലക്ഷ്യം)കൾ വിവരിച്ചു കൊണ്ടും, നിങ്ങളുടെ (ഇന്നത്തെ) ഈ ദിവസവുമായി കണ്ടുമുട്ടുന്നതിനെക്കുറിച്ചു നിങ്ങൾക്ക് മുന്നറിയിപ്പു നൽകിക്കൊണ്ടും" (എന്ന് അവരോട് പറയപ്പെടും). അവർ പറയും: "ഞങ്ങൾ ഞങ്ങളുടെ സ്വന്തങ്ങൾക്കെതിരെ (ഇതാ) സാക്ഷ്യം വഹിച്ചിരിക്കുന്നു." ഐഹിക ജീവിതം അവരെ വഞ്ചിച്ചിരിക്കുകയാണ്. തങ്ങൾ അവിശ്വാസികളായിരുന്നുവെന്ന് അവർ അവരുടെ സ്വന്തങ്ങൾക്കെതിരെ സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

---

ആവശ്യമായ തെളിവുകളും താക്കീതുകളും നൽകിക്കൊണ്ട് ഞാൻ നിങ്ങളിലേക്ക് റസൂലുകളെ അയച്ചിട്ടും, നിങ്ങൾ (ജിന്നുകളും മനുഷ്യരും) എന്തിന് ദുർമാർഗ്ഗം സ്വീകരിച്ചു എന്ന് അല്ലാഹു ചോദിക്കും. "അതൊന്നും ചെവികൊള്ളാതെ ഞങ്ങൾ പിഴച്ച് പോയി" എന്ന് ഏറ്റ് പറഞ്ഞ് അവർക്ക് തന്നെ എതിരായി അവർ തെളിവ് നല്കുന്നതാണ്. ഐഹിക ജീവിതത്തിൽ വഞ്ചിതരായി പാരത്രിക ജീവിതം മറന്ന് കളഞ്ഞ അവർക്ക് ഇപ്പോൾ കുറ്റബോധം വന്നത് കൊണ്ട് യാതൊരു പ്രയോജനവുമില്ല എന്ന് സാരം.

"നിങ്ങളിൽ നിന്നുള്ള ദൂതൻമാർ (റസൂലുകൾ) നിങ്ങൾക്ക് വന്നില്ലെ " എന്ന് ചോദിച്ചതിൽ നിന്നും മനുഷ്യരായ റസൂലുകളെ പോലെ ജിന്നുകളായ റസൂലുകളും ഉണ്ടായിരുന്നുവെന്ന് ചില പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നു. എന്നാൽ ഭൂരിപക്ഷം പണ്ഡിതൻമാരും അതിനെ ശരി വെക്കുന്നില്ല.

മലക്കുകളെപറ്റിയും 'റസൂൽ ' എന്ന പദം ഖുർ ആനിൽ ഉപയോഗിച്ചിട്ടുണ്ട് (35:1)

**വചനം 131**

ذَٰلِكَ أَن لَّمْ يَكُن رَّبُّكَ مُهْلِكَ ٱلْقُرَىٰ بِظُلْمٍ وَأَهْلُهَا غَٰفِلُونَ ﴿١٣١﴾

131 അത്, വല്ല അക്രമവും നിമിത്തം നിന്റെ റബ്ബ് രാജ്യങ്ങളെ നശിപ്പിക്കുന്നവനല്ലെന്നുള്ളതിനാലാകുന്നു; അവയിലെ ആൾക്കാർ (വിവരമില്ലാതെ) അശ്രദ്ധരായിരിക്കെ.

സത്യാസത്യം റസൂലുകളിലൂടെ അറിഞ്ഞുകിട്ടിയിട്ടും അക്രമത്തിൽ മുഴുകുന്ന രാജ്യക്കാരെ മാത്രമെ അല്ലാഹു നശിപ്പിക്കുകയുള്ളൂ. അല്ലാഹു അങ്ങേയറ്റം നീതിമാനാകുന്നു.

**വചനം 132, 133, 134**

وَلِكُلٍّ دَرَجَٰتٌ مِّمَّا عَمِلُوا۟ ۚ وَمَا رَبُّكَ بِغَٰفِلٍ عَمَّا يَعْمَلُونَ ﴿١٣٢﴾

وَرَبُّكَ ٱلْغَنِىُّ ذُو ٱلرَّحْمَةِ ۚ إِن يَشَأْ يُذْهِبْكُمْ وَيَسْتَخْلِفْ مِنۢ بَعْدِكُم مَّا يَشَآءُ كَمَآ أَنشَأَكُم مِّن ذُرِّيَّةِ قَوْمٍ ءَاخَرِينَ ﴿١٣٣﴾

إِنَّ مَا تُوعَدُونَ لَءَاتٍ ۖ وَمَآ أَنتُم بِمُعْجِزِينَ ﴿١٣٤﴾

132 എല്ലാവർക്കുമുണ്ടായിരിക്കും അവ(രവ)ർ പ്രവർത്തിച്ചതു മൂലം ചില പദവികൾ. അവർ പ്രവർത്തിച്ചുവരുന്നതിനെപ്പറ്റി നിന്റെ രക്ഷിതാവ് അശ്രദ്ധനേ അല്ല.

133 നിന്റെ റബ്ബ് (പരാശ്രയമില്ലാത്ത) ധന്യനും, കാരുണ്യശാലിയുമായുള്ളവനത്രെ. അവൻ ഉദ്ദേശിക്കുന്നപക്ഷം, നിങ്ങളെ അവൻ പോക്കി (നശിപ്പിച്ചു) കളയുകയും, നിങ്ങളുടെ ശേഷം അവൻ ഉദ്ദേശിക്കുന്നതിനെ അവൻ പിന്നാലെ കൊണ്ടുവരുകയും ചെയ്യും; (അതെ) മറ്റൊരു ജനതയുടെ സന്തതികളിൽ നിന്നായി നിങ്ങളെ അവൻ ഉണ്ടാക്കിയതുപോലെ.

134 നിശ്ചയമായും, നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്ന കാര്യം വരുന്നതുതന്നെയാണ്. നിങ്ങൾ (അവനെ) അസാധ്യമാക്കു (പരാജയപ്പെടുത്തു)ന്നവരല്ലതാനും.

ഓരോരുത്തരുടെയും കർമ്മങ്ങൾക്കനുസരിച്ചാണ് അവയെല്ലാം അറിയുന്ന അല്ലാഹു, അവർക്ക് സ്ഥാന പദവികൾ നല്കുന്നത്. നിങ്ങൾ സൽകർമ്മങ്ങൾ ചെയ്യുന്നില്ലെന്ന് വെച്ച് അവന് ഒരു ദോഷവും ബാധിക്കുവാനില്ല. അവൻ കാരുണ്യവാനായതുകൊണ്ടാണ് നിങ്ങളെ ഈ ഭൂമുഖത്ത് നിന്ന് തുടച്ചു നീക്കി മറ്റൊരു കൂട്ടരെ തൽസ്ഥാനത്ത് കൊണ്ട് വരാത്തത് – മുൻകഴിഞ്ഞുപോയ ജനങ്ങളുടെ ശേഷം നിങ്ങളെ രംഗത്ത് കൊണ്ട് വന്നത്പോലെ. നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെടുന്ന പരലോകം, ന്യായ വിചാരണ, രക്ഷാ ശിക്ഷകൾ എന്നിവയൊക്കെ സംഭവിക്കുക തന്നെ ചെയ്യും – അപ്പോൾ നിങ്ങൾ അല്ലാഹുവിനെ പരാജയപ്പെടുത്തി രക്ഷപ്പെടാമെന്ന ധാരണ നിങ്ങൾ വെച്ച് പുലർത്തേണ്ടതില്ല.

**വചനം 135**

قُلْ يَٰقَوْمِ ٱعْمَلُوا۟ عَلَىٰ مَكَانَتِكُمْ إِنِّى عَامِلٌ ۖ فَسَوْفَ تَعْلَمُونَ مَن تَكُونُ لَهُۥ عَٰقِبَةُ ٱلدَّارِ ۗ إِنَّهُۥ لَا

135 (നബിയേ) പറയുക: "എന്റെ ജനങ്ങളെ, നിങ്ങൾ നിങ്ങളുടെ സ്ഥാനപ്രകാരം (നിലപാടനുസരിച്ച്) പ്രവർത്തിച്ചു കൊള്ളുവിൻ. നിശ്ചയമായും ഞാൻ (എന്റെ സ്ഥാനമനുസരിച്ച്) പ്രവർത്തിക്കുന്നവനാകുന്നു. എന്നാൽ, പിറകെ നിങ്ങൾക്കറിയാറാകും,

يُفۡلِحُ ٱلظَّٰلِمُونَ ﴿١٣٥﴾

ആർക്കാണ് (ഈ ഐഹിക) ഭവനത്തിൻെറ (ശുഭ) പര്യവസാനം ആയിരിക്കുകയെന്ന്. നിശ്ചയമായും കാര്യം: അക്രമികൾ വിജയി ക്കുകയില്ല."

---

നബി(സ)യോട് പറയുവാൻ നിർദ്ദേശിക്കപ്പെട്ട ഈ വചനത്തിന്റെ സാരം രണ്ട് പ്രകാരത്തിൽ വ്യാഖ്യാനിക്കപെടാവുന്നതാണ്.

1. നിങ്ങൾ കഴിവതും നല്ല നിലയിൽ വർത്തിക്കണം. ഞാനും എന്റെ സ്ഥിതിയനുസരിച്ച് വർത്തിച്ച് വരുന്നു. അക്രമികൾക്ക് വിജയം ലഭിക്കുവാനില്ല; സൽക്കർമ്മങ്ങൾക്കെ വിജയം ലഭിക്കൂ.

2. നിങ്ങൾ നിങ്ങളുടെ നിലപാടനുസരിച്ച് പ്രവർത്തിച്ച് കൊള്ളുക . ഞാൻ എന്റെ ഹിതവും നിലപാടുമനുസരിച്ച് പ്രവർത്തിച്ച് കൊള്ളാം; അക്രമികൾക്ക് ഭാവിയിൽ രക്ഷയില്ലെന്ന് നിങ്ങളോർക്കണം.

ആദ്യത്തെ വ്യാഖ്യാനം ഒരു സദുപദേശമെന്ന നിലക്കും, രണ്ടാമത്തേത് ഒരു താക്കീത് എന്ന നിലക്കും ഉള്ളതായിരിക്കും.

---

**വചനം 136**

وَجَعَلُواْ لِلَّهِ مِمَّا ذَرَأَ مِنَ ٱلۡحَرۡثِ وَٱلۡأَنۡعَٰمِ نَصِيبٗا فَقَالُواْ هَٰذَا لِلَّهِ بِزَعۡمِهِمۡ وَهَٰذَا لِشُرَكَآئِنَاۖ فَمَا كَانَ لِشُرَكَآئِهِمۡ فَلَا يَصِلُ إِلَى ٱللَّهِۖ وَمَا كَانَ لِلَّهِ فَهُوَ يَصِلُ إِلَىٰ شُرَكَآئِهِمۡۗ سَآءَ مَا يَحۡكُمُونَ ﴿١٣٦﴾

136 വിളയായും, കാലികളായും അല്ലാഹു സൃഷ്ടിച്ചുണ്ടാക്കിയതിൽ നിന്ന് ഒരു ഓഹരി അവർ അവന് ആക്കിവെച്ചിരിക്കുന്നു. എന്നിട്ട് അവർ പറയുകയാണ്: "ഇത് അല്ലാഹുവിനുള്ളതാണ്-(അതെ) അവരുടെ ജൽപനമനുസരിച്ച്, ഇത് ഞങ്ങളുടെ 'പങ്കാളികൾ'ക്ക് (ദൈവങ്ങൾക്കു) ള്ളതുമാണ്." എന്നാൽ, അവരുടെ 'പങ്കാളികൾ'ക്കുള്ളത് അല്ലാഹുവിലേക്ക് ചേരുകയില്ല; അല്ലാഹുവിനുള്ളതാകട്ടെ, അതവരുടെ 'പങ്കാളികളി'ലേക്ക് ചേരുകയും ചെയ്യും. അവർ വിധി കൽപിക്കുന്നത് വളരെ ചീത്ത!

---

മുൻകാല അറബികൾ കൃഷിയുൽപ്പന്നങ്ങളുടെയും കന്നുകാലികളുടെയും ഒരു ഭാഗം അവയുടെ സൃഷ്ടാവായ അല്ലാഹുവിന്റെ പേരിലും മറ്റൊരുഭാഗം അവരുടെ വിഗ്രാഹാദി ദൈവങ്ങളുടെ പേരിലും തിരിച്ച് വെക്കുമായിരുന്നു. തങ്ങളുടെ വിഗ്രഹാദി ദൈവങ്ങളുടെ 'ബർക്കത്ത് ' ഇല്ലാത്തപക്ഷം തങ്ങൾക്ക് കഷ്ട നഷ്ടങ്ങൾ ബാധിക്കുമെന്നായിരുന്നു അവരുടെ വിശ്വാസം. (ആ പഴയ ജാഹിലിയ്യാ സമ്പ്രദായം ഇസ്ലാമീകരിച്ച് ഒരു വിഭാഗം മുസ്ലീം നാമധാരികളായ പുരോഹിതവർഗ്ഗം കാര്യവിവരമില്ലാത്ത മുസ്ലീംകളെ ചൂഷണം ചെയ്ത് ചില നേർച്ചക്കാരുടെ പേര് പറഞ്ഞ് , അത്തരം "ദൈവതുല്ല്യർ " ക്കായി നീക്കി വെക്കുന്ന സ്വത്തുക്കൾ നേർച്ച വഴിപാട് എന്നൊക്കെ പേര് പറഞ്ഞ് കൈയടക്കി വെച്ച് പോരുന്നത് ഇന്ന് സർവ്വ സാധാരണമാണല്ലൊ.) ഇങ്ങനെ ഓഹരി തിരിക്കുക മാത്രമല്ല, വിഗ്രഹാദി ദൈവങ്ങളുടെ ഓഹരിയെ കൂടുതൽ ശ്രദ്ധിക്കുകയും അല്ലാഹുവിന്റെ ഓഹരിയെ അത്രയൊന്നും ശ്രദ്ധപതിപ്പിക്കാതെ , അവഗണിക്കുകയും ചെയ്യുമായിരുന്നു. ക്ഷാമം പോലുള്ള അവസ്ഥകൾ നേരിട്ടാൽ , അല്ലാഹുവിന്റെ ഓഹരിയിൽനിന്നല്ലാതെ , ദൈവങ്ങളുടെ ഓഹരിയിൽ നിന്ന് - അവയുടെ കോപശാപങ്ങളെക്കുറിച്ചുള്ള ഭയം നിമിത്തം - അവർ എടുത്ത് പറ്റുമായിരുന്നില്ല. ചുരുക്കി പറഞ്ഞാൽ, ദൈവങ്ങളുടെ ഓഹരിക്ക് മുതൽ കൂട്ടുവാനും, അല്ലാഹുവിന്റെ ഓഹരിക്ക് നഷ്ടം വരുത്തുവാനുമായിരിക്കും അവർ ശ്രമിക്കുക, ഇതിന് കാരണമായി അവർ ജല്പിച്ചിരിന്നത് "അല്ലാഹു ധന്യനും ദൈവങ്ങൾ ദരിദ്രരുമാണ്" എന്നായിരുന്നു.

കന്നുകാലികളെ സംബന്ധിച്ചാണെങ്കിൽ അവയെ അവയുടെ സൃഷ്ടാവായ അല്ലാഹവിന് നേർച്ചയോ ബലിയൊ അർപ്പിക്കാതെ, തങ്ങളുടെ ദൈവങ്ങളുടെ പേരിൽ അർപ്പിക്കുകയാണവർ ചെയ്യുക. (ബഹീറത്ത്, സാ ഇബത്ത്, ഹാമു, വസ്വീലത്ത് എന്നിവയെപറ്റി സൂ: മാഇദ 103-ൽ നോക്കുക)അങ്ങനെ അല്ലാഹുവിന്

പങ്കുകാരെ ഉണ്ടാക്കി ആരാധനകൾ അർപ്പിക്കുക മാത്രമല്ല ആ ആരാധനകളിൽ തന്നെ തങ്ങളുടെ വിഗ്രഹ ദൈവങ്ങളുടെ ഓഹരികൾക്ക് അനുകൂലമായി പക്ഷഭേദം കാണിക്കുകയാണവർ ചെയ്യുന്നത്. അതാണ് അല്ലാഹു വചനത്തിന്റെ അവസാനം "അവർ വിധി കല്പിക്കുന്നത് വളരെ ചീത്ത" എന്ന് പ്രസ്താവിച്ചത്.

---

**വചനം 137**

137 അതുപോലെ (ത്തന്നെ) മുശ്‌രിക്കുകളിൽ പെട്ട പലർക്കും അവരുടെ സന്താനങ്ങളെ കൊലപ്പെടുത്തുന്നത് അവരുടെ പങ്കാളികൾ ഭംഗിയാക്കിക്കാണിച്ചു കൊടുത്തിരിക്കുന്നു; (അതെ) അവരെ അവർ നാശത്തിൽ പതിപ്പിക്കുവാനും, അവർക്ക് അവരുടെ മതം (തിരിച്ചറിയാതെ) കൂട്ടിക്കലർത്തുവാനും വേണ്ടി. (അതാണിതു കൊണ്ട് ഉണ്ടായിത്തീരുന്നത്.) അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരത് ചെയ്യുമായിരുന്നില്ല. ആകയാൽ, അവരെയും, അവർ കെട്ടിച്ചമച്ചുണ്ടാക്കുന്നതിനെയും നീ (അങ്ങ്) വിട്ടേക്കുക.

وَكَذَٰلِكَ زَيَّنَ لِكَثِيرٍ مِّنَ
ٱلْمُشْرِكِينَ قَتْلَ أَوْلَٰدِهِمْ
شُرَكَآؤُهُمْ لِيُرْدُوهُمْ وَلِيَلْبِسُوا۟ عَلَيْهِمْ
دِينَهُمْ ۖ وَلَوْ شَآءَ ٱللَّهُ مَا فَعَلُوهُ ۖ فَذَرْهُمْ
وَمَا يَفْتَرُونَ ١٣٧

---

അറബി മുശ്‌രിക്കുകൾ , ദാരിദ്ര്യം , അപമാനം , യുദ്ധകാലത്തുണ്ടാകുന്ന ശല്ല്യം ആദിയായവയെ ഭയന്ന്, പെൺകുഞ്ഞുങ്ങളെ ജീവനോടെ കുഴിച്ചുമൂടുക പതിവായിരുന്നു; കൂടാതെ ദൈവപ്രീതിക്കായി ആ കുഞ്ഞുങ്ങളെ ബലി അർപ്പിക്കുന്നതും പതിവായിരുന്നു. ഈ കടും കൈ പ്രവർത്തിക്കാൻ അവർക്ക് പ്രേരണ നല്കുന്നത് അവരുടെ ' പങ്കാളികൾ ' എന്ന് അല്ലാഹു വിശേഷിപ്പിച്ച പിശാചുക്കളുടെ ദുർബോധനങ്ങളും , പുരോഹിത വർഗ്ഗത്തിന്റെ നിയമനിർമ്മാണങ്ങളുമായിരുന്നു. അങ്ങനെ, ആ പങ്കാളികൾ നിമിത്തം അവരുടെ മതം അവർ തിരിച്ചറിയാതാകാനും അവർ ഇഹത്തിലും പരത്തിലും കഷ്ട നഷ്ടങ്ങൾ അനുഭവിക്കാനും ഇടയായിത്തീരുന്നു.

അല്ലാഹു നിശ്ചയിച്ചിരുന്നെങ്കിൽ , അത്തരം ദുർപ്രവർത്തികളൊന്നും അവർ ചെയ്യുമായിരുന്നില്ല. എന്നാൽ നന്മ തിന്മകൾ തിരിച്ചറിയാനുള്ള സാഹചര്യവും സ്വാതന്ത്ര്യവും നല്കികൊണ്ട് അല്ലാഹു അവരെ അവരുടെ ഹിതത്തിന് വിട്ടിരിക്കുകയാണ്. പിന്നീട് അല്ലാഹു അവരുടെ മേലുള്ള നടപടി എടുത്തു കൊള്ളും.

**വചനം 138, 139, 140**

138 അവർ പറയുകയാണ്: ഇവ വിലക്കപ്പെട്ടതായ ചില കാലികളും വിളകളുമാകുന്നു: അവരുടെ ജൽപനമനുസരിച്ച് നാം ഉദ്ദേശിക്കുന്നവരല്ലാതെ അവ ഭക്ഷിച്ചുകൂടാ-(വേറെ) ചില കാലികളും അവയുടെ പുറങ്ങൾ (സവാരിക്ക്) നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. (കൂടാതെ വേറെ) ചില കാലികളും: അവയുടെ മേൽ അല്ലാഹുവിൻെറ നാമം അവർ ഉച്ചരിക്കുകയില്ല; അവൻെറ (അല്ലാഹുവിൻെറ) പേരിൽ കെട്ടിച്ചമച്ചുകൊണ്ട്. അവർ കെട്ടിച്ചമച്ചു കൊണ്ടിരിക്കുന്നതിന് അവൻ അവർക്ക് (വഴിയെ) പ്രതിഫലം നൽകുന്നതാണ്.

139 അവർ പറയുന്നു: "(ഇതാ) ഈ കാലികളുടെ വയറുകളിലുള്ളത് നമ്മുടെ ആണുങ്ങൾക്ക് മാത്രമായുള്ളതും, നമ്മുടെ ഭാര്യമാർക്ക് നിഷിദ്ധമാക്കപ്പെട്ടതുമാകുന്നു." അത് ചത്തതായിരുന്നാൽ അവർ (എല്ലാവരും) അതിൽ

وَقَالُوا۟ هَٰذِهِۦٓ أَنْعَٰمٌ وَحَرْثٌ حِجْرٌ لَّا
يَطْعَمُهَآ إِلَّا مَن نَّشَآءُ بِزَعْمِهِمْ وَأَنْعَٰمٌ
حُرِّمَتْ ظُهُورُهَا وَأَنْعَٰمٌ لَّا يَذْكُرُونَ
ٱسْمَ ٱللَّهِ عَلَيْهَا ٱفْتِرَآءً عَلَيْهِ ۚ سَيَجْزِيهِم
بِمَا كَانُوا۟ يَفْتَرُونَ ١٣٨

وَقَالُوا۟ مَا فِى بُطُونِ هَٰذِهِ ٱلْأَنْعَٰمِ
خَالِصَةٌ لِّذُكُورِنَا وَمُحَرَّمٌ عَلَىٰٓ أَزْوَٰجِنَا ۖ
وَإِن يَكُن مَّيْتَةً فَهُمْ فِيهِ شُرَكَآءُ ۚ

سَيَجۡزِيهِمۡ وَصۡفَهُمۡۚ إِنَّهُۥ حَكِيمٌ عَلِيمٞ ١٣٩

പങ്കാളികളുമായിരിക്കും. അവരുടെ (ഈ) വിവരണത്തിന് അവൻ അവർക്ക് (വഴിയെ) പ്രതിഫലം നൽകുന്നതാണ്. നിശ്ചയമായും അവൻ, അഗാധജ്ഞനാകുന്നു; സർവ്വജ്ഞനാകുന്നു.

قَدۡ خَسِرَ ٱلَّذِينَ قَتَلُوٓاْ أَوۡلَٰدَهُمۡ سَفَهَۢا بِغَيۡرِ عِلۡمٖ وَحَرَّمُواْ مَا رَزَقَهُمُ ٱللَّهُ ٱفۡتِرَآءً عَلَى ٱللَّهِۚ قَدۡ ضَلُّواْ وَمَا كَانُواْ مُهۡتَدِينَ ١٤٠

140 തീർച്ചയായും, ഒരു വിവരവുമില്ലാതെ-ഭോഷത്തമായിട്ട്- തങ്ങളുടെ സന്താനങ്ങളെ കൊല്ലുകയും, തങ്ങൾക്ക് അല്ലാഹു നൽകിയതിനെ നിഷിദ്ധമാക്കുകയും ചെയ്തിട്ടുള്ളവർ നഷ്ടപ്പെട്ടു പോയിരിക്കുന്നു; (അതെ) അല്ലാഹുവിൻെറ പേരിൽ കെട്ടിച്ചമച്ചു കൊണ്ട്. തീർച്ചയായും, അവർ വഴിപിഴച്ചു പോയി; അവർ സൻമാർഗ്ഗം പ്രാപിച്ചവരായിരുന്നതുമില്ല.

---

മുശ്രിക്കുകൾ ആചരിച്ച് വന്നിരുന്ന ചില ദുസ്സമ്പ്രദായങ്ങൾ അല്ലാഹു എടുത്ത് കാട്ടുന്നു.

1 കൃഷികളിൽ നിന്നും കന്നുകാലികളിൽനിന്നും ഒരുഭാഗം തങ്ങളുടെ വിഗ്രഹ ദൈവങ്ങൾക്ക് വഴിപാടാക്കി വെക്കുകയും, ക്ഷേത്ര പൂജാരികൾക്കും പുരോഹിതൻമാർക്കും മാത്രമേ അത് ഭക്ഷിക്കാൻ പാടുള്ളൂ എന്നും നിശ്ചയിക്കുക 2 പുറത്ത് കയറി സവാരി ചെയ്യാൻ പാടില്ലെന്ന് നിശ്ചയിച്ചകൊണ്ട് കാലികളെ ദൈവങ്ങൾക്ക് വഴിപാടാക്കി വെക്കുക. 3 അറുക്കുമ്പോഴും, പുറത്ത് കയറിയൊ മറ്റൊ ഉപയോഗിക്കുമ്പോഴും അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെടാത്ത കാലികളെ ഏർപ്പെടുത്തുക. 4. ചില കാലികൾ പ്രസവിച്ചാൽ, കുട്ടിക്ക് ജീവനുണ്ടെങ്കിൽ, പുരുഷൻമാർക്ക് മാത്രമെ ഉപയോഗിച്ച് കൂടൂ; കുട്ടിക്ക് ജീവനില്ലാത്ത പക്ഷം ആണിനും പെണ്ണിനും ഉപയോഗിക്കാം. അവയുടെ പാലിനും ഈ പന്തിനിരോധം ഉണ്ടായിരുന്നു.

ഈ നിയമങ്ങളെല്ലാം അവർ സ്വയം കെട്ടിചമച്ചുണ്ടാക്കി, അല്ലാഹവിന്റെ പേരിൽ വെച്ച് കെട്ടിവരുന്ന ദുരാചാരങ്ങളാണെന്നും, എല്ലാറ്റിനും തക്ക ശിക്ഷാ നടപടി അവർ എടുക്കുമെന്നും , അല്ലാഹു അവരെ താക്കീത് ചെയ്യുന്നു. ഇത്തരം നിയമ വ്യവസ്ഥകൾ വഴിയും സ്വന്തം മക്കളെ വധിച്ച് കളയുകയും സ്വന്തം സ്വത്തുക്കളെ സ്വയം നിഷിദ്ധമാക്കുകയും ചെയ്യുക വഴിയും അവർ അവർക്ക് തന്നെ തീരാനഷ്ടം വരുത്തുകയാണ് - ഇഹലോകത്തിലും പരലോകത്തിലും

“അറബികളുടെ അജ്ഞത അറിയാൻ സൂറത്തുൽ - അൻആം 140-ാം വചനം ഓതിക്കൊള്ളുക” - എന്ന് ഇബ്നു അബ്ബാസ്(റ) പറഞ്ഞതത്രെ വാസ്തവം

## വിഭാഗം 17

**വചനം 141, 142**

۞وَهُوَ ٱلَّذِيٓ أَنشَأَ جَنَّٰتٖ مَّعۡرُوشَٰتٖ وَغَيۡرَ مَعۡرُوشَٰتٖ وَٱلنَّخۡلَ وَٱلزَّرۡعَ مُخۡتَلِفًا أُكُلُهُۥ وَٱلزَّيۡتُونَ وَٱلرُّمَّانَ مُتَشَٰبِهٗا وَغَيۡرَ مُتَشَٰبِهٖۚ كُلُواْ مِن ثَمَرِهِۦٓ إِذَآ أَثۡمَرَ وَءَاتُواْ حَقَّهُۥ يَوۡمَ حَصَادِهِۦۖ وَلَا تُسۡرِفُوٓاْۚ إِنَّهُۥ لَا يُحِبُّ ٱلۡمُسۡرِفِينَ ١٤١

141 അവനത്രെ, ഉണ്ടാക്കിയവൻ: പന്തലിൽ (പടർത്തി) ഉയർത്തപ്പെട്ടതും, പന്തലിൽ (പടർത്തി) ഉയർത്തപ്പെടാത്തതുമായ തോട്ടങ്ങളെയും, തിന്നാനുള്ള വിഭവം വ്യത്യസ്തമായ നിലയിൽ ഈത്തപ്പനയും, കൃഷിയും, പരസ്പരസാദൃശ്യമുള്ളതും പരസ്പര സാദൃശ്യമില്ലാത്തതുമായ നിലയിൽ ഒലീവും, മാതളവും (എല്ലാം തന്നെ). അതു (കായ്ച്ച്) ഫലം നൽകുമ്പോൾ അതിൻെറ ഫലത്തിൽ നിന്നും നിങ്ങൾ തിന്നുകൊള്ളുവിൻ; അത് കൊയ്ത് (വിളവ്) എടുക്കുന്ന ദിവസം അതിൻെറ കടമ കൊടു (ത്തു തീർ)ക്കുകയും ചെയ്യുവിൻ; അമിതം പ്രവർത്തിക്കുകയും ചെയ്യരുത്. നിശ്ചയമായും അവൻ, അമിതം പ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുന്നതല്ല.

142 കാലികളിൽ നിന്നും (ഭാരം) ചുമക്കുന്നവയും, 'ഫർശും' (ചെറുതരം മൃഗങ്ങളും) (ഉണ്ടാക്കിയിരിക്കുന്നു). നിങ്ങൾക്ക് അല്ലാഹു നൽകിയതിൽ നിന്നും നിങ്ങൾ തിന്നുകൊള്ളുവിൻ; പിശാചിൻെറ കാലടികളെ നിങ്ങൾ പിൻപറ്റുകയും ചെയ്യരുത്. നിശ്ചയമായും അവൻ, നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാണ്.

وَمِنَ ٱلۡأَنۡعَٰمِ حَمُولَةٗ وَفَرۡشٗاۚ كُلُواْ مِمَّا رَزَقَكُمُ ٱللَّهُ وَلَا تَتَّبِعُواْ خُطُوَٰتِ ٱلشَّيۡطَٰنِۚ إِنَّهُۥ لَكُمۡ عَدُوّٞ مُّبِينٞ ١٤٢

ചിലതൊക്കെ ഹറാമും, ഹലാലും, ആക്കിയും ചിലത് ദൈവങ്ങൾക്കും,തങ്ങൾക്കുമായി ഭാഗിച്ചും ഈ മുശ്രിക്കുകൾ തരം തിരിച്ച് കൊണ്ടിരിക്കുന്നു. വിളകൾ, കായ്കനികൾ, മൃഗസമ്പത്തുകൾ എന്നിവ, മനുഷ്യർക്ക് വേണ്ടി അല്ലാഹു സൃഷ്ടിച്ചുണ്ടാക്കിയ അനുഗ്രഹങ്ങളാകുന്നു. അതിൽ സാധുക്കൾക്ക് കൊടുക്കേണ്ടുന്ന അവകാശം അതിന്റ സമയത്ത് കൊടുത്ത് തീർത്ത് ബാക്കി ദുരുപയോഗപ്പെടുത്താതെ, അവർ പ്രയോജനപ്പെടുതത്തേണ്ടതാണ്.

ആദ്യത്തെ വചനത്തിൽ അറബികളുടെ പ്രധാന ഉല്പന്നങ്ങളെയും രണ്ടാമത്തേതിൽ പ്രധാന കാലി സമ്പത്തുകളേയും എടുത്ത് പറഞ്ഞിരിക്കുന്നു. അതായത്:

പന്തലിന്മേലും , നിലത്തിലൂടെയും, സ്വന്തം തടി മരത്തിലും ആയി വളരുന്ന വിവിധ ഫലവൃക്ഷങ്ങൾ; വ്യത്യസ്ത ഗുണങ്ങളുള്ള ഈത്തപനകളും മറ്റുകൃഷികളും അടങ്ങിയ തോട്ടങ്ങൾ ; പരസ്പര സാദൃശ്യമുള്ളതും സാദൃശ്യമില്ലാത്തതുമായ ഒലിവും മാതളവും ; ആടുമാടൊട്ടകങ്ങളാകുന്ന കാലികളിൽ ഭാരം ചുമക്കാൻ പറ്റിയവയും ഭക്ഷണം, വാഹനം രോമം മുതലായ ആവശ്യങ്ങൾക്ക് പറ്റിയവയും.

'ഫർശ് ' എന്ന വാക്കിന് വിവിധ അർത്ഥങ്ങളും വ്യാഖ്യനങ്ങളുമുണ്ടെങ്കിലും ഇവിടെ 'ചെറുതരം മൃഗങ്ങൾ' എന്ന ഭാഷാന്തരമാണ് നല്കിയിരിക്കുന്നത്.

"അത് (വിളവ്) കൊയ്തെടുക്കുന്ന ദിവസം അതിന്റെ കടമ കൊടുത്ത് തീർക്കുവിൻ" എന്ന് പറഞ്ഞതിനെക്കുറിച്ച് പണ്ഡിതർക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ കാണാം.

1 ഇസ്ലാമിലെ നിർബന്ധ സക്കാത്തിന് പുറമെ, വിളവെടുക്കുന്ന സമയത്ത് വന്ന് ചേരുന്ന സാധുക്കൾക്കും പാവങ്ങൾക്കും വല്ലതും കൊടുക്കേണ്ടതാകുന്നു. (ഇതൊഴിവാക്കാൻ വേണ്ടി രാത്രി സമയത്ത് വിളവെടുക്കാൻ തോട്ടത്തിൽ ചെന്ന തോട്ടക്കാരന്റെ തോട്ടം അല്ലാഹു നശിപ്പിച്ച സംഭവം സൂറത്തുൽ ഖലമിൽ അല്ലാഹു വിവരിക്കുന്നുണ്ട്)

2 സക്കാത്ത് നിർബന്ധമാക്കപ്പെട്ടതോടെ ഈ നിബന്ധന ദുർബലപെട്ട്പോയിരിക്കുന്നു എന്നാണ് പണ്ഡിതൻമാരിൽ ഭൂരിഭാഗം പേരുടെയും അഭിപ്രായം .

3 വേറൊരു വിഭാഗം പണ്ഡിതൻമാർ പറയുന്നത് ഈ കല്പന ഒരു നിർബന്ധ കല്പനയല്ല, ഐച്ഛികമായ ഒരു കടമ മാത്രമാണ് എന്നാകുന്നു.

പലനിലക്കും ഒന്നാമത്തെ അഭിപ്രായത്തിനാണ് മുൻതൂക്കം കാണുന്നത് (അല്ലാഹുവിനറിയാം )

തുടർന്ന് അല്ലാഹു പറയുന്നു "അമിതം പ്രവർത്തിക്കുകയും ചെയ്യുരുത്; അമിതമാക്കുന്നവനെ അല്ലാഹു ഇഷ്ടപെടുകയില്ല" - സ്വന്തം ഉപയോഗിക്കുന്നതിലായാലും, മറ്റുള്ളവർക്ക് കൊടുക്കുന്നതിലായാലും അമിതമാകുവാൻ പാടില്ലാത്തതാണെന്ന്, ഖുർആനിലും ഹദീസിലും വളരെയധികം വിരോധിച്ചിട്ടുള്ളതാകുന്നു.

ഉൽപ്പന്നങ്ങളെ അപേക്ഷിച്ച് കാലികളുടെ കാര്യത്തിലാണ് മുശ് രിക്കുകൾ കൂടുതൽ ദുരാചാരങ്ങളും ശിർക്കുകളും സ്വീകരിച്ച് വരുന്നത്. ഇത് കാരണമായിരിക്കാം കാലികളെക്കുറിച്ച് പറഞ്ഞപ്പോൾ , "അല്ലാഹു നല്കിയതിൽ നിന്ന് തിന്ന് കൊള്ളുവിൻ" എന്ന് പറഞ്ഞ് മതിയാക്കാതെ, "പിശാചിന്റെ കാലടികളെ പിൻപറ്റരുതെന്നും, അവൻ നങ്ങൾക്ക് പ്രത്യക്ഷ ശത്രുവാണെന്നും " പ്രത്യേകം ഉണർത്തിയത്.

**വചനം 143, 144**

143 (അതെ) എട്ടു ഇണകളെ (അവൻ ഉണ്ടാക്കിയിരിക്കുന്നു). ചെമ്മരിയാടിൽ നിന്ന് രണ്ടും, കോലാടിൽ നിന്ന് രണ്ടും (ഇണകൾ). പറയുക;

ثَمَٰنِيَةَ أَزۡوَٰجٖۖ مِّنَ ٱلضَّأۡنِ ٱثۡنَيۡنِ وَمِنَ ٱلۡمَعۡزِ ٱثۡنَيۡنِۗ قُلۡ ءَآلذَّكَرَيۡنِ

حَرَّمَ أَمِ ٱلْأُنثَيَيْنِ ۖ أَمَّا ٱشْتَمَلَتْ عَلَيْهِ أَرْحَامُ ٱلْأُنثَيَيْنِ ۖ نَبِّـُٔونِى بِعِلْمٍ إِن كُنتُمْ صَـٰدِقِينَ ﴿١٤٣﴾

"(ഇവയിലെ) രണ്ട് ആണിനെയാണോ അവൻ (അല്ലാഹു) നിഷിദ്ധമാക്കിയത്, അതല്ല- രണ്ടു പെണ്ണിനെയോ?! അതല്ല-(ആ) രണ്ടു പെണ്ണിൻെറ ഗർഭാശയങ്ങൾ ഉൾപെടുത്തിയിട്ടുള്ളതിനെയാണോ?! ഒരു (ന്യായമായ) അറിവോടെ, നിങ്ങൾ എന്നോട് (ഒന്ന്)വിവരം അറിയിക്കുവിൻ- നിങ്ങൾ സത്യവാൻമാരാണെങ്കിൽ!"

وَمِنَ ٱلْإِبِلِ ٱثْنَيْنِ وَمِنَ ٱلْبَقَرِ ٱثْنَيْنِ ۗ قُلْ ءَآلذَّكَرَيْنِ حَرَّمَ أَمِ ٱلْأُنثَيَيْنِ أَمَّا ٱشْتَمَلَتْ عَلَيْهِ أَرْحَامُ ٱلْأُنثَيَيْنِ ۖ أَمْ كُنتُمْ شُهَدَآءَ إِذْ وَصَّىٰكُمُ ٱللَّهُ بِهَـٰذَا ۚ فَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا لِّيُضِلَّ ٱلنَّاسَ بِغَيْرِ عِلْمٍ ۗ إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ ﴿١٤٤﴾

144 ഒട്ടകത്തിൽ നിന്ന് രണ്ടും, മാട്ടിൽ നിന്ന് രണ്ടും (ഇണകളും). പറയുക: "(ഇവയിലെ) രണ്ട് ആണിനെയാണോ അവൻ നിഷിദ്ധമാക്കിയത്, അതല്ല-രണ്ടു പെണ്ണിനെയോ?! അതല്ല-(ആ) രണ്ടു പെണ്ണിൻെറ ഗർഭാശയങ്ങൾ ഉൾപെടുത്തിയതിനെയാണോ?! അതല്ല, ഇതിനെപ്പറ്റി അല്ലാഹു നിങ്ങളോട് 'വസ്വിയ്യത്ത്' ചെയ്തപ്പോൾ നിങ്ങൾ (ദൃക്ക്) സാക്ഷികളായി (ഹാജരുണ്ടായി)രുന്നുവോ?!" അപ്പോൾ, ഒരറിവുമില്ലാതെ, മനുഷ്യരെ വഴിപിഴപ്പിക്കുവാനായി അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമച്ചവനെക്കാൾ അധികം അക്രമി ആരാണുള്ളത്?! നിശ്ചയമായും അല്ലാഹു, അക്രമികളായ ജനങ്ങളെ സൻമാർഗ്ഗത്തിലാക്കുകയില്ല.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

കാലികൾ എന്ന വാക്കിൽ ഏതെല്ലാം ഉൾപെടുമെന്ന് ഈ വചനങ്ങളിൽ കാണാവുന്നതാണ്

അവ ആകെ എട്ട് ഇനങ്ങളാണുള്ളത്. ചെമ്മരിയാട് . കോലാടു, ഒട്ടകം, മാട് എന്നീ നാല് വർഗ്ഗത്തിൽ ആണും പെണ്ണുമായി ആകെ എട്ട് ഇനങ്ങൾ അല്ലാഹു നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ച് തന്ന അവയിൽ ചില ആണിനെയും ചില പെണ്ണിനെയും ചില ഗർഭസ്ഥ ശിശുക്കളെയും നിങ്ങൾ നിഷിദ്ധമാക്കുന്നു. അല്ലാഹു അങ്ങനെ യാതൊരു നിയമവും കല്പിച്ചിട്ടില്ല അങ്ങനെ അല്ലാഹു കല്പിച്ചിട്ടുണ്ടെന്ന് നിങ്ങൾക്ക് വാദമുണ്ടെങ്കിൽ എന്താണതിന് തെളിവ്. അത് കല്പിച്ചരുളിയപ്പോൾ നിങ്ങളതിന് ദൃക്സാക്ഷികളായിരുന്നോ. ഞങ്ങളുടെ പൂർവ്വികൻമാർ അങ്ങനെ ചെയ്ത് വരുന്നത് കണ്ട് ഞങ്ങളും അനുകരിച്ച് വരുന്നു എന്നല്ലാതെ മറ്റെന്താണ് അവർക്ക് പറയുവാനുള്ളത്. അങ്ങനെ യാതൊരു ന്യായവും കൂടാതെ, അല്ലാഹുവിന്റെ പേരിൽ കളവ് പറഞ്ഞുണ്ടാക്കി വഴിപിഴപ്പിക്കുകയാണ് അവരിലുള്ള പുരോഹിതവർഗ്ഗം ചെയ്യുന്നത്. ഇതിൽ പരം അക്രമവും അനീതിയും എന്താണുള്ളത്.

**വിഭാഗം 18**

**വചനം 145**

قُل لَّآ أَجِدُ فِى مَآ أُوحِىَ إِلَىَّ مُحَرَّمًا عَلَىٰ طَاعِمٍ يَطْعَمُهُۥٓ إِلَّآ أَن يَكُونَ مَيْتَةً أَوْ دَمًا مَّسْفُوحًا أَوْ لَحْمَ خِنزِيرٍ فَإِنَّهُۥ رِجْسٌ أَوْ فِسْقًا أُهِلَّ لِغَيْرِ ٱللَّهِ بِهِۦ ۚ فَمَنِ ٱضْطُرَّ غَيْرَ بَاغٍ وَلَا عَادٍ فَإِنَّ

145 (നബിയേ) പറയുക: "എനിക്ക് 'വഹ്‌യു' (ദിവ്യബോധനം) നൽകപ്പെട്ടിട്ടുള്ളതിൽ, ഭക്ഷിക്കു(വാനുദ്ദേശിക്കു)ന്ന ഒരാളുടെ മേലും നിഷിദ്ധമാക്കപ്പെട്ടതായൊന്നും ഞാൻ കാണുന്നില്ല, അത് (ഭക്ഷണം) ശവം, അല്ലെങ്കിൽ ചിന്തപ്പെട്ട രക്തം, അല്ലെങ്കിൽ പന്നിമാംസം-കാരണം, അത് മ്ളേച്ഛമാകുന്നു-അല്ലെങ്കിൽ അല്ലാഹു അല്ലാത്തവർക്കു വേണ്ടി ശബ്ദം ഉയർത്തപ്പെട്ട (അറുക്കപ്പെട്ട) തോന്നിയവാസം (എന്നിവ)

رَبَّكَ غَفُورٌ رَّحِيمٌ ﴿١٤٥﴾

ആയിരുന്നാലല്ലാതെ. എന്നാൽ, ആരെങ്കിലും (നിയമ ലംഘനം) കാംക്ഷിക്കുന്നവനല്ലാതെയും, അതിരു വിട്ടവനല്ലാതെയും(അവ ഭക്ഷിക്കുവാൻ) നിർബ്ബന്ധിതനായിത്തീരുന്ന പക്ഷം, അപ്പോൾ, നിശ്ചയമായും നിൻെറ റബ്ബ് വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

അല്ലാഹു മനുഷ്യർക്ക് ആഹാരത്തിന് വേണ്ടി സൃഷ്ടിച്ച് കൊടുത്തവയിൽ തന്നിഷ്ടപ്രകാരം ചില വയെ ഹലാലും, മറ്റു ചിലവയെ നിഷിദ്ധവും ആക്കുവാൻ മുശ്‌രിക്കുകൾക്കൊ മറ്റു ആർക്കുമോ യാതൊരു അവകാശവുമില്ല എന്നും ശവം, ചിന്തപ്പെട്ട രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവർക്ക് വേണ്ടി ശബ്ദം ഉയർത്തപെട്ട് അറുക്കപ്പെട്ടവ എന്നീ നാല് വസ്തുക്കളല്ലാതെ അല്ലാഹു മറ്റൊന്നും നിഷിദ്ധമാക്കിയിട്ടില്ല എന്നും പറയുവാൻ നബി(സ) യോട് അല്ലാഹു കല്പിക്കുന്നു.

ഈ നാല് തരം വസ്തുക്കളെ നിഷിദ്ധമാക്കപെട്ടിട്ടുള്ളതിനെക്കുറിച്ച് സൂ: അൽ ബഖറ 173 ലും; സൂ: മാഇദ 3-ലും, സൂ: നഹ്ൽ 115 ലും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. അവിടങ്ങളിൽ പ്രസ്താവിക്കപ്പെടാത്ത ചില കാര്യങ്ങൾ ഈ വചനത്തിൽ വ്യക്തമാക്കപെട്ടിട്ടുണ്ട്.

ഇവിടെ, രക്തം എന്നതിനെ ചിന്തപ്പെട്ട രക്തം എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.അറവു മൂലമോ , മുറിവ് മൂലമോ, ഒഴുകി വരുന്ന രക്തം ആണതെന്നും, മാംസത്തിൽ നിന്നും വേറിടാതെ പറ്റി നില്ക്കുന്ന രക്തകലർപ്പിന്ന് വിരോധമില്ലെന്നും മനസ്സിലാക്കാവുന്നതാണ്. പന്നിമാംസം നിരേധിച്ചതിന് കാരണം അത് മ്ലേച്ഛമായത് കൊണ്ടാണ് എന്ന് ഇവിടെ പറഞ്ഞിരിക്കുന്നു. കാഷ്ടങ്ങൾ മുതലായ മ്ലേച്ഛ വസ്തുക്കൾ തിന്നുക പന്നികളുടെ പതിവാണല്ലോ.

സൂ: മാഇദ: 3 ൽ ഈ നാലു വസ്തുക്കൾ നിഷിദ്ധമാണെന്ന് പറഞ്ഞശേഷം, "അതൊക്കെ തോന്നി യവാസമാകുന്നു" എന്ന് പറഞ്ഞിരിക്കുന്നു. ഇവിടെ അല്ലാഹു അല്ലാത്തവരുടെ നാമത്തിൽ അറുക്കപ്പെട്ടതിനെ പറ്റി മാത്രമാണ് 'തോന്നിയവാസം' എന്നുപയോഗിച്ചത്. ഇത് ആയതിന്റെ ഗൌരവത്തെ ചൂണ്ടിക്കാട്ടുന്നു. നിർബന്ധിതാവസ്ഥയിൽ നിയമ ലംഘനത്തിന്റെ ഉദ്ദേശ്യമില്ലാതെ അത്യാവശ്യതോതിൽ ഇവയൊക്കെ ഭക്ഷി ക്കാമെന്നതിനെപറ്റി വിശദീകരണം മുമ്പ് കഴിഞ്ഞ് പോയിട്ടുള്ളത് ഓർമിക്കുക. (സൂ അൽബഖറ 173 ലും സൂ: മാഇദ: 3 ലും)

എന്നാൽ ഈ നാലു വസ്തുക്കൾക്ക് പുറമെ ചില വസ്തുക്കൾ കൂടി നബി(സ) വിരോധിച്ചിരിക്കു ന്നതായി പ്രബലമായ ഹദീസുകളിൽ വന്നിട്ടുണ്ട്. കാട്ട് ജീവികളിൽനിന്ന് ദന്തമുള്ളവ , നീണ്ട നഖമുള്ളവ - അഥവാ തേറ്റപല്ലുകൾ വഴി ജന്തുക്കളെ വേട്ടയാടിപിടിക്കുന്ന മൃഗങ്ങളും മാംസ ഭുക്കുകളായ പക്ഷികളും- വളർത്ത് കഴുതകൾ എന്നിങ്ങനെ ചിലവയെയാണ് നബി(സ) വിരോധിച്ചിട്ടുള്ളത്.

അത്കൊണ്ട് ഖുർആനിൽ വിവരിച്ച നാലിന് പുറമെ അവയും ഭക്ഷിക്കാൻ പാടില്ലാത്തവയാണെന്നാണ് ഭൂരിഭാഗം പണ്ഡിതരും എണ്ണിവരുന്നത്. നിഷിദ്ധതയെ ഖുർആൻ നാലെണ്ണത്തിൽ പരിമിതപ്പെടുത്തിയി രിക്കെ ഇവ കൂടെ നബി(സ) എങ്ങനെ വിരോധിച്ചുവെന്ന സംശയത്തിന് അവർ വിശദമായ വിശദീകരണവും നല്കുന്നുണ്ട്.

കുറ്റകരമായ, ഹറാം (നിഷിദ്ധം ) എന്ന നിലക്കുള്ള വിരോധമല്ല , എന്നാൽ കേവലം വൃത്തികെ ട്ടതും മതദൃഷ്ട്യാ വെറുക്കപ്പെട്ടതും (مكروه) എന്ന നിലക്കുള്ള വിരോധമാണത് . ആ നാലെണ്ണം ഒഴിച്ചുള്ള മുഴുവൻ വസ്തുക്കളും അനുവദനീയമാണെന്നാണ് അല്ലാഹു പറഞ്ഞതിന്റെ താല്പര്യം എന്ന് വരുവാൻ നിവൃത്തിയില്ലല്ലോ.

നബി(സ) തിരുമേനിയുടെ കർത്തവ്യങ്ങളെ ക്കുറിച്ച് പറയുന്ന കൂട്ടത്തിൽ സൂറ :അഅ്റാഫ് 157 ൽ അല്ലാഹു ഇപ്രകാരം പറയുന്നു: "അവർക്ക് അദ്ദേഹം വിശിഷ്ട വസ്തുക്കളെ അനുവദനീയമാക്കി കൊടുക്കു കയും ദുഷിച്ച വസ്തുക്കളെ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യും"നബി(സ) തിരുമേനി ഇപ്രകാരം പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു - "അല്ലാഹുവിന്റ റസൂൽ നിഷിദ്ധമാക്കിയത് അല്ലാഹു നിഷിദ്ധമാ ക്കിയത് പോലെയാണ്."

മ്ളേഛവും, ഉപദ്രവകരവുമായ വസ്തുക്കൾ നിരോധിക്കപ്പെട്ടവയാണെന്ന പൊതുതത്വം വിവരിക്കൽ നബി(സ)യുടെ കർത്തവ്യങ്ങളിൽ പെട്ടതുമാണല്ലോ.

ചുരുക്കിപറഞ്ഞാൽ: ഒന്നുകിൽ നല്ല വിശിഷ്ടവസ്തുക്കൾ, (الصيبات) അനുവദനീയങ്ങളാണെന്നും, ദുഷിച്ചതും മ്ളേഛമായതുമായ വസ്തുക്കൾ നിഷിദ്ധങ്ങളാണെന്നുമുള്ള പൊതുതത്വത്തിന്റെ വിശദീകണമ

ന്നോണം, നബി(സ) വിരോധിച്ചതായി ബലപെട്ട ഹദീസുകളിൽ വന്നിട്ടുള്ള വസ്തുക്കളും – ഖുർആനിൽ നിന്നും വ്യക്തമായി അറിയപെട്ട ആ നാല് വസ്തുക്കൾക്ക് പുറമെ – നിഷിദ്ധങ്ങളായുണ്ടെന്ന് വെക്കുക.

അല്ലെങ്കിൽ; നബി (സ) വിരോധിച്ചവ ഖുർആനിൽ വിരോധിക്കപെട്ട നാലു വസ്തുക്കളെപോലെ, നിഷിദ്ധങ്ങളാണെന്ന അർത്ഥത്തിലല്ലെന്നും, കേവലം നന്നല്ലാത്തതും വെറുക്കപ്പെട്ടതും (مكروه) എന്ന അർത്ഥത്തിലാണെന്നും വെക്കുക. എന്നാൽ നബി(സ) യുടെ ഹദീസുകളിൽ വിരോധിക്കപ്പെട്ട് കാണുന്ന എല്ലാ വസ്തുക്കളെയും വർജ്ജിക്കുന്നതാണ് മുസ്ലീംകൾക്ക് ഉത്തമമെന്നാണ് പണ്ഡിത മതം.

എന്നല്ലാതെ ഹദീസു നിഷേധികൾ വാദിക്കുന്നത് പോലെ, ഖുർആനിൽ നിഷിദ്ധമാക്കിയ ഈ നാല് വസ്തുക്കൾ മാത്രമായിരിക്കെ, നബി(സ)ക്ക്, വേറെ ചിലത് കൂടി നിരോധിക്കാൻ അവകാശമില്ല.അത് കൊണ്ട് പ്രസ്തുത ഹദീസുകളോ, അത്പോലെ മറ്റ് എല്ലാ ഹദീസുകളും തന്നെയോ സ്വീകാര്യമല്ല എന്നൊക്കെയാണ് ആ കുബുദ്ധികളുടെ കുതർക്ക വാദം. ഇത് വാസ്തവത്തിൽ യാഥാർത്ഥ്യത്തിന് നേരെ മനപൂർവ്വം കണ്ണടച്ച് ഇരുട്ടാക്കലാണെന്ന് നിഷ്പക്ഷ ബുദ്ധിയുള്ള എല്ലാവർക്കും അറിയാവുന്ന കാര്യമാകുന്നു.

**വചനം 146, 47**

وَعَلَى ٱلَّذِينَ هَادُوا۟ حَرَّمْنَا كُلَّ ذِى ظُفُرٍ ۖ وَمِنَ ٱلْبَقَرِ وَٱلْغَنَمِ حَرَّمْنَا عَلَيْهِمْ شُحُومَهُمَآ إِلَّا مَا حَمَلَتْ ظُهُورُهُمَآ أَوِ ٱلْحَوَايَآ أَوْ مَا ٱخْتَلَطَ بِعَظْمٍ ۚ ذَٰلِكَ جَزَيْنَٰهُم بِبَغْيِهِمْ ۖ وَإِنَّا لَصَٰدِقُونَ ﴿١٤٦﴾

146 യഹൂദികളായവരുടെ മേലാകട്ടെ, നഖമുള്ള എല്ലാറ്റിനെയും നാം നിഷിദ്ധമാക്കി; മാടിൽ നിന്നും ആടിൽ നിന്നും അവയുടെ കൊഴുപ്പുകളെയും അവരുടെമേൽ നാം നിഷിദ്ധമാക്കി; അവയുടെ മുതുകുകളോ, കുടലുകളോ വഹിച്ച (ഉൾക്കൊണ്ട) തോ, അല്ലെങ്കിൽ എല്ലുമായി (പറ്റി) കലർന്നതോ ഒഴികെ, അത്, അവരുടെ ധിക്കാരം മൂലം അവർക്കു നാം പ്രതിഫലം നൽകിയതാണ്. നിശ്ചയമായും നാം സത്യം പറയുന്നവർ തന്നെ.

فَإِن كَذَّبُوكَ فَقُل رَّبُّكُمْ ذُو رَحْمَةٍ وَٰسِعَةٍ وَلَا يُرَدُّ بَأْسُهُۥ عَنِ ٱلْقَوْمِ ٱلْمُجْرِمِينَ ﴿١٤٧﴾

147 (നബിയേ) ഇനി, നിന്നെ അവർ വ്യാജമാക്കുകയാണെങ്കിൽ പറയുക: "നിങ്ങളുടെ രക്ഷിതാവ് വിശാലമായ കാരുണ്യമുള്ളവനാകുന്നു; കുറ്റവാളികളായ ജനങ്ങളിൽ നിന്ന് അവൻെറ ശൗര്യം (അഥവാ ശിക്ഷ) തട്ടിനീക്കപ്പെടുന്നതുമല്ല."

നഖമുള്ള വസ്തുക്കൾ കൊണ്ടുദ്ദേശ്യം ഒട്ടകം, ഒട്ടകപക്ഷി, വാത്ത്, താറാവ് എന്നിങ്ങനെ വിരലുകൾ – അല്ലെങ്കിൽ കുളമ്പുകൾ – പിളർന്നതല്ലാത്ത ജീവികളാണെന്നും, അതല്ല, ജീവികളെ വേട്ടയാടിപിടിക്കുന്നതും, അല്ലാത്തതുമായ എല്ലാ നഖമുള്ള വസ്തുക്കളും ഉൾപെടുമെന്നും അഭിപ്രായങ്ങൾ കാണാം. യഹൂദികളുടെ നിയമ ലംഘനവും ധിക്കാരവും നിമിത്തം, നഖമുള്ള എല്ലാ ജീവികളും, ആടുമാടുകളുടെ മുതുകുകളിലൊ, കുടലുകളിലൊ, എല്ലുകളിലൊ, ചേർന്ന് നില്ക്കുന്നതല്ലാത്ത കൊഴുപ്പുകളും ഒരു ശിക്ഷയെന്ന നിലയിൽ അല്ലാഹു അവർക്ക് നിഷിദ്ധമാക്കിയിരുന്നു. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ വിശാലത കൊണ്ട്, തല്ക്കാലം അവൻ നിങ്ങളെ ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഭാവിയിൽ അവൻ കുറ്റവാളികളെ ശിക്ഷിക്കാതിരിക്കുകയില്ല.

സൂ : നിസാഅ് വചനം 160 ൽ അല്ലാഹു പറഞ്ഞിട്ടുള്ളതിന്റെ ഒരു വിശദീകരണമാണ് 146ാം വചനം എന്ന് പറയാം. സൂ ആലു ഇംറാൻ 93-ലും കൂടുതൽ വിവരങ്ങൾ കാണാം.

**വചനം 148, 149**

سَيَقُولُ ٱلَّذِينَ أَشْرَكُوا۟ لَوْ شَآءَ ٱللَّهُ مَآ أَشْرَكْنَا وَلَآ ءَابَآؤُنَا وَلَا حَرَّمْنَا مِن

148 'ശിർക്ക്' ചെയ്യുന്നവർ (അല്ലാഹുവിനോട് പങ്കുചേർക്കുന്നവർ) പറഞ്ഞേക്കും: "അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ, ഞങ്ങളാകട്ടെ, ഞങ്ങളുടെ

شَيۡءٖۚ كَذَٰلِكَ كَذَّبَ ٱلَّذِينَ مِن قَبۡلِهِمۡ حَتَّىٰ ذَاقُواْ بَأۡسَنَاۗ قُلۡ هَلۡ عِندَكُم مِّنۡ عِلۡمٖ فَتُخۡرِجُوهُ لَنَآۖ إِن تَتَّبِعُونَ إِلَّا ٱلظَّنَّ وَإِنۡ أَنتُمۡ إِلَّا تَخۡرُصُونَ ﴿١٤٨﴾

പിതാക്കളാകട്ടെ, 'ശിർക്ക്' ചെയ്യുമായിരുന്നില്ല; ഞങ്ങൾ യാതൊരു വസ്തുവെയും നിഷിദ്ധമാക്കുകയും ചെയ്യുമായിരുന്നില്ല." അപ്രകാരം, അവരുടെ മുമ്പുള്ളവരും വ്യാജമാക്കിയിരിക്കുന്നു-(അതെ) നമ്മുടെ ശൗര്യം (ശിക്ഷ) അവർ രുചി നോക്കുന്നതുവരെ. പറയുക: "നിങ്ങളുടെ പക്കൽ വല്ല അറിവുമുണ്ടോ- ഞങ്ങൾക്ക് നിങ്ങൾ അത് വെളിപ്പെടുത്തി തരുവാൻ?! നിങ്ങൾ ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല; നിങ്ങൾ മതിപ്പിട്ട് പറയുകയല്ലാതെ ചെയ്യുന്നുമില്ല."

قُلۡ فَلِلَّهِ ٱلۡحُجَّةُ ٱلۡبَٰلِغَةُۖ فَلَوۡ شَآءَ لَهَدَىٰكُمۡ أَجۡمَعِينَ ﴿١٤٩﴾

149 പറയുക: "അപ്പോൾ, അല്ലാഹുവിനാണ് തികഞ്ഞ (പ്രബലമായ) ന്യായമുള്ളത്. എന്നാൽ, അവൻ ഉദ്ദേശിച്ചിരുന്നെങ്കിൽ, നിങ്ങളെ മുഴുവനും അവൻ സൻമാർഗ്ഗത്തിലാക്കുക തന്നെ ചെയ്യുമായിരുന്നു."

---

"മുശ്‌രിക്കുകൾ പറഞ്ഞേക്കും " എന്ന് പറഞ്ഞ് കൊണ്ട് അല്ലാഹു, അവർ അവരുടെ വിശ്വാസാചാരങ്ങളെ ന്യായീകരിക്കുവാൻ വേണ്ടി വഴിയെ പറയാവുന്ന ഒരു വാദം ഉദ്ധരിക്കുന്നു. "അല്ലാഹു ഉദ്ദേശിച്ചത് കാരണമാണ്, ഞങ്ങളും ഞങ്ങളുടെ പൂർവ്വികൻമാരും ബഹുദൈവാരാധ്യരായിത്തീർന്നതും, ചില വസ്തുക്കളെ ഞങ്ങൾ നിഷിദ്ധമാക്കിത്തീർക്കുന്നതുമെല്ലാം . അവന്റെ ഉദ്ദേശ്യത്തിൽ നിന്ന് ഒഴിഞ്ഞ് നില്ക്കാൻ ഞങ്ങൾക്ക് കഴിയുകയില്ല. ഞങ്ങൾ നിസ്സഹായരാണ്" – ഇതാണവരുടെ വാദം. അല്ലാഹുവിന്റെ വിധി നിർണ്ണയത്തിൽ വിശ്വാസമില്ലാത്ത മുശ്‌രിക്കുകൾ അവരുടെ ദുരാചാരങ്ങൾക്ക് ന്യായം പറഞ്ഞൊപ്പിക്കുക മാത്രമല്ല നബി(സ)യെ പരിഹസിക്കുക കൂടിയാണ് ഇത്തരം വാദങ്ങളിലൂടെ നടത്തുന്നത് (സൂ നഹ്ൽ 35 ഉം സൂ: സുഖുറൂഫ് 20 ഉം നോക്കുക)

അല്ലാഹുവിന്റെ ഉദ്ദേശ്യത്തിന്റെ പേരിലുള്ള ഈ കള്ളവാദം ഇവരിൽ നിന്ന് മാത്രമല്ല മുമ്പ് ഇവരുടെ പൂർവ്വികന്മാരിൽ നിന്നും ഉണ്ടാകാറുണ്ടായിരുന്നു എന്ന് അല്ലാഹു തുടർന്ന് ചൂണ്ടിക്കാട്ടുന്നു–"അപ്രകാരം അവരുടെ മുമ്പുള്ളവരും വ്യാജമാക്കി "എന്ന വചനത്തിലൂടെ. (ഈ ന്യായവാദം ഇന്നും ഇത് പോലെ പലരും പറയുന്നത് കേൾക്കാം)

മുശ്‌രിക്കുകളുടെ ഈ വാദത്തെ ശരി വെക്കുന്ന വല്ല പ്രമാണപരമോ ബുദ്ധിപരമൊ ആയ തെളിവുകൾ അവർക്ക് ഉണ്ടെങ്കിൽ അതൊന്ന് കാണിക്കുവാൻ പറയാനും, അവർ ഊഹത്തെ മാത്രം പിൻപറ്റിക്കൊണ്ട് സൂക്ഷ്മമായിട്ടല്ലാതെ വെറുതെ മതിപ്പിട്ടാണ് അവരുടെ വാക്കുകൾ ഉന്നയിക്കുന്നതെന്ന് അവരോട് പറയുവാനും അല്ലാഹു നബി(സ)യൊട് കല്പിക്കുന്നു.

അല്ലാഹു അങ്ങനെ ഉദ്ദേശിച്ചുവെന്ന് അറിഞ്ഞ ശേഷമൊ, അറിഞ്ഞത് കൊണ്ടോ അല്ല, നിങ്ങൾ അതൊക്കെ ചെയ്തത് – ചെയ്ത് കഴിഞ്ഞശേഷം അതൊരു കാരണമാക്കി എടുത്ത് പറയുക മാത്രമാണ് നിങ്ങൾ ചെയ്യുന്നത്.

തുടർന്ന് അല്ലാഹു പറയുന്നു :"പറയുക , അപ്പോൾ അല്ലാഹുവിനാണ് തികച്ചും ന്യായമുള്ളത് , എന്നാൽ അവൻ ഉദ്ദശിച്ചിരുന്നുവെങ്കിൽ നിങ്ങളെ മുഴുവൻ അവൻ നേർമാർഗ്ഗത്തിലാക്കുമായിരുന്നു "

സത്യാസത്യങ്ങളും നന്മതിന്മകളും വേണ്ടത് പോലെ തെളിവുകൾ സഹിതം മനസ്സിലാക്കിക്കൊടുത്ത് സന്മാർഗ്ഗത്തിലേക്ക് ക്ഷണിക്കുക;സ്വീകരിക്കുകയൊ നിരാകരിക്കുകയൊ ചെയ്യാൻ ഇഛാ സ്വാതന്ത്ര്യം നൽകുക – ഇതാണ് അല്ലാഹു ഉദ്ദേശിച്ചത്. അല്ലാതെ, നിങ്ങൾ മുഴുവനും മലക്കുകളെപോലെ ശുദ്ധപ്രകൃതിക്കാരായ സന്മാർഗ്ഗികളായി തന്നെ ഇരിക്കണമെന്നല്ല

ഈ യാഥാർത്ഥ്യം വളരെ സ്ഥലങ്ങളിൽ വ്യക്തമായ രൂപത്തിലും സൂചനാ രൂപത്തിലുമായി ഖുർആൻ പ്രസ്താവിച്ചതായി കാണാം – സൂ ഹൂദ് 118, 119; സൂ: യൂനുസ് 99 ; സൂ അൽ ബഖറ : 253; നോക്കുക

"അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങൾ ശിർക്കും മറ്റും ചെയ്യുമായിരുന്നില്ല" എന്ന് മുശ്‌രിക്കുകൾ പറഞ്ഞ ആ വാക്ക് സത്യവിരുദ്ധമാണെന്നല്ല- അത് വഴി അവർ ഉദ്ദേശിക്കുന്ന ആശയവും ലക്ഷ്യവും തെറ്റാണെന്നാണ് അവർക്ക് നൽകിയ മറുപടിയുടെ സാരം

ഈ സൂറത്തിൽ വചനം 107 ൽ അല്ലാഹു പറയുന്നു : " അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ ശിർക്ക് ചെയ്യുമായിരുന്നില്ല." 137 ാം വചനത്തിൽ "അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവരത് ചെയ്യുമായിരുന്നില്ല " എന്ന് അല്ലാഹു പറയുന്നു.

എല്ലാ കാര്യവും അല്ലാഹുവിന്റെ ഉദ്ദേശ്യവും വിധി നിശ്ചയവും അനുസരിച്ച് മാത്രമാണ് നടക്കുന്നതെന്നു, ഈ 148ാം വചനവും സൂ: സുഖ്റുഫു: 20 സൂ, നഹ് ൽ 35 ഉം സ്ഥാപിക്കുന്നു.

---

**വചനം 150**

150 (നബിയേ) പറയുക: ("നിങ്ങൾ നിഷിദ്ധമാക്കിയ) ഇത് അല്ലാഹു നിഷിദ്ധമാക്കിയിരിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്ന നിങ്ങളുടെ (വക) സാക്ഷികളെ കൊണ്ടുവരുവിൻ!" എന്നിട്ട് അവർ സാക്ഷ്യം വഹിച്ചുവെങ്കിൽ, അവരോടൊപ്പം നീ സാക്ഷ്യം വഹിക്കരുത്. നമ്മുടെ 'ആയത്തു' (ലക്ഷ്യം) കളെ വ്യാജമാക്കുന്നവരുടെ ഇച്ഛകളെ നീ പിൻപറ്റുകയും ചെയ്യരുത്; യാതൊരു കൂട്ടരുടെയും (ഇച്ഛകളെ പിൻപറ്റരുത്): അവർ പരലോകത്തിൽ വിശ്വസിക്കുന്നില്ല, അവരാകട്ടെ, തങ്ങളുടെ റബ്ബിനോട് (മറ്റുള്ളവരെ) സമപ്പെടുത്തുകയും ചെയ്യുന്നു.

قُلْ هَلُمَّ شُهَدَآءَكُمُ ٱلَّذِينَ يَشْهَدُونَ
أَنَّ ٱللَّهَ حَرَّمَ هَٰذَا ۖ فَإِن شَهِدُوا۟ فَلَا
تَشْهَدْ مَعَهُمْ ۚ وَلَا تَتَّبِعْ أَهْوَآءَ ٱلَّذِينَ
كَذَّبُوا۟ بِـَٔايَٰتِنَا وَٱلَّذِينَ لَا يُؤْمِنُونَ
بِٱلْءَاخِرَةِ وَهُم بِرَبِّهِمْ يَعْدِلُونَ ﴿١٥٠﴾

നിങ്ങൾ നിഷിദ്ധമാക്കിയ ഈ വസ്തുക്കളെ, നിങ്ങളല്ല അല്ലാഹുവാണ് നിഷിദ്ധമാക്കി നിശ്ചയിച്ചത് എന്ന് തക്കതായ തെളിവു സഹിതം, സ്ഥാപിക്കുന്ന വല്ല സാക്ഷികളെയും നിങ്ങൾക്ക് സമർപ്പിക്കുവാനുണ്ടെങ്കിൽ അവരെ ഹാജരാക്കുവാൻ അല്ലാഹു മുശ്‌രിക്കുകളെ വെല്ലു വിളിക്കുകയാണ്. അസാധ്യമായ പ്രസ്തുത കാര്യത്തിന് ഒരു പക്ഷെ വല്ല വിഡ്ഢികളും മുമ്പോട്ട് വന്നാൽ അവർ കള്ള സാക്ഷികളായിരിക്കുമെന്ന് തീർച്ചയാണ്- അവർ പരലോകത്തിൽ വിശ്വസിക്കാത്തവരും, ദൃഷ്ടാന്തങ്ങൾ വ്യാജമാക്കി തള്ളുന്നവരും, അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കുന്നവരുമായിരിക്കും. അത് കൊണ്ട് അവരുടെ കള്ള സാക്ഷ്യത്തിന് ഒട്ടും വില കല്പിക്കാതെ, തള്ളി കളയണമെന്നും, അവരുടെ ഇംഗിതത്തിന് വഴങ്ങരുതെന്നും അല്ലാഹു നബി(സ)യെ ഉണർത്തുന്നു.

## വിഭാഗം 19

**വചനം 151, 152, 153**

151 പറയുക (നബിയേ): "വരുവിൻ! നിങ്ങളുടെ റബ്ബ് നിങ്ങളുടെമേൽ നിഷിദ്ധമാക്കിയത് (എന്തെല്ലാമാണെന്ന്) ഞാൻ നിങ്ങൾക്ക് ഓതികേൾപ്പിക്കാം: അതായത്: നിങ്ങൾ അവനോട് ഒരു വസ്തുവെയും പങ്കുചേർക്കരുത്; മാതാപിതാക്കളോടാകട്ടെ, നൻമ പ്രവർത്തിക്കുകയും (വേണം); ദാരിദ്ര്യം നിമിത്തം നിങ്ങൾ നിങ്ങളുടെ സന്താനങ്ങളെ കൊലപ്പെടുത്തുകയും ചെയ്യരുത്; നാമത്രെ, നിങ്ങൾക്കും അവർക്കും ആഹാരം നൽകുന്നത്. നീചവൃത്തികളെ-അവയിൽ നിന്ന് പ്രത്യക്ഷമായതിനെയും, പരോക്ഷമായതിനെയും- നിങ്ങൾ സമീപിക്കുകയും ചെയ്യരുത്. അല്ലാഹു

۞ قُلْ تَعَالَوْا۟ أَتْلُ مَا حَرَّمَ رَبُّكُمْ
عَلَيْكُمْ ۖ أَلَّا تُشْرِكُوا۟ بِهِۦ شَيْـًٔا ۖ
وَبِٱلْوَٰلِدَيْنِ إِحْسَٰنًا ۖ وَلَا تَقْتُلُوٓا۟
أَوْلَٰدَكُم مِّنْ إِمْلَٰقٍ ۖ نَّحْنُ نَرْزُقُكُمْ
وَإِيَّاهُمْ ۖ وَلَا تَقْرَبُوا۟ ٱلْفَوَٰحِشَ مَا ظَهَرَ
مِنْهَا وَمَا بَطَنَ ۖ وَلَا تَقْتُلُوا۟ ٱلنَّفْسَ
ٱلَّتِى حَرَّمَ ٱللَّهُ إِلَّا بِٱلْحَقِّ ۚ ذَٰلِكُمْ وَصَّىٰكُم

بِهِۦ لَعَلَّكُمۡ تَعۡقِلُونَ ١٥١

നിഷിദ്ധമാക്കി (അഥവാ പരിപാവനമാക്കി) വെച്ച ദേഹത്തെ (ആളെ) ന്യായപ്രകാരമല്ലാതെ കൊലപ്പെടുത്തുകയും അരുത്. അതൊക്കെ, നിങ്ങൾ ബുദ്ധി കൊടു(ത്ത് ഗ്രഹി)ക്കുവാൻവേണ്ടി അല്ലാഹു നിങ്ങളോട് 'വസ്വിയ്യത്ത്' ചെയ്തിരിക്കയാണ്.

وَلَا تَقۡرَبُواْ مَالَ ٱلۡيَتِيمِ إِلَّا بِٱلَّتِي هِيَ أَحۡسَنُ حَتَّىٰ يَبۡلُغَ أَشُدَّهُۥۚ وَأَوۡفُواْ ٱلۡكَيۡلَ وَٱلۡمِيزَانَ بِٱلۡقِسۡطِۖ لَا نُكَلِّفُ نَفۡسًا إِلَّا وُسۡعَهَاۖ وَإِذَا قُلۡتُمۡ فَٱعۡدِلُواْ وَلَوۡ كَانَ ذَا قُرۡبَىٰۖ وَبِعَهۡدِ ٱللَّهِ أَوۡفُواْۚ ذَٰلِكُمۡ وَصَّىٰكُم بِهِۦ لَعَلَّكُمۡ تَذَكَّرُونَ ١٥٢

152 "ഏറ്റവും നന്നായുള്ളതേതോ അതനുസരിച്ചല്ലാതെ. അനാഥയുടെ ധനത്തെ നിങ്ങൾ സമീപിക്കുകയും ചെയ്യരുത്; അവൻ അവൻെറ ശക്തി (പ്രായപൂർത്തി) പ്രാപിക്കുന്നതുവരെ. അളവും, തൂക്കവും നീതിമുറ പ്രകാരം നിറവേറ്റിക്കൊടുക്കുകയും ചെയ്യുവിൻ; ഒരാത്മാവിനോടും (ആളോടും) നാം അതിൻെറ കഴിവ(നുസരിച്ച)ല്ലാതെ ശാസിക്കുകയില്ല. നിങ്ങൾ (വല്ലതും) പറഞ്ഞാൽ, നിങ്ങൾ നീതിപാലിക്കുകയും ചെയ്യുവിൻ: (ആരെക്കുറിച്ചു പറയപ്പെടുന്നുവോ) അവൻ അടുത്ത ബന്ധമുള്ളവനായിരുന്നാലും ശരി, അല്ലാഹുവിൻെറ (വക) കരാറിനെ നിറവേറ്റുകയും ചെയ്യുവിൻ. അതൊക്കെ, നിങ്ങൾ ഉറ്റാലോചിക്കുവാൻ വേണ്ടി അവൻ നിങ്ങളോട് 'വസ്വിയ്യത്ത്' ചെയ്തിരിക്കുകയാണ്."

وَأَنَّ هَٰذَا صِرَٰطِي مُسۡتَقِيمٗا فَٱتَّبِعُوهُۖ وَلَا تَتَّبِعُواْ ٱلسُّبُلَ فَتَفَرَّقَ بِكُمۡ عَن سَبِيلِهِۦۚ ذَٰلِكُمۡ وَصَّىٰكُم بِهِۦ لَعَلَّكُمۡ تَتَّقُونَ ١٥٣

153 "ഇതാ, എൻെറ പാത (നേരെ) ചൊവ്വായ നിലയിൽ (സ്ഥിതി ചെയ്യുന്നു) അതിനാൽ, അതിനെ നിങ്ങൾ പിൻപറ്റിക്കൊള്ളുവിൻ. നിങ്ങൾ (മറ്റു) മാർഗ്ഗങ്ങളെ പിൻപറ്റുകയും ചെയ്യരുത്; എന്നാൽ അവ നിങ്ങളെ അവൻെറ മാർഗ്ഗം വിട്ട് ഭിന്നിപ്പിച്ചു കളയും. അതൊക്കെ, നിങ്ങൾ സൂക്ഷ്മത പാലിക്കുവാൻവേണ്ടി അവൻ നിങ്ങളോട് 'വസ്വിയ്യത്ത്' ചെയ്തിരിക്കുകയാണ്."

---

ഈ വചനങ്ങളിൽ, കാലദേശ വ്യത്യാസമില്ലാതെ മനുഷ്യ സമുദായത്തിന്റെ മേൽ അല്ലാഹു നിഷിദ്ധവും നിർബന്ധവുമാക്കി കല്പിച്ച് വന്നിട്ടുള്ള ശാസനകൾ ഏതൊക്കെയാണെന്ന് ഓതി കേൾപ്പിച്ച് കൊടുക്കാൻ അല്ലാഹു നബി(സ)യോട് കൽപിക്കുന്നു.

ഖുർആൻ മുഖേനമാത്രമല്ല തൗറാത്ത് മുഖേനയും ഈ സനാതന തത്വങ്ങൾ അല്ലാഹു ജനങ്ങൾക്ക് വിവരിച്ച് കൊടുത്തിട്ടുണ്ടെന്ന് അടുത്ത വചനത്തിൽ സൂചനയുണ്ട് . (ബൈബിളിന്റെ പഴയ നിയമത്തിൽ ഈ മൂന്ന് വചനങ്ങളിലടങ്ങിയ വിധിവിലക്കുകൾ ഇന്നും കാണാവുന്നതാണ്)

1. ശിർക്ക് ചെയ്യരുത് : പാപങ്ങളിൽ വെച്ച് ഏറ്റവും വമ്പിച്ചതും, അല്ലാഹുവിന്റെ കോപശാപങ്ങൾക്ക് ഏറ്റവും വിധേയമായ കുറ്റവും, പൊറുത്ത് കൊടുക്കുകയില്ലെന്ന് അല്ലാഹു വ്യക്തമായി പ്രസ്താവിച്ച പാപവുമാണ് ശിർക്ക്. അല്ലാഹുവിന്റെ സത്തയിലൊ, ഗുണവിശേഷങ്ങളിലൊ, നാമവിശേഷണങ്ങളിലൊ, അധികാരാവകാശങ്ങളിലൊ, അവന് സമന്മാരെയൊ പങ്കുകാരെയൊ ഏർപെടുത്തുമാറുള്ള എല്ലാ വിശ്വാസാചാരാനുഷ്ഠാനങ്ങളും ശിർക്കിൽ പെടുന്നു.

2. മാതാപിതാക്കൾക്ക് നന്മ ചെയ്യണം : അല്ലാഹുവിനോടുള്ള പരമപ്രധാനമായ കടമയെ പറ്റി പറഞ്ഞ ഉടനെ സൃഷ്ടികളോടുള്ള കടമകളിൽ ഏറ്റവും പ്രധാനമായ, മാതാപിതാക്കളോടുള്ള കടമയെ പറ്റിയാണ്

അല്ലാഹു പറയുന്നത്.ശിർക്ക് ചെയ്യരുതെന്ന് നിരോധിക്കുന്നതോടൊപ്പം മാതാപിതാക്കളോട് നന്മ പ്രവർത്തിക്കണമെന്ന് കല്പിക്കുന്നത് ഖുർആനിൽ പലയിടത്തും കാണാവുന്നതാണ് . മാതാപിതാക്കളോടുള്ള കടമക്ക് അല്ലാഹു കല്പിച്ചിട്ടുള്ള പ്രാധാന്യം ഇതിൽ നിന്നും വ്യക്തമാണ്.

ഏറ്റവും വലിയ പാപമാണല്ലൊ ശിർക്ക്. ഇതൊടു ബന്ധപ്പെടുത്തി സൂ ലുഖ് മാനിൽ (വചനം 15) അല്ലാഹു പറയുന്നത് നോക്കുക:

"നിനക്ക് വിവരമില്ലാത്ത വല്ലതിനേയും നീ എന്നോട് പങ്ക് ചേർക്കുവാൻ മാതിപിതാക്കൾ നിന്നെ ബുദ്ധിമുട്ടിക്കുന്ന പക്ഷം, നീ അവരെ അനുസരിക്കരുത് . എന്നാൽ ഇഹത്തിൽ വെച്ച് നീ അവരോട് സദാചാരമനുസരിച്ച് സഹവസിക്കുകയും വേണം"

റസൂൽ (സ) തിരുമേനി ഇപ്രകാരം അരുളിയിരിക്കുന്നു. "കർമ്മങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായത്, നമസ്ക്കാരം അതിന്റെ സമയത്ത് നിർവഹിക്കലാകുന്നു. പിന്നെ ശ്രേഷ്ഠമായത്, മാതാപിതാക്കളോട് നന്മ ചെയ്യുകയെന്നതാകുന്നു പിന്നെ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുകയെന്നതും".

മാതാപിതാക്കളുടെ വിഷയത്തിൽ വന്ന ഖുർആൻ വാക്യങ്ങളും നബിവചനങ്ങളും ഇവിടെ ഉദ്ധരിക്കുന്ന പക്ഷം, അത് വളരെ നീണ്ട് പോകുന്നതാണ്.

3. ദാരിദ്ര്യം നിമിത്തം സന്താനങ്ങളെ കൊല്ലരുത്. മനുഷ്യ വധം തന്നെ മഹാപാപമാണ്. അത് സ്വന്തം മക്കളെയാകുമ്പോൾ അത്യന്തം ക്രൂരവും. അത് ദാരിദ്ര്യ ഭയം നിമിത്തം കൂടിയാകുമ്പോഴൊ ? സകല ജീവികൾക്കും ആഹാരം നല്കുന്നതാണെന്ന് അല്ലാഹു ഏറ്റിട്ടുള്ള ബാധ്യത അവൻ നിർവഹിക്കുന്നതിലുള്ള വിശ്വാസക്കുറവ്, സ്വജീവിതം സുഖകരമാക്കണമെന്നുള്ള ദുർമോഹം – ഇതൊക്കെയാണാ ക്രൂരകൃത്യത്തിനുള്ള പ്രേരണകൾ.

"നാമത്രേ അവർക്കും നിങ്ങൾക്കും ആഹാരം നല്കുന്നത് "എന്നാണ് അല്ലാഹു പറഞ്ഞ വാക്ക്.

പാപങ്ങളിൽ വെച്ച് ഏറ്റവും വമ്പിച്ചത് ശിർക്കാണെന്നും, അടുത്തത്, നിന്റെ കുട്ടി നിന്നോടൊപ്പം ഭക്ഷണം കഴിക്കുന്നതിനെ ഭയന്ന് നീ അതിനെ കൊല ചെയ്യലാണ് എന്നും റസൂൽ (സ) തിരുമേനി പറഞ്ഞിരിക്കുന്നു. തുടർന്ന് വലിയ പാതകമായി അവിടുന്ന് പറഞ്ഞത് "നിന്റെ അയൽക്കാരന്റെ സഹധർമ്മിണിയുമായി നീ വ്യഭിചാരത്തിൽ ഏർപെടലാകുന്നു." പിന്നീട് തിരുമേനി (തെളിവായി ) സൂ: ഫുർഖാനിലെ 68ാം വചനം ഓതുകയും ചെയ്തു.

4. പ്രത്യക്ഷത്തിലുള്ളതും പരോക്ഷത്തിലുള്ളതുമായ നീച വൃത്തികളെ സമീപിക്കരുത്. വ്യഭിചാരം, പ്രകൃതിവിരുദ്ധ ഭോഗപ്രക്രിയകൾ, അശ്ളീല പ്രകടനങ്ങൾ, മോഷണം, മദ്യപാനം മുതലായവയെല്ലാം ഇതിൽ പെടുന്നു. രഹസ്യമായൊ, പരസ്യമായൊ, എന്ന് വ്യത്യാസമില്ലാതെ, ഇവയെ സമീപിക്കുകപോലും ചെയ്യരുതെന്നാണ് അല്ലാഹുവിന്റ കല്പന.

5. അല്ലാഹു നിഷിദ്ധമാക്കിയ ദേഹത്തെ ന്യായപ്രകാരമല്ലാതെ കൊലപെടുത്തരുത് : ഇബ്നു മസ്ഊദ്(റ)ൽ നിന്ന് നിവേദനം ചെയ്യപെട്ട ഒരു നബി വചനത്തിന്റെ സാരം ഇപ്രകാരമാകുന്നു. "അല്ലാഹുവല്ലാതെ ഇലാഹില്ലെന്നും ഞാൻ അല്ലാഹുവിന്റെ റസൂലാണെന്നും സാക്ഷ്യം വഹിക്കുന്ന ഒരാളുടെ രക്തം, മൂന്നിലൊരു കാര്യം കൊണ്ടല്ലാതെ അനുവദനീയമാകുകയില്ല –വിവാഹിതൻ വ്യഭിചാരം ചെയ്യുക, കൊലപാതകം ചെയ്യുക, മതം ഉപേക്ഷിച്ച് സംഘം (മുസ്ലീം സമുദായം ) വിട്ട് പോകുക".

ഇതിൽ ഒന്നാതായി പറയപ്പെട്ടവനെ സംബന്ധിച്ച് സൂ : നൂർ 2–ാം പചനത്തിലും, രണ്ടാമതായി പറയപ്പെട്ടവനെ പറ്റി സൂ : മാ ഇദ 33–ാം വചനത്തിലും വിവരിക്കപ്പെട്ടിട്ടുണ്ട്.

മുസ്ലീംകളുമായി സഖ്യത്തിലും സമാധാനത്തിലും കഴിഞ്ഞ് കൂടുന്ന അമുസ്ലീംകളെ കൊലപ്പെടുത്തുന്നത്, സ്വർഗ്ഗത്തിന്റെ ഗന്ധം പോലും നഷ്ടപ്പെടുത്തുന്ന പാതകമാണെന്ന് ഒരു നബി വചനത്തിൽ വന്നിരിക്കുന്നു.

6. പ്രായ പൂർത്തി എത്തുന്നതുവരെ അനാഥകുട്ടിയുടെ ധനത്തെ ഏറ്റവും നല്ല വഴിക്കല്ലാതെ സമീപിക്കരുത് : അനാഥയുടെ സ്വത്ത് കൈകാര്യം ചെയ്യുമ്പോൾ അവന് വല്ല ഗുണവും ഉണ്ടോ എന്ന് നോക്കിയാലും പോരാ, ഏറ്റവും ഗുണം എന്താണെന്ന് തന്നെ നോക്കേണ്ടതുണ്ടെന്നാണ് ഇത് സൂചിപ്പിക്കുന്ന ത്. സൂ : നിസാഇൽ ഇത് സംബന്ധമായി കൂടുതൽ വിശദീകരിച്ചിട്ടുണ്ട്.

7. അളവും തൂക്കവും പൂർത്തിയാക്കിക്കൊടുക്കണം – അതിൽ കൃത്രിമം കാണിക്കുന്നവരെക്കുറിച്ച് സൂ : മുത്വഫ്–ഫീനിൽ അല്ലാഹു ചോദിക്കുന്നു – "അക്കൂട്ടർ വിചാരിക്കുന്നില്ലെ, ഒരു വമ്പിച്ച ദിവസത്തേക്ക്, – അതായത് ലോകരക്ഷിതാവിങ്കലേക്ക്, മനുഷ്യർ എഴുന്നേറ്റ് വരുന്ന ദിവസം – തങ്ങൾ എഴുന്നേൽപ്പിക്കപെടുന്നവരാകുന്നുവെന്ന് ".

അളവും തൂക്കവും ശരിക്ക് നിർവഹിക്കാതിരുന്ന ശുഐബ്(അ) നബിയുടെ ജനത ഒരു പൊതു

ശിക്ഷക്ക് പാത്രമായ സംഭവം സൂ : ശൂഅറാ ഇൽ കാണാവുന്നതാണ്.

“ഒരാളോടും ആ ആളുടെ കഴിവനുസരിച്ചല്ലാതെ നാം ശാസിക്കുകയില്ല ”. എന്ന വചനത്തിലൂടെ, കഴിയുന്നത്ര സൂക്ഷിക്കണമെന്നും, എന്നിട്ടും വല്ല ക്രമക്കേടും വന്ന് ഭവിച്ചാൽ, അവൻ പൊറുത്ത് കൊടുക്കുമെന്നും അല്ലാഹു സൂചിപ്പിക്കുന്നു.

8. വല്ല കാര്യവും പറയുമ്പോൾ അതിൽ നീതി പാലിക്കണം. അടുത്ത ബന്ധുക്കളുടെ ഗുണത്തിന് വേണ്ടി, സത്യത്തിനും നീതിക്കും നിരക്കാത്ത വാക്കുകൾ പറയരുത് – സൂ :നിസാഉ് 135 ; മാഇദ : 8 എന്നിവിടങ്ങളിൽ നോക്കുക

9. അല്ലാഹുവിന്റെ വക കരാറുകൾ നിറവേറ്റണം :മനുഷ്യൻ അല്ലാഹുവിനോടും, അവനെ മുൻ നിറുത്തിയും ചെയ്യുന്ന പ്രതിജ്ഞകൾ, അല്ലാഹുവിനോട് മനുഷ്യൻ, സ്വാഭാവികമായി പാലിക്കേണ്ടുന്ന ബാദ്ധ്യതകൾ മനുഷ്യൻ മനുഷ്യനോട് ചെയ്യുന്ന കരാറുകൾ എന്നിവയെല്ലാം കരാർ എന്ന പദത്തിൽ ഉൾപെടുന്നു.

കപടവിശ്വാസികളുടെ നാലു ലക്ഷണങ്ങൾ നബി(സ) എണ്ണി പറഞ്ഞ കൂട്ടത്തിൽ ഒന്ന് “കരാറ് പാലിക്കാതിരിക്കുക ”എന്ന സ്വഭാവമാകുന്നു.

മേൽ പറഞ്ഞ കടമകളെപറ്റി പ്രഖ്യാപിക്കുന്നതിനിടയിൽ ആദ്യം പറഞ്ഞ അഞ്ച് കാര്യങ്ങൾക്ക് ശേഷം, “നിങ്ങൾ ബുദ്ധികൊടുത്ത് ഗ്രഹിക്കുവാൻ വേണ്ടി, അല്ലാഹു നിങ്ങളോട് വസ്വിയ്യത്ത് ചെയ്തിരിക്കുകയാണ്” എന്നും പിന്നത്തെ നാല് കാര്യങ്ങൾക്ക് ശേഷം “നിങ്ങൾ ഉറ്റാലോചിക്കാൻ വേണ്ടി അല്ലാഹു നിങ്ങളോട് വസ്വിയത്ത് ചെയ്തിരിക്കുകയാണ് ” എന്നും പറഞ്ഞ് കൊണ്ട് അവയുടെ പരിപാവനത്വവും ഗൗരവവും അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

അവസാനമായി, അല്ലാഹു പറയുന്നു “ഇതാ, ഇതാണ് ഞാൻ നിങ്ങൾക്ക് നിർദ്ദേശിച്ച് തന്നിട്ടുള്ള നേരായ എന്റെ പാത ഇതിലെക്കാണ് ഞാൻ നിങ്ങളെ ക്ഷണിക്കുന്നത്. ഇത് പിൻപറ്റി ക്കൊള്ളുവിൻ ഇതാണ് നിങ്ങൾക്കുള്ള രക്ഷാ മാർഗ്ഗം ഇതല്ലാത്ത ഏതുമാർഗ്ഗങ്ങൾ നിങ്ങൾ സ്വികരിച്ചാലും നിങ്ങൾ വഴി പിഴച്ച് പോകും ഇതെല്ലാം ഇത്രയൊക്കെ വിവരിച്ച് തരുന്നത് അല്ലാഹു നിങ്ങളോടു ചെയ്യുന്ന വസ്വിയത്തായിക്കൊണ്ടാണ് നിങ്ങൾ സൂക്ഷ്മത പാലിക്കുവാൻ വേണ്ടി”

അല്ലാഹുവെ, ഞങ്ങളെയെല്ലാം കാര്യങ്ങൾ ചിന്തിച്ച് ഗ്രഹിക്കുന്ന സജ്ജനങ്ങളുടെ കൂട്ടത്തിൽ നീ ഉൾപ്പെടുത്തേണമെ. (ആമീൻ)

നബി(സ) നിലത്ത് ഒരു നേർ രേഖ വരച്ച് അതിന്റെ വലത്തോട്ടും ഇടത്തോട്ടുമായി ചില രേഖകൾ വരച്ച് മദ്ധ്യത്തിലെ രേഖയിൽ കൈ വെച്ച് ഇപ്രകാരം പറഞ്ഞു:

“ഇതാണ് അല്ലാഹുവിന്റെതായ ചൊവ്വായ മാർഗ്ഗം. മറ്റുള്ളവയും ചിലമാർഗ്ഗങ്ങളാകുന്നു. ആ ഓരോ മാർഗ്ഗത്തിലും തന്നെ അതിലേക്കു ക്ഷണിച്ച് കൊണ്ടിരിക്കുന്ന പിശാച് ഉണ്ടായിരിക്കും”.

**വചനം 154,155**

ثُمَّ ءَاتَيْنَا مُوسَى ٱلْكِتَٰبَ تَمَامًا عَلَى ٱلَّذِىٓ أَحْسَنَ وَتَفْصِيلًا لِّكُلِّ شَىْءٍ وَهُدًى وَرَحْمَةً لَّعَلَّهُم بِلِقَآءِ رَبِّهِمْ يُؤْمِنُونَ ﴿١٥٤﴾

154 പിന്നെ (മറ്റൊരു കാര്യം) : നൻമ പ്രവർത്തിച്ചവരുടെ മേൽ (അനുഗ്രഹത്തിൻെറ) ഒരു പൂർത്തീകരണമായിക്കൊണ്ട് മൂസാക്ക് നാം (വേദ) ഗ്രന്ഥം നൽകി. എല്ലാ കാര്യത്തിനും വിശദീകരണവും, മാർഗ്ഗദർശനവും, കാരുണ്യവുമായിക്കൊണ്ടും; അവർ തങ്ങളുടെ റബ്ബുമായി കണ്ടുമുട്ടുന്നതിൽ വിശ്വസിക്കുവാൻവേണ്ടി (അഥവാ, വിശ്വസിച്ചേക്കാം).

**വിഭാഗം 20**

وَهَٰذَا كِتَٰبٌ أَنزَلْنَٰهُ مُبَارَكٌ فَٱتَّبِعُوهُ وَٱتَّقُوا۟ لَعَلَّكُمْ تُرْحَمُونَ ﴿١٥٥﴾

155 (ഇതാ) ഇതും നാം അവതരിപ്പിച്ചതായ ഒരു അനുഗൃഹീത (വർദ്ധിച്ച നൻമകളുള്ള) ഗ്രന്ഥമാകുന്നു. അതിനാൽ, അതിനെ പിൻപറ്റുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്യുവിൻ; നിങ്ങൾക്ക് കരുണ ചെയ്യപ്പെട്ടേക്കാം.

സൽ പ്രവർത്തികൾ ചെയ്യുന്നവർക്ക് ലഭിച്ച അനുഗ്രഹങ്ങളുടെ പൂർത്തികരണമെന്ന നിലക്ക് മൂസാ (അ)യുടെ ജനതക്ക് നാം തൗറാത്ത് നൽകുകയുണ്ടായി അല്ലാഹുവിൽനിന്ന് ജനങ്ങൾക്ക് ലഭിച്ച വമ്പിച്ച കാരുണ്യമായിരുന്നു ആ ഗ്രന്ഥം. അതുപോലെ തന്നെ നാം അവതരിപ്പിച്ച ഒരു അനുഗ്രഹീത ഗ്രന്ഥമായ ഈ ഖുർആനിലെ അദ്ധ്യാപനങ്ങൾ പിൻ പറ്റി, നിങ്ങൾ ദോഷബാധകളെ സൂക്ഷിക്കുവിൻ

**വചനം 156,157**

أَن تَقُولُوٓاْ إِنَّمَآ أُنزِلَ ٱلۡكِتَٰبُ عَلَىٰ طَآئِفَتَيۡنِ مِن قَبۡلِنَا وَإِن كُنَّا عَن دِرَاسَتِهِمۡ لَغَٰفِلِينَ ١٥٦

أَوۡ تَقُولُواْ لَوۡ أَنَّآ أُنزِلَ عَلَيۡنَا ٱلۡكِتَٰبُ لَكُنَّآ أَهۡدَىٰ مِنۡهُمۡۚ فَقَدۡ جَآءَكُم بَيِّنَةٞ مِّن رَّبِّكُمۡ وَهُدٗى وَرَحۡمَةٞۚ فَمَنۡ أَظۡلَمُ مِمَّن كَذَّبَ بِـَٔايَٰتِ ٱللَّهِ وَصَدَفَ عَنۡهَاۗ سَنَجۡزِي ٱلَّذِينَ يَصۡدِفُونَ عَنۡ ءَايَٰتِنَا سُوٓءَ ٱلۡعَذَابِ بِمَا كَانُواْ يَصۡدِفُونَ ١٥٧

156 (അതെ) നിങ്ങൾ പറയുമെന്നതിനാൽ: “ഞങ്ങളുടെ മുമ്പുള്ള രണ്ടു വിഭാഗക്കാർക്ക് മാത്രമാണ് (വേദ) ഗ്രന്ഥം അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്; നിശ്ചയമായും, അവരുടെ പഠനത്തെക്കുറിച്ചു ഞങ്ങൾ അശ്രദ്ധർ (അപരിചിതർ) ആയിരുന്നു താനും.”

157 അല്ലെങ്കിൽ. നിങ്ങൾ പറയുമെന്നതിനാൽ: “ഞങ്ങൾക്ക് (വേദ) ഗ്രന്ഥം അവതരിപ്പിക്കപ്പെട്ടിരുന്നുവെങ്കിൽ, ഞങ്ങൾ അവരെക്കാൾ സൻമാർഗ്ഗം പ്രാപിച്ചവർ തന്നെ ആകുമായിരുന്നു.” എന്നാൽ, നിങ്ങളുടെ റബ്ബിങ്കൽ നിന്നും നിങ്ങൾക്കു വ്യക്തമായ തെളിവും, മാർഗ്ഗദർശനവും, കാരുണ്യവും (ഇതാ) വന്നു കഴിഞ്ഞിരിക്കുന്നു. അപ്പോൾ, അല്ലാഹുവിൻെറ ആയത്തു (ലക്ഷ്യം) കളെ വ്യാജമാക്കുകയും, അവയെ വിട്ടുതിരിഞ്ഞു പോകുകയും ചെയ്തവനെക്കാൾ അക്രമി ആരാണ്?! നമ്മുടെ ‘ആയത്തു’ (ലക്ഷ്യം) കളെ വിട്ടുതിരിഞ്ഞു പോകുന്നവർക്ക് നാം കടുത്ത ശിക്ഷ പ്രതിഫലം നൽകിക്കൊള്ളാം; അവർ തിരിഞ്ഞു പോയിക്കൊണ്ടിരിക്കുന്നത് നിമിത്തം!

---

എന്നാൽ, മൂസ(അ) നബിക്ക് നൽകപ്പെട്ട ആ ഗ്രന്ഥത്തിന് പുറമെ മറ്റൊരു ഗ്രന്ഥം കൂടി എന്തിന് അവതരിപ്പിച്ചു എന്നു മുശ്‌രിക്കുകൾ ചോദിച്ചേക്കാമല്ലോ. അതിനുള്ള അല്ലാഹുവിന്റെ മറുപടിയാണ് ഈ വചനങ്ങൾ:

“മുമ്പുള്ള രണ്ട് വിഭാഗക്കാർ” എന്ന് പറഞ്ഞത് യഹൂദി കളും ക്രസ്ത്യാനികളും ആകുന്നു. അവർക്കല്ലെ വേദഗ്രന്ഥം അവതരിച്ചിട്ടുള്ളു അറബികളായ ഞങ്ങൾക്കു വേദഗ്രന്ഥം അവതരിച്ചിട്ടില്ലല്ലോ - എന്നിങ്ങനെ ആ മുശിരിക്കുകൾ പറയാതിരിക്കാൻ എന്ന് സാരം

ആ നിഷേധികളുടെ നിഷേധം എത്ര കടുത്തതാണെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു

**വചനം 158**

هَلۡ يَنظُرُونَ إِلَّآ أَن تَأۡتِيَهُمُ ٱلۡمَلَٰٓئِكَةُ أَوۡ يَأۡتِيَ رَبُّكَ أَوۡ يَأۡتِيَ بَعۡضُ ءَايَٰتِ رَبِّكَۗ يَوۡمَ يَأۡتِي بَعۡضُ ءَايَٰتِ رَبِّكَ لَا يَنفَعُ نَفۡسًا إِيمَٰنُهَا لَمۡ تَكُنۡ ءَامَنَتۡ مِن

158 അവർ ആ (മുശ്‌രിക്കുകൾ) നോക്കി (ക്കാത്തു) ക്കൊണ്ടിരിക്കുന്നുവോ? മലക്കുകൾ അവരുടെ അടുക്കൽ വരുകയോ, അല്ലെങ്കിൽ നിൻെറ റബ്ബ് (തന്നെ) വരുകയോ, അല്ലെങ്കിൽ നിൻെറ റബ്ബിൻെറ ചില ദൃഷ്ടാന്തങ്ങൾ വരുകയോ ചെയ്യുന്നതല്ലാതെ! നിൻെറ റബ്ബിൻെറ ചില ദൃഷ്ടാന്തങ്ങൾ വരുന്ന ദിവസം, മുമ്പ് വിശ്വസിക്കുകയോ, തൻെറ വിശ്വാസത്തിൽ വല്ല

قَبْلُ أَوْ كَسَبَتْ فِيٓ إِيمَٰنِهَا خَيْرًا ۗ قُلِ ٱنتَظِرُوٓا۟ إِنَّا مُنتَظِرُونَ ﴿١٥٨﴾

നൻമയും (ചെയ്തു) സമ്പാദിക്കുകയോ ചെയ്തിരുന്നിട്ടില്ലാത്ത ഒരു ആത്മാവിനും (ആൾക്കും) അതിൻെറ (അപ്പോഴത്തെ) വിശ്വാസം ഉപകരിക്കുകയില്ല. പറയുക: "നിങ്ങൾ (നോക്കി) കാത്തിരിക്കുവിൻ; ഞങ്ങൾ (നോക്കി) കാത്തുകൊണ്ടിരിക്കുന്നവരാണ്."

---

വേണ്ടത്ര ദൃഷ്ടാന്തങ്ങൾ ലഭിച്ച് കഴിഞ്ഞിട്ടും വിശ്വസിക്കാൻ കൂട്ടാക്കാത്ത മുശ്രിക്കുകൾ ഇനി മലക്കുകളോ അല്ലാഹു തന്നെയോ വന്നു കാണാൻ കാത്തിരിക്കുകയാണോ വിശ്വസിക്കുവാൻ. അതല്ല, അവർ വിശ്വസിക്കാൻ നിർബന്ധിതരാക്കുന്ന ചില പ്രത്യേക ദൃഷടാന്തങ്ങൾ വരുവാനുള്ളത് കാണണമെന്നാണൊ. പക്ഷെ അപ്പോഴുള്ള വിശ്വാസം കൊണ്ട് ഒരു ഫലവും സിദ്ധിക്കുവാനില്ല. വിശ്വസിക്കാനും, നിഷേധിക്കുവാനും സ്വാതന്ത്ര്യമുള്ളപ്പോൾ തന്നെ വിശ്വസിച്ച് സൽകർമം ചെയ്ത് സമ്പാദിക്കുന്നത് കൊണ്ടേ പ്രയോജനം ഉണ്ടാകുകയുള്ളൂ. അത് കൊണ്ട് നേരത്തെതന്നെ വിശ്വസിക്കാൻ നിങ്ങൾ തയാറില്ലെങ്കിൽ, നിങ്ങളുടെ ഭാവി നിങ്ങൾ കാത്തിരുന്ന് കണ്ട് കൊള്ളുക – ഞങ്ങളുടെ ഭാവി ഞങ്ങളും കാത്തിരിക്കട്ടെ എന്ന് പറഞ്ഞ് അവരിൽ നിന്ന് ഒഴിഞ്ഞ് മാറിക്കൊള്ളുക എന്ന് സാരം.

"ഞങ്ങളുടെ മേൽ മലക്കുകൾ ഇറക്കപ്പെടുകയോ ഞങ്ങൾ ഞങ്ങളുടെ റബ്ബിനെ കാണുകയൊ ചെയ്ത് കൂടേ" (25:21) എന്നും "അല്ലെങ്കിൽ നീ അല്ലാഹുവിനെയും കൂട്ടം കൂട്ടമായി മലക്കുകളെയും കൊണ്ട് വരണം" (17:92) എന്നും മുശ്രിക്കുകൾ പറയുകയുണ്ടായിട്ടുണ്ട്. അവരുടെ ഇത്തരം ജല്പനങ്ങളെ സൂചിപ്പിച്ച് കൊണ്ടായിരിക്കാം അല്ലാഹുവിന്റെ മറുപടി.

അല്ലാഹുവിനെയും മലക്കുകളെയും ഈ ലോകത്ത് വെച്ച് അവർക്ക് കാണുവാൻ സാധിക്കുന്ന കാര്യമല്ല. അവരെ വിശ്വസിക്കാൻ നിർബന്ധിതമാക്കുന്ന ദൃഷ്ടാന്തങ്ങൾ എന്നത് കൊണ്ട്, ഉദ്ദേശിക്കുന്നത് ഖിയാമത്ത് നാളിന്റെ അടയാളങ്ങളൊ, ഏതെങ്കിലും വമ്പിച്ച ശിക്ഷാ നടപടികളൊ, മരണാസന്ന വേളയിൽ അനുഭവപ്പെടുന്ന ഭൗതിക ദൃഷ്ടികൾ ക്കപ്പുറത്തുള്ള കാഴ്ചകളൊ ആകാവുന്നതാണ്. എന്നാൽ ഏതായാലും ശരി, അത് വന്ന് കഴിഞ്ഞതിന് ശേഷമുള്ള വിശ്വാസം സ്വീകാര്യമല്ലെന്ന് അല്ലാഹു വ്യക്തമാക്കുന്നു.

"സൂര്യൻ അതിന്റെ അസ്തമനസ്ഥാനത്ത് (പടിഞ്ഞാറ്) നിന്ന് ഉദയം ചെയ്യുന്നത് വരെ അന്ത്യസമയം സംഭവിക്കുകയില്ല. അപ്പോൾ ഭൂമിയിലുള്ള മനുഷ്യരൊക്കെ വിശ്വസിക്കും ". നബിവചനം

അതാണ് "ഒരാത്മാവിനും അതിന്റെ വിശ്വാസം ഉപകരിക്കുകയില്ല "എന്ന് അല്ലാഹു പറഞ്ഞ അവസരം

---

**വചനം 159**

إِنَّ ٱلَّذِينَ فَرَّقُوا۟ دِينَهُمْ وَكَانُوا۟ شِيَعًا لَّسْتَ مِنْهُمْ فِى شَىْءٍ ۚ إِنَّمَآ أَمْرُهُمْ إِلَى ٱللَّهِ ثُمَّ يُنَبِّئُهُم بِمَا كَانُوا۟ يَفْعَلُونَ ﴿١٥٩﴾

159 നിശ്ചയമായും, തങ്ങളുടെ മതത്തെ ഭിന്നിപ്പിക്കുകയും, പല കക്ഷികളായിത്തീരുകയും ചെയ്തിട്ടുള്ളവർ, അവരെ സംബന്ധിച്ചു നീ ഒന്നിലുമല്ല. (ഒരു ബാധ്യതയും നിനക്കില്ല.) അവരുടെ കാര്യം അല്ലാഹുവിങ്കലേക്ക് മാത്രമാകുന്നു. (അവൻ തീരുമാനമെടുത്തു കൊള്ളും.) പിന്നീട്, അവർ ചെയ്തു കൊണ്ടിരിക്കുന്നതിനെപ്പറ്റി അവൻ അവരെ ബോധപ്പെടുത്തും.

---

"മതത്തിൽ ഭിന്നിപ്പുണ്ടാക്കുന്നവർ" എന്ന് പറഞ്ഞത് അക്കാലത്തെ വേദക്കാരെ സംബന്ധിച്ചാണെങ്കിലും, അത് ഇസ്ലാമിൽ ഛിദ്രതയും കക്ഷിത്വവും ആശയകുഴപ്പുമുണ്ടാക്കുന്ന, എക്കാലത്തേയും , വ്യക്തികളെയും സമൂഹങ്ങളെയും സംബന്ധിച്ചാണെന്നാണ് ഇബ്നു കഥീർ(റ) ചൂണ്ടിക്കാട്ടുന്നത്. അങ്ങനെയുള്ളവരോട് ആരോടും നബി(സ) ക്ക് ബന്ധമൊ ബാദ്ധ്യതയൊ ഇല്ലെന്നും, അവരുടെ മേൽ അല്ലാഹു നടപടി എടുത്ത്കൊള്ളുമെന്നും, അല്ലാഹു നബി(സ) യെ അറിയിക്കുകയാണ്.

നബി ചര്യ മാതൃകയാക്കാതിരിക്കുന്നവരെ പറ്റി നബി(സ) ഒരിക്കൽ പറയികയുണ്ടായി – "എന്റെ ചര്യ വിട്ട് മറ്റൊന്നിനെ ആഗ്രഹിക്കുന്നവർ എന്നിൽ പെട്ടവരല്ല . "

ഖിയാമത്ത് നാളിൽ "ഹൗളുൽ കൗഥർ " എന്ന ജലാശയത്തിൽ നിന്ന്, പാനം ചെയ്യാൻ ഒരു കൂട്ടർ

തടയപ്പെടുമെന്നും, " അവർ എന്റെ കൂട്ടത്തിൽ പെട്ടവരാണല്ലൊ " എന്ന് അവിടുന്ന് പറയുമ്പോൾ, താങ്കളുടെ ശേഷം അവർ ദീനിൽ പുതുതായി എന്തൊക്കെയൊ ഉണ്ടാക്കിത്തീർത്തവരാണെന്ന് മറുപടി പറയപ്പെടുമെന്നും അപ്പോൾ തിരുമേനി ഇപ്രകാരം പറയുന്നതാണെന്നും ഹദീസിൽ വന്നിരിക്കുന്നു.

"എന്റെ കാലശേഷം ഭേദഗതി വരുത്തിയവർക്ക് വിദൂര നാശം, വിദൂര നാശം "

---

**വചനം 160**

مَن جَآءَ بِٱلْحَسَنَةِ فَلَهُۥ عَشْرُ أَمْثَالِهَا ۖ وَمَن جَآءَ بِٱلسَّيِّئَةِ فَلَا يُجْزَىٰٓ إِلَّا مِثْلَهَا وَهُمْ لَا يُظْلَمُونَ ﴿١٦٠﴾

160 ആർ നൻമ കൊണ്ടുവന്നുവോ അവന് അതിൻെറ പത്തത്ര (പത്തിരട്ടി ഗുണം) ഉണ്ടായിരിക്കും; ആർ തിൻമ കൊണ്ടുവന്നുവോ അവന് അതിൻെറ അത്രക്കല്ലാതെ പ്രതിഫലം നൽകപ്പെടുകയുമില്ല; അവരാകട്ടെ, അവരോട് അനീതി ചെയ്യപ്പെടുകയുമില്ല.

---

ഒരാൾ ഒരു നന്മ ചെയ്താൽ ചുരുങ്ങിയ പക്ഷം അതിന്റെ പത്തിരട്ടി പ്രതിഫലവും (എഴുന്നൂറിരട്ടി വരെയും കൂടുതലും പ്രതിഫലമെന്ന് അൽ ബഖറ 261 ൽ അല്ലാഹു അറിയിക്കുന്നു) ഒരു തിന്മ ചെയ്താൽ അതിന് അത്രമാത്രം ശിക്ഷയുമെയുള്ളുവെന്നും കരുണാനിധിയായ അല്ലാഹു പ്രസ്താവിക്കുന്നു.

'ഖുദുസി' യായ (അല്ലാഹു അരുളിചെയ്തതായി നബി(സ) ഉദ്ധരിക്കുന്നു) ഒരു ഹദീസിൽ ഇപ്രകാരം പറയുന്നു.

"ഒരാൾ ഒരു നന്മ ചെയ്യാൻ ഉദ്ദേശിച്ചു : എന്നിട്ടത് ചെയ്തില്ല. എന്നാലും അതവന് ഒരു നന്മയായി രേഖപ്പെടുത്തപെടും. അതവൻ ചെയ്താൽ പത്ത് മുതൽ എഴുന്നൂറ് വരെ ഇരട്ടി നന്മയായി രേഖപ്പെടുത്തപ്പെടും. ഒരാൾ ഒരു തിന്മ ചെയ്യാൻ ഉദ്ദേശിച്ചു എന്നിട്ടവൻ അത് ചെയ്തില്ല. എന്നാൽ അതവന് ഒരു നന്മയായി രേഖപെടുത്തും. അവനത് ചെയ്താൽ ഒരേ ഒരു തിന്മ രേഖപ്പെടുത്തും. ചിലപ്പോൾ അവൻ അത് മാപ്പാക്കി ക്കൊടുക്കുകയും ചെയ്യും. നിർഭാഗ്യവാനായവനല്ലാതെ, അല്ലാഹുവിങ്കൽ വെച്ച് നാശമടയുകയില്ല."

"ആരെങ്കിലും എല്ലാ മാസവും മൂന്ന് നോമ്പ് വീതം നോറ്റാൽ, അവൻ മുഴുവൻ കാലവും നോമ്പ് നോറ്റമാതിരിയായി " എന്നും, "ഒരു ജുമുഅ: കാരണം ആ ജുമുഅ:യുടെയും അടുത്ത ജുമുഅ:യുടെയും ഇടക്കുള്ള പാപവും കൂടുതലായി മൂന്ന് ദിവസത്തെ പാപവും പൊറുക്കപ്പെടുന്നതാണ് " എന്നും മറ്റും, ഒന്നിന് പത്തിരട്ടി പ്രതിഫലം കാണിച്ച് കൊണ്ടുള്ള ഹദീസുകൾ ഈ വചനത്തിന് നബി(സ) നല്കിയ വിശദീകരണങ്ങളാകുന്നു

---

**വചനം 161, 162, 163**

قُلْ إِنَّنِى هَدَىٰنِى رَبِّىٓ إِلَىٰ صِرَٰطٍ مُّسْتَقِيمٍ دِينًا قِيَمًا مِّلَّةَ إِبْرَٰهِيمَ حَنِيفًا ۚ وَمَا كَانَ مِنَ ٱلْمُشْرِكِينَ ﴿١٦١﴾

قُلْ إِنَّ صَلَاتِى وَنُسُكِى وَمَحْيَاىَ وَمَمَاتِى لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿١٦٢﴾

لَا شَرِيكَ لَهُۥ ۖ وَبِذَٰلِكَ أُمِرْتُ وَأَنَا۠ أَوَّلُ ٱلْمُسْلِمِينَ ﴿١٦٣﴾

161 പറയുക: "നിശ്ചയമായും ഞാൻ, എൻെറ റബ്ബ്, (നേരെ) ചൊവ്വായുള്ള പാതയിലേക്ക് എന്നെ നയിച്ചു തന്നിരിക്കുന്നു, (അതെ) നേരെ (ഉറച്ച്) നിലകൊള്ളുന്നതായ മതം- ഋജുമാനസനായിക്കൊണ്ടുള്ള ഇബ്റാഹീമിൻെറ മാർഗ്ഗം! അദ്ദേഹം 'മുശ്രിക്കു' (ബഹുദൈവ വിശ്വാസി) കളിൽ പെട്ടവനായിരുന്നിട്ടുമില്ല."

162 പറയുക: "നിശ്ചയമായും, എൻെറ നമസ്ക്കാരവും, എൻെറ (ബലി മുതലായ) ആരാധനാകർമ്മങ്ങളും, എൻെറ ജീവിതവും, എൻെറ മരണവും (എല്ലാം) ലോകരുടെ രക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു.;-"

163 "അവന് പങ്കുകാരേ ഇല്ല. അപ്രകാരമത്രെ" എന്നോടു കൽപിക്കപ്പെട്ടിരിക്കുന്നത്; ഞാൻ 'മുസ്ലിം',കളിൽ (അവന് കീഴൊതുങ്ങിയവരിൽ) ഒന്നാമനുമത്രെ.

വക്രതയൊ ചാഞ്ചല്യമൊ കൂടാതെ നേർക്ക് നേരെ ഉറച്ച് നില്ക്കുന്ന, ശിർക്കിന്റെ മാലിന്യങ്ങളൊന്നും തീണ്ടാതെ, നിഷ്കളങ്കനായിരുന്ന ഇബ്രാഹിം (അ) നബി ആചരിച്ച് വന്നിരുന്ന മാർഗ്ഗമേതോ അതാണെനിക്ക് അല്ലാഹു അനുഗ്രഹിച്ച് തന്ന മതം. അതിലേക്കാണ് ഞാൻ നിങ്ങളെ ക്ഷണിക്കുന്നത്. നമസ്ക്കാരം, പ്രാർത്ഥന , ബലികർമ്മങ്ങൾ ആദിയായ അരാധനകളെല്ലാം അല്ലാഹുവിന് മാത്രം അർപ്പിക്കുക; ജീവിക്കുന്നതും മരിക്കുന്നതുമെല്ലാം അവന്റെ ആജ്ഞാനിർദേശങ്ങൾക്കനുസരിച്ച് ആയിരിക്കുക, ഇതാണ് എന്നോട് ആജ്ഞാപിക്കപെട്ടിട്ടുള്ളത് : ഇതിന്റെ പ്രബോധനമാണ് എന്റെ കൃത്യം ; ഇതംഗീകരിക്കുന്നവരാണ് മുസ്ലീംകൾ : അവരിൽ ഒന്നാമൻ ഞാൻ തന്നെയാണ് താനും - എന്നിങ്ങനെ മുശ്‌രിക്കുകളായ അറബികളെ അറിയിക്കുവാൻ നബി(സ)യൊട് അല്ലാഹു കല്പിക്കുന്നു.

ആദം നബി (അ) മുതൽ ലോകാവസാനം വരെയുള്ള മനുഷ്യർക്ക് അല്ലാഹു നിശ്ചയിച്ച് തൃപ്തിപെട്ട ഏക മതവും, മുൻകാല പ്രവാചകൻമാരെല്ലാവരും തന്നെ പ്രബോധനം ചെയ്ത് പോന്നിരുന്ന മതവും ഇസ്ലാം മതമായിരുന്നു എന്ന കാര്യം ഖുർആനിൽ പലയിടത്തും ആവർത്തിച്ച് വ്യക്തമാക്കപെട്ടിട്ടുള്ളതാണ് (10 : 72; 2:132; 12:101; 10:84 എന്നീ വചനങ്ങൾ നോക്കുക). “ഞാൻ ഒന്നാമത്തെ മുസ്ലീമാണ്”. എന്ന് നബി(സ) തിരുമേനി പറഞ്ഞതിന്റെ ഉദ്ദേശ്യം. ഈ സമുദായത്തിലെ ഒന്നാമനും, ഞാൻ നിങ്ങളോട് പ്രബോധനം ചെയ്യുന്ന തത്വങ്ങളെ ആദ്യമായി സ്വീകരിക്കുന്നവനും ഞാനാണ് എന്നത്രെ.

അല്ലാഹുവിനോട് ഒന്നിനെയും പങ്ക് ചേർക്കാതെ അവനെമാത്രം ആരാധിക്കുകയെന്ന മൗലികാടിസ്ഥാനത്തിൽ പ്രവാചകരെല്ലാം ഒന്നാകുന്നു. എന്നാൽ ശരീഅത്തിൽ (മതപരമായ നിയമ നടപടി ക്രമത്തിൽ ) അവർ വ്യത്യസ്ത മാർഗ്ഗമുള്ളവരായിരിക്കും എന്ന് നബി(സ) അരുളിയിരിക്കുന്നു.

**വചനം 164**

قُلْ أَغَيْرَ ٱللَّهِ أَبْغِى رَبًّا وَهُوَ رَبُّ كُلِّ
شَىْءٍ ۚ وَلَا تَكْسِبُ كُلُّ نَفْسٍ إِلَّا
عَلَيْهَا ۚ وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ۚ ثُمَّ إِلَىٰ
رَبِّكُم مَّرْجِعُكُمْ فَيُنَبِّئُكُم بِمَا كُنتُمْ فِيهِ
تَخْتَلِفُونَ ١٦٤

164 പറയുക: “എല്ലാ വസ്തുക്കളുടെയും റബ്ബ് (രക്ഷിതാവ്) അല്ലാഹുവായിരിക്കെ, അവനല്ലാത്തവരെ ഞാൻ റബ്ബായി (തേടി) തിരയുകയോ?! എല്ലാ (ഓരോ) ആത്മാവും (ആളും) അതിൻെറമേൽ (ബാധ്യത) ആയിക്കൊണ്ടല്ലാതെ (ഒന്നും) സമ്പാദിച്ചു വെക്കുകയുമില്ല. കുറ്റം വഹിക്കുന്ന ഒരാത്മാവും (ആളും) മറ്റൊന്നിൻെറ കുറ്റം വഹിക്കുകയുമില്ല. പിന്നെ, നിങ്ങളുടെ റബ്ബിങ്കലേക്കായിരിക്കും നിങ്ങളുടെ മടങ്ങി വരവ്. അപ്പോൾ, യാതൊന്നിൽ നിങ്ങൾ ഭിന്നാഭിപ്രായപ്പെട്ടുകൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റി അവൻ നിങ്ങളെ ബോധപ്പെടുത്തുന്നതാണ്.

---

“ഓരോ ആളും അവരവരുടെ കർമ്മങ്ങൾക്ക് ഉത്തരവാദി ആയിരിക്കും” ഇത് അല്ലാഹുവിന്റെ ഖണ്ഡിതമായ ഒരു നിയമ തത്വമാകുന്നു. (സൂ.സുമർ:7, സൂ.ഫാതിർ:18 നോക്കുക.) 52:21; 31:33 എന്നീ വചനങ്ങളിലും ഈ ആശയം വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ശുപാർശകന്മാരുടെയൊ ആരാധ്യ വസ്തുക്കളുടെയോ ഇടപെടലുകൾ അവിടെ നടക്കുകയില്ല. നന്മയെങ്കിൽ നന്മ, തിന്മയെങ്കിൽ തിന്മ; അതതിന്റെ കർത്താവു തന്നെ അതതിന്റെ ഫലം അനുഭവിക്കും.

എന്നാൽ ഒരാൾ ഒരു നല്ല കാര്യം നടപ്പിൽ വരുത്തിയാൽ, അതിന്റെയും, അത് പ്രവർത്തിച്ചവരുടെയും പ്രതിഫലം -അവരുടെ പ്രതിഫലത്തിൽ ഒരു കുറവും വരുത്താതെ - അവന് ലഭിക്കുമെന്നും, ഒരാൾ ഒരു ചീത്ത കാര്യം നടപ്പിൽ വരുത്തിയാൽ അതിന്റെയും, അത് പ്രവർത്തിച്ചവരുടെയും കുറ്റം -അവരുടെ കുറ്റത്തിൽ ഒരു കുറവും വരാതെ -അവനുണ്ടാകുമെന്നും നബി(സ) അരുളിയിട്ടുണ്ട്.

---

**വചനം 165**

وَهُوَ ٱلَّذِى جَعَلَكُمْ خَلَٰٓئِفَ ٱلْأَرْضِ
وَرَفَعَ بَعْضَكُمْ فَوْقَ بَعْضٍ دَرَجَٰتٍ
لِّيَبْلُوَكُمْ فِى مَآ ءَاتَىٰكُمْ ۗ إِنَّ رَبَّكَ سَرِيعُ

165 അവനത്രെ, നിങ്ങളെ ഭൂമിയിലെ (മാറിമാറി വരുന്ന) പിൻഗാമികൾ ആക്കിയവൻ. നിങ്ങളിൽ ചിലരെ ചിലർക്കു മീതെ അവൻ ചില പദവികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു; നിങ്ങൾക്ക് അവൻ നൽകിയതിൽ നിങ്ങളെ അവൻ

ٱلْعِقَابِ وَإِنَّهُۥ لَغَفُورٌ رَّحِيمٌۢ ﴿١٦٥﴾

പരീക്ഷണം ചെയ്‌വാൻ വേണ്ടി. നിശ്ചയമായും, നിൻെറ രക്ഷിതാവ് വേഗം ശിക്ഷാനടപടി എടുക്കുന്നവനാകുന്നു; നിശ്ചയമായും, അവൻ വളരെ പൊറുക്കുന്നവനും, കരുണാനിധിയും തന്നെയാണുതാനും.

---

ഒരു തലമുറക്ക് ശേഷം മറ്റൊരു തലമുറയായും ഒരു സമുദായത്തിന് ശേഷം മറ്റൊരു സമുദായമായും നിങ്ങളെ ഭൂമിയിൽ മാറി മാറി വന്ന് കൊണ്ടിരിക്കുന്ന 'പ്രതിനിധികൾ' (ഖലാഇഫ്) ആക്കിയത് അല്ലാഹുവാണ്. ഉപജീവനമാർഗ്ഗം, ബുദ്ധി, അറിവു, സ്വഭാവഗുണം, കഴിവ് , പ്രാപ്തി ആദിയാവയിലും നടപടിക്രമങ്ങളിലുമെല്ലാം, ചിലരെ, ചിലരെക്കാൾ ഉയർന്നവരും, താണവരുമാക്കി അവൻ നിയോഗിച്ചിരിക്കുന്നു-അവരവർക്ക് ലഭിച്ചതിൽ അവർ എങ്ങനെ വർത്തിക്കുന്നുവെന്നുള്ള ഒരു പരീക്ഷണമാകുന്നു അത്.

"ഖലീഫ" എന്ന വാക്കിന്റെ വ്യത്യസ്ത അർത്ഥവ്യാഖ്യാനങ്ങളും അവയുടെ ശരിയായ വിശദീകരണങ്ങളും അൽ ബഖറ : 30-ാം വചനത്തോടനുബന്ധിച്ച് ചേർത്തിയിട്ടുണ്ട് . സൂ : യൂനുസു : 14 ; 73 സൂ : അഅ്റാഫ് :69 ; എന്നീ വചനങ്ങളിലൂടെയും മനസ്സിലാകുന്നത് 'ഖലീഫ' എന്നത് ചിലർ വ്യാഖ്യാനിക്കുന്നത് പോലെ അല്ലാഹുവിന്റെ അധികാരത്തിലുള്ള പ്രാതിനിധ്യമല്ല ഉദ്ദേശ്യമെന്നും, മുമ്പുള്ളവരുടെ പിൻഗാമിത്വമാണ് ഉദ്ദേശ്യമെന്നും ആകുന്നു.

മനുഷ്യൻ സദാ അല്ലാഹുവിന്റെ ശിക്ഷാ നടപടിയെക്കുറിച്ച് ഭയപെട്ട് കൊണ്ടിരിക്കുകയും, അതോടൊപ്പം അവന്റെ കാരുണ്യത്തിലും അനുഗ്രഹത്തിലും ശുഭപ്രതീക്ഷയോട് കൂടി ഇരിക്കുകയും വേണമെന്ന് ഓർമ്മിപ്പിച്ച് കൊണ്ടാണ് ഈ സൂറത്ത് അല്ലാഹു സമാപിക്കുന്നത്.

"കാരുണ്യത്തെ അല്ലാഹു നൂറു ഭാഗമാക്കി, ഒരു ഭാഗമാണ് സൃഷ്ടികളിൽ വെച്ചിരിക്കുന്നത്. അത് മൂലമാണവർ പരസ്പരം കരുണ കാണിച്ച് വരുന്നത്. ബാക്കി തൊണ്ണൂറ്റി ഒമ്പത് ഭാഗവും അവൻ പരലോകത്തേക്കായി സൂക്ഷിച്ച് വെച്ചിരിക്കയാണ് " - നബി വചനം.

നമ്മെയെല്ലാം അല്ലാഹു അവന്റെ കാരുണ്യത്തിന് പാത്രമാക്കുകയും, അവന്റെ ശിക്ഷയിൽ നിന്ന് രക്ഷ ലഭിക്കുകയും ചെയ്യുന്ന സൽഭാഗ്യവാന്മാരായ ജനങ്ങളിൽ ഉൾപെടുത്തി അനുഗ്രഹിക്കട്ടെ - ആമീൻ

# 7. സൂറത്തുൽ അഅ്റാഫ് (ഉന്നത സ്ഥലങ്ങൾ)

**മക്കയിൽ അവതരിച്ചത്**

(വചനങ്ങൾ 206; വിഭാഗം - റുകൂള് 24 )

ഈ സൂറത്തിലെ 46 ,48 വചനങ്ങൾ 'അഅ്റാഫ്' (ഉന്നതസ്ഥലങ്ങൾ) എന്ന പേരിലുള്ള ഒരു സ്ഥാനത്തെക്കുറിച്ച് പ്രസ്താവിക്കുന്നത് നിമിത്തമാണ് ഈ സൂറത്തിന് സൂറത്തുൽ അഅ്റാഫ് എന്ന പേർ വന്നത്.

**വിഭാഗം - 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1 , 2**

الٓمٓصٓ ﴿١﴾

كِتَٰبٌ أُنزِلَ إِلَيْكَ فَلَا يَكُن فِى صَدْرِكَ حَرَجٌ مِّنْهُ لِتُنذِرَ بِهِۦ وَذِكْرَىٰ لِلْمُؤْمِنِينَ ﴿٢﴾

1 'അലിഫ്-ലാം-മീം-സ്വാദ്'

2 (നബിയേ) നിനക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥമാണ് (ഇത്); അതിനാൽ, നിൻെറ നെഞ്ചിൽ (മനസ്സിൽ) അതിനെക്കുറിച്ച് ഒരു വിഷമവും ഉണ്ടായിരിക്കരുത്; നീ അതു മൂലം (ജനങ്ങളെ) താക്കീത് ചെയ്‌വാൻ വേണ്ടിയും, സത്യവിശ്വാസികൾക്ക് ഉപദേശമായിട്ടും.

---

പ്രാരംഭവചനത്തിലെ കേവലാക്ഷരങ്ങളെക്കുറിച്ച് അൽ ബഖറയുടെ ആരംഭത്തിൽ വിവരിച്ച് കഴിഞ്ഞ കാര്യങ്ങൾ ഓർക്കുക

ഈ വേദഗ്രന്ഥം പ്രബോധനം ചെയ്യുന്നതിൽ നേരിടേണ്ടി വന്നേക്കാവുന്ന എതിർപ്പുകളിൽ മനസ്സ് ഞെരുങ്ങാതെ ക്ഷമയും സഹനവും കൈകൊണ്ട് പ്രബോധനം തുടരാൻ അല്ലാഹു നബി(സ)യെ ഉപദേശിക്കുകയാണ്. ധാരാളം ദൃഷ്ടാന്തങ്ങൾ ലഭിച്ചിട്ടും ജനങ്ങൾ നിഷേധത്തിൽ തന്നെ ശഠിച്ച് നില്ക്കുന്നതിനെ പറ്റിയും കുണ്ഠിതപ്പെടേണ്ടതില്ലെന്നും, ദിവ്യസന്ദേശങ്ങൾ എത്തിച്ച് കൊടുക്കൽ മാത്രമേ, തനിക്ക് ബാധ്യതയുള്ളുവെന്നും, അല്ലാഹു പലപ്പോഴും നബി(സ)യെ സമാധാനിപ്പിക്കാറുള്ളതാകുന്നു. (11:12; 27:70 എന്നിവിടങ്ങളിൽ നോക്കുക) വിശ്വസിക്കാത്തവർക്ക് താക്കീത് നല്കലും ,വിശ്വസിക്കുന്നവർക്ക് ഉപദേശം നൽകലുമാണ് നബി(സ) ചെയ്യേണ്ടതെന്നും അല്ലാഹു ഉണർത്തിയിരിക്കുന്നു.

---

**വചനം 3,4,5**

اتَّبِعُوا مَا أُنزِلَ إِلَيْكُم مِّن رَّبِّكُمْ وَلَا تَتَّبِعُوا مِن دُونِهِ أَوْلِيَاءَ ۗ قَلِيلًا مَّا تَذَكَّرُونَ ﴿٣﴾

وَكَم مِّن قَرْيَةٍ أَهْلَكْنَاهَا فَجَاءَهَا بَأْسُنَا بَيَاتًا أَوْ هُمْ قَائِلُونَ ﴿٤﴾

فَمَا كَانَ دَعْوَاهُمْ إِذْ جَاءَهُم بَأْسُنَا إِلَّا أَن قَالُوا إِنَّا كُنَّا ظَالِمِينَ ﴿٥﴾

3 നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതിനെ നിങ്ങൾ പിൻപറ്റുവിൻ. അവനു പുറമെ നിങ്ങൾ (വേറെ) കാര്യകർത്താക്കളെ പിൻപറ്റുകയും ചെയ്യരുത്. വളരെ കുറച്ചു (മാത്രം) നിങ്ങൾ ഓർമ്മവെക്കുന്നു!

4 എത്ര രാജ്യങ്ങളെ (രാജ്യക്കാരെ) യാണു നാം നശിപ്പിച്ചിരിക്കുന്നത്?! അങ്ങനെ, ഒരു നിശാക്രമണമായോ, അല്ലെങ്കിൽ അവർ (രാജ്യക്കാർ) മദ്ധ്യാഹ്നവിശ്രമം കൊള്ളുന്നവരായിരിക്കെയോ നമ്മുടെ ശൗര്യം (ശിക്ഷ) അവർക്ക് (ആ രാജ്യക്കാർക്കു) വന്നു.

5 എന്നിട്ട് നമ്മുടെ ശൗര്യം (ശിക്ഷ) അവർക്കു വന്നപ്പോൾ അവരുടെ (മുറ) വിളിയായിരുന്നില്ല, “നിശ്ചയമായും, ഞങ്ങൾ അക്രമികളായിരുന്നു” വെന്ന് അവർ പറഞ്ഞതല്ലാതെ.

മുമ്പ് എത്രയൊ രാജ്യക്കാരെ ,അവരുടെ അക്രമം നിമിത്തം, ഓർക്കാപുറത്തു, നാം ശിക്ഷിച്ച് നശിപ്പിക്കുകയുണ്ടായിട്ടുണ്ട്. ശിക്ഷ വരുമ്പോൾ അവർ അവരുടെ ധിക്കാരമൊന്നും കാണിക്കാതെ, “ഞങ്ങൾ അക്രമം പ്രവർത്തിച്ചുവല്ലൊ” എന്ന് മുറവിളികൂട്ടുകയും വിളിച്ച് പ്രാർത്ഥിക്കുകയുമാണവർ ചെയ്തിരുന്നത്.

---

**വചനം 6,7**

فَلَنَسْأَلَنَّ الَّذِينَ أُرْسِلَ إِلَيْهِمْ وَلَنَسْأَلَنَّ الْمُرْسَلِينَ ﴿٦﴾

فَلَنَقُصَّنَّ عَلَيْهِم بِعِلْمٍ ۖ وَمَا كُنَّا غَائِبِينَ ﴿٧﴾

6 എന്നാൽ, യാതൊരു കൂട്ടരിലേക്ക് (റസൂലുകൾ) അയക്കപ്പെട്ടുവോ അവരോട് നിശ്ചയമായും നാം ചോദ്യം ചെയ്യുന്നതാണ്; (അയക്കപ്പെട്ട) ‘മുർസലു’കളോടും നിശ്ചയമായും നാം ചോദ്യം ചെയ്യും.

7 എന്നിട്ട് അറിഞ്ഞുകൊണ്ടു (തന്നെ) നിശ്ചയമായും, നാം അവർക്ക് കഥ വിവരിച്ചുകൊടുക്കുന്നതാണ്. (കാണാതെ) നാം മറഞ്ഞുപോയവരായിരുന്നതുമില്ല.

---

ദിവ്യസന്ദേശങ്ങളുമായി നിയോഗിക്കപെട്ട റസൂലുകളെയും, അവർ നിയോഗിക്കപെട്ട സമൂദായങ്ങളെയും അല്ലാഹു ചോദ്യം ചെയ്യുന്നതാണ്. അവർ ഇഹത്തിൽ കൈകൊണ്ടിരുന്ന നിലപാടുകൾ എല്ലാം കണ്ടറിഞ്ഞ് കൊണ്ടിരുന്ന അവൻ അതവരെ വിവരിച്ച്കേൾപ്പിക്കും. നിങ്ങളിലേക്ക് വന്ന റസൂലുകളെ നിങ്ങൾ അനുസരിച്ചുവോ; എന്തുകൊണ്ട് സത്യം സ്വീകരിച്ചില്ല എന്നൊക്കെ ജിന്നുകളും മനുഷ്യരുമടക്കും, എല്ലാവരോടും അല്ലാഹു ചോദ്യംചെയ്യുന്നതാണ്. (6:130; 28:65;16: 93 എന്നിവിടങ്ങളിൽ നോക്കുക) എന്റെ സന്ദേശം നിങ്ങൾ അവർക്ക്

എത്തിച്ച് കൊടുത്തപ്പോൾ, അവരിൽ നിന്ന് എന്ത് പ്രതികരണമായുണ്ടായതെന്ന് റസൂലുകളും ചോദിക്കപ്പെടും. (5: 109)

**വചനം 8,9**

وَٱلْوَزْنُ يَوْمَئِذٍ ٱلْحَقُّ ۚ فَمَن ثَقُلَتْ مَوَٰزِينُهُۥ فَأُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿٨﴾ وَمَنْ خَفَّتْ مَوَٰزِينُهُۥ فَأُو۟لَٰٓئِكَ ٱلَّذِينَ خَسِرُوٓا۟ أَنفُسَهُم بِمَا كَانُوا۟ بِـَٔايَٰتِنَا يَظْلِمُونَ ﴿٩﴾

8 അന്നത്തെ ദിവസം, (കർമ്മങ്ങൾ) തൂക്കൽ യഥാർത്ഥമായുള്ളതത്രെ. അപ്പോൾ, ആരുടെ (നൻമയുടെ) തൂക്കങ്ങൾ ഘനം തൂങ്ങിയോ അക്കൂട്ടർതന്നെയാണ് വിജയികൾ.

9 ആരുടെ തൂക്കങ്ങൾ ലഘുവായോ അക്കൂട്ടർതന്നെയാണ് തങ്ങളെത്തന്നെ നഷ്ടപ്പെടുത്തിയവർ; (അതെ) നമ്മുടെ ദൃഷ്ടാന്തങ്ങളോട് അവർ അക്രമം പ്രവർത്തിച്ചു കൊണ്ടിരുന്നതു നിമിത്തം.

ഖിയാമത്ത് നാളിൽ എല്ലാവരുടേയും കർമ്മങ്ങൾ തൂക്കികണക്കാക്കപെടുമെന്നും നന്മക്ക് മുൻതൂക്കമുള്ളവർ വിജയികളും തിന്മയ്ക്ക് മുൻതൂക്കമുള്ളവർ നഷ്ടക്കാരുമായിരിക്കുമെന്ന് ഖുർആനിൽ വേറെയും സ്ഥലങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്. (സൂ:അമ്പിയാഅ് : 47 ; സൂ: ഖാരിഅ : 6,7,8)

കർമ്മങ്ങളെ തൂക്കുന്ന ഈ തുലാസിനെ പറ്റി മനുഷ്യൻ അവന്റെ പരിമിത ബുദ്ധിക്കനുസരിച്ച് പല വ്യാഖ്യാനങ്ങളും നല്കി സ്വയം തൃപ്തിയടഞ്ഞ് വരാറുണ്ട്. അല്പജ്ഞാനിയായ മനുഷ്യന് ഇന്ന് പലതരം മാപിനി യന്ത്രങ്ങൾ കണ്ട് പിടിച്ച് അവന്റെ നിത്യജീവിതത്തിൽ ഉപയോഗിക്കാൻ കഴിവുണ്ടെന്നിരിക്കെ സർവജ്ഞനായ സർവ്വശക്തന്, അവന്റെ സൃഷ്ടിയായ മനുഷ്യന്റെ നൻമ തിൻമകളാകുന്ന കർമ്മങ്ങളെ തൂക്കി കാണക്കാക്കുവാനുണ്ടോ വല്ല പ്രയാസവും.

അപ്പോൾ മുൻഗാമികളായ മഹാൻമാർ ചെയ്തിരുന്നത്പോലെ , ഖിയാമത്ത് നാളിൽ നന്മ തിന്മകളെ കണക്കാക്കുന്ന ഒരു സംവിധാനം, നിലവിലുണ്ടെന്നും, അതിന്റെ രൂപം - വലുപ്പം എന്നി വിശദാംശങ്ങൾ, നമ്മുടെ അറിവിനും അനുമാനത്തിനും അതീതമാണെന്നും സുദൃഢമായി വിശ്വസിക്കുകയാണ് നാമും ചെയ്യേണ്ടത്.

**വചനം 10**

وَلَقَدْ مَكَّنَّٰكُمْ فِى ٱلْأَرْضِ وَجَعَلْنَا لَكُمْ فِيهَا مَعَٰيِشَ ۗ قَلِيلًا مَّا تَشْكُرُونَ ﴿١٠﴾

10 തീർച്ചയായും, നാം നിങ്ങൾക്കു ഭൂമിയിൽ സൗകര്യപ്പെടുത്തിയിട്ടുണ്ട്; നിങ്ങൾക്ക് അതിൽ നാം (പല) ജീവിത മാർഗ്ഗങ്ങളെ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. വളരെ കുറച്ചു (മാത്രം) നിങ്ങൾ നന്ദി ചെയ്യുന്നു!

---

യഥേഷ്ടം വിഹരിക്കുവാനും, ഇഷ്ടപെട്ട ജീവിതമാർഗ്ഗങ്ങൾ കണ്ടെത്തുവാനുമുള്ള സൗകര്യങ്ങൾ അല്ലാഹു മനുഷ്യർക്ക് ഈ ഭൂമിയിൽ നല്കിയിട്ടുണ്ട്. എന്നിട്ടും അവർ വേണ്ടത്ര നന്ദി കാണിക്കുന്നില്ലെന്ന് അല്ലാഹു പറയുന്നു. സൂറ: 14:34 ലും അല്ലാഹു മനുഷ്യരുടെ ഈ പൊതു നിലപാടിനെക്കുറിച്ച് ചൂണ്ടിക്കാട്ടുന്നുണ്ട്.

## വിഭാഗം: 2

**വചനം 11**

وَلَقَدْ خَلَقْنَٰكُمْ ثُمَّ صَوَّرْنَٰكُمْ ثُمَّ قُلْنَا لِلْمَلَٰٓئِكَةِ ٱسْجُدُوا۟ لِءَادَمَ فَسَجَدُوٓا۟ إِلَّآ إِبْلِيسَ لَمْ يَكُن مِّنَ ٱلسَّٰجِدِينَ ﴿١١﴾

11 തീർച്ചയായും, നാം നിങ്ങളെ സൃഷ്ടിക്കുകയുണ്ടായി; പിന്നീട് നിങ്ങളെ നാം രൂപപ്പെടുത്തി; പിന്നെ, മലക്കുകളോടു നാം പറഞ്ഞു: “നിങ്ങൾ ആദമിന്നു ‘സുജൂദ്’ ചെയ്യുവിൻ.” എന്നിട്ട് അവർ ‘സുജൂദ്’ ചെയ്തു-ഇബ്‌ലീസ് ഒഴികെ. അവൻ ‘സുജൂദ്’ ചെയ്തവരുടെ കൂട്ടത്തിൽ ആയില്ല. (സുജൂദു ചെയ്തില്ല)

മനുഷ്യപിതാവായ ആദം (അ) നബിക്ക് സൂജൂദ് ചെയ്വാൻ മലക്കുകളോട് കല്പിച്ച സംഭവം അൽ ബഖറ ; ഹിജ്ർ; ഇസ്രാഉ്; അൽ കഹ്ഫ്; ത്വാഹാ; സ്വാദ് എന്നീ സൂറത്തുകളിലും ഉദ്ധരിക്കപെട്ടിട്ടുണ്ട്.

ഈ സൂജൂദ് കൊണ്ടുള്ള വിവക്ഷ, അതിന്റെ താല്പര്യം, എന്നീ വിഷയങ്ങളെക്കുറിച്ച് അൽ ബഖറ 34 ന്റേയും സ്വാദ് 71-74 ന്റെയും വ്യഖ്യാനത്തിൽ വിശദമായി വിവരിച്ചിട്ടുണ്ട്.

ആദം(അ) നബിക്ക് മലക്കുകൾ സൂജൂദ് ചെയ്തത്, ഇബ്ലീസ് അതിന് വിസമ്മതിച്ചത്, അതിനെ തുടർന്ന് അവൻ മനുഷ്യവർഗ്ഗത്തിന്റെ ശത്രുവായിത്തീർന്നത്, അവന്റെ ദുർമന്ത്രം കാരണം ആദം(അ) സ്വർഗ്ഗത്തിൽ നിന്ന് ബഹിഷ്കൃതമായി ഭൂവാസം തുടങ്ങിയത് എന്നീ സംഭവങ്ങളെല്ലാം അവിടങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

---

**വചനം 12**

قَالَ مَا مَنَعَكَ أَلَّا تَسْجُدَ إِذْ أَمَرْتُكَ ۖ قَالَ أَنَا۠ خَيْرٌ مِّنْهُ خَلَقْتَنِى مِن نَّارٍ وَخَلَقْتَهُۥ مِن طِينٍ ﴿١٢﴾

12 അവൻ (അല്ലാഹു) പറഞ്ഞു: “നിന്നോടു ഞാൻ കൽപിച്ചപ്പോൾ നീ ‘സുജൂദ്’ ചെയ്യാതിരിക്കുവാൻ (തക്കവണ്ണം) നിന്നെ തടസ്സപ്പെടുത്തിയതെന്താണ്?” അവൻ പറഞ്ഞു: “ഞാൻ അവനെ (ആദമിനെ)ക്കാൾ ഉത്തമനാകുന്നു; എന്നെ നീ അഗ്നിയിൽ നിന്നു സൃഷ്ടിച്ചിരിക്കുന്നു; അവനെ നീ കളിമണ്ണിൽനിന്നും സൃഷ്ടിച്ചിരിക്കുന്നു” (ഇതാണു തടസ്സം).

---

ജിന്ന് വർഗ്ഗത്തിൽ പെട്ട ഇബ്ലീസ് (18:50) ന് ആ കൽപന ബാധകമായിരുന്നു. എന്നാൽ തീയിൽ നിന്ന് സൃഷ്ടിക്കപ്പെട്ട താൻ മണ്ണിൽ നിന്നും സൃഷ്ടിക്കപ്പെട്ട ആദമിനെക്കാൾ ഉത്തമനാണെന്നും, അത്കൊണ്ട് താൻ ആദമിന് സൂജൂദ് ചെയ്യേണ്ടതില്ലെന്നുമുള്ള അഹന്തയായിരുന്നു ഇബ്ലീസിന്. എന്നാൽ സൃഷ്ടിയിൽ കൂടുതൽ ഉത്തമമായി സൃഷ്ടിക്കപെട്ട മലക്കുകൾ, അല്ലാഹുവിന്റെ കല്പന അനുസരിച്ച് സൂജൂദ് ചെയ്തതിനെക്കുറിച്ച് അഹങ്കാരം മുഴുത്ത ഇബ്ലീസ് ആലോചിച്ചില്ല.

മനുഷ്യവർഗ്ഗം മണ്ണിനാലും ജിന്ന് വർഗ്ഗം തീയിനാലുമാണ് സൃഷ്ടിക്കപെട്ടിരിക്കുന്നതെന്ന് ഖുർആനിൽ നിന്നും മലക്കുകൾ പ്രകാശത്തിൽ നിന്നുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് ഹദീസിൽ നിന്നും വ്യക്തമാക്ക പെട്ടിരിക്കുന്നു.

---

**വചനം 13, 14, 15**

قَالَ فَٱهْبِطْ مِنْهَا فَمَا يَكُونُ لَكَ أَن تَتَكَبَّرَ فِيهَا فَٱخْرُجْ إِنَّكَ مِنَ ٱلصَّٰغِرِينَ ﴿١٣﴾

13 അവൻ (അല്ലാഹു) പറഞ്ഞു: “എന്നാൽ ഇതിൽ നിന്നു നീ ഇറങ്ങിപ്പോകുക! കാരണം, ഇതിൽ വെച്ച് അഹംഭാവം നടിക്കുവാൻ നിനക്കു പാടില്ല. ആകയാൽ, പുറത്തു പോകുക! നിശ്ചയമായും, നീ നിസ്സാരൻമാരിൽ പെട്ടവനാകുന്നു.”

قَالَ أَنظِرْنِىٓ إِلَىٰ يَوْمِ يُبْعَثُونَ ﴿١٤﴾

14 അവൻ പറഞ്ഞു: “അവർ (മനുഷ്യർ) എഴുന്നേൽപിക്കപ്പെടുന്ന (പുനരുത്ഥാന) ദിവസം വരെ എനിക്കു നീ (അവധി തന്നു) ഒഴിവു നൽകേണമേ!”

قَالَ إِنَّكَ مِنَ ٱلْمُنظَرِينَ ﴿١٥﴾

15 അവൻ (അല്ലാഹു) പറഞ്ഞു “നിശ്ചയമായും, നീ ഒഴിവു നൽകപ്പെട്ടവരിൽ പെട്ടവനാണ്.”

---

സ്വർഗ്ഗത്തിൽ നിന്നും പുറത്തുപോകാൻ കല്പിക്കപ്പെട്ട ഇബ്ലീസ്, മനുഷ്യവർഗ്ഗം നിലനില്ക്കുന്നേടത്തോളം കാലം അവരെ വഴിപിഴപ്പിക്കുവാൻ തനിക്കവസരമുണ്ടാകണമെന്ന ഉദ്ദേശത്തോടെ, മനുഷ്യൻ രണ്ടാമത് ജീവിപ്പിക്കപെടുന്നത് വരെ, തനിക്ക് ആയുഷ്ക്കാലം നീട്ടിത്തരണമെന്ന് അല്ലാഹുവിനോട് അപേക്ഷിക്കുകയാണ് ചെയ്തത്.

അല്ലാഹു അപേക്ഷ സ്വീകരിച്ചുവെങ്കിലും ഇബ്‌ലീസ് ചോദിച്ചത് പോലെ രണ്ടാമത്തെ കാഹളം ഊതുന്ന പുനരുത്ഥാന ദിവസം വരെ ഒഴിവ് നൽകപ്പെട്ടില്ല. ഏത് കാലം വരെയെന്ന് ഇവിടെ അല്ലാഹു വ്യക്തമാക്കിയിട്ടില്ലെങ്കിലും സൂ ഹജ്റിലും സൂ: സ്വാദ് ലും ഒന്നാമത്തെ കാഹളം ഊതുന്ന, സൃഷ്ടികളെല്ലാം നാശമടയുന്ന ദിവസം വരെ, എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു.

അങ്ങനെ, മനുഷ്യനുള്ള കാലം വരെ, അവനെ വഞ്ചിക്കുവാനുള്ള അവസരം അവന് സാധിച്ച് കിട്ടി.അപ്പോൾ ഇബ്‌ലീസ് പറഞ്ഞത് നോക്കുക (തുടർന്നുള്ള വചനങ്ങൾ)

("ഇതിൽ നിന്ന് ഇറങ്ങിപോകുക" എന്ന് പറഞ്ഞതിന്റെ ഉദ്ദേശം, സ്വർഗ്ഗത്തിൽ നിന്നോ ആകാശത്തിൽ നിന്നോ മലക്കുകളുടെ കൂട്ടത്തിൽ നിന്നോ എന്നായിരിക്കാവുന്നതാണ്.) الله اعلم

---

**വചനം 16, 17**

قَالَ فَبِمَآ أَغْوَيْتَنِى لَأَقْعُدَنَّ لَهُمْ صِرَٰطَكَ ٱلْمُسْتَقِيمَ ﴿١٦﴾

ثُمَّ لَءَاتِيَنَّهُم مِّنۢ بَيْنِ أَيْدِيهِمْ وَمِنْ خَلْفِهِمْ وَعَنْ أَيْمَٰنِهِمْ وَعَن شَمَآئِلِهِمْ ۖ وَلَا تَجِدُ أَكْثَرَهُمْ شَٰكِرِينَ ﴿١٧﴾

16 അവൻ (ഇബ്‌ലീസ്) പറഞ്ഞു: "എന്നാൽ, നീ എന്നെ വഴിപിഴവിലാക്കിയിരിക്കകൊണ്ടു തീർച്ചയായും, നിൻെറ ചൊവ്വായ പാതയിൽ അവർക്കായി ഞാൻ (കാത്ത്) ഇരിക്കുക തന്നെ ചെയ്യും;

17 പിന്നെ, അവരുടെ മുമ്പിലൂടെയും, അവരുടെ പിമ്പിലൂടെയും, അവരുടെ വലഭാഗത്തു നിന്നും അവരുടെ ഇടഭാഗത്തു നിന്നും ഞാൻ അവരുടെ അടുക്കൽ ചെല്ലുകതന്നെ ചെയ്യും; അവരിൽ അധികമാളെയും നന്ദി കാണിക്കുന്നവരായി നീ കണ്ടെത്തുന്നതുമല്ല.

"എന്നെ വഴി തെറ്റിയവനാക്കി നീ നിശ്ചയിച്ചത് ഈ മനുഷ്യ വർഗ്ഗം കാരണമാണല്ലോ. അത് കൊണ്ട് അവരെ വഴിപിഴപ്പിക്കാൻ ഞാൻ വവിധ മാർഗ്ഗങ്ങൾ പ്രയോഗിച്ച് കൊണ്ടിരിക്കും. വ്യാമോഹം ജനിപ്പിച്ചും ദേഹേച്ഛകൾക്ക് വശം വദരാക്കിയും, ഭൗതിക സുഖസൗകര്യങ്ങളിൽ അമിത താല്പര്യം ഉളവാക്കിയും ഞാനവരെ നിന്നോട് നന്ദിയില്ലാത്തവരാക്കി, അവിശ്വാസികളും ദുർമാർഗ്ഗികളുമാക്കി തീർക്കും." – ഇബിലീസിന്റെ ഈ വീരവാദത്തെ അല്ലാഹു നിഷേധിക്കുകയൊ ഖണ്ഡിക്കുകയോ ചെയ്തില്ല. പക്ഷെ,

"എന്റെ നിഷ്കളങ്കരായ അടിയാൻമാരെ വഴിപിഴപ്പിക്കുവാൻ നിനക്ക് സാധിക്കുകയില്ല" എന്ന് തീർത്തു പറയുകയാണ് അല്ലാഹു ചെയ്തത് (ഹിജ്ർ : 42)

---

**വചനം 18,19**

قَالَ ٱخْرُجْ مِنْهَا مَذْءُومًا مَّدْحُورًا ۖ لَّمَن تَبِعَكَ مِنْهُمْ لَأَمْلَأَنَّ جَهَنَّمَ مِنكُمْ أَجْمَعِينَ ﴿١٨﴾

وَيَٰٓـَٔادَمُ ٱسْكُنْ أَنتَ وَزَوْجُكَ ٱلْجَنَّةَ فَكُلَا مِنْ حَيْثُ شِئْتُمَا وَلَا تَقْرَبَا هَٰذِهِ ٱلشَّجَرَةَ فَتَكُونَا مِنَ ٱلظَّٰلِمِينَ ﴿١٩﴾

18 അവൻ (അല്ലാഹു) പറഞ്ഞു: "അപമാനിക്കപ്പെട്ടവനും, ആട്ടപ്പെട്ടവനുമായിക്കൊണ്ട് ഇവിടത്തിൽ നിന്നു നീ പുറത്തു പോകുക! തീർച്ചയായും, അവരിൽ (മനുഷ്യരിൽ) നിന്ന് നിന്നെ ആർ പിൻപറ്റിയോ നിങ്ങളെ (നിന്നെയും അവരെയും) എല്ലാവരെയും കൊണ്ടു ഞാൻ 'ജഹന്നം' (നരകം) നിറക്കുക തന്നെ ചെയ്യും".

19 "ആദമേ നീയും, നിൻെറ ഇണ (ഭാര്യ) യും സ്വർഗ്ഗത്തിൽ താമസിച്ചു കൊള്ളുവിൻ; എന്നിട്ട്, നിങ്ങൾ രണ്ടുപേരും നിങ്ങൾ ഉദ്ദേശിക്കുന്നേടത്തു നിന്ന് തിന്നുകൊള്ളുക; ഈ (ഒരു) വൃക്ഷത്തെ നിങ്ങൾ സമീപിക്കുകയും ചെയ്യരുത്; എന്നാൽ, നിങ്ങൾ രണ്ടുപേരും അക്രമികളിൽപെട്ടവരായിത്തീരും."

ഇബ്ലീസിനെ അല്ലാഹു സ്വർഗ്ഗത്തിൽ നിന്ന് പുറത്താക്കുകയും ആദം(അ) നബിയോടും ഭാര്യ ഹവ്വാള്(അ)നോടും സ്വർഗ്ഗത്തിൽ യഥേഷ്ടം ഭക്ഷിച്ചും, സുഖിച്ചും താമസിച്ച് കൊള്ളുവാൻ കല്പിക്കുകയും ചെയ്തു. എന്നാൽ അല്ലാഹു ഒരു നിബന്ധന വെച്ചു - ഒരു നിശ്ചിത വൃക്ഷത്തെ സമീപിക്കരുത്; അഥവാ അതിന്റെ ഫലം ഭുജിക്കരുത് - എന്ന നിബന്ധന. മനുഷ്യവർഗ്ഗത്തെക്കൊണ്ട് അല്ലാഹു ഉദ്ദേശിച്ച് വെച്ച മഹത്തായ ഒരു ലക്ഷ്യത്തിന്റെ നാന്ദി കുറിക്കുന്നതായിരുന്നു ആ കല്പനയെന്ന് തുടർന്നുള്ള നടപടികളിൽ നിന്ന് മനസ്സിലാകുന്നു. ഇബ്ലീസാകട്ടെ താൻ പ്രതിജ്ഞയെടുത്ത ദുഷ്കൃത്യങ്ങളുടെ , തുടക്കം കുറിക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്തി.

**വചനം 20, 21**

فَوَسْوَسَ لَهُمَا ٱلشَّيْطَٰنُ لِيُبْدِىَ لَهُمَا مَا وُۥرِىَ عَنْهُمَا مِن سَوْءَٰتِهِمَا وَقَالَ مَا نَهَىٰكُمَا رَبُّكُمَا عَنْ هَٰذِهِ ٱلشَّجَرَةِ إِلَّآ أَن تَكُونَا مَلَكَيْنِ أَوْ تَكُونَا مِنَ ٱلْخَٰلِدِينَ ﴿٢٠﴾

وَقَاسَمَهُمَآ إِنِّى لَكُمَا لَمِنَ ٱلنَّٰصِحِينَ ﴿٢١﴾

20 എന്നിട്ട്, അവർ രണ്ടുപേർക്കും മറക്കപ്പെട്ടിരുന്നതായ അവരുടെ നഗ്നത അവർക്ക് വെളിവാക്കുവാനായി പിശാച് അവരോടു ദുർമ്മന്ത്രം നടത്തി; അവൻ പറയുകയും ചെയ്തു: "നിങ്ങളുടെ രണ്ടാളുടെയും റബ്ബ് നിങ്ങളോട് ഈ വൃക്ഷത്തെക്കുറിച്ച് വിരോധിച്ചിട്ടില്ല, നിങ്ങൾ രണ്ടുപേരും മലക്കുകൾ ആയിത്തീരുകയോ, അല്ലെങ്കിൽ നിങ്ങൾ ശാശ്വതവാസികളിൽപെട്ടവരായിത്തീരുകയോ ചെയ്യുമെന്നതിനാൽ അല്ലാതെ."

21 അവൻ അവരോടു സത്യം ചെയ്തു പറയുകയും ചെയ്തു: നിശ്ചയമായും, ഞാൻ നിങ്ങൾ രണ്ടാൾക്കും ഗുണകാംക്ഷികളിൽ പെട്ടവൻ തന്നെയാണെന്ന്.

പിശാച് അവരോട് ഇപ്രകാരം ദുർമന്ത്രം നടത്തി. "നിങ്ങൾ രണ്ടപേരും മലക്കുകൾ ആയിത്തീരുകയൊ, അല്ലെങ്കിൽ നിങ്ങൾ ശാശ്വതവാസികൾ ആയിത്തീരുകയൊ ചെയ്യുമെന്നതിനാൽ ആകുന്നു, നിങ്ങളുടെ റബ്ബ് ഈ വൃക്ഷത്തെക്കുറിച്ച് നിങ്ങളോട് വിരോധിച്ചത്"

തുടർന്ന് "ഞാൻ നിങ്ങൾക്ക് രണ്ടാൾക്കും ഗുണകാംക്ഷികളിൽ പെട്ടവൻ തന്നെയാണ്" എന്ന് അവൻ സത്യം ചെയ്ത് പറയുകയും ചെയ്തു.

ആദമിനും ഹവ്വാഇനും(അ) പ്രകാശം കൊണ്ടുള്ള ഒരു തരം സ്വർഗ്ഗീയ വസ്ത്രം ഉണ്ടായിരുന്നുവെന്നും വൃക്ഷത്തിൽ നിന്നും ഭുജിച്ചതോടെ, അത് നീങ്ങിപോയെന്നും അങ്ങനെ നഗ്നത വെളിവായെന്നും, വഹബുബ്നു മുനബ്ബഹ്(റ) പ്രസ്താവിച്ചിരിക്കുന്നു (തിർമുദി). അവന്റെ ദുർമ്മന്ത്രത്തിന്റെ ഫലമായി അത് വെളിപെട്ടതായിരിക്കാം, അല്ലെങ്കിൽ, ആ വൃക്ഷത്തിൽ നിന്ന് ഭുജിച്ചാൽ ഗുഹ്യസ്ഥാനം വെളിപ്പെടുമെന്ന് പിശാചിന് അറിയാമായിരുന്നിരിക്കാം. (الله اعلم)

"ഈ വൃക്ഷത്തിൽ നിന്ന് ഭക്ഷിച്ചാൽ നിങ്ങൾക്ക് മലക്കുകൾ ആയിത്തീരാം -" എന്ന പിശാചിന്റെ ദുർമന്ത്രത്തിന്റെ അടിസ്ഥാനത്തിൽ മലക്കുകൾക്കാണ് മനുഷ്യരേക്കാൾ ശ്രേഷ്ഠതയെന്നു ഒരു വിഭാഗക്കാർ വാദിക്കാറുണ്ട്. നേരെ മറിച്ച് മലക്കുകളോട് ആദം(അ) നബിക്ക് സുജൂദ് ചെയ്‌വാൻ കല്പിച്ചത്, മറു വിഭാഗക്കാർ തങ്ങൾക്കും തെളിവാക്കാറുണ്ട്.

ഖുർആനിൽ, മനുഷ്യന്റെ ഉൽകൃഷ്ടതയെ കുറിക്കുന്ന പല പ്രസ്താവനകളുണ്ടെങ്കിലും മലക്കുകളേക്കാൾ മനുഷ്യർക്ക് ശ്രേഷ്ഠതയുണ്ടെന്നോ; എല്ലാ സൃഷ്ടിക്കളേക്കാളും മനുഷ്യർ ശ്രേഷ്ഠരാണെന്നോ, എവിടെയും പറയുന്നില്ല. എന്നാൽ പ്രവാചകന്മാർ മലക്കുകളെക്കാൾ ശ്രേഷ്ഠരാണെന്നതിൽ പല പണ്ഡിതന്മാരും യോജിക്കുന്നുണ്ട് താനും.

"നാം സൃഷ്ടിച്ചിട്ടുള്ളവരിൽ പലരേക്കാളും അവരെ - മനുഷ്യരെ - നാം ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു"എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നത് (17:70)ശ്രദ്ധേയമാകുന്നു.

പലരും പറയുന്നത് പോലെ അഖിലാണ്ഡ ജീവികളേക്കാളുമെല്ലാം ഉൽകൃഷ്ടനാണ് മനുഷ്യൻ എന്ന് പറയുവാൻ ന്യായം കാണുന്നില്ല. മനുഷ്യൻ പലരേക്കാളും ശ്രേഷ്ഠരാണ് എന്നാകുന്നു (എല്ലാവരേക്കാളും

ശ്രേഷ്ഠരാണ് എന്നല്ല) അല്ലാഹു പറഞ്ഞിരിക്കുന്നത്.

**വചനം 22**

فَدَلَّىٰهُمَا بِغُرُورٍ ۚ فَلَمَّا ذَاقَا ٱلشَّجَرَةَ بَدَتْ لَهُمَا سَوْءَٰتُهُمَا وَطَفِقَا يَخْصِفَانِ عَلَيْهِمَا مِن وَرَقِ ٱلْجَنَّةِ ۖ وَنَادَىٰهُمَا رَبُّهُمَآ أَلَمْ أَنْهَكُمَا عَن تِلْكُمَا ٱلشَّجَرَةِ وَأَقُل لَّكُمَآ إِنَّ ٱلشَّيْطَٰنَ لَكُمَا عَدُوٌّ مُّبِينٌ ﴿٢٢﴾

22 എന്നിട്ട്, അവര്‍ രണ്ടുപേരെയും വഞ്ചനമൂലം അവന്‍ (തരം) താഴ്ത്തി. അങ്ങനെ, അവര്‍ (ആ) വൃക്ഷ (ഫല)ത്തെ രുചി നോക്കിയപ്പോള്‍, അവര്‍ക്ക് അവരുടെ നഗ്നത വെളിവായി. സ്വര്‍ഗ്ഗത്തിലെ ഇലയില്‍ നിന്നും (എടുത്ത്) അവര്‍ തങ്ങളുടെമേല്‍ പറ്റിക്കുവാന്‍ തുടങ്ങുകയും ചെയ്തു. അവര്‍ രണ്ടാളുടെയും റബ്ബ് അവരെ വിളിച്ചു (പറഞ്ഞു): "ആ വൃക്ഷത്തെപ്പറ്റി ഞാന്‍ നിങ്ങളോട് വിരോധിച്ചിട്ടില്ലേ?! പിശാച് നിങ്ങള്‍ക്ക് രണ്ടാള്‍ക്കും സ്പഷ്ടമായ ശത്രുവാണെന്ന് ഞാന്‍ നിങ്ങളോട് പറയുകയും (ചെയ്തിട്ടില്ലേ)?!"

---

പിശാചിന്റെ ദുര്‍ബോധനത്താല്‍ വഞ്ചിതരാകുമ്പോള്‍ ആദം(അ) അന്ന് പ്രവാചകനായിട്ടില്ലെന്ന് മാത്രമല്ല, മനുഷ്യ പ്രകൃതിയുടെ ശൈശവാവസ്ഥയുടെ പ്രാരംഭദശയിലുമായിരുന്നു. "ദൃഢനിശ്ചയക്കുറവ് കാരണം അവര്‍ അല്ലാഹുവിന്റെ കല്പന വിസ്മരിച്ചു" വെന്ന് 20:115 ല്‍ അല്ലാഹു പറയുന്നു.

പിശാചിന്റെ മന്ത്രത്തില്‍ വഞ്ചിതരായിരുന്ന അവരുടെ സ്വര്‍ഗ്ഗീയ വസ്ത്രം അവര്‍ക്ക് നഷ്ടമാകുകയും നഗ്നത മറക്കുവാന്‍ അവര്‍ക്ക് ഇലകളെ ആശ്രയിക്കേണ്ടുന്ന ഗതികേട് നേരിടുകയുമുണ്ടായി. അവസാനം തെറ്റ് ബോധ്യപെട്ട് അവര്‍ ഖേദിക്കുകയുണ്ടായി.

സന്‍മാര്‍ഗ്ഗ നിഷ്ഠനായി പുരോഗമിച്ച് മലക്കുകളേക്കാള്‍ ഉന്നതനാകാനും, ദുര്‍മാര്‍ഗ്ഗ നിരതരായി തനി പൈശാചികത്വത്തിലേക്ക് അധപതിക്കുവാനുമുള്ള പ്രകൃതിയാണ് മനുഷ്യനുള്ളത്. ആ പ്രകൃതിയുടെ നാന്ദിയാണിത്. എന്നാല്‍ ആദം(അ) തെറ്റ് ചെയ്തെങ്കിലും അതില്‍ ഇബ്ലീസിനെ പോലെ അദ്ദേഹം ഉറച്ച് നിന്നില്ല.

**വചനം 23**

قَالَا رَبَّنَا ظَلَمْنَآ أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ ٱلْخَٰسِرِينَ ﴿٢٣﴾

23 അവര്‍ രണ്ടാളും പറഞ്ഞു: "ഞങ്ങളുടെ റബ്ബേ, ഞങ്ങള്‍ ഞങ്ങളോട് തന്നെ അക്രമം പ്രവര്‍ത്തിച്ചു; നീ ഞങ്ങള്‍ക്ക് പൊറുത്തു തരുകയും, ഞങ്ങളോടു കരുണ ചെയ്യുകയും ചെയ്തില്ലെങ്കില്‍, നിശ്ചയമായും ഞങ്ങള്‍ നഷ്ടപ്പെട്ടവരുടെ കൂട്ടത്തില്‍പ്പെട്ടവരായിത്തീരുക തന്നെ ചെയ്യും.!"

---

പശ്ചാതാപം പ്രകടിപ്പിക്കുവാനുള്ള വാക്കുകള്‍ അല്ലാഹുവില്‍ നിന്ന് തന്നെ അവര്‍ക്ക് സിദ്ധിക്കുകയുണ്ടായി (അല്‍ ബഖറ: 37) ഈ വചനത്തില്‍ അവര്‍ പറഞ്ഞതായി അല്ലാഹു ഉദ്ധരിച്ച അതേ വാക്കുകളാണ് അല്ലാഹുവില്‍ നിന്നും അവര്‍ ഏറ്റെടുത്ത് പഠിച്ചുവെന്ന് പറഞ്ഞ വാക്കുകള്‍ എന്ന് ഇബ്നു ജരീര്‍ (റ) നിവേദനം ചെയ്തിട്ടുള്ളത് പ്രസ്താവ്യമാണ്.

അല്ലാഹു അവര്‍ക്ക് പാപം പൊറുത്ത് കൊടുക്കുകയും കരുണ ചെയ്യുകയും ചെയ്തുവെങ്കിലും അവര്‍ക്ക് ഭൂമിയിലേക്ക് താമസം മാറ്റേണ്ടി വന്നു. മനുഷ്യ വാസത്തിന് അല്ലാഹു നിശ്ചയിച്ച് വെച്ചതാണല്ലൊ ഭൂമി.

**വചനം 24, 25**

قَالَ ٱهْبِطُوا۟ بَعْضُكُمْ لِبَعْضٍ عَدُوٌّ ۖ وَلَكُمْ فِى ٱلْأَرْضِ مُسْتَقَرٌّ وَمَتَٰعٌ إِلَىٰ حِينٍ ﴿٢٤﴾

24 അവന്‍ (അല്ലാഹു) പറഞ്ഞു: "നിങ്ങള്‍ (എല്ലാവരും) ഇറങ്ങിക്കൊള്ളുവിന്‍; നിങ്ങളില്‍ ചിലര്‍ ചിലര്‍ക്കു ശത്രുവാകുന്നു. (ഇത്

ഓർമ്മവെക്കണം.) "ഭൂമിയിൽ നിങ്ങൾക്ക് ഒരു (നിശ്ചിത) സമയം വരെ താമസ (സൗകര്യ) വും, ഉപയോഗവുമുണ്ടായിരിക്കും."

25 അവൻ (അല്ലാഹു) പറഞ്ഞു: "അതിൽ തന്നെ നിങ്ങൾ ജീവിക്കും, അതിൽ തന്നെ നിങ്ങൾ മരിക്കും, അതിൽ നിന്നു തന്നെ നിങ്ങൾ (വീണ്ടും) പുറത്തു വരുത്തപ്പെടുകയും ചെയ്യും."

قَالَ فِيهَا تَحْيَوْنَ وَفِيهَا تَمُوتُونَ وَمِنْهَا تُخْرَجُونَ ﴿٢٥﴾

ഭൂമിയിൽ നിങ്ങൾക്ക് വേണ്ട വിഭവങ്ങളൊക്കെ ഒരുക്കപെട്ടിട്ടുണ്ടെന്നും , അവ യഥേഷ്ടം ഉപയോഗപ്പെടുത്താമെന്നും നിർദ്ദേശിച്ച് കൊണ്ടാണ് അല്ലാഹു അവരെ സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് അയച്ചത്. നിങ്ങളുടെ നിശ്ചിത കാലാവധി വരെയുള്ള ജീവിതവും, മരണവും അവിടെ വെച്ച് തന്നെയായിരിക്കും. രണ്ടാമതും നിങ്ങൾ അല്ലാഹുവിങ്കലേക്ക് തിരിച്ച്കൊണ്ട് വരപ്പെടുന്നതാണ് - - ആദം, ഹവ്വാഉ(അ) ഇബ്‌ലീസ് എന്നീ മൂന്നു പേരോടുമായിരുന്നു ഈ കല്പനയെന്ന് മനസ്സിലാക്കാം. ഭൂമിയിൽ അവർ എവിടെയാണ് ആദ്യം വന്നത് എന്നതിനെപറ്റി ചില ഊഹാ പോഹങ്ങൾ മാത്രമെയുള്ളു. യാഥാർത്ഥ്യം അല്ലാഹുവിനറിയാം.

## വിഭാഗം 3

**വചനം 26, 27**

26 ആദമിൻെറ സന്തതികളേ, നിങ്ങളുടെ നഗ്നത മറക്കുന്ന വസ്ത്രവും, അലങ്കാര വസ്ത്രവും നാം നിങ്ങൾക്ക് ഇറക്കിത്തന്നിട്ടുണ്ട്. സൂക്ഷ്മത (ഭയഭക്തി) യാകുന്ന വസ്ത്രമാകട്ടെ, അതത്രെ (കൂടുതൽ) ഉത്തമം. അത് അല്ലാഹുവിൻെറ 'ആയത്ത്' (ദൃഷ്ടാന്തം) കളിൽ പെട്ടതാകുന്നു. അവർ (മനുഷ്യർ) ഉറ്റാലോചിച്ചേക്കാം.

يَٰبَنِيٓ ءَادَمَ قَدۡ أَنزَلۡنَا عَلَيۡكُمۡ لِبَاسٗا يُوَٰرِي سَوۡءَٰتِكُمۡ وَرِيشٗاۖ وَلِبَاسُ ٱلتَّقۡوَىٰ ذَٰلِكَ خَيۡرٞۚ ذَٰلِكَ مِنۡ ءَايَٰتِ ٱللَّهِ لَعَلَّهُمۡ يَذَّكَّرُونَ ﴿٢٦﴾

27 ആദമിൻെറ സന്തതികളേ, പിശാച് നിങ്ങളുടെ മാതാപിതാക്കളെ സ്വർഗ്ഗത്തിൽ നിന്നു പുറത്താക്കിയതുപോലെ, നിങ്ങളെ അവൻ കുഴപ്പത്തിലാക്കാതിരുന്നുകൊള്ളട്ടെ; (അതെ) അവർക്ക് രണ്ടാൾക്കും അവരുടെ നഗ്നത കാണിക്കുവാൻവേണ്ടി അവരുടെ വസ്ത്രം അവരിൽ നിന്നും നീക്കം ചെയ്തുകൊണ്ട് (പുറത്താക്കിയതുപോലെ). നിശ്ചയമായും, അവനും അവൻെറ കൂട്ടരും നിങ്ങൾ അവരെ (അങ്ങോട്ട്) കാണാത്ത വിധത്തിൽ നിങ്ങളെ (ഇങ്ങോട്ട്) കാണുന്നതാണ്. വിശ്വസിക്കാത്തവർക്കു നാം പിശാചുക്കളെ ബന്ധുമിത്രങ്ങളാക്കിയിരിക്കുന്നു.

يَٰبَنِيٓ ءَادَمَ لَا يَفۡتِنَنَّكُمُ ٱلشَّيۡطَٰنُ كَمَآ أَخۡرَجَ أَبَوَيۡكُم مِّنَ ٱلۡجَنَّةِ يَنزِعُ عَنۡهُمَا لِبَاسَهُمَا لِيُرِيَهُمَا سَوۡءَٰتِهِمَآۚ إِنَّهُۥ يَرَىٰكُمۡ هُوَ وَقَبِيلُهُۥ مِنۡ حَيۡثُ لَا تَرَوۡنَهُمۡۗ إِنَّا جَعَلۡنَا ٱلشَّيَٰطِينَ أَوۡلِيَآءَ لِلَّذِينَ لَا يُؤۡمِنُونَ ﴿٢٧﴾

ആദം(അ) നബിയുടേയും ഇബ്‌ലീസിൻെറയും സംഭവത്തിൽ നിന്നും, ആദം(അ) നബിയുടെ സന്തതികളായ മനുഷ്യവർഗ്ഗം ഓർമിച്ചിരിക്കേണ്ടുന്ന ചില കാര്യങ്ങളാണ് "ആദമിൻെറ സന്തതികളെ" എന്ന് സംബോധന ചെയ്ത് കൊണ്ട്, അല്ലാഹു നമ്മെ ഓർമ്മപെടുത്തുന്നത്: നഗ്നത മറക്കുവാനും അലങ്കാരത്തിനുമായി ആവശ്യമായ വസ്തുക്കൾ നല്കി അനുഗ്രഹിച്ചതിനെ അല്ലാഹു ആദ്യമായി ഓർമിപ്പിക്കുന്നു. നഗ്നത മറക്കാനുള്ള അഭിവാഞ്ച പ്രാചീന കാലം തൊട്ടെയുള്ള മനുഷ്യരിൽ, അന്തർലീനമാണല്ലോ. വല്ല ഇലകളൊ, മരത്തോലുകളോ കൊണ്ട് അവർ ഗുഹ്യസ്ഥാനം മറച്ചിരുന്നു. പിശാചിൻെറ ദുരുപദേശത്തിൽ വഞ്ചിതരായ ആദം(അ) നും ഹവ്വാഅ്(അ) നും അവരുടെ സ്വർഗ്ഗീയവസ്ത്രം നഷ്ടമാകുകയും, നഗ്നത പ്രത്യക്ഷപെടുകയും , ഉടനെ അവർ സ്വർഗ്ഗത്തിലെ ഇലകൾ എടുത്ത് നഗ്നത മറക്കുവാൻ ശ്രമിക്കുകയും ചെയ്യുകയുണ്ടായി.

നഗ്നത മറക്കുന്ന വസ്ത്രവും അലങ്കാര വസ്ത്രവും മനുഷ്യർക്ക് ഇറക്കിത്തന്നതിനെപറ്റി ഓർമ്മിപ്പിച്ച തിനും ശേഷം, അല്ലാഹു ഈ വസ്ത്രത്തിനേക്കാൾ പ്രധാനപ്പെട്ട ആന്തരികവും ആത്മീയവുമായ മറ്റൊരു വസ്ത്രത്തെ പറ്റി ഓർമ്മിപ്പിച്ച് കൊണ്ട് തുടർന്നു പറയുന്നു.

“സൂക്ഷ്മത - അഥവാ ഭയഭക്തി - യാകുന്ന വസ്ത്രമത്രെ കൂടുതൽ ഉത്തമമായത്.”

സൂ അൽ ബഖറ 197 ൽ ഹജ്ജ് യാത്രയിൽ യാത്രാ സാമാനങ്ങൾ കൊണ്ട് പോകുവാൻ ഉപദേശിച്ച പ്പോൾ “യാത്രാ വിഭവങ്ങളിൽ ഏറ്റവും ഉത്തമമായത് തഖ്‌വ (സൂക്ഷ്മത)യാകുന്നു.” എന്ന് അല്ലാഹു ഉപദേശി ച്ചത് പോലെയുള്ള ഒരു ഉപദേശം തന്നെയാകുന്നു ഇതും.

രണ്ടാമത്തെ വചനത്തിൽ, നിങ്ങളുടെ മാതാപിതാക്കളെ സ്വർഗ്ഗത്തിൽ നിന്നും പുറത്താക്കാൻ കാരണ ക്കാരായ പിശാച് നിങ്ങളുടെ ബദ്ധ ശത്രുവാണെന്നും അവന്റെ ദുർ മന്ത്രവാദത്തിൽ അകപ്പെട്ട് കുഴപ്പത്തിൽ പതിക്കാതിരിക്കാൻ ജാഗരൂകരായിരിക്കണമെന്നും അല്ലാഹു താക്കീത് നല്കുന്നു.

“അവരുടെ വസ്ത്രം അവരിൽ നിന്ന് നീക്കം ചെയ്ത് കൊണ്ട് (സ്വർഗ്ഗത്തിൽ നിന്നും അവരെ) പുറത്താ ക്കിയത് പോലെ” എന്ന് കൂടി അല്ലാഹു പറഞ്ഞതിൽനിന്നും, നഗ്നത മറക്കുന്നതിന്റെ ഗൗരവത്തെയാണ് ചൂണ്ടി കാട്ടുന്നത്.

പിശാചുക്കൾ ഒരുതരം അദൃശ്യ ജീവികളാണെന്നും, അവനും അവന്റെ കൂട്ടുകാർക്കും നിങ്ങളെ കാണാൻ കഴിയുമെങ്കിലും നിങ്ങൾക്ക് അവരെ അങ്ങോട്ട് കാണാൻ കഴിയുകയില്ലെന്നും അല്ലാഹു മുന്നറിയിപ്പു നല്കുന്നു. അത് കൊണ്ട് അവരുടെ കുതന്ത്രങ്ങളും ഗൂഢ പ്രയോഗങ്ങളും മനസ്സിലാക്കി, അതിൽ നിന്ന് ഒഴിഞ്ഞ് മാറുവാൻ നിങ്ങൾക്ക് സാധ്യമാകുകയില്ല. അത് കൊണ്ട് നിങ്ങൾ വളരെ കരുതലോടെയിരിക്കണം.

“അവന്റെ കൂട്ടുകാർ ( **قبيله**)” എന്ന് പറഞ്ഞത് ഇബ്‌ലീസിന്റെ സന്തതികളെയും സൈന്യങ്ങളെയും ഉദ്ദേ ശിച്ചാകുന്നു.

സൂ: അൽ കഹ്ഫ്: 50ൽ ആദം(അ) നബിക്ക് ഇബ്‌ലീസ് സുജൂദ് ചെയ്യാത്തതിനെ പറ്റി പറഞ്ഞ ശേഷം അല്ലാഹു പറയുന്നു: അവനും - ഇബ്‌ലീസും - അവന്റെ സന്തതികളും നിങ്ങൾക്ക് ശത്രുവായി രുന്നിട്ടും, നിങ്ങൾ അവരെ എനിക്ക് പുറമെ കാര്യകർത്താക്കളാക്കുകയൊ?

“വിശ്വസിക്കാത്തവർക്ക് നാം പിശാചുക്കളെ ബന്ധു മിത്രങ്ങളാക്കിയിരിക്കുന്നു” എന്ന വാക്യ ത്തിൽ പിശാചുക്കൾ എന്നത്കൊണ്ട് ഉദ്ദേശം, ആദം (അ) നബിയെ സ്വർഗ്ഗത്തിൽ നിന്നും പുറത്താ ക്കിയ, ഇബ്‌ലീസിനെയും അവന്റെ കൂട്ടരേയും ആകുന്നു.

ആദം (അ) നബിയുടെയും ഇബ് ലീസിന്റെയും ഈ സംഭവം കേവലം ഒരു ഉപമാലങ്കാരമാണെന്നും, യഥാർത്ഥ സംഭവമല്ലന്ന് വരുത്തിത്തീർക്കാനും ജിന്ന് വർഗ്ഗത്തെയും ആ വർഗ്ഗത്തിൽപെട്ട അദൃശ്യ ജീവികളായ പിശാചുക്കളെയും നിഷേധിക്കുവാനും, ചില ആളുകൾ, അല്ലാഹുവിന്റെ ആയത്തുകൾക്ക് അവരുദ്ദേശിക്കുന്ന അർത്ഥം നല്കി വ്യാഖ്യാനിക്കാൻ ശ്രമിച്ച് കാണാറുണ്ട്. ഈ വിഷയ സംബന്ധമായി സൂ: അൽ ബഖറ: 39-ാം വചനത്തിന്റെ വിശദീകരണവും നോക്കുക.

**വചനം 28, 29, 30**

وَإِذَا فَعَلُوا۟ فَـٰحِشَةً قَالُوا۟ وَجَدْنَا عَلَيْهَآ ءَابَآءَنَا وَٱللَّهُ أَمَرَنَا بِهَا ۗ قُلْ إِنَّ ٱللَّهَ لَا يَأْمُرُ بِٱلْفَحْشَآءِ ۖ أَتَقُولُونَ عَلَى ٱللَّهِ مَا لَا تَعْلَمُونَ ﴿٢٨﴾

28 അവർ വല്ല നീചവൃത്തിയും ചെയ്താൽ അവർ പറയും: “ഞങ്ങളുടെ പിതാക്കളെ ഞങ്ങൾ അപ്രകാരം കണ്ടെത്തിയിരിക്കുന്നു; അല്ലാഹു ഞങ്ങളോട് അതിനു കൽപിക്കുകയും ചെയ്തിരിക്കുന്നു.” പറയുക നിശ്ചയമായും, അല്ലാഹു നീചവൃത്തിക്ക് കൽപിക്കുകയില്ല. അല്ലാഹുവിൻെറ പേരിൽ നിങ്ങൾക്ക് അറിഞ്ഞു കൂടാത്തത് നിങ്ങൾ പറയുകയോ?!”

قُلْ أَمَرَ رَبِّى بِٱلْقِسْطِ ۖ وَأَقِيمُوا۟ وُجُوهَكُمْ عِندَ كُلِّ مَسْجِدٍ وَٱدْعُوهُ مُخْلِصِينَ لَهُ ٱلدِّينَ ۚ كَمَا بَدَأَكُمْ تَعُودُونَ ﴿٢٩﴾

29 പറയുക: "എൻെറ റബ്ബ് നീതി മുറക്ക് (അത് പാലിക്കുവാൻ) കൽപിച്ചിരിക്കുന്നു. എല്ലാ നമസ്കാര സ്ഥാനത്തിങ്കലും നിങ്ങൾ നിങ്ങളുടെ മുഖങ്ങളെ നേരെ നിറുത്തുവിൻ എന്നും; മതം (അഥവാ കീഴ്വണക്കം)അവന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ വിളി(ച്ചു പ്രാർത്ഥി)ക്കുകയും ചെയ്യുവിൻ എന്നും (കല്പിച്ചിരിക്കുന്നു). നിങ്ങളെ അവൻ ആദ്യമാ(യി ഉണ്ടാ)ക്കിയതു പോലെത്തന്നെ, നിങ്ങൾ മടങ്ങുന്നതാണ്.

فَرِيقًا هَدَىٰ وَفَرِيقًا حَقَّ عَلَيْهِمُ ٱلضَّلَٰلَةُ ۗ إِنَّهُمُ ٱتَّخَذُوا۟ ٱلشَّيَٰطِينَ أَوْلِيَآءَ مِن دُونِ ٱللَّهِ وَيَحْسَبُونَ أَنَّهُم مُّهْتَدُونَ ﴿٣٠﴾

30 ഒരു വിഭാഗത്തെ അവൻ നേർമ്മാർഗ്ഗത്തിലാക്കിയിരിക്കുന്നു; ഒരു വിഭാഗത്തെയാകട്ടെ,-അവരുടെമേൽ വഴിപിഴവ് അവകാശപ്പെട്ടിരിക്കുന്നു. (അവരെ വഴിപിഴവിലുമാക്കിയിരിക്കുന്നു). (കാരണം) നിശ്ചയമായും, ഇവർ അല്ലാഹുവിനു പുറമെ പിശാചുക്കളെ ബന്ധുമിത്രങ്ങളാക്കിവെച്ചിരിക്കുന്നു. തങ്ങൾ നേർമ്മാർഗ്ഗം പ്രാപിച്ചവരാണെന്ന് അവർ കണക്കാക്കുകയും ചെയ്യുന്നു.

---

**فاحشة** (നീചവൃത്തി ) പലവിധത്തിലുമുണ്ട്. എന്നാൽ ഇവിടെ പ്രധാനമായും ഉദ്ദേശിച്ചിരിക്കുന്നത് പൂർണ്ണ നഗ്നരായിക്കൊണ്ട് മുശ്രിക്കുകൾ ത്വവാഫ് ചെയ്ത് വന്നിരുന്നതിനെയാണെന്നാണ് അധിക വ്യാഖ്യാതാക്കളുടെയും അഭിപ്രായം. പാപം ചെയ്യാൻ ഉപയോഗിച്ച വസ്ത്രം ഉടുത്ത് കൊണ്ട് ത്വവാഫ് ചെയ്യുന്നത് നന്നല്ലെന്നും, നമ്മെ പ്രസവിച്ചപോലുള്ള അതേ രൂപത്തിൽ ത്വവാഫ് ചെയ്യുന്നതാണ് ഉത്തമമെന്നും അവർ പറഞ്ഞു വന്നു. സ്ത്രീകൾ രാത്രിയിലും പുരുഷൻമാർ പകലിലും ആയിരുന്നു അങ്ങനെ ചെയ്ത് വന്നിരുന്നത്. ഇപ്രകാരം ചെയ്യുന്നത്, ഞങ്ങളുടെ പൂർവ്വികർക്ക് പണ്ട് മുതലെ അല്ലാഹു കല്പിച്ച് നൽകിയ മതവിധികൾ പ്രകാരമാണെന്നും അവർ വാദിച്ചു വന്നിരുന്നു. ഇത്തരം നീച കൃത്യങ്ങൾ ഒരിക്കലും അല്ലാഹു കല്പിക്കുകയില്ലല്ലൊ. അല്ലാഹുവിന്റെ പേരിൽ വ്യാജം പറഞ്ഞുണ്ടാക്കുകയാണവർ ചെയ്യുന്നത്. ആരാധനാ കർമ്മങ്ങൾ അവന് മാത്രം അർപ്പിച്ച് കൊണ്ടും മുഖവും മനസ്സും അവനിലേക്ക് തിരിച്ച് കൊണ്ടും കീഴ് വണക്കം അവന് നിഷ്കളങ്കമാക്കിക്കൊണ്ടും അവനെ മാത്രം വിളിച്ച് പ്രാർത്ഥിക്കുവാൻ അവരോട് കല്പിക്കുവാൻ നബി(സ)യോട് അല്ലാഹു നിർദ്ദേശിക്കുന്നു.

"നിങ്ങളെ ആദ്യമായി ഉണ്ടാക്കിയത്പോലെ നിങ്ങൾ വീണ്ടും മടങ്ങും" എന്ന വാക്യത്തിന് പല പണ്ഡിതരും പല വ്യഖ്യാനങ്ങളും നല്കിക്കാണുന്നു - ഇഹത്തിൽ ജീവിച്ചത് പോലെ മരണശേഷം വീണ്ടും ജീവിതമുണ്ട്; മണ്ണിൽ നിന്ന് സൃഷ്ടിക്കപെട്ടപോലെ, വീണ്ടും മണ്ണോട് ചേരും; ജനിക്കുമ്പോൾ നഗ്നരും ചേലാ കർമ്മം ചെയ്യപ്പെടാത്തവരുമായിരുന്നത് പോലെ തന്നെ രണ്ടാമത് ജീവിക്കുമ്പോഴും ആയിരിക്കും; മുസ്ലീമായിരുന്നവർ മുസ്ലീമായും അവിശ്വാസിയായിരുന്നവർ അവിശ്വാസിയായും മടങ്ങി വരും - എന്നിങ്ങനെ വിശാലാർത്ഥമുള്ളതാണ്, അല്ലാഹുവിന്റെ ഈ പദ പ്രയോഗം.

മരണശേഷം മടങ്ങി വരുമ്പോൾ മനുഷ്യർ രണ്ട് തരക്കാരായിരിക്കും - അല്ലാഹു നേർമാർഗ്ഗത്തിലാക്കിയ ഒരു കൂട്ടർ; പിശാചുക്കളെ കാര്യകർത്താക്കളാക്കി വെച്ച് കൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ ദുർമാർഗ്ഗികളാകാൻ അവകാശപ്പെട്ട ദുർഭാഗ്യവാന്മാരായ രണ്ടാമതൊരു കൂട്ടർ. ഈ ദുർമാർഗ്ഗികളാകട്ടെ തങ്ങൾ സ്വീകരിച്ച മാർഗ്ഗം നല്ലതും ശരിയുമാണെന്ന് സ്വയം വിലയിരുത്തുന്നതിലൂടെ "തങ്ങൾ നേർമാർഗ്ഗം പ്രാപിച്ചവരാണെന്ന് സ്വയം കണക്ക് കൂട്ടുകയും ചെയ്തിരിക്കുന്നു".

അല്ലാഹുവിങ്കൽ കർമ്മങ്ങൾ സ്വീകാര്യമായിരിക്കണമെങ്കിൽ അവ യഥാർത്ഥത്തിൽ നല്ലതും ശരിയും ആയിരിക്കണം -അല്ലാതെ അവ നല്ലതും ശരിയുമാണെന്ന് തന്നത്താൻ അനുമാനത്തിലെത്തിയത് കൊണ്ട് മാത്രം കാര്യമില്ല.

ഒരു നബി വചനത്തിന്റെ സാരാംശം ഇപ്രകാരമാകുന്നു - മനുഷ്യരുടെ ദൃഷ്ടിയിൽ ഒരു അടിയാൻ സ്വർഗ്ഗക്കാരുടെ പ്രവർത്തികൾ ചെയ്ത് കൊണ്ടിരുന്നവനായിരിക്കാം. അവൻ യഥാർത്ഥത്തിൽ നരകക്കാരിൽപെട്ട

വനായിരിക്കും; ഒരുവൻ നരകക്കാരുടെ പ്രവർത്തികൾ ചെയ്ത് കൊണ്ടിരുന്നവനായിരിക്കാം. അവൻ യഥാർത്ഥത്തിൽ സ്വർഗ്ഗക്കാരിൽ പെട്ടവനായിരിക്കാം. കർമ്മങ്ങൾ (വിലയിരുത്തപ്പെടുന്നത്) അവസാന സ്ഥിതികൾക്കനുസരിച്ചായിരിക്കും (ബു).

**വചനം 31**

۞ يَٰبَنِيٓ ءَادَمَ خُذُواْ زِينَتَكُمۡ عِندَ كُلِّ مَسۡجِدٖ وَكُلُواْ وَٱشۡرَبُواْ وَلَا تُسۡرِفُوٓاْۚ إِنَّهُۥ لَا يُحِبُّ ٱلۡمُسۡرِفِينَ ٣١

31 ആദമിൻെറ സന്തതികളേ, എല്ലാ നമസ്കാര സ്ഥാനത്തിങ്കലും നിങ്ങൾ നിങ്ങളുടെ ഭംഗി (വസ്ത്രങ്ങൾ) എടുത്തു (പയോഗിച്ചു) കൊള്ളുവിൻ; നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുവിൻ. അമിതമാക്കുകയും അരുത്. നിശ്ചയമായും, അമിതമാക്കുന്നവരെ അവൻ (അല്ലാഹു) ഇഷ്ടപ്പെടുകയില്ല.

ആരാധനാ കർമ്മങ്ങളിൽ പങ്കെടുക്കുമ്പോൾ നഗ്നത മറച്ചാൽ മാത്രം പോരാ, ഭംഗിക്കും അലങ്കാരത്തിലുമുള്ള വസ്ത്രങ്ങൾ ധരിക്കുക കൂടി വേണ്ടതാണെന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. അത്പോലെ തന്നെ ഭക്ഷണപാനീയങ്ങൾ മുതലായ അല്ലാഹു നല്കിയ അനുഗ്രഹങ്ങൾ ആവശ്യവും സന്ദർഭവും അനുസരിച്ച് ഉപയോഗപ്പെടുത്തണമെന്നും, അതേ സമയം, അമിതത്വം കാണിക്കരുതെന്നും അല്ലാഹു കല്പിക്കുന്നു.

നബി(സ) പറഞ്ഞിരിക്കുന്നു. "അമിതത്വവും അഹങ്കാരവുമില്ലാത്തവിധം ഭക്ഷിക്കുകയും , വസ്ത്രം ധരിക്കുകയും, ധർമ്മം കൊടുക്കുകയും ചെയ്യുവിൻ, അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അടയാളം അവന്റെ അടിയാനിൽ കാണപ്പെടുന്നത് അവൻ ഇഷ്ടപ്പെടുന്നതാണ്. " (അ, ന, ജ)

"തിന്നുകയും കുടിക്കുകയും ചെയ്ത് കൊള്ളുക - അമിതമാക്കുകയും അരുത്" എന്ന ഖുർആനിക വചനം, വൈദ്യം മുഴുവനും ഒരു ആയത്തിന്റെ പകുതിയിൽ ഉൾപെടുത്തിയിരിക്കുന്നതിന് സമാനമാണെന്ന് ചില മഹാൻമാർ പറഞ്ഞതായി ഇബ്നു കഥീർ (റ) ഉദ്ധരിക്കുന്നു. ആവശ്യത്തിലധികം ഉപയോഗിക്കുക, കഴിവിലധികവും സന്ദർഭം നോക്കാതെയും ഉപയോഗിക്കുക, പത്രാസിനും പ്രൌഢിക്കും വേണ്ടിയാകുക, ഹറാമും ഹലാലും നോക്കാതിരിക്കുക, എന്നിവയെല്ലാം അമിതത്വത്തിൽ ഉൾപെടുന്നു.

## വിഭാഗം 4

**വചനം 32**

قُلۡ مَنۡ حَرَّمَ زِينَةَ ٱللَّهِ ٱلَّتِيٓ أَخۡرَجَ لِعِبَادِهِۦ وَٱلطَّيِّبَٰتِ مِنَ ٱلرِّزۡقِۚ قُلۡ هِيَ لِلَّذِينَ ءَامَنُواْ فِي ٱلۡحَيَوٰةِ ٱلدُّنۡيَا خَالِصَةٗ يَوۡمَ ٱلۡقِيَٰمَةِۗ كَذَٰلِكَ نُفَصِّلُ ٱلۡأٓيَٰتِ لِقَوۡمٖ يَعۡلَمُونَ ٣٢

32 (നബിയേ) പറയുക: "അല്ലാഹു അവൻെറ അടിയാൻമാർക്കുവേണ്ടി പുറപ്പെടുവിച്ചിട്ടുള്ളതായ അവൻെറ (വക) ഭംഗി (വസ്തുക്കളെ)യും, ആഹാരത്തിൽ നിന്നുള്ള നല്ല(വിശിഷ്ട) വസ്തുക്കളെയും നിഷിദ്ധമാക്കിയതാരാണ്?!" പറയുക: "അവ ഐഹിക ജീവിതത്തിൽ വിശ്വസിച്ചവർക്കുവേണ്ടിയുള്ളതാകുന്നു; ഖിയാമത്തുനാളിൽ അവർക്കു മാത്രമായിക്കൊണ്ട്." ഇപ്രകാരം, അറിയാവുന്ന ജനങ്ങൾക്കുവേണ്ടി 'ആയത്ത്' (ലക്ഷ്യം)കളെ നാം വിശദീകരിക്കുന്നു.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളായ വസ്ത്രങ്ങളും പാനീയങ്ങളും , അവന്റെ അടിയാൻമാർക്ക് വേണ്ടി അവൻ ഉണ്ടാക്കിയതാകുന്നു.

എന്നിരിക്കെ, അവയെ നിഷിദ്ധമാക്കാൻ ആർക്കാണ് അധികാരമെന്ന് അല്ലാഹു ചോദിക്കുന്നു. നല്ല വസ്ത്രങ്ങളും നല്ല ഭക്ഷണപാനീയങ്ങളും ആത്മീയ പുരോഗതിക്ക് ഹാനികരമാണെന്ന് ധരിക്കുന്നവരോടുള്ള ശക്തിയായ ഒരു പ്രതിഷേധമാണ് അല്ലാഹുവിന്റെ ഈ ചോദ്യം . അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കല്പിച്ച് കൂട്ടി ഉപേക്ഷിക്കുന്നത് നന്ദികേടുമാകുന്നു. മേൽ സൂചിപ്പിച്ച വസ്തുക്കൾ അല്ലാഹു സത്യവിശ്വാസികൾക്ക് വേണ്ടിയാണ്

യഥാർത്ഥത്തിൽ ഈ ലോകത്ത് ഉണ്ടാക്കിയിരിക്കുന്നത് എങ്കിലും അവിശ്വാസികളും അവയുടെ ഉപയോഗത്തിൽ പങ്ക് കൊണ്ട് വരുന്നു വെന്നത് അല്ലാഹു തടയുന്നില്ല ; എന്നാൽ അന്ത്യനാൾ വന്ന് കഴിഞ്ഞാൽ, ഇവ സത്യവി ശ്വാസികൾക്ക് മാത്രമെ ലഭിക്കുകയുള്ളൂ എന്നും അല്ലാഹു അറിയിക്കുന്നു.

ഈ കാര്യങ്ങളൊക്കെ അല്ലാഹു ഇങ്ങനെ വിശദീകരിച്ച് തരുന്നത് കാര്യങ്ങൾ ഗ്രഹിച്ച് മനസ്സിലാക്കുന്ന വർക്ക് അറിയുവാൻ വേണ്ടിയാണെന്ന് അല്ലാഹു ചൂണ്ടി ക്കാട്ടുന്നു.

ഭക്ഷണപാനീയങ്ങളിൽ പോലും അമിതത്വം പാടില്ലെന്ന് വ്യക്തമാക്കപെട്ടിരിക്കെ, അലങ്കാര വസ്തുക്കൾ ഉപയോഗിക്കുന്നതിൽപോലും, ഒരു തരം വാശിയും കിട മത്സരവുമാണ് നമ്മുടെ സമുദായത്തിൽ കണ്ട് വരുന്ന തെന്നത് അത്യന്തം ദു:ഖകരം തന്നെ,

**വചനം 33**

قُلْ إِنَّمَا حَرَّمَ رَبِّيَ ٱلْفَوَٰحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَٱلْإِثْمَ وَٱلْبَغْيَ بِغَيْرِ ٱلْحَقِّ وَأَن تُشْرِكُوا۟ بِٱللَّهِ مَا لَمْ يُنَزِّلْ بِهِۦ سُلْطَٰنًا وَأَن تَقُولُوا۟ عَلَى ٱللَّهِ مَا لَا تَعْلَمُونَ ﴿٣٣﴾

33 പറയുക: ‘‘നിശ്ചയമായും, എൻെറ റബ്ബ് നിഷിദ്ധമാക്കിയിരിക്കുന്നത്: നീചവൃത്തികളും അവയിൽ പ്രത്യക്ഷമായതും പരോക്ഷമായതും, പാപവും, ന്യായമല്ലാതെയുള്ള അതിക്രമ (അഥവാ കയ്യേറ്റ)വും, യാതൊരു (അധികൃത) രേഖയും അല്ലാഹു അവതരിപ്പിച്ചിട്ടില്ലാത്തതിനെ നിങ്ങൾ അവനോട് പങ്കുചേർക്കുന്നതും, നിങ്ങൾക്ക് അറിഞ്ഞുകൂടാത്തത് നിങ്ങൾ അല്ലാഹുവിൻെറ പേരിൽ പറഞ്ഞുണ്ടാക്കു ന്നതും (മാത്രം) ആകുന്നു.

അല്ലാഹു അടിസ്ഥാനപരമായി അഞ്ചു തരത്തിലുള്ള കാര്യങ്ങളാണ് നിഷിദ്ധമാക്കിയിട്ടുള്ളത് എന്ന് ഈ വചനത്തിൽ അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. അവ താഴെ പറയുന്ന വിഭാഗത്തിൽ പെടുന്നു:

1. പ്രത്യക്ഷമൊ, പരോക്ഷമൊ ആയ എല്ലാ നീച വൃത്തികളും: ഇവയെ പറ്റി സൂ: അൻആം 151-ാം വചന ത്തിൽ മുമ്പ് വിവരിച്ചിട്ടുണ്ട്. മാന്യതക്കും ശുദ്ധതക്കും, അഭിമാനത്തിനും ക്ഷതമേൽപിക്കുന്ന കാര്യങ്ങളോട് അല്ലാഹുവിനുള്ള വെറുപ്പിന്റെ കാഠിന്യം കൊണ്ടാണ് അവൻ എല്ലാവിധ നീചവൃത്തികളെയും നിരോധിച്ചത്. നേരെ മറിച്ച് മാന്യതക്കും സൽപേരിനും കാരണമാകുന്ന കാര്യങ്ങളെല്ലാം അവന് ഇഷ്ടവുമാണ്.

2 കുറ്റകരമായത് : അഥവാ ശാരീരികമൊ ആത്മീയമൊ ആയ ദോഷം നിമിത്തം പാപങ്ങളായി നിയമി ക്കപ്പെട്ട കാര്യങ്ങൾ.

3 ന്യായമില്ലാത്ത അതിക്രമം : അഥവാ മറ്റുള്ളവരുടെ മേൽ അക്രമവും കൈയേറ്റവും അയിത്തീരുന്ന കാര്യങ്ങൾ.

4 അല്ലാഹുവിനോട് പങ്ക് ചേർക്കൽ: എല്ലാ നിഷിദ്ധങ്ങളിലും വെച്ച് ഏറ്റവും ഗൗരവപ്പെട്ടതും ഇത് തന്നെ. “അല്ലാഹുവിങ്കൽ നിന്നുള്ള അധികൃതമായ രേഖയില്ലാത്തതിനെ പങ്ക് ചേർക്കുക” എന്ന് പറഞ്ഞത്കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്, വിശ്വാസപരമായ മൗലിക സിദ്ധാന്തങ്ങൾ, അല്ലാഹുവിങ്കൽ നിന്നുള്ള വഹ്യ് മൂലം ലഭി ക്കുന്ന രേഖകളുടെ അടിസ്ഥാനത്തിലേ സ്വീകാര്യമാകുകയുള്ളൂ - എന്നാകുന്നു.

5 വിവരമില്ലാതെ - അഥവാ തക്കതായ തെളിവും രേഖയും കൂടാതെ - അല്ലാഹുവിന്റെ പേരിൽ വല്ലതും കെട്ടിച്ചമച്ചുണ്ടാക്കുക - ആചാരാനുഷ്ഠാനങ്ങളിലെ, കൂട്ടിചേർക്കലുകൾ, അനുവദനീയമാക്കിയതിനെ നിഷിദ്ധ മാക്കൾ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപെടുന്നു.

**വചനം 34**

وَلِكُلِّ أُمَّةٍ أَجَلٌ ۖ فَإِذَا جَآءَ أَجَلُهُمْ لَا يَسْتَأْخِرُونَ سَاعَةً ۖ وَلَا يَسْتَقْدِمُونَ ﴿٣٤﴾

34 എല്ലാ (ഓരോ) സമുദായത്തിനുമുണ്ട് ഒരു അവധി. അങ്ങനെ, അവരുടെ അവധി വന്നാൽ അവർ ഒരു നാഴിക നേരവും പിന്നോട്ട് പോകുകയാകട്ടെ, മുന്നോട്ട് പോകുകയാകട്ടെ ചെയ്കയില്ല.

സൂ : മുഅ്മിനൂൻ : 43 ലും സൂ : ഹിജ്ർ : 15 ലും അല്ലാഹുവിന്റെ ഇതേവചനം കാണാം. അല്ലാഹുവിനെക്കുറിച്ച് ധിക്കാരത്തിലും ദുർമാർഗ്ഗത്തിലും ഒരു ജനത അതിർ കവിയുമ്പോൾ, അവർക്ക് നാശം സംഭവിക്കും - അത് അല്ലാഹു അതിന് നിശ്ചയിക്കപ്പെട്ട സമയത്തല്ലാതെ, അൽപമെങ്കിലും മുമ്പൊ, പിമ്പൊ, സംഭവിക്കുകയില്ല. നാശം എന്നത്കൊണ്ട് ഉന്മൂല ശിക്ഷകൾക്കു പുറമെ, നിന്ദ്യത, അധ:പതനം, ശത്രുമർദ്ദനം, പ്രകൃതിക്ഷോഭം മുതലായവയും ഉൾപെടുന്നു. മുൻ സമൂദായങ്ങളെപോലെ , ഈ സമൂദായത്തിനും ബാധകമാണ്, ഈ താക്കീത്.

**വചനം 35, 36**

يَـٰبَنِىٓ ءَادَمَ إِمَّا يَأۡتِيَنَّكُمۡ رُسُلٞ مِّنكُمۡ يَقُصُّونَ عَلَيۡكُمۡ ءَايَـٰتِى فَمَنِ ٱتَّقَىٰ وَأَصۡلَحَ فَلَا خَوۡفٌ عَلَيۡهِمۡ وَلَا هُمۡ يَحۡزَنُونَ ٣٥

35 ആദമിൻെറ സന്തതികളെ, എൻെറ 'ആയത്തു' (ലക്ഷ്യം) കൾ നിങ്ങൾക്ക് വിവരിച്ചുതന്നുകൊണ്ട് നിങ്ങളിൽനിന്നുള്ള 'റസൂലു'കൾ നിങ്ങൾക്ക് (വല്ലപ്പോഴും) വന്നെത്തുന്നപക്ഷം, അപ്പോൾ-ആർ സൂക്ഷ്മത പാലിക്കുകയും, (പ്രവൃത്തി) നന്നാക്കിത്തീർക്കുകയും ചെയ്തുവോ, അവരുടെ മേൽ യാതൊരു ഭയവുമില്ല; അവർ വ്യസനിക്കുകയുമില്ല.

وَٱلَّذِينَ كَذَّبُواْ بِـَٔايَـٰتِنَا وَٱسۡتَكۡبَرُواْ عَنۡهَآ أُوْلَـٰٓئِكَ أَصۡحَـٰبُ ٱلنَّارِۖ هُمۡ فِيهَا خَـٰلِدُونَ ٣٦

36 നമ്മുടെ 'ആയത്തു' (ലക്ഷ്യം) കളെ വ്യാജമാക്കുകയും, അവയെക്കുറിച്ച് അഹംഭാവം നടിക്കുകയും ചെയ്തവരാകട്ടെ, അക്കൂട്ടർ നരകത്തിൻെറ ആൾക്കാരാകുന്നു; അവർ അതിൽ നിത്യവാസികളായിരിക്കും.

---

ആദം(അ) നബിയെ ഭൂമിയിലേക്ക് ഇറക്കിയപ്പോൾ നൽകിയ മുന്നറിയിപ്പ് (അൽ ബഖറ : 38,39 നോക്കുക) മനുഷ്യകാലാവസാനം വരെയുള്ള വരോടുള്ള ഒരു പൊതു അറിയിപ്പാകുന്നു. അല്ലാഹുവിന്റെ റസൂലുകൾ പ്രബോധനം ചെയ്യുന്ന മാർഗ്ഗദർശനം സ്വീകരിക്കുന്നവർക്കെ രക്ഷയുള്ളൂവെന്നും അത്കൊണ്ട് നിങ്ങളിൽ ഇപ്പോൾ വന്നിരിക്കുന്ന റസൂലിനെ പിൻപറ്റൽ നിങ്ങളുടെ ഒഴിച്ച് കൂടാത്ത ബാധ്യതയാണെന്നും അല്ലാഹു താക്കീത് നല്കുന്നു. അങ്ങനെയുള്ളവർക്ക് യാതൊരു ഭയവുമില്ല, അവർ വ്യസനിക്കേണ്ടിവരികയുമില്ല.

**വചനം 37**

فَمَنۡ أَظۡلَمُ مِمَّنِ ٱفۡتَرَىٰ عَلَى ٱللَّهِ كَذِبًا أَوۡ كَذَّبَ بِـَٔايَـٰتِهِۦٓۚ أُوْلَـٰٓئِكَ يَنَالُهُمۡ نَصِيبُهُم مِّنَ ٱلۡكِتَـٰبِۖ حَتَّىٰٓ إِذَا جَآءَتۡهُمۡ رُسُلُنَا يَتَوَفَّوۡنَهُمۡ قَالُوٓاْ أَيۡنَ مَا كُنتُمۡ تَدۡعُونَ مِن دُونِ ٱللَّهِۖ قَالُواْ ضَلُّواْ عَنَّا وَشَهِدُواْ عَلَىٰٓ أَنفُسِهِمۡ أَنَّهُمۡ كَانُواْ كَـٰفِرِينَ ٣٧

37 അപ്പോൾ, അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമക്കുകയോ, അല്ലെങ്കിൽ അവൻെറ 'ആയത്തു' (ലക്ഷ്യം) കളെ വ്യാജമാക്കുകയോ ചെയ്തവനെക്കാൾ അക്രമി ആരാണ്?! അവർക്ക് (രേഖാ) ഗ്രന്ഥത്തിൽനിന്നുള്ള അവരുടെ ഓഹരി (എത്തി) കിട്ടുന്നതാണ്. അങ്ങനെ, (അവസാനം) അവരെ പിടിച്ചെടുക്കുവാനായി നമ്മുടെ ദൂതൻമാർ അവരുടെ അടുക്കൽ വരുമ്പോൾ അവർ (ദൂതൻമാർ) പറയും: "നിങ്ങൾ അല്ലാഹുവിനു പുറമെ വിളിച്ചു (പ്രാർത്ഥിച്ചു) കൊണ്ടിരുന്നവ എവിടെ (പ്പോയി)?!" അവർ (മറുപടി) പറയും: "അവർ ഞങ്ങളെ വിട്ടു മറഞ്ഞുപോയി!" തങ്ങൾ അവിശ്വാസികളായിരുന്നുവെന്ന് തങ്ങൾക്കു തന്നെ എതിരിൽ അവർ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നതാണ്.

അല്ലാഹുവിന് സമൻമാരുണ്ടാക്കുകയും, അവന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും ചെയ്യുന്ന അതിക്രമികളുടെ മേൽ പെട്ടെന്ന് നടപടി എടുക്കാതെ, അല്ലാഹു അവർക്ക് കണക്കാക്കിവെച്ചിട്ടുള്ള അവരുടെ വിഹിതങ്ങളെല്ലാം - ആഹാരം, ആയുസ്സ് മുതലായവ - അവർക്ക് പ്രദാനം ചെയ്ത് കൊണ്ടിരിക്കും. അവസാനം , അവധിയെത്തിയാൽ, അവരെ പിടിച്ചെടുത്ത് കൊണ്ട് പോകാൻ വേണ്ടി അവരെ സമീപിക്കുന്ന, മലക്കുകൾ അവരോട് “നിങ്ങൾ ആരാധിച്ച് കൊണ്ടിരുന്ന ആ ദൈവങ്ങളൊക്കെ നിങ്ങളെ സഹായിക്കാതെ എവിടെ പോയി” എന്ന് പരിഹാസപൂർവ്വം ചോദിക്കുമ്പോൾ അവർ ഇപ്രകാരം മറുപടി പറയും’ “അവരൊക്കെ ഒരു ഉപകാരവും നല്കാതെ ഞങ്ങളെ വിട്ട് പിരിഞ്ഞ് പോയി” എന്ന്.

അങ്ങനെ, മരണം വരെ തങ്ങൾ സത്യനിഷേധികളായിരുന്നുവെന്ന് അവർ തന്നെ അവർക്കെതിരെ സാക്ഷ്യപെടുത്തുകയും ചെയ്യും.

---

**വചനം 38, 39**

قَالَ ٱدۡخُلُواْ فِيٓ أُمَمٖ قَدۡ خَلَتۡ مِن قَبۡلِكُم
مِّنَ ٱلۡجِنِّ وَٱلۡإِنسِ فِي ٱلنَّارِۖ كُلَّمَا دَخَلَتۡ
أُمَّةٞ لَّعَنَتۡ أُخۡتَهَاۖ حَتَّىٰٓ إِذَا ٱدَّارَكُواْ فِيهَا
جَمِيعٗا قَالَتۡ أُخۡرَىٰهُمۡ لِأُولَىٰهُمۡ رَبَّنَا هَٰٓؤُلَآءِ
أَضَلُّونَا فَـَٔاتِهِمۡ عَذَابٗا ضِعۡفٗا مِّنَ ٱلنَّارِۖ قَالَ
لِكُلّٖ ضِعۡفٞ وَلَٰكِن لَّا تَعۡلَمُونَ ٣٨

38 അവൻ (അല്ലാഹു) പറയും: “ജിന്നുകളിൽ നിന്നും, മനുഷ്യരിൽനിന്നുമായി നിങ്ങളുടെ മുമ്പ് കഴിഞ്ഞുപോയിട്ടുള്ള സമുദായങ്ങളുടെ കൂട്ടത്തിൽ നരകത്തിൽ പ്രവേശിച്ചു കൊള്ളുവിൻ!” ഓരോ സമുദായവും(അതിൽ) പ്രവേശിക്കുമ്പോഴൊക്കെ അതിൻെറ സഹോദരിയെ (സഹോദര സമുദായത്തെ) അത് ശപിക്കുന്നതാണ്. അങ്ങനെ, അവർ മുഴുവനും അതിൽവെച്ച് പരസ്പരം കണ്ടുമുട്ടി (ഒരു മിച്ചുകൂടി)യാൽ, അവരിൽ അവസാനത്തേവർ ആദ്യത്തേവരെക്കുറിച്ചു പറയും: “ഞങ്ങളുടെ റബ്ബേ! ഇക്കൂട്ടർ ഞങ്ങളെ വഴിപിഴപ്പിച്ചിരിക്കുന്നു; അതിനാൽ, അവർക്ക് നരകത്തിൽ നിന്നും ഇരട്ടി ശിക്ഷ നീ കൊടുക്കേണമേ!” അവൻ പറയും: “എല്ലാവർക്കുമുണ്ട് ഇരട്ടി. പക്ഷെ, നിങ്ങൾ അറിയുന്നില്ല.”

وَقَالَتۡ أُولَىٰهُمۡ لِأُخۡرَىٰهُمۡ فَمَا كَانَ
لَكُمۡ عَلَيۡنَا مِن فَضۡلٖ فَذُوقُواْ ٱلۡعَذَابَ
بِمَا كُنتُمۡ تَكۡسِبُونَ ٣٩

39 അവരിൽ ആദ്യത്തേവർ, അവസാനത്തേവരോടു പറയും: “അപ്പോൾ, നിങ്ങൾക്കു ഞങ്ങളേക്കാൾ ഒരു ശ്രേഷ്ഠതയുമില്ല; ആകയാൽ, നിങ്ങൾ (പ്രവർത്തിച്ചു) സമ്പാദിച്ചിരുന്നതു നിമിത്തം നിങ്ങൾ ശിക്ഷ ആസ്വദിച്ചു കൊള്ളുവിൻ”.

---

അവിശ്വാസികൾ , പിന്നീടു, മരണാനന്തരം ഖിയാമത്ത് നാളിലെ ശിക്ഷ അനുഭവിക്കുമ്പോൾ, പിൻ സമുദായക്കാരും, മുൻ സമുദായക്കാരും, പരസ്പരം പഴിക്കുന്നു. ഇവരാണ്, ഇവരുടെ മാതൃകയും പാരമ്പര്യവും ഉപദേശങ്ങളുമാണ് ഞങ്ങളെ വഴിതെറ്റിച്ചതെന്നും, ആയതിനാൽ ഇവരുടെ ശിക്ഷ ഇരട്ടിപ്പിക്കണമേ എന്നും പിൻകാലക്കാർ, മുൻകാലക്കാരെപറ്റി അല്ലാഹുവിനോട് പറയും. എന്നാൽ മറ്റുള്ളവരെ വഴിപിഴപ്പിച്ചതിന് മുൻസമുദായക്കാർക്കും, അവരെ അന്ധമായി അനുകരിച്ചതിന് പിൻ തലമുറക്കാർക്കും ഒരു പോലെ ഇരട്ടി ശിക്ഷ അനുഭവിക്കുവിൻ എന്നായിരിക്കും അല്ലാഹുവിന്റെ മറുപടി.

അപ്പോൾ അവരിൽ മുൻതലമുറക്കാർ പിൻ തലമുറക്കാരോട് ഇപ്രകാരം പറയും: “നിങ്ങൾ ചെയ്തതിന്റെ ഫലം നിങ്ങൾ തന്നെ അനുഭവിച്ചേക്കുക ;ഞങ്ങളുടെ മേൽ കുറ്റം ചുമത്തി ഒഴിവാകാമെന്ന് വ്യാമോഹിക്കേണ്ട”

അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ . ആമീൻ

**വിഭാഗം 5**

**വചനം 40,41**

إِنَّ ٱلَّذِينَ كَذَّبُواْ بِـَٔايَـٰتِنَا وَٱسْتَكْبَرُواْ عَنْهَا لَا تُفَتَّحُ لَهُمْ أَبْوَٰبُ ٱلسَّمَآءِ وَلَا يَدْخُلُونَ ٱلْجَنَّةَ حَتَّىٰ يَلِجَ ٱلْجَمَلُ فِى سَمِّ ٱلْخِيَاطِ ۚ وَكَذَٰلِكَ نَجْزِى ٱلْمُجْرِمِينَ ﴿٤٠﴾

40 നിശ്ചയമായും, നമ്മുടെ 'ആയത്ത്' (ലക്ഷ്യം) കളെ വ്യാജമാക്കുകയും, അവയെപ്പറ്റി അഹംഭാവം നടിക്കുകയും ചെയ്തവർ, അവർക്ക് ആകാശത്തിൻെറ വാതിലുകൾ തുറന്നു കൊടുക്കപ്പെടുകയില്ല; സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം കടന്നു പോകുന്നതു വരേക്കും അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുമില്ല. അപ്രകാര മത്രെ, കുറ്റവാളികൾക്ക് നാം പ്രതിഫലം നൽകുന്നത്.

لَهُم مِّن جَهَنَّمَ مِهَادٌ وَمِن فَوْقِهِمْ غَوَاشٍ ۚ وَكَذَٰلِكَ نَجْزِى ٱلظَّـٰلِمِينَ ﴿٤١﴾

41 അവർക്ക് 'ജഹന്നമി'ൽ (നരകത്തിൽ) നിന്നും (അടിയിൽ) വിരുപ്പുണ്ടായിരിക്കും; അവരുടെ മീതെക്കൂടി പുതപ്പുകളുമുണ്ടായിരിക്കും. അപ്രകാരമത്രെ, അക്രമികൾക്ക് നാം പ്രതിഫലം കൊടുക്കുന്നത്.

"അവർക്ക് ആകാശത്തിന്റെ വാതിലുകൾ തുറന്ന് കൊടുക്കപ്പെടുകയില്ല" എന്ന് പറഞ്ഞതിന്റെ താല്പര്യം, അവരുടെ കർമ്മങ്ങൾക്കും, ആത്മാക്കൾക്കും മേൽപോട്ട് പ്രവേശനം നല്കപ്പെടുകയില്ല എന്നാകുന്നു. അവരുടെ പ്രാർത്ഥന സ്വീകരിക്കപ്പെടുകയില്ല എന്നും ആകാവുന്നതാണ്.

സത്യവിശ്വാസികളുടെ ആത്മാക്കൾക്ക് മരണാനന്തരം , ആകാശത്തെ മലക്കുകളിൽ നിന്നും സ്വാഗതവും സ്വീകരണവും ലഭിക്കുമെന്നും, അവിശ്വാസികളുടെ ആത്മാക്കൾക്ക് മേൽപോട്ടുള്ള പ്രവേശനം തടയപ്പെടുമെന്നും പല ഹദീസുകളിലും പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണ് (അ , ദാ , ന ജ).

"ഒട്ടകം സൂചിയുടെ ദ്വാരത്തിലൂടെ കടക്കുന്നത് വരെ" എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, ഒരുകാലത്തും അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല ;അത് അസംഭവ്യമാകുന്നു എന്നത്രെ.

41 ാം വചനത്തിൽ , നരകവാസികൾ, അടിയിലും മുകളിലുമെല്ലാം , നരകാഗ്നിയാൽ മൂടപ്പെട്ടിരിക്കുമെന്നത്, പരിഹാസപൂർവ്വം വിരുപ്പിനോടും പുതപ്പിനോടും അല്ലാഹു ഉപമിച്ചിരിക്കുന്നു.

നരകശിക്ഷയിൽ നിന്നും അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ (ആമീൻ)

**വചനം 42**

وَٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّـٰلِحَـٰتِ لَا نُكَلِّفُ نَفْسًا إِلَّا وُسْعَهَآ أُوْلَـٰٓئِكَ أَصْحَـٰبُ ٱلْجَنَّةِ ۖ هُمْ فِيهَا خَـٰلِدُونَ ﴿٤٢﴾

42 വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, ഒരു വ്യക്തിയോടും (ആളോടും) അതിൻെറ കഴിവ(നുസരിച്ച)ല്ലാതെ നാം ശാസിക്കുന്നില്ല- അക്കൂട്ടർ, സ്വർഗ്ഗത്തിൻെറ ആൾക്കാരാകുന്നു; അവർ അതിൽ സ്ഥിരവാസികളായിരിക്കും.

---

വിശ്വസിക്കുകയും അതോടൊപ്പം സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും, ചെയ്യുന്നവർ സ്വർഗ്ഗവാസികളായിരിക്കുമെന്നും അവരതിൽ ശാശ്വതരായിരിക്കുമെന്നും സന്തോഷവാർത്ത അല്ലാഹു അറിയിക്കുന്നു. ഓരോരുത്തരുടെയും കഴിവനുസരിച്ചല്ലാതെ, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുവാൻ, ആരോടും ശാസിക്കുകയില്ലെന്ന് പ്രത്യേകം ഉണർത്തിയത് ശ്രദ്ധേയമാകുന്നു.

**വചനം 43**

وَنَزَعْنَا مَا فِى صُدُورِهِم مِّنْ غِلٍّ تَجْرِى

43 ഉൾപകയായി (അഥവാ വിദ്വേഷമായി) അവരുടെ നെഞ്ചു (ഹൃദയം) കളിലുള്ളത്

مِن تَحۡتِهِمُ ٱلۡأَنۡهَٰرُۖ وَقَالُواْ ٱلۡحَمۡدُ لِلَّهِ ٱلَّذِي هَدَىٰنَا لِهَٰذَا وَمَا كُنَّا لِنَهۡتَدِيَ لَوۡلَآ أَنۡ هَدَىٰنَا ٱللَّهُۖ لَقَدۡ جَآءَتۡ رُسُلُ رَبِّنَا بِٱلۡحَقِّۖ وَنُودُوٓاْ أَن تِلۡكُمُ ٱلۡجَنَّةُ أُورِثۡتُمُوهَا بِمَا كُنتُمۡ تَعۡمَلُونَ ﴿٤٣﴾

(എല്ലാം) നാം നീക്കിക്കളയുന്നതുമാണ്. അവരുടെ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അവർ പറയുകയും ചെയ്യും: "ഞങ്ങളെ ഇതിലേക്ക് വഴി ചേർത്തു തന്നവനായ അല്ലാഹുവിനു (സർവ്വ) സ്തുതി?- അല്ലാഹു ഞങ്ങളെ വഴിചേർത്തു തന്നിട്ടില്ലായിരുന്നെങ്കിൽ, ഞങ്ങൾ നേർമ്മാർഗ്ഗം പ്രാപിക്കുമായിരുന്നില്ല. തീർച്ചയായും, ഞങ്ങളുടെ റബ്ബിൻെറ 'റസൂലു'കൾ യഥാർത്ഥവുമായി (ത്തന്നെ) വരുകയുണ്ടായി." അവരോട് വിളിച്ചു പറയപ്പെടുകയും ചെയ്യും: "അതാ സ്വർഗ്ഗം! നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതു നിമിത്തം നിങ്ങൾക്ക് അത് അവകാശമായി നൽകപ്പെട്ടിരിക്കുന്നു" എന്ന് !

---

സ്വർഗ്ഗവാസികളിൽ പരസ്പരം അസൂയയോ വെറുപ്പോ വിദ്വേഷങ്ങളോ അവശേഷിക്കുകയില്ല, അവരുടെ ഹൃദയങ്ങളെ അത്തരം മാലിന്യങ്ങളിൽ നിന്ന് അല്ലാഹു ശുദ്ധമാക്കും.

നിങ്ങൾക്ക് വാർദ്ധക്യവും, രോഗവും മരണവും ഒന്നും ഇനി ബാധിക്കുകയില്ല എന്ന് സ്വർഗ്ഗവാസികളോട് വിളിച്ച് പറയപ്പെടും എന്ന് നബി(സ) അരുളിയിരിക്കുന്നു. (അ, മു, ദാരിമി, ഇബ്നു ജരീർ)

"നിങ്ങൾ പ്രവർത്തിച്ചിരുന്നത് നിമിത്തം നിങ്ങൾക്ക് അത് - സ്വർഗ്ഗം - അവകാശമായി നൽകപ്പെട്ടിരിക്കുന്നു" എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, സ്വർഗ്ഗ ലബ്ധിക്ക് കാരണമാകുന്നത്, നാം സൽക്കർമ്മങ്ങൾ ചെയ്യുന്നത് കൊണ്ട് മാത്രമല്ല - നമ്മുടെ സൽക്കർമ്മങ്ങൾ അവന്റെ അനുഗ്രഹം കൊണ്ട് അല്ലാഹു സ്വീകരിക്കുന്നതു കൊണ്ടുമാണ് എന്നാകുന്നു.

നബി (സ) ഒരിക്കൽ ഇപ്രകാരം പറഞ്ഞു: "ഒരാളെയും, എന്നെപ്പോലും - സ്വന്തം കർമ്മങ്ങൾ മാത്രം സ്വർഗ്ഗത്തിൽ പറഞ്ഞയക്കുകയില്ല; അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും കൊണ്ട് അവൻ നമ്മെ മൂടിയാലല്ലാതെ."

---

**വചനം 44, 45**

وَنَادَىٰٓ أَصۡحَٰبُ ٱلۡجَنَّةِ أَصۡحَٰبَ ٱلنَّارِ أَن قَدۡ وَجَدۡنَا مَا وَعَدَنَا رَبُّنَا حَقّٗا فَهَلۡ وَجَدتُّم مَّا وَعَدَ رَبُّكُمۡ حَقّٗاۖ قَالُواْ نَعَمۡۚ فَأَذَّنَ مُؤَذِّنُۢ بَيۡنَهُمۡ أَن لَّعۡنَةُ ٱللَّهِ عَلَى ٱلظَّٰلِمِينَ ﴿٤٤﴾

ٱلَّذِينَ يَصُدُّونَ عَن سَبِيلِ ٱللَّهِ وَيَبۡغُونَهَا عِوَجٗا وَهُم بِٱلۡأٓخِرَةِ كَٰفِرُونَ ﴿٤٥﴾

44 സ്വർഗ്ഗത്തിലെ ആൾക്കാർ നരകത്തിലെ ആൾക്കാരെ വിളിച്ചു പറയും: "ഞങ്ങളുടെ റബ്ബ് ഞങ്ങളോടു വാഗ്ദത്തം ചെയ്തതു യഥാർത്ഥമായി ഞങ്ങൾ (അനുഭവത്തിൽ) കണ്ടെത്തിക്കഴിഞ്ഞു; എന്നാൽ, നിങ്ങളുടെ റബ്ബ് വാഗ്ദത്തം ചെയ്തത് നിങ്ങൾ യഥാർത്ഥമായി കണ്ടെത്തിയോ?" അവർ പറയും: "അതെ." അപ്പോൾ, അവരുടെ ഇടയിൽ ഒരാൾ (ഉറക്കെ) വിളിച്ചു പറയും: "അല്ലാഹുവിൻെറ ശാപം അക്രമികളുടെ മേലുണ്ടായിരിക്കുമെന്ന്;-

45 അതായത്, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് (ആളുകളെ) തിരിച്ചു വിടുകയും, അതിന് വളവു (ണ്ടാകണമെന്ന്) ആഗ്രഹിക്കുകയും ചെയ്യുന്നവർ; അവരാകട്ടെ, പരലോകത്തിൽ അവിശ്വാസികളുമാണ്. (ഇങ്ങിനെയുള്ളവരുടെ മേൽ അല്ലാഹുവിൻെറ ശാപമുണ്ടായിരിക്കുമെന്ന്.)

"അല്ലാഹു സജ്ജനങ്ങൾക്ക് പ്രവാചകൻമാർ മുഖേന വാഗ്ദാനം ചെയ്തിട്ടുള്ള സദ്ഫലങ്ങൾ ഞങ്ങൾ അനുഭവിച്ച് കഴിഞ്ഞു; ദുർജ്ജനതയ്ക്ക് നൽകുമെന്ന് അവൻ താക്കീത് ചെയ്തിരുന്ന ശിക്ഷകൾ നിങ്ങൾക്ക് അനുഭവപ്പെട്ടുവോ" എന്ന് സ്വർഗ്ഗവാസികൾ ആക്ഷേപ രൂപത്തിലും പരിഹാസത്തോടെയും നരകത്തിലുള്ളവരോട് വിളിച്ച് ചോദിക്കുന്നു. അത്യന്തം വ്യസനത്തോടെ 'അതെ' എന്നവർ ഉത്തരം പറയും.

അക്രമികളുടെ മേലാണ് അല്ലാഹുവിന്റെ ശാപമുള്ളതെന്ന് ഒരു വക്താവ് - ഇത് വല്ല മലക്കുകളുമായിരിക്കാം - വിളിച്ച് പറയും.

അക്രമികൾ എന്ന് പറഞ്ഞത് ആരെ പറ്റിയാണെന്ന് തുടർന്നുള്ള വചനത്തിൽ അല്ലാഹു വിവരിക്കുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് അവർ ആളുകളെ തിരിച്ച് കളയുന്നു. അല്ലാഹുവിന്റെ മാർഗ്ഗം വക്രമായി കാണാൻ അവർ ആഗ്രഹിക്കുന്നു, പരലോകത്തിൽ അവർ അവിശ്വസിക്കുകയും ചെയ്യുന്നു - അക്കൂട്ടരത്രേ അക്രമികൾ.

---

**വചനം 46, 47**

وَبَيْنَهُمَا حِجَابٌ ۚ وَعَلَى ٱلْأَعْرَافِ رِجَالٌ يَعْرِفُونَ كُلًّا بِسِيمَىٰهُمْ ۚ وَنَادَوْا۟ أَصْحَٰبَ ٱلْجَنَّةِ أَن سَلَٰمٌ عَلَيْكُمْ ۚ لَمْ يَدْخُلُوهَا وَهُمْ يَطْمَعُونَ ﴿٤٦﴾

46 അത് രണ്ടിനുമിടയിൽ ഒരു മറയുണ്ട്: 'അഅ്റാഫി'ൻമേൽ ചില പുരുഷൻമാരുമുണ്ട്. എല്ലാവരെയും അവരുടെ അടയാളങ്ങൾ കൊണ്ട് അവർ അറിയുന്നതാണ്. അവർ സ്വർഗ്ഗത്തിലെ ആൾക്കാരെ വിളിച്ചുപറയും: "നിങ്ങൾക്കു സലാം (സമാധാനശാന്തി) ഉണ്ടാവട്ടെ" എന്ന്. അവർ അതിൽ പ്രവേശിച്ചിട്ടില്ല-അവരാകട്ടെ (അതിന്) മോഹിച്ചുകൊണ്ടിരിക്കുന്നു.

۞ وَإِذَا صُرِفَتْ أَبْصَٰرُهُمْ تِلْقَآءَ أَصْحَٰبِ ٱلنَّارِ قَالُوا۟ رَبَّنَا لَا تَجْعَلْنَا مَعَ ٱلْقَوْمِ ٱلظَّٰلِمِينَ ﴿٤٧﴾

47 അവരുടെ ദൃഷ്ടികൾ നരകത്തിലെ ആൾക്കാരുടെ നേരെ തിരിക്കപ്പെട്ടാൽ, അവർ പറയും: ''ഞങ്ങളുടെ റബ്ബേ ഞങ്ങളെ (ഈ) അക്രമികളായ ജനങ്ങളുടെകൂടെ ആക്കരുതേ!"

---

സ്വർഗ്ഗക്കാരുടെയും നരകക്കാരുടെയും ഇടയിൽ (സ്വർഗ്ഗത്തിനും നരകത്തിനും ഇടയിൽ) ഒരു അതിർത്തി മറയുണ്ട്. ഈ മറയെ ഉദ്ദേശിച്ചാണ് അഅ്റാഫ് (ഉന്നത സ്ഥലങ്ങൾ) എന്ന് പറയപ്പെടുന്നത്. അകലെ നിന്നും തെളിഞ്ഞു കാണപ്പെടുന്ന കുന്ന്, മേട, പൂവൻ കോഴിയുടെ പൂവ് എന്നിവക്കെല്ലാം ഉപയോഗിക്കുന്ന عرف (ഉർഫ്) എന്ന വാക്കിന്റെ ബഹുവചനമാണ് اعراف (അഅ്റാഫ്) എന്ന പദം.

''അഅ്റാഫിൽ ചില പുരുഷൻമാരുണ്ട്'' എന്ന വചനത്തെക്കുറിച്ച്, അവർ പ്രവാചകൻമാർ, രക്തസാക്ഷികൾ, പണ്ഡിതൻമാർ മുതലായ ഉന്നതരായ ആൾക്കാരാണെന്നും, അതല്ല അവർ താഴ്ന്ന പടിയിലുള്ള ആൾക്കാരാണെന്നും രണ്ട് അഭിപ്രായങ്ങളുണ്ട്. എന്നാൽ തുടർന്ന് വരുന്ന "അവർ സ്വർഗ്ഗത്തിൽ പ്രവേശിച്ചിട്ടില്ല, അവർ അതിന് മോഹിക്കുന്നു" എന്ന വചനത്തിൽ നിന്നും രണ്ടാമത്തെ അഭിപ്രായമാണ് കൂടതുൽ ശരിയെന്ന് മനസ്സിലാക്കാവുന്നതാണ്. മാത്രമല്ല "ഞങ്ങളെ അക്രമികളോട് കൂടി ആക്കരുതേ" എന്ന അവരുടെ പ്രാർത്ഥനയും ഈ അഭിപ്രായത്തിനാണ് കൂടുതൽ മുൻഗണന നൽകുന്നത്.

ഇബ്നു മസ്ഊദ്(റ) ൽ നിന്ന് സഈദ്ബ്നുൽ മുസയ്യബ് (റ) ഉദ്ധരിച്ച ഒരു റിവായത്ത് ഈ വിഷയസംബന്ധമായി കൂടതുൽ വിശദീകരിക്കുന്നു.

ഖിയാമത്ത് നാളിൽ നൻമ തിൻമകളെ തൂക്കി കണക്കാക്കുന്നതിനെ പറ്റി പ്രതിപാദിക്കുന്ന ഈ സൂറത്തിലെ 8 ഉം 9 ഉം വചനങ്ങൾ ഓതിയതിന് ശേഷം, ഇബ്നു മസ്ഊദ് (റ) പറഞ്ഞു: "അപ്പോൾ ഏതൊരു കൂട്ടരുടെ നൻമകളും തിൻമകളും സമമായോ, അവരാണ് അഅ്റാഫിന്റെ ആൾക്കാർ. അവർ സ്വർഗ്ഗക്കാരെ നോക്കുമ്പോൾ അവർക്ക് സലാം പറയും, നരകക്കാരിലേക്ക് നോക്കുമ്പോൾ അവർ പ്രാർത്ഥിക്കും; "റബ്ബേ നീ ഞങ്ങളെ അക്രമികളുടെ കൂടെ ആക്കരുതേ എന്ന്".

അഅ്റാഫിലെ ആൾക്കാരുടെ പ്രകാശം നഷ്ടപ്പെട്ടിട്ടുണ്ടായിരിക്കുകയില്ല. അങ്ങനെ അല്ലാഹുവിന്റെ കാരുണ്യം കൊണ്ടും ഔദാര്യം കൊണ്ടും അവരുടെ പ്രവേശനം, അവസാനം സ്വർഗ്ഗത്തിലേക്ക് തന്നെ ആയിത്തീരും - അവർ അതിന് മോഹിച്ച് കൊണ്ടിരുന്നത് പോലെ.

46-ാം വചനത്തിൽ **يعرفون كلا بسيماهم** (എല്ലാവരേയും അവരുടെ അടയാളം കൊണ്ട് അവർ അറിയും) എന്ന് പറഞ്ഞതിന്റെ സാരം സുകൃതവാൻമാരായ സ്വർഗ്ഗക്കാരുടെ മുഖം സന്തോഷം കൊള്ളുന്നവയും, തെളിഞ്ഞവയും ചിരിക്കുന്നവയും ആയിരിക്കുമെന്നും, അവിശ്വാസികളുടെത് പൊടി മൂടിയവയും, ഇരുണ്ടതുമായിരിക്കും എന്നുമുള്ള (80:38 - 42) അല്ലാഹുവിന്റെ വചനങ്ങളിലൂടെ വ്യക്തമാണല്ലോ.

## വിഭാഗം 6

**വചനം 48, 49**

وَنَادَىٰٓ أَصۡحَٰبُ ٱلۡأَعۡرَافِ رِجَالٗا يَعۡرِفُونَهُم بِسِيمَىٰهُمۡ قَالُواْ مَآ أَغۡنَىٰ عَنكُمۡ جَمۡعُكُمۡ وَمَا كُنتُمۡ تَسۡتَكۡبِرُونَ ﴿٤٨﴾

أَهَٰٓؤُلَآءِ ٱلَّذِينَ أَقۡسَمۡتُمۡ لَا يَنَالُهُمُ ٱللَّهُ بِرَحۡمَةٍۚ ٱدۡخُلُواْ ٱلۡجَنَّةَ لَا خَوۡفٌ عَلَيۡكُمۡ وَلَآ أَنتُمۡ تَحۡزَنُونَ ﴿٤٩﴾

48 'അഅ്റാഫി'ലെ ആൾക്കാർ ചില പുരുഷൻമാരെ വിളിക്കും, അവരുടെ അടയാളം കൊണ്ട് അവരെ അവർ അറിയുന്നതാണ് അവർ പറയും: "നിങ്ങളുടെ ശേഖരണവും, നിങ്ങൾ അഹംഭാവം നടിച്ചുകൊണ്ടിരുന്നതും നിങ്ങൾക്ക് എന്താണ് ഉപകരിച്ചത് ?!

49 "(ഇതാ) ഇക്കൂട്ടരാണോ അല്ലാഹു അവർക്ക് ഒരു കാരുണ്യവും കൊടുക്കുകയില്ലെന്നു (പറഞ്ഞ്) നിങ്ങൾ സത്യം ചെയ്തവർ?! "നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുവിൻ, നിങ്ങളുടെ മേൽ യാതൊരു ഭയവുമില്ല, നിങ്ങൾ വ്യസനപ്പെടുകയും ചെയ്കയില്ല" (എന്നാണല്ലോ അവരോട് പറയപ്പെട്ടത്)."

ജന സ്വാധീനം, കക്ഷിബലം, ധനപെരുപ്പം എന്നിവയാൽ അഹങ്കരിച്ചിരുന്നവരും, ഇപ്പോൾ നരകശിക്ഷ അനുഭവിച്ചു കൊണ്ടിരിക്കുന്നവരുമായ നേതാക്കളോട് 'അഅ്റാഫി'ലെ ആൾക്കാർ അധിക്ഷേപിച്ചും പരിഹസിച്ചും കൊണ്ട് പറയുന്ന ചില വാക്കുകളാണ് അല്ലാഹു ഉദ്ധരിച്ചത്. അത്തരം അഹങ്കാരികൾ എല്ലാ കാലത്തും പ്രവാചകൻമാരെ അവിശ്വസിക്കുകയും അവരെ ആക്ഷേപിക്കുകയും ചെയ്ത് കൊണ്ടിരുന്നവരാണ് (സൂറ: 34:34, 35) കാണുക. ഉത്തരക്കാരെ മേൽ ചൂണ്ടിക്കാട്ടിയത് പോലെയുള്ള അടയാളങ്ങൾ മുഖേന അഅ്റാഫിലുള്ളവർ തിരിച്ചറിയുകയും, അവരോട് ഇപ്രകാരം വിളിച്ച് പറയുകയും ചെയ്യും.

"നിങ്ങളുടെ ഗർവ്വും അഹങ്കാരവുമൊക്കെ കൊണ്ട് നിങ്ങൾക്ക് എന്ത് പ്രയോജനമാണ് ലഭിച്ചത്. ഇപ്പോൾ സ്വർഗ്ഗീയ ജീവിതം നയിക്കുന്നവരെ പറ്റി നിങ്ങൾ മുമ്പ് പരിഹസിച്ചിരുന്നുവല്ലോ. അവരൊക്കെ ഇപ്പോൾ സസന്തോഷം സ്വർഗ്ഗത്തിൽ പ്രവേശിക്കപ്പെട്ടുവല്ലോ. നിങ്ങളുടെ സ്ഥിതിയോ...?"

**വചനം 50, 51**

وَنَادَىٰٓ أَصۡحَٰبُ ٱلنَّارِ أَصۡحَٰبَ ٱلۡجَنَّةِ أَنۡ أَفِيضُواْ عَلَيۡنَا مِنَ ٱلۡمَآءِ أَوۡ مِمَّا رَزَقَكُمُ ٱللَّهُۚ قَالُوٓاْ إِنَّ ٱللَّهَ حَرَّمَهُمَا عَلَى ٱلۡكَٰفِرِينَ ﴿٥٠﴾

ٱلَّذِينَ ٱتَّخَذُواْ دِينَهُمۡ لَهۡوٗا وَلَعِبٗا

50 നരകത്തിലെ ആൾക്കാർ സ്വർഗ്ഗത്തിലെ ആൾക്കാരെ വിളിച്ചു പറയും: "വെള്ളത്തിൽ നിന്ന്, അല്ലെങ്കിൽ അല്ലാഹു നിങ്ങൾക്ക് (ആഹാരമായി) നൽകിയതിൽ നിന്ന് (അൽപം) നിങ്ങൾ ഞങ്ങൾക്ക് ഒഴുക്കിത്തരണേ" എന്ന്! അവർ പറയും: "നിശ്ചയമായും അല്ലാഹു, അത് രണ്ടും അവിശ്വാസികൾക്ക് നിഷിദ്ധമാക്കിയിരിക്കുന്നു;-

51 അതായത്, തങ്ങളുടെ മതത്തെ വിനോദവും കളിയുമാക്കിത്തീർക്കുകയും, ഐഹിക ജീവിതം

وَغَرَّتْهُمُ ٱلْحَيَوٰةُ ٱلدُّنْيَا ۚ فَٱلْيَوْمَ نَنسَىٰهُمْ كَمَا نَسُوا۟ لِقَآءَ يَوْمِهِمْ هَـٰذَا وَمَا كَانُوا۟ بِـَٔايَـٰتِنَا يَجْحَدُونَ ﴿٥١﴾

തങ്ങളെ വഞ്ചിക്കുകയും ചെയ്തവർക്ക്.'' (അതെ) അതിനാൽ, അവരുടെ ഈ ദിവസത്തെ കണ്ടുമുട്ടുന്നതിനെ അവർ മറന്നുകളഞ്ഞതും, നമ്മുടെ 'ആയത്തു' (ദൃഷ്ടാന്തം) കളെ അവർ നിഷേധിച്ചു കൊണ്ടിരുന്നതും പോലെ, അവരേ നാം ഇന്ന് മറന്നുകളയുന്നു.

---

വിശപ്പും ദാഹവും സഹിക്കവയ്യാതെ കഷ്ടപ്പെടുമ്പോൾ നരകക്കാർ സ്വർഗ്ഗക്കാരോടു അല്പം വെള്ളമോ മറ്റു ആഹാര പദാർത്ഥങ്ങളോ, അവർക്കു നൽകുവാനായി കേണപേക്ഷിച്ച് കൊണ്ടിരിക്കും. നരക വാസികൾക്ക് സഖ്-ഖും, ഗിസ്ലീൻ, ഹമീം, ളരീഉ് എന്നീങ്ങനെയുള്ള വിശപ്പിനും ദാഹത്തിനും ഉതകാത്ത ഭക്ഷണപാനീയങ്ങളാണ് നൽകപ്പെടുക. അവയാകട്ടെ നരകശിക്ഷയുടെ ഒരു ഭാഗവുമാകുന്നു.

നരകവാസികൾ എത്ര കേണപേക്ഷിച്ചാലും അവർക്ക് യാതൊരു അനുഗ്രഹങ്ങളും നൽകപ്പെടുന്നതല്ല. അവയെല്ലാം നരകവാസികൾക്ക് അല്ലാഹു നിഷിദ്ധമാക്കിയിരിക്കുയാണെന്ന് സ്വർഗ്ഗവാസികൾ അവർക്ക് മറുപടി നൽകും. എന്തെന്നാൽ, അവിശ്വാസികൾ, അല്ലാഹുവിന്റെ ശാസനാനിയമങ്ങളെ കളി വിനോദമാക്കികൊണ്ട്, ഐഹിക ജീവിതത്തിന് മാത്രം പ്രാധാന്യം നൽകി. ദൃഷ്ടാന്തങ്ങളെ നിഷേധിച്ച് കൊണ്ടിരുന്നവരാണ്. ഈ ദിവസത്തെ കണ്ട്മുട്ടുന്നതിനെ മറന്ന് കൊണ്ട് ഇഹലോകത്തിൽ ജീവിച്ച അവരെ അല്ലാഹു ഇന്ന് മറന്ന് കളയുന്നു. അല്ലാതെ അല്ലാഹു അവരോട് അനീതിയോ പക്ഷഭേദമോ കാണിച്ചതല്ല എന്നാകുന്നു 51-ാം വചനം ചൂണ്ടിക്കാട്ടുന്നത്.

---

**വചനം 52, 53**

وَلَقَدْ جِئْنَـٰهُم بِكِتَـٰبٍ فَصَّلْنَـٰهُ عَلَىٰ عِلْمٍ هُدًى وَرَحْمَةً لِّقَوْمٍ يُؤْمِنُونَ ﴿٥٢﴾

هَلْ يَنظُرُونَ إِلَّا تَأْوِيلَهُۥ ۚ يَوْمَ يَأْتِى تَأْوِيلُهُۥ يَقُولُ ٱلَّذِينَ نَسُوهُ مِن قَبْلُ قَدْ جَآءَتْ رُسُلُ رَبِّنَا بِٱلْحَقِّ فَهَل لَّنَا مِن شُفَعَآءَ فَيَشْفَعُوا۟ لَنَآ أَوْ نُرَدُّ فَنَعْمَلَ غَيْرَ ٱلَّذِى كُنَّا نَعْمَلُ ۚ قَدْ خَسِرُوٓا۟ أَنفُسَهُمْ وَضَلَّ عَنْهُم مَّا كَانُوا۟ يَفْتَرُونَ ﴿٥٣﴾

52 തീർച്ചയായും, അറിഞ്ഞും കൊണ്ടു (തന്നെ) നാം വിശദീകരി(ച്ചു വിവരി)ച്ചിട്ടുള്ള ഒരു ഗ്രന്ഥം ഇവർക്കു നാം കൊണ്ടുചെന്നിട്ടുണ്ട്; വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗ്ഗദർശനവും, കാരുണ്യവുമായിട്ട്.

53 അതിൻെറ പുലർച്ചയല്ലാതെ (വല്ലതും) അവർ നോക്കി (ക്കാത്തു)കൊണ്ടിരിക്കുന്നുവോ?! അതിൻെറ പുലർച്ച വന്നെത്തുന്ന ദിവസം, മുമ്പ് അതിനെ മറന്നുകളഞ്ഞവർ പറയും: "ഞങ്ങളുടെ റബ്ബിൻെറ 'റസൂലു'കൾ യഥാർത്ഥവും കൊണ്ടു ഞങ്ങൾക്കു വരുകയുണ്ടായി. (അന്ന് ഞങ്ങളതു വിശ്വസിച്ചില്ല) ഇനി, ഞങ്ങൾക്കു വല്ല ശുപാർശക്കാരും ഉണ്ടോ-എന്നാലവർ ഞങ്ങൾക്കു വേണ്ടി ശുപാർശ ചെയ്യുമായിരുന്നു?!-അല്ലെങ്കിൽ, ഞങ്ങൾ മടക്കപ്പെടുമോ? എന്നാൽ ഞങ്ങൾ (മുമ്പു) പ്രവർത്തിച്ചിരുന്നതല്ലാത്തത് (സൽക്കർമ്മങ്ങൾ) ഞങ്ങൾ പ്രവർത്തിക്കുമായിരുന്നു!" (അതെ) അവർ തങ്ങളെത്തന്നെ നഷ്ടപ്പെടുത്തിക്കളഞ്ഞു. അവർ കെട്ടിച്ചമച്ചിരുന്നത് (ഒക്കെയും) അവരെ വിട്ടു മറഞ്ഞുപോകയും ചെയ്തു.

---

വിശ്വസിക്കുന്നവർക്ക് കാരുണ്യമായിട്ട് വേണ്ടത്ര മാർഗ്ഗദർശനങ്ങളും അനുഗ്രഹങ്ങളും സഹിതം ആവശ്യമായ വിശദീകരണങ്ങളോടു കൂടിയുള്ള മഹത്തായ ഒരു ഗ്രന്ഥം (വി.ഖുർആൻ) അവർക്ക് നൽകിക്കഴിഞ്ഞിരിക്കുന്നു. എന്നിട്ടും സത്യനിഷേധികൾ അതിൽ വിശ്വസിക്കാതെ, വേറെയെന്താണവർക്ക്

കാത്തിരിക്കുവാനുള്ളത്. ആ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള യാഥാർത്ഥ്യങ്ങൾ പുലർന്ന് അനുഭവത്തിൽ കാണുക മാത്രമാണവർ കാത്തിരിക്കുന്നതെങ്കിൽ അതവർക്ക് നല്ലതിനല്ല. ആ സന്ദർഭം വന്ന് കഴിഞ്ഞാൽ ഇനി എന്താണ് രക്ഷാമാർഗ്ഗം, നാം പിഴച്ച് പോയല്ലോ എന്നവർ വിലപിക്കും. ഐഹിക ജീവിതത്തിലേക്ക് ഒന്ന് കൂടി മടക്കിത്തന്നിരുന്നെങ്കിൽ, വല്ല ശുപാർശക്കാരെയും കിട്ടിയിരുന്നെങ്കിൽ എന്നൊക്കെ അവർ കൊതിച്ച് പോകും എന്നാൽ തങ്ങൾക്ക് ലഭിക്കുമായിരുന്ന രക്ഷാമാർഗ്ഗങ്ങൾ നേരത്തെതന്നെ അവർ സ്വയം നഷ്ട്പ്പെടുത്തിക്കഴിഞ്ഞു. അവർ കെട്ടിപ്പൊക്കിയ കൃത്രിമ ദൈവങ്ങളും ശുപാർശക്കാരുമൊക്കെ എങ്ങോ മറഞ്ഞ് പോകുകയും ചെയ്തു ഇനി അവർ എങ്ങനെ രക്ഷപ്പെടാനാണ്.

## വിഭാഗം 7

**വചനം 54**

إِنَّ رَبَّكُمُ ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ يُغْشِى ٱلَّيْلَ ٱلنَّهَارَ يَطْلُبُهُۥ حَثِيثًا وَٱلشَّمْسَ وَٱلْقَمَرَ وَٱلنُّجُومَ مُسَخَّرَٰتٍۭ بِأَمْرِهِۦٓ ۗ أَلَا لَهُ ٱلْخَلْقُ وَٱلْأَمْرُ ۗ تَبَارَكَ ٱللَّهُ رَبُّ ٱلْعَـٰلَمِينَ ﴿٥٤﴾

54 നിശ്ചയമായും നിങ്ങളുടെ റബ്ബ് ആകാശങ്ങളെയും, ഭൂമിയെയും ആറു ദിവസങ്ങളിലായി സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു. പിന്നെ, അവൻ 'അർശി'ൽ (സിംഹാസനത്തിൽ) ആരോഹണം ചെയ്തു. രാത്രിയെ അവൻ പകലിനു മൂടിയിടുന്നു - അത് അതിനെ ധൃതഗതിയിൽ തേടിക്കൊണ്ട്. അവൻെറ കൽപനക്കു വിധേയങ്ങളാക്കപ്പെട്ടുകൊണ്ട് സൂര്യനെയും, ചന്ദ്രനെയും, നക്ഷത്രങ്ങളെയും (അവൻ സൃഷ്ടിച്ചു.) അല്ലാ (അറിയുക)! അവൻേറതാണ് സൃഷ്ടിപ്പും, കൽപനയും. (സൃഷ്ടിക്കലും, കൽപനാധികാരവും അവൻെറ വക തന്നെ.) ലോകരുടെ രക്ഷിതാവായ അല്ലാഹു നൻമ (അഥവാ മഹത്വം) ഏറിയവനാകുന്നു.

അല്ലാഹു ആകാശഭൂമികളെ ആറു ദിവസങ്ങളിലായി സൃഷ്ടിച്ചതിനെ പറ്റി സൂ. യൂനുസ് : 3; സജദ : 4; ഫുർഖാൻ: 59; ഹദീദ് : 4; ഖാഫ് : 38; ഹൂദ് : 7; എന്നിവിടങ്ങളിലും, അർശിൽ ആരോഹണം ചെയ്തതിനെ പറ്റി ആദ്യം പറഞ്ഞ നാല് സൂറത്തുകളിലും ത്വാഹാ : 5ലും റഅ്ദ് : 2 ലും, ഇവിടെയും പ്രസ്താവിച്ചതായി കാണാം. ഇവിടെ ഈ രണ്ട് വിഷയത്തെക്കുറിച്ചും സംക്ഷിപ്തമായി വിവരിക്കുന്നു.

(1) ആറു ദിവസങ്ങൾ എന്ന് പറഞ്ഞത് നാം സാധാരണ പറയുന്നത് പോലെ ഉദയാസ്തമനങ്ങളാൽ ഉണ്ടായിത്തീരുന്ന രാവും പകലും ചേർന്ന ദിവസങ്ങളായിരിക്കാൻ തരമില്ലല്ലോ - എന്തെന്നാൽ ആകാശഭൂമികളുടെ സൃഷ്ടിയും, അവയുടെ നിലവിലുള്ള വ്യവസ്ഥയും പൂർത്തിയാകും മുമ്പ്. ഈ അർത്ഥത്തിലുള്ള ദിന രാത്രങ്ങൾ ഉണ്ടായിരിക്കുകയില്ലല്ലോ.

ഖിയാമത്ത് നാളിനെ കുറിച്ച് അമ്പതിനായിരം കൊല്ലം ദൈർഘ്യമുള്ള ഒരു ദിവസം (70:4) എന്നും, നിന്റെ റബ്ബിന്റെ അടുക്കൽ ഒരു ദിവസം, നിങ്ങൾ എണ്ണിവരുന്ന ആയിരം കൊല്ലം പോലെയാണ് (22:47) എന്നും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അപ്പോൾ ഈ ആറ് ദിവസങ്ങളെന്നത് എങ്ങനെയുള്ളതെന്നോ, അവയുടെ ദൈർഘ്യം എത്രയെന്നോ നമുക്ക് തിട്ടപ്പെടുത്തുക സാദ്ധ്യമല്ല; അതിന്റെ ആവശ്യവുമില്ല.

സൂ: ഹാമിം സജദ : 9-12 ൽ ഭൂമി, അതിലെ പർവ്വതങ്ങൾ, ആഹാരപദാർത്ഥങ്ങൾ മുതലായവ നാല് ദിവസം കൊണ്ടും, ആകാശങ്ങൾ രണ്ട് ദിവസം കൊണ്ടുമാണ് സൃഷ്ടിക്കപ്പെട്ടത് എന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

(2) അർശ് എന്ന വാക്ക് രാജകീയ സിംഹാസനം എന്ന അർത്ഥത്തിലാണ് സാധാരണ ഉപയോഗിക്കപ്പെടുന്നത്. എന്നാൽ അല്ലാഹുവിന്റെ അർശ് നെ പറ്റി അതിന്റെ പേരല്ലാതെ അതിന്റെ യാഥാർത്ഥ്യങ്ങളെ പറ്റി മനുഷ്യർക്ക് അറിയാവതല്ല. അത് മനുഷ്യന്റെ ഊഹങ്ങൾക്കും സങ്കൽപങ്ങൾക്കും അതീതമാകുന്നു.

(3) "അർശിൽ അല്ലാഹു ആരോഹണം ചെയ്തു" എന്ന വാക്യത്തിന്റെ ഭാഷാർത്ഥത്തെ മാത്രം അടിസ്ഥാനമാക്കി, അല്ലാഹു അർശിന്മേൽ ഇരിക്കുകയാണെന്നും മറ്റും സങ്കൽപിക്കുന്നത് അല്ലാഹുവിനെ സൃഷ്ടികളോട് സമപ്പെടുത്തലും, അവന്റെ ഗുണവിശേഷങ്ങളുടെ പരിശുദ്ധിയെ നിരാകരിക്കലുമാകുന്നു. അവനെ

പോലെ ഒരു വസ്തുവും ഇല്ല ليس كمثله شيئ അവന് തുല്യമായി ഒരാളും ഇല്ല ولم يكن له كفوا احد എന്നീ വചനങ്ങൾ ഉൾക്കൊള്ളുന്ന ഒരാൾക്ക്, അത്തരം അബദ്ധങ്ങൾ പിണയുകയില്ല.

"അല്ലാഹു അർശിൽ ആരോഹണം ചെയ്തു." എന്ന വാക്യത്തിന് ചില പണ്ഡിതൻമാർ അല്ലാഹു ആകാശ ഭൂമികളുടെ നിയന്ത്രണം ഏറ്റെടുത്തു. എന്ന വ്യാഖ്യാനം നൽകിവരാറുണ്ട്. വേറെ ചിലർ 'അർശ്' എന്നൊരു വസ്തു തന്നെ ഇല്ലെന്നും വ്യാഖ്യാനിക്കാറുണ്ട്. എന്നാൽ 'അർശ്' എന്ന മഹത്തായ സൃഷ്ടി യഥാർത്ഥത്തിൽ ഉണ്ടെന്നുള്ളത് ഖുർആൻ വചനങ്ങളിൽ നിന്നും നബി വചനങ്ങളിൽ നിന്നും അറിയപ്പെട്ടിട്ടുള്ളതാണെന്ന വസ്തുത വിസ്മരിക്കുകയാണാ കൂട്ടർ ചെയ്യുന്നത്.

അല്ലാഹുവിനെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുന്നവനും, അവന്റെ ഗുണവിശേഷങ്ങളായി അവൻ പറഞ്ഞതിനെ നിഷേധിക്കുന്നവനും, അവിശ്വാസിയായികുന്നു എന്ന ഇമാം ബുഖാരിയുടെ ഗുരുവായ നുഐമുബ്നു ഹമ്മാദിൽ ഖുസാഈ(റ) പറഞ്ഞിരിക്കുന്നു.

"രാത്രിയെ അവൻ പകലിന് മൂടിയിടുന്നു" എന്ന് പറഞ്ഞത് രാപകലുകളുടെ നിയന്ത്രണത്തെയും, പകലിനെ ഒരിടത്ത് ഉറച്ച് നിൽക്കുവാൻ അനുവദിക്കാതെ, രാത്രി അതിനെ പിന്തുടരുന്നതിനെയും കുറിക്കുന്നു. രാപകലുകളുടെയും, സൂര്യ ചന്ദ്ര നക്ഷത്രങ്ങളുടെയും സൃഷ്ടിയും നിയന്ത്രണങ്ങളും, ആജ്ഞാധികാരവും അവന് മാത്രമാണെന്നും, അവയിലൊന്നും ആർക്കും പങ്കില്ലെന്നും, അപ്പോൾ ഏറ്റവും മഹത്വവും നൻമയും ഉള്ള റബ്ബ് ലോക രക്ഷിതാവായ അവൻ തന്നെയാണെന്നും അല്ലാഹു പ്രഖ്യാപിക്കുന്നു.

അങ്ങനെ അല്ലാഹുവാണ് അഖില ലോകത്തിന്റെയും സൃഷ്ടാവും രക്ഷിതാവും എന്നുള്ള അവന്റെ റുബൂബിയ്യത് (**ربوبية**) അല്ലാഹു സ്ഥാപിക്കുന്നു.

തുടർന്ന് അടുത്ത വചനങ്ങളിൽ ആരാധനക്കർഹൻ അവൻ മാത്രമാണെന്ന ഉലൂഹിയ്യത്ത് (**الوهية**) ലേക്ക് അല്ലാഹു വിശ്വാസികളുടെ ശ്രദ്ധ ക്ഷണിക്കുന്നു. റുബൂബിയത്തിന്റെ സ്ഥാപനത്തെ തുടർന്ന് ഉലൂഹിയ്യതിന്റെ അനിർവാര്യത ചൂണ്ടിക്കാട്ടൽ ഖുർആനിൽ പലയിടത്തും കാണാവുന്നതാണ്.

---

**വചനം 55, 56**

ٱدْعُوا۟ رَبَّكُمْ تَضَرُّعًا وَخُفْيَةً ۚ إِنَّهُۥ لَا يُحِبُّ ٱلْمُعْتَدِينَ ﴿٥٥﴾

55 (മനുഷ്യരെ) നിങ്ങളുടെ റബ്ബിനെ താഴ്മ കാണിച്ചുകൊണ്ടും, സ്വകാര്യമായിക്കൊണ്ടും നിങ്ങൾ വിളി (ച്ചു പ്രാർത്ഥി)ക്കുവിൻ. നിശ്ചയമായും, അവൻ അതിരുവിടുന്നവരെ ഇഷ്ടപ്പെടുകയില്ല.

وَلَا تُفْسِدُوا۟ فِى ٱلْأَرْضِ بَعْدَ إِصْلَٰحِهَا وَٱدْعُوهُ خَوْفًا وَطَمَعًا ۚ إِنَّ رَحْمَتَ ٱللَّهِ قَرِيبٌ مِّنَ ٱلْمُحْسِنِينَ ﴿٥٦﴾

56 ഭൂമിയെ നന്നാക്കിയതിനു ശേഷം നിങ്ങൾ അതിൽ നാശമുണ്ടാക്കുകയും ചെയ്യരുത്. ഭയപ്പെട്ടുകൊണ്ടും, മോഹിച്ചുകൊണ്ടും അവനെ വിളി(ച്ചു പ്രാർത്ഥി)ക്കുകയും ചെയ്യുവിൻ. നിശ്ചയമായും, അല്ലാഹുവിൻെറ കാരുണ്യം സുകൃതവാൻമാരോട് അടുത്തതാകുന്നു.

---

നബി(സ) ഹദീസുകളിൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ ആരാധനകളുടെ കാമ്പും കാതലുമാണല്ലോ പ്രാർത്ഥന. പ്രാർത്ഥന അല്ലാഹുവിനോട് മാത്രമായിരിക്കണമെന്നും, അത് ഭക്തിയോടും മനസ്സിൽ കൊണ്ടും താഴ്മയോടും കൂടിയായിരിക്കണമെന്നും, സ്വകാര്യവും രഹസ്യവുമായിരിക്കണമെന്നും ആദ്യത്തെ വചനത്തിൽ അറിയിക്കുന്നു. അല്ലാഹു പ്രവാചകൻമാർ മുഖേനയും വേദഗ്രന്ഥങ്ങൾ മുഖേനയും ഭൂമിയിൽ ആവശ്യമായ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ട്, എന്നാൽ പിന്നെയും നിങ്ങൾ ആക്രമവും അനീതിയും നടത്തി കുഴപ്പമുണ്ടാക്കരുതെന്നാണ് രണ്ടാമത്തെ വചനത്തിന്റെ സാരം.

പ്രാർത്ഥനകൾ രഹസ്യമായും പതുക്കെയും മാത്രമെ പാടുള്ളുവെന്ന് നിർബന്ധമില്ല. എന്നാൽ അങ്ങനെ പ്രാർത്ഥിക്കുന്നത് പരസ്യമായും ഉച്ചത്തിലും പ്രാർത്ഥിക്കുന്നതിനേക്കാൾ കൂടുതൽ ഉത്തമമാകുന്നു. ഉച്ചത്തിൽ പ്രാർത്ഥിച്ച ജനങ്ങളോടു റസൂൽ (സ) പറയുകയുണ്ടായി. "നിങ്ങൾ ബധിരനായ ഒരാളെയോ മറഞ്ഞ് പോയ ഒരാളെയോ അല്ല വിളിച്ച് പ്രാർത്ഥിക്കുന്നത് അവൻ എല്ലാം കേൾക്കുന്നവനും, സമീപസ്ഥനുമാണ്" (ബുഖാരി)

സക്കരിയ്യാ(അ) നബി സന്താനലബ്ധിക്കായി അല്ലാഹുവിനോട് പ്രാര്‍ത്ഥിച്ച സംഭവത്തെ "അദ്ദേഹം തന്‍റെ റബ്ബിനെ സ്വകാര്യമായി വിളിച്ചപേക്ഷിച്ചു." (19:3) എന്നാണ് അല്ലാഹു വിവരിച്ചത്. പ്രാര്‍ത്ഥന മുതലായ പുണ്യ കര്‍മ്മങ്ങള്‍, സ്വകാര്യമായി നടത്തുന്നത് അവ നിഷ്കളങ്കവും ഭക്തി പൂര്‍വവും ആണെന്നതിന്‍റെ ലക്ഷണമാകുന്നു - അത് അയാളുടെ മതപരമായ പാണ്ഡിത്യമാകട്ടെ ദീര്‍ഘനേരമുള്ള നമസ്കാരങ്ങളാകട്ടെ. ഖുര്‍ആന്‍ ഹൃദിസ്തമാക്കുന്നതാകട്ടെ, അയാള്‍ നിര്‍വ്വഹിക്കുന്ന ദാനധര്‍മ്മങ്ങളാകട്ടെ.

"അതിരുവിടുന്നവനെ അവന്‍ ഇഷ്ടപ്പെടുകയില്ല" എന്ന് അല്ലാഹു പറഞ്ഞത് ഒരു പൊതു തത്വമത്രെ. പ്രാര്‍ത്ഥനയില്‍ അതിര് വിടുക എന്നതു കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്:

വളരെ ഉച്ചത്തില്‍ വിളിച്ച് പ്രാര്‍ത്ഥിക്കുക. മര്യാദകെട്ട വാക്കുകളും വാക്യങ്ങളും ഉപയോഗിക്കുക, ഇന്ന കാര്യങ്ങള്‍ ഇന്നിന്നപോലെ വേണമെന്ന് കണിശമായി പറയുക, അല്ലാഹുവിങ്കല്‍ തൃപ്തികരമല്ലാത്ത കാര്യങ്ങള്‍ക്ക് വേണ്ടി പ്രാര്‍ത്ഥിക്കുക, ഉദ്ദേശിച്ചപോലെ ഉത്തരം കിട്ടാത്തതില്‍ അസഹിഷ്ണുത പ്രകടിപ്പിക്കുക മുതലായവയെല്ലാം, പ്രാര്‍ത്ഥനയിലെ അതിരു കവിയലില്‍ ഉള്‍പ്പെടുന്നു.

പ്രാര്‍ത്ഥന ഭക്തിയോടും ശുഭ പ്രതീക്ഷയോടെയും അല്ലാഹുവിന്‍റെ ശിക്ഷ, കോപം, പ്രാര്‍ത്ഥന സ്വീകരിക്കപ്പെടായ്ക ആദിയായവയെക്കുറിച്ചുള്ള ഭയപ്പാടോടെയും ആയിരിക്കണം. മേല്‍ പ്രസ്താവിച്ച നിര്‍ദ്ദേശങ്ങളും ഉപദേശങ്ങളും അനുസരിക്കുന്നവരാണ് നിഷ്ക്കളങ്കരായ സുകൃതവാന്‍മാരെന്നും, അല്ലാഹുവിന്‍റെ കാരുണ്യം ലഭിക്കുവാന്‍ ഏളുപ്പമുള്ളത് അവര്‍ക്കാണെന്നും അവസാനമായി അല്ലാഹു ഉണര്‍ത്തുന്നു.

**വചനം 57**

وَهُوَ ٱلَّذِى يُرْسِلُ ٱلرِّيَٰحَ بُشْرًۢا بَيْنَ يَدَىْ رَحْمَتِهِۦ ۖ حَتَّىٰٓ إِذَآ أَقَلَّتْ سَحَابًا ثِقَالًا سُقْنَٰهُ لِبَلَدٍ مَّيِّتٍ فَأَنزَلْنَا بِهِ ٱلْمَآءَ فَأَخْرَجْنَا بِهِۦ مِن كُلِّ ٱلثَّمَرَٰتِ ۚ كَذَٰلِكَ نُخْرِجُ ٱلْمَوْتَىٰ لَعَلَّكُمْ تَذَكَّرُونَ ﴿٥٧﴾

57 അവനത്രെ, തന്‍റെ കാരുണ്യത്തിന്‍റെ (മഴയുടെ) മുമ്പിലായി ഒരു സന്തോഷവാര്‍ത്തയായിക്കൊണ്ട് കാറ്റുകളെ അയക്കുന്നവന്‍. അങ്ങനെ, അവ ഘനത്ത മേഘങ്ങളെ (പൊക്കി) വഹിച്ചാല്‍, വല്ല നിര്‍ജ്ജീവമായ നാട്ടിലേക്കും നാം അതിനെ നയിച്ചുകൊണ്ടുപോകുന്നു: എന്നിട്ട്, നാം (അല്ലാഹു) അതില്‍ വെള്ളം ഇറക്കുകയും, എന്നിട്ട് അതുമൂലം എല്ലാ ഫലവര്‍ഗ്ഗങ്ങളെയും നാം പുറപ്പെടുവിക്കുകയും ചെയ്യുന്നു. അതുപോലെ, നാം മരണപ്പെട്ടവരെ (വീണ്ടും ജീവിപ്പിച്ചു) പുറപ്പെടുവിക്കുന്നു. നിങ്ങള്‍ ഉറ്റാലോചിച്ചു നോക്കിയേക്കാമല്ലോ.

അല്ലാഹുവിന്‍റെ അനുഗ്രഹമാകുന്ന മഴയുടെ മുന്നോടിയായി കാറ്റുകള്‍ വീശുന്നു. അവ കാര്‍മേഘങ്ങളെ വെള്ളം വറ്റി വരണ്ട നാട്ടിലേക്ക് നയിക്കുന്നു. അവിടെ മഴ വര്‍ഷിച്ച് ആ നാട് കായ്കളും വിളകളും ഉല്‍പാദിതമായി പുനര്‍ ജീവിക്കുന്നു. ഇത് പോലെ, മനുഷ്യന്‍ നിര്‍ജീവനായി പോയ ശേഷം അവനെ വീണ്ടും ജീവിപ്പിക്കാന്‍ അല്ലാഹുവിന് ഒട്ടും പ്രയാസമില്ല.

ഈ ദൃഷ്ടാന്തം ഖുര്‍ആനില്‍ പലയിടത്തും ആവര്‍ത്തിച്ച് പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാകുന്നു. നിഷ്പക്ഷമായി ചിന്തിക്കുന്ന ആര്‍ക്കും, മനസ്സിലാക്കാവുന്ന ഒരു ദൃഷ്ടാന്തവുമാണത്.

**വചനം 58**

وَٱلْبَلَدُ ٱلطَّيِّبُ يَخْرُجُ نَبَاتُهُۥ بِإِذْنِ رَبِّهِۦ ۖ وَٱلَّذِى خَبُثَ لَا يَخْرُجُ إِلَّا نَكِدًا ۚ كَذَٰلِكَ نُصَرِّفُ ٱلْءَايَٰتِ لِقَوْمٍ يَشْكُرُونَ ﴿٥٨﴾

58 നല്ല (മെച്ചപ്പെട്ട) തായ രാജ്യം, അതിലെ സസ്യങ്ങള്‍ (വിളകള്‍) അതിന്‍റെ റബ്ബിന്‍റെ അനുമതി പ്രകാരം (ധാരാളമായി) പുറത്തു വരുന്നു. ചീത്തയായതാകട്ടെ, അത് (അതിലെ സസ്യങ്ങള്‍) മോശമായിട്ടല്ലാതെ പുറത്തുവരുന്നതല്ല. അപ്രകാരം, നന്ദി കാണിക്കുന്ന ജനങ്ങള്‍ക്കു വേണ്ടി നാം 'ആയത്തു' (ദൃഷ്ടാന്തം) കളെ വിവിധ രൂപത്തില്‍ വിവരിക്കുന്നു.

നല്ല മണ്ണും നല്ല വളക്കൂറുമുള്ള നാട്ടിൽ മഴയും മറ്റും ലഭിച്ചാൽ, ധാരാളം ഫലങ്ങൾ ഉൽപാദിതമാകുന്നു, ചീത്ത, വളക്കൂർ ഇല്ലാത്ത മണ്ണിൽ, എന്ത് സൗകര്യങ്ങൾ ലഭിച്ചാലും യാതൊരു പ്രയോജനവും ലഭിക്കാനില്ല. അത് പോലെയാകുന്നു, മനുഷ്യന്റെയും സ്ഥിതി - നല്ല മനുഷ്യർക്ക് ഉപദേശങ്ങളും ദൃഷ്ടാന്തങ്ങളും അവരുടെ ഭയഭക്തി വർദ്ധിപ്പിക്കുമ്പോൾ, ദുഷിച്ച മനുഷ്യർക്ക് അവയൊന്നും, യാതൊരു ഫലവും ചെയ്യുകയില്ല - അതവരുടെ ഉള്ളോട്ട് കടക്കുക പോലുമില്ല.

## വിഭാഗം 8

**വചനം 59**

لَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦ فَقَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥٓ إِنِّىٓ أَخَافُ عَلَيْكُمْ عَذَابَ يَوْمٍ عَظِيمٍ ﴿٥٩﴾

59 നൂഹിനെ നാം അദ്ദേഹത്തിൻെറ ജനതയിലേക്ക് അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: "എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ; അവനല്ലാതെ ഒരു ആരാധ്യനും നിങ്ങൾക്കില്ല. നിശ്ചയമായും, ഒരു വമ്പിച്ച ദിവസത്തെ ശിക്ഷ നിങ്ങളുടെ മേൽ (ഭവിക്കുന്നത്) ഞാൻ ഭയപ്പെടുന്നു.

---

ആദം (അ) നബിക്കു ശേഷം അയക്കപ്പെട്ട റസൂലുകളിൽ അറിയപ്പെട്ടിടത്തോളം, ഒന്നാമത്തെ പ്രവാചകൻ നൂഹ് നബി (അ) ആകുന്നു. ബാബിലോണ്യയിലേക്കായിരുന്നു അദ്ദേഹം നിയോഗിക്കപ്പെട്ടത്. വിഗ്രഹാരാധന നടപ്പിലാക്കിയ ഒന്നാമത്തെ സമുദായമാകട്ടെ അദ്ദേഹത്തിന്റെ സമുദായവുമായിരുന്നു. (വിശദ വിവരങ്ങൾക്ക് സൂ. നൂഹ് നോക്കുക) തൊള്ളായിരത്തി അമ്പത് കൊല്ലക്കാലം, ഒരു സമുദായത്തെ തൗഹീദിലേക്ക് ക്ഷണിച്ച് കൊണ്ടിരുന്ന (28:14) അദ്ദേഹം നബിമാരുടെ കാരണവർ (**شيخ الأنبياء**) എന്ന് അറിയപ്പെടുന്നു

ആ നീണ്ട ചരിത്രത്തിന്റെ സംക്ഷിപ്ത രൂപമാണ് അല്ലാഹു ഇവിടെ ഉദ്ധരിക്കുന്നത്. അല്ലാഹുവല്ലാതെ, ഒരു ആരാധ്യനും ഇല്ലെന്നും അവനെ മാത്രമെ ആരാധിക്കാവൂ എന്നും നൂഹ് നബി(അ) ആ ജനതയെ ഉദ്ബോധിപ്പിച്ച് കൊണ്ടിരുന്നു.

---

**വചനം 60, 61, 62, 63, 64**

قَالَ ٱلْمَلَأُ مِن قَوْمِهِۦٓ إِنَّا لَنَرَىٰكَ فِى ضَلَٰلٍ مُّبِينٍ ﴿٦٠﴾

60 അദ്ദേഹത്തിൻെറ ജനങ്ങളിൽ നിന്നുള്ള പ്രധാനികൾ പറഞ്ഞു: "നിശ്ചയമായും ഞങ്ങൾ നിന്നെ പ്രത്യക്ഷമായ വഴിപിഴവിലായി കാണുന്നു."

قَالَ يَٰقَوْمِ لَيْسَ بِى ضَلَٰلَةٌ وَلَٰكِنِّى رَسُولٌ مِّن رَّبِّ ٱلْعَٰلَمِينَ ﴿٦١﴾

61 അദ്ദേഹം പറഞ്ഞു: "എൻെറ ജനങ്ങളെ, എനിക്ക് ഒരു വഴിപിഴവും (തന്നെ) ഇല്ല; എങ്കിലും, ഞാൻ ലോകരുടെ രക്ഷിതാവിങ്കൽനിന്നുള്ള ഒരു റസൂൽ (ദൂതൻ) ആകുന്നു.

أُبَلِّغُكُمْ رِسَٰلَٰتِ رَبِّى وَأَنصَحُ لَكُمْ وَأَعْلَمُ مِنَ ٱللَّهِ مَا لَا تَعْلَمُونَ ﴿٦٢﴾

62 "എൻെറ റബ്ബിൻെറ 'രിസാലത്തു' (ദൗത്യം) കളെ ഞാൻ നിങ്ങൾക്ക് എത്തിച്ചു തരുകയാണ്; ഞാൻ നിങ്ങൾക്കു ഗുണം കാംക്ഷിക്കുക (അഥവാ ഉപദേശം നൽകുക)യും ചെയ്യുന്നു; നിങ്ങൾക്കറിഞ്ഞു കൂടാത്തത്(പലതും), അല്ലാഹുവിൽ നിന്നും ഞാൻ അറിയുകയും ചെയ്യുന്നു."

أَوَعَجِبْتُمْ أَن جَآءَكُمْ ذِكْرٌ مِّن رَّبِّكُمْ عَلَىٰ رَجُلٍ مِّنكُمْ لِيُنذِرَكُمْ وَلِتَتَّقُوا۟ وَلَعَلَّكُمْ تُرْحَمُونَ ﴿٦٣﴾

63 "നിങ്ങൾക്ക് നിങ്ങളിൽ പെട്ട ഒരു പുരുഷൻ മുഖേന നിങ്ങളുടെ റബ്ബിങ്കൽ നിന്ന് ഒരു ഉൽബോധനം വന്നതിനാൽ നിങ്ങൾ അത്ഭുതപ്പെടുകയും ചെയ്തുവോ?! (അതെ), അവൻ (ആ പുരുഷൻ) നിങ്ങളെ താക്കീതു

ചെയ്വാൻ വേണ്ടിയും, നിങ്ങൾ സൂക്ഷിക്കുവാൻ വേണ്ടിയും. നിങ്ങൾ കരുണ ചെയ്യപ്പെടുകയും ചെയ്യാമല്ലോ.”

64 എന്നാൽ, അവർ അദ്ദേഹത്തെ വ്യാജമാക്കി. അപ്പോൾ, അദ്ദേഹത്തെയും, അദ്ദേഹത്തിൻെറ കൂടെയുള്ളവരെയും കപ്പലിൽ നാം രക്ഷപ്പെടുത്തി; നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയവരെ നാം മു(ക്കി നശിപ്പി)ക്കുകയും ചെയ്തു. നിശ്ചയമായും, അവർ അന്ധരായ ഒരു ജനതയായിരുന്നു.

فَكَذَّبُوهُ فَأَنجَيْنَٰهُ وَٱلَّذِينَ مَعَهُۥ فِى ٱلْفُلْكِ وَأَغْرَقْنَا ٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَآ ۚ إِنَّهُمْ كَانُوا۟ قَوْمًا عَمِينَ ﴿٦٤﴾

---

വ്യക്തമായ ദൃഷ്ടാന്തങ്ങൾ മുമ്പിലുണ്ടായിരുന്നിട്ടും പരമാർത്ഥം മനസ്സിലാക്കാതിരിക്കത്തക്ക വണ്ണം ഹൃദയങ്ങളുടെ ഉൾക്കാഴ്ച നശിച്ച വരായിരുന്നു അദ്ദേഹത്തിന്റെ ജനത.

“എന്റെ റബ്ബിന്റെ ദൗത്യം നിങ്ങളിലെത്തിക്കുക വഴി നിങ്ങൾക്ക് ഞാൻ ഗുണം കാംക്ഷിക്കുന്നു. അല്ലാഹു നിങ്ങൾക്കറിഞ്ഞ് കൂടാത്ത പലതും എന്നെ അറിയിക്കുന്നു. നിങ്ങളെ താക്കീത് ചെയ്യുക വഴി, നിങ്ങൾ സൂക്ഷ്മത പാലിക്കുകയും, നിങ്ങൾ കരുണ ചെയ്യപ്പെടുകയും ചെയ്യാമല്ലോ.” എന്നിങ്ങനെ ഉപദേശിച്ച നൂഹ് നബി(അ)യെ ആ ജനത വഴി പിഴവിലായി കാണുകയും, വ്യാജമാക്കുകയും ചെയ്തു. അതാണ് ആ ജനത മുക്കി നശിപ്പിക്കപ്പെടാൻ കാരണമായിത്തീർന്നത്.

## വിഭാഗം 9

**വചനം 65, 66**

65 ‘ആദു’ (ഗോത്രത്തി) ലേക്ക് അവരുടെ സഹോദരൻ ഹൂദിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: “എൻെറ ജനങ്ങളെ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ; അവനല്ലാതെ ഒരാരാധ്യനും നിങ്ങൾക്കില്ല. എന്നിരിക്കെ, നിങ്ങൾ സൂക്ഷിക്കുന്നില്ലേ?!”

66 അദ്ദേഹത്തിൻെറ ജനങ്ങളിൽ നിന്ന് അവിശ്വസിച്ചവരായ പ്രധാനികൾ പറഞ്ഞു: “നിശ്ചയമായും, നിന്നെ ഞങ്ങൾ ഒരു (വമ്പിച്ച) ഭോഷത്തത്തിലായി കാണുന്നു; നിശ്ചയമായും, നിന്നെ ഞങ്ങൾ വ്യാജം പറയുന്നവരിൽ പെട്ടവനാണെന്നു വിചാരിക്കുകയും ചെയ്യുന്നു.”

۞ وَإِلَىٰ عَادٍ أَخَاهُمْ هُودًا ۗ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥٓ ۚ أَفَلَا تَتَّقُونَ ﴿٦٥﴾

قَالَ ٱلْمَلَأُ ٱلَّذِينَ كَفَرُوا۟ مِن قَوْمِهِۦٓ إِنَّا لَنَرَىٰكَ فِى سَفَاهَةٍ وَإِنَّا لَنَظُنُّكَ مِنَ ٱلْكَٰذِبِينَ ﴿٦٦﴾

---

സത്യ നിഷേധികളിൽ സാധാരണക്കാരും ഉണ്ടായിരിക്കുമെങ്കിലും നിഷേധത്തിലും എതിർപ്പിലും പ്രധാന പങ്ക് വഹിക്കുന്നവർ അവരിലെ പ്രമാണികളും നേതാക്കളുമായിരിക്കുമല്ലോ. അത് കൊണ്ടാണ് പ്രവാചകൻമാരെ ധിക്കരിച്ച് കൊണ്ടുള്ള അവരുടെ മറുപടികൾ ഉദ്ധരിക്കുമ്പോൾ (അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്നുള്ള പ്രധാനികൾ പറഞ്ഞു - وقال الملأ من قومه )എന്ന് അല്ലാഹു പറയുന്നത്.

ഇവിടെ ഹൂദ് നബിയെ പറ്റിയും, മറ്റു സ്ഥലങ്ങളിൽ, പ്രവാചകൻമാരെ പറ്റിയും, ‘അവരുടെ സഹോദരൻ’, എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് കാണാം. അവരും അതത് ഗോത്രങ്ങളിൽ പെട്ട അംഗങ്ങളായിരുന്നുവെന്ന് കരുതാം. الله اعلم ഹൂദ് നബി(അ) ആദ് ഗോത്രത്തിൽ പെട്ട ഒരു അംഗമായിരുന്നു.

**വചനം 67, 68, 69**

67 അദ്ദേഹം പറഞ്ഞു: “എൻെറ ജനങ്ങളേ, എനിക്ക് ഒരു ഭോഷത്തവുമില്ല. എങ്കിലും ഞാൻ,

قَالَ يَٰقَوْمِ لَيْسَ بِى سَفَاهَةٌ وَلَٰكِنِّى

ലോകരുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു റസൂൽ (ദൂതൻ) ആകുന്നു."

رَسُولٌ مِّن رَّبِّ ٱلْعَـٰلَمِينَ ﴿٦٧﴾

68 "എൻെറ റബ്ബിൻെറ 'രിസാലത്തു' (ദൗത്യം) കളെ ഞാൻ നിങ്ങൾക്ക് എത്തിച്ചു തരുകയാണ്. ഞാൻ, നിങ്ങൾക്ക് വിശ്വസ്തനായ ഒരു ഗുണകാംക്ഷി (അഥവാ ഉപദേശി) യുമാകുന്നു."

أُبَلِّغُكُمْ رِسَـٰلَـٰتِ رَبِّى وَأَنَا۠ لَكُمْ نَاصِحٌ أَمِينٌ ﴿٦٨﴾

69 "നിങ്ങൾക്കു നിങ്ങളിൽ നിന്നുള്ള ഒരു പുരുഷൻ മുഖേന-അവൻ നിങ്ങളെ താക്കീതു ചെയ്വാൻ വേണ്ടി-നിങ്ങളുടെ റബ്ബിങ്കൽ നിന്ന് ഒരു ഉൽബോധനം നിങ്ങൾക്കു വന്നതിനാൽ നിങ്ങൾ അൽഭുതപ്പെടുകയും ചെയ്തുവോ?! നൂഹിൻെറ ജനതക്കു ശേഷം, നിങ്ങളെ അവൻ പിൻഗാമികളാക്കിയിട്ടുള്ളത് നിങ്ങൾ ഓർ(ത്തു നോ)ക്കുവിൻ. സൃഷ്ടികളിൽ അവൻ നിങ്ങൾക്കു വികാസം (പൊക്കവും ശക്തിയും) വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ, അല്ലാഹുവിൻെറ അനുഗ്രഹങ്ങളെ നിങ്ങൾ ഓർക്കുവിൻ-നിങ്ങൾ വിജയം പ്രാപിച്ചേക്കാം."

أَوَعَجِبْتُمْ أَن جَآءَكُمْ ذِكْرٌ مِّن رَّبِّكُمْ عَلَىٰ رَجُلٍ مِّنكُمْ لِيُنذِرَكُمْ ۚ وَٱذْكُرُوٓا۟ إِذْ جَعَلَكُمْ خُلَفَآءَ مِنۢ بَعْدِ قَوْمِ نُوحٍ وَزَادَكُمْ فِى ٱلْخَلْقِ بَصْۜطَةً ۖ فَٱذْكُرُوٓا۟ ءَالَآءَ ٱللَّهِ لَعَلَّكُمْ تُفْلِحُونَ ﴿٦٩﴾

---

നൂഹ്(അ) ഒന്നിച്ച് കപ്പലിൽ രക്ഷപ്പെട്ടവരുടെ പിൻതലമുറക്കാരായിരുന്നു ആദ് വർഗ്ഗം. യമനിനും ഹള്‌റമൗത്തിനും ഇടയിൽ അഹ്ഖാഫ് പ്രദേശമായിരുന്നു അവരുടെ വാസ സ്ഥലം. ആരോഗ്യം, കൈയ്യൂക്ക് എന്നിവയിൽ മികച്ചവരും അതികായൻമാരായിരുന്നു ആദ് വർഗ്ഗം (26 : 128 – 130 ; 41 : 15) ഇതൊക്കെ സൂചിപ്പിച്ച് കൊണ്ടാണ് 'അവൻ നിങ്ങൾക്ക് വികാസം വർദ്ധിപ്പിച്ചു തന്നു' എന്ന് പറഞ്ഞത്.

---

**വചനം 70**

70 അവർ പറഞ്ഞു: "(ഹൂദേ,) ഞങ്ങൾ അല്ലാഹുവിനെ മാത്രമായി ആരാധിക്കുവാൻ വേണ്ടി ഞങ്ങളുടെ അടുക്കൽ നീ വന്നിരിക്കുകയാണോ?! ഞങ്ങളുടെ പിതാക്കൾ ആരാധിച്ചുവന്നിരുന്നതിനെ ഞങ്ങൾ വിട്ടുകളയുവാനും?! എന്നാൽ (അങ്ങിനെയാണെങ്കിൽ) നീ ഞങ്ങളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നത് (ആ ശിക്ഷ) ഞങ്ങൾക്കു നീ കൊണ്ടുവാ-നീ സത്യവാൻമാരിൽ പെട്ടവനാണെങ്കിൽ!"

قَالُوٓا۟ أَجِئْتَنَا لِنَعْبُدَ ٱللَّهَ وَحْدَهُۥ وَنَذَرَ مَا كَانَ يَعْبُدُ ءَابَآؤُنَا ۖ فَأْتِنَا بِمَا تَعِدُنَآ إِن كُنتَ مِنَ ٱلصَّـٰدِقِينَ ﴿٧٠﴾

---

പൂർവ്വികൻമാർ മുതൽ നടന്ന് വരുന്ന ബിംബാരാധന ഒഴിവാക്കാൻ ഞങ്ങൾ തയ്യാറല്ല. നീ ഭീഷണിപ്പെടുത്തുന്ന ആ ശിക്ഷ ഇങ്ങ് വരട്ടെ, അതൊന്നു കാണാമല്ലോ - എന്ന് അവർ അദ്ദേഹത്തെ വെല്ല് വിളിച്ചു.

---

**വചനം 71**

71 അദ്ദേഹം പറഞ്ഞു: "തീർച്ചയായും, നിങ്ങളുടെ റബ്ബിങ്കൽ നിന്ന് നിങ്ങളുടെ മേൽ ശിക്ഷയും, കോപവും (ഇതാ) സംഭവിക്കുകയായി! നിങ്ങളും നിങ്ങളുടെ പിതാക്കളും നിർണ്ണയിച്ചു വെച്ചിട്ടുള്ള ചില പേരുകളുടെ കാര്യത്തിൽ

قَالَ قَدْ وَقَعَ عَلَيْكُم مِّن رَّبِّكُمْ رِجْسٌ وَغَضَبٌ ۖ أَتُجَـٰدِلُونَنِى فِىٓ أَسْمَآءٍ سَمَّيْتُمُوهَآ أَنتُمْ وَءَابَآؤُكُم مَّا

نَزَّلَ ٱللَّهُ بِهَا مِن سُلْطَٰنٍ ۚ فَٱنتَظِرُوٓا۟ إِنِّى مَعَكُم مِّنَ ٱلْمُنتَظِرِينَ ﴿٧١﴾

എന്നോടു നിങ്ങള്‍ തര്‍ക്കം നടത്തുന്നുവോ? യാതൊരു അധികൃതരേഖയും അവയെപ്പറ്റി അല്ലാഹു അവതരിപ്പിച്ചിട്ടില്ല. എന്നാല്‍, നിങ്ങള്‍ (നോക്കി) കാത്തുകൊണ്ടിരിക്കുവിന്‍! ഞാന്‍ നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരില്‍ പെട്ടവന്‍ തന്നെ."

അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് യാതൊരു ആധികാരികമായ തെളിവും ഇല്ലാതെ, ദൈവങ്ങളെന്നും ആരാധ്യന്മാരുമെന്നുമൊക്കെ നിങ്ങള്‍ ചില വസ്തുക്കളെയും ബിബംങ്ങളെയും പരിഗണിച്ച് അവയെ പറ്റിയാണല്ലോ നിങ്ങള്‍ എന്നോട് തര്‍ക്കിച്ച് കൊണ്ടിരിക്കുന്നത്. അതിന്റെ ഭവിഷ്യത്ത് എന്തായിരിക്കുമെന്ന് നാം ഇരുകൂട്ടരും കാത്തിരുന്ന് കാണുക.

**വചനം 72**

فَأَنجَيْنَٰهُ وَٱلَّذِينَ مَعَهُۥ بِرَحْمَةٍ مِّنَّا ۖ وَقَطَعْنَا دَابِرَ ٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَا ۖ وَمَا كَانُوا۟ مُؤْمِنِينَ ﴿٧٢﴾

72 അങ്ങനെ, അദ്ദേഹത്തെയും, അദ്ദേഹത്തിന്‍െറ കൂടെയുള്ളവരെയും നമ്മുടെ വക കാരുണ്യം കൊണ്ടു നാം രക്ഷപ്പെടുത്തി. നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയവരുടെ മുരടു നാം മുറിച്ചു കളയുകയും ചെയ്തു. അവര്‍ സത്യവിശ്വാസികളായിരുന്നുമില്ല.

---

ഹൂദ്(അ) നബിയെയും സത്യവിശ്വാസികളെയും രക്ഷപ്പെടുത്തിക്കൊണ്ട് ആ ജനതയെ യാകമാനം അല്ലാഹു ഏഴ് രാത്രിയും എട്ടു പകലും നീണ്ടു നിന്ന അത്യുഗ്രമായ ഒരു കൊടുങ്കാറ്റിലൂടെ (സൂ. അല്‍ ഹാഖ് - ഖ : 6;7) നശിപ്പിച്ച് കളഞ്ഞു.

## വിഭാഗം 10

**വചനം 73,74**

وَإِلَىٰ ثَمُودَ أَخَاهُمْ صَٰلِحًا ۗ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥ ۖ قَدْ جَآءَتْكُم بَيِّنَةٌ مِّن رَّبِّكُمْ ۖ هَٰذِهِۦ نَاقَةُ ٱللَّهِ لَكُمْ ءَايَةً ۖ فَذَرُوهَا تَأْكُلْ فِىٓ أَرْضِ ٱللَّهِ ۖ وَلَا تَمَسُّوهَا بِسُوٓءٍ فَيَأْخُذَكُمْ عَذَابٌ أَلِيمٌ ﴿٧٣﴾

73 ഥമൂദ് (ഗോത്രത്തി) ലേക്ക് അവരുടെ സഹോദരന്‍ സ്വാലിഹിനെയും (നാം അയച്ചു). അദ്ദേഹം (അവരോടു) പറഞ്ഞു: "എന്‍െറ ജനങ്ങളേ, നിങ്ങള്‍ അല്ലാഹുവിനെ ആരാധിക്കുവിന്‍, അവനല്ലാതെ ഒരു ആരാധ്യനും നിങ്ങള്‍ക്ക് ഇല്ല. നിങ്ങളുടെ റബ്ബിങ്കല്‍ നിന്ന് നിങ്ങള്‍ക്കു വ്യക്തമായ തെളിവ് വന്നിട്ടുണ്ട്. ഇതാ, അല്ലാഹുവിന്‍െറ (വക) ഒട്ടകം നിങ്ങള്‍ക്കൊരു ദൃഷ്ടാന്തമായിക്കൊണ്ട്!- ആകയാല്‍, അതിനെ നിങ്ങള്‍ വിട്ടേക്കുവിന്‍-അല്ലാഹുവിന്‍െറ ഭൂമിയില്‍ അത് (മേഞ്ഞു) തിന്നു കൊള്ളട്ടെ; അതിന് ഒരു തിന്‍മയും (ഉപദ്രവവും) നിങ്ങള്‍ ബാധിപ്പിക്കുകയും ചെയ്യരുത്. എന്നാല്‍, (അപ്പോള്‍) വേദനയേറിയ ശിക്ഷ നിങ്ങളെ പിടികൂടും.

وَٱذْكُرُوٓا۟ إِذْ جَعَلَكُمْ خُلَفَآءَ مِنۢ بَعْدِ عَادٍ وَبَوَّأَكُمْ فِى ٱلْأَرْضِ تَتَّخِذُونَ مِن سُهُولِهَا قُصُورًا وَتَنْحِتُونَ ٱلْجِبَالَ

74 "ആദിനു ശേഷം നിങ്ങളെ അവന്‍ പിന്‍ഗാമി കളാക്കിയതും, ഭൂമിയില്‍ നിങ്ങള്‍ക്കവന്‍ (താമസ)സൗകര്യം നല്‍കിയതും നിങ്ങള്‍ ഓര്‍ക്കുകയും ചെയ്യുവിന്‍. അതിലെ സമത ലങ്ങളിലൂടെ നിങ്ങള്‍ കൊട്ടാരങ്ങളുണ്ടാക്കുന്നു; മലകളെ നിങ്ങള്‍ വീടുകളായി വെട്ടിയുണ്ടാ

بُيُوتًا ۖ فَٱذْكُرُوٓا۟ ءَالَآءَ ٱللَّهِ وَلَا تَعْثَوْا۟ فِى ٱلْأَرْضِ مُفْسِدِينَ ﴿٧٤﴾

ക്കുകയും ചെയ്യുന്നു. അപ്പോൾ, അല്ലാഹുവിൻെറ അനുഗ്രഹങ്ങളെ നിങ്ങൾ ഓർ(ത്തുനോ) ക്കുവിൻ. നാശകാരികളായിക്കൊണ്ട് ഭൂമിയിൽ തെമ്മാടിത്തം പ്രവർത്തിക്കുകയും അരുത്.”

---

ആദ് സമുദായത്തിന് ശേഷം പുരോഗതി പ്രാപിച്ച ഒരു സമൂഹമാണ് ഥമൂദ് ജനത, മദീനക്കും സിറിയക്കുമിടയിലെ ഹിജർ ആയിരുന്നു അവരുടെ വാസ സ്ഥലം. സ്വാലിഹിന്റെ പട്ടണങ്ങൾ എന്നും അത് അറിയപ്പെടുന്നു. വിഗ്രഹാരാധനയിൽ മുഴുകിയിരുന്ന അവരെ സ്വാലിഹ്(അ) നബി തൗഹീദിലേക്ക് ക്ഷണിച്ച് കൊണ്ടിരുന്നു. സമതലങ്ങളിലും മലമ്പാറകൾ വെട്ടിത്തുരന്നും വീടുകളും കൊട്ടാരങ്ങളും നിർമ്മിക്കുന്നതിൽ അവർ വിദഗ്ദരും തല്പരരും ആയിരുന്നു. അവർ അരോഗ ദൃഢ ഗാത്രരും ശക്തരുമായിരുന്നു. അവർ സ്വാലിഹ്(അ) നബിയെ വ്യാജമാക്കുകയും തങ്ങൾക്ക് ഒരു പ്രത്യക്ഷ ദൃഷ്ടാന്തം കാട്ടിക്കൊടുക്കുവാൻ അദ്ദേഹത്തെ വെല്ല് വിളിക്കുകയും ചെയ്തു (26:154). അല്ലാഹു ഒരു അസാധാരണ ഒട്ടകത്തെ അവർക്ക് ദൃഷ്ടാന്തമാക്കി അയച്ചു. അതിന് സാധാരണയിൽ കവിഞ്ഞ തീറ്റയും വെള്ളവും വേണ്ടിയിരുന്നു. അതവർക്കൊരു ശല്യമായി തോന്നി, അതിനെ ഉപദ്രവിക്കരുതെന്നും ഉപദ്രവിച്ചാൽ ശിക്ഷ ഇറങ്ങുമെന്നും അദ്ദേഹം അവരെ താക്കീത് ചെയ്തു.

---

**വചനം 75,76**

قَالَ ٱلْمَلَأُ ٱلَّذِينَ ٱسْتَكْبَرُوا۟ مِن قَوْمِهِۦ لِلَّذِينَ ٱسْتُضْعِفُوا۟ لِمَنْ ءَامَنَ مِنْهُمْ أَتَعْلَمُونَ أَنَّ صَٰلِحًا مُّرْسَلٌ مِّن رَّبِّهِۦ ۚ قَالُوٓا۟ إِنَّا بِمَآ أُرْسِلَ بِهِۦ مُؤْمِنُونَ ﴿٧٥﴾

75 അദ്ദേഹത്തിൻെറ ജനതയിൽ നിന്ന് അഹംഭാവം നടിച്ച പ്രധാനികൾ, ദുർബ്ബലരായി ഗണിക്കപ്പെട്ടവരോട്- അതായത് അവരിൽ നിന്നും വിശ്വസിച്ചവരോടു-പറഞ്ഞു: “സ്വാലിഹ് അവൻെറ റബ്ബിൽ നിന്നും (റസൂലായി) അയക്കപ്പെട്ട ഒരാളാണെന്ന് നിങ്ങൾക്ക് (ശരിക്കും) അറിയാമോ?” അവർ പറഞ്ഞു: “(അതെ) നിശ്ചയമായും, അദ്ദേഹം ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ ഞങ്ങൾ വിശ്വസിക്കുന്നവരാകുന്നു.”

قَالَ ٱلَّذِينَ ٱسْتَكْبَرُوٓا۟ إِنَّا بِٱلَّذِىٓ ءَامَنتُم بِهِۦ كَٰفِرُونَ ﴿٧٦﴾

76 അഹംഭാവം നടിച്ചവർ പറഞ്ഞു: “നിശ്ചയമായും ഏതൊന്നിൽ നിങ്ങൾ വിശ്വസിച്ചിരിക്കുന്നുവോ അതിൽ ഞങ്ങൾ അവിശ്വാസികളാകുന്നു.”

---

ഥമൂദ് ഗോത്രത്തിലെ അഹംഭാവികളായ പ്രമാണികൾ സ്വാലിഹ് (അ) നബിയിൽ വിശ്വസിച്ച സാധുക്കളെ പരിഹസിച്ച് കൊണ്ട് ചോദിച്ചു - സ്വാലിഹ് അല്ലാഹുവിന്റെ റസൂലാണെന്ന് നിങ്ങൾക്ക് യഥാർത്ഥത്തിൽ ബോധ്യമാണോ. അദ്ദേഹം റസൂലാണെന്നും അദ്ദേഹം പ്രബോധനം ചെയ്യുന്നതിൽ തങ്ങൾ വിശ്വസിക്കുന്നുവെന്നും അവർ തറപ്പിച്ചു പറഞ്ഞു. ഗർവ്വിഷ്ഠരായ ആ പ്രമാണികൾ അവരുടെ നിഷേധം കൂറെ കൂടി ധിക്കാര സ്വരത്തിൽ വ്യക്തമാക്കി. “നിങ്ങൾ വിശ്വസിക്കുന്ന വിഷയങ്ങളത്രയും ഞങ്ങൾ നിഷേധിക്കുന്നു. അതിൽ സത്യമുണ്ടോ. ഇല്ലേ എന്ന് പരിശോധിക്കാൻ പോലും ഞങ്ങൾ തയ്യാറല്ല.”

---

**വചനം 77,78, 79**

فَعَقَرُوا۟ ٱلنَّاقَةَ وَعَتَوْا۟ عَنْ أَمْرِ رَبِّهِمْ وَقَالُوا۟ يَٰصَٰلِحُ ٱئْتِنَا بِمَا تَعِدُنَآ إِن كُنتَ مِنَ ٱلْمُرْسَلِينَ ﴿٧٧﴾

77 അങ്ങനെ, (ആ) ഒട്ടകത്തെ അവർ അറുകൊല ചെയ്തു; തങ്ങളുടെ റബ്ബിൻെറ കൽപനയെ അവർ ധിക്കരിക്കുകയും ചെയ്തു. അവർ പറയുകയും ചെയ്തു: “സ്വാലിഹേ, നീ ഞങ്ങളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നതിനെ (ആ ശിക്ഷയെ) ഞങ്ങൾക്കു നീ കൊണ്ടു വാ; നീ (റസൂലായി) അയക്കപ്പെട്ടവരിൽ പെട്ടവനാണെങ്കിൽ! (അതൊന്നു കാണാമല്ലോ!)”

78 അപ്പോള്‍ അവരെ കഠിന കമ്പനം പിടികൂടി. അങ്ങനെ, അവര്‍ അവരുടെ വാസ സ്ഥലത്തില്‍ (കാലത്തു) കമിഴ്ന്നു വീണവരായിത്തീര്‍ന്നു.

فَأَخَذَتۡهُمُ ٱلرَّجۡفَةُ فَأَصۡبَحُواْ فِي دَارِهِمۡ جَٰثِمِينَ ٧٨

79 എന്നിട്ട് അദ്ദേഹം അവരില്‍ നിന്നു വിട്ടുമാറി; അദ്ദേഹം പറയുകയും ചെയ്തു: "എന്‍െറ ജനങ്ങളേ, തീര്‍ച്ചയായും, ഞാന്‍ എന്‍െറ റബ്ബിന്‍െറ ദൗത്യം നിങ്ങള്‍ക്ക് എത്തിച്ചു തരുകയും, നിങ്ങള്‍ക്ക് ഗുണം കാംക്ഷി (ച്ചു ഉപദേശി) ക്കുകയും ചെയ്യുകയുണ്ടായി പക്ഷേ, നിങ്ങള്‍ ഗുണകാംക്ഷികളെ (ഉപദേഷ്ടാക്കളെ) ഇഷ്ടപ്പെടുന്നില്ല!"

فَتَوَلَّىٰ عَنۡهُمۡ وَقَالَ يَٰقَوۡمِ لَقَدۡ أَبۡلَغۡتُكُمۡ رِسَالَةَ رَبِّي وَنَصَحۡتُ لَكُمۡ وَلَٰكِن لَّا تُحِبُّونَ ٱلنَّٰصِحِينَ ٧٩

---

അവരില്‍ പെട്ട ധിക്കാരികളായ ഒമ്പത് പേര്‍ ഗൂഢാലോചന നടത്തി (27:48) ഒട്ടകത്തെ കൊല ചെയ്തു. മാത്രമല്ല, 'നീ ഭീഷണിപ്പെടുത്തുന്ന ആ ശിക്ഷ ഇങ്ങോട്ട് കൊണ്ടു വാ'എന്ന് അവര്‍ സ്വാലിഹ് (അ) നബിയെ വെല്ല് വിളിക്കുകയും ചെയ്തു. മൂന്ന് ദിവസത്തിനുള്ളില്‍ ശിക്ഷ ഇറങ്ങുമെന്ന് അദ്ദേഹം അറിയിച്ചു. (11:65) കഠിനമായ ഒരു കമ്പനവും, ഇടിത്തീയും, ഘോരശബ്ദവും സംഭവിക്കുകയും അവിശ്വാസികളായ എല്ലാവരും അവരവരുടെ വാസ സ്ഥലങ്ങളില്‍ തന്നെ ചത്തൊടുങ്ങുകയും ചെയ്തു. നശിപ്പിക്കപ്പെട്ട ഈ ജനതയെ നോക്കി മനോവേദനയോടെ സ്വാലിഹ് നബി (അ) പറഞ്ഞ വാക്കുകളാണ് 79-വചനത്തില്‍ കാണുന്നത്

പ്രസ്തുത ശിക്ഷയില്‍ നിന്നും സ്വാലിഹ്(അ) നബിയെയും സത്യവിശ്വാസികളെയും അല്ലാഹു രക്ഷപ്പെടുത്തി. ഇങ്ങനെയുള്ള പൊതു ശിക്ഷകളില്‍ 'അതത് സമുദായത്തിലെ പ്രവാചകനേയും അദ്ദേഹത്തില്‍ വിശ്വസിച്ചവരെയും നാം രക്ഷപ്പെടുത്തി' എന്ന് അല്ലാഹു പലപ്പോഴും എടുത്ത് പറയാറുള്ളതാണ്. നൂഹ്(അ) നബിയുടെ ജനതയെയും (29:119:120) ആദ് വര്‍ഗ്ഗത്തെയും (51:41:42) ഥമൂദ് ജനതയെയും (27:51;51:54), ലൂത്ത് (അ) നബിയുടെ ജനതയെയും (26:170;171;172) ശുഐബ്(അ) നബിയുടെ ജനതയെയും (താഴെ 91;92 വചനങ്ങള്‍) അല്ലാഹുവിന്റെ ശിക്ഷ പിടികൂടിയപ്പോള്‍ അതാത് സമുദായത്തിലെ പ്രവാചകരെയും, സത്യവിശ്വാസികളെയും രക്ഷപ്പെടുത്തിക്കൊണ്ടാണ് ആ ജനതയിലെ അവിശ്വാസികളെയും ധിക്കാരികളെയും ഒന്നടങ്കം അല്ലാഹു ശിക്ഷിച്ചതെന് കാണാവുന്നതാണ്.

79-ാം വചനത്തില്‍ സ്വാലിഹ് നബി, ചത്തൊടുങ്ങിയ ജനതയെ നോക്കി ഉപ്രകാരം പറഞ്ഞതായി അല്ലാഹു പറയുന്നു. "ഞാന്‍ നിങ്ങളെ വേണ്ടത് പോലെ ഉപദേശിച്ചു. നിങ്ങളത് ചെവി കൊണ്ടില്ല. അത് കൊണ്ടാണ് നിങ്ങള്‍ക്കീ ഗതി വന്നത്."

ബദര്‍ യുദ്ധത്തില്‍ വധിക്കപ്പെട്ട ശത്രുത്തലവന്‍മാരെ അഭിമുഖീകരിച്ച് കൊണ്ട് നബി(സ) പറഞ്ഞത് പോലെയുള്ള ചില വാക്കുകളാണ് സ്വാലിഹ് (അ) നബിയും പറഞ്ഞത്. അബൂജഹല്‍ മുതലായ ഖുറൈശി തലവന്‍മാരുടെ മൃതശരീരങ്ങള്‍ ഇട്ട് മൂടപ്പെട്ട പൊട്ടക്കിണറ്റിന്നടുത്ത് ചെന്ന് ആ തലവന്‍മാരുടെ പേരെടുത്ത് വിളിച്ച് കൊണ്ട് നബി(സ) ചോദിക്കുകയുണ്ടായി - "ഞങ്ങളുടെ റബ്ബ് ഞങ്ങളോട് ചെയ്ത വാഗ്ദത്തം ഞങ്ങള്‍ ഇതാ യഥാര്‍ത്ഥമായി കണ്ടിരിക്കുന്നു. നിങ്ങളുടെ റബ്ബ് നിങ്ങളോട് ചെയ്ത വാഗ്ദത്തം നിങ്ങള്‍ യഥാര്‍ത്ഥമായി കണ്ടുവോ."

"ഈ ജീവനില്ലാത്ത ശരീരങ്ങളോടു എന്തിനാണ് സംസാരിക്കുന്നത്" എന്ന് ഉമര്‍ (റ) ചോദിച്ചപ്പോള്‍, "ഞാന്‍ ഈ പറയുന്നത് അവരേക്കാള്‍ കേള്‍ക്കുന്നവരല്ല നിങ്ങള്‍" എന്നായിരുന്നു നബി(സ)യുടെ മറുപടി. (ബു:മു) - അതായത് അല്ലാഹു പറഞ്ഞതിന്റെ സത്യത ഇപ്പോള്‍ നിങ്ങളേക്കാള്‍ അവര്‍ക്ക് അറിയാം എന്ന് സാരം.

---

**വചനം 80, 81**

80 ലൂത്വിനെയും (നാം അയച്ചു): അദ്ദേഹം തന്‍െറ ജനതയോടു പറഞ്ഞ സന്ദര്‍ഭം (ഓര്‍ക്കുക) : "നിങ്ങള്‍ (ഈ) നീചവൃത്തിക്കു ചെല്ലുകയോ?

وَلُوطًا إِذۡ قَالَ لِقَوۡمِهِۦٓ أَتَأۡتُونَ ٱلۡفَٰحِشَةَ مَا سَبَقَكُم بِهَا مِنۡ أَحَدٖ مِّنَ ٱلۡعَٰلَمِينَ ٨٠

ലോകരിൽ ഒരാളും തന്നെ നിങ്ങൾക്കു മുമ്പ് ഇതു ചെയ്തിട്ടില്ല!

إِنَّكُمْ لَتَأْتُونَ ٱلرِّجَالَ شَهْوَةً مِّن دُونِ ٱلنِّسَآءِ ۚ بَلْ أَنتُمْ قَوْمٌ مُّسْرِفُونَ ﴿٨١﴾

81 നിങ്ങൾ സ്ത്രീകളെ കൂടാതെ (സ്ത്രീകളെ വിട്ടേച്ച്) കാമവികാരത്താൽ പുരുഷൻമാരുടെ അടുക്കൽ ചെല്ലുന്നല്ലോ! പക്ഷേ, (അത്രയുമല്ല) നിങ്ങൾ അതിരു കവിഞ്ഞ ഒരു ജനതയാകുന്നു."

ഇബ്റാഹിം (അ) നബിയുടെ സഹോദര പുത്രനും അദ്ദേഹത്തിൽ വിശ്വസിച്ച് അദ്ദേഹത്തോടൊപ്പം ഹിജ്റ പോന്ന ദേഹവുമാണ് ലൂത്ത്(അ) നബി. പിന്നീട് ഫലസ്തീന്റെ അടുത്തുള്ള ബഹ്ർ ലൂത്ത് എന്നും മറ്റും പറയപ്പെടുന്ന ചാവ് കടലിനടുത്തുള്ള സദൂം (സോദോം) പ്രദേശത്തേക്ക് റസൂലായി അദ്ദേഹം നിയോഗിക്കപ്പെട്ടു.

"ലൂത്ത് (അ)ന്റെ ജനങ്ങൾക്കിടയിൽ മാനുഷിക പ്രകൃതിക്ക് നിരക്കാത്തതായ ഒരു ദുർവൃത്തി സർവ്വത്ര പടർന്ന് പിടിച്ചിരുന്നു. അവരിലെ പുരുഷൻമാർ കാമനിവാരണാർത്ഥം സ്ത്രീകൾക്ക് പകരം പുരുഷൻമാരെയാണ് സമീപിച്ചിരുന്നത്. വേറെയും പല തോന്നിയ വാസങ്ങളിലും നീചവൃത്തികളിലും അവർ വ്യാപൃതരായിരുന്നു. അതെല്ലാം സൂചിപ്പിച്ച് കൊണ്ടാണ് അദ്ദേഹം "നിങ്ങൾ അതിര് കവിഞ്ഞ ഒരു ജനതയാണ്" എന്നവരെ ആക്ഷേപിച്ചത്."

**വചനം 82**

وَمَا كَانَ جَوَابَ قَوْمِهِۦٓ إِلَّآ أَن قَالُوٓا۟ أَخْرِجُوهُم مِّن قَرْيَتِكُمْ ۖ إِنَّهُمْ أُنَاسٌ يَتَطَهَّرُونَ ﴿٨٢﴾

82 അദ്ദേഹത്തിൻെറ ജനങ്ങളുടെ മറുപടി, അവർ (ഇങ്ങിനെ) പറഞ്ഞതല്ലാതെ (മറ്റൊന്നും) ആയിരുന്നില്ല: ഇവരെ നിങ്ങളുടെ രാജ്യത്ത് നിന്നും പുറത്താക്കുവിൻ; (കാരണം) നിശ്ചയ മായും അവർ, ശുദ്ധത പാലിച്ചു വരുന്ന ഒരു (തരം) മനുഷ്യരാകുന്നു."

ആ ജനത ലൂത്ത്(അ) നബിക്ക് നൽകിയ മറുപടിയിൽ നിന്നും അവർ എത്രമാത്രം ധിക്കാരികളും ദുഷിച്ച് പോയവരുമായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്.

"ലൂത്തും അനുയായികളുമൊക്കെ വലിയ ശുദ്ധൻമാരായ ആളുകളാകുന്നു. നാമാണെങ്കിൽ നമ്മുടെ നീചത്വം കൈ വിടാനും പോകുന്നില്ല. ആ സ്ഥിതിക്ക് ഇരു കൂട്ടരും ഈ നാട്ടിൽ ഒത്ത് പോകാൻ മാർഗ്ഗമില്ല. അത് കൊണ്ട് ആ കൂട്ടരെ ഈ നാട്ടിൽ നിന് പുറത്താക്കിയാൽ നമുക്കിവിടെ സ്വൈരമായി കഴിഞ്ഞ കൂടാം."

**വചനം 83, 84**

فَأَنجَيْنَٰهُ وَأَهْلَهُۥٓ إِلَّا ٱمْرَأَتَهُۥ كَانَتْ مِنَ ٱلْغَٰبِرِينَ ﴿٨٣﴾

83 അപ്പോൾ, അദ്ദേഹത്തെയും, അദ്ദേഹത്തിൻെറ സ്ത്രീ (ഭാര്യ) ഒഴികെയുള്ള അദ്ദേഹത്തിൻെറ ആൾക്കാരെയും നാം രക്ഷപ്പെടുത്തി; അവൾ (രക്ഷപ്പെടാതെ) കഴിഞ്ഞുപോയവരിൽ പെട്ടവ ളായിത്തീർന്നു.

وَأَمْطَرْنَا عَلَيْهِم مَّطَرًا ۖ فَٱنظُرْ كَيْفَ كَانَ عَٰقِبَةُ ٱلْمُجْرِمِينَ ﴿٨٤﴾

84 അവരുടെ മേൽ നാം ഒരു (തരം) മഴ വർഷി പ്പിക്കുകയും ചെയ്തു. അപ്പോൾ നോക്കൂ, (ആ) കുറ്റവാളികളുടെ പര്യവസാനം എങ്ങിനെ യായിരുന്നുവെന്ന്.

ആ ജനത അവരുടെ ധിക്കാരവും തോന്നിയ വാസവും തുടർന്നപ്പോൾ, അല്ലാഹുവിന്റെ ശിക്ഷ ആ ജനതയെ പിടികൂടി. അല്ലാഹുവിന്റെ നിർദ്ദേശ പ്രകാരം നാട് വിട്ട് പോയ ലൂത്ത് (അ) നബിയും അനുയായികളും ആ ശിക്ഷയിൽ നിന്നും രക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ ഭാര്യയായിരുന്ന ഒരു വൃദ്ധ, ആ ധിക്കാരികളുടെ പക്ഷക്കാരിയായിരുന്നു. അവരും അവരുടെ കൂടെ ശിക്ഷയിൽ അകപ്പെട്ടു. (11:81). ആ ജനതക്ക് ബാധിച്ച ശിക്ഷ ഒരു തരം മഴ എന്ന് മാത്രമെ അല്ലാഹു ഇവിടെ പറഞ്ഞിട്ടുള്ളൂ. എന്നാൽ അത് ഒരു തരം കല്ലുമഴയായിരുന്നുവെന്ന് വേറെ സ്ഥലങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട് (11:82). സൂ: നംലു, ശുഅറാഅ്, ദാരിയാത്ത്, ഹൂദ്, ഹിജ്ർ എന്നീ സൂറത്തുകളിൽ കൂടുതൽ വിവരം കാണാവുന്നതാണ്.

## വിഭാഗം 11

**വചനം 85, 86, 87**

وَإِلَىٰ مَدْيَنَ أَخَاهُمْ شُعَيْبًا ۗ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥ ۖ قَدْ جَآءَتْكُم بَيِّنَةٌ مِّن رَّبِّكُمْ ۖ فَأَوْفُوا۟ ٱلْكَيْلَ وَٱلْمِيزَانَ وَلَا تَبْخَسُوا۟ ٱلنَّاسَ أَشْيَآءَهُمْ وَلَا تُفْسِدُوا۟ فِى ٱلْأَرْضِ بَعْدَ إِصْلَٰحِهَا ۚ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُم مُّؤْمِنِينَ ﴿٨٥﴾

85 മദ്‌യനിലേക്ക് അവരുടെ (മദ്‌യൻകാരുടെ) സഹോദരൻ ശുഐബിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: "എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ: അവനല്ലാതെ ഒരു ആരാധ്യനും നിങ്ങൾക്കില്ല. നിങ്ങളുടെ റബ്ബിങ്കൽ നിന്ന് നിങ്ങൾക്കു വ്യക്തമായ തെളിവ് വന്നിട്ടുണ്ട്. അതിനാൽ, നിങ്ങൾ അളത്തവും, തൂക്കവും (ജനങ്ങൾക്കു) പൂർത്തിയാക്കി കൊടുക്കുവിൻ, മനുഷ്യർക്ക് അവരുടെ സാധനങ്ങൾ നിങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്യരുത്. ഭൂമിയെ നന്നാക്കിത്തീർത്തതിനു ശേഷം, നിങ്ങളതിൽ കുഴപ്പമുണ്ടാക്കുകയും ചെയ്യരുത്. അതു നിങ്ങൾക്ക് ഉത്തമമത്രെ -നിങ്ങൾ സത്യ വിശ്വാസികളാണെങ്കിൽ!

وَلَا تَقْعُدُوا۟ بِكُلِّ صِرَٰطٍ تُوعِدُونَ وَتَصُدُّونَ عَن سَبِيلِ ٱللَّهِ مَنْ ءَامَنَ بِهِۦ وَتَبْغُونَهَا عِوَجًا ۚ وَٱذْكُرُوٓا۟ إِذْ كُنتُمْ قَلِيلًا فَكَثَّرَكُمْ ۖ وَٱنظُرُوا۟ كَيْفَ كَانَ عَٰقِبَةُ ٱلْمُفْسِدِينَ ﴿٨٦﴾

86 "(ജനങ്ങളെ) ഭീഷണിപ്പെടുത്തിക്കൊണ്ട് നിങ്ങൾ എല്ലാ പാതകളിലും ഇരിക്കുകയും ചെയ്യരുത്; അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് അവനിൽ വിശ്വസിച്ചവരെ തിരിച്ചു വിട്ടു കൊണ്ടും, അതിന് വളവ് (ഉണ്ടായിരിക്കുവാൻ) ആഗ്രഹിച്ചുകൊണ്ടും (ഇരിക്കരുത്). നിങ്ങൾ അൽപം ആളുകളായിരുന്നിട്ട് നിങ്ങളെ അവൻ വർദ്ധിപ്പിച്ചു തന്നത് നിങ്ങൾ ഓർക്കുവിൻ. കുഴപ്പമുണ്ടാക്കുന്നവരുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന് നോക്കുകയും ചെയ്യുവിൻ.

وَإِن كَانَ طَآئِفَةٌ مِّنكُمْ ءَامَنُوا۟ بِٱلَّذِىٓ أُرْسِلْتُ بِهِۦ وَطَآئِفَةٌ لَّمْ يُؤْمِنُوا۟ فَٱصْبِرُوا۟ حَتَّىٰ يَحْكُمَ ٱللَّهُ بَيْنَنَا ۚ وَهُوَ خَيْرُ ٱلْحَٰكِمِينَ ﴿٨٧﴾

87 "ഞാൻ യാതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ, നിങ്ങളിൽ നിന്ന് ഒരു വിഭാഗം വിശ്വസിച്ചിരിക്കുകയും, ഒരു വിഭാഗം വിശ്വസിച്ചിട്ടില്ലാതിരിക്കുകയുമാണെങ്കിൽ, എന്നാൽ-നമുക്കിടയിൽ അല്ലാഹു വിധികൽപിക്കുന്നതുവരെ ക്ഷമിക്കുവിൻ. അവൻ വിധികർത്താക്കളിൽ ഏറ്റവും ഉത്തമനായുള്ളവനത്രെ."

---

ഇബ്രാഹിം(അ) നബിയുടെ ഒരു ഭാര്യയായിരുന്ന കെതുറയിൽ ജനിച്ച മദ്‌യൻ (മിദ്യാൻ) എന്ന പുത്രന്റെ സന്തതികൾ നിവസിച്ചരുന്ന ദേശമായിരുന്ന് മദ്‌യൻ എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. മദ്‌യൻകാരിലേക്ക് അവരിൽ ഒരാളായ ശുഐബ് (അ) നബി റസൂലായി നിയോഗിക്കപ്പെട്ടു. (മൂസാ (അ) നബി ഈജിപ്തിൽ നിന്നും മദ്‌യനിൽ അഭയാർത്ഥിയായി ചെന്നപ്പോൾ അദ്ദേഹത്തിന് അഭയം നൽകിയതും മകളെ വിവാഹം കഴിച്ച് കൊടുത്തതുമായ വൃദ്ധൻ ശുഐബ്(അ) നബിയാണെന്ന് കരുതപ്പെടുന്നു.) ശുഐബ്(അ) നബി എല്ലാ റസൂലുകളുടെയും പ്രബോധന വിഷയങ്ങളിൽ പ്രഥമ പ്രധാനമായ തൗഹീദിനെ പറ്റി പ്രബോധനം ചെയ്ത ശേഷം മദ്‌യൻ നിവാസികളിൽ പ്രചാരത്തിലുണ്ടായിരുന്ന അളവിലും തൂക്കത്തിലും കൃത്രിമം നടത്തൽ എന്ന അക്രമത്തിൽ നിന്ന് വിരമിക്കണമെന്ന് അവരെ ഉപദേശിച്ചു. എന്നാൽ ആ ജനത ശുഐബ്(അ) നബിയുടെ ഈ ഉപദേശത്തെ ധിക്കരിക്കുകയും, "ഞങ്ങളുടെ ധനത്തിൽ ഞങ്ങളുടെ ഇഷ്ടം പോലെ പ്രവർത്തിക്കുന്നത് തടയാൻ നിന്റെ

നമസ്കാരമാണോ നിന്നോട് കല്പിക്കുന്നത് ?" (സൂ. ഹൂദ് :87) എന്നിങ്ങനെയുള്ള കുതർക്കങ്ങൾ ഉന്നയിക്കുകയും ചെയ്യുകയാണുണ്ടായത്.

തുടർന്ന് ശുഐബ് (അ) നബി തന്റെ ജനതയോട് "ഭൂമിയെ നന്നാക്കി ത്തീർത്തതിന് ശേഷം നിങ്ങളതിൽ കുഴപ്പം ഉണ്ടാക്കുകയും ചെയ്യരുത്" എന്ന് ഉപദേശിക്കുന്നു. മദ്‌യൻകാരെ സംബന്ധിച്ചെടത്തോളം വഴി പോക്കരെ ആക്രമിക്കുക, പിടിച്ച പറി നടത്തുക, ചുങ്കം വാങ്ങുക തുടങ്ങിയ പല ആക്രമങ്ങളിലും അവർ മുഴുകിയിരുന്നു. ഈ ഉപദേശത്തെ തുടർന്ന് കൊണ്ട് "നിങ്ങൾ വിശ്വാസികളാണെങ്കിൽ അതാണ് നിങ്ങൾക്ക് ഉത്തമം" എന്ന് ശുഐബ് (അ) പറഞ്ഞത് ആയതിന്റെ ഗൗരവത്തെ എടുത്ത് കാട്ടുന്നു.

അടുത്തതായി, വഴികളിരുന്ന് ആളുകളെ ഭീഷണിപ്പെടുത്തരുതെന്നും, അല്ലാഹുവിൽ വിശ്വസിച്ച സത്യവിശ്വാസികളെ വഴി തെറ്റിക്കാൻ ശ്രമിക്കരുതെന്നും, അല്ലാഹുവിന്റെ മാർഗ്ഗം വളവും വക്രതയുമുള്ളതുമായിരിക്കാൻ ആഗ്രഹിക്കരുതെന്നും അദ്ദേഹം ഉപദേശിക്കുന്നു. വഴിപോക്കരെ ആക്രമിക്കുക അവരുടെ ചരക്കുകൾക്ക് ചുങ്കം വസൂലാക്കുക, എന്നിവ കൂടാതെ, ശുഐബ് (അ) നബിയുമായി ബന്ധപ്പെടുന്നവരെ മുടക്കം ചെയ്യുക അദ്ദേഹത്തിന്റെ പേരിൽ കള്ളം പറയുക, അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളിൽ ആശയക്കുഴപ്പങ്ങളുണ്ടാക്കുക എന്നിത്യാദി അതിക്രമങ്ങളും ആ ജനത ചെയ്തുപോന്നിരുന്നു. ഇത്തരം അതിക്ര മങ്ങളെല്ലാം ആ ജനത മാത്രമല്ല ഇന്നത്തെ കാലത്തെ മുഹമ്മദ്(സ) തിരുമേനിയിൽ വിശ്വസിക്കുന്ന മുസ്‌ലിംകളെന്ന് അവകാശപ്പെടുന്നവർ പോലും കാലാനുസൃതമായ മാറ്റങ്ങളോടെ അനുവർത്തിച്ച് വരുന്നതായി കാണാം. അപ്പോൾ ആയിരക്കണക്കിന് കൊല്ലങ്ങൾക്ക് മുമ്പ് മദ്‌യൻ നിവാസികൾക്ക് നല്കപ്പെട്ട ആ ഉപദേശങ്ങൾ, ലോകാവസാനം വരെയുള്ള ജനതക്ക് വേണ്ടി വിശുദ്ധഖുർആനിൽ വിസ്തരിച്ച് പറഞ്ഞു തന്നതിന്റെ യുക്തി സൽബുദ്ധിയുള്ള ആളുകൾക്ക് ചിന്തിച്ച് മനസ്സിലാക്കാവുന്നതാണ്.

ഈ ഉപദേശങ്ങൾ നൽകുന്നതിന് പ്രാരംഭമായി ശുഐബു നബി(അ) "നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്ക് വ്യക്തമായ തെളിവു വന്നിട്ടുണ്ട്." എന്ന് അദ്ദേഹത്തിന്റെ ജനതയോട് പറഞ്ഞതായി 85-ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്, എന്നാൽ ശുഐബ്(അ) നബിയുടെ സത്യതക്ക് ദൃഷ്ടാന്തമായ ഒരു പ്രത്യേക ദൃഷ്ടാന്തമൊന്നും ഇവിടെ വിവരിക്കപ്പെട്ടിട്ടില്ല. അദ്ദേഹത്തിന് നല്കപ്പെട്ട ദൃഷ്ടാന്തം എന്തായിരുന്നുവെന്ന് അല്ലാഹുവിനറിയാം.

വളരെ കുറച്ച് ആളുകൾ മാത്രമുണ്ടായിരുന്ന നിങ്ങളെ അല്ലാഹു വർദ്ധിപ്പിച്ച് തന്ന് ഒരു ജനതയാക്കി അനുഗ്രഹിച്ചിരിക്കുന്നു. അതിന് അവനോട് നന്ദി പ്രകടിപ്പിക്കാതെ, നിങ്ങൾ അതിക്രമകാരികളായി ത്തീരുകയാണെങ്കിൽ മുമ്പ് അത്തരം ആളുകൾക്ക് അനുഭവപ്പെട്ട ഭവിഷ്യത്തുകൾ നിങ്ങൾ നേരിൽ അനുഭവിച്ചറിയും, എന്ന് ശുഐബ് (അ) നബി തന്റെ ജനതയെ താക്കീത് ചെയ്യുന്നു.

എന്നാൽ ധിക്കാരികളായ ആ ജനതയുടെ നേതാക്കൾ പറഞ്ഞ മറുപടി അടുത്ത വചനത്തിൽ അല്ലാഹു വിവരിക്കുന്നു.

## ജുസ്അ് - 9

**വചനം 88, 89**

۞ قَالَ ٱلْمَلَأُ ٱلَّذِينَ ٱسْتَكْبَرُوا۟ مِن قَوْمِهِۦ لَنُخْرِجَنَّكَ يَٰشُعَيْبُ وَٱلَّذِينَ ءَامَنُوا۟ مَعَكَ مِن قَرْيَتِنَآ أَوْ لَتَعُودُنَّ فِى مِلَّتِنَا ۚ قَالَ أَوَلَوْ كُنَّا كَٰرِهِينَ ﴿٨٨﴾

88 അദ്ദേഹത്തിൻെറ ജനങ്ങളിൽ നിന്നും അഹംഭാവം നടിച്ചവരായ പ്രധാനികൾ പറഞ്ഞു: "നിശ്ചയമായും- ശുഐബേ-നിന്നെയും, നിന്നോടൊപ്പം വിശ്വസിച്ചിട്ടുള്ളവരെയും ഞങ്ങളുടെ രാജ്യത്തിൽ നിന്നു ഞങ്ങൾ പുറത്താക്കുക തന്നെ ചെയ്യും; അല്ലെങ്കിൽ, നിങ്ങൾ ഞങ്ങളുടെ മാർഗ്ഗത്തിൽ മടങ്ങി വരുക തന്നെ വേണം. അദ്ദേഹം പറഞ്ഞു: "ഞങ്ങൾ (അത്) വെറുക്കുന്നവരായിരുന്നാലുമോ?!"

قَدِ ٱفْتَرَيْنَا عَلَى ٱللَّهِ كَذِبًا إِنْ عُدْنَا فِى مِلَّتِكُم بَعْدَ إِذْ نَجَّىٰنَا ٱللَّهُ مِنْهَا ۚ وَمَا يَكُونُ لَنَآ أَن نَّعُودَ فِيهَآ إِلَّآ أَن يَشَآءَ ٱللَّهُ

89 "നിങ്ങളുടെ മാർഗ്ഗത്തിൽ, നിന്ന് അല്ലാഹു ഞങ്ങളെ രക്ഷപ്പെടുത്തിയതിനു ശേഷം, ഞങ്ങൾ മടങ്ങി വരുന്ന പക്ഷം തീർച്ചയായും ഞങ്ങൾ അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമക്കുകയായിരിക്കും ചെയ്യുന്നത്.

رَبُّنَا ۚ وَسِعَ رَبُّنَا كُلَّ شَىْءٍ عِلْمًا ۚ عَلَى ٱللَّهِ تَوَكَّلْنَا ۚ رَبَّنَا ٱفْتَحْ بَيْنَنَا وَبَيْنَ قَوْمِنَا بِٱلْحَقِّ وَأَنتَ خَيْرُ ٱلْفَٰتِحِينَ ﴿٨٩﴾

"അതിൽ മടങ്ങിവരുകയെന്നത് ഞങ്ങൾക്ക് (ഒരിക്കലും) പാടില്ലാത്തതാകുന്നു; ഞങ്ങളുടെ റബ്ബായ അല്ലാഹു (അങ്ങിനെ) ഉദ്ദേശിക്കുന്ന തായാലല്ലാതെ. ഞങ്ങളുടെ റബ്ബ് അറിവുകൊണ്ട് എല്ലാ വസ്തുവിനും വിശാലമായിരിക്കുന്നു. (എല്ലാം അവൻെറ അറിവിൽ ഉൾപെടുന്നു.) അല്ലാഹുവിൻെറ മേൽ ഞങ്ങൾ (എല്ലാം) ഭരമേൽപിച്ചിരിക്കുന്നു. "ഞങ്ങളുടെ റബ്ബേ! ഞങ്ങൾക്കും, ഞങ്ങളുടെ ജനങ്ങൾക്കുമിടയിൽ യഥാർത്ഥപ്രകാരം നീ (തീരുമാനം വരുത്തി) തുറവി നൽകണേ! നീ തുറവി നൽകുന്നവരിൽ ഏറ്റവും ഉത്തമനാകുന്നു."

"ശുഐബെ നീയും നിന്റെ അനുയായികളും നിങ്ങളുടെ മതം ഉപേക്ഷിച്ച് ഞങ്ങളുടെ മതം സ്വീകരിക്കാത്ത പക്ഷം, നിങ്ങളെ ഞങ്ങൾ ഈ നാട്ടിൽ നിന്ന് പുറത്താക്കുക തന്നെ ചെയ്യും."

ശുഐബ് (അ) നബി ഇപ്രകാരം മറുപടി പറഞ്ഞു. "ഭീഷണി കൊണ്ടോ നിർബന്ധം കൊണ്ടോ, ഞങ്ങൾ ഇതുവരെ സ്വീകരിച്ച അല്ലാഹുവിന്റെ സത്യമാർഗ്ഗം ഉപേക്ഷിക്കുവാൻ പോകുന്നില്ല. നിങ്ങളുടെ പോലെ കൃത്രിമമായി കെട്ടിച്ചമച്ചുണ്ടാക്കിയ മാർഗ്ഗമല്ല ഞങ്ങളുടെത്. അല്ലാഹു ഉദ്ദേശിച്ചാൽ എന്തും സംഭവിക്കുമെന്നത് ശരി തന്നെ ഞങ്ങളുടെ സർവ്വകാര്യങ്ങളും ഞങ്ങൾ സർവ്വജ്ഞനായ അല്ലാഹുവിൽ അർപ്പിച്ചിരിക്കുന്നു.

ആ ജനത വീണ്ടു വിചാരത്തിനോ സത്യാന്വേഷണത്തിനോ തയ്യാറാകുമെന്ന പ്രതീക്ഷക്ക് വകയില്ലെന്ന് മനസ്സിലാക്കിയ ശുഐബ്(അ) അല്ലാഹുവിനോടു പ്രാർത്ഥിച്ചു. "ഞങ്ങളുടെ റബ്ബെ, ഞങ്ങൾ ഇരുകൂട്ടർക്കുമിടയിൽ ഒരു തീരുമാനമുണ്ടാക്കി, കാര്യം കലാശിപ്പിക്കണമെ.."

ശിർക്കിന്റെ മാർഗ്ഗത്തിലേക്ക് മടങ്ങിവരണമെന്ന് അവിശ്വാസികളും, ഞങ്ങൾ അതിലേക്ക് മടങ്ങിവരാൻ നിവൃത്തിയില്ലെന്നു ശുഐബ്(അ) നബിയും പറയുമ്പോൾ, അദ്ദേഹവും ഒരിക്കൽ അവരുടെ ശിർക്കിന്റെ മാർഗ്ഗം സ്വീകരിച്ചിരുന്നുവെന്ന് സന്ദേഹമുണ്ടാകാനിടയുണ്ടല്ലോ എന്നാൽ പ്രവാചകത്വം ലഭിക്കുന്നതിനു മുമ്പും പ്രവാചകൻമാർ ശിർക്കിൽ അകപ്പെടാതെ അല്ലാഹു കാത്ത് രക്ഷിക്കുന്നതാണ്. ആ കാലഘട്ടങ്ങളിൽ അവർ തങ്ങളിൽ നിന്നും ഭിന്നമായ ഒരു മാർഗ്ഗത്തിലാണെന്ന് അവരെ പറ്റി ജനങ്ങൾ കരുതിവരാറില്ല. എന്നാൽ പ്രവാചകത്വം ലഭിച്ച് തൗഹീദിന്റെ പ്രബോധനം ആരംഭിക്കുന്നതോടെയായിരിക്കും അവരുടെ ജനത. പ്രവാചകൻമാരെ അന്യരായി ഗണിക്കുവാനും എതിർപ്പും ശത്രുതയും പ്രകടിപ്പിക്കുവാനും തുടങ്ങുന്നത്. നബി (സ) തിരുമേനിയുടെ സ്ഥിതിയും അങ്ങനെ തന്നെയായിരുന്നുവല്ലോ.

---

**വചനം 90**

وَقَالَ ٱلْمَلَأُ ٱلَّذِينَ كَفَرُوا۟ مِن قَوْمِهِۦ لَئِنِ ٱتَّبَعْتُمْ شُعَيْبًا إِنَّكُمْ إِذًا لَّخَٰسِرُونَ ﴿٩٠﴾

90 അദ്ദേഹത്തിൻെറ ജനങ്ങളിൽ നിന്ന് അവിശ്വസി ച്ചവരായ പ്രധാനികൾ പറയുകയും ചെയ്തു: "നിശ്ചയമായും, നിങ്ങൾ ശുഐബിനെ പിൻപ റ്റുന്ന പക്ഷം, അപ്പോൾ നിങ്ങൾ നഷ്ടപ്പെട്ടവർ തന്നെയായിരിക്കും".

- - -

ഭീഷണി കൊണ്ടും നിർബന്ധം കൊണ്ടും സത്യ വിശ്വാസികളെ പിൻ തിരിപ്പിക്കാൻ കഴിയാതിരുന്നപ്പോൾ ശുഐബിനെ പിൻപറ്റിയവർ നഷ്ടക്കാരും പിഴച്ചവരുമായിത്തീരുമെന്നും അവർ പ്രചരിപ്പിച്ച് കൊണ്ടിരുന്നു.

---

**വചനം 91,92**

فَأَخَذَتْهُمُ ٱلرَّجْفَةُ فَأَصْبَحُوا۟ فِى دَارِهِمْ جَٰثِمِينَ ﴿٩١﴾

91 അപ്പോൾ, അവർക്ക് കഠിന കമ്പനം പിടിപെട്ടു. അങ്ങനെ, അവരുടെ വാസസ്ഥലത്തിൽ അവർ (കാലത്തു) കമിഴ്ന്നു വീണവരായി!

92 ശുഐബിനെ വ്യാജമാക്കിയവര്‍ - അവര്‍ അവിടത്തില്‍ നിവസിച്ചിട്ടില്ലാത്തതു പോലെ (യായി)! (അതെ) ശുഐബിനെ വ്യാജ മാക്കിയവര്‍- അവര്‍ തന്നെയായിരുന്നു നഷ്ടക്കാര്‍!

ٱلَّذِينَ كَذَّبُوا۟ شُعَيْبًا كَأَن لَّمْ يَغْنَوْا۟ فِيهَا ۚ ٱلَّذِينَ كَذَّبُوا۟ شُعَيْبًا كَانُوا۟ هُمُ ٱلْخَٰسِرِينَ ﴿٩٢﴾

---

ഞങ്ങള്‍ക്കിടയില്‍ ഒരു തീരുമാനമുണ്ടാക്കിതരണമേ, എന്ന ശുഐബ് നബി(അ)യുടെ പ്രാര്‍ത്ഥന അല്ലാഹു സ്വീകരിച്ചു. ഒരു രാത്രിയില്‍ പെട്ടെന്ന് അതിഭയങ്കരമായ പ്രകമ്പനവും ഘോരശബ്ദവും അവരെ പിടികൂടി. സുഖമായി കിടന്നുറങ്ങിയ അവര്‍ പ്രഭാതമായപ്പോഴെക്കും, തങ്ങളുടെ വസതികളില്‍ മരിച്ച് വീണു ചത്തൊടുങ്ങി. ശുഐബ് നബി(അ)യെയും സത്യവിശ്വാസികളെയും അല്ലാഹു രക്ഷപ്പെടുത്തി.

**വചനം 93**

93 അപ്പോള്‍, അദ്ദേഹം അവരില്‍നിന്നു വിട്ടുമാറി; അദ്ദേഹം പറയുകയും ചെയ്തു: "എന്‍റെ ജനങ്ങളേ, തീര്‍ച്ചയായും, എന്‍റെ റബ്ബിന്‍റെ ദൗത്യങ്ങളെ ഞാന്‍ നിങ്ങള്‍ക്ക് എത്തിച്ചു തന്നിട്ടുണ്ട്; നിങ്ങള്‍ക്കു ഞാന്‍ ഗുണം കാംക്ഷിക്കുക (ഉപദേശം നല്‍കുക) യും ചെയ്തു. എന്നിരിക്കെ, അവിശ്വാസികളായ ഒരു ജനതയുടെ പേരില്‍ ഞാന്‍ എങ്ങിനെ സങ്കടപ്പെടും?! (അതിനവകാശമില്ലല്ലോ.) "

فَتَوَلَّىٰ عَنْهُمْ وَقَالَ يَٰقَوْمِ لَقَدْ أَبْلَغْتُكُمْ رِسَٰلَٰتِ رَبِّى وَنَصَحْتُ لَكُمْ ۖ فَكَيْفَ ءَاسَىٰ عَلَىٰ قَوْمٍ كَٰفِرِينَ ﴿٩٣﴾

---

ഥമൂദു ഗോത്രം ഒന്നടങ്കം ശിക്ഷയില്‍ പെട്ട് നശിച്ചപ്പോള്‍ സ്വാലിഹ്(അ) നബി അവരെ നോക്കി പറഞ്ഞതായി 79-ാം വചനത്തില്‍ പ്രസ്താവിച്ചത് പോലെയുള്ള വാക്കുകള്‍ തന്നെയാണ് ശുഐബ്(അ) അദ്ദേഹത്തിന്‍റെ ചത്തൊടുങ്ങിയ ജനതയെ നോക്കിയും പറയുന്നത്.

## വിഭാഗം 12

**വചനം 94, 95**

94 ഒരു രാജ്യത്തിലും (തന്നെ) ഒരു നബിയെയും നാം അയച്ചിട്ടില്ല, അതിലെ ആള്‍ക്കാരെ ദുരിതവും, കഷ്ടപ്പാടുംകൊണ്ട് നാം പിടികൂടാതെ; അവര്‍ താഴ്മ കാണിക്കുവാന്‍ വേണ്ടി.
95 പിന്നീട്, തിന്‍മയുടെ സ്ഥാനത്തു നാം നന്‍മയെ പകരമാക്കി. അങ്ങനെ, അവര്‍ അഭിവൃദ്ധിപ്പെട്ടു; അവര്‍ പറയുകയും ചെയ്തു; "നമ്മുടെ പിതാക്കളെ കഷ്ടാവസ്ഥയും, സന്തോഷാവസ്ഥയും ബാധിക്കുകയുണ്ടായിട്ടുണ്ട്. (അതുപോലെ നമുക്കും ബാധിച്ചുവെന്നു മാത്രം.)" അപ്പോള്‍, അവര്‍ അറിയാത്ത വിധത്തില്‍ പെട്ടെന്ന് അവരെ നാം പിടി(ച്ചു ശിക്ഷി)ച്ചു.

وَمَآ أَرْسَلْنَا فِى قَرْيَةٍ مِّن نَّبِىٍّ إِلَّآ أَخَذْنَآ أَهْلَهَا بِٱلْبَأْسَآءِ وَٱلضَّرَّآءِ لَعَلَّهُمْ يَضَّرَّعُونَ ﴿٩٤﴾ ثُمَّ بَدَّلْنَا مَكَانَ ٱلسَّيِّئَةِ ٱلْحَسَنَةَ حَتَّىٰ عَفَوا۟ وَّقَالُوا۟ قَدْ مَسَّ ءَابَآءَنَا ٱلضَّرَّآءُ وَٱلسَّرَّآءُ فَأَخَذْنَٰهُم بَغْتَةً وَهُمْ لَا يَشْعُرُونَ ﴿٩٥﴾

---

പ്രവാചകരെ ധിക്കരിച്ച ചില സമുദായങ്ങളുടെ ചരിത്രം പ്രത്യേകം പ്രത്യേകം എടുത്ത് വിവരിച്ച ശേഷം കഴിഞ്ഞു പോയ പല സമുദായങ്ങളെ പറ്റി പൊതുവെയുള്ള ഒരു പ്രസ്താവയാണിത്. പ്രവാചകന്‍മാരെ ധിക്കരിക്കുന്നുവെന്ന കാരണത്താല്‍ മാത്രം അല്ലാഹു ഒരു സമുദായത്തെയും നശിപ്പിക്കുക പതിവല്ല. ആദ്യം അല്ലാഹു അവരുടെ ദേഹങ്ങളിലൊ ധനത്തിലൊ കഷ്ടപാടുകള്‍ വരുത്തിയും എന്നിട്ടും അവര്‍ പാഠം പഠിക്കുന്നില്ലെങ്കില്‍, തല്‍സ്ഥാനത്ത് അഭിവൃദ്ധിയും ക്ഷേമൈശ്വര്യങ്ങളും നല്‍കിയും, അല്ലാഹു പരീക്ഷണം

നടത്തും, ഈയവസരങ്ങളിൽ, സുഖദുഃഖങ്ങൾ ഞങ്ങൾക്ക് മാത്രമല്ല നമുക്ക് മുമ്പുള്ളവർക്കും ഉണ്ടാകാറുള്ളതാണ് എന്ന് പറഞ്ഞു കൊണ്ട് അവർ നന്ദികേടും ധിക്കാരവും പ്രകടിപ്പിക്കുകയായിരിക്കും ചെയ്യുക. അങ്ങനെ ഓർക്കാപ്പുറത്ത് പെട്ടെന്ന് ശിക്ഷകൾ പിടികൂടുമ്പോൾ അവർ ഖേദിക്കും - പക്ഷെ വൈകിയുദിച്ച ബുദ്ധികൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകുകയില്ല.

**വചനം 96**

96 (ആ) രാജ്യക്കാർ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കിൽ, നാം അവർക്ക് ആകാശത്തു നിന്നും, ഭൂമിയിൽ നിന്നും 'ബർക്കത്തുകൾ' (അനുഗ്രഹാദി വൃദ്ധികൾ) തുറന്നു കൊടുക്കുക തന്നെ ചെയ്യുമായിരുന്നു. എങ്കിലും, അവർ വ്യാജമാക്കുകയാണു ചെയ്തത്; അതിനാൽ, അവർ (പ്രവർത്തിച്ചു) സമ്പാദിച്ചിരുന്നതു നിമിത്തം അവരെ നാം പിടിച്ചു (ശിക്ഷിച്ചു).

وَلَوْ أَنَّ أَهْلَ ٱلْقُرَىٰٓ ءَامَنُوا۟ وَٱتَّقَوْا۟ لَفَتَحْنَا عَلَيْهِم بَرَكَـٰتٍ مِّنَ ٱلسَّمَآءِ وَٱلْأَرْضِ وَلَـٰكِن كَذَّبُوا۟ فَأَخَذْنَـٰهُم بِمَا كَانُوا۟ يَكْسِبُونَ ﴿٩٦﴾

സത്യവിശ്വാസം സ്വീകരിച്ചും അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷിച്ചും ജീവിക്കാത്തത് കൊണ്ടാണ് അവർ ശിക്ഷ അനുഭവിക്കേണ്ടി വന്നത്. അല്ലായിരുന്നെങ്കിൽ ആകാശത്ത് നിന്നും മഴയും, ഭൂമിയിൽ നിന്ന് ഫലവർഗ്ഗങ്ങളും മറ്റു അനുഗ്രഹങ്ങളും, അവർക്ക് സുലഭമായി ലഭിക്കുമായിരുന്നു.

**വചനം 97,98,99**

97 അപ്പോൾ, തങ്ങൾ ഉറങ്ങുന്നവരായിരിക്കെ രാത്രിവേളയിൽ നമ്മുടെ ശിക്ഷ തങ്ങൾക്ക് വരുന്നതിനെക്കുറിച്ചു (ഭയപ്പെടാതെ) രാജ്യക്കാർ സമാധാനപ്പെട്ടിരിക്കുകയോ?!

أَفَأَمِنَ أَهْلُ ٱلْقُرَىٰٓ أَن يَأْتِيَهُم بَأْسُنَا بَيَـٰتًا وَهُمْ نَآئِمُونَ ﴿٩٧﴾

98 തങ്ങൾ കളിച്ചുകൊണ്ടിരിക്കെ പൂർവ്വാഹ്ന (ഇളയുച്ച) വേളയിൽ തങ്ങൾക്ക് നമ്മുടെ ശിക്ഷ വരുന്നതിനെയും (ഭയപ്പെടാതെ) രാജ്യക്കാർ സമാധാനപ്പെട്ടിരിക്കുകയാണോ?!

أَوَأَمِنَ أَهْلُ ٱلْقُرَىٰٓ أَن يَأْتِيَهُم بَأْسُنَا ضُحًى وَهُمْ يَلْعَبُونَ ﴿٩٨﴾

99 (അതെ) അപ്പോൾ, അല്ലാഹുവിൻെറ തന്ത്രത്തെക്കുറിച്ചു (ഭയപ്പെടാതെ) അവർ സമാധാനപ്പെട്ടിരിക്കുകയോ?! എന്നാൽ, അല്ലാഹുവിൻെറ തന്ത്രത്തെക്കുറിച്ച് (ഭയപ്പെടാതെ) നഷ്ടപ്പെട്ട ജനങ്ങളല്ലാതെ സമാധാനപ്പെട്ടിരിക്കുകയില്ല.

أَفَأَمِنُوا۟ مَكْرَ ٱللَّهِ ۚ فَلَا يَأْمَنُ مَكْرَ ٱللَّهِ إِلَّا ٱلْقَوْمُ ٱلْخَـٰسِرُونَ ﴿٩٩﴾

അവിശ്വാസികളായ മുൻ സമുദായക്കാർക്ക് നേരിടേണ്ടി വന്ന ശിക്ഷാ നടപടികളിൽ നിന്ന് പാഠം പഠിക്കാതെ ഞങ്ങൾക്കതൊന്നും ബാധിക്കുകയില്ലെന്ന് സമാധാനിച്ച് കൊണ്ടിരിക്കുന്ന പക്ഷം അത് വമ്പിച്ച നഷ്ടത്തിന് ഇട വരുത്തിയേക്കുമെന്ന് അല്ലാഹു അവിശ്വാസികളെ താക്കീത് ചെയ്യുന്നു.

## വിഭാഗം 13

**വചനം 100**

100 ഭൂമിയെ, അതിലെ (പൂർവ്വിക) ആൾക്കാരുടെ ശേഷം, അനന്തരാവകാശമെടുക്കുന്നവർക്കു മാർഗ്ഗദർശകമായി (വ്യക്തമായി) ട്ടുമില്ലേ? നാം

أَوَلَمْ يَهْدِ لِلَّذِينَ يَرِثُونَ ٱلْأَرْضَ مِنۢ بَعْدِ أَهْلِهَآ أَن لَّوْ نَشَآءُ أَصَبْنَـٰهُم

بِذُنُوبِهِمْ ۚ وَنَطْبَعُ عَلَىٰ قُلُوبِهِمْ فَهُمْ لَا يَسْمَعُونَ ﴿١٠٠﴾

ഉദ്ദേശിക്കുന്ന പക്ഷം, അവരുടെ പാപങ്ങൾ നിമിത്തം നാം അവർക്ക് (ആപത്ത്) ബാധിപ്പിക്കുമെന്ന്! നാം അവരുടെ ഹൃദയങ്ങൾക്ക് മുദ്രവെക്കുകയും ചെയ്യുന്നു; അങ്ങനെ അവർ കേൾക്കുന്നില്ല.

മുൻ സമുദായങ്ങളെ അവരുടെ പാപങ്ങൾ നിമിത്തം നാം ശിക്ഷിച്ചത് വ്യക്തമായി മനസ്സിലാക്കിയിട്ടും, പിന്നെയും വിശ്വസിക്കാതിരിക്കുകയാണ് ഇവർ ചെയ്യുന്നത്. സത്യയാഥാർത്ഥ്യങ്ങൾ ഗ്രഹിക്കാതിരിക്കത്തവണ്ണം ഇവരുടെ ഹൃദയങ്ങൾക്ക് നാം മുദ്രവെക്കുകയാണ് ചെയ്യുന്നത്.

**വചനം 101**

تِلْكَ الْقُرَىٰ نَقُصُّ عَلَيْكَ مِنْ أَنبَائِهَا ۚ وَلَقَدْ جَاءَتْهُمْ رُسُلُهُم بِالْبَيِّنَاتِ فَمَا كَانُوا لِيُؤْمِنُوا بِمَا كَذَّبُوا مِن قَبْلُ ۚ كَذَٰلِكَ يَطْبَعُ اللَّهُ عَلَىٰ قُلُوبِ الْكَافِرِينَ ﴿١٠١﴾

101 ആ രാജ്യങ്ങൾ അവയുടെ വൃത്താന്തങ്ങളിൽ നിന്ന് (ചിലതൊക്കെ) നാം നിനക്കു തരുകയാണ്. തീർച്ചയായും, അവർക്ക് (ആ രാജ്യക്കാർക്ക്) അവരുടെ റസൂലുകൾ വ്യക്തമായ തെളിവുകളുമായി ചെല്ലുകയുണ്ടായി. എന്നാൽ, മുമ്പ് അവർ യാതൊന്നിനെ വ്യാജമാക്കിയോ അതിൽ അവർ വിശ്വസിക്കു (വാൻ തയ്യാറാകു)കയുണ്ടായില്ല. അപ്രകാരം, അവിശ്വാസികളുടെ ഹൃദയങ്ങൾക്ക് അല്ലാഹു മുദ്ര കുത്തുന്നു.

തെളിവുകളും ദൃഷ്ടാന്തങ്ങളും ധാരാളം ലഭിച്ചിട്ടും, മുൻ സ്ഥിതിയിൽ മാറ്റം വരാതെ സത്യനിഷേധത്തിലും വ്യാജ വാദത്തിലും ശഠിച്ച് കൊണ്ടിരിക്കുമ്പോഴാണ് അല്ലാഹു ഹൃദയങ്ങൾക്ക് മുദ്രവെക്കുന്നതെന്ന് ഈ വചനത്തിൽ അല്ലാഹു വ്യക്തമാക്കുന്നു.

**വചനം 102**

وَمَا وَجَدْنَا لِأَكْثَرِهِم مِّنْ عَهْدٍ ۖ وَإِن وَجَدْنَا أَكْثَرَهُمْ لَفَاسِقِينَ ﴿١٠٢﴾

102 അവരിൽ അധികമാൾക്കും യാതൊരു കരാറും (കരാറു പാലിക്കേണ്ട ബോധവും) നാം കണ്ടെത്തിയില്ല; അവരിൽ അധികമാളുകളെയും തോന്നിയവാസികളായിത്തന്നെ നാം കണ്ടെത്തുകയും ചെയ്തു.

പ്രവാചകൻമാരും വേദഗ്രന്ഥങ്ങളും പരീക്ഷണങ്ങളും മുഖേന ദൃഷ്ടാന്തങ്ങളും തെളിവുകളും മറ്റും ലഭിച്ചിട്ടും, പ്രകൃത്യാ തന്നെ തന്റെ സൃഷ്ടാവിനെ കുറിച്ച് ബോധവാനായിരിക്കാൻ ബാധ്യതപ്പെട്ട, മനുഷ്യൻ, ആ ബാദ്ധ്യത നിറവേറ്റാനുള്ള ബോധവും, തയാറും പ്രകടിപ്പിക്കാത്തതിനാലാണ് അല്ലാഹു അത്തരം ജനതയുടെ മേൽ ശിക്ഷ നടപടികൾ എടുത്തത്.

ഇത്തരം സത്യനിഷേധികളുടെ തലമുറകൾ, എത്രയൊ ഇതിന് മുമ്പ് കഴിഞ്ഞ് പോയിട്ടുണ്ടെന്ന് മൂസാ(അ) നബി നേരിടേണ്ടി വന്ന അനുഭവങ്ങളും വിവരിച്ചകൊണ്ടു അല്ലാഹു നബി(സ)യെ തുടർന്നുള്ള വചനങ്ങളിലൂടെ അറിയിക്കുന്നു.

**വചനം 103, 104, 105**

ثُمَّ بَعَثْنَا مِن بَعْدِهِم مُّوسَىٰ بِآيَاتِنَا إِلَىٰ فِرْعَوْنَ وَمَلَئِهِ فَظَلَمُوا بِهَا ۖ فَانظُرْ كَيْفَ كَانَ عَاقِبَةُ الْمُفْسِدِينَ ﴿١٠٣﴾

103 പിന്നീട്, അവരുടെ (മേൽ പറയപ്പെട്ടവരുടെ) ശേഷം, ഫിർഔൻെറയും, അവൻെറ പ്രധാനികളുടെയും അടുക്കലേക്ക് നമ്മുടെ ദൃഷ്ടാന്തങ്ങളുമായി നാം മൂസായെ നിയോഗിച്ചയച്ചു. എന്നിട്ട്, അവർ അവയിൽ (വിശ്വസിക്കാതെ) അക്രമം പ്രവർത്തിച്ചു. അപ്പോൾ, (ആ) കുഴപ്പം

പ്രവർത്തിച്ചവരുടെ പര്യവസാനം എങ്ങനെ ആയെന്നു നോക്കുക!

وَقَالَ مُوسَىٰ يَٰفِرۡعَوۡنُ إِنِّي رَسُولٞ مِّن رَّبِّ ٱلۡعَٰلَمِينَ ﴿١٠٤﴾

104 മൂസാ പറയുകയും ചെയ്തു: “ഫിർഔനേ, നിശ്ചയമായും ഞാൻ, ലോകരുടെ രക്ഷിതാവി ങ്കൽ നിന്നുള്ള ഒരു റസൂലാകുന്നു.”

حَقِيقٌ عَلَىٰٓ أَن لَّآ أَقُولَ عَلَى ٱللَّهِ إِلَّا ٱلۡحَقَّۚ قَدۡ جِئۡتُكُم بِبَيِّنَةٖ مِّن رَّبِّكُمۡ فَأَرۡسِلۡ مَعِيَ بَنِيٓ إِسۡرَٰٓءِيلَ ﴿١٠٥﴾

105 “അല്ലാഹുവിൻെറ പേരിൽ യഥാർത്ഥമല്ലാതെ (ഒന്നും) പറയാതിരിക്കുവാൻ അവകാശപ്പെട്ട വനാണു (ഞാൻ). നിങ്ങളുടെ റബ്ബിങ്കൽനിന്നും ഞാൻ നിങ്ങൾക്ക് വ്യക്തമായ തെളിവും കൊണ്ടു വന്നിട്ടുണ്ട്; ആകയാൽ, എൻെറ കൂടെ നീ ഇസ്രാഈൽ സന്തതികളെ അയച്ചു (വിട്ടു) തരുക”.

---

സത്യവിശ്വാസത്തിലെക്കും തൗഹീദിലെക്കും ക്ഷണിക്കുകയെന്ന ദൗത്യത്തിലുപരി ഇസ്രാഈല്യരെ ഫിർഔന്റെ അടിമത്തത്തിൽ നിന്നും മോചിപ്പിക്കുകയെന്നതും മൂസാ (അ) നബിയുടെ ഒരു പ്രത്യേക ദൗത്യമായിരുന്നു. ഇബ്രാഹിം(അ) നബിയുടെ പൌത്രൻ - ഇസ്രാഈൽ എന്ന യഅ്ഖൂബ്(അ) നബിയുടെ സന്തതികളായ ബനൂ ഇസ്രാഈൽ ഗോത്രം ഈജിപ്തിൽ യഅ്ഖൂബ്(അ) നബിയുടെ മകൻ യൂസുഫ്(അ) നബിയുടെ കാലം മുതൽ വാസമാക്കുകയും ഒരു വമ്പിച്ച ജന സമൂഹമായിത്തീരുകയും ചെയ്തു. കാലക്രമേണ ഈജിപ്തിലെ ഭരണാധിപത്യം ഖിബ്ത്വി (കൊഫ്ത്തി) കളായ ഫിർഔൻ (ഫറാവോ) രാജവംശത്തിന്റെ കയ്യിലാകുകയും, ഇസ്രാഈല്യർ ഖിബ്ത്വികൾക്ക് അടിമപ്പെടുകയും ചെയ്തു. ഈ അവസരത്തിലാണ് മൂസാ(അ) നബിയെ അല്ലാഹു നിയോഗിച്ചത്.

മൂസാ(അ) നബിയുടെയും ഇസ്രാഈല്യരുടെയും ചരിത്രം ഖുർആനിൽ പല സൂറത്തുകളിലായി ആവർത്തിച്ച് വിസ്തരിക്കപ്പെട്ടിട്ടുണ്ട്. നൂറ്റിമുപ്പതിൽ പരം ഇടങ്ങളിൽ മൂസാ (അ) നബിയുടെ പേർ ഖുർആനിൽ ആവർത്തിക്കപ്പെട്ടിരിക്കുന്നു. പിൻ കാല സമുദായങ്ങൾക്ക് ആ ചരിത്രങ്ങളിൽ നിന്നും ധാരാളം മാതൃകകളും പാഠങ്ങളും ഗ്രഹിക്കുവാനുണ്ട്

---

**വചനം 106, 107, 108**

قَالَ إِن كُنتَ جِئۡتَ بِـَٔايَةٖ فَأۡتِ بِهَآ إِن كُنتَ مِنَ ٱلصَّٰدِقِينَ ﴿١٠٦﴾

106 അവൻ (ഫിർഔൻ) പറഞ്ഞു: “നീ വല്ല ദൃഷ്ടാന്തവും കൊണ്ടു വന്നിട്ടുണ്ടെങ്കിൽ, അത് (ഇങ്ങു) കൊണ്ടുവാ, നീ സത്യവാൻമാരിൽപെട്ട വനാണെങ്കിൽ!”

فَأَلۡقَىٰ عَصَاهُ فَإِذَا هِيَ ثُعۡبَانٞ مُّبِينٞ ﴿١٠٧﴾

107 അപ്പോൾ അദ്ദേഹം തൻെറ വടിയിട്ടു; അപ്പോഴതാ അത് പ്രത്യക്ഷമായ ഒരു സർപ്പം!

وَنَزَعَ يَدَهُۥ فَإِذَا هِيَ بَيۡضَآءُ لِلنَّٰظِرِينَ ﴿١٠٨﴾

108 അദ്ദേഹം തൻെറ കൈ പുറത്തെടുത്തു(കാട്ടി); അപ്പോഴതാ നോക്കുന്നവർക്ക് (അതു) വെള്ള നിറമുള്ളത്!

---

സീനാ താഴ്‌വരകളിൽ വെച്ച് അല്ലാഹു മൂസാ (അ) നബിയെ ഫിർഔന്റെയും മറ്റും അടുക്കലേക്ക് റസൂലായി നിയോഗിച്ചയച്ച അവസരത്തിൽ തന്നെ, അദ്ദേഹത്തിന് രണ്ട് മഹാ ദൃഷ്ടാന്തങ്ങളായി നിശ്ചയിച്ച് കൊടുത്തതാണ്, അദ്ദേഹത്തിന്റെ വടിയും കൈയും. (കൂടതുൽ വിവരങ്ങൾക്ക് സു. ഖസ്വസും, സൂ. ത്വാഹായും നോക്കുക)

## വിഭാഗം 14

**വചനം 109, 110**

قَالَ ٱلۡمَلَأُ مِن قَوۡمِ فِرۡعَوۡنَ إِنَّ هَٰذَا لَسَٰحِرٌ عَلِيمٞ ﴿١٠٩﴾

109 ഫിർഔൻെറ ജനങ്ങളിൽ നിന്നുള്ള പ്രധാനികൾ പറഞ്ഞു: “നിശ്ചയമായും ഇവൻ, (വളരെ) അറിവുള്ളതായ ഒരു ജാലവിദ്യക്കാരൻ തന്നെ;

110 “നിങ്ങളെ നിങ്ങളുടെ നാട്ടിൽ നിന്ന് പുറത്താക്കുവാൻ അവൻ ഉദ്ദേശിക്കുന്നു. അതിനാൽ, (ഇവനെപ്പറ്റി) നിങ്ങൾ എന്ത് കൽപിക്കുന്നു (എന്താണ് നിങ്ങൾക്കു നിർദ്ദേശിക്കുവാനുള്ളത്) ?!”

يُرِيدُ أَن يُخْرِجَكُم مِّنْ أَرْضِكُمْ ۖ فَمَاذَا تَأْمُرُونَ ﴿١١٠﴾

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

ആ ദൃഷ്ടാന്തങ്ങൾ കണ്ടപ്പോൾ ഫിർഔനും അവിടുത്തെ പ്രധാനികളും, മൂസാ(അ) നിപുണനായ ഒരു ജാലവിദ്യക്കാരൻ മാത്രമാണെന്നും, മൂസാ, നിങ്ങളെ വഞ്ചിച്ച് ഈ നാട്ടിൽ നിന്നും ബഹിഷ്കൃതരാക്കാനാണ് ശ്രമിക്കുന്നതെന്നും ആയതിനാൽ മൂസായെ എങ്ങനെ ശിക്ഷിക്കണമെന്നാണ് നിങ്ങൾ നിർദ്ദേശിക്കുന്നത് എന്നും ആ ജനങ്ങളോട് പറഞ്ഞു.

സിഹ്ർ എന്ന പദത്തിന്റെ അർത്ഥവ്യാഖ്യാനം സൂ. അൽ ബഖറ 102 ൽ നോക്കുക (സിഹ്ർ എന്ന പദത്തിന്റെ കർതൃനാമമാകുന്നു സാഹിർ)

---

**വചനം 111, 112**

111 അവർ (ഫിർഔനോടു) പറഞ്ഞു: “അവന്നും, അവൻെറ സഹോദരന്നും, ഇടകൊടുക്കുക; നഗരങ്ങളിൽ ശേഖരിക്കുന്ന ആളുകളെ നിയോഗിച്ചയക്കുകയും ചെയ്യുക;-

112 (നല്ലപോലെ) അറിയുന്നവരായ എല്ലാ ജാല വിദ്യക്കാരെയും (ശേഖരിച്ച്) അവർ അങ്ങയുടെ അടുക്കൽ കൊണ്ടുവരട്ടെ.”

قَالُوٓا۟ أَرْجِهْ وَأَخَاهُ وَأَرْسِلْ فِى ٱلْمَدَآئِنِ حَـٰشِرِينَ ﴿١١١﴾

يَأْتُوكَ بِكُلِّ سَـٰحِرٍ عَلِيمٍ ﴿١١٢﴾

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

മൂസാ (അ) നബിയും സഹോദൻ ഹാറൂൺ (അ) നബിയും ഒന്നിച്ചായിരുന്നു. ഫിർഔനെ സമീപിച്ചതു. അതുകൊണ്ടാണ് അവനെയും അവന്റെ സഹോദരനെയും തൽക്കാലം ഇട കൊടുത്ത് വിടുക എന്ന് അവർ പറഞ്ഞത്. ഫിർഔന്റെ നിർദ്ദേശപ്രകാരം ധാരാളം ജാലവിദ്യക്കാർ ശേഖരിക്കപ്പെട്ടു.

---

**വചനം 113,114**

113 ജാലവിദ്യക്കാർ ഫിർഔൻെറ അടുക്കൽ വരുകയും ചെയ്തു. അവർ പറഞ്ഞു: “വിജയിക്കുന്നവർ ഞങ്ങളാണെങ്കിൽ, നിശ്ച യമായും ഞങ്ങൾക്ക് ഒരു (വമ്പിച്ച) പ്രതിഫലം ഉണ്ടായിരിക്കുമല്ലോ!”

وَجَآءَ ٱلسَّحَرَةُ فِرْعَوْنَ قَالُوٓا۟ إِنَّ لَنَا لَأَجْرًا إِن كُنَّا نَحْنُ ٱلْغَـٰلِبِينَ ﴿١١٣﴾

114 അവൻ പറഞ്ഞു: “അതെ, (മാത്രമല്ല) നിശ്ചയ മായും നിങ്ങൾ, (നമ്മുടെ അടുക്കൽ) സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവരുമായിരിക്കും.”

قَالَ نَعَمْ وَإِنَّكُمْ لَمِنَ ٱلْمُقَرَّبِينَ ﴿١١٤﴾

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

വടികൾ, കയറുകൾ മുതലായ സന്നാഹങ്ങളുമായി ജാലവിദ്യക്കാർ (20:66) ഒരു ഉത്സവ ദിവസം ഉച്ചസമയത്ത് (20:59) മൂസാ (അ) നബിയോട് മത്സരിക്കുവാനായി ഒത്തുകൂടി. അവർ വിജയിക്കുകയാണെങ്കിൽ പാരിതോഷികങ്ങളും, രാജകീയ സാമീപ്യവും ഫിർഔൻ അവർക്ക് വാഗ്ദാനം ചെയ്തു.

---

**വചനം 115, 116**

115 അവർ (ജാലവിദ്യക്കാർ) പറഞ്ഞു: “മൂസാ, ഒന്നുകിൽ നീ (ആദ്യം വടി) ഇടുക, ഒന്നുകിൽ (ആദ്യം) ഇടുന്നവർ ഞങ്ങളായിരിക്കുക (-ഏതാണു വേണ്ടത്)?”

قَالُوا۟ يَـٰمُوسَىٰٓ إِمَّآ أَن تُلْقِىَ وَإِمَّآ أَن نَّكُونَ نَحْنُ ٱلْمُلْقِينَ ﴿١١٥﴾

قَالَ أَلْقُوا۟ ۖ فَلَمَّآ أَلْقَوْا۟ سَحَرُوٓا۟ أَعْيُنَ ٱلنَّاسِ وَٱسْتَرْهَبُوهُمْ وَجَآءُو بِسِحْرٍ عَظِيمٍ ﴿١١٦﴾

116 അദ്ദേഹം (മൂസാ) പറഞ്ഞു: "നിങ്ങൾ ഇട്ടു കൊള്ളുവിൻ.'' അങ്ങനെ, അവർ (വടി) ഇട്ടപ്പോൾ, അവർ മനുഷ്യരുടെ കണ്ണുകളെ പകിട്ടാക്കുകയും, അവർ അവരെ പേടിപ്പെടുത്തുകയും ചെയ്തു. അവർ ഒരു വമ്പിച്ച ജാലവിദ്യ (തന്നെ) കൊണ്ടുവരുകയും ചെയ്തു.

ചില മായാ തന്ത്രങ്ങൾ വഴി ജാലവിദ്യക്കാരുടെ വടികളും കയറുകളും കാണികളുടെ ദൃഷ്ടിയിൽ പാമ്പുകളായി തോന്നി. അവർ അത് കണ്ട് ഭയപ്പെടുകയും ചെയ്തു.

**വചനം 117, 118, 119**

۞ وَأَوْحَيْنَآ إِلَىٰ مُوسَىٰٓ أَنْ أَلْقِ عَصَاكَ ۖ فَإِذَا هِىَ تَلْقَفُ مَا يَأْفِكُونَ ﴿١١٧﴾

فَوَقَعَ ٱلْحَقُّ وَبَطَلَ مَا كَانُوا۟ يَعْمَلُونَ ﴿١١٨﴾

فَغُلِبُوا۟ هُنَالِكَ وَٱنقَلَبُوا۟ صَـٰغِرِينَ ﴿١١٩﴾

117 മൂസാക്കു നാം 'വഹ്‌യു' (സന്ദേശം) നൽകുകയും ചെയ്തു: "നിൻെറ വടി നീ ഇട്ടേക്കുക" എന്ന്. അപ്പോഴതാ, അവർ കൃത്രിമമാ(യുണ്ടാ)ക്കിയിരുന്നതിനെ അത് വിഴുങ്ങുന്നു!

118 അങ്ങനെ, യഥാർത്ഥം സംഭവിച്ചു. (സത്യം പുലർന്നു) ;അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതു വിഫലമാകുകയും ചെയ്തു.

119 അപ്പോൾ, അവിടംവെച്ച് അവർ പരാജയപ്പെട്ടു; അവർ നിസ്സാരൻമാരായി മാറുകയും ചെയ്തു.

അല്ലാഹുവിൽ നിന്നുള്ള വഹ്‌യ് അനുസരിച്ച് മൂസാ (അ) നബി വടി നിലത്തിട്ടു. ആ വടി യഥാർത്ഥ സർപ്പമായി മാറുകയും പാമ്പുകളാണെന്ന് ജനങ്ങൾക്ക് തോന്നിച്ച ജാല വിദ്യക്കാരുടെ കൃത്രിമ പാമ്പുകളെയെല്ലാം, ആ സർപ്പം വിഴുങ്ങുകയും ചെയ്തു. മൂസാ (അ) നബിയുടെയത് ജാലവിദ്യയല്ലെന്നും, ദിവ്യദൃഷ്ടാന്തമാണെന്നും ജാല വിദ്യക്കാർക്ക് മനസ്സിലായി. അവർ പരാജയം സമ്മതിച്ചു.

**വചനം 120, 121, 122**

وَأُلْقِىَ ٱلسَّحَرَةُ سَـٰجِدِينَ ﴿١٢٠﴾

قَالُوٓا۟ ءَامَنَّا بِرَبِّ ٱلْعَـٰلَمِينَ ﴿١٢١﴾

رَبِّ مُوسَىٰ وَهَـٰرُونَ ﴿١٢٢﴾

120 ജാലവിദ്യക്കാർ സാഷ്ടാംഗം നമസ്ക്കരിക്കുന്നവരായി വീഴ്ത്തപ്പെടുക (നിലം പതിക്കുക) യും ചെയ്തു.

121 അവർ പറഞ്ഞു: "ഞങ്ങൾ (സർവ്വ) ലോക രക്ഷിതാവിൽ വിശ്വസിച്ചു;-

122 (അതെ) മൂസായുടെയും, ഹാറൂൻെറയും റബ്ബിൽ."

പരാജയം സമ്മതിച്ച ജാലവിദ്യക്കാർ സാഷ്ടാംഗം നമസ്ക്കരിക്കുകയും മൂസായുടെയും ഹാറൂന്റെയും റബ്ബായ സർവ്വ ലോക രക്ഷിതാവിൽ വിശ്വസിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു.

**വചനം 123, 124**

قَالَ فِرْعَوْنُ ءَامَنتُم بِهِۦ قَبْلَ أَنْ ءَاذَنَ لَكُمْ ۖ إِنَّ هَـٰذَا لَمَكْرٌ مَّكَرْتُمُوهُ فِى ٱلْمَدِينَةِ لِتُخْرِجُوا۟ مِنْهَآ أَهْلَهَا ۖ فَسَوْفَ تَعْلَمُونَ ﴿١٢٣﴾

123 ഫിർഔൻ പറഞ്ഞു; "നിങ്ങൾക്കു ഞാൻ സമ്മതം നൽകുന്നതിനു മുമ്പ് നിങ്ങൾ അവനിൽ വിശ്വസിച്ചുവോ?! നിശ്ചയമായും, ഇത് നിങ്ങൾ നഗരത്തിൽ വെച്ചു നടത്തിയ ഒരു (ഗൂഢ)തന്ത്രമാണ്; അതിലെ ആൾക്കാരെ അതിൽ നിന്നു ബഹിഷ്കരിക്കുവാനായി. അതിനാൽ, വഴിയെ നിങ്ങൾക്കറിയാം!

124 ''നിങ്ങളുടെ കൈകളും കാലുകളും (ഒന്നൊന്നിൻെറ) എതിരിൽ ഞാൻ മുറിച്ചു കളയുക തന്നെ ചെയ്യും. പിന്നെ, നിങ്ങളെ മുഴുവനും ഞാൻ ക്രൂശിക്കുകയും തന്നെ ചെയ്യും''

لَأُقَطِّعَنَّ أَيْدِيَكُمْ وَأَرْجُلَكُم مِّنْ خِلَٰفٍ ثُمَّ لَأُصَلِّبَنَّكُمْ أَجْمَعِينَ ﴿١٢٤﴾

ജാല വിദ്യക്കാർ പരാജയപ്പെട്ടതിലല്ല, തന്റെ സമ്മതം കൂടാതെ അവർ മൂസാ(അ) നബിയിൽ വിശ്വസിച്ചതാണ് ഫിർഔനെ കൂടുതൽ ക്രുദ്ധനാക്കിയത്. അവരും മൂസാ(അ)യും ഈ നഗരത്തിൽ നടത്തിയ ഗൂഢാലോചനയുടെ ഫലമാണിതെന്ന് ഫിർഔൻ അവരുടെ മേൽ കുറ്റാരോപണം നടത്തി. ശിക്ഷ എന്ന നിലയിൽ അവരുടെ കൈയും കാലും ഒന്നൊന്നിന്റെ എതിരിൽ മുറിച്ച് കളയാനും തുടർന്ന് കുരിശിൽ തറക്കാനും അയാൾ കല്പിക്കുകയും ചെയ്തു. അവർക്ക് സിഹ്ർ പഠിപ്പിച്ച് കൊടുത്ത അവരുടെ നേതാവാണ് മൂസാ എന്നും ഫിർഔൻ പറഞ്ഞു (20:71). ശിക്ഷാ വിധികൾ കേട്ടിട്ടും വിശ്വാസം ദൃഢപ്പെട്ട ആ വിശ്വാസികൾ കുലുങ്ങിയില്ല.

**വചനം 125, 126**

125 അവർ പറഞ്ഞു: ''ഞങ്ങൾ ഞങ്ങളുടെ റബ്ബിങ്കലേക്ക് തിരിച്ചെത്തുന്നവരാണ്.''

126 ''ഞങ്ങളുടെ റബ്ബിൻെറ ദൃഷ്ടാന്തങ്ങൾ ഞങ്ങൾക്കു വന്നപ്പോൾ ഞങ്ങൾ അതിൽ വിശ്വസിച്ചതിനല്ലാതെ (മറ്റൊന്നിനും) ഞങ്ങളെ നീ കുറ്റപ്പെടുത്തുന്നില്ല താനും.'' (അവർ പ്രാർത്ഥിച്ചു:) ''ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ മേൽ നീ ക്ഷമ ഒഴിച്ചു തരേണമേ! ഞങ്ങളെ 'മുസ്ലിം'കളായിക്കൊണ്ടു മരിപ്പിക്കുകയും ചെയ്യേണമേ!''

قَالُوٓاْ إِنَّآ إِلَىٰ رَبِّنَا مُنقَلِبُونَ ﴿١٢٥﴾ وَمَا تَنقِمُ مِنَّآ إِلَّآ أَنْ ءَامَنَّا بِـَٔايَٰتِ رَبِّنَا لَمَّا جَآءَتْنَا ۚ رَبَّنَآ أَفْرِغْ عَلَيْنَا صَبْرًا وَتَوَفَّنَا مُسْلِمِينَ ﴿١٢٦﴾

നിന്റെ ഭീഷണിയും ശിക്ഷയും ഞങ്ങൾ ഭയപ്പെടുന്നില്ല എന്നും, ഞങ്ങൾ ഞങ്ങളുടെ റബ്ബിങ്കലേക്ക് തിരിച്ച് ചെല്ലേണ്ടുന്നവരാണ് എന്നും ആ ധീര മനസ്കർ ഫിർഔന് മറുപടി കൊടുത്തു. തങ്ങൾക്ക് ദൃഢതയും ക്ഷമയും നൽകുവാനും, തങ്ങളെ കീഴൊതുക്കമുള്ള സത്യവിശ്വാസികളായി തന്നെ മരിപ്പിക്കുവാനും അവർ അല്ലാഹുവിനോടു പ്രാർത്ഥിക്കുകയും ചെയ്തു.

ഫിർഔൻ ഭീഷണിപ്പെടുത്തിയ ആ ശിക്ഷ നടപ്പിലാക്കിയോ ഇല്ലെ എന്ന് അല്ലാഹു വ്യക്തമാക്കിയിട്ടില്ല.

**വചനം 127**

127 ഫിർഔൻെറ ജനങ്ങളിൽ നിന്നുള്ള പ്രധാനികൾ പറയുകയും ചെയ്തു. ''മൂസയെയും, അവൻെറ ജനങ്ങളെയും ഭൂമിയിൽ കുഴപ്പമുണ്ടാക്കുവാനും, അങ്ങയെയും അങ്ങയുടെ ദൈവങ്ങളെയും അവൻ വിട്ടുകളയുവാനും അങ്ങുന്ന് (ഒഴിച്ചു) വിടുകയോ?! (അതിനൊരു പരിഹാരമുണ്ടാക്കുക തന്നെ വേണം.) ''അവൻ പറഞ്ഞു: ''അവരുടെ ആൺമക്കളെ നാം (നിർദ്ദയം) കൊന്നൊടുക്കുകയും, അവരുടെ സ്ത്രീകളെ (ബാക്കിയാക്കി) ജീവിക്കുവാൻ വിടുകയും ചെയ്തുകൊള്ളാം. നാം അവരുടെ മേൽ സർവ്വാധിപത്യം നടത്തുന്നവരുമാകുന്നു.''

وَقَالَ ٱلْمَلَأُ مِن قَوْمِ فِرْعَوْنَ أَتَذَرُ مُوسَىٰ وَقَوْمَهُۥ لِيُفْسِدُواْ فِى ٱلْأَرْضِ وَيَذَرَكَ وَءَالِهَتَكَ ۚ قَالَ سَنُقَتِّلُ أَبْنَآءَهُمْ وَنَسْتَحْىِۦ نِسَآءَهُمْ وَإِنَّا فَوْقَهُمْ قَٰهِرُونَ ﴿١٢٧﴾

മൂസയെയും അനുയായികളെയും വെറുതെ വിട്ടാൽ അവൻ നമ്മുടെ മതരംഗത്തും ഭരണരംഗത്തും കുഴപ്പമുണ്ടാക്കുമെന്ന നിഗമനത്തിലെത്തിയ ഫിർഔനും, ആ പ്രധാനികളും കൂടിയാലോചിച്ച് ഇസ്രാഈല്യരിൽ ജനിക്കുന്ന ആൺ കുട്ടികളെയൊന്നടങ്കം കൊലപ്പെടുത്താനും പെൺകുട്ടികളെ ഒഴിവാക്കാനും തീരുമാനമെടുത്തു. ഇസ്രാഈല്യരുടെ വീര്യം നശിപ്പിക്കാനും, സ്ത്രീകളെ തങ്ങളുടെ ദാസ്യവേലക്ക് ഉപയോഗിക്കാമെന്നുമവർ കണക്ക് കൂട്ടി. ഇസ്റാഈല്യരുടെ ആൺ കുട്ടികളെ വധിക്കുവാൻ ഫിർഔൻ ഇതിന് മുമ്പും കല്പനയിടുകയുണ്ടായിട്ടുണ്ട്. ആ കല്പന നിലവിലുള്ളപ്പോഴാണ് മൂസാ (അ) നബി ജനിച്ചതും, ഫിർഔന്റെ കൊട്ടാരത്തിൽ തന്നെ അദ്ദേഹം വളർന്നതും. (സൂ. ഖസ്വസ്വ് നോക്കുക)

"അങ്ങയെയും അങ്ങയുടെ ദൈവങ്ങളെയും അവൻ വിട്ട് കളയുവാനും..." എന്ന് അവിടുത്തെ പ്രധാനികൾ (വചനം 127) പറഞ്ഞതിന്റെ ഉദ്ദേശ്യം, ഫിർഔൻ കൂടാതെ, സൂര്യദേവൻ, പശുക്കൾ മുതലായ ആരാധ്യ വസ്തുക്കളും അവർക്കുണ്ടായിരുന്നു എന്നാകുന്നു. (അക്കാലത്തെ പശു ആരാധനയിൽ നിന്നാണല്ലോ, പിന്നീട് സാമിരി സ്വർണ്ണപശുക്കുട്ടിയെ ഉണ്ടാക്കാനും, ഇസ്രാഈല്യർ അതിനെ ആരാധിക്കാനും പ്രചോദനം ഉണ്ടായത്.)

ഖിബ്തികൾ മാത്രമല്ല, പ്രവാചകൻമാരുടെ സന്തതിപരമ്പരകളിൽപെട്ട ഇസ്രാഈല്യരിൽ പോലും വിഗ്രഹാരാധന പ്രചരിച്ചിരുന്നു. മൂസാ(അ) വന്നതോട് കൂടി അവർ ഏകദൈവ വിശ്വാസികളായി ത്തീർന്നെങ്കിലും, അവർ ചെങ്കടൽ കടന്ന് രക്ഷപ്പെട്ട ശേഷം വഴി മദ്ധ്യേ വിഗ്രഹാരാധകരെ കണ്ടപ്പോൾ അത്പോലെ ഞങ്ങൾക്കും ചില ദൈവങ്ങളെ സ്വീകരിക്കുവാൻ അവർ മൂസാ(അ) നബിയോട് ആവശ്യപ്പെട്ടതായി 138-ാം വചനത്തിൽ കാണാം. പിന്നീടൊരിക്കൽ സിനാ താഴ്വരയിൽ വെച്ച് സാമിരി നിർമ്മിച്ച പശുക്കുട്ടിയെ അവർ ആരാധിക്കാൻ തയ്യാറാകുകയും ചെയ്തു.

---

**വചനം 128**

قَالَ مُوسَىٰ لِقَوْمِهِ ٱسْتَعِينُوا۟ بِٱللَّهِ وَٱصْبِرُوٓا۟ ۖ إِنَّ ٱلْأَرْضَ لِلَّهِ يُورِثُهَا مَن يَشَآءُ مِنْ عِبَادِهِۦ ۖ وَٱلْعَٰقِبَةُ لِلْمُتَّقِينَ ﴿١٢٨﴾

128 മൂസാ തൻെറ ജനങ്ങളോടു പറഞ്ഞു: "നിങ്ങൾ അല്ലാഹുവിനോടു സഹായമർത്ഥിക്കുകയും, ക്ഷമിക്കുകയും ചെയ്യുവിൻ. നിശ്ചയമായും, ഭൂമി അല്ലാഹുവിൻേറതാകുന്നു; അവൻെറ അടിയാൻമാരിൽ നിന്ന് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അതിനെ അവകാശപ്പെടുത്തിക്കൊടുക്കുന്നു. പര്യവസാനമാകട്ടെ, സൂക്ഷ്മത പാലിക്കുന്നവർക്ക് (ഗുണകരം) ആയിരിക്കും."

---

ആൺകുട്ടികളെ കൊന്നൊടുക്കുവാനുള്ള ഫിർഔന്റെ തീരുമാനം കേട്ട് വ്യാകുലപ്പെട്ട ഇസ്രാഈല്യരെ മൂസാ(അ) സമാധാനിപ്പിച്ചു. ക്ഷമിക്കുവാനും അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ടിരിക്കുവാനും അദ്ദേഹമവരെ ഉപദേശിച്ചു. ഭൂമിയുടെ നിയന്ത്രണം അല്ലാഹുവിങ്കലാകുന്നു. അന്തിമ വിജയം അവനെ സൂക്ഷിച്ച് ജീവിക്കുന്നവർക്കായിരിക്കും. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട നാട്ടിൽ (ഫലസ്തീനിൽ) നിങ്ങൾക്ക് സ്വാധിനം ലഭിക്കുന്നതാണ്.

---

**വചനം 129**

قَالُوٓا۟ أُوذِينَا مِن قَبْلِ أَن تَأْتِيَنَا وَمِنۢ بَعْدِ مَا جِئْتَنَا ۚ قَالَ عَسَىٰ رَبُّكُمْ أَن يُهْلِكَ عَدُوَّكُمْ وَيَسْتَخْلِفَكُمْ فِى ٱلْأَرْضِ فَيَنظُرَ كَيْفَ تَعْمَلُونَ ﴿١٢٩﴾

129 അവർ പറഞ്ഞു: ''താങ്കൾ ഞങ്ങളിൽ (റസൂലായി) വരുന്നതിന്ന് മുമ്പും, താങ്കൾ ഞങ്ങളിൽ വന്നതിനുശേഷവും ഞങ്ങൾ ഉപദ്രവിക്കപ്പെട്ടിരിക്കുന്നു! (താങ്കളുടെ വരവുകൊണ്ടും ഞങ്ങൾക്കു രക്ഷയില്ലല്ലോ!) " അദ്ദേഹം പറഞ്ഞു: "നിങ്ങളുടെ റബ്ബ് നിങ്ങളുടെ ശത്രുവിനെ നശിപ്പിക്കുകയും, (തൽസ്ഥാനത്തു) ഭൂമിയിൽ നിങ്ങളെ പകരമാക്കുകയും ചെയ്തേക്കാം; എന്നിട്ട്, നിങ്ങൾ എങ്ങിനെ പ്രവർത്തിക്കുന്നുവെന്ന് അവൻ നോക്കുകയും (ചെയ്തേക്കാം)."

മൂസാ(അ) നബിയുടെ ഈ മറുപടി അവർക്ക് കൂടുതൽ പ്രതീക്ഷക്ക് വക നൽകുന്നതും അവർ കൂടുതൽ ബോധവാൻമാരായിരിക്കേണ്ടതിന്റെ ആവശ്യകത ഓർമ്മിപ്പിക്കുന്നതുമാകുന്നു.

**വിഭാഗം 16**

**വചനം 130, 131**

وَلَقَدْ أَخَذْنَآ ءَالَ فِرْعَوْنَ بِٱلسِّنِينَ وَنَقْصٍ مِّنَ ٱلثَّمَرَٰتِ لَعَلَّهُمْ يَذَّكَّرُونَ ﴿١٣٠﴾

فَإِذَا جَآءَتْهُمُ ٱلْحَسَنَةُ قَالُوا۟ لَنَا هَٰذِهِۦ ۖ وَإِن تُصِبْهُمْ سَيِّئَةٌ يَطَّيَّرُوا۟ بِمُوسَىٰ وَمَن مَّعَهُۥٓ ۗ أَلَآ إِنَّمَا طَٰٓئِرُهُمْ عِندَ ٱللَّهِ وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿١٣١﴾

130 ഫിർഔൻെറ കൂട്ടരെ (വറുതി പിടിച്ച) കൊല്ലങ്ങളും, ഫലവർഗ്ഗങ്ങളുടെ കുറവും കൊണ്ടു നാം പിടികൂടുകയുണ്ടായി; അവർ ഓർമ്മവെക്കുവാൻ വേണ്ടി.

131 എന്നാൽ, അവർക്കു നൻമ വന്നാൽ അവർ പറയും: “നമുക്കു (കിട്ടേണ്ടതു) ള്ളതു തന്നെയാണിത്.” അവർക്ക് വല്ല തിൻമയും ബാധിച്ചുവെങ്കിലോ, മൂസായെയും, അദ്ദേഹത്തിൻെറ കൂടെയുള്ളവരെയും അവർ ദുശ്ശകുനമാക്കുകയും ചെയ്യും. അല്ലാ! (അറിഞ്ഞേക്കുക:) നിശ്ചയമായും അവരുടെ ശകുനപ്പിഴ അല്ലാഹുവിൻെറ പക്കൽ തന്നെയാകുന്നു. എങ്കിലും അവരിൽ അധികമാളും അറിയുന്നില്ല.

---

മൂസാ(അ) നബിയുടെ ദൗത്യത്തിൽ ദൃഷ്ടാന്തമായി ഫിർഔനും അവന്റെ ജനങ്ങൾക്കും ബാധിച്ച രണ്ട് പരീക്ഷണങ്ങളായിരുന്നു, വറുതി ബാധിച്ച കൊല്ലങ്ങളും, ഫലവർഗ്ഗങ്ങളുടെ കുറവുകളും.

നല്ല കാര്യങ്ങൾ സംഭവിക്കുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദികേട് കാണിക്കുകയും അത് ഞങ്ങൾക്ക് കിട്ടേണ്ടതും അർഹതപ്പെട്ടതുമാണെന്ന് കരുതുകയും, നേരെ മറിച്ച് വല്ല തിൻമയും നേരിടുമ്പോൾ അത് മൂസാ(അ)ന്റെയും അനുയായികളുടെയും കൊള്ളരുതായ്മയിൽ നിന്നുണ്ടായ ദുശ്ശകുനമാണെന്ന് കണക്കാക്കുകയും അവരുടെ പതിവായിരുന്നു. എന്നാൽ അവർക്ക് വരുന്ന ദുശ്ശകുനങ്ങളൊക്കെ, അവരുടെ നിഷേധം മൂലം അവർക്ക് അല്ലാഹു കണക്കാക്കുന്നതാകുന്നു.

**വചനം 132**

وَقَالُوا۟ مَهْمَا تَأْتِنَا بِهِۦ مِنْ ءَايَةٍ لِّتَسْحَرَنَا بِهَا فَمَا نَحْنُ لَكَ بِمُؤْمِنِينَ ﴿١٣٢﴾

132 അവർ (ഇങ്ങിനെ) പറയുകയും ചെയ്തു: “(മൂസാ) നീ ഞങ്ങളെ പകിട്ടാ(ക്കി വശീകരി) ക്കുവാൻവേണ്ടി ദൃഷ്ടാന്തമായിക്കൊണ്ട് എന്തുതന്നെ ഞങ്ങൾക്കു കൊണ്ടുവന്നാലും, ഞങ്ങൾ നിന്നെ വിശ്വസിക്കുന്നവരല്ല (തന്നെ).”

---

ഏത് ദൃഷ്ടാന്തെ കണ്ടാലും വിശ്വസിക്കുകയില്ലെന്ന ദുശ്ശാഠ്യത്തിന് പുറമെ, മൂസാ നബി(അ) മുഖാന്തിരം കാണുന്ന ദൃഷ്ടാന്തങ്ങൾ ജാല വിദ്യയാണെന്ന ആരോപണവും ഇതിൽ അടങ്ങിയിരിക്കുന്നു.

**വചനം 133**

فَأَرْسَلْنَا عَلَيْهِمُ ٱلطُّوفَانَ وَٱلْجَرَادَ وَٱلْقُمَّلَ وَٱلضَّفَادِعَ وَٱلدَّمَ ءَايَٰتٍ مُّفَصَّلَٰتٍ فَٱسْتَكْبَرُوا۟ وَكَانُوا۟ قَوْمًا مُّجْرِمِينَ ﴿١٣٣﴾

133 അപ്പോൾ, അവരിൽ നാം ജലപ്രളയവും, വെട്ടുകിളിയും, പേനും (അഥവാ ചെള്ളും), തവളകളും രക്തവും അയച്ചു; വിശദമാ(യി വ്യക്തമാ)ക്കപ്പെട്ട ദൃഷ്ടാന്തങ്ങളായിക്കൊണ്ട്. എന്നാൽ, അവർ അഹംഭാവം നടിക്കയാണ് ചെയ്തത്, അവർ കുറ്റവാളികളായ ഒരു ജനതയായിരുന്നു താനും.

**طوفان** (ത്വൂഫാൻ) എന്ന പദം എല്ലാ ആപത്തുകൾക്കും പറയപ്പെടുമെങ്കിലും, വെള്ളപ്പൊക്കം കൊണ്ടുള്ള

ആപത്താണ് ഇവിടെ ഉദ്ദേശ്യമെന്നാണ് പണ്ഡിത അഭിപ്രായം. قمّل (ഖുമ്മൽ) എന്നത് കൊണ്ടുദ്ദേശ്യം പേനാണെന്നും, ചെള്ളോ ഈച്ചയൊ ആണെന്നും ആഭിപ്രായങ്ങളുണ്ട്. കൂടാതെ വെട്ട് കിളി, തവള, രക്തം മുതലായ ദൃഷ്ടാന്തങ്ങളും അല്ലാഹു ആ ജനതയിലേക്ക് അയച്ചു. "വിശദമാ (യി വ്യക്തമാ) ക്കപ്പെട്ട ദൃഷ്ടാന്തങ്ങൾ" എന്നത് കൊണ്ടുദ്ദേശ്യം, അവ അല്ലാഹുവിങ്കൽ നിന്നുള്ള ദൃഷ്ടാന്തമാണെന്നും, ജാലവിദ്യയൊ മറ്റൊ അല്ലെന്നുമൊക്കെ അവർക്ക് നേരത്തെകൂടി പ്രത്യേകം വിവരിച്ച് കൊടുക്കപ്പെട്ടിരിക്കുന്നുവെന്നത്രേ.

അക്ഷരജ്ഞാനമില്ലാത്ത, മുൻ വേദഗ്രന്ഥങ്ങളുമായി പരിചയമില്ലാത്ത നബി(സ) മുൻ കാല സംഭവങ്ങൾ ഇത്രയും സ്പഷ്ടമായി ഓതിക്കേൾപ്പിക്കുമ്പോൾ (അതും മക്കി സൂറത്തുകളിൽ) ഖുർആൻ അല്ലാഹുവിൽ നിന്നുള്ളതിനുള്ളതാണെന്നതിന് അത് വ്യക്തമായ തെളിവാകുന്നു.

---

**വചനം 134, 135**

134 അവരുടെ മേൽ ശിക്ഷ ഭവിച്ചപ്പോൾ, അവർ പറഞ്ഞു: "മൂസാ, നിൻെറ റബ്ബ് നിൻെറ അടുക്കൽ കരാറുനൽകിയ (നിശ്ചയ) പ്രകാരം, അവനോട് ഞങ്ങൾക്കുവേണ്ടി നീ പ്രാർത്ഥിക്കുക. ഞങ്ങളിൽ നിന്ന് (ഈ) ശിക്ഷ നീ (നീക്കി) തുറവിയാക്കിത്തന്നുവെങ്കിൽ, നിശ്ചയമായും ഞങ്ങൾ നിന്നെ വിശ്വസിക്കുകതന്നെ ചെയ്യും. നിന്നോടൊപ്പം ഇസ്രാഈൽ സന്തതികളെ ഞങ്ങൾ അയച്ചു തരുകയും തന്നെ ചെയ്യുന്നതാണ്."

وَلَمَّا وَقَعَ عَلَيۡهِمُ ٱلرِّجۡزُ قَالُواْ يَٰمُوسَى ٱدۡعُ لَنَا رَبَّكَ بِمَا عَهِدَ عِندَكَۖ لَئِن كَشَفۡتَ عَنَّا ٱلرِّجۡزَ لَنُؤۡمِنَنَّ لَكَ وَلَنُرۡسِلَنَّ مَعَكَ بَنِيٓ إِسۡرَٰٓءِيلَ ١٣٤

135 എന്നാൽ, ഒരു അവധി-അതവർ പ്രാപിക്കും -വരെ നാം അവരിൽ നിന്ന് ശിക്ഷയെ (നീക്കി) തുറവിയാക്കിയപ്പോൾ, അപ്പോൾ, (അതാ) അവർ (വാക്ക്) ലംഘിക്കുന്നു!

فَلَمَّا كَشَفۡنَا عَنۡهُمُ ٱلرِّجۡزَ إِلَىٰٓ أَجَلٍ هُم بَٰلِغُوهُ إِذَا هُمۡ يَنكُثُونَ ١٣٥

മേൽ വിവരിച്ച തരത്തിലുള്ള ശിക്ഷകൾ അനുഭവിക്കുമ്പോൾ മൂസാ (അ) നബിയെ സമീപിച്ച് തങ്ങൾ വിശ്വസിച്ച് കൊള്ളാമെന്നും, ഇസ്രാഈല്യരെ വിട്ട് തരാമെന്നും, ആപത്തിൽ നിന്നും രക്ഷക്കായി, അല്ലാഹുവിനോട് പ്രാർത്ഥിക്കണമെന്നും അപേക്ഷിക്കുകയും ചെയ്യും. എന്നാൽ ആപത്തു നീങ്ങിക്കഴിഞ്ഞാൽ പിന്നെയും പഴയപടി അവർ അവരുടെ നിഷേധം തുടരുകയും ചെയ്ത് പോന്നു.

---

**വചനം 136**

136 അപ്പോൾ നാം അവരോട് പ്രതികാര (ശിക്ഷാ) നടപടിയെടുത്തു; അങ്ങനെ, അവരെ നാം സമുദ്രത്തിൽ മുക്കി (നശിപ്പിച്ചു); (അതെ) നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ വ്യാജമാക്കുകയും, അവയെപ്പറ്റി അവർ അശ്രദ്ധരായിരിക്കുകയും ചെയ്ത കാരണത്താൽ.

فَٱنتَقَمۡنَا مِنۡهُمۡ فَأَغۡرَقۡنَٰهُمۡ فِي ٱلۡيَمِّ بِأَنَّهُمۡ كَذَّبُواْ بِـَٔايَٰتِنَا وَكَانُواْ عَنۡهَا غَٰفِلِينَ ١٣٦

അപ്പോൾ അല്ലാഹു അവരോടു പ്രതികാര (ശിക്ഷ) നടപടിയെടുത്തു. അങ്ങനെ, ഫിർഔനെയും സൈന്യത്തെയും ചെങ്കടലിൽ മുക്കി നശിപ്പിച്ചു. മൂസാ(അ) നബിയും ഇസ്രാഈല്യരും സുരക്ഷിതരായി ചെങ്കടലിന്റെ അക്കരെ പറ്റുകയും ചെയ്തു. ഈ സംഭവം സൂ. ത്വാഹായിലും, ശുഅറാഇലും, ദുഖാനിലും വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്.

---

**വചനം 137**

137 ബലഹീനരായി ഗണിക്കപ്പെട്ടിരുന്നതായ (ആ) ജനതക്കു നാം അവകാശപ്പെടുത്തിക്കൊടുക്കുകയും ചെയ്തു, നാം അനുഗ്രഹം നൽകിയിട്ടുള്ള

وَأَوۡرَثۡنَا ٱلۡقَوۡمَ ٱلَّذِينَ كَانُواْ يُسۡتَضۡعَفُونَ مَشَٰرِقَ ٱلۡأَرۡضِ وَمَغَٰرِبَهَا ٱلَّتِي بَٰرَكۡنَا فِيهَا

وَتَمَّتْ كَلِمَتُ رَبِّكَ ٱلْحُسْنَىٰ عَلَىٰ بَنِىٓ إِسْرَٰٓءِيلَ بِمَا صَبَرُوا۟ ۖ وَدَمَّرْنَا مَا كَانَ يَصْنَعُ فِرْعَوْنُ وَقَوْمُهُۥ وَمَا كَانُوا۟ يَعْرِشُونَ ﴿١٣٧﴾

ഭൂമിയുടെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളെ. നിന്റെ റബ്ബിന്റെ വളരെ നല്ലതായ വാക്ക് ഇസ്രാഈൽ സന്തതികളിൽ പൂർത്തിയാകുകയും ചെയ്തു. അവർ ക്ഷമിച്ചതു നിമിത്തം. ഫിർഔനും, അവന്റെ ജനങ്ങളും നിർമ്മിച്ചുകൊണ്ടിരുന്നതും, അവർ കെട്ടി ഉയർത്തിക്കൊണ്ടിരുന്നതും നാം തകർത്തുകയും ചെയ്തു.

'ബലഹീനരായ ആ ജനത' എന്നതു ഇസ്രാഈല്യർ തന്നെ. അവർക്ക് ഫലസ്തീൻ ഉൾക്കൊള്ളുന്ന ശാംപ്രദേശം അല്ലാഹു അവകാശപ്പെടുത്തിക്കൊടുത്തു, അതിന്റെ കിഴക്കും പടിഞ്ഞാറുമുള്ള എല്ലാ സ്ഥലങ്ങളും ഉൾപ്പെടെ. കൃഷി വ്യവസായങ്ങളുടെ ആധിക്യത്തിലും ഫല പുഷ്ടിയിലും ശാം പ്രദേശം അന്നും ഇന്നും പ്രസിദ്ധമത്രേ. ഇബ്രാഹിം(അ) നബിയുടെ കാലം മുതൽ ഈസാ (അ) നബിയുടെ കാലം വരെ അനേകം പ്രവാചകൻമാരുണ്ടായതും ആ പുണ്യഭൂമിയിൽ തന്നെ.

ഫിർഔനും കൂട്ടരും കടലിൽ മുങ്ങി നശിച്ചുവെന്ന് മാത്രമല്ല. അവർക്കുണ്ടായിരുന്ന കൊട്ടാരങ്ങളും കോട്ടകളും തോട്ടങ്ങളും കൃഷികളുമെല്ലാം തകർന്ന് പോകുകയും ചെയ്തു.

ഇസ്രാഈല്യർ ചെങ്കടൽ കടന്ന് സംഭവ ബഹുലമായ നാല്പത് വർഷങ്ങൾക്ക് ശേഷമാണ് ശാം പ്രദേശങ്ങൾ അധീനപ്പെട്ട് അവർക്കവിടെ സുഖ ജീവിതം നയിക്കാൻ കഴിഞ്ഞത്.

129-ാം വചനത്തിൽ, മർദ്ദനം കൊണ്ട് കഷ്ടപ്പെട്ട ഇസ്രാഈല്യരെ മൂസാ(അ) നബി ആശ്വസിപ്പിച്ച് കൊണ്ട് പറഞ്ഞ "നിങ്ങളുടെ റബ്ബ് നിങ്ങളുടെ ശത്രുവിനെ നശിപ്പിക്കുകയും (തൽസ്ഥാനത്ത്) ഭൂമിയിൽ നിങ്ങളെ പകരമാക്കുകയും ചെയ്തേക്കാം" എന്ന ആശ്വാസവചനം, ഫിർഔന്റെയും സൈന്യത്തിന്റെയും നാശത്തോടെ പൂർത്തിയാക്കപ്പെട്ട് കഴിഞ്ഞു.

''ഇസ്രാഈല്യർ ക്ഷമിച്ചത് നിമിത്തം നിന്റെ റബ്ബിന്റെ വളരെ നല്ലതായ വാക്ക് അവരിൽ പൂർത്തിയാകുകയും ചെയ്തു." എന്ന വചനം ഈ പൂർത്തീകരണത്തെയാണ് സൂചിപ്പിക്കുന്നത്.

തുടർന്നുള്ള വചനങ്ങളിൽ ചെങ്കടൽ കടന്ന് രക്ഷപ്പെട്ട ഇസ്രാഈല്യരുടെ ചരിത്രത്തിലെ ചില സംഭവങ്ങൾ അല്ലാഹു വിവരിക്കുന്നു.

---

**വചനം 138, 139, 140**

وَجَٰوَزْنَا بِبَنِىٓ إِسْرَٰٓءِيلَ ٱلْبَحْرَ فَأَتَوْا۟ عَلَىٰ قَوْمٍ يَعْكُفُونَ عَلَىٰٓ أَصْنَامٍ لَّهُمْ ۚ قَالُوا۟ يَٰمُوسَى ٱجْعَل لَّنَآ إِلَٰهًا كَمَا لَهُمْ ءَالِهَةٌ ۚ قَالَ إِنَّكُمْ قَوْمٌ تَجْهَلُونَ ﴿١٣٨﴾

138 ഇസ്രാഈൽ സന്തതികളെ നാം സമുദ്രം വിട്ടുകടത്തി (രക്ഷപ്പെടുത്തി); എന്നിട്ട്, തങ്ങളുടെ ചില ബിംബങ്ങളുടെ അരികിൽ ഭജനമിരിക്കുന്ന ഒരു ജനതയുടെ അടുക്കൽ അവർ വന്നു (ചേർന്നു). അവർ പറഞ്ഞു: "മൂസാ, ഇവർക്ക് ചില ദൈവങ്ങളുള്ളതുപോലെ, ഞങ്ങൾക്ക് ഒരു ദൈവത്തെ നീ ഏർപ്പെടുത്തിത്തരണം". അദ്ദേഹം പറഞ്ഞു: "നിശ്ചയമായും നിങ്ങൾ, അറിവില്ലാത്ത ഒരു(മൂഢ) ജനതയാകുന്നു."

إِنَّ هَٰٓؤُلَآءِ مُتَبَّرٌ مَّا هُمْ فِيهِ وَبَٰطِلٌ مَّا كَانُوا۟ يَعْمَلُونَ ﴿١٣٩﴾

139 "നിശ്ചയമായും ഇക്കൂട്ടർ-അവർ ഏതൊന്നിൽ സ്ഥിതി ചെയ്യുന്നുവോ അത് (ആ മാർഗ്ഗം) - മുറിച്ചു (നശിപ്പിച്ചു) കളയപ്പെടുന്നതാകുന്നു; അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് ഫലശൂന്യവുമാകുന്നു."

قَالَ أَغَيْرَ ٱللَّهِ أَبْغِيكُمْ إِلَٰهًا وَهُوَ فَضَّلَكُمْ عَلَى ٱلْعَٰلَمِينَ ﴿١٤٠﴾

140 അദ്ദേഹം പറഞ്ഞു: "അല്ലാഹു അല്ലാത്തതിനെയോ ഞാൻ നിങ്ങൾക്കു ദൈവമായി (തേടി) അന്വേഷിക്കുന്നത്?" അവൻ നിങ്ങളെ

ലോകരെക്കാൾ ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു (എന്നിരിക്കെ)!

---

മൂസാ (അ) നബിയും ഇസ്രാഈല്യരും ചെങ്കടൽ കടന്ന് രക്ഷപ്പെട്ടതിന് ശേഷം, വഴി മദ്ധ്യേ ഇസ്രാഈല്യർ ബിംബാരാധകരായ ഒരു ജനതയുടെ വാസസ്ഥലത്ത് എത്തിച്ചേർന്നു. അപ്പോൾ ഈസ്രാഈല്യർക്ക് അവരുടെ പഴയ ബിംബാരാധനയുടെയും പശു പൂജയുടെയും സ്മരണ ഉണർന്നു. ഇവരെപ്പോലെ ഞങ്ങൾക്ക് വല്ല ബിംബങ്ങളെയും അനുവദിച്ച് കിട്ടിയാൽ കൊള്ളാമെന്നും നന്ദികേടിനും ബുദ്ധി ഹീനതയ്ക്കും മകുടൊദാഹരണമായ ആ ജനത മുസാ(അ) നബിയോട് അപേക്ഷിച്ചു.

അല്ലാഹുവിനെ മാത്രം ആരാധിക്കാൻ വിസമ്മതിച്ചതിന്റെ ഫലമായി, ഫിർഔന്റെയും കൂട്ടരുടെയും അതിദാരുണമായ അന്ത്യവും അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിച്ചതിന്റെ ഫലമായി ഇസ്രാഈല്യർക്ക് ലഭിച്ച മഹാനുഗ്രഹവും മൂസാ (അ) നബി അവരെ ഓർപ്പെടുത്തി. ഇത്രവേഗം അതെല്ലാം വിസ്മരിച്ച് ഈ ബഹുദൈവ വിശ്വാസികളെപ്പോലെ നിങ്ങൾ, ബിംബങ്ങളെ ആരാധിക്കുകയും അവക്ക് ചുറ്റും ഭജനമിരിക്കുകയും ചെയ്യുവാനും ആഗ്രഹിക്കുകയോ, നിങ്ങൾ അങ്ങേയറ്റം മൂഢൻമാരായ ഒരു ജനവിഭാഗം തന്നെ.

റസൂൽ തിരുമേനിയും അനുയായികളും ഒരിക്കൽ ഹുനൈനിന്റെ ഭാഗത്തേക്ക് പോകുമ്പോൾ അവിടെ അവിശ്വാസികൾ ഒരു ഇലന്ത മരത്തിന് ചുവട്ടിൽ ഭജനമിരിക്കുകയും അവരുടെ ആയുധം പുണ്യം കരുതി ആ മരത്തിൽ കെട്ടിത്തൂകുന്നതുമായി കണ്ടെത്തി. അവർ പറഞ്ഞു :

“റസൂലെ, അവർക്ക് “ദാത്തു അൻവാത്ത്” മരം ഉള്ളത് പോലെ, ഞങ്ങൾക്ക് ഒരു മരം നിശ്ചയിച്ച് തന്നാലും”

“അല്ലാഹു അക്ബർ, ഇത് മൂസാ(അ) നോട് ഇസ്രാഈല്യർ ചോദിച്ചത് പോലെയാണല്ലോ ” എന്ന് പ്രതിവചിച്ച തിരുമേനി ഈ ഖുർആൻ വചനങ്ങൾ (138, 139) ഓതുകയും ചെയ്തു.

ഇക്കാലത്തും മുസ്ലിം സമുദായങ്ങൾക്കിടയിൽ ഇത്തരം ആരാദ്ധ്യവൃക്ഷങ്ങളും ജാറങ്ങളും മതിലുകളും, കെട്ടിടങ്ങളുമൊക്കെ നിലനിക്കുന്നുണ്ടെന്നത് അത്യന്തം നിർഭാഗ്യകരമായ വസ്തുത തന്നെ.

---

**വചനം 141**

وَإِذْ أَنجَيْنَـٰكُم مِّنْ ءَالِ فِرْعَوْنَ يَسُومُونَكُمْ سُوٓءَ ٱلْعَذَابِ ۖ يُقَتِّلُونَ أَبْنَآءَكُمْ وَيَسْتَحْيُونَ نِسَآءَكُمْ ۚ وَفِى ذَٰلِكُم بَلَآءٌ مِّن رَّبِّكُمْ عَظِيمٌ ﴿١٤١﴾

141 (ഇസ്രാഈൽ സന്തതികളേ) ഫിർഔൻെറ കൂട്ടർ നിങ്ങൾക്കു കടുത്ത ശിക്ഷ അനുഭവിപ്പിച്ചു കൊണ്ടിരിക്കെ അവരിൽ നിന്നു നിങ്ങളെ നാം രക്ഷപ്പെടുത്തിയ സന്ദർഭം (ഓർക്കുക.) നിങ്ങളുടെ ആൺമക്കളെ അവർ അറുകൊല നടത്തുകയും, നിങ്ങളുടെ സ്ത്രീക(ളായമക്ക)ളെ ജീവിക്കുവാൻവിടുകയും ചെയ്തിരുന്നു. അതിൽ (നിങ്ങൾക്ക്) നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള വമ്പിച്ച ഒരു പരീക്ഷണം ഉണ്ടായിരുന്നു.

---

മേൽ വിവരിച്ചതും തങ്ങളുടെ പൂർവ്വീകൻമാർ കണ്ടനുഭവിച്ചതുമായ ചരിത്രസംഭവങ്ങളെ അല്ലാഹു ഈ വചനങ്ങളിലൂടെ നിലവിലുള്ള ഇസ്രാഈൽ സന്തതികളെ ഓർമ്മിപ്പിക്കുകയാണ്. നിങ്ങളിൽ കഴിഞ്ഞ് പോയ ആ മഹത്തായ അനുഗ്രഹങ്ങളിൽ നിങ്ങൾ സദാ അല്ലാഹുവിനോട് നന്ദിയുള്ളവരും, അവന്റെ കല്പനകൾ അനുസരിച്ച് കൊണ്ടിരിക്കുന്നവരും ആയിരിക്കേണ്ടതാണെന്ന് അല്ലാഹു അവരെ ഓർമ്മപ്പെടുത്തുതന്നു.

## വിഭാഗം 17

**വചനം 142**

۞ وَوَٰعَدْنَا مُوسَىٰ ثَلَـٰثِينَ لَيْلَةً وَأَتْمَمْنَـٰهَا بِعَشْرٍ فَتَمَّ مِيقَـٰتُ رَبِّهِۦٓ أَرْبَعِينَ لَيْلَةً ۚ وَقَالَ مُوسَىٰ لِأَخِيهِ

142 മൂസായോട് (ഒരു) മുപ്പതു രാത്രിക്കു നാം വാഗ്ദാനം നടത്തുകയുണ്ടായി; അതിനെ (വീണ്ടും) ഒരു പത്തു(രാത്രി)കൊണ്ടു നാം പൂർത്തിയാക്കുകയും ചെയ്തു. അങ്ങനെ, അദ്ദേഹത്തിൻെറ റബ്ബിൻെറ നിശ്ചിത സമയം

هَٰرُونَ ٱخْلُفْنِى فِى قَوْمِى وَأَصْلِحْ وَلَا تَتَّبِعْ سَبِيلَ ٱلْمُفْسِدِينَ ﴿١٤٢﴾

നാൽപതു രാത്രിയായി തികഞ്ഞു. മൂസാ തൻെറ സഹോദരൻ ഹാറൂനോടു പറയുകയും ചെയ്തു: ''(എൻെറ അഭാവത്തിൽ) നീ എന്നെ പ്രതിനിധീകരിക്കുക; നീ നല്ലത് പ്രവർത്തിക്കുകയും ചെയ്യുക; കുഴപ്പമുണ്ടാക്കുന്നവരുടെ മാർഗ്ഗത്തെ നീ പിൻപറ്റുകയും ചെയ്യരുത്.''

---

നാല്പത് ദിവസം നോമ്പും ധ്യാനവുമായി സീനാ മലയിൽ കഴിച്ച് കൂട്ടണമെന്നും, അതിന് ശേഷം മൂസാ(അ) നബിക്ക് വേദഗ്രന്ഥമായ തൗറാത്ത് നൽകാമെന്നും, അല്ലാഹു മുസാ (അ) നബിയെ അറിയിച്ചു. തന്റെ അഭാവത്തിൽ ഇസ്രാഈല്യരെ നയിക്കുവാനും, കുഴപ്പങ്ങളിലൊന്നും അകപ്പെടാതെ അവരിൽ ആവശ്യമായ നല്ല കാര്യങ്ങൾ നടപ്പിൽ വരുത്തുവാനും ജേഷ്ഠ സഹോദരൻ ഹാറൂൺ (അ) നബിയെ അദ്ദേഹം ഏല്പിക്കുകയും ചെയ്തു.

ഈ നാല്പത് ദിവസത്തിൽ ആദ്യത്തെ മുപ്പത് ദിവസം ദുൽഖഅദ് മാസവും, പിന്നത്തെ പത്ത് ദിവസം ദുർഹജ്ജ് മാസത്തിലെ ആദ്യത്തെ പത്ത് ദിവസവും ആയിരുന്നുവെന്ന് ഇബ്നു അബ്ബാസ്(റ) തുടങ്ങിയ പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു الله اعلم

---

**വചനം 143, 144**

وَلَمَّا جَآءَ مُوسَىٰ لِمِيقَٰتِنَا وَكَلَّمَهُۥ رَبُّهُۥ قَالَ رَبِّ أَرِنِىٓ أَنظُرْ إِلَيْكَ ۚ قَالَ لَن تَرَىٰنِى وَلَٰكِنِ ٱنظُرْ إِلَى ٱلْجَبَلِ فَإِنِ ٱسْتَقَرَّ مَكَانَهُۥ فَسَوْفَ تَرَىٰنِى ۚ فَلَمَّا تَجَلَّىٰ رَبُّهُۥ لِلْجَبَلِ جَعَلَهُۥ دَكًّا وَخَرَّ مُوسَىٰ صَعِقًا ۚ فَلَمَّآ أَفَاقَ قَالَ سُبْحَٰنَكَ تُبْتُ إِلَيْكَ وَأَنَا۠ أَوَّلُ ٱلْمُؤْمِنِينَ ﴿١٤٣﴾

143 നമ്മുടെ നിശ്ചിത സമയത്തേക്ക് മൂസാ വരുകയും, അദ്ദേഹത്തിൻെറ റബ്ബ് അദ്ദേഹത്തോടു സംസാരിക്കുകയും ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു: "എൻെറ റബ്ബേ! എനിക്കു (നിന്നെ)കാട്ടിത്തരേണമേ – ഞാൻ നിന്നിലേക്ക് (ഒന്നു) നോക്കിക്കൊണ്ടെ!" അവൻ പറഞ്ഞു: "നീ എന്നെ കാണുകയില്ല തന്നെ; എങ്കിലും നീ (ആ) മലയിലേക്കു നോക്കുക; (അതായത്:) എന്നിട്ട് അത് അതിൻെറ സ്ഥാനത്ത് ഉറച്ചു നിന്നുവെങ്കിൽ വഴിയെ നീ എന്നെ കണ്ടു കൊള്ളും." അങ്ങനെ, അദ്ദേഹത്തിൻെറ റബ്ബ് മലയിലേക്ക് വെളിപ്പെട്ടപ്പോൾ, അത് അതിനെ പൊടിയാക്കി (തകർത്തു); മൂസാ ബോധ മറ്റവനായി വീഴുകയും ചെയ്തു. എന്നിട്ട് അദ്ദേഹത്തിനു ബോധം വന്നപ്പോൾ, അദ്ദേഹം പറഞ്ഞു: "നീ മഹാ പരിശുദ്ധൻ (–നിനക്കു സ്തോത്രം) ! ഞാൻ നിന്നിലേക്കു പശ്ചാത്തപിച്ചു മടങ്ങി; ഞാൻ സത്യവിശ്വാസികളിൽ ഒന്നാമത്തേവനുമാകുന്നു."

قَالَ يَٰمُوسَىٰٓ إِنِّى ٱصْطَفَيْتُكَ عَلَى ٱلنَّاسِ بِرِسَٰلَٰتِى وَبِكَلَٰمِى فَخُذْ مَآ ءَاتَيْتُكَ وَكُن مِّنَ ٱلشَّٰكِرِينَ ﴿١٤٤﴾

144 അവൻ (റബ്ബ്) പറഞ്ഞു: "മൂസാ, നിശ്ചയമായും, എൻെറ ദൗത്യങ്ങൾ കൊണ്ടും, എൻെറ സംസാരം കൊണ്ടും നിന്നെ ഞാൻ (മറ്റു) മനുഷ്യരെക്കാൾ (പ്രത്യേകമാക്കി) തിരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ, ഞാൻ നിനക്കു നൽകിയത് നീ എടുത്തു (സ്വീകരിച്ചു) കൊള്ളുക. നീ നന്ദി കാണിക്കുന്നവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക."

നിശ്ചിത സമയം പൂർത്തിയാക്കി മൂസാ(അ) നബി വന്നപ്പോൾ അല്ലാഹു അദ്ദേഹത്തോടു സംസാരിച്ചു. (ഒരു മറയുടെ അപ്പുറത്ത് നിന്നുള്ള സംസാരം ആയിരുന്നു മൂസാ(അ) നബിയുമായി അല്ലാഹു നടത്തിയത്. ഈ മഹത്തായ അനുഗ്രഹം മൂസാ(അ) നബിക്കല്ലാതെ മറ്റാർക്കും ഉണ്ടായതായി അറിയപ്പെട്ടിട്ടില്ല. സ്വപ്നം വഴിയോ, മനസ്സിൽ തോന്നിപ്പിച്ചോ, നൽകുന്ന വഹ്‌യ്, ഒരു മലക്കിനെ അയച്ച് കൊണ്ട് നൽകുന്ന വഹ്‌യ് എന്നിവയാണ് അല്ലാഹു മനുഷ്യനോട് സംസാരിക്കുന്ന മറ്റ് രൂപങ്ങൾ - സൂ: ശൂറാ : 51 നോക്കുക)

ഈ വചനത്തിൽ പറയുന്നതു മൂസാ(അ) നബി തൗറാത്ത് ഏറ്റ് വാങ്ങാൻ വേണ്ടി നിശ്ചയ പ്രകാരം സീനാ പർവ്വതത്തിൽ ചെന്നപ്പോഴുള്ള സംസാരത്തെക്കുറിച്ചാകുന്നു. ഈ സംഭവത്തിൽ മുമ്പു മൂസാ(അ) ഈജിപ്തിൽ നിന്ന് അഭയാർത്ഥിയായി മദ്‌യനിൽ ചെന്ന ഏതാനും കൊല്ലം താമസിച്ച ശേഷം അവിടെ നിന്ന് ഭാര്യാ സമേതം ഈജിപ്തിലേക്ക് മടങ്ങി പോരുമ്പോഴായിരുന്നു സീനാ താഴ്‌വരയിൽ വെച്ച് ആദ്യമായി അല്ലാഹുവിന്റെ സംസാരം അദ്ദേഹം കേട്ടത്. ആ അവസരത്തിൽ തന്നെയായിരുന്നു അദ്ദേഹത്തെ ഫിർഔനിന്റെ അടുക്കലേക്ക് റസൂലായി അയച്ചതും.

അല്ലാഹുവിന്റെ സംസാരം ശ്രവിക്കാനുള്ള മഹാഭാഗ്യം ആസ്വദിച്ചപ്പോൾ അല്ലാഹുവിനെ നേരിൽ കാണുവാനുള്ള ഭാഗ്യം കൂടെ സിദ്ധിച്ചാൽ കൊള്ളാമെന്നുള്ള ആഗ്രഹം അദ്ദേഹം അല്ലാഹുവിനെ അറിയിച്ചു. ഈ ഐഹിക ജീവിതത്തിൽ ആർക്കും സാധ്യമല്ലാത്തതും, ഈ ലോക പ്രകൃതിക്കതീതമായതുമാണ് അക്കാര്യമെന്ന യാഥാർത്ഥ്യം അല്ലാഹു അദ്ദേഹത്തെ ബോധ്യപ്പെടുത്തി.

“നിനക്കെന്നെ കാണുവാൻ കഴിയുകയില്ല”- അല്ലാഹു പറഞ്ഞു. അതൊടൊപ്പം ആ കാഴ്ചതാങ്ങുവാനുള്ള ശക്തി അദ്ദേഹത്തേക്കാൾ എത്രയോ ഉറപ്പും കെൽപുമുള്ള ആ പർവ്വതത്തിന് പോലുമില്ലെന്ന്, അനുഭവത്തിലൂടെ കാട്ടികൊടുക്കുകയും ചെയ്തു. റബ്ബ് ആ മലയിലേക്ക്, വെളിപ്പെട്ടപ്പോൾ, ആ പർവ്വതം പൊടി പൊടിയായി തകർന്നു പതിച്ചു. മൂസാ (അ) ബോധരഹിതനായി വീഴുകയും ചെയ്തു.

ബോധം തിരിച്ച് കിട്ടിയപ്പോൾ അദ്ദേഹത്തിന് ബോധ്യമായി - അല്ലാഹുവിനെ കാണുവാനുള്ള കഴിവ് തനിക്കില്ലെന്നും, തന്റേത് കുറെ കടന്ന അപേക്ഷയായി പോയി എന്നും. അദ്ദേഹം പറഞ്ഞു : “റബ്ബെ നീ മഹാ പരിശുദ്ധൻ ഞാനിതാ നിങ്കലേക്ക് പശ്ചാത്തപിച്ച് മടങ്ങുന്നു.” തന്റെ അപേക്ഷ അല്ലാഹുവിന്റെ വിശ്വാസത്തിലുള്ള ന്യൂനത കൊണ്ടല്ല എന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. “ഞാൻ സത്യവിശ്വാസികളിൽ ഒന്നാമത്തേവനാകുന്നു.”

മൂസാ(അ) നബിയുടെ ഈ അപേക്ഷ ഒരു പാപമോ ധിക്കാരമോ ആയി കണക്കാക്കാതെ തന്റെ ദൗത്യങ്ങൾ നൽകിയും നേരിൽ സംസാരിച്ച് കൊണ്ടും, നിനക്ക് ഞാൻ ശ്രേഷ്ഠത നൽകിയിട്ടുണ്ടെന്നും, ഞാൻ നൽകുന്ന വേദഗ്രന്ഥവും ഉപദേശ നിർദ്ദേശങ്ങളും സ്വീകരിച്ച് നന്ദിയുള്ളവനായിരിക്കണമെന്നും 144-ാം വചനത്തിലൂടെ മൂസാ(അ) നബിയെ ഉപദേശിക്കുന്നു.

സന്ദർഭവശാൽ ഇവിടെ ചില സംഗതികൾ ചൂണ്ടിക്കാട്ടുന്നത് ഉചിതമായിരിക്കും.

1) അല്ലാഹുവിനെ കാണുവാനോ, പാരത്രികമായ കാഴ്ചകൾ കാണുവാനോ ഈ ലോകത്ത് അല്ലാഹു ആർക്കും കഴിവു നൽകിയിട്ടില്ല. എന്നാൽ മരണത്തോടെ, മുമ്പില്ലാത്ത പല കാഴ്ചകളും അനുഭവങ്ങളും അവന് വെളിപ്പെട്ടു കൊണ്ടിരിക്കും. പരലോകത്താകട്ടെ, കൂടുതൽ വ്യത്യസ്തമായ അനുഭവങ്ങളും, കാഴ്ചപ്പാടുകളുമായിരിക്കും ഉണ്ടായിരിക്കുക.

“അവർ കണക്ക് കൂട്ടിയിട്ടിരുന്നില്ലാത്ത കാര്യങ്ങൾ അവർക്ക് അല്ലാഹുവിൽ നിന്ന് വെളിവാകുകയും ചെയ്യും.” (സൂ: സുമർ: 47)

സൂ: ഖാഫിൽ അല്ലാഹു (കുറ്റവാളികളോടായി)പറയുന്നു. “ഇപ്പോൾ നിനക്ക് നിന്റെ മൂടിയെ നാം തുറന്ന് നീക്കിത്തന്നിരിക്കുന്നു. ആകയാൽ നിന്റെ കാഴ്ച ഇന്ന് മൂർച്ചയുള്ളതാകുന്നു.” (സൂ: ഖാഫു : 22)

അവർ കണക്ക് കൂട്ടിയിട്ടിരുന്നില്ലാത്ത കാര്യങ്ങൾ അവർക്ക് അല്ലാഹുവിൽ നിന്ന് വെളിവാകുകയും ചെയ്യും.

2) സത്യവിശ്വാസികൾ പരലോകത്ത് വെച്ച് അല്ലാഹുവിനെ കാണുമെന്നും അത് അവർക്ക് ലഭിക്കുന്ന ഏറ്റവും വലിയ ഭാഗ്യമായിരിക്കുമെന്നും ഖുർആൻ വചനങ്ങളിലൂടെയും, ഹദീസുകളിലൂടെയും അറിയപ്പെട്ടിട്ടുള്ളതാകുന്നു. - “ചില മുഖങ്ങൾ ഖിയാമത്ത് നാളിൽ പ്രസന്നങ്ങളായിരിക്കും - അവയുടെ റബ്ബിലേക്ക് നോക്കിക്കാണുന്നവയായിരിക്കും.” 75:22;23.

സത്യനിഷേധികളെക്കുറിച്ച് അല്ലാഹു പറയുന്നു “വേണ്ടാ നിശ്ചയമായും അവർ അന്നത്തെ ദിവസം തങ്ങളുടെ റബ്ബിങ്കൽ നിന്ന് മറയിടപ്പെട്ടവർ തന്നെ ആയിരിക്കും” 83:15

**വചനം 145**

وَكَتَبۡنَا لَهُۥ فِي ٱلۡأَلۡوَاحِ مِن كُلِّ
شَيۡءٖ مَّوۡعِظَةٗ وَتَفۡصِيلٗا لِّكُلِّ شَيۡءٖ
فَخُذۡهَا بِقُوَّةٖ وَأۡمُرۡ قَوۡمَكَ يَأۡخُذُواْ
بِأَحۡسَنِهَاۚ سَأُوْرِيكُمۡ دَارَ ٱلۡفَٰسِقِينَ ١٤٥

145 അദ്ദേഹത്തിന് (മൂസാക്ക്) എല്ലാ കാര്യങ്ങളെക്കുറിച്ചും പലകകളില്‍ നാം എഴുതിക്കൊടുക്കുകയും ചെയ്തു. അതായത്, സദുപദേശവും, എല്ലാ കാര്യത്തിനുമുള്ള വിശദീകരണവും. (നാം പറയുകയും ചെയ്തു:) “അതിനാല്‍ നീ അവയെ ബലത്തോടെ എടുത്തു (സ്വീകരിച്ചു) കൊള്ളുക; നിന്‍റെ ജനങ്ങളോട് അവയിലെ വളരെ നല്ല കാര്യങ്ങളെ അവര്‍ സ്വീകരിക്കുവാന്‍ കല്‍പിക്കുകയും ചെയ്യുക. തോന്നിയവാസികളുടെ പാര്‍പ്പിടം ഞാന്‍ നിങ്ങള്‍ക്കു വഴിയെ കാണിച്ചു തരാം,”

വചനം 144ല്‍ “അതിനാല്‍ ഞാന്‍ നിനക്ക് നല്‍കിയത് നീ എടുത്ത് (സ്വീകരിച്ച്) കൊള്ളുക.” എന്ന് അല്ലാഹു പറഞ്ഞിരുന്നുവല്ലോ. ആവശ്യമായ എല്ലാ കാര്യങ്ങളെക്കുറിച്ചും വേണ്ടത് പോലെ വിവരിക്കുകയും, ആവശ്യമായ എല്ലാ ഉപദേശനിര്‍ദ്ദേശങ്ങളും അടങ്ങുകയും ചെയ്യുന്ന തൗറാത്താകുന്ന വേദഗ്രന്ഥം ചില പലകകളിലായി അല്ലാഹു അദ്ദേഹത്തിന് അവതരിപ്പിച്ച് കൊടുത്തു. അതില്‍ കാണുന്ന നിര്‍ദ്ദേശങ്ങള്‍ മുറുകെപിടിച്ച് കൊണ്ട് നല്ല കാര്യങ്ങള്‍ അനുഷ്ഠിച്ച് കൊണ്ടും ജീവിക്കുവാന്‍, ജനങ്ങളെ ഉപദേശിക്കണമെന്ന് കല്‍പിക്കുകയും ചെയ്തു. അവയെ നിഷേധിക്കുന്ന ധിക്കാരികള്‍, അവരെ അല്ലാഹു വെറുതെ വിട്ടേക്കുമെന്ന് ധരിക്കേണ്ട എന്നുള്ള താക്കീതാകുന്നു അവസാനത്തെ വാക്യം.

**വചനം 146,147**

سَأَصۡرِفُ عَنۡ ءَايَٰتِيَ ٱلَّذِينَ يَتَكَبَّرُونَ فِي
ٱلۡأَرۡضِ بِغَيۡرِ ٱلۡحَقِّ وَإِن يَرَوۡاْ كُلَّ ءَايَةٖ
لَّا يُؤۡمِنُواْ بِهَا وَإِن يَرَوۡاْ سَبِيلَ ٱلرُّشۡدِ لَا
يَتَّخِذُوهُ سَبِيلٗا وَإِن يَرَوۡاْ سَبِيلَ ٱلۡغَيِّ
يَتَّخِذُوهُ سَبِيلٗاۚ ذَٰلِكَ بِأَنَّهُمۡ كَذَّبُواْ
بِـَٔايَٰتِنَا وَكَانُواْ عَنۡهَا غَٰفِلِينَ ١٤٦
وَٱلَّذِينَ كَذَّبُواْ بِـَٔايَٰتِنَا وَلِقَآءِ
ٱلۡأٓخِرَةِ حَبِطَتۡ أَعۡمَٰلُهُمۡۚ هَلۡ
يُجۡزَوۡنَ إِلَّا مَا كَانُواْ يَعۡمَلُونَ ١٤٧

146 ന്യായമില്ലാതെ ഭൂമിയില്‍ അഹംഭാവം നടിച്ചു കൊണ്ടിരിക്കുന്നവരെ എന്‍റെ ദൃഷ്ടാന്തങ്ങളില്‍ നിന്നു ഞാന്‍ തിരിച്ചുവിടുന്നതാണ്. എല്ലാ ദൃഷ്ടാന്തവും കണ്ടാലും അവര്‍ അവയില്‍ വിശ്വസിക്കുകയില്ല. തന്‍േറടത്തിന്‍റെ (നേര്‍) മാര്‍ഗ്ഗം കണ്ടാല്‍ അതിനെ അവര്‍ ഒരു മാര്‍ഗ്ഗമായി സ്വീകരിക്കുകയുമില്ല. പിഴവിന്‍റെ (ദുര്‍) മാര്‍ഗ്ഗം കണ്ടാല്‍ അതിനെ അവര്‍ ഒരു മാര്‍ഗ്ഗമായി സ്വീകരിക്കുകയും ചെയ്യും. അത്, നമ്മുടെ ദൃഷ്ടാന്തങ്ങളെ അവര്‍ വ്യാജമാക്കുകയും, അവയെക്കുറിച്ചു അശ്രദ്ധരായിരിക്കുകയും ചെയ്തതുകൊണ്ടത്രെ.

147 നമ്മുടെ ദൃഷ്ടാന്തങ്ങളെയും, പരലോകത്തെ കണ്ടുമുട്ടുന്നതിനെയും വ്യാജമാക്കിയവരാകട്ടെ, അവരുടെ പ്രവൃത്തികള്‍ (പൊളിഞ്ഞ്) വിഫലമായി. അവര്‍ പ്രവര്‍ത്തിച്ചുകൊണ്ടിരുന്നതിന്നല്ലാതെ അവര്‍ക്കു പ്രതിഫലം കൊടുക്കപ്പെടുമോ?! (ഇല്ല തന്നെ.)

ഫിര്‍ഔനിന്‍റെ കൂട്ടര്‍ക്ക് അത്രയും ശോചനീയമായ ദുരവസ്ഥ വന്ന് ചേരാനുള്ള കാരണം അവരുടെ അഹംഭാവവും ഗര്‍വ്വുമാണെന്നും, അഹംഭാവത്തിന്‍റെയും ഗര്‍വ്വിന്‍റെയും അനന്തരഫലം അതിഭയങ്കരമായിരിക്കുമെന്നും, അല്ലാഹു ഈ വചനങ്ങളിലൂടെ ഓര്‍മ്മിപ്പിക്കുകയാണ്.

ഹൃദയത്തില്‍ ഒരു കടുക് മണിയോളം അഹംഭാവമുള്ളവന്‍ സ്വര്‍ഗ്ഗത്തില്‍ പ്രവേശിക്കുകയില്ലെന്നും, അഹംഭാവമെന്നാല്‍ യഥാര്‍ത്ഥത്തെ ധിക്കരിക്കലും ജനങ്ങളെ നിസ്സാരരാക്കലുമാകുന്നു എന്നും നബി(സ) തിരുമേനി അരുളിയിരിക്കുന്നു.

## വിഭാഗം 18

**വചനം 148, 149**

148 മൂസാ (പോയതി)ൻെറ ശേഷം അദ്ദേഹത്തിൻെറ ജനത അവരുടെ ആഭരണംകൊണ്ട് ഒരു പശുക്കുട്ടിയെ-മുക്കുറ (ശബ്ദം) ഉള്ളതായ ഒരു ശരീരം (സ്വരൂപം) ഉണ്ടാക്കിതീർത്തു (അതിനെ ആരാധിച്ചു വന്നു.) അവർക്കു കണ്ടുകൂടേ, അതവരോട് സംസാരിക്കുന്നുമില്ല, ഒരു മാർഗ്ഗവും അവർക്കു കാട്ടിക്കൊടുക്കുന്നുമില്ല എന്ന്?! (അതെ) അതവർ ഉണ്ടാക്കി! അവർ അക്രമികളുമായിരുന്നു.
149 അവർ കൈകളിൽ വീഴുക (ഖേദിച്ചു തലതാഴ്ത്തുക)യും, തങ്ങൾ വഴിപിഴച്ചിട്ടുണ്ടെന്നു കാണുകയും ചെയ്തപ്പോൾ, അവർ പറഞ്ഞു: 'തീർച്ചയായും, നമ്മുടെ റബ്ബ് നമ്മോട് കരുണ കാണിക്കുകയും, നമുക്കു പൊറുത്തു തരുകയും ചെയ്തില്ലെങ്കിൽ, നാം നഷ്ടക്കാരിൽ പെട്ടവരായിത്തീരുകതന്നെ ചെയ്യും!'

وَٱتَّخَذَ قَوۡمُ مُوسَىٰ مِنۢ بَعۡدِهِۦ مِنۡ حُلِيِّهِمۡ
عِجۡلٗا جَسَدٗا لَّهُۥ خُوَارٌۚ أَلَمۡ يَرَوۡاْ أَنَّهُۥ لَا
يُكَلِّمُهُمۡ وَلَا يَهۡدِيهِمۡ سَبِيلًاۘ ٱتَّخَذُوهُ
وَكَانُواْ ظَٰلِمِينَ ﴿١٤٨﴾
وَلَمَّا سُقِطَ فِيٓ أَيۡدِيهِمۡ وَرَأَوۡاْ أَنَّهُمۡ قَدۡ
ضَلُّواْ قَالُواْ لَئِن لَّمۡ يَرۡحَمۡنَا رَبُّنَا وَيَغۡفِرۡ
لَنَا لَنَكُونَنَّ مِنَ ٱلۡخَٰسِرِينَ ﴿١٤٩﴾

---

ഇസ്രാഈല്യരുടെ നേതൃത്വം സഹോദരൻ ഹാറൂൻ (അ) നബിയെ ഏല്പിച്ച് മൂസാ(അ) തൗറാത്ത് ഏറ്റ് വാങ്ങാൻ വേണ്ടി സീനാ മലയിലേക്ക് പോയ സന്ദർഭത്തിൽ സാമിരി എന്ന് പേരായ ഒരാൾ മറ്റുള്ളവരുടെ സഹകരണത്തോടെ അവരുടെ ആഭരണങ്ങൾ ഉപയോഗിച്ച് മുക്കറയിടുന്ന ഒരു പശുക്കിട്ടിയുടെ രൂപം നിർമ്മിച്ചെടുക്കുകയും, ഹാറൂൻ(അ) നബിയുടെ വിലക്കുകൾ ധിക്കരിച്ചു കൊണ്ട് ഇസ്രാഈല്യർ അതിനെ ആരാധിക്കുകയും അതിനരികിൽ ഭജനയിരിക്കുകയും ചെയ്ത് വന്നു. (സൂ. ത്വാഹായിൽ വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്) തിരിച്ചുവന്ന മൂസാ(അ) അടക്കവയ്യാത്ത കോപത്തോടെ, പശുക്കുട്ടിയെ ചുട്ട് ഭസ്മമാക്കി കടലിൽ പാറ്റിക്കളയുകയും സാമിരിയുമായുള്ള സമ്പർക്കം തടയുകയും ചെയ്തു. (സൂ. ത്വാഹാ 85-97 വ്യാഖ്യാനവും നോക്കുക) അവസാനം ഇസ്രാഈല്യർ ഖേദിക്കുകയും അല്ലാഹുവിനോട് മാപ്പിനപേക്ഷിക്കുകയും ചെയ്തു.

---

**ചനം 150,151**

150 കുപിതനായും, ദുഃഖിതനായും കൊണ്ടു മൂസാ തൻെറ ജനതയിലേക്ക് മടങ്ങി വന്നപ്പോൾ, അദ്ദേഹം പറഞ്ഞു: 'എൻെറ (പോക്കിനു) ശേഷം നിങ്ങൾ എൻെറ പിന്നിൽ പ്രവർത്തിച്ചത് എത്രയോ ചീത്ത! നിങ്ങളുടെ റബ്ബിൻെറ കൽപനക്ക് (കാത്തിരിക്കാതെ) നിങ്ങൾ ധൃതികാട്ടിയോ?!' അദ്ദേഹം പലകകൾ ഇടുകയും ചെയ്തു; തൻെറ സഹോദരൻെറ തല (മുടി) പിടിച്ചു തന്നിലേക്ക് വലിക്കുകയും ചെയ്തു. അദ്ദേഹം (സഹോദരൻ) പറഞ്ഞു: 'എൻെറ മാതൃപുത്രാ (ഏകോദര സഹോദരാ!) നിശ്ചയമായും, (ഈ) ജനങ്ങൾ എന്നെ ബലഹീനനാക്കിത്തീർക്കുകയും, എന്നെ അവർ കൊലപ്പെടുത്തുമാറാകുകയും ചെയ്തു. ആകയാൽ, എന്നെ (നിന്ദിച്ചു) കൊണ്ട് നീ ശത്രുക്കളെ സന്തോഷപ്പെടുത്തരുതേ! എന്നെ നീ (ഈ) അക്രമികളോടു കൂടെ (അക്രമികളുടെ പക്ഷക്കാരൻ) ആക്കുകയും ചെയ്യരുത്.'

وَلَمَّا رَجَعَ مُوسَىٰٓ إِلَىٰ قَوۡمِهِۦ غَضۡبَٰنَ أَسِفٗا
قَالَ بِئۡسَمَا خَلَفۡتُمُونِي مِنۢ بَعۡدِيٓۖ أَعَجِلۡتُمۡ
أَمۡرَ رَبِّكُمۡۖ وَأَلۡقَى ٱلۡأَلۡوَاحَ وَأَخَذَ بِرَأۡسِ أَخِيهِ
يَجُرُّهُۥٓ إِلَيۡهِۚ قَالَ ٱبۡنَ أُمَّ إِنَّ ٱلۡقَوۡمَ ٱسۡتَضۡعَفُونِي
وَكَادُواْ يَقۡتُلُونَنِي فَلَا تُشۡمِتۡ بِيَ ٱلۡأَعۡدَآءَ
وَلَا تَجۡعَلۡنِي مَعَ ٱلۡقَوۡمِ ٱلظَّٰلِمِينَ ﴿١٥٠﴾

151 അദ്ദേഹം (മൂസാ) പറഞ്ഞു: 'റബ്ബേ! എനിക്കും, എന്‍റെ സഹോദരനും നീ പൊറുത്തു തരുകയും, നിന്‍റെ കാരുണ്യത്തില്‍ ഞങ്ങളെ നീ പ്രവേശിപ്പിക്കുകയും ചെയ്യേണമേ! നീയാകട്ടെ, കരുണ ചെയ്യുന്നവരില്‍ ഏറ്റവും കരുണയുള്ളവനുമാകുന്നു.'

قَالَ رَبِّ ٱغۡفِرۡ لِي وَلِأَخِي وَأَدۡخِلۡنَا فِي رَحۡمَتِكَۖ وَأَنتَ أَرۡحَمُ ٱلرَّٰحِمِينَ ﴿١٥١﴾

---

സാമിരി പശുക്കുട്ടിയെ ഉണ്ടാക്കി ഇസ്രാഈല്യരെ പിഴപ്പിച്ച വിവരം നേരത്തെ തന്നെ അല്ലാഹു മൂസാ(അ) നബിയെ അറിയിച്ചിരുന്നു. (20:85) അല്ലാഹുവിന്‍റെ കല്‍പന പ്രകാരം അല്‍പ ദിവസത്തേക്ക് ഞാന്‍ വിട്ട് പോയപ്പോള്‍ തന്‍റെ തിരിച്ച് വരവ് കാത്തിരിക്കാനുള്ള ക്ഷമ പോലും കാണിക്കാതെ അവര്‍ ആ മഹാപാതകം ചെയ്തുവല്ലോ എന്നതില്‍ അത്യധികം കോപിഷ്ഠനും വികാരാധീനനുമായ മൂസാ(അ) തൗറാത്തിന്‍റെ പലകകള്‍ നിലത്തിടുകയും, ഹാറൂന്‍(അ)ന്‍റെ തലമുടി പിടിച്ച് വലിക്കുകയും ചെയ്തു. തന്‍റെ അഭാവത്തില്‍ ഹാറൂന്‍(അ) കൃത്യവിലോപം വരുത്തിയിരിക്കുമെന്ന് മൂസാ(അ) കരുതി. എന്നാല്‍ അവരെ മുടക്കുവാന്‍ കഴിവതെല്ലാം ചെയ്ത അദ്ദേഹത്തെ കൊലപ്പെടുത്താന്‍ പോലും ശ്രമിക്കുകയാണവര്‍ ചെയ്തത്. സംഗതികള്‍ ശാന്തമായി മൂസാ(അ) നബിക്കും വിവരിച്ച് കൊടുത്ത് കൊണ്ട് ഹാറൂന്‍(അ) തന്നെ അക്രമികളുടെ പക്ഷക്കാരനായി കാണരുതെന്നും, അത് നമ്മുടെ എതിരാളികളെ സന്തോഷിപ്പിക്കാനേ ഉതകുകയുള്ളൂ എന്നും മൂസാ (അ) നോട് പറഞ്ഞു. മൂസാ (അ) തനിക്കും സഹോദരനും വേണ്ടി അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും ചെയ്തു. കൂടുതല്‍ വിവരങ്ങള്‍ സൂ. ത്വാഹാ 92-94ല്‍ കാണാം.

## വിഭാഗം 19

### വചനം 152, 153

152 നിശ്ചയമായും പശുക്കുട്ടിയെ ഉണ്ടാക്കി (ആരാധന നടത്തി)യവര്‍, അവര്‍ക്ക് തങ്ങളുടെ റബ്ബിങ്കല്‍ നിന്നു കോപവും, ഐഹിക ജീവിതത്തില്‍ നിന്ദ്യതയും ബാധിക്കുന്നതാണ്. അപ്രകാരമത്രെ, (വ്യാജം) കെട്ടിച്ചമക്കുന്ന വര്‍ക്കു നാം പ്രതിഫലം നല്‍കുന്നത്.

153 തിന്‍മകള്‍ പ്രവര്‍ത്തിക്കുകയും, പിന്നീട് അതിനുശേഷം പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും ചെയ്തവരാകട്ടെ, നിശ്ചയ മായും, അതിനുശേഷം നിന്‍റെ റബ്ബ് (അവര്‍ക്ക്) പൊറുത്തുകൊടുക്കുന്നവനും, കരുണാ നിധിയും തന്നെ.

إِنَّ ٱلَّذِينَ ٱتَّخَذُواْ ٱلۡعِجۡلَ سَيَنَالُهُمۡ غَضَبٞ مِّن رَّبِّهِمۡ وَذِلَّةٞ فِي ٱلۡحَيَوٰةِ ٱلدُّنۡيَاۚ وَكَذَٰلِكَ نَجۡزِي ٱلۡمُفۡتَرِينَ ﴿١٥٢﴾ وَٱلَّذِينَ عَمِلُواْ ٱلسَّيِّـَٔاتِ ثُمَّ تَابُواْ مِنۢ بَعۡدِهَا وَءَامَنُوٓاْ إِنَّ رَبَّكَ مِنۢ بَعۡدِهَا لَغَفُورٞ رَّحِيمٞ ﴿١٥٣﴾

---

പശുക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ചവര്‍ക്ക് അവരുടെ പശ്ചാത്താപം സ്വീകരിക്കുന്നതിന് ഉപാധിയായി അവരില്‍ വലിയ കുറ്റക്കാര്‍ പരസ്പരം കൊലപ്പെടുത്തണമെന് നിശ്ചയിക്കപ്പെട്ടു (വിശദ വിവരങ്ങള്‍ക്ക് 2:54 നോക്കുക). പശുക്കുട്ടിയെ ചുട്ടെരിച്ച് കടലില്‍ വിതറുകയും ചെയ്തു (20:97). അല്ലാഹുവിന്‍റെ പേരില്‍ കളവ് കെട്ടിപ്പറയുന്ന എല്ലാവരും അവന്‍റെ കോപത്തിനും നിന്ദ്യതക്കും പാത്രീഭൂതരായിരിക്കുമെന്നു 152-ാം വചനം ഓര്‍മ്മിപ്പിക്കുന്നു. ആ മഹാപാപത്തില്‍ പങ്ക് വഹിച്ചെങ്കിലും പിന്നീട് ശരിക്കും ഖേദിച്ച് മടങ്ങി സത്യവിശ്വാസം ഉറപ്പിച്ചവര്‍ക്ക് അല്ലാഹു പൊറുത്ത് മാപ്പാക്കുകയും ചെയ്തു.

### വചനം 154

154 മൂസായില്‍ നിന്നു കോപം അടങ്ങിയപ്പോള്‍, അദ്ദേഹം പലകകള്‍ എടുത്തു. അവയിലെ എഴുത്തില്‍, തങ്ങളുടെ റബ്ബിനെക്കുറിച്ചു യാതൊരുകൂട്ടര്‍ ഭയപ്പെടുന്നുവോ അവര്‍ക്ക് മാര്‍ഗ്ഗദര്‍ശനവും, കാരുണ്യവും ഉണ്ടായിരുന്നു.

وَلَمَّا سَكَتَ عَن مُّوسَى ٱلۡغَضَبُ أَخَذَ ٱلۡأَلۡوَاحَۖ وَفِي نُسۡخَتِهَا هُدٗى وَرَحۡمَةٞ لِّلَّذِينَ هُمۡ لِرَبِّهِمۡ يَرۡهَبُونَ ﴿١٥٤﴾

മൂസാ(അ) കുപിതനായിക്കൊണ്ടു പലക നിലത്തിട്ടപ്പോൾ അവപൊട്ടിപ്പോയെന്നും അദ്ദേഹം അവ പെറുക്കിയെടുത്തുവെന്നും മറ്റും ഇവിടെ പല വ്യാഖ്യാതകളും പറഞ്ഞ് കാണുന്നു. വാസ്തവം അല്ലാഹുവിനറിയാം അനന്തരം ഉണ്ടായ സംഭവമാണ് തുടർന്ന് പറയുന്നത്.

**വചനം 155, 156**

وَٱخْتَارَ مُوسَىٰ قَوْمَهُۥ سَبْعِينَ رَجُلًا لِّمِيقَـٰتِنَا ۖ فَلَمَّآ أَخَذَتْهُمُ ٱلرَّجْفَةُ قَالَ رَبِّ لَوْ شِئْتَ أَهْلَكْتَهُم مِّن قَبْلُ وَإِيَّـٰىَ ۖ أَتُهْلِكُنَا بِمَا فَعَلَ ٱلسُّفَهَآءُ مِنَّآ ۖ إِنْ هِىَ إِلَّا فِتْنَتُكَ تُضِلُّ بِهَا مَن تَشَآءُ وَتَهْدِى مَن تَشَآءُ ۖ أَنتَ وَلِيُّنَا فَٱغْفِرْ لَنَا وَٱرْحَمْنَا ۖ وَأَنتَ خَيْرُ ٱلْغَـٰفِرِينَ ﴿١٥٥﴾

155 മൂസാ തൻെറ ജനങ്ങളിൽനിന്ന് നമ്മുടെ നിശ്ചിത സമയത്തേക്ക് എഴുപതു പുരുഷൻമാരെ തിരഞ്ഞെടുത്തു. എന്നിട്ട് അവർക്കു കഠിന കമ്പനം പിടിപെട്ടപ്പോൾ, അദ്ദേഹം പറഞ്ഞു: 'എൻെറ റബ്ബേ! നീ (വേണമെന്ന്) ഉദ്ദേശിച്ചിരുന്നെങ്കിൽ മുമ്പു (തന്നെ) അവരെയും, എന്നെയും നിനക്കു നശിപ്പിക്കാമായിരുന്നു. ഞങ്ങളിൽ നിന്നുള്ള ഭോഷൻമാർ ചെയ്തതിനു ഞങ്ങളെ നീ നശിപ്പിക്കുന്നുവോ?! അത് നിൻെറ പരീക്ഷണമല്ലാതെ (മറ്റൊന്നും) അല്ല (ല്ലോ); അതുമൂലം, നീ ഉദ്ദേശിക്കുന്നവരെ നീ വഴിപിഴവിലാക്കുന്നു; നീ ഉദ്ദേശിക്കുന്നവരെ നീ നേർമാർഗ്ഗത്തിലാക്കുകയും ചെയ്യുന്നു. നീ ഞങ്ങളുടെ കൈകാര്യകർത്താവത്രെ. അതിനാൽ, ഞങ്ങൾക്കു നീ പൊറുത്തുതരുകയും, ഞങ്ങളോട് കരുണ ചെയ്യുകയും വേണമേ! നീയാകട്ടെ, പൊറുക്കുന്നവരിൽവെച്ച് ഉത്തമനുമാകുന്നു.'

۞ وَٱكْتُبْ لَنَا فِى هَـٰذِهِ ٱلدُّنْيَا حَسَنَةً وَفِى ٱلْـَٔاخِرَةِ إِنَّا هُدْنَآ إِلَيْكَ ۚ قَالَ عَذَابِىٓ أُصِيبُ بِهِۦ مَنْ أَشَآءُ ۖ وَرَحْمَتِى وَسِعَتْ كُلَّ شَىْءٍ ۚ فَسَأَكْتُبُهَا لِلَّذِينَ يَتَّقُونَ وَيُؤْتُونَ ٱلزَّكَوٰةَ وَٱلَّذِينَ هُم بِـَٔايَـٰتِنَا يُؤْمِنُونَ ﴿١٥٦﴾

156 'ഈ ഐഹികലോകത്ത് ഞങ്ങൾക്കു നീ നന്മ (നിശ്ചയിച്ച്) രേഖപ്പെടുത്തേണമേ- പരലോകത്തിലും (രേഖപ്പെടുത്തേണമേ)! (നിശ്ചയമായും, ഞങ്ങൾ നിന്നിലേക്ക് (ഖേദിച്ചു) മടങ്ങിയിരിക്കുന്നു.' അവൻ (റബ്ബ്) പറഞ്ഞു: 'എൻെറ ശിക്ഷ- ഞാൻ ഉദ്ദേശിക്കുന്നവർക്ക് അതിനെ ഞാൻ ബാധിപ്പിക്കുന്നതാണ്. എൻെറ കാരുണ്യമാകട്ടെ, അത് എല്ലാ വസ്തുവിനും വിശാലമായിരിക്കുന്നു. എന്നാൽ, സൂക്ഷ്മത പാലിക്കുകയും, സക്കാത്തു കൊടുക്കുകയും ചെയ്യുന്നവർക്ക് ഞാൻ അതു രേഖപ്പെടുത്തിയേക്കുന്നതാണ്. യാതൊരുകൂട്ടർക്കും- അവർ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നു (അങ്ങിനെയുള്ളവർക്കും രേഖപ്പെടുത്തും).

---

പശുക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ച അപരാധത്തെ പറ്റി അല്ലാഹുവിനോട് കുറ്റം ഏറ്റു പറയുവാനും, പശ്ചാത്താപം സ്വീകരിക്കുവാൻ അല്ലാഹുവിനോട് കേണപേക്ഷിക്കുവാനുമായി അല്ലാഹുവിന്റെ കല്പന പ്രകാരം, അവരിൽ നിന്ന് നല്ലവരും പ്രമുഖരുമായ എഴുപത് പേരെ തിരഞ്ഞെടുത്ത് കൊണ്ട് മൂസ(അ) വീണ്ടും സീനാ പർവ്വതത്തിലേക്ക് പോയി. അതാണ്, ഈ വചനത്തിൽ പറഞ്ഞ 'നിശ്ചിത സമയം' കൊണ്ടുദ്ദേശ്യം.

ആ അവസരത്തിൽ മൂസാ(അ) നബി ഒഴികെയുള്ളവർക്ക് കഠിന കമ്പനം പിടിപ്പെടുകയുണ്ടായി. അപ്പോൾ മൂസാ(അ) അല്ലാഹുവിനെ അഭിമുഖീകരിച്ച് ഇപ്രകാരം പറഞ്ഞു "വേണമെങ്കിൽ അവരെയും എന്നെ തന്നെയും നിനക്ക് നശിപ്പിക്കാമായിരുന്നു. ഞങ്ങളിലുള്ള ഭോഷൻമാർ ചെയ്തതിന് ഞങ്ങളെ നശിപ്പിക്കുകയാണോ, അതു നിന്റെ പരീക്ഷണം മാത്രമാണല്ലോ."

പ്രസ്തുത പ്രാർത്ഥനക്ക് അല്ലാഹു നൽകിയ ഉത്തരമാണ് ഈ വചനത്തിന്റെ അവസാന ഭാഗം

''ശിക്ഷ ആർക്ക്, എപ്പോൾ, എങ്ങനെ ബാധിക്കണമെന്നൊക്കെയുള്ളതിന് ചില നിശ്ചയവും വ്യവസ്ഥയുമുണ്ട് അതനുസരിച്ച് അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അതവൻ നൽകുന്നു. എന്നാൽ കാരുണ്യമാകട്ടെ അത് എല്ലാവർക്കും - എല്ലാ വസ്തുവിനും ലഭിക്കുന്നതും അതി വിശാലവുമാകുന്നു. അല്ലാഹുവിനെ സൂക്ഷിച്ച്കൊണ്ട് ജീവിക്കുകയും, സക്കാത്ത് കൊടുക്കുകയും ചെയ്യുന്നവരും ദൃഷ്ടാന്തങ്ങളിൽ ദൃഢരായി വിശ്വസിക്കുന്നവരുമായ ആളുകൾക്ക് കാരുണ്യം നൽകുവാൻ അവൻ പ്രത്യേകം നിശ്ചയിച്ച് വെച്ചിട്ടുണ്ട്.

അല്ലാഹുവിന്റെ കാരുണ്യത്തിന്റെ വിശാലതയെക്കുറിച്ച് നബി(സ) അരുളിയ ഹദീസിന്റെ വിശദരൂപം സൂ. അൻആം 54-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

വചനം 157

157 അതായത് 'ഉമ്മിയ്യാ'യ (അക്ഷരജ്ഞാനമില്ലാത്ത) പ്രവാചകനായ (ആ) റസൂലിനെ പിൻപറ്റുന്നവർക്ക് (അവർക്കാണ് കാരുണ്യം രേഖപ്പെടുത്തിവെക്കുന്നത്.) (അതെ)അവരുടെ അടുക്കൽ തൗറാത്തിലും, ഇഞ്ചീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർ കണ്ടുവരുന്ന ആളെ (പിൻപറ്റുന്നവർക്ക്). അവരോട് അദ്ദേഹം സദാചാരംകൊണ്ടു കൽപിക്കുകയും, ദുരാചാരത്തെക്കുറിച്ചു വിരോധിക്കുകയും ചെയ്യും. അവർക്ക് അദ്ദേഹം നല്ല (വിശിഷ്ട) വസ്തുക്കളെ അനുവദനീയമാക്കിക്കൊടുക്കുകയും, ദുഷിച്ച (ചീത്ത) വസ്തുക്കളെ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യും. അവരുടെ ഭാരത്തെയും, അവരുടെ മേലുണ്ടായിരുന്ന ബന്ധങ്ങളെയും അവരിൽനിന്ന് അദ്ദേഹം (ഇറക്കി) വെക്കുക (ഒഴിവാക്കിക്കൊടുക്കുക) യും ചെയ്യും. അപ്പോൾ, യാതൊരുകൂട്ടർ അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹത്തെ ബഹുമാനിക്കുകയും, സഹായിക്കുകയും, അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള (ആ) പ്രകാശത്തെ പിൻപറ്റുകയും ചെയ്തുവോ, അക്കൂട്ടർതന്നെയാണു വിജയികൾ.

ٱلَّذِينَ يَتَّبِعُونَ ٱلرَّسُولَ ٱلنَّبِيَّ ٱلْأُمِّيَّ ٱلَّذِى يَجِدُونَهُۥ مَكْتُوبًا عِندَهُمْ فِى ٱلتَّوْرَىٰةِ وَٱلْإِنجِيلِ يَأْمُرُهُم بِٱلْمَعْرُوفِ وَيَنْهَىٰهُمْ عَنِ ٱلْمُنكَرِ وَيُحِلُّ لَهُمُ ٱلطَّيِّبَٰتِ وَيُحَرِّمُ عَلَيْهِمُ ٱلْخَبَٰٓئِثَ وَيَضَعُ عَنْهُمْ إِصْرَهُمْ وَٱلْأَغْلَٰلَ ٱلَّتِى كَانَتْ عَلَيْهِمْ ۚ فَٱلَّذِينَ ءَامَنُوا۟ بِهِۦ وَعَزَّرُوهُ وَنَصَرُوهُ وَٱتَّبَعُوا۟ ٱلنُّورَ ٱلَّذِىٓ أُنزِلَ مَعَهُۥٓ ۙ أُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿١٥٧﴾

---

അക്ഷരജ്ഞാനമില്ലാത്ത പ്രവാചകൻ എന്നും തൗറാത്തിലും ഇഞ്ചീലിലും എഴുതപ്പെട്ട് കാണുന്ന ആൾ എന്നുമുള്ള വിശേഷങ്ങൾ നബി(സ) ഉദ്ദേശിച്ചാണെന്നതിൽ സംശയമില്ല. ഈ വിശേഷങ്ങൾ നബി(സ) തിരുമേനിയുടെ പ്രവാചകത്വത്തിന് സ്പഷ്ടമായ ഒരു തെളിവുമാകുന്നു. തൗറാത്തിലും ഇഞ്ചീലിലും നബി(സ)യെകുറിച്ചു അടങ്ങിയിട്ടുള്ള പരാമർശങ്ങളും പ്രവചനങ്ങളും, ഖുർആൻ അവതരിക്കുന്ന കാലത്ത് വേദക്കാർക്കിടയിൽ അറിയപ്പെട്ടിരുന്നു. നബി(സ)യുടെ ആഗമനക്കാലം അടുത്തപ്പോൾ വേദക്കാർ മുഴുവൻ ഒരു പ്രവാചകനെ അക്ഷമയോടെ പ്രതീക്ഷിച്ച് കൊണ്ടിരിക്കുകയുമായിരുന്നു എന്നാൽ, ആ പ്രവാചകൻ, തങ്ങളുടെ അനാചാരങ്ങളോട് യോജിക്കാത്തതിന്റെ പേരിലും തങ്ങളുടെ സമുദായത്തിൽപെട്ട ആളായിരിക്കാത്തതിന്റെ പേരിലും അവർ നബി(സ) തിരുമേനിയെ തിരസ്കരിക്കുകയായിരുന്നു.

നബി(സ) തിരുമേനിയുടെ സവിശേഷതകളായി ഈ വചനത്തിൽ പറയപ്പെട്ട കാര്യങ്ങൾ ഇവയാകുന്നു.

: അദ്ദേഹം സദാചാരപരമായ നല്ല കാര്യങ്ങൾ കൊണ്ട് കല്പിക്കുകയും, ദുരാചാരപരമായ ചീത്തകാര്യങ്ങളെ വിരോധിക്കുകയും ചെയ്യുന്നു. സദാചാര വിഷയങ്ങളിൽ വെച്ച് ഏറ്റവും പ്രധാനമായത് ഏകദൈവ സിദ്ധാന്തവും (തൗഹീദും) ദുരാചാര വിഷയങ്ങളിൽ വെച്ച് ഏറ്റവും വമ്പിച്ചത് ബഹുദൈവ സിദ്ധാന്തവും (ശിർക്ക്) തന്നെ. അവ രണ്ടിനുമിടയിലെ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളെ കുറിച്ചും

നബി(സ) ജനങ്ങളെ ഉപദേശിക്കുകയും മാതൃക കാണിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് ചരിത്ര യാഥാർത്ഥ്യമത്രെ.

: അദ്ദേഹം നല്ലതായ വസ്തുക്കളെ അനുവദനീയമാക്കുകയും, ദുഷിച്ച വസ്തുക്കളെ നിഷിദ്ധമാക്കുകയും ചെയ്യുന്നു. വേദക്കാർ നിഷിദ്ധമാക്കി വന്നിരുന്ന ഒട്ടകമാംസം, കൊഴുപ്പ് മുതലായവയെ അനുവദനീയമാക്കുകയും, ശവം, പന്നിമാംസം, രക്തം, അല്ലാഹു അല്ലാത്തവർക്ക് വഴിപാടാക്കപ്പെട്ടവ എന്നിവയെ നിഷിദ്ധമാക്കുകയും ചെയ്തതും മറ്റും ഇതിന് ഉദാഹരണങ്ങളാകുന്നു.

: അദ്ദേഹം അവരുടെ ഭാരവും അവരിലുള്ള കുടുക്കും ബന്ധങ്ങളും ഇറക്കിവെച്ച് ഒഴിവാക്കിക്കൊടുക്കുന്നു. അവരിൽ പണ്ഡിത പുരോഹിതരാൽ നടപ്പിൽ വരുത്തപ്പെട്ട പല കർശന നിയമങ്ങളും നിബന്ധനകളും 'ശരീഅത്ത്' നിയമങ്ങളിലൂടെ ലഘൂകരിക്കപ്പെടുകയുണ്ടായി. കൊലക്കുറ്റങ്ങളുടെ പ്രതികാര നടപടിയിൽ പകരം കൊലപ്പെടുത്തൽ മാത്രം നിശ്ചയിക്കപ്പെട്ടിരുന്നുത്; ധർമ്മയുദ്ധങ്ങളിൽ ശത്രുപക്ഷത്ത് നിന്ന് ലഭിക്കുന്ന 'ഗനീമത്ത്' സ്വത്തുക്കൾ ഉപയോഗിക്കാൻ പാടില്ലാതിരുന്നത് ; ശനിയാഴ്ച ദിവസം (ഞായറാഴ്ചയും) ജോലി ചെയ്വാൻ പാടില്ലെന്നുള്ളത്, എന്നിങ്ങനെ പല കർക്കശ നിയമങ്ങളും നബി(സ) മുഖേന അവർക്ക് ഇളവ് ലഭിക്കുകയുണ്ടായി.

ഇസ്ലാമിലെ നിയമ നടപടിക്രമങ്ങളുടെ അടിസ്ഥാനപരമായ ഒരു പൊതു തത്വമായി അല്ലാഹു പറയുന്നു:

"അല്ലാഹു നിങ്ങളിൽ എളുപ്പത്തെ ഉദ്ദേശിക്കുന്നു. നിങ്ങളിൽ അവൻ ഞെരുക്കത്തെ ഉദ്ദേശിക്കുന്നില്ല." (2:185)

നബി(സ) പറയുന്നു: "നിങ്ങൾ സന്തോഷപ്പെടുത്തുവിൻ, വെറുപ്പിക്കരുത്, നിങ്ങൾ എളുപ്പമുണ്ടാക്കുവിൻ; ഞെരുക്കരുത്."

നബി(സ) തിരുമേനിയുടെ സവിശേഷതകൾ വിവരിച്ച ശേഷം അല്ലാഹു തുടർന്ന് പറയുന്നു: അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹത്തെ ബഹുമാനിച്ച് കൊണ്ട് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും, അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ട വിശുദ്ധ ഖുർആനെ പിൻപറ്റി ജീവിക്കുകയും ചെയ്യുന്നവർ മാത്രമാകുന്നു വിജയികൾ - അവർ വേദക്കാരാകട്ടെ, അല്ലാതിരിക്കട്ടെ.

## വിഭാഗം 20

**വചനം 158**

قُلْ يَٰٓأَيُّهَا ٱلنَّاسُ إِنِّى رَسُولُ ٱللَّهِ إِلَيْكُمْ جَمِيعًا ٱلَّذِى لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ لَآ إِلَٰهَ إِلَّا هُوَ يُحْىِۦ وَيُمِيتُ ۖ فَـَٔامِنُوا۟ بِٱللَّهِ وَرَسُولِهِ ٱلنَّبِىِّ ٱلْأُمِّىِّ ٱلَّذِى يُؤْمِنُ بِٱللَّهِ وَكَلِمَٰتِهِۦ وَٱتَّبِعُوهُ لَعَلَّكُمْ تَهْتَدُونَ ١٥٨

158 (നബിയേ) പറയുക: 'ഹേ, മനുഷ്യരേ, നിശ്ചയമായും ഞാൻ, നിങ്ങൾ എല്ലാവരിലേക്കും ഉള്ള അല്ലാഹുവിൻെറ റസൂൽ (ദൂതൻ) ആകുന്നു; അതായത്, ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധികാരം യാതൊരുവന്നാണോ അവൻെറ (റസൂലാകുന്നു). അവനല്ലാതെ ആരാധ്യനില്ല; അവൻ ജീവിപ്പിക്കുകയും മരണപ്പെടുത്തുകയും ചെയ്യുന്നു. ആകയാൽ, അല്ലാഹുവിലും അവൻെറ റസൂലിലും നിങ്ങൾ വിശ്വസിക്കുവിൻ; (അതെ) അല്ലാഹുവിലും, അവൻെറ വാക്യങ്ങളിലും വിശ്വസിക്കുന്ന 'ഉമ്മിയ്യാ'യ (അക്ഷരജ്ഞാനമില്ലാത്ത) പ്രവാചകൻ, അദ്ദേഹത്തെ പിൻപറ്റുകയും ചെയ്യുവിൻ; നിങ്ങൾ നേർമ്മാർഗ്ഗം പ്രാപിച്ചേക്കാം.'

---

ആകാശഭൂമികളുടെയെല്ലാം അധിപനായ അല്ലാഹുവിങ്കൽ നിന്ന് വേദ-കുല-കാല-ദേശ-ഭാഷാ ഭേദമന്യേ സകല മനുഷ്യരിലേക്കുമായി അയക്കപ്പെട്ട ദൈവദൂതനാണ് ഈ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ഞാൻ. അല്ലാഹുവല്ലാതെ ആരാധ്യനില്ല ; അവൻ ജീവിപ്പിക്കുകയും മരണപ്പെടുത്തുകയും ചെയ്യുന്നു; അല്ലാഹുവിലും അവന്റെ റസൂലിലും നിങ്ങൾ വിശ്വസിക്കുവിൻ; പ്രവാചകനെ നിങ്ങൾ പിൻപറ്റുകയും ചെയ്യുവിൻ - എന്നൊക്കെ മനുഷ്യ ലോകത്തോട് പ്രഖ്യാപനം ചെയ്യണമെന്ന് അല്ലാഹു നബി(സ) തിരുമേനിയോട് കല്പിക്കുകയാണ്.

നബി(സ) തിരുമേനി, അറബികളിലേക്ക് മാത്രമായി നിയോഗിക്കപ്പെട്ട റസൂലാണെന്ന് ചില ക്രിസ്തീയ

പാതിരിമാരും, തിരുമേനിയുടെ 'ശരീഅത്ത്' നിയമങ്ങൾ, അക്കാലത്തെ ജനങ്ങളെ മാത്രം ഉദ്ദേശിച്ച് കൊണ്ടുള്ളതാണെന്ന് മുസ്ലിം നാമധാരികളായ ചില "മോഡേണിസ്റ്റു"കളും ജല്പിച്ച് വരാറുണ്ട്. എന്നാൽ ഇവയെല്ലാം അവരുടെ ഭാവനാ സൃഷ്ടികളാണെന്നും, അവരുടെ കള്ള പ്രചരണത്തിന്റെ ഭാഗമാണെന്നും, ഈ വചനത്തിൽ നിന്നും, ഇത് പോലെയുള്ള മറ്റ് വചനങ്ങളിൽ നിന്നും, റസൂൽ തിരുമേനിയുടെ പല ഹദീസുകളിൽ നിന്നും വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

**വചനം 159**

وَمِن قَوْمِ مُوسَىٰٓ أُمَّةٌ يَهْدُونَ بِٱلْحَقِّ وَبِهِۦ يَعْدِلُونَ ﴿١٥٩﴾

159 മൂസായുടെ ജനങ്ങളിൽ(തന്നെ) യഥാർത്ഥമനുസരിച്ചു മാർഗ്ഗദർശനം നൽകുകയും, അതനുസരിച്ചു തന്നെ നീതി പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സമൂഹം ഉണ്ട്താനും.

മൂസാ (അ) നബിയുടെ സമുദായത്തിൽ, യഥാർത്ഥ പ്രകാരം ജനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയും ന്യായം തെറ്റാതെയും, നീതിയനുസരിച്ചും പ്രവർത്തിച്ച് വരുന്ന ഒരു വിഭാഗം ആളുകളും ഉണ്ടെന്നും അല്ലാഹു ഈ വചനം മുഖേന ചൂണ്ടിക്കാട്ടുന്നു, അതായത് ആ സമുദായം ഒന്നടങ്കം പിഴച്ച് പോയവരല്ല എന്ന് സാരം. അത്കൊണ്ടാണ്, യഹൂദികളിൽ നിന്നും ചല വ്യക്തികൾ നബി(സ) യിൽ വിശ്വസിക്കുവാൻ മുന്നോട്ടു വന്നതും.

**വചനം 160**

وَقَطَّعْنَٰهُمُ ٱثْنَتَىْ عَشْرَةَ أَسْبَاطًا أُمَمًا ۚ وَأَوْحَيْنَآ إِلَىٰ مُوسَىٰٓ إِذِ ٱسْتَسْقَىٰهُ قَوْمُهُۥٓ أَنِ ٱضْرِب بِّعَصَاكَ ٱلْحَجَرَ ۖ فَٱنۢبَجَسَتْ مِنْهُ ٱثْنَتَا عَشْرَةَ عَيْنًا ۖ قَدْ عَلِمَ كُلُّ أُنَاسٍ مَّشْرَبَهُمْ ۚ وَظَلَّلْنَا عَلَيْهِمُ ٱلْغَمَٰمَ وَأَنزَلْنَا عَلَيْهِمُ ٱلْمَنَّ وَٱلسَّلْوَىٰ ۖ كُلُوا۟ مِن طَيِّبَٰتِ مَا رَزَقْنَٰكُمْ ۚ وَمَا ظَلَمُونَا وَلَٰكِن كَانُوٓا۟ أَنفُسَهُمْ يَظْلِمُونَ ﴿١٦٠﴾

160 അവരെ നാം പന്ത്രണ്ടു ഗോത്രങ്ങളായി- അതായത് സമൂഹങ്ങളായി-മുറി(ച്ചു ഭാഗി)ച്ചു. മൂസായുടെ ജനങ്ങൾ അദ്ദേഹത്തോട് (വെള്ളം) കുടിപ്പാൻ കൊടുക്കുവാനാവശ്യപ്പെട്ടപ്പോൾ അദ്ദേഹത്തിനു നാം 'വഹ്‌യു' (സന്ദേശം) നൽകി: 'നിന്റെ വടികൊണ്ട് പാറക്കല്ലിന്ന് അടിച്ചു കൊള്ളുക' എന്ന്. അപ്പോൾ, അതിൽനിന്ന് പന്ത്രണ്ടു നീരുറവകൾ പൊട്ടി ഒഴുകി. (അവരിൽ) എല്ലാ മനുഷ്യരും അവ(രവ)ർക്കു കുടിക്കാനുള്ള സ്ഥാനം അറിയുകയുണ്ടായി. അവർക്കു നാം മേഘത്തെ തണലാക്കിക്കൊടുക്കുകയും ചെയ്തു. അവർക്കു നാം 'മന്നാ'യും 'സൽവാ'യും ഇറക്കി ക്കൊടുക്കുകയും ചെയ്തു. 'നിങ്ങൾക്കു നാം നൽകിയിട്ടുള്ള നല്ല (വിശിഷ്ട) വസ്തുക്കളിൽ നിന്ന് തിന്നു കൊള്ളുവിൻ' (എന്നു നാം പറഞ്ഞു). (എന്നാൽ,) അവർ നമ്മോട് (ഒന്നും) അക്രമം ചെയ്തില്ല; എങ്കിലും, അവർ അവരോടു തന്നെയായിരുന്നു അക്രമം ചെയ്തിരുന്നത്.

യഅ്ഖൂബ്(അ) നബിക്ക് ഇസ്രാഈൽ എന്നും പേരുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പന്ത്രണ്ട് പുത്രൻമാരുടെ സന്താനപരമ്പരകൾ പന്ത്രണ്ട് ഇസ്രാഈൽ ഗോത്രങ്ങളായി പരിണമിച്ചു. ഓരോ ഗോത്രവും അതത് ഗോത്രത്തിന്റെ ആദ്യ പിതാവിന്റെ നാമത്തിൽ അറിയപ്പെട്ടു. ആശിർ, ദാൻ, ഗാദു, യിസ്സാഖാർ, യഹൂദാ, നഫ്താലി, റൂബിൻ, ശംഊൻ, സബൂലൂൽ, ലാവി, യൂസുഫ്, ബിൻയാമിൻ എന്നിവയാണ് നാമങ്ങൾ,

ഇസ്രാഈല്യർ വെള്ളമില്ലാതെ ബുദ്ധിമുട്ടിയപ്പോൾ അല്ലാഹുവിന്റെ കല്പന പ്രകാരം മുസാ(അ) പാറക്കെട്ടിനു അടിക്കുകയും അതിൽ നിന്ന് പന്ത്രണ്ടു ഉറവകൾ പൊട്ടി ഒഴുകുകയും ചെയ്തു. (സൂ. അൽബഖറ : 60 നോക്കുക). അവർക്ക് മരുഭൂമിയിൽ റബ്ബ് മേഘത്തണൽ നൽകുകയും 'മന്നാ'യും 'സൽവായും' ആഹാരമായി നൽകുകയുമുണ്ടായി (അൽ ബഖറ : 57 നോക്കുക)

**വചനം 161, 162**

وَإِذۡ قِيلَ لَهُمُ ٱسۡكُنُواْ هَٰذِهِ ٱلۡقَرۡيَةَ وَكُلُواْ مِنۡهَا حَيۡثُ شِئۡتُمۡ وَقُولُواْ حِطَّةٞ وَٱدۡخُلُواْ ٱلۡبَابَ سُجَّدٗا نَّغۡفِرۡ لَكُمۡ خَطِيٓـَٰٔتِكُمۡۚ سَنَزِيدُ ٱلۡمُحۡسِنِينَ ﴿١٦١﴾

161 അവരോടു പറയപ്പെട്ട സന്ദർഭവും (ഓർക്കുക): ‘നിങ്ങൾ ഈ രാജ്യത്ത് താമസിക്കുകയും, അതിൽ നിന്ന് നിങ്ങൾ ഉദ്ദേശിച്ചേടത്തു നിന്ന് തിന്നുകയും ചെയ്തു കൊള്ളുവിൻ; നിങ്ങൾ ‘ഹിത്ത്വതുൻ’ (പാപമോചനം) എന്നു പറയുകയും, ‘സുജൂദ്’ ചെയ്തു (തലകുനിച്ചു) കൊണ്ട് (അതിൻെറ) പടിവാതിൽ കടക്കുകയും ചെയ്യുവിൻ. (എന്നാൽ) നിങ്ങൾക്ക് നിങ്ങളുടെ തെറ്റുകളെ നാം പൊറുത്തു തരുന്നതാണ്. സുകൃതവാൻമാർക്കു നാം (വഴിയെ) വർദ്ധിപ്പിച്ചു കൊടുക്കുന്നതാണ്.

فَبَدَّلَ ٱلَّذِينَ ظَلَمُواْ مِنۡهُمۡ قَوۡلًا غَيۡرَ ٱلَّذِي قِيلَ لَهُمۡ فَأَرۡسَلۡنَا عَلَيۡهِمۡ رِجۡزٗا مِّنَ ٱلسَّمَآءِ بِمَا كَانُواْ يَظۡلِمُونَ ﴿١٦٢﴾

162 എന്നിട്ട്, അവരിൽ നിന്ന് അക്രമം പ്രവർത്തിച്ചവർ, തങ്ങളോടു പറയപ്പെട്ടതല്ലാത്ത ഒരു വാക്ക് (അതിനു) പകരമാക്കി (മാറ്റി). അതിനാൽ, അവരുടെ മേൽ നാം ആകാശത്തു നിന്ന് ഒരു (കഠിന) ശിക്ഷ അയച്ചു; അവർ അക്രമം പ്രവർത്തിച്ചു കൊണ്ടിരുന്നതു നിമിത്തം.

---

ഈ സംഭവവും അൽ ബഖറ 58, 59 വചനങ്ങളിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അവിടെ നോക്കുക.

**വിഭാഗം 21**

**വചനം 163**

وَسۡـَٔلۡهُمۡ عَنِ ٱلۡقَرۡيَةِ ٱلَّتِي كَانَتۡ حَاضِرَةَ ٱلۡبَحۡرِ إِذۡ يَعۡدُونَ فِي ٱلسَّبۡتِ إِذۡ تَأۡتِيهِمۡ حِيتَانُهُمۡ يَوۡمَ سَبۡتِهِمۡ شُرَّعٗا وَيَوۡمَ لَا يَسۡبِتُونَ لَا تَأۡتِيهِمۡۚ كَذَٰلِكَ نَبۡلُوهُم بِمَا كَانُواْ يَفۡسُقُونَ ﴿١٦٣﴾

163 സമുദ്രത്തിനടുത്തു സ്ഥിതി ചെയ്തിരുന്നതായ (ആ) രാജ്യത്തെക്കുറിച്ച് -(അതെ) അവർ ‘സബ്ത്തി’ൽ (ശബ്ബത്ത് ആചരണത്തിൽ) അതിക്രമം നടത്തിയിരുന്ന സന്ദർഭത്തെ (ക്കുറിച്ച്)-അവരോടു ചോദി(ച്ചുനോ)ക്കുക! അതായത്, അവരുടെ ‘സബ്ത്തി’ൻെറ ദിവസം അവരുടെ മത്സ്യങ്ങൾ (വെള്ളത്തിനു മീതെ തല) പൊങ്ങിക്കൊണ്ട് അവർക്കു വന്നിരുന്ന സന്ദർഭം. അവർ ‘സബ്ത്തു’ (ശബ്ബത്ത്) ആചരിക്കാത്ത ദിവസമാകട്ടെ, അവ അവർക്കു വന്നിരുന്നതുമില്ല. അപ്രകാരം, അവർ തോന്നിയവാസം പ്രവർത്തിച്ചു കൊണ്ടിരുന്നതു നിമിത്തം അവരെ നാം പരീക്ഷണം ചെയ്തിരുന്നു.

---

അൽ ബഖറ 65, 66 വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട സംഭവത്തിന്റെ വിശദരൂപമാണ് അല്ലാഹു ഇവിടെ വിവരിക്കുന്നത്.

ചെങ്കടലിന്റെ ഒരു ശാഖയായ അൽ അഖബ ഉൾക്കടൽ (സൂയസ് ഉൾക്കടൽ ആണ് രണ്ടാമത്തെ ശാഖ) അഥവാ ഐലത്ത് എന്ന തുറമുഖപട്ടണത്തിലാണ്, ഇതിൽ വിവരിക്കപ്പെട്ട സംഭവം നടന്നതെന്ന് ഭൂരിപക്ഷാഭിപ്രായം. അവിടത്തെ നിവാസികളായ ഇസ്രാഈല്യർ മീൻ പിടുത്തക്കാരായിരുന്നു. തൗറാത്തിലെ നിയമപ്രകാരം ശനിയാഴ്ച ജോലിക്ക് പോകാതെ, ചില ആരാധനാ കർമ്മങ്ങൾ നിർവ്വഹിക്കാൻ (ശബ്ബത്ത് ആചരിക്കുക) അവർ നിർദ്ദേശിക്കപ്പെട്ടിരുന്നു. മതശാസനകളിൽ നിന്ന് ഒഴിഞ്ഞ് മാറുവാനുള്ള കൗശലങ്ങൾ കണ്ട്

പിടിക്കുകയെന്നതു യഹൂദികളുടെ ഒരു പതിവാകുന്നു. അത്കൊണ്ട് അല്ലാഹു അവരിൽ ഒരു പരീക്ഷണം നടത്തി. ശനിയാഴ്ച ദിവസങ്ങളിൽ മത്സ്യങ്ങൾ കൂട്ടം കൂട്ടമായി വന്ന് വെള്ളത്തിന് മീതെ തലപൊക്കികൊണ്ടിരിക്കും, മറ്റു ദിവസങ്ങളിൽ അങ്ങനെ സംഭവിക്കാറുമില്ല. കപട സൂത്രക്കാരായ യഹൂദികൾ, അല്പം അകലെ കുളങ്ങൾ സ്ഥാപിച്ച് ശനിയാഴ്ച ദിവസങ്ങളിൽ സമുദ്രത്തിൽ നിന്നും ചാലുകളിലൂടെ മത്സ്യങ്ങളെ കുളത്തിൽ ശേഖരിച്ച് കുളത്തിന്റെ മുഖം അടച്ച് കെട്ടുകയും, പിറ്റേ ദിവസം മത്സ്യങ്ങളെ പിടിക്കുകയും ചെയ്തു വന്നു. അങ്ങനെ അല്ലാഹുവിന്റെ നിർദ്ദേശത്തെ അവർ മറികടന്ന് കൊണ്ട് അവർ അതിക്രമം പ്രവർത്തിച്ച് കൊണ്ടിരുന്നു.

ഇതേ രീതിയിൽ സക്കാത്തിന്റെ വിഷയത്തിലും പലിശ ഇടപാടുകളിലും, മത നിയമങ്ങളിൽ നിന്ന് മോചനം നേടുവാൻ ചില കൗശല മാർഗ്ഗങ്ങൾ സ്വീകരിക്കുന്ന പലരേയും പണ്ഡിതവർഗ്ഗങ്ങളടക്കമുള്ള മുസ്ലിംകളിലും കാണാം. ഈ സമ്പ്രദായം എത്രമാത്രം ദുഷിച്ചതാണെന്നുള്ളതിന് ഇസ്രാഈല്യരിൽ പണ്ട് കഴിഞ്ഞ ഈ സംഭവം അല്ലാഹു ഖുർആനിൽ വിവരിച്ചതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ഒരു നബി വചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു."യഹൂദികൾ പ്രവർത്തിച്ചത് പോലെ നിങ്ങൾ പ്രവർത്തിക്കരുത്. അതായത്, അല്ലാഹു ഹറാമാക്കിയ കാര്യങ്ങളെ താണതരം ഉപായങ്ങൾ വഴി നിങ്ങൾ ഹലാലാക്കരുത്."

അല്ലാഹു തുടരുന്നു :

**വചനം 164, 165, 166**

وَإِذْ قَالَتْ أُمَّةٌ مِّنْهُمْ لِمَ تَعِظُونَ قَوْمًا ۙ اللَّهُ مُهْلِكُهُمْ أَوْ مُعَذِّبُهُمْ عَذَابًا شَدِيدًا ۖ قَالُوا مَعْذِرَةً إِلَىٰ رَبِّكُمْ وَلَعَلَّهُمْ يَتَّقُونَ ﴿١٦٤﴾

164 അവരിൽ നിന്നുള്ള ഒരു സമൂഹം (ആളുകൾ) പറഞ്ഞ സന്ദർഭവും (ഓർക്കുക): 'അല്ലാഹു നശിപ്പിക്കുകയോ, അല്ലെങ്കിൽ കഠിനമായ വല്ല ശിക്ഷയും ശിക്ഷിക്കുകയോ ചെയ്തേക്കുന്ന ഒരു ജനതക്ക് എന്തിനാണു നിങ്ങൾ സദുപദേശം നൽകുന്നത്?!' അവർ (മറുപടി) പറഞ്ഞു: 'നിങ്ങളുടെ റബ്ബിങ്കലേക്ക് ഒരു ഒഴികഴിവായിട്ടു (മാത്രം); അവർ (ആ ജനങ്ങൾ) സൂക്ഷിക്കുകയും ചെയ്യാമല്ലോ.'

فَلَمَّا نَسُوا مَا ذُكِّرُوا بِهِۦٓ أَنجَيْنَا الَّذِينَ يَنْهَوْنَ عَنِ السُّوٓءِ وَأَخَذْنَا الَّذِينَ ظَلَمُوا بِعَذَابٍۭ بَـِٔيسٍۭ بِمَا كَانُوا يَفْسُقُونَ ﴿١٦٥﴾

165 എന്നാൽ, അവരോട് ഉപദേശിക്കപ്പെട്ടത് അവർ (വക വെക്കാതെ) മറന്നുകളഞ്ഞപ്പോൾ, (ആ) ദുഷ്പ്രവർത്തിയെക്കുറിച്ചു വിരോധിച്ചിരുന്നവരെ നാം രക്ഷപ്പെടുത്തി; അക്രമം പ്രവർത്തിച്ചവരെ അവർ തോന്നിയവാസം പ്രവർത്തിച്ചിരുന്നതു നിമിത്തം ഗൗരവപ്പെട്ട ഒരു ശിക്ഷ മുഖേന നാം പിടിക്കുകയും ചെയ്തു.

فَلَمَّا عَتَوْا عَن مَّا نُهُوا عَنْهُ قُلْنَا لَهُمْ كُونُوا قِرَدَةً خَٰسِـِٔينَ ﴿١٦٦﴾

166 എന്നുവെച്ചാൽ, അവരോടു വിരോധിക്കപ്പെട്ടതിനെ (ലംഘിച്ച്) അവർ ധിക്കാരം പ്രവർത്തിച്ചപ്പോൾ, അവരോടു നാം പറഞ്ഞു: 'നിങ്ങൾ നിന്ദ്യൻമാരായ കുരങ്ങുകളായി ക്കൊള്ളുവിൻ.!'

---

ആ രാജ്യക്കാർ മൂന്നു വിഭാഗക്കാരായിരുന്നുവെന്ന് ഈ വചനങ്ങളിൽ നിന്ന് മനസ്സിലാക്കാം. (1) നിയമം ലംഘിച്ച് കൊണ്ട് പതിവായി ശനിയാഴ്ച ദിവസങ്ങളിലും മത്സ്യം പിടിച്ചിരുന്ന ഒരു വിഭാഗം (2) അവരെ ഈ ദുഷ്പ്രവർത്തിയിൽ നിന്നും പിന്തിരിപ്പിക്കാൻ ശ്രമിച്ച് കൊണ്ടിരുന്ന മറ്റൊരു വിഭാഗം ഗുണകാംക്ഷികൾ (3) മനസ്സ് കൊണ്ട് ആ പ്രവർത്തിയെ വെറുക്കുന്നുവെങ്കിലും, അവരെ ഉപദേശിച്ചിട്ട് ഫലമില്ലെന്നും, അല്ലാഹുവിങ്കൽ നിന്നുള്ള ഏതെങ്കിലും ശിക്ഷക്ക് അവർ വിധേയരായിത്തീരുക തന്നെ ചെയ്യുമെന്നും കരുതി മൗനമവലംബിച്ചവർ. ഈ വിഭാഗക്കാർ, രണ്ടാമത്തെ വിഭാഗക്കാരോട് പറഞ്ഞു. "നിങ്ങളുടെ ഉപദേശം കൊണ്ട് അവരിൽ യാതൊരു ഫലവും കാണുന്നില്ലല്ലോ. അല്ലാഹു അവരെ കഠിന ശിക്ഷയിലൂടെ പാഠം പഠിപ്പിക്കാതിരിക്കുകയില്ല.

അതിന് ആ നല്ല മനുഷ്യർ മറുപടി നൽകുന്നു. "സൽക്കാര്യം കൊണ്ട് ഉപദേശിക്കുകയെന്ന ഞങ്ങളുടെ കടമ ഞങ്ങൾ നിർവ്വഹിക്കുന്നു. എന്ത്കൊണ്ട് ഉപദേശിക്കുന്നില്ല എന്ന അല്ലാഹു ഞങ്ങളോട് ചോദിക്കാൻ

ഇടവരാതിരിക്കട്ടെ, ഒരു പക്ഷേ ഉപദേശം കേട്ട് അവർ പിൻമടങ്ങുവാനും സാദ്ധ്യതയുണ്ടല്ലോ.”

എന്നാൽ ആ അക്രമികൾ ഉപദേശം ചെവിക്കൊള്ളാതെ മുഴുത്ത ധിക്കാരികളായപ്പോൾ, അല്ലാഹു അവർക്ക് ഗൗരവപ്പെട്ട ഒരു ശിക്ഷ നല്കി - അല്ലാഹു അവരെ നിന്ദ്യൻമാരായ കുരങ്ങുകളാക്കിത്തീർത്തു.

അവരുടെ ധിക്കാരത്തിൽ നിന്നും അവരെ പിൻതിരിപ്പിക്കാൻ ശ്രമിച്ചിരുന്ന ആ ഉപദേഷ്ടാക്കളെ അല്ലാഹു ശിക്ഷയിൽ പെടാതെ രക്ഷപ്പെടുത്തി. മേൽ പറഞ്ഞ മൂന്നാമത്തെ വിഭാഗക്കാരെ പറ്റി അല്ലാഹു ഒന്നും പ്രസ്താവിച്ചിട്ടില്ല. ചില മഹാൻമാർ പ്രസ്താവിച്ചത് പോലെ, അല്ലാഹു അവരെയും രക്ഷപ്പെടുത്തിയിരിക്കുന്നുവെന്നാണ് കരുതപ്പെടുന്നത്.

---

**വചനം 167, 168**

وَإِذْ تَأَذَّنَ رَبُّكَ لَيَبْعَثَنَّ عَلَيْهِمْ إِلَىٰ يَوْمِ ٱلْقِيَـٰمَةِ مَن يَسُومُهُمْ سُوٓءَ ٱلْعَذَابِ ۗ إِنَّ رَبَّكَ لَسَرِيعُ ٱلْعِقَابِ ۖ وَإِنَّهُۥ لَغَفُورٌ رَّحِيمٌ ﴿١٦٧﴾

167 (നബിയേ,) നിന്റെ രക്ഷിതാവ് പ്രഖ്യാപനം ചെയ്ത (അഥവാ അറിയിപ്പു നൽകിയ) സന്ദർഭവും (ഓർക്കുക): അവരുടെ (യഹൂദികളുടെ) മേൽ ഖിയാമത്തുനാൾവരെ അവർക്ക് കടുത്തശിക്ഷ (മർദ്ദനം) അനുഭവിപ്പിക്കുന്നവരെ താൻ നിയോഗിക്കുക തന്നെ ചെയ്യുമെന്ന്. നിശ്ചയമായും നിന്റെ റബ്ബ്, വേഗം ശിക്ഷാനടപടി എടുക്കുന്നവൻ തന്നെ; നിശ്ചയമായും അവൻ, വളരെ പൊറുക്കുന്നവനും, കരുണാനിധിയും തന്നെ.

وَقَطَّعْنَـٰهُمْ فِى ٱلْأَرْضِ أُمَمًا ۖ مِّنْهُمُ ٱلصَّـٰلِحُونَ وَمِنْهُمْ دُونَ ذَٰلِكَ ۖ وَبَلَوْنَـٰهُم بِٱلْحَسَنَـٰتِ وَٱلسَّيِّـَٔاتِ لَعَلَّهُمْ يَرْجِعُونَ ﴿١٦٨﴾

168 അവരെ ഭൂമിയിൽ നാം പല സമൂഹങ്ങളായി കഷ്ണിക്കുകയും ചെയ്തിരിക്കുന്നു. അവരിൽ സദ്വൃത്തൻമാരുണ്ട്; അവരിൽ അതല്ലാത്ത (അഥവാ അതിനു താഴെയുള്ള)വരും ഉണ്ട്. നൻമകൾകൊണ്ടും, തിൻമകൾകൊണ്ടും അവരെ നാം പരീക്ഷിക്കുകയും ചെയ്തിരിക്കുന്നു; അവർ മടങ്ങുവാൻവേണ്ടി.

- - - - - - - - - - - - - - - - - - - -

അനുസരക്കേടിനും ധിക്കാരശീലത്തിനും കുപ്രസിദ്ധരായ ഇസ്രാഈല്യർ വളരെ കാലമായി അല്ലാഹുവിന്റെ ശാപകോപങ്ങളുടെ പാരമ്പര്യം പുലർത്തിപ്പോരുന്ന ഒരു സമുദായമത്രേ. ഈ ശാപഫലം പരലോകത്ത് വെച്ച് മാത്രമല്ല ഇഹലോകത്ത് വെച്ചും അവർ അനുഭവിക്കുമെന്ന് ഒന്നിലധികം സ്ഥലത്ത് അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യം മുമ്പ് തന്നെ അല്ലാഹു അവർക്ക് അറിയിച്ചു നൽകിക്കഴിഞ്ഞിട്ടുള്ളതാണെന്നാണ്, “അറിയിപ്പ് നൽകിയ സന്ദർഭം ഓർക്കുക” എന്ന വാചകം വ്യക്തമാക്കുന്നത്. ഈയധികം അന്യാധീനപ്പെട്ടും, മർദ്ദനവും അപമാനവും സഹിച്ചും കഴിഞ്ഞ്കൂടേണ്ട ഒരു ഗതികേട് മറ്റ് സമുദായങ്ങളുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല, ആദ്യകാലങ്ങളിൽ വിഗ്രഹാരാധകരുടെയും, പിന്നീട് കൃസ്ത്യാനികളുടെയും, അനന്തരം മുസ്ലിംകളുടെയും, കീഴിൽ അവർ നിന്ദ്യരായി കഴിയേണ്ടിവന്നു. അവരുടെ ധിക്കാരവും കുതന്ത്രങ്ങളും കാരണം, ഓരോ സ്ഥലങ്ങളിൽ നിന്നും കുടിയൊഴിഞ്ഞു പോകുവാൻ അവർ നിർബന്ധിതരായി. ചില യൂറോപ്യൻ രാജ്യങ്ങളിൽ വെച്ച് കൂട്ടക്കൊലക്കും ബഹിഷ്കരണത്തിനും വിധേയരായി. “ഭൂമിയിൽ നാം അവരെ പല സമൂഹങ്ങളായി കഷ്ണിച്ചു” എന്ന് അല്ലാഹു പറഞ്ഞത്പോലെ, അവർ ലോകത്തിന്റെ നാനാഭാഗങ്ങളിലായി ചിന്നിച്ചിതറി. അവസാനം, ആയിരക്കണക്കിന് കൊല്ലങ്ങളുടെ ദുരിതങ്ങൾക്ക് ശേഷം 1948-ൽ ലോകത്തിലെ വൻ ശക്തികളുടെ താങ്ങിലും തണലിലും, ഫലസ്തീന്റെ ഏതാനും ഭാഗം കൈയ്യേറിക്കൊണ്ടു, ഒരു ജൂത രാഷ്ട്രം സ്ഥാപിക്കപ്പെട്ടു വെന്നത് ശരിതന്നെ. എന്നാൽ ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടും, അനുനിമിഷം ശത്രുക്കളുടെ ആക്രമണം ഭയപ്പെട്ടും കൊണ്ടാണവരുടെ നിലനില്പ് തന്നെ. ലോക വൻകോയ്മകളുടെ പിൻ ബലം എന്ന് ഇല്ലാതാകുന്നുവോ, അതോടെ, ആ ജൂത രാഷ്ട്രത്തിന്റെ ആ നില നില്പ് പോലും ഇല്ലാതായിത്തീരുകയും ചെയ്യും.

ഇത്രയധികം ആക്ഷേപിക്കപ്പെട്ട യഹൂദരിൽ തന്നെ “നല്ല സദ്വൃത്തരുണ്ട്, അവരിൽ അതല്ലാത്ത (അതിന് താഴെയുള്ള)വരും ഉണ്ട്” എന്ന അല്ലാഹുവിന്റെ വചനം ഖുർആനിന്റെ നിഷ്പക്ഷതയും സത്യസന്ധതയെയും കാണിക്കുന്നു. അതത് കാലത്തെ പ്രവാചകൻമാരെ പിൻതുടരുകയും, സബത്ത് നാളിൽ മത്സ്യം പിടിച്ചിരുന്നവരെ

ഗുണദോഷിച്ചിരുന്നവരും നബി(സ) തിരുമേനിയിലും അവിടുത്തെ പ്രബോധനങ്ങളിലും വിശ്വസിക്കുവാൻ മുമ്പോട്ട് വന്നവരുമെല്ലാം, ഈ നല്ലവരിൽ ഉൾപ്പെടുന്നു.

**വചനം 169, 170**

فَخَلَفَ مِنۢ بَعۡدِهِمۡ خَلۡفٞ وَرِثُواْ ٱلۡكِتَٰبَ
يَأۡخُذُونَ عَرَضَ هَٰذَا ٱلۡأَدۡنَىٰ وَيَقُولُونَ
سَيُغۡفَرُ لَنَا وَإِن يَأۡتِهِمۡ عَرَضٞ مِّثۡلُهُۥ
يَأۡخُذُوهُۚ أَلَمۡ يُؤۡخَذۡ عَلَيۡهِم مِّيثَٰقُ ٱلۡكِتَٰبِ
أَن لَّا يَقُولُواْ عَلَى ٱللَّهِ إِلَّا ٱلۡحَقَّ وَدَرَسُواْ
مَا فِيهِۗ وَٱلدَّارُ ٱلۡأٓخِرَةُ خَيۡرٞ لِّلَّذِينَ
يَتَّقُونَۚ أَفَلَا تَعۡقِلُونَ ١٦٩

وَٱلَّذِينَ يُمَسِّكُونَ بِٱلۡكِتَٰبِ وَأَقَامُواْ
ٱلصَّلَوٰةَ إِنَّا لَا نُضِيعُ أَجۡرَ ٱلۡمُصۡلِحِينَ ١٧٠ ۞

169 അനന്തരം, വേദഗ്രന്ഥത്തെ പാരമ്പര്യമെടുത്തിട്ടുള്ള ഒരു (തരം) പിൻഗാമികൾ അവർക്കുശേഷം (രംഗത്തു)വന്നു. അവർ ഈ അധമമായ (ലോക) വിഭവത്തെ സ്വീകരിച്ചുവരുന്നു; 'ഞങ്ങൾക്കു വഴിയെ പൊറുക്കപ്പെടും' എന്ന് അവർ പറയുകയും ചെയ്യുന്നു. അവർക്ക് അതു പോലെയുള്ള (വേറെ) വല്ല വിഭവവും വന്നുകിട്ടിയാൽ അവർ അതും സ്വീകരിക്കുന്നതാണ്. അവരോട് (വേദ) ഗ്രന്ഥത്തിൻെറ (വേദഗ്രന്ഥം മുഖേന) ഉറപ്പു മേടിക്കപ്പെട്ടിട്ടില്ലേ? അവർ അല്ലാഹുവിൻെറ പേരിൽ യഥാർത്ഥമല്ലാതെ പറയുകയില്ലെന്ന്! അതിലുള്ളത് അവർ പഠിക്കുകയും (ചെയ്തിട്ടില്ലേ)?! പരലോക ഭവനമാകട്ടെ, സൂക്ഷ്മത പാലിക്കുന്നവർക്ക് ഉത്തമവുമാകുന്നു. അ പ്പോൾ, നിങ്ങൾ ബുദ്ധി കൊടു(ത്ത് ആലോചി)ക്കുന്നില്ലേ?!

170 (വേദ) ഗ്രന്ഥത്തെ (കൈവിടാതെ) പിടിച്ചു നിൽക്കുകയും നമസ്കാരം നിലനിറുത്തുകയും ചെയ്യുന്നവരാകട്ടെ, നിശ്ചയമായും, (ആ) നല്ലത് പ്രവർത്തിക്കുന്നവരുടെ പ്രതിഫലം നാം പാഴാക്കിക്കളയുകയില്ല.

---

ഈ നല്ലവരിൽ നിന്നും രംഗത്ത് വന്ന ഒരു പിൻ തലമുറ തൗറാത്തിന്റെ അനുയായികളായിത്തന്നെ അഭിമാനം കൊള്ളുന്നു. പക്ഷേ അതിന്റെ അദ്ധ്യാപനങ്ങളും ശിക്ഷണങ്ങളും, കൈവെടിയുകയും ഐഹികമായ കാര്യലാഭങ്ങൾക്ക് പ്രാധാന്യം നൽകുകയും ചെയ്തിരിക്കുന്നു. എന്ത് തോന്നിയവാസം പ്രവർത്തിച്ചാലും അല്ലാഹു പൊറുത്ത് തരുമെന്നാണ് അവരുടെ ജല്പനം. - മോക്ഷം തങ്ങളുടെ കുത്തകയാണെന്നും, ഒരോ ക്ഷണികമായ ഭൗതിക കാര്യലാഭത്തിന് വേണ്ടിയും, അവർ ആവർത്തിച്ച് കൊണ്ടിരിക്കുന്നു. എന്നാൽ ക്ഷണികമായ ഇത്തരം കാര്യലാഭങ്ങളേക്കാൾ എത്രയോ ഉത്തമം, പരലോകത്തെ അനശ്വരങ്ങളായ നേട്ടങ്ങളാകുന്നു.

വേദഗ്രന്ഥത്തെ കൈവിടാതെ, പിടിച്ച് നില്ക്കുകയും നമസ്കാരം നിലനിർത്തുകയും ചെയ്യുന്നവർക്ക് തക്കതായ പ്രതിഫലം നൽകുമെന്ന് അല്ലാഹു തുടർന്ന് പറയുന്നു.

**വചനം 171**

وَإِذۡ نَتَقۡنَا ٱلۡجَبَلَ فَوۡقَهُمۡ كَأَنَّهُۥ ظُلَّةٞ وَظَنُّوٓاْ
أَنَّهُۥ وَاقِعُۢ بِهِمۡ خُذُواْ مَآ ءَاتَيۡنَٰكُم بِقُوَّةٖ
وَٱذۡكُرُواْ مَا فِيهِ لَعَلَّكُمۡ تَتَّقُونَ ١٧١

171 അവരുടെ മീതെ നാം ഒരു തണൽ (അഥവാ കുട) എന്ന പോലെ മലയെ പുഴക്കി (ഉയർത്തി) യ സന്ദർഭവും (ഓർക്കുക); അത് അവരിൽ വീണുപോകുന്നതാണെന്ന് അവർ ധരിക്കുകയും ചെയ്തു. 'നിങ്ങൾക്കു നാം നൽകിയത് നിങ്ങൾ ബലത്തോടെ എടുത്തു (സ്വീകരിച്ചു) കൊള്ളുവിൻ; അതിലുള്ളത് നിങ്ങൾ ഓർമ്മിക്കുകയും ചെയ്യുവിൻ; നിങ്ങൾ സൂക്ഷ്മത പാലിച്ചേക്കാം' (എന്നു നാം പറയുകയും ചെയ്തു).

തൗറാത്തിന്റെ അനുയായികളെന്ന് വാദിക്കുന്ന യഹൂദികൾ, അവരുടെ ആദ്യകാല പൂർവ്വികൻമാർ മുതൽ തന്നെ സ്വാർത്ഥലാഭത്തിന് വേണ്ടി തൗറാത്തിനെ ധിക്കരിക്കുകയെന്നത് പതിവാക്കിയവരാകുന്നു. ഈ തോന്നിയവാസം കാരണം അവരുടെ മീതെ പർവ്വതം പുഴക്കി ഉയർത്തി ഭയപ്പെടുത്തിക്കൊണ്ട് തൗറാത്തിനെ മുറുകെ പിടിക്കുവാൻ കല്പിക്കുകയുണ്ടായിട്ടുണ്ടെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. (ഈ സംഭവം സൂ. അൽ ബഖറ 63ലും 93ലും സൂ. അന്നിസാഅ് 154ലും വിശദീകരിച്ചിട്ടുണ്ട്.)

## വിഭാഗം 22

**വചനം 172, 173, 174**

172 ആദമിൻെറ മക്കളിൽനിന്ന്-അവരുടെ മുതുകുകളിൽ നിന്ന്-നിൻെറ റബ്ബ് അവ(രവ)രുടെ സന്തതികളെ (പുറത്ത്) എടുക്കുകയും, അവരെ അവരുടെ സ്വന്തം പേരിൽ (തന്നെ) സാക്ഷ്യപ്പെടുത്തുകയും ചെയ്ത സന്ദർഭം (ഓർക്കുക); 'ഞാൻ നിങ്ങളുടെ റബ്ബ് അല്ലയോ?' (എന്ന് പറഞ്ഞും കൊണ്ട്) അവർ പറഞ്ഞു: 'അല്ലാതേ! (അങ്ങിനെത്തന്നെ) ഞങ്ങൾ (ഇതാ) സാക്ഷ്യം വഹിച്ചിരിക്കുന്നു.' 'നിശ്ചയമായും ഞങ്ങൾ ഇതിനെപ്പറ്റി അശ്രദ്ധരായിരുന്നു'വെന്ന് ഖിയാമത്തുനാളിൽ നിങ്ങൾ പറഞ്ഞേക്കുന്നതിനാലത്രെ (ഇങ്ങിനെ ചെയ്തത്).

وَإِذْ أَخَذَ رَبُّكَ مِنۢ بَنِىٓ ءَادَمَ مِن ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْهَدَهُمْ عَلَىٰٓ أَنفُسِهِمْ أَلَسْتُ بِرَبِّكُمْ ۖ قَالُوا۟ بَلَىٰ ۛ شَهِدْنَآ ۛ أَن تَقُولُوا۟ يَوْمَ ٱلْقِيَـٰمَةِ إِنَّا كُنَّا عَنْ هَـٰذَا غَـٰفِلِينَ ﴿١٧٢﴾

173 അല്ലെങ്കിൽ 'മുമ്പ് ഞങ്ങളുടെ പിതാക്കൾ 'ശിർക്കു' ചെയ്തു (അല്ലാഹുവിനു പങ്കുകാരെയുണ്ടാക്കി) ; ഞങ്ങൾ അവരുടെ ശേഷം (അവരുടെ) സന്തതികളായിരിക്കയും ചെയ്തുവെന്നേയുള്ളു' എന്നു നിങ്ങൾ പറഞ്ഞേക്കുന്നതിനാൽ. എന്നിരിക്കെ, (ആ) വ്യർത്ഥകാരികൾ ചെയ്തതിനു ഞങ്ങളെ നീ (ശിക്ഷിച്ച്) നശിപ്പിക്കുകയാണോ?!' (എന്നും നിങ്ങൾ പറഞ്ഞേക്കുന്നതിനാൽ)

أَوْ تَقُولُوٓا۟ إِنَّمَآ أَشْرَكَ ءَابَآؤُنَا مِن قَبْلُ وَكُنَّا ذُرِّيَّةً مِّنۢ بَعْدِهِمْ ۖ أَفَتُهْلِكُنَا بِمَا فَعَلَ ٱلْمُبْطِلُونَ ﴿١٧٣﴾

174 അപ്രകാരം നാം 'ആയത്തു' (ലക്ഷ്യം) കളെ വിശദീകരിച്ചു തരുന്നു; അവർ മടങ്ങുകയും ചെയ്തേക്കാമല്ലോ.

وَكَذَٰلِكَ نُفَصِّلُ ٱلْـَٔايَـٰتِ وَلَعَلَّهُمْ يَرْجِعُونَ ﴿١٧٤﴾

---

ആദമിന്റെ മക്കളുടെ - മനുഷ്യരുടെ - മുതുകുകളിൽ നിന്ന് അവരുടെ സന്തതികളെ പുറത്ത് കൊണ്ട് വരുകയും, "ഞാൻ നിങ്ങളുടെ റബ്ബ് അല്ലയോ" എന്ന് അല്ലാഹു അവരോട് ചോദിക്കുകയും "അതെ" എന്ന് അവർ അതിന് മറുപടി പറഞ്ഞ് സാക്ഷ്യം വഹിക്കുകയും ചെയ്തുവെന്ന് 172-ാം വചനത്തിൽ അല്ലാഹു അറിയിക്കുന്നു.

ഈ പറഞ്ഞതിന്റെ താല്പര്യത്തെ പറ്റി വ്യത്യസ്തമായ അഭിപ്രായങ്ങൾ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ ഉണ്ടെങ്കിലും അവയിൽ ഏറ്റവും സ്വീകാര്യമായിട്ടുള്ളത് താഴെ കാണുന്ന അഭിപ്രായമാകുന്നു:

അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ചുള്ള ബോധം മനുഷ്യനിൽ പ്രകൃത്യാതന്നെ അല്ലാഹു നിക്ഷേപിച്ച് വെച്ചിട്ടുണ്ട്. നൈസർഗ്ഗികമായ ആ ശുദ്ധ പ്രകൃതിയോട് കൂടിയാണ് ഓരോരുത്തരും ജനിച്ച് പുറത്ത് വരുന്നത്. നൈസർഗ്ഗികമായ ഈ ബോധം നിമിത്തം തൗഹീദിന് വിരുദ്ധമായ നിലപാടുകളൊന്നും സ്വീകരിക്കാതിരിക്കാൻ ഓരോ മനുഷ്യനും ബാദ്ധ്യസ്ഥനാണ്. തുടർന്ന്, പരപ്രേരണ നിമിത്തമോ ചുറ്റുപാടുകളുടെ സ്വാധീനം കൊണ്ടോ അവൻ ശിർക്കിലേക്ക് വഴുതിപോകുന്ന പക്ഷം, അവൻ തന്നെയായിരിക്കും അതിന് ഉത്തരവാദി. [നബി(സ)

പറഞ്ഞതായി അബൂ ഹുറൈറ(റ) ഉദ്ധരിച്ച ഒരു ഹദീസിന്റെ സാരം ഇപ്രകാരമാകുന്നു. "എല്ലാ മനുഷ്യരും ജനിക്കുന്നത് ശുദ്ധ പ്രകൃതിയോടെയാകുന്നു. പിന്നീട് അവന്റെ മാതാപിതാക്കൾ, അവനെ യഹൂദിയും, കൃസ്ത്യാനിയും മജൂസിയും ആക്കുകയാണ് ചെയ്യുന്നത്" (ബു. മു)

മറ്റൊരു നബി വചനം ശ്രദ്ധിക്കുക "അല്ലാഹു പറയുന്നു: എന്റെ അടിയാൻമാരെ ഞാൻ ഋജുമാനസരായി സൃഷ്ടിച്ചിരിക്കുന്നു. എന്നിട്ട് പിശാചുക്കൾ വന്ന് അവരുടെ മതത്തിൽ നിന്നും അവരെ പിഴപ്പിച്ച് കൊണ്ട് പോകുകയും ഞാൻ അവർക്ക് അനുവദനീയമാക്കിയത് അവർക്ക് നിഷിദ്ധമാക്കുകയും ചെയ്യുന്നു." (മു)]

ഈ വ്യാഖ്യാനത്തെ പറ്റി ഇബ്നു കഥീർ(റ) പറയുന്നു: മനുഷ്യരെ തൗഹീദിന്റെ പ്രകൃതിയോടെ സൃഷ്ടിച്ചിരിക്കുന്നുവെന്നാണ് ഈ വചനത്തിലെ സാക്ഷ്യപ്പെടുത്തൽ കൊണ്ട് ഉദ്ദേശ്യം. ശിർക്ക് പ്രവർത്തിക്കുന്നവർക്ക് എതിരെയുള്ള ഒരു ന്യായമായിക്കൊണ്ടുമാണ് ഈ സാക്ഷ്യപ്പെടുത്തൽ നിലകൊള്ളുന്നത്.

അത്കൊണ്ടാണ് അതിനെ തുടർന്ന് അതേ വചനത്തിൽ "ഞങ്ങൾ ഇതിനെപറ്റി നിശ്ചയമായും അശ്രദ്ധരായിരുന്നുവെന്ന് ഖിയാമത്ത്നാളിൽ നിങ്ങൾ പറഞ്ഞേക്കുമെന്നത് കൊണ്ടാണ് - അഥവാ പറയാതിരിക്കുവാൻ വേണ്ടിയാണ് - ഇങ്ങനെ ചെയ്തത്" എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നതും. അല്ലെങ്കിൽ, "മുമ്പു ഞങ്ങളുടെ പിതാക്കൾ ശിർക്ക് ചെയ്തു. ഞങ്ങൾ അവരുടെ ശേഷം (അവരുടെ) സന്തതികളായിരിക്കുകയും ചെയ്തുവെന്നേയുള്ളു'' എന്നും 'ആ വ്യർത്ഥകാരികൾ ചെയ്തതിന് ഞങ്ങളെ നീ (ശിക്ഷിച്ച്) നശിപ്പിക്കുകയാണോ' എന്നും നിങ്ങൾ പറഞ്ഞേക്കുമെന്നതിനാലാണ് - വചനം: 173 - (അല്ലാഹു ഇങ്ങനെ ചെയ്തത്)

---

**വചനം 175, 176, 177**

وَٱتۡلُ عَلَيۡهِمۡ نَبَأَ ٱلَّذِيٓ ءَاتَيۡنَٰهُ ءَايَٰتِنَا فَٱنسَلَخَ مِنۡهَا فَأَتۡبَعَهُ ٱلشَّيۡطَٰنُ فَكَانَ مِنَ ٱلۡغَاوِينَ ﴿١٧٥﴾

175 (നബിയേ) നമ്മുടെ ദൃഷ്ടാന്തങ്ങളെ നാം നൽകുകയും, എന്നിട്ട് അവയിൽനിന്ന് ഊരി ഒഴിയുകയും ചെയ്ത ഒരുവൻെറ വൃത്താന്തം അവർക്ക് ഓതിക്കേൾപ്പിക്കുക; അങ്ങനെ, പിശാച് അവൻെറ പിന്നാലെ കൂടി; എന്നിട്ട് അവൻ ദുർമ്മാർഗ്ഗികളിൽ പെട്ടവനായിത്തീർന്നു.

وَلَوۡ شِئۡنَا لَرَفَعۡنَٰهُ بِهَا وَلَٰكِنَّهُۥٓ أَخۡلَدَ إِلَى ٱلۡأَرۡضِ وَٱتَّبَعَ هَوَىٰهُۚ فَمَثَلُهُۥ كَمَثَلِ ٱلۡكَلۡبِ إِن تَحۡمِلۡ عَلَيۡهِ يَلۡهَثۡ أَوۡ تَتۡرُكۡهُ يَلۡهَثۚ ذَّٰلِكَ مَثَلُ ٱلۡقَوۡمِ ٱلَّذِينَ كَذَّبُواْ بِـَٔايَٰتِنَاۚ فَٱقۡصُصِ ٱلۡقَصَصَ لَعَلَّهُمۡ يَتَفَكَّرُونَ ﴿١٧٦﴾

176 നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അവനെ അവ (ആ ദൃഷ്ടാന്തങ്ങൾ) മൂലം നാം ഉയർത്തുകതന്നെ ചെയ്യുമായിരുന്നു. എങ്കിലും അവൻ ഭൂമിയിലേക്ക് ശാശ്വതത്വം നടിച്ചു (അതിലേക്ക് ചാഞ്ഞു); തൻെറ ഇച്ഛയെ അവൻ പിൻപറ്റുകയും ചെയ്തു. അപ്പോൾ, അവൻെറ ഉപമ നായയുടെ മാതിരിയാകുന്നു. (അതായത്) നീ അതിനോട് എതിർത്താൽ അത് (കിതച്ചു കൊണ്ടു വാ പിളർന്നു) നാവ് തൂക്കിയിടും; അല്ലെങ്കിൽ നീ അതിനെ (എതിർക്കാതെ) വിട്ടു കളഞ്ഞാലും അത് (കിതച്ചു കൊണ്ടു വാ പിളർന്നു) നാവ് തൂക്കിയിടും. അത് നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയ ജനങ്ങളുടെ ഉപമയാകുന്നു. അതിനാൽ, (ഈ) കഥ അവർക്കു നീ വിവരിച്ചുകൊടുക്കുക. അവർ ചിന്തിക്കുവാൻവേണ്ടി,

سَآءَ مَثَلًا ٱلۡقَوۡمُ ٱلَّذِينَ كَذَّبُواْ بِـَٔايَٰتِنَا وَأَنفُسَهُمۡ كَانُواْ يَظۡلِمُونَ ﴿١٧٧﴾

177 ഉപമയിൽ വളരെ ചീത്തയത്രെ, നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കുകയും, തങ്ങളുടെ സ്വന്തങ്ങളോടു തന്നെ അക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്ത ജനത (യുടെ ഉപമ)!

നേർമാർഗ്ഗവും സത്യവും മനസ്സിലാക്കുവാനുള്ള പാണ്ഡിത്യം ലഭിച്ചിട്ട് പിന്നെയും, ഐഹികമായ കാര്യലാഭങ്ങൾക്ക് വേണ്ടി പിശാചിന്റെ ദുരുപദേശങ്ങൾക്ക് വഴങ്ങി, ദുർമ്മാർഗ്ഗിയായി അധഃപതിച്ച ഒരു പണ്ഡിതന്റെ ഉപമയാണ് ഈ വചനങ്ങളിൽ വിവരിക്കുന്നത്. ഇസ്രാഈല്യരിൽ പെട്ട ബൽആം ബ്നു ബാഊറാ ആണ് ആ വ്യക്തിയെന്നും, അറബികളിൽപെട്ട ഉമയ്യത്തുബ്നു അബി സ്വൽത്ത് ആണെന്നും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ആരായിരുന്നാലും അല്ലാഹു വിവരിച്ച ദുർഗുണങ്ങളോട്കൂടിയ എല്ലാ പണ്ഡിതരേയും ബാധിക്കുന്ന ഉപമയാണിതെന്നതിൽ സംശയമില്ല.

ബൽ ആം എന്ന പണ്ഡിതൻ പ്രാർത്ഥനക്ക് വേഗം ഉത്തരം കിട്ടാറുള്ള ഒരു സച്ചരിതനായിരുന്നു. പിന്നീട് ശത്രുക്കളിൽ നിന്ന് കൈകൂലി വാങ്ങി അയാൾ മൂസാ(അ) നബിക്കെതിരിൽ പ്രാർത്ഥിച്ചു. പക്ഷേ പ്രാർത്ഥിച്ചപ്പോൾ നാവിൽ വന്നത് മറിച്ചായിരുന്നു. തുടർന്ന് അവൻ ജനങ്ങളെ ദുർമാർഗ്ഗത്തിലേക്ക് പ്രേരിപ്പിക്കുകയും അവൻ ഇഹവും പരവും നഷ്ടപ്പെട്ടവരിൽപെടുകയും ചെയ്തു.

നബിയുടെ കാലത്ത് ജീവിച്ചിരുന്ന ഉമയ്യത്ത് എന്ന അറബി പണ്ഡതനാകട്ടെ അടുത്ത കാലത്ത് ഒരു പ്രവാചകൻ വരാനുണ്ടെന്ന് പറഞ്ഞിരുന്നു. എന്നാൽ അത് താൻ തന്നെയായിരിക്കുമെന്നായിരുന്നു അയാളുടെ പ്രതീക്ഷ. പക്ഷെ സംഭവിച്ചത് മറ്റൊന്നായപ്പോൾ ഉമയ്യത്ത് മുശ്രിക്കുകളുടെ പക്ഷത്തു ചേരുകയും അവർക്ക് പിൻ ബലം നൽകുകയും ചെയ്തു കൊണ്ടിരുന്നു.

സത്യവും നേർവഴിയും ഇന്നതാണെന്നറിഞ്ഞിട്ടും, സ്വാർത്ഥ താല്പര്യത്തിന് വേണ്ടി കൃത്രിമ ഫത്വാകൾ കൊടുക്കുകയും മതവിധികൾ ദുർവ്യാഖ്യാനം ചെയ്യുകയും ചെയ്ത്കൊണ്ടിരിക്കുന്ന പണ്ഡിതൻമാരെ എക്കാലത്തും കാണാം. – ഇക്കാലത്ത് പ്രത്യേകിച്ചും. ഇത്തരക്കാരെ അല്ലാഹു നായയോടാണ് ഉപമിച്ചിരിക്കുന്നത്. വായ പിളർന്ന് നാവ് പുറത്തേക്ക് തൂക്കിയിട്ട്, കിതച്ചും കൊണ്ടായിരിക്കും നായ സാധാരണ നടക്കുക. ആരെങ്കിലും ഉപദ്രവിക്കുമ്പോഴും അല്ലാത്തപ്പോഴും, അത് അങ്ങനെ തന്നെ. അതിന്റെ തീറ്റയിലും വികാര ശമനത്തിലും മാത്രമേ അതിന് ശ്രദ്ധ ഉണ്ടായിരിക്കുകയുള്ളു. അതായത് ഇത്തരക്കാരുടെ ദുഷ് ചെയ്തികളെ പറ്റി ആരെങ്കിലും ഗുണദോഷിച്ചത് കൊണ്ടാന്നും അവരുടെ നിലയിൽ മാറ്റം വരുന്നതല്ല – അവരുടെ ലക്ഷ്യം ഭൗതിക നേട്ടം മാത്രമാകുന്നു. അതിന് വേണ്ടി അല്ലാഹുവിങ്കൽ ലഭിക്കുമായിരുന്ന ഉന്നത പദവികളെ അവർ നഷ്ടപ്പെടുത്തുന്നു. ഇത്തരക്കാരുടെ ദുഷ്ടചെയ്തികളുടെ നികൃഷ്ടത വിവരിക്കുവാൻ, നായയെ ഉപമയായി സ്വീകരിച്ചതിൽ നിന്നും അല്ലാഹുവിന് അത്തരക്കാരോടുള്ള അറപ്പും വെറുപ്പും എത്ര കടുത്തതാണെന്ന് ഗ്രഹിക്കാവുന്നതാണ്.

---

**വചനം 178**

مَن يَهْدِ ٱللَّهُ فَهُوَ ٱلْمُهْتَدِى ۖ وَمَن يُضْلِلْ فَأُو۟لَٰٓئِكَ هُمُ ٱلْخَٰسِرُونَ ﴿١٧٨﴾

178 ഏതൊരുവനെ അല്ലാഹു നേർമ്മാർഗ്ഗത്തിലാക്കുന്നുവോ അവനത്രെ നേർമ്മാർഗ്ഗം പ്രാപിക്കുന്നവൻ. ഏതൊരുവരെ അല്ലാഹു വഴിപിഴവിലാക്കുന്നുവോ അക്കൂട്ടരത്രെ നഷ്ടപ്പെട്ടവരും.

---

നേർമാർഗ്ഗം ഇന്നതാണെന്ന് അറിഞ്ഞത് കൊണ്ടോ, മറ്റൊരാൾ ഉപദേശിച്ചതു കൊണ്ടോ, ആരും നേർമാർഗ്ഗത്തിലായിക്കൊള്ളണമെന്നില്ല. അതിന് അല്ലാഹുവിങ്കൽ നിന്നുള്ള സഹായവും തൗഫീഖും അനിർവാര്യമാകുന്നു. (സൂ. ഖസ്വസ്: 56; സു. അൽ കഹ്ഫ്:17 എന്നീ ആയത്തുകളിൽ ഈ ആശയം നമുക്ക് കാണാവുന്നതാണ്.) അത് കൊണ്ടാണല്ലോ കഴിഞ്ഞ വചനത്തിൽ വിവരിക്കപ്പെട്ട ആളുകൾ അവർക്ക് വിവരം ഉണ്ടായിട്ടും, വഴി പിഴച്ച് പോകുന്നത്.

അല്ലാഹു നാമേവരെയും, നേർമാർഗ്ഗം നൽകി അനുഗ്രഹിക്കപ്പെടുന്ന സൗഭാഗ്യവാൻമാരിൽ ഉൾപ്പെടുത്തട്ടെ (ആമീൻ)

---

**വചനം 179**

وَلَقَدْ ذَرَأْنَا لِجَهَنَّمَ كَثِيرًا مِّنَ ٱلْجِنِّ وَٱلْإِنسِ ۖ لَهُمْ قُلُوبٌ لَّا يَفْقَهُونَ بِهَا وَلَهُمْ أَعْيُنٌ لَّا يُبْصِرُونَ بِهَا وَلَهُمْ ءَاذَانٌ لَّا

179 ജിന്നുകളിൽ നിന്നും, മനുഷ്യരിൽനിന്നും വളരെ ആളുകളെ 'ജഹന്നമി' (നരകത്തി) നുവേണ്ടി നാം സൃഷ്ടിച്ചുണ്ടാക്കിയിട്ടുണ്ട്: അവർക്കു ഹൃദയങ്ങളുണ്ട്, അവ കൊണ്ട് അവർ ഗ്രഹി(ച്ചു മനസ്സിലാ)ക്കുകയില്ല; അവർക്കു കണ്ണുക

يَسۡمَعُونَ بِهَآۚ أُوْلَٰٓئِكَ كَٱلۡأَنۡعَٰمِ بَلۡ هُمۡ
أَضَلُّۚ أُوْلَٰٓئِكَ هُمُ ٱلۡغَٰفِلُونَ ١٧٩

ളുമുണ്ട്, അവകൊണ്ട് അവർ കണ്ടറിയുകയില്ല. അവർക്കു കാതുകളുമുണ്ട്, അവകൊണ്ട് അവർ കേട്ടറിയുകയില്ല; അക്കൂട്ടർ കാലികളെപ്പോലെയാകുന്നു എന്നല്ല, (അവയെക്കാൾ) അധികം വഴി പിഴച്ചവരാകുന്നു. അക്കൂട്ടർ തന്നെയാണ് അശ്രദ്ധൻമാർ.

---

ചിന്തിച്ച് മനസ്സിലാക്കുവാനുള്ള ഹൃദയവും, കണ്ട് മനസ്സിലാക്കുവാനുള്ള കണ്ണും, കേട്ടു മനസ്സിലാക്കുവാനുള്ള കാതും ഒക്കെ ഉണ്ടായിരുന്നിട്ടും സത്യയാഥാർത്ഥ്യങ്ങൾ ഗ്രഹിക്കാതെയും, അതനുസരിച്ച് ചരിക്കാതെയും, ജീവിതം നയിക്കുന്നവർ നരകത്തിലേക്ക് വിറകായി സൃഷ്ടിക്കപ്പെട്ടവരാകുന്നു.അവർ, ഇത്തരം ഗ്രഹണേന്ദ്രിയങ്ങൾ നൽകപ്പെട്ടിട്ടുണ്ടെങ്കിലും, വിവേചിച്ചറിയാനുള്ള ബുദ്ധിശക്തി നൽകപ്പെട്ടിട്ടില്ലാത്ത, നാല്കാലികളേക്കാൾ മോശപ്പെട്ടവരാകുന്നു.

മനുഷ്യർക്ക് മാത്രമല്ല, ജിന്നുകൾക്കും, സത്യാസത്യങ്ങൾ വിവേചിച്ചറിയാനുള്ള മാർഗ്ഗങ്ങൾ അല്ലാഹു പ്രദാനം ചെയ്തിട്ടുണ്ട്. അത് കൊണ്ടാണ് “ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും വളരെ ആളുകളെ നരകത്തിന് വേണ്ടി നാം സൃഷ്ടിച്ചുണ്ടാക്കിയിട്ടുണ്ട്” എന്ന് അല്ലാഹു പറഞ്ഞത്. ഈ രണ്ട് വർഗ്ഗത്തിലും, നല്ലവരും ചീത്തയായവരും ഉണ്ടാകാവുന്നതാണ്. സത്യാസത്യങ്ങൾ വിവേചിച്ചറിയന്നവരും, അല്ലാത്തവരും. അത് കൊണ്ട് തന്നെയാണ് സ്വർഗ്ഗവും നരകവും സ്ഥാപിക്കപ്പെട്ടിരിക്കുന്നതും. സൂക്ഷ്മത പാലിക്കുന്നവർക്കും (3:131), അല്ലാഹുവിലും അവന്റെ റസൂലുകളിലും വിശ്വസിക്കുന്നവർക്കും (57:21) സ്വർഗ്ഗം ഒരുക്കപ്പെട്ടിരിക്കുന്നു; അവിശ്വാസികൾക്ക് വേണ്ടി നരകവും ഒരുക്കപ്പെട്ടിരിക്കുന്നു (2:24 ; 3:131)

---

**വചനം 180, 181**

وَلِلَّهِ ٱلۡأَسۡمَآءُ ٱلۡحُسۡنَىٰ فَٱدۡعُوهُ بِهَاۖ وَذَرُواْ
ٱلَّذِينَ يُلۡحِدُونَ فِيٓ أَسۡمَٰٓئِهِۦۚ
سَيُجۡزَوۡنَ مَا كَانُواْ يَعۡمَلُونَ ١٨٠

180 അല്ലാഹുവിന് ഏറ്റവും നല്ലതായ (അത്യുൽകൃഷ്ടമായ) നാമങ്ങളുണ്ട്; ആകയാൽ, അവ (ആ നാമങ്ങൾ) കൊണ്ടു നിങ്ങൾ അവനെ വിളി(ച്ചു പ്രാർത്ഥി)ച്ചു കൊള്ളുവിൻ; അവൻെറ നാമങ്ങളിൽ ക്രമക്കേട് കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുകയും ചെയ്യുവിൻ. അവർ പ്രവർത്തിച്ചു വരുന്നതിന് അവർക്കു വഴിയെ പ്രതിഫലം നൽകപ്പെടും.

وَمِمَّنۡ خَلَقۡنَآ أُمَّةٞ يَهۡدُونَ بِٱلۡحَقِّ وَبِهِۦ
يَعۡدِلُونَ ١٨١

181 നാം സൃഷ്ടിച്ചുള്ളവരിൽ ഒരു സമൂഹം (ആളുകൾ) ഉണ്ട്: അവർ യഥാർത്ഥം അനുസരിച്ചു (മറ്റുള്ളവർക്കു) മാർഗ്ഗദർശനം നൽകുന്നു; അതനുസരിച്ചു തന്നെ നീതി പ്രവർത്തിക്കുകയും ചെയ്യുന്നു.

---

അല്ലാഹുവിന്റെ അനേകം നാമങ്ങളിൽ ഓരോ നാമവും വളരെ ഉന്നതവും ഉൽകൃഷ്ഠവുമായ ആശയങ്ങളും അർത്ഥസാരങ്ങളും ഉൾക്കൊള്ളുന്ന വിശേഷണങ്ങളും ഉൾക്കൊള്ളുന്നവയുമാകുന്നു. അത്കൊണ്ടാണ് അവ الاسماء الحسنى (ഏറ്റവും നല്ലതായ അത്യുൽ കൃഷ്ടമായ നാമങ്ങൾ) എന്ന് പറയപ്പെടുന്നത്. ആ പരിശുദ്ധ നാമങ്ങൾ അല്ലാഹുവിൽ നിന്നോ, റസൂലിൽ നിന്നോ അറിയിക്കപ്പെട്ടതായിരിക്കണം. ഖുർആനിലോ, ഹദീസിലോ വന്നതല്ലാത്ത നാമങ്ങളെ അല്ലാഹുവിന്റെ നാമങ്ങളിൽ ഉപയോഗിച്ച് കൂടാ. അവന്റെ ആ പരിശുദ്ധ നാമങ്ങളിൽ തന്നെ അവനെ വിളിക്കുകയും പ്രാർത്ഥിക്കുകയും വേണ്ടതാകുന്നു. അവന്റെ പരമോന്നതിക്കും, പരിശുദ്ധതക്കും അനുയോജ്യമല്ലാത്ത പേരുകളിൽ അവനെ വിശേഷിപ്പിക്കുക, അവന്റെ നാമ വിശേഷങ്ങളായി അറിയപ്പെടുന്ന വാക്കുകൾ (റഹ്മാൻ, റഹീം, ശഹീൻശാഹ്) മനുഷ്യർക്ക് നൽകുക മുതലായതെല്ലാം അല്ലാഹുവിന്റെ നാമങ്ങളിൽ വക്രതയും ക്രമക്കേടുകളും കാണിക്കുന്നതിന് തുല്യമാകുന്നു അത്തരം ക്രമക്കേട് കാണിക്കുന്നവരെ അനുകരിക്കാതെ, അവഗണിക്കണമെന്നും, അല്ലാഹു കല്പിക്കുന്നു. അത്തരം ക്രമക്കേടുകളിൽ നിന്നാണ് ശിർക്കുപരമായ പല അന്ധവിശ്വാസങ്ങളും ഉൽഭവിച്ചതെന്ന് കാണാവുന്നതാണ്. അങ്ങനെ ചെയ്യുന്നവർക്ക് വഴിയെ, തക്കതായ ശിക്ഷ നൽകപ്പെടുന്നതാണെന്ന് അല്ലാഹു താക്കീത് നൽകുന്നു.

അല്ലാഹുവിന് തൊണ്ണൂറ്റൊമ്പത് നാമങ്ങൾ ഉണ്ടെന്നും അവ സൂക്ഷ്മമായി പഠിച്ചവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്നും നബി(സ) അരുളിയിരിക്കുന്നു. ആ പേരുകൾ മനഃപാഠമാക്കി ഉരുവിടുക എന്നല്ല ആ നാമങ്ങൾ ഉൾക്കൊള്ളുന്ന ആശയങ്ങളെക്കുറിച്ച് ബോധവാനായിരിക്കുക എന്നതാണാ വചനത്തിന്റെ താൽപര്യം.

അല്ലാഹുവിന്റെ സൃഷ്ടികളിൽ ഒരു വിഭാഗം ആളുകൾ സത്യവും യാഥാർത്ഥ്യവും മനസ്സിലാക്കി, അതനുസരിച്ച് ജീവിക്കുകയും മറ്റുള്ളവരെ അതിലേക്ക് ക്ഷണിക്കുകയും ചെയ്ത് കൊണ്ടിരിക്കും. അക്കൂട്ടർ അതനുസരിച്ച് നീതി പ്രവർത്തിക്കുന്നവരായിരിക്കും. എന്നൊക്കെയാണ് രണ്ടാമത്തെ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്.

**വിഭാഗം 23**

**വചനം 182 ; 183**

وَٱلَّذِينَ كَذَّبُوا۟ بِـَٔايَـٰتِنَا سَنَسْتَدْرِجُهُم مِّنْ حَيْثُ لَا يَعْلَمُونَ ﴿١٨٢﴾

وَأُمْلِى لَهُمْ ۚ إِنَّ كَيْدِى مَتِينٌ ﴿١٨٣﴾

182 നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയവരാകട്ടെ, അവർ അറിയാത്ത വിധത്തിലൂടെ അവരെ നാം പടിപടിയായി കൊണ്ടുവന്നു (ശിക്ഷിച്ചു) കൊള്ളാം.

183 അവർക്കു നാം താമസം ചെയ്തു കൊടുക്കുകയും ചെയ്യും. നിശ്ചയമായും, എൻെറ തന്ത്രം ശക്തിമത്തായതാകുന്നു.

സൂ. അൻആം 44-ാം വചനത്തിലെ ആശയം തന്നെയാണ് ഈ വചനങ്ങളിലും ഉള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവരുടെ മേൽ ഉടനടി നടപടിയെടുക്കാതെ. സുഖസൗകര്യങ്ങൾ നൽകികൊണ്ട് ആദ്യം അല്ലാഹു അവരെ അയച്ച് വിടും. പിന്നീട് ഓർക്കാപ്പുറത്ത് അവരെ പിടിച്ച് ശിക്ഷിക്കുകയും ചെയ്യും. അല്ലാഹുവിന്റെ തന്ത്രം ഒരു കാലത്തും പരാജയപ്പെടാത്ത വിധം ശക്തിമത്താകുന്നു.

**വചനം 184**

أَوَلَمْ يَتَفَكَّرُوا۟ ۗ مَا بِصَاحِبِهِم مِّن جِنَّةٍ ۚ إِنْ هُوَ إِلَّا نَذِيرٌ مُّبِينٌ ﴿١٨٤﴾

184 അവർ ചിന്തിച്ചു നോക്കുന്നില്ലേ?! അവരുടെ ചങ്ങാതിക്ക് (നബിക്ക്) ഒരു ഭ്രാന്തുമില്ല; അദ്ദേഹം പ്രത്യക്ഷമായ ഒരു താക്കീതുകാരനല്ലാതെ (മറ്റൊന്നും) അല്ല.

അല്ലാഹുവിന്റെ ദൂതൻമാരെ പറ്റി സത്യനിഷേധികൾ പലതും പറഞ്ഞുണ്ടാക്കുക പണ്ട് മുതലെയുള്ള പതിവത്രേ. നൂഹ്(അ) നെയും(23:25) മൂസാ(അ)നെയും(26:27) അവരുടെ ജനത, ഭ്രാന്ത് പിടിച്ചവരാണെന്ന് പറഞ്ഞു. സ്വഫാ കുന്നിൽ വെച്ച് നബി(സ) തിരുമേനി ഓരോ തറവാട്ടുകാരെയും വിളിച്ച് അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് താക്കീത് നല്കുകയുണ്ടായപ്പോൾ, അവരിൽ ഒരാൾ പറഞ്ഞു. "നിങ്ങളുടെ ചങ്ങാതി ഒരു ഭ്രാന്തൻ തന്നെയാണ്" ഇതാണ് ഈ വചനത്തിന്റെ അവതരണ സന്ദർഭമെന്ന് ഖത്താദ:(റ) പ്രസ്താവിച്ചിരിക്കുന്നു.

ജനനം മുതൽ നബി(സ) യുമായി ഇടപഴകി പരിചയിച്ച ആ ജനതക്കറിയാം അദ്ദേഹത്തിന് ഭ്രാന്തോ ബുദ്ധിഭ്രമമോ ഇല്ലെന്ന്. അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് താക്കീത് ചെയ്യാൻ തുടങ്ങിയപ്പോൾ മാത്രം അദ്ദേഹം എങ്ങനെ ഒരു ഭ്രാന്തനായിത്തീരുന്നു? ഇതവർ ചിന്തിക്കുന്നില്ലേ - എന്നാണ് അല്ലാഹു ചോദിക്കുന്നത്.

**വചനം 185**

أَوَلَمْ يَنظُرُوا۟ فِى مَلَكُوتِ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَمَا خَلَقَ ٱللَّهُ مِن شَىْءٍ وَأَنْ عَسَىٰٓ أَن يَكُونَ قَدِ ٱقْتَرَبَ أَجَلُهُمْ ۖ فَبِأَىِّ حَدِيثٍۭ بَعْدَهُۥ يُؤْمِنُونَ ﴿١٨٥﴾

185 ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധിപത്യത്തിലും അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഏതൊരു വസ്തുവിലും, അവരുടെ അവധി അടുത്തു കൂടിയിട്ടുണ്ടായിരിക്കാമെന്നുള്ളതിലും അവർ (മനസ്സിരുത്തി) നോക്കുന്നില്ലേ?! ഇനി, ഇതിനുശേഷം (വേറെ) ഏതൊരു വിഷയത്തിലാണ് അവർ വിശ്വസിക്കു (വാൻ പോകു)ന്നത്?!

ആകാശഭൂമികളുടെ കൈകാര്യ നിയന്ത്രണങ്ങളെപ്പറ്റിയും, അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഏതൊരു വസ്തുവിനെ പറ്റിയും ചിന്തിക്കുന്ന ഏവർക്കും അല്ലാഹു ഏകനാണെന്നും, അവനല്ലാതെ റബ്ബും ഇലാഹും ഇല്ലെന്നും, മനസ്സിലാക്കുവാൻ കഴിയും, ഇനി അവർ അധികകാലമൊന്നും ജീവിക്കുകയില്ല എന്നും - ഒരു പക്ഷേ, വളരെ അടുത്ത് തന്നെ മരണപ്പെട്ടേക്കാം എന്നും - അവർക്കറിയാവുന്നതാണല്ലോ. തികച്ചും വ്യക്തമായ സത്യയാഥാർത്ഥ്യങ്ങൾ ഈ ഖുർആൻ മുഖേന മുഹമ്മദ് (സ) പ്രബോധനം ചെയ്തിട്ടും, അതിൽ വിശ്വസിക്കാതെ, ഇനി ഏതാണ് ഇവർക്കു വിശ്വസിക്കാൻ പറ്റിയതായിട്ടുള്ളത് - എന്നൊക്കെയാണ് അല്ലാഹു പറഞ്ഞതിന്റെ താല്പര്യം.

**വചനം 186**

مَن يُضْلِلِ ٱللَّهُ فَلَا هَادِىَ لَهُۥ ۚ وَيَذَرُهُمْ فِى طُغْيَـٰنِهِمْ يَعْمَهُونَ ﴿١٨٦﴾

186 ഏതൊരുവനെ അല്ലാഹു വഴിപിഴവിലാക്കുന്നുവോ അവനു (പിന്നെ) നേർമ്മാർഗ്ഗം നൽകുന്നവനില്ല. അ(ങ്ങിനെയുള്ള) വരെ അവരുടെ അതിക്രമത്തിൽ(അന്തംവിട്ട്) അലയുന്നവരായി അവൻ വിട്ടുകളയുന്നതുമാണ്.

ശാഠ്യത്തിലും മർക്കട മുഷ്ടിയിലും ഉറച്ച് നിൽക്കുന്നവരെ അല്ലാഹു സൻമാർഗ്ഗത്തിലാക്കുകയില്ല. അവൻ സൻമാർഗ്ഗത്തിലാക്കാത്തവരെ, നേർവഴിയിലാക്കാൻ ആർക്കും സാധ്യവുമല്ല. വഴിതെറ്റി മരുഭൂമിയിൽ അലഞ്ഞ് നടക്കുവാൻ തല്ക്കാലം അല്ലാഹു അവരെ വിട്ടേക്കും. അവസാനം അവരെ തക്കതായി ശിക്ഷിക്കുന്നതുമാണ്.

**വചനം 187**

يَسْـَٔلُونَكَ عَنِ ٱلسَّاعَةِ أَيَّانَ مُرْسَىٰهَا ۖ قُلْ إِنَّمَا عِلْمُهَا عِندَ رَبِّى ۖ لَا يُجَلِّيهَا لِوَقْتِهَآ إِلَّا هُوَ ۚ ثَقُلَتْ فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ لَا تَأْتِيكُمْ إِلَّا بَغْتَةً ۗ يَسْـَٔلُونَكَ كَأَنَّكَ حَفِىٌّ عَنْهَا ۖ قُلْ إِنَّمَا عِلْمُهَا عِندَ ٱللَّهِ وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿١٨٧﴾

187 (നബിയേ,) അന്ത്യസമയത്തെപ്പറ്റി അവർ നിന്നോടു ചോദിക്കുന്നു: അതിൻെറ സ്ഥാപനം (അതു സംഭവിക്കൽ) ഏതു സമയത്താണെന്ന്. പറയുക: 'നിശ്ചയമായും അതിൻെറ അറിവ് എൻെറ റബ്ബിൻെറ പക്കൽ മാത്രമാണ്. അതിൻെറ സമയത്ത് അവനല്ലാതെ (ആരും) അതിനെ വെളിപ്പെടുത്തുകയില്ല. ആകാശങ്ങളിലും, ഭൂമിയിലും അത് (വളരെ) ഭാരിച്ചതായിരിക്കുന്നതാണ്. പെട്ടന്നല്ലാതെ അത് നിങ്ങൾക്കു വരുകയില്ല.' (നബിയേ) നീ അതിനെക്കുറിച്ച് കിണഞ്ഞന്വേഷിച്ച (റിഞ്ഞ) വനാണെന്നവിധം അവർ നിന്നോട് ചോദിക്കുന്നു. പറയുക: 'നിശ്ചയമായും, അതിൻെറ അറിവ് അല്ലാഹുവിങ്കൽ മാത്രമാകുന്നു; എങ്കിലും, മനുഷ്യരിൽ അധികമാളുകളും അറിയുന്നില്ല.'

**الساعة** എന്നവാക്ക് ഖുർആനിൽ നാല്പത് സ്ഥലങ്ങളിൽ ആവർത്തിക്കപ്പെട്ടിട്ടുണ്ട്. ലോകാവസാന ദിവസമായ അന്ത്യസമയത്തെ ഉദ്ദേശിച്ചാണ് ആ വാക്ക് ഉപയോഗിക്കപ്പെട്ടിട്ടുള്ളത്. 'അന്ത്യനാൾ' 'അന്ത്യഘട്ടം' എന്നൊക്കെ അത് ഭാഷാന്തരം ചെയ്യപ്പെട്ടു വരുന്നു.

അല്ലാഹുവിന്റെ ഏകത്വത്തെ സംബന്ധിക്കുന്ന തൗഹീദിലും പരലോക ജീവിതത്തോട് ബന്ധപ്പെട്ട അന്ത്യനാളിലുമാണല്ലോ അവിശ്വാസികൾക്ക് ഏറ്റവുമധികം നിഷേധമുള്ളത്. അത്കൊണ്ട് അങ്ങനെ ഒരു അന്ത്യസമയമുണ്ടെങ്കിൽ അതെപ്പോഴാണ് സംഭവിക്കുക എന്ന് പരിഹാസ രൂപത്തിലും നിഷേധരൂപത്തിലും നബി(സ)യോട് അവർ ചോദിച്ചു കൊണ്ടിരിക്കും. ഇതിനുള്ള മറുപടിയാണ് ഈ വചനത്തിലും ഖുർആനിൽ വേറെയും സ്ഥലങ്ങളിലും അല്ലാഹു പറഞ്ഞിരിക്കുന്നത്. എല്ലാ സ്ഥലത്തും പറഞ്ഞ മറുപടിയുടെ ചുരുക്കം ഇതാകുന്നു. "അന്ത്യ സമയം എപ്പോഴാണെന്ന് അല്ലാഹുവിന് മാത്രമെ അറിയുകയുള്ളൂ. മറ്റാർക്കും അത് അറിയുകയില്ല - ആർക്കും അവൻ അറിയിച്ച് കൊടുക്കുകയുമില്ല" എന്നാൽ അത് എപ്പോഴാണെന്ന് അവൻ നിശ്ചയിച്ച് വെച്ചിട്ടുണ്ട്. അത് വെളിപ്പെടുത്തുന്നതിൽ മറ്റാർക്കും ഒരു പങ്കും ഉണ്ടായിരിക്കുകയില്ല.

ചില ജ്യോൽസ്യൻമാരും ഗണിതക്കാരുമൊക്കെ ചേർന്ന് ലോകാവസാനം ഇന്ന സമയത്താണെന്ന് പ്രവചിക്കുകയും. മുസ്ലിംകളടക്കം, അനേകം ജനങ്ങൾ, ഭയവിഹ്വലരായിക്കൊണ്ട് കാത്തിരിക്കുകയും ചെയ്തിട്ടുള്ളത് ഒന്നിലധികം തവണ നാമൊക്കെ കണ്ട് കഴിഞ്ഞതാണല്ലോ. എന്നാൽ അല്ലാഹുവിന്റെ ഈ വചനത്തെ പറ്റി അറിയുന്ന ഒരു സത്യവിശ്വാസിക്ക് അത് തനി വിഡ്ഢിത്തമായിട്ടല്ലാതെ കണക്കാക്കുവാൻ സാധിക്കുകയില്ല.

അന്ത്യദിനത്തിൽ സകല ജീവികളും നാശമടയും ആകാശഭൂമികളുടെ നിലയെല്ലാം താറുമാറായി പോകും, സൂര്യ ചന്ദ്ര നക്ഷത്രങ്ങളെല്ലാം, സ്ഥാനം തെറ്റി ഉതിർന്ന് പോകും - യാതൊരു മുന്നറിയിപ്പും കൂടാതെ, തികച്ചും യാദൃശ്ചികമായിട്ടായിരിക്കും അവയൊക്കെ സംഭവിക്കുക. "അതു കണ്ണിമ വെട്ടുന്നത് പോലെ (വേഗത്തിൽ) അല്ലാതെ ഇല്ല; അഥവാ അത് അതിനേക്കാൾ അടുപ്പം (വേഗം) ഉള്ളതായിരിക്കും." (സൂ. നഹ്ൽ : 77)

സു. ഹജ്ജ് വചനം 1;2 എന്നിവയിലും മറ്റ് സൂറത്തുകളിലും അന്ത്യ സമയത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

നബി(സ) തിരുമാനിയടക്കമുള്ള പ്രവാചകൻമാർക്കോ ജിബ്രീൽ(അ) അടക്കമുള്ള മലക്കുകൾക്കോ ആർക്കും തന്നെ അന്ത്യസമയം എപ്പോഴായിരിക്കും എന്ന് അറിയുകയില്ല. അന്ത്യസമയം എപ്പോഴാണെന്ന് നബി(സ) തിരുമേനിയുമായുള്ള ചോദ്യോത്തര വേളയിൽ ജിബ്രീൽ(അ) ചോദിച്ചപ്പോൾ "ചോദിക്കപ്പെട്ടവൻ ചോദ്യ കർത്താവിനേക്കാൾ അതിനെപറ്റി അറിയുന്നവനല്ല" എന്നാണ് നബി(സ) ഉത്തരം പറഞ്ഞത്.

എന്നാൽ അന്ത്യസമയം സംഭവിക്കുന്നതിന് മുമ്പായി ചില അടയാളങ്ങൾ ഉണ്ടാകാനുണ്ടെന്ന് ഖുർആനിൽ നിന്നും ഹദീസുകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. "അതിന്റെ ചില അടയാളങ്ങൾ വന്ന് കഴിഞ്ഞു" എന്ന് സു. മുഹമ്മദ് : 18 ൽ അല്ലാഹു പറയുന്നു. ഈ അടയാളത്തിൽ പ്രധാനപ്പെട്ട ഒന്നാകുന്നു നബി(സ)യുടെ വെളിപാട്.

"ഞാനും അന്ത്യസമയവും ഈ രണ്ട് പോലെ - എന്റെ ചൂണ്ട് വിരലും നടുവിരലും പോലെ - അടുത്തായി നിയോഗിക്കപ്പെട്ടിരിക്കുന്നു" എന്ന് നബി(സ) തിരുമേനി അരുളിയിരിക്കുന്നു.

കുഴപ്പങ്ങളുടെയും കലഹങ്ങളുടെയും, വ്യഭിചാരത്തിന്റെയും, അധാർമ്മികതയുടെയും, ദൈവ നിഷേധത്തിന്റെയും ആധിക്യം, കുറ്റവാളികളുടെ പുറപ്പാട്, സ്ത്രീകളുടെ പെരുപ്പം, സ്ത്രീകൾ പുരുഷവേഷം അണിയൽ എന്നിങ്ങനെ പലതും, ലോകാവസാനത്തിന്റെ അടയാളങ്ങളായി ബലവത്തായ ഹദീസുകളിൽ വന്നിരിക്കുന്നു.

---

**വചനം 188**

188 (നബിയേ) പറയുക: 'എൻെറ സ്വന്തത്തിനു (തന്നെ) ഒരു ഉപകാരമാകട്ടെ, ഉപദ്രവമാകട്ടെ ഞാൻ അധീനമാക്കുന്നില്ല (എനിക്കതിനു കഴിവില്ല); അല്ലാഹു ഉദ്ദേശിച്ചതൊഴികെ. ഞാൻ അദൃശ്യ കാര്യം അറിയുമായിരുന്നുവെങ്കിൽ, ഞാൻ ഗുണത്തിൽ നിന്നു (ധാരാളം) വർദ്ധിപ്പിച്ചു വെക്കുകതന്നെ ചെയ്യുമായിരുന്നു; തിൻമ എന്നെ സ്പർശിക്കുകയുമില്ലായിരുന്നു. ഞാൻ വിശ്വസിക്കുന്ന ജനങ്ങൾക്ക് ഒരു താക്കീതുകാരനും, സന്തോഷമറിയിക്കുന്ന വനുമല്ലാതെ (മറ്റാരും) അല്ല.'

قُل لَّآ أَمۡلِكُ لِنَفۡسِى نَفۡعًا وَلَا ضَرًّا إِلَّا مَا شَآءَ ٱللَّهُۚ وَلَوۡ كُنتُ أَعۡلَمُ ٱلۡغَيۡبَ لَٱسۡتَكۡثَرۡتُ مِنَ ٱلۡخَيۡرِ وَمَا مَسَّنِىَ ٱلسُّوٓءُۚ إِنۡ أَنَا۠ إِلَّا نَذِيرٞ وَبَشِيرٞ لِّقَوۡمٖ يُؤۡمِنُونَ ﴿١٨٨﴾

---

പല കാര്യങ്ങളും ഉൾപ്പെടുന്ന ഒരു പൊതു സത്യം ജനങ്ങളോടു പ്രഖ്യാപിക്കുവാൻ അല്ലാഹു നബി(സ)യോട് കല്പിക്കുന്നു. അദൃശ്യമായ - അഥവാ മനുഷ്യന്റെ ഗ്രഹണേന്ദ്രിയങ്ങൾക്കതീതമായ കാര്യങ്ങളൊന്നും എനിക്കറിഞ്ഞു കൂടാ. എന്റെ സ്വന്തം ദേഹത്തിന് പോലും വല്ല ഗുണമൊ ദോഷമൊ ചെയ്വാൻ എനിക്ക് സ്വന്തം നിലക്ക് കഴിവില്ല - അല്ലാഹു വല്ലതും അറിയിച്ച് തന്നാൽ അല്ലാതെ. അദൃശ്യങ്ങളെ പറ്റി എനിക്കറിയാമായിരുന്നെങ്കിൽ, എനിക്ക് എത്രയോ നൻമകൾ നേടി വെക്കാമായിരുന്നു. തിൻമകൾ ഒന്നും എന്നെ ബാധിക്കുകയും ചെയ്യുമായിരുന്നില്ല. ഞാൻ, സജ്ജനങ്ങൾക്ക്, പുണ്യ ഫലങ്ങളെ കുറിച്ച് സന്തോഷവാർത്തയും, ശിക്ഷകളെ കുറിച്ച് താക്കീതും നൽകാനായി അല്ലാഹു നിയോഗിച്ച അവന്റെ ദൂതൻ മാത്രമാകുന്നു. മനുഷ്യാതീതമായ കഴിവുകളൊന്നും എനിക്കില്ല.

പ്രവാചക ശ്രേഷ്ഠനായ നബി(സ) തിരുമേനിയുടെ അവസ്ഥ ഇതാണെന്നിരിക്കെ, ഇപ്പോൾ ജീവിച്ചിരിക്കുന്നവരോ, മുമ്പ് മരണപ്പെട്ടവരോ ആയ ചില വ്യക്തികൾക്ക് അങ്ങനെയുള്ള കഴിവുകൾ

നൽകപ്പെട്ടിട്ടുണ്ടെന്ന് വിശ്വസിക്കുന്ന പണ്ധിതവർഗ്ഗമടക്കമുള്ള ജന വിഭാഗങ്ങളുടെ അവസ്ഥ എത്രമാത്രം പരിതാപകരമാണ്.

## വിഭാഗം 24

**വചനം : 189, 190**

ﵟهُوَ ٱلَّذِي خَلَقَكُم مِّن نَّفۡسٖ وَٰحِدَةٖ وَجَعَلَ مِنۡهَا زَوۡجَهَا لِيَسۡكُنَ إِلَيۡهَاۖ فَلَمَّا تَغَشَّىٰهَا حَمَلَتۡ حَمۡلًا خَفِيفٗا فَمَرَّتۡ بِهِۦۖ فَلَمَّآ أَثۡقَلَت دَّعَوَا ٱللَّهَ رَبَّهُمَا لَئِنۡ ءَاتَيۡتَنَا صَٰلِحٗا لَّنَكُونَنَّ مِنَ ٱلشَّٰكِرِينَ ١٨٩ﵞ

189 അവനത്രെ, ഒരേ വ്യക്തിയിൽ (ആളിൽ) നിന്ന് നിങ്ങളെ സൃഷ്ടിച്ചവൻ. അതിൽ നിന്നു (തന്നെ) അതിൻെറ ഇണയെ (ഭാര്യയെ) യും അവൻ ഉണ്ടാക്കി-അവൻ അവളുടെ അടുക്കൽ (ചെന്ന്) സമാധാനിക്കുവാൻ വേണ്ടി. അങ്ങനെ, അവൻ (പുരുഷൻ) അവളിൽ (സ്ത്രീയിൽ) പ്രവേശനമുണ്ടായപ്പോൾ, അവൾ ഒരു ലഘുവായ ഗർഭം ധരിച്ചു; എന്നിട്ട് അതുമായി അവൾ നടക്കുകയായി. അങ്ങനെ, അവൾക്ക് (ഗർഭ) ഭാരം കൂടി വന്നപ്പോൾ, അവർ രണ്ടാളും തങ്ങളുടെ റബ്ബായ അല്ലാഹുവിനെ വിളിച്ചു (പ്രാർത്ഥിച്ചു): 'നീ ഞങ്ങൾക്ക് ഒരു നല്ലവനെ (നല്ലതായ കുട്ടിയെ) നൽകുന്ന പക്ഷം, നിശ്ചയമായും. ഞങ്ങൾ നന്ദി കാണിക്കുന്നവരിൽ പെട്ടവരായിരിക്കുന്നതാണ്.'

ﵟفَلَمَّآ ءَاتَىٰهُمَا صَٰلِحٗا جَعَلَا لَهُۥ شُرَكَآءَ فِيمَآ ءَاتَىٰهُمَاۚ فَتَعَٰلَى ٱللَّهُ عَمَّا يُشۡرِكُونَ ١٩٠ﵞ

190 എന്നിട്ട്, അവൻ (റബ്ബ്) അവർക്ക് രണ്ടാൾക്കും (പുരുഷനും അവൻെറ ഇണക്കും) ഒരു നല്ലവനെ (നല്ല കുട്ടിയെ) നൽകിയപ്പോൾ, തങ്ങൾക്ക് അവൻ നൽകിയതിൽ, അവനു ചില പങ്കാളികളെ അവർ ഉണ്ടാക്കി (ത്തീർത്തു). എന്നാൽ, അവർ (മനുഷ്യർ) പങ്കു ചേർത്തു വരുന്നതിൽ നിന്നും അല്ലാഹു വളരെ ഉന്നതനായിരിക്കുന്നു.

---

അല്ലാഹുവത്രെ, ഒരേ വ്യക്തിയിൽ നിന്ന് നിങ്ങളെ സൃഷ്ടിച്ചവൻ, അതിൽ നിന്ന് (തന്നെ) അതിന്റെ ഇണയെ (ഭാര്യയെ)യും അവൻ സൃഷ്ടിച്ചു. അവൻ അവളുമായി ഇണക്കവും സ്നേഹവും ഉണ്ടാകുവാനും, അവളെ സമീപിക്കുന്നതിൽ അവന് മനസ്സമാധാനം ഉണ്ടാകുവാനും വേണ്ടി. അങ്ങനെ പുരുഷനും, അവന്റെ ഇണയും തമ്മിലുള്ള സമ്പർക്കത്തെ തുടർന്ന്, സ്ത്രീ ഗർഭം ധരിച്ചു. ആദ്യം ലഘുവായും, ക്രമേണ പ്രത്യക്ഷത്തിൽ കാണാറായും ശരീരസ്ഥിതിയായി മാറ്റം സംഭവിച്ചും, ഗർഭഭാരം കൂടിവന്നപ്പോൾ അവർ തങ്ങളുടെ റബ്ബായ അല്ലാഹുവിനെ വിളിച്ച് പ്രാർത്ഥിച്ചു. "നീ ഞങ്ങൾക്ക് നല്ലതായ ഒരു കുട്ടിയെ നൽകുന്ന പക്ഷം നിശ്ചയമായും, ഞങ്ങൾ നന്ദി കാണിക്കുന്നതിൽ പെട്ടവരായിരിക്കുന്നതാണ്."

എന്നാൽ റബ്ബ് അവർക്ക് ഒരു നല്ല സന്താനത്തെ പ്രദാനം ചെയ്തപ്പോൾ അവർ അല്ലാഹുവിനോട് കടുത്ത നന്ദികേടാണ് പ്രകടിപ്പിച്ചത് ചിലർ തങ്ങളുടെ സന്താനങ്ങൾക്ക് **عبد العزّى** (ഉസ്സ എന്ന വിഗ്രഹത്തിന്റെ അടിമ) എന്നും, സൂര്യന്റെ അടിമ എന്നും, യേശുദാസൻ, സൂര്യദാസൻ എന്നുമൊക്കെയും പേര് നൽകി. തങ്ങൾക്ക് സന്താനം ലഭിച്ചത് ജീവിച്ചിരിക്കുന്നവരോ, മരിച്ചവരോ ആയ ചില ദേവി ദേവൻമാരുടെയോ, മഹത്തുക്കളുടെയോ, ആശിർവാദം കൊണ്ടാണെന്ന് ധരിക്കുകയും അവരുടെ ഖബറിടങ്ങൾ സ്ഥിതി ചെയ്യുന്ന പള്ളികളിലേക്ക് തീർത്ഥാടനം നടത്തി, അവർക്ക് നേർച്ചകളും വഴിപാടുകളും നടത്തുകയും ചെയ്ത് കൊണ്ടിരിക്കുന്നു. മറ്റ് ചിലരാകട്ടെ തങ്ങളുടെ മക്കളെ ചില പ്രതിഷ്ഠകൾക്കും ദിവ്യന്മാർക്കും സേവകരായി ഉഴിഞ്ഞ് വെക്കുന്നു. എന്ന് വെച്ചാൽ അല്ലാഹുവിന്റെ അനുഗ്രഹത്തിലൂടെ ലഭിച്ച സന്താനങ്ങളുടെ വിഷയത്തിൽ അവനല്ലാത്തവർക്ക് അവർ പങ്കും അവകാശവും നൽകുകയാണ് ചെയ്ത് കൊണ്ടിരിക്കുന്നത്.

ഇങ്ങനെയുള്ള എല്ലാ തരം ശിർക്കുകളിൽ നിന്നും പരമ പരിശുദ്ധനത്രേ സർവ്വശക്തനായ അല്ലാഹു.

**വചനം 191,192,193,194**

191 യാതൊരു വസ്തുവെയും സൃഷ്ടിക്കാത്തവരെ (അല്ലാഹുവിനോട്) അവര്‍ പങ്കു ചേര്‍ക്കുന്നുവോ? അവരാകട്ടെ, സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു!

أَيُشۡرِكُونَ مَا لَا يَخۡلُقُ شَيۡـٔٗا وَهُمۡ يُخۡلَقُونَ ١٩١

192 (മാത്രമല്ല,) അവര്‍ക്കു വല്ല സഹായവും ചെയ്വാന്‍ (അവര്‍ പങ്കാളികളാക്കുന്ന) അവര്‍ക്ക് സാധ്യമാകുന്നതുമല്ല; തങ്ങളുടെ സ്വന്തങ്ങളെ ത്തന്നെയും അവര്‍ സഹായി(ച്ചു രക്ഷി) ക്കുന്നതുമല്ല.

وَلَا يَسۡتَطِيعُونَ لَهُمۡ نَصۡرٗا وَلَآ أَنفُسَهُمۡ يَنصُرُونَ ١٩٢

193 അവരെ നിങ്ങള്‍ നേര്‍മ്മാര്‍ഗ്ഗത്തിലേക്കു ക്ഷണിക്കുന്ന പക്ഷം, അവര്‍ നിങ്ങളെ പിന്‍ പറ്റുന്നതുമല്ല. നിങ്ങള്‍ അവരെ ക്ഷണിച്ചുവോ, അല്ലെങ്കില്‍ നിങ്ങള്‍ മൗനമവലംബിക്കുന്ന വരാണോ (രണ്ടായാലും) നിങ്ങള്‍ക്കു സമമത്രെ.

وَإِن تَدۡعُوهُمۡ إِلَى ٱلۡهُدَىٰ لَا يَتَّبِعُوكُمۡۚ سَوَآءٌ عَلَيۡكُمۡ أَدَعَوۡتُمُوهُمۡ أَمۡ أَنتُمۡ صَٰمِتُونَ ١٩٣

194 നിശ്ചയമായും, അല്ലാഹുവിനു പുറമെ നിങ്ങള്‍ വിളി(ച്ചു പ്രാര്‍ത്ഥി)ക്കുന്നവര്‍ നിങ്ങളെപ്പോ ലെയുള്ള അടിയാന്‍മാരാകുന്നു. (എല്ലാവരും അവന്‍െറ അടിമകള്‍ തന്നെ) എന്നാല്‍, നിങ്ങള്‍ അവരെ വിളി(ച്ചു പ്രാര്‍ത്ഥി)ക്കുക; എന്നിട്ട് അവര്‍ നിങ്ങള്‍ക്ക് ഉത്തരം നല്‍കട്ടെ, നിങ്ങള്‍ സത്യവാന്‍മാരാണെങ്കില്‍! (എന്നാലതൊന്നു കാണാമല്ലോ.)

إِنَّ ٱلَّذِينَ تَدۡعُونَ مِن دُونِ ٱللَّهِ عِبَادٌ أَمۡثَالُكُمۡۖ فَٱدۡعُوهُمۡ فَلۡيَسۡتَجِيبُواْ لَكُمۡ إِن كُنتُمۡ صَٰدِقِينَ ١٩٤

---

അല്ലാഹുവിന്റെ പങ്കുകാരായി ഗണിക്കപ്പെട്ടു, വിളിച്ചാരാധിക്കപ്പെടുന്ന വിഗ്രഹങ്ങളും വിഗ്രഹ ങ്ങളല്ലാത്തവയുമായ ആരാധ്യവസ്തുക്കളൊന്നും തന്നെ അവര്‍ക്ക് സ്വയം സഹായിക്കാന്‍ കഴിവില്ലാ ത്തവരാകുന്നു. അവ യാതൊരു വസ്തുക്കളെയും സൃഷ്ടിക്കാത്തവരാകുന്നു. അവരൊക്കെ അല്ലാഹുവിനാല്‍ സൃഷ്ടിക്കപ്പെട്ടവരാകുന്നു. അല്ലാഹുവിന് പുറമെ നിങ്ങള്‍ വിളിച്ച് പ്രാര്‍ത്ഥിക്കുന്ന നിങ്ങളെപോലെയുള്ള അടിയാന്‍മാരാകട്ടെ അവര്‍ നിങ്ങള്‍ക്ക് യാതൊരു ഉത്തരവും നല്‍കുന്നവരല്ല.

ഇത്തരം ബഹുദൈവാരാധകരെ നിങ്ങള്‍ നേര്‍മാര്‍ഗ്ഗത്തിലേക്ക് ക്ഷണിക്കുന്ന പക്ഷം, അവര്‍ നിങ്ങളെ പിന്‍പറ്റാന്‍ പോകുന്നില്ല. നിങ്ങള്‍ അവരെ ക്ഷണിച്ചാലും മൗനവലംബിച്ചാലും രണ്ടായാലും നിങ്ങള്‍ക്ക് സമമത്രേ.

---

**വചനം 195**

195 അവര്‍ക്ക് നടക്കുവാനുള്ള കാലുകള്‍ ഉണ്ടോ?! അതല്ല, അവര്‍ക്ക് പിടിക്കുവാനുള്ള കൈകള്‍ ഉണ്ടോ?! അതല്ല, അവര്‍ക്ക് കാണുവാനുള്ള കണ്ണുകള്‍ ഉണ്ടോ?! അതല്ല, അവര്‍ക്ക് കേള്‍ക്കുവാനുള്ള കാതുകള്‍ ഉണ്ടോ?! (നബിയേ) പറയുക: 'നിങ്ങള്‍ നിങ്ങളുടെ പങ്കാളികളെ വിളി(ച്ചു പ്രാര്‍ത്ഥി)ച്ചു കൊള്ളുവിന്‍; പിന്നെ (വേണമെങ്കില്‍) എന്നോടു നിങ്ങള്‍ തന്ത്രം പ്രയോഗിച്ചു കൊള്ളുവിന്‍- എന്നിട്ട് നിങ്ങള്‍ എനിക്ക് ഒഴിവു നല്‍കേണ്ടാ.

أَلَهُمۡ أَرۡجُلٞ يَمۡشُونَ بِهَآۖ أَمۡ لَهُمۡ أَيۡدٖ يَبۡطِشُونَ بِهَآۖ أَمۡ لَهُمۡ أَعۡيُنٞ يُبۡصِرُونَ بِهَآۖ أَمۡ لَهُمۡ ءَاذَانٞ يَسۡمَعُونَ بِهَاۗ قُلِ ٱدۡعُواْ شُرَكَآءَكُمۡ ثُمَّ كِيدُونِ فَلَا تُنظِرُونِ ١٩٥

---

ബഹുദൈവ മതങ്ങളില്‍ മൂന്ന് കാര്യങ്ങള്‍ വെവ്വേറെ കാണാം - (ഒന്ന്) പ്രതിമകള്‍ ചിത്രങ്ങള്‍, ചിഹ്നങ്ങള്‍,

തുടങ്ങി, ആരാധനക്ക് നിദാനമായ വസ്തുക്കൾ, (രണ്ട്) ആ പ്രതിമകളും ചിത്രങ്ങളും മറ്റും പ്രതിനിധാനം ചെയ്യുന്ന വ്യക്തികൾ, ആത്മാക്കൾ ആദിയായ ആരാധ്യൻമാർ. (മൂന്ന്) ബഹുദൈവ വിശ്വാസപരമായ ആരാധനാ, കർമ്മങ്ങളുടെ അടിയിൽ വർത്തിക്കുന്ന വിശ്വാസങ്ങളും ധാരണകളും.

ഈ മൂന്ന് ധാരണകളെയും ഖുർആൻ വിവിധ രൂപേണ ഖണ്ഡിച്ചിട്ടുണ്ട്. ഇവിടെ വിമർശനത്തിന്റെ മുന ഒന്നാമത്തെ കാര്യത്തിന്ന് നേരെയാകുന്നു. മുശിരിക്കുകൾ ആരാധിച്ച് വരുന്ന വിഗ്രഹാദികൾക്ക് നേരെ.

**വചനം 196,197, 198ന്**

إِنَّ وَلِـِّۧىَ ٱللَّهُ ٱلَّذِى نَزَّلَ ٱلْكِتَـٰبَ ۖ وَهُوَ يَتَوَلَّى ٱلصَّـٰلِحِينَ ﴿١٩٦﴾

وَٱلَّذِينَ تَدْعُونَ مِن دُونِهِۦ لَا يَسْتَطِيعُونَ نَصْرَكُمْ وَلَآ أَنفُسَهُمْ يَنصُرُونَ ﴿١٩٧﴾

وَإِن تَدْعُوهُمْ إِلَى ٱلْهُدَىٰ لَا يَسْمَعُوا۟ ۖ وَتَرَىٰهُمْ يَنظُرُونَ إِلَيْكَ وَهُمْ لَا يُبْصِرُونَ ﴿١٩٨﴾

196 'നിശ്ചയമായും, എൻെറ രക്ഷാധികാരി (ഈ) വേദഗ്രന്ഥം ഇറക്കിയ അല്ലാഹുവാകുന്നു. അവൻ സജ്ജനങ്ങളെ ഏറ്റെടു (ത്തു രക്ഷി)ക്കുകയും ചെയ്യും.'

197 'നിങ്ങൾ അവനു പുറമെ വിളി (ച്ചു പ്രാർത്ഥി) ക്കുന്നവരാകട്ടെ, നിങ്ങളെ സഹായിക്കുവാൻ അവർക്കു സാധിക്കുകയില്ല; അവരുടെ സ്വന്തങ്ങളെത്തന്നെയും അവർ സഹായിക്കു കയില്ല.'

198 അവരെ നിങ്ങൾ നേർമ്മാർഗത്തിലേക്ക് വിളിക്കുന്ന പക്ഷം, അവർ (അത്) കേൾക്കുക യില്ല. (മനുഷ്യാ) നിന്നിലേക്കു നോക്കുന്നതായി നിനക്ക് അവരെ കാണാവുന്നതാണ്; അവരാകട്ടെ, (ഒന്നും) കാണുന്നില്ല താനും.

---

അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്ന വിഗ്രങ്ങൾക്ക് കണ്ണ്, മൂക്ക്, ചെവി തുടങ്ങിയ അവയവങ്ങൾ, നിങ്ങളാൽ കൊത്തിയുണ്ടാക്കപ്പെട്ടിരിക്കാമെങ്കിലും യഥാർത്ഥത്തിൽ അവർക്ക് യാതൊരു ഗ്രഹണ ശക്തിയും ഇല്ലല്ലോ. നിങ്ങളെ സഹായിക്കാനോ, സ്വയം എന്തെങ്കിലും സഹായം ചെയ്യാനോ കഴിവുള്ളവരല്ല അവർ.

**വചനം 199, 200**

خُذِ ٱلْعَفْوَ وَأْمُرْ بِٱلْعُرْفِ وَأَعْرِضْ عَنِ ٱلْجَـٰهِلِينَ ﴿١٩٩﴾

وَإِمَّا يَنزَغَنَّكَ مِنَ ٱلشَّيْطَـٰنِ نَزْغٌ فَٱسْتَعِذْ بِٱللَّهِ ۚ إِنَّهُۥ سَمِيعٌ عَلِيمٌ ﴿٢٠٠﴾

199 (നബിയേ) നീ മാപ്പ് (അഥവാ വിട്ടുവീഴ്ച എന്ന തത്വം) സ്വീകരിക്കുക; സദാചാരം (അഥവാ സൽക്കാര്യം) കൊണ്ട് ഉപദേശിക്കുകയും ചെയ്യുക; വിവരമില്ലാത്തവരിൽ നിന്ന് തിരിഞ്ഞുകളയുകയും ചെയ്യുക.

200 പിശാചിൽ നിന്നു വല്ല ദുഷ്പ്രേരണയും നിന്നെ (യെങ്ങാനും) ഇളക്കി വിടുന്ന പക്ഷം, നീ അല്ലാഹുവിനോട് ശരണം തേടിക്കൊള്ളുക. നിശ്ചയമായും, അവൻ (എല്ലാം) കേൾക്കുന്ന വനും, അറിയുന്നവനുമാകുന്നു.

---

അന്യരോടുള്ള പെരുമാറ്റത്തിൽ അനുവർത്തിക്കേണ്ടുന്ന സൽസ്വഭാവ മൂല്യങ്ങളെല്ലാം ഈ മൂന്ന് ചെറു വാക്യങ്ങളിലൂടെ അല്ലാഹു, നബി(സ) യെ ഉപദേശിക്കുന്നു.

1) മാപ്പ് - അഥവാ വിട്ട്വീഴ്ച - സ്വീകരിക്കുക : സംസാരം, പ്രവൃത്തി, ഇടപാട് ആദിയായവയിലെല്ലാം മറ്റുള്ളവരോട് നീതിയുക്തവും സൗകര്യപ്രദവുമായ രീതിയിൽ പെരുമാറുക. അവരിൽ നിന്നുള്ള പ്രകോപനങ്ങളുടെയും, ബുദ്ധിമുട്ടുകളുടെയും നേരെ കണ്ണടയ്ക്കുക, ക്ഷമിക്കുക. ഈ വചനം അവതരിച്ചപ്പോൾ, ഇതിന്റെ താല്പര്യം എന്താണെന്ന് ജിബ്രീൽ(അ) നോട് ആരാഞ്ഞ നബി(സ) തിരുമേനിയോട് അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു. താങ്കളോടു അക്രമം പ്രവർത്തിച്ചവർക്ക് താങ്കൾ മാപ്പ് നൽകുവാനും, താങ്കൾക്ക് വേണ്ടത് തരാതെ മുടക്കം ചെയ്തവർക്ക്, താങ്കൾ അങ്ങോട്ട് കൊടുക്കുവാനും, താങ്കളോട് ബന്ധം മുറിച്ചവരോട്

താങ്കൾ ബന്ധം ചേർക്കുവാനും അല്ലാഹു കല്പിച്ചിരിക്കുന്നു.

2) സദാചാരം - അഥവാ സൽക്കാര്യം. കൊണ്ടു ഉപദേശിക്കുക : സദാചാരത്തെക്കുറിച്ച് ഉപദേശിക്കലും, ദുരാചാരത്തെ വിരോധിക്കലും സത്യവിശ്വാസിയുടെ കടമയാണെന്ന് അനേകം ഖുർആൻ വചനങ്ങളിൽ നിന്നും നബി വചനങ്ങളിൽ നിന്നും അറിയപ്പെട്ടതാകുന്നു. മാപ്പും വിട്ട് വിഴ്ചയുമൊക്കെ സദാചാരത്തിനും സൽകർമ്മങ്ങൾക്കും ഹാനികരമല്ലാത്ത കാര്യങ്ങൾക്കേ ആയിക്കൂടൂ എന്നും ഇതിൽ നിന്നും മനസ്സിലാക്കാം.

3) വിവരമില്ലാത്ത ആളുകളിൽനിന്നും തിരിഞ്ഞു കളയുക : അജ്ഞാനികളും മുഢൻമാരുമായ ആൾക്കാരോട് സൽകാര്യങ്ങളെക്കുറിച്ച് ഉപദേശിക്കുകയും ദുഷ്കാര്യങ്ങളെക്കുറിച്ച് വിരോധിക്കുകയും ചെയ്യുമ്പോൾ, അവരിൽ നിന്നുണ്ടായേക്കാവുന്ന എതിർപ്പുകളെയും ഉപദ്രവങ്ങളെയും സഹിക്കുകയും അവർക്ക് നേരെ കണ്ണടക്കുകയും ചെയ്യുക.

മേൽ പറഞ്ഞ ഉൽകൃഷ്ടസ്വഭാവങ്ങൾ പ്രത്യക്ഷത്തിൽ നബി(സ)യെ അഭിമുഖീകരിച്ച് കൊണ്ടുള്ളതാണെങ്കിലും എല്ലാ സത്യവിശ്വാസികൾക്കും ബാധകമായിട്ടുള്ളതാകുന്നു.

ഒരിക്കൽ ഉമർ (റ) ന്റെ സദസ്സിൽ വെച്ച് പ്രകൃത്യാ പരുക്കൻ സ്വഭാവവും വിഡ്ഢിത്തവും പ്രകടമാക്കിയിരുന്ന ഉയൈനത്ത്(റ) എന്ന സഹാബി ഖലീഫയോട് ഇങ്ങനെ പറഞ്ഞു. “താങ്കൾ ഞങ്ങളിൽ നീതിയനുസരിച്ച് വിധിക്കാറില്ല; ഞങ്ങൾക്ക് അധികമൊന്നും തരാറുമില്ല.”

കോപിഷ്ടനായ ഉമർ(റ) ആ സഹാബിയെ വല്ലതും ചെയ്യാൻ പുറപ്പെട്ടപ്പോൾ, ഈ (199-ാം) വചനം ഹുർ-റു(റ) അദ്ദേഹത്തെ ഓതികേൾപ്പിച്ചു.

“ഈ വചനം ഓതിക്കേട്ടപ്പോൾ അതിനപ്പുറം ഉമർ(റ) ഒന്നും ചെയ്തില്ല. അദ്ദേഹം ഖുർആനിൽ വ്യക്തമാക്കപ്പെട്ടതിനപ്പുറം പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്ന ആളായിരുന്നില്ല” എന്ന് ഇബ്നു അബ്ബാസ്(റ) ഈ സംഭവത്തെ പറ്റി പറഞ്ഞിരിക്കുന്നു.

കോപം കൊണ്ടോ, മറ്റ് വല്ല വികാരം നിമിത്തമോ, മനുഷ്യന്റെ പക്കൽ വല്ല അവിവേകമോ പാകപ്പിഴവോ സംഭവിച്ചാൽ അത് പിശാചിന്റെ ദുഷ്പ്രേരണ നിമിത്തമായിരിക്കും. അത്തരം സന്ദർഭങ്ങളിൽ അല്ലാഹുവിനോട് ശരണം തേടിക്കൊള്ളുവാൻ രണ്ടാമത്തെ വചനത്തിൽ അല്ലാഹു നമ്മോട് നിർദ്ദേശിക്കുന്നു. പിശാചിൽ നിന്നുള്ള ഏക രക്ഷാമാർഗ്ഗം അല്ലാഹുവിൽ ശരണം പ്രാപിക്കുകയെന്നതത്രേ. “നിശ്ചയമായും അവൻ കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.” എന്നാകുന്നു ഈ വചനത്തിന്റെ അവസാന ഭാഗം ചൂണ്ടിക്കാട്ടുന്നത്.

പിശാചിൽ നിന്നുള്ള രക്ഷക്ക് അല്ലാഹുവിനോട് തേടണമെന്ന് 23:96,97,98 വചനങ്ങളിലും 41:34,36 വചനങ്ങളിലും നാം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഇത് സംബന്ധിച്ച് വിശദമായി സൂ.ഫാത്തിഹയുടെ ആരംഭത്തിൽ വിസ്തരിക്കപ്പെട്ടിട്ടുള്ളത് ശ്രദ്ധിക്കുക.

---

**വചനം 201, 202**

إِنَّ ٱلَّذِينَ ٱتَّقَوْاْ إِذَا مَسَّهُمْ طَٰٓئِفٌ مِّنَ ٱلشَّيْطَٰنِ تَذَكَّرُواْ فَإِذَا هُم مُّبْصِرُونَ ﴿٢٠١﴾

201 നിശ്ചയമായും, സൂക്ഷ്മത പാലിക്കുന്നവർ, അവരെ പിശാചിൽ നിന്നുണ്ടാകുന്ന വല്ല തോന്നലും ബാധിച്ചാൽ അവർക്ക് ഓർമ്മ വരുന്നതാണ്; അപ്പോൾ, അവർ (ഉൾ) കാഴ്ചയുള്ളവരായിരിക്കും!

وَإِخْوَٰنُهُمْ يَمُدُّونَهُمْ فِي ٱلْغَيِّ ثُمَّ لَا يُقْصِرُونَ ﴿٢٠٢﴾

202 അവരുടെ (പിശാചുക്കളുടെ) സഹോദരങ്ങളാകട്ടെ, അവർ അവരെ ദുർമ്മാർഗ്ഗത്തിൽ അയച്ചു വിട്ടുകൊണ്ടിരിക്കയും ചെയ്യും; പിന്നെ, അവർ കുറവു വരുത്തുകയില്ല.

---

സൂക്ഷ്മത പാലിക്കുന്ന ഭയഭക്തരായ ആൾക്കാർ, വല്ലപ്പോഴും പിശാചിന്റെ ദുഷ്പ്രേരണക്ക് വിധേയരായിത്തീരുന്ന പക്ഷം അവർ തങ്ങളുടെ അബദ്ധത്തെപ്പറ്റി ഉടനെ ബോധവാൻമാരാകുകയും അല്ലാഹുവിൽ ശരണം തേടിക്കൊണ്ട് അതിൽ അകപ്പെടാതെ മുൻകരുതൽ കൈകൊള്ളുകയും ചെയ്യും. എന്നാൽ സൂക്ഷ്മതയും ഭയഭക്തിയുമില്ലാത്ത ബഹുഭൂരിപക്ഷം മനുഷ്യരാകട്ടെ, പിശാചിന്റെ ദുഷ്പ്രേരണയിൽ നിന്ന് പിൻമടങ്ങാനുള്ള സൻമനസ്സ് പ്രകടിപ്പിക്കാതെ, വീണ്ടു വിചാരം ഒട്ടുമില്ലാതെ, പിന്നെ പിശാചിന് അടിമയായിത്തീരുകയും, ഒടുക്കം രക്ഷാമാർഗ്ഗം അടഞ്ഞവരായിത്തീരുകയും ചെയ്യും, ഇത്തരക്കാർ, അല്ലാഹുവിന്റെയും റസൂലിന്റെയും വചനങ്ങളിൽ വേണ്ടത്ര വിശ്വാസമില്ലാത്തവരും അദൃശ്യസൃഷ്ടികളായ ജിന്ന് വർഗ്ഗത്തെയും അവരിൽപ്പെട്ട പിശാചുക്കളെയും

നിഷേധിക്കുന്നവരും ആയിരിക്കും. അതുമല്ലെങ്കിൽ, ദുർമ്മന്ത്രങ്ങൾക്ക് ഒരിക്കലും വിധേയനാകാത്തവണ്ണം ഉന്നത നിലവാരത്തിലുള്ള ആളാണ് താനെന്ന് അഹങ്കാരം ഉള്ള ആളായിരിക്കും.

"നിശ്ചയമായും പിശാച് മനുഷ്യനിൽ അവന്റെ രക്തം സഞ്ചരിക്കുന്നേടത്തൊക്കെ സഞ്ചരിക്കുന്നതാണ്." എന്ന നബി വചനം ശ്രദ്ധേയമാണ്.

"പിശാച് നിങ്ങളോട് ദാരിദ്ര്യത്തെക്കുറിച്ച് താക്കീത് ചെയ്യുകയും, നീചവൃത്തികൊണ്ട് നിങ്ങളോട് കല്പിക്കുകയും ചെയ്യുന്നു." എന്ന ഖുർആൻ വചനവും നാം ഓർത്തിരിക്കേണ്ടതാണ്.

---

**വചനം 203**

وَإِذَا لَمْ تَأْتِهِم بِـَٔايَةٍ قَالُوا۟ لَوْلَا ٱجْتَبَيْتَهَا ۚ قُلْ إِنَّمَآ أَتَّبِعُ مَا يُوحَىٰٓ إِلَىَّ مِن رَّبِّى ۚ هَٰذَا بَصَآئِرُ مِن رَّبِّكُمْ وَهُدًى وَرَحْمَةٌ لِّقَوْمٍ يُؤْمِنُونَ ﴿٢٠٣﴾

203 (നബിയേ) നീ അവർക്കു വല്ല (പ്രത്യേക) 'ആയത്തും' (ദൃഷ്ടാന്തവും അഥവാ സൂക്തവും) കൊണ്ടു ചെല്ലുന്നില്ലെങ്കിൽ അവർ പറയും: 'അത് തനിക്കു (സ്വയം) തിരഞ്ഞെടുത്തു (നിർമ്മിച്ചു) കൂടേ?!' പറയുക: "എന്റെ റബ്ബിങ്കൽ നിന്ന് എനിക്കു 'വഹ്‌യു' (സന്ദേശം) നൽകപ്പെടുന്നതിനെ പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ഇത് (ഈ ഖുർആൻ) നിങ്ങളുടെ റബ്ബിങ്കൽനിന്നു (ഉൾക്കാഴ്ച നൽകുമാറു)ള്ള തെളിവുകളാകുന്നു. വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗ്ഗദർശനവും, കാരുണ്യവുമാകുന്നു."

---

സ്വന്തം വകയായി, ചില ഖുർആൻ സൂക്തങ്ങൾ രചിച്ചുണ്ടാക്കുവാനോ, അതുമല്ലെങ്കിൽ സ്വന്തം വകയായി വല്ല അത്ഭുത ദൃഷ്ടാന്തങ്ങളും (ആകാശത്ത് നിന്ന് ഒരു കഷണം വീഴ്ത്തിത്തരുക; ഭൂമിയിൽ നിന്ന് ഒരു നീരുറവ പുറപ്പെടുവിച്ച് തരുക. നിനക്ക് സ്വർണ്ണം കൊണ്ടൊരു വീട് ഉണ്ടാക്കുക തുടങ്ങി...) കാണിക്കുവാനോ മുശ്രിക്കുകൾ നബി(സ) തിരുമേനിയോട് ആവശ്യപ്പെടുകയുണ്ടായിട്ടുണ്ട്.

എനിക്ക് സ്വന്തമായി ഒന്നും കൊണ്ട് വരുവാനോ, നിർമ്മിക്കുവാനോ കഴിവില്ല എന്നും, അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്നത് പ്രബോധനം ചെയ്യുവാനും കാണിച്ച് തരുവാനും മാത്രമെ എനിക്ക് നിവൃത്തിയുള്ളൂ എന്നും അവർക്ക് മറുപടി കൊടുക്കുവാൻ, അല്ലാഹു നബി(സ)യോട് കല്പിക്കുന്നു. കാര്യം മനസ്സിലാക്കുവാൻ വേണ്ടുവോളം തെളിവുകളും ന്യായങ്ങളും നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള ഈ ഖുർആനിലുണ്ട്. അതിൽ വിശ്വസിച്ചാൽ നിങ്ങൾക്ക് രക്ഷയും വിജയവും ലഭിക്കുന്നതാണ്.

---

**വചനം 204**

وَإِذَا قُرِئَ ٱلْقُرْءَانُ فَٱسْتَمِعُوا۟ لَهُۥ وَأَنصِتُوا۟ لَعَلَّكُمْ تُرْحَمُونَ ﴿٢٠٤﴾

204 ഖുർആൻ വായി(ച്ചു കേൾപ്പി) ക്കപ്പെട്ടാൽ, നിങ്ങൾ അതിലേക്ക് ചെവി കൊടുക്കുകയും, അടങ്ങിയിരിക്കുകയും ചെയ്യുവിൻ; നിങ്ങൾക്ക് കരുണ ചെയ്യപ്പെട്ടേക്കാം.

---

ഖുർആൻ ഓതിക്കേൾക്കുമ്പോൾ ശ്രദ്ധകൊടുക്കുകയും ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കാതെ, അടങ്ങിയിരുന്ന് കേൾക്കുകയും ചെയ്യേണ്ടതാണ്. ഇങ്ങിനെ ചെയ്താൽ അതിലെ ആശയങ്ങൾ മനസ്സിൽ പതിയുകയും സത്യം ഗ്രഹിക്കുവാനും ആസ്വദിക്കുവാനും കഴിയുന്നതുമാണ്. കടുത്ത മുശ്രിക്കുകൾ പോലും, ഖുർആനിൽ ആകൃഷ്ടരാകുകയും വിശ്വസിക്കുകയും ചെയ്ത പല സംഭവങ്ങളുമുണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് "നിങ്ങൾ ഈ ഖുർആനിലേക്ക് ചെവി കൊടുക്കരുത്; അതിൽ ബഹളം കൂട്ടി ഒച്ചപ്പാടുണ്ടാക്കുകയും ചെയ്യുവിൻ : നിങ്ങൾ വിജയം നേടിയേക്കാം." എന്നും മറ്റും മുശ്രിക്കുകൾ പറഞ്ഞിരുന്നതായി അല്ലാഹു സൂറ: 41:26 ൽ പ്രസ്താവിക്കുന്നത്.

ജമാഅത്തായി നമസ്കരിക്കുമ്പോൾ ഇമാമിന്റെ ഖുർആൻ പാരായണം ശ്രവിക്കുന്ന മഅ്മൂമുകൾ ഖുർആൻ ഓതരുതെന്നും അഥവാ ഓതുന്നപക്ഷം പതുക്കെ ആയിരിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഖുർആൻ വചനങ്ങളുടെ അർത്ഥവും ആശയവും അറിയുന്നവർക്കും, അറിയാത്തവർക്കും ഈ കൽപന

ബാധകമാകുന്നു. മഅ്മൂമുകൾ സൂറത്തുൽ ഫാത്തിഹയോ മറ്റോ ഓതേണ്ടതുണ്ടോ, ഇല്ലയോ എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസങ്ങളും നിലവിലുണ്ട്.

**വചനം 205, 206**

وَٱذْكُر رَّبَّكَ فِى نَفْسِكَ تَضَرُّعًا وَخِيفَةً وَدُونَ ٱلْجَهْرِ مِنَ ٱلْقَوْلِ بِٱلْغُدُوِّ وَٱلْءَاصَالِ وَلَا تَكُن مِّنَ ٱلْغَٰفِلِينَ ﴿٢٠٥﴾

إِنَّ ٱلَّذِينَ عِندَ رَبِّكَ لَا يَسْتَكْبِرُونَ عَنْ عِبَادَتِهِۦ وَيُسَبِّحُونَهُۥ وَلَهُۥ يَسْجُدُونَ ۩ ﴿٢٠٦﴾

205 വിനയപ്പെട്ടും, ഭയപ്പെട്ടും കൊണ്ട് നിൻെറ റബ്ബിനെ നീ സ്വയം ഓർക്കുക (അഥവാ കീർത്തനം ചെയ്യുക); വാക്കിൽ നിന്നും ഉച്ചത്തിലല്ലാതെയും (ഓർക്കുക); രാവിലെയും, വൈകുന്നേരങ്ങളിലും. നീ അശ്രദ്ധൻമാരുടെ കൂട്ടത്തിൽ ആയിരിക്കയും ചെയ്യരുത്.

206 നിശ്ചയമായും, നിൻെറ റബ്ബിൻെറ അടുക്കലുള്ളവർ, അവനെ ആരാധിക്കുന്നതിനെക്കുറിച്ച് അവർ അഹംഭാവം നടിക്കുകയില്ല; അവർ അവന് 'തസ്ബീഹ്' (സ്തോത്രകീർത്തനം) നടത്തുകയും, അവന് 'സുജൂദ്'. (സാഷ്ടാംഗ നമസ്കാരം) ചെയ്യുകയും ചെയ്യുന്നു.

---

ഈ വചനം ഓതിയ ഉടനെ ഒരു സുജൂദ് ചെയ്യേണ്ടതാകുന്നു. ഓത്തിന്റെ സുജൂദ് നിയമിക്കപ്പെട്ടിട്ടുള്ള സൂക്തങ്ങളിൽ ഒന്നാമത്തേതാണീ വചനം

'ദിക്ർ' എന്ന വാക്ക് കൊണ്ട് സാധാരണ ഉദ്ദേശിക്കുന്നത് തസ്ബീഹ്(സ്തോത്ര കീർത്തനം) തഹ്മീദ് (സ്തുതി കീർത്തനം) തക്ബീർ (മഹത്വ കീർത്തനം) ദുആ (പ്രാർത്ഥന) മുതലായവയാകുന്നു. ഇവയെല്ലാം വിനയത്തോടും, ഭയഭക്തിയോടും ആയിരിക്കേണ്ടതുണ്ട്. 'ദിക്ർ' കർമ്മങ്ങൾ നിർവഹിക്കേണ്ടതിന്റെ മര്യാദകളെക്കുറിച്ച് 55,56 എന്നീ വചനങ്ങളുടെ വ്യാഖ്യാനത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. രാവിലെയും വൈകുന്നേരവും പ്രത്യേകം അല്ലാഹുവിനെ സ്മരിക്കേണ്ടതുണ്ടെന്നും അല്ലാഹു അറിയിക്കുന്നു. ചില പ്രത്യേക സമയങ്ങളിൽ നമസ്ക്കാരം ദിക്ർ മുതലായവ നിശ്ചയിക്കപ്പെട്ടതിനെക്കുറിച്ച് സൂ .റൂം 17. 18 വചനങ്ങളുടെ വ്യാഖ്യാനത്തിലും വിവരിക്കപെട്ടിട്ടുണ്ട്.

അല്ലാഹുവിന്റെ അടുക്കലുള്ളവർ എന്ന് പറഞ്ഞത് മലക്കുകളെ ഉദ്ദേശിച്ചാകുന്നു. അല്ലാഹുവിനെ സ്മരിക്കുന്ന കാര്യത്തിൽ മലക്കുകളുടെ സ്ഥിതി അല്ലാഹു ചൂണ്ടിക്കാട്ടുന്നു - തീരെ അഹംഭാവം തീണ്ടാതെ, ഭക്തി വിനയത്തോടെ അവർ അവന് തസ്ബീഹ്, സൂജൂദ് മുതലായ ആരാധനകൾ നടത്തിക്കൊണ്ടിരിക്കുന്നു. സൂ:അമ്പിയാഉ് 19, 20 വചനങ്ങളിലും ഈ വസ്തുത അല്ലാഹു പറയുന്നു. മനുഷ്യരും അവരെപോലെ , അല്ലാഹുവിനെപറ്റി ഭക്തി വിനയമുള്ളവരായിക്കൊണ്ട് അവന് ദിക്ർ കർമ്മങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഉണർത്തുകയാണ് അല്ലാഹു ഈ വചനങ്ങളിലൂടെ. ഈ വചനങ്ങളിലടങ്ങിയ ആശയം പരിഗണിക്കുമ്പോൾ ഇവിടെ ഓത്തിന്റെ സൂജൂദ് ചെയ്യുവാൻ നിശ്ചയിക്കപ്പെട്ടത് വളരെ യുക്തവും അർത്ഥവത്തുമാണെന്ന് വ്യക്തമാകുന്നു.

# 8. സൂറത്തുൽ അൻഫാൽ (യുദ്ധത്തിൽ നേടിയ സ്വത്തുക്കൾ)

**മദീനയിൽ അവതരിച്ചത്**

(30 മുതൽ 36 കൂടിയ ഏഴ് വചനങ്ങൾ മക്കയിൽ അവതരിച്ചതാണെന്നും അഭിപ്രായമുണ്ട്)
വചനങ്ങൾ 75 (വചനങ്ങൾ 76 ആയും എണ്ണപ്പെട്ടിരിക്കുന്നു) വിഭാഗങ്ങൾ (റുകൂഅ് 10)

നിർബന്ധിതമായതിനേക്കാൾ അധികമുള്ളത് എന്നത്രെ **انفال** (അൻഫാൽ) എന്ന വാക്കിന്റെ ധാതുപരമായ സാക്ഷാൽ അർത്ഥം (ഐച്ഛികമായ സുന്നത് നമസ്ക്കാരങ്ങൾക്ക് **نفل** എന്നും **نافلة** എന്നുമൊക്കെ പറയുന്നത് അത് കൊണ്ടാകുന്നു.) **انفال** എന്ന വാക്ക് **نفل** എന്ന വാക്കിന്റെ ബഹുവചനമാകുന്നു.യുദ്ധത്തിൽ ശത്രുപക്ഷത്ത് നിന്ന് ലഭിക്കുന്ന ഗനീമത്ത് സ്വത്തുക്കൾക്കാണ് സാധാരണ നിലയിൽ **انفال** എന്ന് പറയപ്പെടുന്നത് അതാണ് ഇവിടുത്തെ വിവക്ഷ.

ബദ്ർ യുദ്ധത്തിലെ ഗനീമത്ത് സ്വത്തുക്കൾ ഭാഗിക്കുന്ന അവസരത്തിൽ യുദ്ധത്തിൽ നേരിട്ട് പങ്കെടുത്തയുവാക്കളും, പുറമെ നിന്ന് അവർക്ക് ഒത്താശകൾ ചെയ്ത് കൊടുത്തിരുന്ന വയസ്സ് ചെന്നവരും തമ്മിലുണ്ടായ അഭിപ്രായഭിന്നതകളെത്തുടർന്നാണ് ഈ സൂറത്തിന്റെ അവതരണമുണ്ടായത്. "പറയുക 'അൻഫാൽ' (യുദ്ധമുതലുകൾ) അല്ലാഹുവിനും റസൂലിനുമുള്ളതാണ്" എന്ന വചനം അവതരിച്ചതോടെ, ഗനീമത്ത് സ്വത്തിന്റെ നിയന്ത്രണവും കൈകാര്യവും, നബി(സ) തിരുമേനിക്ക് ലഭിക്കുകയും, അതനുസരിച്ച് നബി(സ) അവരുടെ അഭിപ്രായഭിന്നതകളിൽ ന്യായമായ തീരുമാനം എടുക്കുകയും ചെയ്തു.

## വിഭാഗം - 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ — بسم الله الرحمن الرحيم

**വചനം 1**

يَسْـَٔلُونَكَ عَنِ ٱلْأَنفَالِ ۖ قُلِ ٱلْأَنفَالُ لِلَّهِ وَٱلرَّسُولِ ۖ فَٱتَّقُوا۟ ٱللَّهَ وَأَصْلِحُوا۟ ذَاتَ بَيْنِكُمْ ۖ وَأَطِيعُوا۟ ٱللَّهَ وَرَسُولَهُۥٓ إِن كُنتُم مُّؤْمِنِينَ ﴿١﴾

1 (നബിയേ) അവർ നിന്നോട് 'അൻഫാലി'നെ (യുദ്ധ മുതലുകളെ)പ്പറ്റി ചോദിക്കുന്നു. പറയുക: 'അൻഫാൽ' (യുദ്ധമുതലുകൾ) അല്ലാഹുവിനും, റസൂലിനുമുള്ളതാണ്. അതിനാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, നിങ്ങളുടെ ഇടയിലുള്ളത് (സ്ഥിതിഗതി) നന്നാക്കുകയും ചെയ്യുവിൻ. നിങ്ങൾ അല്ലാഹുവിനെയും, അവൻെറ റസൂലിനെയും അനുസരിക്കുകയും ചെയ്യുവിൻ- നിങ്ങൾ സത്യവിശ്വാസികളാകുന്നുവെങ്കിൽ."

---

ശത്രുപക്ഷത്ത് നിന്ന് യുദ്ധത്തിൽ പിടിച്ചെടുക്കപ്പെട്ട സ്വത്തുക്കളു (ഗനീമത്ത്)ടെ അവകാശവും കൈകാര്യവും അല്ലാഹുവിനും റസൂലിനും ആകുന്നു. അല്ലാഹുവിന്റെ കൽപനപ്രകാരം, അത് റസൂൽ വിനിയോഗിക്കുന്നതാകുന്നു. അത് അപ്രകാരം, തന്നെ സ്വീകരിക്കുവാൻ എല്ലാ സത്യവിശ്വാസികളും ബാധ്യസ്ഥരാകുന്നു. നിങ്ങൾ പരസ്പരം ഉള്ള ഭിന്നിപ്പ് അവസാനിപ്പിച്ച് നന്നായിത്തീരുകയും ചെയ്യണം.

ഈ വചനം അവതരിച്ചതിന് ശേഷം യുദ്ധത്തിൽ പങ്കെടുത്തവർക്കും, ചില പ്രത്യേക ജോലികൾ ഏൽപിക്കപെട്ടിരുന്നതിനാൽ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്ന വ്യക്തികൾക്കും നബി(സ) ഓഹരി നൽകുകയുണ്ടായി. ഗനീമത്ത് ഏതൊക്കെ പ്രകാരത്തിലാണ് ഭാഗിക്കേണ്ടത് എന്നത് 41-ാം വചനത്തിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

**വചനം 2, 3, 4**

إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ إِذَا ذُكِرَ ٱللَّهُ وَجِلَتْ قُلُوبُهُمْ وَإِذَا تُلِيَتْ عَلَيْهِمْ ءَايَٰتُهُۥ

2 നിശ്ചയമായും സത്യവിശ്വാസികൾ യാതൊരു കൂട്ടർ മാത്രമാകുന്നു: അല്ലാഹുവിനെക്കുറിച്ചു പ്രസ്താവിക്കപ്പെട്ടാൽ (അഥവാ ഓർമ്മവന്നാൽ)

زَادَتْهُمْ إِيمَـٰنًا وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ۝٢

അവരുടെ ഹൃദയങ്ങള്‍ പേടിച്ചു (നടുങ്ങി) പോകുന്നതാണ്; അവരില്‍ അവന്‍റെ 'ആയത്തു' (ലക്ഷ്യം)കള്‍ ഓതിക്കേള്‍പ്പിക്കപ്പെട്ടാല്‍ അതവര്‍ക്ക് വിശ്വാസം വര്‍ദ്ധിപ്പിക്കുകയും ചെയ്യും; തങ്ങളുടെ റബ്ബിന്‍റെ മേല്‍ അവര്‍ ഭരമേല്‍പ്പിക്കുകയും ചെയ്യും.-

ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ وَمِمَّا رَزَقْنَـٰهُمْ يُنفِقُونَ ۝٣

3 അതായത്, നമസ്കാരം നിലനിറുത്തുകയും, നാം തങ്ങള്‍ക്കു നല്‍കിയതില്‍ നിന്ന് ചിലവഴിക്കുകയും ചെയ്യുന്നവര്‍.

أُو۟لَـٰٓئِكَ هُمُ ٱلْمُؤْمِنُونَ حَقًّا ۚ لَّهُمْ دَرَجَـٰتٌ عِندَ رَبِّهِمْ وَمَغْفِرَةٌ وَرِزْقٌ كَرِيمٌ ۝٤

4 അക്കൂട്ടര്‍ തന്നെയാണ്, യഥാര്‍ത്ഥത്തില്‍ സത്യവിശ്വാസികള്‍. അവര്‍ക്ക് തങ്ങളുടെ രക്ഷിതാവിന്‍റെ അടുക്കല്‍ പല പദവികളും പാപമോചനവും, മാന്യമായ ഉപജീവനവുമുണ്ടായിരിക്കും.

---

യഥാര്‍ത്ഥ സത്യവിശ്വാസികളുടെ അഞ്ച് ഗുണങ്ങളാണ് അല്ലാഹു ഇവിടെ എടുത്ത് പറഞ്ഞിരിക്കുന്നത്.

1. അല്ലാഹുവിനെക്കുറിച്ച് ഓര്‍മ്മ വന്നാല്‍ അവരുടെ ഹൃദയം പേടിച്ച് നടുങ്ങും: എന്ന് വച്ചാല്‍ ഹിതമല്ലാത്ത കാര്യങ്ങളിളോ പാപങ്ങളിലൊ പ്രവേശിക്കുമ്പോള്‍, അല്ലാഹുനെക്കുറിച്ചുള്ള ഓര്‍മ വരേണ്ട താമസമേയുള്ളൂ, ഭയവും നടുക്കവും അനുഭവപ്പെട്ട് അവര്‍ അതില്‍ നിന്നും പിന്മാറും(ആലു ഇംറാന്‍ : 135-ാം വചനം ശ്രദ്ധിക്കുക)

2. അല്ലാഹുവിന്റെ ആയത്തുകള്‍ - ദൃഷ്ടാന്തങ്ങളും വചനങ്ങളുമാകുന്നു. ലക്ഷ്യങ്ങള്‍ - ഓതിക്കേള്‍പിക്കപ്പെട്ടാല്‍ അതവരുടെ വിശ്വാസം വര്‍ദ്ധിപ്പിക്കും (സൂ: തൗബ 124, 125 വചനങ്ങള്‍ നോക്കുക) ദൃഷ്ടാന്തങ്ങളും സല്‍ക്കര്‍മ്മങ്ങളും സത്യവിശ്വാസത്തില്‍ വര്‍ദ്ധനവുണ്ടാക്കുമെന്നും പാപങ്ങള്‍ സത്യവിശ്വാസത്തില്‍ കുറവു വരുത്തുമെന്നും ഇമാം ബുഖാരി(റ) പ്രസ്താവിച്ചിരിക്കുന്നത് ഇത് പോലെയുള്ള വചനങ്ങളെ അടിസ്ഥാനമാക്കിയാകുന്നു.

3. തങ്ങളുടെ കാര്യങ്ങളെല്ലാം അവര്‍ അല്ലാഹുവില്‍ ഭരമേല്‍പിക്കുന്നു. അവനോടല്ലാതെ അതിന് വേണ്ടി അവര്‍ പ്രാര്‍ത്ഥിക്കുകയൊ അപേക്ഷിക്കുകയൊ ചെയ്യുകയില്ല. അവന്‍ എന്ത് നല്‍കുന്നുവോ അതില്‍ അവര്‍ സംതൃപ്തരായിരിക്കും അല്ലാഹു ഉദ്ദേശിക്കുന്നതേ ഉണ്ടാകൂ എന്നും അവന്‍ ഉദ്ദേശിക്കാത്തതൊന്നും സംഭവിക്കുകയില്ല എന്നും അവര്‍ക്ക് ദൃഢ വിശ്വാസമുണ്ടായിരിക്കും.

4. അവര്‍ നമസ്ക്കാരം നിലനിര്‍ത്തുന്നവരാകുന്നു. അല്ലാഹുവിനോട് നിര്‍വ്വഹിക്കേണ്ടുന്ന കര്‍മ്മപരമായ കടമകളില്‍ ഏറ്റവും പ്രധാനമായതാണല്ലോ നമസ്ക്കാരം. കൃത്യനിഷ്ഠയോടെയും, ഭയഭക്തിയോടെയും യഥാവിധി നമസ്ക്കരിക്കുക എന്നത്രെ നമസ്ക്കാരം നിലനിര്‍ത്തുക എന്നതിന്റെ ശരിയായ വിവക്ഷ.

5. അവര്‍ അല്ലാഹു തങ്ങള്‍ക്ക് നല്‍കിയതില്‍ നിന്നും ചിലവഴിച്ച് കൊണ്ടിരിക്കുന്നവരാകുന്നു : ദാനധര്‍മ്മങ്ങള്‍, മനുഷ്യന്‍ മറ്റ് മനുഷ്യരോട് നിര്‍വ്വഹിക്കപെടുന്ന കടമകളില്‍ പ്രധാനമായതാണല്ലോ. ധനം ചിലവഴിക്കുക എന്ന് പറഞ്ഞതില്‍ നിര്‍ബന്ധമായതും ഐഛികമായതുമായ എല്ലാ തരം ദാനധര്‍മ്മങ്ങളും ഉള്‍പെടുന്നു.

മേല്‍ പറഞ്ഞ ഗുണ ഗണങ്ങളുടെ ഏറ്റ കുറച്ചിലിനനുസരിച്ച് വ്യക്തികള്‍ക്ക് അല്ലാഹുവിങ്കല്‍ നിന്ന് ലഭിക്കുന്ന സ്ഥാനപദവികളിലും വ്യത്യാസമുണ്ടായിരിക്കും. പാപമോചനവും മാന്യമായ ഉപജീവനവും - അഥവാ സ്വര്‍ഗ്ഗീയ ജീവിതവും എല്ലാവര്‍ക്കും ലഭിക്കുകയും ചെയ്യും.

---

**വചനം 5, 6**

كَمَآ أَخْرَجَكَ رَبُّكَ مِنۢ بَيْتِكَ بِٱلْحَقِّ وَإِنَّ فَرِيقًا مِّنَ ٱلْمُؤْمِنِينَ لَكَـٰرِهُونَ ۝٥

5 (അതെ) നിന്‍റെ റബ്ബ് നിന്‍റെ വീട്ടില്‍ (വാസസ്ഥലത്തില്‍) നിന്ന് ന്യായ (മായ കാര്യ)ത്തോടെ നിന്നെ പുറപ്പെടുവിച്ചതുപോലെ (ത്തന്നെയാണ് അതും സംഭവിച്ചത്); സത്യ

വിശ്വാസികളിൽനിന്ന് ഒരു സംഘം ആളുകൾ, നിശ്ചയമായും വെറുക്കുന്നവർ തന്നെയായിരുന്നു. (എന്നിട്ടും നിന്നെ പുറപ്പെടുവിച്ചതുപോലെ.)

6 ന്യായ(മായകാര്യ)ത്തിൽ-അത് വ്യക്തമായി ത്തീർന്ന ശേഷം-അവർ നിന്നോട് തർക്കം നടത്തിയിരുന്നു; അവരെ മരണത്തിലേക്ക്, അവർ (അതു) നോക്കി (ക്കണ്ടു) കൊണ്ടിരിക്കെ, തെളിക്കപ്പെടുന്നുവെന്നതുപോലെ!

يُجَٰدِلُونَكَ فِي ٱلۡحَقِّ بَعۡدَ مَا تَبَيَّنَ كَأَنَّمَا يُسَاقُونَ إِلَى ٱلۡمَوۡتِ وَهُمۡ يَنظُرُونَ ۝٦

---

ബദ്ർ യുദ്ധത്തിലെ ഗനീമത്ത് സ്വത്തുക്കളെ സംബന്ധിച്ച് സത്യവിശ്വാസികളിൽ ഉടലെടുത്ത ഭിന്നാഭിപ്രായം പോലെ ഒരവസ്ഥ ബദ്ർ യുദ്ധത്തിലേക്കുള്ള നബി(സ)യുടെ പുറപ്പാട് സമയത്തും ഉണ്ടായത് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. മരണത്തിലേക്ക് ബലമായി പിടിച്ച് കൊണ്ട് പോകപ്പെടുന്നത് പോലെയുള്ള ഭയമായിരുന്നു സത്യവിശ്വാസികളിൽ ചിലർക്ക്. അവർ ഓരോ കാരണം പറഞ്ഞ് നബി(സ)യുമായി തർക്കം നടത്തികൊണ്ടിരിന്നു. യുദ്ധം അനിർവാര്യവും അതിൽ വിജയം സുനിശ്ചിതവുമാണെന്ന് അവർ വ്യക്തമായി മനസ്സിലാക്കിയിരുന്നിട്ടും, അവർ നബി(സ) തിരുമേനിയെ അനുസരിക്കാൻ വിമുഖത പ്രകടിപ്പിച്ചു.

ഈ വചനങ്ങളുടെയും ഈ സൂറത്തിലെ മറ്റ് ചില വചനങ്ങളുടെയും ആശയങ്ങൾ മനസ്സിലാക്കുവാൻ ബദ്ർ യുദ്ധത്തിന്റെ പശ്ചാത്തലത്തെ പറ്റി സാമാന്യം അറിയുന്നത് നന്നായിരിക്കും.

ഹിജ്റ രണ്ടാം കൊല്ലത്തിൽ ഖുറൈശി നേതാവും നബി(സ)യു ടെ പത്നി ഉമ്മു ഹബീബ(റ)യുടെ പിതാവുമായിരുന്ന അബൂസുഫ്‌യാന്റെ (മക്കാ വിജയത്തിന് ശേഷം അദ്ദേഹവും മുസ്ലീമായിത്തീർന്നു) നേതൃത്വത്തിൽ വൻ സാമ്പത്തിക സന്നാഹത്തോടെ ഒരു കച്ചവട സംഘം ശാമിലേക്ക് പുറപെട്ടു. അവരുടെ മടക്കയാത്രയിൽ അവരെ നേരിടുവാൻ നബി(സ) സഹാബികളുമായി പുറപ്പെട്ടു. 'വാഹനവും മറ്റും തയ്യാറുള്ളവർ പോന്ന് കൊള്ളട്ടെ' എന്ന് പറഞ്ഞതല്ലാതെ അധിക സമ്മർദ്ദമൊന്നും നബി(സ) ചെലുത്തിയിരുന്നില്ല. 240 അൻസാരികളും ബാക്കി മുഹാജിറുകളുമടക്കം 313 പേരായിരുന്നു ആ സംഘത്തിലുണ്ടായിരുന്നത്. വാഹനങ്ങളായി രണ്ട് കുതിരകളും ഏഴ് ഒട്ടകങ്ങളും മാത്രം.

നബി(സ)യുടെ സംഘത്തിന്റെ വിവരം മണത്തറിഞ്ഞ ഖുറൈശികൾ, മക്കയിൽ നിന്നും അബൂജഹലിന്റെ നേതൃത്വത്തിൽ ആയിരത്തോളം ഭടന്മാരും നൂറു കുതിരകളും എഴുന്നൂറ് ഒട്ടകങ്ങളുമായി അബൂസുഫ്‌യാന്റെ കച്ചവട സംഘത്തിന്റെ സഹായത്തിനായി പുറപ്പെട്ടു. അടുത്ത ദിവസം കച്ചവട സംഘം ബദ്റിൽ എത്തുമെന്ന് അറിവ് കിട്ടിയ നബി(സ) തന്റെ കൂടെയുള്ള സൈന്യത്തിലെ തലവൻമാരെ വിളിച്ച് കൂട്ടി , അവരോട്, കച്ചവട സംഘമോ, പട്ടാള സംഘമൊ രണ്ടിലൊന്ന് എനിക്ക് നൽകാമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുകയും, അവരുടെ അഭിപ്രായം ആരായുകയും ചെയ്തു. വിജയം സുനിശ്ചിതമായിട്ടും ശക്തി കുറഞ്ഞതും ധാരാളം സമ്പത്തുകളുള്ളതുമായ കച്ചവടസംഘത്തെ നേരിടാമെന്ന പലരുടെയും അഭിപ്രായം നബി(സ)യുടെ മനസ്സിനെ വേദനിപ്പിച്ചു.

ഈ അവസരത്തിൽ മിഖ്ദാദുബ്നുൽ അസുവദ്(റ) എഴുന്നേറ്റ് പറഞ്ഞു : " ഇസ്രാ ഈല്യർ മൂസാ(അ) നബിയോട് താനും തന്റെ റബ്ബും പോയി യുദ്ധം ചെയ്ത് കൊള്ളുക എന്ന് പറഞ്ഞത് പോലെ, ഞങ്ങൾ ഒരിക്കലും താങ്കളോട് പറയുകയില്ല. അങ്ങയോട് അല്ലാഹു എന്ത് കൽപിച്ചുവോ അതിലേക്ക് അങ്ങുന്ന് പോയി ക്കൊള്ളുക, യമനിന്റെ അങ്ങേ അറ്റത്തുള്ള ബറക്കുൽ ഗിമാദിലേക്ക് തന്നെ ഞങ്ങളെ വിളിച്ചാൽ ഞങ്ങൾ അങ്ങയുടെ ഒന്നിച്ച് വരുവാൻ തയാറാകുന്നു."

അൻസാരികളുടെ നേതാവായ സഅദ്ബ്നു മുആദ്(റ) എഴുന്നേറ്റ് ഇപ്രകാരം പറഞ്ഞു: "അങ്ങയോട് അല്ലാഹു കൽപിച്ചത് പ്രകാരം ചെയത് കൊള്ളുക. ഈ സമുദ്രം വിലങ്ങിൽ കടന്ന് പോകാൻ അങ്ങ് കൽപിച്ചാലും ഞങ്ങൾ അതിന് തയാറാണ്."

തിരുമേനി വളരെ സന്തോഷിക്കുകയും ഇപ്രകാരം പറയുകയും ചെയ്തു. "അല്ലാഹുവിന്റെ അനുഗ്രഹത്തോടെ നടക്കുവിൻ. ആ ജനങ്ങൾ വീണ് കിടക്കുന്ന സ്ഥാനങ്ങൾ ഞാൻ കൺമുമ്പിൽ കാണുന്നത് പോലെ തോന്നുന്നു."

ഇതിനിടെ അബുസുഫ്‌യാനും സംഘവും ചെങ്കടൽ തീരമാർഗ്ഗം രക്ഷപെട്ട് പോകുകയും, മടങ്ങി പോകുവാൻ പട്ടാള സംഘത്തിലേക്ക് സന്ദേശമയക്കുകയും ചെയ്തു. ചുരുക്കം ചിലർ അങ്ങിനെ മടങ്ങി പോയെങ്കിലും അബൂ ജഹലും ബാക്കി സൈന്യങ്ങളും ബദ്റിൽ ചെന്നിറങ്ങി; തിന്നും കുടിച്ചും മദിച്ചും, മൂന്ന് ദിവസം കഴിച്ച് കൂട്ടി - ജയഭേരി മുഴക്കിയെ മടങ്ങൂ എന്ന് നിശ്ചയിച്ച് കൊണ്ട്.

വചനം 7, 8

وَإِذْ يَعِدُكُمُ ٱللَّهُ إِحْدَى ٱلطَّآئِفَتَيْنِ أَنَّهَا لَكُمْ وَتَوَدُّونَ أَنَّ غَيْرَ ذَاتِ ٱلشَّوْكَةِ تَكُونُ لَكُمْ وَيُرِيدُ ٱللَّهُ أَن يُحِقَّ ٱلْحَقَّ بِكَلِمَٰتِهِۦ وَيَقْطَعَ دَابِرَ ٱلْكَٰفِرِينَ ﴿٧﴾

لِيُحِقَّ ٱلْحَقَّ وَيُبْطِلَ ٱلْبَٰطِلَ وَلَوْ كَرِهَ ٱلْمُجْرِمُونَ ﴿٨﴾

7 (ആ) രണ്ടിലൊരു സംഘത്തെ-അതു നിങ്ങൾക്കായിരിക്കും (നിങ്ങൾക്ക് അധീനമാകും) എന്ന്-അല്ലാഹു നിങ്ങളോടു വാഗ്ദാനം ചെയ്തിരുന്ന സന്ദർഭം (ഓർക്കുക): ശക്തി (ബലം) ഉള്ളതല്ലാത്തത് നിങ്ങൾക്ക് ആയിരിക്കണമെന്ന് നിങ്ങൾ മോഹിക്കുകയും ചെയ്തിരുന്നു. തൻെറ (കൽപനാ) വാക്യങ്ങൾ മൂലം യഥാർത്ഥത്തെ യഥാർത്ഥവൽകരിക്കുകയും, അവിശ്വാസികളുടെ മൂടറു (ത്തു നശിപ്പി) ക്കുകയും ചെയ്വാൻ അല്ലാഹുവും ഉദ്ദേശിച്ചിരുന്നു.

8 (അതെ) യഥാർത്ഥത്തെ യഥാർത്ഥമാ(ക്കി സ്ഥാപി) ക്കുകയും, അയാഥാർത്ഥ്യത്തെ അയാഥാർത്ഥീകരി(ച്ച് നശിപ്പി)ക്കുകയും ചെയ്വാൻ വേണ്ടിയത്രെ (അവൻ അങ്ങിനെ ചെയ്തത്); കുറ്റവാളികൾ വെറുത്താലും ശരി.

---

അബൂസുഫ്യാന്റെ വർത്തക സംഘം അബൂ ജഹലിന്റെ പട്ടാള സംഘം എന്നീ രണ്ടിൽ ഏതൊരു സംഘത്തെ നേരിട്ടാലും വിജയം സുനിശ്ചിതമാണെന്ന് അല്ലാഹു നബി(സ) മുഖേനവാഗ്ദാനം നൽകിയിട്ടും,ആൾ ബലവും അയുധ ശക്തിയും ഇല്ലാത്ത, വർത്തക സംഘത്തെ പരാജയപ്പെടുത്തി സമ്പത്തുക്കൾ അധീനമാക്കാമെന്നാണ് നിങ്ങൾ കരുതിയത്. എന്നാൽ സത്യമതത്തിന്റെ നിഷേധികളുടെ ശക്തിയും സ്വാധീനവും നാമാവശേഷമാക്കണം എന്നായിരുന്നു അവൻ ഉദ്ദേശിച്ചത് – അതാണവൻ നടപ്പിൽ വരുത്തിയതും.

എല്ലാവിധ സജ്ജീകരണങ്ങളുമുള്ള ഖുറൈശികളുടെ ഒരു പട്ടാള വ്യൂഹവും, കേവലം നിരായുധരും എണ്ണത്തിൽ ശത്രുക്കളുടെ ഏതാണ്ട് മൂന്നിലൊരു ഭാഗം മാത്രം വരുന്നതുമായ സത്യവിശ്വാസികളുടെ ഒരു സംഘം ആളുകളും തമ്മിലാണ് ബദ്റിൽ ഏറ്റുമുട്ടിയത്. എന്നിട്ടും അതിശക്തമായ ആ സംഘത്തിലെ നേതാക്കളായ എഴുപത് പേർ കൊല്ലപെടുകയും അത്ര തന്നെ കേമന്മാർ ബന്ധനത്തിലാക്കപെടുകയും ചെയ്തു. അങ്ങനെഅല്ലാഹു ചെയ്ത വാഗ്ദാനം അവൻ സാക്ഷാൽക്കരിച്ചു. മനുഷ്യന്റെ കണക്ക് കൂട്ടലിനോ, ആസൂത്രണത്തിനോ, അനുസരിച്ചല്ല കാര്യങ്ങൾ നടക്കുന്നത്. എല്ലാം അല്ലാഹുവിന്റെ ഉദ്ദേശ്യവും പരിപാടിയും അനുസരിച്ചാകുന്നു. ആകയാൽ അവന്റെ കൽപനകളും നിർദ്ദേശങ്ങളും മടി കൂടാതെയും ചോദ്യം ചെയ്യാതെയും അനുസരിക്കുകയാണ് സത്യ വിശ്വാസികൾ ചെയ്യേണ്ടത്.

“ഒരു കാര്യം നിങ്ങൾക്ക് വെറുപ്പായി തോന്നിയേക്കാമെങ്കിലും, അത് നിങ്ങൾക്ക് ഗുണകരമായി തീർന്നേക്കാം ; ഒരു കാര്യം നിങ്ങൾക്ക് ഇഷ്ടമായിരിക്കെ, അത് നിങ്ങൾക്ക് ദോഷകരമായി ഭവിക്കുകയും ചെയ്തേക്കാം”എന്ന് അല്ലാഹു 2:216 ൽ നമ്മെ ഓർമിപ്പിക്കുന്നു.

---

വചനം 9,10

إِذْ تَسْتَغِيثُونَ رَبَّكُمْ فَٱسْتَجَابَ لَكُمْ أَنِّى مُمِدُّكُم بِأَلْفٍ مِّنَ ٱلْمَلَٰٓئِكَةِ مُرْدِفِينَ ﴿٩﴾

وَمَا جَعَلَهُ ٱللَّهُ إِلَّا بُشْرَىٰ وَلِتَطْمَئِنَّ بِهِۦ قُلُوبُكُمْ ۚ وَمَا ٱلنَّصْرُ إِلَّا مِنْ عِندِ ٱللَّهِ ۚ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ ﴿١٠﴾

9 നിങ്ങൾ നിങ്ങളുടെ റബ്ബിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക); എന്നിട്ട് അവൻ നിങ്ങൾക്ക് ഉത്തരം നൽകി. “മലക്കുകളിൽനിന്നും തുടരെ വന്നുകൊണ്ടിരിക്കുന്ന ആയിരം പേരെക്കൊണ്ടു ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നവനാണ്” എന്ന്.

10 അതിനെ അല്ലാഹു ഒരു സന്തോഷവാർത്തയല്ലാതെ ആക്കിയിട്ടില്ല; അതു മൂലം നിങ്ങളുടെ ഹൃദയങ്ങൾ സമാധാനമടയുവാൻ വേണ്ടിയുമാകുന്നു സഹായം അല്ലാഹുവിങ്കൽ നിന്നല്ലാതെ ഇല്ല താനും. നിശ്ചയമായും അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു.

ബദ്റിൽ ശത്രുക്കളുടെ സംഖ്യാബലം കണ്ട് നബി(സ) തിരുമേനി ഖിബ്‌ലയുടെ നേരെ തിരിഞ്ഞ് ഇപ്രകാരം പറഞ്ഞു. 'അല്ലാഹുവേ' എന്നോട് ചെയ്ത വാഗ്ദാനം നീ നിറവേറ്റിത്തരേണമേ, അല്ലാഹുവെ, മുസ്ലീംകളായ ഈ സംഘം നശിപ്പിക്കപെടുന്ന പക്ഷം ഭൂമിയിൽ ഒരിക്കലും നിനക്ക് ആരാധനചെയ്യപ്പെടുക യുണ്ടാകുകയില്ല" അങ്ങനെ തിരുമേനി റബ്ബിനോട് പ്രാർത്ഥിച്ച് കൊണ്ടിരുന്നു.

അപ്പോൾ അബൂബക്കർ (റ) നബി(സ) തിരുമേനിയെ പിന്നിലൂടെ കൂട്ടിപിടിച്ച് കൊണ്ട് ഇപ്രകാരം പറഞ്ഞു. "അല്ലാഹുവിന്റെ പ്രവാചകരേ... തീർച്ചയായും അല്ലാഹു അവന്റെ വാഗ്ദാനം അങ്ങേക്ക് നിറവേറ്റി ത്തരും"

ഇതിനെപറ്റിയാണ് 9-ാം വചനം അവതരിച്ചത്.

നബിസയുടെ പ്രാർത്ഥനക്ക് ഉത്തരമായി, തുടരെ വന്ന് കൊണ്ടിരിക്കുന്ന ആയിരം മലക്കുകൾ വഴി ഞാൻ നിങ്ങളെ സഹായിക്കാമെന്ന് സത്യവിശ്വാസികളെ അല്ലാഹു അറിയിച്ചു. (സൂ: ആലു ഇംറാൻ 124, 125 വചനങ്ങളിൽ മൂവായിരം മലക്കുകളെന്നും, അയ്യായിരമെന്നും പറഞ്ഞതിനെപറ്റി അവിടെ വിശദമായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്)

ഏതായാലും മലക്കുകളെ ഇറക്കി സഹായിച്ചതിന്റെയും അതിനെക്കുറിച്ച് അവരെ അറിയിച്ചതി ന്റെയും പാഠം, സത്യവിശ്വാസികൾക്ക് യഥാർത്ഥത്തിലുള്ള സഹായവും വിജയവും ലഭിക്കുന്നത് അല്ലാഹു വിങ്കൽ നിന്ന് മാത്രമാണെന്നും, അവന്റെ സഹായവും രക്ഷയും ഇല്ലെങ്കിൽ മറ്റേത് ശക്തികൊണ്ടും സ്വാധീ നംകൊണ്ടും അത് സാധ്യമാകുന്നതല്ലെന്നും അത് കൊണ്ട് ഏത് അസന്നിഗ്ദ്ഘട്ടങ്ങളിലും അവനോട് മാത്ര മാണ് സഹായമപേക്ഷിക്കേണ്ടതെന്നുമാണ്.

## വിഭാഗം 2

**വചനം 11**

إِذْ يُغَشِّيكُمُ ٱلنُّعَاسَ أَمَنَةً مِّنْهُ وَيُنَزِّلُ عَلَيْكُم مِّنَ ٱلسَّمَآءِ مَآءً لِّيُطَهِّرَكُم بِهِۦ وَيُذْهِبَ عَنكُمْ رِجْزَ ٱلشَّيْطَٰنِ وَلِيَرْبِطَ عَلَىٰ قُلُوبِكُمْ وَيُثَبِّتَ بِهِ ٱلْأَقْدَامَ ﴿١١﴾

11 അവൻ (അല്ലാഹു) തൻെറ പക്കൽ നിന്നുള്ള നിർഭയത (അഥവാ മനഃശാന്തി)ക്കായി നിങ്ങളെ നിദ്രാമയക്കം ആവരണം ചെയ്യിച്ചിരുന്ന സന്ദർഭം (ഓർക്കുക); ആകാശത്തുനിന്ന് നിങ്ങൾക്ക് അവൻ (മഴ) വെള്ളം ഇറക്കിത്തരുകയും ചെയ്തിരുന്ന (സന്ദർഭവും); അതുമൂലം നിങ്ങളെ ശുദ്ധീകരിക്കുകയും, നിങ്ങളിൽ നിന്നു പിശാചിൻെറ മലിനത നീക്കിക്കളയുകയും ചെയ്‌വാൻ വേണ്ടി, നിങ്ങളുടെ ഹൃദയങ്ങൾക്ക് കെട്ടുറപ്പുണ്ടാക്കുകയും, അതുമൂലം കാലടികളെ ഉറപ്പിക്കുകയും ചെയ്‌വാൻ വേണ്ടിയും.

---

ബദർ യുദ്ധവേളയിൽ അല്ലാഹു സത്യവിശ്വാസികൾക്ക് നൽകിയ വേറെ രണ്ട് അനുഗ്രഹങ്ങളെക്കു റിച്ചാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നത്.

1. ഒരു നിദ്രാമയക്കം - അഥവാ ലഘുവായ ഉറക്കം -അല്ലാഹു അവർക്ക് നൽകി. അതിയായ ഭീതിയും ഭയപ്പാടും പിടിപെട്ടിരിക്കുന്ന അവസരത്തിൽ അവർക്ക് മനസ്സമാധാനം നൽകുവാനും പുതിയൊരു ഉണർവും ഉത്സാഹവും ലഭിക്കുവാനും അത് അവർക്ക് സഹായകമായിത്തീർന്നു. (ഉഹ്ദ് യുദ്ധത്തിലും ഇത്പോലെ ഒരു മയക്കം മുസ്ലീംകളിൽ പലർക്കും സംഭവിക്കുകയുണ്ടായിട്ടുണ്ട്- സൂ ആലു ഇംറാൻ 154 നോക്കുക) ആ രാത്രി പുലരുവോളം നബി തിരുമേനിയാകട്ടെ നമസ്ക്കരിച്ച് കൊണ്ടിരിക്കുകയായിരുന്നു.

2. ആകാശത്ത് നിന്ന് മഴ ഇറക്കി അല്ലാഹു അവർക്ക് വെള്ളം നൽകി. മുസ്ലീംകളുടെ അടുത്തുണ്ടാ യിരുന്ന വെള്ളത്തിന്റെ സ്രോതസ്സ് മുശ്‌രിക്കുകൾ പിടിച്ചടക്കിയിരുന്നതിനാൽ ദാഹശമനത്തിനോ, ശുദ്ധീക രണത്തിനൊ 'വുളു' കർമ്മം നിർവ്വഹിക്കുവാനോ ( 'തയമ്മും' ചെയ്യാമെന്ന നിയമം അക്കാലത്ത് അവതരി ച്ചിരുന്നില്ല ) കഴിയാതെ വിഷമിച്ചു. പിശാചാകട്ടെ, "നിങ്ങളുടെ പ്രവാചകൻ നിങ്ങളൊന്നിച്ചുണ്ടായിട്ട് പോലും വെള്ളം കിട്ടാതെ നിങ്ങൾ വിഷമിച്ച് കൊണ്ടിരിക്കുന്നു" എന്നിങ്ങനെ പലരുടെയും മനസ്സിൽ ആശയക്കു ഴപ്പം ഇളക്കി വിട്ട് കൊണ്ടിരുന്നു - ഈ അവസരത്തിലാണ് നല്ലൊരു മഴ വർഷിപ്പിച്ച് അല്ലാഹു അവരെ അനുഗ്രഹിച്ചത്. കൂടാതെ മുസ്ലീംകൾ അണിനിരന്നിരുന്ന തരിശ് മണൽ മഴ മൂലം ഉറച്ച് കട്ടിയായി, മുസ്ലീം ഭടൻമാരുടെ ചലനങ്ങൾക്ക് സഹായകമായിത്തീർന്നു; ശത്രുക്കളുടെ സ്ഥലമാകട്ടെ ചളിമയമായി അവരുടെ

പട്ടാളസംഘത്തിന് കാലുറക്കാതെ വിഷമകരമായിത്തീരുകയും ചെയ്തു.

**വചനം 12**

إِذۡ يُوحِي رَبُّكَ إِلَى ٱلۡمَلَٰٓئِكَةِ أَنِّي مَعَكُمۡ فَثَبِّتُواْ ٱلَّذِينَ ءَامَنُواْۚ سَأُلۡقِي فِي قُلُوبِ ٱلَّذِينَ كَفَرُواْ ٱلرُّعۡبَ فَٱضۡرِبُواْ فَوۡقَ ٱلۡأَعۡنَاقِ وَٱضۡرِبُواْ مِنۡهُمۡ كُلَّ بَنَانٖ ﴿١٢﴾

12 നിന്‍റെ രക്ഷിതാവ് മലക്കുകള്‍ക്ക് ബോധനം നല്‍കിയിരുന്ന സന്ദര്‍ഭം (ഓര്‍ക്കുക): (അതായത്) "ഞാന്‍ നിങ്ങളുടെ കൂടെയുണ്ട്; ആകയാല്‍, വിശ്വസിച്ചവരെ നിങ്ങള്‍ (പതറാതെ) ഉറപ്പിക്കുവിന്‍ എന്ന്;- അവിശ്വസിച്ചവരുടെ ഹൃദയങ്ങളില്‍ ഞാന്‍ ഭീതി ഇട്ടുകൊടുത്തേക്കും;- ആകയാല്‍, നിങ്ങള്‍ പിരടികള്‍ക്കു മീതെ വെട്ടുകയും, അവരില്‍ നിന്നും (അവരുടെ) വിരല്‍ തലപ്പുകളൊക്കെ വെട്ടുകയും ചെയ്തുകൊള്ളുക" (എന്നും).

ബദ്റില്‍ സത്യവിശ്വാസികള്‍ക്ക് അല്ലാഹു നല്‍കിയ മറ്റൊരു അനുഗ്രഹത്തെക്കുറിച്ചാകുന്നു (മുന്‍ വചനത്തില്‍ പ്രസ്താവിച്ച അനുഗ്രഹങ്ങളില്‍ നിന്നും വ്യത്യസ്തമായി അവര്‍ക്ക് പ്രത്യക്ഷത്തില്‍ കണ്ടറിയാന്‍ കഴിയാത്ത ഒരു അനുഗ്രഹം ) ഈ വചനത്തില്‍ പ്രസ്താവിക്കുന്നത്. മലക്കുകള്‍ക്ക് അല്ലാഹു ബോധനം നല്‍കിയതും അവര്‍ അപ്രകാരം പ്രവര്‍ത്തിക്കുന്നതും, മനുഷ്യന് കണ്ണ് കൊണ്ട് കണ്ടറിയുന്നതല്ലല്ലൊ. മലക്കുകള്‍ക്ക് അല്ലാഹു നല്‍കിയ ബോധനത്തിലടങ്ങിയ കാര്യങ്ങള്‍ ഇവയാണ്.

1. ഞാന്‍ നിങ്ങളുടെ കൂടെയുണ്ട് നിങ്ങളെ ഞാന്‍ സഹായിക്കും പരാജയം പിണയുകയില്ല.

2. നിങ്ങള്‍ സത്യവിശ്വാസികളെ പതറാതെ ഉറപ്പിച്ച് നിറുത്തണം – അവര്‍ക്ക് മനസ്സമാധാനവും ശാന്തതയും ധീരതയും ഉണ്ടാക്കിത്തീര്‍ക്കണം. (മനുഷ്യരില്‍ മലക്കുകള്‍ക്ക് പ്രവേശനമുണ്ടെന്നും അവര്‍ നല്ല കാര്യങ്ങള്‍ക്ക് പ്രേരണ നല്കുമെന്നും നബി(സ) അരുളിയിരിക്കുന്നു.) അങ്ങനെ സല്‍പ്രേരണ നല്‍കിയും വേണ്ടത് തോന്നിപ്പിച്ചും കൊണ്ടായിരിക്കണം മലക്കുകള്‍ ഈ ദൗത്യം നിര്‍വ്വഹിക്കുന്നത്. അല്ലെങ്കില്‍, മലക്കുകള്‍ മനുഷ്യരൂപത്തില്‍ പ്രത്യക്ഷപ്പെട്ട് കൊണ്ട്, അവര്‍ക്ക് ധൈര്യവും ഉപദേശവും നല്‍കിയിരുന്നെന്നുമാവാം.

ഇതാ ജിബ്രീല്‍ യുദ്ധായുധങ്ങളുമായി കുതിരയുടെ കടിഞ്ഞാണും പിടിച്ച്കൊണ്ടു വരുന്നു എന്ന് നബി(സ) ബദ്റില്‍ പറഞ്ഞതായി രേഖപെടുത്തപെട്ടിരിക്കുന്നു.

3. അവിശ്വാസികളുടെ ഹൃദയങ്ങളില്‍ ഞാന്‍ ഭീതി ഇട്ട് കൊടുക്കും – അവരുടെ ശക്തിയും പ്രതാപവുമൊന്നും അവര്‍ക്ക് ഉപകരിക്കുകയില്ല.

4. നിങ്ങള്‍ ശത്രുക്കളുടെ പിരടിക്ക് മീതെ വെട്ടുകയും (തല കൊയ്യുകയും) വിരലുകള്‍ ഉള്‍ക്കൊള്ളുന്ന കൈ കാലുകള്‍ വെട്ടി മുറിക്കുകയും ചെയ്യുക.

ആയത്തിന്റെ വാചകഘടനയില്‍ നിന്നും മറ്റും വ്യക്തമാകുന്നത്. മേല്‍ കണ്ട ഓരോ കാര്യവും മലക്കുകളോടായിരിക്കാനേ തരമുള്ളൂ. മലക്കുകളാകുന്ന നിങ്ങള്‍ – അല്ലെങ്കില്‍ നിങ്ങളും സത്യവിശ്വാസികളും ചേര്‍ന്ന് – ശത്രുക്കളെ ആക്രമിക്കണമെന്നുമായിരിക്കും അവസാനം പറഞ്ഞതിന്റെ സാരം.

എന്നാല്‍ മലക്കുകളുടെ പ്രവര്‍ത്തനരീതിയെ പറ്റിയും, ആയുധങ്ങളെ പറ്റിയുമൊക്കെ തര്‍ക്കിച്ച് കൊണ്ടിരിക്കുന്നവര്‍ മനസ്സിലാക്കേണ്ടതു മലക്കുകളും അവരുടെ പ്രവര്‍ത്തനങ്ങളും നമ്മെ സംബന്ധിച്ചേടത്തോളം അദൃശ്യ (- غيب -) ങ്ങളാണെന്നാകുന്നു. ഭൗതിക വീക്ഷണത്തിലൂടെ മാത്രം ഇത്തരം സംഭവങ്ങള്‍ വിലയിരുത്തുന്നവരെ സംബന്ധിച്ചേടത്തോളം ഇത്തരം മറുപടികളൊന്നും അവരെ തൃപ്തിപെടുത്തുകയില്ല. സൂ:മുഅ്മിന്‍ : 56 ; സൂ: തൗബ : 40 ; സൂ: അഹ്സാബു : 9 ; സൂ: ഫത്ഹ് 4, 7 ; സൂ: മുദ്ദഥിര്‍ 31 എന്നിവിടങ്ങളില്‍ അത്തരം അര്‍ദ്ധവിശ്വാസികള്‍ക്കു അല്ലാഹു മറുപടി നല്‍കുന്നു.

**വചനം 13, 14**

ذَٰلِكَ بِأَنَّهُمۡ شَآقُّواْ ٱللَّهَ وَرَسُولَهُۥۚ وَمَن

13 അത്, അവര്‍ (അവിശ്വാസികള്‍) അല്ലാഹുവിനോടും, അവന്‍റെ റസൂലിനോടും (മത്സരിച്ച്)

يُشَاقِقِ ٱللَّهَ وَرَسُولَهُۥ فَإِنَّ ٱللَّهَ شَدِيدُ ٱلْعِقَابِ ۝١٣

ചേരിപിരിഞ്ഞതുകൊണ്ടത്രെ (സംഭവിച്ചത്). അല്ലാഹുവിനോടും, അവൻെറ റസൂലിനോടും ആരെങ്കിലും (മത്സരിച്ച്) ചേരിപിരിയുന്നപക്ഷം, നിശ്ചയമായും, അല്ലാഹു കഠിനമായി ശിക്ഷാ നടപടിയെടുക്കുന്നവനാകുന്നു.

ذَٰلِكُمْ فَذُوقُوهُ وَأَنَّ لِلْكَٰفِرِينَ عَذَابَ ٱلنَّارِ ۝١٤

14 (ഹേ, അവിശ്വാസികളേ) അതാണു (കാര്യം). ആകയാൽ, അതു നിങ്ങൾ ആസ്വദിച്ചു കൊള്ളുവിൻ! (കൂടാതെ) അവിശ്വാസികൾക്ക് നരകശിക്ഷയുണ്ടെന്നും (നിങ്ങൾ അറിഞ്ഞു കൊള്ളുക)

---

ഭീതിയും പരാജയവും നൽകി അവിശ്വാസികളെ ഭീരുക്കളാക്കുവാനും, മനസ്സമാധാനവും വിജയവും നൽകി സത്യവിശ്വാസികളെ സഹായിക്കുവാനും കാരണം, അവിശ്വാസികൾ അല്ലാഹുവിനോടും റസൂലിനോടും മത്സരിച്ച് കൊണ്ടിരിക്കുന്നതിനാലാണ്. അത്തരക്കാരെ അല്ലാഹു ഇഹത്തിലും പരത്തിലും കഠിനമായി ശിക്ഷിക്കുക തന്നെ ചെയ്യും.

**വചനം 15, 16**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا لَقِيتُمُ ٱلَّذِينَ كَفَرُواْ زَحْفًا فَلَا تُوَلُّوهُمُ ٱلْأَدْبَارَ ۝١٥

15 ഹേ, വിശ്വസിച്ചവരേ, അവിശ്വസിച്ചവർ (പടയൊരുക്കം ചെയ്ത്) തിരക്കി വരുന്നതായി നിങ്ങൾ കണ്ടെത്തിയാൽ, നിങ്ങൾ അവർക്ക് പിൻപുറം തിരിക്കരുത്(അവരിൽ നിന്നു പിൻതിരിഞ്ഞു പോകരുത്).

وَمَن يُوَلِّهِمْ يَوْمَئِذٍ دُبُرَهُۥٓ إِلَّا مُتَحَرِّفًا لِّقِتَالٍ أَوْ مُتَحَيِّزًا إِلَىٰ فِئَةٍ فَقَدْ بَآءَ بِغَضَبٍ مِّنَ ٱللَّهِ وَمَأْوَىٰهُ جَهَنَّمُ ۖ وَبِئْسَ ٱلْمَصِيرُ ۝١٦

16 (അങ്ങിനെ സംഭവിക്കുന്ന) ആ ദിവസം ആരെങ്കിലും അവർക്ക് തൻെറ പിൻപുറം തിരിക്കുന്ന (പിൻതിരിഞ്ഞു പോകുന്ന) പക്ഷം, വല്ല യുദ്ധ (തന്ത്ര) ത്തിലേക്കും തിരിഞ്ഞു പോകുന്നവനായിക്കൊണ്ടോ, (സ്വകക്ഷിയിലെ) വല്ല കൂട്ടത്തിലേക്കും ചെന്നു ചേരുന്നവനായിക്കൊണ്ടോ അല്ലാതെ- തീർച്ചയായും, അവൻ അല്ലാഹുവിൽ നിന്നുള്ള കോപം (നേടി) കൊണ്ട് മടങ്ങുന്നതാണ്. അവൻെറ സങ്കേതമാകട്ടെ, 'ജഹന്നമും' (നരകവും) ആകുന്നു. (ആ) തിരിച്ചെത്തുന്ന സ്ഥാനം വളരെ ചീത്ത!

---

അവിശ്വാസികൾ യുദ്ധത്തിനൊരുങ്ങി വരുമ്പോൾ അവരോട് നേരിടുവാൻ ധൈര്യപെടാതെ ഒഴിഞ്ഞ് മാറുന്നതും, തന്ത്രപരമായ വല്ല അടവെന്ന നിലക്കല്ലാതെ യുദ്ധക്കളത്തിൽ നിന്നും പിന്തിരിഞ്ഞ് പോകുന്നതും മുസ്ലീംകളുടെ മേൽ അല്ലാഹു കർശനമായി വിരോധിക്കുന്നു. യാതൊരു കാരണവും കൂടാതെ യുദ്ധത്തിൽ നിന്നും പിന്തിരിഞ്ഞോടുന്നത് വിനാശകരമായ ഏഴ് മഹാ പാപങ്ങളുടെ കൂട്ടത്തിൽ ഒന്നായി നബി(സ) തിരുമേനി എണ്ണിയിരിക്കുന്നു. അല്ലാഹുവിന്റെ കഠിനമായ കോപത്തിനും ശിക്ഷക്കും അത്തരക്കാർ പാത്രീഭൂതരാകുമെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു.

മേൽപറഞ്ഞ നിരോധനാജ്ഞ ഒരു പൊതു നിയമമെന്ന നിലക്കാണെങ്കിലും ശത്രു സൈന്യം വളരെ അധികമുള്ളപ്പോൾ ഈ നിയമത്തിൽ ഇളവുണ്ടെന്ന് താഴെ 66 ാം വചനത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

---

**വചനം 17, 18**

فَلَمْ تَقْتُلُوهُمْ وَلَٰكِنَّ ٱللَّهَ قَتَلَهُمْ ۚ وَمَا رَمَيْتَ إِذْ رَمَيْتَ وَلَٰكِنَّ ٱللَّهَ رَمَىٰ ۚ وَلِيُبْلِىَ

17 എന്നാൽ, അവരെ (ആ കൊല്ലപ്പെട്ടവരെ) നിങ്ങൾ കൊലപ്പെടുത്തിയിട്ടില്ല; എങ്കിലും, അല്ലാഹു

ٱلْمُؤْمِنِينَ مِنْهُ بَلَآءً حَسَنًا ۚ إِنَّ ٱللَّهَ سَمِيعٌ عَلِيمٌ ﴿١٧﴾

വത്രെ അവരെ കൊലപ്പെടുത്തിയത്. നീ (അവരെ) എറിഞ്ഞപ്പോൾ, നീ എറിഞ്ഞിട്ടുമില്ല; എങ്കിലും, അല്ലാഹുവത്രെ എറിഞ്ഞത് സത്യവിശ്വാസികളെ അവങ്കൽ നിന്നും നല്ലതായ (അനുഗൃഹീതമായ) ഒരു പരീക്ഷണം അവൻ പരീക്ഷിക്കുവാൻ വേണ്ടിയുമാകുന്നു (അത്). നിശ്ചയമായും, അല്ലാഹു കേൾക്കുന്നവനും, അറിയുന്നവനുമാകുന്നു.

ذَٰلِكُمْ وَأَنَّ ٱللَّهَ مُوهِنُ كَيْدِ ٱلْكَٰفِرِينَ ﴿١٨﴾

18 അതാണ് (കാര്യം); അവിശ്വാസികളുടെ തന്ത്രത്തെ ബലഹീനമാക്കുന്നവനാണ് അല്ലാഹു എന്നുള്ളതും.

---

ശത്രു സൈന്യത്തെ ദയനീയമായി പരാജയപെടുത്തുവാൻ മുസ്ലീംകൾക്ക് സാധിതമായത് അല്ലാഹുവിന്റെ സഹായം ഒന്ന് കൊണ്ട് മാത്രമാണ്. ഇതെക്കുറിച്ച് സത്യവിശ്വാസികളെ അഭിമുഖീകരിച്ച് കൊണ്ട് അല്ലാഹു തുടർന്ന് പറയുന്നു: "അത്രയും പേരെ കൊന്നൊടുക്കിയത് ബാഹ്യത്തിൽ നിങ്ങളുടെ കൈക്കാണ് സംഭവിച്ചതെങ്കിലും യഥാർത്ഥത്തിൽ അത് അല്ലാഹുവിന്റെ പ്രവൃത്തിയാകുന്നു". (സൂ: തൌബ 14 നോക്കുക) തുടർന്ന് നബി (സ)യെ അഭിമുഖീകരിച്ച് കൊണ്ട് മറ്റൊരു സംഭവത്തിന്റെ സ്ഥിതിയും ഇത്പോലെ തന്നെ എന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു:

ബദ്റിന്റെ ദിവസം റസൂൽ (സ) കൈ ഉയർത്തിപിടിച്ച് കൊണ്ട് അല്ലാഹുവിനോട് ഇപ്രകാരം പറഞ്ഞു. "എന്റെ റബ്ബെ , സത്യവിശ്വാസികളുടെ ഈ സംഘം നശിപ്പിക്കപെടുന്ന പക്ഷം ഭൂമിയിൽ ഒരിക്കലും നിനക്ക് ആരാധനചെയ്യപെടുകയില്ല"

അപ്പോൾ ജിബ്രീൽ(അ)ന്റെ നിർദ്ദേശപ്രകാരം തിരുമേനി ഒരു പിടി മണ്ണെടുത്ത് ശാഹത്തുൽ വുജൂഹ് (ആ മുഖങ്ങൾ ചീത്തപെടട്ടെ) എന്ന് പറഞ്ഞു കൊണ്ട് ശത്രുക്കളടെ മുഖത്തേക്ക് എറിഞ്ഞു. മുശ്രിക്കുകളിൽ ഓരോരുത്തരുടെയും കണ്ണിലും മൂക്കിലും അതിൽ നിന്നും പതിച്ചു.

"നീ എറിഞ്ഞപ്പോൾ നീ എറിഞ്ഞിട്ടില്ല" എന്ന് അല്ലാഹു പറഞ്ഞതിന്റെ സാരം , "നബിയെ, ഒരു പിടി മണ്ണെടുത്ത് എറിഞ്ഞത് തന്റെ കൈകൊണ്ടാണെങ്കിലും, അതിനെതുടർന്ന് ആ വലിയ ശത്രു സംഘത്തിന്, പരാജയ മനസ്ഥിതിയും വീര്യക്ഷയവും സാധിച്ചത് അല്ലാഹു ഉദ്ദേശിച്ചതിനാലാകുന്നു. " അപ്പോൾ എറിഞ്ഞത് പ്രത്യക്ഷത്തിൽ നബി(സ) തിരുമേനിയാണെങ്കിലും, യഥാർത്ഥത്തിൽ അത് അല്ലാഹുവിന്റെ പ്രവർത്തിയാകുന്നു." ഹുനൈൻ യുദ്ധത്തിലും ഏതാണ്ടിതുപോലെ ഒരു സംഭവമുണ്ടായിട്ടുണ്ട്.

ഇങ്ങനെയൊക്കെ അല്ലാഹു ചെയ്യുന്നത് സത്യവിശ്വാസികൾക്ക് അല്ലാഹുവിങ്കൽ നിന്നുള്ള വമ്പിച്ച അനുഗ്രഹങ്ങൾ സിദ്ധിക്കുമാറുള്ള ചില പരീക്ഷണങ്ങൾ നൽകി അവരെ പരിശീലിപ്പിക്കുവാനും കൂടിയാകുന്നു. അവിശ്വാസികളുടെ ഗൂഢതന്ത്രങ്ങളെ അവൻ ദുർബ്ബലമാക്കി പരാജയപെടുത്തുകയും ചെയ്യും.

---

**വചനം 19**

إِن تَسْتَفْتِحُوا۟ فَقَدْ جَآءَكُمُ ٱلْفَتْحُ ۖ وَإِن تَنتَهُوا۟ فَهُوَ خَيْرٌ لَّكُمْ ۖ وَإِن تَعُودُوا۟ نَعُدْ وَلَن تُغْنِىَ عَنكُمْ فِئَتُكُمْ شَيْـًٔا وَلَوْ كَثُرَتْ وَأَنَّ ٱللَّهَ مَعَ ٱلْمُؤْمِنِينَ ﴿١٩﴾

19 (അവിശ്വാസികളേ) നിങ്ങൾ തുറവി (തീരുമാനം) തേടുന്നുവെങ്കിൽ, നിങ്ങൾക്ക് (ഇതാ) തുറവി വന്നു കഴിഞ്ഞിരിക്കുന്നു. നിങ്ങൾ വിരമിക്കുന്നുവെങ്കിൽ, അത് നിങ്ങൾക്ക് ഉത്തമവുമാകുന്നു. നിങ്ങൾ ആവർത്തിക്കുന്നുവെങ്കിലോ, നാമും ആവർത്തിക്കുന്നതാണ്. നിങ്ങളുടെ (ആൾ) കൂട്ടം-അത് അധികമായിരുന്നാലും ശരി-നിങ്ങൾക്ക് ഒട്ടും ഉപകരിക്കുകയേ ഇല്ല; അല്ലാഹു സത്യവിശ്വാസികളുടെ കൂടെയാണെന്നുള്ളതുമാണു(കാര്യം).

യുദ്ധത്തിന് പോകുമ്പോൾ ഖുറൈശികൾ കഅ്ബയുടെ കില്ല പിടിച്ച് കൊണ്ട് "അല്ലാഹുവെ ഈ രണ്ട് സൈന്യങ്ങളിൽ കൂടുതൽ ഉന്നതവും മാന്യവും നേർവഴിക്ക് ഉള്ളതും ഏതാണോ അതിനെ സഹായിക്കണമെ" എന്നും അബൂ ജഹൽ "ഞങ്ങളിൽ, കൂടുതൽ കുടുംബബന്ധം മുറിക്കുന്നതും പുതിയ മതം അംഗീകരിക്കുന്നതുമായ കൂട്ടരെ പരാജയപെടുത്തണമെ " എന്നും പ്രാർത്ഥിച്ചതായി രിവായത്തുകളിൽ വന്നിരിക്കുന്നു.

ഇതെക്കുറിച്ച് പരിഹാസരൂപത്തിൽ അല്ലാഹു അവരോട് പറയുകയാണ് – ഇതാ ബദർ യുദ്ധം വഴി നിങ്ങൾക്കിടയിൽ ഇതാ ഒരു തീരുമാനമുണ്ടായിരിക്കുന്നു. ഇനിയെങ്കിലും നിങ്ങളുടെ ധിക്കാരത്തിൽ നിന്നും ശത്രുതയിൽ നിന്നും വിരമിക്കുക;ഇല്ലെങ്കിൽ ഇത് പോലെയുള്ള അനുഭവങ്ങൾ വീണ്ടും നിങ്ങൾ നേരിടേണ്ടി വരും. അല്ലാഹു എല്ലായ്പോഴും സത്യവിശ്വാസികളുടെ ഭാഗത്തായിരിക്കും നിങ്ങളുടെ സംഘബലം നിങ്ങൾക്ക് ഉപകരിക്കുവാൻ പോകുന്നില്ലെന്ന്, ഓർത്ത് കൊള്ളുവിൻ.

## വിഭാഗം 3

**വചനം 20, 21**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَطِيعُواْ ٱللَّهَ وَرَسُولَهُۥ وَلَا تَوَلَّوْاْ عَنْهُ وَأَنتُمْ تَسْمَعُونَ ﴿٢٠﴾
وَلَا تَكُونُواْ كَٱلَّذِينَ قَالُواْ سَمِعْنَا وَهُمْ لَا يَسْمَعُونَ ﴿٢١﴾

20 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെയും, അവൻെറ റസൂലിനെയും അനുസരിക്കുവിൻ; നിങ്ങൾ (ദിവ്യസന്ദേശങ്ങൾ) കേട്ടു (മനസ്സിലാക്കി) കൊണ്ടിരിക്കെ, അദ്ദേഹത്തെ വിട്ടു തിരിഞ്ഞുകളയുകയും ചെയ്യരുത്.
21 "ഞങ്ങൾ കേട്ടു" എന്നു പറയുകയും, (യഥാർത്ഥത്തിൽ) തങ്ങൾ കേൾക്കാതിരിക്കുകയും ചെയ്തവരെപ്പോലെ നിങ്ങൾ ആയിത്തീരുകയും ചെയ്യരുത്.

---

അവിശ്വാസികളെയും കപടവിശ്വാസികളെയും പോലെ കാത് കൊണ്ട് കേൾക്കുകയും നാവ്കൊണ്ട് കേട്ടുവെന്ന് പറയുകയും ചെയ്യുക, അതേ സമയം കേൾപ്പിക്കപെടുന്ന സന്ദേശങ്ങളെ വേണ്ടത് പോലെ ഗ്രഹിക്കുകയൊ, അവയെ പറ്റി ചിന്തിക്കുകയൊ അവ അനുസരിക്കുകയൊ ചെയ്യാതെയും ഇരിക്കുക – ഈ സ്വാഭാവം സത്യവിശ്വാസികളായ നിങ്ങളിൽ ഉണ്ടാ കരുത് എന്ന് അല്ലാഹു ഓർമ്മപെടുത്തുന്നു.

**വചനം 22, 23**

۞ إِنَّ شَرَّ ٱلدَّوَآبِّ عِندَ ٱللَّهِ ٱلصُّمُّ ٱلْبُكْمُ ٱلَّذِينَ لَا يَعْقِلُونَ ﴿٢٢﴾
وَلَوْ عَلِمَ ٱللَّهُ فِيهِمْ خَيْرًا لَّأَسْمَعَهُمْ ۖ وَلَوْ أَسْمَعَهُمْ لَتَوَلَّواْ وَّهُم مُّعْرِضُونَ ﴿٢٣﴾

22 നിശ്ചയമായും, അല്ലാഹുവിൻെറ അടുക്കൽ ജന്തുക്കളിൽ വെച്ചു മോശപ്പെട്ടവർ, ബുദ്ധി കൊടു(ത്തു മനസ്സിലാ)ക്കാത്തവരായ, ഊമകളായ, ബധിരൻമാരാകുന്നു.
23 അവരിൽ വല്ല നൻമയും (ഉള്ളതായി) അല്ലാഹു അറിഞ്ഞിരുന്നെങ്കിൽ, അവൻ അവരെ കേൾപ്പിക്കുകതന്നെ ചെയ്യുമായിരുന്നു. (ഇനി) അവൻ അവരെ കേൾപ്പിച്ചിരുന്നാൽ തന്നെയും അവർ അവഗണിക്കുന്നവരായും കൊണ്ടു തിരിഞ്ഞുകളയുന്നതാണ്.

---

തങ്ങളുടെ ദുർനടപ്പുകളൊന്നും ഉപേക്ഷിക്കാതെ, അതിനനുകൂലമല്ലാത്ത ഉപദേശങ്ങൾ സ്വീകരിക്കാതെ, ശഠിച്ച് നിൽക്കുന്ന ആളുകൾക്ക് സദുപദേശങ്ങൾ ഫലം ചെയ്യുകയില്ലല്ലൊ. അതവർ കേൾക്കുകയില്ല, ഗ്രഹിക്കുകയുമില്ല, കേട്ടാൽ പോലും മനസ്സിലേക്കത് പ്രവേശിക്കുകയുമില്ല. വിവേക ബുദ്ധിശക്തി നൽകപെട്ടിട്ടില്ലാത്ത മനുഷ്യേതര ജീവികളേക്കാൾ മോശപെട്ടവരത്രെ അക്കൂട്ടർ.

**വചനം 24**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱسْتَجِيبُواْ لِلَّهِ وَلِلرَّسُولِ

24 ഹേ, വിശ്വസിച്ചവരേ, അല്ലാഹുവിനും, റസൂലിനും നിങ്ങൾ ഉത്തരം നൽകുവിൻ,

إِذَا دَعَاكُمْ لِمَا يُحْيِيكُمْ ۖ وَٱعْلَمُوٓا۟ أَنَّ ٱللَّهَ يَحُولُ بَيْنَ ٱلْمَرْءِ وَقَلْبِهِۦ وَأَنَّهُۥٓ إِلَيْهِ تُحْشَرُونَ ﴿٢٤﴾

നിങ്ങളെ ജീവിപ്പിക്കുന്ന (നിങ്ങള്‍ക്ക് ജീവസ്സുണ്ടാക്കുന്ന) കാര്യത്തിലേക്ക് അദ്ദേഹം നിങ്ങളെ ക്ഷണിക്കുമ്പോള്‍. മനുഷ്യന്‍റെയും, അവന്‍റെ ഹൃദയത്തിന്‍റെയും ഇടയില്‍ അല്ലാഹു മറയിടുമെന്ന് (തടസ്സപ്പെടുത്തുമെന്ന്) നിങ്ങള്‍ (അറിഞ്ഞുകൊള്ളുവിന്‍); അവങ്കലേക്ക് നിങ്ങള്‍ ഒരുമിച്ചു കൂട്ടപ്പെടുമെന്നും (അറിഞ്ഞുകൊള്ളുവിന്‍).

---

സത്യവിശ്വാസികള്‍ പ്രത്യേകം മനസ്സിരുത്തേണ്ട ഗൗരവപ്പെട്ട ചില കാര്യങ്ങള്‍ അല്ലാഹു ഓര്‍മ്മിപ്പിക്കുന്നു :

1. നിങ്ങള്‍ക്ക് ജീവസ്സും ആത്മീയ ചൈതന്യവും നല്‍കുന്ന കാര്യത്തിലേക്ക് നിങ്ങളെ റസൂല്‍ ക്ഷണിക്കുമ്പോള്‍ നിങ്ങള്‍ അക്കാര്യം അനുഷ്ഠാനത്തില്‍ വരുത്തിക്കൊണ്ട് ആ ക്ഷണം സ്വീകരിക്കണം - അത് അല്ലാഹുവിനും റസൂലിനും ഉത്തരം നല്‍കല്‍ ആകുന്നു.

“റസൂലിനെആര്‍ അനുസരിച്ചുവൊ അവന്‍ അല്ലാഹുവിനെഅനുസരിച്ചു ” (4: 80 )

“ജീവസ്സ് നല്‍കുക ” എന്നത് കൊണ്ട് ഉദ്ദേശ്യം പരലോക നന്മക്ക് വേണ്ടിയുള്ള ആത്മീയ പുരോഗതിയും മാനസികാഭിവൃദ്ധിയും നല്‍കുക എന്നത്രെ. (സൂ : 8: 67 ലും സൂ : 29: 64 ലും ഇക്കാര്യം അല്ലാഹു എടുത്ത് പറയുന്നുണ്ട് ) മനുഷ്യന്‍റെ നന്മക്ക് വേണ്ടിയുള്ള ഏത് കാര്യത്തിലേക്കും റസൂല്‍ (സ) ക്ഷണിച്ചാല്‍ ആയത് സ്വീകരിക്കുകയെന്നത് തിരുമേനിയുടെ കാലത്തുള്ളവര്‍ക്കും, പിന്നീടുള്ളവര്‍ക്കും ബാധകമാകുന്നു.

2. മനുഷ്യന്‍റെയും അവന്‍റെ ഹൃദയത്തിന്‍റെയും ഇടയില്‍ അല്ലാഹു മറയിടും- തടസ്സം ഏര്‍പെടുത്തും- എന്ന് നിങ്ങള്‍ അറിഞ്ഞിരിക്കണം. മനുഷ്യ മനസ്സിന് യാതൊരു സ്ഥിരതയുമില്ല; പരസ്പര വിരുദ്ധമായ മാറ്റങ്ങള്‍ക്കും ആശയങ്ങള്‍ക്കും അത് വിധേയമായിക്കൊണ്ടിരിക്കും. അങ്ങനെ നല്ലവന്‍ ചീത്തയാകുന്നു;ചീത്തപെട്ടവന്‍ നല്ലവനായി മാറുന്നു. സന്മാര്‍ഗ്ഗ നിഷ്ഠയുള്ള ഒരാള്‍ തോന്നിയ വാസിയായി മാറുന്നു. പലപ്പോഴും മറിച്ചും സംഭവിക്കുന്നു. ചുരുക്കത്തില്‍ മനുഷ്യ ഹൃദയം അല്ലാഹുവിന്‍റെ നിയന്ത്രണത്തിലാണുള്ളത്. അതില്‍ വരുന്ന മാറ്റങ്ങള്‍, എപ്പോള്‍ എങ്ങനെ എന്തെല്ലാം മാറ്റങ്ങള്‍ എന്നൊക്കെ അറിയുന്നവനും നിശ്ചയിക്കുന്നവനും അവന്‍ തന്നെ. മനുഷ്യന്‍ അതില്‍ സ്വതന്ത്രനല്ല.

അതുകൊണ്ട് ആരും തന്നെ തന്‍റെ സന്മാര്‍ഗ്ഗത്തെയും സത്യനിഷ്ഠയെയും കുറിച്ച് അഹങ്കരിച്ച് കൊണ്ട് താന്‍ വഴി പിഴച്ച് പോകുകയില്ലെന്ന് സ്വയം ധരിച്ചവരായിക്കൂടാ , നബി(സ) പോലും ധാരാളമായി ഇപ്രകാരം പ്രര്‍ത്ഥിക്കാറുണ്ടായിരുന്നു “ഹൃദയങ്ങളെ മാറ്റം വരുത്തുന്ന റബ്ബെ, എന്‍റെ ഹൃദയത്തെ നിന്‍റെ മതത്തില്‍ നീ ഉറപ്പിച്ച് നിറുത്തേണമെ.”

റസൂല്‍ തിരുമേനി സഹാബികളോട് ഇപ്രകാരം വിശദീകരിക്കാറുണ്ടായിരുന്നു: “ഹൃദയങ്ങള്‍ അല്ലാഹുവിന്‍റെ രണ്ട് വിരലുകള്‍ക്കിടയിലാണ്. അവന്‍ അവയെ തിരിച്ച് മറിക്കുന്നു. അവന്‍ ഉദ്ദേശിച്ചാല്‍ അവന്‍ അതിനെ നേരെ ചൊവ്വെ നിറുത്തുകയും ചെയ്യുന്നു”

അതേ പോലെ തന്നെ, താന്‍ പാപിയും ദുര്‍മ്മാര്‍ഗ്ഗിയുമാണെന്ന് കരുതി. തനിക്ക് ഇനി രക്ഷയും മോചനവുമില്ലെന്ന് ചിന്തിച്ച് ആരും നിരാശനാകുകയും ചെയ്ത് കൂടാ. തന്‍റെ സ്ഥിതിഗതികളില്‍ മാറ്റം വരുത്താന്‍ ശ്രമിക്കുന്നതോടൊപ്പം, തനിക്ക് സന്മാര്‍ഗ്ഗം പ്രദാനം ചെയ്യാന്‍, അവന്‍ അല്ലാഹുവിനോട് പ്രാര്‍ത്ഥിച്ച് കൊണ്ടേയിരിക്കണം.

സൂ :ആലു ഇംറാന്‍ 8-ാം വചനത്തില്‍ അല്ലാഹു പഠിപ്പിച്ച് തന്ന പ്രാര്‍ത്ഥന നാം എപ്പോഴും ഓര്‍ത്തിരിക്കേണ്ടതാകുന്നു : “ഞങ്ങളുടെ റബ്ബേ ഞങ്ങളെ നീ സന്മാര്‍ഗ്ഗത്തിലാക്കി തന്ന ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ നീ തെറ്റിക്കരുതേ. നിന്‍റെ പക്കല്‍ നിന്നും നീ ഞങ്ങള്‍ക്ക് കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചയമായും നിയത്രെ വളരെ പ്രദാനം ചെയ്യുന്നവന്‍ ”.

3. നിങ്ങള്‍ അല്ലാഹുവിങ്കലേക്ക് ഒരുമിച്ച് കൂട്ടപെടുന്നതാണെന്നും നിങ്ങള്‍ അറിഞ്ഞിരിക്കണം- അല്ലാഹുവിന്‍റെ മുമ്പില്‍ എല്ലാ ചെയ്തികള്‍ക്കും ഉത്തരം പറയേണ്ടി വരുമെന്ന ബോധം ആര്‍ക്കുണ്ടോ, അവര്‍ അല്ലാഹുവിന്‍റെയും റസൂലിന്‍റെയും നിയമ നിര്‍ദ്ദേശങ്ങള്‍ അനുസരിക്കാതെയിരിക്കുകയില്ല.

**വചനം 25**

وَٱتَّقُواْ فِتۡنَةٗ لَّا تُصِيبَنَّ ٱلَّذِينَ ظَلَمُواْ مِنكُمۡ خَآصَّةٗۖ وَٱعۡلَمُوٓاْ أَنَّ ٱللَّهَ شَدِيدُ ٱلۡعِقَابِ ٢٥

25 നിങ്ങളിൽനിന്ന് അക്രമം പ്രവർത്തിച്ചവരെ മാത്രമായി ബാധിക്കാത്ത ഒരു (തരം) പരീക്ഷണത്തെ (അഥവാ കുഴപ്പത്തെ) നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ. അല്ലാഹു ശിക്ഷാ നടപടി കഠിനമായുള്ളവനാണെന്ന് അറിയുകയും ചെയ്യുവിൻ.

ഒരു ജനതയിലെ പ്രധാനികൾ ദുർമാർഗ്ഗത്തിൽ മുഴുകുമ്പോൾ ആ ജനത അല്ലാഹുവിങ്കൽ നിന്നുള്ള പരീക്ഷണങ്ങൾക്ക് വിധേയരാകുന്നു. ഈ അവസരത്തിൽ സമൂഹത്തിലെ നിരപരാധികളും ആ ശിക്ഷണ പരീക്ഷണങ്ങൾക്ക് വിധേയരായേക്കും. അതിനാൽ, സമൂഹത്തിലെ അത്തരം അക്രമകാരികളെ തടയുവാൻ എല്ലാവരും ശ്രമിക്കേണ്ടതുണ്ട്. ഇല്ലാത്ത പക്ഷം അപത്ത് വരുമ്പോൾ അത് കൂട്ടത്തോടെ ബാധിച്ചേക്കുമെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു.

ഈ ആശയത്തിലേക്ക് വെളിച്ചം നൽകുന്ന ഏതാനും നബി വചനങ്ങൾ ശ്രദ്ധിക്കാം :

“നിങ്ങൾ സദാചാരം കൊണ്ട് കൽപിക്കുകയും ദുരാചാരത്തെക്കുറിച്ച് വിരോധിക്കുകയും ചെയ്യാത്ത പക്ഷം അല്ലാഹുവിൽ നിന്നുള്ള ശിക്ഷ നിങ്ങളിൽ നിയോഗിക്കുന്നതാണ്. പിന്നെയുള്ള നിങ്ങളുടെ പ്രാർത്ഥനക്ക് അവൻ ഉത്തരം നൽകുന്നതല്ല. ”

“എന്റെ സമുദായത്തിന്റെ അനുസരണക്കേട് പ്രത്യക്ഷ (പരസ്യ)മായിത്തീർന്നാൽ അല്ലാഹു അവന്റെ ശിക്ഷ അവരിൽ പൊതുവായി അയക്കുന്നതാണ്. അവരിൽ സജ്ജനങ്ങളായ ആളുകൾക്കും അത് ബാധിക്കുന്നതാണ്. അവർ പിന്നീട് അല്ലാഹുവിന്റെ പാപമോചനത്തിലേക്കും പ്രീതിയിലേക്കും ചെന്ന് ചേരുന്നതാണ് .”

**വചനം 26**

وَٱذۡكُرُوٓاْ إِذۡ أَنتُمۡ قَلِيلٞ مُّسۡتَضۡعَفُونَ فِي ٱلۡأَرۡضِ تَخَافُونَ أَن يَتَخَطَّفَكُمُ ٱلنَّاسُ فَـَٔاوَىٰكُمۡ وَأَيَّدَكُم بِنَصۡرِهِۦ وَرَزَقَكُم مِّنَ ٱلطَّيِّبَٰتِ لَعَلَّكُمۡ تَشۡكُرُونَ ٢٦

26 നിങ്ങൾ ഭൂമിയിൽ ബലഹീനരായി ഗണിക്കപ്പെട്ട തുച്ഛം ആളുകളായിരുന്ന സന്ദർഭം നിങ്ങൾ ഓർക്കുകയും ചെയ്യുക. മനുഷ്യർ നിങ്ങളെ റാഞ്ചിക്കൊണ്ടുപോകുമെന്ന് നിങ്ങൾ ഭയപ്പെട്ടിരുന്നു; എന്നിട്ട് അവൻ നിങ്ങൾക്ക് ആശ്രയം നൽകുകയും, തൻെറ സഹായംകൊണ്ടു നിങ്ങളെ ബലപ്പെടുത്തുകയും ചെയ്തു; നല്ല (വിശിഷ്ട) വസ്തുക്കളിൽനിന്ന് നിങ്ങൾക്ക് അവൻ ഉപജീവനം നൽകുകയും ചെയ്തു; നിങ്ങൾ നന്ദി കാണിക്കുവാൻവേണ്ടി.

ആദ്യം മക്കയിൽ മർദ്ദിതരും ദുർബ്ബലരുമായ ഒരു ന്യൂനപക്ഷമായി കുറെ കാലം കഴിഞ്ഞ് കൂടിയ ശേഷം മദീനയിൽ അൻസാറുകൾ സത്യവിശ്വാസികൾക്ക് അഭയം നൽകുകയും സ്വതന്ത്രവും സമാധാനപൂർണ്ണവുമായ ജീവിതം സാധിതമാക്കുകയും ചെയ്ത അനുഗ്രഹത്തെ ഓർമിപ്പിക്കുകയാണ് ഈ വചനത്തിൽ അല്ലാഹു.

**വചനം 27, 28**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَخُونُواْ ٱللَّهَ وَٱلرَّسُولَ وَتَخُونُوٓاْ أَمَٰنَٰتِكُمۡ وَأَنتُمۡ تَعۡلَمُونَ ٢٧

27 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെയും, റസൂലിനെയും വഞ്ചിക്കരുത്; നിങ്ങളുടെ ‘അമാനത്ത്’ (നിങ്ങളിൽ വിശ്വസിച്ചേൽപിക്കപ്പെട്ട കാര്യം) കളെ വഞ്ചിക്കുകയും (അരുത്); നിങ്ങൾ അറിഞ്ഞുകൊണ്ടിരിക്കെ.

وَٱعۡلَمُوٓاْ أَنَّمَآ أَمۡوَٰلُكُمۡ وَأَوۡلَٰدُكُمۡ فِتۡنَةٞ وَأَنَّ ٱللَّهَ عِندَهُۥٓ أَجۡرٌ عَظِيمٞ ٢٨

28 നിങ്ങൾ അറിയുകയും ചെയ്യുവിൻ: നിങ്ങളുടെ സ്വത്തുക്കളും, നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണം തന്നെയാണെന്ന്; അല്ലാഹുവിൻെറ അടുക്കൽ വമ്പിച്ചതായ പ്രതിഫലമുണ്ടെന്നും.

---

ഈ വചനങ്ങളുടെ അവതരണ ഹേതുവായി ഒന്നിലധികം സംഭവങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. സംഭവം ഏതായിരുന്നാലും ശരി ഈ വചനത്തിലെ കൽപനഎല്ലാവർക്കും ബാധകമാണെന്നുള്ളതിൽ സംശയമൊ അഭിപ്രായ വ്യത്യാസമൊ ഇല്ല.

അല്ലാഹുവിന്റെയും റസൂലിന്റെയും കല്പനാ നിർദ്ദേശങ്ങളെ ലംഘിക്കുന്ന എല്ലാ പ്രവർത്തികളും വഞ്ചനതന്നെ; എന്നാൽ അത് രഹസ്യമായൊ ഉപായ രൂപത്തിലൊ ആകുമ്പോൾ കടുത്ത വഞ്ചന ആയി ത്തീരുന്നു. അല്ലാഹുവിന്റെയും റസൂലിന്റെയും ഭാഗത്ത് നിന്നോ മനുഷ്യരുടെ ഭാഗത്ത് നിന്നോ വിശ്വാസ പൂർവ്വം ബാധ്യത ഏൽപിക്കപ്പെട്ട എല്ലാ തരം കാര്യങ്ങളിലും നടത്തപെടുന്ന കൃത്രിമങ്ങൾ 'അമാനത്ത്' കളെ വഞ്ചിക്കലാകുന്നു. അല്ലാഹുവിന്റെയും റസൂലിന്റെയും വചനങ്ങളെ ദുർവ്യാഖ്യാനം ചെയ്യുക, യഥാർത്ഥ മതവിധി നൽകാതെ അവസരത്തിനൊത്ത് ഫത്വ കൊടുക്കുക, സക്കാത്തിൽ നിന്നും ഒഴിവാകാൻ സമ്പത്ത് കൃത്രിമ കൈമാറ്റം നടത്തുക, അന്യരുടെ സ്വത്തുക്കൾ സൂക്ഷ്മത കൂടാതെ കൈകാര്യം ചെയ്യുക, മറ്റുള്ളവ രുടെ രഹസ്യങ്ങൾ പുറത്തറിയിക്കുക, മുസ്ലീംകളുടെ രഹസ്യം അവരുടെ ശത്രുക്കളെ അറിയിക്കുക എന്നി ങ്ങനെഅനേകം കാര്യങ്ങൾ ഈ ഇനത്തിൽ പെടുന്നു.

അല്ലാഹു മനുഷ്യന് നൽകിയ വമ്പിച്ച രണ്ട് അനുഗ്രഹങ്ങളാകുന്നു സ്വത്തും സന്താനങ്ങളും. യഥാ വിധി പാലിക്കുകയും ഗൗനിക്കുകയും ചെയ്താൽ ഇഹത്തിൽ മാത്രമല്ല പരത്തിലും അവ രണ്ടും അങ്ങേ യറ്റം പ്രയോജനമായിരിക്കും. അതേ സമയം മനുഷ്യൻ ചെയ്യുന്ന അക്രമങ്ങളിലും പാപങ്ങളിലും വലിയൊരു പങ്ക് സ്വന്തം മക്കൾ കാരണമായൊ, സ്വത്തുക്കൾ കാരണമായോ ആയിരിക്കുമെന്നത് സത്യമാണ് താനും. രണ്ടിനോടും മനുഷ്യനുള്ള പ്രേമമാകട്ടെ ജന്മ സിദ്ധവുമാകുന്നു. അങ്ങനെ അശ്രദ്ധയോടെ രണ്ടും കൈകാര്യം ചെയ്യുന്ന പക്ഷം അവൻ അല്ലാഹവിങ്കൽ ശിക്ഷാർഹനായിത്തീരുകയും ചെയ്യും. എന്നാൽ അവ നൻമ ക്കുള്ള മാർഗ്ഗങ്ങളായിരിക്കുവാൻ ഒരാൾ ശ്രദ്ധിച്ചാൽ, അവ ഇഹത്തിലും പരത്തിലും അവന് അങ്ങേയറ്റം അനുഗ്രഹമായിത്തീരുകയും ചെയ്യും. അത് കൊണ്ടാണ് സത്യവിശ്വാസികളെ അല്ലാഹു ഇപ്രകാരം ഓർമ്മിപ്പി ക്കുന്നത് "നിങ്ങളുടെ സ്വത്തും സന്താനങ്ങളും ഒരു പരീക്ഷണം തന്നെയാണെന്ന് നിങ്ങൾ അറിഞ്ഞിരി ക്കണം".

സൂ: മുനാഫിഖീനിൽ (63:9) അല്ലാഹു പറയുന്നു. "വിശ്വസിച്ചവരെ, നിങ്ങളുടെ സ്വത്തുക്കളാകട്ടെ, സന്താനങ്ങളാകട്ടെ അല്ലാഹുവിന്റെ സ്മരണയിൽ നിന്ന് നിങ്ങളെ അശ്രദ്ധയിലാക്കരുത്. അങ്ങനെആരെ ങ്കിലും ചെയ്യുന്ന പക്ഷം, അവരത്രെ നഷ്ടക്കാർ ."

## വിഭാഗം 4

**വചനം 29**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِن تَتَّقُواْ ٱللَّهَ يَجۡعَل لَّكُمۡ فُرۡقَانٗا وَيُكَفِّرۡ عَنكُمۡ سَيِّـَٔاتِكُمۡ وَيَغۡفِرۡ لَكُمۡۗ وَٱللَّهُ ذُو ٱلۡفَضۡلِ ٱلۡعَظِيمِ ٢٩

29 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുന്നപക്ഷം, അവൻ നിങ്ങൾക്ക് (സത്യാസത്യ)വിവേചനം ഏർപ്പെടുത്തി ത്തരുന്നതാണ്; നിങ്ങളുടെ തിൻമകളെ അവൻ മൂടിവെ (ച്ചു മാപ്പാ)ക്കുകയും, നിങ്ങൾക്ക് പൊറുത്തു തരുകയും ചെയ്യും. അല്ലാഹുവാകട്ടെ, മഹത്തായ അനുഗ്രഹം (അഥവാ ഔദാര്യം) ഉള്ളവനാകുന്നു.

---

അല്ലാഹുവിന്റെ വിധി വിലക്കുകൾ പാലിച്ച് കൊണ്ട് അവനെസൂക്ഷിക്കുന്ന പക്ഷം, സത്യാസത്യ ങ്ങൾ ഇന്നതാണെന്ന് തിരിച്ചറിയാനുള്ള മാർഗ്ഗ ദർശനം നൽകി നിങ്ങളെ അവൻ അനുഗ്രഹിക്കുന്നതാണ്. നേർമാർഗ്ഗവും രക്ഷാമാർഗ്ഗവും, നിങ്ങൾ പ്രാപിക്കുന്നതാണ്. നിങ്ങളുടെ പക്കൽ വന്ന് പോകുന്ന തെറ്റ് കുറ്റ ങ്ങളെ അവൻ വിട്ട് പൊറുത്ത് മാപ്പാക്കുന്നതുമാകുന്നു.

**വചനം 30**

وَإِذْ يَمْكُرُ بِكَ ٱلَّذِينَ كَفَرُوا۟ لِيُثْبِتُوكَ أَوْ يَقْتُلُوكَ أَوْ يُخْرِجُوكَ ۚ وَيَمْكُرُونَ وَيَمْكُرُ ٱللَّهُ ۖ وَٱللَّهُ خَيْرُ ٱلْمَـٰكِرِينَ ﴿٣٠﴾

30 (നബിയേ) അവിശ്വസിച്ചവർ നിന്നെപ്പറ്റി (ഗൂഢ) തന്ത്രം പ്രയോഗിച്ചിരുന്ന (ഗൂഢാലോചന നടത്തിയിരുന്ന) സന്ദർഭം (ഓർക്കുക!) അവർ നിന്നെ (പിടിച്ച്) ബന്ധിക്കുകയോ, അല്ലെങ്കിൽ കൊലപ്പെടുത്തുകയോ, അല്ലെങ്കിൽ (നാട്ടിൽ നിന്ന്) പുറത്താക്കുകയോ ചെയ്‌വാൻവേണ്ടി. അവർ (ഗൂഢ) തന്ത്രം നടത്തുന്നു; അല്ലാഹുവും (ഗൂഢ) തന്ത്രം നടത്തുന്നു. അല്ലാഹുവാകട്ടെ, (ഗൂഢ) തന്ത്രം നടത്തുന്നവരിൽവെച്ച് ഉത്തമനാകുന്നു.

നബി(സ)യുടെ മദീനാ ഹിജ്റ സംഭവമാണ് ഈ വചനത്തിൽ പരാമർശിക്കപെട്ടിരിക്കുന്നത്. തിരുമേനിയുടെ പിതൃവ്യൻ അബൂ ത്വാലിബു സത്യവിശ്വാസം സ്വീകരിച്ചില്ലെങ്കിലും, നബി(സ)ക്ക് സദാ ശക്തമായ ഒരു താങ്ങും തണലുമായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം ശത്രുക്കളുടെ വീറും ശത്രുതയും വർദ്ധിച്ചു.

ഇതിനിടെ ഹജ്ജിനായി മദീനയിൽനിന്നും മക്കയിൽ വന്നിരുന്ന കുറെ ആളുകൾ നബി(സ) യിൽ വിശ്വസിച്ച്, തിരിച്ച് പോകുകയുണ്ടായി, മദീനയിൽ ഇസ്ലാം മതം പ്രചരിപ്പിക്കുവാനും, അവിടെ ചെല്ലുന്ന മുസ്ലീംകളെ സഹായിക്കുവാനും അവർ ബൈഅത്ത് (പ്രതിജ്ഞ) ചെയ്യുകയും ചെയ്തിരുന്നു. ഇത് ഖുറൈശികളെ കൂടതൽ ക്ഷുഭിതരാക്കി. പരാജയഭീതി പൂണ്ട അവരുടെ നേതാക്കൾ ഒരു അന്തിമ തീരുമാനമെടുക്കുന്നതിനായി 'ദാറുന്നദു'വ യിൽ ഒത്ത് ചേരുകയുണ്ടായി. മുഹമ്മദിനെ ബന്ധനത്തലാക്കുക, രാജ്യത്ത് നിന്ന് നാട് കടത്തുക, എന്നീ നടപടികൾ ചർച്ച ചെയ്യപെട്ടുവെങ്കിലും , അവയൊക്കെ, പിന്നീട് തങ്ങൾക്ക് തന്നെ വിനാശകരമായിത്തീരുമെന്ന നിഗമനത്തിൽ തള്ളപെടുകയാണുണ്ടായത്. ഒടുവിൽ അബൂജഹൽ കൊണ്ട് വന്ന അഭിപ്രായം സ്വീകരിക്കപ്പെട്ടു - എല്ലാ ഗോത്രത്തിൽ നിന്നും കരുത്തനായ ഒരു യുവാവിനെതെരഞ്ഞെടുത്ത് അവരെല്ലാവരും കൂടി മുഹമ്മദിനെവെട്ടിക്കൊല്ലുക. ഇങ്ങനെചെയ്താൽ എല്ലാ ഗോത്രക്കാരോടും ഒന്നിച്ച് പ്രതികാരം ചെയ്യാൻ മുഹമ്മദിന്റെ കുടുംബത്തിന് കഴിയാതെ വരുമല്ലൊ. ഇനി അഥവാ തെണ്ടം വാങ്ങി അവർ തൃപ്തിപെടുകയാണെങ്കിൽ എല്ലാ ഗോത്രക്കാരും ഒത്ത് ചേർന്ന് കൊടുത്ത് തീർക്കുകയും ചെയ്യാമല്ലൊ.

ജിബ്രീൽ(അ) മുഖേനഅല്ലാഹു നബി(സ)ക്ക് ഈ വിവരം അറിയിക്കുകയും, ഹിജ്റ പോയിക്കൊള്ളാൻ അല്ലാഹു അനുവാദം നൽകുകയും ചെയ്തു. അന്ന് രാത്രി തിരുമേനി കിടക്കാറുള്ള സ്ഥാനത്ത് അവിടുത്തെ പുതപ്പ് പുതച്ച് അലി(റ)യെ കിടത്തിക്കൊണ്ട് സൂ: യാസീനിലെ 9-ാം വചനം (" അവരുടെ മുമ്പിലും അവരുടെ പിമ്പിലും നാം ഓരോ തടവ് ഏർപെടുത്തിയിരിക്കും. അങ്ങനെനാം അവരെ മൂടിക്കളഞ്ഞിരിക്കുന്നു. അതിനാൽ അവർ കാണുന്നതല്ല") ഓതിക്കൊണ്ട് അവിടുന്ന് വീടു വളഞ്ഞ ശത്രുക്കളുടെ ഇടയിൽ കൂടി അവരറിയാതെ സ്ഥലം വിട്ടു. അബൂബക്കർ(റ)നെയും കൂട്ടി ഥൌർമല ഗുഹയിൽ ഒളിച്ചിരുന്നു. അവരെയും തീരഞ്ഞെത്തിയ ശത്രുക്കൾ ആ ഗുഹാ മുഖത്തും എത്തി. പക്ഷെ ഗുഹാമുഖത്ത് എട്ടുകാലി വല കെട്ടിയിരുന്നത് കണ്ട് അതിൽ ആരുമില്ലെന്ന് ധരിച്ച് അവർ സ്ഥലം വിടുകയാണുണ്ടായത്. മൂന്നാം ദിവസം തിരുമേനിയും അബുബക്കറും(റ) ഒരു വഴികാട്ടിയൊടൊപ്പം മദീനയിലേക്കുള്ള യാത്ര തുടരുകയും ചെയ്തു.

ഈ സംഭവത്തെക്കുറിച്ചാണ് അവിശ്വസിച്ചവർ നടത്തിയ ഗൂഢ തന്ത്രത്തെ അല്ലാഹുവിന്റെ തന്ത്രത്തിലൂടെ പരാജയപെടുത്തിയെന്ന് പറഞ്ഞത്. അല്ലാഹുവാകട്ടെ (ഗൂഢ) തന്ത്രം നടത്തുന്നവരിൽ ഏറ്റവും ഉത്തമനാകുന്നു.

**വചനം 31**

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَـٰتُنَا قَالُوا۟ قَدْ سَمِعْنَا لَوْ نَشَآءُ لَقُلْنَا مِثْلَ هَـٰذَآ ۙ إِنْ هَـٰذَآ إِلَّآ أَسَـٰطِيرُ ٱلْأَوَّلِينَ ﴿٣١﴾

31 അവർക്ക് (അവിശ്വാസികൾക്ക്) നമ്മുടെ 'ആയത്തു' (ലക്ഷ്യം)കൾ ഓതിക്കേൾപ്പിക്കുന്നതായാൽ അവർ പറയും: "ഞങ്ങൾ കേട്ടു കഴിഞ്ഞു; ഞങ്ങൾ (വേണമെന്ന്) ഉദ്ദേശിക്കു

ന്നതായാൽ ഇതുപോലെ ഞങ്ങളും പറയുക തന്നെ ചെയ്യും. ഇത് പൂർവ്വികൻമാരുടെ പുരാണ കഥകളല്ലാതെ (മറ്റൊന്നും) അല്ല."

നിഷേധത്തിന്റെയും മർക്കട മുഷ്ടിയുടെയും പരിഹാസവും ധിക്കാരവുമെന്നതിൽ കവിഞ്ഞ് അവരുടെ ഈ വാക്കുകൾക്ക് ഒരർത്ഥവുമില്ല.

---

**വചനം 32**

وَإِذْ قَالُوا۟ ٱللَّهُمَّ إِن كَانَ هَـٰذَا هُوَ ٱلْحَقَّ مِنْ عِندِكَ فَأَمْطِرْ عَلَيْنَا حِجَارَةً مِّنَ ٱلسَّمَآءِ أَوِ ٱئْتِنَا بِعَذَابٍ أَلِيمٍ ﴿٣٢﴾

32 അവർ പറഞ്ഞ സന്ദർഭവും (ഓർക്കുക): "അല്ലാഹുവേ, ഇതു തന്നെയാണ് നിന്റെ പക്കൽ നിന്നുള്ള യഥാർത്ഥ (സത്യ) മെങ്കിൽ, ഞങ്ങളുടെ മേൽ നീ ഒരു കല്ലു (മഴ) വർഷിപ്പിച്ചേക്കുക! അല്ലെങ്കിൽ ഞങ്ങൾക്കു വല്ല വേദനയേറിയ ശിക്ഷയും കൊണ്ടു വരുക!"

ധിക്കാരത്തിന്റെയും വിഡ്ഢിത്തത്തിന്റെയും പാരമ്യത്തിൽ ആ മുശ്രിക്കുകൾ പറയുന്നു: മുഹമ്മദു പ്രബോധനം ചെയ്യുന്നതിൽ വിശ്വസിക്കാൻ ഞങ്ങൾ തയ്യാറല്ല ; കൽമഴ വർഷിച്ചൊ, മറ്റ് വല്ല കഠിനശിക്ഷയും നൽകിയൊ ഞങ്ങളെ ശിക്ഷിച്ചാലും ശരി.

അല്ലാഹുവിനെ പാടെ നിഷേധിക്കാത്ത എന്നാൽ അവനോട് മറ്റ് ദൈവങ്ങളെ പങ്ക് ചേർക്കുന്ന മുശ്രിക്കുകൾ മാത്രമല്ല, നിരീശ്വര നിർമത വാദികളായ ചിലരിൽ നിന്നും ഇത്തരം ധിക്കാര വാക്കുകൾ കേൾക്കാറുണ്ട്. പക്ഷെ അല്ലാഹു എല്ലാ കാര്യത്തിനും ഒരു അവധിയും നിശ്ചയവും വെച്ചിട്ടുണ്ടല്ലൊ. (സൂ:ഫാത്വിർ 45ാം-വചനം നോക്കുക)

**വചനം 33**

وَمَا كَانَ ٱللَّهُ لِيُعَذِّبَهُمْ وَأَنتَ فِيهِمْ ۚ وَمَا كَانَ ٱللَّهُ مُعَذِّبَهُمْ وَهُمْ يَسْتَغْفِرُونَ ﴿٣٣﴾

33 (നബിയേ) നീ അവരിൽ ഉണ്ടായിരിക്കെ, അവരെ ശിക്ഷിക്കുവാൻ അല്ലാഹു (ഒരുക്കം) ഇല്ല; അവർ പാപമോചനം തേടിക്കൊണ്ടിരിക്കുമ്പോഴും അല്ലാഹു അവരെ ശിക്ഷിക്കുന്നവനല്ല.

മുശ്രിക്കുകളുടെ ആ വെല്ലുവിളിക്കനുസൃതമായി അവരെ ഒരു പൊതു ശിക്ഷ നൽകി അല്ലാഹു നശിപ്പിക്കാതിരിക്കുന്നത് രണ്ട് കാരണങ്ങളാലാകുന്നു. നബി(സ) അവർക്കിടയിൽ ജീവിച്ചിരിക്കുന്നുവെന്നുള്ളത് കൊണ്ടും അവർ അല്ലാഹുവിനോട് പാപമോചനം തേടാറുണ്ടെന്നത്കൊണ്ടും.

ആദ്, ഥമൂദ് മുതലായ മുൻ സമൂഹങ്ങളിലെ പ്രവാചകൻമാർ ഒരു പ്രത്യേക ജനതയിലേക്ക് മാത്രം നിയോഗിക്കപെട്ടവരായിരുന്നു. ആ ജനതയെ പൊതുവെ ബാധിക്കുന്ന, ശിക്ഷകൾ സംഭവിച്ചപ്പോൾ, അവരിലെ പ്രവാചകനെയും, വിശ്വാസികളെയും രക്ഷപെടുത്തി കൊണ്ടേ അല്ലാഹു ശിക്ഷ ഇറക്കാറുള്ളൂ. നബി(സ) തിരുമേനിയാകട്ടെ കാലാവസാനം വരെയുള്ള ലോകർക്ക് അനുഗ്രഹമായി അയക്കപെട്ട പ്രവാചകനത്രെ. അവിടുത്തെ പ്രബോധന ദൗത്യം തുടർന്നു കൊണ്ടിരിക്കെ ഒരു പൊതു ശിക്ഷ വഴി അല്ലാഹു അവരെ നശിപ്പിക്കാതിരിക്കുകയാണ്.

"അവർ പാപമോചനം തേടിക്കൊണ്ടിരിക്കുമ്പോൾ" എന്ന് അല്ലാഹു പറഞ്ഞത് താഴെ പറയും വിധമാണ് വ്യാഖ്യാനിക്കപെട്ടിട്ടുള്ളത് -നബി(സ)യും സഹാബികളും മദീനയിലേക്ക് ഹിജ്റ പോയതിന് ശേഷം മക്കയിൽ ബാക്കിയുണ്ടായിരുന്ന ദുർബ്ബലരായ സത്യവിശ്വാസികൾ പാപമോചനപ്രാർത്ഥന നടത്താറുണ്ടായിരുന്നു. മുശ്രിക്കുകൾ തന്നെയും ചില അവസരങ്ങളിൽ അല്ലാഹുവിനോട് പാപമോചനം തേടാറുണ്ടായിരുന്നു. അങ്ങനെ അവർ പാപമോചനം തേടിക്കൊണ്ടിരിക്കുമ്പോൾ അല്ലാഹു അവരെ ശിക്ഷിക്കുന്നവനല്ല.

---

**വചനം 34, 35**

وَمَا لَهُمْ أَلَّا يُعَذِّبَهُمُ ٱللَّهُ وَهُمْ يَصُدُّونَ عَنِ ٱلْمَسْجِدِ ٱلْحَرَامِ وَمَا كَانُوٓا۟

34 അല്ലാഹു അവരെ ശിക്ഷിക്കാതിരിക്കുവാൻ എന്താണവർക്കു (ന്യായമു) ള്ളത്? അവർ 'മസ്ജിദുൽ ഹറാമി' (പരിപാവനമായ പള്ളിയി)ൽ

أَوْلِيَآءَهُۥٓ ۚ إِنْ أَوْلِيَآؤُهُۥٓ إِلَّا ٱلْمُتَّقُونَ وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿٣٤﴾

നിന്ന് (ആളുകളെ) തടഞ്ഞു കൊണ്ടിരിക്കുന്നു വെന്നിരിക്കെ! (വാസ്തവത്തിൽ) അവർ അതിന്റെ കൈകാര്യകർത്താക്കളല്ലതാനും. അതിന്റെ കൈകാര്യകർത്താക്കൾ (അല്ലാഹു വിനെ) സൂക്ഷിക്കുന്നവരല്ലാതെ(ആരും) അല്ല. എങ്കിലും, അവരിൽ അധികമാളും അറിയുന്നില്ല.

وَمَا كَانَ صَلَاتُهُمْ عِندَ ٱلْبَيْتِ إِلَّا مُكَآءً وَتَصْدِيَةً ۚ فَذُوقُوا۟ ٱلْعَذَابَ بِمَا كُنتُمْ تَكْفُرُونَ ﴿٣٥﴾

35 (ആ) വീട്ടിലെ (കഅ്ബയുടെ) അടുക്കൽ വെച്ചുള്ള അവരുടെ നമസ്കാരം (അഥവാ പ്രാർത്ഥന) ചൂളംവിളിയും, കൈകൊട്ടുമല്ലാതെ (മറ്റൊന്നും) അല്ല. ‘‘ആകയാൽ (ഹേ, അവിശ്വാസികളേ) നിങ്ങൾ അവിശ്വസിച്ചു കൊണ്ടിരുന്നതു നിമിത്തം, നിങ്ങൾ ശിക്ഷ ആസ്വദിച്ചു കൊള്ളുവിൻ!” (ഇതാണവരോടു പറയുവാനുള്ളത്)

---

അല്ലാഹുവിനെ അരാധിക്കുവാനായി സ്ഥാപിക്കപെട്ട കഅ്ബ യുടെ അടുക്കൽ ചെന്ന് അവനോട് പ്രാർത്ഥിക്കുവാൻ മുശ്രിക്കുകൾ സത്യവിശ്വാസികളെ അനുവദിക്കുന്നില്ല; അവരാണെങ്കിൽ കഅ്ബയുടെ കൈകാര്യകർത്താക്കളല്ല താനും, (അല്ലാഹുവിന്റെ ആജ്ഞാ നിർദ്ദേശങ്ങൾ പാലിക്കുന്ന സത്യവിശ്വാസി കൾക്കെ അതിനവകാകശമുള്ളുവല്ലൊ) കഅ്ബയുടെ അടുക്കൽ വെച്ച് ആരാധനയെന്ന പേരിൽ അവർ കാട്ടിക്കൂട്ടുന്നതാകട്ടെ നഗ്നരായിക്കൊണ്ട്, കൈകൊട്ടൽ, ചൂളം വിളി എന്നിങ്ങനെയുള്ള തോന്നിയവാസങ്ങ ളല്ലാതെ മറ്റൊന്നുമല്ല.

മുശ്രിക്കുകളുടെ മേൽ പറഞ്ഞ അതിക്രമങ്ങളുടെ പേരിൽ അവരെ ശിക്ഷിക്കാതിരിക്കാൻ യാതൊരു ന്യായവുമില്ല. നിങ്ങൾക്ക് അർഹമായ ശിക്ഷ നിങ്ങൾ അനുഭവിച്ച് കൊള്ളുവിൻ എന്ന് അല്ലാഹു അവർക്ക് താക്കീത് നൽകുന്നു. ഈ ശിക്ഷയാകട്ടെ ഐഹികവും പാരത്രികവുമായ ശിക്ഷകൾ ആയിരിക്കുന്നതുമാ കുന്നു.

---

**വചനം 36, 37**

إِنَّ ٱلَّذِينَ كَفَرُوا۟ يُنفِقُونَ أَمْوَٰلَهُمْ لِيَصُدُّوا۟ عَن سَبِيلِ ٱللَّهِ ۚ فَسَيُنفِقُونَهَا ثُمَّ تَكُونُ عَلَيْهِمْ حَسْرَةً ثُمَّ يُغْلَبُونَ ۗ وَٱلَّذِينَ كَفَرُوٓا۟ إِلَىٰ جَهَنَّمَ يُحْشَرُونَ ﴿٣٦﴾

36 നിശ്ചയമായും അവിശ്വസിച്ചവർ, അല്ലാഹു വിന്റെ മാർഗ്ഗത്തിൽ നിന്ന് (ആളുകളെ) തടയുവാൻ വേണ്ടി തങ്ങളുടെ സ്വത്തുക്കളെ അവർ ചിലവഴിക്കുന്നു. എന്നാൽ, അവരതു ചിലവഴിച്ചുകൊണ്ടിരിക്കും; പിന്നെ, അതവർക്ക് ഖേദമായിത്തീരുകയും ചെയ്യും; പിന്നെ (അവസാനം), അവർ ജയിച്ചടക്കപ്പെടുകയും ചെയ്യും. (ഇതാണുണ്ടാകുക) അവിശ്വസിച്ച വരാകട്ടെ, ‘ജഹന്നമി’ (നരകത്തി) ലേക്ക് അവർ ഒരുമിച്ചുകൂട്ടപ്പെടുകയും ചെയ്യുന്നു.

لِيَمِيزَ ٱللَّهُ ٱلْخَبِيثَ مِنَ ٱلطَّيِّبِ وَيَجْعَلَ ٱلْخَبِيثَ بَعْضَهُۥ عَلَىٰ بَعْضٍ فَيَرْكُمَهُۥ جَمِيعًا فَيَجْعَلَهُۥ فِى جَهَنَّمَ ۚ أُو۟لَٰٓئِكَ هُمُ ٱلْخَٰسِرُونَ ﴿٣٧﴾

37 (നല്ല) ശുദ്ധമായതിൽനിന്ന് (ദുഷിച്ച്) ചീത്തയായതിനെ അല്ലാഹു വേർതിരിക്കുവാൻ വേണ്ടി; (ദുഷിച്ചു) ചീത്തയായതിൽ ചിലതിനെ ചിലതിന്റെ മീതെയാക്കി അതിനെ മുഴുവനും (ഒന്നിച്ച്) അട്ടിയാക്കുവാനും, എന്നിട്ട് ‘ജഹന്നമി’ (നരകത്തി)ൽ ആക്കുവാനും (വേണ്ടിയാണ് അത്). അക്കൂട്ടർ തന്നെയാണ് നഷ്ടക്കാർ.

---

മുശ്രിക്കുകളുടെ ആരാധനാ നമസ്ക്കാര രീതി കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ചത് പോലെയാ

രുന്നുവെങ്കിൽ, അവർ ധനം ചെലവഴിച്ചിരുന്നത് അല്ലാഹുവിന്റെ മാർഗ്ഗത്തിനെതിരായും അതിൽ നിന്ന് ആളുകളെ തടയുവാനുള്ള സംരംഭങ്ങളിലുമായിരുന്നു. ഇത് അവർക്ക് ഖേദവും നഷ്ടവുമായിത്തന്നെ കലാശിക്കും -സത്യ ദീൻ വിജയിക്കുകയും ശിർക്ക് നാമാവശേഷമാകുകയും തന്നെ ചെയ്യും. അവിശ്വസിച്ചവരാകട്ടെ നരകത്തിൽ ഒരുമിച്ച് കൂട്ടപെടുകയും ചെയ്യും.

സത്യവിശ്വാസവും അവിശ്വാസവും തമ്മിലും, സത്യവിശ്വാസികളും അവിശ്വാസികളും തമ്മിലും, സത്യമാർഗ്ഗത്തിൽ ധനം ചിലവഴിക്കുന്നതിന്റെ ഫലവും, ദുർമാർഗ്ഗത്തിൽ ധനം ചിലവഴിക്കുന്നതിന്റെ ഫലവും തമ്മിലും, ഇഹത്തിലും പരത്തിലും വേർ തിരിഞ്ഞ് കാണേണ്ടതുണ്ട്. ഇഹത്തിൽ അസത്യത്തിന്റെ കക്ഷികളെ തമ്മിൽ തമ്മിൽ കൂട്ടി ചേർത്ത് ഒറ്റക്കെട്ടാക്കി പരാജയപെടുത്തണം. പരലേകത്താകട്ടെ അവരെ കൂട്ടത്തോടെ കൂമ്പാരം കൂട്ടിക്കൊണ്ട് നരകത്തിൽ ഇട്ടേക്കുകയും ചെയ്യണം. ഇങ്ങനെയൊക്കെയാണ് ഇരു വിഭാഗങ്ങൾ തമ്മിൽ നടക്കുന്ന സംഘട്ടനങ്ങൾകൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത്. (ഇതേ ആശയം ഉൾക്കൊള്ളുന്ന വചനങ്ങൾ 3:141 ; 3:166, 167 3: 179 ;10 : 28, 30: 14 ; 36 :59 എന്നിവിടങ്ങളിൽ കാണാവുന്നതാണ്.)

ബദ്ർ യുദ്ധത്തിൽ പരാജയപ്പെട്ട മുശ്രിക്കുകൾ അബൂസുഫുയാനെ സമീപിച്ച് ശാമിൽ നിന്ന് അമിത ലാഭം നേടിയതിൽ നിന്നും ഒരു പങ്ക് മുസ്ലീംകളോട് പ്രതികാരം ചെയ്യാനായി നൽകണമെന്ന് അപേക്ഷിക്കുകയും അബൂസുഫ്യാൻ അത് സമ്മതിക്കുകയും ചെയ്തു. അങ്ങനെഅദ്ദേഹത്തിന്റെ നേതൃത്വത്തിൽ തന്നെ ഉഹ്ദു യുദ്ധമുണ്ടായി. കൂലിപട്ടാളക്കാർക്ക് നൽകാനും മറ്റുമായി വൻ തുകകൾ അദ്ദേഹം ചിലവഴിക്കുകയുണ്ടായി. ഇത് സംബന്ധിച്ചാണ് ഈ വചനങ്ങൾ അവതരിച്ചതെന്ന് പ്രമുഖ പണ്ഡിതർ പ്രസ്താവിച്ചിരിക്കുന്നു,

## വിഭാഗം 5

**വചനം 38**

قُل لِّلَّذِينَ كَفَرُوٓاْ إِن يَنتَهُواْ يُغۡفَرۡ لَهُم مَّا قَدۡ سَلَفَ وَإِن يَعُودُواْ فَقَدۡ مَضَتۡ سُنَّتُ ٱلۡأَوَّلِينَ ﴿٣٨﴾

38 അവിശ്വസിച്ചവരോട് നീ പറയുക: "അവർ വിരമിക്കുന്ന പക്ഷം, മുൻകഴിഞ്ഞുപോയിട്ടുള്ളത് അവർക്ക് പൊറുക്കപ്പെടും; അവർ ആവർത്തിക്കുകയാണെങ്കിലോ, പൂർവ്വീകൻമാരുടെ (മേലുണ്ടായ) നടപടിച്ചട്ടം കഴിഞ്ഞുപോയിട്ടുമുണ്ട്. (അതിന്ന് ഇവരും വിധേയരാകും)"

സത്യനിഷേധം ഉപേക്ഷിച്ച് സത്യവിശ്വാസം സ്വീകരിക്കുവാൻ അവർ തയ്യാറാകുന്ന പക്ഷം അവരുടെ മുൻകാല പാപങ്ങളും അക്രമങ്ങളും അവർക്ക് പൊറുത്ത് കൊടുക്കപെടും. അതല്ല, വീണ്ടും ഇതേ നില തുടരാനാണ് ഉദ്ദേശമെങ്കിൽ, ഇവരെപോലെ മുൻ കാലങ്ങളിൽ കഴിഞ്ഞ ധിക്കാരികളുടെ മേൽ എടുത്ത നടപടി ഇവരുടെ മേലും എടുക്കുക തന്നെ ചെയ്യും -ഇഹത്തിലെയും പരത്തിലെയും ശിക്ഷയും പരാജയവും നൽകപെടും.

നബി(സ) പറഞ്ഞതായി ഇബ്നു മസ്ഊദ്(റ) ഉദ്ധരിക്കുന്നു "ഇസ്ലാം അതിന് മുമ്പുള്ളതിനെ(പാപങ്ങളെ) മുറിച്ച് നീക്കുന്നതാണ്. തൗബ (പശ്ചാത്താപം) അതിന്റെ മുമ്പുള്ളതിനെയും മുറിച്ച് നീക്കും"

മറ്റൊരു നബിവചനം ഇപ്രകാരമാകുന്നു" ഇസ്ലാം അതിന്റെ മുമ്പുള്ളതിനെ പൊളിച്ചു നീക്കുന്നതാണ് . ഹിജ്റ അതിന്റെ മുമ്പുണ്ടായതിനെയും, ഹജ്ജ് അതിന്റെ മുമ്പുണ്ടായതിനെയും പൊളിച്ചു നീക്കുന്നതാണ്. "

**വചനം 39**

وَقَٰتِلُوهُمۡ حَتَّىٰ لَا تَكُونَ فِتۡنَةٞ وَيَكُونَ ٱلدِّينُ كُلُّهُۥ لِلَّهِۚ فَإِنِ ٱنتَهَوۡاْ فَإِنَّ ٱللَّهَ بِمَا يَعۡمَلُونَ بَصِيرٞ ﴿٣٩﴾

39 (സത്യവിശ്വാസികളേ) 'ഫിത്നഃ' (കുഴപ്പം) ഉണ്ടാകാതിരിക്കുകയും, 'ദീൻ' (മതം) മുഴുവനും അല്ലാഹുവിന് ആയിത്തീരുകയും ചെയ്യുന്നതുവരെ നിങ്ങൾ അവരോട് യുദ്ധം ചെയ്യുവിൻ. ഇനി, അവർ വിരമിച്ചുവെങ്കിൽ, അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി നിശ്ചയമായും, അല്ലാഹു കണ്ടറിയുന്നവനാണ്. (പിന്നീട് വേണ്ടത് അവൻ ചെയ്തുകൊള്ളും)

ശത്രുക്കളുടെ ഭാഗത്ത് നിന്ന് ഇസ്ലാമിനെതിരെ ഫിത്ന: (കുഴപ്പം) ഉണ്ടാകാതിരിക്കുകയും, അല്ലാഹുവിന്റെ മതത്തിന് ഭൂമിയിൽ സ്വതന്ത്രമായ നിലയിൽ സാഭിമാനം നിലനിൽക്കാനും പ്രചരിക്കപ്പെടാനും അവസരം ലഭിക്കുന്നത് വരെയും , യുദ്ധത്തിന്റെ ആവശ്യകത നിലവിലുണ്ട്. ഇനി അഥവാ അവർ അവരുടെ അക്രമ മർദ്ദനങ്ങളിൽ നിന്ന് വിരമിക്കുകയാണെങ്കിൽ , പിന്നീട് അവരോട് യുദ്ധമൊ പ്രതികാരമൊ പാടില്ല. അവരുടെ പ്രവർത്തനങ്ങൾ അല്ലാഹു വീക്ഷിക്കുകയും വേണ്ടുന്ന നടപടികൾ എടുത്ത് കൊള്ളുകയും ചെയ്യും.

സൂ: അൽ ബഖറ : 191 ലും 193ലും ഈ ആശയം കൂടുതൽ വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്.

വചനം 40

وَإِن تَوَلَّوْا۟ فَٱعْلَمُوٓا۟ أَنَّ ٱللَّهَ مَوْلَىٰكُمْ ۚ نِعْمَ ٱلْمَوْلَىٰ وَنِعْمَ ٱلنَّصِيرُ ﴿٤٠﴾

40 അവർ തിരിഞ്ഞുകളഞ്ഞുവെങ്കിലോ, നിങ്ങൾ അറിഞ്ഞുകൊള്ളുക: അല്ലാഹു നിങ്ങളുടെ യജമാനനാണെന്ന്. വളരെ നല്ല യജമാനൻ! വളരെ നല്ല സഹായിയും!

ഇനി അഥവാ അവർ വിരമിക്കാൻ തയാറാകാതെ, മത്സരത്തിലും കുഴപ്പങ്ങളിലും തന്നെ നിരതരാകുകയാണെങ്കിൽ, നിങ്ങളെ രക്ഷിക്കുവാനും സഹായിക്കുവാനും നിങ്ങളുടെ യജമാനനായ അല്ലാഹു ഉണ്ട്. അതിലപ്പുറം നല്ല യജമാനനും സഹായിയും വേറെയില്ലല്ലൊ.

## ജുസ്അ് – 10

വചനം 41

۞ وَٱعْلَمُوٓا۟ أَنَّمَا غَنِمْتُم مِّن شَىْءٍ فَأَنَّ لِلَّهِ خُمُسَهُۥ وَلِلرَّسُولِ وَلِذِى ٱلْقُرْبَىٰ وَٱلْيَتَـٰمَىٰ وَٱلْمَسَـٰكِينِ وَٱبْنِ ٱلسَّبِيلِ إِن كُنتُمْ ءَامَنتُم بِٱللَّهِ وَمَآ أَنزَلْنَا عَلَىٰ عَبْدِنَا يَوْمَ ٱلْفُرْقَانِ يَوْمَ ٱلْتَقَى ٱلْجَمْعَانِ ۗ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٤١﴾

41 അറിയുകയും ചെയ്യുവിൻ: നിങ്ങൾ വല്ല വസ്തുവും 'ഗനീമത്തായി' (യുദ്ധ മുതലായി) എടുക്കുന്നത്, അതിനെ അഞ്ചിലൊന്ന് അല്ലാഹുവിനും, റസൂലിനും, (റസൂലിൻെറ) അടുത്ത കുടുംബക്കാർക്കും, അനാഥകൾക്കും, സാധുക്കൾ (അഥവാ പാവങ്ങൾ)ക്കും, വഴിപോക്കർക്കുമുള്ളതാണെന്ന്; നിങ്ങൾ അല്ലാഹുവിലും, വിവേചനത്തിൻെറ ദിവസം –(ആ) രണ്ടു കൂട്ടങ്ങൾ പരസ്പരം കണ്ടു (ഏറ്റു) മുട്ടിയ ദിവസം– നമ്മുടെ അടിയാൻെറ മേൽ നാം അവതരിപ്പിച്ചതിലും വിശ്വസിച്ചിരിക്കുന്നുവെങ്കിൽ. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

ഈ സൂറത്തിന്റെ ഒന്നാമത്തെ വചനത്തിൽ ഗനീമത്തിന്റെ ഉടമസ്ഥതയും അവകാശവും അല്ലാഹുവിനും റസൂലിനുമാണെന്ന് പറഞ്ഞു. ഗനീമത്ത് സ്വത്ത് ഭാഗിക്കേണ്ടുന്ന വിധമാണ് ഈ വചനത്തിലുള്ളത്.

ആകെയുള്ള സ്വത്ത് അഞ്ചായി ഭാഗിച്ച് അതിലൊരു ഭാഗം വീണ്ടും അഞ്ചായി ഭാഗിക്കുക. ഈ അഞ്ചിൽ ഒരു ഭാഗം അല്ലാഹുവിനും റസൂലിനുമുള്ളതാകുന്നു. (നബി(സ)യുടെ അത്യാവശ്യങ്ങൾക്ക് വേണ്ടിയും, മതപരമായ പൊതു ആവശ്യങ്ങൾക്ക് വേണ്ടിയും) ബാക്കിയുള്ള നാലു പങ്കുകളിൽ ഒന്ന് നബി(സ)യുടെ അടുത്ത കുടുംബങ്ങൾക്കും, ഒരു പങ്ക് അനാഥകൾക്കും, ഒന്ന് സാധുക്കളും പാവങ്ങളുമായ ആളുകൾക്കും, ഒരു പങ്ക് സ്വദേശം വിട്ട് പോന്ന് വഴിയാധാരമായി കഴിയുന്നവർക്കുമാകുന്നു. " അനാഥകൾ" ആരെന്നതിനെപറ്റി മുമ്പ് ഒന്നിലധികം തവണയും, സാധുക്കളും വഴിപോക്കരും ആരാണെന്നതിനെപറ്റി സൂ: തൗബ 60ാം വചനത്തിലും : വിവരിക്കപെട്ടിട്ടുണ്ട്.

ആകെ സ്വത്തിന്റെ ബാക്കിയുള്ള അഞ്ചിൽ നാല് ഭാഗം, യുദ്ധത്തിൽ പങ്ക് വഹിച്ചവർക്ക് നൽകേണ്ടുന്നതാകുന്നു. (ഭരണാധികാരിയുടെ യുക്തമനുസരിച്ച് ഈ ഓഹരിയുടെ ഏതാനും ഭാഗമോ, മുഴുവൻ തന്നെയൊ യുദ്ധത്തിൽ നേരിട്ട് പങ്കൊന്നും വഹിച്ചിട്ടില്ലാത്തവർക്കും, പൊതു ആവശ്യങ്ങൾക്കും വിനിയോഗിക്കാവുന്നതാണ്)

മേല്‍ കണ്ട നിര്‍ദ്ദേശപ്രകാരം ഭാഗിക്കുകയെന്നത് വളരെ കര്‍ശനമായി പാലിക്കേണ്ട ഒന്നാണെന്ന് അല്ലാഹു തുടര്‍ന്ന് താക്കീത് ചെയ്യുന്നു.

സത്യവിശ്വാസം എന്താണെന്ന് വിവരിച്ച് കൊണ്ട് നബി(സ) രണ്ട് ശഹാദത്ത് കലിമകള്‍, നമസ്ക്കാരം, സക്കാത്ത് എന്നിവയെപറ്റി പറഞ്ഞശേഷം, ഗനീമത്ത് നിയമപ്രകാരം കൊടുത്ത് തീര്‍ക്കല്‍ എന്ന് എണ്ണുകയുണ്ടായി – ഈ നബി വചനം ഇതിന്റെ പ്രധാന്യം വ്യക്തമാക്കുന്നു.

"രണ്ട് കൂട്ടങ്ങള്‍ പരസ്പരം കണ്ട് മുട്ടിയ ദിവസം " എന്ന് പറഞ്ഞത് ബദ്ര്‍ യുദ്ധ ദിവസത്തെ ഉദ്ദേശിച്ചാകുന്നു "അന്നത്തെ ദിവസം നമ്മുടെ അടിയാന്റെ മേല്‍ നാം ഇറക്കിയത് " എന്ന് പറഞ്ഞത് ഗനീമത്ത് സംബന്ധിച്ചും മറ്റും ബദ്ര്‍ യുദ്ധകാലത്ത് അവതരിച്ച ഖുര്‍ ആന്‍ വചനങ്ങളും മറ്റുള്ള ദിവ്യസന്ദേശങ്ങളും ഉള്‍പെടുന്നു. والله اعلم

---

**വചനം 42**

إِذْ أَنتُم بِٱلْعُدْوَةِ ٱلدُّنْيَا وَهُم بِٱلْعُدْوَةِ ٱلْقُصْوَىٰ وَٱلرَّكْبُ أَسْفَلَ مِنكُمْ ۚ وَلَوْ تَوَاعَدتُّمْ لَٱخْتَلَفْتُمْ فِى ٱلْمِيعَٰدِ ۙ وَلَٰكِن لِّيَقْضِىَ ٱللَّهُ أَمْرًا كَانَ مَفْعُولًا لِّيَهْلِكَ مَنْ هَلَكَ عَنۢ بَيِّنَةٍ وَيَحْيَىٰ مَنْ حَىَّ عَنۢ بَيِّنَةٍ ۗ وَإِنَّ ٱللَّهَ لَسَمِيعٌ عَلِيمٌ ﴿٤٢﴾

42 അതായത്, നിങ്ങള്‍ താഴ്‌വരയുടെ അടുത്തതായ പാര്‍ശ്വത്തിലും, അവര്‍ അകന്നതായ പാര്‍ശ്വത്തിലും ആയിരുന്ന സന്ദര്‍ഭം; വാഹന സംഘമാകട്ടെ, നിങ്ങളില്‍ നിന്നു കൂടുതല്‍ താഴെയും. നിങ്ങള്‍ അന്യോന്യം നിശ്ചയം ചെയ്തിരുന്നുവെങ്കില്‍ (ആ) നിശ്ചയത്തില്‍ നിങ്ങള്‍ ഭിന്നിച്ചു പോകുക തന്നെ ചെയ്യുമായിരുന്നു. എങ്കിലും പ്രാവര്‍ത്തികമാക്കേണ്ടിയിരുന്ന ഒരു കാര്യം അല്ലാഹു നിര്‍വ്വഹിക്കുവാന്‍ വേണ്ടിയാണ് (അങ്ങിനെ ചെയ്തത്). (അതെ) നശിച്ചവര്‍ വ്യക്തമായ തെളിവോടെ നശിക്കുവാനും, ജീവിച്ചവര്‍ വ്യക്തമായ തെളിവോടെ ജീവിക്കുവാനും വേണ്ടി. നിശ്ചയമായും, അല്ലാഹു (എല്ലാം) കേള്‍ക്കുന്നവനും, അറിയുന്നവനും തന്നെ.

---

ബദ്ര്‍ യുദ്ധത്തില്‍ മുസ്ലീംകളും മുശ്‌രിക്കുകളും വന്നിറങ്ങിയ സ്ഥലത്തെ പറ്റി അല്ലാഹു ചൂണ്ടികാട്ടുന്നു. മദീനയില്‍ നിന്ന് വരുന്നവരെ അപേക്ഷിച്ച് അടുത്ത ഒരു പാര്‍ശ്വത്തില്‍ മുസ്ലീംകളും അകലെയുള്ള മറ്റേ ഭാഗത്തില്‍ മുശ്‌രിക്കുകളുമായിരുന്നു ഇറങ്ങിയത്. അബൂ സുഫ്യാന്റെ വാഹനസംഘമാകട്ടെ നബി(സ) യുടെയും സഹാബികളുടെയും ആഗമനവിവരമറിഞ്ഞ് ചെങ്കടല്‍ തീരത്ത്കൂടെ രക്ഷപെടുകയാണുണ്ടായത്. മുസ്ലീംകള്‍ ഇറങ്ങിയ സ്ഥലം കാലടികള്‍ ഉറക്കാത്ത പൂഴി നിറഞ്ഞതും, ശത്രുക്കളുടെ സ്ഥലമാകട്ടെ നീരുറവകളുള്ളതും, ഉറപ്പുള്ള മണ്ണുള്ളതുമായിരുന്നു.

കൂടാതെ കൂടുതല്‍ സുസജ്ജരായ ശത്രുക്കള്‍ അബൂസുഫ്യാന്റെ സംഘത്തില്‍ നിന്നും സഹായങ്ങള്‍ ലഭിക്കുമെന്ന പ്രതീക്ഷയില്‍ ഉയര്‍ന്ന മനോ ധൈര്യത്തിലുമായിരുന്നു. എന്നാല്‍, 9, 10, 11 വചനങ്ങളില്‍ വിവരിച്ചത് പോലെ, അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹങ്ങളിലൂടെ യുദ്ധം മുസ്ലീംകള്‍ക്ക് വമ്പിച്ച വിജയമായി കലാശിക്കുകയാണുണ്ടായത്.

നിങ്ങളും ശത്രുക്കളും മുന്‍കൂട്ടി പോര്‍വിളി നടത്തി നിശ്ചയിച്ചു വെച്ച ഒരു യുദ്ധമായിരുന്നു ഇതെങ്കില്‍, മേല്‍ പറഞ്ഞ പരിതസ്ഥിതിയില്‍, നിങ്ങള്‍ യുദ്ധം ഒഴിവാക്കുവാന്‍ ശ്രമിക്കുമായിരുന്നു. – എന്നാല്‍ ഇസ്ലാമിന് വിജയവും കുഫ്റിന് പരാജയവും വരുത്തുകയെന്ന അല്ലാഹുവിന്റെ നിശ്ചയം, നടപ്പില്‍ വരുത്തുവാനാണ് അവിചാരിതമായ നിലയില്‍ അവരോട് ഏറ്റ് മുട്ടുവാന്‍ അല്ലാഹു കളമൊരുക്കിയത് അതെ, അവിശ്വാസത്തിന്റെ നാശത്തില്‍ പതിക്കുന്നവര്‍ക്ക് രക്ഷയില്ലെന്നും, സ്ത്യവിശ്വാസത്തിന്റെ ചൈതന്യത്തില്‍ ജീവിക്കുന്നവര്‍ക്ക് അല്ലാഹുവിന്റെ സഹായമുണ്ടെന്നുള്ളതിനും ഇതില്‍ വ്യക്തമായ തെളിവുമുണ്ടല്ലോ.

**വചനം 43, 44**

إِذۡ يُرِيكَهُمُ ٱللَّهُ فِي مَنَامِكَ قَلِيلٗاۖ وَلَوۡ أَرَىٰكَهُمۡ كَثِيرٗا لَّفَشِلۡتُمۡ وَلَتَنَٰزَعۡتُمۡ فِي ٱلۡأَمۡرِ وَلَٰكِنَّ ٱللَّهَ سَلَّمَۚ إِنَّهُۥ عَلِيمُۢ بِذَاتِ ٱلصُّدُورِ ﴿٤٣﴾

43 (നബിയേ) നിന്‍റെ ഉറക്കില്‍ (സ്വപ്നത്തില്‍) അവരെ കുറച്ചായി അല്ലാഹു നിനക്ക് കാണിച്ചുതന്നിരുന്ന സന്ദര്‍ഭം (ഓര്‍ക്കുക.) അവരെ അധികമായി നിനക്ക് അവന്‍ കാണിച്ചു തന്നിരുന്നെങ്കില്‍, നിങ്ങള്‍ ഭീരുത്വം കാണിക്കുകയും, കാര്യത്തില്‍ പരസ്പരം ഭിന്നിക്കുകയും തന്നെ ചെയ്യുമായിരുന്നു. എങ്കിലും അല്ലാഹു (അതില്‍ നിന്നും) രക്ഷിച്ചു. നിശ്ചയമായും, അവന്‍ നെഞ്ചു (ഹൃദയം) കളിലുള്ളതിനെപ്പറ്റി അറിയുന്നവനാകുന്നു.

وَإِذۡ يُرِيكُمُوهُمۡ إِذِ ٱلۡتَقَيۡتُمۡ فِيٓ أَعۡيُنِكُمۡ قَلِيلٗا وَيُقَلِّلُكُمۡ فِيٓ أَعۡيُنِهِمۡ لِيَقۡضِيَ ٱللَّهُ أَمۡرٗا كَانَ مَفۡعُولٗاۗ وَإِلَى ٱللَّهِ تُرۡجَعُ ٱلۡأُمُورُ ﴿٤٤﴾

44 നിങ്ങള്‍ (പരസ്പരം) കണ്ടുമുട്ടിയപ്പോള്‍, നിങ്ങളുടെ കണ്ണുകളില്‍ (കാഴ്ചയില്‍) അവരെ കുറച്ച് അവന്‍ നിങ്ങള്‍ക്ക് കാണിച്ചു തന്ന സന്ദര്‍ഭവും (ഓര്‍ക്കുക); അവരുടെ കണ്ണുകളില്‍ (കാഴ്ചയില്‍) നിങ്ങളെയും അവന്‍ കുറച്ചു (കാട്ടി) യിരുന്നു; (അതെ) പ്രാവര്‍ത്തികമാക്കേണ്ടിയിരുന്ന ഒരു കാര്യം അല്ലാഹു നിര്‍വഹിക്കുവാന്‍ വേണ്ടി (യാണത്). അല്ലാഹുവിങ്കലേക്കത്രെ കാര്യങ്ങള്‍ മടക്കപ്പെടുന്നത്.

---

ബദ്ര്‍ യുദ്ധത്തില്‍ ശക്തരായ ശത്രു സംഘത്തോട് ഏറ്റു മുട്ടുവാന്‍ മുസ്ലീംകള്‍ക്ക് ധൈര്യം നല്‍കാനായി അല്ലാഹു എടുത്ത മറ്റ് ചില നടപടികളാണ് ഈ വചനങ്ങളില്‍ വിവരിക്കുന്നത്. ശത്രുക്കള്‍ വളരെ കുറച്ച് പേര്‍ മാത്രമെയുള്ളുവെന്ന് അല്ലാഹു നബി(സ)ക്ക് സ്വപ്നത്തില്‍ കാണിച്ചു. നേരെ മറിച്ച് ശത്രുക്കളുടെ എണ്ണം അധികമുണ്ടെന്നായിരുന്നു സ്വപ്നമെങ്കില്‍ അത് സഹാബികള്‍ക്കിടയില്‍ ധൈര്യക്ഷയത്തിനിടയാക്കുകയും, യുദ്ധം വേണമെന്നും വേണ്ടെന്നും ഉള്ള കക്ഷി വഴക്കിന് കാരണമായിത്തീരുകയും ചെയ്യുമായിരുന്നു. യുദ്ധക്കളത്തില്‍ രണ്ട് കൂട്ടരും നേരിട്ട് ഏറ്റ് മുട്ടിയപ്പോഴും ശത്രുക്കള്‍ കുറച്ചാളുകളെയുള്ളുവെന്ന് അല്ലാഹു മുസ്ലീംകള്‍ക്ക് തോന്നിപ്പിച്ചു. അവര്‍ക്ക് യുദ്ധാവേശം ഉളവാക്കി അതേ പ്രകാരം മുസ്ലീംകള്‍ കുറഞ്ഞ ആളുകളെയുള്ളുവെന്ന് യുദ്ധാരംഭത്തില്‍ ശത്രുക്കള്‍ക്ക് തോന്നിപ്പിക്കുക വഴി, അവര്‍ അതിരു കവിഞ്ഞ ആത്മവിശ്വാസത്തോടെ, മുസ്ലീംകളുടെ നേരെ ആഞ്ഞടിക്കുകയും അതവരുടെ പരാജയത്തില്‍ കലാശിക്കുകയും ചെയ്തു. മനുഷ്യമനസ്സുകളെ പറ്റി നന്നായറിയുന്ന സര്‍വ്വജ്ഞന്‍ കൈകൊണ്ട ഇത്തരം നടപടികളിലൂടെ സത്യവിശ്വാസികളുടെ വിജയവും, അവിശ്വാസികളുടെ പരാജയവും അവന്‍ ഉറപ്പ് വരുത്തുകയായിരുന്നു.

(പിന്നീട് യുദ്ധക്കളത്തില്‍ വെച്ച് ഏറ്റുമുട്ടിയപ്പോള്‍ ശത്രുക്കളുടെ മനോവീര്യം നശിച്ച് പരാജയമടയുവാന്‍ വേണ്ടി മുസ്ലീംകള്‍ വളരെ അധികമുള്ളതായി അവരുടെ ദൃഷ്ടിയില്‍ അല്ലാഹു തോന്നിപ്പിച്ചതായി സൂ: ആലു ഇംറാന്‍ 13 ാം വചനത്തില്‍ പ്രസ്താവിച്ചിട്ടുണ്ട്)

**വിഭാഗം - 6**

**വചനം 45, 46**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا لَقِيتُمۡ فِئَةٗ فَٱثۡبُتُواْ وَٱذۡكُرُواْ ٱللَّهَ كَثِيرٗا لَّعَلَّكُمۡ تُفۡلِحُونَ ﴿٤٥﴾

45 ഹേ, വിശ്വസിച്ചവരേ, നിങ്ങള്‍ വല്ല (സൈന്യ) സംഘത്തെയും കണ്ടുമുട്ടിയാല്‍, നിങ്ങള്‍ ഉറച്ചു നില്‍ക്കുകയും, അല്ലാഹുവിനെ ധാരാളം ഓര്‍മ്മിക്കുകയും ചെയ്യുവിന്‍;- നിങ്ങള്‍ വിജയം പ്രാപിച്ചേക്കാം.

46 നിങ്ങൾ അല്ലാഹുവിനെയും അവൻെറ റസൂലിനെയും അനുസരിക്കുകയും ചെയ്യുവിൻ; നിങ്ങൾ പരസ്പരം ഭിന്നിക്കുകയും ചെയ്യരുത്; എന്നാൽ നിങ്ങൾക്ക് ഭീരുത്വം പിണയുകയും, നിങ്ങളുടെ കാറ്റ്(വീര്യം)പോയിപ്പോകുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും ചെയ്യണം. നിശ്ചയമായും അല്ലാഹു, ക്ഷമിക്കുന്നവരുടെ കൂടെയായിരിക്കും.

وَأَطِيعُوا۟ ٱللَّهَ وَرَسُولَهُۥ وَلَا تَنَـٰزَعُوا۟ فَتَفْشَلُوا۟ وَتَذْهَبَ رِيحُكُمْ ۖ وَٱصْبِرُوٓا۟ ۚ إِنَّ ٱللَّهَ مَعَ ٱلصَّـٰبِرِينَ ﴿٤٦﴾

ശത്രു സൈന്യങ്ങളുമായി ഏറ്റ് മുട്ടേണ്ടി വരുമ്പോൾ സത്യവിശ്വാസികൾക്ക് വിജയം കൈവരിക്കാനുള്ള ഉപാധികൾ അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

1. പതറാതെ, ധൈര്യപൂർവ്വം ഉറച്ച് നിൽക്കുക. 2. അല്ലാഹുവിനെ ധാരാളം ഓർമ്മിക്കുക: അല്ലാഹുവിനോട് പ്രാർത്ഥിച്ചും, സഹായമഭ്യർത്ഥിച്ചും തസ്ബീഹ് – തക്ബീർ ദിക്റുകൾ ഉച്ചരിച്ചും, എല്ലാം അവനിൽ അർപിച്ചും, അവന്റെ കാരുണ്യം പ്രതീക്ഷിച്ചും കൊണ്ടിരിക്കുക. 3. അല്ലാഹുവിന്റെയും റസൂലിന്റെയും ഉപദേശ നിർദ്ദേശങ്ങളെയും വിധി വിലക്കുകളെയും പാലിക്കുക. 4. അന്യോന്യം ഭിന്നിക്കാതെയും കക്ഷിവഴക്കോ ചേരി തിരിവൊ ഇല്ലാതെയും ഒറ്റക്കെട്ടായി നിലകൊള്ളുക. 5. ഞെരുക്കവും ബുദ്ധിമുട്ടുകളും സഹിക്കുകയും, അക്ഷമ പ്രകടിപ്പിക്കാതെയിരിക്കുകയും ചെയ്യുക. അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെ ആയിരിക്കും.

മേൽ കണ്ട ഉപാധികളിലുള്ള വീഴ്ചയും പോരായ്മയുമായിരിക്കും സത്യ വിശ്വാസികൾക്ക് പരാജയം നേരിടുവാൻ കാരണമാകുന്നതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ. മുസ്ലീംകളുടെ ചരിത്രത്തിൽ ശത്രുക്കളുമായി ഏറ്റ് മുട്ടേണ്ടി വന്ന സംഭവങ്ങൾ മൊത്തത്തിൽ പരിശോധിച്ചാൽ ഈ വാസ്തവം തെളിഞ്ഞ് കാണാവുന്നതാണ് – ആധുനിക ചരിത്രത്തിലെ ഇസ്രാഈൽ രാഷ്ട്രത്തിനെതിരായ ഏറ്റ് മുട്ടലുകളിൽ ഉൾപ്പെടെ.

**വചനം 47**

47 തങ്ങളുടെ വീടുകളിൽനിന്ന് ഗർവ്വായും, മനുഷ്യരെ കാണി (ച്ചു കീർത്തിസമ്പാദി) ക്കുവാനായും പുറപ്പെട്ടവരെപ്പോലെ നിങ്ങൾ ആവുകയുമരുത്. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് (ജനങ്ങളെ) അവർ തടയുകയും ചെയ്യുന്നു. (ഇവരെപ്പോലെ നിങ്ങൾ ആയിരിക്കരുത്) അല്ലാഹു, അവർ പ്രവർത്തിക്കുന്നതിനെ വലയം ചെയ്തു (സൂക്ഷ്മമായറിഞ്ഞു) കൊണ്ടിരിക്കുന്നവനാകുന്നു.

وَلَا تَكُونُوا۟ كَٱلَّذِينَ خَرَجُوا۟ مِن دِيَـٰرِهِم بَطَرًا وَرِئَآءَ ٱلنَّاسِ وَيَصُدُّونَ عَن سَبِيلِ ٱللَّهِ ۚ وَٱللَّهُ بِمَا يَعْمَلُونَ مُحِيطٌ ﴿٤٧﴾

അബു ജഹലിന്റെ നേതൃത്വത്തിൽ ബദ്റിൽ വന്ന സൈന്യത്തെപോലെ ഗർവും അഹങ്കാരവും സത്യവിശ്വാസികൾക്ക് ഉണ്ടായിക്കൂടാ. അവർ അടക്കവും ഒതുക്കവും ഭയഭക്തിയും ഉള്ളവരായിരിക്കണം. അബു സുഫ്യാന്റെ വർത്തക സംഘം രക്ഷപ്പെട്ടതറിഞ്ഞിട്ടും, മടങ്ങിപോകാതെ, ബദ്റിലെ മൈതാനത്ത് ചെന്ന് മൂന്ന് ദിവസം കള്ള് കുടിച്ചും, നൃത്താലാപനങ്ങൾ നടത്തിയും, ഒട്ടകങ്ങളെ അറുത്തും അറബികൾക്കിടയിൽ കീർത്തി നേടിക്കൊണ്ടല്ലാതെ, മടങ്ങുകയില്ലെന്ന് പറഞ്ഞാണല്ലൊ അവർ ബദ്റിൽ വന്നിറങ്ങിയത് പക്ഷെ അല്ലാഹു ഉദ്ദേശിച്ചത് മറ്റൊന്നായിരുന്നത് കൊണ്ട് അത് നടന്നില്ല.

**വചനം 48**

48 പിശാച് അവർക്ക് (അവിശ്വാസികൾക്ക്) തങ്ങളുടെ പ്രവൃത്തികളെ ഭംഗിയാക്കി കാട്ടിയ സന്ദർഭവും (ഓർക്കുക): അവൻ പറയുകയും ചെയ്തു: “ഇന്നു മനുഷ്യരിൽനിന്ന് (ആരും) നിങ്ങളെ ജയിച്ചടക്കുന്നവരില്ല; നിശ്ചയമായും,

وَإِذْ زَيَّنَ لَهُمُ ٱلشَّيْطَـٰنُ أَعْمَـٰلَهُمْ وَقَالَ لَا غَالِبَ لَكُمُ ٱلْيَوْمَ مِنَ ٱلنَّاسِ وَإِنِّى جَارٌ لَّكُمْ ۖ فَلَمَّا تَرَآءَتِ ٱلْفِئَتَانِ نَكَصَ

عَلَىٰ عَقِبَيْهِ وَقَالَ إِنِّي بَرِيٓءٌ مِّنكُمْ إِنِّيٓ أَرَىٰ مَا لَا تَرَوْنَ إِنِّيٓ أَخَافُ ٱللَّهَ ۚ وَٱللَّهُ شَدِيدُ ٱلْعِقَابِ ﴿٤٨﴾

ഞാൻ നിങ്ങൾക്ക് ഒരു അയൽക്കാരനും (സഹായിയും) ആകുന്നു." എന്നിട്ട് രണ്ടു സംഘങ്ങൾ പരസ്പരം കണ്ടപ്പോൾ, അവൻ മടമ്പുകാലുകളിൽ (വന്നപാടെ) പിന്നോക്കം വെച്ചു; അവൻ പറയുകയും ചെയ്തു: "നിശ്ചയമായും ഞാൻ, നിങ്ങളിൽ നിന്നും (ഉത്തരവാദിത്വം) ഒഴിവായവനാണ്; നിങ്ങൾ കാണാത്തത് ഞാൻ കാണുന്നു; ഞാൻ അല്ലാഹുവിനെ പേടിക്കുന്നു. അല്ലാഹുവാകട്ടെ, ശിക്ഷാ നടപടി കഠിനമായവനാകുന്നു."

---

ഖുറൈശികൾ ബദ്‌റിലേക്ക് പുറപ്പെട്ടപ്പോൾ അവരുടെ മുൻകാല യുദ്ധ വൈരികളായ കിനാന: ഗോത്രത്തിൽപെട്ട ബനുബകർ ശാഖയിൽ നിന്നും വല്ല അനിഷ്ട സംഭവങ്ങളും നേരിട്ടേക്കുമൊ എന്നൊരു ഭയം അവരെ പിടികൂടിയിരുന്നു. ഈ അവസരം മുതലെടുത്ത് കൊണ്ട്, ആ ശാഖയിലെ ഒരു നേതാവായിരുന്ന സൂറാഖത്ത് ബ്നു മാലിക്കിന്റെ വേഷത്തിൽ ഇബ്‌ലീസു ഖുറൈശികളെ സമീപിച്ച് പിന്തുണ പ്രഖ്യാപിച്ചു. തങ്ങൾ ചെയ്യുന്നതെല്ലാം നല്ലതാണെന്ന് ആദ്യം അവർക്ക് തോന്നിപ്പിക്കുകയും വിജയം സുനിശ്ചിതമാണെന്ന് അവരെ വ്യാമോഹിപ്പിക്കുകയും ചെയ്തു. അവസാനം അവർ മുസ്ലീംകളുമായി ഏറ്റ് മുട്ടിയ സന്ദർഭത്തിൽ, മലക്കുകളുടെ സാന്നിദ്ധ്യം മനസ്സിലാക്കിയ ഇബ്‌ലീസ് സ്വരക്ഷാ മാർഗ്ഗം തേടിക്കൊണ്ട് അവരെ കൈവെടിയുകയും ചെയ്തു.

ഈ സംഭവത്തിൽ പിശാച് മനുഷ്യരൂപത്തിൽ പ്രത്യക്ഷപെടാതെ മുശ്‌രിക്കുകളുടെ മനസ്സിൽ മേൽ പറഞ്ഞ തരത്തിൽ ദുർബോധനങ്ങൾ നടത്തുക മാത്രമാണ് ചെയ്തിട്ടുള്ളതെന്ന് ചില വ്യാഖ്യാതക്കൾ വിവരിച്ചതായി കാണാം. എന്നാൽ മനുഷ്യ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു അങ്ങനെയെല്ലാം പറയുകയും പ്രവർത്തിക്കുകയും ചെയ്യുകയുണ്ടായി എന്നത്രെ ഭൂരിഭാഗം വ്യാഖ്യാതാക്കളും പ്രസ്താവിക്കുന്നതും കൂടുതൽ സ്വീകാര്യമായതും. واللہ اعلم

## വിഭാഗം - 7

**വചനം 49**

إِذْ يَقُولُ ٱلْمُنَٰفِقُونَ وَٱلَّذِينَ فِى قُلُوبِهِم مَّرَضٌ غَرَّ هَٰٓؤُلَآءِ دِينُهُمْ ۗ وَمَن يَتَوَكَّلْ عَلَى ٱللَّهِ فَإِنَّ ٱللَّهَ عَزِيزٌ حَكِيمٌ ﴿٤٩﴾

49 കപടവിശ്വാസികളും, തങ്ങളുടെ ഹൃദയങ്ങളിൽ ഒരു (തരം) രോഗമുള്ളവരും പറഞ്ഞിരുന്ന സന്ദർഭം (ഓർക്കുക): "ഇക്കൂട്ടരെ അവരുടെ മതം വഞ്ചിച്ചു" വെന്ന്. ആരെങ്കിലും അല്ലാഹുവിൻെറ മേൽ ഭരമേൽപിക്കുന്നപക്ഷം, നിശ്ചയമായും അല്ലാഹു, പ്രതാപശാലിയും, അഗാധജ്ഞനുമാണ് (എന്ന് അറിഞ്ഞുകൊള്ളട്ടെ).

---

കപടവിശ്വാസികളോ, ദുർബലവിശ്വാസികളോ ആയ ഒരു കൂട്ടർ , ("ഹൃദയത്തിൽ ഒരു തരം രോഗമുള്ളവർ") മുസ്ലീംകൾ അവരേക്കാൾ എല്ലാ നിലക്കും വമ്പിച്ച, മുശ്‌രിക്കുകളുടെ സൈന്യത്തോടു യുദ്ധത്തിന് തയ്യാറായത് കണ്ടപ്പോൾ പറഞ്ഞ വാക്കാണിത്: "ഇവർ വലിയ ഭോഷൻമാർ തന്നെ. ഇവർക്ക് ഇവരുടെ മതത്തിലുള്ള വിശ്വാസം അതിര് കവിഞ്ഞ് വഞ്ചിതരായിരിക്കുകയാണിവർ " എന്ന് അല്ലാഹു അവർക്ക് മറുപടി നൽകുന്നു:

അല്ലാഹുവിൽ ഭരമേൽപിക്കുന്നവർക്ക് - അവർ എത്ര ദുർബലരായാലും - പ്രതാപശാലിയും, അഗാധജ്ഞനുമായ അല്ലാഹു സഹായം നൽകാതിരിക്കുകയില്ല.

**വചനം 50, 51**

وَلَوْ تَرَىٰٓ إِذْ يَتَوَفَّى ٱلَّذِينَ كَفَرُوا۟

50 അവിശ്വസിച്ചവരെ മലക്കുകൾ പിടിച്ചെടുക്കുന്ന (മരണപ്പെടുത്തുന്ന) സന്ദർഭം നീ കണ്ടിരു

ٱلْمَلَٰٓئِكَةُ يَضْرِبُونَ وُجُوهَهُمْ وَأَدْبَٰرَهُمْ وَذُوقُوا۟ عَذَابَ ٱلْحَرِيقِ ﴿٥٠﴾

ന്നുവെങ്കിൽ! അവരുടെ മുഖങ്ങളെയും, അവരുടെ പിൻഭാഗങ്ങളെയും അടിച്ചും കൊണ്ട്. (ഹാ! അതു വല്ലാത്തൊരു കാഴ്ചയായിരിക്കും!) "വെന്തു കരിച്ചലിൻെറ ശിക്ഷ ആസ്വദിച്ചു കൊള്ളുവിൻ" (എന്നു പറയുകയും ചെയ്യും).

ذَٰلِكَ بِمَا قَدَّمَتْ أَيْدِيكُمْ وَأَنَّ ٱللَّهَ لَيْسَ بِظَلَّٰمٍ لِّلْعَبِيدِ ﴿٥١﴾

51 (അവിശ്വാസികളേ) അത്, നിങ്ങളുടെ കരങ്ങൾ മുൻ ചെയ്തു വെച്ചതു നിമിത്തമാകുന്നു. അല്ലാഹു അടിമകളോട് അക്രമം പ്രവർത്തിക്കുന്നവനൊന്നുമല്ല എന്നുള്ളതും (നിമിത്തമാണ്)

---

മരണവേളയിൽ ആത്മാവിനെപിടിച്ചെടുക്കാൻ നിയോഗിക്കപെട്ട മലക്കുകൾ അവിശ്വാസികളോട് വളരെ പരുഷമായും കഠിനമായും, സത്യവിശ്വാസികളോട് വളരെ സൗമ്യതയിലും സന്തോഷത്തിലും പെരുമാറുമെന്നും ഖുർ ആനിലും ഹദീസിലും പലപ്പോഴും വ്യക്തമാക്കപെട്ടിട്ടുള്ളതാകുന്നു. ബദ്റിൽ വെച്ച് അവിശ്വാസികൾ മരണവേളയിൽ വമ്പിച്ച യാതനകൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ടെന്നാണ് ഇതിവിടെ പ്രസ്താവിച്ചതിലുള്ള സൂചന. ഈ അനുഭവം അവർക്ക് വന്നതാകട്ടെ അവരുടെ കരങ്ങൾ മുൻ ചെയ്ത് വെച്ചത് നിമിത്തമാകുന്നു. അല്ലാഹു ആരോടും യാതൊരു അനീതിയും ചെയ്യുന്നവനല്ല.

അല്ലാഹു പറഞ്ഞതായി നബി(സ) അരുളിയിരിക്കുന്നു: " അടിയാൻമാരേ, എന്റെ സ്വന്തം പേരിൽ ഞാൻ അക്രമത്തെ നിഷിദ്ധമാക്കിയിരിക്കുന്നു. നിങ്ങൾക്കിടയിലും ഞാൻ അത് നിഷിദ്ധമാക്കിയിരിക്കുന്നു. അത് കൊണ്ട് നിങ്ങൾ അന്യോന്യം അക്രമം ചെയ്യരുത്".

---

**വചനം 52, 53, 54**

كَدَأْبِ ءَالِ فِرْعَوْنَ وَٱلَّذِينَ مِن قَبْلِهِمْ ۚ كَفَرُوا۟ بِـَٔايَٰتِ ٱللَّهِ فَأَخَذَهُمُ ٱللَّهُ بِذُنُوبِهِمْ ۗ إِنَّ ٱللَّهَ قَوِىٌّ شَدِيدُ ٱلْعِقَابِ ﴿٥٢﴾

52 ഫിർഔൻെറ ആൾക്കാരുടെയും, അവരുടെ മുമ്പുള്ളവരുടെയും സമ്പ്രദായംപോലെ (ത്തന്നെ). അതായത്: അവർ അല്ലാഹുവിൻെറ 'ആയത്തു' (ലക്ഷ്യം) കളിൽ അവിശ്വസിച്ചു; അപ്പോൾ, അവരുടെ പാപങ്ങൾ നിമിത്തം അല്ലാഹു അവരെ പിടിച്ചു (ശിക്ഷിച്ചു). നിശ്ചയമായും അല്ലാഹു, ശക്തനാകുന്നു; ശിക്ഷാനടപടി കഠിനമായവനാകുന്നു.

ذَٰلِكَ بِأَنَّ ٱللَّهَ لَمْ يَكُ مُغَيِّرًا نِّعْمَةً أَنْعَمَهَا عَلَىٰ قَوْمٍ حَتَّىٰ يُغَيِّرُوا۟ مَا بِأَنفُسِهِمْ ۙ وَأَنَّ ٱللَّهَ سَمِيعٌ عَلِيمٌ ﴿٥٣﴾

53 അത്, ഒരു ജനതക്ക് അല്ലാഹു ചെയ്തുകൊടുത്ത ഒരനുഗ്രഹം അവൻ മാറ്റം വരുത്തുന്നവനല്ലെന്നുള്ളതു കൊണ്ടാണ്; അവർ തങ്ങളുടെ സ്വന്തങ്ങളിലുള്ളതിനെ (സ്വന്തം സ്ഥിതിഗതികളെ) മാറ്റം വരുത്തുന്നതുവരേക്കും. അല്ലാഹു (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനുമാണെന്നുള്ളതും (കൊണ്ടാണ്).

كَدَأْبِ ءَالِ فِرْعَوْنَ ۙ وَٱلَّذِينَ مِن قَبْلِهِمْ ۚ كَذَّبُوا۟ بِـَٔايَٰتِ رَبِّهِمْ فَأَهْلَكْنَٰهُم بِذُنُوبِهِمْ وَأَغْرَقْنَآ ءَالَ فِرْعَوْنَ ۚ وَكُلٌّ كَانُوا۟ ظَٰلِمِينَ ﴿٥٤﴾

54 (അതെ) ഫിർഔൻെറ ആൾക്കാരുടെയും, അവരുടെ മുമ്പുള്ളവരുടെയും സമ്പ്രദായം പോലെ (ത്തന്നെ) അതായത്: അവർ തങ്ങളുടെ രക്ഷിതാവിൻെറ 'ആയത്തു' (ലക്ഷ്യം) കളെ വ്യാജമാക്കി; അപ്പോൾ, അവരുടെ പാപങ്ങൾ നിമിത്തം നാം അവരെ നശിപ്പിച്ചു; ഫിർഔൻെറ ആൾക്കാരെ നാം മുക്കി നശിപ്പിക്കുകയും ചെയ്തു. എല്ലാവരും അക്രമികളുമായിരുന്നു.

ധിക്കാരികളായ ജനവിഭാഗത്തെ ദയനീയമായി പരാജയപെടുത്തുകയെന്നത് ബദ്റിന് മുമ്പെ തന്നെ അല്ലാഹുവിന്റെ നടപടിക്രമമാണെന്ന്, ഫിർഔനിന്റെയും ആൾക്കാരുടെയും അവരുടെ മുമ്പുള്ളവരുടെയും മേൽ അല്ലാഹു എടുത്ത ശിക്ഷാനടപടികളെ വിവരിച്ച് കൊണ്ട് അല്ലാഹു പ്രസ്താവിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാതെ അവർ ധിക്കാരം കൈകൊണ്ടപ്പോൾ , ആ അനുഗ്രഹങ്ങളെ അല്ലാഹു എടുത്തുമാറ്റുകയും, അവരെ ശിക്ഷിക്കുകയും ചെയ്തു.

സൂ : റഅ്ദ് : 11 ൽ അല്ലാഹു ഇപ്രകാരം പറയുന്നു: " ഒരു ജനതയുടെ സ്ഥിതിയെ അവർ തങ്ങളിലുള്ള അവസ്ഥയെ സ്വയം മാറ്റുന്നത് വരെ, അല്ലാഹു മാറ്റം വരുത്തുകയില്ല. അല്ലാഹു ഒരു ജനതയിൽ വല്ല തിന്മയും ഉദ്ദേശിച്ചാൽ അതിനെ തട്ടിക്കളയുന്നതൊന്നും തന്നെ ഇല്ല ".

---

**വചനം 55, 56, 57, 58**

إِنَّ شَرَّ ٱلدَّوَآبِّ عِندَ ٱللَّهِ ٱلَّذِينَ كَفَرُواْ فَهُمۡ لَا يُؤۡمِنُونَ ﴿٥٥﴾

ٱلَّذِينَ عَٰهَدتَّ مِنۡهُمۡ ثُمَّ يَنقُضُونَ عَهۡدَهُمۡ فِي كُلِّ مَرَّةٖ وَهُمۡ لَا يَتَّقُونَ ﴿٥٦﴾

فَإِمَّا تَثۡقَفَنَّهُمۡ فِي ٱلۡحَرۡبِ فَشَرِّدۡ بِهِم مَّنۡ خَلۡفَهُمۡ لَعَلَّهُمۡ يَذَّكَّرُونَ ﴿٥٧﴾

وَإِمَّا تَخَافَنَّ مِن قَوۡمٍ خِيَانَةٗ فَٱنۢبِذۡ إِلَيۡهِمۡ عَلَىٰ سَوَآءٍۚ إِنَّ ٱللَّهَ لَا يُحِبُّ ٱلۡخَآئِنِينَ ﴿٥٨﴾

55 നിശ്ചയമായും അല്ലാഹുവിൻെറ അടുക്കൽ (ജീവ) ജന്തുക്കളിൽവെച്ചു മോശപ്പെട്ടവർ യാതൊരു കൂട്ടരാണ്; അവർ അവിശ്വസിച്ചു; അതിനാൽ, അവർ വിശ്വസിക്കുകയില്ല. (ഇങ്ങിനെയുള്ളവരാകുന്നു)

56 അതായതു യാതൊരു കൂട്ടർ: അവരോടു നീ കരാറുവാങ്ങി; (എന്നിട്ട്) പിന്നെ, എല്ലാ പ്രാവശ്യത്തിലും തങ്ങളുടെ കരാർ അവർ ലംഘിച്ചുകൊണ്ടിരിക്കുന്നു; അവരാകട്ടെ, (അല്ലാഹുവിനെ) സൂക്ഷിക്കുന്നുമില്ല.

57 അതിനാൽ, യുദ്ധത്തിൽവെച്ച് (വല്ലപ്പോഴും) നീ അവരെ കണ്ടെത്തുന്ന പക്ഷം, അവരെക്കൊണ്ട് അവരുടെ പിമ്പിലുള്ളവരെ (പാഠം പഠിപ്പിച്ച്) തുരത്തിക്കളയുക; അവർ ഉറ്റാലോചിച്ചേക്കാം.

58 വല്ല ജനതയിൽ നിന്നും നീ (വല്ലപ്പോഴും) ചതിയെ ഭയപ്പെടുന്ന പക്ഷം, സമത്തിലായിക്കൊണ്ട് അവർക്ക് (അവരുടെ കരാറ് അങ്ങ്) ഇട്ടുകൊടുത്തേക്കുക. നിശ്ചയമായും, ചതിയൻമാരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.

---

അവിശ്വാസികളും, നിഷേധികളുമായിക്കൊണ്ട് ശഠിച്ച് നിൽക്കുകയും അന്യോന്യം കരാറും ഉടമ്പടിയും പാലിക്കാതെ, ലംഘിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്ന ആളുകളാണ് അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും ദുഷ്ടൻമാർ. ഇങ്ങനെയുള്ളവരെ യുദ്ധത്തിനിടയിൽ പിടികൂടിയാൽ ബന്ധനത്തിലാക്കുകയൊ, കൊല ചെയ്യുകയൊ വേണം; അത്തരം നടപടികൾ അവരുടെ പിൻഗാമികൾക്ക് ഒരു പാഠമായിത്തീരുന്നതാകുന്നു. ഏതെങ്കിലും ജനങ്ങളുമായി വല്ല കരാർ വ്യവസ്ഥകളും നിലവിലുള്ളപ്പോൾ, അവരാ കരാറിലെ വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ, അവരുമായുള്ള കരാർ ദുർബലപെടുത്തിയിരിക്കുന്നു വെന്ന് അവരെ അറിയിക്കണം; അല്ലാതെ ആദ്യമേ അവരോട് യുദ്ധത്തിനൊരുങ്ങുന്നത് ചതിയായിരിക്കും. അല്ലാഹു ചതി നടത്തുന്നവരെ ഇഷ്ടപെടുകയില്ല.

കരാർ ലംഘനം നടത്തുന്ന എല്ലാ അവിശ്വാസികളെയും, യഹൂദികളെ പ്രത്യേകിച്ചും, ഉദ്ദേശിച്ചാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കപെട്ടിട്ടുള്ളത്. നബി(സ) മദീനയിൽ എത്തിയ ഉടനെ യഹൂദർ മുസ്ലീംകളുമായി സമാധാനഉടമ്പടി ഉണ്ടാക്കിയെങ്കിലും, പല തവണ അവരത് ലംഘിക്കുകയുണ്ടായി. കൂടാതെ മുശ്രിക്കുകളെ ആയുധം നൽകിയും മറ്റും സഹായിക്കുകയുമുണ്ടായി. അത് നിമിത്തമാണ് അവസാനം അവർ മദീനയിൽ നിന്നും നാട് കടത്തപെട്ടത്.

**വിഭാഗം 8**

**വചനം 59**

59 നിശ്ചയമായും അവിശ്വസിച്ചവർ ഗണിക്കേണ്ടാ, തങ്ങൾ (പിടികിട്ടാതെ) മറികടന്നു പോയിരിക്കുന്നുവെന്ന്. നിശ്ചയമായും, അവർ (അല്ലാഹുവിനെ) അശക്തനാക്കുകയില്ല.

وَلَا يَحْسَبَنَّ ٱلَّذِينَ كَفَرُوا۟ سَبَقُوٓا۟ ۚ إِنَّهُمْ لَا يُعْجِزُونَ ﴿٥٩﴾

അല്ലാഹുവിന് പിടികിട്ടാത്ത വിധം അവിശ്വസിച്ചവർ മുമ്പിൽ കടന്ന് വിജയിച്ച് പോയിട്ടുണ്ടെന്ന് അവർ കരുതേണ്ട. അവനെ പരാജയപെടുത്താൻ ആർക്കും സാദ്ധ്യമല്ല. ഇഹത്തിൽ വെച്ച് അഥവാ ഒന്നും സംഭവിച്ചില്ലെങ്കിൽ തന്നെ പരത്തിൽ അവർക്ക് രക്ഷ കിട്ടുകയില്ല. (3:196,197 നോക്കുക)

**വചനം 60**

60 (സത്യവിശ്വാസികളേ) അവർക്കു വേണ്ടി നിങ്ങൾക്ക് സാധിക്കുന്നത്ര ശക്തിയും കെട്ടിനിറുത്തിയ (പോർ) കുതിരകളെയും നിങ്ങൾ ഒരുക്കുകയും ചെയ്യുവിൻ; അല്ലാഹുവിൻെറ ശത്രുവെയും, നിങ്ങളുടെ ശത്രുവെയും, അവർക്കു പുറമെ വേറെ ചിലരെയും അതുമൂലം നിങ്ങൾ പേടിപ്പെടുത്തുമാറ്: അവരെ (ക്കുറിച്ച്) നിങ്ങൾ അറിയുകയില്ല; അല്ലാഹു അവരെ (ക്കുറിച്ച്) അറിയുന്നതാണ്. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിങ്ങൾ ഏതൊരു വസ്തു ചിലവഴിക്കുന്നുവോ, അതു നിങ്ങൾക്ക് നിറവേറ്റിത്തരപ്പെടുന്നതാണ്; നിങ്ങളാകട്ടെ നിങ്ങളോട് അനീതി ചെയ്യപ്പെടുകയില്ല താനും.

وَأَعِدُّوا۟ لَهُم مَّا ٱسْتَطَعْتُم مِّن قُوَّةٍ وَمِن رِّبَاطِ ٱلْخَيْلِ تُرْهِبُونَ بِهِۦ عَدُوَّ ٱللَّهِ وَعَدُوَّكُمْ وَءَاخَرِينَ مِن دُونِهِمْ لَا تَعْلَمُونَهُمُ ٱللَّهُ يَعْلَمُهُمْ ۚ وَمَا تُنفِقُوا۟ مِن شَىْءٍ فِى سَبِيلِ ٱللَّهِ يُوَفَّ إِلَيْكُمْ وَأَنتُمْ لَا تُظْلَمُونَ ﴿٦٠﴾

വേണ്ടി വരുമ്പോൾ ശത്രുക്കളെ നേരിടാനും, ഇങ്ങോട്ട് വന്ന് ആക്രമണം നടത്തുവാൻ അവർക്ക് ഭയം തോന്നുവാനും വേണ്ടി, സത്യവിശ്വാസികൾ കഴിയുന്നത്ര ശക്തി സംഭരിച്ച് കൊണ്ടിരിക്കേണ്ടതുണ്ട്. യുദ്ധം വരുമ്പോൾ മാത്രം ആയുധ ശക്തി, സാമ്പത്തിക ശക്തി, ബുദ്ധിപരവും സംഘടനാപരവുമായ ശക്തി എന്നിവയെക്കുറിച്ച് ചിന്തിച്ചാൽ പോരാ – നേരത്തെ തന്നെ മുന്നൊരുക്കങ്ങൾ നടത്തണം. ശക്തി സംഭരിക്കുന്നതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെയും നിങ്ങളുടെയും നിലവിലുള്ള ശത്രുക്കളെ ഭീതിപെടുത്തുക മാത്രമല്ല, വരാനിരിക്കുന്ന ശത്രുക്കളെക്കൂടി ഭീതിപെടുത്തുകയെന്നതാണ്. അവരെക്കുറിച്ച് ഇപ്പോൾ അല്ലാഹുവിനേ അറിയുകയുള്ളൂ – മക്കാ മുശ്രിക്കുകൾ കൂടാതെ അറേബ്യൻ ശത്രുക്കളും, വിദേശ ശത്രുക്കളും, ഭാവിയിൽ മുസ്ലീംകളുടെ നേരെ ആക്രമണത്തിനൊരുങ്ങുന്ന എല്ലാ ശത്രുക്കളും അക്കൂട്ടത്തിൽ പെടുന്നു. ശക്തി സംഭരിക്കുന്നതിന് വേണ്ട സാമ്പത്തിക സ്രോതസ്സിലേക്ക്, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ, എന്ത് തന്നെ നിങ്ങൾ ചിലവഴിച്ചാലും യാതൊരു കുറവും കൂടാതെ, അതിന്റെ അനേകം ഇരട്ടി പ്രതിഫലം നിങ്ങൾക്ക് നൽകപെടുന്നതാണ് – എഴുന്നൂറിരട്ടിയും അതിലധികവും പ്രതിഫലം നൽകപെടുമെന്ന്, 2:261ൽ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. സൂ തൗബ 120,121–ഉം നോക്കുക.

**വചനം 61, 62, 63**

61 (നബിയേ) അവർ സമാധാനത്തിന് (സന്ധിക്കു) തുനിയുന്നപക്ഷം, നീയും അതിനു തുനിയുക; അല്ലാഹുവിൻെറ മേൽ ഭരമേൽപിക്കുകയും ചെയ്യുക. നിശ്ചയമായും, അവൻ തന്നെയാണ് (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനും.

۞ وَإِن جَنَحُوا۟ لِلسَّلْمِ فَٱجْنَحْ لَهَا وَتَوَكَّلْ عَلَى ٱللَّهِ ۚ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٦١﴾

62 അവർ നിന്നെ വഞ്ചിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിലോ, അപ്പോൾ, നിശ്ചയമായും, നിനക്ക് അല്ലാഹു (തന്നെ) മതി. അവനത്രെ, തൻെറ സഹായംകൊണ്ടും, സത്യവിശ്വാസികളെക്കൊണ്ടും നിന്നെ ബലപ്പെടുത്തിത്തന്നവൻ.

وَإِن يُرِيدُوٓاْ أَن يَخۡدَعُوكَ فَإِنَّ حَسۡبَكَ ٱللَّهُۚ هُوَ ٱلَّذِيٓ أَيَّدَكَ بِنَصۡرِهِۦ وَبِٱلۡمُؤۡمِنِينَ ٦٢

63 അവരുടെ ഹൃദയങ്ങൾക്കിടയിൽ അവൻ ഇണക്കിച്ചേർക്കുകയും ചെയ്തിരിക്കുന്നു. ഭൂമിയിലുള്ളതു മുഴുവനും നീ ചിലവഴിച്ചിരുന്നാലും, അവരുടെ ഹൃദയങ്ങൾക്കിടയിൽ നീ ഇണക്കിച്ചേർക്കുമായിരുന്നില്ല. (നിനക്കതിന്നു സാധിക്കുമായിരുന്നില്ല) എങ്കിലും, അവർക്കിടയിൽ അല്ലാഹു ഇണക്കിച്ചേർത്തിരിക്കുകയാണ്. നിശ്ചയമായും അവൻ, പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

وَأَلَّفَ بَيۡنَ قُلُوبِهِمۡۚ لَوۡ أَنفَقۡتَ مَا فِي ٱلۡأَرۡضِ جَمِيعٗا مَّآ أَلَّفۡتَ بَيۡنَ قُلُوبِهِمۡ وَلَٰكِنَّ ٱللَّهَ أَلَّفَ بَيۡنَهُمۡۚ إِنَّهُۥ عَزِيزٌ حَكِيمٞ ٦٣

---

ശക്തി സംഭരിക്കുമ്പോൾ തന്നെ സമാധാനസന്ധിക്ക് ശത്രുക്കൾ സന്നദ്ധരാണെങ്കിൽ അല്ലാഹുവിന്റെ മേൽ ഭരമേൽപിച്ച് കൊണ്ട് നബി(സ)യും അതിന് തുനിഞ്ഞു, യുദ്ധം ഒഴിവാക്കേണ്ടതാണ്. ഉള്ളിൽ അവർ വല്ല വഞ്ചനയും ഉദ്ദേശിക്കുന്നുണ്ടെങ്കിൽ തന്നെ സർവ്വജ്ഞനായ അല്ലാഹു അതിന് പരിഹാരം ഉണ്ടാക്കിക്കൊള്ളും, എന്ന് അല്ലാഹു നബി(സ)യെ സമാധാനിപ്പിക്കുന്നു.

തുടർന്ന്, അല്ലാഹു നബി(സ)ക്ക് നൽകിയ ചില അനുഗ്രഹങ്ങളെ അനുസ്മരിപ്പിക്കുന്നു. അച്ചടക്കവും അനുസരണയും ത്യാഗസന്നദ്ധതയും ഒത്തിണങ്ങിയ ഒരു അനുയായി വൃന്ദത്തെ അല്ലാഹു നബി(സ)ക്ക് സജ്ജമാക്കിക്കൊടുത്തു.

അൻസാറുകളിൽപെട്ട ഔസ്, ഖസ്റജ്, എന്നീ ഗോത്രക്കാർ തമ്മിൽ ഇസ്ലാമിന്റെ ആവിർഭാവത്തിന് മുമ്പ് കഠിനമായ ശത്രുതയിലും ദീർഘകാലം, പരസ്പര യുദ്ധത്തിലും ആയിരുന്നു. എന്നാൽ ഇസ്ലാമിൽ പ്രവേശിച്ചതോടെ അവർ സത്യവിശ്വാസമാകുന്ന ചരടിൽ കോർത്തിണക്കപ്പെട്ട ഏകോദര സോദരങ്ങളെ പോലെയായിത്തീർന്നു. മുഹാജിറുകളുടെ സ്ഥിതിയും ഏകദേശം ഇത്പോലെ തന്നെയായിരുന്നു. അല്ലാഹുവാണ് അവരുടെ ഹൃദയങ്ങളെ ഇണക്കി യോജിപ്പിച്ചതെന്നും, ഭൂമിയിലെ വിഭവങ്ങൾ മുഴുവൻ ചിലവഴിച്ചാലും അവരെ ഇണക്കിച്ചേർക്കുവാൻ നിനക്ക് കഴിയുമായിരുന്നില്ല എന്നും അല്ലാഹു നബി(സ) യെ ഓർമ്മപ്പെടുത്തുന്നു.

ഹൃദയങ്ങൾക്കിടയിൽ അല്ലാഹു അടുപ്പം നൽകിയാൽ അതിനെ ഒന്നും തന്നെ നീക്കിക്കളയുന്നതല്ല എന്ന് ഇബ്നു അബ്ബാസ്(റ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

ഒരു ഹദീസിൽ നബി(സ) പറഞ്ഞിരിക്കുന്നു. "സത്യവിശ്വാസത്തിന്റെ പിടിക്കയറുകളിൽ വെച്ച് അധികം ഉറപ്പുള്ളത് അല്ലാഹുവിന്റെ കാര്യത്തിൽ സ്നേഹിക്കലും, അന്യോന്യം മൈത്രി സ്ഥാപിക്കലും, അല്ലാഹുവിന്റെ കാര്യത്തിൽ അന്യോന്യം വെറുക്കലും ആകുന്നു."

---

**വചനം 64**

64 ഹേ, നബിയേ, നിനക്കും, സത്യവിശ്വാസികളിൽ നിന്ന് നിന്നെ പിൻപറ്റിയിട്ടുള്ളവർക്കും അല്ലാഹു (തന്നെ) മതി.

يَٰٓأَيُّهَا ٱلنَّبِيُّ حَسۡبُكَ ٱللَّهُ وَمَنِ ٱتَّبَعَكَ مِنَ ٱلۡمُؤۡمِنِينَ ٦٤

---

ഈ വചനത്തിന് രണ്ട് വിധത്തിൽ അർത്ഥം സ്വീകരിക്കപെടാറുണ്ട് 1. "നിനക്കും സത്യവിശ്വാസികളിൽ നിന്ന് നിന്നെ പിൻ പറ്റിയവർക്കും അല്ലാഹു മതി" എന്നും 2. "നിനക്ക് അല്ലാഹുവും സത്യവിശ്വാസികളിൽ നിന്ന് നിന്നെ പിൻ പറ്റിയവരും മതി " എന്നും . ഒന്നാമത്തെ അർത്ഥമാണ് പല വ്യാഖ്യാതാക്കളും ശരി വെച്ചിരിക്കുന്നത്. രണ്ടിൽ ഏതർത്ഥം സ്വീകരിക്കപ്പെട്ടാലും ശരി, സത്യവിശ്വാസികളായ അനുയായികൾ നബി(സ)ക്ക് ശക്തി പകരുന്നതാണെങ്കിലും, യഥാർത്ഥ ശക്തിയും സഹായവും ലഭിക്കുന്നത് അല്ലാഹുവിൽ നിന്നാണല്ലൊ.

**വിഭാഗം 9**

**വചനം 65, 66**

يَـٰٓأَيُّهَا ٱلنَّبِىُّ حَرِّضِ ٱلْمُؤْمِنِينَ عَلَى ٱلْقِتَالِ ۚ إِن يَكُن مِّنكُمْ عِشْرُونَ صَـٰبِرُونَ يَغْلِبُوا۟ مِا۟ئَتَيْنِ ۚ وَإِن يَكُن مِّنكُم مِّا۟ئَةٌ يَغْلِبُوٓا۟ أَلْفًا مِّنَ ٱلَّذِينَ كَفَرُوا۟ بِأَنَّهُمْ قَوْمٌ لَّا يَفْقَهُونَ ﴿٦٥﴾

65 ഹേ, നബിയേ, സത്യവിശ്വാസികളെ യുദ്ധത്തിനു പ്രോത്സാഹിപ്പിക്കുക. നിങ്ങളുടെ കൂട്ടത്തിൽ ക്ഷമാശീലരായ ഇരുപതു പേരുണ്ടായിരുന്നാൽ, അവർ ഇരുനൂറ് പേരെ ജയിച്ചടക്കുന്നതാണ്; നിങ്ങളുടെ കൂട്ടത്തിൽ നൂറു പേരുണ്ടായിരുന്നാൽ, അവിശ്വസിച്ചവരിൽ നിന്ന് ആയിരം പേരെയും അവർ ജയിച്ചടക്കുന്നതാണ്; അവർ (കാര്യം) ഗ്രഹിക്കാത്ത ഒരു ജനതയാണെന്നുള്ളതുകൊണ്ടാണ് (അത്).

ٱلْـَٔـٰنَ خَفَّفَ ٱللَّهُ عَنكُمْ وَعَلِمَ أَنَّ فِيكُمْ ضَعْفًا ۚ فَإِن يَكُن مِّنكُم مِّا۟ئَةٌ صَابِرَةٌ يَغْلِبُوا۟ مِا۟ئَتَيْنِ ۚ وَإِن يَكُن مِّنكُمْ أَلْفٌ يَغْلِبُوٓا۟ أَلْفَيْنِ بِإِذْنِ ٱللَّهِ ۗ وَٱللَّهُ مَعَ ٱلصَّـٰبِرِينَ ﴿٦٦﴾

66 ഇപ്പോൾ, അല്ലാഹു നിങ്ങൾക്ക് ലഘുവാക്കി (ഇളവു ചെയ്തു) തന്നിരിക്കുന്നു; നിങ്ങളിൽ ഒരു (തരം) ദൗർബ്ബല്യം ഉണ്ടെന്നുള്ളത് അവൻ അറിയുകയും ചെയ്തിരിക്കുന്നു. ആകയാൽ, നിങ്ങളുടെ കൂട്ടത്തിൽ ക്ഷമാശീലരായ നൂറുപേരുണ്ടായിരുന്നാൽ, അവർ ഇരുനൂറു പേരെ ജയിച്ചടക്കുന്നതാണ്. നിങ്ങളുടെ കൂട്ടത്തിൽ ആയിരം പേരുണ്ടായിരുന്നാൽ, അവർ രണ്ടായിരം പേരെയും ജയിച്ചടക്കും- അല്ലാഹുവിന്റെ അനുവാദം (ഉത്തരവു) കൊണ്ട്. അല്ലാഹുവാകട്ടെ, ക്ഷമാശീലരോടുകൂടെയായിരിക്കും.

---

സത്യവിശ്വാസികളെ യുദ്ധത്തിന് പ്രേരിപ്പിക്കാനും, അവർ ക്ഷമയും സഹനവും കൈകൊള്ളുന്ന പക്ഷം അവരേക്കാൾ വർദ്ധിച്ച ശത്രുക്കളെ ജയിച്ചടക്കുവാൻ അവർക്ക് കഴിയുമെന്നും അല്ലാഹു നബി(സ) യോട് പറയുന്നു. ശത്രുക്കളുമായി ധർമ്മയുദ്ധത്തിന് സഹാബികളെ പ്രോത്സാഹിപ്പിക്കുകയെന്നത് നബി(സ) യുടെ പതിവായിരുന്നു; സഹാബികളിൽ അത് അധികം ആവേശം ഉളവാക്കുകയും ചെയ്യുമായിരുന്നു. ബദ്ർ യുദ്ധവേളയിൽ നബി(സ) ഇപ്രകാരം പറയുകയുണ്ടായി. "ഇന്ന് അവരോട് ഒരാൾ ക്ഷമയോടെ പാരത്രിക പ്രതിഫലം മോഹിച്ച് കൊണ്ട്, യുദ്ധം ചെയ്ത് കൊല്ലപ്പെടുന്ന പക്ഷം അല്ലാഹു അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാതിരിക്കുകയില്ല." ഇത് കേട്ട പല സഹാബികളും പൂർവ്വാധികം ആവേശത്തോടെ രണാങ്കണത്തിലിറങ്ങി പട വെട്ടുകയും സസന്തോഷം മരണം വരിക്കുകയും ചെയ്തു.

ആദ്യവചനത്തിൽ ക്ഷമാശീലരായ സത്യവിശ്വാസികൾക്ക് പത്തിരട്ടി വരുന്ന ശത്രുക്കളെ ജയിച്ചടക്കുവാൻ സാധിക്കുമെന്ന് അല്ലാഹു അറിയിക്കുന്നു. ഇതിന് കാരണവും അല്ലാഹു തന്നെ ചൂണ്ടിക്കാട്ടുന്നു - "അവർ കാര്യം ഗ്രഹിക്കാത്ത ജനങ്ങളാണെന്നുള്ളത് കൊണ്ട് ". എന്ന് വെച്ചാൽ അല്ലാഹുവിന്റെ പ്രീതിക്കായി യുദ്ധത്തിൽ പങ്കെടുക്കുന്നവരും, പേരിനും പെരുമക്കും, ദുരഭിമാനത്തിനുമായി യുദ്ധത്തിൽ പങ്കെടുക്കുന്നവരും തമ്മിലുള്ള വ്യത്യാസം ഗ്രഹിക്കാത്തവരാണവർ. ഒന്നുകിൽ ജീവനോടെ രക്ഷപെട്ട് ജയിക്കണം, അല്ലെങ്കിൽ പരാജയം വരിച്ച് പിന്മാറണം എന്നേ അവർക്ക് ഉദ്ദേശ്യമുള്ളൂ. എന്നാൽ സത്യവിശ്വാസികളെ സംബന്ധിച്ചേടത്തോളം - മരണപെട്ടാലും തങ്ങൾക്ക് ശാശ്വത വിജയം തന്നെ. തങ്ങളുടെ ശേഷവും സത്യമതത്തെ അല്ലാഹു വിജയിപ്പിക്കാതിരിക്കുകയില്ല- ഇതായിരുന്നു അവരുടെ ദൃഢവിശ്വാസം.

രണ്ടാമത്തെ വചനത്തിൽ നിങ്ങളിൽ ഒരു തരം ദൗർബല്യം ബാധിച്ചിട്ടുണ്ടെന്ന് അറിയാവുന്നത് കൊണ്ട് ആദ്യത്തെ കൽപന അല്ലാഹു ലഘൂകരിച്ചിരിക്കുന്നുവെന്നും മേലിൽ ശത്രുക്കൾ രണ്ടിരട്ടി വരെയാണെങ്കിൽ നിങ്ങൾ ക്ഷമാശീലരായാൽ, നിങ്ങൾക്കവരെ ജയിച്ചടക്കാമെന്നും അല്ലാഹു സത്യവിശ്വാസികളെ അറിയിക്കുന്നു. വിശ്വാസപരമായി വളരെ പ്രബലരല്ലാത്ത കുറെ ആളുകളും കൂടി ചേർന്ന് മുസ്ലീംകളുടെ

എണ്ണം കൂടിയ സന്ദർഭത്തിലാണ് ഈ ഇളവ് പ്രഖ്യാപിക്കപെട്ടത്... ആദ്യത്തെ വചനം അവതരിച്ച് കുറച്ചെങ്കിലും കഴിഞ്ഞ ശേഷമായിരിക്കും ലഘൂത്വം നൽകിക്കൊണ്ടുള്ള ഈ വചനം അവതരിച്ചത്.

ഈ രണ്ട് വചനങ്ങളിലുമടങ്ങിയ ഒരു തത്വം പ്രത്യേകം നാം മനസ്സിലാക്കേണ്ടത്, ക്ഷമയും സഹനവുമാണ് അല്ലാഹുവിന്റെ സഹായത്തിനുള്ള മാനദണ്ഡമായി ചൂണ്ടിക്കാട്ടിയിരിക്കുന്നത്.- അല്ലാതെ എണ്ണത്തിലും വണ്ണത്തിലും അല്ലെന്ന്, ഇസ്ലാമിന്റെ ആദ്യകാല ചരിത്രവും അധുനിക ചരിത്രവും പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. "ആളെണ്ണക്കുറവ് കൊണ്ടല്ല പാപങ്ങളുടെ ആധിക്യം നിമിത്തമാണ് നാം തോൽപിക്കപ്പെടുക" എന്ന് ഉമർ(റ) പറഞ്ഞത് ഇവിടെ സ്മരണീയമാകുന്നു.

---

**വചനം 67, 68, 69**

مَا كَانَ لِنَبِيٍّ أَن يَكُونَ لَهُۥٓ أَسْرَىٰ حَتَّىٰ يُثْخِنَ فِى ٱلْأَرْضِ ۚ تُرِيدُونَ عَرَضَ ٱلدُّنْيَا وَٱللَّهُ يُرِيدُ ٱلْءَاخِرَةَ ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٦٧﴾

لَّوْلَا كِتَٰبٌ مِّنَ ٱللَّهِ سَبَقَ لَمَسَّكُمْ فِيمَآ أَخَذْتُمْ عَذَابٌ عَظِيمٌ ﴿٦٨﴾

فَكُلُوا۟ مِمَّا غَنِمْتُمْ حَلَٰلًا طَيِّبًا ۚ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٦٩﴾

67 ഒരു നബിക്കും (തന്നെ), അദ്ദേഹം ഭൂമിയിൽ (ശത്രുവെ കീഴടക്കി) ശക്തിയാർജ്ജിക്കുന്നതു വരെ, അദ്ദേഹത്തിന് ബന്ധനസ്ഥർ ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല. നിങ്ങൾ ഇഹലോക വിഭവത്തെ ഉദ്ദേശിക്കുന്നു; അല്ലാഹുവാകട്ടെ, പരലോകത്തെയും ഉദ്ദേശിക്കുന്നു. അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

68 അല്ലാഹുവിങ്കൽ നിന്നും ഒരു നിശ്ചയം മുമ്പു കഴിഞ്ഞിട്ടില്ലായിരുന്നെങ്കിൽ, നിങ്ങൾ വാങ്ങിയതിൽ നിങ്ങൾക്ക് വമ്പിച്ച ശിക്ഷ ബാധിക്കുക തന്നെ ചെയ്യുമായിരുന്നു.

69 എന്നാൽ, (ഇനി) നിങ്ങൾ 'ഗനീമത്തായി' (യുദ്ധമുതലായി) എടുത്തതിൽ നിന്ന് അനുവദനീയമായും, വിശിഷ്ടമായും നിങ്ങൾ തിന്നുകൊള്ളുവിൻ; അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു

---

ബദ്ർ യുദ്ധത്തിൽ ബന്ധനസ്ഥരാക്കപെട്ട മുശ്രിക്കുകളെ എന്ത് ചെയ്യണമെന്ന് റസൂൽ(സ) അഭിപ്രായം ചോദിക്കുന്നു. അവർ നമ്മളുമായി കുടുംബബന്ധമുള്ളവരായതിനാൽ തെണ്ടം വാങ്ങി വിട്ടയക്കണമെന്ന് അബൂബക്കർ(റ) അഭിപ്രായം പറഞ്ഞു എന്നാൽ ഉമർ(റ) അവരെ കൊലപെടുത്തണമെന്ന അഭിപ്രായക്കാരനായിരുന്നു. അവർ അവിശ്വാസികളുടെ നേതാവും പ്രമാണികളുമാണെന്നും , ഇവരൊക്കെ അങ്ങയെ നാട്ടിൽ വെച്ച് ഉപദ്രവിച്ചവരും അങ്ങയെ നാട്ടിൽ നിന്ന് പുറത്താക്കിയവരുമാണെന്നും ഉമർ(റ) പറയുകയുണ്ടായി. അബൂബക്കർ(റ)ന്റെ അഭിപ്രായമായിരുന്നു നബി(സ) ഇഷ്ടപെട്ടത്. അഭിപ്രായങ്ങൾ കേട്ട നബി(സ) ചില ആളുകളുടെ ഹൃദയങ്ങളെ അല്ലാഹു പാലിനേക്കാൾ മയപെടുത്തുകയും, ചിലരുടെ ഹൃദയങ്ങളെ അവൻ കല്ലിനേക്കാൾ ഉറച്ചതാക്കുകയും ചെയ്യുന്നു എന്ന് പറഞ്ഞു. അബുബക്കർ(റ) നെ ഇബ്രാഹിം(അ) നബിയോടും. ഈസാ(അ) നബിയോടും ഉപമിച്ച് കൊണ്ട്, അവർ രണ്ട് പേരും, തങ്ങളുടെ സമുദായത്തെ ശിക്ഷിക്കുവാനൊ, പൊറുത്ത് കൊടുക്കുവാനൊ ആവശ്യപെടാതെ, അക്കാര്യം അല്ലാഹുവിങ്കലേക്ക് വിട്ട് കൊണ്ട് പറഞ്ഞ വാക്കുകൾ (14 :36 ; 5:121 ) നബി(സ) ഉദ്ധരിച്ചു. ഉമർ(റ) നെ, മൂസാ (അ) നോടും നൂഹ്(അ) നോടും ഉപമിച്ച് കൊണ്ട് അവർ തങ്ങളുടെ ജനതയുടെ ധിക്കാരത്തിന് ശിക്ഷ നൽകുവാൻ പ്രാർത്ഥിച്ച വാക്കുകൾ (10 : 88 ; 71 : 26 ) നബി(സ) ഉദ്ധരിക്കുകയും ചെയ്തു.

മേൽ പറഞ്ഞ സംഭവത്തോടനുബന്ധിച്ചാണ് ഈ ഖുർ ആൻ വചനങ്ങളുടെ അവതരണമുണ്ടായത്.

യുദ്ധം മുഖേനയും വധം മുഖേനയും ശത്രുക്കളുടെ ശക്തി ക്ഷയിപ്പിച്ച് നാട്ടിൽ സ്വാധീനം കൈവരുത്തുന്നത് വരെ അവരിൽ ചിലരെ പിടിച്ച് ബന്ധനസ്ഥരാക്കി വെക്കുന്നത് പ്രവാചകൻമാർക്ക് യോജിച്ചതല്ല. അവരെ വെറുതെ വിട്ടാലും തെണ്ടം (മോചനദ്രവ്യം) വാങ്ങി വിട്ടാലും അവർ പൂർവ്വാധികം പ്രതികാര മനോഭാവത്തോടെ ശത്രുത തുടരുകയാണുണ്ടാകുക. അത് കൊണ്ട് ബന്ധനത്തിൽ കിട്ടിയ ശത്രുക്കളെ

നിഷ്ക്കരുണം വധിക്കുകയാണ് വേണ്ടത്

"നിങ്ങൾ ഐഹിക വിഭവം ഉദ്ദേശിക്കുന്നു" എന്ന് അല്ലാഹു പറഞ്ഞത് നബി(സ) തിരുമേനിയുടെ അനുമതിയോടുകൂടി മുസ്ലീംകൾ മോചനദ്രവ്യം വാങ്ങിയതിനെ ഉദ്ദേശിച്ചാകുന്നു. താല്ക്കാലിക നേട്ടം ഉദ്ദേശിക്കാതെ, അല്ലാഹു ഉദ്ദേശിച്ച പരലോക ഗുണമായുരുന്നു നിങ്ങൾ സ്വീകരിക്കേണ്ടിയിരുന്നത്. മോചന ദ്രവ്യം വാങ്ങിയവരെ കൂടാതെ, അതിന് അനുമതി നൽകിയ നബി(സ)യും ഈ ആക്ഷേപത്തിന് വിധേയനായിരിക്കുകയാണ്. വഹ്യ് മൂലം വ്യക്തമായി വിധി അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത വിഷയത്തിൽ നബി(സ) യുക്തമായ തീരുമാനം എടുത്തേക്കുമെന്നും, അതിൽ വല്ലപ്പോഴും അബദ്ധം പിണയുന്ന പക്ഷം അല്ലാഹു അത് തിരുത്താതിരിക്കുകയില്ലെന്നും, ഇത്തരം സംഭവങ്ങൾ മുൻനിറുത്തിക്കൊണ്ട് പല മഹാനമാരും ചൂണ്ടിക്കാട്ടുന്നു. ഖുർ ആൻ അല്ലാഹുവിന്റെ വചനമാണെന്നും നബി(സ) തിരുമേനി യാതൊന്നും മൂടി വെച്ചിട്ടില്ലെന്നുമുള്ളതിന് ഈ വചനവും നബി(സ)യെക്കുറിച്ച് ആക്ഷേപസ്വരത്തിൽ വന്നിട്ടുള്ള മറ്റു ചില വചനങ്ങളും തെളിവാകുന്നു.

രണ്ടാമത്തെ വചനത്തിൽ " അല്ലാഹുവിൽ നിന്ന് ഒരു മുൻ നിശ്ചയം കഴിഞ്ഞിട്ടില്ലായിരുന്നെങ്കിൽ നിങ്ങൾ വാങ്ങിയതിൽ നിങ്ങൾക്ക് വമ്പിച്ച ശിക്ഷ ബാധിക്കുക തന്നെ ചെയ്യുമായിരുന്നു ." എന്ന് പറഞ്ഞതിൽ "മുൻ നിശ്ചയം" എന്നത് കൊണ്ടുള്ള വിവക്ഷ താഴെ പറയും വിധം വിവിധ പ്രകാരത്തിൽ വിശദീകരിക്കപ്പെട്ടിരിക്കുന്നു.

1. കഴിഞ്ഞ 33ാം വചനത്തിൽ പ്രസ്താവിച്ചത് പോലെ സമുദായ മദ്ധ്യേ റസൂൽ നിലവിലുള്ളപ്പോഴും, അവർ പാപമോചനം തേടിക്കൊണ്ടിരിക്കുമ്പോഴും അവരെ ശിക്ഷിക്കുകയില്ലന്ന് നിശ്ചയം

2. ബദ്റിൽ പങ്കെടുത്തവരുടെ പാപങ്ങൾ പൊറുക്കപ്പെട്ടിട്ടുണ്ട് എന്ന നിശ്ചയം

3. വിരോധിച്ച് കൊണ്ടുള്ള കൽപന മുമ്പ് വന്നിട്ടില്ല എന്നതിനാൽ..

4. ഗനീമത്ത് സ്വത്തുക്കൾ അനുവദനീയമാണെന്നുള്ള നിശ്ചയം: (69-ാം വചനത്തിൽ ഇക്കാര്യം അല്ലാഹു അറിയിച്ചിട്ടുമുണ്ടല്ലോ ) ബന്ധനസ്ഥരോട് വാങ്ങുന്ന മോചനമൂല്യം ഗനീമത്തിൽ ഉൾപെട്ടതാണെന്ന് കൂടി ഈ വചനത്തിൽ നിന്ന് വ്യക്തമാകുന്നു.

5. അബദ്ധത്തിൽ വന്ന് പോയ തെറ്റിന് മാപ്പ് നൽകുന്നതാണെന്നുള്ള നിശ്ചയം.

മേൽ പറഞ്ഞവയിൽ ഏതെങ്കിലും ചിലതോ ഏതാനും ചിലതോ, ആയിരിക്കാം "മുൻനിശ്ചയം" എന്നത് കൊണ്ട് ഉദ്ദേശ്യമെന്ന് കരുതുവാനേ തരമുള്ളൂ. والله اعلم

തുടർന്ന് എല്ലാ വിഷയത്തിലും അബദ്ധം പിണയുന്നതും, അമിതത്വം വന്ന് പോകുന്നതും സൂക്ഷിക്കണമെന്നും അല്ലാഹുവിന്റെ കാരുണ്യത്തിലും പൊറുക്കലിലും ശുഭ പ്രതീക്ഷ നൽകികൊണ്ടും അല്ലാഹു വിഷയം സമാപിപ്പിക്കുന്നു.

## വിഭാഗം 10

**വചനം 70 , 71**

يَٰٓأَيُّهَا ٱلنَّبِيُّ قُل لِّمَن فِيٓ أَيۡدِيكُم مِّنَ ٱلۡأَسۡرَىٰٓ إِن يَعۡلَمِ ٱللَّهُ فِي قُلُوبِكُمۡ خَيۡرٗا يُؤۡتِكُمۡ خَيۡرٗا مِّمَّآ أُخِذَ مِنكُمۡ وَيَغۡفِرۡ لَكُمۡۚ وَٱللَّهُ غَفُورٞ رَّحِيمٞ ٧٠

70 ഹേ, നബിയേ, നിങ്ങളുടെ കൈവശങ്ങളിലുള്ള ബന്ധനസ്ഥരോടു പറയുക: "നിങ്ങളുടെ ഹൃദയങ്ങളിൽ വല്ല നൻമയും (ഉള്ളതായി) അല്ലാഹു അറിയുന്നപക്ഷം, നിങ്ങളിൽനിന്നു വാങ്ങിയതിനെക്കാൾ ഉത്തമമായത് അവൻ നിങ്ങൾക്കു നൽകുകയും, നിങ്ങൾക്കു പൊറുത്തു തരുകയും ചെയ്യുന്നതാണ്. അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു."

وَإِن يُرِيدُواْ خِيَانَتَكَ فَقَدۡ خَانُواْ ٱللَّهَ مِن قَبۡلُ فَأَمۡكَنَ مِنۡهُمۡۗ وَٱللَّهُ عَلِيمٌ حَكِيمٌ ٧١

71 നിന്നെ ചതിക്കുവാൻ അവർ ഉദ്ദേശിക്കുന്നുവെങ്കിൽ, (അതിൽ പുതുമയില്ല;) അവർ മുമ്പ് അല്ലാഹുവിനോട് ചതി പ്രവർത്തിക്കുകയും, എന്നിട്ട് അവൻ അവരെ (കീഴടക്കി) അധീന

പ്പെടുത്തുകയും ചെയ്തിട്ടുണ്ട്. (അതുപോലെ ഇനിയും സംഭവിക്കും) അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

---

ബദ്റിൽ തടവുകാരായി പിടിക്കപ്പെട്ടവരിൽ ചിലർ, മറ്റുള്ളവരുടെ നിർബന്ധത്തിന് വഴങ്ങിക്കൊണ്ട് യുദ്ധത്തിന് വന്നവരായിരുന്നുവെന്ന് പറയുകയുണ്ടായി. അവരിൽ നിന്ന് മോചനദ്രവ്യം വാങ്ങിയത് അവർക്ക് മനപ്രയാസമുളവാക്കി. അതിനെതുടർന്നാണ് ഈ വചനങ്ങൾ അവതരിച്ചതെന്ന് എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും പറയുന്നു. നിങ്ങളിൽ നിന്നും വസൂലാക്കപെട്ട ധനത്തെ പറ്റി നിങ്ങൾ പരിഭ്രമിക്കേണ്ടതില്ല; നിങ്ങളുടെ മനസ്സിൽ നൻമയുണ്ടെങ്കിൽ നിങ്ങൾ, നൽകേണ്ടി വന്ന ധനത്തേക്കാൾ ഉത്തമമായത് അല്ലാഹു നിങ്ങൾക്ക് നൽകും – അവൻ നിങ്ങളെ ഇസ്ലാമിലേക്ക് നയിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്ത് തരികയും ചെയ്യും. അവൻ അങ്ങേയറ്റം പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു– എന്നൊക്കെ പറഞ്ഞ് അവരെ സമാധാനിപ്പിക്കുവാൻ നബി(സ)യോട് അല്ലാഹു കൽപിക്കുന്നു. എന്നാൽ അവരുടെ മനസ്സിൽ ചതിയാണുള്ളതെങ്കിൽ മുമ്പ് അവർ അല്ലാഹുവിനോട് ചതിപ്രയോഗം നടത്തിയപ്പോൾ അല്ലാഹു ചെയ്തത് പോലെ ഇനിയും അവരെ അധീനപെടുത്തുവാൻ സർവ്വശക്തനും അഗാധജ്ഞനുമായ അല്ലാഹുവിനു കഴിയുമെന്ന് നബി(സ)യെ സമാധാനിപ്പിക്കുകയും ചെയ്യുന്നു.

ബദ്റിൽ ബന്ധനസ്ഥനാക്കപെട്ട തിരുമേനിയുടെ പിതൃവ്യനായ അബ്ബാസ്(റ) താൻ മുസ്ലീമായിരുന്നു എന്ന് നബി(സ)യോട് പറഞ്ഞപ്പോൾ, അങ്ങനെയെങ്കിൽ എല്ലാം അറിയുന്ന അല്ലാഹു താങ്കൾക്ക് പ്രതിഫലം നൽകുമെന്നും, എന്നാൽ, പ്രത്യക്ഷത്തിൽ താങ്കൾ ഞങ്ങൾക്കെതിരിലായിരിക്കുന്നതിനാൽ, താങ്കളുടേയും, താങ്കളുടെ അധീനതയിലുള്ളവരുടെയും മോചനമൂല്യം താങ്കൾ നൽകണമെന്നും നിർദ്ദേശിച്ചു. എന്നാൽ തന്റെ കൈയിൽ യാതൊരു ധനവുമില്ലെന്ന് ആദ്ദേഹം പറഞ്ഞപ്പോൾ "താങ്കളും ഭാര്യ ഉമ്മുൽ ഫള്ലും കൂടി കുഴിച്ചിട്ട ധനം എവിടെ" എന്ന് നബി(സ) തിരുമേനി ചോദിച്ചപ്പോൾ, ആരും അറിയാത്ത ഈ രഹസ്യം അല്ലാഹു താങ്കൾക്ക് അറിയിച്ച് തന്നത് താങ്കൾ അവന്റെ റസൂലാണെന്നതിന് തെളിവാണെന്ന് അബ്ബാസ്(റ) പ്രഖ്യാപിക്കുകയും, താൻ കൊടുക്കേണ്ട മോചനദ്രവ്യം കൊടുത്ത് തീർക്കുകയും ചെയ്തു.

അബ്ബാസ്(റ)നെപോലെ ഇസ്ലാമിലേക്ക് ചായ്വ് പ്രകടിപ്പിച്ചിരുന്ന എല്ലാവരേയും ഉൾപെടുത്തിയാണ്, ഈ വചനം അവതരിച്ചത് എന്ന് കരുതപെടുന്നു.

പിന്നീട് ഇസ്ലാമിൽ പ്രവേശിച്ച അബ്ബാസ്(റ) ന് അല്ലാഹു ധാരാളം സമ്പത്തും അടിമകളും പ്രദാനം ചെയ്യുകയുണ്ടായി.

---

**വചനം 72, 73**

إِنَّ ٱلَّذِينَ ءَامَنُواْ وَهَاجَرُواْ وَجَٰهَدُواْ بِأَمۡوَٰلِهِمۡ وَأَنفُسِهِمۡ فِي سَبِيلِ ٱللَّهِ وَٱلَّذِينَ ءَاوَواْ وَّنَصَرُوٓاْ أُوْلَٰٓئِكَ بَعۡضُهُمۡ أَوۡلِيَآءُ بَعۡضٖۚ وَٱلَّذِينَ ءَامَنُواْ وَلَمۡ يُهَاجِرُواْ مَا لَكُم مِّن وَلَٰيَتِهِم مِّن شَيۡءٍ حَتَّىٰ يُهَاجِرُواْۚ وَإِنِ ٱسۡتَنصَرُوكُمۡ فِي ٱلدِّينِ فَعَلَيۡكُمُ ٱلنَّصۡرُ إِلَّا عَلَىٰ قَوۡمِۭ بَيۡنَكُمۡ وَبَيۡنَهُم مِّيثَٰقٞۗ وَٱللَّهُ بِمَا تَعۡمَلُونَ بَصِيرٞ ٧٢

72 നിശ്ചയമായും, വിശ്വസിക്കുകയും, 'ഹിജ്റ' പോകുകയും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ തങ്ങളുടെ ധനം കൊണ്ടും, ദേഹം കൊണ്ടും സമരം നടത്തുകയും ചെയ്തവരും, ആശ്രയം നൽകുകയും സഹായം നൽകുകയും ചെയ്തവരും (അതെ) അക്കൂട്ടർ– അവരിൽ ചിലർ ചിലരുടെ (തമ്മതമ്മിൽ) ബന്ധുമിത്രങ്ങളാകുന്നു. വിശ്വസിക്കുകയും, 'ഹിജ്റ' പോരാതിരിക്കുകയും ചെയ്തവരാകട്ടെ, അവർ 'ഹിജ്റ' പോരുന്നതുവരെ അവരോടുള്ള മൈത്രീബന്ധത്തിൽ യാതൊന്നും (തന്നെ) നിങ്ങൾക്കില്ല. മത (വിഷയ)ത്തിൽ അവർ നിങ്ങളോട് സഹായം തേടിയെങ്കിൽ, സഹായിക്കൽ നിങ്ങളുടെ മേൽ (ബാധ്യത) ഉണ്ട്; നിങ്ങളുടെയും, തങ്ങളുടെയും ഇടയിൽ വല്ല കരാർ ബന്ധവും (നിലവിൽ) ഉള്ളതായ ജനതക്കെതിരായിട്ടൊഴികെ. (എന്നാലവരെ

സഹായിക്കേണ്ട ബാധ്യതയില്ല) അല്ലാഹു നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

73 അവിശ്വസിച്ചവരാകട്ടെ, അവരില്‍ ചിലര്‍ ചിലരുടെ (തമ്മതമ്മില്‍) ബന്ധുമിത്രങ്ങളാകുന്നു. ഇതു (പ്രകാരം) നിങ്ങള്‍ ചെയ്യുന്നില്ലെങ്കില്‍, ഭൂമിയില്‍ കുഴപ്പവും, വലുതായ നാശവും ഉണ്ടായിത്തീരും.

وَٱلَّذِينَ كَفَرُوا۟ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ إِلَّا تَفْعَلُوهُ تَكُن فِتْنَةٌ فِى ٱلْأَرْضِ وَفَسَادٌ كَبِيرٌ ﴿٧٣﴾

---

റസൂല്‍ (സ) തിരുമേനിയുടെ കാലത്തെ സത്യവിശ്വാസികളെ അല്ലാഹു നാലായി തരം തിരിക്കുന്നു.

1 മുഹാജിറുകള്‍ – ആദ്യകാലത്ത് തന്നെ നബി(സ)യില്‍ വിശ്വസിക്കുകയും, ദീനിന് വേണ്ടി വളരെയധികം മര്‍ദ്ദനങ്ങളും കഷ്ടപാടുകളും, ത്യാഗങ്ങളും സഹിച്ച് കൊണ്ട് സ്വദേശം വിട്ട് ഹിജ്റ പോയി മദീനയില്‍ അഭയം പ്രാപിച്ചവരാണവര്‍. ഹിജ്റക്ക് മുമ്പും പിമ്പും, ദീനിന് വേണ്ടി അവരുടെ ദേഹവും ധനവും വിനിയോഗിച്ചവരാണവര്‍. സഹാബികളെ ക്കുറിച്ച് പറയുമ്പോള്‍, ഇവിടെയെന്ന പോലെ വേറെ സ്ഥലങ്ങളിലും അല്ലാഹു മുഹാജിറുകള്‍ക്ക് ഒന്നാം സ്ഥാനം നല്‍കിയിരിക്കുന്നതായി കാണാവുന്നതാണ്.

2 അന്‍സാരികള്‍ – നബി(സ)ക്കും മുഹാജിറുകള്‍ക്കും “ആശ്രയം നല്‍കുകയും സഹായം നല്‍കുകയും ചെയ്ത” മദീനാ നിവാസികളായ അന്‍സാരികള്‍. “ഈ രണ്ട് കൂട്ടരും പരസ്പരം മിത്രങ്ങളാകുന്നു ” എന്നും അല്ലാഹു പറഞ്ഞിരിക്കുന്നു. അന്‍സാരികള്‍ അവരുടെ നാടും വീടും, സ്വത്തും കൃഷിയിടങ്ങളുമെല്ലാം മുഹാജിറുകള്‍ക്ക് ഭാഗിച്ച് കൊടുത്ത് ഒരേ വീട്ടിലെ ഏകോദര സഹോദരങ്ങളേക്കാള്‍ അടുപ്പത്തില്‍ അവര്‍ കഴിഞ്ഞ് കൂടി. അവര്‍ക്കിടയില്‍ സ്വത്തവകാശം പോലും സ്ഥാപിതമായിരുന്നു. ക്രമേണ മുഹാജിറുകള്‍ സ്വന്തം കാലില്‍ നില്‍ക്കാറായപ്പോഴാണ് പ്രസ്തുത സ്വത്തവകാശ സമ്പ്രദായം ഇല്ലാതാക്കപ്പെട്ടത്.

3 “വിശ്വസിക്കുകയും ഹിജ്റ പോകാതിരിക്കുകയും ചെയ്തവര്‍” – ശിര്‍ക്കിന്റെ നാട്ടില്‍ നിന്നും ഹിജ്റ പോന്ന്, മുസ്ലീംകളോടൊപ്പം താമസമാക്കാന്‍ കഴിഞ്ഞിട്ടില്ലാത്ത ഇവര്‍ സത്യവിശ്വാസികളാണെങ്കിലും മക്കായിലെ അന്നത്തെ പരിതസ്ഥിതിയില്‍ അവരുമായി കൂട്ട് ബന്ധം പാലിക്കുക സാധ്യമല്ലല്ലൊ. അത് കൊണ്ട് അവര്‍ ഹിജ്റ പോരുന്നത് വരെ അവരോട് മൈത്രീ ബന്ധം പാലിക്കേണ്ടുന്ന ചുമതല മൂഹാജിറുകള്‍ക്കും, അന്‍സാരികള്‍ക്കും ഇല്ലെന്ന് തുടര്‍ന്ന് അല്ലാഹു അറിയിക്കുന്നു. എന്നാല്‍ മതരംഗത്ത് ശത്രുക്കള്‍ക്കെതിരെ അവരെ സഹായിക്കല്‍ നിര്‍ബന്ധവുമാകുന്നു. – എന്നാല്‍ ആ സഹായം മുസ്ലീംകളുമായി വല്ല കരാറിലൊ സന്ധിയിലൊ ഇരിക്കുന്ന അവിശ്വാസികള്‍ക്കെതിരായിരിക്കാന്‍ പാടില്ല. അല്ലാഹു എല്ലാം വീക്ഷിച്ച് കൊണ്ടിരിക്കുന്നവനാണെന്ന് ഉണര്‍ത്തിക്കൊണ്ട്, അവയുടെ പ്രാധാന്യം അല്ലാഹു ഒന്ന് കൂടി ഓര്‍മ്മിപ്പിച്ചിരിക്കുന്നു.

4 നാലാമത്തെ വിഭാഗം സത്യവിശ്വാസികളാകട്ടെ – മുഹാജിറുകളോടൊപ്പം സത്യവിശ്വാസം സ്വീകരിച്ച് ഹിജ്റ പോകുകയുണ്ടായിട്ടില്ലെങ്കിലും, പിന്നീട് വിശ്വസിക്കുകയും മദീനയിലേക്ക് ഹിജ്റ പോകുകയും, ഇസ്ലാമിന് വേണ്ടി ത്യാഗങ്ങള്‍ സഹിക്കുകയും ചെയ്തിട്ടുള്ളവരാകുന്നു അവര്‍. (ഈ വിഭാഗക്കാരെപറ്റി സൂറത്തിന്റെ അവസാന വചനത്തില്‍ പ്രസ്താവിച്ചിരിക്കുന്നത് നോക്കുക.)

അതിന് മുമ്പായി, അവിശ്വാസികളുടെ സ്ഥിതിയെപറ്റി അല്ലാഹു പ്രസ്താവിക്കുന്നു – “അവിശ്വസിച്ചവരാകട്ടെ, അവരില്‍ ചിലര്‍ ചിലരുടെ ബന്ധുമിത്രങ്ങളാകുന്നു ”. മുശ്രിക്കുകളും വേദക്കാരും തമ്മില്‍ പരസ്പരം പല നിലക്കുമുള്ള വിയോജിപ്പും ശത്രുതയും നില നിന്നുവെങ്കിലും, മുസ്ലീംകള്‍ക്കും ഇസ്ലാമിനും എതിരെയുള്ള സംരംഭങ്ങളില്‍ അവരെല്ലാം പരസ്പരം സംഘടിച്ചും കൂട്ടുകൂടിയും ഒരുമയില്‍ തന്നെ ആയിരുന്നു.– അക്കാലത്ത് മാത്രമല്ല, ആധുനിക ചരിത്രത്തിലും ഈ വസ്തുത ഒരു സത്യമായി അവശേഷിക്കുന്നു.

അവസാനം അല്ലാഹു സത്യവിശ്വാസികളെ ഗൗരവപൂര്‍വ്വം താക്കീത് ചെയ്യുന്നു: നിങ്ങള്‍ പരസ്പരം ബന്ധു മിത്രങ്ങളായി വര്‍ത്തിക്കുക; തമ്മില്‍ സഹായ സഹകരണം ചെയ്യുക ; അവിശ്വാസികളെ മിത്രങ്ങളാക്കാതിരിക്കുക: കരാറ് വ്യവസ്ഥകള്‍ ലംഘിക്കാതിരിക്കുക – അല്ലാഹുവിന്റെ നിര്‍ദ്ദേശങ്ങള്‍ നിങ്ങള്‍ പ്രാവര്‍ത്തികമാക്കാത്ത പക്ഷം അത് ഇസ്ലാമിനും നിങ്ങള്‍ക്കും വമ്പിച്ച ആപത്തും ഭൂമിയില്‍ കുഴപ്പവും വമ്പിച്ച നാശവും ഉണ്ടാകാനിടയായിത്തീരും.

**വചനം 74**

74 വിശ്വസിക്കുകയും, ഹിജ്റപോകുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുകയും ചെയ്തവരും, ആശ്രയം നൽകുകയും സഹായിക്കുകയും ചെയ്തവരും, (അതെ) അക്കൂട്ടർതന്നെയാണ് യഥാർത്ഥത്തിൽ സത്യവിശ്വാസികൾ. അവർക്ക് പാപമോചനവും, മാന്യമായ ഉപജീവനവുമുണ്ടായിരിക്കും.

وَٱلَّذِينَ ءَامَنُواْ وَهَاجَرُواْ وَجَٰهَدُواْ فِي سَبِيلِ ٱللَّهِ وَٱلَّذِينَ ءَاوَواْ وَّنَصَرُوٓاْ أُوْلَٰٓئِكَ هُمُ ٱلْمُؤْمِنُونَ حَقًّاۚ لَّهُم مَّغْفِرَةٞ وَرِزْقٞ كَرِيمٞ ﴿٧٤﴾

---

മുഹാജിറുകളെയും അൻസാറുകളെയും പ്രശംസിച്ച് കൊണ്ട് അല്ലാഹു പറയുന്നു:

ഇവരാണ് പൂർണ്ണമായ അർത്ഥത്തിലുള്ള യഥാർത്ഥ സത്യവിശ്വാസികൾ, ഇവരിൽ ഉൾപെടാത്ത സത്യവിശ്വാസികൾക്ക് ഇവരുടെ അത്ര ഉന്നത പദവികളില്ല എന്ന് സാരം.

**വചനം 75**

75 പിന്നീട് വിശ്വസിക്കുകയും, 'ഹിജ്റ' പോരുകയും, നിങ്ങളോടൊപ്പം സമരം ചെയ്യുകയും ചെയ്തവർ, അക്കൂട്ടർ-നിങ്ങളിൽ പെട്ടവർ (തന്നെ) ആകുന്നു. രക്തബന്ധങ്ങളുള്ളവരാകട്ടെ, അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ (അഥവാ നിയമ നിശ്ചയത്തിൽ) അവരിൽ ചിലർ ചിലരോട് (തമ്മതമ്മിൽ) കൂടുതൽ ബന്ധപ്പെട്ടവരാകുന്നു. നിശ്ചയമായും അല്ലാഹു, എല്ലാ കാര്യത്തെക്കുറിച്ചും അറിയുന്നവനാകുന്നു.

وَٱلَّذِينَ ءَامَنُواْ مِنۢ بَعْدُ وَهَاجَرُواْ وَجَٰهَدُواْ مَعَكُمْ فَأُوْلَٰٓئِكَ مِنكُمْۚ وَأُوْلُواْ ٱلْأَرْحَامِ بَعْضُهُمْ أَوْلَىٰ بِبَعْضٖ فِي كِتَٰبِ ٱللَّهِۚ إِنَّ ٱللَّهَ بِكُلِّ شَيْءٍ عَلِيمُۢ ﴿٧٥﴾

---

നബി(സ)യുടെ കാലത്തെ സത്യവിശ്വാസികളിൽ നാലാമത്തെ തരക്കാരെ പറ്റിയാണ് ഈ വചനത്തിന്റെ ആദ്യ ഭാഗത്തിൽ പറയുന്നത് (വചനം 72, 73 നോക്കുക). ഈ വിഭാഗക്കാരോട് മൈത്രിയോടെ വർത്തിക്കണമെന്ന് അല്ലാഹു നിർദ്ദേശിക്കുന്നു.

മുഹാജിറുകളും അൻസാരികളും പരസ്പരം ബന്ധപെട്ട് കഴിയേണ്ടവരാണെന്ന് വിവരിച്ചശേഷം, ആ ബന്ധത്തേക്കാൾ ശക്തിപെട്ടതും തീരെ മുറിഞ്ഞ് പോകാത്തതുമായ ഒരു ബന്ധമാണ് രക്തബന്ധമെന്നും, രക്തബന്ധമുള്ളവർ, തമ്മിൽ കൂടുതൽ ബന്ധങ്ങളുണ്ടെന്നും അറിയിക്കുന്നു. ഈ വചനത്തോട് കൂടി മുഹാജിറുകളും അൻസാരികളും തമ്മിൽ തൽക്കാലത്തേക്ക് ഏർപെടുത്തപ്പെട്ട സ്വത്തവകാശം സമ്പ്രദായം നിർത്തൽ ചെയ്യപെടുകയും, സ്വത്തവകാശം കുടുംബന്ധമുള്ളവർ തമ്മിൽ മാത്രമായി നില നിർത്തപെടുകയും ചെയ്തു. ഇതാണ് ഖുർആൻ മുഖേനഇസ്ലാമിലെ സ്ഥിരമായ സ്വത്തവകാശ നിയമം എന്നത്രെ فى كتاب الله (അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ) എന്ന വാക്കിന്റെ താൽപര്യം. രക്തബന്ധത്തിന്റെ അടിസ്ഥാനത്തിൽ സ്വത്തവകാശമല്ലാത്ത വേറെയും ചില അവകാശങ്ങൾ നിലവിലുണ്ട്, വിവാഹ കാര്യം, സ്വത്തിന്റെ ക്രയ വിക്രയം, ജനാസ ശുശ്രൂഷ തുടങ്ങിയ വിഷയങ്ങളിൽ ചിലർക്ക് വേണ്ടി, കൈകാര്യം നടത്തുവാൻ ചിലർക്ക് നിയമപരമായി നൽകപെട്ടിട്ടുള്ള അവകാശങ്ങളും അധികാരങ്ങളും ആ അടിസ്ഥാനത്തിലാകുന്നു.

# 9 – സൂറത്തു ത്തൗബ (പശ്ചാത്താപം)

**മദീനയിൽ അവതരിച്ചത്**

വചനങ്ങൾ – 129, വിഭാഗം (റുകൂഉ് 16)

ഈ സൂറത്തിൽ പലരുടെയും തൌബയെ (പശ്ചാത്താപത്തെ)ക്കുറിച്ച് പ്രസ്താവിക്കുന്നതിനാലാണ് ഇതിന് സൂറത്തു ത്തൗബ, എന്ന് പേർ വന്നത്.

“ബറാഅത്ത്” എന്ന പദത്താൽ ഈ അദ്ധ്യായം ആരംഭിക്കുന്നതിനാൽ “സൂറത്തുൽ ബറാഅത്ത്” എന്നും ഈ സൂറത്ത് അറിയപ്പെടുന്നു.

സൂറത്ത് മുഴുവനും അല്ലെങ്കിൽ അധികഭാഗവും ഹിജ്റ ഒമ്പതാം കൊല്ലത്തിൽ തബൂക്ക് യുദ്ധ കാലത്തും അതിന് ശേഷവുമായി അവതരിച്ചതാകുന്നു.

മറ്റു എല്ലാ സൂറത്തുകളുടേയും ആരംഭത്തിലുള്ളത്പോലെ, ഈ സൂറത്തിന്റെ ആരംഭത്തിൽ بسم الله الرحمن الرحيم എന്ന് രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ഇതിന് പല കാരണങ്ങൾ പറയപ്പെടുന്നുണ്ടെങ്കിലും ഈ സൂറത്തിൽ ബിസ്മി അവതരിച്ചിട്ടില്ല എന്നതാണ് ഏറ്റവും ശരിയായ അഭിപ്രായം.

## വിഭാഗം 1

**വചനം 1, 2**

بَرَآءَةٌ مِّنَ ٱللَّهِ وَرَسُولِهِۦٓ إِلَى ٱلَّذِينَ عَـٰهَدتُّم مِّنَ ٱلْمُشْرِكِينَ ﴿١﴾

1 (ഇത്) അല്ലാഹുവിൽ നിന്നും, അവൻെറ റസൂലിൽ നിന്നുമുള്ള ഒരു (ബാധ്യത) ഒഴിവാകലാണ് (ഒഴിവായിക്കൊണ്ടുള്ള പ്രഖ്യാപനമാണ്); മുശ്‌രിക്കു (ബഹുദൈവ വിശ്വാസി) കളിൽ നിന്ന് നിങ്ങൾ കരാറു നടത്തിയിട്ടുള്ളവരോട്.

فَسِيحُوا۟ فِى ٱلْأَرْضِ أَرْبَعَةَ أَشْهُرٍ وَٱعْلَمُوٓا۟ أَنَّكُمْ غَيْرُ مُعْجِزِى ٱللَّهِ ۙ وَأَنَّ ٱللَّهَ مُخْزِى ٱلْكَـٰفِرِينَ ﴿٢﴾

2 ആകയാൽ, (ഹേ, മുശ്‌രിക്കുകളേ,) നിങ്ങൾ നാലുമാസം ഭൂമിയിൽ (യഥേഷ്ടം) സഞ്ചരിച്ചുകൊള്ളുവിൻ. നിങ്ങൾ അറിയുകയും ചെയ്യുവിൻ: നിങ്ങൾ അല്ലാഹുവിനെ (തോൽപിച്ച്) അശക്തമാക്കുന്നവരല്ലെന്നും, അല്ലാഹു അവിശ്വാസികളെ അപമാനപ്പെടുത്തുന്നവനാണെന്നും.

ഹിജ്റ പോയി മദീനയിലെത്തിയ നബി(സ)യെയും സത്യവിശ്വാസികളെയും മക്കാ മുശ്‌രിക്കുകൾ ആക്രമിച്ച് കൊണ്ടിരുന്നു. അങ്ങനെ ബദ്ർ, ഉഹ്ദ്, ഖൻദഖ്, മുതലായ യുദ്ധങ്ങളുണ്ടായി . മദീനയിലെ യഹൂദികളാകട്ടെ, നബി(സ)യുമായുള്ള സന്ധികൾ ലംഘിച്ച് കൊണ്ടും , മുശ്‌രിക്കുകൾക്ക് പിന്തുണ നല്കിക്കൊണ്ടും, അവരുടെ ഉപദ്രവം തുടർന്നു കൊണ്ടിരുന്നു.

ഹിജ്റ 6ാം കൊല്ലത്തിൽ ചരിത്രത്തിൽ തുല്യതയില്ലാത്തവിധം വിട്ട് വീഴ്ചകൾ ചെയ്ത് കൊണ്ട് മുസ്ലീംകൾ മുശ്‌രിക്കുകളുമായി ഹുദൈബിയാ സന്ധിയിലേർപ്പെട്ടു. പത്ത് കൊല്ലക്കാലം അവധി വെച്ച് കൊണ്ടുള്ള ആ സന്ധി, അവധിക്ക് മുമ്പെ തന്നെ മുശ്‌രിക്കുകൾ ലംഘിക്കുകയുണ്ടായി. തുടർന്ന് ഹിജ്റ 8-ാംകൊല്ലത്തിൽ മക്കാ വിജയത്തിന് ആ സന്ധി വഴി തെളിയിച്ചു. മക്കാ മുശ്‌രിക്കുകളുടെ ഉപദ്രവം അതോടെ അവസാനിച്ചുവെങ്കിലും, ചുറ്റ് പുറങ്ങളിലുള്ള മുശ്‌രിക്കുകളുടെ ഭീഷണികളും കരാറ് ലംഘനങ്ങളും തുടർന്ന് കൊണ്ടിരുന്നു. നബി(സ)യും സഹാബികളും ഹിജ്റ 8-ാം വർഷം തബൂക്ക് യുദ്ധത്തിന് മദീന വിട്ട് പോയ അവസരത്തിൽ ഇക്കൂട്ടർ, മദീനയിലെ കപടവിശ്വാസികളുമായി ഒത്ത് ചേർന്ന് നാട്ടിൽ ഭീതി ജനകമായ അന്തരീക്ഷം ഉളവാക്കുകയുണ്ടായി. ചുരുക്കത്തിൽ അവരുമായി സന്ധി നടത്തി, അടങ്ങിയിരിക്കാൻ പറ്റാത്ത ഒരവസ്ഥ സംജാതമായി. ഇങ്ങനെയുള്ള ചുറ്റ് പാടിലാണ് ഈ വചനങ്ങളും തുടർന്നുള്ള ഏതാനും വചനങ്ങളും അവതരിക്കുന്നത് - മുശ്‌രിക്കുകളോടുള്ള പരസ്യമായ ഒരു വിളംബരമായി ക്കൊണ്ട്.

അക്കാലത്ത്, അറേബ്യ മുഴുവൻ പരസ്യപ്പെടുത്തേണ്ട വല്ല കാര്യവും വിളംബരപ്പെടുത്താൻ, ഹജ്ജ് സമയമായിരുന്നു ഏറ്റവും ഉചിതമായത്. അത് കൊണ്ടാണ് അടുത്ത വചനത്തിൽ കാണുന്ന പ്രകാരം ഈ വിളംബരം ഹജ്ജ് സമയത്ത് പ്രഖ്യാപിക്കുവാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത്.

ഹിജ്റ 9-ാം കൊല്ലത്തിൽ തബൂക്ക് യുദ്ധം കഴിഞ്ഞ് വന്ന ശേഷം നബി(സ) ഹജ്ജിന് പോകാൻ ആഗ്രഹിച്ചുവെങ്കിലും, മുശ്രിക്കുകൾ ഹജ്ജിൽ പങ്കെടുക്കുമായിരുന്നത്കൊണ്ട് തിരുമേനി യാത്ര ഉപേക്ഷിക്കുകയും അബൂബക്കർ സിദ്ധീഖ്(റ)നെ മുസ്ലീംകളുടെ അമീറായി അയക്കുകയുമുണ്ടായി. അവർ പുറപ്പെട്ട് പോയതിന് ശേഷം, ഈ വചനങ്ങളെ ഹജ്ജിൽ വിളംബരപ്പെടുത്താൻ വേണ്ടി അക്കാലത്ത് അറബികൾക്കിടയിൽ അംഗീകരിക്കപ്പെട്ട ഒരു പതിവെന്ന നിലയിൽ തിരുമേനി, തങ്ങളുടെ അടുത്ത ബന്ധുവായ അലി(റ)യെയും മക്കയിലേക്ക് അയക്കുകയുണ്ടായി, അങ്ങനെ ദുൽ ഹജ്ജ് മാസം പത്തിന് ഈ സൂറത്തിന്റെ ആദ്യം മുതൽക്കുള്ള വചനങ്ങൾ (മുപ്പതോ, നാൽപതോ വചനങ്ങൾ) വിളംബരം ചെയ്തു. അതോടൊപ്പം തന്നെ അടുത്ത കൊല്ലം മുതൽ മുശ്രിക്കുകളാരും ഹജ്ജിന് വരരുതെന്നും, മേലിൽ ആരും നഗ്നരായി 'ത്വവാഫ്' ചെയ്യരുതെന്നും പ്രഖ്യാപിക്കുകയുണ്ടായി .

കരാർ നിലവിലിരിക്കെ ഇസ്ലാമിനെതിരിൽ നിരന്തരം ഗൂഢാലോചനകൾ നടത്തിക്കൊണ്ടിരുന്ന ഗോത്രങ്ങളുമായി ഉടമ്പടി ദുർബലപെടുത്തിക്കൊണ്ട് ഈ വചനങ്ങളിലൂടെ പൊതു വിളംബരം നല്കപ്പെട്ടിരിക്കുന്നു. ഈ പ്രഖ്യാപനത്തിലൂടെ അറേബ്യയിൽ ശിർക്കും മുശ്രിക്കുകളും നിയമ വിരുദ്ധമാക്കപെട്ടിരിക്കുന്നു.

ഈ പ്രഖ്യാപനമുണ്ടായ ഹിജ്റ ഒമ്പത്, ദുൽ ഹജ്ജ് പത്ത് മുതൽ നാല് മാസം തങ്ങളുടെ നയ നിലപാടിനെക്കുറിച്ച് ചിന്തിക്കാൻ അവർക്ക് അവധി നല്കപെട്ടിരിക്കുന്നു - ഒന്നുകിൽ ഇസ്ലാമികശക്തിയുമായി ഏറ്റ് മുട്ടി ഭൂമുഖത്ത് നിന്ന് നിഷ്കാസിതരാകുക, അല്ലെങ്കിൽ രാജ്യം വിട്ട് പോകുക, അതുമല്ലെങ്കിൽ ഇസ്ലാം സ്വീകരിക്കുക.

നിങ്ങൾ അല്ലാഹുവിനെ തോൽപിക്കുന്നവരല്ല: അല്ലാഹു സത്യനിഷേധികളെ നിന്ദ്യമായി പരാജയപെടുത്തുന്നവനുമാകുന്നു എന്ന് അല്ലാഹു മുശ്രിക്കുകൾക്ക് താക്കീത് നല്കുകയും ചെയ്യുന്നു.

---

**വചനം 3 ,4**

وَأَذَٰنٌ مِّنَ ٱللَّهِ وَرَسُولِهِۦٓ إِلَى ٱلنَّاسِ يَوْمَ ٱلْحَجِّ ٱلْأَكْبَرِ أَنَّ ٱللَّهَ بَرِىٓءٌ مِّنَ ٱلْمُشْرِكِينَ ۙ وَرَسُولُهُۥ ۚ فَإِن تُبْتُمْ فَهُوَ خَيْرٌ لَّكُمْ ۖ وَإِن تَوَلَّيْتُمْ فَٱعْلَمُوٓا۟ أَنَّكُمْ غَيْرُ مُعْجِزِى ٱللَّهِ ۗ وَبَشِّرِ ٱلَّذِينَ كَفَرُوا۟ بِعَذَابٍ أَلِيمٍ ﴿٣﴾

3 അല്ലാഹുവിൽനിന്നും, അവൻെറ റസൂലിൽനിന്നുമുള്ള ഒരു അറിയിപ്പുമാകുന്നു. മഹത്തായ ഹജ്ജിൻെറ ദിവസത്തിൽ മനുഷ്യരോട് (പൊതുവിൽ). അല്ലാഹുവും അവൻെറ റസൂലും മുശ്രിക്കുകളിൽനിന്ന് (ബാദ്ധ്യത) ഒഴിവായവരാണെന്ന്. എന്നാൽ, (മുശ്രിക്കുകളേ) നിങ്ങൾ പശ്ചാത്തപിച്ചാൽ, അതു നിങ്ങൾക്ക് ഉത്തമമായിരിക്കും; നിങ്ങൾ തിരിഞ്ഞു കളഞ്ഞാൽ നിങ്ങൾ അല്ലാഹുവിനെ (പരാജയപ്പെടുത്തി) അശക്തമാക്കുന്നവരല്ലെന്ന് അറിഞ്ഞു കൊള്ളുവിൻ. അവിശ്വസിച്ചവർക്ക് (നബിയേ) വേദനയേറിയ ശിക്ഷയെക്കുറിച്ചു സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

إِلَّا ٱلَّذِينَ عَٰهَدتُّم مِّنَ ٱلْمُشْرِكِينَ ثُمَّ لَمْ يَنقُصُوكُمْ شَيْـًٔا وَلَمْ يُظَٰهِرُوا۟ عَلَيْكُمْ أَحَدًا فَأَتِمُّوٓا۟ إِلَيْهِمْ عَهْدَهُمْ

4 (പക്ഷേ) മുശ്രിക്കുകളിൽനിന്ന് നിങ്ങൾ കരാറു നടത്തിയിട്ടുള്ളവരൊഴികെ, പിന്നീട് (അതിൽ) നിങ്ങളോട് യാതൊന്നും അവർ പോരായ്മ വരുത്തിയിട്ടുമില്ല. നിങ്ങൾക്കെതിരിൽ ഒരാൾക്കും അവർ പിന്തുണ നൽകിയിട്ടുമില്ല (ഇങ്ങിനെയുള്ളവരൊഴികെ); അപ്പോൾ, അവർക്ക്

إِلَىٰ مُدَّتِهِمْ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُتَّقِينَ ﴿٤﴾

അവരുടെ കാലം (അവധി) വരേക്ക് അവരുടെ കരാറ് നിങ്ങൾ പൂർത്തിയാക്കുവിൻ. നിശ്ച യമായും അല്ലാഹു, സൂക്ഷ്മത പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.

---

ഹജ്ജുൽ അക്ബർ (മഹത്തായ ഹജ്ജിന്റെ ദിവസം) എന്നപദം ദുൽ ഹജ്ജ് ഒമ്പത് (അറഫ ദിവസം) പത്ത് (പെരുന്നാൾ ദിവസം) ദുൽ ഹജ്ജ് പതിനൊന്ന് , പന്ത്രണ്ട് , പതിമൂന്ന് (അയ്യാമുത്തശ്‌രീഖ്) എന്നീ ദിവസങ്ങളെ ഉദ്ദേശിച്ച് ഉപയോഗിക്കപ്പെടാറുണ്ട്. - അല്ലാതെ, അറഫാ ദിവസം വെള്ളിയാഴ്ചയായി വരുന്ന കൊല്ലങ്ങളിലെ ഒരു പ്രത്യേക നാമമൊ വിശേഷണമൊ അല്ല ഹജ്ജൂൽ അക്ബർ എന്ന വാക്ക്. അറബികൾ ഉംറക്ക് ഹജ്ജുൽ അസ്ഗർ (ചെറിയ ഹജ്ജ്) എന്ന് പറയാറുണ്ട്. പക്ഷെ വിളംബരം നടത്തപെട്ടത് പെരുന്നാൾ ദിവസമായിരുന്നുവെന്ന് സ്ഥിരപ്പെട്ടിരിക്കുന്നതിനാൽ ആ ദിവസമാണിവിടെ ഉദ്ദേശിക്കപെട്ടിരിക്കുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്. ഈ വചനങ്ങളിലടങ്ങിയ പ്രഖ്യാപനങ്ങളുടെ രത്നചുരുക്കം ഇപ്രകാരമാകുന്നു :

1 നബി(സ)യും മുശ്‌രിക്കുകളുമായുള്ള കരാർ വ്യവസ്ഥകൾ ഇതോടെ അവസാനിച്ചിരിക്കുന്നു. 2 കഴിഞ്ഞുപോയ തെറ്റുകളിൽ നിന്ന് പശ്ചാത്തപിച്ച് മടങ്ങുകയാണെങ്കിൽ (ഇസ്ലാമിനെ സ്വീകരിക്കുകയാണെങ്കിൽ) അതവർക്ക് തന്നെ ഗുണകരമായിരിക്കും. 3. മുസ്ലീംകളുമായി കരാർ നിലവിലുണ്ടായിരിക്കുകയും, അത് ലംഘിക്കാതിരിക്കുകയും ചെയ്യുന്ന വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം, വിളംബരം ചെയ്യപ്പെട്ട നാലു മാസങ്ങളുടെ അവധി ബാധകമല്ല. അവരുമായുള്ള കരാറിൽ നിശ്ചയിക്കപ്പെട്ട അവധി തീരുന്നത് വരെ അത് പാലിക്കപെടുക തന്നെ ചെയ്യുന്നതാണ്.

---

**വചനം 5**

فَإِذَا ٱنسَلَخَ ٱلْأَشْهُرُ ٱلْحُرُمُ فَٱقْتُلُوا۟ ٱلْمُشْرِكِينَ حَيْثُ وَجَدتُّمُوهُمْ وَخُذُوهُمْ وَٱحْصُرُوهُمْ وَٱقْعُدُوا۟ لَهُمْ كُلَّ مَرْصَدٍ ۚ فَإِن تَابُوا۟ وَأَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ فَخَلُّوا۟ سَبِيلَهُمْ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٥﴾

5 അങ്ങനെ, (യുദ്ധം) നിഷിദ്ധമായ (ആ) മാസങ്ങൾ കഴിഞ്ഞുപോയാൽ, മുശ്‌രിക്കുകളെ നിങ്ങൾ വധിക്കുവിൻ, അവരെ കിട്ടിയേടത്തുവെച്ച്. അവരെ പിടിക്കുകയും, അവരെ ഉപരോധിക്കുകയും, എല്ലാ പതിസ്ഥലങ്ങളിലും അവർക്കുവേണ്ടി (പതി) ഇരിക്കുകയും ചെയ്യുവിൻ. ഇനി, അവർ പശ്ചാത്തപിക്കുകയും, നമസ്കാരം നിലനിറുത്തുകയും, സക്കാത്തു കൊടുക്കുകയും ചെയ്യുന്ന പക്ഷം, (അവർക്ക്) അവരുടെ വഴി ഒഴിവാക്കി (വിട്ടു) കൊടുക്കുവിൻ. നിശ്ചയമായും അല്ലാഹു വളരെ പൊറുക്കുന്നവനാണ്, കരുണാനിധിയാണ്.

---

"നിഷിദ്ധമായ മാസങ്ങൾ" എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്താണെന്നുള്ളതിനെക്കുറിച്ച് രണ്ട് അഭിപ്രായങ്ങളുണ്ട്:

1 യുദ്ധം നിഷിദ്ധങ്ങളായ ദുൽഖ അ്ദ :, ദുൽ ഹിജ്ജ:, മുഹറം, റജബ് എന്നീ നാലു മാസങ്ങൾ.

2 കഴിഞ്ഞ വചനങ്ങളിൽ സൂചിപ്പിച്ച വിളംബരം പ്രഖ്യാപിക്കപ്പെട്ട ദുൽ ഹജ്ജ് പത്ത് മുതലുള്ള നാല് മാസങ്ങളാണ് ഉദ്ദേശിക്കപെട്ടിട്ടുള്ളത് എന്നാണ് ഇബ്നു കഥീർ(റ) മുജാഹിദ്, ഇബ്നു ഇസ്ഹാഖ്, ഖത്താദ(റ) എന്നീ മഹാന്മാരുടെ പ്രബലാഭിപ്രായം. ഈ അഭിപ്രായമാണ്, കൂടുതൽ യുക്തമെന്നാണ് സന്ദർഭം കൊണ്ടും മനസ്സിലാകുന്നത്. കരാറ് പ്രകാരം, ശിക്ഷാ നടപടിയെടുക്കാൻ പാടില്ലാത്ത, ആ നാലു മാസങ്ങൾ കഴിഞ്ഞാൽ, അവർ പശ്ചാത്തപിക്കാതെ പഴയ നടപടി തുടരുകയാണെങ്കിൽ അവരുടെ നേരെ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് അല്ലാഹു കല്പിക്കുന്നു.

1 കിട്ടിയേടത്ത് വെച്ച് കൊലപെടുത്തുക.

2 പിടിച്ച് ബന്ധനത്തിലാക്കുക. (ബന്ധനത്തിലാക്കുന്നത് സംബന്ധിച്ച് സൂ അൻഫാൽ 67-ാം വചനത്തിൽ പ്രസ്താവിച്ച ആക്ഷേപം ഇപ്പോൾ നിലവിലില്ല. മുസ്ലീംകൾക്ക് ശക്തിയും പ്രതാപവും വന്ന് കഴിഞ്ഞിരിക്കുകയാണല്ലൊ.

3 അവർക്കെതിരെ ഉപരോധം ഏർപ്പെടുത്തി അവരെ കീഴടങ്ങുവാൻ നിർബന്ധിതരാക്കുക.

4 മർമ്മ സ്ഥാനങ്ങളിൽ പതിയിരുന്ന് കൊണ്ട് അവരുടെ സൈ്വരവിഹാരം തടയുക.

അക്കാലത്ത് യുദ്ധാവസരങ്ങളിൽ പ്രയോഗിക്കപ്പെട്ട് പോന്ന തന്ത്രങ്ങളാണിവയെല്ലാം.

എന്നാൽ, ആരെങ്കിലും, ചെയ്ത് പോയ ശിർക്കിന്റെയും അക്രമങ്ങളുടെയും പേരിൽ പശ്ചാത്തപിക്കുകയും, ഇസ്ലാമിനെ സർവ്വാത്മനാ അംഗീകരിക്കുകയും, നമസ്ക്കാരം നിലനിർത്തുകയും, സക്കാത്ത് കർമ്മം നിർവ്വഹിക്കുകയും, ചെയ്യുകയാണെങ്കിൽ കരുണാനിധിയായ അല്ലാഹു എല്ലാം പൊറുക്കുന്നതാണ്. അവർ മുസ്ലീംകൾക്കുള്ള എല്ലാ പൗരാവകാശങ്ങൾക്കും അർഹരായിത്തീരുന്നതാണ്.

---

**വചനം 6**

وَإِنْ أَحَدٌ مِّنَ ٱلْمُشْرِكِينَ ٱسْتَجَارَكَ فَأَجِرْهُ حَتَّىٰ يَسْمَعَ كَلَـٰمَ ٱللَّهِ ثُمَّ أَبْلِغْهُ مَأْمَنَهُۥ ۚ ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَعْلَمُونَ ﴿٦﴾

6 (നബിയേ) മുശ്രിക്കുകളിൽ നിന്ന് ഏതെങ്കിലും ഒരാൾ നിന്നോട് രക്ഷ (അഭയം) തേടിയെങ്കിൽ, അവൻ അല്ലാഹുവിൻെറ വചനം കേൾക്കുന്നതുവരെ അവന് രക്ഷ (അഭയം) നൽകുക. പിന്നെ, അവനെ അവൻെറ അഭയസ്ഥാനത്ത് എത്തിച്ചു കൊടുക്കുക. അത് അവർ അറിഞ്ഞുകൂടാത്ത ഒരു ജനതയാണെന്നുള്ളതു കൊണ്ടത്രെ.

---

മേൽ പറഞ്ഞ ശിക്ഷക്ക് അർഹരായ മുശ്രിക്കുകളിൽ പെട്ട ആരെങ്കിലും ഖുർആൻ കേട്ട് മനസ്സിലാക്കുവാനോ, ഇസ്ലാമിനെ പറ്റി പഠിക്കുവാനോ സന്നദ്ധരായി മുസ്ലീംകളെ സമീപിച്ചാൽ, അവർക്ക് അഭയം നല്കുകയും ഖുർ ആൻ പഠിപ്പിച്ച് കൊടുക്കുകയും ചെയ്യണം. ഇനി, അവർ വിശ്വസിച്ചാലും ഇല്ലെങ്കിലും, പിന്നീട് അവരുടെ അഭയസ്ഥാനത്ത്, നാട്ടിൽ സുരക്ഷിതരായി എത്തിച്ച് കൊടുക്കുകയു ചെയ്യണം. മുശ്രിക്കുകൾ പൊതുവെ ഇസ്ലാമിനെ പറ്റി വേണ്ട വിധത്തിൽ മനസ്സിലാക്കാത്തവരായിരിക്കും. ഇസ്ലാമിനെ പറ്റി മന ിലാക്കാൻ വരുന്നവരെ ഏത് പരിതസ്ഥിതിയിലും സ്വാഗതം ചെയ്യണമെന്നും, അവർക്ക് വേണ്ട സംരക്ഷണം ഏർപ്പെടുത്തിക്കൊടുക്കണമെന്നുമാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

ശത്രുരാജ്യങ്ങളിൽ നിന്ന് കച്ചവടത്തിന് വേണ്ടിയൊ, വല്ല ദൗത്യവുമായൊ, കരാറും സന്ധിയും ആവശ്യപെട്ടൊ, ഇസ്ലാമിന്റെ നാട്ടിലേക്ക് വന്ന് കൊണ്ടിരുന്നവരെ നബി(സ) അവരോട് സൗഹൃദപൂർവ്വം പെരുമാറുകയും, ഇസ്ലാമിനെക്കുറിച്ച് മനസ്സിലാക്കുവാൻ അവസരം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുമായിരുന്നു.

പക്ഷെ ആവശ്യത്തിലധികം കാലം അവരെ താമസിക്കുവാൻ അനുവദിക്കുന്നത് നല്ലതല്ലെന്നും ചിലപ്പോൾ പല അനർത്ഥങ്ങൾക്കും അത് കാരണമാകാനിടയുണ്ടെന്നും, മനസ്സിരുത്തേണ്ടതുമാകുന്നു.

## വിഭാഗം 2

**വചനം 7**

كَيْفَ يَكُونُ لِلْمُشْرِكِينَ عَهْدٌ عِندَ ٱللَّهِ وَعِندَ رَسُولِهِۦٓ إِلَّا ٱلَّذِينَ عَـٰهَدتُّمْ عِندَ ٱلْمَسْجِدِ ٱلْحَرَامِ ۖ فَمَا ٱسْتَقَـٰمُوا۟ لَكُمْ فَٱسْتَقِيمُوا۟ لَهُمْ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُتَّقِينَ ﴿٧﴾

7 എങ്ങിനെയാണ് (ആ) മുശ്രിക്കുകൾക്ക് അല്ലാഹുവിൻെറ അടുക്കലും, അവൻെറ റസൂലിൻെറ അടുക്കലും ഒരു കരാർ (നിലവിൽ) ഉണ്ടാകുന്നത്? നിങ്ങൾ 'മസ്ജിദുൽ ഹറാമി'ൻെറ അടുക്കൽവെച്ചു കരാറ് നടത്തിയവർക്കല്ലാതെ! എന്നാൽ, അവർ നിങ്ങളോട് ചൊവ്വിനു നിലകൊള്ളുമ്പോൾ, നിങ്ങൾ അവരോടും ചൊവ്വിനു നിലകൊള്ളുവിൻ. നിശ്ചയമായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.

---

നാല് മാസം കഴിഞ്ഞാൽ സന്ധിയില്ലാ സമരം നടത്തുമെന്ന് പ്രഖ്യാപിക്കപ്പെട്ട ആ മുശ്രിക്കുകൾക്ക് അല്ലാഹുവിന്റെയും റസൂലിന്റെയും ഭാഗത്തുനിന്ന് ഒരു കരാറും നടത്തപെടുവാനുള്ള യാതൊരു അർഹതയും ഇല്ല. പക്ഷെ മസ്ജിദിൽ ഹറാമിന്റെ (കഅ്ബയുടെ) പരിസരത്ത് വെച്ച് നടത്തിയിട്ടുള്ള പ്രസിദ്ധമായ

ഹുദൈബിയാ സന്ധിയിൽ ഏർപ്പെട്ടിട്ടുള്ള ചില മുശ്‌രിക്കുകൾ തങ്ങളുടെ സന്ധി വ്യവസ്ഥ ലംഘിക്കാത്തേടത്തോളം കാലം ഈ പ്രഖ്യപനം ബാധമാകുകയില്ല. ബനൂ കിനാന, ബനൂ ളംറത്ത് എന്നീ ഉപഗോത്രങ്ങൾ ഒഴികെ മറ്റ് മുശ്‌രിക്കുകൾ സംന്ധിലംഘനം നടത്തുകയും, തുടർന്ന് , അത് മക്കാ വിജയത്തിന് കാരണമായിത്തീരുകയും ചെയ്തു.

---

**വചനം 8**

كَيْفَ وَإِن يَظْهَرُوا۟ عَلَيْكُمْ لَا يَرْقُبُوا۟ فِيكُمْ إِلًّا وَلَا ذِمَّةً ۚ يُرْضُونَكُم بِأَفْوَٰهِهِمْ وَتَأْبَىٰ قُلُوبُهُمْ وَأَكْثَرُهُمْ فَـٰسِقُونَ ﴿٨﴾

8 എങ്ങിനെയാണ് (അവർക്ക് കരാർ ഉണ്ടായിരിക്കുക)? നിങ്ങളുടെ മേൽ അവർ (വിജയം വരിച്ച്) പ്രത്യക്ഷപ്പെടുന്ന പക്ഷം, നിങ്ങളെപ്പറ്റി കുടുംബ ബന്ധമാകട്ടെ, (കരാറ്) ബാധ്യതയാകട്ടെ അവർ കാത്തുസൂക്ഷിക്കുകയില്ല (പരിഗണിക്കുകയില്ല)! അവരുടെ വായകൊണ്ട് അവർ നിങ്ങളെ തൃപ്തിപ്പെടുത്തും; അവരുടെ ഹൃദയങ്ങൾ വെറുക്കുകയും ചെയ്യും. അവരിൽ അധികപേരും തോന്നിയവാസികളുമാകുന്നു.

---

അവരാകട്ടെ, നിങ്ങളോട് ജയിച്ച് ശക്തി പ്രാപിക്കുന്ന പക്ഷം, നിങ്ങളും അവരും തമ്മിലുള്ള കുടുംബ ബന്ധങ്ങളൊ, കരാർ വ്യവസ്ഥകളോ ഒന്നും വില വെക്കാതെ, നിങ്ങൾക്കെതിരെ എന്തും പ്രവർത്തിക്കുവാൻ അവർ മടിക്കുകയില്ല. നല്ല വാക്കുകൾ പറഞ്ഞും നയത്തിൽ സംസാരിച്ചും , അവർ നിങ്ങളെ തൃപ്തിപെടുത്താൻ ശ്രമിക്കുമെങ്കിലും, അതിൽ ഒട്ടും ആത്മാർത്ഥത തൊട്ട് തീണ്ടിയിരിക്കുകയില്ല. ഹൃദയത്തിൽ വെറുപ്പും വിദ്വേഷവും മാത്രമായിരിക്കും ഉണ്ടായിരിക്കുക. അവരിൽ അധികമാളുകളും ധിക്കാരികളും തോന്നിയ വാസികളും ആയിരിക്കും. ഇതെല്ലാം കാരണമായിട്ടാണ്, മേൽ പറഞ്ഞ പ്രകാരം, അവരോട്. സന്ധിയില്ലാ സമരം തന്നെ സ്വീകരിക്കണമെന്ന് കൽപ്പിക്കപ്പെടുവാൻ കാരണം.

**വചനം 9**

ٱشْتَرَوْا۟ بِـَٔايَـٰتِ ٱللَّهِ ثَمَنًا قَلِيلًا فَصَدُّوا۟ عَن سَبِيلِهِۦٓ ۚ إِنَّهُمْ سَآءَ مَا كَانُوا۟ يَعْمَلُونَ ﴿٩﴾

9 അല്ലാഹുവിൻെറ 'ആയത്തു'കൾക്ക് (ലക്ഷ്യ ദൃഷ്ടാന്തങ്ങൾക്ക്) അവർ അല്പമായ വിലവാങ്ങി; അങ്ങനെ, അവൻെറ മാർഗ്ഗത്തിൽനിന്ന് അവർ (ആളുകളെ) തടഞ്ഞു. നിശ്ചയമായും അവർ പ്രവർത്തിച്ചുവരുന്നതു വളരെ ചീത്ത!

---

അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവഗണിക്കുക മാത്രമല്ല , അവയ്ക്ക് പകരം, ഐഹികമായ സ്വാർത്ഥ ലാഭങ്ങൾ കൊണ്ട് അവർ തൃപ്തി അടയുകയും ചെയ്തു, ഇതിനായി മറ്റുള്ളവരെ കൂടി , നേർമാർഗ്ഗത്തിൽ നിന്ന് അവർ തടയുകയും ചെയ്ത് കൊണ്ടിരുന്നു. ഇതാണ് അവർ ഇത്രയും ദുഷിച്ച് പോകുവാനുള്ള യഥാർത്ഥ കാരണം.

---

**വചനം 10**

لَا يَرْقُبُونَ فِى مُؤْمِنٍ إِلًّا وَلَا ذِمَّةً ۚ وَأُو۟لَـٰٓئِكَ هُمُ ٱلْمُعْتَدُونَ ﴿١٠﴾

10 ഒരു സത്യവിശ്വാസിയെപ്പറ്റിയും കുടുംബ ബന്ധത്തെയാകട്ടെ, (കരാറ്) ബാധ്യതയാകട്ടെ അവർ കാത്തു സൂക്ഷിക്കുക (പരിഗണിക്കുക) യില്ല. അക്കൂട്ടർ തന്നെയാണ് അതിക്രമികളും.

---

ബഹുദൈവ വിശ്വാസികൾ ശക്തി പ്രാപിച്ചാൽ അവർ കുടുംബ ബന്ധങ്ങളൊ കരാറ് വ്യവസ്ഥകളൊ ഒന്നും വില വെക്കുകയില്ലെന്ന് 8-ാം വചനത്തിൽ ഉണർത്തിയശേഷം അല്ലാഹു വീണ്ടും ഇവിടെ ആവർത്തിച്ചുണർത്തുകയാണ്. അവരുടെ വാക്കുകൾ കേട്ട് വഞ്ചിതരായി വിട്ട് വീഴ്ചക്ക് ഒരുങ്ങാതെ, അവ

രോട് നിഷ്ക്കരുണം പെരുമാറണമെന്നാണ് അല്ലാഹു സത്യ വിശ്വാസികളെ ഓർമ്മിപ്പിക്കുന്നത്. ഇത്രയും വ്യക്തമായ രൂപത്തിൽ മുശ് രിക്കുകളുടെ സ്വഭാവങ്ങൾ അല്ലാഹു വിവരിക്കുന്നത് സത്യവിശ്വാസികൾ അവരെ പറ്റി ജാഗ്രതയോടെ ഇരിക്കാൻ വേണ്ടിയാകുന്നു. ഈ മുന്നറിയിപ്പ് നബി(സ)യുടെ കാലത്തുള്ള മുശ്രിക്കുകളെ പറ്റിയാണെങ്കിലും, എല്ലാ കാലത്തും ഇസ്ലാമിന്റെയും മുസ്ലീംകളുടെയും ശത്രുക്കളായി രംഗ പ്രവേശം ചെയ്യുന്നവരുടെ പൊതുസ്വാഭാവം ഇത് തന്നെയാകുന്നു.

**വചനം 11 ,12**

فَإِن تَابُوا۟ وَأَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ فَإِخْوَٰنُكُمْ فِى ٱلدِّينِ ۗ وَنُفَصِّلُ ٱلْـَٔايَـٰتِ لِقَوْمٍ يَعْلَمُونَ ﴿١١﴾

وَإِن نَّكَثُوٓا۟ أَيْمَـٰنَهُم مِّنۢ بَعْدِ عَهْدِهِمْ وَطَعَنُوا۟ فِى دِينِكُمْ فَقَـٰتِلُوٓا۟ أَئِمَّةَ ٱلْكُفْرِ ۙ إِنَّهُمْ لَآ أَيْمَـٰنَ لَهُمْ لَعَلَّهُمْ يَنتَهُونَ ﴿١٢﴾

11 എന്നാൽ, അവർ പശ്ചാത്തപിക്കുകയും, നമസ്കാരം നിലനിറുത്തുകയും, സക്കാത്തു കൊടുക്കുകയും ചെയ്താൽ, (അവർ) മതത്തിൽ നിങ്ങളുടെ സഹോദരങ്ങളായിരിക്കും. അറിയുന്ന ജനങ്ങൾക്കു വേണ്ടി നാം 'ആയത്തു'കൾ (ലക്ഷ്യ ദൃഷ്ടാന്തങ്ങൾ) വിശദീകരിക്കുകയാണ്.

12 അവരുടെ കരാറിനുശേഷം, അവർ അവരുടെ ശപഥങ്ങളെ ലംഘിക്കുകയും, നിങ്ങളുടെ മതത്തിൽ (ആക്ഷേപിച്ചു) കുത്തിപ്പറയുകയും ചെയ്തുവെങ്കിലോ, അപ്പോൾ, അവിശ്വാസത്തിൻെറ നേതാക്കളോട് നിങ്ങൾ യുദ്ധം നടത്തുവിൻ. (കാരണം) നിശ്ചയമായും അവർ-അവർക്കു ശപഥങ്ങളേയില്ല. (അതിന് അവർ ഒട്ടും വില കൽപിക്കാറില്ല) അവർ വിരമിച്ചേക്കാം.

---

മുശ്രിക്കുകളോട് സത്യവിശ്വാസികൾ സ്വീകരിക്കേണ്ടുന്ന രീതിയെ പറ്റി വിവരിച്ച ശേഷം, അല്ലാഹു അവരിൽ നിന്നുണ്ടാകുന്ന പ്രതികരണം ഏത് വിധത്തിലാണെന്ന് നോക്കി, അവരോടുള്ള നയം രൂപവൽക്കരിക്കാൻ സത്യവിശ്വാസികളോട് നിർദ്ദേശിക്കുന്നു. ഒന്നുകിൽ അവർ, തങ്ങളിൽ വന്ന് പോയ അതിക്രമങ്ങളെക്കുറിച്ച് ഖേദിച്ച് മടങ്ങും. അല്ലെങ്കിൽ അവർ, കരാർ ലംഘനങ്ങളും, ശപഥലംഘനങ്ങളും അതിക്രമങ്ങളും തുടർന്ന് കൊണ്ടിരിക്കും. ഒന്നാമത്തെ നിലപാടാണ് അവർ സ്വീകരിക്കുന്നതെങ്കിൽ, അവരെ മതത്തിൽ തങ്ങളുടെ സഹോദരൻമാരായി മുസ്ലീംകൾ കണക്കാക്കണം (5ാം വചനം നോക്കുക)

രണ്ടാമത്തെ നിലപാടാണ് സ്വീകരിക്കുന്നതെങ്കിൽ അവരുടെ നേതൃത്വം വഹിക്കുന്ന തലവൻമാരോട് ഏറ്റുമുട്ടി അവരെ മുട്ട് കുത്തിക്കുകതന്നെ വേണം. മേലിൽ അവരുമായി യാതൊരു കരാറിലൊ, ശപഥങ്ങളിലൊ ഏർപെടരുത്. അവരുടെ അടുക്കൽ കരാറിനും സത്യത്തിനും വിലയില്ലെന്ന് അവർ തെളിയിച്ച് കഴിഞ്ഞതാണല്ലൊ.

**വചനനം 13,14,15**

أَلَا تُقَـٰتِلُونَ قَوْمًا نَّكَثُوٓا۟ أَيْمَـٰنَهُمْ وَهَمُّوا۟ بِإِخْرَاجِ ٱلرَّسُولِ وَهُم بَدَءُوكُمْ أَوَّلَ مَرَّةٍ ۚ أَتَخْشَوْنَهُمْ ۚ فَٱللَّهُ أَحَقُّ أَن تَخْشَوْهُ إِن كُنتُم مُّؤْمِنِينَ ﴿١٣﴾

13 (സത്യവിശ്വാസികളേ) തങ്ങളുടെ ശപഥങ്ങളെ ലംഘിക്കുകയും, റസൂലിനെ (നാട്ടിൽ നിന്ന്) പുറത്താക്കുവാൻ ശ്രമിക്കുകയും ചെയ്ത ഒരു ജനതയോട് നിങ്ങൾക്ക് യുദ്ധം ചെയ്തു കൂടേ? അവരാണ്, നിങ്ങളോട് ആദ്യപ്രാവശ്യം (തന്നെ, ആക്രമണം) തുടങ്ങിയിട്ടുള്ളതും (എന്നിരിക്കെ)! അവരെ നിങ്ങൾ ഭയപ്പെടുകയോ?! എന്നാൽ അല്ലാഹുവത്രെ, നിങ്ങൾ ഭയപ്പെടുവാൻ ഏറ്റവും അർഹനായുള്ളവൻ, നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

قَٰتِلُوهُمْ يُعَذِّبْهُمُ ٱللَّهُ بِأَيْدِيكُمْ وَيُخْزِهِمْ وَيَنصُرْكُمْ عَلَيْهِمْ وَيَشْفِ صُدُورَ قَوْمٍ مُّؤْمِنِينَ ﴿١٤﴾

14 അവരോട് നിങ്ങള്‍ യുദ്ധം ചെയ്യുവിന്‍, നിങ്ങളുടെ കരങ്ങളാല്‍ അല്ലാഹു അവരെ ശിക്ഷിക്കും; അവരെ അവന്‍ അപമാനിക്കുകയും,അവര്‍ക്കെതിരില്‍ നിങ്ങളെ അവന്‍ സഹായിക്കുകയും ചെയ്യും; സത്യവിശ്വാസികളായ ജനങ്ങളുടെ നെഞ്ചു (മനസ്സു) കള്‍ക്ക് അവന്‍ ശമനം നല്‍കുകയും ചെയ്യും;

وَيُذْهِبْ غَيْظَ قُلُوبِهِمْ ۗ وَيَتُوبُ ٱللَّهُ عَلَىٰ مَن يَشَآءُ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿١٥﴾

15 അവരുടെ ഹൃദയങ്ങളിലെ ക്ളേശം അവന്‍ (നീക്കി) കളയുകയും ചെയ്യും. അല്ലാഹു, അവന്‍ ഉദ്ദേശിക്കുന്നവരുടെ പശ്ചാത്താപം സ്വീകരിക്കുന്നതുമാണ്. അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

---

കരാറ് നിശ്ചയങ്ങള്‍ ലംഘിക്കുക റസൂലിനെ നാട്ടില്‍ നിന്ന് പുറത്താക്കാന്‍ ശ്രമിക്കുക, ആദ്യമായി ഇങ്ങോട്ട് വന്ന് യുദ്ധം നടത്തുക - എന്നിത്യാദി അക്രമങ്ങള്‍ പ്രവര്‍ത്തിച്ച ആശത്രുക്കളോട് യുദ്ധം ചെയ്യാന്‍ എന്തിന് മടിക്കണം. നിങ്ങള്‍ അവരെ ഭയപ്പെടുകയാണോ? സത്യവിശ്വാസികള്‍ക്ക് അല്ലാഹുവിനെ മാത്രമാണല്ലോ ഭയപ്പെടാനുള്ളത്. അവനാണല്ലൊ യുദ്ധം നടത്തണമെന്ന് നിങ്ങളോട് പറയുന്നത് - എന്നിങ്ങനെ സത്യവിശ്വാസികളെ അല്ലാഹു യുദ്ധത്തിന് പ്രേരിപ്പിക്കുകയും അവര്‍ക്ക് അതിന് ആവേശവും ധൈര്യവും നല്കുകയും ചെയ്യുന്നു. റസൂല്‍(സ) തിരുമേനിയെ നാട്ടില്‍ നിന്ന് പുറത്താക്കാന്‍ ശ്രമം നടത്തിയതും, ബദ്ര്‍ യുദ്ധത്തിന് കാരണമുണ്ടാക്കിയതും, ഹുദൈബിയ സന്ധിയടക്കം പല കരാറുകളും ലംഘിച്ചതും, മുസ്ലീംകളുടെ നേരെ അക്രമമര്‍ദ്ദനങ്ങള്‍ അഴിച്ച് വിട്ടതും, എല്ലാം ആ ശത്രുക്കളാണല്ലൊ.

ഈ യുദ്ധാഹ്വാനത്തിലൂടെ ഉണ്ടാകാന്‍ പോകുന്ന ഫലങ്ങളെയും അല്ലാഹു എടുത്തു പറയുന്നു നിങ്ങളുടെ കൈക്ക് അല്ലാഹു അവരെ ശിക്ഷിക്കുകയും അവരെ അപമാനപ്പെടുത്തുകയും, നിങ്ങളെ അവന്‍ സഹായിക്കുകയും ചെയ്യും. അതോടു കൂടി സത്യവിശ്വാസികളുടെ ഹൃദയങ്ങളിലുള്ള ക്ലേശങ്ങളെ നീക്കിക്കളഞ്ഞ്, അവര്‍ക്ക് അല്ലാഹു ആശ്വാസവും സമാധാനവും പ്രദാനം ചെയ്യുകയും ചെയ്യുന്നതാകുന്നു.

<u>വചനം 16</u>

أَمْ حَسِبْتُمْ أَن تُتْرَكُوا۟ وَلَمَّا يَعْلَمِ ٱللَّهُ ٱلَّذِينَ جَٰهَدُوا۟ مِنكُمْ وَلَمْ يَتَّخِذُوا۟ مِن دُونِ ٱللَّهِ وَلَا رَسُولِهِۦ وَلَا ٱلْمُؤْمِنِينَ وَلِيجَةً ۚ وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ ﴿١٦﴾

16 അതല്ല, നിങ്ങള്‍ കണക്കാക്കിയോ, നിങ്ങള്‍ (വെറുതെ) ഉപേക്ഷിക്കപ്പെടുമെന്ന്? നിങ്ങളില്‍ നിന്ന് സമരം ചെയ്യുകയും, അല്ലാഹുവിനും, അവന്‍റെ റസൂലിനും, സത്യവിശ്വാസികള്‍ക്കും പുറമെ ഒരു രഹസ്യക്കൂട്ടുകെട്ട് ഉണ്ടാക്കിയിട്ടില്ലാതിരിക്കുകയും ചെയ്തവരെ അല്ലാഹു (പ്രത്യക്ഷത്തില്‍ കണ്ട്) അറിയാത്ത സ്ഥിതിക്ക്! അല്ലാഹുവാകട്ടെ, നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായറിയുന്നവനാകുന്നു.

---

സമരങ്ങളും യുദ്ധങ്ങളും നടത്തുവാന്‍ അല്ലാഹു കല്പിക്കുന്നതിലൂടെ, അവ നടപ്പിലാക്കാന്‍ വേണ്ട ത്യാഗങ്ങളും ബുദ്ധിമുട്ടുകളെയും സഹിക്കാന്‍ ആത്മാര്‍ത്ഥമായി മുന്നോട്ട് വരുന്നവരേയും, അതിന് തയ്യാറല്ലാത്തവരേയും വേര്‍ തിരിഞ്ഞ് കാണുമാറാകുന്നു. അല്ലാഹുവിനോടും റസൂലിനോടും, സത്യവിശ്വാസികളോടും ഉണ്ടായിരിക്കേണ്ടുന്ന ബന്ധത്തിന് നിരക്കാത്ത കൂട്ടുകെട്ടുകളില്‍ നിന്നും സ്വകാര്യ ബന്ധനങ്ങളില്‍ നിന്നും വിമുക്തരായിക്കൊണ്ട്, അല്ലാഹുവിന്‍റെ മാര്‍ഗ്ഗത്തിന്‍ സമരം നടത്തുന്നവരും അല്ലാത്തവരും തമ്മില്‍ പ്രത്യക്ഷത്തില്‍ വേര്‍തിരിഞ്ഞ് കാണാതെ - നിങ്ങള്‍ സത്യവിശ്വാസികളാണെന്നും മുസ്ലീംകളാണെന്നും അവകാശപെട്ടത് കൊണ്ട് മാത്രം - നിങ്ങളെ ഒഴിവാക്കി വിടുമെന്ന് നിങ്ങള്‍ കരുതേണ്ടതില്ല എന്ന അല്ലാഹു മുന്നറിയിപ്പ് നല്കുന്നു.

സർവ്വജ്ഞാനിയായ അല്ലാഹു അവന്റെ കല്പനകൾ അനുസരിക്കുന്നതിനായി ത്യാഗങ്ങളും ബുദ്ധിമുട്ടുകളും സഹിച്ച് കൊണ്ട് ആത്മാർത്ഥമായി മുന്നോട്ട് വരുന്നവരേയും, അല്ലാത്തവരേയും തിരിച്ചറിയുവാനാണ് ഇങ്ങനെയുള്ള പരീക്ഷണങ്ങൾ നടത്തുന്നത് എന്നതിന്റെ അർത്ഥമെന്താണെന്ന് വല്ലവർക്കും സംശയം തോന്നിയേക്കാം. സംഭവിച്ച് കഴിഞ്ഞിട്ടില്ലാത്ത ഭാവി കാര്യങ്ങളെക്കുറിച്ച് അവ ഇന്നിന്ന പ്രകാരമെ സംഭവിക്കൂ എന്ന് സർവ്വകാല ജ്ഞാനിയായ അല്ലാഹുവിനറിയാം. ഈ അറിവിന്റെ അടിസ്ഥാനത്തിലല്ല, എന്നാൽ മനുഷ്യർ ഓരോരുത്തരും, അവന്റെ പ്രവർത്തന രംഗത്ത് അനുവർത്തിക്കുന്ന കർമ്മങ്ങൾ അനുസരിച്ചാണ്, അല്ലാഹു അവന് പ്രതിഫലം നൽകുന്നത്.

## വിഭാഗം 3

**വചനം 17, 18**

مَا كَانَ لِلْمُشْرِكِينَ أَن يَعْمُرُوا۟ مَسَـٰجِدَ ٱللَّهِ شَـٰهِدِينَ عَلَىٰٓ أَنفُسِهِم بِٱلْكُفْرِ ۚ أُو۟لَـٰٓئِكَ حَبِطَتْ أَعْمَـٰلُهُمْ وَفِى ٱلنَّارِ هُمْ خَـٰلِدُونَ ﴿١٧﴾

إِنَّمَا يَعْمُرُ مَسَـٰجِدَ ٱللَّهِ مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ وَأَقَامَ ٱلصَّلَوٰةَ وَءَاتَى ٱلزَّكَوٰةَ وَلَمْ يَخْشَ إِلَّا ٱللَّهَ ۖ فَعَسَىٰٓ أُو۟لَـٰٓئِكَ أَن يَكُونُوا۟ مِنَ ٱلْمُهْتَدِينَ ﴿١٨﴾

17 മുശ്‌രിക്കുകൾക്ക് അല്ലാഹുവിൻെറ പള്ളികളെ പരിപാലിക്കുവാൻ പാടുള്ളതല്ല; (അവർ) തങ്ങളുടെ സ്വന്തങ്ങളുടെ മേൽ അവിശ്വാസത്തെപ്പറ്റി സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ട്. അക്കൂട്ടർ-അവരുടെ കർമ്മങ്ങൾ പൊളിഞ്ഞ് (നിഷ്ഫലമായി) പോയിരിക്കുന്നു. നരകത്തിലാകട്ടെ, അവർ സ്ഥിരവാസികളുമായിരിക്കും.

18 നിശ്ചയമായും, അല്ലാഹുവിൻെറ പള്ളികളെ പരിപാലിക്കുക,- അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും, നമസ്കാരം നിലനിറുത്തുകയും, സക്കാത്ത് കൊടുക്കുകയും, അല്ലാഹുവിനെയല്ലാതെ ഭയപ്പെടാതിരിക്കുകയും ചെയ്തവർ മാത്രമാകുന്നു. (അവർക്കേ അതിനർഹതയുള്ളു) എന്നാൽ, അക്കൂട്ടർ സൻമാർഗ്ഗം പ്രാപിച്ചവരുടെ കൂട്ടത്തിലായിത്തീർന്നേക്കാം.

ഈ സൂറത്തിന്റെ ആരംഭത്തിൽ വിവരിക്കപെട്ട നാലു മാസത്തെ അവധി കരാറ് നിലവിൽ വന്ന കാലത്ത്, കഅ്ബയുടെ സംരക്ഷണം ശുശ്രൂഷ, ഹജ്ജിന് വരുന്നവർക്ക് വെള്ളം എത്തിച്ച് കൊടുക്കൽ മുതലായ ചില നല്ല കാര്യങ്ങൾ മുശ്‌രിക്കുകൾ നടത്തി വന്നിരുന്നു. എന്നാൽ അല്ലാഹുവിനെ മാത്രം ആരാധിക്കുവാൻവേണ്ടി സ്ഥാപിക്കപ്പെട്ട കഅ്ബയുടെ പരിപാലനം ബഹുദൈവാരാധകരും വിഗ്രഹാരാധകരുമായ ഇക്കൂട്ടർക്ക് യോജിക്കുന്നതല്ല; അത് പാടില്ലാത്തതുമാകുന്നു. അതിനവർക്ക് അർഹതയുമില്ല. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും നമസ്ക്കാരം സക്കാത്ത് എന്നീ നിർബന്ധ കാര്യങ്ങൾ നിലനിർത്തുകയും ചെയ്യുന്ന സത്യവിശ്വാസികൾക്കെ പള്ളി പരിപാലിക്കുന്നതിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. പള്ളിപരിപാലനം എന്നത് കൊണ്ട് പള്ളിയുടെ നടത്തിപ്പും ഭരണം മുതലായ ബാഹ്യ ശുശ്രൂഷകളും, പള്ളികൾ സന്ദർശിച്ച് കൊണ്ട് പ്രാർത്ഥന, നമസ്ക്കാരം എന്നീ ആരാധനാ കർമ്മങ്ങൾ നടത്തികൊണ്ട് അവയുടെ സ്ഥാപനോദ്ദേശ്യങ്ങളെ സജീവമാക്കുകയെന്ന ലക്ഷ്യവും ഉൾപെടുന്നു. അമുസ്ലീംകളായ തൊഴിലാളികളെയും, സാങ്കേതികവിദഗ്ദരേയും പള്ളി സംബന്ധമായ നിർമ്മാണ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിന് ഈ നിബന്ധനകൾ ബാധകമാകുന്നില്ല താനും. അമുസ്ലീംകൾ പള്ളിയിൽ പ്രവേശിക്കുന്നത് സംബന്ധമായ നിയമ നിർദ്ദേശങ്ങൾ താഴെ 28-ാം വചനത്തിൽ കാണാം.

ഇസ്ലാമിന്റെ ചില വിധി വിലക്കുകൾ പാലിക്കുന്നില്ലെന്ന കാരണത്താൽ മുസ്ലീംകളായ വ്യക്തികൾക്ക് - കുഫ്റിന്റേതായ അടയാളമൊന്നും അയാളിൽ പ്രത്യക്ഷപ്പെടാത്ത കാലത്തോളം - പള്ളി പരിപാലനത്തിൽ പങ്ക് വഹിക്കാനുള്ള അവകാശം തടയപ്പെട്ടുകൂടാ എന്നാണ് പ്രബലമായ അഭിപ്രായം الله اعلم

അല്ലാഹുവിനെയല്ലാതെ ഭയപ്പെടാതിരിക്കുക എന്ന് പറഞ്ഞത് കൊണ്ടുദ്ദേശ്യം അല്ലാഹുവിന്റെ വിധി വിലക്കുകൾ പാലിക്കുന്നതിലും, മതപരമായ കടമകൾ നിർവഹിക്കുന്നതിലും മറ്റാരെയും ഭയപ്പെടാതിരിക്കുക എന്നാകുന്നു. خشية (ഖശ്‌യത്ത്) എന്ന പദത്തിന്റെ യഥാർത്ഥ അർത്ഥം ബഹുമാനത്തോടു കൂടിയുള്ള ഭയപ്പാട് എന്നാകുന്നു.

പള്ളി നിർമാണം, പരിപാലനം എന്നിവ സംബന്ധമായി, താഴെ കാണുന്ന ചില ഹദീസുകൾ ശ്രദ്ധേയമാകുന്നു.

"ആരെങ്കിലും അല്ലാഹുവിന് ഒരു പള്ളി സ്ഥാപിച്ചാൽ , അല്ലാഹു അവന് സ്വർഗ്ഗത്തിൽ ഒരു വീട് സ്ഥാപിക്കുന്നതാണ്"

"ഒരു പുരുഷൻ പള്ളിയിലേക്ക് പതിവായി പോകുന്നത് കണ്ടാൽ, അവന്റെ സത്യവിശ്വാസത്തിന് നിങ്ങൾ സാക്ഷ്യം, വഹിച്ച് കൊള്ളുവിൻ"

ഖിയാമത്ത് നാളിൽ അല്ലാഹുവിന്റെ തണൽ ലഭിക്കുന്ന ഏഴ് കൂട്ടരിൽ, ഒരു കൂട്ടരായി, നബി(സ) എണ്ണിയിരിക്കുന്നത് "ഹൃദയം പള്ളികളുമായി ബന്ധപ്പെട്ട ആളുകളെയാകുന്നു".

---

**വചനം 19**

19 ഹജ്ജ് ചെയ്യുന്നവർക്ക് കുടിപ്പാൻ (വെള്ളം) കൊടുക്കലും, 'മസ്ജിദുൽ ഹറാമി'ൻെറ പരിപാലനവും (ചെയ്യുന്നവരെ) നിങ്ങൾ ആക്കുകയോ?-അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുകയും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം നടത്തുകയും ചെയ്യുന്നവരെപ്പോലെ ! അവർ അല്ലാഹുവിൻെറ അടുക്കൽ സമൻമാരാകുകയില്ല. അല്ലാഹു, അക്രമികളായ ജനങ്ങളെ സൻമാർഗ്ഗത്തിലാക്കുകയില്ല.

۞ أَجَعَلْتُمْ سِقَايَةَ ٱلْحَآجِّ وَعِمَارَةَ ٱلْمَسْجِدِ ٱلْحَرَامِ كَمَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ وَجَٰهَدَ فِى سَبِيلِ ٱللَّهِ ۚ لَا يَسْتَوُۥنَ عِندَ ٱللَّهِ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿١٩﴾

---

കഅ്ബയുടെ ശുശ്രൂഷ നടത്തുകയും ഹാജിമാർക്ക് വെള്ളം എത്തിച്ച് കൊടുക്കുകയും ചെയ്യുന്നത് മുശ്രിക്കുകൾ ചെയ്യുന്ന നല്ലതും വേണ്ടപെട്ടതുമായ കാര്യങ്ങളാണെങ്കിലും, സത്യവിശ്വാസം സ്വീകരിക്കുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുകയും ചെയ്യുവാൻ താല്പര്യമില്ലാത്ത കാലത്തോളം, അല്ലാഹുവിന്റെ അടുക്കൽ അതിന് യാതൊരു സ്വീകാര്യതയും ഉണ്ടായിരിക്കുകയില്ലെന്ന് അല്ലാഹു മുശ്രിക്കുകളെ ഉദ്ബോധിപ്പിക്കുന്നു.

**വചനം 20, 21 21, 22, 23, 24**

20 വിശ്വസിക്കുകയും, 'ഹിജ്റ' പോകുകയും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ തങ്ങളുടെ ധനം കൊണ്ടും, തങ്ങളുടെ ദേഹം കൊണ്ടും സമരം നടത്തുകയും ചെയ്തവർ, അല്ലാഹുവിൻെറ അടുക്കൽ, പദവിയിൽ ഏറ്റവും മഹത്തായവരത്രെ. അക്കൂട്ടർ തന്നെയാണ് ഭാഗ്യം പ്രാപിച്ചവരും.

ٱلَّذِينَ ءَامَنُوا۟ وَهَاجَرُوا۟ وَجَٰهَدُوا۟ فِى سَبِيلِ ٱللَّهِ بِأَمْوَٰلِهِمْ وَأَنفُسِهِمْ أَعْظَمُ دَرَجَةً عِندَ ٱللَّهِ ۚ وَأُو۟لَٰٓئِكَ هُمُ ٱلْفَآئِزُونَ ﴿٢٠﴾

21 അവരുടെ റബ്ബ് തൻെറ പക്കൽ നിന്നുള്ള ഒരു (മഹത്തായ) കാരുണ്യത്തെയും, പ്രീതിയെയും, അവർക്കായുള്ള ചില സ്വർഗ്ഗങ്ങളെയും കുറിച്ച് അവരെ സന്തോഷവാർത്ത അറിയിക്കുന്നു. അതിൽ (ശാശ്വതമായി) നിലനിൽക്കുന്ന സുഖാനുഭവമുണ്ടായിരിക്കും;

يُبَشِّرُهُمْ رَبُّهُم بِرَحْمَةٍ مِّنْهُ وَرِضْوَٰنٍ وَجَنَّٰتٍ لَّهُمْ فِيهَا نَعِيمٌ مُّقِيمٌ ﴿٢١﴾

22 അതിൽ എന്നെന്നും (അവർ) നിത്യവാസികളായിക്കൊണ്ട്. നിശ്ചയമായും അല്ലാഹു- അവൻെറ അടുക്കൽ മഹത്തായ പ്രതിഫലമുണ്ട്.

خَٰلِدِينَ فِيهَآ أَبَدًا ۚ إِنَّ ٱللَّهَ عِندَهُۥٓ أَجْرٌ عَظِيمٌ ﴿٢٢﴾

23 ഹേ, വിശ്വസിച്ചവരേ, നിങ്ങളുടെ പിതാക്കളും, സഹോദരങ്ങളും സത്യവിശ്വാസത്തെക്കാള്‍ അവിശ്വാസത്തോട് ഇഷ്ടം കാണിക്കുന്നപക്ഷം, അവരെ നിങ്ങള്‍ മിത്രങ്ങള്‍ (അഥവാ കൈകാര്യക്കാര്‍) ആക്കരുത്. നിങ്ങളില്‍ നിന്ന് ആരെങ്കിലും അവരോട് മിത്രബന്ധം പുലര്‍ത്തുന്ന (അഥവാ അവര്‍ക്ക് കൈകാര്യ കര്‍തൃത്വം നല്‍കുന്ന) പക്ഷം, അക്കൂട്ടര്‍ തന്നെയാണ് അക്രമികള്‍.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَتَّخِذُوٓاْ ءَابَآءَكُمۡ وَإِخۡوَٰنَكُمۡ أَوۡلِيَآءَ إِنِ ٱسۡتَحَبُّواْ ٱلۡكُفۡرَ عَلَى ٱلۡإِيمَٰنِۚ وَمَن يَتَوَلَّهُم مِّنكُمۡ فَأُوْلَٰٓئِكَ هُمُ ٱلظَّٰلِمُونَ ٢٣

24 (നബിയേ) പറയുക: "നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ പുത്രന്‍മാരും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുകുടുംബങ്ങളും, നിങ്ങള്‍ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, നിങ്ങള്‍ വിലയിടിവ് (അഥവാ ചിലവാകായ്മ) ഭയക്കുന്ന കച്ചവടവും, നിങ്ങള്‍ ഇഷ്ടപ്പെടുന്ന പാര്‍പ്പിടങ്ങളുമാണ് അല്ലാഹുവിനെയും, അവന്‍െറ റസൂലിനെയും, അവന്‍െറ മാര്‍ഗ്ഗത്തില്‍ സമരം ചെയ്യുന്നതിനെയും കാള്‍ (അധികം) നിങ്ങള്‍ക്ക് പ്രിയങ്കരമെങ്കില്‍, എന്നാല്‍ അല്ലാഹു അവന്‍െറ കല്‍പന കൊണ്ടു വരുന്നതു വരെ നിങ്ങള്‍ കാത്തിരിക്കുവിന്‍! അല്ലാഹു തോന്നിയവാസികളായ ജനങ്ങളെ സന്‍മാര്‍ഗത്തിലാക്കുകയില്ല.

قُلۡ إِن كَانَ ءَابَآؤُكُمۡ وَأَبۡنَآؤُكُمۡ وَإِخۡوَٰنُكُمۡ وَأَزۡوَٰجُكُمۡ وَعَشِيرَتُكُمۡ وَأَمۡوَٰلٌ ٱقۡتَرَفۡتُمُوهَا وَتِجَٰرَةٞ تَخۡشَوۡنَ كَسَادَهَا وَمَسَٰكِنُ تَرۡضَوۡنَهَآ أَحَبَّ إِلَيۡكُم مِّنَ ٱللَّهِ وَرَسُولِهِۦ وَجِهَادٖ فِي سَبِيلِهِۦ فَتَرَبَّصُواْ حَتَّىٰ يَأۡتِيَ ٱللَّهُ بِأَمۡرِهِۦۗ وَٱللَّهُ لَا يَهۡدِي ٱلۡقَوۡمَ ٱلۡفَٰسِقِينَ ٢٤

---

സ്വന്തം പിതാക്കളായാലും സഹോദരങ്ങളായാലും സത്യവിശ്വാസം സ്വീകരിക്കാത്തേടത്തോളം കാലം, അവരെ നിങ്ങള്‍ കൈകാര്യക്കാരായി സ്വീകരിക്കരുത്, മത്സരത്തില്‍ കഴിയുന്ന അവിശ്വാസികളോടും മൈത്രിയില്‍ പെരുമാറരുതെന്ന് സൂ: മുജാദില (58:22) യിലും മറ്റ് സൂറത്തുകളിലും അല്ലാഹു താക്കീത് നല്കിയിരിക്കുന്നു.

കുടുംബബന്ധത്തെ ഓര്‍ത്തും തങ്ങളുടെ സ്വത്തുക്കള്‍ക്കും കച്ചവടങ്ങള്‍ക്കും പാര്‍പ്പിടങ്ങള്‍ക്കും നാശം സംഭവിക്കുമെന്ന് ഭയന്നും ചില ദുര്‍ബല വിശ്വാസികളായ മുസ്ലീംകള്‍, യുദ്ധത്തില്‍ പങ്കെടുക്കാതെയും, ഹിജ്റ പോകാന്‍ ശ്രമിക്കാതെയും, ഒഴിഞ്ഞ് നില്ക്കുന്നുണ്ടായിരുന്നു. അവരുടെ വിഷയത്തിലാണ് ഈ വചനങ്ങള്‍ അവതരിച്ചതെന്ന് കരുതപ്പെടുന്നുണ്ടെങ്കിലും, ഈ തത്വം എല്ലാ കാലത്തുള്ളവര്‍ക്കും ബാധകം തന്നെയാകുന്നു. മേല്‍ പറഞ്ഞ ഭൗതിക താല്പര്യങ്ങള്‍ക്ക് അല്ലാഹുവിന്റെയും റസൂലിന്റെയും ആജ്ഞാ നിര്‍ദ്ദേശങ്ങളേക്കാള്‍ പ്രാധാന്യം കല്‍പിച്ചാല്‍ അതിന്റെ ഭവിഷ്യത്ത് വളരെ ആപല്‍ക്കരമായിരിക്കുമെന്ന്, 24 ാം വചനത്തില്‍ "അല്ലാഹു അവന്റെ കല്പന കൊണ്ട് വരുന്നത് വരെ കാത്തിരിക്കുവിന്‍" എന്ന കനത്ത താക്കീതിലൂടെ അല്ലാഹു സത്യവിശ്വാസികളെ ഓര്‍മ്മപെടുത്തുന്നു. ഇഹത്തില്‍ വെച്ചും പരത്തില്‍ വെച്ചും ആശിക്ഷയുടെ ഗുരുതരമായ ഭവിഷ്യത്ത് നിങ്ങള്‍ അനുഭവിക്കേണ്ടി വരുമെന്ന് ആ താക്കീത് സൂചന നല്കുന്നു.

"എന്റെ ആത്മാവ് യാതൊരുവന്റെ കൈയിലാണോ, അവന്‍ തന്നെ സത്യം ! നിങ്ങള്‍ ഒരാള്‍ക്കും തന്നെ അവന്റെ മാതാപിതാക്കളെയും, മക്കളെയും, എല്ലാ മനുഷ്യരെയുംകാള്‍, ഇഷ്ടപെട്ടവന്‍ ഞാനായിരിക്കുന്നത് വരെ അവന്‍ സത്യവിശ്വാസി ആയിരിക്കുകയില്ല" (ബു:മു) എന്ന നബി വചനം ഇത്തരുണത്തില്‍ ശ്രദ്ധേയമാകുന്നു.

"എന്റെ ദേഹം ഒഴിച്ചുള്ള എല്ലാറ്റിനേക്കാളും ഇഷ്ടപ്പെട്ട ആള്‍ അങ്ങാണ്" എന്ന് നബി(സ)യോട് ഉമര്‍(റ) ഒരിക്കല്‍ പറയുകയുണ്ടായപ്പോള്‍ "ഒരാള്‍ക്ക് അവന്റെ ദേഹത്തേക്കാളും ഇഷ്ടപെട്ടവന്‍ ഞാനായിരിക്കുന്നത്

വരെ അവന്റെ സത്യ വിശ്വാസം പൂർണ്ണമല്ല" എന്ന് നബി(സ) ഉമർ(റ) നെ തിരുത്തുകയുണ്ടായി. തുടർന്ന് "അല്ലാഹുവാണെ സത്യം അങ്ങ് എനിക്ക് എന്റെ ദേഹത്തേക്കാളും ഇഷ്ടപെട്ടവനാകുന്നു" എന്ന് പ്രഖ്യാപിച്ച ഉമർ(റ) നോട് നബി(സ) തിരുമേനി പറഞ്ഞു. "ഉമറേ, ഇപ്പോഴാണ് നിന്റെ വിശ്വാസം പൂർണ്ണമായത്".

അല്ലാഹുവിനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിന്റെ അനിർവാര്യ ഫലമാണല്ലോ, റസൂലിനെ സ്നേഹിക്കുകയെന്നതും അനുസരിക്കുകയെന്നതും. "നബി സത്യവിശ്വാസികളോട് അവരുടെ ദേഹങ്ങളേക്കാൾ ബന്ധപ്പെട്ടവനാകുന്നു." (സൂ: അഹ്സാബ് : 6 )

## വിഭാഗം 4

**വചനം 25, 26, 27**

لَقَدْ نَصَرَكُمُ ٱللَّهُ فِى مَوَاطِنَ كَثِيرَةٍ وَيَوْمَ حُنَيْنٍ إِذْ أَعْجَبَتْكُمْ كَثْرَتُكُمْ فَلَمْ تُغْنِ عَنكُمْ شَيْـًٔا وَضَاقَتْ عَلَيْكُمُ ٱلْأَرْضُ بِمَا رَحُبَتْ ثُمَّ وَلَّيْتُم مُّدْبِرِينَ ﴿٢٥﴾

ثُمَّ أَنزَلَ ٱللَّهُ سَكِينَتَهُۥ عَلَىٰ رَسُولِهِۦ وَعَلَى ٱلْمُؤْمِنِينَ وَأَنزَلَ جُنُودًا لَّمْ تَرَوْهَا وَعَذَّبَ ٱلَّذِينَ كَفَرُوا۟ ۚ وَذَٰلِكَ جَزَآءُ ٱلْكَٰفِرِينَ ﴿٢٦﴾

ثُمَّ يَتُوبُ ٱللَّهُ مِنۢ بَعْدِ ذَٰلِكَ عَلَىٰ مَن يَشَآءُ ۗ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٢٧﴾

25 വളരെ (യുദ്ധ) രംഗങ്ങളിൽ അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുണ്ട്; ഹുനൈൻ (യുദ്ധ) ദിവസവും (സഹായിച്ചു); അതായത്, നിങ്ങളുടെ (ആൾ) പെരുപ്പം നിങ്ങളെ സംതൃപ്തിപ്പെടുത്തിയിട്ട് അതു നിങ്ങൾക്ക് യാതൊന്നും പര്യാപ്തമാക്കാതിരുന്നപ്പോൾ; ഭൂമി വിശാലമായതോടെ അതു നിങ്ങൾക്ക് ഇടുക്കമാകുകയും ചെയ്തു; പിന്നീട് നിങ്ങൾ പിന്നോക്കം തിരിഞ്ഞോടുകയും ചെയ്തു.

26 പിന്നെ, അല്ലാഹു അവൻെറ റസൂലിൻെറ മേലും, സത്യവിശ്വാസികളുടെ മേലും തൻെറ (വക) ശാന്തത ഇറക്കിക്കൊടുത്തു; നിങ്ങൾ കണ്ടിട്ടില്ലാത്ത ചില സൈന്യങ്ങളെ അവൻ ഇറക്കുകയും ചെയ്തു: അവിശ്വസിച്ചവരെ അവൻ ശിക്ഷിക്കുകയും ചെയ്തു. അതത്രെ, അവിശ്വാസികളുടെ പ്രതിഫലം.

27 പിന്നീട് അതിനുശേഷം, താൻ ഉദ്ദേശിക്കുന്നവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുന്നതാണ്. അല്ലാഹു (വളരെ) പൊറുക്കുന്നവനും കരുണാനിധിയുമത്രെ.

---

സത്യവിശ്വാസികൾക്ക് മുമ്പും പലതവണ അല്ലാഹുവിൽ നിന്നുള്ള സഹായം ലഭിക്കുകയുണ്ടായിട്ടുണ്ടെന്നും, അതൊന്നും നിങ്ങളുടെ പ്രതാപം കൊണ്ടൊ, ശക്തികൊണ്ടൊ, ആയിരുന്നില്ലെന്നും അല്ലാഹു ഓർമ്മിപ്പിക്കുന്നു. ഹുനൈൽ യുദ്ധത്തിൽ, മുമ്പത്തെക്കാളും പ്രബലമായ മുസ്ലീംകളുടെ സേന അമിതമായ ആത്മവിശ്വാസം പ്രകടിപ്പിച്ചപ്പോൾ, അവർ അല്ലാഹുവിൽ നിന്നുള്ള ഒരു പരീക്ഷണത്തിന് വിധേയരാകുകയും, അവർക്ക് തിരിഞ്ഞോടേണ്ടി വരികയും ചെയ്തു. ആൾപെരുപ്പം കൊണ്ടല്ല മുസ്ലീംകൾക്ക് വിജയം കൈവരുന്നതെന്ന് അവർക്ക് ബോധ്യമായി. അവസാനം അല്ലാഹുവിങ്കൽ നിന്നുള്ള പ്രത്യേകാനുഗ്രഹങ്ങൾ വഴി യുദ്ധം വമ്പിച്ച വിജയമായി കലാശിക്കുകയും ചെയ്തു.

നബി(സ) യുടെ നേതൃത്വത്തിൽ ഇരുപതിൽ പരം സൈന്യങ്ങൾ (**غزوة** പടയെടുപ്പ്) പല സ്ഥലത്തേക്കുമായി പോകുകയുണ്ടായിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ ശത്രുക്കളുമായി സന്ധി നടത്തി, തിരിച്ച് പോരുകയും, ചിലതിൽ യുദ്ധം നടക്കുകയും ഉണ്ടായിട്ടുണ്ട്. ബദ്ർ, ഉഹ്ദ്, ഖൻദഖ് (അഹ്സാബു), ഖുറൈള:, മുസ്ത്വലഖ്, ഖൈബർ, മക്കാ(വിജയം), ഹുനൈൻ, ത്വാഇഫ് എന്നിവയിലാണ് ഏറ്റ് മുട്ടലുണ്ടായത്. ഇതിൽ മിക്കവാറും എല്ലാറ്റിലും വിജയം പൂർണ്ണമായും മുസ്ലീംകൾക്ക് തന്നെയായിരുന്നു എന്നാൽ ഉഹ്ദ് യുദ്ധത്തിൽ ആദ്യഘട്ടത്തിൽ വിജയം കണ്ടെങ്കിലും അവസാനം പരാജയത്തിൽ കലാശിക്കുകയാണുണ്ടായത്. ഇടക്ക് പരാജയം നേരിട്ടെങ്കിലും അവസാനം വിജയത്തിൽ കലാശിച്ച യുദ്ധമാണ് ഹുനൈൻ യുദ്ധം. അതിന്റെ ചില വശങ്ങളെക്കുറിച്ചാണ് ഈ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

**ഹുനൈൻ യുദ്ധം:** ഹിജ്റ 8ാം കൊല്ലത്തിൽ മക്കാ വിജയത്തോടെ അറബികൾ ഏകദേശം മുഴുവനായും ഇസ്ലാമിന് കീഴ്പെട്ടെങ്കിലും, ഹവാസിൻ, ഥഖീഫ് എന്നീ ഗോത്രക്കാർ മറ്റ് ചില ഗോത്രക്കാരുടെ സഹകരണത്തോടെ സത്യവിശ്വാസികൾക്കെതിരായി പടയൊരുക്കം നടത്തി. തങ്ങളുടെ സൈന്യം ഒരിക്കലും പരാജയപ്പെട്ട് പിൻവാങ്ങുകയില്ലെന്ന് ഉറപ്പ് വരുത്താനായി , അവരുടെ സൈന്യനായകനായ മാലിക്ബ്നുഔഫ്, എല്ലാവരും അവരവരുടെ കുട്ടികൾ, സ്ത്രീകൾ, കന്നുകാലികൾ എന്നിവയെല്ലാം സൈന്യനിരയുടെ തൊട്ട് പിന്നിലായി നിരത്തി നിറുത്താൻ ഉത്തരവിട്ടു.

വിവരമറിഞ്ഞ നബി(സ) മദീനയിൽ നിന്ന് പതിനായിരം സഹാബികൾക്ക് പുറമെ മക്കയിൽ നിന്നുള്ള രണ്ടായിരം പേരുമൊത്ത് അവരുടെ നേരെ പടയെടുത്തു. മക്കയിൽ നിന്നുള്ളവരിൽ പുതു വിശ്വാസികളും, വിശ്വാസം ദൃഢമായികഴിഞ്ഞിട്ടില്ലാത്തവരും, ഗനീമത്ത് മോഹികളും കൂടാതെ, എൺപത് മുശ്രിക്കുകളും ഉൾപ്പെട്ടിരുന്നു.

മറുപക്ഷത്ത് ശത്രുക്കളുടെ എണ്ണം 4000 മാത്രമായിരുന്നു. സംഖ്യാബലത്തിന്റെ ആത്മവിശ്വാസത്തിൽ മുന്നേറിയ മുസ്ലീം സൈന്യം, ശത്രുക്കളുടെ ഒളി യുദ്ധത്തിൽ പരിഭ്രാന്തരായി, പിന്തിരിഞ്ഞു ഓടേണ്ടിവന്നു. യുദ്ധക്കളത്തിൽ, ഉറച്ച് നിന്ന് പട പൊരുതിയ നബി(സ) അവരെ യുദ്ധക്കളത്തിലേക്ക് തിരിച്ച് വിളിച്ചുവെങ്കിലും, അവർ അത് കേട്ട് മടങ്ങുകയുണ്ടായില്ല. പുതുവിശ്വാസികളും, മുശ്രിക്കുകളും, ഈ പരാജയത്തിൽ സന്തോഷം കൊള്ളുന്നുണ്ടായിരുന്നു. ഇതെല്ലാമായിട്ടും ഉറച്ച് നിന്ന് പൊരുതിയ നബി(സ)യുടെ നിർദേശപ്രകാരം അവിടുത്തെ പിതൃവ്യനും ഉറച്ച ശബ്ദത്തിന്റെ ഉടമയുമായ അബ്ബാസ്(റ) ജനങ്ങളെ ഉറക്കെ വിളിക്കുകയും അവർ ഓട്ടം നിർത്തി യുദ്ധക്കളത്തിലേക്ക് തിരികെ വരുകയും ചെയ്തു. അല്ലാഹു അവർക്ക് മനസ്സമാധാനവും ശാന്തിയും നൽകുകയും, മനുഷ്യർക്ക് കാണാൻ കഴിയാത്ത സൈന്യങ്ങളെ -മലക്കുകളെ -ഇറക്കി, മുസ്ലിംകൾക്ക് വിജയം കരഗതമാക്കുകയും ചെയ്തു. തങ്ങളുടെ സ്വത്തുക്കളേയും , സ്ത്രീകളേയും , കുട്ടികളെയുമൊക്കെ കൈയൊഴിച്ചുകൊണ്ട് ശത്രുക്കൾ പടക്കളം വിട്ടോടുകയും ചെയ്തു. അങ്ങനെ മുമ്പൊരിക്കലും ലഭിക്കാത്തത്ര ഗനീമത്ത് സ്വത്തുക്കൾ മുസ്ലീംകൾക്ക് ലഭിച്ചു. ഗനീമത്തിന്റെ നല്ലൊരു ഭാഗം, വിശ്വാസം ഉറച്ച് കഴിഞ്ഞിട്ടില്ലാത്ത പുതുവിശ്വസികൾക്കും, കൂടെ പോന്നിരുന്ന മുശ്രിക്കുകൾക്കും നൽകാൻ നബി(സ) തയ്യാറായതിലൂടെ, വളരെ ആളുകൾ വിശ്വാസികളായിത്തീരാനും, വളരെ ആളുകളുടെ വിശ്വാസം ദൃഢപെടുവാനും ഇടയായി. കാര്യമായ ഓഹരിയൊന്നും ലഭിക്കാതിരുന്ന അൻസാരികൾക്കിടയിൽ പിറുപിറുപ്പുണ്ടായപ്പോൾ നബി(സ) അവർക്ക് ചില ഉപദേശങ്ങൾ നല്കിയ ശേഷം ഇപ്രകാരം ചോദിച്ചു. "ജനങ്ങൾ ആടുമാടുകളേയും മറ്റ് സ്വത്തുക്കളേയും കൊണ്ട് പോകുമ്പോൾ, നിങ്ങൾ അല്ലാഹുവിന്റെ റസൂലിനേയും കൊണ്ട് തിരിച്ചുപോകുന്നത് ഇഷ്ടപ്പെടുന്നില്ലെ" ഈ ചോദ്യം കേട്ട അവർ അങ്ങേയറ്റം തൃപ്തരാകുകയും സന്തോഷാധിക്യത്താൽ കരയുകയും ചെയ്തു.

കുറച്ച് ദിവസങ്ങൾക്ക് ശേഷം, ഹവാസിൻ ഗോത്രത്തിലെ ഒരു നിവേദക സംഘം ഇസ്ലാം സ്വീകരിക്കുകയും, അവരുടെ അപേക്ഷപ്രകാരം ആറായിരത്തോളം വരുന്ന അവരുടെ സ്ത്രീകളെയും കുട്ടികളേയും, അവർക്ക് വിട്ട് കൊടുക്കുകയും ചെയ്തു. ഹുനൈൻ സംഭവത്തിന് ശേഷം വളരെയേറെ ആളുകൾ ഇസ്ലാമിലേക്ക് പ്രവേശിക്കുകയുണ്ടായി.

**വചനം 28**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِنَّمَا ٱلْمُشْرِكُونَ نَجَسٌ فَلَا يَقْرَبُوا۟ ٱلْمَسْجِدَ ٱلْحَرَامَ بَعْدَ عَامِهِمْ هَـٰذَا ۚ وَإِنْ خِفْتُمْ عَيْلَةً فَسَوْفَ يُغْنِيكُمُ ٱللَّهُ مِن فَضْلِهِۦٓ إِن شَآءَ ۚ إِنَّ ٱللَّهَ عَلِيمٌ حَكِيمٌ ﴿٢٨﴾

28 ഹേ, വിശ്വസിച്ചവരെ, നിശ്ചയമായും, മുശ്രിക്കുകൾ അശുദ്ധർ തന്നെയാകുന്നു. അതിനാൽ, അവരുടെ ഈ കൊല്ലത്തിനു ശേഷം അവർ 'മസ്ജിദുൽ ഹറാമി'നെ (പാവനമായ പള്ളിയെ) സമീപിക്കരുത്. നിങ്ങൾ വല്ല ഞെരുക്കവും (ദാരിദ്ര്യവും) ഭയപ്പെടുന്ന പക്ഷം, അല്ലാഹു അവൻെറ അനുഗ്രഹത്താൽ വഴിയെ നിങ്ങളെ ധന്യരാക്കുന്നതാണ്. അവൻ ഉദ്ദേശിച്ചെങ്കിൽ. നിശ്ചയമായും അല്ലാഹു, (എല്ലാം) അറിയുന്നവനും അഗാധജ്ഞനുമാകുന്നു.

---

ഹിജ്റ ഒമ്പതാം കൊല്ലത്തിൽ അബൂബക്കർ(റ) ന്റെ നേതൃത്വത്തിൽ മുസ്ലീംകൾ ഹജ്ജിന് വന്നപ്പോൾ അടുത്ത കൊല്ലം മുതൽ മുശ്രിക്കുകൾ ഹജ്ജിന് വരരുതെന്ന് പ്രഖ്യാപിക്കുകയുണ്ടായല്ലൊ (സൂറത്തിന്റെ ആരംഭ വചനങ്ങൾ നോക്കുക) ഹജ്ജ് കാലത്തെ കച്ചവടചന്ത മക്കാ നിവാസികളുടെ പ്രധാനപ്പെട്ട ഒരു വരുമാനമാർഗ്ഗമാ

യിരുന്നു. മേൽ പറഞ്ഞ പ്രഖ്യാപനത്തെ തുടർന്ന് തങ്ങൾക്ക് ഞെരുക്കവും ദാരിദ്ര്യവും ബാധിച്ചേക്കാമെന്ന് പലരും ഭയപ്പെട്ടു. ഇതിനുള്ള മറുപടിയും മുശ്‌രിക്കുകൾ കഅ്ബയെ സമീപിക്കരുതെന്ന് പറഞ്ഞതിന്റെ കാരണവും ഈ വചനത്തിൽ അല്ലാഹു വിശദീകരിക്കുന്നു

മുശ്‌രിക്കുകൾ അശുദ്ധർ (നജസ് ) എന്ന് പറഞ്ഞതിന്റെ ഉദ്ദേശം അവരുടെ വിശ്വാസവും വിചാര വികാരങ്ങളും മ്ലേച്ഛതരങ്ങളാകുന്നു എന്നാകുന്നു- അല്ലാതെ അവരുടെ ദേഹം നജസ് ആകുന്നു എന്നല്ല. നബി(സ) വേദക്കാരായ അവിശ്വാസികളുടെ ഭക്ഷണം മുസ്ലീംകൾക്ക് അനുവദനീയമാക്കിയിട്ടുണ്ട്.

കഅ്ബയിൽ മാത്രമല്ല കഅ്ബ യുടെ പരിസരപ്രദേശങ്ങളായ ഹറമിലും അവർക്ക് പ്രവേശനം നിഷേധിക്കപെട്ടിരിക്കുന്നു.

ഈ നിയമം മൂലം ധനാഗമമാർഗ്ഗം നഷ്ടപ്പെട്ട മക്കാ നിവാസികൾക്ക് വല്ല ഞെരുക്കത്തെയും ഭയപ്പെടുന്ന പക്ഷം, അല്ലാഹു വഴിയെ ധന്യത നല്കുന്നതാണ് എന്ന അല്ലാഹുവിന്റെ വാഗ്ദത്തം അല്ലാഹു നിറവേറ്റുകയുണ്ടായിട്ടുണ്ട്. കാർഷിക പ്രദേശങ്ങളായ ത്വാഇഫ്, യമൻ തുടങ്ങി പരിസരത്തെ ഫലഭൂയിഷ്ടങ്ങളായ നാടുകളെല്ലാം, ഇസ്ലാമിന്റെ നാടുകളായിത്തീരുകയും, പരസ്പര സമ്പർക്കത്തിലൂടെ ജീവിതമാർഗ്ഗങ്ങൾ പൂർവ്വാധികം വർദ്ധിക്കുകയും ചെയ്തു. ഈ വചനത്തിന്റെയും കഴിഞ്ഞ 17, 18 വചനങ്ങൾ, അൽ ബഖറ 114ാം വചനം മുതലായവയുടെയും മറ്റ് തെളിവുകളൂടേയും അടിസ്ഥാനത്തിൽ, മസ്ജിദുൽ ഹറാമിലും മറ്റു മുസ്ലീം പള്ളികളിലും അമുസ്ലീംകൾ പ്രവേശിക്കുന്നത് സംബന്ധിച്ച് പണ്ഡിതർക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ടെങ്കിലും മൊത്തത്തിലൊരു ധാരണ ഉണ്ടാകത്തക്ക ചില സൂചനകൾ താഴെ വിവരിച്ചിരിക്കുന്നു.

1 കഅ്ബയുടെ പരിസരപ്രദേശങ്ങളായ ഹറമിൽ അമുസ്ലീംങ്ങൾക്ക് പ്രവേശനം അനുവദിച്ചുകൂടാ, എന്നാൽ മുസ്ലീംകളുമായി സഖ്യം ഉള്ളവരോ, അമുസ്ലീംകളുടെ പ്രാതിനിധ്യം വഹിച്ച കൊണ്ട് വരുന്ന ദൂതന്മാരോ, ആണെങ്കിൽ ഭരണാധികാരിയുടെ അനുവാദത്തോടെ അത്യാവശ്യ സമയത്ത് പ്രവേശനം അനുവദിക്കാവുന്നതാണ്.

2 ഹറമിന് പുറത്തുള്ള ഹിജാബിൽ അവർക്ക് പ്രവേശനം അനുവദിക്കാം- എന്നാൽ സ്ഥിരതാമസത്തിന് അനുവദിച്ച് കൂടാ.

3 പള്ളികളിൽ സദുദ്ദേശ്യപരമായ ആവശ്യങ്ങൾക്ക്, മുസ്ലീംകളുടെ സമ്മതപ്രകാരം, അവർക്ക് പ്രവേശിക്കാവുന്നതാണ്.

ഈമാനിന്റെയും തൗഹീദിന്റെയും കേന്ദ്രങ്ങളായ പള്ളികൾ, അതിന് കടകവിരുദ്ധമായ വിശ്വാസാചാരങ്ങൾ പുലർത്തി വരുന്നവർക്ക് സൈ്വരവിഹാരത്തിന് അനുവദിക്കരുത്. അവയുടെ പവിത്രതക്കും, ദൗത്യലക്ഷ്യങ്ങൾക്കും ആപത്തായി പരിണമിക്കുമെന്നതിനാലാണ്, ഇത്തരം നിരോധനങ്ങൾ ഏർപെടുത്തപെട്ടിരിക്കുന്നത്.

**വചനം 29**

قَـٰتِلُوا۟ ٱلَّذِينَ لَا يُؤْمِنُونَ بِٱللَّهِ وَلَا بِٱلْيَوْمِ ٱلْـَٔاخِرِ وَلَا يُحَرِّمُونَ مَا حَرَّمَ ٱللَّهُ وَرَسُولُهُۥ وَلَا يَدِينُونَ دِينَ ٱلْحَقِّ مِنَ ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ حَتَّىٰ يُعْطُوا۟ ٱلْجِزْيَةَ عَن يَدٍ وَهُمْ صَـٰغِرُونَ ﴿٢٩﴾

29 യാതൊരു കൂട്ടരോടു നിങ്ങൾ യുദ്ധം ചെയ്തുകൊള്ളുവിൻ: അല്ലാഹുവിലാകട്ടെ, അന്ത്യനാളിലാകട്ടെ, അവർ വിശ്വസിക്കുന്നില്ല; അല്ലാഹുവും, അവൻെറ റസൂലും നിഷിദ്ധമാക്കിയതിനെ അവർ നിഷിദ്ധമാ (യി സ്വീകരി) ക്കുന്നുമില്ല; യഥാർത്ഥ മതത്തെ അവർ (മതമായി) ആചരിക്കുന്നുമില്ല; (അതെ,) വേദഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്ന് (ഇങ്ങിനെയുള്ളവരോട് യുദ്ധം ചെയ്തുകൊള്ളുവിൻ); അവർ നിസ്സാരൻമാരായി (കീഴടങ്ങി)ക്കൊണ്ട് കയ്യോടെ (അഥവാ കഴിവനുസരിച്ച്) കപ്പം കൊടുക്കുന്നതുവരെ.

---

യഹൂദികളുമായി ഏറ്റുമുട്ടലും യുദ്ധവും മുമ്പ് പലപ്പോഴും ഉണ്ടായിട്ടുണ്ടെങ്കിലും , വേദക്കാരോട് യുദ്ധം ചെയ്തു കൊള്ളുവാനുള്ള കല്പന അവതരിക്കുന്നത് ഈ വചനം മുഖേനയാകുന്നു. യഹൂദികളുമായുണ്ടായിട്ടുള്ള ഏറ്റു മുട്ടലുകളെത്തുടർന്ന് അവരെ കൊണ്ടുള്ള ശല്യവും, മക്കാവിജയം, ഹുനൈൻ, ത്വാഇഫ് യുദ്ധങ്ങൾ എന്നിവയോട് കൂടി, മുശ്‌രിക്കുകളെകൊണ്ടുള്ള ശല്യവും, മിക്കവാറും അവസാനിച്ചിരിക്കുന്നു. ഈയവസരത്തിൽ ശാമിൽ അന്ന് ക്രിസ്ത്യാനികളുടെ മേൽകോയ്മ നടത്തിയിരുന്ന റോമക്കാർ ഒരു ആക്രമണത്തിന് ഒരുങ്ങുന്ന

വിവരം കിട്ടിയപ്പോഴാണ് നബി(സ) തബൂക്കിലേക്ക് പടയെടുത്തത്. ആ പടയെടുപ്പിനുള്ള ഒരു പ്രേരണയായിട്ടാണ്, ഈ വചനം നിലകൊള്ളുന്നത്. വേദക്കാരോട് യുദ്ധം ചെയ്യാൻ കല്പിക്കുമാറ്, അവരിൽ നിന്നുള്ള കുറ്റങ്ങൾ, ഈ വചനത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു

1 അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നില്ല. ശിർക്കും കുഫ്റും കലർന്ന് കൊണ്ടുള്ളതാണ് അവരുടെ വിശ്വാ‌ാസം

2 അല്ലാഹുവും റസൂലും നിഷിദ്ധമാക്കിയ കാര്യങ്ങളെ അവർ നിഷിദ്ധമായി അംഗീകരിക്കുന്നില്ല. അവരുടെ പുരോഹിതരും പണ്ഡിതന്മാരും നിഷിദ്ധമാക്കിയവ മാത്രമേ അവർ നിഷിദ്ധമായി കരുതുന്നുള്ളൂ.

3 അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ മതമായ ഇസ്ലാം മതത്തെ അംഗീകരിക്കാതെ,ഇസ്ലാമിന്റെ അടിസ്ഥാനതത്വങ്ങൾക്ക് പോലും കടകവിരുദ്ധമായ വിശ്വാസാചാരങ്ങൾ അവർ ആചരിച്ച് വരുന്നു. മുഹമ്മദ് നബി(സ)യും മുമ്പുള്ള എല്ലാ പ്രവാചകൻമാരും പ്രബോധനം ചെയ്ത മതം ഇസ്ലാമാണെന്നിരിക്കെ അവർ അന്ത്യപ്രവാചകനെ നിഷേധിച്ച് കൊണ്ടിരുന്നതും അവരുടെ സത്യമാർഗ്ഗത്തിൽ നിന്നുള്ള വ്യതി ചലനത്തെ സൂചിപ്പിക്കുന്നു.

'അവർ കപ്പം കൊടുക്കുന്നത് വരെ' എന്ന വാക്യം വേദക്കാർ മുസ്ലീംകൾക്ക് കപ്പം കൊടുക്കാൻ തയാറായാൽ അവരോട് യുദ്ധം ചെയ്തു കൂടാ എന്നാണർത്ഥമാക്കുന്നത്.

ഒരു തരം ഭരണ നികുതിയാകുന്ന കപ്പം الجزية (ഒരുസാധാരണക്കാരന് ഒരു കൊല്ലത്തേക്ക് പന്ത്രണ്ട് ദിർഹം അഥവാ 36 ഗ്രാം വെള്ളി) നിശ്ചയിക്കുന്നതോട് കൂടി, അവരുടെ ഭരണഭാരവും, സംരക്ഷണ ചുമതലയും മുസ്ലീംകളുടെ മേൽ ഭവിക്കുന്നു. നബി(സ) സൈന്യങ്ങളെ അയക്കുമ്പോൾ, അവരുടെ നായകൻമാർക്ക് നല്കുന്ന ഉപദേശങ്ങളിൽ , അവിശ്വാസികൾ, ഒന്നുകിൽ ഇസ്ലാം സ്വീകരിക്കുക, അല്ലെങ്കിൽ കപ്പം നൽകുക. രണ്ടും ചെയ്യാത്ത പക്ഷം യുദ്ധം ചെയ്യുക എന്ന് പറഞ്ഞതായി കാണാം.

കപ്പം കൊടുത്ത് കീഴടങ്ങുന്നവർ 'ദിമ്മികൾ'എന്ന പേരിൽ അറിയപ്പെടുന്നു. അതോട് കൂടി അവരുടെ മതാചാരങ്ങളിലും വിശ്വാസ സിദ്ധാന്തങ്ങളിലും അവർ തികച്ചും സ്വതന്ത്രരായിരിക്കും, അവരോട് മുസ്ലീംകൾക്കുള്ള ഉത്തരവാദിത്തം എത്രത്തോളമുണ്ടെന്ന് നബി(സ) യുടെ ഒരു വചനം വ്യക്തമാക്കുന്നു

"സമാധാന ഉടമ്പടി ചെയ്ത ഒരാളെ ആരെങ്കിലും കൊലപ്പെടുത്തിയാൽ അവന് സ്വർഗ്ഗത്തിന്റെ ഗന്ധം പോലും ലഭിക്കുകയില്ല"

കപ്പം കൊടുക്കുന്നതിനെ പറ്റി വിവരിക്കുന്നിടത്ത് "അവർ നിസ്സാരന്മാരായിക്കൊണ്ട്, കയ്യോടെ കപ്പം കൊടുക്കുന്നത് വരെ" എന്ന് അല്ലാഹു പറഞ്ഞതിന്റെ അർത്ഥത്തെ പറ്റി പണ്ഡിതൻമാർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങൾ നിലവിലുണ്ടെങ്കിലും സാമാന്യമായി പറഞ്ഞാൽ, കഴിവനുസരിച്ചും, റൊക്കമായും, മുസ്ലീംകൾക്ക് കീഴൊതുങ്ങിക്കൊണ്ടും, ഇസ്ലാമിക ഭരണത്തിന്, വഴങ്ങിക്കൊണ്ടുമായിരിക്കണം കപ്പം കൊടുക്കുന്നത് എന്ന് സാരം.

## വിഭാഗം 5

**വചനം 30**

30 യഹൂദികൾ പറയുന്നു: ഉസൈർ അല്ലാഹുവിൻെറ പുത്രനാണ് എന്ന്; ക്രിസ്ത്യാനികൾ പറയുന്നു: മസീഹു (ഈസാ) അല്ലാഹുവിൻെറ പുത്രനാണ് എന്ന്. അത് അവരുടെ വായകൊണ്ട് (പറഞ്ഞു വരാറു)ള്ള വാക്കത്രെ. മുമ്പ് അവിശ്വസിച്ചവരുടെ വാക്കിനോട് ഇവർ സാമ്യം പുലർത്തിക്കൊണ്ടിരിക്കുന്നു. അല്ലാഹു അവരെ നശിപ്പിക്കട്ടെ (ശപിക്കട്ടെ)! എങ്ങിനെയാണവർ (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത് (ആശ്ചര്യം)!

وَقَالَتِ ٱلْيَهُودُ عُزَيْرٌ ٱبْنُ ٱللَّهِ وَقَالَتِ ٱلنَّصَٰرَى ٱلْمَسِيحُ ٱبْنُ ٱللَّهِ ذَٰلِكَ قَوْلُهُم بِأَفْوَٰهِهِمْ يُضَٰهِـُٔونَ قَوْلَ ٱلَّذِينَ كَفَرُوا۟ مِن قَبْلُ قَٰتَلَهُمُ ٱللَّهُ أَنَّىٰ يُؤْفَكُونَ ﴿٣٠﴾

ഉസൈർ(റ) അല്ലാഹുവിന്റെ പുത്രനാണെന്ന് ഒരു വിഭാഗം യഹൂദികളും, ഈസാ നബി(അ) അല്ലാഹുവിന്റെ പുത്രനാണെന്ന് ക്രിസ്ത്യാനികൾ ഒന്നടങ്കവും വാദിക്കുന്നു. വേദക്കാരെന്ന നിലക്ക് അങ്ങേ അറ്റം ദുഷിച്ച ഇത്തരം വിശ്വാസങ്ങൾ പുലർത്തുവാൻ അവർക്ക് പാടില്ലാത്തതാകുന്നു. വേദഗ്രന്ഥങ്ങളുമായി ബന്ധമില്ലാത്ത അവിശ്വാസികൾ വെച്ച് പുലർത്തുന്ന ഇത്തരത്തിലുള്ള പുത്രീ വാദവും (മലക്കുകൾ അല്ലാഹുവിന്റെ

പുത്രികളാണെന്ന് അറേബ്യൻ മുശ്‌രിക്കുകൾ വാദിച്ചിരുന്നു) മറ്റു പല വ്യാജ സിദ്ധാന്തങ്ങളും, വേദക്കാരും അനുകരിച്ച് വരുന്നതാണെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ദൈവിക മതവുമായി നാമമാത്ര ബന്ധം പോലുമി ല്ലാത്ത അവിശ്വാസികളെ അനുകരിക്കുകയും , അവരിൽ നിന്ന് പ്രചോദനം ഉൾകൊള്ളുകയും ചെയ്യുന്ന വേദ ക്കാരുടെ നടപടികളിൽ അല്ലാഹുവിന് അവരോടുള്ള അമർഷവും കഠിനമായ പ്രതിഷേധവും ഈ വചനത്തിൽ അല്ലാഹു പ്രകടിപ്പിക്കുന്നു.

ബൈബിളിൽ 'എസ്രാ' എന്ന പേരിലറിയപ്പെടുന്ന ഉസൈർ **عزير** ക്രിസ്തുവിന് മുമ്പ് അഞ്ചാം നൂറ്റാ ണ്ടിൽ ജീവിച്ച ഒരു യഹൂദ പ്രവാചകനായിരുന്നു. ബാബിലോണിയക്കാരുടെ ആക്രമണത്തിൽ യഹൂദികൾക്ക് തൌറാത്തിന്റെ യഥാർത്ഥ പകർപ്പ് നഷ്ടപ്പെട്ട് പോയപ്പോൾ അദ്ദേഹം തന്റെ സ്മരണയിൽ നിന്നും അതുവീണ്ടും എഴുതി പുനരുദ്ധരിച്ചു. പിന്നീട് തൌറാത്ത് കണ്ട് കിട്ടിയപ്പോൾ, അദ്ദേഹം എഴുതിയുണ്ടാക്കിയ പകർപ്പ് തന്നെ യാണെന്ന് യഹൂദികൾക്ക് മനസ്സിലായി. കൂടാതെ, യഹൂദികളെ, ബാബിലോണിയക്കാരുടെ അടിമത്വത്തിൽ നിന്ന് മോചിപ്പിച്ച് ബൈത്തുൽ മുഖദ്ദസിൽ തിരിച്ച് കൊണ്ട് വരുകയും അവരുടെ വേദവിജ്ഞാനവും മത സംസ്കാ രവും പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. മേൽ പറഞ്ഞ മഹത് കൃത്യങ്ങളെ മുൻ നിറുത്തി, യഹുദികളിൽ ഒരു വിഭാഗം അദ്ദേഹത്തെ ദൈവപുത്രനായി കരുതി ആരാധിക്കുവാൻ തുടങ്ങുകയും ചെയ്തു. ചില യഹൂദി പ്രമുഖ ന്മാർ നബി(സ)യൊട് ഇപ്രകാരം പറഞ്ഞതായി രിവായത്ത് ചെയ്യപ്പെട്ടിരിക്കുന്നു - "താങ്കളെ ഞങ്ങൾ എങ്ങനെ പിൻ പറ്റും?. ഞങ്ങളുടെ ഖിബ്ലയെ താങ്കൾ കൈവിട്ടുകളഞ്ഞു;ഉസൈർ അല്ലാഹുവിന്റെ പുത്രനാണെന്ന് താങ്കൾ പറയുന്നുമില്ല."

---

**വചനം 31**

31 തങ്ങളുടെ പണ്ഡിതൻമാരെയും, തങ്ങളുടെ പുരോഹിതൻമാരെയും അല്ലാഹുവിനു പുറമെ അവർ റബ്ബുകളാക്കി വെച്ചു. മർയമിൻെറ മകൻ മസീഹിനെയും (റബ്ബാക്കിവെച്ചു). ഒരേ ഇലാഹിനെ (ആരാധ്യനെ) ആരാധിക്കു വാനല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല താനും. അവനല്ലാതെ ഒരു ആരാധ്യനേ ഇല്ല അവർ പങ്കുചേർക്കുന്നതിൽ നിന്നും അവൻ എത്രയോ പരിശുദ്ധൻ!

ٱتَّخَذُوٓا۟ أَحْبَارَهُمْ وَرُهْبَـٰنَهُمْ أَرْبَابًا مِّن دُونِ ٱللَّهِ وَٱلْمَسِيحَ ٱبْنَ مَرْيَمَ وَمَآ أُمِرُوٓا۟ إِلَّا لِيَعْبُدُوٓا۟ إِلَـٰهًا وَٰحِدًا ۖ لَّآ إِلَـٰهَ إِلَّا هُوَ ۚ سُبْحَـٰنَهُۥ عَمَّا يُشْرِكُونَ ﴿٣١﴾

യഹുദികളിലുള്ള മതപണ്ഡിതന്മാരെ **أحبار** (അഹ്ബാർ) എന്നും, ക്രിസ്ത്യാനികളിലെ പുരേഹിതന്മാ രെ **رهبان** (റുഹ്ബാൻ) എന്നും പറയപ്പെടാറുണ്ട്. യഹൂദികളും, ക്രിസ്ത്യാനികളും അവരിലുള്ള അഹ്ബാറുക ളെയും 'റുഹ്ബാനു' കളെയും റബ്ബുകളാക്കിയതിനെക്കുറിച്ചാകുന്നു അല്ലാഹു പ്രസ്താവിക്കുന്നത് "അവർ അവരെ റബ്ബുകളാക്കി" എന്ന് പറഞ്ഞത് അവർ അവരെ ദൈവങ്ങളാക്കി അവർക്ക് ആരാധന നടത്തി വന്നിരുന്നു എന്ന അർത്ഥത്തിലല്ല. എന്നാൽ അവർക്ക് മത നിയമനിർമ്മാണാധികാരം വക വെച്ച് കൊടുക്കുകയും, അവർക്ക് ഓരോ തരത്തിലുള്ള ദിവ്യത്വം കൽപിച്ച് കൊടുക്കുകയും ചെയ്ത് വന്നിരുന്നു എന്നതിനാലാണ്.

"ത്വയ്യിഉ്" ഗോത്രത്തിലെ നേതാവായിരുന്ന അദിയ്യ്(റ) ഇസ്ലാം മതം സ്വീകരിക്കാനായി റസൂൽ(സ) തിരുമേനിയുടെ സന്നിധിയിൽ വന്ന അവസരത്തിൽ തിരുമേനി ഈ 31ാം വചനം ഓതുന്നുണ്ടായിരുന്നു. "അവർ അവരെ ആരാധിച്ചിട്ടില്ലല്ലോ" എന്ന് അദിയ്യ്(റ) ചൂണ്ടിക്കാണിച്ചപ്പോൾ തിരുമേനി "അവർ അവരെ റബ്ബുകളാക്കി" എന്ന വചനത്തെ ഇപ്രകാരം വിശദീകരിച്ചു:

"ഇല്ലാതെ! അവർ, അവർക്ക് ഹലാലിനെ (അനുവദനീയമായതിനെ) ഹറാമാക്കി (നിഷിദ്ധമാക്കി) : ഹറാ മിനെ ഹലാലാക്കുകയും ചെയ്തു; അവർ പണ്ഡിതരെ പിൻപറ്റി. അതാണ് അവർ അവർക്ക് ചെയ്ത ആരാധന" തുടർന്ന് അല്ലാഹു ഏറ്റവും വലിയവനാണെന്നും (അല്ലാഹു അക്ബർ), അല്ലാഹു അല്ലാതെ ആരാധ്യനേ ഇല്ല. (ലാ ഇലാഹ ഇല്ലല്ലാഹു) എന്നും അംഗീകരിച്ച അദിയ്യ്(റ) ഇസ്ലാം മതം സ്വീകരിച്ചു.

പിന്നീട് തിരുമേനി പറഞ്ഞു: നിശ്ചയമായും യഹൂദികൾ കോപ വിധേയരും **(مغضوب)** ക്രിസ്ത്യാനി കൾ വഴിപിഴച്ചവരും **(ضالّون)** ആകുന്നു.

മേൽ വിവരിക്കപെട്ട അർത്ഥത്തിൽ ഇന്നത്തെ മുസ്ലീംകളിൽ മിക്കവരും പല ഇമാമുമാരേയും പണ്ഡിത ന്മാരേയും, റബ്ബുകളാക്കി പരിഗണിച്ചു വരുന്ന ആപൽക്കരായ ഈ രോഗം ബാധിച്ചവരാണെന്ന് കണ്ടെത്താവുന്ന

താണ്. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും (ഖുർആനിന്റെയും സുന്നത്തിന്റെയും) വിധികളെ പറ്റി ഗൗനിക്കാതെ, മേൽ പറഞ്ഞ 'റബ്ബുകൾ' പറയുന്നത് മാത്രം മതവിധിയായി അവർ അംഗീകരിക്കുന്നു. വേദക്കാരെ ചാണിന് ചാണായും മുഴത്തിന് മുഴമായും, നിങ്ങൾ പിൻപറ്റുമെന്ന് മുസ്ലീം സമുദായത്തിൽ അല്ലാഹുവിന്റെ റസൂൽ മുന്നറിയിപ്പ് നല്കിയിട്ടുള്ളത് എത്രമാത്രം അർത്ഥവത്താക്കുന്നു.

ഫുഖഹാക്കളെ തഖ്ലീദ് ചെയ്യുന്ന (കർമ്മ ശാസ്ത്ര പണ്ഡിതന്മാരുടെ അഭിപ്രായങ്ങളെ അനുകരിക്കുന്ന) വരിൽ പെട്ട ഒരു കൂട്ടം ആളുകൾ അവർ സ്വീകരിച്ച പല അഭിപ്രായ ഗതികളും, അല്ലാഹുവിന്റെ പല ആയത്തുകൾക്ക് എതിരാണെന്ന് ഓതികേൾപിക്കപെട്ടിട്ടും അവരത് സ്വീകരിച്ചില്ലെന്ന തിക്താനുഭവം, ഏതാണ്ട് എട്ട് നൂറ്റാണ്ട് മുമ്പ് ഇമാം റാസി(റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ഉദ്ധരിച്ചത് ഈ വിഷയസംബന്ധമായി മുസ്ലീം സമുദായം വളരെ ഗൗരവപൂർവ്വം മനസ്സിരുത്തേണ്ട ഒരു വിഷയമാകുന്നു. ഖുർആനിലും സുന്നത്തിലും ഒരു വിഷയം, വ്യക്തമായി പ്രസ്താവിക്കപ്പെട്ടിരുന്നാലും, പണ്ഡിതവേഷധാരികൾ പറഞ്ഞതിനെതിരിൽ അവ സ്വീകാര്യമല്ല എന്ന നിലപാടു ഏറെ ആപത്കരമാകുന്നു. മാത്രമല്ല, അതിനെ പറ്റി ഗുണദോഷിക്കുന്നവരെ, പിഴച്ചവരായി മുദ്ര കുത്തുകയും ചെയ്യുന്നു, അക്കൂട്ടർ.

ഇക്കാലത്തെ സ്വാർത്ഥമതികളായ ഒരു വിഭാഗം പണ്ഡിതൻമാർ, തങ്ങളുടെ ജീവിതമാർഗ്ഗം നില നിറുത്തുന്നതിനും, ജനമദ്ധ്യേ തങ്ങൾക്കുള്ള സ്ഥാനമാനങ്ങൾ നഷ്ടപെടാതിരിക്കുന്നതിനും വേണ്ടിയാണിത്തരം പ്രവർത്തികൾ ചെയ്യുന്നതെങ്കിൽ, മറ്റൊരു വിഭാഗം പണ്ഡിതരാകട്ടെ, കാലത്തിന്റെ ഒഴുക്കിനനുസരിച്ച് മതസിദ്ധാന്തങ്ങളിൽ പൊളിച്ചെഴുത്ത് നടത്തി ജനസമ്മതിയും കീർത്തിയും ലക്ഷ്യമാക്കിക്കൊണ്ട് തങ്ങളുടെ ഇത്തരം നികൃഷ്ട പ്രവർത്തനം തുടർന്ന് കൊണ്ടിരിക്കുന്നു.

ക്രിസ്തുമതത്തിൽ യേശുക്രിസ്തുവിനെ, ദൈവവും കർത്താവുമായി അംഗീകരിച്ച് ആരാധിച്ച് വരുന്നതിന് പുറമെ, അവരിൽ പെട്ട പല പണ്ഡിതൻമാർക്കും കാലാകാലങ്ങളിൽ വിശുദ്ധ പദവി കല്പിച്ചരുളി, അവരുടെ പ്രതിമയുണ്ടാക്കി, അവയെ ദൈവതുല്യരായി കണക്കാക്കി ആരാധിക്കുന്നത് വരെ അവരിലെ വിശ്വാസച്യുതി അവരെ കൊണ്ടെത്തിച്ചു. യഹൂദരാകട്ടെ, പണ്ഡിത പുരോഹിതന്മാരുടെ വാക്കുകളെ അടിസ്ഥാനമാക്കിയാണല്ലോ നബി(സ)യുടെ ദൗത്യത്തേയും പ്രവാചകത്വത്തേയുമെല്ലാം നിഷേധിച്ചത്. എന്തിനേറെ, ഇന്നത്തെ ഒരു വിഭാഗം മുസ്ലീംകൾ തന്നെ ചില 'ത്വരീഖത്തിന്റ' 'ശൈഖു' മാരെ അവരുടെ 'മുരീദു' കൾ ആക്കിക്കൊണ്ട് അവരെ ദൈവാവതാരങ്ങളായും ദൈവതുല്യരായും പരിഗണിച്ച് വരുന്നത് നാം കണ്ട് വരുന്നതാണല്ലോ.

അല്ലാഹുവല്ലാതെ ഒരു ആരാധ്യനേ ഇല്ലെന്നും അവരൊക്കെ പങ്ക് ചേർക്കുന്നതിൽ നിന്നും അവൻ എത്രയോ പരിശുദ്ധനാണെന്നും അല്ലാഹു, തുടർന്ന് പ്രഖ്യാപിക്കുന്നു.

**വചനം 32, 33**

يُرِيدُونَ أَن يُطْفِـُٔوا۟ نُورَ ٱللَّهِ بِأَفْوَٰهِهِمْ وَيَأْبَى ٱللَّهُ إِلَّآ أَن يُتِمَّ نُورَهُۥ وَلَوْ كَرِهَ ٱلْكَـٰفِرُونَ ﴿٣٢﴾

32 തങ്ങളുടെ വായകൊണ്ട് അല്ലാഹുവിൻെറ പ്രകാശത്തെ (ഊതി) കെടുത്തു കളയുവാൻ അവർ ഉദ്ദേശിക്കുന്നു. തൻെറ പ്രകാശത്തെ പൂർത്തിയാക്കുവാനല്ലാതെ(മറ്റൊന്നിന്) അല്ലാഹു വിസമ്മതിക്കുകയും ചെയ്യുന്നു; അവിശ്വാസികൾ വെറുത്താലും ശരി.

هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ لِيُظْهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ وَلَوْ كَرِهَ ٱلْمُشْرِكُونَ ﴿٣٣﴾

33 അവനത്രെ, മാർഗ്ഗദർശനവും, യഥാർത്ഥ മതവുമായി തൻെറ റസൂലിനെ അയച്ചിട്ടുള്ളവൻ; എല്ലാ മതത്തേക്കാളും അതിനെ വെളിപ്പെടുത്തു (വിജയിപ്പിക്കു)വാൻ വേണ്ടി മുശ്രിക്കുകൾ (ബഹുദൈവ വിശ്വാസികൾ) വെറുത്താലും ശരി.

---

ഇസ്ലാമാകുന്ന പ്രകാശത്തെ ഊതിക്കെടുത്തുവാൻ ഒരിക്കലും അല്ലാഹു അവരെ അനുവദിക്കുകയില്ല; നേരെ മറിച്ച് ആ പ്രകാശത്തെ പരിപൂർണ്ണമാക്കി പ്രകാശിപ്പിക്കുവാനായി, വേണ്ടത്ര ലക്ഷ്യദൃഷ്ടാന്തങ്ങൾ സഹിതം, ആ മതം , അതിന്റെ സാക്ഷാൽ രൂപത്തിൽ പ്രബോധനം ചെയ്ത് കൊണ്ട്, മറ്റെല്ലാ കൃത്രിമ മതങ്ങളെയും വെല്ലുമാറ്, ഇസ്ലാമിനെ ലോകത്ത് പ്രത്യക്ഷപെടുത്തുവാനും വേണ്ടിയാണ് അന്ത്യ പ്രവാചകനായ റസൂൽ തിരുമേനിയെ അവൻ അയച്ചിരിക്കുന്നതും; സത്യനിഷേധികൾ ആകമാനം, അതിൽ വെറുപ്പും പ്രതിഷേധവും പ്രകടിപ്പിച്ചാലും, അല്ലാഹു അത് നടപ്പിൽ വരുത്തുക തന്നെ ചെയ്യും. അല്ലാഹു അക്കാര്യം നടപ്പിൽ വരുത്തിയിട്ടുണ്ട് താനും. (സൂ സ്വഫ്ഫ് 7,8,9 വചനങ്ങൾ നോക്കുക)

എല്ലാ മതങ്ങളെക്കാളും ഇസ്ലാമിനെ വെളിപെടുത്തുവാൻ - പ്രത്യക്ഷപെടുത്തുവാൻ - എന്ന് പറഞ്ഞത് മറ്റ് മതങ്ങളൊക്കെ, ലോകത്ത് നിന്ന് അപ്രത്യക്ഷമാകുമെന്നോ, ഇസ്ലാമിന് അടിയറവെച്ച് കീഴടങ്ങുമെന്നോ അല്ല.

പ്രവാചക കാലഘട്ടത്തെ അപേക്ഷിച്ച്, എല്ലാ മതങ്ങളേക്കാളും, ഈ മതത്തെ വെളിപെടുത്തുമെന്ന് പറഞ്ഞത്, അതിന്റെ എല്ലാ അർത്ഥത്തിലും നിവൃത്തിയായിട്ടുണ്ടെന്ന് കാണാവുന്നതാണ്.പ്രവാചകത്വം നിലവിലുണ്ടായിരുന്ന ഇരുപത്തിമൂന്ന് കൊല്ലക്കാലത്തിൽ, മക്കയിലെ സഹനത്തിന്റെയും ക്ഷമയുടെയും പതിമൂന്ന് കൊല്ലം കഴിച്ച്, ബാക്കി കഷ്ടിച്ച് പത്ത് കൊല്ലക്കാലമാണ് യഥാർത്ഥതത്തിൽ ഇസ്ലാമിന്റെ പ്രചരണകാലം. ഇക്കാലത്തിനകം, അറേബ്യ ഉപദ്വീപ് മാത്രമല്ല, അക്കാലത്തെ ലോകശക്തികളായിരുന്ന റോമായും പേർഷ്യയും ഇസ്ലാമിന്റേതായി മാറി. തുടർന്നുള്ള നൂറ്റാണ്ടുകളിൽ ഇസ്ലാമിന് ലോകത്ത് പ്രചാരവും ശക്തിയും വർദ്ധിച്ച് കൊണ്ടുമിരുന്നു.

ഇസ്ലാമല്ലാത്ത മറ്റേതെങ്കിലും സംസ്ക്കാരത്തിനൊ, നാഗരികതക്കൊ ശക്തിക്കൊ, ലോകത്ത് ചില കാലങ്ങളിൽ, സ്വാധീനം കൈവന്നിട്ടുണ്ടെങ്കിൽ, അത് ഇസ്ലാം മതത്തിന്റെ പോരായ്മ കൊണ്ടല്ല; ഇസ്ലാമിന്റെ അനുയായികളായ മുസ്ലീംകളുടെ കൊള്ളരുതായ്മ കാരണമാകുന്നു. മുസ്ലീം സമുദായത്തിൽ കാലക്രമത്തിൽ കടന്ന് കൂടിയ അനാചാരങ്ങളും വിശ്വാസ വൈകല്യങ്ങളുമാണിതിന്റെ കാരണം. പ്രമാണപരവും, ബുദ്ധിപരവുമായ ലക്ഷ്യ ദൃഷ്ടാന്തങ്ങളിലും, സനാതനവും പ്രായോഗികവുമായ തത്വസംഹിതകളിലും, കാലദേശാതീതങ്ങളായ നിയമ വ്യവസ്ഥകളിലും, ഇസ്ലാമിനോട് കിടപിടിക്കുന്ന വേറൊരു മതവും ലോകത്തിലില്ല തന്നെ. ഇസ്ലാമിനോട് ശത്രുത പുലർത്തുന്ന ചില മഹാരഥൻമാർ പോലും ഈ വസ്തുത അംഗീകരിച്ചിട്ടുള്ളതാണ്.

സൂ :അൻഫാൽ 46 -ാം വചനം സൂ: ആലു ഇംറാൻ 139-ാം വചനം; സൂ: മുജാദില 21 -ാം വചനം എന്നീ സൂക്തങ്ങൾ ഈ വചനങ്ങളുടെ ഉള്ളടക്കത്തെ പറ്റി കൂടുതൽ മനസ്സിലാക്കാൻ ഉതകുന്നതാണ്. ഒരിക്കൽ നബി(സ) തിരുമേനി അദിയ്യ്ബ്നു ഹാതിം(റ) നോട് ഇപ്രകാരം പറഞ്ഞതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: അദിയ്യെ, ഈ മതത്തെ അല്ലാഹു പൂർത്തിയാക്കുക തന്നെ ചെയ്യും. അങ്ങനെ, യാത്രക്കാരിയായ ഒരു സ്ത്രീ ഇറാക്കിലെ ഹീറാ എന്ന പ്രദേശത്ത് നിന്ന് ഒരാളുടെയും രക്ഷ കൂടാതെ വന്ന് കഅ്ബയെ ത്വവാഫ് ചെയ്യുന്നതാണ്. പേർഷ്യ, ചക്രവർത്തിയായ ഹൂർമുസിന്റെ മകൻ കിസ്രായുടെ നിക്ഷേപങ്ങൾ ജയിക്കപെടുക തന്നെ ചെയ്യുന്നതാണ്. വാങ്ങുവാൻ ഒരാളും ഇല്ലാതിരിക്കത്തക്ക വിധം,ധനം വിതരണം ചെയ്യപെടുകയും ചെയ്യുന്നതാണ്.

അധികകാലം കഴിഞ്ഞു കൂടുന്നതിന് മുമ്പ് തന്നെ റസൂൽ(സ) പറഞ്ഞ കാര്യങ്ങൾ സംഭവിച്ച് കഴിഞ്ഞതായി അദിയ്യ്(റ) സാക്ഷ്യപെടുത്തുന്നു.

റസൂൽ (സ) ഇപ്രകാരം കൂടി പറഞ്ഞതായി ഥൗബാൻ(റ) ഉദ്ധരിക്കുന്നു : ഭക്ഷണം കഴിക്കുന്നവർ ഭക്ഷണ പാത്രത്തിലേക്ക് തിരക്കി കൈനീട്ടുന്നത് പോലെ, മറ്റ് സമുദായങ്ങൾ നിങ്ങളുടെ മേൽ വന്ന് വീഴുന്ന കാലം അടുത്ത് വരുന്നു- അന്ന് നിങ്ങൾ എണ്ണത്തിൽ അധികമുള്ളവരായിരിക്കുമെങ്കിലും, മല വെള്ളത്തിലെ ചവറുപോലെയായിരിക്കും നിങ്ങളുടെ അവസ്ഥ. നിങ്ങളുടെ ശത്രുവിന്റെ മനസ്സുകളിൽ നിന്ന് നിങ്ങളെ സംബന്ധിച്ചുള്ള ഗൗരവം അല്ലാഹു നീക്കി കളയും; നിങ്ങളുടെ മനസ്സ്, ഇഹലോകത്തോടുള്ള സ്നേഹവും, മരണത്തെക്കുറിച്ചുള്ള വെറുപ്പും കാരണം, ദൗർബല്യം നിറഞ്ഞതുമായിരിക്കും.

---

**വചനം 34, 35**

۞ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِنَّ كَثِيرًا مِّنَ ٱلْأَحْبَارِ وَٱلرُّهْبَانِ لَيَأْكُلُونَ أَمْوَٰلَ ٱلنَّاسِ بِٱلْبَٰطِلِ وَيَصُدُّونَ عَن سَبِيلِ ٱللَّهِ ۗ وَٱلَّذِينَ يَكْنِزُونَ ٱلذَّهَبَ وَٱلْفِضَّةَ وَلَا يُنفِقُونَهَا فِى سَبِيلِ ٱللَّهِ فَبَشِّرْهُم بِعَذَابٍ أَلِيمٍ ﴿٣٤﴾

يَوْمَ يُحْمَىٰ عَلَيْهَا فِى نَارِ جَهَنَّمَ فَتُكْوَىٰ

34 ഹേ, വിശ്വസിച്ചവരേ, നിശ്ചയമായും മത പണ്ഡിതൻമാരിൽ നിന്നും പുരോഹിതൻമാരിൽ നിന്നും വളരെ ആളുകൾ, മനുഷ്യരുടെ സ്വത്തുക്കളെ അന്യായമായി തിന്നുക തന്നെ ചെയ്യുന്നു; അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് അവർ (ആളുകളെ) തടയുകയും ചെയ്യുന്നു. സ്വർണ്ണവും, വെള്ളിയും നിക്ഷേപിച്ചു വെക്കുകയും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ അതിനെ ചിലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാകട്ടെ, അവർക്കു വേദനയേറിയ ശിക്ഷയെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുക!-

35 'ജഹന്നമി'ൻെറ (നരകത്തിൻെറ) അഗ്നിയിൽ വെച്ച് അതു കാച്ചിപ്പഴുപ്പിക്കപ്പെടുന്ന ദിവസം,

بِهَا جِبَاهُهُمْ وَجُنُوبُهُمْ وَظُهُورُهُمْ هَٰذَا مَا كَنَزْتُمْ لِأَنفُسِكُمْ فَذُوقُوا مَا كُنتُمْ تَكْنِزُونَ ﴿٣٥﴾

എന്നിട്ട് അതുകൊണ്ട് അവരുടെ നെറ്റികൾക്കും, പാർശ്വങ്ങൾക്കും, മുതുകുകൾക്കും ചൂടു വെ(ച്ച് കരി)ക്കപ്പെടുകയും ചെയ്യുന്ന (ദിവസം). "ഇതത്രെ, നിങ്ങൾ നിങ്ങളുടെ സ്വന്തങ്ങൾക്കു വേണ്ടി നിക്ഷേപിച്ചു വെച്ചത്; അതിനാൽ, നിങ്ങൾ നിക്ഷേപിച്ചു വെച്ചിരുന്നതിനെ നിങ്ങൾ രുചിച്ചുനോക്കിക്കൊള്ളുവിൻ"! (എന്ന് അവരോടു പറയപ്പെടുകയും ചെയ്യും.)

---

യഹൂദ പണ്ഡിതരിലും ക്രിസ്തീയ പുരോഹിതരിലും പെട്ട അനേകം ആളുകൾ മതവിധികളിൽ യഥേഷ്ടം നീക്കു പോക്കുകൾ സ്വീകരിച്ചുകൊണ്ടും ഫതവ്കൾ നൽകികൊണ്ടും നേർച്ച വഴിപാടുകൾ സ്വീകരിച്ച് കൊണ്ടും അന്യായമായ വഴിക്ക് ജനങ്ങളുടെ ധനം പറ്റി തിന്നുകയും, ഭൗതികലാഭത്തിനായി , അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നും ജനങ്ങളെ തട്ടിതിരിക്കുകയും ചെയ്ത് വന്നിരുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കാതെ ധനം കെട്ടി പൂട്ടി വെക്കുന്നവർക്ക്, അതേ ധനം കൊണ്ട് തന്നെ നരകത്തിൽ വെച്ച് കടുത്ത ശിക്ഷ അനുഭവിക്കേണ്ടി വരുമെന്നും അല്ലാഹു അറിയിക്കുന്നു. ഈ സ്വഭാവം, മുസ്ലീംകളിൽ ഉണ്ടാകുന്ന പക്ഷം , അവരും അതേ ശിക്ഷക്ക് വിധേയരായിത്തീരുമെന്ന, ഒരു താക്കീതായിക്കൊണ്ടാണ് 'ഹേ വിശ്വസിച്ചവരെ' എന്ന് അഭിസംബോധന ചെയ്ത് കൊണ്ട് ഈ കാര്യം അല്ലാഹു പ്രസ്താവിക്കുന്നത്.

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കാത്ത സ്വർണ്ണവും വെള്ളിയും (ധനം) കെട്ടിപ്പൂട്ടി വെക്കുന്നവരുടെ ശരീരഭാഗങ്ങളെ നരകത്തിൽ വെച്ച് അതേ സ്വർണ്ണവും വെള്ളിയും ചുട്ട് പഴുപ്പിച്ച് പൊള്ളിക്കുമെന്ന് അല്ലാഹു താക്കീത് നൽകുന്നു. "അവർക്ക് വേദനയേറിയ ശിക്ഷയെക്കുറിച്ച് സന്തോഷ വാർത്ത അറിയിക്കുക" എന്ന് പറഞ്ഞത് അത്തരക്കാർക്കുള്ള ഒരു പരിഹാസ ധ്വനി കൂടിയാകുന്നു.

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുന്നതിൽ പിശുക്ക് കാണിക്കാതെയും, ധനപരമായ കടമകൾ ബാക്കി വെക്കാതെയും ന്യായമായ വിധത്തിൽ സ്വത്ത് സമ്പാദിക്കുന്നത് ഇസ്ലാമിൽ അനുവദനീയമാക്കപെട്ടിരിക്കുന്നുവെന്ന്, ഈ വചനങ്ങളിൽ നിന്നും , നബിവചനങ്ങളിൽ നിന്നും വ്യക്തമാക്കപെട്ടിരിക്കുന്നു.

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുക എന്ന് പറഞ്ഞതിൽ പ്രഥമമായി നിയമപ്രകാരമുള്ള സക്കാത്തും, അതിന് ശേഷം ഓരോരുത്തന്റെ കഴിവിനനുസരിച്ചും ചുറ്റുപാടിനനുസരിച്ചും, ആവശ്യമായി വരുന്ന എല്ലാ ദാന ധർമ്മങ്ങളും ഉൾപെടുന്നു. സക്കാത്തല്ലാത്ത കടമകളൊന്നും, ധനത്തിൽ വേറെയില്ലെന്ന് പറയുന്നത് പിശുക്കന്മാരുടെ ഒരു ഊന്ന് വടി മാത്രമാകുന്നു - അക്കൂട്ടർ ഈ വിഷയ സംബന്ധമായി വന്നിട്ടുള്ള ധാരാളം ഖുർആൻ വചനങ്ങളെയും, നബി വചനങ്ങളെയും ധിക്കരിക്കുന്നവരിൽ പെട്ടവരാകുന്നു.

---

**വചനം 36, 37**

إِنَّ عِدَّةَ الشُّهُورِ عِندَ اللَّهِ اثْنَا عَشَرَ شَهْرًا فِي كِتَابِ اللَّهِ يَوْمَ خَلَقَ السَّمَاوَاتِ وَالْأَرْضَ مِنْهَا أَرْبَعَةٌ حُرُمٌ ذَٰلِكَ الدِّينُ الْقَيِّمُ فَلَا تَظْلِمُوا فِيهِنَّ أَنفُسَكُمْ وَقَاتِلُوا الْمُشْرِكِينَ كَافَّةً كَمَا يُقَاتِلُونَكُمْ كَافَّةً وَاعْلَمُوا أَنَّ اللَّهَ مَعَ الْمُتَّقِينَ ﴿٣٦﴾

36 നിശ്ചയമായും, അല്ലാഹുവിൻെറ അടുക്കൽ മാസങ്ങളുടെ എണ്ണം, പന്ത്രണ്ട് മാസങ്ങൾ എന്നാകുന്നു; (അതെ) ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച ദിവസം അല്ലാഹുവിൻെറ രേഖയിൽ (വിധി നിശ്ചയത്തിൽ). അവയിൽ പെട്ടതാണ് (യുദ്ധം നിഷിദ്ധമാക്കപ്പെട്ട) പവിത്രമായ നാലു (മാസം) അതത്രെ ചൊവ്വായി നിലകൊള്ളുന്ന മതം (നടപടി). ആകയാൽ, അവയിൽ (ആ നാലുമാസങ്ങളിൽ) നിങ്ങൾ നിങ്ങളോടു തന്നെ അക്രമം ചെയ്യരുത്. മുശ്രിക്കുകൾ നിങ്ങളോട് ആകമാനം യുദ്ധം ചെയ്യുന്നതുപോലെ, നിങ്ങൾ അവരോടും ആകമാനം യുദ്ധം ചെയ്യുവിൻ. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരോടു കൂടെയാണെന്ന് നിങ്ങൾ അറിയുകയും ചെയ്യുവിൻ.

إِنَّمَا ٱلنَّسِىٓءُ زِيَادَةٌ فِى ٱلْكُفْرِ ۖ يُضَلُّ بِهِ ٱلَّذِينَ كَفَرُوا۟ يُحِلُّونَهُۥ عَامًا وَيُحَرِّمُونَهُۥ عَامًا لِّيُوَاطِـُٔوا۟ عِدَّةَ مَا حَرَّمَ ٱللَّهُ فَيُحِلُّوا۟ مَا حَرَّمَ ٱللَّهُ ۚ زُيِّنَ لَهُمْ سُوٓءُ أَعْمَـٰلِهِمْ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْكَـٰفِرِينَ ﴿٣٧﴾

37 നിശ്ചയമായും (മാസത്തിൻെറ നിഷിദ്ധതയെ) പിന്നോട്ടു മാറ്റൽ, അവിശ്വാസത്തിൽ ഒരു വർദ്ധനവ് തന്നെയാകുന്നു. അതുമൂലം അവിശ്വസിച്ചവർ വഴി പിഴപ്പിക്കപ്പെടുന്നു: (അതായത്) ഒരു കൊല്ലം അതിനെ (മാറ്റിവെച്ച മാസത്തെ) അവർ അനുവദനീയമാക്കുകയും, ഒരു കൊല്ലം അതിനെ നിഷിദ്ധമാക്കുകയും ചെയ്യുന്നു; അല്ലാഹു നിഷിദ്ധമാക്കിയതിൻെറ എണ്ണത്തോട് ഒപ്പിക്കുവാനും, അങ്ങനെ, അല്ലാഹു നിഷിദ്ധമാക്കിയതിനെ അനുവദനീയമാക്കുവാനും വേണ്ടി. അവരുടെ ദുഷ്പ്രവൃത്തികൾ അവർക്ക് ഭംഗിയാക്കിക്കാണിക്കപ്പെട്ടിരിക്കുകയാണ്. അല്ലാഹു, അവിശ്വാസികളായ ജനങ്ങളെ സൻമാർഗ്ഗത്തിലാക്കുകയില്ല.

---

മുശ്‌രിക്കുകൾ മതത്തിൽ കടത്തിക്കൂട്ടിയ ഒരു തോന്നിയ വാസത്തെക്കുറിച്ചാകുന്നു, ഈ വചനങ്ങളിലെ പരാമർശം. ഇബ്രാഹിം(അ) നബിയുടെ കാലം മുതൽക്കെ, ദുൽഖഅദ; ദുൽഹിജ്ജ:, മുഹറം, റജബ് എന്നീ നാല് മാസങ്ങൾ യുദ്ധം പാടില്ലാത്ത പവിത്രമാസങ്ങളായി അചരിക്കപെട്ട് വന്നിരുന്നു. എന്നാൽ, പൊതുവെ യുദ്ധപ്രിയന്മാരായ, മുശ്‌രിക്കുകൾ, അവരുടെ യുദ്ധതാല്പര്യങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ, ഈ നാലു മാസങ്ങളിൽ ഒരു മാസത്തിന്റെ പവിത്രത മറ്റൊരു മാസത്തിലേക്ക് മാറ്റി വെച്ച് കൊണ്ട്, ആ മാസത്തിൽ അവർ യുദ്ധം നടത്തുകയും, മറ്റേ മാസം പവിത്ര മാസമായി ആചരിക്കുകയും ചെയ്തു പോന്നു. അങ്ങനെ നിശ്ചിത മാസങ്ങളിൽ മാറ്റം വരുത്തിക്കൊണ്ടാണെങ്കിലും , നാലു മാസങ്ങൾ പവിത്ര മാസങ്ങളായി ഒപ്പിക്കുകയും ചെയ്യും. ഇങ്ങനെ ഒരു മാസത്തിന്റെ പവിത്രത മറ്റൊരു മാസത്തിലേക്ക് മാറ്റി വെക്കുന്നതിനാണ് നസീഉ് (النسيء) എന്ന് ഇവിടെ പ്രസ്താവിക്കപെട്ടിട്ടുള്ളത്.

മറ്റൊരു തരം 'നസീഉ്' ഉം അറബികൾ അവരുടെ സൗകര്യാർത്ഥം പതിവാക്കി വന്നിരുന്നു. ചാന്ദ്രിക മാസങ്ങളുടെ അടിസ്ഥാനത്തിൽ അനുഷ്ഠിക്കേണ്ട ഹജ്ജ് കർമ്മം ചില വർഷങ്ങളിൽ, അത്യുഷ്ണ വേളകളിലും, ചിലപ്പോൾ മറിച്ചും, വന്ന് ചേരാറുണ്ട്, ഉഷ്ണകാലത്ത് ഹജ്ജ് കർമ്മം വരുന്നത് കൊണ്ട്, പൊതുവെയുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പുറമെ, തങ്ങളുടെ കച്ചവടോൽസവങ്ങൾക്കും അത് തടസ്സമായിത്തീരും. ഇത് കണക്കിലെടുത്ത് ചാന്ദ്രിക മാസങ്ങളെ കണക്കാക്കുന്നതിന് സൌരമാസങ്ങളുമായി ചില നീക്ക് പോക്കുകൾ സ്വീകരിച്ച് കൊണ്ട്, ഹജ്ജ് കാലം മാറ്റി നിശ്ചയിച്ച് അവർ 'നസീഹ്' ചെയ്ത് വന്നിരുന്നു.

അലംഘനീയമായ നാല് പവിത്രമാസങ്ങളിൽ യുദ്ധം നിഷിദ്ധമാക്കപെട്ട നിയമം, ജാഹിലിയ്യത്തിലും ഇസ്ലാമിലും പരക്കെ അറിയപെട്ടതാണ്. ഹജ്ജ് കർമ്മത്തിന് ദൂരപ്രദേശങ്ങളിൽ നിന്ന് നിർഭയം വന്ന് ചേരാൻ വേണ്ടി ഹജ്ജ് മാസത്തിന് മുമ്പ് ദുൽഖഅദ് മാസവും ഹജ്ജിന്റെ ശേഷം സമാധാനപൂർവ്വം തിരിച്ച് പോകാനായി മുഹറം മാസവും അല്ലാഹു മൂന്നു മാസം തുടർച്ചയായി യുദ്ധം ഹറാമാക്കിയിരിക്കുന്നു. ഇടക്ക് വെച്ച് ഉംറ : കർമ്മം നിർവഹിച്ച് പോകുന്നവരുടെ സൗകര്യം കണക്കിലെടുത്ത് റജബ് മാസവും യുദ്ധം നിഷിദ്ധമാക്കപെട്ടിരിക്കുകയാണ്.

ചില കാലങ്ങൾക്കും ചില സ്ഥലങ്ങൾക്കും അല്ലാഹു പ്രത്യേക സ്ഥാനങ്ങൾ കല്പിച്ച് കൊണ്ട്, അവയിൽ പ്രത്യേകം ആചാരങ്ങളും അനുഷ്ഠാനങ്ങളും അവൻ നിശ്ചയിച്ചതിലുള്ള യുക്തി രഹസ്യങ്ങൾ മുഴുവനായി മനസ്സിലാക്കുകയെന്നത് നമ്മുടെ കഴിവിനതീതമാകുന്നു. ദിനം പ്രതി അഞ്ച് നേരത്തെ നമസ്ക്കാരം നിശ്ചയിച്ചതിലും വെള്ളിയാഴ്ച ദിവസം പ്രാധാന്യം കല്പിച്ചതിലും റംസാൻ മാസത്തിന് പ്രത്യേകത നല്കിയതിലും, മക്കാ മദീനാ, ബൈത്തുൽ മുഖദിസ് എന്നിവക്ക് ശ്രേഷ്ഠതകൾ നല്കിയരിക്കുന്നതിലും എല്ലാം, നമുക്ക് മനസ്സിലായ ചില കാരണങ്ങൾ കൂടാതെ, അജ്ഞാതമായ വേറെയും യുക്തി രഹസ്യങ്ങൾ അടങ്ങിയിരിക്കുന്നു. ഓരോന്നിനും കല്പിച്ച പവിത്രതയും മഹത്വവും ചോദ്യം ചെയ്യാതെ, അനുസരിക്കുകയെന്നതാണ് നമ്മുടെ കടമ. അതാണ് നേർക്ക് നേരെയുള്ള മത നടപടികൾ **ذلك الدين القيم** അവയിലേതിലെങ്കിലും മാറ്റത്തിരുത്തലുകൾ വരുത്തുന്നത് അവിശ്വാസവുമായിരിക്കും. ഇത്തരം മാറ്റത്തിരുത്തലുകൾ (നസീഉ്) അവിശ്വാസത്തിന്റെ വർദ്ധനവ് തന്നെയാണെന്ന്. രണ്ടാമത്തെ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു

ആകാശഭൂമികളെ സൃഷ്ടിച്ച സമയം മുതൽ തന്നെ മാസങ്ങൾ പന്ത്രണ്ടാണെന്നത് അല്ലാഹു നിശ്ചയിച്ച്

വെച്ച നിയമ വ്യവസ്ഥയാകുന്നു എന്ന് ഒന്നാമത്തെ വചനത്തിൽ അല്ലാഹു പ്രസ്താവിക്കുന്നു. ആ പന്ത്രണ്ടിൽ നാലു മാസങ്ങൾ അവൻ 'ഹറാമായ പവിത്രമാസങ്ങളാക്കി വെക്കുകയും ചെയ്തിരിക്കുന്നു. അവയുടെ പവിത്രതക്ക് ഹാനികരമായ വല്ല ഭേദഗതിയും സ്വീകരിക്കുന്നതും പ്രവർത്തിക്കുന്നതും, നിങ്ങളോട് തന്നെ അതിക്രമം പ്രവർത്തിക്കുന്നതിന് തുല്യമാകുന്നു. അതിന്റെ ഭവിഷ്യത്ത് നിങ്ങൾ തന്നെ അനുഭവിക്കേണ്ടിവരും.

തുടർന്ന് ഒരു യാഥാർത്ഥ്യം അല്ലാഹു സത്യവിശ്വാസികളെ ഓർമിപ്പിക്കുന്നു : അതായത് മുശ് രിക്കുകൾ കൂട്ടത്തോടെ യുദ്ധത്തിന് ഒരുങ്ങി ഇറങ്ങിയിരിക്കുകയാണെന്നും, നിങ്ങളും ഒത്തൊരുമിച്ച് ഒറ്റക്കെട്ടായി അവരോടങ്ങോട്ടും യുദ്ധത്തിന് തയാറായിരിക്കണം എന്നും, അതോടു കൂടി സൂക്ഷ്മത പാലിക്കണമെന്നും, അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരുടെ കൂടെയാണ് എന്നും ഉണർത്തുന്നു.

## വിഭാഗം 6

ഈ സൂറത്തിലെ ഇവിടം മുതലുള്ള ഭൂരിഭാഗം വചനങ്ങൾ തബൂക്ക് സംഭവവുമായി ബന്ധപ്പെട്ട കാര്യങ്ങളാകുന്നു. മദീനയിൽ നിന്നും ഏതാണ്ട് നാന്നൂറ് നാഴിക ദൂരെ സ്ഥിതി ചെയ്യുന്ന അക്കാലത്ത് റോമാചക്രവർത്തിയുടെ കീഴിലായിരുന്ന ശാം രാജ്യങ്ങളിൽ പെട്ട ഒന്നായിരുന്നു തബൂക്ക് എന്ന പ്രദേശം.

ഹുനൈൻ യുദ്ധത്തിനും, ത്വാഇഫ് യുദ്ധത്തിനും ശേഷം, ഒരു വിശ്രമത്തിന് ജനങ്ങൾക്ക് അവസരം കിട്ടുന്നതിന് മുമ്പു തന്നെ, മദീനയെ അക്രമിക്കാൻ റോമാക്കാരും, ക്രിസ്ത്യാനികളായ ചില അറബി ഗോത്രങ്ങളും ചേർന്ന് പദ്ധതിയിടുന്നതായി, നബി(സ) ക്ക് വിവരം കിട്ടുകയുണ്ടായി. അത്യുഷ്ണം കൊണ്ടും ക്ഷാമം കൊണ്ടും വിഷമം പിടിച്ച ആ സമയം, മദീനയിലെ ഈന്തത്തോട്ടങ്ങളുടെ, ഫലം എടുക്കുന്നസന്ദർഭത്തോടടുത്തതുമായിരുന്നു. ആ സമയത്ത്, സ്ഥലം വിട്ട്, ശാമിലേക്കുള്ള ക്ലേശം നിറഞ്ഞ ഒരു യാത്രക്ക് ജനങ്ങൾ പൊതുവെ വൈമനസ്യരായിരുന്നു. പടയെടുപ്പ് സൈന്യത്തിൽ പങ്കെടുക്കുവാനും സാമ്പത്തികമായും മറ്റു വിധേനയും സംഭാവനകളും സഹകരണങ്ങളും നല്കുവാനും നബി(സ) ജനങ്ങളെ ഉപദേശിച്ച് കൊണ്ടിരുന്നു. ഉസ്മാൻ(റ), അബൂബക്കർ(റ), ഉമർ(റ) എന്നിവർ പരസ്പരം മത്സരിച്ച് കൊണ്ട് തന്നെ തങ്ങളുടെ സംഭാവനകൾ റസൂൽ(സ) തിരുമേനിയെ ഏൽപിച്ചു. മറ്റു സഹാബികളും, സ്ത്രീകളുമെല്ലാം പരമാവധി, സംഭാവനകൾ നല്കികൊണ്ടിരുന്നു. യാത്രാചിലവിന് പോലും കഴിവില്ലാത്ത ദരിദ്രരായ ചില സഹാബികളുടെ, സൈന്യത്തിലെടുക്കണമെന്ന ആഗ്രഹം ഉസ്മാൻ(റ), അബ്ബാസ്(റ) എന്നിവർ, അവരുടെ ചിലവ് വഹിക്കാമെന്നേറ്റതോടെ, സഫലീകൃതമാകുകയും ചെയ്തു.

മുപ്പതിനായിരം പേരടങ്ങുന്ന ഒരു സൈന്യം സജ്ജീകൃതമായി. മദീനയിൽ മുഹമ്മദുബ്നു മസ്‌ലമ(റ)യേയും കുടുംബ കാര്യങ്ങളിൽ അലി (റ)യേയും നബി(സ) തന്റെ പ്രതിനിധികളായി നിശ്ചയിച്ചു. സൈന്യത്തിന്റ പതാകാ വാഹകനായി അബുബക്കർ(റ) നേയും ഏല്പിച്ചു. അബ്ദുല്ലാഹിബ്നു ഉബ്വയും ന്റെ നേതൃത്വത്തിൽ കപട വിശ്വാസികളായ ഒട്ടേറെ ആളുകൾ പുറപ്പാടിനെതിരിൽ നാട്ടിൽ ഭീതി പരത്തിക്കൊണ്ടിരുന്നു. ചിലർ നബി(സ)യുടെ അടുക്കൽ വന്ന് "വെള്ളക്കാരായ (റോമാക്കാർ) സ്ത്രീകളെ കണ്ടാൽ തങ്ങളുടെ മനസ്സ് ഇളകിപോകുമെന്നും തങ്ങളുടെ വീട്ടിലെ സാഹചര്യം മൂലം വിട്ടു പോകാൻ തങ്ങൾക്ക് നിവൃത്തിയില്ലെന്നും" മറ്റും ഒഴിവ് കഴിവുകൾ നിരത്തി. അങ്ങനെ പലർക്കും, അവരുടെ ബാഹ്യാവസ്ഥ കണക്കിലെടുത്ത് കൊണ്ട് നബി(സ) ഒഴി കഴിവ് നല്കി (ഇതേക്കുറിച്ച് പിന്നീട് അല്ലാഹു നബി(സ) യെ ആക്ഷേപിച്ചതായി താഴെ കാണാവുന്നതാണ്) കഅബുബ്നു മാലിക്(റ) പോലെയുള്ള നിഷ്കളങ്കരായ ചില വ്യക്തികളും യുദ്ധത്തിന് പോകാതിരിക്കുകയും പിന്നീട് അവർ അതേ പറ്റി ഖേദിച്ച് മടങ്ങുകയും ചെയ്ത വിവരവും താഴെ കാണാം.

അനവധി പ്രയാസങ്ങളും സുദീർഘമായ യാത്രാ ക്ലേശങ്ങളും സഹിച്ച് തബൂക്കിലെത്തിച്ചേർന്നപ്പോളാകട്ടെ, മുമ്പ് കേട്ടത് പോലെയുള്ള യുദ്ധസന്നാഹങ്ങളൊന്നും അവിടെ കാണുകയുണ്ടായില്ല. കുറച്ച് ദിവസങ്ങളോളം അവിടെ തങ്ങിയതിന് ശേഷം നബി(സ) തിരുമേനിയും സൈന്യങ്ങളും തിരിച്ച് പോരുകയാണുണ്ടായത് എന്നാൽ ഇതിനിടയിൽ, അയൽ പ്രദേശങ്ങളായ ഐല :(അൽ അഖബ), ജർബാഉ് , അദ്റഹ് എന്നിവിടങ്ങളിലെ നാടുവാഴികളുമായി നബി(സ) സന്ധികളിൽ ഏർപെടുകയുണ്ടായി; കൂടാതെ ഖുലഫാഉ - റാശിദിന്റെ കാലത്ത് ശാമിൽ ഇസ്ലാമിനുണ്ടായ വമ്പിച്ച വിജങ്ങൾക്ക് ഈ യാത്ര വഴിയൊരുക്കുകയുമുണ്ടായി. മാത്രമല്ല ഒരു യുദ്ധം ഉണ്ടായില്ലെങ്കിലും മുസ്ലീംകൾക്ക് വൻ തോതിലുള്ള ശിക്ഷണങ്ങളും ത്യാഗ പരിശീലനങ്ങളും ലഭിക്കുവാനും, കപട വിശ്വാസികളുടെ ഉള്ളിലിരിപ്പ് വെളിച്ചത്ത് കൊണ്ട് വരുവാനും ഈ യാത്ര വളരെ ഉപകരിച്ചു.

**വചനം 38, 39**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ مَا لَكُمْ إِذَا قِيلَ لَكُمُ ٱنفِرُوا۟ فِى سَبِيلِ ٱللَّهِ ٱثَّاقَلْتُمْ إِلَى ٱلْأَرْضِ ۚ أَرَضِيتُم بِٱلْحَيَوٰةِ ٱلدُّنْيَا مِنَ ٱلْءَاخِرَةِ ۚ فَمَا مَتَٰعُ ٱلْحَيَوٰةِ ٱلدُّنْيَا فِى ٱلْءَاخِرَةِ إِلَّا قَلِيلٌ ٣٨

إِلَّا تَنفِرُوا۟ يُعَذِّبْكُمْ عَذَابًا أَلِيمًا وَيَسْتَبْدِلْ قَوْمًا غَيْرَكُمْ وَلَا تَضُرُّوهُ شَيْـًٔا ۗ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ٣٩

38 ഹേ, വിശ്വസിച്ചവരേ, നിങ്ങൾക്കെന്താണ്, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ (യുദ്ധത്തിന്) പുറപ്പെട്ടു പോകുവിൻ എന്ന് നിങ്ങളോടു പറയപ്പെട്ടാൽ, നിങ്ങൾ ഭൂമിയിലേക്ക് കനം തൂങ്ങിക്കളയുന്നു (മടിച്ചു പിന്നോക്കം നിൽക്കുന്നു)? നിങ്ങൾ പരലോകത്തിനു (പകരം) ഐഹിക ജീവിതം കൊണ്ട് തൃപ്തിപ്പെട്ടുവോ?! എന്നാൽ, പരലോകത്തെ സംബന്ധിച്ചു (നോക്കുമ്പോൾ) ഐഹിക ജീവിതത്തിൻെറ സുഖവിഭവം ഒരൽപ (മാത്ര) മല്ലാതെയില്ല.

39 നിങ്ങൾ (യുദ്ധത്തിനു) പുറപ്പെട്ടുപോകുന്നില്ലെങ്കിൽ, അവൻ (അല്ലാഹു) നിങ്ങളെ വേദനയേറിയ ശിക്ഷ ശിക്ഷിക്കും; നിങ്ങളല്ലാത്ത (വേറെ) വല്ല ജനതയെയും അവൻ പകരം കൊണ്ടുവരുകയും ചെയ്യും; അവന് നിങ്ങൾ യാതൊന്നും (തന്നെ) ഉപദ്രവം വരുത്തുന്നതുമല്ല. (നിങ്ങൾക്കു തന്നെയായിരിക്കും അത് ഉപദ്രവമായിരിക്കുക.) അല്ലാഹു, എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

---

തബൂക്കിലേക്കുള്ള പടയെടുപ്പിൽ പങ്കെടുക്കാൻ മടിച്ച് നിന്നവരെക്കുറിച്ചുള്ള ആക്ഷേപമാണീ വചനങ്ങളിൽ. ഐഹികമായ സുഖ സൗകര്യങ്ങൾക്ക് മുൻഗണന നല്കിയാൽ അതിന്റെ ദൂഷ്യഫലം നിങ്ങൾ തന്നെ അനുഭവിക്കേണ്ടി വരുമെന്നും, അല്ലാഹു അവരെ താക്കീത് ചെയ്യുന്നു. ഐഹികമായ ബുദ്ധിമുട്ടുകൾ എത്ര തന്നെ നേരിടേണ്ടി വന്നാലും പരലോക നന്മയെ അപേക്ഷിച്ച് അത് വളരെ തുഛമായിരിക്കുമെന്ന് ഉണർത്തുകയും ചെയ്യുന്നു.

**വചനം 40**

إِلَّا تَنصُرُوهُ فَقَدْ نَصَرَهُ ٱللَّهُ إِذْ أَخْرَجَهُ ٱلَّذِينَ كَفَرُوا۟ ثَانِىَ ٱثْنَيْنِ إِذْ هُمَا فِى ٱلْغَارِ إِذْ يَقُولُ لِصَٰحِبِهِۦ لَا تَحْزَنْ إِنَّ ٱللَّهَ مَعَنَا ۖ فَأَنزَلَ ٱللَّهُ سَكِينَتَهُۥ عَلَيْهِ وَأَيَّدَهُۥ بِجُنُودٍ لَّمْ تَرَوْهَا وَجَعَلَ كَلِمَةَ ٱلَّذِينَ كَفَرُوا۟ ٱلسُّفْلَىٰ ۗ وَكَلِمَةُ ٱللَّهِ هِىَ ٱلْعُلْيَا ۗ وَٱللَّهُ عَزِيزٌ حَكِيمٌ ٤٠

40 നിങ്ങൾ അദ്ദേഹത്തെ (നബിയെ) സഹായിക്കുന്നില്ലെങ്കിൽ, അല്ലാഹു അദ്ദേഹത്തെ സഹായിക്കുകയുണ്ടായിട്ടുണ്ട് (അതുപോലെ, ഇനിയും അവൻ സഹായിക്കും); (അതെ) രണ്ടുപേരിൽ ഒരാളായിക്കൊണ്ട് അദ്ദേഹത്തെ (ആ) അവിശ്വസിച്ചവർ (നാട്ടിൽ നിന്നു) പുറത്താക്കിയ സന്ദർഭത്തിൽ; അതായത്, അവർ രണ്ടു പേരും (ആ) ഗുഹയിലായിരുന്നപ്പോൾ; (അതെ) അദ്ദേഹം തൻെറ ചങ്ങാതിയോട്: "വ്യസനിക്കേണ്ടാ – നിശ്ചയമായും, അല്ലാഹു നമ്മുടെ കൂടെയുണ്ട്" എന്നു പറയുമ്പോൾ. അപ്പോൾ, അല്ലാഹു അദ്ദേഹത്തിന് തൻെറ (വകമനഃ)സമാധാനം ഇറക്കിക്കൊടുത്തു. നിങ്ങൾ കണ്ടിട്ടില്ലാത്ത ഒരു (തരം) സൈന്യങ്ങളെ കൊണ്ട് അദ്ദേഹത്തെ അവൻ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവിശ്വസിച്ചവരുടെ വാക്യത്തെ അവൻ ഏറ്റം താണതാക്കുകയും

ചെയ്തു. അല്ലാഹുവിൻെറ വാക്യം തന്നെയാണ് ഏറ്റം ഉന്നതമായത്. അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

---

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ നബി(സ)യെ സഹായിക്കാൻ തയ്യാറല്ലാതിരുന്നാലും, ഇതിനേക്കാൾ നിസ്സഹായവസ്ഥയിൽ തിരുമേനിയെ സഹായിച്ച് രക്ഷപെടുത്തിയ അല്ലാഹു ഇനിയും തുടർന്ന് അദ്ദേഹത്തെ സഹായിക്കാതിരിക്കുകയില്ല. നബി(സ)യും അവിടുത്തെ ചങ്ങാതി അബുബക്കറും(റ) അല്ലാതെ, മൂന്നാമതൊരാളും ഇല്ലാതിരുന്ന, മദീനയിലേക്കുള്ള ഹിജ്റ വേളയിൽ, ഥൗർ മലാ ഗുഹയിൽ ഒളിച്ചിരിക്കവെ, ശത്രുക്കളുടെ ദൃഷ്ടിയിൽ നിന്നും അൽഭുതകരമാം വണ്ണം അല്ലാഹു അവരെ രക്ഷപ്പെടുത്തിയ സന്ദർഭം, ഉദാഹരണമായി അല്ലാഹു എടുത്ത് കാട്ടുന്നു. (സൂറത്ത് അൻഫാൽ : 30-ാം വചനവും നോക്കുക)

"ശത്രുക്കൾ താഴോട്ട് നോക്കിയാൽ നമ്മെ കാണാമല്ലൊ" എന്ന് അബുബക്കർ(റ) ഭീതി പൂണ്ടപ്പോൾ, "അല്ലാഹു മൂന്നാമനായി ക്കൊണ്ടുള്ള രണ്ട് പേരെപറ്റി താങ്കളുടെ വിചാരമെന്താണ്." എന്ന് നബി(സ) അദ്ദേഹത്തെ സമാധാനിപ്പിച്ച സന്ദർഭത്തെ പറ്റിയാണ്, "അദ്ദേഹം തന്റെ ചങ്ങാതിയോട്, വ്യസനിക്കേണ്ട, നിശ്ചയമായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം" എന്ന് പറഞ്ഞത്. "അപ്പോൾ അല്ലാഹു അദ്ദേഹത്തിന് തന്റെ വക മനസ്സമാധാനം ഇറക്കി ക്കൊടുത്തു" എന്ന് അല്ലാഹു തുടർന്ന് പറയുന്നു.

"നിങ്ങൾ കണ്ടിട്ടില്ലാത്ത ചില സൈന്യങ്ങളെക്കൊണ്ട് അവൻ നബിയെ ബലപ്പെടുത്തുകയും ചെയ്തു" എന്ന് പറഞ്ഞതിന് സൈന്യങ്ങൾ കൊണ്ടുദ്ദേശ്യം മലക്കുകൾ ആണെന്നുള്ളതിൽ യാതൊരു ഭിന്നാഭിപ്രായവുമില്ല. എന്നാൽ ഈ വാക്യം ഗുഹാ സംഭവത്തോട് ബന്ധപ്പെട്ട് ശത്രുക്കളുടെ ദൃഷ്ടിയിൽ പെടാതെ നബി(സ)യെ മലക്കുകൾ മുഖേന അല്ലാഹു സഹായിച്ചതിനെ പറ്റിയാണെന്നും, അതല്ല, ബദ്റിലും മറ്റും മലക്കുകളെ ഇറക്കി സഹായിച്ചതിനെ സൂചിപ്പിച്ചാണെന്നും വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നാഭിപ്രായമുണ്ട്. രണ്ടാമത്തെ അഭിപ്രായത്തിനാണ് കൂടുതൽ സ്വീകാര്യത കാണുന്നത്.

തുടർന്ന്, അവിശ്വാസികളുടെ ശിർക്കിന്റെ മുദ്രാവാക്യവും, അതുമായി ബന്ധപ്പെട്ട വാക്കുകളും, നിശ്ശേഷം പരാജയപ്പെടുക തന്നെ ചെയ്യുമെന്നും, തൗഹീദിന്റെ മുദ്രാവാക്യവും അതോടു ബന്ധപ്പെട്ട അല്ലാഹുവിന്റെ വചനങ്ങളും അവസാനം വിജയിക്കുകയും, നിലനിൽക്കുക തന്നെ ചെയ്യുമെന്നും അല്ലാഹു ഉറപ്പ് നൽകുന്നു.

<u>വചനം 41</u>

ٱنفِرُواْ خِفَافًا وَثِقَالًا وَجَٰهِدُواْ بِأَمْوَٰلِكُمْ وَأَنفُسِكُمْ فِي سَبِيلِ ٱللَّهِ ۚ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿٤١﴾

41 നിങ്ങൾ ലഘുവായവരായും, ഭാരമുള്ളവരായും, കൊണ്ട് (യുദ്ധത്തിനു) പുറപ്പെട്ടു പോകുവിൻ. നിങ്ങളുടെ ധനങ്ങൾകൊണ്ടും, ദേഹങ്ങൾ കൊണ്ടും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം ചെയ്യുകയും ചെയ്വിൻ. അതു നിങ്ങൾക്ക് (വളരെ) ഉത്തമമത്രെ-നിങ്ങൾക്കറിയാമെങ്കിൽ.

---

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധത്തിന് ക്ഷണിക്കപ്പെട്ടാൽ, ആരോഗ്യം, ഒഴിവ് സമയം സാമ്പത്തിക കഴിവ് എന്നീ അനുകൂല ഘടകങ്ങൾ ഉണ്ടെങ്കിലും, അവയൊന്നും ഇല്ലെങ്കിലും, ആ ക്ഷണം സ്വീകരിച്ച് അതിൽ പങ്കെടുക്കുന്നതാണ് നിങ്ങൾക്ക് ഗുണകരം. എന്നാൽ പങ്കെടുക്കുന്നതിൽ നിന്ന് ഒഴിവ് കഴിവ് നല്കപ്പെട്ടവരെക്കുറിച്ച 91ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്.

---

<u>വചനം 42</u>

لَوْ كَانَ عَرَضًا قَرِيبًا وَسَفَرًا قَاصِدًا لَّٱتَّبَعُوكَ وَلَٰكِنۢ بَعُدَتْ عَلَيْهِمُ ٱلشُّقَّةُ ۚ وَسَيَحْلِفُونَ بِٱللَّهِ لَوِ ٱسْتَطَعْنَا

42 അതൊരു സമീപസ്ഥമായ (വേഗം ലഭിക്കാവുന്ന) വിഭവവും, മിതമായ ഒരു യാത്രയുമായിരുന്നെങ്കിൽ, അവർ നിന്നെ പിൻതുടരുമായിരുന്നു. പക്ഷേ, വിഷമയാത്ര അവർക്ക് വിദൂരമായിരിക്കയാണ്. വഴിയെ അവർ അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്യും:

لَخَرَجْنَا مَعَكُمْ يُهْلِكُونَ أَنفُسَهُمْ وَٱللَّهُ يَعْلَمُ إِنَّهُمْ لَكَٰذِبُونَ ﴿٤٢﴾

ഞങ്ങൾക്ക് സാധ്യതയുണ്ടായിരുന്നെങ്കിൽ, ഞങ്ങൾ നിങ്ങളോടൊപ്പം പുറപ്പെടുക തന്നെ ചെയ്യുമായിരുന്നുവെന്ന്. അവർ തങ്ങളെത്തന്നെ നാശത്തിലാക്കുന്നു. അല്ലാഹുവിനറിയാം, നിശ്ചയമായും അവർ വ്യാജം പറയുന്നവർ തന്നെയാണെന്ന്.

വലിയ പ്രയാസമൊന്നുമില്ലാത്ത യാത്ര ചെയ്ത്, ത്യാഗമൊന്നും സഹിക്കാതെ, വല്ല കാര്യലാഭവും ലഭിക്കുന്ന ഒരു സംഗതിയായിരുന്നെങ്കിൽ കപടവിശ്വാസികൾ തബൂക്കിലേക്ക് യാത്ര പുറപ്പെട്ടേനെ. അങ്ങനെയല്ലാതിരുന്നതിനാലാണ് അവർ യാത്രക്ക് തയാറാകാതിരുന്നത്. പിന്നീട് (നിങ്ങൾ മടങ്ങിയെത്തിയ ശേഷം) ഞങ്ങൾക്ക് അനിർവാര്യമായ കാരണങ്ങളാലാണ് ഞങ്ങൾ നിങ്ങളുടെ കൂടെ പോരാതിരുന്നത് എന്നവർ കള്ളം പറഞ്ഞ് സത്യം ചെയ്യുകയും ചെയ്യും. അതിന്റെ അനന്തരഫലം അവരുടെ തന്നെ നാശം ആയിരിക്കുന്നതുമാണ്. (ഇവരുടെ ഒഴിവു കഴിവുകളെ പറ്റി 94ാം വചനം മുതൽ താഴെ കൂടുതൽ വിശദീകരിക്കുന്നുണ്ട്.)

## വിഭാഗം 7

**വചനം 43**

عَفَا ٱللَّهُ عَنكَ لِمَ أَذِنتَ لَهُمْ حَتَّىٰ يَتَبَيَّنَ لَكَ ٱلَّذِينَ صَدَقُوا۟ وَتَعْلَمَ ٱلْكَٰذِبِينَ ﴿٤٣﴾

43 (നബിയേ) നിനക്ക് അല്ലാഹു മാപ്പ് ചെയ്തിരിക്കുന്നു. എന്തിനാണ് നീ അവർക്ക് സമ്മതം നൽകിയത്- (അവരിൽ നിന്ന്) സത്യം പറഞ്ഞവർ (ആരെന്നു) നിനക്ക് വ്യക്തമായിത്തീരുകയും, വ്യാജം പറയുന്നവരെ നീ അറിയുകയും ചെയ്യുന്നതുവരെ?!

കപട വിശ്വാസികൾ പറയുന്ന ഒഴിവു കഴിവുകളുടെ നിജസ്ഥിതി മനസ്സിലാക്കാതെ, അവർക്ക് ഒഴിവ് കൊടുത്തത്, നബി(സ) ചെയ്ത അമിതമായ വിട്ട് വീഴ്ചയായി പോയി എന്ന് സൗമ്യ രൂപത്തിൽ അല്ലാഹു നബി(സ) യെ ഉണർത്തുന്നു. ഒഴിവ് അനുവദിച്ചില്ലെങ്കിൽ തന്നെയും പോരുവാൻ തയാറല്ലാത്ത അക്കൂട്ടരെ പറ്റിയുള്ള സദ് വിചാരത്തിൽ തിരുമേനിക്ക് പിഴവ് പറ്റിപോയി എന്നും, ഏതായാലും അങ്ങനെ ചെയ്തത്, അല്ലാഹു മാപ്പാക്കി തന്നിരിക്കുന്നു എന്നും അല്ലാഹു അറിയിക്കുന്നു.

**വചനം 44, 45**

لَا يَسْتَـْٔذِنُكَ ٱلَّذِينَ يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ أَن يُجَٰهِدُوا۟ بِأَمْوَٰلِهِمْ وَأَنفُسِهِمْ ۗ وَٱللَّهُ عَلِيمٌۢ بِٱلْمُتَّقِينَ ﴿٤٤﴾ إِنَّمَا يَسْتَـْٔذِنُكَ ٱلَّذِينَ لَا يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ وَٱرْتَابَتْ قُلُوبُهُمْ فَهُمْ فِى رَيْبِهِمْ يَتَرَدَّدُونَ ﴿٤٥﴾

44 അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ നിന്നോട് സമ്മതം തേടുകയില്ല, തങ്ങളുടെ ധനം കൊണ്ടും, ദേഹങ്ങൾകൊണ്ടും സമരം നടത്തുന്നതിൽ നിന്ന് (ഒഴിവാകുവാൻ). അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെപ്പറ്റി അറിയുന്നവനുമാകുന്നു.

45 യാതൊരു കൂട്ടർ മാത്രമാണു നിന്നോട് സമ്മതിതേടുന്നത്: അല്ലാഹുവിലും, അന്ത്യനാളിലും അവർ വിശ്വസിക്കുന്നില്ല; അവരുടെ ഹൃദയങ്ങൾ സന്ദേഹത്തിലകപ്പെടുകയും ചെയ്തിരിക്കുന്നു; അങ്ങനെ, അവർ തങ്ങളുടെ സന്ദേഹത്തിൽ (എങ്ങും ഉറക്കാതെ) ചഞ്ചലിച്ചുകൊണ്ടിരിക്കുകയാണ്. (ഇങ്ങിനെയുള്ളവരേ സമ്മതം തേടുകയുള്ളു.)

സത്യ വിശ്വാസികൾ, എന്തെങ്കിലും കാരണം പറഞ്ഞ് യുദ്ധത്തിൽനിന്നും ഒഴിവാകുവാൻ ശ്രമിക്കുകയില്ല :അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഴിയുന്നത്ര പങ്ക് വഹിക്കുകയായിരിക്കും അവർ ചെയ്യുക. യഥാർത്ഥ വിശ്വാസമില്ലാത്ത മുസ്ലീം വേഷധാരികളായ കപടന്മാരേ, വല്ല ഉപായങ്ങളും പറഞ്ഞ് ഒഴിവാകുവാൻ സമ്മതം തേടുകയുള്ളൂ.

**വചനം 46**

﴿ وَلَوْ أَرَادُوا۟ ٱلْخُرُوجَ لَأَعَدُّوا۟ لَهُۥ عُدَّةً وَلَـٰكِن كَرِهَ ٱللَّهُ ٱنۢبِعَاثَهُمْ فَثَبَّطَهُمْ وَقِيلَ ٱقْعُدُوا۟ مَعَ ٱلْقَـٰعِدِينَ ﴿٤٦﴾

46 അവർ പുറപ്പെടുവാൻ ഉദ്ദേശിച്ചിരുന്നെങ്കിൽ, അവർ അതിനു വല്ല ഒരുക്കവും ഒരുക്കുകതന്നെ ചെയ്തിരുന്നു. എങ്കിലും, അവരുടെ എഴുന്നേൽപിനെ (പുറപ്പാടിനെ) അല്ലാഹു വെറുത്ത് അവരെ അവൻ തടഞ്ഞുവെച്ചിരിക്കയാണ്. "(മുടങ്ങി) ഇരിക്കുന്നവരോടൊപ്പം (മുടങ്ങി) ഇരുന്നുകൊള്ളുവിൻ" എന്ന് (അവരോട്) പറയപ്പെടുകയും ചെയ്തു.

നബി(സ)യും സൈന്യവും പോകുമ്പോൾ ഒന്നിച്ച് പോകണമെന്നുള്ള ആഗ്രഹം അവർക്കുണ്ടായിരുന്നെങ്കിൽ, അതിനുള്ള ഒരുക്കം അവരിൽ കാണേണ്ടതായിരുന്നു. അതില്ലാത്ത സ്ഥിതിക്ക്, അവർ നിങ്ങളുടെ ഒന്നിച്ച് പോരുന്നത് തന്നെ അല്ലാഹുവിന് ഇഷ്ടമില്ലാത്തതാകുന്നു. സത്രീകൾ, കുട്ടികൾ മുതലായവരെ പോലെ, സമരത്തിന് പോകാതെ, മുടങ്ങിയിരുന്നവരുടെ കൂട്ടത്തിൽ അവരും മുടങ്ങി ഇരിക്കട്ടെ എന്ന് വെച്ചിരിക്കുകയാണ് അല്ലാഹു.

**വചനം 47**

لَوْ خَرَجُوا۟ فِيكُم مَّا زَادُوكُمْ إِلَّا خَبَالًا وَلَأَوْضَعُوا۟ خِلَـٰلَكُمْ يَبْغُونَكُمُ ٱلْفِتْنَةَ وَفِيكُمْ سَمَّـٰعُونَ لَهُمْ ۗ وَٱللَّهُ عَلِيمٌۢ بِٱلظَّـٰلِمِينَ ﴿٤٧﴾

47 നിങ്ങളുടെ കൂട്ടത്തിൽ അവർ പുറപ്പെട്ടിരുന്നാൽ, അവർ നിങ്ങൾക്ക് അസ്വാസ്ഥ്യമല്ലാതെ വർദ്ധിപ്പിക്കുന്നതല്ല; നിങ്ങൾക്ക് കുഴപ്പം (ഉണ്ടാകുവാൻ) ആഗ്രഹിച്ചുകൊണ്ട് നിങ്ങളുടെ ഇടയിലൂടെ അവർ പരക്കം പായുകയും തന്നെ ചെയ്യും. അവർക്ക് ചെവി കൊടുക്കുന്ന (കുറേ) ആളുകൾ നിങ്ങളിൽ ഉണ്ടു താനും. അല്ലാഹു അക്രമികളെപ്പറ്റി അറിയുന്നവനുമാണ്.

അവർ നിങ്ങളുമൊന്നിച്ച് വന്നിരുന്നാൽ തന്നെ, അവർ, വഞ്ചന ഏഷണി, കുഴപ്പം മുതലായവ വഴി, നിങ്ങൾക്ക് ആപത്തും വിഷമവും വർദ്ധിപ്പിക്കുകയെ ഉള്ളൂ. അവരുടെ വാക്കുകളിൽ വഞ്ചിതരാകുന്ന നിങ്ങളുടെ കൂട്ടത്തിലെ ദുർബല വിശ്വാസികളും, അവരും കൂടി ചേർന്ന് കുഴപ്പം അധികരിക്കുകയാണുണ്ടാകുക, ഇതെല്ലാം കാരണമാണ് അവർ നിങ്ങളൊന്നിച്ച് പോരുന്നത് അല്ലാഹു ഇഷ്ടപെടാതിരിക്കുന്നതും.

**വചനം 48**

لَقَدِ ٱبْتَغَوُا۟ ٱلْفِتْنَةَ مِن قَبْلُ وَقَلَّبُوا۟ لَكَ ٱلْأُمُورَ حَتَّىٰ جَآءَ ٱلْحَقُّ وَظَهَرَ أَمْرُ ٱللَّهِ وَهُمْ كَـٰرِهُونَ ﴿٤٨﴾

48 (നബിയെ) മുമ്പു (തന്നെ) അവർ കുഴപ്പത്തിന് ആഗ്രഹിക്കുകയും, നിനക്ക് കാര്യങ്ങളെ (അവതാളത്തിലാക്കുവാൻ) തിരിച്ചു മറിക്കുകയും ചെയ്കയുണ്ടായിട്ടുണ്ട്. അങ്ങനെ, (അവസാനം) യഥാർത്ഥം വരുകയും, അല്ലാഹുവിൻെറ കാര്യം (വിജയിച്ച്) പ്രത്യക്ഷപ്പെടുകയും ചെയ്തു, അവർ വെറുക്കുന്നവരായിരിക്കെ.

കപട വിശ്വാസികൾ മുമ്പും വിശിഷ്യാ ഹിജ്റയുടെ ആദ്യകാലങ്ങളിലും, ഉഹ്ദ് യുദ്ധം മുതലായ സന്ദർഭങ്ങളിലും ഗൂഢ പരിപാടികൾ വഴി കുഴപ്പങ്ങളുണ്ടാക്കുക പതിവാക്കിയവരാണല്ലൊ. എന്നാലും അന്തിമമായി, അവരുടെ ആഗ്രഹത്തിനും ഇഷ്ടത്തിനും എതിരായി, അല്ലാഹുവിന്റെ സഹായത്തോടെ, സത്യമതത്തിന് വിജയം കൈവരുക തന്നെ ചെയ്തു.

**വചനം 49**

وَمِنْهُم مَّن يَقُولُ ٱئْذَن لِّى وَلَا تَفْتِنِّىٓ ۚ

49 അവരിലുണ്ട്: "എനിക്കു സമ്മതം നൽകണം– എന്നെ കുഴപ്പത്തിലാക്കരുതേ!" എന്നു പറയുന്ന

أَلَا فِي ٱلْفِتْنَةِ سَقَطُوا۟ ۗ وَإِنَّ جَهَنَّمَ لَمُحِيطَةٌۢ بِٱلْكَٰفِرِينَ ﴿٤٩﴾

ചിലർ. അല്ലാ (അറിഞ്ഞേക്കുക)! കുഴപ്പത്തിൽ തന്നെയാണവർ വീണിരിക്കുന്നത്. നിശ്ചയമായും, 'ജഹന്നം' (നരകം) അവിശ്വാസികളെ വലയം ചെയ്തുകൊണ്ടിരിക്കുന്നതു തന്നെയാകുന്നു.

---

യുദ്ധത്തിൽ പങ്കെടുക്കുവാൻ ആഗ്രഹമുണ്ടെങ്കിലും, പങ്കെടുത്താൽ, എന്റെ കുടുംബവും സ്വത്തും പരിപാലിക്കാൻ ആളില്ലാതെ കുഴപ്പത്തിലാകുമെന്നതിനാൽ, എനിക്ക് ഒഴിവ് നല്കേണമേ എന്ന് കപട വിശ്വാസികൾ നബി(സ)യോട് അപേക്ഷിക്കുന്നു. എനിക്ക് ഈ യുദ്ധത്തിൽ നിന്ന് ഒഴിവ് നല്കാതിരുന്നാൽ, ഞാൻ കല്പന ലംഘിച്ചവനായിത്തീരുമല്ലൊ എന്നും, ശാം വർഗ്ഗക്കാരായ സ്ത്രീകളെ കാണുമ്പോൾ എന്റെ മനസ്സ് പതറിപോകും, എന്നും ഒക്കെ കപടവിശ്വാസികൾ യുദ്ധത്തിൽ പങ്കെടുക്കാതിരിക്കാനായി നബി(സ) തിരുമേനിയുടെ അനുവാദത്തിനായി ഒഴിവ് കഴിവുകൾ നിരത്തുകയുണ്ടായി.

എന്നാൽ അവിശ്വാസവും കാപട്യവുമാകുന്ന ഇതിലും വമ്പിച്ച കുഴപ്പത്തിൽ ഇതിനകം തന്നെ അവർ അകപ്പെട്ട് കഴിഞ്ഞിരിക്കുന്നു എന്നും, അതിന്റെ ഫലമാകട്ടെ അതി കഠിനവും ശാശ്വതവുമായ നരകമാണെന്നും, അല്ലാഹു അറിയിക്കുന്നു.

---

**വചനം 50**

إِن تُصِبْكَ حَسَنَةٌ تَسُؤْهُمْ ۖ وَإِن تُصِبْكَ مُصِيبَةٌ يَقُولُوا۟ قَدْ أَخَذْنَآ أَمْرَنَا مِن قَبْلُ وَيَتَوَلَّوا۟ وَّهُمْ فَرِحُونَ ﴿٥٠﴾

50 (നബിയേ) നിനക്കു വല്ല നൻമയും ബാധിക്കുന്ന പക്ഷം അതവർക്ക് അസുഖമുണ്ടാക്കും; നിനക്കു വല്ല വിപത്തും ബാധിക്കുന്ന പക്ഷം, അവർ പറയുകയും ചെയ്യും; "ഞങ്ങളുടെ കാര്യം (മുൻകരുതൽ) ഞങ്ങൾ മുമ്പേ എടുത്തിട്ടുണ്ട്" എന്ന്; ആഹ്ളാദിക്കുന്നവരായും കൊണ്ട് അവർ തിരിഞ്ഞു പോകുകയും ചെയ്യും.

യുദ്ധവിജയം, ഗനീമത്ത് എന്നിങ്ങനെയുള്ള നേട്ടങ്ങൾ നബി(സ)ക്കും സത്യവിശ്വാസികൾക്കും ലഭ്യമായാൽ കപട വിശ്വാസികൾക്ക് അത്യധികം വെറുപ്പായിരിക്കും. നേരെ മറിച്ച് അവർക്ക് വല്ല അനിഷ്ടങ്ങളും സംഭവിച്ചാലാകട്ടെ, ഞങ്ങൾ നേരത്തെ തന്നെ മുൻ കരുതൽ എടുത്തതുകൊണ്ട് ഞങ്ങൾക്കത് ബാധിക്കാതെ കഴിഞ്ഞു എന്ന് കപട വിശ്വാസികൾ സസന്തോഷം അഹങ്കരിക്കുകയും ചെയ്യും. നബി(സ)ക്കും സഹാബികൾക്കും വിവേകവും മുൻ കരുതലുമില്ലാത്തതു കൊണ്ടാണ്, ആപത്തുകൾ പിണയുന്നത് എന്നാണവരുടെ വാക്കിലെ സൂചന. അവരുടെ ജല്പനങ്ങൾക്ക് തഴെ കാണും വിധം മറുപടി നല്കുവാൻ അല്ലാഹു റസൂൽ തിരുമേനിയോട് നിർദ്ദേശിക്കുന്നു.

---

**വചനം 51**

قُل لَّن يُصِيبَنَآ إِلَّا مَا كَتَبَ ٱللَّهُ لَنَا هُوَ مَوْلَىٰنَا ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ﴿٥١﴾

51 പറയുക: "ഞങ്ങൾക്ക് അല്ലാഹു (നിശ്ചയിച്ച്) രേഖപ്പെടുത്തിയതല്ലാതെ (ഒന്നും) ഞങ്ങളെ ബാധിക്കുകയില്ലതന്നെ. അവൻ ഞങ്ങളുടെ യജമാനനാകുന്നു. അല്ലാഹുവിൻെറ മേൽ ഭരമേൽപിച്ചുകൊള്ളട്ടെ-സത്യവിശ്വാസികൾ."

---

അല്ലാഹു നിശ്ചയിച്ച് വെച്ചതിനപുറം ഒന്നും സംഭവിക്കാൻ പോകുന്നില്ല. തങ്ങളുടെ നാഥന്റെ കല്പന അനുസരിച്ചും. എല്ലാ കാര്യവും അവനിൽ അർപ്പിച്ചും, സത്യവിശ്വാസികൾ അല്ലാഹുവിന്റെ മേൽ ഭരമേൽപിച്ച് കൊള്ളട്ടെ.

**വചനം 52**

52 പറയുക: "ഏറ്റം നല്ലതായ രണ്ടു കാര്യങ്ങളിലൊന്നല്ലാതെ, ഞങ്ങളെ സംബന്ധിച്ചു നിങ്ങൾ പ്രതീക്ഷിക്കുന്നുവോ?! ഞങ്ങളാകട്ടെ, അല്ലാഹുവിൻെറ പക്കൽ നിന്ന്- അല്ലെങ്കിൽ ഞങ്ങളുടെ കൈകളാൽ-നിങ്ങൾക്കു വല്ല ശിക്ഷയെയും അവൻ ബാധിപ്പിക്കുമെന്ന് നിങ്ങളെ സംബന്ധിച്ചു ഞങ്ങളും പ്രതീക്ഷിക്കുന്നു. അതിനാൽ, നിങ്ങൾ പ്രതീക്ഷിച്ചുകൊള്ളുവിൻ; ഞങ്ങൾ നിങ്ങളോടൊപ്പം പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്നവരാകുന്നു.

قُلْ هَلْ تَرَبَّصُونَ بِنَآ إِلَّآ إِحْدَى ٱلْحُسْنَيَيْنِ ۖ وَنَحْنُ نَتَرَبَّصُ بِكُمْ أَن يُصِيبَكُمُ ٱللَّهُ بِعَذَابٍ مِّنْ عِندِهِۦٓ أَوْ بِأَيْدِينَا ۖ فَتَرَبَّصُوٓا۟ إِنَّا مَعَكُم مُّتَرَبِّصُونَ ﴿٥٢﴾

---

യുദ്ധം മൂലം ഒന്നുകിൽ ഞങ്ങൾ വിജയം വരിക്കും, അല്ലെങ്കിൽ മരണം അഥവാ രക്തസാക്ഷിത്വം വരിക്കും. രണ്ടായാലും ഞങ്ങൾക്കത് വമ്പിച്ച നന്മ തന്നെ. എന്നാൽ നിങ്ങളെ സംബന്ധിച്ചേടത്തോളം പ്രതീക്ഷിക്കുവാനുള്ളത് ഏറ്റവും മോശപ്പെട്ട കാര്യങ്ങളത്രെ - ഒന്നുകിൽ അല്ലാഹു നിങ്ങളെ വമ്പിച്ച ശിക്ഷ നല്കി നശിപ്പിക്കും , അല്ലെങ്കിൽ അല്ലാഹു ഞങ്ങളുടെ കൈകളാൽ നിങ്ങളെ നശിപ്പിക്കും. അതിനാൽ ഇരുകൂട്ടരും പ്രതീക്ഷിച്ചിരിക്കുക- സംഭവിക്കുന്നതെന്താണെന്ന് നമുക്ക് കാണാമല്ലൊ.

---

**വചനം 53**

53 പറയുക: "നിങ്ങൾ അനുസരണപൂർവ്വം, അല്ലെങ്കിൽ വെറുപ്പായിക്കൊണ്ട് (തൃപ്തിപ്പെട്ടുകൊണ്ടോ തൃപ്തി കൂടാതെയോ) ചിലവഴിച്ചു കൊള്ളുക, (രണ്ടായാലും) നിങ്ങളിൽ നിന്ന് അത് സ്വീകരിക്കപ്പെടുന്നതേയല്ല. (കാരണം) നിശ്ചയമായും നിങ്ങൾ, തോന്നിയവാസികളായ ഒരു ജനതയായിരിക്കുന്നു."

قُلْ أَنفِقُوا۟ طَوْعًا أَوْ كَرْهًا لَّن يُتَقَبَّلَ مِنكُمْ ۖ إِنَّكُمْ كُنتُمْ قَوْمًا فَٰسِقِينَ ﴿٥٣﴾

കപട വിശ്വാസികൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നത്, നിർബന്ധം കൂടാതെ, സ്വ ഇഷ്ട പ്രകാരമായാലും, നിർബന്ധത്തിന് വഴങ്ങി അനിഷ്ടത്തോടെയാണെങ്കിലും, അല്ലാഹുവിങ്കൽ അത് സ്വീകാര്യമാകുകയില്ലെന്ന് അല്ലാഹു വ്യക്തമാക്കുന്നു. അവർ തോന്നിയവാസികളാണെന്നുള്ളതാണ് ഇതിന് കാരണമായി അല്ലാഹു പറയുന്നത്.

---

**വചനം 54**

54 അവരിൽ നിന്ന് അവരുടെ (വക) ചിലവുകൾ സ്വീകരിക്കപ്പെടുന്നതിന് അവരെ തടസ്സം ചെയ്തിട്ടില്ല, അവർ, അല്ലാഹുവിലും അവൻെറ റസൂലിലും അവിശ്വസിച്ചിരിക്കുന്നുവെന്നല്ലാതെ; മടിയൻമാരായും കൊണ്ടല്ലാതെ, അവർ നമസ്കാരത്തിനു ചെല്ലുകയുമില്ല; വെറുത്തവരായും കൊണ്ടല്ലാതെ, അവർ ചിലവഴിക്കുകയുമില്ല. (ഇതൊക്കെയാണതിനു തടസ്സം.)

وَمَا مَنَعَهُمْ أَن تُقْبَلَ مِنْهُمْ نَفَقَٰتُهُمْ إِلَّآ أَنَّهُمْ كَفَرُوا۟ بِٱللَّهِ وَبِرَسُولِهِۦ وَلَا يَأْتُونَ ٱلصَّلَوٰةَ إِلَّا وَهُمْ كُسَالَىٰ وَلَا يُنفِقُونَ إِلَّا وَهُمْ كَٰرِهُونَ ﴿٥٤﴾

---

നിഷ്കളങ്കമായ സത്യവിശ്വാസം സ്വീകരിച്ച് കൊണ്ട് സന്മനസ്സോട് കൂടി ചെയ്യുന്ന സൽകർമ്മങ്ങളും ദാനധർമ്മങ്ങളും മാത്രമെ അല്ലാഹു സ്വീകരിക്കുകയുള്ളൂ എന്ന് പലപ്പോഴും അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാകുന്നു.

**വചനം 55**

55 എന്നിരിക്കെ, അവരുടെ സ്വത്തുക്കളാകട്ടെ, മക്കളാകട്ടെ, നിന്നെ ആശ്ചര്യപ്പെടുത്തരുത്. നിശ്ചയമായും, അല്ലാഹു ഉദ്ദേശിക്കുന്നത്, അവമൂലം ഇഹലോക ജീവിതത്തിൽ അവരെ ശിക്ഷിക്കുവാനും അവർ അവിശ്വാസികളായും കൊണ്ട് അവരുടെ ജീവൻ പോകുവാനും തന്നെയാകുന്നു.

فَلَا تُعْجِبْكَ أَمْوَٰلُهُمْ وَلَآ أَوْلَٰدُهُمْ ۚ إِنَّمَا يُرِيدُ ٱللَّهُ لِيُعَذِّبَهُم بِهَا فِى ٱلْحَيَوٰةِ ٱلدُّنْيَا وَتَزْهَقَ أَنفُسُهُمْ وَهُمْ كَٰفِرُونَ ﴿٥٥﴾

അവർക്കുള്ള സ്വത്തുക്കളും മക്കളും, കണ്ട് അത്ഭുതപ്പെടേണ്ടതില്ല. അവരുടെ നിലപാട് മാറ്റാത്തിടത്തോളം അതൊക്കെ അവർക്ക് ഇഹത്തിലും പരത്തിലും ഒരു ശിക്ഷയായി ഭവിക്കുന്നതാണ്. അവയുടെ നിലനിൽപ് , അഭിവൃദ്ധി എന്നിവക്ക് വേണ്ടി ഇഹത്തിൽ കഷ്ടനഷ്ടങ്ങളും മറ്റ് ക്ലേശങ്ങളും അനുഭവിക്കേണ്ടി വരുമെന്നതിന് പുറമെ, അവിശ്വാസികളായി, അയുഷ്കാലം കഴിച്ചു കൂട്ടി മരണമടയുന്ന ഇക്കൂട്ടർ, അത് നിമിത്തം പരലോകത്ത് ശിക്ഷ അനുഭവിക്കേണ്ടി വരുകയും ചെയ്യുന്നതാകുന്നു.

**വചനം 56, 57**

56 അവർ അല്ലാഹുവിനെക്കൊണ്ടു ശപഥം ചെയ്യും: നിശ്ചയമായും അവർ നിങ്ങളിൽ പെട്ടവർ തന്നെയാണ് എന്ന്. (വാസ്തവത്തിൽ) അവർ നിങ്ങളിൽ പെട്ടവരല്ലതാനും. പക്ഷേ അവർ, പേടിച്ചു കഴിയുന്ന ഒരു ജനതയാകുന്നു.

وَيَحْلِفُونَ بِٱللَّهِ إِنَّهُمْ لَمِنكُمْ وَمَا هُم مِّنكُمْ وَلَٰكِنَّهُمْ قَوْمٌ يَفْرَقُونَ ﴿٥٦﴾

57 വല്ല രക്ഷാ സ്ഥാനമോ, അല്ലെങ്കിൽ വല്ല ഗുഹകളോ, അല്ലെങ്കിൽ (ഒളിഞ്ഞ്) കടന്നുകൂടാവുന്നവല്ല സ്ഥലമോ അവർ കണ്ടെത്തിയിരുന്നുവെങ്കിൽ, കുറുമ്പുകാട്ടി (തിക്കിത്തിരക്കി) ക്കൊണ്ട് അവർ അതിലേക്കു തിരിയുക തന്നെ ചെയ്യുമായിരുന്നു.

لَوْ يَجِدُونَ مَلْجَـًٔا أَوْ مَغَٰرَٰتٍ أَوْ مُدَّخَلًا لَّوَلَّوْا۟ إِلَيْهِ وَهُمْ يَجْمَحُونَ ﴿٥٧﴾

കപട വിശ്വാസികളെ നിങ്ങൾ ശത്രുക്കളായിക്കണ്ട് അവരോട് സമരം നടത്തിയെങ്കിലൊ, എന്നും മറ്റുമുള്ള ഭയം നിമിത്തമാണ്, അവർ, തങ്ങൾ മുസ്ലീംകളാണ്, സത്യവിശ്വാസികളാണ് എന്നിങ്ങനെ ഇടക്കിടെ ആണയിട്ട് പറഞ്ഞ് കൊണ്ടിരിക്കുന്നത്. നിങ്ങളിൽ നിന്ന് വേറിട്ട് നില്ക്കാനുള്ള എന്തെങ്കിലും പോംവഴി അവർക്കുണ്ടായിരുന്നെങ്കിൽ എങ്ങനെയെങ്കിലും അവരത് ഉപയോഗപ്പെടുത്തുമായിരുന്നു. - വല്ല ഗുഹകളൊ, അല്ലെങ്കിൽ ഒളിഞ്ഞ് കടന്ന് കൂടാവുന്ന വല്ല സ്ഥലമൊ, കണ്ടെത്തിയിരുന്നെങ്കിൽ, അവർ തിക്കിത്തിരക്കി അതിലേക്ക് തിരിയുക തന്നെ ചെയ്യുമായിരുന്നു.

**വചനം 58, 59**

58 അവരിലുണ്ട്, ദാനധർമ്മങ്ങളുടെ (വിനിയോഗ) കാര്യത്തിൽ നിന്നെ (ആക്ഷേപിച്ചു) കുറവാക്കുന്ന ചിലർ. എന്നാൽ, അതിൽ നിന്ന് അവർക്ക് കൊടുക്കപ്പെടുന്ന പക്ഷം, അവർ തൃപ്തിപ്പെടും; അവർക്കതിൽ നിന്ന് കൊടുക്കപ്പെട്ടില്ലെങ്കിലോ, അപ്പോൾ (അതാ) അവർ ക്രോധിക്കുന്നു!

وَمِنْهُم مَّن يَلْمِزُكَ فِى ٱلصَّدَقَٰتِ فَإِنْ أُعْطُوا۟ مِنْهَا رَضُوا۟ وَإِن لَّمْ يُعْطَوْا۟ مِنْهَآ إِذَا هُمْ يَسْخَطُونَ ﴿٥٨﴾

59 അല്ലാഹുവും, അവൻെറ റസൂലും അവർക്കു നൽകിയത് അവർ തൃപ്തിപ്പെടുകയും, അവർ

وَلَوْ أَنَّهُمْ رَضُوا۟ مَآ ءَاتَىٰهُمُ ٱللَّهُ

وَرَسُولُهُۥ وَقَالُوا۟ حَسْبُنَا ٱللَّهُ سَيُؤْتِينَا ٱللَّهُ مِن فَضْلِهِۦ وَرَسُولُهُۥٓ إِنَّآ إِلَى ٱللَّهِ رَٰغِبُونَ ﴿٥٩﴾

(ഇങ്ങിനെ) പറയുകയും ചെയ്തിരുന്നെങ്കിൽ! "ഞങ്ങൾക്ക് അല്ലാഹു മതി; അല്ലാഹുവിൻെറ അനുഗ്രഹത്തിൽ നിന്ന് അവനും അവൻെറ റസൂലും (വഴിയെ) ഞങ്ങൾക്കു നൽകി ക്കൊള്ളും; നിശ്ചയമായും ഞങ്ങൾ, അല്ലാഹു വിങ്കലേക്ക് ആഗ്രഹം സമർപ്പിക്കുന്നവരാ കുന്നു.'' (എന്നാൽ അതവർക്ക് വളരെ നന്നായിരുന്നേനെ!)

---

അക്കൂട്ടരിൽ ചിലർ സക്കാത്ത് പോലെയുള്ള പൊതുസ്വത്തുക്കൾ, പ്രതീക്ഷിച്ചത്ര ലഭിക്കാതെ വരുന്ന സന്ദർഭങ്ങളിൽ നബി(സ) പക്ഷഭേദം കാണിച്ചെന്ന് പറഞ്ഞ് ആക്ഷേപിക്കുമായിരുന്നു. ലഭിച്ചതിൽ തൃപ്തിപെട്ടുകൊണ്ട്, മേലിൽ, കൂടുതൽ ലഭിച്ചേക്കുമെന്ന് കരുതി സമാധാനിക്കുകയും, അതിനായി അല്ലാഹുവിനോട് അപേക്ഷിക്കുകയും ചെയ്തിരുന്നെങ്കിൽ, അതാകുമായിരുന്നു അവർക്ക് ഏറെ ഗുണകരം.

ഹുനൈനിലെ ഗനീമത്ത് ഭാഗിച്ചു കൊടുത്തപ്പോൾ, കപട വിശ്വാസികളിൽ ഒരാൾ "ഇത് അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് കൊണ്ടുള്ള ഭാഗിക്കലല്ല" എന്ന് നബി(സ)യെ അധിക്ഷേപിക്കുകയുണ്ടായി. എന്നാൽ തിരുമേനി അത് ക്ഷമിക്കുകയാണുണ്ടായത്.

മറ്റൊരിക്കൽ ബനൂ നമീം ഗോത്രത്തിൽ പെട്ട ഒരാൾ "അല്ലാഹുവിന്റെ റസൂലെ, നീ നീതി പാലിക്കണം" എന്ന് തിരുമേനിയോട് ധിക്കാരപൂർവ്വം പറയുന്നത് കേട്ട ഉമർ(റ) "ഇവന്റെ കഴുത്ത് വെട്ടുവാൻ എനിക്ക് സമ്മതം തരിക നബിയെ" എന്ന് പറഞ്ഞ് കൊണ്ട് മുന്നോട്ട് വന്നപ്പോൾ റസൂൽ (സ) "അവനെ വിട്ടേക്കൂ" എന്ന് പറഞ്ഞു, കൊണ്ട് ഉമർ(റ) നെ തടയുകയാണുണ്ടായത്. തുടർന്ന് നബി(സ) പറഞ്ഞു "അവന് ചില ആൾക്കാരുണ്ട് അമ്പെയ്യപ്പെട്ട ഉരുവിലൂടെ അമ്പ് പുറത്ത് കടന്ന് പോകുന്നതുപോലെ അവർ മതത്തിൽ നിന്നും പുറത്ത് കടന്ന് പോകുന്നതുമാണ്." -അവരുടെ ആരാധനകളിൽ അവർ കാപട്യം നിറഞ്ഞവരായിരിക്കും എന്നും നബി തിരുമേനി അരുളുകയുണ്ടായി.

പൊതുസ്വത്തുക്കൾ കപടവിശ്വാസികളുടെ ഇഷ്ടം പോലെ വീതിക്കപെടാനുള്ളവയല്ലെന്നും, ആയതിന് ചില വ്യവസ്ഥകളൊക്കെ ഉണ്ടെന്നും, അടുത്ത വചനത്തിൽ അല്ലാഹു സൂചിപ്പിക്കുന്നു.

## വിഭാഗം - 8

**വചനം 60**

۞ إِنَّمَا ٱلصَّدَقَٰتُ لِلْفُقَرَآءِ وَٱلْمَسَٰكِينِ وَٱلْعَٰمِلِينَ عَلَيْهَا وَٱلْمُؤَلَّفَةِ قُلُوبُهُمْ وَفِى ٱلرِّقَابِ وَٱلْغَٰرِمِينَ وَفِى سَبِيلِ ٱللَّهِ وَٱبْنِ ٱلسَّبِيلِ ۖ فَرِيضَةً مِّنَ ٱللَّهِ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿٦٠﴾

60 നിശ്ചയമായും ധർമ്മങ്ങൾ, ദരിദ്രൻമാർക്കും, പാവപ്പെട്ടവർ, (അഥവാ സാധുക്കൾ)ക്കും, അവക്കുവേണ്ടി പ്രവൃത്തിക്കുന്നവർക്കും, ഹൃദയങ്ങൾ ഇണക്കപ്പെട്ടവർക്കും, അടിമകളുടെ വിഷയത്തിലും, കടപ്പെട്ടവർക്കും അല്ലാഹു വിൻെറ മാർഗ്ഗത്തിലും, വഴി (യാത്ര) ക്കാരനും തന്നെയാകുന്നു; (അതെ) അല്ലാഹുവിൽ നിന്നുള്ള ഒരു (നിശ്ചിത) നിർബ്ബന്ധ നിയമം! അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധ ജ്ഞനുമാകുന്നു.

---

ധർമ്മങ്ങൾ (**الصدقات**) എന്ന വാക്കിൽ എല്ലാ വിധ ദാനധർമ്മങ്ങളും ഉൾപെടുമെങ്കിലും, നിർബന്ധ ധർമ്മമായ സക്കാത്താണ് ഇവിടെ പ്രധാനമായും ഉദ്ദേശം. സക്കാത്ത് കൊടുക്കപ്പെടുവാൻ അർഹതപ്പെട്ട എട്ട് വിഭാഗക്കാരെ അല്ലാഹു വിവരിക്കുന്നു. എട്ട് വിഭാഗക്കാർ നിലവിലില്ലെങ്കിൽ ഉള്ളവർക്കു നൽകേണ്ടതാകുന്നു. ഓരോ വിഭാഗക്കാർക്കും സമമായി വീതിക്കണമെന്നാണ് ഇമാം ഷാഫി ഈ(റ) യുടെയും മറ്റും അഭിപ്രായമെങ്കിലും, ഭരണാധികാരിയുടെ അല്ലെങ്കിൽ സ്വത്തുടമസ്ഥന്റെ - അഭിപ്രായമനുസരിച്ച് ചിലർക്ക് പ്രത്യേകത നല്കാ

മെന്നാണ് പണ്ഡിതൻമാരുടെ പൊതു അഭിപ്രായം.

സക്കാത്തല്ലാത്ത ദാന ധർമ്മങ്ങൾ ഈ എട്ട് വിഭാഗങ്ങളിൽ പെടാത്തവർക്കും നല്കാവുന്നതാണ്- ദുർലഭ സാഹചര്യങ്ങളിൽ ധനിക ദരിദ്ര വ്യത്യാസം അറിയപ്പെടാതെ, ധനികർക്കും കൊടുക്കേണ്ടി വന്നേക്കാം. (2:271 നോക്കുക). അല്ലാഹു പ്രസ്താവിച്ച എട്ടു കൂട്ടർ - വിഭാഗം - താഴെ പറയുന്നവരാകുന്നു.

1. الفقراء (ഫഖീറുകൾ - ദരിദ്രൻമാർ)

2. المساكين (മിസ്കീനുകൾ - പാവങ്ങൾ, സാധുക്കൾ) ഈ രണ്ട് വിഭാഗക്കാരുടെ നിർവചനത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ടെങ്കിലും, കൂടുതൽ സ്വീകാര്യവും ഹദീസുകളിൽ നിന്ന് വ്യക്തമാകുന്നതും താഴെ പറയുന്ന വിവരണമാകുന്നു.

ദാരിദ്ര്യത്തിലും കഴിവില്ലായ്മയിലും ഫക്കീറും മിസ്കീനും ഒരുപോലെ തന്നെ. പക്ഷെ ഫക്കീറിന്റെ ദാരിദ്ര്യാവസ്ഥ പുറമെയുള്ളവർക്ക് കണ്ടറിയാൻ കഴിയും ;അവനത് മൂടി വെക്കുകയില്ല. മിസ്കീനാകട്ടെ, തന്റെ സ്ഥിതി പുറമെയുള്ളവരെ അറിയിക്കാത്ത വിധം മൂടി വെച്ച് കൊണ്ട് മാന്യതയും അഭിമാനവും കാത്ത് സൂക്ഷിക്കുന്നവരായിരിക്കും. “ആവശ്യത്തിന് മതിയായ ധനം ലഭിക്കാതിരിക്കുകയും, സ്ഥിതിഗതികൾ മനസ്സിലാക്കി ധർമ്മം നല്കപ്പെടാതിരിക്കുകയും ജനങ്ങളോട് ചോദിക്കാതിരിക്കുകയും ചെയ്യുന്നവനാകുന്നു മിസ്കീൻ” - നബിവചനം (ബു മു)

3. العاملين عليها (അതിന് വേണ്ടി പ്രവർത്തിക്കുന്നവർ) സക്കാത്തിന്റെ ശേഖരണ വിതരണാദി വിഷയങ്ങൾക്ക് വേണ്ടി അധ്വാനിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്നവരെല്ലാം ഇതിൽ ഉൾപെടുന്നു - അവർ അത്യാവശ്യത്തിന് കഴിവുള്ളവരാണെങ്കിലും ശരി. ഒരിക്കൽ റസൂൽ (സ) തിരുമേനി, ഉമർ(റ)ന്, ഇത്തരത്തിൽ ഒരു വിഹിതം നല്കുകയുണ്ടായപ്പോൾ “ഞാൻ അല്ലാഹുവിന്റെ തൃപ്തിക്ക് വേണ്ടി മാത്രം പ്രവർത്തിച്ചതാണ്” എന്ന് പറഞ്ഞ ഉമർ(റ) നോട് റസൂൽ തിരുമേനി ഇപ്രകാരം പറയുകയുണ്ടായി - “താൻ ചോദിച്ചാവശ്യപെടാതെ, തനിക്ക് വല്ലതും നല്കപ്പെട്ടാൽ, അത് സ്വീകരിക്കുകയും, ധർമ്മം ചെയ്യുകയും ചെയ്ത് കൊള്ളട്ടെ”.

4. المؤلّفة قلوبهم (ഹൃദയം ഇണക്കപ്പെട്ടവർ)

ഈ വിഭാഗത്തിൽ ഒന്നിലധികം തരക്കാർ ഉൾപെടുന്നു: ഒരു കൂട്ടർ ഇസ്ലാമിനെ അംഗീകരിച്ചിട്ടില്ലെങ്കിലും, അംഗീകരിച്ചേക്കാമെന്ന് പ്രതീക്ഷിക്കപെടുന്നവരാകുന്നു. ഒരു മുശ്രിക്കായിരിക്കെ തന്നെ, മുസ്ലീംകളോടൊപ്പം ഹുനൈനിൽ സംബന്ധിച്ച, സ്വഫുവാനുബ്നു ഉമയ്യ(റ) എന്ന ഖുറൈശി പ്രമാണിക്ക് ഹുനൈനിലെ ഗനീമത്ത് സ്വത്തുക്കളിൽ ഒരു വിഭാഗം നബി(സ) നൽകുകയുണ്ടായി . പിന്നീട് അദ്ദേഹം ഇസ്ലാം മതം സ്വീകരിച്ച് നല്ല നിലയിലായിത്തീരുകയുണ്ടായി.

മറ്റൊരു കൂട്ടർ, ഇസ്ലാമിനെ അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ടെങ്കിലും, വിശ്വാസം അടിയുറച്ച് കഴിഞ്ഞിട്ടില്ലാത്തവരാകുന്നു. മക്കാ വിജയത്തിൽ പുതുതായി വിശ്വസിച്ച പലർക്കും ഹുനൈനിൽ വെച്ച് നബി(സ) ഗനീമത്ത് വിഹിതം നല്കുകയുണ്ടായി.

മൂന്നാമതൊരു കൂട്ടർ, മറ്റ് ചിലരെ ഇസ്ലാമിലേക്ക് ആകർഷിക്കാൻ കാരണമായിത്തീരുമെന്നോ, അതല്ലെങ്കിൽ മുസ്ലീംകൾക്കെതിരെ വല്ലവരിൽ നിന്നും ഉണ്ടാകാവുന്ന ആക്രമണങ്ങളെ തടയുവാൻ ഉപകരിക്കുമെന്നോ കരുതപ്പെടുന്നവരാകുന്നു.

കാലത്തിനും സന്ദർഭത്തിനും, അനുസരിച്ച് മേൽ വിവരിച്ച തരക്കാർക്ക് , സക്കാത്തിൽ നിന്നും വിഹിതം നൽകാനുള്ള സ്വാതന്ത്ര്യം അധികാരസ്ഥൻമാർക്കുണ്ട് എന്നാണ് പണ്ഡിത മതം.

5. فى الرقاب (അടിമകളുടെ വിഷയത്തിൽ) യജമാനൻമാർക്ക് നിശ്ചിത സംഖ്യ കൊടുത്ത് അടിമകളെ സ്വതന്ത്രരാക്കി വിടാൻ സക്കാത്തിന്റെ വിഹിതം വിനിയോഗിക്കാവുന്നതാണ്. അടിമ മോചനത്തിനായി ഖുർ ആനും നബി വചനങ്ങളും, നിയമരൂപത്തിലും ഉപദേശരൂപത്തിലും നൽകിയിട്ടുള്ള പ്രോത്സാഹനം പ്രസിദ്ധമാണല്ലൊ.

6 الغربون (കടബാദ്ധ്യതയുള്ളവർ) : വ്യക്തിപരമൊ, അന്യർക്ക് വേണ്ടിയൊ, കടഭാരം താങ്ങേണ്ടി വന്നവർ ഈ വിഭാഗത്തിൽ ഉൾപെടുന്നു. തോന്നിയവാസങ്ങൾക്കും, ദുർന്നടപ്പുകൾക്കും വേണ്ടിയാണ് കടപ്പെട്ടതെങ്കിൽ, അതിൽ നിന്ന് പശ്ചാത്തപിച്ച് മടങ്ങിയവർക്കെ, സക്കാത്ത് ധനം നല്കാൻ പാടുള്ളൂ.

ചോദിച്ച് വാങ്ങൽ അനുവദനീയമാക്കപെട്ട മൂന്ന് കൂട്ടരെ റസൂൽ തിരുമേനി പരിചയപെടുത്തുന്നു: വല്ല ഭാരവും ഏറ്റെടുത്തവന് അത് ലഭിക്കുന്നത് വരെയും, അത്യാപത്ത് വന്ന് ധനം നഷ്ടപ്പെട്ടവന് ജീവിതത്തിൽ ഒരു നിൽക്കപൊറുതി ലഭിക്കുന്നതിന് വരെയും, മൂന്നാളുകൾ ശരി വെക്കത്തവിധം ദാരിദ്ര്യം ബാധിച്ചവന്, ഉപജീവന മാർഗ്ഗം ലഭിക്കുന്നത് വരെയും ചോദിച്ച് വാങ്ങുന്നത് അനുവദനീയമാകുന്നു. അതിനുമപ്പുറം ചോദിച്ച് വാങ്ങുന്നത്, നിഷിദ്ധമാക്കപെട്ടത് തിന്നുന്നതിന് സമമാകുന്നു.

7 **فى سبيل الله** (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ) ഇസ്ലാമികമായ പൊതു ആവശ്യങ്ങളെല്ലാം മൊത്തത്തിൽ ഇതിൽ ഉൾപ്പെടും — ഇസ്ലാമിന് വേണ്ടിയുള്ള ധർമ്മ സമര സംബന്ധമായ കാര്യങ്ങളും, ഇസ്ലാമിനും മുസ്ലീംകൾക്കും ഗുണകരമായിരിക്കുന്ന എല്ലാ പൊതുനന്മകളും അല്ലാഹുവിന്റെ മാർഗ്ഗം തന്നെ.

8 **ابن السبيل** (വഴിപോക്കർ) : സ്വന്തം നാട്ടിൽ നിന്ന് വല്ല ആവശ്യാർത്ഥവും മറുനാട്ടിൽ വരുകയും, നിത്യവൃത്തിക്ക് വേണ്ടുന്ന വക കൈവശമില്ലാതിരിക്കുകയും ചെയ്യുന്ന എല്ലാവരും - അവർ സ്വദേശത്ത് കഴിവുള്ളവരാണെങ്കിൽ പോലും- ഈ വിഭാഗത്തിൽ പെടുന്നു.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ തത്വപരമായ ഒരു ഉപദേശം മാത്രമല്ല, യുക്തിമാനും സർവ്വജ്ഞനുമായ അല്ലാഹുവിൽ നിന്നുള്ള ഒരു നിർബന്ധനിയമം തന്നെയാണെന്ന് തുടർന്ന് അല്ലാഹു സത്യവിശ്വാസികളെ ഓർമ്മപ്പെടുത്തുന്നു.

---

**വചനം 61**

وَمِنْهُمُ ٱلَّذِينَ يُؤْذُونَ ٱلنَّبِىَّ وَيَقُولُونَ هُوَ أُذُنٌ ۚ قُلْ أُذُنُ خَيْرٍ لَّكُمْ يُؤْمِنُ بِٱللَّهِ وَيُؤْمِنُ لِلْمُؤْمِنِينَ وَرَحْمَةٌ لِّلَّذِينَ ءَامَنُوا۟ مِنكُمْ ۚ وَٱلَّذِينَ يُؤْذُونَ رَسُولَ ٱللَّهِ لَهُمْ عَذَابٌ أَلِيمٌ ﴿٦١﴾

61 നബിയെ ദ്രോഹിക്കുകയും, "അദ്ദേഹം (എല്ലാവർക്കും) ഒരു ചെവിയാണ്" എന്ന് പറയുകയും ചെയ്യുന്നവരും അവരിൽ (കപടവിശ്വാസികളിൽ) ഉണ്ട്. പറയുക: "അദ്ദേഹം നിങ്ങൾക്ക് ഗുണത്തിൻെറ ചെവിയാകുന്നു; അദ്ദേഹം അല്ലാഹുവിൽ വിശ്വസിക്കുന്നു; സത്യവിശ്വാസികളെ വിശ്വസിക്കുകയും ചെയ്യുന്നു; നിങ്ങളിൽ നിന്ന് വിശ്വസിച്ചവർക്ക് ഒരു കാരുണ്യവുമാണ് (അദ്ദേഹം)." അല്ലാഹുവിൻെറ റസൂലിനെ ദ്രോഹിക്കുന്നവരാകട്ടെ, അവർക്കു വേദനയേറിയ ശിക്ഷയുണ്ടായിരിക്കും.

---

കപട വിശ്വാസികളുടെ കാപട്യത്തെക്കുറിച്ച് വീണ്ടും അല്ലാഹു വെളിപ്പെടുത്തുന്നു: മര്യാദകെട്ട ചില വാക്കുകളും വാചകങ്ങളും ഉപയോഗിച്ച് അവർ നബി(സ) യെ ഉപദ്രവിക്കാറുണ്ട്. 'അദ്ദേഹം ഒരു ചെവിയാണ്' എന്ന പ്രയോഗത്തിലൂടെ അവർ നബി(സ) ആരെന്ത് പറഞ്ഞാലും വിശ്വസിക്കുന്ന വസ്തു നിഷ്ഠമായി കാര്യങ്ങൾ ഗ്രഹിക്കാൻ കഴിവില്ലാത്ത ഒരാളാണ് എന്ന് ആക്ഷേപിച്ച് കൊണ്ടിരുന്നു. തങ്ങളുടെ കാപട്യങ്ങളും ഗൂഢ തന്ത്രങ്ങളും മനസ്സിലാക്കാൻ കഴിവില്ലാത്ത ആളാണെന്നും അവർ നബി(സ)യെക്കുറിച്ച് ധരിച്ചിരിക്കാം.

ആ വിഢ്ഢികളോട് പറയാൻ അല്ലാഹു നബി(സ)യോട് നിർദ്ദേശിക്കുന്ന മറുപടിയുടെ സാരം ഇപ്രകാരമാകുന്നു : "നബി(സ) ഒരു 'ചെവി' തന്നെ. പക്ഷെ സത്യാസത്യ വിവേചനമുള്ള, ഗുണത്തിന്റെ ചെവിയാകുന്നു. അദ്ദേഹം അല്ലാഹുവിൽ വിശ്വസിക്കും; സത്യവിശ്വാസികളെ വിശ്വസിക്കുകയും ചെയ്യുന്നു, കപടന്മാരും, അവിശ്വാസികളും പറയുന്നതൊന്നും അദ്ദേഹത്തിന് വിശ്വാസമില്ല. നിങ്ങളുടെ വിശ്വാസം യഥാർത്ഥമാണെങ്കിൽ, അദ്ദേഹം നിങ്ങൾക്കും കാരുണ്യം തന്നെ ആയിരിക്കും. നിങ്ങൾ അദ്ദേഹത്തെ ദ്രോഹിക്കുകയാണ് ചെയ്യുന്നതെങ്കിൽ, നിങ്ങൾ കടുത്ത ശിക്ഷ അനുഭവിക്കേണ്ടി വരുന്നതുമാണ്".

---

**വചനം 62 , 63**

يَحْلِفُونَ بِٱللَّهِ لَكُمْ لِيُرْضُوكُمْ وَٱللَّهُ وَرَسُولُهُۥٓ أَحَقُّ أَن يُرْضُوهُ إِن كَانُوا۟ مُؤْمِنِينَ ﴿٦٢﴾

أَلَمْ يَعْلَمُوٓا۟ أَنَّهُۥ مَن يُحَادِدِ ٱللَّهَ وَرَسُولَهُۥ فَأَنَّ لَهُۥ نَارَ جَهَنَّمَ خَٰلِدًا فِيهَا ۚ

62 നിങ്ങളെ തൃപ്തിപ്പെടുത്തുവാൻ വേണ്ടി നിങ്ങളോട് അവർ അല്ലാഹുവിനെക്കൊണ്ടു ശപഥം ചെയ്യുന്നു. അല്ലാഹുവും, അവൻെറ റസൂലുമത്രെ അവർ തൃപ്തിപ്പെടുത്തുവാൻ ഏറ്റവും അർഹരായവർ, അവർ സത്യവിശ്വാസികളാണെങ്കിൽ.

63 അവർക്കറിഞ്ഞുകൂടേ, അല്ലാഹുവിനോടും അവൻെറ റസൂലിനോടും ആരെങ്കിലും മത്സരിക്കുന്ന പക്ഷം, അവന് 'ജഹന്നമി' (നരകത്തി)ൻെറ അഗ്നിയുണ്ടായിരിക്കും അതിൽ

ذَٰلِكَ ٱلۡخِزۡيُ ٱلۡعَظِيمُ ٦٣

(അവൻ) നിത്യവാസിയായിക്കൊണ്ട്-എന്ന്?! അതത്രെ വമ്പിച്ചതായ അപമാനം.

---

അനാവശ്യങ്ങളും തോന്നിയവാസങ്ങളും പറയുകയും പ്രവർത്തിക്കുകയും ചെയ്ത ശേഷം, നിരപരാധിത്വം സ്ഥാപിക്കുവാൻ വേണ്ടി കള്ള സത്യം ചെയ്യുകയെന്നത് കപട വിശ്വാസികളുടെ ഒരു പതിവായിരുന്നു. തബൂക്ക് യുദ്ധത്തിന് പോകാതിരുന്നതിനെക്കുറിച്ച് ഖുർആനിൽ ആക്ഷേപങ്ങൾ അവതരിച്ചതിനെ പറ്റി ഒരു കപട വിശ്വാസി , ആക്ഷേപ വിധേയരായ ആളുകളെ ക്കുറിച്ച് "അവർ കഴുതകളേക്കാൾ മോശപ്പെട്ടവരായിരിക്കുമല്ലൊ" എന്ന് പ്രസ്താവിക്കുകയും, വിവരം തിരുനബിയുടെ സന്നിധിയിൽ എത്തിപെട്ടപ്പോൾ, ആ കപടവിശ്വാസി, താനങ്ങനെ പറഞ്ഞിട്ടില്ലെന്ന് തിരുമേനിയോട് സത്യം ചെയ്ത് പറയുകയുമുണ്ടായി. സംഭവത്തിന് സാക്ഷിയായ ഒരു സത്യവിശ്വാസി "അല്ലാഹുവെ, സത്യം പറഞ്ഞവനെ നീ ശരി വെക്കുകയും, വ്യാജം പറഞ്ഞവനെ നീ തള്ളി പറയുകയും ചെയ്യണേമെ" എന്ന് പറയുകയുണ്ടായി.

അങ്ങനെ അല്ലാഹു ഈ വചനം അവതരിപ്പിച്ചു.

---

**വചനം 64**

يَحۡذَرُ ٱلۡمُنَٰفِقُونَ أَن تُنَزَّلَ عَلَيۡهِمۡ سُورَةٞ تُنَبِّئُهُم بِمَا فِي قُلُوبِهِمۡۚ قُلِ ٱسۡتَهۡزِءُوٓاْ إِنَّ ٱللَّهَ مُخۡرِجٞ مَّا تَحۡذَرُونَ ٦٤

64 കപടവിശ്വാസികൾ ഭയപ്പെട്ടു കൊണ്ടിരിക്കുന്നു. തങ്ങളുടെ ഹൃദയങ്ങളിലുള്ളതിനെക്കുറിച്ച് അവരെ വിവരമറിയിക്കുന്ന വല്ല 'സൂറത്തും' (അദ്ധ്യായവും) അവരിൽ അവതരിക്കപ്പെടുന്നതിനെ. പറയുക: "നിങ്ങൾ പരിഹസിച്ചു കൊള്ളുവിൻ; നിശ്ചയമായും അല്ലാഹു, നിങ്ങൾ ഭയപ്പെട്ടുകൊണ്ടിരിക്കുന്നതിനെ വെളിക്കുവരുത്തുന്നവനാണ്."

---

തങ്ങളുടെ മനസ്സിലിരിപ്പിന്റെ ഉള്ള് കള്ളികൾ പരസ്യമാക്കി തുറന്ന് കാട്ടുന്ന ഖുർ ആൻ വചനങ്ങൾ അവതരിക്കപെട്ട് തങ്ങൾ വഷളായി പോകുമോ എന്ന് കപട വിശ്വാസികൾ ഭയപ്പെട്ട് കൊണ്ടിരിക്കുകയാണ്. അല്ലാഹു റസൂലിനോട് നിർദ്ദേശിക്കുന്നു: "പറയുക, നിങ്ങൾ പരിഹസിച്ച് കൊള്ളുവിൻ, നിശ്ചയമായും അല്ലാഹു നിങ്ങൾ ഭയപ്പെട്ട് കൊണ്ടിരുന്നതിനെ വെളിക്ക് വരുത്തുന്നതാണ്".

**വചനം 65, 66**

وَلَئِن سَأَلۡتَهُمۡ لَيَقُولُنَّ إِنَّمَا كُنَّا نَخُوضُ وَنَلۡعَبُۚ قُلۡ أَبِٱللَّهِ وَءَايَٰتِهِۦ وَرَسُولِهِۦ كُنتُمۡ تَسۡتَهۡزِءُونَ ٦٥

65 നീ അവരോട് ചോദി(ച്ചന്വേഷിച്ചു) വെങ്കിലോ, നിശ്ചയമായും, അവർ പറയും: "ഞങ്ങൾ (വർത്തമാനത്തിൽ) മുഴുകിക്കൊണ്ടിരിക്കുകയും, കളി (യായി സംസാരി)ച്ചു കൊണ്ടിരിക്കുകയും മാത്രമായിരുന്നു." പറയുക: "അല്ലാഹുവിനെയും, അവൻെറ 'ആയത്തു' (ലക്ഷ്യം) കളെയും,അവൻെറ റസൂലിനെയും കുറിച്ചാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്?!"

لَا تَعۡتَذِرُواْ قَدۡ كَفَرۡتُم بَعۡدَ إِيمَٰنِكُمۡۚ إِن نَّعۡفُ عَن طَآئِفَةٖ مِّنكُمۡ نُعَذِّبۡ طَآئِفَةَۢ بِأَنَّهُمۡ كَانُواْ مُجۡرِمِينَ ٦٦

66 (ഹേ, കപട വിശ്വാസികളേ) നിങ്ങൾ ഒഴികഴിവ് പറയേണ്ട-നിങ്ങളുടെ വിശ്വാസത്തിനുശേഷം, നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങളിൽ നിന്നുള്ള ഒരു വിഭാഗത്തിന് നാം മാപ്പ് നൽകുന്നുവെങ്കിൽ(തന്നെ), ഒരു വിഭാഗത്തെ നാം ശിക്ഷിക്കുന്നതാണ്; അവർ കുറ്റവാളികളായിരുന്നതുകൊണ്ട്.

---

തങ്ങൾ പറയുന്ന പരിഹാസങ്ങളും മറ്റും , കളിതമാശയായിട്ട് വെറുതെ പറയുന്നതാണ് എന്ന് പറഞ്ഞ് കപട വിശ്വാസികൾ രക്ഷപെടാൻ ശ്രമിക്കും. ഇവരോട് പറയാനുള്ള മറുപടി അല്ലാഹു നബി(സ) യോട് ഇപ്ര

കാരം കല്പിക്കുന്നു. അല്ലാഹുവിനേയും , അവന്റെ വചനങ്ങളെയും, അവന്റെ റസൂലിനെയു കളിയായിട്ടായാലും കാര്യമായിട്ടായാലും പരിഹസിക്കുന്നത് അക്ഷന്തവ്യമായ അപരാധമാകുന്നു: മുമ്പ് നിങ്ങൾ സത്യവിശ്വാസം സ്വീക രിച്ചിരുന്നുവെങ്കിലും ഇപ്പോൾ നിങ്ങൾ അവിശ്വസിച്ച് ധിക്കരിച്ചിരിക്കുന്നു; നിങ്ങളിൽ കാര്യങ്ങൾ ഗൗരവ ബുദ്ധി യോടെ വീക്ഷിക്കാതെ നേരമ്പോക്കുകളായി പരിഹാസങ്ങൾ തൊടുത്തുവിടുന്ന അൽപബുദ്ധികളായ ഒരു വിഭാ ഗമുണ്ട്. അവർക്ക് നാം മാപ്പ് കൊടുത്താലും, കുറ്റവാളികളായ മറു വിഭാഗത്തെ നാം ശിക്ഷിക്കുക തന്നെ ചെയ്യും. കാരണം അവർ കുറ്റവാളികളാകുന്നു.

## വിഭാഗം - 9

**വചനം 67**

ٱلْمُنَـٰفِقُونَ وَٱلْمُنَـٰفِقَـٰتُ بَعْضُهُم مِّنۢ بَعْضٍ ۚ يَأْمُرُونَ بِٱلْمُنكَرِ وَيَنْهَوْنَ عَنِ ٱلْمَعْرُوفِ وَيَقْبِضُونَ أَيْدِيَهُمْ ۚ نَسُوا۟ ٱللَّهَ فَنَسِيَهُمْ ۗ إِنَّ ٱلْمُنَـٰفِقِينَ هُمُ ٱلْفَـٰسِقُونَ ﴿٦٧﴾

67 കപടവിശ്വാസികളും, കപടവിശ്വാസിനികളും -അവരിൽ ചിലർ ചിലരിൽ നിന്നുള്ളവരത്രെ. (എല്ലാം ഒരുപോലെത്തന്നെ.) അവർ ദുരാചാരം കൊണ്ട് കൽപിക്കുകയും, സദാചാരത്തെ ക്കുറിച്ചു വിരോധിക്കുകയും ചെയ്യുന്നു. തങ്ങളുടെ കൈകളെ അവർ (ഇറുക്കി) പിടിക്കുകയും ചെയ്യുന്നു. അവർ അല്ലാഹുവിനെ വിസ്മരിച്ചു; അതിനാൽ, അവൻ അവരെ (യും) വിസ്മരിച്ചിരിക്കുന്നു. നിശ്ചയമായും, കപട വിശ്വാസികൾ തന്നെയാണ് തോന്നിയവാസികൾ.

---

കപടവിശ്വാസികൾ - ആണായാലും പെണ്ണായിലും - ദുരാചാരങ്ങൾ ഉപദേശിക്കുകയും, സദാചാരങ്ങൾ തടയുകയും, നല്ല കാര്യങ്ങളിൽ ധനം ചെലവഴിക്കാതെ, പിശുക്ക് പിടിക്കുകയും ചെയ്യുന്നവരാകുന്നു. അല്ലാഹു വിന്റെ കല്പനാ നിർദ്ദേശങ്ങൾ അവഗണിച്ച അവരെ അല്ലാഹുവും അവഗണിച്ചിരിക്കുകയാണ്. കപടവിശ്വാസി കൾ പരിപൂർണ്ണ അർത്ഥത്തിലുള്ള കടുത്ത തോന്നിയവാസികൾ തന്നെ. അക്കൂട്ടർ നരകത്തിലെ ഏറ്റവും താണ പടിയിലായിരിക്കുമെന്ന് 4: 145 ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

---

**വചനം 68, 69**

وَعَدَ ٱللَّهُ ٱلْمُنَـٰفِقِينَ وَٱلْمُنَـٰفِقَـٰتِ وَٱلْكُفَّارَ نَارَ جَهَنَّمَ خَـٰلِدِينَ فِيهَا ۚ هِىَ حَسْبُهُمْ ۚ وَلَعَنَهُمُ ٱللَّهُ ۖ وَلَهُمْ عَذَابٌ مُّقِيمٌ ﴿٦٨﴾

68 കപടവിശ്വാസികളോടും, കപടവിശ്വാസിനി കളോടും, അവിശ്വാസികളോടും അല്ലാഹു 'ജഹന്നമി' (നരകത്തി)ൻെറ അഗ്നി വാഗ്ദത്തം ചെയ്തിരിക്കുന്നു; അതിൽ (അവർ) നിത്യ വാസികളായിക്കൊണ്ട്. അതവർക്കു മതി! അല്ലാഹു അവരെ ശപിക്കുകയും ചെയ്തി രിക്കുന്നു. അവർക്ക് (മുറിയാതെ) നില നിൽക്കുന്ന ശിക്ഷയുമുണ്ടായിരിക്കും;-

كَٱلَّذِينَ مِن قَبْلِكُمْ كَانُوٓا۟ أَشَدَّ مِنكُمْ قُوَّةً وَأَكْثَرَ أَمْوَٰلًا وَأَوْلَـٰدًا فَٱسْتَمْتَعُوا۟ بِخَلَـٰقِهِمْ فَٱسْتَمْتَعْتُم بِخَلَـٰقِكُمْ كَمَا ٱسْتَمْتَعَ ٱلَّذِينَ مِن قَبْلِكُم بِخَلَـٰقِهِمْ وَخُضْتُمْ كَٱلَّذِى خَاضُوٓا۟ ۚ أُو۟لَـٰٓئِكَ حَبِطَتْ أَعْمَـٰلُهُمْ فِى ٱلدُّنْيَا وَٱلْـَٔاخِرَةِ ۖ وَأُو۟لَـٰٓئِكَ

69 (അതെ, കപടവിശ്വാസികളേ,) നിങ്ങളുടെ മുമ്പുള്ളവരെപ്പോലെ (ത്തന്നെ). അവർ നിങ്ങളെക്കാൾ കടുത്ത ശക്തിയുള്ളവരും, സ്വത്തുക്കളും, സന്താനങ്ങളും അധി കമുള്ളവരുമായിരുന്നു; അങ്ങനെ, തങ്ങളുടെ ഓഹരികൊണ്ട് അവർ സുഖമനുഭവിച്ചു. എന്നിട്ട് (ഇപ്പോൾ) നിങ്ങളുടെ മുമ്പുള്ളവർ തങ്ങളുടെ ഓഹരികൊണ്ട് സുഖമനുഭവിച്ചതുപോലെ, നിങ്ങളുടെ ഓഹരികൊണ്ട് നിങ്ങളും സുഖമനുഭവിച്ചു. അവർ (അനാവശ്യത്തിൽ) മുഴുകിയതുപോലെ നിങ്ങളും മുഴുകി. അക്കൂട്ടർ-

هُمُ ٱلْخَٰسِرُونَ ﴿٦٩﴾

അവരുടെ കർമ്മങ്ങൾ ഇഹത്തിലും പരത്തിലും (പൊളിഞ്ഞു) നിഷ്ഫലമായി. അക്കൂട്ടർ തന്നെയാണ് നഷ്ടക്കാരും.

---

നിങ്ങൾക്ക് മുമ്പും, എത്രയൊ കപടന്മാർ, ശക്തിയിലും സ്വാധീനത്തിലും, സന്താനങ്ങളിലും സമ്പത്തുകളിലും നിങ്ങളേക്കാൾ കവിഞ്ഞവരായിക്കൊണ്ട് തോന്നിയവാസത്തിൽ മുഴുകിയവരായിക്കൊണ്ടുണ്ടായിരുന്നു. അവർ ഇഹവും പരവും നഷ്ടപെടുത്തിയത് പോലെയായിരിക്കും നിങ്ങളുടേയും അവസ്ഥ.

---

**വചനം 70**

أَلَمْ يَأْتِهِمْ نَبَأُ ٱلَّذِينَ مِن قَبْلِهِمْ قَوْمِ نُوحٍ وَعَادٍ وَثَمُودَ وَقَوْمِ إِبْرَٰهِيمَ وَأَصْحَٰبِ مَدْيَنَ وَٱلْمُؤْتَفِكَٰتِ ۚ أَتَتْهُمْ رُسُلُهُم بِٱلْبَيِّنَٰتِ ۖ فَمَا كَانَ ٱللَّهُ لِيَظْلِمَهُمْ وَلَٰكِن كَانُوٓا۟ أَنفُسَهُمْ يَظْلِمُونَ ﴿٧٠﴾

70 ഇവരുടെ മുമ്പുള്ളവരുടെ വൃത്താന്തം ഇവർക്കു വന്നിട്ടില്ലയോ? അതായത്: നൂഹിൻെറ ജനതയുടെയും, ആദിൻെറയും, ഥമൂദിൻെറയും, ഇബ്രാഹീമിൻെറ ജനതയുടെയുടെയും, മദ്‌യൻകാരുടെയും, (അടിമേൽ) മറിഞ്ഞ രാജ്യങ്ങളുടെയും (വൃത്താന്തം)! (അതെ) അവർക്ക് അവരുടെ റസൂലുകൾ വ്യക്തമായ തെളിവുകളുമായി ചെന്നു; എന്നാൽ, അല്ലാഹു അവരെ അക്രമിക്കുകയുണ്ടായില്ല; എങ്കിലും, അവർ അവരോടുതന്നെ അക്രമം പ്രവർത്തിക്കുകയായിരുന്നു (ചെയ്തത്).

---

ഹൂദ് നബി(അ)യുടെയും സ്വാലിഹ് നബി(അ)യുടേയും, ശുഐബു(അ) നബിയുടേയും ഇബ്രാഹിം(അ) നബിയുടെയും ജനതകൾ, അവരുടെ റസൂലുകളെ ധിക്കരിക്കുകയും, അങ്ങനെ അല്ലാഹുവിന്റെ ശിക്ഷകൾക്ക് വിധേയരായിത്തീരുകയും ചെയ്ത ചരിത്രം ഈ കപട വിശ്വാസികൾ കേട്ടറിഞ്ഞിട്ടുണ്ടല്ലൊ. അക്കൂട്ടരെല്ലാം അല്ലാഹുവിന്റ കോപത്തിന് വിധേയരാകാൻ കാരണം, അവർ അവരോട് തന്നെ ചെയ്ത് കൂട്ടിയ അക്രമങ്ങളുടെ ഫലമായിട്ടായിരുന്നു - അല്ലാതെ, അല്ലാഹു ഒരു അക്രമം പ്രവർത്തിച്ചിട്ടില്ല; അല്ലാഹു അക്രമം ചെയ്യുകയുമില്ല.

**വചനം 71, 72**

وَٱلْمُؤْمِنُونَ وَٱلْمُؤْمِنَٰتُ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ يَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ وَيُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَيُطِيعُونَ ٱللَّهَ وَرَسُولَهُۥٓ ۚ أُو۟لَٰٓئِكَ سَيَرْحَمُهُمُ ٱللَّهُ ۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ ﴿٧١﴾

وَعَدَ ٱللَّهُ ٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا وَمَسَٰكِنَ طَيِّبَةً فِى جَنَّٰتِ عَدْنٍ ۚ

71 സത്യവിശ്വാസികളും, സത്യവിശ്വാസിനികളുമാകട്ടെ, അവരിൽ ചിലർ ചിലരുടെ (തമ്മതമ്മിൽ) ബന്ധുമിത്രങ്ങളാകുന്നു. അവർ സദാചാരംകൊണ്ടു കൽപിക്കുകയും, ദുരാചാരത്തെക്കുറിച്ചു വിരോധിക്കുകയും ചെയ്യുന്നു; അവർ നമസ്കാരം നിലനിറുത്തുകയും, സകാത്ത് കൊടുക്കുകയും ചെയ്യുന്നു; അവർ അല്ലാഹുവിനെയും, അവൻെറ റസൂലിനെയും അനുസരിക്കുകയും ചെയ്യുന്നു. അക്കൂട്ടർ -അവർക്ക് അല്ലാഹു വഴിയെ കരുണ ചെയ്യുന്നതാണ്. നിശ്ചയമായും അല്ലാഹു, പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

72 സത്യവിശ്വാസികളോടും, സത്യവിശ്വാസിനികളോടും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു: അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളെ-അതിൽ (അവർ) നിത്യവാസികളായിക്കൊണ്ട്; ‘ജന്നാത്തു

وَرِضْوَٰنٌ مِّنَ ٱللَّهِ أَكْبَرُ ۚ ذَٰلِكَ هُوَ
ٱلْفَوْزُ ٱلْعَظِيمُ ﴿٧٢﴾

-അദ്നി’ൽ (സ്ഥിരവാസത്തിൻെറ സ്വർഗ്ഗങ്ങളിൽ) നല്ലതായ (വിശിഷ്ട) പാർപ്പിടങ്ങളെയും (വാഗ്ദാനം ചെയ്തിരിക്കുന്നു). അല്ലാഹുവിങ്കൽ നിന്നുള്ള പ്രീതിയത്രെ ഏറ്റവും വലുത്. അതു തന്നെയാണ് മഹത്തായ ഭാഗ്യം!

---

സത്യവിശ്വാസികളാകട്ടെ പരസ്പരം ബന്ധുക്കളും അവർ സൽഗുണങ്ങളിലും, സുഖദു:ഖങ്ങളിലുമൊക്കെ, ഒറ്റക്കെട്ടുമായിരിക്കും. ഒരു കെട്ടിടത്തിന്റെ ചില ഭാഗം, മറ്റ് ഭാഗത്തെ ഉറപ്പിച്ച് നിറുത്തുന്നതുപോലെ ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിക്ക് താങ്ങും തണലുമായിരിക്കും-നബി വചനം . മറ്റൊരു നബിവചനം ഇപ്രകാരമാകുന്നു :സത്യവിശ്വാസികൾ ഒരൊറ്റ ശരീരം പോലെയാകുന്നു; അതിലെ ഒരവയവത്തിന് വല്ല അസുഖവും ബാധിച്ചാൽ മുഴുവൻ ശരീരത്തിനും പനിയും വേദനയും നിദ്രയില്ലായ്മയും അനുഭവപ്പെടും. (ബു:മു)

സത്യവിശ്വാസികൾ സദാചാരങ്ങളും സൽകർമ്മങ്ങളും ഉപദേശിക്കുകയും, ദുരാചാരങ്ങളെ വിരോധിക്കുകയും ചെയ്യുന്നു ;അവർ നമസ്ക്കാരം ശരിയായ രീതിയിൽ നില നിർത്തുകയും, സക്കാത്ത് അതിന്റെ മുറ പ്രകാരം കൊടുക്കുകയും കൂടാതെ അല്ലാഹുവിന്റെയും റസൂലിന്റെയും കല്പനകൾ, മുഴുവൻ അനുസരിക്കുന്നവരുമായിരിക്കും.

സത്യവിശ്വാസികളുടെ സദ്ഗുണങ്ങളുടെ ഫലമായി അല്ലാഹു അവർക്ക് സുഖസമ്പൂർണ്ണവും ശാശ്വതവുമായ സ്വർഗ്ഗങ്ങൾ പ്രദാനം ചെയ്യുന്നതാകുന്നു. കൂടാതെ ഏറ്റവും മഹത്തായ ഭാഗ്യമായ അല്ലാഹുവിന്റെ പ്രീതിയും അല്ലാഹു വാഗ്ദാനം ചെയ്യുന്നു.

## വിഭാഗം - 10

### വചനം 73

يَٰٓأَيُّهَا ٱلنَّبِىُّ جَٰهِدِ ٱلْكُفَّارَ وَٱلْمُنَٰفِقِينَ
وَٱغْلُظْ عَلَيْهِمْ ۚ وَمَأْوَىٰهُمْ جَهَنَّمُ ۖ وَبِئْسَ
ٱلْمَصِيرُ ﴿٧٣﴾

73 ഹേ, നബിയേ, അവിശ്വാസികളോടും, കപടവിശ്വാസികളോടും സമരം നടത്തിക്കൊള്ളുക; അവരോടു പരുഷത കാണിക്കുകയും ചെയ്യുക. അവരുടെ സങ്കേതം ‘ജഹന്നം’ (നരകം) ആകുന്നു. (ആ) തിരിച്ചെത്തുന്ന (മടക്ക)സ്ഥാനം എത്രയോ ചീത്തയും!

ജിഹാദ് (ധർമ്മസമരം) പ്രത്യക്ഷത്തിലുള്ള ശത്രുവിനോടും, പിശാചിനോടും, സ്വന്തം ദേഹേഛയോടും എന്നിങ്ങനെ മൂന്ന് തരത്തിലുണ്ടാകാമെന്നും, ആയത് ദേഹം കൊണ്ടും, ധനം കൊണ്ടും, കൈ കൊണ്ടും, നാവു കൊണ്ടും ആകാമെന്നും ഇമാം റാഗിബ്(റ) പ്രസ്താവിച്ചിരിക്കുന്നു. അവിശ്വാസികളോടുള്ള സമരത്തിൽ ധർമ്മയുദ്ധമാണ് പ്രധാനമായും ഉദ്ദേശ്യം; എന്നാൽ കപടവിശ്വാസികളോടുള്ള സമരത്തിൽ യുദ്ധം ഉദ്ദേശിക്കപെട്ടിട്ടില്ല - ന്യായങ്ങളും തെളിവുകളും നിരത്തിക്കാട്ടുക, സത്യവിരുദ്ധമായ വാദങ്ങളെ ഖണ്ഡിക്കുക, നിയമ നടപടികൾ എടുക്കുക മുതലായവയാണ് അവരോട് നിർദ്ദേശിക്കപെട്ടിട്ടുള്ള സമര മുറകൾ. എന്നാൽ അവിശ്വാസികളോടും കപട വിശ്വാസികളോടും പരുഷമായി തന്നെ പെരുമാറണമെന്നാണ് നിർദ്ദേശിക്കപെട്ടിട്ടുള്ളത്. സത്യവിശ്വാസികളോട് സൗമ്യമായ രീതിയിൽ പെരുമാറണമെന്നും അല്ലാഹു നബി (സ) യോട് ഉപദേശിച്ചിരിക്കുന്നു (26:215)

### വചനം 74

يَحْلِفُونَ بِٱللَّهِ مَا قَالُوا۟ وَلَقَدْ قَالُوا۟
كَلِمَةَ ٱلْكُفْرِ وَكَفَرُوا۟ بَعْدَ إِسْلَٰمِهِمْ
وَهَمُّوا۟ بِمَا لَمْ يَنَالُوا۟ ۚ وَمَا نَقَمُوٓا۟ إِلَّآ
أَنْ أَغْنَىٰهُمُ ٱللَّهُ وَرَسُولُهُۥ مِن فَضْلِهِۦ ۚ
فَإِن يَتُوبُوا۟ يَكُ خَيْرًا لَّهُمْ ۖ وَإِن يَتَوَلَّوْا۟

74 “തങ്ങൾ (അങ്ങിനെ) പറഞ്ഞിട്ടില്ല” എന്ന് അവർ അല്ലാഹുവിനെക്കൊണ്ടു ശപഥം ചെയ്തു പറയുന്നു; തീർച്ചയായും, അവർ അവിശ്വാസത്തിൻെറ വാക്ക് പറഞ്ഞിട്ടുണ്ടുതാനും. അവരുടെ ‘ഇസ്ലാമി’നു ശേഷം അവർ അവിശ്വസിക്കുകയും ചെയ്തിരിക്കുന്നു അവർ പ്രാപിക്കാത്ത (അഥവാ നേടിക്കഴിയാത്ത)തിന് അവർ ഉദ്ദേശിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവും, അവൻെറ റസൂലും അവൻെറ അനുഗ്രഹത്താൽ അവർക്ക് ഐശ്വര്യം

يُعَذِّبْهُمُ ٱللَّهُ عَذَابًا أَلِيمًا فِى ٱلدُّنْيَا وَٱلْءَاخِرَةِ ۚ وَمَا لَهُمْ فِى ٱلْأَرْضِ مِن وَلِىٍّ وَلَا نَصِيرٍ ﴿٧٤﴾

നൽകിയെന്നുള്ളതിനാലല്ലാതെ (മറ്റൊരു കാരണത്താലും) അവർ ആക്ഷേപിക്കുകയും ചെയ്തിട്ടില്ല. ആകയാൽ, അവർ പശ്ചാത്തപിക്കുകയാണെങ്കിൽ, അതവർക്ക് ഉത്തമമായിരിക്കും. അവർ തിരിഞ്ഞു കളയുകയാണെങ്കിലോ, അവരെ അല്ലാഹു ഇഹത്തിലും, പരത്തിലും വേദനയേറിയ ശിക്ഷ ശിക്ഷിക്കുകയും ചെയ്യും. അവർക്കു ഭൂമിയിൽ ഒരു ബന്ധുമിത്രമാകട്ടെ, സഹായിയാകട്ടെ ഇല്ല താനും.

---

"തങ്ങൾ അങ്ങനെ പറഞ്ഞിട്ടില്ല എന്ന് അവർ അല്ലാഹുവിനെകൊണ്ട് ശപഥം ചെയ്തു പറയുന്നു" എന്ന പ്രസ്താവനക്കാസ്പദമായ സംഭവത്തെ പറ്റി ഒന്നിലധികം രിവായത്തുകൾ ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ സ്ഥലം പിടിച്ചിട്ടുണ്ട്. അതിൽ കൂടുതൽ ബലവത്തായ ഒരു രിവായത്ത് ഇബ്നു അബ്ബാസ്(റ)ൽ നിന്നും ഉദ്ധരിച്ചതത്രെ!

റസൂൽ തിരുമേനി(സ) ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ ഇരിക്കുകയായിരുന്നപ്പോൾ, റസൂൽ(സ) മുൻകൂട്ടി പ്രതീക്ഷിച്ചത് പോലെ നീലകണ്ണുള്ള ഒരു പുരുഷൻ അവിടെ വന്ന് ചേർന്നു. "താനും തന്റെ ആൾക്കാരും എന്തിനാണ് എന്നെ അപമാനിച്ച് പറയുന്നത്" എന്ന് റസൂൽ(സ) അയാളോട് ചോദിച്ചപ്പോൾ അയാൾ തിരികെ പോയി, തന്റെ കൂട്ടുകാരെയും കൂട്ടി വരികയും, തങ്ങൾ അങ്ങനെ ഒന്നും പറഞ്ഞിട്ടില്ലെന്ന് അല്ലാഹുവിനെകൊണ്ട് സത്യം ചെയ്ത് പറയുകയും ചെയ്തതിനെ തുടർന്ന് റസൂൽ(സ) അവരെ വെറുതെ വിടുകയുണ്ടായി - ഇതാണ് രിവായത്ത് ചെയ്യപ്പെട്ട സംഭവം

കൂടാതെ അല്ലാഹുവിന്റെ പ്രസ്താവനക്കാസ്പദമായി രിവായത്ത് ചെയ്യപ്പെട്ട സംഭവങ്ങളിലെല്ലാം തന്നെ കപടവിശ്വാസികൾ, പലപ്പോഴായി, നബി(സ) തിരുമേനിയെ പഴിക്കുകയും ഖുർആനെ തന്നെ പരിഹസിക്കുകയും ചെയ്ത് കൊണ്ടുള്ള സംസാരങ്ങളിലൂടെ അവർ അവരുടെ തനിനിറം വ്യക്തമാക്കിക്കൊണ്ടിരുന്നു, അവയിൽ പലതിനെ പറ്റിയും ഖുർആൻ വചനങ്ങൾ അവതരിക്കുകയും ചെയ്തിട്ടുണ്ട്.

"അവരുടെ ഇസ്ലാമിന് ശേഷം അവർ അവിശ്വസിച്ചു" എന്ന് ഇവിടെയും "നിങ്ങളുടെ വിശ്വാസത്തിന് ശേഷം നിങ്ങൾ അവിശ്വസിച്ചു" എന്ന് 66 ാം വചനത്തിലും കപട വിശ്വാസികളെപറ്റി അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ഒരിക്കൽ ഇസ്ലാമിനെ അംഗീകരിച്ച് വിശ്വാസം രേഖപ്പെടുത്തിയ അവർ , അതിന് ശേഷം അവരുടെ അവിശ്വാസം വാക്കിലൂടെയും പ്രവർത്തിയിലൂടെയും പ്രകടമാക്കുകയാണ് ചെയ്തത്

"അവർ പ്രാപിക്കാത്തതിന് - അഥവാ നേടിയിട്ടില്ലാത്തതിന് - അവർ ഉദ്ദേശിച്ചു". എന്ന അല്ലാഹുവിന്റെ വചനത്തിന്റെ വിഷയവും ഏതാണെന്ന് അല്ലാഹു വ്യക്തമാക്കിയിട്ടില്ല. എന്നാൽ ബൈഹഖി(റ) അഹ്മദ്(റ) മുതലായവർ ഉദ്ധരിച്ച ഈ സംഭവം കപടവിശ്വാസികളുടെ വഞ്ചനയും കടും കൈകളും വ്യക്തമാക്കുന്നു:

തബൂക്കിൽ നിന്നുള്ള മടക്കയാത്രയിൽ നബി(സ) അ ഖ ബ യിലൂടെ (ഇടുങ്ങിയ കുന്നിൻ ചെരുവിലൂടെ) ഹുദൈഫ(റ)യും അമ്മാർ(റ)ഉം ഒന്നിച്ച് സഞ്ചരിക്കവെ, കപട വിശ്വാസികളുടെ ഒരു സംഘം നബിസ(യെ) താഴെ വീഴ്ത്തി അപായപ്പെടുത്തുന്നതിനായി പിന്നാലെ കൂടി. ഈ രഹസ്യം നബി(സ)ക്ക് അല്ലാഹു അറിയിച്ച് കൊടുക്കുകയും തുടർന്ന് പിന്നിലുണ്ടായിരുന്ന സഹാബി അവരെ തടുക്കുകയും ചെയ്തു. നബി(സ) ഒട്ടകപുറത്ത് നിന്നിറങ്ങി ശബ്ദമുണ്ടാക്കുകയും ആ വഞ്ചക സംഘം തിരികെ പോകുകയും ചെയ്തു. രാത്രി സമയമായിരുന്നതിനാലും അവർ മുഖംമൂടി ധരിച്ചിരുന്നതിനാലും സഹാബിക്ക് അവരെ തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ അവർ പതിനഞ്ച് പേർ ഇന്നിന്നവരായിരുന്നുവെന്ന് നബി(സ) അറിയിച്ചപ്പോൾ, എന്നാൽ അവരെ വധിക്കുവാൻ കൽപിച്ചുകൂടെ എന്ന് റസൂൽ(സ) ചോദിക്കപെട്ടപ്പോൾ, തിരുമേനി ഇപ്രകാരം പറഞ്ഞു

"മുഹമ്മദ് യുദ്ധത്തിൽ പോയിട്ട് വിജയത്തോടെ മടങ്ങുമ്പോൾ അവരെ കൊന്നു കളഞ്ഞു എന്ന് അറബികൾ പറഞ്ഞേക്കാമല്ലൊ" ആ പതിനഞ്ച് പേരിൽ മൂന്ന് പേർ ഗൂഢാലോചനയെ പറ്റി അറിയാത്ത നിരപരാധികൾ ആയിരുന്നു. ബാക്കി പന്ത്രണ്ട് പേരും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ലെന്നും , അവരിൽ എട്ട് പേർക്ക്, ദുബൈല: (ഒരു തരം അർബുദ രോഗം) പിടിപെടുമെന്നും നബി(സ) പറഞ്ഞതായി രിവായത്ത് ചെയ്യപെട്ടിട്ടുണ്ട്.

അല്ലാഹുവും റസൂലും കപട വിശ്വാസികളോട് എന്തെങ്കിലും അനീതിയോ ഉപദ്രവമൊ ചെയ്തിട്ടില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർക്ക് ഐശ്വര്യം - അഥവാ ധനം - നല്കപെട്ടിട്ടുമുണ്ട്.- ഗനീമത്തിലും മറ്റുമുള്ള വിഹിതങ്ങൾ മുസ്ലീംകൾക്കെന്നപോലെ അവർക്കും ലഭ്യമാക്കിയിരുന്നു- എന്നിട്ടും കപടവിശ്വാസികൾ ഇത്തരം വഞ്ചനകളും കടും കൈകളും ചെയ്തു വരുന്നതിനെ അല്ലാഹു അവന്റെ വചനത്തിലൂടെ ആക്ഷേപിക്കുന്നു.

ഇത്രയൊക്കെ ധിക്കാരം അവർ പ്രവർത്തിച്ചിട്ടും അവർ പശ്ചാത്തപിക്കുന്ന പക്ഷം അതവർക്ക് ഉത്തമമായിരിക്കും എന്ന പ്രസ്താവനയിലൂടെ അല്ലാഹു അവന്റെ അപാരമായ കാരുണ്യം അവർക്ക് നേരെ നീട്ടുന്നു. അതിനവർ തയ്യാറില്ലാത്ത പക്ഷം അവർക്ക് ഇഹത്തിലും പരത്തിലും വേദനയേറിയ ശിക്ഷയെക്കുറിച്ച് അവൻ താക്കീത് നല്കുകയും ചെയ്യുന്നു. സമീപ ഭാവിയിൽ തന്നെ കപട വിശ്വാസികൾക്ക് കൂട്ടുകെട്ടായിരുന്ന യഹൂദികൾ മദീനാ പരിസരത്തുനിന്ന് തുടച്ച് നീക്കപെടുകയും, മുശ്രിക്കുകളാകട്ടെ ഇസ്ലാമിൽ ലയിക്കുകയും ചെയ്തതോടെ ആ മുനാഫിഖുകൾ ഇഹലോകത്തില ഗതി കിട്ടാ സമൂഹമായിത്തീർന്നു. പരലോകശിക്ഷയാകട്ടെ അവരെ കാത്തിരിക്കുകയും ചെയ്യുന്നു.

**വചനം 75, 76, 77, 78**

۞ وَمِنۡهُم مَّنۡ عَٰهَدَ ٱللَّهَ لَئِنۡ ءَاتَىٰنَا مِن فَضۡلِهِۦ لَنَصَّدَّقَنَّ وَلَنَكُونَنَّ مِنَ ٱلصَّٰلِحِينَ ٧٥

75 അവരിലുണ്ട്, അല്ലാഹുവുമായി കരാർ (ഉടമ്പടി) നടത്തിയ ചിലരും: സത്യമായും, അവൻെറ അനുഗ്രഹത്തിൽ നിന്ന് അവൻ ഞങ്ങൾക്കു നൽകിയെങ്കിൽ, നിശ്ചയമായും, ഞങ്ങൾ ദാനധർമ്മം ചെയ്യുകയും, ഞങ്ങൾ സജ്ജനങ്ങളിൽ പെട്ടവരായിരിക്കുകയും തന്നെ ചെയ്യുമെന്ന്.

فَلَمَّآ ءَاتَىٰهُم مِّن فَضۡلِهِۦ بَخِلُواْ بِهِۦ وَتَوَلَّواْ وَّهُم مُّعۡرِضُونَ ٧٦

76 എന്നിട്ട്, അവൻ (അല്ലാഹു) തൻെറ അനുഗ്രഹത്തിൽ നിന്ന് അവർക്കു നൽകിയപ്പോൾ, അവർ അതിൽ ലുബ്ധ് കാണിക്കുകയും, അവഗണിച്ചവരായുംകൊണ്ട് അവർ തിരിഞ്ഞുകളയുകയും ചെയ്തു.

فَأَعۡقَبَهُمۡ نِفَاقٗا فِي قُلُوبِهِمۡ إِلَىٰ يَوۡمِ يَلۡقَوۡنَهُۥ بِمَآ أَخۡلَفُواْ ٱللَّهَ مَا وَعَدُوهُ وَبِمَا كَانُواْ يَكۡذِبُونَ ٧٧

77 അതിനാൽ, അവനെ(അല്ലാഹുവിനെ) അവർ കണ്ടുമുട്ടുന്ന ദിവസം വരേക്കും അവരുടെ ഹൃദയങ്ങളിൽ അത് (ലുബ്ധ്) കാപട്യം ഉണ്ടാക്കിത്തീർത്തു; (അതെ) അവർ അല്ലാഹുവിനോട് വാഗ്ദത്തം ചെയ്തതിനെ അവർ ലംഘിച്ചതു നിമിത്തവും, അവർ വ്യാജം പറഞ്ഞിരുന്നതു നിമിത്തവും.

أَلَمۡ يَعۡلَمُوٓاْ أَنَّ ٱللَّهَ يَعۡلَمُ سِرَّهُمۡ وَنَجۡوَىٰهُمۡ وَأَنَّ ٱللَّهَ عَلَّٰمُ ٱلۡغُيُوبِ ٧٨

78 അവർക്കറിഞ്ഞുകൂടേ, അല്ലാഹു അവരുടെ രഹസ്യവും, അവരുടെ ഗൂഢമന്ത്രവും അറിയുമെന്നും അല്ലാഹു അദൃശ്യകാര്യങ്ങളെ നല്ലവണ്ണം അറിയുന്നവനാണെന്നും?!

---

ഐശ്വര്യവും സുഖസൗകര്യങ്ങളും ലഭിക്കുകയാണെങ്കിൽ "ദാനധർമ്മങ്ങൾ ചെയ്യും - നല്ല വിഷയങ്ങളിലെല്ലാം ചെലവഴിക്കും" എന്നൊക്കെ കരുതുകയും അല്ലാഹുവുമായി കരാർ ചെയ്യുകയും അതിന് വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നവർ നബി(സ)യുടെ കാലത്തും ഈ കാലത്തും ധാരാളമായി കണ്ടുവരുന്നു. എന്നാൽ ഉദ്ധിഷ്ട കാര്യങ്ങൾ ഫലപ്രാപ്തിയിലെത്തികഴിഞ്ഞാൽ, പറഞ്ഞതൊക്കെ മറന്ന് കൊണ്ട് അവർ സ്വേച്ഛകൾക്ക് അടിമപ്പെടുകയും ചെയ്യുന്നു - തന്റെ ധനപരിപാലനത്തിന്റെ തിരക്കിൽ ജമാഅത്ത് നമസ്കാരവും മറ്റു ആരാധനകളും ഒഴിവാക്കുകയും, ധനത്തോടുള്ള ആർത്തിയിൽ സക്കാത്ത് ദാനവും മറ്റും നിലക്കുകയും ചെയ്യുന്നു, അവർ. കപടവിശ്വാസികളുടെ ലക്ഷണമായി നബി(സ) എണ്ണിയിട്ടുള്ള മൂന്ന് ദുർഗുണങ്ങളും - കളവു പറയുക, വാഗ്ദത്തം ലംഘിക്കുക, വിശ്വാസ വഞ്ചന ചെയ്യുക - ഇക്കൂട്ടരിൽ ഒത്ത് ചേർന്നിരിക്കുന്നു. അല്ലാഹുവുമായി കണ്ട് മുട്ടുന്ന ദിവസം വരേക്കും - അഥവാ അവരുടെ മരണം വരെ - ഇത്തരം ആൾക്കാരിൽ അല്ലാഹു കാപട്യം ഉണ്ടാക്കിത്തീർത്തു എന്ന് അല്ലാഹു പ്രസ്താവിക്കുന്നു.

**വചനം 79**

ٱلَّذِينَ يَلۡمِزُونَ ٱلۡمُطَّوِّعِينَ مِنَ

79 യാതൊരു കൂട്ടരത്രെ (അവർ): ദാനധർമ്മങ്ങളുടെ കാര്യത്തിൽ, സത്യവിശ്വാസികളിൽനിന്നും

ٱلۡمُؤۡمِنِينَ فِي ٱلصَّدَقَٰتِ وَٱلَّذِينَ لَا يَجِدُونَ إِلَّا جُهۡدَهُمۡ فَيَسۡخَرُونَ مِنۡهُمۡ سَخِرَ ٱللَّهُ مِنۡهُمۡ وَلَهُمۡ عَذَابٌ أَلِيمٌ ﴿٧٩﴾

സ്വമേധയാ (പുണ്യം) ചെയ്യുന്നവരെയും, തങ്ങളുടെ അദ്ധ്വാനം (അദ്ധ്വാനിച്ചു കിട്ടിയത്) അല്ലാതെ ലഭിക്കാത്തവരെയും അവർ കുറ വാക്കുന്നു; അങ്ങനെ, അവർ അവരെക്കുറിച്ചു പരിഹസിക്കുന്നു. അവരെക്കുറിച്ച് അല്ലാഹു പരിഹസിച്ചിരിക്കുകയാണ്; അവർക്ക് വേദ നയേറിയ ശിക്ഷയുമുണ്ട്.

അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്ക് ഉമർ(റ) ഉസ്മാൻ(റ) അബ്ദുറഹ്മാനുബ്നു ഔഫ്(റ) മുതലായ സഹാബികൾ, സ്വമനസ്സാലെ സസന്തോഷം വലിയ തുകകൾ സംഭാവന നല്കിയ സന്ദർഭത്തിൽ, അതൊക്കെ ജനങ്ങളെ കാണിക്കുവാനും, കീർത്തി നേടാനുമാണെന്ന് പറഞ്ഞ് കപടവിശ്വാസികൾ പരിഹസിച്ച് കൊണ്ടിരുന്നു. വലിയ സംഖ്യകൾ നൽകാൻ ആഗ്രഹമുണ്ടായിട്ടും, അതിന് കഴിവില്ലാതിരുന്ന, സത്യവിശ്വാസികളിൽ ഒരു വിഭാഗം അദ്ധ്വാനിച്ചും കൂലിപണിയെടുത്തും ചെറിയ തോതിലുള്ള സംഭാവനകൾ നൽകിയപ്പോളാകട്ടെ, ഇവർക്ക് ഭ്രാന്താണെന്നും, അല്ലാഹുവിനും റസൂലിനും തുഛമായ ധനം കൊണ്ട് യാതൊരു കാര്യവുമില്ലെന്ന് പറഞ്ഞ് കൊണ്ടും അവർ പരിഹസിക്കുകയും ചെയ്ത് കൊണ്ടിരുന്നു. അല്ലാഹുവാകട്ടെ ആ കപട വിശ്വാസികളെയും പരിഹസിച്ചിരിക്കുന്നു - അവർക്കു വേദനയേറിയ ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നല്കുകയും ചെയ്യുന്നു.

**വചനം 80**

ٱسۡتَغۡفِرۡ لَهُمۡ أَوۡ لَا تَسۡتَغۡفِرۡ لَهُمۡ إِن تَسۡتَغۡفِرۡ لَهُمۡ سَبۡعِينَ مَرَّةٗ فَلَن يَغۡفِرَ ٱللَّهُ لَهُمۡۚ ذَٰلِكَ بِأَنَّهُمۡ كَفَرُواْ بِٱللَّهِ وَرَسُولِهِۦۗ وَٱللَّهُ لَا يَهۡدِي ٱلۡقَوۡمَ ٱلۡفَٰسِقِينَ ﴿٨٠﴾

80 (നബിയെ) അവർക്കുവേണ്ടി നീ പാപമോചനം തേടിക്കൊള്ളുക, അല്ലെങ്കിൽ അവർക്ക് പാപമോചനം തേടാതിരിക്കുക: അവർക്കു വേണ്ടി നീ എഴുപതു പ്രാവശ്യം പാപമോചനം തേടിയാലും അല്ലാഹു അവർക്ക് പൊറുത്ത് കൊടുക്കുകയില്ലതന്നെ. അത്, അല്ലാഹുവിലും, അവൻെറ റസൂലിലും അവർ അവിശ്വസിച്ചിരിക്കുന്നതുകൊണ്ടാണ്. അല്ലാഹുവാകട്ടെ, തോന്നിയവാസികളായ ജനങ്ങളെ നേർമാർഗ്ഗത്തിലാക്കുകയില്ല.

മേൽ വിവരിച്ച തരത്തിലുള്ള വഞ്ചനകളും ദുഷ്ചെയ്തികളും കൈമുതലായിട്ടുള്ള കപടവിശ്വാസികൾക്ക് അല്ലാഹു ഒരിക്കലും പൊറുത്ത് കൊടുക്കുകയില്ല - അവരുടെ പാപമോചനത്തിന് വേണ്ടി നബി(സ) ആവർത്തിച്ച് പ്രാർത്ഥിച്ചാൽ പോലും. കാരണം അവർ അവിശ്വാസികളാകുന്നു എന്നത് കൊണ്ട് തന്നെ. അവിശ്വാസികളായ തോന്നിയവാസികളുടെ പാപം പൊറുത്ത് കൊടുത്ത് അവരെ സൻമാർഗ്ഗത്തിലാക്കിത്തീർക്കുകയെന്നത് അല്ലാഹുവിന്റെ നിയമ വ്യവസ്ഥക്ക് നിരക്കാത്തതാകുന്നു.

## വിഭാഗം - 11

**വചനം 81, 82**

فَرِحَ ٱلۡمُخَلَّفُونَ بِمَقۡعَدِهِمۡ خِلَٰفَ رَسُولِ ٱللَّهِ وَكَرِهُوٓاْ أَن يُجَٰهِدُواْ بِأَمۡوَٰلِهِمۡ وَأَنفُسِهِمۡ فِي سَبِيلِ ٱللَّهِ وَقَالُواْ لَا تَنفِرُواْ فِي ٱلۡحَرِّۗ قُلۡ نَارُ جَهَنَّمَ أَشَدُّ حَرّٗاۚ لَّوۡ كَانُواْ يَفۡقَهُونَ ﴿٨١﴾

81 പിന്നോക്കം നിറുത്തപ്പെട്ടവർ (യുദ്ധയാത്ര പോകാതെ പിന്തി നിന്നവർ) അല്ലാഹുവിൻെറ റസൂലിനെതിരായുള്ള അവരുടെ ഇരുപ്പിൽ സന്തോഷം പൂണ്ടിരിക്കുന്നു; തങ്ങളുടെ ധനംകൊണ്ടും, ദേഹങ്ങൾ കൊണ്ടും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം നടത്തുന്നതിനെ അവർ വെറുക്കുകയും ചെയ്തിരിക്കുന്നു; "നിങ്ങൾ (ഈ) ഉഷ്ണത്തിൽ (യുദ്ധത്തിനു) പുറപ്പെട്ടു പോകേണ്ട" എന്ന് അവർ പറയുകയും ചെയ്തു. പറയുക:

"ജഹന്നമിൻെറ (നരകത്തിൻെറ) അഗ്നി, കൂടുതൽ ഉഷ്ണം കഠിനമായതാണ്." അവർ (കാര്യം) ഗ്രഹിക്കുമായിരുന്നെങ്കിൽ!

82 അതിനാൽ, അവർ അല്പം ചിരിച്ചുകൊള്ളട്ടെ, അധികം കരയുകയും ചെയ്തുകൊള്ളട്ടെ; അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിന് പ്രതിഫല മായിട്ട്!

فَلْيَضْحَكُوا۟ قَلِيلًا وَلْيَبْكُوا۟ كَثِيرًا جَزَآءًۢ بِمَا كَانُوا۟ يَكْسِبُونَ ﴿٨٢﴾

---

ഉഷ്ണത്തിന്റെ പേര് പറഞ്ഞ് തബൂക്കിലേക്കുള്ള യുദ്ധയാത്രയിൽ നിന്ന് പിന്തിരിഞ്ഞ് നിന്ന കപട വിശ്വാസികൾ തങ്ങളുടെ കുതന്ത്രത്തിൽ ആഹ്ളാദം കൊള്ളുകയാണ്. എന്നാൽ, തങ്ങൾക്ക് അനുഭവിക്കാനിരിക്കുന്ന നരകാഗ്നിയുടെ ഉഷ്ണം അതിനേക്കാൾ എത്രയൊ കഠിനതരമാണെന്ന് അവർ ഓർത്തിരിക്കട്ടെ. അവരുടെ സന്തോഷവും ചിരിയും ഒക്കെ, കുറച്ച്, പകരം അധികം കരയുകയും വ്യസനിക്കുകയുമാണവർ ചെയ്യേണ്ടത്. ഇഹലോകത്തെ അഗ്നിയേക്കാൾ എഴുപത് മടങ്ങ് ഉഷ്ണമേറിയതാണ് നരകാഗ്നിയെന്ന് നബി(സ) യുടെ വചനം ശ്രദ്ധേയമാകുന്നു.

---

**വചനം 83**

83 (നബിയേ) ഇനി അവരിൽപെട്ട വല്ല വിഭാഗത്തിൻെറ അടുക്കലേക്കും നിന്നെ അല്ലാഹു മട (ക്കി അയ) ക്കുന്ന പക്ഷം. എന്നിട്ട് (വല്ല പടയെടുപ്പിലും) പുറപ്പെടുവാൻ അവർ നിന്നോടു സമ്മതം തേടുകയും ചെയ്തു (വെങ്കിൽ), എന്നാൽ നീ പറയുക: "നിങ്ങൾ ഒരിക്കലും എൻെറ കൂടെ പുറപ്പെട്ടു പോരുകയില്ലതന്നെ; എൻെറ കൂടെ നിങ്ങൾ ഒരു ശത്രുവോടും യുദ്ധംചെയ്യുകയുമില്ല തന്നെ. നിങ്ങൾ ആദ്യത്തെ പ്രാവശ്യം (പോരാതെ) ഇരിക്കുന്നതിന് തൃപ്തിപ്പെടുകയാണ് ചെയ്തത്. ആകയാൽ, പിന്തി നിൽക്കുന്നവരോടൊപ്പം നിങ്ങൾ ഇരുന്നു കൊള്ളുവിൻ."

فَإِن رَّجَعَكَ ٱللَّهُ إِلَىٰ طَآئِفَةٍ مِّنْهُمْ فَٱسْتَـْٔذَنُوكَ لِلْخُرُوجِ فَقُل لَّن تَخْرُجُوا۟ مَعِىَ أَبَدًا وَلَن تُقَـٰتِلُوا۟ مَعِىَ عَدُوًّا ۖ إِنَّكُمْ رَضِيتُم بِٱلْقُعُودِ أَوَّلَ مَرَّةٍ فَٱقْعُدُوا۟ مَعَ ٱلْخَـٰلِفِينَ ﴿٨٣﴾

---

തബൂക്കിൽ നിന്നും നബി(സ) മദീനയിൽ മടങ്ങിയെത്തിയ ശേഷം, പിന്നീടുണ്ടായേക്കാവുന്ന വല്ല പടയെടുപ്പ് യാത്രയിലും പങ്കെടുക്കാൻ അവർ - തബൂക്കിലേക്ക് പോകാതെ മാറി നിന്ന കപട വിശ്വാസികൾ - അനുവാദം ചോദിച്ചാൽ അവരെ അതിനനുവദിക്കരുതെന്ന് അല്ലാഹു നബി(സ)യോട് കല്പിക്കുന്നു. തബൂക്കിലേക്കുള്ള പടയെടുപ്പിലായിരുന്നു നിങ്ങൾ പോരേണ്ടിയിരുന്നത്. സൈന്യ നടപടികളിൽ പങ്കെടുക്കാത്തവരായ സ്ത്രീകൾ കുട്ടികൾ, വൃദ്ധന്മാർ മുതലായവരുടെ കൂട്ടത്തിൽ നിങ്ങളും മേലിൽ നാട്ടിൽ തന്നെ മുടങ്ങിയിരുന്ന് കൊള്ളുക. - ഇപ്രകാരം അവരോട് പറയാൻ നബി(സ)യോട് അല്ലാഹു നിർദ്ദേശിക്കുകയും ചെയ്യുന്നു.

---

**വചനം 84**

84 (നബിയേ) അവരിൽനിന്ന് മരണപ്പെട്ടതായ ഒരാളുടെ പേരിലും നീ നമസ്കരിക്കുകയും ചെയ്യരുത്; അവൻെറ ഖബ്റിങ്കൽ നിൽക്കുകയും ചെയ്യരുത്. (കാരണം) നിശ്ചയമായും അവർ അല്ലാഹുവിലും അവൻെറ റസൂലിലും അവിശ്വസിച്ചിരിക്കുന്നു; അവർ തോന്നിയ വാസികളായുംകൊണ്ട് മരണപ്പെടുകയും ചെയ്തിരിക്കുന്നു.

وَلَا تُصَلِّ عَلَىٰٓ أَحَدٍ مِّنْهُم مَّاتَ أَبَدًا وَلَا تَقُمْ عَلَىٰ قَبْرِهِۦٓ ۖ إِنَّهُمْ كَفَرُوا۟ بِٱللَّهِ وَرَسُولِهِۦ وَمَاتُوا۟ وَهُمْ فَـٰسِقُونَ ﴿٨٤﴾

മാത്രമല്ല കപടവിശ്വാസികൾ മരണപ്പെട്ടാൽ അവരുടെ പേരിൽ നമസ്ക്കാരം നടത്തുകയൊ, അവരുടെ ഖബറുകളുടെ അടുക്കൽ നിൽക്കുകയൊ, അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയൊ ചെയ്യരുതെന്നും, അല്ലാഹു നബി(സ)യോട് കല്പിക്കുന്നു.

സാധാരണയായി, മയ്യിത്ത് മറമാടപ്പെട്ട് കഴിഞ്ഞാൽ നബി(സ) അതിന്റെ അടുക്കൽ നിൽക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. എന്നിട്ട് ഇപ്രകാരം പറയുമായിരുന്നു. "നിങ്ങളുടെ സഹോദരന് വേണ്ടി നിങ്ങൾ പാപമോചനം തേടുകയും അവന് വേണ്ടി 'തഥ്ബീത്തി' നെ ചോദിക്കുകയും ചെയ്യുക. കാരണം അവൻ ഇപ്പോൾ ചോദ്യം ചെയ്യപെടുന്നതാണ്"

ആ ചോദ്യ വേളയിൽ പതറിപോകാതെ, ശരിയായ മറുപടി നൽകുമാറുള്ള സ്ഥൈര്യവും ഉറപ്പും അദ്ദേഹത്തിന് നല്കുവാൻ വേണ്ടിയുള്ള പ്രാർത്ഥനക്കാണ് തഥ്ബീത്ത് നെ ചോദിക്കുക എന്ന് പറയപ്പെടുന്നത്. (കൂടുതൽ വിവരങ്ങൾ സൂ ഇബ്രാഹിം 27ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ നോക്കുക.)

ഒരു വ്യക്തി കപടവിശ്വാസിയാണോ എന്ന് വഹ്യ് മുഖാന്തിരമൊ, അല്ലെങ്കിൽ അവരിൽ കാണാവുന്ന ചില പ്രത്യേക ലക്ഷണങ്ങൾ മുഖേനയൊ (സൂ: മുഹമ്മദ്: 30) നബി(സ)ക്ക് മനസ്സിലാക്കാം. നബി(സ)ക്ക് ശേഷം, നബി(സ)യിൽ നിന്ന് വ്യക്തമായ അറിവ് നേരത്തെ കിട്ടിയിട്ടുണ്ടെങ്കിൽ മാത്രമെ സഹാബികൾക്ക് പോലും ഇന്ന ആൾ കപട വിശ്വാസിയാണെന്ന തീരുമാനത്തിൽ അവർക്ക് വേണ്ടി ജനാസ നമസ്ക്കരിക്കാതിരിക്കാൻ തീരുമാനമെടുക്കാനാകുമായിരുന്നുള്ളൂ. തബൂക്കിൽ നിന്നുള്ള മടക്ക യാത്രയിൽ നബി(സ) യെ അപായപെടുത്തി കൊല്ലാൻ ശ്രമിച്ച പന്ത്രണ്ട് കപട വിശ്വാസികളെ പറ്റി ഹുദൈഫത്തുബ്നുൽ യമാൻ(റ) എന്ന സഹാബിക്ക് അത് പരസ്യമാക്കരുതെന്ന നിർദ്ദേശത്തോടെ, നബി(സ) അറിയിച്ച് കൊടുത്തിരുന്നു. (അദ്ദേഹം റസൂൽ(സ) തിരുമേനിയുടെ രഹസ്യക്കാരൻ എന്നാണ് അറിയപ്പെട്ടിരുന്നത്) അത് കൊണ്ട് കപടവിശ്വാസിയെന്ന് സംശയിക്കപ്പെടുന്ന വ്യക്തിയെ പറ്റി അദ്ദേഹത്തിന്റെ നിലപാടെന്തെന്നറിഞ്ഞതിന് ശേഷമെ ഉമർ(റ) അയാളുടെ പേരിൽ ജനാസ നമസ്ക്കരിച്ചിരുന്നുള്ളൂ.

കപടവിശ്വാസികളു (മുനാഫിഖുകൾ)ടെ സ്വഭാവങ്ങളും ചെയ്തികളുമായി ഖുർ ആനിലും ഹദീസുകളിലും പ്രസ്താവിക്കപെട്ട കാര്യങ്ങൾ എല്ലാ കാലത്തെ കപട വിശ്വാസികളിലും പൊതുവെ കാണാവുന്നതാണ്. ഖുർആനിലോ നബി(സ)യിലൊ, ഇസ്ലാമിലൊ ഒന്നും തന്നെ വിശ്വാസമില്ലാതെ, താല്ക്കാലികമായ ചില കാര്യലാഭങ്ങളെ മുൻ നിർത്തി ശഹാദത്ത് കലിമ ചൊല്ലി ഇസ്ലാമിൽ കടന്ന് കൂടിയവരായിരുന്നു നബി(സ) യുടെ കാലത്തുണ്ടായിരുന്ന കപടവിശ്വാസികൾ. അവർക്ക് ഇസ്ലാമിന് നേരെയുണ്ടായിരുന്ന ശത്രുത അവരുടെ വാക്കുകളിലും പ്രവർത്തികളിലും നിന്ന് പ്രകടവുമായിരുന്നു. എന്നിട്ട് പോലും, അല്ലാഹുവിന്റെ കല്പനകൾ വരുന്നത് വരേയും, അവർക്ക് വേണ്ടി പാപമോചനം തേടുകയും, അവരുടെ പേരിൽ നമസ്ക്കരിക്കുകയും ചെയ്യുമായിരുന്നു

ഇന്നത്തെ കാലത്തെ കപടവിശ്വാസികളെ പറ്റി പറയുകയാണെങ്കിൽ , അവർ ഇസ്ലാമിൽ വിശ്വാസമുള്ളവരാണെങ്കിലും, വിശ്വാസത്തിന്റെ ദൗർബല്ല്യം, അജ്ഞത, സ്വേഛാപരമൊ ഐഹികമൊ ആയ താല്പര്യങ്ങൾ, എന്നീ കാരണങ്ങളാൽ ഇസ്ലാമിക നിയമങ്ങളെ അവഗണിച്ച് പാപങ്ങളിൽ മുഴുകിയവരായിരിക്കും അവർ.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ നബി(സ)യുടെ കാലത്തുള്ള കാപട്യം വിശ്വാസത്തിലുള്ള കാപട്യം **نفاق الايمان** ആയിരുന്നു; പിൽകാലത്തെ കാപട്യമാകട്ടെ, അനുഷ്ഠാനങ്ങളിലുള്ള കാപട്യം **نفاق العمل** ആകുന്നു.

അത്പോലെ ഖുർആനിലും ഹദീസുകളിലും സാധാരണ ഉപയോഗിച്ച് വരാറുള്ള ഒരു പദമാകുന്നു. "ഫാസിഖ്" എന്ന പദം . "തോന്നിയവാസി, ദുർനടപ്പുകാരൻ , ധിക്കാരി, അനുസരണം കെട്ടവൻ" എന്നൊക്കെയാണിതിന്റെ വാക്കിനർത്ഥം. ഖുർആനിൽ ഈ വാക്ക് പലപ്പോഴും പ്രയോഗിച്ച് കാണുന്നത് 'കാഫിറി'നെയും 'മുനാഫിഖി' നേയും ഉദ്ദേശിച്ചാകുന്നു. ഈ വചനത്തിലെ അവസാന വാക്യം തന്നെ ഇതിന് ഉദാഹരണമാകുന്നു "കപട വിശ്വാസികൾ തന്നെയാണ് ഫാസിഖുകൾ"എന്ന് 67ാം വചനത്തിലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനോട് യാതൊന്നിനെയും പങ്ക് ചേർക്കാതിരിക്കുന്നതിനേയും കുറിച്ച് പ്രസ്താവിച്ച് കൊണ്ട് സൂ : നൂർ 55 ാം വചനത്തിൽ അല്ലാഹു ഇപ്രകാരം പറയുന്നു: "അതിന് ശേഷം ആർ അവിശ്വസിച്ചുവൊ, അവർ തന്നെയാകുന്നു ഫാസിഖുകൾ" വേറെയും ധാരാളം ഉദാഹരണങ്ങൾ ഇത് സംബന്ധമായി കാണാവുന്നതാണ്. ഖുർആന്റെ ഭാഷയിൽ 'ഫാസിഖ്' എന്ന വാക്ക് കാഫിറിന് തുല്ല്യമായ - അല്ലെങ്കിൽ അതിനേക്കാൾ ഗൗരവമായ - ഒരു അർത്ഥം ഉൾകൊള്ളുന്നതാണെന്ന് കാണാവുന്നതാണ്. ഏതെങ്കിലും മഹാപാപം ചെയ്തവൻ, അല്ലെങ്കിൽ ചെറുപാപങ്ങൾ ചെയ്യുക പതിവാക്കിയവൻ എന്നിങ്ങനെ ലഘുവായ ഒരു ആശയത്തിലാണ്, 'ഫാസിഖ്' എന്ന പദം മുസ്ലീംകൾക്കിടയിൽ, പൊതുവെ പ്രയോഗിച്ച് വരുന്നത്. എന്നാൽ ഖുർആന്റെ 'ഫാസിഖ്' എന്ന പ്രയോഗം ഈ ആശയത്തേക്കാൾ , വളരെ ഗൗരവമേറിയ അർത്ഥത്തിലാണെന്ന് മനസ്സിലാക്കേണ്ടതാകുന്നു.

**വചനം 85**

85 അവരുടെ സ്വത്തുക്കളും, അവരുടെ മക്കളും നിന്നെ ആശ്ചര്യപ്പെടുത്തരുത്. നിശ്ചയമായും, അല്ലാഹു ഉദ്ദേശിക്കുന്നത് അവ മൂലം ഇഹത്തിൽ അവരെ ശിക്ഷിക്കുവാനും, അവർ അവിശ്വാസികളായുംകൊണ്ട് അവരുടെ ജീവൻ പോകുവാനും തന്നെയാണ്.

وَلَا تُعۡجِبۡكَ أَمۡوَٰلُهُمۡ وَأَوۡلَٰدُهُمۡۚ إِنَّمَا يُرِيدُ ٱللَّهُ أَن يُعَذِّبَهُم بِهَا فِي ٱلدُّنۡيَا وَتَزۡهَقَ أَنفُسُهُمۡ وَهُمۡ كَٰفِرُونَ ٨٥

55-ാം വചനത്തിലെ ആശയം ഈ വചനത്തിൽ ആവർത്തിച്ചുറപ്പിച്ചിരിക്കുകയാണ് . ആ വചനത്തിന്റെ വ്യാഖ്യാനം ഇവിടെയും ഓർമ്മിക്കുക.

**വചനം 86, 87**

86 അല്ലാഹുവിൽ വിശ്വസിക്കുകയും, അവൻെറ റസൂലിൻെറ കൂടെ സമരം ചെയ്യുകയും ചെയ്യുവിൻ എന്ന് വല്ല 'സൂറത്തും' (അദ്ധ്യായവും) അവതരിച്ചാൽ, അവരിൽ നിന്ന് ശേഷിയുള്ളവർ നിന്നോടു സമ്മതം ചോദിക്കുന്നതാണ്; അവർ പറയുകയും ചെയ്യും: "ഞങ്ങളെ വിട്ടേക്കണം-ഞങ്ങൾ (പോരാതെ) ഇരിക്കുന്നവരോടൊപ്പം ആയിക്കൊള്ളാം.

87 (യുദ്ധത്തിനു പോകാതെ) പിന്തിനിൽക്കുന്ന സ്ത്രീകളുടെ കൂടെയായിരിക്കുവാൻ അവർ തൃപ്തിപ്പെട്ടിരിക്കുകയാണ്; അവരുടെ ഹൃദയങ്ങളുടെ മേൽ മുദ്ര കുത്തപ്പെടുകയും ചെയ്തിരിക്കുന്നു. അതിനാൽ അവർ കാര്യം ഗ്രഹിക്കുന്നില്ല.

وَإِذَآ أُنزِلَتۡ سُورَةٌ أَنۡ ءَامِنُواْ بِٱللَّهِ وَجَٰهِدُواْ مَعَ رَسُولِهِ ٱسۡتَـٔۡذَنَكَ أُوْلُواْ ٱلطَّوۡلِ مِنۡهُمۡ وَقَالُواْ ذَرۡنَا نَكُن مَّعَ ٱلۡقَٰعِدِينَ ٨٦

رَضُواْ بِأَن يَكُونُواْ مَعَ ٱلۡخَوَالِفِ وَطُبِعَ عَلَىٰ قُلُوبِهِمۡ فَهُمۡ لَا يَفۡقَهُونَ ٨٧

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യണമെന്ന് കല്പിക്കുന്ന ഖുർആൻ വചനങ്ങൾ അവതരിക്കുമ്പോഴേക്കും കപടവിശ്വാസികൾ വിറളിയെടുത്ത് റസൂൽ(സ) തിരുമേനിയെ സമീപിച്ച് ഒഴിവു കഴിവുകൾ നിരത്തി,യുദ്ധത്തിൽ പങ്കെടുക്കുന്നതിൽ നിന്നും മാറിനിൽക്കും - സ്ത്രീകളെപോലെ വീട്ടിൽ അടങ്ങിയിരിക്കുവാനാണവർക്കു താല്പര്യം; ആണുങ്ങളെ പോലേ ശത്രുക്കളെ നേരിടുന്നതല്ല. വേണ്ടതൊന്നും, ഉള്ളിലേക്ക് പ്രവേശിക്കാത്തവിധം, അവരുടെ ഹൃദയങ്ങൾ നിശ്ശേഷ്ടമായിരിക്കുന്നു എന്നാണ് "ഹൃദയങ്ങളുടെ മേൽ മുദ്ര കുത്തി" എന്ന പ്രയോഗം മൂലം അർത്ഥമാക്കുന്നത്.

**വചനം 88, 89, 90**

88 പക്ഷേ, റസൂലും, അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരുമാകട്ടെ, തങ്ങളുടെ ധനം കൊണ്ടും, തങ്ങളുടെ ദേഹംകൊണ്ടും അവർ സമരം ചെയ്യുന്നതാണ്. അക്കൂട്ടരാകട്ടെ, അവർക്കാണ് നൻമകളും (ഉള്ളത്). അക്കൂട്ടർ തന്നെയാണ് വിജയം പ്രാപിക്കുന്നവരും.

89 അവർക്ക് അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളെ അല്ലാഹു ഒരുക്കിവെച്ചിരിക്കുന്നു; അതിൽ (അവർ) നിത്യവാസികളായിക്കൊണ്ട്. അതത്രെ, വമ്പിച്ച ഭാഗ്യം.

لَٰكِنِ ٱلرَّسُولُ وَٱلَّذِينَ ءَامَنُواْ مَعَهُۥ جَٰهَدُواْ بِأَمۡوَٰلِهِمۡ وَأَنفُسِهِمۡۚ وَأُوْلَٰٓئِكَ لَهُمُ ٱلۡخَيۡرَٰتُۖ وَأُوْلَٰٓئِكَ هُمُ ٱلۡمُفۡلِحُونَ ٨٨

أَعَدَّ ٱللَّهُ لَهُمۡ جَنَّٰتٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ خَٰلِدِينَ فِيهَاۚ ذَٰلِكَ ٱلۡفَوۡزُ ٱلۡعَظِيمُ ٨٩

**വിഭാഗം 12**

90 ‘അഅ്റാബി’ (മരുഭൂവാസി)കളിൽനിന്ന് ഒഴികഴിവു സമർപ്പിക്കുന്നവർ, തങ്ങൾക്ക് സമ്മതം നൽകപ്പെടുവാൻ വേണ്ടി വന്നു. അല്ലാഹുവിനോടും, അവൻെറ റസൂലിനോടും വ്യാജം പറഞ്ഞവർ (വീട്ടിൽ) ഇരിക്കുകയും ചെയ്തു. അവരിൽനിന്ന് അവിശ്വസിച്ചിട്ടുള്ളവർക്ക് വഴിയെ വേദനയേറിയ ശിക്ഷ ബാധിക്കുന്നതാണ്.

وَجَآءَ ٱلۡمُعَذِّرُونَ مِنَ ٱلۡأَعۡرَابِ
لِيُؤۡذَنَ لَهُمۡ وَقَعَدَ ٱلَّذِينَ كَذَبُواْ ٱللَّهَ
وَرَسُولَهُۥۚ سَيُصِيبُ ٱلَّذِينَ كَفَرُواْ
مِنۡهُمۡ عَذَابٌ أَلِيمٞ ٩٠

---

ചില ‘അഅ്റാബികൾ’ അഥവാ ‘ബദുക്കൾ’ (‘മരുപ്രദേശങ്ങളിൽ താമസിച്ച് വരുന്ന ഉൾനാട്ടുകാരായ അറബികൾ) നബി(സ)യുടെ അടുക്കൽ വന്ന് തബൂക്ക് യാത്രയിൽ തങ്ങൾക്ക് പങ്കെടുക്കുവാൻ സാധിക്കാതിരിക്കുമാറുള്ള ചില ഒഴിവുകഴിവുകൾ അവതരിപ്പിച്ച് കൊണ്ട് റസൂൽ(സ) തിരുമേനിയുടെ സമ്മതം തേടുകയുണ്ടായി. അവരിൽ പെട്ട ചില കപട വിശ്വാസികളാകട്ടെ, ഇല്ലാത്ത കാരണങ്ങൾ കളവായി പറഞ്ഞ് പിൻമാറിക്കളയുകയും ചെയ്തു. അവിശ്വാസം നിമിത്തം കളവ് പറഞ്ഞവരെ പറ്റിയാണ് ‘വഴിയെ വേദനയേറിയ ശിക്ഷ ബാധിക്കു’മെന്ന് പറഞ്ഞത്

---

**വചനം 91, 92, 93**

91 ബലഹീനരുടെ മേലാകട്ടെ, രോഗികളുടെ മേലാകട്ടെ, ചിലവഴിക്കുവാനുള്ളതു കിട്ടാത്തവരുടെ മേലാകട്ടെ, ഒരു വിഷമവും (കുറ്റവും) ഇല്ല; അവർ അല്ലാഹുവിനും, അവൻെറ റസൂലിനും ഗുണം കാംക്ഷിച്ചാൽ (അഥവാ നിഷ്കളങ്കരായിരുന്നാൽ). സൽഗുണവാൻമാരുടെ മേൽ യാതൊരു മാർഗ്ഗവും (സ്വീകരിക്കുവാൻ) ഇല്ല. അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

92 യാതൊരുകൂട്ടരുടെ മേലും (ഒരു മാർഗ്ഗവും) ഇല്ല: നീ അവരെ (വാഹനം) കയറ്റിക്കൊടുക്കുവാൻവേണ്ടി നിൻെറ അടുക്കൽ അവർ വന്നപ്പോൾ, നീ (അവരോടു) പറഞ്ഞു: “നിങ്ങളെ കയറ്റുവാനുള്ളത് (അതിനുള്ള വക) ഞാൻ കണ്ടെത്തുന്നില്ല;” (അങ്ങനെ) വ്യസനത്താൽ തങ്ങളുടെ കണ്ണുകൾ അശ്രു (ധാര) ഒഴുകിക്കൊണ്ട് അവർ തിരിഞ്ഞു പോയി; തങ്ങൾക്ക് ചിലവഴിക്കുവാനുള്ളത് (അതിനുള്ള വക) അവർ കണ്ടെത്താത്തതിനാൽ!

93 നിശ്ചയമായും മാർഗ്ഗം (ഉള്ളത്), തങ്ങൾ ധനികരായിരിക്കെ നിന്നോടു സമ്മതം തേടുന്നവരുടെ മേൽ മാത്രമാകുന്നു. അവർ പിന്തി നിൽക്കുന്ന സ്ത്രീകളോടു കൂടെയായിരിക്കുവാൻ തൃപ്തിപ്പെട്ടിരിക്കുകയാണ്: അവരുടെ ഹൃദയങ്ങളുടെമേൽ അല്ലാഹു മുദ്ര കുത്തുകയും ചെയ്തിരിക്കുന്നു. അതിനാൽ, അവർ അറിയുന്നില്ല.

لَّيۡسَ عَلَى ٱلضُّعَفَآءِ وَلَا عَلَى ٱلۡمَرۡضَىٰ
وَلَا عَلَى ٱلَّذِينَ لَا يَجِدُونَ مَا
يُنفِقُونَ حَرَجٌ إِذَا نَصَحُواْ لِلَّهِ
وَرَسُولِهِۦۚ مَا عَلَى ٱلۡمُحۡسِنِينَ مِن
سَبِيلٖۚ وَٱللَّهُ غَفُورٞ رَّحِيمٞ ٩١
وَلَا عَلَى ٱلَّذِينَ إِذَا مَآ أَتَوۡكَ
لِتَحۡمِلَهُمۡ قُلۡتَ لَآ أَجِدُ مَآ أَحۡمِلُكُمۡ
عَلَيۡهِ تَوَلَّواْ وَّأَعۡيُنُهُمۡ تَفِيضُ مِنَ ٱلدَّمۡعِ
حَزَنًا أَلَّا يَجِدُواْ مَا يُنفِقُونَ ٩٢

۞ إِنَّمَا ٱلسَّبِيلُ عَلَى ٱلَّذِينَ
يَسۡتَـٔۡذِنُونَكَ وَهُمۡ أَغۡنِيَآءُۚ رَضُواْ بِأَن
يَكُونُواْ مَعَ ٱلۡخَوَالِفِ وَطَبَعَ ٱللَّهُ عَلَىٰ
قُلُوبِهِمۡ فَهُمۡ لَا يَعۡلَمُونَ ٩٣

യുദ്ധ കല്പനകളിൽ നിന്ന് ഒഴിവ് അനുവദിക്കപ്പെട്ടവർ ആരൊക്കെയാണെന്ന് അല്ലാഹു വിവരിക്കുന്നു.

1 ബലഹീനൻമാർ , പ്രകൃത്യാ ദുർബ്ബലരായ കുട്ടികൾ, സ്ത്രീകൾ, വയോധികർ, അന്ധൻമാർ മുടന്തൻമാർ, മുതലായവർ. 2 യുദ്ധത്തിനും യാത്രക്കും വിഷമകരമായ രോഗങ്ങളുള്ളവർ. 3 ഭക്ഷണം, വാഹനം മുതലായ യാത്രാ ചിലവുകൾക്ക് വകയില്ലാത്തവർ. എന്നാൽ ഇവരൊക്കെ ഗുണകാംക്ഷികളും നിഷ്കളങ്കരുമായിരിക്കേണ്ടതുണ്ട്- അല്ലാത്ത പക്ഷം അവരുടെ മേലും നടപടി എടുക്കേണ്ടതാകുന്നു.

മേൽ പറഞ്ഞ മൂന്നാമത്തെ വകുപ്പിൽ പെട്ട ചില പ്രത്യേക വിഭാഗം വ്യക്തികളെപറ്റി 92-ാം വചനത്തിൽ പ്രത്യേകം എടുത്ത് പറയുന്നു. അവർ നബി(സ)യുടെ അടുക്കൽ വന്ന് വല്ല വിധേനയും വാഹനത്തിന് മാർഗ്ഗമുണ്ടാക്കിത്തന്ന്, തങ്ങളെ കൂടി കൊണ്ട് പോകണമെന്നപേക്ഷിച്ചു. ആയതിനുള്ള വക എന്റെ പക്കൽ ഇല്ലെന്ന് നബി(സ) പറഞ്ഞപ്പോൾ, അവർ ദുഖം താങ്ങാനാകാതെ, കണ്ണീരൊഴുക്കി കൊണ്ട് തിരിച്ച് പോകുകയുണ്ടായി. ഈ സഹാബികൾ بكاءون 'അധികമായി കരഞ്ഞവർ' എന്ന പേരിൽ അറിയപ്പെടുന്നു.

എന്നാൽ ധനവും മറ്റു സാഹചര്യങ്ങളുമൊക്കെ ഉണ്ടായിട്ടും ഓരോരോ ഒഴിവുകഴിവുകൾ പറഞ്ഞൊപ്പിച്ച് സ്ത്രീകളെപോലെ വീട്ടിൽ ചടഞ്ഞിരിക്കാൻ തുനിഞ്ഞവരുടെ മേൽ നടപടി എടുക്കുക തന്നെ വേണം.

യുദ്ധത്തിൽ പങ്കെടുക്കാൻ ആത്മാർത്ഥമായ ആഗ്രഹമുണ്ടായിട്ടും, സാഹചര്യം നിമിത്തം അതിന് സാധിക്കാതെ വരുന്നവർക്ക്, - അവർ പങ്കെടുക്കാതെ തന്നെ - അല്ലാഹു പ്രതിഫലം നല്കുന്നതാണെന്ന് ഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

## ജുസ്അ് - 11

**വചനം 94**

يَعْتَذِرُونَ إِلَيْكُمْ إِذَا رَجَعْتُمْ إِلَيْهِمْ ۚ قُل لَّا تَعْتَذِرُوا لَن نُّؤْمِنَ لَكُمْ قَدْ نَبَّأَنَا ٱللَّهُ مِنْ أَخْبَارِكُمْ ۚ وَسَيَرَى ٱللَّهُ عَمَلَكُمْ وَرَسُولُهُۥ ثُمَّ تُرَدُّونَ إِلَىٰ عَٰلِمِ ٱلْغَيْبِ وَٱلشَّهَٰدَةِ فَيُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿٩٤﴾

94 നിങ്ങൾ അവരുടെ അടുക്കലേക്ക് മടങ്ങി (എത്തി)യാൽ അവർ നിങ്ങളോട് ഒഴികഴിവു പറയുന്നതാണ്. (അവരോടു) പറയുക: "നിങ്ങൾ ഒഴികഴിവു പറയേണ്ട; നിങ്ങളെ ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല; (കാരണം) നിങ്ങളുടെ വർത്തമാനങ്ങളിൽ നിന്നു(ചിലതൊക്കെ) അല്ലാഹു ഞങ്ങൾക്കു വിവരമറിയിച്ചിട്ടുണ്ട്. വഴിയെ നിങ്ങളുടെ പ്രവർത്തനം (എന്താണെന്ന്) അല്ലാഹുവും, അവൻെറ റസൂലും കാണുന്നതുമാണ്. പിന്നീട്, അദൃശ്യവും ദൃശ്യവും അറിയുന്നവനിലേക്കു നിങ്ങൾ മടക്കപ്പെടുകയും ചെയ്യും. അപ്പോൾ, നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനെക്കുറിച്ച് അവൻ നിങ്ങൾക്കു വിവരം നൽകും.

---

നബി(സ)യും സഹാബികളും തബൂക്കിൽ നിന്ന് തിരിച്ചെത്തിയാൽ കഴിവുണ്ടായിട്ടും യുദ്ധത്തിൽ പങ്കെടുക്കാത്ത കപട വിശ്വാസികൾ ഒഴിവ് കഴിവുമായി വരുമെന്നും, അപ്പോൾ അവരോട് ഇപ്രകാരം പറയണമെന്നും അല്ലാഹു നബി(സ) യെ അറിയിക്കുന്നു. "നിങ്ങളെ ഞങ്ങൾ വിശ്വസിക്കുന്നില്ല, നിങ്ങളുടെ യഥാർത്ഥ സ്ഥിതിയെ" പറ്റി അല്ലാഹു ഞങ്ങൾക്ക് അറിവ് തന്നിട്ടുണ്ട്. നിങ്ങളുടെ ഭാവി നിലപാട് അറിഞ്ഞതിന് ശേഷം അല്ലാഹുവും റസൂലും നിങ്ങളോട് പെരുമാറുന്നതാണ്. എല്ലാ രഹസ്യ പരസ്യങ്ങളും അറിയുന്ന അല്ലാഹുവിങ്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നതാണ്- അപ്പോൾ നിങ്ങളുടെ പ്രവർത്തികൾക്കനുസരിച്ചുള്ള നടപടി അല്ലാഹു സ്വീകരിക്കുന്നതുമാകുന്നു ".

---

**വചനം 95, 96**

سَيَحْلِفُونَ بِٱللَّهِ لَكُمْ إِذَا ٱنقَلَبْتُمْ

95 നിങ്ങൾ അവരിലേക്കു തിരിച്ചെത്തിയാൽ- നിങ്ങൾ അവരെക്കുറിച്ചു (നിരാക്ഷേപം)

إِلَيْهِمْ لِتُعْرِضُوا۟ عَنْهُمْ ۖ فَأَعْرِضُوا۟ عَنْهُمْ ۖ إِنَّهُمْ رِجْسٌ ۖ وَمَأْوَىٰهُمْ جَهَنَّمُ جَزَآءًۢ بِمَا كَانُوا۟ يَكْسِبُونَ ﴿٩٥﴾

തിരിഞ്ഞു കളയുവാൻവേണ്ടി-വഴിയെ അവർ നിങ്ങളോട് അല്ലാഹുവിനെക്കൊണ്ടു ശപഥം ചെയ്യും. എന്നാൽ, നിങ്ങൾ അവരെക്കുറിച്ച് (അവഗണിച്ചു) തിരിഞ്ഞു കളയുവിൻ. നിശ്ചയമായും അവർ, വൃത്തികെട്ടവരാകുന്നു; അവരുടെ സങ്കേതമാകട്ടെ, 'ജഹന്നമും' (നരകവും) ആകുന്നു; അവർ പ്രവർത്തിച്ചു (സമ്പാദിച്ചു) കൊണ്ടിരിക്കുന്നതിനു പ്രതിഫലമായിട്ട്.

يَحْلِفُونَ لَكُمْ لِتَرْضَوْا۟ عَنْهُمْ ۖ فَإِن تَرْضَوْا۟ عَنْهُمْ فَإِنَّ ٱللَّهَ لَا يَرْضَىٰ عَنِ ٱلْقَوْمِ ٱلْفَٰسِقِينَ ﴿٩٦﴾

96 നിങ്ങൾ അവരെക്കുറിച്ചു തൃപ്തിപ്പെടുവാൻ വേണ്ടി അവർ നിങ്ങളോട് ശപഥം ചെയ്യുന്നു. എന്നാൽ, നിങ്ങൾ അവരെക്കുറിച്ചു തൃപ്തി പ്പെടുന്ന പക്ഷം, നിശ്ചയമായും അല്ലാഹു (ആ) തോന്നിയവാസികളെക്കുറിച്ച് തൃപ്തി പ്പെടുകയില്ല.

---

നിങ്ങളിൽ നിന്ന് അവരുടെ നേരെ, ആക്ഷേപവും പ്രതിഷേധവുമില്ലാതിരിക്കാനാണ് ആ വൃത്തികെട്ടവർ അല്ലാഹുവിന്റെ നാമത്തിൽ നിങ്ങളോട് സത്യം ചെയ്ത് ഒഴിവ് കഴിവുകൾ സമർപ്പിക്കുന്നത്. നിങ്ങൾ അവരെ പറ്റി തൃപ്തിപ്പെട്ടാൽ പോലും അല്ലാഹു തൃപ്തിപെടുവാൻ പോകുന്നില്ല. ആ തോന്നിയ വാസികളുടെ സങ്കേത സ്ഥാനമാകട്ടെ നരകവുമാകുന്നു.

**വചനം 97**

ٱلْأَعْرَابُ أَشَدُّ كُفْرًا وَنِفَاقًا وَأَجْدَرُ أَلَّا يَعْلَمُوا۟ حُدُودَ مَآ أَنزَلَ ٱللَّهُ عَلَىٰ رَسُولِهِۦ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿٩٧﴾

97 'അഅ്റാബി'(മരുഭൂ വാസി)കൾ, അവിശ്വാസവും കപട വിശ്വാസവും കൂടുതൽ കഠിനമായ വരാകുന്നു; അല്ലാഹു അവൻെറ റസൂലിൻെറ മേൽ അവതരിപ്പിച്ചതിൻെറ പരിധികളെ അറിയാതിരിക്കുവാൻ കൂടുതൽ അവകാശ പ്പെട്ടവരുമാകുന്നു. അല്ലാഹു (എല്ലാം) അറിയുന്ന വനും, അഗാധജ്ഞനുമാണ്.

---

മരുവാസികളായ അഅ്റാബികൾ പൊതുവെ ഹൃദയം കടുത്തവരും , പരുഷ പ്രകൃതിക്കാരും അന്ധവി ശ്വാസികളും അജ്ഞരും പാരമ്പര്യ വാദികളും ആയിരിക്കും. അത്കൊണ്ട് അവർ അവിശ്വാസത്തിലും കാപട്യ ത്തിലും കൂടുതൽ കാഠിന്യമുള്ളവരും, അല്ലാഹു അവതരിപ്പിച്ച നിയമ നിർദ്ദേശങ്ങളിൽ കൂടുതൽ അജ്ഞരും ആയിരിക്കും.

പട്ടണങ്ങളിലും പരിസരങ്ങളിലും വസിക്കുന്ന അറബികളെപോലെ, അഅ്റാബികൾക്ക് നബി(സ)യു മായും സത്യ വിശ്വാസികളുമായും സമ്പർക്കം പുലർത്താനും, ഖുർആനും സദുപദേശങ്ങളും കേൾക്കുവാനും ഉള്ള അവസരങ്ങൾ വിരളമാണല്ലൊ.

---

**വചനം 98, 99**

وَمِنَ ٱلْأَعْرَابِ مَن يَتَّخِذُ مَا يُنفِقُ مَغْرَمًا وَيَتَرَبَّصُ بِكُمُ ٱلدَّوَآئِرَ ۚ عَلَيْهِمْ دَآئِرَةُ ٱلسَّوْءِ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿٩٨﴾

98 'അഅ്റാബി'കളിലുണ്ടു ചിലർ: തങ്ങൾ ചിലവഴിക്കുന്നതിനെ അവർ ഒരു നഷ്ട ബാധയാക്കിത്തീർക്കുന്നു; നിങ്ങളിൽ അവർ കാലദോഷങ്ങൾ (ആപത്തുകൾ) പ്രതീക്ഷി ക്കുകയും ചെയ്യുന്നു. ദുഷിച്ച കാലദോഷം അവരുടെമേൽ ഉണ്ടാവട്ടെ! അല്ലാഹു (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനുമാകുന്നു.

وَمِنَ ٱلْأَعْرَابِ مَن يُؤْمِنُ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ وَيَتَّخِذُ مَا يُنفِقُ قُرُبَـٰتٍ عِندَ ٱللَّهِ وَصَلَوَٰتِ ٱلرَّسُولِ ۚ أَلَآ إِنَّهَا قُرْبَةٌ لَّهُمْ ۚ سَيُدْخِلُهُمُ ٱللَّهُ فِى رَحْمَتِهِۦٓ ۗ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٩٩﴾

99 'അഅ്റാബി'കളിലുണ്ട് ചിലരും; അവർ അല്ലാഹുവിലും, അന്ത്യനാളിലും വിശ്വസിക്കുന്നു; തങ്ങൾ ചിലവഴിക്കുന്നതിനെ അവർ, അല്ലാഹുവിൻെറ അടുക്കൽ (സാമീപ്യം സിദ്ധിക്കുന്ന) പുണ്യ കർമ്മങ്ങളും, റസൂലിൻെറ പ്രാർത്ഥന (ക്കുള്ള വഴി) കളുമാക്കിത്തീർക്കുകയും ചെയ്യുന്നു. അറിയുക! നിശ്ചയമായും, അത് അവർക്ക് (സാമീപ്യം സിദ്ധിക്കുന്ന) പുണ്യ കർമ്മമാകുന്നു വഴിയെ, അവരെ അല്ലാഹു അവൻെറ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നതാണ്. നിശ്ചയമായും അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

അഅ്റാബികളിൽ തന്നെ രണ്ട് വിഭാഗം ആൾക്കാരുണ്ട് അവരിലെ കപട വിശ്വാസികളെ പറ്റിയാണ് ആദ്യത്തെ വചനത്തിൽ പ്രസ്താവിക്കുന്നത്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വല്ലതും ചിലവഴിക്കേണ്ടി വരുമ്പോൾ മനമില്ലാ മനസ്സോടെ ഒരു നഷ്ടബോധത്തോടെയായിരിക്കും അവരത് ചിലവഴിക്കുക. അധികം താമസിയാതെ, മുസ്ലീംകൾക്ക് കാല ദോഷങ്ങൾ നേരിടുമെന്നും, അത് വരേ മാത്രമെ തങ്ങൾ മുസ്ലീം വേഷം അഭിനയിക്കേണ്ടതുള്ളൂ എന്നുമവർ പ്രതീക്ഷിച്ച് കൊണ്ടിരിക്കുന്നു. എന്നാൽ അവരുടെ പ്രതീക്ഷക്ക് നേരെ വിപരീതമായിരിക്കും സംഭവിക്കുക.അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനും ആകുന്നു.

രണ്ടാമത്തെ വചനത്തിൽ, സത്യവിശ്വാസികളായ അഅ്റാബികളെ പറ്റി പ്രസ്താവിക്കുന്നു. അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചിലവഴിക്കുന്നത് അല്ലാഹവിന്റെ സാമീപ്യം ലഭിക്കുവാനും, നബി(സ), തങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ കാരണമായിത്തീരാനും, ഉദ്ദേശിച്ചായിരിക്കും. അവരുടെ സദുദ്ദേശ്യം പോലെ തന്നെ അല്ലാഹു അത് അംഗീകരിക്കുകയും, അവർക്ക് പാപമോചനവും കാരുണ്യവും ലഭിക്കുകയും ചെയ്യും. (103 ാം വചനം നോക്കുക)

## വിഭാഗം 13

**വചനം 100**

وَٱلسَّـٰبِقُونَ ٱلْأَوَّلُونَ مِنَ ٱلْمُهَـٰجِرِينَ وَٱلْأَنصَارِ وَٱلَّذِينَ ٱتَّبَعُوهُم بِإِحْسَـٰنٍ رَّضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ وَأَعَدَّ لَهُمْ جَنَّـٰتٍ تَجْرِى تَحْتَهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَآ أَبَدًا ۚ ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ﴿١٠٠﴾

100 'മുഹാജിറു'കളിൽ നിന്നും, 'അൻസാരി'കളിൽ നിന്നും ആദ്യത്തേവരായ മുൻകടന്നവരും, (നിഷ്കളങ്കം) സുകൃതം ചെയ്തുകൊണ്ട് അവരെ പിൻതുടർന്നവരും, അവരെക്കുറിച്ച് അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു; അവർ അവനെക്കുറിച്ചും തൃപ്തിപ്പെട്ടിരിക്കുന്നു; അടിഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളെ അവർക്കു വേണ്ടി അവൻ ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു; അതിൽ (അവർ) എന്നെന്നും നിത്യവാസികളായിക്കൊണ്ട്. അതത്രെ വമ്പിച്ച ഭാഗ്യം!

---

നബി(സ) തിരുമേനിയോടൊപ്പം മദീനയിലേക്ക് ഹിജ്റ പോന്ന മുഹാജിറുകളിലും അവരെയും ഇസ്ലാമിനെയും അതീവ സന്മനസ്സോടെ സഹായിച്ച മദീനയിലെ അൻസാരികളിലും പെട്ട ആദ്യമാദ്യം മുന്നോട്ട് വന്ന ത്യാഗസന്നദ്ധരെക്കുറിച്ചാണ് **السابقون** (മുൻ കടന്നവർ) എന്ന് വിശേഷിപ്പിച്ചത്. മുഹാജിറുകളിൽ, ഹിജ്റ ആറാം കൊല്ലത്തിൽ ഹുദൈബിയ സന്ധിക്ക് മുമ്പ് വന്ന സഹാബികൾ ഈ വിഭാഗത്തിൽ പെടുന്നു. അവരിൽ തന്നെ ആദ്യമാദ്യം വന്ന ആളുകൾക്ക് മുൻഗണനയുണ്ട് താനും. നബി(സ) യുടെ പ്രവാചകത്വത്തിന്റെ പതിനൊന്നാം കൊല്ലത്തിൽ ഏഴ് പേരും പന്ത്രണ്ടാം കൊല്ലത്തിൽ എഴുപത്തി രണ്ട് പേരും (രണ്ട് സ്ത്രീകൾ ഉൾപെടെ) മദീനായിൽ നിന്ന് മക്കയിൽ വന്ന് ഇസ്ലാമിൽ വിശ്വസിച്ച് നബി(സ) യുമായി ബൈഅത്തുൽ അഖബ: എന്ന ഉടമ്പടി നടത്തിപോയിരുന്നു. ഇവരാണ് അൻസാരികളിലെ 'മുൻ കടന്നവർ' എന്ന സ്ഥാനം അർഹിക്കുന്നവർ **السابقون** (മുൻ കടന്നവർ) എന്നതിനെ പറ്റി വേറെയും അഭിപ്രായമുണ്ടെങ്കിലും ഇപ്പറഞ്ഞതാണ് പൊതുവെ

അംഗീകരിക്കപെട്ട് വരുന്നത്.

അങ്ങനെ 'മുൻകടന്നവർ' ആയിട്ടുള്ളവരെക്കുറിച്ചും അവരുടെ മാതൃകകളെ പിൻ പറ്റി കൊണ്ട് ഇരു വിഭാഗങ്ങളിലും പെട്ട സത്യവിശ്വാസികളെക്കുറിച്ചും അല്ലാഹു തൃപ്തിപെട്ടിരിക്കുന്നു- അവന്റെ മഹത്തായ കാരുണ്യത്തിനും അനുഗ്രഹങ്ങൾക്കും അവർ അർഹരായിരിക്കുന്നു. അവർ അല്ലാഹുവിനെക്കുറിച്ചും തൃപ്തിപെട്ടിരിക്കുന്നു. ശിർക്ക് കുഫ്റുകളിൽ നിന്നും അനാചാരങ്ങളിൽ നിന്നും അല്ലാഹു രക്ഷിച്ച അവർ തികച്ചും സന്തുഷ്ടരുമാകുന്നു. ഉൽകൃഷ്ടവും പരിപാവനുമായ ജീവിത രീതിക്ക് അവൻ അവരെ ഉത്തമ മാതൃകകളാക്കുകയും അവരുടെ കൈക്ക് ഇസ്ലാമിന് വിജയവും അഭിവൃദ്ധിയും നല്കുകയും ചെയ്തു. പരലോകത്താകട്ടെ അവർക്ക് അതി മഹത്തായ സ്വർഗ്ഗീയാനുഗ്രഹങ്ങളും ഒരുക്കി വെക്കപെട്ടിരിക്കുന്നു.

---

<u>വചനം 101, 102</u>

وَمِمَّنْ حَوْلَكُم مِّنَ ٱلْأَعْرَابِ مُنَٰفِقُونَ ۖ
وَمِنْ أَهْلِ ٱلْمَدِينَةِ ۖ مَرَدُوا۟ عَلَى ٱلنِّفَاقِ لَا
تَعْلَمُهُمْ ۖ نَحْنُ نَعْلَمُهُمْ ۚ سَنُعَذِّبُهُم مَّرَّتَيْنِ
ثُمَّ يُرَدُّونَ إِلَىٰ عَذَابٍ عَظِيمٍ ﴿١٠١﴾

وَءَاخَرُونَ ٱعْتَرَفُوا۟ بِذُنُوبِهِمْ خَلَطُوا۟ عَمَلًا
صَٰلِحًا وَءَاخَرَ سَيِّئًا عَسَى ٱللَّهُ أَن يَتُوبَ
عَلَيْهِمْ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٠٢﴾

101 'അഅ്റാബി'കളിൽ നിന്നു നിങ്ങളുടെ ചുറ്റുപാടിലുള്ളവരിലുമുണ്ട് കപട വിശ്വാസികൾ; മദീനക്കാരിൽ തന്നെയുമുണ്ട് (കപടവിശ്വാസികൾ). അവർ കാപട്യത്തിൽ (ശീലിച്ച്) മുരടിച്ചിരിക്കുകയാണ്. (നബിയേ) നീ അവരെ അറിയുകയില്ല; നാം അവരെ അറിയുന്നു. നാമവരെ രണ്ടു പ്രാവശ്യം ശിക്ഷിക്കുന്നതാണ്; പിന്നീട്, വമ്പിച്ച ഒരു ശിക്ഷയിലേക്ക് അവർ തള്ളപ്പെടുകയും ചെയ്യും.

102 വേറെ ചിലരുമുണ്ട്; അവർ തങ്ങളുടെ പാപങ്ങളെ (സമ്മതിച്ച്) ഏറ്റു പറഞ്ഞിരിക്കുന്നു. അവർ സൽക്കർമ്മവും, വേറെ (ചില) ദുഷ്കർമ്മവും കൂട്ടിക്കലർത്തിയിരിക്കുന്നു. അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിച്ചേക്കാവുന്നതാണ്. നിശ്ചയമായും അല്ലാഹു, വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

---

മദീനാ നിവാസികളിലും അഅ്റാബികളിലുമുള്ള ഓരോ പ്രത്യേക വിഭാഗക്കാരെ പറ്റി അല്ലാഹു വിവരിക്കുന്നു. 1 കാപട്യത്തിൽ മുഴുകിയിരിക്കുന്ന അതിലൊരു വിഭാഗമുണ്ട് - അവരുടെ സാമർത്ഥ്യം മൂലം നബ(സ)ക്ക് അവരെ തിരിച്ചറിയാൻ കഴിയുകയില്ല. ചില അടയാളങ്ങൾ വഴിയും അല്ലാഹു അറിയിച്ചുകൊടുക്കുന്നതിലൂടെയും ചിലരെയൊക്കെ നബി(സ)ക്ക് മനസ്സിലാക്കാൻ കഴിയുമായിരുന്നു. മുഴുവൻ സൂക്ഷ്മമായും അല്ലാഹുവിന് മാത്രമെ അവരെ തിരിച്ചറിയുകയുള്ളൂ. "നാമവരെ രണ്ട് പ്രാവശ്യം ശിക്ഷിക്കും" എന്ന് പറഞ്ഞതിന്റെ സാരം പലരും വ്യത്യസ്ത വാക്കുകളിൽ ചൂണ്ടികാട്ടാറുള്ളതിനെ ഇങ്ങനെ സംഗ്രഹിക്കാം : കാപട്യത്തിന്റെ രഹസ്യം പുറത്താക്കുക, മാനസികവും സാമ്പത്തികവും, ശാരീരികവുമായ അവഗണനകളും അപമാനങ്ങളും അനുഭവിപ്പിക്കുക എന്നിവ ഒന്നാമത്തെ ശിക്ഷയും, അവിശ്വാസികളായി മരണപെടുക, മരണവേളയിലും ഖബറിൽ വെച്ചുമുള്ള ശിക്ഷാനുഭവങ്ങൾ രണ്ടാമത്തെ ശിക്ഷയും ആയിരിക്കും الله اعلم തുടർന്ന് പരലോക ശിക്ഷ അതിന് പുറമെയും.

2. മറ്റൊരു കൂട്ടർ കപട വിശ്വാസികളല്ലെങ്കിലും, നല്ല കർമ്മങ്ങളിലൂടെ ദുഷിച്ച കർമ്മങ്ങളും കൂട്ടി കലർത്തിയിട്ടുള്ളവരാണ്. തങ്ങളുടെ പാപങ്ങളെ പറ്റി അവർ ബോധവാന്മാരും, കുറ്റം ഏറ്റ് പറഞ്ഞ് പശ്ചാത്തപിക്കുന്നവരുമാണവർ. ഇവർക്ക് അല്ലാഹു പൊറുത്ത് കൊടുക്കുമെന്നും, തികച്ചും പ്രതീക്ഷിക്കാം.

'വേറെ ചിലർ തങ്ങളുടെ പാപങ്ങളെ (സമ്മതിച്ച്) ഏറ്റ് പറഞ്ഞിരിക്കുന്നു' എന്ന വചനം താഴെ പറയുന്ന സംഭവം സംബന്ധിച്ചാണെന്ന് ഇബ്നു ജരീർ (റ) മുതലായ പല വ്യാഖ്യാതാക്കളും പ്രസ്താവിക്കുന്നു.

തക്കതായ കാരണം കൂടാതെ തബൂക്ക് യുദ്ധയാത്രയിൽ നിന്ന് ഒഴിഞ്ഞ് മാറിയ അബു ലൂബാ ബത്തൽ അൻസാരി(റ) യും അദ്ദേഹത്തിന്റെ കൂട്ടുകാരും തങ്ങളുടെ തീരുമാനത്തിൽ ഖേദത്തിലാകുകയും , പശ്ചാത്താപ പ്രകടനമെന്ന നിലയിൽ, പള്ളിയുടെ തൂണുകളിൽ സ്വയം ബന്ധിതരാകുകയും ചെയ്തു. റസൂൽ(സ) തിരികെ വന്ന് ഒഴിവ് കഴിവ് നല്കി അഴിച്ച് വിടുന്നത് വരെ അങ്ങനെ തന്നെ കഴിയാനും തീരുമാനിച്ചു. മടക്കയാത്രയിൽ പള്ളിയിലെത്തിയ റസൂൽ (സ) അല്ലാഹുവിന്റെ കല്പന കിട്ടാതെ അവർക്ക് ഒഴിവ് കഴിവ് നല്കുകയില്ലെന്ന് പറ

യുകയുണ്ടായി. അനന്തരം, പ്രസ്തുത വചനം അവതരിക്കുകയും നബി(സ) അവരെ അഴിച്ച വിടുകയും, അവർക്ക് ഒഴിവ് കഴിവ് നല്കുകയും ചെയ്തു.

**വചനം 103, 104**

خُذْ مِنْ أَمْوَٰلِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا وَصَلِّ عَلَيْهِمْ ۖ إِنَّ صَلَوٰتَكَ سَكَنٌ لَّهُمْ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿١٠٣﴾

103 (നബിയേ) അവരുടെ സ്വത്തുക്കളിൽ നിന്നും ധർമ്മം എടുക്കുക (വാങ്ങുക) അതുവഴി നീ അവരെ ശുദ്ധിയാക്കുകയും, സംസ്കരിക്കുകയും ചെയ്യുമാറ്. അവർക്ക് (അനുഗ്രഹത്തിനായി) പ്രാർത്ഥിക്കുകയും ചെയ്യുക. നിശ്ചയമായും, നിൻെറ പ്രാർത്ഥന അവർക്ക് ഒരു (മനഃ) സമാധാനമാകുന്നു. അല്ലാഹു (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനുമാകുന്നു.

أَلَمْ يَعْلَمُوٓا۟ أَنَّ ٱللَّهَ هُوَ يَقْبَلُ ٱلتَّوْبَةَ عَنْ عِبَادِهِۦ وَيَأْخُذُ ٱلصَّدَقَٰتِ وَأَنَّ ٱللَّهَ هُوَ ٱلتَّوَّابُ ٱلرَّحِيمُ ﴿١٠٤﴾

104 അവർക്കറിഞ്ഞുകൂടേ? അല്ലാഹു തന്നെയാണ് അവൻെറ അടിയാൻമാരിൽ നിന്നു 'തൗബഃ' (പശ്ചാത്താപം) സ്വീകരിക്കുകയും ദാനധർമ്മങ്ങൾ എടുക്കുകയും ചെയ്യുന്നതെന്നും, അല്ലാഹു തന്നെയാണ് പശ്ചാത്താപം സ്വീകരിക്കുന്നവനും, കരുണാനിധിയായുള്ളവനെന്നും!

ആവശ്യമായ വിഷയങ്ങളിൽ ചിലവഴിക്കാനായി ജനങ്ങളിൽ നിന്ന് ധർമ്മം സ്വീകരിക്കണമെന്നും , ധർമ്മം നല്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കണമെന്നും അല്ലാഹു നബി(സ) യൊട് കല്പിക്കുന്നു. അവർ നല്കുന്ന ദാന ധർമ്മങ്ങൾ അവരെ ശുദ്ധീകരിക്കുകയും സംസ്ക്കരിക്കുകയും ചെയ്യും. കൂടാതെ നബി(സ)യുടെ പ്രാർത്ഥന മൂലം അവർക്ക് മനസ്സിന് സമാധാനവും ശാന്തിയും ലഭിക്കുകയും ചെയ്യും. നബി(സ) "ഇന്ന ആളുകളുടെ കൂട്ടർക്ക് നീ അനുഗ്രഹം നല്കണമെ" എന്ന് ധർമ്മ ദാതാക്കൾക്ക് വേണ്ടി പ്രാർത്ഥിക്കുമായിരുന്നു. നബി(സ)യുടെ പ്രാർത്ഥന അല്ലാഹു വെറുതെയാക്കില്ലല്ലൊ. നബി(സ) യുടെ കാലശേഷം, ഈ കല്പനകൾ അതാത് കാലത്തെ ഭരണകർത്താക്കൾക്കും ബാധകമാകുന്നു.

രണ്ടാമത്തെ വചനത്തിൽ അല്ലാഹുവിന്റെ പ്രസ്താവനയും ചോദ്യവും പല ശ്രദ്ധേയമായ സൂചനകളും നല്കുന്നു. പശ്ചാത്താപം സ്വീകരിക്കുകയെന്നത് അല്ലാഹുവിന്റെ മാത്രം അധികാരാവകാശത്തിൽ പെട്ടതാകുന്നു. ധർമ്മങ്ങൾ വാങ്ങി, അതാത് മാർഗ്ഗത്തിൽ വിനിയോഗിക്കുന്നത് നബി(സ) യുടെ കൈക്കാണെങ്കിലും , യഥാർത്ഥത്തിൽ അത് ഏറ്റ് വാങ്ങുന്നത് അല്ലാഹുവാകുന്നു. അതിന് തക്ക പ്രതിഫലം അവൻ നല്കുകയും ചെയ്യും ; പാപങ്ങളിൽ നിന്ന് പശ്ചാത്തപിക്കലും , ധർമ്മം ചെയ്യലും, അല്ലാഹുവിന് ഇഷ്ടപെട്ട കാര്യങ്ങളാകുന്നു;ധർമ്മം നല്കുന്നത്, അവരവരുടെ പാപം പൊറുക്കാൻ കാരണമായിത്തീരുന്നതാകുന്നു. തബൂക്ക് യുദ്ധത്തിൽ നിന്ന് ആദ്യം പന്തിരിഞ്ഞു നിന്നുവെങ്കിലും, പിന്നീട് ഖേദത്തിലായ അബുലുബബത്തൽ അൻസാരി(റ) (വചനം 102 നോക്കുക)യും, കൂട്ടരും നബി(സ)യുടെ അടുക്കൽ വന്ന് "ഇതാ ഞങ്ങളുടെ ധനം; ഇത് ധർമ്മമായി സ്വീകരിച്ച് ഞങ്ങൾക്ക് വേണ്ടി അങ്ങ് പാപമോചനം തേടണം" എന്ന് അപേക്ഷിച്ചുവെങ്കിലും "നിങ്ങളുടെ ധനത്തിൽ നിന്ന് ഒന്നും വാങ്ങുവാൻ ഞാൻ കല്പിക്കപെട്ടിട്ടില്ല" എന്ന് തിരുമേനി ഉത്തരം പറയുകയാണുണ്ടായത് .

പിന്നീട് "അവരുടെ ധനത്തിൽ നിന്ന് ധർമ്മം വാങ്ങിക്കൊള്ളുക" എന്ന വചനം അവതരിച്ചപ്പോൾ നബി(സ) അവരുടെ സ്വത്തിന്റെ മൂന്നിലൊന്ന് സ്വീകരിച്ച് കൊണ്ട് അവർക്ക് വേണ്ടി ധർമ്മം ചെയ്യുകയുണ്ടായി എന്ന് ഇബ്നു ജരീർ(റ) ഉദ്ധരിച്ചിരിക്കുന്നു.

**വചനം 105**

وَقُلِ ٱعْمَلُوا۟ فَسَيَرَى ٱللَّهُ عَمَلَكُمْ وَرَسُولُهُۥ وَٱلْمُؤْمِنُونَ ۖ وَسَتُرَدُّونَ إِلَىٰ عَٰلِمِ ٱلْغَيْبِ وَٱلشَّهَٰدَةِ فَيُنَبِّئُكُم بِمَا

105 (നബിയേ) പറയുകയും ചെയ്യുക; "നിങ്ങൾ പ്രവർത്തിച്ചു കൊള്ളുവിൻ, നിങ്ങളുടെ പ്രവർത്തനം വഴിയെ അല്ലാഹു കണ്ടുകൊള്ളും; അവൻെറ റസൂലും, സത്യവിശ്വാസികളും (കണ്ടുകൊള്ളും). അദൃശ്യവും, ദൃശ്യവും അറിയുന്നവനിലേക്കു നിങ്ങൾ വഴിയെ

كُنتُمْ تَعْمَلُونَ ﴿١٠٥﴾

മടക്കപ്പെടുകയും ചെയ്യും. അപ്പോള്‍, നിങ്ങള്‍ പ്രവര്‍ത്തിച്ചു കൊണ്ടിരുന്നതിനെപ്പറ്റി അവന്‍ നിങ്ങളെ ബോധ്യപ്പെടുത്തുന്നതാണ്.

---

കഴിഞ്ഞുപോയ തെറ്റിനെ പറ്റി ഖേദ പ്രകടനം നടത്തിയാല്‍ മാത്രം പോരാ ഭാവി പ്രവര്‍ത്തനങ്ങള്‍ നന്നാക്കി ത്തീര്‍ക്കുക കൂടി വേണം - അപ്പോഴെ പശ്ചാത്താപം ആത്മാര്‍ത്ഥമായിത്തീരുന്നുള്ളൂ. എല്ലാ രഹസ്യ പരസ്യങ്ങളും അറിയുന്ന അല്ലാഹു നിങ്ങളുടെ പ്രവര്‍ത്തനങ്ങളെ വീക്ഷിച്ച് വരുന്നു - പരലോകത്ത് വെച്ച് അവന്‍ തക്കതായ നടപടി എടുക്കുകയും ചെയ്യും. സസൂക്ഷ്മമായിട്ടല്ലെങ്കിലും നിങ്ങളെ പറ്റി ഒരു ഏകദേശ ധാരണ, റസൂലിനും സത്യവിശ്വാസികള്‍ക്കും ഉണ്ടായിരിക്കുകയും ചെയ്യും ഏതെങ്കിലും ആളുകളെ പറ്റി സത്യവിശ്വാസി കള്‍ക്കുണ്ടാകുന്ന പൊതുവായ ധാരണ അല്ലാഹുവിങ്കലും സ്വീകാര്യമായിരിക്കുമെന്ന സൂചന ഈ വചനത്തി ലൂടെ മനസ്സിലാക്കാവുന്നതാണ്. ഒരു ജനാസയെ പറ്റി സഹാബികള്‍ പുകഴ്ത്തി പറഞ്ഞപ്പോള്‍, നബി(സ) "അയാള്‍ക്ക് സ്വര്‍ഗ്ഗം സ്ഥിരപ്പെട്ടു" എന്ന് അരുളിയതും , മറ്റൊരിക്കല്‍ ഒരു ജനാസയെ പറ്റി സഹാബികള്‍ മോശ മായ അഭിപ്രായപ്രകടനം നടത്തിയപ്പോള്‍ "അയാള്‍ക്ക് നരകം സ്ഥിരപ്പെട്ടു" എന്ന് നബി(സ) പറഞ്ഞതും ഒരു രിവായത്തില്‍ വന്നിട്ടുണ്ട് (ബു, മു). "നിങ്ങള്‍ ഭൂമിയില്‍ അല്ലാഹുവിന്റെ സാക്ഷികളാകുന്ന"ന്ന് കൂടി നബി(സ) അരുളിയിരിക്കുന്നു (ബു മു).

---

**വചനം 106**

وَءَاخَرُونَ مُرْجَوْنَ لِأَمْرِ ٱللَّهِ إِمَّا يُعَذِّبُهُمْ وَإِمَّا يَتُوبُ عَلَيْهِمْ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿١٠٦﴾

106 അല്ലാഹുവിന്‍െറ കല്‍പനക്കു വേണ്ടി (കാര്യം) നിറുത്തിവെക്കപ്പെട്ട വേറെ ചിലരുമുണ്ട്; ഒന്നുകില്‍ അവന്‍ അവരെ ശിക്ഷിക്കും; ഒന്നുകില്‍ അവരുടെ പശ്ചാത്താപം അവന്‍ സ്വീകരിക്കുകയും ചെയ്യും. അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

തബൂക്കിലേക്ക് പോകാതെ പിന്നില്‍ നിന്നവര്‍ മൂന്ന് തരക്കാരായിരുന്നു : 1 കപട വിശ്വാസികള്‍ . 2 അല സത കാരണം പോകാതിരുന്നുവെങ്കിലും പിന്നീട് ഖേദിക്കുകയും റസൂല്‍ തിരുമേനിയോട് പാപ മോചനം തേടു വാന്‍ അപേക്ഷിക്കുകയും ദാന ധര്‍മ്മങ്ങള്‍ നല്‍കുകയും ചെയ്തനര്‍ (വചനം 102 നോക്കുക) 3 അലസത കാരണം പോകാതിരിക്കുകയും, പിന്നീട് ഖേദത്തിലായെങ്കിലും, എന്ത് പ്രായശ്ചിത്തം ചെയ്യണമെന്നറിയാതെ പരിഭ്രമത്തിലും ദഃഖത്തിലുമായിത്തീര്‍ന്നവര്‍. കഅ്ബുബ് നു മാലിക്, ഹിലാലുബ്നു ഉമയ്യ ; മുറാറത്ത്ബ്നുര്‍ റബീഉ്(റ) എന്നീ അന്‍സാരി സഹാബികളാണ് ഇവരെന്ന് ഇബ്നു അബ്ബാസ്(റ) തുടങ്ങിയവര്‍ ഉദ്ധരിച്ചിരിക്കു ന്നു. ഇവരുടെ തൌബ :അല്ലാഹു സ്വീകരിക്കുമെന്നോ, ഇല്ലയൊ എന്ന് ഈ വചനത്തില്‍ സൂചിപ്പിക്കപെട്ടിട്ടില്ല. താഴെ 117, 118 വചനങ്ങളിലാണ് അവരുടെ തൌബ സ്വീകരിക്കപെട്ടിരിക്കുന്നതായി അറിയിച്ചിരിക്കുന്നത്. ആ വചനങ്ങള്‍ അവതരിക്കുന്നത് വരെ (അമ്പത് ദിവസങ്ങളോളം) ഇവരുടെ കാര്യം അനിശ്ചിതാവസ്ഥയിലായിരുന്നു - അത് കൊണ്ടാണ് ഇവരെ പറ്റി "അല്ലാഹുവിന്റെ കല്പനക്ക് വേണ്ടി നിറുത്തി വെക്കപെട്ടവര്‍ "എന്ന് പറഞ്ഞിരി ക്കുന്നത്. ആ ദിവസങ്ങളില്‍ അവര്‍ അനുഭവിച്ച മനോവ്യഥകളും, വ്യസനഭാരവും തല്‍സ്ഥാനത്ത് വിശദീകരിച്ചി ട്ടുണ്ട്.

---

**വചനം 107, 108**

وَٱلَّذِينَ ٱتَّخَذُوا۟ مَسْجِدًا ضِرَارًا وَكُفْرًا وَتَفْرِيقًۢا بَيْنَ ٱلْمُؤْمِنِينَ وَإِرْصَادًا لِّمَنْ حَارَبَ ٱللَّهَ وَرَسُولَهُۥ مِن قَبْلُ ۚ وَلَيَحْلِفُنَّ إِنْ أَرَدْنَآ إِلَّا ٱلْحُسْنَىٰ ۖ وَٱللَّهُ يَشْهَدُ إِنَّهُمْ لَكَٰذِبُونَ ﴿١٠٧﴾

107 ഒരു പള്ളി ഉണ്ടാക്കിയവരും (അവരില്‍) ഉണ്ട്; ഉപദ്രവമുണ്ടാക്കുന്നതിനും, അവിശ്വാസത്തിനും, സത്യവിശ്വാസികള്‍ക്കിടയില്‍ ഭിന്നിപ്പിക്കുന്ന തിനും, മുമ്പ് അല്ലാഹുവിനോടും അവന്‍െറ റസൂലിനോടും യുദ്ധം നടത്തിയവര്‍ക്ക് ഒരു പതി (സ്ഥലം) ഏര്‍പ്പെടുത്തുന്നതിനുമായിട്ട്. ഞങ്ങള്‍ (വളരെ) നല്ല കാര്യമല്ലാതെ (ഒന്നും) ഉദ്ദേശിച്ചിട്ടില്ല എന്ന് തീര്‍ച്ചയായും അവര്‍ ശപഥം ചെയ്യുകയും ചെയ്യും. അല്ലാഹുവാകട്ടെ, നിശ്ചയമായും അവര്‍ വ്യാജം പറയുന്ന വരാണെന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

لَا تَقُمْ فِيهِ أَبَدًا ۚ لَّمَسْجِدٌ أُسِّسَ عَلَى ٱلتَّقْوَىٰ مِنْ أَوَّلِ يَوْمٍ أَحَقُّ أَن تَقُومَ فِيهِ ۚ فِيهِ رِجَالٌ يُحِبُّونَ أَن يَتَطَهَّرُوا۟ ۚ وَٱللَّهُ يُحِبُّ ٱلْمُطَّهِّرِينَ ﴿١٠٨﴾

108 (നബിയേ) നീ ഒരിക്കലും അതിൽ നിൽക്കരുത് (നമസ്കരിക്കരുത്). ആദ്യ ദിവസം മുതൽക്കേ ഭയഭക്തിയിൻമേൽ അടിത്തറയിടപ്പെട്ടിട്ടുള്ള പള്ളി തന്നെയാണ് നീ നിൽക്കുവാൻ (നമസ്കരിക്കുവാൻ) കൂടുതൽ അർഹതയുള്ളത്. ശുദ്ധി പ്രാപിക്കുവാൻ ഇഷ്ടപ്പെടുന്ന ചില പുരുഷൻമാരുണ്ട് അതിൽ. അല്ലാഹുവാകട്ടെ ശുദ്ധി പ്രാപിക്കുന്നവരെ ഇഷ്ടപ്പെടുകയും ചെയ്യുന്നു.

---

കപട വിശ്വാസികൾ ഖുബായിൽ സ്ഥാപിച്ച മസ്ജിദു -ളിറാർ അഥവാ ഉപദ്രവത്തിന്റെ പള്ളി എന്ന പേരിൽ അറിയപ്പെട്ട കുപ്രസിദ്ധമായ ഒരു സ്ഥാപനത്തെ പറ്റിയാണ് ഈ വചനത്തിൽ പരാമർശിച്ചിരിക്കുന്നത്. അതിന്റെ ചരിത്രം ഇങ്ങനെയായിരുന്നു:

മദീനയിൽ ഖസ്റജ് ഗോത്രത്തിൽ പെട്ട അബു അമീർ എന്ന് പേരായ ഒരു ക്രിസ്തീയ പുരോഹിതൻ മക്കായിൽ ചെന്ന്, നബി(സ) ക്കും ഇസ്ലാമിനും എതിരെ മുശ്രിക്കുകളെ ഇളക്കി വിട്ട് കൊണ്ടിരുന്നു. ഉഹ്ദ് യുദ്ധത്തിൽ അവനും മുശ്രിക്കുകളുടെ ഭാഗത്ത് സംബന്ധിക്കുകയുണ്ടായി. അവനുണ്ടാക്കി വെച്ച ചതിക്കുഴികളിലൊന്നിൽ നബി(സ) വീഴുകയും അവിടുത്തെ തലക്കും മുഖത്തും മുറിവ് പറ്റുകയും പല്ല് പൊട്ടുകയും ഉണ്ടായി. ഇസ്ലാമിലേക്കുള്ള നബി(സ)യുടെ ക്ഷണം അവൻ നിരസിക്കുകയാണുണ്ടായത്. മാത്രമല്ല ശാമിലെ റോമാ ചക്രവർത്തി ഹിറഖ് ലിയൂസ് നോട് നബി(സ)ക്കെതിരെ സഹായത്തിനപേക്ഷിക്കുയും രാജാവ് സഹായ വാഗ്ദാനം ചെയ്യുകയും ചെയതു. താൻ വമ്പിച്ച ഒരു സൈന്യവുമായി വരുന്നുണ്ടെന്നും, തനിക്കും സൈന്യത്തിനും താവളമായി ഒരു സ്ഥാപനം നിർമ്മിക്കണമെന്നും അയാൾ, മദീനയിലെ തന്റെ അനുയായികളെ അറിയിക്കുകയും, അങ്ങനെ , ഇസ്ലാമിൽ ഒന്നാമതായി സ്ഥാപിതമായ മസ്ജിദുഖുബാ (ഖുബായിലെ പള്ളി) യുടെ അടുത്തായി കപട വിശ്വാസികൾ മസ്ജിദു -ളിറാർ (അഥവാ ഉപദ്രവത്തിന്റെ പള്ളി) നിർമ്മിക്കുകയും ചെയ്തു. അതിന് മുൻകയ്യെടുത്ത പന്ത്രണ്ട് കപടവിശ്വാസികൾ നബി(സ) തബൂക്കിലേക്ക് പുറപെട്ട് പോകുന്നതിന് മുമ്പ് തിരുമേനിയുടെ അടുക്കൽ ചെന്ന്, തങ്ങൾ സാധുക്കൾക്കും അശരണർക്കും അഭയ കേന്ദ്രമായി ഒരു പള്ളി നിർമ്മിച്ചിട്ടുണ്ടെന്നും അവിടെ വന്ന് നമസ്ക്കരിക്കണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി - തങ്ങളുടെ ദുരുദ്ദേശ്യങ്ങൾ നിരുപാധികം നടത്തുന്നതിന് അതൊരു അംഗീകാരമാകുമെന്നവർ കരുതി. തബൂക്കിൽ നിന്നുള്ള മടക്കയാത്രയിൽ മദീനയുടെ അടുത്തുള്ള 'ദിഅവാൻ' എന്ന സ്ഥലത്ത് വെച്ച് പള്ളിയെ സംബന്ധിച്ച യഥാർത്ഥ വിവരം അല്ലാഹു സബി(സ)ക്ക് അറിയിച്ച് കൊടുക്കുകയും, അതനുസരിച്ച് മദീനയിൽ എത്തും മുമ്പ് തന്നെ അത് പൊളിച്ച് നീക്കി തീ വെക്കുവാൻ നബി(സ) കല്പിക്കുകയും ചെയ്തു.

സത്യവിശ്വാസികൾക്ക് ഉപദ്രവമുണ്ടാക്കുകയും, അവർക്കിടയിൽ ഭിന്നിപ്പുണ്ടാക്കുകയും , അവിശ്വാസികളെ ശക്തിപ്പെടുത്തുകയും, ഇസ്ലാമിനെതിരെ യുദ്ധം നടത്തിയിട്ടുമുള്ള അബൂ അമീർ തുടങ്ങിയ അക്രമകാരികൾക്ക് ഒരു പതിസ്ഥാനം ഒരുക്കുകയും, ഒരു രഹസ്യ കേന്ദ്രമായി പ്രവർത്തിക്കുകയും ചെയ്യുന്നതിനായിട്ടായിരുന്നു ആ സ്ഥാപനം കപട വിശ്വാസികൾ പള്ളിയെന്ന് പേരിട്ട് സ്ഥാപിച്ചത്. എന്നാൽ, നമസ്ക്കാരം പോലെയുള്ള സദ്കാര്യങ്ങൾ ഉദ്ദേശിച്ച് മാത്രമാണ്, തങ്ങളത് നിർമ്മിച്ചിരിക്കുന്നതെന്ന് അവർ വ്യാജ സത്യം ചെയ്ത് പറയുമെന്നും, അത് കൊണ്ട് ഒരു കാലത്തും നബി(സ) അതിൽ പോയി നമസ്ക്കാരം, നടത്തരുതെന്നും, ആദ്യം മുതൽക്കെ, ഭയഭക്തിയുടെ അടിസ്ഥാനത്തിൽ സ്ഥാപിതമായ 'മസ്ജിദു ഖുബാ' യിൽ മാത്രം നബി(സ) സംബന്ധിച്ചാൽ മതിയെന്നും അല്ലാഹു നബി(സ) യോട് കല്പിക്കുന്നു.

നബി(സ) മദീനായിലേക്ക് ഹിജ്റ വന്നപ്പോൾ, മദീനയിൽ നിന്നും രണ്ട് നാഴിക തെക്ക് ഭാഗത്തുള്ള ഖുബാ യിൽ ഇറങ്ങി അൽപ ദിവസങ്ങൾ അവിടെ താമസിക്കുകയും, ആ അവസരത്തിൽ , ഇസ്ലാമിൽ ഒന്നാമതായി സ്ഥാപിതമായ മസുജിദു ഖുബാ നിർമ്മിക്കുകയും ചെയ്തു. പിന്നീടാണ് തിരുമേനി മദീനയിലേക്ക് പോയതും 'അൽമസ്ജിദുന്നബവീ' സ്ഥാപിച്ചതും അതിന് ശേഷവും നബി(സ) ഇടക്കിടെ ഖുബാ പള്ളി സന്ദർശിക്കാറുണ്ടായിരുന്നു. അവിടുത്തെ സത്യവിശ്വാസികൾ ആത്മീയ മാലിന്യങ്ങളിൽ നിന്നും, ശാരീരിക മാലിന്യങ്ങളിൽ നിന്നും പരിശുദ്ധരായിരുന്നു എന്നും, അങ്ങനെയുള്ളവരെ അല്ലാഹുവിന് ഇഷ്ടമാണെന്നും, അല്ലാഹു പ്രശംസിക്കുന്നു.

**വചനം 109, 110**

أَفَمَنْ أَسَّسَ بُنْيَـٰنَهُۥ عَلَىٰ تَقْوَىٰ مِنَ ٱللَّهِ وَرِضْوَٰنٍ خَيْرٌ أَم مَّنْ أَسَّسَ بُنْيَـٰنَهُۥ عَلَىٰ شَفَا جُرُفٍ هَارٍ فَٱنْهَارَ بِهِۦ فِى نَارِ جَهَنَّمَ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ ﴿١٠٩﴾

لَا يَزَالُ بُنْيَـٰنُهُمُ ٱلَّذِى بَنَوْا۟ رِيبَةً فِى قُلُوبِهِمْ إِلَّآ أَن تَقَطَّعَ قُلُوبُهُمْ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿١١٠﴾

109 അപ്പോൾ, അല്ലാഹുവിനെ സംബന്ധിച്ച ഭയഭക്തിയുടെയും, (അവനിൽ നിന്നുള്ള) പ്രീതിയുടെയും പേരിൽ, തൻെറ കെട്ടിടം അടിത്തറയിട്ടവനോ ഉത്തമം? അതല്ല, (പൊളിഞ്ഞ്) വീഴുവാൻ പോകുന്ന ഒരു തിണ്ണയുടെ വക്കിൻമേൽ തൻെറ കെട്ടിടം അടിത്തറയിടുകയും, എന്നിട്ടത് 'ജഹന്നമി'ൻെറ (നരകത്തി)ൻെറ അഗ്നിയിൽ പൊളിഞ്ഞു വീഴുകയും ചെയ്തവനോ (ഉത്തമം)?! അല്ലാഹുവാകട്ടെ, അക്രമികളായ ജനങ്ങളെ സൻമാർഗ്ഗത്തിലാക്കുകയില്ല.

110 അവർ സ്ഥാപിച്ചതായ അവരുടെ (ആ) കെട്ടിടം അവരുടെ ഹൃദയങ്ങളിൽ ഒരു ആശങ്ക (അഥവാ അസ്വാസ്ഥ്യം) ആയിക്കൊണ്ടേയിരിക്കുന്നതാണ്, അവരുടെ ഹൃദയങ്ങൾ കഷ്ണം കഷ്ണമായിപ്പോയാലൊഴികെ. അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

---

അല്ലാഹുവിന്റെ പ്രീതി മോഹിച്ച് കൊണ്ട് ഭയഭക്തിയുടെ അടിസ്ഥാനത്തിൽ കെട്ടി ഉയർത്തപെട്ട പള്ളിയും മറ്റേത് മതസ്ഥാപനങ്ങളും പവിത്രതയോടും പരിശുദ്ധിയോടും കൂടി കേടു കൂടാതെ സുരക്ഷിതമായി ദീർഘകാലം നിലനില്ക്കുന്നതാണ്. പുഴവക്കിലൊ, പൊട്ടക്കിണറിന്റെ വക്കിലൊ ഏതവസരത്തിലും പൊളിഞ്ഞ് വീഴാനിടയുള്ള മൺ തിണ്ണയുടെ ഓരത്തോ സ്ഥാപിക്കപെട്ട കെട്ടിടം അതിലെ ആൾക്കാരടക്കം ഏത് നിമിഷവും തകർന്നടിയുന്നത് പോലെ, കപടവിശ്വാസികൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ കലാശം നരകാഗ്നിയിലേക്കായിരിക്കുന്നതുമാകുന്നു. കപട വിശ്വാസികൾ അവരുടെ കാപട്യം നിമിത്തമുള്ള അസ്വസ്ഥത കാരണം നിർമ്മിച്ച ആ പള്ളി, പൊളിച്ച് നശിപ്പിക്കപെട്ടപോഴാകട്ടെ, ഇനി എന്തെല്ലാമാണ് സംഭവിക്കുകയെന്നുള്ള അവരുടെ ഭയപ്പാടും ആശങ്കയും അവരെ ഒരിക്കലും വിട്ട് മാറാൻ പോകുന്നില്ല.

**വിഭാഗം 14**

**വചനം 111**

۞ إِنَّ ٱللَّهَ ٱشْتَرَىٰ مِنَ ٱلْمُؤْمِنِينَ أَنفُسَهُمْ وَأَمْوَٰلَهُم بِأَنَّ لَهُمُ ٱلْجَنَّةَ ۚ يُقَـٰتِلُونَ فِى سَبِيلِ ٱللَّهِ فَيَقْتُلُونَ وَيُقْتَلُونَ ۖ وَعْدًا عَلَيْهِ حَقًّا فِى ٱلتَّوْرَىٰةِ وَٱلْإِنجِيلِ وَٱلْقُرْءَانِ ۚ وَمَنْ أَوْفَىٰ بِعَهْدِهِۦ مِنَ ٱللَّهِ ۚ فَٱسْتَبْشِرُوا۟ بِبَيْعِكُمُ ٱلَّذِى بَايَعْتُم بِهِۦ ۚ وَذَٰلِكَ هُوَ

111 നിശ്ചയമായും, സത്യവിശ്വാസികളിൽ നിന്ന് അവരുടെ ദേഹങ്ങളെയും, സ്വത്തുക്കളെയും അല്ലാഹു (വിലക്കു) വാങ്ങിയിരിക്കുന്നു; അവർക്ക് സ്വർഗ്ഗമുണ്ട് എന്നുള്ളതിനു (പകരം). അതായത്: അവർ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നു; അങ്ങനെ, അവർ കൊല്ലുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. (അതെ) തൗറാത്തിലും, ഇഞ്ചീലിലും, ഖുർആനിലും അവൻെറമേൽ ബാധ്യസ്ഥമായി (പ്രഖ്യാപിക്കപ്പെട്ടി)ട്ടുള്ള ഒരു യഥാർത്ഥ വാഗ്ദത്തം! ആരാണ്, അല്ലാഹുവിനെക്കാൾ അധികം തൻെറ കരാറിനെ നിറവേറ്റുന്നവൻ?! (ആരുമില്ല) ആകയാൽ, നിങ്ങൾ നടത്തിയിട്ടുള്ളതായ നിങ്ങളുടെ (ആ) കച്ചവടം

ٱلْفَوْزُ ٱلْعَظِيمُ ﴿١١١﴾

കൊണ്ടു നിങ്ങൾ സന്തോഷമടയുവിൻ. അതു തന്നെയാണു വമ്പിച്ച ഭാഗ്യം!

അല്ലാഹുവിന്റെ ദീനിന് വേണ്ടി സമരം നടത്തുന്നതിന് പ്രതിഫലമായി, അല്ലാഹു സത്യവിശ്വാസികൾക്ക് സ്വർഗ്ഗം വാഗ്ദാനം നല്കുന്നു. അവരുടെ ദേഹവും സ്വത്തുക്കളും അല്ലാഹു വിലക്ക് വാങ്ങിയിരിക്കുന്നു- അഥവാ അവ രണ്ടും അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വിനിയോഗിക്കണം. ശത്രുക്കളെ കൊന്നും, ശത്രുക്കളാൽ കൊല്ലപ്പെട്ടും അവർ സമരാങ്കണത്തിൽ പട വെട്ടുകയും വേണം. അത്തരം സത്യവിശ്വാസികൾക്ക്. തൌറാത്തിലും, ഇഞ്ചീലിലും, ഖുർആനിലും സ്വർഗ്ഗം അല്ലാഹു അവന്റെ ബാദ്ധ്യതയായി രേഖപെടുത്തിയിരിക്കുന്നു. അല്ലാഹുവിനെ പോലെ കരാറ് പരിപൂർണ്ണമായി പാലിക്കുന്നവനും, പാലിക്കാൻ കഴിയുന്നവനും വേറെ ആരുമില്ലല്ലോ.

വചനം 112

ٱلتَّٰٓئِبُونَ ٱلْعَٰبِدُونَ ٱلْحَٰمِدُونَ ٱلسَّٰٓئِحُونَ ٱلرَّٰكِعُونَ ٱلسَّٰجِدُونَ ٱلْءَامِرُونَ بِٱلْمَعْرُوفِ وَٱلنَّاهُونَ عَنِ ٱلْمُنكَرِ وَٱلْحَٰفِظُونَ لِحُدُودِ ٱللَّهِ ۗ وَبَشِّرِ ٱلْمُؤْمِنِينَ ﴿١١٢﴾

112 പശ്ചാത്തപിച്ചു മടങ്ങുന്നവർ, (അല്ലാഹുവിനെ) ആരാധിക്കുന്നവർ, (അവന്) സ്തുതി കീർത്തനം ചെയ്യുന്നവർ, ദേശാടനക്കാർ (അഥവാ നോമ്പുകാർ), 'റുകൂഉ്' (കുമ്പിട്ട് നമസ്കാരം) ചെയ്യുന്നവർ, 'സുജൂദു' (സാഷ്ടാംഗ നമസ്കാരം) ചെയ്യുന്നവർ, സദാചാരം കൊണ്ടു കൽപിക്കുന്നവരും, ദുരാചാരത്തെക്കുറിച്ചു വിരോധിക്കുന്നവരുമായുള്ളവർ, അല്ലാഹുവിൻെറ അതിർത്തികളെ (നിയമപരിധികളെ) കാത്തു സൂക്ഷിക്കുന്നവരും! സത്യവിശ്വാസികൾക്കു സന്തോഷമറിയിക്കുകയും ചെയ്യുക.

കഴിഞ്ഞ വചനത്തിൽ സൂചിപ്പിച്ച സ്വർഗ്ഗം ലഭിക്കുവാൻ മഹാ ഭാഗ്യമുണ്ടാകുന്ന സത്യവിശ്വാസികളുടെ ഗുണവിശേഷങ്ങൾ അല്ലാഹു ഈ വചനത്തിൽ വിവരിക്കുന്നു.

1) പശ്ചാത്തപിച്ച് മടങ്ങുക : പാപങ്ങൾ , ദുർനടപ്പ്, അവിശ്വാസം, കപടവിശ്വാസം എന്നിവയിൽ നിന്നെല്ലാം ഖേദിച്ച് മടങ്ങുക - ആ തെറ്റുകൾ പിന്നീട് ആവർത്തിക്കാതിരിക്കുക.

2) അല്ലാഹുവിനുള്ള ആരാധന കർമ്മങ്ങൾ യഥാവിധി നിർവഹിക്കുക

3) നാവു കൊണ്ടും മനസ്സു കൊണ്ടും അല്ലാഹുവിന് സ്തുതി കീർത്തനം നടത്തുക "സ്തുതി നന്ദിയുടെ തല (പ്രധാനഭാഗം) ആകുന്നു". "ഖിയാമത്ത് നാളിൽ ആദ്യം സ്വർഗ്ഗത്തിലേക്ക് വിളിക്കപെടുന്നവർ സന്തോഷത്തിലും സന്താപത്തിലും അല്ലാഹുവിനെ സ്തുതിക്കുന്നവരായിരിക്കും". എന്നിങ്ങനെ നബി(സ) അരുളിയിരിക്കുന്നു .

4) അസ്സാഇഹൂൻ السائحون - ഭക്ഷണം മുതലായ സുഖ സൗകര്യങ്ങൾ ത്യജിച്ച് കൊണ്ട് ബുദ്ധിമുട്ടുകൾ സഹിക്കുന്നവരായ നോമ്പുകാർ, ഹിജ്റ പോകുന്നവർ, സമരശീലന്മാർ, ദീനി പ്രബോധകർ എന്നുമൊക്കെ ഈ വാക്കിന് വിവക്ഷ നല്കപ്പെട്ടിരിക്കുന്നു. എങ്കിലും ഭൂരിഭാഗം വ്യാഖ്യാതാക്കളും നോമ്പുകാർ എന്നാണ് ഇവിടെ വിവക്ഷ നല്കിക്കാണുന്നത്- الله اعلم

5, 6) റുകൂഉം സുജൂദും ചെയ്യുക - നമസ്ക്കാരത്തിലെ രണ്ട്പ്രധാന ഘടകങ്ങളാണിവ. അത് കൊണ്ടാണ് അവയെ പ്രത്യേകം എടുത്ത് പറഞ്ഞിരിക്കുന്നത്.

7) സദാചാരം കൊണ്ട് കല്പിക്കുകയും ദുരാചാരത്തെ വിരോധിക്കുകയും ചെയ്യുക .

8) സർവ്വ മേഖലകളിലും അല്ലാഹു കൽപിച്ച നിയമാതിർത്തികളെ കാത്ത് സൂക്ഷിക്കുക- അവയെ മറികടക്കുകയൊ, ലംഘിക്കുകയൊ, ദുർവ്യാഖ്യാനം ചെയ്യുകയൊ ചെയ്യാതെ, സസൂക്ഷ്മം പാലിക്കുക.

മേൽ പറഞ്ഞ ഗുണങ്ങളോട് കൂടിയ സത്യ വിശ്വാസികൾക്ക് സന്തോഷ വാർത്ത അറിയിക്കാൻ അല്ലാഹു നബി(സ) യൊട് നിർദ്ദേശിക്കുന്നു.

**വചനം 113, 114**

113 മുശ്രിക്കു (ബഹുദൈവ വിശ്വാസി) കൾക്കുവേണ്ടി പാപമോചനം തേടുവാൻ നബിക്കും വിശ്വസിച്ചവർക്കും പാടില്ല, അവർ അടുത്ത (കുടുംബ) ബന്ധമുള്ളവരായി രുന്നാലും ശരി, അവർ ജ്വലിക്കുന്ന അഗ്നിയുടെ (നരകത്തിൻെറ) ആൾക്കാരാണെന്നു വ്യക്ത മായിത്തീർന്ന ശേഷം.

114 ഇബ്റാഹീം അദ്ദേഹത്തിൻെറ പിതാവിനു വേണ്ടി പാപമോചനം തേടിയത് അദ്ദേഹം അയാളോടു ചെയ്തിരുന്ന ഒരു വാഗ്ദത്തം നിമിത്തമല്ലാതെ ആയിരുന്നില്ല. എന്നിട്ട് അയാൾ അല്ലാഹുവിൻെറ ഒരു ശത്രുവാണെന്ന് അദ്ദേഹത്തിന് വ്യക്തമായിത്തീർന്നപ്പോൾ, അദ്ദേഹം അയാളിൽ നിന്ന് (ബന്ധം) വിട്ടുമാറി. നിശ്ചയമായും, ഇബ്റാഹീം വളരെ വിനയനും സഹനശീലനും തന്നെയാകുന്നു.

مَا كَانَ لِلنَّبِيِّ وَٱلَّذِينَ ءَامَنُوٓاْ أَن
يَسۡتَغۡفِرُواْ لِلۡمُشۡرِكِينَ وَلَوۡ كَانُوٓاْ
أُوْلِي قُرۡبَىٰ مِنۢ بَعۡدِ مَا تَبَيَّنَ لَهُمۡ
أَنَّهُمۡ أَصۡحَٰبُ ٱلۡجَحِيمِ ١١٣
وَمَا كَانَ ٱسۡتِغۡفَارُ إِبۡرَٰهِيمَ لِأَبِيهِ إِلَّا
عَن مَّوۡعِدَةٖ وَعَدَهَآ إِيَّاهُ فَلَمَّا تَبَيَّنَ لَهُۥٓ
أَنَّهُۥ عَدُوّٞ لِّلَّهِ تَبَرَّأَ مِنۡهُۚ إِنَّ إِبۡرَٰهِيمَ لَأَوَّٰهٌ
حَلِيمٞ ١١٤

---

സത്യവിശ്വാസം സ്വീകരിക്കാത്ത മുശ്രിക്കുകൾ (അവർ ഏറ്റവും അടുത്ത ബന്ധുക്കളായ മാതാപിതാക്കളായിരുന്നാൽ പോലും) മരണപ്പെട്ട് കഴിഞ്ഞാൽ അവരുടെ പാപമോചനത്തിന് വേണ്ടി പ്രാർത്ഥിക്കുവാൻ നബി(സ) ക്കാകട്ടെ, സത്യ വിശ്വാസികൾക്കാകട്ടെ പാടില്ലെന്ന് , അല്ലാഹു സ്പഷ്ടമായി പ്രസ്താവിക്കുന്നു. അവിശ്വാസികളായി മരണപെടുന്നവർ നരകത്തിന്റെ ആൾക്കാരാണെന്നുള്ളത് അല്ലാഹുവിന്റെ മാറ്റമില്ലാത്ത തീരുമാനമാകുന്നു. (2: 217 ; 4: 48 നോക്കുക)

നബി (സ)യും സത്യവിശ്വാസികളും മാതൃകയായി സ്വീകരിക്കാൻ കല്പിക്കപ്പെട്ട ഇബ്രാഹീം നബി(അ) തൌഹീദിലേക്കുള്ള തന്റെ ക്ഷണം നിരസിച്ച തന്റെ പിതാവിന് വേണ്ടി പാപമോചനം തേടുകയുണ്ടായിട്ടുണ്ട്. എന്നാൽ, അങ്ങനെ അദ്ദേഹം ചെയ്തത് പിതാവിനോട് അദ്ദേഹം ചെയ്തിരുന്ന ഒരു വാഗ്ദത്തം നിമിത്തമായിരുന്നു. (സൂ: മർയം : 47 സൂ : മുംതഹന : 4 എന്നിവിടങ്ങളിൽ നോക്കുക). പിന്നീട് പിതാവ് അല്ലാഹുവിന്റെ ശത്രു അഥവാ അവിശ്വാസിയാണെന്ന് സ്പഷ്ടമായപ്പോൾ അദ്ദേഹം അത് നിറുത്തൽ ചെയ്യുകയും ചെയ്തു.

അബൂ ത്വാലിബിന് മരണം ആസന്നമായപ്പോൾ നബി (സ) അവിടെയെത്തി "പിതൃവ്യരേ നിങ്ങൾ ലാഇലാഹ ഇല്ലല്ലാഹു എന്നു പറയുവിൻ; നിങ്ങൾക്ക് വേണ്ടി അല്ലാഹുവിന്റെ അടുക്കൽ എനിക്ക് ന്യായം പറയുവാനുള്ള ഒരു വാക്ക്"എന്ന് ആവർത്തിച്ച് പറഞ്ഞെങ്കിലും, അവിടെ ഉണ്ടായിരുന്ന അബൂ ജഹലിന്റെയും അബ്ദുല്ലാഹിബ്നു അബീ ഉമയ്യത്തിന്റെയും പ്രേരണക്ക് വഴങ്ങി, 'അബ്ദുൽ മുത്ത്വലിബിന്റെ മാർഗ്ഗത്തിൽ' എന്നായിരുന്നു അദ്ദേഹം അവസാനം ഉച്ചരിച്ചത്.

അപ്പോൾ റസൂൽ(സ) പറഞ്ഞു: "നിങ്ങളെക്കുറിച്ച് എന്നെ വിലക്കപെടാത്ത കാലത്തോളം ഞാൻ നിങ്ങൾക്ക് വേണ്ടി പാപമോചനം തേടുന്നതാണ്".

ഈ വിഷയത്തിൽ അല്ലാഹു -**ماكان للنبى** എന്ന വചനം (വചനം 113) അവതരിപ്പിച്ചു. ഈ സംഭവം, അഹമ്മദ്, ബുഖാരി, മുസ്‌ലിം(റ) മുതലായവർ ഉദ്ധരിച്ച ഹദീസിൽ നിന്നും, രിവായത്ത് ചെയ്യപ്പെട്ടതാകുന്നു.

ഇതേ സംഭവമാണ് സൂ : ഖസസ് 56-ാം വചനത്തിന്റെ അവതരണ വിഷയമെന്ന് ബുഖാരി (റ) മുസ്‌ലിം(റ) മുതലായവർ ഉദ്ധരിക്കുന്നു. പ്രസ്തുത വചനത്തിൽ അല്ലാഹു നബി(സ) യോട് പറയുന്നു. "നീ ഇഷ്ടപെടുന്നവരെ നീ നേർ മാർഗ്ഗത്തിലാക്കുകയില്ല. എങ്കിലും അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ, നേർമാർഗ്ഗത്തിലാക്കുന്നതാണ്".

റസൂൽ (സ) തിരുമേനി അവിടുത്തെ മാതാവിന്റെ ഖബറിനടുത്ത് ചെന്ന് കരഞ്ഞ് കൊണ്ട് ചുറ്റുമുണ്ടായിരുന്നവരോട് ഇപ്രകാരം പറഞ്ഞു : "എന്റെ മാതാവിന് വേണ്ടി പാപമോചനം തേടുവാൻ എന്റെ റബ്ബ് എനിക്ക് സമ്മതം നല്കിയിട്ടില്ല. എന്നാൽ അവരുടെ ഖബർ സന്ദർശിക്കാൻ അല്ലാഹു എനിക്ക് അനുമതി നല്കിയിരിക്കുന്നു. ആകയാൽ നിങ്ങൾ ഖബറുകൾ സന്ദർശിക്കുവിൻ — അത് മരണത്തെ ഓർമ്മിപ്പിക്കുന്നു".

**വചനം 115, 116**

وَمَا كَانَ ٱللَّهُ لِيُضِلَّ قَوْمًۢا بَعْدَ إِذْ هَدَىٰهُمْ حَتَّىٰ يُبَيِّنَ لَهُم مَّا يَتَّقُونَ ۚ إِنَّ ٱللَّهَ بِكُلِّ شَىْءٍ عَلِيمٌ ﴿١١٥﴾ إِنَّ ٱللَّهَ لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ يُحْىِۦ وَيُمِيتُ ۚ وَمَا لَكُم مِّن دُونِ ٱللَّهِ مِن وَلِىٍّ وَلَا نَصِيرٍ ﴿١١٦﴾

115 ഒരു ജനതയെയും (തന്നെ) അവർക്ക് അല്ലാഹു മാർഗ്ഗദർശനം നൽകിയതിനുശേഷം വഴിപിഴവിലാക്കാവതല്ല. (വഴി പിഴവിലാക്കുക പതിവില്ല.) അവർ സൂക്ഷിക്കേണ്ടതിനെ അവർക്ക് അവൻ വ്യക്തമാ(യി വിവരിച്ചു കൊടു)ക്കുന്നതുവരേക്കും. നിശ്ചയമായും, അല്ലാഹു എല്ലാകാര്യത്തെക്കുറിച്ചും അറിയുന്നവനാണ്.

116 നിശ്ചയമായും അല്ലാഹു, അവന്നുള്ളതാണ് ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധികാരം. അവൻ ജീവിപ്പിക്കുകയും, മരണപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹുവിനു പുറമെ നിങ്ങൾക്ക് ഒരു കൈകാര്യ കർത്താവാകട്ടെ, സഹായകനാകട്ടെ ഇല്ലതാനും.

---

മുശ്‌രിക്കുകൾക്ക് വേണ്ടി പാപമോചനത്തിന് വേണ്ടി പ്രാർത്ഥിച്ച് കൂടാ എന്ന കഴിഞ്ഞ വചനത്തിലെ കല്പന അവതരിച്ചപ്പോൾ, മുമ്പ് അങ്ങനെ ചെയ്യാറുണ്ടായിരുന്നവർ തങ്ങൾ ശിക്ഷാർഹരായി ത്തീർന്നേക്കുമെന്ന് ഭയപ്പെട്ടു. അവരെ സംബന്ധിക്കുന്നതാണ് ആദ്യ വചനം.

ഒരു കൂട്ടരെ അല്ലാഹു ഇസ്ലാമിലേക്കും സത്യവിശ്വാസത്തിലേക്കും മാർഗ്ഗദർശനം നൽകി അനുഗ്രഹിച്ച ശേഷം , അവർ എന്തെല്ലാം കാര്യങ്ങൾ സൂക്ഷിച്ച് പോരേണ്ടതുണ്ടോ, അതെല്ലാം അവർക്ക് ശരിക്കും വിവരിച്ചറിയിച്ച് കൊടുക്കാതെ , അവരെ വഴി പിഴച്ചവരും തെറ്റുകാരുമാക്കി, അല്ലാഹു വിധി കല്പിക്കുകയില്ല. കാര്യങ്ങൾ വ്യക്തമാക്കിക്കൊടുത്തതിന്ശേഷവും, അവ സൂക്ഷിക്കാതിരുന്നാൽ മാത്രമെ, അവർ വഴി പിഴച്ചവരായിത്തീരുകയുള്ളൂ.

അവിശ്വാസികൾ എത്ര ശക്തരായിരുന്നാലും, അവരെ ഭയപ്പെടേണ്ടതില്ലെന്നും, അല്ലാഹുവല്ലാതെ, ഒരു കൈകാര്യകർത്താവും, സഹായകനും ഇല്ലെന്നും അടുത്ത വചനത്തിൽ അല്ലാഹു സത്യവിശ്വാസികളെ ഓർമ്മിപ്പിക്കുന്നു.

**വചനം 117**

لَّقَد تَّابَ ٱللَّهُ عَلَى ٱلنَّبِىِّ وَٱلْمُهَٰجِرِينَ وَٱلْأَنصَارِ ٱلَّذِينَ ٱتَّبَعُوهُ فِى سَاعَةِ ٱلْعُسْرَةِ مِنۢ بَعْدِ مَا كَادَ يَزِيغُ قُلُوبُ فَرِيقٍ مِّنْهُمْ ثُمَّ تَابَ عَلَيْهِمْ ۚ إِنَّهُۥ بِهِمْ رَءُوفٌ رَّحِيمٌ ﴿١١٧﴾

117 തീർച്ചയായും, നബിയുടെയും, (ആ) ഞെരുക്കത്തിൻെറ ഘട്ടത്തിൽ അദ്ദേഹത്തെ പിന്തുടർന്നു പോയവരായ 'മുഹാജിറു'കളുടെയും, 'അൻസാരി' കളുടെയും പേരിൽ അല്ലാഹു (കനിഞ്ഞു) മടങ്ങിയിട്ടുണ്ട്; (അവർക്ക് പൊറുത്തുകൊടുത്തിട്ടുണ്ട്). അവരിൽ നിന്നുള്ള ഒരു കൂട്ടരുടെ ഹൃദയങ്ങൾ തെറ്റിപ്പോകുമാറായതിനുശേഷം;- (അതെ) പിന്നെ, അവരുടെമേൽ അവൻ (കനിഞ്ഞു) മടങ്ങി. നിശ്ചയമായും അവൻ, അവരിൽ വളരെ കൃപയുള്ളവനും, കരുണാനിധിയുമാകുന്നു.

---

വളരെ വിഷമം പിടിച്ച അവസരത്തിലുണ്ടായ തബൂക്ക് യുദ്ധയാത്രയിൽ സഹിച്ച ത്യാഗങ്ങളേയും കഷ്ടതകളേയും മുൻ നിർത്തി ഈ യാത്രയിലും മറ്റും നബി(സ)യിൽ നിന്നും മുഹാജിറുകളിൽനിന്നും അൻസാറുകളിൽ നിന്നും വന്ന് പോയിട്ടുള്ള പാകപിഴവുകളും തെറ്റ് കുറ്റങ്ങളും, വിട്ട് കൊടുത്ത് കൊണ്ട് അല്ലാഹു അവരുടെ മേൽ അവന്റെ കനിവും അനുഗ്രഹവും ചൊരിഞ്ഞിരിക്കുന്നു. നബി(സ)യിൽ നിന്നുണ്ടായ വീഴ്ചയെ പറ്റി വചനം 43 ൽ പരാമർശിച്ചിട്ടുണ്ട് (യുദ്ധത്തിൽ പങ്കെടുക്കാൻ കഴിവുണ്ടായിരുന്നിട്ടും, യുദ്ധത്തിൽ നിന്ന് മാറി നിൽക്കാൻ അനുവാദം ചോദിച്ചവർക്ക് അനുവാദം നല്കിയതായിരുന്നു സംഭവം).

"അവരിൽ നിന്നുള്ള ഒരു കൂട്ടരുടെ ഹൃദയങ്ങൾ തെറ്റിപോകാറായി" എന്ന് പറഞ്ഞതിന്റെ വിവക്ഷ ഇന്നതാണെന്ന് തിട്ടപ്പെടുത്തുക സാധ്യമല്ല. നബി(സ) യൊന്നിച്ച് യാത്ര പോയെങ്കിലും, ക്ലേശകരമായ ആ യാത്രയിൽ ചിലരുടെ പുറപ്പാട് മനസ്സില്ലാ മനസ്സോടെയായിരിക്കാം; പോരേണ്ടിയിരുന്നില്ല എന്ന് ചിലർക്ക് തോന്നിയിരിക്കാം; തിരിച്ച് പോയെങ്കിലൊ എന്ന് ചിലർ കരുതിയിരിക്കാം എന്നാൽ ഇത്തരം മാനസികമായ കോളിളക്കങ്ങളൊന്നും തന്നെ അവരുടെ ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠമായിരുന്നില്ല. അൽപം ചിലരിൽ മാത്രം താല്ക്കാലികമായി പ്രകടമായ ഇത്തരം പതറിച്ചകളിൽ നിന്ന് അല്ലാഹു അവരെ രക്ഷപ്പെടുത്തുക മാത്രമല്ല, അവരുടെ പാകപിഴവുകളും, തെറ്റ് കുറ്റങ്ങളും വിട്ട് കൊടുത്ത് കൊണ്ട് കരുണാനിധിയായ അല്ലാഹു അവരുടെ മേൽ അവന്റെ കനിവും അനുഗ്രഹവും ചൊരിയുകയും ചെയ്തിരിക്കുന്നു.

അസഹനീയമായ ഉഷ്ണം, ഭക്ഷണപാനീയങ്ങളുടെയും വാഹനങ്ങളുടെയും ദൗർലഭ്യം കടുത്ത ക്ഷാമവും ദാരിദ്ര്യവും , മാസക്കണക്കിനുള്ള വഴി ദൂരം, തുടങ്ങി പല ക്ലേശങ്ങളും ആ യാത്രയിൽ സഹാബികൾ സഹിക്കേണ്ടി വന്നു. എന്നാൽ അവരുടെ ദൃഢവിശ്വാസവും, അല്ലാഹുവിന്റെ പ്രീതി ലഭിക്കുവാനുള്ള ആവേശവും കാരണം , 111ാം വചനത്തിൽ പ്രസ്താവിച്ച ബാധ്യത അവർ നിറവേറ്റുക തന്നെ ചെയ്തു. 112 ാം വചനത്തിൽ പ്രസ്താവിക്കപ്പെട്ട സൽ ഗുണങ്ങളുടെ സാക്ഷ്യ പത്രത്തിന് അവർ അർഹരായിത്തീരുകയും ചെയ്തു - അല്ലാഹു അവരെക്കുറിച്ചു തൃപ്തിപെട്ടു ; അവർ അവനെക്കുറിച്ചും തൃപ്തിപെട്ടു.

**വചനം 118, 119**

وَعَلَى ٱلثَّلَٰثَةِ ٱلَّذِينَ خُلِّفُواْ حَتَّىٰٓ إِذَا ضَاقَتۡ عَلَيۡهِمُ ٱلۡأَرۡضُ بِمَا رَحُبَتۡ وَضَاقَتۡ عَلَيۡهِمۡ أَنفُسُهُمۡ وَظَنُّوٓاْ أَن لَّا مَلۡجَأَ مِنَ ٱللَّهِ إِلَّآ إِلَيۡهِ ثُمَّ تَابَ عَلَيۡهِمۡ لِيَتُوبُوٓاْۚ إِنَّ ٱللَّهَ هُوَ ٱلتَّوَّابُ ٱلرَّحِيمُ ﴿١١٨﴾

118 പിന്നേക്കു വെക്കപ്പെട്ടവരായ (ആ) മൂന്നാളുടെ പേരിലും (അല്ലാഹു കനിഞ്ഞു മടങ്ങിയിരിക്കുന്നു); ഭൂമി വിശാലമായതോടെ (ത്തന്നെ) അതവർക്ക് ഇടുങ്ങി (യതായിതോന്നി) പ്പോകുന്നതുവരേയും, തങ്ങളുടെ മനസ്സുകൾ തങ്ങൾക്കു ഞെരുങ്ങിപ്പോകുകയും, അല്ലാഹുവിൽ നിന്നു (രക്ഷക്ക്) അവങ്കലേക്കല്ലാതെ (വേറെ) ആശ്രയസ്ഥാനമില്ലെന്ന് അവർ കരുതുകയും ചെയ്യുന്നതു (വരെയും അവർ ക്ളേശമനുഭവിച്ചു) (അതെ, എന്നിട്ട്) പിന്നെ- അവർ (പശ്ചാത്തപിച്ചു) മടങ്ങുവാൻ വേണ്ടി-അവൻ അവരുടെമേൽ (കനിഞ്ഞു) മടങ്ങി. നിശ്ചയമായും അല്ലാഹു തന്നെയാണ് വളരെ (കനിഞ്ഞു) മടങ്ങുന്നവനും, കരുണാനിധിയുമായുള്ളവൻ.

**വിഭാഗം 15**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ وَكُونُواْ مَعَ ٱلصَّٰدِقِينَ ﴿١١٩﴾

119 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, സത്യം പറയുന്നവരുടെ കൂടെയായിരിക്കുകയും ചെയ്യുവിൻ.

---

തക്കതായ കാരണമില്ലാതെ തബൂക്ക് യുദ്ധയാത്രയിൽ പങ്കെടുക്കാതെ മാറി നിൽക്കുകയും പിന്നീട് ഖേദത്തിലായെങ്കിലും എന്ത് പ്രായശ്ചിത്തം ചെയ്യണമെന്നറിയാതെ പരിഭ്രമത്തിലും ദുഖത്തിലും , ഉൽകണ്ഠാകുലരായി കഴിഞ്ഞ് കൂടിയ അൻസാരി സഹാബികളുടെ (കഅ്ബുബ്നു മാലിക്, ഹിലാലുബ്നു ഉമയ്യ, മുറാറത്തുബ്നു - റബീഉ് (റ) കാര്യത്തിൽ തീരുമാനമൊന്നും പ്രഖ്യാപിക്കപെടാതെ, തല്ക്കാലം നീട്ടി വെക്കപെടുകയാണുണ്ടായതെന്ന് 106 ാം വചനത്തിൽ ചൂണ്ടിക്കാട്ടുകയുണ്ടായല്ലൊ. ഇവരുടെ പശ്ചാത്താപവും അല്ലാഹു സ്വീകരിച്ചിരിക്കുന്നുവെന്നും, ഇവർ അങ്ങേ അറ്റത്തെ മനോ വ്യഥയിലും ദുഃഖത്തിലുമായിരുന്നുവെന്നുമാണ് ആദ്യത്തെ വചനത്തിൽ പ്രസ്താവിക്കപെട്ടിട്ടുള്ളത്. രണ്ടാമത്തെ വചനത്തിൽ, അവർ സത്യവാന്മാരായിരുന്നുവെന്നും, സത്യം പറഞ്ഞത് കൊണ്ടാണ് അവർക്ക രക്ഷ ലഭിച്ചതെന്നും, അവരെപോലെ എല്ലാവരും സത്യവാന്മാരായിരിക്കണമെന്നും സൂചിപിച്ചിരിക്കുന്നു. ഇമാം അഹമദ് , ബുഖാരി, മുസ്‌ലിം(റ) തുടങ്ങിയ മഹാന്മാർ രേഖപ്പെടത്തിയ ഒരു ഹദീസിൽ അവരുടെ സംഭവം താഴെകാണും വിധം സുദീർഘമായി വിവരിക്കപെട്ടിരിക്കുന്നു.

കഅ്ബുനുമാലിക്(റ) പ്രസ്താവിച്ചതായി അദ്ദേഹത്തിന്റെ പുത്രൻ അബ്ദുല്ല(റ) ഇപ്രകാരം ഉദ്ധരിക്കുന്നു: ഒരു മുൻ നിശ്ചയം കൂടാതെ, ഖുറൈശികളുടെ വർത്തക സംഘത്തെ ഉദ്ദേശിച്ചു കൊണ്ട് നബി(സ) പുറപ്പെട്ട ബദ്ർ യുദ്ധത്തിൽ ഞാൻ പങ്കെടുക്കുകയുണ്ടായിട്ടില്ല. - അതിൽ പങ്കെടുക്കാത്തവരെ പറ്റി ആക്ഷേപവും ഉണ്ടായിട്ടില്ല. ഇപ്പോൾ തബൂക്ക് യുദ്ധത്തിലും ഞാൻ പങ്കെടുത്തിട്ടില്ല. മറ്റെല്ലാ യുദ്ധത്തിലും നബി(സ) യൊന്നിച്ച് ഞാൻ പങ്കെടുത്തിട്ടുണ്ട്. അൽ അഖബ ഉടമ്പടിയിൽ, ഇസ്ലാമിനെ അംഗീകരിച്ച് കരാർ നടത്തിയപ്പോൾ ഞാനും അതിൽ സന്നിഹിതനായിരുന്നു.

തബൂക്ക് യുദ്ധത്തിൽ നിന്ന് ഞാൻ പിന്തിരിഞ്ഞു നിൽക്കാനുണ്ടായ സാഹചര്യം ഇപ്രകാരമാകുന്നു. വിഷമകരമായ ഒരു യുദ്ധദൗത്യമായിരുന്നതിനാൽ, പതിവിൽ നിന്നും വിപരീതമായി നബി(സ) ലക്ഷ്യസ്ഥാനത്തെക്കുറിച്ച് മുൻ കൂട്ടി വ്യക്തമാക്കിയിരുന്നു. നബി(സ)യും അനുയായികളും ഒരുക്കങ്ങൾ ചെയ്തു യാത്ര പുറപ്പെട്ടുപോയിട്ടും. ഒരു തീരുമാനത്തിലെത്താതെ. ഞാൻ കഴിഞ്ഞ് കൂട്ടി. പുറത്തിറങ്ങിയാൽ ഒന്നുകിൽ കപടവിശ്വാസികളെ അല്ലെങ്കിൽ അല്ലാഹു ഒഴിവ് കഴിവ് അനുവദിച്ചിട്ടുള്ള ദുർബ്ബലരെ അല്ലാതെ എനിക്ക് കാണുവാൻ കഴിഞ്ഞിരുന്നില്ല. തബുക്കിൽ എത്തിയ ശേഷം നബി(സ) 'കഅ്ബു എന്തു ചെയ്തു' എന്ന് ആരാഞ്ഞപ്പോൾ "അദ്ദേഹത്തിന്റെ സുഖസൗകര്യങ്ങൾ അദ്ദേഹത്തെ തടഞ്ഞ് വെച്ചിരിക്കുകയാണ്" എന്നൊരാൾ അധിക്ഷേപിച്ച് കൊണ്ട് മറുപടി പറഞ്ഞു. നബി(സ) അപ്പോൾ മൗനമവലംബിച്ചു.

തബൂക്കിൽ നിന്ന് റസൂൽ(സ) മടങ്ങി വരുന്നതറിഞ്ഞ ഞാൻ, തിരുമേനിയുടെ കോപത്തിൽ നിന്നും രക്ഷപ്പെടാൻ, ആദ്യം മനസ്സിൽ കള്ളം സ്വരൂപിച്ചെങ്കിലും തുടർന്ന് ആ ദുർവിചാരങ്ങളൊക്കെ എന്നിൽ നിന്ന് നീങ്ങി; സത്യം തുറന്നു പറയുവാൻ തന്നെ ഞാൻ തീരുമാനിച്ചു. യാത്ര കഴിഞ്ഞ് പതിവ് പോലെ പള്ളിയിൽ എത്തിയ നബി(സ) രണ്ട് റക്അത്ത് നമസ്ക്കാരം നിർവഹിക്കുകയും, യുദ്ധത്തിൽ നിന്ന് ഒഴിഞ്ഞ് നിന്ന എൺപതിൽ ചില്ലാനം ആളുകളുടെ, ഒഴിവ് കഴിവുകൾ കേട്ട്, അവരുടെ ബാഹ്യമായ നിലപാട് സ്വീകരിച്ച് കൊണ്ട് അവർക്ക് വേണ്ടി പാപമോചനം തേടുകയും, അവരുടെ രഹസ്യം അല്ലാഹുവിങ്കലേക്ക് വിടുകയും ചെയ്തു.തിരുമേനിയുടെ അടുക്കൽ ചെന്ന് ഞാൻ സലാം പറഞ്ഞു. കോപം ഒതുക്കി വെച്ച ഒരാളുടെ മാതിരി, ഒന്ന് പുഞ്ചിരിച്ചുകൊണ്ട് "വാഹനം വാങ്ങാത്തത് കൊണ്ടാണോ പിന്തി നിന്നത്" എന്ന് എന്നോട് ചോദിച്ചു. ഞാൻ പറഞ്ഞു: ഇന്ന് ഞാൻ അങ്ങയോട് വല്ല കളവും പറഞ്ഞ് രക്ഷപെട്ടാൽ അല്ലാഹു എന്നെ ശിക്ഷിക്കും ; ഞാൻ അങ്ങയോട് സത്യം പറഞ്ഞാൽ അങ്ങേക്ക് എന്നോട് ദേഷ്യവും തോന്നും, അത് കൊണ്ട് ഞാൻ അല്ലാഹുവിങ്കൽ നിന്ന് നല്ല പര്യവസാനം കാത്തിരിക്കുകയാണ്. അല്ലാഹു തന്നെ സത്യം - എനിക്ക് ഒരു മുടക്കവും ഉണ്ടായിരുന്നില്ല." അപ്പോൾ റസൂൽ(സ) പറഞ്ഞു "താങ്കൾ പറഞ്ഞത് സത്യമാണ്. താങ്കളുടെ കാര്യത്തിൽ അല്ലാഹു തീരുമാനമെടുത്ത് കൊള്ളും." എന്നോടും, എന്റെ അതെ അനുഭവമുണ്ടായ, ഹിലാലുബ്നു ഉമയ്യ, മുറാറത്ത്ബ്നു റബീഉ് എന്നിവരോടും, സംസാരിക്കുന്നത് നബി(സ) മുടക്കം ചെയ്തു. അവർ രണ്ട് പേരും കരഞ്ഞ് കൊണ്ട് വീട്ടിൽ ഇരുന്നു. ഈ ഭൂമി ഞങ്ങൾക്ക് അപരിചിതമായി തോന്നി. ഞാൻ നമസ്ക്കാരത്തിന് പള്ളിയിൽ പോകുകയും, അങ്ങാടിയിലൂടെ നടക്കുകയും ചെയ്തിരുന്നു. ആരും എന്നോട് സംസാരിക്കുന്നില്ല. ഞാൻ റസൂൽ(സ) തിരുമേനിക്ക് സലാം പറഞ്ഞു. അവിടുന്ന് സലാം മടക്കിയൊ ഇല്ലേ എന്നെനിക്ക് സംശയം തോന്നും ഞാൻ അവിടുത്തേക്ക് നോക്കുമ്പോൾ തിരുമേനി എന്നിൽ നിന്ന് തിരിഞ്ഞ് കളയും, ഞാൻ നമസ്ക്കരിക്കുമ്പോൾ അവിടുന്ന് എന്നെ നോക്കും. എന്റെ പിതൃവ്യ പുത്രനും അടുത്ത സ്നേഹിതനുമായ അബു ഖത്താദ(റ) ഞാൻ സലാം പറഞ്ഞപ്പോൾ മടക്കിയില്ല. "ഞാൻ അല്ലാഹുവിനേയും റസൂലിനേയും സ്നേഹിക്കുന്നതായി താങ്കൾക്കറിയാമൊ" എന്ന് ഞാൻ ആവർത്തിച്ച് ചോദിച്ചപ്പോൾ അദ്ദേഹം "അല്ലാഹുവിനും റസൂലിനും അറിയാം" എന്ന് പറയുക മാത്രം ചെയ്തു.

ഇതിനിടെ "നാം താങ്കൾക്ക് വേണ്ട സഹായം ചെയ്യാം" എന്ന വാഗ്ദാനവുമായി ഗസ്സാനിലെ രാജാവ് എന്നെ ക്ഷണിച്ച് കൊണ്ട് ഒരു കർഷകൻ മുഖേന ഒരു സന്ദേശം കൊടുത്തയച്ചു. ഇതും ഒരു പരീക്ഷണം തന്നെയെന്ന് പറഞ്ഞ് ഞാൻ ആ എഴുത്ത് അടുപ്പിലേക്കെറിഞ്ഞു. നാൽപത് ദിവസങ്ങളോളമായിട്ടും നമ്മുടെ കാര്യത്തിൽ വഹ്യ് വന്നില്ല. തുടർന്ന് "തന്റെ കാര്യത്തിൽ തീരുമാനമെടുക്കുന്നത് വരെ ഭാര്യയെ സമീപിക്കരുത്" എന്ന കൽപന റസൂൽ(സ) തിരുമേനി ഒരു ദൂതൻ മുഖേന എന്നെ അറിയിച്ചു. മറ്റ് രണ്ടാളുകളുടെ അടുക്കലേക്കും, അപ്രകാരം ആളെ അയച്ചിരുന്നു.

അല്ലാഹു പറഞ്ഞത് പോലെ ഭൂമി വിശാലമായിരുന്നിട്ടും എനിക്കത് ഇടുങ്ങിയതായിക്കൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ പത്ത് ദിവസം കൂടെ കഴിഞ്ഞു -അൻപത് ദിവസം പൂർത്തിയാക്കിയ പ്രഭാതത്തിൽ അതാ സൽഉ് (سلع) മലയുടെ മുകളിൽ നിന്ന് ഒരാൾ അത്യുച്ചത്തിൽ വിളിച്ച് പറയുന്നു:

"കഅ്ബ്ബുനു മാലികേ - സന്തോഷിച്ച് കൊള്ളുക" ഞാൻ അല്ലാഹുവിന് സുജൂദായി നിലത്ത് വീണു. ഞങ്ങളുടെ തൗബ അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെട്ട വിവരം നബി(സ) ജനങ്ങളോട് പ്രഖ്യാപനം ചെയ്തിരുന്നു, ജനങ്ങൾ അനുമോദനവുമായി എന്നിലേക്കും, എന്റെ കൂട്ടുകാരിലേക്കും, വന്ന് കൊണ്ടിരുന്നു.

ഞാൻ ഉടനെ പള്ളിയിലേക്ക് ചെന്നു. റസൂൽ(സ) തിരുമേനിക്ക് ഞാൻ സലാം പറഞ്ഞപ്പോൾ തിരുമേനിയുടെ മുഖം സന്തോഷം കൊണ്ട് ചന്ദ്രനെപോലെ പ്രകാശമാനമായിരുന്നു അവിടുന്നു പറഞ്ഞു "താങ്കളുടെ മാതാവ് താങ്കളെ പ്രസവിച്ചത് മുതൽ ഏറ്റവും നല്ല ഒരു ദിവസത്തെക്കുറിച്ച് സന്തോഷിച്ച് കൊള്ളുക - അല്ലാഹുവിങ്കൽ നിന്നുള്ളത് തന്നെ".

തുടർന്ന് എന്റെ തൗബയുടെ പൂർത്തീകരണമായി എന്റെ ധനം മുഴുവനും ധർമ്മമായി അല്ലാഹുവിനും റസൂലിനും ഒഴിഞ്ഞ് തരുവാൻ ഞാൻ സന്നദ്ധത പ്രകടിപ്പിച്ചപ്പോൾ, തിരുമേനിയുടെ നിർദ്ദേശപ്രകാരം ഖൈബറിലുള്ള എന്റെ ഓഹരി മാത്രം ഞാൻ സൂക്ഷിച്ച് വെച്ച് കൊണ്ട് ബാക്കിയെല്ലാം ധർമ്മമായി നല്കി. ഞാൻ ജീവിക്കുന്ന കാലത്തോളം ആരോടും കളവ് പറയുകയില്ലെന്നും ഞാൻ വാഗ്ദത്തം ചെയ്യുകുയും ചെയ്തു.

"ഞാൻ റസൂൽ (സ)തിരുമേനിയോട് യുദ്ധത്തിൽ പങ്കെടുക്കാതിരുന്നതിനെ പറ്റി ആ സത്യം പറഞ്ഞതിന്ശേഷം, എന്നെപോലെ പരീക്ഷണത്തിന് വിധേയമായി വിജയം വരിച്ച ഒരാളെ എനിക്കറിയില്ല. ഈ വിഷയത്തിൽ വഹ്യ് അവതരിപ്പിച്ച അല്ലാഹു (വചനങ്ങൾ 117, 118, 119 ) മേലിലും എന്നെ കാക്കുമെന്ന് ഞാൻ ആശിക്കുന്നു. ഞാൻ സത്യം മാത്രം പറഞ്ഞത് എന്നെ ഇസ്ലാമിലേക്ക് മാർഗ്ഗദർശനം നൽകി അനുഗ്രഹിച്ചതിന് ശേഷം അല്ലാഹു എനിക്ക് തന്ന ഏറ്റവും വലിയ ഒരു അനുഗ്രഹമായിരുന്നു. കളവ് പറഞ്ഞവരെ പറ്റി വഹ്യു വന്നപ്പോൾ അല്ലാഹു വളരെ കടുത്ത വാക്കുകളാണ് പറഞ്ഞത്. (വചനങ്ങൾ 95, 96). റസൂൽ(സ) തിരുമേനിയോട് സത്യം ചെയ്ത് ഒഴിവ് കഴിവുകൾ പറഞ്ഞപ്പോൾ അത് സ്വീകരിച്ച് കൊണ്ട് തിരുമേനി പാപമോചനം തേടിയിരുന്ന ആളുകളുടെ കൂട്ടത്തിൽ നിന്ന് ഞങ്ങൾ മൂന്ന് പേരുടെയും കാര്യം റസൂൽ(സ) പിന്നേക്ക് നിറുത്തി വെക്കുകയാണ് ചെയ്തത് "പിന്നോക്കം വെക്കപ്പെട്ട മൂന്നാളുകളുടെ പേരിലും -" എന്ന വചനം (വചനം 118 ) "ഞങ്ങളുടെ വിഷയത്തിൽ അവതരിക്കുകയും ചെയ്തു". (വചനം 102, 106 നോക്കുക)

മേൽ വിവരിച്ച സുദീർഘമായ ഹദീസിൽ നിന്ന് സത്യവിശ്വാസികൾക്ക് പല കാര്യങ്ങളും ഗ്രഹിക്കുവാനും പഠിക്കുവാനുമുണ്ട്: സഹാബികളുടെ സത്യസന്ധത, നിഷ്കളങ്കവും പരിപൂർണ്ണവുമായ തൗബയുടെ മാതൃക, തൌബ സ്വീകരിക്കപെടുന്നതിന് വേണ്ടി അവർ സഹിച്ചിരുന്ന ത്യാഗങ്ങളും കഷ്ട നഷ്ടങ്ങളും, റസൂൽ(സ) തിരുമേനിയോട് അവർക്കുള്ള സ്നേഹ ബഹുമാനം, തിരുമേനിയുടെ നിർദ്ദേശ്ങ്ങൾ സ്വീകരിക്കുന്നതിൽ അവർക്കുണ്ടായിരുന്ന ആത്മാർത്ഥത എന്നിങ്ങനെ പല പാഠങ്ങളും.

റസൂൽ(സ) അരുളിയതായി ഇബ്നു മസ്ഊദ്(റ) ഉദ്ധരിക്കുന്നു : "സത്യം പുണ്യത്തിലേക്കും പുണ്യം സ്വർഗ്ഗത്തിലേക്കും നയിക്കുന്നു. സത്യം പറഞ്ഞും സത്യത്തെ കാത്ത് സൂക്ഷിച്ചും വരുന്ന ഒരു മനുഷ്യൻ അല്ലാഹുവിന്റെ അടുക്കൽ 'സിദ്ധീഖാ'യി (സത്യസന്ധനായി) രേഖപെടുത്തപെടും . അസത്യമാകട്ടെ ദുർവൃത്തിയിലേക്കും, ദുർവൃത്തി നരകത്തിലേക്കും നയിക്കുന്നു. അസത്യം പറഞ്ഞും അസത്യത്തെ കാത്ത് സൂക്ഷിച്ചും വരുന്ന ഒരു മനുഷ്യൻ അല്ലാഹുവിന്റെ അടുക്കൽ 'കദ്ദാബാ'യി (അസത്യവാദിയായി) രേഖപെടുത്തുന്നതാണു" (അ: ബു: മു)

"ഹേ വിശ്വസിച്ചവരെ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, സത്യം പറയുന്നവരുടെ കൂടെ ആയിരിക്കുകയും ചെയ്യുവിൻ " എന്ന് തുടർന്നുള്ള വചനത്തിൽ അല്ലാഹു സത്യവിശ്വാസികളെ ഉപദേശിക്കുന്നു.

**വചനം 120 , 121**

120 മദീനക്കാർക്കും, 'അഅ്റാബി' (മരുഭൂവാസി)കളിൽനിന്ന് അവരുടെ ചുറ്റുപാടിലുള്ളവർക്കും പാടില്ല, അവർ അല്ലാഹുവിൻെറ റസൂലിനെ വിട്ടു പിന്തിനിൽക്കുവാൻ; അദ്ദേഹത്തിൻെറ സ്വന്ത (കാര്യ) ത്തെ വിട്ടേച്ച് തങ്ങളുടെ സ്വന്ത (കാര്യ) ങ്ങളെപ്പറ്റി താൽപര്യം കാണിക്കുവാനും പാടില്ല. അതെന്തെന്നാൽ അവർ, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ അവർക്ക് വല്ല ദാഹമാകട്ടെ, ക്ഷീണമാകട്ടെ, പട്ടിണിയാകട്ടെ, ബാധിക്കുകയില്ല, അവിശ്വാസികളെ കോപിപ്പിക്കുന്ന വല്ല സ്ഥാനത്തും അവർ ചവിട്ടുകയുമില്ല, ഒരു ശത്രുവിനും വല്ല ബാധയും (ഉപദ്രവവും) അവർ ഏൽപ്പിക്കുകയുമില്ല,-അതുനിമിത്തം അവർക്ക് ഒരു നല്ലതായ

مَا كَانَ لِأَهۡلِ ٱلۡمَدِينَةِ وَمَنۡ حَوۡلَهُم
مِّنَ ٱلۡأَعۡرَابِ أَن يَتَخَلَّفُواْ عَن رَّسُولِ
ٱللَّهِ وَلَا يَرۡغَبُواْ بِأَنفُسِهِمۡ عَن نَّفۡسِهِۦۚ
ذَٰلِكَ بِأَنَّهُمۡ لَا يُصِيبُهُمۡ ظَمَأٞ وَلَا
نَصَبٞ وَلَا مَخۡمَصَةٞ فِي سَبِيلِ ٱللَّهِ وَلَا
يَطَـُٔونَ مَوۡطِئٗا يَغِيظُ ٱلۡكُفَّارَ وَلَا
يَنَالُونَ مِنۡ عَدُوّٖ نَّيۡلًا إِلَّا كُتِبَ لَهُم

بِهِۦ عَمَلٌ صَٰلِحٌۚ إِنَّ ٱللَّهَ لَا يُضِيعُ أَجۡرَ ٱلۡمُحۡسِنِينَ ١٢٠

കാര്യം രേഖപ്പെടുത്തപ്പെടാതെ (ഇതാണതിനു കാരണം.) നിശ്ചയമായും അല്ലാഹു സുകൃതം ചെയ്യുന്നവരുടെ പ്രതിഫലം പാഴാക്കുകയില്ല.

وَلَا يُنفِقُونَ نَفَقَةً صَغِيرَةً وَلَا كَبِيرَةً وَلَا يَقۡطَعُونَ وَادِيًا إِلَّا كُتِبَ لَهُمۡ لِيَجۡزِيَهُمُ ٱللَّهُ أَحۡسَنَ مَا كَانُواْ يَعۡمَلُونَ ١٢١

121 ചെറുതാകട്ടെ, വലുതാകട്ടെ ഒരു ചിലവും അവർ ചിലവഴിക്കുകയുമില്ല, വല്ല താഴ്‌വരയും അവർ വിട്ടുകടക്കുകയുമില്ല, - അതവർക്കു രേഖപ്പെടുത്താതെ. (അതെ) അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽ ഏറ്റം നല്ലതിന് (അനുസരിച്ച്) അല്ലാഹു അവർക്ക് പ്രതിഫലം നൽകുവാൻ വേണ്ടി.

---

റസൂൽ(സ) വല്ല പടയെടുപ്പും നടത്തുമ്പോൾ മദീനാ നിവാസികളോ ചുറ്റ് പാടുകളിൽ താമസിക്കുന്ന അഅ്റാബി(മരുഭൂവാസി)കളൊ ആയാത്രയിൽ നിന്നും മാറി നില്ക്കുവാൻ പാടില്ല. മാത്രമല്ല റസൂലിന്റെ കാര്യത്തിൽ, തങ്ങളുടെ സ്വന്തം കാര്യത്തിലുപരിയായി, ശ്രദ്ധ പതിപ്പിക്കുകയും വേണം . ഇങ്ങനെ ചെയ്യുന്നതിലൂടെ അവർ വമ്പിച്ച പ്രതിഫലത്തിനർഹരായിത്തീരുന്നതാണ്. യുദ്ധാവസരത്തിലും മറ്റും കഷ്ടപ്പാടുകളും വിശപ്പും ദാഹവും പീഢനവും അനുഭവിക്കേണ്ടി വന്നാലും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെറുതും വലുതുമായ ചിലവുകൾ നിർവഹിക്കേണ്ടി വന്നാലും, അവയെല്ലാം അവർക്ക് സൽക്കർമ്മങ്ങളായി രേഖപെടുത്തപ്പെടുന്നതും പ്രത്യേകം പ്രത്യേകമായി വമ്പിച്ച പ്രതിഫലം നൽകപെടുന്നതുമാകുന്നു.

**വചനം 122**

۞ وَمَا كَانَ ٱلۡمُؤۡمِنُونَ لِيَنفِرُواْ كَآفَّةًۚ فَلَوۡلَا نَفَرَ مِن كُلِّ فِرۡقَةٍ مِّنۡهُمۡ طَآئِفَةٌ لِّيَتَفَقَّهُواْ فِي ٱلدِّينِ وَلِيُنذِرُواْ قَوۡمَهُمۡ إِذَا رَجَعُوٓاْ إِلَيۡهِمۡ لَعَلَّهُمۡ يَحۡذَرُونَ ١٢٢

122 സത്യവിശ്വാസികൾ ആകമാനം (യുദ്ധത്തിനു) പുറപ്പെട്ട് പോകാവതുമല്ല. എന്നാൽ, അവരിൽനിന്നുള്ള എല്ലാ സംഘത്തിൽനിന്നും ഒരു വിഭാഗം പുറപ്പെട്ടുപോയിക്കൂടേ, മതത്തിൽ അവർക്കു ജ്ഞാനം നേടുവാനും തങ്ങളുടെ ജനങ്ങളിലേക്കു തങ്ങൾ മടങ്ങി വന്നാൽ അവരെ താക്കീതു ചെയ്യുവാനും വേണ്ടി അവർ കാത്തു സൂക്ഷിച്ചേക്കാമല്ലോ.

---

ഈ വചനം യുദ്ധസംബന്ധമായി മുകളിൽ വന്ന വചനങ്ങളുടെ തുടർച്ച തന്നെയാണോ, അതല്ല ഈ വിഷയം യുദ്ധകാര്യങ്ങളുമായി ബന്ധമൊന്നുമില്ലാത്ത ഒരു സ്വതന്ത്ര വിഷയമാണൊ എന്ന കാര്യത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ഈ വചനത്തിന് ഒന്നിലധികം രൂപത്തിൽ വ്യാഖ്യാനം നൽകപെട്ടിട്ടുണ്ടെങ്കിലും കൂടുതൽ പ്രസക്തമായ രണ്ട് വ്യാഖ്യാനങ്ങൾ ഇപ്രകാരമാകുന്നു.

1. യുദ്ധാവശ്യാർത്ഥം എല്ലാവരും കൂട്ടത്തോടെ നാട് വിട്ട് പോയിക്കൂടാത്തതാണ്. യുദ്ധം ഒരു സാമൂഹ്യ കടമ فرض كفاية ആകുന്നു. ഓരോ വ്യക്തിക്കും ബാധകമാകുന്ന വ്യക്തിപരമായ കടമ فرض عين അല്ല. ഓരോ നാട്ടുകാരിൽ നിന്നും ഗോത്രങ്ങളിൽ നിന്നുമൊക്കെ ഏതാനും ആളുകൾ യുദ്ധാവശ്യാർത്ഥം വെളിയിൽ പോകുകയും, മറ്റുള്ളവർ മതപരമായി അപ്പപ്പോൾ നബി(സ) ക്ക് അവതരിച്ച് കൊണ്ടിരിക്കുന്ന നിയമ നിർദ്ദേശങ്ങളും കല്പനകളും കരഗതമാക്കുകയും, സ്ഥലം വിട്ട് പോയവർ നാട്ടിൽ തിരിച്ചെത്തുമ്പോൾ അവർക്ക് അത് പഠിപ്പിച്ച് കൊടുക്കുകയും വേണം.

2. യുദ്ധാവശ്യാർത്ഥമാകട്ടെ, വിജ്ഞാന സമ്പാദനത്തിനാകട്ടെ ഓരോ സംഘത്തിൽ നിന്നും ഓരോ വിഭാഗം ആളുകൾ മാത്രം പോകുകയും, മറ്റുള്ളവർ നാട്ടിൽ തങ്ങുകയും വേണം. വെളിയിൽ പോകുന്ന ആളുകൾ, ആ യാത്രയുമായി ബന്ധപെട്ട അനുഭവങ്ങളിൽ നിന്നും പരിചയങ്ങളിൽ നിന്നും ലഭിക്കുന്ന അറിവുകളും, നബി(സ) ഒന്നിച്ചുണ്ടെങ്കിൽ തിരുമേനി മുഖേന ലഭിക്കുന്ന അറിവുകളും, തിരിച്ചെത്തിയതിന് ശേഷം നാട്ടിലുള്ളവർക്ക് പകർന്ന് കൊടുക്കുകയും വേണം. ഈ വചനത്തിലെ വാചകങ്ങളും, അവയുടെ വ്യാഖ്യാനങ്ങളും വിലയിരുത്തുമ്പോൾ, താഴെ സൂചിപ്പിക്കുന്ന ചില സംഗതികൾ, മനസ്സിലാക്കാവുന്നതാണ്.

1. ധർമ്മയുദ്ധത്തെ പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതും പുണ്യകരവുമാകുന്നു മതവിജ്ഞാന സമ്പാദനവും.

2. യുദ്ധ വിഷയത്തിലായാലും, വിജ്ഞാന സമ്പാദനത്തിലായാലും, എല്ലാവരും ഒന്നിച്ച് അതിൽ മാത്രം വ്യാപൃതരായിക്കൂടാ. ഒരു കൂട്ടർ അതിലും, മറ്റുള്ളവർ പൊതുവായ മറ്റ് ആവശ്യങ്ങളും നിറവേറ്റേണ്ടതാകുന്നു.

3. പഠിച്ചറിഞ്ഞവർ, മറ്റുള്ളവരിലേക്ക് വിജ്ഞാനം പകർന്ന് കൊടുക്കുകയും അവരെ താക്കീത് ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

4. പൊതു വിജ്ഞാനങ്ങൾ സമ്പാദിക്കുന്നത് മത ദൃഷ്ട്യാ വേണ്ടപെട്ട കാര്യം തന്നെയാണെങ്കിലും, ഈ വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നത് മത വിജ്ഞാന സമ്പാദനം (التفقه فى الدين) സംബന്ധിച്ചാകുന്നുവെന്ന് സ്പഷ്ടമാകുന്നു - മാത്രമല്ല, മത വിജ്ഞാനത്തിനുള്ള പ്രാധാന്യം അല്ലാഹുവും റസൂലും മറ്റു വിജ്ഞാനങ്ങൾക്കൊന്നും നൽകിയിട്ടില്ല താനും.

5. ഒരു ദേശത്ത് മതവിജ്ഞാനം പഠിക്കുവാൻ തക്ക മാർഗ്ഗങ്ങളൊന്നുമില്ലെങ്കിൽ, ആ ദേശക്കാരായ ഏതാനും ആളുകൾ ദേശം വിട്ട് പോയി അത് കരസ്ഥമാക്കലും, അവർ മറ്റുള്ളവരെ ഉപദേശിക്കലും നിർബന്ധമാകുന്നു. അല്ലാത്ത പക്ഷം എല്ലാവരും ശിക്ഷാർഹരായിത്തീരുന്നതാണ്.

## വിഭാഗം: 16

**വചനം 123**

123 ഹേ, വിശ്വസിച്ചവരേ, അവിശ്വാസികളിൽനിന്ന് നിങ്ങളോടടുത്തു നിൽക്കുന്നവരുമായി നിങ്ങൾ യുദ്ധം ചെയ്തുകൊള്ളുവിൻ; അവർ നിങ്ങളിൽ പരുഷത കണ്ടെത്തുകയും ചെയ്യട്ടെ. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരുടെ കൂടെയാണെന്ന് അറിഞ്ഞും കൊള്ളുവിൻ.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ قَـٰتِلُوا۟ ٱلَّذِينَ يَلُونَكُم مِّنَ ٱلْكُفَّارِ وَلْيَجِدُوا۟ فِيكُمْ غِلْظَةً ۚ وَٱعْلَمُوٓا۟ أَنَّ ٱللَّهَ مَعَ ٱلْمُتَّقِينَ ﴿١٢٣﴾

അടുത്ത് നിവസിക്കുന്ന ശത്രുക്കളോട് ആദ്യമാദ്യം യുദ്ധം ചെയ്ത് ചുറ്റു പാടും സുരക്ഷിതമാക്കിയിട്ട് വേണം ദുരെയുള്ള ശത്രുക്കളെ നേരിടുന്നത്. മക്കാ, മദീന, ത്വാഇഫ്, ഖൈബർ എന്നിവിടങ്ങൾ ജയിച്ച് കഴിഞ്ഞതിന് ശേഷമാണ് നബി(സ) വേദക്കാരായ ശത്രുക്കളെ നേരിടാൻ തബൂക്കിലേക്ക് പോയത് - ഹിജ്റ 9-ാം കൊല്ലത്തിൽ. 10-ാം കൊല്ലത്തിൽ ഹജ്ജത്തുൽ വിദാഅ് യാത്രക്ക് ശേഷം 81-ാം ദിവസം തിരുമേനി പരലോകം പൂകുകയും ചെയ്തു. ഖുലഫാഉർ റാശിദീന്റെ കാലത്തെ ശത്രുക്കളുമായുള്ള യുദ്ധങ്ങളും അപ്രകാരം തന്നെയായായിരുന്നു.

യുദ്ധത്തിലും യുദ്ധവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും പരുഷത സ്വീകരിക്കണമെന്നും അല്ലാഹു കല്പിക്കുന്നു. (വചനം 73 ; സു: മുംതഹിന 8, 9 എന്നീ വചനങ്ങളുടെ വ്യാഖ്യാനങ്ങൾ നോക്കുക) നിങ്ങൾ അല്ലാഹുവിന്റെ വിധി വിലക്കുകൾ സൂക്ഷിക്കുന്ന പക്ഷം അല്ലാഹു നിങ്ങളുടെ പക്ഷത്തുണ്ടായിരിക്കുമെന്ന് അല്ലാഹു സത്യവിശ്വാസികളെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

**വചനം 124, 125**

124 വല്ല 'സൂറത്തും' (അദ്ധ്യായവും) അവതരിപ്പിക്കപ്പെട്ടാൽ (ഇങ്ങിനെ) പറയുന്ന ചിലർ അവരിലുണ്ട്: "നിങ്ങളിൽ ആർക്കാണ് ഇതു വിശ്വാസം വർദ്ധിപ്പിച്ചത്!" എന്ന്. എന്നാൽ, യാതൊരു കൂട്ടർ വിശ്വസിച്ചിരിക്കുന്നുവോ അവർക്കത് വിശ്വാസം വർദ്ധിപ്പിക്കുന്നതാണ്; അവരാകട്ടെ, സന്തോഷം കൊള്ളുകയും ചെയ്യും.

وَإِذَا مَآ أُنزِلَتْ سُورَةٌ فَمِنْهُم مَّن يَقُولُ أَيُّكُمْ زَادَتْهُ هَـٰذِهِۦٓ إِيمَـٰنًا ۚ فَأَمَّا ٱلَّذِينَ ءَامَنُوا۟ فَزَادَتْهُمْ إِيمَـٰنًا وَهُمْ يَسْتَبْشِرُونَ ﴿١٢٤﴾

125 എന്നാൽ, ഹൃദയങ്ങളിൽ രോഗവുമുള്ളവരാകട്ടെ, അതവർക്ക് അവരുടെ മ്ളേച്ഛതയിലൂടെ (വീണ്ടും)മ്ളേച്ഛത വർദ്ധിപ്പിക്കുന്ന

وَأَمَّا ٱلَّذِينَ فِى قُلُوبِهِم مَّرَضٌ فَزَادَتْهُمْ رِجْسًا إِلَىٰ رِجْسِهِمْ وَمَاتُوا۟

وَهُمْ كَٰفِرُونَ ﴿١٢٥﴾

താണ്; അവർ അവിശ്വാസികളായും കൊണ്ട് മരണമടയുകയും ചെയ്യുന്നതാണ്.

---

കപട വിശ്വാസികൾ, വല്ല ഖുർആൻ വചനങ്ങളും പുതുതായി അവതരിപ്പിക്കുമ്പോൾ സത്യവിശ്വാസികളെ പരിഹസിച്ച് കൊണ്ട് പറയുന്നു: "ഖുർആൻ കേൾക്കുമ്പോൾ വിശ്വാസം വർദ്ധിക്കുമെന്നാണല്ലോ വയ്പ്. ഈ വചനങ്ങൾ കേട്ടപ്പോൾ നിങ്ങൾക്കാർക്കെങ്കിലും വിശ്വാസം വർദ്ധിച്ചുവൊ".

അല്ലാഹു അവർക്ക് മറുപടി നൽകുന്നു. "സത്യവിശ്വാസികൾക്ക് അത് വിശ്വാസം വർദ്ധിപ്പിക്കുകയും, അവരതിൽ സന്തോഷം കൊള്ളുകയും ചെയ്യുന്നുണ്ട്. നിങ്ങളെപ്പോലെയുള്ള രോഗബാധിത മനസ്കർക്ക് അത് നിങ്ങളുടെ മ്ലേഛതയെ വർദ്ധിപ്പിക്കുകയെ ഉള്ളൂ. അങ്ങനെ തനി നിഷേധികളായിക്കൊണ്ട് തന്നെ നിങ്ങൾ മരണമടയുകയും ചെയ്യും.

---

**വചനം 126**

أَوَلَا يَرَوْنَ أَنَّهُمْ يُفْتَنُونَ فِى كُلِّ عَامٍ مَّرَّةً أَوْ مَرَّتَيْنِ ثُمَّ لَا يَتُوبُونَ وَلَا هُمْ يَذَّكَّرُونَ ﴿١٢٦﴾

126 അവർ കാണുന്നില്ലേ? എല്ലാ കൊല്ലത്തിലും ഒരു പ്രാവശ്യമോ, രണ്ടു പ്രാവശ്യമോ അവർ പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന്! (എന്നിട്ടും) പിന്നെ അവർ (പശ്ചാത്തപിച്ചു) മടങ്ങുന്നില്ല; അവർ ഉറ്റാലോചിക്കുന്നുമില്ല!

---

കൊല്ലം തോറും ഒന്നും രണ്ടും തവണ, ഖേദിച്ച് മടങ്ങാനും, ചിന്തിച്ചറിയാനും പോരുന്ന ഓരോതരം പരീക്ഷണങ്ങൾ - അവരുടെ ഗൂഢ രഹസ്യങ്ങൾ വെളിപെടുത്തുന്ന സംഭവങ്ങൾ, യുദ്ധങ്ങളിൽ നിന്നും ലഭിക്കുന്ന പാഠങ്ങൾ മുതലായവ - ആ കപട വിശ്വാസികൾക്ക് അനുഭവപ്പെട്ട് കൊണ്ടിരിക്കുന്നുണ്ട്. എന്നിട്ടും അവർക്ക് വിവേകം കൈവരികയൊ, അവർ പശ്ചാത്തപിക്കുകയൊ ചെയ്യുന്നില്ല.

**വചനം 127**

وَإِذَا مَآ أُنزِلَتْ سُورَةٌ نَّظَرَ بَعْضُهُمْ إِلَىٰ بَعْضٍ هَلْ يَرَىٰكُم مِّنْ أَحَدٍ ثُمَّ ٱنصَرَفُوا۟ ۚ صَرَفَ ٱللَّهُ قُلُوبَهُم بِأَنَّهُمْ قَوْمٌ لَّا يَفْقَهُونَ ﴿١٢٧﴾

127 വല്ല 'സൂറത്തും' (അദ്ധ്യായവും) അവതരിപ്പിക്കപ്പെട്ടാൽ,-അവരിൽ ചിലർ ചിലരിലേക്ക് (തമ്മതമ്മിൽ) നോക്കുകയായി; "നിങ്ങളെ ആരെങ്കിലും കാണുന്നുവോ" എന്നു(ള്ള ഭാവത്തിൽ); പിന്നെ അവർ പിരിഞ്ഞു പോകുന്നതാണ്. അവർ (കാര്യം) ഗ്രഹിക്കാത്ത ഒരു ജനതയാണെന്നുള്ളതുകൊണ്ട് അല്ലാഹു അവരുടെ ഹൃദയങ്ങളെ തിരിച്ചു വിട്ടിരിക്കുകയാണ്.

---

ഖുർആന്റെ വല്ല ഭാഗവും അവതരിച്ച് കേട്ടാൽ കപടവിശ്വാസികൾ അസ്വസ്ഥത പ്രകടിപ്പിച്ച് കൊണ്ട് സദസ്സിൽ നിന്ന് എഴുന്നേറ്റ് പോകാൻ ശ്രമിക്കും, നബി(സ)യും സഹാബികളും തങ്ങൾ സ്ഥലം വിട്ട് പോകുന്നത് കണ്ട് മനസ്സിലാക്കുമെന്നുള്ള ആശങ്ക നിമിത്തം, ആരെങ്കിലും കാണുന്നുണ്ടോ എന്നറിയാൻ തമ്മിൽ തമ്മിൽ നോക്കി കണ്ണിമ വെട്ടിയും ഗോഷ്ടികൾ കാണിച്ചും, കൊണ്ടായിരിക്കും അവർ സ്ഥലം വിടുക.എന്ത് തന്നെ കണ്ടാലും കേട്ടാലും കാര്യം ഗ്രഹിക്കാത്ത ഹൃദയങ്ങളാണ് അവരുടേത് - ചിന്തിക്കുവാനോ ആലോചിക്കാനോ തയാറില്ലാത്ത അവരുടെ ഹൃദയങ്ങളെ അല്ലാഹു തിരിച്ച് വിട്ടിരിക്കുകയാണ് .

---

**വചനം 128, 129**

لَقَدْ جَآءَكُمْ رَسُولٌ مِّنْ أَنفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُم بِٱلْمُؤْمِنِينَ رَءُوفٌ رَّحِيمٌ ﴿١٢٨﴾

128 തീർച്ചയായും, നിങ്ങൾക്ക് നിങ്ങളിൽനിന്നു തന്നെയുള്ള ഒരു റസൂൽ വന്നിട്ടുണ്ട്. നിങ്ങൾ കഷ്ടപ്പെടുന്നത് അദ്ദേഹത്തിന് ദുസ്സഹമാകുന്നു; നിങ്ങളെപ്പറ്റി അത്യാഗ്രഹമുള്ളവനാകുന്നു: സത്യവിശ്വാസികളോട് വളരെ ദയാലുവും, കരുണയുള്ളവനുമാകുന്നു.

129 എന്നാൽ, അവർ തിരിഞ്ഞു കളയുന്ന പക്ഷം, (നബിയേ) പറയുക: "എനിക്ക് അല്ലാഹു മതി! അവനല്ലാതെ ആരാധ്യനേ ഇല്ല. അവൻെറ മേൽ തന്നെ ഞാൻ ഭരമേൽപ്പിച്ചിരിക്കുന്നു; അവൻ മഹത്തായ 'അർശി'ൻെറ (സിംഹാസനത്തിൻെറ) നാഥനുമാകുന്നു."

فَإِن تَوَلَّوْاْ فَقُلْ حَسْبِيَ ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ۖ عَلَيْهِ تَوَكَّلْتُ ۖ وَهُوَ رَبُّ ٱلْعَرْشِ ٱلْعَظِيمِ ﴿١٢٩﴾

അല്ലാഹുവിൽ നിന്ന് നിങ്ങളുടെ നന്മക്കും ഗുണത്തിനുമായി അവതരിപ്പിക്കപ്പെട്ട പല കൽപനകളും, നിങ്ങളിൽ പ്രബോധനം ചെയ്യാൻ നിയോഗിക്കപ്പെട്ട പ്രവാചകൻ, നിങ്ങളുടെ സ്വന്തം ആളും നിങ്ങളുടെ നന്മയിൽ അതീവ താൽപര്യമുള്ള ആളുമാകുന്നു. റസൂൽ (സ) തിരുമേനിയുടെ വിശേഷതകൾ ഈ വചനത്തിൽ അല്ലാഹു എടുത്ത് പറയുന്നു.

1, അദ്ദേഹം നിങ്ങളുടെ കൂട്ടത്തിൽ തന്നെ ഉൾപെട്ട ഒരാളാകുന്നു. അദ്ദേഹത്തിന്റെ ഭാഷയും അറബി തന്നെ. നബി(സ)യുടെ ഗോത്രമായ ഖുറൈശികളാകട്ടെ, മറ്റെല്ലാ അറബി ഗോത്രങ്ങളുമായും അവർക്ക് രക്തബന്ധവും കുടുംബബന്ധവും ഉണ്ട് താനും. നബി(സ) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു - " ഇബ്രാഹിമിന്റെ സന്തതികളിൽ നിന്ന് അല്ലാഹു ഇസ്മാഈലിനെ തിരഞ്ഞെടുത്തു. (ശ്രേഷ്ഠമാക്കി) ഇസ്മാഈലിന്റെ സന്തതികളിൽ ബനൂകിനാനയെയും, ബനൂകിനാനയിൽ നിന്ന് ഖുറൈശികളെയും, ഖുറൈശികളിൽ നിന്ന് ബനൂ ഹാശിമിനെയും, ബനൂ ഹാശിമിൽ നിന്ന് എന്നെയും തിരഞ്ഞെടുത്ത് (മു, തി)

2, നിങ്ങൾ കഷ്ടപെടുന്നത് അദ്ദേഹത്തിന് ദുസ്സഹമാകുന്നു.

3, നിങ്ങളെ പറ്റി അദ്ദേഹം വളരെ ആഗ്രഹമുള്ള ആളാകുന്നു.- എല്ലാവരും സന്മാർഗ്ഗം പ്രാപിച്ച് വിജയികളായിത്തീരണമെന്ന് അദ്ദേഹം വളരെയധികം ആഗ്രഹിക്കുന്നു. ഈ ആഗ്രഹവും അവർ ദുർ മാർഗ്ഗത്തിൽ പതിക്കുന്നതിലുള്ള വ്യസനവും കാരണം തിരുമേനി കുറച്ച് അതിര് കവിഞ്ഞ് പോയിട്ടുണ്ടെന്നും അത്രത്തോളം വേണ്ടതില്ലെന്നും, സൂചിപ്പിക്കുന്ന വചനങ്ങൾ കാണാം- സൂ :18 വചനം 6 ൽ അല്ലാഹു പറയുന്നു : "ഈ വർത്തമാനത്തിൽ - ഖുർആനിൽ - അവർ വിശ്വസിക്കാതിരിക്കുന്ന പക്ഷം, നീ അവരുടെ പിന്നാലെ ദുഃഖിച്ചു നിന്റെ ജീവൻ അപകടപെടുത്തുന്നവനായേക്കാം".

"നിനക്ക് വളരെ മോഹമുണ്ടെങ്കിലും അധികമാളുകളും വിശ്വസിക്കുന്നവരല്ല" (12: 103) "അവർ പരിശുദ്ധി പ്രാപിക്കാതിരിക്കുന്നതിനാൽ നിനക്കെന്താണ് ബാദ്ധ്യതയുള്ളത് (80:7).

4, അദ്ദേഹം സത്യവിശ്വാസികളോടു അങ്ങേയറ്റം ദയവും കരുണയുമുള്ള ആളാകുന്നു.

റസുൽ(സ) തിരുമേനി ഇങ്ങനെയുള്ള ഗുണഗണങ്ങളെല്ലാമുള്ള ആളായിരുന്നിട്ടും ജനങ്ങൾ അദ്ദേഹത്തിൽ നിന്നും പിന്തിരിഞ്ഞു കളുയുകയാണെങ്കിൽ, അതിൽ ഒട്ടും പരിഭവിക്കാതെ, എല്ലാ കാര്യത്തിനും അല്ലാഹു മതി എന്ന് സമാധാനിച്ച് കൊണ്ട്, കാര്യങ്ങളെല്ലാം അവനിൽ ഭരമേൽപിക്കാൻ, അല്ലാഹു തിരുമേനിയെ ഉപദേശിക്കുന്നു. അല്ലാഹുവല്ലാതെ ആരാധ്യനായി ആരുമില്ല എന്നും, അവൻ മഹത്തായ അർശിന്റെ നാഥനും, ലോകാലോകങ്ങളുടെ ഭരണാധിപനും ആണെന്നും, കാര്യങ്ങൾ അർപ്പിക്കപെടാനുള്ള അർഹത അവനല്ലാതെ മറ്റാർക്കും ഇല്ല എന്നും ഓർമ്മിപ്പിച്ച് കൊണ്ട്, അല്ലാഹു ഈ സൂറത്ത് അവസാനിപ്പിക്കുന്നു.

# 10. സൂറത്തു - യൂനുസ്

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 109, ( വിഭാഗം - റുകൂഅ് - 11)

മക്കീ സൂറത്തുകളിലെ പ്രധാന പ്രതിപാദ്യവിഷയങ്ങളായ, തൗഹീദിന്റെ സ്ഥാപനം, ശിർക്കിന്റെ ഖണ്ഡനം, പ്രവാചകത്വം, മരണാനന്തരജീവിതം, പ്രതിഫല നടപടി മുതലായവയും അവയുമായി ബന്ധപ്പെട്ട കാര്യങ്ങളും തന്നെയാകുന്നു ഈ സൂറത്തിലെ മുഖ്യ പ്രതിപാദ്യ വിഷയങ്ങൾ.

98-ാം വചനത്തിൽ യൂനൂസ്(അ)ന്റെ ജനതയെ പറ്റി പരാമർശിക്കുന്നു. സൂ: യൂനുസ് എന്ന നാമകരണ ത്തിന് കാരണമിതാകുന്നു.

**വിഭാഗം - 1**

**വചനം 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

الٓرۚ تِلْكَ ءَايَٰتُ ٱلْكِتَٰبِ ٱلْحَكِيمِ ﴿١﴾

1 'അലിഫ്-ലാം-റാ' അവ വിജ്ഞാനപ്രദമായ (അഥവാ തത്വപൂർണ്ണമായ) വേദഗ്രന്ഥത്തിൻെറ 'ആയത്തു' (സൂക്തം) കളാകുന്നു.

സൂറത്തിന്റെ ആരംഭത്തിൽ കാണുന്ന കേവലാക്ഷരങ്ങളെകുറിച്ച് സൂ: ബഖറയുടെ ആരംഭത്തിലും മറ്റും വിവരിച്ചിട്ടുണ്ട്.

ഇതിലെ വചനങ്ങൾ വിജ്ഞാനപ്രദമായ അഥവാ തത്വപൂർണ്ണമായ വേദഗ്രന്ഥത്തന്റെ സൂക്തങ്ങളാ കുന്നു.

**വചനം 2**

أَكَانَ لِلنَّاسِ عَجَبًا أَنْ أَوْحَيْنَآ إِلَىٰ رَجُلٍ مِّنْهُمْ أَنْ أَنذِرِ ٱلنَّاسَ وَبَشِّرِ ٱلَّذِينَ ءَامَنُوٓا۟ أَنَّ لَهُمْ قَدَمَ صِدْقٍ عِندَ رَبِّهِمْ ۗ قَالَ ٱلْكَٰفِرُونَ إِنَّ هَٰذَا لَسَٰحِرٌ مُّبِينٌ ﴿٢﴾

2 മനുഷ്യർക്ക് ഒരു അൽഭുതമായിപ്പോയോ, അവരിൽപെട്ട ഒരു പുരുഷനു നാം 'വഹ്‌യു' (ദിവ്യസന്ദേശം) നൽകിയത്?: മനുഷ്യരെ നീ താക്കീതു ചെയ്യണമെന്നും, വിശ്വസിച്ചവർക്ക് തങ്ങളുടെ റബ്ബിൻെറ അടുക്കൽ സത്യത്തിൻെറ (ഉന്നത) പദവിയുണ്ടെന്ന് സന്തോഷ വാർത്ത അറിയിക്കണമെന്നും! അവിശ്വാസികൾ പറയുന്നു: ''നിശ്ചയമായും ഇവൻ ഒരു സ്പഷ്ടമായ മാരണക്കാരൻ തന്നെ" എന്ന്.

സത്യ നിഷേധികൾ പറയാറുണ്ടായിരുന്നു : "ഒരു മനുഷ്യനെയോ അല്ലാഹു റസൂലായി നിയോഗിച്ചത്." (17: 94) "നമ്മുടെ റബ്ബ് വേണമെന്ന് വെച്ചിരുന്നെങ്കിൽ അവൻ മലക്കുകളെ ഇറക്കുക തന്നെ ചെയ്യുമായിരുന്നു"41:14; "ഈ രണ്ട് രാജ്യങ്ങളിൽ (മക്ക, ത്വാഇഫ്) - ഉള്ള ഏതെങ്കിലും ഒരു മഹാ പുരുഷന്റെ മേൽ എന്ത് കൊണ്ട് ഈ ഖുർആൻ അവതരിക്കപെട്ടില്ല". (43: 31)

എന്നാൽ നമ്മുടെ കൂട്ടത്തിൽ പെട്ട തങ്ങൾക്ക് സുപരിചിതനായ ഒരു മനുഷ്യന് ദിവ്യ സന്ദേശം നൽകി യതിൽ അൽഭുതപെടുവാനെന്താണുള്ളത്. ദുർമാർഗ്ഗികൾക്ക് ശിക്ഷയെക്കുറിച്ചുള്ള താക്കീതും സത്യവിശ്വാസി കൾക്ക് അല്ലാഹുവിന്റെയടുക്കൽ ഉന്നത പദവി ലഭിക്കുമെന്ന സന്തോഷവാർത്തയും, അറിയിക്കുവാനുമുള്ള സന്ദേ ശമാകുന്നു, അത്.

അത്ഭുതം പ്രകടിപ്പിക്കുക മാത്രമല്ല ആ അവിശ്വാസികൾ ചെയ്യുന്നത് - ഇവൻ ഒരു മാരണക്കാരനാ ണെന്നും, ഇവൻ കൊണ്ട് വന്ന ഖുർആൻ കേവലം ഒരു മാരണം തന്നെ ആണെന്നും അവർ പ്രചരിപ്പിക്കുകയും ചെയ്യുന്നു.

**വചനം 3**

إِنَّ رَبَّكُمُ ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۖ يُدَبِّرُ ٱلْأَمْرَ ۖ مَا مِن شَفِيعٍ إِلَّا مِنۢ بَعْدِ إِذْنِهِۦ ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ فَٱعْبُدُوهُ ۚ أَفَلَا تَذَكَّرُونَ ﴿٣﴾

3 നിശ്ചയമായും, നിങ്ങളുടെ റബ്ബ് ആകാശങ്ങളെയും ഭൂമിയെയും ആറു ദിവസ (ഘട്ട) ങ്ങളിലായി സൃഷ്ടിച്ചവനായ അല്ലാഹുവത്രെ. പിന്നെ, അവൻ കാര്യത്തെ (വ്യവസ്ഥപ്പെടുത്തി) നിയന്ത്രിച്ചുകൊണ്ട് 'അർശി'ൽ (സിംഹാസനത്തിൽ) ആരോഹണം ചെയ്തിരിക്കുന്നു. അവൻെറ അനുവാദത്തിനു ശേഷമല്ലാതെ, ഒരു ശുപാർശക്കാരനും (ശുപാർശ നടത്തുക) ഇല്ല. (അങ്ങനെയുള്ള) അവനത്രെ അല്ലാഹു, നിങ്ങളുടെ റബ്ബ്. ആകയാൽ, അവനെ നിങ്ങൾ ആരാധിക്കുവിൻ. അപ്പോൾ, നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ?!

ആകാശ ഭൂമികളെ ആറു ദിവസങ്ങളിലായി സൃഷ്ടിച്ചുവെന്നും, അല്ലാഹു അർശിൽ ആരോഹണം ചെയ്തു എന്നും ഉള്ളതിനെ പറ്റി സൂ: അ അ് റാ ഫു 54 സൂ ഫുർഖാൻ 59 ; സൂ സജദ 4, 5, എന്നിവിടങ്ങളിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

"അവന്റെ അനുമതിക്ക് ശേഷമല്ലാതെ ഒരു ശുപാർശക്കാരനും ശുപാർശ നടത്തുകയില്ല" എന്ന വാക്യം, തങ്ങൾക്ക് വേണ്ട് ശുപാർശ ചെയ്യുന്നതിന് വേണ്ടി, പുണ്യാത്മാക്കളെയും ദേവീ ദേവൻമാരെയും വിളിച്ച് ആരാധിക്കുന്നവർ ഗൗരവപൂർവ്വം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു . (അൽ ബഖറ : 255 നോക്കുക)

**വചനം 4**

إِلَيْهِ مَرْجِعُكُمْ جَمِيعًا ۖ وَعْدَ ٱللَّهِ حَقًّا ۚ إِنَّهُۥ يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ لِيَجْزِىَ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ بِٱلْقِسْطِ ۚ وَٱلَّذِينَ كَفَرُوا۟ لَهُمْ شَرَابٌ مِّنْ حَمِيمٍ وَعَذَابٌ أَلِيمٌۢ بِمَا كَانُوا۟ يَكْفُرُونَ ﴿٤﴾

4 അവങ്കലേക്കത്രെ നിങ്ങളുടെയെല്ലാം മടക്കം. അല്ലാഹുവിൻെറ യഥാർത്ഥമായ വാഗ്ദത്തം! (അതിൽ നീക്കുപോക്കില്ല) നിശ്ചയമായും അവൻ, സൃഷ്ടിയെ ആദ്യമായുണ്ടാക്കുന്നു; പിന്നീട് അതിനെ (വീണ്ടും) ആവർത്തിച്ചുണ്ടാക്കുന്നു; വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് നീതി മുറപ്രകാരം അവൻ പ്രതിഫലം നൽകുവാൻ വേണ്ടി. അവിശ്വസിച്ചവരാകട്ടെ, അവർക്ക് ചുട്ടുതിളക്കുന്ന ജലത്തിൽ നിന്നുള്ള പാനീയവും, വേദനയേറിയ ശിക്ഷയുമുണ്ടായിരിക്കും; അവർ അവിശ്വസിച്ചിരുന്നതു നിമിത്തം.

സർവ്വ വസ്തുക്കളുടെ സ്രഷ്ടാവും നിയന്താവുമായ അല്ലാഹുവിങ്കലേക്ക് തന്നെയാണ് എല്ലാവരുടേയും മടക്കമെന്നും, അവിടെ വെച്ച് എല്ലാവർക്കും അവരുടെ കർമ്മങ്ങൾക്കനുസരിച്ച് പ്രതിഫലം നല്കപ്പെടുമെന്നും അല്ലാഹു ഓർമ്മിപ്പിക്കുന്നു.

നരകത്തിലെ ആൾക്കാർക്ക് കുടിപ്പിക്കപ്പെടുന്ന ചുട്ട് തിളക്കുന്ന ജലമാകുന്നു **حميم** അത് കുടിക്കുന്നവരുടെ കുടലുകൾ അത് നുറുക്കിക്കളയുന്നതാകുന്നു (47:15)നോക്കുക.

**വചനം 5, 6**

هُوَ ٱلَّذِى جَعَلَ ٱلشَّمْسَ ضِيَآءً وَٱلْقَمَرَ

5 അവനത്രെ, സൂര്യനെ (തിളങ്ങുന്ന) ശോഭയും, ചന്ദ്രനെ പ്രകാശവുമാക്കിയവൻ. അതിന്

نُورًا وَقَدَّرَهُۥ مَنَازِلَ لِتَعْلَمُوا۟ عَدَدَ ٱلسِّنِينَ وَٱلْحِسَابَ ۚ مَا خَلَقَ ٱللَّهُ ذَٰلِكَ إِلَّا بِٱلْحَقِّ ۚ يُفَصِّلُ ٱلْءَايَٰتِ لِقَوْمٍ يَعْلَمُونَ ﴿٥﴾

(ചന്ദ്രന്) അവൻ ചില ഭവനങ്ങൾ (രാശികൾ) നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു; നിങ്ങൾ കൊല്ലങ്ങളുടെ എണ്ണവും കണക്കും അറിയുവാൻവേണ്ടി. യഥാർത്ഥ (മുറ) പ്രകാരമല്ലാതെ അതിനെ (ഒന്നും) അവൻ സൃഷ്ടിച്ചിട്ടില്ല. അറിയാവുന്നജനങ്ങൾക്കുവേണ്ടി അവൻ ദൃഷ്ടാന്തങ്ങളെ വിശദീകരിക്കുകയാണ്.

إِنَّ فِى ٱخْتِلَٰفِ ٱلَّيْلِ وَٱلنَّهَارِ وَمَا خَلَقَ ٱللَّهُ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ لَءَايَٰتٍ لِّقَوْمٍ يَتَّقُونَ ﴿٦﴾

6 നിശ്ചയമായും, രാത്രിയും, പകലും വ്യത്യാസപ്പെടുന്നതിലുണ്ട്. ആകാശങ്ങളിലും, ഭൂമിയിലും അല്ലാഹു സൃഷ്ടിച്ചവയിലും (ഉണ്ട്), സൂക്ഷിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളും.

---

തൗഹീദിന്റെ അനിർവാര്യ യാഥാർത്ഥ്യം മനസ്സിലാക്കാനുതകുന്ന, സാധാരണ ബുദ്ധികൾക്കു പോലും ഗ്രഹിക്കാൻ പ്രയാസമില്ലാത്ത നിത്യസത്യങ്ങളെക്കുറിച്ച് അല്ലാഹു വിവരിക്കുന്നു: ഖുർ ആനിൽ പലേടത്തും (മക്കീ സൂറത്തുകളിൽ പ്രത്യേകിച്ചും ) ഇത്തരം പ്രസ്താവനകൾ കാണാവുന്നതാണ്:

സ്വയം പ്രകാശിക്കുന്ന സൂര്യന്റെ വെളിച്ചത്തെ -ضياء (തിളക്കം അഥവാ ശോഭ) എന്ന് വിശേഷിപ്പിച്ച അല്ലാഹു, സൂര്യവെളിച്ചത്തേക്കാൾ മങ്ങിയതും സൂര്യനിൽ നിന്നും പതിക്കുന്ന വെളിച്ചം കൊണ്ട് പ്രകാശിക്കുന്ന ചന്ദ്ര വെളിച്ചത്തെ نور എന്നും വിശേഷിപ്പിക്കുന്നു. [ ഈ വസ്തുക്കൾ ശാസ്ത്രം അടുത്ത കാലത്ത് തെളിയിച്ച് കഴിഞ്ഞതാണ്]

സൂര്യനെ പറ്റി سراج (വിളക്ക്)എന്നും ചന്ദ്രനെ പറ്റി منير (പ്രകാശിക്കുന്നത്) എന്നും വിശദീകരിച്ച് കൊണ്ട് ഈ വസ്തുത 25: 61 ലും സൂചിപ്പിച്ചിരിക്കുന്നു.

തുടർന്ന് ചന്ദ്രന് പല ഭവനങ്ങളും (മണ്ഡലങ്ങളും) നിർണ്ണയിച്ചിരിക്കുന്നതിനെ പറ്റി അല്ലാഹു വിവരിക്കുന്നു. സൂര്യൻ കാഴ്ചയിൽ എപ്പോഴും പൂർണ്ണ വൃത്താകൃതിയിൽ ദൃശ്യമാകമ്പോൾ, ചന്ദ്രനാകട്ടെ ചാന്ദ്രിക മാസാരംഭത്തിൽ ഒരു അർദ്ധവളയമായും, പിന്നീട് ദിനം തോറും വൃദ്ധി പ്രാപിച്ച് കൊണ്ട് പതിനാലാം ദിവസത്തോടെ പൂർണ്ണ വൃത്താകൃതി പ്രാപിക്കുകയും പിന്നീട് ദിനം തോറും ക്ഷയിച്ച് കൊണ്ടിരിക്കുകുയും ചെയ്ത് അവസാനം ഒന്നോ രണ്ടോ രാത്രി അപ്രത്യക്ഷമാകുകയും ചെയ്യുന്നു. (സൂ: യാസിൻ : 39 ലും നോക്കുക)

മേൽ പറഞ്ഞ സൂര്യന്റെയും ചന്ദ്രന്റെയും പ്രയാണങ്ങൾ മൂലം ദിവസങ്ങളും മാസങ്ങളും വർഷങ്ങളും , വിനാഴികകളും കണക്കാക്കപെടുന്നു ; രാപകലുകൾ ഒന്നിന് പുറകെ ഒന്നായി കൃത്യതയോടെ മാറി മറിഞ്ഞ് വരുന്നു.

കൂടാതെ ആകാശ ഭൂമികളിലെ ജീവജന്തുക്കളെയും, നിർജീവ വസ്തുക്കളെയും, ഗോചരവും അഗോചരവുമായ സൃഷ്ടികളെയും, എണ്ണിയാലൊടുങ്ങാത്ത വൈവിദ്ധ്യമേറിയ വസ്തുക്കളെയും കുറിച്ചും അല്ലാഹു ഓർമിപ്പിക്കുന്നു.

മേൽ പറഞ്ഞവയെല്ലാം ഒരു വ്യവസ്ഥയനുസരിച്ച് ഒന്നൊന്നിന് വിഘാതം വരുത്താതെ, സൃഷ്ടിച്ച് നിയന്ത്രിച്ച് പോരുന്ന ഒരു മഹാശക്തനായ സൃഷ്ടാവ് ഇവയുടെയെല്ലാം പിന്നിലുണ്ടെന്ന് സൂക്ഷ്മതയുള്ള ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ.

**വചനം 7, 8, 9 10**

إِنَّ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا وَرَضُوا۟ بِٱلْحَيَوٰةِ ٱلدُّنْيَا وَٱطْمَأَنُّوا۟ بِهَا وَٱلَّذِينَ هُمْ عَنْ ءَايَٰتِنَا غَٰفِلُونَ ﴿٧﴾

7 നിശ്ചയമായും, നാമുമായി കണ്ടുമുട്ടുന്നതിനെ പ്രതീക്ഷിക്കാതിരിക്കുകയും, ഐഹിക ജീവിതം കൊണ്ടു തൃപ്തിപ്പെടുകയും, അതുകൊണ്ടു (മനസ്സ്) സമാധാനമടയുകയും ചെയ്യുന്നവർ, നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ചു (ചിന്തിക്കാതെ) അശ്രദ്ധരായുള്ളവരും,-

8 (അതെ) അക്കൂട്ടർ, അവരുടെ സങ്കേതം നരകമാകുന്നു. അവർ (പ്രവർത്തിച്ചു)സമ്പാദി ച്ചിരുന്നതു നിമിത്തം.

أُوْلَٰٓئِكَ مَأْوَىٰهُمُ ٱلنَّارُ بِمَا كَانُوا۟ يَكْسِبُونَ ﴿٨﴾

9 നിശ്ചയമായും, വിശ്വസിക്കുകയും സൽക്ക ർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ, അവരുടെ വിശ്വാസം നിമിത്തം അവരുടെ റബ്ബ് അവരെ സൻമാർഗ്ഗത്തിലാക്കുന്നതാണ്. സുഖാ നുഗ്രഹത്തിൻെറ സ്വർഗ്ഗങ്ങളിൽ, അവരുടെ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊ ണ്ടിരിക്കും.

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ يَهْدِيهِمْ رَبُّهُم بِإِيمَٰنِهِمْ ۖ تَجْرِى مِن تَحْتِهِمُ ٱلْأَنْهَٰرُ فِى جَنَّٰتِ ٱلنَّعِيمِ ﴿٩﴾

10 അവിടത്തിൽ അവരുടെ പ്രാർത്ഥന "അല്ലാ ഹുവേ, നീ മഹാപരിശുദ്ധൻ!" (നിനക്കുസ് തോത്രം) എന്നുമായിരിക്കും; അവിടത്തിൽ അവരുടെ ഉപചാരം 'സലാം' (സമാധാനം ശാന്തി!) എന്നുമായിരിക്കും. അവരുടെ അവ സാന പ്രാർത്ഥന "സ്തുതി (യെല്ലാം) ലോക രക്ഷിതാവായ അല്ലാഹുവിനാണ്" എന്നു മായിരിക്കും.

دَعْوَىٰهُمْ فِيهَا سُبْحَٰنَكَ ٱللَّهُمَّ وَتَحِيَّتُهُمْ فِيهَا سَلَٰمٌ ۚ وَءَاخِرُ دَعْوَىٰهُمْ أَنِ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿١٠﴾

---

ഐഹിക ജീവിതത്തിന് പ്രാധാന്യം കൊടുത്ത്, അല്ലാഹുവിനെ കണ്ട് മുട്ടുമെന്ന് പ്രതീക്ഷിക്കാതെ, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് അശ്രദ്ധരായിട്ടുള്ളവരുടെ സങ്കേതം നരകമാകുന്നു.

എന്നാൽ വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കു, അല്ലാഹു സ്വർഗ്ഗം പ്രദാനം ചെയ്യുന്നതാണ്. സ്വർഗ്ഗത്തിലെ ഓരോ അനുഗ്രഹവും ആനന്ദങ്ങളും അനുഭവിക്കുമ്പോൾ അവർ അല്ലാഹുവിന് സ്തോത്ര കീർത്തനം ചെയ്യുകയും അവനെ സ്തുതിക്കുകയും ചെയ്യും. എല്ലാ ഭാഗത്തു നിന്നും അവരെ സലാം (സമാധാനം, ശാന്തി) അഭിവാദ്യം ചെയ്യും. അല്ലാഹുവിനെ കാണുമ്പോഴും അവർക്ക് സലാമിന്റെ അഭിവാദ്യം ലഭിക്കുന്നു (33: 44) മലക്കുകളിൽ നിന്നും അവർക്ക് അഭിവാദ്യം (സലാം) ലഭിക്കുന്നു. (39 : 73) തമ്മിൽ തമ്മിലും സലാമിന്റെ ഉപചാരം നടന്ന് കൊണ്ടിരിക്കും (56:25:26) അവർ ഇഛിക്കുന്നതെല്ലാം അവർക്ക് ലഭിക്കും (41:31) അപ്പോഴെല്ലാം അവർ അല്ലാഹുവിന് സ്തുതി കീർത്തനം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യും.

## വിഭാഗം 2

**വചനം 11**

11 മനുഷ്യർ നന്മക്കു ധൃതികൂട്ടുന്ന പ്രകാരം അല്ലാഹു അവർക്ക് തിൻമയെ ധൃതിപ്പെടുത്തി (കൊടുത്തി) രുന്നുവെങ്കിൽ അവർക്ക് അവരുടെ അവധി തീരുമാനിക്കപ്പെടുക തന്നെ ചെയ്യു മായിരുന്നു. എന്നാൽ, നാമുമായി കണ്ടു മുട്ടു ന്നതിനെ പ്രതീക്ഷിക്കാത്തവരെ, അവരുടെ ധിക്കാരത്തിൽ അന്ധാളിച്ച് (അലഞ്ഞു) കൊണ്ട് നാം വിട്ടുകളയുകയാണ്.

۞ وَلَوْ يُعَجِّلُ ٱللَّهُ لِلنَّاسِ ٱلشَّرَّ ٱسْتِعْجَالَهُم بِٱلْخَيْرِ لَقُضِىَ إِلَيْهِمْ أَجَلُهُمْ ۖ فَنَذَرُ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا فِى طُغْيَٰنِهِمْ يَعْمَهُونَ ﴿١١﴾

---

മനുഷ്യൻ സ്വഭാവേന അക്ഷമനും, ധൃതി കൂട്ടുന്നവനുമാണ്. എന്തെങ്കിലും ആപത്തോ ആശാഭംഗമോ വരുമ്പോഴേക്കും , അവൻ തന്റെ മക്കളെയും, ധനത്തേയും , സമൂഹത്തേയും തന്നെ തന്നെയും, ശപിക്കാൻ മുതിരുന്നു - യാതൊരു ശുഭ പ്രതീക്ഷയും വെച്ച് പുലർത്താതെ.

നബി (സ) യുടെ വചനങ്ങൾ കേൾക്കാത്ത മുശ് രിക്കുകൾ, ഇതൊക്കെ തന്നെയാണ് യഥാർത്ഥ സത്യമെങ്കിൽ, ഞങ്ങളുടെ മേൽ കൽ മഴ വർഷിക്കുകയൊ, മറ്റ് വല്ല കഠിന ശിക്ഷയൊ വന്ന് കൊള്ളട്ടെ എന്ന് ശപിക്കുമായിരുന്നു. (8:32)

മനുഷ്യൻ ധൃതികൂട്ടുന്നത് പോലെ, അല്ലാഹുവും ധൃതി പിടിച്ച് അവരുടെ മേൽ നടപടി എടുക്കുകയായിരുന്നുവെങ്കിൽ അവർക്ക് അതിവേഗം അവരുടെ അവധി തീരുമാനിക്കപ്പെടുക തന്നെ ചെയ്യുമായിരുന്നു എന്നാൽ അവനുമായി കണ്ടുമുട്ടുന്നതിനെ പ്രതീക്ഷിക്കാതെ, അവരവരുടെ ധിക്കാരത്തിൽ വിഹരിച്ച് കൊണ്ടിരിക്കുന്നവരെ, യഥേഷ്ടം അലഞ്ഞ് തിരിയാൻ വിട്ട് കൊടുത്ത് കൊണ്ട് അല്ലാഹു യഥാസമയം, അവരുടെ ചെയ്തികൾക്കുള്ള നടപടി കൈകൊള്ളുന്നതാണ്.

---

**വചനം 12**

وَإِذَا مَسَّ ٱلْإِنسَٰنَ ٱلضُّرُّ دَعَانَا لِجَنۢبِهِۦٓ أَوْ قَاعِدًا أَوْ قَآئِمًا فَلَمَّا كَشَفْنَا عَنْهُ ضُرَّهُۥ مَرَّ كَأَن لَّمْ يَدْعُنَآ إِلَىٰ ضُرٍّ مَّسَّهُۥ ۚ كَذَٰلِكَ زُيِّنَ لِلْمُسْرِفِينَ مَا كَانُوا۟ يَعْمَلُونَ ﴿١٢﴾

12 മനുഷ്യനെ ഉപദ്രവം (അഥവാ ബുദ്ധിമുട്ട്) ബാധിച്ചാൽ, അവന്റെ (ഒരു) വശത്തേക്കായി (കിടന്നു) കൊണ്ട്, അല്ലെങ്കിൽ ഇരുന്നുകൊണ്ട്, അല്ലെങ്കിൽ നിന്നുകൊണ്ട് അവൻ നമ്മെ വിളി(ച്ചു പ്രാർത്ഥി) ക്കുന്നതാണ്. എന്നിട്ട് അവനിൽ നിന്ന് അവന്റെ ഉപദ്രവത്തെ (അഥവാ ബുദ്ധിമുട്ടിനെ) നാം നീക്കുമ്പോഴോ, അവനു ബാധിച്ച വല്ല ഉപദ്രവത്തിന് (അഥവാ ബുദ്ധിമുട്ടിന്) വേണ്ടിയും അവൻ നമ്മെ വിളി(ച്ചു പ്രാർത്ഥി)ച്ചിട്ടില്ലാത്ത പോലെ അവൻ നടക്കുന്നതാണ്. അപ്രകാരം, അതിരുകവിയുന്നവർക്ക് തങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് അലങ്കാരമായി കാണിക്കപ്പെട്ടിരിക്കുന്നു.

---

മനുഷ്യന്റെ പൊതുവെയുള്ള ഒരു ദുസ്വാഭാവമാണ് അല്ലാഹു ഈ വചനത്തിൽ വ്യക്തമായി വിവരിച്ചിരിക്കുന്നത്. ഇത്തരക്കാർക്ക് അവർ ചെയ്യുന്നതൊക്കെ പിശാച് ഭൂഷണമായി തോന്നിപ്പിക്കും, ഈ ദു സ്വഭാവം സത്യവിശ്വാസികൾക്ക് ഉണ്ടായിക്കൂടാത്തതാണ്.

നബി(സ) പറയുന്നു "സത്യവിശ്വാസികൾക്ക് ഏത് കാര്യം വിധിച്ചാലും അതവന് ഗുണകരമായിരിക്കും. അവന് വല്ല കഷ്ടതയും ബാധിച്ചാൽ അവൻ ക്ഷമിക്കും - അതവനു ഗുണകരമായിത്തീരും. അവന് വല്ല സന്തോഷവും ബാധിച്ചാൽ അവൻ നന്ദി പ്രകടിപ്പിക്കും. അതും അവന് ഗുണകരമായിത്തീരും" - (മു)

---

**വചനം 13, 14**

وَلَقَدْ أَهْلَكْنَا ٱلْقُرُونَ مِن قَبْلِكُمْ لَمَّا ظَلَمُوا۟ ۙ وَجَآءَتْهُمْ رُسُلُهُم بِٱلْبَيِّنَٰتِ وَمَا كَانُوا۟ لِيُؤْمِنُوا۟ ۚ كَذَٰلِكَ نَجْزِى ٱلْقَوْمَ ٱلْمُجْرِمِينَ ﴿١٣﴾

ثُمَّ جَعَلْنَٰكُمْ خَلَٰٓئِفَ فِى ٱلْأَرْضِ مِنۢ بَعْدِهِمْ لِنَنظُرَ كَيْفَ تَعْمَلُونَ ﴿١٤﴾

13 നിങ്ങളുടെ മുമ്പ് (പല) തലമുറകളെ, അവർ അക്രമം പ്രവർത്തിച്ചപ്പോൾ നാം നശിപ്പിക്കുകയുണ്ടായിട്ടുണ്ട്; അവരുടെ റസൂലുകൾ വ്യക്തമായ തെളിവുകളുമായി അവരുടെ അരികെ ചെല്ലുകയും ചെയ്തിരുന്നു (എന്നിട്ടും). അവർ വിശ്വസിക്കുവാൻ (തയ്യാർ) ആയിരുന്നതുമില്ല. അപ്രകാരമത്രെ, കുറ്റവാളികളായ ജനങ്ങൾക്കു നാം പ്രതിഫലം നൽകുന്നത്.

14 പിന്നീട്, അവരുടെ ശേഷം (ഇതാ) നിങ്ങളെ ഭൂമിയിൽ നാം (അവരുടെ) പിൻഗാമികളാക്കിയിരിക്കുന്നു; നിങ്ങൾ എങ്ങിനെ പ്രവർത്തിക്കുന്നുവെന്ന് നാം (പരിശോധിച്ചു) നോക്കുവാൻ വേണ്ടി.

---

വ്യക്തമായ തെളിവുകളുമായി അവരിലേക്കയച്ച റസൂലുകളെ വിശ്വസിക്കാതെ, അക്രമം പ്രവർത്തിച്ച പല തലമുറകളെയും അല്ലാഹു നശിപ്പിച്ചിരിക്കുന്നു. ഇപ്പോഴിതാ, അവരുടെ പിൻഗാമികളായി, നിങ്ങളെ ഈ ഭൂമിയിലേക്ക് അയച്ചിരിക്കുന്നു നിങ്ങളും അവരുടെ പാത പിൻതുടരുകയാണെങ്കിൽ നിങ്ങളുടെയും ഗതി അത് തന്നെയായിരിക്കും എന്നുള്ള ഒരു താക്കീതാണീ വചനത്തിൽ ധ്വനിക്കുന്നത്.

നബി(സ) ഇപ്രകാരം അരുളിയിരിക്കുന്നു: "മധുരമയവും പച്ചപിടിച്ചതുമായ ഇഹലോകത്തിൽ നിങ്ങൾ എന്ത് പ്രവർത്തിക്കുന്നുവെന്ന് അല്ലാഹു നോക്കുന്നതാണ്. അത് കൊണ്ട് നിങ്ങൾ ഇഹലോകത്തെ സൂക്ഷിക്കുവിൻ ; സ്ത്രീകളെയും. കാരണം ഇസ്രാഈല്യരിലുണ്ടായ ഒന്നാമത്തെ കുഴപ്പം സ്ത്രീകൾ നിമിത്തമായിരുന്നു " (മുസ്ലീം)

**വചനം 15, 16**

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَاتُنَا بَيِّنَٰتٍ ۙ قَالَ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا ٱئْتِ بِقُرْءَانٍ غَيْرِ هَٰذَآ أَوْ بَدِّلْهُ ۚ قُلْ مَا يَكُونُ لِىٓ أَنْ أُبَدِّلَهُۥ مِن تِلْقَآئِ نَفْسِىٓ ۖ إِنْ أَتَّبِعُ إِلَّا مَا يُوحَىٰٓ إِلَىَّ ۖ إِنِّىٓ أَخَافُ إِنْ عَصَيْتُ رَبِّى عَذَابَ يَوْمٍ عَظِيمٍ ﴿١٥﴾

15 വ്യക്തമായ തെളിവുകളായിക്കൊണ്ട് നമ്മുടെ 'ആയത്തു' (വചനം) കൾ അവർക്ക് ഓതിക്കൊടുക്കപ്പെടുന്നതായാൽ, നാമുമായി കണ്ടുമുട്ടുന്നതിനെ പ്രതീക്ഷിക്കാത്തവർ പറയുന്നതാണ്: 'ഇതല്ലാത്ത ഒരു ഖുർആൻ (പാരായണഗ്രന്ഥം) താൻ കൊണ്ടുവരുക, അല്ലെങ്കിൽ അതിനെ (ഭേദഗതി ചെയ്തു) മാറ്റം വരുത്തുക' എന്ന്! (നബിയേ,) പറയുക: 'എൻെറ സ്വന്തം വകയായി അതിനെ മാറ്റം വരുത്തുവാൻ എനിക്ക് പാടില്ല; എനിക്ക് 'വഹ്‌യു' (ദിവ്യ സന്ദേശം) നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിൻപറ്റുന്നില്ല. നിശ്ചയമായും, എൻെറ റബ്ബിനോട് ഞാൻ അനുസരണക്കേട് ചെയ്താൽ, വമ്പിച്ച ഒരു ദിവസത്തിലെ ശിക്ഷയെ ഞാൻ ഭയപ്പെടുന്നു.'

قُل لَّوْ شَآءَ ٱللَّهُ مَا تَلَوْتُهُۥ عَلَيْكُمْ وَلَآ أَدْرَىٰكُم بِهِۦ ۖ فَقَدْ لَبِثْتُ فِيكُمْ عُمُرًا مِّن قَبْلِهِۦٓ ۚ أَفَلَا تَعْقِلُونَ ﴿١٦﴾

16 പറയുക: 'അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ, നിങ്ങൾക്കു ഞാനത് ഓതിക്കേൾപ്പിക്കുകയാകട്ടെ, അതിനെപ്പറ്റി നിങ്ങളെ അവൻ അറിയിക്കുകയാകട്ടെ ചെയ്യുമായിരുന്നില്ല. ഞാൻ നിങ്ങളിൽ ഇതിനു മുമ്പ് ഒരു (നീണ്ട) പ്രായം കഴിഞ്ഞുകൂടിയിട്ടുണ്ടല്ലോ. അപ്പോൾ, നിങ്ങൾ ബുദ്ധി കൊടു(ത്തു ചിന്തി)ക്കുന്നില്ലേ?!'

മക്കാ മുശ്‌രിക്കുകൾ നബി(സ)യോട് പറയുകയാണ് - "ഏകദൈവ സിദ്ധാന്തം, പരലോകം, പുനർജീവിതം മുതലായ വിഷയങ്ങളടങ്ങിയ, ഈ ഖുർആൻ (പാരായണ ഗ്രന്ഥം) അല്ലാത്ത വേറെ ഖുർആൻ നീ കൊണ്ട് വരികയൊ, അല്ലെങ്കിൽ, ഇതിൽ ഭേദഗതി ചെയ്ത് മാറ്റം വരുത്തുകയൊ ചെയ്താൽ, ഞങ്ങൾ ഇത് സ്വീകരിച്ച് കൊള്ളാം".

അവർക്ക് നൽകാനുള്ള മറുപടി അല്ലാഹു തുടർന്ന് ഈ ആയത്തിൽ നബി(സ) യൊട് നിർദ്ദേശിക്കുന്നു-

"ഈ ഖുർആൻ അല്ലാഹുവിന്റെ വചനമാകുന്നു. അല്ലാഹു എനിക്ക് ദിവ്യ സന്ദേശം നൽകപെടുന്നതിനെയല്ലാതെ അതിൽ വല്ല മാറ്റത്തിരുത്തലുകളും വരുത്തിയാൽ ഖിയാമത്ത് നാളിൽ അതിഭയങ്കരമായ ഒരു ശിക്ഷ ഞാൻ അനുഭവിക്കേണ്ടിവരും. നിങ്ങൾക്ക് ഞാനത് ഓതി കേൾപിക്കുന്നത് അല്ലാഹുവിന്റെ ഉദ്ദേശ്യവും കല്പനയും അനുസരിച്ചാകുന്നു. നാൽപത് കൊല്ലക്കാലും നിങ്ങൾക്കിടയിൽ കഴിഞ്ഞ് കൂടിയ എന്നെ പറ്റി ഇത് വരെ നിങ്ങൾക്കൊരു ആക്ഷേപവുമുണ്ടായിരുന്നില്ലല്ലോ. ഇപ്പോൾ ഞാൻ നിങ്ങളെ സമീപിക്കുവാൻ തുടങ്ങിയത് എന്റെ ഇച്ഛകൊണ്ടല്ലെന്നും , അല്ലാഹുവിന്റെ കൽപന പ്രകാരമാണെന്നു ബുദ്ധി കൊടുത്ത് ആലോചിച്ചാൽ നിങ്ങൾക്ക് തന്നെ ബോധ്യപെടുന്നതാണ്. എന്ത് കൊണ്ടാണ് നിങ്ങൾ ചിന്തിക്കാത്തത്."

നബി(സ)യുടെ ശത്രുക്കളുടെ നേതാവായിരുന്നപ്പോൾ അബുസുഫ്‌യാൻ, റോമാ ചക്രവർത്തി ഹിറഖ്ലിയുസിന്റെ ദർബാറിൽ വെച്ച്, ചക്രവർത്തി "മുമ്പ് നബി കളവ് പറഞ്ഞിരുന്നതായി നിങ്ങൾക്കറിയാമോ" എന്ന് ചോദിച്ചപ്പോൾ "ഇല്ല" എന്ന് മറുപടി പറഞ്ഞു അപ്പോൾ ചക്രവർത്തി ഇപ്രകാരം പറയുകയുണ്ടായി:

"എന്നാലദ്ദേഹം ജനങ്ങളെ പറ്റി കളവു പറയാതിരിക്കുകയും അതേ സമയം അല്ലാഹുവിനെ പറ്റി കളവു പറയാൻ ശ്രമിക്കുകയും ചെയ്യുകയുണ്ടാകില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു."

(ചക്രവർത്തിയെ, ഇസ്‌ലാമിലേക്ക് ക്ഷണിച്ച് കൊണ്ടുള്ള നബി(സ)യുടെ കത്ത് കിട്ടിയ സന്ദർഭമായിരുന്നു അത്. അബു സൂഫ്‌യാൻ കച്ചവടാവശ്യാർത്ഥം അപ്പോൾ ശാമിൽ ഉണ്ടായിരുന്നു).

അബ്സീനിയൻ ചക്രവർത്തി നജ്ജാശിയുടെ ദർബാറിൽ വെച്ച് നബി(സ) യെ പരിചയപെടുത്തിയ കൂട്ടത്തിൽ ജഅ്ഫറുബ്നു അബീത്വാലിബ് ഇപ്രകാരം പറഞ്ഞിരുന്നു: "അല്ലാഹുവിന്റെ റസൂലിന്റെ സത്യതയും, തറവാടിത്തവും വിശ്വസ്തതയും നാല്പത് കൊല്ലങ്ങളായിട്ട് ഞങ്ങൾക്ക് നേരിട്ടറിയാവുന്നതാണ് "

**വചനം 17, 18**

فَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا أَوْ كَذَّبَ بِـَٔايَـٰتِهِۦٓ ۚ إِنَّهُۥ لَا يُفْلِحُ ٱلْمُجْرِمُونَ ﴿١٧﴾ وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ وَيَقُولُونَ هَـٰٓؤُلَآءِ شُفَعَـٰٓؤُنَا عِندَ ٱللَّهِ ۚ قُلْ أَتُنَبِّـُٔونَ ٱللَّهَ بِمَا لَا يَعْلَمُ فِى ٱلسَّمَـٰوَٰتِ وَلَا فِى ٱلْأَرْضِ ۚ سُبْحَـٰنَهُۥ وَتَعَـٰلَىٰ عَمَّا يُشْرِكُونَ ﴿١٨﴾

17 അപ്പോൾ, അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമക്കുകയോ, അല്ലെങ്കിൽ അവൻെറ 'ആയത്തു (വചനം)കളെ വ്യാജമാക്കുകയോ ചെയ്തവനെക്കാൾ അക്രമി ആരുണ്ട്?! നിശ്ചയമായും കാര്യം, കുറ്റവാളികൾ വിജയിക്കുകയില്ല.

18 അല്ലാഹുവിനുപുറമെ, തങ്ങൾക്ക് ഉപദ്രവം ചെയ്യാത്തതും, ഉപകാരം ചെയ്യാത്തതുമായതിനെ അവർ ആരാധിച്ചുവരുന്നു; 'ഇവർ (ആ ആരാധ്യവസ്തുക്കൾ) അല്ലാഹുവിൻെറ അടുക്കൽ ഞങ്ങളുടെ ശുപാർശക്കാരാകുന്നു'വെന്ന് അവർ പറയുകയും ചെയ്യുന്നു. പറയുക; 'ആകാശങ്ങളിലാകട്ടെ, ഭൂമിയിലാകട്ടെ (ഉള്ളതായി) അല്ലാഹു അറിയാത്ത കാര്യത്തെപ്പറ്റി നിങ്ങൾ അവന് വിവരമറിയിക്കുകയാണോ?!' അവൻ മഹാപരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിൽ നിന്ന് അവൻ അത്യുന്നതി പ്രാപിക്കുകയും ചെയ്തിരിക്കുന്നു."

---

മുശ്‌രിക്കുകൾ വിഗ്രഹങ്ങളെ ആരാധിച്ച് വരുന്നതിന് അവർ പറയുന്ന ന്യായം- മനുഷ്യദൈവങ്ങളെയും, ദേവീദേവന്മാരെയും മരണപ്പെട്ടവരെയും ആരാധിക്കുന്നവരും പറയുന്ന ന്യായം - ഈ ആരാധ്യ വസ്തുക്കൾക്ക് തങ്ങൾക്ക് ഗുണമൊ ദോഷമോ ചെയ്യാൻ കഴിയുമെന്നല്ല; അവ അല്ലാഹുവിന്റെ മുന്നിൽ ശുപാർശക്കാരായി വന്ന് തങ്ങളെ ശിക്ഷയിൽ നിന്ന് രക്ഷപെടുത്തുമെന്നാകുന്നു.

ആകാശങ്ങളിലാകട്ടെ ഭൂമിയിലാകട്ടെ അങ്ങനെയൊരു ശുപാർശക്കാർ എവിടെയുമില്ലെന്നറിയാവുന്ന അല്ലാഹുവിന് നിങ്ങളാണോ, അത്തരം ശുപാർശക്കാർ ഉണ്ടെന്ന് വിവരമറിയിക്കുന്നത്. ഇത്തരം സങ്കൽപങ്ങളിൽ നിന്നെല്ലാം തന്നെ അല്ലാഹു മഹാ പരിശുദ്ധനും അത്യുന്നതനുമാകുന്നു.

വിഗ്രഹങ്ങളെ ആരാധിക്കുന്നത് ശിർക്കാണെന്ന് സമ്മതിക്കുകയും വിഗ്രഹാരാധകർ പറയുന്ന അതെ ന്യായം പറഞ്ഞ് കൊണ്ട് (അല്ലാഹുവിങ്കൽ ശുപാർശ ചെയ്യുമെന്ന്) മഹാന്മാരെ, വിളിച്ച് പ്രാർത്ഥിക്കുകയും, അവരുടെ ഖബ്‌റ്സ്ഥാനങ്ങളിലേക്ക് നേർച്ച വഴിപാടുകൾ നടത്തുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ ഈ വചനം ശക്തമായ ഒരു താക്കീതാകുന്നു.

**വചനം 19**

وَمَا كَانَ ٱلنَّاسُ إِلَّآ أُمَّةً وَٰحِدَةً فَٱخْتَلَفُوا۟ ۚ وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ لَقُضِىَ بَيْنَهُمْ فِيمَا فِيهِ يَخْتَلِفُونَ ﴿١٩﴾

19 മനുഷ്യർ ഒരേ സമുദായമല്ലാതെ ആയിരുന്നില്ല; എന്നിട്ടവർ ഭിന്നിച്ചിരിക്കുകയാണ്. നിൻെറ റബ്ബിങ്കൽനിന്നും ഒരു വാക്യം മുൻ കഴിഞ്ഞിട്ടില്ലായിരുന്നെങ്കിൽ, അവർ യാതൊന്നിൽ ഭിന്നിച്ചുകൊണ്ടിരിക്കുന്നുവോ അതിൽ അവർക്കിടയിൽ തീരുമാനിക്കപ്പെടുക തന്നെ ചെയ്യുമായിരുന്നു.

ആദ്യകാലത്ത് മനുഷ്യരെല്ലാം തൗഹീദിൽ നിലകൊള്ളുന്ന ഏക സമുദായക്കാരായിട്ടായിരുന്നു ജീവിച്ചിരുന്നത്. പിന്നീട് കുറെ കഴിഞ്ഞാണ് അവരിൽ ശിർക്കും ഭിന്നിപ്പും കടന്ന് കൂടിയത്. ഭിന്നിച്ചവരെ ശിക്ഷിച്ചും ഭിന്നിക്കാത്തവരെ രക്ഷിച്ചും കൊണ്ട് അവർക്കിടയിൽ നടപടി എടുക്കുകയെന്നത് പരലോകത്തിൽ വെച്ചായിരിക്കുമെന്ന് അല്ലാഹു മുമ്പേ നിശ്ചയിക്കപ്പെട്ട് കഴിഞ്ഞതാണ് . അത് കൊണ്ടാണ്, ഇപ്പോൾ നടപടി എടുക്കാതെ ഭിന്നിച്ചവരെ അവരുടെ പാട്ടിന് വിടുന്നത്. വിഗ്രഹാരാധനയുടെ തുടക്കം കുറിച്ചത് നൂഹ് നബി(അ) യുടെ സമുദായത്തിൽ നിന്നായിരുന്നുവെന്ന് ഇബ്നു് അബ്ബാസ്(റ)ൽ നിന്ന് ബുഖാരി(റ) ഉദ്ധരിച്ചിരിക്കുന്നു.

**വചനം 20**

وَيَقُولُونَ لَوْلَآ أُنزِلَ عَلَيْهِ ءَايَةٌ مِّن رَّبِّهِۦ ۖ فَقُلْ إِنَّمَا ٱلْغَيْبُ لِلَّهِ فَٱنتَظِرُوٓا۟ إِنِّى مَعَكُم مِّنَ ٱلْمُنتَظِرِينَ ﴿٢٠﴾

20 അവർ പറയുന്നു: 'അവന്ന് (നബിക്ക്) അവൻെറ റബ്ബിങ്കൽ നിന്ന് ഒരു ദൃഷ്ടാന്തം ഇറക്കിക്കൊടുക്കപ്പെടാത്തതെന്ത്?!" എന്നാൽ, പറയുക: 'അദൃശ്യകാര്യം അല്ലാഹുവിന് മാത്രമാണ് (അറിവുള്ളത്);. ആകയാൽ, നിങ്ങൾ കാത്തിരിക്കുവിൻ, നിശ്ചയമായും ഞാൻ, നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരിൽ പെട്ടവനാകുന്നു.

---

മൂസാ(അ) നബിക്ക് വടിയും കൈയും പോലെയും സ്വാലിഹ്(അ) നബിക്ക് ഒട്ടകം പോലെയും നബി(സ) തിരുമേനി ഒരു പ്രത്യക്ഷ പ്രകൃതി ദൃഷ്ടാന്തം എന്ത് കൊണ്ട് കാണിക്കുന്നില്ല എന്ന മുശ്രിക്കുകളുടെ ചോദ്യത്തിന് ഇപ്രകാരം മറുപടി പറയുവാൻ അല്ലാഹു നബി(സ)യോട് നിർദ്ദേശിക്കുന്നു:

"ദൃഷ്ടാന്തം നൽകുകയെന്നുള്ളത് - അത് , ആർക്ക് എപ്പോൾ എങ്ങനെ വേണമെന്നതൊക്കെ - അദൃശ്യകാര്യങ്ങളിൽ പെട്ടതാകുന്നു. അദൃശ്യ ജ്ഞാനം അല്ലാഹുവിന് മാത്രമുള്ളതാകുന്നു. അത് കൊണ്ട് ദൃഷ്ടാന്തം കാണിക്കുവാൻ എന്നോട് ആവശ്യപെട്ടിട്ട് കാര്യമില്ല. അല്ലാഹു എന്താണ് ചെയ്യാൻ പോകുന്നതെന്ന് നമുക്ക് കാത്തിരുന്നു കാണാം".

(മുശ്രിക്കുകൾ സ്വയം തന്നെ നിർണ്ണയിച്ചാവശ്യപെട്ടിട്ടുള്ള ദൃഷ്ടാന്തങ്ങളെ പറ്റി സൂ : ഇസ്രാഅ് 90– 93 ൽ വിവരിച്ചത് നോക്കുക)

## വിഭാഗം 3

**വചനം 21**

وَإِذَآ أَذَقْنَا ٱلنَّاسَ رَحْمَةً مِّنۢ بَعْدِ ضَرَّآءَ مَسَّتْهُمْ إِذَا لَهُم مَّكْرٌ فِىٓ ءَايَاتِنَا ۚ قُلِ ٱللَّهُ أَسْرَعُ مَكْرًا ۚ إِنَّ رُسُلَنَا يَكْتُبُونَ مَا تَمْكُرُونَ ﴿٢١﴾

21 മനുഷ്യർക്ക് ബാധിച്ച വല്ല കഷ്ടതക്കും ശേഷം, അവർക്കു നാം ഒരു കാരുണ്യത്തെ ആസ്വദിപ്പിക്കുന്നതായാൽ, അപ്പോൾ (അതാ) നമ്മുടെ ദൃഷ്ടാന്തങ്ങളിൽ അവർക്കൊരു തന്ത്രം! പറയുക: 'അല്ലാഹു അതിവേഗം തന്ത്രം ചെയ്യുന്നവനാകുന്നു.' (ഹേ, തന്ത്രക്കാരേ,) നിശ്ചയമായും, നമ്മുടെ ദൂതൻമാർ, നിങ്ങൾ തന്ത്രം പ്രവർത്തിക്കുന്നത് രേഖപ്പെടുത്തുന്നതാണ്.

മനുഷ്യന് ബാധിച്ചിട്ടുള്ള വല്ല വിഷമമൊ, കഷ്ടതയൊ, അല്ലാഹുവിന്റെ കാരുണ്യത്തിൽ നീങ്ങിക്കിട്ടിയാൽ, അവനതിന് നന്ദി പ്രകടിപ്പിക്കുന്നില്ലെന്ന് മാത്രമല്ല, നന്ദികെട്ടവനായിക്കൊണ്ട്, അതെല്ലാം തങ്ങൾ വിളിച്ച് പ്രാർത്ഥിച്ച മഹാത്മാക്കളുടെ ബർക്കത്തായും, ഇന്നിന്ന നേർച്ച വഴിപാടുകളുടെ ഫലമായും ഇന്നിന്ന നക്ഷത്രങ്ങളുടെയും രാശിയുടെയും യോജിപ്പിലൂടെയും, സംഭവിച്ചതാണെന്ന് വ്യാഖ്യാനിക്കുകയും ചെയ്യുന്നു.

ഇത്തരക്കാരെ അല്ലാഹു താക്കീത് ചെയ്യുന്നു- നമ്മുടെ മലക്കുകൾ രേഖപ്പെടുത്തുന്ന നിങ്ങളുടെ അത്തരം കുതന്ത്രങ്ങളേക്കാൾ വേഗതയിലും ശക്തിയിലും തന്ത്രപരമായി നടപടികൾ സ്വീകരിക്കാൻ കഴിവുള്ളവനാകുന്നു അല്ലാഹു. തൽക്കാലം അവൻ നടപടിയൊന്നും എടുക്കാതെ, വിടുകയാണ് ചെയ്യുന്നതെന്ന് മാത്രം.

**വചനം 22, 23**

هُوَ ٱلَّذِى يُسَيِّرُكُمْ فِى ٱلْبَرِّ وَٱلْبَحْرِ ۖ حَتَّىٰٓ

22 അവനത്രെ, കരയിലും, കടലിലും, നിങ്ങളെ നടത്തുന്നവൻ. അങ്ങനെ, നിങ്ങൾ കപ്പലു

إِذَا كُنتُمْ فِى ٱلْفُلْكِ وَجَرَيْنَ بِهِم بِرِيحٍ طَيِّبَةٍ وَفَرِحُوا۟ بِهَا جَآءَتْهَا رِيحٌ عَاصِفٌ وَجَآءَهُمُ ٱلْمَوْجُ مِن كُلِّ مَكَانٍ وَظَنُّوٓا۟ أَنَّهُمْ أُحِيطَ بِهِمْ ۙ دَعَوُا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ لَئِنْ أَنجَيْتَنَا مِنْ هَٰذِهِۦ لَنَكُونَنَّ مِنَ ٱلشَّٰكِرِينَ ﴿٢٢﴾

കളിലായിരിക്കുമ്പോൾ, നല്ല (അനുകൂലമുള്ള) തായ ഒരു കാറ്റു നിമിത്തം അവ അവരെ (യാത്രക്കാരെ)യും കൊണ്ട് സഞ്ചരിക്കുകയും, അവരതിൽ സന്തോഷമടയുകയും (ചെയ്യു മ്പോൾ), (അതാ) അവർക്ക് ഒരു കൊടുങ്കാറ്റ് വന്നെത്തി! നാനാഭാഗത്തു നിന്നും അവർക്ക് തിരമാല വന്നെത്തുകയും ചെയ്തു; തങ്ങൾ വലയം ചെയ്യപ്പെട്ടു (നാശത്തിലകപ്പെട്ടു) വെന്ന് അവർ ധരിക്കുകയും ചെയ്തു (അപ്പോൾ) കീഴ്‌വണക്കം അല്ലാഹുവിന് നിഷ്കളങ്കമാ ക്കിയവരായിക്കൊണ്ട് അവർ അവനെ വിളി (ച്ചു പ്രാർത്ഥി) ക്കുകയായി: 'ഇതിൽ നിന്ന് ഞങ്ങളെ നീ രക്ഷപ്പെടുത്തിത്തരുന്നപക്ഷം, തീർച്ചയായും ഞങ്ങൾ നന്ദി കാണിക്കുന്നവരുടെ കൂട്ടത്തി ലായിരിക്കുകതന്നെ ചെയ്യും.'

فَلَمَّآ أَنجَىٰهُمْ إِذَا هُمْ يَبْغُونَ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ ۗ يَٰٓأَيُّهَا ٱلنَّاسُ إِنَّمَا بَغْيُكُمْ عَلَىٰٓ أَنفُسِكُم ۖ مَّتَٰعَ ٱلْحَيَوٰةِ ٱلدُّنْيَا ۖ ثُمَّ إِلَيْنَا مَرْجِعُكُمْ فَنُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿٢٣﴾

23 എന്നിട്ട്, അവരെ അവൻ രക്ഷപ്പെടുത്തി യപ്പോഴോ, അപ്പോഴതാ, അവർ ന്യായമില്ലാതെ ഭൂമിയിൽ ക്രമം തെറ്റിക്കൊണ്ടിരിക്കുന്നു! ഹേ, മനുഷ്യരേ, നിങ്ങളുടെ ക്രമം തെറ്റൽ നിങ്ങളുടെ സ്വന്തങ്ങൾക്കെതിരെത്തന്നെയായിരിക്കും (ഭവിക്കുന്നത്). (അതെ) ഐഹിക ജീവിത ത്തിൻെറ (താൽകാലിക) സുഖാനുഭവം! പിന്നീട്, നമ്മിലേക്കാണ് നിങ്ങളുടെ മടങ്ങിവരവ്; അപ്പോൾ, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടി രുന്നതിനെപ്പറ്റി നാം നിങ്ങളെ ബോധ പ്പെടുത്തുന്നതാണ്.

---

മനുഷ്യരുടെ നന്ദികേടിനെക്കുറിച്ച് വീണ്ടും അല്ലാഹു, സർവ്വസാധാരണമായ ഒരു ഉദാഹരണത്തിലൂടെ വിശദീകരിക്കുന്നു. ബഹുദൈവവിശ്വാസികൾ മാത്രമല്ല ദൈവനിഷേധികൾ പോലും ഈ ഉദാഹരണത്തിൽ വിവ രിച്ചത് പോലെയുള്ള വല്ല ആപത്തിലും അകപ്പെട്ടാൽ ,മറ്റൊരു സഹായവും ലഭ്യമല്ലാത്തൊരവസ്ഥയിൽ "ദൈവമേ, ഈശ്വരാ, പടച്ചവനേ" എന്നും മറ്റും വിളിച്ച് മേൽപോട്ട് കൈ ഉയർത്തി രക്ഷക്കായി പ്രാർത്ഥിക്കുന്നത് കാണാം.

വിഗ്രഹാരാധകരായ മുശ്രിക്കുകൾ പോലും അത്യാപൽ ഘട്ടങ്ങളിൽ രക്ഷക്ക് വേണ്ടി പ്രാർത്ഥിക്കുന്നത് അല്ലാഹുവിനോടായിരിക്കുമെന്നും, ആ സമയത്ത് മറ്റാരേയും വിളിച്ച് പ്രാർത്ഥിക്കുകയില്ലെന്നുമാണല്ലോ അല്ലാഹു പ്രസ്താവിക്കുന്നത്. എന്നാൽ സാധാരണ ഗതിയിൽ അല്ലാഹുവിനോട് പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്ന, മുസ്ലീം കളിൽ പെട്ട ഒരു വിഭാഗക്കാർ ആപത്ഘട്ടങ്ങളിൽ, പ്രാർത്ഥന (دعاء) എന്നല്ലാതെ വേറൊരു പേരിട്ട് കൊണ്ട് മര ണപ്പെട്ടവരോ ജീവിച്ചിരിക്കുന്നവരോ ആയ ചില മഹാന്മാരെയോ, ശൈഖന്മാരെയോ വിളിച്ച് പ്രാർത്ഥിക്കുന്ന സ്ഥിതി വിശേഷം ഓർക്കുമ്പോൾ, ആ മുസ്ലീം നാമധാരികളുടെ അവസ്ഥ, ആ മുശ്രിക്കുകളേക്കാൾ അത്യധികം ശോച നീയമാണെന്ന് വ്യസന സമേതം ചൂണ്ടികാണിക്കേണ്ടിയിരിക്കുന്നു.

അപ്പോൾ ഈ രണ്ട് കൂട്ടരിൽ ആരാണ് കൂടുതൽ നേർമാർഗ്ഗികൾ? ആരാണ് കൂടുതൽ വഴി പിഴച്ചവർ?

"ഹേ മനുഷ്യരെ, നിങ്ങളുടെ ക്രമം തെറ്റൽ - അഥവാ ധിക്കാരം - നിങ്ങൾക്കെതിരെ തന്നെയായിരിക്കും ഭവിക്കുക" എന്ന വചനം പാപികൾക്കും അക്രമികൾക്കും ശക്തമായ ഒരു താക്കീതാകുന്നു. അത്തരക്കാർക്ക് പര ലോകശിക്ഷക്ക് പുറമെ ഇഹത്തിൽ വെച്ച് തന്നെ തിരിച്ചടി നേരിടേണ്ടി വരുമെന്നാണതിലെ സൂചന- പ്രത്യേ കിച്ചും ധിക്കാരികൾക്കും കുടുംബബന്ധം മുറിക്കുന്നവർക്കും.

"മൂന്ന് കാര്യങ്ങൾ അവയുടെ ആൾക്കാരിൽ തന്നെ തിരിച്ചടിക്കുന്നതാണ്- കുതന്ത്രവും പ്രതിജ്ഞാ ലംഘനവും, ധിക്കാരവും" എന്നരുളിയ പ്രവാചക തിരുമേനി അതിന് തെളിവായി ഈ ഖുർആൻ വചനവും സൂ: ഫാത്വിർ :43 ാം വചനവും ("ദുഷിച്ച കുതന്ത്രം അതിന്റെ ആൾക്കാരിലല്ലാതെ വന്ന് ഭവിക്കുകയില്ല") സൂ:ഫത്ഹ്:

10 ാം വചനവും (പ്രതിജ്ഞ ലംഘിക്കുന്നവൻ, തനിക്കെതിരായി തന്നെയാണ് ലംഘിക്കുന്നത്) ഓതികേൾപ്പിക്കുകയുണ്ടായി .

**വചനം 24**

إِنَّمَا مَثَلُ ٱلْحَيَوٰةِ ٱلدُّنْيَا كَمَآءٍ أَنزَلْنَٰهُ مِنَ ٱلسَّمَآءِ فَٱخْتَلَطَ بِهِۦ نَبَاتُ ٱلْأَرْضِ مِمَّا يَأْكُلُ ٱلنَّاسُ وَٱلْأَنْعَٰمُ حَتَّىٰٓ إِذَآ أَخَذَتِ ٱلْأَرْضُ زُخْرُفَهَا وَٱزَّيَّنَتْ وَظَنَّ أَهْلُهَآ أَنَّهُمْ قَٰدِرُونَ عَلَيْهَآ أَتَىٰهَآ أَمْرُنَا لَيْلًا أَوْ نَهَارًا فَجَعَلْنَٰهَا حَصِيدًا كَأَن لَّمْ تَغْنَ بِٱلْأَمْسِ ۚ كَذَٰلِكَ نُفَصِّلُ ٱلْءَايَٰتِ لِقَوْمٍ يَتَفَكَّرُونَ ﴿٢٤﴾

24 ഐഹിക ജീവിതത്തിൻെറ ഉദാഹരണം, ആകാശത്തു നിന്ന് നാം ഇറക്കിയ ഒരു വെള്ളം പോലെ മാത്രമാകുന്നു. എന്നിട്ട്, മനുഷ്യരും കാലികളും ഭക്ഷിക്കുന്ന തരത്തിലുള്ള ഭൂമിയിലെ ചെടി (കൾ) അതുമൂലം ഇടകലർന്നു. അങ്ങനെ, ഭൂമി അതിൻെറ മോടി സ്വീകരിക്കുകയും, അത് അലംകൃതമാകുകയും ചെയ്തപ്പോൾ, തങ്ങൾ അതി(ൻെറ ഉപയോഗമെടുക്കുന്നതി)ന് കഴിവുള്ളവരാണെന്ന് അതിലെ ആൾക്കാർ ധരിക്കുകയും ചെയ്ത(പ്പോൾ), രാത്രിയിലോ പകലിലോ അതിന് നമ്മുടെ കൽപന വന്നെത്തി. അങ്ങനെ, നാം അതിനെ (അതിലെ വിളയെ) കൊയ്തെടുക്കപ്പെട്ടതു (പോലെ)-തലേദിവസം അത് ഉണ്ടായിരുന്നിട്ടില്ലാത്തതുപോലെ-ആക്കിത്തീർത്തു. അപ്രകാരം, ചിന്തിക്കുന്ന ജനങ്ങൾക്കുവേണ്ടി നാം 'ആയത്തു' (ദൃഷ്ടാന്തം) കൾ വിശദീകരിക്കുന്നു.

ഐഹിക ജീവിതത്തിന്റെ നശ്വരത ഈ വചനത്തിൽ അല്ലാഹു വ്യക്തമായി വിവരിക്കുന്നു. ഐഹിക ജീവിതത്തിലെ സുഖ സൗകര്യങ്ങളും അലങ്കാര ഭൂഷണങ്ങളും, കാണുമ്പോൾ,അതൊക്കെ ശാശ്വതമാണെന്ന് കരുതിക്കൊണ്ടിരിക്കെ, പെട്ടെന്നതാ, ഒന്നുകിൽ വിഭവങ്ങൾ നശിക്കുന്നു, അല്ലെങ്കിൽ ഉടമസ്ഥൻ വിട പറയുന്നു. താല്ക്കാലികവും നില നില്പില്ലാത്തതുമായ ഐഹിക സുഖ സൗകര്യങ്ങൾക്കായി, അനശ്വരവും, അത്യുത്തമവുമായ പാരത്രിക ജീവിതം നഷ്ടപെടുത്തുവാൻ ഇടവരുത്തരുതെന്ന് അല്ലാഹു ഓർമ്മിപ്പിക്കുന്നു.

**വചനം 25**

وَٱللَّهُ يَدْعُوٓا۟ إِلَىٰ دَارِ ٱلسَّلَٰمِ وَيَهْدِى مَن يَشَآءُ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٢٥﴾

25 അല്ലാഹുവാകട്ടെ, ശാന്തിയുടെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ ചൊവ്വായ പാതയിലേക്ക് വഴി ചേർക്കുകയും ചെയ്യുന്നു.

കാലാകാലം നിലനിൽക്കുന്നതും, അവർണ്ണനീയവുമായ സുഖസൗകര്യങ്ങളോട് കൂടിയതുമായ ശാന്തിയുടെ സ്വർഗ്ഗീയ ഭവനത്തിലേക്കാണ് അല്ലാഹു മനുഷ്യരെ ക്ഷണിക്കുന്നത്. അതിനായി അവൻ നിശ്ചയിച്ചറിയിച്ച് കൊടുത്ത സൽപാതയിൽ ചരിക്കുവാൻ തയ്യാറുള്ളവരെ അവൻ സന്മാർഗ്ഗത്തിലും ചൊവ്വായ പാതയിലും വഴി ചേർക്കുന്നു; അതിന് തയാറില്ലാത്തവരെ അവൻ ദുർമാർഗ്ഗത്തിലും വഴികേടിലും ആക്കുന്നു- അല്ലാതെ ഒരു വ്യവസ്ഥയും അടിസ്ഥാനവും ഇല്ലാതെ കുറെ ആളുകളെ ചീത്തപെട്ടവനും, കുറെ ആളുകളെ നല്ല ആളുകളും ആക്കിത്തീർക്കുകയല്ല അല്ലാഹു ചെയ്യുന്നത്.

**വചനം 26 , 27**

۞ لِّلَّذِينَ أَحْسَنُوا۟ ٱلْحُسْنَىٰ وَزِيَادَةٌ ۖ وَلَا يَرْهَقُ وُجُوهَهُمْ قَتَرٌ وَلَا ذِلَّةٌ ۚ أُو۟لَٰٓئِكَ

26 നന്മ ചെയ്തവർക്ക് ഏറ്റവും നല്ലതും (നല്ല പ്രതിഫലവും) കൂടുതലും ഉണ്ടായിരിക്കും. ഇരുളാകട്ടെ, നിന്ദ്യതയാകട്ടെ, അവരുടെ മുഖങ്ങളെ മൂടുകയുമില്ല. (അവർക്ക് മ്ളാനതയും

أَصْحَٰبُ ٱلْجَنَّةِ ۖ هُمْ فِيهَا خَٰلِدُونَ ﴿٢٦﴾

അപമാനവും ബാധിക്കുകയില്ല) അവര്‍ സ്വര്‍ഗ്ഗത്തിന്‍െറ ആള്‍ക്കാരാകുന്നു; അവര്‍ അതില്‍ നിത്യവാസികളായിരിക്കും.

وَٱلَّذِينَ كَسَبُوا۟ ٱلسَّيِّـَٔاتِ جَزَآءُ سَيِّئَةٍۭ بِمِثْلِهَا وَتَرْهَقُهُمْ ذِلَّةٌ ۖ مَّا لَهُم مِّنَ ٱللَّهِ مِنْ عَاصِمٍ ۖ كَأَنَّمَآ أُغْشِيَتْ وُجُوهُهُمْ قِطَعًا مِّنَ ٱلَّيْلِ مُظْلِمًا ۚ أُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ ۖ هُمْ فِيهَا خَٰلِدُونَ ﴿٢٧﴾

27 തിന്‍മകള്‍ സമ്പാദിച്ചുവെച്ചവരാകട്ടെ, തിന്‍മയുടെ പ്രതിഫലം അതിന് തുല്യമായതു കൊണ്ടായിരിക്കും; നിന്ദ്യത അവരെ മൂടുകയും ചെയ്യും. അല്ലാഹുവില്‍ നിന്ന് അവരെ രക്ഷിക്കുന്ന ഒരാളുമില്ല. ഇരുളടഞ്ഞു കൊണ്ടുള്ള രാത്രിയില്‍ നിന്നും (കുറേ) കഷ്ണങ്ങളാല്‍ അവരുടെ മുഖങ്ങള്‍ മൂടിയിടപ്പെട്ടതുപോലെയിരിക്കും. അക്കൂട്ടര്‍ നരകത്തിന്‍െറ ആള്‍ക്കാരാകുന്നു; അവരതില്‍ നിത്യവാസികളായിരിക്കും.

---

ഓരോ നന്മക്കും ചുരുങ്ങിയത് പത്തിരട്ടിയും, എഴുനൂറിരട്ടിവരെയും പ്രതിഫലം നല്‍കപ്പെടുമെന്നും , അല്ലാഹു ഉദ്ദേശിക്കുന്നവര്‍ക്ക് അതിലും എത്രയൊ കൂടുതല്‍ മടങ്ങും ലഭിക്കുമെന്നും അല്ലാഹു ചെയ്തിട്ടുള്ള വാഗ്ദാനത്തെ (2:261) സൂചിപ്പിക്കുന്നതാണ് **الحسن** (ഏറ്റവും നല്ല പ്രതിഫലം) എന്ന പദം. **و زيادة** (കൂടുതലും ഉണ്ട്) എന്നത് എന്താണെന്ന് അല്ലാഹു ഇവിടെ വ്യക്തമാക്കിയിട്ടില്ല. അല്ലാഹുവിന്റെ തിരുമുല്‍ കാഴ്ചയാണതു കൊണ്ട് ഉദ്ദേശിക്കുന്നതെന്നും, അതില്‍ കവിഞ്ഞൊരു മഹാഭാഗ്യം വേറെ ഇല്ലെന്നും അവനെ നോക്കിക്കാണുന്നതിനേക്കാള്‍ കണ്ണുകള്‍ക്ക് ആനന്ദം നല്‍കുന്ന മറ്റൊന്നും ഇല്ലെന്നും പല ഹദീസുകളില്‍ നിന്നും വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

എന്നാല്‍ തിന്മയുടെ പ്രതിഫലമാകട്ടെ, അതില്‍ വര്‍ദ്ധനവിന്റെ പ്രശ്നമെ ഇല്ല - ഒരു തിന്മക്ക് അതിന് തക്ക ശിക്ഷ മാത്രം. ഈ വസ്തുത ഖുര്‍ആനില്‍ പലയിടത്തും അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാകുന്നു.

അന്ന് സത്യവിശ്വാസികളുടെയും, സല്‍ക്കര്‍മ്മികളുടെയും മുഖങ്ങള്‍ വെളുത്തതും പ്രസന്നവും ആയിരിക്കുമെന്നും, അവിശ്വാസികളുടെയും കുറ്റവാളികളുടെയും മുഖങ്ങള്‍ ഇരുണ്ടതും മ്ലാനവും ചുളുങ്ങിയതുമായിരിക്കുമെന്നും മറ്റു പല സന്ദര്‍ഭങ്ങളിലും അല്ലാഹു വിവരിച്ചിരിക്കുന്നതായി കാണാം.

---

**വചനം 28, 29, 30**

وَيَوْمَ نَحْشُرُهُمْ جَمِيعًا ثُمَّ نَقُولُ لِلَّذِينَ أَشْرَكُوا۟ مَكَانَكُمْ أَنتُمْ وَشُرَكَآؤُكُمْ ۚ فَزَيَّلْنَا بَيْنَهُمْ ۖ وَقَالَ شُرَكَآؤُهُم مَّا كُنتُمْ إِيَّانَا تَعْبُدُونَ ﴿٢٨﴾

28 അവരെ മുഴുവനും നാം ഒരുമിച്ചു കൂട്ടുകയും, പിന്നീട്, (അല്ലാഹുവിനോട്) പങ്കു ചേര്‍ത്തിയിട്ടുള്ളവരോട് നാം (ഇങ്ങിനെ) പറയുകയും ചെയ്യുന്ന ദിവസം!. 'നിങ്ങളും, (നിങ്ങളുണ്ടാക്കിയ) നിങ്ങളുടെ പങ്കാളികളും നിങ്ങളുടെ സ്ഥാനത്ത് നില്‍ക്കുക. (സ്ഥലം വിടരുത്)' എന്നിട്ട് അവര്‍ക്കിടയില്‍ നാം വേര്‍പ്പെടുത്തും. അവരുടെ പങ്കാളികള്‍ (അവരോട്) പറയുകയും ചെയ്യും: 'നിങ്ങള്‍ ഞങ്ങളെയായിരുന്നില്ല ആരാധിച്ചിരുന്നത്.'

فَكَفَىٰ بِٱللَّهِ شَهِيدًۢا بَيْنَنَا وَبَيْنَكُمْ إِن كُنَّا عَنْ عِبَادَتِكُمْ لَغَٰفِلِينَ ﴿٢٩﴾

29 'ഇനി, ഞങ്ങള്‍ക്കും, നിങ്ങള്‍ക്കുമിടയില്‍ സാക്ഷിയായി അല്ലാഹു തന്നെ മതി. നിശ്ചയമായും, നിങ്ങളുടെ ആരാധനയെക്കുറിച്ച് ഞങ്ങള്‍ (അറിയാത്ത) അശ്രദ്ധര്‍ തന്നെയായിരുന്നു.'

هُنَالِكَ تَبْلُوا۟ كُلُّ نَفْسٍ مَّآ أَسْلَفَتْ ۚ وَرُدُّوٓا۟ إِلَى ٱللَّهِ مَوْلَىٰهُمُ ٱلْحَقِّ ۖ وَضَلَّ

30 അവിടെവെച്ച് എല്ലാ (ഓരോ) വ്യക്തിയും അത് മുന്‍ ചെയ്തുവെച്ചതുപോലെ (അതിന്‍െറ കര്‍മ്മഫലം) പരീക്ഷിച്ചറിയും. അവരുടെ

عَنۡهُم مَّا كَانُواْ يَفۡتَرُونَ ٣٠

യഥാർത്ഥ യജമാനനായ അല്ലാഹുവിലേക്ക് അവർ തിരിക്കപ്പെടുകയും ചെയ്യും അവർ കെട്ടിച്ചമച്ചിരുന്നത് (എല്ലാം) അവരെ വിട്ടുമറഞ്ഞു പോകുകയും ചെയ്യും.

---

എല്ലാവരും മഹ്ശറിലേക്ക് ഒരുമിച്ച് കൂട്ടപെടുമ്പോൾ , മുശ്രിക്കുകളെയും അവർ ആരാധിച്ച് വന്നിരുന്ന ആരാധ്യവസ്തുക്കളെയും മറ്റുള്ളവരിൽ നിന്നും അല്ലാഹു വേർതിരിച്ച് നിർത്തും. ആരാധ്യ വസ്തുക്കളാകട്ടെ തങ്ങളെ അവർ ആരാധിച്ച് വന്നിരുന്നതിനെപോലും നിഷേധിക്കുകയാണ് ചെയ്യുക – ഞങ്ങൾ അതിന് കല്പിക്കുകയൊ, അത് അറിയുകയൊ ചെയ്തിട്ടില്ല ; പിശാചിന്റെ പ്രേരണ അനുസരിച്ച് നിങ്ങൾ ചെയ്തതിന് ഞങ്ങൾ ഉത്തരവാദികളല്ല; ഇതിന് അല്ലാഹു സാക്ഷിയാകുന്നു.

അങ്ങനെ ഒരോരോരുത്തരും അവർ ചെയ്ത ധിക്കാരത്തിന്റെ ഫലമായി അല്ലാഹുവിന്റെ വിധി നടപടി കൾക്ക് വിധേയരായിത്തീരും. ഖിയാമത്ത് നാളിൽ അവിശ്വാസികളെ വേർതിരിച്ച് നിർത്തുമെന്ന് 30 : 14 ; 36: 59 : 37 : 24 എന്നിവിടങ്ങളിലും അല്ലാഹു പ്രസ്താവിക്കുന്നുണ്ട്.

അല്ലാഹുവല്ലാത്ത ആരാധ്യവസ്തുക്കൾക്ക് അല്ലാഹുവിന്റെ അധികാരാവകാശങ്ങളൊ, ഗുണവിശേഷ ങ്ങളൊ, വക വെച്ച് കൊടുത്ത് കൊണ്ട്, അവയുടെ ആരാധകന്മാർ അവയെ ആരാധിച്ച് വരുന്നത് കൊണ്ടാണ്, ആരാധ്യവസ്തുക്കളെ ഉദ്ദേശിച്ച് അല്ലാഹുവിന്റെ പങ്കാളികൾ (شركاء) എന്ന് സൂചിപ്പിച്ചത് – വിഗ്രഹങ്ങൾ, മലക്കു കൾ, പ്രവാചകൻമാർ, മഹാത്മാക്കൾ, ജിന്നുകൾ, പിശാചുക്കൾ മുതലായവരെല്ലാം ഇതിലുൾപെടുന്നു. ഈ ആരാധ്യ വസ്തുക്കളിൽ ജീവിച്ചിരിക്കുമ്പോൾ, തങ്ങളെ ആരാധിക്കാൻ പ്രേരിപ്പിക്കുകയൊ, അതിനെ അനുകൂലി ക്കുകയൊ ചെയ്ത 'പങ്കാളികൾ' മാത്രമേ അല്ലാഹുവിങ്കൽ ശിക്ഷാർഹരായിരിക്കുകയുള്ളൂ. ഇത്തരത്തിൽ പെട്ട എല്ലാ ആരാധ്യരും, ഖിയാമത്ത് നാളിൽ ആരാധകരിൽ നിന്ന് ഒഴിഞ്ഞ് മാറുന്നതാണെന്ന് അല്ലാഹു പല വചനങ്ങ ളിലായി വ്യക്തമാക്കിയിട്ടുള്ളതാണ് – അല്ലാഹുവിനെയല്ലാതെ ആരാധിക്കാൻ പ്രേരിപ്പിച്ച് കൊണ്ടിരിക്കുന്ന പിശാ ചുക്കൾ പോലും ഇത്തരത്തിൽ ഒഴിഞ്ഞ് മാറുന്നതാണ് .

## വിഭാഗം 4

**വചനം 31, 32, 33**

قُلۡ مَن يَرۡزُقُكُم مِّنَ ٱلسَّمَآءِ وَٱلۡأَرۡضِ أَمَّن يَمۡلِكُ ٱلسَّمۡعَ وَٱلۡأَبۡصَٰرَ وَمَن يُخۡرِجُ ٱلۡحَيَّ مِنَ ٱلۡمَيِّتِ وَيُخۡرِجُ ٱلۡمَيِّتَ مِنَ ٱلۡحَيِّ وَمَن يُدَبِّرُ ٱلۡأَمۡرَۚ فَسَيَقُولُونَ ٱللَّهُۚ فَقُلۡ أَفَلَا تَتَّقُونَ ٣١

31 (നബിയേ,) പറയുക: 'ആകാശത്തുനിന്നും, ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്നത് ആരാണ്? അതല്ലെങ്കിൽ, കേൾവിയും, കാഴ്ചകളും അധീനമാക്കുന്നത് ആരാണ്? നിർജ്ജീവ വസ്തുവിൽനിന്ന് ജീവ വസ്തുവെ പുറപ്പെടുവിക്കുകയും, ജീവ വസ്തുവിൽനിന്ന് നിർജ്ജീവ വസ്തുവെ പുറപ്പെടുവിക്കുകയും ചെയ്യുന്നത് ആരാണ്? കാര്യം(പരിപാടിയിട്ട്)നിയന്ത്രിക്കുന്നതും ആരാണ്?' എന്നാൽ, അവർ (മറുപടി) പറയും: 'അല്ലാഹു' എന്ന്. അപ്പോൾ, പറയുക: 'എന്നിട്ട് നിങ്ങൾ സൂക്ഷിക്കുന്നില്ലേ?!'

فَذَٰلِكُمُ ٱللَّهُ رَبُّكُمُ ٱلۡحَقُّۖ فَمَاذَا بَعۡدَ ٱلۡحَقِّ إِلَّا ٱلضَّلَٰلُۖ فَأَنَّىٰ تُصۡرَفُونَ ٣٢

32 എന്നാൽ, (ആ പറഞ്ഞ) അവനാണ് നിങ്ങളുടെ യഥാർത്ഥ റബ്ബായ അല്ലാഹ്. എന്നിരിക്കെ, യഥാർത്ഥത്തിന് പുറമെ, വഴിപിഴവല്ലാതെ എന്താണുള്ളത്?! അപ്പോൾ എങ്ങിനെയാണ് നിങ്ങൾ (യഥാർത്ഥം വിട്ട്) തിരിക്കപ്പെടുന്നത്?!

كَذَٰلِكَ حَقَّتۡ كَلِمَتُ رَبِّكَ عَلَى ٱلَّذِينَ فَسَقُوٓاْ أَنَّهُمۡ لَا يُؤۡمِنُونَ ٣٣

33 അപ്രകാരം, (ആ) തോന്നിയവാസം പ്രവർത്തി ച്ചവരുടെ മേൽ നിന്റെ റബ്ബിന്റെ വാക്യം യാഥാർത്ഥ്യമായിരിക്കുന്നു; അവർ വിശ്വസി ക്കുന്നില്ലെന്ന്.

ആകാശത്ത് നിന്ന് മഴയും ഭൂമിയിൽ നിന്ന് കാർഷിക വിളകളും നല്കി അനുഗ്രഹിക്കുന്നവനും, കേൾവിയും കാഴ്ചയും പ്രദാനം ചെയ്യുന്നവനും, നിർജ്ജീവ വസ്തുക്കളിൽ നിന്ന് ജീവ വസ്തുവെയും ജീവ വസ്തുവിൽ നിന്ന് നിർജ്ജീവ വസ്തുവെയും പുറപ്പെടുവിക്കുന്നവനും, ലോകകാര്യങ്ങളൊക്കെ വ്യവസ്ഥാപിതമായി നിയന്ത്രിക്കുന്നവനും ആരാണ് എന്ന് ചോദിക്കപ്പെട്ടാൽ മുശ്രിക്കുകൾക്കും ഉത്തരം പറയാനുള്ളത് 'അല്ലാഹു' എന്ന് തന്നെയായിരിക്കും - അവർ ആരാധിച്ചവരുന്ന മറ്റ് ആരാധ്യർക്കൊന്നും അതിന് യാതൊരു കഴിവുമില്ലെന്നും അവർക്ക് ബോധ്യവുമാണ്.

അല്ലാഹു നിങ്ങളോട് ചോദിക്കുന്നു. "നിങ്ങൾ നിങ്ങളുടെ ഭാവിയെപറ്റി ഒട്ടും സൂക്ഷിക്കുന്നില്ലേ, നിങ്ങൾ ബുദ്ധി കൊടുത്ത് ആലോചിക്കുന്നില്ലെ. യഥാർത്ഥ സ്ഥിതി ഇത്രയും സ്പഷ്ടമായിട്ടും നിങ്ങൾ ദുർമാർഗ്ഗത്തിൽ അകപ്പെടുന്നത് ആശ്ചര്യകരം തന്നെ."

യഥാർത്ഥ സത്യം അറിയാമായിരുന്നിട്ടും തങ്ങളുടെ തോന്നിയവാസത്തിൽ നിന്ന് പിന്മാറാത്ത അവരുടെ മേൽ , അല്ലാഹുവിന്റെ ശിക്ഷാവചനം സാക്ഷാൽകൃതമായിരിക്കുന്നു എന്ന് അവസാന വചനത്തിൽ അല്ലാഹു താക്കീത് നൽകുന്നു.

---

<u>വചനം 34, 35</u>

قُلْ هَلْ مِن شُرَكَآئِكُم مَّن يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ ۚ قُلِ ٱللَّهُ يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ ۖ فَأَنَّىٰ تُؤْفَكُونَ ﴿٣٤﴾

34 പറയുക: '(ഹേ, പങ്കുചേർക്കുന്നവരേ,) നിങ്ങളുടെ പങ്കാളികളിലുണ്ടോ ആദ്യമായി സൃഷ്ടിച്ചുണ്ടാക്കുകയും, പിന്നീട് അതിനെ (വീണ്ടും) ആവർത്തിച്ചുണ്ടാക്കുകയും ചെയ്യുന്നവർ?!' പറയുക: 'അല്ലാഹുവത്രെ, ആദ്യമായി സൃഷ്ടിക്കുകയും പിന്നീടതിനെ ആവർത്തിക്കുകയും ചെയ്യുന്നത്. എന്നിരിക്കെ, എങ്ങിനെയാണ് നിങ്ങൾ (സത്യം വിട്ട്) തെറ്റിക്കപ്പെടുന്നത്?!'

قُلْ هَلْ مِن شُرَكَآئِكُم مَّن يَهْدِىٓ إِلَى ٱلْحَقِّ ۚ قُلِ ٱللَّهُ يَهْدِى لِلْحَقِّ ۗ أَفَمَن يَهْدِىٓ إِلَى ٱلْحَقِّ أَحَقُّ أَن يُتَّبَعَ أَمَّن لَّا يَهِدِّىٓ إِلَّآ أَن يُهْدَىٰ ۖ فَمَا لَكُمْ كَيْفَ تَحْكُمُونَ ﴿٣٥﴾

35 പറയുക: 'നിങ്ങളുടെ പങ്കാളികളിലുണ്ടോ യഥാർത്ഥത്തിലേക്ക് മാർഗ്ഗദർശനം നൽകുന്നവർ?!' പറയുക: 'അല്ലാഹുവത്രെ, യഥാർത്ഥത്തിലേക്ക് മാർഗ്ഗദർശനം നൽകുന്നത്. ആകയാൽ, യഥാർത്ഥത്തിലേക്ക് മാർഗ്ഗദർശനം നൽകുന്നവനോ പിൻപറ്റപ്പെടുവാൻ കൂടുതൽ അവകാശപ്പെട്ടവൻ; അതല്ല, മാർഗ്ഗദർശനം നൽകപ്പെടുന്നതായാലല്ലാതെ നേർമ്മാർഗ്ഗം പ്രാപിക്കാത്തവനോ?! അപ്പോൾ, നിങ്ങൾക്കെന്താണ്? എങ്ങിനെയാണ് നിങ്ങൾ വിധി കൽപിക്കുന്നത്?!'

---

ശിർക്കിനെ ഖണ്ഡിച്ചും തൗഹീദിനെ സ്ഥാപിച്ചും കൊണ്ട് വേറെ രണ്ട് തെളിവുകളാണ് മുശ് രിക്കുകളോടുള്ള ചോദ്യരൂപത്തിൽ അല്ലാഹു ഈ വചനങ്ങളിലും വിവരിക്കുന്നത്.

ഇതിൽ ഒന്നാമത്തെ ചോദ്യം, മുശ്രിക്കുകളുടെ ആരാധ്യവസ്തുക്കളിൽ - വിഗ്രഹങ്ങൾ, മലക്കുകൾ, മഹാത്മാക്കൾ എന്നിവയിൽ - സൃഷ്ടികളെ ആദ്യം സൃഷ്ടിച്ചുണ്ടാക്കുകയും, അവ നശിച്ച ശേഷം പിന്നീട് വീണ്ടും സൃഷ്ടിക്കുകയും ചെയ്യുന്നവരുണ്ടോ എന്നാണല്ലോ. മരണാനന്തര ജീവിതത്തെ പറ്റി വിശ്വാസമില്ലാത്തവരാണല്ലോ മുശ്രിക്കുകൾ. എന്നാൽ ഉഷ്ണകാലത്ത് നിർജ്ജീവമായി കിടക്കുന്ന തരിശ് ഭൂമിയെ, മഴ ഇറക്കി , നവ ജീവസുള്ളതാക്കി, സസ്യലദാതികളെ പുനരുല്പാദിപ്പിച്ച് വളർത്തുന്നത് അല്ലാഹുവാണെന്ന് അറിയാത്തവരല്ല ആ മുശ്രിക്കുകൾ.

രണ്ടാമത്തെ ചോദ്യത്തിലൂടെ, യഥാർത്ഥ മാർഗ്ഗദർശനം നൽകുന്ന വല്ലവരും നിങ്ങളുടെ പങ്കാളികളിലുണ്ടോ എന്ന് അല്ലാഹു ആ മുശ്രിക്കുകളോട് ചോദിക്കുന്നു. മാർഗ്ഗദർശനം പല പ്രകാരത്തിലുണ്ടല്ലോ - ബുദ്ധി,

കേൾവി, കാഴ്ച എന്നിവയിലൂടെ ലഭിക്കുന്ന തെളിവുകളിലൂടെയും, പ്രവാചകൻമാർ മതഗ്രന്ഥങ്ങൾ എന്നിവ മുഖേനയും, സാഹചര്യങ്ങൾ ചുറ്റുപാടുകൾ എന്നിവയിൽ നിന്നും ഒക്കെ. മേൽ കണ്ട തരത്തിലുള്ള എല്ലാ മാർഗ്ഗ ദർശനവും നൽകുന്ന അല്ലാഹുവിനെ വിട്ട് യാതൊരു മാർഗ്ഗദർശനവും നൽകാൻ കഴിയാത്ത വസ്തുക്കളെ ആരാധിക്കുന്നത് തികച്ചും വിഡ്ഢിത്തമല്ലെ എന്ന് അല്ലാഹു അവരോട് ചോദിക്കുന്നു.

സത്യാവസ്ഥ ഇത്രയും വ്യക്തമായിരുന്നിട്ടും, ദുർമാർഗ്ഗത്തിൽ ശഠിച്ച് നില്ക്കുന്ന അവരോട് അല്ലാഹു ആദ്യ വചനത്തിൽ "അപ്പോൾ നിങ്ങൾ എങ്ങനെ തെറ്റിക്കപ്പെടുന്നു ?" എന്നും രണ്ടാമത്തെ വചനത്തിൽ "അപ്പോൾ നിങ്ങൾക്കെന്താണ് -നിങ്ങൾ എങ്ങനെ വിധി കല്പിക്കുന്നു" എന്നും ആശ്ചര്യം കൂറുന്നു.

---

**വചനം 36**

36 അവരിൽ അധികമാളും ഒരു (തരം) ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല. നിശ്ചയമായും, യഥാർത്ഥത്തെ സംബന്ധിച്ച് ഊഹം ഒട്ടും (തന്നെ) പര്യാപ്തമാക്കുകയില്ല. നിശ്ചയമായും അല്ലാഹു, അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെപ്പറ്റി അറിയുന്നവനാണ്.

وَمَا يَتَّبِعُ أَكْثَرُهُمْ إِلَّا ظَنًّا ۚ إِنَّ ٱلظَّنَّ لَا يُغْنِى مِنَ ٱلْحَقِّ شَيْـًٔا ۚ إِنَّ ٱللَّهَ عَلِيمٌۢ بِمَا يَفْعَلُونَ ﴿٣٦﴾

---

സ്പഷ്ടമായ തെളിവുകൾ ഉണ്ടായിട്ടും മുശ്രിക്കുകൾ തങ്ങളുടെ ശിർക്ക് പരമായ പ്രവർത്തനങ്ങളിൽ നിന്നും പിന്മാറാതിരിക്കാനുള്ള കാരണം ഈ വചനത്തിലൂടെ അല്ലാഹു ചൂണ്ടിക്കാട്ടുന്നു.- ഇവർക്കുള്ള ഏക അടിസ്ഥാനം കേവലം ഊഹം മാത്രമാകുന്നു. അവരിൽ ചിലർ സത്യാവസ്ഥ മനസ്സിലായിട്ടും വാശിയും ശാഠ്യവും കൈകൊണ്ട് സത്യം സ്വീകരിക്കാത്തവരായിട്ടുണ്ടെങ്കിലും അധികമാളുകളും ഊഹത്തെ പിൻ പറ്റുന്നവരാകുന്നു.

"നിശ്ചയമായും ഊഹം യഥാർത്ഥത്തെ സംബന്ധിച്ച് ഒട്ടും തന്നെ പര്യാപ്തമാകുകയില്ല" എന്ന മൗലിക പ്രധാനമായ ഒരു തത്വവും അല്ലാഹു ഈ വചനത്തിലൂടെ വിശ്വാസികളെ ബോധ്യപ്പെടുത്തുന്നു. ഇസ്ലാമിലെ വിശ്വാസ സിദ്ധാന്തങ്ങളൊക്കെയും ഒന്നുകിൽ ബുദ്ധിയുടെ അനിർവാര്യമായ വിധിക്കൊത്തതായിരിക്കണം, അല്ലെങ്കിൽ ഖുർആൻ മുഖേനയൊ, നബി(സ)യുടെ സുന്നത്ത് മുഖേനയൊ വ്യക്തമായി അറിയപെട്ടതായിരിക്കണം- അല്ലാതെ, അതിൽ ഊഹത്തിനോ അനുമാനത്തിനൊ, അന്ധമായ അനുകരണത്തിനൊ യാതൊരു സ്ഥാനവുമില്ല .

ഓരോ വ്യക്തിയുടെയും വിശ്വാസം ശരിയൊ തെറ്റൊ എന്നും, തെളിവുകളുടെയൊ ഊഹത്തിന്റെയൊ, അടിസ്ഥാനത്തിലാണൊ എന്നും, വിശ്വാസവും പ്രവർത്തിയും തമ്മിൽ പൊരുത്തമുണ്ടൊ എന്നിങ്ങനെയുള്ളതെല്ലാം അല്ലാഹു വ്യക്തമായി അറിയുന്നവനാകുന്നു എന്ന് തുടർന്ന് അല്ലാഹു താക്കീത് നൽകുന്നു.

**വചനം 37, 38**

37 ഈ ഖുർആൻ അല്ലാഹുവിനെക്കൂടാതെ (മറ്റാരാലും) കെട്ടിച്ചമക്കപ്പെടാവതല്ല. പക്ഷേ, അതിൻെറ മുമ്പിലുള്ളതിൻെറ സത്യസാക്ഷീകരണവും, വേദഗ്രന്ഥത്തിൻെറ വിശദീകരണവുമത്രെ. അതിൽ സന്ദേഹമേ ഇല്ല; ലോകരുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാണ് (അത്).

وَمَا كَانَ هَـٰذَا ٱلْقُرْءَانُ أَن يُفْتَرَىٰ مِن دُونِ ٱللَّهِ وَلَـٰكِن تَصْدِيقَ ٱلَّذِى بَيْنَ يَدَيْهِ وَتَفْصِيلَ ٱلْكِتَـٰبِ لَا رَيْبَ فِيهِ مِن رَّبِّ ٱلْعَـٰلَمِينَ ﴿٣٧﴾

38 അതല്ല, 'അത് അവൻ (നബി) കെട്ടിച്ചമച്ചിരിക്കയാണ്' എന്ന് അവർ പറയുന്നുവോ?! പറയുക; 'എന്നാൽ, അതുപോലെയുള്ള ഒരു 'സൂറത്ത്'' (അദ്ധ്യായം) നിങ്ങൾ കൊണ്ടുവരുവിൻ; അല്ലാഹുവിനെ കൂടാതെ നിങ്ങൾക്ക് സാധിക്കുന്നവരെ (യെല്ലാം) നിങ്ങൾ വിളിച്ചും കൊള്ളുവിൻ; നിങ്ങൾ സത്യവാൻമാരാണെങ്കിൽ!'

أَمْ يَقُولُونَ ٱفْتَرَىٰهُ ۖ قُلْ فَأْتُوا۟ بِسُورَةٍ مِّثْلِهِۦ وَٱدْعُوا۟ مَنِ ٱسْتَطَعْتُم مِّن دُونِ ٱللَّهِ إِن كُنتُمْ صَـٰدِقِينَ ﴿٣٨﴾

ഈ വചനങ്ങളിലൂടെ അല്ലാഹു ഖുർആനിന്റെ അമാനുഷികതയും സത്യതയും സ്ഥാപിക്കുന്നു. അല്ലാഹുവിനല്ലാതെ ഇങ്ങിനെ ഒരു ഗ്രന്ഥം കൊണ്ട് വരുവാൻ സാധ്യമല്ലെന്ന് ഉറപ്പിച്ച് പറഞ്ഞ് കൊണ്ട്. തുടർന്ന്, അതിന്റെ അമാനുഷികതക്കുള്ള തെളിവുകൾ ചൂണ്ടിക്കാട്ടുന്നു. അതിന്റെ മുമ്പുള്ള വേദഗ്രന്ഥത്തിന്റെ വിശദീകരണ സത്യ സാക്ഷീകരണവുമാകുന്നു അതെന്നതിൽ സന്ദേഹമെ ഇല്ല. മുൻ വേദഗ്രന്ഥങ്ങളിലുള്ള തത്വങ്ങളും നിയമനിർദ്ദേശങ്ങളും, സന്മാർഗ്ഗോപദേശങ്ങളും തെളിവുകളും എല്ലാം ഖുർആനിൽ സവിസ്തരം വിവരിക്കപെട്ടിട്ടുണ്ട്;അത് ലോക സമക്ഷം സമർപ്പിക്കുന്നതാകട്ടെ അക്ഷരജ്ഞാനമില്ലാത്ത ഒരാളിലൂടെയും. അല്ലാഹു അല്ലാത്തവരിൽ നിന്നായിരുന്നു ഖുർആൻ എങ്കിൽ നിശ്ചയമായും അതിൽ ധാരാളം വൈരുദ്ധ്യങ്ങൾ കാണപ്പെടുമായിരുന്നു. (സൂ : നിസാഅ് : 82)

വസ്തുതകൾ ഇങ്ങനെയൊക്കെയായിട്ടും, പിന്നെയും ഈ ഖുർആൻ മുഹമ്മദ്(സ) കെട്ടിച്ചമച്ചതാണെന്ന് വാദിക്കുന്ന സത്യനിഷേധികളോട് അതിലെ അദ്ധ്യായം പോലെയുള്ള ഒരു അദ്ധ്യായമെങ്കിലും കൊണ്ട് വരാൻ അല്ലാഹു വെല്ലു വിളിക്കുന്നു - അല്ലാഹു അല്ലാത്ത മറ്റാരെയും സഹായത്തിന് അവർ കൂട്ടുകയും ചെയ്ത് കൊള്ളട്ടെ. അക്കാലത്തോ, അതിന് ശേഷം ഇന്നിത് വരെയോ ഈ വെല്ലുവിളി നേരിടാൻ ആരുമുണ്ടായിട്ടില്ല. സൂ: ഇസ്രാഅ്: 88ലും സൂ: ഹൂദ്: 13 ലും മദനീ സൂറത്തായ (സൂ: അൽ ബഖറ 23; 24) എന്നിവിടങ്ങളിലും, ഇതേ മാതിരിയുള്ള വെല്ലു വിളികൾ അല്ലാഹു ആവർത്തിച്ചിരിക്കുന്നു. ഒരു കാലത്തും നിങ്ങൾക്കത് സാദ്ധ്യമല്ലെന്ന് സൂ: ബഖറയിൽ ഖണ്ഡിതമായി പറയുകയും ചെയ്തിരിക്കുന്നു.

**വചനം 39, 40**

بَلۡ كَذَّبُواْ بِمَا لَمۡ يُحِيطُواْ بِعِلۡمِهِۦ وَلَمَّا يَأۡتِهِمۡ تَأۡوِيلُهُۥۚ كَذَٰلِكَ كَذَّبَ ٱلَّذِينَ مِن قَبۡلِهِمۡۖ فَٱنظُرۡ كَيۡفَ كَانَ عَٰقِبَةُ ٱلظَّٰلِمِينَ ﴿٣٩﴾

وَمِنۡهُم مَّن يُؤۡمِنُ بِهِۦ وَمِنۡهُم مَّن لَّا يُؤۡمِنُ بِهِۦۚ وَرَبُّكَ أَعۡلَمُ بِٱلۡمُفۡسِدِينَ ﴿٤٠﴾

39 എങ്കിലും അവർ യാതൊന്നിൻെറ അറിവിനെ സൂക്ഷ്മമാക്കിയിട്ടില്ലയോ അതിനെ (സൂക്ഷ്മമായി അറിഞ്ഞിട്ടില്ലാത്തതിനെ) അവർ വ്യാജമാക്കിയിരിക്കുകയാണ്. അതിൻെറ പുലർച്ച അവർക്ക് വന്നെത്തിയിട്ടുമില്ലതാനും. അപ്രകാരം, അവരുടെ മുമ്പുള്ളവരും വ്യാജമാക്കിയിരിക്കുന്നു. എന്നിട്ട് (ആ) അക്രമികളുടെ പര്യവസാനം എങ്ങിനെ ആയെന്ന് നോക്കുക!

40 അവരിൽനിന്നും ചിലർ അതിൽ വിശ്വസിക്കുന്നവരുണ്ട്; അവരിൽനിന്നും ചിലർ അതിൽ വിശ്വസിക്കാത്തവരുമുണ്ട്. നിൻെറ റബ്ബ്, നാശമുണ്ടാക്കുന്നവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനാകുന്നു.

മേൽ കണ്ട പ്രകാരം തെളിവുകളെല്ലാം ലഭ്യമായിട്ടും, അവരതിനെ വ്യാജമാക്കിയിരിക്കുകയാണ്. അതിൽ വിഭാവന ചെയ്യുന്നതും പ്രവചിക്കപെട്ടിരിക്കുന്നതുമായ കാര്യങ്ങൾ പുലർന്ന് കാണുവാൻ അവർ കാത്തിരിക്കുന്നുമില്ല. ഇവർ മാത്രമല്ല, ഇവർക്ക് മുമ്പുള്ള സമുദായക്കാരും ഇങ്ങനെ വ്യജമാക്കിയവരായിരുന്നു. അതിന്റെ ഫലം അവർ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സത്യനിഷേധികളിൽ പെട്ട ചിലരാകട്ടെ, ഖുർആന്റെ യാഥാർത്ഥ്യം മനസ്സിലാക്കി, അതിൽ വിശ്വസിക്കുന്നവരായിട്ടുണ്ട്. വിശ്വസിക്കാതെ കുഴപ്പത്തിനും നാശത്തിനും ഒരുമ്പെട്ട വിഭാഗക്കാരും അവരിലുണ്ട്. നാശമുണ്ടാക്കുന്നവരെപറ്റി നന്നായറിയുന്ന റബ്ബ് അവരുടെ മേൽ തക്ക നടപടി എടുക്കുന്നതുമാകുന്നു.

## വിഭാഗം 5

**വചനം 41, 42, 43, 44**

وَإِن كَذَّبُوكَ فَقُل لِّي عَمَلِي وَلَكُمۡ عَمَلُكُمۡۖ أَنتُم بَرِيٓـُٔونَ مِمَّآ أَعۡمَلُ وَأَنَا۠ بَرِيٓءٞ مِّمَّا تَعۡمَلُونَ ﴿٤١﴾

41 അവർ നിന്നെ വ്യാജമാക്കുന്ന പക്ഷം, നീ പറയുക: ‘എനിക്ക് എൻെറ കർമ്മം; നിങ്ങൾക്ക് നിങ്ങളുടെ കർമ്മവും. ഞാൻ പ്രവർത്തിക്കുന്നതിൽനിന്ന് നിങ്ങൾ മുക്തരാണ്; നിങ്ങൾ പ്രവർത്തിക്കുന്നതിൽനിന്ന് ഞാനും മുക്തനാകുന്നു.’

42 അവരിൽനിന്നും ചിലർ, നിന്നിലേക്ക് ചെവി കൊടുക്കുന്നവരുമുണ്ട്. എന്നാൽ, ബധിരൻ മാരെ-അവർ ബുദ്ധികൊടു(ത്തു ഗ്രഹി) ക്കാതായിരുന്നാലും-നീ കേൾപ്പിക്കുമോ?!

43 അവരിൽനിന്നും ചിലർ, നിന്നിലേക്ക് നോക്കു ന്നവരുമുണ്ട്. എന്നാൽ, അന്ധൻമാരെ-അവർ കണ്ടറിയാതിരുന്നാലും-നീ വഴി കാട്ടുമോ?!

44 നിശ്ചയമായും അല്ലാഹു, മനുഷ്യരോട് ഒട്ടും (തന്നെ) അക്രമം പ്രവർത്തിക്കുകയില്ല; എങ്കിലും, മനുഷ്യർ അവരുടെ സ്വന്തങ്ങളോടു തന്നെ അക്രമം പ്രവർത്തിക്കുന്നു.

وَمِنۡهُم مَّن يَسۡتَمِعُونَ إِلَيۡكَۚ أَفَأَنتَ تُسۡمِعُ
ٱلصُّمَّ وَلَوۡ كَانُواْ لَا يَعۡقِلُونَ ﴿٤٢﴾
وَمِنۡهُم مَّن يَنظُرُ إِلَيۡكَۚ أَفَأَنتَ تَهۡدِي
ٱلۡعُمۡيَ وَلَوۡ كَانُواْ لَا يُبۡصِرُونَ ﴿٤٣﴾
إِنَّ ٱللَّهَ لَا يَظۡلِمُ ٱلنَّاسَ شَيۡـٔٗا وَلَٰكِنَّ
ٱلنَّاسَ أَنفُسَهُمۡ يَظۡلِمُونَ ﴿٤٤﴾

---

ആ സത്യനിഷേധികളെ നന്നാക്കിത്തീർക്കാൻ പാട് പെട്ടിട്ട് കാര്യമില്ല. "നിങ്ങളുടെ ഉത്തരവാദിത്വം എനിക്കൊ, എന്റെ ഉത്തരവാദിത്വം നിങ്ങൾക്കൊ, ഇല്ല" എന്ന് പറഞ്ഞ് അവരിൽ നിന്നും ഒഴിഞ്ഞ് നിൽക്കാൻ അല്ലാഹു നബി(സ)യോട് നിർദ്ദേശിക്കുന്നു. അവരിൽ ചിലർ ശ്രദ്ധാപൂർവ്വം കേൾക്കുന്നതായും , മുഖത്ത് നോക്കിയിരിക്കുന്നതായും കാണാം. കേൾവിയും കാഴ്ചയുമുള്ളവരാണെങ്കിലും, ബധിരന്മാരുടെയും അന്ധന്മാരുടേയും സ്ഥിതിയാണവർക്കുള്ളത് - അവർ നേർവഴി കൈ കൊള്ളുകയില്ല. അവർ അവരുടെ സ്വന്തങ്ങളോട് തന്നെ അതിക്രമം പ്രവർത്തിക്കുന്നവരാകുന്നു.

---

**വചനം 45**

45 പകലിൽനിന്നും ഒരു നാഴിക(സമയം)അല്ലാതെ അവർ (മുമ്പ്) കഴിഞ്ഞു കൂടിയിട്ടില്ലെന്നോണം അവരെ അവൻ (അല്ലാഹു) ഒരുമിച്ചുകൂട്ടുന്ന ദിവസം: അവർ തങ്ങൾക്കിടയിൽ അന്യോന്യം അറിയുന്നതാണ്. അല്ലാഹുവുമായി കണ്ടുമുട്ടുന്നതിനെ വ്യാജമാക്കിയവർക്ക് നഷ്ടപ്പെട്ടുപോയി; അവർ നേർമാർഗ്ഗം പ്രാപിച്ചവരായിരുന്നുമില്ല.

وَيَوۡمَ يَحۡشُرُهُمۡ كَأَن لَّمۡ يَلۡبَثُوٓاْ إِلَّا سَاعَةٗ مِّنَ
ٱلنَّهَارِ يَتَعَارَفُونَ بَيۡنَهُمۡۚ قَدۡ خَسِرَ ٱلَّذِينَ
كَذَّبُواْ بِلِقَآءِ ٱللَّهِ وَمَا كَانُواْ مُهۡتَدِينَ ﴿٤٥﴾

ഖിയാമത്ത് നാളിൽ എല്ലാവരും ഒരുമിച്ച് കൂട്ടപെടുന്ന അവസരത്തിൽ അന്നത്തെ അതി ഭയങ്കരമായ സംഭവവികാസങ്ങളും സ്ഥിതിവിശേഷങ്ങളും അനന്തതയും നേരിട്ടനുഭവപ്പെടുമ്പോൾ, മുമ്പ് അന്യോന്യം അറിയുന്നവരായിരുന്ന അവിശ്വാസികൾ തങ്ങൾ ആകെ ഒരു നാഴിക നേരമേ ഭൂമിയിൽ കഴിച്ച് കൂട്ടിയിട്ടുള്ളൂ എന്നും , തങ്ങൾ വേർപിരിഞ്ഞിട്ട് അധികകാലമൊന്നും, ആയിട്ടില്ലല്ലോ എന്നും പരസ്പരം പരിതപിക്കുന്നതാണ്. നേർമാർഗ്ഗം പ്രാപിക്കാൻ കൂട്ടാക്കാതെ, അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപെടുന്നതിനെ നിഷേധിച്ച് കൊണ്ടിരുന്ന ആ ധിക്കാരികൾ അന്നേ ദിവസം കഷ്ടത്തിലും നഷ്ടത്തിലും അകപ്പെട്ട് കഴിഞ്ഞിരിക്കും.

ഭൗതിക ജീവിതത്തിന്റെ നൈമിഷികതയെ ഖിയാമത്ത് നാളിന്റെ അതിഭയങ്കരമായ സ്ഥിതിഗതികളുമായി താരതമ്യപെടുത്തിക്കൊണ്ട് സമാനമായ വചനങ്ങൾ സൂ : ത്വാ ഹാ : 103 ; സൂ :റൂം 55 ; സൂ : അഹ് ഖാഫു :35 സൂ : നാസിആത്ത്: 46 എന്നിവിടങ്ങളിൽ ഖുർ ആനിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.

---

**വചനം 46 , 47**

46 (ഒരുപക്ഷേ,) അവരെ നാം താക്കീത് നൽകി വരുന്നതിൽ ചിലത് നാം നിനക്ക് കാണിച്ചു തരുകയോ, അല്ലെങ്കിൽ നിന്നെ(നിൻെറ ആത്മാവിനെ)നാം പിടിച്ചെടുക്കുകയോ ചെയ്യുന്ന പക്ഷം, എന്നാൽ നമ്മിലേക്കു തന്നെയായിരിക്കും അവരുടെ മടങ്ങിവരവ്.

وَإِمَّا نُرِيَنَّكَ بَعۡضَ ٱلَّذِي نَعِدُهُمۡ أَوۡ
نَتَوَفَّيَنَّكَ فَإِلَيۡنَا مَرۡجِعُهُمۡ ثُمَّ ٱللَّهُ شَهِيدٌ
عَلَىٰ مَا يَفۡعَلُونَ ﴿٤٦﴾

പിന്നെ, അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെപ്പറ്റി അല്ലാഹു സാക്ഷിയായിരിക്കും (അപ്പോൾ അവൻ വേണ്ടത് ചെയ്തുകൊള്ളും.)

47 എല്ലാ (ഓരോ) സമുദായത്തിനുമുണ്ടായിരിക്കും ഒരു റസൂൽ. അങ്ങനെ, അവരുടെ റസൂൽ (അവർക്ക്) വന്നാൽ, അവർക്കിടയിൽ നീതി മുറയനുസരിച്ച് (കാര്യം) തീരുമാനിക്കപ്പെടുന്നതാണ്; അവരാകട്ടെ, അനീതി ചെയ്യപ്പെടുകയില്ലതാനും.

وَلِكُلِّ أُمَّةٍ رَّسُولٌ ۖ فَإِذَا جَآءَ رَسُولُهُمْ قُضِىَ بَيْنَهُم بِٱلْقِسْطِ وَهُمْ لَا يُظْلَمُونَ ﴿٤٧﴾

---

ഈ സത്യനിഷേധികൾക്കുള്ള ശിക്ഷ - അപമാനം , പരാജയം, കൊല തുടങ്ങിയവ -, നബി (സ)യുടെ കാലത്തോ, അതല്ലെങ്കിൽ നബി(സ) യുടെ കാലശേഷമോ, സംഭവിച്ചേക്കാം. ഏതായാലും , അവർ മടങ്ങി എത്തുന്നത് അല്ലാഹുവിങ്കലേക്ക് തന്നെയായിരിക്കും : അവർ ചെയ്യുന്നതെല്ലാം അവൻ കണ്ടറിഞ്ഞ് കൊണ്ടിരിക്കുന്നുമുണ്ട്. ഓരോ സമുദായത്തിനും മാർഗ്ഗദർശനം ചെയ്യുവാൻ അല്ലാഹു പ്രത്യേകം റസൂലുകളെ അയക്കാറുണ്ട് : റസൂലുകളെ അയക്കാതെ ആരുടെ മേലും അല്ലാഹു ശിക്ഷാ നടപടി എടുക്കാറില്ല. അല്ലാഹുവിന്റെ ശിക്ഷാ നടപടികൾ നീതി മുറകൾക്കനുസൃതമായിട്ടായിരിക്കും- നിഷേധികളാണെന്ന് കരുതി, അവരോട് അല്ലാഹു യാതൊരു അനീതിയും ചെയ്യുകയില്ല താനും.

---

**വചനം 48, 49, 50, 51, 52**

48 അവർ(അവിശ്വാസികൾ) പറയുന്നു: "എപ്പോഴാണ് ഈ വാഗ്ദത്തം (നിറവേറൽ)-നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ?!"

وَيَقُولُونَ مَتَىٰ هَٰذَا ٱلْوَعْدُ إِن كُنتُمْ صَٰدِقِينَ ﴿٤٨﴾

49 പറയുക: "എൻെറ സ്വന്തത്തിന് (തന്നെ) ഒരു ഉപദ്രവമാകട്ടെ, ഒരു ഉപകാരമാകട്ടെ, ഞാൻ അധീനമാക്കുന്നില്ല, അല്ലാഹു ഉദ്ദേശിച്ചതല്ലാതെ. എല്ലാ സമുദായത്തിനുമുണ്ട് ഒരു അവധി. അവരുടെ അവധി വന്നാൽ, അപ്പോൾ അവർ ഒരു നാഴിക (സമയം) പിന്നോട്ട് പോകുകയാകട്ടെ, മുന്നോട്ട് പോകുകയാകട്ടെ ചെയ്കയില്ല."

قُل لَّآ أَمْلِكُ لِنَفْسِى ضَرًّا وَلَا نَفْعًا إِلَّا مَا شَآءَ ٱللَّهُ ۗ لِكُلِّ أُمَّةٍ أَجَلٌ ۚ إِذَا جَآءَ أَجَلُهُمْ فَلَا يَسْتَـْٔخِرُونَ سَاعَةً ۖ وَلَا يَسْتَقْدِمُونَ ﴿٤٩﴾

50 പറയുക: "കണ്ടുവോ(-നിങ്ങളൊന്ന് പറയുവിൻ): രാത്രി സമയത്തോ, പകലിലോ അവൻെറ ശിക്ഷ നിങ്ങൾക്ക് വന്നെത്തിയെങ്കിൽ, അതിൽ നിന്ന് ഏതൊന്നിനായിരിക്കും (ഈ) കുറ്റവാളികൾ ധൃതികാണിക്കുക?!

قُلْ أَرَءَيْتُمْ إِنْ أَتَىٰكُمْ عَذَابُهُۥ بَيَٰتًا أَوْ نَهَارًا مَّاذَا يَسْتَعْجِلُ مِنْهُ ٱلْمُجْرِمُونَ ﴿٥٠﴾

51 "അത് സംഭവിച്ചാൽ പിന്നീടാണോ നിങ്ങളതിൽ വിശ്വസിക്കുന്നത്?! "ഇപ്പോഴോ (വിശ്വസിക്കുന്നത്)? നിങ്ങൾ ഇതിന് (ഈ ശിക്ഷക്ക്) ധൃതി കൂട്ടിക്കൊണ്ടിരിക്കുകയായിരുന്നുവല്ലോ'' (എന്നായിരിക്കും അപ്പോൾ പറയപ്പെടുക.)

أَثُمَّ إِذَا مَا وَقَعَ ءَامَنتُم بِهِۦٓ ۚ ءَآلْـَٰٔنَ وَقَدْ كُنتُم بِهِۦ تَسْتَعْجِلُونَ ﴿٥١﴾

52 പിന്നീട്, അക്രമം പ്രവർത്തിച്ചവരോട് പറയപ്പെടും: "നിങ്ങൾ ശാശ്വത ശിക്ഷ ആസ്വദിച്ചുകൊള്ളുവിൻ! നിങ്ങൾ (പ്രവർത്തിച്ചു) സമ്പാദിച്ചിരുന്നതിനല്ലാതെ നിങ്ങൾക്കു പ്രതിഫലം നൽകപ്പെടുമോ?!"

ثُمَّ قِيلَ لِلَّذِينَ ظَلَمُوا۟ ذُوقُوا۟ عَذَابَ ٱلْخُلْدِ هَلْ تُجْزَوْنَ إِلَّا بِمَا كُنتُمْ تَكْسِبُونَ ﴿٥٢﴾

വാഗ്ദത്തം ചെയ്യപ്പെട്ട രക്ഷാ -ശിക്ഷാ നടപടികൾ എപ്പോഴാണ് വന്നെത്തുകയെന്ന് പരിഹസിക്കുന്ന അവിശ്വാസികൾക്കു താഴെ പറയുന്ന തത്വങ്ങൾ മറുപടിയായി നല്കാൻ അല്ലാഹു നബി(സ)യോട് നിർദ്ദേശിക്കുന്നു:

1. മറ്റുള്ളവരുടെ കാര്യം ഇരിക്കട്ടെ, എന്റെ സ്വന്തം കാര്യത്തിൽ പോലും, ഒരു ഉപദ്രവമാകട്ടെ, ഒരു ഉപകാരമാകട്ടെ, യാതൊന്നും എന്റെ അധീനത്തിലല്ല. അല്ലാഹു ഉദ്ദേശിക്കുന്നതിനപ്പുറം ഒന്നും സംഭവിക്കുന്നില്ല.

2. ഓരോ സമുദായത്തിനും ശിക്ഷ നടപ്പിലാക്കപ്പെടാനായി അല്ലാഹു ഒരു നിശ്ചയവും അവധിയും വെച്ചിട്ടുണ്ട്. അതിൽ ഒരു നിമിഷം പോലും ഏറ്റക്കുറവ് സംഭവിക്കുന്നതല്ല.

3. ആ ശിക്ഷ വല്ല രാത്രിയിലൊ, പകലിലൊ, പെട്ടെന്നാവാം സംഭവിക്കുക. ഇപ്പോൾ ധൃതി കൂട്ടിക്കൊണ്ടിരിക്കുന്ന അവിശ്വാസികൾ ശിക്ഷ നടപ്പിലാക്കപ്പെടുമ്പോൾ ധൃതി കൂട്ടുവാൻ ധൈര്യപ്പെടുമോ?

4. ശിക്ഷ നടപ്പിലാക്കുമ്പോൾ അപ്പോൾ വിശ്വസിക്കാമെന്ന് അവിശ്വാസികൾ കരുതുന്നുണ്ടോ? അവർ പറയപ്പെടും "ശിക്ഷ എപ്പോഴാണെന്ന് പരിഹസിച്ച് തിരക്ക് കൂട്ടിയിരുന്നവരാണല്ലോ നിങ്ങൾ; ഇപ്പോഴത്തെ നിങ്ങളുടെ വിശ്വാസം സ്വീകാര്യമല്ല; നിങ്ങൾ പ്രവർത്തിച്ച് സമ്പാദിച്ച് വച്ചിരുന്നതിനുള്ള ശാശ്വത ശിക്ഷ ഇതാ, നിങ്ങൾ ആസ്വദിച്ച് കൊള്ളുവിൻ".

**വചനം 53**

۞ وَيَسْتَنۢبِـُٔونَكَ أَحَقٌّ هُوَ ۖ قُلْ إِى وَرَبِّىٓ إِنَّهُۥ لَحَقٌّ ۖ وَمَآ أَنتُم بِمُعْجِزِينَ ﴿٥٣﴾

53 (നബിയേ) നിന്നോടവർ വർത്തമാനമന്വേഷിക്കുന്നു: യഥാർത്ഥമാണോ അത്? എന്ന്! പറയുക: "ഓ! എൻെറ റബ്ബ് തന്നെയാണു (സത്യം)! നിശ്ചയമായും അത് യഥാർത്ഥം തന്നെ! നിങ്ങൾ (പിടിയിൽപെടാതെ) അശക്തരാക്കുന്നവരല്ലതാനും."

മരണാനന്തര ജീവിതവും, അതിലെ രക്ഷാശിക്ഷകളും യഥാർത്ഥമാണൊ എന്ന സത്യനിഷേധികളുടെ സംശയത്തിന്, ഇപ്രകാരം മറുപടി പറയാൻ അല്ലാഹു നബി(സ)യോട് കൽപിക്കുന്നു.

"എന്റെ റബ്ബ് തന്നെയാണ് സത്യം അത് അക്ഷരം പ്രതി ശരിയാകുന്നു. അല്ലാഹുവിന്റെ പിടിയിൽ നിന്ന് രക്ഷപെടാമെന്ന് നിങ്ങൾ കരുതേണ്ട".

"എന്റെ റബ്ബ് തന്നെയാണ് സത്യം" എന്ന് ശക്തമായ സ്വരത്തിൽ സത്യം ചെയ്ത് കൊണ്ട് അവിശ്വാസികളോട് മറുപടി പറയുവാൻ അല്ലാഹു നബി(സ)യോട് കൽപിക്കുന്ന മൂന്ന് സന്ദർഭങ്ങളാണ് ഈ വചനമടക്കം ഖുർആനിലുള്ളത് -

സൂ : സബഉ് : 3 ("അന്ത്യസമയം നിങ്ങൾക്ക് വന്നെത്തുക തന്നെ ചെയ്യും")

സൂ : തഗാബുൻ : 7 ("തീർച്ചയായും നിങ്ങൾ എഴുന്നേൽപിക്കപെടുക തന്നെ ചെയ്യും)"

എന്നിവയാണ് മറ്റ് രണ്ട് വചനങ്ങൾ.

**വിഭാഗം 6**

**വചനം 54**

وَلَوْ أَنَّ لِكُلِّ نَفْسٍ ظَلَمَتْ مَا فِى ٱلْأَرْضِ لَٱفْتَدَتْ بِهِۦ ۗ وَأَسَرُّوا۟ ٱلنَّدَامَةَ لَمَّا رَأَوُا۟ ٱلْعَذَابَ ۖ وَقُضِىَ بَيْنَهُم بِٱلْقِسْطِ ۚ وَهُمْ لَا يُظْلَمُونَ ﴿٥٤﴾

54 അക്രമം പ്രവർത്തിച്ച എല്ലാ (ഓരോ) വ്യക്തിക്കും ഭൂമിയിലുള്ളത് (മുഴുവൻ) ഉണ്ടായിരുന്നാലും, അത് അതിനെ തെണ്ടം കൊടു(ത്ത് മോചനത്തിന് ശ്രമി)ക്കുക തന്നെ ചെയ്യും. ശിക്ഷയെ കാണുമ്പോൾ അവർ ഖേദം മറച്ചുവെക്കുകയും ചെയ്യും. അവർക്കിടയിൽ നീതിമുറയനുസരിച്ച് തീരുമാനിക്കപ്പെടുകയും ചെയ്യും; അവരാകട്ടെ, അക്രമം ചെയ്യപ്പെടുന്നതുമല്ല.

തങ്ങൾക്ക് ലഭിക്കാൻ പോകുന്ന ശിക്ഷാ മുറകളെ കൺമുന്നിൽ കാണുമ്പോൾ, അക്രമികൾ ഖേദവും വ്യസനവും ഒതുക്കാൻ കഴിയാതെ, പരസ്യമായി തന്നെ അവരുടെ സങ്കടം പ്രകടപ്പിക്കുന്നതാണ്. "ഹാ സങ്കടമേ!

അല്ലാഹുവിന്റെ വിഷയത്തിൽ ഞാൻ വീഴ്ച വരുത്തിയല്ലൊ. ഞാൻ കളിയാക്കുന്നവനായിപ്പോയല്ലൊ" എന്ന് അവർ പറയുമെന്ന് സൂ : സുമർ : 56 ലും "റബ്ബേ ഞങ്ങളുടെ ദൗർഭാഗ്യം ഞങ്ങളിൽ കവിഞ്ഞ് പോയി. ഞങ്ങൾ വഴി പിഴച്ച ആളുകളായിത്തീർന്നു" എന്ന് പറയുമെന്ന് സൂ: മുഅ്മിനൂൻ 106 ; 107 എന്നീ വചനങ്ങളിലും കാണാവുന്നതാണ്.

---

**വചനം 55, 56, 57, 58**

أَلَآ إِنَّ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۗ
أَلَآ إِنَّ وَعۡدَ ٱللَّهِ حَقّٞ وَلَٰكِنَّ أَكۡثَرَهُمۡ لَا
يَعۡلَمُونَ ٥٥

هُوَ يُحۡيِۦ وَيُمِيتُ وَإِلَيۡهِ تُرۡجَعُونَ ٥٦

يَٰٓأَيُّهَا ٱلنَّاسُ قَدۡ جَآءَتۡكُم مَّوۡعِظَةٞ مِّن
رَّبِّكُمۡ وَشِفَآءٞ لِّمَا فِي ٱلصُّدُورِ وَهُدٗى
وَرَحۡمَةٞ لِّلۡمُؤۡمِنِينَ ٥٧

قُلۡ بِفَضۡلِ ٱللَّهِ وَبِرَحۡمَتِهِۦ فَبِذَٰلِكَ
فَلۡيَفۡرَحُواْ هُوَ خَيۡرٞ مِّمَّا يَجۡمَعُونَ ٥٨

55 അല്ലാ! (-അറിയുക:) നിശ്ചയമായും, ആകാശങ്ങളിലും ഭൂമിയിലുമുള്ളത് (ഒക്കെ) അല്ലാഹുവിൻേറതാകുന്നു. അല്ലാ! (-അറിയുക:) നിശ്ചയമായും, അല്ലാഹുവിൻെറ വാഗ്ദത്തം യഥാർത്ഥമാകുന്നു. എങ്കിലും, അവരിൽ അധികമാളും അറിയുന്നില്ല.

56 അവൻ, ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു; അവങ്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും.

57 ഹേ, മനുഷ്യരേ, നിങ്ങളുടെ റബ്ബിങ്കൽനിന്നു നിങ്ങൾക്ക് സദുപദേശവും, നെഞ്ചുകളിലുള്ളതിന് (ഹൃദയരോഗങ്ങൾക്ക്) ശമനവും വന്നിട്ടുണ്ട്; സത്യവിശ്വാസികൾക്ക് മാർഗ്ഗദർശനവും, കാരുണ്യവും (വന്നിട്ടുണ്ട്).

58 പറയുക: "അല്ലാഹുവിൻെറ ദയവ് (അഥവാ അനുഗ്രഹം) കൊണ്ടും, അവൻെറ കാരുണ്യം കൊണ്ടുമത്രെ (അത്) -അതുകൊണ്ടു തന്നെ -അവർ ആഹ്ളാദിക്കട്ടെ! അത്, അവർ ശേഖരിച്ചു (സമ്പാദിച്ചു) കൊണ്ടിരിക്കുന്നതിനെക്കാൾ (ഒക്കെ) ഉത്തമമമാകുന്നു.

വിശുദ്ധ ഖുർആൻ മനുഷ്യവർഗ്ഗത്തിന് ആകമാനം, സദുപദേശവും, മാർഗ്ഗദർശനവും, കാരുണ്യവും, അജ്ഞത, അന്ധവിശ്വാസം, കാപട്യം, സംശയം എന്നീ മനോവിഷമങ്ങൾക്കുള്ള ശമനവുമാകുന്നു. മനുഷ്യന്റെ ഏതൊരു ഐഹിക നേട്ടങ്ങളെക്കാളും ശ്രേഷ്ഠവും ഉത്തമവുമാകുന്നു ഈ ഖുർആനും, ഖുർആൻ മുഖേന അവന് ഈ ലോകത്തും, പരലോകത്തും, റബ്ബിൽ നിന്ന് ലഭിക്കുന്ന അനുഗ്രഹങ്ങളും കാരുണ്യവും. എന്നാൽ ഖുർആനിൽ വിശ്വസിക്കാത്ത അക്രമികൾക്കാകട്ടെ, ഖുർആൻ പ്രയോജനപ്പെടുകയില്ല എന്ന് മാത്രമല്ല, അത് അവരുടെ നഷ്ടത്തെയല്ലാതെ വർദ്ധിപ്പിക്കുകയുമില്ല. (17: 82 നോക്കുക)

---

**വചനം 59, 60**

قُلۡ أَرَءَيۡتُم مَّآ أَنزَلَ ٱللَّهُ لَكُم مِّن رِّزۡقٖ
فَجَعَلۡتُم مِّنۡهُ حَرَامٗا وَحَلَٰلٗا قُلۡ ءَآللَّهُ
أَذِنَ لَكُمۡۖ أَمۡ عَلَى ٱللَّهِ تَفۡتَرُونَ ٥٩

59 പറയുക: "നിങ്ങൾ കണ്ടുവോ, ആഹാരമായി അല്ലാഹു നിങ്ങൾക്കുവേണ്ടി ഇറക്കിത്തന്നിട്ടുള്ളത്? എന്നിട്ട്, നിങ്ങൾ അതിൽനിന്നും (ചിലത്) നിഷിദ്ധവും, (ചിലത്) അനുവദനീയവുമാക്കിയിരിക്കുന്നു?" പറയുക: "അല്ലാഹുവാണോ നിങ്ങൾക്ക് (അതിന്) അനുവാദം നൽകിയത്; അതല്ല, അല്ലാഹുവിൻെറ പേരിൽ നിങ്ങൾ കെട്ടിച്ചമക്കുകയാണോ? (പറയുവിൻ-കേൾക്കട്ടെ)!.

وَمَا ظَنُّ ٱلَّذِينَ يَفۡتَرُونَ عَلَى ٱللَّهِ

60 അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമക്കുന്നവരുടെ വിചാരം ഖിയാമത്തുനാളിൽ

ٱلْكَذِبَ يَوْمَ ٱلْقِيَـٰمَةِ ۗ إِنَّ ٱللَّهَ لَذُو فَضْلٍ عَلَى ٱلنَّاسِ وَلَـٰكِنَّ أَكْثَرَهُمْ لَا يَشْكُرُونَ ﴿٦٠﴾

എന്തായിരിക്കും?! നിശ്ചയമായും, അല്ലാഹു, മനുഷ്യരുടെ പേരിൽ ദയവ് (അഥവാ അനുഗ്രഹം)ഉള്ളവൻ തന്നെ എങ്കിലും, അവരിൽ അധികമാളും നന്ദി ചെയ്യുന്നില്ല.

---

മനുഷ്യർക്ക് ഉപജീവനത്തിനായി അല്ലാഹു ഭൂമിയിൽ ഏർപെടുത്തിയിട്ടുള്ള ധാരാളം ജീവജാലങ്ങളിലും, കൃഷി വിഭവങ്ങളിലും പെട്ട ചിലവയെ മുശ്രിക്കുകൾ വിഗ്രഹങ്ങളുടെ പേരിലും മറ്റുമായി നിഷിദ്ധമാക്കി വെച്ചിരുന്നതിനെ സൂചിപ്പിച്ച് കൊണ്ടുള്ളതാണീ വചനങ്ങൾ. ഈ വിഷയ സംബന്ധമായി സൂ: മാഇദ 103 സൂ: അൻആം 136, 138, 139 എന്നിവിടങ്ങളിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ അവന്റെ അനുവാദം കൂടാതെ, അവന്റെ പേരിൽ വ്യാജം കെട്ടിച്ചമച്ചുണ്ടാക്കിക്കൊണ്ട്, നിഷിദ്ധമാക്കുന്നവർക്ക്, ഖിയാമത്ത് നാളിൽ അതി ഭയങ്കരമായ ശിക്ഷയെക്കുറിച്ച് അല്ലാഹു താക്കീത് നൽകുന്നു. അല്ലാഹുവിന്റെ ദയാദാക്ഷിണ്യങ്ങൾക്ക് നന്ദി കാണിക്കുന്നതിന് പകരം, അധികമാളുകളും നന്ദികേട് പ്രകടിപ്പിക്കുന്നത്കൊണ്ടാണ്, ഇത്തരം പ്രവണതകൾ ഉണ്ടായിത്തീരുന്നത് എന്ന് അല്ലാഹു തുടർന്ന്, സൂചിപ്പിക്കുന്നു.

“അല്ലാഹു നൽകിയ അനുഗ്രഹത്തിന്റെയും (സ്വത്തിന്റെയും) ആദരവിന്റെയും അടയാളം ഒരുവനിൽ കാണപ്പെടട്ടെ” എന്ന് നബി(സ) തിരുമേനി അരുളിയിരിക്കുന്നു. “അത് അവനോടുള്ള നന്ദി പ്രകടിപ്പിക്കലാകുന്നു”.

## വിഭാഗം 7

**വചനം 61**

وَمَا تَكُونُ فِى شَأْنٍ وَمَا تَتْلُوا۟ مِنْهُ مِن قُرْءَانٍ وَلَا تَعْمَلُونَ مِنْ عَمَلٍ إِلَّا كُنَّا عَلَيْكُمْ شُهُودًا إِذْ تُفِيضُونَ فِيهِ ۚ وَمَا يَعْزُبُ عَن رَّبِّكَ مِن مِّثْقَالِ ذَرَّةٍ فِى ٱلْأَرْضِ وَلَا فِى ٱلسَّمَآءِ وَلَآ أَصْغَرَ مِن ذَٰلِكَ وَلَآ أَكْبَرَ إِلَّا فِى كِتَـٰبٍ مُّبِينٍ ﴿٦١﴾

61 (നബിയേ) നീ വല്ല കാര്യത്തിലും ആയിരിക്കുകയാകട്ടെ, അത് സംബന്ധിച്ചു ഖുർആനിൽനിന്നും(വല്ലതും) പാരായണം ചെയ്യുകയാകട്ടെ ചെയ്കയില്ല; നിങ്ങൾ (മനുഷ്യർ) വല്ല പ്രവൃത്തിയും പ്രവർത്തിക്കുകയും ചെയ്കയില്ല; നിങ്ങൾ അതിൽ മുഴുകിക്കൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ മേൽ നാം (ദൃക്ക്)സാക്ഷികളായിരിക്കാതെ. ഭൂമിയിലാകട്ടെ, ആകാശത്തിലാകട്ടെ, ഒരു അണുത്തൂക്കവും (തന്നെ) നിന്റെ റബ്ബിൽനിന്നും വിട്ടുപോകുകയില്ല; അതിനെക്കാൾ ചെറുതാകട്ടെ, വലുതാകട്ടെ ഇല്ല, (അത്) സ്പഷ്ടമായ ഒരു (രേഖാ) ഗ്രന്ഥത്തിൽ ഇല്ലാതെ.

---

നബി(സ)യാകട്ടെ, മറ്റുള്ളവരാകട്ടെ ഏതെങ്കിലും വിഷയത്തിൽ ഏർപ്പെടുകയോ, ഏത് പ്രവർത്തിയും ചെയ്കയോ ആകട്ടെ, അല്ലാഹു ആയതിന് ദൃക്സാക്ഷി ആയിരിക്കും. ആകാശ ഭൂമികളിലുള്ള ഏതൊരു വസ്തുവും, അത് എത്ര ചെറുതോ വലുതോ ആയിരുന്നാലും, അവന്റെ അറിവിൽ പെടാത്തതായിട്ടില്ല. എല്ലാറ്റിന്റെയും കണക്കും തോതുമൊക്കെ അവന്റെ സ്പഷ്ടമായ രേഖാഗ്രന്ഥത്തിൽ രേഖപ്പെടുത്തി വെക്കപെടുന്നുമുണ്ട്.

**വചനം 62, 63, 64**

أَلَآ إِنَّ أَوْلِيَآءَ ٱللَّهِ لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٦٢﴾

ٱلَّذِينَ ءَامَنُوا۟ وَكَانُوا۟ يَتَّقُونَ ﴿٦٣﴾

62 (അല്ലാ! അറിയുക;) നിശ്ചയമായും അല്ലാഹുവിന്റെ ‘വലിയ്യു’കൾ (മിത്രങ്ങൾ), അവരുടെ മേൽ ഒരു ഭയവുമില്ല; അവർ വ്യസനിക്കുകയും ചെയ്കയില്ല.

63 (അതെ,) വിശ്വസിക്കുകയും, സൂക്ഷ്മത പാലിച്ചുകൊണ്ടിരിക്കുകയും ചെയ്തവർ. (ഇവരാണ് അല്ലാഹുവിന്റെ ‘വലിയ്യു’കൾ.)

64 അവർക്കത്രെ, ഇഹലോക ജീവിതത്തിലും, പരലോകത്തിലും സന്തോഷവാർത്ത (യുള്ളത്). അല്ലാഹുവിൻെറ വാക്കുകൾക്ക് മാറ്റം വരുത്ത ലില്ല. അതുതന്നെയാണ് വമ്പിച്ച ഭാഗ്യം!

لَهُمُ ٱلْبُشْرَىٰ فِى ٱلْحَيَوٰةِ ٱلدُّنْيَا وَفِى ٱلْءَاخِرَةِ ۚ لَا تَبْدِيلَ لِكَلِمَٰتِ ٱللَّهِ ۚ ذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ ﴿٦٤﴾

വലിയ്യ് (وَلِي) എന്ന വാക്കിന് മിത്രം, അടുത്തവൻ ബന്ധപെട്ടവൻ എന്നൊക്കെയാകുന്നു അർത്ഥം, അല്ലാഹുവിന്റെ വലിയ്യുകൾ (ഔലിയാഉ്) ആരാണെന്ന് അല്ലാഹു തന്നെ ഇവിടെ വ്യക്തമാക്കുന്നു- വിശ്വസിക്കേണ്ടുന്ന കാര്യങ്ങളിൽ വിശ്വസിക്കുകയും, അല്ലാഹുവിന്റെ വിധി വിലക്കുകൾ അനുസരിക്കുക വഴി അവനെ സൂക്ഷിച്ച് പോരുകയും ചെയ്തവരാരോ, അവരാണവർ. അല്ലാതെ, ചിലർ പ്രചരിപ്പിക്കാറുള്ളതുപോലെ, അദൃശ്യമായ ചില കൈകാര്യങ്ങൾ നടത്തുന്നതിന് കഴിവ് നല്കപെട്ട മഹാത്മാക്കളൊ, വല്ല മഹാന്മാരുടെയും ശിഷ്യത്വമോ, പിൻതുടർച്ചയൊ ലഭിച്ചവരൊ, ജട മുടി മുതലായ ചില പ്രത്യേക വേഷ വിധാനങ്ങൾ സ്വീകരിച്ചവരോ അല്ല, അല്ലാഹുവിന്റെ വലിയ്യുകൾ, ഇത്തരം അബദ്ധധാരണകൾ മൂലം മുസ്ലീം സമുദായത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനാചാരങ്ങൾക്കും, വിശ്വാസച്യുതിക്കും കൈയും കണക്കുമില്ല.

വലിയ്യുകളുടെ നേട്ടങ്ങളായി അല്ലാഹു ഇവിടെ ചൂണ്ടിക്കാണിക്കുന്ന നാല് കാര്യങ്ങൾ:

1. “അവരുടെ മേൽ ഒരു ഭയവുമില്ല” - പാപകൃത്യങ്ങളിൽ നിന്ന് ഒഴിഞ്ഞ് നിൽക്കുന്നത് കൊണ്ട് വരാനിരിക്കുന്ന ഭവിഷ്യത്തുകളെക്കുറിച്ച് അവർ ഭയരഹിതരായിരിക്കും.

2. “അവരൊട്ട് വ്യസനിക്കുകയുമില്ല” - ഐഹികവും പാരത്രികവുമായ തങ്ങളുടെ ബാധ്യതകളെല്ലാം യഥാവിധി നിറവേറ്റുന്ന അവർക്ക് വ്യസനിക്കേണ്ടുന്ന ആവശ്യം നേരിടുകയില്ല. സർവ്വവും അല്ലാഹുവിൽ അർപിച്ച അവർക്ക് വല്ല കഷ്ടനഷ്ടങ്ങളും സംഭവിച്ചാലും, വ്യസനവും ദുഃഖവും അവരെ തീണ്ടുകയില്ല.

3. “അവർക്ക് ഐഹിക ജീവിതത്തിൽ സന്തോഷവാർത്ത ഉണ്ടായിരിക്കും” – പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും മുഖേനയും, നല്ലതായ സ്വപ്നങ്ങൾ വഴിയും (അവർ കാണുന്നതും, അവരെ പറ്റി മറ്റുള്ളവർ കാണുന്നതുമായ നല്ല സ്വപ്നങ്ങൾ) ജനങ്ങളിൽ നിന്നുള്ള അനുമോദനങ്ങൾ വഴിയും, അവർ സന്തോഷവാന്മാരായിരിക്കും. മരണവേളയിലാകട്ടെ, മലക്കുകളും അവരെ സ്വാഗതം ചെയ്യുകയും അനുമോദിക്കുകയും ചെയ്യുന്നതാണ്.

4. “പരലോകത്തിലും സന്തോഷവാർത്ത ഉണ്ടായിരിക്കും” - ഖിയാമത്ത് നാളിൽ മലക്കുകൾ അവരെ എതിരേൽക്കുകയും അവർക്ക് ലഭിക്കാനിരിക്കുന്ന സ്വർഗ്ഗം മുതലായ അനുഗ്രഹങ്ങളെ പറ്റി സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നതാണ്.

മേൽ പറഞ്ഞ കാര്യങ്ങളിലൊന്നും യാതൊരു മാറ്റവും വരുത്തുകയില്ലെന്ന് അല്ലാഹു വീണ്ടും വാഗ്ദാനം നൽകുന്നു. മനുഷ്യർക്ക് ലഭിക്കാവുന്ന മഹത്തായ ഭാഗ്യം ഇതൊക്കെയാണെന്നും അല്ലാഹു ഓർമ്മപ്പെടുത്തുന്നു. ആ മഹാഭാഗ്യത്തിന് പാത്രമാകുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം ഉൾപെടുത്തുമാറാകട്ടെ – ആമീൻ.

സൂ: 41 വചനങ്ങൾ 30, 31, 32 ; സൂ : 21 വചനം 103 ; സൂ : 57 വചനം 12 എന്നിവിടങ്ങളിൽ, മേൽ പറഞ്ഞ വിവരണങ്ങളിലേക്ക് വെളിച്ചം വീശുന്ന അല്ലാഹുവിന്റെ വചനങ്ങൾ നമുക്ക് കാണാവുന്നതാണ്. ഒരിക്കൽ അബൂദർറ്(റ) നബി(സ)യോട് ചോദിച്ചു “മനുഷ്യൻ ഒരു കർമ്മം ചെയ്യുന്നു : അതിന്റെ പേരിൽ ജനങ്ങൾ അവനെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. ഇതിന്റെ സ്ഥിതിയെന്താണ്

നബി(സ) ഇപ്രകാരം മറുപടി നൽകി “ അത്, സത്യവിശ്വാസിക്ക് മുൻകൂട്ടി ലഭിക്കുന്ന അനുമോദന വാർത്തയാകുന്നു”.

**വചനം 65**

65 (നബിയേ) അവരുടെ (മുശ്രിക്കുകളുടെ) വാക്ക് നിന്നെ വ്യസനിപ്പിക്കരുത്. നിശ്ചയമായും, പ്രതാപം മുഴുവനും അല്ലാഹുവിനാകുന്നു. അവൻ (എല്ലാം) കേൾക്കുന്നവനും അറിയുന്ന വനുമത്രെ.

وَلَا يَحْزُنكَ قَوْلُهُمْ ۘ إِنَّ ٱلْعِزَّةَ لِلَّهِ جَمِيعًا ۚ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٦٥﴾

മുശ്‌രിക്കുകളുടെ ഭാഗത്ത് നിന്നുള്ള പരിഹാസത്തിന്റെയും, ആക്ഷേപത്തിന്റെയും ഭീഷണിയുടെയും സ്വരങ്ങൾ കേൾക്കുമ്പോൾ ചിലപ്പോൾ നബി(സ)ക്ക് വ്യസനം തോന്നുക സ്വാഭാവികമാണല്ലോ. ഈ വചനത്തിലൂടെ അല്ലാഹു നബി(സ)യെ സമാധാനിപ്പിക്കുന്നു. സമാനമായ വചനങ്ങൾ 6:33; 36:76; 58:21 എന്നിവിടങ്ങളിൽ കാണാം.

**വചനം 66**

أَلَآ إِنَّ لِلَّهِ مَن فِى ٱلسَّمَٰوَٰتِ وَمَن فِى ٱلْأَرْضِ ۗ وَمَا يَتَّبِعُ ٱلَّذِينَ يَدْعُونَ مِن دُونِ ٱللَّهِ شُرَكَآءَ ۚ إِن يَتَّبِعُونَ إِلَّا ٱلظَّنَّ وَإِنْ هُمْ إِلَّا يَخْرُصُونَ ﴿٦٦﴾

66 അല്ലാ! (അറിയുക:) നിശ്ചയമായും, അല്ലാഹുവിൻേറതാണ് ആകാശങ്ങളിലുള്ളവരും, ഭൂമിയിലുള്ളവരും (ഒക്കെ). അല്ലാഹുവിനു പുറമെ അവർ വിളി(പ്രാർത്ഥി)ച്ചു കൊണ്ടിരിക്കുന്നവൻ (യഥാർത്ഥത്തിൽ) 'പങ്കാളി'കളെ പിൻപറ്റുന്നില്ല. (അതെ,) ഊഹത്തെയല്ലാതെ അവർ പിൻപറ്റുന്നില്ല; അവർ മതിപ്പിട്ടു (കളവ്) പറയുകയല്ലാതെ ചെയ്യുന്നുമില്ല.

ആകാശഭൂമികളിലുള്ള അല്ലാഹുവിന്റെ സൃഷ്ടികളെല്ലാം അവന്റെ നിയന്ത്രണത്തിൽ കഴിയുന്നവരാകുന്നുവെന്നിരിക്കെ അവരിൽ ചിലരെ, അല്ലാഹുവിന്റെ പങ്കാളികളാക്കി വിശ്വസിച്ച് കൊണ്ട് ആരാധിച്ച് വരുന്ന മുശ്‌രിക്കുകൾ, വെറും ഊഹത്തെയും, അനുമാനത്തെയും മാത്രം ആസ്പദമാക്കിയാണ് അത്തരം അതിക്രമങ്ങൾ പ്രവർത്തിച്ച് വരുന്നത്. അതിൽ സത്യത്തിന്റെയൊ, ന്യായത്തിന്റെയോ യാതൊരു കണിക പോലുമില്ല.

**വചനം 67**

هُوَ ٱلَّذِى جَعَلَ لَكُمُ ٱلَّيْلَ لِتَسْكُنُوا۟ فِيهِ وَٱلنَّهَارَ مُبْصِرًا ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يَسْمَعُونَ ﴿٦٧﴾

67 അവനത്രെ നിങ്ങൾക്ക് അടങ്ങി (ശാന്തമാ)യിരിക്കുവാൻ വേണ്ടി രാത്രിയെയും, കണ്ടറിയത്തക്ക നിലയിൽ പകലിനെയും ഏർപ്പെടുത്തിത്തന്നവൻ. നിശ്ചയമായും, കേട്ടറിയുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്,

രാപകലുകളുടെ ക്രമീകരണ വ്യവസ്ഥകളിലടങ്ങിയ യാഥാർത്ഥ്യങ്ങളെയും യുക്തി രഹസ്യങ്ങളെയും സംബന്ധിച്ച് ചിന്തിച്ചാൽ തന്നെ, അല്ലാഹുവിന്റെ അപാരമായ കഴിവിനെക്കുറിച്ച്, അന്വേഷണബുദ്ധിയുള്ളവർക്ക് മനസ്സിലാക്കാവുന്നതാണ്.

**വചനം 68, 69, 70**

قَالُوا۟ ٱتَّخَذَ ٱللَّهُ وَلَدًا ۗ سُبْحَٰنَهُۥ ۖ هُوَ ٱلْغَنِىُّ ۖ لَهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۚ إِنْ عِندَكُم مِّن سُلْطَٰنٍۭ بِهَٰذَآ ۚ أَتَقُولُونَ عَلَى ٱللَّهِ مَا لَا تَعْلَمُونَ ﴿٦٨﴾

68 അവർ പറയുകയാണ്: "അല്ലാഹു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു"വെന്ന്. അവൻ മഹാ പരിശുദ്ധൻ! അവനത്രെ (പരാശ്രയമില്ലാത്ത) ധന്യൻ; അവൻേറതാണ് ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (മുഴുവൻ). ഇതിനെപ്പറ്റി നിങ്ങളുടെ പക്കൽ യാതൊരു (ആധികാരിക) രേഖയും ഇല്ല. അല്ലാഹുവിൻെറമേൽ നിങ്ങൾക്കറിഞ്ഞുകൂടാത്തത് നിങ്ങൾ (കെട്ടി) പറയുന്നുവോ?!"

قُلْ إِنَّ ٱلَّذِينَ يَفْتَرُونَ عَلَى ٱللَّهِ ٱلْكَذِبَ لَا يُفْلِحُونَ ﴿٦٩﴾

69 പറയുക: "നിശ്ചയമായും, അല്ലാഹുവിൻെറ മേൽ വ്യാജം കെട്ടിച്ചമക്കുന്നവർ വിജയിക്കുകയില്ല."

70 ഇഹത്തിലുള്ള ഒരു (തരം) സുഖമെടുക്കൽ!

مَتَٰعٌ فِي ٱلدُّنۡيَا ثُمَّ إِلَيۡنَا مَرۡجِعُهُمۡ ثُمَّ نُذِيقُهُمُ ٱلۡعَذَابَ ٱلشَّدِيدَ بِمَا كَانُواْ يَكۡفُرُونَ ﴿٧٠﴾

(അത്ര മാത്രം.) പിന്നെ, നമ്മുടെ അടുക്കലേക്കാണ് അവരുടെ മടങ്ങി വരവ്. പിന്നെ, അവർ അവിശ്വസിച്ചിരുന്നതു നിമിത്തം അവരെ നാം കഠിനമായ ശിക്ഷ ആസ്വദിപ്പിക്കുന്നതാണ്.

---

മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് മുശ്‌രിക്കുകളും, ഉസൈർ(അ) അല്ലാഹുവിന്റെ പുത്രനാണെന്ന് ചില യഹൂദികളും, ഈസാ(അ) അല്ലാഹുവിന്റെ പുത്രനാണെന്ന് ക്രിസ്ത്യാനികളും പറഞ്ഞ് വിശ്വസിച്ച് വരുന്നതിനെ അല്ലാഹു അടിമുടി ഖണ്ഡിക്കുന്നു. വിശ്വാസത്തെ ആക്ഷേപിക്കുന്ന മിക്ക സ്ഥലങ്ങളിലും ഖുർ ആനിൽ അല്ലാഹു അവർത്തിച്ച് പറഞ്ഞ വാക്ക് അല്ലാഹു ഇവിടെയും പറയുന്നു:

**سبحانه** (അവൻ മഹാ പരിശുദ്ധൻ). അവന്റെ പരിശുദ്ധിയെ ഇകഴ്ത്തിക്കൊണ്ട് അവനെ സൃഷ്ടികളോട് സാദൃശ്യപെടുത്തുന്ന ഒരു വാദമാണതെന്ന് അല്ലാഹുവിന്റെ ഈ പദപ്രയോഗം സൂചിപ്പിക്കുന്നു. ഈ സന്താന വാദക്കാരെ സൂ : മർയം 89-94 വചനങ്ങളിലൂടെ അല്ലാഹു അതികഠിനമായി അധിക്ഷേപിക്കുകയും താക്കീത് നൽകുകയും ചെയ്തിരിക്കുന്നു. തുടർന്ന് ആ പരിശുദ്ധതയുടെ വിശദീകരണം അല്ലാഹു നൽകുന്നു:

1. അവൻ ധന്യനാകുന്നു : ആരുടെയും ആശ്രയം അവന് വേണ്ടതില്ല. ഇണയോ തുണയോ, മക്കളോ അവനാവശ്യമില്ല.

2. അവന്റെ സന്താനങ്ങളെന്ന് പറയപ്പെടുന്നവരടക്കം ആകാശ ഭൂമികളിലെ സർവ്വ വസ്തുക്കളും അവന്റെ സൃഷ്ടികളിൽ പെട്ടവരാകുന്നു. എന്നിരിക്കെ അവയിൽ ചിലർ മാത്രം എങ്ങനെ മക്കളാകും.

3. അവന് സന്താനങ്ങളുണ്ടെന്ന ഈ വാദത്തിന് , ബുദ്ധിപരമായ വല്ല അറിവോ, വേദഗ്രന്ഥങ്ങളിലെ വല്ല രേഖകളോ തെളിവായിട്ടൊന്നുമില്ല താനും.

4. അല്ലാഹുവിന്റെ പേരിൽ അവിശ്വാസികൾ കെട്ടിച്ചമച്ചുണ്ടാക്കിയ ഒരു വ്യാജ വാദം മാത്രമാകുന്നു അത്.

ഇത്രയും കടുത്ത നുണ കെട്ടി പറയുന്നവർക്ക് ഈ ലോകത്ത് താൽക്കാലികമായി, സുഖജീവിതം, ഉണ്ടായിരിക്കാമെങ്കിലും , താമസിയാതെ, നമ്മുടെ അടുത്തേക്ക് തിരിച്ച് കൂട്ടപ്പെടുന്ന അവരെ ആ ധിക്കാരത്തിന്റെയും സത്യനിഷേധത്തിന്റെയും തിക്ത ഫലം നാം ആസ്വദിപ്പിക്കുക തന്നെ ചെയ്യുന്നതാകുന്നു.

---

തുടർന്നുള്ള ഏതാനും വചനങ്ങ[redacted] കഴിഞ്ഞുപോയ ചില സത്യ നിഷേധികളുടെ അനുഭവപാഠങ്ങൾ അല്ലാഹു അവിശ്വാസികൾക്ക് താക്കീതായിക്കൊണ്ട് വിവരിക്കുന്നു.

**വചനം 71, 72, 73**

۞ وَٱتۡلُ عَلَيۡهِمۡ نَبَأَ نُوحٍ إِذۡ قَالَ لِقَوۡمِهِۦ يَٰقَوۡمِ إِن كَانَ كَبُرَ عَلَيۡكُم مَّقَامِي وَتَذۡكِيرِي بِـَٔايَٰتِ ٱللَّهِ فَعَلَى ٱللَّهِ تَوَكَّلۡتُ فَأَجۡمِعُوٓاْ أَمۡرَكُمۡ وَشُرَكَآءَكُمۡ ثُمَّ لَا يَكُنۡ أَمۡرُكُمۡ عَلَيۡكُمۡ غُمَّةً ثُمَّ ٱقۡضُوٓاْ إِلَيَّ وَلَا تُنظِرُونِ ﴿٧١﴾

71 (നബിയേ,) അവർക്ക് നൂഹിൻെറ വൃത്താന്തം ഓതികേൾപ്പിക്കുക. (അതായത്) അദ്ദേഹം തൻെറ ജനങ്ങളോടു പറഞ്ഞ സന്ദർഭം: "എൻെറ ജനങ്ങളേ, എൻെറ നിലപാടും, അല്ലാഹുവിൻെറ 'ആയത്തു' (ലക്ഷ്യം) കളെക്കുറിച്ചുള്ള എൻെറ ഓർമ്മിപ്പിക്കലും നിങ്ങൾക്ക് വളരെ വലുതായി (അസഹ്യമായി)ട്ടുണ്ടെങ്കിൽ, അല്ലാഹുവിൻെറ മേൽ ഞാൻ (ഇതാ) ഭരമേൽപിച്ചിരിക്കുന്നു. "എന്നാൽ, നിങ്ങൾ നിങ്ങളുടെ പങ്കാളികളോടുകൂടി നിങ്ങളുടെ കാര്യം ഏകോപി(ച്ചുറ)പ്പിച്ചു കൊള്ളുവിൻ; പിന്നെ, നിങ്ങളുടെ കാര്യം നിങ്ങൾക്ക് ഒരവ്യക്തതയായിരിക്കരുത്. (ഒരു തുറന്ന തീരുമാനം എടുത്തു കൊള്ളുക) പിന്നീട്, എൻെറനേരെ നിങ്ങൾ(അത്) നിർ

വ്യഹിച്ചു കൊള്ളുക; എനിക്കു നിങ്ങൾ താമസം നൽകുകയും വേണ്ടാ.

72 ഇനി, നിങ്ങൾ തിരിഞ്ഞു പോകുകയാണെങ്കിൽ (അങ്ങിനെ പോയ്ക്കോളൂ) ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിച്ചിട്ടില്ല. എൻെറ പ്രതിഫലം അല്ലാഹുവിൻെറ പേരിലല്ലാതെ (മറ്റാരുടെ പേരിലും ബാധ്യത) ഇല്ല. ഞാൻ 'മുസ്‌ലിം'കളിൽ പെട്ടവനായിരിക്കുവാൻ ഞാൻ കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു."

فَإِن تَوَلَّيْتُمْ فَمَا سَأَلْتُكُم مِّنْ أَجْرٍ ۖ إِنْ أَجْرِىَ إِلَّا عَلَى ٱللَّهِ ۖ وَأُمِرْتُ أَنْ أَكُونَ مِنَ ٱلْمُسْلِمِينَ ﴿٧٢﴾

73 എന്നിട്ട് അവർ അദ്ദേഹത്തെ വ്യാജമാക്കി; അപ്പോൾ, അദ്ദേഹത്തെയും, അദ്ദേഹത്തിൻെറ കൂടെയുള്ളവരെയും കപ്പലിൽ (കയറ്റി) നാം രക്ഷപ്പെടുത്തി. അവരെ നാം (ഭൂമിയിൽ) പിൻഗാമികളാക്കുകയും ചെയ്തു. നമ്മുടെ 'ആയത്തു' (ലക്ഷ്യം)കളെ വ്യാജമാക്കിയവരെ നാം മുക്കി നശിപ്പിക്കുകയും ചെയ്തു. അപ്പോൾ, നോക്കുക: (ആ) മുന്നറിയിപ്പ് നൽകപ്പെട്ടവരുടെ പര്യവസാനം എങ്ങിനെ ആയെന്ന്!

فَكَذَّبُوهُ فَنَجَّيْنَٰهُ وَمَن مَّعَهُۥ فِى ٱلْفُلْكِ وَجَعَلْنَٰهُمْ خَلَٰٓئِفَ وَأَغْرَقْنَا ٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَا ۖ فَٱنظُرْ كَيْفَ كَانَ عَٰقِبَةُ ٱلْمُنذَرِينَ ﴿٧٣﴾

---

ദിവ്യ ദൗത്യവുമായി ഒരു സമുദായത്തിലേക്ക് അയക്കപ്പെട്ട റസൂലാകുന്നു, നൂഹ് നബി(അ) . 950 കൊല്ല ക്കാലത്തോളം അവർക്കിടയിൽ തൗഹീദ് പ്രബോധനം ചെയ്ത് കൊണ്ട് അദ്ദേഹം ജീവിച്ചുവെങ്കിലും, അല്പ മാത്രം വ്യക്തികൾ ഒഴിച്ച് മറ്റുള്ളവരെല്ലാം അദ്ദേഹത്തെ നിഷേധിക്കുകയാണുണ്ടായത്. ആ സമുദായത്തിൽ നിന്നായിരുന്നു വിഗ്രഹാരാധനയുടെ ഉദ്ഭവവും.

നൂഹ് നബി(അ) ആ ജനതയോട് ഇപ്രകാരം പറഞ്ഞു - എന്റെ ജനങ്ങളെ അല്ലാഹുവിന്റെ ലക്ഷ്യ ദൃഷ്ടാന്തങ്ങളെ നിങ്ങളെ ഓർമ്മിപ്പിച്ച് കൊണ്ടിരുന്നത് നിങ്ങൾക്ക് സഹിക്കാൻ കഴിയാതായിരിക്കുകയാണ്. എന്റെ കാര്യമാണെങ്കിൽ ഞാൻ അല്ലാഹുവിൽ ഭരമേൽപിച്ചിരിക്കുന്നു. എനിക്കെതിരായി വല്ല നടപടിയും എടുക്കണമെ ങ്കിൽ നിങ്ങളും നിങ്ങളുടെ ആരാധ്യന്മാരും ചേർന്ന് വ്യക്തമായ ഒരു തീരുമാനം എടുത്ത് നടപ്പാക്കിക്കൊള്ളുക. എന്റെ പ്രബോധന പ്രവർത്തനങ്ങൾക്ക് ഒരു പ്രതിഫലവും നിങ്ങളോട് ഞാൻ ആവശ്യപെടുന്നില്ല. ഞാൻ അല്ലാ ഹുവിൽ നിന്നുള്ള പ്രതിഫലമെ കാംക്ഷിക്കുന്നുള്ളൂ. ഞാൻ മുസ്‌ലിമായി (അല്ലാഹുവിൽ കീഴ്പെട്ടവനായി)രിക്ക ണമെന്ന് അല്ലാഹുവിനാൽ കൽപിക്കപെട്ടിരിക്കുന്നു, ഞാൻ അത് പാലിക്കുക തന്നെ ചെയ്യും.

നൂഹ്(അ) നബിയുടെ ഉപദേശങ്ങളും താക്കീതുകളും അവഗണിച്ച ആ ജനതയെ അല്ലാഹു ജലപ്രളയം അയച്ച് മുക്കി നശിപ്പിച്ചു കളഞ്ഞു അദ്ദേഹത്തെയും പിൻഗാമികളെയും, മുൻകൂട്ടി അറിയിച്ച പ്രകാരം തയ്യാറാക്ക പ്പട്ട കപ്പലിൽ, അല്ലാഹു രക്ഷപെടുത്തി. കപ്പലിൽ രക്ഷപെട്ടവരാണ് പിന്നീടുള്ള തലമുറകൾക്ക് മുൻഗാമികളായ ത്. അടുത്ത സൂറത്തിൽ (സൂ.ഹൂദ്) ഈ സംഭവം കൂടുതൽ വിശദമായി വിവരിക്കപെട്ടിരിക്കുന്നു.

---

**വചനം 74**

74 പിന്നീട് അദ്ദേഹത്തിനുശേഷം പല റസൂലു കളെയും അവ (രവ)രുടെ ജനതയിലേക്കു നാം നിയോഗിച്ചയച്ചു. എന്നിട്ട് അവർ വ്യക്തമായ തെളിവുകളുമായി അവരിൽ ചെന്നു. എന്നാൽ, മുമ്പ് അവർ യാതൊന്നിനെ വ്യാജമാക്കിയോ അതിൽ അവർ (ആ ജനങ്ങൾ) വിശ്വസിക്കു വാൻ (തയ്യാർ) ആയില്ല. അപ്രകാരം, അതി ക്രമിച്ചവരുടെ ഹൃദയങ്ങൾക്കു നാം മുദ്ര കുത്തുന്നു.

ثُمَّ بَعَثْنَا مِنۢ بَعْدِهِۦ رُسُلًا إِلَىٰ قَوْمِهِمْ فَجَآءُوهُم بِٱلْبَيِّنَٰتِ فَمَا كَانُوا۟ لِيُؤْمِنُوا۟ بِمَا كَذَّبُوا۟ بِهِۦ مِن قَبْلُ ۚ كَذَٰلِكَ نَطْبَعُ عَلَىٰ قُلُوبِ ٱلْمُعْتَدِينَ ﴿٧٤﴾

പല റസൂലുകളും നിയോഗിക്കപെട്ടിട്ടും നിഷേധത്തിൽ ശഠിച്ച് നിന്ന ആ ജനങ്ങളുടെ ഹൃദയങ്ങളിലേക്ക് നന്മ പ്രവേശിക്കാതിരിക്കത്തക്ക വണ്ണം അല്ലാഹു, അവിടെ മുദ്ര വെച്ചു, ദുർവാശിയിലും മത്സരബുദ്ധിയിലും, അതിര് കവിഞ്ഞ ധിക്കാരികളോട് അല്ലാഹു കൈകൊള്ളുന്ന ഒരു നടപടിച്ചട്ടമാകുന്നു അത്

**വചനം 75, 76**

ثُمَّ بَعَثْنَا مِنۢ بَعْدِهِم مُّوسَىٰ وَهَٰرُونَ إِلَىٰ فِرْعَوْنَ وَمَلَإِيْهِۦ بِـَٔايَٰتِنَا فَٱسْتَكْبَرُوا۟ وَكَانُوا۟ قَوْمًا مُّجْرِمِينَ ﴿٧٥﴾ فَلَمَّا جَآءَهُمُ ٱلْحَقُّ مِنْ عِندِنَا قَالُوٓا۟ إِنَّ هَٰذَا لَسِحْرٌ مُّبِينٌ ﴿٧٦﴾

75 പിന്നീട്, അവരുടെ ശേഷം നമ്മുടെ ദൃഷ്ടാന്തങ്ങളുമായി ഫിർഔൻെറയും, അവൻെറ പ്രധാനികളുടെയും അടുക്കലേക്കു നാം മൂസായെയും, ഹാറൂനെയും നിയോഗിച്ചയച്ചു. എന്നിട്ട് അവർ അഹംഭാവം നടിച്ചു; അവർ കുറ്റവാളികളായ ഒരു ജനതയായിരുന്നു.

76 അങ്ങനെ, അവർക്ക് നമ്മുടെ പക്കൽനിന്നും യഥാർത്ഥം വന്നപ്പോൾ അവർ പറഞ്ഞു: “നിശ്ചയമായും, ഇത് സ്പഷ്ടമായ ഒരു ജാലവിദ്യതന്നെ.”

മൂസ(അ) നബിയുടെ വടി സർപ്പമായി മാറുക, കൈ വെള്ളയായി പ്രകാശിക്കുക മുതലായി അദ്ദേഹത്തിന് സാധ്യമായിരുന്ന ദൃഷ്ടാന്തങ്ങളെക്കുറിച്ചാണ്, ആ ജനവിഭാഗം, ജാലവിദ്യയെന്ന് പറഞ്ഞ് തള്ളിക്കളഞ്ഞത്.

**വചനം 77, 78**

قَالَ مُوسَىٰٓ أَتَقُولُونَ لِلْحَقِّ لَمَّا جَآءَكُمْ ۖ أَسِحْرٌ هَٰذَا وَلَا يُفْلِحُ ٱلسَّٰحِرُونَ ﴿٧٧﴾ قَالُوٓا۟ أَجِئْتَنَا لِتَلْفِتَنَا عَمَّا وَجَدْنَا عَلَيْهِ ءَابَآءَنَا وَتَكُونَ لَكُمَا ٱلْكِبْرِيَآءُ فِى ٱلْأَرْضِ وَمَا نَحْنُ لَكُمَا بِمُؤْمِنِينَ ﴿٧٨﴾

77 മൂസാ പറഞ്ഞു: “നിങ്ങൾക്കു യഥാർത്ഥം വന്നപ്പോൾ അതിനെക്കുറിച്ചു നിങ്ങൾ (ജാലമെന്ന്) പറയുകയോ?! ജാലവിദ്യയാണോ ഇത്?”.! ജാലവിദ്യക്കാർ വിജയം പ്രാപിക്കയില്ല താനും.

78 അവർ പറഞ്ഞു: “ഞങ്ങളുടെ പിതാക്കളെ ഞങ്ങൾ കണ്ടെത്തിയതിൽ നിന്നും ഞങ്ങളെ തിരിച്ചു വിടുവാൻ വേണ്ടി നീ ഞങ്ങളിൽ വന്നിരിക്കുകയാണോ?! ഭൂമിയിൽ വലിപ്പത്തരം നിങ്ങൾക്ക് രണ്ടാൾക്കും ആയിത്തീരുവാനും? ഞങ്ങൾ നിങ്ങളെ രണ്ടാളെയും വിശ്വസിക്കുന്നവരേയല്ലതാനും.”

പൂർവ്വികന്മാരിൽ നിന്ന് പരമ്പരാഗതമായി ഞങ്ങൾ സ്വീകരിച്ച് വരുന്ന ഈ ബഹു ദൈവാരാധനയൊക്കെ മാറ്റി വെച്ച് നിങ്ങളുടെ ഈ പുതിയ മതത്തിലേക്ക് ഞങ്ങളെ കിട്ടുകയില്ല, അങ്ങനെ, തനിക്കും സഹോദരൻ ഹാറൂനിനും നാട്ടിൽ പെരുമ നേടാമെന്ന് കരുതേണ്ട. നിങ്ങൾ രണ്ടാളെയും ഞങ്ങൾ വിശ്വസിക്കുന്ന പ്രശ്നമേയില്ല - ആ ധിക്കാരികൾ പറഞ്ഞു.

**വചനം 79, 80**

وَقَالَ فِرْعَوْنُ ٱئْتُونِى بِكُلِّ سَٰحِرٍ عَلِيمٍ ﴿٧٩﴾

79 ഫിർഔൻ പറഞ്ഞു; “(വിദഗ്ദമായ) അറിവുള്ള എല്ലാ ജാലവിദ്യക്കാരെയും നിങ്ങൾ എൻെറ അടുക്കൽ കൊണ്ടുവരുവിൻ”

فَلَمَّا جَآءَ ٱلسَّحَرَةُ قَالَ لَهُم مُّوسَىٰٓ أَلْقُوا۟ مَآ أَنتُم مُّلْقُونَ ﴿٨٠﴾

80 അങ്ങനെ, ജാലവിദ്യക്കാർ വന്നപ്പോൾ, അവരോട് മൂസാ പറഞ്ഞു: “നിങ്ങൾ ഇടുന്നതെന്തോ അത് ഇട്ടേക്കുവിൻ.”

ജാലവിദ്യക്കാർ കൊണ്ട് വന്ന വടി, കയർ മുതലായവ നിലത്തിട്ട് കൊണ്ട്, അവരുടെ ജാലവിദ്യകൾ പ്രദർശിപ്പിക്കാൻ മൂസ(അ) അവരോട് പറഞ്ഞു.

**വചനം 81, 82**

فَلَمَّآ أَلْقَوْا۟ قَالَ مُوسَىٰ مَا جِئْتُم بِهِ ٱلسِّحْرُ ۖ إِنَّ ٱللَّهَ سَيُبْطِلُهُۥٓ ۖ إِنَّ ٱللَّهَ لَا يُصْلِحُ عَمَلَ ٱلْمُفْسِدِينَ ﴿٨١﴾
وَيُحِقُّ ٱللَّهُ ٱلْحَقَّ بِكَلِمَٰتِهِۦ وَلَوْ كَرِهَ ٱلْمُجْرِمُونَ ﴿٨٢﴾

81 അങ്ങനെ അവർ ഇട്ടപ്പോൾ മൂസാ പറഞ്ഞു: "നിങ്ങൾകൊണ്ടുവന്നത് (ഈ പ്രദർശിപ്പിച്ചത്) ജാലവിദ്യയാണ്; നിശ്ചയമായും അല്ലാഹു അതിനെ വിഫലമാക്കിയേക്കുന്നതാണ്. നിശ്ചയമായും അല്ലാഹു, കുഴപ്പം പ്രവർത്തിക്കുന്ന വരുടെ പ്രവർത്തനത്തെ നന്നാക്കുകയില്ല.
82 "അല്ലാഹു അവൻെറ വാക്യങ്ങൾ വഴി യഥാർത്ഥത്തെ യഥാർത്ഥമാ (യി സ്ഥാപി) ക്കുകയും ചെയ്യും; കുറ്റവാളികൾ വെറുത്താലും ശരി."

---

ജാലവിദ്യക്കാർ തങ്ങളുടെ സാമഗ്രികൾ നിലത്തിട്ടപ്പോൾ അവ ജനദൃഷ്ടിയിൽ പാമ്പുകളായി തോന്നി. മൂസാ(അ) വടി ഇട്ടപ്പോൾ അതൊരു യഥാർത്ഥ സർപ്പമായി മാറുകയും അവയെ വിഴുങ്ങുകയും ചെയ്തു. ജാലവിദ്യക്കാർ പരാജയം സമ്മതിച്ച് മൂസാ(അ) നബിയിൽ വിശ്വസിക്കുകയും ചെയ്തു. ഫിർ ഔനും കൂട്ടരും അവരുടെ നേരെ അക്രമ മർദ്ദനങ്ങൾ അഴിച്ച് വിട്ടതല്ലാതെ സത്യം സ്വീകരിക്കാൻ തുനിയുകയുണ്ടായില്ല. വിശദ വിവരം അഅ്റാഫു, ത്വാഹാ മുതലായ സൂറത്തുകളിൽ കാണാവുന്നതാണ്.

**വിഭാഗം 9**

**വചനം 83**

فَمَآ ءَامَنَ لِمُوسَىٰٓ إِلَّا ذُرِّيَّةٌ مِّن قَوْمِهِۦ عَلَىٰ خَوْفٍ مِّن فِرْعَوْنَ وَمَلَإِي۟هِمْ أَن يَفْتِنَهُمْ ۚ وَإِنَّ فِرْعَوْنَ لَعَالٍ فِى ٱلْأَرْضِ وَإِنَّهُۥ لَمِنَ ٱلْمُسْرِفِينَ ﴿٨٣﴾

83 എന്നാൽ, മൂസായെ അദ്ദേഹത്തിൻെറ ജനതയിൽ നിന്നുള്ള ചില സന്തതികൾ (ചെറുപ്പക്കാർ) അല്ലാതെ വിശ്വസിച്ചില്ല. (അതും തന്നെ) ഫിർ ഔനെയും അവരിലുള്ള പ്രധാനികളെയും സംബന്ധിച്ച്-അവൻ തങ്ങളെ (മർദ്ദിച്ചു) കുഴപ്പത്തിലാക്കുമെന്ന-ഭയപ്പാടോടെ (യാണ്). നിശ്ചയമായും, ഫിർഔനാകട്ടെ, ഭൂമിയിൽ ഒരു ഉന്നതൻ (ഔന്നത്യം നടിക്കുന്നവൻ) തന്നെയാണുതാനും. നിശ്ചയമായും അവൻ, അതിർ കവിഞ്ഞവരിൽപെട്ടവനും തന്നെ.

ഫിർഔനേയും അവന്റെ ആൾക്കാരേയും അവരുടെ മർദ്ദന മുറകളേയും ഭയന്ന്, ജനങ്ങൾ മൂസാ(അ) നബിയിൽ വിശ്വസിക്കാൻ മുന്നോട്ട് വന്നില്ല. അൽപം ചെറുപ്പക്കാർ മാത്രം വിശ്വസിച്ചു - അതും വളരെ ഭയപ്പാടോടെ. മൂസാ(അ) നബിയെ കൊലപ്പെടുത്തുവാൻ പോലും ഫിർ ഔൻ തുനിയുകയുണ്ടായി (40:26) മൂസ(അ) യുടെ അവന്റെ ജനതയിലെ ആൺകുട്ടികളെ കൊലപ്പെടുത്താൻ അവൻ കൽപിക്കുകയും ചെയ്തു (7:127) - അതെ, തീർച്ചയായും അവൻ അതിര് കവിഞ്ഞവരിൽ പെട്ടവൻ ആയിരുന്നു.

**വചനം 84, 85, 86, 87**

وَقَالَ مُوسَىٰ يَٰقَوْمِ إِن كُنتُمْ ءَامَنتُم بِٱللَّهِ فَعَلَيْهِ تَوَكَّلُوٓا۟ إِن كُنتُم مُّسْلِمِينَ ﴿٨٤﴾
فَقَالُوا۟ عَلَى ٱللَّهِ تَوَكَّلْنَا رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلْقَوْمِ ٱلظَّٰلِمِينَ ﴿٨٥﴾

84 മൂസാ പറയുകയും ചെയ്തു: "എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നുവെങ്കിൽ, നിങ്ങൾ അവൻെറമേൽ ഭരമേൽപിക്കുവിൻ; നിങ്ങൾ 'മുസ്ലിംകൾ' (ശരിക്കും കീഴൊതുങ്ങിയവർ) ആണെങ്കിൽ."
85 അപ്പോൾ അവർ പറഞ്ഞു: "ഞങ്ങൾ അല്ലാഹുവിൻെറമേൽ ഭരമേൽപിച്ചിരിക്കുന്നു. ഞങ്ങളുടെ റബ്ബേ, ഞങ്ങളെ നീ (ഈ) അക്രമികളായ ജനങ്ങൾക്ക് ഒരു കുഴപ്പം (കാണിക്കാനുള്ള ഇട) മാക്കരുതേ!

86 "നിൻെറ കാരുണ്യംകൊണ്ട് (ഈ) അവിശ്വാസി കളിൽ നിന്ന് ഞങ്ങളെ രക്ഷപ്പെടുത്തുകയും ചെയ്യേണമേ!"

87 മൂസാക്കും, അദ്ദേഹത്തിൻെറ സഹോദരന്നും (ഹാറൂന്നും) നാം 'വഹ്‌യു' നൽകുകയും ചെയ്തു:- നിങ്ങൾ രണ്ടാളും നിങ്ങളുടെ ജനങ്ങ ൾക്ക് മിസ്രിൽ (ഈജിപ്തിൽ) വീടുകൾ സൗകര്യപ്പെടുത്തുവിൻ എന്ന്. നിങ്ങളുടെ വീടുകൾ നിങ്ങൾ 'ഖിബ്‌ല:' (അഭിമുഖകേന്ദ്രം) ആക്കുകയും, നിങ്ങൾ നമസ്കാരം നിലനി റുത്തുകയും ചെയ്യുവിൻ; (മൂസാ) സത്യ വിശ്വാസികൾക്ക് നീ സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

وَنَجِّنَا بِرَحْمَتِكَ مِنَ ٱلْقَوْمِ ٱلْكَٰفِرِينَ ﴿٨٦﴾

وَأَوْحَيْنَآ إِلَىٰ مُوسَىٰ وَأَخِيهِ أَن تَبَوَّءَا لِقَوْمِكُمَا بِمِصْرَ بُيُوتًا وَٱجْعَلُوا۟ بُيُوتَكُمْ قِبْلَةً وَأَقِيمُوا۟ ٱلصَّلَوٰةَ ۗ وَبَشِّرِ ٱلْمُؤْمِنِينَ ﴿٨٧﴾

മൂസാ(അ) നബിയുടെ നിർദ്ദേശപ്രകാരം, അദ്ദേഹത്തെ പിന്തുടർന്നവർ അല്ലാഹുവിൽ ഭരമേൽപിക്കു കയും ആ അവിശ്വാസികളിൽ നിന്ന് രക്ഷ തേടുകയും ചെയ്തു.

അവർക്ക് നമസ്ക്കാരം മുതലായ ആരാധനാ കർമ്മങ്ങൾ നിർവഹിക്കാനായി പ്രത്യേക വാസസ്ഥലം ഏർപെടുത്തുവാനും, നമസ്ക്കാരത്തിന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കുവാനും അല്ലാഹു കൽപന നൽകി.

'നിങ്ങളുടെ വീടുകൾ ഖിബ്‌ലയാക്കുക' എന്ന വചനത്തിന് ഒന്നിലേറെ വ്യഖ്യാനങ്ങൾ നൽകപെട്ടിരിക്കു ന്നു. 1. വീടുകളെ ആരാധനാ സ്ഥലങ്ങൾ - അഥവാ പള്ളികൾ- ആക്കുക. 2 വീടുകളെ അവരുടെ ഖിബ്‌ലയായ ബൈത്തുൽ മുഖദിസിന് അഭിമുഖമായി സ്ഥാപിക്കുക. 3 എല്ലാം ഒരു കേന്ദ്രത്തിലേക്ക് അഭിമുഖമായി കൊണ്ടു ള്ളതാക്കുക - എന്നിവയാണ് അഭിപ്രായങ്ങൾ.

**വചനം 88, 89**

88 മൂസാ പറഞ്ഞു: "ഞങ്ങളുടെ റബ്ബേ! ഫിർ ഔന്നും, അവൻെറ പ്രധാനികൾക്കും ഐഹിക ജീവിതത്തിൽ നീ അലങ്കാരവും സ്വത്തുക്കളും നൽകിയിരിക്കുന്നു; ഞങ്ങളുടെ റബ്ബേ! നിൻെറ മാർഗ്ഗത്തിൽനിന്ന് അവർ (ആളുകളെ) വഴി തെറ്റിക്കുവാൻ വേണ്ടിയാണ് (അതുപയോ ഗപ്പെടുത്തുന്നത്). ഞങ്ങളുടെ റബ്ബേ! അവരുടെ സ്വത്തുക്കളെ നീ തുടച്ചു നീക്കണേ! അവരുടെ ഹൃദയങ്ങൾക്ക് നീ കാഠിന്യം നൽകുകയും ചെയ്യേണമേ! അങ്ങനെ, വേദനയേറിയ ശിക്ഷ കാണുന്നതുവരേക്കും അവർ വിശ്വസിക്കാ തിരിക്കട്ടെ."

89 അവൻ (അല്ലാഹു) പറഞ്ഞു: "നിങ്ങൾ രണ്ടാ ളുടെയും പ്രാർത്ഥനക്ക് ഉത്തരം നൽകപ്പെ ട്ടിരിക്കുന്നു. അതിനാൽ, നിങ്ങൾ രണ്ടുപേരും ചൊവ്വിന് നിലകൊള്ളുവിൻ, അറിഞ്ഞുകൂടാ ത്തവരുടെ മാർഗ്ഗത്തെ നിങ്ങൾ നിശ്ചയമായും രണ്ടാളും പിൻപറ്റുകയും ചെയ്യരുത്."

وَقَالَ مُوسَىٰ رَبَّنَآ إِنَّكَ ءَاتَيْتَ فِرْعَوْنَ وَمَلَأَهُۥ زِينَةً وَأَمْوَٰلًا فِى ٱلْحَيَوٰةِ ٱلدُّنْيَا رَبَّنَا لِيُضِلُّوا۟ عَن سَبِيلِكَ ۖ رَبَّنَا ٱطْمِسْ عَلَىٰٓ أَمْوَٰلِهِمْ وَٱشْدُدْ عَلَىٰ قُلُوبِهِمْ فَلَا يُؤْمِنُوا۟ حَتَّىٰ يَرَوُا۟ ٱلْعَذَابَ ٱلْأَلِيمَ ﴿٨٨﴾

قَالَ قَدْ أُجِيبَت دَّعْوَتُكُمَا فَٱسْتَقِيمَا وَلَا تَتَّبِعَآنِّ سَبِيلَ ٱلَّذِينَ لَا يَعْلَمُونَ ﴿٨٩﴾

ഈവചനങ്ങളിൽ മൂസ(അ) അല്ലാഹുവിനോട് അവിശ്വാസികൾക്കെതിരെ നടത്തിയ പ്രാർത്ഥനയും മൂസാ നബി(അ)യെയും, ഹാറൂൻ നബി(അ)യെയും അഭിസംബോധന ചെയ്ത് കൊണ്ട് അല്ലാഹു നൽകിയ ഉത്തരവും വിവരിക്കപ്പെട്ടിരിക്കുന്നു.

അധികാര പ്രമത്തതയും അഹങ്കാരവും ഉള്ളതോടൊപ്പം, സമ്പൽ സമൃദ്ധിയും ആഡംബര സൗകര്യങ്ങളും കൂടിച്ചേർന്ന ഫറോവമാർ അവരുടെ ശക്തിയും സ്വാധീനവുമെല്ലാം അല്ലാഹുവിന്റെ മാർഗ്ഗത്തെ എതിർക്കുവാനും, അതിൽ നിന്ന് ജനങ്ങളെ അകറ്റുവാനുമാണ് വിനിയോഗിച്ച് കൊണ്ടിരുന്നത്. മൂസാ(അ) നബിയുടെ പ്രബോധന പ്രവർത്തനങ്ങളൊന്നും അവരിൽ മാനസാന്തരത്തിന്റെ യാതൊരു ലക്ഷണവും പ്രകടമാക്കിയില്ല. ഈ അവസരത്തിലാണ് മൂസാ(അ) നബി അവർക്കെതിരിൽ അല്ലാഹുവിനോട് പ്രാർത്ഥന നടത്തുന്നത് - അവരുടെ ധന സമ്പത്തുകൾക്ക് നാശം ഭവിക്കുവാനും, അവരുടെ ഹൃദയങ്ങൾക്ക് കാഠിന്യം കൂട്ടുവാനും; അതുവഴി; അവരുടെ ക്രൂര മനസ്ഥിതി വർദ്ധിക്കുകയും അങ്ങനെ അവരിൽ ശിക്ഷ ഭവിക്കാൻ സന്ദർഭം ഒത്ത് ചേരുകയും ചെയ്യുമല്ലൊ,- അതോടെ അതിക്രമങ്ങൾക്ക് അറുതി വരുകയും സത്യവിശ്വാസികൾക്ക് പൊറുതി ലഭിക്കുകയും ചെയ്യുന്നതുമാണ്.

(സമാനമായ സന്ദർഭത്തിൽ നൂഹ്(അ) നബി അവിശ്വാസികൾക്കെതിരായി പ്രാർത്ഥിച്ചത് സൂ: നൂഹ് 26-ാം വചനത്തിൽ കാണാവുന്നതാണ്).

മൂസാ(അ) നബിയുടെ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചു. ക്ഷാമം, വരൾച്ച, വെള്ളപ്പൊക്കം, വെട്ടുകിളി, പേൻ, തവള, രക്തം ആദിയായവ മൂലം അവർ പല പരീക്ഷണങ്ങൾക്കും വിധേയരായി. ആപത്തുകൾ വരുമ്പോൾ അവർ മൂസാ(അ) നബിയോട് പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുകയും, തങ്ങൾ വിശ്വസിച്ച് കൊള്ളാമെന്ന് ഏറ്റ് പറയുകയും ചെയ്യും. ആപത്ത് നീങ്ങുമ്പോൾ വീണ്ടും പഴയ നിലപാടിലേക്ക് മാറുകയും ചെയ്യും. (വിശദ വിവരങ്ങൾക്ക് സൂ: അഅ്റാഫ് 130-135 നോക്കുക).

തുടർന്ന് അല്ലാഹു മൂസാ(അ) നബിയോടും ഹാറൂൻ(അ) നബിയോടും ഒരു ഉപദേശം നൽകുകയും ചെയ്യുന്നു: “നിങ്ങൾ രണ്ടാളും ചൊവ്വിന് നിലകൊള്ളുകയും അറിവില്ലാത്തവരുടെ മാർഗ്ഗം പിൻ പറ്റാതിരിക്കുകയും വേണം”.

---

**വചനം 90, 91, 92**

۞ وَجَٰوَزْنَا بِبَنِىٓ إِسْرَٰٓءِيلَ ٱلْبَحْرَ فَأَتْبَعَهُمْ فِرْعَوْنُ وَجُنُودُهُۥ بَغْيًا وَعَدْوًا ۖ حَتَّىٰٓ إِذَآ أَدْرَكَهُ ٱلْغَرَقُ قَالَ ءَامَنتُ أَنَّهُۥ لَآ إِلَٰهَ إِلَّا ٱلَّذِىٓ ءَامَنَتْ بِهِۦ بَنُوٓا۟ إِسْرَٰٓءِيلَ وَأَنَا۠ مِنَ ٱلْمُسْلِمِينَ ﴿٩٠﴾

90 ഇസ്രാഈൽ സന്തതികളെ നാം സമുദ്രം കടത്തിവിട്ടു. അപ്പോൾ, ഫിർഔനും, അവൻെറ സൈന്യങ്ങളും ധിക്കാരവും, അതിക്രമവുമായി അവരെ പിൻതുടർന്നുചെന്നു. അങ്ങനെ, മുങ്ങിമരണം അവന് പിടിപെട്ടപ്പോൾ അവൻ പറഞ്ഞു: “ഇസ്രാഈൽ സന്തതികൾ യാതൊരുവനിൽ വിശ്വസിച്ചിരിക്കുന്നുവോ അവനല്ലാതെ ഒരു ആരാധ്യനുമില്ലെന്ന് ഞാൻ വിശ്വസിച്ചു; ഞാൻ ‘മുസ്ലിം’കളിൽ (കീഴൊതുങ്ങിയവരിൽ) പെട്ടവനുമാകുന്നു.”

ءَآلْـَٰٔنَ وَقَدْ عَصَيْتَ قَبْلُ وَكُنتَ مِنَ ٱلْمُفْسِدِينَ ﴿٩١﴾

91 (അവനോട് പറയപ്പെട്ടു:) “ഇപ്പോഴാണോ (വിശ്വസിക്കുന്നത്)? മുമ്പ് നീ അനുസരണക്കേട് കാണിക്കയുണ്ടായി; നീ നാശകാരികളിൽ പെട്ടവനുമായിരുന്നു എന്നിരിക്കെ!

فَٱلْيَوْمَ نُنَجِّيكَ بِبَدَنِكَ لِتَكُونَ لِمَنْ خَلْفَكَ ءَايَةً ۚ وَإِنَّ كَثِيرًا مِّنَ ٱلنَّاسِ عَنْ ءَايَٰتِنَا لَغَٰفِلُونَ ﴿٩٢﴾

92 “നിന്നെ, ഇന്ന്, നിൻെറ ശരീരം മുഖേന നാം രക്ഷപ്പെടുത്തുന്നു, നിൻെറ പിന്നിലുള്ളവർക്ക് നീ ഒരു ദൃഷ്ടാന്തമായിരിക്കുവാൻവേണ്ടി. മനുഷ്യരിൽ വളരെ ആളുകൾ നമ്മുടെ ദൃഷ്ടാന്തങ്ങളെപ്പറ്റി അശ്രദ്ധർ തന്നെ.”

---

ഫിർഔന്റെ ക്രൂര വാഴ്ചക്ക് അന്ത്യവും, ഇസ്രാഈല്യർക്ക് മോചനം ലഭിച്ചതുമായ ആ മഹാസംഭവം അല്ലാഹു വിവരിക്കുന്നു. അല്ലാഹുവിന്റെ കൽപന പ്രകാരം, ഈസ്രാഈല്യരെയും കൂട്ടി രാത്രി സമയത്ത് ഈജിപ്ത് വിട്ട് പലസ്തീനിലേക്കുള്ള യാത്രയിൽ മൂസാ(അ)യും കൂട്ടരും ചെങ്കടൽ തീരത്തെത്തി. സമുദ്രത്തോ

ടടുത്തപ്പോൾ ഫിർഔനും സൈന്യവും അവരുടെ പിന്നാലെയെത്തി. അല്ലാഹുവിന്റെ കൽപന പ്രകാരം മൂസാ(അ) നബി കൈയിലുള്ള വടികൊണ്ട് സമുദ്രത്തിൽ അടിക്കുകയും, രണ്ടായി പിളർന്ന സമുദ്രത്തിന്റെ മദ്ധ്യത്തിൽ രൂപപെട്ട വിശാലമായ വഴിയിലൂടെ മൂസാ(അ) നബിയും ഇസ്രാഈല്യരും മറുകര പ്രാപിക്കുകയും ചെയ്തു. ആ വഴിയിലൂടെ ഈസ്രാഈല്യരെ പിൻതുടർന്ന ഫിർഔനും സൈന്യവും ഒന്നടങ്കം സമുദ്രജലത്തിൽ മുങ്ങി നശിക്കുകയും ചെയ്തു. സൂ:ത്വഹാ, ശൂഅറാഅ് എന്നീ സൂറത്തുകളിൽ ഈ സംഭവം വിശദമായി വിവരിച്ചിട്ടുണ്ട്.

മുങ്ങിച്ചാവുമെന്നുറപ്പായ സന്ദർഭത്തിൽ ഫിർഔൻ, ഇസ്രാഈല്യർ വിശ്വസിച്ച ഏക ഇലാഹിൽ താൻ വിശ്വസിച്ചുവെന്നും, അല്ലാഹുവിന് കീഴൊതുങ്ങി, മുസ്ലീംകളിൽ പെട്ടവനായിട്ടുണ്ടെന്നും പറയുകയുണ്ടായി. എന്നാൽ മരണം മുന്നിൽ കണ്ട അവസരത്തിലുള്ള വിശ്വാസം സ്വീകാര്യമല്ല എന്നായിരുന്നു അല്ലാഹുവിന്റെ മറുപടി. മാത്ര മല്ല, നിന്റെ ജഡം നിന്റെ കാലശേഷമുള്ളവർക്ക്, ഒരു ദൃഷ്ടാന്തമായിക്കൊണ്ട്, നാം രക്ഷപെടുത്തി പുറത്ത് കൊണ്ട് വരും എന്നും അല്ലാഹു അറിയിച്ചു. (ഈ കാര്യം ഇവിടെയല്ലാതെ മറ്റ് സൂറത്തുകളിലൊന്നും അല്ലാഹു പ്രസ്താവിച്ചിട്ടില്ല) ഈജിപ്തിലെ ഒരു മ്യൂസിയത്തിൽ സൂക്ഷിക്കപെട്ടിട്ടുള്ള റഅ്മസീസ് രണ്ടാമൻ എന്ന ഫിർ ഔന്റെ ജഡം, ഈ സംഭവത്തിൽ മുങ്ങി മരിച്ച ഫിർഔന്റെ ജഡമാണെന്ന് കരുതപ്പെടുന്നു - അല്ലാഹുവിന റിയാം.

## വിഭാഗം: 10

**വചനം 93**

وَلَقَدْ بَوَّأْنَا بَنِيٓ إِسْرَٰٓءِيلَ مُبَوَّأَ صِدْقٍ وَرَزَقْنَٰهُم مِّنَ ٱلطَّيِّبَٰتِ فَمَا ٱخْتَلَفُوا۟ حَتَّىٰ جَآءَهُمُ ٱلْعِلْمُ ۚ إِنَّ رَبَّكَ يَقْضِى بَيْنَهُمْ يَوْمَ ٱلْقِيَٰمَةِ فِيمَا كَانُوا۟ فِيهِ يَخْتَلِفُونَ ﴿٩٣﴾

93 തീർച്ചയായും, ഇസ്രാഈൽ സന്തതികളെ സത്യത്തിൻെറ (നല്ലതായ) ഒരു സങ്കേതത്തിൽ നാം ഇറക്കി (സൗകര്യപ്പെടുത്തി) ക്കൊടുക്കുകയുണ്ടായി. വിശിഷ്ടവസ്തുക്കളിൽ നിന്നും നാം അവർക്ക് ആഹാരം നൽകുകയും ചെയ്തു. എന്നാൽ, അവർക്ക് അറിവ് വന്നെത്തിയതുവരെയും അവർ ഭിന്നിച്ചില്ല. (അത് വന്നപ്പോഴാണ് ഭിന്നിച്ചത്.) നിശ്ചയമായും, അവർ ഭിന്നിച്ചുകൊണ്ടിരുന്ന കാര്യത്തിൽ നിൻെറ റബ്ബ് ഖിയാമത്തുനാളിൽ അവർക്കിടയിൽ തീരുമാനമെടുക്കുന്നതാണ്.

ഫിർഔനിൽ നിന്നും രക്ഷപെട്ട ഇസ്രാഈല്യരെ അവരുടെ പൂർവ്വ വാസസ്ഥലമായ പലസ്തീനിൽ അല്ലാഹു എത്തിച്ചു. പലവിധ കൃഷിയുൽപന്നങ്ങളും ഫലവർഗ്ഗങ്ങളും ജലസേചന സൗകര്യങ്ങളും നിറഞ്ഞ പലസ്തീനിൽ സുഖ സമൃദ്ധമായി കഴിഞ്ഞ് കൂടാൻ അല്ലാഹു അവർക്ക് അനുഗ്രഹം നൽകി. എന്നാൽ കാലാന്തരത്തിൽ അവർ നേർമാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കുകയും യഹൂദികളെന്നും ക്രിസ്ത്യാനികളെന്നും രണ്ട് കക്ഷികളായും അവയിൽ തന്നെ പല അവാന്തര വിഭാഗങ്ങളായും പിരിയുകയുമുണ്ടായി. പ്രവാചകൻമാർ മുഖേനയും വേദഗ്രന്ഥം മുഖേനയും വേണ്ടത്ര അറിവ് കിട്ടിക്കഴിഞ്ഞശേഷമാണ് അവരിൽ ഈ ഭിന്നിപ്പുകൾ ഉണ്ടായത്. ആയത് കൊണ്ട് അവർ ഭിന്നിച്ച് കൊണ്ടിരുന്ന കാര്യങ്ങളെക്കുറിച്ച് അല്ലാഹു ഖിയാമത്ത് നാളിൽ അവർക്കിടയിൽ തീരുമാനവും നടപടിയും എടുക്കുന്നതാണ്.

**വചനം 94, 95, 96, 97**

فَإِن كُنتَ فِى شَكٍّ مِّمَّآ أَنزَلْنَآ إِلَيْكَ فَسْـَٔلِ ٱلَّذِينَ يَقْرَءُونَ ٱلْكِتَٰبَ مِن قَبْلِكَ ۚ لَقَدْ جَآءَكَ ٱلْحَقُّ مِن رَّبِّكَ فَلَا تَكُونَنَّ مِنَ ٱلْمُمْتَرِينَ ﴿٩٤﴾ وَلَا تَكُونَنَّ مِنَ ٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِ

94 ഇനി, നിനക്ക് നാം അവതരിപ്പിച്ചതിനെക്കുറിച്ച് നീ വല്ല സംശയത്തിലുമാണെങ്കിൽ, നിൻെറ മുമ്പേ (വേദ) ഗ്രന്ഥം വായിച്ചുവരുന്നവരോട് നീ ചോദി(ച്ചുനോ)ക്കുക. തീർച്ചയായും, നിൻെറ റബ്ബിങ്കൽനിന്ന് നിനക്ക് യഥാർത്ഥം വന്നിട്ടുണ്ട്. ആകയാൽ, നിശ്ചയമായും നീ സന്ദേഹപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കരുത്.

95 അല്ലാഹുവിൻെറ 'ആയത്തു' (ലക്ഷ്യം)കളെ വ്യാജമാക്കുന്നവരുടെ കൂട്ടത്തിലും നിശ്ചയ

ٱللَّهِ فَتَكُونَ مِنَ ٱلْخَٰسِرِينَ ﴿٩٥﴾

മായും നീ ആയിരിക്കരുത്. എന്നാൽ, നീ നഷ്ടപ്പെട്ടവരിൽ പെട്ടവനായിത്തീരും.

إِنَّ ٱلَّذِينَ حَقَّتْ عَلَيْهِمْ كَلِمَتُ رَبِّكَ لَا يُؤْمِنُونَ ﴿٩٦﴾

96 നിശ്ചയമായും യാതൊരുവരുടെ മേൽ നിൻെറ റബ്ബിൻെറ വാക്യം യഥാർത്ഥമായി (സ്ഥിരപ്പെട്ടി) രിക്കുന്നുവോ അവർ വിശ്വസിക്കുകയില്ല;

وَلَوْ جَآءَتْهُمْ كُلُّ ءَايَةٍ حَتَّىٰ يَرَوُا۟ ٱلْعَذَابَ ٱلْأَلِيمَ ﴿٩٧﴾

97 -എല്ലാ ദൃഷ്ടാന്തവും അവർക്ക് വന്നെത്തി യാലും ശരി;- വേദനയേറിയ ശിക്ഷയെ അവർ കാണുന്നതുവരേക്കും

---

ഈ വചനങ്ങളിൽ ആദ്യത്തെ രണ്ടും നബി(സ)യെ അഭിമുഖീകരിച്ച് കൊണ്ടുള്ളതാണെങ്കിലും യഥാർത്ഥത്തിൽ അവ മറ്റുള്ളവരെ ഉദ്ദേശിച്ച് കൊണ്ടുള്ളവയാകുന്നു. അതായത് നബി(സ)ക്ക് അവതരിച്ച് കിട്ടി യിട്ടുള്ള ചരിത്രസംഭവങ്ങൾ, തത്വോപദേശങ്ങൾ എന്നിവയിൽ ആർക്കെങ്കിലും വല്ല സംശയവും തോന്നുന്ന പക്ഷം, വേദ ഗ്രന്ഥങ്ങളെ പറ്റി ശരിക്കറിയുകയും, സത്യം തുറന്ന് പറയുകയും ചെയ്യുന്ന, വേദക്കാരിൽ പെട്ടവരോട് അന്വേഷിച്ചാൽ, അവയെല്ലാം സത്യവും പരമാർത്ഥവുമാണെന്ന് ബോധ്യപെടുന്നതാണ്. മുൻ വേദഗ്രന്ഥങ്ങളുമായി പരിചയമില്ലാത്ത അറബികളെ സംബന്ധിച്ചേടത്തോളം അത്, ഖുർആന്റെ സത്യാവസ്ഥ ബോധ്യപെടുത്താൻ സഹായകരവുമായിരിക്കുമല്ലൊ.

അല്ലാഹുവിൽ നിന്ന് അവതരിച്ച് കിട്ടുന്ന ദിവ്യ സന്ദേശങ്ങളെക്കുറിച്ച്, നബി(സ)ക്കോ, മറ്റ് ഏതെങ്കിലും പ്രവാചകനോ, അതിന്റെ സത്യതയിൽ നേരിയ സംശയമൊ, ആശയക്കുഴപ്പമൊ, ഉണ്ടായതായി ചരിത്രം ഇല്ല; അങ്ങനെ ഉണ്ടാകാവതുമല്ല. അപ്പോൾ, മറ്റ് ആർക്കെങ്കിലും വല്ല സംശയവുമുണ്ടെങ്കിൽ അവർ വേദഗ്രന്ഥങ്ങളെ പറ്റി അറിയുന്നവരോട് ഒന്ന് അന്വേഷിച്ച് നോക്കട്ടെ എന്നാണ് ആ വചനത്തിന്റെ താൽപര്യമെന്ന് വ്യക്തമാണ്.

ഭാഷാസാഹിത്യങ്ങളിൽ പൊതുവെ കാണപ്പെടാറുള്ള അത്തരമൊരു സംസാരരീതി സൂ: സുമർ 65ാം വചനത്തിൽ നമുക്ക് കാണാവുന്നതാണ്. മറ്റാരും തന്നെ ശിർക്ക് പ്രവർത്തിച്ചാലും നബിസ തിരുമേനി ശിർക്ക് പ്രവർത്തിക്കുകയില്ലെന്നുള്ള കാര്യം ഖണ്ഡിതമാണല്ലൊ. എന്നിട്ടും പ്രസ്തുത വചനത്തിൽ അല്ലാഹു പറയുന്നു "നീയെങ്ങാനും ശിർക്ക് പ്രവർത്തിച്ചാൽ നിന്റെ കർമ്മം മുഴുവനും നിഷ്ഫലമാകും". അത് പോലെ സൂ : 33: 1 ൽ അല്ലാഹു പറയുന്നു "നബിയെ, താങ്കൾ അല്ലാഹുവിനെ സൂക്ഷിക്കണം; അവിശ്വാസികളെയും കപടവിശ്വാസി കളെയും അനുസരിക്കരുത്" ഇവയെല്ലാം സമുദായത്തെ ഉദ്ദേശിച്ചുള്ള കൽപനകളത്രേ.

രണ്ടാമത്തെ വചനത്തിൽ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയവരുടെ കൂട്ടത്തിൽ നീ പെട്ട് പോകരുതെന്നും, അങ്ങനെ ആയാൽ നീ നഷ്ടക്കാരിൽ പെട്ടവനായിത്തീരും എന്ന് പറയുന്നതും അത്തരം ഒരു പ്രയോഗമാകുന്നു. ചില ക്രിസ്തീയ പാതിരിമാർ ഇത് പോലെയുള്ള ചില വചനങ്ങളെ ചൂഷണം ചെയ്ത് മുത ലെടുക്കാൻ ശ്രമിക്കാറുണ്ട് എന്നത് കൊണ്ട് ഈ സംഗതി പ്രത്യേകം നാം മനസ്സിരുത്തേണ്ടതാണ്.

യാതൊരുവരുടെ മേൽ അല്ലാഹുവിന്റെ ശിക്ഷയുടെ തീരുമാനം യാഥാർത്ഥ്യമായിത്തീരുന്നുവോ, അങ്ങ നെയുള്ളവർ എന്തൊക്കെ ദൃഷ്ടാന്തങ്ങൾ വന്നെത്തിയാലും സത്യവിശ്വാസം സ്വീകരിക്കാൻ പോകുന്നില്ല എന്ന് തുടർന്ന് അല്ലാഹു പറയുന്നു. അല്ലാഹുവിങ്കൽ കഠിനമായ ശിക്ഷ അനുഭവത്തിൽ വരാതെ അവർ വിശ്വസി ക്കുന്ന പ്രശ്നമില്ല. സൂ: സുമർ 19-ാം വചനത്തിൽ അല്ലാഹു ചോദിക്കുന്നു. "അപ്പോൾ ആരുടെ മേൽ ശിക്ഷയുടെ വാക്യം യഥാർത്ഥമായി സ്ഥിരപ്പെട്ടുവോ, അവനെ നീ നേർമാർഗ്ഗത്തിലാക്കുമോ". "എങ്കിലും ശിക്ഷയുടെ വാക്യം അവിശ്വാസികളുടെ മേൽ യഥാർത്ഥമായിരിക്കുന്നു" എന്ന് ഇതേ സൂറത്തിൽ 71ാം വചനത്തിൽ അല്ലാഹു അരുളി യിരിക്കുന്നു.

"പറയുന്ന വാക്ക് ശ്രദ്ധിച്ച് കേൾക്കുകയും അതിൽ നല്ലതിനെ പിൻപറ്റുകയും ചെയ്യുന്ന എന്റെ അടി യാൻമാരത്രേ അല്ലാഹു മാർഗ്ഗദർശനം നൽകിയവർ" എന്ന് അല്ലാഹു സൂ:സുമർ 17, 18 വചനങ്ങളിലൂടെ സത്യവി ശ്വാസികൾക്കു സന്തോഷവാർത്ത അറിയിക്കുകയും ചെയ്തിരിക്കുന്നു.

**വചനം 98**

فَلَوْلَا كَانَتْ قَرْيَةٌ ءَامَنَتْ فَنَفَعَهَآ إِيمَٰنُهَآ إِلَّا قَوْمَ يُونُسَ لَمَّآ ءَامَنُوا۟ كَشَفْنَا عَنْهُمْ

98 ഒരു രാജ്യം (രാജ്യക്കാർ) വിശ്വസിക്കുകയും, എന്നിട്ടതിൻെറ വിശ്വാസം അതിന് പ്രയോജ നപ്പെടുകയും ആയിക്കൂടേ?; യൂനുസിൻെറ ജനത

عَذَابَ ٱلۡخِزۡيِ فِي ٱلۡحَيَوٰةِ ٱلدُّنۡيَا وَمَتَّعۡنَٰهُمۡ إِلَىٰ حِينٖ ٩٨

അല്ലാത്ത (ഒഴികെ). അവർ വിശ്വസിച്ചപ്പോൾ, അവരിൽ നിന്ന് ഇഹലോക ജീവിതത്തിൽ അപമാനത്തിൻെറ ശിക്ഷയെ നാം നീക്കം ചെയ്തു; ഒരു സമയംവരെ അവർക്കു നാം സുഖം നൽകുകയും ചെയ്തു.

---

പ്രവാചകൻമാർ പ്രബോധനം ചെയ്യുകയും, പൊതുശിക്ഷയെക്കുറിച്ച് താക്കീത് നൽകുകയും ചെയ്തിട്ടും തക്ക സമയത്ത് വിശ്വസിക്കാൻ മെനക്കെടാതെ, ശിക്ഷ കൺമുമ്പിൽ എത്തുമ്പോൾ മാത്രം വിശ്വസിക്കാൻ തയ്യാറാകുന്നവർക്ക് ആ വിശ്വാസം യാതൊരു തരത്തിലും പ്രയോജനപ്പെടുകയില്ല - അവർ നേരത്തെ തന്നെ വിശ്വാസം കൈകൊണ്ടിരുന്നെങ്കിൽ അവർക്ക് ശിക്ഷക്ക് വിധേയരാകാതെ കഴിക്കാമായിരുന്നുവല്ലോ, എന്നത്രെ അല്ലാഹു ആക്ഷേപിക്കുന്നത്.

എന്നാൽ യൂനുസ്(അ) നബിയുടെ ജനതയാകട്ടെ മുൻ സമുദായങ്ങളിൽ നിന്നും വ്യത്യസ്തമായി താക്കീത് ചെയ്യപ്പെട്ട ശിക്ഷ വന്തെുന്നതിന് മുമ്പായി തന്നെ, വിശ്വാസം കൈകൊള്ളുകയും, തുടർന്ന് കുറെ കാലം കൂടി അവർ സുഖമായി കഴിഞ്ഞുകൂടുകയും ചെയ്തു.

പ്രവാചകൻമാരെ വ്യാജരാക്കിയ മുൻകാല ജനവിഭാഗങ്ങളെ സംബന്ധിച് സൂ : ദാരിയാത്ത് 52, 53 വചനങ്ങളിലും സൂ: മുഅ്മിനൂൻ :44 വചനത്തിലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് കാണാം. ഇറാക്കിന്റെ വടക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന നീനുവാ പ്രദേശവാസികളായിരുന്നു യൂനുസ്(അ) നബിയുടെ ജനത. ആരംഭത്തിൽ നിഷേധത്തിൽ ശഠിച്ച് നിന്ന അവർ പൊതുശിക്ഷ വരാൻ പോകുന്നുവെന്ന അദ്ദേഹത്തിന്റെ താക്കീതിനെ അവഗണിക്കുകയുണ്ടായി. യൂനുസ്(അ) നബിയാകട്ടെ ആപ്രദേശത്ത് നിന്ന് യാത്രയാകുകയും ചെയ്തു. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ശിക്ഷയെക്കുറിച്ച് അവർ ഭയചകിതരാകുകയും, ആബാലവൃദ്ധം ജനങ്ങളും മൃഗങ്ങളുമൊന്നടക്കം, അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും, പശ്ചാത്താപം സ്വീകരിച്ച അല്ലാഹു അവരെ ശിക്ഷയിൽ നിന്ന് മുക്തരാക്കുകയും ചെയ്തു. (സൂ: അൻബിയാഅ്: 87,88; സൂ: സ്വാഫ്ഫാത്ത്: 139-148 വചനങ്ങൾ നോക്കുക)

**വചനം 99, 100**

وَلَوۡ شَآءَ رَبُّكَ لَأٓمَنَ مَن فِي ٱلۡأَرۡضِ كُلُّهُمۡ جَمِيعًاۚ أَفَأَنتَ تُكۡرِهُ ٱلنَّاسَ حَتَّىٰ يَكُونُواْ مُؤۡمِنِينَ ٩٩

99 നിൻെറ റബ്ബ് (വേണമെന്ന്) ഉദ്ദേശിച്ചിരുന്നെങ്കിൽ, ഭൂമിയിലുളളവരെല്ലാം ആസകലം വിശ്വസിക്കുക തന്നെ ചെയ്യുമായിരുന്നു. എന്നിരിക്കെ, മനുഷ്യർ സത്യവിശ്വാസികളാകുന്നതുവരെ അവരെ നീ നിർബന്ധിക്കുകയോ!

وَمَا كَانَ لِنَفۡسٍ أَن تُؤۡمِنَ إِلَّا بِإِذۡنِ ٱللَّهِۚ وَيَجۡعَلُ ٱلرِّجۡسَ عَلَى ٱلَّذِينَ لَا يَعۡقِلُونَ ١٠٠

100 ഒരു ആത്മാവിനും (വ്യക്തിക്കും) അല്ലാഹുവിൻെറ അനുമതി പ്രകാരമല്ലാതെ വിശ്വസിക്കാവതല്ല. (വിശ്വസിക്കുക സാധ്യമല്ല) ബുദ്ധികൊടു (ത്തു ഗ്രഹി)ക്കാത്തവരിൽ അവൻ മാലിന്യം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്.

---

നന്മയും തിന്മയും വിവേചിച്ചറിയാനുള്ള ബുദ്ധി നൽകപെട്ട മനുഷ്യന്, രണ്ടിലൊന്ന് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും അല്ലാഹു നൽകിയിരിക്കുന്നു. മഹത്തായ ചില ലക്ഷ്യങ്ങളും യുക്തി രഹസ്യങ്ങളും അതിൽ അടങ്ങിയിട്ടുണ്ടുതാനും. അത് കൊണ്ട് സത്യവിശ്വാസവും നേർമാർഗ്ഗവും വിവരിച്ച് കൊടുക്കേണ്ട ബാദ്ധ്യതയേ നബി(സ) തിരുമേനിക്കുള്ളൂ. വിശ്വസിക്കുന്നവർ വിശ്വസിച്ച് കൊള്ളട്ടെ അല്ലാത്തവർ അവിശ്വസിച്ച് കൊള്ളട്ടെ. മലക്കുകളെ പോലെ, സർവ്വ മനുഷ്യരേയും സ്ത്യവിശ്വാസികളാക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അങ്ങനെ തന്നെ സംഭവിക്കുമായിരുന്നു. (സമാന ആശയം സൂ: ഹൂദ് 118, 119 വചനങ്ങളിൽ കാണാം)

മനിഷ്യന് വിവേകബുദ്ധിയും സ്വാതന്ത്ര്യവും നൽകപെട്ടിട്ടുണ്ടെങ്കിൽ തന്നെയും അല്ലാഹുവിന്റെ ഉദ്ദേശവും അനുമതിയും കൂടിയുണ്ടെങ്കിലേ, ഒരാളുടെ വിശ്വാസം സാക്ഷാൽകൃതമാകുകയുള്ളൂ. വിവേചനബുദ്ധി ഉപയോഗപെടുത്തി കാര്യം ഗ്രഹിക്കുന്നവരെയായിരിക്കും, അല്ലാഹു സന്മാർഗ്ഗത്തിൽ പ്രവേശിപ്പിക്കുക- അല്ലാത്തവരെയായിരിക്കും അല്ലാഹു മ്ലേഛൻമാരും ദുഷിച്ചവരുമാക്കുന്നത്. അല്ലാതെ യാതൊരു മാനദ്ണ്ഡവും കൂടാ

തെയല്ല അല്ലാഹു ഒരു മനുഷ്യന്റെ വിശ്വാസം സാക്ഷാൽകൃതമാക്കുന്നത്.

**വചനം 101, 102, 103**

قُلِ ٱنظُرُوا۟ مَاذَا فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ وَمَا تُغْنِى ٱلْـَٔايَـٰتُ وَٱلنُّذُرُ عَن قَوْمٍ لَّا يُؤْمِنُونَ ﴿١٠١﴾ فَهَلْ يَنتَظِرُونَ إِلَّا مِثْلَ أَيَّامِ ٱلَّذِينَ خَلَوْا۟ مِن قَبْلِهِمْ ۚ قُلْ فَٱنتَظِرُوٓا۟ إِنِّى مَعَكُم مِّنَ ٱلْمُنتَظِرِينَ ﴿١٠٢﴾ ثُمَّ نُنَجِّى رُسُلَنَا وَٱلَّذِينَ ءَامَنُوا۟ ۚ كَذَٰلِكَ حَقًّا عَلَيْنَا نُنجِ ٱلْمُؤْمِنِينَ ﴿١٠٣﴾

101 പറയുക: “ആകാശങ്ങളിലും ഭൂമിയിലും എന്താണുള്ളതെന്ന് നിങ്ങൾ (ചിന്തിച്ചു) നോക്കുവിൻ!” വിശ്വസിക്കാത്ത ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളും താക്കീതുകളും എന്ത് ഉപകരിക്കുവാനാണ്!?

102 അപ്പോൾ, തങ്ങൾക്കു മുമ്പ് കഴിഞ്ഞുപോയവരുടെ നാളുകളെപ്പോലെയല്ലാതെ (മറ്റുവല്ല ചരിത്രവും) ഇവർ കാത്തുകൊണ്ടിരിക്കുന്നുവോ?! പറയുക: “എന്നാൽ, നിങ്ങൾ കാത്തിരിക്കുവിൻ, നിശ്ചയമായും, ഞാൻ നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരിൽ പെട്ടവനാണ്.”

103 പിന്നീട്, നമ്മുടെ റസൂലുകളെയും, വിശ്വസിച്ചവരെയും നാം രക്ഷപ്പെടുത്തുന്നു. അപ്രകാരം-നമ്മുടെ മേൽ (ബാധ്യതപ്പെട്ട) ഒരു കടമയായിക്കൊണ്ട് സത്യവിശ്വാസികളെ നാം രക്ഷപ്പെടുത്തുന്നതാണ്.

വാനലോകത്തെ എണ്ണമറ്റ ദൃഷ്ടാന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ, സസ്യലതാദി ഉൽപന്നങ്ങൾ, ഭൂമിയിലെ അനേകം ചരാചര വസ്തുക്കൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ, വനങ്ങൾ തുടങ്ങി എണ്ണിയാലൊടുങ്ങാത്ത ദൃഷ്ടാന്തങ്ങളെയും അനുഗ്രഹങ്ങളെയും കുറിച്ച് അൽപമെങ്കിലും ബുദ്ധികൊടുത്ത് ചിന്തിക്കുന്നവർക്ക് അല്ലാഹുവിന്റെ മഹിത മഹത്വങ്ങളും അവന്റെ ഏകത്വവും ശരിക്കും ഗ്രഹിക്കുവാൻ കഴിയുന്നതാണ്. എന്ത് കണ്ടാലും വിശ്വസിക്കാത്ത ജനങ്ങൾക്ക്, ദൃഷ്ടാന്തങ്ങളും താക്കീതുകളും ഒരിക്കലും ഉപകരിക്കുകയില്ല തന്നെ. ഇത്തരക്കാരെ പോലെ, മുൻ സമുദായങ്ങളിലുണ്ടായിരുന്ന ജനവിഭാഗങ്ങൾക്കുണ്ടായ ശിക്ഷാനുഭവങ്ങൾ തന്നെയായിരിക്കും ഇവർക്കും അനുഭവപ്പെടാൻ പോകുന്നത്. അവരത് കാത്തിരുന്നു കൊള്ളട്ടെ. എന്നാൽ ശിക്ഷ വരുമ്പോൾ, റസൂലുകളെയും സത്യവിശ്വാസികളെയും രക്ഷപെടുത്തി സഹായിക്കുകയെന്നത് അല്ലാഹു അവന്റെ ബാധ്യതയായി ഏറ്റെടുത്തിരിക്കുന്നു; അതവൻ നിറവേറ്റുക തന്നെ ചെയ്യുന്നതാണ്.

## വിഭാഗം 11

**വചനം 104, 105**

قُلْ يَـٰٓأَيُّهَا ٱلنَّاسُ إِن كُنتُمْ فِى شَكٍّ مِّن دِينِى فَلَآ أَعْبُدُ ٱلَّذِينَ تَعْبُدُونَ مِن دُونِ ٱللَّهِ وَلَـٰكِنْ أَعْبُدُ ٱللَّهَ ٱلَّذِى يَتَوَفَّىٰكُمْ ۖ وَأُمِرْتُ أَنْ أَكُونَ مِنَ ٱلْمُؤْمِنِينَ ﴿١٠٤﴾ وَأَنْ أَقِمْ وَجْهَكَ لِلدِّينِ حَنِيفًا وَلَا تَكُونَنَّ مِنَ ٱلْمُشْرِكِينَ ﴿١٠٥﴾

104 (നബിയേ) പറയുക: “ഹേ, മനുഷ്യരേ, നിങ്ങൾ എൻെറ മതത്തെ സംബന്ധിച്ചു വല്ല സംശയത്തിലുമാണെങ്കിൽ (നിങ്ങൾ അറിഞ്ഞിരിക്കുക); എന്നാൽ, അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നവരെ ഞാൻ ആരാധിക്കുകയില്ല; എങ്കിലും നിങ്ങളെ (മരണപ്പെടുത്തി) പിടിച്ചെടുക്കുന്നവനായ അല്ലാഹുവിനെ (മാത്രം) ഞാൻ ആരാധിക്കുന്നു. ഞാൻ സത്യവിശ്വാസികളിൽ പെട്ടവനായിരിക്കുവാൻ എന്നോട് കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു;

105 ഋജുമാനസനായിക്കൊണ്ട് (ഈ) മതത്തിലേക്ക് നിൻെറ മുഖത്തെ നീ ചൊവ്വാക്കി നിറുത്തണമെന്നും, നിശ്ചയമായും, നീ ‘മുശ്‌രിക്ക്’ (ബഹുദൈവ വിശ്വാസി)കളിൽ പെട്ടവനായിരിക്കരുതെന്നും (കൽപിക്കപ്പെട്ടിരിക്കുന്നു).

എന്റെ മതത്തെ പറ്റി ഇനിയും നിങ്ങൾ, സംശയാലുക്കളാണെങ്കിൽ നിങ്ങൾ അറിഞ്ഞിരിക്കുക - തൗഹീദ് വിട്ട് ഞാൻ ശിർക്കിലേക്ക് അണുവോളമെങ്കിലും ചായ്‌വ് കാണിക്കുമെന്ന് നിങ്ങൾ കരുതേണ്ടതില്ല. എന്നോട് അല്ലാഹു കൽപിച്ചതിന് ഞാൻ എതിര് പ്രവർത്തിക്കുകയുമില്ല. നിങ്ങളെ മരണപെടുത്തി പൂർണ്ണമായി പിടിച്ചെടുക്കുന്ന അല്ലാഹുവിന്റെ അടുക്കൽ ചെല്ലുമ്പോൾ നിങ്ങൾ ഈ ശിർക്കിന്റെ പാത സ്വീകരിച്ചതിന്റെ ഫലം നിങ്ങൾ കാണുമാറാകുന്നതാണ് - എന്നിങ്ങനെ ആ മുശ്‌രിക്കുകളോട് പറയുവാൻ അല്ലാഹു നബി(സ)യോട് കൽപിക്കുന്നു.

**വചനം 106, 107**

وَلَا تَدْعُ مِن دُونِ ٱللَّهِ مَا لَا يَنفَعُكَ وَلَا يَضُرُّكَ ۖ فَإِن فَعَلْتَ فَإِنَّكَ إِذًا مِّنَ ٱلظَّـٰلِمِينَ ﴿١٠٦﴾
وَإِن يَمْسَسْكَ ٱللَّهُ بِضُرٍّ فَلَا كَاشِفَ لَهُۥٓ إِلَّا هُوَ ۖ وَإِن يُرِدْكَ بِخَيْرٍ فَلَا رَآدَّ لِفَضْلِهِۦ ۚ يُصِيبُ بِهِۦ مَن يَشَآءُ مِنْ عِبَادِهِۦ ۚ وَهُوَ ٱلْغَفُورُ ٱلرَّحِيمُ ﴿١٠٧﴾

106 അല്ലാഹുവിനു പുറമെ, നിനക്ക് ഉപകാരം ചെയ്യാത്തതും നിനക്ക് ഉപദ്രവം ചെയ്യാത്തതുമായതിനെ നീ വിളി(ച്ചു പ്രാർത്ഥി)ക്കരുത്. ഇനി, നീ (അങ്ങിനെ) ചെയ്തുവെങ്കിൽ, അപ്പോൾ നിശ്ചയമായും നീ, അക്രമികളിൽ പെട്ടവനായിരിക്കും.

107 വല്ല ഉപദ്രവത്തെയും അല്ലാഹു നിനക്ക് ബാധിപ്പിക്കുന്നപക്ഷം, അവനല്ലാതെ അതിനെ നീക്കം ചെയ്യുന്ന ഒരുവനുമില്ല; അവൻ നിനക്ക് വല്ല നൻമയെയും ഉദ്ദേശിക്കുന്നുവെങ്കിലോ, അവൻെറ ദയവിനെ (അഥവാ അനുഗ്രഹത്തെ) തട്ടിക്കളയുന്നവനുമില്ല. തൻെറ അടിയാൻമാരിൽനിന്നും താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അത് ബാധിപ്പിക്കുന്നു (എത്തിക്കുന്നു). അവനത്രെ, വളരെ പൊറുക്കുന്നവനും, കരുണാനിധിയുമായുള്ളവൻ.

---

ഈ വചനങ്ങളിൽ പറയപ്പെട്ട യാഥാർത്ഥ്യങ്ങളെ അടിസ്ഥാനപെടുത്തിയാണ്, അല്ലാഹു അല്ലാത്ത ആരെയും എന്തിനേയും വിളിച്ച് പ്രാർത്ഥിക്കുവാനും ആരാധിക്കുവാനും പാടില്ലെന്നും, അത് അനീതിയും അക്രമവും, ഫലശൂന്യവുമാണെന്നും കൽപിക്കപെട്ടിരിക്കുന്നത്.

**വചനം 108, 109**

قُلْ يَـٰٓأَيُّهَا ٱلنَّاسُ قَدْ جَآءَكُمُ ٱلْحَقُّ مِن رَّبِّكُمْ ۖ فَمَنِ ٱهْتَدَىٰ فَإِنَّمَا يَهْتَدِى لِنَفْسِهِۦ ۖ وَمَن ضَلَّ فَإِنَّمَا يَضِلُّ عَلَيْهَا ۖ وَمَآ أَنَا۠ عَلَيْكُم بِوَكِيلٍ ﴿١٠٨﴾
وَٱتَّبِعْ مَا يُوحَىٰٓ إِلَيْكَ وَٱصْبِرْ حَتَّىٰ يَحْكُمَ ٱللَّهُ ۚ وَهُوَ خَيْرُ ٱلْحَـٰكِمِينَ ﴿١٠٩﴾

108 പറയുക: "ഹേ, മനുഷ്യരേ, നിങ്ങളുടെ റബ്ബിങ്കൽനിന്ന് നിങ്ങൾക്ക് യഥാർത്ഥം വന്നുകഴിഞ്ഞു. ആകയാൽ, ആര് നേർമ്മാർഗ്ഗം പ്രാപിച്ചുവോ അവൻ തൻെറ സ്വന്തത്തി(ൻെറ ഗുണത്തി)നു വേണ്ടി മാത്രമാണ് നേർമ്മാർഗ്ഗം പ്രാപിക്കുന്നത്. ആര് വഴി പിഴച്ചുപോയോ അവൻ, അതിനെതിരിൽ (ദോഷമായി) മാത്രമാണ് വഴിപിഴക്കുന്നതും. ഞാൻ നിങ്ങളുടെ മേൽ (ഉത്തരവാദം) ഏൽപിക്കപ്പെട്ടവനൊന്നുമല്ല."

109 നിനക്ക് 'വഹ്‌യു' (ദിവ്യസന്ദേശം)നൽകപ്പെടുന്നതിനെ നീ പിൻപറ്റുകയും ചെയ്യുക: അല്ലാഹു വിധി (കൽപി)ക്കുന്നതുവരെ ക്ഷമിക്കുകയും ചെയ്യുക. അവനാകട്ടെ, വിധികർത്താക്കളിൽ വെച്ച് ഏറ്റം ഉത്തമനത്രെ.

---

ഈ സത്യ നിഷേധികളിൽ നിന്നുണ്ടാകുന്ന സൈ്വരക്കേടും അക്രമങ്ങളും തൽക്കാലം ക്ഷമാപൂർവ്വം

സഹിച്ച് കൊള്ളുക; താമസിയാതെ അല്ലാഹു അവരെ സംബന്ധിച്ച് വേണ്ടുന്ന തീരുമാനവും നടപടിയും എടുക്കുന്നതാണ്. അത് വരെ നീ ക്ഷമിക്കുകയും ചെയ്യുക - എന്ന് നബി(സ) തീരുമേനിയേയും സത്യവിശ്വാസിളെയും ആശ്വസിപ്പിച്ച് കൊണ്ട് അല്ലാഹു ഈ സൂറത്ത് അവസാനിപ്പിക്കുന്നു.

# 11 - സൂറത്തു - ഹൂദ്

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 123; വിഭാഗം (റുക്കൂഅ്) 10

തൗഹീദ്: പ്രവാചകത്വം, മരണാനന്തര ജീവിതം മുതലായി കഴിഞ്ഞ സൂറത്തിലെ വിഷയങ്ങൾ തന്നെയാണ് ഈ സൂറത്തിലെയും പ്രധാന വിഷയം

“സൂ: ഹൂദും അതിന്റെ സഹോദരികളായ സൂറത്തുകളും (സൂറ:വാഖിഅ: മുതലായ ചില സൂറത്തുകൾ) എന്നെ നരപ്പിച്ച് കളഞ്ഞു” എന്ന് നബി(സ) അരുളിയതായി തിർമുദി,ത്വബ്റാനി,ഹാകിം(റ) എന്നിവർ പ്രസ്താവിച്ചിരിക്കുന്നു.പ്രസ്തുത സൂറത്തുകളിലെ വിഷയങ്ങളുടെ ഗൌരവം നിമിത്തം വേഗത്തിൽ നര പിടിപെട്ടുവെന്നത്രേ ആയതിന്റെ സാരം

ഈ സൂറത്തിലെ 50 മുതൽ 60 കൂടിയുള്ള വചനങ്ങൾ ഹൂദ്(അ) നബിയെയും അദ്ദേഹത്തിന്റെ ജനതയേയും പററി വിവരിച്ചിരിക്കുന്നതിനാലാണ് സൂ: ഹൂദ് എന്ന് നാമകരണം ചെയ്യപെട്ടിരിക്കുന്നത്.

**വിഭാഗം 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3,4**

الٓر ۚ كِتَٰبٌ أُحْكِمَتْ ءَايَٰتُهُۥ ثُمَّ فُصِّلَتْ مِن لَّدُنْ حَكِيمٍ خَبِيرٍ ﴿١﴾

1 ‘അലിഫ്-ലാം-റാ.’ ഒരു (മഹത്തായ) ഗ്രന്ഥം! അതിന്റെ ‘ആയത്തു’ (സൂക്തം)കൾ ബലവത്താക്കപ്പെട്ടിരിക്കുന്നു; പിന്നെ, അത് വിശദീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു; അഗാധജ്ഞനും, സൂക്ഷ്മജ്ഞനുമായ ഒരുവന്റെ അടുക്കൽ നിന്നുള്ളതാണ് (അത്);

أَلَّا تَعْبُدُوٓا۟ إِلَّا ٱللَّهَ ۚ إِنَّنِى لَكُم مِّنْهُ نَذِيرٌ وَبَشِيرٌ ﴿٢﴾

2 (എന്തെന്നാൽ) നിങ്ങൾ അല്ലാഹുവിനെയല്ലാതെ ആരാധിക്കരുത്. നിശ്ചയമായും, ഞാൻ നിങ്ങളിലേക്ക് അവനിൽ നിന്ന് നിയോഗിപ്പെട്ട ഒരു താക്കീതുകാരനും, സന്തോഷവാർത്ത അറിയിക്കുന്നവനുമാണ്;

وَأَنِ ٱسْتَغْفِرُوا۟ رَبَّكُمْ ثُمَّ تُوبُوٓا۟ إِلَيْهِ يُمَتِّعْكُم مَّتَٰعًا حَسَنًا إِلَىٰٓ أَجَلٍ مُّسَمًّى وَيُؤْتِ كُلَّ ذِى فَضْلٍ فَضْلَهُۥ ۖ وَإِن تَوَلَّوْا۟ فَإِنِّىٓ أَخَافُ عَلَيْكُمْ عَذَابَ يَوْمٍ كَبِيرٍ ﴿٣﴾

3 നിങ്ങൾ നിങ്ങളുടെ റബ്ബിനോട് പാപമോചനം തേടുവിൻ, പിന്നെ അവനിലേക്ക് പശ്ചാത്തപിക്കുകയും ചെയ്യുവിൻ എന്നും. (എന്നാൽ) നിങ്ങളെ അവൻ ഒരു നിർണ്ണയിക്കപ്പെട്ട അവധിവരെ നല്ല (സുഖമായ) അനുഭവം അനുഭവിപ്പിക്കുന്നതാണ്; വല്ല ശ്രേഷ്ടതയുമുള്ള എല്ലാവർക്കും അവ(രവ)രുടെ ശ്രേഷ്ടത അവൻ (വകവെച്ചു)കൊടുക്കുകയും ചെയ്യും. നിങ്ങൾ തിരിഞ്ഞു കളയുന്നുവെങ്കിൽ, നിശ്ചയമായും ഞാൻ ഒരു വലിയ ദിവസത്തെ ശിക്ഷ നിങ്ങളുടെ മേൽ ഭയപ്പെടുകയും ചെയ്യുന്നു.

إِلَى ٱللَّهِ مَرْجِعُكُمْ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٤﴾

4 അല്ലാഹുവിങ്കലേക്കാണ് നിങ്ങളുടെ മടക്കം. അവനാകട്ടെ, എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

الر പോലെയുള്ള കേവലാക്ഷരങ്ങളെ പററി സൂ: ബഖറയുടെ ആരംഭത്തിൽ വിവരിച്ചിട്ടുള്ളത് നോക്കുക. ഈ മഹത്തായ ഗ്രന്ഥത്തിലെ സൂക്തങ്ങൾ അഗാധജ്ഞനും സൂക്ഷ്മജ്ഞാനിയുമായ റബ്ബിന്റെ അടുക്കൽ നിന്നുള്ളതാകുന്നു. അതിലെ പരാമർശ വിഷയങ്ങളെല്ലാം ബലവത്താക്കപെടുകയും വിശദീകരിക്കപെടുകയും ചെയ്തിരിക്കുന്നു.

അതിന്റെ സന്ദേശങ്ങളിൽ ഏറ്റവും പ്രധാനമായത് “അല്ലാഹുവിനെയല്ലാതെ ആരാധിക്കരുത്” എന്ന തൗഹീദിന്റെ വചനമാകുന്നു. രണ്ടാമതായി, “വിശ്വാസികൾക്ക് സന്തോഷവാർത്തയും അവിശ്വാസികൾക്ക് താക്കീതും നൽകുവാനായി അയക്കപെട്ട ദൈവദൂതനാണ് ഞാൻ (മുഹമ്മദ്:സ)” എന്ന വചനമാകുന്നു. ഈ രണ്ടു മൗലിക തത്വങ്ങളും അംഗീകരിക്കുന്നതോടൊപ്പം നിങ്ങൾ നിങ്ങളുടെ റബ്ബിനോട് പാപമോചനം തേടുകയും അവങ്കലേക്ക് പശ്ചാതപിച്ച് മടങ്ങുകയും ചെയ്യുവിൻ. അങ്ങനെ ചെയ്യുന്ന പക്ഷം നിങ്ങൾക്ക് നിർണ്ണയിക്കപെട്ട അവധി വരെ സുഖമായ ജീവിതം അവൻ നിങ്ങൾക്ക് പ്രദാനം ചെയ്യുന്നതാണ്. സദ് പ്രവർത്തനങ്ങളിലൂടെ ശ്രേഷ്ടത സമ്പാദിച്ചു വെച്ചിട്ടുള്ള ഓരോ വ്യക്തിയുടെയും യഥാർത്ഥ പദവി ഇരു ജീവിതത്തിലും അംഗീകരിക്കപെടുന്നതുമാണ് എന്നാൽ ഇതൊന്നും സ്വീകരിക്കാതെ പിൻതിരിഞ്ഞു കളയുന്നവരാകട്ടെ ഖിയാമത്ത് നാളാകുന്ന ആ ഭയങ്കര ദിവസത്തിൽ വമ്പിച്ച ശിക്ഷക്ക് വിധേയരായിത്തീരുന്നതാകുന്നു. എല്ലാറ്റിനും കഴിവുള്ള അല്ലാഹുവിങ്കലേക്കാകുന്നു നിങ്ങൾ ഏവരുടേയും മടക്കം.

**വചനം 5:**

أَلَآ إِنَّهُمۡ يَثۡنُونَ صُدُورَهُمۡ لِيَسۡتَخۡفُواْ مِنۡهُۚ أَلَا حِينَ يَسۡتَغۡشُونَ ثِيَابَهُمۡ يَعۡلَمُ مَا يُسِرُّونَ وَمَا يُعۡلِنُونَۚ إِنَّهُۥ عَلِيمُۢ بِذَاتِ ٱلصُّدُورِ ٥

5 അല്ലാ! (അറിയുക:) അവനിൽ നിന്നും തങ്ങൾ മറഞ്ഞു പോകുവാൻ വേണ്ടി അവർ തങ്ങളുടെ നെഞ്ചുകളെ തിരിച്ചു കളയുന്നു! അല്ലാ! (അറിഞ്ഞേക്കുക:) അവർ തങ്ങളുടെ വസ്ത്രങ്ങൾ (കൊണ്ട് പുതച്ചു) മൂടിയിടുന്ന സമയത്ത് അവർ രഹസ്യമാക്കുന്നതും, പരസ്യമാക്കുന്നതും അവൻ അറിയുന്നു. നിശ്ചയമായും അവൻ, നെഞ്ചു (ഹൃദയം) കളിലുള്ളതിനെപ്പറ്റി അറിയുന്നവനാണ്.

---

റസൂൽ(സ) തിരുമേനി ഖുർആനോ മറ്റോ, ജനങ്ങളെ കേൾപ്പിക്കുന്ന അവസരങ്ങളിൽ അവിശ്വാസികൾ ചിലർ അവരുടെ വെറുപ്പും പ്രതിഷേധവും പ്രകടിപ്പിച്ച് കൊണ്ട്, ഒളിഞ്ഞു തിരിഞ്ഞു പോകുകയും അതു അവഗണിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടൊന്നും ആ അവിശ്വാസികൾ രക്ഷപെടുവാൻ പോകുന്നില്ല. അവരുടെ എല്ലാ രഹസ്യങ്ങളും അല്ലാഹു അറിയുന്നുണ്ട് അവർ വസ്ത്രങ്ങൾ കൊണ്ട് മൂടി പുതച്ച് കിടന്നാൽ പോലും അവർ അല്ലാഹുവിന്റെ ദൃഷ്ടിയിൽ നിന്നു മറഞ്ഞു പോകുന്നില്ല. അവരുടെ ഹൃദയങ്ങളിൽ ഒളിച്ചു വെച്ച വിചാര വികാരങ്ങൾ പോലും അറിയുന്നവനാകുന്നു അല്ലാഹു.

**ജുസുഅ്-12**

**വചനം 6**

۞ وَمَا مِن دَآبَّةٖ فِي ٱلۡأَرۡضِ إِلَّا عَلَى ٱللَّهِ رِزۡقُهَا وَيَعۡلَمُ مُسۡتَقَرَّهَا وَمُسۡتَوۡدَعَهَاۚ كُلّٞ فِي كِتَٰبٖ مُّبِينٖ ٦

6 ഭൂമിയിലുള്ള ഒരു ജീവജന്തുവും തന്നെ, അവയുടെ ഉപജീവനം (അഥവാ ആഹാരം) അല്ലാഹുവിൻെറ മേൽ(ബാദ്ധ്യത) ഇല്ലാതെയില്ല. അവയുടെ വാസസ്ഥാനവും, അവയുടെ സൂക്ഷിപ്പു സ്ഥാനവും അവൻ അറിയുകയും ചെയ്യുന്നു. എല്ലാം (തന്നെ) സ്പഷ്ടമായ ഒരു (രേഖാ) ഗ്രന്ഥത്തിലുണ്ട്.

---

മനുഷ്യനടക്കം ഈ ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങൾക്കും അനുയോജ്യമായ ജീവിതമാർഗ്ഗം ഏർപെടുത്തികൊടുക്കുന്ന ബാദ്ധ്യത അല്ലാഹുവിനുണ്ട്-ഓരോ ജീവികളുടെയും സ്ഥിരവും താൽക്കാലികവുമായ സ്ഥാനങ്ങളും ഓരോന്നിനും യോജിച്ച ആഹാരവും ഓരോ തരത്തിലുള്ള ജീവികളുടേയും പെരുപ്പും വർദ്ധനവും എല്ലാം സൂക്ഷ്മമായി അറിയുന്ന അല്ലാഹു അവയ്ക്ക് ഓരോന്നിനുമുള്ള ഉപജീവന മാർഗ്ഗം വ്യവസ്ഥപെടുത്തികൊണ്ടല്ലാതെ ഒരു ജീവിയേയും ഭൂമിയിൽ സൃഷ്ടിച്ചിട്ടില്ല. ഇവയെക്കുറിച്ചെല്ലാമുള്ള കൃത്യവും സൂക്ഷ്മവുമായ അറിവും

രേഖയും അവന്റെ പക്കലുണ്ട് താനും.

ജനപെരുപ്പം നിമിത്തം,ഉപജീവന മാർഗ്ഗമില്ലാതെ ജനങ്ങൾ കഷ്ടപെടുമെന്ന് ഭയന്ന് സന്താന നിയന്ത്രണത്തെ പ്രോത്സാഹിപ്പിക്കുന്ന ആധുനിക ഭൗതീക ശാസ്ത്രം അല്ലാഹുവിലും അവന്റെ വാഗ്ദാനത്തിലും ഉള്ള വിശ്വാസ രാഹിത്യത്തിന്റെ ഫലമായിട്ടുത്ഭവിച്ചിട്ടുള്ള പ്രകൃതി വിരുദ്ധ സിദ്ധാന്തമാകുന്നു. അല്ലാഹുവിനെ കണക്കാക്കേണ്ട വിധം കണക്കാക്കാൻ കൂട്ടാക്കാത്ത ദുഷ്ട ബുദ്ധികളാൽ ആവിഷ്കരിക്കപെട്ട ഒരു വിഡ്ഢിത്തം മാത്രമായേ ഒരു സത്യവിശ്വാസി അത്തരം സിദ്ധാന്തങ്ങളെ കാണേണ്ടതുള്ളു.

എന്നാൽ അദ്ധ്വാനവും പ്രയത്നവും കൂടാതെ ഓരോരുത്തന്റെയും ആഹാരം അവന്റെ മുമ്പിൽ തയ്യാറാക്കപെട്ടു കൊടുക്കും എന്നല്ല അല്ലാഹു പറഞ്ഞതിന്റെ സാരം. ഈ ഭൂമിയിൽ അല്ലാഹുവിനാൽ ഒരുക്കിവെക്കപ്പെട്ടിട്ടുള്ള ആഹാരമാർഗ്ഗങ്ങൾ അന്വേഷിച്ച് തേടി പിടിക്കുവാനുള്ള ബാദ്ധ്യത ഓരോത്തരുടെയും കടമയാകുന്നു.

**വചനം 7,8**

وَهُوَ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ وَكَانَ عَرْشُهُۥ عَلَى ٱلْمَآءِ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ۗ وَلَئِن قُلْتَ إِنَّكُم مَّبْعُوثُونَ مِنۢ بَعْدِ ٱلْمَوْتِ لَيَقُولَنَّ ٱلَّذِينَ كَفَرُوٓا۟ إِنْ هَٰذَآ إِلَّا سِحْرٌ مُّبِينٌ ﴿٧﴾

وَلَئِنْ أَخَّرْنَا عَنْهُمُ ٱلْعَذَابَ إِلَىٰٓ أُمَّةٍ مَّعْدُودَةٍ لَّيَقُولُنَّ مَا يَحْبِسُهُۥٓ ۗ أَلَا يَوْمَ يَأْتِيهِمْ لَيْسَ مَصْرُوفًا عَنْهُمْ وَحَاقَ بِهِم مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٨﴾

7 അവൻ തന്നെയാണ് ആകാശങ്ങളെയും ഭൂമിയെയും ആറു ദിവസങ്ങളിലായി സൃഷ്ടിച്ചവനും; അവൻെറ 'അർശ്' (സിംഹാസനം) വെള്ളത്തിൻമേലായിരുന്നു-നിങ്ങളിൽ ആരാണ് കർമ്മത്തിൽ കൂടുതൽ നല്ലവനെന്ന് നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടി. (നബിയേ) "മരണത്തിനുശേഷം, നിങ്ങൾ (വീണ്ടും) എഴുന്നേൽപിക്കപ്പെടുന്നവരാണ്" എന്ന് നീ പറഞ്ഞുപോയെങ്കിൽ, നിശ്ചയമായും (ആ) അവിശ്വസിച്ചവർ പറയും: "ഇതൊരു സ്പഷ്ടമായ ജാലവിദ്യയല്ലാതെ (മറ്റൊന്നും) അല്ല" എന്ന്!

8 ഒരു എണ്ണപ്പെട്ട (നിർണ്ണയിക്കപ്പെട്ട)കാലയളവുവരെ അവരിൽനിന്നു നാം ശിക്ഷ പിന്തിച്ചുവെച്ചുവെങ്കിലാകട്ടെ, അവർ പറയുക തന്നെ ചെയ്യും: "എന്താണതിനെ തടഞ്ഞുവെക്കുന്നത്?!" അല്ലാ! (അറിയുക:) അതവർക്ക് വന്നെത്തുന്ന ദിവസം, അത് അവരിൽനിന്ന് തിരിച്ചുവിടപ്പെടുന്നതല്ല; അവർ യാതൊന്നിനെപ്പറ്റി പരിഹസിച്ചു (പറഞ്ഞു) കൊണ്ടിരിക്കുന്നുവോ അത് അവരിൽ വന്നനുഭവപ്പെടുകയും ചെയ്യും.

---

ആകാശ ഭൂമികൾ ആറു ദിവസത്തിലായിട്ടാണ് സൃഷ്ടിക്കപെട്ടിരിക്കുന്നത് എന്ന് പറഞ്ഞതിനെ പറ്റിയും അല്ലാഹുവിന്റെ അർശിനെ (സിംഹാസനത്തെ) പററിയും സൂ:അഅ്റാഫ് :54 സൂ:സജദ: 4, സൂ:ഫുർഖാൻ:59 എന്നീ ആയത്തുകളിൽ വിശദീകരിക്കപെട്ടിട്ടുണ്ട്.അവിടങ്ങളിലൊന്നും പ്രസ്താവിക്കപെട്ടിട്ടില്ലാത്ത ഒരു കാര്യം അർശിനെ പററി ഈ വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

"അവന്റെ അർശ് വെള്ളത്തിന്മേലായിരുന്നു" എന്നത്രേ അത്. ആകാശ ഭൂമികളെ സൃഷ്ടിക്കുകയും അവ രൂപം കൊള്ളുകയും ചെയ്യുന്നതിന്റെ മുമ്പത്തെ അവസ്ഥയെക്കുറിച്ചാണ് ഈ പ്രസ്താവനയെന്ന് നബി(സ) തിരുമേനിയുടെ ചില ഹദീസുകളിൽ നിന്ന് ഉദ്ധരിക്കപെട്ടിരിക്കുന്നു.

"എല്ലാ വസ്തുക്കളുടേയും മുമ്പ് അല്ലാഹു ഉണ്ടായിരുന്നു. അവന്റെ അർശ് വെള്ളത്തിന്മേലായിരുന്നു. ദിക്റിൽ (പ്രമാണ രേഖയിൽ) അവൻ എല്ലാം രേഖപെടുത്തുകയും ചെയ്തു. പിന്നീടവൻ ആകാശ ഭൂമികളെ സൃഷ്ടിക്കുകയും ചെയ്തു" - ഈ നബി വചനം ഇമാം അഹ്മദു,ബുഖാരി, മുസ്ലീം(റ) എന്നിവർ ഉദ്ധരിച്ചിരിക്കുന്നു.

എന്നാൽ വെള്ളം (الماء) എന്നത് കൊണ്ട് ഇവിടെ വിവക്ഷ നമുക്ക് സുപരിചതമായ അർത്ഥത്തിലുള്ള

അതേ വെള്ളം ആയിരിക്കാൻ തരമില്ല എന്നാണ് പണ്ഡിത മതം. ഏതായാലും വെള്ളം (الماء) എന്ന് പറയാവുന്ന ഒരു വസ്തു ആകാശ ഭൂമികളെ സൃഷ്ടിക്കുന്നതിന് മുമ്പ് തന്നെ ഉണ്ടായിരുന്നുവെന്ന് തീർച്ച തന്നെ.

സൃഷ്ടിപ്പിനെ പററി പ്രസ്താവിച്ചതിന് ശേഷം അല്ലാഹു പ്രസ്താവിക്കുന്നു: “നിങ്ങളിൽ ആരാണ് കൂടുതൽ നല്ല കർമ്മങ്ങൾ ചെയ്യുന്നവരെന്ന് നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടി”.

അല്ലാഹുവാണ് ലോകസൃഷ്ടാവും നിയന്താവുമെന്ന് ഖുർആനിൽ ഇടക്കിടെ അല്ലാഹു ഓർമ്മപെടുത്താറുണ്ട് - ഇലാഹും (ആരാധ്യൻ) റബ്ബും (രക്ഷിതാവ്) ആയ അവനെ ആരാധിച്ചും അനുസരിച്ചും ജീവിക്കുവാൻ ബാദ്ധ്യസ്ഥനാണ് അവന്റെ സൃഷ്ടികൾ എന്ന് ഓർമിപ്പിക്കുകയാണതിന്റെ ഉദ്ദേശ്യം. ഓരോരുത്തരുടെയും പ്രവർത്തനം അനുഭവത്തിൽ വരുത്തുമാറാക്കി അത് രേഖപെടുത്തുകയും തദടിസ്ഥാനത്തിൽ അവർക്ക് പ്രതിഫലം നൽകുകയുമാണ് പരീക്ഷണത്തിന്റെ ലക്ഷ്യം. മരണാനന്തരം പരലോകത്തുള്ള പ്രതിഫല നടപടിയെ നിഷേധിക്കുന്നവരെ പററിയാണ് തുടർന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത്.

മരണാന്തര ജീവിതത്തെ പററിയും പ്രതിഫല നടപടിയെ പററിയും പറയപെട്ടാൽ, പരലോക നിഷേധികൾ അതൊക്കെ തനി ജാല വിദ്യയാണ്, അല്ലെങ്കിൽ ആഭിചാരമാണ് എന്നിങ്ങനെ പറഞ്ഞു തള്ളി കളയുകയാണ് ചെയ്യുന്നത്. നിർണ്ണയിക്കപെട്ട ഒരു അവധി വരെ അവരുടെ ശിക്ഷ പിന്തിച്ചുവെങ്കിലാകട്ടെ, ആ നിഷേധികൾ, “ആ ശിക്ഷ ഇനിയും എന്താണ് വന്നെത്താത്തത്” എന്ന് പരിഹസിക്കുന്നതും കാണാം എന്നാൽ ആ ശിക്ഷ അവർ അനുഭവിക്കേണ്ടിവരിക തന്നെ ചെയ്യുമെന്നും അത് നീട്ടിവെക്കുവാനോ അതിൽ നിന്ന് ഒഴിഞ്ഞു പോകുവാനോ അവർക്കു കഴിയുകയില്ല എന്നും അല്ലാഹു അവർക്ക് താക്കീതു നൽകുന്നു.

أمّة (ഉമത്ത്) എന്ന പദം ഇവിടെ ‘കാലയളവു’ എന്ന അർത്ഥത്തിലാണ് പ്രയോഗിക്കപെട്ടിട്ടുള്ളതെങ്കിലും, ഖുർആനിൽ, പലയിടത്തും സന്ദർഭാനുസരണം മറ്റു അർത്ഥങ്ങളിലും പ്രയോഗപെട്ടിട്ടുള്ളതായി കാണാം. ഏതെങ്കിലും പ്രത്യേക മാർഗ്ഗത്തിലും സമ്പ്രദായത്തിലും യോജിക്കുന്ന ഒരു സമുദായം എന്നു സാധാരണയായും മാതൃകാനേതാവു(സൂ:നഹ്ൽ:120) എന്നും, മതവും നടപടി മാർഗ്ഗവും (സൂ:സുഖുറുഫ് : 23) എന്നും, ഒരു സംഘം ആളുകൾ (സൂ:ഖസ്വസ് :23) എന്നും, ഒരു വിഭാഗം ആളുകൾ (സൂ:അഅ്റാഫ് : 159) എന്നും, നബിമാരുടെ സമുദായങ്ങൾ (സൂ: യൂനുസ് :47 - സൂ:ആലു ഇംറാൻ :110) എന്നുമുള്ള അർത്ഥങ്ങളിൽ ഈ വാക്ക് പലയിടത്തായി ഖുർആനിൽ പ്രയോഗിക്കപെട്ടിട്ടുണ്ട്.

## വിഭാഗം 2

**വചനം 9,10,11**

9 നമ്മുടെ പക്കൽനിന്ന് വല്ല കാരുണ്യത്തെയും നാം മനുഷ്യന് ആസ്വദിപ്പിക്കുകയും, പിന്നീടതിനെ അവനിൽ നിന്ന് നാം നീക്കുകയും ചെയ്തുവെങ്കിൽ, നിശ്ചയമായും അവൻ, വളരെ നിരാശനും, നന്ദി കെട്ടവനുമായിരിക്കും.

وَلَئِنْ أَذَقْنَا ٱلْإِنسَٰنَ مِنَّا رَحْمَةً ثُمَّ نَزَعْنَٰهَا مِنْهُ إِنَّهُۥ لَيَـُٔوسٌ كَفُورٌ ٩

10 അവനെ ബാധിച്ച ഒരു ദുരിതത്തിനു ശേഷം, അവന് നാം ഒരനുഗ്രഹം ആസ്വദിപ്പിച്ചുവെങ്കിലാകട്ടെ, അവൻ നിശ്ചയമായും പറയും: “എന്നിൽനിന്ന് തിൻമകൾ പോയി (ക്കഴിഞ്ഞു)!” (അതെ,) നിശ്ചയമായും അവൻ, ആഹ്ളാദഭരിതനും, അഹങ്കാരിയുമായിരിക്കും;

وَلَئِنْ أَذَقْنَٰهُ نَعْمَآءَ بَعْدَ ضَرَّآءَ مَسَّتْهُ لَيَقُولَنَّ ذَهَبَ ٱلسَّيِّـَٔاتُ عَنِّىٓ ۚ إِنَّهُۥ لَفَرِحٌ فَخُورٌ ١٠

11 ക്ഷമിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അക്കൂട്ടർ- അവർക്ക് പാപമോചനവും, വലുതായ പ്രതിഫലവും ഉണ്ടായിരിക്കും.

إِلَّا ٱلَّذِينَ صَبَرُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ أُو۟لَٰٓئِكَ لَهُم مَّغْفِرَةٌ وَأَجْرٌ كَبِيرٌ ١١

---

സുഖത്തിലും സന്തോഷത്തിലും കഴിഞ്ഞു കൂടുന്നതിനിടയ്ക്കു വല്ല കഷ്ടതയും മനുഷ്യനെ ബാധിച്ചാൽ അവൻ നന്ദികെട്ടവനും നിരാശനും ആയിതീരുന്നു. നേരെ മറിച്ച് ബുദ്ധിമുട്ടിലും വിഷമത്തിലും കഴിയുന്നതിനിടയ്ക്ക് വല്ല അനുഗ്രഹവും സിദ്ധിച്ചാൽ അവനതിൽ മതിമറന്ന് ആഹ്ലാദിക്കുകയും ചെയ്യുന്നു-ക്ഷമാശീലനും സൽകർമ്മികളുമായ ആളുകൾ മാത്രമേ ഈ ദുർഗ്ഗുണങ്ങൾ തീണ്ടാത്തവരായിട്ടുള്ളു എന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

സത്യ വിശ്വാസിക്കൊരു സന്തോഷം ബാധിച്ചാൽ അവൻ നന്ദിയുള്ളനായിതീരും അതവന് ഗുണകരമായി തീരുന്നു അവനൊരു ദുരിതം ബാധിച്ചാൽ അവൻ ക്ഷമ കാണിക്കും-അതും അവന് ഗുണകരമായി തീരുന്നു-നബി വചനം

---

**വചനം 12**

12 (നബിയേ) നിനക്ക് 'വഹ്‌യു' (ദിവ്യസന്ദേശം) നൽകപ്പെടുന്നതിൽ ചിലത് നീ ഉപേക്ഷിക്കുന്നവനും, അതു മൂലം നിൻെറ നെഞ്ച് (ഹൃദയം) ഇടുങ്ങിയവനുമായേക്കും?! (അങ്ങിനെ ഉണ്ടാവരുത്) "ഇയാളുടെ (നബിയുടെ) മേൽ വല്ല നിക്ഷേപവും ഇറക്കപ്പെടുകയോ, ഇയാളുടെ കൂടെ വല്ല മലക്ക് വരുകയോ ചെയ്യാത്തതെന്താണ്" എന്ന് അവർ പറയുന്നതിനാൽ! നിശ്ചയമായും, നീ ഒരു താക്കീതുകാരൻ മാത്രമാകുന്നു. അല്ലാഹുവാകട്ടെ, എല്ലാ കാര്യത്തിലും (അധികാരം) ഏറ്റെടുത്തവനുമാകുന്നു.

فَلَعَلَّكَ تَارِكُۢ بَعۡضَ مَا يُوحَىٰٓ إِلَيۡكَ وَضَآئِقُۢ بِهِۦ صَدۡرُكَ أَن يَقُولُواْ لَوۡلَآ أُنزِلَ عَلَيۡهِ كَنزٌ أَوۡ جَآءَ مَعَهُۥ مَلَكٌۚ إِنَّمَآ أَنتَ نَذِيرٞۚ وَٱللَّهُ عَلَىٰ كُلِّ شَيۡءٖ وَكِيلٌ ١٢

---

നിഷേധത്തിൽ ശഠിച്ചു നിൽക്കുന്ന മുശ്‌രിക്കുകൾ "ഇയാൾ ഒരു ദൈവ ദൂതനാണെങ്കിൽ എന്തുകൊണ്ട് വല്ല നിക്ഷേപവും അയാൾക്ക് ഇറക്കപെടുന്നില്ല" എന്നും "ഇയാളുടെ കൂടെ വല്ല മലക്കും വരാത്തതെന്ത്" എന്നും മറ്റും നബി(സ) യെ പരിഹസിച്ചുകൊണ്ടിരുന്നു. ഇതുപോലെ വേറെയും പല കുതർക്കങ്ങളും അവർ ഉന്നയിച്ചിരുന്നതായി സൂ:ഫുർഖാൻ7,8 സൂ:ഇസ്രാഅ് 90,91,92,93 എന്നിവടങ്ങളിലും കാണാം. അവരുടെ ഇത്തരം വാദങ്ങൾ കാരണം നബി(സ)യുടെ മനസ്സ് വേദനിക്കരുതെന്നും പ്രബോധനത്തിൽ വല്ല അയവും വരുത്തരുതെന്നും അല്ലാഹു നബി(സ)യെ ഓർമ്മിപ്പിക്കുന്നു.നബി(സ) ഒരു താക്കീതുകാരൻ മാത്രമാണെന്നും അതിനു ശേഷമുള്ള കാര്യങ്ങളെല്ലാം അല്ലാഹു ഏററിട്ടുള്ളതാണെന്നും തിരുമേനിയെ അല്ലാഹു സമാധാനിപ്പിക്കുകയും ചെയ്യുന്നു.

---

**വചനം 13,14**

13 അതല്ല, അവർ പറയുന്നുവോ: "അവൻ ഇത് കെട്ടിച്ചമച്ചിരിക്കയാണ്" എന്ന്?! പറയുക: "എന്നാൽ ഇതുപോലെയുള്ള കെട്ടിച്ചമച്ചുണ്ടാക്കപ്പെട്ട ഒരു പത്ത് 'സൂറത്തു' (അദ്ധ്യായം) കൾ നിങ്ങൾ കൊണ്ടുവരുവിൻ; അല്ലാഹുവിനു പുറമെ, നിങ്ങൾക്ക് സാധ്യമായവരെ(യെല്ലാം) നിങ്ങൾ (സഹായത്തിന്) വിളിച്ചു കൊള്ളുവിൻ, നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ! (അതൊന്നു കാണാമല്ലോ!)

أَمۡ يَقُولُونَ ٱفۡتَرَىٰهُۖ قُلۡ فَأۡتُواْ بِعَشۡرِ سُوَرٖ مِّثۡلِهِۦ مُفۡتَرَيَٰتٖ وَٱدۡعُواْ مَنِ ٱسۡتَطَعۡتُم مِّن دُونِ ٱللَّهِ إِن كُنتُمۡ صَٰدِقِينَ ١٣

14 എന്നിട്ട് അവർ (നിങ്ങൾ വിളിക്കുന്നവർ) നിങ്ങൾക്ക് ഉത്തരം നൽകിയില്ലെങ്കിൽ നിങ്ങൾ അറിഞ്ഞുകൊള്ളണം: "അല്ലാഹുവിൻെറ അറിവോടെ മാത്രമാണത് അവതരിപ്പിക്കപ്പെട്ടിരിക്കുന്നതെന്നും, അവനല്ലാതെ ആരാധ്യനേ ഇല്ലെന്നും! അപ്പോൾ, നിങ്ങൾ അല്ലാഹുവിന് കീഴൊതുങ്ങുന്നവർ ആകുമോ?!"

فَإِلَّمۡ يَسۡتَجِيبُواْ لَكُمۡ فَٱعۡلَمُوٓاْ أَنَّمَآ أُنزِلَ بِعِلۡمِ ٱللَّهِ وَأَن لَّآ إِلَٰهَ إِلَّا هُوَۖ فَهَلۡ أَنتُم مُّسۡلِمُونَ ١٤

---

ഖുർആൻ ചിലരുടെ സഹായത്തോടെ മുഹമ്മദ് കെട്ടിച്ചമച്ചുണ്ടാക്കിയ ഒരു നുണയാണ് (സൂ:ഫുർഖാൻ:4 കാണുക) എന്നിങ്ങനെയുള്ള മുശ്‌രിക്കുകളുടെ ദുരാരോപണങ്ങൾക്കുള്ള മറുപടിയാണീ വചനങ്ങളിൽ:നിങ്ങളുടെ

ആരോപണം ശരിയാണെങ്കിൽ അല്ലാഹുവിന് പുറമെ നിങ്ങളുടെ ദൈവങ്ങളടക്കം സാധ്യമായവരെല്ലാം സഹായ ത്തിന് വിളിച്ച് കൂട്ടികൊണ്ട് ഖുർആന്റെ അദ്ധ്യായങ്ങൾക്ക് തുല്യമായ ഒരു പത്ത് അദ്ധ്യായങ്ങളെങ്കിലും കൊണ്ടു വരുവിൻ; അതിന് നിങ്ങൾക്ക് കഴിയുകയില്ലെന്നതു തീർച്ച തന്നെ; അതെ ഖുർആൻ അല്ലാഹുവിന്റെ അറിവോടെ അവൻ അവതരിപ്പിച്ചതാണെന്നു അതോടെ തെളിഞ്ഞു കഴിഞ്ഞാലെങ്കിലും ഖുർആനും തൗഹീദും അംഗീക രിച്ചു അല്ലാഹുവിന് കീഴൊതുങ്ങുവാൻ നിങ്ങൾ തയ്യാറുണ്ടോ?

മുശ്രിക്കുകളോടു ഇത്തരത്തിലുള്ള വെല്ലുവിളികൾ അല്ലാഹു സൂ:ഇസ്രാഅ് :88ലും ("വേറെ ഒരു ഖുർആൻ കൊണ്ടു വരുവിൻ") സൂ: അൽ ബഖറ:23,24 ലും സൂ:യൂനുസ്:38ലും ("ഒരു സൂറത്തെങ്കിലും കൊണ്ടു വരുവിൻ") നടത്തിയിട്ടുണ്ട്. ഇവയിൽ ഒരു വെല്ലുവിളിയും ഇന്നേ വരെ ആരും ഏറ്റെടുത്തിട്ടില്ല; മേലിലും അതിന് കഴിയുകയില്ല താനും.

**വചനം 15,16**

15 ആരെങ്കിലും ഐഹിക ജീവിതത്തെയും, അതിൻെറ അലങ്കാരത്തെയും ഉദ്ദേശിച്ചിരുന്നാൽ അവർക്ക് അവരുടെ പ്രവർത്തന(ഫല)ങ്ങളെ അതിൽ വെച്ചു നാം നിറവേറ്റിക്കൊടുക്കുന്ന താണ്: അവരാകട്ടെ, അതിൽ വെച്ചു നഷ്ട പ്പെടുത്തപ്പെടുകയുമില്ല.

16 പരലോകത്തുവെച്ച് നരകമല്ലാതെ (മറ്റൊന്നും) ഇല്ലാത്തവരത്രെ അക്കൂട്ടർ; അവർ പണിതത് (പ്രവർത്തിച്ചു) വെച്ചത് അവിടെ പൊളിഞ്ഞു പോകുകയും ചെയ്യും; അവർ പ്രവർത്തിച്ചു കൊണ്ടിരുന്നത് (അവിടെ) നിഷ്ഫല മായിരിക്കും.

مَن كَانَ يُرِيدُ ٱلْحَيَوٰةَ ٱلدُّنْيَا وَزِينَتَهَا نُوَفِّ إِلَيْهِمْ أَعْمَٰلَهُمْ فِيهَا وَهُمْ فِيهَا لَا يُبْخَسُونَ ﴿١٥﴾

أُو۟لَٰٓئِكَ ٱلَّذِينَ لَيْسَ لَهُمْ فِى ٱلْءَاخِرَةِ إِلَّا ٱلنَّارُ ۖ وَحَبِطَ مَا صَنَعُوا۟ فِيهَا وَبَٰطِلٌ مَّا كَانُوا۟ يَعْمَلُونَ ﴿١٦﴾

---

ഐഹിക ജീവിതത്തെയും അതിലെ അലങ്കാരങ്ങളെയും ഉദ്ദേശിച്ചുകൊണ്ടു പാരത്രിക നന്മയെ അവഗ ണിക്കുന്നവർക്ക് അവരുടെ കർമ്മങ്ങളുടെ ഫലം ഈ ലോകത്ത് വെച്ച് തന്നെ അല്ലാഹു അവർക്ക് കൊടുത്ത് തീർക്കുന്നതാണ്. പരലോകത്ത് നരക ശിക്ഷ മാത്രമായിരിക്കും അവർക്കാധാരം. പരലോക വിശ്വാസമില്ലാത്ത വർക്കും വിശ്വസിക്കുന്നതോടൊപ്പം ഐഹിക നേട്ടങ്ങൾക്ക് പാരത്രിക നേട്ടങ്ങളേക്കാൾ പ്രാധാന്യം കൽപിക്കു ന്നവർക്കും അല്ലാഹുവിന്റെ ഈ താക്കീതു ബാധകമാകുന്നു.

ഇതേ ആശയം ഉൾക്കൊള്ളുന്ന താക്കീതുകൾ അല്ലാഹു ഖുർആനിൽ പലയിടത്തും മനുഷ്യർക്ക് നൽകി യിട്ടുണ്ട് (സൂ: ഇസ്രാഅ് 18,19,20; സൂ:ശൂറാ 20; സൂ:അഹ്ഖാഫു 20 എന്നിവടങ്ങളിൽ നോക്കുക) ഉദ്ദേശങ്ങൾക്ക നുസരിച്ചായിരിക്കും കർമ്മങ്ങൾ കണക്കാക്കപെടുന്നതെന്നും ഓരോരുത്തന്നും അവൻ ഉദ്ദേശിച്ചതാണ് ലഭിക്കു ന്നതെന്നും ഹദീസിൽ വന്നിട്ടുള്ളതും ശ്രദ്ധേയമത്രെ.

വായു, വെള്ളം, ഭക്ഷണം, ആരോഗ്യം, ധനം, പ്രശസ്തി എന്നിങ്ങനെ കണക്കറ്റ അനുഗ്രഹങ്ങൾ നല്ലവരെന്നോ,ചീത്തയാൾക്കാരെന്നോ വ്യത്യാസം കൂടാതെ ഈ ലോകത്ത് അല്ലാഹു അവൻ ഉദ്ദേശിച്ച തോതിൽ നൽകി വരുന്നു.പരലോകത്തെ ലക്ഷ്യമാക്കാത്തവരുടെ അനുഗ്രഹങ്ങൾ അതോടെ അവസാനിക്കുന്നതും പര ലോകത്ത് അക്കൂട്ടർക്ക് ശിക്ഷ മാത്രം ബാക്കിയാകുന്നതുമാണ്.നേരെ മറിച്ച് പരലോകം ലക്ഷ്യമാക്കി പ്രവർത്തി ക്കുന്ന സജ്ജനങ്ങൾക്ക് പരലോകത്തും വമ്പിച്ച അനുഗ്രഹങ്ങൾ ലഭിക്കുന്നതുമാണ്.

---

**വചനം 17**

17 അപ്പോൾ യാതൊരുവനോ? അവൻ തൻെറ റബ്ബിങ്കൽനിന്നും വ്യക്തമായ ഒരു തെളി വോടെയാകുന്നു; അവങ്കൽ (റബ്ബിങ്കൽ) നിന്നുള്ള ഒരു സാക്ഷി അതിനെ തുടർ ന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു; (കൂടാതെ) അതിനു മുമ്പായി മാതൃക (വഴികാട്ടി)യും, കാരുണ്യവുമായിക്കൊണ്ട് മൂസായുടെ (വേദ)

أَفَمَن كَانَ عَلَىٰ بَيِّنَةٍ مِّن رَّبِّهِۦ وَيَتْلُوهُ شَاهِدٌ مِّنْهُ وَمِن قَبْلِهِۦ كِتَٰبُ مُوسَىٰٓ إِمَامًا وَرَحْمَةً ۚ أُو۟لَٰٓئِكَ يُؤْمِنُونَ بِهِۦ ۚ وَمَن يَكْفُرْ بِهِۦ مِنَ ٱلْأَحْزَابِ فَٱلنَّارُ مَوْعِدُهُۥ ۚ فَلَا تَكُ فِى مِرْيَةٍ

مِّنْهُ ۚ إِنَّهُ ٱلْحَقُّ مِن رَّبِّكَ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يُؤْمِنُونَ ﴿١٧﴾

ഗ്രന്ഥമുണ്ടുതാനും. (ഇവനുണ്ടോ ഐഹിക ജീവിതത്തെ ലക്ഷ്യമാക്കുന്നവനെപ്പോലെ ഖുര്‍ആനില്‍ അവിശ്വസിക്കുന്നു?!) (ഇങ്ങിനെയുള്ള) അക്കൂട്ടര്‍ ഇതില്‍ (ഖുര്‍ആനില്‍) വിശ്വസിക്കുന്നതാണ്. കക്ഷികളില്‍നിന്ന് ഇതില്‍ ആര്‍ അവിശ്വസിക്കുന്നുവോ, എന്നാല്‍ നരകമത്രെ അവന്‍െറ വാഗ്ദത്ത സ്ഥാനം. ആകയാല്‍, നീ ഇതിനെ സംബന്ധിച്ച് യാതൊരു സന്ദേഹത്തിലും ആയിരിക്കരുത്; നിശ്ചയമായും, ഇത് നിന്‍െറ റബ്ബിങ്കല്‍നിന്നുള്ള യഥാര്‍ത്ഥമത്രെ. എങ്കിലും, മനുഷ്യരില്‍ അധികപേരും വിശ്വസിക്കുന്നില്ല.

---

മനുഷ്യന്‍ സ്വതവേ തന്നെ രക്ഷിതാവിങ്കല്‍ നിന്ന് ലഭിച്ചിട്ടുള്ള ചിന്താശക്തി, വിവേചന ബുദ്ധി, സത്യം സ്വീകരിക്കാനുള്ള നൈസര്‍ഗിക ബോധം മുതലായ ചില തെളിവുകളോടെയാണ് നിലകൊള്ളുന്നത്. അല്ലാഹുവിങ്കല്‍ നിന്നുള്ള ഖുര്‍ആനാകുന്ന ഒരു സാക്ഷിയും അതിനെ പിന്‍താങ്ങി അവയെ ശക്തിപെടുത്തുന്നു. മാത്രമല്ല അതിനു മുമ്പ് തന്നെ പിന്‍പറ്റുവാനും മാതൃകയാക്കാനും പര്യാപ്തമായ മൂസാ(അ) നബിക്ക് അവതരിച്ചിട്ടുള്ള തൗറാത്താകുന്ന വേദഗ്രന്ഥവും നിലവിലുണ്ട്.അതാകട്ടെ ഖുര്‍ആന്റെ സിദ്ധാന്തങ്ങളെ സത്യപെടുത്തുകയും ചെയ്യുന്നു. ഈ വസ്തുതകളെ യാഥാര്‍ത്യബോധത്തോടെ വിലയിരുത്തുന്ന ആളുകള്‍ ഖുര്‍ആനിലും അതിന്റെ സിദ്ധാന്തങ്ങളിലും വിശ്വസിക്കുക തന്നെ ചെയ്യും.എന്നാല്‍ അഹന്ത, ദുര്‍വാശി, അന്ധവിശ്വാസം, ചിന്താവിഹീനത എന്നിവ കൈമുതലായിട്ടുള്ള, ഐഹിക ജീവിതം മാത്രം ലക്ഷ്യമാക്കുന്ന അധിക മനുഷ്യരും റബ്ബിങ്കല്‍ നിന്നുള്ള യാഥാര്‍ത്ഥ്യത്തിന് നേരെ കണ്ണടക്കുന്നവരാകുന്നു-അവര്‍ ഒരിക്കലും വിശ്വസിക്കുകയില്ല;കത്തിയെരിയുന്ന നരകമത്രേ അവര്‍ക്കാധാരം.

**بيّنة** (തെളിവു) **شاهد** (സാക്ഷി) എന്നീ വാക്കു കള്‍ കൊണ്ടുള്ള വിവക്ഷ മേല്‍ വിവരിച്ചതില്‍ നിന്നും മനസ്സിലായല്ലോ. വെറെ നിലക്കും ആ വാക്കുകള്‍ക്ക് ഇവിടെ നിവക്ഷ നല്‍കപെട്ടിട്ടുണ്ട്.കൂടുതല്‍ യുക്തമായി തോന്നിയ അഭിപ്രായമനുസരിച്ചാണ് ഈ വിവരണം സ്വീകരിക്കപെട്ടിട്ടുള്ളത്.

---

<u>വചനം 18,19</u>

وَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا ۚ أُو۟لَٰٓئِكَ يُعْرَضُونَ عَلَىٰ رَبِّهِمْ وَيَقُولُ ٱلْأَشْهَٰدُ هَٰٓؤُلَآءِ ٱلَّذِينَ كَذَبُوا۟ عَلَىٰ رَبِّهِمْ ۚ أَلَا لَعْنَةُ ٱللَّهِ عَلَى ٱلظَّٰلِمِينَ ﴿١٨﴾

ٱلَّذِينَ يَصُدُّونَ عَن سَبِيلِ ٱللَّهِ وَيَبْغُونَهَا عِوَجًا وَهُم بِٱلْءَاخِرَةِ هُمْ كَٰفِرُونَ ﴿١٩﴾

18 ആരാണ്, അല്ലാഹുവിന്‍െറ പേരില്‍ വ്യാജം കെട്ടിച്ചമച്ചവനെക്കാള്‍ അക്രമിയായുള്ളവന്‍?! (ആരുമില്ല) അക്കൂട്ടര്‍, തങ്ങളുടെ റബ്ബിങ്കല്‍ പ്രദര്‍ശിപ്പിക്ക (ഹാജറാക്ക)പ്പെടുന്നതാണ്; സാക്ഷികള്‍ പറയുകയും ചെയ്യും: “ഇക്കൂട്ടര്‍ അല്ലാഹുവിന്‍െറ പേരില്‍ വ്യാജം പറഞ്ഞവരാകുന്നു. അല്ലാ! (അറിഞ്ഞേക്കുക:) അല്ലാഹുവിന്‍െറ ശാപം അക്രമികളുടെ മേലുണ്ടാവട്ടെ;

19 അതായത്, അല്ലാഹുവിന്‍െറ മാര്‍ഗ്ഗത്തില്‍ നിന്ന് തടയുകയും, അതിന് വക്രത(യുണ്ടാവണമെന്ന്) ആഗ്രഹിക്കുകയും ചെയ്യുന്നവരുടെ (മേല്‍); അവരാകട്ടെ-പരലോകത്തില്‍ അവിശ്വസിച്ചവരുമാണവര്‍.”

---

അല്ലാഹുവിന്റെ പേരില്‍ കള്ളം കെട്ടിപറഞ്ഞു കൊണ്ടിരുന്ന ആളുകള്‍ മഹ്ശര്‍ മഹാ സമ്മേളനത്തില്‍ ഹാജരാക്കപ്പെടുമ്പോള്‍ അല്ലാഹു അവര്‍ ചെയ്തു കൂട്ടിയ അക്രമങ്ങളും അനീതിയും അവിടെ പരസ്യപെടുത്തുകയും അവര്‍ ശപിക്കപെട്ടവരായി പ്രഖ്യാപിക്കപ്പെടുകയും ചെയ്യുന്നതാണ്. അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ നിന്നും

സ്വയം തെറ്റിപോകുക മറ്റുള്ളവരെ തെറ്റിപ്പിക്കുക സത്യമാർഗ്ഗത്തെ കൊള്ളരുതാത്തതായി ചിത്രീകരിക്കുക എന്നിങ്ങനെയുള്ള അവരുടെ ദുഷ് പ്രവർത്തികൾ അവിടെ പരസ്യപെടുത്തുന്നതാണ്.

"സാക്ഷികൾ" എന്ന് പറഞ്ഞതിൽ മലക്കുകൾ,പ്രവാചകന്മാർ,സജ്ജനങ്ങൾ എന്നിവരെല്ലാം ഉൾപെടുമായിരിക്കും,സ്വന്തം അവയവങ്ങൾ പോലും പാപികൾക്കെതിരായി സാക്ഷി പറയുന്നതാണ് (സൂ:ഹാ -മീം-സജദ:20;സൂ:യാസീൻ:65)

അഹ്മദ്, ബുഖാരി, മുസ്ലിം(റ) എന്നിവർ ഉദ്ധരിച്ച ഒരു ഹദീസിന്റെ സാരം ഇപ്രകാരമാകുന്നു: വിചാരണ നാളിൽ സത്യവിശ്വാസിയെ അല്ലാഹു അടുത്ത് വരുത്തികൊണ്ട് അവന്റെ പാപങ്ങളെ ഓരോന്നായി അവനെകൊണ്ട് ഏറ്റു പറയിപ്പിക്കുന്നതാണ്- താൻ നാശത്തിൽ പതിച്ചു(ശിക്ഷക്കർഹനായി) എന്നവന് മനസ്സിൽ തോന്നുന്ന ആ സന്ദർഭത്തിൽ അല്ലാഹു "ഇഹത്തിൽ വെച്ച് അവയെ മറ്റുള്ളവർ കാണാതെ നിനക്ക് ഞാൻ മറച്ച് തന്നു: ഇന്ന് നിനക്ക് ഞാൻ അവയെ പൊറുത്തു തരുന്നു" എന്ന് പറഞ്ഞുകൊണ്ട് ആ സത്യ വിശ്വാസിയുടെ നന്മകൾ രേഖപെടുത്തിയ ഗ്രന്ഥം അവന് നൽകപെടുന്നതാണ്.

"ഇക്കൂട്ടർ അല്ലാഹുവിന്റെ പേരിൽ കളവു പറഞ്ഞവരാണ്; അല്ലാ അറിഞ്ഞേക്കുക-അല്ലാഹുവിന്റെ ശാപം അക്രമികളുടെ പേരിലുണ്ടാകട്ടെ" - ഈ വചനത്തിലെ അക്രമികളെ പററി അല്ലാഹു തുടർന്ന് പറയുന്നു.

**വചനം 20**

أُوْلَٰٓئِكَ لَمۡ يَكُونُواْ مُعۡجِزِينَ فِي ٱلۡأَرۡضِ وَمَا كَانَ لَهُم مِّن دُونِ ٱللَّهِ مِنۡ أَوۡلِيَآءَۘ يُضَٰعَفُ لَهُمُ ٱلۡعَذَابُۚ مَا كَانُواْ يَسۡتَطِيعُونَ ٱلسَّمۡعَ وَمَا كَانُواْ يُبۡصِرُونَ ﴿٢٠﴾

20 അക്കൂട്ടർ, ഭൂമിയിൽവെച്ച് (അല്ലാഹുവിനെ) അശക്തരാ(ക്കി തോൽപി)ക്കുന്നവരായിരുന്നില്ല; അല്ലാഹുവിനെ കൂടാതെ അവർക്ക് യാതൊരു രക്ഷാകർത്താക്കളും ഉണ്ടായിരുന്നുമില്ല. അവർക്ക് ശിക്ഷ ഇരട്ടിയായി നൽകപ്പെടുന്നതാണ്. അവർക്ക് കേൾക്കുവാൻ സാധ്യമായിരുന്നില്ല; അവർ കണ്ടറിഞ്ഞിരുന്നതുമില്ല.

---

വല്ല അഭയമോ സഹായമോ സമ്പാദിച്ച് കൊണ്ട് അല്ലാഹുവിന്റെ പിടിയിൽ പെടാതെ അവനെ തോൽപിച്ച് രക്ഷപെടുമാറുള്ള രക്ഷാകർത്താക്കളൊന്നും ഭൂമിയിൽ ആ അക്രമികൾക്കുണ്ടായിരിക്കുന്നത് കൊണ്ടൊന്നുമല്ല ഇഹലോകത്ത്വെച്ച് അല്ലാഹു അവരെ ശിക്ഷിക്കാതിരുന്നത്. ശിക്ഷാ നടപടി പരലോകത്ത് വെച്ചായിരിക്കുമെന്നുള്ള അവന്റെ നിശ്ചയം അനുസരിച്ചാകുന്നു അത്. അവരുടെ കുറ്റത്തിന്റെ ഗൗരവത്തിനനുസരിച്ച് അവർക്ക് ഇരട്ടിയായി ശിക്ഷ നൽകപെടുന്നതാണ്-മറ്റുള്ളവരെ കൂടി വഴി തെറ്റിക്കുന്നവരായിരുന്നല്ലോ അവർ.

---

**വചനം 21,22**

أُوْلَٰٓئِكَ ٱلَّذِينَ خَسِرُوٓاْ أَنفُسَهُمۡ وَضَلَّ عَنۡهُم مَّا كَانُواْ يَفۡتَرُونَ ﴿٢١﴾

21 അക്കൂട്ടരത്രെ, തങ്ങളെത്തന്നെ (സ്വയം) നഷ്ടപ്പെടുത്തിയവർ. അവർ കെട്ടിച്ചമച്ചിരുന്നത് (എല്ലാം) അവരെ വിട്ടു തെറ്റി (മറഞ്ഞു) പോകുകയും ചെയ്യുന്നതാണ്.

لَا جَرَمَ أَنَّهُمۡ فِي ٱلۡأٓخِرَةِ هُمُ ٱلۡأَخۡسَرُونَ ﴿٢٢﴾

22 നിസ്സംശയമത്രെ, അവർ തന്നെയാണ് പരലോകത്തിൽ ഏറ്റവും നഷ്ടക്കാർ എന്നുള്ളത്!

---

അവിശ്വാസികളായ അക്രമകാരികളുടെ പര്യവസാനത്തെ പറ്റി വിവരിച്ച ശേഷം,സത്യവിശ്വാസികളായ സൽകർമ്മികളുടെ പ്രതിഫലത്തെ പറ്റി തുടർന്ന് അല്ലാഹു വിവരിക്കുന്നു.

---

**വചനം 23**

إِنَّ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ وَأَخۡبَتُوٓاْ إِلَىٰ رَبِّهِمۡ أُوْلَٰٓئِكَ أَصۡحَٰبُ ٱلۡجَنَّةِۖ هُمۡ فِيهَا خَٰلِدُونَ ﴿٢٣﴾

23 നിശ്ചയമായും, വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും, തങ്ങളുടെ റബ്ബിങ്കലേക്ക് (മടങ്ങി) വിനയപ്പെടുകയും ചെയ്തിട്ടുള്ളവർ, അക്കൂട്ടർ-സ്വർഗ്ഗത്തിൻെറ ആൾക്കാരാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും.

വിശ്വസിക്കുകയും സല്‍ക്കര്‍മ്മങ്ങള്‍ പ്രവര്‍ത്തിക്കുകയും ചെയ്തിട്ടുള്ളവര്‍ക്ക് അല്ലാഹു സ്വര്‍ഗ്ഗം വാഗ്ദാനം നല്‍കുന്നു-അവരതില്‍ നിത്യവാസികളുമായിരിക്കും.

**വചനം 24**

۞ مَثَلُ ٱلۡفَرِيقَيۡنِ كَٱلۡأَعۡمَىٰ وَٱلۡأَصَمِّ وَٱلۡبَصِيرِ وَٱلسَّمِيعِۚ هَلۡ يَسۡتَوِيَانِ مَثَلًاۚ أَفَلَا تَذَكَّرُونَ ﴿٢٤﴾

24 (ഈ) രണ്ടു കൂട്ടരുടെയും ഉപമ, അന്ധനും ബധിരനും, കാണുന്നവനും കേള്‍ക്കുന്നവനും(എന്ന)പോലെയാകുന്നു. ഇവര്‍ (രണ്ടു കൂട്ടരും) ഉപമയില്‍ സമമാകുമോ?! അപ്പോള്‍, നിങ്ങള്‍ ആലോചിച്ചു നോക്കുന്നില്ലേ?!

ഈ വചനത്തില്‍ അല്ലാഹു അവിശ്വാസികളെ അന്ധനോടും ബധിരനോടും , വിശ്വാസികളെ കാഴ്ചയും കേള്‍വിയും ഉള്ളവരോടും ഉപമിച്ചിരിക്കുന്നു. തുടര്‍ന്ന്, ഇവര്‍ രണ്ട് കൂട്ടരും സമമാകുകയില്ലെന്നും, അല്ലാഹു പ്രസ്താവിക്കുന്നു.

## വിഭാഗം 3

തുടര്‍ന്നുള്ള വചനങ്ങള്‍ മുന്‍പ്രബോധകരുടെയും അവരുടെ സമുദായങ്ങളുടെയും ചരിത്രം അല്ലാഹു വിവരിക്കുന്നു.

**വചനം 25, 26, 27**

وَلَقَدۡ أَرۡسَلۡنَا نُوحًا إِلَىٰ قَوۡمِهِۦٓ إِنِّي لَكُمۡ نَذِيرٞ مُّبِينٌ ﴿٢٥﴾

أَن لَّا تَعۡبُدُوٓاْ إِلَّا ٱللَّهَۖ إِنِّيٓ أَخَافُ عَلَيۡكُمۡ عَذَابَ يَوۡمٍ أَلِيمٖ ﴿٢٦﴾

فَقَالَ ٱلۡمَلَأُ ٱلَّذِينَ كَفَرُواْ مِن قَوۡمِهِۦ مَا نَرَىٰكَ إِلَّا بَشَرٗا مِّثۡلَنَا وَمَا نَرَىٰكَ ٱتَّبَعَكَ إِلَّا ٱلَّذِينَ هُمۡ أَرَاذِلُنَا بَادِيَ ٱلرَّأۡيِ وَمَا نَرَىٰ لَكُمۡ عَلَيۡنَا مِن فَضۡلِۭ بَلۡ نَظُنُّكُمۡ كَٰذِبِينَ ﴿٢٧﴾

25 നൂഹിനെ അദ്ദേഹത്തിന്‍റെ ജനതയിലേക്ക് നാം അയക്കുകയുണ്ടായി; (അദ്ദേഹം പറഞ്ഞു:) "നിശ്ചയമായും, ഞാന്‍ നിങ്ങള്‍ക്ക് സ്പഷ്ടമായ ഒരു താക്കീതുകാരനാകുന്നു;

26 (അതായത്) നിങ്ങള്‍ അല്ലാഹുവിനെയല്ലാതെ ആരാധിക്കരുതെന്ന്. വേദനയേറിയ ഒരു ദിവസത്തിലെ ശിക്ഷയെ നിങ്ങളുടെ മേല്‍ ഞാന്‍ ഭയപ്പെടുന്നു."

27 അപ്പോള്‍, അദ്ദേഹത്തിന്‍റെ ജനതയില്‍നിന്ന് അവിശ്വസിച്ചവരായ പ്രധാനികള്‍ പറഞ്ഞു: "ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനായിട്ടല്ലാതെ നിന്നെ ഞങ്ങള്‍ കാണുന്നില്ല; ഞങ്ങളില്‍ ഏററവും താണവരായുള്ളവരല്ലാതെ-(അതും)പ്രഥമ വീക്ഷണത്തില്‍ (ചിന്തിക്കാതെ)- നിന്നെ (ആരും) പിന്‍പററിയതായി ഞങ്ങള്‍ കാണുന്നുമില്ല; ഞങ്ങളെക്കാള്‍ നിങ്ങള്‍ക്ക് വല്ല ശ്രേഷ്ഠതയും (ഉള്ളതായും) ഞങ്ങള്‍ കാണുന്നില്ല. എന്നല്ല, നിങ്ങളെ വ്യാജം പറയുന്നവരായാണ് ഞങ്ങള്‍ കരുതുന്നത്."

ഒന്നാമത്തെ സമുദായമായ നൂഹ്(അ) നബി, അദ്ദേഹത്തിന്‍റെ ജനതയെ തൗഹീദിലേക്ക് ക്ഷണിച്ചപ്പോള്‍ അവരിലെ സത്യനിഷേധികളായ പ്രമാണി വര്‍ഗ്ഗം അഹങ്കാരവും ദുരഭിമാനവും പ്രകടിപ്പിക്കുകയാണുണ്ടായത്.

നീ ഞങ്ങളെ പോലെ ഒരു മനുഷ്യന്‍ മാത്രമാണെന്നായിരുന്നു, അവരുടെ ഒന്നാമത്തെ ആരോപണം മനുഷ്യരെ ഉപദേശിക്കുവാന്‍ മനുഷ്യനല്ലാതെ പററുകയില്ലെന്നും, മലക്ക് ഉപദേശകനായി നിയോഗിക്കപ്പെടുന്നത് ഫലപ്രദമായിരിക്കുകയില്ലെന്നും അവര്‍ മനസ്സിലാക്കിയില്ല.

താണ തരക്കാരായ ആളുകളാണ് അദ്ദേഹത്തെ പിന്‍പററിയിരിക്കുന്നത്, അതും ശരിക്കും ആലോചിക്കാതെ എന്നായിരുന്നു അടുത്ത ആരോപണം. പ്രമാണി വര്‍ഗ്ഗത്തിന്‍റെ ആഹന്തയും ദുരഭിമാനവും സത്യം സ്വീക

രിക്കുന്നതിന് അവർക്ക് ഒരു വിലങ്ങു തടിയായി നിലകൊണ്ടു. മാത്രമല്ല, മിക്കവാറും എല്ലായ്പോഴും സത്യം സ്വീകരിക്കുവാൻ ആദ്യം മുന്നോട്ട് വരുക സ്വാർത്ഥതകളൊന്നും തീണ്ടിയിട്ടില്ലാത്ത സാധാരണക്കാരും ദുർബല വിഭാഗക്കാരുമായ ജനങ്ങളുമായിരിക്കുമല്ലോ.

റോമാ ചക്രവർത്തിയായ ഹിറഖ്‌ലിയൂസിനെ ഇസ്ലാമിലേക്ക് ക്ഷണിച്ച് കൊണ്ടു നബി(സ) തിരുമേനി യുടെ കത്ത് കിട്ടിയ അവസരത്തൽ അദ്ദേഹം, അപ്പോൾ ശാമിലുണ്ടായിരുന്ന അബു സുഫ്യാനെ(റ) വിളിപ്പിച്ച്, നബി(സ) യെ പററി പലതും അന്വേഷിച്ചറിഞ്ഞ കൂട്ടത്തിൽ, തിരുമേനിയെ പിൻ പററിക്കൊണ്ടിരിക്കുന്നത് പ്രമാണി വിഭാഗമൊ, ദുർബ്ബല വിഭാഗമൊ എന്ന് ചോദിക്കുകയുണ്ടായി. ദുർബല വിഭാഗങ്ങളിൽ പെട്ടവരാണെന്നായി രുന്നു അബൂ സുഫുയാന്റെ(റ) മറുപടി : പ്രവാചകൻമാരുടെ അനുയായികൾ അങ്ങനെ തന്നെ ആയിരിക്കുമെന്ന് അപ്പോൾ ഹിറഖ്‌ലിയൂസ് പറയുകയുണ്ടായി.

ഏതൊരു റസൂലിനെയും അയക്കുമ്പോൾ, അതത് നാട്ടിലെ സുഖലോലുപൻമാരായ ആളുകൾ തങ്ങ ളുടെ പൂർവ്വാചാരങ്ങളെ കൈവിടുവാൻ വിസമ്മതിക്കാതിരുന്നിട്ടില്ല എന്ന് അല്ലാഹു തന്നെ സൂ : സുഖുറുഫ് : 23 ൽ പ്രസ്താവിച്ചിട്ടുള്ളതാണ്.

നൂഹ്(അ) നബിക്കും അദ്ദേഹത്തിൽ വിശ്വസിച്ചവർക്കും, തങ്ങളെക്കാൾ ശ്രേഷ്ഠത കുറവാണെന്നായി രുന്നു സത്യനിഷേധികളുടെ മറെറാരു ആരോപണം അവരെ സംബന്ധിച്ചേടത്തോളം, ധനം, പ്രതാപം എന്നീ ഭൗതിക നേട്ടങ്ങളായിരുന്നു ശ്രേഷ്ഠതയുടെ അളവു കോൽ - അല്ലാതെ, സാന്മാർഗ്ഗിക നിഷ്ഠ, ആത്മീയ വിശുദ്ധി എന്നിങ്ങനെയുള്ള ഉന്നത ഗുണവിശേഷങ്ങളായിരുന്നില്ല.

---

**വചനം 28**

قَالَ يَٰقَوۡمِ أَرَءَيۡتُمۡ إِن كُنتُ عَلَىٰ بَيِّنَةٖ مِّن رَّبِّي وَءَاتَىٰنِي رَحۡمَةٗ مِّنۡ عِندِهِۦ فَعُمِّيَتۡ عَلَيۡكُمۡ أَنُلۡزِمُكُمُوهَا وَأَنتُمۡ لَهَا كَٰرِهُونَ ٢٨

28 അദ്ദേഹം പറഞ്ഞു: "എൻെറ ജനങ്ങളേ, നിങ്ങൾ കണ്ടുവോ (പറയുവിൻ): ഞാൻ എൻെറ റബ്ബിങ്കൽ നിന്നുള്ള വ്യക്തമായ തെളിവോടെ ആയിരിക്കുകയും, അവൻെറ പക്കൽനിന്നുള്ള ഒരു കാരുണ്യം എനിക്ക് അവൻ നൽകിയി രിക്കുകയുമാണെങ്കിൽ,- എന്നിട്ട്, നിങ്ങൾക്കത് (കണ്ടറിയുവാൻ കഴിയാതെ) അന്ധമാക്ക പ്പെടുകയും ചെയ്തിരിക്കുന്നു (വെങ്കിൽ എന്തു ചെയ്യും)?! നിങ്ങൾ അതിനെ വെറുക്കുന്ന വരായിരിക്കെ, അതിന് നിങ്ങളെ ഞങ്ങൾ നിർബ്ബന്ധം ചെലുത്തുകയോ?!"

---

തെളിവ് വളരെ വ്യക്തമായിരുന്നിട്ടും, നിങ്ങളത് കണ്ട് മനസ്സിലാക്കുന്നില്ലെങ്കിൽ, നിങ്ങളതിനെ വെറുക്കു കയാണെങ്കിൽ നിങ്ങൾ വിശ്വസിച്ചേ തീരൂ ഞങ്ങൾ നിങ്ങളെ നിർബന്ധിക്കുന്നില്ല എന്ന് ആ സത്യനിഷേധിക ളോട് നൂഹ്(അ) നബി പറഞ്ഞു.

"അവന്റെ പക്കൽ നിന്നുള്ള കാരുണ്യം" എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിൽ നിന്ന് നൂഹ്(അ) നബിക്ക് ലഭിച്ച പ്രവാചകത്വവും ദിവ്യ സന്ദേശങ്ങളുമാകുന്നു.

---

**വചനം 29, 30, 31**

وَيَٰقَوۡمِ لَآ أَسۡـَٔلُكُمۡ عَلَيۡهِ مَالًاۖ إِنۡ أَجۡرِيَ إِلَّا عَلَى ٱللَّهِۚ وَمَآ أَنَا۠ بِطَارِدِ ٱلَّذِينَ ءَامَنُوٓاْۚ إِنَّهُم مُّلَٰقُواْ رَبِّهِمۡ وَلَٰكِنِّيٓ أَرَىٰكُمۡ قَوۡمٗا تَجۡهَلُونَ ٢٩

29 "എൻെറ ജനങ്ങളേ, ഇതിൻെറ (ഈ പ്രബോധനത്തിൻെറ) പേരിൽ ഞാൻ നിങ്ങളോട് (പ്രതിഫലമായി) യാതൊരു ധനവും ചോദി ക്കുന്നില്ല. എൻെറ പ്രതിഫലം അല്ലാഹുവിൻെറ മേലല്ലാതെ (ബാധ്യത) ഇല്ല. ഞാൻ വിശ്വസി ച്ചവരെ ആട്ടിക്കളയുന്നവനല്ലതാനും. (കാരണം) അവർ തങ്ങളുടെ റബ്ബുമായി കണ്ടു മുട്ടുന്നവരാകുന്നു. എങ്കിലും ഞാൻ, നിങ്ങളെ അറിഞ്ഞു കൂടാത്ത ഒരു (മൂഢ) ജനതയായി കാണുന്നു."

30 “എൻെറ ജനങ്ങളേ, ഞാനവരെ ആട്ടിവിട്ടാൽ, ആരാണ് അല്ലാഹുവിൽ നിന്ന് എന്നെ സഹായി(ച്ചു രക്ഷി)ക്കുന്നത്?! അപ്പോൾ, നിങ്ങൾ (ഒട്ടും) ആലോചിച്ചു നോക്കുന്നില്ലേ?!”

وَيَٰقَوْمِ مَن يَنصُرُنِى مِنَ ٱللَّهِ إِن طَرَدتُّهُمْ ۚ أَفَلَا تَذَكَّرُونَ ﴿٣٠﴾

31 “(ജനങ്ങളേ) അല്ലാഹുവിൻെറ ഖജനാക്കൾ എൻെറ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നുമില്ല; ഞാൻ അദൃശ്യകാര്യം അറിയുകയുമില്ല; ഞാൻ ഒരു മലക്കാണെന്ന് ഞാൻ പറയുന്നുമില്ല; നിങ്ങളുടെ കണ്ണുകൾ അവഗണിച്ചു (നിസ്സാരമാക്കി) കൊണ്ടിരിക്കുന്നവരെക്കുറിച്ച് “അവർക്ക് അല്ലാഹു ഒരു ഗുണവും നൽകുന്നതേയല്ല” എന്നും ഞാൻ പറയുന്നില്ല. അവരുടെ സ്വന്തങ്ങളിൽ (അഥവാ മനസ്സുകളിൽ) ഉള്ളതിനെപ്പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്. നിശ്ചയമായും ഞാൻ (അങ്ങിനെ പറഞ്ഞാൽ) അപ്പോൾ അക്രമികളിൽ പെട്ടവൻ തന്നെയായിരിക്കും.”

وَلَآ أَقُولُ لَكُمْ عِندِى خَزَآئِنُ ٱللَّهِ وَلَآ أَعْلَمُ ٱلْغَيْبَ وَلَآ أَقُولُ إِنِّى مَلَكٌ وَلَآ أَقُولُ لِلَّذِينَ تَزْدَرِىٓ أَعْيُنُكُمْ لَن يُؤْتِيَهُمُ ٱللَّهُ خَيْرًا ۖ ٱللَّهُ أَعْلَمُ بِمَا فِىٓ أَنفُسِهِمْ ۖ إِنِّىٓ إِذًا لَّمِنَ ٱلظَّٰلِمِينَ ﴿٣١﴾

ആ ജനതയുടെ ആരോപണങ്ങൾക്കും കുതർക്കങ്ങൾക്കും നൂഹ്(അ) നബി നൽകിയ മറുപടിയാണീ വചനങ്ങളിൽ. അതിലടങ്ങിയ ആശയങ്ങൾ വളരെ വ്യക്തമാണ്. അവയിൽ താഴെ കാണുന്ന പാഠങ്ങൾ നമുക്ക് മനസ്സിലാക്കാവുന്നതാണ്.

1. മതോപദേശം നൽകുന്നവരും, സന്മാർഗ്ഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നവരും അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലമല്ലാതെ, ജനങ്ങളിൽ നിന്ന് യാതൊരു പ്രതിഫലവും പ്രതീക്ഷിക്കരുത് .

2. ജനങ്ങൾ ഉന്നത വർഗ്ഗത്തിലൊ. ദുർബ്ബല വർഗ്ഗത്തിലൊ പെട്ടവരാണോ അല്ലയൊ എന്നതിന്റെ അടിസ്ഥാനത്തിലല്ല സത്യവിശ്വാസത്തേയും സാന്മാർഗ്ഗിക കാര്യങ്ങളേയും വിലയിരുത്തേണ്ടത്.

3. ദുർബ്ബലരും സാധുക്കളുമായ ആളുകളായിരിക്കും, പൊതുവെ, നല്ല കാര്യങ്ങളിലേക്ക് കൂടുതലായി മുന്നോട്ട് വരിക.

4. പ്രവാചകൻമാർക്ക് പോലും അദൃശ്യമായ കഴിവുകളൊ, അദൃശ്യകാര്യങ്ങളെക്കുറിച്ചുള്ള അറിവൊ ഇല്ല. എന്നിരിക്കെ, മഹാത്മാക്കളൊ സജ്ജനങ്ങളൊ ആയതിന്റെ പേരിൽ ആർക്കും ആ കഴിവ് ഒരിക്കലും ഉണ്ടാകാവതല്ല.

**വചനം 32**

32 അവർ പറഞ്ഞു: “നൂഹേ, നീ ഞങ്ങളോട് തർക്കിച്ചു. അങ്ങനെ ഞങ്ങളോടുള്ള തർക്കം നീ (വളരെ) വർദ്ധിപ്പിച്ചു. ഇനി നീ ഞങ്ങളോട് താക്കീത് ചെയ്യുന്ന കാര്യം (ആ ശിക്ഷ) ഞങ്ങൾക്ക് കൊണ്ടുവരുക; നീ സത്യം പറയുന്നവനാണെങ്കിൽ! (അതൊന്ന് കാണാമല്ലോ)”

قَالُوا۟ يَٰنُوحُ قَدْ جَٰدَلْتَنَا فَأَكْثَرْتَ جِدَٰلَنَا فَأْتِنَا بِمَا تَعِدُنَآ إِن كُنتَ مِنَ ٱلصَّٰدِقِينَ ﴿٣٢﴾

ഇതായിരുന്നു ആ ധിക്കാരികളുടെ പ്രതികരണം. അവരുടെ അഹന്തയും ഔദ്ധത്യയും പരിഹാസവും പ്രകടമാകുന്നതാണവരുടെ വാക്കുകൾ.

**വചനം 33,34**

33 അദ്ദേഹം പറഞ്ഞു: “അല്ലാഹു മാത്രമാണത് നിങ്ങൾക്ക് കൊണ്ടുവരുക. അവൻ ഉദ്ദേശി

قَالَ إِنَّمَا يَأْتِيكُم بِهِ ٱللَّهُ إِن شَآءَ وَمَآ

أَنتُم بِمُعۡجِزِينَ ﴿٣٣﴾

ച്ചെങ്കിൽ. നിങ്ങൾ (അവനെ) അശക്തരാ (ക്കിതോൽപി)ക്കുന്നവരല്ലതാനും.

وَلَا يَنفَعُكُمۡ نُصۡحِيٓ إِنۡ أَرَدتُّ أَنۡ أَنصَحَ لَكُمۡ إِن كَانَ ٱللَّهُ يُرِيدُ أَن يُغۡوِيَكُمۡۚ هُوَ رَبُّكُمۡ وَإِلَيۡهِ تُرۡجَعُونَ ﴿٣٤﴾

34 "നിങ്ങൾക്ക് ഉപദേശം നൽകുവാൻ ഞാൻ ഉദ്ദേശിച്ചാൽ, എൻെറ ഉപദേശം നിങ്ങൾക്ക് ഉപകരിക്കുകയുമില്ല; നിങ്ങളെ വഴിപിഴവി ലാക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിരിക്കുക യാണെങ്കിൽ. അവൻ നിങ്ങളുടെ റബ്ബത്രെ. അവനിലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു."

നിങ്ങളോട് താക്കീത് നൽകപ്പെട്ട ശിക്ഷ, അല്ലാഹു ഉദ്ദേശിക്കുമ്പോൾ നടപ്പിൽ വരുത്തുന്നതാണ്. എനിക്ക് അക്കാര്യത്തിൽ യാതൊരു പങ്കൊ സ്വാധീനമൊ ഇല്ല തന്നെ, എന്നാൽ ശിക്ഷ വരുന്ന പക്ഷം അല്ലാഹുവിനെ തോൽപിച്ച് രക്ഷപെടാമെന്ന് നിങ്ങൾ ധരിക്കേണ്ടതില്ല. നിങ്ങളുടെ സ്ഥിതിഗതികളിൽ മാററം വരുത്താതെ, നിങ്ങൾ ശഠിച്ച് നിൽക്കുന്ന സ്ഥിതിക്ക്, നിങ്ങളെ വഴിപിഴച്ച ദുർമാർഗ്ഗികളാക്കി സ്ഥിരപ്പെടുത്തുവാനാണ് അല്ലാഹു ഉദ്ദേശി ച്ചിരിക്കുന്നതെന്ന് മനസ്സിലാകുന്നു. ആകയാൽ എന്റെ ഉപദേശം മേലിൽ നിങ്ങൾക്ക് ഉപകരിക്കുവാൻ പോകുന്നി ല്ല. നിങ്ങളുടെ റബ്ബായ അല്ലാഹുവിങ്കലേക്ക് തന്നെ നിങ്ങൾ മടക്കപെടുന്നതാണ് - നിങ്ങളുടെ ധിക്കാരത്തിന്റെ ഫലം നിങ്ങൾ അപ്പോൾ അനുഭവിക്കുന്നതാണ്.

---

**വചനം 35**

أَمۡ يَقُولُونَ ٱفۡتَرَىٰهُۖ قُلۡ إِنِ ٱفۡتَرَيۡتُهُۥ فَعَلَيَّ إِجۡرَامِي وَأَنَا۠ بَرِيٓءٞ مِّمَّا تُجۡرِمُونَ ﴿٣٥﴾

35 അഥവാ അവർ പറയുന്നുവോ: "അതദ്ദേഹം കെട്ടിച്ചമച്ചിരിക്കുകയാണെന്ന്?!" പറയുക: "ഞാനത് കെട്ടിച്ചമച്ചുവെങ്കിൽ, ഞാൻ ചെയ്ത കുറ്റം എൻെറ മേലായിരിക്കും നിങ്ങൾ കുറ്റം ചെയ്തു കൊണ്ടിരിക്കുന്നതിൽനിന്ന് ഞാൻ (ബാധ്യത)ഒഴിവായവനുമാണ്."

---

ഈ വചനം നൂഹ് (അ) നബിയെയും ജനതയേയും സംബന്ധിച്ച് തന്നെയാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പലരും പറഞ്ഞ് കാണുന്നത്. ഇതൊക്കെ നൂഹ് (അ) വൃഥാ കെട്ടിപറഞ്ഞുണ്ടാക്കുകയാണെന്ന് ആ ജനത പറയുന്നതെങ്കിൽ-വാസ്തവത്തിൽ അതാണവരുടെ വാദവും -അവരോട് ഇന്നിന്ന പ്രകാരം മറുപടി പറയണമെന്ന് നൂഹ് (അ) നോടുള്ള കൽപനയായിരിക്കും അപ്പോൾ ഈ വചനം .

എന്നാൽ ഖത്താദ : (റ) ഇബ്നു കഥീർ(റ) ഇമാം റാസി(റ) എന്നിവരുടെ അഭിപ്രായത്തിൽ ഈ വചനം, നൂഹ്(അ)യെയും ജനതയേയും കുറിച്ചുള്ള സംസാരത്തിനിടയിൽ ആ ജനത ചെയ്തത് പോലെ, നബി(സ) തിരുമേനിയുടെ പേരിൽ കള്ള വാദം നടത്തിക്കൊണ്ടിരുന്ന മുശ്രിക്കുകളെ പററി നബി(സ) യെ അഭിമുഖീകരി ച്ചുകൊണ്ടുള്ള ഒരു ഇട വാക്യമാണിത് എന്നാകുന്നു. കൂടുതൽ അനുയോജ്യമായി തോന്നുന്നതും ഇത് തന്നെ الله اعلم

---

**വിഭാഗം 4**

**വചനം 36, 37**

وَأُوحِيَ إِلَىٰ نُوحٍ أَنَّهُۥ لَن يُؤۡمِنَ مِن قَوۡمِكَ إِلَّا مَن قَدۡ ءَامَنَ فَلَا تَبۡتَئِسۡ بِمَا كَانُواْ يَفۡعَلُونَ ﴿٣٦﴾

36 നൂഹിന് 'വഹ്‌യു' (ദിവ്യസന്ദേശം) നൽകപ്പെട്ടു: "നിൻെറ ജനങ്ങളിൽനിന്ന് വിശ്വസിച്ചു കഴിഞ്ഞവരല്ലാതെ (ഇനി ആരും) വിശ്വസിക്കു ന്നതേയല്ല. ആകയാൽ, അവർ ചെയ്തു കൊണ്ടിരിക്കുന്നതിനെപ്പറ്റി നീ സങ്കടപ്പെടരുത്.

وَٱصۡنَعِ ٱلۡفُلۡكَ بِأَعۡيُنِنَا وَوَحۡيِنَا وَلَا تُخَٰطِبۡنِي فِي ٱلَّذِينَ ظَلَمُوٓاْ إِنَّهُم مُّغۡرَقُونَ ﴿٣٧﴾

37 നമ്മുടെ ദൃഷ്ടിയിലായും, നമ്മുടെ 'വഹ്‌യു' അനുസരിച്ചും നീ കപ്പൽ നിർമ്മിക്കുകയും ചെയ്യുക. (ആ) അക്രമം പ്രവർത്തിച്ചവരുടെ

കാര്യത്തിൽ നീ എന്നെ അഭിമുഖീകരിക്കുക (എന്നോടപേക്ഷിക്കുക)യും ചെയ്യരുത്. നിശ്ചയമായും അവർ മുക്കിനശിപ്പിക്കപ്പെടുന്നവരാകുന്നു.”

- - -

തൊള്ളായിരത്തി അമ്പതുകൊല്ലക്കാലം നൂഹ് (അ) നബി തന്റെ ജനതയെ തൌഹീദിലേക്ക് നിരന്തരം ക്ഷണിച്ചുകൊണ്ടിരുന്നെങ്കിലും ( സൂ: 29: 14 നോക്കുക) നേരത്തെ വിശ്വസിച്ച് കഴിഞ്ഞ ഏതാനും പേരൊഴികെ - ഏതാണ്ട് എൺപത് പേരാണെന്ന് പറയപ്പെടുന്നു - ബാക്കിയുള്ളവർ ധിക്കാരവും നിഷേധവും തുടർന്നതേയുള്ളൂ. അവരെ ഉൻമൂലനം ചെയ്യത്തക്ക ഒരു ശിക്ഷ - ജലപ്രളയം - അയക്കുവാൻ പോകുന്നതായും, അതിൽ നിന്ന് വിശ്വാസികൾക്ക് രക്ഷപ്പെടാനായി തന്റെ മേൽ നോട്ടത്തിലും, നിർദ്ദേശമനുസരിച്ചും ഒരു കപ്പൽ നിർമ്മിച്ച് കൊള്ളണമെന്നും അല്ലാഹു നൂഹ്(അ) നബിക്ക് വഹ്‌യ് നല്കി. അവിശ്വാസികളായ ആ അക്രമികളുടെ കാര്യത്തിൽ യാതൊരു അപേക്ഷയും സഹതാപവും പ്രകടിപ്പിക്കരുതെന്ന് അദ്ദേഹത്തെ പ്രത്യേകം ഉണർത്തുകയും ചെയ്തു.

കപ്പൽ നിർമ്മാണത്തെ പററി മനുഷ്യസമൂഹത്തിന് മുമ്പ് പരിചയമുണ്ടായിരുന്നില്ലല്ലൊ. അതാണ്, നമ്മുടെ ദൃഷ്ടിയിലും, നമ്മുടെ വഹ്‌യ് അനുസരിച്ചും, കപ്പൽ നിർമ്മാണവുമായി മുന്നോട്ട് പോകാൻ അല്ലാഹു നിർദ്ദേശിച്ചത്.

---

**വചനം 38, 39**

وَيَصۡنَعُ ٱلۡفُلۡكَ وَكُلَّمَا مَرَّ عَلَيۡهِ مَلَأٞ مِّن قَوۡمِهِۦ سَخِرُواْ مِنۡهُۚ قَالَ إِن تَسۡخَرُواْ مِنَّا فَإِنَّا نَسۡخَرُ مِنكُمۡ كَمَا تَسۡخَرُونَ ٣٨

38 അദ്ദേഹം കപ്പൽ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിൻെറ ജനങ്ങളിൽനിന്ന് ഓരോ (പ്രമാണി) സംഘവും അദ്ദേഹത്തിൻെറ അടുക്കലൂടെ നടക്കുമ്പോഴൊക്കെയും അവർ അദ്ദേഹത്തെപ്പറ്റി പരിഹസിക്കും. അദ്ദേഹം പറഞ്ഞു: “ഞങ്ങളെപ്പറ്റി നിങ്ങൾ പരിഹസിക്കുന്നുവെങ്കിൽ, നിങ്ങൾ പരിഹസിക്കുന്നതു പോലെ നിശ്ചയമായും, ഞങ്ങൾ നിങ്ങളെക്കുറിച്ചും (വഴിയെ) പരിഹസിക്കുന്നതാണ്.

فَسَوۡفَ تَعۡلَمُونَ مَن يَأۡتِيهِ عَذَابٞ يُخۡزِيهِ وَيَحِلُّ عَلَيۡهِ عَذَابٞ مُّقِيمٌ ٣٩

39 ‘‘എന്നാൽ, വഴിയെ നിങ്ങൾക്കറിയാം: ആർക്കാണ് അപമാനപ്പെടുത്തുന്ന ശിക്ഷ വരുകയെന്ന്, ആരുടെ മേലാണ് നിലനിൽക്കുന്ന ശിക്ഷ ഇറങ്ങുകയെന്നും!”

- - -

“പ്രവാചക പ്രവർത്തനം വിട്ടേച്ച് ഇപ്പോൾ ആശാരി പണിയാണോ” എന്നും മററും അവർ നൂഹ് (അ) നെ പരിഹസിച്ചിരുന്നതായി രിവായത്തുകൾ കാണാം.

---

**വചനം 40, 41**

حَتَّىٰٓ إِذَا جَآءَ أَمۡرُنَا وَفَارَ ٱلتَّنُّورُ قُلۡنَا ٱحۡمِلۡ فِيهَا مِن كُلّٖ زَوۡجَيۡنِ ٱثۡنَيۡنِ وَأَهۡلَكَ إِلَّا مَن سَبَقَ عَلَيۡهِ ٱلۡقَوۡلُ وَمَنۡ ءَامَنَۚ وَمَآ ءَامَنَ مَعَهُۥٓ إِلَّا قَلِيلٞ ٤٠

40 അങ്ങനെ (അവസാനം) നമ്മുടെ കൽപന വരുകയും, അടുപ്പ് (ഉറവ് പൊട്ടി) തിളച്ചുമറിയുകയും ചെയ്തപ്പോൾ, നാം പറഞ്ഞു: ‘എല്ലാ വസ്തുക്കളിൽനിന്നും രണ്ടു (വീതം) ഇണകളെയും, നിൻെറ വീട്ടുകാരെ (അഥവാ സ്വന്തക്കാരെ)യും നീ അതിൽ കയറ്റിക്കൊള്ളുക; ആർക്കെതിരിൽ (ശിക്ഷയുടെ) വാക്ക് മുൻകഴിഞ്ഞിട്ടുണ്ടോ അവരൊഴികെ. വിശ്വസിച്ചവരെയും (കയറ്റിക്കൊള്ളുക)’ അദ്ദേഹത്തോടൊപ്പം അൽപം ആളുകളല്ലാതെ വിശ്വസിച്ചിട്ടില്ലതാനും.

41 അദ്ദേഹം (അവരോട്) പറയുകയും ചെയ്തു: “നിങ്ങള്‍ അതില്‍ കയറിക്കൊള്ളുവിന്‍; അല്ലാഹുവിന്‍റെ നാമത്തിലാണ് അതിന്‍റെ സഞ്ചാരവും, അതിന്‍റെ നിറുത്തവും (നങ്കൂരമിടലും). നിശ്ചയമായും എന്‍റെ റബ്ബ് വളരെ പൊറുക്കുന്നവനും, കരുണാനിധിയും തന്നെയാണ്.”

۞ وَقَالَ ٱرۡكَبُواْ فِيهَا بِسۡمِ ٱللَّهِ مَجۡر۪ىٰهَا وَمُرۡسَىٰهَآۚ إِنَّ رَبِّي لَغَفُورٞ رَّحِيمٞ ﴿٤١﴾

‘നമ്മുടെ കല്‍പന വന്നു’ എന്ന് പറഞ്ഞതിന്‍റെ ഉദ്ദേശം അവരെ ശിക്ഷിക്കുന്നത് സംബന്ധിച്ച് കല്പന വന്നു എന്നത്രേ.

“അടുപ്പ് തിളച്ച് മറിഞ്ഞു” എന്ന പ്രയോഗത്തിന്‍റെ അര്‍ത്ഥവും ഉദ്ദേശ്യവും പല പ്രകാരത്തില്‍ വിവരിക്കപ്പെട്ടിട്ടുണ്ട്. എന്നാല്‍ ഭൂരിഭാഗം പണ്ഡിതന്‍മാരും അതേകുറിച്ച് വിശദീകരിച്ചിട്ടുള്ളത് ഇപ്രകാരമാകുന്നു.

“അതായത്, തീയിന്‍റെ സ്ഥാനമായ അടുപ്പുകളില്‍ നിന്ന് വെള്ളം പൊട്ടി ഒഴുകി മറിയുമാറ് ഭൂമിയിലാകെ ഉറവു പൊടിഞ്ഞു കൊണ്ടിരുന്നു.”

“അതില്‍ എല്ലാറ്റില്‍ നിന്നും രണ്ട് വീതം ഇണകളെ”എന്ന് പറഞ്ഞതിന്‍റെ താല്പര്യം, എല്ലാ ജീവികളില്‍ നിന്നും ആണും പെണ്ണുമായി രണ്ടെണ്ണം, എന്നാണെന്നാകുന്നു അധിക വ്യാഖ്യാതാക്കളുടെയും അഭിപ്രായം. ഒരു പക്ഷെ ജവികളില്‍നിന്നും, മററുള്ള ഉപകരണ വസ്തുക്കളില്‍ ആവശ്യമായതില്‍ നിന്നും ഈ രണ്ടെണ്ണം എന്നും ആകാവുന്നതാണ് - അല്ലാഹുവിനറിയാം. ഏതായാലും നൂഹ് (അ) നബിയും അദ്ദേഹത്തിന്‍റെ വീട്ടുകാരും (അവിശ്വാസിയായ ഒരു മകന്‍ ഒഴികെ എന്ന് അടുത്ത വചനത്തില്‍ നിന്നും ഒരു ഭാര്യ ഒഴികെ എന്ന് സൂ : തഹ്‌റരീം 10-ാം വചനത്തില്‍ നിന്നും മനസ്സിലാക്കാം) അദ്ദേഹത്തില്‍ വിശ്വസിച്ച സത്യ വിശ്വാസികളും ആ കപ്പലില്‍ കയറി രക്ഷപ്പെട്ടു. യാത്രപുറപ്പെടുമ്പോള്‍, നൂഹ് (അ) നബി അവരോട് ഇപ്രകാരം നിര്‍ദ്ദേശിച്ചു: അത് സഞ്ചരിക്കുകയും നിര്‍ത്തുകയും ചെയ്യുമ്പോള്‍ അല്ലാഹുവിന്‍റെ നാമത്തില്‍ എന്ന് പറഞ്ഞ് കൊണ്ടായിരിക്കണം നിങ്ങള്‍ അതില്‍ കയറിയിരിക്കുന്നത്.

---

**വചനം 42, 43**

42 അത് (കപ്പല്‍) അവരെയും കൊണ്ട് മലകളെപ്പോലുള്ള (വമ്പിച്ച) തിരമാലയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്; നൂഹ് തന്‍റെ മകനെ-അവന്‍ ഒരു അകന്ന സ്ഥലത്തായിരുന്നു-വിളിച്ചു (പറഞ്ഞു): “എന്‍റെ കുഞ്ഞുമകനേ! ഞങ്ങളോടൊപ്പം (കപ്പലില്‍) കയറിക്കൊള്ളുക; നീ അവിശ്വാസികളുടെ കൂടെ ആയിരിക്കരുത്.”

وَهِيَ تَجۡرِي بِهِمۡ فِي مَوۡجٖ كَٱلۡجِبَالِ وَنَادَىٰ نُوحٌ ٱبۡنَهُۥ وَكَانَ فِي مَعۡزِلٖ يَٰبُنَيَّ ٱرۡكَب مَّعَنَا وَلَا تَكُن مَّعَ ٱلۡكَٰفِرِينَ ﴿٤٢﴾

43 അവന്‍ പറഞ്ഞു: ‘വെള്ളത്തില്‍നിന്നും’എന്നെ രക്ഷപ്പെടുത്തുന്ന വല്ല മലയിലേക്കും (പോയി) ഞാന്‍ അഭയം പ്രാപിച്ചുകൊള്ളാം.” അദ്ദേഹം പറഞ്ഞു; “അല്ലാഹുവിന്‍റെ കല്‍പനയില്‍നിന്ന് അവന്‍ കരുണചെയ്തവര്‍ക്കല്ലാതെ ഇന്ന് രക്ഷ നല്‍കുന്ന ഒന്നുമില്ല”. അവര്‍ രണ്ടാള്‍ക്കുമിടയില്‍ തിരമാല മറയിടുകയും ചെയ്തു; അങ്ങനെ, അവന്‍ മുക്കിനശിപ്പിക്കപ്പെട്ടവരിലായിത്തീരുകയും ചെയ്തു.

قَالَ سَـَٔاوِيٓ إِلَىٰ جَبَلٖ يَعۡصِمُنِي مِنَ ٱلۡمَآءِۚ قَالَ لَا عَاصِمَ ٱلۡيَوۡمَ مِنۡ أَمۡرِ ٱللَّهِ إِلَّا مَن رَّحِمَۚ وَحَالَ بَيۡنَهُمَا ٱلۡمَوۡجُ فَكَانَ مِنَ ٱلۡمُغۡرَقِينَ ﴿٤٣﴾

---

മകന്‍ അവിശ്വാസികളുടെ കൂട്ടത്തില്‍ പെട്ടവനായിരുന്നു. അതിനാല്‍ അവന്‍ കപ്പലില്‍ കയറിയില്ല. പുത്ര വാത്സല്യം സ്വാഭാവികമാണല്ലൊ. ആ നിലക്ക് അവന്‍ കപ്പലില്‍ കയറി രക്ഷപ്പെടുകയും, അങ്ങനെ

അവിശ്വാസം ഉപേക്ഷിക്കുവാൻ കാരണമാകുകയും ചെയ്താൽ കൊള്ളാമെന്ന് നൂഹ് (അ) ആഗ്രഹിച്ചു. എന്നാൽ പ്രവാചക പുത്രനായത് കൊണ്ടു അല്ലാഹുവിന്റെ നിയമത്തിൽ മാററം വരികയില്ലല്ലൊ. അങ്ങനെ, അവനും മുങ്ങി നശിപ്പിക്കപ്പെട്ടവരിൽ പെടുകയും ചെയ്തു.

**വചനം 44**

وَقِيلَ يَٰٓأَرۡضُ ٱبۡلَعِي مَآءَكِ وَيَٰسَمَآءُ أَقۡلِعِي وَغِيضَ ٱلۡمَآءُ وَقُضِيَ ٱلۡأَمۡرُ وَٱسۡتَوَتۡ عَلَى ٱلۡجُودِيِّۖ وَقِيلَ بُعۡدٗا لِّلۡقَوۡمِ ٱلظَّٰلِمِينَ ٤٤

44 പറയപ്പെട്ടു: "ഭൂമിയേ, നിൻെറ വെള്ളം നീ വിഴുങ്ങുക; ആകാശമേ, നീ വിരമിക്കുക (നിറുത്തൽ ചെയ്യുക) യും ചെയ്യുക." വെള്ളം വറ്റുകയും, കാര്യം തീരുമാനിക്കപ്പെടുകയും ചെയ്തു. അത് (കപ്പൽ) 'ജൂദി' (മല)യുടെമേൽ (ചെന്ന്) ഉറച്ചു നിൽക്കുകയും ചെയ്തു. ''അക്രമികളായ ജനങ്ങൾക്ക് വിദൂരം! (കാരുണ്യത്തിൽനിന്നും അവർ എത്രയോ അകന്നു പോയി!)" എന്ന് പറയപ്പെടുകയും ചെയ്തു.

ധിക്കാരി വർഗ്ഗത്തെ നശിപ്പിക്കുകയെന്നുള്ള അല്ലാഹുവിന്റെ തീരുമാനം നടപ്പിലായിക്കഴിഞ്ഞപ്പോൾ, ആകാശത്തോട് മഴ നിറുത്തുവാനും ഭൂമിയോട് ഉറവു നിർത്തുവാനും അല്ലാഹു കൽപിച്ചു. കപ്പൽ അല്ലാഹുവിന്റെ നിർദ്ദേശ പ്രകാരം 'ജൂദി' മലയിൽ അണഞ്ഞ് നില കൊള്ളുകയും ചെയ്തു. ഇപ്പോൾ അർമീനിയായിൽ സ്ഥിതി ചെയ്യുന്ന അറാറാത്ത് പ്രദേശത്തെ മലയാകുന്നു ജൂദി മല.

ഏതാനും വർഷങ്ങൾക്കു മുമ്പ്, ചില അമേരിക്കൻ ഗവേഷകർ അറാറാത്ത് മലമ്പ്രദേശത്ത് നൂഹ്(അ) ന്റെ കപ്പലിന്റേതെന്ന് അനുമാനിക്കപ്പെടുന്ന ഏതാനും അവശിഷ്ടങ്ങൾ കണ്ടെത്തുകയുണ്ടായി: സൂ : അൻ കബൂത്ത്. വചനം 15 ൽ അല്ലാഹു പ്രസ്താവിച്ചത് ഇവിടെ ശ്രദ്ധേയമാകുന്നു "അദ്ദേഹത്തേയും കപ്പലിലുള്ള വരേയും നാം രക്ഷപ്പെടുത്തി. അതിനെ നാം ലോകർക്കു ദൃഷ്ടാന്തമാക്കുകയും ചെയ്തിരിക്കുന്നു."

**വചനം 45, 46, 47**

وَنَادَىٰ نُوحٞ رَّبَّهُۥ فَقَالَ رَبِّ إِنَّ ٱبۡنِي مِنۡ أَهۡلِي وَإِنَّ وَعۡدَكَ ٱلۡحَقُّ وَأَنتَ أَحۡكَمُ ٱلۡحَٰكِمِينَ ٤٥

قَالَ يَٰنُوحُ إِنَّهُۥ لَيۡسَ مِنۡ أَهۡلِكَۖ إِنَّهُۥ عَمَلٌ غَيۡرُ صَٰلِحٖۖ فَلَا تَسۡـَٔلۡنِ مَا لَيۡسَ لَكَ بِهِۦ عِلۡمٌۖ إِنِّيٓ أَعِظُكَ أَن تَكُونَ مِنَ ٱلۡجَٰهِلِينَ ٤٦

قَالَ رَبِّ إِنِّيٓ أَعُوذُ بِكَ أَنۡ أَسۡـَٔلَكَ مَا لَيۡسَ لِي بِهِۦ عِلۡمٞۖ وَإِلَّا تَغۡفِرۡ لِي وَتَرۡحَمۡنِيٓ أَكُن مِّنَ ٱلۡخَٰسِرِينَ ٤٧

45 നൂഹ് തൻെറ റബ്ബിനെ വിളിച്ചു (പ്രാർത്ഥിച്ചു കൊണ്ട്) പറഞ്ഞു: "എൻെറ റബ്ബേ! നിശ്ചയമായും,എൻെറ മകൻ എൻെറ വീട്ടുകാരിൽ (അഥവാ സ്വന്തക്കാരിൽ) പെട്ടവനും,നിൻെറ വാഗ്ദാനം യഥാർത്ഥമായുള്ളതുമാണ്. നീയാകട്ടെ, വിധികർത്താക്കളിൽ വെച്ച് ഏറ്റം (വലിയ) വിധികർത്താവുമാകുന്നു (വല്ലോ)!"

46 അവൻ (റബ്ബ്) പറഞ്ഞു: "നിശ്ചയമായും, അവൻ നിൻെറ വീട്ടുകാരിൽ (സ്വന്തക്കാരിൽ) പെട്ടവനല്ല. (കാരണം) അവൻ നന്നല്ലാത്ത ഒരു പ്രവൃത്തി (ക്കാരൻ) ആകുന്നു. ആകയാൽ, നിനക്ക് അറിവില്ലാത്ത കാര്യം (സംബന്ധിച്ച്) എന്നോട് നീ ചോദിക്കരുത്. നീ(അറിവില്ലാത്ത) വിഡ്ഢികളുടെ കൂട്ടത്തിലായിത്തീരുമെന്ന തിനാൽ, ഞാൻ നിന്നെ ഉപദേശിക്കുകയാണ്."

47 അദ്ദേഹം പറഞ്ഞു: "എൻെറ റബ്ബേ! എനിക്ക് അറിവില്ലാത്ത കാര്യം (സംബന്ധിച്ചു) നിന്നോട് ചോദിക്കുന്നതിനെക്കുറിച്ചു ഞാൻ നിന്നോട് ശരണം തേടുന്നു. എനിക്ക് നീ പൊറുത്തു തരുകയും, എന്നോടു നീ കരുണ ചെയ്യുകയും

ചെയ്യാത്തപക്ഷം, ഞാൻ നഷ്ടക്കാരിൽ പെട്ടവനായിത്തീരും!"

"നിന്റെ സ്വന്തക്കാരെയും കപ്പലിൽ കയററിക്കൊള്ളുക" എന്ന് അല്ലാഹു നൂഹ് (അ) നബിയോട് കൽപിച്ചിരുന്നതാണ്. അതിൽ തന്റെ മകനും ഉൾപ്പെടുമെന്ന് അദ്ദേഹം കരുതി. എന്നാൽ "ശിക്ഷയുടെ വാക്ക് മുൻ കഴിഞ്ഞവരൊഴികെ' എന്ന ഉപാധിയിൽ മകൻ ഉൾപ്പെട്ടിരുന്നുവെന്ന് അദ്ദേഹം അന്നേരം അറിഞ്ഞിരുന്നില്ല. ആയൊരു സാഹചര്യത്തിലാണ് മകന്റെ കാര്യത്തിൽ അദ്ദേഹം അല്ലാഹുവിനോട് സങ്കടപ്പെട്ടു പ്രാർത്ഥിച്ചത്. എന്നാൽ മകൻ ദുർവൃത്തനായ അഥവാ അവിശ്വാസിയായ ആളായതിനാൽ ബന്ധം മുറിഞ്ഞു പോയിട്ടുണ്ടെന്നും അവൻ അവിശ്വാസികളുടെ കൂട്ടത്തിൽ നശിച്ച് പോകേണ്ടവനാണെന്നും അല്ലാഹു അദ്ദേഹത്തെ തിരുത്തി മനസ്സിലാക്കികൊടുത്തു. അതോടൊപ്പം തന്നെ നിനക്ക് അറിവില്ലാത്ത കാര്യത്തെക്കുറിച്ച് ഇതുപോലെയുള്ള അപേക്ഷ മേലിൽ നടത്തരുതെന്നും അത് വിഡ്ഢികളുടെ സ്വഭാവമാണെന്നും അദ്ദേഹത്തെ ഉപദേശിച്ചു. തന്നിൽ വന്ന് പോയ അവിവേകത്തെ പററി അദ്ദേഹം പശ്ചാത്തപിക്കുകയും അല്ലാഹുവിനോടു മാപ്പിനും കരുണക്കും അപേക്ഷിക്കുകയും മേലിൽ ഇത്തരം അവിവേകങ്ങൾ തന്റെ പക്കൽ വന്ന് പോകാതെ കാത്ത് രക്ഷിക്കണമെന്ന് പ്രാർത്ഥിക്കുകയും ചെയ്തു. ആഭിജാത്യം കൊണ്ടോ, പ്രവാചകൻമാരടക്കമുള്ള മഹാൻമാരുമായുള്ള അടുത്ത ബന്ധം കൊണ്ടോ ആർക്കും അല്ലാഹുവിങ്കൽ രക്ഷകിട്ടുകയില്ലെന്നും, കുടുംബപരമായ ബന്ധത്തേക്കാൾ ശക്തമായ ബന്ധം മത വിശ്വാസം വഴിയുള്ളബന്ധമാണെന്നും ഈ വചനങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. ഈ അടിസ്ഥാനത്തിൽ തന്നെയാണ് മുസ്‌ലിംകളുടെ വിമതസ്ഥരായ കുടുബാംഗങ്ങൾക്കു ഇസ്‌ലാമിൽ പരസ്പരം സ്വത്തവകാശം വരെ ഇല്ലാതാക്കപ്പെട്ടിരിക്കുന്നതും.

---

**വചനം 48**

قِيلَ يَٰنُوحُ ٱهۡبِطۡ بِسَلَٰمٖ مِّنَّا وَبَرَكَٰتٍ عَلَيۡكَ وَعَلَىٰٓ أُمَمٖ مِّمَّن مَّعَكَۚ وَأُمَمٞ سَنُمَتِّعُهُمۡ ثُمَّ يَمَسُّهُم مِّنَّا عَذَابٌ أَلِيمٞ ﴿٤٨﴾

48 പറയപ്പെട്ടു: "നൂഹേ, നമ്മുടെ പക്കൽ നിന്നുള്ള ശാന്തിയോടെ ഇറങ്ങിക്കൊള്ളുക; നിൻെറമേലും, നിൻെറ കൂടെയുള്ളവരിൽനിന്നു (ണ്ടാകുവാനു) ള്ള സമുദായങ്ങളുടെമേലും അനുഗ്രഹാശിസ്സുകളോടെയും (ഇറങ്ങിക്കൊള്ളുക). ചില സമുദായങ്ങളാകട്ടെ, അവർക്കു നാം സൗഖ്യം നൽകിയേക്കും; പിന്നീട് അവർക്ക് നമ്മുടെ പക്കൽനിന്ന് വേദനയേറിയ ശിക്ഷ ബാധിക്കുകയും ചെയ്യും."

പ്രളയം ശമിച്ചപ്പോൾ, അല്ലാഹുവിങ്കൽ നിന്നുള്ളസമാധാനവും ശാന്തിയും ലഭിച്ചവരായും, അനുഗ്രഹാശിസ്സുകൾക്ക് പാത്രീഭൂതരായിക്കൊണ്ടും ഭൂമിയിലേക്ക് ഇറങ്ങാനുള്ള ഉത്തരവാണിത്. കപ്പലിലുണ്ടായിരുന്ന സത്യവിശ്വാസികൾക്ക് മാത്രമല്ല അവരിൽ നിന്ന് ഭാവിയിലുണ്ടാകാൻ പോകുന്ന സമുദായങ്ങളിലെ സത്യവിശ്വാസികൾക്ക് കൂടി ഈ ആശീർവാദം ബാധകമാണെന്നും അവരിലുണ്ടാകുന്ന അവിശ്വാസികൾക്കാകട്ടെ കുറച്ചുകാലം ഭൂമിയിൽ സുഖാനുഭവങ്ങൾ നൽകിയേക്കുമെന്നും പിന്നീട് അവരെ വേദനയേറിയ ശിക്ഷ ബാധിക്കുമെന്നും കൂടി അല്ലാഹു ഓർമ്മിപ്പിക്കുന്നു. ഈ ചരിത്ര സംഭവത്തെ ചൂണ്ടികൊണ്ട് നബി (സ) യോടായി അല്ലാഹു പറയുന്നു.

---

**വചനം 49**

تِلۡكَ مِنۡ أَنۢبَآءِ ٱلۡغَيۡبِ نُوحِيهَآ إِلَيۡكَۖ مَا كُنتَ تَعۡلَمُهَآ أَنتَ وَلَا قَوۡمُكَ مِن قَبۡلِ هَٰذَاۖ فَٱصۡبِرۡۖ إِنَّ ٱلۡعَٰقِبَةَ لِلۡمُتَّقِينَ ﴿٤٩﴾

49 (നബിയേ) അവ(യൊക്കെ) അദൃശ്യവാർത്തകളിൽ പെട്ടതാകുന്നു; അവ നിനക്ക് നാം 'വഹ്‌യു നൽകുന്നു. നീയാകട്ടെ, നിൻെറ ജനതയാകട്ടെ, ഇതിനു മുമ്പ് അവ അറിയുമായിരുന്നില്ല. ആകയാൽ, നീ ക്ഷമിച്ചു കൊള്ളുക. നിശ്ചയമായും, (ശുഭ) പര്യവസാനം സൂക്ഷ്മത പാലിക്കുന്നവർക്കായിരിക്കും,

നബി(സ) തിരുമേനിയും അവിടുത്തെ ജനതയായ അറബികളും, വേദ ഗ്രന്ഥങ്ങളെ പററി മുൻപരിചയമില്ലാത്തവരാകകൊണ്ട് ഇതു പോലെയുള്ള പ്രാചീന സംഭവങ്ങൾ അവർക്ക്

അജ്ഞാതങ്ങളാകുന്നു. അല്ലാഹു വിങ്കൽ നിന്നുള്ള വഹ്‌യ് കൊണ്ടാകുന്നു പ്രസ്തുത സംഭവങ്ങളെ യഥാർത്ഥ രൂപ ത്തിൽ നബി(സ) ക്ക് വിവരിക്കുവാൻ കഴിയുന്നത്. നൂഹ് (അ) നബിയുടെ ജനത അവരുടെ ധിക്കാരങ്ങൾക്കുള്ള ശിക്ഷ അനുഭവിച്ചത് പോലെ, ഈ മുശ്‌രിക്കുകളും താമസിയാതെ ഫലം അനുഭവിക്കുമെന്നും, അത് വരെ സഹനവും ക്ഷമയും കൈക്കൊള്ളണമെന്നും, അല്ലാഹു നബി (സ) തിരുമേനിയെ ഉപദേശിക്കുന്നു.

## വിഭാഗം 5

ഇവിടം മുതൽ 60 കൂടിയുള്ള വചനങ്ങളിൽ ഹുദ് (അ) നബിയുടെ ചരിത്രം അല്ലാഹു വിവരിക്കുന്നു. ഈ വിഷയ സംബന്ധ മായി സൂ : അഅ്‌റാഫ്, സൂ: മു അ മി നൂൻ, സൂ : ശു അ റാ അ്, സൂ: അഹ്ഖാഫ് എന്നിവിടങ്ങളിലും വിവരിക്കപ്പെട്ടിട്ടുണ്ട്.

**വചനം 50, 51, 52**

وَإِلَىٰ عَادٍ أَخَاهُمْ هُودًا ۚ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥٓ ۖ إِنْ أَنتُمْ إِلَّا مُفْتَرُونَ ﴿٥٠﴾

يَٰقَوْمِ لَآ أَسْـَٔلُكُمْ عَلَيْهِ أَجْرًا ۖ إِنْ أَجْرِىَ إِلَّا عَلَى ٱلَّذِى فَطَرَنِىٓ ۚ أَفَلَا تَعْقِلُونَ ﴿٥١﴾

وَيَٰقَوْمِ ٱسْتَغْفِرُوا۟ رَبَّكُمْ ثُمَّ تُوبُوٓا۟ إِلَيْهِ يُرْسِلِ ٱلسَّمَآءَ عَلَيْكُم مِّدْرَارًا وَيَزِدْكُمْ قُوَّةً إِلَىٰ قُوَّتِكُمْ وَلَا تَتَوَلَّوْا۟ مُجْرِمِينَ ﴿٥٢﴾

50 'ആദു' ഗോത്രത്തിലേക്ക് അവരുടെ സഹോദരൻ ഹൂദിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: "എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ; അവനല്ലാതെ നിങ്ങൾക്ക് ഒരു ആരാധ്യനുമില്ല. നിങ്ങൾ കെട്ടിച്ചമക്കുന്ന വരല്ലാതെ (മറ്റൊന്നും) അല്ല.

51 "എന്റെ ജനങ്ങളേ, ഇതിന്റെ (ഈ പ്രബോധ നത്തിന്റെ) പേരിൽ നിങ്ങളോടു ഞാൻ ഒരു പ്രതിഫലവും ചോദിക്കുന്നില്ല. എന്റെ പ്രതിഫലം എന്നെ സൃഷ്ടിച്ചുണ്ടാക്കിയവന്റെ മേൽ അല്ലാതെ (ബാധ്യത) ഇല്ല. അപ്പോൾ, നിങ്ങൾ ബുദ്ധികൊടു(ത്ത് ഗ്രഹി)ക്കുന്നില്ലേ?!

52 എന്റെ ജനങ്ങളേ,നിങ്ങൾ നിങ്ങളുടെ റബ്ബിനോട് പാപമോചനം തേടുകയും, പിന്നെ അവങ്കലേക്ക് പശ്ചാത്തപിക്കുകയും ചെയ്‌വിൻ; (എന്നാൽ) അവൻ നിങ്ങൾക്ക് ആകാശത്തെ (മഴയെ) സമൃദ്ധമായി അയച്ചു തരുന്നതാണ്; നിങ്ങളുടെ ശക്തിയിലേക്ക് (കൂടുതൽ) ശക്തി അവൻ നിങ്ങൾക്ക് വർദ്ധിപ്പിക്കുകയും ചെയ്യും. നിങ്ങൾ കുറ്റവാളികളായിക്കൊണ്ട് തിരിഞ്ഞു കളയുകയും ചെയ്യരുത്."

---

യമൻ പ്രദേശങ്ങളിൽപെട്ട അഹ്ഖാഫ് ആയിരുന്നു ആദ് ഗോത്രത്തിന്റെ വാസസ്ഥലം. വിഗ്രഹാരാധ കരായ അവരുടെ കുടുംബത്തിൽ പെട്ട 'അവരുടെ സഹോദരൻ' ആയിരുന്നു ഹൂദ്(അ). അവരുടെ വിഗ്രഹാരാധനയെ സൂചിപ്പിച്ചുകൊണ്ടാണ്, "നിങ്ങൾ കെട്ടിച്ചമക്കുന്നവരല്ലാതെ മറൊന്നുമല്ല" എന്ന് അദ്ദേഹം പറയുന്നത്. തന്റെ പ്രബോധനം കൊണ്ടു അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലമല്ലാതെ യാതൊരു സ്വാർത്ഥതാൽപര്യങ്ങളുമില്ലെന്ന്, അദ്ദേഹവും നൂഹ്(അ) നബിയെ പോലെ, തന്റെ ജനതയെ ഉദ്ബോധിപ്പിച്ചു. എല്ലാ പ്രവാചകരെയും പോലെ, അദ്ദേഹവും, തന്റെ ജനതയെ പ്രഥമവും പ്രധാനമായും ഉപദേശിച്ചത് അല്ലാഹുവിനെ യല്ലാതെ ആരാധിക്കരുതെന്ന തൌഹീദ് സന്ദേശം തന്നെയായിരുന്നു. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും റബ്ബിനോട് പാപമോചനം തേടുകയും ചെയ്താൽ അവൻ നിങ്ങൾക്ക് മഴ സമൃദ്ധമാക്കിത്തരുകയും നിങ്ങളുടെ നിലവിലുള്ള ശക്തി വർദ്ധിപ്പിച്ചു തരുകയും ചെയ്യുന്നതാണ് എന്ന് അദ്ദേഹം അവരോട് പറഞ്ഞു. ("ഞങ്ങളേക്കാൾ ശക്തിയിൽ ഊക്കേറിയവർ ആരാണുള്ളത് എന്ന് ആദ് ഗോത്രക്കാർ അഹങ്കരിക്കുമായിരുന്നു." 41 : 15 നോക്കുക) പശ്ചാത്താപവും പാപബോധവും പരലോകത്ത് വെച്ചു മാത്രമല്ല, ഇഹത്തിൽ വെച്ചും അല്ലാഹുവിന്റെ അനുഗ്രഹം കൂടുതൽ ലഭിച്ചു കൊണ്ടിരിക്കുവാൻ കാരണമായിതീരുമെന്ന് അദ്ദേഹം പറഞ്ഞതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ഇതു പോലെ നൂഹ്(അ) നബി അദ്ദേഹത്തിന്റെ

ജനതയോടു് പറഞ്ഞതായി സൂ: നൂഹിലും, നബി(സ) അരുളിയതായി ഇബ്നു അബ്ബാസു(റ) നിവേദനം ചെയ്ത ഹദീസിലും വന്നിരിക്കുന്നു.

**വചനം 53, 54, 55, 56, 57**

قَالُوا۟ يَـٰهُودُ مَا جِئْتَنَا بِبَيِّنَةٍ وَمَا نَحْنُ بِتَارِكِىٓ ءَالِهَتِنَا عَن قَوْلِكَ وَمَا نَحْنُ لَكَ بِمُؤْمِنِينَ ﴿٥٣﴾

53 അവർ പറഞ്ഞു: ‘‘ഹൂദേ, നീ ഞങ്ങൾക്ക് (വ്യക്തമായ) ഒരു തെളിവും കൊണ്ടു വന്നിട്ടില്ല; നിൻെറ വാക്കിനാൽ ഞങ്ങൾ ഞങ്ങളുടെ ആരാധ്യ വസ്തുക്കളെ (ദൈവങ്ങളെ) ഉപേക്ഷിക്കുന്നവരല്ലതാനും; ഞങ്ങൾ നിന്നെ വിശ്വസിക്കുന്നവരുമല്ല.

إِن نَّقُولُ إِلَّا ٱعْتَرَىٰكَ بَعْضُ ءَالِهَتِنَا بِسُوٓءٍ ۗ قَالَ إِنِّىٓ أُشْهِدُ ٱللَّهَ وَٱشْهَدُوٓا۟ أَنِّى بَرِىٓءٌ مِّمَّا تُشْرِكُونَ ﴿٥٤﴾

54 “ഞങ്ങളുടെ ആരാധ്യവസ്തുക്കളിൽ ചിലത് നിനക്ക് വല്ല തിൻമയും ബാധിപ്പിച്ചിരിക്കുന്നുവെന്നല്ലാതെ ഞങ്ങൾ (ഒന്നും) പറയുന്നില്ല.” അദ്ദേഹം പറഞ്ഞു: “ഞാൻ അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തുന്നു – നിങ്ങളും സാക്ഷ്യം വഹിച്ചുകൊള്ളുവിൻ – നിങ്ങൾ പങ്കുചേർക്കുന്നതിൽനിന്ന് ഞാൻ ഒഴിവായവനാണെന്ന്;–

مِن دُونِهِۦ ۖ فَكِيدُونِى جَمِيعًا ثُمَّ لَا تُنظِرُونِ ﴿٥٥﴾

55 ‘‘(അതെ) അവനു പുറമെ (അവനോട് പങ്കുചേർക്കുന്നതിൽ നിന്ന്). അതിനാൽ, നിങ്ങൾ എല്ലാവരും (കൂടി) എന്നോട് തന്ത്രം പ്രയോഗിച്ചുകൊള്ളുക; പിന്നെ, നിങ്ങൾ എനിക്ക് താമസം നൽകേണ്ടാ!”

إِنِّى تَوَكَّلْتُ عَلَى ٱللَّهِ رَبِّى وَرَبِّكُم ۚ مَّا مِن دَآبَّةٍ إِلَّا هُوَ ءَاخِذٌۢ بِنَاصِيَتِهَآ ۚ إِنَّ رَبِّى عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٥٦﴾

56 “നിശ്ചയമായും, എൻെറ റബ്ബും, നിങ്ങളുടെ റബ്ബുമായ അല്ലാഹുവിൻെറ മേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. ഒരു (ജീവ) ജന്തുവും തന്നെ, അവൻ അതിൻെറ നെറുകയെ പിടിക്കുന്ന (അതിനെ അടക്കി ഭരിക്കുന്ന)വൻ ആയല്ലാതെ ഇല്ല. നിശ്ചയമായും, എൻെറ റബ്ബ് നേരെയുള്ള (ചൊവ്വായ) പാതയിലാണ്.”

فَإِن تَوَلَّوْا۟ فَقَدْ أَبْلَغْتُكُم مَّآ أُرْسِلْتُ بِهِۦٓ إِلَيْكُمْ ۚ وَيَسْتَخْلِفُ رَبِّى قَوْمًا غَيْرَكُمْ وَلَا تَضُرُّونَهُۥ شَيْـًٔا ۚ إِنَّ رَبِّى عَلَىٰ كُلِّ شَىْءٍ حَفِيظٌ ﴿٥٧﴾

57 “ഇനി, നിങ്ങൾ തിരിഞ്ഞുകളയുകയാണെങ്കിൽ, എന്നെ നിങ്ങളിലേക്ക് യാതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അത് (ഇതാ) നിങ്ങൾക്ക് ഞാൻ എത്തിച്ചുതന്നിട്ടുണ്ട്. എൻെറ റബ്ബ് നിങ്ങളല്ലാത്ത ഒരു ജനതയെ (നിങ്ങൾക്ക് പകരം) പിന്നാലെ കൊണ്ടുവരുകയും ചെയ്യും. അവന് നിങ്ങൾ യാതൊന്നും(തന്നെ) ഉപദ്രവം ചെയ്കയുമില്ല. നിശ്ചയമായും, എൻെറ റബ്ബ് എല്ലാ വസ്തുവിൻെറയും മേൽ(നോട്ടം ചെയ്ത്) കാത്തുപോരുന്നവനാകുന്നു.”

ആ ജനത പറഞ്ഞു: “ഹുദേ, നീ ഞങ്ങൾക്ക് വ്യക്തമായ തെളിവൊന്നും കൊണ്ട് വന്നിട്ടില്ല. നിന്റെ വാക്ക് വിശ്വസിച്ച് ഞങ്ങളുടെ ദൈവങ്ങളെ കൈവെടിയാൻ ഞങ്ങൾ തയ്യാറല്ല. ഞങ്ങളുടെ ചില ദൈവങ്ങളിൽ നിന്ന് നിനക്ക് എന്തോ ആപത്തു ബാധിച്ചതിനാൽ നീ ഇങ്ങനെ ഓരോ പിച്ചും പേയും പറഞ്ഞ് കൊണ്ടിരിക്കുകയാണ്.”

തങ്ങളുടെ ആരാധ്യ വസ്തുക്കളായ വിഗ്രഹങ്ങൾ, ദേവി ദേവൻമാർ, ജീവിച്ചിരിക്കുന്നവരോ മരിച്ചവരോ ആയ മഹാത്മാക്കൾ, ദിവ്യത അവകാശപ്പെടുന്ന മനുഷ്യപിശാചുക്കൾ എന്നിവയെ വക വെക്കാതെ ആരെങ്കിലും വല്ലതും പറയുകയൊ പ്രവർത്തിക്കുകയൊ ചെയ്താൽ അവയുടെ ശാപകോപങ്ങൾ കാരണം, അവർക്ക് ആപത്തുകൾ സംഭവിക്കുമെന്നുള്ള ധാരണ, എല്ലാ ബഹുദൈവ വിശ്വാസികളിലും കണ്ടു വരുന്ന ഒരു വിഡ്ഢിത്തമത്രേ.

ഹുദ്(അ) നബി അവരോട് ഇപ്രകാരം മറുപടി പറഞ്ഞു. അല്ലാഹു അല്ലാതെയുള്ള നിങ്ങളുടെ ആരാധ്യ വസ്തുക്കളും ഞാനുമായി യാതൊരു ബന്ധവുമില്ല. അവയിൽ നിന്നെല്ലാം ഞാൻ ഒഴിവായവനാണെന്ന് ഞാനിതാ അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തികൊണ്ട് ഉറപ്പിച്ചു പറയുന്നു. ഇക്കാരണത്താൽ നിങ്ങളും നിങ്ങ ളുടെ ദൈവങ്ങളും ചേർന്ന് എനിക്കെതിരിൽ എന്ത് ഗൂഢ തന്ത്രം നടത്തിയാലും വിരോധമില്ല. എന്റെ കാര്യങ്ങളെല്ലാം എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിങ്കൽ ഭരമേൽപ്പിച്ചിരിക്കുന്നു. നിങ്ങളും ഞാനും അടക്കം, എല്ലാ ജീവജാലങ്ങളേയും അടക്കി ഭരിക്കുന്ന നിയന്താവാകുന്ന അവൻ നീതിയുക്തമായ രീതിയിലേ എല്ലാ കാര്യങ്ങളും നടത്തുകയുള്ളൂ. ഇനിയും നിങ്ങൾ നിങ്ങളുടെ ശിർക്കു മതത്തിൽ തന്നെ ശഠിച്ചു നില്ക്കുവാനാണ് ഭാവമെങ്കിൽ ഞാനിതാ, നിങ്ങളിൽ പ്രബോധനം ചെയ്യാൻ വേണ്ടി അല്ലാഹു ഏൽപിച്ച ദൗത്യം നിർവഹിച്ച് കഴിഞ്ഞു. നിങ്ങളെ ഇവിടെ നിന്ന് ഉന്മൂലനം ചെയ്യുമാറുള്ള വല്ല ശിക്ഷയും അവൻ നിങ്ങൾക്ക് ബാധിപ്പിച്ചേക്കും; നിങ്ങളുടെ സ്ഥാനത്ത് പുതിയ തലമുറകളെ അവൻ ഏർപെടുത്തുകയും ചെയ്തേക്കാം. നിങ്ങൾ മൂലം അവന് യാതൊരു ദോഷവും ഭവിക്കുവാൻ പോകുന്നുമില്ല.

**വചനം 58, 59, 60**

وَلَمَّا جَآءَ أَمْرُنَا نَجَّيْنَا هُودًا وَٱلَّذِينَ ءَامَنُوا۟ مَعَهُۥ بِرَحْمَةٍ مِّنَّا وَنَجَّيْنَٰهُم مِّنْ عَذَابٍ غَلِيظٍ ﴿٥٨﴾

58 നമ്മുടെ കൽപന വന്നപ്പോഴാകട്ടെ, ഹൂദിനെയും, അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യം കൊണ്ട് നാം രക്ഷിച്ചു; അതികാഠിന്യമായ ഒരു ശിക്ഷയിൽ നിന്ന് അവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു.

وَتِلْكَ عَادٌ ۖ جَحَدُوا۟ بِـَٔايَٰتِ رَبِّهِمْ وَعَصَوْا۟ رُسُلَهُۥ وَٱتَّبَعُوٓا۟ أَمْرَ كُلِّ جَبَّارٍ عَنِيدٍ ﴿٥٩﴾

59 അതത്രെ ആദു ഗോത്രം! അവർ തങ്ങളുടെ റബ്ബിൻെറ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചു; അവൻെറ റസൂലുകളോട് അനുസരണക്കേട് കാണിക്കുകയും ചെയ്തു. ദുർവാശിക്കാരായ എല്ലാ സ്വേച്ഛാധികാരികളുടെയും കൽപന അവർ പിൻപറ്റുകയും ചെയ്തു.

وَأُتْبِعُوا۟ فِى هَٰذِهِ ٱلدُّنْيَا لَعْنَةً وَيَوْمَ ٱلْقِيَٰمَةِ ۗ أَلَآ إِنَّ عَادًا كَفَرُوا۟ رَبَّهُمْ ۗ أَلَا بُعْدًا لِّعَادٍ قَوْمِ هُودٍ ﴿٦٠﴾

60 ഈ ഇഹത്തിൽ(വമ്പിച്ച)ഒരു ശാപത്താൽ അവർ അനുഗമിക്കപ്പെട്ടു; ഖിയാമത്തുനാളിലും (അനുഗമിക്കപ്പെട്ടു). അല്ലാ! (അറിയുക:) നിശ്ചയമായും, ആദുഗോത്രം തങ്ങളുടെ റബ്ബിനോട് നന്ദികേട് ചെയ്തു. അല്ലാ! (അറിയുക:) ഹൂദിൻെറ ജനതയായ ആദു ഗോത്രത്തിനു വിദൂരത! (കാരുണ്യത്തിൽനിന്നും അവർ എത്രയോ ദൂരം!)

ആദ് ജനതക്കു ബാധിച്ച ശിക്ഷ ഏഴ് രാവും ഏട്ട് പകലും തുടർച്ചയായി അടിച്ച് വീശികൊണ്ടിരുന്ന അത്യുഗ്രമായ ഒരു കൊടുങ്കാററായിരുന്നു. അതിൽ അവർ ഒന്നടങ്കം, കട പുഴകി മറിഞ്ഞ് വീണ ഈന്ത തടി മരങ്ങളെ പോലെ ചത്തൊടുങ്ങി. (സൂ : ഖമർ 19,20; സൂ: ഹാഖ്വ: 6,7 നോക്കുക)

ആദ് ഗോത്രത്തിന്റെ നിഷേധവും, അനുസരണക്കേടും ദുർവാശിക്കാരായ സ്വേഛാധികാരികളെ പിൻ പററലും എല്ലാം അവരുടെ നാശത്തിന് വഴിയൊരുക്കി. ഈ ഇഹത്തിൽ അവർ വമ്പിച്ച ഒരു ശാപത്താൽ അനുഗമിക്കപ്പെട്ടു; ഖിയാമത്ത് നാളിലും.

**വിഭാഗം 6**

സ്വാലിഹ്(അ) നബിയുടെയും അദ്ദേഹത്തിന്റെ ജനതയായ ഥമൂദ് ഗോത്രത്തിന്റെയും ചരിത്രമാണ് ഈ വിഭാഗത്തിലുള്ളത്. അഅ്റാഫ്, ശുഅറാഅ്, നംല്, ഖമര് എന്നീ സൂറത്തുകളിലും മററും ഈ ചരിത്രം വിവരിക്കപ്പെട്ടിരിക്കുന്നു.

**വചനം 61**

۞ وَإِلَىٰ ثَمُودَ أَخَاهُمْ صَٰلِحًا ۚ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥ ۖ هُوَ أَنشَأَكُم مِّنَ ٱلْأَرْضِ وَٱسْتَعْمَرَكُمْ فِيهَا فَٱسْتَغْفِرُوهُ ثُمَّ تُوبُوٓا۟ إِلَيْهِ ۚ إِنَّ رَبِّى قَرِيبٌ مُّجِيبٌ ﴿٦١﴾

61 ഥമൂദു ഗോത്രത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: ''എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ; അവനല്ലാതെ നിങ്ങൾക്ക് ഒരാരാധ്യനുമില്ല. അവൻ നിങ്ങളെ ഭൂമിയിൽനിന്ന് (സൃഷ്ടിച്ചു)ണ്ടാക്കുകയും, നിങ്ങളെ അതിൽ അധിവസിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ, അവനോട് നിങ്ങൾ പാപമോചനം തേടുകയും, പിന്നെ അവനിലേക്ക് പശ്ചാത്തപിക്കുകയും ചെയ്യുവിൻ. നിശ്ചയമായും, എന്റെ റബ്ബ് സമീപസ്ഥനും, ഉത്തരം നൽകുന്നവനുമാകുന്നു.''

---

നൂഹ്(അ) നബിയും ഹൂദ്(അ) നബിയും അവരുടെ ജനതയെ ക്ഷണിച്ചതു പോലെ സ്വാലിഹ്(അ) നബിയും, അദ്ദേഹത്തിന്റെ ജനതയെ തൌഹീദിലേക്ക് ക്ഷണിച്ചു.

മനുഷ്യപിതാവായ ആദം(അ) നബിയെ അല്ലാഹു മണ്ണിൽ നിന്നു സൃഷ്ടിച്ചു. പിന്നീടുള്ള മനുഷ്യരുടെ ജനനം മാതാപിതാക്കൾ വഴിയാണെങ്കിലും ഓരോരുത്തരുടെയും ബീജത്തിന്റെ ഉത്ഭവം മണ്ണിൽ നിന്നാകുന്നു. ഭൂമിയിൽ നിന്ന് നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കി എന്ന് പറഞ്ഞതിന്റെ താല്പര്യം അതാകുന്നു. (സൂ: ഹജ്ജ് 5-ാം വചനം നോക്കുക.) "നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കുകയും ഭൂമിയിൽ നിങ്ങൾക്കുവേണ്ട സൗകര്യങ്ങൾ ഒരുക്കിത്തന്ന് അതിൽ നിങ്ങൾക്ക് നിവസിക്കുമാറാക്കുകയും ചെയ്തത് അല്ലാഹു മാത്രമായിരിക്കെ, അവനല്ലാത്ത വസ്തുക്കളെ നിങ്ങൾ ആരാധിക്കുന്നത് എത്ര മാത്രം അർത്ഥശൂന്യമാണെന്ന്" സ്വാലിഹ് (അ) തന്റെ ജനതയോട് ഉപദേശിക്കുന്നു.

**വചനം 62**

قَالُوا۟ يَٰصَٰلِحُ قَدْ كُنتَ فِينَا مَرْجُوًّا قَبْلَ هَٰذَآ ۖ أَتَنْهَىٰنَآ أَن نَّعْبُدَ مَا يَعْبُدُ ءَابَآؤُنَا وَإِنَّنَا لَفِى شَكٍّ مِّمَّا تَدْعُونَآ إِلَيْهِ مُرِيبٍ ﴿٦٢﴾

62 അവർ പറഞ്ഞു: "സ്വാലിഹേ, ഇതിനു മുമ്പ് തീർച്ചയായും നീ ഞങ്ങളുടെ കൂട്ടത്തിൽ ഒരു അഭിലഷണീയനായിരുന്നു. ഞങ്ങളുടെ പിതാക്കൾ ആരാധിച്ചുവരുന്നവയെ ഞങ്ങൾ ആരാധിക്കുന്നതിനെ നീ ഞങ്ങളോട് വിരോധിക്കുകയോ?! നീ ഞങ്ങളെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനെപ്പറ്റി നിശ്ചയമായും ഞങ്ങൾ, ആശങ്കാജനകമായ സംശയത്തിൽ തന്നെയാകുന്നു."

---

ഇക്കാലം വരെ ഞങ്ങളുടെ കൂട്ടത്തിൽ സമാദരണീയനായിരുന്ന സ്വാലിഹേ നീയിതാ ഇപ്പോൾ, ഞങ്ങളുടെ പിതാക്കൾ പൂർവികമായി ആരാധിച്ചു വരുന്ന ദൈവങ്ങളെയൊന്നും ആരാധിച്ചു കൂടാ എന്ന് വിലക്കുന്നു. നീ ഞങ്ങളെ ക്ഷണിക്കുന്ന ഈ പുതിയ മാർഗ്ഗത്തെക്കുറിച്ചു ഞങ്ങൾക്ക് ഏറെ സംശയവും ആശങ്കയുമാണുള്ളത്: - എന്നാ ജനത സ്വാലിഹ്(അ) നബിയോട് പറഞ്ഞു.

**വചനം 63**

قَالَ يَٰقَوۡمِ أَرَءَيۡتُمۡ إِن كُنتُ عَلَىٰ بَيِّنَةٖ مِّن رَّبِّي وَءَاتَىٰنِي مِنۡهُ رَحۡمَةٗ فَمَن يَنصُرُنِي مِنَ ٱللَّهِ إِنۡ عَصَيۡتُهُۥۖ فَمَا تَزِيدُونَنِي غَيۡرَ تَخۡسِيرٖ ﴿٦٣﴾

63 അദ്ദേഹം പറഞ്ഞു: "എൻെറ ജനങ്ങളേ, നിങ്ങൾ കണ്ടുവോ (-ഒന്നു പറയുവിൻ): ഞാൻ എൻെറ റബ്ബിങ്കൽ നിന്നുള്ള (വ്യക്തമായ) തെളിവോ ടെയായിരിക്കുകയും അവൻെറ പക്കൽ നിന്നുള്ള ഒരു കാരുണ്യം എനിക്കവൻ നൽകിയിരിക്കുകയുമാണെങ്കിൽ, അപ്പോൾ-ഞാൻ അല്ലാഹുവിനോട് അനുസരണക്കേട് ചെയ്യുന്ന പക്ഷം, അവനിൽ നിന്ന് ആരാണ് എന്നെ സഹായി (ച്ചു രക്ഷി)ക്കുക! അപ്പോൾ, നഷ്ടം വരുത്തലല്ലാതെ (മറ്റൊന്നും) നിങ്ങൾ എനിക്ക് വർദ്ധിപ്പിക്കുകയില്ല."

"അവന്റെ പക്കൽ നിന്നുള്ള കാരുണ്യം" എന്നതു കൊണ്ട് ഇവിടെയും പ്രവാചകത്വം തന്നെയാണ് പ്രധാനോദ്ദേശ്യം (വചനം 28 നോക്കുക) സ്വാലിഹ്(അ) നബിയുടെ ഉപദേശവും അദ്ദേഹം നൽകിയ തെളിവുകളും അവർ സ്വീകരിക്കുവാൻ ഒരുക്കമില്ല. അവർക്കൊരു പ്രത്യേക ദൃഷ്ടാന്തം കാണണമെന്ന് അവർ ആവശ്യപ്പെട്ടു. (സൂ: ശൂ അറാഉ്, 154 നോക്കുക)

**വചനം 64, 65**

وَيَٰقَوۡمِ هَٰذِهِۦ نَاقَةُ ٱللَّهِ لَكُمۡ ءَايَةٗ فَذَرُوهَا تَأۡكُلۡ فِيٓ أَرۡضِ ٱللَّهِۖ وَلَا تَمَسُّوهَا بِسُوٓءٖ فَيَأۡخُذَكُمۡ عَذَابٞ قَرِيبٞ ﴿٦٤﴾

64 'എൻെറ ജനങ്ങളേ, ഇതാ നിങ്ങൾക്ക് ഒരു ദൃഷ്ടാന്തമായിക്കൊണ്ട് അല്ലാഹുവിൻെറ ഒട്ടകം! ആകയാൽ, അതിനെ(അതിൻെറ പാട്ടിൽ) നിങ്ങൾ വിട്ടേക്കുവിൻ, അത് അല്ലാഹുവിൻെറ ഭൂമിയിൽ(നടന്നു) തിന്ന് കൊള്ളട്ടെ. അതിന് ഒരു തിൻമയും നിങ്ങൾ ബാധിപ്പിക്കുകയും ചെയ്യരുത്. എന്നാൽ, സമീപസ്ഥമായ ഒരു ശിക്ഷ നിങ്ങളെ പിടികൂടുന്നതാണ്."

فَعَقَرُوهَا فَقَالَ تَمَتَّعُواْ فِي دَارِكُمۡ ثَلَٰثَةَ أَيَّامٖۖ ذَٰلِكَ وَعۡدٌ غَيۡرُ مَكۡذُوبٖ ﴿٦٥﴾

65 എന്നിട്ട്, അവർ അതിനെ അറുകൊല ചെയ്തു. അപ്പോൾ, അദ്ദേഹം പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ പാർപ്പിടത്തിൽ മൂന്നു ദിവസം സുഖമെടുത്തുകൊള്ളുവിൻ. (അപ്പോഴേക്കും ശിക്ഷ അനുഭവപ്പെടും) അത് നിർവ്യാജമായ ഒരു വാഗ്ദത്തമാകുന്നു."

അവർക്ക് ദൃഷ്ടാന്തമായി അല്ലാഹു ഒരു ഒട്ടകത്തെ പ്രദാനം ചെയ്തു. ഒട്ടകം അതിന്റെ തീററയും കുടിയുമായി ഭൂമിയിലൂടെ നടന്ന് കൊള്ളട്ടെ, നിങ്ങളതിനെ ഒരു വിധത്തിലും ഉപദ്രവിക്കരുത്. ഉപദ്രവിച്ചാൽ നിങ്ങൾക്ക് അല്ലാഹുവിങ്കൽ നിന്നുള്ള ശിക്ഷ അനുഭവപ്പെടും എന്നൊക്കെ, സ്വാലിഹ് (അ) അവരെ താക്കീത് ചെയ്തു. വെള്ളതാവളത്തിൽ ഒരു ദിവസം അവർക്കും ഒരു ദിവസം ഒട്ടകത്തിനുമാണെന്ന് ഊഴം നിശ്ചയിക്കപ്പെട്ടിരുന്നു. അവർക്കത് സഹിക്കാൻ കഴിഞ്ഞില്ല. അവർ ആ ഒട്ടകത്തെ അറുത്തു കളഞ്ഞു. ഇനി നിങ്ങൾക്ക് മൂന്ന് ദിവസമെ സുഖമായി ജീവിക്കാൻ കഴിയുകയുള്ളൂ എന്നും, അതോടെ ശിക്ഷയും പിടി കൂടും എന്നും അദ്ദേഹം അവർക്കു മുന്നറിയിപ്പ് നല്കി. അതു പോലെ തന്നെ സംഭവിക്കുകയും ചെയ്തു.

**വചനം 66, 67, 68**

فَلَمَّا جَآءَ أَمۡرُنَا نَجَّيۡنَا صَٰلِحٗا وَٱلَّذِينَ

66 അങ്ങനെ, നമ്മുടെ കൽപന വന്നപ്പോൾ, സ്വാലിഹിനെയും, അദ്ദേഹത്തോടൊപ്പം

ءَامَنُوا۟ مَعَهُۥ بِرَحْمَةٍ مِّنَّا وَمِنْ خِزْىِ يَوْمِئِذٍ ۗ إِنَّ رَبَّكَ هُوَ ٱلْقَوِىُّ ٱلْعَزِيزُ ﴿٦٦﴾

വിശ്വസിച്ചവരെയും നമ്മുടെ പക്കല്‍ നിന്നുള്ള കാരുണ്യം കൊണ്ടു നാം രക്ഷപ്പെടുത്തി; അന്നേ ദിവസത്തെ അപമാനത്തില്‍നിന്നും (നാമവരെ രക്ഷപ്പെടുത്തി) നിശ്ചയമായും, നിന്‍റെ റബ്ബ് തന്നെയാണ് ശക്തനും, പ്രതാപശാലിയും ആയുള്ളവന്‍.

وَأَخَذَ ٱلَّذِينَ ظَلَمُوا۟ ٱلصَّيْحَةُ فَأَصْبَحُوا۟ فِى دِيَـٰرِهِمْ جَـٰثِمِينَ ﴿٦٧﴾

67 അക്രമം പ്രവര്‍ത്തിച്ചവരെ ഘോര ശബ്ദം പിടികൂടുകയും ചെയ്തു. അങ്ങനെ, അവര്‍ അവരുടെ പാര്‍പ്പിടങ്ങളില്‍ കമിഴ്ന്നു വീണവരായി (ചത്തൊടുങ്ങി)

كَأَن لَّمْ يَغْنَوْا۟ فِيهَآ ۗ أَلَآ إِنَّ ثَمُودَا۟ كَفَرُوا۟ رَبَّهُمْ ۗ أَلَا بُعْدًا لِّثَمُودَ ﴿٦٨﴾

68 (അതെ) അവിടത്തില്‍ അവര്‍ ഉണ്ടായിട്ടില്ലാത്തതുപോലെ! അല്ലാ! (അറിയുക:) നിശ്ചയമായും, ഥമൂദു ഗോത്രം അവരുടെ റബ്ബിനോട് നന്ദികേട് ചെയ്തു. അല്ലാ! (അറിയുക:) ഥമൂദു ഗോത്രത്തിന് വിദൂരത! (കാരുണ്യത്തില്‍നിന്നും അവര്‍ വളരെ അകലം!)

---

ഭയാനകമായ ഭൂകമ്പം, ഒരു വമ്പിച്ച ശബ്ദവും, അഥവാ ഇടിത്തീയും അവരെ പിടികൂടി. സ്വാലിഹ് (അ) നബിയേയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരേയും, അല്ലാഹു രക്ഷപ്പെടുത്തി. ഈ സംഭവം അഅ്റാഫ്, ശൂഅറാഉ്, ഖമര്‍ എന്നീ സൂറത്തുകളില്‍ വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

## വിഭാഗം 7

ഇബ്രാഹിം(അ) നബിയുടെയും ലൂത്ത്(അ) നബിയുടെയും ചരിത്രമാണ് ഈ വിഭാഗത്തിലുള്ളത്. ഹിജ്ര്‍ അന്‍കബൂത്ത്, ദാരിയാത്ത് എന്നീ സൂറത്തുകളിലും അവ വിവരിക്കപ്പെട്ടിട്ടുണ്ട്.

### വചനം 69

وَلَقَدْ جَآءَتْ رُسُلُنَآ إِبْرَٰهِيمَ بِٱلْبُشْرَىٰ قَالُوا۟ سَلَـٰمًا ۖ قَالَ سَلَـٰمٌ ۖ فَمَا لَبِثَ أَن جَآءَ بِعِجْلٍ حَنِيذٍ ﴿٦٩﴾

69 നമ്മുടെ ദൂതന്‍മാര്‍ സന്തോഷ വാര്‍ത്തയുമായി ഇബ്രാഹീമിന്‍റെ അടുക്കല്‍ വരുകയുണ്ടായി. അവര്‍ പറഞ്ഞു: "സലാം!" (സമാധാനം ഭവിക്കട്ടെ) അദ്ദേഹം പറഞ്ഞു "സലാം" എന്നിട്ട് അദ്ദേഹം ഒരു ചുട്ടുവേവിച്ച പശുക്കുട്ടിയുമായി വരുവാന്‍ താമസമുണ്ടായില്ല.

അതിഥികളെ പോലെ, മനുഷ്യ രൂപത്തില്‍ ഇബ്രാഹിം(അ) നബിയുടെ അടുക്കല്‍ വന്നത് മലക്കുകളായിരുന്നുവെന്ന കാര്യം അദ്ദേഹം അറിഞ്ഞില്ല. സല്‍ക്കാര പ്രിയനായിരുന്ന അദ്ദേഹം അന്നത്തെ പതിവനുസരിച്ച് വിശിഷ്ടാഹാരമായി കരുതപെട്ടിരുന്ന ഒരു പശുകുട്ടിയെ ചുട്ട് വേവിച്ച് അവരെ സല്‍ക്കരിച്ചു. (സൂ:ദാരിയാത്ത്, 26, 27 ല്‍ ഈ സംഭവം വിവരിച്ചിരിക്കുന്നു.)

---

### വചനം 70

فَلَمَّا رَءَآ أَيْدِيَهُمْ لَا تَصِلُ إِلَيْهِ نَكِرَهُمْ وَأَوْجَسَ مِنْهُمْ خِيفَةً ۚ قَالُوا۟ لَا تَخَفْ إِنَّآ أُرْسِلْنَآ إِلَىٰ قَوْمِ لُوطٍ ﴿٧٠﴾

70 എന്നിട്ട് അവരുടെ കൈകള്‍ അതിലേക്ക് നീളുന്നില്ലെന്ന് കണ്ടപ്പോള്‍, അദ്ദേഹം അവരെക്കുറിച്ചു ശങ്കിച്ചു; അവരെപ്പറ്റി അദ്ദേഹത്തിന് ഒരു ഭയം തോന്നുകയും ചെയ്തു. അവര്‍ പറഞ്ഞു: "ഭയപ്പെടേണ്ട; ഞങ്ങള്‍ ലൂത്തിന്‍റെ ജനങ്ങളിലേക്ക് അയക്കപ്പെട്ടിരിക്കുകയാണ്."

അതിഥികൾ ഭക്ഷണത്തിലേക്ക് കൈ നീട്ടുന്നില്ല. മലക്കുകൾ ഭക്ഷണം കഴിക്കാറില്ലല്ലോ. അത് കണ്ടപ്പോൾ ഇബ്രാഹിം (അ) നബിക്ക് സംശയവും ഭയവുമുണ്ടായി. ഇതു മനസ്സിലാക്കിയ അതിഥികൾ തങ്ങളെ സ്വയം പരിചയപെടുത്തി ഞങ്ങൾ അല്ലാഹു അയച്ച ദൂതൻമാരാകുന്നു. ലൂത്ത്(അ) നബിയുടെ ജനതയെ നശിപ്പിക്കാൻ വേണ്ടി അയക്കപെട്ടവരാണ് ഇബ്റാഹിം(അ) നബിയുടെ സഹോദര പുത്രനാണ് ലൂത്ത് നബി(അ). അദ്ദേഹത്തിന്റെ ജനതയുടെ ചരിത്രം തുടർന്നുള്ള വചനങ്ങളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.)

**വചനം 71**

وَٱمۡرَأَتُهُۥ قَآئِمَةٞ فَضَحِكَتۡ فَبَشَّرۡنَٰهَا بِإِسۡحَٰقَ وَمِن وَرَآءِ إِسۡحَٰقَ يَعۡقُوبَ ٧١

71 അദ്ദേഹത്തിൻെറ സ്ത്രീ (അടുത്ത്) നിൽക്കുന്നുണ്ടായിരുന്നു; അപ്പോൾ അവൾ ചിരിച്ചു. അപ്പോൾ, നാം (അല്ലാഹു) ഇസ്ഹാഖിനെയും, ഇസ്ഹാഖിൻെറ പിന്നാലെ യഅ്ഖൂബിനെയും കുറിച്ച് അവർക്ക് സന്തോഷവാർത്ത അറിയിച്ചു.

---

ഇബ്രാഹിം (അ) നബിയുടെ ഭാര്യ സാറ(അ) അതിഥികൾക്ക് വേണ്ട ഒത്താശകൾ ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ അരികെ നിൽക്കുന്നുണ്ടായിരുന്നു. ഈ അവസരത്തിൽ മലക്കുകൾ തങ്ങളുടെ വരവിന്റെ ഉദ്ദേശം അറിയിച്ചു. അവർക്ക് ഒരു പുത്രനും ആ പുത്രൻ വഴി ഒരു പൌത്രനും ഉണ്ടാകാൻ പോകുന്നു എന്നുള്ള സന്തോഷ വാർത്ത ആയിരുന്നു അത് - പുത്രൻ ഇസുഹാഖ്(അ)ഉം പൌത്രൻ യഅ്ഖൂബ്(അ)ഉം.

**വചനം 72, 73**

قَالَتۡ يَٰوَيۡلَتَىٰٓ ءَأَلِدُ وَأَنَا۠ عَجُوزٞ وَهَٰذَا بَعۡلِي شَيۡخًاۖ إِنَّ هَٰذَا لَشَيۡءٌ عَجِيبٞ ٧٢

قَالُوٓاْ أَتَعۡجَبِينَ مِنۡ أَمۡرِ ٱللَّهِۖ رَحۡمَتُ ٱللَّهِ وَبَرَكَٰتُهُۥ عَلَيۡكُمۡ أَهۡلَ ٱلۡبَيۡتِۚ إِنَّهُۥ حَمِيدٞ مَّجِيدٞ ٧٣

72 അവൾ പറഞ്ഞു: “കഷ്ടം! (ആശ്ചര്യം തന്നെ!) ഞാൻ ഒരു കിഴവിയായിരിക്കെ ഞാൻ പ്രസവിക്കുകയോ-ഇതാ-എൻെറ ഭർത്താവ് ഒരു വൃദ്ധനുമായിരിക്കെ?! നിശ്ചയമായും, ഇതൊരു അൽഭുതകരമായ കാര്യം തന്നെ!”

73 അവർ പറഞ്ഞു: “അല്ലാഹുവിൻെറ കൽപനയെപ്പറ്റി നീ അൽഭുതപ്പെടുന്നുവോ?! അല്ലാഹുവിൻെറ കാരുണ്യവും, അവൻെറ അനുഗ്രഹങ്ങളും നിങ്ങളിലുണ്ടാവട്ടെ, വീട്ടുകാരേ! നിശ്ചയമായും അവൻ സ്തുത്യാർഹനും മഹത്വമേറിയവനുമാകുന്നു.”

---

ഇതു വരെയും മക്കൾ ജനിച്ചിട്ടില്ലാത്ത, താനും തന്റെ ഭർത്താവും വൃദ്ധരായിരിക്കുന്ന അവസരത്തിലുള്ള ഈ വാർത്ത അവരെ അത്ഭുതപ്പെടുത്തി.(ആ സമയത്ത് ഇബ്രഹിം (അ) നബിക്ക് നൂറും സാറാക്ക് തൊണ്ണൂറും വയസ്സായിരുന്നുവെന്ന് പറയപ്പെടുന്നു الله اعلم.) തന്റെ അത്ഭുതം അവർ ആ മലക്കുകളോട് ആദ്യ വചനത്തിലൂടെ പ്രകടിപ്പിക്കുകയും ചെയ്തു. [സൂ: ദാരിയാത്ത് വചനം 29 ഉം നോക്കുക] അല്ലാഹുവിന്റെ കൽപനയെ പററി അത്ഭുതപ്പെടരുതെന്നും, സ്തുത്യർഹനും മഹാനുമായ അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങളിലുണ്ടാകട്ടെ എന്നും ആ മലക്കുകൾ അവരോട് പ്രതിവചിച്ചു.

**വചനം 74, 75, 76**

فَلَمَّا ذَهَبَ عَنۡ إِبۡرَٰهِيمَ ٱلرَّوۡعُ وَجَآءَتۡهُ ٱلۡبُشۡرَىٰ يُجَٰدِلُنَا فِي قَوۡمِ لُوطٍ ٧٤

74 എന്നിട്ട്, ഇബ്രാഹീമിൽനിന്ന് നടുക്കം (നീങ്ങി) പോകുകയും, അദ്ദേഹത്തിന്ന് സന്തോഷവാർത്ത വരുകയും ചെയ്തപ്പോൾ അദ്ദേഹം (അതാ) ലൂത്വിൻെറ ജനങ്ങളുടെ കാര്യത്തിൽ നമ്മോട് തർക്കിക്കുന്നു!

إِنَّ إِبْرَٰهِيمَ لَحَلِيمٌ أَوَّٰهٌ مُّنِيبٌ ﴿٧٥﴾

75 നിശ്ചയമായും, ഇബ്റാഹീം സഹനശീലനും, വളരെ (മനസ്സു)മടക്കമുള്ളവനും, വിനയ മനസ്കനും തന്നെയാകുന്നു.

يَٰٓإِبْرَٰهِيمُ أَعْرِضْ عَنْ هَٰذَآ ۖ إِنَّهُۥ قَدْ جَآءَ أَمْرُ رَبِّكَ ۖ وَإِنَّهُمْ ءَاتِيهِمْ عَذَابٌ غَيْرُ مَرْدُودٍ ﴿٧٦﴾

76 (അവർ പറഞ്ഞു:) "ഇബ്രാഹീമേ, ഇതിൽ (ഈ തർക്കത്തിൽ) നിന്ന് തിരിഞ്ഞു കളയുക. നിശ്ച യമായും കാര്യം: തൻെറ റബ്ബിൻെറ കൽപന (ഇതാ) വന്നു കഴിഞ്ഞു. നിശ്ചയമായും അവർ (ആ ജനങ്ങൾ) അപ്രതിരോധ്യമായ ഒരു (വമ്പിച്ച) ശിക്ഷ അവർക്ക് വരുന്നതുമാകുന്നു.

മനസ്സിന് സമാധാനവും സന്തോഷവും വന്ന ആ അവസരത്തിൽ ഇബ്രാഹിം(അ) നബി ലൂത്ത്(അ) നബിയുടെ ജനതക്കുള്ള അല്ലാഹുവിന്റെ ശിക്ഷയുടെ കാര്യത്തിൽ ചില തർക്കങ്ങൾ നടത്തുവാൻ തുടങ്ങി. അദ്ദേഹം ഒരു അവിവേകിയോ അല്ലാഹുവിന്റെ കൽപനയെ ചോദ്യം ചെയ്യുന്ന ആളോ ആയിരുന്നില്ല. നേരെ മറിച്ച് വളരെ സഹനവും ഭക്തി വിനയവുമൊക്കെ ഉള്ള ആൾ തന്നെ യായിരുന്നു. ലൂത്ത്(അ)നബിയെയും, അദ്ദേഹത്തിന്റെ ജനതയിലെ സത്യ വിശ്വാസികളെയും ശിക്ഷ ബാധിക്കുന്നതു സംബന്ധിച്ചു മനസ്സിൽ അലിവു തോന്നിയ അദ്ദേഹം, ആ മലക്കുകളോട് അന്വേഷണാർത്ഥം ചില ചോദ്യങ്ങൾ നടത്തി ഇതിനെ പററിയാണ് തർക്കം എന്ന് പറഞ്ഞിരിക്കുന്നത്.

മലക്കുകൾ അദ്ദേഹത്തോടു പറഞ്ഞു - ആ ജനതയെപററി തർക്കിച്ചിട്ട് കാര്യമില്ലാ. അവരെ ശിക്ഷിക്കുന്നതിനുള്ള റബ്ബിന്റെ കൽപന തീർച്ചപ്പെട്ട് കഴിഞ്ഞതാണ്, അവരതിന് അർഹരുമാണ്, ആ ശിക്ഷ ഒരിക്കലും ഒഴിവാക്കപ്പെടുകയില്ല.

സൂ: അൻകബൂത് വചനം 31,32 ൽ ഈ സംഭവം വിവരിച്ചിട്ടുണ്ട്. ലൂത്ത്(അ) നബിയെയും അവിടെയുള്ള സത്യ വിശ്വാസികളെയും നശിപ്പിക്കുകയില്ലെന്ന് മലക്കുകൾ ഇബ്രാഹിം(അ) നബിയോട് മറുപടി പറഞ്ഞു. ലൂത്ത്(അ) നബിയുടെ ഭാര്യ ശിക്ഷയിൽ അകപ്പെടുന്നവളാണെന്നും അവർ അദ്ദേഹത്തെ അറിയിച്ചു.

ഇബ്രാഹിം(അ) സ്വദേശമായ ഇറാഖിൽ നിന്ന് ഹിജ്റ പോരുമ്പോൾ സഹോദര പുത്രനായ ലൂത്ത്(അ) നബിയും ഒന്നിച്ചുണ്ടായിരുന്നു. അവർ ഫലസ്തീനിൽ വന്നശേഷം ലൂത്ത്(അ) സദും ഗമുരിയാ പ്രദേശത്ത് താമസമുറപ്പിക്കുകയും അവിടെയുള്ളവരിൽ അദ്ദേഹം റസൂലായി നയോഗിക്കപ്പെടുകയും ചെയ്തു.

**വചനം 77**

وَلَمَّا جَآءَتْ رُسُلُنَا لُوطًا سِىٓءَ بِهِمْ وَضَاقَ بِهِمْ ذَرْعًا وَقَالَ هَٰذَا يَوْمٌ عَصِيبٌ ﴿٧٧﴾

77 നമ്മുടെ ദൂതൻമാർ ലൂത്വിൻെറ അടുക്കൽ ചെന്നപ്പോൾ അവർമൂലം അദ്ദേഹത്തിന് വ്യസനം (അഥവാ അനിഷ്ടം) പിടിപെടുകയും, അവർമൂലം മനസ്സിടുങ്ങുകയും ചെയ്തു; "ഇതൊരു കഠിനമായ ദിവസമാണ്" എന്നദ്ദേഹം പറയുകയും ചെയ്തു.

ഇബ്രാഹിം(അ) നബിയുടെ അടുക്കൽ നിന്ന് മലക്കുകൾ ലൂത്ത്(അ) നബിയുടെ അടുക്കൽ ചെന്നു. സുന്ദരൻമാരായ യുവാക്കളുടെ വേഷത്തിലായിരുന്നു അവർ. ആ നാട്ടുകാരാകട്ടെ കാമവികാരങ്ങളടക്കുവാൻ സ്ത്രീകൾക്കു പകരം പരപുരുഷൻമാരെ പ്രാപിക്കുക മുതലായ നീച കർമ്മങ്ങളിൽ നിരതരായിരുന്നു തന്റെ വീട്ടിൽ എത്തിയ അതിഥികളായ യുവാക്കളുടെ സാന്നിദ്ധ്യം പല അനർത്ഥങ്ങൾക്കും കാരണമാകുമെന്ന് ലൂത്ത്(അ) നബി ഭയപ്പെടുകയും, അദ്ദേഹത്തിന് വ്യസനവും മനപ്രയാസവും ഉണ്ടാകുകയും ചെയ്തു. അതിഥികൾ മലക്കുകളാണെന്ന വസ്തുത, അവർ വെളിപ്പെടുത്തുന്നതുവരെ അദ്ദേഹം അറിഞ്ഞിരുന്നുമില്ലല്ലൊ.

**വചനം 78,79,80**

وَجَآءَهُۥ قَوْمُهُۥ يُهْرَعُونَ إِلَيْهِ وَمِن قَبْلُ

78 അദ്ദേഹത്തിൻെറ ജനങ്ങൾ അദ്ദേഹത്തിൻെറ അടുക്കലേക്ക് (ധൃതിപ്പെട്ട്) ഓടിക്കൊണ്ടുവന്നു.

كَانُوا۟ يَعْمَلُونَ ٱلسَّيِّـَٔاتِ ۚ قَالَ يَـٰقَوْمِ هَـٰٓؤُلَآءِ بَنَاتِى هُنَّ أَطْهَرُ لَكُمْ ۖ فَٱتَّقُوا۟ ٱللَّهَ وَلَا تُخْزُونِ فِى ضَيْفِىٓ ۖ أَلَيْسَ مِنكُمْ رَجُلٌ رَّشِيدٌ ﴿٧٨﴾

മുമ്പേ അവർ ദുഷ്പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: "എൻെറ ജനങ്ങളേ, ഇതാ എൻെറ പെൺമക്കൾ; അവർ നിങ്ങൾക്ക് വളരെ ശുദ്ധമായുള്ളവരാണ്. (അവരെ നിങ്ങൾക്ക് വിവാഹം കഴിച്ചുതരാം) ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; എൻെറ അതിഥികളുടെ വിഷയത്തിൽ എന്നെ നിങ്ങൾ അപമാനപ്പെടുത്താതെയുമിരിക്കുവിൻ. നിങ്ങളുടെ കൂട്ടത്തിൽ തൻേറടമുള്ള ഒരു പുരുഷനുമില്ലേ?!"

قَالُوا۟ لَقَدْ عَلِمْتَ مَا لَنَا فِى بَنَاتِكَ مِنْ حَقٍّ وَإِنَّكَ لَتَعْلَمُ مَا نُرِيدُ ﴿٧٩﴾

79 അവർ പറഞ്ഞു: "നിൻെറ പെൺമക്കളിൽ ഞങ്ങൾക്ക് ഒരു കാര്യവും (ആവശ്യവും) ഇല്ലെന്ന് നിനക്ക് അറിവുണ്ടല്ലോ, നിശ്ചയമായും, നിനക്കറിയാം ഞങ്ങൾ ഉദ്ദേശിക്കുന്നതെന്താണെന്നും"

قَالَ لَوْ أَنَّ لِى بِكُمْ قُوَّةً أَوْ ءَاوِىٓ إِلَىٰ رُكْنٍ شَدِيدٍ ﴿٨٠﴾

80 അദ്ദേഹം പറഞ്ഞു: "എനിക്ക് നിങ്ങളോട് (നിങ്ങളെ തടയുവാൻ) വല്ല ശക്തിയും ഉണ്ടായിരുന്നെങ്കിൽ! അല്ലെങ്കിൽ, ശക്തിമത്തായ വല്ല ഘടകത്തിലേക്കും (ചെന്ന്) അഭയം പ്രാപിക്കാമായിരുന്നെങ്കിൽ! (ഹാ! എത്ര നന്നായേനെ!)

---

ലൂത്ത്(അ) ന്റെ വീട്ടിൽ ചില യുവാക്കൾ എത്തിയ വിവരമറിഞ്ഞ് ആ ദുഷ്ടജനങ്ങൾ നീച ഉദ്ദേശവുമായി അവിടെ ഓടിയെത്തി. അദ്ദേഹം അവരെ ഉപദേശിക്കുകയും, ഗുണദോഷിക്കുകയും ചെയ്തു നോക്കി. ശുദ്ധരായ തന്റെ പെൺമക്കളെ അവർക്കു വിവാഹം കഴിച്ചു കൊടുക്കാം എന്നും പറഞ്ഞു. എന്റെ അതിഥികളായി വന്ന ഇവരോട് അപമര്യാദയായി പെരുമാറി എന്നെ അപമാനിക്കരുത്, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ എന്നൊക്കെ പറഞ്ഞു നോക്കി. നിന്റെ പെൺമക്കളെയല്ലാ ഞങ്ങൾക്കാവശ്യമെന്നും, ഈ യുവാ ക്കളെ വിട്ട് കിട്ടുകയാണ് ഞങ്ങൾക്ക് വേണ്ടതെന്നും, ആ തെമ്മാടികൾ മറുപടി പറഞ്ഞു.ധർമ്മ സങ്കടത്തിലായ അദ്ദേഹം, അവരെ നേരിടുവാനും തടയുവാനുള്ളശക്തിയും സഹായവും തനിക്കുണ്ടായിരുന്നെങ്കിൽ എന്ന് സ്വയം വിലപിക്കുകയായി.തോന്നിയ വാസികളായ ആ ധിക്കാരികളുടെ കണ്ണിന്റെ കാഴ്ച അല്ലാഹു മായിച്ചുകളഞ്ഞ തായി സൂ : ഖമർ 37 ൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഇതെല്ലാം കഴിഞ്ഞ ശേഷം തങ്ങൾ ആരാണെന്നും, തങ്ങളുടെ വരവിന്റെ ഉദ്ദേശ്യമെന്താണെന്നും അറിയിച്ചു കൊണ്ട് മലക്കുകൾ അദ്ദേഹത്തെ ആശ്വസിപ്പിച്ചു.

**വചനം 81**

قَالُوا۟ يَـٰلُوطُ إِنَّا رُسُلُ رَبِّكَ لَن يَصِلُوٓا۟ إِلَيْكَ ۖ فَأَسْرِ بِأَهْلِكَ بِقِطْعٍ مِّنَ ٱلَّيْلِ وَلَا يَلْتَفِتْ مِنكُمْ أَحَدٌ إِلَّا ٱمْرَأَتَكَ ۖ إِنَّهُۥ مُصِيبُهَا مَآ أَصَابَهُمْ ۚ إِنَّ مَوْعِدَهُمُ ٱلصُّبْحُ ۚ أَلَيْسَ ٱلصُّبْحُ بِقَرِيبٍ ﴿٨١﴾

81 അവർ (ദൂതൻമാർ) പറഞ്ഞു: "ലൂത്തേ, ഞങ്ങൾ താങ്കളുടെ റബ്ബിൻെറ ദൂതൻമാരാണ്: അവർ (ആ ജനങ്ങൾ) താങ്കളുടെ അടുക്കലേക്ക് (ഉപദ്രവാർത്ഥം) വന്ന് ചേരുകയില്ല തന്നെ. ഇനി, താങ്കൾ താങ്കളുടെ ആൾക്കാരെ (കുടുംബത്തെ)യും കൊണ്ട് രാത്രിയിൽനിന്നുള്ള ഒരംശത്തിൽ (രാത്രി കഴിയുംമുമ്പ്) യാത്ര ചെയ്തുകൊള്ളുക; നിങ്ങളിൽനിന്ന് ഒരാളും (പോകുമ്പോൾ) തിരിഞ്ഞുനോക്കുകയും ചെയ്യരുത്; താങ്കളുടെ സ്ത്രീ (ഭാര്യ) ഒഴികെ. നിശ്ചയമായും (കാര്യം:) അവർക്ക് (ആ ജനങ്ങൾക്ക്) ബാധിക്കുന്നത്

അവൾക്കും ബാധിക്കുന്നതായിരിക്കും. നിശ്ചയ
മായും, അവരുടെ നിശ്ചിത സമയം, പ്രഭാതമാ
കുന്നു. പ്രഭാതം (ഇതാ,) സമീപത്തിലല്ലേ?!"

താങ്കൾ ഭയപ്പെടേണ്ടതില്ലെന്നും ആ ദുഷ്ടൻമാരുടെ കഥ പ്രഭാതത്തോടെ കഴിയുമെന്നും താങ്കളും വീട്ടുകാരും അതിന് മുമ്പായി രാത്രി തന്നെ സ്ഥലം വിടണമെന്നും പോകുമ്പോൾ ആരും പിന്നോക്കം തിരിഞ്ഞു നോക്കരുതെന്നും ആ ദൂതൻമാർ ലൂത്ത്(അ)നബിയെ അറിയിച്ചു. താങ്കളുടെ ഭാര്യ ശിക്ഷയിൽ അകപ്പെടുന്നവളാണ് എന്ന് അവർ അറിയിച്ചു. അവൾ അവിശ്വാസികളിൽപെട്ടവളായിരുന്നുവെന്നും അദ്ദേഹത്തെ വഞ്ചിച്ചിരുന്നുവെന്നും സൂ: തഹ്‌രീമിൽ കാണാവുന്നതാണ്. അവൾ ആ ശിക്ഷയിൽഅകപ്പെട്ടതായി 7: 83, 29:32 എന്നിവിടങ്ങളിൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.

**വചനം 82, 83**

فَلَمَّا جَآءَ أَمْرُنَا جَعَلْنَا عَٰلِيَهَا سَافِلَهَا وَأَمْطَرْنَا عَلَيْهَا حِجَارَةً مِّن سِجِّيلٍ مَّنضُودٍ ﴿٨٢﴾

82 അങ്ങനെ, നമ്മുടെകൽപന വന്നപ്പോൾ, അതിൻെറ (രാജ്യത്തിൻെറ) മുകൾഭാഗം അതിൻെറ താഴ്ഭാഗമാ(ക്കിമറി) ക്കുകയും, അതിൽ, (മേൽക്കുമേൽ വന്ന്) അട്ടിയാക്കപ്പെട്ട, ചൂളവെച്ച ഇഷ്ടികക്കല്ലുകളെ നാം വർഷിപ്പിക്കുകയും ചെയ്തു;-

مُّسَوَّمَةً عِندَ رَبِّكَ ۖ وَمَا هِىَ مِنَ ٱلظَّٰلِمِينَ بِبَعِيدٍ ﴿٨٣﴾

83 നിൻെറ റബ്ബിൻെറ അടുക്കൽ അടയാളപ്പെടുത്തി വെക്കപ്പെട്ടതായും കൊണ്ട്. അത് (ഈ) അക്രമികളിൽ നിന്ന് വിദൂരമായതൊന്നുമല്ലതാനും.

നിശ്ചിത സമയം എത്തിയപ്പോൾ രാജ്യം അടിമേലായി മറിക്കപ്പെട്ടു. ചുട്ട് പഴുപ്പിക്കപ്പെട്ട ഇഷ്ടികക്കല്ലുകൾ തുടരെത്തുടരെ മേൽക്കു മേൽ വർഷിച്ച് കൊണ്ടിരുന്നു. അവ സാധാരണ കല്ലുകളായിരുന്നില്ല എന്നും അവരെ ശിക്ഷിക്കുവാനായി അയക്കപ്പെട്ട പ്രത്യേകതരം കല്ലുകളായിരുന്നുവെന്നും "നിന്റെ റബ്ബിന്റെ അടുക്കൽ അടയാളപ്പെടുത്തി വെക്കപ്പെട്ട" എന്ന് വിശേഷിപ്പിച്ചതിൽ നിന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ലൂത്ത്(അ) നബിയും സത്യ വിശ്വാസികളും രാജ്യത്തിന്റെ പുറത്ത് പോയി രക്ഷപ്പെടുകയും ചെയ്തു.

അവസാനത്തെ വാക്യം (അത് (ഈ) അക്രമികളിൽ നിന്ന് വിദൂരമായതൊന്നുല്ല താനും) വ്യാഖ്യാനിക്കപ്പെട്ടതിൽ കൂടുതൽ അനുയോജ്യമായ വ്യാഖ്യാനം ഇപ്രകാരമാകുന്നു: (الله اعلم) ആ അടിമേലായി മറിക്കപ്പെട്ട രാജ്യം ഈ അക്രമികളിൽ - മക്കാ മുശ്രിക്കുകളിൽ - നിന്ന് വിദൂരമൊന്നുമല്ല. ഇവർ ശാമിലേക്കും മററും യാത്ര പോകുമ്പോൾ അതിന്റെ അവശിഷ്ടം ഇവർക്ക് കാണാവുന്ന വിധം അധികം അകലെയല്ലാതെ കിടപ്പുണ്ടല്ലോ.

ഈ രാജ്യമാണ് ലൂത്ത് കടൽ എന്നും ചാവു കടൽ എന്നുമുള്ള പേരുകളിൽ പിന്നീട് അറിയപ്പെട്ടത്.

**വിഭാഗം 8**

ഈ വിഭാഗത്തിൽ ശുഐബ്(അ) നബിയുടെയും ജനതയുടെയും ചരിത്രമാണ് വിവരിക്കുന്നത്. ഹിജാസിന്റെ വടക്കും ശാമിന്റെ തെക്കുമായി സ്ഥിതി ചെയ്യുന്ന ഒരു രാജ്യമായിരുന്ന മദ്യയൻ പ്രദേശത്തെ നിവാസികളായിരുന്നു അദ്ദേഹത്തിന്റെ ജനത. കച്ചവടത്തിൽ അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കൽ വഞ്ചന, ചുങ്കം വാങ്ങൽ, പിടിച്ചുപറി മുതലായ പല അഴിമതികളും അവരിൽ വ്യാപകമായിരുന്നു. എല്ലാവരും വിഗ്രഹാരാധകരും ആയിരുന്നു. സൂ: അ അ്റാഫ്, ശൂഅറാള്, അങ്കബൂത്ത് എന്നീ സൂറത്തുകളിൽ ഇവരെ പററി വിവരിക്കപ്പെട്ടിട്ടുണ്ട്.

**വചനം 84, 85, 86**

۞ وَإِلَىٰ مَدْيَنَ أَخَاهُمْ شُعَيْبًا ۚ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥ ۖ وَلَا

84 മദ്‌യനിലേക്ക് അവരുടെ (മദ്‌യൻകാരുടെ) സഹോദരൻ ശുഐബിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: "എൻെറ ജനങ്ങളേ, നിങ്ങൾ

تَنقُصُواْ ٱلْمِكْيَالَ وَٱلْمِيزَانَ ۚ إِنِّىٓ أَرَىٰكُم بِخَيْرٍ وَإِنِّىٓ أَخَافُ عَلَيْكُمْ عَذَابَ يَوْمٍ مُّحِيطٍ ﴿٨٤﴾

അല്ലാഹുവിനെ ആരാധിക്കുവിൻ; നിങ്ങൾക്ക് അവനല്ലാതെ ഒരു ആരാധ്യനുമില്ല. നിങ്ങൾ അളവും, തൂക്കവും കുറക്കുകയും ചെയ്യരുത്. നിശ്ചയമായും നിങ്ങളെ ഞാൻ ക്ഷേമത്തിലായി കാണുന്നു. നിശ്ചയമായും, നിങ്ങളുടെ മേൽ (നിങ്ങളെ) വലയം ചെയ്യുന്ന ഒരു ദിവസത്തിലെ ശിക്ഷയെക്കുറിച്ച് ഞാൻ ഭയപ്പെടുകയും ചെയ്യുന്നു."

وَيَٰقَوْمِ أَوْفُواْ ٱلْمِكْيَالَ وَٱلْمِيزَانَ بِٱلْقِسْطِ ۖ وَلَا تَبْخَسُواْ ٱلنَّاسَ أَشْيَآءَهُمْ وَلَا تَعْثَوْاْ فِى ٱلْأَرْضِ مُفْسِدِينَ ﴿٨٥﴾

85 "എന്റെ ജനങ്ങളേ, നിങ്ങൾ നീതിമുറപ്രകാരം അളത്തവും, തൂക്കവും പൂർത്തിയാക്കിക്കൊടുക്കുവിൻ. മനുഷ്യർക്ക് അവരുടെ സാധനങ്ങളെ കുറവ് വരുത്തുകയും ചെയ്യരുത്. നാശകാരികളായ നിലയിൽ നിങ്ങൾ ഭൂമിയിൽ കുഴപ്പം പ്രവർത്തിക്കുകയും ചെയ്യരുത്.

بَقِيَّتُ ٱللَّهِ خَيْرٌ لَّكُمْ إِن كُنتُم مُّؤْمِنِينَ ۚ وَمَآ أَنَا۠ عَلَيْكُم بِحَفِيظٍ ﴿٨٦﴾

86 'അല്ലാഹു ബാക്കിയാക്കിത്തരുന്നത് നിങ്ങൾക്ക് ഗുണമായിരിക്കും; നിങ്ങൾ വിശ്വാസികളാണെങ്കിൽ! ഞാൻ നിങ്ങളുടെമേൽ (നോട്ടം ചെയ്ത്) കാത്തുപോരുന്നവനല്ലതാനും."

---

ദിവ്യ പ്രബോധനങ്ങളിൽ അതിപ്രധാനമായ തൌഹീദിനെക്കുറിച്ചു ഉപദേ ശിച്ച ശേഷം ആ ജനങ്ങളിൽ നടമാടിയിരുന്ന അഴിമതികളെയും അക്രമങ്ങളെയും കുറിച്ച് ശുഐബ്(അ) അവരെ ഉപദേശിച്ചു: - അക്രമവും വഞ്ചനയും കൃത്രിമവും നടത്താതെ തന്നെ സുഖമായി ജീവിക്കാനുള്ള മാർഗ്ഗങ്ങൾ അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുണ്ട്. പിന്നെയെന്തിനാണ് നിങ്ങൾ അന്യരെ വഞ്ചിക്കുന്നത്. ഈ നില നിങ്ങൾ തുടരുകയാണെങ്കിൽ നിങ്ങളിൽ ആർക്കും രക്ഷപെടാൻ കഴിയാത്തവണ്ണം വമ്പിച്ച ഒരു ശിക്ഷ നിങ്ങളെ വലയം ചെയ്തേക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. നിങ്ങളെ ഉപദേശിക്കുവാനേ എനിക്ക് കഴിയുകയുള്ളൂ. നിങ്ങളുടെ ഉത്തരവാദിത്തം ഏൽക്കത്തക്ക മേലധികാരമോ, ബാധ്യതയോ, എനിക്കില്ല.

'പ്രവാചകൻമാരിലെ പ്രാസംഗികൻ' എന്ന് വ്യാഖ്യാതാക്കളാൽ വിശേഷിപ്പിക്കപ്പെട്ട ശുഐബ്(അ) ആ ജനതയെ കാര്യ കാരണസഹിതം ഹൃദയസ്പൃക്കായ രീതിയിൽ ഉപദേശിച്ചു നോക്കി. എന്നാൽ ആ ജനത അദ്ദേഹത്തോട് ഇപ്രകാരമാണ് മറുപടി പറഞ്ഞത്.

**വചനം 87**

قَالُواْ يَٰشُعَيْبُ أَصَلَوٰتُكَ تَأْمُرُكَ أَن نَّتْرُكَ مَا يَعْبُدُ ءَابَآؤُنَآ أَوْ أَن نَّفْعَلَ فِىٓ أَمْوَٰلِنَا مَا نَشَٰٓؤُاْ ۖ إِنَّكَ لَأَنتَ ٱلْحَلِيمُ ٱلرَّشِيدُ ﴿٨٧﴾

87 അവർ പറഞ്ഞു: "ശുഐബേ, നിന്റെ നമസ്കാരമാണോ ഞങ്ങളുടെ പിതാക്കൾ ആരാധിച്ചു വരുന്നതിനെ ഞങ്ങൾ ഉപേക്ഷിക്കുവാൻ നിന്നോട് കൽപിക്കുന്നത്?! അല്ലെങ്കിൽ, ഞങ്ങളുടെ സ്വത്തുക്കളിൽ ഞങ്ങൾ ഉദ്ദേശിക്കുന്നത് ഞങ്ങൾ ചെയ്തു വരുന്നതിനെ (ഞങ്ങൾ ഉപേക്ഷിക്കുവാൻ)?!! നിശ്ചയമായും, സഹനമുള്ളവനും തന്റേടമുള്ളവനും തന്നെയാണ് നീ!"

---

അദ്ദേഹത്തിന്റെ നമസ്കാരം, പ്രാർത്ഥന മുതലായ ആരാധനാ കർമ്മങ്ങളിൽ അവർക്കുള്ള അമർഷവും വെറുപ്പുമാണവർ പ്രകടിപ്പിച്ചത്. അല്ലാഹുവല്ലാത്തവരെ ആരാധിക്കുന്നതിന് അവരുടെ ന്യായീകരണം അവരുടെ പൂർവ്വികൻമാർ, അങ്ങനെ ചെയ്തു വന്നിരുന്നുവെന്നുള്ളതാണ്. ധനസംബന്ധമായ ചതിയും വഞ്ചനയും ചെയ്യുന്നതിന് അവരുന്നയിച്ച ന്യായം, ഞങ്ങളുടെ സ്വത്ത് സംബന്ധമായ കാര്യങ്ങളിൽ ഞങ്ങളുടെ ഇഷ്ടം പോലെ കൈകാര്യം ചെയ്യാൻ ഞങ്ങൾക്കവകാശമുണ്ട് എന്നായിരുന്നു.

**വചനം 88**

قَالَ يَـٰقَوْمِ أَرَءَيْتُمْ إِن كُنتُ عَلَىٰ بَيِّنَةٍ مِّن رَّبِّى وَرَزَقَنِى مِنْهُ رِزْقًا حَسَنًا ۚ وَمَآ أُرِيدُ أَنْ أُخَالِفَكُمْ إِلَىٰ مَآ أَنْهَىٰكُمْ عَنْهُ ۚ إِنْ أُرِيدُ إِلَّا ٱلْإِصْلَـٰحَ مَا ٱسْتَطَعْتُ ۚ وَمَا تَوْفِيقِىٓ إِلَّا بِٱللَّهِ ۚ عَلَيْهِ تَوَكَّلْتُ وَإِلَيْهِ أُنِيبُ ﴿٨٨﴾

88 അദ്ദേഹം പറഞ്ഞു: "എൻെറ ജനങ്ങളേ, നിങ്ങൾ കണ്ടുവോ? (ഒന്നു പറഞ്ഞു തരുവിൻ:) ഞാൻ എൻെറ റബ്ബിങ്കൽ നിന്നുള്ള (വ്യക്തമായ) തെളിവോടെയിരിക്കുകയും, അവൻെറ വകയായി അവൻ എനിക്ക് നല്ലതായ വിഭവം നൽകുകയും ചെയ്തിട്ടുണ്ടെങ്കിൽ...?! (അപ്പോൾ, എനിക്ക് ഇങ്ങനെയല്ലാതെ ഉപദേശിക്കുവാൻ കഴിയുമോ?) ഏതൊന്നിനെക്കുറിച്ചു ഞാൻ നിങ്ങളെ വിരോധിക്കുന്നുവോ അതിലേക്ക് (തിരിഞ്ഞ്) നിങ്ങളുമായി വ്യത്യാസം പ്രവർത്തിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ലതാനും, എനിക്ക് സാധ്യമായത്ര നൻമ വരുത്തുകയല്ലാതെ (മറ്റൊന്നും) ഞാൻ ഉദ്ദേശിക്കുന്നില്ല. എൻെറ 'തൗഫീഖ്', (പ്രവർത്തനവിജയം) അല്ലാഹു മൂലമല്ലാതെ ഇല്ലതാനും. അവൻെറ മേൽ ഞാൻ(കാര്യം) ഭരമേൽപിച്ചിരിക്കുന്നു; അവങ്കലേക്കുതന്നെ ഞാൻ (മനസ്സുമടങ്ങി) വിനയപ്പെടുകയും ചെയ്യുന്നു.

നൂഹ് (അ) അദ്ദേഹത്തിന്റെ ജനങ്ങളോട് പറഞ്ഞതായി 28 ാം വചനത്തിലും സ്വാലിഹ് (അ) അദ്ദേഹത്തിന്റെ ജനതയോട് പറഞ്ഞതായി 63 ാം വചനത്തിലും പറഞ്ഞതുപോലെയുള്ള ഒരു വാക്യം തന്നെയാണ് ശുഐബ് (അ) അദ്ദേഹത്തിന്റെ ജനതയോടും പറഞ്ഞതായി ഈ വചനത്തിൽ കാണുന്നത്. അവിടങ്ങളിൽ പ്രവാചകത്വം എന്ന ഉദ്ദേശത്തോടെ **رحمة** (കാരുണ്യം) എന്ന പദത്തിന്റെ സ്ഥാനത്ത് ഇവിടെ **رزقا حسنا** (നല്ലതായ വിഭവം) എന്നാണുള്ളത്. ഭൌതികമോ, അഭൌതികമോ ആയ എല്ലാ ലഭ്യങ്ങൾക്കും വിഭവങ്ങൾക്കും ഉപയോഗിക്കുന്ന ഒരു പദമാണ് **رزق** (രിസ്ഖ്) എന്നത്.

നിങ്ങളോട് ഞാൻ വിരോധിക്കുന്ന കാര്യങ്ങൾ വർജ്ജിച്ചു വരുന്ന ആളാണ് ഞാൻ. ഞാൻ വിരോധിക്കുന്നതിന് എതിരിൽ ഒന്നും ഞാൻ ചെയ്യുന്നില്ലല്ലൊ. നിങ്ങളെ കഴിയുന്നത്ര നന്നാക്കി സംസ്കരിക്കുക മാത്രമാണ് എന്റെ ലക്ഷ്യം; മററൊരു സ്വാർത്ഥ താല്പര്യവും എനിക്കില്ല. എന്റെ ലക്ഷ്യം സാധിക്കുവാൻ അല്ലാഹുവിങ്കൽ നിന്നുള്ള സഹായം ലഭിക്കേണ്ടിയിരിക്കുന്നു., കാര്യങ്ങളെല്ലാം വിനയപൂർവം ഞാൻ അവനിൽ അർപ്പിക്കുന്നു.

**വചനം 89, 90**

وَيَـٰقَوْمِ لَا يَجْرِمَنَّكُمْ شِقَاقِىٓ أَن يُصِيبَكُم مِّثْلُ مَآ أَصَابَ قَوْمَ نُوحٍ أَوْ قَوْمَ هُودٍ أَوْ قَوْمَ صَـٰلِحٍ ۚ وَمَا قَوْمُ لُوطٍ مِّنكُم بِبَعِيدٍ ﴿٨٩﴾

89 "എൻെറ ജനങ്ങളെ, എന്നോടുള്ള കക്ഷി മാത്സര്യം നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ, നൂഹിൻെറ ജനതക്കോ, ഹൂദിൻെറ ജനതക്കോ, സ്വാലിഹിൻെറ ജനതക്കോ ബാധിച്ചതു പോലെയുള്ളത് (ശിക്ഷ) നിങ്ങൾക്ക് ബാധിക്കു(വാൻ ഇടയാകു) ന്നതിന്. ലൂത്തിൻെറ ജനത(യാകട്ടെ)നിങ്ങളിൽ നിന്ന് അകലെ യല്ലതാനും.

وَٱسْتَغْفِرُوا۟ رَبَّكُمْ ثُمَّ تُوبُوٓا۟ إِلَيْهِ ۚ إِنَّ رَبِّى رَحِيمٌ وَدُودٌ ﴿٩٠﴾

90 'നിങ്ങളുടെ റബ്ബിനോട് നിങ്ങൾ പാപമോചനം തേടുകയും, പിന്നെ അവനിലേക്ക് പശ്ചാത്ത പിക്കുകയും ചെയ്യുവിൻ. നിശ്ചയമായും, എൻെറ റബ്ബ് കരുണാനിധിയും, വളരെ (സ്നേഹ) താൽപര്യമുള്ളവനുമാകുന്നു."

എന്നോടുള്ള നിങ്ങളുടെ കക്ഷിമാത്സര്യം തുടരുക തന്നെയാണ് നിങ്ങൾ ചെയ്യുന്നതെങ്കിൽ നൂഹ്, ഹൂദ്, സ്വാലിഹ്(അ) എന്നിവരുടെ സമുദായങ്ങളെ ബാധിച്ചതുപോലെയുള്ള മഹാ ശിക്ഷ നിങ്ങൾക്കും ബാധിച്ചേക്കും. നിങ്ങളുടെ അടുത്ത സ്ഥലത്തും അടുത്ത കാലത്തും ലൂത്ത്(അ) നബിയുടെ ജനതയെ പിടികൂടിയ കടുത്ത ശിക്ഷ നിങ്ങൾക്ക് ഓർമ്മയുണ്ടല്ലോ. നിങ്ങൾ എന്ത് പാപവും ആക്രമവും പ്രവർത്തിച്ചിരുന്നാലും നിങ്ങൾ ഖേദിച്ച് മടങ്ങി പാപമോചനം തേടിയാൽ അല്ലാഹു നിങ്ങൾക്ക് പൊറുത്ത് തരികയും കരുണ ചെയ്യുകയും ചെയ്യുന്നതാണ്- എന്നിങ്ങനെ അദ്ദേഹം അവരെ ഉപദേശിച്ചു.

---

**വചനം 91**

قَالُوا۟ يَـٰشُعَيْبُ مَا نَفْقَهُ كَثِيرًا مِّمَّا تَقُولُ وَإِنَّا لَنَرَىٰكَ فِينَا ضَعِيفًا ۖ وَلَوْلَا رَهْطُكَ لَرَجَمْنَـٰكَ ۖ وَمَآ أَنتَ عَلَيْنَا بِعَزِيزٍ ﴿٩١﴾

91 അവർ പറഞ്ഞു: "ശുഐബേ, നീ പറയുന്നതിൽ നിന്ന് മിക്കതും ഞങ്ങൾക്ക് ഗ്രഹിക്കു(വാൻ കഴിയു)ന്നില്ല; നിശ്ചയമമായും, ഞങ്ങളുടെ കൂട്ടത്തിൽ നിന്നെ ഒരു ബലഹീനനായിട്ടേ ഞങ്ങൾ കാണുന്നുള്ളു. നിൻെറ കുടുംബം ഇല്ലായിരുന്നുവെങ്കിൽ, നിന്നെ ഞങ്ങൾ എറിഞ്ഞുകൊല്ലുക തന്നെ ചെയ്തിരുന്നു. നീ ഞങ്ങളുടെ അടുക്കൽ ഒരു പ്രതാപശാലിയൊന്നുമല്ല."

---

സത്യത്തിനും നീതിക്കും മുന്നിൽ പരാജയപെടുമ്പോൾ ധിക്കാര ബുദ്ധികളിൽ നിന്ന് എക്കാലത്തും കേൾക്കാറുള്ളതാണ് ഇത്തരം ഭീഷണികൾ. പ്രാചീന സമുദായത്തിൽപ്പെട്ട പരിഷ്കാരത്തിന്റെയും ഉൽബുദ്ധതയുടെയും താഴെ പടിയിലുള്ള ആ ജന സമൂഹം മാത്രമല്ല, ബുദ്ധിപരമായി മനുഷ്യൻ വളരെ പുരോഗമിച്ചിട്ടുള്ള ഇക്കാലത്തും, തൌഹീദിനെകുറിച്ചും, ക്രയ വിക്രയങ്ങളിൽ ചതിയും കൃത്രിമവും ഉപേക്ഷിക്കേണ്ടതിനെക്കറിച്ചും ഉപദേശിക്കാൻ മെനക്കെട്ടാലുള്ള പ്രതികരണവും വ്യത്യസ്തമല്ല. ഉപദേശിക്കുന്നവരെ പുച്ഛിക്കുക, ദുർന്യായങ്ങളും, കുതർക്കങ്ങളും അവതരിപ്പിക്കുക, ഭീഷണി മുഴക്കുക, കയ്യേററത്തിന് മുതിരുക എന്നിങ്ങനെ പല വിധത്തിലും അവർ പ്രതിഷേധിക്കുന്നത് കാണാം.

**വചനം 92**

قَالَ يَـٰقَوْمِ أَرَهْطِىٓ أَعَزُّ عَلَيْكُم مِّنَ ٱللَّهِ وَٱتَّخَذْتُمُوهُ وَرَآءَكُمْ ظِهْرِيًّا ۖ إِنَّ رَبِّى بِمَا تَعْمَلُونَ مُحِيطٌ ﴿٩٢﴾

92 അദ്ദേഹം പറഞ്ഞു "എൻെറ ജനങ്ങളേ, എൻെറ കൂട്ടു കുടുംബമാണോ നിങ്ങളുടെ അടുക്കൽ അല്ലാഹുവിനേക്കാൾ കൂടുതൽ പരിഗണനീയം! അവനെ നിങ്ങൾ നിങ്ങളുടെ പിമ്പിൽ പുറം തള്ളപ്പെട്ടവനാക്കുകയും ചെയ്തിരിക്കുന്നു(വോ)?! നിശ്ചയമമായും, എൻെറ റബ്ബ് നിങ്ങൾ പ്രവർത്തിച്ചുവരുന്നതിനെ വലയംചെയ്തു (സൂക്ഷ്മമായി അറിഞ്ഞു) കൊണ്ടിരിക്കുന്നവനാകുന്നു."

---

കയ്യൂക്കും ഭീഷണിയും മുഴക്കിയ ആ ജനതക്ക് ശുഐബ് (അ) നൽകിയ മറുപടിയാണീ വചനത്തിൽ. തുടർന്ന് അവർക്ക് അദ്ദേഹം ഇപ്രകാരം അന്ത്യശാസനം നൽകി.

---

**വചനം 93**

وَيَـٰقَوْمِ ٱعْمَلُوا۟ عَلَىٰ مَكَانَتِكُمْ إِنِّى عَـٰمِلٌ ۖ سَوْفَ تَعْلَمُونَ مَن يَأْتِيهِ

93 "എൻെറ ജനങ്ങളേ, നിങ്ങളുടെ സ്ഥാനം (നിലപാട്) അനുസരിച്ചു നിങ്ങൾ പ്രവർത്തിച്ചുകൊള്ളുവിൻ; ഞാൻ (എൻെറ സ്ഥാനമനുസരിച്ചും) പ്രവർത്തിക്കുന്നവനാണ്. പിറകെ

عَذَابٌ يُخْزِيهِ وَمَنْ هُوَ كَٰذِبٌ ۖ وَٱرْتَقِبُوٓا۟ إِنِّى مَعَكُمْ رَقِيبٌ ﴿٩٣﴾

നിങ്ങള്‍ക്കറിയാം, ആര്‍ക്കാണ് അപമാനപ്പെടുത്തുന്ന ശിക്ഷ വന്നെത്തുന്നതെന്നും, ആരാണ് വ്യാജം പറയുന്നവനെന്നും! (വരാനിരിക്കുന്നത്) നിങ്ങള്‍ പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും ചെയ്യുവിന്‍, നിശ്ചയമായും, ഞാനും നിങ്ങളോടൊപ്പം പ്രതീക്ഷിക്കുന്നവനാകുന്നു.

അധികം താമസിയാതെ നിങ്ങള്‍ക്ക് പൊതു ശിക്ഷ വരാന്‍ പോകുന്നു. അപ്പോള്‍ ഞാന്‍ പറഞ്ഞതിന്റെ സത്യാവസ്ഥ നിങ്ങള്‍ക്ക് ബോദ്ധ്യപ്പെടും. തല്‍ക്കാലം നാം ഇരു കൂട്ടരും കാത്തിരുന്ന് കാണുക

**വചനം 94,95**

وَلَمَّا جَآءَ أَمْرُنَا نَجَّيْنَا شُعَيْبًا وَٱلَّذِينَ ءَامَنُوا۟ مَعَهُۥ بِرَحْمَةٍ مِّنَّا وَأَخَذَتِ ٱلَّذِينَ ظَلَمُوا۟ ٱلصَّيْحَةُ فَأَصْبَحُوا۟ فِى دِيَٰرِهِمْ جَٰثِمِينَ ﴿٩٤﴾

94 നമ്മുടെ കല്‍പന വന്നപ്പോള്‍, ശുഐബിനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നമ്മുടെ പക്കല്‍ നിന്നുള്ള കാരുണ്യം കൊണ്ടു നാം രക്ഷപ്പെടുത്തി; (ആ) അക്രമം പ്രവര്‍ത്തിച്ചവര്‍ക്ക് ഘോര ശബ്ദം പിടിപെടുകയും ചെയ്തു. അങ്ങനെ, അവര്‍ അവരുടെ വസതികളില്‍ (ചത്ത്) കമിഴ്ന്നു വീണവരായി;-

كَأَن لَّمْ يَغْنَوْا۟ فِيهَآ ۗ أَلَا بُعْدًا لِّمَدْيَنَ كَمَا بَعِدَتْ ثَمُودُ ﴿٩٥﴾

95 (അതെ) അവര്‍ അവിടത്തില്‍ ഉണ്ടായിട്ടില്ലാത്തതുപോലെ! അല്ലാ! (അറിയുക:) ഥമൂദു ഗോത്രം (കാരുണ്യത്തില്‍നിന്ന്) ദൂരപ്പെട്ടതുപോലെ, മദ്‌യനും (മദ്‌യന്‍കാര്‍ക്കും) വിദൂരത!

മദ്‌യന്‍ നിവാസികള്‍ക്ക് ബാധിച്ച ആ ഘോര ശബ്ദം എങ്ങനെയുള്ളതായിരുന്നു വെന്ന് ഖുര്‍ ആനില്‍ വിവരിക്കപ്പെട്ടിട്ടില്ല. അവര്‍ക്ക് മേഘത്തണലിന്റെ ശിക്ഷ ബാധിച്ചുവെന്ന് സൂ: ശൂഅറാഉ് 187 -189 വചനങ്ങളില്‍ പ്രസ്താവിച്ചിരിക്കുന്നു. മേഘത്തിലൂടെയോ മറ്റോ സംഭവിച്ച ഒരു ഘോരശബ്ദമായിരിക്കാം അതെന്ന് ഇതില്‍ നിന്ന് അനുമാനിക്കാം.- വസ്തുത അല്ലാഹുവിനറിയാം.

## വിഭാഗം 9

**വചനം 96,97,98**

وَلَقَدْ أَرْسَلْنَا مُوسَىٰ بِـَٔايَٰتِنَا وَسُلْطَٰنٍ مُّبِينٍ ﴿٩٦﴾

96 നമ്മുടെ ദൃഷ്ടാന്തങ്ങളും, സ്പഷ്ടമായ (അധികൃത) രേഖയുമായി മൂസായെയും നാം അയക്കുകയുണ്ടായി;-

إِلَىٰ فِرْعَوْنَ وَمَلَإِي۟هِۦ فَٱتَّبَعُوٓا۟ أَمْرَ فِرْعَوْنَ ۖ وَمَآ أَمْرُ فِرْعَوْنَ بِرَشِيدٍ ﴿٩٧﴾

97 ഫിര്‍ഔന്‍െറയും, അവന്‍െറ പ്രധാനികളുടെയും അടുക്കലേക്ക്. എന്നിട്ട്, അവര്‍ ഫിര്‍ഔന്‍െറ കല്‍പനയെ പിന്‍പറ്റി. ഫിര്‍ഔന്‍െറ കല്‍പന തന്‍േറടമുള്ളത് (അഥവാ നേര്‍വഴിക്കുള്ളത്) അല്ലതാനും.

يَقْدُمُ قَوْمَهُۥ يَوْمَ ٱلْقِيَٰمَةِ فَأَوْرَدَهُمُ ٱلنَّارَ ۖ وَبِئْسَ ٱلْوِرْدُ ٱلْمَوْرُودُ ﴿٩٨﴾

98 ഖിയാമത്തുനാളില്‍ അവന്‍ തന്‍െറ ജനതക്ക് മുമ്പിലായിവരും; എന്നിട്ട് അവന്‍ അവരെ (ദാഹം തീര്‍ക്കുവാന്‍) നരകത്തിങ്കല്‍ വരുത്തുന്നതാണ്. (ദാഹശമനത്തിന്) വരുന്ന (ആ) താവളം എത്രയോ ചീത്തയും!

ഇഹലോകത്ത് വെച്ച് ഫിർഔൻ അവന്റെ ആൾക്കാർക്ക് ദുർമാർഗ്ഗത്തിന് നേതൃത്വം വഹിച്ചിരുന്നുവല്ലോ. അതുപോലെ പരലോകത്തുണ്ടാകുന്ന ശിക്ഷകളിലും അവൻ അവരുടെ മുമ്പിലായിക്കൊണ്ട് അവരെ നരകാഗ്നിയിൽ ചാടിക്കുന്നതാണ്.

**വചനം 99**

99 ഇതിൽ (ഈ ലോകത്തിൽ) വെച്ചു ശാപം അവർക്ക് (പിന്നാലെ) തുടർത്തപ്പെട്ടിരിക്കുന്നു; ഖിയാമത്തുനാളിലും (തന്നെ.) (ആ) നൽകപ്പെട്ട സമ്മാനം എത്രയോ ചീത്ത!

وَأُتْبِعُوا۟ فِى هَـٰذِهِۦ لَعْنَةً وَيَوْمَ ٱلْقِيَـٰمَةِ ۚ بِئْسَ ٱلرِّفْدُ ٱلْمَرْفُودُ ﴿٩٩﴾

---

അവർ ഈ ലോകം വിട്ടു പിരിഞ്ഞതു ശാപത്തോടെയാണ്. അതവരെ വിട്ടു പിരിയാതെ അനുഗമിച്ചു കൊണ്ടിരിക്കുകയും ചെയ്യും. രാവിലേയും വൈകുന്നേരവും ഫിർഔനിന്നും അവന്റെ ആൾക്കാർക്കും നരകം പ്രദർശിപ്പിച്ച് കൊണ്ടിരിക്കുമെന്ന് 40:46 ൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

മുകളിൽ പ്രസ്താവിക്കപ്പെട്ട നബിമാരുടെയും സമുദായങ്ങളുടെയും ചരിത്രം ചൂണ്ടിക്കാട്ടികൊണ്ട് അല്ലാഹു തുടർന്ന് പറയുന്നു

---

**വചനം 100**

100 അത് രാജ്യങ്ങളുടെ വൃത്താന്തങ്ങളിൽപെട്ട (ചില)താകുന്നു; നാം നിനക്കത് കഥനം ചെയ്തു (വിവരിച്ചു) തരുകയാണ്. (നശിപ്പിക്കപ്പെടാതെ) നില കൊള്ളുന്ന (ചില)തും, കൊയ്തെടുക്കപ്പെട്ട (ചില)തും അവയിലുണ്ട്.

ذَٰلِكَ مِنْ أَنۢبَآءِ ٱلْقُرَىٰ نَقُصُّهُۥ عَلَيْكَ ۖ مِنْهَا قَآئِمٌ وَحَصِيدٌ ﴿١٠٠﴾

---

മേൽ വിവരിച്ച പൊതു ശിക്ഷകൾക്ക് വിധേയമായ രാജ്യങ്ങളിൽ ചിലത് പാടെ നശിച്ച് പോകാതെ നില നിന്ന് വരുന്നു. മററ് ചിലത് കൊയ്തെടുക്കപ്പെട്ട വിളകൾ കണക്കെ നിശ്ശേഷം നശിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

**വചനം 101, 102**

101 നാം അവരോട് അക്രമം ചെയ്തിട്ടുമില്ല; എങ്കിലും അവർ തങ്ങളോടു തന്നെ അക്രമം ചെയ്തിരിക്കയാണ്. എന്നാൽ, അല്ലാഹുവിനു പുറമെ അവർ വിളിച്ചു (പ്രാർത്ഥിച്ചു) കൊണ്ടിരുന്നതായ അവരുടെ ആരാധ്യൻമാർ അവർക്ക് ഒട്ടും തന്നെ ഉപകരിച്ചില്ല; നിൻെറ റബ്ബിൻെറ കൽപന വന്നപ്പോൾ. അവർക്ക് നാശം വരുത്തലല്ലാതെ(മറ്റൊന്നും) അവർ വർദ്ധിപ്പിച്ചതുമില്ല.

وَمَا ظَلَمْنَـٰهُمْ وَلَـٰكِن ظَلَمُوٓا۟ أَنفُسَهُمْ ۖ فَمَآ أَغْنَتْ عَنْهُمْ ءَالِهَتُهُمُ ٱلَّتِى يَدْعُونَ مِن دُونِ ٱللَّهِ مِن شَىْءٍ لَّمَّا جَآءَ أَمْرُ رَبِّكَ ۖ وَمَا زَادُوهُمْ غَيْرَ تَتْبِيبٍ ﴿١٠١﴾

102 അപ്രകാരമാണ്, രാജ്യങ്ങൾ (രാജ്യക്കാർ) അക്രമകാരികളായിരിക്കെ, നിൻെറ റബ്ബ് അവയെ പിടി (ച്ചു ശിക്ഷി)ക്കുമ്പോൾ അവൻെറ പിടുത്തം. നിശ്ചയമായും, അവൻെറ പിടുത്തം വേദനയേറിയതും, കഠിനമായതുമാകുന്നു.

وَكَذَٰلِكَ أَخْذُ رَبِّكَ إِذَآ أَخَذَ ٱلْقُرَىٰ وَهِىَ ظَـٰلِمَةٌ ۚ إِنَّ أَخْذَهُۥٓ أَلِيمٌ شَدِيدٌ ﴿١٠٢﴾

---

അബു മൂസൽ അശ്അരി(റ) ഉദ്ധരിച്ച ഒരു നബി വചനം ഇപ്രകാരമാകുന്നു: "നിശ്ചയമായും അല്ലാഹു അക്രമിക്ക് അയവ് കൊടുത്ത് കൊണ്ടിരിക്കും. അങ്ങനെ അവൻ അക്രമിയെ പിടി കൂടുമ്പോൾ അവൻ അതിൽ നിന്ന് കുതറിപോകുന്നില്ല. പിന്നീട് തിരുമേനി وكذلك اخذ ربّك എന്നുള്ള ഈ വചനം ഓതുകയും ചെയ്തു." (ബു : മു)

**വചനം 103, 104, 105**

إِنَّ فِى ذَٰلِكَ لَءَايَةً لِّمَنْ خَافَ عَذَابَ ٱلْءَاخِرَةِ ۚ ذَٰلِكَ يَوْمٌ مَّجْمُوعٌ لَّهُ ٱلنَّاسُ وَذَٰلِكَ يَوْمٌ مَّشْهُودٌ ﴿١٠٣﴾

وَمَا نُؤَخِّرُهُۥٓ إِلَّا لِأَجَلٍ مَّعْدُودٍ ﴿١٠٤﴾

يَوْمَ يَأْتِ لَا تَكَلَّمُ نَفْسٌ إِلَّا بِإِذْنِهِۦ ۚ فَمِنْهُمْ شَقِىٌّ وَسَعِيدٌ ﴿١٠٥﴾

103 നിശ്ചയമായും അതിൽ, പരലോക ശിക്ഷയെ ഭയപ്പെടുന്നവർക്ക് (തക്കതായ) ഒരു ദൃഷ്ടാന്തമുണ്ട്. അതൊരു ദിവസമത്രെ, അന്നേക്ക് മനുഷ്യർ (മുഴുവനും) ഒരുമിച്ചു കൂട്ടപ്പെടുന്നതാണ്. അത് (എല്ലാവരും) ഹാജറുണ്ടാകുന്ന ഒരു ദിവസവുമത്രെ.

104 എണ്ണിക്കണക്കാക്കപ്പെട്ട ഒരു അവധിക്കല്ലാതെ നാം അതിനെ പിന്തിച്ചു (നീട്ടി) വെക്കുന്നുമില്ല.

105 അത് വന്നെത്തുന്ന ദിവസം, ഒരു വ്യക്തിയും അവൻെറ (അല്ലാഹുവിൻെറ) അനുമതിയോടെയല്ലാതെ സംസാരിക്കുകയില്ല. അപ്പോൾ, അവരിൽ ദുർഭാഗ്യവാൻമാരും സൽഭാഗ്യവാൻമാരുമുണ്ടായിരിക്കും.

---

സൽഭാഗ്യവാൻമാരായി വിജയിക്കുന്നവരിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ - ആമീൻ. എല്ലാ സൃഷ്ടികളും സമ്മേളിക്കുന്ന അന്ത്യനാൾ എന്നത്രെ 'ഹാജറുണ്ടാകുന്ന ദിവസം' എന്നത് കൊണ്ടുദ്ദേശ്യം.

**വചനം 106, 107, 108**

فَأَمَّا ٱلَّذِينَ شَقُوا۟ فَفِى ٱلنَّارِ لَهُمْ فِيهَا زَفِيرٌ وَشَهِيقٌ ﴿١٠٦﴾

خَٰلِدِينَ فِيهَا مَا دَامَتِ ٱلسَّمَٰوَٰتُ وَٱلْأَرْضُ إِلَّا مَا شَآءَ رَبُّكَ ۚ إِنَّ رَبَّكَ فَعَّالٌ لِّمَا يُرِيدُ ﴿١٠٧﴾

۞ وَأَمَّا ٱلَّذِينَ سُعِدُوا۟ فَفِى ٱلْجَنَّةِ خَٰلِدِينَ فِيهَا مَا دَامَتِ ٱلسَّمَٰوَٰتُ وَٱلْأَرْضُ إِلَّا مَا شَآءَ رَبُّكَ ۖ عَطَآءً غَيْرَ مَجْذُوذٍ ﴿١٠٨﴾

106 എന്നാൽ, ദൗർഭാഗ്യമടഞ്ഞവരാകട്ടെ, (അവർ) നരകത്തിലായിരിക്കും; അവർക്ക് അതിൽ നെടുവീർപ്പും, തേങ്ങിക്കരച്ചിലും ഉണ്ടായിരിക്കും;

107 ആകാശങ്ങളും ഭൂമിയും നിലനിൽക്കുമ്പോഴൊക്കെയും അതിൽ (അവർ) സ്ഥിരവാസികളായിക്കൊണ്ട്; നിൻെറ റബ്ബ് ഉദ്ദേശിച്ചതൊഴികെ. നിശ്ചയമായും, നിൻെറ റബ്ബ് താൻ ഉദ്ദേശിക്കുന്നത് (ശരിക്കും) ചെയ്യുന്നവനാകുന്നു.

108 സൽഭാഗ്യം സിദ്ധിച്ചവരാകട്ടെ, (അവർ) സ്വർഗ്ഗത്തിലുമായിരിക്കും; ആകാശങ്ങളും, ഭൂമിയും നിലവിലിരിക്കുമ്പോഴൊക്കെയും അതിൽ (അവർ) സ്ഥിരവാസികളായിക്കൊണ്ട്; നിൻെറ റബ്ബ് ഉദ്ദേശിച്ചതൊഴികെ; മുറിഞ്ഞു പോകാത്ത ഒരു ദാനമായിക്കൊണ്ട്

---

നിർഭാഗ്യവാൻമാരായ ദുർജ്ജനങ്ങൾ നരകത്തിലും സൽഭാഗ്യവാൻമാരായ സജ്ജനങ്ങൾ സ്വർഗ്ഗത്തിലും സ്ഥിരവാസികളായിരിക്കുമെന്ന് പറഞ്ഞ ശേഷം, രണ്ടു വചനങ്ങളിലും, "ആകാശങ്ങളും ഭൂമിയും നില കൊള്ളുന്ന കാലത്തോളം" എന്നു കൂടി പറഞ്ഞ് ആ പ്രസ്താവത്തെ ശക്തിപ്പെടുത്തിയിരിക്കുകയാണ് (അറബി ഭാഷയിലെ ഒരു പ്രയോഗമാകുന്നു അത്). സ്വർഗ്ഗത്തെക്കുറിച്ച് പറയുമ്പോൾ സ്വർഗ്ഗവാസികൾ അതിൽ ശാശ്വതരാണെന്ന് (خالدين فيها) പറഞ്ഞതിനു ശേഷം, അതിന് അവസാനമില്ലെന്നു കാണിക്കുമാറ് ابدا (എക്കാലവും) എന്ന് കൂടി 5:119, 9:22, 64:9 എന്നിവിടങ്ങളിൽ കാണാവുന്നതാണ്. ഇതേ വാക്ക് (ابدا) തന്നെ നരകത്തെക്കുറിച്ച് പറയുമ്പോൾ 4: 169 ലും 33:65ലും 72:23 ലും കാണാം. ആ നിലക്കു 107ാം വചനത്തിലും 108ാം വചനത്തിലും الا ماشاء ربك (നിന്റെ റബ്ബ് ഉദ്ദേശിച്ചതൊഴികെ) എന്ന് പറഞ്ഞതിന്റെ താല്പര്യം വിവരിക്കുന്നതിൽ ഖുർആൻ

വ്യാഖ്യാതാക്കളായ പണ്ഡിതൻമാർ വ്യത്യസ്ത നിലപാടുകൾ സ്വീകരിച്ചതായി കാണാം. ഇത്തരം വിഷയങ്ങളിലെല്ലാം അല്ലാഹുവിന്റെയും റസൂലിന്റെയും പ്രസ്താവനകളിൽ നിന്ന് നേർക്കു നേരെ വ്യക്തമാകുന്നതെന്തോ അതു മാത്രമാണ് നമുക്ക് അവലംബം. അല്ലാതെ അവയെ വിശദമായി വിശകലനം ചെയ്തത് കൊണ്ട് കാര്യമായ പ്രയോജനമൊന്നുമില്ലതാനും

107-ാം വചനത്തിന്റെ അവസാനത്തിൽ നരകവാസികളുടെ ശിക്ഷയുടെ കാര്യത്തിൽ ആർക്കും അധികാരമോ അവകാശമോ ഇല്ലെന്ന് ചൂണ്ടികാട്ടികൊണ്ടു, "നിശ്ചയമായും നിന്റെ റബ്ബ് അവൻ ഉദ്ദേശിക്കുന്നത് ശരിക്കും ചെയ്യുന്ന വനാണ്"എന്ന് പറഞ്ഞിരിക്കുന്നു. അതു പോലെ തന്നെ സ്വർഗ്ഗവാസികളുടെ ജീവിതം ഒരു കാരണവശാലും നഷ്ടപ്പെടുകയില്ലെന്ന് ചൂണ്ടികാട്ടികൊണ്ട് 108ാം വചനത്തിന്റെ അവസാനത്തിൽ "മുറിഞ്ഞു പോകാത്ത ദാനം" എന്നും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ഈ രണ്ട് വാക്യങ്ങളും പ്രത്യേകം ശ്രദ്ധേയമത്രേ.

**വചനം 109**

فَلَا تَكُ فِي مِرْيَةٍ مِّمَّا يَعْبُدُ هَٰٓؤُلَآءِ ۚ مَا يَعْبُدُونَ إِلَّا كَمَا يَعْبُدُ ءَابَآؤُهُم مِّن قَبْلُ ۚ وَإِنَّا لَمُوَفُّوهُمْ نَصِيبَهُمْ غَيْرَ مَنقُوصٍ ﴿١٠٩﴾

109 അപ്പോൾ, ഇക്കൂട്ടർ ആരാധിച്ചു വരുന്നതിനെപ്പറ്റി നീ യാതൊരു സംശയത്തിലും ആയിരിക്കരുത്. ഇവരുടെ പിതാക്കൾ മുമ്പ് ആരാധിച്ചിരുന്നതുപോലെയല്ലാതെ ഇവർ ആരാധിക്കുന്നില്ല. (അവരെ ഇവരും അനുകരിക്കുന്നുവെന്നുമാത്രം) നിശ്ചയമായും നാം, അവരുടെ ഓഹരി (ഒട്ടും) കുറവു വരുത്തപ്പെടാത്ത വിധം അവർക്ക് നിറവേറ്റിക്കൊടുക്കുന്നവരുമാകുന്നു.

---

നബി(സ) തിരുമേനിക്ക് അവരുടെ കാര്യത്തിൽ വല്ല സംശയവും ഉണ്ടായതുകൊണ്ടല്ല തിരുമേനിയെ അഭിമുഖീകരിച്ചു കൊണ്ട് "നീ സംശയത്തിലായിരിക്കരുത്" എന്ന് പറഞ്ഞത്. മററുള്ളവർ മനസ്സിരുത്തുവാൻ വേണ്ടിയാണത്. അല്ലാഹുവിനെയല്ലാതെ മററു വസ്തുക്കളെ അവർ ആരാധിക്കുന്നതിന് യാതൊരു തെളിവും ന്യായവും അവർക്കില്ലെന്നും, പൂർവികൻമാരെ അന്ധമായി അനുകരിക്കുക മാത്രമാണവർ ചെയ്യുന്നതെന്നും , അതിനുള്ള ഫലം അല്ലാഹു അവർക്ക് ശരിക്കും അനുഭവിപ്പിക്കുക തന്നെ ചെയ്യുമെന്നും അല്ലാഹു പ്രസ്താവിക്കുന്നു.

## വിഭാഗം 10

**വചനം 110,111**

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَٰبَ فَٱخْتُلِفَ فِيهِ ۗ وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ لَقُضِيَ بَيْنَهُمْ ۚ وَإِنَّهُمْ لَفِي شَكٍّ مِّنْهُ مُرِيبٍ ﴿١١٠﴾

وَإِنَّ كُلًّا لَّمَّا لَيُوَفِّيَنَّهُمْ رَبُّكَ أَعْمَٰلَهُمْ ۚ إِنَّهُۥ بِمَا يَعْمَلُونَ خَبِيرٌ ﴿١١١﴾

110 മൂസാക്ക് നാം (വേദ) ഗ്രന്ഥം നൽകുകയുണ്ടായി; എന്നിട്ട് അതിൽ ഭിന്നാഭിപ്രായമുണ്ടായി. നിൻെറ റബ്ബിൽനിന്ന് ഒരു വാക്ക് മുൻകഴിഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ, അവർക്കിടയിൽ തീരുമാനമെടുക്കപ്പെടുമായിരുന്നു. അവരാകട്ടെ, ഇതിനെക്കുറിച്ച് ആശങ്കാ ജനകമായ സംശയത്തിൽ തന്നെയാണ്.

111 നിശ്ചയമായും എല്ലാവരും, തന്നെ, അവർക്ക് അവ(രവ)രുടെ കർമ്മങ്ങൾ (കർമ്മഫലങ്ങൾ)നിൻെറ റബ്ബ് നിറവേറ്റിക്കൊടുക്കുക തന്നെ ചെയ്യും. നിശ്ചയമായും അവൻ, അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

---

ഖുർആനെ സംബന്ധിച്ചുള്ള ഈ ഭിന്നിപ്പും നിഷേധവും നടാടെ ഉണ്ടായതല്ല. മുമ്പ് മൂസാ(അ) നബിക്ക് വേദഗ്രന്ഥം നൽകിയപ്പോൾ അതിനെ സംബന്ധിച്ചും ഇപ്രകാരം ഉണ്ടായിട്ടുണ്ട്. അതിനെതിരെ അവസാന

നടപടി പരലോകത്തു വെച്ചായിരിക്കുമെന്ന് അല്ലാഹു മുമ്പേ നിശ്ചയിച്ച് വെച്ചിരിക്കുകയാണ് - അത് അല്ലാഹു അവരെ അനുഭവിപ്പിക്കുകതന്നെ ചെയ്യും. അവരുടെ എല്ലാ ചെയ്തികളും അവൻ കണ്ടറിഞ്ഞുകൊണ്ടിരിക്കുന്നുണ്ട്.

**വചനം 112, 113**

فَٱسْتَقِمْ كَمَآ أُمِرْتَ وَمَن تَابَ مَعَكَ وَلَا تَطْغَوْا۟ ۚ إِنَّهُۥ بِمَا تَعْمَلُونَ بَصِيرٌ ﴿١١٢﴾

112 ആകയാൽ, നിന്നോട് കൽപിക്കപ്പെട്ടതുപോലെ നീയും, നിൻെറ കൂടെ പശ്ചാത്തപിച്ചു മടങ്ങിയിട്ടുള്ളവരും (നേരെ) ചൊവ്വായി നിലകൊള്ളുക. നിങ്ങൾ അതിരുവിടുകയും ചെയ്യരുത്. നിശ്ചയമായും, അവൻ (അല്ലാഹു) നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാണ്.

وَلَا تَرْكَنُوٓا۟ إِلَى ٱلَّذِينَ ظَلَمُوا۟ فَتَمَسَّكُمُ ٱلنَّارُ وَمَا لَكُم مِّن دُونِ ٱللَّهِ مِنْ أَوْلِيَآءَ ثُمَّ لَا تُنصَرُونَ ﴿١١٣﴾

113 അക്രമം പ്രവർത്തിച്ചവരിലേക്ക് നിങ്ങൾ ചാഞ്ഞുപോകുകയും ചെയ്യരുത്; എന്നാൽ നരകം നിങ്ങളെ സ്പർശിക്കുന്നതാണ്; അല്ലാഹുവിനെ കൂടാതെ യാതൊരു രക്ഷാധികാരികളും നിങ്ങൾക്കില്ലതാനും. (എന്നിരിക്കെ) പിന്നെ, നിങ്ങൾ സഹായിക്കപ്പെടുകയില്ല.

---

നബി(സ)ക്കും, ശിർക്കിൽ നിന്നും ദുർമാർഗ്ഗത്തിൽ നിന്നും പശ്ചാത്തപിച്ച് തൌഹീദിലേക്കും സൻമാർഗ്ഗത്തിലേക്കും മടങ്ങിയ സത്യവിശ്വാസികൾക്കും ഉള്ള ഉപദേശ നിർദ്ദേശങ്ങളാണീ വചനങ്ങളിൽ.

1. വിശ്വാസപരമായും ആചാരാനുഷ്ഠാന പരമായും ഉള്ള നിയമ നിർദ്ദേശങ്ങൾ കൽപിക്കപ്പെട്ടതു പോലെ പാലിച്ചു കൊണ്ട് നേരെ ചൊവ്വെ നില കൊള്ളുക.

2. അല്ലാഹുവും അവന്റെ റസൂലും ഓരോ കാര്യത്തിലും നിശ്ചയിച്ചു തന്നിട്ടുള്ള പരിധിക്കപ്പുറം കടന്ന് സ്വന്തം താൽപര്യങ്ങൾക്കോ, പരപ്രേരണകൾക്കോ വശംവദരായി അതിര് കവിയരുത്. മത തത്ത്വങ്ങൾക്ക് നിരക്കാത്ത വ്യാഖ്യാനങ്ങളും അനുകരണങ്ങളുമെല്ലാം അതിര് കവിയലിൽ ഉൾപ്പെടുന്നു.

3. അവിശ്വാസികൾ, അനാചാര ദുരാചാരങ്ങളിൽ മുഴുകിയവർ, അനിസ്ലാമിക താൽപര്യങ്ങൾ വെച്ച് പുലർത്തുന്നവർ, എന്നിങ്ങനെയുള്ള അക്രമികളുമായി അനുനയവും സ്വീകരിക്കരുത്. ഇങ്ങനെ ചെയ്യുന്ന പക്ഷം അതിന്റെ ഫലം നരക ശിക്ഷയാണെന്നും ആ അക്രമികളാരും നിങ്ങളെ സഹായിക്കാനുണ്ടാകുകയില്ലെന്നും അല്ലാഹു താക്കീത് ചെയ്യുന്നു.

**വചനം 114, 115**

وَأَقِمِ ٱلصَّلَوٰةَ طَرَفَىِ ٱلنَّهَارِ وَزُلَفًا مِّنَ ٱلَّيْلِ ۚ إِنَّ ٱلْحَسَنَٰتِ يُذْهِبْنَ ٱلسَّيِّـَٔاتِ ۚ ذَٰلِكَ ذِكْرَىٰ لِلذَّٰكِرِينَ ﴿١١٤﴾

114 പകലിൻെറ രണ്ടു വക്കിലും, രാത്രിയിൽനിന്ന് (പകലിനോട്) അടുത്ത വേളകളിലും നീ നമസ്കാരം നിലനിറുത്തുകയും ചെയ്യുക. നിശ്ചയമായും, നൻമകൾ തിൻമകളെ പോക്കി (അകറ്റി)ക്കളയുന്നതാണ്. ഇത്, ഓർമ്മിക്കുന്നവർക്ക് (ഓർമ്മിക്കുവാൻ) വേണ്ടിയുള്ള ഒരു ഉപദേശമാകുന്നു.

وَٱصْبِرْ فَإِنَّ ٱللَّهَ لَا يُضِيعُ أَجْرَ ٱلْمُحْسِنِينَ ﴿١١٥﴾

115 ക്ഷമിക്കുകയും ചെയ്തു കൊള്ളുക. (കാരണം) നിശ്ചയമായും, സൽഗുണം ചെയ്യുന്നവരുടെ പ്രതിഫലത്തെ അല്ലാഹു പാഴാക്കുകയില്ല.

അനുഷ്ഠാന കർമ്മങ്ങളിൽ ഏററവും മഹത്തായ ഒരു പുണ്യകർമ്മമാകുന്നു നമസ്കാരം. അഞ്ച് നേരത്തെ നമസ്കാരം നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത കർമ്മത്തിന് ഏററവും അനുയോജ്യമായ സമയം രാവിലേയും വൈകുന്നേരവും രാത്രിയിലെ ഏതാനും സമയവുമാണെന്ന് ഇവിടെയെന്നപോലെ 17:78, 20:130; 50:39,40; 76: 25,26 എന്നിവിടങ്ങളിലും അല്ലാഹു ചൂണ്ടികാട്ടിയിരിക്കുന്നു. നിലവിലുള്ള അഞ്ച് നിർബന്ധ നമസ്ക്കാരങ്ങളുടെ നിയമപരമായ സമയ നിർണ്ണയമല്ല ഈ വചനങ്ങളുടെ ഉദ്ദേശ്യം - അതിനാസ്പദമായ ഒരു അടിസ്ഥാനമാകുന്നു. അങ്ങനെ സുബഹ് നമസ്കാരം, രാവിലെ (പകലിന്റെ ആദ്യത്തിലും)അസർ നമസ്കാരം വൈകുന്നേരവും (പകലിന്റെ അന്ത്യത്തിലും) മഗ് രിബും ഇശായുമാകട്ടെ പകലിനോടടുത്ത് നിൽക്കുന്ന രാത്രി വേളയിലും, ളുഹർ നമസ്കാരം ഉച്ചക്ക് ശേഷവും (മദ്ധ്യാഹ്നവേള) നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. സൂ: റൂമിലെ, 17,18 ആയത്തുകളിൽ പ്രഭാതവേളയിലും സന്ധ്യാവേളയിലും , സായാഹ്നത്തിലും, മദ്ധ്യാഹ്നത്തിലും എന്ന് കൂടി പറഞ്ഞിട്ടുള്ളതും സ്മരണീയമാകുന്നു.

തുടർന്ന്, അല്ലാഹു ക്ഷമയെക്കുറിച്ചു കൽപിക്കുന്നു. വിശാലാർത്ഥത്തിലുള്ള ഒരു പൊതു കൽപനയാകുന്നു ഇത്. അല്ലാഹുവിന്റെ നിയമ നിർദ്ദേശങ്ങളും വിധി വിലക്കുകളും പാലിക്കുമ്പോഴും ശത്രുക്കളുടെ എതിർപ്പുകൾ നേരിടുമ്പോഴും മററു കാരണങ്ങളാലും ഉണ്ടായിത്തീരുന്ന എല്ലാ കഷ്ട നഷ്ടങ്ങളിലും ക്ഷമ കൈകൊള്ളേണ്ടതാണ്. "നിശ്ചയമായും നൻമകൾ തിൻമകളെ പോക്കിക്കളയുന്നു" എന്ന വചനം നമസ്കാരം നില നിർത്തുവാൻ കൽപിച്ചതിനെ തുടർന്നാണ് അല്ലാഹു ഓമ്മിപ്പിച്ചിരിക്കുന്നത്. മനുഷ്യന്റെ പക്കൽ വന്ന് കൊണ്ടിരിക്കുന്ന തെററുകുററങ്ങളെയും ചെറു പാപങ്ങളെയും, പുണ്യകർമ്മങ്ങൾ പൊതുവിലും, നമസ്കാരം പ്രത്യേകിച്ചും നീക്കികളയുകയും, അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കുന്നതുമാണ്. താഴെ വിവരിച്ച നബി(സ) തിരുമേനിയുടെ വചനങ്ങൾ, ഓർമ്മിക്കുന്നത് അവസരോചിതമായിരിക്കും. "നീ എവിടെ ആയിരുന്നാലും അല്ലാഹുവിനെ സൂക്ഷിച്ചു കൊള്ളുക. തിൻമയെ തുടർന്ന് നൻമ ചെയ്യുകയും ചെയ്യുക. എന്നാൽ അത് തിൻമയെ മായച്ചു കളയും. ജനങ്ങളോടു നല്ല സ്വഭാവത്തിൽ പെരുമാറുകയും ചെയ്യുക." (അ)

"അഞ്ച് നിർബന്ധ നമസ്ക്കാരങ്ങൾ; ഒരു ജുമുഅ: അടുത്ത ജുമുഅ: വരെ, ഒരു റമളാൻ അടുത്ത റമളാൻ വരെ - ഇവയെല്ലം അതിനിടയിലുള്ള ചെറു പാപങ്ങളെ പൊറുപ്പിക്കുന്നതാണ്" (മു)

അന്യ സ്ത്രിയെ ചുംബിച്ച ഒരാൾ നബി(സ)യുടെ അടുക്കൽ ചെന്ന് വിവരമറിയച്ചപ്പോൾ ഈ 114 ാം വചനം അവതരിക്കുകയുണ്ടായി. "ഇത് എനിക്ക് മാത്രമുള്ളതാണോ എന്ന അയാളുടെ ചോദ്യത്തിന് നബി (സ) ഇപ്രകാരം പറഞ്ഞു: എന്റെ സമുദായത്തിന് മുഴുവനുമുള്ളതാണ്" (ബു, മു, അ, തി, ന, ജ)

ഉസ്മാൻ(റ) ഒരിക്കൽ, വുളു ചെയ്തു കാണിച്ചശേഷം ഇപ്രകാരം പറഞ്ഞു. "റസൂൽ (സ) ഇപ്രകാരം വുളു ചെയ്തുകൊണ്ട് ഇങ്ങനെ പറഞ്ഞിരിക്കുന്നു. ഞാൻ ഈ ചെയ്ത പ്രകാരം വുളു ചെയ്ത് ആരെങ്കിലും തന്റെ സ്വന്തത്തോട് ഒന്നും സംസാരിക്കാതെ ഏകാഗ്രതയോടെ രണ്ട് റക്അത്ത് (സുന്നത്ത്) നമസ്കരിക്കുന്നതായാൽ മുൻ ചെയ്ത പാപങ്ങൾപൊറുക്കപ്പെടുന്നതാണ്" (ബു:മു) നൻമകൾ മൂലം തിൻമകൾ പൊറുക്കപ്പെടുമെന്ന് പറഞ്ഞത് ചെറു പാപങ്ങളെ ഉദ്ദേശിച്ചാകുന്നു. വലിയ പാപങ്ങൾ പൊറുക്കപ്പെടണമെങ്കിൽ പ്രത്യേകം പശ്ചാത്താപം (തൌബ:) തന്നെ വേണ്ടതാകുന്നു.

---

**വചനം 116, 117**

فَلَوْلَا كَانَ مِنَ ٱلْقُرُونِ مِن قَبْلِكُمْ أُو۟لُوا۟ بَقِيَّةٍ يَنْهَوْنَ عَنِ ٱلْفَسَادِ فِى ٱلْأَرْضِ إِلَّا قَلِيلًا مِّمَّنْ أَنجَيْنَا مِنْهُمْ ۗ وَٱتَّبَعَ ٱلَّذِينَ ظَلَمُوا۟ مَآ أُتْرِفُوا۟ فِيهِ وَكَانُوا۟ مُجْرِمِينَ ﴿١١٦﴾

116 എന്നാൽ, നിങ്ങൾക്ക് മുമ്പുള്ള(ആ) തലമുറകളിൽനിന്നും എന്തുകൊണ്ടുണ്ടായില്ല? ഭൂമിയിൽ കുഴപ്പം (ഉണ്ടാക്കുന്നതിനെ) സംബന്ധിച്ച് (ജനങ്ങളെ) വിരോധിക്കുന്ന (നല്ല) പാരമ്പര്യമുള്ളവർ! (അതെ) അവരിൽനിന്ന് നാം രക്ഷപ്പെടുത്തിയവരിൽപെട്ട അൽപം ആളുകളല്ലാതെ. അക്രമം പ്രവർത്തിച്ചവർ, യാതൊന്നിൽ തങ്ങൾക്ക് സുഖലോലുപത നൽകപ്പെട്ടുവോ അതിനെ പിൻപറ്റുകയും ചെയ്തു; അവർ കുറ്റവാളികളുമായിരുന്നു.

117 വല്ല അക്രമവും നിമിത്തം നിന്റെ റബ്ബ് രാജ്യങ്ങളെ നശിപ്പിക്കുകയുണ്ടാവില്ല, അവയിലെ ആൾക്കാർ നല്ലത് പ്രവർത്തിക്കുന്നവരായിരിക്കെ.

وَمَا كَانَ رَبُّكَ لِيُهْلِكَ ٱلْقُرَىٰ بِظُلْمٍ وَأَهْلُهَا مُصْلِحُونَ ﴿١١٧﴾

മുൻപ് വിവരിക്കപ്പെട്ട, ശിക്ഷക്ക് വിധേയരായ ആ തലമുറകളൊക്കെ നാട്ടിൽ കുഴപ്പവും അക്രമവും ഉണ്ടാകുന്നത് തടയുമാറുള്ള വിവേക ബുദ്ധിയും തന്റേടവും ഉള്ളവരായിരുന്നില്ല. വളരെ കുറഞ്ഞ ആളുകൾ അങ്ങനെയുള്ളവരായിട്ടുണ്ടായിരുന്നു - ആ സത്യ വിശ്വാസികളെ ശിക്ഷാ വേളയിൽ, പ്രവാചകൻമാരോടൊപ്പം അല്ലാഹു രക്ഷപ്പെടുത്തുകയും ചെയ്തു. ബഹുഭൂരിപക്ഷം വരുന്ന അക്രമികൾ സുഖലോലുപതയിലും ആഡംബരത്തിലും മുഴുകിയ, കുററവാളികളായിരുന്നു-ഇങ്ങനെയുള്ളവരാണ് ശിക്ഷക്ക് പാത്രീഭൂതരായിത്തീർന്നത്. രാജ്യവാസികൾ പൊതുവെ നൻമയും നെറിയും പാലിക്കുന്നവരാണെങ്കിൽ അവരിൽ നിന്ന് വല്ല അതിക്രമവും ഉണ്ടായാൽ തന്നെയും അവരതിൽ അതിരുകവിയുമ്പോഴല്ലാതെ, അവരെ ശിക്ഷിക്കുന്നത് അല്ലാഹുവിന്റെ നടപടി ചട്ടങ്ങളിൽപെട്ടതല്ല.

**വചനം 118, 119**

118 നിന്റെ റബ്ബ് ഉദ്ദേശിച്ചിരുന്നെങ്കിൽ, മനുഷ്യരെ അവൻ ഒരേ സമുദായമാക്കുക തന്നെ ചെയ്തിരുന്നു. അവർ ഭിന്നാഭിപ്രായക്കാരായിക്കൊണ്ടേയിരിക്കുന്നതാണ്;

وَلَوْ شَآءَ رَبُّكَ لَجَعَلَ ٱلنَّاسَ أُمَّةً وَٰحِدَةً ۖ وَلَا يَزَالُونَ مُخْتَلِفِينَ ﴿١١٨﴾

119 -നിന്റെ റബ്ബ് കരുണ ചെയ്തവരൊഴികെ. (അവർ ഭിന്നിക്കുകയില്ല) അതിനുവേണ്ടിയാണ് അവരെ അവൻ സൃഷ്ടിച്ചതും. നിന്റെ റബ്ബിന്റെ വാക്ക് പൂർത്തിയാകുകയും ചെയ്തിരിക്കുന്നു: "ജിന്നുകളിൽനിന്നും, മനുഷ്യരിൽ നിന്നുമെല്ലാം(തന്നെ) 'ജഹന്നമി'നെ (നരകത്തെ) നിശ്ചയമായും നാം നിറക്കുന്നതാണ്" എന്ന്!

إِلَّا مَن رَّحِمَ رَبُّكَ ۚ وَلِذَٰلِكَ خَلَقَهُمْ ۗ وَتَمَّتْ كَلِمَةُ رَبِّكَ لَأَمْلَأَنَّ جَهَنَّمَ مِنَ ٱلْجِنَّةِ وَٱلنَّاسِ أَجْمَعِينَ ﴿١١٩﴾

മനുഷ്യ വർഗ്ഗം മുഴുവൻ എല്ലാ കാലത്തും ഒരേ വിശ്വാസാദർശങ്ങളും നടപടി ക്രമങ്ങളും സ്വീകരിച്ചു വരുന്ന ഒരേ സമുദായമായിരിക്കുവാനാണ് അല്ലാഹു ഉദ്ദേശിച്ചിരുന്നതെങ്കിൽ അതങ്ങനെ തന്നെ ആകുമായിരുന്നു. പക്ഷെ അങ്ങനെ അവൻ ഉദ്ദേശിച്ചിട്ടില്ല. അതുകൊണ്ടാണവർ പല തരക്കാരും വിഭാഗക്കാരും ആയിത്തീർന്നത്.

ഒരേ സമുദായം എന്നതിന്റെ സാരം സൻമാർഗ്ഗത്തിന്റെ സമുദായം ( أمّة هداية ) എന്നാണെന്നും അതല്ല ദുർമാർഗ്ഗത്തിന്റെ സമുദായം (أمّة ضلالة) എന്നാണെന്നും വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായങ്ങളുണ്ട്. പക്ഷെ ആദ്യത്തെ അഭിപ്രായമാണ് മററു ചില ആയത്തുകളോട് കൂടുതൽ യോജിച്ചു കാണുന്നത് - സൂ: യൂനുസു:99; സൂ: സജദ : 13 ; സൂ: അൻആം 35; 149 എന്നീ വചനങ്ങൾ നോക്കുക. ഏതായാലും അല്ലാഹു അങ്ങനെ ഉദ്ദേശിച്ചിട്ടില്ലെന്നും നിലവിലുള്ളത് ഭിന്ന വിഭാഗക്കാരായിട്ടാണെന്നും വ്യക്തമാണല്ലോ. വിശ്വാസാദർശങ്ങളിലും ആചാര നടപടികളിലും, മതപരമായും, സമുദായ പരമായും ഒക്കെ ഈ ഭിന്നിപ്പ് മനുഷ്യാരംഭത്തിൽ ഉണ്ടായിരുന്നില്ല. 2:213 ലും 10:19 ലും കാണാവുന്നതു പോലെ തുടക്കത്തിൽ എല്ലാവരും ഒരേ സമുദായക്കാരായിത്തന്നെയായിരുന്നു നിലനിന്നിരുന്നത്. പിന്നീട് കാല ക്രമത്തിൽ ഭിന്ന സമുദായങ്ങളായി മാറുകയാണുണ്ടായത്. സത്യത്തിന്റെ മാർഗ്ഗം ഒന്ന് മാത്രവും അസത്യത്തിന്റെ മാർഗ്ഗങ്ങൾ പലതുമാക കൊണ്ടു ഈ ഭിന്ന കക്ഷികളിൽ ഒന്ന് മാത്രം ശരിയായ കക്ഷിയും മറ്റുള്ളതെല്ലാം തെററായ കക്ഷിയും ആയിരിക്കുവാനെ നിവൃത്തിയുള്ളു. അതത് കാലങ്ങളിൽ അല്ലാഹു പ്രവാചകൻമാരും ദിവ്യ ദൌത്യങ്ങളും മുഖേന മനുഷ്യർക്ക് നൽകുന്ന മാർഗ്ഗം സ്വീകരിച്ചവരാരോ അവർ മാത്രമായിരിക്കും നേർ മാർഗ്ഗത്തിന്റെ ഏക കക്ഷി. അതിനെതിരെ ഭിന്നിച്ചവരെല്ലാം പിഴച്ച കക്ഷികളും.

"എന്റെ സമുദായം എഴുപത്തിമൂന്ന് കക്ഷികളായി പിരിയും. ഞാനും എന്റെ സഹാബികളും സ്വീകരിച്ച മാർഗ്ഗം സ്വീകരിക്കുന്ന ഒരു കക്ഷി മാത്രമായിരിക്കും രക്ഷപ്പെട്ട കക്ഷി." എന്ന നബി വചനത്തിൽ വന്ന ആ ഏക കക്ഷിയെ ഉദ്ദേശിച്ചാണ് "നിന്റെ റബ്ബു കരുണ ചെയ്തവരൊഴികെ" എന്ന് അല്ലാഹു പറയുന്നതും. തുടർന്നു "അതിനു വേണ്ടിയാണ് അവരെ അവൻ സൃഷ്ടിച്ചതും." എന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ഇതിൽ "അതിനുവേണ്ടി" എന്ന സൂചനാ നാമം ഏതിനെ ഉദ്ദേശിച്ചാണെന്ന ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്.

അല്ലാഹുവിന്റെ കാരുണ്യത്തിനുവേണ്ടിയാണ് അവരെ സൃഷ്ടിച്ചിരിക്കുന്നത്. എങ്കിലും അധികമാളുകളും ഭിന്നിപ്പ് നിമിത്തം കാരുണ്യത്തിന് അർഹരല്ലാതാവുകയാണുണ്ടായത് - എന്നാണ് മുജാഹിദ്, ഖത്താദ(റ) എന്നിവരുടെ വ്യാഖ്യാനം.

ഭിന്നിപ്പിനും കാരുണ്യത്തിനും വേണ്ടി അഥവാ ഭിന്നിക്കാതെ കാരുണ്യത്തിനർഹരായിത്തീരുകയും ഭിന്നിച്ച് കാരുണ്യത്തിന് അർഹരല്ലാതായിത്തീരുകയും ചെയ്യുന്ന രണ്ട് തരക്കാർ ഉണ്ടായിത്തീരുവാൻ വേണ്ടിയാണ് മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത് എന്നത്രെ ഇബ്നു ജരീർ(റ) മുതലായവരുടെ വ്യാഖ്യാനം.

കൂടുതൽ സ്വീകാര്യമായി തോന്നുന്നത് മൂന്നാമത്തെ വ്യാഖ്യാനമാകുന്നു - ഭിന്നാഭിപ്രായത്തിന് വേണ്ടി മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നുവെന്നാകുന്നു അധിക വ്യാഖ്യാതാക്കളും സ്വീകരിച്ചിരിക്കുന്ന അഭിപ്രായം. സൃഷ്ടിയുടെ ലക്ഷ്യവും യുക്തിയും ഭിന്നിപ്പാണെന്നല്ല ഇതിന്റെ അർത്ഥം; മനുഷ്യരുടെ കലാശം ഭിന്നിപ്പിലാണ് എത്തിചേരുന്നത് എന്നത്രേ. നൻമ തിൻമകൾ തിരിച്ചറിയാനുള്ള വിവേചന ബുദ്ധിയും അവയിൽ ഇഷ്ടമുള്ളത് സ്വീകരിക്കാനുള്ള ഇച്ഛാ സ്വാതന്ത്ര്യവും നൽകി കൊണ്ടാകുന്നു മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ആ ഇച്ഛാ സ്വാതന്ത്ര്യം ഉപയോഗിച്ച് സൻമാർഗ്ഗം സ്വീകരിക്കുന്ന വിശുദ്ധൻമാരും ദുർമാർഗ്ഗം സ്വീകരിക്കുന്ന അശുദ്ധൻമാരും തമ്മിൽ വേർതിരിക്കാൻ വേണ്ടിയത്രെ ഈ പ്രകൃതി വിശേഷം അല്ലാഹു മനുഷ്യന് നൽകിയിരിക്കുന്നത്.

ജിന്നുകളെയും മനുഷ്യരെയും കൊണ്ട് നരകത്തെ നിറക്കുന്ന താണെന്നും, അല്ലാഹു മുമ്പെ നിശ്ചയിച്ച് വെച്ചിരിക്കുന്നു. ആ നിശ്ചയം ഇത് മുഖേന - അതെ, ഭിന്നിപ്പ് മുഖേന - മനുഷ്യരെ സംബന്ധിച്ച് പൂർത്തിയായി ക്കഴിഞ്ഞിരിക്കുന്നു എന്നാകുന്നു അവസാന വചനത്തിന്റെ സാരം. ആദമിന്റെ സന്തതികളെ ഞാൻ വഴിപിഴപ്പിച്ചു കൊണ്ടിരിക്കുമെന്ന് ഇബ്‌ലീസു പറഞ്ഞപ്പോൾ നിന്നെ പിൻപറ്റുന്നവരെ കൊണ്ട് ഞാൻ നരകത്തെ നിറക്കുമെന്ന് അല്ലാഹു അന്നേ പറഞ്ഞതാണ്. (7:18 ; 38:85) ദുർമാർഗ്ഗികളെ കൊണ്ട് നരകത്തെ നിറക്കുന്നത് പോലെ സ്വർഗ്ഗത്തെ സൻമാർഗ്ഗികളെ കൊണ്ട് നിറക്കുന്നതാണെന്ന് നബി വചനങ്ങളിലും വന്നിരിക്കുന്നു.

---

**വചനം 120, 121, 122**

وَكُلًّا نَّقُصُّ عَلَيْكَ مِنْ أَنۢبَآءِ ٱلرُّسُلِ مَا نُثَبِّتُ بِهِۦ فُؤَادَكَ ۚ وَجَآءَكَ فِى هَٰذِهِ ٱلْحَقُّ وَمَوْعِظَةٌ وَذِكْرَىٰ لِلْمُؤْمِنِينَ ﴿١٢٠﴾

120 റസൂലുകളുടെ വൃത്താന്തങ്ങളിൽനിന്നും നിൻെറ ഹൃദയത്തിന് നാം സ്ഥൈര്യം നൽകുമാറുള്ളതൊക്കെയും നിനക്കു നാം കഥനം ചെയ്തു (വിവരിച്ചു)തരുന്നു. യഥാർത്ഥ (വിവര)വും, സത്യവിശ്വാസികൾക്ക് സദുപദേശ വും, സ്മരണയും ഇതിലൂടെ നിനക്ക് വന്നെത്തുകയും ചെയ്തിരിക്കുന്നു.

وَقُل لِّلَّذِينَ لَا يُؤْمِنُونَ ٱعْمَلُوا۟ عَلَىٰ مَكَانَتِكُمْ إِنَّا عَٰمِلُونَ ﴿١٢١﴾

121 വിശ്വസിക്കാത്തവരോട് നീ പറയുകയും ചെയ്യുക: "നിങ്ങൾ നിങ്ങളുടെ സ്ഥാനം (നിലപാട്) അനുസരിച്ചു പ്രവർത്തിച്ചു കൊള്ളു വിൻ; ഞങ്ങൾ (ഞങ്ങളുടെ സ്ഥാനമനുസരിച്ചു) പ്രവർത്തിക്കുന്നവരാകുന്നു;-

122 "നിങ്ങൾ കാത്തിരിക്കുകയും ചെയ്യുവിൻ, ഞങ്ങളും കാത്തിരിക്കുന്നവരാകുന്നു."

وَٱنتَظِرُوٓاْ إِنَّا مُنتَظِرُونَ ﴿١٢٢﴾

---

നബി(സ) തിരുമേനിക്ക് മനോ ദൃഢതയും സ്ഥൈര്യവും നൽകാനാവശ്യമായ എല്ലാ വിവരങ്ങളും ഇതിലൂടെ (ഈ സൂറത്തിലൂടെ അഥവാ ഈ വൃത്താന്തങ്ങളിലൂടെ) നൽകപ്പെട്ടിരിക്കുന്നു. സത്യ വിശ്വാസികൾക്ക് വേണ്ട ഉപദേശങ്ങളും ഇതിലുണ്ട്. വിശ്വസിക്കാൻ തയ്യാറാകാത്തവർക്ക് ഇതൊന്നും പ്രയോജനപ്പെടുകയില്ല.അവർ അവരുടെ ഇഷ്ടമനുസരിച്ച് നടന്നുകൊള്ളട്ടെ - അതിന്റെ ഫലം അവർ കാത്തിരുന്ന് കൊള്ളട്ടെ

---

**വചനം 123**

123 ആകാശങ്ങളിലെയും, ഭൂമിയിലെയും അദൃശ്യ കാര്യം അല്ലാഹുവിനുള്ളതാണ്. അവങ്കലേക്കുതന്നെ, കാര്യമെല്ലാം മടക്കപ്പെടുകയും ചെയ്യുന്നു. ആകയാൽ നീ അവനെ ആരാധിക്കുകയും, അവൻെറമേൽ (കാര്യങ്ങൾ) ഭരമേൽപിക്കുകയും ചെയ്തു കൊള്ളുക. നിൻെറ റബ്ബ് നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി (ഒട്ടും) അശ്രദ്ധനല്ലതാനും.

وَلِلَّهِ غَيْبُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَإِلَيْهِ يُرْجَعُ ٱلْأَمْرُ كُلُّهُۥ فَٱعْبُدْهُ وَتَوَكَّلْ عَلَيْهِ ۚ وَمَا رَبُّكَ بِغَٰفِلٍ عَمَّا تَعْمَلُونَ ﴿١٢٣﴾

---

എല്ലാ അദൃശ്യകാര്യങ്ങളെക്കറിച്ചുള്ള അറിവും അവയുടെ കൈകാര്യങ്ങളും അല്ലാഹുവിന് മാത്രമാകുന്നു. സകല കാര്യങ്ങളുടെയും തീരുമാനവും കലാശവും അവങ്കലേക്കു തന്നെ. എന്നിരിക്കെ ആരാധിക്കപ്പെടുവാനും കാര്യങ്ങൾ ഭരമേൽപ്പിക്കപ്പെടുവാനും അർഹതയുള്ളവൻ അവനല്ലാതെ വേറെയാരുമില്ല. നിങ്ങൾ എന്തുചെയ്യുന്നു എങ്ങനെ ചെയ്യുന്നു എന്നെല്ലാം അറിയുന്നവനാകുന്നു അല്ലാഹു. അല്ലാഹുവിനെ മാത്രം ആരാധിച്ചും അവനിൽ മാത്രം കാര്യങ്ങൾ അർപ്പിച്ചും വരുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ

# 12. സൂറത്തു യൂസുഫ്

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ: 111, വിഭാഗം (റുക്കൂഅ്)-12

യൂസുഫ് (അ) നബിയുടെ ജീവചരിത്ര സംക്ഷേപമാണ് ഈ സൂറത്തിലെ ഇതി വൃത്തം വചനം 4 മുതൽ 101 വരെ അത് നീണ്ട് കിടക്കുന്നു. മററു നബിമാരുടെയും ജനതകളുടെയും ചരിത്ര വിവരണ രീതിയിൽ നിന്നും വ്യത്യസ്തമായ ഒരു രീതിയാണ് ഈ സൂറത്തിൽ അല്ലാഹു സ്വീകരിച്ചിരിക്കുന്നത്. യൂസുഫ്(അ) നബിയുടെ ചരിത്രം ഈ സൂറത്തിലല്ലാതെ മറെറവിടെയും വിവരിക്കപ്പെട്ടിട്ടില്ല; അദ്ദേഹത്തിന്റെ ബാല്യം തൊട്ടുള്ള സംഭവങ്ങൾ ക്രമപ്രകാരം വഴിക്ക് വഴിയായി തന്നെ പരാമർശിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

കുറെ സഹോദരൻമാർ ഉൾക്കൊള്ളുന്ന ഒരു ഗൃഹത്തിൽ മാതാ പിതാക്കളുടെ പ്രത്യേക വാത്സല്യത്തിന് പാത്രമായ ഒരു ബാലൻ, ഒരു രാജകീയ ഭവനത്തിലെ അടിമ, അനിതര സാധാരണമായ സൗന്ദര്യം കൊണ്ട് അനുഗൃഹീതനായ യുവാവ്; അക്കാരണം കൊണ്ടു തന്നെ തീവ്രമായ പരീക്ഷണങ്ങൾക്ക് വിധേയമാവുകയും സത്യസന്ധതയും ഭയഭക്തിയും കൊണ്ട് മാത്രം അവയിലെല്ലാം വിജയിക്കുകയും ചെയ്ത ചെറുപ്പക്കാരൻ, നിഷ്കളങ്കതയും ചാരിത്ര ശുദ്ധിയും പരിരക്ഷിക്കുവാൻ വേണ്ടി സുഖ സൗകര്യങ്ങളെല്ലാം ത്യജിച്ച് കൊല്ലങ്ങളോളം കാരാഗൃഹ ജീവിതം അനുഭവിക്കേണ്ടി വന്ന ത്യാഗിവര്യൻ, തടവറയിൽ പോലും തൗഹീദിലേക്ക് ക്ഷണിച്ചു കൊണ്ട്, സത്യോപദേശം നടത്തികൊണ്ടിരുന്ന പരിഷ്കർത്താവ്, അവിശ്വാസിയായ രാജാവിന്റെ മന്ത്രിപദവും പ്രവാചക ദൗത്യവും ഒരേ സമയം സമർത്ഥമായി കൈകാര്യം ചെയ്ത വിദഗ്ദനായ ഭരണകർത്താവ്, തന്നെ കൊലപ്പെടുത്തൻ ശ്രമിച്ച സഹോദരങ്ങൾക്ക് മാപ്പു നൽകുകയും, രാജ സിംഹാസനത്തിൽ വെച്ച് പോലും മാതാപിതാക്കളോടുള്ള ബഹുമാനത്തിന് മാതൃക കാണിക്കുകയും ചെയ്ത വിശാലമനസ്കൻ, എന്നിങ്ങനെ യൂസുഫ്(അ) നബിയുടെ വിവിധ സ്വഭാവ വൈശിഷ്ട്യങ്ങളെ സ്പർശിച്ചു കൊണ്ടുള്ളതാണ് ഈ സൂറത്ത്. 7-ാം വചനത്തിലും അവസാന വചനത്തിലും അല്ലാഹു ഉണർത്തിയത് പോലെ ജീവിതത്തിന്റെ വിവിധ തുറയിലുള്ളവർക്ക് അനേകം പാഠങ്ങളും മാതൃകകളും ഈ ചരിത്ര വിവരണത്തിൽ നിന്നുംപഠിക്കുവാനും ജീവിതത്തിൽ പകർത്തുവാനുമുണ്ട്.ഈ ചരിത്രം മുൻ വേദഗ്രന്ഥത്തിൽ അഥവാ തൌറാത്തിൽ ഉള്ളതായി അവസാനത്തെ വചനത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. നബി(സ) ഈ സൂറത്ത് പാരായണം ചെയ്യുന്നത് കേട്ട ചില യഹൂദികൾ ഇസ്ലാമിനെ അംഗീകരിക്കുകയുണ്ടായതായി ഇമാം ബൈഹഖീ(റ) ഉദ്ധരിച്ചതായി ഇബ്നു കഥീർ(റ) പ്രസ്താവിച്ചിരിക്കുന്നു.

## വിഭാഗം - 1

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1, 2**

الٓر ۚ تِلْكَ ءَايَٰتُ ٱلْكِتَٰبِ ٱلْمُبِينِ ﴿١﴾

إِنَّآ أَنزَلْنَٰهُ قُرْءَٰنًا عَرَبِيًّا لَّعَلَّكُمْ تَعْقِلُونَ ﴿٢﴾

1 'അലിഫ്-ലാം-റാ.' ഇവ സ്പഷ്ടമായ (വേദ) ഗ്രന്ഥത്തിലെ 'ആയത്തു' (വചനം) കളാകുന്നു.

2 നിശ്ചയമായും, നാം ഇതിനെ ഒരു അറബി (ഭാഷയിലുള്ള) ഖുർആനായി (പാരായണ ഗ്രന്ഥമായി)ക്കൊണ്ട് അവതരിപ്പിച്ചിരിക്കുന്നു; നിങ്ങൾ ബുദ്ധികൊടു (ത്തുഗ്രഹി)ക്കുവാൻവേണ്ടി.

---

പ്രാരംഭത്തിലെ കേവലാക്ഷരങ്ങളെ പററി സൂ : അൽ ബഖറയുടെ ആരംഭത്തിലും മററും വിവരിച്ചത് ഓർക്കുക. നബി(സ) ജനിച്ച് വളർന്നതും പ്രബോധനം നിർവഹിച്ചുകൊണ്ടിരുന്നതുമെല്ലാം, അറബികളിലാണല്ലോ. അറബി ഭാഷയാകട്ടെ അക്കാലത്തെ ലോകഭാഷകളിൽ വെച്ച് മുൻ പന്തിയിൽ നിൽക്കുന്നതുമായിരുന്നു.

അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു : "ഒരു റസൂലിനേയും തന്നെ അദ്ദേഹത്തിന്റെ ജനങ്ങളുടെ ഭാഷയിലായിട്ടല്ലാതെ നാം അയച്ചിട്ടില്ല. അദ്ദേഹം അവർക്ക് വിവരിച്ചു കൊടുക്കുവാൻ വേണ്ടിയാണത്" - (14: 4)

“പാരായണം” എന്നും “പാരായണ ഗ്രന്ഥം” എന്നുമുള്ള അർത്ഥത്തിലും ഉപയോഗിക്കപ്പെടാവുന്നതാണ് ഖുർആൻ എന്ന പദം. ഖുർആനിൽ വിവരിക്കപ്പെട്ട കാര്യങ്ങൾ നിങ്ങൾ ബുദ്ധി കൊടുത്ത് ഗ്രഹിക്കുവാൻ വേണ്ടിയാകുന്നു, അതു് അറബി ഭാഷയിൽ അവതരിക്കപ്പെട്ടിരിക്കുന്നത്.

അടുത്ത വചനം മുതൽ സൂറത്തിന്റെ ഇതി വൃത്തത്തിലേക്ക് പ്രവേശിക്കുന്നു.

---

**വചനം 3**

نَحْنُ نَقُصُّ عَلَيْكَ أَحْسَنَ ٱلْقَصَصِ بِمَآ أَوْحَيْنَآ إِلَيْكَ هَٰذَا ٱلْقُرْءَانَ وَإِن كُنتَ مِن قَبْلِهِۦ لَمِنَ ٱلْغَٰفِلِينَ ﴿٣﴾

3 ഏറ്റവും നല്ലൊരു കഥാവിവരണം നാം നിനക്ക് വിവരിച്ചുതരുകയാണ്; ഈ ‘ഖുർആനെ’ നാം നിനക്ക് ‘വഹ്യ്’(സന്ദേശം) നൽകിയിരിക്കുന്നതുമൂലം. നിശ്ചയമായും, ഇതിനു മുമ്പ് നീ (ഇതിനെപ്പറ്റി അറിയാത്ത) അശ്രദ്ധൻമാരിൽപെട്ടവൻ തന്നെയായിരുന്നു.

---

ഖുർആനാകുന്ന ദിവ്യ സന്ദേശങ്ങൾ നൽകുന്ന കൂട്ടത്തിൽ പെട്ട ഒരു സന്ദേശമാണ് ഈ സൂറത്ത് എന്നും ഇതിലെ ഉള്ളടക്കത്തെ പററി നബി(സ)ക്ക് മുമ്പ് അറിയാമായിരുന്നില്ല, എന്നും ഉള്ള ആമുഖത്തോടെ അല്ലാഹു ചരിത്ര വിവരണം ആരംഭിക്കുന്നു. നബി(സ)ക്കും അവിടുത്തെ ജനതക്കും അറിഞ്ഞു കൂടാത്ത ഒരു മുൻ കാല ചരിത്രം അവിടുന്ന് വിവരിക്കുമ്പോൾ അത് അല്ലാഹുവിങ്കൽ നിന്നല്ലാതെ ലഭിച്ചതായിരിക്കുകയില്ലെന്ന് വ്യക്തമാണല്ലോ.

---

**വചനം 4**

إِذْ قَالَ يُوسُفُ لِأَبِيهِ يَٰٓأَبَتِ إِنِّى رَأَيْتُ أَحَدَ عَشَرَ كَوْكَبًا وَٱلشَّمْسَ وَٱلْقَمَرَ رَأَيْتُهُمْ لِى سَٰجِدِينَ ﴿٤﴾

4 യൂസുഫ് അദ്ദേഹത്തിൻെറ പിതാവിനോട് പറഞ്ഞ സന്ദർഭം (ഓർക്കുക)! എൻെറ പിതാവേ, ഞാൻ പതിനൊന്ന് നക്ഷത്രങ്ങളെയും, സൂര്യനെയും, ചന്ദ്രനെയും സ്വപ്നം കണ്ടു, അതായത്, എനിക്ക് ‘സുജൂദ്’ ചെയ്യുന്നവരായി അവരെ ഞാൻ കണ്ടു.

---

സ്വപ്നത്തിൽ കണ്ട പതിനൊന്ന് നക്ഷത്രങ്ങൾ യൂസുഫ് നബി(സ)യുടെ പതിനൊന്ന് സഹോദരൻമാരെയും, സൂര്യനും, ചന്ദ്രനും അദ്ദേഹത്തിന്റെ പിതാവിനേയും മാതാവിനേയും ആണ് സൂചിപ്പിക്കുന്നതെന്നും അവരെല്ലാം ഒരു കാലത്ത് അദ്ദേഹത്തിന്റെ മുമ്പിൽ ആദരവോടെയും ബഹുമാനത്തോടെയും സുജൂദ് ചെയ്യേണ്ടി (തല കുനിക്കേണ്ടി) വരുമെന്നുമായിരുന്നു ആ സ്വപ്നത്തിന്റെ പൊരുൾ. ഈ സ്വപ്നം കാണുന്ന കാലത്ത് യൂസുഫ്(അ) ഒരു ബാലൻ മാത്രമായിരുന്നു. ഉന്നതൻമാരോടുള്ള ആദരവിന്റെ ഭാഗമായി തല കുനിക്കലും, കുമ്പിടലും, മുട്ടുകുത്തലുമൊക്കെ അക്കാലങ്ങളിൽ പതിവായിരുന്നു. ഇത്തരം ഉപചാരങ്ങൾക്കും സുജൂദ് എന്ന് പറയപ്പെടാറുണ്ട്. അല്ലാതെ ആരാധനയുടെ സുജൂദ് അല്ല ഇവിടെ വിവക്ഷ. അത് അല്ലാഹു വിനുമാത്രം അർപ്പിക്കപ്പെടേണ്ട സാഷ്ടാംഗ നമസ്കാരമെന്ന കർമ്മമാകുന്നു.

---

**വചനം 5, 6**

قَالَ يَٰبُنَىَّ لَا تَقْصُصْ رُءْيَاكَ عَلَىٰٓ إِخْوَتِكَ فَيَكِيدُوا۟ لَكَ كَيْدًا ۖ إِنَّ ٱلشَّيْطَٰنَ لِلْإِنسَٰنِ عَدُوٌّ مُّبِينٌ ﴿٥﴾

5 അദ്ദേഹം പറഞ്ഞു: “കുഞ്ഞുമകനേ, നിൻെറ സ്വപ്നം നിൻെറ സഹോദരൻമാർക്ക് നീ വിവരിച്ചുകൊടുക്കരുത്; എന്നാൽ, വല്ല തന്ത്രവും അവർ നിന്നോട് പ്രയോഗിച്ചേക്കും. നിശ്ചയമായും, പിശാച് മനുഷ്യന് ഒരു പ്രത്യക്ഷ ശത്രുവാകുന്നു.”

6 “അപ്രകാരം, നിൻെറ റബ്ബ് നിന്നെ തിരഞ്ഞെടുക്കുന്നതാണ്; നിനക്ക് അവൻ വർത്തമാനങ്ങളുടെ വ്യാഖ്യാനത്തിൽനിന്നും പഠിപ്പിച്ചു തരുകയും ചെയ്യും; നിൻെറ മേലും, യഅ്ഖൂബ് കുടുംബത്തിൻെറ മേലും അവൻെറ അനുഗ്രഹം അവൻ പൂർത്തിയാക്കുകയും ചെയ്യും; മുമ്പ് നിൻെറ രണ്ടു പിതാക്കൾ ഇബ്രാഹീമിൻെറയും, ഇസ്ഹാഖിൻെറയും മേൽ അതിനെ അവൻ പൂർത്തിയാക്കിയതുപോലെ. നിശ്ചയമായും, നിൻെറ റബ്ബ് സർവ്വജ്ഞനും, അഗാധജ്ഞനുമാകുന്നു.”

وَكَذَٰلِكَ يَجْتَبِيكَ رَبُّكَ وَيُعَلِّمُكَ مِن تَأْوِيلِ ٱلْأَحَادِيثِ وَيُتِمُّ نِعْمَتَهُۥ عَلَيْكَ وَعَلَىٰٓ ءَالِ يَعْقُوبَ كَمَآ أَتَمَّهَا عَلَىٰٓ أَبَوَيْكَ مِن قَبْلُ إِبْرَٰهِيمَ وَإِسْحَٰقَ ۚ إِنَّ رَبَّكَ عَلِيمٌ حَكِيمٌ ﴿٦﴾

---

ഈ സ്വപ്നവിവരം സഹോദരൻമാർ അറിയുന്നപക്ഷം, അവർക്ക് യൂസുഫ്(അ) നോട്, അസൂയ തോന്നിയേക്കുമെന്നും, പിശാചിന്റെ കുതന്ത്രങ്ങൾക്കു വഴങ്ങി അദ്ദേഹത്തെ എന്തെങ്കിലും കെണിയിൽ അകപ്പെടുത്തിയേക്കുമെന്നും പിതാവ് യഅ്ഖൂബ്(അ) ഭയപ്പെട്ടു. നിന്റെ റബ്ബ് നിനക്ക് ഉന്നത പദവികൾ നൽകുമെന്നും, സ്വപ്ന വാർത്തകളുടെയും മറ്റും വ്യാഖ്യാന വിജ്ഞാനങ്ങൾ നൽകി നിന്നെ അനുഗ്രഹിക്കുമെന്നും നിന്റെ പിതാമഹൻമാരായ ഇബ്രാഹിം നബി(അ) ഇസുഹാഖ് നബി(അ) എന്നിവർക്ക് നൽകിയതു പോലെ പ്രവാചകത്വം പ്രദാനം ചെയ്തേക്കുമെന്നും യഅ്ഖൂബ് (അ) പുത്രനെ പറഞ്ഞ് മനസ്സിലാക്കി. ഈ പ്രവചനങ്ങളെല്ലാം പിന്നീട് യാഥാർത്ഥ്യങ്ങളായി പുലരുകയുണ്ടായി. 100-ാം വചനത്തിൽ യൂസുഫ്(അ) അത് വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നതും കാണാം.

യഅ്ഖൂബ് നബിയുടെ മറെറാരു പേരാകുന്നു ഇസ്രാഈൽ എന്ന്. അദ്ദേഹത്തിന്റെ പന്ത്രണ്ട് മക്കളുടെ പരമ്പരകൾക്കാണ് “ബനു ഇസ്രാഈൽ” (ഇസ്രാഈൽ സന്തതികൾ) എന്ന് പറയപ്പെടുന്നത്. പന്ത്രണ്ട് മക്കളിൽ ഇളയ രണ്ട് മക്കളായിരുന്നു യൂസുഫും ബിൻയാമീനും. ഇവർ രണ്ടാളും ഒരു മാതാവിൽ നിന്നുള്ളവരായിരുന്നു. ഇവർ രണ്ടാളോടു പ്രത്യേകിച്ച് യൂസുഫിനോട് പിതാവിന് കൂടുതൽ വാത്സല്യമുണ്ടായിരുന്നു. അതു കൊണ്ട് തന്നെ മൂത്ത മക്കൾക്ക് അവരുടെ നേരെ, അസൂയയും അനിഷ്ടവും തോന്നിയിരുന്നു.

## വിഭാഗം 2

**വചനം 7**

7 തീർച്ചയായും, യൂസുഫിലും, അദ്ദേഹത്തിൻെറ സഹോദരൻമാരിലും ചോദി(ച്ചന്വേഷി)ക്കുന്നവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ടായിട്ടുണ്ട്.

۞ لَّقَدْ كَانَ فِى يُوسُفَ وَإِخْوَتِهِۦٓ ءَايَٰتٌ لِّلسَّآئِلِينَ ﴿٧﴾

---

അസൂയ മുതലായ ദുസ്വഭാവങ്ങൾ കാരണമായുണ്ടാകുന്ന ഭവിഷ്യത്തുകൾ, നിഷ്കളങ്കത, ക്ഷമ എന്നീ സദ് സ്വഭാവങ്ങൾ മൂലം ലഭിക്കുന്ന നേട്ടങ്ങൾ, മാതാപിതാക്കൾക്ക് മക്കൾ മൂലം അനുഭവിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ, പരീക്ഷണങ്ങളിൽ ക്ഷമാ പൂർവ്വം കാര്യങ്ങൾ അല്ലാഹുവിൽ ഭരമേൽക്കുന്നതിന്റെ സദ്ഫലങ്ങൾ എന്നിങ്ങനെ എത്രയോ പാഠങ്ങൾ അന്വേഷണ ബുദ്ധിയുള്ളവർക്ക്, ഈ ചരിത്രത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നതാണ്.

---

**വചനം 8**

8 (അതെ) അവർ (തമ്മിൽ) പറഞ്ഞ സന്ദർഭം (ഓർക്കുക): “നാം ഒരു (ശക്തമായ) സംഘ

إِذْ قَالُوا۟ لَيُوسُفُ وَأَخُوهُ أَحَبُّ إِلَىٰٓ أَبِينَا

مِنَّا وَنَحْنُ عُصْبَةٌ إِنَّ أَبَانَا لَفِى ضَلَٰلٍ مُّبِينٍ ﴿٨﴾

മുണ്ടായിരുന്നിട്ടും യൂസുഫും അവൻെറ സഹോദരനും തന്നെയാണ് നമ്മുടെ പിതാവിന് നമ്മെക്കാൾ ഇഷ്ടപ്പെട്ടവർ. നിശ്ചയമായും, നമ്മുടെ പിതാവ് സ്പഷ്ടമായ ഒരു വഴിപിഴവിൽ തന്നെയാണ്."

---

'അവന്റെ സഹോദരൻ' എന്ന് പറഞ്ഞത് ബിൻയാമീനെ ഉദ്ദേശിച്ചാകുന്നു. അവരുടെ അസൂയ വളരെ ശക്തമായിരുന്നെന്ന് ഈ വചനത്തിൽ നിന്നും, തുടർന്നുള്ള അവരുടെ സംഭാഷണങ്ങളിൽ നിന്നും വ്യക്തമാണ്.

---

**വചനം 9**

ٱقْتُلُوا۟ يُوسُفَ أَوِ ٱطْرَحُوهُ أَرْضًا يَخْلُ لَكُمْ وَجْهُ أَبِيكُمْ وَتَكُونُوا۟ مِنۢ بَعْدِهِۦ قَوْمًا صَٰلِحِينَ ﴿٩﴾

9 "നിങ്ങൾ യൂസുഫിനെ കൊലപ്പെടുത്തണം, അല്ലെങ്കിൽ അവനെ വല്ല ഭൂമിയിലും (കൊണ്ടുപോയി) ഇട്ടേക്കണം; (എന്നാൽ) നിങ്ങളുടെ പിതാവിൻെറ മുഖം നിങ്ങൾക്ക് ഒഴിവായിക്കിട്ടും; അതിനുശേഷം, നിങ്ങൾ നല്ല ജനമായിത്തീരുകയും ചെയ്യാം."

---

യൂസുഫിനെ കൊല്ലുകയോ, അല്ലെങ്കിൽ വല്ല വിദൂര സ്ഥലത്തേക്കും നാടു കടത്തുകയോ ചെയ്താൽ ആദ്യമൊക്കെ പിതാവിന് മനോവിഷമവും ബുദ്ധിമുട്ടുമൊക്കെ ഉണ്ടാകുമെങ്കിലും കുറച്ച് കഴിയുമ്പോൾ അതൊക്കെ മാറി പിതാവിന്റെ സ്നേഹവും പരിഗണനയും നമ്മോടായി ത്തീരുന്നതാണ്. നാം ഇപ്പോൾ അപരാധം പ്രവർത്തിച്ചാലും, പിന്നീട് ഖേദിച്ച് മടങ്ങി നല്ലവരായിത്തീരുകയും ചെയ്യാമല്ലോ എന്നിങ്ങനെ അവർ തമ്മിൽ പറഞ്ഞു.

---

**വചനം 10**

قَالَ قَآئِلٌ مِّنْهُمْ لَا تَقْتُلُوا۟ يُوسُفَ وَأَلْقُوهُ فِى غَيَٰبَتِ ٱلْجُبِّ يَلْتَقِطْهُ بَعْضُ ٱلسَّيَّارَةِ إِن كُنتُمْ فَٰعِلِينَ ﴿١٠﴾

10 അവരിൽ നിന്ന് ഒരു വക്താവ് പറഞ്ഞു: നിങ്ങൾ യൂസുഫിനെ കൊലപ്പെടുത്തരുത്; അവനെ (ഒരു) കിണറ്റിൻെറ അഗാധതയിൽ ഇട്ടേക്കുകയും ചെയ്യുക; (ഏതെങ്കിലും) ചില യാത്രാസംഘം അവനെ കണ്ടെടുത്തു (കൊണ്ടുപോയി) കൊള്ളും, നിങ്ങൾ ചെയ്യുന്നവരാണെങ്കിൽ. (ചെയ്തേ തീരുവെങ്കിൽ അത്ര ചെയ്താൽ മതി.)

---

സഹോദരൻമാരിൽ ഒരാൾക്ക് യൂസുഫ് (അ) നബിയോട് കൃപ തോന്നുകയും, അവനെ ഒരു കിണററിൽ ഇട്ടാൽ മതിയെന്നും, ഏതെങ്കിലും യാത്രാ സംഘം അവനെ കണ്ടെടുത്തു കൊണ്ടുപോയിക്കൊള്ളുമെന്നും ആ സഹോദരൻ നിർദ്ദേശിക്കുകയും ചെയ്തു.

---

**വചനം 11, 12**

قَالُوا۟ يَٰٓأَبَانَا مَا لَكَ لَا تَأْمَ۫نَّا عَلَىٰ يُوسُفَ وَإِنَّا لَهُۥ لَنَٰصِحُونَ ﴿١١﴾

11 അവർ പറഞ്ഞു: "ഞങ്ങളുടെ ബാപ്പാ, നിങ്ങൾക്കെന്താണ് -യൂസുഫിനെപ്പറ്റി നിങ്ങൾ ഞങ്ങളെ വിശ്വസിക്കുന്നില്ല? ഞങ്ങൾ അവന് ഗുണകാംക്ഷികൾതന്നെയാണുതാനും (-എന്നിട്ടും)!

12 "നാളെ അവനെ ഞങ്ങളുടെ കൂടെ അയച്ചുതരുക, അവൻ (തിന്നും കുടിച്ചും) സുഖിച്ചു നടക്കുകയും, കളിക്കുകയും ചെയ്യട്ടെ. നിശ്ചയമായും, ഞങ്ങൾ അവനെ കാ(ത്തു രക്ഷി)ക്കുന്നവരുമാകുന്നു."

أَرۡسِلۡهُ مَعَنَا غَدٗا يَرۡتَعۡ وَيَلۡعَبۡ وَإِنَّا لَهُۥ لَحَٰفِظُونَ ١٢

മരുഭൂമിയിൽ ആടുകളെ മേയ്ക്കാൻ പതിവായി പോകുമായിരുന്ന ആ സഹോദരൻമാരോടൊന്നിച്ചു യൂസുഫിനെ വിട്ടയക്കുവാൻ യഅ്ഖൂബ്(അ) ന് ഭയമായിരുന്നു. അത്കൊണ്ടു അവർ യൂസുഫിന്റെ ഗുണകാംക്ഷികളായി ചമയുകയും അവൻ ഞങ്ങളുടെ കൂടെ നാളെ തന്നെ മരുഭൂമിയിൽ വന്ന് ഓടിച്ചാടി നടന്നും പഴവർഗ്ഗങ്ങളൊക്കെ തിന്നും വെള്ളം കുടിച്ചും, ആനന്ദിക്കട്ടെ എന്നും, അവന് വല്ല ആപത്തും വരാതെ, അവനെ സൂക്ഷിച്ച് കൊള്ളാമെന്നും അവർ പിതാവിനെ ധരിപ്പിച്ചു.

**വചനം 13, 14**

13 അദ്ദേഹം പറഞ്ഞു; "നിശ്ചയമായും ഞാൻ, അവനെ നിങ്ങൾ കൊണ്ടുപോകുന്നത് എന്നെ വ്യസനിപ്പിക്കുക തന്നെ ചെയ്യുന്നു; നിങ്ങൾ അവനെപ്പറ്റി അശ്രദ്ധരായിരിക്കെ, അവനെ ചെന്നായ (പിടിച്ചു) തിന്നുന്നതിനെ ഞാൻ ഭയപ്പെടുകയും ചെയ്യുന്നു."

14 അവർ പറഞ്ഞു: "ഞങ്ങൾ ഒരു (ശക്തമായ) സംഘം ഉണ്ടായിട്ടും അവനെ ചെന്നായ (പിടിച്ചു)തിന്നുവെങ്കിൽ, നിശ്ചയമായും, അപ്പോൾ, ഞങ്ങൾ നഷ്ടക്കാർ തന്നെയാണല്ലോ."

قَالَ إِنِّي لَيَحۡزُنُنِيٓ أَن تَذۡهَبُواْ بِهِۦ وَأَخَافُ أَن يَأۡكُلَهُ ٱلذِّئۡبُ وَأَنتُمۡ عَنۡهُ غَٰفِلُونَ ١٣

قَالُواْ لَئِنۡ أَكَلَهُ ٱلذِّئۡبُ وَنَحۡنُ عُصۡبَةٌ إِنَّآ إِذٗا لَّخَٰسِرُونَ ١٤

യൂസുഫ്(അ) നെ അവരൊടൊപ്പം പറഞ്ഞയക്കാതിരിക്കാനുള്ള കാരണം പിതാവ് അവരോട് വിവരിച്ചു. ഞങ്ങൾ ശക്തമായ ഒരു സംഘം ആളുകളുണ്ടായിരിക്കെ അവനെ ചെന്നായ പിടിക്കാതെ ഞങ്ങൾ കാത്ത് സൂക്ഷിക്കുന്നതാണ്. ഇനി അഥവാ, അങ്ങിനെ സംഭവിക്കുകയാണെങ്കിൽ അതിൽ ഞങ്ങളും വമ്പിച്ച നഷ്ടക്കാരായിരിക്കുമല്ലോ എന്നും ആ സഹോദരങ്ങൾ പിതാവിനോട് മറുപടി നൽകി. അങ്ങനെ, ആദ്യം മടിച്ചുവെങ്കിലും, അവസാനം യൂസുഫ്(അ) നെ അവരൊന്നിച്ചു അയക്കുവാൻ തന്നെ അദ്ദേഹം സമ്മതിച്ചു.

**വചനം 15**

15 അങ്ങനെ, അവർ അദ്ദേഹത്തെ കൊണ്ടു പോകുകയും, അദ്ദേഹത്തെ കിണറ്റിൻെറ അഗാധതയിലാക്കുവാൻ അവർ ഏകോപി(ച്ചുറപ്പി)ക്കുകയും ചെയ്തപ്പോൾ...! (അതവർ നടപ്പിൽ വരുത്തുക തന്നെ ചെയ്തു) നാം അദ്ദേഹത്തിന് ബോധനം നൽകുകയും ചെയ്തു "അവരുടെ ഈ കാര്യത്തെ (ചെയ്തിയെ)പ്പറ്റി നീ അവരെ (ഒരിക്കൽ) ബോധപ്പെടുത്തുക തന്നെ ചെയ്യുമെന്ന്, അവരാകട്ടെ, അറിയുകയുമില്ല.

فَلَمَّا ذَهَبُواْ بِهِۦ وَأَجۡمَعُوٓاْ أَن يَجۡعَلُوهُ فِي غَيَٰبَتِ ٱلۡجُبِّۚ وَأَوۡحَيۡنَآ إِلَيۡهِ لَتُنَبِّئَنَّهُم بِأَمۡرِهِمۡ هَٰذَا وَهُمۡ لَا يَشۡعُرُونَ ١٥

സഹോദരൻമാർ ഏകോപിച്ച് അദ്ദേഹത്തെ കിണററിലിടുകയും ചെയ്തു. അവരുടെ ഈ അതിക്രമത്തെ കുറിച്ചു അവരെ ബോധവാൻമാരാക്കുന്ന ഒരവസരം വഴിയെ വന്നെത്തുമെന്ന് ബോധനം നൽകി അല്ലാഹു യൂസുഫ്(അ) നെ ആശ്വസിപ്പിച്ചു. നീ ആരാണെന്നും, നിന്റെ സ്ഥിതിഗതികൾ എന്താണെന്നും അവർക്കറിഞ്ഞ്

കൂടാത്ത ഒരു അവസരത്തിൽ അവരുടെ ഈ ചെയ്തികളെ പറ്റി അവരെ ഓർമ്മിപ്പിക്കും എന്നായിരിക്കും വചനത്തിലെ അവസാന ഭാഗം ("അവരാകട്ടെ അറിയുകയുമില്ല") കൊണ്ട് ഉദ്ദേശിക്കുന്നത് الله اعلم. ഈജിപ്തിൽ വെച്ചു പിന്നീട് അത് സംഭവിച്ചതായി, 58, 59 വചനങ്ങളിൽ വിവരിക്കുന്നുമുണ്ട്.

**വചനം 16,17,18**

وَجَآءُوٓ أَبَاهُمْ عِشَآءً يَبْكُونَ ﴿١٦﴾

16 അവർ വൈകുന്നേരം (സന്ധ്യമയങ്ങുമ്പോൾ) അവരുടെ പിതാവിൻെറ അടുക്കൽ കരഞ്ഞും കൊണ്ടു വരുകയും ചെയ്തു.

قَالُوا۟ يَـٰٓأَبَانَآ إِنَّا ذَهَبْنَا نَسْتَبِقُ وَتَرَكْنَا يُوسُفَ عِندَ مَتَـٰعِنَا فَأَكَلَهُ ٱلذِّئْبُ ۖ وَمَآ أَنتَ بِمُؤْمِنٍ لَّنَا وَلَوْ كُنَّا صَـٰدِقِينَ ﴿١٧﴾

17 അവർ പറഞ്ഞു: "ഞങ്ങളുടെ ബാപ്പാ, ഞങ്ങൾ മത്സരിച്ചോടിക്കൊണ്ടുപോയി; യൂസുഫിനെ ഞങ്ങളുടെ സാമാനത്തിങ്കൽ ഞങ്ങൾ വിട്ടേക്കുകയും ചെയ്തു; അങ്ങനെ, അവനെ ചെന്നായ (പിടിച്ചു) തിന്നുകളഞ്ഞു! ഞങ്ങൾ സത്യം പറയുന്നവരായിരുന്നാലും നിങ്ങൾ ഞങ്ങളെ വിശ്വസിക്കുന്നവനല്ലതാനും. (എന്തു ചെയ്വാനാണ്?!)"

وَجَآءُو عَلَىٰ قَمِيصِهِۦ بِدَمٍ كَذِبٍ ۚ قَالَ بَلْ سَوَّلَتْ لَكُمْ أَنفُسُكُمْ أَمْرًا ۖ فَصَبْرٌ جَمِيلٌ ۖ وَٱللَّهُ ٱلْمُسْتَعَانُ عَلَىٰ مَا تَصِفُونَ ﴿١٨﴾

18 അവർ അദ്ദേഹത്തിൻെറ (യൂസുഫിൻെറ) കുപ്പായത്തിൻമേൽ ഒരു കള്ളച്ചോര കൊണ്ടു വരികയും ചെയ്തു. അദ്ദേഹം (പിതാവ്) പറഞ്ഞു: "(അതൊന്നുമല്ല,) പക്ഷേ, നിങ്ങളുടെ മനസ്സുകൾ നിങ്ങൾക്ക്(എന്തോ) ഒരു കാര്യം ഭംഗിയാക്കിത്തന്നിരിക്കുന്നു. (അത് നിങ്ങൾ പ്രവർത്തിച്ചിരിക്കയാണ്) ഇനി, ഭംഗിയായ ക്ഷമ! (അതേ മാർഗ്ഗമുള്ളൂ) നിങ്ങൾ (ഈ)വിവരിക്കുന്നതിനെപ്പറ്റി സഹായമപേക്ഷിക്കപ്പെടുന്നവൻ അല്ലാഹുവത്രെ."

---

തങ്ങൾക്ക് പിന്നീട് പറയാനുള്ള ഒഴിവു കഴിവു പിതാവിന്റെ വാക്കിൽനിന്ന് തന്നെ (വചനം: 13) ലഭിച്ചിരുന്നതിനെ അവർ ഉപയോഗപ്പെടുത്തി. വൈകുന്നേരം വീട്ടിൽ തിരിച്ചെത്തി ദു:ഖം അഭിനയിച്ചു കൊണ്ട് പിതാവിനോട് അവർ ഇപ്രകാരം പറഞ്ഞു. ഞങ്ങൾ ഓടി നടന്ന് അവനിൽ നിന്നും അകന്നുപോയി. അവന് ഞങ്ങളെ പോലെ ഓടാൻ കഴിവില്ലാത്തതിനാൽ, ഞങ്ങളുടെ ഭക്ഷണ വസ്ത്രാദിസാധനങ്ങൾ വെച്ചിരുന്ന സ്ഥലത്ത് അവനെ നിറുത്തിയിരിക്കുക യായിരുന്നു. ഞങ്ങൾ മടങ്ങി വന്നപ്പോൾ അവനെ ചെന്നായ പിടിച്ചിരുന്നു. മുമ്പേ തന്നെ അവന്റെ കാര്യത്തിൽ ഞങ്ങളെ അവിശ്വസിച്ചിരുന്ന താങ്കൾക്ക്, ഈ സത്യവും വിശ്വാസമാകുകയില്ല. ഇതാ നോക്കൂ, അവന്റെ രക്തം പുരണ്ട കുപ്പായം..... എന്നും പറഞ്ഞു കൊണ്ടവർ ഏതോ കള്ള രക്തം പുരട്ടിയ യൂസുഫിന്റെ വസ്ത്രം അദ്ദേഹത്തെ കാണിച്ചു.

അവർ പറഞ്ഞതെല്ലാം വ്യാജമാണെന്നും എന്തോ അതിക്രമം അവർ യൂസഫിനോട് ചെയ്തു കഴിഞ്ഞിട്ടുണ്ടെന്നും യഅ്ഖൂബു(അ) നബിക്ക് ബോധ്യമായി. യഥാർത്ഥത്തിൽ സംഭവിച്ചതെന്തെന്ന് അദ്ദേഹത്തിന് അറിഞ്ഞു കൂടാ – മറഞ്ഞ കാര്യം അല്ലാഹുവിനല്ലാതെ ആർക്കും അറിയില്ലല്ലോ. ഇനി ഭംഗിയായി ക്ഷമിക്കുകയും എല്ലാം അല്ലാഹുവിൽ അർപ്പിച്ചുകൊണ്ടു സംയമനം പാലിക്കുകയും അവനോട് സഹായം അഭ്യർത്ഥിക്കുകയും ചെയ്യുകയല്ലാതെ മററ് പോംവഴികളൊന്നുമില്ലെന്ന് അദ്ദേഹം സമാധാനിച്ചു, യൂസഫിന് നല്ലൊരു ഭാവി അല്ലാഹു നൽകുമെന്നുള്ള സൽപ്രതീക്ഷ അദ്ദേഹത്തിന് എപ്പോഴും ഉണ്ടായിരുന്നു.

**വചനം 19, 20**

19 ഒരു യാത്രാസംഘം വന്നു; എന്നിട്ട് അവരുടെ വെള്ളംകോരിയെ അവർ(വെള്ളത്തിന്) അയച്ചു; അവൻ അവൻെറ തൊട്ടി (കിണറ്റിൽ) ഇറക്കി. അവൻ പറഞ്ഞു: "സന്തോഷമേ! ഇതാ, ഒരു ബാലൻ!!" അവർ അദ്ദേഹത്തെ (എടുത്ത്) ഒരു(കച്ചവട)ചരക്കായി ഒളിച്ചുവെക്കുകയും ചെയ്തു. അല്ലാഹുവാകട്ടെ, അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി അറിയുന്നവനുമാണ്.

وَجَاءَتْ سَيَّارَةٌ فَأَرْسَلُوا۟ وَارِدَهُمْ فَأَدْلَىٰ دَلْوَهُۥ ۖ قَالَ يَـٰبُشْرَىٰ هَـٰذَا غُلَـٰمٌ ۚ وَأَسَرُّوهُ بِضَـٰعَةً ۚ وَٱللَّهُ عَلِيمٌۢ بِمَا يَعْمَلُونَ ﴿١٩﴾

20 അവർ അദ്ദേഹത്തെ ഒരു നിസ്സാര വിലക്ക്- എണ്ണിക്കണക്കാക്കപ്പെട്ട (അൽപമായ) വെള്ളിപ്പണത്തിന്-വിൽക്കുകയും ചെയ്തു. അവർ അദ്ദേഹത്തിൻെറ കാര്യത്തിൽ താല്പര്യമില്ലാത്തവരിൽ പെട്ടവരായിരുന്നുതാനും.

وَشَرَوْهُ بِثَمَنٍۭ بَخْسٍ دَرَٰهِمَ مَعْدُودَةٍ وَكَانُوا۟ فِيهِ مِنَ ٱلزَّٰهِدِينَ ﴿٢٠﴾

---

കിണററിലിടപ്പെട്ട യൂസുഫു(അ)ന്റെ തുടർന്നുള്ള സംഭവം അല്ലാഹു വിവരിക്കുന്നു. ആ വഴിക്ക് വന്ന യാത്രാ സംഘം വെള്ളം കോരി എടുക്കാനായി കിണററിൽ വെള്ളത്തൊട്ടി ഇറക്കുകയും, അതിൽ പിടികൂടിയ യൂസുഫിനെ കിണററിൽ നിന്നും അവർ കരക്കെത്തിക്കുകയും ചെയ്തു. പിന്നീട് ആ യാത്രാ സംഘം അദ്ദേഹത്തെ വളരെ തുഛ വിലക്ക് ഈജിപ്തിൽ കൊണ്ട് ചെന്ന് വിൽക്കുകയും ചെയ്തു.

**വിഭാഗം : 3**

**വചനം 21, 22**

21 മിസ്രിൽ (ഈജിപ്തിൽ)നിന്ന് അദ്ദേഹത്തെ (വിലക്കു) വാങ്ങിയവൻ തൻെറ സ്ത്രീ (ഭാര്യ)യോട് പറഞ്ഞു: "ഇവൻെറ (നമ്മുടെ കൂടെയുള്ള) താമസത്തെ നീ മാന്യമാക്കണം; അവൻ നമുക്ക് പ്രയോജനപ്പെട്ടേക്കാം. അല്ലെങ്കിൽ, നമുക്കവനെ ഒരു (പോറ്റു) കുട്ടിയാക്കി വെക്കാം." അപ്രകാരം, യൂസുഫിന് ഭൂമിയിൽ നാം സൗകര്യമുണ്ടാക്കിക്കൊടുത്തു. വർത്തമാനങ്ങളുടെ വ്യാഖ്യാനത്തിൽനിന്നും അദ്ദേഹത്തിന് നാം പഠിപ്പിക്കുവാൻ വേണ്ടിയും (കൂടി) ആകുന്നു (അത്). അല്ലാഹു അവൻെറ കാര്യത്തിൽ (കാര്യം നടപ്പിൽ വരുത്തുന്നതിൽ) വിജയിക്കുന്നവനാണ്; എങ്കിലും മനുഷ്യരിൽ അധികപേരും അറിയുന്നില്ല.

وَقَالَ ٱلَّذِى ٱشْتَرَىٰهُ مِن مِّصْرَ لِٱمْرَأَتِهِۦٓ أَكْرِمِى مَثْوَىٰهُ عَسَىٰٓ أَن يَنفَعَنَآ أَوْ نَتَّخِذَهُۥ وَلَدًا ۚ وَكَذَٰلِكَ مَكَّنَّا لِيُوسُفَ فِى ٱلْأَرْضِ وَلِنُعَلِّمَهُۥ مِن تَأْوِيلِ ٱلْأَحَادِيثِ ۚ وَٱللَّهُ غَالِبٌ عَلَىٰٓ أَمْرِهِۦ وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٢١﴾

22 അദ്ദേഹം തൻെറ പൂർണ്ണശക്തി (പക്വമായ പ്രായം) പ്രാപിച്ചപ്പോൾ, അദ്ദേഹത്തിന് നാം വിജ്ഞാനവും, അറിവും നൽകി. അപ്രകാരം, സുകൃതം ചെയ്യുന്നവർക്ക് നാം പ്രതിഫലം നൽകുന്നതാണ്.

وَلَمَّا بَلَغَ أَشُدَّهُۥٓ ءَاتَيْنَـٰهُ حُكْمًا وَعِلْمًا ۚ وَكَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿٢٢﴾

---

യൂസുഫു (അ)നെ വാങ്ങിയ ഈജിപ്തുകാരന്റെ പേർ ഖുർആനിൽ പറയപ്പെട്ടിട്ടില്ല. (30-ാം വചനത്തിൽ അദ്ദേഹത്തെ 'അസീസു' എന്ന് വിശേഷിപ്പിച്ചിട്ടുണ്ടെന്ന് മാത്രം) അദ്ദേഹം രാജാവിന്റെ മന്ത്രിസഭയിൽ ഉന്നതപദവിയിലുള്ള ഒരാളായിരുന്നു. അദ്ദേഹം യൂസുഫി(അ)ൽ പല ശുഭ ലക്ഷണങ്ങളുമുള്ളതായി

മനസ്സിലാക്കുകയും തന്റെ പത്നിയായ സുലൈഖയോട്, അദ്ദേഹത്തെ മാന്യമായ രീതിയിൽ (പോററു) മകനെ പോലെ വീട്ടിൽ പാർപ്പിക്കണമെന്ന് കൽപിക്കുകയും ചെയ്തു.

യൂസുഫിനെ ഇങ്ങനെ മാന്യമായ ഒരു നിയിലെത്തിച്ചതിൽ അല്ലാഹു പല യുക്തികളും കണ്ട് വെച്ചിട്ടുണ്ട് - സ്വപ്ന വ്യാഖ്യാനം തുടങ്ങിയ വൈജ്ഞാനിക യാഥാർത്ഥ്യങ്ങൾ പഠിപ്പിക്കുവാനും പൂർണ ശക്തിയും പക്വതയും പ്രാപിച്ചതോടെ അറിവ്, യുക്തി, ജ്ഞാനം, പ്രശ്നങ്ങളിൽ തീരുമാനം എടുക്കാനുള്ള വൈഭവം, എന്നിവ നൽകി അനുഗ്രഹിക്കുവാനും അല്ലാഹു ഉദ്ദേശിച്ചിരുന്നു. അല്ലാഹു ഉദ്ദേശിക്കുന്ന കാര്യങ്ങളെല്ലാം, അവൻ ഒരു വിഘ്നവും കൂടാതെ, നടപ്പിലാക്കുക തന്നെ ചെയ്യും. എന്നാൽ അധിക ആളുകളും അത് മനസ്സിലാക്കുന്നില്ല.

യൂസുഫു (അ) അവിടെ താമസിക്കുന്നതിനിടയിൽ ഉണ്ടായ ഒരു സംഭവമാണ് അടുത്ത വചനങ്ങളിൽ വിവരിക്കപ്പെടുന്നത്.

---

**വചനം 23**

وَرَٰوَدَتۡهُ ٱلَّتِي هُوَ فِي بَيۡتِهَا عَن نَّفۡسِهِۦ وَغَلَّقَتِ ٱلۡأَبۡوَٰبَ وَقَالَتۡ هَيۡتَ لَكَۚ قَالَ مَعَاذَ ٱللَّهِۖ إِنَّهُۥ رَبِّيٓ أَحۡسَنَ مَثۡوَايَۖ إِنَّهُۥ لَا يُفۡلِحُ ٱلظَّٰلِمُونَ ٢٣

23 അദ്ദേഹം യാതൊരുവളുടെ വീട്ടിലാണോ അവൾ അദ്ദേഹത്തെ വശീകരിക്കുവാൻ (അധീനപ്പെടുത്തുവാൻ) ശ്രമം നടത്തി. അവൾ വാതിലുകൾ (അടച്ചു) പൂട്ടുകയും ചെയ്തു. “ഇങ്ങോട്ടുവാ!” എന്ന് അവൾ പറയുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: “അല്ലാഹുവിൽ ശരണം! നിശ്ചയമായും അവൻ, എൻെറ രക്ഷിതാവാണ്; എൻെറ താമസം (ഇവിടെ) അവൻ നന്നാക്കി തന്നിരിക്കുന്നു നിശ്ചമയമായും കാര്യം: അക്രമം പ്രവർത്തിക്കുന്നവർ വിജയിക്കുകയില്ല.”

---

തന്നെ വശീകരിച്ച് പാട്ടിലാക്കാൻ ശ്രമിച്ച ഗൃഹനായികയിൽ നിന്നും ഒഴിഞ്ഞ് മാറി കൊണ്ട് യൂസുഫ്(അ) തന്റെ രക്ഷിതാവായ അല്ലാഹുവിൽ ശരണം പ്രാപിക്കുകയും, തനിക്ക് ഇവിടെ മാന്യമായി കഴിഞ്ഞ് കൂടാൻ അവസരുണ്ടാക്കിത്തന്നവൻ ഇഷ്ടപ്പെടാത്ത വിഷയത്തിൽ ഞാൻ പ്രവേശിക്കുകയില്ലെന്ന് പറയുകയും ചെയ്തു. അക്രമം പ്രവർത്തിക്കുന്നവർ വിജയിക്കുകയില്ലെന്ന് അവളെ ഓർമ്മിപ്പിക്കുകയും ചെയ്തു.

---

**വചനം 24**

وَلَقَدۡ هَمَّتۡ بِهِۦۖ وَهَمَّ بِهَا لَوۡلَآ أَن رَّءَا بُرۡهَٰنَ رَبِّهِۦۚ كَذَٰلِكَ لِنَصۡرِفَ عَنۡهُ ٱلسُّوٓءَ وَٱلۡفَحۡشَآءَۚ إِنَّهُۥ مِنۡ عِبَادِنَا ٱلۡمُخۡلَصِينَ ٢٤

24 തീർച്ചയായും, അവൾ അദ്ദേഹത്തെക്കുറിച്ച് (ചിലത്) ഉദ്ദേശിക്കുകയുണ്ടായി; അദ്ദേഹം അവളെക്കുറിച്ചും (ചിലത്)ഉദ്ദേശിച്ചു; തൻെറ റബ്ബിൻെറ (വക) ദൃഷ്ടാന്തം അദ്ദേഹം കണ്ടിട്ടില്ലായിരുന്നുവെങ്കിൽ....! (അത് സംഭവിക്കുമായിരുന്നു!) അപ്രകാരം (ചെയ്തത്), അദ്ദേഹത്തിൽ നിന്നു നാം തിൻമയും, നീചവൃത്തിയും തിരിച്ചുകളയുവാൻവേണ്ടിയാണ്. (കാരണം) നിശ്ചയമായും, അദ്ദേഹം നമ്മുടെ നിഷ്കളങ്കരാക്കപ്പെട്ട അടിയാൻമാരിൽ പെട്ടവനാകുന്നു.

---

യൂസുഫു തന്റെ ഇഛക്ക് വിസമ്മതിക്കുന്ന പക്ഷം, അദ്ദേഹത്തിനെതിരെ പ്രതികാര നടപടി എടുക്കണമെന്ന് അവൾ ഉദ്ദേശിച്ചിരിക്കാം.

"അദ്ദേഹം അവളെ പററിയും ഉദ്ദേശിച്ചു" എന്നു പറഞ്ഞതിന്റെ താല്പര്യം ഒന്നിലധികം പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു:

(1) അവൾക്കെതിരെ വല്ല പ്രതികാരവും നടത്തുവാൻ അദ്ദേഹവും ഉദ്ദേശിച്ചുവെങ്കിലും, അല്ലാഹുവിങ്കൽ നിന്നുള്ള ദൃഷ്ടാന്തം കണ്ടത് കൊണ്ടു അത് ചെയ്വാൻ ഇട വന്നില്ല.

(2) മനുഷ്യ സഹജമായ സ്വഭാവ പ്രകൃതിക്കനുസൃതമായി അദ്ദേഹത്തിന്റെ മനസ്സിലും വികാരവും, ചാപല്യവും ഉണ്ടാകുകയും, എന്നാൽ അപ്പോഴേക്കും അദ്ദേഹം അല്ലാഹുവിന്റെ ദൃഷ്ടാന്തം കാണുകയും, സ്വയം ശുദ്ധത പാലിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നിഷ്കളങ്കതക്കും പരിശുദ്ധതക്കും മകുടം ചാർത്തുന്ന ഒരു തെളിവാകുന്നു ഈ വ്യാഖ്യാനം. ശാരീരികമോ, മാനസികമോ ആയ വികാര ദൌർബല്യങ്ങളൊന്നുമില്ലാത്ത ഒരാൾ പാപങ്ങളിൽ നിന്നും ഒഴിഞ്ഞ് നിൽക്കുന്നത് ഒരു ഉൽകൃഷ്ടതയായി കണക്കാക്കാനാവില്ല. എന്നാൽ ഇത്തരം പ്രകൃതി സഹജമായ വികാരങ്ങൾ ഉണ്ടായിരിക്കുകയും അവ പ്രവർത്തനത്തിൽ കൊണ്ടു വരാനുള്ള എല്ലാ സാഹചര്യങ്ങളും ഒത്ത് ചേരുകയും ചെയ്തിട്ടും, അവയിൽ നിന്ന് മാറി നില്കുന്നതിലാണ്, ഉൽകൃഷ്ടതയും സൂക്ഷ്മതയുമുള്ളത്.

ഇമാം സമഖ്ശരി(റ)യും മററും ശരി വെക്കുന്നത് ഈ വ്യാഖ്യാനത്തെയാണ്. "ഒരാൾ ഒരു തിൻമ ചെയ്യുവാൻ ഉദ്ദേശിച്ചിട്ടു അതു പ്രവർത്തിക്കാത്ത പക്ഷം അതവനു ഒരു നൻമയായി രേഖപ്പെടുത്തുന്നതാണ്" എന്ന നബി വചനം പ്രത്യേകം ശ്രദ്ധേയമാകുന്നു.

യൂസുഫ്(അ) കണ്ടുവെന്ന് പറഞ്ഞ ആ ദൃഷ്ടാന്തം(**برهان**)എന്തെന്നതിനെ പററി പലതരത്തിലുള്ള വ്യാഖ്യാനങ്ങളാണുള്ളത് - ഇവയെല്ലാം ഉദ്ധരിച്ച ശേഷം ഇബ്നു ജരീർ(റ) പറയുന്നു: "യൂസുഫു (അ) ഉദ്ദേശിച്ച കാര്യത്തിൽനിന്ന് ഒഴിഞ്ഞു നിൽക്കുവാൻ പ്രചോദനം നൽകുമാറ് അല്ലാഹുവിന്റെ ഒരു ദൃഷ്ടാന്തം അദ്ദേഹം കാണുകയുണ്ടായി." അങ്ങനെ ആ വിചാരത്തിൽ നിന്നും അദ്ദേഹം വിമുക്തനാകുകയും ചെയ്തു.

അപ്രകാരം ചെയ്തത് അദ്ദേഹത്തിൽ നിന്ന് തിൻമയും നീചവൃത്തിയും തിരിച്ച് കളയുവാൻ വേണ്ടിയാണെന്നും, അദ്ദേഹം നമ്മുടെ നിഷ്കളരാക്കപ്പെട്ട അടിയാൻമാരിൽ പെട്ടവനാകുന്നു എന്നും അല്ലാഹു തുടർന്ന് പറയുകയും ചെയ്തതിൽ നിന്ന്, ആ ദൃഷ്ടാന്തത്തിന്റെ വിവക്ഷ ഏറെക്കൂറെ മനസ്സിലാക്കാവുന്നതാണ്.

**വചനം 25**

وَٱسْتَبَقَا ٱلْبَابَ وَقَدَّتْ قَمِيصَهُۥ مِن دُبُرٍ وَأَلْفَيَا سَيِّدَهَا لَدَا ٱلْبَابِ ۚ قَالَتْ مَا جَزَآءُ مَنْ أَرَادَ بِأَهْلِكَ سُوٓءًا إِلَّآ أَن يُسْجَنَ أَوْ عَذَابٌ أَلِيمٌ ﴿٢٥﴾

25 രണ്ടുപേരും വാതില്കലേക്ക് മത്സരിച്ചോടി; അവൾ അദ്ദേഹത്തിൻെറ കുപ്പായം പിന്നിൽനിന്ന് (പിടിച്ച്) കീറുകയും ചെയ്തു. അവളുടെ നാഥനെ (ഭർത്താവിനെ) അവർ വാതില്ക്കൽ വെച്ചു കണ്ടെത്തുകയും ചെയ്തു. (ഉടനെ) അവൾ പറഞ്ഞു: "നിങ്ങളുടെ വീട്ടുകാരെക്കൊണ്ട് തിൻമ (ചെയ്യുവാൻ) ഉദ്ദേശിച്ചവൻെറ പ്രതിഫലം അല്ല, അവൻ തടവിലാക്കപ്പെടുകയോ, അല്ലെങ്കിൽ വേദനയേറിയ വല്ല ശിക്ഷയോ അല്ലാതെ (മറ്റൊന്നും)."

---

അവളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി വാതിൽക്കലേക്ക് ഓടിയ യൂസുഫു(അ)നെ പിൻതുടർന്ന് അവൾ അദ്ദേഹത്തിന്റെ കുപ്പായം പിന്നിൽ നിന്നും പിടിച്ചു വലിച്ചു അത് കീറിപ്പോയി. അപ്പോഴതാ അവളുടെ ഭർത്താവ് വാതിൽക്കൽ! അവൾ സത്യാവസ്ഥ മറച്ച് വെച്ച് കൊണ്ട് ഇപ്രകാരം പറഞ്ഞു. ഇവൻ "ദുർവൃത്തിക്കായി എന്നെ കടന്ന് പിടിക്കാൻ ശ്രമിക്കുന്നു. ഇവനെ വെറുതെ വിട്ടുകൂടാ, ഇവനെ തടവിലിടുകയോ കഠിനമായി ശിക്ഷിക്കുകയോ ചെയ്യുക തന്നെ വേണം."

**വചനം 26, 27, 28, 29**

26 അദ്ദേഹം (യൂസുഫ്) പറഞ്ഞു: "അവളത്രെ എന്നെ വശീകരിക്കുവാൻ (വശത്താക്കുവാൻ) ശ്രമം നടത്തിയത്." അവളുടെ ആൾക്കാരിൽ നിന്ന് ഒരാൾ (ഇങ്ങിനെ) സാക്ഷ്യം പറയുകയും ചെയ്തു: "അവൻെറ കുപ്പായം മുന്നിൽനിന്ന് കീറപ്പെട്ടിരിക്കുകയാണെങ്കിൽ, അവൾ സത്യം പറഞ്ഞിരിക്കയാണ്; അവൻ കളവു പറയുന്ന വരിൽ പെട്ടവനുമാകുന്നു.

قَالَ هِىَ رَٰوَدَتْنِى عَن نَّفْسِى ۚ وَشَهِدَ شَاهِدٌ مِّنْ أَهْلِهَآ إِن كَانَ قَمِيصُهُۥ قُدَّ مِن قُبُلٍ فَصَدَقَتْ وَهُوَ مِنَ ٱلْكَـٰذِبِينَ ﴿٢٦﴾

27 "അവൻെറ കുപ്പായം പിന്നിൽനിന്ന് കീറ പ്പെട്ടിരിക്കുകയാണെങ്കിൽ, അവൾ കളവു പറഞ്ഞിരിക്കുകയുമാണ്; അവൻ, സത്യം പറയുന്നവരിൽപ്പെട്ടവനുമാകുന്നു."

وَإِن كَانَ قَمِيصُهُۥ قُدَّ مِن دُبُرٍ فَكَذَبَتْ وَهُوَ مِنَ ٱلصَّـٰدِقِينَ ﴿٢٧﴾

28 അങ്ങനെ, അദ്ദേഹത്തിൻെറ കുപ്പായം പിന്നിൽ നിന്ന് കീറപ്പെട്ടതായി കണ്ടപ്പോൾ അദ്ദേഹം (അവളോട്) പറഞ്ഞു: "നിശ്ചയമായും ഇത്, (സ്ത്രീകളായ) നിങ്ങളുടെ തന്ത്രത്തിൽ പെട്ടതാണ്. നിശ്ചയമായും നിങ്ങളുടെ തന്ത്രം വമ്പിച്ചതാകുന്നു."

فَلَمَّا رَءَا قَمِيصَهُۥ قُدَّ مِن دُبُرٍ قَالَ إِنَّهُۥ مِن كَيْدِكُنَّ ۖ إِنَّ كَيْدَكُنَّ عَظِيمٌ ﴿٢٨﴾

29 "യൂസുഫ്! നീ ഇതിനെപ്പറ്റി അവഗണിച്ചേക്കുക!" "(സുലൈഖാ!) നീ നിൻെറ പാപത്തിന് പാപമോചനം തേടുകയും ചെയ്യുക; നിശ്ചയ മായും നീ, തെറ്റുകാരിൽ പെട്ടവളായിരിക്കുന്നു."

يُوسُفُ أَعْرِضْ عَنْ هَـٰذَا ۚ وَٱسْتَغْفِرِى لِذَنۢبِكِ ۖ إِنَّكِ كُنتِ مِنَ ٱلْخَاطِـِٔينَ ﴿٢٩﴾

---

യൂസുഫ് (അ) സത്യാവസ്ഥ അദ്ദേഹത്തെ ധരിപ്പിച്ചു, തന്റെ നിരപരാധിത്വം സമർത്ഥിച്ചു. അവളുടെ സ്വന്തക്കാരിൽ നിന്നും നിഷ്പക്ഷനായ ഒരാൾ ഇപ്രകാരം തീർപ്പ് കൽപ്പിച്ചു. അവൻ അവളെ പിടി കൂടാൻ ചെന്നതാണെങ്കിൽ കുപ്പായത്തിന്റെ മുൻ വശവും, അവൾ അവനെ പിടി കൂടാൻ ചെന്നതാണെങ്കിൽ കുപ്പായത്തിന്റെ പിൻ വശവുമായിരിക്കും കീറിയിരിക്കുക.

കുപ്പായം കീറിയിരുന്നത് പിൻഭാഗത്തായിരുന്നു. കാര്യം മനസ്സിലാക്കിയ അവളുടെ ഭർത്താവ് വിഷയം തന്ത്രപരമായി തന്നെ കൈകാര്യം ചെയ്തു. ഉപായവും സൂത്രവും പ്രയോഗിച്ച കുറ്റങ്ങളിൽ നിന്നും തടിതപ്പുകയെന്നത് സ്ത്രീ സഹജമായ സാമർത്ഥ്യത്തിന്റെ ഭാഗമാണെന്ന് പറയുകയും, കുററം ഭാര്യ സുലൈഖയുടെതാണെന്ന് അദ്ദേഹം സമർത്ഥിക്കുകയും ചെയ്തു. അവളുടെ ഈ തെററിനെ അവഗണിച്ച് കളയണമെന്ന് യൂസുഫ്(അ)നെ അദ്ദേഹം ഉപദേശിക്കുകയും , നീ ചെയ്ത തെററിന് പാപമോചനം തേടണമെന്ന് സുലൈഖയോട് നിർദ്ദേശിക്കുകയും ചെയ്തു.

## വിഭാഗം 4

**വചനം 30, 31**

30 പട്ടണത്തിലുള്ള ചില സ്ത്രീകൾ പറയുകയും ചെയ്തു 'അസീസി'ൻെറ സ്ത്രീ (ഭാര്യ) അവളുടെ വാലിയക്കാരനെ വശീകരിക്കുവാൻ ശ്രമം നടത്തുന്നു. (അവനോടുള്ള) പ്രേമം അവളുടെ മനം കവർന്നിരിക്കുന്നു. നിശ്ചയ മായും, നാം അവളെ വ്യക്തമായ വഴിപിഴവി ലായി കാണുകതന്നെ ചെയ്യുന്നു."

۞ وَقَالَ نِسْوَةٌ فِى ٱلْمَدِينَةِ ٱمْرَأَتُ ٱلْعَزِيزِ تُرَٰوِدُ فَتَىٰهَا عَن نَّفْسِهِۦ ۖ قَدْ شَغَفَهَا حُبًّا ۖ إِنَّا لَنَرَىٰهَا فِى ضَلَـٰلٍ مُّبِينٍ ﴿٣٠﴾

31 എന്നിട്ട് അവരുടെ തന്ത്രത്തെ (കുസൃതിയെ)പ്പറ്റി അവൾ കേട്ട(റിഞ്ഞ)പ്പോൾ, അവൾ അവരുടെ അടുക്കലേക്ക് (ആളെ) അയക്കുകയും, അവർക്കായി ഒരു വിരുന്നുസദസ്സ് ഒരുക്കുകയും ചെയ്തു. അവരിൽ ഓരോരുവൾക്കും ഓരോ കത്തി അവൾ കൊടുക്കുകയും ചെയ്തു. "നീ അവരിൽ പ്രത്യക്ഷപ്പെട്ടു ചെല്ലുക" എന്ന് (യൂസുഫിനോട്) അവൾ പറയുകയും ചെയ്തു. അങ്ങനെ, അവർ അദ്ദേഹത്തെ കണ്ടപ്പോൾ, അവർ അദ്ദേഹത്തെ വലുതായി കണ്ടു (വിസ്മയിച്ചു പോയി)! അവർ തങ്ങളുടെ കൈകളെ മുറിപ്പെടുത്തുകയും ചെയ്തു. അവർ പറയുകയും ചെയ്തു: "അല്ലാഹുവിൻെറ പരിശുദ്ധിയെ വാഴ്ത്തുന്നു! ഇതൊരു മനുഷ്യനല്ല; ഇത് മാന്യനായ ഒരു മലക്കല്ലാതെ (മറ്റാരും) അല്ല!"

فَلَمَّا سَمِعَتْ بِمَكْرِهِنَّ أَرْسَلَتْ إِلَيْهِنَّ وَأَعْتَدَتْ لَهُنَّ مُتَّكَـًٔا وَءَاتَتْ كُلَّ وَٰحِدَةٍ مِّنْهُنَّ سِكِّينًا وَقَالَتِ ٱخْرُجْ عَلَيْهِنَّ ۖ فَلَمَّا رَأَيْنَهُۥٓ أَكْبَرْنَهُۥ وَقَطَّعْنَ أَيْدِيَهُنَّ وَقُلْنَ حَٰشَ لِلَّهِ مَا هَٰذَا بَشَرًا إِنْ هَٰذَآ إِلَّا مَلَكٌ كَرِيمٌ ﴿٣١﴾

---

യൂസഫും സുലൈഖയും തമ്മിൽ നടന്ന സംഭവം ഈജിപ്ത് നഗരത്തിൽ പ്രചരിച്ചു. സ്ത്രീകൾക്കിടയിൽ പ്രത്യേകിച്ചും കുലീന സ്ത്രീകൾക്കിടയിൽ അതൊരു സംസാര വിഷയമായിത്തീർന്നു. അസീസിന്റെ പത്നി തന്റെ അടിമച്ചെറുക്കനെ പ്രേമിക്കുന്നു, അവൾ പിഴച്ചുപോയി എന്നിങ്ങനെ അവർ പറഞ്ഞ് പ്രചരിപ്പിച്ചു. (അസീസ് എന്നത് യൂസുഫ്(അ)ന്റെ യജമാനന്റെ യഥാർത്ഥ പേരല്ല. പ്രതാപശാലി, മഹാൻ, ശക്തൻ, ബഹുമാന്യൻ, യോഗ്യൻ എന്നിങ്ങനെ സന്ദർഭാനുസരണം ഉപയോഗിക്കപ്പെടാവുന്ന പദമാകുന്നു അത്.) അപമാനത്തിൽ നിന്ന് രക്ഷപ്പെടാനായി സുലൈഖ ഒരു സൂത്രം പ്രയോഗിക്കാൻ തീരുമാനിച്ചു. തന്നെ പററി കുററാരോപണം നടത്തുന്ന സ്ത്രീകൾക്കായി അവൾ കേമമായ ഒരു വിരുന്നു സദ്യ ഒരുക്കി. ഭക്ഷ്യവഭവങ്ങളുടെ കൂട്ടത്തിൽ പല വിധ പഴ വർഗ്ഗങ്ങളും ഉണ്ടായിരുന്നു. എല്ലാവരും കത്തിയെടുത്ത് പഴവർഗ്ഗങ്ങൾ മുറിച്ച് തിന്നുന്ന അവസരത്തിൽ പെട്ടെന്ന് ആ സദസ്സിൽ ചെന്ന് പ്രത്യക്ഷപ്പെടുവാൻ യൂസുഫ്(അ)നോട് കൽപിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അതീവ സൗന്ദര്യവും, കോമളാകൃതിയും കണ്ട് മതി മറന്ന് പോയ ആ സ്ത്രീകൾ സ്വയം മറന്ന് കത്തി കൊണ്ട് സ്വന്തം കൈകൾ അറിയാതെ ചെത്തി മുറിച്ചു പോയി. യൂസുഫു (അ) മനുഷ്യനല്ലെന്നും, ആകാശത്തുനിന്ന് മനുഷ്യരൂപത്തിൽ ഇറങ്ങി വന്ന ഒരു മാലാഖയായിരിക്കാനേ തരമുള്ളൂ എന്നും അവർ അഭിപ്രായപ്പെട്ടു. തന്റെ ഉദ്യമത്തിൽ താൻ വിജയിച്ചുവെന്ന് മനസ്സിലാക്കിയ സുലൈഖ അതിഥികളുടെ നേരെ തിരിഞ്ഞു.

---

**വചനം 32**

32 അവർ പറഞ്ഞു: "എന്നെ നിങ്ങൾ യാതൊരുവൻെറ കാര്യത്തിൽ കുറ്റപ്പെടുത്തിയോ അവനാണത്! (അതെ) തീർച്ചയായും, ഞാനവനോട് വശീകരണ ശ്രമം നടത്തിയിട്ടുണ്ട്. എന്നിട്ടവൻ (ഒഴിഞ്ഞുമാറി) രക്ഷപ്പെട്ടിരിക്കുകയാണ്. അവനോട് ഞാൻ കൽപിക്കുന്നത് അവൻ ചെയ്തില്ലെങ്കിൽ, നിശ്ചയമായും, അവൻ തടവിലാക്കപ്പെടുക തന്നെ ചെയ്യും: അവൻ നിസ്സാരൻമാരിൽപെട്ടവനായിത്തീരുകയും തന്നെ ചെയ്യും."

قَالَتْ فَذَٰلِكُنَّ ٱلَّذِى لُمْتُنَّنِى فِيهِ ۖ وَلَقَدْ رَٰوَدتُّهُۥ عَن نَّفْسِهِۦ فَٱسْتَعْصَمَ ۖ وَلَئِن لَّمْ يَفْعَلْ مَآ ءَامُرُهُۥ لَيُسْجَنَنَّ وَلَيَكُونًا مِّنَ ٱلصَّٰغِرِينَ ﴿٣٢﴾

ഒരു നോക്ക് കണ്ടപ്പോഴേക്കും നിങ്ങൾ സ്വയം വസ്മയിച്ചുപോയ ഈ യുവാവിനാൽ ഞാൻ വശീകൃതയായതിന്റെ രഹസ്യം ഇപ്പോൾ നിങ്ങൾ മനസ്സിലാക്കിയില്ലേ. ഞാൻ അവനെ കയറിപിടിച്ചുവെന്നത് ശരിയാണ്. എന്നെ അനുസരിക്കാതെ ഒഴിഞ്ഞു മാറിയ അവനെ ഞാൻ വെറുതെ വിടുവാൻ പോകുന്നില്ല. എന്റെ ഇഷ്ടത്തിന് വഴങ്ങാത്ത പക്ഷം, അവനെ നിന്ദ്യനായി കൊണ്ടു കാരാഗ്രഹത്തിലാക്കുവാനുള്ള ഏർപ്പാട് ഞാൻ നടത്തുക തന്നെ ചെയ്യും.

---

**വചനം 33, 34**

قَالَ رَبِّ ٱلسِّجْنُ أَحَبُّ إِلَيَّ مِمَّا يَدْعُونَنِيٓ إِلَيْهِ ۖ وَإِلَّا تَصْرِفْ عَنِّي كَيْدَهُنَّ أَصْبُ إِلَيْهِنَّ وَأَكُن مِّنَ ٱلْجَٰهِلِينَ ﴿٣٣﴾

33 അദ്ദേഹം പറഞ്ഞു: "എൻെറ റബ്ബേ! ഇവർ (ഈ സ്ത്രീകൾ) എന്നെ യാതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനേക്കാൾ എനിക്ക് ഏറ്റം ഇഷ്ടപ്പെട്ടത് കാരാഗൃഹമാണേ! അവരുടെ തന്ത്രം എന്നിൽ നിന്ന് നീ തിരിച്ചു വിട്ടു തരാത്തപക്ഷം, ഞാൻ അവരിലേക്ക് ചാഞ്ഞുപോയേക്കും; ഞാൻ (വിവരമില്ലാത്ത) വിഡ്ഢികളുടെ കൂട്ടത്തിലായിത്തീരുകയും ചെയ്യും!"

فَٱسْتَجَابَ لَهُۥ رَبُّهُۥ فَصَرَفَ عَنْهُ كَيْدَهُنَّ ۚ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٣٤﴾

34 അപ്പോൾ, അദ്ദേഹത്തിൻെറ റബ്ബ് അദ്ദേഹത്തിന് ഉത്തരം നൽകി; അവരുടെ (സ്ത്രീകളുടെ) തന്ത്രം അദ്ദേഹത്തിൽ നിന്ന് തിരിച്ചു വിട്ടുകൊടുക്കുകയും ചെയ്തു. നിശ്ചയമായും, അവൻ തന്നെയാണ് (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനും.

---

നാട്ടിലെ ഇപ്പോഴത്തെ പരിതസ്ഥിതിയിൽ തന്റെ സംശുദ്ധിയും മാന്യതയും കാത്തുസൂക്ഷിക്കുവാൻ പ്രയാസമാണെന്ന് കണ്ട യൂസുഫ്(അ) അല്ലാഹുവിങ്കലേക്ക് സങ്കടപ്പെട്ടു. വിരുന്ന് സൽക്കാരവേളയിലുണ്ടായ സംഭവത്തെ തുടർന്ന് സുലൈഖയെ കൂടാതെ മററു സ്ത്രീകളുടെയും ശ്രദ്ധാപാത്രമായി കഴിഞ്ഞിരുന്ന യൂസുഫ്(അ) "ഈ സ്ത്രീകൾ എന്നെ യാതൊന്നിലേക്ക് ക്ഷണിക്കുന്നുവോ" എന്ന് പറയുന്നത് അതു കൊണ്ടാണ്. ഗൃഹത്തിൽ നിന്നും ചുറ്റുപാടിൽ നിന്നുമുള്ള നിർബന്ധവും ഭീഷണിയും സമ്മർദ്ദവുമെല്ലാം കൂടി അദ്ദേഹം വമ്പിച്ച സങ്കടത്തിലായി. അല്ലാഹുവിന്റെ കൃപാകടാക്ഷം ലഭിച്ചില്ലെങ്കിൽ തിൻമകളിലേക്ക് വഴങ്ങാൻ സാദ്ധ്യതയുള്ളതിനാൽ കാരാഗൃഹവാസം മുഖേനയാണെങ്കിലും, ഈ ആപത്തിൽ നിന്ന് രക്ഷപ്പെടുത്തേണമേ എന്ന് അദ്ദേഹം അല്ലാഹുവിനോട് അപേക്ഷിച്ചു. അല്ലാഹു പ്രാർത്ഥന സ്വീകരിക്കുകയും അദ്ദേഹത്തെ, ആ ചുററുപാടിൽ നിന്നും രക്ഷപ്പെടുത്തുകയും ചെയ്തു.

ഒരു പാപകൃത്യം ചെയ്യാൻ അനുകൂല സാഹചര്യങ്ങൾ ഉണ്ടായിരിക്കുകയും, ആയതിന് അധികാര സ്ഥാനങ്ങളിൽ നിന്ന് നിർബന്ധവും ഭീഷണിയും നേരിടേണ്ടി വരികയും ചെയ്യുന്ന ഒരു സന്ദർഭത്തിൽ അല്ലാഹുവിനെ ഓർത്ത്, അതിൽ നിന്നും പിന്തിരിഞ്ഞ് നിന്ന് ശുദ്ധത പാലിക്കുകയും, ആയതിനായി ത്യാഗങ്ങളും ക്ളേശങ്ങളും അനുഭവിക്കുവാൻ സന്നദ്ധനാകുകയും ചെയ്യുന്ന, സൂക്ഷ്മത കൈവരിച്ച അതീവ ഭാഗ്യവാൻമാർ അതിവിരളമായിരിക്കും. ഈ മഹാഭാഗ്യം സിദ്ധിച്ച ഒരു മാതൃകാ പുരുഷനായിരുന്നു യൂസുഫ്(അ). അദ്ദേഹത്തിന്റെ ഈ മാതൃക പിന്തുടരുവാൻ അല്ലാഹു നമുക്കെല്ലാം തൗഫീഖു നൽകുമാറാകട്ടെ - (ആമീൻ)

അല്ലാഹുവിന്റെ തണലല്ലാതെ യാതൊരു തണലുമില്ലാത്ത ദിവസത്തിൽ (ഖിയാമത്ത് നാളിൽ) അവൻ തണലേകുന്ന ഏഴു വിഭാഗത്തിൽ ഒരു വിഭാഗമായി, നബി(സ) എടുത്ത് പറഞ്ഞത് , കുലീനയും സുന്ദരിയുമായ ഒരു സ്ത്രീ പാപത്തിലേക്ക് ക്ഷണിച്ചിട്ടും ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു എന്ന് പറഞ്ഞ് ഒഴിഞ്ഞ് മാറിയ ഒരുവൻ എന്നാകുന്നു.

**വചനം 35**

ثُمَّ بَدَا لَهُم مِّنۢ بَعۡدِ مَا رَأَوُاْ ٱلۡأٓيَٰتِ لَيَسۡجُنُنَّهُۥ حَتَّىٰ حِينٖ ﴿٣٥﴾

35 പിന്നീട്-തെളിവുകൾ കണ്ടതിനുശേഷം- അവർക്ക് തോന്നി: ഒരു (കുറച്ചു) കാലംവരെ അദ്ദേഹത്തെ അവർ തടവിലാക്കുകതന്നെ ചെയ്യണമെന്ന്.

---

യൂസുഫ്(അ)ന്റെ നിരപരാധിത്വത്തിനുള്ള തെളിവുകൾ പലതുമുണ്ടായിട്ടും, സുലൈഖ, ഭരണത്തിലുള്ള അവളുടെ സ്വാധീനവും, അവൾക്കെതിരായി ശക്തമായി നടപടി കൈകൊള്ളുന്നതിന് ഭർത്താവിനുള്ള ധൈര്യക്കുറവും മുതലെടുത്ത്, യൂസുഫ്(അ)നെ കാരാഗൃഹത്തിലടച്ചു. - അങ്ങനെ അദ്ദേഹം കുററക്കാരനാണെന്ന് വരുത്തിത്തീർക്കാനും അവർ ശ്രമിച്ചു.

**വിഭാഗം 5**

**വചനം 36**

وَدَخَلَ مَعَهُ ٱلسِّجۡنَ فَتَيَانِۖ قَالَ أَحَدُهُمَآ إِنِّيٓ أَرَىٰنِيٓ أَعۡصِرُ خَمۡرٗاۖ وَقَالَ ٱلۡأٓخَرُ إِنِّيٓ أَرَىٰنِيٓ أَحۡمِلُ فَوۡقَ رَأۡسِي خُبۡزٗا تَأۡكُلُ ٱلطَّيۡرُ مِنۡهُۖ نَبِّئۡنَا بِتَأۡوِيلِهِۦٓۖ إِنَّا نَرَىٰكَ مِنَ ٱلۡمُحۡسِنِينَ ﴿٣٦﴾

36 തടവിൽ അദ്ദേഹത്തോടുകൂടി രണ്ടു വാലിയക്കാരും പ്രവേശിച്ചു. അവരിൽ ഒരാൾ പറഞ്ഞു: "ഞാൻ കള്ള് പിഴിഞ്ഞെടുക്കുന്നതായി എന്നെ ഞാൻ(സ്വപ്നത്തിൽ) കാണുന്നു." മറ്റേവൻ പറഞ്ഞു: "എന്നെ ഞാൻ (സ്വപ്നത്തിൽ) കാണുന്നു: "എൻെറ തലയിൽ ഞാൻ അപ്പം വഹിക്കുന്നു, പറവകൾ അതിൽ നിന്ന് തിന്നുന്നു." (രണ്ടാളും പറഞ്ഞു:) "ഞങ്ങൾക്ക് നീ ഇതിൻെറ വ്യാഖ്യാനം(പൊരുൾ) വിവരിച്ചുതരണം. നിശ്ചയമായും, ഞങ്ങൾ നിന്നെ സൽഗുണവാൻമാരിൽപെട്ടവനായി കാണുന്നു."

---

അദ്ദേഹത്തിന്റെ സഹതടവുകാരായി ജയിലിലുണ്ടായിരുന്ന രണ്ടാളുകളിൽ ഒരാൾ രാജാവിന് പാനീയം നൽകിയിരുന്നവനും, രണ്ടാമത്തേവൻ രാജാവിന് ഭക്ഷണം നൽകിയിരുന്നവനുമായിരുന്നു. രണ്ട് പേരും ഓരോ സ്വപ്നംകണ്ടു . ഒന്നാമത്തവൻ, മുന്തിരിയിൽ നിന്ന് മദ്യം പിഴിഞ്ഞുണ്ടാക്കുന്നതും, മററേയാൾ തലയിൽ അപ്പം ചുമന്ന് കൊണ്ട് നിൽക്കവെ പക്ഷികൾ അത് തിന്നു കൊണ്ടിരിക്കുന്നതും - ഇതായിരുന്നു സ്വപ്നങ്ങൾ. .

യൂസുഫ് (അ)ന്റെ ഉൽക്കൃഷ്ട ഗുണങ്ങളും, സ്വപ്ന വ്യാഖ്യാനത്തിലുള്ളകഴിവും മനസ്സിലാക്കിയ രണ്ടു പേരും അവർ കണ്ട സ്വപ്നങ്ങൾക്ക് വ്യാഖ്യാനം നൽകുവാനായി അദ്ദേഹത്തോട് അപേക്ഷിച്ചു. ഉടനെ തന്നെ ഒരു ഉത്തരം നൽകാതെ, ആ അവസരം കൂടുതൽ പ്രയോജനകരമാക്കിത്തീർക്കാൻ അദ്ദേഹം തീരുമാനിച്ചു.

**വചനം 37, 38**

قَالَ لَا يَأۡتِيكُمَا طَعَامٞ تُرۡزَقَانِهِۦٓ إِلَّا نَبَّأۡتُكُمَا بِتَأۡوِيلِهِۦ قَبۡلَ أَن يَأۡتِيَكُمَاۚ ذَٰلِكُمَا مِمَّا عَلَّمَنِي رَبِّيٓۚ إِنِّي تَرَكۡتُ مِلَّةَ قَوۡمٖ لَّا يُؤۡمِنُونَ بِٱللَّهِ وَهُم بِٱلۡأٓخِرَةِ هُمۡ كَٰفِرُونَ ﴿٣٧﴾

37 അദ്ദേഹം പറഞ്ഞു: "നിങ്ങൾക്ക് രണ്ടുപേർക്കും നൽകപ്പെടാറുള്ള വല്ല ഭക്ഷണവും നിങ്ങൾക്ക് വന്നെത്തുകയില്ല, അത് നിങ്ങൾക്ക് വന്നെത്തുന്നതിനു മുമ്പ് അതിൻെറ വ്യാഖ്യാനം ഞാൻ നിങ്ങൾക്ക് വിവരിച്ചുതരാതെ. അത് എൻെറ റബ്ബ് എനിക്ക് പഠിപ്പിച്ചുതന്നിട്ടുള്ളവയിൽപെട്ടവയാകുന്നു. (അത് ഞാൻ വിവരിച്ചുതരുകതന്നെ ചെയ്യും) നിശ്ചയമായും ഞാൻ, അല്ലാഹുവിൽ വിശ്വസിക്കാത്ത ജനങ്ങളുടെ മാർഗ്ഗം ഉപേക്ഷിച്ചിരിക്കുന്നു; അവരാകട്ടെ, പരലോകത്തെപ്പറ്റി

അവിശ്വാസികളുമായിരിക്കും. (ഇങ്ങിനെ യുള്ളവരുടെ മാർഗ്ഗം ഞാൻ ഉപേക്ഷിച്ചി രിക്കുകയാണ്.)"

38 "എന്റെ പിതാക്കൾ ഇബ്റാഹീമിന്റെയും, ഇസ്ഹാഖിന്റെയും, യഅ്ഖൂബിന്റെയും മാർഗ്ഗത്തെ ഞാൻ പിൻപറ്റുകയും ചെയ്തി രിക്കുന്നു. അല്ലാഹുവിനോട് യാതൊന്നിനെയും (തന്നെ) പങ്കുചേർക്കുവാൻ ഞങ്ങൾക്ക് പാടില്ല. അത് ഞങ്ങൾക്കും, മനുഷ്യർക്കും അല്ലാഹു വിന്റെ (പക്കൽ നിന്നുള്ള) അനുഗ്രഹത്തിൽ പെട്ടതത്രെ. എങ്കിലും, മനുഷ്യരിൽ അധികമാളും നന്ദികാണിക്കുന്നില്ല."

وَٱتَّبَعۡتُ مِلَّةَ ءَابَآءِيٓ إِبۡرَٰهِيمَ وَإِسۡحَٰقَ وَيَعۡقُوبَۚ مَا كَانَ لَنَآ أَن نُّشۡرِكَ بِٱللَّهِ مِن شَيۡءٖۚ ذَٰلِكَ مِن فَضۡلِ ٱللَّهِ عَلَيۡنَا وَعَلَى ٱلنَّاسِ وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا يَشۡكُرُونَ ٣٨

---

"നിങ്ങൾക്ക് നൽകപ്പെടാറുള്ള ഭക്ഷണം വന്നെത്തുന്നതിനു മുമ്പ് അതിന്റെ വ്യാഖ്യാനം ഞാൻ നിങ്ങൾക്ക് വിവരിച്ച തരാതിരിക്കുകയില്ല." എന്ന യൂസുഫ്(അ) പറഞ്ഞതിനെ പല പ്രകാരത്തിൽ വിശദീകരി ക്കപ്പെട്ടിരിക്കുന്നു. അവയിൽ ഏററവും സ്വീകാര്യമായത് ഇപ്രകാരമാ കുന്നു.

"അതിന്റെ വ്യാഖ്യാനം" എന്നതു കൊണ്ടു അദ്ദേഹം ഉദ്ദേശിച്ചത്, അവർക്ക് നൽകപ്പെടാറുള്ള ഭക്ഷണം ഇന്നിന്ന പ്രകാരമുള്ളതായിരിക്കുമെന്ന്, മുൻകൂട്ടി അറിയിച്ച് തരുന്നതാണ് എന്നാകുന്നു. ആ ഭക്ഷണം ഭക്ഷ്യയോഗ്യമാണോ അല്ലയോ എന്ന് ഞാൻ നിങ്ങൾക്ക് വിവരിച്ച് തരാം. സ്വപ്ന വ്യാഖ്യാനം മാത്രമല്ല, ഇതു പോലുള്ള മററു അദൃശ്യ കാര്യങ്ങളും എനിക്ക് അറിയാം. അതാകട്ടെ അല്ലാഹു എനിക്ക് പഠിപ്പിച്ച് തന്ന അനുഗ്രഹങ്ങളിൽ പെട്ടതാകുന്നു.

ഈസാ (അ) നബിക്ക് അല്ലാഹു നൽകിയ ദിവ്യ ദൗത്യത്തിന്റെ അമാനുഷിക ദൃഷ്ടാന്തമായി, അദ്ദേഹം എടുത്ത് പറഞ്ഞ സമാനമായ ഒരു പ്രസ്താവന 3 : 49 ൽ കാണാവുന്നതാണ്.

ഈ പ്രസ്താവനയും, ഇതേ തുടർന്ന് "അല്ലാഹുവിൽ വിശ്വസിക്കാത്തവരുടെ മാർഗ്ഗം ഞാൻ ഉപേക്ഷിച്ചിരിക്കുന്നു." എന്നു തുടങ്ങി 38-ാം വചനത്തിന്റെ അവസാനം വരെയുള്ള അദ്ദേഹത്തിന്റെ വാക്കുകളും, അദ്ദേഹത്തിന് ഇതിനകം നുബൂവ്വത്തും രിസാലത്തും (പ്രവാചകത്വവും ദിവ്യ ദൗത്യവും) സിദ്ധിച്ചതിന്റെ ഫലമായിട്ടായിരിക്കുമല്ലോ :

ആ രണ്ടു പേരുടെയും സ്വപ്നങ്ങൾക്ക് വ്യാഖ്യാനം പറഞ്ഞു കൊടുക്കുന്നതിനു മുമ്പായി ആശയപരമായ തന്റെ നിലപാട് അദ്ദേഹം അവർക്ക് വിവരിച്ച് കൊടുക്കുന്നു, ഈ നാട്ട് കാരെ പോലെ അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാത്ത ആളല്ല ഞാൻ. എന്റെ പിതാക്കളായ ഇബ്രാഹിം (അ) ഇസ്ഹാഖ്(അ) യഅ്ഖൂബ്(അ) എന്നിവർ സ്വീകരിച്ച മാർഗ്ഗത്തിലാകുന്നു ഞാൻ; അല്ലാഹുവിനോട് യാതൊന്നിനേയും ഞങ്ങൾ പങ്കുചേർക്കുന്നില്ല. പ്രവാചകത്വവും സത്യ വിശ്വാസവും ഞങ്ങൾക്ക് അല്ലാഹു നൽകിയ അനുഗ്രഹമാകുന്നു; ഞങ്ങളുടെ പ്രബോധനം വഴി ജനങ്ങളെയും അല്ലാഹു അനുഗ്രഹിച്ചിരിക്കുന്നു, എന്നാൽ അധിക മനുഷ്യനും അല്ലാഹുവിനോട് നന്ദി കാണിക്കാത്തവരാകുന്നു.

---

**വചനം 39, 40**

39 "തടവിലെ രണ്ടു ചങ്ങാതിമാരേ, ഭിന്നരായ പല റബ്ബുകളാണോ ഉത്തമം, അതല്ല, സർവ്വാധി കാരിയായ ഏകനായ അല്ലാഹുവോ?! (ഒന്നാ ലോചിച്ചു നോക്കുക)

يَٰصَٰحِبَيِ ٱلسِّجۡنِ ءَأَرۡبَابٞ مُّتَفَرِّقُونَ خَيۡرٌ أَمِ ٱللَّهُ ٱلۡوَٰحِدُ ٱلۡقَهَّارُ ٣٩

40 അവനു പുറമെ നിങ്ങൾ ആരാധിക്കുന്നില്ല, നിങ്ങളും, നിങ്ങളുടെ പിതാക്കളും (റബ്ബുകളെന്ന്

مَا تَعۡبُدُونَ مِن دُونِهِۦٓ إِلَّآ أَسۡمَآءٗ

سَمَّيْتُمُوهَآ أَنتُمْ وَءَابَآؤُكُم مَّآ أَنزَلَ ٱللَّهُ بِهَا مِن سُلْطَٰنٍ ۚ إِنِ ٱلْحُكْمُ إِلَّا لِلَّهِ ۚ أَمَرَ أَلَّا تَعْبُدُوٓا۟ إِلَّآ إِيَّاهُ ۚ ذَٰلِكَ ٱلدِّينُ ٱلْقَيِّمُ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٤٠﴾

സ്വയം) നാമകരണം ചെയ്തിട്ടുള്ള ചില നാമങ്ങളെയല്ലാതെ. അവയെപ്പറ്റി അല്ലാഹു യാതൊരു (അധികൃത) രേഖയും അവതരിപ്പിച്ചിട്ടില്ല. വിധികർത്തൃത്വം അല്ലാഹുവിനല്ലാതെ(ആർക്കും) ഇല്ല. അവനെയല്ലാതെ (ഒന്നിനെയും) നിങ്ങൾ ആരാധിക്കരുതെന്ന് അവൻ കൽപിച്ചിരിക്കുന്നു. അതത്രെ, ചൊവ്വിനു നിലകൊള്ളുന്ന മതം. എങ്കിലും, മനുഷ്യരിൽ അധികമാളും അറിയുന്നില്ല.

---

യൂസുഫ്(അ) തന്റെ ആ സഹ തടവുകാരെ തൗഹീദിലേക്ക് ക്ഷണിച്ചു കൊണ്ട് തുടർന്നു: വിവിധ കഴിവുകളുള്ളവരായി സങ്കൽപ്പിക്കപ്പെട്ട സൂര്യൻ, പശു, രാജാക്കൻമാർ തുടങ്ങിയ ആരാധ്യ വസ്തുക്കളെ സ്വീകരിക്കലാണോ, അതല്ല ഏകനും സർവ്വാധിപതിയുമായ അല്ലാഹുവിനെ സ്വീകരിക്കലാണോ ഉചിതമെന്ന് ചിന്തിക്കുവിൻ. നിങ്ങളും നിങ്ങളുടെ പൂർവ്വികരും സങ്കൽപ്പിച്ചു ണ്ടാക്കിയിട്ടുള്ള ചില നാമനിർണ്ണയങ്ങൾ മാത്രമാണാ ആരാധ്യ വസ്തുകൾ. പരമാധികാര വിധികർത്താവായ അല്ലാഹു കൽപിക്കുന്നതാകട്ടെ, അവനെ മാത്രമേ ആരാധിക്കാവൂ എന്നതാകുന്നു. അത് മാത്രമാകുന്നു നേരെ ചൊവ്വെ നിലകൊള്ളുന്ന മതം, എന്നാൽ മിക്ക മനുഷ്യരും വഴി പിഴവിലാകുന്നു. ഋജുവായ ഈ മതത്തിലേക്ക് ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. തുടർന്ന് അവർ ചോദിച്ച സ്വപ്ന വ്യാഖ്യാനം യൂസുഫ് (അ) അവരെ അറിയിക്കുന്നു.

---

**വചനം 41**

يَٰصَٰحِبَىِ ٱلسِّجْنِ أَمَّآ أَحَدُكُمَا فَيَسْقِى رَبَّهُۥ خَمْرًا ۖ وَأَمَّا ٱلْءَاخَرُ فَيُصْلَبُ فَتَأْكُلُ ٱلطَّيْرُ مِن رَّأْسِهِۦ ۚ قُضِىَ ٱلْأَمْرُ ٱلَّذِى فِيهِ تَسْتَفْتِيَانِ ﴿٤١﴾

41 “തടവിലെ രണ്ടു ചങ്ങാതിമാരേ, എന്നാൽ, നിങ്ങളിൽ ഒരുവൻ, തൻെറ യജമാനന് കള്ള് കുടിക്കുവാൻ കൊടുക്കും. എന്നാൽ, മറ്റേവനാകട്ടെ, അവൻ ക്രൂശിക്കപ്പെടും; എന്നിട്ട് അവൻെറ തലയിൽ നിന്നും പറവകൾ തിന്നുന്നതാണ്. യാതൊരു കാര്യത്തിൽ നിങ്ങൾ രണ്ടുപേരും വിധിയന്വേഷിച്ചുകൊണ്ടിരുന്നുവോ അത് തീരുമാനിക്കപ്പെട്ടിരിക്കുന്നു. (അതിൽ ഇനി, മാറ്റമുണ്ടാകുകയില്ല)”

---

മുന്തിരിയിൽ നിന്ന് കള്ളെടുക്കുന്നതായി സ്വപ്നം കണ്ടവൻ അവന്റെ ജോലിയിൽ തുടരത്തക്കവണ്ണം കാരാഗ്രഹത്തിൽ നിന്ന് വിമുക്തനാകുമെന്നും, തലയിൽ അപ്പം വഹിച്ചുകൊണ്ടിരിക്കെ, അതിൽ നിന്ന് പക്ഷികൾ തിന്നതായി കണ്ടവൻ കൊല്ലപ്പെടുകയും, കുരിശിൽ തറക്കപ്പെടുമെന്നും, യൂസുഫ്(അ) അവരെ അറിയിച്ചു, ഈ വസ്തുത അല്ലാഹു തീരുമാനിച്ചു കഴിഞ്ഞ കാര്യമാണെന്നും, അതിൽ മാററം സംഭവിക്കുകയില്ലെന്നും അദ്ദേഹം അവരെ അറിയിച്ചു.

---

**വചനം 42**

وَقَالَ لِلَّذِى ظَنَّ أَنَّهُۥ نَاجٍ مِّنْهُمَا ٱذْكُرْنِى عِندَ رَبِّكَ فَأَنسَىٰهُ ٱلشَّيْطَٰنُ ذِكْرَ رَبِّهِۦ فَلَبِثَ فِى ٱلسِّجْنِ بِضْعَ سِنِينَ ﴿٤٢﴾

42 ആ രണ്ടുപേരിൽ നിന്ന് രക്ഷപ്പെടുന്നവനെന്ന് താൻ വിചാരിച്ചവനോട് അദ്ദേഹം പറയുകയും ചെയ്തു: “നിൻെറ യജമാനൻെറ അടുക്കൽ നീ എന്നെപ്പറ്റി പ്രസ്താവിക്കണം.” എന്നാൽ, അവൻെറ യജമാനനോട് പ്രസ്താവിക്കുവാൻ അവനെ പിശാച് മറപ്പിച്ചുകളഞ്ഞു; അങ്ങനെ, ഏതാനും കൊല്ലങ്ങൾ അദ്ദേഹം തടവിൽ താമസിച്ചു.

തടവിൽ നിന്ന് രക്ഷപെട്ടു രാജാവിന്റെ ജോലിയിൽ പ്രവേശിക്കുമെന്ന് അദ്ദേഹം പ്രവചിച്ച ഒന്നാമനോട് തന്റെ നിരപരാധിത്തത്തെക്കുറിച്ച് രാജാവിനെ ഓർമ്മിപ്പിക്കണമെന്ന് യൂസുഫ് (അ) പറഞ്ഞു. എന്നാൽ അവനത് മറന്ന് പോയി.ആ മറവിയിൽ പിശാചിന്റെ ഭാഗത്ത് നിന്നുള്ള ഒരു പ്രേരണ കൂടെ ഉണ്ടായിരിക്കാം. അവൻ മറന്നു പോയി എന്ന് പറയാതെ, 'അവനെ പിശാച് മറപ്പിച്ചു കളഞ്ഞു' എന്നാണ് അല്ലാഹുവിന്റെ പ്രയോഗം. താഴെ പ്രസ്താവിച്ചതു പോലെ, ഏതാനും വർഷങ്ങൾക്ക്ശേഷം, ഒരു പ്രത്യേക സന്ദർഭം വന്ന് ചേർന്നപ്പോൾ മാത്രമേ അക്കാര്യം അവന് ഓർമ്മ വന്നുള്ളൂ.

## വിഭാഗം 6

**വചനം 43, 44, 45**

وَقَالَ ٱلْمَلِكُ إِنِّىٓ أَرَىٰ سَبْعَ بَقَرَٰتٍ سِمَانٍ يَأْكُلُهُنَّ سَبْعٌ عِجَافٌ وَسَبْعَ سُنۢبُلَٰتٍ خُضْرٍ وَأُخَرَ يَابِسَٰتٍ ۖ يَٰٓأَيُّهَا ٱلْمَلَأُ أَفْتُونِى فِى رُءْيَٰىَ إِن كُنتُمْ لِلرُّءْيَا تَعْبُرُونَ ﴿٤٣﴾

43 രാജാവു പറഞ്ഞു: "ഏഴു (തടിച്ചു)കൊഴുത്ത പശുക്കളെ മെലിഞ്ഞ ഏഴു (പശുക്കൾ) തിന്നുന്നതായി ഞാൻ (സ്വപ്നം) കാണുന്നു; ഏഴു പച്ച (ധാന്യ)ക്കതിരുകളും, വേറെ (ഏഴു) ഉണങ്ങിയവയും (കാണുന്നു). ഹേ, പ്രധാനികളേ, എന്റെ (ഈ) സ്വപ്നത്തിൽ നിങ്ങൾ എനിക്ക് (ഒരു) വിധി തരുവിൻ; നിങ്ങൾ സ്വപ്നത്തിന് വ്യാഖ്യാനം (പൊരുൾ) വിവരിക്കുന്നവരാണെങ്കിൽ."

قَالُوٓا۟ أَضْغَٰثُ أَحْلَٰمٍ ۖ وَمَا نَحْنُ بِتَأْوِيلِ ٱلْأَحْلَٰمِ بِعَٰلِمِينَ ﴿٤٤﴾

44 അവർ പറഞ്ഞു: ''പേക്കിനാവുകളുടെ മിശ്രങ്ങളാണ് (അത്). ഞങ്ങൾ പേക്കിനാവുകളുടെ വ്യാഖ്യാനത്തെപ്പറ്റി അറിയുന്നവരുമല്ല."

وَقَالَ ٱلَّذِى نَجَا مِنْهُمَا وَٱدَّكَرَ بَعْدَ أُمَّةٍ أَنَا۠ أُنَبِّئُكُم بِتَأْوِيلِهِۦ فَأَرْسِلُونِ ﴿٤٥﴾

45 ആ രണ്ടു പേരിൽനിന്ന് രക്ഷപ്പെട്ടൻ പറഞ്ഞു: ഒരു (നീണ്ട) കാലയളവിനുശേഷം അവന് ഓർമ്മ വരുകയും ചെയ്തു ''അതിന്റെ വ്യാഖ്യാനത്തെപ്പറ്റി ഞാൻ നിങ്ങൾക്ക് വിവരിച്ചു തരാം; ആകയാൽ, (അതിന്) എന്നെ നിങ്ങൾ അയക്കുവിൻ, (ഞാൻ പോയിവരട്ടെ.)"

---

രാജാവ് ഒരു സ്വപ്നം കാണാനിടയായതാണാ സന്ദർഭം - തടിച്ചു കൊഴുത്ത ഏഴു പശുക്കളെ മെലിഞ്ഞ് ശോഷിച്ച ഏഴു പശുക്കൾ തിന്നുന്നതും, ഏഴ് പച്ചയായ ധാന്യക്കതിരുകളും, ഏഴ് ഉണങ്ങിയ കതിരുകളും - ഇതായിരുന്നു സ്വപ്നം. സ്വപ്ന വ്യാഖ്യാന വിദഗ്ദരായ പലരും, ശ്രമിച്ചുവെങ്കിലും ആർക്കും അത് വ്യാഖ്യാനിക്കാൻ കഴിഞ്ഞില്ല.

ഈ സന്ദർഭത്തിലാണ് കൊട്ടാര ജോലിക്കാരനായ ആ മുൻ തടവുകാരന് തന്റെ സഹ തടവുകാരനായിരുന്ന യൂസുഫ്(അ) നബിയെ കുറിച്ച് ഓർമ്മ വന്നത്. തന്നെ പറഞ്ഞയക്കുന്ന പക്ഷം, സ്വപ്ന വ്യാഖ്യാനം കൃത്യമായി അറിയുന്ന ജയിലിലുള്ള ആ മാന്യനോട് ഞാൻ പോയി ചോദിച്ചറിഞ്ഞ് വരാമെന്ന് അവൻ രാജാവിനെ അറിയിച്ചു.

**വചനം 46, 47, 48, 49**

يُوسُفُ أَيُّهَا ٱلصِّدِّيقُ أَفْتِنَا فِى سَبْعِ بَقَرَٰتٍ سِمَانٍ يَأْكُلُهُنَّ سَبْعٌ عِجَافٌ وَسَبْعِ

46 (അവൻ പറഞ്ഞു:) "യൂസുഫ്! ഹേ, സത്യസന്ധാ! "ഏഴു (തടിച്ചു) കൊഴുത്ത പശുക്കളെ മെലിഞ്ഞ ഏഴു (പശുക്കൾ) തിന്നുന്നതിന്റെ കാര്യത്തിൽ ഞങ്ങൾക്ക് വിധി (പറഞ്ഞു)

سُنۢبُلَٰتٍ خُضۡرٖ وَأُخَرَ يَابِسَٰتٖ لَّعَلِّيٓ أَرۡجِعُ إِلَى ٱلنَّاسِ لَعَلَّهُمۡ يَعۡلَمُونَ ﴿٤٦﴾

തരണം; ഏഴു പച്ച (ധാന്യ)ക്കതിരുകളുടെയും, വേറെ (ഏഴു) ഉണങ്ങിയവയുടെയും (കാര്യത്തിലും); എനിക്ക് (ആ) മനുഷ്യരുടെ അടുക്കലേക്ക്-അവർക്കറിയുവാൻവേണ്ടി-(അതും കൊണ്ടു) മടങ്ങിച്ചെല്ലാമല്ലോ."

قَالَ تَزۡرَعُونَ سَبۡعَ سِنِينَ دَأَبٗا فَمَا حَصَدتُّمۡ فَذَرُوهُ فِي سُنۢبُلِهِۦٓ إِلَّا قَلِيلٗا مِّمَّا تَأۡكُلُونَ ﴿٤٧﴾

47 അദ്ദേഹം (യൂസുഫ്) പറഞ്ഞു: "നിങ്ങൾ ഏഴു കൊല്ലം പതിവായി കൃഷി ചെയ്യും. (അഥവാ ചെയ്യണം) എന്നിട്ട്, നിങ്ങൾ കൊയ്തെടുക്കുന്നതിനെ അതിൻെറ കതിരിൽ (തന്നെ) നിങ്ങൾ വിട്ടേക്കുവിൻ; നിങ്ങൾ തിന്നു (കഴിക്കു)ന്നതിൽപെട്ട അൽപമൊഴികെ.

ثُمَّ يَأۡتِي مِنۢ بَعۡدِ ذَٰلِكَ سَبۡعٞ شِدَادٞ يَأۡكُلۡنَ مَا قَدَّمۡتُمۡ لَهُنَّ إِلَّا قَلِيلٗا مِّمَّا تُحۡصِنُونَ ﴿٤٨﴾

48 "പിന്നീട് അതിനുശേഷം കഠിനങ്ങളായ ഏഴു (കൊല്ലം) വരും;- " അവ (ആ കൊല്ലങ്ങൾ) ക്കുവേണ്ടി നിങ്ങൾ മുൻകൂട്ടി (സൂക്ഷിച്ചു) വെച്ചിട്ടുള്ളത് (ഒക്കെ) അവ തിന്നു (തീർക്കു) ന്നതാണ്; നിങ്ങൾ കാത്തു (സൂക്ഷിച്ചു) വെക്കുന്നതിൽപെട്ട അൽപമൊഴികെ."

ثُمَّ يَأۡتِي مِنۢ بَعۡدِ ذَٰلِكَ عَامٞ فِيهِ يُغَاثُ ٱلنَّاسُ وَفِيهِ يَعۡصِرُونَ ﴿٤٩﴾

49 "പിന്നെ, അതിനുശേഷം ഒരു സംവൽസരം വരും; അതിൽ മനുഷ്യർക്ക് (മഴമൂലം) രക്ഷ നൽകപ്പെടും; അതിൽ അവർ പിഴിഞ്ഞെടുക്കുക (ആട്ടിയെടുക്കുക)യും ചെയ്യും."

---

താനേൽപിച്ച കാര്യം വിസ്മരിച്ചവനാണെങ്കിലും തന്റെ സഹായം തേടിയെത്തിയ ആ മുൻ തടവുകാരനോട് പ്രതിഷേധിക്കാതെ യൂസുഫ്(അ) അവന് മറുപടി കൊടുത്തു. ഏഴ് തടിച്ച പശു ക്കൾ കൃഷിക്ക് ഉപയുക്തമായ ഏഴ് വർഷങ്ങളെയും,പച്ചക്കതിരുകൾ ഏഴു കൊല്ലത്തെ സമൃദ്ധമായ വിളവിനേയും, ഏഴ് ഉണങ്ങിയ കതിരുകൾ ഏഴ് കൊല്ലത്തെ ക്ഷാമത്തെയും, വരൾ ച്ചയേയും കുറിക്കുന്നു അതു കൊണ്ട് ആദ്യത്തെ ഏഴു കൊല്ലം സമൃദ്ധമായി കൃഷി നടത്തണം. അന്ന് കൊയ്തെടുക്കുന്ന ധാന്യം ഭക്ഷ്യാവശ്യം കഴിച്ച് ബാക്കി കതിരോടെ സൂക്ഷിച്ചു വെക്കണം. പിന്നീട് വരുന്ന ഏഴ് ക്ഷാമത്തിന്റെ വർഷങ്ങളിൽ, വിത്തിനും മററും അല്പം കരുതി വെച്ച്, ബാക്കിയൊക്കെ അപ്പോൾ ഉപയോഗപ്പെടുത്താം. പഞ്ഞത്തിന്റെ വർഷങ്ങൾക്ക് ശേഷം മഴ സമൃദ്ധമായ വർഷമായിരിക്കും ലഭിക്കുക. അപ്പോൾ കൃഷികളെല്ലാം നന്നായി വിളയുകയും മുന്തിരിയിൽ നിന്നും മദ്യവും, ഒലീവിൽ നിന്ന് എണ്ണയും കരിമ്പിൽ നിന്ന് ശർക്കരയുമൊക്കെ ആട്ടിയെടുക്കാവുന്നതുമാണ്. ഇതായിരുന്നു ആ സ്വപ്നത്തിന്റെ വ്യാഖ്യാനം.

## വിഭാഗം 7

**വചനം 50**

وَقَالَ ٱلۡمَلِكُ ٱئۡتُونِي بِهِۦۖ فَلَمَّا جَآءَهُ ٱلرَّسُولُ قَالَ ٱرۡجِعۡ إِلَىٰ رَبِّكَ فَسۡـَٔلۡهُ مَا بَالُ ٱلنِّسۡوَةِ ٱلَّٰتِي قَطَّعۡنَ أَيۡدِيَهُنَّۚ إِنَّ رَبِّي بِكَيۡدِهِنَّ عَلِيمٞ ﴿٥٠﴾

50 രാജാവ് പറയുകയും ചെയ്തു: "അവനെ എൻെറ അടുക്കൽ കൊണ്ടുവരുവിൻ." അങ്ങനെ, അദ്ദേഹത്തിൻെറ അടുക്കൽ (രാജാവിൻെറ) ദൂതൻ വന്നപ്പോൾ, അദ്ദേഹം പറഞ്ഞു: "നീ നിൻെറ യജമാനൻെറ അടുക്കലേക്ക് മടങ്ങിച്ചെല്ലുക; എന്നിട്ടദ്ദേഹത്തോട് ചോദി(ച്ചു നോ)ക്കുക: തങ്ങളുടെ കൈകൾ മുറിപ്പെടുത്തിയ (ആ) സ്ത്രീകളുടെ നിലപാടെന്താണെന്ന്?! നിശ്ചയമായും, എൻെറ റബ്ബ് അവരുടെ തന്ത്രത്തെപ്പറ്റി അറിയുന്നവനാണ്."

തന്റെ രാഷ്ട്രത്തിന്റെ ഭാവിയെ തന്നെ ബാധിക്കുന്ന ഈ വ്യാഖ്യാനം കേട്ടറിഞ്ഞ രാജാവ് യൂസുഫ്(അ)യെ കാണാൻ അതിയായ ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ കുറ്റാരോപിതനായ പ്രതിയെന്ന പ്രതിഛായയോടെ, തന്നെ തേടിയെത്തിയ ദൂതനോടൊപ്പം, രാജ സന്നിധിയിലേക്ക് പോകാൻ അദ്ദേഹം വിസ്സമ്മതിച്ചു. മുമ്പു തന്റെ കാരണത്താൽ കൈകൾ മുറിപ്പെടുത്തുകയും, അതെ തുടർന്ന് അസീസിന്റെ ഭാര്യക്ക് പിന്തുണ നൽകുകയും ചെയ്തിരുന്ന ആ സ്ത്രീകളുമായി സത്യാന്വേഷണം നടത്തി, തന്റെ നിരപരാധിത്വവും പരിശുദ്ധിയും രാജാവിനും മററും ബോധ്യപ്പെട്ട ശേഷമേ താൻ തടവറയിൽ നിന്നും പുറത്ത് പോകാൻ ആഗ്രഹിക്കുന്നുള്ളൂ എന്ന് അദ്ദേഹം വ്യക്തമാക്കി. യൂസുഫു (അ)ന്റെ മാന്യതയും ധീരതയും വ്യക്തമാക്കികൊണ്ടുള്ള ഈ സംഭവത്തെ പററി ഒരിക്കൽ നബി (സ) ഇപ്രകാരം പ്രതിവചിച്ചു. "യൂസുഫ് താമസിച്ചത്ര കാലം ഞാൻ തടവിൽ താമസിച്ചിരുന്നെങ്കിൽ ആ വിളിക്കാൻ വന്നവന്റെ ക്ഷണം ഞാൻ സ്വീകരിക്കുമായിരുന്നു." (ബു . മു.)

**വചനം 51, 52, 53**

قَالَ مَا خَطْبُكُنَّ إِذْ رَٰوَدتُّنَّ يُوسُفَ عَن نَّفْسِهِۦ ۚ قُلْنَ حَٰشَ لِلَّهِ مَا عَلِمْنَا عَلَيْهِ مِن سُوٓءٍ ۚ قَالَتِ ٱمْرَأَتُ ٱلْعَزِيزِ ٱلْـَٰٔنَ حَصْحَصَ ٱلْحَقُّ أَنَا۠ رَٰوَدتُّهُۥ عَن نَّفْسِهِۦ وَإِنَّهُۥ لَمِنَ ٱلصَّٰدِقِينَ ﴿٥١﴾

51 അദ്ദേഹം (രാജാവ്) പറഞ്ഞു: "(സ്ത്രീകളേ) നിങ്ങൾ യൂസുഫിനോട് വശീകരണ ശ്രമം നടത്തിയപ്പോൾ (ഉണ്ടായ) നിങ്ങളുടെ വിശേഷമെന്ത്?" അവർ പറഞ്ഞു: "അല്ലാഹുവിൻെറ പരിശുദ്ധിയെ വാഴ്ത്തുന്നു! അവനെപ്പറ്റി യാതൊരു തിൻമയും ഞങ്ങൾ അറിഞ്ഞിട്ടില്ല." അസീസിൻെറ സ്ത്രീ (ഭാര്യ) പറഞ്ഞു: "ഇപ്പോൾ, യഥാർത്ഥം വെളിവായിരിക്കുന്നു; ഞാനത്രെ അവനോട് വശീകരണ ശ്രമം നടത്തിയത്. അവൻ സത്യവാൻമാരിൽപെട്ടവൻ തന്നെയാണു താനും."

ذَٰلِكَ لِيَعْلَمَ أَنِّى لَمْ أَخُنْهُ بِٱلْغَيْبِ وَأَنَّ ٱللَّهَ لَا يَهْدِى كَيْدَ ٱلْخَآئِنِينَ ﴿٥٢﴾

52 "അത് (അങ്ങിനെ പറഞ്ഞത്) അവനെ (അവൻെറ) അഭാവത്തിൽ ഞാൻ വഞ്ചിച്ചിട്ടില്ലെന്ന് അവൻ അറിയുവാൻ വേണ്ടിയാകുന്നു; വഞ്ചകൻമാരുടെ തന്ത്രത്തെ അല്ലാഹു നേർവഴിയിലാക്കുകയില്ലെന്നുള്ളതിനാലുമാകുന്നു."

**ജുസുഅ് 13**

۞ وَمَآ أُبَرِّئُ نَفْسِىٓ ۚ إِنَّ ٱلنَّفْسَ لَأَمَّارَةٌۢ بِٱلسُّوٓءِ إِلَّا مَا رَحِمَ رَبِّىٓ ۚ إِنَّ رَبِّى غَفُورٌ رَّحِيمٌ ﴿٥٣﴾

53 "എൻെറ സ്വന്തത്തെ (അഥവാ മനസ്സിനെ) ഞാൻ (നിരപരാധിയാക്കി) ഒഴിവാക്കുന്നുമില്ല. നിശ്ചയമായും മനസ്സ് തിൻമകൊണ്ട് ഉപദേശിക്കുന്ന (തിൻമക്ക് പ്രേരിപ്പിക്കുന്ന) തുതന്നെയാണ്, എൻെറ റബ്ബ് കരുണചെയ്തവനൊഴികെ. നിശ്ചയമായും, എൻെറ റബ്ബ് വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു."

കഴിഞ്ഞ സംഭവങ്ങളെകുറിച്ചു സത്യാന്വേഷണം നടത്തിയ രാജാവിന്റെ മുന്നിൽ അസീസിന്റെ ഭാര്യയും മററു സ്ത്രീകളും യൂസുഫ് (അ)ന്റെ നിരപരാധിത്വം തുറന്നു പറഞ്ഞു. താനാണ് യൂസുഫിനോട് വശീകരണ ശ്രമം നടത്തിയതെന്ന് അസീസിന്റെ ഭാര്യ കുററം ഏററ് പറയുകയും ചെയ്തു.

52-ഉം 53-ഉം വചനങ്ങൾ അസീസിന്റെ ഭാര്യയുടെ മേൽ പ്രസ്താവനയുടെ തുടർച്ചയാണെന്നത്രെ ഇബ്നുകഥീർ(റ) മാവറദീ(റ) ഇബ്നു തൈമിയ(റ) എന്നിവർ പ്രസ്താവിച്ചി ട്ടുള്ളത്. അതനുസരച്ച് "എന്റെ ഭർത്താവായ അസീസിനെ അദ്ദേഹത്തിന്റെ അഭാവത്തിൽ ഞാൻ വഞ്ചിക്കുകയുണ്ടായിട്ടില്ല. യൂസുഫിനെ ഞാൻ മോഹിച്ചെന്നതും പിടികൂടിയെന്നതും ശരി തന്നെ. അതിനപ്പുറമുള്ള അപരാധം (വ്യഭിചാരം) ഞാൻ ചെയ്തിട്ടില്ല.

ഈ വസ്തുത അദ്ദേഹം (അസീസ്) അറിഞ്ഞിരിക്കാൻ വേണ്ടിയാണ് ഞാനിപ്പോൾ ഇതെല്ലാം തുറന്ന് സമ്മതിക്കുന്നത്" - എന്നാകാം 52 -ാം വചനത്തിന്റെ സാരം.

മററൊരു വ്യാഖ്യാനമനുസരച്ച് അസീസിന്റെ ഭാര്യ പറഞ്ഞതിന്റെ സാരം ഇപ്രകാരത്തി ലുമാകാം:

"ഞാനിപ്പോൾ സത്യം തുറന്ന് പറയുവാൻ കാരണം യൂസുഫ് കാരാഗ്രഹത്തിലായ ശേഷം അവന്റെ അഭാവത്തിൽ അവനെ പററി ആരോപണങ്ങൾ നടത്തി വഞ്ചിച്ചിട്ടെല്ലെന്ന് അവൻ അറിഞ്ഞിരിക്കാൻ വേണ്ടിയാണ് ഞാനിപ്പോൾ ഇതെല്ലാം തുറന്ന് സമ്മതിക്കുന്നത്."

എന്നാൽ ഈ വാചകം യൂസുഫു(അ) പറഞ്ഞതാകാമെന്ന് അഭിപ്രായമുള്ള പണ്ഡിതർ അതിന്റെ സാരം ഇപ്രകാരം വ്യാഖ്യാനിക്കുന്നു:

"എന്റെ യജമാനനായ അദ്ദേഹം (അസീസ്) വീട്ടിലില്ലാത്തപ്പോൾ അദ്ദേഹത്തെ വഞ്ചിച്ചു കൊണ്ട് അദ്ദേഹത്തിന്റെ ഭാര്യയുടെ പ്രേരണക്ക് ഞാൻ വഴങ്ങിയിട്ടില്ലെന്ന് അദ്ദേഹം അറിയുവാൻ വേണ്ടിയാകുന്നു, ഈ വിഷയത്തിലെ സത്യാവസ്ഥ. അന്വേഷിക്കുവാനായി ഞാൻ രാജാവിനോട് അവശ്യപ്പെടുവാൻ കാരണം".

വഞ്ചകൻമാരുടെ കുതന്ത്രങ്ങൾ അല്ലാഹു വിജയിപ്പിക്കുകയില്ലെന്നും അത് നടത്തുന്നവർ വഷളാകുകയെ ഉള്ളൂവെന്നും ഈ വചനം തുടർന്ന് പ്രസ്താവിക്കുന്നു. 53 ാം വചനത്തിന്റെ ആശയം ഇപ്രകാരം മനസ്സിലാക്കാം "ഞാൻ ഇപ്രകാരം എന്റെ നിരപരാധിത്വം സ്ഥാപിക്കുന്നത് കൊണ്ട് എന്റെ പക്കൽ യാതൊരു തരത്തിലുള്ള തെററ് കുററവും വന്നുപോകുകയില്ല എന്ന് ഞാൻ അവകാശപ്പെടുന്നില്ല. മനുഷ്യ മനസ്സ് ദുഷ്പ്രേരണക ൾക്കും ദുർവികാരങ്ങൾക്കും വിധേയമാകുന്നതാണല്ലോ. അല്ലാഹുവിന്റെ കാരുണ്യംകൊണ്ട് രക്ഷപ്പെടുന്നവർ മാത്രമെ ഇതിൽ നിന്ന് ഒഴിവായിരിക്കുകയുള്ളൂ."- ഈ വാക്യം യൂസുഫ് (അ) പറഞ്ഞതായാലും സുലൈഖാ പറഞ്ഞതായാലും സാരം ഒന്ന് തന്നെ.

"മേൽ വചനങ്ങൾ സുലൈഖയുടെ പ്രസ്താവനയാണെന്ന അഭിപ്രായമാണ് കൂടുതൽ ബലപ്പെട്ടതും, കൂടുതൽ വ്യക്തതയുള്ളതും. കാരണം, മുൻ വാചകങ്ങളെല്ലാം രാജാവിന്റെ സാന്നിദ്ധ്യത്തിൽ വെച്ച് അവൾ പറഞ്ഞതാണ്. യൂസുഫു(അ) അപ്പോൾ അവിടെ ഇല്ല. അതിന് ശേഷമാണ് അദ്ദേഹത്തെ രാജാവു വരുത്തിയത്."- ഇബ്നുകഥീർ(റ).

---

**വചനം 54, 55**

وَقَالَ ٱلْمَلِكُ ٱئْتُونِى بِهِۦٓ أَسْتَخْلِصْهُ لِنَفْسِى ۖ فَلَمَّا كَلَّمَهُۥ قَالَ إِنَّكَ ٱلْيَوْمَ لَدَيْنَا مَكِينٌ أَمِينٌ ﴿٥٤﴾

قَالَ ٱجْعَلْنِى عَلَىٰ خَزَآئِنِ ٱلْأَرْضِ ۖ إِنِّى حَفِيظٌ عَلِيمٌ ﴿٥٥﴾

54 രാജാവ് പറയുകയും ചെയ്തു: "നിങ്ങൾ അവനെ എൻെറ അടുക്കൽ കൊണ്ടുവരുവിൻ, അവനെ ഞാൻ എനിക്കുവേണ്ടി സ്വന്തമാക്കിവെക്കാം." അങ്ങനെ, അദ്ദേഹത്തോട് സംസാരിച്ചപ്പോൾ അദ്ദേഹം (രാജാവ്) പറഞ്ഞു: "നിശ്ചയമായും നീ, നമ്മുടെ അടുക്കൽ ഇന്ന് (വളരെ) സ്ഥാനിയും വിശ്വസ്ഥനുമാകുന്നു."

55 അദ്ദേഹം (യൂസുഫ്) പറഞ്ഞു: "(എന്നാൽ) എന്നെ (ഈ) ഭൂമിയിലെ ഖജനാക്കളുടെമേൽ (അധികാരി) ആക്കിത്തരുക; നിശ്ചയമായും ഞാൻ, (കാത്തു) സൂക്ഷിക്കുന്നവനും, (ശരിക്ക്) അറിയുന്നവനുമാകുന്നു."

യൂസുഫു(അ) സാധാരണക്കാരൻ അല്ലെന്നും ശുദ്ധനും മാന്യനും യോഗ്യനും ആണെന്നും മനസ്സിലാക്കിയ രാജാവ് അദ്ദേഹത്തെ തന്റെ ഉപദേഷ്ടാവാക്കാൻ തീരുമാനിച്ചു. അദ്ദേഹവുമായി നടത്തിയ സംവാദത്തോടെ, രാജാവിന് അദ്ദേഹത്തോട് കൂടുതൽ മതിപ്പുണ്ടായി. "താൻ നമ്മുടെ അടുക്കൽ വളരെ ഉന്നത സ്ഥാനമുള്ളവനും, തികച്ചും വിശ്വസ്തനും ആണെന്ന്" വ്യക്തമാക്കുകയും ചെയ്തു. രാജാവിനും ജനങ്ങൾക്കും നാട്ടിനും നന്മവരുത്താനുള്ള ആത്മാർത്ഥ മായ ആഗ്രഹം മനസ്സിലുദിച്ച അദ്ദേഹം, ആ നാട്ടിലെ ധനകാര്യം, തന്നെ ഏല്പിച്ചു തന്നാൽ താനത് സൂക്ഷ്മതയോടെയും വിശ്വസ്തതയോടെയും

ബഹുജനോപകാരപ്രദമായരീതിയിൽ കൈകാര്യം ചെയ്ത് കൊള്ളാമെന്ന് രാജാവിനെ അറിയിച്ചു. അങ്ങനെ യൂസുഫ്(അ) ഈജിപ്തിലെ ധനകാര്യമന്ത്രിയും, രാജാവിന്റെ വിശ്വസ്തനായ ഉപദേശകനും ആയി നിയമിതനായി.

സന്ദർഭോചിതമായി, സത്യവിശ്വാസികൾ മനസ്സിരുത്തേണ്ട ചില സംഗതികൾ ചൂണ്ടി കാട്ടുന്നത് അവസരോചിതമാണെന്ന് കരുതുന്നു. സ്ഥാനമാനങ്ങൾക്കും അധികാരപദവികൾക്കും വേണ്ടി ആവശ്യപ്പെടുന്നത് ഒരു അനഭിലഷണീയ പ്രവണതയായിട്ടാണ് ഇസ്‌ലാം കണക്കാക്കുന്നത്. ഇങ്ങനെ ചോദിച്ചു വരുന്ന ഏവർക്കും നബി തിരുമേനി(സ) പദവികൾ നിഷേധിച്ചിരുന്നു. ആവശ്യപ്പെട്ട അധികാരസ്ഥാനം കൈക്കലാക്കുന്നവന് അത് നന്നായി നടത്തുവാൻ അല്ലാഹുവിന്റെ ഭാഗത്തു നിന്ന് സഹായം ഉണ്ടാവുകയില്ല എന്ന് ചില ഹദീസുകളിൽ കാണാം. ഇങ്ങനെ ആവശ്യപ്പെട്ട് വരുന്നവരുടെ ആത്യന്തികലക്ഷ്യം, ആ പദവിയുടെ പേരിൽ ലഭിക്കുന്ന വരുമാനങ്ങളും, സ്വാധീനങ്ങളും പോലെയുള്ള സ്വാർത്ഥതകളായിരിക്കും. ഈ പ്രവണതയുടെ അനന്തരഫലമെന്നോണം കാലക്രമേണ മനുഷ്യരുടെ വിശ്വാസവും വിശ്വസ്ഥതയും നഷ്ടപ്പെട്ട് കൊണ്ടിരിക്കുമെന്ന് നബി വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഈ അവസ്ഥ നാമിന്ന് നമ്മുടെ പൊതു ജീവിതത്തിൽ ദൈനംദിനം കണ്ട് കൊണ്ടിരിക്കുന്നതാണല്ലോ. എന്നാൽ യൂസുഫ്(അ) ധനകാര്യ നേതൃത്വത്തിന് വേണ്ടി രാജാവിനോട് ആവശ്യപ്പെട്ടത്, നാടിന്റെ നന്മയും അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലവും കാംക്ഷിച്ച് കൊണ്ടായിരുന്നു, യാതൊരു സ്വാർത്ഥ ലാഭവും ഉദ്ദേശിച്ചു കൊണ്ടായിരുന്നില്ല, വേണ്ടുന്ന നിർദ്ദേശങ്ങൾ അല്ലാഹുവിൽ നിന്ന് തനിക്ക് ലഭിച്ചു കൊണ്ടിരിക്കുമെന്ന് അദ്ദേഹത്തിന് പൂർണ്ണവിശ്വാസവുമുണ്ടായിരുന്നു.

**വചനം 56, 57**

وَكَذَٰلِكَ مَكَّنَّا لِيُوسُفَ فِي ٱلْأَرْضِ يَتَبَوَّأُ مِنْهَا حَيْثُ يَشَآءُ ۚ نُصِيبُ بِرَحْمَتِنَا مَن نَّشَآءُ ۖ وَلَا نُضِيعُ أَجْرَ ٱلْمُحْسِنِينَ ﴿٥٦﴾

56 അപ്രകാരം, യൂസുഫിന് ഭൂമിയിൽ നാം സൗകര്യമുണ്ടാക്കിക്കൊടുത്തു, അതിൽ നിന്നും അദ്ദേഹം ഉദ്ദേശിക്കുന്നേടത്ത് അദ്ദേഹത്തിന് താമസിക്കുമാറ്. നമ്മുടെ കാരുണ്യത്തെ നാം ഉദ്ദേശിക്കുന്നവർക്ക് നാം എത്തിക്കുന്നു. സുകൃതവാൻമാരുടെ പ്രതിഫലത്തെ നാം പാഴാക്കുകയുമില്ല.

وَلَأَجْرُ ٱلْـَٔاخِرَةِ خَيْرٌ لِّلَّذِينَ ءَامَنُوا۟ وَكَانُوا۟ يَتَّقُونَ ﴿٥٧﴾

57 വിശ്വസിക്കുകയും, സൂക്ഷ്മത പാലിച്ചുകൊണ്ടിരിക്കുകയും ചെയ്തവർക്ക് പരലോകത്തെ പ്രതിഫലം തന്നെ (കൂടുതൽ) ഉത്തമം.

21 -ാം വചനത്തിലെ "അപ്രകാരം യൂസുഫിന് നാം ഭൂമിയിൽ സൗകര്യം ചെയ്തു കൊടുത്തു" എന്ന വചനം ഇവിടെയും ആവർത്തിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ഭാവിയിലേക്കുള്ള ചില പരിശീലനങ്ങളെയാണ് 21-ാം വചനത്തിൽ സൂചിപ്പിച്ചതെങ്കിൽ ഇവിടെയാകട്ടെ ഭൂമിയിൽ അദ്ദേഹം ഉദ്ദേശിക്കുന്നേടത്ത് ചെന്ന് താമസിക്കുമാറുള്ള സൗകര്യം അല്ലാഹു ചെയ്ത് കൊടുത്തിരിക്കുന്നു എന്നു തുടർന്ന് പറഞ്ഞിരിക്കുന്നു. അദ്ദേഹത്തിന് അതിനുള്ള അധികാരവും സ്വാതന്ത്ര്യവും അല്ലാഹു പ്രദാനം ചെയ്തിരിക്കുന്നു. കിണററിന്റെ അടിത്തട്ടിൽ നിന്നും, തുടർന്നു തടവറയിൽ നിന്നും സാമ്രാജ്യത്തിന്റെ ഭരണ നേതൃത്വത്തിലേക്ക് ഉയരാൻ കഴിഞ്ഞത് അല്ലാഹു അദ്ദേഹത്തിന് നൽകിയ അനുഗ്രഹം കാരണമാണല്ലോ.

ഇതൊക്കെ വമ്പിച്ച അനുഗ്രഹങ്ങൾ തന്നെയാണെങ്കിലും, സത്യവിശ്വാസവും, സൂക്ഷ്മതയും പാലിക്കുന്നവർക്ക് പരലോകത്ത് വെച്ചു ലഭിക്കാനിരിക്കുന്ന പ്രതിഫലം ഇതിനേക്കാളൊക്കെ ഏറെ ഉത്തമമായിരിക്കുമെന്ന് അല്ലാഹു ഓർമ്മിപ്പിക്കുന്നു.

## വിഭാഗം 8

യൂസുഫ്(അ)ന്റെ ഭരണ നേതൃത്വത്തിൽ കൃഷി വ്യവസായങ്ങൾ പരിപോഷിപ്പിക്കുകയും, ഭരണകൂടത്തിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തു. ക്ഷേമകരമായ ഏഴ് വർഷങ്ങൾ പിന്നിട്ടു അക്കാലങ്ങളിൽ ലഭിച്ച ധാന്യ വിളവുകളിൽ അത്യാവശ്യം ചിലവുകൾ കഴിച്ച് ബാക്കിയുള്ളത് തുടർന്നുള്ള

പഞ്ഞ വർഷങ്ങളിലേക്കായി കരുതി വെച്ചു. ക്ഷാമവും വരൾച്ചയും അദ്ദേഹത്തിന്റെ ജൻമനാടായ കൻആൻ (ശാം) അടക്കം അയൽ പ്രദേശങ്ങളെയും ബാധിച്ചിരുന്നു. അവിടുന്നെല്ലാം ആളുകൾ ഈജിപ്തിൽ വന്ന് ധാന്യം വാങ്ങുവാൻ വരുന്നത് പതിവായിരുന്നു. ദൂരെ നിന്ന് വരുന്നവർക്ക് ഒരാൾക്ക് ഒരു ഒട്ടകച്ചുമടിലധികം ധാന്യം നൽകാറില്ലായിരുന്നു. ഈയവസരത്തിൽ യഅ്ഖൂബ്(അ)നബി ബിൻയാമിൻ ഒഴികെയുള്ള പത്ത് മക്കളെയും ധാന്യത്തിനായി ഈജിപ്തിലേക്ക് അയച്ചു.

**വചനം 58,59,60,61**

وَجَآءَ إِخۡوَةُ يُوسُفَ فَدَخَلُواْ عَلَيۡهِ فَعَرَفَهُمۡ وَهُمۡ لَهُۥ مُنكِرُونَ ﴿٥٨﴾

وَلَمَّا جَهَّزَهُم بِجَهَازِهِمۡ قَالَ ٱئۡتُونِي بِأَخٖ لَّكُم مِّنۡ أَبِيكُمۡۚ أَلَا تَرَوۡنَ أَنِّيٓ أُوفِي ٱلۡكَيۡلَ وَأَنَا۠ خَيۡرُ ٱلۡمُنزِلِينَ ﴿٥٩﴾

فَإِن لَّمۡ تَأۡتُونِي بِهِۦ فَلَا كَيۡلَ لَكُمۡ عِندِي وَلَا تَقۡرَبُونِ ﴿٦٠﴾

قَالُواْ سَنُرَٰوِدُ عَنۡهُ أَبَاهُ وَإِنَّا لَفَٰعِلُونَ ﴿٦١﴾

58 യൂസുഫിൻെറ സഹോദരൻമാർ വന്ന് അദ്ദേഹത്തിൻെറ അടുക്കൽ പ്രവേശിച്ചു. അപ്പോൾ, അദ്ദേഹം അവരെ അറിഞ്ഞു; അവരാകട്ടെ, അദ്ദേഹത്തെ പരിചയമില്ലാത്ത വരുമാകുന്നു. (അവർ അദ്ദേഹത്തെ അറിഞ്ഞില്ല)

59 അവരുടെ ഒരുക്കുസാമാനവുമായി അവരെ അദ്ദേഹം ഒരുക്കി അയച്ചപ്പോൾ (അവരോട്) അദ്ദേഹം പറഞ്ഞു: “നിങ്ങളുടെ പിതാവിൽ നിന്ന് നിങ്ങൾക്കുള്ള (നിങ്ങളുടെ ബാപ്പ യൊത്ത) സഹോദരനെ നിങ്ങൾ എൻെറ അടുക്കൽ കൊണ്ടുവരണം. ഞാൻ (ധാന്യത്തിൻെറ) അളവ് പൂർത്തിയാക്കിത്തരുമെന്നും, ഞാൻ (അതിഥികളെ) സൽക്കരിക്കുന്നവരിൽ ഉത്തമനാണെന്നും നിങ്ങൾ കാണുന്നില്ലേ?!

60 “ഇനി, നിങ്ങൾ അവനെ എൻെറ അടുക്കൽ കൊണ്ടുവരാത്തപക്ഷം, നിങ്ങൾക്ക് എൻെറ അടുക്കൽ ഇനി (ധാന്യം) അളവില്ല; നിങ്ങൾ എന്നെ സമീപിക്കുകയും ചെയ്യരുത്”

61 അവർ പറഞ്ഞു: “ഞങ്ങൾ അവ(നെ കിട്ടുന്നതി)ന്നു വേണ്ടി അവൻെറ പിതാവിനോട് ശ്രമം നടത്തിനോക്കാം. നിശ്ചയമായും, ഞങ്ങൾ (അതു)ചെയ്യുന്നവർ തന്നെയായിരിക്കും.”

തന്റെ സഹോദരൻമാരെ യൂസുഫ്(അ) തിരിച്ചറിഞ്ഞു. അവർ അദ്ദേഹത്തെ തിരിച്ചറിഞ്ഞതുമില്ല. ഇത്രയും ഉന്നതമായ ഒരു സ്ഥാനത്ത് അവർ യൂസുഫിനെ പ്രതീക്ഷിച്ചിരിക്കുകയില്ലല്ലോ. യൂസുഫ്(അ) പരിചയം നടിച്ചതുമില്ല. വിവരങ്ങൾ അന്വേഷിച്ചറിയാൻ തുനിഞ്ഞ യൂസുഫ്(അ) നോടു, അവർ തങ്ങളുടെ പിതാവിനെ കുറിച്ചും, പന്ത്രണ്ടു സഹോദരങ്ങളെ കുറിച്ചും, വിവരിച്ചു പറഞ്ഞു. സഹോദരങ്ങളിൽ ഇളയ രണ്ടുപേർ ഒരു മാതാവിൽ നിന്നുള്ളവരാണെന്നും, അവരിലൊരാൾ വനാന്തരത്തിൽവെച്ചു അപകടത്തിൽപെട്ടുപോയി എന്നും ധരിപ്പിച്ചു.

അദ്ദേഹത്തിന്റെ മാന്യമായ ആതിഥ്യവും ഉദാരതയും സ്വീകരിച്ച അവർ തിരികെ പോകാറായപ്പോൾ അടുത്ത പ്രാവശ്യം വരുമ്പോൾ ഇളയ സഹോദരനേയും കൂട്ടി വരണമെന്നും, അവനില്ലാതെ വന്നാൽ നിങ്ങൾക്കിവിടെ നിന്ന് ധാന്യമേ നൽകുകയില്ലെന്നും അദ്ദേഹം കണിശമായി തന്നെ അവരോടു പറഞ്ഞു. പിതാവ് ബിൻയാമീനെ അവരൊന്നിച്ച് അയച്ചു കൊടുക്കുകയില്ലെന്ന് അദ്ദേഹത്തിന് അറിയാമല്ലോ. പിതാവിനോട് ഞങ്ങൾ കഴിവതും ശ്രമം നടത്തി നോക്കി, കല്പന പോലെ ചെയ്യാം എന്ന് അവർ മറുപടിയും നൽകി.

**വചനം 62**

وَقَالَ لِفِتۡيَٰنِهِ ٱجۡعَلُواْ بِضَٰعَتَهُمۡ فِي

62 അദ്ദേഹം തൻെറ വാലിയക്കാരോട് (ഇങ്ങിനെ) പറയുകയും ചെയ്തു: “അവരുടെ ചരക്ക് (അവർ

رِحَالِهِمْ لَعَلَّهُمْ يَعْرِفُونَهَآ إِذَا ٱنقَلَبُوٓاْ إِلَىٰٓ
أَهْلِهِمْ لَعَلَّهُمْ يَرْجِعُونَ ﴿٦٢﴾

ധാന്യം വാങ്ങുവാൻ കൊണ്ടുവന്ന വസ്തുക്കൾ) അവരുടെ യാത്രാസാമാനങ്ങളിൽ (തന്നെ) ആക്കുവിൻ. അവർ അവരുടെ കുടുംബത്തിലേക്ക് തിരിച്ചെത്തുമ്പോൾ അവരത് (കണ്ടു) മനസ്സിലാക്കിയേക്കാം; അവർ (വീണ്ടും) മടങ്ങിവന്നേക്കാം.”

---

സഹോദരൻമാർ തിരിച്ചു വരാൻ പോകുമ്പോൾ പ്രോത്സാഹനമായിട്ട് യൂസുഫ്(അ) ഒരു സൂത്രം കൂടെ ചെയ്തു. ധാന്യത്തിന്റെ വിലയായി അവർ കൊണ്ടു വന്ന ദ്രവ്യങ്ങൾ അവരുടെ ധാന്യകെട്ടുകളിൽ തന്നെ അവരറിയാതെ ഇട്ടുകൊടുക്കുവാൻ അദ്ദേഹം ഭൃത്യൻമാരോട് പറഞ്ഞ്, ഏർപ്പാട് ചെയ്തു.

---

**വചനം 63, 64**

فَلَمَّا رَجَعُوٓاْ إِلَىٰٓ أَبِيهِمْ قَالُواْ يَٰٓأَبَانَا
مُنِعَ مِنَّا ٱلْكَيْلُ فَأَرْسِلْ مَعَنَآ أَخَانَا
نَكْتَلْ وَإِنَّا لَهُۥ لَحَٰفِظُونَ ﴿٦٣﴾

63 അങ്ങനെ, അവർ തങ്ങളുടെ പിതാവിങ്കലേക്ക് മടങ്ങിച്ചെന്നപ്പോൾ അവർ പറഞ്ഞു: “ഞങ്ങളുടെ പിതാവേ, ഞങ്ങളെ സംബന്ധിച്ചു (മേലിൽ ധാന്യം) അളവ് മുടക്കം ചെയ്യപ്പെട്ടിരിക്കുന്നു; ആകയാൽ, ഞങ്ങളുടെകൂടെ ഞങ്ങളുടെ സഹോദരനെ അയച്ചു തരണം-എന്നാൽ ഞങ്ങൾക്ക് അളന്നു കിട്ടും. നിശ്ചയമായും, ഞങ്ങൾ അവനെ കാ(ത്തുസൂക്ഷി)ക്കുന്നവരുമായിരിക്കും.”

قَالَ هَلْ ءَامَنُكُمْ عَلَيْهِ إِلَّا كَمَآ
أَمِنتُكُمْ عَلَىٰٓ أَخِيهِ مِن قَبْلُ ۖ فَٱللَّهُ خَيْرٌ
حَٰفِظًا ۖ وَهُوَ أَرْحَمُ ٱلرَّٰحِمِينَ ﴿٦٤﴾

64 അദ്ദേഹം (പിതാവ്) പറഞ്ഞു: “മുമ്പ് അവന്റെ സഹോദരനെപ്പറ്റി നിങ്ങളെ ഞാൻ വിശ്വസിച്ചതുപോലെയല്ലാതെ അവനെപ്പറ്റി ഞാൻ നിങ്ങളെ വിശ്വസിക്കുമോ?! എന്നാൽ, കാ(ത്തുരക്ഷി) ക്കുന്നവനായി അല്ലാഹു ഏറ്റം ഉത്തമനത്രെ; അവൻ കരുണ ചെയ്യുന്നവരിൽവെച്ച് ഏറ്റം കരുണ ചെയ്യുന്നവനുമത്രെ.”

---

അടുത്ത യാത്രയിൽ ബിൻയാമീനെയും കൂട്ടി ചെന്നാലല്ലാതെ ധാന്യം തരികയില്ലെന്ന് ഈജിപ്തിലെ മന്ത്രി പറഞ്ഞ വിവരം, അവർ പിതാവിനെ ധരിപ്പിച്ചു. ഞങ്ങളവനെ നന്നായിട്ട് കാത്തു സൂക്ഷിച്ചു കൊള്ളാമെന്നും അവരദ്ദേഹത്തിന് ഉറപ്പ് നൽകുകയും ചെയ്തു. മുമ്പ് യൂസുഫ്(അ)നെ കാത്ത് രക്ഷിച്ചു കൊള്ളാമെന്ന് പറഞ്ഞാണല്ലോ അവർ കൊണ്ടു പോയത്. (വചനം 12 നോക്കുക) നിങ്ങളുടെ വാക്കുകളിൽ എനിക്ക് വശ്വാസമില്ലെങ്കിലും, അല്ലാഹുവിന്റെ കാവലിലും കാരുണ്യത്തിലും എനിക്ക് തികച്ചും വിശ്വാസമുണ്ടെന്ന് പറഞ്ഞ് കൊണ്ട് യഅ്ഖൂബ് (അ)നബി, അടുത്ത പ്രാവശ്യം ബിൻയാമീനെയും അവരുടെകൂടെ അയക്കാമെന്ന് അവർക്ക് സൂചന നൽകി.

**വചനം 65, 66**

وَلَمَّا فَتَحُواْ مَتَٰعَهُمْ وَجَدُواْ بِضَٰعَتَهُمْ
رُدَّتْ إِلَيْهِمْ ۖ قَالُواْ يَٰٓأَبَانَا مَا نَبْغِي ۖ
هَٰذِهِۦ بِضَٰعَتُنَا رُدَّتْ إِلَيْنَا ۖ وَنَمِيرُ

65 അവർ അവരുടെ സാമാനം തുറന്നപ്പോൾ, അവരുടെ (അവർ കൊണ്ടുപോയിരുന്ന) ചരക്ക് തങ്ങൾക്കു(തന്നെ) മടക്കപ്പെട്ടതായി അവർ കണ്ടെത്തി. അവർ പറഞ്ഞു: “ഞങ്ങളുടെ പിതാവേ, നാം (ഇനി) എന്താവശ്യപ്പെടാനാണ്?-ഇതാ! നമ്മുടെ ചരക്ക് നമുക്കു (തന്നെ)

أَهْلَنَا وَنَحْفَظُ أَخَانَا وَنَزْدَادُ كَيْلَ بَعِيرٍ ۖ ذَٰلِكَ كَيْلٌ يَسِيرٌ ﴿٦٥﴾

മടക്കപ്പെട്ടിരിക്കുന്നു! ഞങ്ങൾ നമ്മുടെ കുടുംബത്തിന് (മേലിലും) ആഹാരം കൊണ്ടുവരുകയും, ഞങ്ങളുടെ സഹോദരനെ കാ(ത്തുസൂക്ഷി) ക്കുകയും ചെയ്യുന്നതാണ്. (കൂടാതെ) ഒരു ഒട്ടകത്തിൻെറ അളവ് (ധാന്യം) ഞങ്ങൾക്ക് കൂടുതൽ ലഭിക്കുകയും ചെയ്യും. അതൊരു നിസ്സാരമായ അളവാകുന്നു(വല്ലോ)"

قَالَ لَنْ أُرْسِلَهُ مَعَكُمْ حَتَّىٰ تُؤْتُونِ مَوْثِقًا مِّنَ اللَّهِ لَتَأْتُنَّنِي بِهِ إِلَّا أَن يُحَاطَ بِكُمْ ۖ فَلَمَّا آتَوْهُ مَوْثِقَهُمْ قَالَ اللَّهُ عَلَىٰ مَا نَقُولُ وَكِيلٌ ﴿٦٦﴾

66 അദ്ദേഹം പറഞ്ഞു: "അവനെ നിങ്ങളോടൊപ്പം ഞാൻ അയക്കുകയില്ല തന്നെ, തീർച്ചയായും അവനെ നിങ്ങൾ എനിക്ക് കൊണ്ടുവന്നു തരുമെന്ന് അല്ലാഹുവിങ്കൽ നിന്നും (സ്വീകാര്യമായ)ഒരു ഉറപ്പ് നിങ്ങളെനിക്ക് നല്കുന്നതുവരെയും; നിങ്ങൾ (ആപത്തുകളാൽ) വലയം ചെയ്യപ്പെടുന്നതായാലല്ലാതെ." അങ്ങനെ, അവർ അദ്ദേഹത്തിന് തങ്ങളുടെ ഉറപ്പ് നൽകിയപ്പോൾ, അദ്ദേഹം പറഞ്ഞു: "നാം (ഈ) പറയുന്നതിന് അല്ലാഹു (സാക്ഷ്യം) ഭരമേൽപിക്കപ്പെട്ടവനാകുന്നു."

ധാന്യത്തിന്റെ വിലയായി ഞങ്ങൾ കൊടുത്ത ദ്രവ്യങ്ങൾ ധാന്യത്തോടൊപ്പം തിരിച്ച് നൽകിയത് അവർക്ക് കൂടുതൽ ആഹ്ളാദവും ആശ്ചര്യവും ഉണ്ടായി. സഹോദരനെ അയച്ച് കൊടുക്കാൻ പിതാവിന്റെ മേൽ കൂടുതൽ സമ്മർദ്ദം ചെലുത്തി നോക്കാൻ അതവർക്ക് സഹായമാവുകയും ചെയ്തു. സഹോദരനും കൂടെ ഉണ്ടായാൽ, ഒരു ഒട്ടകച്ചുമട് കൂടി ധാന്യം കൂടുതലായി കിട്ടുകയും ചെയ്യുമല്ലോ.

എന്നാൽ പിതാവ് അതു കൊണ്ട് മാത്രം തൃപ്തിയായില്ല. നിങ്ങൾക്ക് തടുക്കുവാൻ കഴിയാത്ത വല്ല ആപത്തും വന്ന് വലയം ചെയ്യാത്ത പക്ഷം അവനെ സുരക്ഷിതമായി മടക്കി കൊണ്ടു വരുമെന്ന് അല്ലാഹുവിനെ മുൻ നിർത്തി സത്യം ചെയ്ത് ഉറപ്പ് തന്നാലല്ലാതെ, അവനെ വിട്ടു തരുകയില്ലെന്ന് അദ്ദേഹം തീർത്തു പറഞ്ഞു. അതവർ സ്വീകരിക്കുകയും ചെയ്തു.

അങ്ങനെ അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തുകയും അവനിൽ ഭാരമേൽപ്പിക്കുകയും ചെയതു കൊണ്ട് യഅ്ഖൂബ്(അ) ബിൻയാമീനെ അവരോടൊപ്പം പോയിക്കൊള്ളുവാൻ സമ്മതിച്ചു.

**വചനം 67, 68**

وَقَالَ يَا بَنِيَّ لَا تَدْخُلُوا مِن بَابٍ وَاحِدٍ وَادْخُلُوا مِنْ أَبْوَابٍ مُّتَفَرِّقَةٍ ۖ وَمَا أُغْنِي عَنكُم مِّنَ اللَّهِ مِن شَيْءٍ ۖ إِنِ الْحُكْمُ إِلَّا لِلَّهِ ۖ عَلَيْهِ تَوَكَّلْتُ ۖ وَعَلَيْهِ فَلْيَتَوَكَّلِ الْمُتَوَكِّلُونَ ﴿٦٧﴾

67 അദ്ദേഹം പറയുകയും ചെയ്തു: "എൻെറ മക്കളേ, നിങ്ങൾ ഒരേ (പടി) വാതിലിൽകൂടി പ്രവേശിക്കരുത്; ഭിന്നമായ (പല) വാതിലുകളിലൂടെ പ്രവേശിക്കുവിൻ. "അല്ലാഹുവിങ്കൽനിന്ന് (ഉണ്ടാകുന്ന) യാതൊന്നിനെയും നിങ്ങളിൽ നിന്ന് ഞാൻ തടുക്കുകയില്ല താനും. വിധി അല്ലാഹുവിനല്ലാതെ (ആർക്കും) ഇല്ല. അവൻെറ മേൽ ഞാൻ (കാര്യങ്ങൾ) ഭരമേൽപിച്ചിരിക്കുന്നു; ഭരമേൽപിക്കുന്നവർ അവൻെറ മേൽതന്നെ ഭരമേൽപിച്ചുകൊള്ളട്ടെ."

وَلَمَّا دَخَلُوا مِنْ حَيْثُ أَمَرَهُمْ أَبُوهُم مَّا كَانَ يُغْنِي عَنْهُم مِّنَ اللَّهِ مِن شَيْءٍ

68 അവരുടെ പിതാവ് അവരോട് കൽപിച്ച വിധത്തിൽ അവർ പ്രവേശിച്ചപ്പോൾ, അല്ലാഹുവിങ്കൽനിന്ന് (ഉണ്ടാകുന്ന) യാതൊന്നിനെയും

إِلَّا حَاجَةً فِي نَفْسِ يَعْقُوبَ قَضَاهَا ۚ وَإِنَّهُۥ لَذُو عِلْمٍ لِّمَا عَلَّمْنَٰهُ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٦٨﴾

അദ്ദേഹം തടുത്തിരുന്നില്ല; യഅ്ഖൂബിൻെറ മനസ്സിലുള്ള ഒരാവശ്യം അതദ്ദേഹം നിർവ്വഹിച്ചു- എന്നൊഴികെ (അത്രമാത്രം). അദ്ദേഹത്തിന് നാം പഠിപ്പിച്ചുകൊടുത്തിട്ടുള്ള തിനാൽ, അദ്ദേഹം ഒരറിവുള്ളവൻ തന്നെയാ കുന്നുതാനും. എങ്കിലും, മനുഷ്യരിൽ അധികമാളും അറിയുന്നില്ല.

---

മക്കൾ പുറപ്പെട്ട് പോകുമ്പോൾ നിങ്ങൾ രാജസന്നിധിയിൽ പ്രവേശിക്കുമ്പോൾ ഒരൊററ പ്രവേശന മാർഗ്ഗത്തിലൂടെ ആയിരിക്കരുതെന്നും, പല മാർഗ്ഗങ്ങളിലൂടെ ആയിരിക്കണമെന്നും യഅ്ഖൂബ്(അ) അവരെ ഉപദേശിച്ചു. ഈ ഉപദേശത്തിലൂടെ, അവരിൽ സംഭവിക്കാൻ അല്ലാഹു നിശ്ചയിച്ചിട്ടുള്ള വല്ല അനിഷ്ട സംഭവങ്ങളിൽ നിന്നും സംരക്ഷണം ലഭിക്കുമെന്ന് അദ്ദേഹം കരുതിയിരുന്നിട്ടില്ല. എല്ലാം അല്ലാഹുവിന്റെ വിധിയും കല്പനയും അനുസരിച്ചു തന്നെ നടക്കുമെന്നും അതുകൊണ്ട് അവനിൽ ഭരമേൽപ്പിക്കുകയാണ് ഏററവും വലിയ പരിഹാരമാർഗ്ഗമെന്നും അദ്ദേഹം ഉണർത്തുകയും ചെയ്തു. അങ്ങനെ ഉപദേശിച്ചതിലൂടെ യഅ്ഖൂബ(അ) മനസ്സിൽ കരുതിയിരുന്ന ഒരാവശ്യം അദ്ദേഹം നിർവ്വഹിച്ചുവെന്നേയുള്ളൂ. അദ്ദേഹമാകട്ടെ, വളരെയധികം ജ്ഞാനമുള്ള ഒരാളാകുന്നു. അല്ലാഹു അദ്ദേഹത്തിന് പലതും പഠിപ്പിച്ചു കൊടുത്തിട്ടുമുണ്ട്, എന്ന് തുടർന്ന് അല്ലാഹു പറയുന്നു.

അദ്ദേഹം മനസ്സിൽ കരുതിയിരുന്ന ആ ആവശ്യം എന്തായിരുന്നുവെന്ന് അല്ലാഹു അവ്യക്തമാക്കി വെച്ചിരിക്കുകയാണ്; ഖുർആനിൽ നിന്നോ ഹദീസിൽ നിന്നോ, അതെന്തെന്ന് , നിർണ്ണയിക്കുന്നതിനുള്ള മതിയായ തെളിവുകളും നമുക്കില്ല.

സൗന്ദര്യവും പ്രഭാവവും നിറഞ്ഞ് നിൽക്കുന്ന ഒരു സംഘം ആളുകൾ ഒരേ വഴിക്കു പ്രവേശിക്കുമ്പോൾ ബാധിക്കാവുന്ന കണ്ണേറി(കരിങ്കണ്ണ്)ൽ നിന്നും രക്ഷപ്പെടുവാൻ വേണ്ടിയായിരുന്നു, ആ ഉപദേശമെന്ന് പണ്ഡിതരായ ഖുർആൻ വ്യാഖ്യാതക്കളാൽ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ഈ പ്രസ്താവനക്ക് വ്യക്തയായ തെളിവുകളൊന്നുമില്ലെങ്കിലും കണ്ണേറ് ബാധിക്കുമെന്ന് സ്ഥാപിക്കുന്ന ബലപ്പെട്ട ഹദീസുകൾ കാണാവുന്നതാണ്.

## വിഭാഗം 9

**വചനം 69**

وَلَمَّا دَخَلُوا۟ عَلَىٰ يُوسُفَ ءَاوَىٰٓ إِلَيْهِ أَخَاهُ ۖ قَالَ إِنِّىٓ أَنَا۠ أَخُوكَ فَلَا تَبْتَئِسْ بِمَا كَانُوا۟ يَعْمَلُونَ ﴿٦٩﴾

69 അവർ (സഹോദരൻമാർ) യൂസുഫിൻെറ അടുക്കൽ പ്രവേശിച്ചപ്പോൾ, അദ്ദേഹം (യൂസുഫ്)തൻെറ സഹോദരനെ തന്നിലേക്ക് അണച്ചുകൂട്ടി; അദ്ദേഹം പറഞ്ഞു: “നിശ്ചയ മായും, ഞാൻ നിൻെറ സഹോദരൻതന്നെ. ആകയാൽ, അവർ പ്രവർത്തിച്ചു വരുന്നതി നെപ്പറ്റി നീ സങ്കടപ്പെടേണ്ട.”

സഹോദരൻമാർക്കിടയിൽ നിന്ന് ബിൻയാമീനെ യൂസുഫ് (അ) പ്രത്യേകം ആശ്ലേഷിച്ചു. ഞാൻ നിന്റെ ജേഷ്ഠൻ യൂസുഫ് ആകുന്നു. അവർ നമ്മോട് സ്വീകരിച്ചു വരുന്ന ചിററമ്മ നയത്തെക്കുറിച്ചു മേലിൽ വ്യസനിക്കേണ്ടതില്ല എന്നിങ്ങനെ സ്വകാര്യമായി അറിയിച്ചു കൊടുത്തു. താൻ നടപ്പാക്കാൻ പോകുന്ന സൂത്ര മാർഗ്ഗത്തെക്കുറിച്ചും അദ്ദേഹം അവനെ അറിയിച്ചിരിക്കാം.

---

**വചനം 70, 71, 72**

فَلَمَّا جَهَّزَهُم بِجَهَازِهِمْ جَعَلَ ٱلسِّقَايَةَ فِى رَحْلِ أَخِيهِ ثُمَّ أَذَّنَ مُؤَذِّنٌ أَيَّتُهَا

70 എന്നിട്ട് അവരുടെ ഒരുക്കുസാമാനവുമായി അവരെ അദ്ദേഹം ഒരുക്കി അയച്ചപ്പോൾ, അദ്ദേഹം പാനപാത്രം തൻെറ സഹോദരൻെറ

ٱلْعِيرُ إِنَّكُمْ لَسَٰرِقُونَ ﴿٧٠﴾

യാത്രാസാമാനത്തിൽ ആക്കി, പിന്നെ, ഒരാൾ വിളിച്ചുപറഞ്ഞു: "ഹേ, വാഹനസംഘമേ, നിശ്ചയമായും നിങ്ങൾ മോഷ്ടാക്കൾ തന്നെയാണ്!"

قَالُوا۟ وَأَقْبَلُوا۟ عَلَيْهِم مَّاذَا تَفْقِدُونَ ﴿٧١﴾

71 അവർ അവരുടെ (വിളിച്ചുപറയുന്നവരുടെ) നേരെ തിരിഞ്ഞുനിന്ന് പറഞ്ഞു: "എന്താണ് നിങ്ങൾക്ക് കാണാതായിരിക്കുന്നത്?"

قَالُوا۟ نَفْقِدُ صُوَاعَ ٱلْمَلِكِ وَلِمَن جَآءَ بِهِۦ حِمْلُ بَعِيرٍ وَأَنَا۠ بِهِۦ زَعِيمٌ ﴿٧٢﴾

72 അവർ പറഞ്ഞു: "ഞങ്ങൾക്ക് രാജാവിൻെറ അളവുപാത്രം നഷ്ടപ്പെട്ടിരിക്കുന്നു. അത് കൊണ്ടുവ(ന്നുത)രുന്നവന് ഒരു ഒട്ടകത്തിൻെറ ചുമട് (ധാന്യം സമ്മാനം)ഉണ്ട്. ഞാൻ അതിന് ഉത്തരവാദപ്പെട്ടവനുമാകുന്നു. (അക്കാര്യം ഞാൻ ഏൽക്കാം)"

---

ബിൻയാമിനെ അവരുടെ കൂടെ വിട്ടയക്കാതിരിക്കാനും, തന്റെ കൂടെ തന്നെ നിറുത്തുവാനും യൂസുഫ്(അ) പ്രയോഗിച്ച സൂത്ര മാർഗ്ഗത്തെക്കുറിച്ചാണ് ഈ വചനങ്ങളിൽ വിവരിക്കുന്നത്. സഹോദരൻമാരുടെ ധാന്യകെട്ടുകൾ കെട്ടി കൊടുത്തപ്പോൾ ബിൻയാമിന്റെ കെട്ടിൽ രാജാവിന്റെ പാനപാത്രം ഇട്ടു കെട്ടുവാൻ ഏർപ്പാട് ചെയ്തു. അവർ സ്ഥലം വിടുമ്പോഴേക്കും ഒരാൾ പിറകെ ചെന്ന് "ഹേ വാഹന സംഘമേ, നിശ്ചയമായും നിങ്ങൾ മോഷ്ടാക്കൾ തന്നെയാണ്" എന്ന് വിളിച്ചു പറഞ്ഞു. അത് പറഞ്ഞയാൾ, പാത്രം യഥാസ്ഥാനത്ത് കാണാതെ വന്നപ്പോൾ സ്വന്തം നിലക്ക് വിളിച്ചു പറഞ്ഞതാണോ, അതല്ല അവർ യാഥാർത്ഥ്യം അറിഞ്ഞ് കൊണ്ട് തന്നെ യൂസുഫ്(അ)ന്റെ കൽപനയനുസരിച്ചു വിളിച്ചു പറഞ്ഞതാണോ എന്ന വസ്തുതയെക്കുറിച്ചു പണ്ഡിതർ ക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. കാണാതായ പാത്രം ആർ തരുന്നുവോ അവർക്ക് ഒരു ഒട്ടകത്തിനു വഹിക്കാവുന്നത്ര ധാന്യം സമ്മാനമായി കൊടുക്കാമെന്ന് അയാൾ തുടർന്ന് വിളിച്ചു പറയുന്നതിൽ നിന്നും, യൂസുഫ്(അ)ന്റെ ആധികാരികമായ നിർദ്ദേശപ്രകാരമായിരിക്കും ഈ നടപടിയെന്ന് അനുമാനിക്കാവുന്നതാണ്- വാസ്തവം അല്ലാഹുവിനറിയാം.

---

**വചനം 73, 74, 75**

قَالُوا۟ تَٱللَّهِ لَقَدْ عَلِمْتُم مَّا جِئْنَا لِنُفْسِدَ فِى ٱلْأَرْضِ وَمَا كُنَّا سَٰرِقِينَ ﴿٧٣﴾

73 അവർ പറഞ്ഞു: "അല്ലാഹു തന്നെയാണ (സത്യം)! ഞങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കുവാൻ വന്നിട്ടില്ലെന്ന് തീർച്ചയായും നിങ്ങൾക്കറിയാമല്ലോ; ഞങ്ങൾ മോഷ്ടാക്കളായിരുന്നിട്ടുമില്ല."

قَالُوا۟ فَمَا جَزَٰٓؤُهُۥٓ إِن كُنتُمْ كَٰذِبِينَ ﴿٧٤﴾

74 അവർ (വിളിച്ചു പറയുന്നവർ) പറഞ്ഞു: "എന്നാൽ, നിങ്ങൾ കളവു പറയുന്നവരാണെങ്കിൽ അതിൻെറ പ്രതിഫലം (ശിക്ഷ) എന്താണ്?"

قَالُوا۟ جَزَٰٓؤُهُۥ مَن وُجِدَ فِى رَحْلِهِۦ فَهُوَ جَزَٰٓؤُهُۥ ۚ كَذَٰلِكَ نَجْزِى ٱلظَّٰلِمِينَ ﴿٧٥﴾

75 അവർ പറഞ്ഞു: "അതിൻെറ പ്രതിഫലം, ഏതൊരുവൻെറ യാത്രാസാമാനത്തിൽ അത് കാണപ്പെട്ടുവോ അവൻ തന്നെ അതിൻെറ പ്രതിഫലം. (അവനെ നിങ്ങൾക്ക് പിടിച്ചു വെക്കാം,) അപ്രകാരമത്രെ, ഞങ്ങൾ അക്രമികൾക്ക് പ്രതിഫലം നൽകുന്നത്."

---

ആ സഹോദരൻമാർ അവർക്കെതിരായുന്നയിക്കപ്പെട്ട ആരോപണം നിഷേധിച്ചു. തങ്ങൾ കുഴപ്പക്കാരോ, അക്രമികളോ, മോഷ്ടാക്കളോ അല്ലെന്ന് അവർ അല്ലാഹുവിന്റെ നാമത്തിൽ സത്യം ചെയ്തു പറഞ്ഞു. മാത്രമല്ല,

തങ്ങൾ പറയുന്നത് സത്യമല്ലെന്ന് തെളിഞ്ഞാൽ ആര് മോഷണം നടത്തിയതായി കണ്ടുവോ അയാളെ നിങ്ങൾക്ക് വിട്ട് തരാം, എന്നും അവർക്ക് ഉറപ്പു കൊടുത്തു. ഇബ്രാഹിം(അ) നബിയുടെ ശരീഅത്ത് (നിയമ നടപടി) പ്രകാരമാണ് അവർ അങ്ങനെ മറുപടി പറഞ്ഞതെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞു കാണുന്നു. “ഞങ്ങൾ അക്രമികൾക്ക് അപ്രകാരമാണ് പ്രതിഫലം നൽകുക” എന്ന് അവർ പറയുവാൻ കാരണം അതാണെന്നും അവർ ചൂണ്ടികാട്ടുന്നു. الله اعلم

---

**വചനം 76, 77**

فَبَدَأَ بِأَوْعِيَتِهِمْ قَبْلَ وِعَآءِ أَخِيهِ ثُمَّ
ٱسْتَخْرَجَهَا مِن وِعَآءِ أَخِيهِ ۚ كَذَٰلِكَ
كِدْنَا لِيُوسُفَ ۖ مَا كَانَ لِيَأْخُذَ أَخَاهُ فِى
دِينِ ٱلْمَلِكِ إِلَّآ أَن يَشَآءَ ٱللَّهُ ۚ نَرْفَعُ
دَرَجَٰتٍ مَّن نَّشَآءُ ۗ وَفَوْقَ كُلِّ ذِى
عِلْمٍ عَلِيمٌ ﴿٧٦﴾

76 എന്നിട്ട്, അദ്ദേഹത്തിൻെറ സഹോദരൻെറ സഞ്ചിക്കുമുമ്പ് അവരുടെ സഞ്ചികളെക്കൊണ്ട് അദ്ദേഹം (പരിശോധന) തുടങ്ങി. പിന്നീട് (ഒടുക്കം) തൻെറ സഹോദരൻെറ സഞ്ചിയിൽ നിന്ന് അത് (പാനപാത്രം) അദ്ദേഹം പുറത്തെടുത്തു. അപ്രകാരം, യൂസുഫിനുവേണ്ടി നാം (അല്ലാഹു) തന്ത്രം പ്രയോഗിച്ചു (കൊടുത്തു). രാജാവിൻെറ മത (നിയമ) നടപടിപ്രകാരം അദ്ദേഹത്തിന് തൻെറ സഹോദരനെ പിടി (ച്ചുവെ) ക്കുവാൻ നിവൃത്തിയുണ്ടായിരുന്നില്ല;- അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ നാം ഉദ്ദേശിക്കുന്നവരെ നാം പല പദവികൾ ഉയർത്തുന്നു. എല്ലാ അറിവുള്ളവൻെറയും മീതെ ഒരു അറിയുന്നവനുണ്ട്.

۞ قَالُوٓا۟ إِن يَسْرِقْ فَقَدْ سَرَقَ أَخٌ لَّهُۥ مِن
قَبْلُ ۚ فَأَسَرَّهَا يُوسُفُ فِى نَفْسِهِۦ وَلَمْ
يُبْدِهَا لَهُمْ ۚ قَالَ أَنتُمْ شَرٌّ مَّكَانًا ۖ
وَٱللَّهُ أَعْلَمُ بِمَا تَصِفُونَ ﴿٧٧﴾

77 അവർ (സഹോദരൻമാർ) പറഞ്ഞു: “അവൻ മോഷ്ടിക്കുന്നെങ്കിൽ, മുമ്പ് അവൻെറ ഒരു സഹോദരനും മോഷ്ടിക്കുകയുണ്ടായിട്ടുണ്ട്”. എന്നാൽ, യൂസുഫ് അതു തൻെറ മനസ്സിൽ രഹസ്യമാക്കിവെച്ചു; അതിനെ (ക്കുറിച്ച്) അവരോട് (ഒന്നും) വെളിവാക്കിയതുമില്ല. അദ്ദേഹം (സ്വയം) പറഞ്ഞു: “നിങ്ങൾ ഒരു മോശപ്പെട്ട സ്ഥാനക്കാരാകുന്നു. (നിങ്ങളുടെ നിലപാട് വളരെ മോശം!) അല്ലാഹു, നിങ്ങൾ (ഈ) വിശേഷിപ്പിക്കുന്നതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവനാണ്.”

---

യൂസുഫു(അ) സംശയത്തിനിടയാകാത്ത വിധത്തിൽ ആദ്യം മററുള്ളവരുടെ സാമാനങ്ങൾ പരിശോധിക്കുകയും, അവസാനം ബിൻയാമീന്റെ സാമാനകെട്ടിൽ നിന്ന് പാനപാത്രം കണ്ടെടു ക്കയും ചെയ്തു. അതോടു കൂടി അവർ അത്യധികം കോപിഷ്ഠരാകുകയും, അവന്റെ ഉമ്മായിൽ നിന്ന് ഒരു സഹോദരൻ അവന് ഉണ്ടായിരുന്നുവെന്നും അവൻ മുമ്പ് ഒരു മോഷണം നടത്തിയിട്ടുണ്ടെന്നും പറയുകയും ചെയ്തു. അവർ അത്തരക്കാരാണെങ്കിലും ഞങ്ങൾ അങ്ങനെയുള്ളവരല്ലെന്ന് ധ്വനിപ്പിക്കുകയും ചെയ്തു.

എല്ലാം മനസ്സിലാക്കിയ യൂസുഫ്(അ) അവരോട് തന്നെ പററി യാതൊന്നും വെളിപ്പെടുത്താതെ “നിങ്ങളുടെ സ്ഥിതി വളരെ മോശം തന്നെ; നിങ്ങൾ ആ പറഞ്ഞതിന്റെ യഥാർത്ഥാവസ്ഥ അല്ലാഹുവിനറിയാം” എന്ന് സ്വയം പറയുകയും ചെയ്തു.

യൂസുഫ്(അ)ന്റെ പേരിൽ ആരോപിക്കപ്പെട്ട മോഷണ കുററത്തിന് യാതൊരു തെളിവുമില്ലെന്നും തങ്ങൾക്കേർപ്പെട്ട അപമാനത്തിന് തെല്ലൊരാശ്വാസം കണ്ടെത്തുവാൻ വേണ്ടി അവർ വെറുതെയങ്ങ് പറഞ്ഞതായിരിക്കുമെന്നുമാണ് ചില മഹാൻമാർ പ്രസ്താവിച്ചിട്ടുള്ളത്.

സഹോദരൻമാർ വാസ്തവം അറിയാതെ ബിൻയാമിന്റെ സാമാനങ്ങളിൽ നിന്ന് പാന പാത്രം കണ്ടെടുക്കുവാൻ അവസരം ലഭിച്ചതും ആ നാട്ടിലെ രാജകീയ നിയമമനുസരിച്ചു, അനുജനെ അവിടെ തടഞ്ഞു നിർത്താൻ യൂസുഫ്(അ)ന് സാധിക്കുമായിരുന്നില്ല എന്നിരിക്കെ, മോഷ്ടിച്ചവനെ നിങ്ങൾക്കു വിട്ടു തരാം എന്ന് സഹോദരൻമാർ പറയാൻ ഇടയായതും, അങ്ങനെ ബിൻയാമീനെ തന്റെ കൂടെ നിർത്തുവാൻ അദ്ദേഹത്തിന് സാഹചര്യമുണ്ടായതും എല്ലാം, അല്ലാഹു യൂസുഫ്(അ)ന് വേണ്ടി നടത്തിയ ചില തന്ത്രങ്ങളായിരുന്നു എന്നും അല്ലാഹു വ്യക്തമാക്കുന്നു.

എല്ലാ, ജ്ഞാനികൾക്കും ഉപരിയായി സർവ്വജ്ഞനായ അല്ലാഹു ഉണ്ടെന്നും, അറിവുള്ള ഏതൊരുവനായാലും, അവനേക്കാൾ അറിവുള്ള വേറൊരാൾ ഉണ്ടായിരിക്കുകയും ഒടുക്കം അത് അല്ലാഹുവിൽ ചെന്നവസാനിക്കുകയും ചെയ്യുമെന്നും - ഇങ്ങനെ രണ്ട് പ്രകാരത്തിൽ - 76-ാം വചന ത്തിലെ അവസാന ഭാഗത്തിന് സാരം കൽപിക്കപ്പെട്ടിട്ടുണ്ട്. രണ്ടിന്റേയും കലാശം ഒരേ തത്വത്തിലേക്ക് തന്നെ.

**വചനം 78,79**

قَالُوا۟ يَـٰٓأَيُّهَا ٱلْعَزِيزُ إِنَّ لَهُۥٓ أَبًا شَيْخًا كَبِيرًا فَخُذْ أَحَدَنَا مَكَانَهُۥٓ ۖ إِنَّا نَرَىٰكَ مِنَ ٱلْمُحْسِنِينَ ﴿٧٨﴾

78 അവർ (സഹോദരൻമാർ) പറഞ്ഞു: “ഹേ, ‘അസീസേ’! അവന് വലിയ വൃദ്ധനായ ഒരു പിതാവുണ്ട്; ആകയാൽ, ഞങ്ങളിൽ ഒരാളെ അവൻെറ സ്ഥാനത്ത് പിടി(ച്ചു വെ)ച്ചാലും! നിശ്ചയമായും, അങ്ങയെ സൽഗുണവാൻമാരിൽ പെട്ടവനായി ഞങ്ങൾ കാണുന്നു,”

قَالَ مَعَاذَ ٱللَّهِ أَن نَّأْخُذَ إِلَّا مَن وَجَدْنَا مَتَـٰعَنَا عِندَهُۥٓ إِنَّآ إِذًا لَّظَـٰلِمُونَ ﴿٧٩﴾

79 അദ്ദേഹം പറഞ്ഞു: “ഞങ്ങളുടെ ഉപകരണം ആരുടെ അടുക്കൽ ഞങ്ങൾ കണ്ടെത്തിയോ അവനെയല്ലാതെ പിടി(ച്ചു വെ)ക്കുന്നതിനെ ക്കുറിച്ച് അല്ലാഹുവിൽ ശരണം (തേടുന്നു)! അപ്പോൾ, (അങ്ങനെ ചെയ്താൽ) നിശ്ചയമായും ഞങ്ങൾ അക്രമികൾതന്നെയായിരിക്കും.”

---

ബിൻയാമീനെ വിട്ടു കൊടുക്കേണ്ട സാഹചര്യം വന്ന് ചേർന്നപ്പോൾ, ആ സഹോദരൻമാർ ധർമ്മ സങ്കടത്തിലായി. അവന്റെ പിതാവ് വളരെ വൃദ്ധനാണെന്നും അവനെ കൂടാതെ മടങ്ങിച്ചെന്നാൽ അദ്ദേഹം അതീവ സങ്കടത്തിൽ അകപ്പെടുമെന്നും അതുകൊണ്ട് ഞങ്ങളിൽ ആരെയെങ്കിലും പകരം സ്വീകരിച്ച് അവനെ വിട്ട് തരണമെന്നും അവർ യൂസുഫ്(അ) നോട് വിനയപൂർവ്വം അപേക്ഷിച്ചു. അങ്ങനെ ചെയ്യുന്നത് അനീതിയാണെന്നും, അതു ഞങ്ങൾ ചെയ്യുകയില്ലെന്നും, യൂസുഫ്(അ) അവരോട് പറഞ്ഞു.

(അസീസ് എന്ന വാക്കിന്റെ അർത്ഥവും അതു ഉന്നത സ്ഥാനത്തിരിക്കുന്നവരെ സംബോധന ചെയ്യാൻ ഉപയോഗിക്കുന്ന ഒരു വാക്കാണെന്നും മുൻപ് വിവരിക്കപ്പെട്ടിട്ടുണ്ട്.)

## വിഭാഗം 10

**വചനം 80, 81, 82**

فَلَمَّا ٱسْتَيْـَٔسُوا۟ مِنْهُ خَلَصُوا۟ نَجِيًّا ۖ قَالَ كَبِيرُهُمْ أَلَمْ تَعْلَمُوٓا۟ أَنَّ أَبَاكُمْ قَدْ

80 അങ്ങനെ, അവനെക്കുറിച്ച് അവർ നിരാശ യടഞ്ഞപ്പോൾ, അവർ സ്വകാര്യം പറയുന്ന വരായി തനിച്ചുപോയി. അവരിൽ വലിയവൻ

أَخَذَ عَلَيْكُم مَّوْثِقًا مِّنَ ٱللَّهِ وَمِن قَبْلُ
مَا فَرَّطتُمْ فِى يُوسُفَ ۖ فَلَنْ أَبْرَحَ ٱلْأَرْضَ
حَتَّىٰ يَأْذَنَ لِىٓ أَبِىٓ أَوْ يَحْكُمَ ٱللَّهُ لِى ۖ وَهُوَ
خَيْرُ ٱلْحَٰكِمِينَ ﴿٨٠﴾

പറഞ്ഞു: "നിങ്ങൾക്കറിഞ്ഞുകൂടേ, നിങ്ങളുടെ പിതാവ് നിങ്ങളോട് അല്ലാഹുവിങ്കൽനിന്നും ഒരുറപ്പ് വാങ്ങീട്ടുണ്ടെന്ന്?! മുമ്പ് യൂസുഫി(ൻെറ വിഷയത്തി)ൽ നിങ്ങൾ വീഴ്ചചെയ്തിട്ടുള്ള തും(അറിഞ്ഞുകൂടേ)?! എന്നാൽ, എൻെറ പിതാവ് എനിക്ക് അനുവാദം നൽകുകയോ, അല്ലാഹു എനിക്ക് (വല്ല പരിഹാരവും) വിധിച്ചു തരുകയോ ചെയ്യുന്നതുവരേക്കും ഞാൻ (ഈ)ഭൂമി വിട്ടുപോരുന്നതേയല്ല. അവൻ വിധി കർത്താക്കളിൽ ഏറ്റം ഉത്തമനാണുതാനും."

ٱرْجِعُوٓا۟ إِلَىٰٓ أَبِيكُمْ فَقُولُوا۟ يَٰٓأَبَانَآ إِنَّ
ٱبْنَكَ سَرَقَ وَمَا شَهِدْنَآ إِلَّا بِمَا عَلِمْنَا
وَمَا كُنَّا لِلْغَيْبِ حَٰفِظِينَ ﴿٨١﴾

81 "നിങ്ങൾ നിങ്ങളുടെ പിതാവിങ്കലേക്ക് മടങ്ങിച്ചെല്ലുവിൻ; എന്നിട്ട് (അദ്ദേഹത്തോട്) പറയുവിൻ: "ഞങ്ങളുടെ പിതാവേ, നിങ്ങളുടെ മകൻ മോഷ്ടിച്ചു. ഞങ്ങൾ അറിഞ്ഞതിന നുസരിച്ചല്ലാതെ ഞങ്ങൾ സാക്ഷ്യം പറഞ്ഞ തുമില്ല. ഞങ്ങൾ അദൃശ്യകാര്യത്തെ അറിഞ്ഞ വരല്ലതാനും.

وَسْـَٔلِ ٱلْقَرْيَةَ ٱلَّتِى كُنَّا فِيهَا وَٱلْعِيرَ
ٱلَّتِىٓ أَقْبَلْنَا فِيهَا ۖ وَإِنَّا لَصَٰدِقُونَ ﴿٨٢﴾

82 "ഞങ്ങൾ ആയിരുന്ന (പോയിരുന്ന) തായ രാജ്യത്തോടും (രാജ്യക്കാരോടും) ഞങ്ങൾ (അവിടെനിന്ന്) മുന്നിട്ടു വന്നതായ വാഹന സംഘത്തോടും നിങ്ങൾ ചോദി (ച്ചു നോ) ക്കുകയും ചെയ്യുക. ഞങ്ങൾ സത്യം പറയുന്നവർ തന്നെയാണ്."

ബിൻയാമിനെ വിട്ട് കിട്ടാനുള്ള ശ്രമം വിഫലമായപ്പോൾ, നിരാശരായ സഹോദരൻമാർ സ്വകാര്യമായി കൂടിയാലോചന നടത്തി. ബിൻയാമിനെ കൂടാതെ താൻ പിതാവിന്റെ അടുക്കലേക്ക് വരികയില്ലെന്നും, പിതാവിന്റെ സമ്മതം ലഭിക്കുകയോ അല്ലാഹു ഈ വിഷയത്തിൽ പ്രത്യേകം പരിഹാരം ഉണ്ടാക്കിത്തരികയോ ചെയ്യാതെ താൻ സ്ഥലം വിടുകയില്ലെന്നും മൂത്ത സഹോദരൻ (ഇത് റൂബിനാണെന്ന് പറയപ്പെടുന്നു) തീർത്തു പറഞ്ഞു. പിതാവിന്റെ അടുക്കലേക്ക് തിരിച്ചു പോയി നടന്ന സംഭവങ്ങളൊക്കെ വിശദീകരിച്ച് കൊടുക്കാനും - അയാൾ അവരോട് നിർദ്ദേശിച്ചു - ബിൻയാമിൻ മോഷ്ടിച്ചെന്നത് ഞങ്ങൾ കണ്ടറിഞ്ഞതാണ്, അതിനപ്പുറം തെളിവു നൽകാൻ ഞങ്ങൾ തുനിഞ്ഞില്ല; ഞങ്ങൾ അദൃശ്യകാര്യം അറിയുന്നവരല്ലല്ലോ. ബിൻയാമിനെ പിടിച്ച് വെച്ച കാര്യം ആ നാട്ടുകാരും ഞങ്ങളുടെ യാത്രാ സംഘത്തിലുണ്ടായിരുന്ന മററുള്ള ആളുകളും എല്ലാം കണ്ടറിഞ്ഞവരാണ്. അവരോട് അന്വേഷിച്ചു നോക്കിയാൽ വാസ്തവം മനസ്സിലാക്കാവുന്നതാണ്.

**വചനം 83, 84**

قَالَ بَلْ سَوَّلَتْ لَكُمْ أَنفُسُكُمْ أَمْرًا ۖ
فَصَبْرٌ جَمِيلٌ ۖ عَسَى ٱللَّهُ أَن يَأْتِيَنِى بِهِمْ
جَمِيعًا ۚ إِنَّهُۥ هُوَ ٱلْعَلِيمُ ٱلْحَكِيمُ ﴿٨٣﴾

83 അദ്ദേഹം (പിതാവ്) പറഞ്ഞു: "(അതൊന്നുമല്ല) പക്ഷെ, നിങ്ങൾക്ക് നിങ്ങളുടെ മനസ്സുകൾ (എന്തോ) ഒരു കാര്യം ഭംഗിയാക്കിക്കാട്ടിയി രിക്കുന്നു. (അത് നിങ്ങൾ ചെയ്തിരിക്കാം) ഇനി, ഭംഗിയായ ക്ഷമ! (അതേ മാർഗ്ഗമുള്ളു) അവരെ എല്ലാവരെയും (തന്നെ) അല്ലാഹു എനിക്ക് കൊണ്ടുവന്നു തന്നേക്കാവുന്നതാണ്. നിശ്ചയ മായും, അവൻ തന്നെയാണ് സർവ്വജ്ഞനും, അഗാധജ്ഞനുമായുള്ളവൻ."

84 അദ്ദേഹം അവരില്‍നിന്നും വിട്ടുമാറുകയും, "യൂസുഫിന്‍െറ പേരിലുള്ള എന്‍െറ സങ്കടമേ!" എന്നു പറയുകയും ചെയ്തു. വ്യസനംനിമിത്തം അദ്ദേഹത്തിന്‍െറ രണ്ടു കണ്ണുകള്‍ വെളുക്കുകയും ചെയ്തു. അങ്ങനെ, അദ്ദേഹം (വ്യസനവും കോപവും മനസ്സില്‍) ഒതുക്കിവെക്കുന്നവനായിരുന്നു.

وَتَوَلَّىٰ عَنۡهُمۡ وَقَالَ يَٰٓأَسَفَىٰ عَلَىٰ يُوسُفَ وَٱبۡيَضَّتۡ عَيۡنَاهُ مِنَ ٱلۡحُزۡنِ فَهُوَ كَظِيمٞ ٨٤

---

ബാക്കിയുള്ള ഒമ്പത് പേരും പിതാവിങ്കല്‍ മടങ്ങിവന്ന് അപ്രകാരമെല്ലാം പറഞ്ഞ് നോക്കി . മുമ്പ് യൂസുഫ്(അ)നെ കിണററിലിട്ട ശേഷം അവനെ ചെന്നായ പിടിച്ചുവെന്ന് അവര്‍ പറഞ്ഞപ്പോള്‍ യഅ്ഖൂബ്(അ) അവരോട് പറഞ്ഞ അതേ വാക്കുകള്‍ തന്നെ ആ മഹാന്‍ ഇപ്പോഴും പറഞ്ഞു "നിങ്ങളുടെ മനസ്സുകള്‍ നിങ്ങള്‍ക്കു എന്തോ ഒരു കാര്യം ഭംഗിയാക്കി തന്നിരിക്കുന്നു. ഇനി ഭംഗിയായി ക്ഷമിക്കുക തന്നെ" തുടര്‍ന്ന് അദ്ദഹം പറഞ്ഞു "അവരെ മുഴുവനും അല്ലാഹു എനിക്ക് കൊണ്ട് വന്ന് തന്നേക്കും" കൊല്ലങ്ങളായി യൂസുഫിനെ സംബന്ധിച്ചുള്ള വ്യസന ഭാരം, ഇപ്പോള്‍ ബിന്‍യാമിന്റെയും മൂത്ത മകന്റെയും തിരോധാനം കൂടെയായപ്പോള്‍ അനേകം മടങ്ങു വര്‍ദ്ധിച്ചു. കരഞ്ഞ് കരഞ്ഞ് കണ്ണുകള്‍ വെള്ള നിറമായി കാഴ്ച പോലും നഷ്ടപെട്ടുവെന്നാണ് 93 ഉം 96 ഉം വചനങ്ങളില്‍ നിന്ന് മനസ്സിലാകുന്നത് - അല്ലാഹുവിനറിയാം. ഇവരോടുള്ള കോപവും മററവരെക്കുറിച്ചുള്ള വ്യസനവും മനസ്സില്‍ ഒതുക്കി അല്ലാഹുവിന്റെ അനുഗ്രഹത്തിലുള്ള ദൃഢവിശ്വാസവും ശുഭപ്രതീക്ഷയുമായി അദ്ദേഹം കഴിച്ച് കൂട്ടി.

**വചനം 85, 86**

85 അവര്‍ (മക്കള്‍) പറഞ്ഞു: "അല്ലാഹുവിനെത്തന്നെയാണ(സത്യം)! നിങ്ങള്‍ യൂസുഫിനെ ഓര്‍ത്തുകൊണ്ടേയിരിക്കും; നിങ്ങള്‍ മരിക്കാറായിത്തീരുകയോ, അല്ലെങ്കില്‍ (മരിച്ച്) നാശമടയുന്നവരില്‍ പെട്ടവനായിത്തീരുകയോ ചെയ്യുന്നതുവരെ."

قَالُواْ تَٱللَّهِ تَفۡتَؤُاْ تَذۡكُرُ يُوسُفَ حَتَّىٰ تَكُونَ حَرَضًا أَوۡ تَكُونَ مِنَ ٱلۡهَٰلِكِينَ ٨٥

86 അദ്ദേഹം (പിതാവ്) പറഞ്ഞു: "എന്‍െറ വേവലാതിയും, എന്‍െറ വ്യസനവും (സംബന്ധിച്ചു) ഞാന്‍ അല്ലാഹുവിങ്കലേക്ക് മാത്രമാണ് പരാതിപ്പെടുന്നത്. നിങ്ങള്‍ക്കറിഞ്ഞുകൂടാത്തത് (ചിലതൊക്കെ) അല്ലാഹുവിങ്കല്‍ നിന്ന് എനിക്കറിയുകയും ചെയ്യും."

قَالَ إِنَّمَآ أَشۡكُواْ بَثِّي وَحُزۡنِيٓ إِلَى ٱللَّهِ وَأَعۡلَمُ مِنَ ٱللَّهِ مَا لَا تَعۡلَمُونَ ٨٦

---

ഒരു പ്രവാചകന്‍ കൂടിയായ യഅ്ഖൂബ്(അ)ന് വഹ്‌യ് മൂലം, പല വിവരങ്ങളും ലഭിക്കുന്നു. യൂസുഫ്(അ)ന്റെ സ്വപ്നത്തിന്റെ പുലര്‍ച്ചയില്‍ അദ്ദേഹത്തിന് സംശയമുണ്ടായിരുന്നില്ല. ബിന്‍യാമീന്‍ മോഷ്ടിച്ചിരിക്കാനിടയില്ലെന്നും അദ്ദേഹത്തിനറിയാം. അനു നിമിഷം അദ്ദേഹം അല്ലാഹുവിന്റെ കാരുണ്യവും കാത്ത് കൊണ്ടിരിക്കുകയാണ്. "നിങ്ങള്‍ക്കറിഞ്ഞ് കൂടാത്ത പലതും, അല്ലാഹുവിങ്കല്‍ നിന്ന് എനിക്കറിയാം" എന്ന് അദ്ദേഹം മക്കളോട് പറഞ്ഞു.

**വചനം 87**

87 "എന്‍െറ മക്കളേ, നിങ്ങള്‍പോയി യൂസുഫിനെയും അവന്‍െറ സഹോദരനെയും സംബന്ധിച്ചു (വിവരം) അന്വേഷിച്ചു നോക്കുവിന്‍.

يَٰبَنِيَّ ٱذۡهَبُواْ فَتَحَسَّسُواْ مِن يُوسُفَ وَأَخِيهِ وَلَا تَاْيۡـَٔسُواْ مِن رَّوۡحِ ٱللَّهِۖ إِنَّهُۥ

لَا يَاْيْـَٔسُ مِن رَّوۡحِ ٱللَّهِ إِلَّا ٱلۡقَوۡمُ ٱلۡكَٰفِرُونَ ﴿٨٧﴾

അല്ലാഹുവിൻെറ (പക്കൽനിന്നുള്ള) ആശ്വാസത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെടുകയും ചെയ്യരുത്. നിശ്ചയമായും, കാര്യം: അല്ലാഹുവിൻെറ (പക്കൽനിന്നുള്ള) ആശ്വാസത്തെപ്പറ്റി അവിശ്വാസികളായ ജനങ്ങളല്ലാതെ നിരാശപ്പെടുകയില്ല."

---

യൂസുഫ് (അ)നേയും സഹോദരനേയും സംബന്ധിച്ച് അന്വേഷണം നടത്താൻ മക്കളോട് നിർദ്ദശിച്ച് കൊണ്ട് അദ്ദേഹം അവർക്ക് നൽകിയ ഉപദേശം ഓരോ സത്യവിശ്വാസിയും ഓർമ്മിച്ചിരിക്കേണ്ടതാണ് . ഏത് വിഷമത്തിൽ അകപ്പെട്ടാലും അല്ലാഹുവിങ്കൽ നിന്നുള്ള ആശ്വാസവും കാരുണ്യവും ലഭിക്കുമെന്നുള്ള ശുഭ പ്രതീക്ഷ സത്യവിശ്വാസിക്ക് അനിർവാര്യമാകുന്നു.

വാർദ്ധക്യകാലത്ത് സന്താന സൗഭാഗ്യത്തെക്കുറിച്ചുള്ള സന്തോഷ വാർത്ത മലക്കുകൾ അറിയിച്ചപ്പോൾ ഇബ്രാഹിം നബി(സ) പറഞ്ഞത് ഇപ്രകാരമായിരുന്നു - "വഴി പിഴച്ചവരല്ലാതെ ആരാണ് അല്ലാഹുവന്റെ കാരുണ്യത്തെക്കുറിച്ച് ആശ മുറിയുക". (15:56)

"എന്റെ അടിയാൻ എന്നെ പററി ധരിച്ച് കൊണ്ടിരിക്കുന്നതിനനുസരിച്ചായിരുക്കും ഞാൻ നില കൊള്ളുന്നത്" എന്ന് അല്ലാഹു അരുളിയതായി നബി(സ) ഉദ്ധരിച്ചിരിക്കുന്നു. അല്ലാഹുവിന്റെ കാരുണ്യത്തിലുള്ള പ്രതീക്ഷയും വിശ്വാസവും എത്രത്തോളമുണ്ടോ അത്രത്തോളമായിരിക്കും അവന്റെ കാരുണ്യം ലഭിക്കുക എന്ന് സാരം.

**വചനം 88**

فَلَمَّا دَخَلُواْ عَلَيۡهِ قَالُواْ يَٰٓأَيُّهَا ٱلۡعَزِيزُ مَسَّنَا وَأَهۡلَنَا ٱلضُّرُّ وَجِئۡنَا بِبِضَٰعَةٖ مُّزۡجَىٰةٖ فَأَوۡفِ لَنَا ٱلۡكَيۡلَ وَتَصَدَّقۡ عَلَيۡنَآۖ إِنَّ ٱللَّهَ يَجۡزِي ٱلۡمُتَصَدِّقِينَ ﴿٨٨﴾

88 അങ്ങനെ, അവർ അദ്ദേഹത്തിൻെറ (യൂസുഫിൻെറ) അടുക്കൽ പ്രവേശിച്ചപ്പോൾ അവർ പറഞ്ഞു: "ഹേ, 'അസീസേ'! ഞങ്ങളെയും, ഞങ്ങളുടെ കുടുംബത്തെയും ദുരിതം ബാധിച്ചിരിക്കുന്നു. ഞങ്ങൾ ഒരു താണതരത്തിലുള്ള (അൽപം) ചരക്കുമായി വരുകയും ചെയ്തിരിക്കുകയാണ്. അതിനാൽ, അങ്ങുന്ന് ഞങ്ങൾക്ക് (ധാന്യം) അളവ് പൂർത്തിയാക്കിത്തരുകയും, ഞങ്ങൾക്ക് ധർമ്മം നൽകുകയും ചെയ്യേണമേ! നിശ്ചയമായും, ധർമ്മം നൽകുന്നവർക്ക് അല്ലാഹു പ്രതിഫലം കൊടുക്കുന്നതാണ്."

---

യഅ്ഖൂബ് (അ)ന്റെ നിർദ്ദേശപ്രകാരം ആ സഹോദരൻമാർ വീണ്ടും ഈജിപ്തിലെത്തി- സഹോദരങ്ങളെക്കുറിച്ച് അന്വേഷിക്കാനും ധാന്യം വാങ്ങുന്നതിനുമായി.

കഴിഞ്ഞ പ്രാവശ്യത്തെ അനുഭവങ്ങൾ ഓർത്തും, ധാന്യത്തിന്റെ വിലയായി താണ നിലവാരത്തിലുള്ള വസ്തുക്കൾ മാത്രമെ കൊണ്ട് വരാൻ കഴിഞ്ഞിട്ടുള്ളൂ എന്നതിനാലും അവർ അസീസിന്റെ (യൂസുഫ്(അ) മുന്നിൽ പൂർവ്വാധികം താഴ്മയോടെ അദ്ദേഹത്തിന്റെ ഔദാര്യത്തിന് അപേക്ഷിച്ചു. തങ്ങളും കുടുംബാംഗങ്ങളും ദുരിതത്തിലാണെന്നും, പതിവുപോലെ പൂർത്തിയായ അളവിൽ തന്നെ ധാന്യം നൽകണമെന്നും, കൂടാതെ, ഇവിടുത്തെ വകയായി കുറെ സൗജന്യം കൂടെ നൽകണമെന്നും അവർ ഉണർത്തി.

തന്റെ കുടുംബത്തിന്റെ ദയനീയാവസ്ഥയും, തന്റെ പിതാവ് അനുഭവിച്ച് കൊണ്ടിരിക്കുന്ന മനോവേദനയും ഓർത്തത് കൊണ്ടായിരിക്കാം. തന്നെ സംബന്ധിച്ചുള്ള രഹസ്യം വെളിപെടുത്തുമാറ്, താഴെ കാണുന്ന ചോദ്യം യൂസുഫ്(അ) അവരുടെ മുമ്പിൽ വെച്ചത് والله اعلم

**വചനം 89, 90**

قَالَ هَلْ عَلِمْتُم مَّا فَعَلْتُم بِيُوسُفَ وَأَخِيهِ إِذْ أَنتُمْ جَٰهِلُونَ ﴿٨٩﴾ قَالُوٓا۟ أَءِنَّكَ لَأَنتَ يُوسُفُ ۖ قَالَ أَنَا۠ يُوسُفُ وَهَٰذَآ أَخِى ۖ قَدْ مَنَّ ٱللَّهُ عَلَيْنَآ ۖ إِنَّهُۥ مَن يَتَّقِ وَيَصْبِرْ فَإِنَّ ٱللَّهَ لَا يُضِيعُ أَجْرَ ٱلْمُحْسِنِينَ ﴿٩٠﴾

89 അദ്ദേഹം പറഞ്ഞു: "യൂസുഫിനെയും, അവൻെറ സഹോദരനെയും കൊണ്ട് നിങ്ങൾ ചെയ്തത് നിങ്ങൾക്കറിയാമോ? - നിങ്ങൾ വിവരമില്ലാത്ത വരായിരിക്കെ!"

90 അവർ പറഞ്ഞു: "നീ തന്നെയാണോ യൂസുഫ്?!" അദ്ദേഹം പറഞ്ഞു: "(അതെ) ഞാൻ യൂസുഫും, ഇത് എൻെറ സഹോദരനുമാണ്. തീർച്ചയായും, അല്ലാഹു ഞങ്ങൾക്ക് ഗുണം ചെയ്തുതന്നി രിക്കുന്നു. 'നിശ്ചയമായും, കാര്യം: ആരെങ്കിലും സൂക്ഷ്മത പാലിക്കുകയും, ക്ഷമിക്കുകയും ചെയ്യുന്നപക്ഷം, നിശ്ചയമായും (ആ) സൽഗുണവാൻമാരുടെ പ്രതിഫലം അല്ലാഹു പാഴാക്കിക്കളയുകയില്ല."

---

തന്നെയും സഹോദരനെയും സംബന്ധിച്ച് അവർ ചെയ്ത അവിവേകങ്ങളെ ഓർമിപ്പിച്ച് കൊണ്ടുള്ള അദ്ദേഹത്തിന്റെ ചോദ്യത്തിൽ നിന്നും അവർക്ക് കാര്യം ഏതാണ്ട് മനസ്സിലായി. നിങ്ങൾ തന്നെയാണോ യുസുഫ് എന്ന് ചോദിച്ച് കൊണ്ട് അവർ സംഗതി ഉറപ്പ് വരുത്തുകയും ചെയ്തു. യൂസുഫ് (അ) നബി യാഥാർത്ഥ്യം തുറന്ന് പറയുകയും ചെയ്തു.

---

**വചനം 91, 92**

قَالُوا۟ تَٱللَّهِ لَقَدْ ءَاثَرَكَ ٱللَّهُ عَلَيْنَا وَإِن كُنَّا لَخَٰطِـِٔينَ ﴿٩١﴾ قَالَ لَا تَثْرِيبَ عَلَيْكُمُ ٱلْيَوْمَ ۖ يَغْفِرُ ٱللَّهُ لَكُمْ ۖ وَهُوَ أَرْحَمُ ٱلرَّٰحِمِينَ ﴿٩٢﴾

91 അവർ പറഞ്ഞു: "അല്ലാഹുവിനെത്തന്നെയാണ(സത്യം)! തീർച്ചയായും, അല്ലാഹു ഞങ്ങളെക്കാൾ നിന്നെ (ശ്രേഷ്ഠനാക്കി) തിരഞ്ഞെടുത്തിട്ടുണ്ട്. നിശ്ചയമായും, ഞങ്ങൾ തെറ്റു ചെയ്തവർ തന്നെ ആയിരിക്കുന്നു."

92 അദ്ദേഹം പറഞ്ഞു: "ഇന്ന് നിങ്ങളുടെ മേൽ യാതൊരധിക്ഷേപവുമില്ല. അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരുമാറാകട്ടെ(അഥവാ പൊറുത്തുതരും). അവൻ കരുണ ചെയ്യുന്നവരിൽ ഏറ്റം കരുണ ചെയ്യുന്നവനുമാണ്."

---

സഹോദരൻമാർ ഈ സന്ദർഭത്തിൽ വിനയാന്വിതരായിക്കൊണ്ട് തങ്ങൾ നടത്തിയ കുററങ്ങൾ ഏററ് പറഞ്ഞു. യുസുഫ് (അ) നബിയാകട്ടെ ആക്ഷേപത്തിന്റെ ഒരു വാക്ക് പോലും പറഞ്ഞില്ലെന്ന് മാത്രമല്ല അവർക്ക് പാപമോചനത്തിന് വേണ്ടി പ്രാർത്ഥിക്കുകയും ചയ്തു.

---

**വചനം 93**

ٱذْهَبُوا۟ بِقَمِيصِى هَٰذَا فَأَلْقُوهُ عَلَىٰ وَجْهِ أَبِى يَأْتِ بَصِيرًا وَأْتُونِى بِأَهْلِكُمْ أَجْمَعِينَ ﴿٩٣﴾

93 "നിങ്ങൾ എൻെറ ഈ കുപ്പായവും കൊണ്ടുപോയി അത് എൻെറ പിതാവിൻെറ മുഖത്ത് ഇട്ടുകൊടുക്കുക, അദ്ദേഹം കാഴ്ചയുള്ളവനായി വരും. നിങ്ങളുടെ കുടുംബത്തെ മുഴുവനും എൻെറ അടുക്കൽ കൊണ്ടുവരുകയും ചെയ്യുവിൻ."

സഹോദരൻമാരിൽ നിന്ന് പിതാവിന്റെ ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കിക്കഴിഞ്ഞിരുന്ന യൂസുഫ്(അ) അദ്ദേഹത്തിന്റെ കുപ്പായം അവരെ ഏൽപിക്കുകയും, അത് പിതാവിന്റെ മുഖത്തിട്ട് കൊടുക്കണമെന്നും അപ്പോൾ അദ്ദേഹത്തിന്റെ വിഷമങ്ങളെല്ലാം മാറുമെന്നും കാഴ്ച തിരിച്ച് കിട്ടുമെന്നും അവരോട് പറഞ്ഞു. പിതാവടക്കമുള്ള കുടുംബങ്ങളെ മുഴുവൻ ഈജിപ്തിലേക്ക് കൊണ്ട് വരുവാൻ കൽപിക്കുകയും ചെയ്തു.

**വിഭാഗം 11**

**വചനം 94, 95**

وَلَمَّا فَصَلَتِ ٱلْعِيرُ قَالَ أَبُوهُمْ إِنِّي لَأَجِدُ رِيحَ يُوسُفَ لَوْلَآ أَن تُفَنِّدُونِ ﴿٩٤﴾

94 വാഹനസംഘം പിരിഞ്ഞുപോന്നപ്പോൾ, അവരുടെ പിതാവ് (അടുത്തുള്ളവരോട്) പറഞ്ഞു: “നിശ്ചയമായും ഞാൻ, യൂസുഫിൻെറ വാസന എനിക്ക് ലഭിക്കുന്നു; നിങ്ങളെന്നെ (വാർദ്ധക്യത്താൽ) ബുദ്ധിമന്ദിച്ചവനാക്കുകയില്ലാതിരുന്നെങ്കിൽ! (എന്നാൽ, നിങ്ങൾക്കത് വിശ്വസിക്കാമായിരുന്നു)”

قَالُوا۟ تَٱللَّهِ إِنَّكَ لَفِى ضَلَـٰلِكَ ٱلْقَدِيمِ ﴿٩٥﴾

95 അവർ പറഞ്ഞു: “അല്ലാഹുവിനെത്തന്നെയാണ (സത്യം)! നിശ്ചയമായും, നിങ്ങൾ നിങ്ങളുടെ പഴയ വഴികേടിൽതന്നെയാണ് (ഇപ്പോഴും).”

---

ആ കുപ്പായം തന്റെ അടുത്തെത്തുന്നതിന് മുമ്പ് തന്നെ അതിന്റെ ഗന്ധം യഅ്ഖൂബ് (അ) നബിക്ക് ലഭിച്ചു. അത് ലഭിച്ചത് കാററ് വഴിക്കാകട്ടെ മറേറതെങ്കിലും വഴിക്കാകട്ടെ അതിൽ ഒരു അസാധാരണത്വമുണ്ടെന്ന് കാണാം. എനിക്ക് വാർദ്ധക്യം പിടിപെട്ട് ബുദ്ധി മന്ദീഭവിച്ചിരിക്കുകയാണെന്ന് നിങ്ങൾ പറയുമായിരിക്കുമെന്നും അതില്ലാത്തപക്ഷം നിങ്ങൾക്കിത് വിശ്വസിക്കാമെന്നും. യഅഖുബ്(അ) തന്റെ അടുത്തുള്ളവരോട് പറഞ്ഞു. നിങ്ങൾ ഇപ്പോഴും യുസുഫിനെക്കുറിച്ചുള്ള വ്യസനത്തിലും കാത്തിരിപ്പിലും തന്നെയാണെന്ന്, അപ്പോൾ, അടുത്തുള്ളവർ അദ്ദേഹത്തോട് പറഞ്ഞു.

**വചനം 96**

فَلَمَّآ أَن جَآءَ ٱلْبَشِيرُ أَلْقَىٰهُ عَلَىٰ وَجْهِهِۦ فَٱرْتَدَّ بَصِيرًا ۖ قَالَ أَلَمْ أَقُل لَّكُمْ إِنِّىٓ أَعْلَمُ مِنَ ٱللَّهِ مَا لَا تَعْلَمُونَ ﴿٩٦﴾

96 അങ്ങനെ, സന്തോഷവാർത്ത അറിയിക്കുന്ന ആൾ വരികയുണ്ടായപ്പോൾ, അയാളത് അദ്ദേഹത്തിൻെറ മുഖത്ത് ഇട്ടു; അപ്പോൾ അദ്ദേഹം കാഴ്ചയുള്ളവനായി മാറി. അദ്ദേഹം പറഞ്ഞു: “ഞാൻ നിങ്ങളോടു പറഞ്ഞില്ലേ: “നിശ്ചയമായും, നിങ്ങൾക്കറിഞ്ഞുകൂടാത്തത് (ചിലത്) അല്ലാഹുവിങ്കൽ നിന്നും എനിക്കറിയാമെന്ന്?!”

---

യാത്രാസംഘം വന്നെത്തുന്നതിന് മുന്നോടിയായി അയക്കപ്പെട്ട ഒരാൾ (സന്തോഷവാർത്ത അറിയിക്കുന്നവൻ - بشير) വശം കൊടുത്തയച്ച യൂസുഫ്(അ) ന്റെ കുപ്പായം യഅഖുബ്(അ) ന്റെ മുഖത്ത് ഇട്ടപ്പോൾ യൂസുഫ്(അ) പറഞ്ഞത് പോലെ അദ്ദേഹത്തിന് നഷ്ടപ്പെട്ട കാഴ്ച തിരിച്ച് കിട്ടി. നിങ്ങൾക്കറിയാത്ത ചില കാര്യങ്ങളൊക്കെ എനിക്കറിയാമെന്ന് അദ്ദേഹം മുമ്പ് പറഞ്ഞിരുന്നത് (86 -ാം വചനം നോക്കുക) ഈ സന്ദർഭത്തിൽ അദ്ദേഹം അവരെ ഓർമ്മിപ്പിച്ചു.

**വചനം 97, 98**

قَالُوا۟ يَـٰٓأَبَانَا ٱسْتَغْفِرْ لَنَا ذُنُوبَنَآ إِنَّا كُنَّا خَـٰطِـِٔينَ ﴿٩٧﴾

97 അവർ (മക്കൾ) പറഞ്ഞു: “ഞങ്ങളുടെ പിതാവേ, ഞങ്ങൾക്കുവേണ്ടി ഞങ്ങളുടെ പാപങ്ങൾക്ക് നിങ്ങൾ പാപമോചനം തേടേണമേ!- നിശ്ചയമായും, ഞങ്ങൾ തെറ്റു ചെയ്തവരായിരിക്കുന്നു!”

98 അദ്ദേഹം പറഞ്ഞു: "നിങ്ങൾക്കുവേണ്ടി ഞാൻ എന്റെ റബ്ബിനോട് വഴിയെ പാപമോചനം തേടുന്നതാണ്. നിശ്ചയമായും അവൻ തന്നെയാണ് വളരെ പൊറുക്കുന്നവനും കരുണാനിധിയുമായുള്ളവൻ."

قَالَ سَوْفَ أَسْتَغْفِرُ لَكُمْ رَبِّيٓ ۖ إِنَّهُۥ هُوَ ٱلْغَفُورُ ٱلرَّحِيمُ ﴿٩٨﴾

---

തങ്ങൾ ചെയ്ത തെററുകൾ അവർ പിതാവിനോട് ഏററ് പറയുകയും തങ്ങളുടെ പാപ മോചനത്തിനായി അല്ലാഹുവിനോട് പ്രാർത്ഥിക്കണമെന്ന് അദ്ദേഹത്തോട് അപേക്ഷിക്കുകയും ചെയ്തു. അദ്ദഹം അത് സമ്മതിക്കുകയും ചെയ്തു. അനന്തരം ആ കുടുംബം മുഴുവനും - യഅ്ഖൂബ്(അ) നബിയും, യൂസുഫു(അ) ന്റെ മാതാവും സഹോദരങ്ങളും ബന്ധുക്കളുമെല്ലാം - യൂസുഫു(അ) നിർദ്ദേശിച്ചിരുന്ന പ്രകാരം ഈജിപ്തിലേക്ക് യാത്രയായി.

---

**വചനം 99, 100**

99 അങ്ങനെ, അവർ (ആ കുടുംബം) യൂസുഫിന്റെ അടുക്കൽ പ്രവേശിച്ചപ്പോൾ,- അദ്ദേഹം തന്റെ മാതാപിതാക്കളെ തന്നിലേക്ക് അണച്ചുകൂട്ടി (സ്വീകരിച്ചു). അദ്ദേഹം പറയുകയും ചെയ്തു: "നിങ്ങൾ, അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം, നിർഭയരായിക്കൊണ്ട് (സമാധാനപൂർവ്വം) മിസ്റിൽ (ഈജിപ്തിൽ) പ്രവേശിച്ചുകൊള്ളുക."

فَلَمَّا دَخَلُوا۟ عَلَىٰ يُوسُفَ ءَاوَىٰٓ إِلَيْهِ أَبَوَيْهِ وَقَالَ ٱدْخُلُوا۟ مِصْرَ إِن شَآءَ ٱللَّهُ ءَامِنِينَ ﴿٩٩﴾

100 തന്റെ മാതാപിതാക്കളെ അദ്ദേഹം സിംഹാസന (സ്ഥാനപീഠ) ത്തിൻമേൽ കയററിയിരുത്തുകയും ചെയ്തു. അവർ (എല്ലാം) അദ്ദേഹത്തിന്ന് 'സുജൂദ്' (പ്രണാമം) ചെയ്തുകൊണ്ട് വീഴുകയും ചെയ്തു. അദ്ദേഹം പറയുകയും ചെയ്തു: "എന്റെ പിതാവേ, ഇത് എന്റെ മുമ്പത്തെ സ്വപ്നത്തിന്റെ പുലർച്ചയാകുന്നു; എന്റെ റബ്ബ് അതൊരു യഥാർത്ഥമാക്കിക്കഴിഞ്ഞു. അവൻ എനിക്ക് നൻമചെയ്യുകയും ചെയ്തിട്ടുണ്ട്: (അതെ) എന്നെ അവൻ തടവിൽ നിന്നു (മോചിപ്പിച്ച്) പുറത്തുകൊണ്ടുവരുകയും, നിങ്ങളെ മരുഭൂമിയിൽനിന്ന് കൊണ്ടുവ(ന്നുത)രുകയും ചെയ്തിരിക്കെ; എന്റെയും, എന്റെ സഹോദരൻമാരുടെയും ഇടയിൽ പിശാച് (കുഴപ്പം) ഇളക്കിവിട്ടതിനു ശേഷം. നിശ്ചയമായും, എന്റെ റബ്ബ് അവൻ ഉദ്ദേശിക്കുന്നതിനെ സൗമ്യമായി ചെയ്യുന്നവനാകുന്നു. നിശ്ചയമായും, അവൻതന്നെയാകുന്നു സർവ്വജ്ഞനും അഗാധജ്ഞനുമായുള്ളവൻ."

وَرَفَعَ أَبَوَيْهِ عَلَى ٱلْعَرْشِ وَخَرُّوا۟ لَهُۥ سُجَّدًا ۖ وَقَالَ يَـٰٓأَبَتِ هَـٰذَا تَأْوِيلُ رُءْيَـٰىَ مِن قَبْلُ قَدْ جَعَلَهَا رَبِّى حَقًّا ۖ وَقَدْ أَحْسَنَ بِىٓ إِذْ أَخْرَجَنِى مِنَ ٱلسِّجْنِ وَجَآءَ بِكُم مِّنَ ٱلْبَدْوِ مِنۢ بَعْدِ أَن نَّزَغَ ٱلشَّيْطَـٰنُ بَيْنِى وَبَيْنَ إِخْوَتِىٓ ۚ إِنَّ رَبِّى لَطِيفٌ لِّمَا يَشَآءُ ۚ إِنَّهُۥ هُوَ ٱلْعَلِيمُ ٱلْحَكِيمُ ﴿١٠٠﴾

യൂസുഫ്(അ) അതിയായ സന്തോഷത്തോടെ മാതാപിതാക്കളെ ആലിംഗനം ചെയ്യുകയും ഈജിപ്തിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു. മാതാപിതാക്കളെ സ്ഥാനപീഠത്തിൻമേൽ കയററി ഇരുത്തി ബഹുമാനിച്ചു. വന്നവരാകട്ടെ, അന്നത്തെ ആചാര പ്രകാരം തലകുനിച്ച് അദ്ദഹത്തിന് ഉപചാരമർപ്പിക്കുകയും ചെയ്തു. മുമ്പ്

താൻ കണ്ടിരുന്ന ആ സ്വപ്നത്തിന്റെ-സൂര്യ ചന്ദ്രൻമാരും പതിനൊന്ന് നക്ഷത്രങ്ങളും തനിക്ക് സുജൂദ് ചെയ്യുന്നതായ സ്വപ്നം-വ്യാഖ്യാനം യഥാർത്ഥമായി പുലർന്ന് കഴിഞ്ഞതും, തനിക്ക് അല്ലാഹു ചെയ്ത് തന്നിട്ടുള്ള അനുഗ്രഹങ്ങളും എടുത്ത് പറഞ്ഞ് അനുസ്മരിച്ച് കൊണ്ട് യുസുഫ്(അ) അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുകയും ചെയ്തു.

സുജൂദ് എന്നത് കൊണ്ട് എന്താണുദ്ദേശിക്കുന്നതെന്ന് വചനം 4 - ന്റെ വ്യഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട് : കൂടുതൽ വിവരം അടുത്ത സൂറത്തിന്റെ (സൂ: റഅ്ദ്) 15-ാം വചനത്തിൽ കാണാവുന്നതാണ്.

**വചനം 101**

۞ رَبِّ قَدْ ءَاتَيْتَنِى مِنَ ٱلْمُلْكِ وَعَلَّمْتَنِى مِن تَأْوِيلِ ٱلْأَحَادِيثِ ۚ فَاطِرَ ٱلسَّمَٰوَٰتِ وَٱلْأَرْضِ أَنتَ وَلِىِّۦ فِى ٱلدُّنْيَا وَٱلْءَاخِرَةِ ۖ تَوَفَّنِى مُسْلِمًا وَأَلْحِقْنِى بِٱلصَّٰلِحِينَ ﴿١٠١﴾

101 “എൻെറ റബ്ബേ! നീ എനിക്ക് രാജാധികാരത്തിൽ നിന്നും (കുറെയൊക്കെ) നൽകിയിട്ടുണ്ട്; വർത്തമാനങ്ങളുടെ വ്യാഖ്യാനത്തിൽനിന്നും (കുറെയെല്ലാം) നീ എനിക്ക് പഠിപ്പിച്ചു തരുകയും ചെയ്തിരിക്കുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടികർത്താവേ! നീ, ഇഹത്തിലും, പരത്തിലും എൻെറ രക്ഷാധികാരിയാകുന്നു. എന്നെ നീ മുസ്ലിമായി (കീഴൊതുക്കമുള്ളവനായി) മരിപ്പിക്കേണമേ! എന്നെ സജ്ജനങ്ങളിൽ ചേർക്കുകയും ചെയ്യേണമേ!”

---

ഈജിപ്തിലെ ഭരണകാര്യത്തിൽ ലഭിച്ച നേതൃത്വപരമായ സ്വാധീനവും സ്വപ്നവാർത്തകൾ തുടങ്ങിയവയുടെ വ്യഖ്യാനത്തിനുള്ള കഴിവും നൽകി, ഇഹത്തിൽ അല്ലാഹു തന്നെ അനുഗ്രഹിച്ചതിനെ എടുത്ത് പറഞ്ഞ് നന്ദി പ്രകടിപ്പിച്ച് കൊണ്ട് അത്പോലെ തന്റെ പരലോക ജീവിതവും അനുഗ്രഹീതമാക്കണമേ എന്ന് യൂസുഫ് (അ) അല്ലാഹുവിനോട് പ്രാർത്ഥിച്ചു. അതിനായി മുസ്ലീമായി മരിപ്പിക്കുകയും, സജ്ജനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യേണമെ എന്നും അദ്ദേഹം പ്രാർത്ഥിച്ചു. ഈ രണ്ട് കാര്യവും ലഭിക്കുകയാണ് ഒരു മനുഷ്യന് ലഭിക്കാവുന്നതിൽ ഏററവും വലിയ നേട്ടം. ഇബ്രാഹിം(അ) നബിയെ പറ്റി അദ്ദേഹം ഋജുമാനസനായ ഒരു മുസ്ലീമായിരുന്നു (3:67) എന്നും, അദ്ദേഹം പരലോകത്ത് സജ്ജനങ്ങളിൽ പെട്ടവനാകുന്നു (29:27) എന്നും പ്രശംസിച്ച് പറഞ്ഞിരിക്കുന്നതും അത് കൊണ്ടാകുന്നു.

**വചനം 102, 103, 104**

ذَٰلِكَ مِنْ أَنۢبَآءِ ٱلْغَيْبِ نُوحِيهِ إِلَيْكَ ۖ وَمَا كُنتَ لَدَيْهِمْ إِذْ أَجْمَعُوٓا۟ أَمْرَهُمْ وَهُمْ يَمْكُرُونَ ﴿١٠٢﴾

وَمَآ أَكْثَرُ ٱلنَّاسِ وَلَوْ حَرَصْتَ بِمُؤْمِنِينَ ﴿١٠٣﴾

وَمَا تَسْـَٔلُهُمْ عَلَيْهِ مِنْ أَجْرٍ ۚ إِنْ هُوَ إِلَّا ذِكْرٌ لِّلْعَٰلَمِينَ ﴿١٠٤﴾

102 അത്, അദൃശ്യ വാർത്തകളിൽ പെട്ടതാകുന്നു; അത്, നാം നിനക്ക് വഹ്‌യു (ദിവ്യസന്ദേശം) നൽകുകയാണ്. അവർ (യൂസുഫിൻെറ സഹോദരൻമാർ) കുതന്ത്രം പ്രയോഗിച്ചുകൊണ്ട് തങ്ങളുടെ (ഉദ്ദിഷ്ട) കാര്യം യോജിച്ചുറപ്പിച്ചപ്പോൾ, അവരുടെ അടുക്കൽ നീ ഉണ്ടായിരുന്നില്ലല്ലോ.

103 മനുഷ്യരിൽ അധികമാളും-നീ അതിയായി മോഹിച്ചിരുന്നാലും-സത്യവിശ്വാസികളല്ല.

104 ഇതിൻെറപേരിൽ അവരോട് നീ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. ഇത് ലോകർക്ക് (പൊതുവെ) വേണ്ടിയുള്ള ഒരു ഉൽബോധനമല്ലാതെ (മറ്റൊന്നും) അല്ല.

"നിനക്ക് വളരെ നല്ല ഒരു കഥ വിവരിച്ച് തരുന്നു" എന്ന് പറഞ്ഞ കൊണ്ട് യൂസുഫ്(അ) ന്റെ ചരിത്രം സൂറത്തിന്റെ ആരംഭം മുതൽ വിവരിക്കാൻ തുടങ്ങിയ അല്ലാഹു തുടർന്ന് നബി(സ)യോട് പറയുന്നു:

അതെല്ലാം അദൃശ്യവാർത്തകളായിരുന്നിട്ടും നബി(സ) തിരുമേനിക്ക് വിവരിക്കുവാൻ കഴിഞ്ഞത് അല്ലാഹു വഹ്യ് മൂലം അറിയിച്ച് കൊടുത്തത് കൊണ്ടാകുന്നു. യൂസുഫ്(അ)ന്റെ സഹോദരങ്ങൾ അദ്ദേഹത്തെ കിണററിൽ ഇടാനും മററുമായി ഗൂഢാലോചന നടത്തി തീരുമാനിച്ചപ്പോഴൊന്നും നബി(സ) അവിടെ ഉണ്ടായിരുന്നില്ലല്ലൊ. മുൻ വേദഗ്രന്ഥങ്ങളിൽ നിന്നോ പഠിച്ചറിയുവാനും തിരുമേനിക്ക് കഴിഞ്ഞിട്ടില്ല. ഖുർആൻ അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്നുള്ളതിന് വ്യക്തമായ തെളിവാണല്ലോ ഈ വസ്തുത. എന്നാൽ ജനങ്ങളിൽ അധികമാളുകളും ഖുർആനിൽ വിശ്വസിക്കുവാൻ കൂട്ടാക്കുന്നില്ല - നബി(സ)ക്ക് അതിന് അതിയായ ആഗ്രഹമുണ്ടായിരുന്നിട്ടും. നബി തിരുമേനിയാകട്ടെ ഖുർആൻ പ്രബോധനം ചെയ്യുന്നതിന്റെ പേരിൽ അവരോട് വല്ല പ്രതിഫലവും അവശ്യപെടുന്നത് പോലുമില്ല.

തുടർന്ന് അല്ലാഹു പറയുന്നു : അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന സന്ദേശങ്ങൾ പ്രബോധനം ചെയ്യുകയെ നബി(സ) ചെയ്യേണ്ടതുള്ളൂ. എല്ലാ മനുഷ്യരുടെയും നന്മക്ക് വേണ്ടിയുള്ള ഈ ഖുർആൻ വിശ്വസിക്കുന്നവർ വിശ്വസിച്ച് കൊള്ളട്ടെ, അല്ലാത്തവർ നിഷേധിച്ച് കൊള്ളട്ടെ.

## വിഭാഗം 12

**വചനം 105, 106, 107**

وَكَأَيِّن مِّنْ ءَايَةٍ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ يَمُرُّونَ عَلَيْهَا وَهُمْ عَنْهَا مُعْرِضُونَ ﴿١٠٥﴾

105 എത്ര (യേറെ) ദൃഷ്ടാന്തങ്ങളാണ് ആകാശങ്ങളിലും ഭൂമിയിലുമുള്ളത്?! അവർ (മനുഷ്യർ) അവയിലൂടെ നടന്നു കൊണ്ടിരിക്കുന്നു; അവരാകട്ടെ, അവയെക്കുറിച്ച് (അവഗണിച്ചു) തിരിഞ്ഞുകളയുന്നവരുമാകുന്നു!

وَمَا يُؤْمِنُ أَكْثَرُهُم بِٱللَّهِ إِلَّا وَهُم مُّشْرِكُونَ ﴿١٠٦﴾

106 അവരിൽ അധികമാളുകളും അല്ലാഹുവിൽ വിശ്വസിക്കുന്നുമില്ല; അവർ (അവനോട്) പങ്കുചേർക്കുന്നവരായും കൊണ്ടല്ലാതെ.

أَفَأَمِنُوٓا۟ أَن تَأْتِيَهُمْ غَٰشِيَةٌ مِّنْ عَذَابِ ٱللَّهِ أَوْ تَأْتِيَهُمُ ٱلسَّاعَةُ بَغْتَةً وَهُمْ لَا يَشْعُرُونَ ﴿١٠٧﴾

107 എന്നാൽ, അല്ലാഹുവിൻെറ ശിക്ഷയിൽനിന്നും മൂടിക്കളയുന്ന വല്ല സംഭവവും അവർക്ക് വന്നെത്തുന്നതിനെക്കുറിച്ച് അവർ (സമാധാനിച്ച്) നിർഭയരായിരിക്കുകയാണോ?! അല്ലെങ്കിൽ, അവർ അറിയാത്തവിധം പെട്ടെന്ന് അന്ത്യസമയം അവർക്ക് വന്നെത്തുന്നതിനെക്കുറിച്ച്?!

---

ഗൗരവമേറിയ ചില വസ്തുതകളാണ് ഈ വചനങ്ങളിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത് :

അല്ലാഹുവിന്റെ മഹിത മഹത്വങ്ങളും, അധികാരാവകാശങ്ങളും അവയിലെല്ലാമുള്ള അവന്റെ ഏകത്വവും സ്പഷ്ടമാക്കുന്ന എത്രയോ ദൃഷ്ടാന്തങ്ങൾ ഈ ആകാശഭൂമികളിൽ മനുഷ്യൻ കണ്ടും അനുഭവിച്ചും കൊണ്ടിരിന്നിട്ടും അവരിലധികമാളുകളും അവയിലടങ്ങിയ യുക്തി രഹസ്യങ്ങൾ അംഗീകരിക്കാൻ കൂട്ടാക്കാതെ, നിഷേധികളും അവിശ്വാസികളും ആയി തന്നെ തുടരുന്നു. അല്ലാഹുവിൽ വിശ്വസിക്കുന്നവരിലാകട്ടെ അധിക ഭാഗം ആളുകളും, ഒരു വിധത്തിലല്ലെങ്കിൽ മററൊരു വിധത്തിൽ ശിർക്ക് പുലർത്തി പോരുന്നവരാകുന്നു - അഥവാ ശിർക്ക് ഒട്ടും കലരാത്ത ശുദ്ധ തൗഹീദിൽ വിശ്വസിക്കുന്നവർ വളരെ കുറവായിരിക്കും.

തൗഹീദ് അടിസ്ഥാന തത്വമായിട്ടുള്ള ഇസ്ലാം മതത്തിലെ ഭൂരിപക്ഷം ജനങ്ങളുടെയും ഇന്നത്തെ സ്ഥിതി തന്നെ എത്ര മാത്രം ദയനീയമാണ്. പല വിധത്തിലുമുള്ള ശിർക്കൻ ആചാരങ്ങൾ, അവരിലുള്ള സാധാരണക്കാർ, പണ്ഡിതൻമാരുടെ അനുഗ്രഹാശിസ്സുകളോടെ നിലനിർത്തിപോരുന്നു- അവ നില നിർത്തി കൊണ്ട് പോകുവാൻ

സ്വാർത്ഥതൽപരരായ പണ്ഡിത സമൂഹം പ്രോത്സാഹിപ്പിച്ച് കൊണ്ടുമിരിക്കുന്നു. പ്രത്യക്ഷത്തിൽ ദൈവമായി അല്ലാഹുവിനെ മാത്രം അംഗീകരിക്കുന്ന ഇക്കൂട്ടർ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിലും ഗുണഗണങ്ങളിലും, മററ് ചിലരെ പങ്കാളികളാക്കി വരുന്നു. അല്ലാഹുവല്ലാത്തവരുടെ പ്രീതിക്കായി സൽക്കർമ്മങ്ങൾ ചെയ്യുക, അല്ലാഹുവല്ലാത്തവരുടെ നാമത്തിൽ സത്യം ചെയ്യുക, അല്ലാഹുവല്ലാത്തവർക്ക് വേണ്ടി നേർച്ച നേരുക, പുണ്യാത്മാക്കളെ വിളിച്ച് പ്രാർത്ഥിക്കുക, ഉറുക്ക് കവചാദികൾ ഉപയോഗിക്കുക, പ്രശ്നക്കാരെയും ഗണിതക്കാരെയും സമീപിക്കുക എന്നിങ്ങനെയുള്ള ശിർക്കൻ ആചാരങ്ങൾ അവർ നിത്യജീവിതത്തിൽ പുലർത്തിപോരുന്നു.

"ശിർക്ക് ഒരുവനിൽ ഉറുമ്പ് അരിച്ച് വരുന്നതിനേക്കാൾ ഗൂഢമായി വന്ന് ചേരുന്നതാണ്" എന്ന് ഒരു പ്രസംഗത്തിൽ പറഞ്ഞ നബി(സ) തിരുമേനി, അതിൽ നിന്നും രക്ഷപെടാനായി താഴെ പറയുന്ന പ്രാർത്ഥന പഠിപ്പിക്കുകയുണ്ടായി: اللّهمّ إنّي أعوذ بك ان أشرك بك وانا اعلم و استغفرك لمالا اعلم സാരം: അല്ലാഹുവേ അറിഞ്ഞു കൊണ്ട് നിന്നിൽ പങ്ക് ചേർക്കുന്നതിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു. അറിയാവതല്ലാത്തതിനെ കുറിച്ച് ഞാൻ നിന്നോട് പൊറുക്കലിനപേക്ഷിക്കുകയും ചെയ്യുന്നു.

107-ാം വചനത്തിലൂടെ അല്ലാഹു ശിർക്ക് ചെയ്യുന്നവർക്ക് ശക്തമായ താക്കീത് നൽകുന്നു. അവർക്ക് തടുക്കുവാൻ കഴിയാത്ത വമ്പിച്ച ശിക്ഷ ബാധിക്കുന്നതോ, ഓർക്കാപ്പുറത്ത് ലോകവസാനഘട്ടം വന്ന് അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുന്നതോ അവർ കാത്തിരുന്നുകൊള്ളട്ടെ.

എല്ലാ തരം ശിർക്കുകളിൽ നിന്നും അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ - ആമീൻ

---

**വചനം 108**

قُلْ هَٰذِهِۦ سَبِيلِىٓ أَدْعُوٓا۟ إِلَى ٱللَّهِ ۚ عَلَىٰ بَصِيرَةٍ أَنَا۠ وَمَنِ ٱتَّبَعَنِى ۖ وَسُبْحَٰنَ ٱللَّهِ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ ١٠٨

108 (നബിയേ) പറയുക: "ഇതാ എൻെറ മാർഗ്ഗം; ഞാൻ അല്ലാഹുവിലേക്ക് ക്ഷണിച്ചു കൊണ്ടിരിക്കുന്നു- (ഉൾകാഴ്ച നൽകുന്ന) തെളിവോടെ (ത്തന്നെ); (അതെ) ഞാനും, എന്നെ പിൻപറ്റിയവരും (ക്ഷണിക്കുന്നു) അല്ലാഹു മഹാ പരിശുദ്ധനും! (അവനെ ഞാൻ വാഴ്ത്തുകയും ചെയ്യുന്നു) ഞാൻ മുശ്രിക്കുകളിൽ (പങ്കു ചേർക്കുന്നവരിൽ) പെട്ടവനല്ലതാനും.

അന്ധമായ നിലക്കോ വസ്തുനിഷ്ഠമല്ലാത്ത വിധത്തിലോ അല്ല , ശരിക്കും വ്യക്തമായ തെളിവും രേഖയും മുൻ നിർത്തി തന്നെയാണ് ഞാനും എന്നിൽ വിശ്വസിച്ച് പിൻപററികൊണ്ടിരിക്കുന്ന സത്യവിശ്വാസികളും ഈ സത്യമാർഗ്ഗത്തിലേക്ക് ജനങ്ങളെ ക്ഷണിച്ച് കൊണ്ടിരിക്കുന്നത്, എന്ന് പറയുവാനായി അല്ലാഹു നബി(സ)യോട് നിർദ്ദേശിക്കുന്നു. "പരിശുദ്ധനായ അല്ലാഹുവിനെ ഞാൻ സതുതിക്കുന്നു. ഞാൻ മുശ്രിക്കുകളിൽ പെട്ടവനല്ല," എന്നും റസൂൽ(സ) തിരുമേനി പ്രഖ്യാപിക്കുന്നു.

---

**വചനം 109**

وَمَآ أَرْسَلْنَا مِن قَبْلِكَ إِلَّا رِجَالًا نُّوحِىٓ إِلَيْهِم مِّنْ أَهْلِ ٱلْقُرَىٰٓ ۗ أَفَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَيَنظُرُوا۟ كَيْفَ كَانَ عَٰقِبَةُ ٱلَّذِينَ مِن قَبْلِهِمْ ۗ وَلَدَارُ ٱلْءَاخِرَةِ خَيْرٌ لِّلَّذِينَ ٱتَّقَوْا۟ ۗ أَفَلَا تَعْقِلُونَ ١٠٩

109 രാജ്യക്കാരിൽനിന്നും നാം 'വഹ്‌യു'(ദിവ്യ സന്ദേശം) നൽകിയിരുന്ന ചില പുരുഷൻമാരെയല്ലാതെ, നിനക്കു മുമ്പു നാം (ആരെയും റസൂലായി) അയച്ചിട്ടില്ല. ഇവർ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ?! അപ്പോൾ ഇവരുടെ മുമ്പുള്ളവരുടെ പര്യവസാനം എങ്ങിനെയാണുണ്ടായതെന്ന് ഇവർക്ക് നോക്കിക്കാണാമല്ലോ. സൂക്ഷ്മത പാലിച്ചവർക്ക് പരലോക ഭവനം തന്നെയാണ് ഉത്തമം. എന്നാൽ, നിങ്ങൾ ബുദ്ധി കൊടു (ത്തു ഗ്രഹി)ക്കുന്നില്ലേ?!

അതത് രാജ്യക്കാരിൽപെട്ടവരും പുരുഷൻമാരുമായ ആളുകളെ മാത്രമെ വഹ്‌യ് നൽകികൊണ്ടുള്ള റസൂലുകളായി നിയോഗിക്കുക പതിവുള്ളു, എന്ന് അല്ലാഹു വ്യക്തമാക്കുന്നു. മരുഭൂപ്രദേശങ്ങളല്ലാത്ത നഗരങ്ങളും പട്ടണങ്ങളും അടക്കമുള്ള നാടുകൾക്കാണ് രാജ്യങ്ങൾ (القرى) എന്ന് പറയുന്നത് . പൊതുവെ പെരുമാററത്തിൽ പാരുഷ്യവും ഇണക്കമില്ലായ്മയും ഉള്ളവരായിരിക്കും മരുഭൂവാസികൾ - അക്കൂട്ടർക്ക് പ്രബോധന കൃത്യം നിർവ്വഹിക്കുവാൻ വിഷമമുണ്ടായിരിക്കും. മലക്കുകളെ റസൂലുകളായി നിയോഗിക്കുന്ന പക്ഷം, അവരുടെ സ്വഭാവപ്രകൃതിയാകട്ടെ മനുഷ്യരിൽ നിന്നും വ്യത്യസ്തവുമായിരിക്കും. സ്ത്രീകളാണെങ്കിൽ അവരുടെ പ്രകൃത്യാ തന്നെയുള്ള പോരായ്മകളാൽ ദിവ്യദൗത്യം (രിസാലത്ത്) യഥാവിധി നർവ്വഹിക്കുവാൻ അവരെ അതിന് അനർഹരാക്കുന്നു.

'നുബുവ്വത്തു' (പ്രവാചകത്വം)മായി ബന്ധപ്പെട്ട് കൊണ്ടുള്ള രിസാലത്ത് (ദിവ്യ ദൌത്യം)നെ കുറിച്ചാണ് മേൽ പ്രസ്താവിച്ചത്. പ്രവാചകത്വം നൽകപ്പെടാതെ മലക്കുകളും ചിലപ്പോൾ അല്ലാഹുവിന്റെ ദൂതൻമാരായി അയക്കപ്പെടാറുണ്ട്. അത്പോലെ തന്നെ മൂസാ(അ)നബിയുടെ മാതാവിനും ഈസാ(അ)നബിയുടെ മാതാവിനും ലഭിച്ചത് പോലെയുള്ള ദൈവിക സന്ദേശങ്ങളും (വഹ്‌യ്) സ്ത്രീകൾക്കും പ്രവാചകൻമാരല്ലാത്ത ആളുകൾക്കും ലഭിച്ചെന്നും വരാം. ഇവരൊന്നും അക്കാരണത്താൽ പ്രവാചകൻമാരാണെന്നോ, മേൽപറഞ്ഞ അർത്ഥത്തിലുള്ള റസൂലുകളാണെന്നോ വരുന്നില്ല. തേനീച്ചക്ക് കൂടുണ്ടാക്കുവനുള്ള വൈദഗ്ദ്യം തോന്നിപ്പിച്ചതിനെ പററി പറഞ്ഞപ്പോൾ "തേനീച്ചക്ക് നിന്റെ റബ്ബ് വഹ്‌യ് നൽകി" (സൂ: നഹ്ൽ 68) എന്നാകുന്നു അല്ലാഹു പ്രസ്താവിച്ചത്. പ്രവാചകൻമാർക്ക് നൽകപ്പെടുന്ന വഹ്‌യിനെ പററി സൂ:ശൂറായിലെ 57-ാം വചനത്തിൽ വിശദമായി പ്രതിപാദിക്കപെട്ടിട്ടുണ്ട്.

മുൻകാലങ്ങളിൽ പല റസൂലുകളെയും ധിക്കരിച്ച അവരുടെ സമുദായങ്ങൾക്ക് നേരിട്ട ശിക്ഷാ സംഭവങ്ങളെ പറ്റി ഭൂമിയിലൂടെ സഞ്ചരിച്ച് മനസ്സിലാക്കുവാൻ തുടർന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. പക്ഷെ ബുദ്ധി ഉപയോഗിച്ച് ചിന്തിക്കുവാനും, കാര്യങ്ങൾ പ്രാപിക്കുവാനും അവർ തയ്യാറുണ്ടായിരിക്കണമെന്ന് മാത്രം.

---

**വചനം 110**

110 അങ്ങനെ, (അവസാനം) റസൂലുകൾ നിരാശയടയുകയും, തങ്ങളോട് കളവ് പറയപ്പെട്ടുവെന്ന് അവർ (ജനങ്ങൾ) കരുതുകയും ചെയ്തപ്പോൾ, അവർക്ക് (റസൂലുകൾക്ക്) നമ്മുടെ സഹായം വന്നു; അപ്പോൾ, നാം ഉദ്ദേശിച്ചിരുന്നവർ രക്ഷിക്കപ്പെട്ടു. നമ്മുടെ ശിക്ഷ കുറ്റവാളികളായ ജനങ്ങളിൽനിന്ന് തടുക്കപ്പെടുന്നതുമല്ല.

حَتَّىٰٓ إِذَا ٱسْتَيْـَٔسَ ٱلرُّسُلُ وَظَنُّوٓا۟ أَنَّهُمْ قَدْ كُذِبُوا۟ جَآءَهُمْ نَصْرُنَا فَنُجِّىَ مَن نَّشَآءُ ۖ وَلَا يُرَدُّ بَأْسُنَا عَنِ ٱلْقَوْمِ ٱلْمُجْرِمِينَ ﴿١١٠﴾

---

ഈ വചനത്തിന്റെ മൊത്തത്തിലുള്ള ആശയം ഇങ്ങനെ മനസ്സിലാക്കാവുന്നതാണ് - കഴിഞ്ഞ വചനത്തിൽ കണ്ടത് പോലെ പല രാജ്യക്കാരിലും അവരിൽ നിന്നുള്ള ചില പുരുഷൻമാരെ അല്ലാഹു റസൂലുകളാക്കി നിശ്ചയിച്ചു. വിശ്വസിച്ചവർക്ക് രക്ഷയും നിഷേധിച്ചവർക്ക് ശിക്ഷയും അനുഭവപെട്ടു. എന്നാൽ നബി(സ) തിരുമേനിയെ നിഷേധിച്ചതിന്റെ പേരിൽ തങ്ങൾക്ക് ഇത് വരേയും ഒരു ശിക്ഷയും അനുഭവപെട്ടില്ലല്ലൊ എന്ന് മക്കാമുശ്‌രിക്കുകൾ സമാധാനിച്ചിരിക്കേണ്ടതില്ല. സത്യനിഷേധികൾ വിശ്വസിച്ചേക്കുമെന്ന പ്രതീക്ഷ റസൂലുകൾക്ക് തീർത്തും നഷ്ടപെട്ട് മനസ്സ് മടുക്കുന്ന ഘട്ടം എത്തുമ്പോഴാണ് മുൻകാലങ്ങളിൽ അത് സംഭവിക്കാറുള്ളത്. അല്ലാതെ നിഷേധികൾ രംഗത്ത് വരുമ്പോഴേക്കും അവർക്ക് ശിക്ഷ അനുഭവപ്പെടുകയോ, റസൂലുകൾക്കും വിശ്വാസികൾക്കും തുടക്കം മുതൽക്കെ വിജയം കൈവരുകയോ ചെയ്യുന്ന പതിവ് മുമ്പും ഉണ്ടായിട്ടില്ല.

നിങ്ങളുടെ കഴിഞ്ഞ് പോയവരുടെ മാതിരി നിങ്ങൾക്കും സംഭവിക്കാതെ, സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ നിങ്ങൾക്കാകുകയില്ലെന്നും മുമ്പുള്ളവർക്ക് കഷ്ടതകളും കഠിന ബുദ്ധിമുട്ടുകളും ബാധിക്കുക ഉണ്ടായിട്ടുണ്ടെന്നും ഉണർത്തിയ ശേഷം സൂ: അൽബഖറ 214ൽ അല്ലാഹു പറയുന്നു:

"റസൂലും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും, എപ്പോഴായിരിക്കും അല്ലാഹുവിന്റെ സഹായം എന്ന് പറയുന്നതു വരെ അവർ കിടിലം കൊള്ളിക്കപ്പെടുകയും ചെയ്തു." അത്പോലെയുള്ള ഒരു ആശയം ഉൾക്കൊള്ളുന്നതാണ് ഈ സൂറത്തിലെ ഈ വചനവും.

**വചനം 111**

لَقَدْ كَانَ فِي قَصَصِهِمْ عِبْرَةٌ لِّأُولِي ٱلْأَلْبَٰبِ ۗ مَا كَانَ حَدِيثًا يُفْتَرَىٰ وَلَٰكِن تَصْدِيقَ ٱلَّذِي بَيْنَ يَدَيْهِ وَتَفْصِيلَ كُلِّ شَيْءٍ وَهُدًى وَرَحْمَةً لِّقَوْمٍ يُؤْمِنُونَ ﴿١١١﴾

111 തീർച്ചയായും, അവരുടെ (മേൽപ്രസ്താവിക്കപ്പെട്ടവരുടെ) കഥാ വിവരണത്തിൽ (സൽ) ബുദ്ധിമാൻമാർക്ക് ഉറ്റാലോചിക്കുവാനുള്ളത് (ചിന്താപാഠം) ഉണ്ട്. ഇത് (ഖുർആൻ) കെട്ടിയുണ്ടാക്കപ്പെടുന്ന ഒരു വർത്തമാനമല്ല. എങ്കിലും, ഇതിൻെറ മുമ്പുള്ളതിൻെറ സത്യസാക്ഷീകരണവും (ആവശ്യമായ) എല്ലാ കാര്യത്തിൻെറയും വിശദീകരണവുമത്രെ, വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗ്ഗദർശനവും കാരുണ്യവുമാകുന്നു (അത്).

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

അല്ലാഹു ഖുർആനിൽ വിവരിച്ചു തന്ന ചരിത്രസംഭവങ്ങളിൽ നിന്ന് പാഠം പഠിച്ച് ഉററാലോചിക്കുകയും ഖുർആന്റെ മാർഗ്ഗദർശനം യഥാവിധി സ്വീകരിക്കുക വഴി അവന്റെ കാരുണ്യത്തിന് അർഹരായിത്തീരുകയും ചെയ്യുന്ന ബുദ്ധിമാൻമാരായ സത്യവിശ്വാസികളിൽ അവൻ നമ്മെയെല്ലാം ഉൾപെടുത്തി അനുഗ്രഹിക്കട്ടെ- ആമീൻ.

# 13. സൂറത്തു റഅ്ദ് (ഇടിനാദം)

**മദീനയിൽ അവതരിച്ചത്** (മക്കയിൽ അവതരിച്ചതെന്നും പറയപ്പെട്ടിട്ടുണ്ട്)

വചനങ്ങൾ 43, വിഭാഗം (റുക്കൂഅ്) - 6

കേവലാക്ഷരങ്ങൾ കൊണ്ട് ആരംഭിക്കുന്ന സൂറത്തുകളിൽ ഒന്നാകുന്നു ഈ സൂറത്ത്. ഇതേക്കുറിച്ച് സൂ: ബഖറയുടെ പ്രാരംഭത്തിൽ വിവരിച്ചിട്ടുള്ളത് നോക്കുക. പതിമൂന്നാം വചനത്തിൽ 'ഇടിനാദം' സംബന്ധിച്ചുള്ള പരാമർശം കാണാം, അതിൽ നിന്നാണ് ഇടിനാദം എന്നർത്ഥമായ 'റഅ്ദ്' എന്ന് ഈ സൂറത്തിന് പേർ വന്നത്.

## വിഭാഗം 1

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1, 2**

الٓمٓر ۚ تِلْكَ ءَايَٰتُ ٱلْكِتَٰبِ ۗ وَٱلَّذِي أُنزِلَ إِلَيْكَ مِن رَّبِّكَ ٱلْحَقُّ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يُؤْمِنُونَ ﴿١﴾

ٱللَّهُ ٱلَّذِي رَفَعَ ٱلسَّمَٰوَٰتِ بِغَيْرِ عَمَدٍ تَرَوْنَهَا ۖ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۖ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ ۖ كُلٌّ يَجْرِي لِأَجَلٍ مُّسَمًّى ۚ يُدَبِّرُ ٱلْأَمْرَ يُفَصِّلُ ٱلْءَايَٰتِ لَعَلَّكُم بِلِقَآءِ رَبِّكُمْ تُوقِنُونَ ﴿٢﴾

1 'അലിഫ്-ലാം-മീം-റാ.' ഇവ(വേദ) ഗ്രന്ഥത്തിൻെറ 'ആയത്തു' (സൂക്തം) കളത്രെ. നിൻെറ റബ്ബിങ്കൽനിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് യഥാർത്ഥവുമാകുന്നു. എങ്കിലും, മനുഷ്യരിൽ അധികപേരും (അതിൽ) വിശ്വസിക്കുന്നില്ല.

2 അല്ലാഹുവത്രെ, നിങ്ങൾക്ക് കാണാവുന്ന തൂണുകളൊന്നും കൂടാതെ ആകാശങ്ങളെ ഉയർത്തി (നിറുത്തി)യവൻ. പിന്നെ, അവൻ 'അർശി'ൽ (സിംഹാസനത്തിൽ) ആരോഹണം ചെയ്തിരിക്കുന്നു. സൂര്യനെയും, ചന്ദ്രനെയും അവൻ (നിയന്ത്രണ) വിധേയമാക്കുകയും ചെയ്തിരിക്കുന്നു; എല്ലാം (തന്നെ) ഒരു നിർണ്ണയിക്കപ്പെട്ട അവധിവരേക്ക് സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. അവൻ കാര്യം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു; ആയത്തു (ലക്ഷ്യ

ദൃഷ്ടാന്തം) കൾ വിശദീകരിച്ചു തരുന്നു. (അതെ) നിങ്ങളുടെ റബ്ബിനെ കണ്ടുമുട്ടുന്നതിനെപ്പറ്റി നിങ്ങൾ ഉറച്ചു വിശ്വസിക്കുവാൻവേണ്ടി.

---

"നിങ്ങൾക്ക് കാണാവുന്ന തൂണുകൾ കൂടാതെ, ആകാശങ്ങളെ ഉയർത്തിയിരിക്കുന്നു" എന്ന് പറഞ്ഞതിൽ നിന്നും മനുഷ്യർക്ക് കാണാവുന്നതല്ലാത്ത ഏതെങ്കിലും തൂണുകൾ ആകാശങ്ങൾക്ക് ഉണ്ടായിരിക്കാമെന്ന് വരുന്നു (ശാസ്ത്രം അതിന് ആകർഷണ ശക്തി എന്ന് പേര് നൽകി തൃപ്തിപെടുന്നു.) അല്ലാഹുവിന്റെ മഹത്തായ കഴിവ(القدرة)ത്രേ അത്. ഉപരിഭാഗത് സ്ഥിതി ചെയ്യുന്ന എല്ലാ ഗ്രഹങ്ങളും നക്ഷത്രലോകങ്ങളും ഒന്നൊഴിയാതെ അതാതിന് നിശ്ചയിക്കപെട്ട സഞ്ചാരമാർഗ്ഗങ്ങളിൽ നിന്നും തെറ്റാതെ നില നിർത്തികൊണ്ട് അല്ലാഹു സർവ്വതും നിയന്ത്രിക്കുന്നു -നിശ്ചയിക്കപെട്ട ഒരു കാലാവധി വരേക്കും. ലോകാവസാനത്തോടെ ഈ വ്യവസ്ഥ മാറി മറ്റൊരു വ്യവസ്ഥ അല്ലാഹു നിലവിൽ വരുത്തുന്നതാണ്.

"അല്ലാഹു അർശിൽ ആരോഹണം ചെയ്തു" എന്ന് പറഞ്ഞതിനെ പറ്റി സൂ: അഅ്റാഫ്: 54, സൂ: യൂനുസു : 3, സൂ: സജദ : 4 ; സൂ: ഹദീദ്: 4 എന്നിവിടങ്ങളിൽ വിശദീകരിക്കപെട്ടിട്ടുണ്ട്. അല്ലാഹുവിന്റെ സിംഹാസനാരോഹണത്തെ സംബന്ധിച്ച് അതെങ്ങനെയെന്ന് തിട്ടപെടുത്തുവാൻ നമുക്ക് സാധ്യമല്ലെങ്കിലും ചെറുതും വലുതുമായ എല്ലാ അഖിലാണ്ഡ കാര്യങ്ങളും അവന്റെ അധികാരത്തിലും നിയന്ത്രണത്തിലുമാണെന്ന തത്വമാണ് ഈ വചനങ്ങളിലടങ്ങിയിരിക്കുന്നത്. മനുഷ്യർക്ക് മരണാനന്തരം അല്ലാഹുവിനെ കണ്ട് മുട്ടേണ്ടിവരുമെന്നും, രണ്ടാമതൊരു ജീവിതമുണ്ടെന്നും, അവർ ഉറച്ച് വിശ്വസിക്കുവാൻ വേണ്ടിയാകുന്നു, അല്ലാഹു ഈ വചനങ്ങളിലും തുടർന്നുള്ള വചനങ്ങളിലും നിത്യസത്യങ്ങളായ ലക്ഷ്യദൃഷ്ഠാന്തങ്ങൾ വിവരിക്കുന്നത്.

---

**വചനം 3, 4**

3 അവനത്രെ, ഭൂമിയെ വിശാലപ്പെടുത്തുകയും, അതിൽ ഉറച്ചുനിൽക്കുന്ന മലകളെയും നദികളെയും ഉണ്ടാക്കുകയും ചെയ്തവനും. എല്ലാ ഫലവർഗ്ഗങ്ങളിൽനിന്നും തന്നെ, അതിൽ അവൻ ഈരണ്ട് ഇണകളെ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. രാത്രിയെ അവൻ പകലിന് മൂടിയിടുന്നു. നിശ്ചയമായും, അതിൽ (ഒക്കെയും) ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്.

وَهُوَ ٱلَّذِى مَدَّ ٱلْأَرْضَ وَجَعَلَ فِيهَا رَوَٰسِىَ وَأَنْهَٰرًا ۖ وَمِن كُلِّ ٱلثَّمَرَٰتِ جَعَلَ فِيهَا زَوْجَيْنِ ٱثْنَيْنِ ۖ يُغْشِى ٱلَّيْلَ ٱلنَّهَارَ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يَتَفَكَّرُونَ ﴿٣﴾

4 ഭൂമിയിൽ (തന്നെ)പരസ്പരം സമീപത്ത് നിലകൊള്ളുന്ന പല (തരം) ഖണ്ഡങ്ങളും, മുന്തിരികളുടേതായ പല (തരം)തോട്ടങ്ങളും, കൃഷികളുമുണ്ട്; ഇണച്ചമുള്ളവയും, ഇണച്ചമുള്ളതല്ലാത്തതുമായ ഈത്തപ്പനകളും (ഉണ്ട്): ഒരേ വെള്ളം കൊണ്ട് അതിനു നനക്കപ്പെടുന്നു(എന്നിട്ടും). അവയിൽ ചിലതിനെ ചിലതിനേക്കാൾ തീറ്റയിൽ നാം ശ്രേഷ്ഠമാക്കുന്നു. നിശ്ചയമായും, അതിൽ (ഒക്കെയും) ബുദ്ധി കൊടു(ത്തുഗ്രഹി)ക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.

وَفِى ٱلْأَرْضِ قِطَعٌ مُّتَجَٰوِرَٰتٌ وَجَنَّٰتٌ مِّنْ أَعْنَٰبٍ وَزَرْعٌ وَنَخِيلٌ صِنْوَانٌ وَغَيْرُ صِنْوَانٍ يُسْقَىٰ بِمَآءٍ وَٰحِدٍ وَنُفَضِّلُ بَعْضَهَا عَلَىٰ بَعْضٍ فِى ٱلْأُكُلِ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يَعْقِلُونَ ﴿٤﴾

---

ഈ വചനങ്ങളിൽ ഭൂമിയിലെ മറ്റേതാനും ദൃഷ്ടാന്തങ്ങളെ അല്ലാഹു ഓർമ്മിപ്പിക്കുന്നു.

: ഭൂമിയെ പരത്തി വിശാലമാക്കിയത് : ഭുമി യഥാർത്ഥത്തിൽ ഗോളാകൃതിയാണെങ്കിലും അതിലെ നിവാസികൾക്കായി അത് പരത്തി വിശാലമാക്കപെട്ടിരിക്കുന്നു. ഭുമിയെ ഉറപ്പിച്ച് നിർത്തുമാറ് വമ്പിച്ച മലകളെ സ്ഥാപിച്ചിരിക്കുന്നു.

: ഭൂമിയിലെ ജലം ഉപയോഗപെടുത്തക്ക വിധത്തിൽ നദികളെയും സമുദ്രങ്ങളെയും ഏർപെടുത്തിയത്.

: വിവിധതരം ഫല വർഗ്ഗങ്ങളെ ഉൽപാദിപ്പിക്കുകയും അവയുടെ നില നിൽപിനായി രണ്ട് വീതം ഇണകളെ ഏർപെടുത്തുകയും ചെയ്തിരിക്കുന്നത്.

: പകൽ പലവിധ ജോലിത്തിരക്കുകളിൽ മുഴുകിയിരിക്കുന്ന ജനങ്ങൾക്ക് വിശ്രമത്തിനായി രാത്രിയെ കൊണ്ട്, പകലിനെ മുടി ഇരുട്ടും സ്വസ്ഥതയും പ്രദാനം നൽകിയിരിക്കുന്നു.

: അടുത്തടുത്ത് സ്ഥിതി ചെയ്യുന്നതും എന്നിട്ടും വ്യത്യസ്ത സ്വഭാവങ്ങളോടു കൂടിയതുമായ ഭൂപ്രദേശങ്ങൾ ഏർപ്പെടുത്തിയത് - മരുഭൂമി, വനഭൂമി, കൃഷിനിലം, തരിശ്നിലം, മണൽപ്രദേശം, ചളിപ്രദേശം എന്നിങ്ങനെ വ്യത്യാസപ്പെട്ട് കൊണ്ട് വിവിധോദ്ദേശങ്ങൾക്കായി നിർണ്ണയിക്കപ്പെട്ട ഭൂതലങ്ങൾ.

: പല ഇനങ്ങളിലുമുള്ള മുന്തിരി, ഈന്തപ്പന മുതലായ ഫല വൃക്ഷങ്ങൾ സൃഷ്ടിക്കപ്പെട്ടത്. ഈന്തപ്പനകളിൽ തന്നെ ഒരേ മുരടിൽ നിന്ന് ഒന്നിലധികം ശാഖകൾ ഉള്ളതും ഒററത്തടി മാത്രമുള്ളതുമായവ ഉൽപ്പാദിപ്പിക്കപ്പെടുന്നു. (ഒരേ വെള്ളം കൊണ്ടാണ് അവ നനയ്ക്കപ്പെടുന്നതെങ്കിലും, പല തരത്തിലാണവ വളരുന്നത്.)

: ഓരോന്നിൽ നിന്നും ലഭിക്കുന്ന ഭോജ്യവസ്തുക്കളെ വ്യത്യസ്തമായ മെച്ചവും ഗുണവും പോഷണവും രുചിയും ഉള്ളവയാക്കിത്തീർത്തിരിക്കുന്നു.

മനുഷ്യൻ നിത്യേന അനുഭവിച്ചു കൊണ്ടിരിക്കുന്ന മേൽ പറഞ്ഞ അനുഗ്രഹങ്ങൾ അവയുടെ പിന്നിലെ ആ മഹാശക്തിയാകുന്ന സൃഷ്ടാവിനെ പററി ഓർമ്മിക്കുവാൻ മതിയായ ദൃഷ്ടാന്തങ്ങളാകുന്നു. ഇവയെല്ലാം സ്വയം സംഭവിക്കുന്നതാണെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ അവർ ഒന്നുകിൽ വിഡ്ഢികളായിരിക്കും അതല്ലെങ്കിൽ വക്രബുദ്ധികളായിരിക്കും എന്ന് തീർത്ത് പറയാവുന്നതാണ്.

**വചനം 5**

۞ وَإِن تَعْجَبْ فَعَجَبٌ قَوْلُهُمْ أَءِذَا كُنَّا تُرَٰبًا أَءِنَّا لَفِى خَلْقٍ جَدِيدٍ ۗ أُو۟لَٰٓئِكَ ٱلَّذِينَ كَفَرُوا۟ بِرَبِّهِمْ ۖ وَأُو۟لَٰٓئِكَ ٱلْأَغْلَٰلُ فِىٓ أَعْنَاقِهِمْ ۖ وَأُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ ۖ هُمْ فِيهَا خَٰلِدُونَ ﴿٥﴾

5 നീ അത്ഭുതപ്പെടുന്നുവെങ്കിൽ അത്ഭുതമത്രെ അവരുടെ വാക്ക്. "ഞങ്ങൾ മണ്ണായിട്ടാണോ ഞങ്ങൾ (വീണ്ടും) ഒരു പുതിയ സൃഷ്ടിപ്പിലായിത്തീരുന്നത്?!" (ഈ വാക്കിനെപ്പററിയാണ് നീ അത്ഭുതപ്പെടേണ്ടത്) അക്കൂട്ടർ, തങ്ങളുടെ റബ്ബിൽ അവിശ്വസിച്ചവരത്രെ; അക്കൂട്ടരാകട്ടെ, വിലങ്ങുകൾ അവരുടെ കഴുത്തുകളിലുണ്ടായിരിക്കും; അക്കൂട്ടർ, നരകത്തിൻെറ ആൾക്കാരുമാകുന്നു. അവരതിൽ നിത്യവാസികളുമായിരിക്കും.

---

മേൽ പറഞ്ഞ ദൃഷ്ടാന്തങ്ങളുടെ നേരെ കണ്ണടച്ച് കൊണ്ട് ഞങ്ങൾ മരിച്ച് മണ്ണായിട്ട് വീണ്ടും പുതുതായി സൃഷ്ടിക്കപ്പെടുകയോ എന്നവർ പരിഹാസരൂപത്തിൽ ചോദിക്കുന്നു. വല്ല വിഷയത്തിലും അത്ഭുതപ്പെടാമെങ്കിൽ ഈ ചോദ്യത്തിലല്ലേ അത്ഭുതപ്പെടേണ്ടത്. സത്യനിഷേധികളായ അവിശ്വാസികൾ ഇപ്പോൾ സ്വതന്ത്രരായി കഴിയുന്നുണ്ടെങ്കിലും നരകത്തിൽ അവരുടെ കഴുത്തുകളിൽ വിലങ്ങുകളാൽ ബന്ധിക്കപ്പെട്ടിരിക്കും, അവർ നരകത്തിൽ നിത്യവിശ്വാസികളുമായിരിക്കും.

**വചനം 6, 7**

وَيَسْتَعْجِلُونَكَ بِٱلسَّيِّئَةِ قَبْلَ ٱلْحَسَنَةِ وَقَدْ خَلَتْ مِن قَبْلِهِمُ ٱلْمَثُلَٰتُ ۗ وَإِنَّ رَبَّكَ لَذُو مَغْفِرَةٍ لِّلنَّاسِ عَلَىٰ ظُلْمِهِمْ ۖ

6 (നബിയേ) അവർ നിന്നോട് നൻമക്ക് മുമ്പായി തിൻമക്ക് ധൃതി കൂട്ടിക്കൊണ്ടിരിക്കുന്നു; അവരുടെമുമ്പ് മാതൃകാശിക്ഷകൾ (പലതും) കഴിഞ്ഞുപോയിട്ടുണ്ടുതാനും. (അതവർ ഓർക്കുന്നില്ല) നിശ്ചയമായും നിൻെറ റബ്ബ് മനുഷ്യരുടെ അക്രമത്തോടുകൂടി (യും) അവർക്ക്

وَإِنَّ رَبَّكَ لَشَدِيدُ ٱلْعِقَابِ ٦

പാപമോചനം നൽകുന്നവൻ തന്നെ. നിശ്ചയമായും, നിൻെറ റബ്ബ്, കഠിനമായ ശിക്ഷാ നടപടിയെടുക്കുന്നവനും തന്നെയാകുന്നു.

وَيَقُولُ ٱلَّذِينَ كَفَرُوا۟ لَوْلَآ أُنزِلَ عَلَيْهِ ءَايَةٌ مِّن رَّبِّهِۦٓ ۗ إِنَّمَآ أَنتَ مُنذِرٌ ۖ وَلِكُلِّ قَوْمٍ هَادٍ ٧

7 (ആ) അവിശ്വസിച്ചവർ പറയുന്നു: “ഇവൻെറ റബ്ബിങ്കൽനിന്ന് ഒരു (പ്രത്യേക) ദൃഷ്ടാന്തം ഇവന് അവതരിപ്പിക്കപ്പെടാത്തതെന്ത്?'' (നബിയേ) നീ ഒരു മുന്നറിയിപ്പ് നൽകുന്നവൻ മാത്രമാകുന്നു. എല്ലാ ജനങ്ങൾക്കുമുണ്ട് ഒരു വഴികാട്ടി. (ഇവരുടെ വഴികാട്ടിയത്രെ നീ).

---

രക്ഷക്കും സമാധാനത്തിനും ആഗ്രഹിക്കുകയോ സത്യവിശ്വാസം വഴി അതിനുള്ള മാർഗ്ഗം അവലംബിക്കുകയോ ചെയ്യാതെ, അതിന് മുമ്പായി തങ്ങളോട് താക്കീത് ചെയ്യപ്പെടുന്ന ആ ശിക്ഷ ഇങ്ങോട്ട് വരട്ടെ എന്ന് മുശ്‌രിക്കുകൾ ധൃതി കൂട്ടുകയാണ്. ഇവരെപോലെയുള്ള നിഷേധികൾ അല്ലാഹുവിങ്കൽ നിന്നുള്ള കടുത്ത ശിക്ഷ മുൻകാലങ്ങളിൽ അനുഭവിച്ച് കഴിഞ്ഞിട്ടുണ്ട്. ഇവരുടെ മേൽ അല്ലാഹു പെട്ടെന്ന് നടപടി എടുക്കാതിരിക്കുന്നത് അല്ലാഹുവിന്റെ ഔദാര്യം കൊണ്ട് മാത്രമാകുന്നു. ശിക്ഷാ നടപടികൾ എടുക്കുമ്പോഴാകട്ടെ അത് കഠിനതരവുമായിരിക്കും.

അതേ മുശ്‌രിക്കുകളുടെ മറ്റൊരു പരിഹാസമാകുന്നു രണ്ടാമത്തെ വചനത്തിൽ. നബി(സ) യുടെ സത്യത തെളിയിക്കുന്ന അനേകം ദൃഷ്ടാന്തങ്ങൾ മുന്നിലുണ്ടായിട്ടും അവർ വീണ്ടും വേറെ ദൃഷ്ടാന്തങ്ങൾ ചോദിച്ചുകൊണ്ടിരിക്കും (6:8; 10:20; 25:21; 17:90,93 എന്നീ വചനങ്ങൾ നോക്കുക) ഇതിനുള്ള അല്ലാഹുവിന്റെ മറുപടി ഇതാകുന്നു - ദൃഷ്ടാന്തങ്ങൾ കാട്ടി കൊടുക്കുവാനുള്ള ചുമതലയോ അതിനുള്ള കഴിവോ നബി(സ)ക്കില്ല. അവിടുന്ന് ഒരു താക്കീതുകാരൻ മാത്രമാകുന്നു. എല്ലാ സമുദായങ്ങൾക്കും അല്ലാഹു ഇപ്രകാരം ദൂതൻമാരെ അയക്കുകയുണ്ടായിട്ടുമുണ്ട്.

**വിഭാഗം: 2**

**വചനം 8,9,10**

ٱللَّهُ يَعْلَمُ مَا تَحْمِلُ كُلُّ أُنثَىٰ وَمَا تَغِيضُ ٱلْأَرْحَامُ وَمَا تَزْدَادُ ۖ وَكُلُّ شَىْءٍ عِندَهُۥ بِمِقْدَارٍ ٨

8 എല്ലാ (ഓരോ) പെണ്ണും ഗർഭം ധരിക്കുന്നത് അല്ലാഹു അറിയുന്നു; ഗർഭാശയങ്ങൾ കുറവ് വരുത്തുന്നതും. അവ(ക്ക്) വർദ്ധനവ് വരുന്നതും (അറിയുന്നു). എല്ലാ കാര്യവും (തന്നെ) അവൻെറ അടുക്കൽ ഒരു (നിശ്ചിത) തോതനുസരിച്ചാകുന്നു.

عَٰلِمُ ٱلْغَيْبِ وَٱلشَّهَٰدَةِ ٱلْكَبِيرُ ٱلْمُتَعَالِ ٩

9 (അവൻ) അദൃശ്യത്തെയും, ദൃശ്യത്തെയും അറിയുന്നവനാണ്; മഹാനാണ്; അത്യുന്നതനായുള്ളവനാണ്.

سَوَآءٌ مِّنكُم مَّنْ أَسَرَّ ٱلْقَوْلَ وَمَن جَهَرَ بِهِۦ وَمَنْ هُوَ مُسْتَخْفٍۭ بِٱلَّيْلِ وَسَارِبٌۢ بِٱلنَّهَارِ ١٠

10 നിങ്ങളിൽനിന്ന് വാക്കിനെ രഹസ്യമാക്കിയവനും, അതിനെ പരസ്യമാക്കിയവനും (അവൻെറ അടുക്കൽ) സമമാകുന്നു; യാതൊരുവൻ രാത്രിയിൽ ഒളിഞ്ഞിരിക്കുന്നുവോ അവനും, പകലിൽ വെളിക്ക് വരുന്നവനും (സമമാണ്).

അല്ലാഹുവിന്റെ സൂക്ഷ്മജ്ഞാനം വെളിപ്പെടുത്തുന്നതാണ് ഈ വചനങ്ങൾ - ഓരോ സ്ത്രീയും ഗർഭം ധരിക്കുന്നതിനെയും അതിൽ വരുന്ന ഏററകുറവുകളെയും ഗർഭസ്ഥശിശുവിന്റെ വിശദവിവര

ങ്ങളും അവൻ അറിയുന്നവനാകുന്നു. ഓരോരോ വസ്തുവിനും, കാര്യത്തിനും ഓരോ തോതും കണക്കും അവൻ നിശ്ചയിച്ചിരിക്കുന്നു. രഹസ്യ പരസ്യങ്ങളും ദൃശ്യങ്ങളും അദൃശ്യങ്ങളും എല്ലാം അറിയുന്ന അത്യുന്നതനും മഹാനുമാകുന്നു അല്ലാഹു. കൂരിരുട്ടിൽ മറഞ്ഞിരിക്കുന്നവനും, പകൽ വെളിച്ചത്തിൽ വെളിയിൽ നടക്കുന്നവനും അല്ലാഹുവിന്റെ അടുക്കൽ സമമാകുന്നു. നബി(സ) ഇപ്രകാരം അരുളിയതായി ഇബ്നു ഉമർ(റ) ഉദ്ധരിച്ചിരിക്കുന്നു:

അദൃശ്യ ജ്ഞാനത്തിന്റെ താക്കോലുകൾ (പ്രധാന വിഷയങ്ങൾ) അഞ്ചെണ്ണമാകുന്നു. അല്ലാഹു അല്ലാതെ അവ അറിയുകയില്ല. അവ ഇപ്രകാരമാകുന്നു:

നാളെ (ഭാവിയിൽ) എന്തുണ്ടാകുമെന്നത്; ഗർഭാശയങ്ങൾ കുറവ് വരുത്തുന്നതെന്താണെന്നത്: മഴ വരുക എപ്പോഴാണെന്നത്; എവിടെ വെച്ചാണ് ഒരാൾ മരിക്കുകയെന്നത്; അന്ത്യ സമയം എപ്പോഴാണ് നിലവിൽ വരികയെന്നത്.

ഭൂത വർത്തമാന- ഭാവി കാല വ്യത്യാസം കൂടാതെ സകല കാര്യങ്ങളും അല്ലാഹുവിന്റെ അറിവും നിശ്ചയവും അനുസരിച്ചേ സംഭവിക്കുകയുള്ളൂ.

മനുഷ്യരെ ആപത്തുകളിൽ നിന്ന് കാത്ത് രക്ഷിക്കുവാൻ വേണ്ടി അല്ലാഹു ചെയ്ത് വെച്ചിട്ടുള്ള ഏർപ്പാടുകളെക്കുറിച്ച് അടുത്ത വചനത്തിൽ അല്ലാഹു വിവരിക്കുന്നു.

---

വചനം 11

11 അവന് (മനുഷ്യന്) അവൻെറ മുമ്പിലൂടെയും, പിമ്പിലൂടെയും (ഒന്നിനുശേഷം ഒന്നായി) തുടർന്നുവരുന്ന ചില കൂട്ടങ്ങളുണ്ട്: അല്ലാഹുവിൻെറ കല്പനയാൽ അവർ അവനെ കാത്തുകൊണ്ടിരിക്കുന്നു. നിശ്ചയമായും, ഒരു ജനതയും അവരുടെ സ്വന്തങ്ങളിലുള്ളതിനെ (സ്വന്തം സ്ഥിതിഗതികളെ) മാറ്റം വരുത്തുന്നതുവരേക്കും അവരി(ൽ നിലവി)ലുള്ളതിനെ അല്ലാഹു മാറ്റം വരുത്തുകയില്ല. ഒരു ജനതയെപ്പറ്റി വല്ല തിൻമയും അല്ലാഹു ഉദ്ദേശിച്ചാൽ, അതിന് യാതൊരു തടവുമില്ല; അവനുപുറമെ ഒരു രക്ഷാധികാരിയും അവർക്കില്ലതാനും.

لَهُۥ مُعَقِّبَٰتٌ مِّنۢ بَيۡنِ يَدَيۡهِ وَمِنۡ خَلۡفِهِۦ يَحۡفَظُونَهُۥ مِنۡ أَمۡرِ ٱللَّهِۗ إِنَّ ٱللَّهَ لَا يُغَيِّرُ مَا بِقَوۡمٍ حَتَّىٰ يُغَيِّرُواْ مَا بِأَنفُسِهِمۡۗ وَإِذَآ أَرَادَ ٱللَّهُ بِقَوۡمٖ سُوٓءٗا فَلَا مَرَدَّ لَهُۥۚ وَمَا لَهُم مِّن دُونِهِۦ مِن وَالٍ ﴿١١﴾

- - - - - - - - - - - - - - - - - - - - - - - - - - - - - - - -

ഓരോ വിധത്തിലായി എല്ലായ്പ്പോഴും മലക്കുകൾ മനുഷ്യരോട് ബന്ധപെട്ട് വരുന്നുണ്ടെന്ന് പല ഹദീസുകളിൽ നിന്നും ചില ഖുർആൻ വചനങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാകുന്നു.

നബി(സ) ഒരു ഹദീസിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "ഒരു കൂട്ടം മലക്കുകൾ രാത്രിയും ഒരു കൂട്ടം മലക്കുകൾ പകലുമായി നിങ്ങളിൽ തുടർന്ന് വന്ന് കൊണ്ടിരിക്കും. സുബഹി നമസ്ക്കാരത്തിലും അസർ നമസ്ക്കാരത്തിലും അവർ ഒരുമിച്ച് ചേരും. അല്ലാഹുവിങ്കൽ അവർ കയറി ചെല്ലുമ്പോൾ തന്റെ അടിയാൻമാരെക്കുറിച്ചുള്ള അല്ലാഹുവിന്റെ ചോദ്യത്തിന് അവർ ഇപ്രകാരം മറുപടി പറയുന്നതാണ് - ഞങ്ങൾ അവരുടെ അടുക്കൽ ചെന്നത് അവർ നമസ്ക്കരിച്ച് കൊണ്ടിരുന്നപ്പോഴാണ്; ഞങ്ങൾ അവരെ വിട്ട് പോന്നതും അവർ നമസ്കരിച്ച് കൊണ്ടിരിക്കുമ്പോഴാണ്." (ബു. മു)

ഭൗതിക ദൃഷ്ടികൾക്കോ ശാസ്ത്രങ്ങൾക്കോ അജ്ഞാതമാണെങ്കിലും ഭൗമികമായകാര്യങ്ങളിൽ തന്നെയും മലക്കുകൾ പല തരത്തിലും മനുഷ്യനോട് ബന്ധപ്പെട്ട് വരുന്നുണ്ട്. മനുഷ്യന്റെ കർമ്മങ്ങളെല്ലാം രേഖപ്പെടുത്തികൊണ്ടിരിക്കുന്ന രണ്ട് മലക്കുകൾ അവന്റെ ഇടത്തും വലത്തുമായി സദാ നിലവിലുണ്ടെന്ന് 50:18; 82:10,11 എന്നീ വചനങ്ങളിൽ അല്ലാഹു അറിയിച്ചിട്ടുള്ളതാകുന്നു. അത്പോലെ അവന്റെ മുമ്പിലും പിന്നിലുമായി ഉപദ്രവങ്ങളിൽ നിന്നും കാക്കുന്ന മലക്കുകൾ ഊഴം വെച്ച് മാറി മാറി വന്നിരിക്കുന്നുണ്ടെന്ന് ഈ വചനം അറിയിക്കുന്നു. "എന്നാൽ അല്ലാഹുവിന്റെ വിധി നിശ്ചയം

വരുമ്പോൾ അവർ അവനിൽ നിന്ന് ഒഴിഞ്ഞ് പോകും" എന്ന് "അല്ലാഹുവിന്റെ കൽപനയാൽ അവർ അവനെ കാക്കുന്നു"എന്ന വചനത്തെ സംബന്ധിച്ച് ഇബ്നു് അബ്ബാസ്(റ) നിവേദനം ചെയ്തിരിക്കുന്നു.

"ഓരോ മനുഷ്യനെയും, അവന്റെ ഉറക്കിലും ഉണർച്ചയിലും, ജിന്ന്, മനുഷ്യർ, പ്രാണികൾ എന്നിവയിൽ നിന്നും കാക്കുവാൻ ഒരു മലക്ക് ചുമതലപെടുത്തപെട്ടിരിക്കുന്നു. അവയിൽ വല്ലതും അവനെ ഉദ്ദേശിച്ച് വരുമ്പോൾ, അല്ലാഹു അനുവാദം നൽകിയതൊഴിച്ച് ബാക്കി എല്ലാറ്റിൽ നിന്നും മലക്ക് അവനെ രക്ഷിക്കുന്നു." -എന്ന് മുജാഹിദ്(റ) പറഞ്ഞതായി നിവേദനം ചെയ്യപെട്ടിരിക്കുന്നു.

മനുഷ്യനെ ബാധിക്കുന്ന പലവിധ ആപത്തുകളിൽ നിന്നും അവനെ കാത്ത് കൊണ്ടിരിക്കുന്നമലക്കുകൾ അല്ലാഹുവിന്റെ വിധി വരുമ്പോൾ മാത്രം, അല്ലാഹു വിധിച്ചപോലെ വരട്ടെ എന്ന് വെച്ച് ഒഴിഞ്ഞ് നിൽക്കുമെന്നും, അലി(റ) പറഞ്ഞതായി രിവായത്ത് ചെയ്യപെട്ടിരിക്കുന്നു.

തുടർന്നുള്ള വാക്യങ്ങളിൽ ചില പ്രധാനപ്പെട്ട കാര്യങ്ങൾ അല്ലാഹു ഉണർത്തിയിരിക്കുന്നു:

1 ഒരു ജനത അവരുടെ സ്ഥിതി ഗതികളിൽ മാറ്റം വരുത്തുന്നത് വരെ അല്ലാഹു അവരുടെ സ്ഥിതിയിൽ മാറ്റം വരുത്തുകയില്ല: ഒരു ജന സമൂഹത്തിന്റെ അഭിവൃദ്ധിക്കൊ, ഭദ്രതക്കൊ, സമാധാനത്തിനോ തകരാറ് ബാധിക്കുന്നുവെങ്കിൽ അത് അവരുടെ തന്നെ ചെയ്തികളുടെ ഫലമായിരിക്കും-സമൂഹത്തിലെ എല്ലാ ഓരോ വ്യക്തിക്കും ആ ചെയ്തികളിൽ പങ്കുണ്ടായിക്കൊള്ളണമെന്നില്ല. "നിങ്ങളിൽ നിന്ന് അക്രമം പ്രവർത്തിച്ചവർക്ക് മാത്രമായി ബാധിക്കാത്ത കുഴപ്പത്തെ നിങ്ങൾ സൂക്ഷിക്കുവിൻ" എന്ന് സൂറത്ത് അൻഫാൽ : 25-ൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

ഒരു നബി വചനം ഇപ്രകാരമാകുന്നു : "അക്രമിയെ കണ്ടിട്ട് ജനങ്ങൾ അവന്റെ കൈക്ക് പിടിക്കുന്നില്ലെങ്കിൽ അല്ലാഹു തന്റെ പക്കൽ നിന്നുള്ള വല്ല ശിക്ഷയും അവർക്ക് പൊതുവായി ബാധിപ്പിക്കുന്നതാണ്."

2 ഏതെങ്കിലും ഒരു കൂട്ടർക്ക് വല്ല തിന്മയും ബാധിക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചാൽ അതിന് യാതൊരു തടസ്സവും ഉണ്ടായിരിക്കയില്ല. എന്നാൽ പ്രത്യേകമായ (അവരിൽ നിന്നുള്ള) കാരണമൊ, യുക്തമായ ലക്ഷ്യമൊ കൂടാതെ അല്ലാഹു അങ്ങനെ ഉദ്ദേശിക്കുകയില്ല തന്നെ.

3 മനുഷ്യരുടെ കൈകാര്യങ്ങൾ നടത്തുന്ന യഥാർത്ഥ രക്ഷാധികാരി അല്ലാഹു വല്ലാതെ മറ്റാരുമല്ല. ദിവ്യൻമാർക്കോ, മനുഷ്യദൈവങ്ങൾക്കൊ, ജിന്നുകൾക്കൊ പിശാചുകൾക്കൊ ഒന്നും തന്നെ അതിൽ യാതൊരു പങ്കുമില്ല.

---

**വചനം 12, 13**

هُوَ ٱلَّذِى يُرِيكُمُ ٱلْبَرْقَ خَوْفًا وَطَمَعًا وَيُنشِئُ ٱلسَّحَابَ ٱلثِّقَالَ ﴿١٢﴾ وَيُسَبِّحُ ٱلرَّعْدُ بِحَمْدِهِۦ وَٱلْمَلَٰٓئِكَةُ مِنْ خِيفَتِهِۦ وَيُرْسِلُ ٱلصَّوَٰعِقَ فَيُصِيبُ بِهَا مَن يَشَآءُ وَهُمْ يُجَٰدِلُونَ فِى ٱللَّهِ وَهُوَ شَدِيدُ ٱلْمِحَالِ ﴿١٣﴾

12 അവനത്രെ, (നിങ്ങൾ) ഭയപ്പെടുവാനും, മോഹിക്കുവാനുമായി നിങ്ങൾക്ക് മിന്നൽ കാണിച്ചുതരുന്നവൻ. ഘനവത്തായ മേഘങ്ങളെ അവൻ ഉണ്ടാക്കുകയും ചെയ്യുന്നു.

13 അവനെ സ്തുതിച്ചുകൊണ്ട് ഇടി 'തസ്ബീഹ്' (പ്രകീർത്തനം) നടത്തുകയും ചെയ്യുന്നു; അവനെക്കുറിച്ചു ഭയം നിമിത്തം മലക്കുകളും ('തസ്ബീഹു' നടത്തുന്നു). ഇടിത്തീകളെയും അവൻ അയക്കുന്നു; എന്നിട്ട് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അവയെ ബാധിപ്പിക്കുന്നു. അവർ (അവിശ്വാസികൾ) അല്ലാഹുവിൻെറ കാര്യത്തിൽ തർക്കം നടത്തിക്കൊണ്ടിരിക്കുകയാണ്; അവനാകട്ടെ, ശക്തിമത്തായ തന്ത്രശാലിയുമാകുന്നു. (അവനിൽ നിന്ന് രക്ഷപ്പെടുക അവർക്ക് സാധ്യമല്ല.)

മിന്നല്‍ ഉണ്ടാകുമ്പോള്‍ മനുഷ്യര്‍ പെട്ടെന്ന് ഭയന്ന് ഞെട്ടിപോകുന്നു. അതേ തുടര്‍ന്ന് ഘനവത്തായ മേഘങ്ങളില്‍ നിന്നുണ്ടാകുന്ന മഴയെയും അതിന്റെ ഉപയോഗത്തേയും ഓര്‍ത്ത് മോഹവും ആശയും തോന്നുകയും ചെയ്യുന്നു.

ഒരു ശബ്ദം മാത്രമായ 'ഇടി' അല്ലാഹുവിനെ സ്തുതിച്ച് കൊണ്ട് 'തസ്ബീഹ്' നടത്തുന്നു എന്ന് 13ാം വചനത്തില്‍ അല്ലാഹു പ്രസ്താവിക്കുന്നു. (സൂറത്തിന്റെ പേരിന് നിദാനമായ 'റഅ്ദ്' (ഇടിനാദം) ഈ വചനത്തില്‍ കാണാം) ഈ വസ്തുതയെ സൂ: ഇസ്രാഅ് 44-ാം വചനം വിശദീകരിക്കുന്നു. "ഏഴ് ആകാശങ്ങളും ഭൂമിയും, അവയിലുള്ളവരും അവന് തസ്ബീഹ് നടത്തുന്നു. ഒരു വസ്തുവും തന്നെ അവനെ സ്തുതിച്ച് കൊണ്ട് തസ്ബീഹ് നടത്താത്തതായിട്ടില്ല. എങ്കിലും അവരുടെ തസ്ബീഹ് നിങ്ങള്‍ ഗ്രഹിക്കുകയില്ല" .

ഈ ആശയം അടുത്ത 15 ാം വചനത്തിലും കാണാവുന്നതാണ്. ഇടി ശബ്ദം കേള്‍ക്കുമ്പോള്‍ നബി(സ) ഇപ്രകാരം പറഞ്ഞിരുന്നു : യാതൊരുവനെ സ്തുതിച്ചുകൊണ്ട് ഇടി തസ്ബീഹ് നടത്തുന്നുവോ അവന്‍ മഹാപരിശുദ്ധന്‍; അവനെ ഞാന്‍ വാഴ്ത്തുന്നു (ഇബ്നുജരീര്‍). ഇടിത്തീയിന്റെ (ഇടിവാളിന്റെ) ഭയങ്കരതയും അത് മൂലമുണ്ടാകാറുള്ള നാശനഷ്ടങ്ങളും എല്ലാവര്‍ക്കും അറിയാവുന്നതാണല്ലോ. എന്നാല്‍ ഇടിത്തീ ഉണ്ടാകുമ്പോഴൊക്കെയും തന്നെ ആപത്ത് സംഭവിക്കുന്നില്ല. അല്ലാഹു ഉദ്ദേശിക്കുമ്പോഴും അവന്‍ ഉദ്ദേശിക്കുന്നവര്‍ക്കും മാത്രമേ ആപത്തുകള്‍ നേരിടുന്നുള്ളു. എല്ലാം അവന്റെ വ്യവസ്ഥയും നിശ്ചയവും അനുസരിച്ച് നടക്കുന്നു. ഇത്തരം വസ്തുതകളെപററി ചിന്തിച്ച് സത്യം മനസ്സിലാക്കാന്‍ ശ്രമിക്കാതെ അല്ലാഹുവിന്റെ ഏകത്വത്തിലും അധികാരാവകാശങ്ങളിലും തര്‍ക്കം നടത്തികൊണ്ടിരിക്കുകയാണ് അവിശ്വാസികള്‍ . തല്‍ക്കാലം അവരെ അവരുടെ പാട്ടിന് വിട്ടിട്ടുണ്ടെങ്കിലും യഥാസമയം അവരുടെ മേല്‍ അതിശക്തമായ നടപടി അല്ലാഹു എടുക്കുന്നതാണ്.

---

**വചനം 14,**

لَهُۥ دَعۡوَةُ ٱلۡحَقِّۚ وَٱلَّذِينَ يَدۡعُونَ مِن دُونِهِۦ لَا يَسۡتَجِيبُونَ لَهُم بِشَيۡءٍ إِلَّا كَبَٰسِطِ كَفَّيۡهِ إِلَى ٱلۡمَآءِ لِيَبۡلُغَ فَاهُ وَمَا هُوَ بِبَٰلِغِهِۦۚ وَمَا دُعَآءُ ٱلۡكَٰفِرِينَ إِلَّا فِي ضَلَٰلٖ ﴿١٤﴾

14 യഥാര്‍ത്ഥ (വിളിച്ചു) പ്രാര്‍ത്ഥന അവനോടാണ്. (അവനോട് മാത്രമേ പാടുള്ളു) അവനു പുറമെ അവര്‍ (വിളിച്ചു) പ്രാര്‍ത്ഥിക്കുന്നവരാകട്ടെ, അവര്‍ അവര്‍ക്ക് യാതൊന്നും (തന്നെ) ഉത്തരം നല്‍കുന്നതല്ല; തന്‍െറ വായില്‍ എത്തുവാന്‍ വേണ്ടി വെള്ളത്തിലേക്ക് തന്‍െറ രണ്ടു കൈകള്‍ നീ(ട്ടിക്കാ)ട്ടുകയും, അത് അതില്‍ (വെള്ളം വായില്‍)എത്താതിരിക്കുകയും ചെയ്യുന്നവനെപ്പോലെയല്ലാതെ. അവിശ്വാസികളുടെ (വിളിച്ചു) പ്രാര്‍ത്ഥന, വഴികേടില്‍ (അഥവാ വൃഥാ) അല്ലാതെ (മറ്റൊന്നും) അല്ല.

പ്രാര്‍ത്ഥനക്കര്‍ഹന്‍ അല്ലാഹു മാത്രമാകുന്നു. അല്ലാഹു അല്ലാത്തവരെ വിളിച്ച് പ്രാര്‍ത്ഥിക്കുന്നത്, ഒരാള്‍ ദാഹ നിവൃത്തിക്കായി കിണററിനരികെ ചെന്ന് അതിലേക്ക് രണ്ട് കൈയും നീട്ടികാട്ടുക മാത്രം ചെയ്തിട്ട് വെള്ളം വായില്‍ എത്താതിരിക്കുന്നത് പോലെയാകുന്നു. അല്ലാഹു അല്ലാത്തവരെ വിളിച്ച് പ്രാര്‍ത്ഥിച്ചത് കൊണ്ട് ഉദ്ദിഷ്ട കാര്യം സാധിക്കുകയില്ല. അത് അവിശ്വാസികളുടെ ഒരു പാഴ് വേല മാത്രമാകുന്നു.

**വചനം 15**

وَلِلَّهِ يَسۡجُدُ مَن فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِ طَوۡعٗا وَكَرۡهٗا وَظِلَٰلُهُم بِٱلۡغُدُوِّ وَٱلۡأٓصَالِ۩ ﴿١٥﴾

15 ആകാശങ്ങളിലും, ഭൂമിയിലുമുള്ളവര്‍ സ്വമനസ്സാലെയും, വെറുപ്പോടെയും അല്ലാഹുവിനു തന്നെ 'സുജൂദ്' ചെയ്യുന്നു; രാവിലെയും, വൈകുന്നേരങ്ങളിലും അവരുടെ നിഴലുകളും (സുജൂദു ചെയ്യുന്നു).

ഓത്തിനിടയിൽ സുജൂദ് ചെയ്യേണ്ടുന്ന ആയത്തുകളിൽ ഒന്നാണിത്.

ആകാശ ഭൂമികളിലുള്ളവർ എന്ന് പറഞ്ഞതിൽ മലക്കുകൾ, മനുഷ്യർ, ജിന്നുകൾ എന്നിവരെല്ലാം ഉൾപെടുന്നു. മുഴുവൻ മലക്കുകളും, മനുഷ്യരിലും ജിന്നുകളിലുമുള്ള സത്യവിശ്വാസികളും, സന്മനസ്സാലെയും, ഇച്ഛയനുസരിച്ചും തന്നെ അല്ലാഹുവിന് ആരാധനയായി സുജൂദ് ചെയ്യുന്നു. കപട വിശ്വാസികളാവട്ടെ മുസ്ലീംകളായി അഭിനയിക്കാനായി, മനമില്ലാ മനസ്സോടെയും വെറുപ്പോടെയും സുജൂദ് ചെയ്യുന്നു. അത്പോലെ, ചില ആപൽഘട്ടങ്ങൾ നേരിടുമ്പോൾ, തങ്ങളുടെ ഇതര ദൈവങ്ങളെയൊക്കെ മറന്ന്, യഥാർത്ഥ ദൈവമായ അല്ലാഹുവിന് മുന്നിൽ ബഹുദൈവവിശ്വാസികളും, സുജൂദ് ചെയ്യാറുണ്ട്.

മനുഷ്യർ മാത്രമല്ല, പ്രകൃതിയിലെ ജീവികളും നിർജ്ജീവികളുമടക്കമുള്ള സകല വസ്തുക്കളും അല്ലാഹുവിന് സുജൂദ് ചെയ്യുന്നവർ തന്നെ. നിഴലുകൾ, രാവിലെയും വൈകുന്നേരവും, ദൈർഘ്യം കൂടിയും, പിന്നീട് ചുരുങ്ങിയും ചില അവസരങ്ങളിൽ വലത്തോട്ട് തിരിഞ്ഞും, ചിലപ്പോൾ ഇടത്തോട്ട് തിരിഞ്ഞും അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമങ്ങൾക്ക് വിധേയമായി തല കുനിക്കുകയും, വഴങ്ങുകയും ചെയ്യുന്നു. നിഴലുകൾ സുജൂദ് ചെയ്യുന്നുവെന്ന് ഈ വചനത്തിൽ കൂടാതെ സൂ: നഹ്ൽ : 48ലും കാണാവുന്നതാണ്.

താഴ്മയും ഭക്തിയും അർപിച്ച് കൊണ്ട് ആരാധനാ രൂപത്തിൽ ചെയ്യപെടുന്ന സാഷ്ടാംഗ നമസ്ക്കാരത്തിനും ഏതെങ്കിലും നിർബന്ധത്തിനൊ, അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമങ്ങൾക്ക് വഴങ്ങിക്കൊണ്ടോ (ഉദാ : നിഴലുകൾ ചെയ്യുന്നപോലെ) നടത്തപെടുന്ന വിധേയത്വത്തിനും സുജൂദ് എന്ന് പറയപെടും. (സൂ: നഹ്ൽ: 48,49 വചനങ്ങളും സൂ: ഹജ്ജ്: 18 വചനവും വിശദീകണവും ശ്രദ്ധിക്കുക.)

---

**വചനം 16**

قُلْ مَن رَّبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ قُلِ ٱللَّهُ ۚ قُلْ أَفَٱتَّخَذْتُم مِّن دُونِهِۦٓ أَوْلِيَآءَ لَا يَمْلِكُونَ لِأَنفُسِهِمْ نَفْعًا وَلَا ضَرًّا ۚ قُلْ هَلْ يَسْتَوِى ٱلْأَعْمَىٰ وَٱلْبَصِيرُ أَمْ هَلْ تَسْتَوِى ٱلظُّلُمَٰتُ وَٱلنُّورُ ۗ أَمْ جَعَلُوا۟ لِلَّهِ شُرَكَآءَ خَلَقُوا۟ كَخَلْقِهِۦ فَتَشَٰبَهَ ٱلْخَلْقُ عَلَيْهِمْ ۚ قُلِ ٱللَّهُ خَٰلِقُ كُلِّ شَىْءٍ وَهُوَ ٱلْوَٰحِدُ ٱلْقَهَّٰرُ ﴿١٦﴾

16 പറയുക: "ആരാണ് ആകാശങ്ങളുടെയും ഭൂമിയുടെയും റബ്ബ്?" പറയുക: "അല്ലാഹുവാണ്." (എന്നല്ലാതെ മറുപടി പറയുവാനില്ലല്ലോ) പറയുക: "എന്നിരിക്കെ, തങ്ങളുടെ സ്വന്തങ്ങൾക്കു(തന്നെയും) ഒരു ഉപകാരമാകട്ടെ, ഉപദ്രവമാകട്ടെ ചെയ്‌വാൻ സ്വാധീനമില്ലാത്ത ചില രക്ഷാധികാരികളെ അവനുപുറമെ നിങ്ങൾ ഉണ്ടാക്കിയിരിക്കുകയോ?!" പറയുക: "അന്ധനും, കാഴ്ചയുള്ളവനും സമമാകുമോ?! അല്ലാത്തപക്ഷം, അന്ധകാരങ്ങളും പ്രകാശവും സമമാകുമോ!! അതല്ല, അല്ലാഹുവിന് ഇവർ പങ്കാളികളെ ഏർപ്പെടുത്തിയിരിക്കുന്നുവോ?! (അതെ) അവൻ സൃഷ്ടിച്ചതുപോലെ അവർ സൃഷ്ടിച്ചിട്ട് ഇവർക്ക് സൃഷ്ടി (കൾ തമ്മിൽ) തിരിച്ചറിയാതായിരിക്കുന്നുവെന്നോ?!" പറയുക: "അല്ലാഹുവത്രെ എല്ലാ വസ്തുവിൻെറയും സ്രഷ്ടാവ് (വേറെ സ്രഷ്ടാവേ ഇല്ല.) അവനത്രെ, സർവ്വാധികാരിയായുള്ള ഏകനും."

ബഹുദൈവ വിശ്വാസിയെ അന്ധനോടും ബഹുദൈവ വിശ്വാസത്തെ അന്ധകാരത്തോടും, സത്യവിശ്വാസിയെ കാഴ്ചയുള്ളവനോടും, സത്യവിശ്വാസത്തെ പ്രകാശത്തോടും ഉപമിക്കപെട്ടിരിക്കുന്നു. ഈ വചനത്തിലെ ആശയം ഒരു വിശദീകരണവും കൂടാതെ തന്നെ സ്വയം വ്യക്തമാകുന്നു.

**വചനം 17**

أَنزَلَ مِنَ ٱلسَّمَآءِ مَآءً فَسَالَتْ أَوْدِيَةُۢ بِقَدَرِهَا فَٱحْتَمَلَ ٱلسَّيْلُ زَبَدًا رَّابِيًا ۚ وَمِمَّا يُوقِدُونَ عَلَيْهِ فِى ٱلنَّارِ ٱبْتِغَآءَ حِلْيَةٍ أَوْ مَتَٰعٍ زَبَدٌ مِّثْلُهُۥ ۚ كَذَٰلِكَ يَضْرِبُ ٱللَّهُ ٱلْحَقَّ وَٱلْبَٰطِلَ ۚ فَأَمَّا ٱلزَّبَدُ فَيَذْهَبُ جُفَآءً ۖ وَأَمَّا مَا يَنفَعُ ٱلنَّاسَ فَيَمْكُثُ فِى ٱلْأَرْضِ ۚ كَذَٰلِكَ يَضْرِبُ ٱللَّهُ ٱلْأَمْثَالَ ﴿١٧﴾

17 അവൻ (അല്ലാഹു) ആകാശത്തുനിന്ന് (മഴ) വെള്ളം ഇറക്കി; എന്നിട്ട് പല താഴ്വരകളും അവയുടെ തോതനുസരിച്ചു (വെള്ളം) ഒഴുകി; അപ്പോൾ (ആ) ഒഴുക്ക് പൊന്തിവരുന്ന ഒരു (തരം) നുരയെ വഹിച്ചുകൊണ്ടു വന്നു. വല്ല ആഭരണത്തെയോ, ഉപകരണത്തെയോ (ഉണ്ടാക്കുവാൻ) ആഗ്രഹിച്ച് തീയിൽ (ഇട്ട്) അവർ ചുട്ടുപഴുപ്പിക്കാറുള്ള (ലോഹ) വസ്തുവിൽനിന്നും അതുപോലെയുള്ള നുരയുണ്ടായിരിക്കും. അപ്രകാരം, യഥാർത്ഥത്തെയും, അയഥാർത്ഥത്തെയും അല്ലാഹു (ഉപമിച്ചു) വിവരിക്കുന്നു. എന്നാലപ്പോൾ, ആ നുര-അത് പുറംതള്ളായി (നശിച്ചു) പോകുന്നു. എന്നാൽ, മനുഷ്യർക്ക് ഉപയോഗപ്പെടുന്ന വസ്തുവാകട്ടെ, അത് ഭൂമിയിൽ തങ്ങിനിൽക്കുകയും ചെയ്യുന്നു. അപ്രകാരം, അല്ലാഹു ഉപമകളെ വിവരിക്കുന്നു.

---

ഈ വചനത്തിൽ യഥാർത്ഥവും അയഥാർത്ഥവും തമ്മിലുള്ള അന്തരം കാണിക്കുന്ന രണ്ട് ഉപമകൾ അല്ലാഹു വിവരിക്കുന്നു. - ഒന്ന് വെള്ളവുമായി ബന്ധപെട്ടതും, മറ്റേത് തീയുമായി ബന്ധപ്പെട്ടതും. (സമാനമായ ഉപമകൾ സൂ : അൽ ബഖറ 17- 20 ൽ കാണാവുന്നതാണ്)

മഴവെള്ളം മലഞ്ചെരിവുകളിലെ താഴ്വരകളിലൂടെ കുത്തി ഒഴുകി വരുമ്പോൾ,ധാരാളം നുരയും പതയും വഹിച്ച് കൊണ്ടായിരിക്കും വരുക. അത്പോലെ, ആഭരണങ്ങളും, ചില ഉപകരണങ്ങളും ഉണ്ടാക്കാൻ വേണ്ടി, സ്വർണ്ണം, വെള്ളി, ഇരുമ്പു തുടങ്ങിയ ലോഹങ്ങൾ ചുട്ട് പഴുപ്പിക്കുമ്പോൾ, അതിന് മീതെയും ഒരു തരം പതയും നുരയും കാണാവുന്നതാണ് . ഈ രണ്ട് നുരകളും ഉപകാരമില്ലാത്തവയും നിലനിൽപ്പില്ലാത്തവയും പുറം തള്ളപ്പെടുന്നവയുമാകുന്നു. ഒന്നാമത്തേതിൽ വെള്ളവും രണ്ടാമത്തേതിൽ ലോഹദ്രാവകവും ശേഷിക്കുകയും അവയെ മനുഷ്യർ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു, അങ്ങനെ മിഥ്യയായിട്ടുള്ളത് നശിച്ച് പോകുകയും സത്യമായിട്ടുള്ളത് ഭദ്രമായി അവശേഷിക്കുകയും ചെയ്യുന്നു. വെള്ളവും ലോഹദ്രാവകവും കൊണ്ടുള്ള പ്രയോജനമാകട്ടെ അത് പ്രയോജനപ്പെടുത്തുന്ന ആളുടെ നിലപാടിനനുസരിച്ചായിരിക്കുമല്ലൊ. അത് പോലെ അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്ന സത്യോപദേശങ്ങളിൽ ഒരാൾ എത്രകണ്ട് ശ്രദ്ധപതിപ്പിക്കുകയും ഉപകാരപ്രദമാക്കുകയും ചെയ്യുന്നുവോ അതനുസരിച്ചായിരിക്കും അത്മൂലം അയാൾക്ക് ലഭിക്കുന്ന പ്രയോജനവും.

---

**വചനം 18**

لِلَّذِينَ ٱسْتَجَابُوا۟ لِرَبِّهِمُ ٱلْحُسْنَىٰ ۚ وَٱلَّذِينَ لَمْ يَسْتَجِيبُوا۟ لَهُۥ لَوْ أَنَّ لَهُم مَّا فِى ٱلْأَرْضِ جَمِيعًا وَمِثْلَهُۥ مَعَهُۥ لَٱفْتَدَوْا۟ بِهِۦٓ ۚ أُو۟لَٰٓئِكَ لَهُمْ سُوٓءُ ٱلْحِسَابِ وَمَأْوَىٰهُمْ جَهَنَّمُ ۖ وَبِئْسَ ٱلْمِهَادُ ﴿١٨﴾

18 തങ്ങളുടെ റബ്ബിന് ഉത്തരം നൽകിയവർക്ക് ഏറ്റം നന്നായുള്ളത് (ഏറ്റം നല്ല പ്രതിഫലം) ഉണ്ടായിരിക്കും. അവന് ഉത്തരം നൽകാത്തവരാകട്ടെ, അവർക്ക് ഭൂമിയിലുള്ളതു മുഴുവനും, അതോടൊപ്പം അത്രയും (കൂടി)ഉണ്ടായിരുന്നാലും അത് (ഒക്കെയും) അവർ തെണ്ടം കൊടുക്കുകതന്നെ ചെയ്യുന്നതാണ്. അക്കൂട്ടർക്ക് തന്നെയാണ്, കടുത്ത വിചാരണയും (ഉണ്ടായിരിക്കുക). അവരുടെ സങ്കേതസ്ഥാ

നമാകട്ടെ, 'ജഹന്നമും' (നരകവും) ആകുന്നു.
(ആ) തൊട്ടിൽ എത്രയോ ചീത്തയും!

---

തൌഹീദിലും ഖുർആനിലും നബി(സ)യിലും വിശ്വസിക്കുന്നതിലൂടെ അല്ലാഹുവിന് ഉത്തരം നൽകുന്നവർക്ക് ശാശ്വത സ്വർഗ്ഗമെന്ന ഏററവും മഹത്തായ പ്രതിഫലം ഉണ്ടായിരിക്കും. നാമമാത്ര വിചാരണ മാത്രമേ അവർക്ക് നേരിടേണ്ടി വരികയുള്ളു. അല്ലാത്തവർക്ക് ഏററവും മോശപ്പെട്ട പ്രതിഫലമായ നരകമായിരിക്കും ലഭിക്കുക . അക്കൂട്ടരാകട്ടെ വളരെ കടുത്തതായ വിചാരണ നേരിടേണ്ടി വരും. അവർ അവിടെ വെച്ച് തങ്ങൾക്ക് ഭൂലോകം മുഴുവനും അതിലപ്പുറവും ഉണ്ടായിരുന്നാലും അതെല്ലാം മോചന ദ്രവ്യമായി നൽകി രക്ഷപ്പെടാൻ തയ്യാറായാലും യാതൊരു പ്രയോജനവും ഉണ്ടായിരിക്കുന്നതല്ല.

"ഖിയാമത്ത് നാളിൽ ആര് കർശനമായ വിചാരണക്ക് വിധേയമാകുന്നുവോ അവൻ നാശമടയുന്നതാണ്" എന്ന് നബിതിരുമേനി(സ) അരുളിയതായി ആയിശാ(റ)ൽ നിന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

## വിഭാഗം 3

**വചനം 19**

19 (നബിയേ) അപ്പോൾ, നിനക്കു നിൻെറ റബ്ബിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് യഥാർത്ഥമാണെന്ന് അറിയാവുന്നവൻ, അന്ധനായുള്ള ഒരുവനെപ്പോലെയാണോ?! ബുദ്ധിമാൻമാർമാത്രമേ ഉറ്റാലോചിക്കൂ.

۞ أَفَمَن يَعْلَمُ أَنَّمَآ أُنزِلَ إِلَيْكَ مِن رَّبِّكَ ٱلْحَقُّ كَمَنْ هُوَ أَعْمَىٰٓ ۚ إِنَّمَا يَتَذَكَّرُ أُو۟لُوا۟ ٱلْأَلْبَٰبِ ﴿١٩﴾

---

അല്ലാഹു അവതരിപ്പിച്ചതാണ് യാഥാർത്ഥ്യവും സത്യവുമെന്ന് മനസ്സിലാക്കുന്നവനാണ് യഥാർത്ഥത്തിൽ കാഴ്ചയുള്ളവനും ബുദ്ധിമാനും. അല്ലാത്തവൻ ബാഹ്യത്തിൽ കാഴ്ചയുള്ളവനാണെങ്കിലും, അവൻ അന്ധന് തുല്യനാകുന്നു; ബുദ്ധികെട്ടവനും.

**വചനം 20, 21, 22**

20 അതായത്, അല്ലാഹുവിനോടുള്ള കരാറ് (അഥവാ അല്ലാഹുവിൻെറ ആജ്ഞ) നിറവേറ്റുകയും, ഉറപ്പ് (നൽകിയത്) ലംഘിക്കാതിരിക്കയും ചെയ്യുന്നവർ:-

ٱلَّذِينَ يُوفُونَ بِعَهْدِ ٱللَّهِ وَلَا يَنقُضُونَ ٱلْمِيثَٰقَ ﴿٢٠﴾

21 യാതൊരു കൂട്ടരും: ഏതൊന്നിനെപ്പറ്റി (അതിനോടുള്ള ബന്ധം) ചേർക്കപ്പെടുവാൻ അല്ലാഹു കല്പിച്ചിരിക്കുന്നുവോ അതിനോട് അവർ (ബന്ധം) ചേർക്കും; തങ്ങളുടെ റബ്ബിനെ അവർ പേടിക്കുകയും, കടുത്ത വിചാരണയെ അവർ ഭയപ്പെടുകയും ചെയ്യും;

وَٱلَّذِينَ يَصِلُونَ مَآ أَمَرَ ٱللَّهُ بِهِۦٓ أَن يُوصَلَ وَيَخْشَوْنَ رَبَّهُمْ وَيَخَافُونَ سُوٓءَ ٱلْحِسَابِ ﴿٢١﴾

22 യാതൊരു കൂട്ടരും: തങ്ങളുടെ റബ്ബിൻെറ പ്രീതിയെ ആഗ്രഹിച്ച് അവർ ക്ഷമ കൈകൊണ്ടു; അവർ നമസ്കാരം നിലനിറുത്തുകയും, തങ്ങൾക്ക് നാം (അല്ലാഹു) നൽകിയതിൽനിന്ന് രഹസ്യമായും, പരസ്യമായും ചിലവഴിക്കുകയും ചെയ്തു; തിൻമയെ അവർ നൻമകൊണ്ട് തടുക്കുകയും ചെയ്യുന്നതാണ്. അക്കൂട്ടർക്കത്രെ, ഭവനത്തിൻെറ (ശുഭ) പര്യവസാനം.

وَٱلَّذِينَ صَبَرُوا۟ ٱبْتِغَآءَ وَجْهِ رَبِّهِمْ وَأَقَامُوا۟ ٱلصَّلَوٰةَ وَأَنفَقُوا۟ مِمَّا رَزَقْنَٰهُمْ سِرًّا وَعَلَانِيَةً وَيَدْرَءُونَ بِٱلْحَسَنَةِ ٱلسَّيِّئَةَ أُو۟لَٰٓئِكَ لَهُمْ عُقْبَى ٱلدَّارِ ﴿٢٢﴾

ഈ വചനങ്ങളില്‍ അല്ലാഹു ബുദ്ധിമാന്‍മാരുടെ ലക്ഷണങ്ങള്‍ വിവരിക്കുന്നു:

: പ്രവാചകന്‍മാര്‍ മുഖേനയോ ദൃഷ്ടാന്തങ്ങള്‍ മുഖേനയോ അറിയപ്പെട്ടിട്ടുള്ള കടമകളും ബാധ്യതകളും നിറവേററുക വഴി അല്ലാഹുവുമായുള്ള പ്രതിജ്ഞകള്‍ പാലിക്കുക.

: കരാറുകളും ഉറപ്പുകളും ലംഘിക്കാതിരിക്കുക - അല്ലാഹുവോടൊ ജനങ്ങളോടൊ നല്‍കിയ ഉറപ്പുകള്‍, നേര്‍ച്ചകള്‍, ധനപരമായ ഇടപാടുകള്‍, വാഗ്ദാനങ്ങള്‍ എന്നിവ ഇതില്‍ ഉള്‍പ്പെടുന്നു. ഉടമ്പടിയെയും കരാര്‍ പാലിക്കുന്നതിനെയും പററി ഖുര്‍ആനില്‍ ഇരുപതില്‍ പരം സ്ഥലങ്ങളില്‍ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

: അല്ലാഹു ചേര്‍ക്കുവാന്‍ കല്‍പിച്ചിട്ടുള്ള ബന്ധങ്ങള്‍ ചേര്‍ക്കുക -കുടുംബ ബന്ധം, അയല്‍പക്ക ബന്ധം, പാവപെട്ടവര്‍, ദുര്‍ബലര്‍, പ്രായം ചെന്നവര്‍, ഗുരുനാഥന്‍മാര്‍, മതസ്ഥാപനങ്ങള്‍, മത ചിഹ്നങ്ങള്‍ എന്നിങ്ങനെ പാലിക്കേണ്ടുന്ന എല്ലാ ബന്ധങ്ങളും പാലിക്കുക.

: റബ്ബിനെ പേടിക്കുക, റബ്ബിന്റെ മുമ്പില്‍ നേരിടേണ്ടി വരുന്ന കടുത്ത വിചാരണയെ ക്കുറിച്ചു ഭയപെടുക.

: റബ്ബിന്റെ പ്രീതി ആഗ്രഹിച്ച് കൊണ്ട് ക്ഷമ കൈകൊള്ളുക -കടമകള്‍ നിര്‍വ്വഹിക്കുന്നതിലും നിരോധിക്കപെട്ടവ വര്‍ജ്ജിക്കുന്നതിലും നേരിടുന്ന ബുദ്ധിമുട്ടുകള്‍, രോഗം , കഷ്ടപാട് ദാരിദ്ര്യം, എന്നീ അവസ്ഥകളിലും സഹനം സ്വീകരിക്കുക.

: നമസ്ക്കാരം നില നിര്‍ത്തുകയും അല്ലാഹു നല്‍കിയ ധനത്തില്‍ നിന്ന് സന്ദര്‍ഭോചിതം, രഹസ്യ പരസ്യ ഭേദമന്യേ ചിലവഴിക്കുകയും ചെയ്യുക- ഈ രണ്ട് കാര്യങ്ങള്‍ക്ക് ഇസ്ലാം കല്‍പിച്ചിട്ടുള്ള അങ്ങേയറ്റത്തെ പ്രാധാന്യം കാരണം, ഖുര്‍ആനില്‍ ഇവയെക്കുറിച്ച് അടിക്കടി ഉണര്‍ത്തപെട്ടിട്ടുള്ളതാകുന്നു.

: നന്‍മ കൊണ്ട് തിന്മയെ തടുക്കുക - തിന്മക്ക് പകരം തിന്‍മ ചെയ്യാതിരിക്കുക, നന്‍മ ചെയ്യുകയും ചെയ്യുക

: വല്ല ദുഷ്കര്‍മ്മവും ചെയ്ത് പോയാല്‍ ഉടനെ വല്ല സല്‍ക്കര്‍മ്മവും ചെയ്യുക ; പാപം ചെയ്താല്‍ പശ്ചാത്താപിച്ച് മടങ്ങുക.

മേല്‍ പറഞ്ഞ ഗുണങ്ങളുള്ള ബുദ്ധിമാന്‍മാര്‍ക്കത്രേ 'ഭവനത്തിന്റെ ശുഭ പര്യവസാനം' എന്ന് അല്ലാഹു പ്രസ്താവിക്കുന്നു. അതെന്താണെന്ന് തുടര്‍ന്ന് അല്ലാഹു പറയുന്നു:

---

**വചനം 23 24**

جَنَّٰتُ عَدۡنٖ يَدۡخُلُونَهَا وَمَن صَلَحَ مِنۡ ءَابَآئِهِمۡ وَأَزۡوَٰجِهِمۡ وَذُرِّيَّٰتِهِمۡۖ وَٱلۡمَلَٰٓئِكَةُ يَدۡخُلُونَ عَلَيۡهِم مِّن كُلِّ بَابٖ ﴿٢٣﴾

23 അതായത്, സ്ഥിരവാസത്തിന്‍െറ സ്വര്‍ഗ്ഗങ്ങള്‍! (അതാണവരുടെ പര്യവസാനം) അവരും, അവരുടെ പിതാക്കളില്‍നിന്നും, ഇണകളില്‍ നിന്നും, സന്തതികളില്‍നിന്നും (സദ്വൃത്തരായി) നന്നായിട്ടുള്ളവരും അതില്‍ പ്രവേശിക്കുന്നതാണ്. എല്ലാ വാതിലിലൂടെയും മലക്കുകള്‍ അവരില്‍ പ്രവേശിച്ചുകൊണ്ടിരിക്കും;-

سَلَٰمٌ عَلَيۡكُم بِمَا صَبَرۡتُمۡۚ فَنِعۡمَ عُقۡبَى ٱلدَّارِ ﴿٢٤﴾

24 (അവര്‍ പറയും:) "നിങ്ങള്‍ ക്ഷമ കൈകൊണ്ടതു നിമിത്തം നിങ്ങള്‍ക്കു 'സലാം' (ശാന്തിയുണ്ടാവട്ടെ)!'' അപ്പോള്‍, ഭവനത്തിന്‍െറ (ശുഭ)പര്യവസാനം വളരെ നന്നായിരിക്കുന്നു!

---

'ശുഭ പര്യവസായിയായ ഭവനം' എന്നത് കൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത് സ്ഥിരവാസത്തിന്റെ സ്വര്‍ഗ്ഗങ്ങള്‍ ആകുന്നു. സ്വര്‍ഗ്ഗത്തില്‍ അവരോടൊന്നിച്ച് സദ്വൃത്തരായ കുടുംബാംഗങ്ങളുണ്ടായിരിക്കും; മലക്കുകളില്‍ നിന്ന് തുരുതുരെ അനുമോദനങ്ങള്‍ ലഭിച്ചുകൊണ്ടിരിക്കും; അവര്‍ ക്ഷമ കൈകൊണ്ടതിനാല്‍ മലക്കുകള്‍ അവര്‍ക്ക് സലാം (ശാന്തി) ആശംസിച്ച് കൊണ്ടിരിക്കും.

ഒരുവ്യക്തി എത്ര തന്നെ ഉൽകൃഷ്ട പദവിയിലുള്ള ആളാണെങ്കിലും അക്കാരണത്താൽ മാത്രം അയാളുടെ കുടുംബങ്ങൾക്ക് സ്വർഗ്ഗ പ്രവേശനം ലഭിക്കുകയില്ല. അത് കൊണ്ടാണ് "അവരുടെ പിതാക്കളിൽ നിന്നും, ഇണകളിൽ നിന്നും, സന്തതികളിൽ നിന്നും, സദ്വൃത്തരായിട്ടുള്ളവർ അതിൽ പ്രവേശിക്കുന്നതാണ്" എന്ന് അല്ലാഹു പ്രസ്താവിച്ചിട്ടുള്ളത് (സൂ : ത്വൂർ: 21 നോക്കുക) നൂഹ്(അ) നബിയുടെ മകനും ഇബ്രാഹീം(അ) നബിയുടെ പിതാവിനും ലൂത്ത്(അ) നബിയുടെ ഭാര്യക്കും, നബി തിരുമേനി(സ)യുടെ പിതൃവ്യനുമൊക്കെ രക്ഷ കിട്ടാതിരുന്നതും അത് കൊണ്ടാണല്ലൊ. അവരുടെ സദ്വൃത്തരായ കുടുംബാംഗങ്ങൾ സ്വയം തന്നെ സ്വർഗ്ഗാവകാശികളാണെങ്കിലും അവരുടെ കൂടെ സ്വർഗ്ഗത്തിൽ ഒരുമിച്ച് കൂട്ടുമെന്ന് പറഞ്ഞത്, സ്വർഗ്ഗത്തിലെ പദവികൾ ഉയർത്തപ്പെട്ട് എല്ലാവരും ഒന്നിച്ച് സ്വർഗ്ഗീയാനുഗ്രഹങ്ങൾ ആസ്വദിക്കാൻ അല്ലാഹു അവസരമൊരുക്കുമെന്നാകുന്നു.

---

**വചനം 25**

25 യാതൊരു കൂട്ടരാകട്ടെ, അല്ലാഹുവിനോടുള്ള കരാറ്(അഥവാ അല്ലാഹുവിൻെറ ഉത്തരവ്) ഉറപ്പിച്ചതിനുശേഷം അതിനെ അവർ ലംഘിക്കുന്നു; ഏതൊന്നിനെപ്പറ്റി (അതിനോടുള്ള ബന്ധം) ചേർക്കപ്പെടുവാൻ അല്ലാഹു കൽപിച്ചിരിക്കുന്നുവോ അതിനെ അവർ ലംഘിക്കുകയും, ഭൂമിയിൽ അവർ നാശം ഉണ്ടാക്കുകയും ചെയ്യുന്നു; (അങ്ങിനെയുള്ള) അക്കൂട്ടർ-അവർക്കത്രെ ശാപം! ഭവനത്തിൻെറ (പര്യവസാന)മോശവും അവർക്കു തന്നെ!!

وَٱلَّذِينَ يَنقُضُونَ عَهۡدَ ٱللَّهِ مِنۢ بَعۡدِ مِيثَٰقِهِۦ وَيَقۡطَعُونَ مَآ أَمَرَ ٱللَّهُ بِهِۦٓ أَن يُوصَلَ وَيُفۡسِدُونَ فِي ٱلۡأَرۡضِ أُوْلَٰٓئِكَ لَهُمُ ٱللَّعۡنَةُ وَلَهُمۡ سُوٓءُ ٱلدَّارِ ٢٥

---

തുടർന്ന് അല്ലാഹു വിഡ്ഢികളായ ആളുകളുടെ സ്വഭാവങ്ങളും അവർക്ക് ലഭിക്കാനിരിക്കുന്ന ദുഷ്ഫലങ്ങളും വിവരിക്കുന്നു. ബുദ്ധിമാൻമാർക്കുള്ള സദ്ഗുണങ്ങളുടെ വിപരീത സ്വഭാവങ്ങളാണ് ഇക്കൂട്ടർക്കുള്ളത്. അല്ലാഹുവുമായുള്ള കരാർ അവർ ലംഘിക്കുന്നു, ബന്ധം ചേർക്കാൻ ഏതൊന്നിനെ പററി അല്ലാഹു കൽപിച്ചുവോ അതവർ ലംഘിക്കുന്നു; ഭുമിയിൽ അവർ നാശം വിതക്കുകയും ചെയ്യുന്നു. ഇവർ അല്ലാഹുവിന്റെ ശാപത്തിനും ശിക്ഷക്കും പാത്രീഭൂതരായിതീരുന്നു; ഇവരുടെ പര്യവസാനമാകട്ടെ നരകവുമായിരിക്കും.

---

**വചനം 26**

26 അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലപ്പെടുത്തുകയും, (അവൻ ഉദ്ദേശിക്കുന്നവർക്ക്) പരിമിതപ്പെടുത്തുകയും ചെയ്യുന്നു. അവർ ഐഹികജീവിതംകൊണ്ട് ആഹ്ളാദം കൊള്ളുകയാണ്. പരലോകത്തെ അപേക്ഷിച്ച് ഐഹിക ജീവിതം ഒരു (നിസ്സാര) അനുഭവമല്ലാതെയല്ലതാനും.

ٱللَّهُ يَبۡسُطُ ٱلرِّزۡقَ لِمَن يَشَآءُ وَيَقۡدِرُۚ وَفَرِحُواْ بِٱلۡحَيَوٰةِ ٱلدُّنۡيَا وَمَا ٱلۡحَيَوٰةُ ٱلدُّنۡيَا فِي ٱلۡأٓخِرَةِ إِلَّا مَتَٰعٞ ٢٦

---

എന്നാൽ ഇഹലോകത്തിലാകട്ടെ രണ്ടുകൂട്ടർക്കുമിടയിൽ അല്ലാഹു യാതൊരു പക്ഷഭേദവും കാണിക്കുകയില്ല. രണ്ട് വിഭാഗക്കാരിലും ചിലർക്ക് വിശാലമായും ചിലർക്ക് പരിമിതമായും അവന്റെ നിശ്ചയമനുസരിച്ച് അല്ലാഹു നൽകികൊണ്ടിരിക്കും . വിശാലമാക്കുന്നത് ഒരാളുടെ നന്ദിയും നന്ദികേടും പരീക്ഷിക്കുവാനും കുടുസ്സാക്കുന്നത് ക്ഷമയും ക്ഷമകേടും പരീക്ഷിക്കുവാനും വേണ്ടിയാണെന്നും ഖുർആനിൽ ഒന്നിലധികം സ്ഥലത്ത് പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാകുന്നു. ഐഹിക ജീവിതത്തിന്റെ സുഖസൗകര്യങ്ങളിൽ അഹങ്കരിക്കുന്ന ദുർമാർഗ്ഗികൾ അത്കൊണ്ട് തൃപ്തിപ്പെടുകയാണ്. എന്നാൽ പരലോകത്തെ അപേക്ഷിച്ച് ഐഹിക ജീവിതം നിസ്സാര അനുഭവം മാത്രമാകുന്നു.

ഒരാൾ തന്റെ കൈവിരൽ സമുദ്രത്തിൽ മുക്കി എടുക്കുമ്പോൾ ആ വിരലിൽ ഉണ്ടാകുന്ന വെള്ളവും സമുദ്രത്തിലെ വെള്ളവും തമ്മിലുള്ള താരതമ്യം പോലെയാണ് ഇഹലോകത്തെ അപേക്ഷിച്ച് പരലോകത്തിന്റെ സ്ഥിതിയെന്ന് നബി(സ) ഉപമിച്ചിരിക്കുന്നു. (അ,മു,തി)

“ഒരു വഴിയാത്രക്കാരൻ ഒരു വൃക്ഷത്തിന്റെ തണലിൽ വിശ്രമിച്ചു പിന്നെ അത് വിട്ടേച്ച് പോകുന്നു ഇത് പോലെയാണ് ഇഹത്തിലെ എന്റെ സ്ഥിതി” എന്നും നബിതിരുമേനി (സ) അരുളിയിരിക്കുന്നു.

**വിഭാഗം 4**

**വചനം 27, 28, 29**

وَيَقُولُ ٱلَّذِينَ كَفَرُوا۟ لَوْلَآ أُنزِلَ عَلَيْهِ ءَايَةٌ مِّن رَّبِّهِۦ ۗ قُلْ إِنَّ ٱللَّهَ يُضِلُّ مَن يَشَآءُ وَيَهْدِىٓ إِلَيْهِ مَنْ أَنَابَ ﴿٢٧﴾

ٱلَّذِينَ ءَامَنُوا۟ وَتَطْمَئِنُّ قُلُوبُهُم بِذِكْرِ ٱللَّهِ ۗ أَلَا بِذِكْرِ ٱللَّهِ تَطْمَئِنُّ ٱلْقُلُوبُ ﴿٢٨﴾

ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ طُوبَىٰ لَهُمْ وَحُسْنُ مَـَٔابٍ ﴿٢٩﴾

27 അവിശ്വസിച്ചവർ പറയുന്നു: “ഇവന്റെ (നബിയുടെ) മേൽ അവന്റെ റബ്ബിങ്കൽനിന്ന് വല്ല ദൃഷ്ടാന്തവും അവതരിപ്പിക്കപ്പെടാത്തതെന്ത്?!” പറയുക: “നിശ്ചയമായും അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവരെ വഴിപിഴവിലാക്കുകയും, (മനസ്സു) മടങ്ങിയവരെ അവങ്കലേക്ക് അവൻ വഴിചേർക്കുകയും ചെയ്യുന്നു;-

28 “അതായത്, വിശ്വസിക്കുകയും, അല്ലാഹുവിന്റെ സ്മരണകൊണ്ട് തങ്ങളുടെ ഹൃദയങ്ങൾ ശാന്തമായിത്തീരുകയും ചെയ്യുന്നവർ. അല്ലാ (-അറിയുക)! അല്ലാഹുവിന്റെ സ്മരണ കൊണ്ടത്രെ ഹൃദയങ്ങൾ ശാന്തമായിത്തീരുന്നത്.

29 “യാതൊരു കൂട്ടർ വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തുവോ അവർക്കാണ് മംഗളവും, നല്ല മടക്കസ്ഥാനവും!”

ദൃഷ്ടാന്തങ്ങൾ ധാരാളം ഉണ്ടായിരുന്നിട്ടും അവിശ്വാസികൾ പുതിയ ദൃഷ്ടാന്തങ്ങൾ ആവശ്യപ്പെട്ട് കൊണ്ടിരിക്കുന്നതിനെ കുറിച്ചും അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ വഴിപിഴവിലാക്കുമെന്നും അവൻ ഉദ്ദേശിക്കുന്നവരെ നേർമാർഗ്ഗത്തിലാക്കുമെന്നും പ്രസ്താവിക്കപ്പെട്ടതിന്റെ ആശയത്തെകുറിച്ചും ഇതിന് മുൻപും പിൻപും പല സ്ഥലങ്ങളിലും വിശദീകരിക്കപ്പെട്ടിട്ടുള്ളതാണ്. നിങ്ങളെ നേർമാർഗ്ഗത്തിലാക്കാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ലെങ്കിൽ ഇനി പുതിയൊരു ദൃഷ്ടാന്തം കൊണ്ട് പ്രത്യേകിച്ച് ഫലമൊന്നുമുണ്ടാകാൻ പോകുന്നില്ല. നേർമാർഗ്ഗത്തിലാക്കാൻ ഭക്തിയോടും താഴ്മയോടും അല്ലാഹുവിനോട് അപേക്ഷിക്കുകയാണ് നിങ്ങൾ ചെയ്യേണ്ടത്. വിശ്വാസത്തോടെയും അല്ലാഹുവിന്റെ സ്മരണയിലൂടെയും ഹൃദയങ്ങൾ ശാന്തമാക്കിത്തീർക്കുകയും ചെയ്ത് കൊണ്ട് അല്ലാഹുവിന്റെ സ്മരണ സാക്ഷാത്കൃതമാകുമ്പോൾ അത് മനസാ വാചാ കർമണാ പ്രകടമായിത്തീരുന്നതാണ്. ധ്യാനം, വിനയം, ഭക്തി എന്നിവ ഹൃദയം കൊണ്ടും, തസ്ബീഹ്, തഹ്മീദ്, തക്ബീർ , തഹ്‌ലീൽ , ദുആ, ഖുർആൻ പാരായണം മുതലായവ നാവ് കൊണ്ടും, നമസ്ക്കാരം, നോമ്പ്, ദാന ധർമ്മങ്ങൾ , ഹജ്ജ് എന്നീ കർമ്മങ്ങൾ പ്രവർത്തിയിലൂടെയും നിർവ്വഹിക്കപെടുന്ന അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണകളാകുന്നു.

**വചനം 30**

كَذَٰلِكَ أَرْسَلْنَٰكَ فِىٓ أُمَّةٍ قَدْ خَلَتْ مِن قَبْلِهَآ أُمَمٌ لِّتَتْلُوَا۟ عَلَيْهِمُ ٱلَّذِىٓ أَوْحَيْنَآ إِلَيْكَ وَهُمْ يَكْفُرُونَ بِٱلرَّحْمَٰنِ ۚ قُلْ هُوَ

30 മുമ്പ് പല സമുദായങ്ങൾ കഴിഞ്ഞുപോകുകയുണ്ടായിട്ടുള്ള ഒരു സമുദായത്തിൽ, അതുപോലെ (അവരിൽ അയക്കുകയുണ്ടായതുപോലെ) നിന്നെ നാം (റസൂലായി) അയച്ചിരിക്കുന്നു, നിനക്കു നാം ‘വഹ്‌യു’ (സന്ദേശം) നൽകിയതിനെ നീ അവർക്ക് ഓതിക്കേൾ

رَبِّي لَآ إِلَٰهَ إِلَّا هُوَ عَلَيۡهِ تَوَكَّلۡتُ وَإِلَيۡهِ مَتَابِ ﴿٣٠﴾

പ്പിക്കുവാൻവേണ്ടി. അവരാകട്ടെ, പരമകാരുണികനിൽ അവിശ്വസിക്കുകയും ചെയ്യുന്നു. പറയുക: "അവൻ എൻെറ റബ്ബാകുന്നു; അവനല്ലാതെ ഒരു ആരാധ്യനേ ഇല്ല; അവൻെറ മേലത്രെ ഞാൻ ഭരമേൽപിച്ചിരിക്കുന്നത്; അവനിലേക്കുതന്നെയാണ് എൻെറ (പശ്ചാത്തപിച്ച്) മടക്കവും."

---

മുൻ സമുദായങ്ങളിലേക്കെന്നപോലെ ഈ സമുദായത്തിലേക്ക്, അവരുടെ നൻമക്കായി, നിന്നെ നാം റസൂലായി അയച്ചിരിക്കയാണ് - നാം നിനക്ക് എത്തിച്ച് തരുന്ന സന്ദേശങ്ങൾ അവരെ കേൾപിച്ച് മനസ്സിലാക്കിക്കൊടുക്കുവാൻ വേണ്ടി. അല്ലാഹുവിന്റെ ഈ വമ്പിച്ച കാരുണ്യത്തിന് നന്ദി കാണിക്കുന്നതിന് പകരം, അല്ലാഹുവിൽ അവിശ്വസിച്ച് നന്ദികേട് കാണിക്കുകയാണവർ ചെയ്യുന്നത്. അവർ സ്വീകരിച്ചാലും ഇല്ലെങ്കിലും ശരി എല്ലാം അവനിൽ ഭരമേൽപിച്ച് നീ തൗഹീദിൽ ഉറച്ച് നിലകൊള്ളുക.

---

വചനം 31

وَلَوۡ أَنَّ قُرۡءَانٗا سُيِّرَتۡ بِهِ ٱلۡجِبَالُ أَوۡ قُطِّعَتۡ بِهِ ٱلۡأَرۡضُ أَوۡ كُلِّمَ بِهِ ٱلۡمَوۡتَىٰۗ بَل لِّلَّهِ ٱلۡأَمۡرُ جَمِيعًاۗ أَفَلَمۡ يَاْيۡـَٔسِ ٱلَّذِينَ ءَامَنُوٓاْ أَن لَّوۡ يَشَآءُ ٱللَّهُ لَهَدَى ٱلنَّاسَ جَمِيعٗاۗ وَلَا يَزَالُ ٱلَّذِينَ كَفَرُواْ تُصِيبُهُم بِمَا صَنَعُواْ قَارِعَةٌ أَوۡ تَحُلُّ قَرِيبٗا مِّن دَارِهِمۡ حَتَّىٰ يَأۡتِيَ وَعۡدُ ٱللَّهِۚ إِنَّ ٱللَّهَ لَا يُخۡلِفُ ٱلۡمِيعَادَ ﴿٣١﴾

31 വല്ല 'ഖുർആനും' (പാരായണ ഗ്രന്ഥവും), അതുമൂലം മലകൾ (തൽസ്ഥാനങ്ങളിൽ നിന്ന്) നടത്തപ്പെടുകയോ, അല്ലെങ്കിൽ അതുമൂലം ഭൂമി (തുണ്ടമാക്കി) മുറിക്കപ്പെടുകയോ, അതുമൂലം മരണപ്പെട്ടവരുമായി സംസാരിക്കപ്പെടുകയോ ചെയ്തിരുന്നുവെങ്കിൽ (അത് ഈ ഗ്രന്ഥം തന്നെയാകുമായിരുന്നു). പക്ഷേ, കൽപന (അധികാരം) മുഴുവനും അല്ലാഹുവിന്നാകുന്നു. അപ്പോൾ, വിശ്വസിച്ചവർക്ക് വ്യക്തമായി അറിഞ്ഞു കൂടേ? അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ മനുഷ്യരെ മുഴുവനും അവൻ സൻമാർഗ്ഗത്തിലാക്കുമായിരുന്നുവെന്ന്! അവിശ്വസിച്ചവർ അവർ പ്രവർത്തിച്ചതു നിമിത്തം-അവർക്ക് മുട്ടി അലക്കുന്ന വല്ല (ശിക്ഷാ) സംഭവവും ബാധിച്ചു കൊണ്ടേയിരിക്കുന്നതാണ്. അല്ലെങ്കിൽ അവരുടെ വസതിക്കു സമീപം അത് (വന്നു) ഇറങ്ങിക്കൊണ്ടിരിക്കും; അല്ലാഹുവിൻെറ വാഗ്ദത്തം വന്നെത്തുന്നതുവരെ. നിശ്ചയമായും, അല്ലാഹു കരാറ് നിശ്ചയത്തിന് എതിര് പ്രവർത്തിക്കുകയില്ല.

---

മുൻ വേദഗ്രന്ഥങ്ങളിൽപെട്ട ഏതെങ്കിലും ഒരു പാരായണ ഗ്രന്ഥം അവതരിക്കപെടുക മൂലം, അതിന്റെ ഗൗരവത്താൽ വല്ല മലകളും സ്ഥാനം തെറ്റുകയൊ, ഭൂമി പൊട്ടി പിളരുകയൊ, മരണപെട്ട ആളുകളുമായി സംസാരിക്കുവാൻ സാധിക്കുകയോ, ഉണ്ടായിട്ടില്ല. വേദഗ്രന്ഥങ്ങൾ മുഖേന അങ്ങനെയൊന്നും സംഭവിക്കാറില്ലാത്ത സ്ഥിതിക്ക്, ഈ ഖുർആൻ സത്യമാണെങ്കിൽ എന്ത് കൊണ്ട് ഇന്നിന്ന ദൃഷ്ടാന്തങ്ങൾ സംഭവിക്കുന്നില്ല എന്നുള്ള അവിശ്വാസികളുടെ ജൽപനങ്ങൾക്ക് യതൊരു ന്യായവുമില്ല.

ഖുർആന്റെ ഏതെങ്കിലും പോരായ്മയൊ ന്യൂനതയൊ അല്ല അവരുടെ ഈ നിഷേധത്തിന് കാരണം. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഇവരടക്കം, എല്ലാ മനുഷ്യരും വിശ്വാസികളായിത്തീരുക തന്നെ ചെയ്യും - അതിന് അർഹതയുള്ളവരും സന്നദ്ധതയുള്ളവരും ആരൊക്കെയാണെന്ന് അല്ലാഹുവിന് നന്നായറിയാം. ഒരു

കാര്യം തീര്‍ച്ചയാകുന്നു-അല്ലാഹു വാഗ്ദത്തം ചെയ്ത ഇസ്ലാമിന്റെ വിജയം നടപ്പില്‍ വരുക തന്നെ ചെയ്യും. അത് വരെ സൈ്വര ജീവിതം സാദ്ധ്യമല്ലാത്ത വിധം അവിശ്വാസികള്‍ക്കിടയിലൊ സമീപ സ്ഥലങ്ങളിലൊ ഏതെങ്കിലും മഹാവിപത്തുകള്‍ അവര്‍ അനുഭവിച്ച് കൊണ്ടിരിക്കുക തന്നെ ചെയ്യുന്നതാണ്.

സമീപ ഭാവിയില്‍ തന്നെ ഇസ്ലാമിന്റെ വിജയവും ശിര്‍ക്കിന്റെ പരാജയവും യഥാര്‍ത്ഥമായി പുലരുന്നതും, അത് വരെയും യുദ്ധം, ക്ഷാമം തുടങ്ങിയ ആപത്തുകള്‍ മുശ്രിക്കുകള്‍ക്ക് അനുഭവപെട്ട് കൊണ്ടിരുന്നതും ഒരു ചരിത്ര വസ്തുതയാണല്ലൊ.

ഈ വചനത്തില്‍ 'ഖുര്‍ആന്‍' എന്ന പദം മുന്‍ വേദഗ്രന്ഥങ്ങളടക്കമുള്ള പാരായണ ഗ്രന്ഥങ്ങളെ ഉദ്ദേശിച്ചാകുന്നു പ്രയോഗിക്കപെട്ടിട്ടുള്ളത്

**വിഭാഗം - 5**

**വചനം 32,33**

32 തീര്‍ച്ചയായും, നിന്‍റെ മുമ്പ് പല റസൂലുകളെക്കുറിച്ചും പരിഹസിക്കപ്പെടുകയുണ്ടായിട്ടുണ്ട്; എന്നിട്ട് ഞാന്‍ (ആ) അവിശ്വസിച്ചവര്‍ക്ക് താമസം നല്‍കി (അയച്ചു വിട്ടു); പിന്നെ, ഞാന്‍ അവരെ പിടിച്ചു (ശിക്ഷിച്ചു). അപ്പോള്‍, എന്‍റെ ശിക്ഷാനടപടി എങ്ങിനെയായിരുന്നു? (അത് കുറിക്കുകൊണ്ടില്ലേ?!)

وَلَقَدِ ٱسۡتُهۡزِئَ بِرُسُلٖ مِّن قَبۡلِكَ فَأَمۡلَيۡتُ لِلَّذِينَ كَفَرُواْ ثُمَّ أَخَذۡتُهُمۡۖ فَكَيۡفَ كَانَ عِقَابِ ٣٢

33 അപ്പോള്‍, എല്ലാ (ഓരോ) വ്യക്തിയുടെ മേലും അത് (പ്രവര്‍ത്തിച്ചു) സമ്പാദിച്ചതിനെപ്പറ്റി (മേല്‍നോട്ടം ചെയ്തുകൊണ്ട്) നിലകൊള്ളുന്നയാതൊരുവനോ....?: (അവനെങ്ങിനെ ഒരു കഴിവും ഇല്ലാത്തവര്‍ക്ക് സമമാകുന്നു?!) (എന്നിട്ടും) അവര്‍ അല്ലാഹുവിന് പങ്കാളികളെ ആക്കിയിരിക്കുന്നു! പറയുക: "നിങ്ങള്‍ അവരെ (ഒന്ന്) പേര് പറഞ്ഞു (വിവരിച്ചു)തരുവിന്‍! അതല്ല, ഭൂമിയില്‍ (ഉള്ളതായി) അവന്‍ അറിയാത്ത കാര്യത്തെപ്പറ്റി നിങ്ങള്‍ അവന് വിവരം അറിയിക്കുന്നുവോ?! അതല്ല, (അര്‍ത്ഥമില്ലാത്ത) വല്ല പുറംവാക്കും മൂലം (അങ്ങിനെ പറയുന്നത്) ആണോ?!" പക്ഷേ, (അതൊന്നുമല്ല- ആ) അവിശ്വസിച്ചവര്‍ക്ക് അവരുടെ തന്ത്രം അലങ്കാരമായി കാണിക്കപ്പെട്ടിരിക്കുകയാണ്; അവര്‍ (ശരിയായ) മാര്‍ഗ്ഗത്തില്‍ നിന്നും തട്ടിത്തിരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഏതൊരുവനെ അല്ലാഹു വഴിപിഴവിലാക്കുന്നുവോ അവന്ന് (പിന്നെ) നേര്‍വഴിയിലാക്കുന്ന ഒരുവനുമില്ല.

أَفَمَنۡ هُوَ قَآئِمٌ عَلَىٰ كُلِّ نَفۡسِۢ بِمَا كَسَبَتۡۗ وَجَعَلُواْ لِلَّهِ شُرَكَآءَ قُلۡ سَمُّوهُمۡۚ أَمۡ تُنَبِّـُٔونَهُۥ بِمَا لَا يَعۡلَمُ فِي ٱلۡأَرۡضِ أَم بِظَٰهِرٖ مِّنَ ٱلۡقَوۡلِۗ بَلۡ زُيِّنَ لِلَّذِينَ كَفَرُواْ مَكۡرُهُمۡ وَصُدُّواْ عَنِ ٱلسَّبِيلِۗ وَمَن يُضۡلِلِ ٱللَّهُ فَمَا لَهُۥ مِنۡ هَادٖ ٣٣

---

ഓരോ വ്യക്തിയുടെയും സകല ചെയ്തികളും സൂക്ഷ്മ നിരീക്ഷണം നടത്തിക്കൊണ്ടിരിക്കുന്ന അല്ലാഹുവിന് പങ്കാളികള്‍ ഉണ്ടെന്ന് പറയുന്ന അവര്‍, ആ പങ്കാളികള്‍ ആരൊക്കെയാണെന്ന് വിവരിക്കട്ടെ. സര്‍വ്വജ്ഞനായ അല്ലാഹുവിന്റെ അറിവില്‍പെടാത്ത ചില പങ്കാളികള്‍ അവന്നുണ്ടെന്നുള്ള വിവരം അല്ലാഹുവിന് അറിയിച്ച് കൊടുക്കുകയാണോ അവര്‍ ചെയ്യുന്നത്; അതല്ല നിരര്‍ത്ഥകമായ ഒരു വെറും വാക്ക് പറയുകയാണൊ.

അക്കൂട്ടരാകട്ടെ, നേരായ മാർഗ്ഗത്തിൽ നിന്നും അകന്ന് പോയവരാകുന്നു. ഏത് അക്രമവും തോന്നിയ വാസവും തങ്ങൾക്കൊരു അലങ്കാരമായിട്ടാണവർ കണക്ക് കൂട്ടുന്നത്. അങ്ങനെയുള്ളവരെ അല്ലാഹു നേർ മാർഗ്ഗത്തിൽ എത്തിക്കുന്നതല്ല. (വചനം 39:3 ഉം 40: 28 ഉം നോക്കുക) അല്ലാഹു നേർമാർഗ്ഗത്തിലാക്കാത്തവരെ പിന്നെ ആർ നേർ മാർഗ്ഗത്തിലാക്കുവാനാണ്.

**വചനം 34**

لَّهُمْ عَذَابٌ فِى ٱلْحَيَوٰةِ ٱلدُّنْيَا ۖ وَلَعَذَابُ ٱلْءَاخِرَةِ أَشَقُّ ۖ وَمَا لَهُم مِّنَ ٱللَّهِ مِن وَاقٍ ﴿٣٤﴾

34 അവർക്ക് ഇഹലോക ജീവിതത്തിൽ ഒരു (തരം) ശിക്ഷയുണ്ടായിരിക്കും; പരലോകത്തെ ശിക്ഷയാകട്ടെ, കൂടുതൽ ഞെരുക്കമുള്ളതു തന്നെയായിരിക്കും. അല്ലാഹുവി(ൻെറ ശിക്ഷയി)ൽ നിന്ന് കാ(ത്തുരക്ഷി)ക്കുന്ന ഒരാളും അവർക്കില്ലതാനും.

ഇഹത്തിൽ, അപമാനം, ബന്ധനം, ക്ഷാമം, കൊല ആദിയായ ശിക്ഷാനുഭവങ്ങൾ; പരത്തിലാകട്ടെ കഠിന കഠോരവും ശാശ്വതവുമായ നരകശിക്ഷയും - അല്ലാഹുവിന്റെ ഈ ശിക്ഷകളിൽ നിന്നും കാത്ത് രക്ഷിക്കുന്ന ഒരാളും അവർക്കൊട്ടില്ല താനും.

**വചനം 35**

۞ مَّثَلُ ٱلْجَنَّةِ ٱلَّتِى وُعِدَ ٱلْمُتَّقُونَ ۖ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ ۖ أُكُلُهَا دَآئِمٌ وَظِلُّهَا ۚ تِلْكَ عُقْبَى ٱلَّذِينَ ٱتَّقَوا۟ ۖ وَّعُقْبَى ٱلْكَـٰفِرِينَ ٱلنَّارُ ﴿٣٥﴾

35 സൂക്ഷ്മത പാലിക്കുന്നവരോട് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗ്ഗത്തിൻെറ മാതിരി (ഇതത്രെ): അതിൻെറ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അതിലെ ഭോജ്യം നിരന്തരമായതാകുന്നു; അതിലെ തണലും (തന്നെ). അത്, സൂക്ഷ്മത പാലിച്ചവരുടെ പര്യവസാനമത്രെ. അവിശ്വാസികളുടെ പര്യവസാനമാകട്ടെ, നരകവുമാകുന്നു.

ആദം(അ) നബിയെ സ്വർഗ്ഗത്തിൽ താമസിപ്പിച്ച അവസരത്തിൽ അല്ലാഹു അദ്ദേഹത്തോട് പറയുകയുണ്ടായി - "നിശ്ചയമായും നിനക്കവിടെ വിശക്കാതെയും നഗ്നമാകാതെയുമിരിക്കാം. നിനക്കവിടെ ദാഹിക്കാതെയും വെയിൽ കൊള്ളാതെയുമിരിക്കാം". (സൂ :ത്വാഹാ : 118,119)

**വചനം 36**

وَٱلَّذِينَ ءَاتَيْنَـٰهُمُ ٱلْكِتَـٰبَ يَفْرَحُونَ بِمَآ أُنزِلَ إِلَيْكَ ۖ وَمِنَ ٱلْأَحْزَابِ مَن يُنكِرُ بَعْضَهُۥ ۚ قُلْ إِنَّمَآ أُمِرْتُ أَنْ أَعْبُدَ ٱللَّهَ وَلَآ أُشْرِكَ بِهِۦٓ ۚ إِلَيْهِ أَدْعُوا۟ وَإِلَيْهِ مَـَٔابِ ﴿٣٦﴾

36 നാം (വേദ) ഗ്രന്ഥം നൽകിയിട്ടുള്ളവർ, നിനക്ക് ഇറക്കപ്പെട്ടതിൽ സന്തോഷം കൊള്ളുന്നതാണ്. (ആ) കക്ഷികളിൽ തന്നെയുണ്ട് അതിൻെറ ചിലഭാഗം നിഷേധിക്കുന്നവർ. പറയുക: "ഞാൻ അല്ലാഹുവിനെ ആരാധിക്കുകയും, അവനോട് പങ്കുചേർക്കാതിരിക്കുകയും ചെയ്യണമെന്ന് മാത്രമേ എന്നോട് കൽപിക്കപ്പെട്ടിട്ടുള്ളു. അവനിലേക്കത്രെ ഞാൻ ക്ഷണിക്കുന്നത്; അവനിലേക്കു തന്നെയാണ് എൻെറ മടങ്ങിച്ചെല്ലലും."

വേദക്കാർ പിഴച്ച് പോയിട്ടുണ്ടെങ്കിലും നബി(സ)ക്ക് അവതരിച്ച ഈ വേദ ഗ്രന്ഥം സത്യമാണെന്നും വിഗ്രഹാരാധന തുടങ്ങിയ തങ്ങളുടെ വിശ്വാസാചാരങ്ങൾ തെററാണെന്നും അവർക്ക് അറിയാമായിരുന്നു. തങ്ങളുടെ വേദഗ്രന്ഥവും ഖുർആനും തമ്മിലുള്ള സമാനതയുടെ അടിസ്ഥാനത്തിൽ സന്തോഷം കൊള്ളേണ്ട വേദ

ക്കാരിൽ ചെറിയ ഒരു വിഭാഗം മാത്രം സന്തോഷവും താൽപര്യവും പ്രകടിപ്പിച്ചു. ഈ കൂട്ടരെ കുറിച്ച് സൂ: അൽബഖറ : 121 ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് കാണാം. എന്നാൽ വേദക്കാരിൽപ്പെട്ട ഭൂരിഭാഗം പേരും ഖുർ ആനെ നിഷേധിക്കുന്നവരും ഇസ്ലാമിന്റെ ശത്രുക്കളുമായിരുന്നു.

നിങ്ങളുടെ വേദഗ്രന്ഥത്തിൽ അല്ലാഹു കൽപിച്ച തൌഹീദ് തന്നെയാണ് എന്നോടും കൽപിക്കപെട്ടിരിക്കുന്നത്. അതിലേക്കാണ് ഞാൻ നിങ്ങളെ എല്ലാവരെയും ക്ഷണിക്കുന്നത്. വല്ല വീഴ്ചയും ഞാനതിൽ കാണിക്കുന്ന പക്ഷം അല്ലാഹുവിലേക്ക് തിരിച്ച് ചെല്ലേണ്ട ഞാൻ അവന്റെ മുമ്പിൽ ഉത്തരം പറയേണ്ടതായി വരും. എന്നൊക്കെ അവരോട് പറയാൻ നബി(സ)യോട് അല്ലാഹു കല്പിക്കുന്ന (സൂ; ആലു ഇംറാൻ 64-ാം വചനവും നോക്കുക).

**വചനം 37**

وَكَذَٰلِكَ أَنزَلْنَٰهُ حُكْمًا عَرَبِيًّا ۚ وَلَئِنِ ٱتَّبَعْتَ أَهْوَآءَهُم بَعْدَمَا جَآءَكَ مِنَ ٱلْعِلْمِ مَا لَكَ مِنَ ٱللَّهِ مِن وَلِىٍّ وَلَا وَاقٍ ﴿٣٧﴾

37 അതുപോലെ, ഇതിനെ (ഖുർആനെ) നാം അറബി (ഭാഷ)യിലുള്ള ഒരു വിധി നിയമമായി അവതരിപ്പിച്ചിരിക്കുന്നു. നിനക്ക് അറിവിൽനിന്നും വന്നു കിട്ടിയതിനുശേഷം, അവരുടെ ഇച്ഛകളെ നീ പിൻപറ്റിയെങ്കിൽ, അല്ലാഹുവി(ൻെറ ശിക്ഷയി)ൽനിന്ന് ഒരു രക്ഷാധികാരിയാകട്ടെ, കാ(ത്തു രക്ഷി)ക്കുന്നവനാകട്ടെ, നിനക്കു(ണ്ടാവുക) ഇല്ല.

---

അറബികൾക്കിടയിൽ അറബി ഭാഷയിലവതരിക്കപ്പെട്ട ഈ ഖുർ ആനിലുള്ളത് മനുഷ്യൻ ആചരിച്ച് വരേണ്ട നിയമ സംഹിതകളാകുന്നു. വേദക്കാരുടെ തന്നിഷ്ടങ്ങളെ പിൻപററരുതെന്ന് നബി (സ)യോട് വിരോധിച്ചത് തിരുമേനി അങ്ങനെ ചെയ്തേക്കാനിടയുള്ളത് കൊണ്ടല്ല, അവിടുത്തെ പ്രബോധനങ്ങളിൽ അവർക്ക് വേണ്ടി വല്ല വിട്ടുവീഴ്ചയും സ്വീകരിച്ചാൽ കൊള്ളാമെന്നുള്ള അവരുടെ മോഹവും പ്രതീക്ഷയും അവർ വിട്ടേക്കുവാൻ വേണ്ടിയാകുന്നു അത്.

## വിഭാഗം 6

**വചനം 38 39**

وَلَقَدْ أَرْسَلْنَا رُسُلًا مِّن قَبْلِكَ وَجَعَلْنَا لَهُمْ أَزْوَٰجًا وَذُرِّيَّةً ۚ وَمَا كَانَ لِرَسُولٍ أَن يَأْتِىَ بِـَٔايَةٍ إِلَّا بِإِذْنِ ٱللَّهِ ۗ لِكُلِّ أَجَلٍ كِتَابٌ ﴿٣٨﴾

يَمْحُوا۟ ٱللَّهُ مَا يَشَآءُ وَيُثْبِتُ ۖ وَعِندَهُۥٓ أُمُّ ٱلْكِتَٰبِ ﴿٣٩﴾

38 നിനക്കു മുമ്പ് പല റസൂലുകളെയും നാം അയക്കുകയുണ്ടായിട്ടുണ്ട്; അവർക്കു നാം ഭാര്യമാരെയും, സന്താനങ്ങളെയും ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഒരു റസൂലിനും തന്നെ അല്ലാഹുവിൻെറ അനുമതിപ്രകാരമല്ലാതെ ഒരു ദൃഷ്ടാന്തവും കൊണ്ടുവരാവതല്ല. എല്ലാ (ഓരോ) കാലാവധിക്കുമുണ്ട് ഒരു (രേഖാ) ഗ്രന്ഥം.

39 അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ മായിക്കുകയും, സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. മൂലഗ്രന്ഥം (അഥവാ മൂലരേഖ) അവൻെറ പക്കൽ ഉണ്ടുതാനും.

---

മുഹമ്മദ്(സ) അല്ലാഹുവിന്റെ റസൂലാണെങ്കിൽ എന്ത് കൊണ്ട് സാധാരണ മനുഷ്യരെപോലെ അവൻ ഭാര്യാമക്കളുള്ളവനായിരിക്കുകയും ഭക്ഷണം കഴിക്കുകയും അങ്ങാടിയിൽ കൂടി നടക്കുകയും ചെയ്യുന്നു, എന്നിങ്ങനെയുള്ള അവിശ്വാസികളുടെ ജൽപനങ്ങൾക്ക് ആദ്യ വചനത്തിലൂടെ അല്ലാഹു മറുപടി പറയുന്നു. മുഹമ്മദിന് മുമ്പു വന്ന പല റസൂലുകൾക്കും ഭാര്യമാരും മക്കളുമൊക്കെ ഉണ്ടായിരുന്നു. അവർ മാനുഷിക പ്രകൃതിക്കതീതരായിരുന്നില്ല,

മുഹമ്മദ് എന്ത്കൊണ്ട് ഞങ്ങൾ ആവശ്യപ്പെടുന്ന അമാനുഷിക ദൃഷ്ടാന്തങ്ങളൊന്നും കാണിക്കുന്നില്ല എന്നായിരുന്നു അവിശ്വാസികളുടെ മറെറാരു ജൽപനം. ദൃഷ്ടാന്തം കാണിക്കൽ അല്ലാഹുവിന്റെ മാത്രം കഴിവിൽപെട്ടതാണെന്നും സ്വന്തം നിലക്ക് ഒരു റസൂലിനും അതിനുള്ള കഴിവില്ലെന്നും ദൃഷ്ടാന്തങ്ങൾ കാണിക്കുന്നതിന് അല്ലാഹുവിന്റെ അടുക്കൽ ചില നിശ്ചയങ്ങളും നിയമ വ്യവസ്ഥകളുമൊക്കെയുണ്ടെന്നും അതാതിന്റെ സന്ദർഭത്തിൽ സന്ദർഭത്തിനനുസരിച്ചുള്ള ദൃഷ്ടാന്തം അല്ലാഹു റസൂലുകളിലൂടെ സംഭവിപ്പിക്കുമെന്നും അല്ലാഹു തുടർന്ന് പ്രസ്താവിക്കുന്നു.

രണ്ടാമത്തെ വചനത്തിൽ "അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ മായിച്ച് കളയുകയും സ്ഥിരപ്പെടുത്തുകയും ചെയ്യും" എന്ന അല്ലാഹുവിന്റെ പ്രസ്താവനയുടെ വ്യാഖ്യാനത്തിൽ പണ്ഡിതൻമാർക്കിടയിൽ പല അഭിപ്രായങ്ങളും കാണാം. മനുഷ്യരുടെ ആയുഷ്കാലം, ആഹാരം, ഭാഗ്യ നിർഭാഗ്യം , രോഗാരോഗ്യാവസ്ഥകൾ, വിശ്വാസ അവിശ്വാസങ്ങൾ, തുടങ്ങിയ കാര്യങ്ങളെല്ലാം മാറ്റത്തിന് വിധേയമാണെന്ന് ഇബ്നു മസ്ഊദ്, ഇബ്നു അബ്ബാസു, ഖത്താദ:, ഉമർ, ഇബ്നു ജുറൈജ്(റ) എന്നീ മഹാൻമാർ അഭിപ്രായപെടുന്നു. തങ്ങൾക്കനുകൂലമായി തങ്ങളുടെ ഭാഗദേയം മാററിതരണമേ, എന്ന് ഉമറും, ഇബ്നുമസ്ഊദും, അബൂവാഇലും(റ) അല്ലാഹുവിനോട് പ്രാർത്ഥിക്കാറുണ്ടായിരിന്നു.

എന്നാൽ അല്ലാഹു ഉദ്ദേശിക്കുന്ന ചില പ്രത്യേക വിഷയങ്ങളിൽ മാത്രമേ മായിക്കൽ ഉണ്ടാവുകയുള്ളുവെന്നാണ് മറെറാരഭിപ്രായം. അവൻ എന്തുദ്ദേശിക്കുന്നുവോ അതിനെ, എങ്ങനെ ഉദ്ദേശിക്കുന്നുവോ അങ്ങനെ അവൻ മായിക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങനെ വരുത്തുന്ന ഭേദഗതി അവന്റെ മുൻ നിശ്ചയത്തിലുള്ള വൈകല്യമോ പോരായ്മയോ കൊണ്ടല്ലെന്നും അവന് മാത്രം അറിയാവുന്ന ചില പ്രത്യേക യുക്തിരഹസ്യങ്ങൾ അതിൽ അടങ്ങിയിരിക്കുന്നത്കൊണ്ടായിരിക്കുമെന്നും പറയേണ്ടതില്ലല്ലോ,

അല്ലാഹു ആകാശത്ത് നിന്ന് ഇറക്കിയ ഗ്രന്ഥങ്ങളിൽ ചിലത് മുമ്പ് തന്നെ മായിക്കുകയും, അവസാനം വി:ഖുർആൻ മുഖേന എല്ലാം മായിക്കുക - അഥവാ നസ്ഖ് ചെയ്യുക -യും ചെയ്തിരിക്കുന്നു.

"മൂലഗ്രന്ഥം [أمّ الكتاب] അവന്റെ പക്കലുണ്ട്" എന്നാണല്ലോ തുടർന്നുള്ള വചനം. أمّ الكتاب എന്ന വാക്കിന്റെ അർത്ഥത്തെ പററി സൂ: ഫാതിഹയുടെ ആരംഭത്തിൽ വിവരിച്ചിട്ടുണ്ട്. ഇവിടെ ആ വാക്ക് കൊണ്ടുള്ള വിവക്ഷയെന്ന നിലക്ക് علم الله (അല്ലാഹുവിന്റെ അറിവ്) എന്നും اللوح المحفوظ (അല്ലാഹുവിന്റെ ജ്ഞാന രേഖ) എന്നും الذكر (പ്രമാണം) എന്നുമാണ് ഖുർആൻ പണ്ഡിതൻമാർ വ്യാഖ്യാനിച്ച് കാണുന്നത്. അനാദികാലം മുതൽ കാലാകാലം വരെയുണ്ടാകുന്ന സർവ്വ കാര്യങ്ങളെക്കുറിച്ചുമുള്ള അല്ലാഹുവിന്റെ ജ്ഞാന രേഖ എന്നത്രേ ആ മൂന്ന് വാക്കുകളുടെയും താൽപര്യം. اللوح المحفوظ നെ പറ്റി സൂ : ബുറൂജിന്റെ അവസാന ഭാഗം നോക്കുക.

---

**വചനം 40**

وَإِن مَّا نُرِيَنَّكَ بَعْضَ ٱلَّذِى نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِنَّمَا عَلَيْكَ ٱلْبَلَٰغُ وَعَلَيْنَا ٱلْحِسَابُ ﴿٤٠﴾

40 അവരോട് നാം വാഗ്ദത്തം ചെയ്യുന്നതിൽ ചിലത് (ചില ശിക്ഷാ നടപടികൾ) നാം നിനക്ക് കാണിച്ചു തരുകയോ, അല്ലെങ്കിൽ (അതിനുമുമ്പ്) നിന്നെ നാം പിടിച്ചെടുക്കുകയോ തന്നെ ചെയ്തുവെങ്കിലും, നിൻെറ മേൽ പ്രബോധനം മാത്രമാണ് (ബാധ്യത)ഉള്ളത്; നമ്മുടെ മേലത്രെ വിചാരണ(യുടെ ബാധ്യത).

---

ആ സത്യനിഷേധികളുടെ മേൽ അല്ലാഹുവിന്റെ ശിക്ഷാ നടപടി , നബി(സ)യുടെ ജീവിത കാലത്ത് തന്നെയൊ, അല്ലെങ്കിൽ അവിടുത്തെ കാലശേഷമൊ സംഭവിച്ചുവെന്ന് വരാം . രണ്ടായാലും നബി(സ)യുടെ ബാധ്യതയിലും കൃത്യനിർവ്വണത്തിലും മാറ്റമൊന്നും വരാനില്ലെന്ന് സാരം .

**വചനം 41**

أَوَلَمْ يَرَوْا۟ أَنَّا نَأْتِى ٱلْأَرْضَ نَنقُصُهَا مِنْ

41 അവർക്ക് കണ്ടുകൂടേ, നാം (അവരുടെ)ഭൂമിയിൽ ചെന്ന് അതിൻെറ (നാനാ) വശങ്ങളിൽനിന്ന്

أَطْرَافِهَا ۚ وَٱللَّهُ يَحْكُمُ لَا مُعَقِّبَ لِحُكْمِهِۦ ۚ وَهُوَ سَرِيعُ ٱلْحِسَابِ ﴿٤١﴾

അതിനെ ചുരുക്കിക്കൊണ്ടിരിക്കുന്നത്?! അല്ലാഹു വിധി കൽപിക്കുന്നു; അവൻെറ വിധിയെ പിന്നോക്കം വെപ്പിക്കുന്ന ഒരാളുമില്ല. അവൻ വിചാരണ വേഗം നടത്തുന്നവനുമാകുന്നു.

ഇസ്ലാമിന് പ്രചാരം സിദ്ധിച്ച് കൊണ്ടിരിക്കുന്നതും ഓരോ രാജ്യങ്ങളായി ഇസ്ലാമിന് അധീനപ്പെട്ടു കൊണ്ടിരിക്കുന്നതും തങ്ങളുടെ നാട് ചുരുക്കപെട്ട് കൊണ്ടിരിക്കുന്നതും അങ്ങനെ തങ്ങൾ തുടച്ച് നീക്കപെട്ട് കൊണ്ടിരിക്കുന്നതും അവിശ്വാസികൾ കാണുന്നില്ലേ. എല്ലാം അല്ലാഹുവിന്റെ മാത്രം കൽപനയനുസരിച്ച് നടക്കുന്നു;വിചാരണയും അനന്തര നടപടികളും അവന് ഒട്ടും പ്രയാസമുള്ള കാര്യമല്ല തന്നെ.

**വചനം 42**

وَقَدْ مَكَرَ ٱلَّذِينَ مِن قَبْلِهِمْ فَلِلَّهِ ٱلْمَكْرُ جَمِيعًا ۖ يَعْلَمُ مَا تَكْسِبُ كُلُّ نَفْسٍ ۗ وَسَيَعْلَمُ ٱلْكُفَّٰرُ لِمَنْ عُقْبَى ٱلدَّارِ ﴿٤٢﴾

42 ഇവരുടെ മുമ്പുള്ളവരും തന്ത്രം പ്രയോഗിക്കുകയുണ്ടായി; എന്നാൽ, അല്ലാഹുവിനത്രെ തന്ത്രം മുഴുവനുള്ളത്. എല്ലാ (ഓരോ) വ്യക്തിയും (പ്രവർത്തിച്ചു) സമ്പാദിക്കുന്നത് അവൻ അറിയുന്നു. അവിശ്വാസികൾ വഴിയെ അറിഞ്ഞുകൊള്ളും, ആർക്കാണ് ഭവനത്തിൻെറ (ശുഭ) പര്യവസാനം എന്ന്!

മുൻ സമുദായങ്ങൾ അവരുടെ പ്രവാചകൻമാർക്ക് എതിരെ നടത്തിയ കുതന്ത്രങ്ങളൊക്കെയും അല്ലാഹു പരാജയപെടുത്തുകയുണ്ടായി. ഏത് തന്ത്രക്കാരെയും പരാജയപെടുത്തുവാനുള്ള തന്ത്രം, സർവ്വതന്ത്രജ്ഞനായ അല്ലാഹുവിന്റെ പക്കലുണ്ട്. നബി(സ) തിരുമേനിയെ വധിക്കുകയോ ബന്ധനസ്ഥനാക്കുകയോ, ബഹിഷ്കരിക്കുകയൊ ചെയ്യാനുള്ള മുശ്രിക്കുകളുടെ ഗൂഢ തന്ത്രത്തെ പരാജയപെടുത്തിയ അല്ലാഹു സൂ : അൻഫാൽ: 30 ൽ ഇപ്രകാരം പറയുന്നു. “അല്ലാഹു തന്ത്രശാലികളിൽ വെച്ച് ഉത്തമനാകുന്നു” സൂ :നംല് 50, 51 വചനങ്ങളിലും മുൻ സമുദായങ്ങളുടെ അക്രമ മർദനങ്ങളെ പരാജയപെടുത്തിയതിനെ പറ്റി അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

‘ഭവനത്തിന്റെ പര്യവസാനം’ എന്നത് കൊണ്ടെന്താണുദ്ദേശ്യമെന്ന് 22-24-ാം വചനങ്ങളിൽ നിന്നും മുമ്പ് മനസ്സിലാക്കിയിട്ടുണ്ടല്ലൊ.

**വചനം 43**

وَيَقُولُ ٱلَّذِينَ كَفَرُوا۟ لَسْتَ مُرْسَلًا ۚ قُلْ كَفَىٰ بِٱللَّهِ شَهِيدًۢا بَيْنِى وَبَيْنَكُمْ وَمَنْ عِندَهُۥ عِلْمُ ٱلْكِتَٰبِ ﴿٤٣﴾

43 അവിശ്വസിച്ചവർ പറയുന്നു: ‘‘നീ ഒരു (റസൂലായി) അയക്കപ്പെട്ടവനല്ല” എന്ന്! നീ പറയുക: “അല്ലാഹു മതി, എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായിട്ട്; വേദഗ്രന്ഥത്തിൻെറ അറിവ് ആരുടെപക്കലുണ്ടോ അവരും (മതി).”

നബി(സ) തിരുമേനിയെ സംബന്ധിച്ച് മുൻ വേദഗ്രന്ഥങ്ങളിൽ പല പ്രവചനങ്ങളും ഉണ്ടായിരുന്നതും, ഖുർആന്റെയും, അവയുടെയും അദ്ധ്യാപനങ്ങളിൽ പൊരുത്തമുള്ളതും, കാരണമായി വേദക്കാരിലെ പണ്ഡിതൻമാർക്ക് നബി(സ)യുടെ ദൗത്യം സത്യമാണെന്ന് വ്യക്തമായി അറിയാമായിരുന്നു. എന്നാൽ അവരിൽ നിലവിലിരുന്ന അന്ധവിശ്വാസാചാരങ്ങളെ ഇസ്ലാം എതിർത്തതും, അവരുടെ അസൂയയും കാരണമാണ് വേദക്കാർ ഇസ്ലാമിനോട് ശത്രുത പുലർത്തിയത്. എന്നിട്ടും സത്യാന്വേഷികളായ വേദക്കാരിൽ പലരും, ഖുർ ആന്റെയും നബി(സ)യുടെയും സത്യത ഉൾക്കൊണ്ട് മുസ്ലീംകളായിത്തീരുകയും ചെയ്തു.

# 14 - സൂറത്തു - ഇബ്രാഹീം

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 52, വിഭാഗം (റുക്കൂഅ്) 7

ഇബ്രാഹിം(അ) നബിയുമായി ബന്ധപ്പെട്ട പല വിവരങ്ങളും അടങ്ങിയിരിക്കുന്നത് കൊണ്ട് ഈ സൂറത്ത് അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു.

25 സൂറത്തുകളിലായി 69 സ്ഥലങ്ങളിൽ ഇബ്രാഹിം (അ)ന്റെ പേര് ഖുർആനിൽ പ്രസ്താവിക്കപെട്ടിട്ടുണ്ട്. നൂഹ്(അ) നബിയുടെ പുത്രനായ സാമിന്റെ ഒമ്പതാം തലമുറയിൽ ഇബ്രാഹിം (അ) ജനിച്ചുവെന്നാണ് കരുതപെടുന്നത്.

ഇബ്രാഹിം(അ) നബിയുടെ പിതാവിന്റെ പേര് 'ആസർ' എന്നാണെന്ന് ഖുർആനിൽ പറഞ്ഞിരിക്കുന്നു. 'ആസർ' എന്നത് അദ്ദേഹത്തിന്റെ സ്ഥാന പേര് ആണെന്നും യഥാർത്ഥ പേര് 'താറഹ്' അഥവാ 'തേരഹ്' എന്നാണെന്ന് പല മുഫസ്സിറുകളും ചരിത്രകാരൻമാരും അഭിപ്രായ പെട്ടിരിക്കുന്നു.

യുവാവായിരുന്ന കാലത്ത് ഇബ്രാഹിം(അ) നബി ഉത്തര ഇറാഖിലെ പദ്ദൻ അരം (മെസപൊട്ടോമിയ) എന്ന സ്ഥലത്തും ദക്ഷിണ ഇറാക്കിലെ ഊർ എന്ന പട്ടണത്തിലും കുറെക്കാലം താമസിച്ചിട്ടുണ്ട്. കൂടാതെ കൂഫാ, ഹാറാൻ, ബാബിലോൺ എന്നീ സ്ഥലങ്ങളിലും വസിച്ചിട്ടുണ്ട്. ഇബ്രാഹിം(അ) നബിയുടെ ജനന സ്ഥലം ഏതാണെന്നതിൽ ഭിന്നാഭിപ്രായമുണ്ട്.

ദക്ഷിണ ബാബിലോണിയയിലെ ഊർ പട്ടണത്തിൽ നിന്നാണ് അദ്ദേഹം സ്വദേശം വിട്ട് ശാമിലേക്ക് യാത്ര പോയതെന്ന് കരുതപെടുന്നു. ചന്ദ്രാരാധന നടത്തിയിരുന്ന വമ്പിച്ച ക്ഷേത്രങ്ങളും വളരെ മുമ്പ് കഴിഞ്ഞ് പോയ ജല പ്രളയത്തിന്റെ അടയാളങ്ങളും ഊറിൽ നിന്ന് കണ്ട് കിട്ടിയിട്ടുണ്ട്. നൂഹ്(അ) നബിയുടെ കാലത്തുണ്ടായ ജല പ്രളയവും അദ്ദേഹത്തിന്റെ വാസസ്ഥലവും ബാബിലോണിയയിലായിരുന്നുവെന്നാണ് കൂടുതൽ പ്രബലമായ അഭിപ്രയമെന്ന വസ്തുത ഇവിടെ സ്മരണീയമാണ് (ഒരു സംഘം അമേരിക്കൻ പുരാവസ്തു ഗവേഷകർ തുർക്കിയിലെ അറാറാത്ത് മലഞ്ചെരിവിൽ 14000 അടി ഉയരത്തിൽ നൂഹ്(അ) നബിയുടെ കപ്പലിന്റേതെന്ന് കരുതപെടുന്ന അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്).

ഇബ്രാഹിം(അ) നബിയുടെ പിതാവും നാട്ടുകാരും വിഗ്രഹാരാധകരായിരുന്നു. സൂര്യ ചന്ദ്ര നക്ഷത്രാദികളും, ആരാധ്യ വസ്തുക്കളായിരുന്നു.- കൂടാതെ രാജാക്കന്മാരും. പിതാവാകട്ടെ ക്ഷേത്രത്തിലെ പൂജാരിയും വിഗ്രഹ നിർമ്മാതാവും ആയിരുന്നു. ബുദ്ധിമാനും തന്റേടിയുമായ ഇബ്രാഹിം(അ) പിതാവും മറ്റും മരം, കല്ല് മുതലായവ കൊണ്ട് നിർമ്മിക്കുന്ന വസ്തുക്കളെ ദൈവമാക്കി ആരാധിക്കുന്നത് വിഡ്ഢിത്തമാണെന്ന് പരസ്യമായി പ്രഖ്യാപിക്കാൻ തുടങ്ങി. പിതവും നാട്ടുകാരും ഭരണാധികാരിയുമായി അദ്ദേഹം പല വാഗ്വാദങ്ങളും നടത്തി. അവരെ ചിന്തിപ്പിക്കുവാനായി ഒരിക്കൽ, നക്ഷത്രമാണ് തന്റെ ദൈവമെന്നും, പിന്നീട് അത് മറഞ്ഞ് പോയപ്പോൾ, അത് ആരാധിക്കുവാൻ കൊള്ളുകയില്ലെന്നും അദ്ദേഹം സമർത്ഥിച്ചു. അതുപോലെ സൂര്യനും ചന്ദ്രനുമൊക്കെ അസ്തമിച്ചുപോകുന്നതിനാൽ അവയൊന്നും തന്നെ ആരാധിക്കപ്പെടുവാൻ കൊള്ളുകയില്ലെന്നും അദ്ദേഹം സമർത്ഥിച്ചു. (സൂ :അൻ ആം 74-79 നോക്കുക).

അകാശഭൂമികളുടെ രക്ഷിതാവായ അല്ലാഹു മാത്രമാണ് റബ്ബായിരിക്കാൻ അർഹനെന്ന് അദ്ദേഹം സധൈര്യം പ്രഖ്യാപിച്ചു.

അദ്ദേഹത്തെ ഈ സംരഭത്തിൽ നിന്ന് പിന്തിരപ്പിക്കാനായി അവിടുത്തെ രാജാവ് ഒരു പരിശ്രമം നടത്തി- "തന്റെ ദൈവം ജീവിപ്പിക്കുന്നവനും, മരിപ്പിക്കുന്നവനുമാണെന്നാണല്ലൊ താൻ പറയുന്നത്. ഞാനാകട്ടെ, പലരേയും കൊലപ്പെടുത്തുകയും കൊല്ലേണ്ടുന്ന പലരേയും കൊലപെടുത്താതെ ജീവിക്കുവാൻ വിടുകയും ചെയ്യുന്നുണ്ടല്ലോ". രണ്ട് പേരെ വിളിച്ചു ഒരുവനെ കൊല്ലുകയും മറ്റവനെ വിട്ടയക്കുകയും ചെയ്ത് കാണിച്ചുവെന്നും പറയപെടുന്നു.

ബാലിശമായ ഈ വാദം കെട്ട ഇബ്രാഹിം(അ) പറഞ്ഞു . "എന്റെ റബ്ബ് സൂര്യനെ കിഴക്ക് നിന്ന് ഉദിപ്പിക്കുന്നു. നിങ്ങളത് പടിഞ്ഞാറ് നിന്ന് കൊണ്ട് വരിക".

രാജാവിന് ഉത്തരം മുട്ടിപ്പോയി (അൽ ബഖറ : 258 )

(ഇബ്രാഹിം(അ) നബിയുമായി വാഗ്വാദം നടത്തിയ രാജാവിന്റെ പേര് ഖുർആനിൽ പറഞ്ഞിട്ടില്ല. നംറൂദ് എന്ന പേരിലാണയാൾ അറിയപെടുന്നത്).

മേൽ പറഞ്ഞ പ്രകാരം ഇബ്രാഹിം(അ) നബി തന്റെ ജനതയെ നേർ വഴിയിലാക്കാൻ, പല പരിശ്രമ

ങ്ങളും ചെയ്ത് നോക്കി. അതെല്ലാം വിഫലമാകുകയാണുണ്ടായത്. അദ്ദേഹമാകട്ടെ പരിശ്രമം ഊർജ്ജിതമാക്കിക്കൊണ്ടിരുന്നു. അവരുടെ വലിയ ഒരു വിഗ്രഹമൊഴിച്ച് ബാക്കി ചെറിയ വിഗ്രഹങ്ങളെയെല്ലാം അദ്ദേഹം തുണ്ടം തുണ്ടമാക്കി, തുടർന്ന് അദ്ദേഹം ഒരു തീക്കുണ്ഡത്തിൽ എറിയപെടുകയും, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം യാതൊരു പോറലുമേൽക്കാതെ ആ തീകുണ്ഡത്തിൽ നിന്നും രക്ഷപെടുകയും ചെയ്തു. (സൂ: അൻബിയാഅ് 57-69 നോക്കുക) പ്രസ്തുത സംഭവത്തെ തുടർന്ന് സ്വജനങ്ങളിൽ കുറച്ചാളുകൾ വിശ്വസിക്കുകയുണ്ടായെങ്കിലും പിതാവിന്റെയും നാട്ടുകാരുടെയും ശത്രുത വർദ്ധിതമായതോടെ അദ്ദേഹം സ്വദേശത്തോട് യാത്ര പറഞ്ഞു. അല്ലാഹു അദ്ദേഹത്തെ അനുഗ്രഹീതമായ ഭൂമിയിലേക്ക് (ശാമിലേക്ക്) രക്ഷപെടുത്തിക്കൊണ്ട് വന്നു. ഭാര്യ സാറ, സഹോദരപുത്രൻ ലൂത്ത്വ്(അ) എന്നിവരും കൂടെ ഉണ്ടായിരുന്നു. അവർ അദ്ദേഹത്തിൽ വിശ്വസിച്ചവരായിരുന്നു.

അവർ കൻ ആൻ ദേശം എന്നറിയപെട്ടിരുന്ന പലസ്തീനിൽ എത്തിചേർന്നു. ആദ്യം നാബൽസ് എന്ന സ്ഥലത്തും, പിന്നീട് തെക്കോട്ട് മാറി ഒന്നിലധികം സ്ഥലത്തും അദ്ദേഹം താമസിച്ചിട്ടുണ്ട്. നാട്ടിൽ ക്ഷാമം ബാധിച്ച ഒരവസരത്തിൽ അവർ കുറച്ച് കാലം ഈജിപ്തിൽ പോകുകയും അധികം താമസിയാതെ മടങ്ങിപോരുകയും ചെയ്തു.

തുടർന്ന് ലൂത്ത്(അ) നബി ജോർദാൻ പ്രദേശത്തെ സോദോം , ഗോമോറാ എന്നീ രാജ്യങ്ങളിലേക്ക് പ്രവാചകനായി അല്ലാഹുവാൽ നിയോഗിക്കപെട്ടു. ഈ സ്ഥലത്തെ പറ്റിയാണ് സൂ : നജ്മിൽ 'മുഅ്തഫികത്ത്' (മറഞ്ഞ് കിടക്കുന്ന രാജ്യം) എന്ന് പറയപെട്ടിരിക്കുന്നത്.

ഇബ്റാഹിം(അ) നബിയുടെ ഭാര്യ സാറ പ്രസവിക്കാത്ത വന്ധ്യ ആയിരുന്നു. അവർക്ക് ഈജിപ്തിൽ വെച്ച് ലഭിച്ച അടിമസ്ത്രീയായ ഹാഗാർ (ഹാജർ) എന്ന ഖിബ്ത്തിക്കാരിയെ അവർ ഇബ്രാഹിം(അ) നബിയുടെ രണ്ടാം ഭാര്യയായി ദാനം ചെയ്തു. ഇവരിൽ നിന്നാണ് മൂത്തപുത്രനും, അറബികളുടെ പിതാവുമായ ഇസ്മാഈൽ(അ) ജനിച്ചത്. അപ്പോൾ ഇബ്രാഹീം(അ) നബിക്ക് പ്രായം 86 വയസ്സാണെന്ന് കരുതപെടുന്നു. الله اعلم

ഇസ്മാഈൽ(അ) നബിയുടെ മാതൃകാ കുടുംബത്തെ ഉദ്ദേശിച്ച് ഒരിക്കൽ നബി(സ) ഇപ്രകാരം പറഞ്ഞിരുന്നു:

“നിങ്ങൾ ഈജിപ്ത് ജയിച്ചടക്കുമ്പോൾ അവിടത്തുകാരുമായി നല്ല നിലയിൽ ഇടപെടണം; നിശ്ചയമായും അവരോട് നിങ്ങൾക്ക് കുടുംബ ബന്ധമുണ്ട്”.

ഒരിക്കൽ ഇബ്രാഹിം(അ) നബിയുടെ അടുക്കൽ മനുഷ്യരൂപത്തിൽ മലക്കുകൾ വരുകയും അദ്ദേഹത്തിന് “ജ്ഞാനിയായ ഒരു ആൺകുട്ടി” ജനിക്കാൻ പോകുന്നതിനെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുകയും ചെയ്തു. അത് ഇസ്ഹാഖ്(അ)നെക്കുറിച്ചുള്ള സന്തോഷവാർത്തയായിരന്നു. ഈ കാലത്ത് ഇബ്രാഹിം(അ) നബിക്ക് 100 വയസ്സും സാറക്ക് 90 വയസ്സും ആയിരുന്നെന്ന് പറയപെടുന്നു.

ഈ മലക്കുകൾ തന്നെയാണ് ലൂത്ത് (അ) നബിയുടെ ജനതയെ നശിപ്പിക്കുന്നതിനായി നിയോഗിക്കപെട്ടിരുന്നത്. (സൂ : 15: 52-60 ; സൂ: 51: 24-34 ഉം നോക്കുക)

ഇസ്മാഈൽ(അ) മുല കുടിക്കുന്ന പ്രായത്തിൽ, ഹാജറിനെയും ശിശുവിനെയും കൂട്ടി ഇബ്റാഹീം(അ) മക്കയിൽ വന്നു. അന്ന് മക്കായിൽ ജനവാസമൊ, വെള്ളമൊ, കായ്കനികളൊ ഉണ്ടായിരുന്നില്ല; ഇന്ന്; കഅ്ബ: സ്ഥിതി ചെയ്യുന്ന സ്ഥലത്ത്, നാല് ഭാഗവും പാറക്കുന്നുകളാൽ ആവൃതമായ ആ താഴ്വരയിൽ, അവരെ കുടിയിരുത്തിക്കൊണ്ട് ഇബ്രാഹീം(അ) അവർക്കായി ഒരു തോൽ സഞ്ചിയിൽ ഈത്ത പഴവും, കുറച്ചു വെള്ളവും മാത്രം കരുതി വെച്ച് കൊണ്ട് തിരിച്ച് പോകുകയാണ്.

“അല്ലാഹു കൽപിച്ചിട്ടാണോ, ഞങ്ങളെ ഈ താഴ്വരയിൽ തനിച്ച് വിട്ടേച്ച് താങ്കൾ പോകുന്നത്” എന്ന ഹാജർ ന്റെ ചോദ്യത്തിന് ഇബ്രാഹീം(അ) ഒറ്റ വാക്കിൽ മറുപടി പറഞ്ഞു “അതെ”

“എന്നാൽ പിന്നെ അവൻ ഞങ്ങളെ പാഴാക്കുകയില്ല” എന്ന് അവർ ആശ്വസിച്ചു.

അവരിൽ നിന്നും കണ്ണ് മറഞ്ഞപ്പോൾ അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിച്ചു.

“എന്റെ റബ്ബേ! എന്റെ സന്തതികളിൽ നിന്നും (ചിലരെ) കൃഷിയില്ലാത്ത ഒരു താഴ്വരയിൽ ഞാൻ ഇതാ താമസിപ്പിച്ചിരിക്കുന്നു -(അതെ) നിന്റെ പവിത്രമായ വീടിന്റെ അടുക്കൽ. ഞങ്ങളുടെ റബ്ബേ! അവർ നമസ്ക്കാരം നിലനിർത്തിപോരുവാനായിട്ടാണത്. ആകയാൽ മനുഷ്യരിൽ നിന്നുള്ള ചില ഹൃദയങ്ങളെ അവരുടെ നേരെ ചായുന്നതാക്കേണമെ. അവർക്ക് ഫല വർഗ്ഗങ്ങളിൽ നിന്നും നീ ഉപജീവനം നൽകുകയും ചെയ്യേണമെ. അവർ നന്ദി കാണിച്ചേക്കാമല്ലോ” (37-ാം വചനം)

കൈവശമുള്ള വെള്ളം തീർന്ന് പോയപ്പോൾ വല്ല യാത്രക്കാരെയും കണ്ട് മുട്ടി വെള്ളം കിട്ടുമൊ എന്ന് അന്വേഷിച്ച് കൊണ്ട്, കുട്ടിയെ അവിടെ കിടത്തികൊണ്ട് ആ മാതാവ് സഫാ, മർവാ എന്നീ കുന്നുകൾക്കിടയിൽ അങ്ങോട്ടുമിങ്ങോട്ടും പരക്കം പായുകയാണ് - ഏഴ് പ്രാവശ്യം, ഓടി നടന്നിട്ടും ആരെയും കണ്ട് കിട്ടിയില്ല. ഒരു ശബ്ദം കേട്ട് ശിശുവിന്റെ അടുക്കലേക്ക് മടങ്ങി വന്ന അവർ കുട്ടിയുടെ അരികിലായി നിൽക്കുന്ന ജിബരീൽ(അ)ന്റെ കാലിനടിയിൽ കൂടി ഒരു നീരുറവ ഒഴുകികൊണ്ടിരിക്കുന്നതാണ് കണ്ടത്. ആശ്ചര്യവും സന്തോഷവും കൊണ്ട് വീർപ്പ് മുട്ടിയ അവർ ഓടി വന്ന് കൊണ്ട് 'സം' 'സം' (നിൽക്കട്ടെ നിൽക്കട്ടെ) എന്ന് പറഞ്ഞു കൊണ്ട് അത് കെട്ടി നിറുത്തുകയുണ്ടായി. ഈ നീരുറവയാണ് ഇന്നും ഒരു മഹാദ്ഭുതമായി ശേഷിക്കുന്ന 'സം സം വെള്ളം.'

ഈ നീരുറവ കാരണമായി ക്രമേണ ജനങ്ങൾ പല ഭാഗത്ത് നിന്ന് വന്ന് കൂടി, മക്ക ജനവാസമുള്ള ഒരു പ്രദേശമായിത്തീർന്നു. ഹീബ്രു ഭാഷക്കാരനായിരുന്ന ഇസ്മാഈൽ(അ) അയൽ വാസികളുമായുള്ള സമ്പർക്കം വഴി അറബി ഭാഷ സംസാരിക്കുവാൻ ശീലിച്ചു. പ്രായപൂർത്തിയായപ്പോൾ അവരിൽ നിന്നും ജൂർഹും ഗോത്ര ക്കാരിയായ ഒരു സ്തീയെ കല്ല്യാണം കഴിക്കുകയും ചെയ്തു. കുറെ കഴിഞ്ഞ് മാതാവ് ഹാജറ മൃതിയടയുകയു ണ്ടായി.

ഇസ്മാഈലിനെ സന്ദർശിക്കാൻ ഇബ്രാഹീം(അ) ഇടക്കിടെ മക്കായിൽ വരാറുണ്ടായിരുന്നു. ഇസ്മാ ഈലിന്റെ കുടുംബത്തിന് വേണ്ടി അദ്ദേഹം പ്രാർത്ഥിക്കാറുണ്ടായിരുന്നു.

ഒരിക്കൽ അവിടെ സന്ദർശിക്കാൻ വന്ന ഇബ്രാഹീം(അ), ഇപ്പോൾ കഅ്ബ: നിൽക്കുന്ന സ്ഥലത്ത് പൊന്തി നിൽക്കുന്ന ഒരുതിണ്ണ ചൂണ്ടിക്കാട്ടി ക്കൊണ്ട്, ഇസ്മാഈൽ(അ) നോട് ഇപ്രകാരം അറിയിച്ചു: "ഇതാ ഇവിടെ ഒരു പുണ്യാലയം പണിയുവാൻ അല്ലാഹു കൽപിച്ചിട്ടുണ്ട് അതിന് നീ സഹായിക്കണം".

അങ്ങനെ പിതാവും പുത്രനും കൂടി കഅ്ബ : നിർമാണത്തിൽ ഏർപെട്ടു. നിർമ്മാണം പൂർത്തിയാകാറാ യപ്പോൾ ആ ആലയം പ്രദക്ഷിണം ചെയ്യുന്നവർക്ക് എവിടെ നിന്ന് പ്രദക്ഷിണം തുടങ്ങണമെന്നതിന് അടയാള മായി ഒരു കല്ല് കൊണ്ട് വരുവാൻ അദ്ദേഹം മകനോട് പറഞ്ഞു - ആ കല്ലാകുന്നു "ഹജറുൽ അസ്വദ് ".

ജോലി നടന്ന് കൊണ്ടിരിക്കുമ്പോൾ അവർ ഇപ്രകാരം ദുആ ചെയ്തിരുന്നു: "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നീ ഈ കർമ്മം സ്വീകരിക്കേണമെ. നിശ്ചയമായും നീ കേൾക്കുന്നവനും അറിയുന്നവനും തന്നെ."

കഅ്ബ : നിർമ്മാണം പുർത്തിയായപ്പോൾ ജനങ്ങൾക്ക് അല്ലാഹുവിനെ ആരാധിക്കുവാനായി ഒരു ഭവനം നിർമ്മിച്ചിട്ടുണ്ടെന്നും, അവിടെ വന്ന് ഹജ്ജ് കർമ്മം നിർവ്വഹിക്കണമെന്നും, പ്രഖ്യാപിക്കുവാൻ അല്ലാഹു ഇബ്രാഹീം (അ) നബിയോട് കൽപിച്ചു. അല്ലാഹുവിനെ മാത്രം ആരാധിക്കുവാനും അവനോട് മാത്രം പ്രാർത്ഥിക്കുവാനും ജനങ്ങൾക്കാകമാനമായി ഭൂമുഖത്ത് ആദ്യമായി നിർമ്മിക്കപെട്ടിട്ടുള്ള പുണ്യ ഭവനമത്രെ വിശുദ്ധ കഅബ.

ആ രണ്ട് പ്രവാചകൻമാരും നടത്തിയ നീണ്ട പ്രാർത്ഥനകളുടെ കൂട്ടത്തിൽ, സൂ : അൽ ബഖറ 128, 129 വചനങ്ങളിൽ പ്രസ്താവിക്കപെട്ട പ്രാർത്ഥനകളും ഉൾപെടുന്നു. അവ ഇപ്രകാരമായിരുന്നു:

"ഞങ്ങളുടെ റബ്ബേ, ഞങ്ങളെ രണ്ടാളെയും നിനക്ക് കീഴ്പെടുന്നവരാക്കി (മുസ്ലീംകളാക്കി ) ത്തരേണ മെ. ഞങ്ങളുടെ സന്തതികളിലും നിനക്ക് കീഴ്പെടുന്ന (മുസ്ലീം) സമുദായമുണ്ടാക്കണമെ. ഞങ്ങൾക്ക് ഞങ്ങളുടെ അനുഷ്ഠാനകർമ്മങ്ങളെ കാണിച്ച് തരുകയും ചെയ്യേണമെ. ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണമെ. നിശ്ചയമായും നീ തന്നെയാണ് പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയും". (വചനം 128)

"ഞങ്ങളുടെ റബ്ബെ, അവർക്ക് നിന്റെ ലക്ഷ്യങ്ങൾ ഓതികൊടുക്കുകയും, വേദഗ്രന്ഥവും വിജ്ഞാനവും പഠിപ്പിക്കുകയും, ആത്മ സംസ്ക്കരണമുണ്ടാക്കുകയും ചെയ്യുന്ന, ഒരു റസൂലിനെ അവരിൽ നിന്ന് തന്നെ, അവർക്കി ടയിൽ നിയോഗിച്ച് കൊടുക്കെണമെ" (വചനം: 129)

ഇബ്രാഹിം(അ) നബിയുടെ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചു. പ്രാർത്ഥന കഴിഞ്ഞു മൂന്നോ നാലൊ ആയിരം വർഷങ്ങൾക്ക് ശേഷം, അക്ഷരജ്ഞാനമില്ലാത്ത ആ സമുദായത്തിൽ നിന്ന് തന്നെ ഇസ്മാ ഈൽ (അ) ന്റെ പരമ്പരയിൽപെട്ട ഏക പ്രവാചകനായ മുഹമ്മദ് മുസ്തഫാ(സ) ലോകാവസാനം വരേക്കുമുള്ള അന്ത്യ പ്രവാചകനായി അല്ലാഹുവാൽ നിയോഗിക്കപെട്ടു. "ഞാൻ എന്റെ പിതാവ് ഇബ്രാഹിമിന്റെ പ്രാർത്ഥനയുടെ ഫല മാണ്" എന്ന് നബി(സ) തിരുമേനി പറഞ്ഞതായി രിവായത്ത് ചെയ്യപ്പെട്ടിട്ടുണ്ട്.

ഇസ്ഹാഖ്(അ) നബിയുടെ മകനായി യഅഖൂബ്(അ) ജനിച്ചു. അദ്ദേഹത്തിന് ഇസ്റാ ഈൽ എന്നും പേരുണ്ടായിരുന്നു. അദ്ദേഹത്തിന്റെ 12 മക്കൾ വഴി പെരുകി വർദ്ധിച്ച പന്ത്രണ്ട് സന്താന പരമ്പരകൾക്കാണ് പന്ത്രണ്ട് ഇസ്രാഈൽ ഗോത്രങ്ങൾ എന്ന് പറയപെടുന്നത്. പന്ത്രണ്ട് മക്കളിൽ ഒരാളായ യൂസുഫ്(അ) ഈജിപ്തിലെ ഭരണാധികാരിയായപ്പോൾ യഅഖൂബ്(അ) നബിയും ബാക്കി മക്കളും ഈജിപ്തിൽ ചെന്ന് താമ സമാക്കി.

പിന്നീട് മൂസാ(അ) നബിയുടെ കാലത്ത് അദ്ദേഹം വഴി ആ സമൂദായത്തെ ഫിർ ഔനിൽ നിന്ന് അല്ലാഹു രക്ഷപെടുത്തി, മൂസാ(അ) നബിയുടെ മരണശേഷം പല സംഭവങ്ങൾക്കും സംഘട്ടനങ്ങൾക്കും ശേഷം യൂശഉ(അ) നബിയുടെ നേതൃത്വത്തൽ അവർ വീണ്ടും പലസ്തീനിൽ വന്ന് ചേർന്നു.

ഇബ്രാഹീം നബി(അ) അല്ലാഹുവിന്റെ കൽപന പ്രകാരം പല നടപടി ക്രമങ്ങളും നടപ്പിലാക്കി അനുഷ്ഠിച്ചിരുന്നു - "അല്ലാഹു ഇബ്രാഹീമിനെ ചില കൽപനാ വാക്കുകൾ മുഖേന പരീക്ഷിച്ചപ്പോൾ അദ്ദേഹം അവയെ പൂർണ്ണമായും നിർവഹിച്ചു" എന്ന സൂ: അൽ ബഖറ: 124-ാം വചനത്തിലെ പരാമർശം, തന്റെ ഓമന പുത്രനെ, അല്ലാഹുവിന്റെ കൽപന പ്രകാരം ബലിയർപ്പിക്കാൻ തയ്യാറായതടക്കമുള്ള ഇബ്രാഹിം നബിയുടെ ത്യാഗ മനസ്ഥിതിക്കുള്ള സാക്ഷ്യപത്രമാകുന്നു. അല്ലാഹുവിന്റെ കൽപന പ്രകാരം, ഇബ്രാഹിം(അ) നബിയാൽ നടപ്പിലാക്കപെട്ട പല നടപടിക്രമങ്ങളിലും അദ്ദേഹത്തെ അനുകരിക്കാൻ നാമും അജ്ഞാപിക്കപെട്ടിരിക്കുന്നു. സൂ: ഹജ്ജ്-ൽ 78-ാം വചനത്തിൽ "നിങ്ങളുടെ പിതാവ് ഇബ്രാഹിമിന്റെ മാർഗ്ഗം" - **ملة أبيكم إبراهيم** എന്ന് അല്ലാഹു പറഞ്ഞത് അദ്ദേഹത്തിന്റെ നടപടിക്രമങ്ങളെക്കുറിച്ചാകുന്നു.

വളരെക്കാലത്തെ പ്രാർത്ഥനക്ക് ശേഷം വാർദ്ധക്യകാലത്ത് ജനിച്ച തന്റെ മകൻ താനുമൊന്നിച്ച് പ്രയത്നിക്കാറായപ്പോൾ, അവനെ അറുത്ത് ബലി കഴിക്കണമെന്ന ദൈവിക കൽപന സ്വപ്നത്തിലൂടെ അദ്ദേഹത്തിന് ലഭിക്കുന്നു. പിതാവും പത്രനും മടിയൊ വൈമനസ്യമൊ കൂടാതെ, സധൈര്യം ബലികർമ്മത്തിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കി. എന്നാൽ ആ അവസരത്തിൽ അല്ലാഹുവിന്റെ നിർദ്ദേശം വന്നു: "ഇബ്രാഹിം! സ്വപ്നത്തെ നീ യഥാർത്ഥമാക്കിയിരിക്കുന്നു. ഇസ്മാഈലിന് പകരം ഒരു ആടിനെ ബലികഴിക്കുക." സൂ: സ്വാഫ്-ഫാത്തിൽ ഈ സംഭവം വിവരിക്കുന്നുണ്ട്. (വചനം 102-107)

ഇബ്രാഹിം(അ) നബിയുടെ ഖബറും, സാറയുടെ ഖബറും, ശാമിൽ ഹിബ്രോൺ എന്ന സ്ഥലത്താകുന്നു. ആദർശ പ്രഖ്യാപനത്തിലും തൌഹീദിന്റെ പ്രചരണത്തിലും നിർഭയനായി ത്യാഗ സമ്പൂർണ്ണമായ ജീവിതം നയിച്ച ആ നബി വര്യന്റെ മാതൃക, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജീവിതം നയിക്കാൻ ശ്രമിക്കുന്ന മുസ്ലീംകൾക്ക് പ്രചോദനം ചെയ്യുമാറാകട്ടെ. **امين**

## വിഭാഗം 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**بسم الله الرحمن الرحيم**

**വചനം 1, 2, 3:**

1 അലിഫ്-ലാം-റാ'(നബിയേ) നിനക്ക് നാം അവതരിപ്പിച്ചു തന്ന ഒരു ഗ്രന്ഥമാകുന്നു (ഇത്); മനുഷ്യരെ അന്ധകാരങ്ങളിൽനിന്ന് നീ (പുറത്തുവരുത്തി) പ്രകാശത്തിലേക്ക് കൊണ്ടുവരുവാൻ വേണ്ടി: അവരുടെ റബ്ബിൻെറ അനുമതി പ്രകാരം. അതായത്, പ്രതാപശാലിയും സ്തുത്യർഹനുമായുള്ളവൻെറ പാതയിലേക്ക് (കൊണ്ടുവരുവാൻ);

2 (അതെ) ആകാശങ്ങളിലുള്ളതും, 'ഭൂമിയിലുള്ളതും (എല്ലാം) യാതാരുവൻേറതാണോ ആ അല്ലാഹുവിൻെറ (പാതയിലേക്ക്). അവിശ്വാസികൾക്ക് കഠിനമായ ശിക്ഷ നിമിത്തം കഷ്ടവും!

3 അതായത്, യാതൊരു കൂട്ടർക്ക് (കഷ്ടം) അവർ ഐഹിക ജീവിതത്തോട് പരലോകത്തെക്കാൾ സ്നേഹം കാണിച്ചു കൊണ്ടിരിക്കുന്നു; അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് അവർ (ജനങ്ങളെ) തിരിച്ചുവിടുകയും ചെയ്യുന്നു; അതിന് അവർ വക്രത (ഉണ്ടാവണമെന്ന്) ആഗ്രഹിക്കുകയും ചെയ്യുന്നു. (ഇങ്ങിനെയുള്ളവർക്ക് കഷ്ടം!) അക്കൂട്ടർ വിദൂരമായ വഴിപിഴവിലാകുന്നു.

الٓر ۚ كِتَٰبٌ أَنزَلۡنَٰهُ إِلَيۡكَ لِتُخۡرِجَ ٱلنَّاسَ مِنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ بِإِذۡنِ رَبِّهِمۡ إِلَىٰ صِرَٰطِ ٱلۡعَزِيزِ ٱلۡحَمِيدِ ١

ٱللَّهِ ٱلَّذِي لَهُۥ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِ ۗ وَوَيۡلٞ لِّلۡكَٰفِرِينَ مِنۡ عَذَابٖ شَدِيدٍ ٢

ٱلَّذِينَ يَسۡتَحِبُّونَ ٱلۡحَيَوٰةَ ٱلدُّنۡيَا عَلَى ٱلۡأٓخِرَةِ وَيَصُدُّونَ عَن سَبِيلِ ٱللَّهِ وَيَبۡغُونَهَا عِوَجًا ۚ أُوْلَٰٓئِكَ فِي ضَلَٰلِۭ بَعِيدٖ ٣

അവിശ്വാസം, അജ്ഞത, അന്ധവിശ്വാസം , അനാചാരം, മുതലായ അന്ധകാരങ്ങളിൽ പെട്ട് നട്ടം തിരിയുന്ന ജനങ്ങളെ നേർമാർഗ്ഗമാകുന്ന പ്രകാശത്തിലേക്ക് രക്ഷപെടുത്തിക്കൊണ്ട് വരുവാൻ വേണ്ടിയാണ് നബി(സ)ക്ക് ഖുർആൻ അവതരിക്കപെട്ടിരിക്കുന്നത്. ഈ മഹത്തായ അനുഗ്രഹത്തെ നിഷേധിക്കുകയും നബി(സ)യെ വ്യാജമാക്കുകയും ചെയ്യുന്ന അവിശ്വാസികൾക്ക് വമ്പിച്ച ശിക്ഷയും കഷ്ടവും സംബന്ധിച്ച് അല്ലാഹു താക്കീത് നൽകുന്നു. അത്തരം അവിശ്വാസികളുടെ പ്രത്യേകതകൾ അല്ലാഹു വിവരിക്കുന്നു.

: അവർ ഐഹിക ജീവിതത്തിനാണ് പരമ പ്രാധാന്യം നൽകുന്നത്. പരലോകത്തെ പറ്റി അവർ ചിന്തിക്കുന്നേയില്ല.

: അല്ലാഹു കൽപിക്കുന്ന നേർ മാർഗ്ഗത്തിൽ നിന്ന് അവർ സ്വയം തിരിഞ്ഞ് കളയുകയും, മറ്റുള്ളവരെ തിരിച്ച് വിടുകയും ചെയ്യുന്നു.

: അല്ലാഹുവിന്റെ മാർഗ്ഗത്തിന് കഴിയുന്നത്ര വക്രത ഉണ്ടായികാണുവാൻ അവർ ആഗ്രഹിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്യുന്നു. അങ്ങനെ സൻമാർഗ്ഗത്തിൽ നിന്നും ബഹുദൂരം അവർ അകന്ന് പോയിരിക്കുന്നു.

എക്കാലത്തും മതവിരോധികളിൽ കാണപെടാറുള്ള ദ:ുസ്വഭാവങ്ങളത്രെ അല്ലാഹു എടുത്ത് പറഞ്ഞ ഈ മൂന്ന് കാര്യങ്ങളും.

**വചനം 4 :**

4 ഒരു റസൂലിനെയും, (തന്നെ), അദ്ദേഹത്തിൻെറ ജനതക്ക് അദ്ദേഹം വിവരിച്ചുകൊടുക്കുവാൻ വേണ്ടി അവരുടെ ‘ഭാഷ’യിൽ (ദൗത്യം നൽകിക്കൊണ്ട്) അല്ലാതെ നാം അയച്ചിട്ടില്ല. അങ്ങനെ, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ വഴിപിഴവിലാക്കുകയും, അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുകയും ചെയ്യുന്നു. അവനത്രെ പ്രതാപശാലിയും അഗാധജ്ഞനുമായുള്ളവൻ.

وَمَآ أَرۡسَلۡنَا مِن رَّسُولٍ إِلَّا بِلِسَانِ قَوۡمِهِۦ لِيُبَيِّنَ لَهُمۡۖ فَيُضِلُّ ٱللَّهُ مَن يَشَآءُ وَيَهۡدِي مَن يَشَآءُۚ وَهُوَ ٱلۡعَزِيزُ ٱلۡحَكِيمُ ٤

ഒരു റസൂലിനെയും തന്നെ, അദ്ദേഹത്തിന്റെ ജനതക്ക് ദൌത്യം വിവരിച്ച് കൊടുക്കാനായി, അവരുടെ ഭാഷയിൽ തന്നെ ദൌത്യം നൽകി ക്കൊണ്ടല്ലാതെ അല്ലാഹു അയച്ചിട്ടില്ല -ദൌത്യ വിഷയങ്ങൾ വിവരിച്ച് കൊടുക്കാൻ റസൂലിനും, അത് മനസ്സിലാക്കുവാൻ ജനങ്ങൾക്കും എളുപ്പമായിരിക്കാൻ വേണ്ടിയാകുന്നു അത്. ഇതനുസരിച്ച് തന്നെയാണ് നബി(സ)ക്ക് നൽകപെട്ട ദൌത്യങ്ങളും വേദഗ്രന്ഥവും അറബിഭാഷയിലായതും, മനുഷ്യർക്കാകമാനം റസൂലായി അയക്കപെട്ട നബി(സ)ക്ക് അറബി ഭാഷയിൽ വേദഗ്രന്ഥം അവതരിപിക്കപ്പെടാൻ കാരണം ആശയം എത്ര ഗഹനമാണെങ്കിലും, സങ്കീർണ്ണമാണെങ്കുലും അത് സ്ഫുടമായി പ്രകാശിപ്പിക്കുവാൻ അറബി ഭാഷയോളം കെൽപുള്ള മറ്റൊരു ഭാഷയും ഇല്ല എന്നത് കൊണ്ട് കൂടിയാകുന്നു. എന്നാൽ പറയുന്നത് മനസ്സിലായിട്ടും പിന്നെയും സത്യത്തെ നിഷേധിക്കുന്നവരെ, അല്ലാഹു വഴിപിഴവിലാക്കുന്നു; സത്യം മനസ്സിലാക്കി അതിൽ വിശ്വസിക്കുന്നവരെ അവൻ നേർവഴിയിലാക്കുകയും ചെയ്യുന്നു. തോന്നിയവാസിക്കളയല്ലാതെ അവൻ വഴിപിഴവിലാക്കുകയില്ല എന്ന് അല്ലാഹു സൂ :അൽ ബഖറ : 26-ൽ പ്രസ്താവിച്ചിരിക്കുന്നു.

**വചനം 5, 6 :**

5 നമ്മുടെ ദൃഷ്ടാന്തങ്ങളുമായി നാം മൂസായെ അയക്കുകയുണ്ടായി; “നിൻെറ ജനങ്ങളെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് പുറത്ത് കൊണ്ടുവരുകയും, അല്ലാഹുവിൻെറ (അനുഗ്രഹത്തിൻെറ) ദിവസങ്ങളെപ്പറ്റി അവരെ ഓർമ്മിപ്പിക്കുകയും ചെയ്യുക” എന്ന് (കൽപിച്ചു കൊണ്ട്). നിശ്ചയമായും, അതിൽ ക്ഷമാശീലരും, നന്ദിയുള്ളവരുമായ എല്ലാവർക്കും പല ദൃഷ്ടാന്തങ്ങളുണ്ട്.

وَلَقَدۡ أَرۡسَلۡنَا مُوسَىٰ بِـَٔايَٰتِنَآ أَنۡ أَخۡرِجۡ قَوۡمَكَ مِنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ وَذَكِّرۡهُم بِأَيَّىٰمِ ٱللَّهِۚ إِنَّ فِي ذَٰلِكَ لَأٓيَٰتٖ لِّكُلِّ صَبَّارٖ شَكُورٖ ٥

6 മൂസാ തൻെറ ജനങ്ങളോട് പറഞ്ഞ സന്ദർഭം (ഓർക്കുക): നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹത്തെ നിങ്ങൾ ഓർക്കുവിൻ. അതാ

وَإِذۡ قَالَ مُوسَىٰ لِقَوۡمِهِ ٱذۡكُرُواْ نِعۡمَةَ ٱللَّهِ عَلَيۡكُمۡ إِذۡ أَنجَىٰكُم مِّنۡ ءَالِ

فِرْعَوْنَ يَسُومُونَكُمْ سُوٓءَ ٱلْعَذَابِ وَيُذَبِّحُونَ أَبْنَآءَكُمْ وَيَسْتَحْيُونَ نِسَآءَكُمْ ۚ وَفِى ذَٰلِكُم بَلَآءٌ مِّن رَّبِّكُمْ عَظِيمٌ ﴿٦﴾

യത്, ഫിർഔന്റെ കൂട്ടരിൽ നിന്ന് നിങ്ങളെ അവൻ രക്ഷപ്പെടുത്തിയ സന്ദർഭം. നിങ്ങളെ അവർ കടുത്ത ശിക്ഷ അനുഭവി പ്പിക്കുകയും, നിങ്ങളുടെ ആൺമക്കളെ അറുകൊലചെ യ്യുകയും,നിങ്ങളുടെ പെണ്ണുങ്ങളെ (കൊല്ലാതെ) ജീവിക്കുവാൻ വിടുകയും ചെയ്തുകൊണ്ട്. അതിൽ (ഒക്കെ) നിങ്ങളുടെ റബ്ബിങ്കൽനിന്നുള്ള വമ്പിച്ച ഒരു പരീക്ഷ ണമുണ്ട്.

ദുർമാർഗ്ഗത്തിന്റെ അന്ധകാരങ്ങളിൽനിന്നും, സൻമാർഗ്ഗത്തിന്റെ പ്രകാശത്തിലേക്ക് നയിക്കാനായി ചില പ്രത്യേക ദൃഷ്ടാന്തങ്ങൾ സഹിതം മൂസാ(അ) നബിയെ മുമ്പ് അല്ലാഹു അയക്കുകയുണ്ടായി. സത്യവിശ്വാസി കൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹങ്ങളെ ഓർമ്മിപ്പിച്ച് കൊണ്ട് അവരോട് ക്ഷമയും നന്ദിയും ഉള്ളവരായിരിക്കു വാൻ അദ്ദേഹം അവരെ ഉപദേശിക്കുകയും ചെയ്തു. ക്ഷമ നന്ദി എന്നീ രണ്ട് ഗുണങ്ങളാണല്ലൊ മിക്കവാറും എല്ലാ സൽക്കർമ്മങ്ങളുടെയും ഉറവിടം. ഇസ്രാഈല്യരെ സംബന്ധിച്ചേടത്തോളം, അവരെ കടുത്ത ശിക്ഷ അനു ഭവിപ്പിച്ച, ഫിർഔനിൽ നിന്നും അല്ലാഹു രക്ഷ നൽകിയത് പോലെയുള്ള അനുഗ്രഹങ്ങളെ അവരെ ഓർമ്മിപ്പിക്ക ണമെന്നാണ്" അവർക്ക് അല്ലാഹുവിന്റെ (അനുഗ്രഹത്തിന്റെ) ദിവസങ്ങളെ ايام الله പറ്റി ഓർമ്മിപിക്കുക" എന്ന് പറഞ്ഞതിന്റെ തല്പര്യം.

## വിഭാഗം 2

**വചനം 7, 8 :**

وَإِذْ تَأَذَّنَ رَبُّكُمْ لَئِن شَكَرْتُمْ لَأَزِيدَنَّكُمْ ۖ وَلَئِن كَفَرْتُمْ إِنَّ عَذَابِى لَشَدِيدٌ ﴿٧﴾

7 നിങ്ങളുടെ റബ്ബ് അറിയിപ്പ് നൽകിയ സന്ദർഭം (ഓർക്കുക): നിങ്ങൾ നന്ദിചെയ്യുന്ന പക്ഷം, തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർദ്ധിപ്പിച്ച് തരുക തന്നെ ചെയ്യും; നിങ്ങൾ നന്ദികേട് കാണിച്ചുവെങ്കിലോ, നിശ്ചയമായും എന്റെ ശിക്ഷ കഠിനമായത് തന്നെയായി രിക്കും.

وَقَالَ مُوسَىٰٓ إِن تَكْفُرُوٓا۟ أَنتُمْ وَمَن فِى ٱلْأَرْضِ جَمِيعًا فَإِنَّ ٱللَّهَ لَغَنِىٌّ حَمِيدٌ ﴿٨﴾

8 മൂസാ (വീണ്ടും) പറഞ്ഞു: നിങ്ങളും, ഭൂമിയിലു ള്ളവർ മുഴുവനും (കൂടി) നന്ദികേട് കാണിക്കുന്ന പക്ഷം, എന്നാൽ, നിശ്ചയമായും, അല്ലാഹു ധന്യനും (അഥവാ അനാശ്രയനും) സ്തുത്യ ർഹനും തന്നെയാണ്(എന്ന് അറിഞ്ഞേ ക്കുക).''

''ഖുദുസി '' യായ ഒരു ഹദീസ് നബി(സ)യിൽ നിന്നും അബൂദർ-റ്(റ) ഇപ്രകാരം നിവേദനം ചെയ്യുന്നു. - "അല്ലാഹു പറയുന്നു: എന്റെ അടിയാൻമാരെ, നിങ്ങളിൽ ആദ്യത്തേവരും അവസാനത്തേവരും, ജിന്നുകളും മനുഷ്യരും (എല്ലാം തന്നെ) നിങ്ങളിലുള്ള ഏറ്റവും ഭയ ഭക്തനായ ഒരു മനുഷ്യന്റെ ഹൃദയത്തോട് കൂടിയായിരു ന്നാലും അത് എന്റെ രാജത്വത്തിൽ യാതൊന്നും തന്നെ വർദ്ധിപ്പിക്കുകയില്ല; നിങ്ങളിൽ ആദ്യത്തെവരും അവ സാനത്തെവരും ജിന്നുകളും മനുഷ്യരും (എല്ലാംതന്നെ) നിങ്ങളിലുള്ള ഏറ്റവും ദുഷിച്ച ഒരു മനുഷ്യന്റെ ഹൃദയ ത്തോട് കൂടി ആയിരുന്നാലും അത് എന്റെ രാജത്വത്തിൽ യാതൊരു കുറവും വരുത്തുകയുമില്ല. നിങ്ങൾ എല്ലാം തന്നെ ഒരേ സ്ഥാനത്ത് നിന്ന് എന്നോട് ചോദിക്കുകയും എന്നിട്ട് ഓരോരുത്തന്നും അവൻ ചോദിച്ചത് ഞാൻ കൊടുക്കുകയും ചെയ്താലും ഒരു സൂചി സമുദ്രത്തിൽ മുക്കി എടുത്താൽ, അത് അതിൽ വരുത്തുന്ന കുറവ് പോലെയല്ലാതെ എന്റെ രാജത്വത്തിൽ അത് ഒരു കുറവും വരുത്തുന്നതല്ല." (മുസ്ലീം)

**വചനം 9:**

أَلَمْ يَأْتِكُمْ نَبَؤُا۟ ٱلَّذِينَ مِن قَبْلِكُمْ قَوْمِ نُوحٍ وَعَادٍ وَثَمُودَ ۛ وَٱلَّذِينَ مِنۢ بَعْدِهِمْ

9 (മനുഷ്യരേ) നിങ്ങളുടെ മുമ്പുള്ളവരുടെ വൃത്താന്തം നിങ്ങൾക്ക് വന്നെത്തിയിട്ടില്ലേ? അതായത്, നൂഹിന്റെ ജനതയുടെയും, ആദി

لَا يَعْلَمُهُمْ إِلَّا ٱللَّهُ ۚ جَآءَتْهُمْ رُسُلُهُم
بِٱلْبَيِّنَٰتِ فَرَدُّوٓا۟ أَيْدِيَهُمْ فِىٓ أَفْوَٰهِهِمْ وَقَالُوٓا۟
إِنَّا كَفَرْنَا بِمَآ أُرْسِلْتُم بِهِۦ وَإِنَّا لَفِى شَكٍّ مِّمَّا
تَدْعُونَنَآ إِلَيْهِ مُرِيبٍ ﴿٩﴾

ൻെറയും, ഥമൂദിൻെറയും അവരുടെ ശേഷമുള്ളവരുടെയും (വൃത്താന്തം)!- അവരെക്കുറിച്ച് അല്ലാഹുവല്ലാതെ (ആരും) അറിയുകയില്ല-അവരുടെ റസൂലുകൾ വ്യക്തമായ തെളിവുകളുമായി അവരുടെ അടുക്കൽ ചെന്നു; അപ്പോൾ, തങ്ങളുടെ കൈകളെ അവർ തങ്ങളുടെ വായിൽ ആക്കി (പ്രതിഷേധിച്ചു കൈ കടിച്ചു); അവർ പറയുകയും ചെയ്തു: നിങ്ങൾ ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു; ഏതൊന്നിലേക്ക് ഞങ്ങളെ നിങ്ങൾ ക്ഷണി ക്കുന്നുവോ അതിനെക്കുറിച്ച് നിശ്ച യമായും, ഞങ്ങൾ, ആശങ്കാജനകമായ സംശയത്തിൽ തന്നെയാകുന്നു.''

നൂഹിന്റെയും ആദിന്റെയും ഥമൂദിന്റെയും ജനതകളുടെ കാലശേഷം വളരെയധികം റസൂലുകളും ജനതകളും കഴിഞ്ഞ് പോയിട്ടുണ്ട്. അവരുടെയെല്ലാം ചരിത്രങ്ങൾ അല്ലാഹുവിന് മാത്രമെ അറിയുകയുള്ളൂ. റസൂലുകളുടെ നേരെ പ്രതിഷേധവും നിഷേധവും പ്രകടിപ്പിക്കുകയാണ് അവർ ചെയ്തത്.

**വചനം 10 :**

۞ قَالَتْ رُسُلُهُمْ أَفِى ٱللَّهِ شَكٌّ فَاطِرِ
ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ يَدْعُوكُمْ لِيَغْفِرَ
لَكُم مِّن ذُنُوبِكُمْ وَيُؤَخِّرَكُمْ إِلَىٰٓ
أَجَلٍ مُّسَمًّى ۚ قَالُوٓا۟ إِنْ أَنتُمْ إِلَّا بَشَرٌ مِّثْلُنَا
تُرِيدُونَ أَن تَصُدُّونَا عَمَّا كَانَ يَعْبُدُ
ءَابَآؤُنَا فَأْتُونَا بِسُلْطَٰنٍ مُّبِينٍ ﴿١٠﴾

10 അവരുടെ റസൂലുകൾ (അവരോട്) പറഞ്ഞു: "ആകാശങ്ങളെയും, ഭൂമിയെയും, സൃഷ്ടിച്ചുണ്ടാക്കിയവനായ അല്ലാഹുവിൻെറ കാര്യത്തിൽ ഉണ്ടോ വല്ല സംശയവും? നിങ്ങളുടെ പാപങ്ങളിൽനിന്നും (ചിലതൊക്കെ) നിങ്ങൾക്ക് പൊറുത്തു തരുവാൻവേണ്ടി അവൻ നിങ്ങളെ ക്ഷണിക്കുകയാണ്; നിർണ്ണയം ചെയ്യപ്പെട്ട ഒരവധിവരെ നിങ്ങളെ (ഒഴിവാക്കി) പിന്തിരിപ്പിക്കുവാൻ വേണ്ടിയും അവർ (മറുപടി) പറഞ്ഞു: നിങ്ങൾ ഞങ്ങളെപ്പോലെയുള്ള മനുഷ്യരല്ലാതെ (മറ്റാരും) അല്ല; ഞങ്ങളുടെ പിതാക്കൾ ആരാധിച്ചു വന്നിരുന്നവയിൽ നിന്ന് ഞങ്ങളെ തിരിച്ചുകളയുവാൻ നിങ്ങൾ ഉദ്ദേശിക്കുകയാണ്. ആകയാൽ, സ്പഷ്ടമായ ഒരു (അധികൃത) രേഖ ഞങ്ങൾക്ക് നിങ്ങൾ കൊണ്ടു വരുവിൻ!"

'നിർണ്ണയിക്കപെട്ട അവധിവരെ നിങ്ങളെ പിന്തിക്കും' എന്ന് പറഞ്ഞതിന്റെ താൽപര്യം നിങ്ങൾ അല്ലാഹുവിന്റെ ഏകത്വം സ്വീകരിച്ച് സത്യവിശ്വാസികളായിത്തീരുന്ന പക്ഷം നിങ്ങൾക്ക് നിശ്ചയിക്കപെട്ട ആയുഷ്കാലം തീരുന്നത് വരെ നിങ്ങൾക്ക് രക്ഷ കിട്ടുമെന്നും, അല്ലാത്തപക്ഷം, വല്ല പൊതുശിക്ഷയും ബാധിച്ച് നിങ്ങൾ നശിച്ചേക്കുമെന്നുമാകുന്നു. സ്പഷ്ടമായ വല്ല അധികൃതരേഖയും കൊണ്ട് വരണമെന്ന് അവർ ആവശ്യപെടുന്നത്, സദുദ്ദേശത്തോട് കൂടിയൊന്നുമല്ല. വേണ്ടത്ര തെളിവുകൾ നൽകിയിട്ടും, തങ്ങൾ ആവശ്യപെടുന്ന തരത്തിലുള്ള അമാനുഷിക ദൃഷ്ടാന്തങ്ങളും കാണിച്ച് കൊടുക്കുവാനുള്ള ഒരു വെല്ലുവിളി മാത്രമാകുന്നു അത്.

**വചനം 11, 12**

قَالَتْ لَهُمْ رُسُلُهُمْ إِن نَّحْنُ إِلَّا بَشَرٌ
مِّثْلُكُمْ وَلَٰكِنَّ ٱللَّهَ يَمُنُّ عَلَىٰ مَن يَشَآءُ

11 അവരോട് അവരുടെ റസൂലുകൾ പറഞ്ഞു: "ഞങ്ങൾ നിങ്ങളെപ്പോലെയുള്ള മനുഷ്യരല്ലാതെ (മറ്റാരും) അല്ല. എങ്കിലും, അല്ലാഹു അവൻെറ അടിയാൻമാരിൽ നിന്നും അവൻ ഉദ്ദേശി ക്കു

مِنْ عِبَادِهِۦ ۖ وَمَا كَانَ لَنَآ أَن نَّأْتِيَكُم بِسُلْطَٰنٍ إِلَّا بِإِذْنِ ٱللَّهِ ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ﴿١١﴾

ന്നവരുടെ മേൽ അവൻ ദാക്ഷിണ്യം (അനുഗ്രഹം) ചെയ്യുന്നു. അല്ലാഹുവിൻെറ അനുമതിപ്രകാരമല്ലാതെ നിങ്ങൾക്ക് ഒരു (അധികൃത) രേഖയും കൊണ്ടുവരുവാൻ ഞങ്ങൾക്ക് ആകുകയില്ല. അല്ലാഹുവിൻെറമേൽ ഭരമേൽപിച്ചു കൊള്ളട്ടെ, സത്യവിശ്വാസികൾ!"

وَمَا لَنَآ أَلَّا نَتَوَكَّلَ عَلَى ٱللَّهِ وَقَدْ هَدَىٰنَا سُبُلَنَا ۚ وَلَنَصْبِرَنَّ عَلَىٰ مَآ ءَاذَيْتُمُونَا ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُتَوَكِّلُونَ ﴿١٢﴾

12 "അല്ലാഹുവിൻെറ മേൽ ഞങ്ങൾ ഭരമേൽപിക്കാതിരിക്കുവാൻ ഞങ്ങൾക്ക് എന്താണ് (കാരണമു)ള്ളത്-(ഞങ്ങൾ ചരിക്കേണ്ടുന്ന) ഞങ്ങളുടെ മാർഗ്ഗങ്ങളിൽ അവൻ ഞങ്ങളെ വഴി ചേർത്ത് തന്നിരിക്കെ?! നിങ്ങൾ ഞങ്ങളെ ഉപദ്രവിച്ചതിനെപ്പറ്റി നിശ്ചയമായും ഞങ്ങൾ ക്ഷമിക്കുകതന്നെ ചെയ്യുന്നതുമാണ്. അല്ലാഹുവിൻെറമേൽ ഭരമേൽപിച്ചുകൊള്ളട്ടെ, ഭരമേൽപിക്കുന്നവർ!"

ഞങ്ങൾ നിങ്ങളെ പോലെയുള്ള മനുഷ്യരാണെന്നും, എന്നാൽ അല്ലാഹു അവൻ ഉദ്ദേശിച്ചവർക്ക് മാത്രം നൽകുന്ന ദയാദാക്ഷിണ്യമായ പ്രവാചകത്വവും ദൗത്യവും, ഞങ്ങൾക്ക് നൽകപെട്ടിട്ടുണ്ട് എന്നും റസൂലുകൾ അവരോട് പറഞ്ഞു. നിങ്ങളെ ഉപദേശിക്കാൻ, ആയതിനാൽ ഞങ്ങൾ ബാധ്യസ്ഥരാണ്. എന്നാൽ, അല്ലാഹുവിന്റെ അനുമതിയും ഉത്തരവും ഉണ്ടാകുമ്പോൾ മാത്രമെ നിങ്ങൾ ആവശ്യപെടുന്ന തരത്തിലുള്ള ദൃഷ്ടാന്തങ്ങൾ കാട്ടിത്തരുവാൻ സാധിക്കുകയുള്ളൂ, റസൂലുകൾ ക്ഷമ കൈ കൊള്ളുകയും കാര്യങ്ങളെല്ലാം അല്ലാഹുവിൽ ഭരമേൽപിക്കുകയും ചെയ്തു. എന്നാൽ, നിഷേധികളാകട്ടെ, ഭീഷണിയും, ധിക്കാരവും കൈകൊള്ളുകയാണുണ്ടായത്. അവർ അന്ത്യശാസനത്തിനും കൈയൂക്കിനും മുതിർന്ന് തുടങ്ങി. ആദ്യം അല്ലാഹു അവർക്ക് അയവ് നൽകുയും ഒടുക്കം അല്ലാഹു അവരെ പിടികൂടുകയും ചെയ്തു - (സൂ:റഅ്ദ് -32 ). അടുത്ത വചനം നോക്കുക:

## വിഭാഗം -3

**വചനം 13, 14 :**

وَقَالَ ٱلَّذِينَ كَفَرُوا۟ لِرُسُلِهِمْ لَنُخْرِجَنَّكُم مِّنْ أَرْضِنَآ أَوْ لَتَعُودُنَّ فِى مِلَّتِنَا ۖ فَأَوْحَىٰٓ إِلَيْهِمْ رَبُّهُمْ لَنُهْلِكَنَّ ٱلظَّٰلِمِينَ ﴿١٣﴾

13 അവിശ്വസിച്ചവർ തങ്ങളുടെ റസൂലുകളോട് (വീണ്ടും) പറഞ്ഞു: നിശ്ചയമായും, ഞങ്ങുടെ ഭൂമിയിൽ (നാട്ടിൽ)നിന്ന് നിങ്ങളെ ഞങ്ങൾ പുറത്താക്കുക തന്നെ ചെയ്യും, അല്ലെങ്കിൽ നിങ്ങൾ ഞങ്ങ ളുടെ മതത്തിൽ മടങ്ങിവരണം" അപ്പോൾ, അവരുടെ (റസൂലുകളുടെ) റബ്ബ് അവർക്ക് വഹ്യു' (സന്ദേശം) നല്കി: നിശ്ചയമായും, (ആ) അക്രമികളെ നാം നശിപ്പി ക്കുകതന്നെ ചെയ്യും:"

وَلَنُسْكِنَنَّكُمُ ٱلْأَرْضَ مِنۢ بَعْدِهِمْ ۚ ذَٰلِكَ لِمَنْ خَافَ مَقَامِى وَخَافَ وَعِيدِ ﴿١٤﴾

14 അവരുടെശേഷം, ഭൂമിയിൽ (നാട്ടിൽ) നിങ്ങളെ നാം താമസിപ്പിക്കുകയും തന്നെ ചെയ്യും. അത് (ആ സന്ദേശം) എൻെറ സ്ഥാനത്തെ ഭയപ്പെടുകയും, എൻെറ താക്കീതിനെ ഭയപ്പെടുകയും ചെയ്തവർക്കുള്ളതാണ്."

നിങ്ങളെ ഞങ്ങൾ നാട്ടിൽ നിന്ന് ബഹിഷ്കരിക്കുക തന്നെ ചെയ്യുമെന്ന് റസൂലൂകളോട് പറഞ്ഞ ആ ധിക്കാരികളെ ഭൂമിയിൽ നിന്ന് നശിപ്പിക്കുകയും, തൽ സ്ഥാനത്ത് ആ റസൂലുകളെയും സത്യവിശ്വാസികളെയും സ്വൈര പൂർവ്വം താമസിക്കുമാറാക്കുകയും ചെയ്യുമെന്ന് അല്ലാഹു റസൂലുകൾക്ക് സന്ദേശം നൽകുകയുണ്ടായി.

**വചനം 15 :**

وَٱسۡتَفۡتَحُواْ وَخَابَ كُلُّ جَبَّارٍ عَنِيدٍ ﴿١٥﴾

15 അവർ തുറവിക്ക് (അഥവാ വിജയത്തിന്ന്) അപേക്ഷിക്കുകയും ചെയ്തു; എല്ലാ (ഓരോ) സ്വേച്ഛാധികാരിയും, ദുർവാശിക്കാരനും ഇച്ഛാഭംഗപ്പെടുകയും ചെയ്തു.

സത്യനിഷേധികൾക്കെതിരിൽ സഹായത്തിന് വേണ്ടി റസൂലുകളും അവരുടെ ജനതകളും അല്ലാഹുവിനോട് പ്രാർത്ഥിച്ചു. ഇവർക്കെതിരെ ആ ധിക്കാരികളും തേടുക സ്വാഭാവികമാണ്. എന്നാൽ സ്വേഛയും ദുർവാശിയും കൈമുതലാക്കിക്കൊണ്ടിരുന്ന ആ ധിക്കാരികൾക്കെതിരെയുള്ള റസൂലുകളുടെ തേട്ടമാണ് അല്ലാഹു സ്വീകരിച്ചത് - അവരെ അല്ലാഹു പല തരം ശിക്ഷകളാൽ നശിപ്പിച്ചു.

**വചനം 16, 17 :**

مِّن وَرَآئِهِۦ جَهَنَّمُ وَيُسۡقَىٰ مِن مَّآءٖ صَدِيدٖ ﴿١٦﴾

يَتَجَرَّعُهُۥ وَلَا يَكَادُ يُسِيغُهُۥ وَيَأۡتِيهِ ٱلۡمَوۡتُ مِن كُلِّ مَكَانٖ وَمَا هُوَ بِمَيِّتٖۖ وَمِن وَرَآئِهِۦ عَذَابٌ غَلِيظٞ ﴿١٧﴾

16 അവൻെറ (ആ ഓരോരുവൻെറയും) പിന്നാലെ ജഹന്നം' (നരകം) ഉണ്ട്; (രക്തവും ചലവും കലർന്ന്)ചീഞ്ഞൊഴുകുന്ന വെള്ളത്തിൽനിന്നും അവന്ന് കുടിക്കുവാൻ കൊടുക്കപ്പെടുകയും ചെയ്യും;

17 അതവൻ (പ്രയാസപ്പെട്ട്)കുടിച്ചിറക്കും, അതവന്ന് (തൊണ്ടയിലൂടെ) ഇറങ്ങുമാറാകുന്നതുമല്ല (തൊണ്ടയിൽ കെട്ടിക്കൊണ്ടിരിക്കും)! നാനാ വശത്തിലൂടെയും, അവന് മരണം വന്നെത്തുകയും ചെയ്യും; അവൻ മരണപ്പെട്ട് പോകുന്നവനല്ലതാനും. അതിൻെറ പിന്നാലെയുമുണ്ട് (വേറെയും) കഠോരമായ ശിക്ഷ!

പരലോകത്താകട്ടെ പല വിധത്തിലുള്ള ശിക്ഷകൾക്കും അവർ വിധേയരാക്കപെടുന്നതാണ്. നരകത്തിൽ അവർക്ക് കുടിക്കുവാനായി രക്തവും ചലവും കലർന്ന് ചീഞ്ഞൊഴുകുന്ന 'സ്വദീദ്' എന്ന ജലമായിരിക്കും നൽകപെടുക. അത് കീഴ്പോട്ടിറങ്ങാതെ തൊണ്ടയിൽ കുടുങ്ങിയിരിക്കും. മരണപെട്ടു പോകത്തക്ക അതി കഠിന യാതനകൾ അവർക്കനുഭവപെട്ടാലും, അവർക്ക് മരണം വഴി അതിൽ നിന്നും മോചനം ലഭിക്കുകയില്ല. (സൂ: ഫാത്വിർ:36 നോക്കുക)

നരകക്കാർക്ക് നൽകപെടുന്ന പാനീയങ്ങളെക്കുറിച്ച് സൂ:മുഹമ്മദ് :15 ; സൂ :അൽ കഹ്ഫു: 29 ; സൂ :ദുഖാൻ 45, 46 എന്നിവിടങ്ങളിലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

ഇത് കൂടാതെ തന്നെ വളരെ കനത്ത ശിക്ഷകൾ പലതും വേറെയും അവർക്കനുഭവിക്കേണ്ടി വരുന്നതാണ്. അല്ലാഹു നമ്മെയെല്ലാം കാത്ത് രക്ഷിക്കട്ടെ (ആമീൻ)

**വചനം 18 :**

مَّثَلُ ٱلَّذِينَ كَفَرُواْ بِرَبِّهِمۡۖ أَعۡمَٰلُهُمۡ كَرَمَادٍ ٱشۡتَدَّتۡ بِهِ ٱلرِّيحُ فِي يَوۡمٍ عَاصِفٖۖ لَّا يَقۡدِرُونَ مِمَّا كَسَبُواْ عَلَىٰ شَيۡءٖۚ ذَٰلِكَ هُوَ ٱلضَّلَٰلُ ٱلۡبَعِيدُ ﴿١٨﴾

18 തങ്ങളുടെ റബ്ബിൽ അവിശ്വസിച്ചവരുടെ ഉപമ: അവരുടെ പ്രവൃത്തി (കർമ്മം)കൾ കൊടുങ്കാറ്റടിച്ചു വീശുന്ന ഒരു ദിവസത്തിൽ കാറ്റ് കഠിനമായി (അടിച്ചു വീശി)ക്കൊണ്ടിരുന്ന ഒരു വെണ്ണീറ് പോലെയാകുന്നു. (അതെ) അവർ (പ്രവർത്തിച്ചു) സമ്പാദിച്ചതിൽനിന്ന് യാതൊന്നിനും (ഫലം സിദ്ധിക്കുവാൻ) അവർക്ക് കഴിയുകയില്ല. അതു തന്നെയാണ് വിദൂരമായ വഴിപിഴവ് !

അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാത്ത ആളുകൾ ചെയ്യുന്ന സൽകർമ്മങ്ങൾ മൂലം അവർക്ക് പരലോകത്ത് യാതൊരു ഗുണവും ലഭിക്കുന്നതല്ല, (25:23;46:20 എന്നിവിടങ്ങളിൽ നോക്കുക) ഐഹികമായ എന്തെങ്കിലും ഗുണലാഭങ്ങളല്ലാതെ, അവർക്ക് വേറെ ലക്ഷ്യമൊന്നും ഉണ്ടായിരിക്കുകയുമില്ലല്ലൊ. അവരുടെ കർമ്മഫ

ലങ്ങൾ ഇഹത്തിൽ വെച്ച് തന്നെ അല്ലാഹു കണക്ക് തീർത്ത് കൊടുക്കുന്നതാണ്. അവരുടെ പ്രവർത്തനങ്ങളെ, അല്ലാഹു കൊടുങ്കാറ്റിൽ പെട്ട വെണ്ണീറിന്റെതിനോട് ഉപമിച്ച് കൊണ്ട് അവയുടെ ഫലശൂന്യത വ്യക്തമാക്കുന്നു. സത്യവിശ്വാസികൾപോലും ജനശ്രുതിക്കോ, സൽപേരിനോ വേണ്ടി ചെയ്യുന്ന കർമ്മങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമല്ലെന്ന് ഖുർആനിൽ നിന്നും നബിവചനങ്ങളിൽ നിന്നും അറിയപെട്ടതാകുന്നു.

**വചനം 19: 20**

أَلَمْ تَرَ أَنَّ ٱللَّهَ خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ ۚ إِن يَشَأْ يُذْهِبْكُمْ وَيَأْتِ بِخَلْقٍ جَدِيدٍ ﴿١٩﴾
وَمَا ذَٰلِكَ عَلَى ٱللَّهِ بِعَزِيزٍ ﴿٢٠﴾

19 നീ കണ്ടില്ലേ, അല്ലാഹു ആകാശങ്ങളെയും, ഭൂമിയെയും യഥാർത്ഥ(മുറ) പ്രകാരം സൃഷ്ടിച്ചിരിക്കുന്നുവെന്ന്?! അവൻ ഉദ്ദേശിക്കുന്നപക്ഷം, നിങ്ങളെ അവൻ (ഇവിടെനിന്ന്) പോക്കുകയും, ഒരു പുതിയ സൃഷ്ടിയെ (ഇവിടെ) കൊണ്ടുവരുകയും ചെയ്യും;-

20 അത് അല്ലാഹുവിൻെറമേൽ ഒരു വീര്യപ്പെട്ട (പ്രയാസപ്പെട്ട) തൊന്നുമല്ല.

നിങ്ങൾ അല്ലാഹുവിനെ ആരാധിച്ചും , അവന് വഴിപെട്ടും ജീവിക്കുവാൻ തയ്യാറില്ലെങ്കിൽ അത് കൊണ്ട് അല്ലാഹുവിന് യാതൊരു ദോഷവും ബാധിക്കുവാനില്ല. വേണമെങ്കിൽ നിങ്ങളെ നശിപ്പിച്ച് മറ്റൊരു പുതിയ സൃഷ്ടിയെ ഈ ലോകത്ത് കൊണ്ട് വരുവാൻ അവന് ഒട്ടും പ്രയാസമില്ല തന്നെ.

“നിങ്ങൾ തിരിഞ്ഞു കളയുകയാണെങ്കിൽ നിങ്ങളല്ലാതെ ഒരു ജനതയെ അവൻ കൊണ്ടുവരും : എന്നിട്ട് അവർ നിങ്ങളെപോലെ ആയിരിക്കുകയില്ല” (സൂ: മുഹമ്മദ് : 47)

**വചനം 21 :**

وَبَرَزُوا۟ لِلَّهِ جَمِيعًا فَقَالَ ٱلضُّعَفَـٰٓؤُا۟ لِلَّذِينَ ٱسْتَكْبَرُوٓا۟ إِنَّا كُنَّا لَكُمْ تَبَعًا فَهَلْ أَنتُم مُّغْنُونَ عَنَّا مِنْ عَذَابِ ٱللَّهِ مِن شَىْءٍ ۚ قَالُوا۟ لَوْ هَدَىٰنَا ٱللَّهُ لَهَدَيْنَـٰكُمْ ۖ سَوَآءٌ عَلَيْنَآ أَجَزِعْنَآ أَمْ صَبَرْنَا مَا لَنَا مِن مَّحِيصٍ ﴿٢١﴾

21 അവർ എല്ലാവരും (ഖബ്റുകളിൽ നിന്ന്) അല്ലാഹുവിങ്കലേക്ക് പ്രത്യക്ഷപ്പെട്ടു വരുന്നതാണ്. അപ്പോൾ, ദുർബ്ബലർ അഹംഭാവം നടിച്ചിട്ടുള്ളവരോട് (നേതാക്കളോട്) പറയും: ഞങ്ങൾ നിങ്ങളുടെ അനുയായികളായിരുന്നു(വല്ലോ): ആകയാൽ, അല്ലാഹുവിൻെറ ശിക്ഷയിൽനിന്ന് വല്ലതിനെയും നിങ്ങൾ ഞങ്ങളിൽനിന്ന് ധന്യമാ(ഒഴിവാ)ക്കി ത്തരുന്നവരാണോ? അവർ പറയും: അല്ലാഹു ഞങ്ങളെ നേർമാർഗ്ഗത്തിലാക്കിയിരുന്നെങ്കിൽ, ഞങ്ങൾ നിങ്ങളെ നേർമ്മാർഗ്ഗത്തിലാക്കുമാ യിരുന്നു. നാം ക്ഷമകേട് കാണിച്ചുവോ, അല്ലെങ്കിൽ നാം ക്ഷമിച്ചുവോ (രണ്ടും) നമുക്ക് സമമാകുന്നു; നമുക്ക് (ഇനി) ഓടിപ്പോകുന്ന മാർഗ്ഗമൊന്നും ഇല്ല.

ഖിയാമത്ത് നാളിൽ അല്ലാഹുവിന്റെ മുമ്പിൽ വിചാരണക്ക് ഹാജരാക്കപെടുമ്പോൾ ഭൂമിയിൽ വെച്ച് നേതാക്കളും അനുയായികളുമായി പരസ്പരം സഹകരിച്ച് വർത്തിച്ചിരുന്ന അവിശ്വാസികൾ തമ്മിൽ നടക്കുന്ന സംഭാഷണമാകുന്നു അല്ലാഹു ഉദ്ധരിക്കുന്നത് -ഞങ്ങളുടെ നേതാക്കളായ നിങ്ങളുടെ ചൊൽപടിക്ക് ഞങ്ങൾ വഴങ്ങിയത് കൊണ്ടാണ് ഞങ്ങൾക്കീ ദുർഗ്ഗതി വന്ന് ചേർന്നത്. നേതാക്കൾ അപ്പോൾ ഇപ്രകാരം പറയും -ഞങ്ങൾക്ക് തന്നെ നേർ മാർഗ്ഗത്തിലായിരിക്കാൻ ഭാഗ്യമുണ്ടായില്ല പിന്നെ എങ്ങനെയാണ് ഞങ്ങൾ നിങ്ങളെ രക്ഷിക്കുക ഇന്ന് ശിക്ഷ അനുഭവിക്കുകയല്ലാതെ, നമുക്ക് മറ്റൊരു പോംവഴിയും ഇല്ല.

അവിശ്വാസികളിലെ നേതാക്കളും അനുയായികളും തമ്മിലുള്ള സമാനമായ പരസ്പര കുറ്റാരോപണങ്ങൾ സൂ : സബഉ് 31,32,33:സൂ മുഅ്മിൻ (ഗ്വാഫിർ) 47,48 ; സൂ: അഅ്റാഫു 38 ; സൂ അഹ് സാബ് 67, 68 എന്നിവിടങ്ങളിൽ അല്ലാഹു വിവരിച്ചിരിക്കുന്നത് കാണാവുന്നതാണ്.

**വിഭാഗം 4**

**വചനം 22 :**

22 കാര്യം തീരുമാനം ചെയ്യപ്പെടുമ്പോൾ പിശാച് പറയുന്നതാണ്: നിശ്ചയമായും, അല്ലാഹു നിങ്ങളോട് യഥാർത്ഥ വാഗ്ദാനം, വാഗ്ദത്തം ചെയ്തു; ഞാനും നിങ്ങളോട് (ചിലത്) വാഗ്ദാനം ചെയ്തു; എന്നാൽ, ഞാൻ നിങ്ങളോട് (അതു) ലംഘിച്ചു. എനിക്ക് നിങ്ങളുടെമേൽ യാതൊരു അധികാരവും (അഥവാ അധികൃതരേഖയും) ഉണ്ടായിരുന്നതുമി ല്ല;-ഞാൻ നിങ്ങളെ ക്ഷണിച്ചു, അപ്പോൾ നിങ്ങളെനിക്ക് ഉത്തരം നൽകിയെന്നല്ലാതെ. ആകയാൽ, നിങ്ങൾ എന്നെ കുറ്റപ്പെടുത്തേണ്ട, നിങ്ങൾ നിങ്ങളെത്തന്നെ കുറ്റപ്പെടുത്തിക്കൊള്ളുവിൻ. ഞാൻ നിങ്ങളെ (രക്ഷിച്ചു) സഹായിക്കുന്നവനല്ല; നിങ്ങൾ എന്നെ (രക്ഷിച്ചു) സഹായിക്കുന്നവരുമല്ല. നിങ്ങൾ മുമ്പ് എന്നെ (അല്ലാഹുവിനോട്) പങ്ക് ചേർത്തതിനെ ഞാൻ (ഇതാ) നിഷേധിച്ചിരിക്കുന്നു. നിശ്ചയമായും അക്രമികൾ- അവർക്ക് വേദനയേറിയ ശിക്ഷയുണ്ടായിരിക്കും''

وَقَالَ ٱلشَّيۡطَٰنُ لَمَّا قُضِيَ ٱلۡأَمۡرُ إِنَّ ٱللَّهَ وَعَدَكُمۡ وَعۡدَ ٱلۡحَقِّ وَوَعَدتُّكُمۡ فَأَخۡلَفۡتُكُمۡۖ وَمَا كَانَ لِيَ عَلَيۡكُم مِّن سُلۡطَٰنٍ إِلَّآ أَن دَعَوۡتُكُمۡ فَٱسۡتَجَبۡتُمۡ لِيۖ فَلَا تَلُومُونِي وَلُومُوٓاْ أَنفُسَكُمۖ مَّآ أَنَا۠ بِمُصۡرِخِكُمۡ وَمَآ أَنتُم بِمُصۡرِخِيَّ إِنِّي كَفَرۡتُ بِمَآ أَشۡرَكۡتُمُونِ مِن قَبۡلُۗ إِنَّ ٱلظَّٰلِمِينَ لَهُمۡ عَذَابٌ أَلِيمٞ ٢٢

മനുഷ്യരെ ഒന്നടങ്കം വഴി പിഴപ്പിക്കുവാൻ ദൃഢ നിശ്ചയം ചെയ്ത പിശാചിന്റെ ദുഷ് പ്രേരണകൾക്കും, മധുര മോഹന വാഗ്ദാനങ്ങൾക്കും വഴങ്ങി ദുർമാർഗ്ഗങ്ങളിൽ അടിമപെട്ട് നരകാവകാശികളായിത്തീരുന്നവരോട് ;പിശാച് നടത്തുന്ന ഒരു പ്രസ്താവനയാകുന്നു ഇത് :

സന്മാർഗ്ഗം സ്വീകരിച്ചാൽ നിങ്ങൾക്ക് രക്ഷയും വമ്പിച്ച അനുഗ്രഹങ്ങളും ലഭിക്കുമെന്ന് റസൂലുകളും വേദഗ്രന്ഥങ്ങളും മുഖേന അല്ലാഹു നിങ്ങൾക്ക് വാഗ്ദാനം ചെയ്തിരുന്നു. ഞാനാകട്ടെ , എന്റെ സൈന്യങ്ങളും ആൾക്കാരും മുഖേന, സ്വർഗ്ഗവും നരകവും, പുനർജീവനവും വിചാരണയുമൊക്കെ കേവലം ഐതിഹ്യങ്ങൾ മാത്രമാണെന്ന് നിങ്ങളെ വ്യാമോഹിപ്പിക്കുകയും, തോന്നിയവാസങ്ങളിലേക്ക് നിങ്ങളെ ക്ഷണിക്കുകയും ചെയ്തു. നിങ്ങളെ നിർബന്ധിച്ച് വഴി പിഴപ്പിക്കുവാനുള്ള അധികാരശക്തി എനിക്കില്ലായിരുന്നു. എന്നിട്ടും എന്നെ അല്ലാഹുവിന് സമമാക്കി വെച്ച് കൊണ്ട് നിങ്ങളെന്നെ അനുസരിക്കുകയാണുണ്ടായത്. നിങ്ങളുടെ ഈ അവസ്ഥക്ക് നിങ്ങൾ, നിങ്ങളെ തന്നെയാണ് പഴിക്കേണ്ടത്. രണ്ട് കൂട്ടർക്കും വിധിക്കപെട്ട ശിക്ഷ അവരവർ അനുഭവിക്കുക തന്നെ.

**വചനം 23 :**

23 വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളിൽ പ്രവേശിക്കപ്പെടുകയും ചെയ്യും; തങ്ങളുടെ റബ്ബിൻെറ അനുമതിപ്രകാരം അതിൽ നിത്യവാസികളായിക്കൊണ്ട്. അതിൽവെച്ച് അവരുടെ അഭിവാദ്യം സലാം' (സമാധാന ശാന്തി) ആയിരിക്കും.

وَأُدۡخِلَ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ جَنَّٰتٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ خَٰلِدِينَ فِيهَا بِإِذۡنِ رَبِّهِمۡۖ تَحِيَّتُهُمۡ فِيهَا سَلَٰمٌ ٢٣

സ്വർഗ്ഗ വാസികളായ സജ്ജനങ്ങൾക്കാകട്ടെ എവിടെ വെച്ചും , സ്വാഗതവും സമാധാനത്തിന്റെ അഭിവാദ്യങ്ങളുമായിരിക്കും അല്ലാഹുവിൽ നിന്നും മലക്കുകളിൽ നിന്നും സ്വർഗ്ഗവാസികളിൽ നിന്നുമെല്ലാം ലഭിച്ച് കൊണ്ടിരിക്കുക (13:23,24; 25:75; 36:58 എന്നിവിടങ്ങളിൽ നോക്കുക)

**വചനം 24, 25, 26 :**

أَلَمْ تَرَ كَيْفَ ضَرَبَ ٱللَّهُ مَثَلًا كَلِمَةً طَيِّبَةً كَشَجَرَةٍ طَيِّبَةٍ أَصْلُهَا ثَابِتٌ وَفَرْعُهَا فِي ٱلسَّمَآءِ ﴿٢٤﴾

تُؤْتِىٓ أُكُلَهَا كُلَّ حِينٍۭ بِإِذْنِ رَبِّهَا ۗ وَيَضْرِبُ ٱللَّهُ ٱلْأَمْثَالَ لِلنَّاسِ لَعَلَّهُمْ يَتَذَكَّرُونَ ﴿٢٥﴾

وَمَثَلُ كَلِمَةٍ خَبِيثَةٍ كَشَجَرَةٍ خَبِيثَةٍ ٱجْتُثَّتْ مِن فَوْقِ ٱلْأَرْضِ مَا لَهَا مِن قَرَارٍ ﴿٢٦﴾

24 നീ കണ്ടില്ലേ, അല്ലാഹു എങ്ങിനെയാണ് ഒരു ഉപമ വിവരിച്ചിരിക്കുന്നതെന്ന്? അതായത്, നല്ല (വിശിഷ്ടമായ) ഒരു വാക്കിനെ നല്ല (വിശിഷ്ടമായ) ഒരു വൃക്ഷം പോലെ (ഉപമിച്ചത്)! അതിൻെറ മുരട് ഉറച്ചു നിൽക്കുന്നതും, അതിൻെറ ശാഖ ആകാശത്തിലും (വളരെ ഉയർന്ന് നിൽക്കുന്നതും) ആകുന്നു:-

25 അതിൻെറ റബ്ബിൻെറ ഉത്തരവ് പ്രകാരം അതിൻെറ കനി (ഫലങ്ങൾ) എല്ലാ സമയത്തും അത് നൽകിക്കൊണ്ടിരിക്കും. മനുഷ്യർ ഉറ്റാലോചിക്കുവാൻ വേണ്ടി അല്ലാഹു അവർക്ക് ഉപമകൾ വിവരിച്ചു കൊടുക്കുന്നു.

26 ഒരു ദുഷിച്ചതായ (ചീത്ത) വാക്കിൻെറ ഉപമയാകട്ടെ,-ഭൂമിയുടെ മുകളിൽനിന്ന് (നിഷ്പ്രയാസം)പറിച്ചെടുക്കപ്പെടുന്ന ഒരു ദുഷിച്ചതായ (ചീത്ത) വൃക്ഷം പോലെയാകുന്നു;-അതിന് (സ്ഥിരമായി) ഒരു നിലനിൽപുമില്ല.

സത്യവിശ്വാസവും അവിശ്വാസവും തമ്മിലും, സത്യവിശ്വാസിയും അവിശ്വാസിയും തമ്മിലുള്ള ഒരു താരതമ്യമാണ് ഈ ഉപമകളിൽ പ്രധാനമായും അടങ്ങിയിരിക്കുന്നത്. സത്യവിശ്വാസിയുടെ വിശ്വാസം അചഞ്ചലവും സ്ഥിരപ്രതിഷ്ഠിതവും, ആയിരിക്കും. അവന്റെ കർമ്മങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമായതും ഇടമുറിയാതെ തുടർന്നുകൊണ്ടിരിക്കുന്നതുമായിരിക്കും. അവിശ്വാസിയുടെ വിശ്വാസമാകട്ടെ അടിയുറപ്പില്ലാത്തതും, കർമ്മങ്ങൾ ദുഷിച്ചതും ഉപയോഗശൂന്യവുമായിരിക്കും എന്ന് സാരം.

“നല്ല വാക്ക്” എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് വിശിഷ്ടമായ തത്വങ്ങളും ഉൽകൃഷ്ടമായ സാരങ്ങളും ഉൾക്കൊള്ളുന്ന എല്ലാ വാക്കുകളും ആകുന്നു . തൗഹീദിന്റെ സാക്ഷ്യമൊഴിയായ അല്ലാഹു അല്ലാതെ ആരാധ്യനില്ല (لا اله الا الله) എന്ന വാക്യമാകുന്നു നല്ല വാക്കുകളിൽ പ്രഥമ സ്ഥാനം വഹിക്കുന്നത്.

“ചീത്ത വാക്ക്” എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ദുഷിച്ച തത്വങ്ങളും നികൃഷ്ടമായ ആശയങ്ങളും ഉൾക്കൊള്ളുന്ന എല്ലാ വാക്കുകളും ആകുന്നു. ശിർക്കിന്റെയും കുഫ്റിന്റെയും വാക്കുകൾ ഇക്കൂട്ടത്തിൽ മുൻപന്തിയിൽ നിൽക്കുന്നു.

നല്ല വൃക്ഷത്തിന്റെയും ചീത്ത വൃക്ഷത്തിന്റെയും വിശേഷതകൾ പറയപെട്ടിട്ടുണ്ടെങ്കിലും അവ കൊണ്ടുദ്ദേശിക്കപെട്ട വൃക്ഷങ്ങൾ ഏതാണെന്ന് വ്യക്തമാക്കപെട്ടിട്ടില്ല, എന്നാൽ നബി വചനങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നത്. ഈത്തപ്പന വൃക്ഷം നല്ല വൃക്ഷങ്ങളിൽ പ്രഥമ സ്ഥാനത്തും, ആട്ടങ്ങ (കാട്ട് വെള്ളരി) ചീത്ത വൃക്ഷങ്ങളിൽ പ്രഥമ സ്ഥാനത്തും നിൽക്കുന്നതായിട്ടാകുന്നു.

**വചനം 27 :**

يُثَبِّتُ ٱللَّهُ ٱلَّذِينَ ءَامَنُوا۟ بِٱلْقَوْلِ ٱلثَّابِتِ فِى ٱلْحَيَوٰةِ ٱلدُّنْيَا وَفِى ٱلْءَاخِرَةِ ۖ وَيُضِلُّ ٱللَّهُ ٱلظَّٰلِمِينَ ۚ وَيَفْعَلُ ٱللَّهُ مَا يَشَآءُ ﴿٢٧﴾

27 വിശ്വസിച്ചവരെ അല്ലാഹു ഐഹികജീവിതത്തിലും പരലോകത്തിലും (സ്ഥിരമായി) ഉറച്ചുനിൽക്കുന്ന വാക്കുകൊണ്ട് ഉറപ്പിച്ചു നിറുത്തുന്നതാണ്. അക്രമികളെ അല്ലാഹു വഴിപിഴവിലാക്കുകയും ചെയ്യും; താൻ എന്ത് ഉദ്ദേശിക്കുന്നുവോ അത് അല്ലാഹു ചെയ്യുന്നതുമാണ്.

കഴിഞ്ഞ വചനത്തിൽ വിശേഷിപ്പിക്കപെട്ട നല്ല വാക്കിന്റെ വക്താക്കളായ വിശ്വാസികളെ ഇഹത്തിലാകട്ടെ പരത്തിലാകട്ടെ യാതൊരു ചാഞ്ചല്യവും കൂടാതെ, അല്ലാഹു കാത്ത് സൂക്ഷിക്കുന്നതും അവരെ അതിൽ

ഉറപ്പിച്ച് നിർത്തുന്നതുമാകുന്നു. ഏത് പരീക്ഷണഘട്ടം നേരിട്ടാലും , ഒരു സത്യവിശ്വാസി അവന്റെ വിശ്വാസം കൈവെടിയുന്നതല്ല. ബിലാൽ(റ) സുഹൈബ്(റ) എന്നിവരെ പോലെയുള്ള ആദ്യകാല സ്വഹാബികളുടെ ത്യാഗങ്ങൾ ഇതിന് തെളിവാകുന്നു. ഐഹിക ജീവിതത്തിന് ശേഷം ഖബറുകളിലുണ്ടാകുന്ന ചോദ്യവേളകളിലും പരലോകത്ത് വെച്ച് ചോദ്യം ചെയ്യപ്പെടുമ്പോഴും, അവർ ഉത്തരം മുട്ടുകയൊ, ചഞ്ചലരാവുകയൊ ഇല്ല.

## വിഭാഗം 5

**വചനം 28 29 30 :**

۞ أَلَمْ تَرَ إِلَى ٱلَّذِينَ بَدَّلُوا۟ نِعْمَتَ ٱللَّهِ كُفْرًا وَأَحَلُّوا۟ قَوْمَهُمْ دَارَ ٱلْبَوَارِ ﴿٢٨﴾

جَهَنَّمَ يَصْلَوْنَهَا ۖ وَبِئْسَ ٱلْقَرَارُ ﴿٢٩﴾

وَجَعَلُوا۟ لِلَّهِ أَندَادًا لِّيُضِلُّوا۟ عَن سَبِيلِهِۦ ۗ قُلْ تَمَتَّعُوا۟ فَإِنَّ مَصِيرَكُمْ إِلَى ٱلنَّارِ ﴿٣٠﴾

28 യാതൊരു കൂട്ടരുടെ നേരെ നീ(നോക്കി)കണ്ടില്ലേ?- അല്ലാഹുവിൻെറ അനുഗ്രഹത്തെ അവർ അവിശ്വാസമാക്കി മാറ്റിമറിക്കുകയും, തങ്ങളുടെ ജനങ്ങളെ അവർ നാശ (നഷ്ട)ത്തിൻെറ 'ഭവനത്തിൽ ഇറ(ക്കി ത്താമസിപ്പി)ക്കുകയും ചെയ്തിരിക്കുന്നു!-

29 അതായത് ജഹന്നമിൽ(നരകത്തിൽ). അവരതിൽ കടന്നെരിയുന്നതാണ്; (ആ) താവളം എത്രയോ ചീത്തയും!

30 അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന്(ജനങ്ങളെ) വഴിപിഴപ്പിക്കുവാനായി അവർ അവന് ചില സമൻമാരെ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പറയുക: നിങ്ങൾ സുഖം അനുഭവിച്ചുകൊള്ളുവിൻ! എന്നാൽ, നിങ്ങളുടെ വന്നുചേരൽ (അഥവാ തിരിച്ചുവരവ്) നരകത്തിലേക്കായിരിക്കും."

മക്കാ മുശ്രിക്കുകൾക്ക് അല്ലാഹു നാടിന്റെ നേതൃത്വവും സമാധാനപൂർവ്വം ജീവിക്കുവാനുള്ള സാഹചര്യവും നൽകി. അവരിൽ നിന്നൊരു റസൂലിനെയും വേദഗ്രന്ഥത്തേയും അവതരിപ്പിക്കുകയും ചെയ്തു. ഇങ്ങനെയുള്ള അനുഗ്രഹങ്ങൾക്കൊക്കെ നന്ദി കാണിക്കുന്നതിന് പകരം, അവർ കുഫ്റിന്റെയും ശിർക്കിന്റെയും മാർഗ്ഗം പിന്തുടരുകയും മറ്റുള്ളവരെകൂടി വഴിതെറ്റിക്കുകയുമാണ് ചെയ്തത്. കുറച്ച് നാൾകൂടി അവർക്ക് സ്വൈര വിഹാരം നടത്താമെങ്കിലും, അവരുടെ അന്തിമതാവളം നരകമായിരിക്കും- അതാകട്ടെ എത്രയൊ ചീത്ത താവളവും.

ഈ താക്കീത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ദുരുപയോഗപെടുത്തി അവിശ്വാസം നിലനിർത്തുന്ന എല്ലാ ധിക്കാരികൾക്കും ബാധകം തന്നെ.

**വചനം 31 :**

قُل لِّعِبَادِىَ ٱلَّذِينَ ءَامَنُوا۟ يُقِيمُوا۟ ٱلصَّلَوٰةَ وَيُنفِقُوا۟ مِمَّا رَزَقْنَٰهُمْ سِرًّا وَعَلَانِيَةً مِّن قَبْلِ أَن يَأْتِىَ يَوْمٌ لَّا بَيْعٌ فِيهِ وَلَا خِلَٰلٌ ﴿٣١﴾

31 (നബിയേ) വിശ്വസിച്ചവരായ എൻെറ അടിയാൻമാരോട് പറയുക: അവർ നമസ്കാരം നിലനിറുത്തുകയും, നാം അവർക്ക് നൽകിയിട്ടുള്ളതിൽനിന്ന് രഹസ്യമായും പരസ്യമായും ചിലവഴിക്കുകയും ചെയ്യട്ടെ;- ക്രയ വിക്രയമാകട്ടെ ചങ്ങാത്തമാകട്ടെ ഇല്ലാത്തതായ ഒരു ദിവസം വരുന്നതിനുമുമ്പായി.

സത്യവിശ്വാസം സ്വീകരിച്ച് കഴിഞ്ഞാൽ അനുഷ്ഠാനകർമ്മങ്ങളിൽ ഏറ്റവും പ്രധാനപെട്ടതാണല്ലൊ നമസ്ക്കാരവും ദാനധർമ്മവും. എന്തെങ്കിലും മോചനദ്രവ്യം നൽകിയൊ, സ്നേഹതാൽപര്യങ്ങളുടെ സ്വാധീനം കൊണ്ടൊ യാതൊരു രക്ഷയും കിട്ടാത്ത ഖിയാമത്ത് നാളിന് വേണ്ടി ഈ ലോകത്തിൽ വെച്ച് തന്നെ നമസ്ക്കാരത്തിലൂടെയും, പരസ്യവും രഹസ്യവുമായ ദാനധർമ്മങ്ങളിലൂടെയും (2:274, 13:22; 35:29 എന്നിവിടങ്ങളിലും നോക്കുക) സമ്പാദിച്ച് വെക്കണമെന്ന് അല്ലാഹു സത്യവിശ്വാസികളെ ഉപദേശിക്കുന്നു.

**വചനം 32, 33, 34 :**

اللَّهُ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ وَأَنزَلَ مِنَ السَّمَاءِ مَاءً فَأَخْرَجَ بِهِ مِنَ الثَّمَرَاتِ رِزْقًا لَّكُمْ ۖ وَسَخَّرَ لَكُمُ الْفُلْكَ لِتَجْرِيَ فِي الْبَحْرِ بِأَمْرِهِ ۖ وَسَخَّرَ لَكُمُ الْأَنْهَارَ ﴿٣٢﴾

وَسَخَّرَ لَكُمُ الشَّمْسَ وَالْقَمَرَ دَائِبَيْنِ ۖ وَسَخَّرَ لَكُمُ اللَّيْلَ وَالنَّهَارَ ﴿٣٣﴾

وَآتَاكُم مِّن كُلِّ مَا سَأَلْتُمُوهُ ۚ وَإِن تَعُدُّوا نِعْمَتَ اللَّهِ لَا تُحْصُوهَا ۗ إِنَّ الْإِنسَانَ لَظَلُومٌ كَفَّارٌ ﴿٣٤﴾

32 അല്ലാഹുവത്രെ, ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവൻ; ആകാശത്തുനിന്ന് അവൻ വെള്ളം (മഴ) ഇറക്കുകയും, എന്നിട്ട് നിങ്ങൾക്ക് ഉപജീവനത്തിനുവേണ്ടി അതു മൂലം ഫല വർഗ്ഗങ്ങളിൽ നിന്നും (പലതും) ഉൽപാദി പ്പിക്കുകയും ചെയ്തിരിക്കുന്നു: സമുദ്രത്തിൽ അവൻെറ കൽപന പ്രകാരം കപ്പലുകൾ സഞ്ചരിക്കുവാൻ വേണ്ടി അവയെ നിങ്ങൾക്ക് വിധേയമാക്കിത്തരുകയും ചെയ്തിരിക്കുന്നു; നിങ്ങൾക്ക് നദികളെയും അവൻ വിധേയമാക്കി ത്തന്നിരിക്കുന്നു.

33 പതിവായി (സഞ്ചരിച്ചു) കൊണ്ടിരിക്കുന്ന നിലയിൽ, സൂര്യനെയും, ചന്ദ്രനെയും അവൻ നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു; രാത്രിയെയും, പകലിനെയും നിങ്ങൾക്കവൻ വിധേയമാക്കിത്തന്നിരിക്കുന്നു;

34 (എന്നുവേണ്ടാ)നിങ്ങൾ അവനോട് (ആവശ്യ പ്പെട്ടു) ചോദിച്ച എല്ലാറ്റിൽ നിന്നും അവൻ നിങ്ങൾക്ക് നൽകുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിൻെറ അനുഗ്രഹത്തെ നിങ്ങൾ എണ്ണുന്നപക്ഷം, നിങ്ങൾ അത് കണക്കാക്കുക യില്ല. (അതിന് സാധ്യമല്ല)നിശ്ചയമായും മനുഷ്യൻ, അക്രമകാരിയും, (വളരെ) നന്ദികെട്ട വനും തന്നെ!

ഏതൊരു മനുഷ്യനും നിത്യേന കണ്ടും അനുഭവിച്ചും കൊണ്ടിരിക്കുന്ന കുറെ ദൃഷ്ടാന്തങ്ങളും അനുഗ്ര ഹങ്ങളും ഈ വചനങ്ങളിൽ അല്ലാഹു മനുഷ്യരെ ഓർമ്മിപ്പിക്കുന്നു. ഇവയെല്ലാം പ്രത്യക്ഷത്തിൽ തന്നെ അനുഭ വിച്ച് കൊണ്ടിരുന്നിട്ടും മനുഷ്യൻ അല്ലാഹു അല്ലാത്തവരെ ദൈവങ്ങളാക്കി ആരാധിച്ചും, അല്ലാഹുവിന്റെ കൽപ നാനിർദ്ദേശങ്ങൾ അതിലംഘിച്ചും അവനോട് നന്ദികേട് കാണിച്ച് കൊണ്ടിരിക്കുന്നു.

മേൽ പറഞ്ഞ വസ്തുക്കളെ മനുഷ്യന്റെ ആവശ്യങ്ങൾക്കും ജീവിത സമ്പാദനത്തിനും ഉപയുക്തമായ നിലയിൽ അല്ലാഹു സംവിധാനിച്ചിരിക്കുന്നു. എന്നാൽ അവയുടെയൊക്കെ ആത്യന്തികമായ നിയന്ത്രണവും കൈകാര്യവും അല്ലാഹു തന്നെയാണ് നടത്തിക്കൊണ്ടിരിക്കുന്നത് - “മേൽ പറഞ്ഞ വസ്തുക്കളെയൊക്കെ നിങ്ങൾക്ക് വിധേയമാക്കി തന്നിരിക്കുന്നു” എന്ന് പറഞ്ഞതിന്റെ താൽപര്യം അതാകുന്നു. അല്ലാതെ സൂര്യ ചന്ദ്ര ന്മാരുടെയൊ, രാപകലുകളുടെയോ മറ്റൊ, അല്ലാഹു ഏർപെടുത്തിയ വ്യവസ്ഥകളിൽ മനുഷ്യന് യഥേഷ്ടം ഇട പെടാൻ പറ്റും എന്നല്ല. സൂ : ലു ഖ് മാൻ 20ാം വചനത്തിലും അല്ലാഹു സമാനമായ പ്രസ്താവന നടത്തിയിട്ടുള്ള തായി കാണാം.

“നിങ്ങൾ അവനോട് ചോദിച്ച എല്ലാറ്റിൽ നിന്നും അവൻ നിങ്ങൾക്ക് നൽകുകയും ചെയ്തിരിക്കുന്നു” എന്ന വാക്യത്തിന്റെ സാരം നിങ്ങൾക്കാവശ്യവും പ്രയോജനകരവുമായ വസ്തുക്കളിൽ നിന്നെല്ലാം ഒരു വ്യവ സ്ഥാപിത രീതിയിൽ അവൻ നൽകിയിട്ടുണ്ട് എന്നാകുന്നു- അല്ലാതെ വാചാ അഭ്യർത്ഥിച്ചതെല്ലാം നൽകിയി ട്ടുണ്ട് എന്നല്ല. മനുഷ്യൻ ചോദിക്കാത്ത എത്രയൊ, അനുഗ്രഹങ്ങൾ ആണ് അല്ലാഹു അവന് നൽകികൊണ്ടിരി ക്കുന്നതും.

“അല്ലാഹുവിന്റെ അനുഗ്രഹത്തെ നിങ്ങൾ എണ്ണുന്ന പക്ഷം നിങ്ങൾക്കത് കണക്കാക്കുക സാധ്യമല്ല” എന്ന വചനം അല്ലാഹു മനുഷ്യന് ചെയ്ത് കൊടുത്ത് കൊണ്ടിരിക്കുന്ന എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങ ളുടെ അപാരതയെയാണ് സുചിപ്പിക്കുന്നത്.

യഥാർത്ഥം ഇങ്ങനെയായിരിക്കെ അല്ലാഹുവിൽ വിശ്വസിക്കാതെയും, അവന് സമന്മാരെ സങ്കൽപിച്ചും, അവന്റെ വിധി വിലക്കുകൾ അവഗണിച്ചും കഴിഞ്ഞ് കൂടുന്ന മനുഷ്യൻ കടുത്ത ആക്രമിയും നന്ദികെട്ടവനും

തന്നെയെന്ന് അല്ലാഹു തുടർന്ന് പറയുന്നു. "എന്റെ അടിയാൻമാരിൽ നിന്നും നന്ദിയുള്ളവർ കുറവാകുന്നു" എന്ന് അല്ലാഹു മറ്റൊരു സ്ഥലത്തും പ്രസ്താവിച്ചിരിക്കുന്നു.

## വിഭാഗം 6

തങ്ങൾ ഇബ്രാഹിം(അ) നബിയുടെ സന്താന പരമ്പരയിൽ പെട്ടവരും അദ്ദേഹത്തിന്റെ മത ആദർശങ്ങളെ പിൻ പറ്റുന്നവരുമാണെന്ന് ആവകാശപെടുന്ന അറബി മുശ്രിക്കുകൾ കടുത്ത വിഗ്രഹാരാധകരായിരുന്നു. അവരുടെ കേന്ദ്ര സ്ഥാനമാകട്ടെ , ഏക ദൈവ വിശ്വാസത്തിനും അതിന്റെ പ്രചാരണത്തിനുമായി ഇബ്രാഹിം(അ) സ്ഥാപിച്ച കഅബയും ഹറമും.

ഇബ്രാഹിം(അ) നബിയുടെ ചില പ്രാർത്ഥനകളാകുന്നു, അടുത്ത ഏതാനും വചനങ്ങളിൽ,

**വചനം 35 36:**

وَإِذْ قَالَ إِبْرَٰهِيمُ رَبِّ ٱجْعَلْ هَٰذَا ٱلْبَلَدَ ءَامِنًا وَٱجْنُبْنِى وَبَنِىَّ أَن نَّعْبُدَ ٱلْأَصْنَامَ ﴿٣٥﴾

رَبِّ إِنَّهُنَّ أَضْلَلْنَ كَثِيرًا مِّنَ ٱلنَّاسِ ۖ فَمَن تَبِعَنِى فَإِنَّهُۥ مِنِّى ۖ وَمَنْ عَصَانِى فَإِنَّكَ غَفُورٌ رَّحِيمٌ ﴿٣٦﴾

35 ഇബ്റാഹീം പറഞ്ഞ സന്ദർഭം (ഓർക്കുക): എൻെറ റബ്ബേ, ഈ രാജ്യത്തെ നീ നിർഭയമാ യതാക്കേണമേ! എന്നെയും, എൻെറ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധി ക്കുന്നതിൽ നിന്ന് അകറ്റുകയും ചെയ്യേണമേ!

36 എൻെറ റബ്ബേ, നിശ്ചയമായും അവ മനുഷ്യരിൽ നിന്ന് വളരെ ആളുകളെ വഴിപിഴ പ്പിച്ചിരിക്കുന്നു. അതിനാൽ, എന്നെ ആർ പിൻതുടർന്നുവോ അവൻ എൻെറ കൂട്ടത്തിൽ പെട്ടവനാകുന്നു; ആരെങ്കിലും എന്നോട് അനുസരണക്കേട് കാണിക്കുന്നപക്ഷം, നീ വളരെ പൊറുക്കു ന്നവനും, കരുണാനിധി യുമാണ്.'

ഈ 'രാജ്യത്തെ' എന്ന് പറഞ്ഞത് മക്കാ രാജ്യത്തെ പറ്റിയാകുന്നു. ഇസ്മാ ഈൽ (അ) നെയും മാതാവ് ഹാജർ (റ) നെയും മക്കയിൽ കൊണ്ട് വന്ന് താമസിപ്പിച്ചു. തുടർന്ന് നടത്തിയ പ്രാർത്ഥനകളാണ് ഈ വചനങ്ങളിൽ. തുടർന്ന് മക്കാ ഹറം മുഴുവൻ നിർഭയവും ആദരണീയവുമായ പ്രദേശങ്ങളായി അല്ലാഹു നിയമിച്ചു. (സൂ : അൽ ബഖറ 125– 128 നോക്കുക)

"എന്നെയും എന്റെ സന്തതികളെയും വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽ നിന്നും അകറ്റി നിർത്തേണമെ" എന്നും അദ്ദേഹം പ്രാർത്ഥിക്കുന്നു.

**വചനം 37 :**

رَّبَّنَآ إِنِّىٓ أَسْكَنتُ مِن ذُرِّيَّتِى بِوَادٍ غَيْرِ ذِى زَرْعٍ عِندَ بَيْتِكَ ٱلْمُحَرَّمِ رَبَّنَا لِيُقِيمُوا۟ ٱلصَّلَوٰةَ فَٱجْعَلْ أَفْـِٔدَةً مِّنَ ٱلنَّاسِ تَهْوِىٓ إِلَيْهِمْ وَٱرْزُقْهُم مِّنَ ٱلثَّمَرَٰتِ لَعَلَّهُمْ يَشْكُرُونَ ﴿٣٧﴾

37 ഞങ്ങളുടെ റബ്ബേ! എൻെറ സന്തതികളിൽ നിന്നും (ചിലരെ) കൃഷിയുള്ളതല്ലാത്ത ഒരു താഴ്വരയിൽ ഞാൻ (ഇതാ) താമസിപ്പിച്ചി രിക്കുന്നു; (അതെ) നിൻെറ പവിത്രമായ വീട്ടിൻെറ അടുക്കൽ. ഞങ്ങളുടെ റബ്ബേ! അവർ നമസ്കാരം നിലനിറുത്തുവാൻ വേണ്ടി(യാണ ത്). ആകയാൽ, മനുഷ്യരിൽനിന്നുള്ള ചില ഹൃദയങ്ങളെ അവരുടെ നേരെ ചായുന്നതാ ക്കേണമേ! അവർക്ക് ഫലവർഗ്ഗങ്ങളിൽ നിന്നും നീ ആഹാരം നൽകുകയും ചെയ്യേണമേ! അവർ നന്ദി കാണിച്ചേക്കാമല്ലോ.'

കൃഷി രഹിതമായ മക്കാ താഴ്വരയിൽ പവിത്രമായ കഅബയുടെ അടുക്കൽ ഇസ്മാ ഈൽ (അ) നെയും ഹാജറ(റ) യേയും താമസിപ്പിച്ചത് പ്രധാനമായും അവർ നമസ്കാരം നിലനിർത്തുവാൻ വേണ്ടിയാണെന്നും ആകയാൽ മനുഷ്യരുടെ ഹൃദയങ്ങൾക്ക് അവരുടെ നേരെ ചായ്വ് നൽകേണമെ എന്നും, ഫല വർഗ്ഗങ്ങളിൽ നിന്നും അവർക്ക് ഉപജീവനം നൽകേണമെ എന്നും ഇബ്രാഹിം(അ) അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. ജാഹിലിയ

ത്തിലും ഇസ്ലാമിലും തന്നെ മനുഷ്യഹൃദയങ്ങൾ മക്കയിലേക്ക് ആകർഷിക്കപെട്ട് കൊണ്ടിരിക്കുന്നതും, നാനാ രാജ്യങ്ങളിൽ നിന്നുമായി എക്കാലത്തും വിവിധ ഫല വർഗ്ഗങ്ങൾ അവിടെ സുലഭമായി കിട്ടികൊണ്ടിരിക്കുന്നതും, ഇബ്രാഹിം (അ) നബിയുടെ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചിട്ടുണ്ടെന്നുള്ളതിന്റെ സാക്ഷ്യമാകുന്നു.

**വചനം 38 , 39 :**

رَبَّنَآ إِنَّكَ تَعۡلَمُ مَا نُخۡفِي وَمَا نُعۡلِنُۗ وَمَا يَخۡفَىٰ عَلَى ٱللَّهِ مِن شَيۡءٖ فِي ٱلۡأَرۡضِ وَلَا فِي ٱلسَّمَآءِ ٣٨

38 ഞങ്ങളുടെ റബ്ബേ, നിശ്ചയമായും നീ, ഞങ്ങൾ മറച്ചുവെക്കുന്നതിനെയും, ഞങ്ങൾ പരസ്യമാക്കുന്നതിനെയും, നീ അറിയുന്നു. ഭൂമിയിലാകട്ടെ, ആകാശത്തിലാകട്ടെ യാതൊന്നും അല്ലാഹുവിങ്കൽ മറഞ്ഞുപോകുകയില്ലതാനും.

ٱلۡحَمۡدُ لِلَّهِ ٱلَّذِي وَهَبَ لِي عَلَى ٱلۡكِبَرِ إِسۡمَٰعِيلَ وَإِسۡحَٰقَۚ إِنَّ رَبِّي لَسَمِيعُ ٱلدُّعَآءِ ٣٩

39 വാർദ്ധക്യ (കാല)ത്തിൽ എനിക്ക് ഇസ്മാഈലിനെയും, ഇസ്ഹാഖിനെയും പ്രദാനം ചെയ്തവനായ അല്ലാഹുവിന്ന് സർവ്വസ്തുതിയും! നിശ്ചയമായും, എൻെറ റബ്ബ് പ്രാർത്ഥന കേൾക്കുന്ന (സ്വീകരിക്കുന്ന)വൻ തന്നെയാകുന്നു.'

മുത്ത പുത്രനായ ഇസ്മാഈൽ (അ) ന് പതിമുന്ന് വയസ്സായപ്പോഴാണ് ഇസ്ഹാഖ്(അ) ജനിച്ചതെന്ന് പറയപെടുന്നു. ഇത് ശരിയാണെങ്കിൽ ഈ പ്രാർത്ഥന കഅ്ബ: യുടെ നിർമ്മാണത്തിന് ശേഷം നടത്തിയതായിരിക്കും.

ഇബ്രാഹിം (അ) നബിയുടെ പ്രാർത്ഥന തുടരുന്നു.

**വചനം 40 41 :**

رَبِّ ٱجۡعَلۡنِي مُقِيمَ ٱلصَّلَوٰةِ وَمِن ذُرِّيَّتِيۚ رَبَّنَا وَتَقَبَّلۡ دُعَآءِ ٤٠

40 എൻെറ റബ്ബേ, എന്നെ നീ നമസ്കാരം നിലനിറുത്തുന്നവനാക്കേണമേ! എൻെറ സന്തതികളിൽ നിന്നും (നമസ്കാരം നിലനിറുത്തുന്നവരെ ഏർപ്പെടുത്തേണമേ!) ഞങ്ങളുടെ റബ്ബേ! എൻെറ പ്രാർത്ഥന സ്വീകരിക്കുകയും വേണമേ!''

رَبَّنَا ٱغۡفِرۡ لِي وَلِوَٰلِدَيَّ وَلِلۡمُؤۡمِنِينَ يَوۡمَ يَقُومُ ٱلۡحِسَابُ ٤١

41 ഞങ്ങളുടെ റബ്ബേ, എനിക്കും, എൻെറ മാതാപിതാക്കൾക്കും, സത്യവിശ്വാസികൾക്കും വിചാരണ നിലവിൽ വരുന്ന ദിവസം നീ പൊറുത്തു തരേണമേ!''

മുശ്രിക്കായ പിതാവിന് വേണ്ടി ഇബ്രാഹിം(അ) നബി പാപമോചനം തേടിയത് അദ്ദേഹം അയാളോട് ചെയ്തിരുന്ന ഒരു വാഗ്ദത്തം നിമിത്തമായിരുന്നു. പിതാവ് അല്ലാഹുവിന്റെ ശത്രുവാണെന്ന് ബോധ്യപെട്ടപ്പോൾ അദ്ദേഹം അതിൽ നിന്നും പിന്മാറുകയുണ്ടായി. (സൂ :തൌബ:114 ) . മുശ്രിക്കുകൾക്ക് വേണ്ടി പാപമോചനം തേടുന്ന വിഷയത്തിൽ ഇബ്രാഹിം(അ) ന്റെ മാതൃക സ്വീകരിക്കേണ്ടതില്ലെന്ന് സൂ :മുംതഹിന : 4 ൽ അല്ലാഹു അറിയിച്ചിരിക്കുന്നു

മറ്റു കാര്യങ്ങളിൽ ഇബ്റാഹീം(അ) നബിയുടെ ഈ ദീർഘമായ പ്രാർത്ഥനയിലടങ്ങിയ താഴെ സൂചിപ്പിച്ച മാതൃകകൾ ഓരോ സത്യവിശ്വാസിയും സ്വീകരിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ മാർഗ്ഗം പിൻ പറ്റണമെന്ന് സൂ : ആലു ഇംറാൻ 95ാം വചനത്തിലൂടെ നാം കൽപിക്കപെട്ടിരിക്കുന്നു.

1) പ്രാർത്ഥനകളിൽ ആദ്യം സ്വന്തത്തിന് വേണ്ടിയും , പിന്നീട് കൂടുതൽ ബന്ധപെട്ടവർക്ക് വേണ്ടിയും, അതിന് ശേഷം പൊതുവിൽ മറ്റുള്ളവരുടെയും കാര്യം പറയുന്നതാണ് മര്യാദ. പ്രാർത്ഥനയിൽ മറ്റൊരാളുടെ കാര്യം ഉൾപെടുത്തുമ്പോൾ നബി(സ) ആദ്യം സ്വന്തം ദേഹം കൊണ്ടാണ് തുടങ്ങുകയെന്ന് തിർമുദി(റ) ഉദ്ധരിച്ച ഒരു ഹദീസിൽ വന്നിരിക്കുന്നു.

2) സ്വന്തം നൻമക്ക് വേണ്ടി മാത്രം പ്രാർത്ഥിക്കുക പതിവാക്കരുത്. കുടുംബത്തിന്റെ നൻമക്കും, സത്യ വിശ്വാസികൾക്ക് വേണ്ടിയും പ്രാർത്ഥിക്കേണ്ടതാകുന്നു. ഒരാളുടെ അഭാവത്തിൽ അയാൾക്ക് വേണ്ടിയുള്ള പ്രാർത്ഥ നക്ക് പ്രത്യേകം ഉത്തരം ലഭിക്കുന്നതാണ്.

3) ശിർക്ക്, കുഫ്ർ മുതലായ മഹാപാപങ്ങളിൽ നിന്നുള്ള രക്ഷക്ക് വേണ്ടിയും നമസ്ക്കാരം പോലെ യുള്ള പ്രധാന കർമ്മങ്ങൾ നിർവഹിക്കുന്നതിനുള്ള തൗഫീഖിന് വേണ്ടിയും പ്രാർത്ഥനയിൽ മുൻഗണന നൽകേ ണ്ടതാണ്. ഏത് നിസ്സാര കാര്യത്തിന് വേണ്ടിയും (ഒരുവന്റെ ചെരിപ്പിന്റെ വാറ് (പട്ട) മുറിഞ്ഞാൽ അതിന് വേണ്ടി പോലും) അല്ലാഹുവിനോട് സഹായം ചോദിക്കേണ്ടതാണ്. "ഏതൊരാൾ പ്രാർത്ഥന അവന്റെ പതിവാക്കിയിരി ക്കുന്നുവൊ, അവർക്ക് അല്ലാഹുവിന്റെ കാരുണ്യത്തിന്റെ വാതിലുകൾ തുറക്കപെട്ടു." എന്ന് ഇബ്നു ഉമർ(റ) ഉദ്ധരിച്ച ഒരു ഹദീസിൽ വന്നിരിക്കുന്നു.

4) അല്ലാഹുവിന്റെ വിധി വ്യവസ്ഥകൾക്കും നിയമ നടപടികൾക്കും നിരക്കാത്ത ആവശ്യങ്ങളൊന്നും പ്രാർത്ഥനയിൽ ഉൾപെടുത്തരുത്. ഈ തത്വം ഒരു ഹദീസിൽ നബി(സ) ഇപ്രകാരം ചൂണ്ടിക്കാട്ടിയിരിക്കുന്നു: "കുറ്റകരമൊ കുടുംബബന്ധം മുറിക്കുന്നതൊ, ആയ കാര്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാത്തപ്പോൾ അടിയാന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതാണ് -അവൻ ധൃതി കാണിക്കാത്ത പക്ഷം" ധൃതി കാണിക്കുക എന്നത് കൊണ്ടു "ഞാൻ പ്രാർത്ഥിച്ചു. എനിക്കുത്തരം ലഭിക്കുന്നില്ല" എന്ന് പറഞ്ഞ് മനസ്സ് മടുക്കലും പ്രാർത്ഥന ഉപേക്ഷിക്കു കയും ചെയ്യലാകുന്നു എന്ന് തിരുമേനി വിശദീകരിച്ചു.

5) പ്രാർത്ഥിക്കുന്നവന് അല്ലാഹു ചെയ്ത് കൊടുത്തിട്ടുള്ള അനുഗ്രഹങ്ങൾക്ക് പ്രാർത്ഥനാ വേളയിൽ നന്ദി പ്രകടമാക്കേണ്ടതും, അവന്റെ ഔദാര്യ ഗുണങ്ങളിൽ അവനെ പുകഴ്ത്തുകയും സ്തുതിക്കുകയും ചെയ്യുന്ന വാക്യങ്ങൾ സന്ദർഭോചിതം, പ്രയോഗിക്കേണ്ടതുമാണ്.

## വിഭാഗം 7

**വചനം 42, 43 :**

وَلَا تَحْسَبَنَّ ٱللَّهَ غَٰفِلًا عَمَّا يَعْمَلُ ٱلظَّٰلِمُونَ ۚ إِنَّمَا يُؤَخِّرُهُمْ لِيَوْمٍ تَشْخَصُ فِيهِ ٱلْأَبْصَٰرُ ﴿٤٢﴾

مُهْطِعِينَ مُقْنِعِى رُءُوسِهِمْ لَا يَرْتَدُّ إِلَيْهِمْ طَرْفُهُمْ ۖ وَأَفْـِٔدَتُهُمْ هَوَآءٌ ﴿٤٣﴾

42 അക്രമികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ പ്പറ്റി അല്ലാഹു അശ്രദ്ധനാണെന്ന് തീർച്ചയായും നീ വിചാരിക്കരുത്. ഒരു ദിവസത്തേക്ക് അവരെ (നീട്ടിവെച്ച്)പിന്തിക്കുക മാത്രമാണവൻ ചെയ്യു ന്നത്: അന്ന് ദൃഷ്ടികൾ (മേല്പോട്ട്) തുറിച്ചു നോക്കുന്നതാണ്;

43 തങ്ങളുടെ തലകളെ, ഉയർത്തിപ്പിടിച്ചുകൊണ്ട് ധൃതിപ്പെട്ടു വരുന്നവരായിട്ട്-അവരുടെ (കൺ) മിഴി അവരിലേക്ക് തിരിച്ചുവരുകയില്ല. (അവർ പൂർണ്ണമായും പരിഭ്രാന്തരായിരിക്കും) അവരുടെ ഹൃദയങ്ങളാകട്ടെ (ബോധമില്ലാതെ) ഒഴിഞ്ഞ തുമായിരിക്കും.

മുശ്‌രിക്കുകളടക്കമുള്ള എല്ലാ അക്രമികളുടെ നേരെയും ശിക്ഷാ നടപടികളെടുക്കാതെ, തൽകാലം വിട്ടി രിക്കുന്നത് അവരെ പറ്റി അല്ലാഹു അശ്രദ്ധനായത് കൊണ്ടല്ല - ഖിയാമത്ത് നാളിൽ അവരുടെ മേൽ കർശനമായ നടപടി എടുക്കുന്നതാണ്. പുനരുത്ഥാനത്തിനുള്ള കാഹള വിളിയുണ്ടാകുമ്പോൾ എല്ലാവരും താന്താങ്ങളുടെ ഖബ്റുകളിൽ നിന്ന് വിചാരണക്കായി, പരിഭ്രാന്തരായിക്കൊണ്ട് എഴുന്നേറ്റ് വരുന്നതാണ്.

**വചനം 44 45**

وَأَنذِرِ ٱلنَّاسَ يَوْمَ يَأْتِيهِمُ ٱلْعَذَابُ فَيَقُولُ ٱلَّذِينَ ظَلَمُوا۟ رَبَّنَآ أَخِّرْنَآ إِلَىٰٓ أَجَلٍ قَرِيبٍ نُّجِبْ دَعْوَتَكَ وَنَتَّبِعِ ٱلرُّسُلَ ۗ أَوَلَمْ تَكُونُوٓا۟ أَقْسَمْتُم مِّن

44 മനുഷ്യർക്ക് ശിക്ഷ വരുന്ന (ആ) ദിവസ ത്തെപ്പറ്റി അവർക്ക് മുന്നറിയിപ്പ് നൽകുക. അപ്പോൾ അക്രമം ചെയ്തവർ പറയും: ഞങ്ങ ളുടെ റബ്ബേ! അടുത്തതായ ഒരവധിവരേക്ക് ഞങ്ങളെ (ഒഴിവാക്കി) പിന്തിച്ചു തരേണമേ! ഞങ്ങൾ നിൻെറ വിളിക്ക് ഉത്തരം ചെയ്യുകയും, റസൂലുകളെ പിൻപറ്റുകയും ചെയ്തുകൊ

ള്ളാം!'' (അവരോട് പറയപ്പെടും:) നിങ്ങള്‍ മുമ്പ് സത്യം ചെയ്തിരുന്നില്ലേ, നിങ്ങള്‍ക്ക് (ഐഹിക ജീവിതം വിട്ട്) യാതൊരു നീക്കവും ഇല്ലെന്ന്?!

قَبْلُ مَا لَكُم مِّن زَوَالٍ ﴿٤٤﴾

45 തങ്ങളുടെ സ്വന്തങ്ങളോട് അക്രമം പ്രവര്‍ത്തിച്ച വരുടെ വാസസ്ഥലങ്ങളില്‍ നിങ്ങള്‍ താമസിക്കുകയും ചെയ്തു; അവരെക്കൊണ്ട് നാം എങ്ങിനെ ചെയ്തുവെന്നു നിങ്ങള്‍ക്ക് വ്യക്തമാ(യി മനസ്സിലാ)കുകയും ചെയ്തു; നിങ്ങള്‍ക്ക് നാം ഉപമകള്‍ വിവരിച്ചു തരുകയും ചെയ്തു. (എന്നിട്ടൊന്നും നിങ്ങള്‍ അന്ന് വിശ്വസിച്ചില്ല)''

وَسَكَنتُمْ فِي مَسَٰكِنِ ٱلَّذِينَ ظَلَمُوٓا۟ أَنفُسَهُمْ وَتَبَيَّنَ لَكُمْ كَيْفَ فَعَلْنَا بِهِمْ وَضَرَبْنَا لَكُمُ ٱلْأَمْثَالَ ﴿٤٥﴾

ഖിയാമത്ത് നാളിലെ ശിക്ഷാനുഭവങ്ങള്‍ കാണുമ്പോള്‍ നിഷേധികള്‍ തങ്ങളെ കുറച്ച് കാലത്തേക്കെങ്കിലും ഒരിക്കല്‍ കൂടി ഇഹലോകത്തേക്ക് മടങ്ങാനനുവദിച്ചെങ്കില്‍, ഞങ്ങള്‍ സത്യവിശ്വാസം സ്വീകരിച്ച് സന്‍മാര്‍ഗ്ഗികളായിക്കൊള്ളാമായിരുന്നു എന്ന് വിലപിക്കുന്നതാണ്. എന്നാല്‍ അത് കൊണ്ട് യതൊരു ആനുകൂല്യവും അവര്‍ക്ക് ലഭിക്കുന്നതല്ല. "ഞങ്ങള്‍ക്ക് ഇഹലോക ജീവിതം വിട്ട് യാതൊരു ജീവിതവും ഇല്ല" എന്ന് നിങ്ങള്‍ ശക്തമായ ഭാഷയില്‍ സത്യം ചെയ്തിരുന്നില്ലെ എന്ന് അല്ലാഹു പിരിഹാസപൂര്‍വ്വം അവരെ ഓര്‍മ്മിപ്പിക്കുന്നു. (സമാനമായ വചനം 16 :38 നോക്കുക)

നിങ്ങളെപോലെയുള്ള നിഷേധികളുടെ മേല്‍ മുന്‍കാലങ്ങളില്‍ അല്ലാഹു പല ശിക്ഷാ നടപടികളും എടുക്കുകയുണ്ടായിട്ടുണ്ട്. അവരുടെ ശേഷം അവര്‍ വസിച്ചിരുന്ന നാടുകളില്‍ കഴിഞ്ഞ് കൂടുന്നത് വഴിയും, പ്രവാചകനും വേദഗ്രന്ഥങ്ങളും മുഖേനയും അതെല്ലാം ശരിക്ക് മനസ്സിലാക്കുവാന്‍ നിങ്ങള്‍ക്ക് കഴിഞ്ഞിട്ടുമുണ്ട് എന്നിട്ടും പാഠം പഠിക്കാത്തത് കൊണ്ടാണ് നിങ്ങള്‍ക്കീ ഗതികേട് വന്ന് ചേര്‍ന്നത് .

**വചനം 46:**

46 അവര്‍ അവരുടെ തന്ത്രം പ്രയോഗിക്കുകയുണ്ടായി. അവരുടെ തന്ത്രം അല്ലാഹുവിന്‍െറ അടുക്കലുണ്ടുതാനും. (അതവന്‍ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്) അവരുടെ തന്ത്രം - അതു നിമിത്തം പര്‍വ്വതങ്ങള്‍ (തല്‍സ്ഥാനത്തുനിന്ന്) നീങ്ങിപ്പോകുവാന്‍ (തക്കതൊന്നും) ആയിട്ടില്ല.

وَقَدْ مَكَرُوا۟ مَكْرَهُمْ وَعِندَ ٱللَّهِ مَكْرُهُمْ وَإِن كَانَ مَكْرُهُمْ لِتَزُولَ مِنْهُ ٱلْجِبَالُ ﴿٤٦﴾

അവര്‍ പ്രയോഗിച്ച തന്ത്രങ്ങളെല്ലാം അല്ലാഹു രേഖപെടുത്തി വെച്ചിട്ടുണ്ട്. അതിന്റെ ഫലം അവര്‍ പിന്നീട് അറിയുന്നതാണ്. അവരുടെ തന്ത്രങ്ങള്‍ എത്ര വമ്പിച്ചതായിരുന്നാലും പര്‍വ്വതങ്ങളെ സ്ഥാനം വിട്ട് നീക്കിക്കളയുമാറ് അത്ര വമ്പിച്ചതൊന്നുമായിരുന്നില്ല. അവയൊന്നും

**വചനം 47 48 :**

47 ആകയാല്‍, അല്ലാഹുവിനെക്കുറിച്ച് അവന്‍െറ റസൂലുകളോടുള്ള വാഗ്ദത്തം(അവന്‍) ലംഘിക്കുന്നവനാണെന്ന് തീര്‍ച്ചയായും നീ വിചാരിച്ചു പോകരുത്. നിശ്ചയമായും അല്ലാഹു, പ്രതാപശാലിയും, ശിക്ഷാനടപടി എടുക്കുന്നവനുമാണ്.

فَلَا تَحْسَبَنَّ ٱللَّهَ مُخْلِفَ وَعْدِهِۦ رُسُلَهُۥٓ ۚ إِنَّ ٱللَّهَ عَزِيزٌ ذُو ٱنتِقَامٍ ﴿٤٧﴾

48 (അതെ) 'ഭൂമി (ഈ) 'ഭൂമിയല്ലാത്തതായും, ആകാശങ്ങളും (ഈ ആകാശങ്ങളല്ലാത്തതായും) മാറ്റപ്പെടുന്ന ദിവസം! അവര്‍ (എല്ലാം) ഏകനായ, സര്‍വ്വാധികാരിയായ അല്ലാഹുവിങ്കലേക്ക് (ഖബറുകളില്‍നിന്ന്) പ്രത്യക്ഷപ്പെട്ട് വരുകയും ചെയ്യും.

يَوْمَ تُبَدَّلُ ٱلْأَرْضُ غَيْرَ ٱلْأَرْضِ وَٱلسَّمَٰوَٰتُ ۖ وَبَرَزُوا۟ لِلَّهِ ٱلْوَٰحِدِ ٱلْقَهَّارِ ﴿٤٨﴾

ഈ ഭൂമി മറ്റൊരു ഭൂമിയായും ആകാശങ്ങൾ വേറെ ആകാശങ്ങളായും മാറ്റപെടുന്ന ദിവസം എന്ന് പറഞ്ഞത് ഖിയാമത്ത് നാളാണെന്ന് സ്പഷ്ടമാകുന്നു. ഖിയാമത്ത് നാളിൽ ആകാശ ഭൂമികളിലും, സൂര്യ നക്ഷത്രങ്ങളിലും സമുദ്രങ്ങളിലും ഖബറുകളിലും മലകളിലും മറ്റും ഉണ്ടാകുന്ന പല ഭയാനകമായ സംഭവ വികാസങ്ങളെ പറ്റി, ഖുർആനിൽ, താഴെ കാണുന്ന വചനങ്ങളിലൂടെ അല്ലാഹു പ്രതിപാദിച്ചിരിക്കുന്നു:

സൂ: ത്വാഹാ : 105, 106 , 107 ; സൂ: ത്വൂർ : 9, 10 ; സൂ: മുർസലാത് : 8,9,10 ; സൂ: നബഅ്: 19, 20 ; സൂ: തക്‌വീർ : 1, 2, 3, 4, 5 ,6 : സൂ: ഇൻഫിത്വാർ: 1, 2, 3, 4. ഇത് പോലെ സമാനമായ വേറെയും വചനങ്ങൾ കാണാവുന്നന്നതാണ്.

“(തരിച്ചെടുത്ത) ശുദ്ധമായ മാവുകൊണ്ടുണ്ടാക്കിയ അപ്പം കണക്കെ, തനി വെള്ളയായ ഒരു ഭൂമിയിൽ ഖിയാമത്ത് നാളിൽ മനുഷ്യർ ഒരുമിച്ച് കൂട്ടപെടും. അവിടെ ഒരാൾക്കും (സ്ഥാന നിർണ്ണയം ചെയ്യത്തക്ക) ഒരു അടയാളവും ഉണ്ടായിരിക്കുന്നതല്ല”. -നബി വചനം (ബു. മു)

ലോകാവസാനം വരെ മരണമടഞ്ഞു പോയ ജനകോടികളെല്ലാം അവരുടെ മറമാടപെട്ടയിടങ്ങളിൽ നിന്നും അല്ലാഹുവിന്റെ മുമ്പാകെ വിചാരണക്കായി എത്തിച്ചേരുന്നതാണ്. അന്നത്തെ സർവ്വാധികാരം ഏകനായ അല്ലാഹുവിന് മാത്രമായിരിക്കും.

**വചനം 49, 50 51 :**

وَتَرَى ٱلْمُجْرِمِينَ يَوْمَئِذٍ مُّقَرَّنِينَ فِى ٱلْأَصْفَادِ ﴿٤٩﴾
سَرَابِيلُهُم مِّن قَطِرَانٍ وَتَغْشَىٰ وُجُوهَهُمُ ٱلنَّارُ ﴿٥٠﴾
لِيَجْزِىَ ٱللَّهُ كُلَّ نَفْسٍ مَّا كَسَبَتْ ۚ إِنَّ ٱللَّهَ سَرِيعُ ٱلْحِسَابِ ﴿٥١﴾

49 അന്നത്തെ ദിവസം, കുറ്റവാളികളെ ചങ്ങലകളിൽ കൂട്ടി ബന്ധിക്കപ്പെട്ടവരായി നിനക്ക് കാണാവുന്നതുമാണ്.

50 അവരുടെ കുപ്പായങ്ങൾ പന്തം കൊണ്ടായിരിക്കും; അവരുടെ മുഖങ്ങളെ അഗ്നി മൂടുകയും ചെയ്യും;

51 എല്ലാ (ഓരോ) വ്യക്തിക്കും അത് (പ്രവർത്തിച്ചു) സമ്പാദിച്ചതിന് അല്ലാഹു പ്രതിഫലം നൽകുവാൻ വേണ്ടിയത്രെ (അത്) നിശ്ചയമായും അല്ലാഹു, വിചാരണ വേഗം ചെയ്യുന്നവനുമാകുന്നു.

ആ ഭയങ്കര ദിവസത്തിൽ, ദുർമാർഗ്ഗിയായ കുറ്റവാളികളുടെ അവസ്ഥയാണ് അല്ലാഹു ഈ വചനങ്ങളിൽ യാതൊരു വിശദീകരണവും ആവശ്യമില്ലാത്ത വിധത്തിൽ വിവരിക്കുന്നത്

**വചനം 52 :**

هَٰذَا بَلَٰغٌ لِّلنَّاسِ وَلِيُنذَرُوا۟ بِهِۦ وَلِيَعْلَمُوٓا۟ أَنَّمَا هُوَ إِلَٰهٌ وَٰحِدٌ وَلِيَذَّكَّرَ أُو۟لُوا۟ ٱلْأَلْبَٰبِ ﴿٥٢﴾

52 ഇത്(ഖുർആൻ) മനുഷ്യർക്ക് (എത്തിക്കാനുള്ള) ഒരു സന്ദേശമാകുന്നു. ഇതുമൂലം അവർക്ക് മുന്നറിയിപ്പ് (അഥവാ താക്കീത്) നൽകപ്പെടുവാൻ വേണ്ടിയും, അവൻ (അല്ലാഹു) ഒരേ ഒരു ആരാധ്യൻ മാത്രമാണെന്ന് അവർ അറിയുവാൻവേണ്ടിയും, ബുദ്ധിമാൻമാർ ഉറ്റാലോചിക്കുവാൻ വേണ്ടിയും ആകുന്നു.

ഉറ്റാലോചിച്ച് കാര്യങ്ങൾ നേരാം വണ്ണം ഗ്രഹിക്കുന്ന ബുദ്ധിമാൻമാരിൽ നമ്മെയെല്ലാം അല്ലാഹു ഉൾപെടുത്തട്ടെ (ആമീൻ). ഖിയാമത്ത് നാളിലെ ഭയങ്കരതകളിൽ നിന്ന് അല്ലാഹു നമുക്കെല്ലാം രക്ഷനൽകുകയും ചെയ്യട്ടെ (ആമീൻ)

# 15 സൂറത്തുൽ ‘ഹിജ്ർ’

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 99, വിഭാഗം (റുക്കൂഅ്) 6

ഈ സൂറത്തിലെ 80-ാം വചനത്തിൽ സ്വാലിഹ് (അ) നബിയുടെ രാജ്യമായ ഹിജ്റിനെക്കുറിച്ച് പരാമർശമുള്ളതിൽ നിന്നാണ് ഈ സൂറത്തിന് സൂ: ഹിജ്ർ എന്ന് പേര് വന്നത്.

**ജുസുഅ് – 14**

**വിഭാഗം 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1, 2, 3, :**

1 ‘അലിഫ്-ലാം-റാ.’ ഇവ (വേദ) ഗ്രന്ഥത്തിൻെറയും, (കാര്യങ്ങൾ) സ്പഷ്ടമാക്കുന്ന ഒരു (മഹത്തായ) ഖുർആൻെറയും ആയത്തു’ (സൂക്തം)കളാകുന്നു.

2 ചിലപ്പോഴൊക്കെ അവിശ്വാസികൾ കൊതിച്ചു പോകും: തങ്ങൾ ‘മുസ്‌ലിം’കൾ (അല്ലാഹുവിന് കീഴൊതുങ്ങിയവർ) ആയിരുന്നെങ്കിൽ (കൊള്ളാമായിരുന്നു!) എന്ന്.

3 (നബിയേ) അവരെ വിട്ടേക്കുക: അവർ തിന്നുകയും, സുഖമനുഭവിക്കുകയും, അതിമോഹം അവരെ അശ്രദ്ധയിലാക്കുകയും ചെയ്തു കൊണ്ടിരിക്കട്ടെ; വഴിയെ അവർ അറിഞ്ഞു കൊള്ളും.

الٓرۚ تِلۡكَ ءَايَٰتُ ٱلۡكِتَٰبِ وَقُرۡءَانٖ مُّبِينٖ ﴿١﴾

رُّبَمَا يَوَدُّ ٱلَّذِينَ كَفَرُواْ لَوۡ كَانُواْ مُسۡلِمِينَ ﴿٢﴾

ذَرۡهُمۡ يَأۡكُلُواْ وَيَتَمَتَّعُواْ وَيُلۡهِهِمُ ٱلۡأَمَلُۖ فَسَوۡفَ يَعۡلَمُونَ ﴿٣﴾

സൂറത്തിന്റെ ആരംഭത്തിലെ കേവലാക്ഷരങ്ങളെക്കുറിച്ച് സൂ: അൽ ബഖറയുടെ പ്രാരംഭത്തിൽ വിവരിച്ചത് നോക്കുക.

അവിശ്വാസികൾ ഇപ്പോൾ നിഷേധത്തിന്റെയും സുഖസൗകര്യങ്ങളുടെയും വ്യാമോഹങ്ങളിൽ വ്യാപൃതരാണെങ്കിലും, തങ്ങൾ മുസ്ലീംകളായി സത്യവിശ്വാസം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായേനെ എന്ന് അവർ പലപ്പോഴും കൊതിച്ചു പോകുക തന്നെ ചെയ്യും.

മരണ വേളയിലേയും, ഖിയാമത്ത് നാളിലെയും വിചാരണ വേളയിലെയും ഭയങ്കരതകൾ അനുഭപ്പെടുമ്പോഴും, സത്യവിശ്വാസികളെ സ്വർഗ്ഗത്തിലേക്കും അവിശ്വാസികളെ നരകത്തിലേക്കും തിരിക്കുമ്പോഴും നരകത്തിലെ ശിക്ഷാ നടപടികൾക്ക് വിധേയരാകുമ്പോഴും, സത്യവിശ്വാസികളായ പാപികളുടെ നരകശിക്ഷയുടെ കാലാവധി കഴിഞ്ഞ ശേഷം, അവർ നരകത്തിൽ നിന്ന് മോചിപ്പിക്കപെടുന്നത് കാണുമ്പോഴും ഒക്കെ അവിശ്വാസികൾ അപ്രകാരം കൊതിക്കുകയും പറയുകയും ചെയ്ത് കൊണ്ടിരിക്കുമെന്ന്, പല ഖുർആൻ വചനങ്ങളിൽ നിന്നും നബി വചനങ്ങളിൽ നിന്നും അറിയപെട്ടിട്ടുള്ളതാകുന്നു.

**വചനം 4, 5 :**

4 ഒരു രാജ്യത്തെയും (രാജ്യക്കാരെയും) തന്നെ, അതിന് അറിയപ്പെട്ടതായ ഒരു (നിശ്ചിത) നിയമം ഉണ്ടായിക്കൊണ്ടല്ലാതെ നാം നശിപ്പിച്ചിട്ടില്ല.

وَمَآ أَهۡلَكۡنَا مِن قَرۡيَةٍ إِلَّا وَلَهَا كِتَابٞ مَّعۡلُومٞ ﴿٤﴾

5 ഒരു സമുദായവുംതന്നെ, അതിന്‍െറ (നിശ്ചിത) അവധിയെ മുന്‍കടക്കുകയില്ല; അവര്‍ (അതിന പ്പുറം) പിന്തിപ്പോകുകയുമില്ല.

مَّا تَسۡبِقُ مِنۡ أُمَّةٍ أَجَلَهَا وَمَا يَسۡتَـٔۡخِرُونَ ۝٥

മുമ്പുണ്ടായിരുന്ന സത്യനിഷേധികളുടെ നാശം അല്ലാഹു നിശ്ചയിച്ചിട്ടുള്ള നിയമങ്ങള്‍ക്കും , വ്യവസ്ഥ കള്‍ക്കും അവധിക്കും അനുസൃതമായിട്ടായിരുന്നു. അത് പോലെ ഈ മുശ്‌രിക്കുകളും, അവരുടെ നാശത്തിന്റെ അവധി മുന്‍ കടക്കുകയൊ പിന്തിപ്പോകുകയൊ ഇല്ല.

**വചനം 6, 7 :**

6 അവര്‍ (അവിശ്വാസികള്‍) പറയുന്നു: ‘ഹേ, പ്രമാണം (ഖുര്‍ആന്‍) ഇറക്കപ്പെട്ടിട്ടുള്ളവനേ, നിശ്ചയമായും നീ ഒരു ഭ്രാന്തന്‍ തന്നെ!

وَقَالُواْ يَـٰٓأَيُّهَا ٱلَّذِي نُزِّلَ عَلَيۡهِ ٱلذِّكۡرُ إِنَّكَ لَمَجۡنُونٞ ۝٦

7 നീ സത്യവാന്‍മാരില്‍പെട്ടവനാണെങ്കില്‍ ഞങ്ങളുടെ അടുക്കല്‍ നീ മലക്കുകളെ കൊണ്ടു വരാത്തതെന്താണ്?!’

لَّوۡ مَا تَأۡتِينَا بِٱلۡمَلَـٰٓئِكَةِ إِن كُنتَ مِنَ ٱلصَّـٰدِقِينَ ۝٧

നബി(സ) യെക്കുറിച്ച് ‘ഭ്രാന്തന്‍ ’ എന്ന അവരുടെ ജല്‍പനത്തിന് കാരണം ഖുര്‍ആന്‍ മുഖേന നബി(സ) പ്രബോധനം ചെയ്യുന്ന തത്വങ്ങളില്‍ അവര്‍ക്കുള്ള പ്രതിഷേധവും നിഷേധവും അല്ലാതെ മറ്റൊന്നുമല്ല തന്നെ. മൂസാ(അ) നബിയുടെ ഒരു പ്രസ്താവനക്ക് പ്രത്യുത്തരം പറയാന്‍ കഴിയാതെ വന്നപ്പോള്‍ ഫിര്‍ഔനും മൂസാ(അ) നബിയെ കുറിച്ച് ‘ഭ്രാന്തന്‍ ’ എന്ന് പറയുകയുണ്ടായിട്ടുണ്ട് (സൂ: ശൂഅറാ : 27) പ്രവാചകന്‍മാരെ ന്യായം കൊണ്ട് തോല്‍പിക്കാന്‍ കഴിയാത്ത അവസരങ്ങളില്‍ സത്യനിഷേധികള്‍ പ്രയോഗിച്ച് വരുന്ന ഒരു ‘ഭ്രാന്തന്‍ വാക്ക് ’മാത്രമാകുന്നു ആ പ്രയോഗം.

അത് കൊണ്ടും ആക്ഷേപം നിര്‍ത്താത്ത ആ മുശ്‌രിക്കുകള്‍ “എന്ത് കൊണ്ടാണ് നീ ഞങ്ങളുടെ അടു ക്കല്‍ മലക്കുകളെ കൊണ്ട് വരാത്തത് ” എന്ന് തിരുമേനിയോട് ചോദിച്ച് പരിഹസിക്കുകയാണ്.

**വചനം : 8 :**

8 മലക്കുകളെ(തക്കതായ)ന്യായപ്രകാരമല്ലാതെ നാം ഇറക്കാറില്ല; (ഇറക്കുന്നപക്ഷം) അപ്പോള്‍, അവര്‍(ഒഴിവ് നല്‍കി) കാത്തുവെക്കപ്പെടുന്ന വരായിരിക്കയുമില്ല.

مَا نُنَزِّلُ ٱلۡمَلَـٰٓئِكَةَ إِلَّا بِٱلۡحَقِّ وَمَا كَانُوٓاْ إِذٗا مُّنظَرِينَ ۝٨

അല്ലാഹു ആ സത്യനിഷേധികളെ ഉണര്‍ത്തുന്നു: ഇവര്‍ ആവശ്യപെടുമ്പോഴേക്കും മലക്കുകളെ ഇറക്കു വാന്‍ പോകുന്നില്ല. അതിന് ചില സന്ദര്‍ഭങ്ങളും ന്യായമായ ചില കാരണങ്ങളുമൊക്കെയുണ്ട്. അങ്ങനെ മലക്കു കള്‍ ഇറക്കപെടുന്ന പക്ഷം, അപ്പോള്‍ അവര്‍ക്ക് ഒഴിവ് കിട്ടി രക്ഷപെട്ട് കളയാമെന്നവര്‍ വ്യാമോഹിക്കുകയും വേണ്ടാ.

**വചനം 9 :**

9 നിശ്ചയമായും, നാം തന്നെയാണ് (ഈ) പ്രമാണത്തെ (ഖുര്‍ആനെ) അവതരിപ്പിച്ചത്. നാം തന്നെ, അതിനെ (കാത്തു) സൂക്ഷിക്കുക യും ചെയ്തുകൊള്ളും.

إِنَّا نَحۡنُ نَزَّلۡنَا ٱلذِّكۡرَ وَإِنَّا لَهُۥ لَحَـٰفِظُونَ ۝٩

നാം അവതരിപ്പിച്ച ഈ ഖുര്‍ആന്‍ -നെ നാം തന്നെ കാത്ത് സൂക്ഷിക്കുമെന്നുള്ള അല്ലാഹുവിന്റെ വാഗ്ദാനം അവന്‍ തികച്ചും പാലിച്ചിട്ടുണ്ടെന്നതില്‍ യാതൊരു സംശയവും ഇല്ല. ആര്‍ അവിശ്വസിച്ചാലും, ആരൊക്കെ ദുര്‍വ്യാഖ്യാനം നടത്തിയാലും, ആര്‍ ശത്രുത പുലര്‍ത്തിയാലും സമുദായ മദ്ധ്യേ എന്തെല്ലാം ഭിന്നിപ്പുകളുണ്ടാ യാലും ശരി, വള്ളി പുള്ളി വ്യത്യാസം കൂടാതെ യാതൊരു മാറ്റത്തിരുത്തലുകള്‍ക്കും വിധേയമാകാതെ അത് ഇന്നോളം നിലവിലുണ്ട്-മേലിലും അതങ്ങനെ തന്നെ നിലനില്‍ക്കുകയും ചെയ്യും. വിശുദ്ധ ഖുര്‍ആന്‍ ദൈവിക ഗ്രന്ഥമാണെന്നുള്ളതിന് ഒരു പ്രത്യേക തെളിവ് തന്നെയാകുന്നു ഈ വചനം.

**വചനം 10, 11, 12, 13 :**

10 നിനക്കുമുമ്പ് പൂർവ്വികൻമാരിലുള്ള (പല) കക്ഷികളിലായി നാം (റസൂലുകളെ) അയക്കുകയുണ്ടായിട്ടുണ്ട്.

11 അവർക്ക് ഒരു റസൂലും തന്നെ ചെന്നിരുന്നില്ല, അവർ അദ്ദേഹത്തെപ്പറ്റി പരിഹസിച്ചുകൊണ്ടിരിക്കാതെ.

12 അപ്രകാരം, (ഈ) കുറ്റവാളികളുടെ ഹൃദയങ്ങളിൽ അതിനെ (പരിഹാസത്തെ) നാം കടത്തിവിടുന്നു;

13 (അതെ) അവർ ഇതിൽ വിശ്വസിക്കാതെ. പൂർവ്വീകൻമാരുടെ നടപടിക്രമം കഴിഞ്ഞുപോയിട്ടുണ്ടുതാനും.

وَلَقَدۡ أَرۡسَلۡنَا مِن قَبۡلِكَ فِي شِيَعِ ٱلۡأَوَّلِينَ ١٠

وَمَا يَأۡتِيهِم مِّن رَّسُولٍ إِلَّا كَانُواْ بِهِۦ يَسۡتَهۡزِءُونَ ١١

كَذَٰلِكَ نَسۡلُكُهُۥ فِي قُلُوبِ ٱلۡمُجۡرِمِينَ ١٢

لَا يُؤۡمِنُونَ بِهِۦ وَقَدۡ خَلَتۡ سُنَّةُ ٱلۡأَوَّلِينَ ١٣

മുൻ കാലങ്ങളിലും റസൂലുകൾ അയക്കപെട്ടപ്പോൾ അവരുടെ ജനത അവരെ പരിഹസിക്കുകയും നിഷേധിക്കുകയും പതിവായിരുന്നു. അക്കൂട്ടരെ പരിഹാസത്തിലും നിഷേധത്തിലും മുഴുകിക്കൊണ്ടിരിക്കാൻ തന്നെ അല്ലാഹു വിട്ടേക്കുകയാണ് ചെയ്യുക. അവരുടെ മേൽ അല്ലാഹു പല നടപടികളും, എടുക്കുകയുണ്ടായിട്ടുണ്ട്. അത് പോലെ ഇവരുടെ മേലും വേണ്ട നടപടികൾ അല്ലാഹു സന്ദർഭാനുസരണം എടുത്ത് കൊള്ളും.

**വചനം 14, 15 :**

14 ഇവരുടെമേൽ, ആകാശത്തുനിന്നും ഒരു വാതിൽ നാം തുറന്നുകൊടുക്കുകയും, എന്നിട്ട് അതിലൂടെ അവർ കയറിപ്പോയിക്കൊണ്ടിരിക്കുകയും ചെയ്താലും,–

15 അവർ പറയുകതന്നെ ചെയ്യും: 'ഞങ്ങളുടെ കാഴ്ചകൾക്ക് ലഹരി ബാധിപ്പിക്കപ്പെട്ടിരിക്കുക മാത്രമാണ്; (അല്ല) എങ്കിലും, ഞങ്ങൾ മാരണം ചെയ്യപ്പെട്ട ഒരു ജനതയാകുന്നു.'

وَلَوۡ فَتَحۡنَا عَلَيۡهِم بَابٗا مِّنَ ٱلسَّمَآءِ فَظَلُّواْ فِيهِ يَعۡرُجُونَ ١٤

لَقَالُوٓاْ إِنَّمَا سُكِّرَتۡ أَبۡصَٰرُنَا بَلۡ نَحۡنُ قَوۡمٞ مَّسۡحُورُونَ ١٥

ഈ വചനങ്ങളിലൂടെ മുശ്രിക്കുകളുടെ നിഷേധം എത്ര മാത്രം കടുത്തതാണെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

ഒരു പ്രത്യക്ഷ ദൃഷ്ടാന്തമെന്ന നിലക്ക്, അവർക്ക് ആകാശത്തിലേക്ക് ഒരു മാർഗ്ഗം തുറന്നു കൊടുത്തു, അവർ അതിലൂടെ മേൽപോട്ടു കയറി പോകുകയാണെന്ന് കരുതുക-എന്നാൽ പോലും ആ അവിശ്വാസികൾ "ഏതോ ലഹരിയിലും മാരണത്തിലും അകപെട്ട് ഞങ്ങൾക്ക് അങ്ങനെ തോന്നിപ്പോകുകയാണ് - ഇതൊരു യഥാർത്ഥമല്ല" എന്നാണ് പുലമ്പുക.

## വിഭാഗം 2

**വചനം 16,17,18 :**

16 ആകാശത്തിൽ നാം ചില ഗ്രഹമണ്ഡലങ്ങളെ (അഥവാ രാശികളെ) ഏർപ്പെടുത്തിയിട്ടുണ്ട്. നോക്കുന്നവർക്ക് അവയെ നാം അലങ്കാരമാക്കുകയും ചെയ്തിരിക്കുന്നു;

17 ആട്ടപ്പെട്ട എല്ലാ പിശാചിൽ നിന്നും നാം അവയെ കാ(ത്തു സൂക്ഷി)ക്കുകയും ചെയ്തിരിക്കുന്നു;

18 (പക്ഷെ) കട്ടുകേൾക്കുവാൻ ശ്രമിച്ചവനൊഴികെ, അപ്പോൾ, പ്രത്യക്ഷമായ ഒരു തീജ്വാല അവനെ പിന്തുടരുന്നതാണ്.

وَلَقَدۡ جَعَلۡنَا فِي ٱلسَّمَآءِ بُرُوجٗا وَزَيَّنَّٰهَا لِلنَّٰظِرِينَ ١٦

وَحَفِظۡنَٰهَا مِن كُلِّ شَيۡطَٰنٖ رَّجِيمٍ ١٧

إِلَّا مَنِ ٱسۡتَرَقَ ٱلسَّمۡعَ فَأَتۡبَعَهُۥ شِهَابٞ مُّبِينٞ ١٨

ആകാശത്തിൽ വ്യവസ്ഥാപിതമായ രീതിയിൽ കോടിക്കണക്കിന് മഹാ നക്ഷത്രങ്ങളും അവക്കെല്ലാം പ്രത്യേകം സഞ്ചാര മാർഗ്ഗങ്ങളും അല്ലാഹു സൃഷ്ടിച്ച് വെച്ചിട്ടുണ്ട്. അവയെ നോക്കിക്കാണുന്നവർക്ക് അല്ലാഹു അവയെ അലങ്കാരമാക്കുകയും ചെയ്തിരിക്കുന്നു. കൂടാതെ, ആകാശജീവികളായ മലക്കുകളിൽ നിന്നും ചില വാർത്തകൾ ചോർത്തിയെടുക്കുവാൻ വേണ്ടി മേൽപോട്ട് കയറിച്ചെന്ന് അവരുടെ വാക്കുകൾ കേൾക്കുവാൻ ശ്രമിക്കുന്ന പിശാചുക്കളെ എറിഞ്ഞിടുവാനും അല്ലാഹു അവ മൂലം ഏർപാടു ചെയ്തിരിക്കുന്നു. അത്തരം പിശാചുക്കളെ അവയിൽ നിന്നും ഒരു തരം തീ ജ്വാലകൾ പിടികൂടുന്നതാണ്. (സൂ മുൽക് :5 -ലും സൂ :സ്വാഫ്-ഫാത്ത്: 6-ലും സൂ: ജിന്ന്: 8,9 -ലും നോക്കുക)

ഈ വിഷയസംബന്ധമായി ഇമാം ബുഖാരി(റ) ഉദ്ധരിച്ചിട്ടുള്ള ഒരു നബി വചനത്തിന്റെ സാരാംശം ഇപ്രകാരമാകുന്നു :

“അല്ലാഹു അകാശത്തു വെച്ച് ഒരു കാര്യം തീരുമാനിച്ചാൽ അല്ലാഹുവിന്റെ വചനങ്ങളോടുള്ള ഭക്തി നിമിത്തം മലക്കുകളുടെ ഹൃദയങ്ങളിലുണ്ടാകുന്ന നടുക്കം നീങ്ങിക്കഴിയുമ്പോൾ റബ്ബ് പറഞ്ഞത് എന്താണെന്ന് അവർ ചോദിച്ചറിയും. പിശാചുക്കൾ ഇത് കട്ട് കേൾക്കുകയും അത് തൊട്ടു താഴെയുള്ളവർക്ക് ഇട്ട് കൊടുത്ത് കൊണ്ടു അവരത് ഭൂമി വരെ എത്തിക്കും. പലപ്പോഴും താഴെയുള്ളവർക്ക് അത് ഇട്ട് കൊടുക്കും മുമ്പെ അവരെ തീ ജ്വാല ബാധിക്കുകയും അതവരെ കരിച്ച് കളയുകയും ചെയ്യും.

ഭൂമിയിൽ എത്തിക്കഴിഞ്ഞാൽ പിശാചുക്കൾ അത് മാരണക്കാരുടെ (ഗണിതക്കാരുടെ) വായിൽ ഇട്ട് കൊടുക്കും. അവരതിൽ പൊടിപ്പും തൊങ്ങലും ചേർത്ത് ജനങ്ങളിൽ പ്രചരിപ്പിക്കും. അവർ പ്രവചിച്ചത് ശരിയെന്ന് അവരുടെ അനുയായികൾ പ്രചരിപ്പിക്കുകയും ചെയ്യും. ആകാശത്ത് നിന്ന് യഥാർത്ഥത്തിൽ കട്ട് കേട്ട വാക്കായിരിക്കും അത്.” (ബു).

**വചനം 19 :**

وَٱلۡأَرۡضَ مَدَدۡنَٰهَا وَأَلۡقَيۡنَا فِيهَا رَوَٰسِيَ وَأَنۢبَتۡنَا فِيهَا مِن كُلِّ شَيۡءٖ مَّوۡزُونٖ ﴿١٩﴾

19 ‘ഭൂമിയെ നാം (നീട്ടി) വിശാലപ്പെടുത്തുകയും, അതിൽ നാം ഉറച്ചു നില്ക്കുന്ന മലകളെ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു; അതിൽ നാം തൂക്കം (അഥവാ നിശ്ചിതമായ തോത് വ്യവസ്ഥ) ചെയ്യപ്പെട്ട എല്ലാ വസ്തുക്കളിൽ നിന്നും മുളപ്പിക്കുകയും ചെയ്തിരിക്കുന്നു.

എല്ലാതരം ചെടികളുടെയും വസ്തുക്കളുടെയും ധാതുക്കളുടെയും തോത് വ്യത്യസ്തമാണെങ്കിലും ഓരോന്നും ക്ലിപ്തമായ തൂക്കത്തിലും തോതിലുമാണുള്ളതെന്നും, ആ തോതിൽ നിന്നും ഏതെങ്കിലും ഒരു ധാതു അൽപമെങ്കിലും വ്യത്യസ്തമായാൽ ആ വസ്തു അതല്ലാതായിത്തീരുമെന്നും, ഇന്ന് ശാസ്ത്രം തെളിയിച്ച വസ്തുത നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഖുർആൻ പ്രഖ്യാപിച്ച് കഴിഞ്ഞിരിക്കുന്നു.

**വചനം 20 :**

وَجَعَلۡنَا لَكُمۡ فِيهَا مَعَٰيِشَ وَمَن لَّسۡتُمۡ لَهُۥ بِرَٰزِقِينَ ﴿٢٠﴾

20 അതിൽ നിങ്ങൾക്കു നാം പല ജീവിതോപാധികളെയും ഏർപ്പെടുത്തിയിരിക്കുന്നു;- (നിങ്ങൾക്കുമാത്രമല്ല) നിങ്ങൾ ആഹാരം നല്കുന്നവരല്ലാത്തവർക്കും.

ജീവിക്കാനാവശ്യമായ ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ ഉപാധികളും വിവിധതരം ഉപജീവന മാർഗ്ഗങ്ങളും ഭൂമിയിൽ നിങ്ങൾക്കായി അല്ലാഹു ഏർപെടുത്തിത്തന്നിട്ടുണ്ട്. നിങ്ങൾക്കെന്ന് മാത്രമല്ല , നിങ്ങൾ ആഹാരം നൽകി വരുന്നവരോ, നിങ്ങൾക്ക് ആഹാരം കൊടുക്കുവാൻ കഴിയാത്തവരൊ ആയ മനുഷ്യർ, പക്ഷി മൃഗാദികൾ, തുടങ്ങിയ എണ്ണമറ്റ വസ്തുക്കൾക്കും വേണ്ടതായ ജീവിതോപാധികൾ ഭൂമിയിൽ അവൻ ഏർപെടുത്തി വെച്ചിരിക്കുന്നു.

**വചനം 21 :**

وَإِن مِّن شَيۡءٍ إِلَّا عِندَنَا خَزَآئِنُهُۥ وَمَا نُنَزِّلُهُۥٓ إِلَّا بِقَدَرٖ مَّعۡلُومٖ ﴿٢١﴾

21 ഒരു വസ്തുവും തന്നെ, അതിൻെറ (നിക്ഷേപ) ഖജനാക്കൾ നമ്മുടെ അടുക്കൽ ഇല്ലാതെയില്ല. അതിനെ (ഒന്നിനെയും) ഒരു അറിയപ്പെട്ട (നിശ്ചിത) തോതനുസരിച്ചല്ലാതെ നാം ഇറക്കുന്നതുമല്ല.

ഈ ലോക വ്യവസ്ഥയുടെ പിന്നിലുള്ള മൗലിക തത്വം ഉൾക്കൊള്ളുന്ന ഒരു വചനമാണിത്.

شيء (വസ്തു അല്ലെങ്കിൽ വസ്തുത ) എന്ന് പറയപെടുന്ന ലോകത്തിലുള്ള എല്ലാറ്റിന്റെയും നിക്ഷേപവും ഭണ്ഡാരവും അല്ലാഹുവിങ്കലാണുള്ളത്. അവ ഒക്കെയും അവന്റെ അധീനത്തിലും നിയന്ത്രണത്തിലുമാകുന്നു. ഒരു വസ്തു ഉണ്ടാകണമെന്ന് അല്ലാഹു ഉദ്ദേശിച്ചാൽ അത് ഉണ്ടാകണമെന്ന് അവൻ പറയുകയെ വേണ്ടൂ - അതുണ്ടായിക്കൊള്ളും (36 : 82) (2:117 ) പക്ഷെ എല്ലാറ്റിനും ഒരു നിശ്ചിത തോതും വ്യവസ്ഥയും അല്ലാഹു നിശ്ചയിച്ചിട്ടുണ്ട് - ഓരോന്നിന്റെയും സന്ദർഭം, ആവശ്യകത എന്നിവയെല്ലാം അവനറിയാവുന്നതാണല്ലൊ. അതനുസരിച്ച് മാത്രമെ അവയെ അവൻ പ്രത്യക്ഷപെടുത്തുകയുള്ളൂ. അല്ലാഹു പ്രദാനം ചെയ്ത ബുദ്ധിശക്തി ഉപയോഗിച്ച് പല തരത്തിലുള്ള പരീക്ഷണനിരീക്ഷണങ്ങളിലൂടെ മനുഷ്യന് അവയിലടങ്ങിയ ചുരുക്കം ചില രഹസ്യങ്ങൾ അറിയുവാൻ കഴിഞ്ഞെന്ന് വരാം. "നിങ്ങൾക്ക് അറിവിൽ നിന്നും അൽപമല്ലാതെ നൽകപെട്ടിട്ടില്ല". എന്ന് അല്ലാഹു 17:85ൽ പ്രസ്താവിക്കുന്നു. എന്നാൽ എല്ലാറ്റിന്റെയും ആത്യന്തിക നിയന്ത്രണം അല്ലാഹുവിങ്കലാകുന്നു.

ചില ഉദാഹരണങ്ങൾ തുടർന്ന് അല്ലാഹു വിവരിക്കുന്നു.

**വചനം 22 :**

وَأَرْسَلْنَا ٱلرِّيَـٰحَ لَوَٰقِحَ فَأَنزَلْنَا مِنَ ٱلسَّمَآءِ مَآءً فَأَسْقَيْنَـٰكُمُوهُ وَمَآ أَنتُمْ لَهُۥ بِخَـٰزِنِينَ ﴿٢٢﴾

22 വഹിക്കുന്നവയായ (അഥവാ ഫലോൽപാദകങ്ങളായ) നിലയിൽ നാം കാറ്റുകളെ അയക്കുകയും ചെയ്തിരിക്കുന്നു; അങ്ങനെ, ആകാശത്തുനിന്ന് നാം (മഴ)വെള്ളം ഇറക്കി; എന്നിട്ട് നിങ്ങൾക്ക് അതിനെ നാം കുടിക്കുമാറാക്കിത്തന്നു. നിങ്ങൾ അതിനെ (നിക്ഷേപിച്ചു) സൂക്ഷിച്ചുവെക്കുന്നവരല്ലതാനും.

അല്ലാഹു കാറ്റുകളെ അയക്കുകയും, അവ മേഘത്തെ ഇളക്കി വിടുകയും അനന്തരം മേഘങ്ങളിൽ നിന്ന് മഴ വർഷിക്കുകയും അത് മുലം ഉൽപാദനമില്ലാതെ നിർജ്ജീവമായി കിടക്കുന്ന ഭൂമിക്ക് ജീവസ്സ് നൽകി ഉൽപാദനയോഗ്യമാക്കുകയും ചെയ്യുന്നു, (സൂ : റൂം 48, 49, 50 ഉം നോക്കുക)

ريح (രീഹ് - കാറ്റ് ) എന്ന വാക്കിന്റെ ബഹുവചനമാണ് رياح (രിയാഹ് - കാറ്റുകൾ) ഖുർആനിൽ ഏകവചനത്തിലുള്ള 'രീഹ്' എന്ന പ്രയോഗം ആപൽക്കരമായ കാറ്റുകളെയും ബഹവചനരൂപത്തിലുള്ള 'രിയാഹ്' എന്ന പ്രയോഗം അനുഗ്രഹത്തിന്റെ കാറ്റുകളേയും കുറിക്കുന്നതുമായിട്ടാണ് കാണപെടുന്നത്. കാറ്റടിക്കുമ്പോൾ നബി(സ) "അല്ലാഹുവെ നീ ഇത് കാറ്റുകൾ (رياح) ആക്കേണമേ ريح ആക്കരുതേ" എന്ന് പ്രാർത്ഥിക്കാറുണ്ടായിരുന്നു.

" നിങ്ങൾ അതിനെ സൂക്ഷിച്ച് വെക്കുന്നവരല്ല താനും" എന്ന വചനത്തിന്റെ താൽപര്യം അത് നിങ്ങളുടെ അധീനത്തിൽ പെട്ട കാര്യമല്ലെന്നും നിങ്ങളുടെ ആവശ്യങ്ങൾക്ക് അപ്പപ്പോൾ നാം തന്നെ നിങ്ങൾക്ക് മഴ വർഷിച്ച് തരേണ്ടിയിരിക്കുന്നു എന്നുമാകാവുന്നതുമാണ് و الله اعلم. എന്തായാലും മനുഷ്യർക്ക് അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന ഒരു മഹത്തായ അനുഗ്രഹമാകുന്നു മഴ. എന്ന് അല്ലാഹു സൂചിപ്പിക്കുന്നു.

**വചനം 23 :**

وَإِنَّا لَنَحْنُ نُحْىِۦ وَنُمِيتُ وَنَحْنُ ٱلْوَٰرِثُونَ ﴿٢٣﴾

23 നിശ്ചയമായും, നാം തന്നെയാണ് ജീവിപ്പിക്കുകയും, മരണപ്പെടുത്തുകയും ചെയ്യുന്നത്. നാം തന്നെയാണ്, അനന്തരമെടുക്കുന്നവരും.

സമാനമായ ആശയം സൂ : മർയം :40 ൽ അല്ലാഹു പറയുന്നു. " നിശ്ചയമായും ഭൂമിയെയും അതിലുള്ളവരെയും അനന്തരാവകാശമെടുക്കുന്നത് നാമാണ്. നമ്മുടെ അടുക്കലേക്ക് തന്നെ അവർ മടക്കപെടുകയും ചെയ്യും"

**വചനം 24 :**

وَلَقَدْ عَلِمْنَا ٱلْمُسْتَقْدِمِينَ مِنكُمْ وَلَقَدْ عَلِمْنَا ٱلْمُسْتَـْٔخِرِينَ ﴿٢٤﴾

24 തീർച്ചയായും നിങ്ങളിൽ നിന്ന് മുൻ കടന്നു പോകുന്നവരെ നാം അറിഞ്ഞിട്ടുണ്ട്; തീർച്ചയായും പിന്തിനിൽക്കുന്നവരെയും നാം അറിഞ്ഞിട്ടുണ്ട്.

ജീവിതം, മരണം തുടങ്ങി ഏത് കാര്യത്തിലും ആരൊക്കെയാണ് മുന്നിലായിരിക്കുകയെന്നും, ആരൊക്കെ പിന്തി നിൽക്കുന്നുവെന്നും ആരൊക്കെ കഴിഞ്ഞ് പോയെന്നും, ബാക്കിയുണ്ടെന്നുമൊക്കെ കൃത്യമായി അല്ലാഹുവിന് മുൻകൂട്ടി അറിയുന്നതാണ് -അല്ലാഹുവിന് മാത്രമേ അതൊക്കെ അറിയുകയുള്ളൂതാനും.

**വചനം 25, 26, 27 :**

25 നിശ്ചയമായും,നിൻെറ റബ്ബുതന്നെ അവരെ (എല്ലാം) ഒരുമിച്ചു കൂട്ടുകയും ചെയ്യുന്നു. നിശ്ചയമായും, അവൻ അഗാധജ്ഞനാണ്, സർവ്വജ്ഞനാണ്.

وَإِنَّ رَبَّكَ هُوَ يَحۡشُرُهُمۡۚ إِنَّهُۥ حَكِيمٌ عَلِيمٞ ﴿٢٥﴾

**വിഭാഗം 3**

26 തീർച്ചയായും, (മുട്ടിയാൽ ശബ്ദമുണ്ടാകുന്ന) (മൂശപിടിച്ച്) പാകപ്പെടുത്തപ്പെട്ട കളിമണ്ണിൽനിന്ന് ചിലപ്പുണ്ടാകുന്ന മണ്ണിനാൽ മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു.

وَلَقَدۡ خَلَقۡنَا ٱلۡإِنسَٰنَ مِن صَلۡصَٰلٖ مِّنۡ حَمَإٖ مَّسۡنُونٖ ﴿٢٦﴾

27 ജിന്നിനെയും അത്യുഷ്ണമുള്ള അഗ്നിയാൽ നാം മുമ്പേ അതിനെ സൃഷ്ടിച്ചു.

وَٱلۡجَآنَّ خَلَقۡنَٰهُ مِن قَبۡلُ مِن نَّارِ ٱلسَّمُومِ ﴿٢٧﴾

മനുഷ്യപിതാവായ ആദം(അ) നബിയെ മണ്ണിൽ നിന്നും ജിന്ന് വർഗ്ഗത്തിന്റെ പിതാവായ ഇബ്‌ലീസിനെ അഗ്നി കൊണ്ടുമാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് ഖുർആനിൽ ഒന്നിലധികം സ്ഥലത്ത് വ്യക്തമാക്കിയിട്ടുള്ളതാകുന്നു.

മനുഷ്യസൃഷ്ടിയെക്കുറിച്ച് പറയുമ്പോൾ മണ്ണിൽ നിന്ന്, കളിമണ്ണിൽ നിന്ന്, ഒട്ടുന്ന പശിമയുള്ള കളി മണ്ണിൽ നിന്ന്, ചൂള മണ്ണ് പോലെ ചിലപ്പുള്ളതിൽ നിന്ന്, പശിമയുള്ള കറുപ്പ് നിറം പൂണ്ട് കുഴഞ്ഞ മണ്ണിൽ നിന്ന് എന്നിങ്ങനെ വ്യത്യസ്ത വാക്കുകൾ അല്ലാഹു ഉപയോഗിച്ച് കാണാം

ജിന്നിന്റെ സൃഷ്ടിയെക്കുറിച്ച് പറയുമ്പോൾ അഗ്നിയിൽ നിന്ന്, അഗ്നിയിൽ നിന്നുള്ള ജ്വാലയിൽ നിന്ന് രോമകൂപങ്ങളിലൂടെ ഉള്ളിലേക്ക് തുളച്ചു കടക്കുമാറ് അത്യുഷ്ണമായതിൽ നിന്ന് എന്നിങ്ങനെ വ്യത്യസ്ത പദങ്ങൾ അല്ലാഹു ഉപയോഗിച്ചിരിക്കുന്നതായി കാണാം.

ഇങ്ങിനെ ഉദ്ഭവം മുതൽ, പ്രകൃതത്തിലും സ്വഭാവത്തിലും വ്യത്യസ്തങ്ങളായ രണ്ട് വർഗ്ഗങ്ങളാകുന്നു, മനുഷ്യനും ജിന്നും.

മനുഷ്യരും ജിന്നുകളും രണ്ട് പ്രത്യേക വർഗ്ഗങ്ങളല്ലെന്നും മനുഷ്യരിലുള്ള അപരിഷ്കൃത വിഭാഗത്തിനാണ് ജിന്നുകളെന്ന് പറയുന്നതെന്നും, ചില വക്രബുദ്ധികളായ ഖുർആൻ വ്യാഖ്യാതാക്കൾ വാദിച്ച് വരുന്നു. ഈ വ്യാജവാദത്തിനെതിരെ ഖുർആനിൽ പല തെളിവുകളുമുണ്ട്. ഈ വചനം (27 -ാം വചനം) തന്നെ - "അത്യുഷ്ണമുള്ള അഗ്നിജ്വാലയിൽ നിന്ന് നാം ജിന്നിനെ മുമ്പേ സൃഷ്ടിച്ചു"-അവരുടെ ആ വാദം അടിമുടി വ്യാജമാണെന്ന് തെളിയിക്കുന്നു.

**വചനം 28, 29, 30, 31, 32, 33,34 35 :**

28 നിൻെറ റബ്ബ് മലക്കുകളോട് പറഞ്ഞ സന്ദർഭം (ഓർക്കുക): '(മൂശപിടിച്ചു) പാകപ്പെടുത്തപ്പെട്ട കളിമണ്ണിൽനിന്നും ചിലപ്പുണ്ടാകുന്ന മണ്ണിനാൽ ഞാൻ ഒരു മനുഷ്യനെ സൃഷ്ടിക്കുകയാണ്.'

وَإِذۡ قَالَ رَبُّكَ لِلۡمَلَٰٓئِكَةِ إِنِّي خَٰلِقُۢ بَشَرٗا مِّن صَلۡصَٰلٖ مِّنۡ حَمَإٖ مَّسۡنُونٖ ﴿٢٨﴾

29 'അങ്ങനെ, ഞാൻ അവനെ (പൂർത്തിയാക്കി) ശരിപ്പെടുത്തുകയും, അവനിൽ എൻെറ (വക) ആത്മാവിൽ നിന്നും ഞാൻ ഊതുകയും ചെയ്താൽ, അപ്പോൾ, നിങ്ങൾ അവന് 'സുജൂദ്' ചെയ്യുന്നവരായി വീഴുവിൻ.'

فَإِذَا سَوَّيۡتُهُۥ وَنَفَخۡتُ فِيهِ مِن رُّوحِي فَقَعُواْ لَهُۥ سَٰجِدِينَ ﴿٢٩﴾

30 എന്നിട്ട്, മലക്കുകൾ എല്ലാവരും മുഴുവൻ (തന്നെ) 'സുജൂദ്' ചെയ്തു;

فَسَجَدَ ٱلۡمَلَٰٓئِكَةُ كُلُّهُمۡ أَجۡمَعُونَ ﴿٣٠﴾

31 -ഇബ്‌ലീസ് ഒഴികെ:- അവന്‍ ‘സുജൂദ്’ ചെയ്ത വരോടൊപ്പം ആയിരിക്കുവാന്‍ വിസമ്മതിച്ചു.

إِلَّآ إِبۡلِيسَ أَبَىٰٓ أَن يَكُونَ مَعَ ٱلسَّٰجِدِينَ ٣١

32 അവന്‍ (അല്ലാഹു) പറഞ്ഞു: ‘ഇബ്‌ലീസേ, നീ ‘സുജൂദ്’ ചെയ്തവരോടൊപ്പം ആകാതിരിക്കു വാന്‍ നിനക്കെന്താണ് (കാരണം)?’

قَالَ يَٰٓإِبۡلِيسُ مَا لَكَ أَلَّا تَكُونَ مَعَ ٱلسَّٰجِدِينَ ٣٢

33 അവന്‍ (ഇബ്‌ലീസ്) പറഞ്ഞു: ‘(മുശപിടിച്ചു) പാകപ്പെടുത്തപ്പെട്ട കളിമണ്ണില്‍ നിന്നു ചിലപ്പു ണ്ടാകുന്ന മണ്ണിനാല്‍ നീ സൃഷ്ടിച്ചതായ മനുഷ്യന് സുജൂദ് ചെയ്യാന്‍ ഞാനായിട്ടില്ല.’

قَالَ لَمۡ أَكُن لِّأَسۡجُدَ لِبَشَرٍ خَلَقۡتَهُۥ مِن صَلۡصَٰلٖ مِّنۡ حَمَإٖ مَّسۡنُونٖ ٣٣

34 അവന്‍ (അല്ലാഹു) പറഞ്ഞു: ‘എന്നാല്‍, നീ ഇവിടെ നിന്ന് പുറത്തു പോകുക; നിശ്ചയമായും, നീ ആട്ടപ്പെട്ടവനാകുന്നു.

قَالَ فَٱخۡرُجۡ مِنۡهَا فَإِنَّكَ رَجِيمٞ ٣٤

35 ‘നിശ്ചയമായും, നിന്‍റെ മേല്‍ പ്രതിഫല നടപ ടിയുടെ ദിവസംവരെ ശാപവുമുണ്ടായിരിക്കും.’

وَإِنَّ عَلَيۡكَ ٱللَّعۡنَةَ إِلَىٰ يَوۡمِ ٱلدِّينِ ٣٥

മനുഷ്യനെ സൃഷ്ടിച്ചതിന് ശേഷം, അവനില്‍ അല്ലാഹുവിന്റെ (വക) ആത്മാവില്‍ നിന്നും ഊതുകയും ചെയ്തതിന് ശേഷം, അവന്റെ മുമ്പില്‍ സൂജൂദ് ചെയ്യുവാനായി റബ്ബ് മലക്കുകളോട് ആജ്ഞാപിച്ചു. എന്നാല്‍ ഇബ്‌ലീസ് അല്ലാഹുവിന്റെ ആജ്ഞ ധിക്കരിച്ചു. അതിന് അവന്‍ പറഞ്ഞ കാരണം, പാകപെടുത്തപെട്ട കളിമ ണ്ണില്‍ നിന്നും ചിലപ്പുണ്ടാകുന്ന മണ്ണിനാല്‍ സൃഷ്ടിക്കപെട്ട മനുഷ്യനെ അഗ്നിയില്‍ നിന്നും സൃഷ്ടിക്കപ്പെട്ട ഞാന്‍ സൂജൂദ് ചെയ്യാന്‍ തയാറല്ല, എന്നായിരുന്നു. ഈ സംഭവം അല്‍ ബഖറ, അഅ്റാഫ്, ഇസ്രാഉ്, അല്‍ കഹ്ഫ്, ത്വാഹാ, സ്വാദ് എന്നീ സുറത്തുകളില്‍ വിശദമായി വിവരിക്കപെട്ടിട്ടുണ്ട്.

“അല്ലാഹു അവനോട് കല്‍പിച്ചു - എന്നാല്‍ ഇവിടെ നിന്ന് പുറത്ത് പോകുക” - ഇവിടെ നിന്നും പുറത്ത് പോകുക എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം ‘മലക്കുകളുടെ കൂട്ടത്തില്‍ നിന്ന്’ എന്നും ‘ഉപരിലോകത്ത് നിന്ന്’ എന്നും ആകാവുന്നതാണ് الله اعلم

പ്രതിഫല നടപടിയുടെ ദിവസം വരെ ഇബ്‌ലീസിന്റെ മേല്‍ ശാപമുണ്ടായിരിക്കുമെന്നും അല്ലാഹു അവനെ നിന്ദിച്ചുകൊണ്ട് പറഞ്ഞു.

**വചനം 36 37 38 :**

36 അവന്‍ (ഇബ്‌ലീസ്) പറഞ്ഞു: ‘എന്‍റെ റബ്ബേ, എന്നാല്‍ (അങ്ങിനെയാണെങ്കില്‍) അവര്‍ (മനുഷ്യര്‍) എഴുന്നേല്പിക്കപ്പെടുന്ന (പുനരു ത്ഥാന) ദിവസംവരെ നീ എനിക്ക് (അവധി നല്‍കി) താമസം നല്‍കേണമേ!’

قَالَ رَبِّ فَأَنظِرۡنِيٓ إِلَىٰ يَوۡمِ يُبۡعَثُونَ ٣٦

37 അവന്‍ (അല്ലാഹു) പറഞ്ഞു: ‘എന്നാല്‍ (ശരി) നീ താമസം നല്‍കപ്പെട്ടവരില്‍പെട്ടവന്‍ തന്നെ;-

قَالَ فَإِنَّكَ مِنَ ٱلۡمُنظَرِينَ ٣٧

38 അറിയപ്പെട്ട (ആ നിശ്ചിത) സമയത്തിന്‍റെ ദിവസംവരെ

إِلَىٰ يَوۡمِ ٱلۡوَقۡتِ ٱلۡمَعۡلُومِ ٣٨

പുനരുത്ഥാന ദിവസം വരെ അവധി കിട്ടിയാല്‍ മരണത്തില്‍ നിന്നും അനന്തര നടപടികളില്‍ നിന്നും തനിക്ക് ഒഴിവായിക്കിട്ടുമെന്ന് ഒരു പക്ഷെ പിശാച് വ്യാമോഹിച്ചിരിക്കാം. الله اعلم എന്നാല്‍ ആ അപേക്ഷ അല്ലാഹു നിരസിക്കുകയും അന്ത്യനാള്‍ വരെ മാത്രം ഒഴിവ് നല്‍കുകയാണുണ്ടായത്. അതോടെ തന്റെ അന്ത്യം വരുമെ ങ്കിലും അത് വരെ ലഭിക്കുന്ന സമയം മുഴുവനും മനുഷ്യരെ വഴി പിഴപ്പിക്കുന്നതില്‍ വിനിയോഗിക്കുവാന്‍ അവന്റെ ദുഷ്ടത അവനെ പ്രേരിപ്പിച്ചു.

**വചനം 39, 40 :**

قَالَ رَبِّ بِمَآ أَغْوَيْتَنِى لَأُزَيِّنَنَّ لَهُمْ فِى ٱلْأَرْضِ وَلَأُغْوِيَنَّهُمْ أَجْمَعِينَ ﴿٣٩﴾

39 അവൻ പറഞ്ഞു: 'എന്റെ റബ്ബേ, നീ എന്നെ വഴികേടിലാക്കി (നിശ്ചയിച്ചി) രിക്കകൊണ്ട്, തീർച്ചയായും, ഭൂമിയിൽ അവർക്ക് ഞാൻ (പാപങ്ങളെ) ഭംഗിയാക്കി കാണിക്കുകയും, അവരെ മുഴുവൻ ഞാൻ വഴികേടിലാക്കുകയും തന്നെ ചെയ്യും;-

إِلَّا عِبَادَكَ مِنْهُمُ ٱلْمُخْلَصِينَ ﴿٤٠﴾

40 (അതെ) അവരിൽ നിന്നുള്ള നിന്റെ നിഷ്ക്കള ങ്കരാക്കപ്പെട്ട അടിയാൻമാരെ ഒഴികെ.'

അല്ലാഹുവിന്റെ നിഷ്കളങ്കരായ അടിയാൻമാരെ തനിക്ക് വഴിപിഴപ്പിക്കുവാൻ സാധിക്കുകയില്ലെന്ന യാഥാർത്ഥ്യം ഇബ്ലീസ് തന്നെ സമ്മതിക്കുന്നു.

**വചനം 41 :**

قَالَ هَٰذَا صِرَٰطٌ عَلَىَّ مُسْتَقِيمٌ ﴿٤١﴾

41 'അവൻ (അല്ലാഹു) പറഞ്ഞു: 'ഇത് എന്റെ മേൽ (ബാധ്യസ്ഥമായ) നേർക്കു നേരെ (ചൊവ്വെ) യുള്ള ഒരു മാർഗ്ഗമാകുന്നു.'

അല്ലാഹു ഇബ്ലീസിനോട് പറഞ്ഞു: "നിഷ്കളങ്കരായ എന്റെ അടിയാൻമാരെ നീ വഴി പിഴപ്പിക്കാതെ കാക്കുകയെന്നത് എന്റെ ബാധ്യതയായി ഞാൻ സ്വീകരിക്കുന്നു. നിന്റെ ഉപദ്രവത്തിൽ നിന്നും ഞാൻ അവരെ രക്ഷിക്കുക തന്നെ ചെയ്യും."

**വചനം 42 43 44 :**

إِنَّ عِبَادِى لَيْسَ لَكَ عَلَيْهِمْ سُلْطَٰنٌ إِلَّا مَنِ ٱتَّبَعَكَ مِنَ ٱلْغَاوِينَ ﴿٤٢﴾

42 നിശ്ചയമായും, എന്റെ അടിയാൻമാർ- അവരു ടെമേൽ നിനക്ക് യാതൊരു അധികാര ശക്തി യും ഇല്ല; വഴികെട്ടവരാകുന്ന നിന്നെ പിൻപറ്റി യവരൊഴികെ. (അവരെ മാത്രമേ നിനക്ക് വഴി പിഴപ്പിക്കുവാൻ കഴിയൂ)

وَإِنَّ جَهَنَّمَ لَمَوْعِدُهُمْ أَجْمَعِينَ ﴿٤٣﴾

43 'നിശ്ചയമായും, 'ജഹന്നം' (നരകം) അവരുടെ മുഴുവനും വാഗ്ദത്തസ്ഥാനവും തന്നെ.

لَهَا سَبْعَةُ أَبْوَٰبٍ لِّكُلِّ بَابٍ مِّنْهُمْ جُزْءٌ مَّقْسُومٌ ﴿٤٤﴾

44 'അതിന് ഏഴു (പടി) വാതിലുകളുണ്ട്. എല്ലാ (ഓരോ പടി) വാതിലിനും അവരിൽ നിന്ന് (പ്രത്യേകം) വിഹിതം ചെയ്യപ്പെട്ട ഓരോ ഭാഗം (ആളുകൾ) ഉണ്ടായിരിക്കും.'

ഇബ്ലീസിനെ പിൻ പറ്റിയവരെ കുറ്റത്തിന്റെ തോതനുസരിച്ച് ഏഴായി തരം തിരിക്കുകയും ഓരോ തര ക്കാർക്കും, പ്രത്യേകം തയാറാക്കപെട്ട ഏഴ് സ്ഥാനങ്ങളിൽ വെച്ച് നരകശിക്ഷ നൽകപെടുകയും ചെയ്യുന്നതാണ്.

**വിഭാഗം 4**

**വചനം 45 46 47**

إِنَّ ٱلْمُتَّقِينَ فِى جَنَّٰتٍ وَعُيُونٍ ﴿٤٥﴾

45 നിശ്ചയമായും, സൂക്ഷ്മത പാലിച്ചവർ, തോപ്പു കളിലും, നീരുറവുകളിലുമായിരിക്കും.

ٱدْخُلُوهَا بِسَلَٰمٍ ءَامِنِينَ ﴿٤٦﴾

46 'അതിൽ, ശാന്തിയോടെ നിർഭയരായിക്കൊണ്ട് പ്രവേശിച്ചുകൊള്ളുവിൻ.' (എന്ന് അവർക്ക് സ്വാഗതം നൽകപ്പെടും).

وَنَزَعْنَا مَا فِى صُدُورِهِم مِّنْ غِلٍّ إِخْوَٰنًا عَلَىٰ سُرُرٍ مُّتَقَٰبِلِينَ ﴿٤٧﴾

47 അവരുടെ നെഞ്ചു (ഹൃദയം)കളിൽ വല്ല വിദ്വേഷവും (ഒളിഞ്ഞിരിപ്പ്) ഉള്ളതിനെ നാം നീക്കം ചെയ്യുകയും ചെയ്യും; കട്ടിലുകളിൻമേൽ

പരസ്പരം അഭിമുഖരായിക്കൊണ്ട് സഹോദരന്‍
മാരായ നിലയില്‍ (അവര്‍ കഴിഞ്ഞുകൂടും).

ഇഹത്തില്‍ വെച്ച് മനുഷ്യര്‍ തമ്മില്‍ വല്ല പകയൊ വിദ്വേഷമൊ ഉണ്ടായിരിക്കാമെങ്കിലും സ്വര്‍ഗ്ഗത്തില്‍ അല്ലാഹു അവരില്‍ നിന്ന് അതെല്ലാം നീക്കം ചെയ്യുകയും അവരെല്ലാം ഏകോദര സോദരന്‍മാരെപോലെ ആനന്ദ ഭരിതമായി കഴിഞ്ഞ് കൂടിക്കൊണ്ടിരിക്കുകയും ചെയ്യും.

**വചനം 48, 49 50:**

لَا يَمَسُّهُمْ فِيهَا نَصَبٌ وَمَا هُم مِّنْهَا بِمُخْرَجِينَ ﴿٤٨﴾
۞ نَبِّئْ عِبَادِىٓ أَنِّىٓ أَنَا ٱلْغَفُورُ ٱلرَّحِيمُ ﴿٤٩﴾
وَأَنَّ عَذَابِى هُوَ ٱلْعَذَابُ ٱلْأَلِيمُ ﴿٥٠﴾

48 അതില്‍ വെച്ച് അവരെ ക്ഷീണം (അഥവാ പ്രയാസം) സ്പര്‍ശിക്കുകയില്ല; അവര്‍ അതില്‍ നിന്നും പുറത്താക്കപ്പെടുന്നവരുമല്ല.
49 (നബിയേ) എന്‍െറ അടിയാന്‍മാര്‍ക്ക് വിവരം അറിയിക്കുക: നിശ്ചയമായും, ഞാന്‍ തന്നെ യാണ് വളരെ പൊറുക്കുന്നവനും കരുണാനിധി യുമായുള്ളവനെന്നും;
50 എന്‍െറ ശിക്ഷതന്നെയാണ് വേദനയേറിയ ശിക്ഷയെന്നും.

മനുഷ്യന്‍ സദാ ശുഭ പ്രതീക്ഷയും, ഭയപ്പാടും ഉള്ളവരായിരിക്കണം. അഥവാ അല്ലാഹുവിന്റെ പാപപൊറുതിയിലും കാരുണ്യത്തിലും ശുഭപ്രതീക്ഷ വെച്ച് പുലര്‍ത്തിക്കൊണ്ടും, അതോടൊപ്പം അവന്റെ ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നതിനെക്കുറിച്ച് ഭയപെട്ട് കൊണ്ടും ഇരിക്കണം.

“അല്ലാഹുവിന്റെ അടുക്കലുള്ള ശിക്ഷയെക്കുറിച്ച് സത്യവിശ്വാസി അറിയുമായിരുന്നെങ്കില്‍ ഒരാളും അവന്റെ സ്വര്‍ഗ്ഗത്തില്‍ മോഹം വെക്കുകയില്ല. അല്ലാഹുവിന്റെ അടുക്കലുള്ള കാരുണ്യത്തെക്കുറിച്ച് അവിശ്വാസി അറിയുമായിരുന്നെങ്കില്‍ അവന്‍ അവന്റെ സ്വര്‍ഗ്ഗത്തെക്കുറിച്ച് നിരാശപെടുകയില്ല” - നബി വചനം (മു)

“അല്ലാഹു സൃഷ്ടികളെ സൃഷ്ടിച്ചപ്പോള്‍ ഒരു രേഖാ ഗ്രന്ഥത്തില്‍ ഇങ്ങനെ രേഖപെടുത്തി അവന്റെ അര്‍ശിന്‍മേല്‍ വെച്ചിരിക്കുന്നു - “എന്റെ കാരുണ്യം എന്റെ കോപത്തെ അതിജയിച്ചിരിക്കുന്നു.”- നബി വചനം(മു)

അല്ലാഹുവെ, നീ ഞങ്ങള്‍ക്ക് പൊറുത്ത് തരികയും, ശിക്ഷയില്‍ നിന്ന് ഞങ്ങളെ കാത്ത് രക്ഷിക്കുകയും ചെയ്യേണമെ. (ആമീന്‍)

**വചനം 51, 52, 53:**

وَنَبِّئْهُمْ عَن ضَيْفِ إِبْرَٰهِيمَ ﴿٥١﴾
إِذْ دَخَلُوا۟ عَلَيْهِ فَقَالُوا۟ سَلَٰمًا قَالَ إِنَّا مِنكُمْ وَجِلُونَ ﴿٥٢﴾
قَالُوا۟ لَا تَوْجَلْ إِنَّا نُبَشِّرُكَ بِغُلَٰمٍ عَلِيمٍ ﴿٥٣﴾

51 (നബിയേ) ഇബ്രാഹീമിന്‍െറ അതിഥികളെ ക്കുറിച്ച് അവര്‍ക്ക് വിവരമറിയിക്കുക.
52 അതായത്, അവര്‍ അദ്ദേഹത്തിന്‍െറ അടുക്കല്‍ കടന്നുവന്ന് ‘സലാം’എന്നു പറഞ്ഞ സന്ദര്‍ഭം. അദ്ദേഹം പറഞ്ഞു: ‘ഞങ്ങള്‍ നിങ്ങളെക്കുറിച്ചു ഭയമുള്ളവരാകുന്നു.’
53 അവര്‍ പറഞ്ഞു: ‘ഭയപ്പെടേണ്ട, ഞങ്ങള്‍ താങ്ക ള്‍ക്ക് ജ്ഞാനിയായ ഒരു ബാലനെ (മകനെ)പ്പറ്റി സന്തോഷവാര്‍ത്ത അറിയിക്കുന്നു.’

ഇബ്രാഹീം നബി (അ)ക്ക് വാര്‍ദ്ധക്യകാലത്ത് ഒരു സന്താനം ജനിക്കാന്‍ പോകുന്നുവെന്ന സന്തോഷ വാര്‍ത്ത അറിയിക്കാന്‍ മലക്കുകള്‍ വന്നപ്പോള്‍ അദ്ദേഹം അവര്‍ക്ക് ഭക്ഷണം ഒരുക്കിയെങ്കിലും മലക്കുകള്‍ ഭക്ഷണം കഴിക്കാതിരുന്നപ്പോള്‍ അദ്ദേഹത്തിന് അവരെക്കുറിച്ച് ഭയം തോന്നി.(സൂ:ഹൂദ്:70, സൂ:ദാരിയാത്ത്: 28 നോക്കുക) ‘ജ്ഞാനിയായ ബാലന്‍’ എന്ന് മലക്കുകള്‍ പറഞ്ഞത് ഇസ്ഹാഖ്(അ)നെക്കുറിച്ചാണെന്ന് സൂ:ഹൂദിലും, സൂ:ദാരിയാത്തിലും നിന്ന് മനസ്സിലാക്കാം.

ഇസ്മാഈല്‍(അ) നബിയുടെ ജനനത്തെക്കുറിച്ച് ഇബ്രാഹീം(അ) നബിക്ക് മലക്കുകള്‍ സന്തോഷ വാര്‍ത്ത അറിയിച്ചപ്പോള്‍ “സഹനശീലനായ ബാലന്‍ ” എന്നായിരുന്നു അദ്ദേഹത്തെ വിശേഷിപ്പിച്ചത് എന്ന് സൂ:സ്വാഫ്-ഫാത്ത് 101-ാം വചനത്തില്‍ കാണാം.

**വചനം 54 55 56 57 :**

قَالَ أَبَشَّرْتُمُونِي عَلَىٰٓ أَن مَّسَّنِيَ ٱلْكِبَرُ فَبِمَ تُبَشِّرُونَ ﴿٥٤﴾
قَالُوا۟ بَشَّرْنَٰكَ بِٱلْحَقِّ فَلَا تَكُن مِّنَ ٱلْقَٰنِطِينَ ﴿٥٥﴾
قَالَ وَمَن يَقْنَطُ مِن رَّحْمَةِ رَبِّهِۦٓ إِلَّا ٱلضَّآلُّونَ ﴿٥٦﴾
قَالَ فَمَا خَطْبُكُمْ أَيُّهَا ٱلْمُرْسَلُونَ ﴿٥٧﴾

54 അദ്ദേഹം പറഞ്ഞു: ‘എന്നെ വാർദ്ധക്യം ബാധിച്ചതോടെ നിങ്ങൾ എനിക്ക് സന്തോഷ വാർത്ത അറിയിക്കുകയോ?! ഇനി, എന്തിനെ ക്കുറിച്ചാണ് നിങ്ങൾ സന്തോഷമറിയിക്കുന്നത്?!’

55 അവർ പറഞ്ഞു: ‘(സംഭവിക്കാൻ പോകുന്ന) യഥാർത്ഥത്തെക്കുറിച്ച് ഞങ്ങൾ താങ്കൾക്ക് സന്തോഷമറിയിച്ചിരിക്കുകയാണ്. അതിനാൽ, താങ്കൾ ആശമുറിഞ്ഞവരിൽപെട്ടു പോകരുത്.’

56 അദ്ദേഹം പറഞ്ഞു: ‘ആരാണ് തൻെറ റബ്ബിൻെറ കാരുണ്യത്തെക്കുറിച്ച് ആശ മുറിയുക-വഴി പിഴച്ചവരല്ലാതെ?!’

57 അദ്ദേഹം പറഞ്ഞു: ‘(ശരി) എന്നാൽ, നിങ്ങളുടെ (പ്രധാന) വിഷയം എന്താണ്-ഹേ, ദൂതൻമാരേ?’

ഇബ്രാഹീം(അ)ന്റെ ഭയപ്പാട് നീങ്ങുകയും മകനുണ്ടാകാൻ പോകുന്നുവെന്ന സന്തോഷ വാർത്ത ലഭിക്കുകയും ചെയ്തപ്പോൾ, നിങ്ങളുടെ ഈ വരവിന്റെ വേറെ ഉദ്ദേശം എന്താണെന്ന് അദ്ദേഹം മലക്കുകളോട് അന്വേഷിക്കുകയാണ്.

**വചനം 58, 59, 60 :**

قَالُوٓا۟ إِنَّآ أُرْسِلْنَآ إِلَىٰ قَوْمٍ مُّجْرِمِينَ ﴿٥٨﴾
إِلَّآ ءَالَ لُوطٍ إِنَّا لَمُنَجُّوهُمْ أَجْمَعِينَ ﴿٥٩﴾
إِلَّا ٱمْرَأَتَهُۥ قَدَّرْنَآ ۙ إِنَّهَا لَمِنَ ٱلْغَٰبِرِينَ ﴿٦٠﴾

58 അവർ പറഞ്ഞു: ‘ഞങ്ങൾ കുറ്റവാളികളായ ഒരു ജനതയിലേക്ക് അയക്കപ്പെട്ടിരിക്കുന്നു;

59 -ലൂത്ത്വിൻെറ കുടുംബം ഒഴികെ; നിശ്ചയമായും, അവരെ മുഴുവനും ഞങ്ങൾ രക്ഷപ്പെടുത്തുന്ന വരാകുന്നു;

60 -അദ്ദേഹത്തിൻെറ സ്ത്രീ (ഭാര്യ)ഒഴികെ-അവൾ നിശ്ചയമായും, അവശേഷിക്കുന്ന (ശിക്ഷയിൽ അകപ്പെടുന്ന) വരിൽപെട്ടവളെന്ന് ഞങ്ങൾ കണക്കാക്കിയിരിക്കുന്നു.’

കുറ്റവാളികളായ ജനത എന്നത് ലൂത്വ്(അ) നബിയുടെ ജനതയാകുന്നു. “ലൂത്വ്(അ) നബിയുടെ ഭാര്യ ശിക്ഷയിൽ അകപെടേണ്ടവളാണെന്നുള്ള അല്ലാഹുവിന്റെ നിശ്ചയം ഞങ്ങൾ നടപ്പിൽ വരുത്തും. ലൂത്വ് (അ) ന്റെ കുടുംബത്തെ രക്ഷിക്കണമെന്നുള്ളതിൽ അവൾ ഒഴിവാകുന്നു” എന്ന് മലക്കുകൾ ഇബ്രാഹിം(അ) നബിയോട് പറഞ്ഞു. വിശദവിവരങ്ങൾ സൂ: ഹൂദിൽ വിവരിച്ചിട്ടുണ്ട്.

## വിഭാഗം-5

**വചനം 61, 62, 63, 64**

فَلَمَّا جَآءَ ءَالَ لُوطٍ ٱلْمُرْسَلُونَ ﴿٦١﴾
قَالَ إِنَّكُمْ قَوْمٌ مُّنكَرُونَ ﴿٦٢﴾
قَالُوا۟ بَلْ جِئْنَٰكَ بِمَا كَانُوا۟ فِيهِ يَمْتَرُونَ ﴿٦٣﴾
وَأَتَيْنَٰكَ بِٱلْحَقِّ وَإِنَّا لَصَٰدِقُونَ ﴿٦٤﴾

61 അങ്ങനെ, ലൂത്ത്വിൻെറ കുടുംബത്തിൽ (ആ) ദൂതൻമാർ വന്നപ്പോൾ,-

62 അദ്ദേഹം പറഞ്ഞു: ‘നിങ്ങൾ അപരിചിതരായ ഒരു ജനം. (നിങ്ങളെ മനസ്സിലായില്ല.)’

63 അവർ പറഞ്ഞു: ‘(ശരി) പക്ഷേ, ഇവർ (ഈ ജനങ്ങൾ) യാതൊന്നിൽ സന്ദേഹപ്പെട്ടുകൊണ്ടിരിക്കുന്നുവോ അതും കൊണ്ട് ഞങ്ങൾ താങ്കളുടെ അടുക്കൽ വന്നിരിക്കുകയാണ്.

64 ‘ഞങ്ങൾ താങ്കൾക്ക് യഥാർത്ഥവുമായി വന്നിരിക്കുന്നു; നിശ്ചയമായും, ഞങ്ങൾ സത്യം പറയുന്നവരാകുന്നു.’

ഞങ്ങളെക്കുറിച്ച് തെറ്റിദ്ധരിക്കുകയോ ഭയപ്പെടുകയോ വേണ്ടതില്ലെന്ന് മലക്കുകൾ ലൂത്് (അ) നബിയോട് പറഞ്ഞു. അല്ലാഹുവിന്റെ ശിക്ഷയിൽ ഭയവും വിശ്വാസവുമില്ലാത്ത, ഈ ജനതക്ക് അതൊക്കെ യാഥാർത്ഥ്യം തന്നെയാണെന്ന് കാണിച്ച് കൊടുക്കുമാറുള്ള ഒരു ശിക്ഷ അവർക്ക് നൽകുവാൻ വേണ്ടി അല്ലാഹു അയച്ച ദുതന്മാരാകുന്നു, ഞങ്ങൾ.

**വചനം 65 :**

فَأَسْرِ بِأَهْلِكَ بِقِطْعٍ مِّنَ ٱلَّيْلِ وَٱتَّبِعْ أَدْبَٰرَهُمْ وَلَا يَلْتَفِتْ مِنكُمْ أَحَدٌ وَٱمْضُوا۟ حَيْثُ تُؤْمَرُونَ ﴿٦٥﴾

65 'അതിനാൽ, താങ്കൾ താങ്കളുടെ ആൾക്കാരെ (കുടുംബത്തെ)യും കൊണ്ട് രാത്രിയിൽ നിന്നുള്ള ഒരംശത്തിൽ (പ്രഭാതത്തിന് മുമ്പായി) യാത്രചെയ്തുകൊള്ളുക. അവരുടെ പിന്നാലെ താങ്കൾ അനുഗമിക്കുകയും ചെയ്യുക; നിങ്ങളിൽ നിന്ന് ഒരാളും തിരിഞ്ഞുനോക്കുകയും ചെയ്യരുത്. നിങ്ങളോട് കല്പിക്കപ്പെടുന്നേടത്തേക്ക് നിങ്ങൾ നടന്ന് പോയിക്കൊള്ളുകയും ചെയ്യുക.'

വിശദീകരിണത്തിന് സൂ :ഹൂദ് 81ാം വചനവും വ്യാഖ്യാനവും നോക്കുക.

**വചനം 66,67, 68 ,69 :**

وَقَضَيْنَآ إِلَيْهِ ذَٰلِكَ ٱلْأَمْرَ أَنَّ دَابِرَ هَٰٓؤُلَآءِ مَقْطُوعٌ مُّصْبِحِينَ ﴿٦٦﴾

وَجَآءَ أَهْلُ ٱلْمَدِينَةِ يَسْتَبْشِرُونَ ﴿٦٧﴾

قَالَ إِنَّ هَٰٓؤُلَآءِ ضَيْفِى فَلَا تَفْضَحُونِ ﴿٦٨﴾

وَٱتَّقُوا۟ ٱللَّهَ وَلَا تُخْزُونِ ﴿٦٩﴾

66 ആ കാര്യം അദ്ദേഹത്തിന്ന് (ലൂത്ത്വിന്ന്) നാം തീരുമാനം ചെയ്തുകൊടുത്തു; (ഇവർ) പ്രഭാതവേളയിലായിരിക്കെ, ഇക്കൂട്ടരുടെ മൂട് മുറിക്കപ്പെടുന്ന (ഇവർ നിശേഷം നശിപ്പിക്കപ്പെടുന്ന)താണെന്ന്.

67 (ആ) പട്ടണത്തിലെ ആൾക്കാർ സന്തോഷം പ്രകടിപ്പിച്ചും കൊണ്ടുവന്നു.

68 അദ്ദേഹം (ലൂത്ത്്) പറഞ്ഞു: 'നിശ്ചയമായും, ഇവർ എൻെറ അതിഥികളാണ്; അതിനാൽ, എന്നെ നിങ്ങൾ വഷളാക്കരുത്;

69 'നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്വിൻ; എന്നെ അപമാനിക്കുകയും അരുത്.'

ലൂത്ത്(അ) നബിയുടെ വീട്ടിൽ സുന്ദരന്മാരും ചെറുപ്പക്കാരുമായ അതിഥികൾ വന്നിട്ടുണ്ടെന്നറിഞ്ഞ തെമ്മാടികളായ ആ ജനത, തങ്ങളുടെ മൃഗീയമായ വികാര നിവൃത്തിക്ക് അവരെ വിട്ട് കിട്ടണമെന്നാവശ്യപെട്ട് കൊണ്ട് അദ്ദേഹത്തെ സമീപിച്ചു. സൂഹൂദ് :78, 79, 80 വചനങ്ങളിൽ ഈ രംഗം വിശദമായി വിവരിക്കപെട്ടിട്ടുണ്ട്.

**വചനം 70 71 :**

قَالُوٓا۟ أَوَلَمْ نَنْهَكَ عَنِ ٱلْعَٰلَمِينَ ﴿٧٠﴾

قَالَ هَٰٓؤُلَآءِ بَنَاتِىٓ إِن كُنتُمْ فَٰعِلِينَ ﴿٧١﴾

70 അവർ (പട്ടണത്തിലെ ആൾക്കാർ)പറഞ്ഞു: 'ലോകരെക്കുറിച്ച് ഞങ്ങൾ നിന്നോട് വിരോധിച്ചിട്ടുമില്ലേ!'

71 അദ്ദേഹം പറഞ്ഞു: 'ഇതാ എൻെറ പെൺമക്കൾ. (അവരെ ഞാൻ വിവാഹം കഴിച്ചുതരാം); നിങ്ങൾ (വല്ലതും) ചെയ്യുന്നവരാണെങ്കിൽ!'

പുറമെ നിന്ന് വരുന്ന ആളുകളെ പിടികൂടി നീച വൃത്തിക്ക് ഉപയോഗപെടുത്തുക പതിവാക്കിയ ആ ദുഷ്ടജനങ്ങളുടെ കൈയിൽ നിന്നും ലൂത്(അ) നബി അങ്ങിനെയുള്ളവർക്ക് അഭയം നൽകാറ് പതിവാക്കിയിരുന്നു. അതേക്കുറിച്ച് അവർക്ക് ലൂത്(അ) നബിയോടുള്ള അമർഷവും പ്രതിഷേധവും കാരണം അങ്ങനെ ആർക്കും അഭയം നൽകരുതെന്ന് അവർ അദ്ദേഹത്തോട് നിരോധിച്ചിരുന്നു. "ലോകരെക്കുറിച്ച് ഞങ്ങൾ നിന്നോട് വിരോധിച്ചിട്ടില്ലെ" എന്നവർ അദ്ദേഹത്തെ ഓർമ്മിപ്പിക്കുന്നു.

തന്റെ അതിഥികളെ അപമാനിക്കരുതെന്നും, വേണമെങ്കിൽ എന്റെ പെൺമക്കളെ ഞാൻ നിങ്ങൾക്ക് വിവാഹം ചെയ്ത് തരാം എന്നും വരെ അദ്ദേഹം അവരോട് പറഞ്ഞ് നോക്കി.

വചനം 72:

لَعَمْرُكَ إِنَّهُمْ لَفِى سَكْرَتِهِمْ يَعْمَهُونَ ﴿٧٢﴾

72 നിൻെറ ആയുഷ്ക്കാലം തന്നെ (സത്യം)! നിശ്ചയമായും അവർ, അവരുടെ ലഹരിയിൽ (മതിമറന്ന്) അലഞ്ഞ് നടക്കുകയാണ് !

തങ്ങളുടെ ലഹരിയിൽ മതി മറന്ന് അഹങ്കരിച്ച് നടക്കുന്ന ആ നാട്ടുകാർ ലൂത്ത്വ് (അ) നബിയുടെ ഉപദേശം സ്വീകരിക്കാൻ തയ്യാറായിരുന്നില്ല.

'നിന്റെ ആയുഷ്ക്കാലം തന്നെ സത്യം' എന്ന പ്രയോഗം അറബികൾക്കിടയിൽ സത്യം ചെയ്യുന്നതിനായി ഉപയോഗിച്ച് വരാറുള്ള പല പ്രയോഗങ്ങളിൽ പെട്ട ഒന്നാകുന്നു. സത്യ വിശ്വാസികൾ അല്ലാഹു അല്ലാത്തവരുടെ പേരിൽ സത്യം ചെയ്യുന്നത് കർശനമായി വിരോധിക്കപെട്ടിരിക്കുന്നു. എന്നാൽ അല്ലാഹുവിന് അവന്റെ സൃഷ്ടികളിൽ പെട്ട ഏതിന്റെ പേരിലും സത്യം ചെയ്യാവുന്നതാണ്.

വചനം 73, 74 :

فَأَخَذَتْهُمُ ٱلصَّيْحَةُ مُشْرِقِينَ ﴿٧٣﴾

فَجَعَلْنَا عَـٰلِيَهَا سَافِلَهَا وَأَمْطَرْنَا عَلَيْهِمْ حِجَارَةً مِّن سِجِّيلٍ ﴿٧٤﴾

73 എന്നിട്ട് (അവർ) ഉദയവേളയിലായിരിക്കെ (ആ) ഘോരശബ്ദം അവരെ പിടികൂടി.

74 അങ്ങനെ, അതിൻെറ (ആ രാജ്യത്തിൻെറ) ഉപരിഭാഗത്തെ നാം അതിൻെറ താഴ്ഭാഗമാക്കി (തലകീഴാക്കിമറിച്ചു); അവരുടെമേൽ (ചൂള വെക്കപ്പെട്ട) ഇഷ്ടികക്കല്ല് നാം വർഷിപ്പിക്കുകയും ചെയ്തു.

ലൂത്വ്(അ) നബിയും അദ്ദേഹത്തിൽ വിശ്വസിച്ച അദ്ദേഹത്തിന്റെ കുടുംബവും (ഭാര്യ ഒഴികെ) അല്ലാതെയുള്ള ജനത മുഴുവൻ നശിപ്പിക്കപെട്ടു.

ഈ സംഭവത്തിന്റെ വിശദ വിവരങ്ങൾക്ക് സൂ : അ അ്റാഫ് 80 -84 ;സൂ :ഹൂദ് 77-83 : സൂ : ശുഅറാഅ് 166-174 ഉം നോക്കുക.

വചനം 75, 76, 77

إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّلْمُتَوَسِّمِينَ ﴿٧٥﴾

وَإِنَّهَا لَبِسَبِيلٍ مُّقِيمٍ ﴿٧٦﴾

إِنَّ فِى ذَٰلِكَ لَـَٔايَةً لِّلْمُؤْمِنِينَ ﴿٧٧﴾

75 നിശ്ചയമായും, ലക്ഷണം ഗ്രഹിക്കുന്നവർക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുണ്ട്.

76 നിശ്ചയമായും അത് (ആ രാജ്യം) (സ്ഥിരമായി) നിലകൊള്ളുന്ന ഒരു വഴിയിൽ തന്നെയാണുതാനും.

77 നിശ്ചയമായും, അതിൽ സത്യവിശ്വാസികൾക്ക് ഒരു (മഹത്തായ) ദൃഷ്ടാന്തമുണ്ട്.

ഒന്നടങ്കം നശിപ്പിക്കപെട്ട ലൂത്വ്(അ) നബിയുടെ രാജ്യമായിരുന്ന സദൂം (സോദോം), മക്കയിൽ നിന്നും ശാമിലേക്ക് കച്ചവടാവശ്യാർത്ഥം പതിവായി പോകുന്ന അറബികളുടെ യാത്രാ മാർഗ്ഗത്തിലാകുന്നു. ആ രാജ്യത്തിന്റെ അവശിഷ്ടങ്ങൾ കണ്ട് സത്യ വിശ്വാസികൾക്കും, ലക്ഷണങ്ങളിൽ നിന്നും കാര്യങ്ങൾ ഗ്രഹിക്കുന്ന ആളുകൾക്കും ആ സംഭവത്തിൽ നിന്നും ധാരാളം പാഠങ്ങൾ പഠിക്കുവാനുണ്ട്.

വചനം 78, 79 :

وَإِن كَانَ أَصْحَـٰبُ ٱلْأَيْكَةِ لَظَـٰلِمِينَ ﴿٧٨﴾

فَٱنتَقَمْنَا مِنْهُمْ وَإِنَّهُمَا لَبِإِمَامٍ مُّبِينٍ ﴿٧٩﴾

78 നിശ്ചയമായും, 'ഐകത്തി'ൻെറ (മരക്കാവിൻെറ) ആൾക്കാരും അക്രമികൾ തന്നെയായിരുന്നു.

79 എന്നിട്ട് നാം അവരോട് ശിക്ഷാനടപടിയെടുത്തു. അത് രണ്ടും (ലൂത്ത്വിൻെറ രാജ്യവും 'ഐക

ത്തും') സ്പഷ്ടമായ ഒരു തുറസ്സായ മാർഗ്ഗ ത്തിൽ തന്നെയാകുന്നുതാനും.

ഐകത്ത് (മരക്കാവ്) ന്റെ ആൾക്കാർ എന്നത് കൊണ്ട് ശുഐബ്(അ) നബിയുടെ ജനതയെ ആകുന്നു ഉദ്ദേശ്യം. ആ ജനത ശുഐബ്(അ) നബിയോട് സ്വീകരിച്ച നയവും അല്ലാഹു അവരോട് സ്വീകരിച്ച ശിക്ഷാ നട പടിയും, സൂ : അഅ്റാഫു, സൂ :ഹൂദ്, സൂ:ശുഅറാഉ് എന്നിവിടങ്ങളിൽ വിശദമയി വിവരിക്കപെട്ടിട്ടുണ്ട്. ആ സ്ഥലവും അറബികളുടെ ശാമിലേക്കുള്ള മാർഗ്ഗമദ്ധ്യേ ആണുള്ളത്.

## വിഭാഗം-6

**വചനം 80, 81, 82, 83, 84 :**

80 തീർച്ചയായും, ഹിജ്റിലെ ആൾക്കാർ 'മുർസ ലു'കളെ വ്യാജമാക്കുകയുണ്ടായി.

81 അവർക്ക് നമ്മുടെ ദൃഷ്ടാന്തങ്ങൾ നാം നൽകുകയും ചെയ്തു; എന്നിട്ട് അവർ അവയെ ക്കുറിച്ചു തിരിഞ്ഞുകളയുന്നവരായിരുന്നു.

82 നിർഭയരായ നിലയിൽ, മലകളിൽ നിന്നും അവർ (പാറ)വെട്ടിത്തുരന്ന് വീടുകളുണ്ടാക്കുകയും ചെയ്തിരുന്നു.

83 അങ്ങനെ, (അവർ) പ്രഭാതവേളയിലായിരിക്കെ അവരെ ഘോരശബ്ദം പിടികൂടി.

84 എന്നാൽ, അവർ (പ്രവർത്തിച്ചു) സമ്പാദിച്ചു വെച്ചിരുന്നത് അവർക്ക് ഉപകരിച്ചില്ല.

وَلَقَدۡ كَذَّبَ أَصۡحَٰبُ ٱلۡحِجۡرِ ٱلۡمُرۡسَلِينَ ﴿٨٠﴾

وَءَاتَيۡنَٰهُمۡ ءَايَٰتِنَا فَكَانُواْ عَنۡهَا مُعۡرِضِينَ ﴿٨١﴾

وَكَانُواْ يَنۡحِتُونَ مِنَ ٱلۡجِبَالِ بُيُوتًا ءَامِنِينَ ﴿٨٢﴾

فَأَخَذَتۡهُمُ ٱلصَّيۡحَةُ مُصۡبِحِينَ ﴿٨٣﴾

فَمَآ أَغۡنَىٰ عَنۡهُم مَّا كَانُواْ يَكۡسِبُونَ ﴿٨٤﴾

ഈ സൂറത്തിന് സൂ: ഹിജ്ർ എന്ന പേര് വരാൻ കാരണമായ, സ്വാലിഹ്(അ) നബിയുടെ രാജ്യമായ ഹിജ്ർ മദീനാക്കും തബൂക്കിനും ഇടയിലാണ് സ്ഥിതി ചെയ്യുന്നത്. അവിടുത്തെ നിവാസികളായിരുന്ന ഥമൂദ് ഗോത്രം വിഗ്രഹാരാധകരായിരുന്നു. ഇവരെയും ഇവർക്ക് ബാധിച്ച ശിക്ഷയെക്കുറിച്ചും സൂ : അ അ്റാഫ്, സു:ഹൂദ് എന്നിവിടങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. ഹിജ്റിനെ പറ്റി സൂ: ശുഅറാഉ് ലും കൂടുതൽ വിവരങ്ങൾ കാണാം

**വചനം 85 86 :**

85 ആകാശങ്ങളെയും, ഭൂമിയെയും, അവ രണ്ടി നുമിടയിലുള്ളതിനെയും (ന്യായമായ) കാര്യ ത്തോടുകൂടിയല്ലാതെ നാം സൃഷ്ടിച്ചിട്ടില്ല. നിശ്ചയമായും, അന്ത്യസമയം വരുന്നതും തന്നെയാകുന്നു. ആകയാൽ(നബിയേ) നീ സുന്ദരമായ വിട്ടുവീഴ്ച ചെയ്തുകൊള്ളുക.

86 നിശ്ചയമായും, നിൻെറ റബ്ബുതന്നെയാണ് സർവ്വ സ്രഷ്ടാവും സർവ്വജ്ഞനുമായുള്ളവൻ.

وَمَا خَلَقۡنَا ٱلسَّمَٰوَٰتِ وَٱلۡأَرۡضَ وَمَا بَيۡنَهُمَآ إِلَّا بِٱلۡحَقِّۗ وَإِنَّ ٱلسَّاعَةَ لَأٓتِيَةٞۖ فَٱصۡفَحِ ٱلصَّفۡحَ ٱلۡجَمِيلَ ﴿٨٥﴾

إِنَّ رَبَّكَ هُوَ ٱلۡخَلَّٰقُ ٱلۡعَلِيمُ ﴿٨٦﴾

ഈ ആകാശഭൂമികളും അവയിലുള്ള ചരാചര വസ്തുക്കളുമൊക്കെ, നീതി യുക്തവും വ്യവസ്ഥാപിത വുമായ ചില ലക്ഷ്യങ്ങളോടെയാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. മിഥ്യയായിട്ടൊ വിനോദമായിട്ടൊ അല്ല. എല്ലാ മനുഷ്യരുടെയും ചെയ്തികളെ സവിസ്തരം പരിശോധിച്ച് തക്ക നടപടികളെടുക്കുന്ന ഒരു അന്ത്യ ദിനം വരാനിരിക്കുന്നു. ആ സമയം വരുമ്പോൾ അല്ലാഹു വേണ്ടത് ചെയ്ത് കൊള്ളും. ആകയാൽ, ഇപ്പോൾ ഈ സത്യനിഷേധികളുടെ നേരെ, നയ പൂർവ്വം വിട്ട് വീഴ്ച സ്വീകരിച്ച് കൊള്ളാൻ അല്ലാഹു നബി(സ) യെ ഉപദേശി ക്കുന്നു.

ആകാശഭൂമികളുടെ സൃഷ്ടിപ്പിനെക്കുറിച്ച് സൂ : സ്വാദ് : 27 ലും സൂ : മുഅ്മിനൂൻ : 115 ലും സൂ:ദുഖാൻ: 38, 39 ലും അല്ലാഹു പ്രതിപാദിച്ചിരിക്കുന്നത് നോക്കുക.

**വചനം 87 :**

وَلَقَدْ ءَاتَيْنَٰكَ سَبْعًا مِّنَ ٱلْمَثَانِى وَٱلْقُرْءَانَ ٱلْعَظِيمَ ﴿٨٧﴾

87 (നബിയേ) തീര്‍ച്ചയായും നിനക്ക് നാം, ആവര്‍ത്തിത (വചന)ങ്ങളില്‍നിന്നുള്ള ഏഴെണ്ണം നല്‍കിയിട്ടുണ്ട്. മഹത്തായ ഖുര്‍ആനും (നല്‍കിയിട്ടുണ്ട്).

'ആവര്‍ത്തിത വചനങ്ങളില്‍ നിന്നുള്ള ഏഴെണ്ണം' എന്നത് കൊണ്ട് സൂ:ഫാതിഹ : യാണെന്നത്രെ ഭൂരി ഭാഗം വ്യാഖ്യാതാക്കളുടെയും പ്രബലമായ അഭിപ്രായം. ബലവത്തായ ചില നബി വചനങ്ങളും അതിന് തെളിവ് നല്‍കുന്നു. അബു സഈദിബ്നുല്‍മുഅല്ലാ(റ) എന്ന സഹാബിയോട് ഖുര്‍ആനിലെ ഏറ്റവും മഹത്തായ സൂറത്ത് ഞാന്‍ തനിക്ക് പഠിപ്പിച്ച് തരാമെന്ന് പറഞ്ഞ് റസൂല്‍(സ) ഇപ്രകാരം പറഞ്ഞു:

"അല്‍ഹംദു ലില്ലാഹി റബ്ബില്‍ ആലമീന്‍ എന്നുള്ളതാണ് - അഥവാ ആ സൂറത്താകുന്നു. അതത്രെ ഏഴ് ആവര്‍ത്തിത വചനങ്ങളും, മഹത്തായ ഖുര്‍ആനും എന്ന് പറഞ്ഞത്" അഹമ്മദ്, ബുഖാരി (റ)

"ഉമ്മുല്‍ ഖുര്‍ആന്‍ (സൂ: ഫാത്തിഹാ) ആണ് ഏഴ് ആവര്‍ത്തിത വചനങ്ങളും, ഖുര്‍ആനും എന്ന് പറഞ്ഞത്" അഹമ്മദ്, ബുഖാരി(റ).

കൂടുതല്‍ വിവരങ്ങള്‍ സൂ: ഫാതിഹ: യുടെ വ്യാഖ്യാനത്തില്‍ വിവരിക്കപെട്ടിട്ടുണ്ട്.

**വചനം 88 :**

لَا تَمُدَّنَّ عَيْنَيْكَ إِلَىٰ مَا مَتَّعْنَا بِهِۦٓ أَزْوَٰجًا مِّنْهُمْ وَلَا تَحْزَنْ عَلَيْهِمْ وَٱخْفِضْ جَنَاحَكَ لِلْمُؤْمِنِينَ ﴿٨٨﴾

88 അവരില്‍ (അവിശ്വാസികളില്‍) നിന്നുള്ള പല തരക്കാര്‍ക്കും നാം സുഖഭോഗം നല്‍കിയിട്ടുള്ളതിലേക്ക് നീ നിന്‍റെ കണ്ണുകളെ നീട്ടിപ്പോകരുത്. (ദൃഷ്ടി വെക്കരുത്.) അവരെപ്പറ്റി നീ വ്യസനിക്കുകയും അരുത്. സത്യവിശ്വാസികള്‍ക്ക് നിന്‍റെ പക്ഷം നീ താഴ്ത്തിക്കൊടുക്കുകയും (അവരോട് മയത്തില്‍ പെരുമാറുകയും) ചെയ്തുകൊള്ളുക.

ഈ വചനത്തിലൂടെ മൂന്ന് ഉപദേശങ്ങളാണ് അല്ലാഹു നബി(സ)ക്ക് നല്‍കിയിരിക്കുന്നത്:

1 അവിശ്വാസികള്‍ പെട്ട പല ആള്‍ക്കാര്‍ക്കും നല്‍കപെട്ടിട്ടുള്ള സുഖ സൗകര്യങ്ങളിലേക്ക് ശ്രദ്ധ കൊടുക്കരുത്. അതിനേക്കാള്‍ എത്രയും ഉന്നതവും ഉത്തമവുമായ അനുഗ്രഹമാണ് ഖുര്‍ആനും ഏഴ് ആവര്‍ത്തിത വചനങ്ങളും. ഈ നിര്‍ദ്ദേശം പ്രത്യക്ഷത്തില്‍ നബി(സ)യോട് അഭിസംബോധന ചെയ്ത് കൊണ്ടാണെങ്കിലും, യഥാര്‍ത്ഥത്തില്‍ സത്യവിശ്വാസികളെ ആകമാനം ഉദ്ദേശിച്ച് കൊണ്ടുള്ളതാകുന്നു.

"തനിക്ക് നല്‍കപെട്ടിട്ടുള്ള ഖുര്‍ആനിനേക്കാള്‍ ശ്രേഷ്ഠമായ വല്ലതും ദുനിയാവില്‍ മറ്റാര്‍ക്കെങ്കിലും നല്‍കപെട്ടിരിക്കുന്നതായി ആരെങ്കിലും കരുതുന്ന പക്ഷം അവന്‍ നിസ്സാരമായതിനെ വമ്പിച്ചതും , വമ്പിച്ചതിനെ നിസ്സാരമായതും ആക്കിത്തീര്‍ത്തിരിക്കുന്നു "എന്ന് അബുബക്കര്‍ (റ) പറഞ്ഞതായി രിവായത്ത് ചെയ്യപെട്ടിരിക്കുന്നു.

(2) സത്യോപദേശങ്ങളും ദൃഷ്ടാന്തങ്ങളും മനസ്സിലാക്കിയിട്ടും, അവിശ്വാസത്തില്‍ ഉറച്ച് നല്‍ക്കുന്നവരെക്കുറിച്ചോര്‍ത്ത് നബി(സ) വ്യാകുലപെടേണ്ടതില്ല. അവര്‍ വിശ്വസിക്കുന്നെങ്കില്‍ വിശ്വസിക്കട്ടെ.

(3) സത്യവിശ്വാസികളോട് വളരെ മയത്തിലും നയത്തിലും വാത്സല്യത്തോടെ പെരുമാറണം.

**വചനം 89, 90, 91 :**

وَقُلْ إِنِّىٓ أَنَا ٱلنَّذِيرُ ٱلْمُبِينُ ﴿٨٩﴾ كَمَآ أَنزَلْنَا عَلَى ٱلْمُقْتَسِمِينَ ﴿٩٠﴾ ٱلَّذِينَ جَعَلُوا۟ ٱلْقُرْءَانَ عِضِينَ ﴿٩١﴾

89 (നബിയേ) പറയുകയും ചെയ്യുക: 'ഞാന്‍ തന്നെയാണ് സ്പഷ്ടമായ താക്കീതുകാരന്‍.'

90 (അതെ) ഭാഗിച്ചെടുത്തവരുടെമേല്‍ നാം അവതരിപ്പിച്ചതുപോലെ (ത്തന്നെ);-

91 (അതായത്) ഖുര്‍ആനെ പല (ഭിന്നമായ) അംശങ്ങളാക്കിയവരുടെ (മേല്‍).

ഈ വചനങ്ങളുടെ സാരാംശം ഒന്നിലധികം പ്രകാരത്തില്‍ വ്യാഖ്യാനിക്കപെട്ടിരിക്കുന്നു. അവയില്‍ ഏറ്റവും വ്യക്തമായി തോന്നുന്ന വ്യാഖ്യാനം ഇപ്രകാരമാകുന്നു -തങ്ങളുടെ താല്‍പര്യങ്ങള്‍ക്ക് യോജിക്കുന്ന ഭാഗങ്ങളെ

സ്വീകരിക്കുകയും, യോജിക്കാത്ത ഭാഗങ്ങളെ നിഷേധിക്കുകയും ചെയ്ത് കൊണ്ട് ഖുർആനെ ഭിന്ന ഭിന്ന ഭാഗങ്ങളായി വിഭജിച്ച വേദക്കാർക്ക് തൌറാത്തും ഇഞ്ചീലും മുമ്പ് അവതരിപ്പിച്ച് കൊടുത്തിരുന്നത് പോലെ തന്നെ, നിനക്ക് - നബി(സ) തിരുമേനിക്ക് - ഖുർആനും ഏഴ് ആവർത്തിത വചനങ്ങളും നാം അവതരിപ്പിച്ച് തന്നിരിക്കുന്നു. ഈ വ്യാഖ്യാനപ്രകാരം 87-ാം വചനവും 90-ാം വചനവും തമ്മിലായിരിക്കും വിഷയപരമായി ബന്ധപ്പെട്ട് നിൽക്കുന്നത്. ഇടയ്ക്കുള്ള രണ്ട് വചനവും ഇട വാക്യങ്ങളുമായിരിക്കുന്നതാണ്. الله اعلم

**വചനം 92, 93, 94 95 96 :**

فَوَرَبِّكَ لَنَسْـَٔلَنَّهُمْ أَجْمَعِينَ ﴿٩٢﴾ عَمَّا كَانُوا۟ يَعْمَلُونَ ﴿٩٣﴾ فَٱصْدَعْ بِمَا تُؤْمَرُ وَأَعْرِضْ عَنِ ٱلْمُشْرِكِينَ ﴿٩٤﴾ إِنَّا كَفَيْنَٰكَ ٱلْمُسْتَهْزِءِينَ ﴿٩٥﴾ ٱلَّذِينَ يَجْعَلُونَ مَعَ ٱللَّهِ إِلَٰهًا ءَاخَرَ ۚ فَسَوْفَ يَعْلَمُونَ ﴿٩٦﴾

92 എന്നാൽ, നിന്റെ റബ്ബിനെത്തന്നെയാണ (സത്യം)! തീർച്ചയായും, അവരോട് മുഴുവനും നാം ചോദിക്കുക തന്നെ ചെയ്യും,-
93 അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി.
94 ആകയാൽ, (നബിയേ) നിന്നോട് കൽപിക്കപ്പെടുന്നതിനെ നീ (പരസ്യമായി)ഉറക്കെ പ്രഖ്യാപിച്ചുകൊള്ളുക! മുശ്രിക്കു (ബഹുദൈവവിശ്വാസി)കളിൽ നിന്നു നീ തിരിഞ്ഞുകളയുകയും ചെയ്യുക.
95 നിശ്ചയമായും, നിനക്ക് (ഈ) പരിഹാസകരെ നാം തടുത്തുതന്നിരിക്കുന്നു. (അവരുടെ ഉപദ്രവം നിനക്ക് ഫലിക്കുകയില്ല.)
96 അതെ, അല്ലാഹുവിനോടുകൂടി വേറെ ആരാധ്യനെ ഏർപ്പെടുത്തുന്നവരെ. എന്നാൽ, വഴിയെ അവർ അറിഞ്ഞു കൊള്ളുന്നതാണ്!

ആ നിഷേധികളുടെ പ്രവർത്തികളെ പറ്റി നാം ചോദ്യം ചെയ്യുക തന്നെ ചെയ്യും. ആകയാൽ നബിയേ അല്ലാഹു നൽകുന്ന സന്ദേശങ്ങളെ പരസ്യമായി പ്രഖ്യാപനം ചെയ്യുക. അവരുടെ എതിർപ്പുകളെ അവഗണിച്ച് കളയുകയും ചെയ്യുക. ആ പരിഹാസകരുടെ ഉപദ്രവങ്ങളിൽ നിന്ന് താങ്കൾക്ക് നാം രക്ഷ നൽകുക തന്നെ ചെയ്യും. അല്ലാഹുവിൽ പങ്ക് ചേർക്കുന്ന അക്കൂട്ടരെ, അവരുടെ പ്രവർത്തനത്തിന്റെ ഫലം വഴിയെ അറിയിക്കുന്നതാണ്.

പ്രവാചകത്വത്തിന്റെ ആദ്യ ഘട്ടത്തിൽ സ്വകാര്യമായി പ്രബോധനം നടത്തിയിരുന്ന നബി(സ) ഈ വചനം അവതരിച്ചതോടെ പ്രബോധനം പരസ്യമായി നടത്താൻ ആരംഭിച്ചു.

നബി(സ)യെയും ഖുർആനെയും കുറിച്ച് പരിഹാസം പതിവാക്കിയ മുശ്രിക്കുകളിൽ പെട്ട പ്രമുഖരിൽ പലരുടെയും അന്ത്യം ഉണ്ടായത്, അസാധാരണമായ കാരണങ്ങളെ തുടർന്നുണ്ടായ ദുർമരണങ്ങൾ മൂലമായിരുന്നു- അമ്പിൻ മുന കാലിൽ തട്ടുക, കാലിൽ മുള്ള് കുത്തുക, മൂക്കിലൂടെ ചലം വരിക, മലം ഛർദിക്കുക, എന്നിങ്ങനെ.

**വചനം 97 , 98 99 :**

وَلَقَدْ نَعْلَمُ أَنَّكَ يَضِيقُ صَدْرُكَ بِمَا يَقُولُونَ ﴿٩٧﴾ فَسَبِّحْ بِحَمْدِ رَبِّكَ وَكُن مِّنَ ٱلسَّٰجِدِينَ ﴿٩٨﴾ وَٱعْبُدْ رَبَّكَ حَتَّىٰ يَأْتِيَكَ ٱلْيَقِينُ ﴿٩٩﴾

97 തീർച്ചയായും, നാം അറിയുന്നുണ്ട്. അവർ പറഞ്ഞുവരുന്നതുകൊണ്ട് നിന്റെ നെഞ്ച് (ഹൃദയം) ഞെരുങ്ങിപ്പോകുന്നുവെന്ന്.
98 ആകയാൽ, നിന്റെ റബ്ബിനെ സ്തുതിച്ചുകൊണ്ട് നീ 'തസ്ബീഹ്' (സ്തോത്രകീർത്തനം) നടത്തിക്കൊള്ളുക. നീ 'സുജൂദ്'(സാഷ്ടാംഗ നമസ്കാരം) ചെയ്യുന്നവരുടെ കൂട്ടത്തിലായിരിക്കയും ചെയ്യുക;
99 നിനക്ക് (ആ) ഉറപ്പ് (മരണം) വന്നെത്തുന്നതുവരേക്കും നിന്റെ റബ്ബിനെ നീ ആരാധിക്കുകയും ചെയ്യുക.

പരിഹാസകരുടെ ശല്യവും നിഷേധവും കാരണം നബി(സ)ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന മന: പ്രയാസവും ബുദ്ധിമുട്ടും കാര്യമാക്കാതെ, അല്ലാഹുവിന് സ്തോത്രകീർത്തനവും, സ്തുതി കീർത്തനവും, സാഷ്ടാംഗ നമസ്ക്കാരവും നിർവ്വഹിച്ച്കൊണ്ട് കാര്യങ്ങൾ അല്ലാഹുവിൽ അർപിച്ച് കൊള്ളാൻ അല്ലാഹു നബിക്ക് സമാധാന സന്ദേശം നൽകുന്നു മരണം വരെയും അല്ലാഹുവിനുള്ള ആരാധന നിലനിറുത്തണമെന്നും ഉപദേശിക്കുന്നു.

മരണം വരെ അല്ലാഹുവിനെ ആരാധിക്കുകയും തസ്ബീഹ്, (സ്തോത്ര കീർത്തനം) ഹംദ് (സ്തുതികീർത്തനം ) സുജൂദ് (സാഷ്ടാംഗ നമസ്ക്കാരം) മുതലായ പുണ്യകർമ്മങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം ഉൾപെടുത്തി അനുഗ്രഹിക്കട്ടെ امين

# 16. സൂറത്തു - നഹ്ൽ (തേനീച്ച)

**മക്കയിൽ അവതരിച്ചത്**

(110,126, 127 എന്നീ മൂന്ന് വചനങ്ങൾ ഉഹ്ദ്‌ യുദ്ധം കഴിഞ്ഞ ഉടനെ മദീനയിൽ അവതരിച്ചതാണെന്ന് പറയപെട്ടിട്ടുണ്ട്.)

വചനങ്ങൾ: 128, വിഭാഗം (റുക്കൂഅ്) 16

68-ാം വചനത്തിൽ തേനീച്ചയെക്കുറിച്ച് പ്രസ്താവിക്കപെട്ടിട്ടുള്ളത്കൊണ്ടാണ് ഈ സുറത്തിന് സൂ: നഹ്ൽ എന്ന് പേരു പറയപെടുന്നത്.

മനുഷ്യർക്ക് അല്ലാഹു ചെയ്ത് കൊണ്ടിരിക്കുന്ന വളരെയധികം അനുഗ്രഹങ്ങളെക്കുറിച്ച് പ്രതിപാദിക്കപെട്ടിട്ടുള്ളതുകൊണ്ട് سورة النعم (അനുഗ്രഹങ്ങളുടെ അദ്ധ്യായം) എന്നും ഈ സൂറത്തിന് പേരുണ്ട്.

## വിഭാഗം 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ بسم الله الرحمن الرحيم

**വചനം 1 :**

أَتَىٰٓ أَمۡرُ ٱللَّهِ فَلَا تَسۡتَعۡجِلُوهُۚ سُبۡحَٰنَهُۥ وَتَعَٰلَىٰ عَمَّا يُشۡرِكُونَ ﴿١﴾

1 (ഇതാ) അല്ലാഹുവിൻെറ കല്പന വന്നു (പോയി)! അതിനാൽ, അതിനു നിങ്ങൾ ധൃതിപ്പെടേണ്ട. അവർ (അവനോട്) പങ്കുചേർക്കുന്നതിൽ നിന്നും അവൻ മഹാ പരിശുദ്ധൻ! അവൻ അത്യുന്നതനുമായിരിക്കുന്നു !!

امر الله (അല്ലാഹുവിന്റെ കൽപന) എന്നത് കൊണ്ട് വിവക്ഷ അന്ത്യ സമയം (الساعة) ആണെന്നത്രേ അധിക വ്യാഖ്യാതാക്കളും പറയുന്നത്. അവിശ്വാസികൾക്ക് വാഗ്ദത്തം ചെയ്യപെട്ട ശിക്ഷയാണെന്നും കർമ്മങ്ങൾക്കുള്ള പ്രതിഫല നടപടിയാണെന്നും അഭിപ്രായങ്ങളുണ്ട്- വാസ്തവത്തിൽ ഈ മൂന്നും ഒരേ സാരം തന്നെ ഉൾക്കൊള്ളുന്നവയാകുന്നു. സൂ: 'ഖമറി'ന്റെ ആരംഭത്തിൽ "അന്ത്യസമയം അടുത്തു വന്നു" എന്നും സൂ: 'അമ്പിയാഇ'ന്റെ ആരംഭത്തിൽ 'മനുഷ്യർക്ക് അവരുടെ വിചാരണ അടുത്ത് വന്നിരിക്കുന്നു' എന്നുമൊക്കെ അവതരിച്ചപ്പോൾ, ഇതൊക്കെ എന്ത് കൊണ്ട് സംഭവിക്കുന്നില്ല എന്ന് അവിശ്വാസികൾ പറയാറുണ്ടായിരുന്നു. അതിനൊരു മറുപടിയാകുന്നു ഈ വചനം.

സൂ: 'അൻകബൂത്ത്' 53, 54 വചനങ്ങളിലും , സൂ: 'ശൂറാ': 18ലും അല്ലാഹു അന്ത്യയസമയത്തെക്കുറിച്ചുള്ള അവിശ്വാസികളുടെ പരിഹാസത്തിന് ശക്തമായ മറുപടി നൽകുന്നു. അതെ, അല്ലാഹുവിന്റെ കൽപനക്ക് വളരെയൊന്നും താമസമില്ല; അതു വരാതെയിരിക്കുകയുമില്ല. എന്നാൽ അതിനൊരു അവധിയുണ്ട്. അതിന് ധൃതി കൂട്ടേണ്ടതില്ല.

അവിശ്വാസികളുടെ ധൃതി കൂട്ടലിന്റെയും നിഷേധത്തിന്റെയും അടിസ്ഥാനം, അവരുടെ ദൈവങ്ങൾ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നും അവരെ രക്ഷിക്കുമെന്ന അവരുടെ മൂഢ വിശ്വാസമാകുന്നു. എന്നാൽ അത്യുന്നതനായ അല്ലാഹുവിന് പങ്കുകാർ ഉണ്ടായിരിക്കുകയെന്ന കാര്യം തന്നെ അസംഭാവ്യമാണെന്നും, അതിൽ നിന്നും എത്രയൊ പരുശുദ്ധനാണ് അല്ലാഹു എന്നും, അല്ലാഹു അവരെ ഓർമ്മിപ്പിക്കുന്നു.

**വചനം 2 :**

2 അവൻെറ അടിയാൻമാരിൽ നിന്നു അവൻ ഉദ്ദേശിക്കുന്നവരുടെമേൽ അവൻെറ കൽപന യാകുന്ന ആത്മാവു (അഥവാ ജീവനു)മായി അവൻ മലക്കുകളെ ഇറക്കുന്നു; അതായത് ഞാനല്ലാതെ ഒരു ആരാധ്യനുമില്ല; അതിനാൽ നിങ്ങൾ എന്നെ സൂക്ഷിച്ചു കൊള്ളുവിൻ എന്നു (ജനങ്ങളെ ) താക്കീതു ചെയ്യണമെന്ന്.

يُنَزِّلُ ٱلْمَلَٰٓئِكَةَ بِٱلرُّوحِ مِنْ أَمْرِهِۦ عَلَىٰ مَن يَشَآءُ مِنْ عِبَادِهِۦٓ أَنْ أَنذِرُوٓا۟ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱتَّقُونِ ﴿٢﴾

'റൂഹ് 'എന്ന പദത്തിന് ആത്മാവ്, ജീവൻ, ജീവസ്സ് എന്നൊക്കെ അർത്ഥമുണ്ടെങ്കിലും, ഇവിടെ അല്ലാഹുവിന്റെ 'വഹ്യ് ' ആണ് ഉദ്ദേശിക്കപെട്ടിട്ടുള്ളത്. സൂ : 40:15 ലും 42:52 ലും ഈ പദം ഇത് പോലെയുള്ള അർത്ഥത്തിൽ പ്രയോഗിക്കപെട്ടിരിക്കുന്നു.

പ്രവാചകത്വവും വഹ്‌യും ലഭിക്കുന്നത് ആരുടെയും യോഗ്യത കൊണ്ടോ ശ്രമം കൊണ്ടോ അല്ല. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവന്റെ മലക്കുകളിലൂടെ അവൻ പ്രദാനം ചെയ്യുന്ന ഒരു അനുഗ്രഹമാകുന്നു അത്. മലക്കുകൾ മുഖേനയല്ലാതെ മറ്റ് മാർഗ്ഗങ്ങളിലൂടെയും 'വഹ്യ് ' നൽകപെടുന്നതിനെക്കുറിച്ച് സൂ : ശൂറാ : 51 ാം വചനത്തിൽ കാണാവുന്നതാണ്.

**വചനം 3, 4 :**

3 ആകാശങ്ങളെയും , ഭൂമിയെയും അവൻ യഥാർത്ഥ(മുറ) പ്രകാരം സൃഷ്ടിച്ചിരിക്കുന്നു . അവർ (അവനോട്) പങ്കുചേർക്കുന്നതിൽനിന്നും അവൻ അത്യുന്നതനായിരിക്കുന്നു.

4 മനുഷ്യനെ അവൻ ഒരു ഇന്ദ്രിയത്തുള്ളിയിൽ നിന്നു സൃഷ്ടിച്ചു. എന്നിട്ട് അവൻ (അതാ) പ്രത്യക്ഷമായ ഒരു എതിർവാദി (യായിരിക്കുന്നു)!

خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ ۚ تَعَٰلَىٰ عَمَّا يُشْرِكُونَ ﴿٣﴾
خَلَقَ ٱلْإِنسَٰنَ مِن نُّطْفَةٍ فَإِذَا هُوَ خَصِيمٌ مُّبِينٌ ﴿٤﴾

ആകാശഭൂമികളെയും, കേവലം നിസ്സാരമായ ഒരു ഇന്ദ്രീയത്തുള്ളിയിൽ നിന്ന് മനുഷ്യനെയും സൃഷ്ടിച്ചുണ്ടാക്കിയതും വ്യവസ്ഥാപിതമായ മുറയിൽ നിയന്ത്രിച്ച് പോരുന്നതും അല്ലാഹു ആയിരിക്കെ, യാതൊരു നന്ദിയും കൂറുമില്ലാതെ അല്ലാഹുവിനെ ധിക്കരിച്ച്, അവന്റെ അധികാരാവകാശങ്ങളിൽ അവന് പങ്കുകാരെയും സമന്മാരെയും സങ്കൽപിച്ചുണ്ടാക്കുകയാണ് എതിർ വാദിയായ മനുഷ്യൻ. അവർ അവനോട് പങ്ക് ചേർക്കുന്നതിൽ നിന്നും അവൻ അത്യുന്നതനാകുന്നു.

**വചനം 5, 6, 7, 8 :**

5 കാലികളെയും (തന്നെ) അവൻ സൃഷ്ടിച്ചിരിക്കുന്നു . നിങ്ങൾക്ക് അവയിൽ (തണുപ്പിൽ നിന്നു) ചൂടു നൽകലും , (മറ്റു) പ്രയോജനങ്ങളുമുണ്ട്. അവയിൽ നിന്നുതന്നെ നിങ്ങൾ തിന്നുകയും ചെയ്യുന്നു.

6 നിങ്ങൾ (വൈകുന്നേരം) വിശ്രമത്തിനു കൊണ്ടു വരുന്ന സമയത്തും , (രാവിലെ) മേയാൻവിടുന്ന സമയത്തും നിങ്ങൾക്ക് അവയിൽ ഒരു ഭംഗിയുമുണ്ട്.

7 ദേഹങ്ങൾ (ക്ഷീണിച്ച്) ഞെരുങ്ങിക്കൊണ്ടല്ലാതെ , നിങ്ങൾ അവിടെ എത്തിച്ചേരുന്നവരല്ല . (അങ്ങനെയുള്ള) ഒരു നാട്ടിലേക്കു അവ നിങ്ങളുടെ (ചുമടു) ഭാരങ്ങൾ വഹിച്ചു പോകുകയും ചെയ്യുന്നു . നിശ്ചയമായും,

وَٱلْأَنْعَٰمَ خَلَقَهَا ۗ لَكُمْ فِيهَا دِفْءٌ وَمَنَٰفِعُ وَمِنْهَا تَأْكُلُونَ ﴿٥﴾
وَلَكُمْ فِيهَا جَمَالٌ حِينَ تُرِيحُونَ وَحِينَ تَسْرَحُونَ ﴿٦﴾
وَتَحْمِلُ أَثْقَالَكُمْ إِلَىٰ بَلَدٍ لَّمْ تَكُونُوا۟ بَٰلِغِيهِ إِلَّا بِشِقِّ ٱلْأَنفُسِ ۚ إِنَّ رَبَّكُمْ لَرَءُوفٌ رَّحِيمٌ ﴿٧﴾

നിങ്ങളുടെ റബ്ബ് (വളരെ) കൃപാലുവും, കരുണാനിധിയും തന്നെ.

وَٱلْخَيْلَ وَٱلْبِغَالَ وَٱلْحَمِيرَ لِتَرْكَبُوهَا وَزِينَةً ۚ وَيَخْلُقُ مَا لَا تَعْلَمُونَ ﴿٨﴾

8 കുതിരകളെയും, കോവർ കഴുതകളെയും, കഴുതകളെയും (അവൻ സൃഷ്ടിച്ചിരിക്കുന്നു):- നിങ്ങൾക്ക് അവയെ (വാഹനമാക്കി) സവാരി ചെയ്‌വാൻ വേണ്ടിയും, അലങ്കാരത്തിന്നും. നിങ്ങൾക്ക് അറിഞ്ഞുകൂടാത്തതും അവൻ സൃഷ്ടിക്കുന്നു.

മനുഷ്യന്റെ ഉപയോഗത്തിനായി, അല്ലാഹു സൃഷ്ടിച്ച കാലികളെക്കൊണ്ടുള്ള ഉപകാരങ്ങൾ അല്ലാഹു നമ്മെ ഓർമ്മിപ്പിക്കുന്നു :

തണുപ്പിൽ നിന്നും രക്ഷ നൽകുന്ന വസ്ത്രം , പുതപ്പ് , തമ്പ്, പാദരക്ഷകൾ എന്നിവ മൃഗങ്ങളുടെ തോലിൽ നിന്നും, രോമങ്ങളിൽ നിന്നും നമുക്ക് ലഭിക്കുന്നു;അവയിൽ നിന്ന് ലഭിക്കുന്ന മാംസവും പാലും ഭക്ഷണമായും പാനീയമായും ഉപയോഗിക്കപെടുന്നു; വൈകുന്നേരം മേച്ചിൽ സ്ഥലങ്ങളിൽ നിന്ന് ആലകളിലേക്ക് വിശ്രമത്തിന് കൊണ്ട് വരുമ്പോഴും, രാവിലെ ആലയിൽ നിന്നും മേച്ചിൽ സ്ഥലങ്ങളിലേക്ക് കൊണ്ട് പോകുമ്പോഴും, അവ ഉടമകൾക്ക് കൗതുകവും ആനന്ദവും പ്രദാനം ചെയ്യുന്നു; മനുഷ്യന് ദേഹാദ്ധ്വാനമൊ ബുദ്ധിമുട്ടൊ, ക്ഷീണമൊ അനുഭവപെടാതെ അവന്റെ ഭാരപെട്ട ചുമടുകൾ ഏറ്റിക്കൊണ്ട് മൃഗങ്ങൾ ദൂരദേശങ്ങളിലേക്ക് അവ എത്തിക്കുന്നു - കഴുതകൾ, ഒട്ടകങ്ങൾ, കോവർ കഴുതകൾ മുതലായ മൃഗങ്ങളും അവ വഹിച്ച് കൊണ്ട് നടക്കുന്ന വണ്ടികൾ വഴിയും നമുക്കീ പ്രയോജനം ആധുനികയുഗത്തിലും ലഭിച്ച് കൊണ്ടിരിക്കുന്നു.

തുടർന്ന് കുതിര, കഴുത , കോവർ കഴുത എന്നീ മൃഗങ്ങളെക്കുറിച്ച് അല്ലാഹു പ്രത്യേകം പ്രതിപാദിക്കുന്നു - അവ സവാരിക്കുള്ള വാഹനങ്ങളായും അലങ്കാരത്തിനുള്ള ഉപാധിയായും മനുഷ്യന് പ്രയോജനപെടുന്നു. ഇവയിൽ കഴുതയെയും കോവർ കഴുതയെയും ഭക്ഷണാവശ്യത്തിനായി ഉപയോഗിക്കാൻ പാടില്ലെന്നും, കുതിര മാംസം, അനുവദനീയമാണെന്നും, ബലവത്തായ ഹദീസുകളിൽ വന്നിട്ടുള്ളതാകുന്നു.

ഇവയുടെയെല്ലാം സൃഷ്ടിയിലൂടെ അല്ലാഹു മനുഷ്യനോടുള്ള കൃപയും കാരുണ്യവുമാണ് പ്രകടമാക്കുന്നതെന്നും, മനുഷ്യൻ അവനോട് നന്ദിയുള്ളവനായിത്തീരാൻ ബാധ്യസ്ഥനാണെന്നും അല്ലാഹു ഓർമ്മിപ്പിക്കുന്നു.

ആധുനിക കാലത്തെ വാഹനങ്ങളായ തീവണ്ടി, മോട്ടോർ വാഹനങ്ങൾ , വിമാനം, യാത്രക്കപ്പലുകൾ ശൂന്യാകാശ പേടകങ്ങൾ മുതലായവ പ്രത്യക്ഷത്തിൽ മനുഷ്യ നിർമ്മിതങ്ങളാണെങ്കിലും, അവ നിർമ്മിക്കുവാനുള്ള ബുദ്ധി ശക്തിയും, സാധന സാമഗ്രികളും സാഹചര്യങ്ങളുമെല്ലാം, പ്രദാനം ചെയ്തത് അല്ലാഹുവാണല്ലൊ. ഇത് പോലെയുള്ള പലതിനെയും സൂചിപ്പിച്ച് കൊണ്ടായിരിക്കാം വചനാവസാനത്തിൽ "നിങ്ങൾക്കറിഞ്ഞ് കൂടാത്തതും അവൻ സൃഷ്ടിച്ചിരിക്കുന്നു " എന്ന് അല്ലാഹു പ്രസ്താവിച്ചത്.

**വചനം 9:**

وَعَلَى ٱللَّهِ قَصْدُ ٱلسَّبِيلِ وَمِنْهَا جَآئِرٌ ۚ وَلَوْ شَآءَ لَهَدَىٰكُمْ أَجْمَعِينَ ﴿٩﴾

9 അല്ലാഹുവിൻെറ മേലാണ് (നേരായ) മിതമാർഗ്ഗം (വിവരിച്ചുകൊടുക്കുന്ന ബാധ്യത) ഉള്ളത്. അതിൽ (മാർഗ്ഗങ്ങളിൽ) തന്നെ (ചിലതു) തെറ്റിയതുമുണ്ട്. അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ, നിങ്ങളെ മുഴുവൻ അവൻ നേർമ്മാർഗ്ഗത്തിലാക്കുക തന്നെ ചെയ്യുമായിരുന്നു.

മനുഷ്യസമൂഹത്തിന് നേരായ മാർഗ്ഗം വിവരിച്ച് കൊടുക്കൽ അല്ലാഹുവിന്റെ ബാധ്യതയാകുന്നു - അതാണ് ഖുർആനിലൂടെയും പ്രവാചകനിലൂടെയും അവൻ നൽകി വരുന്ന മാർഗ്ഗ ദർശനങ്ങൾ. അല്ലാഹു കാണിച്ച് തരുന്ന നേരായ മാർഗ്ഗത്തിലൂടെ ചരിക്കുന്നവരെ മാത്രമെ അവൻ സൻമാർഗ്ഗത്തിൽ ചേർക്കുകയുള്ളൂ. അല്ലാതെ എല്ലാവരേയും അവൻ സന്മാർഗ്ഗത്തിലാക്കാൻ ഉദ്ദേശിച്ചിട്ടില്ല എന്നത്രെ. "അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ മുഴുവൻ അവൻ സന്മാർഗ്ഗത്തിലാക്കുമായിരുന്നു" എന്ന വാക്യം മുഖേന അല്ലാഹു അറിയിക്കുന്നത്. സൂ: അൻ ആം :149 ; സൂ: മാഇദ: 48 ; സൂ:സജദ: 13 ; സൂ: ഹൂദ് :118 എന്നീ വചനങ്ങളിലൂടെ അല്ലാഹു ഈ ആശയം അവർത്തിച്ച് വ്യക്തമാക്കിയിരിക്കുന്നു.

**വിഭാഗം 2**

**വചനം 10, 11 :**

هُوَ ٱلَّذِىٓ أَنزَلَ مِنَ ٱلسَّمَآءِ مَآءً ۖ لَّكُم مِّنْهُ شَرَابٌ وَمِنْهُ شَجَرٌ فِيهِ تُسِيمُونَ ﴿١٠﴾
يُنۢبِتُ لَكُم بِهِ ٱلزَّرْعَ وَٱلزَّيْتُونَ وَٱلنَّخِيلَ وَٱلْأَعْنَـٰبَ وَمِن كُلِّ ٱلثَّمَرَٰتِ ۗ إِنَّ فِى ذَٰلِكَ لَـَٔايَةً لِّقَوْمٍ يَتَفَكَّرُونَ ﴿١١﴾

10 അവനത്രെ, ആകാശത്തുനിന്നു നിങ്ങൾക്ക് (മഴ)വെള്ളം ഇറക്കിത്തന്നവൻ. അതിൽ നിന്നു (കുടിക്കുവാൻ) പാനീയമുണ്ടാകുന്നു; അതിൽ നിന്നും നിങ്ങൾ (കാലികളെ ) മേയ്ക്കുന്ന (ചെടി) മരങ്ങളും ഉണ്ടാകുന്നു.

11 അതു(വെള്ളം) മൂലം നിങ്ങൾക്കു കൃഷിയും , ഒലീവും , ഈത്തപ്പനയും , മുന്തിരികളും അവൻ ഉൽപാദിപ്പിച്ചുതരുന്നു; (എന്നുവേണ്ട) എല്ലാ ഫലവർഗ്ഗങ്ങളിൽ നിന്നും (ഉൽപാദിപ്പിച്ചു തരുന്നു). നിശ്ചയമായും , അതിൽ (ഒക്കെയും) ചിന്തിക്കുന്നവർക്ക് ഒരു (വമ്പിച്ച) ദൃഷ്ടാന്തമുണ്ട്.

കാലി മൃഗങ്ങൾ മുഖേനയുള്ള അനുഗ്രഹങ്ങളെക്കുറിച്ച് ഓർമ്മിപ്പിച്ച ശേഷം മഴവെള്ളം മുഖേന മനുഷ്യർക്ക് നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളെ അല്ലാഹു ഓർമ്മിപ്പിക്കുന്നു. ഇവയെല്ലാം എടുത്ത് കാട്ടുന്നത് ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമായിട്ടാണെന്നും അല്ലാഹു ഓർമ്മിപ്പിക്കുന്നു.

**വചനം 12, 13 :**

وَسَخَّرَ لَكُمُ ٱلَّيْلَ وَٱلنَّهَارَ وَٱلشَّمْسَ وَٱلْقَمَرَ ۖ وَٱلنُّجُومُ مُسَخَّرَٰتٌۢ بِأَمْرِهِۦٓ ۗ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّقَوْمٍ يَعْقِلُونَ ﴿١٢﴾
وَمَا ذَرَأَ لَكُمْ فِى ٱلْأَرْضِ مُخْتَلِفًا أَلْوَٰنُهُۥٓ ۗ إِنَّ فِى ذَٰلِكَ لَـَٔايَةً لِّقَوْمٍ يَذَّكَّرُونَ ﴿١٣﴾

12 രാത്രിയെയും , പകലിനെയും , സൂര്യനെയും , ചന്ദ്രനെയും അവൻ നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു. നക്ഷത്രങ്ങളും അവൻെറ കല്പനയനുസരിച്ച് വിധേയമാക്കപ്പെട്ടവയാണ്.നിശ്ചയമായും, അതിൽ (ഒക്കെയും) ബുദ്ധികൊടു(ത്തുചിന്തി)ക്കുന്ന ജനങ്ങൾക്കു പല ദൃഷ്ടാന്തങ്ങളുണ്ട് .

13 വർണ്ണങ്ങൾ (ഇനങ്ങൾ) വ്യത്യസ്തമായ നിലയിൽ ഭൂമിയിൽ നിങ്ങൾക്കുവേണ്ടി അവൻ സൃഷ്ടിച്ചുണ്ടാക്കിയിട്ടുള്ളവയും (വിധേയമാക്കിത്തന്നിരിക്കുന്നു). നിശ്ചയമായും, അതിൽ (ഒക്കെയും) ഉറ്റാലോചിക്കുന്ന ജനങ്ങൾക്കു ഒരു (വമ്പിച്ച) ദൃഷ്ടാന്തമുണ്ട്.

രാപ്പകലുകൾ, സൂര്യ ചന്ദ്ര നക്ഷത്രങ്ങൾ എന്നിവയൊക്കെ മനുഷ്യന് വിധേയമാക്കി തന്നിട്ടുണ്ടെന്ന് പറഞ്ഞതിന്റെ താൽപര്യം സൂ : ഇബ്രാഹീം : 32 , 33 വചനങ്ങളുടെ വ്യാഖ്യാനത്തിലും മറ്റുമായി വിവരിച്ചിരിക്കുന്നു. “വ്യത്യസ്ത വർണ്ണങ്ങളായി നിങ്ങൾക്ക് വേണ്ടി ഭൂമിയിൽ സൃഷ്ടിച്ചിട്ടുള്ളവ ” എന്ന് പറഞ്ഞത് ഈ ഭൂമിയിൽ മനുഷ്യന് ഉപകാരപ്രദമായി നിലവിലുള്ള സസ്യവർഗ്ഗങ്ങളും, ജീവജാലങ്ങളും അടക്കം എല്ലാ ഭൂവിഭവങ്ങളെയും ഉദ്ദേശിച്ചാകുന്നു.

“ഭൂമിയിലുള്ളത് മുഴുവൻ നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചവനത്രെ അവൻ” എന്ന് അല്ലാഹു സൂ: ബഖറ: 29-ൽ പ്രഖ്യാപിച്ചിട്ടുള്ളതാകുന്നു.

നിത്യ സത്യങ്ങളായ ഈ അനുഗ്രഹങ്ങളെക്കുറിച്ച് അല്ലാഹു മനുഷ്യനെ ഓർമ്മിപ്പിക്കുന്നത് ചിന്തിക്കുന്നവർക്കും, ബുദ്ധി ഉപയോഗിക്കുന്നവർക്കും ഉറ്റാലോചിക്കുന്നവർക്കുമൊക്കെ, ഇവയിൽ നിന്നൊക്കെ ദൃഷ്ടാന്തങ്ങൾ ലഭിക്കുവാനുണ്ട് എന്നതിനാലാകുന്നു.

**വചനം 14 :**

وَهُوَ ٱلَّذِى سَخَّرَ ٱلْبَحْرَ لِتَأْكُلُوا۟ مِنْهُ لَحْمًا طَرِيًّا وَتَسْتَخْرِجُوا۟ مِنْهُ حِلْيَةً تَلْبَسُونَهَا وَتَرَى ٱلْفُلْكَ مَوَاخِرَ فِيهِ وَلِتَبْتَغُوا۟ مِن فَضْلِهِۦ وَلَعَلَّكُمْ تَشْكُرُونَ ﴿١٤﴾

14 അവൻ തന്നയാണ് സമുദ്രത്തെ വിധേയമാക്കിയവനും: അതിൽ നിന്നും നിങ്ങൾക്ക് പുതിയ മാംസം തിന്നുവാനും, നിങ്ങൾ ധരിക്കാറുള്ള ആഭരണ (പദാർത്ഥ)ങ്ങൾ അതിൽനിന്നു പുറത്തെടുക്കുവാനും വേണ്ടി; കപ്പലുകൾ അതിലൂടെ (വെള്ളം) പിളർത്തുന്നതായിക്കൊണ്ടു (സഞ്ചരിക്കുന്നതു) നിനക്കു കാണുകയും ചെയ്യാം . അവൻെറ അനുഗ്രഹത്തിൽ നിന്നു നിങ്ങൾ തേടിയെടുക്കുവാൻ വേണ്ടിയും; നിങ്ങൾ നന്ദി കാണിക്കുവാൻ വേണ്ടിയും (കൂടിയാണത്).

കടലിലെ മത്സ്യ സമ്പത്തിനെക്കുറിച്ചാകുന്നു "പുതിയ മാംസം"എന്ന് പറഞ്ഞത്. കടലിൽ നിന്ന് ലഭിക്കുന്ന മുത്ത്, പവിഴം, ചിപ്പി, മുതലായ രത്നസമ്പത്തുകളാകട്ടെ ആഭരണങ്ങൾക്കായും ഉപയോഗിപ്പെടുന്നു. കടലിലെ ഭീമാകാരമായ തിരമാലകളെയും ശക്തിയായ കാറ്റുകളെയും പിളർന്ന് കൊണ്ട് കപ്പലുകൾ വഴി മനുഷ്യൻ ദൂരദേശങ്ങളിലേക്ക് വിവിധ ആവശ്യാർത്ഥം സദാ സഞ്ചരിച്ച് കൊണ്ടിരിക്കുന്നു.

ഇത്തരം അനുഗ്രഹങ്ങൾ ചെയ്ത് തന്ന അല്ലാഹുവിനോട്, നന്ദി കാണിക്കാൻ മനുഷ്യൻ സദാ കടപെട്ടവനാണെന്ന് അല്ലാഹു ഓർമ്മിപ്പിക്കുന്നു.

**വചനം 15, 16 :**

وَأَلْقَىٰ فِى ٱلْأَرْضِ رَوَٰسِىَ أَن تَمِيدَ بِكُمْ وَأَنْهَٰرًا وَسُبُلًا لَّعَلَّكُمْ تَهْتَدُونَ ﴿١٥﴾

وَعَلَٰمَٰتٍ ۚ وَبِٱلنَّجْمِ هُمْ يَهْتَدُونَ ﴿١٦﴾

15 ഭൂമി നിങ്ങളേയും കൊണ്ടു ചരിഞ്ഞുപോകുമെന്നതിനാൽ, അതിൽ അവൻ ഉറച്ചുനിൽക്കുന്ന മലകളെ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു; നദികളെയും വഴികളെയും (ഏർപ്പെടുത്തിയിരിക്കുന്നു);നിങ്ങൾ (ഉദ്ദിഷ്ട സ്ഥാനങ്ങളിലേക്കു) മാർഗ്ഗം പ്രാപിക്കുവാൻവേണ്ടി;-

16 (പല) അടയാളങ്ങളെയും (ഏർപ്പെടുത്തിയിരിക്കുന്നു). നക്ഷത്രങ്ങൾ മൂലവും (തന്നെ) അവർ (മനുഷ്യർ) (ഉദ്ദിഷ്ടസ്ഥാനങ്ങളിലേക്കു) മാർഗ്ഗം പ്രാപിക്കുന്നു.

കരയിലാകട്ടെ, യാതൊരു താങ്ങുമില്ലാതെ നിലകൊള്ളുന്ന ഭൂഗോളം, അതിലെ നിവാസികൾ സഹിതം ചെരിഞ്ഞോ, മറിഞ്ഞോ പോകാതിരിക്കാനായി ഭാരമേറിയ പർവ്വതങ്ങളാകുന്ന നങ്കൂരങ്ങൾ വഴി അല്ലാഹു ഉറപ്പിച്ച് നിർത്തിയിരിക്കുന്നു. വിദൂരങ്ങളിൽ നിന്നും കാടും മലയും താങ്ങിയെത്തുന്ന നദികളെ കൂടി നീരിനും, കൃഷിക്കും, ഗതാഗതത്തിനും, വ്യവസായത്തിനും, വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനും, മത്സ്യബന്ധനത്തിനും ഒക്കെയായി ഉപയോഗപെടുത്തുന്നു. നാട്ടിലൂടെയും, കാട്ടിലൂടെയും, മരുഭൂമികളിലൂടെയും, വെള്ളത്തിലൂടെയും, വായുവിലൂടെയും എല്ലാമായി സഞ്ചാരയോഗ്യമായ പല വഴികളെയും അല്ലാഹു ഏർപെടുത്തിയിരിക്കുന്നു; ഈ വഴികളിലൂടെ ഉദ്ദിഷ്ട സ്ഥലങ്ങളിൽ എത്തിച്ചേരാനായി കുന്നുകൾ , വയലുകൾ, പാറകൾ, മണലുകൾ, മരങ്ങൾ തുടങ്ങി ഒട്ടേറെ അടയാളങ്ങളും. രാത്രികളിൽ ദിക്കുകളറിയാനായി നക്ഷത്രങ്ങളെയും അല്ലാഹു വിതാനിച്ചിരിക്കുന്നു.

**വചനം 17 :**

أَفَمَن يَخْلُقُ كَمَن لَّا يَخْلُقُ ۗ أَفَلَا تَذَكَّرُونَ ﴿١٧﴾

17 അപ്പോൾ, സൃഷ്ടിക്കുന്ന (ഒരു) വൻ സൃഷ്ടിക്കാത്തവരെപ്പോലെയാകുന്നുവോ?! അപ്പോൾ, (ബഹുദൈവാരാധകരേ,) നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ?!

മുകളിൽ വിവരിച്ചത് പോലെയുള്ള വസ്തുക്കളെയൊക്കെ സൃഷ്ടിച്ച് രൂപപെടുത്തിയ അല്ലാഹുവും, ഒരു അണു പോലും സൃഷ്ടിച്ചുണ്ടാക്കുവാൻ കഴിയാത്തവരും എങ്ങനെ സമമാകും - എന്നിരിക്കെ വിഗ്രഹങ്ങൾ. ദേവീ ദേവൻമാർ , മഹാത്മാക്കൾ എന്നു തുടങ്ങി, അല്ലാഹു അല്ലാത്ത ഏതൊരു വസ്തുവെയും അവന്റെ പങ്കുകാരനോ, സമാനനോ ആയി കരുതി ആരാധിക്കുന്നത് എത്ര മാത്രം മൂഢത്തമാണ്. മനുഷ്യർ ഒട്ടും ആലോചിച്ച് നോക്കാത്തതെന്താണ്.- എന്നിങ്ങനെ അല്ലാഹു മനുഷ്യന്റെ ബുദ്ധിയെ തട്ടിയുണർത്തുന്നു.

**വചനം 18 :**

18 അല്ലാഹുവിൻെറ അനുഗ്രഹത്തെ നിങ്ങൾ എണ്ണുന്നപക്ഷം നിങ്ങൾ അതു കണക്കാക്കുന്നല്ല.(നിങ്ങൾക്കതിന്നു സാധ്യമല്ല).നിശ്ചയമായും അല്ലാഹു, വളരെ പൊറുക്കുന്നവനും, കരുണാനിധിയും തന്നെ.

وَإِن تَعُدُّوا۟ نِعْمَةَ ٱللَّهِ لَا تُحْصُوهَآ ۗ
إِنَّ ٱللَّهَ لَغَفُورٌ رَّحِيمٌ ﴿١٨﴾

എണ്ണിയാലൊടുങ്ങാത്ത അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാതെ, നിങ്ങൾ ശിർക്കിലും, തോന്നിയവാസത്തിലും മുഴുകിയിരുന്നിട്ടും, തൽക്ഷണം നിങ്ങളുടെ മേൽ ശിക്ഷാ നടപടി എടുക്കാതിരിക്കുന്നതും, നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുന്നതുമൊക്കെ അവൻ അങ്ങേയറ്റം പൊറുക്കുന്നവനും കരുണാനിധിയും ആയത് കൊണ്ടാകുന്നു. (സൂ: ഇബ്രാഹീം : 34-ാം വചനത്തിന്റെ വ്യാഖ്യാനം ശ്രദ്ധിക്കുക)

**വചനം 19, 20, 21 :**

19 അല്ലാഹു, നിങ്ങൾ രഹസ്യമാക്കുന്നതിനെയും, നിങ്ങൾ പരസ്യമാക്കുന്നതിനെയും അറിയുന്നു.

20 അല്ലാഹുവിന്നു പുറമെ, അവർ വിളിച്ചു (പ്രാർത്ഥിച്ചു) കൊണ്ടിരിക്കുന്നവർ യാതൊന്നും (തന്നെ) സൃഷ്ടിക്കുന്നില്ല; അവരാകട്ടെ, സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

21 (അവർ) നിർജ്ജീവങ്ങളാകുന്നു; ജീവനില്ലാത്തവരാകുന്നു. ഇവർ ഏതു സമയത്ത് എഴുന്നേൽപിക്കപ്പെടുമെന്ന് അവർ അറിയുകയുമില്ല.

وَٱللَّهُ يَعْلَمُ مَا تُسِرُّونَ وَمَا تُعْلِنُونَ ﴿١٩﴾
وَٱلَّذِينَ يَدْعُونَ مِن دُونِ ٱللَّهِ لَا
يَخْلُقُونَ شَيْـًٔا وَهُمْ يُخْلَقُونَ ﴿٢٠﴾
أَمْوَٰتٌ غَيْرُ أَحْيَآءٍ ۖ وَمَا يَشْعُرُونَ
أَيَّانَ يُبْعَثُونَ ﴿٢١﴾

ബഹുദൈവാരാധനയുടെ നിരർത്ഥതയും പരദൈവങ്ങൾക്ക് ആരാധനക്കുള്ള അനർഹതയുമാണ് ഈ വചനങ്ങളിൽ ചൂണ്ടിക്കാട്ടുന്നത്. വിഗ്രഹങ്ങൾ മുതലായ പരദൈവങ്ങൾ യാതൊന്നിനെയും സൃഷ്ടിച്ചുണ്ടാക്കുന്നില്ല. അവ തന്നെയും സൃഷ്ടിക്കപെടുന്നവയാണ് ; അവ നിർജ്ജീവങ്ങളാകുന്നു : മേലിൽ ജീവനുണ്ടാകുവാനും പോകുന്നില്ല;അവരുടെ ആരാധകന്മാരെ ഏതവസരത്തിലാണ് ഖബറുകളിൽ നിന്ന് ഉയർത്തെഴുന്നേൽപിക്കപെടുകയെന്ന വിവരവും അവർക്കില്ല. എന്നിരിക്കെ, നിന്ദ്യവും നിസ്സാരവുമായ ഈ വസ്തുക്കളെ വിളിച്ച് പ്രാർത്ഥിക്കുന്നത് അങ്ങേയറ്റം അർത്ഥശൂന്യവും പടു വങ്കത്തവുമാണല്ലൊ.

## വിഭാഗം 3

**വചനം 22 23 :**

22 നിങ്ങളുടെ ആരാധ്യൻ ഒരേ ഒരു ആരാധ്യനാകുന്നു. എന്നാൽ, പരലോകത്തിൽ വിശ്വസിക്കാത്തവർ-അവരുടെ ഹൃദയങ്ങൾ (അതു) നിഷേധിക്കുന്നവയാകുന്നു. അവർ അഹംഭാവം നടിക്കുന്നവരുമാകുന്നു.

23 നിസ്സംശയമത്രെ, അവർ രഹസ്യമാക്കുന്നതും, അവർ പരസ്യമാക്കുന്നതും അല്ലാഹു അറിയുന്നുവെന്നുള്ളത്. നിശ്ചയമായും അവൻ, അഹംഭാവം നടിക്കുന്നവരെ ഇഷ്ടപ്പെടുകയില്ല.

إِلَـٰهُكُمْ إِلَـٰهٌ وَٰحِدٌ ۚ فَٱلَّذِينَ لَا
يُؤْمِنُونَ بِٱلْـَٔاخِرَةِ قُلُوبُهُم مُّنكِرَةٌ وَهُم
مُّسْتَكْبِرُونَ ﴿٢٢﴾
لَا جَرَمَ أَنَّ ٱللَّهَ يَعْلَمُ مَا يُسِرُّونَ
وَمَا يُعْلِنُونَ ۚ إِنَّهُۥ لَا يُحِبُّ
ٱلْمُسْتَكْبِرِينَ ﴿٢٣﴾

പരലോകത്തിൽ വിശ്വസിക്കാത്ത മുശ്രിക്കുകൾ അല്ലാഹുവിന്റെ ഏകത്വത്തെ നിഷേധിക്കുന്നവരും, അഹങ്കാരികളുമാകുന്നു- അഹംഭാവം കൊണ്ടാണവർ വിശ്വസിക്കാതിരിക്കുന്നത്. അവരുടെ രഹസ്യവും പരസ്യവും അറിഞ്ഞ് കൊണ്ടിരിക്കുന്ന അല്ലാഹു അവർക്കെതിരെ തക്കതായ നടപടി കൈകൊള്ളുക തന്നെ ചെയ്യും. ഇത്തരക്കാരെ സംബന്ധിച്ച് സൂ : സുമർ 45ാം വചനത്തിലും സൂ: മുഅ്മിൻ : 60ാം വചനത്തിലും അല്ലാഹു താക്കീത് നൽകിയിരിക്കുന്നു.

നബി(സ) പറഞ്ഞതായി ഇബ്ന് മസ്ഊദ്(റ) ഉദ്ധരിക്കുന്നു: ഹൃദയത്തിൽ അണുമ്മണിത്തൂക്കം അഹംഭാവമുള്ളവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല ; അണുമണിത്തൂക്കം സത്യവിശ്വാസം ഹൃദയത്തിലുള്ളവർ നരകത്തിൽ പ്രവേശിക്കുകയില്ല. അഹംഭാവം എന്നാൽ യഥാർത്ഥത്തെ ധിക്കരിക്കലും, മനുഷ്യരോട് അവഗണന കാണിക്കുന്നതുമാകുന്നു (മു, തി. ദാ)

**വചനം 24, 25 :**

وَإِذَا قِيلَ لَهُم مَّاذَآ أَنزَلَ رَبُّكُمْ ۙ قَالُوٓا۟ أَسَـٰطِيرُ ٱلْأَوَّلِينَ ﴿٢٤﴾ لِيَحْمِلُوٓا۟ أَوْزَارَهُمْ كَامِلَةً يَوْمَ ٱلْقِيَـٰمَةِ ۙ وَمِنْ أَوْزَارِ ٱلَّذِينَ يُضِلُّونَهُم بِغَيْرِ عِلْمٍ ۗ أَلَا سَآءَ مَا يَزِرُونَ ﴿٢٥﴾

24 നിങ്ങളുടെ റബ്ബ് അവതരിപ്പിച്ചത് എന്താണ്?' എന്ന് അവരോടു പറയപ്പെട്ടാൽ, അവർ പറയും: പൂർവ്വികൻമാരുടെ പുരാണകഥകൾ എന്ന്.

25 (അതെ) ഖിയാമത്തുനാളിൽ അവർ തങ്ങളുടെ കുററ (ഭാര)ങ്ങൾ പൂർണ്ണമായും വഹിക്കുവാൻവേണ്ടി; (കൂടാതെ) യാതൊരുകൂട്ടരെ അറിവില്ലാതെ തങ്ങൾ വഴിപിഴപ്പിക്കുന്നുവോ അവരുടെ കുറ്റ (ഭാര)ങ്ങളിൽ നിന്നും (കുറെ വഹിക്കുവാൻവേണ്ടി). അല്ലാ(-അറിയുക)! അവർ പേറുന്നത് (അവരുടെ കുറ്റഭാരം) വളരെ മോശം!

നബി(സ)ക്ക് അവതരിക്കപെട്ടതിനെ പറ്റി അവരോട് ചോദിച്ചാൽ, അവയൊക്കെ ചില പഴം പുരാണങ്ങളും, ഐതിഹ്യങ്ങളുമാണെന്ന് അവർ പരിഹസിക്കും. അങ്ങനെ പറഞ്ഞ് വിവരമില്ലാത്ത ആളുകളെ വഴി പിഴപ്പിക്കുന്ന അക്കൂട്ടർ ഖിയാമത്ത് നാളിൽ അവരുടെ തെറ്റ് കുറ്റങ്ങൾ മാത്രമല്ല അവർ മൂലം വഴി പിഴക്കുന്ന ആളുകളുടെ പാപഭാരത്തിന്റെ ഒരു പങ്ക് കൂടെ വഹിക്കേണ്ടതായി വരും

“അവർ അവരുടെ ഭാരങ്ങളും, അവരുടെ ഭാരങ്ങളോടൊപ്പം വേറെ ഭാരങ്ങളും വഹിക്കേണ്ടി വരും ”എന്ന് സൂ: അൻകബൂത്ത് : 13ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

നേർമാർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നവന് അവനെ പിൻ പറ്റിയവരുടെ പ്രതിഫലത്തിൽ ഒരു കുറവും വരാതെ അവരുടെ അതേ മാതിരി പ്രതിഫലം ലഭിക്കുന്നതാണെന്നും ദുർമാർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നവന് അവനെ പിൻപറ്റിയവരുടെ അതേ മാതിരി ശിക്ഷ ലഭിക്കുന്നതാണെന്നും, നബി(സ) പ്രതിവചിച്ചിരിക്കുന്നു. (മു)

## വിഭാഗം 4

**വചനം 26, 27 :**

قَدْ مَكَرَ ٱلَّذِينَ مِن قَبْلِهِمْ فَأَتَى ٱللَّهُ بُنْيَـٰنَهُم مِّنَ ٱلْقَوَاعِدِ فَخَرَّ عَلَيْهِمُ ٱلسَّقْفُ مِن فَوْقِهِمْ وَأَتَىٰهُمُ ٱلْعَذَابُ مِنْ حَيْثُ لَا يَشْعُرُونَ ﴿٢٦﴾ ثُمَّ يَوْمَ ٱلْقِيَـٰمَةِ يُخْزِيهِمْ وَيَقُولُ أَيْنَ شُرَكَآءِىَ ٱلَّذِينَ كُنتُمْ تُشَـٰٓقُّونَ فِيهِمْ

26 ഇവരുടെ മുമ്പുള്ളവർ (കു)തന്ത്രം പ്രയോഗിക്കുകയുണ്ടായി; അപ്പോൾ, (കുതന്ത്രങ്ങളാകുന്ന) അവരുടെ കെട്ടിടത്തിങ്കൽ (അതിൻെറ) അടിത്തറകളിലൂടെ അല്ലാഹു ചെന്നു; എന്നിട്ട് അവരുടെ മുകളിൽ നിന്നു മേല്പുര അവരുടെ മേൽ പൊളിഞ്ഞുവീണു. അവർ അറിയാത്തവിധത്തിലൂടെ ശിക്ഷ അവർക്കു വരുകയും ചെയ്തു.

27 പിന്നെ, ഖിയാമത്തുനാളിൽ അവൻ അവരെ അപമാനത്തിലാക്കുകയും ചെയ്യും.അവൻ പറയുന്നതുമാണ്: യാതൊരു കൂട്ടരുടെ കാര്യത്തിൽ നിങ്ങൾ ചേരിപിരിഞ്ഞു (മത്സരിച്ചു)

ۚ قَالَ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ إِنَّ ٱلْخِزْىَ ٱلْيَوْمَ وَٱلسُّوٓءَ عَلَى ٱلْكَٰفِرِينَ ﴿٢٧﴾

കൊണ്ടിരുന്നുവോ അങ്ങിനെയുള്ള എൻെറ (ആ) പങ്കുകാർ എവിടെ!' അറിവു നൽകപ്പെട്ടവർ പറയും: നിശ്ചയമായും, ഇന്നു അപമാനവും തിന്മ (ശിക്ഷ)യും അവിശ്വാസികളുടെ മേലാകുന്നു.'

'' എന്റെ പങ്കുകാരാണെന്ന് പറഞ്ഞ് കൊണ്ട് ചിലരെ പറ്റി നിങ്ങൾ വിശ്വാസികളിൽ നിന്ന് വേർ തിരിഞ്ഞ് മത്സരിച്ച് കൊണ്ടിരുന്നവരല്ലോ. ആ പങ്കുകാരൊക്കെ ഇപ്പോൾ എവിടെ പോയി '' എന്ന് ആ മുശ്‌രിക്കുകൾ ചോദിക്കപ്പെടും. ഇഹലോകത്തിൽ വെച്ച് അവരെ സത്യ വിശ്വാസത്തിലേക്ക് ക്ഷണിച്ച് കൊണ്ടിരുന്ന പ്രവാചകൻമാരും സത്യ വിശ്വാസികളും, ഇപ്രകാരം പറയുന്നതാണ് -'' ഇന്ന് അപമാനവും ശിക്ഷയും അവിശ്വാസികളുടെ മേലാകുന്നു.''

**വചനം 28 29 :**

ٱلَّذِينَ تَتَوَفَّىٰهُمُ ٱلْمَلَٰٓئِكَةُ ظَالِمِىٓ أَنفُسِهِمْ ۖ فَأَلْقَوُا۟ ٱلسَّلَمَ مَا كُنَّا نَعْمَلُ مِن سُوٓءٍۭ ۚ بَلَىٰٓ إِنَّ ٱللَّهَ عَلِيمٌۢ بِمَا كُنتُمْ تَعْمَلُونَ ﴿٢٨﴾

فَٱدْخُلُوٓا۟ أَبْوَٰبَ جَهَنَّمَ خَٰلِدِينَ فِيهَا ۖ فَلَبِئْسَ مَثْوَى ٱلْمُتَكَبِّرِينَ ﴿٢٩﴾

28 അതായത്, തങ്ങളുടെ സ്വന്തങ്ങളോട് അക്രമം ചെയ്യുന്നവരായിരിക്കെ, മലക്കുകൾ പൂർണ്ണമായി പിടിച്ചെടുക്കുന്നവർ (മരണപ്പെടുത്തുന്നവർ)' അപ്പോൾ, അവർ കീഴൊതുക്കം പ്രകടിപ്പിക്കും; (അവർ പറയും:)'ഞങ്ങൾ യാതൊരുതിൻമയും (കുറ്റവും) പ്രവർത്തിച്ചിരുന്നില്ല' എന്ന്.(അവരോടു പറയപ്പെടും:) ഇല്ലാതെ! നിശ്ചയമായും, നിങ്ങൾ പ്രവർത്തിച്ചു വന്നിരുന്നതിനെപ്പറ്റി അല്ലാഹു അറിയുന്നവനാകുന്നു.

29 അതിനാൽ നിങ്ങൾ ജഹന്നമി' (നരകത്തി) ൻെറ വാതിലുകളിൽ പ്രവേശിക്കുവിൻ - അതിൽ സ്ഥിരവാസികളായിക്കൊണ്ട്; അപ്പോൾ (ആ) അഹംഭാവികളുടെ പാർപ്പിടം വളരെ ചീത്ത തന്നെ!'

അക്രമികളായിരിക്കുമ്പോൾ മലക്കുകൾ പുർണ്ണമായി പിടിച്ചെടുക്കുന്നവർ എന്ന് അവിശ്വാസികളെ വിശേഷിപ്പിച്ചതിൽ, മരണത്തോട് കൂടി തന്നെ അവർ കഷ്ടതകളും യാതനകളും അനുഭവിക്കാൻ തുടങ്ങിയിട്ടുണ്ടെന്നുള്ള സൂചനയാണുള്ളത്. സൂ: അൻ ആം : 93 , സൂ : അൻഫാൽ : 50 ; സൂ : മുഹമ്മദ് : 27, എന്നീ വചനങ്ങളിൽ ഇക്കാര്യം വ്യക്തമായി തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ശിക്ഷയും കഷ്ടപാടും സഹിക്ക വയ്യാതാകുമ്പോൾ ആ അഹങ്കാരികൾ തങ്ങൾ കുറ്റമൊന്നും ചെയ്തിട്ടില്ലെന്ന് പറഞ്ഞ് താഴ്മയും വിനയവും പ്രകടിപ്പിക്കുന്നതാണ്. എന്നാൽ അവരുടെ രഹസ്യ പരസ്യങ്ങളെല്ലാം നന്നായറിയാവുന്ന അല്ലാഹു സ്ഥിരമായ നരക ശിക്ഷയായിരിക്കും, അവർക്കായി, കരുതി വെച്ചിട്ടുള്ളത്.

**വചനം 30 31 32 :**

۞ وَقِيلَ لِلَّذِينَ ٱتَّقَوْا۟ مَاذَآ أَنزَلَ رَبُّكُمْ ۚ قَالُوا۟ خَيْرًا ۗ لِّلَّذِينَ أَحْسَنُوا۟ فِى هَٰذِهِ ٱلدُّنْيَا حَسَنَةٌ ۚ وَلَدَارُ ٱلْءَاخِرَةِ خَيْرٌ ۚ وَلَنِعْمَ دَارُ ٱلْمُتَّقِينَ ﴿٣٠﴾

جَنَّٰتُ عَدْنٍ يَدْخُلُونَهَا تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ ۖ لَهُمْ فِيهَا مَا يَشَآءُونَ ۚ

30 നിങ്ങളുടെ റബ്ബ് എന്താണ് അവതരിപ്പിച്ചത്?' എന്നു സൂക്ഷ്മത പാലിച്ചവരോടു പറയപ്പെടും. അവർ പറയും: ഉത്തമമായതു (തന്നെ).'നൻമ പ്രവർത്തിച്ചവർക്ക് ഈ ഇഹലോകത്തു നൻമയുണ്ടായിരിക്കും; പരലോകഭവനമാകട്ടെ, ഏറ്റം ഉത്തമവുമാകുന്നു.സൂക്ഷ്മത പാലിക്കുന്നവരുടെ ഭവനം എത്രയോ നല്ലതുതന്നെ!

31 (അതെ) അവർ പ്രവേശിക്കുന്നതായ (ആ) സ്ഥിരവാസത്തിൻെറ സ്വർഗ്ഗങ്ങൾ! അവയുടെ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അവർ ഉദ്ദേശിക്കുന്നത് (എന്തും)

كَذَٰلِكَ يَجْزِي ٱللَّهُ ٱلْمُتَّقِينَ ﴿٣١﴾

അവർക്കതിൽ ഉണ്ട്. അപ്രകാരമത്രെ, സൂക്ഷ്മത പാലിക്കുന്നവർക്ക് അല്ലാഹു പ്രതിഫലം നൽകുന്നത്.

ٱلَّذِينَ تَتَوَفَّىٰهُمُ ٱلْمَلَٰٓئِكَةُ طَيِّبِينَ يَقُولُونَ سَلَٰمٌ عَلَيْكُمُ ٱدْخُلُوا۟ ٱلْجَنَّةَ بِمَا كُنتُمْ تَعْمَلُونَ ﴿٣٢﴾

32 അതായത്, തങ്ങൾ (നല്ല) വിശിഷ്ടൻമാരാ യിരിക്കെ മലക്കുകൾ പൂർണ്ണമായി പിടിച്ചെടുക്കു ന്ന (മരണപ്പെടുത്തുന്ന) വർക്ക്. അവർ (മല ക്കുകൾ) പറയും: നിങ്ങൾക്കു സലാം' (സമാധാ നാശംസ)! നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്ന തു നിമിത്തം നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശി ച്ചുകൊള്ളുവിൻ!'

ഈ വചനങ്ങളിൽ സത്യവിശ്വാസികൾക്കുള്ള പ്രതിഫലത്തെ പറ്റി അല്ലാഹു വിശദീകരിക്കുന്നു. " അല്ലാഹു എന്ത് അവതരിപ്പിച്ചു" എന്ന് ചോദിക്കപ്പെട്ടാൽ സൂക്ഷ്മത പാലിച്ചവർ പറയുക "ഉത്തമമായത് " എന്നായിരിക്കും. അവർ ഇഹത്തിൽ വെച്ച് സൽകർമ്മങ്ങൾ ചെയ്ത് നന്മ നേടിയെടുക്കുകയും, സന്തുഷ്ടരും സമാധാന ചിത്തരു മായി ജീവിക്കുകയും ചെയ്തു. മരണപെടുമ്പോളാകട്ടെ മലക്കുകൾ ഇവരോട് സ്വാഗതം പറഞ്ഞ് കൊണ്ട് സന്തോ ഷത്തോടെയാണ് പെരുമാറിയത്. മരണാനന്തരമാകട്ടെ ശാശ്വതമായ സ്വർഗ്ഗീയ ജീവിതവും.

അങ്ങനെ ഇഹത്തിലും പരത്തിലും വിശ്വാസികളും അവിശ്വാസികളും എല്ലാ പ്രകാരത്തിലും പരസ്പര വിരുദ്ധർ തന്നെ.

**വചനം 33 34 :**

هَلْ يَنظُرُونَ إِلَّآ أَن تَأْتِيَهُمُ ٱلْمَلَٰٓئِكَةُ أَوْ يَأْتِىَ أَمْرُ رَبِّكَ ۚ كَذَٰلِكَ فَعَلَ ٱلَّذِينَ مِن قَبْلِهِمْ ۚ وَمَا ظَلَمَهُمُ ٱللَّهُ وَلَٰكِن كَانُوٓا۟ أَنفُسَهُمْ يَظْلِمُونَ ﴿٣٣﴾

33 അവർ (അവിശ്വാസികൾ) തങ്ങൾക്കു മലക്കുകൾ വരുന്നതിനെയോ, നിൻെറ റബ്ബിൻെറ കൽപന വരുന്നതിനെയോ, അല്ലാതെ നോക്കിക്കൊ ണ്ടിരിക്കുന്നുവോ?! (മറ്റൊന്നും അവർക്കു കാത്തിരിക്കുവാനില്ല.) (അവർ ചെയ്ത) അതു പോലെ, അവരുടെ മുമ്പുള്ളവരും ചെയ്തിരി ക്കുന്നു. അവരെ അല്ലാഹു അക്രമിച്ചിട്ടില്ല; എങ്കി ലും അവർ അവരെത്തന്നെയായിരുന്നു അക്രമി ച്ചിരുന്നത്.

فَأَصَابَهُمْ سَيِّـَٔاتُ مَا عَمِلُوا۟ وَحَاقَ بِهِم مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٣٤﴾

34 അങ്ങനെ, അവർ പ്രവർത്തിച്ചതിൻെറ തിൻമകൾ അവർക്കു ബാധിച്ചു. അവർ എതൊന്നിനെ ക്കുറിച്ച് പരിഹാസംകൊണ്ടിരുന്നുവോ അത് (ആ ശിക്ഷ) അവരിൽ വലയം ചെയ്കയും ചെയ്തു.

അല്ലാഹു അവതരിപ്പിച്ചത് പുരാണ കഥകളാണെന്നും മറ്റും പറഞ്ഞ് പരിഹസിച്ചിരുന്ന അവിശ്വാസി കൾക്ക്, മരണം പിടികൂടുകയൊ, അല്ലെങ്കിൽ അല്ലാഹുവിങ്കൽ നിന്നുള്ള പൊതു ശിക്ഷയൊ അല്ലാതെ മറ്റൊന്നും പ്രതീക്ഷിക്കുവാനില്ല. ഇവരുടെ മുമ്പുണ്ടായിരുന്ന അവിശ്വാസികളും അല്ലാഹുവിന്റെ ശിക്ഷക്ക് വിധേയരാകുക യാണുണ്ടായത്. അത് അല്ലാഹു അവരോട് ചെയ്ത അനീതി ആയിരുന്നില്ല ; അവർ അവരോട് തന്നെ ചെയ്ത അനീതികളുടെ ഫലമായിരുന്നു.

## വിഭാഗം 5

**വചനം 35 :**

وَقَالَ ٱلَّذِينَ أَشْرَكُوا۟ لَوْ شَآءَ ٱللَّهُ مَا عَبَدْنَا مِن دُونِهِۦ مِن شَىْءٍ نَّحْنُ وَلَآ

35 (അല്ലാഹുവിനോടു) പങ്കു ചേർത്തവർ പറയുക യാണ്: അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ, ഞങ്ങളാകട്ടെ, ഞങ്ങളുടെ പിതാക്കളാകട്ടെ, അവനു പുറമെ യാതൊരു വസ്തുവെയും

ءَابَآؤُنَا وَلَا حَرَّمْنَا مِن دُونِهِۦ مِن شَىْءٍۚ كَذَٰلِكَ فَعَلَ ٱلَّذِينَ مِن قَبْلِهِمْۚ فَهَلْ عَلَى ٱلرُّسُلِ إِلَّا ٱلْبَلَٰغُ ٱلْمُبِينُ ﴿٣٥﴾

ആരാധിക്കുമായിരുന്നില്ല; അവനെ കൂടാതെ ഞങ്ങൾ (സ്വന്തം നിലക്കു) യാതൊന്നിനെയും നിഷിദ്ധമാക്കുകയും ചെയ്യുമായിരുന്നില്ല. അതുപോലെ, അവരുടെ മുമ്പുള്ളവരും ചെയ്തിരിക്കുന്നു. എന്നാൽ, റസൂലുകളുടെ മേൽ സ്പഷ്ടമായ പ്രബോധനമല്ലാതെ (ബാധ്യത) യുണ്ടോ?:

അല്ലാഹു അല്ലാത്തവരെ ആരാധിച്ച് വരുന്നതിനും (സൂ: മാഇദ : 103 നോക്കുക) ചില ഭക്ഷ്യ വസ്തുക്കളെ നിഷിദ്ധമാക്കിയതിനും, മുശ്രിക്കുകൾ പറയാറുള്ള ന്യായമാണ് ഈ വചനത്തിൽ അല്ലാഹു ഉദ്ധരിച്ചത് . ഞങ്ങളുടെയും പൂർവ്വികന്മാരുടെയും അനുഷ്ഠാനങ്ങളെല്ലാം അവന്റെ ഉദ്ദേശപ്രകാരം ഉള്ളവയാകുന്നു. അവൻ തൃപ്തിപെടാത്ത കാര്യം അവൻ ഉദ്ദേശിക്കുകയില്ലല്ലൊ. റസൂലുകളുടെ നിയോഗത്തെയും, വേദഗ്രന്ഥങ്ങളുടെ അവതരണത്തേയും, അല്ലാഹുവിന്റെ ഉദ്ദേശ്യമനുസരിച്ചാണ് എല്ലാ കാര്യങ്ങളും സംഭവിക്കുന്നതെന്ന യാഥാർത്ഥ്യത്തെയും പരിഹസിക്കുകയെന്നതാണ് അവരുടെ ഈ വാദത്തിന്റെ പിന്നിലുള്ള ഗൂഢോദ്ദേശം.

ഈ വാദത്തിനുള്ള മറുപടി സൂ : അൻആം: 148 ലും സൂ: സൂഖുറുഫ്: 20 ലും കാണാവുന്നതാണ്.

ഈ വാദം ഉന്നയിക്കുന്ന മുശ്രിക്കുകളും അവരുടെ മുൻഗാമികളും ഒക്കെ തന്നെ റസൂലുകളുടെ മാർഗ്ഗദർശനം ലഭിക്കാത്തവരായിട്ടില്ല. റസൂലുകളെ സംബന്ധിച്ചെടത്തോളം, സത്യമാർഗ്ഗം പ്രബോധനം ചെയ്യുകയെന്നല്ലാതെ എല്ലാവരേയും സന്മാർഗ്ഗത്തിലാക്കുകയെന്ന ബാധ്യത അവർക്കില്ല - എന്ന് അല്ലാഹു അവരെ ഓർമ്മിപ്പിക്കുന്നു.

**വചനം 36 :**

وَلَقَدْ بَعَثْنَا فِى كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟ ٱلطَّٰغُوتَۖ فَمِنْهُم مَّنْ هَدَى ٱللَّهُ وَمِنْهُم مَّنْ حَقَّتْ عَلَيْهِ ٱلضَّلَٰلَةُۚ فَسِيرُوا۟ فِى ٱلْأَرْضِ فَٱنظُرُوا۟ كَيْفَ كَانَ عَٰقِبَةُ ٱلْمُكَذِّبِينَ ﴿٣٦﴾

36 തീർച്ചയായും, എല്ലാ (ഓരോ) സമുദായത്തിലും നാം റസൂലിനെ നിയോഗിച്ചയച്ചിട്ടുണ്ട്; നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും, ത്വാഗൂത്തി' നെ (ദുർമ്മൂർത്തികളെ) വെടിയുകയും ചെയ്യണ' മെന്നു (പ്രബോധനം ചെയ്തുകൊണ്ട്).എന്നിട്ട്, അല്ലാഹു നേർമ്മാർഗ്ഗത്തിലാക്കിയവർ അവരുടെ കൂട്ടത്തിലുണ്ട്; ദുർമ്മാർഗ്ഗം അവകാശപ്പെട്ട (സ്ഥിരപ്പെട്ട)വരും അവരുടെ കൂട്ടത്തിലുണ്ട്. ആകയാൽ, നിങ്ങൾ ഭൂമിയിൽ നടന്ന് (ആ) വ്യാജമാക്കിയവരുടെ പര്യവസാനം എങ്ങിനെയാണുണ്ടായതെന്നു നോ (ക്കി മനസ്സിലാ)ക്കുവിൻ !

എല്ലാ സമുദായത്തിലും റസൂലുകളെ നാം നിയോഗിച്ചിട്ടുണ്ട് എന്ന് 35: 24 ലും അല്ലാഹു പറഞ്ഞിരിക്കുന്നു. ("ഒരു സമുദായത്തിനും തന്നെ ഒരു താക്കീത് നൽകുന്നവൻ കഴിഞ്ഞ് പോകാതിരുന്നിട്ടില്ല") എന്നാൽ ഖുർആനിലൊ, നബി വചനങ്ങളിലൊ വ്യക്തമായി പ്രസ്താവിക്കപെട്ടതല്ലാതെ, ഇന്ന കാലത്ത്, ഇന്ന രാജ്യത്ത് ഇന്ന പ്രവാചകൻ വന്നിട്ടുണ്ടെന്ന് പറയാൻ നമുക്ക് പാടുള്ളതല്ല.

'ത്വാഗൂത്ത്'എന്ന വാക്കിന്റെ വിശദ ആശയങ്ങളെ സംബന്ധിച്ച് സൂ : അൽ ബഖറ 256ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്. അല്ലാഹുവിനെ ആരാധിക്കുകയും ത്വാഗൂത്തുകളെ വെടിയുകയും ചെയ്യണമെന്ന ഉദ്ബോധനവുമായി, എല്ലാ സമുദായങ്ങളിലും റസൂലുകൾ നിയോഗിക്കപെട്ടപ്പോൾ അക്കൂട്ടരിൽ അല്ലാഹു നേർമാർഗ്ഗത്തിലാക്കിയ ഭാഗ്യവാൻമാരും ദുർമാർഗ്ഗത്തിൽ ഉറച്ച് നിന്ന നിർഭാഗ്യവാന്മാരും ഉണ്ട്. ഭൂമിയിലൂടെ സഞ്ചരിച്ചാൽ ആ വ്യാജവാദികളൊക്കെ അനുഭവിച്ച ശിക്ഷയും നാശവും അവരുടെ പര്യവസാനവും നിങ്ങൾക്ക് കണ്ട് മനസ്സിലാക്കാനാകുന്നതാണ്.

**വചനം 37 :**

إِن تَحْرِصْ عَلَىٰ هُدَىٰهُمْ فَإِنَّ ٱللَّهَ لَا

37 (നബിയേ) അവരെ നേർമാർഗ്ഗത്തിലാക്കുവാൻ നീ അത്യാഗ്രഹിക്കുന്നുവെങ്കിൽ, നിശ്ചയമായും,

അല്ലാഹു വഴിപിഴവിലാക്കുന്നവരെ അവൻ നേർമ്മാർഗ്ഗത്തിലാക്കുകയില്ല. അവർക്കു സഹാ യികളായിട്ട് (ആരും) ഇല്ല താനും.

يَهۡدِي مَن يُضِلُّۖ وَمَا لَهُم مِّن نَّٰصِرِينَ ٣٧

എല്ലാവരും സന്മാർഗ്ഗികൾ ആയിത്തീരണമെന്ന് നബി(സ)ക്ക് അത്യാഗ്രഹമുണ്ടെങ്കിലും , അല്ലാഹു നേർ മാർഗ്ഗത്തിലാക്കുന്നവരേ നേർമാർഗ്ഗം പ്രാപിക്കുകയുള്ളൂ. ആരെയൊക്കെ നേർമാർഗ്ഗത്തിലാക്കണമെന്നും, ആരെ യൊക്കെ ദുർമാർഗ്ഗത്തിൽ സ്ഥിരപെടുത്തണമെന്നും അല്ലാഹുവിന് നല്ല പോലെ അറിയാം. (താഴെ 125ാം വചന വും, സൂ അൽബഖറ: 272 ഉം സു : ഖസ്വസ്വ് 56ാം വചനവും നോക്കുക)

**വചനം 38, 39 :**

38 അവർ (അവിശ്വാസികൾ) അല്ലാഹുവിനെ ക്കൊണ്ട്-തങ്ങൾക്കു കഴിയുംവിധം ശക്തി യായി-സത്യം ചെയ്തു പറയുകയാണ്: മരണ പ്പെടുന്നവരെ അല്ലാഹു എഴുന്നേൽപിക്കുകയില്ല' എന്ന്! ഇല്ലാതേ, അവൻെറമേൽ (ബാധ്യത) ഉള്ള ഒരു യഥാർത്ഥവാഗ്ദത്തം!(അതവൻ നിറവേ ററുക തന്നെ ചെയ്യും) എങ്കിലും, മനുഷ്യരിൽ അധികമാളും അറിയുന്നില്ല.

39 അവർ യാതൊന്നിൽ ഭിന്നാഭിപ്രായത്തിലാകു ന്നുവോ അത് അവർക്ക് അവൻ (വ്യക്തമാക്കി) വിവരിച്ചുകൊടുക്കുവാൻ വേണ്ടിയാകുന്നു (അവരെ എഴുന്നേൽപിക്കുന്നത്) ; തങ്ങൾ വ്യാജം പറയുന്നവരായിരുന്നുവെന്നു അവിശ്വാ സികൾ അറിയുവാൻ വേണ്ടിയാകുന്നു.

وَأَقۡسَمُواْ بِٱللَّهِ جَهۡدَ أَيۡمَٰنِهِمۡ لَا يَبۡعَثُ ٱللَّهُ مَن يَمُوتُۚ بَلَىٰ وَعۡدًا عَلَيۡهِ حَقّٗا وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا يَعۡلَمُونَ ٣٨

لِيُبَيِّنَ لَهُمُ ٱلَّذِي يَخۡتَلِفُونَ فِيهِ وَلِيَعۡلَمَ ٱلَّذِينَ كَفَرُوٓاْ أَنَّهُمۡ كَانُواْ كَٰذِبِينَ ٣٩

തെളിവുകളിൽ നിന്നും ദൃഷ്ടാന്തങ്ങളിൽ നിന്നും കാര്യം ഗ്രഹിക്കാതെ ഭിന്നിച്ചും വ്യാജമാക്കിയും കൊണ്ടി രിക്കുന്ന അവർക്ക് മരണാനന്തരം എഴുന്നേൽപിക്കപെടുമ്പോൾ ശരിയായിട്ട് കാര്യം വ്യക്തമാകും. മരണശേഷം വീണ്ടും ജീവിപ്പിക്കുകയെന്നത് അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം ഒരു പ്രയാസപെട്ട കാര്യമെ അല്ലെന്നു അല്ലാഹു അടുത്ത വചനത്തിൽ ഓർമ്മപ്പെടുത്തുന്നു.

**വചനം 40 :**

40 വല്ല കാര്യവും നാം ഉദ്ദേശിച്ചാൽ, അതിനെ ക്കുറിച്ച് അതിനോടു നമ്മുടെ വാക്ക് ഉണ്ടാ കുക' എന്നു പറയൽ മാത്രമാകുന്നു; അപ്പോൾ അതുണ്ടാകുന്നു!

إِنَّمَا قَوۡلُنَا لِشَيۡءٍ إِذَآ أَرَدۡنَٰهُ أَن نَّقُولَ لَهُۥ كُن فَيَكُونُ ٤٠

ഏതൊരു കാര്യവും, വലുതോ ചെറുതോ ആകട്ടെ , അതുണ്ടാകണമെന്ന് നാം ഉദ്ദേശിക്കുകയെ വേണ്ടൂ, അതുണ്ടാവുക തന്നെ ചെയ്യും. എന്നിരിക്കെ മനുഷ്യരെ ഒന്നാമതായി ജീവിപ്പിക്കുന്ന കാര്യവും മരണശേഷം രണ്ടാമത് ജീവിപ്പിക്കുന്നതും അല്ലാഹുവിനെ സംബന്ധിച്ചെടത്തോളം ഒരു പോലെ നിസ്സാരം തന്നെ എന്ന് സാരം.

## വിഭാഗം 6

**വചനം 41: 42 :**

41 തങ്ങൾ അക്രമിക്കപ്പെട്ടതിനു ശേഷം, അല്ലാഹു വിൻെറ വിഷയത്തിൽ ഹിജ്റ' (സ്വരാജ്യം ത്യജിച്ച്) പോയവർ, അവർക്ക് ഇഹലോകത്തിൽ നാം നല്ലത് (നല്ല താവളം) സൗകര്യപ്പെ ടുത്തിക്കൊടുക്കുക തന്നെ ചെയ്യും. പരലോ കത്തെ പ്രതിഫലമാകട്ടെ, ഏറ്റവും വലിയതു

وَٱلَّذِينَ هَاجَرُواْ فِي ٱللَّهِ مِنۢ بَعۡدِ مَا ظُلِمُواْ لَنُبَوِّئَنَّهُمۡ فِي ٱلدُّنۡيَا حَسَنَةٗۖ وَلَأَجۡرُ ٱلۡأٓخِرَةِ أَكۡبَرُۚ لَوۡ كَانُواْ يَعۡلَمُونَ ٤١

മാകുന്നു. (ഹാ!) അവർ അറിയുമായിരു ന്നെങ്കിൽ!

42 അതായത്, ക്ഷമിക്കുകയും, തങ്ങളുടെ റബ്ബിൻെറ മേൽ (കാര്യങ്ങൾ) ഭരമേൽപിക്കുകയും ചെയ്യു ന്നവർ.

ٱلَّذِينَ صَبَرُواْ وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴿٤٢﴾

മുഹമ്മദ്(സ) തിരുമേനിയുടെ സഹാബികൾ മക്കാ നിവാസികളുടെ ആക്രമത്തിന് വിധേയരായപ്പോൾ, അല്ലാഹു അവരെ അവിടെ നിന്ന് പുറത്ത് കൊണ്ട് വന്നു. അവരിൽ ചിലർ, അബിസീനിയായിൽ അഭയം തേടി. പിന്നീട് അവൻ അവർക്ക് മദീനായിൽ താവളമൊരുക്കികൊടുത്തു. അതവരുടെ ഹിജ്റ ഭവനമായി സത്യവിശ്വാസികളായ സഹായികളെ (അൻസാറികളെ)യും അവർക്ക് അല്ലാഹു നൽകി. അന്നത്തെ സത്യവിശ്വാസികളുടെ കാര്യത്തിൽ മാത്രമല്ല, മതത്തിന്റെ പേരിൽ അക്രമങ്ങൾക്ക് വിധേയരായി നാടുവിട്ട് പോകേണ്ടി വരുന്ന സത്യവിശ്വാസികൾക്കെല്ലാം തന്നെ ഈ സംരക്ഷണം അല്ലാഹു പൂർത്തിയാക്കിയിട്ടുണ്ട്- അതവൻ ഭാവിയിലും പാലിക്കുകയും ചെയ്യും. അവർക്ക് പരലോകത്തെ പ്രതിഫലമാകട്ടെ ഏറ്റവും മഹത്തരവുമായിരിക്കും.

<u>വചനം 43;44 :</u>

43 നിനക്കുമുമ്പ് നാം വഹ്‌യു' (ദിവ്യസന്ദേശം) നൽകിക്കൊണ്ട് പുരുഷൻമാരെയല്ലാതെ, (റസൂലുകളായി) നാം അയച്ചിട്ടില്ല, എന്നാൽ, നിങ്ങൾ പ്രമാണത്തിൻെറ (വേദ ഗ്രന്ഥത്തിൻെറ) ആൾക്കാരോട് ചോദി(ച്ചുനോ)ക്കുവിൻ, നിങ്ങൾക്ക് അറിഞ്ഞുകൂടാതിരിക്കുകയാണെങ്കിൽ;-

وَمَآ أَرْسَلْنَا مِن قَبْلِكَ إِلَّا رِجَالًا نُّوحِىٓ إِلَيْهِمْ ۚ فَسْـَٔلُوٓاْ أَهْلَ ٱلذِّكْرِ إِن كُنتُمْ لَا تَعْلَمُونَ ﴿٤٣﴾

44 (അതെ) വ്യക്തമായ തെളിവുകളും, ഏടു (വേദം)കളുമായിട്ടാണ് (അവരെ അയച്ചത്) .നിനക്കും (ഈ) പ്രമാണം (ഖുർആൻ) നാം അവതരിപ്പിച്ചു തന്നിരിക്കുന്നു; മനുഷ്യർക്ക് ഇറക്കപ്പെട്ടതിനെ അവർക്കു നീ വിവരിച്ചുകൊടുക്കുവാൻവേണ്ടി; അവർ ചിന്തിച്ചു നോക്കുകയും ചെയ്തേക്കാമല്ലോ.

بِٱلْبَيِّنَٰتِ وَٱلزُّبُرِ ۗ وَأَنزَلْنَآ إِلَيْكَ ٱلذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ وَلَعَلَّهُمْ يَتَفَكَّرُونَ ﴿٤٤﴾

ഈ വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട വിഷയങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം :

1. മനുഷ്യരിലുള്ള പുരുഷന്മാരെയല്ലാതെ, വഹ്‌യ് നൽകപെടുന്ന റസൂലുകളായി അല്ലാഹു അയക്കുകയുണ്ടായിട്ടില്ല. "എന്ത് കൊണ്ട് മലക്കുകളെ റസൂലുകളായി അയക്കുന്നില്ല: നമ്മെ പോലെയുള്ള ഒരു മനുഷ്യനെ നാം പിൻ പറ്റുകയോ" എന്നിങ്ങനെയുള്ള, അവിശ്വാസികളുടെ ആക്ഷേപങ്ങൾക്ക് മറുപടിയാണീ വചനം. വേദ ഗ്രന്ഥങ്ങളുമായും പ്രവാചകൻമാരുമായും അടുത്ത ബന്ധം ഇല്ലാത്ത അറബികളോടു, ഈ പ്രസ്താവിക്കപെട്ട കാര്യം സംബന്ധിച്ച് വേണമെങ്കിൽ വേദക്കാരോട് അന്വേഷിച്ച് നോക്കാമെന്ന് അല്ലാഹു ഉപദേശിക്കുന്നു.

2. റസൂലുകളെ അയക്കുന്നത് അവർ പ്രബോധനം ചെയ്യുന്ന തത്വങ്ങൾക്കും നടപടിക്രമങ്ങൾക്കും വ്യക്തമായ തെളിവുകളോടെയും രേഖകളോടു കൂടിയും ആയിരിക്കും. സൂ: ഹദീദ്: 25-ാം വചനത്തിലും അല്ലാഹു ഇക്കാര്യം എടുത്ത് പറഞ്ഞിരിക്കുന്നു.

3. ഖുർആൻ മനുഷ്യർക്ക് വേണ്ടിയാണ് അവതരിക്കപെട്ടിരിക്കുന്നത്. നബി(സ)യുടെ കർത്തവ്യം അതവർക്ക് എത്തിച്ച് കൊടുക്കുക മാത്രമല്ല, അതവർക്ക് വിവരിച്ച് കൊടുക്കുക കൂടിയാകുന്നു. (64-ാംവചനവും നോക്കുക) വാക്ക് മൂലവും പ്രവൃത്തി മൂലവും ജനങ്ങൾക്ക് നബി(സ) ഖുർആൻ വിവരിച്ച് കൊടുത്തിട്ടുണ്ടുതാനും. അതാണ് നബി(സ)യുടെ സുന്നത്ത് (ചര്യ) എന്ന പേരിൽ അറിയപെടുന്നത്. ഇസ്ലാമിന്റെ ഒന്നാമത്തെ പ്രമാണമായ ഖുർആനെ മാത്രം അംഗീകരിക്കുന്ന, ചില വഴി പിഴച്ചവർ രണ്ടാമത്തെ പ്രമാണമായ നബി(സ)യുടെ സുന്നത്തിനെ അവഗണിക്കുന്നത് ഇത് പോലെയുള്ള ഖുർആൻ വചനങ്ങളുടെ തന്നെ നിഷേധമാകുന്നു. അവർ അവരുടേതായ ഒരു ശരീഅത്ത് നിയമം നിർമ്മിച്ച് കൂടായ്കയുമില്ല.

4. ഖുർആനിലെ ഉള്ളടക്കങ്ങളെ സംബന്ധിച്ച് ജനങ്ങൾ ചിന്തിച്ച് മനസ്സിലാക്കേണ്ടതുണ്ട്. സൂറത്തുൽ ഖമറിൽ ഒന്നിലധികം തവണയും, സൂ: മുഹമ്മദ് : 24 ലും അല്ലാഹു ഈ വിഷയ സംബന്ധമായി വിശ്വാസികളുടെ ചിന്താസരണിയെ തൊട്ടുണർത്തുന്നുണ്ട്.

**വചനം 45, 46, 47 :**

أَفَأَمِنَ ٱلَّذِينَ مَكَرُوا۟ ٱلسَّيِّـَٔاتِ أَن يَخْسِفَ ٱللَّهُ بِهِمُ ٱلْأَرْضَ أَوْ يَأْتِيَهُمُ ٱلْعَذَابُ مِنْ حَيْثُ لَا يَشْعُرُونَ ﴿٤٥﴾
أَوْ يَأْخُذَهُمْ فِى تَقَلُّبِهِمْ فَمَا هُم بِمُعْجِزِينَ ﴿٤٦﴾
أَوْ يَأْخُذَهُمْ عَلَىٰ تَخَوُّفٍ فَإِنَّ رَبَّكُمْ لَرَءُوفٌ رَّحِيمٌ ﴿٤٧﴾

45 എന്നാൽ, ദുഷിച്ച (കു) തന്ത്രങ്ങൾ പ്രയോഗിച്ചിട്ടുള്ളവർ, തങ്ങളെ അല്ലാഹു ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെക്കുറിച്ച് നിർഭയമായിരിക്കുകയാണോ?! അല്ലെങ്കിൽ, അവർ അറിയാത്തവിധത്തിലൂടെ ശിക്ഷ അവർക്ക് വന്നെത്തുന്നതിനെക്കുറിച്ച്?!-

46 അല്ലെങ്കിൽ, അവർ (അങ്ങുമിങ്ങും) തിരിഞ്ഞുമറിയുന്നതി(ന്നിടയി)ൽ അവരെ പിടികൂടുന്നതിനെക്കുറിച്ച്?! എന്നാൽ, (അപ്പോൾ) അവർ(അവനെ പരാജയപ്പെടുത്തി) അശക്തനാക്കുന്നവരല്ല;-

47 അല്ലെങ്കിൽ, പേടിപ്പെട്ടുകൊണ്ടിരിക്കുന്നതോടെ (ത്തന്നെ) അവരെ പിടികൂടുന്നതിനെക്കുറിച്ച് (നിർഭയമായിരിക്കുകയാണോ)?! എന്നാൽ, നിങ്ങളുടെ റബ്ബ് കൃപാലുവും, കരുണാനിധിയും തന്നെയാണ്. (അതുകൊണ്ടാണ് അങ്ങിനെയൊന്നും ചെയ്യാതിരിക്കുന്നത്)

നബി(സ)ക്കും ഖുർആനും എതിരിൽ കുടില തന്ത്രങ്ങൾ പ്രയോഗിച്ച് കൊണ്ടിരിക്കുന്ന ഈ മുശ്രിക്കുകളെ ഈ വചനത്തിൽ വിവരിക്കപ്പെട്ട തരത്തിലുള്ള ശിക്ഷകളൊന്നും പിടികൂടുകയില്ലെന്നാണോ അവരുടെ വിചാരം. ഇവയിൽ ഏത് ശിക്ഷ സംഭവിച്ചാലും അതനുഭവിക്കുകയെന്നതല്ലാതെ, മറ്റെന്ത് പോംവഴിയാണവർക്കുള്ളത്. ഏതിനും കഴിവുള്ള അല്ലാഹു അങ്ങനെയൊന്നും ചെയ്യാതെ അവർക്ക് ഒഴിവ് നൽകിയിരിക്കുന്നത് അവന്റെ കൃപയും കാരുണ്യവും കൊണ്ട് മാത്രമാകുന്നു.

**വചനം 48 :**

أَوَلَمْ يَرَوْا۟ إِلَىٰ مَا خَلَقَ ٱللَّهُ مِن شَىْءٍ يَتَفَيَّؤُا۟ ظِلَـٰلُهُۥ عَنِ ٱلْيَمِينِ وَٱلشَّمَآئِلِ سُجَّدًا لِّلَّهِ وَهُمْ دَٰخِرُونَ ﴿٤٨﴾

48 അല്ലാഹു വസ്തുവായി സൃഷ്ടിച്ചിട്ടുള്ള യാതൊന്നിലേക്കു അവർ (നോക്കി) കാണുന്നുമില്ലേ? അതിൻെറ നിഴലുകൾ വലത്തോട്ടും ഇടത്തോട്ടുമായി ചാഞ്ഞുകൊണ്ടിരിക്കുന്നു; അവർ (ആ നിഴലുകൾ) എളിയവരായ നിലയിൽ അല്ലാഹുവിന്ന് സുജൂദ്' (സാഷ്ടാംഗ നമസ്കാരം)ചെയ്തുകൊണ്ട്.

"നിഴലുകൾ എളിയവരായിക്കൊണ്ട് സൂജൂദ് ചെയ്യുന്നു" എന്ന തരത്തിലുള്ള പ്രയോഗം ഖുർആനിൽ വെറെയിടങ്ങളിലും വന്നിട്ടുണ്ട്. ഈ വചനത്തിലടങ്ങിയ ആശയം അടുത്ത രണ്ട് വചനങ്ങളുടെ വ്യാഖ്യാനത്തിൽ വിശദീകരിക്കുന്നുണ്ട്.

**വചനം 49, 50 :**

وَلِلَّهِ يَسْجُدُ مَا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ مِن دَآبَّةٍ وَٱلْمَلَـٰٓئِكَةُ وَهُمْ لَا يَسْتَكْبِرُونَ ﴿٤٩﴾
يَخَافُونَ رَبَّهُم مِّن فَوْقِهِمْ وَيَفْعَلُونَ مَا يُؤْمَرُونَ ۩ ﴿٥٠﴾

49 ആകാശത്തിലുള്ളതും, ഭൂമിയിലുള്ളതും ആയ ഏതൊരു ജീവിയും (എല്ലാം) അല്ലാഹുവിന് സുജൂദ്' (സാഷ്ടാംഗ നമസ്കാരം) ചെയ്യുന്നു; മലക്കുകളും (തന്നെ സുജൂദു ചെയ്യുന്നു); -അവരാകട്ടെ, അഹംഭാവം കാണിക്കുന്നുമില്ല.

50 അവർ തങ്ങളുടെ മീതെ (അധികാര ശക്തിയുള്ള) തങ്ങളുടെ റബ്ബിനെ ഭയപ്പെടുന്നു; തങ്ങളോട് കൽപിക്കപ്പെടുന്നത് (ഒക്കെയും) അവർ ചെയ്യുകയും ചെയ്യുന്നു.

ഓത്തിന്റെ സുജൂദ് ചെയ്യേണ്ടുന്ന വചനങ്ങളിൽ ഒന്നാകുന്നു 50-ാം വചനം. 48ാം വചനത്തിലും ഈ രണ്ട് വചനങ്ങളിലും പ്രസ്താവിച്ചതിന്റെ ആശയം ഇപ്രകാരമാകുന്നു:

അല്ലാഹുവിന്റെ സൃഷ്ടികളിൽ നിഴലുള്ളവയുടെ നിഴലുകൾ ചാഞ്ഞും ചെരിഞ്ഞും , നീണ്ടും ചുരുങ്ങിയും കൊണ്ടിരിക്കുന്നത് നാം കാണുന്നതാണല്ലോ. ആ നിഴലുകൾ അല്ലാഹുവിന്റെ നിയമ വ്യവസ്ഥകൾക്ക് വിധേയമായിക്കൊണ്ട് അവൻ നിശ്ചയിച്ച പ്രകൃതി ചട്ടങ്ങൾ അനുസരിച്ച് നില കൊള്ളുന്നതിനാലാകുന്നു അത്. എന്ന് വേണ്ട ആകാശ ഭൂമികളിൽ അല്ലാഹു സൃഷ്ടിച്ച എല്ലാ ജീവജാലങ്ങളും - ആത്മീയ ജീവികളായ മലക്കുകൾ പോലും - അല്ലാഹുവിന്റെ നിയമ നിർദ്ദേശങ്ങൾക്ക് വഴങ്ങിക്കൊണ്ടാണ് അവന് സാഷ്ടാംഗ നമസ്ക്കാരം ചെയ്ത് കൊണ്ടിരിക്കുന്നത്. അവരെല്ലാം തന്നെ പരമാധികാര ശകതിയായ തങ്ങളുടെ റബ്ബിനെ ഭയപെടുന്നവരാണ്. അങ്ങനെയിരിക്കെ, വിശേഷ ബുദ്ധിയുള്ള മനുഷ്യൻ അല്ലാഹുവിന്റെ മുമ്പിൽ തലകുനിച്ച് അവന്റെ നിർദ്ദേശങ്ങളനുസരിച്ച് ജീവിക്കുവാൻ അങ്ങേയറ്റം ബാദ്ധ്യസ്ഥനാണല്ലോ.

'സുജൂദ്' എന്ന പദത്തിന്റെ അർത്ഥങ്ങളെയും പ്രയോഗങ്ങളെയും കുറിച്ച്, ഒന്നിലധികം തവണ വിവരിക്കപ്പെട്ടിട്ടുണ്ട് - സൂ:റഅ്ദ്: 15-ാം വചനത്തിലും, സൂ: ഹജ്ജ് 18-ാം വചനത്തിലും അവയുടെ വ്യാഖ്യാനങ്ങളിലും കൂടുതൽ അറിവുകൾ ലഭിക്കുന്നതാണ്.

## വിഭാഗം 7

**വചനം 51, 52, 52, 53, 54, 55 :**

51 അല്ലാഹു (കൽപിച്ച്) അരുളിയിരിക്കുന്നു: നിങ്ങൾ രണ്ട് ആരാധ്യൻമാരെ ഏർപ്പെടുത്തരുത് (സ്വീകരിക്കരുത്); അവൻ ഒരേഒരു ആരാധ്യൻ മാത്രമാണുള്ളത്; അതിനാൽ എന്നെത്തന്നെ നിങ്ങൾ ഭയപ്പെടുവിൻ.'

۞ وَقَالَ ٱللَّهُ لَا تَتَّخِذُوٓاْ إِلَـٰهَيۡنِ ٱثۡنَيۡنِۖ إِنَّمَا هُوَ إِلَـٰهٞ وَٰحِدٞ فَإِيَّـٰيَ فَٱرۡهَبُونِ ﴿٥١﴾

52 അവൻേറതാണ് ആകാശങ്ങളിലും, ഭൂമിയിലുമുള്ളത്; അവന് (അവകാശപ്പെട്ടത്)തന്നെയാണ് സ്ഥിരമായുള്ള കീഴൊതുക്കവും. എന്നിരിക്കെ, അല്ലാഹു അല്ലാത്തവരെയോ നിങ്ങൾ (ഭയന്ന്) സൂക്ഷിക്കുന്നു?!

وَلَهُۥ مَا فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَلَهُ ٱلدِّينُ وَاصِبًاۚ أَفَغَيۡرَ ٱللَّهِ تَتَّقُونَ ﴿٥٢﴾

53 നിങ്ങളിൽ അനുഗ്രഹമായിട്ട് എന്തുണ്ടോ അത് അല്ലാഹുവിൽ നിന്നുള്ളതാണ്; പിന്നെ, (അതിന് പുറമെ,) നിങ്ങളെ ഉപദ്രവം (അഥവാ പീഡനം) സ്പർശിച്ചാൽ അവങ്കലേക്ക് തന്നെ നിങ്ങൾ നിലവിളിച്ചപേക്ഷിക്കുകയും ചെയ്യുന്നു !

وَمَا بِكُم مِّن نِّعۡمَةٖ فَمِنَ ٱللَّهِۖ ثُمَّ إِذَا مَسَّكُمُ ٱلضُّرُّ فَإِلَيۡهِ تَجۡـَٔرُونَ ﴿٥٣﴾

54 പിന്നെ, നിങ്ങളിൽനിന്ന് ഉപദ്രവം (അഥവാ പീഡനം) അവൻ (നീക്കി) തുറവിയാക്കിയാൽ, അപ്പോൾ (അതാ) നിങ്ങളിൽനിന്ന് ഒരുകൂട്ടർ തങ്ങളുടെ റബ്ബിനോട് (മറ്റുചിലരെ) പങ്കുചേർക്കുന്നു !-

ثُمَّ إِذَا كَشَفَ ٱلضُّرَّ عَنكُمۡ إِذَا فَرِيقٞ مِّنكُم بِرَبِّهِمۡ يُشۡرِكُونَ ﴿٥٤﴾

55 (അതെ) നാം അവർക്ക് നൽകിയതിൽ അവർ നന്ദികേട് കാണിക്കുവാൻ വേണ്ടി. (അതാണതിൻെറ ഫലം.) (ശരി) എന്നാൽ, നിങ്ങൾ സുഖമെടുത്തുകൊള്ളുവിൻ! എന്നാൽ, വഴിയെ നിങ്ങൾക്കറിയാം !

لِيَكۡفُرُواْ بِمَآ ءَاتَيۡنَٰهُمۡۚ فَتَمَتَّعُواْۖ فَسَوۡفَ تَعۡلَمُونَ ﴿٥٥﴾

**وله الدين واصبا** (അവന് തന്നെയാണ് സ്ഥിരമായ കീഴൊതുക്കമുള്ളത് ) എന്ന വാക്യത്തിന്റെ (വചനം: 52) താല്പര്യം കീഴ് വണക്കത്തിന്റെയും ആരാധനയുടെയും സ്ഥിരാവകാശം, ആകാശ ഭൂമികളുടെ അധികാരസ്ഥനായ അല്ലാഹുവിനാകുന്നു എന്നാകുന്നു. (സൂ: ആലു ഇംറാൻ:83 നോക്കുക)

ഈ വചനത്തിലടങ്ങിയ ആശയം അല്ലാമാ ശൗക്കാനി(റ) വിശദീകരിച്ചതിന്റെ സംഗ്രഹം ഇപ്രകാരമാകുന്നു:

ആപത്തുകൾ വരുമ്പോൾ തങ്ങളുടെ ദൈവങ്ങളെ മറന്നു അല്ലാഹുവിനോട് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ആപത്ത് നീങ്ങിയാൽ അല്ലാഹുവിനെ മറന്ന് കളയുകയും ചെയ്യുക പതിവാക്കിയിരുന്ന പൂർവ്വകാല മുശ്‌രിക്കുകളുടെ നന്ദികേടിനെ പരാമർശിച്ച് കൊണ്ട് "എന്നാൽ നിങ്ങൾ സുഖമെടുത്തുകൊള്ളുവീൻ. നിങ്ങൾ വഴിയെ അറിഞ്ഞ് കൊള്ളും" എന്ന് അല്ലാഹു അവരെ ശക്തമായി താക്കീത് ചെയ്യുന്നു. എന്നാൽ ഇന്നത്തെ ഖബർ പൂജക്കാരുടെ നടപടി ആ പഴയകാല ദുർമാർഗ്ഗികളെക്കാൾ അങ്ങേയറ്റം ദുഷിച്ചതത്രേ. എന്തെങ്കിലും കഷ്ടതകൾ ബാധിക്കുമ്പോൾ അല്ലാഹുവിനെ വിട്ട് കളയുകയും, അല്ലാഹുവല്ലാത്തവരോട് സഹായമഭ്യർത്ഥിക്കുകയുമാണ് ഇക്കൂട്ടർ ചെയ്യുന്നത്. "അല്ലാഹു വേഗത്തിലൊന്നും സഹായം ചെയ്യുകയില്ല; നിന്റെ വിഷമം അവന് വലിയ പ്രാധാന്യമുള്ളതായി തോന്നുകയില്ല; മരിച്ചുപോയ ഔലിയാക്കൾ നിന്റെ പ്രശ്നം ഗൗരവത്തിലെടുത്ത് വേഗത്തിൽ തന്നെ ഉത്തരം നൽകുന്നതാണ്" എന്നിങ്ങനെയാണ്, ഈ ജനങ്ങളെ അവരുടെ പണ്ഡിതശൈഖൻമാർ പഠിപ്പിച്ച് വെച്ചിട്ടുള്ളത്. ഈ ധിക്കാരികളുടെ ദുർബോധനങ്ങളിൽ നിന്നും അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ (ആമീൻ)

**വചനം 56 :**

وَيَجْعَلُونَ لِمَا لَا يَعْلَمُونَ نَصِيبًا مِّمَّا رَزَقْنَٰهُمْ ۗ تَٱللَّهِ لَتُسْـَٔلُنَّ عَمَّا كُنتُمْ تَفْتَرُونَ ﴿٥٦﴾

56 നാം തങ്ങൾക്ക് നൽകിയിട്ടുള്ളതിൽ നിന്ന് ഒരു പങ്ക് (യഥാർത്ഥസ്ഥിതി) തങ്ങൾക്കറിഞ്ഞുകൂടാത്തവക്ക് അവർ ആക്കിവെക്കുകയും ചെയ്യുന്നു. (ഹേ, കൂട്ടരേ,)അല്ലാഹുവിനെത്തന്നെയാണ (സത്യം)! നിങ്ങൾ കെട്ടിച്ചമക്കുന്നതിനെപ്പറ്റി തീർച്ചയായും നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതാണ്.

അല്ലാഹു നൽകിയ കൃഷിവിഭവങ്ങൾ, കന്നുകാലികൾ മുതലായ അനുഗ്രഹങ്ങളിൽ നിന്ന് ഒരു പങ്ക് തങ്ങളുടെ വിഗ്രഹ ദൈവങ്ങൾക്ക് നേർച്ചയാക്കി നീക്കി വെക്കുന്ന ഒരു പതിവ് മുശ്‌രിക്കുകൾക്കുണ്ടായിരുന്നു. (സൂ: അൻആം : 136 നോക്കുക). അവർ സ്വയം കെട്ടിയുണ്ടാക്കിയ ഇത്തരം നികൃഷ്ട കൃത്യങ്ങളെക്കുറിച്ച് അല്ലാഹു തക്കതായ നടപടി കൈകൊള്ളുന്നതാണ്. അല്ലാഹു നൽകിയ അനുഗ്രഹങ്ങളുടെ ഒരു പങ്ക്, ചില ശൈഖൻമാർക്കും ജാറങ്ങൾക്കുമായി നീക്കിവെക്കുന്ന പതിവ് അന്ധവിശ്വാസികളായ ചില മുസ്ലീംകളിൽ ഇന്നും കണ്ടു വരുന്ന ഒരു നികൃഷ്ട ആചാരമാണല്ലൊ.

**വചനം 57, 58, 59 :**

وَيَجْعَلُونَ لِلَّهِ ٱلْبَنَٰتِ سُبْحَٰنَهُۥ ۙ وَلَهُم مَّا يَشْتَهُونَ ﴿٥٧﴾

وَإِذَا بُشِّرَ أَحَدُهُم بِٱلْأُنثَىٰ ظَلَّ وَجْهُهُۥ مُسْوَدًّا وَهُوَ كَظِيمٌ ﴿٥٨﴾

يَتَوَٰرَىٰ مِنَ ٱلْقَوْمِ مِن سُوٓءِ مَا بُشِّرَ بِهِۦٓ ۚ أَيُمْسِكُهُۥ عَلَىٰ هُونٍ أَمْ يَدُسُّهُۥ فِى ٱلتُّرَابِ ۗ أَلَا سَآءَ مَا يَحْكُمُونَ ﴿٥٩﴾

57 അവർ അല്ലാഹുവിന്ന് പെൺമക്കളെ ആക്കിവെക്കുകയും ചെയ്യുന്നു; അവൻ മഹാ പരിശുദ്ധൻ! അവർക്കാകട്ടെ, അവർ ഇച്ഛിക്കുന്നതിനെയും (ആൺമക്കളെയും ആക്കുന്നു)!

58 അവരിൽ ഒരാൾക്ക് പെണ്ണിനെ (പെൺകുട്ടിയെ)പ്പറ്റി സന്തോഷവാർത്ത അറിയിക്കപ്പെട്ടാലോ, അവൻ കോപം നിറഞ്ഞവനായിക്കൊണ്ട് അവൻെറ മുഖം (ഇരുണ്ട്) കറുത്തതായിത്തീരും!

59 അവന് സന്തോഷവാർത്ത അറിയിക്കപ്പെട്ടതിൻെറ ചീത്തത്തം നിമിത്തം അവൻ ജനങ്ങളിൽ നിന്ന് ഒളിഞ്ഞു (മാറി) പോകുന്നതാണ്! അതിനെ നിന്ദ്യതയോടെ വെച്ചുകൊണ്ടിരിക്കുകയോ, അതല്ല, അതിനെ മണ്ണിൽ മൂടുകയോ?! (ഏതു വേണമെന്നായിരിക്കും ആലോചന!) അല്ലാ (-അറിയുക)! അവർ വിധികല്പിക്കുന്നത് വളരെ ചീത്ത!

മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന നീചമായ ഒരു മൂഢ വിശ്വാസം മുശ്‌രിക്കുകൾ പുലർത്തി പോന്നിരുന്നു. അതേ സമയം പെൺകുട്ടികൾ ജനിക്കുന്നതാകട്ടെ അവർ അങ്ങേയറ്റം, അപമാനവും നിന്ദ്യവുമായി കരുതി വന്നിരുന്നു താനും. യുദ്ധപ്രിയരായ അവർക്ക് പെൺകുട്ടികൾ പല നിലക്കും ഭാരമായിതോന്നിയിരുന്നു. അവരിൽ ഒരാൾക്ക് ഒരു പെൺ കുഞ്ഞ് പിറന്നാൽ, അപമാനവും വ്യസനവും, ലജ്ജയും കോപവും ഒക്കെ നിമിത്തം അയാൾ ജനങ്ങളിൽ നിന്ന് ഒളിച്ച് നടക്കുമായിരുന്നു. ജനങ്ങളിൽ നിന്നുള്ള പരിഹാസവും അപമാനവും ഭയന്ന് പെൺ കുഞ്ഞിനെ ജീവനോടെ തന്നെ കുഴിച്ച് മൂടുകയും ചെയ്യുമായിരുന്നു. പെൺകുട്ടികളെ പ്രസവിക്കുന്ന ഭാര്യമാരോട് അങ്ങേയറ്റം നിന്ദ്യമായി പെരുമാറുകയും ചെയ്തിരുന്നു.

അല്ലാഹു ഈ വചനങ്ങളിൽ പ്രസ്താവിച്ച മുശ്‌രിക്കുകളുടെ കള്ള വാദത്തിൽ മൂന്ന് കടുത്ത അപരാധങ്ങൾ അടങ്ങിയിരിക്കുന്നു:

(1) മലക്കുകൾ സ്ത്രീകളാണെന്ന വാദം - സൂ: സുഖ്‌റുഫ് 19-ാം വചനത്തിൽ അല്ലാഹു ഇതേപറ്റി പ്രസ്താവിച്ചിരിക്കുന്നത് നോക്കുക.

(2) മലക്കുകൾ അല്ലാഹുവിന്റെ മക്കളാണെന്ന വാദം - ഇതേക്കുറിച്ച് സൂ : അൽ കഹ്ഫ് 4-ാം വചനത്തിലെ പ്രസ്താവം നോക്കുക.

(3) തങ്ങൾ അങ്ങേയറ്റം വെറുക്കുന്ന പെൺകുട്ടികളാണ് അല്ലാഹുവിനുള്ളതെന്ന വാദം - താഴെ 62ാം വചനത്തിൽ അല്ലാഹു പറയുന്നു “തങ്ങൾ വെറുക്കുന്നതിനെ അവർ അല്ലാഹുവിന്നാക്കുന്നു”.

ഇതെല്ലാം കണക്കിലെടുത്ത് കൊണ്ടാണ്, “അല്ലാ ! അവർ വിധി കൽപിക്കുന്നത് എത്ര ചീത്ത” എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നത്.

**വചനം 60 :**

لِلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ مَثَلُ ٱلسَّوْءِ ۖ
وَلِلَّهِ ٱلْمَثَلُ ٱلْأَعْلَىٰ ۚ وَهُوَ ٱلْعَزِيزُ
ٱلْحَكِيمُ ﴿٦٠﴾

60 (അതെ) പരലോകത്തിൽ വിശ്വസിക്കാത്തവർക്കത്രെ ദുഷിച്ച ഉപമ (ഉള്ളത്). അല്ലാഹുവിന്നാകുന്നു, അത്യുന്നതമായ ഉപമ (ഉള്ളത്). അവനത്രെ, പ്രതാപശാലിയും അഗാധജ്ഞനുമായുള്ളവനും.

പരലോകത്തിൽ വിശ്വസിക്കാത്തവരെക്കുറിച്ച്, നിർഗുണരായ വസ്തുക്കളെ ആരാധിക്കുന്നവർ, പെൺമക്കളെ കുഴിച്ച് മൂടുന്നവർ, ഭൗതികാനുഗ്രഹങ്ങൾ കുറയുമ്പോൾ വേവലാതിപെടുന്നവർ, നിന്ദ്യരായി ശിക്ഷിക്കപെടുന്നവർ, എന്നിങ്ങനെ ദുഷിച്ചതും മോശകരവുമായി പരാമർശിക്കപെടുമ്പോൾ, അല്ലാഹുവിനെ ക്കുറിച്ചാകട്ടെ സർവ്വലോക സ്രഷ്ടാവ്, ലോക നിയന്താവ്, മക്കളുടെയൊ ഇണകളുടെയൊ ആശ്രയം ആവശ്യമില്ലാത്തവൻ, തുല്ല്യരും സമന്മാരുമില്ലാത്തവൻ, പ്രതാപശാലി, അഗാധജ്ഞൻ എന്നിങ്ങനെ അത്യുന്നതവും അത്യൽകൃഷ്ടവുമായ വചനങ്ങളാൽ വിശേഷിപ്പിക്കപെടുന്[redacted]

---

**വചനം 61 :**

وَلَوْ يُؤَاخِذُ ٱللَّهُ ٱلنَّاسَ بِظُلْمِهِم مَّا تَرَكَ
عَلَيْهَا مِن دَآبَّةٍ وَلَٰكِن يُؤَخِّرُهُمْ إِلَىٰٓ أَجَلٍ
مُّسَمًّى ۖ فَإِذَا جَآءَ أَجَلُهُمْ لَا يَسْتَـْٔخِرُونَ
سَاعَةً ۖ وَلَا يَسْتَقْدِمُونَ ﴿٦١﴾

61 മനുഷ്യരെ അവരുടെ അക്രമം നിമിത്തം അല്ലാഹു പിടികൂടുക (പിടിച്ചു ശിക്ഷിക്കുക) യായിരുന്നുവെങ്കിൽ, അതിൻെറ (ഭൂമിയുടെ) മേൽ ഒരു ജീവിയെയും അവൻ (ബാക്കിയാക്കി) വിട്ടേക്കുമായിരുന്നില്ല. എങ്കിലും, നിർണ്ണയിക്കപ്പെട്ട ഒരവധിവരെ അവരെ അവൻ (ഒഴിവാക്കി) പിന്തിച്ചുവെക്കുകയാണ്; എന്നാൽ, അവരുടെ (ആ) അവധി വന്നാൽ, (പിന്നെ) ഒരു നാഴിക (സമയം) അവർ പിന്തിപ്പോകുകയാകട്ടെ, മുന്തിപ്പോകുകയാകട്ടെ ചെയ്കയില്ല.

മനുഷ്യൻ ചെയ്ത് കൊണ്ടിരിക്കുന്ന അക്രമങ്ങൾക്കും ദുഷ്ചെയ്തികൾക്കും, അല്ലാഹു അപ്പപ്പോൾ നടപടി എടുക്കുകയാണെങ്കിൽ ഈ ഭൂമുഖത്ത് ഒരു ജീവിയും ബാക്കിയാകുമായിരുന്നില്ല. പക്ഷെ അവന്റെ കാരുണ്യവും ദയയും നിമിത്തം, അവൻ അതിനൊരു നിർണ്ണയിക്കപെട്ട അവധി വെച്ചിരിക്കുകയാണ് - അവർക്ക് പശ്ചാ

ത്തപിക്കുവാനും മടങ്ങുവാനും അവസരം പ്രദാനം ചെയ്ത് കൊണ്ട്. ആ അവധി വന്നാൽ ഒരു നാഴിക നേരം പോലും അവർ പിന്തിപ്പോകുകയാകട്ടെ, മുന്തിപോകുകയാകട്ടെ ചെയ്യപെടുകയില്ല. അതിക്രമം പ്രവർത്തിക്കുന്നത്, വ്യക്തിയാകട്ടെ, സമൂഹമാകട്ടെ സമുദായമാകട്ടെ-എല്ലാവർക്കും ഈ വിധി ബാധകമാകുന്നു.

ഇതേ ആശയം ഉൾക്കൊള്ളുന്ന വേറെയും വചനങ്ങൾ ഖുർആനിൽ കാണാവുന്നതാണ് - (7:34, 15:4,5;35:45; 18:58 എന്നിവിടങ്ങളിൽ നോക്കുക.)

**വചനം 62 :**

وَيَجْعَلُونَ لِلَّهِ مَا يَكْرَهُونَ وَتَصِفُ أَلْسِنَتُهُمُ ٱلْكَذِبَ أَنَّ لَهُمُ ٱلْحُسْنَىٰ ۖ لَا جَرَمَ أَنَّ لَهُمُ ٱلنَّارَ وَأَنَّهُم مُّفْرَطُونَ ﴿٦٢﴾

62 തങ്ങൾ വെറുക്കുന്നതിനെ അവർ അല്ലാഹു വിന്നാക്കുന്നു! ഏറ്റം നന്നായുള്ളത് തങ്ങൾ ക്കാണെന്ന് അവരുടെ നാവുകൾ വ്യാജവർണ്ണന നടത്തുകയും ചെയ്യുന്നു! നിസ്സംശയമത്രെ, അവർക്ക് നരകമുണ്ടെന്നുള്ളതും, അവർ (അതിലേക്ക്) മുന്നിൽ കൊണ്ടുവരപ്പെടു ന്നവരാണെന്നുള്ളതും!

അല്ലാഹുവിന് മക്കളുണ്ടെന്നും മാത്രമല്ല അത് അവർ അങ്ങേയറ്റം വെറുക്കുന്ന പെൺമക്കളാണെന്നും പ്രസ്താവിക്കുന്ന ആ അവിശ്വാസികൾ ഏറ്റവും നല്ലതായിട്ടുള്ളതെല്ലാം തങ്ങൾക്കുള്ളതാണെന്ന്, അവകാശപെടുകയും കൂടി ചെയ്യുന്നു. ആ വായാടികൾക്ക് ലഭിക്കാനിരിക്കുന്നത് ഏറ്റവും കടുത്തതായ നരകമായിരിക്കുമെന്നും, ആദ്യമായി അതിൽ പ്രവേശിക്കപെടുന്നത് അവർ തന്നെയായിരിക്കുമെന്നും അല്ലാഹു മുന്നറിയിപ്പ് നൽകുന്നു.

ഇഹലോകത്തിലെ എല്ലാ ഉൽകൃഷ്ട പദവികളും തങ്ങൾക്കാണെന്നും, പരലോകം എന്നൊന്നുണ്ടെങ്കിൽ അവിടെയും തങ്ങളായിരിക്കും ഉന്നതർ എന്നും, മതത്തെ ധിക്കരിക്കുകയും, പരലോകത്തെ നിഷേധിക്കുകയും ചെയ്യുന്ന അവിശ്വാസികൾ എക്കാലത്തും ജൽപിച്ച് കൊണ്ടിരിക്കുന്ന ഒരു വീര വാദമാകുന്നു.

സൂ : ഹാ - മീം സജദ : 50; സൂ: അൽ കഹ്ഫ്: 36 , എന്നിവിടങ്ങളിൽ ഇത്തരക്കാരുടെ മനസ്ഥിതിയെക്കുറിച്ച് അല്ലാഹു പ്രതിപാദിക്കുന്നത് നോക്കുക.

**വചനം 63, 64, 65 :**

تَٱللَّهِ لَقَدْ أَرْسَلْنَآ إِلَىٰٓ أُمَمٍ مِّن قَبْلِكَ فَزَيَّنَ لَهُمُ ٱلشَّيْطَٰنُ أَعْمَٰلَهُمْ فَهُوَ وَلِيُّهُمُ ٱلْيَوْمَ وَلَهُمْ عَذَابٌ أَلِيمٌ ﴿٦٣﴾

63 (നബിയേ) അല്ലാഹുവിനെത്തന്നെയാണെ (സത്യം)! നിനക്കുമുമ്പ് പല സമുദായങ്ങളിലേക്കും നാം (റസൂലുകളെ) അയച്ചിട്ടുണ്ട്; എന്നാൽ പിശാച് അവർക്ക് തങ്ങളുടെ പ്രവൃത്തികളെ അലങ്കാരമാക്കിക്കാണിച്ചു; അങ്ങനെ, ഇന്ന് (ഇഹത്തിൽ) അവൻ അവരുടെ മിത്രം (അഥവാ കൈകാര്യക്കാരൻ) ആകുന്നു. അവർക്കു വേദനയേറിയ ശിക്ഷയുമുണ്ട്.

وَمَآ أَنزَلْنَا عَلَيْكَ ٱلْكِتَٰبَ إِلَّا لِتُبَيِّنَ لَهُمُ ٱلَّذِى ٱخْتَلَفُوا۟ فِيهِ ۙ وَهُدًى وَرَحْمَةً لِّقَوْمٍ يُؤْمِنُونَ ﴿٦٤﴾

64 നിനക്കു നാം (ഈ) വേദഗ്രന്ഥം ഇറക്കിത്തന്നിട്ടില്ല അവർ യാതൊന്നിൽ ഭിന്നാഭിപ്രായത്തിലായിരിക്കുന്നുവോ അതിനെ അവർക്കു നീ വിവരിച്ചുകൊടുക്കുവാൻ വേണ്ടിയല്ലാതെ; വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗ്ഗദർശനവും, കാരുണ്യവുമായിക്കൊണ്ടും (അല്ലാതെ).

وَٱللَّهُ أَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَحْيَا بِهِ ٱلْأَرْضَ بَعْدَ مَوْتِهَآ ۚ إِنَّ فِى ذَٰلِكَ لَءَايَةً لِّقَوْمٍ يَسْمَعُونَ ﴿٦٥﴾

65 അല്ലാഹു (തന്നെ) ആകാശത്ത്നിന്നു(മഴ) വെള്ളം ഇറക്കുകയും ചെയ്തിരിക്കുന്നു; എന്നിട്ട്, ഭൂമിയെ അതിന്റെ നിർജ്ജീവിതക്കുശേഷം അതുകൊണ്ട് അവൻ ജീവിപ്പിച്ചു. നിശ്ചയമായും, കേട്ടറിയുന്ന ജനങ്ങൾക്ക് അതിൽ ഒരു (വമ്പിച്ച) ദൃഷ്ടാന്തമുണ്ട്.

മനുഷ്യർക്കായി അവതരിപ്പിക്കപെട്ട കാര്യങ്ങൾ അവർക്ക് വിവരിച്ച് കൊടുക്കുവാൻ വേണ്ടിയാകുന്നു നബി(സ)ക്ക് ഖുർആൻ അവതരിപ്പിക്കപെട്ടതെന്ന് 44ാം വചനത്തിൽ പ്രസ്താവിച്ചുവല്ലൊ. മതപരമായ വിശ്വാസാചാരങ്ങളിൽ ജനങ്ങൾക്കിടയിലുള്ള ഭിന്നാഭിപ്രായങ്ങളിലുള്ള സത്യവും യാഥാർത്ഥ്യവും വിവരിച്ച് കൊടുക്കുക എന്നത് പ്രസ്തുത ലക്ഷ്യത്തിന്റെ ഒരു പ്രധാന വശമാണെന്ന് 64ാം വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു. എന്നാൽ അധികമാളുകളും, സത്യത്തിലേക്ക് മടങ്ങാതെ, പിശാചിന്റെ ദുർബോധനങ്ങൾക്കടിമപെടുകയാണ് ചെയ്യുന്നത് - ഈ സമുദായത്തിൽപെട്ടവർ മാത്രമല്ല മുൻ സമുദായങ്ങളിൽ പെട്ടവരും, അങ്ങനെ തന്നെ.

ആകാശത്ത് നിന്ന് മഴ വെള്ളം ഇറക്കി നിർജ്ജീവമായ ഭൂമിയെ ഫലഭൂയിഷ്ഠമാക്കി, മനുഷ്യന്റെ ഭൗതിക നിലനിൽപിനാവശ്യമായ അന്നപാനീയാദി കാര്യങ്ങൾ അല്ലാഹു മനുഷ്യർക്ക് ഒരുക്കി കൊടുത്ത് കൊണ്ടിരിക്കുന്നു. അത്പോലെ ആത്മീയവും പാരത്രികവുമായ ഉന്നമനത്തിനായി അല്ലാഹു ഖുർആനിലൂടെ മനുഷ്യർക്ക് ഉദ്ബോധനം നൽകിയിരിക്കുന്നു. നിർജ്ജീവാവസ്ഥയിലുള്ള ഭൂമിയെ വീണ്ടും ജീവസ്സുള്ളതാക്കിത്തീർക്കുന്നത് പോലെ, മരണാനന്തരം വീണ്ടും അവൻ മനുഷ്യനെ പുനർജീവിപ്പിക്കുമെന്നും അല്ലാഹു 65ാം വചനത്തിലൂടെ, സൂചിപ്പിക്കുന്നു. തീർച്ചയായും കേട്ട് മനസ്സിലാക്കുന്നവർക്ക് ഇവയിലെല്ലാം മഹത്തായ ദൃഷ്ടാന്തങ്ങൾ കണ്ടെത്താൻ കഴിയുന്നതാണ്.

**വിഭാഗം - 9**

**വചനം 66 :**

وَإِنَّ لَكُمْ فِي ٱلْأَنْعَٰمِ لَعِبْرَةً ۖ نُّسْقِيكُم مِّمَّا فِي بُطُونِهِۦ مِنۢ بَيْنِ فَرْثٍ وَدَمٍ لَّبَنًا خَالِصًا سَآئِغًا لِّلشَّٰرِبِينَ ﴿٦٦﴾

66 നിശ്ചയമായും, നിങ്ങൾക്ക് (ആടുമാടൊട്ടകങ്ങളാകുന്ന) കാലികളിലുമുണ്ട് ഒരു (വലിയ) ചിന്താ വിഷയം. അതിൻെറ (ആ വർഗ്ഗത്തിൻെറ) വയറുകളിലുള്ളതിൽ നിന്ന്- (കുടലുകളിലെ) ചാണകച്ചണ്ടിയുടെയും, രക്തത്തിൻെറയും ഇടയിൽനിന്ന്-നിങ്ങൾക്ക് നാം കുടിക്കുവാൻ നല്കുന്നു, കുടിക്കുന്നവർക്ക് (വേഗം) ഇറങ്ങിപ്പോകുന്ന സ്വച്ഛമായ പാൽ.

മനുഷ്യന് അല്ലാഹു നൽകിക്കൊണ്ടിരിക്കുന്ന ചില അനുഗ്രഹങ്ങളെക്കുറിച്ചും അവയിലടങ്ങിയ ദൃഷ്ടാന്തങ്ങളെക്കുറിച്ചുമാകുന്നു ഈ വചനത്തിലും തുടർന്നും അല്ലാഹു വിവരിക്കുന്നത്.

ആടുമാടൊട്ടകങ്ങളിൽ നിന്ന് നമുക്ക ലഭിക്കുന്ന രുചികരവും, പോഷകപ്രധാനവുമായ പാനീയമായ പാലിന്റെ ഉൽഭവത്തെക്കുറിച്ച് അല്ലാഹു നമ്മുടെ ചിന്തയെ തൊട്ടുണർത്തുന്നു. കാലികൾ കഴിക്കുന്ന സസ്യഭക്ഷണങ്ങൾ ദഹനത്തിന് ശേഷം സത്തും ചണ്ടിയുമായി വേർതിരിയുന്നു. സത്തിൽ നിന്ന് രക്തവും പാലും, ചണ്ടിയിൽ നിന്ന് ചാണകവും മൂത്രവും ഉരുത്തിരിയുന്നു. രക്തത്തിന്റെയൊ ചാണകമൂത്രാദികളുടെയൊ, ഇടകലരലൊന്നും കൂടാതെ തനിശുദ്ധമായ പാൽ അവക്കിടയിൽ നിന്ന് അവയുടെ അകിടിലൂടെ പുറത്ത് വരുന്നു.

അദ്ഭുതകരമായ ഈ പ്രക്രിയയുടെ പിന്നിൽ അതി വിദഗഗ്ദമായ ഒരു ശക്തിപ്രതിഭാസം പ്രവർത്തിക്കുന്നുണ്ടെന്ന് സദ്ബുദ്ധിയുള്ള ഏവർക്കും മനസ്സിലാക്കാമല്ലൊ.

**വചനം 67 :**

وَمِن ثَمَرَٰتِ ٱلنَّخِيلِ وَٱلْأَعْنَٰبِ تَتَّخِذُونَ مِنْهُ سَكَرًا وَرِزْقًا حَسَنًا ۗ إِنَّ فِي ذَٰلِكَ لَءَايَةً لِّقَوْمٍ يَعْقِلُونَ ﴿٦٧﴾

67 ഈത്തപ്പനയുടെയും, മുന്തിരികളുടെയും ഫലങ്ങളിൽ നിന്നും (നിങ്ങൾക്ക് കുടിക്കുവാൻ നൽകുന്നു.) (അതെ) അതിൽനിന്നും ലഹരിയുള്ളതും (കള്ളും), നല്ലതായ ആഹാരവും നിങ്ങൾ ഉണ്ടാക്കുന്നു. നിശ്ചയമായും, ബുദ്ധി ഉപയോഗി(ച്ചു ചിന്തി)ക്കുന്ന ജനങ്ങൾക്ക് അതിൽ ഒരു (വലിയ) ദൃഷ്ടാന്തമുണ്ട്.

അത്പോലെതന്നെ, ഒരേതരം ഫലങ്ങളിൽ നിന്ന് തന്നെ ലഹരിയുള്ള മ്ലേഛമായ മദ്യവും, പല തരം പോഷക സമ്പന്നമായ ആഹാര പാനീയങ്ങളും ലഭ്യമാകുന്നതും ബുദ്ധിയുള്ളവർക്ക് ചിന്തിക്കുവാൻ മതിയായ ഉത്തമ ദൃഷ്ടാന്തങ്ങളാകുന്നു.

**വചനം 68, 69 :**

68 നിൻെറ റബ്ബ് തേനീച്ചക്ക് വഹ്‌യു' (ബോധനം) നൽകുകയും ചെയ്തിരിക്കുന്നു; മലകളിൽ നിന്ന് (ചിലേടത്ത്) നീ വീടുകൾ (കൂടുകൾ) ഉണ്ടാക്കിക്കൊള്ളുക; വൃക്ഷങ്ങളിൽ നിന്നും, അവർ (മനുഷ്യർ) കെട്ടി ഉയർത്തുന്നവയിൽ നിന്നും (ചിലതിലും ഉണ്ടാക്കിക്കൊള്ളുക) എന്ന്;-

وَأَوْحَىٰ رَبُّكَ إِلَى ٱلنَّحْلِ أَنِ ٱتَّخِذِى مِنَ ٱلْجِبَالِ بُيُوتًا وَمِنَ ٱلشَّجَرِ وَمِمَّا يَعْرِشُونَ ﴿٦٨﴾

69 പിന്നെ എല്ലാ (വിധ) ഫലങ്ങളിൽ നിന്നും നീ തിന്നുകൊള്ളുക; എന്നിട്ട് സുഗമമായ നിലയിൽ നിൻെറ റബ്ബിൻെറ (വക) മാർഗ്ഗങ്ങളിൽ നീ പ്രവേശിക്കുക' എന്നും). അവയുടെ വയറു കളിൽ നിന്ന് നിറങ്ങൾ വ്യത്യസ്തമായ ഒരു (തരം) പാനീയം പുറത്തുവരുന്നു; അതിൽ മനുഷ്യർക്ക് (രോഗ)ശമനമുണ്ട്. നിശ്ചയമായും, അതിൽ ചിന്തിച്ചു നോക്കുന്ന ജനങ്ങൾക്ക് ഒരു (വമ്പിച്ച) ദൃഷ്ടാന്തമുണ്ട്.

ثُمَّ كُلِى مِن كُلِّ ٱلثَّمَرَٰتِ فَٱسْلُكِى سُبُلَ رَبِّكِ ذُلُلًا ۚ يَخْرُجُ مِنۢ بُطُونِهَا شَرَابٌ مُّخْتَلِفٌ أَلْوَٰنُهُۥ فِيهِ شِفَآءٌ لِّلنَّاسِ ۗ إِنَّ فِى ذَٰلِكَ لَءَايَةً لِّقَوْمٍ يَتَفَكَّرُونَ ﴿٦٩﴾

ഈ വചനങ്ങളിൽ തേനീച്ചയിലും തേനിലും അടങ്ങിയ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ അല്ലാഹു ഉദ്ബോധിപ്പിക്കുന്നു. തേനീച്ചയെയും തേനിനെക്കുറിച്ചും നടത്തപെട്ട പല പരീക്ഷണ നിരീക്ഷണങ്ങളുടെയും രത്നച്ചുരുക്കം, ഈ രണ്ട് ഖുർആൻ വചനങ്ങളിൽ അടങ്ങിയിട്ടുണ്ടെന്ന് കാണാവുന്നതാണ്. ഈ സുറത്തിന് സൂ : നഹ്ൽ എന്ന് പേരു വരാൻ കാരണമായ ആയത്തുകളാകുന്നു ഇവ.

“നിന്റെ റബ്ബ് തേനീച്ചക്ക് വഹ്‌യ് നൽകിയിരിക്കുന്നു” എന്ന് പറഞ്ഞതിന്റെ താൽപര്യം അതിന് തോന്നിപ്പിച്ചു - അഥവാ ബോധനം നൽകി - എന്നാകുന്നു. തോന്നിപ്പിച്ച കാര്യങ്ങളാണ് തുടർന്ന് പറയുന്നത്.

“മലകളിൽ നിന്ന് വീടുകൾ - കൂടുകൾ - നിർമ്മിക്കുക” - തേൻ കൂടുകൾ അധികവും മലമ്പ്രദേശങ്ങളിലാണല്ലോ കണ്ട് വരുന്നത്.

“വൃക്ഷങ്ങളിൽ നിന്നും, അവർ - മനുഷ്യർ - കെട്ടി ഉയർത്തുന്നവയിൽ നിന്നും” - എന്ന് പറഞ്ഞത് മര പൊത്തുകൾ, മരക്കൊമ്പുകൾ, മനുഷ്യനിർമ്മിതമായ വീടുകൾ, മതിലുകൾ പന്തലുകൾ എന്നിവിടങ്ങളിൽ കൂട് നിർമ്മിക്കുവാനുള്ള ഉദ്ബോധനമാകുന്നു.

കൂട് കെട്ടിയ ശേഷം തേൻ ഉൽപാദിപ്പിക്കേണ്ടുന്ന വിധവും അല്ലാഹു അവയെ പഠിപ്പിക്കുന്നു: - “പിന്നെ എല്ലാ വിധ ഫലങ്ങളിൽനിന്നും തിന്ന് കൊള്ളുക ”- സസ്യങ്ങളിൽ നിന്നും വൃക്ഷങ്ങളിൽ നിന്നും ലഭിക്കുന്ന പൂക്കൾ അടക്കം എല്ലാ ഭോജ്യവസ്തുക്കൾക്കും പറയപെടുന്ന ഒരു വാക്കാകുന്നു **الثمرات** (ഫലങ്ങൾ) എന്നത്. ഇവയിൽ ഏത് തരം ഫലങ്ങളിൽ നിന്ന് ഭക്ഷിച്ചാലും അത് തേനിന്റെ ഉൽപാദനത്തിന് സഹായകരമാകുന്നു എന്ന വസ്തുത “എല്ലാ ഫലങ്ങളിൽ നിന്നും” എന്ന പ്രയോഗത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

തുടർന്ന് അല്ലാഹു നിർദ്ദേശിക്കുന്നു: “സുഗമമായ നിലയിൽ നിന്റെ റബ്ബിന്റെ മാർഗ്ഗങ്ങളിൽ - അഥവാ റബ്ബ് നിശ്ചയിച്ച് തന്ന മാർഗ്ഗങ്ങളിലൂടെ -പ്രവേശിച്ച് കൊള്ളുക” - കൂട്ടിൽ നിന്നും ദൂരസ്ഥലങ്ങളിൽ ഭക്ഷണം തേടിപ്പോയി, ലക്ഷ്യം തെറ്റാതെ തിരിച്ച് വരേണ്ടുന്ന വിധങ്ങൾ, കൂട്ടിൽ വെച്ച് സ്വീകരിക്കേണ്ടുന്ന കർമ്മങ്ങൾ, തെറ്റാതെ പാലിക്കേണ്ടുന്ന മുറകൾ എന്നിവ കൃത്യമായി നിർവ്വഹിക്കാനുള്ള ബോധനവും പ്രചോദനവും അല്ലാഹു ആ ചെറു ജീവിക്ക് പ്രദാനം ചെയ്തിരിക്കുന്നു. അങ്ങനെ ആയിരക്കണക്കിന് തേനീച്ചകളാൽ ഉൽപാദിപ്പിക്കപെടുന്ന വിഭവമായ തേൻ “അവയുടെ ഉള്ളങ്ങളിൽ നിന്നും പുറത്ത് വരുന്ന (വിശിഷ്ടമായ) ഒരു പാനീയം ആകുന്നു.” തേനീച്ചകളുടെ വൈവിധ്യത്തിനനുസൃതമായി തേനിന്റെ വർണ്ണത്തിലും രുചിയിലും പോഷകഗുണങ്ങളിലും വ്യത്യാസമുണ്ടായിരിക്കും. എന്നാൽ എല്ലാ തരം തേനുകളും പാനീയമെന്നതിലുപരി ഒരു ഭക്ഷ്യപദാർത്ഥവും ഔഷധ വസ്തുവുമാകുന്നു. “അതിൽ മനുഷ്യർക്ക് രോഗ ശമനമുണ്ട്” എന്ന് അല്ലാഹു പ്രത്യേകം പ്രസ്താവിച്ചിരിക്കുന്നു. നബി(സ) തിരുമേനി പല രോഗങ്ങൾക്കും ഔഷധമായി തേൻ കൊടുക്കാൻ സഹാബികളോട് നിർദ്ദേശിക്കാറുണ്ടായിരുന്നു. ആധുനിക വൈദ്യശാസ്ത്രങ്ങളിലും പല രോഗങ്ങൾക്കും ഭിഷഗ്വരന്മാർ തേൻ ഔഷധമായി നൽകി വരുന്നുണ്ടല്ലൊ.

ഒരു തേനീച്ച കൂട്ടിൽ അവിടുത്തെ സംവിധാനങ്ങളുടെയൊക്കെ മേൽനോട്ടം വഹിക്കുന്ന ഒരു 'വലിയ റാണി' ഈച്ചയും റാണിയുമായി ഇണചേരുകയല്ലാതെ മറ്റ് ജോലികളൊന്നുമില്ലാതെ ഏതാനും 'മടിയൻ' ആൺ ഈച്ചകളും ബാക്കി ആയിരക്കണക്കിന് 'തൊഴിലാളി' ഈച്ചകളുമാണുണ്ടായിരിക്കുക. ദിവസേന ആയിരക്കണക്കിന് മുട്ടകളിടുന്ന 'റാണി' ഈച്ചയേയും, 'മടിയൻ' ഈച്ചകളെയും ശുശ്രൂഷിക്കുക പുറത്ത് പോയി പുമ്പൊടി തുടങ്ങിയ ആഹാരങ്ങൾ തേടിപിടിച്ച് കൊണ്ട് വരിക, തേൻ സൂക്ഷിക്കാനുള്ള അറകൾ അതി വൈദഗ്ദ്യത്തോടെ ആറ് കോണാകൃതിയിൽ കലാപരമായി നിർമ്മിച്ച് സംരക്ഷിക്കുക, അതിൽ തേൻ സൂക്ഷിച്ച് വെക്കുക, പുതുതായി ജനിക്കുന്ന കുഞ്ഞുങ്ങളെ വളർത്തുക, ഉറുമ്പ് മുതലായ ശത്രുക്കളെ ചെറുക്കുക, കൂടും പരിസരവും ശുചിയായി സൂക്ഷിക്കുക, തുടങ്ങി എല്ലാ ജോലികളും തൊഴിലാളികളായ പര സഹസ്രം ഈച്ചകളുടെ ഉത്തരവാദിത്വമാകുന്നു.

തേനീച്ചകളുടെ ഇത്രയും ബൃഹത്തായ സൃഷ്ടി സംവിധാനങ്ങളെക്കുറിച്ചാലോചിക്കുന്ന, ചിന്തിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും അതിൽ അല്ലാഹുവിന്റെ മഹത്തായ ദൃഷ്ടാന്തങ്ങൾ കണ്ടെത്താവുന്നതാണ്.

**വചനം 70 :**

وَٱللَّهُ خَلَقَكُمْ ثُمَّ يَتَوَفَّىٰكُمْ ۚ وَمِنكُم مَّن يُرَدُّ إِلَىٰٓ أَرْذَلِ ٱلْعُمُرِ لِكَىْ لَا يَعْلَمَ بَعْدَ عِلْمٍ شَيْـًٔا ۚ إِنَّ ٱللَّهَ عَلِيمٌ قَدِيرٌ ﴿٧٠﴾

70 അല്ലാഹുവത്രെ നിങ്ങളെ സൃഷ്ടിച്ചത്; പിന്നീട് നിങ്ങളെ അവൻ മരണപ്പെടുത്തുന്നു. ആയുസ്സിൻെറ ഏറ്റം താഴേകിട (ദുർബ്ബലാവസ്ഥ) യിലേക്ക് ഒഴിവാക്കി വിടപ്പെടുന്നവരും നിങ്ങളിലുണ്ടായിരിക്കും; അറിവിന്നുശേഷം (പിന്നെയും) യാതൊന്നും അറിയാതിരിക്കുവാൻവേണ്ടി. നിശ്ചയമായും അല്ലാഹു (എല്ലാം) അറിയുന്നവനും, കഴിവുള്ളവനുമാകുന്നു.

മനുഷ്യരിൽ ചിലർ ചെറുപ്പത്തിലെ മരണമടയുന്നു. ചിലർ ഏതാനും വയസ്സ് വരെ ജീവിക്കുന്നു മറ്റ് ചിലരാകട്ടെ സാധാരണയിൽ കവിഞ്ഞ ദീർഘായുസ്സ് വരേയും ജീവിക്കുന്നു. അപ്പോൾ അവർക്ക്, മുമ്പുണ്ടായിരുന്ന അറിവും തന്റേടവും നഷ്ടപെടുകയും ഗ്രഹണേന്ദ്രിയങ്ങൾ ക്ഷയിച്ച് ശിശുക്കൾ കണക്കെ ആയിത്തീരുകയും, ചെയ്യുന്നു. എല്ലാം അല്ലാഹുവിന്റെ നിശ്ചയം അനുസരിച്ച് നടക്കുന്നുവെന്ന് മാത്രം. സൂ : റൂം : 54 സൂ : യാസീൻ:68 എന്നിവിടങ്ങളിൽ മനുഷ്യന്റെ ജീവിതത്തിലെ വിവിധ ഘട്ടങ്ങളെക്കുറിച്ച് അല്ലാഹു പ്രതിപാദിക്കുന്നത് നോക്കുക.

നബി(സ) ഇപ്രകാരം പ്രാർത്ഥിച്ചിരുന്നതായി അനസ്(റ) പ്രസ്താവിച്ചിരിക്കുന്നു: ''പിശുക്ക്, ഉദാസീനത, വാർദ്ധക്യക്ഷീണം, അവശ പ്രായം, ഖബറിലെ ശിക്ഷ, ദജ്ജാലിന്റെ കുഴപ്പം, ജീവിത്തിലെയും മരണത്തിലെയും കുഴപ്പങ്ങൾ എന്നിവയിൽ നിന്ന്, അല്ലാഹുവെ, ഞാൻ നിന്നോട് രക്ഷതേടുന്നു'' (ബു)

## വിഭാഗം 10

**വചനം 71 :**

وَٱللَّهُ فَضَّلَ بَعْضَكُمْ عَلَىٰ بَعْضٍ فِى ٱلرِّزْقِ ۚ فَمَا ٱلَّذِينَ فُضِّلُوا۟ بِرَآدِّى رِزْقِهِمْ عَلَىٰ مَا مَلَكَتْ أَيْمَـٰنُهُمْ فَهُمْ فِيهِ سَوَآءٌ ۚ أَفَبِنِعْمَةِ ٱللَّهِ يَجْحَدُونَ ﴿٧١﴾

71 അല്ലാഹു (തന്നെ), നിങ്ങളിൽ ചിലരെ ചിലരെക്കാൾ ആഹാര (വിഷയ)ത്തിൽ ശ്രേഷ്ഠമാക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, ശ്രേഷ്ഠമാക്കപ്പെട്ടവർ തങ്ങളുടെ ആഹാരത്തെ തങ്ങളുടെ വലംകൈ ഉടമയാക്കിയവർക്ക് (അടിമകൾക്ക്) വിട്ടുകൊടുക്കുന്നവരല്ല; എന്നിട്ട് അവർ (രണ്ടുകൂട്ടരും) അതിൽ സമമായിരിക്കുക (– അതുണ്ടാകുകയില്ല.) അപ്പോൾ, അല്ലാഹുവിൻെറ അനുഗ്രഹത്തെയോ അവർ നിഷേധിക്കുന്നത്?!

ആഹാര വിഷയത്തിൽ – അഥവാ ഉപജീവനമാർഗ്ഗങ്ങളിൽ – ചിലർക്ക് കൂടുതലും ചിലർക്ക് പരിമിതവുമായിക്കൊണ്ടാണ് അല്ലാഹു നൽകിയിരിക്കുന്നത്. അത് അല്ലാഹുവിന്റെ നിശ്ചയമനുസരിച്ചാകുന്നു– അല്ലാതെ മനുഷ്യന്റെ സാമർത്ഥ്യമൊ ബുദ്ധിയൊ പ്രാപ്തിയൊ അനുസരിച്ചല്ല. നിത്യജീവിതത്തിൽ ഈ വസ്തുതക്ക് നാം എത്രയൊ ഉദാഹരണങ്ങൾക്ക് സാക്ഷികളാണല്ലൊ. ഈ യാഥാർത്ഥ്യം അല്ലാഹു സൂ : സുഖ്റുഫ് 32ാം വചന

ത്തിലും വ്യക്തമാക്കിയിട്ടുള്ളതാകുന്നു (ഇതിലടങ്ങിട്ടുള്ള യുക്തി രഹസ്യം പ്രസ്തുത വചനത്തിന്റെ വ്യാഖ്യാന ത്തിൽ വിശദീകരിക്കപെട്ടിട്ടുണ്ട്).

ഈ വചനത്തിൽ, അല്ലാഹു ശിർക്കിന്റെ അർത്ഥശൂന്യത ഒരു ഉദാഹരണത്തിലൂടെ ചൂണ്ടിക്കാട്ടുന്നു. എല്ലാവർക്കും ഒരേ തോതിലല്ല അല്ലാഹു ഉപജീവനമാർഗ്ഗം നൽകിയിരിക്കുന്നത്. തങ്ങളെ ആശ്രയിച്ച് കഴിയുന്ന അടിമകൾക്ക് യജമാനവർഗ്ഗം, തങ്ങളുടെ അധീനത്തിലുള്ളത് വിട്ട് കൊടുത്ത് കൊണ്ട് അവരെയും പങ്കുകാരാക്കി ഇരു കൂട്ടരെയും അതിൽ സമാവകാശികളാക്കാറില്ല. അതേ സമയം അല്ലാഹുവിന്റെ ചില സൃഷ്ടികൾക്ക് അവർ അല്ലാഹുവിന്റെ അധികാരാവകാശങ്ങൾ വക വെച്ച് കൊടുക്കുകയും അവരെ ആരാധിക്കുകയും അല്ലാഹു തങ്ങൾക്ക് നൽകിയ സമ്പത്തിന്റെ ഒരു പങ്ക് നേർച്ച വഴിപാടുകൾ വഴി അവർക്ക് നീക്കി വെക്കുകയും ചെയ്യുന്നു. അങ്ങനെ, തങ്ങൾക്കവകാശപെട്ടത് തങ്ങളുടെ അടിമകൾക്ക് വിട്ട് കൊടുക്കാൻ തയ്യാറില്ലാത്ത അവർ സർവ്വ ലോക സൃഷ്ടാവായ അല്ലാഹുവിന്റേത് മാത്രമായ അവകാശങ്ങൾ അവന്റെ അടിമകൾക്ക് വിട്ട് കൊടുത്ത് കൊണ്ട് അവരെ അവനോട് സമന്മാരാക്കുന്നു. അല്ലാഹു അവർക്ക് നൽകിയിട്ടുള്ള അനുഗ്രഹത്തെ നിഷേധിക്കലും അവ നോട് കാണിക്കുന്ന ധിക്കാരവും നന്ദികേടും ആകുന്നു അത്. ഇതത്രെ ഈ വചനത്തിലടങ്ങിയ ആശയത്തിന്റെ ചുരുക്കം സൂ : റൂം : 28ാം വചനത്തിൽ ഈ ആശയം കുറെകൂടി വ്യക്തമായി മനസ്സിലാക്കാം

('അവരുടെ വലം കൈകൾ ഉടമയാക്കിയവർ എന്ന് പറഞ്ഞത് അടിമകളെ ഉദ്ദേശിച്ചാകുന്നു.')

**വചനം 72, 73, 74 :**

72 അല്ലാഹു നിങ്ങൾക്ക് നിങ്ങളിൽനിന്നുതന്നെ ഇണകളെ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു; നിങ്ങളുടെ ഇണകളിൽനിന്ന് നിങ്ങൾക്ക് മക്കളെയും,പേരമക്കളെയും അവൻ ഉണ്ടാക്കിത്തരികയും ചെയ്തിരിക്കുന്നു; നല്ല (വിശിഷ്ട)വസ്തുക്കളിൽ നിന്ന് നിങ്ങൾക്ക് അവൻ ഉപജീവനം നൽകുകയും ചെയ്തിരിക്കുന്നു. എന്നിരിക്കെ, അയഥാർത്ഥമായതിലാണോ അവർ വിശ്വസിക്കുന്നത്?! അല്ലാഹുവിൻെറ അനുഗ്രഹത്തിലാകട്ടെ, അവർ അവിശ്വസി(ച്ചു നിഷേധി)ക്കുകയും ചെയ്യുന്നു(വോ)?

73 അല്ലാഹുവിനു പുറമെ അവർ ആരാധിക്കുകയും ചെയ്യുന്നു, ആകാശങ്ങളിൽ നിന്നും, ഭൂമിയിൽ നിന്നും അവർക്ക് വല്ലതും ആഹാരം നൽകുവാൻ പ്രാപ്തമാകുകയാകട്ടെ, (വല്ല കാര്യത്തിന്നും) സാധ്യമാകുകയാകട്ടെ ചെയ്യാത്തവയെ.

74 അപ്പോൾ, നിങ്ങൾ അല്ലാഹുവിന് ഉപമകൾ ഉണ്ടാക്കരുത്. നിശ്ചയമായും അല്ലാഹു, (യഥാർത്ഥം) അറിയുന്നു; നിങ്ങളാകട്ടെ, അറിയുന്നില്ലതാനും.

وَٱللَّهُ جَعَلَ لَكُم مِّنۡ أَنفُسِكُمۡ أَزۡوَٰجٗا وَجَعَلَ لَكُم مِّنۡ أَزۡوَٰجِكُم بَنِينَ وَحَفَدَةٗ وَرَزَقَكُم مِّنَ ٱلطَّيِّبَٰتِۚ أَفَبِٱلۡبَٰطِلِ يُؤۡمِنُونَ وَبِنِعۡمَتِ ٱللَّهِ هُمۡ يَكۡفُرُونَ ٧٢

وَيَعۡبُدُونَ مِن دُونِ ٱللَّهِ مَا لَا يَمۡلِكُ لَهُمۡ رِزۡقٗا مِّنَ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ شَيۡـٔٗا وَلَا يَسۡتَطِيعُونَ ٧٣

فَلَا تَضۡرِبُواْ لِلَّهِ ٱلۡأَمۡثَالَۚ إِنَّ ٱللَّهَ يَعۡلَمُ وَأَنتُمۡ لَا تَعۡلَمُونَ ٧٤

മേൽ പ്രസ്താവിച്ച അനുഗ്രഹങ്ങളെല്ലാം നൽകിയ അല്ലാഹുവിനെ വിട്ടേച്ച് ഒരു നന്മയും ചെയ്യാൻ കഴിവില്ലാത്തവയെ അല്ലാഹുവിന് തുല്ല്യമാക്കി ആരാധിച്ച് വരുന്നതിന്റെ അർത്ഥശൂന്യതയും വിഡ്ഢിത്തവും അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അല്ലാഹുവിന്റെ അധികാരാവകാശങ്ങളിലൊ, പ്രവർത്തനങ്ങളിലൊ, അവനോട് സമത്വവും സാദൃശ്യവും സങ്കൽപിക്കുന്ന 'ശിർക്കിന്റെ'ഗൗരവവും, അത് മൂലം നേരിടുന്ന ഭവിഷ്യത്തുകളും അല്ലാഹുവിനാണ് അറിയുക.നിങ്ങൾക്കാകട്ടെ അത് അറിയുകയുമില്ല- അത് കൊണ്ടാണ് ഇവയൊക്കെ വിസതരിച്ചും ആവർത്തിച്ചും വിവരിക്കുന്നതെന്നും അല്ലാഹു പ്രസ്താവിക്കുന്നു.

**വചനം 75 76 :**

75 അല്ലാഹു ഒരു ഉപമവിവരിക്കുകയാണ്: ഒരു കാര്യത്തിനും കഴിയാത്ത ഉടമയാക്കപ്പെട്ട ഒരു അടിമയെ (യും), – യാതൊരുവനെയും: അവന്

۞ضَرَبَ ٱللَّهُ مَثَلًا عَبۡدٗا مَّمۡلُوكٗا لَّا يَقۡدِرُ عَلَىٰ شَيۡءٖ وَمَن رَّزَقۡنَٰهُ مِنَّا رِزۡقًا

حَسَنًا فَهُوَ يُنفِقُ مِنْهُ سِرًّا وَجَهْرًا ۖ هَلْ يَسْتَوُۥنَ ۚ ٱلْحَمْدُ لِلَّهِ ۚ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ﴿٧٥﴾

നമ്മുടെ വകയായി നാം നല്ലതായ ഉപജീവനം നൽകിയിരിക്കുന്നു: എന്നിട്ട് അവൻ അതിൽ നിന്ന് രഹസ്യമായും, പരസ്യമായും ചിലവഴിച്ചു വരുകയും ചെയ്യുന്നു. (ഇങ്ങിനെയുള്ളവനെയും). ഇവർ (ഇങ്ങിനെയുള്ളവർ) സമമാകുമോ?! (ഇല്ലെന്നു തീർച്ചയാണല്ലോ.) അല്ലാഹുവിന്നത്രെ സ്തുതി (മുഴുവനും)! പക്ഷെ, അവരിൽ അധികമാളും അറിയുന്നില്ല.

وَضَرَبَ ٱللَّهُ مَثَلًا رَّجُلَيْنِ أَحَدُهُمَآ أَبْكَمُ لَا يَقْدِرُ عَلَىٰ شَىْءٍ وَهُوَ كَلٌّ عَلَىٰ مَوْلَىٰهُ أَيْنَمَا يُوَجِّههُّ لَا يَأْتِ بِخَيْرٍ ۖ هَلْ يَسْتَوِى هُوَ وَمَن يَأْمُرُ بِٱلْعَدْلِ ۙ وَهُوَ عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٧٦﴾

76 അല്ലാഹു (വേറെ) ഒരു ഉപമയും വിവരിക്കുന്നു- രണ്ടു പുരുഷൻമാരെ: ആ രണ്ടിലൊരുവൻ ഊമയാകുന്നു; അവന്ന് ഒരു കാര്യത്തിനും കഴിയുകയില്ല; അവനാകട്ടെ, തൻെറ രക്ഷാധികാരിക്ക് ഒരു ഭാരവുമാണ്;-അയാൾ അവനെ എങ്ങോട്ടു തിരിച്ചുവിട്ടാലും അവൻ ഒരു നൻമയും കൊണ്ടു വരുന്നതല്ല. (ഇങ്ങിനെയുള്ള) അവനും, (ജനങ്ങളോട്) നീതിയെക്കുറിച്ച് കൽപിക്കുന്നവനും- അവനാകട്ടെ നേരെ (ചൊവ്വാ)യുള്ള പാതയിലുമാണ്- സമമാകുമോ?!

ഈ വചനങ്ങളിലെ രണ്ട് ഉപമകളിലൂടെ വിഗ്രഹാരാധകന്മാരുടെ ബുദ്ധിശൂന്യത അല്ലാഹു വ്യക്തമാക്കുന്നു :

ഒന്നാമതായി : മറ്റൊരാളുടെ ഉടമസ്ഥതയിലുള്ള, യാതൊന്നും പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യമൊ കഴിവൊ ഇല്ലാത്ത ഒരു അടിമയും, മാന്യനും, ധനികനും രഹസ്യ പരസ്യവ്യത്യാസമില്ലാതെ ഉദാരമായി ചിലവഴിക്കാറുള്ളവനുമായ ഒരു സ്വതന്ത്രനും തമ്മിൽ ഒരിക്കലും ഒരു സാമ്യതയുമുണ്ടായിരിക്കുകയില്ലല്ലൊ: എന്നിരിക്കെ, യാതൊരു ഗുണദോഷവും ചെയ്യാനൊ സ്വന്തം കാര്യങ്ങളെങ്കിലും, നിയന്ത്രിക്കാനോ കഴിയാത്ത ബിംബങ്ങളെ, സർവ്വജ്ഞനും, സർവ്വശക്തനും, അന്ന ദാതാവും അനുഗ്രഹദാതാവുമായ അല്ലാഹുവിനോട് സമന്മാരാക്കുന്നതിൽ പരം എന്ത് വിഡ്ഢിത്തമാണുള്ളത്.

രണ്ടാമത്തെ ഉപമയിൽ, യാതൊരു ഉപകാരവുമില്ലാത്ത ഒരു ഊമയെയും, തന്റേടിയും സന്മാർഗ്ഗിയുമായ ഒരു നീതിമാനും തമ്മിലുള്ള താരതമ്യത്തിലൂടെ ശിർക്കിന്റെ നിരർത്ഥകതയേയും അപലപനീയതയെയും അല്ലാഹു വിവരിക്കുന്നു.

## വിഭാഗം 11

**വചനം 77 :**

وَلِلَّهِ غَيْبُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَمَآ أَمْرُ ٱلسَّاعَةِ إِلَّا كَلَمْحِ ٱلْبَصَرِ أَوْ هُوَ أَقْرَبُ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٧٧﴾

77 അല്ലാഹുവിന്നത്രെ, ആകാശങ്ങളിലെയും, ഭൂമിയിലെയും അദൃശ്യ (ജ്ഞാന)മുള്ളത് അന്ത്യസമയത്തിൻെറ കാര്യം, കണ്ണിമവെട്ടുന്നതുപോലെ (വേഗത്തിൽ)അല്ലാതെ ഇല്ല; അഥവാ അത് അതിനേക്കാൾ അടുപ്പം (വേഗത) ഉള്ളതായിരിക്കും. നിശ്ചയമായും, അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്.

ആകാശങ്ങളിലെയും ഭൂമിയിലെയും, അദൃശ്യകാര്യങ്ങളും അന്ത്യസമയം എപ്പോൾ സംഭവിക്കുമെന്നുള്ളതും അല്ലാഹുവിന്റെ മാത്രം അറിവിൽപെട്ടതാകുന്നു. അന്ത്യസമയം ഒരു കണ്ണിമവെട്ടുന്നതിനേക്കാൾ വേഗത്തിലായിരിക്കും സംഭവിക്കുക. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

**വചനം 78 :**

وَٱللَّهُ أَخْرَجَكُم مِّنۢ بُطُونِ أُمَّهَٰتِكُمْ لَا

78 അല്ലാഹു, നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ നിന്ന് നിങ്ങൾക്കുയാതൊന്നും അറിഞ്ഞു

تَعْلَمُونَ شَيْـًٔا وَجَعَلَ لَكُمُ ٱلسَّمْعَ وَٱلْأَبْصَٰرَ وَٱلْأَفْـِٔدَةَ ۙ لَعَلَّكُمْ تَشْكُرُونَ ﴿٧٨﴾

കൂടാത്ത നിലയിൽ നിങ്ങളെ പുറത്തുകൊണ്ടു വരുകയും ചെയ്തിരിക്കുന്നു; നിങ്ങൾക്കവൻ കേൾവിയും, കാഴ്ചകളും, ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തിരിക്കുന്നു; നിങ്ങൾ നന്ദികാണിച്ചേക്കുവാൻ വേണ്ടി.

തികച്ചും നിസ്സഹായാവസ്ഥയിൽ ഈ ഭൂമിയിൽ ഭൂജാതനാകുന്ന മനുഷ്യന് പിന്നീട് കാര്യങ്ങൾ കണ്ടറിയാനും കേട്ട് മനസ്സിലാക്കുവാനും, ചിന്തിച്ചറിയുവാനുമുള്ള കഴിവ് അല്ലാഹു നൽകുന്നു. ഈ അനുഗ്രഹങ്ങൾക്കു നന്ദി കാണിക്കുന്നതിന് പകരം മനുഷ്യൻ, അല്ലാഹുവല്ലാത്ത വസ്തുക്കളോട് കൂറും ഭക്തിയും വിധേയത്വവും കാണിച്ച് കൊണ്ടിരിക്കുന്നത് അങ്ങേയറ്റത്തെ നന്ദികേട് തന്നെ. (സൂ: മുൽക്: 19 നോക്കുക.)

**വചനം 79 :**

أَلَمْ يَرَوْا۟ إِلَى ٱلطَّيْرِ مُسَخَّرَٰتٍ فِى جَوِّ ٱلسَّمَآءِ مَا يُمْسِكُهُنَّ إِلَّا ٱللَّهُ ۗ إِنَّ فِى ذَٰلِكَ لَـَٔايَٰتٍ لِّقَوْمٍ يُؤْمِنُونَ ﴿٧٩﴾

79 ആകാശാന്തരീക്ഷത്തിൽ കീഴ്പെടുത്തപ്പെട്ടവയായിക്കൊണ്ട് (പറക്കുന്ന) പക്ഷികളിലേക്ക് അവർ നോക്കിക്കാണുന്നില്ലേ? അവയെ അല്ലാഹു അല്ലാതെ (ആരും) പിടിച്ചു നിറുത്തുന്നില്ല! നിശ്ചയമായും, വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.

കരണം മറിയുകയോ, വീണ് പോകുകയൊ ചെയ്യാതെ, പക്ഷികൾ അന്തരീക്ഷത്തിൽ യഥേഷ്ടം പാറി പറക്കുന്നത്. അല്ലാഹു അവർക്ക് നൽകിയ ശാരീരികമായ ചില പ്രത്യേക കഴിവുകൾ മൂലമാകുന്നു. ഇതെല്ലാം സൂക്ഷ്മ നിരീക്ഷണം നടത്തുന്ന സത്യവിശ്വാസികൾക്ക് പല ദൃഷ്ടാന്തങ്ങളും മനസ്സിലാക്കാനാവുമെന്ന് അല്ലാഹു നമ്മെ ഓർമ്മിപ്പിക്കുന്നു. (സൂ: മുൽക്: 19 നോക്കുക)

**വചനം 80 :**

وَٱللَّهُ جَعَلَ لَكُم مِّنۢ بُيُوتِكُمْ سَكَنًا وَجَعَلَ لَكُم مِّن جُلُودِ ٱلْأَنْعَٰمِ بُيُوتًا تَسْتَخِفُّونَهَا يَوْمَ ظَعْنِكُمْ وَيَوْمَ إِقَامَتِكُمْ ۙ وَمِنْ أَصْوَافِهَا وَأَوْبَارِهَا وَأَشْعَارِهَآ أَثَٰثًا وَمَتَٰعًا إِلَىٰ حِينٍ ﴿٨٠﴾

80 അല്ലാഹു (തന്നെ), നിങ്ങൾക്ക് നിങ്ങളുടെ വീടുകളിൽനിന്നും താമസം (താമസസൗകര്യം) ഏർപ്പെടുത്തിത്തരുകയും ചെയ്തിരിക്കുന്നു;കാലികളുടെ തോലുകളിൽ നിന്ന് നിങ്ങൾക്ക് അവൻ വീടുകൾ ഏർപ്പെടുത്തിത്തരുകയും ചെയ്തിരിക്കുന്നു; നിങ്ങളുടെ യാത്രാദിവസവും, നിങ്ങളുടെ താമസദിവസവും നിങ്ങൾ അവയെ ലഘുവായി ഉപയോഗിക്കുമാറ്.അവയുടെ രോമങ്ങളിൽനിന്നും, സൂചിമുടികളിൽനിന്നും, മുടികളിൽനിന്നും (പല) ഉപകരണങ്ങളും,ഒരു കാലം വരേക്കുള്ള ഉപയോഗവും (അവൻ ഏർപ്പെടുത്തിയിരിക്കുന്നു).

ചൂട്, തണുപ്പ്, മഴ മുതലായ അവസ്ഥകളിൽ സ്വസ്ഥമായി, താമസിക്കാനുള്ള വീടുകളും,യാത്രാവേളകളിൽ താൽക്കാലികമായി താമസത്തിനു ഉപയോഗപെടുമാറ് കാലികളുടെ തോല് കൊണ്ട് തമ്പും കൂടാരവും, കൂടാതെ ആടുമാടൊട്ടകങ്ങളുടെ രോമങ്ങൾ കൊണ്ട് വസ്ത്രം, പുതപ്പ് മുതലായവയും ഏർപെടുത്തി തന്നിട്ടുള്ളത് അല്ലാഹു ആകുന്നു. അതാതിന് വേണ്ടുന്ന വസ്തുക്കളെ സൃഷ്ടിച്ച് തന്നതിന് പുറമെ ഓരോന്നും ഉപയോഗപെടുത്താനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രദാനം ചെയ്തതും അല്ലാഹുവല്ലാതെ മറ്റാരുമല്ല.

**വചനം 81 :**

وَٱللَّهُ جَعَلَ لَكُم مِّمَّا خَلَقَ ظِلَٰلًا وَجَعَلَ لَكُم مِّنَ ٱلْجِبَالِ أَكْنَٰنًا

81 അല്ലാഹു, അവൻ സൃഷ്ടിച്ചതിൽ നിന്ന് നിങ്ങൾക്ക് തണലുകൾ ഉണ്ടാക്കിത്തരുകയും ചെയ്തിരിക്കുന്നു; മലകളിൽനിന്നും അവൻ നിങ്ങൾക്ക് ഒളിയിടങ്ങളും ഉണ്ടാക്കിയിരിക്കുന്നു;

وَجَعَلَ لَكُمْ سَرَٰبِيلَ تَقِيكُمُ ٱلْحَرَّ وَسَرَٰبِيلَ تَقِيكُم بَأْسَكُمْ ۚ كَذَٰلِكَ يُتِمُّ نِعْمَتَهُۥ عَلَيْكُمْ لَعَلَّكُمْ تُسْلِمُونَ ﴿٨١﴾

നിങ്ങൾക്ക് ചൂടു തടുത്തുതരുന്ന ഉടുപ്പുകളെയും നിങ്ങൾക്കവൻ ഉണ്ടാക്കിയിരിക്കുന്നു; നിങ്ങളുടെ (യുദ്ധത്തിൻെറ )കാഠിന്യത്തെ നിങ്ങൾക്ക് തടുത്തുതരുന്ന ഉടുപ്പുകളെയും (ഉണ്ടാക്കിത്തന്നിരിക്കുന്നു). അപ്രകാരം, അവൻെറ അനുഗ്രഹം അവൻ നിങ്ങൾക്ക് പൂർത്തിയാക്കിത്തരുന്നു, നിങ്ങൾ (അനുസരിച്ചു) കീഴൊതുങ്ങുവാൻ വേണ്ടി.

ഉഷ്ണത്തിൽ നിന്നും രക്ഷ കിട്ടുമാറ്, തണലേകുന്ന വൃക്ഷങ്ങൾ, കുന്നുകൾ, എന്നിവയും, വേണ്ടി വരുമ്പോൾ ഒളിഞ്ഞിരിക്കാനായി, മലകളിൽ തുരങ്കങ്ങൾ, ഗുഹകൾ, പൊത്തുകൾ എന്നിവയും, ചൂടിൽ നിന്നും രക്ഷ നൽകുന്ന പലതരം ഉടുപ്പുകളും വസ്ത്രങ്ങളും, കൂടാതെ യുദ്ധവേളയിൽ പരുക്കുകളിൽ നിന്നും രക്ഷപെടുന്നതിനുതകുന്ന പടയങ്കി, പടച്ചട്ട, പടതൊപ്പി തുടങ്ങിയവയുമൊക്കെ നിങ്ങൾക്ക് ഏർപെടുത്തിത്തന്നിട്ടുള്ളതും അല്ലാഹു തന്നെയാകുന്നു. നിങ്ങൾ അവനെ അനുസരിച്ചു അവന് കീഴൊതുങ്ങിയും ജീവിക്കുവാൻ വേണ്ടിയാകുന്നു അവയെല്ലാം, എന്ന് അല്ലാഹു ഓർമ്മിപ്പിക്കുന്നു. എന്നിട്ടും, അതിന് തയ്യാറില്ലാത്തവരെപറ്റി അല്ലാഹു അടുത്ത വചനത്തിൽ പറയുന്നു.

**വചനം 82 :**

فَإِن تَوَلَّوْا۟ فَإِنَّمَا عَلَيْكَ ٱلْبَلَٰغُ ٱلْمُبِينُ ﴿٨٢﴾

82 ഇനി, അവർ തിരിഞ്ഞുകളഞ്ഞെങ്കിൽ,.എന്നാൽ, (നബിയേ) നിൻെറമേൽ സ്പഷ്ടമായ പ്രബോധനം മാത്രമാണുള്ളത്.

സന്മാർഗ്ഗം വിവരിച്ച് കൊടുക്കുകയല്ലാതെ, അവരെ സന്മാർഗ്ഗത്തിലാക്കേണ്ട ബാധ്യത നബി(സ) ക്കില്ലെന്ന് അല്ലാഹു നബി(യെ) സമാധാനിപ്പിക്കുന്നു.

**വചനം 83 :**

يَعْرِفُونَ نِعْمَتَ ٱللَّهِ ثُمَّ يُنكِرُونَهَا وَأَكْثَرُهُمُ ٱلْكَٰفِرُونَ ﴿٨٣﴾

83 അല്ലാഹുവിൻെറ അനുഗ്രഹത്തെ അവർ (ശരിക്കും) അറിയുന്നു; (എന്നിട്ടും)പിന്നെ, അവരതിനെ നിഷേധിക്കുകയാണ്. അവരിൽ അധികമാളുകൾ (നന്ദികെട്ട) അവിശ്വാസികളുമത്രെ.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് സത്യനിഷേധികൾ ശരിക്കും അറിഞ്ഞും അനുഭവിച്ചും കൊണ്ടിരിക്കുന്നു. എന്നിട്ടും അവരതിനെ നിഷേധിക്കുകയാണ് ചെയ്ത് കൊണ്ടിരിക്കുന്നത്. അവരിൽ അധികമാളുകളും നന്ദികെട്ടവരാണെന്നും അതിന്റെ പരിണത ഫലം അവർ അനുഭവിക്കുക തന്നെ ചെയ്യുമെന്നും അല്ലാഹു ഓർമ്മിപ്പിക്കുന്നു.

**വിഭാഗം 12 :**

**വചനം 84 : 85**

وَيَوْمَ نَبْعَثُ مِن كُلِّ أُمَّةٍ شَهِيدًا ثُمَّ لَا يُؤْذَنُ لِلَّذِينَ كَفَرُوا۟ وَلَا هُمْ يُسْتَعْتَبُونَ ﴿٨٤﴾

وَإِذَا رَءَا ٱلَّذِينَ ظَلَمُوا۟ ٱلْعَذَابَ فَلَا يُخَفَّفُ عَنْهُمْ وَلَا هُمْ يُنظَرُونَ ﴿٨٥﴾

84 എല്ലാ സമുദായത്തിൽനിന്നും ഓരോ സാക്ഷിയെ നാം (നിയോഗിച്ച്) എഴുന്നേൽപിക്കുന്ന ദിവസം (ഓർമ്മിക്കുക)! പിന്നെ, അവിശ്വസിച്ചവർക്ക് (ഒഴികഴിവു പറയുവാൻ) അനുവാദം നൽകപ്പെടുകയില്ല; അവരോട് (വേദിച്ചുമടങ്ങി) തൃപ്തിപ്പെടുത്തുവാനാവശ്യപ്പെടുകയുമില്ല.

85 അക്രമം പ്രവർത്തിച്ചവർ ശിക്ഷ (കണ്ണിൽ) കണ്ടാലാകട്ടെ, അപ്പോൾ (പിന്നെ), അതവർക്ക് ലഘൂകരിക്കപ്പെടുകയില്ല; അവർ(ക്ക് ഇടനൽകി) കാത്തുനിറുത്തപ്പെടുകയുമില്ല.

അതത് സമുദായങ്ങളിലേക്ക് നിയോഗിക്കപെട്ട നബിമാർ ആ സമുദായങ്ങൾ തങ്ങളുടെ പ്രബോധനം സ്വീകരിച്ചതിനെയും നിരസിച്ചതിനെയും കുറിച്ച് ഖിയാമത്ത് നാളിൽ സാക്ഷ്യം വഹിക്കും. (89-ാംവചനവും നോക്കുക) അപ്പോൾ വല്ല ഒഴിവ് കഴിവും പറഞ്ഞു രക്ഷപെടുവാനൊ ഖേദിച്ച് മടങ്ങി അല്ലാഹുവിന്റെ തൃപ്തി സമ്പാദിക്കുവാനൊ അവിശ്വാസികൾക്ക് അവസരം നൽകപെടുകയില്ല. ശിക്ഷ കൺമുന്നിൽ വന്ന് കഴിഞ്ഞാലാകട്ടെ പിന്നെ അതിൽ അവർക്ക് വല്ല ഇളവും നൽകുയൊ പിന്നേക്ക് നീക്കി വെക്കപെടുകയൊ ചെയ്യുന്ന പ്രശ്നവുമില്ല. സൂ : മുർസലാത് : 35, 36 വചനങ്ങളും നോക്കുക.

**വചനം 86, 87, 88 :**

وَإِذَا رَءَا ٱلَّذِينَ أَشْرَكُوا۟ شُرَكَآءَهُمْ قَالُوا۟ رَبَّنَا هَٰٓؤُلَآءِ شُرَكَآؤُنَا ٱلَّذِينَ كُنَّا نَدْعُوا۟ مِن دُونِكَ ۖ فَأَلْقَوْا۟ إِلَيْهِمُ ٱلْقَوْلَ إِنَّكُمْ لَكَٰذِبُونَ ﴿٨٦﴾

وَأَلْقَوْا۟ إِلَى ٱللَّهِ يَوْمَئِذٍ ٱلسَّلَمَ ۖ وَضَلَّ عَنْهُم مَّا كَانُوا۟ يَفْتَرُونَ ﴿٨٧﴾

ٱلَّذِينَ كَفَرُوا۟ وَصَدُّوا۟ عَن سَبِيلِ ٱللَّهِ زِدْنَٰهُمْ عَذَابًا فَوْقَ ٱلْعَذَابِ بِمَا كَانُوا۟ يُفْسِدُونَ ﴿٨٨﴾

86 (അല്ലാഹുവിനോട് )പങ്കുചേർത്തവർ തങ്ങളുടെ (തങ്ങൾ പങ്കുചേർത്ത) പങ്കാളികളെ കണ്ടാൽ അവർ പറയും: ഞങ്ങളുടെ റബ്ബേ, (ഇതാ) ഇക്കൂട്ടരത്രെ നിനക്ക് പുറമെ ഞങ്ങൾ വിളിച്ചു (പ്രാർത്ഥിച്ചു) കൊണ്ടിരുന്ന ഞങ്ങളുടെ (ഞങ്ങൾ പങ്കുചേർത്ത) പങ്കാളികൾ.' അപ്പോൾ, അവർ (ആ പങ്കാളികൾ) നിശ്ചയമായും, നിങ്ങൾ വ്യാജം പറയുന്നവർ തന്നെയാണ് എന്നുള്ള വാക്ക് അവരുടെ നേരെ (മറുപടി) ഇട്ടുകൊടുക്കും.

87 അന്ന് അവർ അല്ലാഹുവിൻെറ നേരെ കീഴടക്കം പ്രദർശിപ്പിക്കുകയും ചെയ്യും; അവർ കെട്ടിച്ചമച്ചു കൊണ്ടിരുന്നത് (ഒക്കെയും) അവരെ വിട്ട് (തെറ്റി) മറയുകയും ചെയ്യും.

88 അവിശ്വസിക്കുകയും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് (ജനങ്ങളെ) തടയുകയും ചെയ്തിട്ടുള്ളവർ, അവർക്ക് ശിക്ഷക്കുമീതെ നാം ശിക്ഷയെ വർദ്ധിപ്പിക്കുന്നതാണ്; അവർ കുഴപ്പമുണ്ടാക്കിക്കൊണ്ടിരുന്നതു നിമിത്തം.

തങ്ങൾ അല്ലാഹുവിന്റെ പങ്കാളികളാക്കി ക്കൊണ്ട് ആരാധിച്ചിരുന്ന ആരും തന്നെ ആ മുശ്‌രിക്കുകളെ സഹായിക്കുകയൊ രക്ഷിക്കുകയൊ ഇല്ല. അവർക്കതിന് സാധ്യമല്ല എന്ന് മാത്രമല്ല “ഞങ്ങളെ ആരാധിക്കുവാൻ ഞങ്ങൾ നിങ്ങളോട് ആവശ്യപെട്ടിട്ടില്ല, നിങ്ങൾ കളവ് പറയുകയാണ്” എന്ന് പറഞ്ഞ് ആരാധകന്മാരെ അധിക്ഷേപിക്കുകയും ചെയ്യുന്നതാണ്. (സൂ: മർയം 81, 82, ഉം നോക്കുക) ആ സന്ദർഭത്തിൽ അവർ അല്ലാഹുവിനോട് വിനയപൂർവ്വം കീഴൊതുക്കം കാണിക്കും. എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് വഴി പിഴച്ചതിനും, അത് വഴി ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചെയ്തതിനും അവർക്ക് ശിക്ഷക്ക് മേൽ ശിക്ഷ വർദ്ധിപ്പിച്ച് അനുഭവിപ്പിക്കപെടുന്നതാണ്.

**വചനം 89 :**

وَيَوْمَ نَبْعَثُ فِى كُلِّ أُمَّةٍ شَهِيدًا عَلَيْهِم مِّنْ أَنفُسِهِمْ ۖ وَجِئْنَا بِكَ شَهِيدًا عَلَىٰ هَٰٓؤُلَآءِ ۚ وَنَزَّلْنَا عَلَيْكَ ٱلْكِتَٰبَ تِبْيَٰنًا لِّكُلِّ شَىْءٍ وَهُدًى وَرَحْمَةً وَبُشْرَىٰ لِلْمُسْلِمِينَ ﴿٨٩﴾

89 എല്ലാ സമുദായത്തിലും അവരിൽ നിന്നു തന്നെ അവരുടെ മേൽ (സാക്ഷ്യം വഹിക്കുന്ന) ഒരു സാക്ഷിയെ നാം എഴുന്നേൽപിക്കുന്ന ദിവസം (ഓർമ്മിക്കുക)! (നബിയേ) ഇക്കൂട്ടരുടെമേൽ സാക്ഷിയായി നിന്നെ നാം കൊണ്ടുവരുന്നതുമാണ്. എല്ലാ കാര്യത്തിനും വിവരണമായിക്കൊണ്ട് നിൻെറമേൽ നാം (വേദ)ഗ്രന്ഥം അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു; മാർഗ്ഗദർശനവും, കാരുണ്യവും, മുസ്‌ലിം'കൾക്ക് സന്തോഷവാർത്തയുമായിക്കൊണ്ടും (അവതരിപ്പിച്ചിരിക്കുന്നു).

ഓരോ സമൂദായത്തിലെയും നബിമാർ തങ്ങളുടെ പ്രബോധനത്തെ സംബന്ധിച്ച്, തങ്ങളുടെ സമൂദായം എന്ത് നിലപാട് സ്വീകരിച്ചുവെന്ന് ഖിയാമത്ത് നാളിൽ സാക്ഷ്യം വഹിക്കുന്നതാണ്. നബി(സ) തിരുമേനി ഈ സമുദായത്തിന് സാക്ഷിയായി വരും. ആ സാക്ഷ്യം തങ്ങൾക്ക് എതിരാകാതിരിക്കാൻ എല്ലാവരും സൂക്ഷിക്കേണ്ടതുണ്ടെന്ന് അല്ലാഹു ഓർമ്മപെടുത്തുന്നു. (ഈ വിഷയം സൂ : നിസാഉ് 41 ലും അല്ലാഹു ഉണർത്തിയിട്ടുള്ളത് നോക്കുക) അന്നത്തെ ദിവസം രക്ഷ പ്രാപിക്കുന്നതിനും നബി(സ) തിരുമേനിയുടെ സാക്ഷ്യം അനുകൂലമായിരിക്കുവാനുമുള്ള ഏക മാർഗ്ഗം അല്ലാഹുവിന്റെ കൽപന നിർദ്ദേശങ്ങൾ അടങ്ങിയ ഖുർആൻ അനുസരിക്കുകയെന്നതാണല്ലോ. ഖുർആൻ അവതരിപ്പിച്ച കാര്യം ഉണർത്തിക്കൊണ്ട് ഖുർആന്റെ സവിശേഷതകളെ അല്ലാഹു തുടർന്ന് വിവരിക്കുന്നു.

: എല്ലാ കാര്യത്തിനും വിവരണമാകുന്നു പരിശുദ്ധ ഖുർആൻ. നന്മകൾ സമ്പാദിക്കാനും തിന്മകളിൽ നിന്ന് ഒഴിവാകുവാനും വേണ്ടുന്ന എല്ലാ നിർദ്ദേശങ്ങളും അതിൽ വിസ്തരിക്കപെട്ടിരിക്കുന്നു. "ഈ ഗ്രന്ഥത്തിൽ നാം യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല" എന്ന് സൂ : അൻ ആം: 38 ൽ അല്ലാഹു പ്രസ്താവിക്കുന്നുണ്ട്.

: മാർഗ്ഗ ദർശനവും കാരുണ്യവുമാകുന്നു അത്. ദുർമാർഗ്ഗത്തിൽ പതിക്കാതെ സന്മാർഗ്ഗത്തിൽ ചരിക്കുവാനും, അങ്ങനെ ശിക്ഷയിൽ നിന്നും രക്ഷ നൽകി കാരുണ്യം പ്രദാനം ചെയ്യുവാനും ഖുർആൻ സത്യവിശ്വാസികൾക്ക് മാർഗ്ഗ ദർശനം നൽകുന്നു.

: മുസ്ലിംകൾക്ക് സന്തോഷവാർത്തയായിക്കൊണ്ടാണ് ഖുർആൻ അവതരിക്കപെട്ടിരിക്കുന്നത്. ഖുർആനിൽ വിശ്വസിക്കുകയും അതിന്റെ മാർഗ്ഗ ദർശനം സ്വീകരിക്കുകയും ചെയ്യുന്നവർക്ക് മാത്രമെ ഖുർആനിന്റെ അനുഗ്രഹം ആസ്വദിക്കാൻ ഭാഗ്യമുണ്ടായിരിക്കുകയുള്ളൂ – അവരത്രെ മുസ്ലിംകൾ.

: ഖുർആൻ എല്ലാ കാര്യത്തിന്റെയും വിവരണമാകുന്നു എന്ന് അല്ലാഹു പറഞ്ഞതിന്റെ അർത്ഥം ആവശ്യമായ എല്ലാ കാര്യവും അതിൽ വിവരിച്ചിട്ടുണ്ട് എന്നത്രെ. തൗഹീദ്, ശിർക്ക്, പരലോകജീവിതം എന്നിങ്ങനെ മൗലിക പ്രധാനങ്ങളായ വിഷയങ്ങൾ തുടങ്ങി, വുളു, തയമ്മും, അനന്തരവകാശ നിയമങ്ങൾ എന്നിങ്ങനെ കർമ്മാനുഷ്ഠാനപരമായ കാര്യങ്ങൾ വരെ അതിൽ പെടുന്നു. ഖുർആൻ വിഭാവനം ചെയ്യുന്ന തത്വങ്ങളെയും അതിലെ ഉപദേശ നിർദ്ദേശങ്ങളെയും അടിസ്ഥാനമാക്കി വളരെയധികം കാര്യങ്ങൾ വാക്ക് മുഖേനയും പ്രവർത്തി മുഖേനയും നബി(സ) യും വിവരിച്ച് തന്നിരിക്കുന്നു. ഇതിനാണ് നബി(സ) യുടെ സുന്നത്ത് (ചര്യ) എന്ന് പറയപെടുന്നത്. ''ആർ റസൂലിനെ അനുസരിച്ചുവൊ, അവൻ അല്ലാഹുവിനെ അനുസരിച്ച് കഴിഞ്ഞു'' എന്ന് അല്ലാഹു 4:80 ൽ പ്രസ്താവിച്ചിരിക്കുന്നു.

ഖുർആനിലും സുന്നത്തിലും വ്യക്തമായി വിധി പ്രഖ്യാപിക്കപെട്ടിട്ടില്ലാത്ത വല്ല സന്ദർഭവും നേരിടുമ്പോൾ, ആ രണ്ടിലും വ്യക്തമാക്കപെട്ട തത്വങ്ങൾ, നിർദ്ദേശങ്ങൾ, സൂചനകൾ ആദിയായവയെ അടിസ്ഥാനമാക്കി അർഹരായ പണ്ഡിതന്മാർ, അവയിൽ നിന്ന് കണ്ട് പിടിച്ച് അവക്ക് പരിഹാരം കാണാവുന്നതാകുന്നു. ഇത് 'ഇജ്തിഹാദ്'എന്ന സാങ്കേതിക നാമത്തിൽ അറിയപെടുന്നു.

ഖുർആൻ മാത്രമെ മുസ്ലിംകൾ പ്രമാണമായി അംഗീകരിക്കേണ്ടതുള്ളൂ എന്ന് ഇക്കാലത്ത് ചില വഴി പിഴച്ച കക്ഷികൾ വാദിച്ച് വരാറുണ്ട്. അവരെ സംബന്ധിച്ചേടത്തോളം നമസ്ക്കാരം എന്ന അനുഷ്ഠാനം, എപ്പോഴെങ്കിലുമൊക്കെ ആചരിക്കാനുള്ളതാണെന്നും, സക്കാത്ത് എന്നാൽ വല്ലതുമൊക്കെ എങ്ങനെയെങ്കിലും കൊടുത്ത് തീർത്താൽ മതിയെന്നും, അങ്ങനെ ഓരോ അനുഷ്ഠാന കർമ്മവും, തനി അരാജകത്വ രീതിയിൽ ചെയ്തെന്ന് വരുത്തിത്തീർത്താൽ എല്ലാം ആയെന്നുമാകുന്നു അവരുടെ ആറ്റി ക്കുറുക്കിയ സ്വയം നിർമ്മിത ദീൻ.

എന്നാൽ ഈ കക്ഷികൾപോലും പ്രമാണമായി അംഗീകരിക്കുന്ന വളരെയേറെ ഖുർആൻ വചനങ്ങൾക്ക് യാതൊരു വിലയും കൽപിക്കാത്ത പരസ്പര വിരുദ്ധമായ നിലപാടാകുന്നു തങ്ങളുടേതെന്ന് അവർ മനസ്സിലാക്കുന്നില്ല.

## വിഭാഗം 13

**വചനം 90 :**

90 നിശ്ചയമായും അല്ലാഹു, നീതി ചെയ്വാനും, നൻമ ചെയ്വാനും, കുടുംബബന്ധമുള്ളവർക്ക് കൊടുക്കുവാനും കൽപിക്കുന്നു; നീചവൃത്തിയെയും, ദുരാചാരത്തെയും, അതിക്രമത്തെയുംകുറിച്ച് അവൻ വിരോധിക്കുകയും ചെയ്യുന്നു. നിങ്ങൾ ഓർമ്മ വെക്കുവാൻവേണ്ടി അവൻ നിങ്ങൾക്ക് സദുപദേശം നൽകുകയാണ്.

۞ إِنَّ ٱللَّهَ يَأْمُرُ بِٱلْعَدْلِ وَٱلْإِحْسَٰنِ وَإِيتَآيِٕ ذِى ٱلْقُرْبَىٰ وَيَنْهَىٰ عَنِ ٱلْفَحْشَآءِ وَٱلْمُنكَرِ وَٱلْبَغْىِ ۚ يَعِظُكُمْ لَعَلَّكُمْ تَذَكَّرُونَ ﴿٩٠﴾

ഇബ്നു ജരീർ, ത്വബ്റാനി, ത്വബ്റാക്ക്, ഹാക്കിം, ബുഖാരി, ബൈഹഖി(റ) എന്നിവർ ഇബ്നു മസ് ഊദ്(റ) ഇപ്രകാരം പ്രസ്താവിച്ചതായി രേഖപെടുത്തിയിരിക്കുന്നു:

അല്ലാഹുവിന്റെ കിത്താബിലെ ഏറ്റവും മഹത്തായ ആയത്ത് ..الله لا إله الا هو الحي القيوم (അല്ലാഹു അവനല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ ജീവത്തായുള്ളവനാണ്, സർവ്വ നിയന്താവായുള്ളവനാണ്) എന്ന് തുടങ്ങുന്ന സൂ: അൽബഖറയിലെ 255–ാം ആയത്താകുന്നു. (ആയത്തുൽ കുർസിയ്യ്).

കാര്യങ്ങൾ അല്ലാഹുവിൽ ഭരമേൽപിക്കുവാൻ എറ്റവും പ്രേരിപ്പിക്കുന്ന ആയത്ത് ومن يتق الله يجعل له مخرجا (ആർ അല്ലാഹുവിനെ സൂക്ഷിക്കുന്നുവൊ, അവന്, അവൻ പോംവഴി -രക്ഷാമാർഗ്ഗം -ഏർപെടുത്തിക്കൊടുക്കുകയും, അവൻ വിചാരിക്കാത്ത വിധത്തിലൂടെ അവന് ഉപജീവനം നൽകുകയും ചെയ്യും. സൂ : ത്വലാഖ് :2,3) എന്നുള്ള ആയത്തുകൾ ആകുന്നു.

ശുഭ പ്രതീക്ഷ നൽകുന്നതിൽ ഏറ്റവും ശക്തിമത്തായ ആയത്ത് ...قل يا عبادي الذين اسرفو على انفسهم (പറയുക, തങ്ങളുടെ സ്വന്തങ്ങളോടു അതിര് കവിഞ്ഞ അടിമകളേ, നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് ആശ മുറിയരുത്. നിശ്ചയമായും അല്ലാഹു പാപങ്ങൾ മുഴുവൻ പൊറുക്കുന്നതാകുന്നു. അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും (സൂ : സുമർ : 53 ) എന്ന ആയത്ത് ആകുന്നു.

നന്മയും തിന്മയും ഏറ്റവും അധികം ഉൾക്കൊള്ളുന്ന ആയത്ത് ഈ സൂറത്തിലെ ഈ വചനമാകുന്നു: ...ان الله يأمر بالعدل والإحسان (നിശ്ചയമായും അല്ലാഹു നീതി ചെയ്യുവാനും നന്മ ചെയ്യുവാനും കൽപിക്കുന്നു.)

മൂന്ന് പ്രധാന കാര്യങ്ങളാണ് ഈ വചനത്തിൽ അല്ലാഹു കൽപിക്കുന്നത്

: ഒന്നാമത്തേത് العدل അഥവാ നീതി പാലിക്കുവാനുള്ള കൽപനയാകുന്നു. അമിതമാക്കുകയൊ, വീഴ്ച വരുത്തുകയൊ ചെയ്യാതെ, ഓരോ കാര്യത്തിലും അതതിന്റെ മദ്ധ്യമവും മിതവുമായ നില കൈകൊള്ളുക എന്നത്രെ നീതി പാലിക്കുക എന്നത് കൊണ്ടുള്ള വിവക്ഷ. അല്ലാഹുവിനെ സംബന്ധിക്കുന്നതൊ സൃഷ്ടികളെ സംബന്ധിക്കുന്നതൊ ആയ ഏത് കാര്യത്തിലും-സ്വന്തം കാര്യത്തിൽ പോലും -നീതി പാലിക്കുകയെന്നത് നിർബന്ധമാകുന്നു. നീതി പാലനത്തിൽ ഒന്നാം സ്ഥാനം അർഹിക്കുന്നത് അല്ലാഹുവിന്റെ അധികാരാവകാശങ്ങളും മഹത്വങ്ങളും അവന് മാത്രം വക വെച്ച് കൊടുക്കുകയെന്ന തൗഹീദും അനീതികളിൽ വെച്ച് ഏറ്റവും ഗൗരവമേറിയത് അതിന്റെ വിരുദ്ധമായ ശിർക്കുമാകുന്നു. (31 :13 നോക്കുക )

"എനിക്ക് നീതിയെകുറിച്ച് വിവരിച്ച് തരണം" എന്നാവശ്യപെട്ട ഖലീഫാ ഉമറ്ബ്നു അബ്ദുൽ അസീസ്(റ)നോട് മുഹമ്മദ് ബ്നുൽ ഖുറളി(റ) ഇപ്രകാരം പറഞ്ഞു: "നിങ്ങൾ ചെറിയ മനുഷ്യർക്ക് പിതാവും, വലിയവർക്ക് മകനും, സമന്മാർക്കും സ്ത്രീകൾക്കും സഹോദരനും, ആയിക്കൊള്ളുക. ജനങ്ങളോട് അവരുടെ കുറ്റങ്ങൾക്കനുസരിച്ചും, അവരുടെ ശരീരങ്ങൾക്കനുസരിച്ചും ശിക്ഷാ നടപടി സ്വീകരിക്കുക. നിങ്ങളുടെ ദേഷ്യം നിമിത്തം, ഒരാളേയും ഒരൊറ്റ ചമ്മട്ടിയടിയും അടിക്കരുത് "

: രണ്ടാമതായി ഈ വചനത്തിലൂടെ അല്ലാഹു കൽപിക്കുന്നത് الإحسان അഥവാ നന്മ(പുണ്യം) ചെയ്യുക എന്നാകുന്നു. നിർബന്ധ കടമകൾ എന്ന പോലെ ഐഛികമായ ദാന ധർമ്മങ്ങൾ, ആരാധനാ കർമ്മങ്ങൾ, ജനോപകാരപ്രദമായ കാര്യങ്ങൾ എന്നിവയെല്ലാം ഇതിൽ ഉൾപെടുന്നു. ഇങ്ങോട്ട് തിന്മ ചെയ്തവരോട് അങ്ങോട്ട് തിന്മ ചെയ്യാതെ, നന്മ ചെയ്ത് കൊടുക്കുന്നത് ഏറ്റവും ഉത്തമമായ നന്മയത്രെ.

إحسان എന്ന വാക്കിന് നബി(സ) നൽകിയ വ്യാഖ്യാനം ഇപ്രകാരമാകുന്നു: നീ അല്ലാഹുവിനെ കാണുന്നുവെന്നപോലെ അവനെ നീ അരാധിക്കുകയെന്നതാണത്. നീ അവനെ കാണുന്നില്ലെങ്കിലും, നിശ്ചയമായും അവൻ നിന്നെ കാണുന്നുണ്ട്.

: മൂന്നാമതായി, കുടുംബബന്ധമുള്ളവർക്ക് കൊടുക്കാനായി അല്ലാഹു ഈ വചനത്തിലൂടെ കൽപിക്കുന്നു. സന്ദർഭാനുസരണം ബന്ധുക്കൾക്ക് ധനം കൊണ്ടും വാക്കും പ്രവൃത്തി കൊണ്ടും ചെയ്ത് കൊടുക്കുന്ന എല്ലാ നന്മകളുമാണ് വിവക്ഷ. കുടുംബബന്ധത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അനേകം ഖുർആൻ വചനങ്ങളും നബി വചനങ്ങളും നമ്മൊട് ആവർത്തിച്ചാവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നുണ്ട്.

തുടർന്ന് ഈ വചനത്തിൽ മുന്ന് കാര്യങ്ങൾ അല്ലാഹു വിരോധിക്കുകയും ചെയ്യുന്നു :

: الفحشاء (നീചവൃത്തി) - വ്യഭിചാരം, മോഷണം, മദ്യപാനം തുടങ്ങിയ ദുർവൃത്തികളെല്ലാം ഇതിൽ ഉൾപെടുന്നു.

**المنكر :** (ദുരാചാരം അഥവാ വെറുക്കപെട്ട കാര്യം ) മതദൃഷ്ട്യാ നിഷിദ്ധമായതും, ജനമദ്ധ്യെ ആക്ഷേപകരവും, മറ്റുള്ളവരാൽ വെറുക്കപെട്ടതുമായ എല്ലാ കാര്യങ്ങളും ഇതിൽ ഉൾപെടുന്നു.

**البغى :** (അതിക്രമം) സ്വാർത്ഥ താൽപര്യങ്ങളെ മുൻ നിർത്തി നടത്തപെടുന്ന വാക്കേറ്റം, കൈയേറ്റം മുതലായ എല്ലാ അതിരുകവിയലുകളും ഇതിൽ പെടുന്നു.

മേൽ പറഞ്ഞ പ്രകാരം നിങ്ങളോട് അല്ലാഹു ചില കാര്യങ്ങൾ കൽപിക്കലും, ചില കാര്യങ്ങൾ വിരോധിക്കുകയും ചെയ്യുന്നത് നിങ്ങളുടെ ഐഹികവും പാരത്രികവുമായ ഗുണത്തിന് വേണ്ടിയാകുന്നു. ഇവയെല്ലാം ഓർമ്മവെക്കുകയെന്നത് നിങ്ങളുടെ വിജയത്തിന് അത്യന്താപേക്ഷിതമാകുന്നു എന്ന് അല്ലാഹു ഉണർത്തുന്നു.

ഈ വചനങ്ങളിൽ പ്രസ്താവിക്കപെട്ട കാര്യങ്ങളുടെ ചില ഉദാഹരണങ്ങളാണ് തടർന്നുള്ള ഏതാനും വചനങ്ങളിൽ കാണുന്നത്.

**വചനം 91 :**

وَأَوْفُوا۟ بِعَهْدِ ٱللَّهِ إِذَا عَـٰهَدتُّمْ وَلَا تَنقُضُوا۟ ٱلْأَيْمَـٰنَ بَعْدَ تَوْكِيدِهَا وَقَدْ جَعَلْتُمُ ٱللَّهَ عَلَيْكُمْ كَفِيلًا ۚ إِنَّ ٱللَّهَ يَعْلَمُ مَا تَفْعَلُونَ ﴿٩١﴾

91 നിങ്ങൾ കരാർ (അഥവാ ഉടമ്പടി) ചെയ്യുമ്പോൾ അല്ലാഹുവിൻെറ (വക) കരാറിനെ നിങ്ങൾ നിറവേറ്റുകയും ചെയ്യുവിൻ; സത്യ (വാചക)ങ്ങളെ ഉറപ്പിച്ചതിനുശേഷം, നിങ്ങൾ അവയെ ലംഘിക്കുകയും അരുത്; നിങ്ങളുടെമേൽ നിങ്ങൾ അല്ലാഹുവിനെ ജാമ്യക്കാരനാക്കി (അഥവാ സാക്ഷിയാക്കി)ക്കഴിഞ്ഞ സ്ഥിതിക്ക്. നിശ്ചയമായും അല്ലാഹു, നിങ്ങൾ ചെയ്യുന്നതിനെപ്പറ്റി അറിയുന്നതാണ്.

മനുഷ്യൻ സ്വയം ഏറ്റെടുക്കുന്ന എല്ലാതരം കരാറ് ബാദ്ധ്യതകളും നിറവേറ്റേണ്ടതാണ് എന്നുള്ള ഒരു പൊതു കൽപനയും അല്ലാഹുവിനെ മുൻ നിറുത്തി ചെയ്യുന്ന ശപഥങ്ങളൊന്നും ലംഘിച്ച കൂടാത്തതാണെന്നുള്ള ഒരു പ്രത്യേക കൽപനയും ഈ വചനത്തിൽ അടങ്ങിയിരിക്കുന്നു. മനപൂർവ്വമല്ലാതെ വന്ന് പെടുന്ന സത്യങ്ങൾ പാലിക്കാൻ നിർബന്ധമില്ലെന്ന് 2: 225 ലും 5: 89 ലും അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. ഒരു കാര്യത്തിൽ സത്യം ചെയ്ത ശേഷം, അതിനേക്കാൾ ഉത്തമമായത് മറ്റൊന്നായിരുന്നുവെന്ന് ബോധ്യപെട്ടാൽ ആദ്യത്തെ സത്യം ലംഘിക്കുകയും അതിന് പ്രായശ്ചിത്തം - **كفارة** - ചെയ്യുകയും ചെയ്ത് കൊണ്ട് ഉത്തമമായത് സ്വീകരിക്കേണ്ടതാണെന്ന് നബി(സ)യും അരുളിയിരിക്കുന്നു (2:225 നോക്കുക)

കരാറുകളും സത്യങ്ങളും ചെയ്യുന്നതും ലംഘിക്കുന്നതുമൊക്കെ അല്ലാഹു അറിയുന്നവനാകന്നു. അത് കൊണ്ട് അവയൊക്കെ വളരെ സൂക്ഷ്മതയോടെ ചെയ്യേണ്ടതാകുന്നു.

**വചനം 92 :**

وَلَا تَكُونُوا۟ كَٱلَّتِى نَقَضَتْ غَزْلَهَا مِنۢ بَعْدِ قُوَّةٍ أَنكَـٰثًا تَتَّخِذُونَ أَيْمَـٰنَكُمْ دَخَلًۢا بَيْنَكُمْ أَن تَكُونَ أُمَّةٌ هِىَ أَرْبَىٰ مِنْ أُمَّةٍ ۚ إِنَّمَا يَبْلُوكُمُ ٱللَّهُ بِهِۦ ۚ وَلَيُبَيِّنَنَّ لَكُمْ يَوْمَ ٱلْقِيَـٰمَةِ مَا كُنتُمْ فِيهِ تَخْتَلِفُونَ ﴿٩٢﴾

92 (പിരിമുറുക്കി)ഉറപ്പുണ്ടായശേഷം തൻെറ നൂൽ (പിരി)ഉടഞ്ഞ തുണ്ടങ്ങളായി ഉടച്ചുകളയുന്ന ഒരുവളെപ്പോലെ നിങ്ങൾ ആയിത്തീരുകയും ചെയ്യരുത്; നിങ്ങളുടെ (കരാറുകളിലെ) സത്യങ്ങളെ നിങ്ങൾക്കിടയിൽ (കടന്നുകൂടുന്ന) ഒരു ചതി മാർഗ്ഗമാക്കിക്കൊണ്ട്; ഒരുസമൂഹം ഒരു സമൂഹത്തെക്കാൾ വളർന്നത് (പെരുപ്പമുള്ളത്) ആയിരിക്കുന്നതിനാൽ. അത് മുഖേന അല്ലാഹു നിങ്ങളെ പരീക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്. യാതൊരു കാര്യത്തിൽ നിങ്ങൾ ഭിന്നാഭിപ്രായത്തിലായിക്കൊണ്ടിരിക്കുന്നുവോ അത് ഖിയാമത്തുനാളിൽ അവൻ നിങ്ങൾക്ക് വ്യക്തമാക്കിത്തരുക തന്നെ ചെയ്യുന്നതാണ്.

ഒരു കൂട്ടരുമായി സഖ്യ ഉടമ്പടി നടന്നതിന് ശേഷം , കൂടുതൽ ശക്തമായ മറ്റൊരു കൂട്ടരുമായി സഖ്യത്തിന് അവസരം കാണുമ്പോൾ ആദ്യത്തെ സഖ്യം ലംഘിക്കുക്കയന്ന അറബികളിലുണ്ടായിരുന്ന പതിവിനെ ഈ വചനത്തിലൂടെ നിരോധിക്കുന്നു. എന്നാൽ, എല്ലാ കരാറ് ലംഘനങ്ങളെയും പൊതുവെ ബാധിക്കുന്നതാകുന്നു ഈ ആയത്തിലെ ആശയം. നൂൽ നൂൽക്കുന്ന ഒരു സ്ത്രീ വളരെ പണിപെട്ട് നല്ലപോലെ പിരി മുറുക്കി നൂലുണ്ടാക്കിയ ശേഷം വീണ്ടും ആ നൂൽ ഉടച്ച് പഴയ പടി ഉടഞ്ഞ ധൂളികളാക്കി മാറ്റുന്നത് പോലെ ബുദ്ധിഹീനമായ ഒരു ഏർപാടാകുന്നു നിങ്ങൾ തമ്മിൽ നടന്നിട്ടുള്ള സത്യങ്ങളും ശപഥങ്ങളും ലംഘിക്കുന്നത്. എണ്ണത്തിലും ശക്തിയിലും ഏറ്റക്കുറച്ചിൽ അല്ലാഹുവിന്റെ ഒരു പരീക്ഷണമാകുന്നു. ആകയാൽ ശക്തമായ വിഭാഗം അശക്തമായ വിഭാഗത്തോട് കൂടുതൽ സത്യവും മര്യാദയും പാലിക്കുകയാണ് ചെയ്യേണ്ടത്. അഭിപ്രായാദർശങ്ങളിൽ വിവിധവിഭാഗങ്ങൾ തമ്മിലുള്ള ഭിന്നിപ്പിന്റെ കാര്യത്തെ പറ്റി ഖിയാമത്ത് നാളിൽ അല്ലാഹു വേണ്ട വിധം ചെയ്ത് കൊള്ളും.

**വചനം 93 :**

وَلَوْ شَآءَ ٱللَّهُ لَجَعَلَكُمْ أُمَّةً وَٰحِدَةً وَلَٰكِن يُضِلُّ مَن يَشَآءُ وَيَهْدِى مَن يَشَآءُ ۚ وَلَتُسْـَٔلُنَّ عَمَّا كُنتُمْ تَعْمَلُونَ ﴿٩٣﴾

93 അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ അവൻ ഒരേ സമുദായമാക്കുമായിരുന്നു. എങ്കിലും, അവൻ ഉദ്ദേശിക്കുന്നവരെ അവൻ വഴിപിഴവിലാക്കുകയും, അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുകയും ചെയ്യുന്നു. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് തീർച്ചയായും, നിങ്ങൾ ചോദിക്കപ്പെടുകതന്നെ ചെയ്യും.

മനുഷ്യ സമുദായം സന്മാർഗ്ഗികൾ മാത്രമൊ ദുർമാർഗ്ഗികൾ മാത്രമൊ ആയ ഒരേ തരക്കാരാക്കുവാനല്ല അല്ലാഹു ഉദ്ദേശിച്ചിരിക്കുന്നത്. സന്മാർഗ്ഗികളും ദുർമാർഗ്ഗികളും അടങ്ങുന്ന ഒരു മിശ്ര സമുദായമായിരിക്കുവാനാണ് അവൻ ഉദ്ദേശിച്ചിരിക്കുന്നത്. പിന്നീട് ഓരോ വിഭാഗക്കാരെ പറ്റിയും അവൻ ചോദ്യം ചെയ്ത് നടപടി എടുത്ത് കൊള്ളും.

ഈ സാരാംശം ഉൾക്കൊള്ളുന്ന അനേകം വചനം ഖുർആനിൽ പലയിടങ്ങളിലും കാണാവുന്നതാണ്.

**വചനം 94 95 96**

وَلَا تَتَّخِذُوٓا۟ أَيْمَٰنَكُمْ دَخَلًۢا بَيْنَكُمْ فَتَزِلَّ قَدَمٌۢ بَعْدَ ثُبُوتِهَا وَتَذُوقُوا۟ ٱلسُّوٓءَ بِمَا صَدَدتُّمْ عَن سَبِيلِ ٱللَّهِ ۖ وَلَكُمْ عَذَابٌ عَظِيمٌ ﴿٩٤﴾

94 നിങ്ങളുടെ സത്യങ്ങളെ നിങ്ങൾ, നിങ്ങൾക്കിടയിൽ (കടന്നുകൂടുന്ന) ഒരു ചതിമാർഗ്ഗമാക്കിത്തീർക്കരുത്; അപ്പോൾ, (അതുനിമിത്തം) വല്ല പാദവും-അത് ഉറച്ചതിൻെറശേഷം- ഇടറിപ്പോയേക്കും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽനിന്ന് നിങ്ങൾ തട്ടിത്തിരിഞ്ഞ (അഥവാ തട്ടിത്തിരിച്ച)തുമൂലം നിങ്ങൾ തിൻമ അനുഭവിക്കുകയും ചെയ്തേക്കും; നിങ്ങൾക്ക്വമ്പിച്ച ശിക്ഷയുമുണ്ടായിരിക്കും.

وَلَا تَشْتَرُوا۟ بِعَهْدِ ٱللَّهِ ثَمَنًا قَلِيلًا ۚ إِنَّمَا عِندَ ٱللَّهِ هُوَ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿٩٥﴾

95 അല്ലാഹുവിൻെറ (വക) കരാറിന് നിങ്ങൾ അൽപമായ വില വാങ്ങുകയും ചെയ്യരുത്. നിശ്ചയമായും, അല്ലാഹുവിങ്കലുള്ളത് തന്നെയാണ്; നിങ്ങൾക്ക് ഉത്തമം-നിങ്ങൾക്കറിയാവുന്നതാണെങ്കിൽ.

مَا عِندَكُمْ يَنفَدُ ۖ وَمَا عِندَ ٱللَّهِ بَاقٍ ۗ وَلَنَجْزِيَنَّ ٱلَّذِينَ صَبَرُوٓا۟ أَجْرَهُم بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ ﴿٩٦﴾

96 നിങ്ങളുടെ അടുക്കലുള്ളത് തീർന്നുപോകുന്നതാണ്; അല്ലാഹുവിങ്കലുള്ളതാകട്ടെ, ശേഷിക്കുന്നതുമാകുന്നു. ക്ഷമിച്ചവർക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ (വെച്ച്) നല്ലതനുസരിച്ച് അവരുടെ പ്രതിഫലം തീർച്ചയായും നാം നൽകുകയും തന്നെ ചെയ്യും.

ശപഥങ്ങളും കരാറുകളും ലംഘിക്കുന്നത് ചതിയും കുഴപ്പവും സൃഷ്ടിക്കലാണെന്നതിന് പുറമെ, അത് ഇസ്ലാമിന്റെ, നേരായ മാർഗ്ഗത്തിൽ കാലുറച്ച് നിന്നതിന് ശേഷം അതിൽ നിന്നുള്ള വ്യതിയാനമാണെന്നും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് തെറ്റി തിരിഞ്ഞ് പോകുവാനും മറ്റുള്ളവരെ തെറ്റിത്തിരിപ്പിക്കുവാനും അത് കാരണമാകുമെന്നും അല്ലാഹു താക്കീത് നൽകുന്നു.

സത്യ പ്രതിജ്ഞകളും കരാറുകളും ലംഘിക്കുന്നതിന്റെ ഗൗരവത്തെയാണ് ഈ വിഷയം അല്ലാഹു ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നത് സൂചിപ്പിക്കുന്നത്.

ഈ വചനങ്ങളിൽ കാണുന്ന താക്കീതുകളുടെ സ്വരം പരിഗണിക്കുമ്പോൾ മനസ്സിലാകുന്നത് ഇവ നബി(സ)യുമായി നടത്തപെട്ട പ്രതിജ്ഞകളെ ലംഘിക്കുന്നതിന്റെ ഗൗരവത്തെയാണ് പരാമർശിക്കുന്നത് എന്നത്രെ, പല ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായം. കരാർ ലംഘനക്കാർക്ക് കടുത്ത ശിക്ഷയെക്കുറിച്ച് അല്ലാഹു താക്കീത് നൽകുകയും ചെയ്യുന്നു.

അല്ലാഹുവിനെ മുൻ നിർത്തി ചെയ്യുന്ന ഉടമ്പടികളെ ലംഘിക്കുന്നവർ ഐഹികമായ തുഛവും നിസ്സാരവുമായ കാര്യ ലാഭങ്ങൾക്ക്, അല്ലാഹുവിൽ നിന്ന് ലഭിക്കാനിരിക്കുന്ന മഹത്തായതും നിലനിൽക്കുന്നതുമായ നേട്ടങ്ങളെക്കാൾ വില കൽപിക്കുകയാണ് ചെയ്യുന്നത്. സത്യ പ്രതിജ്ഞകൾ പാലിക്കാൻ ക്ഷമയും സഹനവും ദീക്ഷിക്കുന്നവർക്ക്, അല്ലാഹു തക്കതായ പ്രതിഫലം നൽകുക തന്നെ ചെയ്യുന്നതാണ്.

**വചനം 97 :**

مَنْ عَمِلَ صَٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُۥ حَيَوٰةً طَيِّبَةً وَلَنَجْزِيَنَّهُمْ أَجْرَهُم بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ ﴿٩٧﴾

97 ആണാവട്ടേ, പെണ്ണാവട്ടേ ആരെങ്കിലും താൻ സത്യവിശ്വാസിയായിക്കൊണ്ട് സൽക്കർമ്മം പ്രവർത്തിച്ചാൽ, അവനെ, തീർച്ചയായും, നാം നല്ല (വിശിഷ്ടമായ) ഒരു ജീവിതം ജീവിപ്പിക്കുന്നതാണ്; അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ (വെച്ച്) നല്ലതനുസരിച്ച് അവരുടെ പ്രതിഫലം അവർക്ക് തീർച്ചയായും നാം നൽകുകയും ചെയ്യും.

സൽക്കർമ്മങ്ങൾ ചെയ്യുന്ന സത്യവിശ്വാസികൾക്ക് അവർ ആണാകട്ടെ പെണ്ണാകട്ടെ, ഇഹത്തിൽ വിശിഷ്ടമായ ജീവിതവും, പരലോകത്ത് അവർ ചെയ്തിരുന്ന നല്ല കർമ്മങ്ങൾക്കനുസരിച്ചുള്ള പ്രതിഫലവും അല്ലാഹു വാഗ്ദാനം ചെയ്യുന്നു. ഇഹത്തിലെ വിശിഷ്ടമായ (നല്ല) ജീവിതം - **حياة طيبة** - എന്തെന്നതിനെക്കുറിച്ച് താഴെ കാണുന്ന നബി വചനം ഇബ്നു കഥീർ(റ) ഉദ്ധരിക്കുന്നു:

"മുസ്ലിമായിത്തീരുകയും , അത്യാവശ്യത്തിനുള്ള ഉപജീവനമാർഗ്ഗം നൽകപെടുകയും, അല്ലാഹു അവനെ താൻ നൽകിയിട്ടുള്ളതിൽ സംതൃപതനാക്കുകയും ചെയ്തവർ തീർച്ചയായും വിജയം പ്രാപിച്ചിരിക്കുന്നു ."

മറ്റൊരു നബി വചനം ഇപ്രകാരമാകുന്നു "ധനം എന്നത് വിഭവങ്ങളുടെ ആധിക്യം അല്ല ; മനസ്സിന്റെ ധന്യതയാകുന്നു ധനം" (ബു. മു).

ഒരു യഥാർത്ഥ സത്യ വിശ്വാസി, അല്ലാഹു തനിക്ക് നൽകിയതിൽ സംതൃപ്തനായിരിക്കും. അധികമുള്ളതിൽ അവൻ നന്ദിയുള്ളവനും, കുറവുള്ളതിൽ അവൻ ക്ഷമാലുവുമായിരിക്കും അഹങ്കാരമൊ, അതിമോഹമൊ, അസമാധാനമൊ, നൈരാശ്യമൊ അവനെ തീണ്ടുകയില്ല.

സത്യ വിശ്വാസികളല്ലാത്തവരുടെ സൽക്കർമ്മങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമായിരിക്കുകയില്ലെന്ന്, അവരുടെ പ്രതിഫലം അല്ലാഹു ഇഹത്തിൽ വച്ച് തന്നെ കൊടുത്ത് തീർക്കുമെന്നും ഖുർആനിൽ അല്ലാഹു വേറെ സ്ഥലത്തും വ്യക്തമാക്കിയിട്ടുള്ളതാകുന്നു.

**വചനം 98,99,100 :**

فَإِذَا قَرَأْتَ ٱلْقُرْءَانَ فَٱسْتَعِذْ بِٱللَّهِ مِنَ ٱلشَّيْطَٰنِ ٱلرَّجِيمِ ﴿٩٨﴾

98 എന്നാൽ, (നബിയേ) നീ ഖുർആൻ ഓതുന്നതായാൽ, ആട്ടപ്പെട്ട (ശപിക്കപ്പെട്ട) പിശാചിൽ നിന്ന് അല്ലാഹുവിനോട് നീ ശരണം തേടിക്കൊള്ളുക.

إِنَّهُۥ لَيْسَ لَهُۥ سُلْطَـٰنٌ عَلَى ٱلَّذِينَ
ءَامَنُوا۟ وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴿٩٩﴾
إِنَّمَا سُلْطَـٰنُهُۥ عَلَى ٱلَّذِينَ يَتَوَلَّوْنَهُۥ
وَٱلَّذِينَ هُم بِهِۦ مُشْرِكُونَ ﴿١٠٠﴾

99 നിശ്ചയമായും അവൻ (പിശാച്)- വിശ്വസിക്കുകയും, തങ്ങളുടെ റബ്ബിൻെറമേൽ (തന്നെ കാര്യങ്ങൾ) ഭരമേല്പിച്ചു വരുകയും ചെയ്യുന്നവരുടെമേൽ അവന് ഒരധികാരവും ഇല്ല.
100 അവൻെറ അധികാരം, അവനെ ബന്ധുവാക്കുന്ന (അഥവാ കാര്യകർത്താവാക്കുന്ന)വരുടെയും, അവനോട് (അല്ലാഹുവിനോട്) പങ്കുചേർക്കുന്നവരായുള്ളവരുടെയും മേൽ മാത്രമാകുന്നു (ഉള്ളത്).

ഖുർആൻ പാരായണം ചെയ്യുമ്പോൾ പിശാചിൽ നിന്നും രക്ഷ തേടി ക്കൊള്ളണമെന്നത് സത്യവിശ്വാസികളോട് പൊതുവെയുള്ള ഒരു കൽപനയാകുന്നു. ഇത് ഒരു നിർബന്ധ കൽപനയല്ലെന്നും ഒരു ശക്തമായ ഉപദേശം എന്ന നിലക്കാണെന്നുമാണ് മിക്കവാറും എല്ലാ പണ്ഡിതന്മാരുടെയും അഭിപ്രായം. ഖുർആന്റെ പ്രസ്താവനകളെക്കുറിച്ചുള്ള അശ്രദ്ധ, അദ്ധ്യയനങ്ങളെയും ആശയങ്ങളെയും കുറിച്ചുള്ള വക്രമായ വ്യാഖ്യാനങ്ങൾ, എന്നിങ്ങനെ പലതിനും പിശാച് ദുഷ്പ്രേരണകൾ നൽകികൊണ്ടിരിക്കും.

പാരായണം തുടങ്ങുമ്പോഴാണ് ഈ രക്ഷ തേടലിന്റെ ആവശ്യമെന്നാണ് ഹദീസുകളിൽ നിന്ന് മനസ്സിലാകുന്നത്. രക്ഷതേടലിന് ഏറ്റവും യുക്തമായ വാചകം **اعوذ بالله من الشيطان الرجيم** (ആട്ടപെട്ട-ശപിക്കപെട്ട-പിശാചിൽ നിന്ന് ഞാൻ ശരണം തേടുന്നു) എന്ന പ്രാർത്ഥനയാകുന്നു. ഈ കൽപനയിൽ അല്ലാഹു ഉപയോഗിച്ച വാചകത്തോട് ഏറ്റവും യോജിക്കുന്നതും. നബി(സ)യുടെ സുന്നത്തിൽ നിന്നും കൂടുതൽ സുപരിചിതമായി അറിയപെടുന്നതും ഈ വാചകമാകുന്നു. ഈ ശരണം തേടലിന് സാധാരണ 'അഊദു ഓതൽ' എന്ന് പറയപെടുന്നു. (ഇതിനെ സംബന്ധിച്ച് കൂടുതൽ വിശദ വിവരം സൂ : ഫാതിഹ : യുടെ ആരംഭത്തിൽ നോക്കുക).

'ഈമാനും തവക്കുലും' (സത്യവിശ്വാസവും അല്ലാഹുവിൽ ഭരമേൽപിക്കലും) ഉള്ളവരെ പിശാചിന് വഴി പിഴപ്പിക്കുവാൻ കഴിയുകയില്ലെന്നും അവിശ്വാസികളെയും അവനെ കാര്യ കർത്താവായി സ്വീകരിക്കുന്നവരെയും മാത്രമെ അവന് പിഴപിക്കുവാൻ കഴിയുകയുള്ളൂവെന്നും, അല്ലാഹു ഇവിടെയും ആവർത്തിച്ച് വ്യക്തമാക്കുന്നു.

## വിഭാഗം - 14

**വചനം 101, 102 :**

وَإِذَا بَدَّلْنَآ ءَايَةً مَّكَانَ ءَايَةٍ ۙ وَٱللَّهُ
أَعْلَمُ بِمَا يُنَزِّلُ قَالُوٓا۟ إِنَّمَآ أَنتَ مُفْتَرٍۭ ۚ
بَلْ أَكْثَرُهُمْ لَا يَعْلَمُونَ ﴿١٠١﴾

101 ഒരു ആയത്തിൻെറ (സൂക്തത്തിൻെറ) സ്ഥാനത്ത് വേറെ ഒരു ആയത്ത്' (സൂക്തം) നാം പകരമാക്കിയാൽ, അല്ലാഹുവാകട്ടെ, അവൻ ഇറക്കുന്നതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവനുമാണ്. അവൻ പറയും: നിശ്ചയമായും, നീ ഒരു കെട്ടിച്ചമക്കുന്നവൻ തന്നെയാണ്' എന്ന്. പക്ഷേ, (അതല്ല) അവരിൽ അധികമാളുകൾക്കും അറിഞ്ഞുകൂടാ.

قُلْ نَزَّلَهُۥ رُوحُ ٱلْقُدُسِ مِن رَّبِّكَ
بِٱلْحَقِّ لِيُثَبِّتَ ٱلَّذِينَ ءَامَنُوا۟ وَهُدًى
وَبُشْرَىٰ لِلْمُسْلِمِينَ ﴿١٠٢﴾

102 പറയുക: അത് (ഖുർആൻ) നിൻെറ റബ്ബിങ്കൽ നിന്ന് പരിശുദ്ധാത്മാവ് യഥാർത്ഥപ്രകാരം ഇറക്കിയിരിക്കുകയാണ്; വിശ്വസിച്ചവർക്ക് (വിശ്വാസത്തിൽ) അത് സ്ഥൈര്യം നൽകുവാൻ വേണ്ടി: മാർഗ്ഗദർശനവും, മുസ്ലിംകൾക്ക് സന്തോഷവാർത്തയുമായിക്കൊണ്ടും.'

ഒരു ഖുർആൻ വചനത്തിലടങ്ങിയ വിധി മറ്റൊരു വചനം മുഖേന നീക്കം ചെയ്ത് (നസ്ഖ് -ചെയ്യുക) തൽ സ്ഥാനത്ത് കൂടുതൽ സ്ഥിരവും പ്രായോഗികവുമായ വേറൊരു വിധി അവതരിപ്പിക്കുകയെന്നത് ഖുർ ആനിൽ ചില സന്ദർഭങ്ങളിൽ കാണാവുന്നതാണ്. ഇത്തരം ആയത്തുകൾ അവതരിക്കുമ്പോൾ, ഖുർആന്റെ വൈരികൾ "ഈ ഖുർആൻ മുഹമ്മദ് കെട്ടിയുണ്ടാക്കിയത് കൊണ്ടാണ് ഒരിക്കൽ പറഞ്ഞത് പിന്നെ മാറ്റി പറയേണ്ടി വരുന്നത്" എന്നിങ്ങനെ പരിഹസിക്കുമായിരുന്നു. എന്തൊക്കെയാണ് അവതരിപ്പിക്കേണ്ടത്, സന്ദർഭത്തിനും പരി

തസ്ഥിതികൾക്കും അനുയോജ്യമായത് എന്തൊക്കെയാണ്, എന്നിത്യാദികാര്യങ്ങൾ അല്ലാഹുവിനാണല്ലോ അറിയുക. മിക്ക ആളുകളും ഈ വക യഥാർത്ഥ്യങ്ങളൊന്നും അറിഞ്ഞ് കൂടാത്തവരാകുന്നു. അത്തരക്കാർക്ക് തുടർന്ന് അല്ലാഹു മറുപടി നൽകുന്നു :

ഈ ഖുർആൻ ആരും കെട്ടിയുണ്ടാക്കിയതല്ല. അല്ലാഹുവിങ്കൽ നിന്ന് അവന്റെ വിശ്വസ്ത ദൂതനായ പരിശുദ്ധാത്മാവ് - ജിബ്‌രീൽ(അ) - മുഖേന ഇറക്കിയതാണ്. സത്യവിശ്വാസികൾക്ക് അത് മൂലം അവരുടെ വിശ്വാസത്തിന് സ്ഥൈര്യവും ദൃഢതയും ലഭിക്കുന്നു, സന്മാർഗ്ഗവും ദുർമാർഗ്ഗവും വേർതിരിച്ച് കാട്ടുന്ന ഖുർ ആൻ മുസ്ലീംകൾക്ക് മാർഗ്ഗ ദർശനവും സന്തോഷ വാർത്തയുമത്രെ. സത്യ നിഷേധികളെ സംബന്ധിച്ചേടത്തോളം ഖുർ ആൻ വചനങ്ങൾ അവരുടെ മ്ലേഛത വർദ്ധിപ്പിക്കുകയും, അവർ അവിശ്വാസികളായി മരണപെടുകയും ചെയ്യുന്നതാണ് (സൂ : തൗബ 124, 125 വചനങ്ങൾ നോക്കുക)

'നസ്ഖ്' (نسخ) ന്റെ നിർവചനം, ഖുർആനിൽ അതുണ്ടാകാനുള്ള സാധ്യതകൾ, അതിന്റെ യുക്തിവശം, 'നസ്ഖ്' നിഷേധിക്കുന്നവരുടെ വാദഗതി, അതിനുള്ള മറുപടി എന്നിവയെക്കുറിച്ച് വിശദമായി സൂ : അൽ ബഖറ 106, 107 വചനങ്ങളുടെ വിശദീകരണത്തിൽ വിവരിക്കപെട്ടിട്ടുള്ളത് നോക്കുക.

**വചനം 103 :**

وَلَقَدْ نَعْلَمُ أَنَّهُمْ يَقُولُونَ إِنَّمَا يُعَلِّمُهُۥ بَشَرٌ ۗ لِّسَانُ ٱلَّذِى يُلْحِدُونَ إِلَيْهِ أَعْجَمِىٌّ وَهَٰذَا لِسَانٌ عَرَبِىٌّ مُّبِينٌ ﴿١٠٣﴾

103 അവർ പറയുന്നുവെന്ന് തീർച്ചയായും നാം അറിയുന്നുണ്ട്: അവന്ന് (നബിക്ക്) ഒരു മനുഷ്യൻ പഠിപ്പിച്ചു കൊടുക്കുകതന്നെയാണ് ചെയ്യുന്നത്' എന്ന്. യാതൊരുവനിലേക്ക് അവർ ദുസ്സൂചന നൽകുന്നുവോ അവൻെറ ഭാഷ അനറബിയാകുന്നു; ഇതാകട്ടെ, (ഖുർആനാകട്ടെ) സ്പഷ്ടമായ അറബിഭാഷയുമാകുന്നു.

മുശ്‌രിക്കുകളുടെ മറ്റൊരു ആരോപണവും അതിനുള്ള മറുപടിയുമാണീ വചനത്തിൽ, കഷ്ടിച്ച് ഏതാനും അറബി വാക്കുകൾ മാത്രം അറിയുമായിരുന്ന ഒരു അനറബിയുടെ അടുക്കൽ നബി(സ) ചിലപ്പോൾ പോകാറുണ്ടായിരുന്നു. അയാൾ പഠിപ്പിച്ച് കൊടുക്കുന്നതാണ് ഈ ഖുർ ആനിലെ സൂക്തങ്ങൾ എന്ന് മുശ്‌രിക്കുകൾ പറഞ്ഞ് വന്നിരുന്നു. എന്നാൽ ആ മനുഷ്യൻ അറബി ഭാഷ വേണ്ടത്ര അറിയാത്ത ഒരു അനറബിയാണെന്നും ഖുർആൻ ആകട്ടെ, സാഹിത്യത്തിന്റെ അത്യുന്നത നിലവാരത്തിലുള്ള അറബി ഭാഷയിലുള്ളതാണെന്നും, മുശ്‌രിക്കുകളുടെ വാദങ്ങളെ ഖണ്ഡിച്ച് കൊണ്ട് അല്ലാഹു പ്രസ്താവിക്കുന്നു.

**വചനം 104, 105 :**

إِنَّ ٱلَّذِينَ لَا يُؤْمِنُونَ بِـَٔايَٰتِ ٱللَّهِ لَا يَهْدِيهِمُ ٱللَّهُ وَلَهُمْ عَذَابٌ أَلِيمٌ ﴿١٠٤﴾ إِنَّمَا يَفْتَرِى ٱلْكَذِبَ ٱلَّذِينَ لَا يُؤْمِنُونَ بِـَٔايَٰتِ ٱللَّهِ ۖ وَأُو۟لَٰٓئِكَ هُمُ ٱلْكَٰذِبُونَ ﴿١٠٥﴾

104 നിശ്ചയമായും, അല്ലാഹുവിൻെറ ആയത്ത്' (ലക്ഷ്യം)കളിൽ വിശ്വസിക്കാത്തവർ, അവരെ അല്ലാഹു നേർമാർഗ്ഗത്തിലാക്കുകയില്ല; അവർക്ക് വേദനയേറിയ ശിക്ഷയും ഉണ്ട്.

105 അല്ലാഹുവിൻെറ ആയത്ത്' (ലക്ഷ്യം)കളിൽ വിശ്വസിക്കാത്തവർ മാത്രമേ വ്യാജം കെട്ടിപ്പറയൂ. അവർ തന്നെയാണ് വ്യാജവാദികളും.

മേൽ കണ്ടത് പോലെയുള്ള വാദങ്ങൾ മുശ്‌രിക്കുകൾ ഉന്നയിക്കുവാൻ കാരണം, അവർ അല്ലാഹുവിന്റെ ലക്ഷ്യ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്തവരായത് കൊണ്ടാണ്, അത്തരക്കാരെ, അല്ലാഹു നേർ മാർഗ്ഗത്തിലാക്കുകയില്ല: അവർക്കാകട്ടെ വേദനയേറിയ ശിക്ഷയുമുണ്ട്.

**വചനം 106, 107, 108, 109 :**

مَن كَفَرَ بِٱللَّهِ مِنۢ بَعْدِ إِيمَٰنِهِۦٓ إِلَّا مَنْ أُكْرِهَ وَقَلْبُهُۥ مُطْمَئِنٌّۢ بِٱلْإِيمَٰنِ وَلَٰكِن مَّن شَرَحَ بِٱلْكُفْرِ صَدْرًا فَعَلَيْهِمْ

106 ആരെങ്കിലും തൻെറ വിശ്വാസത്തിന്ശേഷം, അല്ലാഹുവിൽ അവിശ്വസിച്ചാൽ, സത്യവിശ്വാസംകൊണ്ട് തൻെറ ഹൃദയം അടങ്ങിയിരിക്കുന്നവനായിക്കൊണ്ടിരിക്കെ നിർബ്ബന്ധത്തിന് വിധേ

غَضَبٌ مِّنَ ٱللَّهِ وَلَهُمْ عَذَابٌ عَظِيمٌ ﴿١٠٦﴾

യനായവൻ ഒഴികെ-(അവൻ ഇതിൽനിന്ന് ഒഴിവാണ്) പക്ഷേ, ആർ അവിശ്വാസംകൊണ്ട് നെഞ്ച് (ഹൃദയം) വികാസപ്പെട്ടുവോ, എന്നാൽ അവരുടെമേൽ അല്ലാഹുവിങ്കൽ നിന്നും കോപമുണ്ടായിരിക്കും; അവർക്ക് വമ്പിച്ച ശിക്ഷയും ഉണ്ടായിരിക്കും.

ذَٰلِكَ بِأَنَّهُمُ ٱسْتَحَبُّوا۟ ٱلْحَيَوٰةَ ٱلدُّنْيَا عَلَى ٱلْـَٔاخِرَةِ وَأَنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلْكَٰفِرِينَ ﴿١٠٧﴾

107 അത്, പരലോകത്തെക്കാൾ ഐഹികജീവിതത്തോട് അവർ സ്നേഹം കാണിച്ചതുകൊണ്ടാകുന്നു; അവിശ്വാസികളായ ജനങ്ങളെ അല്ലാഹു നേർവഴിയിലാക്കുകയില്ലെന്നുള്ളതുകൊണ്ടും (ആകുന്നു).

أُو۟لَٰٓئِكَ ٱلَّذِينَ طَبَعَ ٱللَّهُ عَلَىٰ قُلُوبِهِمْ وَسَمْعِهِمْ وَأَبْصَٰرِهِمْ ۖ وَأُو۟لَٰٓئِكَ هُمُ ٱلْغَٰفِلُونَ ﴿١٠٨﴾

108 അക്കൂട്ടരത്രെ, തങ്ങളുടെ ഹൃദയങ്ങൾക്കും, കേൾവിക്കും, കാഴ്ചകൾക്കും അല്ലാഹു മുദ്ര കുത്തിയിട്ടുള്ളവർ. അക്കൂട്ടർ തന്നെയാണ് അശ്രദ്ധൻമാരും.

لَا جَرَمَ أَنَّهُمْ فِى ٱلْـَٔاخِرَةِ هُمُ ٱلْخَٰسِرُونَ ﴿١٠٩﴾

109 നിസ്സംശയമത്രെ, പരലോകത്തിൽ അവർ തന്നെയാണ് നഷ്ടക്കാർ എന്നുള്ളത്.

സത്യവിശ്വാസം സ്വീകരിച്ചശേഷം സ്വമനസ്സാലെ പിന്നീട് അവിശ്വാസം സ്വീകരിക്കുന്നതിന്റെ ഭവിഷ്യത്തിനെക്കുറിച്ച് അല്ലാഹു താക്കീത് നൽകുന്നു. അവരുടെ മേൽ അല്ലാഹുവിന്റെ കോപമുണ്ടായിരിക്കും ; അവർക്ക് വമ്പിച്ച ശിക്ഷയുണ്ടായിരിക്കുന്നതാണ്; അവരുടെ ഹൃദയങ്ങൾക്കും, കേൾവിക്കും, കാഴ്ചക്കുമെല്ലാം അല്ലാഹു മുദ്ര വെക്കും: അവർക്ക് നേർ മാർഗ്ഗം അപ്രാപ്യമായിത്തീരുന്നതുമാണ്. അല്ലാഹു അത്രത്തോളം ഗൗരവം കൽപിക്കുന്ന ഒരു മഹാ പാതകമാകുന്നു അത്. എന്നാൽ ഒഴിഞ്ഞ് മാറുവാൻ കഴിയാത്ത വല്ല നിർബന്ധാവസ്ഥക്കും വിധേയമായി, മനപൂർവ്വമല്ലാതെ അവിശ്വാസം പ്രകടിപ്പിക്കേണ്ടി വരുന്ന വിശ്വാസികൾ അല്ലാഹു പ്രസ്താവിച്ച ഭവിഷ്യത്തുകളിൽ നിന്നും ശിക്ഷകളിൽ നിന്നും ഒഴിവാണെന്ന് അല്ലാഹു പ്രസ്താവിക്കുന്നു.

ശത്രുക്കളുടെ തുടരെ തുടരെയുള്ള അക്രമ മർദ്ദനങ്ങൾക്ക് വിധേയമാകേണ്ടി വന്ന അമ്മാറുബ്നുയാസിർ(റ) ഗത്യന്തരമില്ലാതെ അവരുടെ നിർബന്ധ പ്രകാരം നബി(സ)യെ ക്കുറിച്ച് ചില പഴി വാക്കുകൾ പറയുകയും അവരുടെ ദൈവങ്ങളെക്കുറിച്ച് നല്ല വാക്കുകൾ പറയുകയും ചെയ്ത് രക്ഷപെട്ടു. അത്യന്തം വ്യസനത്തോടുകൂടി ആ വിവരം അദ്ദേഹം നബി(സ)യെ അറിയിച്ചു. നബി(സ)യുടെ ചോദ്യത്തിന് മറുപടിയായി ആ അവസരത്തിൽ, തന്റെ മനസ്സ് ഈമാൻ (സത്യവിശ്വാസം) കൊണ്ട് സമാധാനമടഞ്ഞിരുന്നതായിരുന്നുവെന്ന് അദ്ദേഹം മറുപടി പറഞ്ഞു. അപ്പോൾ തിരുമേനി അദ്ദേഹത്തോട് ഇങ്ങനെ പറഞ്ഞു: “അവർ ആവർത്തിച്ചാൽ നീയും അവർത്തിച്ച് കൊള്ളുക”- ഈയൊരു വിഷയത്തിലാണ് 107ാം വചനം അവതരിച്ചതെന്ന് പല മഹാന്മാരും ഉദ്ധരിക്കുന്നു.

എന്നാൽ, നിർബന്ധത്തിന് വഴങ്ങിക്കൊടുക്കാതെ, മർദ്ദനങ്ങൾ സഹിക്കുവാൻ തന്നെ, വല്ലവരും തയ്യാറാകുകയാണെങ്കിൽ, അതാണ് കൂടുതൽ ഉത്തമമെന്നും പല മഹാന്മാരും അഭിപ്രായപെടുന്നു.

ബിലാൽ(റ) നെ, പതച്ച മണലിൽ കിടത്തി, വലിയ പാറക്കല്ലുകൾ നെഞ്ചിൽ കയറ്റി വെച്ച് കഴുത്തിൽ കയറിട്ട വലിച്ചപ്പോഴൊക്കെ അദ്ദേഹം احد احد(ഒരുവൻ, ഒരുവൻ) എന്ന് തൗഹീദിന്റെ പ്രഖ്യാപനം നടത്തുകയായിരുന്നു; ഖബ്ബാബ്(റ) ന്റെ യജമാനത്തി, അദ്ദേഹത്തെ ഇരുമ്പ് കോൽ ചുട്ട് പഴുപ്പിച്ച് ശരീരത്തിൽ പൊള്ളിച്ച് കൊണ്ടിരുന്നിട്ടും, അദ്ദേഹത്തിന്റെ ഈമാൻ വർദ്ധിച്ചതേയുള്ളൂ; അമ്മാർ(റ)ന്റെ മാതാപിതാക്കളായ യാസിറും(റ) സുമയ്യ(റ)യും ക്രൂരമായ ശത്രു മർദ്ദനങ്ങളുടെ കാഠിന്യത്താൽ ഇഞ്ചിഞ്ചായി കൊല്ലപെടുകയാണുണ്ടായത്. സുമയ്യ(റ) നെ രണ്ട് ഒട്ടകങ്ങൾക്കിടയിൽ കെട്ടിവലിച്ചിട്ടും ഫലിക്കുന്നില്ലെന്ന് കണ്ടപ്പോൾ ക്രുരന്മാർ അവരുടെ ഗുഹ്യസ്ഥാനത്ത് കുന്തം തറച്ച് അവരെ കൊലപെടുത്തുകയാണുണ്ടായത്.

ഇത്തരം സംഭവങ്ങൾ സഹാബികളുടെ - പ്രത്യേകിച്ചും പുർവ്വ സഹാബികളുടെ-ചരിത്രത്തിൽ സുലഭമായി കാണാവുന്നതാകുന്നു.

**വചനം 110 :**

ثُمَّ إِنَّ رَبَّكَ لِلَّذِينَ هَاجَرُواْ مِنۢ بَعۡدِ مَا فُتِنُواْ ثُمَّ جَٰهَدُواْ وَصَبَرُوٓاْ إِنَّ رَبَّكَ مِنۢ بَعۡدِهَا لَغَفُورٞ رَّحِيمٞ ﴿١١٠﴾

110 പിന്നീട്, നിശ്ചയമായും, നിന്റെ റബ്ബ്, കുഴപ്പത്തിൽ (മർദ്ദനത്തിൽ) അകപ്പെട്ടതിനുശേഷം 'ഹിജ്റ' (നാടുവിട്ട്) പോകുകയും, പിന്നീട് സമരം ചെയ്കയും, ക്ഷമിക്കുകയും ചെയ്തവർക്ക്, (അതെ) നിശ്ചയമായും നിന്റെ റബ്ബ്–അതിനുശേഷം വളരെ പൊറുത്തുകൊടുക്കുന്നവനും, കരുണാനിധിയും തന്നെ.

നബി(സ) ഹിജ്റ പോകുമ്പോൾ മക്കയിൽ ശേഷിച്ച ദുർബ്ബലരായ പല സത്യവിശ്വാസികളും, കുറച്ച് കാലം ഖുറൈശികൾക്കിടയിൽ നിന്ദ്യരായും, കുഫ്റിന്റെ വേഷം അനുവർത്തിച്ച് കൊണ്ടും മക്കയിൽ കഴിയേണ്ടി വന്നിരുന്നു. ക്രമേണ അവർ പല സന്ദർഭങ്ങളിലായി മദീനായിൽ അഭയം പ്രാപിക്കുകയും, അവിശ്വാസികൾക്കെതിരായ യുദ്ധങ്ങളിലും മറ്റും പങ്ക് വഹിക്കുകയും ചെയ്തു. അവരെക്കുറിച്ചായിരിക്കും ഈ വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നതെന്നാണ് പല വ്യഖ്യാതാക്കളുടെയും അഭിപ്രായം. ആ ഇടക്കാലത്ത് അവർ സ്വീകരിക്കേണ്ടി വന്ന നയങ്ങളെ അല്ലാഹു അവർക്ക് മാപ്പാക്കി കൊടുത്തിരിക്കുന്നുവെന്നായിരിക്കും, അപ്പോൾ ഈ വചനത്തിന്റെ താൽപര്യം. അബൂ ജൻദൽ, സലമത്ത്ബുനു ഹിശാം, അബ്ദുല്ലാഹിബ്നു സലമ, അബുജഹലിന്റെ സഹോദരൻ അയ്യാശ്(റ) എന്നിവർ ഇക്കൂട്ടത്തിൽ പെട്ടവരായിരുന്നു.

ഈ 110–ാം വചനവും, വചനങ്ങൾ 126–ഉം 127–ഉം മദീനയിൽ അവതരിപ്പിച്ചതാണെന്ന് പറയപ്പെടുന്നു.

## വിഭാഗം 15

**വചനം 111:**

۞ يَوۡمَ تَأۡتِي كُلُّ نَفۡسٖ تُجَٰدِلُ عَن نَّفۡسِهَا وَتُوَفَّىٰ كُلُّ نَفۡسٖ مَّا عَمِلَتۡ وَهُمۡ لَا يُظۡلَمُونَ ﴿١١١﴾

111 എല്ലാ (ഓരോ) വ്യക്തിയും (ആളും) അതിന്റെ സ്വന്തം (കാര്യ) ത്തിന്നായി തർക്കം നടത്തികൊണ്ട് വരുന്ന (ആ) ദിവസം (ഓർക്കുക)! എല്ലാ (ഓരോ) വ്യക്തി(ആൾ) ക്കും അത് പ്രവർത്തിച്ചത് (പ്രവർത്തനഫലം) നിറവേറ്റി കൊടുക്കപ്പെടുകയും ചെയ്യും;– അവരാകട്ടെ, (അവരോട്) അനീതിചെയ്യപ്പെടുന്നതുമല്ല. (അങ്ങിനെയുള്ള ആ ദിവസം!)

പ്രവാചകൻമാർ പോലും ഭയവിഹ്വലരായി എന്റെ കാര്യം എന്റെ കാര്യം (**نفسي نفسي**) എന്ന് പറയുന്ന ഖിയാമത്ത് നാളിനെയാണ് 'ആ ദിവസം' എന്നത് കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തം. ഓരോ വ്യക്തിക്കും ആ ദിവസം പ്രവർത്തനഫലം നിറവേറ്റി കൊടുക്കപ്പെടുന്നതാണ്. അന്നേ ദിവസം ആരും അനീതി ചെയ്യപ്പെടുന്നതുമല്ല.

**വചനം 112, 113 :**

وَضَرَبَ ٱللَّهُ مَثَلٗا قَرۡيَةٗ كَانَتۡ ءَامِنَةٗ مُّطۡمَئِنَّةٗ يَأۡتِيهَا رِزۡقُهَا رَغَدٗا مِّن كُلِّ مَكَانٖ فَكَفَرَتۡ بِأَنۡعُمِ ٱللَّهِ فَأَذَٰقَهَا ٱللَّهُ لِبَاسَ ٱلۡجُوعِ وَٱلۡخَوۡفِ بِمَا كَانُواْ يَصۡنَعُونَ ﴿١١٢﴾

112 അല്ലാഹു ഒരു ഉപമ വിവരിക്കുകയാണ്–ഒരു രാജ്യത്തെ: അത് നിർഭയമായതും ശാന്തമായതുമായിരുന്നു; എല്ലാ സ്ഥലത്തുനിന്നും അതിന്റെ (ആവശ്യത്തിനുള്ള) ആഹാരം അതിന് സുഭിക്ഷമായി വന്നെത്തിക്കൊണ്ടിരിക്കും;– എന്നിട്ടത് (അതിലെ ആളുകൾ) അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ അവിശ്വസിച്ചു (നന്ദികേട് കാണിച്ചു). അപ്പോൾ അത് (അതിലെ ആളുകൾ) പ്രവർത്തിച്ചുകൊണ്ടിരുന്നത് നിമിത്തം അതിന് (അവർക്ക്) അല്ലാഹു വിശപ്പും, ഭയവുമാകുന്ന വസ്ത്രം ആസ്വദിപ്പിച്ചു;

113 അവർക്ക് അവരിൽനിന്നുള്ള റസൂൽ ചെല്ലുക
യും ഉണ്ടായിട്ടുണ്ട്. എന്നാൽ, അവർ അദ്ദേഹ
ത്തെ വ്യാജമാക്കി; അപ്പോൾ, അവർ അക്രമി
കളായിരിക്കെ ശിക്ഷ അവരെ പിടികൂടി.

وَلَقَدْ جَآءَهُمْ رَسُولٌ مِّنْهُمْ فَكَذَّبُوهُ فَأَخَذَهُمُ ٱلْعَذَابُ وَهُمْ ظَٰلِمُونَ ﴿١١٣﴾

ഇവിടെ ഉപമിക്കപെട്ട രാജ്യം – قرية – എന്ന് പറഞ്ഞത് മക്കയെ ഉദ്ദേശിച്ചാണെന്നും അല്ലാഹു വിവരിച്ച രുപത്തിലുള്ള ഏതെങ്കിലും രാജ്യത്തെ പൊതുവെ ഉദ്ദേശിച്ചാണെന്നും രണ്ട് അഭിപ്രായങ്ങളുണ്ട്. ഇതിലെ വിവരണം മക്കാ നിവാസികളെ സംബന്ധിച്ചേടത്തോളം കൂടുതൽ അനുയോജ്യമാണ് താനും.

ആ രാജ്യം നിർഭയവും ശാന്തമായതും, ആയിരുന്നു. ആ രാജ്യക്കാർക്കാവശ്യമായ ഭക്ഷണ സാധനങ്ങൾ നാനാ ദിക്കുകളിൽ നിന്നും വന്നെത്തിക്കൊണ്ടിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ധിക്കരിച്ച് കൊണ്ട് അന്നാട്ടുകാർ അവിശ്വാസത്തിലും തോന്നിയ വാസത്തിലും മുഴുകികൊണ്ടിരുന്നു. അവരിലേക്കയക്കപ്പെട്ട റസൂലിനെ - നബി(സ) തിരുമേനിയെ - അവർ വ്യാജമാക്കി നിഷേധിച്ചു. അവരുടെ ധിക്കാരവും നന്ദികേടും അതിര് കടന്നപ്പോൾ അല്ലാഹു അവർക്ക് ഏഴ് കൊല്ലത്തോളം ഭക്ഷണക്ഷാമം അനുഭവിപ്പിച്ചു. ഈ കാലത്ത്, ഒട്ടകത്തിന്റെ രക്തവും രോമവും കൂട്ടിച്ചേർത്ത് അപ്പമുണ്ടാക്കി ഭക്ഷിക്കുവാൻ പോലും അവർ നിർബന്ധിതരായി. റസൂൽ(സ) തിരുമേനിയുടെ മദീനാ ഹിജ്റയെ തുടർന്നുള്ള കാലഘട്ടത്തിൽ, അവർ യുദ്ധഭീതിയിലും അക്രമണഭയത്തിലും അകപെട്ടു. ഒടുക്കം സത്യവിശ്വാസികൾക്ക് മുന്നിൽ പല ഏറ്റുമുട്ടലുകൾക്കും ശേഷം ആ രാജ്യക്കാർക്ക് നിരുപാധികം കീഴടങ്ങേണ്ടി വരുകയും ചെയ്തു.

**വചനം 114 :**

114 അതിനാൽ, നിങ്ങൾക്ക് അല്ലാഹു നൽകി
യിട്ടുള്ളതിൽ നിന്ന് അനുവദനീയവും നല്ല
(വിശിഷ്ടമായ) തുമായത് നിങ്ങൾ തിന്നു
കൊള്ളുവിൻ; അല്ലാഹുവിൻെറ അനുഗ്രഹ
ത്തിന് നന്ദി കാണിക്കുകയും ചെയ്യുവിൻ
നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ!

فَكُلُوا۟ مِمَّا رَزَقَكُمُ ٱللَّهُ حَلَٰلًا طَيِّبًا وَٱشْكُرُوا۟ نِعْمَتَ ٱللَّهِ إِن كُنتُمْ إِيَّاهُ تَعْبُدُونَ ﴿١١٤﴾

മറ്റുള്ളവരെ ആരാധിക്കലും, അല്ലാഹുവിനോട് കുറ് കാണിക്കലും - രണ്ടും കൂടി - ഒരിക്കലും യോജിക്കുകയില്ല. ആരാധനയും നന്ദിയും അവന് തന്നെ ആയിരിക്കണം. അല്ലാഹു നൽകിയിട്ടുള്ളതിൽ അനുവദനീയവും വിശിഷ്ടവുമായ ഭക്ഷ്യ പദാർത്ഥങ്ങൾ മാത്രമെ ഉപയോഗിക്കാൻ പാടുള്ളൂ.

**വചനം 115 :**

115 ശവവും, രക്തവും, പന്നിമാംസവും, അല്ലാഹു
അല്ലാത്തവർക്കുവേണ്ടി ശബ്ദം ഉയർത്തപ്പെട്ട
(അറുക്കപ്പെട്ട)തും മാത്രമേ അവൻ നിങ്ങളുടെമേൽ
നിഷിദ്ധമാക്കിയിട്ടുള്ളു. ഇനി ആരെങ്കിലും
(നിയമലംഘനം) കാംക്ഷിക്കുന്നവനല്ലാതെയും,
അതിരുവിട്ടവനല്ലാതെയും (ഭക്ഷിക്കുവാൻ)
നിർബ്ബന്ധിതനാകുന്ന പക്ഷം,- അപ്പോൾ, നിശ്ചയ
മായും, അല്ലാഹു വളരെ പൊറുക്കുന്നവനും,
കരുണാനിധിയുമാകുന്നു.

إِنَّمَا حَرَّمَ عَلَيْكُمُ ٱلْمَيْتَةَ وَٱلدَّمَ وَلَحْمَ ٱلْخِنزِيرِ وَمَآ أُهِلَّ لِغَيْرِ ٱللَّهِ بِهِۦ فَمَنِ ٱضْطُرَّ غَيْرَ بَاغٍ وَلَا عَادٍ فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١١٥﴾

ഈ വചനത്തിലെ ആശയും സൂ : അൽ ബഖറ : 173 ലും സൂ : മാഇദ : 3 ലും സൂ: അൻ ആം : 145ലും വിശദമായി പ്രതിപാദിക്കപെട്ടിട്ടുള്ളത് നോക്കുക.

**വചനം 116, 117 :**

116 നിങ്ങളുടെ നാവുകൾ വ്യാജവിവരണം നൽകി
വരുന്നതിനാൽ (മാത്രം) നിങ്ങൾ പറയുകയും
അരുത്; ഇത് അനുവദനീയമാണ്: ഇത്
നിഷിദ്ധവുമാണ്' (എന്നിങ്ങിനെ); നിങ്ങൾ
അല്ലാഹുവിൻെറപേരിൽ വ്യാജം കെട്ടിച്ചമക്കു
വാൻ വേണ്ടി. (അതാണതിൻെറ കലാശമാകുക.)

وَلَا تَقُولُوا۟ لِمَا تَصِفُ أَلْسِنَتُكُمُ ٱلْكَذِبَ هَٰذَا حَلَٰلٌ وَهَٰذَا حَرَامٌ لِّتَفْتَرُوا۟ عَلَى ٱللَّهِ ٱلْكَذِبَ ۚ إِنَّ ٱلَّذِينَ يَفْتَرُونَ عَلَى ٱللَّهِ ٱلْكَذِبَ لَا يُفْلِحُونَ ﴿١١٦﴾

നിശ്ചയമായും, അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമക്കുന്നവർ വിജയിക്കുകയില്ല.

مَتَٰعٞ قَلِيلٞ وَلَهُمۡ عَذَابٌ أَلِيمٞ ١١٧

117 അൽപ(മാത്ര)മായ ഒരു സുഖാനുഭവം! അവർക്ക് വേദനയേറിയ ശിക്ഷയുമുണ്ടായിരിക്കും.

എന്തെങ്കിലും തെളിവൊ, വല്ല പ്രമാണമൊ, കൂടാതെ സ്വന്തം നാവു കൊണ്ട് ഉരുവിടുന്ന ചില വ്യാജ വിവരണങ്ങളുടെ അടിസ്ഥാനത്തിൽ അല്ലാഹു ഹലാലാക്കിയ ചില വസ്തുക്കളെ ഹറാമും ഹറാമാക്കിയവയെ ഹലാലുമാക്കിക്കൊണ്ട് മുശ്‌രിക്കുകൾ മതവിധികൾ കെട്ടിയുണ്ടാക്കിയിരുന്നതിനെക്കുറിച്ച് (സൂ:മാഇദ: 103 ലും, സൂ : അൻആം: 139 ഉം നോക്കുക) അല്ലാഹു ഈ വചനത്തിലൂടെ താക്കീത് നൽകുന്നു. ഇത്തരത്തിൽ അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിച്ചമക്കുന്നവർക്ക് ഇഹലോകത്ത് തുഛമായ വല്ല കാര്യ ലാഭവും ലഭിക്കാമെങ്കിലും പരലോകത്ത് കഠിനമായ ശിക്ഷയായിരിക്കും ലഭിക്കുക

അംഗീകൃതമായ തെളിവുകളുടെ അടിസ്ഥാനത്തലല്ലാതെ നിർമ്മിക്കപെടുന്ന അനാചാരങ്ങളും ഖുർആൻനും സുന്നത്തിനും എതിരായി പുറപെടുവിക്കപെടുന്ന ഫത്‌വകളും, ബിദ്അത്തുകളുമെല്ലാം തന്നെ അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിച്ചമക്കുന്നതിന് തുല്യമായ ഗൗരവമേറിയ പാതകങ്ങളാകുന്നു.

**വചനം 118:**

وَعَلَى ٱلَّذِينَ هَادُواْ حَرَّمۡنَا مَا قَصَصۡنَا عَلَيۡكَ مِن قَبۡلُۖ وَمَا ظَلَمۡنَٰهُمۡ وَلَٰكِن كَانُوٓاْ أَنفُسَهُمۡ يَظۡلِمُونَ ١١٨

118 യഹൂദികളായവരുടെ മേലും (തന്നെ) മുമ്പ് നാം നിനക്ക് വിവരിച്ചുതന്നവയെ നാം നിഷിദ്ധമാക്കി. അവരോട് നാം അനീതി ചെയ്തിട്ടില്ല; എങ്കിലും അവർ അവരോടുതന്നെയായിരുന്നു അനീതി ചെയ്തിരുന്നത്.

115 -ാം വചനത്തിൽ പ്രസ്താവിക്കപെട്ട നിഷിദ്ധമാക്കപെട്ട അൽപം ചില ഭക്ഷ്യവസ്തുക്കൾ കൂടാതെ, യഹൂദികളുടെ മേൽ മറ്റ് ചില വസ്തുക്കളെ കൂടി അല്ലാഹു നിഷിദ്ധമാക്കിയത് അവരോട് അല്ലാഹു ചെയ്ത ഒരു അനീതി ആയിരുന്നില്ല-അവർ സ്വയം ചെയ്ത അക്രമങ്ങളുടെ ഫലമായിരുന്നു അത്. ഇതേക്കുറിച്ച് സൂ : അൻആം 146ാം വചനത്തിലും, സൂ :നിസാഉ് 160-ാം വചനത്തിലും വിവരിക്കപെട്ടിരിക്കുന്നു.

**വചനം 119 :**

ثُمَّ إِنَّ رَبَّكَ لِلَّذِينَ عَمِلُواْ ٱلسُّوٓءَ بِجَهَٰلَةٖ ثُمَّ تَابُواْ مِنۢ بَعۡدِ ذَٰلِكَ وَأَصۡلَحُوٓاْ إِنَّ رَبَّكَ مِنۢ بَعۡدِهَا لَغَفُورٞ رَّحِيمٞ ١١٩

119 പിന്നീട്, നിശ്ചയമായും,നിൻെറ റബ്ബ്, വിഡ്ഢിത്തം (അഥവാ വിവരക്കേട്) നിമിത്തം തിൻമ പ്രവർത്തിക്കുകയും, പിന്നീട് അതിനുശേഷം പശ്ചാത്തപിക്കുകയും, നന്നായിത്തീരുകയും ചെയ്തവർക്ക്, (അതെ) നിശ്ചയമായും നിൻെറ റബ്ബ് അതിനുശേഷം വളരെ പൊറുക്കുന്നവനും, കരുണാനിധിയും തന്നെയാകുന്നു.

അല്ലാഹുവിന്റെ പേരിൽ നിയമങ്ങൾ കെട്ടിയുണ്ടാക്കുക പോലെയുള്ള ഗുരുതരമായ പാപങ്ങൾ വല്ലതും വിവരക്കേട് മൂലം ചെയ്ത് പോയാൽ തന്നെയും പിന്നീട് ഖേദിച്ച് മടങ്ങി സ്വന്തം നില നന്നാക്കിത്തീർത്താൽ അല്ലാഹു കരുണ ചെയ്ത് പൊറുത്ത് കൊടക്കുന്നതാണെന്ന് സത്യവിശ്വാസികളെ അല്ലാഹു സമാശ്വസിപ്പിക്കുന്നു.

## വിഭാഗം 16

**വചനം 120, 121, 122, 123:**

إِنَّ إِبۡرَٰهِيمَ كَانَ أُمَّةٗ قَانِتٗا لِّلَّهِ حَنِيفٗا وَلَمۡ يَكُ مِنَ ٱلۡمُشۡرِكِينَ ١٢٠

120 നിശ്ചയമായും ഇബ്റാഹീം, അല്ലാഹുവിനോട് ഭക്ത്യനുസരണമുള്ള ഋജുമാനസനായ ഒരു (പ്രത്യേക) സമുദായം (അഥവാ, മാതൃകാ നേതാവ്) ആയിരുന്നു. അദ്ദേഹം മുശ്‌രിക്കുകളിൽ പെട്ടവനായിരുന്നിട്ടുമില്ല.

شَاكِرًا لِّأَنْعُمِهِ ۚ ٱجْتَبَٰهُ وَهَدَىٰهُ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿١٢١﴾

121 അവൻെറ (അല്ലാഹുവിൻെറ) അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നവൻ (ആയിരുന്നു). അദ്ദേഹത്തെ അവൻ തിരഞ്ഞെടുക്കുകയും, നേരെ (ചൊവ്വെ)യുള്ള ഒരു പാതയിലേക്ക് അദ്ദേഹത്തെ അവൻ നയിക്കുകയും ചെയ്തിരിക്കുന്നു.

وَءَاتَيْنَٰهُ فِى ٱلدُّنْيَا حَسَنَةً ۖ وَإِنَّهُۥ فِى ٱلْءَاخِرَةِ لَمِنَ ٱلصَّٰلِحِينَ ﴿١٢٢﴾

122 ഇഹത്തിൽ അദ്ദേഹത്തിന് നാം നൻമ നൽകുകയും ചെയ്തു. അദ്ദേഹം പരലോകത്തിലാകട്ടെ, സദ്വൃത്തൻമാരിൽ പെട്ടവൻ തന്നെ.

ثُمَّ أَوْحَيْنَآ إِلَيْكَ أَنِ ٱتَّبِعْ مِلَّةَ إِبْرَٰهِيمَ حَنِيفًا ۖ وَمَا كَانَ مِنَ ٱلْمُشْرِكِينَ ﴿١٢٣﴾

123 പിന്നീട് (ഇപ്പോൾ), നിനക്ക് നാം വഹ്യു' (സന്ദേശം) നൽകിയിരിക്കുന്നു: ഋജുമാനസനായ നിലയിൽ (ആയിരുന്ന) ഇബ്റാഹീമിൻെറ മാർഗ്ഗത്തെ പിൻപറ്റണമെന്ന്; അദ്ദേഹം മുശ്രിക്കുകളിൽ പെട്ടവനായിരുന്നതുമില്ല.

ഇബ്രാഹിം(അ) നബിയുടെ പിൻഗാമികൾ, അദ്ദേഹം ഉപദേശിച്ച് പ്രാവർത്തികമാക്കി വന്നിരുന്ന നടപടി ക്രമങ്ങൾക്ക് വിരുദ്ധമായി, ശിർക്ക് പരമായ പല നടപപടി ക്രമങ്ങളും മതാചാരങ്ങളായി ആചരിച്ച് കൊണ്ടിരുന്നു. ഇബ്രാഹിം(അ) നബിയുടെ യഥാർത്ഥ പാത ഇന്നിന്ന പ്രകാരമായിരുന്നുവെന്നും, അതേ മാർഗ്ഗം സ്വീകരിക്കുവാനും, അത് പ്രബോധനം ചെയ്യുവാനും തന്നെയാണ് നബി(സ) തിരുമേനിയോട് കൽപിക്കപെട്ടിരിക്കുന്നതെന്നും അല്ലാഹു ചൂണ്ടിക്കാണിക്കുന്നു.

**أمة** (ഉമ്മത്ത്) എന്ന പദത്തിന്റെ വിവിധ അർത്ഥങ്ങൾ സൂ : ഹൂ ദ് : ൮൦ വചനത്തിന്റെ വിവരണത്തിൽ വിശദീകരിക്കപെട്ടിട്ടുണ്ട്. ഒരു വമ്പിച്ച സമുദായത്തിന് മാതൃകയും നേതൃത്വവും നൽകിയ 'മാതൃകാ നേതാവ് ' എന്ന അർത്ഥത്തിലാണ്, ഈ വചനത്തിൽ ഇബ്രാഹിം(അ) നബിയെക്കുറിച്ച് ആ പദം പ്രയോഗിക്കപെട്ടിട്ടുള്ളത്. ഇബ്രാഹിം(അ) ഒരു "പ്രത്യേക സമുദായം" തന്നെയാണെന്ന് പറയത്തക്ക വിധം ശ്രേഷ്ഠനും ഉത്തമനും തന്നെയാണ് താനും. അദ്ദേഹത്തെ പറ്റി അല്ലാഹു ഇവിടെ പറഞ്ഞ വിശേഷണങ്ങൾ ശ്രദ്ധിക്കുക:

: അദ്ദേഹം അല്ലാഹുവിനോട് ഭക്തിയും അനുസരണവും ഉള്ളവനായിരുന്നു

: നേർ മാർഗ്ഗത്തിൽ ഉറച്ച് നിൽക്കുന്ന ഋജു മാനസനായിരുന്നു അദ്ദേഹം.

: അദ്ദേഹം തൗഹീദിൽ അടിയുറച്ചവനായിരുന്നു.

: അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദിയുള്ളവനായിരുന്നു ഇബ്രാഹിം (അ)

: അദ്ദേഹത്തെ അല്ലാഹു ചൊവ്വായ മാർഗ്ഗത്തിലേക്ക് നയിക്കുകയും സൻമാർഗ്ഗികളുടെ നേതാവായി തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

:അദ്ദേഹത്തിന് അല്ലാഹു ഇഹത്തിൽ നന്മ നൽകിയിരിക്കുന്നു. വേദക്കാരും അവരുമായി ബന്ധപ്പെട്ട എല്ലാ സമുദായങ്ങളും, അദ്ദേഹത്തെ ഉത്തമനായി അംഗീകരിച്ചിരിക്കുന്നു.

: പരലോകത്ത് സദ്വൃത്തന്മാരുടെ കൂട്ടത്തിലായിരിക്കും അദ്ദേഹത്തിന്റെ സ്ഥാനം.

ഇബ്രാഹിം (അ) നബിയെ പിൻ പറ്റണമെന്ന് നബി(സ) യോട് കൽപിക്കുന്നതോടൊപ്പം, അല്ലാഹു അദ്ദേഹത്തിന്റെ രണ്ട് ഗുണങ്ങളെ ഒരിക്കൽ കൂടെ ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു- അദ്ദേഹം ഋജു മാനസനായിരുന്നുവെന്നും, അദ്ദേഹം മുശ്രിക്കുകളിൽ പെട്ടവനായിരുന്നില്ല എന്നും. നബി(സ) തിരുമേനിയുടെ പ്രബോധന മാർഗ്ഗത്തിന്റെ അടിത്തറയും അവ തന്നെ.

**വചനം 124 :**

إِنَّمَا جُعِلَ ٱلسَّبْتُ عَلَى ٱلَّذِينَ ٱخْتَلَفُوا۟ فِيهِ ۚ وَإِنَّ رَبَّكَ لَيَحْكُمُ بَيْنَهُمْ

124 ശബ്ബത്ത്' (ആചരണം) ഏർപ്പെടുത്തപ്പെട്ടിരിക്കുന്നത്, അതിൽ ഭിന്നാഭിപ്രായത്തിലായവരുടെ മേൽ മാത്രമാകുന്നു. നിശ്ചയമായും നിൻെറ റബ്ബ്, യാതൊന്നിൽ അവർ ഭിന്നാഭിപ്രായത്തിലായി

يَوْمَ ٱلْقِيَـٰمَةِ فِيمَا كَانُوا۟ فِيهِ تَخْتَلِفُونَ ﴿١٢٤﴾

ക്കൊണ്ടിരിക്കുന്നുവോ അതിൽ, അവർക്കിടയിൽ ഖിയാമത്തുനാളിൽവെച്ച്, വിധി കൽപിക്കുക തന്നെ ചെയ്യും.

ഇബ്രാഹിം (അ) നബിയുടെ പിൻ തുടർച്ചക്കാരായ വേദക്കാർ ശനിയാഴ്ച തോറും ആചരിച്ച് വരുന്ന ശബ്ബത്താചരണം, അദ്ദേഹത്തിന്റെ പിൻഗാമിയായ നബി(സ) ആചരിക്കാതെ, വെള്ളിയാഴ്ച പ്രധാന ദിവസമായി ആചരിക്കുന്നതിനെ ചോദ്യം ചെയ്തവർക്കുള്ള മറുപടിയാകുന്നു ഈ വചനം

ശബ്ബത്താചരണം ഇബ്രാഹിം (അ) നബിയുടെ കാലശേഷമാണ് നിയമിക്കപെട്ടിരിക്കുന്നത്. അത് ആരുടെ മേൽ നിയമിക്കപെട്ടിരിക്കുന്നുവൊ അവർ തന്നെയാണ് അതിൽ ഭിന്നിക്കുകയും ചെയ്തിരിക്കുന്നത്. അവരുടെ ഭിന്നതയെക്കുറിച്ചുള്ള തീരുമാനം അല്ലാഹു ഖിയാമത്ത് നാളിൽ നടത്തിക്കൊള്ളുകയും ചെയ്യുന്നതാണ്.

അബൂഹുറൈറ(റ) യിൽ നിന്നുദ്ധരിക്കപെട്ട ഒരു നബി വചനം ഇപ്രകാരമാകുന്നു :

"ഈ ദിവസം (വെള്ളിയാഴ്ച) ആണ് അവരുടെ മേൽ നിയമിക്കപെട്ടിരിക്കുന്നത്. എന്നിട്ട് അവരതിൽ ഭിന്നിച്ചു. എന്നാൽ അല്ലാഹു നമ്മെ അതിലേക്ക് വഴിചേർത്ത് തന്നിരിക്കുന്നു - അങ്ങനെ നമ്മുടെ പിന്നിലായി ക്കൊണ്ട് യഹൂദികൾ നാളെയും ക്രിസ്ത്യാനികൾ മറ്റന്നാളും ആചരിച്ച് വരുന്നു".

ഇബ്നു അബ്ബാസ്(റ) പറഞ്ഞതായി ഇപ്രകാരം നിവേദനം ചെയ്യപെട്ടിരിക്കുന്നു:

"മൂസാ (അ) നബി യഹൂദികളോട് വെള്ളിയാഴ്ച ദിവസം അല്ലാഹുവിനായി ഒഴിഞ്ഞിരിക്കാൻ കൽപിച്ചു. എന്നാൽ അല്ലാഹു സൃഷ്ടിയിൽ നിന്ന് ഒഴിവായ ശനിയാഴ്ചയാണ് ഞങ്ങൾക്ക് വേണ്ടതെന്ന അവരുടെ ആവശ്യ പ്രകാരം ആദ്ദേഹം ശനിയാഴ്ച ദിവസം അവരിൽ നിശ്ചയിച്ച് കൊടുത്തു. ഈസാ നബി(അ)യും വെള്ളിയാഴ്ച യാണ് ആദ്യം നിശ്ചയിച്ച് നൽകിയത്. എന്നാൽ ക്രിസ്ത്യാനികൾ ചില മുൻഗണനാക്രമങ്ങളുടെ പേരിൽ ഞായ റാഴ്ച ആചരിക്കുവാൻ തീരുമാനിക്കുകയാണുണ്ടായത്."

ശബ്ബത്ത് നാളിനെ യഥാവിധി ആചരിക്കാതെ യഹൂദികളിൽ ചിലർ അന്ന് മത്സ്യം പിടിച്ചതും അതിനെ തുടർന്ന് അവരെ അല്ലാഹു ശിക്ഷിച്ചതും സൂ : അഅ്റാഫ് 163-166 ൽ വിവരിച്ചിട്ടുണ്ട്.

**വചനം 125 :**

ٱدْعُ إِلَىٰ سَبِيلِ رَبِّكَ بِٱلْحِكْمَةِ وَٱلْمَوْعِظَةِ ٱلْحَسَنَةِ ۖ وَجَـٰدِلْهُم بِٱلَّتِى هِىَ أَحْسَنُ ۚ إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِۦ ۖ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ﴿١٢٥﴾

125 (നബിയേ) നിന്റെ റബ്ബിന്റെ മാർഗ്ഗത്തിലേക്ക് യുക്തിതത്വവും, നല്ല സദുപദേശവും മുഖേന നീ (ജനങ്ങളെ) ക്ഷണിച്ചുകൊള്ളുക. കൂടുതൽ നല്ലതേതോ അതനുസരിച്ച് അവരോട് വിവാദം നടത്തുകയും ചെയ്യുക. നിശ്ചയമായും നിന്റെ റബ്ബ് തന്നെയാണ് അവന്റെ മാർഗ്ഗംവിട്ട് പിഴച്ചുപോകുന്നവരെപ്പറ്റി ഏറ്റം അറിയുന്നവൻ; അവൻ (തന്നെ), നേർമ്മാർഗ്ഗം പ്രാപിക്കു ന്നവരെപ്പറ്റി ഏറ്റം അറിയുന്നവനുമാകുന്നു.

സത്യമാർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നതിനുള്ള മൂന്ന് രീതികളാണ് അല്ലാഹു ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്:

(1) യുക്തി തത്വങ്ങൾ (2) നല്ല രൂപത്തിലുള്ള സദുപദേശം . (3) കൂടുതൽ നല്ല രീതിയിലുള്ള വിവാദം.

ഉപദേശിക്കുന്ന വിഷയത്തിന്റെ യുക്തി, തെളിവ്, ലക്ഷ്യം ആദിയായവ വിവരിച്ച് കൊടുക്കുക എന്നത് ഒന്നാമത്തേതിനും, അനുഷ്ഠിക്കേണ്ടത് അനുഷ്ഠിക്കാനും ഉപേക്ഷിക്കേണ്ടത് ഉപേക്ഷിക്കുവാനുമുള്ള പ്രേരണ നൽകുകയെന്നത് രണ്ടാമത്തേതിനും വിവക്ഷ നൽകാം. ഈ രീതിയിൽ ഫലിക്കാത്ത വിഭാഗം ആൾക്കാരോട് ചിലപ്പോൾ തർക്കവും, വിവാദവും നടത്തേണ്ടതായി വരും. എന്നാലത് നയത്തോടും മയത്തോടും സത്യസന്ധ മായും ആയിരിക്കേണ്ടതാണ്. പ്രതിയോഗിയുടെ പരാജയം മാത്രം ഉന്നം വെച്ച് കൊണ്ടായിരിക്കരുത് - അല്ലാത്ത പക്ഷം സത്യം ഗ്രഹിച്ചാലും സത്യത്തോട് ഇണങ്ങാതിരിക്കുകയായിരിക്കും ഉണ്ടാകുക. അത് പരസ്പരം വിദ്വേഷം വളർത്തുന്നതിന് മാത്രമെ കാരണമാകൂ.

ക്ഷണിക്കുന്ന മാർഗ്ഗവും രീതിയും എത്ര തന്നെ നല്ലതായിരുന്നാലും ക്ഷണിക്കപെടുന്നവരെല്ലാം സത്യം സ്വീകരിച്ച് കൊള്ളണമെന്നില്ല. നേർമാർഗ്ഗം (ഹിദായത്ത്) നൽകൽ അല്ലാഹുവിന്റെ ഇഷ്ടാനുസരണമാണെന്നും,

അവൻ ഉദ്ദേശിക്കുന്നവർക്ക് ആ അനുഗ്രഹം അവൻ പ്രദാനം ചെയ്യുന്നതാണെന്നും, ഖുർ ആനിൽ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളതാകുന്നു. (വചനം 2:272 ;28:56 എന്നിവ നോക്കുക)

**വചനം 126, 127, 128 :**

وَإِنْ عَاقَبْتُمْ فَعَاقِبُوا۟ بِمِثْلِ مَا عُوقِبْتُم بِهِۦ ۖ وَلَئِن صَبَرْتُمْ لَهُوَ خَيْرٌ لِّلصَّٰبِرِينَ ﴿١٢٦﴾

126 നിങ്ങൾ പ്രതികാരനടപടി എടുക്കുന്നപക്ഷം, നിങ്ങളോട് എടുക്കപ്പെട്ടത് പോലെയുള്ള നടപടികൊണ്ട് (അങ്ങോട്ടും) പ്രതികാര നടപടി എടുത്തുകൊള്ളുവിൻ. നിങ്ങൾ ക്ഷമിച്ചുവെങ്കിലാകട്ടെ, അത് (ആ) ക്ഷമിക്കുന്നവർക്ക് കൂടുതൽ ഉത്തമം തന്നെയാണുതാനും.

وَٱصْبِرْ وَمَا صَبْرُكَ إِلَّا بِٱللَّهِ ۚ وَلَا تَحْزَنْ عَلَيْهِمْ وَلَا تَكُ فِى ضَيْقٍ مِّمَّا يَمْكُرُونَ ﴿١٢٧﴾

127 (നബിയേ) നീ ക്ഷമിച്ചുകൊള്ളുക: നിന്റെ ക്ഷമ അല്ലാഹുവിനെക്കൊണ്ടല്ലാതെ (അല്ലാഹുവിന്റെ സഹായം കൊണ്ടല്ലാതെ ഉണ്ടാകുക) ഇല്ലതാനും. അവരുടെ പേരിൽ നീ വ്യസനിക്കുകയും ചെയ്യരുത്. അവർ (കു)തന്ത്രം പ്രയോഗിക്കുന്നതിനെ സംബന്ധിച്ച് നീ ഞെരുക്കത്തിൽ (മനസ്താപത്തിൽ) ആയിരിക്കുകയും അരുത്.

إِنَّ ٱللَّهَ مَعَ ٱلَّذِينَ ٱتَّقَوا۟ وَّٱلَّذِينَ هُم مُّحْسِنُونَ ﴿١٢٨﴾

128 നിശ്ചയമായും അല്ലാഹു, സൂക്ഷമത പാലിച്ചവരോട് കൂടെയാകുന്നു; യാതൊരു കൂട്ടർ (നിഷ്കളങ്കം) സുകൃതം പ്രവർത്തിക്കുന്നവരാണോ അവരോടും (കൂടിയാകുന്നു).

സത്യമാർഗ്ഗത്തിലേക്ക്, ക്ഷണിക്കുമ്പോൾ, അതിനെതിരിൽ ആക്രമവും ശത്രുതയും പ്രയോഗിക്കുന്നവരോട് ഇങ്ങോട്ട് ചെയ്ത അളവിൽ അങ്ങോട്ടും അക്രമം പ്രയോഗിക്കാവുന്നതാണ്. എന്നാൽ ക്ഷമയും വിട്ടുവീഴ്ചയും സ്വീകരിക്കുന്നതാണ് കൂടുതൽ ഉത്തമമായത്. ക്ഷമിക്കുന്നവരുടെ കാര്യത്തിൽ അല്ലാഹുവിന്റെ സഹായം നിശ്ചയമായും ഉള്ളതാകുന്നു. ക്ഷണം നിരസിക്കുന്നവരുടെ കാര്യത്തിൽ വ്യസനപെടേണ്ടതില്ലെന്നും, അവരുടെ കുതന്ത്രങ്ങളെക്കുറിച്ച് മനസ്താപപെടേണ്ടതില്ലെന്നും അല്ലാഹു നബി(സ) യെ സമാശ്വസിപ്പിക്കുകയും ചെയ്യുന്നു.

അവസാനമായി, അല്ലാഹുവിന്റെ വിധി വിലക്കുകൾ സൂക്ഷിച്ച് പോരുന്ന ഭയഭക്തന്മാർക്കും സുകൃതങ്ങൾ ചെയ്യുന്ന നിഷ്കളങ്കൻമാർക്കും അല്ലാഹു സഹായ വാഗ്ദാനം ചെയ്യുന്നു. അല്ലാഹു അവരുടെ കൂടെയാകുന്നു.

അല്ലാഹുവിന്റെ സഹായവും പ്രീതിയും ലഭിക്കുന്ന സൽഭാഗ്യവാന്മാരിൽ അല്ലാഹു നമ്മെയെല്ലാം ഉൾപെടുത്തട്ടെ - ആമീൻ.

# 17. സൂറത്തുല്‍ ഇസ്റാഅ് (നിശായാത്ര)

**മക്കയില്‍ അവതരിച്ചത്**

**വചനങ്ങള്‍ 111, വിഭാഗം (റുക്കൂഅ്) 12**

**ജുസുഅ് – 15**

ആദ്യ വചനത്തിലെ ഇസ്രാഅ് (നിശായാത്ര) എന്ന പദമാകുന്നു സൂറത്തിന്റെ നാമത്തിന് നിദാനം.

ഇസ്രാഈല്യരുടെ ചരിത്ര സംഭവങ്ങള്‍ പലതും വിവരിക്കപെട്ടതിനാല്‍ സൂ: ബനൂ ഇസ്രാഈല്‍ എന്നും, സൂറത്തിന്റെ തുടക്കത്തെ സൂചിപ്പിച്ച് കൊണ്ട് സൂ : സുബ്ഹാന എന്നും, ഈ സൂറത്തിന് നാമങ്ങള്‍ നല്‍കപെട്ടിട്ടുണ്ട്.

ഈ സൂറത്ത് മക്കീ സുറത്തുകളില്‍ പെട്ടതായി എണ്ണപെടുന്നുണ്ടെങ്കിലും അവസാനത്തെ ചില വചനങ്ങള്‍ മദീനായില്‍ അവതരിച്ചതാണെന്നും അഭിപ്രായമുണ്ട്.

എല്ലാ രാത്രിയുലും നബി(സ) സൂ : ഇസ്രാഅ്ഉം സൂ:സുമറും ഓതാറുണ്ടായിരുന്നുവെന്ന് ആയിശ (റ) പ്രസ്താവിച്ചതായി നിവേദനം ചെയ്യപെട്ടിരിക്കുന്നു.

## വിഭാഗം 1

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍

**വചനം 1 :**

سُبْحَٰنَ ٱلَّذِىٓ أَسْرَىٰ بِعَبْدِهِۦ لَيْلًا مِّنَ ٱلْمَسْجِدِ ٱلْحَرَامِ إِلَى ٱلْمَسْجِدِ ٱلْأَقْصَا ٱلَّذِى بَٰرَكْنَا حَوْلَهُۥ لِنُرِيَهُۥ مِنْ ءَايَٰتِنَآ ۚ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْبَصِيرُ ﴿١﴾

1 യാതൊരുവന്‍ മഹാപരിശുദ്ധന്‍! തന്‍െറ അടിയാനെ ഒരു രാത്രിയില്‍ മസ്ജിദുല്‍ ഹറാമി'ല്‍ (പവിത്രമായ പള്ളിയില്‍) നിന്ന് അവന്‍ രാപ്രയാണം ചെയ്യിച്ചിരിക്കുന്നു, ചുററുപാടും നാം ആശീര്‍വ്വദിച്ചിട്ടുളള (അഥവാ അനുഗ്രഹിച്ചിട്ടുളള) ഭമസ്ജിദുല്‍ അഖ്സ്വാ' (അങ്ങേ അററത്തെ പള്ളി)യിലേക്ക്; നമ്മുടെ ദൃഷ്ടാന്തങ്ങളില്‍നിന്ന് (ചിലതെല്ലാം) അദ്ദേഹത്തിന് നാം കാണിച്ചുകൊടുക്കുവാന്‍ വേണ്ടി. നിശ്ചയമായും, അവനത്രെ (എല്ലാം) കേള്‍ക്കുന്നവനും, കാണുന്നവനുമായുള്ളവന്‍.

ഒരു രാത്രിയില്‍ മക്കായില്‍ നിന്ന് ബൈത്തുല്‍ മുഖദ്ദസിലേക്കും, പിന്നീട് അവിടെ നിന്ന് ആകാശത്തേക്കും നബി(സ) ചെയ്ത രണ്ട് യാത്രകളില്‍ ഒന്നാമത്തേത് اللإسراء ( രാപ്രയാണം അഥവാ നിശായാത്ര) എന്നും രണ്ടാമത്തേത് المعراج (ആകാശാരോഹണം-അഥവാ വാനയാത്ര) എന്നുമുള്ള പേരുകളില്‍ അറിയപെടുന്നു. പ്രസ്തുത രണ്ട് സംഭവങ്ങളെക്കുറിച്ചും വിശദ വിവരം നമുക്ക് ലഭിക്കുന്നത് ഹദീസുകളില്‍ നിന്നാകുന്നു. 'ആകാശാരോഹണ'ത്തെ സംബന്ധിച്ച് ചില പരാമര്‍ശങ്ങള്‍ സൂ: നജ്മ് 13-18 ല്‍ കാണാവുന്നതാണ്. 'രാപ്രയാണ'ത്തെക്കുറിച്ചാണ് ഈ വചനത്തില്‍ പ്രസ്താവിച്ചിട്ടുള്ളത്.

വചനം, سبحان എന്ന് 'തസ്ബീഹ്'ന്റെ പദം കൊണ്ട് ആരംഭിച്ചതില്‍ നിന്നും, ആ പ്രയാണം കേവലം സാധാരണ ഒരു യാത്രയല്ലെന്നും, അല്‍ഭുതകരവും അസാധാരണവുമായ ഒരു യാത്രയായിരുന്നുവെന്നും കാണിക്കുന്നു.

കഅ്ബയുടെ ചുറ്റുപുറങ്ങളിലായി സ്ഥിതി ചെയ്യുന്ന പള്ളിക്കാണ് സാധാരണയായി 'മസ്ജിദുല്‍ ഹറാം'എന്ന് പറയാറുള്ളത്. മക്കയെയും മക്കാ ഹറമിനെയും 'മസ്ജിദുല്‍ ഹറാം'എന്ന് പറയാമെന്ന് അല്‍ ബഖറ 191,196 വചനങ്ങളില്‍ നിന്ന് വ്യക്തമാകുന്നുമുണ്ട്.യാത്രയുടെ തുടക്കം, മസ്ജിദുല്‍ ഹറമില്‍ നിന്ന് എന്നത്രെ അല്ലാഹു പറയുന്നത്. ഹദീസുകളിലാകട്ടെ മസ്ജിദുല്‍ ഹറാമില്‍ നിന്ന് എന്നും ഉമ്മുഹാനി(റ)യുടെ വീട്ടില്‍ നിന്ന് എന്നും

ഹിജ്റിൽ (അഥവാ ഹിജ്ർ ഇസ്മാഇൽ) നിന്ന് എന്നും വ്യത്യസ്ത രിവായത്തുകൾ വന്നിട്ടുണ്ട്. ഇവയെല്ലാം കൂടി പരിശോധിക്കുമ്പോൾ നബി(സ), സഹോദരി ഉമ്മു ഹാനി(റ)യുടെ വീട്ടിൽ ഉറങ്ങിക്കിടക്കുന്നേടത്തുനിന്ന് എഴുന്നേറ്റ് മസ്ജിദുൽ ഹറമിലേക്ക് പോയെന്നും, പിന്നീട് ഹിജ്റിൽ വെച്ച്, ഉറക്കത്തിനും ഉണർച്ചക്കുമിടയിലുള്ള അവസ്ഥയിലായിരിക്കുമ്പോഴായിരുന്നു ഇസ്രാഉ് ന്റെ തുടക്കമെന്നും, യാത്ര കഴിഞ്ഞു, കിടന്നിരുന്ന വിരുപ്പിൽ തന്നെ മടങ്ങി എത്തിയെന്നും പല മഹാന്മാരും ചൂണ്ടിക്കാട്ടുന്നു.

ബൈത്തുൽ മുഖദ്ദിസിലെ പള്ളി മക്കായിൽ നിന്നും വളരെ അകലെയായത് കൊണ്ടും, അക്കാലത്ത് അതിനപ്പുറം പള്ളി ഇല്ലാതിരുന്നത് കൊണ്ടുമാണ് അതിനെ മസ്ജിദുൽ അഖ്സ്വാ (അങ്ങേ അറ്റത്തെ പള്ളി) എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്. വിവിധ തരം കൃഷികളാലും തോട്ടങ്ങളാലും സമൃദ്ധമത്രെ, ചുറ്റ് പാടും അല്ലാഹു അനുഗ്രഹിച്ചാശീർവദിച്ച ആ പ്രദേശങ്ങൾ, അന്നും ഇന്നും. കൂടാതെ ഇബ്രാഹിം(അ) നബിയും മറ്റനേകം പ്രവാചകന്മാരും അവരുടെ പ്രബോധനങ്ങളിലൂടെ ആ പ്രദേശം ധന്യമാക്കപ്പെട്ടിട്ടുണ്ട്.

'നമ്മുടെ ദൃഷ്ടാന്തങ്ങളിൽ നിന്നും അദ്ദേഹത്തിന് നാം കാണിച്ച് കൊടുക്കുവാൻ വേണ്ടി' എന്നും ആ പ്രയാണത്തിന്റെ ലക്ഷ്യമായി അല്ലാഹു പ്രസ്താവിക്കുന്നു. ഈ ദൃഷ്ടാന്തങ്ങൾ കൊണ്ടുദ്ദേശ്യം എന്താണെന്ന് ഇവിടെ വ്യക്തമാക്കിയിട്ടില്ല. എന്നാൽ പ്രസ്തുത യാത്രാ വേളയിൽ നബി(സ) കണ്ടതും അനുഭവിച്ചതുമായ അദ്ഭുതകരമായ സംഭവങ്ങളും, അവിടുത്തേക്ക് സിദ്ധിച്ച അനുഗ്രഹങ്ങളും, ഒരു രാത്രിയുടെ ഏതാനും സമയം കൊണ്ട് ഒരു മാസത്തെ വഴി ദൂരമുള്ള സ്ഥലത്തെത്തി മടങ്ങാൻ കഴിഞ്ഞ ആശ്ചര്യകരമായ സംഭവവും, ചരിത്ര പ്രധാനമായ ബൈത്തുൽ മുഖദസ് പള്ളി കണ്ടതും കഴിഞ്ഞ് പോയ പല പ്രവാചകന്മാരുമായി സമ്പർക്കം പുലർത്താൻ സാധിതമായതും ഒക്കെ ആയിരിക്കാം, അതുകൊണ്ടുള്ള വിവക്ഷ. ഇവയെക്കുറിച്ചെല്ലാം പ്രബലമായ ഹദീസുകളിൽ വിശദമായി പ്രതിപാദിക്കപെട്ടിട്ടുണ്ട്.

## 'ഇസ്രാഉ്'ം, 'മിഅ്റാജു'ം

വിഷയ സംബന്ധമായി ബുഖാരി, മുസ്ലിം(റ) എന്നിവരടക്കം പല ഹദീസ് പണ്ഡിതരും ധാരാളം ഹദീസുകൾ രേഖപെടുത്തിയിട്ടുണ്ട്. മിക്കവാറും ഹദീസുകളും രിവായത്തുകളും ഉദ്ധരിച്ച ശേഷം ഇബ്നു കഥീർ(റ) പ്രസ്താവിച്ചതിന്റെ ചുരുക്കം താഴെ കൊടുക്കുന്നു.

നബി(സ) ഉണർച്ചയിലായിരുന്നപ്പോൾ തന്നെ-സ്വപ്നത്തിലല്ല - മക്കയിൽ നിന്ന് ബൈത്തുൽ മുഖദ്ദസ്സിലേക്ക് ബുറാഖ് എന്ന മൃഗത്തിന്റെ മേൽ രാത്രിയിൽ കൊണ്ട് പോകപെട്ടു. പള്ളിയിൽ കടന്ന് നബി തിരുമേനി(സ) രണ്ട് 'റക്അത്ത്' 'തഹിയ്യത്ത്' നമസ്ക്കരിച്ചു. പിന്നീട് 'മിഅ്റാജ്' (പല പടികളുള്ള കയറിപോകാനുള്ള സംവിധാനം) കൊണ്ട് വരപെട്ടു. ആകാശാരോഹണവേളയിൽ ആറാം ആകാശത്തിൽ വെച്ച് 'കലീമായ'(അല്ലാഹുവിന്റെ സംസാരം നേരിൽ കേട്ട) മൂസാ(അ) നബിയുടെയും, ഏഴാം ആകാശത്തിൽ 'ഖലീലായ' (അല്ലാഹുവിന്റെ ഉറ്റ ചങ്ങാതി എന്ന് അല്ലാഹു വിശേഷിപ്പിച്ച) ഇബ്രാഹിം(അ) നബിയുടെയും അരികെ തിരുമേനി ചെന്ന് അവർക്ക് അഭിവാദ്യം അർപിച്ചു. ഭൂമിയിലെ 'കഅ്ബ'യുടെ സ്ഥാപകനായ ഇബ്രാഹീം(അ) നബി ആകാശത്തിലെ 'കഅ്ബ'ആയ 'ബൈത്തുൽ മഅ്മൂറ്'ലേക്ക് ചാരി ഇരിക്കുന്ന നിലയിലായിരുന്നു. പിന്നീട് തിരുമേനി(സ) 'സിദ്റത്തുൽ മുൻതഹ' എന്ന വൃക്ഷത്തിനരികിലെത്തി. സ്വർഗ്ഗത്തിനടുത്ത് സ്ഥിതി ചെയ്യുന്ന ഒരു അൽഭുത മഹാവൃക്ഷമാകുന്നു സിദ്റത്തുൽ മുൻതഹ ('അവസാനത്തെ ഇലന്ത വൃക്ഷം'). അവിടെ വെച്ച് ജിബ്റീൽ(അ)നെ സാക്ഷാൽ രൂപത്തിൽ -അറുനൂറ് ചിറകുകൾ സഹിതം - തിരുമേനി കാണുകയുണ്ടായി. തുടർന്ന് തിരുമേനി സ്വർഗ്ഗവും നരകവും നേരിൽ കണ്ടു. നമസ്കാര കർമ്മം നിർബന്ധമാക്കപെട്ടത് ഈ യാത്രാ വേളയിലാണ്. ആദ്യം അൻപത് നേരത്തെ നമസ്ക്കാരം നിർബന്ധമാക്കപെടുകയും, തുടർന്ന് മൂസാ(അ) നബിയുടെ ഉപദേശ പ്രകാരം തിരുമേനി അല്ലാഹുവിനോട് ആവർത്തിച്ച് അപേക്ഷിച്ചതനുസരിച്ച് അത് അഞ്ച് നേരത്തേക്കാക്കി നിജപെടുത്തുകയും ചെയ്യപെട്ടു. പിന്നീട് തിരുമേനി ബൈത്തുൽ മുഖദ്ദസിലേക്ക് ഇറങ്ങി വരുകയും, നമസ്ക്കാരാനന്തരം'ബുറാഖി'ന്മേൽ കയറി, നിശാന്ത്യത്തിലെ ഇരുട്ടിൽ തന്നെ മക്കായിലേക്ക് തിരികെ എത്തുകയും ചെയ്തു. ('ഇബ്നു കഥീറി 'ന്റെ പ്രസ്താവന അവസാനിച്ചു.)

മിഅ്റാജി ൽ നടന്ന സംഭവങ്ങളെക്കുറിച്ച് സൂ: നജ്മ് 18-ൽ "തീർച്ചയായും അദ്ദേഹം തന്റെ റബ്ബിന്റെ അതി മഹത്തായ ദൃഷ്ടാന്തങ്ങളിൽ നിന്നും കണ്ടിട്ടുണ്ട്" എന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു." നേരം പുലർന്നപ്പോൾ രാത്രിയിലുണ്ടായ ഈ അസാധാരണ സംഭവത്തെക്കുറിച്ച് നബി(സ) ജനങ്ങളെ അറിയിച്ചപ്പോൾ ജനങ്ങൾ പല രൂപത്തിൽ പരിഹാസത്തിന്റെയും നിഷേധത്തിന്റെയും പ്രകടനങ്ങൾ നടത്തി. വിവരമറിഞ്ഞ അബൂബക്കർ(റ), വിവരം നബി(സ) പറഞ്ഞതാണ് എന്ന് കേട്ടമാത്രയിൽ തന്നെ "അദ്ദേഹം അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അത് സത്യമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു" എന്ന് അസന്ദിഗ്ദമായി പ്രസ്താവിച്ചു. (ഇത് മുതൽക്കാണ് അദ്ദേഹത്തെ 'സിദ്ധീഖ്' അഥവാ മഹാ സത്യവാൻ എന്ന് വിളിക്കപ്പെട്ട് വന്നതെന്ന് പറയപെടുന്നു)

ബൈത്തുൽ മുഖദിസ് പള്ളിയെപറ്റി അവിടം നേരിൽ പോയി കണ്ടിട്ടുള്ള ചില ദൃക് സാക്ഷികളും ശാമിലേക്ക് പോയിട്ടുള്ള തങ്ങളിൽ പെട്ട ഒരു വർത്തക സംഘത്തെക്കുറിച്ച് ഖുറൈശികളും തിരുമേനിയെ വിശദമായി ചോദ്യം ചെയ്തതിന് നബി(സ) എല്ലാം കൃത്യമായി മറുപടി പറഞ്ഞിട്ടും അവർ തിരുമേനിയെ വിശ്വസിക്കാൻ കൂട്ടാക്കിയില്ല ''മുഹമ്മദിന്റെ സിഹ്ർ വല്ലാത്ത സിഹ്ർ തന്നെ''എന്ന് പറഞ്ഞു തടി തപ്പുകയാണ് അവർ ചെയ്തത്.

യുക്തി വാദികളും, ഖുർ ആനിലൊ ഹദീസിലൊ വിവരിക്കപെടുന്ന അസാധാരണ സംഭവങ്ങളെ, തങ്ങളുടെ പരിമിത ബുദ്ധി ഉപയോഗിച്ച് ഉൾക്കൊള്ളാൻ വിസമ്മതിക്കുന്ന അൽപന്മാരും , അല്ലാഹുവിന്റെ അപാരമായ കഴിവുകളെ അംഗീകരിക്കാൻ കൂട്ടാക്കാത്ത അവിശ്വാസികളും അൽപ വിശ്വാസികളുമാകുന്നു. സാധാരണ മനുഷ്യരുടെ അറിവിലും പരിചയത്തിലും ഉള്ള, പ്രകൃതി നിയമങ്ങൾ എന്ന് വിളിക്കപെടുന്ന പ്രതിഭാസങ്ങൾ അല്ലാഹു സാധാരണമായി നടപ്പാക്കി വരുന്ന ചില നടപടി ക്രമങ്ങൾ മാത്രമാകുന്നു, അവൻ ഉദ്ദേശിക്കുമ്പോൾ മാറ്റം സ്വീകരിക്കാത്ത, പ്രകൃതി നിയമം എന്നൊന്നില്ല താനും. നമ്മെ സംബന്ധിച്ചേടത്തോളം, അല്ലാഹുവും റസൂലും വ്യക്തമായ ഭാഷയിൽ പ്രസ്താവിച്ച ഏത് കാര്യവും മുഖവിലക്ക് തന്നെ സ്വീകരിക്കാൻ വിശ്വാസികളെന്ന നിലയിൽ നാം ബാദ്ധ്യസ്ഥരാകുന്നു - **ويفعل الله ما يشاء**.

ഉണർച്ചയിൽ നബി(സ)യുടെ ശരീരത്തോട് കൂടിതന്നെയായിരുന്നു ആ യാത്രയെന്നും അതല്ല, ഉറക്കത്തിൽ സ്വപ്നരൂപത്തിലായിരുന്നു. അതെന്നും പണ്ഡിതന്മാർക്കിടയിൽ രണ്ട് അഭിപ്രായങ്ങൾ മുമ്പെ നിലവിലുണ്ട്. സഹാബികൾ തൊട്ട്, മുൻഗാമികളും പിൻഗാമികളും അടങ്ങുന്ന ബഹുഭൂരിപക്ഷം പണ്ഡിതന്മാരും ഒന്നാമത്തെ അഭിപ്രായക്കാരാകുന്നു. **سبحان** എന്ന തസ്ബീഹിന്റെ വാക്യത്തോടെ ഇസ്രാഅ്നെക്കുറിച്ച് അല്ലാഹു പ്രസ്താവിച്ചതിൽ നിന്നും, "തന്റെ അടിയാനെ അവൻ രാവ് യാത്ര ചെയ്യിച്ചു"എന്ന് തുടർന്ന് പറഞ്ഞതിൽ നിന്നും (ആത്മാവിനെ മാത്രം ഉദ്ദേശിച്ച് അടിയാൻ (**عبد**) എന്ന് പറയപെടാറില്ല) 'ബുറാഖ്' എന്ന ഒരു മൃഗത്തിന്റെ പുറത്തായിരുന്നു ആയാത്രയെന്ന് ഹദീസുകളിൽ വ്യക്തമാക്കപെട്ടിരിക്കുന്നതിൽ നിന്നും (ആത്മാവിന് ഒരു മൃഗത്തിന്മേൽ സവാരി ചെയ്യേണ്ടുന്ന ആവശ്യമില്ല), ഖുറൈശികളും ഇസ്ലാം സ്വീകരിച്ച ചിലരും, അതിനെ നിഷേധിച്ചതിൽ നിന്നും, (അതൊരു സ്വപ്നമായിരുന്നെങ്കിൽ അവർ അതിനെ സംശയ രൂപത്തിൽ ചോദ്യം ചെയ്യുമായിരുന്നില്ല ) ഒക്കെ വ്യക്തമാകുന്നതു ആ യാത്ര ഉറക്കത്തിൽ അനുഭവപെട്ട ഒരു സ്വപ്നമല്ലെന്നും, ഉണർച്ചയിൽ നബി(സ) യുടെ ശരീരത്തോട് കൂടിയുള്ള ഒരു യാത്ര ആയിരുന്നു എന്നുമാകുന്നു.

രാവിലെയും വൈകുന്നേരവും ഓരോ മാസത്തെ വഴി ദുരം സുലൈമാൻ(അ) നബിയെയും കൊണ്ട് കാറ്റ് സഞ്ചരിച്ചിരുന്നുവെന്ന് 34 :12 ലും യമനിലെ രാജ്ഞിയുടെ സിംഹാസനം കണ്ണടച്ച് മിഴിക്കുമ്പോഴേക്കും അവിടെ നിന്ന് ശാമിൽ സുലൈമാൻ(അ) നബിയുടെ മുമ്പിൽ കൊണ്ട് വരപെട്ടതായി 27:40 ലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അപ്പോൾ ഒരു രാത്രിയിൽ ഒരു മാസത്തെ വഴി ദൂരം നബി(സ) സഞ്ചരിച്ചതിൽ എന്ത് അസാംഗത്യമാണുള്ളത്. ഖുർആനിലും ഹദീസുകളിലും വന്ന വാക്കുകളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നതും, ആ യാത്ര ശാരീരികവും ഉണർച്ചയയിലും ആയിരുന്നുവെന്നാകുന്നു.

**വചനം 2, 3 :**

وَءَاتَيْنَا مُوسَى ٱلْكِتَٰبَ وَجَعَلْنَٰهُ هُدًى لِّبَنِىٓ إِسْرَٰٓءِيلَ أَلَّا تَتَّخِذُوا۟ مِن دُونِى وَكِيلًا ﴿٢﴾

ذُرِّيَّةَ مَنْ حَمَلْنَا مَعَ نُوحٍ ۚ إِنَّهُۥ كَانَ عَبْدًا شَكُورًا ﴿٣﴾

2 മൂസാക്ക് നാം (വേദ) ഗ്രന്ഥം നൽകിയിരിക്കുന്നു; അതിനെ നാം ഇസ്രാഈൽ സന്തതികൾക്ക് മാർഗ്ഗദർശനമാക്കുകയും ചെയ്തു; എന്നെക്കൂടാതെ (കാര്യങ്ങൾ) ഭരമേൽപിക്കപ്പെടുന്ന ഒരാളെയും നിങ്ങൾ ഉണ്ടാക്കിവെക്കരുതെന്ന് (കൽപിച്ചു കൊണ്ട്);

3 നൂഹിൻെറ കൂടെ നാം (കപ്പലിൽ) കയററിയവരുടെ സന്തതികളേ! (നിങ്ങളോടാണ് ഇങ്ങിനെ കൽപിച്ചത്.) നിശ്ചയമായും അദ്ദേഹം, വളരെ നന്ദിയുള്ള ഒരു അടിയാനായിരുന്നു.

'ഇസ്രാഉ്'എന്ന രാവ് യാത്ര മുഖേന നബി(സ)യെ അനുഗ്രഹിച്ചാദരിച്ച സംഭവത്തെ തുടർന്ന് മൂസാ(അ) നബിക്ക് തൗറാത്ത് നൽകി അനുഗ്രഹിച്ച വിവരം അല്ലാഹു പ്രതിപാദിക്കുന്നു. ഇസ്രാ ഈല്യർക്ക് മാർഗ്ഗ ദർശനം നൽകുവാനും അല്ലാഹു അല്ലാത്ത ആരെയും കൈകാര്യക്കാരാക്കരുതെന്ന് കൽപിച്ച് കൊണ്ടുമാണ് മൂസാ(അ)ക്ക് വേദഗ്രന്ഥം നൽകിയത്. നൂഹ്(അ) നബിയുടെ നേതൃത്വത്തിൽ കപ്പലിൽ കയറി ജലപ്രളയത്തിൽ നിന്ന് രക്ഷ പെട്ട സത്യവിശ്വാസികളുടെ സന്താന പരമ്പരയെന്ന നിലയിൽ, ആ മാർഗ്ഗ ദർശനം സ്വീകരിക്കുവാൻ ബാദ്ധ്യസ്ഥ

രാണ് ഇസ്രാ ഈൗല്യർ എന്ന് അല്ലാഹു അവരെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. നൂഹ് (അ) നബിയാണെങ്കിൽ അല്ലാഹുവിനോട് വളരെ കൂറും നന്ദിയും അനുസരണയുമുള്ള ഒരു മാതൃകാ പുരുഷൻ ആയിരുന്നു താനും.

**വചനം 4, 5, 6, 7, 8 :**

وَقَضَيْنَآ إِلَىٰ بَنِىٓ إِسْرَٰٓءِيلَ فِى ٱلْكِتَٰبِ لَتُفْسِدُنَّ فِى ٱلْأَرْضِ مَرَّتَيْنِ وَلَتَعْلُنَّ عُلُوًّا كَبِيرًا ﴿٤﴾

4 ഇസ്രാഈൗൽ സന്തതികൾക്ക് (ആ) വേദഗ്രന്ഥത്തിൽ നാം തീരുമാനി (ച്ചറിയി)ക്കുകയും ചെയ്തു; തീർച്ചയായും, നിങ്ങൾ ഭൂമിയിൽ രണ്ടുപ്രാവശ്യം കുഴപ്പമുണ്ടാക്കും; തീർച്ചയായും, നിങ്ങൾ വലിയ ഔന്നത്യം (പൊങ്ങച്ചം) കാണിക്കുകയും ചെയ്യും.

فَإِذَا جَآءَ وَعْدُ أُولَىٰهُمَا بَعَثْنَا عَلَيْكُمْ عِبَادًا لَّنَآ أُو۟لِى بَأْسٍ شَدِيدٍ فَجَاسُوا۟ خِلَٰلَ ٱلدِّيَارِ ۚ وَكَانَ وَعْدًا مَّفْعُولًا ﴿٥﴾

5 അങ്ങനെ, ആ രണ്ടിൽ ആദ്യത്തേതിന്റെ വാഗ്ദത്തം (ശിക്ഷാവധി) വന്നാൽ, നമ്മുടെ കടുത്ത ശൗര്യശാലികളായ ചില അടിയാൻമാരെ നാം നിങ്ങളുടെ മേൽ നിയോഗിച്ചയക്കുന്നതാണ്; എന്നിട്ടവർ (നിങ്ങളുടെ) വാസസ്ഥലങ്ങൾക്കിടയിലൂടെ തേടിത്തിരിഞ്ഞ് നടക്കുന്നതാണ്. അത് പ്രയോഗത്തിൽ വരുത്തപ്പെടുന്ന ഒരു വാഗ്ദത്തം (തന്നെ) ആയിരുന്നുതാനും.

ثُمَّ رَدَدْنَا لَكُمُ ٱلْكَرَّةَ عَلَيْهِمْ وَأَمْدَدْنَٰكُم بِأَمْوَٰلٍ وَبَنِينَ وَجَعَلْنَٰكُمْ أَكْثَرَ نَفِيرًا ﴿٦﴾

6 പിന്നീട്, അവർക്കെതിരിൽ നിങ്ങൾക്കു നാം ഊക്ക് (വിജയം) തിരിച്ചു തന്നു; സ്വത്തുക്കളും, മക്കളും കൊണ്ട് നിങ്ങൾക്കു നാം സഹായം നൽകുകയും ചെയ്തു; നിങ്ങളെ നാം വളരെ കൂടുതൽ സംഘ (ബല)മുള്ളവരാക്കുകയും ചെയ്തു.

إِنْ أَحْسَنتُمْ أَحْسَنتُمْ لِأَنفُسِكُمْ ۖ وَإِنْ أَسَأْتُمْ فَلَهَا ۚ فَإِذَا جَآءَ وَعْدُ ٱلْءَاخِرَةِ لِيَسُۥٓـُٔوا۟ وُجُوهَكُمْ وَلِيَدْخُلُوا۟ ٱلْمَسْجِدَ كَمَا دَخَلُوهُ أَوَّلَ مَرَّةٍ وَلِيُتَبِّرُوا۟ مَا عَلَوْا۟ تَتْبِيرًا ﴿٧﴾

7 നിങ്ങൾ നൻമ പ്രവർത്തിക്കുന്ന പക്ഷം, നിങ്ങളുടെ സ്വന്തങ്ങൾക്കു (തന്നെ) നിങ്ങൾ നൻമ പ്രവർത്തിക്കുകയാണ് (ചെയ്യുന്നത്). നിങ്ങൾ തിൻമ പ്രവർത്തിക്കുകയാണെങ്കിലാകട്ടെ, അതിന്നായിരിക്കും (അതും). എന്നാൽ, അവസാനത്തേതിന്റെ വാഗ്ദത്തം (ശിക്ഷാവിധി) വന്നാൽ, നിങ്ങളുടെ മുഖങ്ങളെ അവർ (ശത്രുക്കൾ) വഷളാക്കുവാനും, ആദ്യപ്രാവശ്യം അവർ പള്ളിയിൽ പ്രവേശിച്ചതുപോലെ, (വീണ്ടും) അതിൽ പ്രവേശിപ്പിക്കുവാനും, അവർ ഔന്നത്യം നേടിയത് (ജയിച്ചടക്കിയത്) അവർ ഒരു (കടുത്ത) നശിപ്പിക്കൽ നശിപ്പിച്ചു തകർക്കുവാനും (അവരെ നാം നിയോഗിക്കും).

عَسَىٰ رَبُّكُمْ أَن يَرْحَمَكُمْ ۚ وَإِنْ عُدتُّمْ عُدْنَا ۘ وَجَعَلْنَا جَهَنَّمَ لِلْكَٰفِرِينَ حَصِيرًا ﴿٨﴾

8 നിങ്ങളുടെ റബ്ബ് നിങ്ങൾക്ക് കരുണ ചെയ്യുമാറായേക്കാം. നിങ്ങൾ (വീണ്ടും) ആവർത്തിച്ചുവെങ്കിൽ, നാമും ആവർത്തിക്കുന്നതാണ്. അവിശ്വാസികൾക്ക് 'ജഹന്നമി'നെ (നരകത്തെ) നാം തടങ്ങൽ സ്ഥാനമാക്കുകയും ചെയ്തിരിക്കുന്നു.

മുൻകൂട്ടി വേദഗ്രന്ഥം മുഖേന അല്ലാഹു താക്കീത് നൽകിയിട്ടും അതിനെ വില വെക്കാതെ, ഇസ്രാ

ഈല്യർ കൈകൊണ്ട ചില കുഴപ്പങ്ങളേയും അതിനവർ അനുഭവിക്കേണ്ടി വന്ന അനന്തരഫലങ്ങളെയും സംബന്ധിച്ചാണ് ഈ വചനങ്ങളിൽ പ്രതിപാദിക്കുന്നത്. അവയിൽ ഏറ്റവും അതിരു കവിഞ്ഞ രണ്ട് സന്ദർഭങ്ങളിൽ ഒന്നാമത്തെ കുഴപ്പത്തിന്റെ ഘട്ടത്തിലായിരുന്നു ശഅ്യാഅ് നബി(അ) കൊല്ലപെട്ടതെന്നും, അർമിയാഅ്(അ) ബന്ധനസ്ഥനാക്കപെട്ടതെന്നും പറയപ്പെടുന്നു. അത് പോലെ രണ്ടാമത്തെ കുഴപ്പത്തിന്റെ കാലത്താണ് സകരിയ്യാ(അ) യഹ്‌യാ(അ) എന്നീ നബിമാർ കൊല്ലപ്പെട്ടതെന്നും പറയപെട്ട് കാണുന്നു. രണ്ട് സന്ദർഭങ്ങളിലും അവർ പിൻ മാറാത്ത പക്ഷം, അവർ അനുഭവിക്കേണ്ടി വരുന്ന ദുരിതങ്ങളെക്കുറിച്ച് പ്രവാചകൻമാർ മുഖേന അല്ലാഹു അവർക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്തിരുന്നു.

ഒന്നാം പ്രവശ്യത്തെക്കുറിച്ചുള്ള താക്കീതാണ് 5ാം വചനത്തിൽ കാണുന്നത്. പരാക്രമികളും; ഊക്കന്മാരും, കണ്ടതെല്ലാം നശിപ്പിക്കുന്ന, കണ്ടവരെയെല്ലാം കൊല്ലുകയൊ അടിമകളാക്കുകയൊ ചെയ്യുന്ന, കൊള്ളയും കവർച്ചയും നടത്തുന്ന അടിയാന്മാരിൽ ചിലരെ അല്ലാഹു അവരുടെ ശിക്ഷാവിധിയുടെ സന്ദർഭത്തിൽ അവരിലേക്ക് നിയോഗിക്കുന്നതാണ്. ഈ 'അടിയാന്മാർ' ആരെന്നതിനെക്കുറിച്ച് ഖുർആൻ വ്യഖ്യാതാക്കൾക്കിടയിൽ രണ്ട് മൂന്ന് അഭിപ്രായങ്ങൾ കാണാം- ജാലൂത്ത് രാജാവും കൂട്ടരും ആയിരുന്നെന്നും, സൻഹാരീബ് രാജാവും സൈന്യവും ആയിരുന്നുവെന്നും ബുഖുത്തുന്നസറും സൈന്യവും ആയിരുന്നുവെന്നും. ഇവയിൽ മൂന്നാമത്തെ അഭിപ്രായത്തിനാണ് കൂടുതൽ സ്വീകാര്യത കാണുന്നത് الله اعلم

ജാലൂത്തിനെ പറ്റി സൂ : അൽ ബഖറയിൽ വിശദമായി വിവരിച്ചിട്ടുണ്ട്. ഇസ്രാ ഈല്യർക്ക് വമ്പിച്ച നാശ നഷ്ടങ്ങൾ വരുത്തി അവരെ കൊന്നൊടുക്കിയ സൻഹാരിബ് ഒരു ബാബിലോണിയൻ രാജാവായിരുന്നു. ബുഖ്ത്തുന്നസറും ഒരു ബാബിലോണിയൻ രാജാവായിരുന്നു. ഇയാളുടെ അക്രമത്തിൽ ബൈത്തുൽ മുഖദ്ദസിലെ പള്ളിയും, തൗറാത്തിന്റെ സാക്ഷാൽ പ്രതിയും നശിപ്പിക്കപെട്ടു. ഇസ്രാഈല്യരെ കൂട്ടത്തോടെ ബന്ധനസ്ഥരാക്കി ബാബിലോണിലേക്ക് കൊണ്ട് പോകുകയും ചെയ്തു.

ഒന്നാമത്തെ പ്രാവശ്യത്തെ ശിക്ഷ കൊണ്ടുദ്ദേശ്യം ഈ മൂന്നിൽ ഏതായിരുന്നാലും ശരി, ക്രമേണ ഇസ്രാഈല്യരുടെ നിലപാട് നന്നായിത്തീരുകയും, അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അടിമത്വത്തിൽ നിന്നും മോചിതരായി, സംസ്ക്കാരവും പ്രതാപവും സമ്പൽ സമൃദ്ധിയും നിറഞ്ഞ ഭരണകൂടങ്ങൾ സ്ഥാപിക്കുകയും ചെയ്തു. (6-ാം വചനം ശ്രദ്ധിക്കുക) മനുഷ്യൻ ചെയ്യുന്ന നൻമ തിൻമകളുടെ ഫലം ഇഹത്തിലും പരത്തിലും അവൻ അനുഭവിക്കുമെന്ന് 7-ാം വചനത്തിന്റെ ആരംഭത്തിൽ അല്ലാഹു ഓർമ്മിപ്പിക്കുന്നു.

എന്നാൽ കാലക്രമത്തിൽ ഇസ്രാഈല്യർ, ശിർക്കിലും തോന്നിയവാസങ്ങളിലും അതിക്രമങ്ങളിലും മുഴുകാൻ തുടങ്ങി. മുമ്പ് നിങ്ങളുടെ ശത്രുക്കൾ നിങ്ങളിൽ വരുത്തിത്തീർത്ത മാതിരി നാശ നഷ്ടങ്ങളും കഷ്ടപാടുകളും അഴിച്ച് വിടുമാറ് നിങ്ങളിൽ അല്ലാഹു ശത്രുക്കളെ നിയോഗിക്കുമെന്ന മുന്നറിയിപ്പാണ് 7-ാം വചനത്തിൽ തുടർന്ന് പറയുന്നതെന്നാണ് ഖുർ ആൻ വ്യാഖ്യാതാക്കളുടെ പൊതുവെയുള്ള അഭിപ്രായം. എന്നാൽ ഈ രണ്ടാം തവണ, ആരുടെ കൈകൾ കൊണ്ടാണ് ഇസ്രാ ഈല്യർ യാതനകൾ അനുഭവിക്കേണ്ടി വന്നതെന്ന് നിർണ്ണയിച്ച് പറയത്തക്ക തെളിവുകളൊന്നുമില്ല. ചില റോമൻ കൈസർമാരുടെ കാലത്ത്, ഇസ്രാ ഈല്യർ കണക്കറ്റ അക്രമങ്ങൾക്ക് വിധേയരാകേണ്ടി വന്നതിനെ പറ്റി ജൂദ -ക്യസ്തീയ ചരിത്രങ്ങളിൽ കാണാവുന്നതാണ്, എന്ന് മാത്രം. യാഥാർത്ഥ്യം അല്ലാഹുവിനറിയാം.

തുടർന്ന്, അല്ലാഹു അവരെ ചില കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു:

"നിങ്ങളുടെ റബ്ബ് നിങ്ങൾക്ക് കരുണ ചെയ്തേക്കാം" അവരുടെ സ്ഥിതി ഗതികൾ അവർ നന്നാക്കി ത്തീർത്തപ്പോഴെല്ലാം, അല്ലാഹു അവന്റെ കാരുണ്യം അവരിൽ പ്രദാനം ചെയ്തിട്ടുണ്ട് - ഈ വസ്തുത അവരുടെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

" നിങ്ങൾ ആവർത്തിച്ചാൽ നാമും ആവർത്തിക്കും" - തൌറാത്തിന്റെയും പ്രവാചകന്മാരുടെയും അദ്ധ്യായനങ്ങളിൽ നിന്നകന്ന്, കാലക്രമേണ നബി(സ) തിരുമേനിയോടും ഇസ്ലാമിനോടും ശത്രുതാ നിലപാട് കൈകൊണ്ടപ്പോൾ മുസ്ലീംകളുടെ കൈക്ക്, പല അവശതകളും അവർക്ക് അനുഭവിക്കേണ്ടി വരികയും, ഒടുക്കം അറേബിയയിൽ നിന്ന് കൂട്ടത്തോടെ അവർ നാട് കടത്തപെടുകയും ചെയ്തു.

ഈ ആധുനിക കാലഘട്ടത്തിലും ഹിറ്റ്ലറുടെ കൈയാൽ അവർ അനുഭവിക്കേണ്ടി വന്ന കൂട്ടക്കൊലയുടെയും കഷ്ടതകളുടെയും ചരിത്രവും പ്രസിദ്ധമാണല്ലൊ. എന്നാൽ, ചില വൻ കോയ്മകളുടെ പിൻബലത്തോടെ ഇസ്രാ ഈൽ രാഷ്ട്രം സ്ഥാപിക്കപെട്ടതോടെ പലസ്തീനികൾക്കെതിരായി അവർ അതിക്രമങ്ങളും ധിക്കാരവും, ശക്തിപെടുത്തിക്കൊണ്ടിരിക്കുന്നതിന്റെ തിക്തഫലം, അവർ അനുഭവിക്കാതിരിക്കുകയില്ലെന്ന് അല്ലാഹുവിന്റെ ഈ വചനം അവർക്കൊരു താക്കീതാകുന്നു.

"അവിശ്വാസികൾക്ക് നാം ജഹന്നമിനെ തടങ്ങൽ സ്ഥാനമാക്കുകയും ചെയ്തിരിക്കുന്നു" - ഈ വചനം

എല്ലാ അവിശ്വാസികൾക്കുമുള്ള ഒരുമുന്നറിയിപ്പാകുന്നു- അവർ ഇസ്രാഈല്യരിൽ പെട്ടവരാകട്ടെ, മറ്റ് വിഭാഗങ്ങളിൽ പെട്ടവരാകട്ടെ.

ഇസ്രാഈൽ സമുദായത്തെ പോലെ, മുസ്ലീം സമുദായവും, ധിക്കാരത്തിലും, വിശ്വാസ വൈകൃതങ്ങളിലും മുഴുകിയാൽ അവരും ഇത് പോലെ ഇഹത്തിലും പരത്തിലും, അല്ലാഹുവിന്റെ ശിക്ഷാ നടപടികൾക്ക് പാത്രീ ഭുതരാകേണ്ടി വരുമെന്ന് അല്ലാഹു ഈ വചനങ്ങളിലൂടെ സത്യ വിശ്വാസികൾക്ക് മുന്നറിയിപ്പ് നൽകുന്നു.

**വചനം 9 10 11 :**

إِنَّ هَٰذَا ٱلْقُرْءَانَ يَهْدِى لِلَّتِى هِىَ أَقْوَمُ وَيُبَشِّرُ ٱلْمُؤْمِنِينَ ٱلَّذِينَ يَعْمَلُونَ ٱلصَّٰلِحَٰتِ أَنَّ لَهُمْ أَجْرًا كَبِيرًا ﴿٩﴾

وَأَنَّ ٱلَّذِينَ لَا يُؤْمِنُونَ بِٱلْءَاخِرَةِ أَعْتَدْنَا لَهُمْ عَذَابًا أَلِيمًا ﴿١٠﴾

9 നിശ്ചയമായും, ഈ ഖുർആൻ ഏറ്റവും ചൊവ്വായ (അഥവാ ബലവത്തായ) തിലേക്ക് മാർഗ്ഗദർശനം നൽകുന്നു, സൽകർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലുതായ പ്രതിഫലം ഉണ്ടെന്ന് അതവരെ സന്തോഷ വാർത്ത അറിയിക്കുകയും ചെയ്യുന്നു;-

10 പരലോകത്തിൽ വിശ്വസിക്കാത്തവരാകട്ടെ, അവർക്കു നാം വേദനയേറിയ ശിക്ഷ ഒരുക്കി വെച്ചിരിക്കുന്നുവെന്നും.

## വിഭാഗം -2

وَيَدْعُ ٱلْإِنسَٰنُ بِٱلشَّرِّ دُعَآءَهُۥ بِٱلْخَيْرِ ۖ وَكَانَ ٱلْإِنسَٰنُ عَجُولًا ﴿١١﴾

11 മനുഷ്യൻ ഗുണത്തിന് പ്രാർത്ഥിക്കുന്ന പ്രകാരം, അവൻ ദോഷത്തിനും പ്രാർത്ഥിക്കുന്നു. മനുഷ്യൻ ഒരു ധൃതി കൂട്ടുന്നവനാകുന്നുതാനും.

അനിഷ്ടകരമായ വല്ല സംഭവവും വന്നു ഭവിക്കുമ്പോഴേക്കും, മനുഷ്യൻ അക്ഷമനും, വികാരഭരിതനുമായിക്കൊണ്ട് തനിക്കോ, തന്റെ മക്കൾ സ്വത്തുക്കൾ എന്നിവക്കൊ എതിരായിക്കൊണ്ട്, ശാപവാക്കുകളും പ്രാർത്ഥനകളും അവനിൽ നിന്നുണ്ടാകുന്നു- "ഞാൻ മരിച്ചെങ്കിൽ, ഇവൻ നശിച്ചെങ്കിൽ നന്നായിരുന്നു; എല്ലാം തുലയട്ടെ" എന്നിങ്ങനെ. അവൻ നന്മക്ക് വേണ്ടി ധൃതിപ്പെടുന്ന അതേ രൂപത്തിൽ തിന്മക്കും അവൻ ധൃതി കൂട്ടിക്കൊണ്ടിരിക്കും. എന്നാൽ അവന്റെ സ്ഥിതി നന്നായി അറിയാവുന്ന പരമ കാരുണികനായ അല്ലാഹു അത്തരം പ്രാർത്ഥനകളെ അപ്പടി സ്വീകരിക്കാതെ, അവനോട് വിട്ട് വീഴ്ച കാണിക്കുകയാണ് ചെയ്യുന്നത് (സൂ : യൂനസ് 11ാം വചനം നോക്കുക)

"നിങ്ങളുടെ സ്വന്തങ്ങൾക്കൊ, സ്വത്തുക്കൾക്കൊ എതിരായി പ്രാർത്ഥിക്കരുത്"എന്ന് നബി (സ) ഒരു ഹദീസിലൂടെ സത്യവിശ്വാസികൾക്ക് മുന്നറിയിപ്പ് നൽകുന്നു.

**വചനം 12 :**

وَجَعَلْنَا ٱلَّيْلَ وَٱلنَّهَارَ ءَايَتَيْنِ ۖ فَمَحَوْنَآ ءَايَةَ ٱلَّيْلِ وَجَعَلْنَآ ءَايَةَ ٱلنَّهَارِ مُبْصِرَةً لِّتَبْتَغُوا۟ فَضْلًا مِّن رَّبِّكُمْ وَلِتَعْلَمُوا۟ عَدَدَ ٱلسِّنِينَ وَٱلْحِسَابَ ۚ وَكُلَّ شَىْءٍ فَصَّلْنَٰهُ تَفْصِيلًا ﴿١٢﴾

12 രാത്രിയെയും, പകലിനെയും നാം രണ്ടു ദൃഷ്ടാന്തങ്ങളാക്കിയിരിക്കുന്നു. എന്നാൽ, രാത്രിയാകുന്ന ദൃഷ്ടാന്തത്തെ നാം മായിച്ചു (ഇരുട്ടിയതാക്കി) വെച്ചു; നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള അനുഗ്രഹം നിങ്ങൾ തേടിയെടുക്കാൻ വേണ്ടി പകലാകുന്ന ദൃഷ്ടാന്തത്തെ നാം കാണത്തക്ക (വെളിച്ചമുള്ള) താക്കുകയും ചെയ്തിരിക്കുന്നു; നിങ്ങൾ കൊല്ലങ്ങളുടെ എണ്ണവും, കണക്കും അറിയുവാൻ വേണ്ടിയും. എല്ലാ കാര്യവും തന്നെ, നാമത് വിസ്തരിച്ച് വിശദീകരിച്ചിരിക്കുന്നു. (ആവശ്യമായതൊന്നും നാം വിവരിക്കാതിരുന്നിട്ടില്ല.)

ശാന്തത, സ്വസ്ഥത, വിശ്രമം എന്നിവക്കായി, രാത്രിയെ ഇരുട്ട് മയമാക്കിയും, ഉപജീവനവും, ഉദ്ദിഷ്ട

കാര്യങ്ങളും നേടിയെടുക്കാനായി, പകലിനെ വെളിച്ചമയമായും അല്ലാഹു സംവിധാനിച്ചിരിക്കുന്നു. അത് പോലെ രാപകലുകളുടെ മാറ്റത്തിൽ നിന്ന് സമയങ്ങളും കൊല്ലങ്ങളും നിർണ്ണയിക്കപെടുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ഇത്യാദി അനുഗ്രഹങ്ങളെക്കുറിച്ച് ഖുർആനിൽ പല സന്ദർഭങ്ങളിലും അല്ലാഹു വിശ്വാസികളെ ഓർമ്മിപ്പിക്കുന്ന തായി കാണാം. സദാ സമയവും രാത്രിയൊ പകലൊ ആയിരുന്നാലത്തെ അവസ്ഥയെക്കുറിച്ച് അല്ലാഹു സൂ: ഖസ്വസ് 71,72 വചനങ്ങളിൽ, ആലോചിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

**വചനം 13, 14 :**

وَكُلَّ إِنسَٰنٍ أَلْزَمْنَٰهُ طَٰٓئِرَهُۥ فِى عُنُقِهِۦ ۖ وَنُخْرِجُ لَهُۥ يَوْمَ ٱلْقِيَٰمَةِ كِتَٰبًا يَلْقَىٰهُ مَنشُورًا ﴿١٣﴾

ٱقْرَأْ كِتَٰبَكَ كَفَىٰ بِنَفْسِكَ ٱلْيَوْمَ عَلَيْكَ حَسِيبًا ﴿١٤﴾

13 എല്ലാ മനുഷ്യന്നും തന്നെ, അവൻെറ ശകുനം അവൻെറ കഴുത്തിൽ നാം ഏർപ്പെടുത്തി (ഉറപ്പിച്ചു) വെച്ചിരിക്കുന്നു. ഖിയാമത്തു നാളിൽ അവന് ഒരു ഗ്രന്ഥം (രേഖ) നാം വെളിക്കു കൊണ്ടുവരുകയും ചെയ്യും; (തുറന്ന്) വിരുത്ത പ്പെട്ടതായി അതവൻ കണ്ടെത്തുന്നതാണ്.

14 (പറയപ്പെടും:) 'നിൻെറ ഗ്രന്ഥം നീ വായിച്ചു കൊള്ളുക!- നിൻെറ പേരിൽ കണക്കു നോക്കുന്നവനായി ഇന്ന് നീ തന്നെ മതി!''

ഇവിടെ 'ശകുനം'എന്ന വാക്ക് കൊണ്ട് 'മനുഷ്യകർമ്മങ്ങളെ' ന്നാണ് വിവക്ഷിക്കപെടുന്നത്. ഒരോരു ത്തന്റെയും കർമ്മങ്ങൾ അവന്റെ കഴുത്തിൽ കെട്ടിത്തൂക്കി വെച്ചിട്ടുള്ള കണ്ഠാഭരണം പോലെ അവനോടൊപ്പം തന്നെ സ്ഥിതി ചെയ്യുന്നു. കർമ്മങ്ങളെ ആശ്രയിച്ചാണ് അവന്റെ ശാശ്വത ശുഭാശുഭ ഫലങ്ങൾ നിലകൊള്ളുന്നത് - അല്ലാതെ പക്ഷികളെയൊ(ശകുനങ്ങളെയൊ) ആശ്രയിച്ചല്ല.

ഖിയാമത്ത് നാളിൽ ഓരോരുത്തന്റെയും സകല കർമ്മങ്ങളും രേഖപെടുത്തപെട്ടിട്ടുള്ള ഒരു ഗ്രന്ഥം അവന് നൽകപെടുന്നതാണ്. പരസഹായം കൂടാതെ തന്റെ കണക്ക് തികച്ചും, തനിക്ക് തന്നെ ആ ഗ്രന്ഥത്തിൽ നിന്ന് പരിശോധിച്ചറിയാവുന്നതാണ്.

**വചനം 15 :**

مَّنِ ٱهْتَدَىٰ فَإِنَّمَا يَهْتَدِى لِنَفْسِهِۦ ۖ وَمَن ضَلَّ فَإِنَّمَا يَضِلُّ عَلَيْهَا ۚ وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ۗ وَمَا كُنَّا مُعَذِّبِينَ حَتَّىٰ نَبْعَثَ رَسُولًا ﴿١٥﴾

15 ആർ നേർമ്മാർഗ്ഗം പ്രാപിച്ചുവോ അവൻ, തൻെറ സ്വന്തത്തിന് വേണ്ടിത്തന്നെയാണ് നേർമ്മാർഗ്ഗം പ്രാപിക്കുന്നത്. ആർ വഴിപിഴച്ചുവോ അവൻ, അതിനെതിരായിത്തന്നെയാണ് വഴിപിഴക്കു ന്നതും. കുറ്റം വഹിക്കുന്ന ഒരു ദേഹവും (അഥവാ ആത്മാവും) മറ്റൊന്നിൻെറ കുറ്റം വഹിക്കുകയില്ല. ഒരു റസൂലിനെ അയക്കു ന്നതുവരെ നാം (ആരെയും) ശിക്ഷിക്കുന്നവരാ യിരിക്കില്ലതാനും.

മനുഷ്യരുടെ രക്ഷാശിക്ഷകളിൽ അംഗീകരിക്കപെട്ടിട്ടുള്ള മൂന്ന് അടിസ്ഥാന തത്വങ്ങളാണ് ഈ വചന ങ്ങളിൽ പ്രതിപാദിക്കപെട്ടിട്ടുള്ളത് :

(1) ഓരോ ആളുടെയും കർമ്മങ്ങളുടെ (സൽക്കർമ്മങ്ങളാകട്ടെ ദുഷ്കർമ്മങ്ങളാകട്ടെ) ഫലം ആ ആൾ തന്നെയായിരിക്കും അനുഭവിക്കേണ്ടി വരിക (വചനം 6:164; 10:108; 27:92; 39:41; 35:18; 39:7; 53:38 ഉം നോക്കുക)

(2) ഒരാളുടെ കുറ്റം മറ്റൊരാൾ വഹിക്കുകയോ വഹിക്കേണ്ടി വരുകയോ ഇല്ല. (വചനം: 6:164; 35:18; 39:7; 53:38 ഉം നോക്കുക.)

(3) പ്രവാചകന്മാരെ നിയോഗിച്ച് സന്മാർഗ്ഗവും ദുർമാർഗ്ഗവും വിവരിച്ച് കൊടുക്കാതെ, ഒരു സമൂഹത്തെയും അല്ലാഹു ശിക്ഷിക്കുകയില്ല. "ഒരു സമുദായവും അതിൽ ഒരു താക്കീതുകാരൻ കഴിഞ്ഞ് പോകാതിരുന്നിട്ടില്ല" എന്ന അല്ലാഹുവിന്റെ വചനം (35:24) ശ്രദ്ധേയമാകുന്നു. പ്രവാചകൻമാരുടെ പ്രബോധന കാലശേഷം വേദ ഗ്രന്ഥ ങ്ങൾ വഴിയൊ, മത പണ്ഡിതന്മാർ വഴിയൊ, അവരുടെ പ്രബോധനങ്ങൾ എത്തിക്കപെടുന്നതാണ്. "നിങ്ങൾക്ക് താക്കീത് നൽകുന്ന ആൾ വന്നിരുന്നില്ലെ" എന്ന് നരകക്കാരോട് നരകത്തിന്റെ കാവൽക്കാർ ചോദിക്കുമെന്നും, "വന്നിരുന്നു; എന്നാൽ ഞങ്ങൾ അവരെ വ്യാജമാക്കുകയാണ് ചെയ്തത്" എന്ന് അപ്പോൾ അവർ മറുപടി പറ

യുമെന്നും സൂ: മുൽക് 8,9 വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

**വചനം 16 :**

وَإِذَآ أَرَدْنَآ أَن نُّهْلِكَ قَرْيَةً أَمَرْنَا مُتْرَفِيهَا فَفَسَقُوا۟ فِيهَا فَحَقَّ عَلَيْهَا ٱلْقَوْلُ فَدَمَّرْنَٰهَا تَدْمِيرًا ﴿١٦﴾

16 ഒരു രാജ്യത്തെ നാം നശിപ്പിക്കുവാൻ ഉദ്ദേശിച്ചാൽ, അതിലെ സുഖിയൻമാരോട് നാം കൽപിക്കും (അനുസരിക്കുവാൻ കൽപ്പന കൊടുക്കും); എന്നിട്ട് അവർ അതിൽ തോന്നിയവാസം പ്രവർത്തിക്കും; അങ്ങനെ, അതിന്റെ മേൽ (ആ) വാക്ക് (ന്യായമായി) സ്ഥിരപ്പെടും; അപ്പോൾ, നാം അതിനെ ഒരു തകർക്കൽ തകർക്കുന്നതാണ്.

റസൂലുകളുടെ അദ്ധ്യയനത്തെ ധിക്കരിച്ച് കൊണ്ട് രാജ്യത്തെ പ്രമുഖർ സുഖലോലുപതയിലും തോന്നിയവാസത്തിലും മുഴുകിക്കൊണ്ടിരിക്കുകയും, നാട്ടിൽ അരാജകത്വം നടമാടുകയും ചെയ്യുന്ന അവസരത്തിൽ അല്ലാഹു അവിടെ ഉന്മൂല നാശം വുരുത്തുന്നതാണ്. അല്ലാതെ, നാട്ടുകാർ പൊതുവെ നിരപരാധികളായിരിക്കെ, ഒരു രാജ്യവും അല്ലാഹു നശിപ്പിക്കുകയില്ല.

വചനം 17 :

وَكَمْ أَهْلَكْنَا مِنَ ٱلْقُرُونِ مِنۢ بَعْدِ نُوحٍ ۗ وَكَفَىٰ بِرَبِّكَ بِذُنُوبِ عِبَادِهِۦ خَبِيرًۢا بَصِيرًا ﴿١٧﴾

17 നൂഹിനുശേഷമായി എത്ര (യേറെ) തലമുറകളെയാണ് നാം നശിപ്പിച്ചിരിക്കുന്നത്?! തന്റെ അടിയാൻമാരുടെ പാപങ്ങളെപ്പറ്റി സൂക്ഷ്മജ്ഞനും, കണ്ടറിയുന്നവനുമായി നിന്റെ റബ്ബ് തന്നെ മതിതാനും!

നൂഹ്(അ) നബിയുടെ കാലശേഷം മുതൽ എത്രയൊ ജനസമൂഹങ്ങൾ മേൽ പ്രസ്താവിച്ച പ്രകാരം പൊതു ശിക്ഷക്ക് വിധേയരാക്കപെട്ടിട്ടുണ്ട്. ഓരോരോ കൂട്ടരുടെയും തെറ്റ് കുറ്റങ്ങളും, ധിക്കാരങ്ങളും അതിര് കവിഞ്ഞത് സൂക്ഷ്മമായി അറിയുന്ന റബ്ബ് അതനുസരിച്ച് തന്നെയാണ് അവരെ പിടികൂടി ശിക്ഷിച്ചിട്ടുള്ളത്.

**വചനം 18, 19, 20 :**

مَّن كَانَ يُرِيدُ ٱلْعَاجِلَةَ عَجَّلْنَا لَهُۥ فِيهَا مَا نَشَآءُ لِمَن نُّرِيدُ ثُمَّ جَعَلْنَا لَهُۥ جَهَنَّمَ يَصْلَىٰهَا مَذْمُومًا مَّدْحُورًا ﴿١٨﴾

18 ആര് (ഈ) ക്ഷണികമായതിനെ (ഐഹിക ജീവിതത്തെ) ഉദ്ദേശിച്ചുകൊണ്ടിരിക്കുന്നുവോ, അതിൽ അവന് - (അതെ) നാം വേണമെന്നു വെക്കുന്നത് നാം വേഗമാക്കിക്കൊടുക്കുന്നതാണ്; പിന്നെ, അവനു നാം 'ജഹന്നമി'നെ (നരകത്തെ) ഏർപ്പെടുത്തിക്കൊടുക്കുന്നതാണ്. അതിൽ അവൻ ആക്ഷേപിക്കപ്പെട്ടവനായും (കാരുണ്യത്തിൽനിന്നും) ആട്ടപ്പെട്ടവനായും കൊണ്ടുകടന്നെരിയും.

وَمَنْ أَرَادَ ٱلْـَٔاخِرَةَ وَسَعَىٰ لَهَا سَعْيَهَا وَهُوَ مُؤْمِنٌ فَأُو۟لَٰٓئِكَ كَانَ سَعْيُهُم مَّشْكُورًا ﴿١٩﴾

19 ആര് പരലോകത്തെ ഉദ്ദേശിച്ചുവോ, അവൻ സത്യവിശ്വാസിയായും കൊണ്ട് അതിനുവേണ്ടി അതിന്റേതായ പരിശ്രമം പരിശ്രമിക്കുകയും ചെയ്തു (വോ), എന്നാൽ അക്കൂട്ടർ- അവരുടെ പരിശ്രമം നന്ദിപൂർവ്വം സ്വീകരിക്കപ്പെടുന്നതായിരിക്കും.

كُلًّا نُّمِدُّ هَٰٓؤُلَآءِ وَهَٰٓؤُلَآءِ مِنْ عَطَآءِ رَبِّكَ ۚ وَمَا كَانَ عَطَآءُ رَبِّكَ مَحْظُورًا ﴿٢٠﴾

20 എല്ലാവർക്കും-ഇക്കൂട്ടർക്കും അക്കൂട്ടർക്കും (തന്നെ)- നിന്റെ റബ്ബിന്റെ കൊടുതിയിൽ (ദാനത്തിൽ) നിന്നും നാം അയച്ചു (നീട്ടി) കൊടുക്കുന്നതാണ്. നിന്റെ റബ്ബിന്റെ കൊടുതി (ദാനം) മുടക്കം ചെയ്യപ്പെടുന്നതായിരിക്കയില്ലതാനും.

ക്ഷണികമായ ഐഹിക സുഖസൗകര്യങ്ങളെ മാത്രം ലക്ഷ്യം വെക്കുന്നവർക്ക് അല്ലാഹു ഉദ്ദേശിക്കുന്ന വർക്ക് അവൻ ഉദ്ദേശിക്കുന്ന ചില നേട്ടങ്ങൾ തൽക്കാലം നൽകിയേക്കും. അവരുടെ പര്യവസാനമാകട്ടെ നരകവു മായിരിക്കും.

എന്നാൽ ശാശ്വതമായ, പരലോക സുഖസൗകര്യങ്ങളെ ലക്ഷ്യം വെക്കുകയും, വിശ്വാസപൂർവ്വം അതിന് വേണ്ടി അല്ലാഹുവും റസൂലും നിർദ്ദേശിച്ച രൂപത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നവരുടെ പ്രവർത്തനം അല്ലാഹു സസന്തോഷം സ്വീകരിക്കുകയും, ഉചിതമായ പ്രതിഫലം അവർക്ക് നൽകുകയും ചെയ്യു ന്നതാണ്.

ജ്ഞാനം, ധനം, സന്താനം, ആരോഗ്യം, സുഖസൗകര്യങ്ങൾ എന്നിവയാകട്ടെ, ഈ രണ്ട് വിഭാഗക്കാർക്കും വിവേചനം കൂടാതെ, അല്ലാഹു നൽകിക്കൊണ്ടിരിക്കും. എന്നാൽ അല്ലാഹുവിന് മാത്രം അറിയുന്ന ചില മാനദ ണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തികളെ സംബന്ധിച്ചേടത്തോളം, മേൽ പറഞ്ഞ ഭൗതികഅനുഗ്രഹങ്ങളുടെ തോത് വ്യത്യാസപെട്ടിരിക്കുന്നതാണ്. അടുത്ത വചനത്തിൽ ഈ യാഥാർത്ഥ്യത്തെ പറ്റി സൂചിപ്പിക്കപെട്ടിരിക്കു ന്നത് കാണാം.

**വചനം 21 :**

ٱنظُرۡ كَيۡفَ فَضَّلۡنَا بَعۡضَهُمۡ عَلَىٰ بَعۡضٖۚ وَلَلۡأٓخِرَةُ أَكۡبَرُ دَرَجَٰتٖ وَأَكۡبَرُ تَفۡضِيلٗا ﴿٢١﴾

21 നോക്കുക; അവരിൽ (മനുഷ്യരിൽ) ചിലരെ ചിലരെക്കാൾ നാം ശ്രേഷ്ഠമാക്കിയിരിക്കുന്നത് എങ്ങിനെയാണെന്ന്! പരലോകമാകട്ടെ, പദവി കളിൽ ഏറ്റം വലുതും, ശ്രേഷ്ഠതയിൽ ഏറ്റം വലുതും തന്നെയാകുന്നു.

ബുദ്ധിമാന്മാരും, വിദ്യാസമ്പന്നരും അതിസമർത്ഥരുമായ ചിലർ ദരിദ്രന്മാരും രോഗികളും ആയി കാണ പ്പെടുകയും, വിഢ്ഢികളും ഭോഷൻമാരുമായ ചിലർ ആരോഗ്യവാന്മാരും ധനാഢ്യരും ആയിത്തീരുകയും ചെയ്യു ന്നത് ദുർലഭമല്ലല്ലൊ. അതുപോലെ, പോഷകാംശങ്ങൾ അടങ്ങിയ ഭക്ഷണക്രമവും, ആരോഗ്യശാസ്ത്ര വിധിക ളും പാലിച്ച് വരുന്ന ചിലർ മഹാരോഗികളായും, താളും തവരയും തിന്ന് ഉപജീവനം കഴിക്കുന്ന ചിലർ അരോഗ ദൃഢഗാത്രരായും കാണപ്പെടുന്നു. അപ്പോൾ, ഇപ്പറഞ്ഞ ഭൗതികാനുഗ്രഹങ്ങൾ പ്രദാനം ചെയ്യുന്നതിന്റെ പിന്നിൽ അദൃശ്യമായ നിയന്ത്രണം നടക്കുന്നുണ്ടെന്ന് സ്പഷ്ടമാണല്ലൊ. അത് അല്ലാഹുവിന്റെ നിയന്ത്രണമല്ലാതെ മറ്റാ രുടേതുമല്ല താനും. ഈ വിഷയം സൂ : അൻആം 165 ലും സൂ:സുഖുറുഫ് 32ാം വചനത്തിലും കൂടുതൽ വിശദ മായി പ്രതിപാദിച്ചിരിക്കുന്നത് കാണാം.

ഐഹിക സുഖ സൗകര്യങ്ങളിൽ ചിലർ ചിലരേക്കാൾ കവിഞ്ഞവരും ചിലർ കുറഞ്ഞവരുമായിരിക്കും. എന്നാൽ പരലോകത്തിൽ ഈ ഏറ്റക്കുറവ് വർദ്ധിച്ച തോതിലായിരിക്കും-എന്നത്രെ രണ്ടാമത്തെ വാക്യത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. സജ്ജനങ്ങൾ സ്വർഗ്ഗീയ സുഖസൗകര്യങ്ങളിൽ നിത്യാനന്ദരായിരിക്കും. ദുർജ്ജന ങ്ങൾ കഠിന നരകീയ ശിക്ഷകൾ അനുഭവിച്ച് കൊണ്ടിരിക്കുന്നവരുമായരിക്കും. സ്വർഗ്ഗവാസികളായ സജ്ജന ങ്ങൾക്കിടയിൽ തന്നെ ഓരോരുത്തരുടെ സൽക്കർമ്മങ്ങൾക്കനുസൃതമായി പദവി വ്യത്യാസങ്ങളുണ്ടായിരിക്കു മെന്ന് നബി(സ)യുടെ വചനങ്ങളിൽ പ്രസ്താവിക്കപെട്ടിട്ടുണ്ട്. അത് പോലെ, നരക വാസികൾക്കിടയിലും ശിക്ഷാ നുഭവങ്ങളിൽ, അവരവരുടെ പാപകർമ്മങ്ങങ്ങൾക്കനുസൃതമായി വ്യത്യാസങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

**വചനം 22, 23, 24 :**

لَّا تَجۡعَلۡ مَعَ ٱللَّهِ إِلَٰهًا ءَاخَرَ فَتَقۡعُدَ مَذۡمُومٗا مَّخۡذُولٗا ﴿٢٢﴾

22 അല്ലാഹുവോടുകൂടി വേറെ ഒരു ആരാധ്യനെയും നീ ഏർപ്പെടുത്തരുത്; എന്നാൽ (അങ്ങിനെ ചെയ്താൽ), നീ ആക്ഷേപിക്കപ്പെട്ടവനായും, കൈവെടിയപ്പെട്ടവനായും ഇരിക്കേണ്ടിവരും.

**വിഭാഗം -3**

۞ وَقَضَىٰ رَبُّكَ أَلَّا تَعۡبُدُوٓاْ إِلَّآ إِيَّاهُ وَبِٱلۡوَٰلِدَيۡنِ إِحۡسَٰنًاۚ إِمَّا يَبۡلُغَنَّ عِندَكَ ٱلۡكِبَرَ أَحَدُهُمَآ أَوۡ كِلَاهُمَا فَلَا تَقُل

23 നിൻെറ റബ്ബ് തീരുമാനി(ച്ച് കൽപി)ച്ചിരിക്കുന്നു; അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന്; മാതാപിതാക്കളിൽ നൻമ ചെയ്യണമെന്നും. അവർ രണ്ടിലൊരാൾ അല്ലെങ്കിൽ അവർ രണ്ടാളും (തന്നെ) നിൻെറ അടുക്കൽവെച്ച്

ﻟَّﻬُﻤَﺎٓ ﺃُﻑٍّ ﻭَﻟَﺎ ﺗَﻨۡﻬَﺮۡﻫُﻤَﺎ ﻭَﻗُﻞ ﻟَّﻬُﻤَﺎ ﻗَﻮۡﻟٗﺎ ﻛَﺮِﻳﻤٗﺎ ٢٣

വാർദ്ധക്യം പ്രാപിച്ചേക്കുന്ന പക്ഷം, അവരോട് 'പ്ഫെ!' (അഥവാ- 'ച്ഛെ!') എന്ന് നീ പറയരുത്; അവരോട് കയർക്കുകയും ചെയ്യരുത്; അവരോട് നീ മാന്യമായ വാക്ക് പറയുകയും ചെയ്യുക.

ﻭَٱﺧۡﻔِﺾۡ ﻟَﻬُﻤَﺎ ﺟَﻨَﺎﺡَ ٱﻟﺬُّﻝِّ ﻣِﻦَ ٱﻟﺮَّﺣۡﻤَﺔِ ﻭَﻗُﻞ ﺭَّﺏِّ ٱﺭۡﺣَﻤۡﻬُﻤَﺎ ﻛَﻤَﺎ ﺭَﺑَّﻴَﺎﻧِﻲ ﺻَﻐِﻴﺮٗﺍ ٢٤

24 കാരുണ്യം നിമിത്തം എളിമയുടെ ചിറക് അവർക്ക് താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. നീ പറയുകയും ചെയ്യണം: 'റബ്ബേ! അവർ രണ്ടാളും എന്നെ ചെറുപ്പ (പ്രായ)ത്തിൽ പരിപാലിച്ചു വളർത്തിയതുപോലെ, നീ അവരോട് കരുണ ചെയ്യേണമേ!'' എന്ന്.

പരലോക വിജയത്തിനുള്ള മാർഗ്ഗം എന്തൊക്കെയാണെന്ന് അല്ലാഹു തുടർന്നുള്ള വചനങ്ങളിൽ വിശദീകരിക്കുന്നു:

അല്ലാഹു തീരുമാനച്ചുറപ്പിച്ച് വെച്ചിരിക്കുന്നുവെന്ന് അറിയിച്ച് കൊണ്ട് രണ്ട് കൽപനകൾ അല്ലാഹു പ്രഖ്യാപിക്കുന്നു:

(1) അല്ലാഹുവിനെയല്ലാതെ മറ്റാരെയും അരാധിക്കരുത്. ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശേഷിച്ചൊന്നും വിവരിക്കേണ്ടതില്ലല്ലൊ

(2) മാതാപിതാക്കളോട് നന്മ ചെയ്യണമെന്ന് : അല്ലാഹുവിനോട് മനുഷ്യനുള്ള ഏറ്റവും മഹത്തായ കടമയെക്കുറിച്ച് പ്രസ്താവിച്ചതിനോട് ചേർത്ത് കൊണ്ട് തന്നെ ഈ കൽപന അല്ലാഹു പുറപെടുവിച്ചതിൽ നിന്നും, മാതാപിതാക്കളോടുള്ള കടമകൾക്ക് അല്ലാഹു കൽപിച്ചിട്ടുള്ള പ്രാധാന്യം എത്ര വമ്പിച്ചതാണെന്ന് മനസ്സിലാക്കാവുന്നതാണ്. ഖുർ ആനിൽ വേറെ പല വചനങ്ങളിലും ഈ രണ്ട് കാര്യങ്ങളും കൂട്ടി ച്ചേർത്ത് പ്രസ്താവിച്ചിരിക്കുന്നു (സൂ: അൻ കബൂത്ത് :8; സൂ:ലുഖ്മാൻ 14 ; സൂ : അഹ്ഖാഫ് :15 എന്നിവിടങ്ങളിൽ നോക്കുക)

മാതാപിതാക്കൾക്ക് നന്മ ചെയ്യേണ്ടത് ഏതെല്ലാം രൂപത്തിലാണെന്ന് തുടർന്ന് അല്ലാഹു വിവരിക്കുന്നു:

1) മാതാവൊ പിതാവൊ, അല്ലെങ്കിൽ രണ്ടാളുമൊ, വാർദ്ധക്യം പ്രാപിക്കുന്ന പക്ഷം മക്കൾ അവരോട് ''പ്ഫെ'' ''ഛെ '' എന്നിങ്ങനെയുള്ള അറപ്പിന്റെയും വെറുപ്പിന്റെയും വാക്കുകൾ പറഞ്ഞ് കൂടാ. അവരുടെ ഏത് പ്രായത്തിലും അനുവർത്തിക്കപെടേണ്ട ഒരു കടമ തന്നെയാണിതെങ്കിലും വാർദ്ധക്യകാലത്ത, അവരുടെ വാക്കിലും പെറുമാറ്റത്തിലുമൊക്കെ, മക്കൾക്ക് അനിഷ്ടകരമായ പലതും അനുഭവപ്പെടുക സ്വാഭാവികമായിരിക്കുമെന്നതിനാലാണ് വാർദ്ധക്യകാലത്തെക്കുറിച്ച് പ്രത്യേകം എടുത്ത് പറഞ്ഞിരിക്കുന്നത്.

2) അവരോട് കയർത്ത് സംസാരിക്കുകയൊ പരുഷവാക്കുകൾ പറയുകയൊ അരുത്.

3) അവരോട് സംസാരിക്കുമ്പോൾ മര്യാദയും ബഹുമാനവും പ്രകടമാകുന്ന മൃദു വാക്കുകൾ, മാന്യമായ രീതിയിൽ ഉപയോഗിക്കണം. അല്ലാഹു ഏറ്റവും വെറുക്കുന്ന ശിർക്ക് ചെയ്യുവാൻ വല്ല മാതാപിതാക്കളും മക്കളെ നിർബന്ധിക്കുകയാണെങ്കിൽ അവരെ അനുസരിച്ച പോകരുതെന്നും, എന്നാൽ തന്നെ, അവരോട് നല്ല നിലയിൽ തന്നെ സഹവസിക്കണമെന്നും സൂ:ലുഖ്മാൻ വചനം 15-ൽ അല്ലാഹു സന്താനങ്ങളെ ഉപദേശിക്കുന്നു.

4) അവർക്ക് എളിമയാകുന്ന ചിറക് നീ താഴ്ത്തിക്കൊടുക്കണം: തള്ളക്കോഴി കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നത് പോലെ, മക്കൾ മാതാപിതാക്കളോട് കാരുണ്യത്തിൽ നിന്നും ഉടലെടുത്ത മനസ്ഥിതിയോടെ താഴ്മയോടും വിനയത്തോടും കൂടെ പെരുമാറേണ്ടതാകുന്നു.

5) അവർക്ക് വേണ്ടി ''എന്റെ റബ്ബെ, അവർ രണ്ടാളും എന്നെ ചെറുപ്പത്തിൽ പരിപാലിച്ചു വളർത്തിയത് പോലെ നീ അവരോട് കരുണ ചെയ്യേണമെ'' എന്ന് പ്രാർത്ഥിക്കണം. ഒരുവന്റെ ജന്മത്തിന് കാരണക്കാരും, അവൻ ജീവിക്കുവാൻ സ്വയം പര്യാപ്തനായിത്തീരുന്നത് വരെ കണക്കറ്റ കഷ്ട നഷ്ടങ്ങൾ സഹിച്ച് കൊണ്ട് അവനെ വളർത്തി പോന്നവരും അവരാണല്ലൊ. അതിന്റെ പേരിൽ നീ നിന്റെ അപാരമായ കാരുണ്യം അവരിൽ ചൊരിയേണമേ. എന്നാണാ പ്രർത്ഥനയുടെ സാരാംശം.

മാതാപിതാക്കളുടെ മരണശേഷവും മക്കൾക്ക് അവരോടുള്ള കടപ്പാടുകൾ എന്തൊക്കെയാണെന്ന് നബി(സ) വിശദീകരിച്ചിട്ടുണ്ട്.

'' അവരുടെ പേരിൽ ജനാസ: നമസ്ക്കരിക്കുകയും അവർക്ക് വേണ്ടി പാപമോചനം തേടുകയും, അവരുടെ വാഗ്ദത്തം നടപ്പിലാക്കുകയും, അവരുടെ ചങ്ങാതിമാരെ ആദരിക്കുകയും, അവർ മുഖാന്തിരം ഉള്ള രക്ത

ബന്ധം (കുടുംബ ബന്ധം) പാലിക്കുകയും അവരുടെ മരണാന്തരം അവരോട് ചെയ്യേണ്ടുന്ന കടമകളിൽ പെട്ടതാകുന്നു. ''

ഈ വിഷയ സംബന്ധമായി താഴെ കാണുന്ന പ്രവാചക വചനങ്ങളും ശ്രദ്ധേയമാകുന്നു.

"അല്ലാഹുവിന് ഏറ്റവും ഇഷ്ടപെട്ട കർമ്മം നമസ്ക്കാരം അതിന്റെ സമയത്ത് നിർവ്വഹിക്കലാണ്. പിന്നെ, മാതാപിതാക്കൾക്ക് ഗുണം ചെയ്യുകയെന്നതാണ്. പിന്നെ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യലാണ്". (ബു.മു.)

"തന്റെ മാതാപിതാക്കളിൽ ആരെയെങ്കിലും, വാർദ്ധക്യകാലത്ത് തന്റെ സംരക്ഷണത്തിൽ കിട്ടിയിട്ടും സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ അർഹത നേടുവാൻ സാധിക്കാത്തവൻ നിന്ദ്യനാണ്, നിന്ദ്യനാണ്." - (മു)

"മഹാ പാപങ്ങൾ എന്നത്, അല്ലാഹുവിനോട് പങ്ക് ചേർക്കലും, മാതാപിതാക്കളെ വെറുപ്പിക്കലും, കൊല പാതകവും, കള്ള സത്യം ചെയ്യലും ആകുന്നു". (ബു. മു)

പിതാക്കളേക്കാൾ മാതാക്കളോടാണ് മക്കൾക്ക് കടപ്പാടുള്ളതെന്ന് ഖുർആൻ വചനങ്ങളിൽ നിന്നും നബി വചനങ്ങളിൽ നിന്നും അറിയപെട്ടതാകുന്നു. ഗർഭകാലത്തും മുലകുടി പ്രായത്തിലും ശൈശവത്തിലും ഒക്കെ മതാക്കൾ അനുഭവിക്കുന്ന ക്ലേശങ്ങൾ വിവരാണാതീതമാണല്ലൊ.

**വചനം 25 :**

25 നിങ്ങളുടെ റബ്ബ് നിങ്ങളുടെ മനസ്സുകളിലുള്ളതിനെപ്പറ്റി ഏറ്റവും അറിയുന്നവനാണ്; നിങ്ങൾ നല്ലവരായിരിക്കുന്ന പക്ഷം, അവൻ (മനസാ വേദിച്ചു) മടങ്ങുന്നവർക്ക് വളരെ പൊറുക്കുന്നവനാകുന്നു.

رَّبُّكُمْ أَعْلَمُ بِمَا فِي نُفُوسِكُمْ ۚ إِن تَكُونُوا۟ صَٰلِحِينَ فَإِنَّهُۥ كَانَ لِلْأَوَّٰبِينَ غَفُورًا ﴿٢٥﴾

മനുഷ്യ മനസ്സുകളിലെ വിചാര വികാരങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളുമൊക്കെ ഏറ്റവും നന്നായി അറിയുന്ന അല്ലാഹു അതനുസരിച്ചായിരിക്കും, അവന്റെ കർമ്മങ്ങളെ വിലയിരുത്തുക. മനുഷ്യൻ സൽക്കർമ്മങ്ങൾ മുഖേന നല്ലവനായിത്തീരുന്ന പക്ഷം - സ്വന്തം പാകപിഴവുകളെയും തെറ്റ് കുറ്റങ്ങളെയും സംബന്ധിച്ച ഖേദവും പശ്ചാത്താപവും ഉണ്ടിയിരിക്കുക അതിന്റെ അനിർവാര്യ ഫലമാകുന്നു - അവന്റെ വീഴ്ചകളും കുറ്റങ്ങളും അല്ലാഹു പൊറുത്ത് കൊടുക്കുക തന്നെ ചെയ്യും.

**വചനം 26, 27, 28 :**

26 അടുത്ത (കുടുംബ) ബന്ധമുള്ളവന് അവൻെറ അവകാശം നീ നൽകുകയും ചെയ്യുക; സാധുവിനും, വഴിപോക്കനും (അവരുടെ അവകാശവും). (ദുർവ്യയമായി) വിതറിക്കളയുകയും ചെയ്യരുത്.

27 നിശ്ചയമായും (ദുർവ്യയമായി) വിതറുന്നവർ പിശാചുക്കളുടെ സഹോദരൻമാരായിരിക്കുന്നതാണ്. പിശാച് അവൻെറ റബ്ബിനോട് വളരെ നന്ദികെട്ടവനാകുന്നുതാനും.

28 നിൻെറ റബ്ബിങ്കൽനിന്നും നീ പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്ന വല്ല കാരുണ്യത്തെയും ആഗ്രഹിച്ചതിനാൽ, നീ അവരിൽനിന്ന് (വല്ലപ്പോഴും) തിരിഞ്ഞുകളയുന്ന പക്ഷം, അവരോട് എളുപ്പമുള്ള (സൗമ്യതയുള്ള) വാക്ക് പറഞ്ഞു കൊള്ളുക.

وَءَاتِ ذَا ٱلْقُرْبَىٰ حَقَّهُۥ وَٱلْمِسْكِينَ وَٱبْنَ ٱلسَّبِيلِ وَلَا تُبَذِّرْ تَبْذِيرًا ﴿٢٦﴾

إِنَّ ٱلْمُبَذِّرِينَ كَانُوٓا۟ إِخْوَٰنَ ٱلشَّيَٰطِينِ ۖ وَكَانَ ٱلشَّيْطَٰنُ لِرَبِّهِۦ كَفُورًا ﴿٢٧﴾

وَإِمَّا تُعْرِضَنَّ عَنْهُمُ ٱبْتِغَآءَ رَحْمَةٍ مِّن رَّبِّكَ تَرْجُوهَا فَقُل لَّهُمْ قَوْلًا مَّيْسُورًا ﴿٢٨﴾

അടുത്ത കുടുംബബന്ധമുള്ളവന്നും, പാവപെട്ടവന്നും, വഴിപോക്കന്നും, ധനപരമായി നമുക്കുള്ള ബാധ്യതയെ പറ്റി അല്ലാഹു ഓർമ്മിപ്പിക്കുന്നു. ആവശ്യത്തിൽ കവിഞ്ഞും, അനാവശ്യ വിഷയങ്ങളിലും, ധൂർത്തടിക്കൽ പൈശാചിക സ്വഭാവമാണെന്നും, അല്ലാഹുവിനോടുള്ള ധിക്കാരവും നന്ദികേടുമാണെന്നും, അല്ലാഹു താക്കീത്

നൽകുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ താമസിയാതെ വല്ലതും വന്ന് ചേരുമെന്നുമുള്ള പ്രതീക്ഷ നില നിൽക്കെ, തൽക്കാലം കൈയിലൊന്നുമില്ലെങ്കിലും, മേൽ പറഞ്ഞവർ സമീപിച്ചാൽ അവരോട് നല്ല വാക്കുകൾ പറഞ്ഞു് സാന്ത്വനപെടുത്തണം - മുറുമുറുപ്പും വെറുപ്പും പ്രകടിപ്പിക്കയുമരുത്.

**വചനം 29, 30 :**

وَلَا تَجۡعَلۡ يَدَكَ مَغۡلُولَةً إِلَىٰ عُنُقِكَ وَلَا تَبۡسُطۡهَا كُلَّ ٱلۡبَسۡطِ فَتَقۡعُدَ مَلُومٗا مَّحۡسُورًا ٢٩
إِنَّ رَبَّكَ يَبۡسُطُ ٱلرِّزۡقَ لِمَن يَشَآءُ وَيَقۡدِرُۚ إِنَّهُۥ كَانَ بِعِبَادِهِۦ خَبِيرَۢا بَصِيرٗا ٣٠

29 നിൻെറ കൈ നിൻെറ പിരടിയിലേക്ക് കൂട്ടി ബന്ധിക്കപ്പെട്ടതാക്കുകയും ചെയ്യരുത്; അതിനെ നീ മുഴുവൻ (അങ്ങ്) നീട്ടിവിടുകയും അരുത്; എന്നാൽ, നീ കുറ്റപ്പെടുത്തപ്പെട്ടവനായും, (വലഞ്ഞ്) ഖേദപ്പെട്ടവനായും ഇരിക്കേണ്ടിവരും.

30 നിശ്ചയമായും അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം (അഥവാ ആഹാരം) വിശാലമാക്കുകയും, കണക്കാ(ക്കി കുടുസ്സാ)ക്കുകയും ചെയ്യുന്നു. നിശ്ചയമായും അവൻ, തൻെറ അടിയാൻമാരെപ്പററി സൂക്ഷ്മജ്ഞനും, കണ്ടറിയുന്നവനുമാകുന്നു.

ആവശ്യത്തിന് പോലും ചിലവഴിക്കാതെ പിശുക്ക് കാണിക്കരുതെന്നും, ആവശ്യവും കഴിവും നോക്കാതെ, ധാരാളിത്തം പ്രകടിപ്പിക്കരുതെന്നും അല്ലാഹു മുന്നറിയിപ്പ് നൽകുന്നു. പിശുക്ക് പ്രകടിപ്പിക്കുന്നവൻ ആക്ഷേപ വിധേയനും, അമിതവ്യയം ചെയ്യുന്നവൻ നഷ്ടം നേരിട്ട്, ഖേദക്കാരനും ആയിത്തീരുന്നതാണ് സൂക്ഷ്മജ്ഞനായ അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവർക്ക് വിശാലമായോ, പരിമിതമായൊ, ജിവിതസൗകര്യങ്ങൾ അവന്റെ ഉദ്ദേശാനുസരണം പ്രദാനം ചെയ്യുന്നു.

മിത വ്യയത്തിന്റെ പ്രാധാന്യത്തെക്കുറിച്ച സൂ : അൻ ആം 141 ലും സൂ : അഅ്റാഫ്: 31ലും സൂ: ഫുർഖാൻ 67 വും എടുത്ത് പറഞ്ഞിരിക്കുന്നു.

“മിതവ്യയം പാലിച്ചവന് ദാരിദ്ര്യം പിണയുകയില്ല” “മിതത്വം പാലിക്കൽ ഉപജീവന മാർഗ്ഗത്തിന്റെ പകുതിയാകുന്നു” എന്നീ നബി വചനങ്ങളും ശ്രദ്ധേയമാകുന്നു.

**വിഭാഗം 4**

**വചനം 31 :**

وَلَا تَقۡتُلُوٓاْ أَوۡلَٰدَكُمۡ خَشۡيَةَ إِمۡلَٰقٖۖ نَّحۡنُ نَرۡزُقُهُمۡ وَإِيَّاكُمۡۚ إِنَّ قَتۡلَهُمۡ كَانَ خِطۡـٔٗا كَبِيرٗا ٣١

31 ദാരിദ്ര്യത്തെ ഭയന്ന് നിങ്ങൾ നിങ്ങളുടെ കുട്ടികളെ കൊല്ലുകയും ചെയ്യരുത്. നാമത്രെ, അവർക്കും നിങ്ങൾക്കും ഉപജീവനം (ആഹാരം) നല്കുന്നത്. നിശ്ചയമായും, അവരെ കൊല്ലൽ ഭീമമായ ഒരു തെററാകുന്നു.

ദാരിദ്ര്യത്തെ ഭയന്ന് സ്വന്തം പെൺമക്കളെ കൊന്ന് കളയുന്ന മുൻകാല അറബികളുടെ പതിവിനെ അല്ലാഹു ഈ വചനത്തിലൂടെ നിരോധിക്കുന്നു - അവർക്കും നിങ്ങൾക്കും ആഹാരം നൽകുന്നത് നാമാണ്; അവരെ കൊല്ലുന്നത് വമ്പിച്ച ഒരു അപരാധമാകുന്നു. സു : അൻആം 151-ാം വചനത്തിലും അല്ലാഹു ഈ താക്കീത് നൽകിയിരിക്കുന്നതായി കാണാം. ശിർക്ക് കഴിഞ്ഞാൽ ഏറ്റവും വമ്പിച്ച പാപമാണല്ലൊ മനുഷ്യ വധം. അത് സ്വന്തം കുഞ്ഞിനെയാകുമ്പോൾ, അതും ദാരിദ്ര്യം ഭയന്ന് കൊണ്ടാകുമ്പോൾ അപരാധത്തിന്റെ കാഠിന്യം അങ്ങേയറ്റം വർദ്ധിതമാകുന്നു. ആഹാരത്തിന്റെ നിയന്ത്രണം തങ്ങളുടെ കയ്യിലാണെന്ന മിഥ്യാ ധാരണയാണല്ലൊ ഈ ക്രൂര കൃത്യത്തിന് പ്രചോദനമായി വർത്തിക്കുന്നത് “നാമത്രെ അവർക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത്” - എന്ന് അല്ലാഹു ഈ വചനത്തിലും “ഉപജീവനം വിശാലമാക്കുന്നതും കുടുസ്സാക്കുന്നതും അല്ലാഹു ആകുന്നു” എന്ന് കഴിഞ്ഞ വചനത്തിലും, അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് ഇത്തരക്കാർ പ്രത്യേകം ശ്രദ്ധയിരുത്തേണ്ടതാകുന്നു.

ആധുനിക കാലത്ത് ‘പരിഷ്കൃത രാജ്യങ്ങളെ’ന്ന് അഭിമാനിക്കുന്ന ചില രാഷ്ട്രങ്ങൾ, ഭാവിയിൽ ഏതോ കാലത്ത് ദാരിദ്ര്യം പിടികൂടിയേക്കാമെന്ന വ്യാകുലതയുടെ പേരിൽ സന്താന നിയന്ത്രണമെന്ന പേരിൽ നടത്തി വരുന്ന സന്താന ഹത്യ അജ്ഞാത കാലത്ത് അറബികൾ നടത്തിവന്നിരുന്ന മേൽ വിവരിച്ച നരഹത്യയുടെ മറ്റൊരു രൂപമാകുന്നു. ഇത്തരം, കുർത്സിത മാർഗ്ഗങ്ങൾ സ്വീകരിക്കുന്ന മുസ്ലിംകളടക്കമുള്ള ‘പരിഷ്കൃത’സമൂഹം

“ദാരിദ്ര്യത്തെ ഭയന്ന് നിങ്ങൾ കൊല ചെയ്യരുത്” എന്നും “നിങ്ങൾക്കും അവർക്കും നാമാണ് ആഹാരം നൽകുന്നത്” എന്നുമുള്ള അല്ലാഹുവിന്റെ വാക്കുകൾ ഓർത്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

സൂ അൻ ആം 151ാം വചനത്തിന്റെ വ്യഖ്യാനത്തിൽ വിവരിച്ച സംഗതികൾ ഇവിടെയും ഓർക്കുക.

**വചനം 32**

وَلَا تَقْرَبُوا۟ ٱلزِّنَىٰٓ ۖ إِنَّهُۥ كَانَ فَٰحِشَةً وَسَآءَ سَبِيلًا ﴿٣٢﴾

32 നിങ്ങൾ വ്യഭിചാരത്തെ സമീപിക്കുകയും ചെയ്യരുത്. നിശ്ചയമായും അത് ഒരു നീച വൃത്തിയാകുന്നു; വളരെ ദുഷിച്ച മാർഗ്ഗവുമാണ്.

വ്യഭിചരിക്കരുത് എന്ന് പറയാതെ, അതിനെ സമീപിക്കുക പോലും അരുതെന്നാണ് അല്ലാഹു പറഞ്ഞ വാക്ക്. വ്യഭിചാരത്തിലേക്ക് നയിക്കുന്നതൊ, അതിന് വഴി വെക്കുന്നതൊ ആയ എല്ലാ കാര്യങ്ങളും വർജ്ജിക്കേണ്ടതാണെന്നാണതിന്റെ താൽപര്യം. അനിയന്ത്രിതമായ സ്ത്രീ പുരഷ സമ്പർക്കങ്ങളും കൂടിക്കലരലുമൊക്കെ ഇസ്ലാമിൽ വിരോധിക്കപെട്ടിരിക്കുന്നതും അത് കൊണ്ട് തന്നെയാകുന്നു. വ്യഭിചാരം വളരെ നീചവും നിന്ദ്യവുമായ ഒരു മഹാ പാപമായിട്ടാണ് അല്ലാഹു കണക്കാക്കുന്നത്.

**വചനം 33 :**

وَلَا تَقْتُلُوا۟ ٱلنَّفْسَ ٱلَّتِى حَرَّمَ ٱللَّهُ إِلَّا بِٱلْحَقِّ ۗ وَمَن قُتِلَ مَظْلُومًا فَقَدْ جَعَلْنَا لِوَلِيِّهِۦ سُلْطَٰنًا فَلَا يُسْرِف فِّى ٱلْقَتْلِ ۖ إِنَّهُۥ كَانَ مَنصُورًا ﴿٣٣﴾

33 അല്ലാഹു (കൊല) നിഷിദ്ധമാക്കിയ (അഥവാ പരിപാവനമാക്കിയ) ദേഹത്തെ (ആളെ) ന്യായപ്രകാരമല്ലാതെ നിങ്ങൾ കൊല്ലുകയും ചെയ്യരുത്. അക്രമിക്കപ്പെട്ടവനായ നിലയിൽ ആരെങ്കിലും കൊല്ലപ്പെടുന്നപക്ഷം, അവൻെറ കൈകാര്യക്കാരന് നാം ഒരധികാരം ഏർപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. എന്നാലവൻ കൊലയിൽ അതിരു കവിഞ്ഞു പോകരുത്. നിശ്ചയമായും, അവൻ സഹായിക്കപ്പെടുന്നവനാകുന്നു.

കൊലക്ക് പകരം കൊലയായൊ, കൊലശിക്ഷ വിധിക്കപെട്ട കുറ്റങ്ങൾക്ക് ശിക്ഷയായൊ അല്ലാതെ മറ്റ് തരത്തിലുള്ള കൊലകളൊന്നും പാടില്ലെന്നാണ് الا بالحق (ന്യായപ്രകാരമല്ലാതെ) എന്ന് പറഞ്ഞതിന്റെ താൽപര്യം, എന്ന് സൂ: അൻആം 151ാം വചനത്തിൽ വിവരിച്ച് കഴിഞ്ഞിട്ടുണ്ട്. അന്യായമായി ആരെയെങ്കിലും കൊലപ്പെടുത്തുന്നതായാൽ, അയാളുടെ അടുത്ത ബന്ധുക്കൾക്ക് പ്രതികാര നടപടി കൈക്കൊള്ളാൻ അവകാശമുണ്ട്. എന്നാൽ പ്രതികാരത്തിന്റെ രൂപത്തിൽ കാഠിന്യം കൂട്ടിയൊ മറ്റൊ അതിര് കവിയാൻ പാടില്ലാത്തതാകുന്നു. (സൂ:അൽബഖറ : 178 ; സൂ: നിസാഉ് 92, 93 , സൂ: മാഇദ: 32 നോക്കുക) “അവൻ സഹായിക്കപെട്ടവനാകുന്നു” എന്ന് പറഞ്ഞത് കൊല്ലപെട്ടവനെയും, അവന്റെ കൈകാര്യക്കാരനെയും ഉദ്ദേശിച്ചും ആകാവുന്നതാണ്.

**വചനം 34, 35 :**

وَلَا تَقْرَبُوا۟ مَالَ ٱلْيَتِيمِ إِلَّا بِٱلَّتِى هِىَ أَحْسَنُ حَتَّىٰ يَبْلُغَ أَشُدَّهُۥ ۚ وَأَوْفُوا۟ بِٱلْعَهْدِ ۖ إِنَّ ٱلْعَهْدَ كَانَ مَسْـُٔولًا ﴿٣٤﴾ وَأَوْفُوا۟ ٱلْكَيْلَ إِذَا كِلْتُمْ وَزِنُوا۟ بِٱلْقِسْطَاسِ ٱلْمُسْتَقِيمِ ۚ ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا ﴿٣٥﴾

34 ഏറ്റവും നല്ലതേതോ അതനുസരിച്ചല്ലാതെ അനാഥയുടെ സ്വത്തിനെ നിങ്ങൾ സമീപിക്കുകയും ചെയ്യരുത്; അവൻ അവൻെറ ശക്തി (പ്രായപൂർത്തി) പ്രാപിക്കുന്നതുവരെ. നിങ്ങൾ കരാറ് നിറവേറ്റുകയും ചെയ്യുവിൻ. നിശ്ചയമായും കരാർ ചോദ്യം ചെയ്യപ്പെടുന്നതാകുന്നു.

35 നിങ്ങൾ അള(ന്നു കൊടു)ക്കുമ്പോൾ അളവ് പൂർത്തിയാക്കുകയും ചെയ്യുവിൻ. (കൃത്രിമമില്ലാതെ) ചൊവ്വിന് നിലകൊള്ളുന്ന തുലാസ്സു കൊണ്ട് തൂ(ക്കിക്കൊടു)ക്കുകയും ചെയ്യുവിൻ. അത് കൂടുതൽ ഗുണ(കര)വും, ഏറ്റവും നല്ല പര്യവസാനമുള്ളതുമാണ്.

ഏറ്റവും നല്ല മാർഗ്ഗത്തിലൂടെയല്ലാതെ അനാഥയുടെ സ്വത്തിനെ സമീപിക്കരുത് എന്ന് പറഞ്ഞതിന്റെ താൽപര്യം സൂ: അൻആം 152 ന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്. കരാറുകൾ പാലിച്ചുവൊ അതിലെ വ്യവസ്ഥ കൾ നിറവേറ്റിയൊ എന്നൊക്കെ അല്ലാഹു ചോദ്യം ചെയ്യുന്നതാണ്. അളവിലും തൂക്കത്തിലും വഞ്ചന നടത്തുന്ന പക്ഷം തൽക്കാലം അതൊരു നേട്ടമായി തോന്നാമെങ്കിലും ഭാവിയിൽ ഇഹത്തിലും പരത്തിലും അത് നഷ്ടമായി കലാശിക്കുന്നതാണ്. അളത്തത്തിലും തൂക്കത്തിലും സൂക്ഷ്മത പാലിക്കുന്ന പക്ഷം ഇഹത്തിലും പരത്തിലും പല നന്മയും അഭിവൃദ്ധിയും ഉണ്ടാകുന്നതുമാണ്.

**വചനം 36 :**

وَلَا تَقْفُ مَا لَيْسَ لَكَ بِهِۦ عِلْمٌ ۚ إِنَّ ٱلسَّمْعَ وَٱلْبَصَرَ وَٱلْفُؤَادَ كُلُّ أُو۟لَٰٓئِكَ كَانَ عَنْهُ مَسْـُٔولًا ﴿٣٦﴾

36 നിനക്ക് അറിവില്ലാത്തതിനെ നീ പിൻതുടരുകയും ചെയ്യരുത്. നിശ്ചയമായും, കേൾവിയും, കാഴ്ചയും, ഹൃദയവും, അവ എല്ലാം തന്നെ, അ(താ)തിനെക്കുറിച്ചു ചോദ്യം ചെയ്യപ്പെടുന്നതാകുന്നു.

ശരിയായ അറിവ് ലഭിക്കാതെ, വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതും ഊഹത്തെയും ധാരണയെയും അടിസ്ഥാനമാക്കി കാര്യങ്ങൾ നിർണ്ണയിക്കുന്നതും അല്ലാഹു നിരോധിക്കുന്നു.

ഊഹങ്ങളെ മിക്കതിനെയും വർജ്ജിക്കാനായി സൂ: ഹുജുറാത്ത് :12 ലും സൂ: നജ്മ്: 28ലും അല്ലാഹു നിർദ്ദേശിക്കുന്നു. ഊഹത്തെ സൂക്ഷിക്കുവാനും 'ആളുകൾ പറയുന്നു'വെന്ന് പറഞ്ഞു കൊണ്ട് കേട്ട് കേൾവിയെ അടിസ്ഥാനമാക്കി വല്ലതും പ്രചരിപ്പിക്കുന്നതും നബി(സ) നമ്മോട് താക്കീത് നൽകുന്നു.

കാത് കൊണ്ട് കേട്ടും, കണ്ണ് കൊണ്ട് കണ്ടും, ഹൃദയം കൊണ്ട് ചിന്തിച്ചും ആണല്ലോ കാര്യങ്ങളെ പറ്റി ശരിയായി മനസ്സിലാക്കുക. ഈ അനുഗ്രഹങ്ങളെ എപ്രകാരം ഉപയോഗപ്പെടുത്തി എന്നതിനെ പറ്റി ചോദ്യം ചെയ്യപ്പെടുന്നതാണ്. അത് ഇഹലോകത്ത് വെച്ചും പരലോകത്ത് വെച്ചും ഉണ്ടാകുന്നതാണ്. "തങ്ങൾ പ്രവർത്തിച്ച് കൊണ്ടിരുന്നതിനെ പറ്റി അവരുടെ നാവുകളും കൈകളും കാലുകളും അവരുടെ മേൽ (അന്ന്) സാക്ഷി പറയുന്നതാണ് " എന്ന് സൂ: നൂർ 24-ാം വചനത്തിൽ അല്ലാഹു നമ്മെ ഓർമ്മിപ്പിക്കുന്നു.

**വചനം 37 :**

وَلَا تَمْشِ فِى ٱلْأَرْضِ مَرَحًا ۖ إِنَّكَ لَن تَخْرِقَ ٱلْأَرْضَ وَلَن تَبْلُغَ ٱلْجِبَالَ طُولًا ﴿٣٧﴾

37 നീ ഭൂമിയിലൂടെ അഹന്ത കാട്ടി നടക്കുകയും ചെയ്യരുത്. നിശ്ചയമായും നീ, ഭൂമിയെ (കീറി) പിളർക്കുകയില്ല തന്നെ; നീളത്തിൽ നീ മലകളോളം എത്തുകയുമില്ല തന്നെ.

നടത്തത്തിലും പെരുമാറ്റത്തിലും അഹന്തയും അഹങ്കാരവും പ്രകടിപ്പിക്കുന്നതിനെ അല്ലാഹു ഗൗരവ പൂർവ്വം വിരോധിക്കുന്നു. നീ എത്ര തന്നെ അഹങ്കാരി ആയിരുന്നാലും ഭൂമിയെ പിളർക്കാനൊ, വലുപ്പം കൊണ്ട് മലകളോളം എത്തുവാനൊ സാദ്ധ്യമല്ലെന്ന് അത്തരക്കാരെ പരിഹസിക്കുകയും ചെയ്യുന്നു.

"അല്ലാഹുവിന് ആരെങ്കിലും താഴ്മ കാണിച്ചാൽ അല്ലാഹു അവനെ ഉയർത്തുന്നതാണ്. അവൻ തന്റെ മനസ്സിൽ നിസ്സാരനും ജനങ്ങളുടെ അടുക്കൽ വലിയവനുമായിരിക്കും. ആരെങ്കിലും ഗർവ്വ് നടിച്ചാൽ അല്ലാഹു അവനെ താഴ്ത്തുന്നതാണ്. അവൻ തന്റെ മനസ്സിൽ വലിയവനും ജനങ്ങളുടെ അടുക്കൾ നിസ്സാരനും ആയിരിക്കും. -ചിലപ്പോൾ നായയെക്കാളും, പന്നിയേക്കാളും നിസ്സാരൻ" - നബി വചനം.

**വചനം 38, 39 :**

كُلُّ ذَٰلِكَ كَانَ سَيِّئُهُۥ عِندَ رَبِّكَ مَكْرُوهًا ﴿٣٨﴾

38 (മേൽപറഞ്ഞ) അതെല്ലാം (തന്നെ), അതിലെ ദുഷിച്ചത് (ഒക്കെയും) നിൻെറ റബ്ബിൻെറ അടുക്കൽ വെറുക്കപ്പെട്ടതാകുന്നു.

ذَٰلِكَ مِمَّآ أَوْحَىٰٓ إِلَيْكَ رَبُّكَ مِنَ ٱلْحِكْمَةِ ۗ وَلَا تَجْعَلْ مَعَ ٱللَّهِ إِلَٰهًا ءَاخَرَ فَتُلْقَىٰ فِى جَهَنَّمَ مَلُومًا مَّدْحُورًا ﴿٣٩﴾

39 അത് (ഒക്കെയും) നിൻെറ റബ്ബ് വിജ്ഞാനമായി നിനക്ക് 'വഹ്‌യു' (സന്ദേശം) നൽകിയതിൽ പെട്ടതാകുന്നു. അല്ലാഹുവിനോടുകൂടി വേറെ ഒരു ആരാധ്യനെയും നീ ഏർപ്പെടുത്തുകയും ചെയ്യരുത്: എന്നാൽ, കുറ്റപ്പെടുത്തപ്പെട്ടവനായും, ആട്ടപ്പെട്ടവനായും കൊണ്ട് നീ 'ജഹന്നമി'ൽ (നരകത്തിൽ) ഇടപ്പെടും.

23ാം വചനത്തിൽ 'അല്ലാഹുവിനെ അല്ലാതെ ആരെയും ആരാധിക്കരുത്' എന്ന് തുടങ്ങി ഇത് വരെയായി പല ഉപദേശങ്ങളും നിർദ്ദേശങ്ങളും അല്ലാഹു നൽകുകയുണ്ടായി. അവയിൽ വരോധിച്ച കാര്യങ്ങൾ അല്ലാഹു വെറുക്കുന്നവയാകുന്നു. അവയൊന്നും ചെയ്ത് അല്ലാഹുവിന്റെ വെറുപ്പ് സമ്പാദിക്കരുത്. മേൽ പറഞ്ഞ എല്ലാ കാര്യങ്ങളും നബി(സ) മുഖേന ജനങ്ങൾക്ക് അല്ലാഹു അറിയിച്ച് തരുന്ന തത്വവിജ്ഞാനങ്ങളാകുന്നു. അല്ലാഹുവിനെ അല്ലാതെ ആരാധിക്കരുത് എന്ന് ഒരിക്കൽ കൂടി നമ്മെ ഓർമ്മിപ്പിക്കുന്നതോടൊപ്പം, ഈ ഉപദേശം പാലിക്കാത്ത പക്ഷം കാരുണ്യത്തിന്റെ കണികപോലും ലഭിക്കാതെ നികൃഷ്ടനായിക്കൊണ്ട് കാലാകാല നരകശിക്ഷ അനുഭവിക്കേണ്ടി വരുമെന്ന് താക്കീത് നൽകുകയും ചെയ്യുന്നു.

**വചനം 40 :**

أَفَأَصۡفَىٰكُمۡ رَبُّكُم بِٱلۡبَنِينَ وَٱتَّخَذَ مِنَ ٱلۡمَلَٰٓئِكَةِ إِنَٰثًاۚ إِنَّكُمۡ لَتَقُولُونَ قَوۡلًا عَظِيمًا ﴿٤٠﴾

40 എന്നാൽ, (ഹേ, മുശ്രിക്കുകളേ,) നിങ്ങളുടെ റബ്ബ് ആൺമക്കളെക്കൊണ്ട് നിങ്ങളെ പ്രത്യേകപ്പെടുത്തുകയും, മലക്കുകളിൽ നിന്ന് പെണ്ണുങ്ങളെ(പെൺമക്കളെ) അവൻ സ്വീകരിച്ചുവെച്ചിരിക്കുകയുമാണോ?! നിശ്ചയമായും, വമ്പിച്ച ഒരു വാക്കുതന്നെയാണ് നിങ്ങൾ പറയുന്നത്!

മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് ജൽപിക്കുന്ന മുശ്രിക്കുകൾ ഈ വാദത്തിലൂടെ, അല്ലാഹുവിനെ സൃഷ്ടി സമാനനാക്കി താഴ്ത്തുക മാത്രമല്ല, മലക്കുകളെ ആരാധിക്കുകയും ചെയ്യുന്നു. മക്കളുടെ കൂട്ടത്തിൽ ശ്രേഷ്ഠത കൽപിക്കപെടുന്ന ആൺ മക്കളെ അല്ലാഹു നിങ്ങൾക്കായി നീക്കി വെക്കുകയും ശ്രേഷ്ഠത കുറഞ്ഞതെന്ന് നിങ്ങൾ കരുതുന്ന പെൺ മക്കളെ അവൻ എടുത്തിരിക്കുകയും ചെയ്തിരിക്കുന്നു എന്നാണോ നിങ്ങൾ ജൽപിക്കുന്നത്. "നിങ്ങൾക്ക് ആണും അവന് പെണ്ണുമാണോ! അങ്ങനെയെങ്കിൽ അത് നീതി കെട്ട ഒരു വിഭജനമാകുന്നു"എന്ന് സൂ : നജ്മു 21, 22 ലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അതേ സമയം, ഇക്കൂട്ടർക്ക് ഒരു പെൺകുട്ടി ഉണ്ടായാലൊ ? അവർ അങ്ങേയറ്റം ലജ്ജയിലും അപമാനത്തിലും അകപെടുകയും ചെയ്യുന്നു.

ഇതെല്ലാം സൂചിപ്പിച്ച് കൊണ്ട് അല്ലാഹു പറയുന്ന "നിശ്ചയമായും വമ്പിച്ച ഒരു വാക്ക് തന്നെയാണ് നിങ്ങൾ പറയുന്നത് "

**വിഭാഗം 5**

**വചനം 41 :**

وَلَقَدۡ صَرَّفۡنَا فِي هَٰذَا ٱلۡقُرۡءَانِ لِيَذَّكَّرُواْ وَمَا يَزِيدُهُمۡ إِلَّا نُفُورًا ﴿٤١﴾

41 അവർ ഉറ്റാലോചിക്കുവാൻ വേണ്ടി തീർച്ചയായും, ഈ ഖുർആനിൽ നാം (കാര്യങ്ങൾ) വിവിധ രൂപത്തിൽ വിവരിച്ചിട്ടുണ്ട്. അതവർക്ക് വിരണ്ടോട്ടമല്ലാതെ വർദ്ധിപ്പിക്കുന്നില്ലതാനും!

ഉറ്റാലോചിക്കുന്നവർക്ക് വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കുമാറ് എല്ലാ കാര്യങ്ങളും വിവിധ രുപത്തിൽ ഈ ഖുർ ആനിൽ ആവർത്തിച്ച് വിവരിക്കപെട്ടിട്ടുണ്ട്. എന്നാൽ ആലോചിക്കുവാനും ചിന്തിക്കുവാനും മെനക്കെടാതെ, വിരണ്ടോടുകയേ അവർ ചെയ്യുന്നുള്ളൂ.

**വചനം 42 43:**

قُل لَّوۡ كَانَ مَعَهُۥٓ ءَالِهَةٞ كَمَا يَقُولُونَ إِذٗا لَّٱبۡتَغَوۡاْ إِلَىٰ ذِي ٱلۡعَرۡشِ سَبِيلٗا ﴿٤٢﴾

سُبۡحَٰنَهُۥ وَتَعَٰلَىٰ عَمَّا يَقُولُونَ عُلُوّٗا كَبِيرٗا ﴿٤٣﴾

42 (നബിയേ) പറയുക: അവർ (ഈ) പറയുന്നതുപോലെ അവനോടൊപ്പം (വേറെ) വല്ല ആരാധ്യരും ഉണ്ടായിരുന്നുവെങ്കിൽ, എന്നാൽ -സിംഹാസനാധിപൻെറ അടുക്കലേക്ക് അവർ വല്ല മാർഗ്ഗവും തേടുക തന്നെ ചെയ്യുമായിരുന്നു.

43 അവൻ മഹാപരിശുദ്ധൻ! അവർ പറഞ്ഞു കൊണ്ടിരിക്കുന്നതിനേക്കാൾ അവൻ ഉന്നതനാകുന്നു, വമ്പിച്ച ഉന്നതി.

അവർ ആരാധിച്ച് വരുന്ന വസ്തുക്കളെയൊന്നും, സ്രഷ്ടാക്കളായൊ, സർവ്വാധികാരികളായൊ, അവർ

ഗണിക്കുന്നില്ല-അല്ലാഹുവിങ്കലേക്കുള്ള ശുപാർശക്കാരും, അവന്റെ സാമീപ്യം ലഭിക്കുന്നതിനുള്ള മദ്ധ്യസ്ഥന്മാരുമായെ അവയെ കണക്കാക്കുന്നുള്ളൂ. മാത്രമല്ല ആ ആരാധ്യ വസ്തുക്കളൊക്കെയും, അല്ലാഹുവിന്റെ സഹായവും ആശ്രയും വേണ്ടവരുമാകുന്നു. അങ്ങനെയുള്ളവയെ ആരാധിക്കുന്നതിനു പകരം, അല്ലാഹുവിനെ മാത്രം ആരാധിച്ച് കൊണ്ട് അവന്റെ സഹായവും സാമീപ്യവും നേർക്ക് നേരെ തേടുകയല്ലെ യുക്തിസഹമായിട്ടുള്ളത്.തങ്ങളുടെ ആരാധ്യവസ്തുക്കൾക്ക് അല്ലാഹുവിങ്കൽ ഉണ്ടെന്ന് ഇവർ വാദിച്ച് വരുന്ന എല്ലാ സങ്കൽപങ്ങളിൽ നിന്നും എത്രയൊ പരിശുദ്ധനും ഉന്നതനുമത്രെ അല്ലാഹു (വചനം 56, 57, ഉം നോക്കുക )

**വചനം 44 :**

تُسَبِّحُ لَهُ ٱلسَّمَٰوَٰتُ ٱلسَّبْعُ وَٱلْأَرْضُ وَمَن فِيهِنَّ ۚ وَإِن مِّن شَىْءٍ إِلَّا يُسَبِّحُ بِحَمْدِهِۦ وَلَٰكِن لَّا تَفْقَهُونَ تَسْبِيحَهُمْ ۗ إِنَّهُۥ كَانَ حَلِيمًا غَفُورًا ﴿٤٤﴾

44 ഏഴ് ആകാശങ്ങളും, ഭൂമിയും, അവയിലുള്ളവരും അവന് 'തസ്ബീഹ്' (സ്തോത്രകീർത്തനം) ചെയ്യുന്നു. ഒരു വസ്തുവും തന്നെ, അവനെ സ്തുതിച്ചുകൊണ്ട് അവന് 'തസ്ബീഹ്' (സ്തോത്ര കീർത്തനം) ചെയ്യാതെയില്ല. എങ്കിലും, അവരുടെ 'തസ്ബീഹ്' നിങ്ങൾക്ക് മനസ്സിലാവുകയില്ല. നിശ്ചയമായും, അവൻ സഹനശീലനും, വളരെ പൊറുക്കുന്നവനുമാകുന്നു.

ആകാശഭൂമികളും അവയിലുള്ള സകല വസ്തുക്കളും അല്ലാഹുവിനെ സ്തുതിക്കുകയും, അവന് സ്തോത്ര കീർത്തനം നടത്തുകയും ചെയ്ത് വരുന്നുണ്ടെന്നും മനുഷ്യരായ നിങ്ങൾക്കത് ഗ്രഹിക്കുവാൻ കഴിയുകയില്ലെന്നും അല്ലാഹു പ്രസ്താവിക്കുന്നു. ഓരോ വസ്തുവും അതാതിൽ നിന്ന് അല്ലാഹു ഉദ്ദേശിക്കുന്ന രുപത്തിലുള്ള ഹംദും തസ്ബീഹും (സ്തുതിയും സ്തോത്ര കീർത്തനവും) നടത്തികൊണ്ടിരിക്കുന്നുവെന്നും നമുക്ക് പൊതുവെ മനസ്സിലാക്കാവുന്നതാണ്.

ഈ വിഷയ സംബന്ധമായി 21:20; 21:79; 13:15; 16:49 എന്നീ വചനങ്ങളിലെ പ്രസ്താവങ്ങൾ കൂടി ശ്രദ്ധിക്കുമല്ലോ.

നബി(സ) ഭക്ഷണം കഴിച്ച് കൊണ്ടിരുന്നപ്പോൾ ഭക്ഷണവും, മറ്റൊരവസരത്തിൽ കൈയിലുണ്ടായിരുന്ന കല്ലും തസ്ബീഹ് ചെയ്തതും, ഒരു കല്ല് നബി(സ)ക്ക് സലാം പറഞ്ഞതും, നബി(സ) ചാരിയിരിക്കാറുണ്ടായിരുന്ന ഒരു ഈന്തത്തടി തേങ്ങിക്കരഞ്ഞതും എല്ലാം പ്രബലമായ ഹദീസുകളിൽ വിവരിക്കപെട്ടിട്ടുണ്ട്.

പല ചേതന അചേതന വസ്തുക്കൾക്കും, ചില പ്രത്യേക ഗ്രഹണ ശക്തികളുണ്ടെന്നും, ചില പ്രത്യേക ചേഷ്ടകളും, ശബ്ദങ്ങളും അവ പുറപ്പെടുവിക്കാറുണ്ടെന്നും ഗാനാലാപനങ്ങൾക്ക് ചില സസ്യങ്ങൾ പ്രതികരിക്കാറുണ്ടെന്നും തുടങ്ങി പല പ്രകൃതി രഹസ്യങ്ങളും അടുത്ത കാലങ്ങളിലായി ശാസ്ത്രജ്ഞന്മാർ കണ്ട് പിടിച്ചിട്ടുണ്ട്.

**വചനം 45, 46 :**

وَإِذَا قَرَأْتَ ٱلْقُرْءَانَ جَعَلْنَا بَيْنَكَ وَبَيْنَ ٱلَّذِينَ لَا يُؤْمِنُونَ بِٱلْءَاخِرَةِ حِجَابًا مَّسْتُورًا ﴿٤٥﴾

وَجَعَلْنَا عَلَىٰ قُلُوبِهِمْ أَكِنَّةً أَن يَفْقَهُوهُ وَفِىٓ ءَاذَانِهِمْ وَقْرًا ۚ وَإِذَا ذَكَرْتَ رَبَّكَ فِى ٱلْقُرْءَانِ وَحْدَهُۥ وَلَّوْا۟ عَلَىٰٓ أَدْبَٰرِهِمْ نُفُورًا ﴿٤٦﴾

45 (നബിയേ) നീ ഖുർആൻ വായിക്കുന്നതായാൽ, നിൻെറയും, പരലോകത്തിൽ വിശ്വസിക്കാത്തവരുടെയും ഇടയിൽ മറക്കപ്പെട്ട (ദൃശ്യമല്ലാത്ത) ഒരു മറയെ നാം ഏർപ്പെടുത്തുന്നതാണ്.

46 അത് ഗ്രഹിക്കുന്നതിന് (തടസ്സമായി) അവരുടെ ഹൃദയങ്ങളുടെ മേൽ നാം ചില മൂടികളും, അവരുടെ കാതുകളിൽ ഒരു (തരം) ഭാരവും നാം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്. ഖുർആനിൽ നിൻെറ റബ്ബിനെ (കുറിച്ച്) മാത്രം നീ പ്രസ്താവിച്ചാൽ അവർ വിറളിയെടുത്ത് തങ്ങളുടെ പിൻപുറങ്ങളിലായി തിരിഞ്ഞു പോകുന്നതാണ്.

പരലോകത്തിൽ വിശ്വാസമില്ലാത്ത ആ അവിശ്വാസികൾ, ഖുർആൻ കേട്ടാൽ അതിലേക്ക് ശ്രദ്ധിക്കുകയൊ ചെവികൊടുക്കുകയൊ ചെയ്യാത്ത വിധം അദൃശ്യമായ ഒരു മറ അല്ലാഹു ഏർപെടുത്തുന്നതാണ് - അഥവാ അവരുടെ അവിശ്വാസം അതിന് അവർക്ക് തടസ്സമായിരിക്കും. അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ച് കേൾക്കു

ബോഴേക്കും അവർ വിറളി പിടിച്ച് പിന്നോക്കം തിരിഞ്ഞോടുന്നതാണ്. (സൂ: സുമർ: 45 നോക്കുക )

**വചനം 47, 48 :**

نَّحۡنُ أَعۡلَمُ بِمَا يَسۡتَمِعُونَ بِهِۦٓ إِذۡ يَسۡتَمِعُونَ إِلَيۡكَ وَإِذۡ هُمۡ نَجۡوَىٰٓ إِذۡ يَقُولُ ٱلظَّٰلِمُونَ إِن تَتَّبِعُونَ إِلَّا رَجُلٗا مَّسۡحُورًا ﴿٤٧﴾

47 അവർ നിന്നിലേക്ക് (ശ്രദ്ധിച്ചു) ചെവികൊടുക്കുമ്പോൾ അവർ യാതൊന്നിനെപ്പറ്റി ചെവി കൊടുക്കുന്നുവോ അതിനെക്കുറിച്ചു നാം നല്ലവണ്ണം അറിയുന്നവനാണ്; അവർ സ്വകാര്യം പറയുന്നവരായിരിക്കുമ്പോഴും – അതായത്, 'മാരണം ബാധിച്ച ഒരു പുരുഷനെയല്ലാതെ നിങ്ങൾ പിൻപറ്റുന്നില്ല'' എന്ന് അവർ പറയുന്ന സന്ദർഭം – (നാം നല്ലവണ്ണം അറിയുന്നവനാണ്).

ٱنظُرۡ كَيۡفَ ضَرَبُواْ لَكَ ٱلۡأَمۡثَالَ فَضَلُّواْ فَلَا يَسۡتَطِيعُونَ سَبِيلٗا ﴿٤٨﴾

48 (നബിയേ) നോക്കൂ: എങ്ങിനെയാണ് അവർ നിനക്ക് ഉപമകൾ വിവരിച്ചതെന്ന്! അങ്ങനെ, അവർ വഴിപിഴച്ചുപോയിരിക്കുന്നു; ഇനി, അവർക്ക് ഒരു മാർഗ്ഗവും (പ്രാപിക്കുക) സാധ്യമാകുകയില്ല.

പരിഹാസത്തിനും നിഷേധത്തിനും വല്ല പഴുതുകളുമുണ്ടൊ എന്ന് കണ്ടെത്താനായി മുശ്രിക്കുകൾ ചിലപ്പോൾ നബി(സ) ഖുർആൻ ഓതുന്നത് രഹസ്യമായി ശ്രദ്ധിച്ച് കൊണ്ടിരിക്കും. പിന്നീട്, ഇവന് ആരോ മാരണം ചെയ്തിരിക്കുന്നു, ഇവന് ബുദ്ധിഭ്രമം ബാധിച്ചിരിക്കുന്നു. ഇവനെ പിൻ പറ്റുന്നത് ഭ്രാന്തനെ പിൻ പറ്റുന്നത് പോലെയാണ് എന്നൊക്കെ പറഞ്ഞ് പ്രചരിപ്പിച്ച് കൊണ്ടിരിക്കുകയും ചെയ്യും. നബി(സ)യെ പറ്റി മാരണക്കാരൻ, ഭ്രാന്തൻ, ഗണിതക്കാരൻ, വികട കവി, എന്നിങ്ങനെ പല ഉപമകളും അവർ പറയുകയും ചെയ്യും. അവരുടെ ഈ ഗൂഢ പ്രവർത്തനങ്ങളും, അതിന് അവരെ പ്രേരിപ്പിക്കുന്ന കാരണങ്ങളും ഒക്കെ അല്ലാഹുവിന് നന്നായറിയുന്നതാകുന്നു.

**വചനം 49,50,51, 52 :**

وَقَالُوٓاْ أَءِذَا كُنَّا عِظَٰمٗا وَرُفَٰتًا أَءِنَّا لَمَبۡعُوثُونَ خَلۡقٗا جَدِيدٗا ﴿٤٩﴾

49 അവർ പറയുകയാണ്: 'നാം എല്ലുകളും തുരുമ്പുകളും ആയിത്തീർന്നിട്ടാണോ?– നിശ്ചയമായും നാം, ഒരു പുതിയ സൃഷ്ടിയായി (വീണ്ടും) എഴുന്നേൽപിക്കപ്പെടുന്നവരാകുന്നു?!''

۞قُلۡ كُونُواْ حِجَارَةً أَوۡ حَدِيدًا ﴿٥٠﴾

50 പറയുക: 'നിങ്ങൾ കല്ലോ, ഇരുമ്പോ ആയിക്കൊള്ളുക;–

أَوۡ خَلۡقٗا مِّمَّا يَكۡبُرُ فِي صُدُورِكُمۡۚ فَسَيَقُولُونَ مَن يُعِيدُنَاۖ قُلِ ٱلَّذِي فَطَرَكُمۡ أَوَّلَ مَرَّةٖۚ فَسَيُنۡغِضُونَ إِلَيۡكَ رُءُوسَهُمۡ وَيَقُولُونَ مَتَىٰ هُوَۖ قُلۡ عَسَىٰٓ أَن يَكُونَ قَرِيبٗا ﴿٥١﴾

51 അല്ലെങ്കിൽ നിങ്ങളുടെ നെഞ്ചു (ഹൃദയം) കളിൽ വലുതായിത്തോന്നുന്ന (മറ്റു) വല്ല സൃഷ്ടിയോ (ആയിക്കൊള്ളുക). (നിങ്ങൾ എന്തുതന്നെ ആയിരുന്നാലും നിങ്ങൾ എഴുന്നേൽപിക്കപ്പെടാതിരിക്കുകയില്ല)'' അപ്പോൾ, (വഴിയെ) അവർ പറഞ്ഞേക്കും: 'ആരാണ് നമ്മെ മട(ക്കി സൃഷ്ടി) ക്കുക?!'' പറയുക: 'ഒന്നാം പ്രാവശ്യം നിങ്ങളെ സൃഷ്ടിച്ചവൻ (തന്നെ).'' അപ്പോൾ, നിൻെറ നേരെ അവർ തങ്ങളുടെ തലയാട്ടിയേക്കും; അവർ പറയുകയും ചെയ്യും: എപ്പോഴായിരിക്കും അത്?!'' പറയുക: 'അത് അടുത്ത് (തന്നെ) ആയേക്കാവുന്നതാണ്.''

يَوۡمَ يَدۡعُوكُمۡ فَتَسۡتَجِيبُونَ بِحَمۡدِهِۦ وَتَظُنُّونَ إِن لَّبِثۡتُمۡ إِلَّا قَلِيلٗا ﴿٥٢﴾

52 (അതെ) അവൻ നിങ്ങളെ വിളിക്കുകയും, അപ്പോൾ, അവനെ സ്തുതിച്ചുകൊണ്ട് നിങ്ങൾ (ആ വിളിക്ക്) ഉത്തരം നൽകുകയും ചെയ്യുന്ന ദിവസം; നിങ്ങൾ അൽപമല്ലാതെ താമസിക്കയുണ്ടായിട്ടില്ലെന്ന് നിങ്ങൾ വിചാരിക്കുകയും ചെയ്യും.

"മരണശേഷം എല്ലും തുരുമ്പുമായി മണ്ണോട് കലർന്ന ശേഷം മനുഷ്യൻ രണ്ടാമത് ജീവിപ്പിക്കപ്പെടു

മെന്നോ” എന്നവർ പരിഹാസത്തോടെ നബി(സ)യോട് ചോദിക്കുന്നു. ജീവന്റെ അംശം ഒരിക്കൽ പോലും ഉണ്ടായിട്ടില്ലാത്ത കരിങ്കല്ലോ, ഇരുമ്പൊ, നിങ്ങളുടെ മനസ്സിൽ അതിനേക്കാൾ അസംഭാവ്യമായി തോന്നുന്ന മറ്റേതെങ്കിലും വസ്തുവൊ, ആയിക്കൊള്ളട്ടെ , അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം, വീണ്ടും ജീവിപ്പിക്കുകയെന്നത് നിസ്സാരമായ കാര്യമാകുന്നു. എന്നിട്ടാണോ, ഒരിക്കൽ ജീവനുണ്ടായിരുന്ന വസ്തുക്കളായ ആ എല്ലും തുരുമ്പുമൊക്കെ പുന:സൃഷ്ടിക്കപെടുന്നത്.

തുടർന്ന് അവർ ചോദിക്കുന്നു : “ആരാണ്, രണ്ടാമത് ജീവിപ്പിക്കുന്നവൻ?” ശുദ്ധ ശൂന്യതയിൽ നിന്ന് നിങ്ങളെ ആദ്യം സൃഷ്ടിച്ചുണ്ടാക്കിയ അല്ലാഹുവിന്, അവശിഷ്ടങ്ങളിൽ നിന്ന് രണ്ടാമതും സൃഷ്ടിക്കുകയെന്നതല്ലെ കൂടുതൽ എളുപ്പം. ഉത്തരം മുട്ടിക്കുന്ന യുക്തിസഹമായ മറുപടി കിട്ടിയിട്ടും സത്യനിഷേധികളുടെ പരിഹാസവും അഹങ്കാരവും അടങ്ങുന്നില്ല : അവരുടെ ചോദ്യം തുടരുന്നു: “ എന്നാൽ എപ്പോഴായിരിക്കും അത് സംഭവിക്കുക”

പുനരുത്ഥാനത്തിന്റെ സമയമാകട്ടെ, അല്ലാഹു ആർക്കും അറിയിച്ച് കൊടുക്കാത്ത ഒരു പരമ രഹസ്യമാകുന്നു. “ഒരു പക്ഷെ അടുത്ത് തന്നെ ആയേക്കാം” എന്ന് മാത്രം പറഞ്ഞ് അല്ലാഹു മതിയാക്കുന്നു. ആ സമയം സംജാതമാകുമ്പോൾ, നിങ്ങൾ അല്ലാഹുവിന്റെ അടുക്കൽ, അവനെ ബഹുമാനിച്ച് കൊണ്ട് ചെല്ലേണ്ടി വരിക തന്നെ ചെയ്യും. വരാൻ പോകുന്ന ആ ജിവിതത്തെ അപേക്ഷിച്ച് ഈ ജീവിതം വളരെ തുഛമായിരിക്കുമെന്നതിനാൽ, വേണ്ടുന്ന മുൻകരുതലുകൾ എടുക്കുകയാണ് നിങ്ങൾ ചെയ്യേണ്ടത്.

## വിഭാഗം : 6

**വചനം 53 :**

وَقُل لِّعِبَادِى يَقُولُوا۟ ٱلَّتِى هِىَ أَحْسَنُ ۚ
إِنَّ ٱلشَّيْطَـٰنَ يَنزَغُ بَيْنَهُمْ ۚ إِنَّ ٱلشَّيْطَـٰنَ
كَانَ لِلْإِنسَـٰنِ عَدُوًّا مُّبِينًا ﴿٥٣﴾

53 (നബിയേ) എൻെറ അടിയാന്മാരോട് പറയുകയും ചെയ്യുക: ‘കൂടുതൽ നന്നായുള്ളതേതോ അത് (ആ വാക്ക്) അവർ പറഞ്ഞുകൊള്ളട്ടെ‘ എന്ന്. (കാരണം) നിശ്ചയമായും, പിശാച് അവർക്കിടയിൽ (കുഴപ്പം) ഇളക്കിവിടുന്നതാണ്. നിശ്ചയമായും, പിശാച് മനുഷ്യന് സ്പഷ്ടമായ ഒരു ശത്രുവാകുന്നു.

സത്യവിശ്വാസികൾ തമ്മിൽ തമ്മിലും, മറ്റുള്ളവരോടും സംഭാഷണങ്ങളിൽ കഴിയുന്നത്ര നല്ല വാക്കും ശൈലിയും ഉപയോഗിക്കണമെന്ന് അവരെ ഉപദേശിക്കുവാൻ അല്ലാഹു നബി(സ)യോട് കൽപിക്കുന്നു. അല്ലാത്ത പക്ഷം നിങ്ങളുടെ പ്രത്യക്ഷ ശത്രുവായ പിശാച് നിങ്ങൾക്കിടയിൽ കുഴപ്പവും അനിഷ്ട സംഭവങ്ങളും ഇളക്കിവിടുവാൻ നിങ്ങളുടെ സംസാരത്തെ ഉപയോഗപ്പെടുത്തും.

“നിങ്ങളിൽ, ഒരാൾ തന്റെ സഹോദരന് നേരെ ആയുധം കൊണ്ട് ആംഗ്യം കാണിക്കരുത്, പിശാച്, അവന്റെ കൈക്ക് കുഴപ്പം ഇളക്കിവിട്ടേക്കാം, അങ്ങനെ അവൻ നരകക്കുണ്ടിൽ വീണേക്കും ” - (അ,ബു,മു) - എന്ന് നബി തിരുമേനി നമ്മെ താക്കീത് ചെയ്യുന്നു.

**വചനം 54 55:**

رَّبُّكُمْ أَعْلَمُ بِكُمْ ۖ إِن يَشَأْ يَرْحَمْكُمْ أَوْ
إِن يَشَأْ يُعَذِّبْكُمْ ۚ وَمَآ أَرْسَلْنَـٰكَ عَلَيْهِمْ
وَكِيلًا ﴿٥٤﴾

54 നിങ്ങളുടെ റബ്ബ് നിങ്ങളെപ്പറ്റി നല്ലവണ്ണം അറിയുന്നവനാകുന്നു. അവൻ ഉദ്ദേശിക്കുന്ന പക്ഷം, അവൻ നിങ്ങൾക്ക് കരുണ ചെയ്യും; അല്ലെങ്കിൽ - അവൻ ഉദ്ദേശിക്കുന്ന പക്ഷം - അവൻ നിങ്ങളെ ശിക്ഷിക്കും. (നബിയേ) നിന്നെ നാം അവരുടെ മേൽ (അധികാരം) ഏൽപിക്കപ്പെട്ടവനായി അയച്ചിട്ടില്ലതാനും.

وَرَبُّكَ أَعْلَمُ بِمَن فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۗ
وَلَقَدْ فَضَّلْنَا بَعْضَ ٱلنَّبِيِّـۧنَ عَلَىٰ بَعْضٍ ۖ
وَءَاتَيْنَا دَاوُۥدَ زَبُورًا ﴿٥٥﴾

55 നിൻെറ റബ്ബ് ആകാശങ്ങളിലും, ഭൂമിയിലുമുള്ളവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനുമത്രെ. നബിമാരിൽ ചിലരെ ചിലരെക്കാൾ നാം ശ്രേഷ്ഠമാക്കുകയും ചെയ്തിട്ടുണ്ട്. ദാവൂദിനു നാം ‘സബൂർ’ (ഏട്) നൽകുകയും ചെയ്തിരിക്കുന്നു.

നിങ്ങളിൽ സന്മാർഗ്ഗികൾ ആരാണ് ദുർമാർഗ്ഗികൾ ആരാണ് എന്നൊക്കെ അല്ലാഹുവിന് നന്നായറിയാം. അവൻ ഉദ്ദേശിക്കുന്നവർക്ക് കാരുണ്യവും, ശിക്ഷയും അവന്റെ ഇഛാനുസരണം നൽകുന്നതാണ്. നബി(സ)യെ സംബന്ധിച്ചിടത്തോളം നിങ്ങൾക്ക് വേണ്ട ഉപദേശ നിർദ്ദേശങ്ങൾ നൽകുകയെന്നല്ലാതെ നിങ്ങളെയൊക്കെ നേർവഴിയിലാക്കാനുള്ള ചുമതലയൊ അധികാരമൊ അദ്ദേഹത്തിനില്ല. നിങ്ങളെക്കുറിച്ച് മാത്രമല്ല ആകാശഭൂമികളിലുള്ള എല്ലാവരെ പറ്റിയും നല്ല പോലെ അറിയുന്നവനാകുന്നു അല്ലാഹു. നബിമാരിൽ തന്നെ ചിലർക്ക് ചിലരേക്കാൾ ശ്രേഷ്ഠ സ്ഥാനങ്ങൾ അവൻ നൽകിയിരിക്കുന്നു. മുഹമ്മദ് നബി(സ)ക്ക് ഖുർ ആൻ നൽകിയത് പോലെ ദാവൂദ്(അ) നബിക്ക് അല്ലാഹു 'സബൂർ 'നൽകിയിരിക്കുന്നു.

'സബൂർ' എന്ന പദത്തിന് 'ഗ്രന്ഥം' 'ഏടു' എന്നൊക്കെയാകുന്നു വാക്കർത്ഥം. വേദഗ്രന്ഥത്തിന്റെ പാരായണത്തിലും മറ്റും ദാവൂദ്(അ) നബിക്ക് ചില സവിശേഷതകൾ ഉണ്ടായിരുന്നു. അദ്ദേഹത്തോടൊപ്പം മലക്കുകളും പറവകളും തസ്ബീഹ് ചെയ്തിരുന്നതായി (21:79ൽ) അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. "ദാവൂദ് തന്റെ മൃഗത്തിന് ജീനി ഇടുവാൻ കൽപിച്ചിട്ട് അത് തീരും മുമ്പായി അദ്ദേഹം സബൂർ ഓതി തീർക്കുമായിരുന്നു." എന്ന നബി വചനം ബുഖാരി ഉദ്ധരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ഈ സവിശേഷതകളെ മുൻ നിറുത്തിയായിരിക്കാം, അദ്ദേഹത്തിന് സബൂർ നൽകപെട്ടത്, ഇവിടെ അല്ലാഹു പ്രത്യേകം എടുത്ത് പറഞ്ഞിരിക്കുന്നത്.

**വചനം 56, 57 :**

قُلِ ٱدْعُوا۟ ٱلَّذِينَ زَعَمْتُم مِّن دُونِهِۦ فَلَا يَمْلِكُونَ كَشْفَ ٱلضُّرِّ عَنكُمْ وَلَا تَحْوِيلًا ﴿٥٦﴾

أُو۟لَـٰٓئِكَ ٱلَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ ٱلْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُۥ وَيَخَافُونَ عَذَابَهُۥٓ ۚ إِنَّ عَذَابَ رَبِّكَ كَانَ مَحْذُورًا ﴿٥٧﴾

56 പറയുക: 'അവന് (അല്ലാഹുവിനു) പുറമെ നിങ്ങൾ (ദൈവങ്ങളെന്നു) വാദിച്ചവരെ നിങ്ങൾ വിളിച്ചു പ്രാർത്ഥിച്ചുകൊള്ളുവിൻ; - എന്നാൽ, നിങ്ങളിൽ നിന്ന് ഉപദ്രവത്തെ (നീക്കി) തുറവിയാക്കുവാനാകട്ടെ, സ്ഥിതിമാറ്റം വരുത്തുവാനാകട്ടെ, അവർക്ക് സാധ്യമാകുന്നതല്ല.

57 അവർ വിളി(ച്ചുപ്രാർത്ഥി)ക്കുന്നവരായ അക്കൂട്ടർ,- തങ്ങളുടെ റബ്ബിങ്കലേക്ക് സമീപനമാർഗ്ഗം തേടിക്കൊണ്ടിരിക്കുന്നു; അതായത്, അവരിൽ അധികം അടുത്തവരേതോ അവർ (തന്നെ). അവർ അവൻെറ കാരുണ്യം അഭിലഷിക്കുകയും അവൻെറ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു. നിശ്ചയമായും, നിൻെറ റബ്ബിൻെറ ശിക്ഷ (ജാഗ്രതയോടെ) സൂക്ഷിക്കപ്പെടേണ്ടതാകുന്നു.

മുശ്രിക്കുകൾ ആരാധ്യ ദൈവങ്ങളായി കരുതി വരുന്നവരെ വിളിച്ച് എത്ര പ്രാത്ഥിച്ചാലും യാതൊരു ഫലവും അവർക്ക് ലഭിക്കുവാൻ പോകുന്നില്ല. അവരുടെ വല്ല വിഷമതകളും നീക്കുവാനോ, അതിൽ വല്ല മാറ്റവും വരുത്തുവാനൊ അവർക്ക് സാധ്യമല്ല. മാത്രമല്ല, ആ ആരാധ്യ വസ്തുക്കളുടെ തന്നെയും അവസ്ഥയെന്താണ് -അവരിൽ അല്ലാഹുവിനോട് ഏറ്റവും അടുത്ത ആളുകൾ (മലക്കുകൾ, പ്രവാചകൻമാർ മുതലായവർ ) പോലും, അല്ലാഹുവിന്റെ പ്രീതിയും കാരുണ്യവും തേടിക്കൊണ്ടിരിക്കുന്നവരും, അവന്റെ ശിക്ഷയെ ഭയപെട്ട് കൊണ്ടിരിക്കുന്നവരുമാകുന്നു. വാസ്തവം ഇതായിരിക്കെ അല്ലാഹുവിന്റെ കരുണയും സാമീപ്യവും മറ്റുള്ളവർക്ക് നേടിക്കൊടുക്കുവാൻ അവർക്ക് എങ്ങനെയാണ് സാധിക്കുക (വചനം 42, 43, ഉം നോക്കുക )

**വചനം 58 :**

وَإِن مِّن قَرْيَةٍ إِلَّا نَحْنُ مُهْلِكُوهَا قَبْلَ يَوْمِ ٱلْقِيَـٰمَةِ أَوْ مُعَذِّبُوهَا عَذَابًا شَدِيدًا ۚ كَانَ ذَٰلِكَ فِى ٱلْكِتَـٰبِ مَسْطُورًا ﴿٥٨﴾

58 ഒരു രാജ്യവും (തന്നെ ഇല്ല,) ഖിയാമത്തു നാളിനുമുമ്പ് നാം അതിനെ (അതിലെ നിവാസികളെ) നശിപ്പിക്കുന്നവരോ, അല്ലെങ്കിൽ അതിനെ കഠിനമായ വല്ല ശിക്ഷയും ശിക്ഷിക്കുന്നവരോ ആയിരിക്കാതെ. അത് ഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ട കാര്യമായിരിക്കുന്നു.

സർവ്വവും നശിക്കുന്ന ഖിയാമത്ത് നാളിന് മുമ്പ് തന്നെ, ഒരു നാട്ടിലെ ജനത അവിശ്വാസത്തിലും തോന്നിയവാസത്തിലും അഹങ്കാരത്തിലും അതിര് കവിയുമ്പോൾ ആ ജനതയെ അല്ലാഹു നിശ്ശേഷം നശിപ്പിക്കുകയൊ, അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള കഠിന ശിക്ഷക്ക് വിധേയമാക്കുകയൊ ചെയ്യാതിരിക്കുകയില്ല. ഈ കാര്യം

അല്ലാഹുവിന്റെ ജ്ഞാന രേഖയാകുന്ന ഗ്രന്ഥത്തിൽ - 'ലൌഹുൽ മഹ്ഫൂളി'ൽ - മുമ്പെ രേഖപെടുത്തപ്പെട്ട വസ്തുതയാകുന്നു. (സൂ: ഖസസ് : 59; സൂ:ഹൂദ്: 101 എന്നിവിടങ്ങളിൽ നോക്കുക)

**വചനം 59 :**

وَمَا مَنَعَنَآ أَن نُّرۡسِلَ بِٱلۡأٓيَٰتِ إِلَّآ أَن كَذَّبَ بِهَا ٱلۡأَوَّلُونَۚ وَءَاتَيۡنَا ثَمُودَ ٱلنَّاقَةَ مُبۡصِرَةٗ فَظَلَمُواْ بِهَاۚ وَمَا نُرۡسِلُ بِٱلۡأٓيَٰتِ إِلَّا تَخۡوِيفٗا ٥٩

59 ദൃഷ്ടാന്തങ്ങളെ അയക്കുന്നതിന് നമ്മെ മുടക്കം ചെയ്തിട്ടില്ല; പൂർവ്വികൻമാർ അവയെ വ്യാജമാക്കിയെന്നതല്ലാതെ. ഥമൂദ് (ഗോത്രത്തി)ന് നാം ഒട്ടകത്തെ കണ്ടറിയത്തക്ക വിധം (പ്രത്യക്ഷ ദൃഷ്ടാന്തമായി) നൽകി; എന്നിട്ട് അതു സംബന്ധിച്ച് അവർ അക്രമം പ്രവർത്തിച്ചു. ഭയപ്പെടുത്തുവാനായിട്ടല്ലാതെ, നാം ദൃഷ്ടാന്തങ്ങളെ അയക്കുന്നില്ലതാനും.

ഈ അവിശ്വാസികൾ ആവശ്യപെടുന്ന ദൃഷ്ടാന്തങ്ങൾ - 'സ്വഫാ'പർവ്വതം സ്വർണ്ണമാക്കി ക്കൊടുക്കണമെന്നും, മക്കയിലെ മലകൾ മുഴുവൻ നീക്കം ചെയ്ത് അവിടം കൃഷി യോഗ്യമാക്കണമെന്നും അതുമല്ലെങ്കിൽ സ്വാലിഹ് നബി(അ) മൂസാ നബി(അ) എന്നിവരുടെ ജനങ്ങൾക്ക് നൽകപെട്ടത് പോലെയുള്ള പ്രത്യക്ഷ ദൃഷ്ടാന്തങ്ങൾ - അല്ലാഹു നബി(സ)യുടെ പ്രാർത്ഥനക്കുത്തരമായി അവർക്ക് ഇറക്കപെട്ടിട്ടും, അവർ അവിശ്വാസത്തിൽ തുടരുകയാണെങ്കിൽ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ വ്യാജമാക്കിയ, അവരുടെ മുമ്പുണ്ടായിരുന്ന സമുദായങ്ങൾ നശിപ്പിക്കപെട്ടത് പോലെ അവരും നശിപ്പിക്കപെടുമെന്ന് നബി(സ) ആ ജനതയോട് താക്കീത് ചെയ്തു. അപ്പോൾ അവർ പറഞ്ഞു "എങ്കിൽ ഞങ്ങൾ അത് ആവശ്യപെടുന്നില്ല".

"വേണ്ടാ എന്നാൽ ഞാൻ അവർക്ക് സാവകാശം നൽകി കൊള്ളാം" എന്ന് നബി(സ) പറഞ്ഞതിനെ തുടർന്ന് അല്ലാഹു ഈ വചനം അവതരിപ്പിച്ചു.

ദൃഷ്ടാന്തങ്ങൾ വ്യാജമാക്കിയതിന്റെ പേരിൽ പൊതു ശിക്ഷക്ക് വിധേയമാക്കപെട്ട ഥമൂദു ഗോത്രത്തിന്റെ ചരിത്രം അല്ലാഹു ഈ വചനത്തിൽ വിവരിക്കുന്നു. അവർ ആവശ്യപെട്ടതനുസരിച്ച് ദൃഷ്ടാന്തമായി അവരിൽ ഇറക്കിയ ഒട്ടകത്തെ അവർ അക്രമിക്കുകയും, അങ്ങനെ അവർ പൊതുശിക്ഷക്ക് വിധേയരാകുകയും ചെയ്തു.

ദൃഷ്ടാന്തങ്ങൾ കാണിച്ച് കൊടുക്കുന്നതിന്റെ ഉദ്ദേശ്യം അല്ലാഹുവിനെക്കുറിച്ച് ഭയവും ബോധവും ഉണ്ടായിത്തീരുവാനും, അങ്ങനെ സത്യത്തിലേക്ക് മടങ്ങുവാൻ പ്രേരണ നൽകുവാനുമാകുന്നു- അല്ലാതെ നിർബന്ധപൂർവ്വം ജനങ്ങളെ വിശ്വസിപ്പിക്കുകയെന്നതല്ല.

നബി(സ) തിരുമേനിയുടെ പുത്രൻ ഇബ്രാഹീം എന്ന ബാലൻ ചരമമടഞ്ഞ ദിവസം, സൂര്യഗ്രഹണമുണ്ടായത്, കുട്ടിയുടെ മരണം നിമിത്തമാണെന്ന് ചിലർ വിശേഷിപ്പിക്കുകയുണ്ടായി. അതിനെ ഖണ്ഡിച്ച് കൊണ്ട് നബി(സ) ഇപ്രകാരം അരുളുകയുണ്ടായി :

" സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളാകുന്നു. ഒരാളുടെ മരണം നിമിത്തമൊ, ജനനം നിമിത്തമൊ അവയ്ക്ക് ഗ്രഹണം ബാധിക്കുകയില്ല. എന്നാൽ അവ മുഖേന അല്ലാഹു അവന്റെ അടിയാന്മാരെ ഭയപെടുത്തുന്നു. അതിനാൽ ഗ്രഹണം സംഭവിച്ചാൽ, അവന്റെ സ്മരണയിലേക്കും പ്രാർത്ഥനയിലേക്കും, പാപമോചനം തേടുന്നതിലേക്കും നിങ്ങൾ അഭയം പ്രാപിച്ച് കൊള്ളുവിൻ "

**വചനം 60 :**

وَإِذۡ قُلۡنَا لَكَ إِنَّ رَبَّكَ أَحَاطَ بِٱلنَّاسِۚ وَمَا جَعَلۡنَا ٱلرُّءۡيَا ٱلَّتِيٓ أَرَيۡنَٰكَ إِلَّا فِتۡنَةٗ لِّلنَّاسِ وَٱلشَّجَرَةَ ٱلۡمَلۡعُونَةَ فِي ٱلۡقُرۡءَانِۚ وَنُخَوِّفُهُمۡ فَمَا يَزِيدُهُمۡ إِلَّا طُغۡيَٰنٗا كَبِيرٗا ٦٠

60 'നിശ്ചയമായും, നിൻെറ റബ്ബ് മനുഷ്യരെ വലയംചെയ്തിരിക്കുന്നു" എന്നു നാം നിന്നോട് പറഞ്ഞ സന്ദർഭം (ഓർക്കുക). നിനക്കു നാം കാണിച്ചുതന്നതായ (ആ) കാഴ്ചയെ മനുഷ്യർക്ക് ഒരു പരീക്ഷണമായിട്ടല്ലാതെ നാം ആക്കിയിട്ടില്ല. ഖുർആനിലെ (ആ) ശപിക്കപ്പെട്ട വൃക്ഷത്തെയും (ഒരു പരീക്ഷണമാക്കിയിരിക്കുന്നു). നാം അവരെ ഭയപ്പെടുത്തിക്കൊണ്ടുമിരിക്കുന്നു; എന്നാൽ അതവർക്ക് വലുതായ അതിരുകവിയലിനെ (ധിക്കാരത്തെ) യല്ലാതെ വർദ്ധിപ്പിക്കുന്നില്ല.

ഈ വചനത്തിൽ അല്ലാഹു പ്രസ്താവിച്ച നാല് കാര്യങ്ങൾ ഇപ്രകാരമാകുന്നു.

(1) മനുഷ്യരെ അല്ലാഹു വലയം ചെയ്തിരിക്കുന്നു എന്ന് അറിയിച്ച് കൊണ്ട് നബി(സ)ക്ക് അല്ലാഹു മനമാധാനവും ധൈര്യവും നൽകുന്നു. അല്ലാഹുവിന്റെ നിയന്ത്രണത്തിന്റെ വലയം ലംഘിച്ച് കൊണ്ട് നബി(സ)യുടെ പ്രബോധന കൃത്യത്തിന് പ്രതിബന്ധം സൃഷ്ടിക്കുവാൻ ആർക്കും കഴിയുകയില്ല. "അല്ലാഹു മനുഷ്യരിൽ നിന്ന് നിന്നെ കാത്ത് രക്ഷിക്കുന്നതാണ് "എന്ന് സൂ : മാഇദ യിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

(2) നബി(സ)ക്ക് അല്ലാഹു കാണിച്ച് കൊടുത്ത ആ കാഴ്ച ജനങ്ങൾക്ക് ഒരു പരീക്ഷണം മാത്രമായിരുന്നു -"ആ കാഴ്ച" എന്നത് കൊണ്ട് എന്താണ് ഉദ്ദേശിക്കപെട്ടിരിക്കുന്നത് എന്നതിനെ പറ്റി വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടെങ്കിലും ഏറ്റവും സ്വീകാര്യമായത് ഈ സൂറത്തിന്റെ 1-ാം വചനത്തിൽ പ്രസ്താവിക്കപെട്ട 'ഇസ്രാഉ'ന്റെ യാത്രയിൽ നബി(സ)ക്ക് അല്ലാഹു കാട്ടിക്കൊടുത്ത അദ്ഭുത ദൃശ്യങ്ങളാകുന്നു അവ എന്നാകുന്നു. അവ സത്യവിശ്വാസികൾക്ക് വിശ്വാസ ദാർഢ്യത്തിനും അവിശ്വാസികൾ നിഷേധ വർദ്ധനവിനും കാരണമായിട്ടുണ്ടെന്ന് പറയേണ്ടതില്ലല്ലൊ.

(3) ഖുർആനിലെ ശപിക്കപ്പെട്ട വൃക്ഷത്തേയും അല്ലാഹു ഒരു പരീക്ഷണമാക്കിയിരിക്കുന്നു- 'ശപിക്കപെട്ട വൃക്ഷം' കൊണ്ടുദ്ദേശ്യം. നരകത്തിലെ 'സഖു-ഖൂം' വൃക്ഷമാണെന്നും, അത് നരകവാസികളുടെ ഭക്ഷണമാണെന്നും അല്ലാഹു ഖുർആനിൽ സൂ:സ്വാഫ്-ഫാത്ത് 62-68 ലും സൂ:ദുഖാൻ 43-49 ലും സൂ:വാഖിഅ 52 ലും പ്രസ്താവിച്ചിരിക്കുന്നു. കല്ലുകളെ പോലും കരിച്ച് കളയുന്ന നരകത്തീയിൽ വളരുന്ന 'സഖു-ഖൂം' വൃക്ഷത്തെക്കുറിച്ചുള്ള വസ്തുത അബുജഹൽ പോലെയുള്ള സത്യ നിഷേധികൾ പരിഹസിച്ച് തള്ളുമ്പോൾ സത്യവിശ്വാസികളെ സംബന്ധിച്ചേടത്തോളം നരകത്തെക്കുറിച്ച് കൂടുതൽ ഭയപ്പാടുളവാക്കുന്ന ഒരു ദൃഷ്ടാന്തമാകുന്നു അതവർക്ക്.

(4) താക്കീതുകളിലൂടെയും ദൃഷ്ടാന്തങ്ങളിലൂടെയും മനുഷ്യരെ ഭയപെടുത്തി അവരിൽ മാനസാന്തരമുണ്ടാക്കുവാനും അങ്ങനെ അവർ നന്നായിത്തീരുവാനും ആകുന്നു അല്ലാഹു ഉദ്ദേശിക്കുന്നത്. എന്നാൽ അവിശ്വാസികളുടെ നിഷേധവും പരിഹാസവും അത് മൂലം വർദ്ധിക്കുകയാണ് ചെയ്ത് കൊണ്ടിരിക്കുന്നത് എന്ന് അല്ലാഹു തുടർന്ന് പ്രസ്താവിക്കുന്നു.

## വിഭാഗം 7 :

**വചനം 61 62 63 64 65 :**

61 'നിങ്ങൾ ആദമിന് 'സുജൂദു' ചെയ്യുവിൻ" എന്ന് മലക്കുകളോട് നാം പറഞ്ഞ സന്ദർഭം (ഓർക്കുക). അപ്പോൾ, അവർ 'സുജൂദു' ചെയ്തു-ഇബ്ലീസ് ഒഴികെ. അവൻ പറഞ്ഞു: 'നീ കളിമണ്ണിനാൽ സൃഷ്ടിച്ചവനു ഞാൻ 'സുജൂദു' ചെയ്യുകയോ?!"

وَإِذْ قُلْنَا لِلْمَلَٰٓئِكَةِ ٱسْجُدُوا۟ لِءَادَمَ فَسَجَدُوٓا۟ إِلَّآ إِبْلِيسَ قَالَ ءَأَسْجُدُ لِمَنْ خَلَقْتَ طِينًا ﴿٦١﴾

62 അവൻ പറഞ്ഞു: 'കണ്ടുവോ, ഇവനോ എന്നെക്കാൾ നീ ആദരിച്ചിട്ടുള്ളവൻ? (ഒന്നു പറഞ്ഞു തരൂ)! തീർച്ചയായും, ഖിയാമത്തുനാൾവരെ നീ എന്നെ (ഒഴിവാക്കി) പിന്തിച്ചുവെങ്കിൽ, ഇവൻെറ സന്തതികളെ അൽപം ഒഴിച്ച് (ബാക്കിയെല്ലാം) ഞാൻ അടക്കി ഒതുക്കുകതന്നെ ചെയ്യും.

قَالَ أَرَءَيْتَكَ هَٰذَا ٱلَّذِى كَرَّمْتَ عَلَىَّ لَئِنْ أَخَّرْتَنِ إِلَىٰ يَوْمِ ٱلْقِيَٰمَةِ لَأَحْتَنِكَنَّ ذُرِّيَّتَهُۥٓ إِلَّا قَلِيلًا ﴿٦٢﴾

63 അവൻ (അല്ലാഹു) പറഞ്ഞു: 'നീ പോയിക്കൊള്ളുക. എന്നാൽ, അവരിൽനിന്നു നിന്നെ ആർ പിന്തുടർന്നുവോ, അപ്പോൾ നിശ്ചയമായും, 'ജഹന്നം' (നരകം) നിങ്ങളുടെ പ്രതിഫലമായിരിക്കും; (അതെ) പൂർണ്ണമാക്കപ്പെട്ട പ്രതിഫലം!

قَالَ ٱذْهَبْ فَمَن تَبِعَكَ مِنْهُمْ فَإِنَّ جَهَنَّمَ جَزَآؤُكُمْ جَزَآءً مَّوْفُورًا ﴿٦٣﴾

64 'നിൻെറ ശബ്ദം (ക്ഷണം) കൊണ്ട് അവരിൽ നിന്നും നിനക്ക് സാധ്യമായവരെ നീ ഇളക്കി വിട്ടേക്കുകയും ചെയ്തുകൊള്ളുക; അവർക്കെതിരെ നിൻെറ കുതിരപ്പടയെയും, നിൻെറ കാലാൾ

وَٱسْتَفْزِزْ مَنِ ٱسْتَطَعْتَ مِنْهُم بِصَوْتِكَ وَأَجْلِبْ عَلَيْهِم بِخَيْلِكَ وَرَجِلِكَ وَشَارِكْهُمْ

فِي ٱلۡأَمۡوَٰلِ وَٱلۡأَوۡلَٰدِ وَعِدۡهُمۡۚ وَمَا يَعِدُهُمُ
ٱلشَّيۡطَٰنُ إِلَّا غُرُورًا ٦٤

പടയെയും നീ വിളിച്ച് കൂട്ടിക്കൊള്ളുകയും ചെയ്യുക; സ്വത്തുക്കളിലും, മക്കളിലും അവരുമായി നീ പങ്കുചേരുകയും ചെയ്യുക; അവരോട് നീ വാഗ്ദാനവും ചെയ്തുകൊള്ളുക.'' വഞ്ചനയല്ലാതെ പിശാച് അവരോട് വാഗ്ദാനം ചെയ്കയില്ലതാനും.

إِنَّ عِبَادِي لَيۡسَ لَكَ عَلَيۡهِمۡ سُلۡطَٰنٞۚ
وَكَفَىٰ بِرَبِّكَ وَكِيلٗا ٦٥

65 'നിശ്ചയമായും, എൻെറ അടിയാൻമാർ- അവരുടെ മേൽ നിനക്ക് ഒരധികാരശക്തി യുമില്ല.'' (കാര്യങ്ങൾ) ഭരമേൽപിക്കപ്പെടുന്നവ നായി നിൻെറ റബ്ബുതന്നെ മതിതാനും!

ആദം(അ) നബിയെ സൃഷ്ടിച്ചപ്പോൾ മലക്കുകളോട് അദ്ദേഹത്തിന് സുജൂദ് ചെയ്യാൻ കൽപ്പിക്കുകയും ശപിക്കപ്പെട്ട ഇബ്‌ലീസ് മാത്രം സുജൂദ് ചെയ്യാതിരിക്കുകയും ചെയ്ത സംഭവവും അതുമായി ബന്ധപെട്ട ചില വിഷയങ്ങളുമാണ് അല്ലാഹു ഈ വചനങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നത്. അൽ ബഖറ :, അഅ്റാഫ്, ഹിജ്ർ, അൽ കഹ്ഫ്, ത്വാഹാ, സ്വാദ് എന്നീ സൂറത്തുകളിൽ ഈ വിഷയം വിവരിക്കപെട്ടിട്ടുണ്ട്. മനുഷ്യന്റെ ആജന്മ ശത്രുവായ ഇബ്‌ലീസും അവന്റെ സൈന്യങ്ങളും മനുഷ്യരെ വഴി പിഴപ്പിക്കാനായി പലതരം ഗൂഢ തന്ത്രങ്ങളും പ്രയോഗിക്കുമെന്നും അത് കൊണ്ട് മനുഷ്യൻ അവനെ സദാ സൂക്ഷിച്ച് കൊണ്ടിരിക്കണമെന്നും അല്ലാഹു ആവർത്തിച്ച് നമ്മെ ഓർമ്മപെടുത്തിക്കൊണ്ടിരിക്കുന്നു. പിശാചിന്റെ ദുഷ്പ്രേരണകളിൽ നിന്ന് അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ - ആമീൻ

62ാം വചനത്തിൽ الا قليل (അൽപം അളുകളൊഴികെ) എന്ന് പറഞ്ഞത് അല്ലാഹുവിന്റെ സജ്ജനങ്ങളായ അടിയാന്മാരെ കുറിച്ചാകുന്നു. അവരോട് പിശാചിന്റെ ഗൂഢ തന്ത്രങ്ങളൊന്നും വില പോകുന്നതല്ല, "നിന്നെ പിൻ പറ്റിയ വഴി കെട്ടവരുടെ മേലല്ലാതെ നിനക്കൊരു അധികാര ശക്തിയുമില്ല'' എന്ന് അല്ലാഹു സൂ: ഹിജ്ർ 42 ൽ പ്രസ്താവിച്ചിരിക്കുന്നു. മനുഷ്യരെ വഴി പിഴപ്പിക്കാൻ നിനക്ക് കഴിയുന്ന എല്ലാ മാർഗ്ഗങ്ങളും, പ്രയോഗിക്കുവാൻ, ഖിയാമത്ത് നാൾ വരെ നിനക്ക് സ്വാതന്ത്ര്യം നൽകപെട്ടിരിക്കുന്നു. ഇബ്‌ലീസിന്റെ വക്താക്കളും അനുയായികളുമായ ജനക്കൂട്ടം ധാരാളക്കണക്കിൽ വർദ്ധിച്ച് കൊണ്ടിരിക്കുന്ന ഇക്കാലത്ത്, അവന്റെ ശബ്ദകോലാഹലങ്ങളേയും കുതിരപടയേയും, കാലാൾപടയേയും കുറിച്ചൊക്കെ വിശേഷിച്ച് വിവരിക്കേണ്ടുന്ന ആവശ്യമില്ലല്ലൊ. ധനത്തിന്റെ സമ്പാദനത്തിലും, വിനിയോഗത്തിലും, മക്കളുടെ പരിപാലനത്തിലും, ശിക്ഷണത്തിലും ഒക്കെ, അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുവാൻ ഇബ്‌ലീസ് മനുഷ്യരിൽ ദുഷ്പ്രേരണ ചെലുത്തുന്നതുമാണ്. ( സൂ : നിസാഅ് 118, 119,120 നോക്കുക).

പിശാചിന്റെ ദുഷ്പ്രേരണയിൽ അകപെടാതെ രക്ഷ പ്രാപിക്കുവാനുള്ള ഏക മാർഗ്ഗവും കൂടി അല്ലാഹു നിർദ്ദേശിക്കുന്നു - "ഭരമേൽപിക്കപെടുന്നവനായി അല്ലാഹു തന്നെ മതി ''എന്ന വചനത്തിലൂടെ അല്ലാഹുവിൽ മാത്രം എല്ലാം അർപ്പിച്ച് കൊണ്ട് അവന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി നിലകൊള്ളുകയും ചെയ്താൽ പിശാചിന്റെ വലയിൽ അകപെടാതെ നമുക്ക് രക്ഷപെടാവുന്നതാണ്. അങ്ങനെയുള്ളവരുടെ മേൽ പിശാചിന് യാതൊരു അധികാര ശക്തിയും ഉണ്ടായിരിക്കുകയില്ല.

**വചനം 66, 67 :**

رَّبُّكُمُ ٱلَّذِي يُزۡجِي لَكُمُ ٱلۡفُلۡكَ فِي
ٱلۡبَحۡرِ لِتَبۡتَغُواْ مِن فَضۡلِهِۦٓۚ إِنَّهُۥ كَانَ
بِكُمۡ رَحِيمٗا ٦٦

66 നിങ്ങളുടെ റബ്ബ് നിങ്ങൾക്കുവേണ്ടി സമുദ്രത്തിൽ കപ്പലിനെ ചലിപ്പിച്ചുതരുന്നവനത്രെ; അവൻെറ അനുഗ്രഹത്തിൽനിന്നും നിങ്ങൾ തേടുവാൻവേണ്ടി. നിശ്ചയമായും അവൻ, നിങ്ങളിൽ കരുണയുള്ളവനാകുന്നു.

وَإِذَا مَسَّكُمُ ٱلضُّرُّ فِي ٱلۡبَحۡرِ ضَلَّ مَن
تَدۡعُونَ إِلَّآ إِيَّاهُۖ فَلَمَّا نَجَّىٰكُمۡ إِلَى ٱلۡبَرِّ
أَعۡرَضۡتُمۡۚ وَكَانَ ٱلۡإِنسَٰنُ كَفُورًا ٦٧

67 സമുദ്രത്തിൽവെച്ച് നിങ്ങൾക്ക് ഉപദ്രവം ബാധിച്ചാൽ നിങ്ങൾ വിളി (ച്ചു പ്രാർത്ഥി) ക്കുന്നവർ (നിങ്ങളുടെ മനസ്സുകളിൽ നിന്ന്) അപ്രത്യക്ഷമാകും-അവൻ (മാത്രം) ഒഴികെ എന്നാൽ, അവൻ നിങ്ങളെ കരയിലേക്ക് രക്ഷപ്പെടുത്തുമ്പോൾ, നിങ്ങൾ തിരിഞ്ഞു കളയുകയായി! മനുഷ്യൻ നന്ദികെട്ടവനാകുന്നുതാനും!

മനുഷ്യർക്ക് സമുദ്രത്തിലൂടെ കപ്പൽ യാത്ര നടത്തുവാനുള്ള സൗകര്യങ്ങൾ സജ്ജീകരിച്ച് തന്നിട്ടുള്ള കരുണാനിധിയായ അല്ലാഹുവിനോട് മനുഷ്യൻ പ്രസ്തുത അനുഗ്രഹത്തിന് നന്ദി കാണിക്കുന്നില്ലെന്ന് മാത്രമല്ല, അല്ലാഹുവിനോട് നന്ദികേട് പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. സമുദ്രത്തിൽ വെച്ച് കാറ്റും കോളും പോലെയുള്ള വല്ല ആപത്തും നേരിടുമ്പോൾ ബഹുദൈവ വിശ്വാസികളായ ആളുകൾ തങ്ങളുടെ ദൈവങ്ങളെയും ആരാധ്യന്മാരെയുമെല്ലാം മറന്ന് കളഞ്ഞിട്ട് അല്ലാഹുവിനോട് മാത്രം രക്ഷക്കായി പ്രാർത്ഥിക്കുന്നു ആ ആപത്തിൽ നിന്നും അല്ലാഹു അവരെ കരയിലേക്ക് രക്ഷപെടുത്തി കഴിഞ്ഞാലാകട്ടെ, നന്ദികെട്ട മനുഷ്യൻ വീണ്ടും പഴയ നില തന്നെ തുടരുകയും ചെയ്യും.

**വചനം 68 69 :**

أَفَأَمِنتُمْ أَن يَخْسِفَ بِكُمْ جَانِبَ ٱلْبَرِّ أَوْ يُرْسِلَ عَلَيْكُمْ حَاصِبًا ثُمَّ لَا تَجِدُوا۟ لَكُمْ وَكِيلًا ﴿٦٨﴾

68 അപ്പോൾ (ഹേ, കൂട്ടരേ,) നിങ്ങൾ നിർഭയരായിരിക്കുകയാണോ? കരയുടെ ഭാഗത്ത് നിങ്ങളെ അവൻ ആഴ്ത്തിക്കളയുന്നതിനെ! അല്ലെങ്കിൽ, നിങ്ങളുടെമേൽ വല്ല ചരൽ മഴയും അവൻ അയക്കുന്നതിനെ! പിന്നെ നിങ്ങൾക്ക് (കാര്യങ്ങൾ) ഭരമേൽപിക്കപ്പെടുന്ന ഒരാളെയും നിങ്ങൾ കണ്ടെത്താതിരിക്കുകയും (ചെയ്യുന്നതിനെ)!

أَمْ أَمِنتُمْ أَن يُعِيدَكُمْ فِيهِ تَارَةً أُخْرَىٰ فَيُرْسِلَ عَلَيْكُمْ قَاصِفًا مِّنَ ٱلرِّيحِ فَيُغْرِقَكُم بِمَا كَفَرْتُمْ ۙ ثُمَّ لَا تَجِدُوا۟ لَكُمْ عَلَيْنَا بِهِۦ تَبِيعًا ﴿٦٩﴾

69 അതല്ല, നിങ്ങൾ നിർഭയരായിരിക്കുകയാണോ? അതിൽ (സമുദ്രത്തിൽ) മറ്റൊരു പ്രാവശ്യം നിങ്ങളെ (വീണ്ടും) മട(ക്കി എത്തി) ക്കുന്നതിനെ! എന്നിട്ട് ഒരു (ശക്തിയായ) കൊടുങ്കാറ്റ് നിങ്ങളുടെമേൽ അവൻ അയച്ച് നിങ്ങൾ നന്ദികേട് കാണിച്ചതിന്ന് നിങ്ങളെ മുക്കിക്കൊന്നു കളയുന്നതിനെ! പിന്നെ നിങ്ങൾ, നമുക്കെതിരിൽ അതിനെപ്പറ്റി (നടപടി എടുക്കുവാൻ) പിന്നാലെ കൂടുന്ന ഒരാളെയും നിങ്ങൾക്ക് കണ്ടെത്താതിരിക്കുകയും (ചെയ്യുന്നതിനെ)!

കരയിലേക്ക് രക്ഷപെട്ടശേഷം, വീണ്ടും ശിർക്കിലേക്ക് തന്നെ മടങ്ങുന്ന നിങ്ങളെ മറ്റ് ആപത്തുകളിലൊന്നും പെടുത്തുവാൻ അല്ലാഹുവിന് കഴിയുകയില്ലെന്ന് നിങ്ങൾ കരുതുന്നുവൊ?- കരയിലെ ഭൂമിയിൽ നിങ്ങളെ ആഴ്ത്തിക്കളയുകയൊ, നിങ്ങളിൽ വല്ല ചരൽ മഴയും വർഷിക്കുകയൊ, അതുമല്ലെങ്കിൽ നിങ്ങളെ ഒരിക്കൽ കൂടി സമുദ്രത്തിലേക്ക് വരുത്തി ഒരു കൊടുങ്കാറ്റയച്ച് നിങ്ങളെ മുക്കിക്കൊല്ലുകയൊ ചെയ്യുന്നതിൽ നിന്നും നിർഭയരായിരിക്കുകയാണോ നിങ്ങൾ. അങ്ങനെ വല്ലതും സംഭവിക്കുന്ന പക്ഷം, നിങ്ങളുടെ കാര്യം ഏറ്റെടുത്ത് നിങ്ങളെ സഹായിക്കുവാനൊ, പ്രസ്തുത ആപത്തുകളുടെ പേരിൽ അല്ലാഹുവിനെതിരെ, വല്ല അനന്തരനടപടികളും എടുക്കുവാനൊ നിങ്ങൾക്ക് ആരെയും കിട്ടുകയില്ല.

മക്കാവിജയ സന്ദർഭത്തിൽ ഇക്റിമത്ത്ബ്നു അബീ ജഹൽ (റ) , നബി(സ)യിൽ നിന്ന് ഓടി രക്ഷപെട്ട് ഒരു കപ്പലിൽ അബിസീനിയയിലേക്ക് യാത്രയായി. സമുദ്രത്തിൽ വെച്ച് കാറ്റിലും കോളിലും അകപെട്ടപ്പോൾ അല്ലാഹുവിനോട് മാത്രം പ്രാർത്ഥിക്കുന്നത് കൊണ്ടല്ലാതെ രക്ഷപെടുകയില്ലെന്ന് സഹയാത്രികരിൽ നിന്നും മനസിലാക്കിയ ഇക്റിമ(റ) സമുദ്രത്തിൽ രക്ഷ നൽകുവാൻ അല്ലാഹു മാത്രമാണുള്ളതെങ്കിൽ കരയിലും അങ്ങനെ തന്നെ ആയിരിക്കുവാനെ നിവൃത്തിയുള്ളൂവെന്ന് ദൃഢമായി മനസ്സിലാക്കുകയും, അല്ലാഹുവിനോട് രക്ഷ തേടുകയും ചെയ്തു. ആപത്തിൽ നിന്നും എന്നെ രക്ഷപെടുത്തിയാൽ ഇസ്ലാം മതം സ്വീകരിക്കാമെന്ന് അദ്ദേഹം പ്രതിജ്ഞ ചെയ്യുകയും ചെയ്തു.

അല്ലാഹു രക്ഷപെടുത്തിയ ഇക്റിമ(റ) നബി(സ)യുടെ അടുക്കലെത്തി മുസ്ലീമാകുകയും തുടർന്ന് ഇസ്ലാമിന് വേണ്ടി അനേകം ധീരകൃത്യങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു.

**വചനം 70 :**

۞ وَلَقَدْ كَرَّمْنَا بَنِىٓ ءَادَمَ وَحَمَلْنَٰهُمْ فِى ٱلْبَرِّ

70 തീർച്ചയായും, ആദമിന്റെ സന്തതികളെ (മനുഷ്യരെ) നാം ആദരിച്ചിട്ടുണ്ട്; കരയിലും

وَٱلۡبَحۡرِ وَرَزَقۡنَٰهُم مِّنَ ٱلطَّيِّبَٰتِ وَفَضَّلۡنَٰهُمۡ عَلَىٰ كَثِيرٖ مِّمَّنۡ خَلَقۡنَا تَفۡضِيلٗا ﴿٧٠﴾

കടലിലും അവരെ നാം (വാഹനം) കയറ്റുകയും ചെയ്തിരിക്കുന്നു; നല്ല (വിശിഷ്ട) വസ്തുക്കളിൽ നിന്നും അവർക്കു നാം ആഹാരം നൽകുകയും ചെയ്തിരിക്കുന്നു; നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും ഒരു വലിയ ശ്രേഷ്ഠത അവർക്കു നാം നൽകുകയും ചെയ്തിരിക്കുന്നു.

ആദം സന്തതികളാകുന്ന മനുഷ്യവർഗ്ഗത്തിന് അല്ലാഹു ചെയ്ത് കൊടുത്തിട്ടുള്ള പ്രത്യേക അനുഗ്രഹങ്ങളെക്കുറിച്ചാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നത്.

: അവരെ അല്ലാഹു ആദരിച്ചിരിക്കുന്നു - ഇരുകാലുകളിൽ നിവർന്ന് നിൽക്കുകയും നടക്കുകയും ചെയ്യുന്ന ശരീര പ്രകൃതി, വിവേചന ശക്തി, ചിന്താശക്തി, ഗ്രഹണ ശക്തി, ഇതര ജീവികളെ അടക്കി ഭരിക്കാനുള്ള പ്രാപ്തി, ഭൂവിഭവങ്ങളെ ഉപയോഗപ്രദമാക്കിയെടുക്കാനുള്ള സാമർത്ഥ്യം, എഴുത്തും വായനയും ഹൃദിസ്ഥമാക്കാനുള്ള കഴിവ്, സംസാരശേഷി, എന്നിത്യാദി എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ അല്ലാഹു മനുഷ്യന് പ്രദാനം ചെയ്തിരിക്കുന്നു.

: കരയിലും കടലിലും അവരെ നാം വഹിച്ചു - അതത് കാലത്ത് മനുഷ്യന് സഞ്ചാരം നടത്തുവാനുതകുന്ന വാഹനങ്ങൾ ഏർപെടുത്തിക്കൊടുത്തത് അല്ലാഹു ആകുന്നു. ജീവജന്തുക്കളുടെ രൂപത്തിലും മനുഷ്യനിർമ്മിത യന്ത്ര സാമഗ്രികൾ നിർമ്മിക്കാൻ മനുഷ്യന് ബുദ്ധിശക്തിയും ഭൗതിക വിഭവങ്ങളും പ്രദാനം ചെയ്തും, വാഹനങ്ങൾ സഞ്ചരിക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തും, കരയിലും കടലിലും മാത്രമല്ല ആധുനിക ലോകത്ത് ആകാശത്തിലും, ശൂന്യാകാശത്തിലും വരെ അല്ലാഹു മനുഷ്യന് അനുഗ്രഹം നൽകിയിരിക്കുന്നു.

: അവർക്ക് നല്ല വിശിഷ്ടമായ, ഹൃദ്യവും രുചികരവും പോഷകസമൃദ്ധവുമായ എല്ലാതരം ഭക്ഷ്യ പദാർത്ഥങ്ങളും നാം അവർക്ക് നൽകിയിരിക്കുന്നു.

: നമ്മുടെ, സൃഷ്ടികളിൽ മിക്കവരേക്കാളും അവർക്ക് നാം ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു -മേൽ വിവരിച്ച അനുഗ്രഹങ്ങളിലൂടെ പുരോഗമനപരവും സാന്മാർഗ്ഗികവുമായ ജീവിതം നയിക്കുവാനും, ആത്മീയ പുരോഗതി നേടി പാരത്രിക മോക്ഷം ലഭിക്കുവാനും മനുഷ്യന് സാധിതമാക്കിയിരിക്കുന്നു. എന്നാൽ "സർവ്വസൃഷ്ടികളേക്കാളും ശ്രേഷ്ഠരാണ് മനുഷ്യൻ"എന്ന് പറയാതെ "നാം സൃഷ്ടിച്ച മിക്കവരേക്കാളും മനുഷ്യരെ ശ്രേഷ്ഠരാക്കി"എന്ന് അല്ലാഹു പ്രസ്താവിച്ചതിൽനിന്നും, മനുഷ്യന്റെ അത്രയൊ, അല്ലെങ്കിൽ അവനേക്കാൾ അധികമൊ, ശ്രേഷ്ഠതയുള്ള മറ്റ് സൃഷ്ടികളും ഉണ്ടായിരിക്കാം എന്നാണല്ലൊ വ്യക്തമാകുന്നത്. ആ സൃഷ്ടി ഏതാണെന്ന് അല്ലാഹു വ്യക്തമാക്കിയിട്ടില്ലാത്ത സ്ഥിതിക്ക്, മനുഷ്യന്റെ അറിവിൽപെട്ട ബുദ്ധി വർഗ്ഗമായ ജിന്നുകളും മലക്കുകളും കൂടാതെ, വേറെയും വല്ല ബുദ്ധിവർഗ്ഗവും ഉണ്ടായിക്കൂടാ എന്നില്ലല്ലൊ.

"നിന്റെ റബ്ബിന്റെ സൈന്യങ്ങളെ അവനല്ലാതെ അറിയുകയില്ല" (74:31) "നിങ്ങൾ അറിയാത്തത് അവൻ സൃഷ്ടിക്കുകയും ചെയ്യും (16:8)" "അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു" (24:45) "അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് ആകാശങ്ങളെയും ഭൂമിയെയും, അവ രണ്ടിലും ജീവിയായി അവൻ വിതരണം ചെയ്തിട്ടുള്ളതിനെയും സൃഷ്ടിച്ചത്" (42:29) - എന്നീ വചനങ്ങളിൽ നിന്നും, ആകാശങ്ങളിൽ മലക്കുകളല്ലാത്തതും നമുക്കറിഞ്ഞ് കൂടാത്തതുമായ വേറെയും ജീവ വർഗ്ഗം ഉണ്ടായിരിക്കുവാൻ സാധ്യതയുണ്ടെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഇതേക്കുറിച്ചുള്ള സൂക്ഷ്മ ജ്ഞാനം അല്ലാഹുവിന് മാത്രമാകുന്നു.

## വിഭാഗം 8

**വചനം 71,72 :**

يَوۡمَ نَدۡعُواْ كُلَّ أُنَاسِۭ بِإِمَٰمِهِمۡۖ فَمَنۡ أُوتِيَ كِتَٰبَهُۥ بِيَمِينِهِۦ فَأُوْلَٰٓئِكَ يَقۡرَءُونَ كِتَٰبَهُمۡ وَلَا يُظۡلَمُونَ فَتِيلٗا ﴿٧١﴾

71 എല്ലാ മനുഷ്യരെയും അവരുടെ നേതാവു സഹിതം നാം വിളിക്കുന്ന ദിവസം (ഓർക്കുക). അപ്പോൾ, ആർക്ക് തൻെറ (രേഖാ) ഗ്രന്ഥം തൻെറ വലം കയ്യിൽ നൽകപ്പെട്ടുവോ അക്കൂട്ടർ അവരുടെ (രേഖാ) ഗ്രന്ഥം വായിക്കുന്നതാണ്. അവർ ഒരു തരിമ്പും (ഒട്ടും) അനീതി ചെയ്യപ്പെടുകയുമില്ല.

وَمَن كَانَ فِي هَٰذِهِۦٓ أَعۡمَىٰ فَهُوَ فِي ٱلۡأٓخِرَةِ أَعۡمَىٰ وَأَضَلُّ سَبِيلٗا ﴿٧٢﴾

72 ഇവിടത്തിൽ (ഇഹത്തിൽ) ആർ അന്ധനായിരുന്നുവോ അവൻ പരത്തിലും അന്ധനായിരിക്കും; ഏറ്റവും വഴിപിഴച്ചവനുമായിരിക്കും.

"അവരുടെ നേതാവു" എന്ന് ആദ്യ വചനത്തിൽ പരാമർശിച്ചത്, മനുഷ്യസമൂഹം തങ്ങൾക്ക് മാതൃകയായി സ്വീകരിച്ച് വന്നിരുന്ന നേതാക്കളാണെന്നും, അതല്ല, അവരുടെ കർമ്മങ്ങൾ രേഖപെടുത്തപെട്ടിട്ടുള്ള ഗ്രന്ഥരേഖകളാണെന്നും വ്യാഖ്യാനിക്കപെട്ടിരിക്കുന്നു. രണ്ട് വ്യാഖ്യാനങ്ങളും പരസ്പര പൂരകങ്ങളാകുന്നു. ഓരോ സമൂഹത്തിനുമുള്ള നബിമാരെയും സാക്ഷികളെയും കർമ്മരേഖകളെയും, മഹ്ശറിൽ ഹാജരാക്കുമെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുള്ളതാകുന്നു. (സൂ : സുമർ: 69ഉം മറ്റും നോക്കുക)

സജ്ജനങ്ങൾക്ക് വലം കൈയിലും ദുർജ്ജനങ്ങൾക്ക് ഇടം കൈയിലുമാണ് അവരുടെ കർമ്മങ്ങൾ രേഖപെടുത്തപെട്ടിട്ടുള്ള ഗ്രന്ഥം നൽകുക. ഗ്രന്ഥം കൈയിൽ കിട്ടിയ സജ്ജനങ്ങൾ തങ്ങളുടെ സൽക്കർമ്മങ്ങൾ മുഴുവനും, നീതിപൂർവ്വം, അതിൽ രേഖപെടുത്തിയിരിക്കുന്നത് കണ്ട് സസന്തോഷം അത് വായിച്ച് കൊണ്ടിരിക്കുന്നതാകുന്നു. ഇടം കൈയിൽ ഗ്രന്ഥം നൽകപെട്ടവരാകട്ടെ "അത് കൈയിൽ കിട്ടാതിരുന്നെങ്കിൽ നന്നായേനെ"എന്ന് ആഗ്രഹിച്ച് പോകും. (സൂ: അൽ ഹാഖ് -ഖ : 19, 20, 25,26,27 നോക്കുക)

നേർമാർഗ്ഗങ്ങളും, ഉപദേശങ്ങളും, ദൃഷ്ടാന്തങ്ങളും ശ്രദ്ധിക്കാതെ, ഈ ലോകത്ത് അന്ധരായി, തന്നിഷ്ട പ്രകാരം കഴിഞ്ഞ് കൂടിയാൽ പരലോകത്തും, യാതൊരു രക്ഷാമാർഗ്ഗവും കാണാത, അന്ധരായി തന്നെ കഴിയേണ്ടിവരുന്നതാണ്- ഏറ്റവും പിഴച്ചവരും നഷ്ടം പിടിപെട്ടവരുമായിക്കൊണ്ട് . (സൂ:ഹജ്ജ്: 46 നോക്കുക)

**വചനം 73, 74, 75 :**

وَإِن كَادُواْ لَيَفۡتِنُونَكَ عَنِ ٱلَّذِيٓ أَوۡحَيۡنَآ إِلَيۡكَ لِتَفۡتَرِيَ عَلَيۡنَا غَيۡرَهُۥۖ وَإِذٗا لَّٱتَّخَذُوكَ خَلِيلٗا ﴿٧٣﴾

73 (നബിയേ) നിശ്ചയമായും, നിനക്കു നാം 'വഹ്‌യു' (സന്ദേശം) നൽകിയിട്ടുള്ളതിൽ നിന്ന് അവർ നിന്നെ (തെറ്റിച്ചു) കുഴപ്പത്തിലാക്കുമാറായിരിക്കുന്നു; ഇതല്ലാത്തത് (വല്ലതും) നമ്മുടെ പേരിൽ നീ കെട്ടിച്ചമക്കുവാൻ വേണ്ടി. എന്നാൽ (അപ്പോൾ) അവർ നിന്നെ ഒരു ചങ്ങാതിയാക്കുകതന്നെ ചെയ്യുന്നതുമാണ്.

وَلَوۡلَآ أَن ثَبَّتۡنَٰكَ لَقَدۡ كِدتَّ تَرۡكَنُ إِلَيۡهِمۡ شَيۡـٔٗا قَلِيلًا ﴿٧٤﴾

74 നിന്നെ നാം ഉറപ്പിച്ചു നിറുത്തിയിട്ടില്ലായിരുന്നെങ്കിൽ, തീർച്ചയായും, നീ അവരിലേക്ക് അൽപമൊന്ന് ചാഞ്ഞു പോയേക്കുകതന്നെ ചെയ്യുമായിരുന്നു.

إِذٗا لَّأَذَقۡنَٰكَ ضِعۡفَ ٱلۡحَيَوٰةِ وَضِعۡفَ ٱلۡمَمَاتِ ثُمَّ لَا تَجِدُ لَكَ عَلَيۡنَا نَصِيرٗا ﴿٧٥﴾

75 എന്നാൽ (ചാഞ്ഞു പോയാൽ) നിനക്കു നാം (ഈ) ജീവിതത്തിലെ ഇരട്ടി(ശിക്ഷ)യും മരണത്തിലെ ഇരട്ടി (ശിക്ഷ)യും ആസ്വദിപ്പിക്കുകതന്നെ ചെയ്യുന്നതാണ്. പിന്നെ, നമുക്കെതിരിൽ ഒരു സഹായകനെയും നീ കണ്ടെത്തുകയുമില്ല.

തൌഹീദിന്റെ പ്രബോധനത്തിൽ വല്ല അയവോ വിട്ട് വീഴ്ചയൊ നബി(സ) ചെയ്യുന്ന പക്ഷം. തങ്ങൾ നബി(സ)യുമായി അനുഭാവത്തിൽ വർത്തിക്കാമെന്ന് മുശ്രിക്കുകൾ ആഗ്രഹിക്കുകയും, അതിനായി ചില വ്യവസ്ഥകൾ മുന്നോട്ട് വെക്കുകയും ചെയ്തിരുന്നു. എന്നാൽ അവരുടെ ആവശ്യത്തിന് നബി(സ) ഒരിക്കലും വഴങ്ങിക്കൊടുക്കുവാൻ തയാറായിരുന്നില്ല-സത്യത്തിന്റെ നേർ രേഖയിൽ നിന്നും അണുകിടപോലും തെറ്റാതെ അല്ലാഹു നബി(സ)യെ ഉറപ്പിച്ച് നിർത്തിയിരിക്കുകയാണ്. ഇല്ലായിരുന്നെങ്കിൽ നബി(സ) അവരുടെ നേരെ അൽപമൊന്ന് ചാഞ്ഞ് പോകുമായിരുന്നു. ഇനി അഥവാ, നബി(സ)ക്ക് അങ്ങനെ ഒരു ചായ്‌വുണ്ടായെന്ന് സങ്കൽപ്പിക്കുക - അതിന്റെ പേരിൽ ഇഹത്തിലും പരത്തിലും അല്ലാഹു ഇരട്ടിയായി ശിക്ഷ നൽകുക തന്നെ ചെയ്യുന്നതാണ്. അതിൽ നിന്നും രക്ഷ നൽകാൻ ഒരാൾക്കും സാദ്ധ്യമാകുന്നതുമല്ല തന്നെ.

ഈ വചനങ്ങളിൽ നിന്നും താഴെ കാണുന്ന വസ്തുക്കൾ മനസ്സിലാക്കാവുന്നതാണ്:

(1) അല്ലാഹുവിങ്കൽ നിന്നുള്ള പ്രത്യേക കാവൽ ഇല്ലാത്ത പക്ഷം സമ്മർദ്ദങ്ങളുടെ പ്രവാഹത്തിൽ മനു

ഷ്യൻ പതിച്ചേക്കാനിടയുണ്ട്. ഈ വചനം അവതരിച്ചപ്പോൾ നബി(സ) ഇപ്രകാരം പ്രാർത്ഥിച്ചതായി ഖത്താദ (റ) നിവേദനം ചെയ്തിരിക്കുന്നു: "അല്ലാഹുവേ, ഒരു കണ്ണിമ വെട്ടുന്ന നേരം പോലും നീ എന്നെ എന്നിലേക്ക് തന്നെ ഭരമേൽപിച്ച് വിടരുതേ."

(2) ഒരാളുടെ ഉന്നത പദവിയോ, ഉൽകൃഷ്ട സ്ഥാനമോ, നിമിത്തം അയാൾ ചെയ്യുന്ന തെറ്റ് കുറ്റങ്ങളുടെ ശിക്ഷയിൽ നിന്നും അയാൾക്ക് ഒഴിവ് കിട്ടുന്നതല്ല. മാത്രമല്ല, ഉന്നതന്മാരിൽ നിന്നുണ്ടാകുന്ന തെറ്റ് കുറ്റങ്ങൾക്ക് സാധാരണക്കാരുടേതിനേക്കാൾ കവിഞ്ഞ തോതിലായിരിക്കും ശിക്ഷ നൽകപ്പെടുക എന്ന് "നിനക്ക് ഈ ജീവിതത്തിലും മരണ ശേഷവും ഇരട്ടി ശിക്ഷ അനുഭവിപ്പിക്കുന്നതാണ്" എന്ന അല്ലാഹുവിന്റെ താക്കീതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

"നീയെങ്ങാനും ശിർക്ക് പ്രവർത്തിച്ചെങ്കിൽ നിന്റെ കർമ്മം നിഷ്ഫലമാകുകയും നീ നഷ്ടക്കാരിൽ പെട്ട് പോകുകയും തന്നെ ചെയ്യും" എന്ന് സൂ:സുമർ : 65 -ാം വചനത്തിലൂടെ മനുഷ്യ സമൂഹത്തിനാകമാനം അല്ലാഹു താകീത് നൽകുന്നു.

നബി(സ)യോടും പ്രവാചകൻമാരോടുമുള്ള ഇത്തരം താക്കീതുകളുടെയും യഥാർത്ഥ ലക്ഷ്യം പ്രധാനമായും അവരുടെ സമുദായങ്ങളായിരിക്കുന്നതാണ്

**വചനം 76, 77**

وَإِن كَادُوا۟ لَيَسْتَفِزُّونَكَ مِنَ ٱلْأَرْضِ لِيُخْرِجُوكَ مِنْهَا ۖ وَإِذًا لَّا يَلْبَثُونَ خِلَٰفَكَ إِلَّا قَلِيلًا ﴿٧٦﴾

سُنَّةَ مَن قَدْ أَرْسَلْنَا قَبْلَكَ مِن رُّسُلِنَا ۖ وَلَا تَجِدُ لِسُنَّتِنَا تَحْوِيلًا ﴿٧٧﴾

76 നിശ്ചയമായും, അവർ നിന്നെ ഭൂമിയിൽ (നാട്ടിൽ) നിന്ന് മിരട്ടി വിടുമാറായിരിക്കുന്നു; നിന്നെ അതിൽനിന്നും പുറത്താക്കുവാൻ വേണ്ടി. എന്നാൽ, (അപ്പോൾ) നിൻെറ പിന്നീട് അവർ അൽപമല്ലാതെ (അവിടെ) താമസിക്കുകയില്ലതാനും.

77 (അതെ) നമ്മുടെ റസൂലുകളിൽനിന്ന് നിൻെറ മുമ്പ് നാം അയക്കുകയുണ്ടായിട്ടുള്ളവരുടെ (കാര്യത്തിലുണ്ടായ) നടപടിച്ചട്ടം! നമ്മുടെ നടപടിച്ചട്ടത്തിന് ഒരു ഭേദഗതിയും നീ കണ്ടെത്തുകയില്ല.

കുതന്ത്രങ്ങളും ഉപദ്രവങ്ങളും വഴി രാജ്യം ത്യജിച്ച് പോകുവാൻ നബി(സ)യെ നിർബന്ധിതനാക്കുന്നതിൽ അവർ വിജയിക്കുകയാണെങ്കിൽ പിന്നീടാ മുശ്രിക്കുകൾക്ക് അധിക കാലമൊന്നും അവിടെ സമാധാനത്തോടെ ഇരിക്കുവാൻ സാധിക്കുന്നതല്ല എന്ന് അല്ലാഹു പ്രസ്താവിക്കുന്നു. മുൻ പ്രവാചകൻമാരുടെ കാലത്തും അല്ലാഹു സ്വീകരിച്ച് വന്ന ഒരു നടപടി ക്രമമാണ്, അവരുടെ ജനത അവരെ ബഹിഷ്ക്കരിച്ചാൽ പിന്നെ അവർ താമസിയാതെ ശിക്ഷക്ക് വിധേയമാകുമെന്നുള്ളത്. നബി(സ) ഹിജ്റ പോയി രണ്ട് വർഷം കഴിഞ്ഞപ്പോഴേക്കും, ബദറിൽ വെച്ച് ആരംഭിച്ച മുശ്രിക്കുകളുടെ നാശം, പല ഏറ്റുമുട്ടലുകൾക്കുമൊടുവിൽ, അവരുടെ പൂരിപൂർണ്ണ നാശത്തിലും ഇസ്ലാമിന്റെ പൂർണ്ണ വിജയത്തിലും കലാശിക്കുകയും ചെയ്തു.

## വിഭാഗം - 9

**വചനം 78, 79 :**

أَقِمِ ٱلصَّلَوٰةَ لِدُلُوكِ ٱلشَّمْسِ إِلَىٰ غَسَقِ ٱلَّيْلِ وَقُرْءَانَ ٱلْفَجْرِ ۖ إِنَّ قُرْءَانَ ٱلْفَجْرِ كَانَ مَشْهُودًا ﴿٧٨﴾

وَمِنَ ٱلَّيْلِ فَتَهَجَّدْ بِهِۦ نَافِلَةً لَّكَ عَسَىٰٓ أَن يَبْعَثَكَ رَبُّكَ مَقَامًا مَّحْمُودًا ﴿٧٩﴾

78 സൂര്യൻ (ഉച്ച) തിരിയുമ്പോൾ (മുതൽ) രാത്രി ഇരുട്ടുന്നതുവരെ നീ നമസ്കാരം നിലനിറുത്തുക; പ്രഭാത (നമസ്കാര)ത്തിലെ (ഖുർആൻ) പാരായണവും (നിലനിറുത്തുക). നിശ്ചയമായും, പ്രഭാത (നമസ്കാര) ത്തിലെ (ഖുർആൻ) പാരായണം, സാക്ഷ്യപ്പെടുത്തപ്പെടുന്നതാകുന്നു.

79 രാത്രിയിൽനിന്നും (തന്നെ, അൽപസമയം) അതുമായി നീ 'തഹജ്ജുദ്' (ഉറക്കുണർന്നുള്ള നമസ്കാരം) ചെയ്തുകൊള്ളുക; നിനക്ക് (നിർബ്ബന്ധത്തിനു പുറകെ) കൂടുതലായുള്ള ഒരു

കാര്യം (ഐച്ഛികം) എന്ന നിലക്ക്. നിന്റെ റബ്ബ്
നിന്നെ സ്തുതിക്കപ്പെടുന്നതായ ഒരു സ്ഥാനത്ത്
എഴുന്നേൽപിച്ചു തന്നേക്കാം.

നമസ്ക്കാര കർമ്മത്തെ ഉദ്ദേശിച്ച്, സുജൂദ്, റുകൂഅ്, ഖിയാമ് (നിൽക്കൽ) എന്നീ വാക്കുകൾ ഉപയോഗിക്കാറുള്ളത് പോലെ, ഖുർആൻ (പാരായണം ചെയ്യൽ) എന്ന വാക്കും പൊതുവെ പ്രയോഗിക്കപെട്ടിരിക്കുന്നു. എന്നാൽ ഈ വചനത്തിൽ സുബ്ഹ് നമസ്ക്കാരത്തെ പറ്റി മാത്രം ഖുർആൻ എന്ന വാക്ക് ഉപയോഗിച്ചതിൽ, സുബ്ഹ് നമസ്ക്കാരത്തിൽ മറ്റ് നമസ്ക്കാരങ്ങളേക്കാൾ കൂടുതലായി ഖുർആൻ പാരായണം ചെയ്യുന്നത് മഹത്വരമായിരിക്കുമെന്ന ഒരു സൂചന കാണാം-നബി(സ) യുടെ ചര്യയും അങ്ങനെയായിരുന്നു.

അഞ്ച് നേരത്തെ നിർബന്ധ നമസ്ക്കാരങ്ങളിൽ ളുഹ്ർ, അസർ, മഗ്രിബ്, ഇശാഅ് എന്നീ നാലും സൂര്യൻ (ഉച്ച) തിരിഞ്ഞത് മുതൽ രാത്രി ഇരുട്ടുന്നത് വരെയുള്ള സമയങ്ങളിലാകുന്നു. സുബ്ഹ് നമസ്ക്കാരം പ്രഭാത വേളയിലും. ഇവ കൃത്യനിഷ്ഠയോടെ അനുഷ്ഠിച്ച് പോരണമെന്ന് അല്ലാഹു കൽപിക്കുന്നു. അതിൽ 'പ്രഭാത നമസ്ക്കാരം സാക്ഷ്യപെട്ടതാണ്' എന്ന് പ്രത്യേകം എടുത്ത് പറയപെട്ടിരിക്കുന്നു. സുബ്ഹ് നമസ്ക്കാര വേളയിൽ രാത്രിയിലെ മലക്കുകളും പകലിലെ മലക്കുകളും ഒരുമിച്ച് കൂടുകയും അതിൽ സംബന്ധിക്കുമെന്നും നബി(സ) വിശദീകരിച്ചിരിക്കുന്നു.

'തഹജ്ജുദ്'എന്ന വാക്കിന് ഉറക്കിൽ നിന്നുണരുക എന്നാകുന്നു വാക്കർത്ഥം. രാത്രിയിൽ അൽപമെങ്കിലും ഉറങ്ങിയ ശേഷം എഴുന്നേറ്റ് നിർവ്വഹിക്കപെടുന്ന ഐഛിക നമസ്ക്കാരത്തിന് തഹജ്ജുദ് നമസ്ക്കാരം എന്ന് പറയുന്നു. ഐഛികമായ പുണ്യകർമ്മങ്ങളുടെ കൂട്ടത്തിൽ ഏറെ മുൻപന്തിയൽ നിൽക്കുന്ന ഒരു കർമ്മമാണത്. നിർബന്ധ നമസ്ക്കാരങ്ങളോട് ചേർത്ത് ഇതേപറ്റി പ്രതിപാദിച്ചതിൽ നിന്നും അതിന്റെ പ്രാധാന്യം മനസ്സിലാക്കാമല്ലൊ.

'നിനക്ക് കൂടുതലായുള്ള കാര്യം'എന്ന പദം രണ്ട് തരത്തിൽ വ്യാഖ്യാനിക്കപെട്ടിരിക്കുന്നു-

(1) അഞ്ച് നേരത്തെ നമസ്ക്കാരത്തിന് പുറമെ നബി(സ)ക്കും അവിടുത്തെ സമുദായത്തിനും നിശ്ചയിക്കപെട്ടിട്ടുള്ള ഒരു ഐഛിക കർമ്മമാണതെന്ന്. (2) നബി(സ)ക്ക് ഒരു നിർബന്ധ കർമ്മമായും മറ്റുള്ളവർക്ക് ഐഛിക കർമ്മമായും നിശ്ചയിക്കപെട്ട ഒരു കർമ്മമാകുന്നു അതെന്ന്.

ഏതായാലും തഹജ്ജുദ് നമസ്ക്കാരത്തിൽ നബി(സ) അത്യധികം നിഷ്കർഷ പാലിച്ചിരുന്നുവെന്നും, കാലിൽ നീരു കെട്ടുമാറ് ദീർഘ നേരം നമസ്ക്കരിക്കാറുണ്ടായിരുന്നുവെന്നും രേഖപെടുത്തപെട്ടിട്ടുണ്ട്. പാപങ്ങളൊക്കെയും അല്ലാഹു പൊറുത്ത് തന്നിരിക്കെ, ഇത്രയധികം ബുദ്ധിമുട്ടുന്നതെന്തിനാണെന്ന് ആയിശ(റ) ചോദിച്ചപ്പോൾ നബി തിരുമേനി ഇപ്രകാരം മറുപടി പറഞ്ഞു:

''ആ സ്ഥിതിക്ക് ഞാനൊരു നന്ദിയുള്ള അടിമ ആയിരിക്കേണ്ടെ ആയിശെ''

മേൽ പറഞ്ഞ കൽപനകൾ പാലിക്കുന്ന പക്ഷം എല്ലാവരാലും സ്തുതിക്കപെടുന്ന ഒരു ഉന്നത സ്ഥാനം നബി(സ) യൊട് അല്ലാഹു വാഗ്ദാനം നൽകുന്നു 'സ്തുതിക്കപെടുന്ന സ്ഥാനം'എന്നത് എന്താണെന്ന് വ്യക്തമാക്കപെട്ടിട്ടില്ല. എന്നാൽ മഹ്ശർ മഹാ സമ്മേളനത്തിൽ സൃഷ്ടികൾക്കെല്ലാം ആശ്വാസം ലഭിക്കുമാറ് അല്ലാഹുവിങ്കൽ ശുപാർശ ചെയ്യുവാൻ നബി(സ)ക്ക് അനുവദിച്ച് കൊടുക്കപെടുന്ന പ്രത്യേക സ്ഥാനമാണ് അതെന്ന് ഹദീസുകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. സർവ്വ സൃഷ്ടികളും ഭയവിഹ്വലരായി ദീർഘകാലം അനിശ്ചിതാവസ്ഥയിൽ മഹ്ശറിൽ കഴിയുന്ന അവസരത്തിൽ, തങ്ങളുടെ വിചാരണ വേഗത്തിൽ നടത്തിക്കിട്ടാൻ ശുപാർശ ചെയ്യാനായി, പ്രവാചക പ്രമുഖരായ പലരോടും ജനങ്ങൾ അപേക്ഷിക്കുന്ന സന്ദർഭത്തിൽ, ഓരോരുത്തരും ഓരോ കാരണം പറഞ്ഞ് അതിൽ നിന്ന് ഒഴിവാകുമ്പോൾ, തിരുമേനി അല്ലാഹുവിന്റെ അനുമതി പ്രകാരം, അതിനായി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും, അല്ലാഹു ആ പ്രാർത്ഥന സ്വീകരിക്കുകയും ചെയ്യുന്നതാണ്. "ഏറ്റവും മഹത്തായ ശുപാർശ''എന്ന് അത് അറിയപെടുന്നു. അതാകുന്നു, "സ്തുതിക്കപെടുന്ന ഒരു സ്ഥാനത്ത് നിന്നെ റബ്ബ് എഴുന്നേൽപിച്ച്" കൊടുക്കുന്ന ആ ദിവസം എന്ന് ഇബ്നു ഉമർ (റ) ഉദ്ധരിച്ച ഒരു ഹദീസിൽ പ്രസ്താവിക്കപെട്ടിരിക്കുന്നു.

ബാങ്ക് വിളി കേട്ടാൽ താഴെ പറയും പ്രകാരം പ്രാർത്ഥിക്കുന്നവർക്ക് ഖിയാമത്ത് നാളിൽ എന്റെ ശുപാർശ ലഭിക്കുന്നതാണ് എന്ന് നബി(സ) അരുളിയിരിക്കുന്നു. (പ്രാർത്ഥനയുടെ സാരം ഇപ്രകാരമാകുന്നു):

"ഈ പരിപൂർണ്ണമായ വിളിയുടെയും നില നിന്ന് പോരുന്ന നമസ്ക്കാരത്തിന്റെയും അധിപനായ അല്ലാഹുവേ- മുഹമ്മദിന് നീ "വസീലത്തും" (അല്ലാഹുവിന്റെ സാമീപ്യമാകുന്ന ഉന്നത പദവി). "ഫളീലത്തും" (മറ്റുള്ളവർക്കില്ലാത്ത ശ്രേഷ്ഠ പദവി) നൽകേണമെ. അദ്ദേഹത്തോട് നീ വാഗ്ദാനം ചെയ്തിട്ടുള്ള സ്തുതിക്കപെടുന്ന സ്ഥാനത്ത് നീ അദ്ദേഹത്തെ എഴുന്നേൽപിക്കുകയും ചെയ്യേണമെ".

**വചനം 80 :**

80 (നബിയേ) നീ പറയുകയും ചെയ്യുക: 'എൻെറ റബ്ബേ! എന്നെ നീ സത്യത്തിൻെറതായ പ്രവേശനം പ്രവേശിപ്പിക്കുകയും, സത്യത്തിൻേറതായ പുറപ്പാട് പുറപ്പെടുവിക്കുകയും ചെയ്യേണമേ! നിൻെറ പക്കൽനിന്ന് എനിക്ക് സഹായകമായ ഒരു (അധികൃത) ശക്തിയും നീ ഏർപ്പെടുത്തി ത്തരേണമേ!''

وَقُل رَّبِّ أَدۡخِلۡنِي مُدۡخَلَ صِدۡقٖ وَأَخۡرِجۡنِي مُخۡرَجَ صِدۡقٖ وَٱجۡعَل لِّي مِن لَّدُنكَ سُلۡطَٰنٗا نَّصِيرٗا ﴿٨٠﴾

നബി(സ) യോട് പ്രാർത്ഥിക്കുവാൻ കൽപിക്കപ്പെട്ട ഈ വചനത്തിന്റെ സാരം ഇപ്രകാരം മനസ്സിലാക്കാം: ''ഞാൻ വല്ല കാര്യത്തിലും പ്രവേശിക്കുമ്പോൾ ആ പ്രവേശനം സത്യത്തിന്റെ പാതയിൽ അധിഷ്ഠിതവും, പ്രശംസനീയവും ആക്കിത്തരേണമെ. ഞാൻ വല്ല കാര്യത്തിനും വിരമിച്ച് പുറത്ത് വരുന്നതും സത്യത്തിന്റെ പാത പിഴക്കാതെ, ശുഭകരവും തൃപ്തികരവും ആക്കിത്തരേണമെ. എന്റെ കൃത്യങ്ങളെല്ലാം വേണ്ട വിധത്തിൽ നിർവഹിക്കാൻ സഹായകമായ അധികാരശക്തിയും ന്യായബലവും എനിക്ക് നീ പ്രദാനം ചെയ്യേണമെ''

നബി(സ) തിരുമേനിയോട് ഹിജ്റ പോകുവാൻ - മക്കായിൽ നിന്നുള്ള പുറപ്പാടും മദീനയിലേക്കുള്ള പ്രവേശനവും - കൽപിക്കപെട്ടപോഴാണ് ഈ വചനം അവതരിച്ചതെന്ന് ഇബ്നു അബ്ബാസ് (റ) ൽ നിന്ന് ഉദ്ധരിക്കപെട്ടിരിക്കുന്നു. എന്നാൽ മറ്റുള്ള വിഷയങ്ങൾ സംബന്ധിച്ചുള്ള പ്രവേശനവും പുറപ്പാടും - ഉദാ: മരണശേഷം ഖബ്റിലേക്കുള്ള പ്രവേശനവും പിന്നീട് പുനരുത്ഥാന ദിവസം മഹ്ശറയിലേക്കുള്ള പുറപ്പാടും - സത്യത്തിന്റെ പാതയിലൂടെ ആക്കി കിട്ടുവാനുള്ള പ്രാർത്ഥനയാണിതെന്നാണ് പണ്ഡിത മതം

**വചനം 81 :**

81 (ഇങ്ങിനെയും) പറയുക: 'യഥാർത്ഥം (വെളിക്കു) വന്നു; അയഥാർത്ഥം (നശിച്ചു) നാമാവശേഷമാകുകയും ചെയ്തു.'' നിശ്ചയമായും അയഥാർത്ഥം നാമാവശേഷമാകുന്നതാകുന്നു.

وَقُلۡ جَآءَ ٱلۡحَقُّ وَزَهَقَ ٱلۡبَٰطِلُۚ إِنَّ ٱلۡبَٰطِلَ كَانَ زَهُوقٗا ﴿٨١﴾

തൗഹീദും തൗഹീദിൽ അധിഷ്ഠിതമായ സത്യമാർഗ്ഗവും പുലർന്ന് കഴിഞ്ഞുവെന്നും, ശിർക്കും അതിന്റെ അടിസ്ഥാനത്തിലുള്ള ദുർമാർഗ്ഗവും നശിച്ച് കഴിഞ്ഞുവെന്നും മിഥ്യയായുള്ളതിന് നിലനിൽപില്ല എന്നും, മുശ്രിക്കുകൾക്കുള്ള അന്ത്യശാസനവും കനത്ത താക്കീതുമാകുന്നു ഈ വചനത്തിൽ. മക്കാ വിജയ ദിവസം കഅ്ബയിലും പരിസരങ്ങളിലും ഉണ്ടായിരുന്ന നൂറ് കണക്കിനുള്ള വിഗ്രഹങ്ങളെ ഒരു കമ്പ് കൊണ്ട് കുത്തിക്കൊണ്ട് നബി(സ) ഈ വചനവും സൂ : സബഉ് ലെ 49ാം വചനവും ഓതിയിരുന്നതായി ബുഖാരി, മുസ്ലീം(റ) രേഖപെടുത്തിയിരിക്കുന്നു.

**വചനം 82:**

82 സത്യവിശ്വാസികൾക്ക് ശമനവും, കാരുണ്യവുമായുള്ളതിനെ ഖുർആനിലൂടെ നാം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. അക്രമികൾക്ക് അത് നഷ്ടപ്പാടല്ലാതെ വർദ്ധിപ്പിക്കുകയുമില്ല.

وَنُنَزِّلُ مِنَ ٱلۡقُرۡءَانِ مَا هُوَ شِفَآءٞ وَرَحۡمَةٞ لِّلۡمُؤۡمِنِينَ وَلَا يَزِيدُ ٱلظَّٰلِمِينَ إِلَّا خَسَارٗا ﴿٨٢﴾

സത്യവിശ്വാസികളെ സംബന്ധിച്ചേടത്തോളം സംശയം, ആശയകുഴപ്പം, അന്ധവിശ്വാസം, കാപട്യം, വക്രത, ആദിയായ മനോ വിഷമങ്ങൾക്ക് ഖുർആൻ ശമനം പ്രദാനം ചെയ്യുന്നു. ഖുർആന്റെ അദ്ധ്യയനങ്ങൾ വഴി ഐഹികവും പാരത്രികവും ആയ കണക്കറ്റ അനുഗ്രഹങ്ങളും അവർക്ക് സിദ്ധിക്കുന്നു. എന്നാൽ ഖുർആനിന്റെ മാർഗ്ഗ നിർദ്ദശങ്ങൾ സ്വീകരിക്കാത്ത സത്യനിഷേധികളെ സംബന്ധിച്ചേടത്തോളം, പ്രസ്തുത ഗുണങ്ങൾ അവർക്ക് ലഭ്യമാകുകയില്ല എന്ന് മാത്രമല്ല അവരുടെ ഐഹികവും പാരത്രികവുമായ നഷ്ടം വർദ്ധിച്ച് കൊണ്ടിരിക്കുകയും ചെയ്യും.

**വചനം 83, 84 :**

83 മനുഷ്യനു നാം അനുഗ്രഹം ചെയ്തു കൊടുത്താൽ അവൻ (അവഗണിച്ചു) തിരിഞ്ഞു കളയുകയും, (ഊരതിരിച്ച്) അവൻെറ പാർശ്വ

وَإِذَآ أَنۡعَمۡنَا عَلَى ٱلۡإِنسَٰنِ أَعۡرَضَ وَنَـَٔا بِجَانِبِهِۦۖ وَإِذَا مَسَّهُ ٱلشَّرُّ كَانَ يَـُٔوسٗا ﴿٨٣﴾

വുംകൊണ്ട് അവൻ അകന്നു പോകുകയും ചെയ്യും. അവന് ദോഷം ബാധിച്ചാലാവട്ടെ, അവൻ വളരെ നിരാശനുമായിരിക്കും.

84 പറയുക: 'എല്ലാവരും അവ(രവ)രുടെ സമ്പ്രദായ മനുസരിച്ചു പ്രവർത്തിക്കുന്നു. എന്നാൽ, നിങ്ങളുടെ റബ്ബ്, മാർഗ്ഗം കൂടുതൽ നേരെയുള്ള വനെപ്പറ്റി നല്ലവണ്ണം അറിയുന്നവനാകുന്നു.'

قُلۡ كُلٌّ يَعۡمَلُ عَلَىٰ شَاكِلَتِهِۦ فَرَبُّكُمۡ أَعۡلَمُ بِمَنۡ هُوَ أَهۡدَىٰ سَبِيلٗا ﴿٨٤﴾

നന്മയും അനുഗ്രഹലും ലഭിക്കുമ്പോൾ നന്ദി കാണിക്കാതെ, അഹങ്കാര പൂർവ്വം ഊര തിരിച്ച് പിൻ മാറി പോകലും. തിന്മയും ഉപദ്രവവും നേരിടുമ്പോൾ നിരാശയും അക്ഷമയും കാണിക്കുന്നതും, മനുഷ്യന്റെ പൊതു സ്വാഭാവമാണെന്ന് അല്ലാഹു ആദ്യത്തെ വചനത്തിൽ പ്രസ്താവിക്കുന്നു.

മുശ്രിക്കുകളടക്കമുള്ള എല്ലാ ദുർനടപ്പുകാർക്കുമുള്ള ഒരു താക്കീതാണ് രണ്ടാം വചനത്തിൽ. ഓരോരു ത്തരും സ്വേഛാനുസരണം തങ്ങളുടെ പ്രവർത്തനങ്ങൾ യാതൊരു തടസ്സവും കൂടാതെ, തൽക്കാലം നടത്തി ക്കൊണ്ടിരിക്കുന്നു. എന്നാൽ ആരാണ് നല്ല മാർഗ്ഗം പിന്തുടരുന്നവർ, ആരാണ് മോശപെട്ടവർ എന്നൊക്കെ കൃത്യ മായി അറിയുന്ന അല്ലാഹു തക്ക സമയത്ത് ഉചിത നടപടികൾ എടുക്കുക തന്നെ ചെയ്യുന്നതാണ്.

## വിഭാഗം 10

**വചനം 85 :**

85 (നബിയേ) നിന്നോട് അവർ ആത്മാവിനെ ക്കുറിച്ചു ചോദിക്കുന്നു. പറയുക: 'ആത്മാവ് എൻെറ റബ്ബിൻെറ കാര്യത്തിൽ പെട്ടതാണ്; നിങ്ങൾക്ക് അറിവിൽ നിന്നും അൽപമല്ലാതെ നൽകപ്പെട്ടിട്ടില്ലതാനും.'

وَيَسۡـَٔلُونَكَ عَنِ ٱلرُّوحِۖ قُلِ ٱلرُّوحُ مِنۡ أَمۡرِ رَبِّي وَمَآ أُوتِيتُم مِّنَ ٱلۡعِلۡمِ إِلَّا قَلِيلٗا ﴿٨٥﴾

ആത്മാവ് എന്നാലെന്താണ്: എങ്ങനെയാണ്; എവിടെ നിന്ന് വന്നു;എങ്ങോട്ട് പോകുന്നു എന്നിത്യാദി കാര്യങ്ങളെക്കുറിച്ച് സൂക്ഷ്മമായ അറിവ് അല്ലാഹുവിന് മാത്രമാകുന്നു. ആ അജ്ഞാത വിജ്ഞാനം കണ്ടെത്തു വാൻ മനുഷ്യർ വിവിധ തരത്തിലുള്ള പരീക്ഷണ നിരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരുന്നിട്ടും ആത്മാവിനെ ക്കുറിച്ച് വസ്തു നിഷ്ഠമായി അപഗ്രഥിക്കുന്നത് പോയിട്ട് ശരിയായ ഒരു നിർവചനം നൽകുവാൻ പോലും സാധിതമായി ട്ടില്ല. ആത്മാവിനെക്കുറിച്ച് മനുഷ്യന് ലഭ്യമായ വിജ്ഞാനം അല്ലാഹുവിൽ നിന്ന് പ്രവാചകൻമാർ മുഖേന ലഭി ക്കുന്ന വിവരങ്ങൾ മാത്രമാകുന്നു. "നിങ്ങൾക്ക് അറിവിൽ നിന്നും അല്പമല്ലാതെ നൽകപെട്ടിട്ടില്ല"എന്ന് അല്ലാഹു അതെ കുറിച്ച് നബി(സ)യെ അറിയിക്കുന്നു.

റൂഹ് (الروح) എന്ന പദത്തിന് ജിബ്രീൽ (അ) ഈസാ (അ) വിശുദ്ധ ഖുർആൻ എന്നിങ്ങനെ സന്ദർഭോ ചിതം ആശയം വിവക്ഷിക്കപെടാറുണ്ട്. എന്നാൽ പ്രത്യക്ഷത്തിൽ വ്യക്തമാകുന്നതും ഹദീസിന്റെ പിൻ ബലമു ള്ളതും, ഭൂരിഭാഗം ഖുർആൻ വ്യാഖ്യാതാക്കളും അഭിപ്രായപെടുന്നതും, ഈ വചനത്തിൽ 'റൂഹ്' എന്നത്കൊണ്ട് ജീവാത്മാവ് എന്നതാണ് വിവക്ഷ, എന്നാകുന്നു.

മദീനായിൽ വെച്ച് ഒരിക്കൽ ചില യഹൂദികൾ നബി(സ)യോട് 'റൂഹ്'നെ ക്കുറിച്ച് ചോദിക്കുകയുണ്ടായി. സ്വൽപ നേരത്തേക്ക് നബി(സ) മൗനവലംബിച്ചു. ഇബ്നു മസ്ഊദ്(റ) ഇപ്രകാരം തുടർന്ന് ഉദ്ധരിക്കുന്നു: അപ്പോൾ നബി(സ) ക്ക് വഹ്യ് വരികയാണെന്ന് എനിക്ക് മനസ്സിലായി. തുടർന്ന് നബി(സ) يسئلونك عن الروح എന്നുള്ള ഈ വചനം ഓതികേൾപിച്ചു

**വചനം 86 87 :**

86 നാം ഉദ്ദേശിച്ചുവെങ്കിൽ, നിശ്ചയമായും, നിനക്ക് നാം വഹ്‌യു (സന്ദേശം) നൽകിയിട്ടുള്ളതിനെ നാം കൊണ്ടുപോകുകതന്നെ ചെയ്യുന്നതാണ്; പിന്നെ, നമുക്കെതിരിൽ അതിനു ഭരമേൽപിക്ക പ്പെടുന്ന ഒരാളെയും നിനക്ക് നീ കണ്ടെത്തു കയില്ല;-

وَلَئِن شِئۡنَا لَنَذۡهَبَنَّ بِٱلَّذِيٓ أَوۡحَيۡنَآ إِلَيۡكَ ثُمَّ لَا تَجِدُ لَكَ بِهِۦ عَلَيۡنَا وَكِيلًا ﴿٨٦﴾

إِلَّا رَحْمَةً مِّن رَّبِّكَ ۚ إِنَّ فَضْلَهُۥ كَانَ
عَلَيْكَ كَبِيرًا ﴿٨٧﴾

87 പക്ഷേ, നിൻെറ റബ്ബിങ്കൽ നിന്നുള്ള കാരുണ്യ മായിട്ടത്രെ (അങ്ങിനെ ചെയ്യാത്തത്). നിശ്ചയ മായും, നിൻെറ മേൽ അവൻെറ അനുഗ്രഹം (വളരെ) വലുതാകുന്നു.

അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം ജനഹൃദയങ്ങളിലാകട്ടെ, 'മുസ്ഹഫ്'കളിലാകട്ടെ അവശേഷിക്കാത്ത വിധം ഖുർആനിനെ മായിച്ച് നീക്കം ചെയ്യുവാൻ അല്ലാഹുവിന് കഴിയുന്നതാണ്. അങ്ങനെ സംഭവിച്ചാൽ അതി നെതിരായി ഒരു നടപടിയും എടുക്കുവാൻ കഴിയുന്ന ആരും തന്നെ ഇല്ല. എങ്കിലും അല്ലാഹു അവന്റെ കാരുണ്യവും അനുഗ്രഹവും കാരണം അങ്ങനെ ചെയ്യുന്നില്ല. നബി(സ)ക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ പെട്ട ഖുർആനിനെ ലോകാവസാനം വരെ അല്ലാഹു നില നിർത്തുന്നതാണ്.

**<u>വചനം 88</u>**

قُل لَّئِنِ ٱجْتَمَعَتِ ٱلْإِنسُ وَٱلْجِنُّ عَلَىٰٓ
أَن يَأْتُوا۟ بِمِثْلِ هَـٰذَا ٱلْقُرْءَانِ لَا يَأْتُونَ
بِمِثْلِهِۦ وَلَوْ كَانَ بَعْضُهُمْ لِبَعْضٍ
ظَهِيرًا ﴿٨٨﴾

88 (നബിയേ) പറയുക: 'തീർച്ചയായും, ഈ ഖുർആൻ പോലെയുള്ളത് കൊണ്ടുവരുവാൻ മനുഷ്യരും, ജിന്നുകളും ഒരുമിച്ചു ചേർന്നാലും, ഇതുപോലെയുള്ളത് അവർ കൊണ്ടുവരുന്നതല്ല; അവരിൽ ചിലർ ചിലർക്ക് പിൻതുണ നൽകുന്ന വരായിരുന്നാലും ശരി.

ഖുർആൻന്റെ അമാനുഷികതയെ സ്ഥാപിക്കുന്ന ഒരു ദൃഷ്ടാന്തമാണ് ഈ വചനത്തിൽ കാണുന്ന പ്രവ ചനം. മനുഷ്യവർഗ്ഗവും ജിന്ന് വർഗ്ഗവും ഒത്തൊരുമിച്ച് പ്രയത്നിച്ചാലും ഈ ഖുർആൻനോട് കിടയൊത്ത ഒരു ഗ്രന്ഥം കൊണ്ട് വരാൻ സാധിക്കുകയില്ലെന്ന് അല്ലാഹു ഖണ്ഡിതമായി പ്രസ്താവിക്കുന്നു.

ഖുർആൻനിലെ ഏതെങ്കിലും പത്ത് സൂറത്ത് പോലെയുള്ളത് കൊണ്ട് വരാൻ സൂ:ഹൂദ്: 13 ലും ഒരു സൂറത്ത് പോലെയുള്ളത് കൊണ്ട് വന്നാലും മതിയെന്ന് സൂ :യൂനസ് : 38 ലും സൂ: അൽ ബഖറ: 23 ലും അല്ലാഹു വെല്ല് വിളിക്കുകയുണ്ടായിട്ടുണ്ട് [അവിടങ്ങളിൽ നോക്കുക]

**<u>വചനം 89, 90, 91, 92,93:</u>**

وَلَقَدْ صَرَّفْنَا لِلنَّاسِ فِى هَـٰذَا ٱلْقُرْءَانِ مِن
كُلِّ مَثَلٍ فَأَبَىٰٓ أَكْثَرُ ٱلنَّاسِ إِلَّا كُفُورًا ﴿٨٩﴾

89 തീർച്ചയായും, ഈ ഖുർആനിൽ എല്ലാ (വക) ഉപമകളെയും നാം വിവിധ രൂപത്തിൽ വിവരി ച്ചിട്ടുണ്ട്. എന്നാൽ, മനുഷ്യരിൽ അധികമാളും നന്ദികേട് കാണി(ച്ചു നിഷേധി) ക്കുന്ന തിന്നല്ലാതെ വിസമ്മതിച്ചിരിക്കുകയാണ്.

وَقَالُوا۟ لَن نُّؤْمِنَ لَكَ حَتَّىٰ تَفْجُرَ لَنَا
مِنَ ٱلْأَرْضِ يَنۢبُوعًا ﴿٩٠﴾

90 അവർ പറയുകയും ചെയ്തു: 'ഭൂമിയിൽനിന്നും നീ ഞങ്ങൾക്ക് ഒരു ഉറവിടം പൊട്ടി ഒഴുക്കി ത്തരുന്നതുവരെ ഞങ്ങൾ നിന്നെ വിശ്വസിക്കു കയേ ഇല്ല;-

أَوْ تَكُونَ لَكَ جَنَّةٌ مِّن نَّخِيلٍ وَعِنَبٍ
فَتُفَجِّرَ ٱلْأَنْهَـٰرَ خِلَـٰلَهَا تَفْجِيرًا ﴿٩١﴾

91 'അല്ലെങ്കിൽ, നിനക്ക് ഈത്തപ്പനയും, മുന്തിരി യുമായി ഒരു തോട്ടമുണ്ടായിരിക്കുക; എന്നിട്ട് അതിൻെറ ഇടയിലൂടെ നീ അരുവികളെ ഒരു (ശക്തമായ) പൊട്ടി ഒഴുക്കൽ ഒഴുക്കുക;-

أَوْ تُسْقِطَ ٱلسَّمَآءَ كَمَا زَعَمْتَ عَلَيْنَا
كِسَفًا أَوْ تَأْتِىَ بِٱللَّهِ وَٱلْمَلَـٰٓئِكَةِ قَبِيلًا ﴿٩٢﴾

92 'അല്ലെങ്കിൽ, നീ ജൽപിച്ചതുപോലെ ഞങ്ങളുടെ മേൽ നീ ആകാശത്തെ കഷ്ണങ്ങളായി വീഴ്ത്തുക; അല്ലെങ്കിൽ, അല്ലാഹുവിനെയും, മലക്കുകളെയും നീ അഭിമുഖമായി കൊണ്ടു വരുക;-

أَوْ يَكُونَ لَكَ بَيْتٌ مِّن زُخْرُفٍ أَوْ تَرْقَىٰ

93 'അല്ലെങ്കിൽ, നിനക്ക് തങ്കംകൊണ്ടുള്ള ഒരു വീടുണ്ടായിരിക്കുക; അല്ലെങ്കിൽ, നീ ആകാശ

فِى ٱلسَّمَآءِ وَلَن نُّؤْمِنَ لِرُقِيِّكَ حَتَّىٰ تُنَزِّلَ عَلَيْنَا كِتَٰبًا نَّقْرَؤُهُۥ ۗ قُلْ سُبْحَانَ رَبِّى هَلْ كُنتُ إِلَّا بَشَرًا رَّسُولًا ﴿٩٣﴾

ത്തിലൂടെ കയറിപ്പോകുക, (ഇവ ഏതെങ്കിലും ഒന്നുണ്ടാവാതെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേ ഇല്ല.) ഞങ്ങൾക്ക് വായിക്കാവുന്ന ഒരു ഗ്രന്ഥം ഞങ്ങളിൽ നീ ഇറക്കിത്തരുന്നതുവരെ നിൻെറ കയറിപ്പോക്ക് ഞങ്ങൾ വിശ്വസിക്കുകയുമില്ല തന്നെ,'' (നബിയേ) പറയുക: 'എൻെറ റബ്ബ് മഹാ പരിശുദ്ധൻ! (അവനെ ഞാൻ വാഴ്ത്തുന്നു.) ഞാൻ ഒരു റസൂലായ മനുഷ്യനല്ലാതെ (മറ്റു വല്ലവനും) ആകുന്നുവോ?!''

സത്യം ഗ്രഹിക്കാനാവശ്യമായ എല്ലാ തെളിവുകളും, വിശദീകരണങ്ങളും ഈ ഖുർആൻ മുഖേന അല്ലാഹു നൽകിയിട്ടുണ്ടെങ്കിലും, നന്ദികേടും നിഷേധവും മുഖ മുദ്രയാക്കിയിട്ടുള്ള ഖുറൈശി പ്രമാണികൾ നബി(സ)യുടെ മുമ്പിൽ സമർപ്പിച്ച ധിക്കാരപരമായ വെല്ല് വിളികളും, ആവശ്യങ്ങളും ഈ വചനങ്ങളിലൂടെ അല്ലാഹു വിവരിക്കുന്നു. അവർ ഉന്നയിച്ച സംഗതികൾ ഇവയാകുന്നു.

(1) ഭൂമിയിൽ നിന്ന് ഒരു ഉറവിടം പൊട്ടി ഒഴുക്കി ഈ നാട്ടിലെ വെള്ളത്തിന്റെ ക്ഷാമം നീ തീർത്ത് തരിക. (2) ഈ തരിശ് ഭൂമിയിൽ ഈത്തപനയും മുന്തിരിയും നിറഞ്ഞ് നിൽക്കുന്ന ഒരു തോട്ടവും അതിനിടയിൽ അരുവികളും തോടുകളും ഒഴുകുമാറാക്കുക. (3) ലോകാവസാന സമയത്ത് ആകാശം പൊട്ടിപിളരുമെന്ന് നീ പറയാറുണ്ടല്ലൊ;അതുപോലെ ഇപ്പോൾ തന്നെ ഞങ്ങളുടെ മേൽ ആകാശങ്ങളെ കഷ്ണങ്ങളായി നീ വീഴ്ത്തുക (4) അല്ലാഹുവിനേയും മലക്കുകളേയും കൂട്ടത്തോടെ ഞങ്ങൾക്കഭിമുഖമായി നീ കൊണ്ട് വരിക (5) തങ്കത്താൽ നിർമ്മിതമായ ഒരു വീട് നിനക്കുണ്ടായി കാണിക്കുക (6) നീ ആകാശത്തിലൂടെ ഒന്ന് കയറിപോകുക -കയറിപോയാൽ മാത്രം പോരാ, ഞങ്ങൾക്ക് വിശ്വസിക്കാനായി, ഒരു ഗ്രന്ഥം നീ അവിടെ നിന്ന് കൊണ്ട് വരികയും ചെയ്യുക.

ഇത്രയും കാര്യങ്ങളിൽ ഒന്നെങ്കിലും ചെയ്ത് കാണിക്കാതെ, തങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ലെന്ന് ആ ധിക്കാരികൾ ശഠിച്ച് പറഞ്ഞു. മലക്കുകളെ ഇറക്കിയാലും മരണപെട്ടവർ വന്ന് സംസാരിച്ചാലും എല്ലാ വസ്തുക്കളും ഒരുമിച്ച് കൂട്ടി കാണിച്ചാലും ആ, അക്രമികൾ വിശ്വസിക്കുകയില്ലെന്ന് സൂ: അൻ ആം :111 ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

ആ അഹങ്കാരികളുടെ വെല്ല് വിളിക്ക് മറുപടിയായി ഇപ്രകാരം പറയുവാനാണ് അല്ലാഹു നബി(സ)യോട് നിർദ്ദേശിച്ചത്: -''ഞാൻ റസൂലായ ഒരു മനുഷ്യനല്ലാതെ മറ്റ് വല്ലവനുമാണോ.''

നിങ്ങളെപോലെ ഒരു മനുഷ്യനായ എനിക്ക് ഇതൊക്കെ ചെയ്യുവാൻ എങ്ങനെ കഴിയും. അമാനുഷിക സംഭവങ്ങൾ കാണിക്കുവാനുള്ള കഴിവ് അല്ലാഹുവിന് മാത്രമാകുന്നു. മഹാ പരിശുദ്ധനായ എന്റെ റബ്ബ് ഉദ്ദേശിക്കുമ്പോൾ, മാത്രം അത് സംഭവിക്കുന്നതാകുന്നു. റസൂലായത് കൊണ്ടോ, നബി ആയത് കൊണ്ടോ മറ്റൊ, ആർക്കും അതിന് സാധ്യമല്ല.

## വിഭാഗം 11

**വചനം 94, 95 :**

وَمَا مَنَعَ ٱلنَّاسَ أَن يُؤْمِنُوٓا۟ إِذْ جَآءَهُمُ ٱلْهُدَىٰٓ إِلَّآ أَن قَالُوٓا۟ أَبَعَثَ ٱللَّهُ بَشَرًا رَّسُولًا ﴿٩٤﴾

94 മനുഷ്യർക്ക് സൻമാർഗ്ഗം വന്നപ്പോൾ, അവർ (അതിൽ) വിശ്വസിക്കുന്നതിന് അവരെ മുടക്കം ചെയ്തിട്ടില്ല. 'അല്ലാഹു മനുഷ്യനെ ഒരു റസൂലായി നിയോഗി (ച്ചയ) ച്ചിരിക്കുകയോ?'' എന്ന് അവർ പറഞ്ഞ (വാദിച്ച) തല്ലാതെ!

قُل لَّوْ كَانَ فِى ٱلْأَرْضِ مَلَٰٓئِكَةٌ يَمْشُونَ مُطْمَئِنِّينَ لَنَزَّلْنَا عَلَيْهِم مِّنَ ٱلسَّمَآءِ مَلَكًا رَّسُولًا ﴿٩٥﴾

95 (നബിയേ) പറയുക: 'ഭൂമിയിൽ (സമാധാന പൂർവ്വം) അടങ്ങിയവരായി നടന്നുകൊണ്ടിരിക്കുന്ന വല്ല മലക്കുകളും ഉണ്ടായിരുന്നുവെങ്കിൽ, അവരിൽ ആകാശത്തു നിന്ന് നാം മലക്കിനെ ഒരു റസൂലായി ഇറക്കുമായിരുന്നു.''

റസൂല്‍ (സ) തിരുമേനിയില്‍ വിശ്വസിക്കാത്തതിന് മക്കാ മുശ്‌രിക്കുകളും അവരുടെ പൂര്‍വ്വികരും ജല്‍പിച്ച് കൊണ്ടിരുന്ന ഒരു വാദമാണ് ആദ്യ വചനത്തില്‍ അല്ലാഹു പറയുന്നത് - "ഞങ്ങളെപോലെയുള്ള ഒരു മനുഷ്യനെ ഞങ്ങള്‍ എങ്ങനെ പിന്‍ പറ്റും"

അടുത്ത വചനത്തില്‍ അല്ലാഹു അതിനുള്ള മറുപടി നല്‍കുന്നു-ഭൂമിയില്‍ സമാധാനപൂര്‍വ്വം അടങ്ങിയൊതുങ്ങിക്കഴിയുകയും, മുഷ്യരെപോലെ വസിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്ന കുറെ മലക്കുകള്‍ ഉണ്ടായിരുന്നെങ്കില്‍ ആകാശത്ത് നിന്ന് ഒരു മലക്കിനെ തന്നെ നാം റസൂലായി അയക്കുമായിരുന്നു. എന്നാല്‍ ഭുമിയില്‍ മനുഷ്യരാണ് വസിക്കുന്നതെന്നതിനാല്‍, അവരിലേക്ക് മലക്കുകളെ റസൂലായി അയച്ചിട്ട് എന്ത് പ്രയോജനം. അഥവാ അയച്ചാല്‍ തന്നെയും സൂ:അന്‍ആം : 9ല്‍ അല്ലാഹു ചുണ്ടിക്കാട്ടിയത്പോലെ - ആ മലക്കിനെ രുപത്തിലും സ്വഭാവത്തിലുമൊക്കെ മനുഷ്യഭാവത്തിലാക്കേണ്ടതായും വരും. അപ്പോഴും ഈ ആക്ഷേപവും സംശയവും നിലനില്‍ക്കുമല്ലൊ.

**വചനം 96:97 :**

قُلْ كَفَىٰ بِٱللَّهِ شَهِيدًۢا بَيْنِى وَبَيْنَكُمْ ۚ إِنَّهُۥ كَانَ بِعِبَادِهِۦ خَبِيرًۢا بَصِيرًا ﴿٩٦﴾

وَمَن يَهْدِ ٱللَّهُ فَهُوَ ٱلْمُهْتَدِ ۖ وَمَن يُضْلِلْ فَلَن تَجِدَ لَهُمْ أَوْلِيَآءَ مِن دُونِهِۦ ۖ وَنَحْشُرُهُمْ يَوْمَ ٱلْقِيَٰمَةِ عَلَىٰ وُجُوهِهِمْ عُمْيًا وَبُكْمًا وَصُمًّا ۖ مَّأْوَىٰهُمْ جَهَنَّمُ ۖ كُلَّمَا خَبَتْ زِدْنَٰهُمْ سَعِيرًا ﴿٩٧﴾

96 (നബിയേ) പറയുക: 'എന്‍െറയും നിങ്ങളുടെയും ഇടയില്‍ സാക്ഷിയായി അല്ലാഹു തന്നെ മതി. നിശ്ചയമായും, അവന്‍ അവന്‍െറ അടിയാന്‍മാരെപ്പറ്റി സൂക്ഷ്മമായറിയുന്നവനും, കണ്ടറിയുന്നവനുമാകുന്നു.

97 ഏതൊരുവനെ അല്ലാഹു സന്‍മാര്‍ഗ്ഗത്തിലാക്കുന്നുവോ അവനത്രെ സന്‍മാര്‍ഗ്ഗം പ്രാപിക്കുന്നവന്‍. അവന്‍ ഏതൊരുവനെ വഴിപിഴവിലാക്കുന്നുവോ, അവര്‍ക്ക് അവനെക്കൂടാതെ യാതൊരു മിത്രങ്ങളെ (അഥവാ രക്ഷാകര്‍ത്താക്കളെ) യും നീ കണ്ടെത്തുന്നതേ അല്ല. (മാത്രമല്ല) ഖിയാമത്തുനാളില്‍ അവരെ അവരുടെ മുഖങ്ങളിലായി(മുഖം കുത്തി)ക്കൊണ്ടു നാം ഒരുമിച്ചു കൂട്ടുകയും ചെയ്യും; അന്ധന്‍മാരും, ഊമകളും, ബധിരന്മാരുമായിക്കൊണ്ട്. അവരുടെ സങ്കേതസ്ഥാനം 'ജഹന്നം' (നരകം) ആകുന്നു. അത് (ജ്വാല) അടങ്ങുമ്പോഴെല്ലാം അവര്‍ക്കു നാം ആളിക്കത്തല്‍ വര്‍ദ്ധിപ്പിക്കുന്നതാണ്.

അല്ലാഹു നേര്‍ മാര്‍ഗ്ഗത്തിലാക്കുക, എന്നും അല്ലാഹു വഴി പിഴവിലാക്കുക എന്നും പറഞ്ഞതിന്‍റെ പൊരുള്‍ ഒന്നിലധികം തവണ മുമ്പ് വിശദീകരിച്ച് കഴിഞ്ഞിട്ടുണ്ട്. സത്യത്തിനും സന്മാര്‍ഗ്ഗത്തിനും നേരെ ഈ ലോകത്ത് അന്ധതയും ബധിരതയും മൗനവും അവലംബിച്ച് കഴിഞ്ഞ് കൂടിയ സത്യ നിഷേധികളെ ഖിയാമത്ത് നാളില്‍ അല്ലാഹു മുഖം കുത്തിക്കൊണ്ടു അന്ധരും ബധിരരും ഊമകളുമായിക്കൊണ്ട് തന്നെ ഒരുമിച്ച് കൂട്ടുന്നതാണ്. "മനുഷ്യരെ നരകത്തില്‍ വെച്ച് മുഖം കുത്തിക്കൊണ്ട് വലിച്ചിഴക്കപെടും"എന്ന് സൂ:ഖമര്‍: 48ലും "മനുഷ്യരെ അവരുടെ കാലുകളില്‍ നടത്തിയ അല്ലാഹു അവരുടെ മുഖങ്ങളിലും നടത്തുവാന്‍ കഴിവുള്ളവനാകുന്നു" എന്ന് ഹദീസിലും (അ;ബു;മു) വ്യക്തമാക്കപെട്ടിട്ടുള്ളതാകുന്നു.

" ഖിയാമത്ത് നാളില്‍ ഒരു വിഭാഗം ആള്‍ക്കാര്‍ കാല്‍ നടയായും, ഒരു വിഭാഗം, വാഹനങ്ങളിലും, മറ്റൊരു വിഭാഗം തങ്ങളുടെ മുഖങ്ങളിലുമായി ഒരുമിച്ച് കൂട്ടപെടുന്നതാണ് " നബി വചനം (ദാ; തി; ബ; ഇബ്നു ജരീര്‍ )

**വചനം 98, 99 :**

ذَٰلِكَ جَزَآؤُهُم بِأَنَّهُمْ كَفَرُوا۟ بِـَٔايَٰتِنَا وَقَالُوٓا۟ أَءِذَا كُنَّا عِظَٰمًا وَرُفَٰتًا أَءِنَّا لَمَبْعُوثُونَ خَلْقًا جَدِيدًا ﴿٩٨﴾

98 അത് അവരുടെ പ്രതിഫലമത്രെ; നമ്മുടെ 'ആയത്തു' (ലക്ഷ്യം)കളില്‍ അവര്‍ അവിശ്വസിക്കുകയും, അവര്‍ (ഇങ്ങിനെ) പറയുകയും, ചെയ്തതു നിമിത്തം: 'നാം എല്ലുകളും തുരുമ്പുമായിരുന്നാലുമോ? നിശ്ചയമായും, നാം

ഒരു പുതിയ സൃഷ്ടിയായി എഴുന്നേൽപിക്കപ്പെടുന്നവരാണോ!?'' എന്ന്.

99 അവർക്ക് കണ്ടുകൂടേ?-ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിച്ചവൻ, അവരെപ്പോലെയുള്ളവരെ സൃഷ്ടിക്കുവാൻ കഴിവുള്ളവനാണെന്ന്!- അവർക്ക് അവൻ ഒരു അവധി ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു-അതിൽ സന്ദേഹമേ ഇല്ല. എന്നാൽ, (ഈ) അക്രമികൾ നന്ദികേട് കാണി(ച്ച് നിഷേധി)ക്കുന്നതിനല്ലാതെ വിസമ്മതിച്ചിരിക്കുകയാണ്.

۞ أَوَلَمْ يَرَوْا۟ أَنَّ ٱللَّهَ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ قَادِرٌ عَلَىٰٓ أَن يَخْلُقَ مِثْلَهُمْ وَجَعَلَ لَهُمْ أَجَلًا لَّا رَيْبَ فِيهِ فَأَبَى ٱلظَّٰلِمُونَ إِلَّا كُفُورًا ﴿٩٩﴾

മേൽ പറഞ്ഞ വിധത്തിലുള്ള കടുത്ത ശിക്ഷകൾക്ക് അവർ വിധേയരാകുവാനുള്ള കാരണം അല്ലാഹു ചൂണ്ടിക്കാട്ടുന്നു: അവർ നമ്മുടെ ആയത്തുകളിൽ അവിശ്വസിക്കുകയും, അവർ ഇങ്ങനെ പറയുകയും ചെയ്തത് നിമിത്തം - ''(മരിച്ച്) എല്ലും തുരുമ്പുമായതിന് ശേഷം നാം ഒരു പുതിയ സൃഷ്ടിയായി എഴുന്നേൽപിക്കപെടുന്നവരാണൊ''

അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം ആകാശ ഭൂമികളുടെ സൃഷ്ടിയെന്നോ ഒന്നാമത്തെ സൃഷ്ടിപ്പും രണ്ടാമത്തെ സൃഷ്ടിപ്പും എന്നോ വ്യത്യാസമില്ലാതെ, എല്ലാം അവന് ഒരു പോലെ എളുപ്പമുള്ളതാകുന്നു. ഒന്നാമത് സൃഷ്ടിച്ചുണ്ടാക്കിയവന് രണ്ടാമത് ആവർത്തിച്ചുണ്ടാക്കുവാനും, കൂടുതൽ എളുപ്പമായിരിക്കുമല്ലൊ. എന്നാൽ എല്ലാറ്റിനും, അവൻ ഒരു അവധി നിശ്ചയിച്ച് വെച്ചിട്ടുണ്ട്. ആ അവധിയെക്കുറിച്ച് യാതൊരു സന്ദേഹത്തിനും അവകാശമില്ല തന്നെ.

സൂ: മുഅ്മിൻ : 57; സൂ: അഹ്ഖാഫ്:33 സൂ: യാസിൻ :77,78,79 സൂ: ഹാമീം സജദ 39, സൂ: സുഖുറുഫ്:11 സൂ: ലുഖ്മാൻ: 28 എന്നിവിടങ്ങളിൽ നോക്കുക.

**വചനം 100:**

100 (നബിയേ) പറയുക: 'നിങ്ങൾ എൻെറ റബ്ബിൻെറ കാരുണ്യത്തിൻെറ ഖജനാക്കളെ അധീനമാക്കിയിരുന്നാൽ പോലും എന്നാൽ -ചിലവഴിക്കുന്നതിനു ഭയപ്പെട്ട് നിങ്ങൾ പിടിച്ചുവെക്കുക തന്നെ ചെയ്യുമായിരുന്നു''. മനുഷ്യൻ വളരെ പിശുക്കനാകുന്നു.

قُل لَّوْ أَنتُمْ تَمْلِكُونَ خَزَآئِنَ رَحْمَةِ رَبِّىٓ إِذًا لَّأَمْسَكْتُمْ خَشْيَةَ ٱلْإِنفَاقِ ۚ وَكَانَ ٱلْإِنسَٰنُ قَتُورًا ﴿١٠٠﴾

അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ നിക്ഷേപ ഭണ്ഡാരങ്ങളത്രയും നിങ്ങളുടെ അധീനത്തിലായിരുന്നുവെങ്കിൽ പോലും, അവ തീർന്ന് പോകുമെന്ന് ഭയപെട്ട് അവയിൽ നിന്ന് ചിലവഴിക്കുവാൻ നിങ്ങൾ മടിക്കുക തന്നെ ചെയ്തേക്കും. കാരണം മനുഷ്യൻ സ്വതവെ മഹാ പിശുക്കനാകുന്നു.

'' ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചത് മുതൽ അല്ലാഹു രാവും, പകലും ചിലവഴിച്ചത് നിങ്ങൾ കണ്ടോ: എന്നിട്ടും അവന്റെ വലം കൈയിലുള്ളത് ചുരുങ്ങിപോയിട്ടില്ല''-നബി വചനം (ബു,മു)

## വിഭാഗം 12

**വചനം 101 :**

101 തീർച്ചയായും, മൂസാക്ക് വ്യക്തങ്ങളായ ഒമ്പതു ദൃഷ്ടാന്തങ്ങളെ നാം നൽകുകയുണ്ടായി. എന്നാൽ, ഇസ്രാഈൽ സന്തതികളോട് അദ്ദേഹം അവരിൽ ചെന്ന സന്ദർഭത്തെക്കുറിച്ച് നീ ചോദി (ച്ചു നോ)ക്കുക. (അതെ) അപ്പോൾ, ഫിർഔൻ അദ്ദേഹത്തോട് പറഞ്ഞു: 'നിശ്ചയമായും, നിന്നെ ഞാൻ-മൂസാ-മാരണം പിണഞ്ഞ ഒരുവനാണെന്ന് വിചാരിക്കുന്നു.''

وَلَقَدْ ءَاتَيْنَا مُوسَىٰ تِسْعَ ءَايَٰتٍۭ بَيِّنَٰتٍ ۖ فَسْـَٔلْ بَنِىٓ إِسْرَٰٓءِيلَ إِذْ جَآءَهُمْ فَقَالَ لَهُۥ فِرْعَوْنُ إِنِّى لَأَظُنُّكَ يَٰمُوسَىٰ مَسْحُورًا ﴿١٠١﴾

മൂസാ(അ) നബിയുടെ കൈക്ക് വെളിപെട്ട പല അത്ഭുത ദൃഷ്ടാന്തങ്ങളും ഖുർആനിൽ വിവരിക്കപെട്ടിട്ടുണ്ട്. അവയിൽ 'ഒമ്പത് ദൃഷ്ടാന്തങ്ങൾ' എന്ന് പറഞ്ഞിരിക്കുന്നത് ഫിർഔനും കൂട്ടരും സമുദ്രത്തിൽ മുങ്ങി നശിക്കുന്നതിന് മുമ്പുണ്ടായ ഒമ്പതെണ്ണമാണ് ഇവിടെ ഉദ്ദേശമെന്ന് വ്യക്തമാകുന്നു. ഖുർആന്റെ പ്രസ്താവനകളോട് കൂടുതൽ യോജിക്കുന്ന ആ ഒമ്പത് ദൃഷ്ടാന്തങ്ങൾ ഇവയാകുന്നു. - മൂസാ(അ) നബിയുടെ വടി, അദ്ദേഹത്തിന്റെ കൈ, വരൾച്ച, ജലപ്രളയം, ഭക്ഷ്യക്ഷാമം, വെട്ട് കിളി, പേൻ, തവള, രക്തം എന്നിവ (സൂ: നംല് 10, 12; സൂ: അഅ്റാഫ്: 130, 133 എന്നിവിടങ്ങളിൽ നോക്കുക)

സ്പഷ്ടങ്ങളായ ആ ദൃഷ്ടാന്തങ്ങളെല്ലാം നേരിൽ കണ്ടറിഞ്ഞിട്ടും ഫിർഔനിൽ നിന്നുണ്ടായ പ്രതികരണം ഇപ്രകാരമായിരുന്നു -"മൂസാ, ഒരു മാരണം പിടിപെട്ട ഒരാളായിട്ടാണ് ഞാൻ നിന്നെ കരുതുന്നത് ."

**വചനം 102 :**

قَالَ لَقَدْ عَلِمْتَ مَآ أَنزَلَ هَٰٓؤُلَآءِ إِلَّا رَبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ بَصَآئِرَ وَإِنِّى لَأَظُنُّكَ يَٰفِرْعَوْنُ مَثْبُورًا ﴿١٠٢﴾

102 അദ്ദേഹം പറഞ്ഞു: '(ഫിർഔനേ) തീർച്ചയായും, നീ അറി (ഞ്ഞുകഴി)ഞ്ഞിട്ടുണ്ട്: ഉൾക്കാഴ്ച (നൽകുന്ന തെളിവു)കളായിക്കൊണ്ട് ആകാശങ്ങളുടെയും, ഭൂമിയുടെയും റബ്ബല്ലാതെ (മറ്റാരും) ഇവയെ ഇറക്കിയിട്ടില്ല എന്ന്. നിശ്ചയമായും ഞാൻ- ഫിർഔനേ-നിന്നെ ഒരു നാശം പിണഞ്ഞവനായി വിചാരിക്കുകതന്നെ ചെയ്യുന്നു''.

ഈ ദൃഷ്ടാന്തങ്ങളെല്ലാം അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്ന സത്യം നിനക്ക് തികച്ചും ബോദ്ധ്യപെട്ട് കഴിഞ്ഞിട്ടും, കൽപിച്ച് കൂട്ടി നീ നിഷേധത്തിൽ ശഠിച്ച് നിൽക്കുന്നത് നിന്റെ ഔദ്ധത്യം കൊണ്ട് മാത്രമാകുന്നു. അത് കൊണ്ട് നാശത്തിലേക്കാണ് നിന്റെ നീക്കം എന്ന് ഞാനിതാ നിന്നെ താക്കീത് ചെയ്യുന്നു- എന്ന് മൂസാ(അ) ഫിർ ഔനോട് മറുപടി പറഞ്ഞു.

**വചനം 103 104:**

فَأَرَادَ أَن يَسْتَفِزَّهُم مِّنَ ٱلْأَرْضِ فَأَغْرَقْنَٰهُ وَمَن مَّعَهُۥ جَمِيعًا ﴿١٠٣﴾

وَقُلْنَا مِنۢ بَعْدِهِۦ لِبَنِىٓ إِسْرَٰٓءِيلَ ٱسْكُنُوا۟ ٱلْأَرْضَ فَإِذَا جَآءَ وَعْدُ ٱلْءَاخِرَةِ جِئْنَا بِكُمْ لَفِيفًا ﴿١٠٤﴾

103 എന്നാൽ, അവൻ (ഫിർഔൻ) അവരെ (ഇസ്രാഈല്യരെ) ഭൂമിയിൽ (നാട്ടിൽ) നിന്ന് മിരട്ടി വിടുവാൻ ഉദ്ദേശിക്കയാണ് ചെയ്തത്; ആകയാൽ, അവനെയും, അവൻെറ കൂടെയുള്ളവരെയും മുഴുവനും നാം മുക്കിനശിപ്പിച്ചു.

104 അവൻെറ (നാശത്തിനു) ശേഷം ഇസ്രാഈൽ സന്തികളോട് നാം പറയുകയും ചെയ്തു: 'നിങ്ങൾ ഭൂമിയിൽ (നാട്ടിൽ)താമസിച്ചു കൊള്ളുവിൻ; അങ്ങനെ, പരലോകത്തിൻെറ വാഗ്ദത്തം (അഥവാ നിശ്ചയം) വന്നാൽ, നിങ്ങളെ നാം കൂട്ടമായി (ഒരുമിച്ചു) കൊണ്ടുവരുന്നതാണ്.''

ഈ മുന്നറിയിപ്പുകളെയെല്ലാം അവഗണിച്ച് കൊണ്ട് മർദ്ദിച്ചും കൊന്നൊടുക്കിയും, ഇസ്രാ ഈല്യരെ ആ നാട്ടിൽ നിന്നും തുരത്താനാണ് ഫിർഔൻ ഉദ്ദേശിച്ചത് - എന്നാൽ അല്ലാഹു, അവനെയും അവന്റെ ആൾക്കാരെയും സമുദ്രത്തിൽ മുക്കി നശിപ്പിക്കുകയും ഇസ്രാഈല്യരെ പരിശുദ്ധ ഭൂമിയായ ഫലസ്തീനിൽ സസുഖം കുടിയിരുത്തുകയും ചെയ്തു. ഖിയാമത്ത് നാൾ വന്നാൽ, നിങ്ങളും നിങ്ങളുടെ ശത്രുക്കളുമടക്കം എല്ലാവരെയും ഒരുമിച്ച് കൂട്ടുകയും, തക്ക നടപടി എടുക്കുകയും ചെയ്യുമെന്ന് അല്ലാഹു അവരെ അറിയിക്കുകയും ചെയ്തു .

**വചനം 105, 106 :**

وَبِٱلْحَقِّ أَنزَلْنَٰهُ وَبِٱلْحَقِّ نَزَلَ ۗ وَمَآ أَرْسَلْنَٰكَ إِلَّا مُبَشِّرًا وَنَذِيرًا ﴿١٠٥﴾

105 യഥാർത്ഥമനുസരിച്ചുതന്നെ നാം ഇതിനെ (ഖുർആനെ) അവതരിപ്പിച്ചിരിക്കുന്നു; യഥാർത്ഥ പ്രകാരം തന്നെ ഇത് അവതരിക്കുകയും ചെയ്തിരിക്കുന്നു. (നബിയേ) സന്തോഷവാർത്ത

അറിയിക്കുന്നവനും, താക്കീതുകാരനുമായി ട്ടല്ലാതെ നിന്നെ നാം അയച്ചിട്ടുമില്ല.

106 ഖുർആനെയാകട്ടെ, നാം അതിനെ വേർതിരി (ച്ചു വിശദീകരി)ക്കുകയും ചെയ്തിരിക്കുന്നു; അതിനെ നീ മനുഷ്യർക്ക് താമസത്തോടെ (സാവധാനത്തിൽ) ഓതിക്കൊടുക്കുവാൻ വേണ്ടി. അതിനെ നാം ഒരു (ക്രമേണയായ) ഇറക്കൽ ഇറക്കുകയും ചെയ്തിരിക്കുന്നു.

وَقُرْءَانًا فَرَقْنَٰهُ لِتَقْرَأَهُۥ عَلَى ٱلنَّاسِ عَلَىٰ مُكْثٍ وَنَزَّلْنَٰهُ تَنزِيلًا ﴿١٠٦﴾

ഈ വിശുദ്ധ ഖുർആൻനെ അല്ലാഹു അവതരിപ്പിച്ചതും അത് അവതരിച്ചതും യഥാർത്ഥ പ്രകാരം തന്നെ. സത്യയാഥാർത്ഥ്യങ്ങൾ, ന്യായയുക്തമായ തെളിവുകൾ, സനാതന തത്വങ്ങൾ, എന്നിവയെല്ലാം ഉൾപെടുത്തി, യാതൊരു കൃത്രിമമൊ, ഏറ്റക്കുറവൊ കൂടാതെ യഥാർത്ഥ രൂപത്തിൽ സുരക്ഷിതമായി തന്നെ അത് നബി(സ) യിലേക്ക് അവതരിക്കപെടുകയും ചെയ്തിരിക്കുന്നു. അതിലെ സന്ദേശങ്ങൾ അനുസരിക്കുന്നവർക്കുണ്ടാകുന്ന സദ്ഫലങ്ങളെക്കുറിച്ചുള്ള സന്തോഷവാർത്ത അറിയിക്കുക, അവ ധിക്കരിക്കുന്നവർക്കുണ്ടാകുന്ന ഭവിഷ്യത്തു ക്കളെക്കുറിച്ച് താക്കീത് നൽകുക -ഇത് മാത്രമെ നബി(സ)യോട് കൽപിക്കപെട്ടിട്ടുള്ളൂ. അത് ആരുടെയും മേൽ അടിച്ചേൽപിക്കാൻ നബി(സ) യോട് നിർദ്ദേശിക്കപെട്ടിട്ടില്ല. ഓരോ കാര്യവും വിശദമായി വേർ തിരിച്ച് ഖുർആനിൽ വിവരിക്കപെട്ടിരിക്കുന്നു. സന്ദർഭവവും ആവശ്യവും അനുസരിച്ച് സാവധാനത്തിൽ ജനങ്ങൾക്ക് ഓതിക്കൊടുക്കു വാനായി കുറേശ്ശെ കുറേശ്ശെ ഗഡുക്കളയിട്ടാണ് അല്ലാഹു അതിനെ അവതരിപ്പിച്ചിരിക്കുന്നതും.

**വചനം 107, 108 109 :**

107 (നബിയേ) പറയുക: 'നിങ്ങൾ ഇതിൽ വിശ്വസി ച്ചുകൊള്ളുക, അല്ലെങ്കിൽ വിശ്വസിക്കാതിരിക്കു ക! (രണ്ടായാലും ഖുർആനെ സംബന്ധിച്ചിട ത്തോളം ഒരുപോലെയാണ്.) നിശ്ചയമായും, ഇതിനുമുമ്പ് അറിവ് നൽകപ്പെട്ടിട്ടുള്ളവർ, അവർ ക്കത് ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ, അവർ താടി കുത്തി 'സുജൂദ്' (സാഷ്ടാംഗ നമസ്കാ രം) ചെയ്തുകൊണ്ട് നിലംപതിക്കുന്നതാണ്.

قُلْ ءَامِنُوا۟ بِهِۦٓ أَوْ لَا تُؤْمِنُوٓا۟ ۚ إِنَّ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ مِن قَبْلِهِۦٓ إِذَا يُتْلَىٰ عَلَيْهِمْ يَخِرُّونَ لِلْأَذْقَانِ سُجَّدًا ﴿١٠٧﴾

108 അവർ പറയുകയും ചെയ്യും: "ഞങ്ങളുടെ റബ്ബ് മഹാ പരിശുദ്ധൻ! (അവനെ ഞങ്ങൾ വാഴ്ത്തു ന്നു.) നിശ്ചയമായും, ഞങ്ങളുടെ റബ്ബിൻെറ വാഗ്ദാനം പ്രവർത്തനത്തിൽ വരുത്തപ്പെടുന്നത് തന്നെയാകുന്നു."

وَيَقُولُونَ سُبْحَٰنَ رَبِّنَآ إِن كَانَ وَعْدُ رَبِّنَا لَمَفْعُولًا ﴿١٠٨﴾

109 അവർ കരഞ്ഞുകൊണ്ട് താടികുത്തി നിലം പതിക്കുകയും, അതവർക്ക് ഭക്തിയെ വർദ്ധി പ്പിക്കുകയും ചെയ്യും.

وَيَخِرُّونَ لِلْأَذْقَانِ يَبْكُونَ وَيَزِيدُهُمْ خُشُوعًا ۩ ﴿١٠٩﴾

ഓത്തിന്റെ സൂജൂദ് ചെയ്യേണ്ടുന്ന ആയത്തുകളിൽ ഒന്നാകുന്നു 107ാം വചനം

ആ അവിശ്വാസികളോട് ഇപ്രകാരം പറയുവാൻ അല്ലാഹു കൽപിക്കുന്നു: നിങ്ങൾ ഈ ഖുർആനിൽ വേണമെങ്കിൽ വിശ്വസിച്ച് കൊള്ളുക; അല്ലെങ്കിൽ വിശ്വസിക്കാതിരിക്കുക - രണ്ടായാലും അതിന്റെ ഫലം നിങ്ങൾക്ക് തന്നെ. ഖുർആന് നിങ്ങളുടെ നിലപാട് കൊണ്ട് ഒരു മേന്മയൊ, ന്യൂനതയൊ ഉണ്ടാകൻ പോകുന്നില്ല. വേദഗ്രന്ഥ ങ്ങളെക്കുറിച്ച് നേരത്തെ അറിവ് നൽകപെട്ടിട്ടുള്ള വേദക്കാരായ സത്യവാന്മാരായ ആളുകൾക്ക് അത് ഓതി കേൾപി ക്കപെട്ടാൽ, മുൻ വേദഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ട ആ റസൂലാണ് ഇതെന്നും, അദ്ദേഹം മുഖേന അല്ലാഹു അവ തരിപ്പിച്ച ഗ്രന്ഥമാണ് ഖുർആനെന്നും അവർക്ക് മനസ്സിലാകും - അങ്ങനെ അത് കേൾക്കുമ്പോൾ ഭക്തി വിനയം നിമിത്തം അവർ മുഖം കുത്തി നിലം പതിക്കുകയും, അല്ലാഹുവിന് സ്തോത്ര കീർത്തനം ചെയ്ത് കൊണ്ടും കരഞ്ഞ് കൊണ്ടും, അവന് സാഷ്ടാംഗ നമസ്ക്കാരം നിർവ്വഹിക്കുകയും ചെയ്യും.

അല്ലാഹുവിന്റെ വചനങ്ങൾ കേൾക്കുമ്പോൾ ഭക്തിവിനയം പ്രകടിപ്പിക്കലും കണ്ണ് നീരൊഴുക്കി കരയലും സദ്വൃത്തരായ ജനങ്ങളുടെ ലക്ഷണമത്രെ. ഒരു ഹദീസിൽ നബി(സ) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

"അല്ലാഹുവിനെ ഭയപെട്ടത് നിമിത്തം കരയുന്ന മനുഷ്യൻ (മൃഗത്തിന്റെ) പാൽ അകിട്ടിലേക്ക് മടങ്ങി പോകുന്നത് വരെ നരകത്തിൽ പ്രവേശിക്കുകയില്ല. അല്ലാഹുവിന്റെ മാർഗ്ഗത്തിലെ പൊടിയും, നരകത്തിന്റെ പുകയും ഒരുമിച്ച് കൂടുകയില്ല". - തി, ന, മു

**വചനം 110:**

قُلِ ٱدْعُوا۟ ٱللَّهَ أَوِ ٱدْعُوا۟ ٱلرَّحْمَٰنَ ۖ أَيًّا مَّا تَدْعُوا۟ فَلَهُ ٱلْأَسْمَآءُ ٱلْحُسْنَىٰ ۚ وَلَا تَجْهَرْ بِصَلَاتِكَ وَلَا تُخَافِتْ بِهَا وَٱبْتَغِ بَيْنَ ذَٰلِكَ سَبِيلًا ﴿١١٠﴾

110 (നബിയേ) പറയുക: നിങ്ങൾ 'അല്ലാഹു' എന്ന് വിളിച്ചുകൊള്ളുക, അല്ലെങ്കിൽ 'റഹ്മാൻ' എന്ന് വിളിച്ചു കൊള്ളുക. ഏതുതന്നെ നിങ്ങൾ വിളിക്കുന്നതായാലും (നല്ലതുതന്നെ; കാരണം) അവന് ഏറ്റം നല്ല (ഉൽകൃഷ്ട) നാമങ്ങളുണ്ട്. നിൻെറ നമസ്കാരത്തെ നീ ഉറക്കെയാക്കരുത്; അതിനെ നീ പതുക്കെയുമാക്കരുത്; -അതിന് (രണ്ടിന്നും) ഇടയിൽ ഒരു മാർഗ്ഗം നീ തേടുകയും ചെയ്യുക.

രണ്ട് കാര്യങ്ങളാണ് ഈ വചനത്തിൽ അല്ലാഹു പഠിപ്പിക്കുന്നത്: (1) അല്ലാഹുവിനെ വിളിച്ച് പ്ര്ാർത്ഥിക്കുമ്പോൾ 'അല്ലാഹു' എന്നോ 'റഹ്മാൻ' (പരമകകാരുണികൻ) എന്നോ വിളിക്കാം - രണ്ടായാലും നല്ലത് തന്നെ. വേറെയും പല ഉൽകൃഷ്ട നാമങ്ങളും അവന് ഉണ്ട് -അവയിൽ ഏത് നാമം ഉപയോഗിക്കുന്നതിനും വിരോധമില്ല സൂ:അഅ്റാഫ്:180 സൂ: ഹശ്ർ : 24 എന്നിവിടങ്ങളിൽ നോക്കുക

(2) നമസ്ക്കാരം - അതിലെ ഖുർആൻ പാരായണം, പ്രാർത്ഥന, ദിക്ർ എന്നിവ-അധികം ഉച്ചത്തിലൊ വളരെ പതുക്കയൊ അല്ലാതെ, രണ്ടിനും മദ്ധ്യേ മിതമായ ഒരു ശബ്ദത്തിലായിരിക്കേണ്ടതാണ്.

നമസ്ക്കാരത്തിൽ നബി(സ) 'അല്ലാഹുവേ' എന്നും 'റഹ്മാനേ' എന്നും ഉച്ചരിക്കുന്നത് കേട്ട മുശ്രിക്കുകൾ, ഒരു ദൈവത്തെ മാത്രം വിളിച്ച് പ്രാർത്ഥിക്കുവാൻ കൽപിക്കുന്ന ആൾ രണ്ട് ദൈവങ്ങളെ വിളിച്ച് പ്രാർത്ഥിക്കുന്നുവെന്ന് നബി(സ) യെ ആക്ഷേപിക്കുകയുണ്ടായി. അതേ തുടർന്ന് ഈ വചനം അവതരിക്കപെടുകയുണ്ടായി എന്ന് ഇബ്നു ജരീർ(റ) മുതലായ പലരും രിവായത്ത് ചെയ്തിരിക്കുന്നു.

യമാമയിലെ കള്ള പ്രവാചകനായിരുന്ന മുസൈലമത്തുൽ കദ്ദാബിന് 'യമാമയിലെ റഹ്മാൻ' എന്ന് അയാളുടെ അനുയായികൾ പറയപെട്ടിരുന്നത് കൊണ്ട്, അവനെയാണ് നബി(സ) 'റഹ്മാനേ' എന്ന് വിളിക്കുന്നതെന്നും മുശ്രിക്കുകൾ ആക്ഷേപിച്ചിരുന്നു.

തൌറാത്തിൽ 'റഹ്മാൻ'എന്ന് അല്ലാഹുവിനെക്കുറിച്ച് ധാരാളം പ്രസ്താവിച്ചിട്ടുണ്ടെന്നും, നബി(സ) ആ പേർ വളരെ കുറച്ചെ പറയാറുള്ളൂവെന്നും, വേദക്കാർ പറഞ്ഞുവെന്നും, അപ്പോൾ ഈ വചനം അവതരിച്ചുവെന്നും ള്വാഹ് -ഹാക്(റ) പ്രസ്താവിച്ചതായി നിവേദനം ചെയ്യപെട്ടിരിക്കുന്നു.

മക്കയിൽ നബി(സ) നമസ്ക്കാരം രഹസ്യമായി നടത്തിയിരുന്ന കാലത്തു സഹാബികൾക്ക് കേൾക്കാനായി ഖുർആൻ ഉറക്കെ ഓതുമായിരുന്നു. അത് കേട്ടിരുന്ന മുശ്രിക്കുകൾ ഖുർആനെയും അല്ലാഹുവിനെയും നബി(സ)യെയും പഴിക്കുക പതിവായിരുന്നു. അതൊഴിവാക്കാൻ, ഖുർആൻ പാരായണം ഉറക്കെയാക്കരുതെന്നും എന്നാൽ സ്വഹാബികൾക്ക് കേട്ട് പഠിക്കേണ്ടതുണ്ടെന്നതിനാൽ പാരായണം തീർത്തും പതുക്കെയാക്കരുതെന്നും ഉള്ള ഈ വചനം അവതരിച്ചുവെന്ന് ബുഖാരി. മുസ്ലിം, അഹമ്മദ് (റ) എന്നിവർ ഇബ്നു അബ്ബാസ്(റ)യിൽ നിന്നും രിവായത്ത് ചെയ്തിരിക്കുന്നു.

അബുബക്കർ(റ) "ഞാൻ എന്റെ റബ്ബുമായി സ്വകാര്യ സംഭാഷണം നടത്തുകയാണു"എന്ന് വിശദീകരിച്ച് കൊണ്ട്, നമസ്ക്കാരത്തിൽ ശബ്ദം താഴ്ത്തുമായിരുന്നു. ഉമർ (റ) ആകട്ടെ "ഞാൻ പിശാചിനെ ആട്ടുകയും, ഉറങ്ങിത്തൂങ്ങുന്നവരെ ഉണർത്തുകയും ചെയ്യുകയാണ്" എന്ന് പറഞ്ഞു കൊണ്ട്, ശബ്ദം ഉയർത്തുകയും ചെയ്തിരുന്നു. എന്നാൽ ഈ വചനം അവതരിച്ചതിന് ശേഷം അബുബക്കർ(റ)നോട് ശബ്ദം അൽപം ഉയർത്തണമെന്നും, ഉമർ(റ)നോട് അൽപം താഴ്ത്തണമെന്നും നിർദ്ദേശിക്കപെട്ടു. നമസ്ക്കാരത്തിലല്ലാതെയുള്ള എല്ലാ ദിക്റുകളിലും ദുആകളിലും ഒക്കെ ഇത് പോലെ മിതമായ ഒരു നില കൈകൊള്ളേണ്ടതാകുന്നു.

അല്ലാഹുവിന്റെ ഉൽകൃഷ്ട നാമങ്ങളിൽ ഖുർആനിൽ ഏറ്റവും പ്രഥമ സ്ഥാനം നൽകപെട്ടിരിക്കുന്നത് റഹ്മാൻ (പരമകാരുണികൻ) എന്ന നാമത്തിനാകുന്നു. അല്ലാഹുവിന്റെ അതി മഹത്തായ കാരുണ്യത്തെയാണല്ലൊ അത് സൂചിപ്പിക്കുന്നത്. ഈ നാമം വേദക്കാർക്കിടയിൽ സുപരിചിതമായിരുന്നു. തൌറാത്തിൽ 'റഹ്മാൻ' എന്ന് അല്ലാഹുവിനെക്കുറിച്ച് ധാരാളം പരാമർശിക്കപെട്ടിട്ടുണ്ട്. കൂടാതെ. സൂ: ത്വാഹാ : 90 ; സൂ: നംല്: 30; സൂ:

മര്‍യം : 26 എന്നീ ഇസ്രാ ഈൗല്യരുമായി ബന്ധപ്പെട്ട ചരിത്രവിവരണങ്ങളില്‍ 'റഹ്മാന്‍' എന്ന വിശേഷണം ധാരാളം പറയപെട്ടിട്ടുണ്ട്. നിലവിലുള്ള ബൈബിളിലും അല്ലാഹു സ്നേഹവും കൃപയുമുള്ളവനാണെന്ന് പലയിടങ്ങളിലും വിശേഷിപ്പിച്ച് കാണാം.

എന്നാല്‍ മക്കാ മുശ്‌രിക്കുകള്‍ക്കിടയില്‍ അല്ലാഹുവിനെകുറിച്ച് 'റഹ്മാന്‍'എന്ന് ഉപയോഗിക്കുക പതിവുണ്ടായിരുന്നില്ല. "റഹ്മാനിന് നിങ്ങള്‍ സുജൂദ് ചെയ്യുവിന്‍" എന്ന് അവരോട് പറയപെട്ടാല്‍ "എന്താണ് റഹ്മാന്‍ എന്ന് അവര്‍ ചോദിക്കുമായിരുന്നു എന്ന് സൂ: ഫുര്‍ഖാന്‍:60 ല്‍ കാണാം. ഹുദൈബിയാ സന്ധീ പത്രത്തില്‍ **بسم الله الرحمن الرحيم** എന്ന് എഴുതുവാന്‍ നബി(സ) ആവശ്യപെട്ടപ്പോള്‍ "ഞങ്ങള്‍ക്ക് റഹ്മാനും റഹീമും അറിയുകയില്ല" എന്നവര്‍ പറയുകയും **بسمك اللّهمّ** (അല്ലാഹുവേ നിന്റെ നാമത്തില്‍) എന്ന് എഴുതണമെന്ന് ശഠിക്കുകയും ചെയ്തു. 'റഹ്മാന്‍'എന്ന് അവര്‍ പതിവായി ഉപയോഗിക്കാറില്ലായിരുന്നുവെങ്കിലും, അതവര്‍ക്ക് അപരിചിതമായിരുന്നില്ല എന്ന് സൂ: സുഖ് റുഫ്: 20-ാം വചനത്തില്‍ നിന്ന് മനസ്സിലാക്കാം. നബി(സ)യെ ആക്ഷേപിക്കുവാനും എതിര്‍ക്കാനുമുള്ള വെമ്പല്‍ കാരണം മാത്രമായിരുന്നു അവര്‍ 'റഹ്മാന്‍' എന്ന പ്രയോഗത്തെ ആക്ഷേപിച്ചത്.

**വചനം 111 :**

وَقُلِ ٱلْحَمْدُ لِلَّهِ ٱلَّذِى لَمْ يَتَّخِذْ وَلَدًا وَلَمْ يَكُن لَّهُۥ شَرِيكٌ فِى ٱلْمُلْكِ وَلَمْ يَكُن لَّهُۥ وَلِىٌّ مِّنَ ٱلذُّلِّ ۖ وَكَبِّرْهُ تَكْبِيرًا ﴿١١١﴾

111 നീ പറയുകയും ചെയ്യുക: 'യാതൊരു അല്ലാഹുവിനത്രെ സ്തുതി (മുഴുവനും)! അവന്‍ ഒരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല; രാജാധികാരത്തില്‍ അവന് ഒരു പങ്കാളിയും ഇല്ല; എളിമ (ദൗര്‍ബ്ബല്യം) നിമിത്തം അവന് ഒരു ബന്ധുവും ഇല്ല. (അങ്ങിനെയുള്ള അല്ലാഹുവിനത്രെ സ്തുതി)അവനെ നീ ഒരു (പരിപൂര്‍ണ്ണമായ) മഹത്വപ്പെടുത്തല്‍ മഹത്വപ്പെടുത്തുകയും ചെയ്യുക! (അവന്‍െറ മഹത്വത്തെ പരിപൂര്‍ണ്ണമായി കീര്‍ത്തനം ചെയ്കയും ചെയുക.)

'തസ്ബീഹ്' (സ്തോത്രകീര്‍ത്തനം) കൊണ്ട് ആരംഭിച്ച ഈ സൂറതത് 'ഹംദും' (സ്തുതി കീര്‍ത്തനവും) തക്ബീറും (മഹത്വകീര്‍ത്തനവും) കൊണ്ട് അല്ലാഹു അവസാനിപ്പിക്കുന്നു. ഈ വചനത്തില്‍ തൌഹീദിന്റെ മര്‍മ്മ പ്രധാനവും, അവന്റെ മഹത്വത്തിനും പരിശുദ്ധിക്കും നിദാനവുമായിരിക്കുന്ന മൂന്ന് യഥാര്‍ത്ഥ്യങ്ങള്‍ അല്ലാഹു ഓര്‍മ്മിപ്പിക്കുന്നു:

(1) അവന്‍ ഒരു സന്താനത്തേയും സ്വീകരിച്ചിട്ടില്ല: യഹൂദികള്‍ ഉസൈര്‍(അ) നെയും കൃസ്ത്യാനികള്‍ ഈസാ(അ) നെയും മുശ്‌രിക്കുകള്‍ മലക്കുകളേയും അല്ലാഹുവിന്റെ സന്താനങ്ങളായി പരിഗണിക്കുന്നു, ഇങ്ങനെയുള്ള എല്ലാ തരം സന്താന വാദങ്ങളില്‍ നിന്നും അവന്‍ പരിശുദ്ധനത്രെ.

(2) രാജാധികാരത്തില്‍ അവന് യാതൊരു പങ്കാളികളുമില്ല: അവന്റെ അധികാരാവകാശകാര്യങ്ങളിലും കൈകാര്യ നടത്തിപ്പിലും, നാമമാത്രമായ ഒരു പങ്ക് പോലും ആര്‍ക്കുമില്ല.

(3) എളിമ നിമിത്തം അവന് ഒരു ബന്ധുവും ഇല്ല – അതായത് അവന്റെ ഏതെങ്കിലും ദൗര്‍ബ്ബല്ല്യമോ, പോരായ്മകളൊ കാരണത്താല്‍ അവന് ബന്ധുമിത്രാദികളൊ സഖികളൊ സഹായികളൊ ആയി ആരുമില്ല തന്നെ. അതെ: "അല്ലാഹു ഏകനാകുന്നു, അവന്‍ സര്‍വ്വരാലും ആശ്രയിക്കപെടുന്ന യജമാനനത്രെ. അവന്‍ സന്താനം ജനിപ്പിച്ചിട്ടില്ല. അവന്‍ ജനിച്ചുണ്ടായിട്ടുമില്ല. അവന് തുല്യനായി ഒരുവനുമില്ല" (സൂ: ഇഖ്‌ലാസ്).

# 18 സൂറത്തുൽ കഹ്ഫ് (ഗുഹ)

**മക്കായിൽ അവതരിച്ചത്**

വചനങ്ങൾ: 110, വിഭാഗം (റുക്കൂഅ്) 12

'കഹ്ഫ് 'എന്നാൽ ഗുഹ എന്നർത്ഥം. 9 മുതൽ 26 കൂടിയുള്ള വചനങ്ങളിൽ ഗുഹയിൽ അഭയം തേടിയ വിശ്വാസികളായ ഒരു കൂട്ടം യുവാക്കളെ സംബന്ധിച്ച് വിവരിക്കുന്നതിനാലാണ് ഈ അദ്ധ്യായത്തിന് സൂറത്തുൽ കഹ്ഫ് എന്ന പേര് ലഭിക്കാനിടയായത്. താഴെ കാണുന്ന നബി വചനങ്ങൾ ഈ സൂറത്തിന്റെ പ്രത്യേകത വിവരിക്കുന്നു.

" ആരെങ്കിലും സൂ : കഹ്ഫിന്റെ ആദ്യത്തിൽ നിന്ന് പത്ത് വചനങ്ങൾ പഠിച്ചാൽ അല്ലെങ്കിൽ ഓതിയാൽ അവൻ ദജ്ജാലിൽ നിന്ന് രക്ഷപ്പെടുന്നതാണ്." - അബൂ ദാവൂദ്, നസാഈ, തിർമദി(റ)

" ജുമുഅ ദിവസം സൂ : കഹ്ഫ് ഓതുന്നവന് രണ്ട് ജുമുആയുടെയും ഇടയിലുള്ള കാലം പ്രകാശത്താൽ പ്രശോഭിതമായിരിക്കുന്നതാണ്." - ഹാകിം, ബൈഹഖി(റ).

## വിഭാഗം 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1 2 3 4 5 6 :**

1 അല്ലാഹുവിന് സർവ്വസ്തുതിയും!- തന്റെ അടിയാന്റെ മേൽ വേദഗ്രന്ഥം- അതിന് യാതൊരു വക്രതയും ഉണ്ടാക്കാത്ത (വരുത്താത്ത) നിലയിൽ അവതരിപ്പിച്ചവനത്രെ (അവൻ).

2 അതായത്: ചൊവ്വായനിലയിൽ (ആക്കിയിരിക്കുന്നു); അവങ്കൽ നിന്നുള്ള കഠിനമായ ശിക്ഷയെക്കുറിച്ച് (പൊതുവിൽ) താക്കീത് നൽകുവാനും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികളെ-നല്ലതായ പ്രതിഫലം അവർക്കുണ്ടെന്ന്-സുവിശേഷം അറിയിക്കുവാനും വേണ്ടിയാകുന്നു (അതവതരിപ്പിച്ചത്);

3 അവർ അതിൽ (പ്രതിഫലത്തിൽ) എന്നെന്നും കഴിഞ്ഞുകൂടുന്ന നിലയിൽ.

4 അല്ലാഹു സന്താനം സ്വീകരിച്ചിട്ടുണ്ടെന്ന് പറയുന്നവരെ(പ്രത്യേകം) താക്കീത് ചെയ്യാൻ വേണ്ടിയുമാകുന്നു (അവതരിപ്പിച്ചത്).

5 അവർക്കാകട്ടെ, അവരുടെ പിതാക്കൾക്കാകട്ടെ, അതിനെക്കുറിച്ച് യാതൊരു അറിവുമില്ല. അവരുടെ വായകളിൽ നിന്ന് പുറത്തുവരുന്ന (ആ) വാക്ക് വമ്പിച്ചതു തന്നെ! അവർ കളവല്ലാതെ പറയുന്നില്ല.

6 ഈ വിഷയത്തിൽ (ഖുർആനിൽ) അവർ വിശ്വസിക്കാതിരിക്കുന്ന പക്ഷം, നീ അവരുടെ പിന്നാലെ ദുഃഖിച്ച് നിന്റെ ജീവൻ അപകടപ്പെടുത്തുന്നവനായേക്കാം!

ٱلْحَمْدُ لِلَّهِ ٱلَّذِىٓ أَنزَلَ عَلَىٰ عَبْدِهِ ٱلْكِتَـٰبَ وَلَمْ يَجْعَل لَّهُۥ عِوَجَا ۜ ﴿١﴾

قَيِّمًا لِّيُنذِرَ بَأْسًا شَدِيدًا مِّن لَّدُنْهُ وَيُبَشِّرَ ٱلْمُؤْمِنِينَ ٱلَّذِينَ يَعْمَلُونَ ٱلصَّـٰلِحَـٰتِ أَنَّ لَهُمْ أَجْرًا حَسَنًا ﴿٢﴾

مَّـٰكِثِينَ فِيهِ أَبَدًا ﴿٣﴾

وَيُنذِرَ ٱلَّذِينَ قَالُوا۟ ٱتَّخَذَ ٱللَّهُ وَلَدًا ﴿٤﴾

مَّا لَهُم بِهِۦ مِنْ عِلْمٍ وَلَا لِـَٔابَآئِهِمْ ۚ كَبُرَتْ كَلِمَةً تَخْرُجُ مِنْ أَفْوَٰهِهِمْ ۚ إِن يَقُولُونَ إِلَّا كَذِبًا ﴿٥﴾

فَلَعَلَّكَ بَـٰخِعٌ نَّفْسَكَ عَلَىٰٓ ءَاثَـٰرِهِمْ إِن لَّمْ يُؤْمِنُوا۟ بِهَـٰذَا ٱلْحَدِيثِ أَسَفًا ﴿٦﴾

الحمد لله എന്ന സ്തുതിവാക്യം കൊണ്ട് ആരംഭിക്കുന്ന അഞ്ച് സൂറത്തുകളിൽ ഒന്നാകുന്നു ഇത്. സൂ: ഫാതിഹ, സൂ: അൻആം, സൂ: സബഅ്, സൂ: ഫാത്വിർ എന്നിവയാകുന്നു മറ്റ് നാല് സൂറത്തുകൾ.

തന്റെ അടിയാന്റെ മേൽ അല്ലാഹു അവതരിപ്പിച്ച ഈ വിശുദ്ധ ഖുർആനിന്റെ വാക്കുകളിലോ, ഉദ്ദേശ്യങ്ങളിലോ, തത്വങ്ങളിലോ, യാതൊരു വക്രതയുമില്ല തന്നെ. വചനങ്ങളിൽ വെച്ച് ഏറ്റവും ഋജുവായ വചനം അതാകുന്നു, മാനുഷിക കുലത്തിന്റെ ഐഹികവും പാരത്രികവുമായ വിജയങ്ങൾക്ക് നിദാനമായ ആ പരിശുദ്ധ ഗ്രന്ഥം നബി(സ) തിരുമേനിയുടെ മേൽ അവതരിപ്പിച്ചതിന്റെ പേരിൽ അല്ലാഹു അവനെ തന്നെ സ്തുതിക്കുകയും ചെയ്യുന്നു.

തുടർന്ന്, ഖുർആന്റെ അവതരണ ദൗത്യം അല്ലാഹു വ്യക്തമാക്കുന്നു. സത്യനിഷേധവും ദുഷ്കർമ്മങ്ങളും കൈകൊള്ളുന്നവർക്കുള്ള കഠിന ശിക്ഷയെ കുറിച്ചുള്ള താക്കീത് നൽകുകയും, സത്യവിശ്വാസവും സൽകർമ്മങ്ങളും കൈകൊള്ളുന്നവർക്കുണ്ടാകുന്ന സദ്ഫലങ്ങളെകുറിച്ച് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക എന്നതാകുന്നു ഖുർആന്റെ അവതരണോദ്ദേശ്യം. ഈ രണ്ട് മാർഗ്ഗങ്ങളിൽ ഖുർആൻ കൂടുതൽ പ്രാധാന്യം നൽകുന്നത്, ശിക്ഷയെ കുറിച്ച് താക്കീത് നൽകുന്നതിനാകുന്നു. പലപ്പോഴും ഖുർആനിൽ നബിമാരെ കുറിച്ച് "താക്കീത് നൽകുന്നവൻ" എന്ന് പ്രയോഗിച്ച് കാണുന്നത് അത്കൊണ്ടാകുന്നു. "എഴുന്നേൽക്കുക, എന്നിട്ട് ജനങ്ങളെ താക്കീത് ചെയ്യുക " [74:2 ] " നിന്റെ അടുത്ത ബന്ധുക്കളെ താക്കീത് ചെയ്യുക " [26:214] എന്നീ വചനങ്ങൾ ശ്രദ്ധിക്കുക. " നിങ്ങൾക്ക് താക്കീതുകാരൻ വന്നിരുന്നില്ലേ " എന്ന് നരകവാസികളോട് മലക്കുകൾ ചോദിക്കുന്നതായി സൂ : മുൽക്ക് 8-ാം വചനത്തിൽ കാണാവുന്നതാണ്.

കഠിന ശിക്ഷയെ കുറിച്ച് പൊതുവായ ഒരു താക്കീതിന് ശേഷം അല്ലാഹുവിന് മക്കളുണ്ടെന്ന് പറയുന്നവർക്കുള്ള ഒരു പ്രത്യേക താക്കീതും അല്ലാഹു ആവർത്തിക്കുന്നു. ഉസൈർ(അ) ദൈവപുത്രനാണെന്ന് ജൂതൻമാരും ഈസാനബി(അ) ദൈവപുത്രനാണെന്ന് കൃസ്ത്യാനികളും മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് മുശ്രിക്കുകളും വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. നിന്ദ്യവും നികൃഷ്ടവുമായ ഇത്തരം അസത്യങ്ങൾ അല്ലാഹുവിന്റെ പേരിൽ കെട്ടിയുണ്ടാക്കുന്നവരെ അല്ലാഹു കഠിന ശിക്ഷയെ കുറിച്ച് പ്രത്യേകം താക്കീത് ചെയ്യുന്നു. അത്യുൽകൃഷ്ടനും മഹാപരിശുദ്ധനുമായ പ്രപഞ്ച കർത്താവിന്റെ പേരിൽ ഇത്തരം അപവാദങ്ങൾ പറഞ്ഞുണ്ടാക്കുന്നവർ അങ്ങേയറ്റം വഴികേടിലാകുന്നു. അവരുടെ വായകളിൽ നിന്ന് പുറത്ത് വരുന്ന ആ വാക്ക് അതിഭയങ്കരം തന്നെ. വെറും പരമ്പരാഗതമായ ജല്പനങ്ങൾ നടത്തുന്ന അവർക്കോ അവരുടെ പിതാക്കൾക്കോ അവർ പറയുന്നതിനെ പറ്റി യാതൊരു അറിവുമില്ല താനും.

അവിശ്വാസികളുടെ നിഷേധവും ധിക്കാരവും മൂർദ്ധന്യത്തിലെത്തിയപ്പോൾ നബി(സ)യുടെ ഹൃദയം അപാരമായ വ്യസനത്താൽ തിങ്ങിവിങ്ങികൊണ്ടിരുന്നു. സുവ്യക്തവും അനിഷേധ്യവുമായ തെളിവുകൾ പോലും ജനങ്ങൾ കണ്ണടച്ച് നിഷേധിക്കുന്നത് കണ്ട് അവിടുത്തെ ഹൃദയം വെന്ത് നീറുകയായിരുന്നു. നബി(സ)യുടെ ഈ സ്ഥിതി വിശേഷത്തിന് ഖുർആനിൽ പലയിടത്തും സാക്ഷ്യങ്ങൾ കാണാം. 6-ാം വചനത്തിലൂടെ അല്ലാഹു നബി(സ)യെ ആശ്വസിപ്പിക്കുന്നു. "അവർ വിശ്വസിക്കാതിരിക്കുന്ന പക്ഷം നീ അവരുടെ പിന്നാലെ ദു:ഖിച്ച് ജീവൻ അപകടപ്പെടുത്തുന്നവനായേക്കാം " അത്രയ്ക്കും വലുതാണ് താങ്കളുടെ വ്യസനം. അവരെ കുറിച്ച് താങ്കൾ ദു:ഖിച്ചിരിക്കേണ്ടതില്ല, താങ്കൾ താങ്കളുടെ ദൗത്യം നിർവ്വഹിച്ചാൽ മതിയാകും. സൂ: തൗബ 128 , സൂ: റഅ്ദ് 40, സൂ:ഗാശിയ 21,22 എന്നിവിടങ്ങളിൽ നോക്കുക.

**വചനം 7,8 :**

7 നിശ്ചയമായും, ഭൂമുഖത്തുള്ളതിനെ നാം അതിനെ അലങ്കാരമാക്കിയിരിക്കുന്നു, അവരിൽ (മനുഷ്യരിൽ) ആരാണ് കൂടുതൽ കർമ്മം നല്ലവരെന്ന് പരീക്ഷിക്കുവാൻ വേണ്ടി.

إِنَّا جَعَلْنَا مَا عَلَى ٱلْأَرْضِ زِينَةً لَّهَا لِنَبْلُوَهُمْ أَيُّهُمْ أَحْسَنُ عَمَلًا ﴿٧﴾

8 അതിൻമേലുള്ളതിനെ നാം തന്നെ, തരിശായ വെൺഭൂമിയാക്കിക്കളയുന്നതുമാകുന്നു.

وَإِنَّا لَجَٰعِلُونَ مَا عَلَيْهَا صَعِيدًا جُرُزًا ﴿٨﴾

ജീവികൾ, സസ്യലതാദികൾ, ധാതു വസ്തുക്കൾ തുടങ്ങി ഈ ഭൂമിയിലുള്ളതെല്ലാം ഭൂമിക്ക് അലങ്കാരം നൽകുന്നവയാകുന്നു. മാത്രമല്ല അവയെല്ലാം മനുഷ്യന് യഥേഷ്ടം ഉപയോഗപ്പെടുത്തുകയും ചെയ്യാം. എന്നാൽ അതോടൊപ്പം അവയിലടങ്ങിയ യുക്തിരഹസ്യങ്ങളും തത്വസാരങ്ങളും മനസ്സിലാക്കി അവയുടെ സൃഷ്ടാവും നിയന്താവുമായ സർവ്വശക്തന്റെ സൃഷ്ടിമാഹാത്മ്യങ്ങളെ കുറിച്ച് ചിന്തിച്ച് അവനിൽ ഭയഭക്തി അർപ്പിക്കുന്നവർക്ക് പുണ്യഫലവും അശ്രദ്ധ കാണിക്കുന്നവർക്ക് ശിക്ഷയും അല്ലാഹു നൽകുന്നതാണ്. ഇവയിലെല്ലാം ഓരോ മനുഷ്യന്റെയും നിലപാടെന്തായിരിക്കുമെന്ന് പരീക്ഷണം നടത്തുവവാൻ കൂടിയാണ് അവ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

ഭൂമിയുടെ മുകളിലുള്ള എല്ലാറ്റിനെയും തരിശായ വെൺഭൂമിയാക്കുമെന്ന് പറഞ്ഞതിന്റെ സൂചന ലോകാവസാനത്തെകുറിച്ചാകുന്നു. സൂ: ത്വാഹാ 105,106,107 വചനങ്ങളിൽ സമാനമായ ഒരു വിവരണം കാണാവുന്നതാണ്.

## ഗുഹാവാസികൾ

## (أصحاب الكهف)

താഴെ 9 മുതൽ 26 കൂടിയുള്ള വചനങ്ങളിൽ 'അസ്ഹാബുൽ കഹ്ഫ് ' അഥവാ ' ഗുഹാവാസികൾ ' എന്നറിയപ്പെടുന്ന ഒരു കൂട്ടം സത്യവിശ്വാസികളെ പറ്റിയുള്ള വിവരണമാണുള്ളത്. ഇതിൽ നിന്നാണ് ഈ സൂറത്തിന് സൂ: അൽ കഹ്ഫ് എന്ന പേര് വന്നത്.

ഏകദേശം ബി.സി - 300 നോടടുത്ത കാലത്ത് 'ദഖ്‌യാനൂസ് ' എന്ന ബഹുദൈവ വിശ്വാസിയായ ഒരു രാജാവ് തന്റെ പ്രജകളെ വിഗ്രഹാരാധനക്ക് നിർബന്ധിച്ചു പോന്നു. നിർബന്ധത്തിന് വഴങ്ങാത്ത കുറച്ച് യുവാക്കൾ രാജാവിന്റെ മർദ്ദന മുറകളിൽനിന്നും രക്ഷപ്പെടുവാനായി, വിഗ്രഹാരാധനയുടെ പ്രചരണാർത്ഥം രാജാവ് ഒരു സഞ്ചാരത്തിന് പുറപ്പെട്ട തക്കം നോക്കി തങ്ങളുടെ നാടായ 'തർസൂസ് ' എന്ന പട്ടണത്തിൽ നിന്നും [തുർക്കിയുടെ തെക്കേ കടലോര പ്രദേശം] പലായനം ചെയ്തു. 'നിഖായൂസ്' എന്ന പ്രദേശത്തെത്തി അവിടുത്തെ ഒരു ഗുഹയിൽ അഭയം പ്രാപിച്ചു. ഏഴ് പേരുള്ള ആ യുവാക്കളുടെ കൂട്ടത്തിൽ വഴി മദ്ധ്യേ ഒരു നായയും കൂടെ ചേർന്നു. (വചനം 22 വിശദീകരണം നോക്കുക) അവർക്ക് ഗൂഢമായി ഭക്ഷണ പാനീയങ്ങൾ കൊണ്ടുവന്നിരുന്നത് അവരിൽ ഒരാളായ തംലിഖാ ആയിരുന്നു.

സഞ്ചാരം കഴിഞ്ഞ് തിരിച്ച് വന്ന രാജാവ് തങ്ങളെ കുറിച്ച് അന്വേഷിക്കുന്നുണ്ടെന്നറിഞ്ഞ യുവാക്കൾ പരിഭ്രമത്തിലും വ്യസനത്തിലുമായി. അങ്ങനെയിരിക്കെ അല്ലാഹു അവർക്ക് ഒരു ദീർഘനിദ്ര നൽകി. അവരെ തിരഞ്ഞ് ആ ഗുഹാ മുഖത്തെത്തിയ ദഖ്‌യാനൂസ് രാജാവ് ആ ഗുഹാമുഖത്തെത്തി, ഉറങ്ങിക്കിടന്ന ആ യുവാക്കളെ അകത്താക്കികൊണ്ട്, അവർക്ക് രക്ഷപ്പെടാൻ കഴിയാത്ത വിധത്തിൽ ആ ഗുഹാമുഖം അടച്ച് കളഞ്ഞു. രാജാവിന്റെ സംഘത്തിൽപ്പെട്ട, സത്യവിശാസം ഉള്ളിൽ മറച്ച് വച്ചിരുന്ന ബൈദറൂസ് , റൂനാസ് എന്നീ രണ്ട് പേർ ആ യുവാക്കളുടെ പേരുകളും ചരിത്രവും രണ്ട് കൽപലകകളിൽ രേഖപ്പെടുത്തി ഒരു ചെമ്പ് പെട്ടിയിലാക്കി അവിടെ സ്വകാര്യമായി സൂക്ഷിച്ചു വെച്ചു.

ദഖ്‌യാനൂസിന്റെ കാലശേഷം അനേകം വർഷങ്ങൾ കഴിഞ്ഞ് അല്ലാഹുവിലും പരലോകത്തിലും വിശ്വസിച്ചിരുന്ന ബൈദറൂസ് എന്ന രാജാവിന്റെ ഭരണം വന്നു. തന്റെ പ്രജകളിൽപ്പെട്ട എല്ലാവരും സത്യവിശ്വാസം കൈകൊള്ളത്തക്കവിധത്തിൽ ഒരു ദൃഷ്ടാന്തം വെളിപ്പെട്ട് കാണുവാൻ അദ്ദേഹം അതിയായി ആഗ്രഹിക്കുകയും അല്ലാഹുവിനോട് അതിനായി പ്രാർത്ഥിക്കുകയും ചെയ്തു.

ഇതിനിടെ ഒരു ആട്ടിടയൻ തന്റെ ആടുകൾക്ക് ഒരു താവളം ശരിപ്പെടുത്തുന്നതിനിടയിൽ ആ ഗുഹാമുഖത്തെ ഭിത്തിക്കെട്ട് പൊളിക്കുകയുണ്ടായി. ശതവർഷങ്ങളായി ഉറങ്ങികിടന്നിരുന്ന ആ യുവാക്കൾ ഉണർന്ന് എഴുന്നേൽക്കുകയും നമസ്ക്കാര കർമ്മങ്ങൾ നടത്തുകയുമുണ്ടായി. തങ്ങൾ ഒരു ദിവസം മുഴുവൻ ഉറങ്ങിയെന്നും അതല്ല , ഒരു ദിവസത്തിന്റെ കുറച്ച് ഭാഗം മാത്രമേ ഉറങ്ങിയുള്ളൂ എന്നും അവർ പരസ്പരം അഭിപ്രായപ്പെട്ടു.(വചനം 19 നോക്കുക)

പതിവു പ്രകാരം തംലിഖാ, അവരുടെ കയ്യിലുള്ള വെള്ളിയും കൊണ്ട് ഭക്ഷണപദാർത്ഥം വാങ്ങാനായി ഭയത്തോടെ അങ്ങാടിയിലേക്ക് പുറപ്പെട്ടു. വഴിയിൽ വെച്ച് ഈസാ നബി(അ)യെ കുറിച്ചുള്ള വർത്തമാനം കേൾക്കാനിടയായതിൽ അയാൾക്ക് ആശ്ചര്യം അനുഭവപ്പെട്ടു.

തംലിഖായുടെ കയ്യിലെ ദഖ്‌യാനൂസ് രാജാവിന്റെ കാലത്തെ നാണയം കണ്ട് സംശയം തോന്നിയ കച്ചവടക്കാരനും നാട്ടുകാരും അദ്ദേഹത്തെ അവിടുത്തെ ന്യായാധിപൻമാരുടെ അടുത്തേക്ക് കൊണ്ട്പോയി. ചോദ്യം ചെയ്യലിനെ തുടർന്ന് തംലിഖാ ന്യായാധിപൻമാരായ അരിയൂസ്, ത്വൻത്വിയൂസ് എന്നിവരെയും കൂട്ടി ഗുഹയിലേക്ക് പുറപ്പെട്ടു. ഗുഹയിൽ പണ്ട് നിക്ഷേപിക്കപ്പെട്ടിരുന്ന ചെമ്പ് പെട്ടിയിലെ പലകകൾ അവർ കാണുകയും അതിൽ നിന്ന് കാര്യം മനസ്സിലാക്കിയെടുക്കുകയും ചെയ്തു. അവർ അല്ലാഹുവിനെ സ്തുതിക്കുകയും, രാജാവിനെ വിവരം അറിയിക്കുകയും ചെയ്തു.

പരിചാരസമേതം ഗുഹയുടെ അടുക്കലെത്തിയ രാജാവ് ആശ്ചര്യവും സന്തോഷവും നിമിത്തം യുവാക്കളെ ആലിംഗനം ചെയ്യുകയും അല്ലാഹുവിന് സുജൂദ് അർപ്പിക്കുകയും ചെയ്തു. ഗുഹയിലെ തങ്ങളുടെ സ്ഥാനത്തേക്ക് മടങ്ങിയ യുവാക്കൾ ഏറെ താമസിയാതെ അവിടെ വെച്ച് മരണമടയുകയുണ്ടായി. അവരെ മറവ് ചെയ്യാനും, അവിടെ ഒരു ആരാധനാലയം പണിയുവാനും രാജാവ് ഏർപ്പാട് ചെയ്യുകയും ചെയ്തു. (വചനം 21 നോക്കുക)

അല്ലാഹുവിന്റെ അതിമഹത്തായ ശക്തിമാഹാത്മ്യത്തിന് ഒരു ഉത്തമ ദൃഷ്ടാന്തമാകുന്നു മേൽ വിവരിച്ച സംഭവം.

**വചനം 9,10,11,12 :**

أَمْ حَسِبْتَ أَنَّ أَصْحَٰبَ ٱلْكَهْفِ وَٱلرَّقِيمِ كَانُوا۟ مِنْ ءَايَٰتِنَا عَجَبًا ﴿٩﴾ إِذْ أَوَى ٱلْفِتْيَةُ إِلَى ٱلْكَهْفِ فَقَالُوا۟ رَبَّنَآ ءَاتِنَا مِن لَّدُنكَ رَحْمَةً وَهَيِّئْ لَنَا مِنْ أَمْرِنَا رَشَدًا ﴿١٠﴾ فَضَرَبْنَا عَلَىٰٓ ءَاذَانِهِمْ فِى ٱلْكَهْفِ سِنِينَ عَدَدًا ﴿١١﴾ ثُمَّ بَعَثْنَٰهُمْ لِنَعْلَمَ أَىُّ ٱلْحِزْبَيْنِ أَحْصَىٰ لِمَا لَبِثُوٓا۟ أَمَدًا ﴿١٢﴾

9 (നബിയേ,) അല്ലാ!-ഗുഹയുടെയും, 'റഖീമി' ൻെറയും ആൾക്കാർ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ഒരു ആശ്ചര്യമായിരുന്നുവെന്ന്, നീ വിചാരി ക്കുന്നുവോ?

10 (ആ) യുവാക്കൾ ഗുഹയിലേക്കു (ചെന്ന്) അഭയം പ്രാപിച്ചപ്പോൾ അവർ പറഞ്ഞു: "ഞങ്ങളുടെ റബ്ബേ! ഞങ്ങൾക്ക് നിൻെറ പക്കൽ നിന്ന് കാരുണ്യം നൽകേണമേ! ഞങ്ങളുടെ കാര്യത്തിൽ നീ ഞങ്ങൾക്ക് നേർമ്മാർഗ്ഗം സജ്ജമാക്കിത്തരുകയും ചെയ്യേണമേ!!"

11 അങ്ങനെ, ഗണ്യമായ വർഷങ്ങളോളം ആ ഗുഹ യിൽവെച്ചു നാം അവരുടെ കർണ്ണപുടങ്ങളെ അടച്ചുകളഞ്ഞു., (അവരെ ഉറക്കി).

12 പിന്നെ, രണ്ടുകക്ഷികളിൽ ഏതാണ്, അവർ താമ സിച്ചുകഴിഞ്ഞ കാലത്തെ തിട്ടപ്പെടുത്തിയതെന്ന് അറിയുവാനായി നാം അവരെ എഴുന്നേൽപ്പിച്ചു.

'റഖീം' എന്നത് കൊണ്ടുദ്ദേശ്യം ഗുഹാവാസികളുടെ വിശദവിവരം എഴുതി ഗുഹയുടെ അടുക്കൽ സൂക്ഷി ക്കപ്പെട്ടിരുന്ന ആ ഫലകമാണെന്നാണ് പല ഖുർആൻ വ്യാഖ്യാതാക്കളും പ്രസ്താവിച്ചിട്ടുള്ളത്. ഇബ്നു അബ്ബാസ്(റ), ഖത്താദ(റ) എന്നിവരുടെ അഭിപ്രായത്തിൽ അത് അവരുടെ പ്രദേശമായ 'റഖീം' എന്നത്രേ ['അൽ അഖബ' അഥവാ 'ഐല'എന്ന സ്ഥലത്തിന്റെ അടുത്തുള്ള താഴ്‌വര]. കാലാന്തരത്തിൽ ശാമിലെ ഈ സ്ഥലം അറബികൾക്കിടയിൽ 'ബിത്ത്റാ' എന്ന് അറിയപ്പെട്ടു. അടുത്ത കാലത്ത് നടത്തപ്പെട്ട ചരിത്ര ഗവേഷണങ്ങളിൽ ഇവിടെ രണ്ട് ഗുഹകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഒരു ഗുഹ (17ാം വചനത്തിൽ പ്രസ്താവിക്കപ്പെട്ടത് പോലെ) വെയിലും, സൂക്ഷമകിരണങ്ങളും ഉള്ളിൽ കടക്കാത്ത വിധത്തിലാകുന്നു. 'റഖീം' എന്നത് ഗുഹാവാസി കളുടെ പ്രദേശത്തിന്റെ പേരാണെന്ന് ഈ അഭിപ്രായമാണ് കൂടുതൽ സ്വീകാര്യമായി തോന്നുന്നത്. الله اعلم

ഖുർആൻ അവതരിച്ച കാലത്ത് തന്നെ അറബികൾക്കിടയിൽ ഗുഹാവാസികളുടെ ചരിത്രം സുപരിചിത മായിരുന്നു. ശാമിൽ നിന്ന് വരുന്ന വേദക്കാരും നബ്ത്വി വർഗ്ഗക്കാരും അറബികളുമായി നിലനിന്നിരുന്ന വ്യാപാര സമ്പർക്കങ്ങളിലൂടെയായിരിക്കാം ഈ സംഭവം അറബികൾ അറിയാനിടയായത്.

"വർഷങ്ങളോളം അവരുടെ കർണ്ണപുടങ്ങളെ നാം അടച്ച് കളഞ്ഞു "എന്നത് കൊണ്ട് ലോകത്ത് നട ക്കുന്ന ശബ്ദകോലാഹലങ്ങളൊന്നും കേൾക്കാതിരിക്കത്തക്കവണ്ണം അല്ലാഹു അവർക്ക് ഉറക്ക് നൽകി എന്ന് സാരം.(വചനം: 18 നോക്കുക)

12 -ാം വചനത്തിൽ 'രണ്ട് കക്ഷികൾ' എന്ന് പറഞ്ഞത് അവരുടെ ഗുഹാവാസ കാലത്തെകുറിച്ച് ഭിന്നാ ഭിപ്രായക്കാരായിരുന്ന രണ്ട് കക്ഷികളാണെന്നും അതല്ല, സത്യവിശ്വാസികളായ ഗുഹാവാസികളും അവരുടെ എതിർകക്ഷികയായ അവിശ്വാസികളും ആണെന്നും അഭിപ്രായങ്ങളുണ്ട് .

മേൽ കഴിഞ്ഞ ആയത്തുകളുടെ രത്നച്ചുരുക്കം ഇപ്രകാരമാകുന്നു: ഏതാനും യുവാക്കൾ തങ്ങളുടെ സർവ്വസ്വവും അല്ലാഹുവിൽ അർപ്പിച്ച് പ്രാർത്ഥിച്ച് കൊണ്ടും അവനിൽ ദൃഢമായി വിശ്വസിച്ച് കൊണ്ടും ഒരു ഗുഹയിൽ അഭയം പ്രാപിച്ചു. ജനങ്ങൾക്ക് അജ്ഞാതമായ നിലയിൽ അല്ലാഹു അവരെ നൂറ്റാണ്ടുകളോളം ഉറ ക്കി. പിന്നീട് സത്യത്തിന്റെ കക്ഷിക്ക് ഒരു ദൃഷ്ടാന്തമായികൊണ്ട് അവരെ അല്ലാഹു എഴുന്നേൽപിക്കുകയും ചെയ്തു.

സംഭവത്തിന്റെ യഥാർത്ഥരൂപം സംക്ഷിപ്തമായി അടുത്ത ആയത്തുകളിൽ അല്ലാഹു വിവരിക്കുന്നു.

## വിഭാഗം - 2 :

**വചനം 13,14,15,16 :**

نَّحْنُ نَقُصُّ عَلَيْكَ نَبَأَهُم بِٱلْحَقِّ ۚ إِنَّهُمْ

13 അവരുടെ വർത്തമാനം നാം നിനക്ക് യഥാർത്ഥ (രൂപ)ത്തിൽ വിവരിച്ചുതരാം. അവർ കുറച്ചു

فِتْيَةٌ ءَامَنُوا۟ بِرَبِّهِمْ وَزِدْنَـٰهُمْ هُدًى ﴿١٣﴾

യുവാക്കളായിരുന്നു; അവർ തങ്ങളുടെ രക്ഷിതാവിൽ വിശ്വസിച്ചു; നാം അവർക്ക് സൻമാർഗ്ഗം (സൻമാർഗ്ഗബോധം) വർദ്ധിപ്പിക്കുകയും ചെയ്തു.

وَرَبَطْنَا عَلَىٰ قُلُوبِهِمْ إِذْ قَامُوا۟ فَقَالُوا۟ رَبُّنَا رَبُّ ٱلسَّمَـٰوَٰتِ وَٱلْأَرْضِ لَن نَّدْعُوَا۟ مِن دُونِهِۦٓ إِلَـٰهًا ۖ لَّقَدْ قُلْنَآ إِذًا شَطَطًا ﴿١٤﴾

14 അവർ (സത്യത്തിൽ) നിലകൊണ്ടപ്പോൾ അവരുടെ ഹൃദയങ്ങൾക്ക് നാം ദാർഢ്യം നൽകുകയും ചെയ്തു; അതിനാൽ അവർ പറഞ്ഞു: ഞങ്ങളുടെ റബ്ബ് ആകാശ ഭൂമികളുടെ റബ്ബാകുന്നു; അവനു പുറമെ യാതൊരു ആരാധ്യനെയും ഞങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുന്നതേയല്ല; അങ്ങിനെയായാൽ തീർച്ചയായും ഞങ്ങൾ അക്രമം പറയുകയായിത്തീരും.

هَـٰٓؤُلَآءِ قَوْمُنَا ٱتَّخَذُوا۟ مِن دُونِهِۦٓ ءَالِهَةً ۖ لَّوْلَا يَأْتُونَ عَلَيْهِم بِسُلْطَـٰنٍۭ بَيِّنٍ ۖ فَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا ﴿١٥﴾

15 ഇവർ-നമ്മുടെ ജനത-അവനുപുറമെ, പല ആരാധ്യൻമാരെയും സ്വീകരിച്ചിരിക്കുന്നു. അവരെ സംബന്ധിച്ച് ഒരു വ്യക്തമായ ലക്ഷ്യം ഇവർ കൊണ്ടുവരാത്തത് എന്താണ്! അല്ലാഹുവിൻെറമേൽ കളവ് കെട്ടിച്ചമയ്ക്കുന്നവനേക്കാൾ അക്രമിയായിട്ടുള്ളവൻ ആരാണുള്ളത്?!'

وَإِذِ ٱعْتَزَلْتُمُوهُمْ وَمَا يَعْبُدُونَ إِلَّا ٱللَّهَ فَأْوُۥٓا۟ إِلَى ٱلْكَهْفِ يَنشُرْ لَكُمْ رَبُّكُم مِّن رَّحْمَتِهِۦ وَيُهَيِّئْ لَكُم مِّنْ أَمْرِكُم مِّرْفَقًا ﴿١٦﴾

16 (അവർ തമ്മിൽ പറഞ്ഞു:) "അവരെയും അല്ലാഹുവിനെ ഒഴിച്ച് അവർ ആരാധിച്ചു വരുന്നതിനെയും നിങ്ങൾ വിട്ടകന്നുനിന്ന സ്ഥിതിക്ക് ഇനി, (ആ) ഗുഹയിൽ ചെന്നഭയം പ്രാപിക്കുവിൻ;- നിങ്ങളുടെ രക്ഷിതാവ് അവൻെറ കാരുണ്യത്തെ നിങ്ങൾക്ക് വിശാലപ്പെടുത്തിത്തരുകയും, നിങ്ങളുടെ കാര്യത്തെ സംബന്ധിച്ചു (വേണ്ടുന്ന) സൗകര്യം ശരിപ്പെടുത്തിത്തരുകയും ചെയ്യുന്നതാണ്.'

ഏക ഇലാഹിൽ വിശ്വസിച്ച് അവനെ മാത്രം ആരാധിച്ചും പ്രസ്തുത ആദർശത്തിന്റെ പൂർത്തീകരണത്തിനായി ഏത് തരത്തിലുള്ള കഷ്ട നഷ്ടങ്ങളും സഹിക്കാൻ തയ്യാറായും ആ യുവാക്കൾ തങ്ങളുടെ നാട്ടുകാരും ഭരണകൂടവുമായി യോജിച്ച് പോകാൻ നിവൃത്തിയില്ലെന്ന ഘട്ടത്തിൽ, അല്ലാഹുവിന്റെ കാരുണ്യവും സഹായവും നിശ്ചയമായും ലഭിക്കുമെന്ന പൂർണ്ണ വിശ്വാസത്തോടെ, നാടും വീടും, കുടുംബവും ഉപേക്ഷിച്ച് ആ ഗുഹയിൽ അഭയം പ്രാപിച്ചു. " ഞങ്ങളുടെ റബ്ബ് ആകാശങ്ങളുടെ യും ഭൂമിയുടെയും റബ്ബാണ് " എന്ന് തുടങ്ങിയ അവരുടെ പ്രഖ്യാപനങ്ങളിൽ 'തൌഹീദിന്റെ' അടിസ്ഥാന തത്വങ്ങളും 'ശിർക്കി' ന്റെ നിഷേധവും അടങ്ങിയിരിക്കുന്നു. ശിർക്കിന്റെ വക്താക്കളായ ആ ജനത അല്ലാഹുവിന്റെ മേൽ കളവ് കെട്ടിച്ചമക്കുകയാണെന്നും, അത് അങ്ങേയറ്റത്തെ അക്രമമാണെന്നും അവർ പരിതപിച്ചു.

**വചനം 17 :**

۞ وَتَرَى ٱلشَّمْسَ إِذَا طَلَعَت تَّزَٰوَرُ عَن كَهْفِهِمْ ذَاتَ ٱلْيَمِينِ وَإِذَا غَرَبَت تَّقْرِضُهُمْ ذَاتَ ٱلشِّمَالِ وَهُمْ فِى فَجْوَةٍ مِّنْهُ ۚ ذَٰلِكَ مِنْ ءَايَـٰتِ ٱللَّهِ ۗ مَن يَهْدِ ٱللَّهُ فَهُوَ

17 സൂര്യൻ ഉദിക്കുമ്പോൾ അവരുടെ ഗുഹവിട്ട് വലത്തോട്ട് ചാഞ്ഞുപോകുന്നതായും, അസ്തമിക്കുമ്പോൾ അതവരെ മുറിച്ചു കടന്ന് ഇടത്തോട്ട് പോകുന്നതായും നിനക്കു കാണാം; അവരാകട്ടെ അതിൽനിന്നുള്ള ഒരു വിശാല സ്ഥലത്തു മാകുന്നു. അത് (എല്ലാം) അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. അല്ലാഹു ആരെയെങ്കിലും നേർമ്മാർഗ്ഗത്തിലാക്കുന്ന

ٱلْمُهْتَدِ ۖ وَمَن يُضْلِلْ فَلَن تَجِدَ لَهُۥ وَلِيًّا مُّرْشِدًا ﴿١٧﴾

തായാൽ അവനാണ് നേർമ്മാർഗ്ഗം സിദ്ധിച്ചവൻ; അവൻ ആരെയെങ്കിലും ദുർമ്മാർഗ്ഗത്തിലാക്കുന്നതായാൽ അവന് നേർവഴി നൽകുന്നയാതൊരു ബന്ധുവേയും നീ കണ്ടെത്തുന്നതുമല്ലതന്നെ.

ഗുഹയുടെ സമീപത്ത് വെച്ച് സൂര്യൻ രാവിലെ ഉദയ സമയത്ത് വലത്തോട്ടും വൈകുന്നേരം അസ്തമയ സമയത്ത് ഇടത്തോട്ടും തെറ്റിപോകുമെന്നും, അങ്ങനെ ഗുഹയിൽ കിടക്കുന്നവരെ വെയിലിന്റെ ശല്യം ബാധിക്കുകയില്ലെന്നും ഈ വചനത്തിൽ നിന്ന് വ്യക്തമാകുന്നു. അവരാകട്ടെ ഗുഹയിൽ വിശാലമായ സ്ഥലത്തുമാകുന്നു. ഇവയെല്ലാം തന്നെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതുമാകുന്നു.

തുടർന്ന് അല്ലാഹു പറയുന്നു: അല്ലാഹു ആരെയെങ്കിലും നേർമാർഗ്ഗത്തിലാക്കുന്നതായാൽ അവന് നേർമാർഗ്ഗം സിദ്ധിച്ചു; അല്ലാഹു ആരെയെങ്കിലും ദുർമാർഗ്ഗത്തിലാക്കുന്നതായാൽ അവന് നേർവഴി കാട്ടുന്ന യാതൊരു ബന്ധുവേയും കണ്ടെത്തുന്നതുമല്ല തന്നെ.

**വിഭാഗം: 3**

**വചനം 18 :**

وَتَحْسَبُهُمْ أَيْقَاظًا وَهُمْ رُقُودٌ ۚ وَنُقَلِّبُهُمْ ذَاتَ ٱلْيَمِينِ وَذَاتَ ٱلشِّمَالِ ۖ وَكَلْبُهُم بَٰسِطٌ ذِرَاعَيْهِ بِٱلْوَصِيدِ ۚ لَوِ ٱطَّلَعْتَ عَلَيْهِمْ لَوَلَّيْتَ مِنْهُمْ فِرَارًا وَلَمُلِئْتَ مِنْهُمْ رُعْبًا ﴿١٨﴾

18 (നീ അവരെ കണ്ടിരുന്നുവെങ്കിൽ,-) അവർ ഉണർന്നു കിടക്കുന്നവരാണെന്ന് നീ ധരിച്ചു പോകുന്നതാണ്; അവരാകട്ടെ, ഉറങ്ങുന്നവരുമാകുന്നു; നാം അവരെ വലത്തോട്ടും, ഇടത്തോട്ടും മറിച്ചിട്ടുകൊണ്ടുമിരിക്കുന്നു; അവരുടെ നായ, ഗുഹാമുഖത്ത് അതിൻെറ രണ്ടു മുഴക്കൈകളും നീട്ടിവെച്ചിരിക്കുകയാണ്. അവരെ നീ എത്തിനോക്കിക്കണ്ടിരുന്നുവെങ്കിൽ, ഓടി രക്ഷപ്പെടുന്നതിനായി അവരിൽനിന്നും നീ പിന്തിരിഞ്ഞുപോകുകയും, അവർ നിമിത്തം നീ ഭയനിർഭരനായിത്തീരുകയും ചെയ്യുമായിരുന്നു!

അവർ ഗുഹയിൽ കിടക്കുന്നത് ഒരാൾ നോക്കികാണുന്ന പക്ഷം അവർ ഉണർന്ന് കിടക്കു ന്നതായിട്ടാണ് തോന്നുക. സാധാരണ ഉറങ്ങുന്നവരെപോലെ അല്ലാഹു അവരെ ഇരുവശത്തേക്കും ചെരിച്ചും മറിച്ചും കിടത്തിയിരുന്നു. ഗുഹാമുഖത്ത് രണ്ട് മുഴക്കൈകളും നീട്ടിവെച്ച് കൊണ്ട് അവരുടെ നായയെയും കാണാവുന്നതാണ്. അവരെ എത്തിനോക്കുന്നവർ ഭയപുരസ്സരം അവരിൽ നിന്നും രക്ഷപ്പെടുന്നതിനായി പിന്തിരിഞ്ഞ് പോകുകയും ചെയ്യുമായിരുന്നു.

**വചനം 19,20 :**

وَكَذَٰلِكَ بَعَثْنَٰهُمْ لِيَتَسَآءَلُوا۟ بَيْنَهُمْ ۚ قَالَ قَآئِلٌ مِّنْهُمْ كَمْ لَبِثْتُمْ ۖ قَالُوا۟ لَبِثْنَا يَوْمًا أَوْ بَعْضَ يَوْمٍ ۚ قَالُوا۟ رَبُّكُمْ أَعْلَمُ بِمَا لَبِثْتُمْ فَٱبْعَثُوٓا۟ أَحَدَكُم بِوَرِقِكُمْ هَٰذِهِۦٓ إِلَى ٱلْمَدِينَةِ فَلْيَنظُرْ أَيُّهَآ أَزْكَىٰ طَعَامًا فَلْيَأْتِكُم بِرِزْقٍ مِّنْهُ وَلْيَتَلَطَّفْ وَلَا يُشْعِرَنَّ

19 അപ്രകാരം,- അവർ അന്യോന്യം ചോദ്യം നടത്തുവാനായി-നാം അവരെ (ഉറക്കിൽ നിന്ന്) എഴുന്നേൽപ്പിച്ചു അവരിൽനിന്ന് ഒരാൾ (മറ്റുള്ളവരോട്) പറഞ്ഞു; "നിങ്ങൾ എത്രയാണ് (ഉറങ്ങി) കഴിഞ്ഞു കൂടിയത്?" അവർ പറഞ്ഞു: "നാം ഒരു ദിവസമോ, അല്ലെങ്കിൽ ഒരു ദിവസത്തിൻെറ അൽപ ഭാഗമോ കഴിഞ്ഞുകൂടിയിരിക്കും." (തിട്ടം പറയുവാൻ സാധിക്കാതെ) അവർ പറഞ്ഞു: "നിങ്ങൾ കഴിഞ്ഞുകൂടിയതിനെപ്പറ്റി നിങ്ങളുടെ രക്ഷിതാവ് നല്ലവണ്ണം അറിയുന്നവനാണ്. (അതിൽ നാം തർക്കിക്കേണ്ട). എന്നാൽ, നിങ്ങളിൽ ഒരാളെ ഈ വെള്ളിയുംകൊണ്ട് പട്ടണത്തിലേക്ക് അയക്കുക.

بِكُمْ أَحَدًا ﴿١٩﴾

എന്നിട്ട് അവൻ അവിടെ ഏതു സ്ഥലമാണ്, ഭക്ഷണസാധനം കൂടുതൽ നല്ലത് എന്ന് നോക്കട്ടെ; അവിടെ നിന്ന് നിങ്ങൾക്ക് വല്ല ആഹാരവും അവൻ (വാങ്ങി)ക്കൊണ്ടുവരട്ടെ! അവൻ സൂക്ഷ്മനയം കൈക്കൊള്ളുകയും ചെയ്യട്ടെ; നിങ്ങളെപ്പറ്റി ഒരാളെയും അറിയിക്കാതിരിക്കുകയും വേണം.

إِنَّهُمْ إِن يَظْهَرُوا۟ عَلَيْكُمْ يَرْجُمُوكُمْ أَوْ يُعِيدُوكُمْ فِى مِلَّتِهِمْ وَلَن تُفْلِحُوٓا۟ إِذًا أَبَدًا ﴿٢٠﴾

20 "(കാരണം:) നിശ്ചയമായും, നിങ്ങളെ കണ്ടുമുട്ടിയാൽ അവർ നിങ്ങളെ എറിഞ്ഞുകൊല്ലും; അല്ലെങ്കിൽ (ബലം പ്രയോഗിച്ച്) നിങ്ങളെ അവരുടെ മതത്തിൽ ആക്കിത്തീർക്കുകയും ചെയ്തേക്കും. എന്നാൽ (പിന്നെ) നിങ്ങൾ ഒരിക്കലും വിജയിക്കുകയില്ലതന്നെ."

ദീർഘകാലത്തെ ഉറക്കിന് ശേഷം അല്ലാഹു അവരെ സുരക്ഷിതരായി എഴുന്നേൽപ്പിക്കുകയും ചെയ്തു. ഗുഹയിൽ ഉറങ്ങി കഴിച്ചുകൂട്ടിയ കാലത്തെ പറ്റി അവർ പരസ്പരം അന്വേഷിക്കുകയുണ്ടായി. ഒരു ദിവസം അല്ലെങ്കിൽ ഏതാനും മണിക്കൂറുകൾ മാത്രം എന്നായിരുന്നു അവരുടെ നിഗമനം. യാഥാ ർത്ഥ്യം അല്ലാഹുവിന് അറിയാം എന്ന് പറഞ്ഞ് അവർ സമാധാനിക്കുകയും ചെയ്തു. (സാധാരണയിൽ കവിഞ്ഞ ഒരു ഉറക്കമായിരുന്നു അതെന്ന് അവർക്ക് തോന്നിയിരുന്നു.)

തുടർന്ന് ഭക്ഷണം കൊണ്ട് വരുന്നതിനായി അവരുടെ കയ്യിലുണ്ടായിരുന്ന നാണയം കൊടുത്ത് ഒരാളെ -തംലിഖായെ- അങ്ങാടിയിലേക്ക് അവർ അയച്ചു. തങ്ങളെ പറ്റി നാട്ടുകാർ അറിയാൻ ഇടവരാതിരിക്കാൻ സൂക്ഷിക്കണമെന്ന് അയാളോട് പ്രത്യേകം നിർദ്ദേശിക്കുകയും ചെയ്തു. തങ്ങൾ ഗുഹയിൽ പ്രവേശിക്കുമ്പോഴത്തെ ജനങ്ങളും ചുറ്റുപാടുമാണ് ഇപ്പോഴും ഉള്ളതെന്നായിരുന്നു അവരുടെ ധാരണ. അവർ നമ്മെ എറിഞ്ഞ് കൊല്ലുകയോ, നിർബന്ധമായി അവരുടെ മതത്തിൽ ആക്കിതീർക്കുകയോ ചെയ്തേക്കുമെന്ന് അവർ ഭയപ്പെട്ടു.

എന്നാൽ അയാളുടെ പക്കലുണ്ടായിരുന്ന 'ദഖ്‌യാന്നുസ് ' രാജാവിന്റെ കാലത്തെ നാണയം കാണാനിടയായ നാട്ടുകാർ തുടർന്ന് ഗുഹാവാസികളുടെ യാഥാർത്ഥ്യം മനസ്സിലാക്കുകയും, അപ്പോഴത്തെ ഭരണാധികാരിയെ അറിയിക്കുകയും ചെയ്യുകയാണുണ്ടായത്. (7,8 വചനങ്ങളുടെ വിശദീകരണത്തിൽ " ഗുഹാവാസികൾ " എന്ന ഭാഗം നോക്കുക.)

അവർ തമ്മിലുള്ള സംഭാഷണങ്ങളിൽ " നിങ്ങൾ " എന്ന പ്രയോഗം അറബിഭാഷയിലെ ഒരു ഭാഷാശൈലി ആകുന്നു. ഒരു കൂട്ടത്തിലുള്ള ആൾ തങ്ങളെ പറ്റി തന്നെ സംസാരിക്കുമ്പോൾ ' നാം 'എന്നതിന് പകരം 'നിങ്ങൾ' എന്ന് പറയുക പതിവുണ്ട്.

**വചനം 21 :**

وَكَذَٰلِكَ أَعْثَرْنَا عَلَيْهِمْ لِيَعْلَمُوٓا۟ أَنَّ وَعْدَ ٱللَّهِ حَقٌّ وَأَنَّ ٱلسَّاعَةَ لَا رَيْبَ فِيهَآ إِذْ يَتَنَٰزَعُونَ بَيْنَهُمْ أَمْرَهُمْ ۖ فَقَالُوا۟ ٱبْنُوا۟ عَلَيْهِم بُنْيَٰنًا ۖ رَّبُّهُمْ أَعْلَمُ بِهِمْ ۚ قَالَ ٱلَّذِينَ غَلَبُوا۟ عَلَىٰٓ أَمْرِهِمْ لَنَتَّخِذَنَّ عَلَيْهِم مَّسْجِدًا ﴿٢١﴾

21 അതുപോലേ (ഉറക്കിൽനിന്ന് എഴുന്നേല്പിച്ചതുപോലെ) ത്തന്നെ-അല്ലാഹുവിൻെറ വാഗ്ദാനം യഥാർത്ഥമാണെന്നും, 'അന്ത്യസമയ'ത്തിൻെറ കാര്യത്തിൽ യാതൊരു സന്ദേഹമില്ലെന്നും അവർ (ജനങ്ങൾ) അറിയുവാനായി-നാം അവരെ വെളിവാക്കിക്കൊടുത്തു. അവർ തമ്മിൽ, അവരുടെ (ഗുഹാവാസികളുടെ) കാര്യത്തിൽ തർക്കിച്ചു: "അവരുടെ പേരിൽ ഒരു കെട്ടിടം നിർമ്മിക്കണം; അവരെപ്പറ്റി അവരുടെ റബ്ബിന് കൂടുതൽ അറിയാം." എന്ന് (ഒരു കക്ഷി) പറഞ്ഞപ്പോൾ,- കാര്യത്തിൽ വിജയം നേടിയവർ പറഞ്ഞു: "നമുക്ക് അവരുടെമേൽ ഒരു പള്ളി ഉണ്ടാക്കുകതന്നെ വേണം." എന്നും.

തങ്ങളുടെ രഹസ്യം പുറത്തറിയാതിരിക്കുവാൻ ആ യുവാക്കൾ പരിശ്രമിച്ചുവെങ്കിലും, അല്ലാഹുവിന്റെ തീരുമാനം മറ്റൊന്നായിരുന്നു. അല്ലാഹു അത് പരസ്യമാക്കുക തന്നെ ചെയ്തു. എന്നന്നേക്കും

ജനങ്ങൾക്ക് ഒരു പാഠവും ഉത്തമ ദൃഷ്ടാന്തവും ആയിതീരുന്നതിനായി. മരണ ശേഷം മനുഷ്യനെ ജീവിപ്പിക്കുകയെന്നത് അസംഭാവ്യമല്ല; എത്ര കാലം കഴിഞ്ഞാലും ഏതവസ്ഥയിൽ നിന്നും അവനെ ജീവിപ്പിക്കുകയെന്നത് അല്ലാഹുവിന് നിസ്സാര കാര്യമാകുന്നു, എന്ന് ഈ സംഭവം ജനങ്ങൾക്ക് തെളിയിച്ചു കൊടുത്തു. അല്ലാഹുവിന്റെ വാഗ്ദാനം യാഥാർത്ഥ്യമാണെന്നും അന്ത്യ സമയത്തിന്റെ കാര്യത്തിൽ യാതൊരു സന്ദേഹവുമില്ലെന്നും ഗുഹാവാസികളെ വെളിവാക്കികൊടുത്തതിലൂടെ അല്ലാഹു ജനങ്ങൾ ക്ക് ബോധ്യപ്പെടുത്തിക്കൊടുത്തു.

ഏറെ താമസിയാതെ യുവാക്കൾ ഗുഹയിൽ വെച്ച് മരണമടഞ്ഞുവെന്നാണ് ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞു കാണുന്നത്. അത് എങ്ങനെയാണ് സംഭവിച്ചതെന്നോ, മരണശേഷം അവരുടെ മൃതദേഹങ്ങൾ ഏത് നിലയിലായിരുന്നുവെന്നോ ഖുർആനിൽ പറയുന്നില്ല .الله اعلم

ഏതായാലും അവരുടെ സ്മരണ നിലനിർത്തുന്നതിനായി ഗുഹയുടെ അടുത്ത് ഒരു കെട്ടിടം നിർമ്മിക്കണമെന്നും മറ്റുമുള്ള അഭിപ്രായക്കാരുണ്ടായെങ്കിലും കാര്യത്തിൽ കെൽപ്പും യോഗ്യതയും ഉള്ളവരുടെ അഭിപ്രായപ്രകാരം അവിടെ ഒരു ആരാധനാലയം പണിയുവാനുള്ള തീരുമാനം നടപ്പിലാക്കുകയാണുണ്ടായത്.

**വചനം 22 :**

سَيَقُولُونَ ثَلَٰثَةٌ رَّابِعُهُمْ كَلْبُهُمْ وَيَقُولُونَ
خَمْسَةٌ سَادِسُهُمْ كَلْبُهُمْ رَجْمًۢا بِٱلْغَيْبِ
وَيَقُولُونَ سَبْعَةٌ وَثَامِنُهُمْ كَلْبُهُمْ ۚ قُل
رَّبِّىٓ أَعْلَمُ بِعِدَّتِهِم مَّا يَعْلَمُهُمْ إِلَّا قَلِيلٌ ۗ فَلَا
تُمَارِ فِيهِمْ إِلَّا مِرَآءً ظَٰهِرًا وَلَا تَسْتَفْتِ
فِيهِم مِّنْهُمْ أَحَدًا ﴿٢٢﴾

22 (ഗുഹാവാസികൾ) മൂന്നാളാണ്, അവരിൽ നാലാമത്തേത് അവരുടെ നായയാണ് എന്നും അവർ (ഒരു വിഭാഗം ആളുകൾ) പറയും; അഞ്ചാളുകളാണ്. ആറാമത്തേത് അവരുടെ നായയാണ് എന്നും അവർ (ഒരു വിഭാഗം) പറയും; അദൃശ്യകാര്യത്തിൽ ഊഹപ്രകടനം നടത്തുകയത്രെ (അവർ ചെയ്യുന്നത്)! ഏഴു പേരാണ് എട്ടാമത്തേത് അവരുടെ നായയുമാണ് എന്നും (മറ്റൊരു വിഭാഗം) പറയുന്നു. (നബിയേ!) പറഞ്ഞേക്കുക: ''അവരുടെ എണ്ണത്തെക്കുറിച്ച് എൻെറ രക്ഷിതാവ് ശരിക്കറിയുന്നവനാകുന്നു; അല്പം ആളുകളല്ലാതെ അവരെക്കുറിച്ച് അറിയുന്നതല്ല.'' എന്നിരിക്കെ, അവരുടെ വിഷയത്തിൽ പ്രത്യക്ഷതരത്തിലുള്ള ഒരു തർക്കമല്ലാതെ നീ തർക്കിക്കരുത്; അവരുടെ കാര്യത്തിൽ അവരിൽ (ജനങ്ങളിൽ) ഒരാളോടും തീരുമാനമാവശ്യപ്പെടുകയും ചെയ്യരുത്.

ഗുഹാവാസികളുടെ എണ്ണം മൂന്നാകുന്നു, നാലാമത് നായയാകുന്നു എന്നും അതല്ല അവർ അഞ്ച് പേരാകുന്നു ആറാമത് നായയാകുന്നു എന്നിങ്ങനെയുള്ള ഭിന്നാഭിപ്രായങ്ങളും തർക്കങ്ങളും ജനങ്ങൾക്കിടയിൽ നിലനിന്നിരുന്നു. എന്നാൽ അതെല്ലാം അദൃശ്യകാര്യങ്ങളിൽ നടത്തുന്ന ഊഹ പ്രയോഗം മാത്രമാണെന്ന് അല്ലാഹു പറയുന്നു. അതോടൊപ്പം അവർ ഏഴ് പേരും, എട്ടാമൻ നായയാണെന്ന വേറെ ഒരു അഭിപ്രായവും ഉദ്ധരിച്ചതിന് ശേഷം 'അവരുടെ എണ്ണം അല്ലാഹുവിന് നല്ല വണ്ണം അറിയാം' എന്നും ' ചുരുക്കം ചിലർക്കല്ലാതെ അവരെപറ്റി അറിയുകയില്ല ' എന്നും അല്ലാഹു പറയുന്നു. ഇതിൽ നിന്നും ഗുഹാവാസികളുടെ എണ്ണം ഏഴും എട്ടാമത്തേത് നായയുമാണ് എന്ന അഭിപ്രായം ശരിയാണെന്നും ആ അഭിപ്രായക്കാർ കുറച്ചാളുകളെ ഉണ്ടായിരുന്നുള്ളൂ എന്നും മനസ്സിലാക്കാവുന്നതാണ്. ഖുർആനിലോ ബലപ്പെട്ട ഹദീസിലോ, അവരുടെ എണ്ണം ഇത്രയാണെന്ന് ഖണ്ഡിതമായി പ്രസ്താവിക്കപ്പെട്ടിട്ടില്ല.

അവരുടെ എണ്ണം എത്രയായിരുന്നുവെന്നതിനേക്കാൾ പ്രധാനം, അവർ വരിച്ച ത്യാഗം എന്ത് മാത്രമായിരുന്നുവെന്നതാണ്. മനുഷ്യന്റെ അറിവിനപ്പുറമുള്ള അദൃശ്യകാര്യങ്ങളെ കുറിച്ച് തർക്കങ്ങളോ, ചുഴിഞ്ഞന്വേഷണമോ, ഊഹപ്രകടനങ്ങളോ നടത്തുന്നത് ശരിയല്ല. അവയിലുള്ള ഗുണപാഠങ്ങളെ കുറിച്ച് ചിന്തിച്ച് മനസ്സിലാക്കുകയാണ് നാം ചെയ്യേണ്ടത്.

**വിഭാഗം-4 :**

**വചനം 23,24, :**

وَلَا تَقُولَنَّ لِشَاْىۡءٍ إِنِّي فَاعِلٌ ذَٰلِكَ غَدًا ﴿٢٣﴾ إِلَّآ أَن يَشَآءَ ٱللَّهُۚ وَٱذۡكُر رَّبَّكَ إِذَا نَسِيتَ وَقُلۡ عَسَىٰٓ أَن يَهۡدِيَنِ رَبِّي لِأَقۡرَبَ مِنۡ هَٰذَا رَشَدًا ﴿٢٤﴾

23 ഒരു കാര്യത്തെക്കുറിച്ചും, ഞാനത് നാളെ ചെയ്യുന്നതാണെന്ന് നിശ്ചയമായും നീ പറഞ്ഞു പോകരുത്;-

24 "അല്ലാഹു ഉദ്ദേശിക്കുന്നതായാൽ" (എന്ന് ചേർത്തുകൊണ്ട്) അല്ലാതെ നീ (അത്) മറന്നു പോകുന്ന പക്ഷം, നീ നിൻെറ രക്ഷിതാവിനെ ഓർത്തുകൊള്ളുക; "ഇതിനെക്കാൾ അടുത്ത (സൗകര്യപ്രദമായ) നേർമാർഗ്ഗത്തിലേക്ക് എൻെറ റബ്ബ് എന്നെ നയിച്ചേക്കാം" എന്ന് പറയുകയും ചെയ്യുക.

ആത്മാവിനെ കുറിച്ചും ഗുഹാവാസികളെ കുറിച്ചും ദുൽഖർനൈനിയെ കുറിച്ചും, യഹൂദരുടെ പ്രേരണയാൽ അറബികൾ നബി(സ)യോട് ചോദിക്കുകയുണ്ടായി. 'നാളെ പറഞ്ഞു തരാം' എന്ന് തിരുമേനി ഉത്തരം പറഞ്ഞു. . إنشاء الله (അല്ലാഹു ഉദ്ദേശിച്ചെങ്കിൽ) എന്ന് പറഞ്ഞതുമില്ല. പിന്നീട് ' വഹ്‌യ് ' വരുവാൻ കുറെ താമസിക്കുകയുണ്ടായി. അങ്ങനെ തിരുമേനി വിഷമത്തിലായിരിക്കെയാണ് ഈ വചനങ്ങൾ അവതരിച്ചത്.

ഒരു കാര്യം ' ഞാൻ പിന്നീട് ചെയ്യും' എന്ന് മനുഷ്യൻ തീർത്ത് പറയുമ്പോൾ, തന്റെ നിശ്ചയം നടപ്പാക്കുന്നതിന് അല്ലാഹുവിന്റെ സഹായം അനിർവാര്യമാണെന്ന കാര്യം അയാൾ മറന്ന് കൂടാ, മരണമോ മറ്റേതെങ്കിലും തടസ്സമോ അയാളെ പിടികൂടാവുന്നതാണ്. ആയതിനാൽ إنشاء الله (അല്ലാഹു ഉദ്ദേശിച്ചെങ്കിൽ) എന്ന് കൂടി ആ തീരുമാനത്തോടൊപ്പം ചേർത്ത് പറയേണ്ടതാകുന്നു. സംഗതിവശാൽ തൽസമയത്ത് അത് പറയാൻ മറന്ന് പോയാലും ഓർമ്മ വരുമ്പോൾ അതെടുത്ത് പറയേണ്ടതാകുന്നു. തന്റെ നിശ്ചയം അർത്ഥവത്താക്കുന്നതിനും, അല്ലാഹുവിന്റെ സഹായം ലഭിക്കുന്നതിനും അത് അത്യന്താപേക്ഷിതമത്രേ. മാത്രമല്ല അല്ലാഹുവിനോടുള്ള ഭക്തിയാദരവുകളുടെ ഒരു ലക്ഷണം കൂടിയാകുന്നു അത്.

നമ്മിൽ പലരും മറ്റൊരാളോടു ഒരു കാര്യം ചെയ്യാമെന്ന് ഏറ്റ് പറയുകയും എന്നാൽ നാമത് ചെയ്യാൻ പോകുന്നില്ലെന്ന് നമുക്ക് മനസ്സിൽ ഉറപ്പുണ്ടായിരിക്കെ തന്നെ, അയാൾ കേൾക്കാനായി, إنشاء الله എന്ന് യാന്ത്രികമായി ഉരുവിടുകയും ചെയ്യുന്ന ഒരു സമ്പ്രദായം സാധാരണയായി കണ്ട് വരുന്നു. അല്ലാഹുവിന്റെ പരിശുദ്ധ നാമം ദുരുപയോഗം ചെയ്യുന്ന തികച്ചും അപലപനീയമായ ഒരു ദുഷ് പ്രവണതായാകുന്നു അത്.

24-ാം വചനത്തിന്റെ അന്ത്യത്തിൽ, നബി(സ)ക്ക് നേരിടേണ്ടി വന്നേക്കാവുന്ന ഗുഹയിലെ താമസവും, നാട് വിടേണ്ടി വരുന്നതും, അതി മഹത്തായ അന്തിമ വിജയവും അടക്കമുള്ള സംഭവങ്ങളുടെ ഒരു സൂചന അടങ്ങിയിട്ടുള്ളതായി കാണാം.

**വചനം 25,26 :**

وَلَبِثُواْ فِي كَهۡفِهِمۡ ثَلَٰثَ مِاْئَةٍ سِنِينَ وَٱزۡدَادُواْ تِسۡعًا ﴿٢٥﴾ قُلِ ٱللَّهُ أَعۡلَمُ بِمَا لَبِثُواْۖ لَهُۥ غَيۡبُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِۖ أَبۡصِرۡ بِهِۦ وَأَسۡمِعۡۚ مَا لَهُم مِّن دُونِهِۦ مِن وَلِيّٖ وَلَا يُشۡرِكُ فِي حُكۡمِهِۦٓ أَحَدًا ﴿٢٦﴾

25 അവർ തങ്ങളുടെ ഗുഹയിൽ മുന്നൂറ്കൊല്ലം താമസിച്ചു; ഒമ്പത് (കൊല്ലം) അവർ കൂടുതലുമെടുത്തു.

26 (നബിയേ!) പറയുക: "അവർ താമസിച്ചതിനെപ്പറ്റി അല്ലാഹു ഏറ്റവും അറിയുന്നവനാണ്; ആകാശങ്ങളിലെയും, ഭൂമിയിലെയും അദൃശ്യജ്ഞാനം അവന്നാണുള്ളത്. അവനെത്ര (വലിയ) കാഴ്ചയുള്ളവൻ! എത്ര (വലിയ) കേൾവിയുള്ളവൻ! അവനല്ലാതെ, അവർക്ക് (മനുഷ്യർക്ക്) ഒരു രക്ഷകനുമില്ല; അവൻെറ അധികാരത്തിൽ ആരെയും അവൻ പങ്ക് ചേർക്കുകയുമില്ല.

സൌര വർഷകണക്കനുസരിച്ച് 300 കൊല്ലവും ചന്ദ്രവർഷ കണക്കനുസരിച്ച് 309 കൊല്ലവുമായിരുന്നു അവരുടെ ഗുഹവാസകാലം, എന്നതിനെ സൂചിപ്പിച്ച് കൊണ്ടാണ് ' മുന്നൂറ്റിഒമ്പത് കൊല്ലം' എന്ന് പറയാതെ,

'മുന്നൂറ് കൊല്ലം താമസിച്ചു ഒമ്പത് കൊല്ലം അവർ കൂടുതലെടുത്തു' എന്ന് പ്രസ്താവിച്ചതെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ഗണിത ശാസ്ത്രവും വാന ശാസ്ത്രവും പഠിക്കാത്ത നബി(സ) ഇത്തരം വിഷയങ്ങൾ പ്രസ്താവിക്കുന്നത് തന്നെ അദ്ദേഹത്തിന് അല്ലാഹുവിൽ നിന്നുള്ള വഹ്‌യ് മൂലമാണ് അറിവ് ലഭിക്കുന്നതെന്നുള്ളതിന്റെ ദൃഷ്ടാന്തമാകുന്നു.

ആകാശങ്ങളിലെയും ഭൂമിയിലെയും അദൃശ്യജ്ഞാനമുള്ള അല്ലാഹുവിനാകുന്നു, അവർ താമസിച്ചതിനെ പറ്റിയും ഏറ്റവും ശരിയായ അറിവുള്ളത്.

**വചനം 27,28 :**

وَٱتْلُ مَآ أُوحِىَ إِلَيْكَ مِن كِتَابِ رَبِّكَ ۖ لَا مُبَدِّلَ لِكَلِمَـٰتِهِۦ وَلَن تَجِدَ مِن دُونِهِۦ مُلْتَحَدًا ﴿٢٧﴾

وَٱصْبِرْ نَفْسَكَ مَعَ ٱلَّذِينَ يَدْعُونَ رَبَّهُم بِٱلْغَدَوٰةِ وَٱلْعَشِىِّ يُرِيدُونَ وَجْهَهُۥ ۖ وَلَا تَعْدُ عَيْنَاكَ عَنْهُمْ تُرِيدُ زِينَةَ ٱلْحَيَوٰةِ ٱلدُّنْيَا ۖ وَلَا تُطِعْ مَنْ أَغْفَلْنَا قَلْبَهُۥ عَن ذِكْرِنَا وَٱتَّبَعَ هَوَىٰهُ وَكَانَ أَمْرُهُۥ فُرُطًا ﴿٢٨﴾

27 നിന്റെ രക്ഷിതാവിന്റെ വേദഗ്രന്ഥത്തിൽ നിന്ന് നിനക്ക് `വഹ്‌യു' (ബോധനം) നൽകപ്പെട്ടിരിക്കുന്നത് നീ പാരായണം ചെയ്തുകൊള്ളുക. അവന്റെ വചനങ്ങൾക്ക് ഭേദഗതി വരുത്തുന്ന ഒരുത്തനുമില്ല. അവനല്ലാതെ യാതൊരു രക്ഷാവലംബവും നിനക്ക് (ഒരിക്കലും) കിട്ടുന്നതുമല്ല.

28 തങ്ങളുടെ റബ്ബിന്റെ മുഖത്തെ (പ്രീതിയെ) ഉദ്ദേശിച്ചുകൊണ്ട് കാലത്തും, വൈകുന്നേരവും അവനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരുടെ കൂട്ടത്തിൽ നീ നിന്നെ സ്ഥിരപ്പെടുത്തുക; ഐഹിക ജീവിതത്തിന്റെ അലങ്കാരത്തെ ഉദ്ദേശിച്ച് അവരിൽനിന്ന് നിന്റെ ദൃഷ്ടികൾ വിട്ടുപോകരുത്. നമ്മുടെ ബോധനത്തെ സംബന്ധിച്ചു നാം ആരുടെ ഹൃദയത്തെ ബോധരഹിതമാക്കുകയും, തന്റെ ഇച്ഛയെ അവൻ പിന്തുടരുകയും, തന്റെ കാര്യം അതിരു കവിഞ്ഞതായിരിക്കുകയും ചെയ്തിരിക്കുന്നുവോ അവനെ, നീ അനുസരിക്കുകയും ചെയ്യരുത്.

ആരുടെയും ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ, അല്ലാഹുവിൽ നിന്നും ബോധനം നൽകപ്പെ ടുന്ന ഈ ഗ്രന്ഥം പാരായണം ചെയ്യുവാനും, സധൈര്യം പ്രബോധനം നടത്തുവാനും, അല്ലാഹു നബി (സ)യോട് കല്പിക്കുന്നു. അവന്റെ കല്പനകളെയും നിയമ നിർദ്ദേശങ്ങളെയും മാറ്റി മറിക്കുവാനോ അതിൽ ഭേദഗതി വരുത്തുവാനോ ആർക്കും സാദ്ധ്യമല്ല തന്നെ. അത് അനുസരിക്കുന്നതിലല്ലാതെ ആർക്കും രക്ഷയുമില്ല.

സത്യത്തിൽ വിശ്വസിക്കാതെ, തന്നിഷ്ടപ്രകാരം ജീവിക്കുകയും അക്രമവും അനീതിയും കൈകൊള്ളുകയും, ഐഹിക ജീവിതത്തിന്റെ അലങ്കാരത്തിൽ മുഴുകുകയും ചെയ്ത് കൊണ്ട് കഴിഞ്ഞ് കൂടുന്നവരെ നീ വകവെക്കേണ്ടതില്ല, നേരെ മറിച്ച് അല്ലാഹുവിൽ വിശ്വസിച്ച് ഭയഭക്തരായി കഴിഞ്ഞ്കൂടുന്ന ജനങ്ങൾ, അവർ എത്ര തന്നെ അശരണരും ദുർബലരുമായിരുന്നു കൊള്ളട്ടെ, അവരോട് കൂടിയാണ് നിന്റെ സഹവാസവും നിന്റെ കൂട്ട്കെട്ടും വേണ്ടത്. ഇങ്ങനെയുള്ളവർ സത്യപ്രബോധനത്തിന്റെ ബീജങ്ങളാകുന്നു. അടുത്ത ഭാവിയിൽ തന്നെ അവർ ഉന്നത ഫലങ്ങൾ നൽകുന്ന കൂറ്റൻ വൃക്ഷങ്ങളായി വളരുന്നതാണ്.

**വചനം 29 :**

وَقُلِ ٱلْحَقُّ مِن رَّبِّكُمْ ۖ فَمَن شَآءَ فَلْيُؤْمِن وَمَن شَآءَ فَلْيَكْفُرْ ۚ إِنَّآ أَعْتَدْنَا لِلظَّـٰلِمِينَ نَارًا أَحَاطَ بِهِمْ سُرَادِقُهَا ۚ وَإِن يَسْتَغِيثُوا۟ يُغَاثُوا۟ بِمَآءٍ كَٱلْمُهْلِ يَشْوِى ٱلْوُجُوهَ ۚ بِئْسَ ٱلشَّرَابُ وَسَآءَتْ مُرْتَفَقًا ﴿٢٩﴾

29 നീ പറയുക: "(ഈ) സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു; അതുകൊണ്ട് വേണ്ടുന്നവർ വിശ്വസിച്ചു കൊള്ളട്ടെ; വേണ്ടുന്നവർ അവിശ്വസിച്ചും കൊള്ളട്ടെ!" നിശ്ചയമായും അക്രമികൾക്ക് നാം ഒരു അഗ്നി (നരകം) ഒരുക്കിവെച്ചിരിക്കുന്നു: അതിന്റെ പുറമൂടി അവരെ വലയം ചെയ്യുന്നതാണ്. അവർ വെള്ളത്തിനപേക്ഷിക്കുന്ന പക്ഷം, ലോഹദ്രാവകം

പോലെയുള്ള ഒരു (തരം) വെള്ളംകൊണ്ട് അവർക്ക് രക്ഷ നൽകപ്പെടും; അത് (അവരുടെ) മുഖങ്ങളെ ചുട്ടെരിച്ചു കളയുന്നതാകുന്നു. എത്ര ചീത്ത പാനീയം! അത് (നരകം) എത്ര ദുഷിച്ച വിശ്രമസ്ഥലവും!!

അല്ലാഹുവിങ്കൽ നിന്നുള്ള ഈ പരമമായ സത്യം വേണ്ടുന്നവർ വിശ്വസിച്ച് കൊള്ളട്ടെ; അല്ലാത്തവർ അവിശ്വസിച്ച് കൊള്ളട്ടെ. ആരെയും നിർബന്ധിക്കുന്നില്ല. എന്നാൽ അവിശ്വാസികൾക്ക് കഠിനമായ നരക ശിക്ഷയാണ് ഒരുക്കിവെക്കപ്പെട്ടിരിക്കുന്നത്. നരക വാസികൾക്ക് ദാഹശമനത്തിനായി നൽകപ്പെടുന്ന വെള്ളം അവരുടെ മുഖമാസകലം ചുട്ടെരിച്ച് കളയുന്നതാണ്. അഗ്നിജ്വാലയും അതിന്റെ കരിമ്പുകയും അവരെ വലയം ചെയ്ത്കൊണ്ടിരിക്കുകയും ചെയ്യുന്നതാണ് നരകമെന്നത് അങ്ങേയറ്റം ദുഷിച്ച വിശ്രമസ്ഥലമത്രേ.

**വചനം 30,31 :**

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ إِنَّا لَا نُضِيعُ أَجْرَ مَنْ أَحْسَنَ عَمَلًا ﴿٣٠﴾ أُو۟لَٰٓئِكَ لَهُمْ جَنَّٰتُ عَدْنٍ تَجْرِى مِن تَحْتِهِمُ ٱلْأَنْهَٰرُ يُحَلَّوْنَ فِيهَا مِنْ أَسَاوِرَ مِن ذَهَبٍ وَيَلْبَسُونَ ثِيَابًا خُضْرًا مِّن سُندُسٍ وَإِسْتَبْرَقٍ مُّتَّكِـِٔينَ فِيهَا عَلَى ٱلْأَرَآئِكِ ۚ نِعْمَ ٱلثَّوَابُ وَحَسُنَتْ مُرْتَفَقًا ﴿٣١﴾

30 നിശ്ചയമായും, വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, (അങ്ങനെ) പ്രവർത്തനം നന്നാക്കുന്നവരുടെ പ്രതിഫലം നാം പാഴാക്കുന്നതല്ലതന്നെ.

31 അക്കൂട്ടരോ, അവരുടെ താഴ്ഭാഗത്തുകൂടി നദികൾ ഒഴുകിക്കൊണ്ടിരിക്കുന്നതായ അധിവാസത്തിൻെറ ആരാമങ്ങൾ (സ്വർഗ്ഗങ്ങൾ) അവർക്കാണുള്ളത്; അവർക്ക് അവിടെ സ്വർണ്ണം കൊണ്ടുള്ള വളകൾ അണിയിക്കപ്പെടും; മിനുസപ്പെട്ടതിൽ നിന്നും, പരുത്ത പട്ടിൽനിന്നുമുള്ള പച്ച വസ്ത്രങ്ങൾ അവർ ധരിക്കുകയും ചെയ്യും; (അവർ) അവിടെ അലംകൃത കട്ടിലുകളിൽ ചാരിയിരുന്ന് (സുഖിച്ചു) കൊണ്ടിരിക്കുന്ന നിലയിലായിരിക്കും. (ആ) പ്രതിഫലമത്രെ വിശിഷ്ടമായത്! അത് വളരെ നല്ല വിശ്രമസ്ഥലവും!

എന്നാൽ വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അല്ലാഹു സ്വർഗ്ഗീയ ജീവിതം വാഗ്ദാനം ചെയ്യുന്നു. സ്വർഗ്ഗീയ സുഖങ്ങളെ നമുക്കീ ലോകത്ത് പരിചയമുള്ള വസ്തുക്കളുടെ പേരുകൾ വഴി അല്ലാഹു നമുക്ക് വിവരിച്ചു തരുന്നു. സ്വർഗ്ഗീയ വസ്തുക്കൾ ഏതും തന്നെ നമുക്ക് പരിചയമുള്ള ഭൗതിക വസ്തുക്കളെ പോലെ ആയിരിക്കുകയില്ല. "സ്വർഗ്ഗത്തിലെ ഒരു ചമ്മട്ടി വെക്കുന്ന സ്ഥലം ഇഹലോകത്തേക്കാളും അതിലുള്ളതിനേക്കാളും ഉത്തമമാകുന്നു." - നബി വചനം

## വിഭാഗം 5

**വചനം 32,33 :**

۞ وَٱضْرِبْ لَهُم مَّثَلًا رَّجُلَيْنِ جَعَلْنَا لِأَحَدِهِمَا جَنَّتَيْنِ مِنْ أَعْنَٰبٍ وَحَفَفْنَٰهُمَا بِنَخْلٍ وَجَعَلْنَا بَيْنَهُمَا زَرْعًا ﴿٣٢﴾ كِلْتَا ٱلْجَنَّتَيْنِ ءَاتَتْ أُكُلَهَا وَلَمْ تَظْلِم مِّنْهُ شَيْـًٔا ۚ وَفَجَّرْنَا خِلَٰلَهُمَا نَهَرًا ﴿٣٣﴾

32 (നബിയേ!) അവർക്ക് ഒരു ഉപമ-അതായത്: രണ്ടാളുകളെക്കുറിച്ചു- വിവരിച്ചു കൊടുക്കുക: അവരിൽ ഒരുവന് പല (തരം) മുന്തിരികളുടെ രണ്ടു തോട്ടങ്ങൾ നാം ഉണ്ടാക്കിക്കൊടുത്തു; ഈത്തപ്പനകൾകൊണ്ട് അവ രണ്ടിനേയും നാം വലയവും ചെയ്തു; അവ രണ്ടിനുമിടയിൽ നാം കൃഷിയും ഉണ്ടാക്കി.

33 ആ തോട്ടങ്ങൾ രണ്ടും അവയുടെ ഫലങ്ങൾ നല്കി വന്നു; അതിൽ യാതൊരു ക്രമക്കേടും അത് വരുത്തിയില്ല. (ശരിക്ക് ഫലം നൽകി.) രണ്ടു തോട്ടത്തിൻേറയും ഇടയിൽക്കൂടി നാം നദി കീറുകയും ചെയ്തു.

രണ്ട് ആളുകളുടെ ഉപമ വിവരിച്ച് കൊടുക്കുവാൻ അല്ലാഹു നബി(സ)യോട് നിർദ്ദേശിക്കുന്നു. അതിലൊരാൾക്ക് ഫല സമൃദ്ധവും വിവിധ ഇനങ്ങളുള്ളതുമായ രണ്ട് വലിയ മുന്തിരി തോട്ടങ്ങൾ അല്ലാഹു പ്രദാനം ചെയ്തു. ചുറ്റുപാടും ഈത്തപനതോട്ടങ്ങളും ഇടയിൽ പല തരം കൃഷി സ്ഥലങ്ങളും ഇടക്കിടെ നീർച്ചാലുകളും, അങ്ങനെ ഒന്നിനൊന്ന് മെച്ചപ്പെട്ട തോട്ടങ്ങൾ .

**വചനം 34,35,36 :**

34 അവന് (വേറെയും പല) വരുമാനങ്ങളുണ്ടായിരുന്നു. അങ്ങനെ, തൻെറ ചങ്ങാതിയോട്- അവനുമായി (അന്ത്യനാളിനെക്കുറിച്ചും മറ്റും) വാഗ്വാദം ചെയ്തുകൊണ്ട്- അവൻ പറയുകയാണ്: ‘‘ഞാൻ നിന്നെക്കാൾ ധനം കൂടുതലുള്ളവനും, അധികം സംഘബലമുള്ളവനുമത്രെ.’’

35 അവൻ തന്നോടുതന്നെ അക്രമിയായും കൊണ്ട് തൻെറ തോട്ടത്തിൽ പ്രവേശിച്ചു; അവൻ പറഞ്ഞു: ‘`ഒരുകാലത്തും ഇത് (ഈ തോട്ടം) നശിച്ചുപോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല,

36 ‘‘അന്ത്യസമയം, സംഭവിക്കുന്ന ഒന്നാണെന്നും ഞാൻ വിചാരിക്കുന്നില്ല; അഥവാ എൻെറ റബ്ബിൻെറ അടുക്കലേക്ക് ഞാൻ മടക്കപ്പെടുന്നതായാൽ തന്നെ, നിശ്ചയമായും, മടങ്ങിച്ചെല്ലുന്നതിന് ഇതിനേക്കാൾ നല്ലതായ ഒരു സ്ഥാനം എനിക്ക് (അവിടെ) കിട്ടുന്നതാണ്.’’

وَكَانَ لَهُۥ ثَمَرٌ فَقَالَ لِصَٰحِبِهِۦ وَهُوَ
يُحَاوِرُهُۥٓ أَنَا۠ أَكْثَرُ مِنكَ مَالًا وَأَعَزُّ نَفَرًا ٣٤

وَدَخَلَ جَنَّتَهُۥ وَهُوَ ظَالِمٌ لِّنَفْسِهِۦ قَالَ
مَآ أَظُنُّ أَن تَبِيدَ هَٰذِهِۦٓ أَبَدًا ٣٥
وَمَآ أَظُنُّ ٱلسَّاعَةَ قَآئِمَةً وَلَئِن رُّدِدتُّ
إِلَىٰ رَبِّى لَأَجِدَنَّ خَيْرًا مِّنْهَا مُنقَلَبًا ٣٦

സമ്പത്തും സംഘബലവും മൂലം ഗർവ്വും അഹങ്കാരവും അവനെ പിടികൂടിയപ്പോൾ അതവനെ കൊണ്ട് അതിര് കടന്ന് പലതും പറയിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. അന്ത്യനാളിനെ കുറിച്ച്

സ്വയം തീരുമാനങ്ങളെടുത്ത് കൊണ്ട് അവന്റെ ചങ്ങാതിയുമായി അവൻ വാഗ്വാദം ചെയ്യുന്നു. കുറെ ധനവും ഫലസമൃദ്ധിയും അതോടൊന്നിച്ച് ആരോഗ്യവും കൂടി ഉണ്ടാകുമ്പോൾ അഹങ്കാരം പിടികൂടാത്തവർ വളരെ വിരളമായിരിക്കും. അങ്ങനെയുള്ളവർ മഹാഭാഗ്യവാൻമാർ തന്നെ.

**വചനം 37,38 :**

37 അവൻെറ ചങ്ങാതി അവനോട് വാഗ്വാദം നടത്തിക്കൊണ്ട് (ഇങ്ങിനെ) പറഞ്ഞു: ‘‘മണ്ണിൽ നിന്നും, അനന്തരം ശുക്ലബിന്ദുവിൽ നിന്നും നിന്നെ സൃഷ്ടിക്കുകയും, പിന്നീട് നിന്നെ ഒരു പുരുഷനായി (രൂപം നൽകി) ശരിപ്പെടുത്തുകയും ചെയ്തിട്ടുള്ളവനിൽ (അല്ലാഹുവിൽ) നീ അവിശ്വസിക്കുകയാണോ?!

38 ‘‘പക്ഷേ, ഞാൻ: ‘‘അത് (കാര്യം): അല്ലാഹു എൻെറ രക്ഷിതാവാകുന്നു; എൻെറ രക്ഷിതാവിനോട് ഞാൻ ഒന്നിനേയും പങ്കുചേർക്കുന്നതുമല്ല’’ എന്നത്രെ (പറയുന്നത്).’’

قَالَ لَهُۥ صَاحِبُهُۥ وَهُوَ يُحَاوِرُهُۥٓ أَكَفَرْتَ
بِٱلَّذِى خَلَقَكَ مِن تُرَابٍ ثُمَّ مِن نُّطْفَةٍ
ثُمَّ سَوَّىٰكَ رَجُلًا ٣٧

لَّٰكِنَّا۠ هُوَ ٱللَّهُ رَبِّى وَلَآ أُشْرِكُ بِرَبِّىٓ أَحَدًا ٣٨

അവന്റെ സത്യവിശ്വാസിയായ ചങ്ങാതി അവനോട് ഇപ്രകാരം ഉപദേശിച്ചു, ‘‘ നിന്റെ ആദ്യ പിതാവ് മണ്ണിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത്. മാത്രമല്ല, മണ്ണിൽ നിന്ന് ഉത്ഭവിക്കുന്ന സസ്യാദി ഭക്ഷണങ്ങൾ കഴിച്ചതിൽ നിന്നുണ്ടാകുന്ന രക്തത്തിന്റെ സത്തായി ഉൽപാദിപ്പിക്കപ്പെടുന്ന ഇന്ദ്രിയ ബീജത്തിൽ നിന്നും നിന്റെ മാതാപിതാക്കളിലൂടെ നിന്റെ സൃഷ്ടി ഉടലെടുത്തു. അങ്ങനെ ഘട്ടങ്ങൾ പലത് കഴിഞ്ഞ ശേഷം നീ ഒരു തികഞ്ഞ മനുഷ്യനായി പിറവിയെടുത്തു. ഈ അനുഗ്രഹങ്ങളെല്ലാം ചെയ്തു തന്ന സൃഷ്ടാവിൽ ഈ ധനസമൃദ്ധിയിലും

സുഖജീവിതത്തിലും വഞ്ചിതനായി അവിശ്വസിക്കുവാനാണോ നിന്റെ ഭാവം. എന്നാൽ ഞാനതിന് തയ്യാറല്ല. അല്ലാഹു എന്റെ റബ്ബാകുന്നു, അവന്റെ ഏകത്വത്തിൽ ഞാൻ അചഞ്ചലനായി വിശ്വസിക്കുകയും ചെയ്യുന്നു. ''

**വചനം 39,40,41 :**

وَلَوْلَآ إِذْ دَخَلْتَ جَنَّتَكَ قُلْتَ مَا شَآءَ ٱللَّهُ لَا قُوَّةَ إِلَّا بِٱللَّهِ ۚ إِن تَرَنِ أَنَا۠ أَقَلَّ مِنكَ مَالًا وَوَلَدًا ﴿٣٩﴾

فَعَسَىٰ رَبِّىٓ أَن يُؤْتِيَنِ خَيْرًا مِّن جَنَّتِكَ وَيُرْسِلَ عَلَيْهَا حُسْبَانًا مِّنَ ٱلسَّمَآءِ فَتُصْبِحَ صَعِيدًا زَلَقًا ﴿٤٠﴾

أَوْ يُصْبِحَ مَآؤُهَا غَوْرًا فَلَن تَسْتَطِيعَ لَهُۥ طَلَبًا ﴿٤١﴾

39 ''നിൻെറ (ഈ) തോട്ടത്തിൽ പ്രവേശിച്ചപ്പോൾ നിനക്ക് പറഞ്ഞുകൂടായിരുന്നോ: ''അല്ലാഹു ഉദ്ദേശിച്ചതത്രെ (ഇതെല്ലാം); അല്ലാഹുവിനെ ക്കൊണ്ടല്ലാതെ യാതൊരു ശക്തിയും (ആർക്കും) ഇല്ല.'' എന്ന്?! നിന്നെക്കാൾ ധനവും സന്താന വും കുറഞ്ഞവനായി എന്നെ നീ കാണുന്നു വെങ്കിൽ,-

40 ''എൻെറ റബ്ബ് നിൻെറ തോട്ടത്തെക്കാൾ ഏറ്റവും നല്ലത് എനിക്ക് നൽകുവാനും, അതിൻമേൽ (നിൻെറ തോട്ടത്തിൻമേൽ) ആകാശത്തുനിന്ന് ഇടിവാൾ അയക്കുവാനും, അങ്ങനെ, അത് വഴുതുന്ന മൺപ്രദേശമായി ത്തീരുവാനും മതി.

41 ''അല്ലെങ്കിൽ അതിലെ വെള്ളം വറ്റിയതായി ത്തീരുകയും ചെയ്തേക്കാം; പിന്നെ അത് തേടിപ്പിടിക്കുവാൻ നിനക്ക് കഴിവുണ്ടാകയില്ല തന്നെ.''

ആ സുഹൃത്ത് തുടർന്നു: ''നിന്റെ സമ്പൽ സമൃദ്ധിയിലും, അഭിവൃദ്ധിയിലും മതി മറക്കുന്നതിന് പകരം, ഇതൊക്കെ പ്രദാനം ചെയ്ത അല്ലാഹുവിനെ നിനക്ക് സ്തുതിക്കാമായിരുന്നില്ലേ. ഒരു പക്ഷേ ഇതിനേക്കാൾ നല്ല സമ്പത്ത് അല്ലാഹു എനിക്ക് തന്നുവെന്ന് വരാം, അല്ലെങ്കിൽ ഒരു ദിവസം നേരം പുലരുമ്പോഴേക്കും, ഒരു ഇടി വർഷമുണ്ടായി നിന്റെ തോട്ടമാകെ നശിച്ചെന്ന് വരാം; അതുമല്ലെങ്കിൽ ഈ ജലം അപ്പാടെ വറ്റിപോയെന്നും വരാം. അതുകൊണ്ട് കുറച്ചൊരു വിനയത്തിലും ദൈവഭയത്തിലും കഴിഞ്ഞ് കൂടുകയാണ് നിനക്ക് ഉത്തമം.''

**വചനം 42,43,44 :**

وَأُحِيطَ بِثَمَرِهِۦ فَأَصْبَحَ يُقَلِّبُ كَفَّيْهِ عَلَىٰ مَآ أَنفَقَ فِيهَا وَهِىَ خَاوِيَةٌ عَلَىٰ عُرُوشِهَا وَيَقُولُ يَٰلَيْتَنِى لَمْ أُشْرِكْ بِرَبِّىٓ أَحَدًا ﴿٤٢﴾

وَلَمْ تَكُن لَّهُۥ فِئَةٌ يَنصُرُونَهُۥ مِن دُونِ ٱللَّهِ وَمَا كَانَ مُنتَصِرًا ﴿٤٣﴾

هُنَالِكَ ٱلْوَلَٰيَةُ لِلَّهِ ٱلْحَقِّ ۚ هُوَ خَيْرٌ ثَوَابًا

42 അവൻെറ സമൃദ്ധി (മുഴുവനും, ആപത്തു കളാൽ) വലയം ചെയ്യപ്പെട്ടുപോയി! അങ്ങനെ, അതിൽ അവൻ ചിലവിറക്കിയിരുന്നതിനെപ്പറ്റി രണ്ടു കൈപടങ്ങളും മറിച്ചുകൊണ്ടിരിക്കുക (വ്യസനിച്ചു കൈമലർത്തുക) യായി! അവ യാകട്ടെ (തോട്ടങ്ങളാകട്ടെ), അവയുടെ പന്തലു കളോടെ വീണടിഞ്ഞുകിടക്കുകയാണ്! അവൻ പറഞ്ഞുകൊണ്ടിരിക്കുന്നു: ''അഹോ! ഞാൻ എൻെറ റബ്ബിനോട് ആരെയും പങ്കുചേർക്കാതിരു ന്നെങ്കിൽ നന്നായിരുന്നു!'' എന്ന്.

43 അല്ലാഹുവിനെക്കൂടാതെ, അവനെ (സഹായി ച്ചു) രക്ഷപ്പെടുത്തുന്ന ഒരു കൂട്ടരും അവനു ണ്ടായില്ല; അവൻ സ്വയം രക്ഷപ്രാപിച്ചവനായതു മില്ല.

44 അവിടെ(ഇത്തരം സന്ദർഭത്തിൽ) രക്ഷാധികാരം, യഥാർത്ഥാസ്തിത്വമുള്ളവനായ അല്ലാഹു വിനുള്ളതാണ്. അവൻ, പ്രതിഫലം (നൽകുന്ന

وَخَيۡرٌ عُقۡبٗا ﴿٤٤﴾

തിൽ) ഉത്തമനായുള്ളവനും, പര്യവസാനം (ശുഭകരമാക്കുന്നതിൽ) ഉത്തമനായുള്ളവനും ആകുന്നു.

പെട്ടെന്നൊരു പ്രഭാതത്തിലതാ, ആ അഹങ്കാരിയുടെ തോട്ടങ്ങളും ധനവിഭവങ്ങളുമെല്ലാം ഒന്നായി അവയുടെ പന്തലടക്കം, വീണടിഞ്ഞ് തകർന്ന് തരിപ്പണമായിത്തീർന്നു. ആശകളെല്ലാം നശിച്ച അവൻ ഖേദിച്ച് കൈമലർത്തികൊണ്ട് പറഞ്ഞ് കൊണ്ടിരുന്നു " അഹോ, ഞാൻ എന്റെ റബ്ബിനോട് ആരെയും പങ്ക് ചേർക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു." അവനെ സഹായിച്ച് രക്ഷപ്പെടുത്തുന്ന ഒരു കൂട്ടരും അവനുണ്ടായില്ല. അവൻ സ്വയം രക്ഷ പ്രാപിച്ചവനായതുമില്ല.

ഈ ഉപമയിലൂടെ, സത്യ നിഷേധികൾ പരലോകത്ത് മാത്രമല്ല, ഇഹലോകത്തും ദൗർഭാഗ്യകരമായ പല കഷ്ട നഷ്ടങ്ങൾക്കും വിധേയരായേക്കുമെന്ന് അല്ലാഹു താക്കീത് നൽകുകയാണ്. ക്ഷേമൈശ്വര്യങ്ങൾ വേണ്ടത്ര ലഭിച്ചിട്ടും, അഹങ്കാരികളും ആഢംബര പ്രിയരുമായി മതി മറന്ന് കഴിഞ്ഞ് കൂടുന്ന ഏവരെയും താക്കീത് ചെയ്യുന്ന ഒരു ഉദാഹരണമത്രേ ഇത്.

## വിഭാഗം 6

**വചനം 45,46 :**

وَٱضۡرِبۡ لَهُم مَّثَلَ ٱلۡحَيَوٰةِ ٱلدُّنۡيَا كَمَآءٍ أَنزَلۡنَٰهُ مِنَ ٱلسَّمَآءِ فَٱخۡتَلَطَ بِهِۦ نَبَاتُ ٱلۡأَرۡضِ فَأَصۡبَحَ هَشِيمٗا تَذۡرُوهُ ٱلرِّيَٰحُۗ وَكَانَ ٱللَّهُ عَلَىٰ كُلِّ شَيۡءٖ مُّقۡتَدِرًا ﴿٤٥﴾

45 (നബിയേ) ഐഹിക ജീവിതത്തിന്റെ ഉപമ അവർക്ക് വിവരിച്ചു കൊടുക്കുക: (അത്) ഒരു വെള്ളം പോലെയാണ്: ആകാശത്തുനിന്ന് നാം അത് (മഴയായി) ഇറക്കുന്നു; എന്നിട്ട്, ഭൂമിയിലെ സസ്യവർഗ്ഗം അതുമൂലം (തഴച്ചുവളർന്നു) ഇടതിങ്ങി വരുന്നു; എന്നിട്ട് അത്, കാറ്റുകൾ പാറ്റിക്കളയുന്ന തുരുമ്പായിത്തീരുന്നു. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

ٱلۡمَالُ وَٱلۡبَنُونَ زِينَةُ ٱلۡحَيَوٰةِ ٱلدُّنۡيَاۖ وَٱلۡبَٰقِيَٰتُ ٱلصَّٰلِحَٰتُ خَيۡرٌ عِندَ رَبِّكَ ثَوَابٗا وَخَيۡرٌ أَمَلٗا ﴿٤٦﴾

46 ധനവും മക്കളും ഐഹിക ജീവിതത്തിന്റെ അലങ്കാരമാകുന്നു. നല്ലതായ ശാശ്വതകാര്യങ്ങളത്രെ, നിന്റെ റബ്ബിന്റെ അടുക്കൽ പ്രതിഫലത്തിൽ ഗുണമേറിയതും; പ്രത്യാശക്ക് ഗുണമായുള്ളതും.

ഐഹിക ജീവിതവും അതിലെ സുഖ സന്തോഷങ്ങളുമെല്ലാം, താല്ക്കാലികം മാത്രമാകുന്നു. ധനവും സന്താനങ്ങളുമെല്ലാം നല്ല മാർഗ്ഗത്തിൽ ഉപയോഗപ്പെടുത്താത്ത പക്ഷം, അത്കൊണ്ട് ഗുണത്തേക്കാളേറെ ദോഷമാണുണ്ടാവുക. ഈ ലോകത്ത് വെച്ച് നാം ചെയ്യുന്ന സൽകർമ്മങ്ങൾക്ക് മാത്രമേ നിലനിൽപ്പും യഥാർത്ഥ ഫലവും ലഭിക്കുകയുള്ളു. ഈ യാഥാർത്ഥ്യങ്ങളെ വ്യക്തമാക്കുന്ന ഒരു ഉപമയാണ് 45-ാം വചനത്തിൽ വിവരിക്കപ്പെട്ടിട്ടുള്ളത്. പ്രപഞ്ച കർത്താവ് എല്ലാ കാര്യത്തിനും ഒരു സമയം നിശ്ചയിച്ച് വെച്ചിട്ടുണ്ട്. ആ സമയം വന്ന് കഴിഞ്ഞാൽ പിന്നെ ഒരു നിമിഷ നേരവും അതിന് ശേഷിപ്പില്ല.

**വചനം 47,48,49 :**

وَيَوۡمَ نُسَيِّرُ ٱلۡجِبَالَ وَتَرَى ٱلۡأَرۡضَ بَارِزَةٗ وَحَشَرۡنَٰهُمۡ فَلَمۡ نُغَادِرۡ مِنۡهُمۡ أَحَدٗا ﴿٤٧﴾

47 പർവ്വതങ്ങളെ (തൽസ്ഥാനങ്ങളിൽനിന്ന്) നാം ചലിപ്പിക്കുകയും, ഭൂമിയെ വെളിപ്പെട്ടതായി (നഗ്നമായി) നിനക്ക് കാണുമാറാവുകയും അവരെ (മനുഷ്യരെ) നാം ഒരുമിച്ചുകൂട്ടി അവരിൽനിന്ന് ഒരാളെയും വിട്ടുകളയാതിരിക്കുകയും ചെയ്യുന്ന ദിവസം:

وَعُرِضُواْ عَلَىٰ رَبِّكَ صَفّٗا لَّقَدۡ جِئۡتُمُونَا كَمَا خَلَقۡنَٰكُمۡ أَوَّلَ مَرَّةِۭۚ بَلۡ زَعَمۡتُمۡ أَلَّن

48 നിന്റെ രക്ഷിതാവിന്റെ അടുക്കൽ (അന്ന്) അവർ അണിയായി (നിറുത്തി) കാണിക്കപ്പെടുകയും ചെയ്യുന്നതാണ്, നാം അവരോട് പറയും: ``ആദ്യപ്രാവശ്യം നാം നിങ്ങളെ

نَّجۡعَلَ لَكُم مَّوۡعِدٗا ﴿٤٨﴾

സൃഷ്ടിച്ചപ്രകാരം നിങ്ങൾ നമ്മുടെ അടുക്കൽ വന്നിരിക്കുകയാണ്; പക്ഷേ, (ഇങ്ങിനെ) ഒരു നിശ്ചിത സമയം നിങ്ങൾക്ക് നാം ഏർപ്പെടുത്തുന്നതേയല്ല എന്ന് നിങ്ങൾ ജൽപിക്കുകയുണ്ടായി.''

وَوُضِعَ ٱلۡكِتَٰبُ فَتَرَى ٱلۡمُجۡرِمِينَ مُشۡفِقِينَ مِمَّا فِيهِ وَيَقُولُونَ يَٰوَيۡلَتَنَا مَالِ هَٰذَا ٱلۡكِتَٰبِ لَا يُغَادِرُ صَغِيرَةٗ وَلَا كَبِيرَةً إِلَّآ أَحۡصَىٰهَاۚ وَوَجَدُواْ مَا عَمِلُواْ حَاضِرٗاۗ وَلَا يَظۡلِمُ رَبُّكَ أَحَدٗا ﴿٤٩﴾

49 (ഓരോരുത്തൻെറ കയ്യിലും അവൻെറ നൻമ തിൻമകൾ രേഖപ്പെടുത്തിയ) പുസ്തകം വെക്കപ്പെടും; അപ്പോൾ, അതിൽ ഉൾക്കൊള്ളുന്നതിനെ സംബന്ധിച്ചു ഭയവിഹ്വലരായിക്കൊണ്ട് കുറ്റവാളികളെ നിനക്ക് കാണാവുന്നതാണ്. അവർ പറയും: ''അഹോ! ഞങ്ങളുടെ കഷ്ടം! എന്താണ് ഈ പുസ്തകത്തിന്? ചെറിയതോ വലിയതോ ആയ ഒന്നും തന്നെ ക്ലിപ്തപ്പെടുത്താതെ അത് വിട്ടുകളയുന്നില്ലല്ലോ''! അവർ എന്ത് പ്രവർത്തിച്ചുവോ അത് (അവരുടെ മുമ്പിൽ) ഹാജറുള്ളതായി അവർ കണ്ടെത്തുന്നതുമാണ്. നിൻെറ റബ്ബ് ആരോടും അനീതി ചെയ്യുകയില്ല.

പർവ്വതങ്ങളെ നടത്തുമെന്ന് പറഞ്ഞത് ലോകാവസാന സമയത്തെ ഭയങ്കര സംഭവങ്ങളിൽപ്പെട്ടതാകുന്നു. തുടർന്ന് പുനർജീവിപ്പിക്കപ്പെടുന്ന മനുഷ്യരുടെ കയ്യിൽ അവരവരുടെ നന്മ തിന്മകൾ രേഖപ്പെടുത്തപ്പെട്ട ഏടുകൾ നൽകപ്പെടുന്നതും വിചാരണക്ക് വിധേയരാക്കപ്പെടുന്നതുമാകുന്നു. ആ സന്ദർഭത്തിൽ അവിശ്വാസികളുടെയും പാപികളുടെയും വ്യസനവും സങ്കടങ്ങളും അതിരറ്റതായിരിക്കും. അവർ ചെയ്ത ചെറിയതോ, വലിയതോ ആയ ഒന്നും തന്നെ ആ പുസ്തകത്തിൽ രേഖപ്പെടുത്താതെ വിട്ട് കളഞ്ഞിട്ടുണ്ടാവുകയില്ല. അവരാകട്ടെ ഇങ്ങിനെ ഒരു നിശ്ചിത സമയം വന്നെത്തുന്നതല്ല എന്ന് ജല്പിച്ച് കൊണ്ടിരുന്നവരുമായിരുന്നു.

## വിഭാഗം 7

**വചനം 50,51 :**

وَإِذۡ قُلۡنَا لِلۡمَلَٰٓئِكَةِ ٱسۡجُدُواْ لِأٓدَمَ فَسَجَدُوٓاْ إِلَّآ إِبۡلِيسَ كَانَ مِنَ ٱلۡجِنِّ فَفَسَقَ عَنۡ أَمۡرِ رَبِّهِۦٓۗ أَفَتَتَّخِذُونَهُۥ وَذُرِّيَّتَهُۥٓ أَوۡلِيَآءَ مِن دُونِي وَهُمۡ لَكُمۡ عَدُوُّۢۚ بِئۡسَ لِلظَّٰلِمِينَ بَدَلٗا ﴿٥٠﴾

50 (ഓർക്കുക:) നാം മലക്കുകളോട്: ''നിങ്ങൾ ആദമിന് 'സുജൂദ്' ചെയ്യുവിൻ (തല കുനിക്കുവിൻ)'' എന്നു പറഞ്ഞപ്പോൾ, അവർ 'സുജൂദ്' ചെയ്തു- ഇബ്‌ലീസ് ഒഴികെ; അവൻ ജിന്നുവർഗ്ഗത്തിൽ പെട്ടവനായിരുന്നു; അതിനാൽ, അവൻ തൻെറ രക്ഷിതാവിൻെറ കല്പനയെ ധിക്കരിച്ചു കളഞ്ഞു. എന്നിരിക്കെ, നിങ്ങൾ എന്നെവിട്ട് അവനെയും, അവൻെറ സന്തതികളെയും കാര്യകർത്താക്കളാക്കുന്നുവോ? അവരാകട്ടെ, നിങ്ങൾക്ക് ശത്രുക്കളുമാണ്! അക്രമികൾക്ക് (സ്വീകരിക്കുവാൻ) പകരം കിട്ടിയത് വളരെ മോശമത്രെ!

۞ مَّآ أَشۡهَدتُّهُمۡ خَلۡقَ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَلَا خَلۡقَ أَنفُسِهِمۡ وَمَا كُنتُ مُتَّخِذَ ٱلۡمُضِلِّينَ عَضُدٗا ﴿٥١﴾

51 ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിച്ചതിനാകട്ടെ, അവരെത്തന്നെ സൃഷ്ടിച്ചതിനാകട്ടെ, നാം അവരെ സാക്ഷിയാക്കിയിട്ടില്ല. വഴിപിഴപ്പിക്കുന്നവരെ ഞാൻ സഹായകരായി സ്വീകരിക്കുന്നവനല്ലതന്നെ.

ആദം(അ) നബിയെ സൃഷ്ടിച്ച ശേഷം അദ്ദേഹത്തിന് 'സുജൂദ്' ചെയ്യണമെന്ന് അല്ലാഹു മലക്കുകളോട് കല്പിച്ചു. കല്പന ഇബ്ലീസിനും ബാധകമായിരുന്നു. എന്നാൽ 'അഗ്നിയിൽ സൃഷ്ടിക്കപ്പെട്ട ഞാൻ മണ്ണിനാൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് മുന്നിൽ തല കുനിക്കുകയോ' എന്ന അഹങ്കാരത്താൽ അവൻ അല്ലാഹുവിന്റെ കല്പന നിരസിച്ച് കളഞ്ഞു. അല്ലാഹുവിന്റെ കോപശാപത്തിന് ഇരയായ അവൻ, മനുഷ്യന്റെ ആജന്മ ശത്രുവായി തീരുകയും ചെയ്തു. [ഈ സംഭവം ഖുർആനിൽ പലയിടത്തും വിവരിക്കപ്പെട്ടിട്ടുള്ളതാകുന്നു. കൂടുതൽ വിവരങ്ങൾ സൂ: ത്വാഹായിൽ കാണാം.] ഇതെല്ലാ വിസ്മരിച്ച് കൊണ്ട് മനുഷ്യനാകട്ടെ, ഇബ്ലീസിന്റെയും അവന്റെ വർഗ്ഗക്കാരുടെയും ദുഷ് പ്രേരണകൾക്ക് വശംവദരായി പിഴച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നു. എത്ര മോശപ്പട്ട കാര്യകർത്താക്കളാണവർ.

ആകാശഭൂമികളെയോ, മറ്റോ സൃഷ്ടിച്ചതിലൊന്നും തന്നെ പിശാചിനോ അവന്റെ സന്തതികൾക്കോ യാതൊരു തരത്തിലുള്ള പങ്കും ഇടപെടലും ഉണ്ടായിട്ടില്ല; എന്നിരിക്കെ അവരുടെ ദുരുപദേശങ്ങൾക്ക് വശം വദരാകുന്നതിൽ മനുഷ്യന് എന്ത് ന്യായമാണുള്ളത്. വഴി പിഴപ്പിക്കുന്നവരെ അല്ലാഹു സഹായകരായി സ്വീകരിക്കുന്നവനല്ല തന്നെ.

**വചനം 52,53 :**

وَيَوْمَ يَقُولُ نَادُوا۟ شُرَكَآءِىَ ٱلَّذِينَ زَعَمْتُمْ فَدَعَوْهُمْ فَلَمْ يَسْتَجِيبُوا۟ لَهُمْ وَجَعَلْنَا بَيْنَهُم مَّوْبِقًا ﴿٥٢﴾

52 (അല്ലാഹു അക്രമികളോടായി:) "നിങ്ങൾ ജൽപിച്ചു കൊണ്ടിരുന്ന എന്റെ പങ്കുകാരെ വിളിച്ചുകൊൾവിൻ" എന്ന് പറയുന്ന ദിവസം (ഓർക്കുക)!- അപ്പോൾ അവർ അവരെ വിളി(ച്ചു നോ) ക്കുന്നതാണ്: എന്നാൽ അവർ അവർക്ക് ഉത്തരം നൽകുന്നതല്ല. നാം (അല്ലാഹു) അവർക്കിടയിൽ ഒരു അപകടസ്ഥലം ഏർപ്പെടുത്തുന്നതുമാണ്.

وَرَءَا ٱلْمُجْرِمُونَ ٱلنَّارَ فَظَنُّوٓا۟ أَنَّهُم مُّوَاقِعُوهَا وَلَمْ يَجِدُوا۟ عَنْهَا مَصْرِفًا ﴿٥٣﴾

53 കുറ്റവാളികൾ നരകത്തെ (നേരിൽ)കാണും, അപ്പോൾ അവർക്ക് വിചാരം വരും (മനസ്സിലാകും): നിശ്ചയമായും തങ്ങൾ അതിൽ അകപ്പെട്ടുപോകുന്നവരാണെന്ന്. അതിൽ നിന്ന് തിരിഞ്ഞുപോകുവാനുള്ള ഒരു മാർഗ്ഗവും അവർ കണ്ടെത്തുന്നതുമല്ല.

പരലോക വിശ്വാസവും നരക ശിക്ഷയെകുറിച്ചുള്ള ഭയവും ഇല്ലാതിരുന്ന അവൻ, ഇപ്പോൾ നരകത്തെ നേരിൽ കാണുകയാണ്. അത് യാഥാർത്ഥ്യം തന്നെയാണെന്നും, തങ്ങൾക്ക് അതിൽ നിന്ന് രക്ഷയില്ലെന്നും, അവർക്കിപ്പോൾ ശരിക്കും ബോധ്യമായിരിക്കുന്നു. അതിൽ നിന്ന് തിരിഞ്ഞ് പോകാനുള്ള ഒരു മാർഗ്ഗവും അവർ കണ്ടെത്തുന്നതുമല്ല. അവർ ജല്പിച്ചു കൊണ്ടിരുന്ന അല്ലാഹുവിന്റെ പങ്കുകാരെ അവർ വിളിച്ച് നോക്കുന്നതാണ്. എന്നാൽ അവർ, അവർക്ക് ഉത്തരം നൽകുന്നതല്ല. അവർക്കിടയിൽ അല്ലാഹു ഒരു അപകട സ്ഥലം ഏർപ്പെടുത്തുന്നതുമാണ്.

## വിഭാഗം 8

**വചനം 54 :**

وَلَقَدْ صَرَّفْنَا فِى هَـٰذَا ٱلْقُرْءَانِ لِلنَّاسِ مِن كُلِّ مَثَلٍ ۚ وَكَانَ ٱلْإِنسَـٰنُ أَكْثَرَ شَىْءٍ جَدَلًا ﴿٥٤﴾

54 തീർച്ചയായും, ജനങ്ങൾക്കുവേണ്ടി എല്ലാ(വക) ഉപമകളെയും ഈ ഖുർആനിൽ നാം വിവിധ തരത്തിൽ വിവരിച്ചിട്ടുണ്ട്. മനുഷ്യൻ, ഏത് വസ്തുവെക്കാളുമധികം തർക്ക (സ്വഭാവ) മുള്ളവനാകുന്നു.

ഖുർആൻ ന്റെ വിവരണ രീതിക്ക് അതിന്റേതായ ഒരു ശൈലിയും പ്രതിപാദന രീതിയുമാണുള്ളത്. മനുഷ്യ നിർമ്മിത ശാസ്ത്ര, സാഹിത്യ, ചരിത്ര കൃതികളിൽ നിന്ന് അത് തീർത്തും വ്യത്യസ്തവുമാകുന്നു. അതിന്റെ വിവരണ രീതിയെ സംബന്ധിച്ച് എത്രയോ മഹാൻമാർ അനേകം ഗ്രന്ഥങ്ങൾ തന്നെ രചിച്ച് കഴിഞ്ഞിട്ടുണ്ട്. ഒരേ കാര്യം തന്നെ ഒന്നിലധികം സ്ഥലത്ത്, തികച്ചും നൂതനമായ സവിശേഷതകളോടെ ഖുർആനിൽ വിവരിക്കപ്പെട്ടിരിക്കുന്നത് കാണാം. സംഭവങ്ങളും സങ്കൽപങ്ങളും, നിയമ വശങ്ങളും ധാർമ്മിക വശങ്ങളും ഇടകലർത്തി ബുദ്ധിയുള്ള മനുഷ്യരെ ആകർഷിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന ഒരു പ്രത്യേക ശൈലിയാകുന്നു ഖുർആനിൽ ഉടനീളം.

എന്നാൽ സ്വതവേ തർക്കിക്കുന്ന സ്വഭാവക്കാരനായ മനുഷ്യനാകട്ടെ കാര്യങ്ങൾ ഗ്രഹിക്കാൻ ക്ഷമ കാണിക്കാതെ സംഗതികൾ ബോധ്യം വന്നാലും വിമർശനം നടത്തികൊണ്ടിരിക്കും. ഈ സ്വഭാവങ്ങൾ നിമിത്തം ഖുർആന്റെ അദ്ധ്യാപനങ്ങളും ഉപദേശങ്ങളും പലപ്പോഴും അവന് ഉപയോഗപ്രദമല്ലാതെ വരുന്നു.

“ (പറയുന്ന) വാക്ക് ശ്രദ്ധിച്ച് കേൾക്കുകയും എന്നിട്ട് അതിൽ നല്ലതിനെ പിൻപറ്റുകയും ചെയ്യുന്ന എന്റെ അടിയാൻമാർക്ക് സന്തോഷ വാർത്ത അറിയിക്കുക. അല്ലാഹു മാർഗ്ഗദർശനം നൽകിയുട്ടള്ളവരത്രേ അക്കൂട്ടർ. അവർ തന്നെയാണ് ബുദ്ധിമാൻമാരും ” എന്ന് സൂ : സുമർ-17,18 വചനങ്ങളിലായി അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

ഒരിക്കൽ രാത്രി നമസ്കാരത്തെ പറ്റി അലി(റ)യേയും ഫാത്തിമ(റ)യേയും ഓർമ്മിപ്പിച്ച നബി

(സ)തിരുമേനിയോട് “ ഞങ്ങൾ എഴുന്നേൽക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചാൽ ഞങ്ങളെ അവൻ എഴുന്നേൽപ്പിക്കുന്നതാണ് ” എന്ന് അലി(റ) മറുപടി പറഞ്ഞപ്പോൾ നബി(സ) തിരുമേനി ഇപ്രകാരം പറയുകയുണ്ടായി: “ മനുഷ്യൻ ഏത് വസ്തുവേക്കാളും തർക്കമുള്ളവനാകുന്നു.”

**വചനം 55,56:**

55 സൻമാർഗ്ഗദർശനം വന്നപ്പോൾ (അതിൽ) വിശ്വസിക്കുകയും, തങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുകയും ചെയ്യുന്നതിൽനിന്ന് മനുഷ്യരെ തടയുന്നത്, പൂർവികൻമാരുടെ (അവരിൽ കഴിഞ്ഞ ശിക്ഷയുടെ) നടപടികൾ അവർക്ക് വന്നെത്തുകയോ, അല്ലെങ്കിൽ പെട്ടെന്ന് അവർക്ക് ശിക്ഷവരുകയോ വേണമെന്നുള്ള തല്ലാതെ (വേറെ) എന്താണ്?!

وَمَا مَنَعَ ٱلنَّاسَ أَن يُؤْمِنُوٓا۟ إِذْ جَآءَهُمُ
ٱلْهُدَىٰ وَيَسْتَغْفِرُوا۟ رَبَّهُمْ إِلَّآ أَن تَأْتِيَهُمْ
سُنَّةُ ٱلْأَوَّلِينَ أَوْ يَأْتِيَهُمُ ٱلْعَذَابُ قُبُلًا ﴿٥٥﴾

56 സുവിശേഷം അറിയിക്കുന്നവരായും, താക്കീത് നൽകുന്നവരായും കൊണ്ടല്ലാതെ ‘മുർസലു’ കളെ (ദൂതൻമാരെ) നാം അയക്കാറില്ല. സത്യത്തെ തകർത്തുകളയുവാൻവേണ്ടി മിഥ്യാ വാദവുമായി അവിശ്വസിച്ചആളുകൾ തർക്കിക്കുന്നു! എന്റെ ലക്ഷ്യങ്ങളെയും, അവർക്ക് താക്കീത് നൽകപ്പെട്ടിട്ടുള്ളതിനെയും അവർ പരിഹാസ്യമാക്കുകയും ചെയ്തിരിക്കുന്നു!

وَمَا نُرْسِلُ ٱلْمُرْسَلِينَ إِلَّا مُبَشِّرِينَ وَمُنذِرِينَ ۚ
وَيُجَٰدِلُ ٱلَّذِينَ كَفَرُوا۟ بِٱلْبَٰطِلِ لِيُدْحِضُوا۟
بِهِ ٱلْحَقَّ ۖ وَٱتَّخَذُوٓا۟ ءَايَٰتِى وَمَآ أُنذِرُوا۟ هُزُوًا ﴿٥٦﴾

‘ പൂർവ്വികൻമാരുടെ ശിക്ഷാ നടപടി ’ എന്നതുകൊണ്ട് ഉദ്ദേശ്യം ആദു, ഥമൂദു മുതലായ ഗോത്രങ്ങൾക്ക് സംഭവിക്കുകയുണ്ടായത് പോലെയുള്ള ശിക്ഷാനടപടികൾ ആകുന്നു.

നബി(സ) തിരുമേനിയുടെ ജനത അല്ലാഹുവിനോട് പറഞ്ഞത് ഇപ്രകാരമായിരുന്നു, “ അല്ലാഹുവേ ഈ പറയുന്നതാണ് നിന്റെ പക്കൽ നിന്നുള്ള സത്യമെങ്കിൽ ഞങ്ങളുടെ മേൽ നീ ആകാശത്ത് നിന്നും കല്ല് മഴ വർഷിപ്പിച്ചുകൊള്ളുക, അല്ലെങ്കിൽ വേദനയേറിയ ശിക്ഷ നീ ഞങ്ങൾക്ക് കൊണ്ട് വരിക. ”

ഇത്രയും നീചമായ മനസ്ഥിതിയായിരുന്നു അവരുടേത്. അല്ലാഹുവിന്റെ ലക്ഷ്യങ്ങളെയും അവർക്ക് താക്കീത് നൽകപ്പെട്ടിട്ടുള്ളതിനേയും പരിഹാസ്യമാക്കുകയായിരുന്നു ആ ജനത.

**വചനം 57,58,59:**

57 തന്റെ റബ്ബിന്റെ `ആയത്തുകൾ’ (ലക്ഷ്യങ്ങൾ) മുഖേന ഉൽബോധനം നൽകപ്പെട്ടിട്ട് അവയെ വിട്ടുതിരിഞ്ഞുകളയുകയും, തന്റെ കൈകൾ (താൻ) മുമ്പ് ചെയ്തുപോയിട്ടുള്ളതിനെ (ദുഷ്കർമ്മങ്ങളെ) മറന്നുകളയുകയും ചെയ്തവരെക്കാൾ അക്രമി ആരാണുള്ളത്?! നിശ്ചയമായും, അത് ഗ്രഹിക്കുന്നതിന് (കഴിയാത്തവണ്ണം)

وَمَنْ أَظْلَمُ مِمَّن ذُكِّرَ بِـَٔايَٰتِ رَبِّهِۦ
فَأَعْرَضَ عَنْهَا وَنَسِىَ مَا قَدَّمَتْ يَدَاهُ ۚ إِنَّا
جَعَلْنَا عَلَىٰ قُلُوبِهِمْ أَكِنَّةً أَن يَفْقَهُوهُ
وَفِىٓ ءَاذَانِهِمْ وَقْرًا ۖ وَإِن تَدْعُهُمْ إِلَى ٱلْهُدَىٰ

فَلَن يَهۡتَدُوٓاْ إِذًا أَبَدٗا ٥٧

അവരുടെ ഹൃദയങ്ങളിൽ ഒരുതരം മൂടികളും, അവരുടെ കാതുകളിൽ ഒരുതരം കട്ടിയും നാം ആക്കിയിരിക്കുകയാണ്. നീ അവരെ സൻമാർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നതായാൽ- അങ്ങിനെയിരിക്കെ- ഒരിക്കലും അവർ സൻമാർഗ്ഗം സ്വീകരിക്കുകയില്ലതന്നെ.

وَرَبُّكَ ٱلۡغَفُورُ ذُو ٱلرَّحۡمَةِۖ لَوۡ يُؤَاخِذُهُم بِمَا كَسَبُواْ لَعَجَّلَ لَهُمُ ٱلۡعَذَابَۚ بَل لَّهُم مَّوۡعِدٞ لَّن يَجِدُواْ مِن دُونِهِۦ مَوۡئِلٗا ٥٨

58 നിൻെറ രക്ഷിതാവ് വളരെ പൊറുക്കുന്നവനാണ്, കരുണയുള്ളവനാണ്. അവർ ചെയ്തുകൂട്ടിയതിന് അവരോട് അവൻ നടപടി എടുക്കുകയായിരുന്നുവെങ്കിൽ, അവർക്ക് അവൻ ശിക്ഷ തൽക്ഷണം തന്നെ കൊടുക്കുമായിരുന്നു. പക്ഷേ, അവർക്കൊരു നിശ്ചിതസമയമുണ്ട്; അതിനെവിട്ട് യാതൊരു രക്ഷാവലംബവും അവർക്ക് കിട്ടുന്നതേഅല്ല.

وَتِلۡكَ ٱلۡقُرَىٰٓ أَهۡلَكۡنَٰهُمۡ لَمَّا ظَلَمُواْ وَجَعَلۡنَا لِمَهۡلِكِهِم مَّوۡعِدٗا ٥٩

59 അതാ (ആ) രാജ്യങ്ങൾ! അവർ (അതിലെ നിവാസികൾ) അക്രമം ചെയ്തപ്പോൾ നാം അവരെ നശിപ്പിച്ചു കളഞ്ഞു. (അതുപോലെ) ഇവരുടെ നാശത്തിനും നാം ഒരു നിശ്ചിതസമയം ഏർപ്പെടുത്തിയിരിക്കുന്നു.

അവിശ്വാസികളുടെ നിഷേധവും, ധിക്കാരവും, പരിഹാസവും, മർക്കടമുഷ്ടിയുമെല്ലാം അതിരുകവിഞ്ഞിരിക്കുകയാണ്. കല്ല് പോലെ ഉറച്ച് നിർജ്ജീവമായിരിക്കുന്ന അവരുടെ ഹൃദയങ്ങളിലേക്ക് സത്യോപദേശത്തിന് പ്രവേശനമില്ലാതായിരിക്കുന്നു, അവരുടെ കാതുകളിൽ എന്തോ ഒരു കട്ടി നിറഞ്ഞ് അവർ കേൾവി നഷ്ടപ്പെട്ടവരുമായിരിക്കുന്നു. അതികഠിനമായ ശിക്ഷക്ക് അവർ തികച്ചും അർഹരാണെങ്കിലും, കാരുണ്യവാനായ അല്ലാഹു ഈ ലോകത്തേക്കുള്ള അവന്റെ നിയമ നടപടി അനുസരിച്ച് ഒരു നിശ്ചിത സമയം വരേക്കും അവർക്ക് ശിക്ഷയിൽ നിന്നും ഒഴിവ് നൽകി അവരെ സ്വതന്ത്രരായി വിട്ടിരിക്കുകയാണ്. ആദു, ഥമൂദു ഗോത്രക്കാർ അക്രമപ്രവർത്തനം തുടർന്നപ്പോൾ, ഒരു നിശ്ചിത സമയത്ത് അല്ലാഹു അവരെ നശിപ്പിച്ച് കളഞ്ഞു. അത്പോലെ ഇവരുടെ നാശത്തിനും അല്ലാഹു ഒരു നിശ്ചിത സമയം ഏർപ്പെടുത്തിയിരിക്കുന്നു.

## മൂസാ(അ) നബിയുടെയും ഖിള്ർ (അ) നബിയുടെയും കഥ

അടുത്ത ഏതാനും വചനങ്ങളിൽ അല്ലാഹു ഈ നബിമാരുടെ ചരിത്രം വിവരിക്കുന്നു.

ഒരിക്കൽ മൂസാ(അ) നബിയോട് ഒരാൾ "താങ്കളേക്കാൾ അറിവുള്ള മറ്റ് വല്ലവരേയും താങ്കൾ അറിയുമോ" എന്ന് ചോദിച്ചപ്പോൾ "ഇല്ല" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. "അല്ലാഹുവിനറിയാം" എന്ന് പറയുകയായിരുന്നു, അദ്ദേഹത്തിന് യോജിച്ച മറുപടി.

ഇതേ തുടർന്ന്, "എന്റെ ഒരു അടിയാൻ നിന്നേക്കാൾ അറിവുള്ളവനാണ്- രണ്ട് സമുദ്രങ്ങൾ കൂടിചേരുന്ന സ്ഥലത്ത് വെച്ച് നിനക്ക് അദ്ദേഹത്തെ കാണാം." എന്ന് അല്ലാഹു മൂസാ(അ) നബിക്ക് വഹ്യ് നൽകി. ഒരു മത്സ്യം കൂടെ കൊണ്ട് പോകണമെന്നും, അത് അപ്രത്യക്ഷമാകുന്ന സ്ഥലത്ത് അദ്ദേഹം ഉണ്ടാകുമെന്നും അറിയിച്ചു.

അങ്ങനെ മൂസാ(അ) നബിയും വാലിയക്കാരനായ യൂശാഉ(അ)ഉം യാത്രയായി. ഒരു പാറക്കല്ലിനടുത്ത് വിശ്രമിക്കുന്ന അവസരത്തിൽ മത്സ്യം സമുദ്രത്തിലേക്ക് ചാടിപ്പോയി. ഉറക്കത്തിലായിരുന്ന മൂസാ(അ) നബിയെ പ്രസ്തുത വിവരം അറിയിക്കുവാൻ യൂശാഅ്(അ) മറന്ന് പോയി. കുറെ നടന്ന് മുന്നോട്ട് പോയ അവർ, മത്സ്യത്തിന്റെ കാര്യം ഓർമ്മിച്ചതോടെ പിന്നോട്ട് മടങ്ങി പോന്നു. മത്സ്യം പോയ സ്ഥലത്ത് ഒരു തുരങ്കം അവശേഷിച്ചിരുന്നു, അവിടെ വെച്ച് അവർ ഒരാളെ കണ്ട് മുട്ടുകയും പരസ്പരം പരിചയപ്പെടുകയും ചെയ്തു.

"നിങ്ങളുടെ അറിവിൽ നിന്നും എനിക്ക് പഠിപ്പിച്ച് തരുവാനായി, ഞാൻ നിങ്ങളുടെ കൂടെ വരട്ടെയോ" എന്ന് മൂസാ(അ) അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം ഇപ്രകാരം പറഞ്ഞു;

"നിങ്ങൾക്ക് തൌറാത്ത് ലഭിച്ചിട്ടുണ്ട്, വഹ്യും വരാറുണ്ട്, എനിക്കും ചില അറിവുകളുണ്ട് അത് താങ്കൾക്ക്

ഉണ്ടായിരിക്കുകയില്ല, നേരെ മറിച്ചും ആകാം. എന്നാൽ താങ്കൾ എന്റെ ഒന്നിച്ചു ചേരുന്നപക്ഷം ഏത് കാര്യത്തെ കുറിച്ചും ഞാൻ താങ്കൾക്ക് വിവരിച്ച് തരുന്നത് വരെ, താങ്കൾ എന്നോട് ചോദ്യം ചെയ്യരുത്." മൂസാ(അ) ഈ നിബന്ധന സ്വീകരിക്കുകയും അവർ യാത്ര തുടരുകയും ചെയ്തു. തുടർന്നുള്ള ആയത്തുകളിൽ നിന്നും ബാക്കി സംഭവം ഗ്രഹിക്കാവുന്നതാണ്.

## വിഭാഗം 9

**വചനം 60,61 :**

وَإِذْ قَالَ مُوسَىٰ لِفَتَىٰهُ لَآ أَبْرَحُ حَتَّىٰٓ أَبْلُغَ مَجْمَعَ ٱلْبَحْرَيْنِ أَوْ أَمْضِىَ حُقُبًا ﴿٦٠﴾

60 മൂസാ തൻെറ വാലിയക്കാരനോട്; "രണ്ടു സമുദ്രങ്ങൾ കൂടിച്ചേരുന്ന സ്ഥലത്ത് എത്തി ച്ചേരുകയോ, അല്ലെങ്കിൽ ദീർഘകാലം നടക്കു കയോ ചെയ്യുന്നതുവരെ ഞാൻ (ഈ) യാത്ര തുടർന്നുകൊണ്ടേയിരിക്കും." എന്നു പറഞ്ഞ സന്ദർഭം (ഓർക്കുക).

فَلَمَّا بَلَغَا مَجْمَعَ بَيْنِهِمَا نَسِيَا حُوتَهُمَا فَٱتَّخَذَ سَبِيلَهُۥ فِى ٱلْبَحْرِ سَرَبًا ﴿٦١﴾

61 അങ്ങിനെ, അതുരണ്ടും തമ്മിൽ കൂടിചേരുന്ന സ്ഥലത്ത് എത്തിയപ്പോൾ, അവർ തങ്ങളുടെ മത്സ്യത്തെ (അതിൻെറ കാര്യം) മറന്നുപോയി. എന്നിട്ട് അത് സമുദ്രത്തിൽ (ചാടി;) അതു പോയവഴി ഒരു തുരങ്കം (പോലെ) ആക്കി തീർത്തു.

രണ്ട് സമുദ്രങ്ങൾ ഏതാണെന്നും അവ കൂടി ചേരുന്ന സ്ഥലം ഏതാണെന്നുമുള്ളതിനെ പറ്റി വ്യത്യസ്ത അഭിപ്രായങ്ങൾ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ചെങ്കടലിന്റെ രണ്ട് ശാഖകളായ അഖബ ഉൾക്കടലും, സൂയസ് ഉൾക്ക ടലും കൂടിചേരുന്ന ഐല: യിലാണെന്നാണ് കൂടുതൽ സ്വീകാര്യമായ അഭിപ്രായം. ഇസ്രാഈല്യരുടെ ദീർഘകാ ലത്തെ വാസ സ്ഥലമായിരുന്ന സീനാ താഴ്വര സ്ഥിതി ചെയ്യുന്നത് ഈ പരിസരങ്ങളിലാകുന്നു. മൂസാ(അ) നബിക്ക് തൌറാത്ത് ലഭിച്ചതും അക്കാലത്താണല്ലോ.

ഈ സ്ഥലത്ത് എത്തിയപ്പോൾ അവർ തങ്ങളുടെ മത്സ്യത്തിന്റെ കാര്യം മറന്ന് പോയി, അവർ യാത്ര തുടരുകയും ചെയ്തു. മത്സ്യമാകട്ടെ സമുദ്രത്തിൽ ചാടി പോകുകയും അത് പോയ വഴി ഒരു തുരങ്കം ആയിത്തീ രുകയും ചെയ്തു.

**വചനം 62,63,64 :**

فَلَمَّا جَاوَزَا قَالَ لِفَتَىٰهُ ءَاتِنَا غَدَآءَنَا لَقَدْ لَقِينَا مِن سَفَرِنَا هَٰذَا نَصَبًا ﴿٦٢﴾

62 അങ്ങനെ, രണ്ടുപേരും കടന്നുപോയാറെ, അദ്ദേഹം (മൂസാ) തൻെറ വാലിയക്കാരനോട് പറഞ്ഞു: "നമ്മുടെ പ്രാതൽ (ഭക്ഷണം) കൊണ്ടുവാ; നമ്മുടെ ഈ യാത്ര നിമിത്തം നാം (വളരെ) ക്ഷീണത്തെ അഭിമുഖീകരിച്ചിരി ക്കുന്നു!"

قَالَ أَرَءَيْتَ إِذْ أَوَيْنَآ إِلَى ٱلصَّخْرَةِ فَإِنِّى نَسِيتُ ٱلْحُوتَ وَمَآ أَنسَىٰنِيهُ إِلَّا ٱلشَّيْطَٰنُ أَنْ أَذْكُرَهُۥ ۚ وَٱتَّخَذَ سَبِيلَهُۥ فِى ٱلْبَحْرِ عَجَبًا ﴿٦٣﴾

63 അവൻ പറഞ്ഞു: "കണ്ടുവോ! നാം, (ആ) പാറക്കല്ലിങ്കലേക്ക് ചെന്ന് കൂടിയപ്പോൾ!- അപ്പോൾ, നിശ്ചയമായും, ഞാൻ മൽസ്യ ത്തെപ്പറ്റി മറന്നുപോയി. അത് ഉണർത്തുവാൻ എന്നെ മറപ്പിച്ചത് പിശാചല്ലാതെ (മറ്റൊന്നും) അല്ല. അത് (മത്സ്യം) സമുദ്രത്തിൽ അതിൻെറ മാർഗ്ഗത്തെ ഒരു ആശ്ചര്യമാക്കുകയും ചെയ്തി രിക്കുന്നു."

قَالَ ذَٰلِكَ مَا كُنَّا نَبْغِ ۚ فَٱرْتَدَّا عَلَىٰٓ ءَاثَارِهِمَا قَصَصًا ﴿٦٤﴾

64 അദ്ദേഹം പറഞ്ഞു: "അതുതന്നെയാണ് നാം തേടിക്കൊണ്ടിരിക്കുന്നത്." ഉടനെ, രണ്ടാളും തങ്ങളുടെ കാല്പാടുകളെ നോക്കിക്കൊണ്ടു മടങ്ങി.

അവർ കാണാൻ ഉദ്ദേശിച്ച ആളെ തേടികൊണ്ട് മത്സ്യം ചാടി പോയ സ്ഥലത്ത് തിരിച്ചെത്തുകയും അവിടെ വെച്ച് ഖിളർ(അ)നെ കണ്ട്മുട്ടുകയും ചെയ്തു.

**വചനം 65,66 :**

فَوَجَدَا عَبْدًا مِّنْ عِبَادِنَآ ءَاتَيْنَٰهُ رَحْمَةً مِّنْ عِندِنَا وَعَلَّمْنَٰهُ مِن لَّدُنَّا عِلْمًا ﴿٦٥﴾

65 അപ്പോൾ, നമ്മുടെ അടിയാൻമാരിൽ ഒരു അടിയാനെ അവർ കണ്ടെത്തി; നമ്മുടെ പക്കൽനിന്നുള്ള ഒരു (മഹത്തായ) കാരുണ്യം നാം അദ്ദേഹത്തിന് നൽകിയിരിക്കുന്നു; നമ്മുടെ അടുക്കൽ നിന്നുതന്നെയുള്ള ഒരു (പ്രത്യേക) ജ്ഞാനം നാം അദ്ദേഹത്തിന്ന് പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. (അങ്ങിനെയുള്ള ഒരു അടിയാനെ).

قَالَ لَهُۥ مُوسَىٰ هَلْ أَتَّبِعُكَ عَلَىٰٓ أَن تُعَلِّمَنِ مِمَّا عُلِّمْتَ رُشْدًا ﴿٦٦﴾

66 മൂസാ അദ്ദേഹത്തോട് പറഞ്ഞു: "സൻമാർഗ്ഗ ജ്ഞാനമായി താങ്കൾക്ക് പഠിപ്പിക്കപ്പെട്ടിട്ടുള്ള തിൽ നിന്നും താങ്കൾ എനിക്ക് പഠിപ്പിച്ചു തരുമെന്നതിൻെറ മേൽ (പ്രസ്തുത നിശ്ചയ ത്തോടെ) ഞാൻ താങ്കളെ അനുഗമിക്കട്ടെയോ?"

ഖിളർ(അ) ഒരു നബി ആയിരിക്കണമെന്നാണ് ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം. "നമ്മുടെ അടിയാൻമാരിൽപ്പെട്ട ഒരു അടിയാൻ " എന്നും "നാം അദ്ദേഹത്തിന് ഒരു പ്രത്യേക ജ്ഞാനം പഠിപ്പിച്ചിരിക്കുന്നു" എന്നും അല്ലാഹു പ്രസ്താവിച്ചതിൽ നിന്നും "ഇതൊന്നും ഞാൻ എന്റെ അഭിപ്രായത്തിൽ ചെയ്തതല്ല " എന്ന് അദ്ദേഹം മൂസാ(അ) നബിയോട് പറയുന്നതിൽ നിന്നും [82-ാംവചനം] അദ്ദേഹം ഒരു പ്രവാചകനാണെന്നത്രേ വ്യക്തമാകുന്നത്.

താങ്കളുടെ അറിവിലുള്ള സൻമാർഗ്ഗ ജ്ഞാനം, താങ്കൾ എനിക്ക് പഠിപ്പിച്ച് തരുവാനായി ഞാൻ താങ്കളെ അനുഗമിക്കട്ടെയോ എന്ന് മൂസാ(അ) അദ്ദേഹത്തോട് പറഞ്ഞു.

**വചനം 67,68,69,70 :**

قَالَ إِنَّكَ لَن تَسْتَطِيعَ مَعِىَ صَبْرًا ﴿٦٧﴾

67 അദ്ദേഹം (ഖിളർ) പറഞ്ഞു: "നിശ്ചയമായും, താങ്കൾക്ക് എൻെറകൂടെ സഹിക്കുവാൻ സാദ്ധ്യ മാകുകയില്ലതന്നെ.

وَكَيْفَ تَصْبِرُ عَلَىٰ مَا لَمْ تُحِطْ بِهِۦ خُبْرًا ﴿٦٨﴾

68 താങ്കൾക്ക് സൂക്ഷ്മജ്ഞാനം മുഴുമിപ്പിച്ചു കിട്ടിയിട്ടില്ലാത്ത ഒരു കാര്യത്തെപ്പറ്റി താങ്കൾ എങ്ങിനെ സഹിക്കും?!"

قَالَ سَتَجِدُنِىٓ إِن شَآءَ ٱللَّهُ صَابِرًا وَلَآ أَعْصِى لَكَ أَمْرًا ﴿٦٩﴾

69 അദ്ദേഹം (മൂസാ) പറഞ്ഞു: "അല്ലാഹു ഉദ്ദേശിച്ചാൽ, സഹിക്കുന്നവനായി എന്നെ താങ്കൾക്ക് കാണാവുന്നതാണ്; ഞാൻ താങ്കളുടെ ഒരു കൽപനക്കും എതിരുപ്രവർത്തിക്കു ന്നതുമല്ല."

قَالَ فَإِنِ ٱتَّبَعْتَنِى فَلَا تَسْـَٔلْنِى عَن شَىْءٍ حَتَّىٰٓ أُحْدِثَ لَكَ مِنْهُ ذِكْرًا ﴿٧٠﴾

70 അദ്ദേഹം പറഞ്ഞു: "എന്നാൽ, താങ്കൾ എന്നെ അനുഗമിക്കുന്നപക്ഷം, ഏതൊരു കാര്യ ത്തെക്കുറിച്ചും, താങ്കൾക്ക് ഞാൻ അതിനെപ്പറ്റി പ്രസ്താവന നൽകുന്നതുവരെ എന്നോട് ചോദ്യം ചെയ്യരുത്!"

താങ്കൾക്ക് സൂക്ഷ്മ ജ്ഞാനം കിട്ടിയിട്ടില്ലാത്ത കാര്യങ്ങളെ കുറിച്ച് താങ്കൾ എന്റെ കൂടെ ക്ഷമിക്കുവാൻ, എങ്ങനെ സാധിക്കും എന്ന ഖിളർ(അ)ന്റെ ചോദ്യത്തിന് " അല്ലാഹു ഉദ്ദേശിച്ചാൽ ക്ഷമിക്കുന്നവനായി താങ്കൾക്ക് എന്നെ കാണാവുന്നതാണ്; ഞാൻ താങ്കളുടെ ഒരു കല്പനക്കും എതിര് പ്രവർ ത്തിക്കുന്നതല്ല " എന്ന് മൂസാ(അ)

നബി മറുപടി നൽകി. താങ്കൾക്ക് രഹസ്യം മനസ്സിലാക്കാൻ പറ്റാത്ത പലതും നമ്മുടെ സഹവാസ മദ്ധ്യേ കണ്ടേക്കാം. അവയുടെ രഹസ്യം ഞാൻ താങ്കൾക്ക് പിന്നീട് പറഞ്ഞ് തരികയും ചെയ്യും. അതിനിടയിൽ അക്ഷമ നായി അതേകുറിച്ച് ചോദ്യം ചെയ്യരുത് എന്ന ഖിള്ർ(അ) നബിയുടെ നിർദ്ദേശം മൂസാ(അ) സമ്മതിക്കുകയും അവർ യാത്ര തുടരുകയും ചെയ്തു.

## വിഭാഗം 10

**വചനം 71,72,73 :**

فَٱنطَلَقَا حَتَّىٰٓ إِذَا رَكِبَا فِي ٱلسَّفِينَةِ خَرَقَهَاۖ قَالَ أَخَرَقۡتَهَا لِتُغۡرِقَ أَهۡلَهَا لَقَدۡ جِئۡتَ شَيۡـًٔا إِمۡرٗا ٧١

71 അനന്തരം, രണ്ടുപേരും പോയി. അങ്ങനെ, അവർ കപ്പലിൽ കയറിപ്പോകുമ്പോൾ അദ്ദേഹം (ഖിള്ർ) അതിന് പിളർപ്പുണ്ടാക്കി. അദ്ദേഹം (മൂസാ) പറഞ്ഞു: "ഇതിലെ ആൾക്കാരെ മുക്കിക്കളയുവാനായി താങ്കൾ അതിനെ പിളർക്കുകയോ? തീർച്ചയായും, ഗൗരവമുള്ള ഒരു കാര്യം തന്നെയാണ് താങ്കൾ ചെയ്തത്!"

قَالَ أَلَمۡ أَقُلۡ إِنَّكَ لَن تَسۡتَطِيعَ مَعِيَ صَبۡرٗا ٧٢

72 അദ്ദേഹം പറഞ്ഞു: "ഞാൻ പറഞ്ഞില്ലേ; നിശ്ചയമായും താങ്കൾക്ക് എന്റെ കൂടെ ക്ഷമിക്കുവാൻ സാധിക്കുകയില്ലെന്ന്?!"

قَالَ لَا تُؤَاخِذۡنِي بِمَا نَسِيتُ وَلَا تُرۡهِقۡنِي مِنۡ أَمۡرِي عُسۡرٗا ٧٣

73 അദ്ദേഹം പറഞ്ഞു: "ഞാൻ മറന്നു (ചോദിച്ചു) പോയതിനെപ്പറ്റി താങ്കൾ എന്നോട് നടപടി എടുക്കരുത്; എന്റെ കാര്യത്തിൽ പ്രയാസപ്പെട്ട ഒന്നിന് എന്നെ ബുദ്ധിമുട്ടിക്കുകയും ചെയ്യരുത്!"

യാത്രാ മദ്ധ്യേ അവർ കപ്പലിലായിരുന്നപ്പോൾ ഖിള്ർ(അ) ഒരു മഴു എടുത്ത് കപ്പലിന്റെ പലകക്ക് പിളർപ്പുണ്ടാക്കുകയും മൂസാ(അ) അതിനെ ചോദ്യം ചെയ്യുകയും ചെയ്തു. താങ്കൾക്ക് എന്റെ കൂടെ ക്ഷമിക്കുവാൻ സാധിക്കുകയില്ല, എന്ന് ഞാൻ പറഞ്ഞില്ലേ എന്ന് ഖിള്ർ(അ)നബി പറഞ്ഞപ്പോൾ എന്റെ മറവി കൊണ്ടുണ്ടായതിനെ പറ്റി എന്നോട് നടിപടി എടുക്കരുതെന്ന് മൂസാ(അ) അദ്ദേഹത്തോട് അപേക്ഷിച്ചു.

**വചനം 74,75,76 :**

فَٱنطَلَقَا حَتَّىٰٓ إِذَا لَقِيَا غُلَٰمٗا فَقَتَلَهُۥ قَالَ أَقَتَلۡتَ نَفۡسٗا زَكِيَّةَۢ بِغَيۡرِ نَفۡسٖ لَّقَدۡ جِئۡتَ شَيۡـٔٗا نُّكۡرٗا ٧٤

74 എന്നിട്ട്, രണ്ടാളും പോയി. അങ്ങനെ, ഒരു ബാലനെ അവർ കണ്ടുമുട്ടുകയും, ഉടനെ, അദ്ദേഹം അവനെ കൊലപ്പെടുത്തുകയും ചെയ്തപ്പോൾ, അദ്ദേഹം (മൂസാ) പറഞ്ഞു: "നിർദ്ദോഷിയായ ഒരാളെ- മറ്റൊരാൾക്ക് പകരമായിട്ടല്ലാതെ- താങ്കൾ കൊന്നുകളഞ്ഞുവോ?! തീർച്ചയായും, ആക്ഷേപാർഹമായ ഒരു കാര്യം തന്നെയാണ് താങ്കൾ ചെയ്തിരിക്കുന്നത്!"

**ജുസുഅ് - 16**

۞ قَالَ أَلَمۡ أَقُل لَّكَ إِنَّكَ لَن تَسۡتَطِيعَ مَعِيَ صَبۡرٗا ٧٥

75 അദ്ദേഹം പറഞ്ഞു: "താങ്കളോട്, ഞാൻ പറഞ്ഞിട്ടില്ലേ: താങ്കൾക്ക് എന്റെ കൂടെ ക്ഷമിക്കുവാൻ സാധ്യമാകുകയില്ലെന്ന്?!"

قَالَ إِن سَأَلۡتُكَ عَن شَيۡءِۭ بَعۡدَهَا فَلَا تُصَٰحِبۡنِيۖ قَدۡ بَلَغۡتَ مِن لَّدُنِّي عُذۡرٗا ٧٦

76 അദ്ദേഹം (മൂസാ) പറഞ്ഞു: "ഇതിനുശേഷം വല്ലതിനെക്കുറിച്ചും ഞാൻ താങ്കളോട് ചോദിക്കുന്ന പക്ഷം, പിന്നെ താങ്കൾ എന്നോട് സഹവസിക്കേണ്ടതില്ല; എന്റെ പക്കൽ നിന്നു തന്നെ, താങ്കൾക്ക് ഒഴികഴിവ് കിട്ടിക്കഴിഞ്ഞിരിക്കുന്നു."

തുടർന്നുള്ള യാത്രയിൽ അവർ ഒരു ബാലനെ കണ്ട് മുട്ടുകയും, അദ്ദേഹം അവനെ കൊലപ്പെടുത്തുകയും ചെയ്തു. മൂസാ(അ) പ്രസ്തുത പ്രവർത്തിയെ ആക്ഷേപിക്കുകയും, തുടർന്ന് ഖിള്ർ(അ)

മൂസാ(അ) നബിയുടെ നടപടിയെ ചോദ്യം ചെയ്യുകയും ചെയ്തു. ഇതിന് ശേഷം വല്ലതിനെ കുറിച്ചും ഞാൻ താങ്കളോട് ചോദിക്കുന്ന പക്ഷം താങ്കൾ തുടർന്ന് എന്നോട് സഹവസിക്കേണ്ടതില്ല എന്ന മൂസാ(അ) നബി അഭ്യർത്ഥിക്കുകയും അവർ രണ്ട് പേരും യാത്ര തുടരുകയും ചെയ്തു.

**വചനം 77,78 :**

77 പിന്നേയും, അവർ രണ്ടാളും പോയി. അങ്ങനെ, അവർ ഒരു രാജ്യക്കാരുടെ അടുക്കൽ ചെന്നപ്പോൾ, ആ നാട്ടുകാരോട് ഭക്ഷണം നൽകുവാൻ അവർ ആവശ്യപ്പെട്ടു; എന്നാലവർ, അവരെ സൽക്കരിക്കുന്നതിന് വിസമ്മതിക്കയാണ് ചെയ്തത്; അപ്പോൾ, അവിടെ പൊളിഞ്ഞു വീഴുവാൻ പോകുന്ന ഒരു മതിൽ അവർ കണ്ടെത്തി. ഉടനെ, അദ്ദേഹം (ഖിള്ർ) അത് നേരെയാക്കി നിറുത്തി. അദ്ദേഹം (മൂസാ) പറഞ്ഞു: "താങ്കൾ ഉദ്ദേശിച്ചെങ്കിൽ, അതിന് വല്ല പ്രതിഫലവും നിശ്ചയി(ച്ചു മേടി)ക്കാമായിരുന്നു!"

فَٱنطَلَقَا حَتَّىٰٓ إِذَآ أَتَيَآ أَهۡلَ قَرۡيَةٍ ٱسۡتَطۡعَمَآ
أَهۡلَهَا فَأَبَوۡاْ أَن يُضَيِّفُوهُمَا فَوَجَدَا فِيهَا
جِدَارٗا يُرِيدُ أَن يَنقَضَّ فَأَقَامَهُۥۖ قَالَ لَوۡ
شِئۡتَ لَتَّخَذۡتَ عَلَيۡهِ أَجۡرٗا ٧٧

78 അദ്ദേഹം പറഞ്ഞു: "ഇത്, ഞാനും താങ്കളും തമ്മിലുള്ള വേർപാടാണ്; താങ്കൾക്ക് ക്ഷമിക്കുവാൻ സാധിക്കാതിരുന്ന കാര്യത്തിൻെറ ഉൾസാരം ഞാൻ താങ്കൾക്ക് അറിയിച്ചുതരാം:"

قَالَ هَٰذَا فِرَاقُ بَيۡنِي وَبَيۡنِكَۚ سَأُنَبِّئُكَ
بِتَأۡوِيلِ مَا لَمۡ تَسۡتَطِع عَّلَيۡهِ صَبۡرًا ٧٨

അങ്ങനെ അവർ ഒരു ദേശത്ത് ചെന്നെത്തി. അവർ ആ നാട്ടുകാരോട് ഭക്ഷണത്തിന് ആവശ്യപ്പെട്ടിട്ടും അവരെ സൽക്കരിക്കുന്നതിന് അവർ വിസമ്മതിക്കുകയാണ് ചെയ്തത്. അവിടെ പൊളിഞ്ഞ് വീഴാറായ ഒരു മതിൽ അവർ കണ്ടെത്തി. ഉടനെ ഖിള്ർ(അ) അത് നേരെയാക്കി നിർത്തി. വിദേശികളായ രണ്ടാളുകളെ അവർ ആവശ്യപ്പെട്ടിട്ട് കൂടി ഭക്ഷണം നൽകി ആദരിക്കാതിരുന്ന ആ നാട്ടുകാരുടെ മതിലിന്റെ കേട് തീർത്ത് കൊടുക്കുന്നതിന് ന്യായമായ ഒരു പ്രതിഫലം നിശ്ചയിച്ചിരുന്നെങ്കിൽ നമ്മുടെ തൽക്കാലാവശ്യങ്ങൾ നിർവ്വഹിക്കാമായിരുന്നു എന്ന് മൂസാ(അ) പറഞ്ഞു. എന്നാൽ മുൻ വ്യവസ്ഥ പ്രകാരം അദ്ദേഹത്തിന് ഒഴിവ് കഴിവ് പറയാനുള്ള അവസാനത്തെ അവസരവും ഇത് മൂലം മൂസാ(അ) നബിക്ക് നഷ്ടപ്പെട്ടു പോയി.

തുടർന്ന് ഖിള്ർ(അ) തന്റെ പ്രവർത്തികളുടെ രഹസ്യങ്ങളും അതിൽ അടങ്ങിയിട്ടുള്ള ആന്തരിക തത്വങ്ങളും ഇപ്രകാരം വിവരിച്ച് കൊടുത്തു.

**വചനം 79,80,81,82 :**

79 "എന്നാൽ, (ആ) കപ്പൽ; അത് കടലിൽ ജോലി ചെയ്തു വരുന്ന ചില സാധുക്കളുടേതായിരുന്നു; അതിനാൽ, ഞാൻ അതിന് കേടുവരുത്തണമെന്ന് ഉദ്ദേശിച്ചു. (കാരണം:) അവരുടെ പിറകിൽ എല്ലാ (നല്ല) കപ്പലും പിടിച്ചെടുത്ത് കൈവശപ്പെടുത്തുന്ന ഒരു രാജാവുണ്ടായിരുന്നു.

أَمَّا ٱلسَّفِينَةُ فَكَانَتۡ لِمَسَٰكِينَ يَعۡمَلُونَ
فِي ٱلۡبَحۡرِ فَأَرَدتُّ أَنۡ أَعِيبَهَا وَكَانَ وَرَآءَهُم
مَّلِكٞ يَأۡخُذُ كُلَّ سَفِينَةٍ غَصۡبٗا ٧٩

80 (ആ) ബാലനാകട്ടെ: അവൻെറ മാതാപിതാക്കൾ സത്യവിശ്വാസികളായിരുന്നു; അതിക്രമത്തിനും, അവിശ്വാസത്തിനും (മതനിഷേധത്തിനും) അവൻ അവരെ ബുദ്ധിമുട്ടിക്കുമെന്ന് നാം ഭയപ്പെട്ടു.

وَأَمَّا ٱلۡغُلَٰمُ فَكَانَ أَبَوَاهُ مُؤۡمِنَيۡنِ فَخَشِينَآ
أَن يُرۡهِقَهُمَا طُغۡيَٰنٗا وَكُفۡرٗا ٨٠

فَأَرَدْنَآ أَن يُبْدِلَهُمَا رَبُّهُمَا خَيْرًا مِّنْهُ زَكَوٰةً وَأَقْرَبَ رُحْمًا ﴿٨١﴾

81 അതിനാൽ, അവനുപകരം അവനെക്കാൾ പരിശുദ്ധതയിൽ ഉത്തമനും, കരുണയിൽ കൂടുതൽ അടുപ്പമുള്ളവനുമായ ഒരുവനെ (ഒരു സന്തതിയെ) അവരുടെ റബ്ബ് അവർക്കു നൽക ണമെന്ന് നാം ഉദ്ദേശിച്ചു.

وَأَمَّا ٱلْجِدَارُ فَكَانَ لِغُلَٰمَيْنِ يَتِيمَيْنِ فِى ٱلْمَدِينَةِ وَكَانَ تَحْتَهُۥ كَنزٌ لَّهُمَا وَكَانَ أَبُوهُمَا صَٰلِحًا فَأَرَادَ رَبُّكَ أَن يَبْلُغَآ أَشُدَّهُمَا وَيَسْتَخْرِجَا كَنزَهُمَا رَحْمَةً مِّن رَّبِّكَ ۚ وَمَا فَعَلْتُهُۥ عَنْ أَمْرِى ۚ ذَٰلِكَ تَأْوِيلُ مَا لَمْ تَسْطِع عَّلَيْهِ صَبْرًا ﴿٨٢﴾

82 "(ആ) മതിലാണെങ്കിലോ: അത് (ആ) പട്ടണ ത്തിലെ അനാഥരായ രണ്ടു ബാലൻമാരു ടേതായിരുന്നു; അതിൻെറ ചുവട്ടിൽ അവർ ക്കായുള്ള ഒരു നിക്ഷേപവുമുണ്ട്; അവരുടെ പിതാവ് ഒരു നല്ല മനുഷ്യനുമായിരുന്നു. അതിനാൽ, രണ്ടുപേരും അവരുടെ പൂർണ്ണ വളർച്ച (യൗവ്വനം) പ്രാപിക്കുകയും, തങ്ങളുടെ നിക്ഷേപം അവർ പുറത്തെടുക്കുകയും വേണ മെന്ന് നിൻെറ രക്ഷിതാവ് ഉദ്ദേശിച്ചു. നിൻെറ രക്ഷിതാവിൻെറ പക്കൽനിന്നുള്ള ഒരു അനു ഗ്രഹമായിട്ടത്രെ (അത്). ഞാൻ ഇത് (ഒന്നും) എൻെറ അഭിപ്രായപ്രകാരം ചെയ്തിട്ടുള്ളതല്ല. താങ്കൾക്ക് ക്ഷമിക്കുവാൻ സാധിക്കാതിരുന്ന കാര്യങ്ങളുടെ ഉൾസാരം ഇതാണ്."

ഈ ലോകത്ത് നടക്കുന്ന സംഭവങ്ങൾക്കെല്ലാം പ്രത്യക്ഷമായ ഒരു ബാഹ്യവശവും, പ്രത്യക്ഷ മല്ലാത്ത ഒരു ആന്തരവശവും ഉള്ളതായി കാണാം. മനുഷ്യന് ബാഹ്യവശങ്ങളെ സംബന്ധിച്ച് മാത്രമേ അറിയുകയുള്ളു. വിവിധ കാര്യകാരണങ്ങളും അവ തമ്മിലുള്ള പരസ്പരബന്ധവും ആ അറിവിന്റെ അടിസ്ഥാനത്തിൽ മാത്രമേ അവന് കണക്കിലെടുക്കുവാൻ സാധിക്കുകയുള്ളു, ആകയാൽ മനുഷ്യരെ സംബന്ധിച്ചിടത്തോളം ഈ ലോകത്തിന് ബാഹ്യ ലോകം - عالم الظاهر - എന്ന് പറയാം. എന്നാൽ യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കാര്യങ്ങൾ നീങ്ങികൊണ്ടിരിക്കുന്ന ഒരു രഹസ്യ ലോകം - عالم الباطن- അല്ലാഹുവിന് മാത്രം അറിയാവുന്നതായി നിലവിലുണ്ട്. അതനുസരിച്ചാണ് അല്ലാഹുവിന്റെ ഭരണ വ്യവസ്ഥ നടന്ന് കൊണ്ടിരിക്കുന്നത്. മനുഷ്യന്റെ അനുമാനങ്ങളും, സംഭ വങ്ങളുടെ യാഥാർത്ഥ്യങ്ങളും തമ്മിൽ പലപ്പോഴും പൊരുത്തപ്പെടാതെ പോകുന്നതും അത്കൊണ്ടത്രേ.

നബി(സ) ഇപ്രകാരം പറഞ്ഞതായി ഒരു ഹദീസിൽ വന്നിരിക്കുന്നു: " ഞങ്ങൾ (പ്രവാചകന്മാർ) ബാഹ്യ ങ്ങളനുസരിച്ച് വിധിക്കുന്നു, രഹസ്യങ്ങളെ അല്ലാഹു ഏറ്റെടുക്കുന്നു."

മൂസാ(അ)നബിയും ഖിള്ർ(അ) നബിയും തമ്മിൽ നടന്ന സംഭവം ബാഹ്യവും യാഥാർത്ഥ്യ വും തമ്മി ലുള്ള വ്യത്യാസത്തിന്റെ ഒരു ഉദാഹരണമായിരുന്നു. ഖിള്ർ(അ) നബിക്ക് രഹസ്യ ലോകത്തെ ചില വിവരങ്ങൾ അല്ലാഹു അറിയിച്ചു കൊടുത്തിരുന്നു. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ അറിയിച്ചു കൊടുത്താൽ മാത്രം ലഭിക്കുന്ന ഒരു ജ്ഞാനമാകുന്നു, പ്രസ്തുത ആന്തരിക ജ്ഞാനം. അല്ലാഹു ഖിള്ർ(അ)നബിക്ക് അവന്റെ വക ഒരു പ്രത്യേക ജ്ഞാനം പഠിപ്പിച്ച് കൊടുത്തിട്ടുണ്ടെന്ന് 65-ാം വചനത്തിലും, മേൽ പറഞ്ഞ തന്റെ നടപടികളൊന്നും തന്റെ സ്വന്തം അഭിപ്രായമനു സരിച്ച് ചെയ്തതല്ലെന്ന് ഖിള്ർ(അ)നബി പറഞ്ഞതായി 82-ാം വചനത്തിലും നമുക്ക് കാണാവുന്നതാണ്. മൂസാ(അ)നബിയെ കുറിച്ച് നബി (സ) ഇപ്രകാരം പറയുകയുണ്ടായി, " അദ്ദേഹം കുറെ കൂടി ക്ഷമിച്ചിരുന്നെങ്കിൽ നമുക്ക് ഇനിയും പല രഹസ്യങ്ങളും അറിയാമായിരുന്നു."

ഇവിടെ വിവരിക്കപ്പെട്ട സംഭവങ്ങളിൽ, ഖിള്ർ(അ) നബി ആ കപ്പലിന് കേട് വരുത്താത്ത പക്ഷം, ആ കപ്പൽ തന്നെ ആ പാവങ്ങൾക്ക് നഷ്ടപ്പെടുമായിരുന്നു, ആ ബാലനെ കൊലപ്പെടുത്തിയി ല്ലായിരുന്നെങ്കിൽ, അവിശ്വാസിയായ അവൻ, സത്യവിശ്വാസികളായ അവന്റെ മാതാപിതാക്കളെ അവിശ്വാസികളും അതിക്രമികളു മാക്കിതീർത്ത് നരകവാസികളാക്കിതീർക്കുമായിരുന്നു, പട്ടണത്തിലെ ആ മതിൽ ശരിപ്പെടുത്തുവാൻ അദ്ദേഹം ശ്രമിച്ചിരുന്നില്ലെങ്കിൽ ആ അനാഥകളുടെ ധനം അന്യാധീനപ്പെട്ട് പോകാൻ ഇടവരുമായിരന്നു.

ഈ സംഭവങ്ങൾക്ക് നിദാനമായി നമുക്കൊരു പ്രായോഗിക തത്വം മനസ്സിലാക്കാവുന്നതാണ്-രണ്ട് ആപ ത്തുകളിൽ ഒന്ന് സംഭവിക്കാതിരിക്കുകയില്ലെന്ന സന്ദർഭം സംജാതമാകുമ്പോൾ വലിയ ആപത്തിനെ തടയുവാ നായി ചെറിയ ആപത്ത് സഹിക്കുക എന്നുള്ളതാണാ തത്വം. ജീവൻ രക്ഷിക്കാനായി ചില രോഗികളുടെ അവ

യവം മുറിച്ച് കളയുന്നതും നാട്ടിൽ അരാജകത്വം നടമാടുമ്പോൾ ചില വ്യക്തികളെ കൊന്നുകളയുന്നതുമെല്ലാം ഈ അടിസ്ഥാനത്തിലാണത്രേ.

മേൽ വിവരിച്ച സംഭവങ്ങളിൽ നിന്നും നാം ചില പാഠങ്ങൾ പഠിക്കേണ്ടതുണ്ട്.

(1) ഏതൊരു വിഷയത്തിലും സംപൂർണ്ണമായ അറിവ് അല്ലാഹുവിനാകുന്നു.

(2) മനുഷ്യൻ തന്റെ പരിമിതമായ അറിവിന്റെ അടിസ്ഥാനത്തിൽ അന്തിമ നിഗമനത്തിൽ എത്തിച്ചേരരുത് താനറിയാത്ത വല്ല രഹസ്യ ജ്ഞാനവും അതിലുണ്ടാകാമെന്ന് അവൻ കരുതണം.

(3) സത്യനിഷേധികൾ ഈ ലോകത്ത് സുഖസൗകര്യങ്ങൾ അനുഭവിക്കുന്നതിലും സത്യവാൻമാരും സജ്ജനങ്ങളും പല കഷ്ട നഷ്ടങ്ങൾ അനുഭവിക്കുന്നതിലും മറ്റും നമുക്ക് മനസ്സിലാക്കാൻ കഴിയാത്ത അല്ലാഹുവിന് മാത്രം അറിയാവുന്ന രഹസ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(4) നമ്മുടെ യുക്തിക്കും വിവേചന ബുദ്ധിക്കും നിരക്കാത്ത പല സംഗതികളും ഈ ലോകത്ത് സംഭവിക്കുന്നത് അല്ലാഹുവിന് മാത്രം അറിയാവുന്ന വ്യവസ്ഥിതിയുടെ ഭാഗമാകുന്നു.

## വിഭാഗം 11

**വചനം 83 :**

وَيَسْـَٔلُونَكَ عَن ذِى ٱلْقَرْنَيْنِ ۖ قُلْ سَأَتْلُوا۟ عَلَيْكُم مِّنْهُ ذِكْرًا ﴿٨٣﴾

83 (നബിയേ) 'ദുൽഖർനൈനി'യെ സംബന്ധിച്ച് അവർ നിന്നോട് ചോദിക്കുന്നു. പറയുക: അദ്ദേഹത്തെക്കുറിച്ച് ഒരു പ്രസ്താവന ഞാൻ നിങ്ങൾക്ക് ഓതികേൾപ്പിച്ചു തരാം.

അവിശ്വാസികൾ നബി(സ) തിരുമേനിയോട് പലതും ചോദിക്കാറുണ്ടായിരുന്ന കൂട്ടത്തിൽ ഒന്നാണ് 'ദുൽഖർനൈനി'യെ സംബന്ധിച്ച ചോദ്യവും. ചോദ്യങ്ങൾക്ക് മറുപടി നൽകുമ്പോൾ ചോദ്യ കർത്താക്കൾക്ക് ഗുണ പാഠങ്ങളും ഉപദേശങ്ങളും ലഭിക്കുന്നതിന് പ്രസക്തി നല്കുകയെന്നത് ഖുർആനിലും ഹദീസിലും കാണാറുള്ള ഒരു ശൈലിയത്രേ.

'ഖർന് ' (قرن) എന്ന വാക്കിന് കൊമ്പ്, തലമുറ, നൂറ്റാണ്ട് എന്നൊക്കെ അർത്ഥമുണ്ട്. ഈ വാക്കിന്റെ ദ്വിവചനമാകുന്നു 'ഖർനൈനി ' എന്നത്. 'ദുൽഖർനൈനി ' എന്ന് പറയുമ്പോൾ രണ്ട് കൊമ്പുള്ളവൻ, രണ്ട് തലമുറ അല്ലെങ്കിൽ രണ്ട് നൂറ്റാണ്ട് ജീവിച്ചിരുന്നവൻ എന്നിങ്ങനെ അർത്ഥമാകുന്നു. രണ്ട് കൊമ്പുകൾ എന്നത്കൊണ്ട് രണ്ട് രാജ്യങ്ങൾ ആണെന്നും അഭിപ്രായങ്ങളുണ്ട്. ഏതായാലും ഇത് അദ്ദേഹത്തിന്റെ സാക്ഷാൽ പേരല്ല എന്നാണ് കരുതുന്നത് അല്ലാഹുവിനറിയാം.

ഖുർആൻ പണ്ഡിതൻമാരിൽ ഒരു വിഭാഗക്കാർ അഭിപ്രായപ്പെടുന്നത് ഇദ്ദേഹം റോമക്കാരനായ അലക്സാണ്ടർ ചക്രവർത്തി ആകുന്നു എന്നാകുന്നു. ഇന്ത്യ അടക്കം പല രാജ്യങ്ങളിലും ആക്രമണം നടത്തിയിരുന്ന അദ്ദേഹം ഈജിപ്ത് കേന്ദ്രമാക്കി ആയിരുന്നു ഭരണം നടത്തിയിരുന്നത്. ക്രിസ്തുവിന് 300 കൊല്ലം മുമ്പ് ആയിരുന്നു അദ്ദേഹത്തിന്റെ കാലം. 'അലക്സാൺട്രിയ' പട്ടണം അദ്ദേഹത്താൽ സ്ഥാപിതമായതാകുന്നു.

മറ്റ് ചില പണ്ഡിതൻമാരുടെ അഭിപ്രായത്തിൽ 'തുബ്ബഅ്' വംശജനായ ഇഫ്രീഖസ് (അബൂകർബ) എന്ന രാജാവായിരുന്നു ദുൽഖർനൈനി എന്ന് അറിയപ്പെട്ടിരുന്നത്. ക്രിസ്തുവിന് 115 കൊല്ലം മുമ്പ് ആയിരുന്നു അദ്ദേഹത്തിന്റെ കാലം. അദ്ദേഹം 'അഫ്രീഖിയ' എന്ന പട്ടണം സ്ഥാപിക്കുകയും ക്രമേണ ആഫ്രിക്ക വൻകര മുഴുവനും ഈ പേരിൽ അറിയപ്പെടുകയുമുണ്ടായി.

'ദുൽഖർനൈനി ' എന്നത് 'സൈറസ് ' രാജാവ് ആണെന്നും അതല്ല, ഡേരിയസ് ഒന്നാമൻ രാജാവാണെന്നും വേറെയും ചില അഭിപ്രായങ്ങളുമുണ്ട്.

ഏതായാലും ദുൽഖർനൈനി അക്കാലത്ത് അറിയപ്പെട്ടിരുന്ന ഭൂമിയുടെ മിക്കവാറും ഭാഗങ്ങളിൽ സ്വാധീനവും പ്രതാപവും ഉണ്ടായിരുന്ന ഒരു മഹാരാജാവും ഒരു സൽപുരുഷനുമായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ് و الله اعلم

**വചനം 84,85,86,87,88 :**

إِنَّا مَكَّنَّا لَهُۥ فِى ٱلْأَرْضِ وَءَاتَيْنَٰهُ مِن كُلِّ شَىْءٍ سَبَبًا ﴿٨٤﴾

84 നിശ്ചയമായും, നാം ഭൂമിയിൽ അദ്ദേഹത്തിന് സ്വാധീനം നൽകുകയും, (വേണ്ടപ്പെട്ട) എല്ലാ കാര്യത്തിനും മാർഗ്ഗം (ശരിപ്പെടുത്തി) കൊടുക്കുകയും ചെയ്തു.

فَأَتْبَعَ سَبَبًا ﴿٨٥﴾

85 അതനുസരിച്ച് അദ്ദേഹം ഒരു മാർഗ്ഗം തുടർന്നു. (പടിഞ്ഞാറുഭാഗത്തേക്ക് തിരിച്ചു.)

حَتَّىٰٓ إِذَا بَلَغَ مَغْرِبَ ٱلشَّمْسِ وَجَدَهَا
تَغْرُبُ فِى عَيْنٍ حَمِئَةٍ وَوَجَدَ عِندَهَا
قَوْمًا ۗ قُلْنَا يَٰذَا ٱلْقَرْنَيْنِ إِمَّآ أَن تُعَذِّبَ
وَإِمَّآ أَن تَتَّخِذَ فِيهِمْ حُسْنًا ﴿٨٦﴾

86 അങ്ങനെ, അദ്ദേഹം സൂര്യാസ്തമന സ്ഥലത്ത് എത്തിയപ്പോൾ, അത് കരിഞ്ചളി മയമായ ഒരു ജലാശയത്തിൽ അസ്തമിക്കുന്നതായി അദ്ദേഹം കണ്ടു; അതിൻെറ (ജലാശയത്തിൻെറ) അടുക്കൽ ഒരു ജനതയെയും അദ്ദേഹം കാണുകയുണ്ടായി. നാം പറഞ്ഞു: "ഹേ, ദുൽഖർനൈൻ! ഒന്നുകിൽ നീ (ഇവരെ) ശിക്ഷിക്കുക, അല്ലെങ്കിൽ ഇവരിൽ നീ ഒരു നല്ലനില ഉണ്ടാക്കിത്തീർക്കുക! (രണ്ടിലൊന്നുവേണം).

قَالَ أَمَّا مَن ظَلَمَ فَسَوْفَ نُعَذِّبُهُۥ ثُمَّ يُرَدُّ
إِلَىٰ رَبِّهِۦ فَيُعَذِّبُهُۥ عَذَابًا نُّكْرًا ﴿٨٧﴾

87 അദ്ദേഹം പറഞ്ഞു: "എന്നാൽ, ആർ അക്രമം പ്രവർത്തിച്ചുവോ, അവനെ നാം ശിക്ഷിക്കുക തന്നെ ചെയ്തു കൊള്ളാം; പിന്നെ, അവൻ തൻെറ രക്ഷിതാവിൻെറ അടുക്കലേക്ക് മടക്കപ്പെടുകയും, അപ്പോൾ അവൻ അവനെ കഠിന തരമായ ശിക്ഷ ശിക്ഷിക്കുകയും ചെയ്തു കൊള്ളുന്നതാണ്.

وَأَمَّا مَنْ ءَامَنَ وَعَمِلَ صَٰلِحًا فَلَهُۥ جَزَآءً
ٱلْحُسْنَىٰ ۖ وَسَنَقُولُ لَهُۥ مِنْ أَمْرِنَا يُسْرًا ﴿٨٨﴾

88 "എന്നാൽ, ആർ വിശ്വസിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്തുവോ, അവന് പ്രതിഫലമായി ഏറ്റവും നല്ലത് (സ്വർഗ്ഗം) ഉണ്ടായിരിക്കും; നമ്മുടെ കൽപനയിൽനിന്നും എളുപ്പമുള്ളത് അവനോട് നാം പറയുക (കൽപിക്കുക)യും ചെയ്തേക്കുന്നതാണ്."

അല്ലാഹു അദ്ദേഹത്തിന് ഭൂമിയിൽ എല്ലാ കാര്യത്തിനും സ്വാധീനവും സൗകര്യവും പ്രദാനം ചെയ്തിരുന്നു.

അങ്ങനെ പടിഞ്ഞാറോട്ടുള്ള അദ്ദേഹത്തിന്റെ യാത്രയിൽ, അദ്ദേഹം സൂര്യാസ്തമന സ്ഥലത്ത് എത്തിയപ്പോൾ അത് കരിഞ്ചളിമയമായ ഒരു ജലാശയത്തിൽ അസ്തമിക്കുന്നതായി അദ്ദേഹം കണ്ടു. ഈ ജലാശയം ഈജിയൻ കടലായിരുന്നുവെന്നും, കരിങ്കടലായിരുന്നുവെന്നും, അതല്ല അത്‌ലാന്റിക്ക് സമുദ്രമായിരുന്നുവെന്നും, വ്യത്യസ്ത അഭിപ്രായങ്ങൾ പണ്ഡിതൻമാർക്കിടയിൽ നിലവിലുണ്ട്. ഏതായാലും അത് ഒരു ചെറിയ തടാകമായിരിക്കാൻ സാദ്ധ്യതയില്ല. കടൽക്കരയിൽ നിന്ന് സൂര്യാസ്തമയം വീക്ഷിക്കുന്ന ഒരാൾക്ക് സൂര്യൻ ചെളി കലങ്ങിയ വെള്ളത്തിലേക്ക് താഴ്ന്നു പോകുന്നതായിട്ടാണ് തോന്നുക.

ആ യാത്രയിൽ അദ്ദേഹം കണ്ടുമുട്ടിയ ജനങ്ങളെ ആക്രമിച്ച് കീഴടക്കാൻ ശ്രമിക്കാതെ, സദുപദേശം സ്വീകരിച്ച് സത്യവിശ്വാസം കൈകൊള്ളുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരോട് നന്നായി പെരുമാറുവാനും ധിക്കാരികളായി തുടരുന്നവരെ ശിക്ഷിക്കുവാനുമാണ് അദ്ദേഹം തീരുമാനിച്ചത്. ശക്തിയും പ്രതാപവുമുള്ള ഒരു രാജാവ് ഇത്രയും പരിശുദ്ധനായ ഒരു ഭരണ നയം സ്വീകരിച്ചത് അദ്ദേഹം വളരെ സദ്ഗുണ സമ്പന്നൻ കൂടി ആയിരുന്നതിനാലാണല്ലോ.

**വചനം 89,90,91 :**

ثُمَّ أَتْبَعَ سَبَبًا ﴿٨٩﴾

89 പിന്നീട് അദ്ദേഹം (വേറെ) ഒരു മാർഗ്ഗം തുടർന്നു.

حَتَّىٰٓ إِذَا بَلَغَ مَطْلِعَ ٱلشَّمْسِ وَجَدَهَا
تَطْلُعُ عَلَىٰ قَوْمٍ لَّمْ نَجْعَل لَّهُم مِّن دُونِهَا
سِتْرًا ﴿٩٠﴾

90 അങ്ങനെ, അദ്ദേഹം സൂര്യോദയസ്ഥലത്ത് എത്തിയപ്പോൾ, അത് ഒരു (തരം) ജനതയുടെമേൽ ഉദയം ചെയ്യുന്നതായി അദ്ദേഹം കണ്ടു: അവർക്ക് അതിൽ (സൂര്യനിൽ) നിന്നും

നാം(അല്ലാഹു) ഒരു മറയും ഉണ്ടാക്കിക്കൊടു ത്തിട്ടില്ല. (അങ്ങിനെയുള്ള ജനത.)

كَذَٰلِكَ وَقَدْ أَحَطْنَا بِمَا لَدَيْهِ خُبْرًا ﴿٩١﴾

91 അപ്രകാരംതന്നെയാണ് (ഉണ്ടായത്). അദ്ദേഹ ത്തിൻെറ പക്കൽ ഉള്ളതിനെ (എല്ലാം, നമ്മുടെ) സൂക്ഷ്മജ്ഞാനംകൊണ്ട് നാം വലയം ചെയ്തി ട്ടുണ്ട് താനും.

തുടർന്ന് കിഴക്കോട്ടുള്ള യാത്രയിൽ അദ്ദേഹം സൂര്യോദയ സ്ഥാനത്തെത്തുകയുണ്ടായി. അന്ന് ജന വാസമുണ്ടായിരുന്ന ഭൂപ്രദേശങ്ങളുടെ കിഴക്കേ അറ്റത്ത് വെയിലിൽ നിന്ന് രക്ഷ ലഭിക്കുവാൻ വസ്ത്രം ധരിക്കു കയോ, വീടുകളിൽ അഭയം പ്രാപിക്കുകയോ ചെയ്യുന്ന സമ്പ്രദായമില്ലാത്ത ഒരു തരം അപരിഷ്കൃത ജന ങ്ങളെയാണ് അദ്ദേഹം അവിടെ കണ്ടെത്തിയത്. പ്രാകൃത ജീവിതം നയിക്കുന്ന ഗുഹാവാസികൾ. ഈ ജന തയോടും പടിഞ്ഞാറൻ ജനതയോട് പോലെ തന്നെ അദ്ദേഹം സദുപദേശം നിർവ്വഹിക്കുകയും അദ്ദേഹത്തിന്റെ കഴിവിൽപ്പെട്ട നന്മകൾ ആ നാട്ടുകാരിൽ നടപ്പിൽ വരുത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ പക്കലുള്ള അറിവും കഴിവും നിലപാടുകളും അല്ലാഹുവിന് സൂക്ഷമമായും പരിപൂർണ്ണമായും അറിയുന്നതുമാകുന്നു.

**വചനം 92,93,94 :**

ثُمَّ أَتْبَعَ سَبَبًا ﴿٩٢﴾

92 പിന്നെയും, അദ്ദേഹം (വേറെ) ഒരു മാർഗ്ഗം പിന്തുടർന്നു.

حَتَّىٰٓ إِذَا بَلَغَ بَيْنَ ٱلسَّدَّيْنِ وَجَدَ مِن دُونِهِمَا قَوْمًا لَّا يَكَادُونَ يَفْقَهُونَ قَوْلًا ﴿٩٣﴾

93 അങ്ങനെ, അദ്ദേഹം രണ്ടു മലക്കെട്ടുകൾ ക്കിടയിൽ എത്തിയപ്പോൾ, അവയ്ക്കിപ്പുറത്തു ണ്ടായിരുന്ന ഒരു ജനതയെ അദ്ദേഹം കാണുക യുണ്ടായി: പറയുന്നതൊന്നും അവർ ഗ്രഹിക്കു മാറാകുന്നില്ല (അങ്ങിനെയുള്ള ഒരു ജനത.)

قَالُوا۟ يَٰذَا ٱلْقَرْنَيْنِ إِنَّ يَأْجُوجَ وَمَأْجُوجَ مُفْسِدُونَ فِى ٱلْأَرْضِ فَهَلْ نَجْعَلُ لَكَ خَرْجًا عَلَىٰٓ أَن تَجْعَلَ بَيْنَنَا وَبَيْنَهُمْ سَدًّا ﴿٩٤﴾

94 അവർ പറഞ്ഞു: "ഹേ! ദുൽഖർനൈൻ! നിശ്ചയ മായും, `യഅ്ജൂജും' 'മഅ്ജൂജും' ഈ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരാണ്. അതുകൊണ്ട് താങ്കൾ, ഞങ്ങൾക്കും അവർക്കും ഇടയിൽ ഒരു കെട്ടുണ്ടാക്കിത്തരുമെന്നതിൻെറമേൽ (പ്രസ് തുത നിശ്ചയത്തോടെ) താങ്കൾക്ക് ഞങ്ങൾ ഒരു പുറപ്പാട് (വരി) നിശ്ചയിച്ചു തരട്ടെയോ?"

തുടർന്നുള്ള യാത്രയിൽ രണ്ട് മലയിടുക്കുകൾക്കിടയിൽ എത്തിയ അദ്ദേഹം പറയുന്നതൊന്നും അങ്ങോട്ട് മനസ്സിക്കാൻ കഴിയാത്ത ഒരു ജനതയെ കണ്ടുമുട്ടി. അവർ അദ്ദേഹത്തോട് ഇപ്രകാരം അഭ്യർത്ഥിച്ചു,

"യഅ്ജൂജും മഅ്ജൂജും ഞങ്ങളുടെ നാട്ടിൽ വന്ന് പലവിധ കുഴപ്പങ്ങളുമുണ്ടാക്കികൊണ്ടിരിക്കുകയാണ്. ഈ മലയിടുക്കുകൾക്കിടയിൽ ഒരു കെട്ട് നിർമ്മിച്ച് അവരുടെ പ്രവാഹം തടഞ്ഞ് അവരുടെ ആക്രമണങ്ങളിൽ നിന്ന് താങ്കൾ ഞങ്ങളെ രക്ഷിക്കണം. ഞങ്ങൾ ഒരു കരം നിശ്ചയിച്ച് തരട്ടെയോ? "

താർത്താരികളെന്ന് കരുതപ്പെടുന്ന യഅ്ജൂജും മുഗളരാണെന്ന് കരുതപ്പെടുന്ന മഅ്ജൂജും മറുനാടുക ളിൽ അക്രമവും കവർച്ചയും കുഴപ്പവും നടത്തി സംഘർഷാന്തരീക്ഷം സൃഷ്ടിക്കുന്ന വൈകൃത സ്വഭാവത്തോട് കൂടിയ ഒരു വർഗ്ഗമായിട്ടാണ് അറിയപ്പെടുന്നത്. രണ്ട് മലകളുടെ ഇടയ്ക്കുള്ള മാർഗ്ഗത്തിലൂടെയായിരുന്നു അവർ പ്രവഹിച്ചിരുന്നത്. നൂഹ്(അ) നബിയുടെ മകനായ യഫേദിന്റെ സന്തതികളായിട്ടാണ് യഅ്ജൂജും മഅ്ജൂജും അറിയപ്പെടുന്നത്.

**വചനം 95,96,97 :**

قَالَ مَا مَكَّنِّى فِيهِ رَبِّى خَيْرٌ فَأَعِينُونِى بِقُوَّةٍ أَجْعَلْ بَيْنَكُمْ وَبَيْنَهُمْ رَدْمًا ﴿٩٥﴾

95 അദ്ദേഹം പറഞ്ഞു: ``യാതൊന്നിൽ എൻെറ രക്ഷിതാവ് എനിക്ക് സ്വാധീനം നൽകിയിരി ക്കുന്നുവൊ അത്, ഏറ്റവും നല്ലതാകുന്നു. ആകയാൽ, ശക്തികൊണ്ട് നിങ്ങൾ എന്നെ

സഹായിക്കുവിൻ; നിങ്ങളുടെയും അവരുടെയും ഇടക്ക് ഒരു ശക്തിമത്തായ കെട്ട് ഞാൻ ഉണ്ടാക്കി ത്തരാം;-

ءَاتُونِى زُبَرَ ٱلْحَدِيدِ ۖ حَتَّىٰٓ إِذَا سَاوَىٰ بَيْنَ ٱلصَّدَفَيْنِ قَالَ ٱنفُخُوا۟ ۖ حَتَّىٰٓ إِذَا جَعَلَهُۥ نَارًا قَالَ ءَاتُونِىٓ أُفْرِغْ عَلَيْهِ قِطْرًا ﴿٩٦﴾

96 നിങ്ങൾ എനിക്ക് ഇരുമ്പുകട്ടികൾ കൊണ്ടുവന്ന് തരുവിൻ'' അങ്ങനെ, (ആ) രണ്ടു മലന്തിട്ടകൾ ക്കിടയിൽ (ഇരുമ്പുകട്ടികളാൽ) സമമാക്കി ത്തീർത്തപ്പോൾ, ''ഊതുവിൻ'' എന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെ, അത് തീയാക്കിക്കഴിഞ്ഞ പ്പോൾ അദ്ദേഹം പറഞ്ഞു: ''എൻെറ അടുക്കൽ ചെമ്പുദ്രാവകം കൊണ്ടുവരുവിൻ, ഞാൻ അതിന്മേൽ ഒഴിക്കാം'' എന്ന്.

فَمَا ٱسْطَٰعُوٓا۟ أَن يَظْهَرُوهُ وَمَا ٱسْتَطَٰعُوا۟ لَهُۥ نَقْبًا ﴿٩٧﴾

97 പിന്നെ, അതിനു മീതെ കയറിമറിയുവാൻ അവർക്ക് (യഅ്ജൂജ്-മഅ്ജൂജിന്) സാധ്യമായില്ല; അതിന് തുരങ്കമുണ്ടാക്കുവാനും അവർക്ക് സാധ്യതയുണ്ടായില്ല.

അദ്ദേഹം ഇപ്രകാരം അവരോട് മറുപടി പറഞ്ഞു: '' നിങ്ങളുടെ കരമൊന്നും എനിക്ക് വേണ്ടതില്ല, ജോലി ക്കാരെ ശേഖരിച്ച് തന്നും, ഉപകരണങ്ങൾ കൊണ്ട് വന്ന് തന്നും, നിങ്ങൾക്കുള്ള കഴിവ് ഉപയോഗപ്പെടുത്തി എന്നെ സഹായിച്ചാൽ മതിയാകും. അല്ലാഹു എനിക്ക് നൽകിയിട്ടുള്ള സ്വാധീനവും അനുഗ്രഹവും യാതൊരു പ്രതിഫ ലേച്ഛയും കൂടാതെ ഉപയോഗപ്പെടുത്തി ഞാനീ കാര്യത്തിൽ നിങ്ങളെ സഹായിച്ച് കൊള്ളാം.'' ഹാ, ഇക്കാലത്തെ നമ്മുടെ ഭരണ കർത്താക്കളും ഈ മാതൃക സ്വീകരിച്ചിരുന്നെങ്കിൽ!

തുടർന്ന് അദ്ദേഹം ഇരുമ്പ് കട്ടികളാൽ ആ മലയിടുക്ക് തൂർത്ത് മലയോടൊപ്പമാക്കി. പിന്നീട് ചൂള വെച്ച് ഒലോക്കുകൾ കൊണ്ട് ഊതി അതൊരു വമ്പിച്ച തീക്കട്ടയാക്കി തീർത്തു. അതിന് ശേഷം ചെമ്പ് (അല്ലെങ്കിൽ ഈയം) ഉരുക്കിയ ദ്രാവകം അതിൻമേൽ ഒഴുക്കി. അങ്ങനെ അത് ഒരൊറ്റ ലോഹഭിത്തിയാക്കി തീർത്തു. ഇതോടെ യഅ്ജൂജ് മഅ്ജൂജുകളുടെ പ്രവാഹം നിശ്ശേഷം തടയപ്പെടുകയും ചെയ്തു. അസർബൈജാനും അർമീനിയക്കും ഇടയിലുള്ള മലയിടുക്കുകൾക്കിടയിലായിരുന്നു ഈ ഭിത്തിയെന്നാണ് പല ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായം الله اعلم

**വചനം 98**

قَالَ هَٰذَا رَحْمَةٌ مِّن رَّبِّى ۖ فَإِذَا جَآءَ وَعْدُ رَبِّى جَعَلَهُۥ دَكَّآءَ ۖ وَكَانَ وَعْدُ رَبِّى حَقًّا ﴿٩٨﴾

98 അദ്ദേഹം പറഞ്ഞു: ''ഇത് എൻെറ രക്ഷിതാ വിൻെറ പക്കൽനിന്നുള്ള ഒരു (വലുതായ) അനുഗ്രഹമത്രെ! ഇനി, എൻെറ രക്ഷിതാവിൻെറ നിശ്ചയം (നിശ്ചിതസമയം) വന്നാൽ, അവൻ അത് (തകർത്ത്) നിരപ്പാക്കുന്നതാണ്. എൻെറ റബ്ബിൻെറ നിശ്ചയം യഥാർത്ഥമായിരിക്കുന്നതു മാണ്.''

ഈ മഹദ് കർമ്മം നിർവ്വഹിച്ചതിന് ശേഷം അല്ലാഹുവിനെ സ്തുതിച്ച് കൊണ്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു '' അല്ലാഹുവിന്റെ പക്കൽ നിന്നുള്ള അനുഗ്രഹം കൊണ്ട് മാത്രമാണ് ഇത് സാധിതമായത്. എന്നാൽ എന്റെ രക്ഷിതാവിങ്കൽ നിന്ന് ഒരു നിശ്ചിത സമയം വരുവാനുണ്ട്. അത് വന്നെത്തിയാൽ ഇതെല്ലാം തകർന്ന് തരി പ്പണമാകും. അത് വന്നെത്താതിരിക്കുകയുമില്ല''

ദുൽഖർനൈനി പ്രവചിച്ച ആ '' നിശ്ചിതസമയം '' ഏതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. സൂ: അൻബിയാ അ് 96-ാം വചനത്തിൽ "യഥാർത്ഥമായ വാഗ്ദാന സമയത്ത് യഅ്ജൂജും മഅ്ജൂജും തുറന്ന് വിടപ്പെട്ടാൽ" എന്ന് പ്രസ്താവിക്കപ്പെട്ടത് ലോകാവസാന സമയത്തെകുറിച്ചാകുന്നു എന്നാണ് മലസ്സിലാക്കപ്പെടുന്നത്. ഹിജറ 7-ാം നൂറ്റാണ്ടിൽ മുഗൾ വർഗ്ഗക്കാരനായ ചങ്കിസ്ഖാന്റെ നേതൃത്വത്തിൽ ചൈനയേയും റോമിനേയും പല മുസ്ലീം രാജ്യങ്ങളെയും കിരാതമായ രീതിയിൽ നടത്തിയ ആക്രമണത്തോടെ യഅ്ജൂജ് മഅ്ജൂജ്മാരുടെ ഭാഗിക പുറ പ്പാട് ആരംഭിച്ച് കഴിഞ്ഞു. (99-ാം വചനത്തിലെ അല്ലാഹുവിന്റെ പ്രസ്താവന നോക്കുക).

ചെങ്കിസ്ഖാന്റെ ആക്രമണത്തിൽ അബ്ബാസിയ ഖിലാഫത്ത് അവസാനിക്കുകയും മുസ്ലീങ്ങൾക്ക് വർണ്ണനാതീതമായ കഷ്ട നഷ്ടങ്ങൾ ഏൽക്കുകയും ചെയ്തു. മുസ്ലീങ്ങൾക്കും അറബികൾക്കും എതിരായുണ്ടായ മറ്റ് പല ആസൂത്രിത ലഹളകളും അതിക്രമങ്ങളും അവരുടെ ഭാഗികമായ പുറപ്പാടിന്റെ പരിണിത ഫലമായിട്ടായിരുന്നു. എന്നാൽ യഅ്ജൂജ് മഅ്ജൂജിന്റെ യഥാർത്ഥ പുറപ്പാട് ഖിയാമത്ത് നാളിനോടടുത്തായിരിക്കും. ഈസാ(അ)നബി ആകാശത്ത് നിന്ന് ഇറങ്ങി വരികയും ദജ്ജാലിനെ കൊലപ്പെടുത്തുകയും ചെയ്തതിനെ തുടർന്നായിരിക്കും അവരുടെ കൂട്ടത്തോടെയുള്ള യഥാർത്ഥ പുറപ്പാടുണ്ടാവുക.

**വചനം 99,100,101,102 :**

۞ وَتَرَكْنَا بَعْضَهُمْ يَوْمَئِذٍ يَمُوجُ فِي بَعْضٍ ۖ وَنُفِخَ فِي ٱلصُّورِ فَجَمَعْنَٰهُمْ جَمْعًا ﴿٩٩﴾

99 അന്ന് അവരിൽ ചില വിഭാഗത്തെ (മറ്റു) ചില വിഭാഗത്തിൽ അലമറിയുന്നതായ നിലയിൽ നാം വിട്ടേക്കുന്നതാണ്; കാഹളത്തിൽ ഊതപ്പെടുകയും, അപ്പോൾ നാം അവരെ ശേഖരിച്ച് ഒരുമിച്ചുകൂട്ടുകയും ചെയ്യുന്നതാകുന്നു;

وَعَرَضْنَا جَهَنَّمَ يَوْمَئِذٍ لِّلْكَٰفِرِينَ عَرْضًا ﴿١٠٠﴾

100 അന്നത്തെ ദിവസം, അവിശ്വാസികൾക്ക് നരകത്തെ നാം ശരിയാംവണ്ണം കാണിച്ചുകൊടുക്കുന്നതാണ്:-

ٱلَّذِينَ كَانَتْ أَعْيُنُهُمْ فِي غِطَآءٍ عَن ذِكْرِي وَكَانُوا۟ لَا يَسْتَطِيعُونَ سَمْعًا ﴿١٠١﴾

101 അതായത്: എന്റെ ബോധനത്തെ സംബന്ധിച്ച തങ്ങളുടെ കണ്ണുകൾ മൂടിയിലായിരിക്കുകയും, കേൾക്കുവാൻ സാധിക്കാതിരിക്കുകയും ചെയ്തിരുന്നവർക്ക്.

**വിഭാഗം 12**

أَفَحَسِبَ ٱلَّذِينَ كَفَرُوٓا۟ أَن يَتَّخِذُوا۟ عِبَادِي مِن دُونِيٓ أَوْلِيَآءَ ۚ إِنَّآ أَعْتَدْنَا جَهَنَّمَ لِلْكَٰفِرِينَ نُزُلًا ﴿١٠٢﴾

102 എന്നാൽ, അവിശ്വസിച്ചവർ വിചാരിക്കുന്നുവോ: എനിക്കുപുറമെ, എന്റെ അടിയാൻമാരെ രക്ഷാകർത്താക്കളായി സ്വീകരിക്കാമെന്ന്?! നിശ്ചയമായും നാം അവിശ്വാസികൾക്ക് നരകത്തെ വിരുന്നുസല്കാരമായി ഒരുക്കി വെച്ചിരിക്കുന്നു.

കാലാന്തരത്തിൽ സമുദ്രജലം അലയടിക്കുന്നത് പോലെ ജനങ്ങൾ പരസ്പരം ആക്രമിച്ചും, കുഴപ്പങ്ങളും കലഹങ്ങളും ഉണ്ടാക്കികൊണ്ടിരിക്കുകയും ചെയ്യുന്നതാണ്.

പിന്നീട് കാഹളം ഊതുന്ന അവസരം - ലോകവസാന ഘട്ടം - വന്നെത്തുന്നതാണ്. അപ്പോൾ എല്ലാവരും അല്ലാഹുവിന്റെ മുന്നിൽ ഒരുമിച്ച് കൂട്ടപ്പെടുന്നതുമാണ്. അന്ന് അല്ലാഹുവിന്റെ ബോധനങ്ങളെ അവഗണിച്ച് കൊണ്ട് അല്ലാഹുവിന്റെ അടിയാൻമാരെ രക്ഷാകർത്താക്കളായി സ്വീകരിച്ച അവിശ്വാസികൾക്ക് അതി കഠിനമായ നരക ശിക്ഷയും സത്യവിശ്വാസികളായ സജ്ജനങ്ങൾക്ക് സ്വർഗ്ഗീയ സുഖ സൗകര്യങ്ങളും പ്രദാനം ചെയ്യപ്പെടുന്നതാണ്.

**വചനം 103,104,105,106 :**

قُلْ هَلْ نُنَبِّئُكُم بِٱلْأَخْسَرِينَ أَعْمَٰلًا ﴿١٠٣﴾

103 (നബിയേ) പറയുക: പ്രവൃത്തികൾ ഏറ്റവും നഷ്ടപ്പെട്ടവരെക്കുറിച്ചു നാം നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ?-

ٱلَّذِينَ ضَلَّ سَعْيُهُمْ فِي ٱلْحَيَوٰةِ ٱلدُّنْيَا وَهُمْ يَحْسَبُونَ أَنَّهُمْ يُحْسِنُونَ صُنْعًا ﴿١٠٤﴾

104 (അവർ) യാതൊരു കൂട്ടരാകുന്നു: ഐഹിക ജീവിതത്തിൽ അവരുടെ പരിശ്രമം പിഴച്ചു പോയിരിക്കുന്നു; അവരാകട്ടെ, തങ്ങൾ പ്രവൃത്തി നന്നായിചെയ്യുന്നുവെന്ന് വിചാരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. (ഇങ്ങനെയുള്ളവരാണ്.)

أُو۟لَٰٓئِكَ ٱلَّذِينَ كَفَرُوا۟ بِـَٔايَٰتِ رَبِّهِمْ وَلِقَآئِهِۦ

105 അക്കൂട്ടർ തങ്ങളുടെ റബ്ബിൻെറ ദൃഷ്ടാന്തങ്ങളിലും, അവനുമായി കാണുന്നതിലും

فَحَبِطَتْ أَعْمَٰلُهُمْ فَلَا نُقِيمُ لَهُمْ يَوْمَ ٱلْقِيَٰمَةِ وَزْنًا ﴿١٠٥﴾

അവിശ്വസിച്ചവരാണ്; അതിനാൽ, അവരുടെ കർമ്മങ്ങൾ നിഷ്ഫലമായിപ്പോയിരിക്കുന്നു. അതുകൊണ്ട് ഖിയാമത്തുനാളിൽ നാം അവർക്ക് യാതൊരു തൂക്കവും നിറുത്തുന്നതല്ല. (ആ കർമ്മങ്ങൾക്ക് ഒട്ടും വില കൽപിക്കുകയില്ല.)

ذَٰلِكَ جَزَآؤُهُمْ جَهَنَّمُ بِمَا كَفَرُوا۟ وَٱتَّخَذُوٓا۟ ءَايَٰتِى وَرُسُلِى هُزُوًا ﴿١٠٦﴾

106 അത്– അവരുടെ പ്രതിഫലം നരകമാണെന്നുള്ളത്– അവർ അവിശ്വസിക്കുകയും, എന്റെ ദൃഷ്ടാന്തങ്ങളേയും, എന്റെ ദൂതന്മാരേയും പരിഹാസ്യമാക്കുകയും ചെയ്തതു നിമിത്തമാകുന്നു.

അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കാത്തവരുടെ കർമ്മങ്ങൾ ഒന്നും തന്നെ അല്ലാഹുവിങ്കൽ സ്വീകാര്യമാകുന്നതല്ല. ഈ വസ്തുത പല ഖുർആൻ വചനങ്ങളിലും അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാകുന്നു. (സൂ : നൂർ 39, സൂ: ഫുർഖാൻ 23ഉം മറ്റും നോക്കുക.) ഐഹിക ജീവിതത്തിൽ തങ്ങൾ നല്ല പ്രവർത്തനം നടത്തി കൊണ്ടിരിക്കുന്നു എന്ന് അവർ വിചാരിക്കുന്നു. എന്നാൽ തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിലും അവനെ കണ്ട്മുട്ടുന്നതിലും വിശ്വസിക്കാത്ത അവരുടെ കർമ്മങ്ങൾ നിഷ്ഫലമായി പോയിരിക്കുന്നു. ഉയിർത്തെഴുന്നേൽപ്പ് നാളിൽ അല്ലാഹു അവരുടെ പ്രവർത്തനങ്ങൾക്ക് യാതൊരു തൂക്കവും നൽകുന്നതല്ല. അല്ലാഹുവിൽ അവിശ്വസിക്കുകയും അവന്റെ ദൃഷ്ടാന്തങ്ങളെയും ദൂതൻമാരെയും പരിഹസിക്കുകയും ചെയ്ത അക്കൂട്ടർക്കുള്ള പ്രതിഫലം നരകം തന്നെ ആയിരിക്കും.

**വചനം 107,108, :**

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ كَانَتْ لَهُمْ جَنَّٰتُ ٱلْفِرْدَوْسِ نُزُلًا ﴿١٠٧﴾

107 വിശ്വസിക്കുകയും: സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരാകട്ടെ, നിശ്ചയമായും 'ഫിർദൗസാ'കുന്ന (അത്യുന്നത) സ്വർഗ്ഗങ്ങൾ അവർക്ക് ആതിഥ്യസൽക്കാരമായിരിക്കുന്നതാണ്;–

خَٰلِدِينَ فِيهَا لَا يَبْغُونَ عَنْهَا حِوَلًا ﴿١٠٨﴾

108 അവർ അതിൽനിന്ന് വിട്ടുമാറുവാൻ ആഗ്രഹിക്കാത്തവിധം അതിൽ നിത്യവാസികളായ നിലയിലായിരിക്കും.

അവിശ്വാസികളുടെ സ്ഥിതി വിവരിച്ചതിന് ശേഷം അല്ലാഹു സത്യവിശ്വാസികൾക്കുള്ള സന്തോഷ വാർത്ത അറിയിക്കുന്നു. വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്ന വർക്കുള്ളതാകുന്നു ' ഫിർദൗസാ 'കുന്ന അത്യുന്നത സ്വർഗ്ഗങ്ങൾ. അവർ അവിടെ അല്ലാഹുവിന്റെ വിശിഷ്ട അതിഥികളായിരിക്കും.. അതിൽ നിന്ന് വിട്ട് മാറാൻ ആഗ്രഹിക്കാത്ത വിധം അവർ അവരിൽ നിത്യവിശ്വാസികളായ നിലയിലുമായിരിക്കും.

**വചനം 109 :**

قُل لَّوْ كَانَ ٱلْبَحْرُ مِدَادًا لِّكَلِمَٰتِ رَبِّى لَنَفِدَ ٱلْبَحْرُ قَبْلَ أَن تَنفَدَ كَلِمَٰتُ رَبِّى وَلَوْ جِئْنَا بِمِثْلِهِۦ مَدَدًا ﴿١٠٩﴾

109 (നബിയേ) പറയുക: "എന്റെ റബ്ബിന്റെ വചനങ്ങൾക്ക് (അത് എഴുതുന്നതിന്) സമുദ്രം മഷിയായിരുന്നാലും–അതിന്റെ അത്രതന്നെ (വേറെയും സമുദ്രം)നാം സഹായകമായി കൊണ്ടുവന്നാൽപോലും–എന്റെ റബ്ബിന്റെ വചനങ്ങൾ തീരുന്നതിനുമുമ്പായി സമുദ്രം തീർന്നുപോകുകതന്നെ ചെയ്യുന്നതാണ്.

സർവ്വജ്ഞനും സർവ്വശക്തനുമായ അല്ലാഹുവിന്റെ അറിവുകൾക്കും കഴിവുകൾക്കും, യാതൊരു അതിരും കണക്കും ഇല്ലാത്തതാകുന്നു. അല്ലാഹുവിന്റെ വചനങ്ങൾ എഴുതുന്നതിന് സമുദ്ര ങ്ങൾ തന്നെ മഷിയായിരുന്നാലും റബ്ബിന്റെ വചനങ്ങൾ തീരുന്നതിന് മുമ്പായി, ആ സമുദ്രങ്ങൾ തന്നെ വറ്റിപോകുന്നതാണ്.

സൂ: ലുഖ്മാൻ വചനം: 27ൽ അല്ലാഹു ഇപ്രകാരം പറയുന്നു: " ഭൂമിയിലുള്ള മരങ്ങളെല്ലാം പേനകളായി

രിക്കുകയും (നിലവിലുള്ള) സമുദ്രവും അതിന് പുറമെ ഏഴ് സമുദ്രങ്ങളും കൂടി അതിന് മഷിയായി സഹായം നൽകുകയും ചെയ്താൽ പോലും അല്ലാഹുവിന്റെ വചനങ്ങൾ തീരുന്നതല്ല. ''

അല്ലാഹുവിന്റെ സൃഷ്ടികളെകുറിച്ച് ശാസ്ത്രജ്ഞൻമാർക്ക് ലഭിച്ച് കൊണ്ടിരിക്കുന്ന നവം നവങ്ങളായ അറിവുകൾ മേൽ പ്രസ്താവിക്കപ്പെട്ട യാഥാർത്ഥ്യത്തെ കൂടുതൽ കൂടുതൽ ബലപ്പെടുത്തികൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ അറിവും കഴിവും വർദ്ധിക്കും തോറും അവന്റെ പരിമിതിയും കൂടുതൽ പ്രകടമാകുന്നതായിട്ടാണ് അനുഭവപ്പെടുക. താഴെ സുചിപ്പിച്ച ഏതാനും ചില ശാസ്ത്ര സത്യങ്ങൾ മാത്രം ശ്രദ്ധിച്ചാൽ തന്നെ, അല്ലാഹുവിന്റെ സൃഷ്ടി വൈഭവത്തെ കുറിച്ചും അവന്റെ അഗാധ ജ്ഞാനത്തിന്റെ വിപുല വിശാലതയെ കുറിച്ചും നമുക്ക് ഒരു ഏകദേശ ധാരണ ലഭിക്കുന്നതാണ്.

നമ്മുടെ ഭൂമിക്ക് ഏകദേശം 20 ലക്ഷം വർഷത്തെ പഴക്കമുണ്ട്. സൂര്യൻ ഭൂമിയെക്കാൾ പതിമൂന്ന് ലക്ഷം ഇരട്ടി വലിപ്പമുള്ളതാകുന്നു. എന്നാൽ സൂര്യനാകട്ടെ 30000 മില്ല്യൻ വരുന്ന സൗരയൂഥ കുടുംബത്തിലെ ഒരു ചെറുകിട ഗോളം മാത്രമാകുന്നു. ഒരു സെക്കന്റിൽ 1860000 നാഴിക സഞ്ചരിക്കുന്ന പ്രകാശരശ്മികൾ ഗോള മണ്ഡലത്തെ ഒരു പ്രാവശ്യം ചുറ്റി വരുവാൻ ഒരു ലക്ഷം മില്ല്യൻ കൊല്ലക്കാലം ആവശ്യമാകുന്നു. ഈ ഗോളങ്ങൾക്കെല്ലാം ഒരു അന്ത്യമുണ്ടായിരിക്കുന്നതുമാണ്.

ഉപരിയാകാശ മണ്ഡലത്തിൽ നമ്മുടെ സൂര്യനെ പോലെ 10 മില്ല്യൻ സൂര്യൻമാർ സൃഷ്ടിക്കപ്പെടുവാൻ പോന്ന ധൂമതാരങ്ങൾ (NEBULAE) അടങ്ങിയിരിക്കുന്നു. കൂടാതെ ശൂന്യാകാശ മണ്ഡലത്തിൽ രണ്ടായിരം കോടി കോടി നക്ഷത്രവ്യൂഹം തന്നെ കണ്ടെത്തപ്പെട്ടിരിക്കുന്നു. നക്ഷത്രങ്ങളിൽ ഏറ്റവും വലിയതായ മിഥുന നക്ഷത്രത്തിന് (GEMINI) സൂര്യനെക്കാൾ 25 മില്ല്യൻ ഇരട്ടി വലിപ്പമുണ്ട്.

സൂര്യനിൽ നിന്ന് നിത്യേന രശ്മികൾ പ്രവഹിച്ച് കൊണ്ടിരിക്കുന്നത് മൂലം അതിന്റെ ധാതുവിൽ നിന്നും ദിനം പ്രതി 3,60,000 മില്ല്യൻ ടൺ നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്നു. ഈ തോതിൽ ഇനിയും ലക്ഷക്കണക്കിന് കോടി വർഷങ്ങൾ സൂര്യന് നിലനിൽപുണ്ടായിരിക്കും.

ദൂരദർശിനികളിലൂടെ വീക്ഷിക്കാവുന്ന, ഭൂമിയിൽ നിന്നും ഏത് ദിശയിലും 200 കോടി പ്രകാശ വർഷത്തോളം ദൂരെ കിടക്കുന്ന പ്രപഞ്ചം നമ്മുടെ ബ്രഹ്മാണ്ഡത്തിന്റെ അതി വിപുലത വ്യക്തമാക്കുന്നു.

മേൽ പ്രസ്താവിക്കപ്പെട്ടവ ചില പ്രാപഞ്ചിക, രഹസ്യങ്ങൾ മാത്രം. എന്നാൽ മനുഷ്യന്റെയും മറ്റ് ജീവജാലങ്ങളുടെയും സൃഷ്ടിപ്പിലും പരമാണുക്ക (ATOM) ളുടെ ഘടനയിലും എന്തിനേറെ ഒരു നിസ്സാര വസ്തുവായി നാം ഗണിച്ച് വരുന്ന എട്ടുകാലി വലകളുടെ നൂലുകളുടെ സൃഷ്ടിയിലും തേനീച്ചകളുടെ ജീവിത രീതികളിലും (സൂ: നഹ്ല് : 68 നോക്കുക) തുടങ്ങി പ്രകൃതിയിലെ എണ്ണിയാലൊടുങ്ങാത്ത ദൃഷ്ടാന്തങ്ങളിലും അല്ലാഹുവിന്റെ സൃഷ്ടി വൈഭവം നമുക്ക് ദർശിക്കാവുന്നതാണ്.

സൂ: യാസീൻ 83-ാം വചനത്തിൽ അല്ലാഹു പറയുന്നു: '' അപ്പോൾ സകല വസ്തുക്കളുടെയും സർവ്വാധികാര സ്ഥാനം യാതൊരുവന്റെ കയ്യിലാണോ അവനത്രേ മഹാപരിശുദ്ധൻ. അവന്റെ അടുക്കലേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുന്നു.''

അല്ലാഹുവിന്റെ അറിവുകളും അവയെ കുറിക്കുന്ന വചനങ്ങളും എഴുതി കണക്കാക്കുവാൻ സാദ്ധ്യമേ അല്ല എന്നുള്ള പരമാർത്ഥം. മേൽ പ്രസ്താവിച്ച അല്ലാഹുവിന്റെ സൃഷ്ടി സംബന്ധമായ നിരവധി ഉദാഹരണങ്ങളിൽ നിന്നും (ശാസ്ത്രത്തിന് കണ്ടെത്താൻ കഴിയാത്ത, പ്രകൃതിയിലെ ഒട്ടനവധി നിഗൂഢ രഹസ്യങ്ങളിൽ നിന്നും) സാമാന്യ ബുദ്ധിയുള്ള ഏവർക്കും മനസ്സിലാക്കാവുന്നതാണ്.

മുകളിൽ വിവരിച്ച ശാസ്ത്ര സത്യങ്ങൾ വെച്ച് നോക്കുമ്പോൾ സ്വർഗ്ഗ നരകങ്ങളുടെയും പരലോകത്തെയും സംബന്ധിച്ച് ഖുർആനിലും ഹദീസിലും വന്നിട്ടുള്ള വിവരങ്ങൾ ഒന്നും തന്നെ ഒട്ടും അതിശയോക്തി കലർന്നതല്ലെന്ന് മനസ്സിലാക്കാം.

താഴെ കാണുന്ന ഹദീസുകൾ അനുസ്മരിക്കുന്നത് ഈ വിഷയ സംബന്ധമായി സന്ദർഭോചിതമായിരിക്കും.

ബുഖാരി(റ) മുസ്‌ലിം(റ) ഉദ്ധരിച്ച ഹദീസുകൾ ഇപ്രകാരമാകുന്നു:

നബി(സ) അരുൾ ചെയ്തു: '' ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു കാതും കേട്ടിട്ടില്ലാത്തതും ഒരു മനുഷ്യന്റെ ഹൃദയത്തിലും ഉദയം ചെയ്തിട്ടില്ലാത്തതുമായ കാര്യങ്ങൾ സദ്‌വൃത്തരായ അനുയായികൾക്ക് ഒരുക്കി വെച്ചിട്ടുണ്ടെന്ന് അല്ലാഹു പറയുന്നു. ''

''സ്വർഗ്ഗത്തിലുണ്ട് ഒരു വൃക്ഷം, അതിന്റെ നിഴലിൽ ഒരു വാഹനക്കാരന് നൂറ് കൊല്ലം സഞ്ചരിക്കാം. എന്നാലും അവനത് മുറിച്ച് കടന്ന് കഴിയുകയില്ല. ''

''നരകാഗ്നി നിങ്ങളുടെ സാധാരണ തീയിനേക്കാൾ എഴുപത് ഇരട്ടി ചൂടുള്ളതാകുന്നു. ''

അനുദിനം പുരോഗമിച്ച് കൊണ്ടിരിക്കുന്ന ശാസ്ത്ര വിജ്ഞാനങ്ങൾ ചിന്തിക്കുന്ന ആളുകൾക്ക് അല്ലാഹുവിലുള്ള വിശ്വാസവും ഭയഭക്തിയും ഒന്നിനൊന്ന് വർദ്ധിച്ച് കൊണ്ടിരിക്കുന്നതാണ്. എന്നാൽ ധിക്കാര മനസ്ഥിതി മാത്രം കൈമുതലായിട്ടുള്ള മനുഷ്യരിലെ ഭൗതിക വാദികൾ " മനുഷ്യൻ ബഹിരാകാശത്തിൽ പോയി തിരിച്ച് വന്നിട്ടും അവിടെയൊന്നും ദൈവത്തെ കണ്ടില്ല " എന്ന്വരെ പറയുവാൻ ചങ്കൂറ്റം കാണിക്കുകയാണുണ്ടായത്.

"അല്ലാഹുവിനെ കുറിച്ച് പറയപ്പെടുന്നതായാൽ സത്യവിശ്വാസികളുടെ ഹൃദയങ്ങൾ നടുങ്ങിപോകുകയും അവന്റെ ആയത്തുകൾ (ദൃഷ്ടാന്തങ്ങൾ) അവർക്ക് ഓതികേൾപ്പിക്കുന്നതായാൽ അതവരുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്; തങ്ങളുടെ രക്ഷിതാവിന്റെ മേൽ അവർ (കാര്യങ്ങൾ) ഭരമേൽപ്പിക്കുകയും ചെയ്യുന്നതാകുന്നു" എന്ന് സൂ: അൻഫാൽ 2 ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു."

**വചനം 110 :**

قُلْ إِنَّمَآ أَنَا۠ بَشَرٌ مِّثْلُكُمْ يُوحَىٰٓ إِلَىَّ أَنَّمَآ إِلَٰهُكُمْ إِلَٰهٌ وَٰحِدٌ ۖ فَمَن كَانَ يَرْجُوا۟ لِقَآءَ رَبِّهِۦ فَلْيَعْمَلْ عَمَلًا صَٰلِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِۦٓ أَحَدًۢا ﴿١١٠﴾

110 (നബിയേ) പറയുക: "നിശ്ചയമായും ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു; നിങ്ങളുടെ ഇലാഹ് (ആരാധ്യൻ) ഒരേ ഒരു ഇലാഹാണെന്ന് എനിക്ക് വഹ്‌യു (ഉൽബോധനം) നൽകപ്പെടുന്നു. (ഇതാണ് എൻെറ പ്രത്യേകത.) അതിനാൽ, ആരെങ്കിലും തൻെറ റബ്ബുമായി കാണുവാൻ ആശിക്കുന്നുവെങ്കിൽ, അവൻ സൽക്കർമ്മം പ്രവർത്തിച്ചുകൊള്ളട്ടെ; തൻെറ രക്ഷിതാവിനെ ആരാധിക്കുന്നതിൽ ഒരാളേയും (അവനോട്) പങ്കുചേർക്കാതെയുമിരിക്കട്ടെ.

പ്രധാനപ്പെട്ട ചില യാഥാർത്ഥ്യങ്ങൾ അല്ലാഹു ഈ വചനത്തിലൂടെ വ്യക്തമാക്കിയിരിക്കുന്നു

(1) മറ്റെല്ലാ മനുഷ്യരെ പോലെ തന്നെ നബി(സ) തിരുമേനിയും ഒരു മനുഷ്യൻ മാത്രമാകുന്നു

(2) നിങ്ങളുടെ ഇലാഹ് (ആരാധ്യൻ) ഒരേ ഒരു ഇലാഹായ അല്ലാഹു മാത്രമാണെന്ന് നബി(സ)ക്ക് വഹ്‌യ് നൽകപ്പെട്ടിരിക്കുന്നു.

(3) ശിർക്കിന്റെ (ബഹുദൈവ വിശ്വാസത്തിന്റെ) വല്ല അംശവും ആരിലെങ്കിലും കലർന്നിട്ടുണ്ടെങ്കിൽ അവരുടെ യാതൊരു കർമ്മവും അല്ലാഹുവിങ്കൾ സ്വീകാര്യമാവുകയില്ല.

ഭക്ഷണം, ഉറക്കം, മറവി എന്നിങ്ങനെയുള്ള മനുഷ്യ സഹജമായ എല്ലാ വിഷയങ്ങളിലും, മറഞ്ഞ കാര്യം അറിയാതിരിക്കുക, ഇഷ്ടപ്പെടുമ്പോൾ അമാനുഷിക കൃത്യങ്ങൾ കൊണ്ട് വരുവാൻ കഴിയാതിരിക്കുക മുതലായ വിഷയങ്ങളിലുമെല്ലാം നബി(സ) തിരുമെനി സാധാരണ മനുഷ്യനെ പോലെ യുള്ള ഒരു മനുഷ്യൻ തന്നെയാകുന്നു. എന്നാൽ വഹ്‌യും (ദിവ്യോൽബോധനവും) നുബുവ്വത്തും (പ്രവാചകത്വവും) നൽകപ്പെട്ടിരിക്കുന്നുവെന്നത് സാധാരണ മനുഷ്യരിൽ നിന്നും നബി(സ)യെ വ്യത്യസ്തനാക്കുന്നു. അക്കാരണത്താൽ മറഞ്ഞ കാര്യങ്ങൾ പലതും അല്ലാഹു അവിടുത്തേക്ക് അറിയിച്ച് കൊടുത്തേക്കും; പ്രവാചകത്വത്തിന് തെളിവായി ചില അസാധാരണ സംഭവങ്ങൾ അദ്ദേഹത്തിലുടെ അല്ലാഹു വെളിപ്പെടുത്തുകയും ചെയ്തേക്കും. എന്നാൽ നബി(സ)ക്ക് സ്വന്തം നിലക്ക് അതിനൊന്നും കഴിവില്ല താനും.

അല്ലാഹുവുമായി കണ്ട് മുട്ടുകയും, സകല കാര്യങ്ങളെ കുറിച്ചും അവന്റെ മുമ്പിൽ ഉത്തരം പറയേണ്ടി വരികയും ചെയ്യുമെന്ന് ബോധമുള്ളവരും, അവന്റെ പക്കൽ നിന്ന് സദ്ഫലങ്ങൾ ലഭിക്കണമെന്ന് മോഹവും പ്രതീക്ഷയും ഉള്ളവരും തങ്ങളുടെ ആരാധനാ കർമ്മങ്ങളിൽ ഒന്നും തന്നെ ശിർക്കിന്റെ യാതൊരു അംശവും കലർത്തരുതെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. വലിയ ശിർക്കും ചെറിയ ശിർക്കും രഹസ്യമായ ശിർക്കും പരസ്യമായ ശിർക്കും എല്ലാം തന്നെ ഈ താക്കീതിന്റെ പരിധിയിൽ ഉൾപ്പെടുന്നു. അല്ലാഹു അല്ലാത്തവരുടെ പ്രീതിയോ ബഹുമാനമോ ഉദ്ദേശിച്ച് കൊണ്ട് ചെയ്യുന്ന കർമ്മങ്ങളും മറ്റുള്ളവർ ഗൗനിക്കണമെന്ന ഉദ്ദേശത്തോടെ ചെയ്യുന്ന കർമ്മങ്ങളുംശിർക്കിൽപ്പെടുന്നതാണ്.

ശിർക്കിന്റെ എല്ലാ വിഭാഗങ്ങളിൽ നിന്നും അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ- ആമീൻ.

# 19 സൂറത്തു മറിയം

**മക്കായിൽ അവതരിച്ചത് , വചനങ്ങൾ 98**

വിഭാഗം (റുക്കൂഅ്) 6

(വചനങ്ങൾ 99 ആയും ചിലർ എണ്ണിയിട്ടുണ്ട് . 58-ാം വചനത്തിൽ സജദ യുടെ ആയത്ത് മദനീ കാലഘട്ടത്തിൽ അവതരിച്ചതാകുന്നു. ബാക്കി ഭാഗങ്ങളാണ് മക്കാ ഘട്ടത്തിൽ അവതരിച്ചത്.)

ഈസാ(അ) നബിയുടെയും മാതാവ് മർയമിന്റെയും ചരിത്രം വിവരിക്കുന്നതിനാലാണ് ഈ അദ്ധ്യായത്തിന് 'സു: മർയം' എന്ന പേര് നൽകപ്പെട്ടത്.

**വിഭാഗം : 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1 :**

كٓهيعٓصٓ ﴿١﴾

1 'കാഫ്–ഹാ–യാ ഐൻ–സ്വാദ്.'

ഈ വചനത്തിലെ കേവലാക്ഷരങ്ങളെ കുറിച്ച് സൂ : ബഖറയുടെ ആരംഭത്തിൽ വിവരിച്ചിട്ടുള്ളത് നോക്കുക.

**വചനം 2,3,4,5,6 :**

ذِكْرُ رَحْمَتِ رَبِّكَ عَبْدَهُۥ زَكَرِيَّآ ﴿٢﴾
إِذْ نَادَىٰ رَبَّهُۥ نِدَآءً خَفِيًّا ﴿٣﴾
قَالَ رَبِّ إِنِّى وَهَنَ ٱلْعَظْمُ مِنِّى وَٱشْتَعَلَ
ٱلرَّأْسُ شَيْبًا وَلَمْ أَكُنۢ بِدُعَآئِكَ رَبِّ
شَقِيًّا ﴿٤﴾
وَإِنِّى خِفْتُ ٱلْمَوَٰلِىَ مِن وَرَآءِى وَكَانَتِ
ٱمْرَأَتِى عَاقِرًا فَهَبْ لِى مِن لَّدُنكَ وَلِيًّا ﴿٥﴾
يَرِثُنِى وَيَرِثُ مِنْ ءَالِ يَعْقُوبَ ۖ وَٱجْعَلْهُ
رَبِّ رَضِيًّا ﴿٦﴾

2 നിന്റെ രക്ഷിതാവ് അവന്റെ അടിയാൻ സകരിയ്യാക്കു ചെയ്ത അനുഗ്രഹത്തെക്കുറിച്ചുള്ള പ്രസ്താവനയാണ് (ഇത്).

3 (അതായത്) അദ്ദേഹം തന്റെ രക്ഷിതാവിനെ രഹസ്യമായി വിളിച്ചപ്പോൾ (പ്രാർത്ഥിച്ചപ്പോൾ);-

4 അദ്ദേഹം (ഇങ്ങിനെ) പറഞ്ഞു: "എന്റെ റബ്ബേ! നിശ്ചയമായും ഞാൻ, എന്റെ എല്ലുകൾ ബലഹീനമായിരിക്കുന്നു; തല നരയാൽ കത്തിത്തിളങ്ങുകയും ചെയ്തിരിക്കുന്നു; നിന്നോടു പ്രാർത്ഥിച്ചതിൽ-എന്റെ റബ്ബേ-ഞാൻ ദുർഭാഗ്യവാനാവുകയുണ്ടായിട്ടുമില്ല!

5 എന്റെ പിന്നീടുണ്ടാകുന്ന ബന്ധുകുടുംബങ്ങളെ (പിൻ തുടർച്ചക്കാരെ)ക്കുറിച്ചു ഞാൻ ഭയപ്പെടുന്നു; എന്റെ ഭാര്യ മച്ചിയായിരിക്കുകയുമാണ്. അതുകൊണ്ട്, നിന്റെ പക്കൽനിന്ന് ഒരു (നല്ല) ബന്ധുവെ (പിൻതുടർച്ചാവകാശിയെ) എനിക്കു നീ ദാനം നൽകേണമേ!

6 എനിക്കും, യഅ്ഖൂബ് കുടുംബത്തിനും അനന്തരാവകാശിയായിത്തീരുന്ന (ഒരു ബന്ധുവെ), അവനെ - എന്റെ റബ്ബേ- നീ ഒരു സുസമ്മതനാക്കുകയും ചെയ്യേണമേ!

യഅ്ഖൂബ്(അ) നബിയുടെ സന്താന പരമ്പരകളിൽപ്പെട്ട ആളാകുന്നു സകരിയ്യാ നബി(അ). അദ്ദേഹത്തിന് 75ഓ 80ഓ വയസ്സ് പ്രായമായിട്ടും സന്താന സൗഭാഗ്യം ലഭിച്ചില്ല. അദ്ദേഹത്തിന്റെ ഭാര്യ ഈസാ(അ) നബിയുടെ മാതൃ സഹോദരിയും ഇംറാന്റെ മകളും ആകുന്നു. അവർ ഇതേ വരേ പ്രസവിച്ചിട്ടില്ല. തൗഹീദ് പ്രചരണമെന്ന തന്റെ പിതാക്കളായ മുൻ പ്രവാചകന്മാരുടെ മഹദ് ദൗത്യം തന്നോടൊപ്പം അവസാനിച്ച് പോകുമോ എന്ന ഭയത്താൽ തനിക്കൊരു സന്താനം നൽകേണമേ എന്ന് അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ നിലവിലുള്ള കുടുംബങ്ങളാകട്ടെ ആ നേർമാർഗ്ഗത്തിൽ ചരിക്കുന്നവരുമായിരുന്നില്ല.

തന്റെ ബലഹീനത എടുത്ത് പറഞ്ഞ് കൊണ്ടും സന്താനം നല്ലവനായിരിക്കണമെന്ന അപേക്ഷയൊടെയും രഹസ്യമായിട്ടായിരുന്നു അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിച്ചത്. വിഷമാവസ്ഥകളിൽ മുമ്പും താൻ അല്ലാഹുവിനോട് മാത്രമേ പ്രാർത്ഥിക്കാറുള്ളുവെന്നും അവയെല്ലാം സ്വീകരിക്കപ്പെട്ടത് പോലെ, ഈ പ്രാർത്ഥനയും

നീ സ്വീകരിച്ച് അനുഗ്രഹിക്കണമേ എന്നും അദ്ദേഹം താഴ്മയോടെ അല്ലാഹുവിനോട് അഭ്യർത്ഥിച്ചു.

**വചനം 7,8,9 :**

7 “ഹേ, സകരിയ്യാ! നിശ്ചയമായും നാം, നിനക്ക് ഒരു ആൺകുട്ടിയെക്കുറിച്ചു സന്തോഷവാർത്ത അറിയിക്കുന്നു; അവനുപേർ, `യഹ്‌യാ' എന്നാകുന്നു;” അവനുമായി പേരൊത്ത ഒരാളെയും മുമ്പ് നാം ഉണ്ടാക്കിയിട്ടില്ല.”

يَٰزَكَرِيَّآ إِنَّا نُبَشِّرُكَ بِغُلَٰمٍ ٱسۡمُهُۥ يَحۡيَىٰ
لَمۡ نَجۡعَل لَّهُۥ مِن قَبۡلُ سَمِيّٗا ٧

8 അദ്ദേഹം പറഞ്ഞു: “എൻെറ റബ്ബേ! എങ്ങിനെയാണ് എനിക്ക് ഒരു ആൺകുട്ടിയുണ്ടാവുക? എൻെറ ഭാര്യ മച്ചിയായിരിക്കുന്നു; ഞാൻ വാർദ്ധക്യത്താൽ വരൾച്ചപ്രാപിച്ചും കഴിഞ്ഞിരിക്കുന്നു?”

قَالَ رَبِّ أَنَّىٰ يَكُونُ لِي غُلَٰمٞ وَكَانَتِ
ٱمۡرَأَتِي عَاقِرٗا وَقَدۡ بَلَغۡتُ مِنَ ٱلۡكِبَرِ عِتِيّٗا ٨

9 അവൻ (അല്ലാഹു) പറഞ്ഞു: “(കാര്യം) അങ്ങിനെത്തന്നെ; നിൻെറ റബ്ബ് പറയുന്നു: അത് എനിക്ക് ഒരു നിസ്സാര കാര്യമത്രെ; നീ യാതൊരു വസ്തുവും ആയിരുന്നില്ലാതിരിക്കെ-മുമ്പു-നിന്നെ ഞാൻ സൃഷ്ടിച്ചുവല്ലോ.”

قَالَ كَذَٰلِكَ قَالَ رَبُّكَ هُوَ عَلَيَّ هَيِّنٞ
وَقَدۡ خَلَقۡتُكَ مِن قَبۡلُ وَلَمۡ تَكُ شَيۡـٔٗا ٩

തനിക്കൊരു ആൺകുട്ടി ഉണ്ടാകുവാൻ പോകുന്നു എന്ന സന്തോഷ വാർത്ത അറിഞ്ഞ അദ്ധേഹം തന്റെയും ഭാര്യയുടെയും ഇപ്പോഴത്തെ ശാരീരികാവസ്ഥയിൽ എങ്ങനെയാണത് സംഭവിക്കുക എന്നറിയാനുള്ള വെമ്പലിൽ അല്ലാഹുവിനോട് മേൽ കണ്ട ചോദ്യം ഉന്നയിച്ചു, അല്ലാഹു വളരെ അർത്ഥഗർഭമായ വിധത്തിൽ പ്രസ്തുത ചോദ്യത്തിന് ഉത്തരവും നൽകി (വചനം: 9). ഉണ്ടാകാൻ പോകുന്ന സന്താനത്തിന്റെ പേര് യഹ്‌യാ എന്നായിരിക്കുമെന്നും ഈ പേരുള്ള ഒരാൾ മുമ്പ് ഉണ്ടായിട്ടില്ല എന്നും അല്ലാഹു അറിയിച്ചു.

**വചനം 10,11 :**

10 അദ്ദേഹം പറഞ്ഞു: “എൻെറ റബ്ബേ! (എന്നാൽ,) നീ എനിക്ക് ഒരു ദൃഷ്ടാന്തം നിശ്ചയിച്ചു തരേണമേ?” അവൻ (അല്ലാഹു) പറഞ്ഞു: “ശരിയായ നിലയിൽ, മൂന്നു രാത്രി (ദിവസം), നീ ജനങ്ങളോടു സംസാരിക്കുകയില്ലെന്നുള്ളതാണ് നിനക്ക് ദൃഷ്ടാന്തം.”

قَالَ رَبِّ ٱجۡعَل لِّيٓ ءَايَةٗۖ قَالَ ءَايَتُكَ أَلَّا
تُكَلِّمَ ٱلنَّاسَ ثَلَٰثَ لَيَالٖ سَوِيّٗا ١٠

11 അങ്ങനെ അദ്ദേഹം പ്രാർത്ഥനാ മണ്ഡപത്തിൽ നിന്ന് (പുറത്തുവന്ന്) തൻെറ ജനങ്ങൾക്കു പ്രത്യക്ഷപ്പെട്ടു: എന്നിട്ട്, “നിങ്ങൾ രാവിലെയും, വൈകുന്നേരവും സ്തോത്രകീർത്തനം ചെയ്തു കൊള്ളുക” എന്ന് അവരുടെ നേരെ ആംഗ്യം കാണിച്ചു. (സൂചന നല്കി.)

فَخَرَجَ عَلَىٰ قَوۡمِهِۦ مِنَ ٱلۡمِحۡرَابِ فَأَوۡحَىٰٓ
إِلَيۡهِمۡ أَن سَبِّحُواْ بُكۡرَةٗ وَعَشِيّٗا ١١

10-ാം വചനത്തിലെ سويا (ശരിയായ നിലയിൽ) എന്ന പദം രണ്ട് തരത്തിൽ വ്യാഖാനിക്കപ്പെട്ടിട്ടുണ്ട്. യാതൊരു രോഗവും ഇല്ലാതെ, ആരോഗ്യവാനായിരിക്കെ തന്നെ സകരിയ്യാ നബി(അ) ക്ക് മൂന്ന് ദിവസം സംസാരിക്കാൻ കഴിയാതെ വരുക എന്നും ശരിക്കും മൂന്ന് ദിവസം സംസാരിക്കാൻ വരിക എന്നും, (‘ദിവസം’എന്നതിന് ليلة (രാത്രി) എന്ന് പ്രയോഗിക്കുക അറബി ഭാഷയിൽ സാധാരണമാകുന്നു.)

സകരിയ്യാ(അ) പതിവ് പോലെ ജനങ്ങളോടൊപ്പം പ്രാർത്ഥന നടത്തുവാൻ അദ്ദേഹം നേതാവായിരുന്ന ബൈത്തുൽ മുഖദ്ദസ് പള്ളിയിലെ പ്രാർത്ഥനാ മണ്ഡപത്തിൽ നിന്ന് ഇറങ്ങി വന്ന് നോക്കുമ്പോൾ അദ്ദേഹത്തിന് സംസാരിക്കാൻ വയ്യാതാവുകയും അതിനാൽ താൻ കൂടാതെ തന്നെ രണ്ട് നേരവും സ്തോത്ര കീർത്തനം നടത്തി കൊള്ളുവാൻ തന്റെ ജനങ്ങളോട് അദ്ദേഹം ആംഗ്യത്തിലൂടെ നിർദ്ദേശിക്കുകയും ചെയ്തു.

**വചനം 12,13,14,15 :**

12 “ഹേ, യഹ്‌യാ! വേദഗ്രന്ഥം ബലമായി സ്വീക
രിച്ചുകൊള്ളുക” (എന്നും നാം പറഞ്ഞു). ശിശു
വായിരിക്കുമ്പോൾ തന്നെ, നാം അവന് (വേദ)
വിജ്ഞാനം നൽകുകയും ചെയ്തു;-
13 നമ്മുടെ പക്കൽനിന്ന് അനുകമ്പയും, പരി
ശുദ്ധിയും (നൽകി); അവൻ ഒരു ഭക്തനും
ആയിരുന്നു;
14 തൻെറ മാതാപിതാക്കൾക്ക് നന്മ ചെയ്യുന്നവനും
(ആയിരുന്നു); അനുസരണമില്ലാത്ത ക്രൂരനായി
രുന്നതുമില്ല.
15 അവൻ ജനിച്ച ദിവസവും, മരിക്കുന്ന ദിവസവും,
ജീവനുള്ളവനായി എഴുന്നേൽപിക്കപ്പെടുന്ന
ദിവസവും അവനു സലാം! (ശാന്തിയുണ്ട്.)

يَٰيَحْيَىٰ خُذِ ٱلْكِتَٰبَ بِقُوَّةٍ ۖ وَءَاتَيْنَٰهُ ٱلْحُكْمَ صَبِيًّا ﴿١٢﴾
وَحَنَانًا مِّن لَّدُنَّا وَزَكَوٰةً ۖ وَكَانَ تَقِيًّا ﴿١٣﴾
وَبَرًّۢا بِوَٰلِدَيْهِ وَلَمْ يَكُن جَبَّارًا عَصِيًّا ﴿١٤﴾
وَسَلَٰمٌ عَلَيْهِ يَوْمَ وُلِدَ وَيَوْمَ يَمُوتُ وَيَوْمَ يُبْعَثُ حَيًّا ﴿١٥﴾

ഈസാ(അ) നബിയുടെ മുമ്പ് മതഗ്രന്ഥമായി നിലവിലുണ്ടായിരുന്ന വേദഗ്രന്ഥം തൗറാത്ത് ആയിരുന്നു. ശിശുവായിരിക്കുമ്പോൾ തന്നെ അല്ലാഹു യഹ്‌യാ(അ)ന് വേദജ്ഞാനം പ്രദാനം നൽകുകയും ചെയ്തു. അദ്ദേഹത്തിന് മൂന്നോ ഏഴോ വയസ്സുള്ളപ്പോൾ തന്നെ പ്രവാചകനായി നിയോഗിക്കപ്പെടുകയുണ്ടായി എന്ന് ചില ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞിരിക്കുന്നു. ഇത് ശരിയാണെങ്കിൽ യഹ്‌യാ(അ) നബിയുടെ ഒരു പ്രത്യേകതയാകുന്നു അതെന്ന കാര്യത്തിൽ സംശയമില്ല. ഏതായാലും ശൈശവം മുതൽ തന്നെ അദ്ദേഹം അസാധാരണ ഗുണ സമ്പന്നനും ആരാധനാ നിമഗ്നനുമായിരുന്നു. അദ്ദേഹം ജനങ്ങളോട് വളരെ കനിവും അനുകമ്പയും ഉള്ള ആളായിരുന്നു. മാതാപിതാക്കൾക്ക് നന്മ ചെയ്യുന്നവനും, അനുസരണ ശീലനും സൗമ്യവാനും, പാപങ്ങളിൽ നിന്നും തീർത്തും വിമുക്തനും ആയിരുന്നു.

ഈസാ(അ)ന്റെ പ്രബോധനത്തിന് വഴി തെളിയിക്കുന്ന ഒരു മുന്നോടി ആയിട്ടാണ് യഹ്‌യാ(അ)ന്റെ ആഗമനം ഉണ്ടായിട്ടുള്ളത്. ഈസാ(അ) നബിയുടെ മാതാവ് മർയംനെ സംരക്ഷിച്ച് വന്നത് സകരിയ്യ(അ) നബി ആയിരുന്നു. ഈസാ(അ)നബിയും യഹ്‌യാ(അ) നബിയും തമ്മിൽ കുടുംബ ബന്ധം ഉണ്ടായിരുന്നത് പോലെ ദൗത്യ നിർവ്വഹണ കാര്യത്തിലും ബന്ധമുണ്ടായിരുന്നു. (സൂ: ആലു ഇംറാനിൽ കൂടുതൽ വിശദമായി കാണാം.)

മക്കാ മുശ്‌രിക്കുകളുടെ മർദ്ദനം സഹിക്ക വയ്യാതെ ചില സഹാബികൾ അബിസീനിയയിലേക്ക് ഹിജ്റ പോകുകയും, നജ്ജാശി(നെഗാശി) രാജാവിനെ അഭയം പ്രാപിക്കുകയും ചെയ്തുവല്ലോ. അവരെ വിട്ട് കിട്ടാനായി ഖുറൈശികളുടെ ഒരു നിവേദക സംഘവും രാജാവിനെ സമീപിക്കുകയുണ്ടായി. സ്വഹാബികളിൽപ്പെട്ട ജഅ്ഫറുബ്നു അബീ ത്വാലിബ്(റ) രാജാവിന് സൂറത്ത് മർയം ഓതികേൾപ്പിക്കുകയും കൃസ്ത്യാനി ആയിരുന്ന നെജ്ജാശി രാജാവ് സംതൃപ്തനാകുകയും ഇസ്ലാം മതം സ്വീകരിക്കുകയും ചെയ്തു. ഈസാ(അ)നെ കുറിച്ച് 'ഇഞ്ചീലിൽ ' അദ്ദേഹം കണ്ടതിനോട് ഖുർആൻലെ വചനങ്ങൾ യോജിക്കുന്നതായി അദ്ദേഹം പ്രസ്താവിക്കുകയും ഉണ്ടായി.

യഹ്‌യാ(അ) നബിയെ കൃസ്ത്യാനികൾ യോഹന്നാൻ (സ്നാപകൻ) എന്ന് സംബോധന ചെയ്ത് വരുന്നു.

## വിഭാഗം : 2

**വചനം 16,17, :**

16 (നബിയേ) വേദഗ്രന്ഥത്തിൽ മർയമിനെ
ക്കുറിച്ചും പ്രസ്താവിക്കുക: അവൾ തൻെറ
സ്വന്തക്കാരിൽ നിന്ന്, കിഴക്കുഭാഗത്തുള്ള ഒരു
സ്ഥലത്ത് വിട്ടു(മാറി) താമസിച്ചപ്പോൾ;
17 അങ്ങനെ, അവൾ അവരിൽനിന്ന് (മറയത്തക്ക)
ഒരു മറ സ്വീകരിച്ചു: അപ്പോൾ, നാം അവളുടെ
അടുക്കലേക്ക് നമ്മുടെ ആത്മാവിനെ (ജിബ്രീ
ലിനെ) അയച്ചു; എന്നിട്ട്, അദ്ദേഹം ശരിയായ ഒരു
മനുഷ്യനായി അവൾക്കു രൂപപ്പെട്ടു.

وَٱذْكُرْ فِى ٱلْكِتَٰبِ مَرْيَمَ إِذِ ٱنتَبَذَتْ مِنْ أَهْلِهَا مَكَانًا شَرْقِيًّا ﴿١٦﴾
فَٱتَّخَذَتْ مِن دُونِهِمْ حِجَابًا فَأَرْسَلْنَآ إِلَيْهَا رُوحَنَا فَتَمَثَّلَ لَهَا بَشَرًا سَوِيًّا ﴿١٧﴾

മർയം(അ) ചെറുപ്പം മുതൽക്കെ ബൈത്തുൽ മുഖദ്ദസിലെ പരിചാരിക ആയിരുന്നു. അവർ കിഴക്ക് ഭാഗത്തായി ഒരിടത്ത് ഏകാന്തവാസം സ്വീകരിച്ചപ്പോളായിരുന്നു ജിബ്രീൽ(അ) മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടത്. തനിക്ക് പ്രത്യക്ഷപ്പെട്ടത് മലക്ക് ആണെന്ന് അറിഞ്ഞിട്ടില്ലാത്തതിനാൽ മർയം പരിഭ്രമിക്കുകയുണ്ടായി.

**വചനം 18,19,20,21, :**

قَالَتْ إِنِّىٓ أَعُوذُ بِٱلرَّحْمَـٰنِ مِنكَ إِن كُنتَ تَقِيًّا ۝١٨
قَالَ إِنَّمَآ أَنَا۠ رَسُولُ رَبِّكِ لِأَهَبَ لَكِ غُلَـٰمًا زَكِيًّا ۝١٩
قَالَتْ أَنَّىٰ يَكُونُ لِى غُلَـٰمٌ وَلَمْ يَمْسَسْنِى بَشَرٌ وَلَمْ أَكُ بَغِيًّا ۝٢٠
قَالَ كَذَٰلِكِ قَالَ رَبُّكِ هُوَ عَلَىَّ هَيِّنٌ ۖ وَلِنَجْعَلَهُۥٓ ءَايَةً لِّلنَّاسِ وَرَحْمَةً مِّنَّا ۚ وَكَانَ أَمْرًا مَّقْضِيًّا ۝٢١

18 അവൾ പറഞ്ഞു: "നീ ഒരു ഭക്തിയുള്ളവനാണെങ്കിൽ, നിന്നിൽ നിന്നു ഞാൻ പരമകാരുണികനായുള്ളവനിൽ ശരണം പ്രാപിക്കുന്നു."

19 അദ്ദേഹം പറഞ്ഞു: "നിനക്ക് പരിശുദ്ധനായ ഒരു ആൺകുട്ടിയെ(കുറിച്ചുള്ള സുവിശേഷം) പ്രദാനം ചെയ്യുന്നതിനായി, നിൻെറ റബ്ബിൻെറ ദൂതൻ മാത്രമാണ് ഞാൻ."

20 അവൾ പറഞ്ഞു: "എങ്ങിനെയാണ് എനിക്ക് കുട്ടിയുണ്ടാകുന്നത്? ഒരു മനുഷ്യനും എന്നെ സ്പർശിച്ചിട്ടുമില്ല; ഞാൻ ദുർവൃത്തയായിരുന്നതുമില്ല (എന്നിരിക്കെ)!?"

21 അദ്ദേഹം പറഞ്ഞു: "(കാര്യം) അപ്രകാരം തന്നെ; നിൻെറ റബ്ബ് പറയുന്നു: "അത് എനിക്ക് ഒരു നിസ്സാരകാര്യമാണ്; അവനെ മനുഷ്യർക്ക് ഒരു ദൃഷ്ടാന്തവും, നമ്മുടെ പക്കൽനിന്നുള്ള ഒരു കാരുണ്യവും ആക്കുവാൻ വേണ്ടിയുമാകുന്നു. ഇത് തീരുമാനിക്കപ്പെട്ട ഒരു കാര്യവുമായിരിക്കുന്നു."

അല്ലാഹുവിന്റെ اية (ദൃഷ്ടാന്തം), അവന്റെ പക്കൽ നിന്നുള്ള .رحمة (കാരുണ്യം, അനുഗ്രഹം) ഇങ്ങനെ രണ്ട് കാര്യങ്ങളാണ് ഈസാ(അ) നബിയെ പറ്റി അല്ലാഹു പറഞ്ഞത്. അദ്ദേഹത്തിന്റെ ജനനവും അദ്ദേഹത്തിന്റെ കൈക്ക് വെളിപ്പെട്ട സംഭവങ്ങളും അല്ലാഹുവിന്റെ ശക്തിമാഹാത്മ്യങ്ങളെ പ്രകാശിപ്പിക്കുന്ന ദൃഷ്ടാന്തങ്ങളത്രേ. അദ്ദേഹത്തിന് ലഭിച്ച ദിവ്യോൽബോധനങ്ങളും അദ്ദേഹം സമുദായത്തിന്, ചെയ്ത ഉപദേശങ്ങളുമെല്ലാം മനുഷ്യസമുദായത്തിന് കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശങ്ങളുമാകുന്നു.

**വചനം 22,23 :**

۞ فَحَمَلَتْهُ فَٱنتَبَذَتْ بِهِۦ مَكَانًا قَصِيًّا ۝٢٢
فَأَجَآءَهَا ٱلْمَخَاضُ إِلَىٰ جِذْعِ ٱلنَّخْلَةِ قَالَتْ يَـٰلَيْتَنِى مِتُّ قَبْلَ هَـٰذَا وَكُنتُ نَسْيًا مَّنسِيًّا ۝٢٣

22 അങ്ങനെ, അവൾ അവനെ ഗർഭം ധരിച്ചു; എന്നിട്ട് അവൾ അതുമായി ഒരു ദൂരപ്പെട്ട സ്ഥലത്ത് വിട്ടു(മാറി) താമസിച്ചു.

23 അനന്തരം, പ്രസവവേദന അവളെ ഈന്തപ്പന മരത്തിന്നടുക്കലേക്കു കൊണ്ടുവന്നു. അവൾ പറഞ്ഞു: "ഹാ! ഇതിനുമുമ്പുതന്നെ ഞാൻ മരിക്കുകയും, തീരെ വിസ്മരിക്കപ്പെട്ടുപോയ ഒരാളായിത്തീരുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായേനെ!"

ഭർത്താവില്ലാതെ ഗർഭവതിയായ മർയം(അ) സ്വാഭാവികമായും ജനങ്ങളിൽ നിന്ന് വിട്ടകന്ന് ഒരു ദൂര സ്ഥലത്ത് ചെന്ന് താമസിച്ചു. പ്രസവ വേദന വന്നപ്പോൾ അവൾ ഒരു ഈത്തപ്പനയുടെ അരികിൽ വന്ന് ചാരിയിരുന്നു. തന്റെ നിസ്സഹായതയിൽ അവൾ ഇപ്രകാരം വ്യസനം പൂണ്ടു. " ഞാൻ നേരത്തേ തന്നെ മരിച്ച് പോകുകയും എന്റെ കാര്യം ജനങ്ങൾ തീരെ വിസ്മരിക്കുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായേനേ."

**വചനം 24,25,26 :**

فَنَادَىٰهَا مِن تَحْتِهَآ أَلَّا تَحْزَنِى قَدْ جَعَلَ رَبُّكِ تَحْتَكِ سَرِيًّا ﴿٢٤﴾
وَهُزِّىٓ إِلَيْكِ بِجِذْعِ ٱلنَّخْلَةِ تُسَٰقِطْ عَلَيْكِ رُطَبًا جَنِيًّا ﴿٢٥﴾
فَكُلِى وَٱشْرَبِى وَقَرِّى عَيْنًا ۖ فَإِمَّا تَرَيِنَّ مِنَ ٱلْبَشَرِ أَحَدًا فَقُولِىٓ إِنِّى نَذَرْتُ لِلرَّحْمَٰنِ صَوْمًا فَلَنْ أُكَلِّمَ ٱلْيَوْمَ إِنسِيًّا ﴿٢٦﴾

24 ഉടനെ, അവന്‍ അതിന്‍െറ ചുവട്ടില്‍ നിന്ന് അവളെ വിളിച്ചുപറഞ്ഞു: "വ്യസനിക്കേണ്ട, നിന്‍െറ രക്ഷിതാവ് നിന്‍െറ കീഴില്‍ ഒരു മഹാനെ ആക്കിത്തന്നിരിക്കുകയാണ്:

25 "നിന്‍െറ അടുക്കലേക്ക് (കാരക്ക വീണു കിട്ടുവാന്‍) ഈത്തപ്പന കുലുക്കിക്കൊള്ളുക; അതു നിനക്ക് പുതിയ ഈത്തപ്പഴം വീഴ്ത്തി ത്തരുന്നതാണ്.

26 "അങ്ങനെ, നീ തിന്നുകയും, കുടിക്കുകയും, (സന്തോഷത്താല്‍) കണ്ണു കുളിര്‍ക്കുകയും ചെയ്തുകൊള്ളുക. ഇനി, നീ മനുഷ്യരില്‍ വല്ലവരേയും കാണുകയാണെങ്കില്‍, "പരമ കാരുണികന് (അല്ലാഹുവിന്) വ്രതം അനു ഷ്ഠിക്കുവാന്‍ ഞാന്‍ നേര്‍ന്നിരിക്കുകയാണ്; ആകയാല്‍, ഞാന്‍ ഇന്ന് ഒരു മനുഷ്യനോടും സംസാരിക്കുകയില്ലതന്നെ" എന്നു നീ പറഞ്ഞേ ക്കുക."

ഈത്തപ്പനയുടെ ചുവട്ടില്‍ നിന്ന് വിളിച്ച് പറഞ്ഞത് അപ്പോള്‍ ജനിച്ച ശിശു - ഈസാ(അ) - തന്നെ ആയിരുന്നുവെന്നാണ് ഖുര്‍ആന്‍ വ്യാഖ്യാതാക്കളില്‍ ഒരു വിഭാഗം പറയുന്നത്. തൊട്ടിലില്‍ ശിശുവായിരിക്കെ ഈസാ(അ) ജനങ്ങളോട് സംസാരിക്കുന്നതാണെന്ന് സു: ആലുഇംറാന്‍ 46-ാം വചനത്തിലും അപ്രകാരം അദ്ദേഹം സംസാരിച്ചതായി താഴെ 30-ാം വചനത്തിലും കാണാവുന്നതാണ്.

മറ്റൊരു വിഭാഗം വ്യാഖ്യാതാക്കളുടെ അഭിപ്രായത്തില്‍ മലക്ക് ആണ് അപ്രകാരം വിളിച്ച് പറഞ്ഞത് എന്നാകുന്നു. ഏതായാലും മര്‍യമിന് മനസ്സമാധാനവും മനോധൈര്യവും പ്രദാനം ചെയ്യാനായി അല്ലാഹുവിന്റെ നിര്‍ദ്ദേശത്താല്‍, 26-ാം വചനത്തിന്റെ അവസാനം വരെയുള്ള ഭാഗം മുഴുവന്‍ വിളിച്ച് പറയപ്പെട്ടതില്‍ ഉള്‍പ്പെടുന്നു.

വ്രതം(നോമ്പ്) അനുഷ്ടിക്കുന്ന അവസരത്തില്‍ സംസാരിക്കാതെ മൗനം അവലംബിക്കുന്ന സമ്പ്രദായം യഹൂദരുടെ ഇടയില്‍ പതിവുള്ളതായിരുന്നു. മര്‍യമിനെ സംബന്ധിച്ചിടത്തോളം ജനസംസാരം ഇല്ലാതായികിട്ടാന്‍ ഈ മൗനവ്രതം സഹായകമായിരിക്കുമല്ലോ.

**വചനം 27,28,29 :**

فَأَتَتْ بِهِۦ قَوْمَهَا تَحْمِلُهُۥ ۖ قَالُوا۟ يَٰمَرْيَمُ لَقَدْ جِئْتِ شَيْـًٔا فَرِيًّا ﴿٢٧﴾
يَٰٓأُخْتَ هَٰرُونَ مَا كَانَ أَبُوكِ ٱمْرَأَ سَوْءٍ وَمَا كَانَتْ أُمُّكِ بَغِيًّا ﴿٢٨﴾
فَأَشَارَتْ إِلَيْهِ ۖ قَالُوا۟ كَيْفَ نُكَلِّمُ مَن كَانَ فِى ٱلْمَهْدِ صَبِيًّا ﴿٢٩﴾

27 അനന്തരം, അവനെ (കുട്ടിയെ) വഹിച്ചു (എടുത്തു) കൊണ്ട് അവള്‍ തന്‍െറ ജനങ്ങളുടെ അടുക്കല്‍ ചെന്നു. അവര്‍ പറഞ്ഞു: "ഹേ, മര്‍യം! അത്യാശ്ചര്യകരമായ ഒരു കാര്യം നീ ചെയ്തി രിക്കുന്നു!-

28 ഹാറൂന്‍െറ സഹോദരീ! നിന്‍െറ പിതാവ് ഒരു ചീത്ത മനുഷ്യനായിരുന്നില്ല; നിന്‍െറ മാതാവ് ഒരു ദുര്‍വൃത്തയും ആയിരുന്നില്ല."

29 അപ്പോള്‍ അവള്‍ അവന്‍െറ (കുട്ടിയുടെ) നേരെ ചൂണ്ടിക്കാട്ടി. അവര്‍ പറഞ്ഞു: "(കേവലം) ഒരു ശിശുവായിക്കൊണ്ട് തൊട്ടിലില്‍ ഉള്ള ഒരുവനോ ട്-ഞങ്ങള്‍ എങ്ങിനെയാണ് സംസാരിക്കുക?"

മര്‍യമിന്റെ കുടുംബത്തില്‍പ്പെട്ട സദ്‌വൃത്തരായ ഒരാളായിരുന്ന ഹാറൂനെ ഉദ്ദേശിച്ചാണ് ജനങ്ങള്‍ 'ഹാറൂന്റെ സഹോദരി 'എന്ന് മര്‍യമിനെ സംബോധന ചെയ്ത് സംസാരിച്ചത്. ആ നല്ല മനുഷ്യന്റെ ചാര്‍ച്ചയില്‍പ്പെട്ടവളും മാന്യരായ മാതാപിതാക്കളുടെ മകളുമായ നീ ഇത്തരം അപരാധകൃത്യം ചെയ്ത് കളഞ്ഞുവല്ലോ എന്ന്

അവര്‍ മര്‍യമിനോട് പറഞ്ഞു.

**വചനം 30,31,32,33 :**

قَالَ إِنِّي عَبْدُ ٱللَّهِ ءَاتَىٰنِيَ ٱلْكِتَٰبَ وَجَعَلَنِي نَبِيًّا ﴿٣٠﴾

وَجَعَلَنِي مُبَارَكًا أَيْنَ مَا كُنتُ وَأَوْصَٰنِي بِٱلصَّلَوٰةِ وَٱلزَّكَوٰةِ مَا دُمْتُ حَيًّا ﴿٣١﴾

وَبَرًّۢا بِوَٰلِدَتِي وَلَمْ يَجْعَلْنِي جَبَّارًا شَقِيًّا ﴿٣٢﴾

وَٱلسَّلَٰمُ عَلَيَّ يَوْمَ وُلِدتُّ وَيَوْمَ أَمُوتُ وَيَوْمَ أُبْعَثُ حَيًّا ﴿٣٣﴾

30 അവന്‍ (കുട്ടി) പറഞ്ഞു: ''ഞാന്‍ അല്ലാഹുവിന്‍റെ അടിയാനാകുന്നു:- എനിക്ക് അവന്‍ വേദഗ്രന്ഥം തന്നിരിക്കുന്നു: എന്നെ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു;

31 ''ഞാന്‍ എവിടെയായിരുന്നാലും എന്നെ അവന്‍ അനുഗ്രഹീതനാക്കിയിരിക്കുന്നു; ഞാന്‍ ജീവനോടെ ഇരിക്കുന്ന കാലത്തെല്ലാം നമസ്കാരവും 'സകാത്തും' അനുഷ്ഠിക്കുവാന്‍ അവന്‍ എന്നോട് ആജ്ഞാപിക്കുകയും ചെയ്തിരിക്കുന്നു;

32 എന്‍റെ മാതാവിന് നന്മചെയ്യുന്നവനും (ആക്കിയിരിക്കുന്നു); എന്നെ അവന്‍ ഒരു നിര്‍ഭാഗ്യവാനായ ക്രൂരനാക്കിയിട്ടുമില്ല.

33 ''ഞാന്‍ ജനിച്ചദിവസവും, മരണപ്പെടുന്ന ദിവസവും, ഞാന്‍ ജീവനോടെ എഴുന്നേല്‍പിക്കപ്പെടുന്ന ദിവസവും എനിക്ക് സമാധാനം (ശാന്തി) ഉണ്ടായിരിക്കും.''

ശിശുവായിരിക്കെ ഈസാ നബി(അ) സംസാരിച്ച കാര്യങ്ങളാണ് ഈ വചനങ്ങളില്‍ പ്രസ്താവിക്കപ്പെട്ടിട്ടുള്ളത്.

ശിശു ആയിരുന്നപ്പോള്‍ തന്നെ ഈസാ(അ) പ്രവാചകന്‍ ആവുകയുണ്ടായിട്ടില്ല. ' വേദഗ്രന്ഥം നല്‍കി എന്നും പ്രവാചകനാക്കി ' എന്നും പറഞ്ഞിട്ടുള്ളത് ആ രണ്ട് കാര്യങ്ങളും അടുത്ത് സംഭവിക്കാന്‍ പോകുന്നവയാണെന്ന് തീര്‍ച്ചപ്പെട്ടതാകുന്നു എന്ന അര്‍ത്ഥത്തില്‍ പ്രയോഗിക്കപ്പെട്ട ഒരു സംസാര ശൈലിയാകുന്നു.

**വചനം 34,35,36 :**

ذَٰلِكَ عِيسَى ٱبْنُ مَرْيَمَ ۚ قَوْلَ ٱلْحَقِّ ٱلَّذِي فِيهِ يَمْتَرُونَ ﴿٣٤﴾

مَا كَانَ لِلَّهِ أَن يَتَّخِذَ مِن وَلَدٍ ۖ سُبْحَٰنَهُۥٓ ۚ إِذَا قَضَىٰٓ أَمْرًا فَإِنَّمَا يَقُولُ لَهُۥ كُن فَيَكُونُ ﴿٣٥﴾

وَإِنَّ ٱللَّهَ رَبِّي وَرَبُّكُمْ فَٱعْبُدُوهُ ۚ هَٰذَا صِرَٰطٌ مُّسْتَقِيمٌ ﴿٣٦﴾

34 അതാണ്, 'മര്‍യമിന്‍റെ മകന്‍ ഈസാ(യേശു)'. (എന്നുവെച്ചാല്‍:) യാതൊന്നില്‍ അവര്‍ തര്‍ക്കമായിക്കൊണ്ടിരുന്നുവോ ആ (വിഷയത്തിലുള്ള) സത്യവചനം!

35 ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന് ഉണ്ടാകാവതല്ലതന്നെ-അവനെത്ര പരിശുദ്ധന്‍! അവന്‍ ഒരു കാര്യം തീരുമാനിക്കുന്നതായാല്‍, 'ഉണ്ടാവുക' എന്നുമാത്രം അതിനോട് അവന്‍ പറയുന്നു; അപ്പോഴത് ഉണ്ടാകുന്നതാകുന്നു.

36 (ഈസാ പ്രഖ്യാപിച്ചു:) ''നിശ്ചയമായും, അല്ലാഹു എന്‍റെയും, നിങ്ങളുടെയും രക്ഷിതാവാകുന്നു. ആകയാല്‍, നിങ്ങള്‍ അവനെ (മാത്രം) ആരാധിക്കുവിന്‍; ഇതത്രെ ചൊവ്വായ മാര്‍ഗ്ഗം.''

34,35 വചനങ്ങളില്‍ ഈസാ(അ) ദൈവപുത്രനാണെന്ന ക്രൈസ്തീയ വാദവും, വ്യഭിചാര പുത്രനാണെന്ന യഹൂദ വാദവും അല്ലാഹു ഖണ്ഡിക്കുന്നു. ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് മഹാപരിശുദ്ധനായ അല്ലാഹുവിന് ഉണ്ടാകാവാതല്ല തന്നെ.

ആദമിന്റെ സന്താനമായ മനുഷ്യൻ ജന്മനാ പാപിയാണെന്നും ആ പാപത്തിൽ നിന്നും മനുഷ്യന് മുക്തി ലഭിക്കുവാൻ ദൈവകാരുണ്യം 'ദൈവപുത്ര' രൂപത്തിൽ യേശുവായി അവതരിച്ച് ആത്മസമർപ്പണം ചെയ്തുവെന്നും പ്രസ്തുത രക്തം മുഖേന മനുഷ്യ പാപത്തെ കഴുകി കളയുകയായിരുന്നു, എന്നുമാകുന്നു ക്രൃസ്തീയവിശ്വാസം ബിംബാരാധനയുടെ ഒരു പകർപ്പായ ഈ സിദ്ധാന്തത്തെ ഖുർആൻ ശക്തിയായി എതിർക്കുന്നു. മനുഷ്യരുടെ പാപ പരിഹാരത്തിനായി ഒരു മനുഷ്യനെ മകനായി സ്വീകരിച്ച് കുരിശിൽ കയറ്റുകയല്ലാതെ മറ്റ് മാർഗ്ഗമില്ലെന്ന് വരത്തക്കവണ്ണം അത്രയും ബലഹീനനല്ല പരിശുദ്ധനായ അല്ലാഹു.

സൂ: ആലുഇംറാൻ 59-ൽ അല്ലാഹു പറയുന്നു: " അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഈസായുടെ ഉപമ ആദമിന്റെ ഉപമ പോലെയാകുന്നു. (അതിൽ കവിഞ്ഞൊന്നുമില്ല ) അതെ, അവൻ അദ്ദേഹത്തെ മണ്ണിനാൽ സൃഷ്ടിച്ചു (രൂപപ്പെടുത്തി). പിന്നീട് അതിനോട് ' ഉണ്ടാകുക' എന്ന് പറഞ്ഞു. അപ്പോൾ ആദം(അ) അതാ ഉണ്ടാകുന്നു ." ഏതൊരു കാര്യമാകട്ടെ " ഉണ്ടാകുക" എന്ന് അല്ലാഹു ഉദ്ദേശിക്കുകയേ വേണ്ടൂ അത് ഉണ്ടായി കൊള്ളുന്നുതാണ്. അല്ലാഹു അവന്റെ പക്കൽ നിന്നുള്ള ആത്മാവ് അവളിൽ ഊതിയത് നിമിത്തമാണ് മർയമിന് അസാധാരണ നിലയിൽ മകനുണ്ടായതെന്ന് സൂ: അൻബിയാഅ് 91 ലും സൂ: തഹ്‌രീം 12 ലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

36-ാം വചനത്തിൽ ഈസാ(അ) തന്റെ ജനങ്ങളോട് നടത്തിയ ഉദ്ബോധനം ഉൾകൊള്ളുന്നു.

**വചനം 37,38,39,40 :**

فَٱخۡتَلَفَ ٱلۡأَحۡزَابُ مِنۢ بَيۡنِهِمۡۖ فَوَيۡلٞ لِّلَّذِينَ كَفَرُواْ مِن مَّشۡهَدِ يَوۡمٍ عَظِيمٍ ٣٧

37 എന്നിട്ട്, അവരുടെ ഇടയിൽനിന്ന് കക്ഷികൾ ഭിന്നിച്ചു! അതിനാൽ, വമ്പിച്ച ഒരു ദിവസത്തെ കാഴ്ച (അനുഭവം) നിമിത്തം (ആ) അവിശ്വസിച്ചവർക്കു നാശം!

أَسۡمِعۡ بِهِمۡ وَأَبۡصِرۡ يَوۡمَ يَأۡتُونَنَاۖ لَٰكِنِ ٱلظَّٰلِمُونَ ٱلۡيَوۡمَ فِي ضَلَٰلٖ مُّبِينٖ ٣٨

38 നമ്മുടെ അടുക്കൽ അവർ വരുന്ന ദിവസം, അവർക്ക് എന്തൊരു കേൾവിയും, കാഴ്ചയുമായിരിക്കും! പക്ഷേ, ഇന്നാകട്ടെ, (ആ) അക്രമികൾ വ്യക്തമായ ദുർമ്മാർഗ്ഗത്തിലാകുന്നു.

وَأَنذِرۡهُمۡ يَوۡمَ ٱلۡحَسۡرَةِ إِذۡ قُضِيَ ٱلۡأَمۡرُ وَهُمۡ فِي غَفۡلَةٖ وَهُمۡ لَا يُؤۡمِنُونَ ٣٩

39 (നബിയേ) നെടുംഖേദത്തിൻെറ ദിവസത്തെ-കാര്യം തീരുമാനിക്കപ്പെടുന്ന സന്ദർഭത്തെ-സംബന്ധിച്ചു അവർക്ക് മുന്നറിയിപ്പു നൽകുക. അവരാകട്ടെ, അശ്രദ്ധയിലാണ്; അവർ വിശ്വസിക്കുന്നുമില്ല.

إِنَّا نَحۡنُ نَرِثُ ٱلۡأَرۡضَ وَمَنۡ عَلَيۡهَا وَإِلَيۡنَا يُرۡجَعُونَ ٤٠

40 നിശ്ചയമായും, ഭൂമിയെയും, അതിലുള്ളവരേയും അനന്തരാവകാശമെടുക്കുന്നത് നാമാണ്; നമ്മുടെ അടുക്കലേക്കുതന്നെ അവർ മടക്കപ്പെടുകയും ചെയ്യും.

ഈസാ(അ) നബിയുടെ കാലം മുതൽക്ക് തന്നെ ഇസ്രാഈല്യർ രണ്ട് വിഭാഗക്കാരായി- അദ്ദേഹത്തിൽ വിശ്വസിച്ച ക്രൃസ്ത്യാനികളും അദ്ദേഹത്തെ നിഷേധിച്ച ജൂതരും. പിന്നീട് ക്രൃസ്ത്യാനികൾ തന്നെ 'യാക്കോബിയൻ', ' നസ്തൂരിയൻ',' മെൽകിറ്റ്സ് ' എന്നിങ്ങനെ മൂന്ന് കക്ഷികളായി തീർന്നു.പിന്നീട് ഇവരിൽ തന്നെ പല അവാന്തര വിഭാഗങ്ങളുമുണ്ടായി. ഇന്ന് ക്രൈസ്തവലോകം പൊതുവെ അംഗീകരിച്ചിരിക്കുന്നത് 'ത്രിയേകത്വ ' സിദ്ധാന്തമാകുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് 'ത്രിഭൂതങ്ങൾ ' ചേർന്ന 'ത്രിയേകശക്തി' യാണ് ദൈവമെന്നുള്ള സിദ്ധാന്തം.

മേൽ പറഞ്ഞ എല്ലാ വാദങ്ങളെയും ഖുർആൻ പാടെ നിഷേധിക്കുന്നു. അല്ലാഹു പറയുന്നു:

" നിങ്ങൾ മൂന്ന് ദൈവങ്ങളെന്ന് പറയരുത്. നിങ്ങൾ വിരമിച്ച് കൊള്ളുക, അത് നിങ്ങൾക്ക് ഗുണകരമായിരിക്കും " സൂ: നിസാഅ് : 171.

" അല്ലാഹു തന്നെയാണ് മർയമിന്റെ മകൻ മസീഹ് എന്ന് പറയുന്നവർ തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു. " സൂ: മാഇദ : 72.

“അല്ലാഹു മൂന്നിൽ (മൂന്ന് ദൈവങ്ങളിൽ) മൂന്നാമനാണെന്ന് പറയുന്നവർ നിശ്ചയമായും അവിശ്വസിച്ചിരിക്കുന്നു. ” സൂ: മാഇദ : 73

ഈസാ(അ) നബിയുടെ കാര്യത്തിൽ ക്രൃസ്ത്യാനികൾ അദ്ദേഹത്തെ മനുഷ്യത്വത്തിൽ നിന്ന്, ദിവ്യത്വത്തിലേക്ക് ഉയർത്തുമ്പോൾ ജൂതൻമാരാകട്ടെ അദ്ദേഹത്തെ വ്യഭിചാര പുത്രനായ ആഭിചാരിയായും തരം താഴ്ത്തുന്നു. ഈ രണ്ട് വിഭാഗക്കാരുമടങ്ങുന്ന വേദക്കാരോട് അല്ലാഹു സൂ: നിസാഅ് : 171-ാം വചനത്തിലൂടെയും സൂ: മാഇദ : 77-ാം വചനത്തിലൂടെയും ഈ വിഷയ സംബന്ധമായി ശക്തമായി, താക്കീത് നല്കുന്നത് നമുക്ക് കാണാവുന്നതാണ്.

പരമ്പരാഗതമായി സിദ്ധിച്ച ആ തെറ്റായ വിശ്വാസം ഹൃദയങ്ങളിൽ അടിയുറച്ച് പോയ ക്രൃസ്ത്യാനികൾക്ക് സത്യം കേൾക്കുവാനുള്ള കാതും കാണുവാനുള്ള കണ്ണും നഷ്ടപ്പെട്ടിരിക്കുകയാണ്. എന്നാൽ അല്ലാഹുവിന്റെ അടുക്കൽ അവർ വന്നെത്തുന്ന ആ ദിവസം അവരുടെ ബധിരതയും അന്ധതയുമെല്ലാം നീങ്ങിപോകുന്നതാണ്. എന്നാൽ അത് കൊണ്ട് യാതൊരു ഫലവുമുണ്ടാവുകയില്ല. തീരാത്ത നെടും ഖേദവും അതികഠിനമായ ശിക്ഷയുമാണവിടെ അവർക്ക് അനുഭവപ്പെടുക. അതിനാൽ രക്ഷക്കുള്ള മാർഗ്ഗം ഇപ്പോൾ തന്നെ അന്വേഷിക്കേണ്ടതാകുന്നു.

ഇമാം ബുഖാരി(റ)യും മുസ്ലിം(റ)യും നിവേദനം ചെയ്ത ഒരു നബി വചനം ഇപ്രകാരമാകുന്നു.

“ അന്ത്യനാളിൽ സജ്ജനങ്ങൾ സ്വർഗ്ഗത്തിലും ദുർജനങ്ങൾ നരകത്തിലും പ്രവേശിച്ച് കഴിഞ്ഞ ശേഷം ഇരു കൂട്ടരേയും വിളിച്ച് അവരുടെ മുമ്പാകെ മരണത്തെ ഒരു കൊറ്റനാടായി രൂപാന്തരപ്പെടുത്തി അതിനെ അറുത്ത് കളയുന്നതാകുന്നു. പിന്നീട് ഇരു കൂട്ടരോടും ഇപ്രകാരം പറയപ്പെടും - സ്വർഗ്ഗക്കാരെ, നരകക്കാരെ ശാശ്വത ജീവിതം; ഇനി മരണമില്ല. ”

തുടർന്ന് നബി തിരുമേനി “ നെടും ഖേദത്തിന്റെ ദിവസത്തെ സംബന്ധിച്ച് അവർക്ക് മുന്നറിയിപ്പ് നൽകുക” എന്ന 39-ാം വചനം ഓതുകയും ചെയ്തു.

ഈ ഭൂമിയിൽ ആരും സ്ഥിരമായി ജീവിക്കുന്നതല്ല. എല്ലാം അല്ലാഹുവിന് ഒഴിഞ്ഞ് കൊടുത്ത് കൊണ്ട് അവന്റെ അടുക്കൽ ചെല്ലേണ്ടിവരും എന്ന് അല്ലാഹു പൊതുവായി എല്ലാവരെയും താക്കീത് ചെയ്യുന്നു.

അടുത്ത വചനം മുതൽ ഇബ്രാഹീം(അ) നബിയുടെ ചരിത്രം വിവരിക്കുന്നു.

## വിഭാഗം 3

**വചനം 41,42,43,44,45 :**

41 വേദഗ്രന്ഥത്തിൽ ഇബ്രാഹീമിനെക്കുറിച്ചും പ്രസ്താവിക്കുക: നിശ്ചയമായും അദ്ദേഹം പരമ സത്യവാനും, പ്രവാചകനുമായിരുന്നു.

وَٱذْكُرْ فِى ٱلْكِتَـٰبِ إِبْرَٰهِيمَ ۚ إِنَّهُۥ كَانَ صِدِّيقًا نَّبِيًّا ﴿٤١﴾

42 അദ്ദേഹം തൻെറ പിതാവിനോടു പറഞ്ഞ സന്ദർഭം (ഓർക്കുക:) “എൻെറ പിതാവേ! എന്തിനായിട്ടാണ്, കേൾക്കുകയാകട്ടെ, കാണുകയാകട്ടെ, ഒരു കാര്യത്തിനും നിങ്ങൾക്ക് ഉപകരിക്കുകയാകട്ടെ ചെയ്യാത്തതിനെ (ബിംബത്തെ) നിങ്ങൾ ആരാധിക്കുന്നത്?!

إِذْ قَالَ لِأَبِيهِ يَـٰٓأَبَتِ لِمَ تَعْبُدُ مَا لَا يَسْمَعُ وَلَا يُبْصِرُ وَلَا يُغْنِى عَنكَ شَيْـًٔا ﴿٤٢﴾

43 “എൻെറ പിതാവേ! നിങ്ങൾക്ക് സിദ്ധിച്ചിട്ടില്ലാത്ത ചില അറിവ് എനിക്കു ലഭിച്ചിട്ടുണ്ട്; ആകയാൽ, നിങ്ങൾ എന്നെ പിൻതുടരുക, ഞാൻ നിങ്ങൾക്ക് ശരിയായ മാർഗ്ഗം കാണിച്ചു തന്നു കൊള്ളാം.

يَـٰٓأَبَتِ إِنِّى قَدْ جَآءَنِى مِنَ ٱلْعِلْمِ مَا لَمْ يَأْتِكَ فَٱتَّبِعْنِىٓ أَهْدِكَ صِرَٰطًا سَوِيًّا ﴿٤٣﴾

44 “പിതാവേ! നിങ്ങൾ പിശാചിനെ ആരാധിക്കരുത്: നിശ്ചയമായും പിശാച് പരമകാരുണികനോട് (അല്ലാഹുവിനോട്) അനുസരണമില്ലാത്തവനാകുന്നു.

يَـٰٓأَبَتِ لَا تَعْبُدِ ٱلشَّيْطَـٰنَ ۖ إِنَّ ٱلشَّيْطَـٰنَ كَانَ لِلرَّحْمَـٰنِ عَصِيًّا ﴿٤٤﴾

45 "പിതാവേ! പരമകാരുണികനിൽനിന്നുള്ള ശിക്ഷ നിങ്ങളെ ബാധിക്കുന്നതിനെ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു; അപ്പോൾ, നിങ്ങൾ പിശാചിന് ഒരു ബന്ധുവായിത്തീരുന്നതാണ്."

يَٰٓأَبَتِ إِنِّىٓ أَخَافُ أَن يَمَسَّكَ عَذَابٌ مِّنَ ٱلرَّحْمَٰنِ فَتَكُونَ لِلشَّيْطَٰنِ وَلِيًّا ﴿٤٥﴾

ബിംബാരാധനയിൽ മുഴുകി വളർന്ന ഒരാളായിരുന്നു ഇബ്രാഹീം(അ) നബിയുടെ പിതാവായ ആസർ. പിതൃ ബഹുമാനവും, വാത്സല്യവും സർവ്വത്ര പ്രകടമാക്കികൊണ്ട് ഇബ്രാഹീം (അ) പിതാവിനോട് വിഗ്രഹാരാധനയുടെ നിരർത്ഥതയും അതിന്റെ ഭവിഷ്യത്തും കാര്യകാരണ സഹിതം വിശദീകരിക്കുന്നു, എന്നാൽ പിശാചിന്റെ പ്രേരണകൾക്കും അഭീഷ്ടങ്ങൾക്കും അടിമപ്പെട്ട പിതാവാകട്ടെ, പുത്രനോട് കയർക്കുകയാണ് ചെയ്തത്.

**വചനം 46 :**

46 ആയാൾ പറഞ്ഞു: "എൻെറ ഇലാഹുകളെ (ആരാധ്യൻമാരെ) വേണ്ടെന്നുവെക്കുന്നവനാണോ നീ – ഇബ്രാഹീമേ!? നീ (ഇതിൽനിന്ന്) വിരമിക്കുന്നില്ലെങ്കിൽ, നിശ്ചയമായും ഞാൻ നിന്നെ എറിഞ്ഞാട്ടുകതന്നെ ചെയ്യും; സുരക്ഷിതനായി നീ എന്നെ വിട്ടേച്ചു പോയിക്കൊള്ളുക!"

قَالَ أَرَاغِبٌ أَنتَ عَنْ ءَالِهَتِى يَٰٓإِبْرَٰهِيمُ ۖ لَئِن لَّمْ تَنتَهِ لَأَرْجُمَنَّكَ ۖ وَٱهْجُرْنِى مَلِيًّا ﴿٤٦﴾

തൗഹീദിന്റെ മാർഗ്ഗം വിട്ട് ശിർക്കിന്റെ മാർഗ്ഗം സ്വീകരിക്കാൻ തയ്യാറല്ലെങ്കിൽ ഞാൻ നിന്നെ എറിഞ്ഞാട്ടുക തന്നെ ചെയ്യുമെന്ന് ആ പിതാവ് ഇബ്രാഹീം(അ) നബിയോട് താക്കീത് നൽകുന്നു. തൽക്കാലം നിനക്ക് രക്ഷ വേണമെങ്കിൽ എന്നെ വിട്ടേച്ച് പോയ്കൊള്ളാനും നിർദ്ദേശിച്ചു.

**വചനം 47,48 :**

47 അദ്ദേഹം പറഞ്ഞു: "നിങ്ങൾക്കു 'സലാം'! നിങ്ങൾക്കുവേണ്ടി ഞാൻ എൻെറ റബ്ബിനോട് പാപമോചനത്തിനർത്ഥിച്ചു കൊള്ളാം; നിശ്ചയമായും, അവൻ എന്നോട് വളരെ കനിവുള്ളവനാകുന്നു.

قَالَ سَلَٰمٌ عَلَيْكَ ۖ سَأَسْتَغْفِرُ لَكَ رَبِّىٓ ۖ إِنَّهُۥ كَانَ بِى حَفِيًّا ﴿٤٧﴾

48 "നിങ്ങളെയും, അല്ലാഹുവിനുപുറമെ നിങ്ങൾ വിളി(ച്ചു പ്രാർത്ഥി) ച്ചുവരുന്നതിനെയും ഞാൻ വിട്ടൊഴിഞ്ഞു പോകയാണ്; ഞാൻ എൻെറ റബ്ബിനെ വിളി(ച്ചു പ്രാർത്ഥി)ച്ചു കൊണ്ടിരിക്കുകയും ചെയ്യും. എൻെറ റബ്ബിനെ വിളിക്കുന്നതിൽ ഞാൻ ദൗർഭാഗ്യവാനാകാതിരുന്നേക്കാം.

وَأَعْتَزِلُكُمْ وَمَا تَدْعُونَ مِن دُونِ ٱللَّهِ وَأَدْعُوا۟ رَبِّى عَسَىٰٓ أَلَّآ أَكُونَ بِدُعَآءِ رَبِّى شَقِيًّا ﴿٤٨﴾

അങ്ങനെ ഇബ്രാഹീം(അ) പിതാവിനോട് സലാം ചൊല്ലി പിരിഞ്ഞു. നിങ്ങൾക്ക് വേണ്ടി ഞാൻ റബ്ബിനോട് പാപ മോചനം തേടികൊള്ളാമെന്ന് പറഞ്ഞു കൊണ്ട് അദ്ദേഹം അപ്രകാരം ചെയ്തു. ഇതേകുറിച്ച് സൂ: തൗബ : 114ൽ അല്ലാഹു പറയുന്നു.

" ഇബ്രാഹീം തന്റെ പിതാവിന് വേണ്ടി പാപമോചനത്തിനർത്ഥിച്ചത് അദ്ദേഹത്തോട് ചെയ്ത ഒരു വാഗ്ദാനം മൂലമല്ലാതെ മറ്റൊന്നുമായിരുന്നില്ല. എന്നാൽ അയാൾ അല്ലാഹുവിന്റെ ശത്രുവാണെന്ന് വ്യക്തമായപ്പോൾ, അദ്ദേഹം അയാളിൽ നിന്ന് വിട്ടൊഴിഞ്ഞ് നിൽക്കുകയും ചെയ്തു. "

**വചനം 49,50 :**

49 അങ്ങനെ, അവരെയും, അവർ അല്ലാഹുവിനു പുറമെ ആരാധിച്ചു വരുന്നവയെയും അദ്ദേഹം വിട്ടൊഴിഞ്ഞു പോയപ്പോൾ, അദ്ദേഹത്തിന് (പുത്രൻ) ഇസ്ഹാഖിനെയും, (പൗത്രൻ) യഅ്ഖൂബിനെയും നാം പ്രദാനം ചെയ്തു; എല്ലാ (ഓരോരു)വരെയും നാം നബിമാരാക്കുകയും ചെയ്തു.

فَلَمَّا ٱعْتَزَلَهُمْ وَمَا يَعْبُدُونَ مِن دُونِ ٱللَّهِ وَهَبْنَا لَهُۥٓ إِسْحَٰقَ وَيَعْقُوبَ ۖ وَكُلًّا جَعَلْنَا نَبِيًّا ﴿٤٩﴾

وَوَهَبْنَا لَهُم مِّن رَّحْمَتِنَا وَجَعَلْنَا لَهُمْ لِسَانَ صِدْقٍ عَلِيًّا ﴿٥٠﴾

50 നമ്മുടെ അനുഗ്രഹത്തിൽ നിന്നും അവർക്കു നാം പ്രദാനം ചെയ്കയും, സത്യത്തിൻെറ ഉന്നതമായ (സൽ) കീർത്തി അവർക്ക് ഉണ്ടാക്കി ക്കൊടുക്കുകയും ചെയ്തു.''

പിതാവിനേയും കുടുംബത്തെയും എല്ലാം ഉപേക്ഷിച്ച് കൊണ്ട് ഇബ്രാഹീം(അ) ശാമിലേക്ക് വന്നു. ഇബ്രാഹീം(അ) നബിയുടെ പുത്രനാണ് ഇസ്ഹാഖ്(അ). അദ്ദേഹത്തിന്റെ മകൻ യഅ്ഖൂബ്(അ) പന്ത്രണ്ട് ഗോത്ര ങ്ങളുള്ള ഇസ്രാഈൽ പരമ്പരയുടെ പിതാവാകുന്നു. പ്രവാചകൻമാരിൽ അധികപേരും ഈ പരമ്പരയിൽപ്പെട്ടരാ കുന്നു. ഇസ്ഹാഖ്(അ)നബിയുടെ സഹോദരനായ ഇസ്മാഈൽ(അ)നബിയുടെ സന്തതികളിൽ നിന്നാണ് മുഹ മ്മദ്(സ)നബി തിരുമേനി ഭൂജാതനായത്. ജൂതർ, കൃസ്ത്യാനികൾ, മുസ്ലീംകൾ എന്നീ ദൈവിക മതസ്ഥരെല്ലാം പിന്തുടരുന്നത് ഇബ്രാഹീം(അ)നബി പരമ്പരകളിൽപെട്ട പ്രവാചകൻമാരെയാകുന്നു. ലോകവസാനം വരെ ഈ കീർത്തി നിലനിൽക്കുന്നതുമാകുന്നു. (ഇബ്രാഹീം(അ)നബിയുടെ ചരിത്രം വിശദമായി സൂ: ഇബ്രാഹീംന്റെ ആരം ഭത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.)

## വിഭാഗം 4:

**വചനം 51,52,53, :**

وَاذْكُرْ فِي الْكِتَابِ مُوسَىٰ ۚ إِنَّهُ كَانَ مُخْلَصًا وَكَانَ رَسُولًا نَّبِيًّا ﴿٥١﴾

51 (നബിയേ) വേദഗ്രന്ഥത്തിൽ മൂസായെക്കുറിച്ചും പ്രസ്താവിക്കുക: നിശ്ചയമായും അദ്ദേഹം ഒരു നിഷ്കളങ്കനായിരുന്നു; ഒരു ദൂതനും പ്രവാചക നും (റസൂലും നബിയും) ആയിരുന്നു.

وَنَادَيْنَاهُ مِن جَانِبِ الطُّورِ الْأَيْمَنِ وَقَرَّبْنَاهُ نَجِيًّا ﴿٥٢﴾

52 (സീനാ) പർവ്വതത്തിൻെറ വലത്തു ഭാഗത്തു നിന്ന് അദ്ദേഹത്തെ നാം വിളിക്കുകയും, ഒരു രഹസ്യഭാഷിതനെന്ന നിലയിൽ അദ്ദേഹത്തിനു നാം സാമീപ്യം നൽകുകയും ചെയ്തു.

وَوَهَبْنَا لَهُ مِن رَّحْمَتِنَا أَخَاهُ هَارُونَ نَبِيًّا ﴿٥٣﴾

53 നമ്മുടെ അനുഗ്രഹത്താൽ തൻെറ സഹോദരൻ ഹാറൂനിനെ ഒരു പ്രവാചകനായ നിലയിൽ, നാം അദ്ദേഹത്തിന് പ്രദാനം ചെയ്കയും ചെയ്തു.

മൂസാ(അ) നബിക്ക് തന്റെ സഹോദരൻ ഹാറൂൺ(അ) നബിയെ ഒരു സഹായിയായി അല്ലാഹു നിശ്ച യിച്ച് കൊടുത്തു. കൂടാതെ അല്ലാഹുവിന്റെ ഭാഷണം മൂസാ(അ) നബിക്ക് അല്ലാഹു നേരിട്ട് കേൾപ്പിക്കുകയും ചെയ്തു. മറ്റ് നബിമാർക്ക് സിദ്ധിച്ചിട്ടില്ലാത്ത അനുഗ്രഹങ്ങളാകുന്നു ഇവ.

മൂസാ(അ) നബിക്ക് ആദ്യമായി വഹ്യ് ലഭിച്ചതും അല്ലാഹുവിന്റെ സംഭാഷണം കേട്ടതും തൌറാത്ത് ലഭിച്ചതുമെല്ലാം സീനാ പർവ്വതത്തിന്റെ വലത് ഭാഗത്ത് വെച്ചായിരുന്നു.

**വചനം 54,55 :**

وَاذْكُرْ فِي الْكِتَابِ إِسْمَاعِيلَ ۚ إِنَّهُ كَانَ صَادِقَ الْوَعْدِ وَكَانَ رَسُولًا نَّبِيًّا ﴿٥٤﴾

54 വേദഗ്രന്ഥത്തിൽ ഇസ്മാഈലിനെക്കുറിച്ചും പ്രസ്താവിക്കുക: നിശ്ചയമായും അദ്ദേഹം വാഗ്ദാനത്തിൽ സത്യംപാലിക്കുന്നവനായി രുന്നു; ഒരു റസൂലും നബിയും (ദൂതനും പ്രവാചകനും) ആയിരുന്നു.

وَكَانَ يَأْمُرُ أَهْلَهُ بِالصَّلَاةِ وَالزَّكَاةِ وَكَانَ عِندَ رَبِّهِ مَرْضِيًّا ﴿٥٥﴾

55 അദ്ദേഹം തൻെറ ആൾക്കാരോട് നമസ്ക്കാര ത്തിനും 'സകാത്തി'നും (വിശുദ്ധധർമ്മത്തിനും) ആജ്ഞാപിക്കാറുണ്ടായിരുന്നു; തൻെറ രക്ഷിതാ വിൻെറ അടുക്കൽ അദ്ദേഹം സുസമ്മതനുമായി രുന്നു.

ഇസ്മാഈൽ(അ)നബിയുടെ സവിശേഷ ഗുണങ്ങൾ അല്ലാഹു എടുത്ത് പറയുന്നു.

(1) അദ്ദേഹം വാഗ്ദാനത്തിൽ സത്യത പാലിച്ചിരുന്നു. (2) അദ്ദേഹം സ്വന്തക്കാരോട് നമസ്ക്കാരത്തിനും വിശുദ്ധധർമ്മത്തിനും ആജ്ഞാപിക്കാറുണ്ടായിരുന്നു. (3) അദ്ദേഹം റബ്ബിന്റെ അടുക്കൽ സുസമ്മതനായിരുന്നു.

തന്നെ അറുക്കുവാനുള്ള അല്ലാഹുവിന്റെ കൽപന ഇബ്രാഹീം(അ) അദ്ദേഹത്തെ അറിയിച്ചപ്പോൾ " "പിതാവേ കൽപ്പിക്കപ്പെട്ടത് പോലെ ചെയ്ത് കൊള്ളുക, അല്ലാഹു ഉദ്ദേശിക്കുന്നതായാൽ ക്ഷമ ഉള്ളവനായി എന്നെ നിങ്ങൾക്ക് കാണാവുന്നതാണ്. " ( സൂ: സ്വഫ്ഫാത്: 102) എന്നായിരുന്നു ഇസ്മാഈൽ(അ)നബിയുടെ മറുപടി. ഈ വാഗ്ദാനം അദ്ദേഹം പാലിച്ച സംഭവം സുപ്രസിദ്ധമാണല്ലോ. സൽകർമ്മങ്ങളിൽ ഏറ്റവും ശ്രേഷ്ഠ മായ നമസ്കാരവും സക്കാത്തും പാലിക്കുവാൻ ജനങ്ങളോട് പൊതുവിലും സ്വന്തക്കാരോട് പ്രത്യേകിച്ചും അദ്ദേഹം കൽപിക്കാറുണ്ടായിരുന്നു. ഒരു സമുദായത്തിന്റെ സ്ഥാപകനും നേതാവുമെന്ന നിലയിൽ വാക്കിലും പ്രവൃത്തി യിലും സത്യം പാലിക്കുകയും സ്വജനതയെ ആത്മീയ ശുദ്ധിയുള്ളവരാക്കി തീർക്കുകയും, അവരുടെ സാമൂഹ്യ ജീവിതം സ്നേഹത്തിലും പരസ്പര സഹകരണത്തിലും അധിഷ്ഠിതമാക്കിതീർക്കുകയും ചെയ്യുക വഴി ഇസ്മാ ഈൽ(അ)നബി തന്റെ രക്ഷിതാവിങ്കൽ സുസമ്മതനുമായിരുന്നു.

**വചനം 56,57 :**

وَٱذۡكُرۡ فِي ٱلۡكِتَٰبِ إِدۡرِيسَۚ إِنَّهُۥ كَانَ صِدِّيقٗا نَّبِيّٗا ﴿٥٦﴾
وَرَفَعۡنَٰهُ مَكَانًا عَلِيًّا ﴿٥٧﴾

56 വേദഗ്രന്ഥത്തിൽ ഇദ്‌രീസിനെക്കുറിച്ചും പ്രസ്താവിക്കുക: നിശ്ചയമായും അദ്ദേഹം ഒരു പരമസത്യവാനും, പ്രവാചകനും ആയിരുന്നു;

57 നാം അദ്ദേഹത്തെ ഉന്നതമായ ഒരു സ്ഥാനത്ത് ഉയർത്തിയിരിക്കുന്നു.

ഇദ്‌രീസ്(അ)ന്റെ സാക്ഷാൽ പേര് ഹാനോഖ് (അഖ്നോഖ്) എന്നാകുന്നു. ' ഊസരിസ് ' എന്നും 'അസ്വീരിസ് ' എന്നും പറയപ്പെടാറുണ്ട്. അദ്ദേഹം നൂഹ്(അ) നബിയുടെ പിതാവിന്റെ പിതാമഹനായിരുന്നുവെന്ന് പറയപ്പെടുന്നു. ആദ്യമായി പേന കൊണ്ടെഴുതിയതും, വസ്ത്രം തുന്നുവാൻ തുടങ്ങിയതും, ഗണിതവും, കണക്കും, ആദ്യമായി അഭ്യസിച്ചതും അദ്ദേഹമായിരുന്നുവെന്ന് ചരിത്രകാരൻമാർ രേഖപ്പെടുത്തിയി രിക്കുന്നു.

അദ്ദേഹം ഒരു പരമ സത്യവാനും അല്ലാഹുവിങ്കൽ ഉന്നതസ്ഥാനമുള്ള ഒരു പ്രവാചകനുമായിരുന്നു.

**വചനം 58 :**

أُوْلَٰٓئِكَ ٱلَّذِينَ أَنۡعَمَ ٱللَّهُ عَلَيۡهِم مِّنَ ٱلنَّبِيِّـۧنَ مِن ذُرِّيَّةِ ءَادَمَ وَمِمَّنۡ حَمَلۡنَا مَعَ نُوحٖ وَمِن ذُرِّيَّةِ إِبۡرَٰهِيمَ وَإِسۡرَٰٓءِيلَ وَمِمَّنۡ هَدَيۡنَا وَٱجۡتَبَيۡنَآۚ إِذَا تُتۡلَىٰ عَلَيۡهِمۡ ءَايَٰتُ ٱلرَّحۡمَٰنِ خَرُّواْۤ سُجَّدٗاۤ وَبُكِيّٗا ۩ ﴿٥٨﴾

58 അക്കൂട്ടർ (മേൽ പ്രസ്താവിക്കപ്പെട്ടവർ) ആദമിൻെറ സന്തതികളിൽനിന്ന് അല്ലാഹു അനുഗ്രഹം ചെയ്തു കൊടുത്തിട്ടുള്ള പ്രവാചക ന്മാരാകുന്നു. നൂഹിൻെറ കൂടെ നാം (അല്ലാഹു; കപ്പലിൽ) വഹിച്ചു കൊണ്ടു പോയവരിലും, ഇബ്രാഹീമിൻെറയും, ഇസ്രാഈലിൻെറ (യഅ്ഖൂബിൻെറ)യും സന്തതികളിലും പെട്ട വരും; നാം സൻമാർഗ്ഗം നൽകുകയും തിരഞ്ഞെടുക്കുകയും ചെയ്തവരിൽപെട്ടവരും ആകുന്നു. 'പരമകാരുണിക'ൻെറ (അല്ലാഹുവി ൻെറ) ലക്ഷ്യങ്ങൾ അവർക്ക് ഓതിക്കേൾപ്പിക്ക പ്പെടുന്നതായാൽ, 'സുജൂദ്' (സാഷ്ടാംഗം) ചെയ്യുന്നവരായും, കരയുന്നവരായും കൊണ്ട് അവർ നിലംപതിച്ചു പോകുന്നതാണ്.

ഓത്തിന്റെ സുജൂദിന്റെ ആയത്തുകളിൽപ്പെട്ടതാകുന്നു ഈ ആയത്ത്.

ഈ സൂറത്തിൽ, മുൻവചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട ആദം നബി(അ)യുടെ സന്തതികളായ എല്ലാ നബിമാരും അല്ലാഹു അനുഗ്രഹം ചെയ്ത് കൊടുത്തിട്ടുള്ള പ്രവാചകൻമാരാകുന്നു. ജലപ്രളയമുണ്ടായപ്പോൾ നൂഹ്(അ) നബിയുമൊന്നിച്ച് കപ്പലിൽ കയറി രക്ഷപ്പെട്ടവരുടെ സന്തതികളിലും, ഇബ്രാഹീം(അ) നബിയുടെ

സന്തതികളിൽപ്പെട്ട ഇസ്മാഈൽ, ഇസ്ഹാഖ്, മൂസാ, ഹാറൂൻ, സക്കരിയ്യ, യഹ്‌യാ, ഈസാ എന്നീ പ്രവാചക ന്മാരിലും "നാം സൻമാർഗ്ഗം നൽകുകയും തെരഞ്ഞെടുക്കുകയും ചെയ്തിട്ടുള്ളവർ " എന്ന് വിശേഷിക്കപ്പെട്ട വർ ഉൾപ്പെടുന്നു.

മേൽ പറഞ്ഞ മഹാൻമാരെല്ലാം അല്ലാഹുവിനോട് അങ്ങേയറ്റം വിനയവും ഭയഭക്തിയും ഉള്ളവരായിരു ന്നു. അല്ലാഹുവിന്റെ ലക്ഷ്യങ്ങൾ കേൾപ്പിക്കപ്പെട്ടാൽ ഭയഭക്തി ബഹുമാനത്താൽ അവർ കരഞ്ഞ് കൊണ്ട് 'സുജൂദ് ' ചെയ്ത് വീണ് പോകുമായിരുന്നു.

**വചനം 59,60 :**

۞ فَخَلَفَ مِنۢ بَعۡدِهِمۡ خَلۡفٌ أَضَاعُواْ ٱلصَّلَوٰةَ وَٱتَّبَعُواْ ٱلشَّهَوَٰتِۖ فَسَوۡفَ يَلۡقَوۡنَ غَيًّا ٥٩

إِلَّا مَن تَابَ وَءَامَنَ وَعَمِلَ صَٰلِحٗا فَأُوْلَٰٓئِكَ يَدۡخُلُونَ ٱلۡجَنَّةَ وَلَا يُظۡلَمُونَ شَيۡـٔٗا ٦٠

59 എന്നാൽ, അവരുടെ (ആ നബിമാരുടെ)ശേഷം, ഒരു (തരം) പിൻഗാമികൾ പിന്നീട് സ്ഥാന ത്തുവന്നു; അവർ നമസ്ക്കാരം പാഴാക്കി ക്കളയുകയും, സ്വേച്ഛകളെ പിൻതുടരുകയും ചെയ്തു: അതിനാൽ, അവർ ദുർമ്മാർഗ്ഗ(ഫലം) പുറകെ കണ്ടെത്തുന്നതാണ്:-

60 പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്തവർ ഒഴികെ. അവരാകട്ടെ സ്വർഗ്ഗത്തിൽ പ്രവേശിക്കു ന്നതാണ്; അവർ ഒട്ടുംതന്നെ അക്രമിക്കപ്പെടു ന്നതുമല്ല;-

മേൽ പറഞ്ഞ നബിമാരുടെ പിൻഗാമികളായി വന്ന തലമുറകൾ, അവർ പ്രബോധനം ചെയ്ത സത്യമാർഗ്ഗം വിസ്മരിച്ച് കളയുകയും, നമസ്കാരം പാഴാക്കുന്നവരും സ്വേഛകളെ പിൻപറ്റുന്നവരും ആയിത്തീരുകയും ചെയ്തു. ആരാധനയുടെ കഴമ്പായ നമസ്കാരം വിശ്വാസത്തിന്റെ ചൈതന്യമാകുന്നു; പാപങ്ങളുടെയെല്ലാം ഉറവിടമാ കട്ടെ സ്വേഛകളെ പിൻപറ്റുന്നതും. ഒരാളുടെ വിശ്വാസത്തിനും അവിശ്വാസത്തിനും ഇടക്കുള്ള വരമ്പ് നമസ്കാ രമാണെന്ന് നബി(സ) തിരുമേനി അരുളിയത് ഇത്തരുണത്തിൽ ശ്രദ്ധേയമാകുന്നു.

സൻമാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ച് പോയ ആ പിൻഗാമികൾ അതിന്റെ ദുരന്തഫലം പിന്നീട് കണ്ടെ ത്തുന്നതാണ്. എന്നാൽ മനുഷ്യൻ എത്ര തന്നെ പിഴച്ച് പോയാലും അതിൽ നിന്ന് ഖേദിച്ച് പശ്ചാത്തപിച്ച് മട ങ്ങുന്ന പക്ഷം കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിക്കുന്നതാണ്. സത്യവിശ്വാസവും സൽകർമ്മവുമാകുന്നു, പശ്ചാത്താപത്തിന്റെ അടിസ്ഥാനം. "പാപത്തിൽ നിന്ന് പാശ്ചാത്ത പിക്കുന്നവൻ പാപമില്ലാത്തവനെ പോലെയാകുന്നു " എന്ന് നബി(സ) തിരുമേനി അരുളിയിരിക്കുന്നു.

"പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്തവരൊഴികെ .... അവ രാകട്ടെ അവരുടെ തിന്മകളെ അല്ലാഹു നന്മകളാക്കി മാറ്റികൊടുക്കുന്നതാണ്...." സൂ: ഫുർഖാൻ: 70 നോക്കുക.

**വചനം 61.62.63 :**

جَنَّٰتِ عَدۡنٍ ٱلَّتِي وَعَدَ ٱلرَّحۡمَٰنُ عِبَادَهُۥ بِٱلۡغَيۡبِۚ إِنَّهُۥ كَانَ وَعۡدُهُۥ مَأۡتِيّٗا ٦١

61 അതായത്, പരമകാരുണികൻ (അല്ലാഹു) അവൻെറ (സ്വന്തം) അടിയാന്മാരോട്, അദൃശ്യ മായ നിലയിൽ വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥിര വാസത്തിൻെറ സ്വർഗ്ഗങ്ങളിൽ (പ്രവേശിക്കും); നിശ്ചയമായും, അവൻെറ വാഗ്ദാനം (നിറവേറ്റി) കൊടുക്കപ്പെടുന്നതു തന്നെയാ കുന്നു.

لَّا يَسۡمَعُونَ فِيهَا لَغۡوًا إِلَّا سَلَٰمٗاۖ وَلَهُمۡ رِزۡقُهُمۡ فِيهَا بُكۡرَةٗ وَعَشِيّٗا ٦٢

62 അവർ അവിടെവെച്ച് 'സലാമ'ല്ലാതെ-നിരർത്ഥ കമായ യാതൊന്നും- കേൾക്കുകയില്ല. അവർക്ക് അവിടെ, തങ്ങളുടെ ഉപജീവനം (ആഹാരം) കാലത്തും, വയ്യിട്ടും ഉണ്ടായിരിക്കുന്നതുമാണ്.

تِلْكَ ٱلْجَنَّةُ ٱلَّتِى نُورِثُ مِنْ عِبَادِنَا مَن كَانَ تَقِيًّا ﴿٦٣﴾

63 നമ്മുടെ അടിയാന്മാരിൽനിന്ന് ആർ ഭയ ഭക്തരായിരുന്നുവോ അവർക്കു നാം അവകാശ പ്പെടുത്തിക്കൊടുക്കുന്ന സ്വർഗ്ഗമത്രെ, അത്.

അല്ലാഹുവിന്റെ പ്രീതിക്ക് പാത്രീഭവിക്കുന്ന അവന്റെ അടിയാൻമാർക്ക് അവൻ വാഗ്ദാനം ചെയ്ത സ്വർഗ്ഗത്തിൽ - അത് നേരിൽ കാണാതെ തന്നെ- അവർ വിശ്വസിക്കുകയും, ആ മഹാഭാഗ്യസിദ്ധിക്ക് വേണ്ടി പരിശ്രമിക്കുകയും ചെയ്തു. മലക്കുകളിൽ നിന്നും തമ്മിൽ തമ്മിലുമായി സമാധാനത്തിന്റെ സന്ദേശമായ 'സലാം' അല്ലാതെ അനാവശ്യമായ ഒരു ശബ്ദവും അവിടെ ഉണ്ടായിരിക്കുന്നതല്ല. അവർ ഇഛിക്കുന്ന ഭക്ഷണപാനീയങ്ങൾ, ജീവിത വിഭവങ്ങൾ എന്നിവയെല്ലാം എല്ലായിപ്പോഴും അവിടെ ഉണ്ടായിരിക്കും.

**വചനം 64.65 :**

وَمَا نَتَنَزَّلُ إِلَّا بِأَمْرِ رَبِّكَ ۖ لَهُۥ مَا بَيْنَ أَيْدِينَا وَمَا خَلْفَنَا وَمَا بَيْنَ ذَٰلِكَ ۚ وَمَا كَانَ رَبُّكَ نَسِيًّا ﴿٦٤﴾

رَّبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا فَٱعْبُدْهُ وَٱصْطَبِرْ لِعِبَٰدَتِهِۦ ۚ هَلْ تَعْلَمُ لَهُۥ سَمِيًّا ﴿٦٥﴾

64 (നബിയേ,) തൻെറ രക്ഷിതാവിൻെറ കല്പന പ്രകാരമല്ലാതെ ഞങ്ങൾ (മലക്കുകൾ) ഇറങ്ങുന്നില്ല; നമ്മുടെ മുന്നിലുള്ളതും, പിന്നിലുള്ളതും, അതിനിടയിലുള്ളതും (എല്ലാം) അവൻേറതു തന്നെ; തൻെറ രക്ഷിതാവ് വിസ്മരിക്കുന്നവനല്ല;

65 '(അവൻ) ആകാശങ്ങളുടെയും, ഭൂമിയുടെയും, അവയുടെ ഇടയിലുള്ളതിൻെറയും റബ്ബാകുന്നു. അതിനാൽ, അവനെ (മാത്രം) ആരാധിച്ചു കൊള്ളുക; അവനെ ആരാധിക്കുന്നതിൽ സഹനമെടുക്കുകയും ചെയ്തുകൊള്ളുക. അവനോട് പേരൊത്ത വല്ലവരെയും താൻ അറിയുമോ?! (ഇല്ല.)'

ഒരവസരത്തിൽ വഹ്‌യ് വരുവാൻ സാധാരണയിൽ കവിഞ്ഞ് വൈകിയപ്പോൾ മന:ക്ലേശം നേരിട്ട നബി(സ) തിരുമേനി അടുത്ത പ്രാവശ്യം ജിബ്‌രീൽ(അ) വഹ്‌യുമായി വന്നപ്പോൾ ചോദിച്ചു " ഇപ്പോൾ വന്ന് കൊണ്ടിരിക്കുന്നതിലും കൂടുതലായി നമ്മെ സന്ദർശിക്കുവാൻ വരുന്നതിന് താങ്കൾക്കെന്താണ് മുടക്കം " ഇതിനെ തുടർന്ന് ഈ വചനങ്ങൾ മലക്കിന്റെ ഭാഷയിലാക്കി അല്ലാഹു അവതരിപ്പിച്ചു.

പ്രവാചകൻമാർക്ക് ദിവ്യ സന്ദേശങ്ങൾ കൊണ്ട് വരുന്ന മലക്കുകൾ അല്ലാഹുവിന്റെ കൽപന പ്രകാരം മാത്രമാണ് വരുന്നതെന്നും പ്രവാചകൻമാർ ആശിക്കുമ്പോഴൊക്കെ അത് ലഭിക്കുന്നതല്ലെന്നും, ജിബ്‌രീൽ(അ), നബി(സ) തിരുമേനിയെ ആശ്വസിപ്പിച്ചു. ആകാശഭൂമികളുടെയും സർവ്വ പ്രപഞ്ചങ്ങളുടെയും സ്രഷ്ടാവും നിയന്താവുമായ അല്ലാഹുവിനെ മാത്രം ആരാധിക്കുവാനും അതിൽ നേരിടുന്ന എല്ലാ പ്രതിബന്ധങ്ങളെയും സഹനത്തോടെ തരണം ചെയ്യാനും അല്ലാഹു ഉപദേശിക്കുന്നു.

ഈ കൽപന നബി(സ)യെ അഭിമുഖീകരിച്ച് കൊണ്ടുള്ളതാണെങ്കിലും സമുദായത്തിലെ ഓരോ വ്യക്തിയെയും ഉദ്ദേശിച്ചാണെന്ന് വ്യക്തമാണ്.

## വിഭാഗം: 5

**വചനം 66,67,68,69,70 :**

وَيَقُولُ ٱلْإِنسَٰنُ أَءِذَا مَا مِتُّ لَسَوْفَ أُخْرَجُ حَيًّا ﴿٦٦﴾

أَوَلَا يَذْكُرُ ٱلْإِنسَٰنُ أَنَّا خَلَقْنَٰهُ مِن قَبْلُ وَلَمْ يَكُ شَيْـًٔا ﴿٦٧﴾

فَوَرَبِّكَ لَنَحْشُرَنَّهُمْ وَٱلشَّيَٰطِينَ ثُمَّ

66 മനുഷ്യൻ പറയുന്നു: "ഞാൻ മരണപ്പെട്ടു പോയാലുണ്ടോ, ജീവനുള്ളവനായി പിന്നെ പുറത്തുകൊണ്ടുവരപ്പെടുന്നു?! (അതു സംഭവ്യമല്ല)" എന്ന്.

67 മനുഷ്യൻ ഓർക്കുന്നില്ലേ: താൻ യാതൊന്നും തന്നെ ആയിരുന്നില്ലാത്ത ഘട്ടത്തിൽ, മുമ്പ് അവനെ നാം പടച്ചുണ്ടാക്കിയിരിക്കുന്നു എന്ന്?!

68 (നബിയേ,) എന്നാൽ, നിൻെറ റബ്ബ്തന്നെയാണ് (സത്യം)! നിശ്ചയമായും, അവരെയും (എല്ലാ) 'ചെകുത്താൻമാരെ' (പിശാചുക്കളെ)യും നാം

لَنُحْضِرَنَّهُمْ حَوْلَ جَهَنَّمَ جِثِيًّا ٦٨

ഒരുമിച്ചുകൂട്ടുന്നതാണ്; പിന്നീട്, അവരെ മുട്ടുകുത്തിയവരായ നിലയിൽ, നരകത്തിനു ചുറ്റും നാം ഹാജരാക്കുകയും ചെയ്യും.

ثُمَّ لَنَنزِعَنَّ مِن كُلِّ شِيعَةٍ أَيُّهُمْ أَشَدُّ عَلَى ٱلرَّحْمَٰنِ عِتِيًّا ٦٩

69 പിന്നീട്, പരമകാരുണികനായുള്ളവനോട് കൂടുതൽ ധിക്കാരം കഠിനമായിരുന്നവരേതോ അവരെ, എല്ലാ കക്ഷികളിൽനിന്നും നാം വേർതിരിക്കുന്നതുമാകുന്നു,

ثُمَّ لَنَحْنُ أَعْلَمُ بِٱلَّذِينَ هُمْ أَوْلَىٰ بِهَا صِلِيًّا ٧٠

70 പിന്നെ, അതിൽ (നരകത്തിൽ) കടന്ന് എരിയുവാൻ അവരിൽ ഏറ്റവും അർഹതയുള്ളവരെക്കുറിച്ചു നാം നല്ലവണ്ണം അറിയുന്നവനാകുന്നു.

മനുഷ്യൻ യാതൊന്നും അല്ലാതിരുന്ന ഘട്ടത്തിൽ, മുമ്പ് അവനെ നാം സൃഷ്ടിച്ചുണ്ടാക്കിയിരിക്കുന്നുവെന്ന് അവൻ ഓർക്കുന്നില്ലേ എന്ന അല്ലാഹുവിന്റെ ചോദ്യം (വചനം 67) അല്ലാഹുവിലും പരലോകജീവിതത്തിലും വിശ്വാസമില്ലാത്തവരെ ഇരുത്തി ചിന്തിപ്പിക്കത്തക്ക ഒരു ചോദ്യമാകുന്നു

“ഞാൻ എന്റെ മാതാപിതാക്കളിൽ നിന്നും ജനിച്ചവനാണ് ” ; “ ഞാൻ ഇന്ദ്രിയത്തിൽ നിന്നും ഉണ്ടായവനാണ് ” എന്നൊക്കെ പറയുന്ന മനുഷ്യൻ, ഓരോരുത്തന്റെയും ഉൽഭവത്തെ പറ്റി പിന്നോട്ട് ചിന്തിച്ച് പരിശോധിക്കുമ്പോൾ ഒരു ശുദ്ധ ശൂന്യതയിൽ ചെന്നെത്തുന്നതാണ്. ഈ ബോധം അവന് കൈവരുന്നില്ലെങ്കിൽ അവന്റെ കാര്യം നിരാശാജനകം തന്നെ.

മരണാനന്തര ജീവിതത്തെ പറ്റി അവിശ്വസിക്കുന്നവരടക്കം സത്യനിഷേധികളായ എല്ലാ ‘ചെകുത്താൻമാരെ ’ യും ധിക്കാരികളെയും മുട്ട് കുത്തിയവരായ നിലയിൽ നരകത്തിന് ചുറ്റും അല്ലാഹു ഹാജരാക്കുന്നതാണ്. ശേഷം അവരതിൽ നിന്ദ്യരായി കത്തിയെരിയുന്നതാണ്.

**വചനം 71,72 :**

وَإِن مِّنكُمْ إِلَّا وَارِدُهَا ۚ كَانَ عَلَىٰ رَبِّكَ حَتْمًا مَّقْضِيًّا ٧١

71 അതിനടുക്കൽ (നരകത്തിങ്കൽ) വരുന്നവരല്ലാതെ നിങ്ങളിൽ (ആരും)ഇല്ല; അത് (അക്കാര്യം) നിൻെറ റബ്ബിൻെറ അടുക്കൽ അനിവാര്യവും, തീരുമാനിക്കപ്പെട്ടതുമാകുന്നു.

ثُمَّ نُنَجِّى ٱلَّذِينَ ٱتَّقَوا۟ وَّنَذَرُ ٱلظَّٰلِمِينَ فِيهَا جِثِيًّا ٧٢

72 പിന്നീട് സൂക്ഷിച്ചുവന്നിട്ടുള്ളവരെ (സജ്ജനങ്ങളെ)നാം രക്ഷപ്പെടുത്തുകയും, അക്രമകാരികളെ മുട്ടുകുത്തിയവരായിക്കൊണ്ട് അതിൽതന്നെ വിട്ടേക്കുന്നതുമാണ്.

എല്ലാ മനുഷ്യരെയും അല്ലാഹു നരകത്തിന് ചുറ്റും ഹാജരാക്കുന്നതാണ്. നരകത്തിലെ അതിഭയങ്കര കാഴ്ചകൾ നോക്കികണ്ടറിഞ്ഞ ശേഷം ഭയഭക്തരായ സജ്ജനങ്ങൾ അതിവേഗം സ്വർഗ്ഗത്തിൽ പ്രവേശിക്കപ്പെടുന്നതാണ്. അക്രമികളാകട്ടെ, നരകത്തിലകപ്പെട്ട് കത്തിയെരിയുന്നതാണ്.

**വചനം 73,74 :**

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَٰتُنَا بَيِّنَٰتٍ قَالَ ٱلَّذِينَ كَفَرُوا۟ لِلَّذِينَ ءَامَنُوٓا۟ أَىُّ ٱلْفَرِيقَيْنِ خَيْرٌ مَّقَامًا وَأَحْسَنُ نَدِيًّا ٧٣

73 വ്യക്തമായ തെളിവുകളായിക്കൊണ്ട് നമ്മുടെ ലക്ഷ്യങ്ങൾ അവർക്ക് ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ, അവിശ്വസിച്ചവർ വിശ്വസിച്ചവരോട് പറയുന്നതാണ്: “രണ്ടിൽ ഏതുവിഭാഗക്കാരാണ്, ഏറ്റവും നല്ല സ്ഥാനമുള്ളവരും, കൂടുതൽ ഭംഗിയുള്ള സഭക്കാരും?!” എന്ന്.

وَكَمْ أَهْلَكْنَا قَبْلَهُم مِّن قَرْنٍ هُمْ أَحْسَنُ أَثَٰثًا وَرِءْيًا ٧٤

74 എത്ര തലമുറകളെയാണ് ഇവരുടെ മുമ്പ് നാം നശിപ്പിച്ചുകളഞ്ഞിട്ടുള്ളത്! അവരാകട്ടെ, സാധന സാമഗ്രികളിലും, കാൺമാനും (ഇവരെക്കാൾ) മെച്ചപ്പെട്ടവരുമായിരുന്നു.

ഭൌതികമായ സ്വാധീനശക്തിയോ സുഖസൗകര്യങ്ങളോ, രൂപലാവണ്യങ്ങളോ ഒന്നും തന്നെ അല്ലാഹുവിന്റെ ശിക്ഷണ നടപടിയിൽ നിന്നും ആരെയും രക്ഷപ്പെടുത്തുവാൻ പര്യാപ്തമാവുകയില്ല.

**വചനം 75,76 :**

قُلْ مَن كَانَ فِي ٱلضَّلَٰلَةِ فَلْيَمْدُدْ لَهُ ٱلرَّحْمَٰنُ مَدًّا ۚ حَتَّىٰٓ إِذَا رَأَوْا۟ مَا يُوعَدُونَ إِمَّا ٱلْعَذَابَ وَإِمَّا ٱلسَّاعَةَ فَسَيَعْلَمُونَ مَنْ هُوَ شَرٌّ مَّكَانًا وَأَضْعَفُ جُندًا ﴿٧٥﴾

وَيَزِيدُ ٱللَّهُ ٱلَّذِينَ ٱهْتَدَوْا۟ هُدًى ۗ وَٱلْبَٰقِيَٰتُ ٱلصَّٰلِحَٰتُ خَيْرٌ عِندَ رَبِّكَ ثَوَابًا وَخَيْرٌ مَّرَدًّا ﴿٧٦﴾

75 (നബിയേ) പറയുക: ''വല്ലവനും ദുർമ്മാർഗ്ഗത്തിലായിരിക്കുകയാണെങ്കിൽ. പരമകാരുണികനായുള്ളവൻ അവന് അയച്ചയച്ചുകൊടുത്തുകൊള്ളട്ടെ!''- അങ്ങനെ, തങ്ങൾക്ക് താക്കീത് നൽകപ്പെടുന്നത്-ഒന്നുകിൽ ശിക്ഷ, അല്ലെങ്കിൽ അന്ത്യസമയം-അവർ കാണുമ്പോൾ. ആരാണ് സ്ഥാനം (കൂടുതൽ) ചീത്തയായവരെന്നും, സംഘം കൂടുതൽ ബലഹീനമായവരെന്നും അവർ അറിഞ്ഞുകൊള്ളും!

76 സൻമാർഗ്ഗത്തിൽ ചരിക്കുന്നവന് അല്ലാഹു സൻമാർഗ്ഗം (സൻമാർഗ്ഗബോധം) വർദ്ധിപ്പിക്കുന്നതാണ്. നല്ല നല്ല ശാശ്വതകർമ്മങ്ങൾ, നിൻെറ രക്ഷിതാവിൻെറ അടുക്കൽ ഉത്തമമായ പ്രതിഫലമുള്ളതും, ഉത്തമമായ പരിണാമ ഫലമുള്ളതുമാകുന്നു.

ഹിജറയുടെ മുമ്പ് മദ്ധ്യദശയിൽ അവതരിച്ച സൂറത്തുകളിൽ ഒന്നാകുന്നു ഈ സൂറത്ത്. സത്യപ്രബോധനത്തിൽ വിശ്വസിക്കുന്നവർ അന്ന് ഒരു ദുർബല വിഭാഗമായിരുന്നു. സത്യനിഷേധികളാട്ടെ, കുബേരൻമാരും ബാഹ്യമായ ആഢംബരമോടികളിൽ ഉന്നതരും. വിശുദ്ധഖുർആനിൽ, സത്യവിശ്വാസികൾക്ക് നൽകപ്പെടുന്ന സന്തോഷ വാർത്തകൾ കേൾക്കുമ്പോൾ അവിശ്വാസികൾ പരിഹസിക്കുകയും അഹങ്കാരപൂർവ്വം പലതും പറയുകയും ചെയ്തിരുന്നു. (ഇക്കാലത്തും ഇത്തരം ആളുകളെ നമ്മുടെ സമൂഹത്തിൽ കണ്ട് വരുന്നുണ്ടല്ലോ.) ദുർമാർഗ്ഗത്തിൽ അടിയുറച്ച് നിൽക്കുന്നവർക്ക് അല്ലാഹു തൽക്കാലം അയച്ച് വിട്ട് കൊടുക്കുക പതിവാണ്. സന്മാർഗ്ഗചാരികളായ ആളുകൾക്കാകട്ടെ അതിനുള്ള സാഹചര്യങ്ങൾ അധികരിപ്പിച്ച് കൊടുക്കുകയും ചെയ്യുന്നതാണ്. സൽകർമ്മ ദുഷ്കർമ്മങ്ങളുടെ പ്രതിഫലം പൂർത്തിയായും പരിപൂർണ്ണമായും നൽകപ്പെടുന്ന ഒരു സന്ദർഭമുണ്ട്- അപ്പോൾ അല്ലാഹു ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

**വചനം 77,78,79,80 :**

أَفَرَءَيْتَ ٱلَّذِى كَفَرَ بِـَٔايَٰتِنَا وَقَالَ لَأُوتَيَنَّ مَالًا وَوَلَدًا ﴿٧٧﴾

أَطَّلَعَ ٱلْغَيْبَ أَمِ ٱتَّخَذَ عِندَ ٱلرَّحْمَٰنِ عَهْدًا ﴿٧٨﴾

كَلَّا ۚ سَنَكْتُبُ مَا يَقُولُ وَنَمُدُّ لَهُۥ مِنَ ٱلْعَذَابِ مَدًّا ﴿٧٩﴾

وَنَرِثُهُۥ مَا يَقُولُ وَيَأْتِينَا فَرْدًا ﴿٨٠﴾

77 എന്നാൽ, നമ്മുടെ ലക്ഷ്യങ്ങളിൽ അവിശ്വസിക്കുകയും, 'എനിക്ക് നിശ്ചയമായും സ്വത്തും സന്താനവും നൽകപ്പെടു'മെന്ന് പറയുകയും ചെയ്തവനെ നീ കണ്ടുവോ (നബിയേ)?!

78 അവൻ അദൃശ്യകാര്യത്തെ നോക്കിക്കണ്ടിരിക്കുന്നുവോ, അഥവാ പരമകാരുണികനായുള്ളവൻെറ അടുക്കൽ വല്ല ഉടമ്പടിയും ഉണ്ടാക്കിവെച്ചിട്ടുണ്ടോ?!

79 അങ്ങിനെയില്ല;- അവൻ പറയുന്നത് നാം രേഖപ്പെടുത്തുന്നതാകുന്നു; അവനു നാം ശിക്ഷ കൂട്ടിക്കൂട്ടിക്കൊടുക്കുകയും ചെയ്യും.

80 അവൻ (ആ) പറയുന്നത് (സ്വത്തും സന്താനവും) അവനോടു നാം അവകാശമെടുക്കുകയും, അവൻ നമ്മുടെ അടുക്കൽ ഒറ്റപ്പെട്ടവനായി വരുകയും ചെയ്യുന്നതാകുന്നു.

ഒരിക്കൽ ഖബ്ബാബ് ബ്നുൽ അറത്ത്(റ) എന്ന സഹാബി തനിക്ക് തിരിച്ച് കിട്ടുവാനുള്ള കടം അസ്വുബ്ന് വാഇൽ എന്നയാളോട് ചോദിച്ചപ്പോൾ അയാൾ '' നീ മുഹമ്മദിൽ അവിശ്വസിക്കാതെ ഞാൻ അത് തരികയില്ല.

ഇല്ലെങ്കില്‍ ഞാന്‍ മരണപ്പെട്ട് എഴുന്നേല്‍പ്പിക്കപ്പെടുമ്പോള്‍ നീ എന്റെ അടുക്കല്‍ വരിക, എനിക്കവിടെ സമ്പത്തും സന്തതികളും ഉണ്ടായിരിക്കും അപ്പോള്‍ ഞാന്‍ നിന്റെ കടം തന്ന് തീര്‍ത്ത് കൊള്ളാം'' എന്ന ധിക്കാരപരമായ മറുപടിയാണ് അദ്ദേഹത്തോട് പറഞ്ഞത്. ഈ അവസരത്തിലാണ് അയാളെയും, പരലോകജീവിതത്തെ നിഷേധിക്കുകയും പുഛിക്കുകയും ചെയ്യുന്ന എല്ലാവരെയും കഠിനമായി താക്കീത് ചെയ്ത് കൊണ്ട് ഈ വചനങ്ങള്‍ അവതരിക്കപ്പെട്ടത്. അവന്റെ സന്താനമോ സമ്പത്തോ ഒന്നും തന്നെ അവന് പരലോകത്ത് ഉപകരിക്കുകയില്ല. അദൃശ്യ വൃത്താന്തങ്ങള്‍ കണ്ടറിയുകയോ, അല്ലാഹുവില്‍ നിന്ന് യാതൊരു കരാറും എഴുതി വാങ്ങുകയോ ചെയ്തിട്ടില്ലാത്ത അവന്‍ എങ്ങനെയാണതിന് ധൈര്യപ്പെടുന്നതെന്നത്രേ അല്ലാഹു ചോദിക്കുന്നത്.

**വചനം 81,82 :**

وَٱتَّخَذُواْ مِن دُونِ ٱللَّهِ ءَالِهَةً لِّيَكُونُواْ لَهُمۡ عِزًّا ﴿٨١﴾

كَلَّاۚ سَيَكۡفُرُونَ بِعِبَادَتِهِمۡ وَيَكُونُونَ عَلَيۡهِمۡ ضِدًّا ﴿٨٢﴾

81 തങ്ങള്‍ക്ക് സഹായശക്തി ആയിത്തീരുവാന്‍ വേണ്ടി അവര്‍ (അവിശ്വാസികള്‍) അല്ലാഹുവിനു പുറമെ(മറ്റു)ചില ആരാധ്യന്‍മാരെ സ്വീകരിച്ചിരിക്കുകയാണ്;-

82 അങ്ങനെയല്ല; അവര്‍ ഇവരുടെ ആരാധനയെ (ത്തന്നെ) നിഷേധിക്കുകയും, ഇവര്‍ക്ക് എതിരായിത്തീരുകയും ചെയ്യുന്നതാണ്.

പരദൈവങ്ങളെ സ്വീകരിക്കുന്നതിന് മുശ്‌രിക്കുകള്‍ ന്യായം പറഞ്ഞിരിക്കുന്നത് അവര്‍ തങ്ങള്‍ക്ക് വേണ്ടി അല്ലാഹുവിങ്കല്‍ ശുപാര്‍ശ ചെയ്യുമെന്നായിരുന്നു. എന്നാല്‍ പരലോകത്ത് വെച്ച്, അവര്‍ തങ്ങളെ ആരാധിച്ചിരുന്നുവെന്നത് പോലും ആ 'ദൈവങ്ങള്‍ ' നിഷേധിക്കുകയും അവര്‍ അവരുടെ വിരോധികളായിത്തീരുകയുമാണുണ്ടാകുക.

## വിഭാഗം - 6

**വചനം 83,84 :**

أَلَمۡ تَرَ أَنَّآ أَرۡسَلۡنَا ٱلشَّيَٰطِينَ عَلَى ٱلۡكَٰفِرِينَ تَؤُزُّهُمۡ أَزًّا ﴿٨٣﴾

فَلَا تَعۡجَلۡ عَلَيۡهِمۡۖ إِنَّمَا نَعُدُّ لَهُمۡ عَدًّا ﴿٨٤﴾

83 (നബിയേ) നീ കാണുന്നില്ലേ -അവിശ്വാസികളില്‍- അവരെ ഇളക്കിഇളക്കി വിട്ടുകൊണ്ടിരിക്കുന്ന നിലയില്‍-പിശാചുക്കളെ നാം അയച്ചിരിക്കുന്നത്?!

84 അതിനാല്‍, അവരെപ്പറ്റി നീ ധൃതിപ്പെടേണ്ടതില്ല; അവര്‍ക്ക് (സമയമാകുന്നത്) നാം എണ്ണി എണ്ണികൊണ്ടിരിക്കുക മാത്രമാണ് ചെയ്യുന്നത്.

അവിശ്വാസികള്‍ക്ക് അവരുടെ ഹിതമനുസരിച്ച് കൂത്താടി നടക്കുവാന്‍ അവരെ പ്രേരിപ്പിച്ച് കൊണ്ടിരിക്കുന്ന ഒരു തരം പിശാചുകളെ അല്ലാഹു അയച്ച് വിട്ടിരിക്കുകയാണ്. അവരുടെ ധിക്കാരത്തിന്റെ പ്രതിഫലം അവരെ കൃത്യമായും അനുഭവിപ്പിക്കുന്ന സമയം വിദൂരമൊന്നുമല്ല. കഴിഞ്ഞ് പോകുന്ന ഓരോ നാഴികയും വിനാഴികയും ആ പ്രതിഫല നാളിലേക്ക് അവരെ അടുപ്പിച്ച് കൊണ്ടിരിക്കുന്നു.

**വചനം 85,86,87 :**

يَوۡمَ نَحۡشُرُ ٱلۡمُتَّقِينَ إِلَى ٱلرَّحۡمَٰنِ وَفۡدًا ﴿٨٥﴾

وَنَسُوقُ ٱلۡمُجۡرِمِينَ إِلَىٰ جَهَنَّمَ وِرۡدًا ﴿٨٦﴾

لَّا يَمۡلِكُونَ ٱلشَّفَٰعَةَ إِلَّا مَنِ ٱتَّخَذَ عِندَ ٱلرَّحۡمَٰنِ عَهۡدًا ﴿٨٧﴾

85 ഭയഭക്തന്‍മാരെ പരമകാരുണികനായുള്ളവന്‍െറ അടുക്കലേക്ക് അതിഥികളെന്ന നിലയില്‍ നാം ഒരുമിച്ചുകൂട്ടുന്ന ദിവസം;

86 കുറ്റവാളികളെ ദാഹിച്ചവരായികൊണ്ട് നരകത്തിലേക്ക് നാം തെളിക്കുകയും ചെയ്യുന്ന (ദിവസം).-

87 (അന്ന്) പരമകാരുണികനായുള്ളവന്‍െറ അടുക്കല്‍ വല്ല കരാറും ഉണ്ടാക്കിവെച്ചിട്ടുള്ളവനല്ലാതെ, ശുപാര്‍ശക്ക് അധികാരമുണ്ടായിരിക്കുന്നതല്ല.

ഖിയാമത്ത് നാളിൽ സജ്ജനങ്ങളായ ഭയഭക്തൻമാരെ അതിഥികളെപോലെ ആദരിച്ച് കൊണ്ട് അവർക്കായി ഒരുക്കി വെച്ചിട്ടുള്ള സ്വർഗ്ഗത്തിലേക്ക് സ്വീകരിക്കപ്പെടുന്നതാണ്. ശുപാർശ ചെയ്യപ്പെടുവാനും ശുപാർശ അനുഭവിക്കാനുമുള്ള അനുവാദം സത്യവിശ്വാസത്തോട് കൂടി സൽകർമ്മങ്ങൾ പ്രവർത്തിച്ച, 'അല്ലാഹുവിങ്കൽ കരാറുണ്ടാക്കി വെച്ച'ആ സജ്ജനങ്ങൾക്ക് മാത്രമേ നൽകപ്പെടുകയുള്ളു. ദുർജനങ്ങളാകട്ടെ ദാഹിച്ച് വലഞ്ഞ കാലികളെ പോലെ നരകത്തിലേക്ക് ആട്ടിതെളിച്ച് കൊണ്ട് വരപ്പെടുന്നതുമാണ്.

**വചനം 88,89,90,91,92,93,94,95 :**

وَقَالُوا۟ ٱتَّخَذَ ٱلرَّحْمَـٰنُ وَلَدًا ﴿٨٨﴾

88 അവർ പറയുന്നു: “പരമകാരുണികനായുള്ളവൻ (അല്ലാഹു) സന്താനം സ്വീകരിച്ചിരിക്കുന്നു” എന്ന് !

لَّقَدْ جِئْتُمْ شَيْـًٔا إِدًّا ﴿٨٩﴾

89 (ഹേ, ഇതുപറയുന്നവരേ!) തീർച്ചയായും നിങ്ങൾ ഘോരമായ ഒരു കാര്യം ചെയ്തിരിക്കയാണ്!–

تَكَادُ ٱلسَّمَـٰوَٰتُ يَتَفَطَّرْنَ مِنْهُ وَتَنشَقُّ ٱلْأَرْضُ وَتَخِرُّ ٱلْجِبَالُ هَدًّا ﴿٩٠﴾

90 അതുനിമിത്തം, ആകാശങ്ങൾ പൊട്ടിപ്പിളരുകയും, ഭൂമി വിണ്ടുകീറുകയും, മലകൾ (പൊട്ടിത്തകർന്നു) വീഴുകയും ചെയ്യാറാകുന്നു.

أَن دَعَوْا۟ لِلرَّحْمَـٰنِ وَلَدًا ﴿٩١﴾

91 (അതെ) പരമകാരുണികനായുള്ളവന് സന്താനം (ഉണ്ടെന്ന്) അവർ വാദിച്ചതിനാൽ! (അത്രയും ഗൗരവമേറിയതത്രെ, ആ വാദം.)

وَمَا يَنۢبَغِى لِلرَّحْمَـٰنِ أَن يَتَّخِذَ وَلَدًا ﴿٩٢﴾

92 സന്താനത്തെ സ്വീകരിക്കുക എന്നത് പരമകാരുണികനായുള്ളവന് യുക്തമായിരിക്കയില്ല.

إِن كُلُّ مَن فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ إِلَّآ ءَاتِى ٱلرَّحْمَـٰنِ عَبْدًا ﴿٩٣﴾

93 ആകാശങ്ങളിലും, ഭൂമിയിലും ഉള്ളവരെല്ലാം (ഓരോരുത്തനും) പരമകാരുണികൻെറ അടുക്കൽ അടിയാനായി വരുന്നവരല്ലാതെയില്ല.

لَّقَدْ أَحْصَىٰهُمْ وَعَدَّهُمْ عَدًّا ﴿٩٤﴾

94 തീർച്ചയായും, അവരെ (മുഴുവനും) അവൻ ക്ലിപ്തമായി അറിയുകയും. (ശരിക്ക്) എണ്ണിക്കണക്കാക്കുകയും ചെയ്തിരിക്കുന്നു.

وَكُلُّهُمْ ءَاتِيهِ يَوْمَ ٱلْقِيَـٰمَةِ فَرْدًا ﴿٩٥﴾

95 അവരിൽ ഓരോരുത്തനും 'ഖിയാമത്തു' നാളിൽ ഒറ്റപ്പെട്ടവനായി അവൻെറ അടുക്കൽ വരുന്നവരത്രെ.

' പരമകാരുണികനായ അല്ലാഹു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു ' എന്ന് പറയുന്നവരുടെ അതി ഗൗരവതരമായ വാദത്തെകുറിച്ച് അല്ലാഹു ഇപ്രകാരം ശക്തമായി പ്രതികരിക്കുന്നു. “അത് നിമിത്തം ആകാശങ്ങൾ പൊട്ടിപിളരുകയും ഭൂമി വിണ്ട് കീറുകയും മലകൾ പൊട്ടിത്തകർന്ന് വീഴുകയും ചെയ്യുമാറാകുന്നു. ” (വചനം 34,35,36 നോക്കുക) സൃഷ്ടി ലോകത്തുള്ള ഏതൊരുവനും (ഈസാ (അ) നബിയടക്കം ) സൃഷ്ടാവിന്റെ സന്നിധിയിൽ അടിമയുടെ നില മാത്രമേയുള്ളൂ എന്ന് 93-ാം വചനത്തിൽ അല്ലാഹു പ്രസ്താവിക്കുന്നു. യജമാനത്വവും, ആരാധ്യതയും, സംരക്ഷകത്വവും, ദൈവത്വവും എല്ലാം തന്നെ അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു.

സൃഷ്ടികളുടെ എണ്ണം, വണ്ണം, സ്വഭാവം, വാക്കും പ്രവർത്തിയും, പര്യവസാനം എന്ന് വേണ്ട സർവ്വ കാര്യങ്ങളും അല്ലാഹു അറിയുന്നു. ഓരോരുത്തനും ഏകനും നിസ്സഹായനുമായിട്ടത്രേ ഖിയാമത്ത് നാളിൽ അല്ലാഹുവിന്റെ മുമ്പാകെ കൊണ്ട്വരപ്പെടുക.

**വചനം 96 :**

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ سَيَجْعَلُ لَهُمُ ٱلرَّحْمَـٰنُ وُدًّا ﴿٩٦﴾

96 നിശ്ചയമായും, വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവൃത്തിക്കുകയും ചെയ്തിട്ടുള്ളവരാകട്ടെ, അവർക്ക് പരമകാരുണികനായുള്ളവൻ സ്നേഹം ഏർപ്പെടുത്തിക്കൊടുക്കുന്നതാണ്.

എന്നാൽ വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവർക്ക് അല്ലാഹുവിന്റെയും മലക്കുകളുടെയും ഭൂമിയിലുള്ളവരുടെയും സ്നേഹം ലഭിക്കുന്നതാകുന്നു.

" അല്ലാഹു ഒരു അടിയാനെ സ്നേഹിക്കുന്ന പക്ഷം അവനെ സ്നേഹിക്കുവാൻ ജിബ്രീൽ(അ)നോട് പറയപ്പെടും. പിന്നീട് അവന് ആകാശത്തിലും ഭൂമിയിലും സ്നേഹമുണ്ടായിത്തീരുന്നു " എന്ന് അരുളിയ നബി(സ) തുടർന്ന് ഈ വചനം ഓതുകയും ചെയ്തു.

**വചനം 97,98 :**

فَإِنَّمَا يَسَّرْنَٰهُ بِلِسَانِكَ لِتُبَشِّرَ بِهِ ٱلْمُتَّقِينَ وَتُنذِرَ بِهِۦ قَوْمًا لُّدًّا ﴿٩٧﴾

97 എന്നാൽ, ഇത്(ഖുർആൻ) നാം നിന്റെ ഭാഷയിൽ (അവതരിപ്പിച്ച്) എളുപ്പമാക്കിത്തന്നിരിക്കുന്നത്, ഭയഭക്തൻമാർക്ക് ഇതുകൊണ്ട് നീ സന്തോഷവാർത്ത അറിയിക്കുവാനും, കുതർക്കികളായ ജനങ്ങളെ ഇതുമൂലം നീ താക്കീത് ചെയ്യുവാനും വേണ്ടിത്തന്നെയാണ്.

وَكَمْ أَهْلَكْنَا قَبْلَهُم مِّن قَرْنٍ هَلْ تُحِسُّ مِنْهُم مِّنْ أَحَدٍ أَوْ تَسْمَعُ لَهُمْ رِكْزًۢا ﴿٩٨﴾

98 എത്രയോ തലമുറകളെ ഇവർക്കു മുമ്പു നാം നശിപ്പിച്ചുകളഞ്ഞിരിക്കുന്നു! അവരിൽനിന്ന് ഒരാളെയെങ്കിലും നീ കാണുന്നുണ്ടോ? അല്ലെങ്കിൽ, അവരുടേതായ വല്ല ലഘുശബ്ദവും നീ കേൾക്കുന്നുണ്ടോ?!

ഖുർആൻ, നബി(സ)യുടെ ഭാഷയിൽ (അറബി ഭാഷയിൽ) അവതരിക്കപ്പെടാനുള്ള കാരണം വചനം 97 ൽ അല്ലാഹു വിവരിക്കുന്നു (സൂ : ത്വാഹാ : 113 ഉം നോക്കുക)

അല്ലാഹുവിന്റെ കോപത്തിന് പാത്രമായ എത്രയോ തലമുറകളെ മുമ്പ് പല കാലങ്ങളിലായി അല്ലാഹു നശിപ്പിച്ച് കളഞ്ഞിരുന്നു. ഇങ്ങിനി വരാത്ത വണ്ണം ഒരു ശബ്ദവും അവശേഷിക്കാത്ത വിധം അവരെല്ലാം നാമാവശേഷമായി കഴിഞ്ഞു.

സത്യവിശ്വാസവും സൽകർമ്മവും സ്വീകരിച്ചിട്ടുള്ളവർക്ക് അല്ലാഹുവിൽ നിന്നുള്ള സ്നേഹവും അനുഗ്രഹവും അറിയിച്ച് കൊണ്ടും അല്ലാഹുവിന്റെ കോപത്തിന് പാത്രമാകുന്നവർക്കുള്ള നാശവും എടുത്ത് പറഞ്ഞ് കൊണ്ട് (വചനം 96,97,98) അല്ലാഹു ഈ സൂറത്ത് ഉപസംഹരിക്കുന്നു.

# 20 സൂറത്തു ത്വാഹാ

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 135, വിഭാഗം (റുക്കൂഅ്) 8

**വിഭാഗം : 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3,4 :**

طه ﴿١﴾

مَآ أَنزَلْنَا عَلَيْكَ ٱلْقُرْءَانَ لِتَشْقَىٰٓ ﴿٢﴾

إِلَّا تَذْكِرَةً لِّمَن يَخْشَىٰ ﴿٣﴾

تَنزِيلًا مِّمَّنْ خَلَقَ ٱلْأَرْضَ وَٱلسَّمَٰوَٰتِ ٱلْعُلَى ﴿٤﴾

1 ‘ത്വാ-ഹാ’.

2 (നബിയേ,) നീ ക്ലേശിക്കുവാൻവേണ്ടി നിനക്ക് നാം ഖുർആൻ അവതരിപ്പിച്ചിട്ടില്ല;

3 പക്ഷേ, ഭയപ്പെടുന്നവർക്ക് ഒരു ഉപദേശ മായിട്ടത്രെ (അവതരിപ്പിച്ചത്);-

4 ഭൂമിയും, ഉന്നതമായ ആകാശങ്ങളും സൃഷ്ടിച്ച വൻെറ അടുക്കൽനിന്ന് അവതരിപ്പിച്ചതത്രെ.

മറ്റ് ചില സൂറത്തുകളുടെ ആരംഭത്തിൽ കാണപ്പെടുന്ന കേവലാക്ഷരങ്ങളിൽ നിന്നും വ്യത്യസ്തമായി ‘ത്വാഹാ’ എന്ന അക്ഷരങ്ങൾക്ക് ‘ഹേ മനുഷ്യാ’ എന്ന അർത്ഥമുണ്ടെന്ന് പല ഖുർആൻ വ്യാഖ്യാതാക്കളും പറഞ്ഞ് കാണുന്നു الله اعلم

നബി(സ) തിരുമേനിയുടെ പ്രബോധന വിഷയത്തിൽ വിഷമം നിറഞ്ഞു നിന്ന ഒരു അവസരത്തിലാണ് ഈ സൂറത്ത് അവതരിച്ചത്. തിരുമേനിയുടെ സ്വന്തം കുടുംബവും നാട്ടുകാരും നിഷേധവും ധിക്കാരവും പ്രകടിപ്പിച്ച് കൊണ്ടിരുന്ന സമയം. ഈ കാലഘട്ടത്തിൽ അവതരിച്ച സൂറത്തുകളിൽ നബി(സ) തിരുമേനിക്ക് മനസ്സമാധാനം നൽകുന്ന ധാരാളം വചനങ്ങൾ കാണാവുന്നതാണ്. പ്രബോധന ദൗത്യം നിർവ്വഹിച്ച് കഴിഞ്ഞാൽ അല്ലാഹുവിനെയും അവന്റെ ശിക്ഷയെയും ഭയപ്പെടുന്നവർ സ്വീകരിക്കട്ടെ, അല്ലാത്തവർ നിരസിച്ച് കൊള്ളട്ടെ എന്ന് കരുതി സമാധാനിക്കുകയാണ് വേണ്ടത്; അല്ലാതെ അതോർത്ത് മന:ക്ലേശത്തിൽ മുഴുകേണ്ടതില്ല എന്ന് അല്ലാഹു നബി(സ)യെ ആശ്വസിപ്പിക്കുന്നു.

**വചനം 5,6,7,8 :**

ٱلرَّحْمَٰنُ عَلَى ٱلْعَرْشِ ٱسْتَوَىٰ ﴿٥﴾

لَهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ وَمَا بَيْنَهُمَا وَمَا تَحْتَ ٱلثَّرَىٰ ﴿٦﴾

وَإِن تَجْهَرْ بِٱلْقَوْلِ فَإِنَّهُۥ يَعْلَمُ ٱلسِّرَّ وَأَخْفَى ﴿٧﴾

ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ۖ لَهُ ٱلْأَسْمَآءُ ٱلْحُسْنَىٰ ﴿٨﴾

5 പരമകാരുണികനായുള്ളവൻ ‘അർശ്’ൽ (സിംഹാസനത്തിൽ) ആരോഹണം ചെയ്തിരിക്കുന്നു.

6 അവൻേറതാണ്, ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും, അവ രണ്ടിനുമിടയിലുള്ളതും, മണ്ണിൻെറ അടിയിലുള്ളതും (എല്ലാം).

7 നീ വാക്ക് ഉച്ചത്തിൽ പറയുന്നുവെങ്കിൽ, നിശ്ചയമായും അവൻ രഹസ്യവും, (അതിലും) കൂടുതൽ ഗൂഢമായതും അറിയുന്നതാണ് (എന്ന് ധരിച്ചുകൊള്ളുക).

8 അല്ലാഹുവത്രെ (അവൻ)! അവനല്ലാതെ ആരാധ്യനേ ഇല്ല. ഏറ്റവും നല്ല നാമങ്ങൾ അവന്നുണ്ട്.

പരമകാരുണികനായുള്ളവൻ അർശിൽ (സിംഹാസനത്തിൽ) ആരോഹണം ചെയ്തിരിക്കുന്നു, എന്ന് പറഞ്ഞതിലെ `ആരോഹണ’ത്തിന്റെ രൂപം എന്താണെന്ന് നമുക്ക് അറിയുക സാദ്ധ്യമല്ല. അപ്രകാരം തന്നെ അല്ലാഹുവിന്റെ തിരുനാമങ്ങളുടെയും (الاسماء الحسنى) ഉൽകൃഷ്ട ഗുണ വിശേഷങ്ങളുടെയും യാഥാർത്ഥ്യങ്ങളെക്കുറിച്ചും നമുക്ക് അധികമൊന്നും അറിയുകയില്ല. സർവ്വജ്ഞനായ അല്ലാഹു നമുക്ക് അറിയിച്ച് തന്നിട്ടുള്ള

തെല്ലാം ഉൾകൊള്ളുകയും വിശ്വസിക്കുകയും ചെയ്യുകയെന്നുള്ളതാണ് നമ്മുടെ ബാധ്യത.

ഇത്തരം പ്രസ്താവനകളുടെ സാക്ഷാൽ ഉദ്ദേശം അല്ലാഹുവിന് മാത്രം അറിയാം എന്ന് വെക്കലാണ് - "അല്ലാഹുവിലേക്ക് വിട്ടേക്കുക"- പൗരാണിക മഹാന്മാർ സ്വീകരിച്ച നയം. (സൂ: സുമർ : 67 നോക്കുക.)

ആകാശഭൂമികളിലുള്ള സർവ്വ വസ്തുക്കളെയും സൃഷ്ടിച്ച് പരിപാലിക്കുന്ന സർവ്വ നിയന്താവായ അല്ലാഹുവിന് പ്രപഞ്ചത്തിലെ ചെറുതും വലുതുമായ എല്ലാ വസ്തുക്കളെകുറിച്ചും, രഹസ്യ പരസ്യമെന്നോ ഉറക്കെ പതുക്കെയെന്നോ ഉള്ള വ്യത്യാസമില്ലാതെ അവയിൽ സംഭവിക്കുന്ന എല്ലാ ചലനങ്ങളെകുറിച്ചും അറിയുന്നതാകുന്നു.

സൂ : മുൽക്ക് : 13-ാം വചനത്തിൽ അല്ലാഹു പറയുന്നു: "നിങ്ങളുടെ വാക്കുകളെ നിങ്ങൾ പതുക്കെ പറയുകയോ, അല്ലെങ്കിൽ ഉറക്കെ പറയുകയോ ചെയ്ത് കൊള്ളുക, നിശ്ചയമായും അവൻ ഹൃദയങ്ങളിൽ ഉള്ളതിനെ കുറിച്ച് അറിയുന്നവനാകുന്നു. "

എന്നാൽ ദിക്ർ, ദുആ മുതലായവ അധികം ഉച്ചത്തിലല്ലെങ്കിലും മിതമായ ശബ്ദത്തിൽ ചൊല്ലുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അവയുടെ ഉള്ളടക്കവും സാരവും മനസ്സിൽ പതിയുവാനും ഇതര വിഷയങ്ങളിലേക്ക് ശ്രദ്ധ തിരിയാതിരിക്കാനും വേണ്ടിയാകുന്നു അത്.

**വചനം 9,10 :**

وَهَلْ أَتَىٰكَ حَدِيثُ مُوسَىٰٓ ﴿٩﴾

إِذْ رَءَا نَارًا فَقَالَ لِأَهْلِهِ ٱمْكُثُوٓا۟ إِنِّىٓ ءَانَسْتُ نَارًا لَّعَلِّىٓ ءَاتِيكُم مِّنْهَا بِقَبَسٍ أَوْ أَجِدُ عَلَى ٱلنَّارِ هُدًى ﴿١٠﴾

9 (നബിയേ) മൂസായുടെ വർത്തമാനം നിനക്ക് വന്നെത്തിയിട്ടുണ്ടോ?-

10 അതായത്: അദ്ദേഹം ഒരു തീ കണ്ടപ്പോൾ (സംഭവിച്ചത്): അദ്ദേഹം തൻെറ വീട്ടുകാരോട് പറഞ്ഞു: "നിങ്ങൾ (ഇവിടെ) നിൽക്കുക, ഞാൻ ഒരു തീ കണ്ടിരിക്കുന്നു; ഞാൻ നിങ്ങൾക്ക് അതിൽ നിന്ന് ഒരു തീക്കൊള്ളി (കത്തിച്ചെടുത്തു) കൊണ്ടുവന്നേക്കാം, അല്ലെങ്കിൽ തീയിങ്കൽവെച്ച് ഒരു വഴികാട്ടിയെ കണ്ടെത്തിയേക്കാം."

മൂസാ(അ) നബിക്ക് പ്രവാചകത്വവും ദിവ്യ സന്ദേശവും ലഭിക്കുന്നത് മുതൽക്കുള്ള സംഭവങ്ങളാകുന്നു ഇവിടം മുതൽ അടുത്ത ഏതാനും വചനങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ളത്. മദ്‌യനിൽ കുറച്ച് കാലം അഭയാർത്ഥിയായി കഴിഞ്ഞ് കൂടിയ ശേഷം സ്വദേശമായ ഈജിപ്തിലേക്ക് ഭാര്യാസമേതം മടങ്ങവേ സീനാ താഴ്‌വരയിൽ ഹൊറേബ് എന്ന സ്ഥലത്ത് വെച്ച് ഒരു മരത്തിൽ അദ്ദേഹം തീ കാണുകയുണ്ടായി. തണുപ്പും ഇരുട്ടും നിറഞ്ഞ ആ രാത്രിയിൽ വഴി അറിയാതെ ബുദ്ധിമുട്ടിയിരുന്ന അവർക്ക് ആ തീ വളരെയധികം ആശ്വാസം പ്രദാനം ചെയ്യുകയുണ്ടായി. മൂസാ(അ) വീട്ടുകാരെ വഴിയിൽ നിർത്തി ആ തീ കണ്ട സ്ഥലത്തേക്ക് പോയി.

**വചനം 11,12,13,14,15,16 :**

فَلَمَّآ أَتَىٰهَا نُودِىَ يَٰمُوسَىٰٓ ﴿١١﴾

إِنِّىٓ أَنَا۠ رَبُّكَ فَٱخْلَعْ نَعْلَيْكَ ۖ إِنَّكَ بِٱلْوَادِ ٱلْمُقَدَّسِ طُوًى ﴿١٢﴾

وَأَنَا ٱخْتَرْتُكَ فَٱسْتَمِعْ لِمَا يُوحَىٰٓ ﴿١٣﴾

إِنَّنِىٓ أَنَا ٱللَّهُ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعْبُدْنِى وَأَقِمِ ٱلصَّلَوٰةَ لِذِكْرِىٓ ﴿١٤﴾

11 അങ്ങനെ, അദ്ദേഹം അതിനടുത്ത് ചെന്നപ്പോൾ, (ഇപ്രകാരം) വിളിച്ചു പറയപ്പെട്ടു: "ഹേ, മൂസാ!-

12 "ഞാനത്രെ നിൻെറ റബ്ബ്! ആകയാൽ, നീ നിൻെറ ചെരിപ്പുകൾ (രണ്ടും) അഴിച്ചുവെക്കുക; നിശ്ചയമായും, നീ 'ത്വുവാ' എന്ന പരിശുദ്ധ താഴ്‌വരയിലാകുന്നു.

13 (എൻെറ ദൗത്യത്തിനും സംഭാഷണത്തിനും) ഞാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു; അതിനാൽ, `വഹ്‌യു' (ബോധനം) നൽകപ്പെടുന്നതിനെ ശ്രദ്ധിച്ചുകേൾക്കുക.

14 'നിശ്ചയമായും, ഞാൻ തന്നെയാണ് അല്ലാഹു; ഞാനല്ലാതെ ആരാധ്യനേ ഇല്ല; അതുകൊണ്ട് നീ

എന്നെ(മാത്രം) ആരാധിക്കുക; എന്നെ സ്മരിക്കുന്നതിനുവേണ്ടി നമസ്ക്കാരം നിലനിര്‍ത്തുകയും ചെയ്യുക.

15 ‘നിശ്ചയമായും, അന്ത്യസമയം വരുന്നതാകുന്നു; ഓരോ ആള്‍ക്കും താന്‍ പരിശ്രമിക്കുന്നതിന് പ്രതിഫലം നല്‍കപ്പെടുന്നതിനായി ഞാനത് ഗോപ്യമായി വെക്കുമാറാകുന്നതാണ്.

إِنَّ ٱلسَّاعَةَ ءَاتِيَةٌ أَكَادُ أُخْفِيهَا لِتُجْزَىٰ كُلُّ نَفْسٍۭ بِمَا تَسْعَىٰ ﴿١٥﴾

16 ‘അതിനാല്‍ അതില്‍ വിശ്വസിക്കാതിരിക്കുകയും, തന്നിഷ്ടത്തെ പിന്‍പറ്റുകയും ചെയ്യുന്നവര്‍ അതില്‍നിന്നു നിന്നെ തടഞ്ഞു കളയാതിരുന്നു കൊള്ളട്ടെ; എന്നാല്‍, (തടഞ്ഞാല്‍) നീ നാശമടഞ്ഞുപോകും’

فَلَا يَصُدَّنَّكَ عَنْهَا مَن لَّا يُؤْمِنُ بِهَا وَٱتَّبَعَ هَوَىٰهُ فَتَرْدَىٰ ﴿١٦﴾

അടുത്തെത്തിയപ്പോള്‍ കൊണ്ട്പോരുവാനോ തീ കായുവാനോ പറ്റിയ തീയല്ല മൂസാ(അ) അവിടെ കണ്ടത്. അസത്യത്തെയും ധിക്കാരത്തെയും എരിച്ച് കളയുന്ന ഒരു ദിവ്യ പ്രകാശമായിരുന്നു അത്. അവിടെ വെച്ച് അദ്ദേഹത്തിന് വഹ്‌യ് (ദിവ്യബോധനം) ലഭിക്കുകയും അദ്ദേഹം അല്ലാഹുവിന്റെ റസൂലായി (ദൂതനായി) അവരോധിക്കപ്പെടുകയും ചെയ്തു. തുടര്‍ന്ന് മേല്‍ വചനങ്ങളില്‍ വിവരിച്ച സന്ദേശങ്ങള്‍ അല്ലാഹു അദ്ദേഹത്തിന് നല്‍കുകയും ചെയ്തു.

**വചനം 17,18,19,20,21 :**

17 “നിന്‍റെ വലതുകയ്യില്‍ എന്താണത്-മൂസാ?”

وَمَا تِلْكَ بِيَمِينِكَ يَٰمُوسَىٰ ﴿١٧﴾

18 അദ്ദേഹം പറഞ്ഞു: “അത് എന്‍റെ വടിയാകുന്നു; ഞാനതിന്മേല്‍ (ആശ്വാസത്തിനായി) ഊന്നുകൊള്ളുകയും, അതുകൊണ്ട് എന്‍റെ ആടുകള്‍ക്ക് (ഇല) തച്ചുകൊഴിച്ചു കൊടുക്കുകയും ചെയ്യാറുണ്ട്; എനിക്ക് അതില്‍ വേറെയും ഉപയോഗങ്ങളുണ്ട്.”

قَالَ هِىَ عَصَاىَ أَتَوَكَّؤُا۟ عَلَيْهَا وَأَهُشُّ بِهَا عَلَىٰ غَنَمِى وَلِىَ فِيهَا مَـَٔارِبُ أُخْرَىٰ ﴿١٨﴾

19 അവന്‍ (അല്ലാഹു) പറഞ്ഞു: “അത് ഇടുക -മൂസാ!”

قَالَ أَلْقِهَا يَٰمُوسَىٰ ﴿١٩﴾

20 അങ്ങനെ, അദ്ദേഹം അത് ഇട്ടു; അപ്പോഴതാ, അത് ഓടുന്ന ഒരു പാമ്പാകുന്നു!

فَأَلْقَىٰهَا فَإِذَا هِىَ حَيَّةٌ تَسْعَىٰ ﴿٢٠﴾

21 അവന്‍ (അല്ലാഹു) പറഞ്ഞു: “അത് എടുത്തു കൊള്ളുക-പേടിക്കേണ്ട! നാം അത് അതിന്‍റെ ആദ്യസ്ഥിതിയില്‍ (തന്നെ) ആക്കിത്തീര്‍ക്കും.”

قَالَ خُذْهَا وَلَا تَخَفْ ۖ سَنُعِيدُهَا سِيرَتَهَا ٱلْأُولَىٰ ﴿٢١﴾

തന്റെ കയ്യിലുള്ള വടിയുടെ ഉപയോഗങ്ങള്‍ അല്ലാഹുവിനോട് വിവരിച്ച മൂസാ(അ)നോട് അല്ലാഹു ആ വടി നിലത്തിടുവാന്‍ നിര്‍ദ്ദേശിക്കുന്നു. നിലത്തിടപ്പെട്ട ആ വടി അതാ കുതിച്ചോടുന്ന ഒരു പാമ്പ് ആയിതീരുന്നു. (7:107 ; 26:32 ; എന്നിവിടങ്ങളില്‍ പെരുമ്പാമ്പ് എന്നും , 27:10 ; 28:31 എന്നിവിടങ്ങളില്‍ ഒരു ചെറു സര്‍പ്പം എന്നും പറയപ്പെട്ടിരിക്കുന്നു.) പേടിച്ച് പിന്നോട്ട് മാറിയ മൂസാ(അ)യോട് അല്ലാഹു പറഞ്ഞു: “ പേടിക്കേണ്ട ധൈര്യസമേതം അത് എടുത്ത് കൊള്ളുക, അത് പഴയ വടി തന്നെ ആയി മാറും.”

**വചനം 22,23,24 :**

22 “നിന്‍റെ കൈ നിന്‍റെ പാര്‍ശ്വത്തിലേക്ക് ചേര്‍ത്തുവെക്കുക: എന്നാലത് മറ്റൊരു ദൃഷ്ടാന്തമായിക്കൊണ്ട്- യാതൊരു ദൂഷ്യവും കൂടാതെ -വെളുത്തതായി പുറത്തുവരുന്നതാണ്;-

وَٱضْمُمْ يَدَكَ إِلَىٰ جَنَاحِكَ تَخْرُجْ بَيْضَآءَ مِنْ غَيْرِ سُوٓءٍ ءَايَةً أُخْرَىٰ ﴿٢٢﴾

23 “നമ്മുടെ വലിയ ദൃഷ്ടാന്തങ്ങളില്‍നിന്ന്(ചിലത്) നിനക്ക് കാണിച്ചു തരുവാന്‍വേണ്ടിയത്രെ (അത്).

لِنُرِيَكَ مِنْ ءَايَٰتِنَا ٱلْكُبْرَى ﴿٢٣﴾

24 "നീ ഫിർഔന്റെ അടുക്കലേക്ക് പോകുക; നിശ്ചയമായും അവൻ അതിക്രമിയായിരിക്കുകയാണ്." ٱذْهَبْ إِلَىٰ فِرْعَوْنَ إِنَّهُۥ طَغَىٰ ﴿٢٤﴾

അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം മൂസാ(അ) തന്റെ വലംകൈ ഇടത്തേ കക്ഷത്ത് വെച്ച് തിരിച്ച് എടുത്തപ്പോൾ അത് തനി വെള്ള നിറമായി പ്രകാശിച്ചു. വളരെ ഗൗരവമേറിയ ഒരു കൃത്യം നിർവ്വഹിക്കാനായി മൂസാ(അ) നബിയെ അല്ലാഹു നിയുക്തനാക്കുന്നതിനുള്ള അധികാര പത്രവും ലക്ഷ്യവുമായിട്ടാണ് ഈ അമാനുഷിക ദൃഷ്ടാന്തങ്ങൾ അല്ലാഹു അദ്ദേഹത്തിന് കാണിച്ച് കൊടുത്തത്. ധിക്കാരിയും സ്വേഛാധിപതിയുമായ ഫിർഔനിനെയും അവന്റെ ജനതയെയും സത്യമാർഗ്ഗത്തിലേക്ക് ക്ഷണിക്കുകയെന്ന ദുഷ്കരമായ ദൗത്യമാണ് അല്ലാഹു മൂസാ(അ) നബിയെ ഏൽപിച്ചത്.

## വിഭാഗം : 2

**വചനം 25,26,27,28,29,30,31,32,33,34,35 :**

25 അദ്ദേഹം പറഞ്ഞു; "എന്റെ റബ്ബേ! എന്റെ നെഞ്ച് (ഹൃദയം) എനിക്ക് നീ വിശാലപ്പെടുത്തി ത്തരേണമേ!" قَالَ رَبِّ ٱشْرَحْ لِى صَدْرِى ﴿٢٥﴾

26 "എന്റെ കാര്യം എനിക്ക് എളുപ്പമാക്കിത്തരുകയും ചെയ്യേണമേ!" وَيَسِّرْ لِىٓ أَمْرِى ﴿٢٦﴾

27 "എന്റെ നാവിൽനിന്നും നീ കെട്ടഴിച്ചു തരുകയും ചെയ്യേണമേ!"- وَٱحْلُلْ عُقْدَةً مِّن لِّسَانِى ﴿٢٧﴾

28 "എന്നാലവർ (ജനങ്ങൾ) എന്റെ വാക്ക് ഗ്രഹിച്ചു കൊള്ളും." يَفْقَهُوا۟ قَوْلِى ﴿٢٨﴾

29 "എന്റെ സ്വന്തക്കാരിൽനിന്ന് എനിക്കൊരു `വസീറി'നെ! (സഹായകനെ) നീ നിശ്ചയിച്ചു തരുകയും വേണമേ!-" وَٱجْعَل لِّى وَزِيرًا مِّنْ أَهْلِى ﴿٢٩﴾

30 "അതായത്, എന്റെ സഹോദരൻ ഹാറൂനെ." هَٰرُونَ أَخِى ﴿٣٠﴾

31 "അവനെക്കൊണ്ട് എന്റെ ശക്തി നീ ഉറപ്പിച്ചു തരേണമേ!" ٱشْدُدْ بِهِۦٓ أَزْرِى ﴿٣١﴾

32 "എന്റെ (കൃത്യനിർവ്വഹണ) കാര്യത്തിൽ അവനേയും പങ്കുചേർത്ത് തരേണമേ!" وَأَشْرِكْهُ فِىٓ أَمْرِى ﴿٣٢﴾

33 ഞങ്ങൾ നിനക്ക് സ്തോത്രകീർത്തനം ധാരാളമായി ചെയ്വാനും, كَىْ نُسَبِّحَكَ كَثِيرًا ﴿٣٣﴾

34 "ഞങ്ങൾ നിന്നെ അധികമായി സ്മരിക്കുവാനും വേണ്ടിയാകുന്നു (അത്). وَنَذْكُرَكَ كَثِيرًا ﴿٣٤﴾

35 നിശ്ചയമായും, നീ ഞങ്ങളെപ്പറ്റി കണ്ടറിയുന്നവനാകുന്നു." إِنَّكَ كُنتَ بِنَا بَصِيرًا ﴿٣٥﴾

മൂസാ(അ) നിർവ്വഹിക്കേണ്ടിയിരുന്ന ഉത്തരവാദിത്തപ്പെട്ട ചുമതല ശരിയാംവണ്ണം നിർവ്വഹിക്കുവാൻ ആവശ്യമായ സവിശേഷ ഗുണങ്ങളും സഹായവും തനിക്ക് പ്രദാനം ചെയ്യപ്പെടാനായി അദ്ദേഹം അല്ലാഹുവിനോട് മേൽപ്രകാരം പ്രാർത്ഥിച്ചു.

ഹൃദയവികാസം ലഭിക്കുന്നത് ആന്തരികമായ സഹായ സിദ്ധിയാണെങ്കിൽ കാര്യം എളുപ്പമാക്കി കിട്ടുകയെന്നത് ബാഹ്യമായ സഹായത്തെ സൂചിപ്പിക്കുന്നു. മൂസാ(അ) നബിയുടെ നാവിലുള്ള കെട്ട് എന്ന് പറഞ്ഞത് ചെറുപ്പ കാലത്ത് നാവിൽ പൊള്ളലേറ്റത് മൂലമുണ്ടായ ബുദ്ധിമുട്ടാണെന്നാണ് ചില മുഫസ്സിറുകളുടെ അഭിപ്രായം. തന്നേക്കാൾ സംസാര വൈഭവം ഉള്ള സ്വസഹോദരൻ ഹാറൂൻ(അ)നെ തന്റെ സഹായകനായി നിശ്ചയിച്ച് തരുവാനും മൂസാ(അ) അല്ലാഹുവിനോട് അപേക്ഷിച്ചു.

"എന്റെ സഹോദരൻ എന്നേക്കാൾ വ്യക്തമായി സംസാരിക്കുന്നവനാണ് "(സൂ: ഖസസ് : 34); "എനിക്ക് സംസാര വൈഭവം ഉണ്ടാകാതിരിക്കുകയും ചെയ്തേക്കാം" (സൂ: ശുഅറാഅ് : 13) എന്നീ മൂസാ(അ) നബിയുടെ പ്രസ്താവനകളും അദ്ദേഹത്തെ പറ്റി ഫിർഔൻ ഒരിക്കൽ പറഞ്ഞു. "അവൻ വ്യക്തമായി സംസാരിക്കുകയു മില്ല" (സൂ : സുഖ്റുഫ് : 52) എന്ന വാചകവും ഇത്തരുണത്തിൽ ശ്രദ്ധേയമാകുന്നു.

**വചനം 36,37,38,39 :**

قَالَ قَدْ أُوتِيتَ سُؤْلَكَ يَٰمُوسَىٰ ﴿٣٦﴾

وَلَقَدْ مَنَنَّا عَلَيْكَ مَرَّةً أُخْرَىٰٓ ﴿٣٧﴾

إِذْ أَوْحَيْنَآ إِلَىٰٓ أُمِّكَ مَا يُوحَىٰٓ ﴿٣٨﴾

أَنِ ٱقْذِفِيهِ فِى ٱلتَّابُوتِ فَٱقْذِفِيهِ فِى ٱلْيَمِّ فَلْيُلْقِهِ ٱلْيَمُّ بِٱلسَّاحِلِ يَأْخُذْهُ عَدُوٌّ لِّى وَعَدُوٌّ لَّهُۥ ۚ وَأَلْقَيْتُ عَلَيْكَ مَحَبَّةً مِّنِّى وَلِتُصْنَعَ عَلَىٰ عَيْنِىٓ ﴿٣٩﴾

36 അവൻ പറഞ്ഞു: "മൂസാ! നീ ചോദിച്ചത് നിനക്ക് നൽകപ്പെട്ടിരിക്കുന്നു.

37 തീർച്ചയായും, മറ്റൊരു പ്രാവശ്യവും നാം നിനക്ക് അനുഗ്രഹം ചെയ്തു തന്നിട്ടുണ്ട്:-

38 അതായത്: നിൻെറ മാതാവിന് ബോധനം നൽകപ്പെടേണ്ടത് നാം ബോധനം നൽകിയപ്പോൾ:-

39 (എന്നുവെച്ചാൽ) "നീ അവനെ പെട്ടിയിലിട്ട് നദിയിൽ ഇട്ടേക്കുക:- എന്നിട്ട്, നദി അവനെ കരയിലിട്ടുകൊള്ളട്ടെ-എനിക്ക് ശത്രുവും, അവന് ശത്രുവുമായുള്ള ഒരാൾ അവനെ എടുത്തു കൊള്ളും" എന്ന്. എൻെറ പക്കൽനിന്നുള്ള ഒരു സ്നേഹം നിൻെറ മേൽ ഞാൻ ഇട്ടുതരികയും ചെയ്തു; എൻെറ നോട്ടത്തിലായി, നിന്നെ (വളർത്തി) ഉണ്ടാക്കുവാൻവേണ്ടിയുമാണ് (അതെല്ലാം).

മൂസാ(അ)നബിയുടെ പ്രാർത്ഥനകളെല്ലാം അല്ലാഹു സ്വീകരിച്ചു. മാത്രമല്ല മുമ്പും അല്ലാഹു അദ്ദേഹത്തിന് ചെയ്ത് കൊടുത്ത അനുഗ്രഹങ്ങളെ പറ്റി അനുസ്മരിപ്പിക്കുകയും ചെയ്യുന്നു.

യഅ്ഖൂബ് നബി(അ)ന്റെ പന്ത്രണ്ടു മക്കൾ വഴിക്കുള്ള ബനൂ ഇസ്രാഈൽ സന്താന പരമ്പരകളിൽപ്പെട്ടവർ ഖിബ്ത്വീ വംശത്തിൽപ്പെട്ട ഫിർഔൻന്റെ ഭരണത്തിൽ അടിമകളേക്കാൾ മോശപ്പെട്ട നിലയിലാണ് കഴിഞ്ഞ് കൂടിയിരുന്നത്. ഇസ്രാഈല്യർ ശക്തി പ്രാപിക്കുന്നത് തടയുന്നതിനായി അവരിൽ ജനിക്കുന്ന ആൺകുട്ടികളെ ഒന്നടങ്കം കൊന്ന്കളയാൻ രാജാവ് കൽപന നൽകിയിരുന്ന കാലത്താണ് മൂസാ(അ) നബിയുടെ ജനനം. കുട്ടിയെ ഒരു പെട്ടിയിലാക്കി നൈൽ നദിയിലൂടെ ഒഴുക്കുവാൻ അല്ലാഹു മൂസാ(അ) നബിയുടെ മാതാവിന് നിർദ്ദേശം നൽകി. അല്ലാഹുവിന്റെ തീരുമാനപ്രകാരം ആ പെട്ടി ഫിർഔൻന്റെ കൊട്ടാരത്തിനരികിൽ നദിയുടെ കരക്കടിയുകയും ആ സുന്ദര ശിശുവിനെ രാജകീയ ലാളനയോടെ കൊട്ടാരത്തിൽ വളർത്തുവാൻ രാജാവ് ഉത്തരവിടുകയും ചെയ്തു.

**വചനം 40,41 :**

إِذْ تَمْشِىٓ أُخْتُكَ فَتَقُولُ هَلْ أَدُلُّكُمْ عَلَىٰ مَن يَكْفُلُهُۥ ۖ فَرَجَعْنَٰكَ إِلَىٰٓ أُمِّكَ كَىْ تَقَرَّ عَيْنُهَا وَلَا تَحْزَنَ ۚ وَقَتَلْتَ نَفْسًا فَنَجَّيْنَٰكَ مِنَ ٱلْغَمِّ وَفَتَنَّٰكَ فُتُونًا ۚ فَلَبِثْتَ سِنِينَ فِىٓ أَهْلِ مَدْيَنَ ثُمَّ جِئْتَ عَلَىٰ قَدَرٍ يَٰمُوسَىٰ ﴿٤٠﴾

40 നിൻെറ സഹോദരി നടന്നുവരികയും, എന്നിട്ട്: "ഇവനെ ഏറ്റെടുക്കത്തക്ക ഒരാളെക്കുറിച്ചു ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടയോ?" എന്ന് പറയുകയും ചെയ്ത സന്ദർഭം (ഓർക്കുക)! അങ്ങനെ, നിൻെറ മാതാവിങ്കലേക്ക്- അവൾ കണ്ണുകുളുർക്കുവാനും, വ്യസനിക്കാതിരിക്കുവാനുംവേണ്ടി-നിന്നെ നാം മടക്കിക്കൊണ്ടുവന്നു. നീ ഒരാളെ കൊല്ലുകയുണ്ടായി; എന്നിട്ട്; (ആ) ദുഃഖത്തിൽനിന്നു നിന്നെ നാം രക്ഷപ്പെടുത്തി; പല (വിധ) പരീക്ഷണങ്ങളും നിന്നെ നാം പരീക്ഷിക്കുകയും ചെയ്തു; അങ്ങനെ നീ മദ്‌യൻകാരുടെ കൂട്ടത്തിൽ കുറേ കൊല്ലങ്ങൾ താമസിച്ചു; പിന്നെ, ഒരു നിശ്ചയപ്രകാരം നീ (ഇതാ) വന്നിരിക്കുന്നു-ഹേ, മൂസാ!

41 എൻെറ സ്വന്തം കാര്യത്തിന്നു (ദൗത്യത്തിനു) വേണ്ടി ഞാൻ നിന്നെ തിരഞ്ഞെടുത്തുണ്ടാക്കി യിരിക്കുകയാണ്.''

وَٱصۡطَنَعۡتُكَ لِنَفۡسِي ٤١

നദിയിലെറിയപ്പെട്ട കുഞ്ഞിന്റെ സ്ഥിതി അറിയാൻ നിയോഗിക്കപ്പെട്ട കുട്ടിയുടെ സഹോദരി കൊട്ടാര ത്തിലെത്തുകയും കുട്ടി ആരുടെയും മുല കുടിക്കാൻ വിസമ്മതിച്ച സാഹചര്യം മുതലാക്കി കൊണ്ട് കുട്ടിയുടെ ഉമ്മയെ തന്നെ കുട്ടിയെ വളർത്താനായി കൊട്ടാരത്തിലെത്തിക്കുകയും ചെയ്തു. അങ്ങനെ അല്ലാഹു ആ ശിശു വിനെ വളർത്തുവാൻ സ്വമാതാവിന് തന്നെ അവസരം നൽകുകയും ചെയ്തു.

മൂസാ(അ) നബിക്ക് അല്ലാഹു നൽകിയ മറ്റ് അനുഗ്രഹങ്ങളെയും അല്ലാഹു ഓർമ്മിപ്പിക്കുന്നു.

ഒരു യുവാവായിരുന്ന കാലത്ത് മൂസാ(അ) ഒരു ഇസ്രാഈലിയും ഒരു ഖിബ്ത്തിയും തമ്മിൽ നടന്ന ശണ്ഠയിൽ ഇടപെടുകയും അദ്ദേഹത്തിന്റെ അടിയേറ്റ ഖിബ്ത്തി മരണപ്പെടുകയും ചെയ്തു. അതേതുടർന്ന് മൂസാ(അ) വധിക്കപ്പെടുമെന്ന ഘട്ടത്തിൽ അദ്ദേഹം നാട് വിടുകയും അനേകം ക്ലേശങ്ങൾ സഹിച്ച് കൊണ്ട് ഫല സ്തീനിൽ ശുഐബ്(അ) നബിയുടെ രാജ്യമായ മദ്‌യനിൽ എത്തുകയും ചെയ്തു. അവിടെ ഒരു മാന്യ വൃദ്ധന്റെ വീട്ടിൽ താമസിക്കുകയും, എട്ട് പത്ത് കൊല്ലം തന്റെ ആടുകളെ മേച്ച് കൊടുക്കാമെന്ന വ്യവസ്ഥയിൽ അദ്ദേഹ ത്തിന്റെ ഒരു മകളെ വിവാഹം കഴിക്കുകയും ചെയ്തു. കരാർ പൂർത്തിയാക്കിയ ശേഷം സ്വരാജ്യത്തേക്ക് തിരിച്ച് പോകുന്ന വേളയിലാണ് അദ്ദേഹത്തിന് പ്രവാചകത്വം ലഭിച്ചതും അല്ലാഹുവുമായി സംഭഷണം നടത്താൻ അവ സരം ലഭിച്ചതും.

ഇങ്ങനെയുള്ള പല വിധ പരീക്ഷണങ്ങളും അനുഗ്രഹങ്ങളും വഴി, മൂസാ(അ) നബിക്ക് പക്വതയും കാര്യക്ഷമതയും കൈവരിച്ചതിന് ശേഷം യുക്തമായ പ്രായവും എത്തിയതിന് ശേഷമാണ് അല്ലാഹു അദ്ദേഹത്തെ നബിയായും റസൂലായും നിയോഗിച്ചത്.

**വചനം 42,43,44,45,46 :**

42 ''നീയും, നിൻെറ സഹോദരനും എൻെറ ദൃഷ്ടാന്തങ്ങളുമായി പോകുക; എന്നെ സ്മരി ക്കുന്നതിൽ നിങ്ങൾ അമാന്തിക്കരുത്.

ٱذۡهَبۡ أَنتَ وَأَخُوكَ بِـَٔايَٰتِي وَلَا تَنِيَا فِي ذِكۡرِي ٤٢

43 നിങ്ങൾ (രണ്ടുപേരും) ഫിർഔൻെറ അടുക്ക ലേക്ക് പോയിക്കൊള്ളുക; നിശ്ചയമായും അവൻ അതിക്രമിയായിരിക്കുന്നു;

ٱذۡهَبَآ إِلَىٰ فِرۡعَوۡنَ إِنَّهُۥ طَغَىٰ ٤٣

44 ''എന്നിട്ട്, നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക; അവൻ ഉപദേശം സ്വീകരിക്കുകയോ, അല്ലാത്തപക്ഷം ഭയപ്പെടുകയോ, ചെയ്തേക്കാം.''

فَقُولَا لَهُۥ قَوۡلٗا لَّيِّنٗا لَّعَلَّهُۥ يَتَذَكَّرُ أَوۡ يَخۡشَىٰ ٤٤

45 അവർ പറഞ്ഞു: ''ഞങ്ങളുടെ റബ്ബേ! അവൻ ഞങ്ങളുടെ മേൽ അവിവേകം പ്രവർത്തിക്കു കയോ, അതിക്രമിക്കുകയോ ചെയ്തു കളയു മെന്ന് ഞങ്ങൾ ഭയപ്പെടുന്നു.''

قَالَا رَبَّنَآ إِنَّنَا نَخَافُ أَن يَفۡرُطَ عَلَيۡنَآ أَوۡ أَن يَطۡغَىٰ ٤٥

46 അവൻ (അല്ലാഹു) പറഞ്ഞു: ''നിങ്ങൾ പേടി ക്കേണ്ട! നിശ്ചയമായും ഞാൻ നിങ്ങളുടെ കൂടെയുണ്ട്;– ഞാൻ കേൾക്കുകയും, കാണുക യും ചെയ്യും.''

قَالَ لَا تَخَافَآۖ إِنَّنِي مَعَكُمَآ أَسۡمَعُ وَأَرَىٰ ٤٦

പ്രബോധനം നടത്താനുള്ള ദൗത്യം ഏൽപ്പിച്ചതിന് ശേഷം പ്രബോധന മാർഗ്ഗത്തിൽ സ്വീകരിക്കേണ്ട ഒരു പ്രധാന നയതന്ത്രം 44–ാം വചനത്തിൽ അല്ലാഹു മൂസാ(അ) നബിയോടും ഹാറൂൻ(അ) നബിയോടും ഉപദേ ശിക്കുന്നു – ഫിർഔൻനോട് സംസാരിക്കുന്നതും ഉപദേശിക്കുന്നതുമെല്ലാം സൗമ്യമായ ഭാഷയിലായിരിക്കണം എന്ന്. ഫിർഔൻ ഉപദേശം സ്വീകരിക്കുകയുണ്ടായില്ലെങ്കിലും അയാൾ ഭയപ്പെട്ട് പോയി. അതിക്രമിയായ ഫിർ ഔൻ വല്ല അവിവേകവും പ്രവർത്തിച്ചേക്കുമോ എന്ന് പ്രവാചകൻമാർ ഭയം പ്രകടിപ്പിച്ചപ്പോൾ ''നിശ്ചയമായും ഞാൻ നിങ്ങളുടെ കൂടെയുണ്ട്, ഞാൻ എല്ലാം കേൾക്കുകയും കാണുകയും ചെയ്യുന്നതാണ് '' എന്ന് അല്ലാഹു അവരെ സമാധാനിപ്പിക്കുന്നു.

**വചനം 47,48 :**

فَأْتِيَاهُ فَقُولَآ إِنَّا رَسُولَا رَبِّكَ فَأَرْسِلْ
مَعَنَا بَنِىٓ إِسْرَٰٓءِيلَ وَلَا تُعَذِّبْهُمْ ۖ قَدْ
جِئْنَٰكَ بِـَٔايَةٍ مِّن رَّبِّكَ ۖ وَٱلسَّلَٰمُ عَلَىٰ
مَنِ ٱتَّبَعَ ٱلْهُدَىٰٓ ﴿٤٧﴾
إِنَّا قَدْ أُوحِىَ إِلَيْنَآ أَنَّ ٱلْعَذَابَ عَلَىٰ مَن
كَذَّبَ وَتَوَلَّىٰ ﴿٤٨﴾

47 ഇനി, നിങ്ങൾ അവൻെറ അടുക്കൽ ചെന്നിട്ടു പറയണം: "ഞങ്ങൾ നിൻെറ റബ്ബിൻെറ ദൂതൻ മാരാണ്; അതുകൊണ്ട് ഇസ്രാഈൽ സന്തതി കളെ നീ ഞങ്ങളുടെ കൂടെ വിട്ടയച്ചുതരണം; നീ അവരെ യാതന ഏല്പിക്കരുത്;- നിൻെറ റബ്ബിൻെറ പക്കൽനിന്നുള്ള ദൃഷ്ടാന്തവും കൊണ്ടത്രെ ഞങ്ങൾ നിൻെറ അടുക്കൽ വന്നിട്ടുള്ളത്. സമാധാനശാന്തി (രക്ഷ), സൻ മാർഗ്ഗത്തെ പിൻതുടർന്നവർക്കായിരിക്കും.

48 നിശ്ചയമായും ഞങ്ങൾക്ക് `വഹ്‌യ്' (ബോധനം) നൽകപ്പെട്ടിരിക്കുന്നു: വ്യാജമാക്കി പിൻമാറി ക്കളയുന്നവർക്കാണ് ശിക്ഷയുള്ളതെന്ന്.

മൂസാ(അ)നബിയുടെ നിയോഗ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒരു കാര്യമായിരുന്നു ഇസ്രാഈൽ സന്ത തികളെ ഖിബ്ത്തികളുടെ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ച് അവരുടെ പൂർവ്വ ദേശമായ ഫലസതീനിലേക്ക് തിരിച്ചെത്തിക്കുക എന്നത്. അത്കൊണ്ടാണ് ഫലസ്തീൻ രാജ്യത്തിന് `വാഗ്ദത്ത ഭൂമി' എന്ന് പറയപ്പെടുന്നത്. (ഈ മോചന കാര്യത്തെ കുറിച്ച് സൂ: ഖസസ്: 5-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിട്ടുള്ളത് നോക്കുക)

അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം ഫിർഔൻനോട് തങ്ങളുടെ ആഗമനോദ്ദേശം ആ നബിമാർ സധൈര്യം വെളിപ്പെടുത്തിയപ്പോൾ ഗർവ്വിഷ്ഠനായ ഫിർഔൻ അത്യന്തം കോപാകുലനായി. " ഞങ്ങൾ നിന്റെ റബ്ബിന്റെ ദൂതൻമാരാണ് " എന്നവർ പറഞ്ഞത് അയാൾക്കൊട്ടും ഇഷ്ടപ്പെട്ടില്ല.

**വചനം 49,50 :**

قَالَ فَمَن رَّبُّكُمَا يَٰمُوسَىٰ ﴿٤٩﴾
قَالَ رَبُّنَا ٱلَّذِىٓ أَعْطَىٰ كُلَّ شَىْءٍ خَلْقَهُۥ
ثُمَّ هَدَىٰ ﴿٥٠﴾

49 അവൻ ചോദിച്ചു: "എന്നാൽ നിങ്ങളുടെ (രണ്ടാളുടെയും) റബ്ബ് ആരാകുന്നു- ഹേ, മൂസാ!?"

50 അദ്ദേഹം (മൂസാ) പറഞ്ഞു: "ഞങ്ങളുടെ റബ്ബ്, എല്ലാവസ്തുവിനും അതതിൻെറ സൃഷ്ടി (പ്രകൃതരൂപം) കൊടുക്കുകയും, അനന്തരം (വേണ്ടുന്ന) മാർഗ്ഗദർശനം നൽകുകയും ചെയ്തവനാകുന്നു."

ഫിർഔൻ രോഷാകുലനായി മൂസാ(അ) നബിയോട് ചോദിച്ചു: " ആരാകുന്നു നിങ്ങളുടെ രണ്ടാളുകളു ടെയും റബ്ബ് " "ഞാനല്ലാതെ നിങ്ങൾക്കൊരു റബ്ബോ" എന്നായിരുന്നു അയാളുടെ ആ ചോദ്യത്തിന്റെ ധ്വനി.

ആ ചോദ്യത്തിന് മൂസാ(അ) നൽകിയ മറുപടി (50-ാം വചനം) അങ്ങേയറ്റം അർത്ഥഗർഭവും, തത്വസാര പൂർണ്ണവും സൃഷ്ടി ലോകങ്ങളോളം വലുപ്പവും വ്യാപ്തിയും വരുന്ന ഒന്നായിരുന്നു. ഓരോ സൃഷ്ടിക്കും അതിന്റെ അസ്തിത്വം നൽകുകയും ഓരോന്നിന്റെയും നിലനിൽപിനും ജീവിതോദ്ദേശ സഫലീകരണത്തിനും വേണ്ട സഹ ജബോധവും, ആന്തരശക്തിയും അവയവഘടനയും പ്രദാനം ചെയ്യുകയും ചെയ്ത ഏക മഹാശക്തി ഏതാകു ന്നുവോ അവനാകുന്നു എന്റെ റബ്ബ് എന്നായിരുന്നു മൂസാ(അ)ന്റെ മറുപടി.

**വചനം 51,52 :**

قَالَ فَمَا بَالُ ٱلْقُرُونِ ٱلْأُولَىٰ ﴿٥١﴾
قَالَ عِلْمُهَا عِندَ رَبِّى فِى كِتَٰبٍ ۖ لَّا يَضِلُّ
رَبِّى وَلَا يَنسَى ﴿٥٢﴾

51 അവൻ ചോദിച്ചു: "(ശരി) എന്നാൽ, മുൻതലമുറ കളുടെ നില എന്താണ്?"

52 അദ്ദേഹം പറഞ്ഞു: "അവയെ സംബന്ധിച്ചുള്ള അറിവ് എൻെറ റബ്ബിൻെറ അടുക്കൽ ഒരു ഗ്രന്ഥത്തിലുണ്ട്;- എൻെറ റബ്ബ് പിഴച്ചുപോക യില്ല, അവൻ മറന്നുപോകയുമില്ല."

മൂസാ(അ) നബിയുടെ മറുപടിക്കു മുമ്പിൽ ഉത്തരം മുട്ടിയ ഫിർഔൻ മറ്റൊരു ചോദ്യം ഉന്നയിച്ച് കൊണ്ട് തന്റെ മർക്കട മുഷ്ടി പ്രകടമാക്കി :- നിങ്ങളീ പറയുന്ന ദൈവത്തെകുറിച്ച് അറിഞ്ഞിട്ടും വിശ്വസിച്ചിട്ടും ഇല്ലാത്ത ഞങ്ങളുടെ പൂർവ്വികൻമാരൊക്കെയും തന്നെ പിഴച്ചവരാണെന്നാണോ നിങ്ങൾ പറയുന്നത് ?

ഈ ചോദ്യത്തിന് മൂസാ(അ)നബി ഇപ്രകാരം മറുപടി പറഞ്ഞു "അവരുടെ എല്ലാ സ്ഥിതി ഗതികളും അല്ലാഹുവിന് നന്നായി അറിയാം. അതെല്ലാം അവന്റെ ഗ്രന്ഥത്തിൽ വ്യക്തമായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. മറവിയോ പിഴവോ പിണയാത്ത റബ്ബ് ഓരോരുത്തർക്കും അവരുടെ പ്രവർത്തനങ്ങൾക്കനുസരിച്ച് തക്കതായ പ്രതിഫലം കൊടുക്കുന്നതാണ്."

മൂസാ(അ) നബിയുടെ മറുപടിയിൽ അടങ്ങിയ തത്വം സൂ: അൽബഖറ: 134,141 വചനങ്ങളിൽ അല്ലാഹു ആവർത്തിച്ച് വ്യക്തമാക്കിയിരിക്കുന്നു.

" അത് കഴിഞ്ഞ് പോയ ഒരു സമുദായമാകുന്നു അവർ പ്രവർത്തിച്ചതിന്റെ ഫലം അവർക്കാകുന്നു, നിങ്ങൾ പ്രവർത്തിച്ചതിന്റെ ഫലം നിങ്ങൾക്കും . അവർ പ്രവർത്തിച്ചിരുന്നതിനെ പറ്റി നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതല്ല."

**വചനം 53,54,55 :**

ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ مَهْدًا وَسَلَكَ لَكُمْ فِيهَا سُبُلًا وَأَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَخْرَجْنَا بِهِۦٓ أَزْوَٰجًا مِّن نَّبَاتٍ شَتَّىٰ ﴿٥٣﴾

53 ഭൂമിയെ നിങ്ങൾക്ക് തൊട്ടിലാക്കിത്തരികയും, അതിൽ നിങ്ങൾക്ക് (പലവിധ) വഴികൾ ഏർപ്പെടുത്തിത്തരികയും, ആകാശത്തുനിന്ന് (മഴ) വെള്ളം ഇറക്കിത്തരികയും ചെയ്തിട്ടുള്ളവനത്രെ (അവൻ). എന്നിട്ട്, അതുമൂലം നാം (അല്ലാഹു) വിഭിന്നങ്ങളായ സസ്യങ്ങളിൽ നിന്നും പല ഇണകൾ (ജാതികൾ) ഉല്പാദിപ്പിച്ചിരിക്കുന്നു.

كُلُوا۟ وَٱرْعَوْا۟ أَنْعَـٰمَكُمْ ۗ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّأُو۟لِى ٱلنُّهَىٰ ﴿٥٤﴾

54 (മനുഷ്യരേ) നിങ്ങൾ തിന്നുകൊള്ളുക! നിങ്ങളുടെ കന്നുകാലികളെ മേയിക്കുകയും ചെയ്യുക! നിശ്ചയമായും, അതിൽ ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.

**വിഭാഗം : 3**

۞ مِنْهَا خَلَقْنَـٰكُمْ وَفِيهَا نُعِيدُكُمْ وَمِنْهَا نُخْرِجُكُمْ تَارَةً أُخْرَىٰ ﴿٥٥﴾

55 അതിൽ (ഭൂമിയിൽ) നിന്നുതന്നെ നിങ്ങളെ നാം സൃഷ്ടിച്ചു, അതിൽതന്നെ നിങ്ങളെ നാം മടക്കുന്നു, അതിൽ നിന്നുതന്നെ മറ്റൊരു പ്രാവശ്യം നിങ്ങളെ നാം പുറത്തുകൊണ്ടുവരുകയും ചെയ്യും.

"നിങ്ങളുടെ രണ്ടാളുടെയും റബ്ബ് ആരാകുന്നു" എന്ന ഫിർഔന്റെ ആദ്യ ചോദ്യത്തിന് മൂസാ (അ) നബി നൽകിയ മറുപടിക്ക് അല്ലാഹു ഈ വചനങ്ങളിലൂടെ വിശദീകരണം നൽകുന്നു. എല്ലാവരും നിത്യവും കണ്ടനുഭവിച്ച് കൊണ്ടിരിക്കുന്നതും ബുദ്ധിയുള്ളവർക്ക് ചിന്തിച്ച് മനസ്സിലാക്കാവുന്നതുമായ ചില ദൃഷ്ടാന്തങ്ങളാണ് അല്ലാഹു ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. അല്ലാഹുവിന്റെ അസ്തിത്വ ത്തിനും അവനാണ് സൃഷ്ടാവും, ആരാധ്യനും, രക്ഷിതാവും എന്നതിനും ആ ദൃഷ്ടാന്തങ്ങളോരോന്നും സാക്ഷ്യം വഹിക്കുന്നു.

**വചനം 56,57,58,59 :**

وَلَقَدْ أَرَيْنَـٰهُ ءَايَـٰتِنَا كُلَّهَا فَكَذَّبَ وَأَبَىٰ ﴿٥٦﴾

56 അവന് (ഫിർഔനിനു) നാം നമ്മുടെ ദൃഷ്ടാന്തങ്ങളെല്ലാം തീർച്ചയായും കാണിച്ചുകൊടുത്തു; എന്നിട്ടും, അവൻ വ്യാജമാക്കുകയും വിസമ്മതിക്കുകയും ചെയ്തു.

قَالَ أَجِئْتَنَا لِتُخْرِجَنَا مِنْ أَرْضِنَا بِسِحْرِكَ يَـٰمُوسَىٰ ﴿٥٧﴾

57 അവൻ (മൂസായോടു) പറഞ്ഞു: "ഞങ്ങളുടെ നാട്ടിൽനിന്നു നിൻെറ ജാലവിദ്യകൊണ്ട് ഞങ്ങളെ പുറത്താക്കുവാൻ വേണ്ടി, നീ

ഞങ്ങളുടെ അടുക്കൽ വന്നിരിക്കുകയാണോ- മൂസാ?!

58 എന്നാൽ, നിശ്ചയമായും ഇതേമാതിരിയുള്ള ജാലവിദ്യ നിൻെറ അടുക്കൽ ഞങ്ങളും കൊണ്ടുവരാം! ആകയാൽ, ഞങ്ങളുടെയും നിൻെറയും ഇടയ്ക്ക് (മത്സരപരീക്ഷക്കായി) ഒരു നിശ്ചയം ഏർപ്പെടുത്തുക! ഞങ്ങളാകട്ടെ, നീയാകട്ടെ, അത് ലംഘിക്കാവതല്ല-മദ്ധ്യമമായ (ശരിയായ) ഒരു സ്ഥലത്തുവെച്ച് (ആയിരിക്കണം).''

فَلَنَأْتِيَنَّكَ بِسِحْرٍ مِّثْلِهِۦ فَٱجْعَلْ بَيْنَنَا وَبَيْنَكَ مَوْعِدًا لَّا نُخْلِفُهُۥ نَحْنُ وَلَآ أَنتَ مَكَانًا سُوًى ﴿٥٨﴾

59 അദ്ദേഹം പറഞ്ഞു: ''നിങ്ങളോട് നിശ്ചയിക്കുന്നത് ഉൽസവദിവസമെന്നും, ഇളയുച്ചസമയത്ത് ജനങ്ങൾ ഒരുമിച്ചുകൂട്ടപ്പെടണമെന്നും ആകുന്നു.''

قَالَ مَوْعِدُكُمْ يَوْمُ ٱلزِّينَةِ وَأَن يُحْشَرَ ٱلنَّاسُ ضُحًى ﴿٥٩﴾

ചിന്തിക്കുവാനും വിശ്വസിക്കുവാനും ആവശ്യമായ തെളിവുകളെല്ലാം അവർ ഫിർഔനിന്റെ മുമ്പിൽ വെച്ചു. വടിയുടെയും കൈയിന്റെയും ദൃഷ്ടാന്തങ്ങളും മൂസാ(അ) നബി കാണിച്ച് കൊടുത്തു. എന്നാൽ അതെല്ലാം നിഷേധിച്ച് കൊണ്ടും വ്യാജമാക്കികൊണ്ടും ഫിർഔൻ ഇപ്രകാരം ജൽപിച്ചു :

''നിന്റെ ജാലവിദ്യ ഉപയോഗിച്ച് ഞങ്ങളെ ഞങ്ങളുടെ നാട്ടിൽ നിന്നും പുറത്താക്കുവാൻ വേണ്ടിയാണോ, ഇസ്രാഈല്യരെ മോചിപ്പിക്കാനെന്ന പേരിൽ നീ വന്നിരിക്കുന്നത് - നീ കാണിച്ചത് പോലെയുള്ള ജാലവിദ്യ ഞങ്ങളും കാണിച്ച് തരാം. ''

തുടർന്ന് ഒരു മത്സര പരീക്ഷക്കായി മൂസാ(അ) നബിയെ ഫിർഔൻ വെല്ലുവിളിക്കുകയും ആയത് നാട്ടിലെ അടുത്ത ഉത്സവ ദിവസം പൂർവാഹ്നസമയത്ത് ഒരു പൊതു സ്ഥലത്ത് വെച്ച് നടത്തുവാൻ അവർ തീരുമാനിക്കുകയും ചെയ്തു.

**വചനം 60 :**

60 അങ്ങനെ, ഫിർഔൻ തിരിഞ്ഞുപോയി; എന്നിട്ട് തൻെറ തന്ത്രങ്ങൾ ശേഖരിച്ചു; പിന്നീട്, അവൻ (നിശ്ചയ പ്രകാരം) വന്നു.

فَتَوَلَّىٰ فِرْعَوْنُ فَجَمَعَ كَيْدَهُۥ ثُمَّ أَتَىٰ ﴿٦٠﴾

ഫിർഔൻ സമർത്ഥന്മാരായ ജാലവിദ്യക്കാരെ ഒരുമിച്ച് കൂട്ടുകയും അവർക്ക് വമ്പിച്ച പ്രതിഫലങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു. കാണികളായി അനേകം ജനങ്ങളും വിളിച്ച് കൂട്ടപ്പെട്ടു. (കൂടുതൽ വിവരങ്ങൾ സൂ: ശുഅറാഅ്ൽ കാണാം.)

**വചനം 61,62 :**

61 മൂസാ അവരോട് പറഞ്ഞു: ''നിങ്ങളുടെ നാശം! നിങ്ങൾ അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമച്ചുണ്ടാക്കരുത്; അവൻ വല്ല ശിക്ഷയും കൊണ്ട് നിങ്ങളെ ഉൻമൂലനം ചെയ്തുകളഞ്ഞേക്കും. കെട്ടിച്ചമച്ചുണ്ടാക്കുന്നവൻ ആരോ അവൻ, തീർച്ചയായും പരാജയപ്പെടുന്നതാണ്.''

قَالَ لَهُم مُّوسَىٰ وَيْلَكُمْ لَا تَفْتَرُوا۟ عَلَى ٱللَّهِ كَذِبًا فَيُسْحِتَكُم بِعَذَابٍ ۖ وَقَدْ خَابَ مَنِ ٱفْتَرَىٰ ﴿٦١﴾

62 അപ്പോൾ, അവർ തമ്മിൽ തങ്ങളുടെ കാര്യത്തിൽ ഭിന്നാഭിപ്രായത്തിലായി; അവർ രഹസ്യമായി ഗൂഢസംസാരം നടത്തുകയും ചെയ്തു.

فَتَنَٰزَعُوٓا۟ أَمْرَهُم بَيْنَهُمْ وَأَسَرُّوا۟ ٱلنَّجْوَىٰ ﴿٦٢﴾

മത്സര പരീക്ഷക്കുള്ള സദസ്സിനോടായി, മൂസാ(അ) ജനങ്ങളെ കർശനമായി താക്കീത് ചെയ്തു. (വചനം: 61) ഇത് അവരുടെ മനസ്സിൽ ഒരു കോളിളക്കമുണ്ടാക്കി. അമ്പരന്ന് പോയ ഫിർഔൻന്റെ ജാലവിദ്യക്കാർ മൂസയോട് നേരിടണമോ, അതോ പിന്മാറണമോ എന്നുള്ള കാര്യത്തിൽ ഭിന്നാഭിപ്രായക്കാരായി തീർന്നു.

**വചനം 63.64 :**

قَالُوٓاْ إِنۡ هَٰذَٰنِ لَسَٰحِرَٰنِ يُرِيدَانِ أَن تُخۡرِجَاكُم مِّنۡ أَرۡضِكُم بِسِحۡرِهِمَا وَيَذۡهَبَا بِطَرِيقَتِكُمُ ٱلۡمُثۡلَىٰ ﴿٦٣﴾

فَأَجۡمِعُواْ كَيۡدَكُمۡ ثُمَّ ٱئۡتُواْ صَفّٗاۚ وَقَدۡ أَفۡلَحَ ٱلۡيَوۡمَ مَنِ ٱسۡتَعۡلَىٰ ﴿٦٤﴾

63 അവർ പറഞ്ഞു: “നിശ്ചയമായും, ഇവർ രണ്ടാളും ജാലവിദ്യക്കാർ തന്നെയാണ്: ഇവർ, തങ്ങളുടെ ജാലവിദ്യകൊണ്ട്, നിങ്ങളുടെ നാട്ടിൽനിന്ന് നിങ്ങളെ പുറത്താക്കുവാനും, നിങ്ങളുടെ മാതൃകാപരമായ മാർഗ്ഗത്തെ കൊണ്ടുപോകുവാനും (നശിപ്പിക്കുവാനും) ഉദ്ദേശിക്കുകയാണ്.

64 “ആകയാൽ, നിങ്ങൾ നിങ്ങളുടെ തന്ത്രങ്ങൾക്ക് (ഒത്തൊരുമിച്ചു) പൂർണ്ണബലം നൽകുകയും, എന്നിട്ട് അണിയായി (രംഗത്ത്) വരുകയും ചെയ്യണം. തീർച്ചയായും, മേന്മ നേടുന്നതാരോ അവർ ഇന്ന് വിജയം പ്രാപിക്കുന്നതാണ്.”

എന്നാൽ സ്വകാര്യ ആലോചനകളും രഹസ്യ ചർച്ചകളും നടത്തിയതിന് ശേഷം ഭിന്നിപ്പുകളെല്ലാം ഒതുക്കി വെച്ച് ഒറ്റക്കെട്ടായി ധൈര്യസമേതം മുന്നോട്ട് വരുവാൻ തന്നെ അവർ തീരുമാനമെടുത്തു. മത്സരത്തിൽ ജയിക്കുന്ന പക്ഷം സിദ്ധിക്കുവാനിരിക്കുന്ന പേരും പ്രശസ്തിയും വമ്പിച്ച സമ്മാനങ്ങളും അവരെ വ്യാമോഹിപ്പിച്ചു. അങ്ങനെ മത്സരം ആരംഭിച്ചു.

**വചനം 65,66,67 :**

قَالُواْ يَٰمُوسَىٰٓ إِمَّآ أَن تُلۡقِيَ وَإِمَّآ أَن نَّكُونَ أَوَّلَ مَنۡ أَلۡقَىٰ ﴿٦٥﴾

قَالَ بَلۡ أَلۡقُواْۖ فَإِذَا حِبَالُهُمۡ وَعِصِيُّهُمۡ يُخَيَّلُ إِلَيۡهِ مِن سِحۡرِهِمۡ أَنَّهَا تَسۡعَىٰ ﴿٦٦﴾

فَأَوۡجَسَ فِي نَفۡسِهِۦ خِيفَةٗ مُّوسَىٰ ﴿٦٧﴾

65 അവർ പറഞ്ഞു: “ഹേ മൂസാ! ഒന്നുകിൽ, നീ (ആദ്യം) ഇടുക; അല്ലാത്തപക്ഷം ഞങ്ങൾ ആദ്യം ഇടുന്നവരാകുക (-ഏതാണ് വേണ്ടത്)?”

66 അദ്ദേഹം പറഞ്ഞു: “എന്നാൽ, നിങ്ങൾ ഇട്ടുകൊള്ളുക” (അങ്ങനെ, അവർ ഇടുകയും ചെയ്തു) അപ്പോഴേക്കതാ, അവരുടെ കയറുകളും, വടികളും-അവരുടെ ജാലവിദ്യനിമിത്തം -അവ ഓടുകയാണെന്ന് അദ്ദേഹത്തിന്ന് തോന്നിപ്പോകുന്നു!

67 അതിനാൽ, മൂസാക്ക് തന്റെ മനസ്സിൽ ഒരു പേടി തോന്നി (അനുഭവപ്പെട്ടു)

മൂസാ(അ) നബിയുടെ അനുവാദപ്രകാരം ജാലവിദ്യപ്രയോഗം തുടങ്ങിയ അവർ നിലത്തിട്ട അവരുടെ വടികളും കയറുകളും ഓടുന്ന പാമ്പുകളെപോലെ ജനദൃഷ്ടിയിൽ പ്രദർശിപ്പിക്കപ്പെട്ടു. അവ ഓടുന്നതായി മൂസാ(അ) നബിക്കും തോന്നിപ്പോയി. അദ്ദേഹത്തിന്റെ മനസ്സിൽ ഒരു പേടി അനുഭവപ്പെടുകയും ചെയ്തു. എന്നാൽ അത് ജാലവിദ്യക്കാരുടെ ഉപായതന്ത്രം മാത്രമായിരുന്നു. (വചനം: 69, സൂ: അഅ്റാഫ്: 116 എന്നിവിടങ്ങളിൽ നോക്കുക.)

**വചനം 68,69 :**

قُلۡنَا لَا تَخَفۡ إِنَّكَ أَنتَ ٱلۡأَعۡلَىٰ ﴿٦٨﴾

وَأَلۡقِ مَا فِي يَمِينِكَ تَلۡقَفۡ مَا صَنَعُوٓاْۖ إِنَّمَا صَنَعُواْ كَيۡدُ سَٰحِرٖۖ وَلَا يُفۡلِحُ ٱلسَّاحِرُ حَيۡثُ أَتَىٰ ﴿٦٩﴾

68 നാം (അല്ലാഹു) പറഞ്ഞു: “പേടിക്കേണ്ട: നിശ്ചയമായും നീ തന്നെയാണ് മേലെയാകുന്നവൻ.

69 നിന്റെ വലങ്കയ്യിലുള്ളത് (വടി) നീ ഇട്ടുകൊള്ളുക-അവർ പ്രവർത്തിച്ചുണ്ടാക്കിയത് അത് വിഴുങ്ങിക്കൊള്ളും! നിശ്ചയമായും അവർ ഉണ്ടാക്കിയത് വെറും ജാലവിദ്യക്കാരുടെ തന്ത്രമാകുന്നു. ജാലവിദ്യക്കാരൻ എവിടെ ച്ചെന്നാലും വിജയിക്കുകയില്ല.”

പേടിക്കേണ്ടതില്ലെന്ന് മൂസാ(അ) നബിയെ ധൈര്യപ്പെടുത്തികൊണ്ട് തന്റെ വലംകയ്യിലുള്ള വടിനില ത്തിടാൻ അല്ലാഹു അദ്ദേഹത്തോട് നിർദ്ദേശിച്ചു. ആ വടി നിലത്തിടേണ്ട താമസം, ആ ജാലവിദ്യക്കാർ ജനങ്ങളെ പകിട്ടാക്കി കാണിച്ച വ്യാജ പാമ്പുകളെ അതാ അത് വിഴുങ്ങുന്നു. (സൂ : അഅ്റാഫ് : 117 നോക്കുക) ഇത് കണ്ട ആ ജാലവിദ്യക്കാർക്ക് മൂസാ(അ) നബി കാണിച്ചത് ജാലമോ, കപടമോ അല്ലെന്നും അദൃശ്യമായ ഒരു ദിവ്യ ഹ സ്തത്തിന്റെ പ്രവർത്തനമാണെന്നും ഉടനെ തന്നെ ബോദ്ധ്യമായി.

ജാലവിദ്യക്കാരൻ എവിടെ ചെന്നാലും വിജയിക്കുകയില്ല എന്ന് അല്ലാഹു തുടർന്ന് പ്രസ്താവിക്കുന്നു.

**വചനം 70,71 :**

فَأُلْقِيَ ٱلسَّحَرَةُ سُجَّدًا قَالُوٓاْ ءَامَنَّا بِرَبِّ هَٰرُونَ وَمُوسَىٰ ﴿٧٠﴾

70 ഉടനെ, ജാലവിദ്യക്കാർ സാഷ്ടാംഗം (സുജൂദാ യി) പ്രക്ഷേപിക്കപ്പെട്ടു (നിലം പതിച്ചു). അവർ പറഞ്ഞു; ''ഹാറൂൻെറയും, മൂസായുടെയും റബ്ബിൽ ഞങ്ങൾ വിശ്വസിച്ചു'' എന്ന്!

قَالَ ءَامَنتُمْ لَهُۥ قَبْلَ أَنْ ءَاذَنَ لَكُمْ ۖ إِنَّهُۥ لَكَبِيرُكُمُ ٱلَّذِى عَلَّمَكُمُ ٱلسِّحْرَ ۖ فَلَأُقَطِّعَنَّ أَيْدِيَكُمْ وَأَرْجُلَكُم مِّنْ خِلَٰفٍ وَلَأُصَلِّبَنَّكُمْ فِى جُذُوعِ ٱلنَّخْلِ وَلَتَعْلَمُنَّ أَيُّنَآ أَشَدُّ عَذَابًا وَأَبْقَىٰ ﴿٧١﴾

71 അവൻ (ഫിർഔൻ) പറഞ്ഞു: ''ഞാൻ നിങ്ങൾക്ക് സമ്മതം തരുന്നതിനുമുമ്പ് നിങ്ങൾ അവനെ വിശ്വസിച്ചുവല്ലോ?! തീർച്ചയായും അവൻ നിങ്ങൾക്ക് ജാലവിദ്യ പഠിപ്പിച്ചു തന്ന നിങ്ങളുടെ നേതാവ് തന്നെയാണ്. ആകയാൽ, ഞാൻ നിങ്ങളുടെ കൈകളും കാലുകളും വ്യത്യസ്തമായ നിലയിൽ മുറിപ്പിക്കുകയും, നിങ്ങളെ ഈന്തപ്പനത്തടികളിൽ ക്രൂശിപ്പിക്കുകയും ചെയ്യുന്നതാണ്. ഞങ്ങളിൽ ആരാണ്, (-മൂസായുടെ റബ്ബോ ഞാനോ-) അതികഠിനവും ശാശ്വതവുമായ ശിക്ഷ നൽകുന്നത് എന്ന് നിശ്ചയമായും നിങ്ങൾക്ക് അറിയാറാകും''.

യാഥാർത്ഥ്യം ബോധ്യപ്പെട്ട ആ ജാലവിദ്യക്കാർ അല്ലാഹുവിൽ വിശ്വസിക്കുകയും സാഷ്ടാംഗ പ്രണാമം നടത്തുകയും ചെയ്തു. അവരുടെ ഈ പ്രവർത്തി ഫിർഔനെ അത്യധികം കോപിഷ്ഠനാക്കുകയുണ്ടായി. '' അവൻ നിങ്ങൾക്ക് ജാലവിദ്യ പഠിപ്പിച്ച് തന്ന നേതാവാണ്'' എന്ന് ആരോപിച്ചുകൊണ്ട് (നിങ്ങൾ ഒത്തൊരുമിച്ച് ഒരു ഗൂഢാലോചന ചെയ്ത് കൊണ്ട് നിങ്ങൾ അവനെ വിജയിപ്പിച്ചതാണ് എന്ന അർത്ഥത്തിൽ ) ആ ജാല വിദ്യക്കാരുടെ കൈകാലുകൾ ഇടതും വലതുമായി വ്യത്യസ്ത നിലയിൽ മുറിച്ച് കളഞ്ഞ് അവരെ മരത്തടിയിൽ ക്രൂശിച്ച് നിർത്താൻ ഫിർഔൻ ഉത്തരവിട്ടു. (സൂ : അഅ്റാഫ് 123,124 വചനങ്ങൾ നോക്കുക) തന്റെ ശിക്ഷ അതി കഠിനവും ശാശ്വതവുമാണെന്ന് അവരെ ഭീഷണിപ്പെടുത്താനും അയാൾ മറന്നില്ല.

**വചനം 72,73 :**

قَالُواْ لَن نُّؤْثِرَكَ عَلَىٰ مَا جَآءَنَا مِنَ ٱلْبَيِّنَٰتِ وَٱلَّذِى فَطَرَنَا ۖ فَٱقْضِ مَآ أَنتَ قَاضٍ ۖ إِنَّمَا تَقْضِى هَٰذِهِ ٱلْحَيَوٰةَ ٱلدُّنْيَآ ﴿٧٢﴾

72 അവർ പറഞ്ഞു: ''ഞങ്ങൾക്കുവന്നു കിട്ടിയിട്ടുള്ള വ്യക്തമായ തെളിവുകളെക്കാളും ഞങ്ങളെ പടച്ചുണ്ടാക്കിയവനെക്കാളും നിനക്ക് ഞങ്ങൾ (ഒരിക്കലും) മുൻഗണന നൽകുകയില്ല തന്നെ! അതുകൊണ്ട് നീ വിധിക്കുന്നതെന്തോ അതു വിധിച്ചേക്കുക! നിശ്ചയമായും, ഈ ഐഹിക ജീവിതത്തിലേ നീ വിധിക്കുകയുള്ളൂ.

إِنَّآ ءَامَنَّا بِرَبِّنَا لِيَغْفِرَ لَنَا خَطَٰيَٰنَا وَمَآ أَكْرَهْتَنَا عَلَيْهِ مِنَ ٱلسِّحْرِ ۗ وَٱللَّهُ خَيْرٌ وَأَبْقَىٰٓ ﴿٧٣﴾

73 ''നിശ്ചയമായും, ഞങ്ങളാകട്ടെ, ഞങ്ങളുടെ രക്ഷിതാവിൽ വിശ്വസിച്ചിരിക്കുകയാണ്-ഞങ്ങളുടെ (എല്ലാ) തെറ്റുകളും, നീ ഞങ്ങളെ നിർബ്ബന്ധിച്ചു ചെയ്യിച്ച ജാലവൃത്തിയും അവൻ ഞങ്ങൾക്ക് പൊറുത്തുതരുവാൻവേണ്ടി.

അല്ലാഹുവാകട്ടെ, വളരെ നല്ലവനും, ശേഷിച്ചി
രിക്കുന്നവനുമത്രെ''.

അല്ലാഹുവിനേക്കാൾ സൃഷ്ടികൾക്ക് - അവരെത്ര ശക്തൻമാരായാലും - യാതൗരു വിധ മുൻഗ ണനയും, ഭയബഹുമാനങ്ങളും നൽകാതിരിക്കുക, വ്യക്തമായ ലക്ഷ്യം കണ്ട ഉടനെ ആത്മത്യാഗം സഹിച്ച് പോലും സത്യത്തിലേക്ക് മടക്കുക, സത്യത്തിനെതിരായി ഐഹികമായ യാതൊരു നേട്ടങ്ങളും മോഹിക്കാതിരി ക്കുക എന്നിങ്ങനെ പല മഹദ് ഗുണങ്ങളും ഈ സത്യവിശ്വാസികളിൽ നിന്ന് നമുക്ക് പഠിക്കുവാനുമുണ്ട്.

തുടർന്ന് അല്ലാഹു പറയുന്നു:

**വചനം 74,75,76 :**

إِنَّهُۥ مَن يَأْتِ رَبَّهُۥ مُجْرِمًا فَإِنَّ لَهُۥ جَهَنَّمَ لَا يَمُوتُ فِيهَا وَلَا يَحْيَىٰ ﴿٧٤﴾

وَمَن يَأْتِهِۦ مُؤْمِنًا قَدْ عَمِلَ ٱلصَّٰلِحَٰتِ فَأُو۟لَٰٓئِكَ لَهُمُ ٱلدَّرَجَٰتُ ٱلْعُلَىٰ ﴿٧٥﴾

جَنَّٰتُ عَدْنٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا ۚ وَذَٰلِكَ جَزَآءُ مَن تَزَكَّىٰ ﴿٧٦﴾

74 നിശ്ചയമായും കാര്യം (വാസ്തവം): ആരെങ്കിലും തൻെറ റബ്ബിൻെറ അടുക്കൽ കുറ്റവാളിയായി ക്കൊണ്ട് ചെല്ലുന്നതായാൽ, നിശ്ചയമായും അവന് നരകമായിരിക്കും ഉണ്ടാവുക: അതിൽ അവൻ മരിക്കുകയില്ല: ജീവിക്കുകയുമില്ല.

75 ആരെങ്കിലും അവൻെറ അടുക്കൽ, സൽക്കർമ്മ ങ്ങൾ പ്രവർത്തിച്ചിട്ടുള്ള സത്യവിശ്വാസിയായി ക്കൊണ്ട് ചെല്ലുന്നതായാൽ, അക്കൂട്ടർക്കുതന്നെ യാണ് ഉന്നത പദവികൾ.

76 അതായത്: താഴ്ഭാഗത്തുകൂടി നദികൾ ഒഴുകി ക്കൊണ്ടിരിക്കുന്ന സ്ഥിരവാസത്തിൻെറ സ്വർഗ്ഗാ രാമങ്ങൾ! അവരതിൽ നിത്യവാസികളായി ക്കൊണ്ടിരിക്കും. പരിശുദ്ധത നേടിയവർക്കുള്ള പ്രതിഫലമത്രെ അത്!

നരകത്തിൽ ജീവിതവും മരണവും ഉണ്ടായിരിക്കുകയില്ല എന്ന് പറഞ്ഞതിന്റെ സാരം ഒരു കാലത്തും മുറിഞ്ഞ് പോകാത്ത ശിക്ഷയായിരിക്കും നരകത്തിൽ ഉണ്ടായിരിക്കുക എന്നത്രേ. എന്നാലവിടെ ജീവിക്കുകയാണ് എന്ന് പറയത്തക്കവണ്ണം യാതൊരു ആശ്വാസവും ഉണ്ടാവുകയില്ല താനും. (സൂ : ഫാത്വിർ : 36 നോക്കുക).

ശാശ്വതമായ സ്വർഗ്ഗീയ ജീവിതം പരിശുദ്ധി നേടിയവർക്കുള്ള പ്രതിഫലമായി അല്ലാഹു വാഗ്ദാനം ചെയ്യുന്നു. അതായത് അവിശ്വാസം, നിഷേധം തുടങ്ങിയ അഴുക്കൾ പുരളാതെയും പാപങ്ങളും തെറ്റുകളുമാ കുന്ന കറകൾ പറ്റാതെയും ആത്മശുദ്ധി കൈവരിച്ചവർക്ക്.

## വിഭാഗം: 4

**വചനം 77 :**

وَلَقَدْ أَوْحَيْنَآ إِلَىٰ مُوسَىٰٓ أَنْ أَسْرِ بِعِبَادِى فَٱضْرِبْ لَهُمْ طَرِيقًا فِى ٱلْبَحْرِ يَبَسًا لَّا تَخَٰفُ دَرَكًا وَلَا تَخْشَىٰ ﴿٧٧﴾

77 മൂസാക്ക് നാം വഹ്‌യു (ബോധനം) നൽകു കയുണ്ടായി: ''നീ എൻെറ അടിയാൻമാരെ (ഇസ്രാഈല്യരെ)യും കൊണ്ടു രാത്രി പോകുക; എന്നിട്ട്, എത്തിപ്പിടിക്കുന്നതിനെ ഭയപ്പെടാതെ യും, പേടിക്കാതെയും ഉണങ്ങിയതായ ഒരു വഴി സമുദ്രത്തിൽ അവർക്കു നീ ഏർപ്പെടുത്തി ക്കൊടുക്കുക.''

ഉപദേശങ്ങൾ നൽകിയും ദൃഷ്ടാന്തങ്ങൾ കാണിച്ച് കൊടുത്തും വളരെകാലം, മൂസാ(അ) നബി ഫിർഔ നിനേയും ജനതയെയും സത്യവിശ്വാസത്തിലേക്ക് ക്ഷണിച്ച് കൊണ്ടിരുന്നെങ്കിലും അവർ തങ്ങളുടെ അക്രമവും നിഷേധവും തുടർന്ന്കൊണ്ടേയിരുന്നു. അങ്ങനെ, അല്ലാഹു ഇസ്രാഈല്യരെയും കൊണ്ട് രാജ്യം വിടുവാൻ മൂസാ(അ) നബിക്ക് നിർദ്ദേശം നൽകി. ശത്രുക്കൾ പിന്നാലെ വന്ന് പിടികൂടുമെന്ന ഭയമോ, വെള്ളത്തിൽ മുങ്ങി പോകുമെന്ന പേടിയോ, കൂടാതെ ചെങ്കടൽ കടന്ന് പോയികൊള്ളുവാനും കൽപന നൽകി.

**വചനം 78,79 :**

78 അങ്ങനെ, ഫിർഔൻ തൻെറ സൈന്യങ്ങളോടു കൂടി അവരെ പിന്തുടർന്നു (പിന്നാലെ ചെന്നു). അപ്പോൾ, സമുദ്രത്തിൽനിന്ന് അവരെ മൂടിക്കള ഞ്ഞതെല്ലാം മൂടിക്കളഞ്ഞു!

79 ഫിർഔൻ തൻെറ ജനതയെ വഴിപിഴപ്പിച്ചു -നേർമാർഗ്ഗത്തിലാക്കുകയുണ്ടായതുമില്ല.

فَأَتْبَعَهُمْ فِرْعَوْنُ بِجُنُودِهِۦ فَغَشِيَهُم مِّنَ ٱلْيَمِّ مَا غَشِيَهُمْ ﴿٧٨﴾
وَأَضَلَّ فِرْعَوْنُ قَوْمَهُۥ وَمَا هَدَىٰ ﴿٧٩﴾

അല്ലാഹുവിന്റെ കൽപന പ്രകാരം മൂസാ(അ) സമുദ്രത്തിൽ തന്റെ വടികൊണ്ട് അടിച്ചു. സമുദ്രം പിളർന്ന് ഇരു പക്ഷങ്ങളിലും പർവ്വതസമാനം ഉയർന്ന ജലഭിത്തികൾക്കിടയിൽ തുറക്കപ്പെട്ട മാർഗ്ഗത്തിലൂടെ മൂസാ(അ) നബിയും ഇസ്രാഈല്യരും മറുകര പറ്റി രക്ഷപ്പെട്ടു. അവരെ പിൻതുടർന്ന് വന്ന ഫിർഔനും സൈന്യവും ജലഭിത്തികൾ തമ്മിൽ കൂടിചേർന്നുണ്ടായ പ്രളയത്തിൽ ആകെ മുങ്ങി നശിക്കുകയും ചെയ്തു.

**വചനം 80,81,82 :**

80 ഇസ്രാഈൽ സന്തതികളേ! നിങ്ങളുടെ ശത്രുവിൽ നിന്ന് നിങ്ങളെ നാം രക്ഷപ്പെടുത്തി; 'ത്വൂറി'ൻെറ (സീനാപർവ്വതത്തിൻെറ) വലതു ഭാഗം നാം നിങ്ങളുമായി നിശ്ചയിക്കുകയും, നിങ്ങൾക്ക് 'മന്നാ'യും 'സൽവാ'യും ഇറക്കിത്തരുകയും ചെയ്തു.

يَٰبَنِىٓ إِسْرَٰٓءِيلَ قَدْ أَنجَيْنَٰكُم مِّنْ عَدُوِّكُمْ وَوَٰعَدْنَٰكُمْ جَانِبَ ٱلطُّورِ ٱلْأَيْمَنَ وَنَزَّلْنَا عَلَيْكُمُ ٱلْمَنَّ وَٱلسَّلْوَىٰ ﴿٨٠﴾

81 (നാം നിങ്ങളോട് ഇങ്ങിനെ പറഞ്ഞു:) "നിങ്ങൾക്കു നാം നൽകിയിട്ടുള്ള പരിശുദ്ധ സാധനങ്ങളിൽനിന്നു നിങ്ങൾ തിന്നുകൊള്ളുക; അതിൽ അതിക്രമം പ്രവർത്തിക്കരുത്: എന്നാൽ (അതിക്രമം ചെയ്താൽ), നിങ്ങളുടെമേൽ എൻെറ കോപം ഇറങ്ങിയേക്കും. എൻെറ കോപം ആരുടെമേൽ ഇറങ്ങുന്നുവോ തീർച്ചയായും അവൻ (നാശത്തിൽ) പതിച്ചു.

كُلُوا۟ مِن طَيِّبَٰتِ مَا رَزَقْنَٰكُمْ وَلَا تَطْغَوْا۟ فِيهِ فَيَحِلَّ عَلَيْكُمْ غَضَبِى ۖ وَمَن يَحْلِلْ عَلَيْهِ غَضَبِى فَقَدْ هَوَىٰ ﴿٨١﴾

82 നിശ്ചയമായും, പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും, സൽക്കർമ്മം പ്രവർത്തിക്കുകയും, പിന്നെ നേർമ്മാർഗ്ഗത്തിൽ ചരിക്കുകയും ചെയ്തവർക്കു ഞാൻ ധാരാളം പൊറുത്തു കൊടുക്കുന്നവനുമത്രെ."

وَإِنِّى لَغَفَّارٌ لِّمَن تَابَ وَءَامَنَ وَعَمِلَ صَٰلِحًا ثُمَّ ٱهْتَدَىٰ ﴿٨٢﴾

ഇസ്രാഈല്യരെ സംബോധന ചെയ്ത്കൊണ്ട് അവർക്ക് ചെയ്ത് കൊടുത്തിട്ടുള്ള മഹത്തായ ചില അനുഗ്രഹങ്ങളെ അല്ലാഹു അവരെ ഓർമ്മിപ്പിക്കുന്നു:

ഫിർഔനിൽ നിന്ന് അല്ലാഹു അവരെ രക്ഷപ്പെടുത്തിയതിന് ശേഷം സീനാ പർവ്വതത്തിന്റെ താഴ്‌വരയാകുന്ന തീഹു മരുഭൂമിയിൽ അവർ കഴിച്ച് കൂട്ടിയ നാൽപത് സംവത്സരങ്ങളോളം, അല്ലാഹു അവർക്ക് ആഹാരത്തിനായി 'മന്ന' (കട്ടിത്തേൻ)യും 'സൽവാ' (കാടപക്ഷി)യും പ്രദാനം ചെയ്തു. എന്നാൽ മറ്റ് പല വിഷയങ്ങളിലും ചെയ്ത പോലെ ഇക്കാര്യത്തിലും " ഒരു ഭക്ഷണം മാത്രം കഴിച്ച് കൊണ്ട് ക്ഷമിച്ചിരിക്കാൻ ഞങ്ങൾക്ക് കഴിയുന്നതല്ല " എന്ന് പറഞ്ഞ് കൊണ്ട് ഇസ്രാഈല്യർ നന്ദികേട് പ്രകടിപ്പിക്കുകയാണുണ്ടായത്. അതിക്രമം പ്രവർത്തിക്കുന്നവർക്കുള്ള ശിക്ഷയെ കുറിച്ചും സൽകർമ്മി കൾക്കുള്ള പാപമോചനത്തെ കുറിച്ചും തുടർന്ന് അല്ലാഹു അവരെ ഓർമ്മപ്പെടുത്തുന്നു.

**വചനം 83,84,85 :**

83 "നിൻെറ ജനതയെ വിട്ടേച്ച് (വരുവാൻ) നിന്നെ ഇത്രയും ധൃതിപ്പെടുത്തിയതെന്താണ്-മൂസാ!?"

۞ وَمَآ أَعْجَلَكَ عَن قَوْمِكَ يَٰمُوسَىٰ ﴿٨٣﴾

قَالَ هُمْ أُولَآءِ عَلَىٰٓ أَثَرِى وَعَجِلْتُ إِلَيْكَ رَبِّ لِتَرْضَىٰ ﴿٨٤﴾

84 അദ്ദേഹം പറഞ്ഞു: "അവരിതാ, എൻെറ പിന്നിൽ തന്നെയുണ്ട്; രക്ഷിതാവേ! നീ തൃപ്തിപ്പെടുവാനായി ഞാൻ നിങ്കലേക്ക് ധൃതിപ്പെട്ടു വന്നിരിക്കുകയാണ്."

قَالَ فَإِنَّا قَدْ فَتَنَّا قَوْمَكَ مِنۢ بَعْدِكَ وَأَضَلَّهُمُ ٱلسَّامِرِىُّ ﴿٨٥﴾

85 അവൻ (അല്ലാഹു) പറഞ്ഞു: "എന്നാൽ, നിൻെറ ശേഷം നിൻെറ ജനതയെ നാം പരീക്ഷിച്ചിരിക്കുകയാണ്; 'സാമിരീ' അവരെ വഴിപിഴപ്പിക്കുകയും ചെയ്തിരിക്കുന്നു".

തീഹു താഴ്‌വരയിലെത്തിയ ശേഷം അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് നാൽപത് ദിവസം ഭജനമിരിക്കുവാനും തൗറാത്ത് സ്വീകരിക്കുവാനുമായി മൂസാ(അ) സീനായിലേക്ക് പോയി. പോകുമ്പോൾ ജനതയുടെ നേതൃത്വം സഹോദരൻ ഹാറൂൻ(അ) നബിയെ ഏൽപ്പിച്ചിരുന്നു. ഈ സന്ദർഭത്തിൽ 'സാമിരീ' എന്ന് പറയപ്പെടുന്ന ഒരുവൻ ഇസ്രാഈല്യരെ വഴി പിഴപ്പിക്കുകയും താഴെ വിവരിച്ച പ്രകാരം, സ്വർണ്ണം ഉരുക്കി, മൂക്ക് കൊണ്ട് മുരളുന്ന, ഒരു തരം പ്രത്യേക ശബ്ദം പുറപ്പെടുവിക്കുന്ന ഒരു പശുക്കുട്ടിയെ ഉണ്ടാക്കി, അതിനെ അവരെകൊണ്ട് ആരാധിപ്പിക്കുകയും ചെയ്തു.

പ്രസ്തുത സംഭവം മൂസാ(അ) അറിഞ്ഞിരുന്നില്ല. ഈ സന്ദർഭത്തിലാണ് അല്ലാഹു മൂസാ(അ)നബിയുമായി ഈ വചനങ്ങളിലടങ്ങിയ സംഭാഷണം നടത്തുന്നത്.

**വചനം 86 :**

فَرَجَعَ مُوسَىٰٓ إِلَىٰ قَوْمِهِۦ غَضْبَٰنَ أَسِفًا ۚ قَالَ يَٰقَوْمِ أَلَمْ يَعِدْكُمْ رَبُّكُمْ وَعْدًا حَسَنًا ۚ أَفَطَالَ عَلَيْكُمُ ٱلْعَهْدُ أَمْ أَرَدتُّمْ أَن يَحِلَّ عَلَيْكُمْ غَضَبٌ مِّن رَّبِّكُمْ فَأَخْلَفْتُم مَّوْعِدِى ﴿٨٦﴾

86 അങ്ങനെ, കുപിതനും വ്യാകുലചിത്തനുമായിക്കൊണ്ട് മൂസാ തൻെറ ജനങ്ങളുടെ അടുക്കലേക്ക് മടങ്ങിവന്നു; അദ്ദേഹം പറഞ്ഞു: "എൻെറ ജനങ്ങളേ! നിങ്ങളുടെ റബ്ബ് നല്ലതായ ഒരു വാഗ്ദാനം നിങ്ങളോട് ചെയ്തിട്ടില്ലേ?! (വേദഗ്രന്ഥം നൽകുമെന്ന് വാഗ്ദാനം ചെയ്തിട്ടില്ലേ?!) എന്നിട്ട്, നിങ്ങൾക്ക് കാലം ദീർഘിച്ചു പോയോ? അഥവാ നിങ്ങളുടെ റബ്ബിൻെറ പക്കൽ നിന്നുവല്ല കോപവും നിങ്ങളിൽ ഇറങ്ങണമെന്ന് നിങ്ങൾ ഉദ്ദേശിച്ചിരിക്കുന്നുവോ? അങ്ങനെ, എൻെറ നിശ്ചയം നിങ്ങൾ ലംഘിച്ചിരിക്കുകയാണോ?!"

തന്റെ ജനത വഴി പിഴപ്പിക്കപ്പെട്ട വിവരം അറിഞ്ഞ മൂസാ(അ) അത്യധികം കുപിതനും വ്യാകുലചിത്തനുമായികൊണ്ട് തന്റെ ജനതയുടെ അരികിലേക്ക് മടങ്ങി വന്നു.

[ഇബ്രാഹീം (അ) യഅ്ഖൂബ്(അ) എന്നീ പ്രവാചകവര്യൻമാരുടെ സന്താന പരമ്പരയിൽപ്പെട്ട ഇസ്രാഈല്യർ, ഈജിപ്തുകാരിൽ നിന്നും വിഗ്രഹാരാധനയും പശു പൂജയും ദീർഘകാലം പരിചയിച്ച് കഴിഞ്ഞിരുന്നു. ഈജിപ്തിൽ നിന്ന് രക്ഷപ്പെട്ട് സീനായിലേക്ക് പോകുന്ന വഴിക്ക് തന്നെ, ബിംബാരാധന നടത്തുന്ന ഒരു ജനതയെ കണ്ടപ്പോൾ "തങ്ങൾക്കും അത്പോലെ ഒരു ആരാധ്യ വസ്തുവെ നിശ്ചയിച്ച് താ " എന്ന് മൂസാ(അ) നബിയോട് അപേക്ഷിച്ചവരാണവർ. (സൂ : അഅ്റാഫ് : 138,139 നോക്കുക)]

അത്യധികം കോപാക്രാന്തനായി കൊണ്ട് മൂസാ(അ) തന്റെ ജനതയോട് ചോദിച്ച ചോദ്യങ്ങളാണീ വചനത്തിൽ.

**വചനം 87,88,89 :**

قَالُوا۟ مَآ أَخْلَفْنَا مَوْعِدَكَ بِمَلْكِنَا وَلَٰكِنَّا حُمِّلْنَآ أَوْزَارًا مِّن زِينَةِ ٱلْقَوْمِ فَقَذَفْنَٰهَا فَكَذَٰلِكَ أَلْقَى ٱلسَّامِرِىُّ ﴿٨٧﴾

87 അവർ പറഞ്ഞു: "ഞങ്ങൾ ഞങ്ങളുടെ ഹിതപ്രകാരം താങ്കളുടെ നിശ്ചയം ലംഘിച്ചിരിക്കുകയല്ല; എങ്കിലും, (ആ) ജനങ്ങളുടെ (ഖിബ്ത്തികളുടെ) അലങ്കാര വസ്തുക്കളിൽപെട്ട കുറേ ഭാരങ്ങൾ ഞങ്ങൾ വഹിപ്പിക്കപ്പെട്ടു; അങ്ങനെ,

ഞങ്ങളത് എറിഞ്ഞുകളഞ്ഞു; അപ്രകാരം സാമിരി (അത് തീയിൽ) എടുത്തിട്ടു.''

88 എന്നിട്ട് അവൻ അവർക്കൊരു പശുക്കിടാവിനെ- മുക്കുറ ശബ്ദമുള്ള ഒരു ദേഹത്തെ -പുറപ്പെടുവിച്ചു കൊടുത്തു. അപ്പോൾ അവർ (തമ്മിൽ) പറഞ്ഞു: ''നിങ്ങളുടേയും, മൂസായുടേയും ഇലാഹ് (ആരാധ്യൻ) ഇതാ! അദ്ദേഹം (മൂസാ) മറന്നുപോയിരിക്കുകയാണ്.''

فَأَخْرَجَ لَهُمْ عِجْلًا جَسَدًا لَّهُۥ خُوَارٌ فَقَالُوا۟ هَـٰذَآ إِلَـٰهُكُمْ وَإِلَـٰهُ مُوسَىٰ فَنَسِىَ ﴿٨٨﴾

89 എന്നാൽ, അവർ കാണുന്നില്ലേ: അവരോട് അത് യാതൊരു വാക്കും മറുപടി പറയുന്നില്ല; അവർക്ക് ഒരു ഉപദ്രവമാകട്ടെ, ഉപകാരമാകട്ടെ അതിന് സാധിക്കുന്നുമില്ല എന്ന്!?

أَفَلَا يَرَوْنَ أَلَّا يَرْجِعُ إِلَيْهِمْ قَوْلًا وَلَا يَمْلِكُ لَهُمْ ضَرًّا وَلَا نَفْعًا ﴿٨٩﴾

ഈജിപ്തിൽ നിന്ന് വരുമ്പോൾ ഇസ്രാഈല്യരുടെ പക്കൽ ഉണ്ടായിരുന്ന ഖിബ്ത്തികളുടെതായ സ്വർണ്ണാഭരണങ്ങൾ അവർ വലിച്ചെറിഞ്ഞപ്പോൾ സാമിരി അതെടുത്ത് ഉരുക്കി ഒരു അത്ഭുത പശുക്കുട്ടിയെ ഉണ്ടാക്കിയതാണ്, എന്ന് ഇസ്രാഈല്യർ മൂസാ(അ)നബിയോട് ഒഴിവ് കഴിവ് പറയുവാൻ ശ്രമിച്ചു. ഏതോ ചില സൂത്രപണികൾ മൂലം മൂക്ക് കൊണ്ട് മുരളുന്ന ഒരു പ്രത്യേക തരം ശബ്ദം പുറപ്പെടുവിച്ചിരുന്ന അതിനെ ഒരു അത്ഭുത വസ്തുവായി അവർ അംഗീകരിച്ചു. മാത്രമല്ല, അത് തന്നെയാണ് മൂസാ(അ)നബി തേടിപോയ ഇലാഹ്, അദ്ദേഹം മറന്ന് പോയതാണ് എന്ന് വരെ അവർ പറഞ്ഞുണ്ടാക്കി.

## വിഭാഗം : 5

**വചനം 90,91 :**

90 മുമ്പ് തന്നെ ഹാറൂൻ അവരോട് പറഞ്ഞിട്ടുണ്ട്: ''എന്റെ ജനങ്ങളെ! ഇത് (പശുക്കിടാവു) മൂലം നിങ്ങൾ പരീക്ഷണം ചെയ്യപ്പെട്ടിരിക്കുകതന്നെയാണ്; നിശ്ചയമായും, നിങ്ങളുടെ രക്ഷിതാവ് പരമകാരുണികനത്രെ. അതുകൊണ്ട്, നിങ്ങൾ എന്നെ പിൻപറ്റുവിൻ.'' എന്റെ കൽപ്പന അനുസരിക്കുകയും ചെയ്യുവിൻ.''

وَلَقَدْ قَالَ لَهُمْ هَـٰرُونُ مِن قَبْلُ يَـٰقَوْمِ إِنَّمَا فُتِنتُم بِهِۦ ۖ وَإِنَّ رَبَّكُمُ ٱلرَّحْمَـٰنُ فَٱتَّبِعُونِى وَأَطِيعُوٓا۟ أَمْرِى ﴿٩٠﴾

91 അവർ പറഞ്ഞു: ''മൂസാ ഞങ്ങളുടെ അടുക്കലേക്ക് മടങ്ങിവരുവോളം, ഞങ്ങൾ ഇതിന്റെ അടുക്കൽ ഭജനം നടത്തുന്നവരായിതന്നെയിരിക്കും.''

قَالُوا۟ لَن نَّبْرَحَ عَلَيْهِ عَـٰكِفِينَ حَتَّىٰ يَرْجِعَ إِلَيْنَا مُوسَىٰ ﴿٩١﴾

പശുകുട്ടിയെ ആരാധിക്കുന്നതിൽ നിന്നും ഇസ്രാഈല്യരെ തടയുവാൻ ഹാറൂൻ(അ)നബി അത്യധികം പരിശ്രമിച്ചിട്ടും അവർ അദ്ദേഹത്തിന്റെ ഉപദേശവും കൽപനയും വക വെച്ചില്ല. ''അവരുടെ അവിശ്വാസം മൂലം ആ പശുകിടാവിനോടുള്ള സ്നേഹം അവരുടെ ഹൃദയങ്ങളിൽ കുടിപ്പിക്കപ്പെട്ടുപോയി '' സൂ : അൽബഖറ : 93ൽ അല്ലാഹു ഈ വിഷയ സംബന്ധമായി പ്രസ്താവിച്ചിരിക്കുന്നു.

മൂസാ(അ) നബി മടങ്ങി വന്നപ്പോൾ ഇസ്രാഈല്യർ പശുകിടാവിന് ചുറ്റും ഒരുമിച്ച് കൂടി വാദ്യമേളങ്ങളുടെ അകമ്പടിയോടെ സംഗീതങ്ങൾ ആലപിച്ച് നൃത്തം വെക്കുന്നതാണ് കണ്ടതെന്ന് ഖുർആൻ വ്യാഖ്യാനങ്ങളിൽ കാണാവുന്നതാണ്. സാമിരി തുടങ്ങി വെച്ച ഈ രൂപത്തിലുള്ള ആരാധനാ സമ്പ്രദായം അവിശ്വാസികളുടെയും പശു ആരാധകരുടെയും ആരാധനാ രീതിയാകുന്നു. ചില സൂഫിയാക്കളും ഇത്തരം സമ്പ്രദായം പിന്തുടർന്ന് വരുന്നതായി കാണാം. കൂട്ടത്തിൽ 'ദിക്ർ' ഉരുവിടുകയും ഭക്ഷണ സാധനങ്ങൾ വിതരണം നടത്തുകയും ചെയ്യുന്നു. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ഒരാൾക്കും ഇത്തരം വഴി പിഴച്ച മാർഗ്ഗങ്ങളിൽ ഭാഗമാക്കാൻ പാടുള്ളതല്ല.

**വചനം 92,93,94 :**

92 അദ്ദേഹം പറഞ്ഞു: ''ഹാറൂൻ! ഇവർ വഴിപിഴച്ചതായി നീ കണ്ടപ്പോൾ, നിനക്ക് എന്ത് തടസ്സമാണുണ്ടായത്,-

قَالَ يَـٰهَـٰرُونُ مَا مَنَعَكَ إِذْ رَأَيْتَهُمْ ضَلُّوٓا۟ ﴿٩٢﴾

أَلَّا تَتَّبِعَنِ ۖ أَفَعَصَيْتَ أَمْرِى ﴿٩٣﴾ قَالَ يَبْنَؤُمَّ لَا تَأْخُذْ بِلِحْيَتِى وَلَا بِرَأْسِىٓ ۖ إِنِّى خَشِيتُ أَن تَقُولَ فَرَّقْتَ بَيْنَ بَنِىٓ إِسْرَٰٓءِيلَ وَلَمْ تَرْقُبْ قَوْلِى ﴿٩٤﴾

93 "എന്നെ പിൻതുടരാതിരിക്കുവാൻ?! അപ്പോൾ, നീ എൻെറ കൽപനക്ക് എതിര് പ്രവർത്തിച്ചുവോ?!"

94 അദ്ദേഹം പറഞ്ഞു: "എൻെറ മാതൃപുത്രാ! എൻെറ താടിയും തലയും പിടിക്കരുത്!- ഇസ്രാഈൽ സന്തതികൾക്കിടയിൽ നീ ഭിന്നിപ്പുണ്ടാക്കിക്കളഞ്ഞു, എൻെറ വാക്ക് നീ ഗൗനിച്ചതുമില്ല എന്ന് (എന്നെപ്പറ്റി) നീ പറയുമെന്ന് ഞാൻ ഭയപ്പെട്ടു."

തുടർന്ന് മൂസാ(അ) കോപം നിമിത്തം സഹോദരൻ ഹാറൂൻ(അ) നബിയുടെ താടിയും തലയും പിടിച്ച് വലിച്ച് കൊണ്ട് - ഇതിനിടയിൽ തൗറാത്തിന്റെ പലകകൾ നിലത്തിടുകയും ചെയ്തു - " എന്നെ പിന്തുടരാതിരിക്കാൻ നിനക്ക് എന്ത് തടസ്സമാണുണ്ടായത് " എന്ന് ഹാറൂൻ(അ) നബിയോട് ചോദിച്ചു. ആ സന്ദർഭത്തിൽ അവരെ വിട്ട് പോകുന്നതും ബലം പ്രയോഗിച്ച് അവരെ അടക്കി നിർത്താൻ ശ്രമിക്കുന്നതും കൂടുതൽ ഭിന്നിപ്പിന് ഇടയാക്കിയെന്ന് താങ്കൾ പറയുമെന്ന് ഞാൻ ഭയപ്പെട്ടു, എന്ന് ഹാറൂൻ (അ) മറുപടി നൽകി.

കാര്യം മനസ്സിലായപ്പോൾ അദ്ദേഹം സഹോദരന് വേണ്ടി ദുആ ചെയ്യുകയും തൌറാത്തിന്റെ പലകകൾ നിലത്ത് നിന്ന് എടുക്കുകയും ചെയ്തു. (സൂ: അഅ്റാഫ്: 142, 150-154 നോക്കുക)

**വചനം 95,96 :**

قَالَ فَمَا خَطْبُكَ يَٰسَٰمِرِىُّ ﴿٩٥﴾ قَالَ بَصُرْتُ بِمَا لَمْ يَبْصُرُوا۟ بِهِۦ فَقَبَضْتُ قَبْضَةً مِّنْ أَثَرِ ٱلرَّسُولِ فَنَبَذْتُهَا وَكَذَٰلِكَ سَوَّلَتْ لِى نَفْسِى ﴿٩٦﴾

95 അദ്ദേഹം ചോദിച്ചു; "എന്നാൽ, നിൻെറ കാര്യം എന്താണ്- 'സാമിരീ'!

96 അവൻ പറഞ്ഞു: "അവർ (ജനങ്ങൾ) കണ്ടിട്ടില്ലാത്തത് ഞാൻ കണ്ടു; അങ്ങനെ, ദൂതൻെറ (റസൂലിൻെറ) കാൽപാടിൽനിന്നും ഒരു പിടി (അൽപം) ഞാൻ പിടിച്ചു; എന്നിട്ട് അത് ഞാൻ ഇട്ടുകളയുകയും ചെയ്തു. അങ്ങനെയാണ് എൻെറ മനസ്സ് എനിക്ക് പ്രേരണ നൽകിയത്.

അനന്തരം മൂസാ(അ)നബി സാമിരിയോട് അവൻ ചെയ്ത പാതകത്തെകുറിച്ച് ആരാഞ്ഞു.

അയാൾ പറഞ്ഞ മറുപടിക്ക് ഇമാംറാസി, ഇമാംനിസാബൂരി എന്നിവർ നല്കിയ വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യമായിട്ടുള്ളത്. ഈ വ്യാഖ്യാനമനുസരിച്ച് റസൂൽ എന്ന് പറഞ്ഞത് മൂസാ(അ)നബിയും 'കാൽപാട് 'എന്ന് പറഞ്ഞത് അദ്ദേഹത്തിന്റെ ഉപദേശനിർദേശങ്ങളുമായിരിക്കും അതായത് " ജനങ്ങൾക്ക് കണ്ട് മനസ്സിലാക്കുവാൻ കഴിയാത്ത ചില സൂത്രങ്ങൾ ഞാൻ കണ്ടുപിടിച്ചു. റസൂലിന്റെ ഉപദേശങ്ങളും അദ്ധ്യാപനങ്ങളും ഞാൻ പേരിന് മാത്രമേ സ്വീകരിച്ചിരുന്നുള്ളൂ, അത് ഞാൻ എന്റെ മനസ്സിന്റെ പ്രേരണയനുസരിച്ച് ഉപേക്ഷിക്കുകയും ചെയ്തു."

ഒരു സമുദായത്തെ വഴിപിഴപ്പിച്ച് കളഞ്ഞ ഈ കടുംകൃത്യം താൻ കല്പിച്ച് കൂട്ടി ചെയ്തതാണെന്ന് അങ്ങനെ സാമിരി സമ്മതിച്ചു.

**വചനം 97,98 :**

قَالَ فَٱذْهَبْ فَإِنَّ لَكَ فِى ٱلْحَيَوٰةِ أَن تَقُولَ لَا مِسَاسَ ۖ وَإِنَّ لَكَ مَوْعِدًا لَّن تُخْلَفَهُۥ ۖ وَٱنظُرْ إِلَىٰٓ إِلَٰهِكَ ٱلَّذِى ظَلْتَ عَلَيْهِ عَاكِفًا ۖ لَّنُحَرِّقَنَّهُۥ ثُمَّ لَنَنسِفَنَّهُۥ فِى ٱلْيَمِّ نَسْفًا ﴿٩٧﴾

97 അദ്ദേഹം പറഞ്ഞു: "എന്നാൽ നീ പോ! നിശ്ചയമായും, (ഈ) ജീവിതത്തിൽ, 'തൊട്ടുകൂടാ' എന്നു പറയൽ നിനക്കുണ്ടായിരിക്കട്ടെ! നിശ്ചയമായും നിനക്കൊരു നിശ്ചിത സമയമുണ്ട്, അതൊരിക്കലും നിനക്ക് ലംഘിക്കപ്പെടുകയില്ല. നീ ഭജിച്ചുകൊണ്ടിരിക്കുന്ന നിൻെറ (ഈ) ആരാധ്യവസ്തുവെ നോക്കുക: നാം അതിനെ ചുട്ടുകരിക്കുക തന്നെ ചെയ്യുന്നതാണ്; പിന്നെ, നിശ്ചയമായും നാം അതിനെ പൊടിപാറ്റി കടലിൽ വിതറിക്കളയുന്നതുമാണ്.

98 നിശ്ചയമായും, നിങ്ങളുടെ ആരാധ്യൻ താനല്ലാതെ മറ്റൊരു ആരാധ്യനുമില്ലാത്ത അല്ലാഹു തന്നെയാകുന്നു; എല്ലാ വസ്തുവെക്കുറിച്ചും, (അവൻെറ) അറിവ് വിശാലമായിരിക്കുന്നു.''

إِنَّمَآ إِلَٰهُكُمُ ٱللَّهُ ٱلَّذِى لَآ إِلَٰهَ إِلَّا هُوَ ۚ وَسِعَ كُلَّ شَىْءٍ عِلْمًا ﴿٩٨﴾

തുടർന്ന് സാമിരി സ്വസമൂഹത്തിൽ നിന്നും ബഹിഷ്കൃതനായി. അവൻ ജനങ്ങളുമായോ, ജനങ്ങൾ അവനുമായോ തൊടുവാനും സഹവസിക്കുവാനും പാടില്ലെന്ന് നിശ്ചയിക്കപ്പെടുകയും ചെയ്തു. (അവനെ ആരെങ്കിലും തൊടുന്ന പക്ഷം അവർക്ക് ഏതൊക്കെയോ അസുഖം ബാധിച്ചിരുന്നതായും പറയപ്പെടുന്നു . الله اعلم.)

പശുക്കിടാവിനെയാകട്ടെ ചുട്ട് ഭസ്മമാക്കി കടലിൽ വിതറിക്കളയുകയും ചെയ്തു.

മൂസാ(അ)നബിയുടെ ചരിത്രവിവരണം ഇവിടെ അവസാനിക്കുന്നു.

**വചനം 99,100,101,102,103,104 :**

99 (നബിയേ) ഇപ്രകാരം, മുൻകഴിഞ്ഞ സംഭവവൃത്താന്തങ്ങളിൽനിന്ന് (ചിലത്) നിനക്കു നാം വിവരിച്ചുതരുന്നു; നമ്മുടെ അടുക്കൽനിന്നുള്ള ബോധനം നാം നിനക്ക് നൽകിയിട്ടുമുണ്ട്.

100 ആരെങ്കിലും അതിനെവിട്ട് തിരിഞ്ഞുകളഞ്ഞാൽ, തീർച്ചയായും അവൻ ഖിയാമത്തുനാളിൽ കുറ്റഭാരം വഹിക്കുന്നതാണ്;-

101 അതിൽ (അവർ) ശാശ്വതൻമാരായിരിക്കും. അവർക്ക് ഖിയാമത്തുനാളിൽ, അത് എത്ര ചീത്തയായ ഭാരമാണ്!-

102 കാഹളത്തിൽ ഊതപ്പെടുന്നദിവസം അന്നേ ദിവസം കുറ്റവാളികളെ നീലവർണ്ണമുള്ളവരായി നാം ഒരുമിച്ചു കൂട്ടുകയും ചെയ്യും-

103 അവർ തമ്മിൽ അന്യോന്യം പതുക്കെപറയും: ''പത്തു (ദിവസം) അല്ലാതെ നിങ്ങൾ (ഭൂമിയിൽ) പാർക്കുകയുണ്ടായിട്ടില്ല'' എന്ന്!

104 അവർ പറയുന്നതിനെക്കുറിച്ച് നാം നല്ലവണ്ണം അറിയുന്നതാണ്; അപ്പോൾ, അവരിൽ ഏറ്റവും നല്ല മാർഗ്ഗമുള്ളവൻ പറഞ്ഞുപോകുന്നു: ''ഒരു ദിവസമല്ലാതെ നിങ്ങൾ പാർത്തിട്ടില്ല'' എന്ന്!

كَذَٰلِكَ نَقُصُّ عَلَيْكَ مِنْ أَنۢبَآءِ مَا قَدْ سَبَقَ ۚ وَقَدْ ءَاتَيْنَٰكَ مِن لَّدُنَّا ذِكْرًا ﴿٩٩﴾

مَّنْ أَعْرَضَ عَنْهُ فَإِنَّهُۥ يَحْمِلُ يَوْمَ ٱلْقِيَٰمَةِ وِزْرًا ﴿١٠٠﴾

خَٰلِدِينَ فِيهِ ۖ وَسَآءَ لَهُمْ يَوْمَ ٱلْقِيَٰمَةِ حِمْلًا ﴿١٠١﴾

يَوْمَ يُنفَخُ فِى ٱلصُّورِ ۚ وَنَحْشُرُ ٱلْمُجْرِمِينَ يَوْمَئِذٍ زُرْقًا ﴿١٠٢﴾

يَتَخَٰفَتُونَ بَيْنَهُمْ إِن لَّبِثْتُمْ إِلَّا عَشْرًا ﴿١٠٣﴾

نَّحْنُ أَعْلَمُ بِمَا يَقُولُونَ إِذْ يَقُولُ أَمْثَلُهُمْ طَرِيقَةً إِن لَّبِثْتُمْ إِلَّا يَوْمًا ﴿١٠٤﴾

അല്ലാഹുവിൽ നിന്നുള്ള ബോധനത്തെ വിട്ട് തിരിഞ്ഞ് കളയുന്നവരുടെ പരലോകത്തെ അവസ്ഥ ഈ വചനങ്ങളിൽ അല്ലാഹു വിവരിക്കുന്നു.

**زرقا** എന്ന വാക്കിന് നീലവർണ്ണമുള്ളവർ, കണ്ണ് തുറിച്ചവർ, കാഴ്ച നഷ്ടപ്പെട്ടവർ എന്നിങ്ങനെ ഭാഷാർത്ഥങ്ങളുമുണ്ട്. പാപികളായ ആളുകൾ അനുഭവിക്കേണ്ടി വരുന്ന ഭയങ്കര ശിക്ഷകളുടെ കാഠിന്യത്തെയാണ് അത് സൂചിപ്പിക്കുന്നത്.

പരലോക ജീവിതത്തിന്റെ ദൈർഘ്യവും അവിടുത്തെ ഭീകരദൃശ്യങ്ങളും കാണുമ്പോൾ അവർ തങ്ങൾ അതേ വരെ ഈ ഭൂമിയിൽ കഴിച്ച് കൂട്ടിയ കാലം നന്നേ കുറച്ച് - പത്ത് ദിവസം എന്നും അതല്ല ഒരേ ഒരു ദിവസം എന്നും - മാത്രമായിരുന്നുവെന്ന് പരസ്പരം പറഞ്ഞ് പോകുന്നതാണ്.

## വിഭാഗം : 6

**വചനം 105,106,107,108 :**

105 (നബിയേ) പർവ്വതങ്ങളെ സംബന്ധിച്ച് അവർ (ജനങ്ങൾ) നിന്നോട് ചോദിക്കുന്നു; പറയുക: ''എൻെറ രക്ഷിതാവ് അതിനെ പൊടിച്ചു

وَيَسْـَٔلُونَكَ عَنِ ٱلْجِبَالِ فَقُلْ يَنسِفُهَا رَبِّى نَسْفًا ﴿١٠٥﴾

പാറ്റിക്കളയുന്നതാണ്.

106 എന്നിട്ട്, അവൻ സമനിരപ്പായ മൈതാനമായി അതിനെ വിട്ടേക്കുന്നതാണ്:-

فَيَذَرُهَا قَاعًا صَفْصَفًا ﴿١٠٦﴾

107 യാതൊരു താഴ്ചയാകട്ടെ, ഉയർച്ചയാകട്ടെ, നീ അവിടെ കാണുകയില്ല.

لَّا تَرَىٰ فِيهَا عِوَجًا وَلَآ أَمْتًا ﴿١٠٧﴾

108 അന്നത്തെ ദിവസം, വിളിക്കുന്നവനെ അവർ പിന്തുടർന്നുകൊള്ളും; അവനോട് യാതൊരു വക്രതയും ഉണ്ടാകുകയില്ല (കാണിക്കുകയില്ല.) ശബ്ദങ്ങൾ (എല്ലാം) പരമകാരുണികനായുള്ളവന് കീഴടങ്ങുന്നതുമാണ്. അതിനാൽ, നേരിയ മുഴക്കമല്ലാതെ നീ കേൾക്കുകയില്ല.

يَوْمَئِذٍ يَتَّبِعُونَ ٱلدَّاعِىَ لَا عِوَجَ لَهُۥ ۖ وَخَشَعَتِ ٱلْأَصْوَاتُ لِلرَّحْمَٰنِ فَلَا تَسْمَعُ إِلَّا هَمْسًا ﴿١٠٨﴾

നബി(സ)തിരുമേനിയെ ഉത്തരം മുട്ടിക്കുവാനും പരിഹസിക്കുവാനുമായി അവിശ്വാസികൾ “ഖിയാമത്ത് നാളിൽ ഈ പർവ്വതങ്ങളെല്ലാം എന്തായിപോകും” എന്ന് ചോദിക്കാറുണ്ടായിരുന്നു, അതിനുള്ള മറുപടിയാകുന്നു 105,106,107 വചനങ്ങൾ.

തുടർന്ന് അല്ലാഹു പറയുന്നു: അന്നേ ദിവസം രാജാധിരാജനായ അല്ലാഹുവിന്റെ മുമ്പിൽ വിചാരണക്കായി അവർ വിളിക്കപ്പെടുന്നതാണ്. ആ വിളി നിരസിക്കുവാൻ ആർക്കും സാദ്ധ്യമല്ല. ഭയം കൊണ്ട് വിറപൂണ്ട അവർക്ക് അല്ലാഹുവിന്റെ സന്നിധിയിൽ ഉച്ചത്തിൽ സംസാരിക്കുവാൻ പോലും സാധിക്കുന്നതല്ല.

**വചനം 109,110,111,112 :**

109 അന്നേ ദിവസം, പരമകാരുണികനായുള്ളവൻ ഏതൊരുവന് അനുവാദം നൽകുകയും, അവനുവേണ്ടി (വല്ലതും) പറയുവാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നുവോ, അങ്ങിനെയുള്ളവനല്ലാതെ ശുപാർശ ഫലം ചെയ്യുകയില്ല.

يَوْمَئِذٍ لَّا تَنفَعُ ٱلشَّفَٰعَةُ إِلَّا مَنْ أَذِنَ لَهُ ٱلرَّحْمَٰنُ وَرَضِىَ لَهُۥ قَوْلًا ﴿١٠٩﴾

110 അവരുടെ മുമ്പിലുള്ളതും, പിമ്പിലുള്ളതും (എല്ലാം) അവൻ അറിയുന്നു; അതിനെക്കുറിച്ച് അവർ പരിപൂർണ്ണമായി അറിയുന്നില്ല.

يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلَا يُحِيطُونَ بِهِۦ عِلْمًا ﴿١١٠﴾

111 ജീവത്തും, സർവ്വനിയന്താവുമായുള്ളവന് മുഖങ്ങൾ (എല്ലാം) കീഴൊതുങ്ങിയിരിക്കുകയാണ്; ആർ അക്രമംവഹിച്ചു വന്നിരിക്കുന്നുവോ അവൻ, തീർച്ചയായും ഇച്ഛാഭംഗപ്പെട്ടിരിക്കുന്നു!

۞ وَعَنَتِ ٱلْوُجُوهُ لِلْحَىِّ ٱلْقَيُّومِ ۖ وَقَدْ خَابَ مَنْ حَمَلَ ظُلْمًا ﴿١١١﴾

112 ആരെങ്കിലും സത്യവിശ്വാസിയായിക്കൊണ്ട് വല്ല സൽക്കർമ്മങ്ങളും പ്രവർത്തിക്കുന്നുവെങ്കിൽ അവൻ, അക്രമത്തെയാകട്ടെ, അനീതിയെയാകട്ടെ ഭയപ്പെടേണ്ടിവരികയില്ല;

وَمَن يَعْمَلْ مِنَ ٱلصَّٰلِحَٰتِ وَهُوَ مُؤْمِنٌ فَلَا يَخَافُ ظُلْمًا وَلَا هَضْمًا ﴿١١٢﴾

ഈ ലോകത്തു നടപ്പുള്ള പ്രകാരം ഇഷ്ടം പോലെ ശുപാർശ നടത്തുവാനോ സ്വാധീനം ചെലുത്തുവാനോ, അന്നേ ദിവസം ആർക്കും സാദ്ധ്യമല്ല - പരമകാരുണികൻ മുൻകൂട്ടി അനുവാദം നൽകിയവർക്കല്ലാതെ.

എന്നെന്നും ജീവിച്ചിരിക്കുന്നവനും സർവ്വനിയന്താവും, സർവ്വജ്ഞാനിയുമായ അല്ലാഹു, ചെയ്യാത്ത കുറ്റങ്ങൾ ചുമത്തി ശിക്ഷിച്ചോ, കുറ്റത്തിന്റെ തോതിൽ കവിഞ്ഞ ശിക്ഷ നൽകിയോ ആരോടും അതിക്രമം കാട്ടുന്നതല്ല. ചെയ്ത നന്മക്ക് പ്രതിഫലം നൽകാതെയോ, പ്രതിഫലത്തിൽ കുറവ് വരുത്തിയോ ആരോടും അനീതി പ്രവർത്തിക്കുന്നതുമല്ല.

**വചനം 113,114 :**

113 അപ്രകാരം, അറബി ഭാഷയിലുള്ള ഒരു ഖുർആനായി നാം അത് അവതരിപ്പിച്ചിരിക്കുക

وَكَذَٰلِكَ أَنزَلْنَٰهُ قُرْءَانًا عَرَبِيًّا وَصَرَّفْنَا

فِيهِ مِنَ ٱلْوَعِيدِ لَعَلَّهُمْ يَتَّقُونَ أَوْ يُحْدِثُ لَهُمْ ذِكْرًا ﴿١١٣﴾

യാണ്. അതിൽ, താക്കീതുകളെ വിവിധ തരത്തിൽ നാം വിവരിച്ചിരിക്കുന്നു;- അവർ സൂക്ഷിക്കുകയോ, അല്ലെങ്കിൽ അതവർക്ക് ഒരു ബോധം ഉളവാക്കുകയോ ചെയ്തേക്കാം.

فَتَعَٰلَى ٱللَّهُ ٱلْمَلِكُ ٱلْحَقُّ ۗ وَلَا تَعْجَلْ بِٱلْقُرْءَانِ مِن قَبْلِ أَن يُقْضَىٰٓ إِلَيْكَ وَحْيُهُۥ ۖ وَقُل رَّبِّ زِدْنِى عِلْمًا ﴿١١٤﴾

114 യഥാർത്ഥ രാജാവായ അല്ലാഹു സർവ്വോന്നതന ത്രെ! ഖുർആൻ-അതിന്റെ ബോധനം നിനക്ക് പൂർണ്ണമായി നിർവ്വഹിക്കപ്പെടുന്നതിനു മുമ്പായി- നീ ധൃതിയിൽ ഓതരുത്. പറയുക: "രക്ഷിതാവേ! നീ എനിക്ക് അറിവ് വർദ്ധിപ്പിച്ചു തരേണമേ!"

വിശുദ്ധ ഖുർആനിന്റെ വിവരണ രീതികളെ പറ്റി സൂ: അൽകഹ്ഫ് 54-ാം വചനത്തിന്റെ വ്യാഖ്യാന ത്തിൽ വിവരിക്കപ്പെട്ടിട്ടുള്ളത് നോക്കുക.

നബി(സ) അറബി ആയിരുന്നത് കൊണ്ടും അവിടുന്ന് ആദ്യമായി അഭിമുഖീകരിക്കുന്നത് അറബികളെ ആയത് കൊണ്ടും ഖുർആൻ അറബി ഭാഷയിലായിതീർന്നു. മനുഷ്യ ഹൃദയങ്ങളെ തട്ടിയുണർത്തുവാനുള്ള ഖുർആനിന്റെ കഴിവ് അനിതര സാധാരണമത്രേ. അത് പഠിക്കുകയും ഗ്രഹിക്കുകയും ചെയ്യുക വഴി പാപങ്ങളും അതിക്രമങ്ങളും വിട്ടൊഴിഞ്ഞ് സൂക്ഷ്മതയോടെ ജീവിക്കുവാനുള്ള മനസ്ഥിതിയും കടമകൾ നിർവ്വഹിക്കുവാനും സൽകർമ്മ നിരതരായിരിക്കുവാനും ഉള്ള ബോധവും ഉളവാകുന്നതാണ്.

ഖുർആനിന്റെ വഹ്‌യുമായി ജിബ്രീൽ(അ) വന്ന് ഓതിക്കേൾപ്പിക്കുമ്പോൾ മറന്ന് പോയേക്കുമോ എന്ന ആശങ്ക നിമിത്തം വഹ്‌യ് അവസാനിപ്പിക്കുന്നതിന് മുമ്പ് തന്നെ ധൃതിപ്പെട്ട് ഓതുവാൻ നബി(സ) ശ്രമിച്ചിരുന്നു. അങ്ങനെ ചെയ്യേണ്ടതില്ലെന്നും അറിവ് വർദ്ധിപ്പിച്ച് തരുവാനായി അല്ലാഹുവിനോട് പ്രാർത്ഥിക്കണമെന്നും, അല്ലാഹു തിരുമേനിയെ ഉപദേശിക്കുന്നു. (സൂ: അൽഖിയാമ : 16-19 നോക്കുക.)

നബി(സ) ഇപ്രകാരം പ്രാർത്ഥിച്ചിരുന്നതായി ഹദീസിൽ വന്നിട്ടുണ്ട്.

"അല്ലാഹുവേ നീ എനിക്ക് പഠിപ്പിച്ച് തന്നിട്ടുള്ളത് കൊണ്ട് പ്രയോജനം നൽകേണമേ, എനിക്ക് ഉപകാര മുള്ളത് പഠിപ്പിച്ച് തരികയും ചെയ്യേണനേ, എനിക്ക് അറിവ് വർദ്ധിപ്പിച്ച് തരികയും ചെയ്യേണമേ, ഉപകാരമി ല്ലാത്ത അറിവ് എനിക്ക് നൽകരുതേ."

**വചനം 115 :**

وَلَقَدْ عَهِدْنَآ إِلَىٰٓ ءَادَمَ مِن قَبْلُ فَنَسِىَ وَلَمْ نَجِدْ لَهُۥ عَزْمًا ﴿١١٥﴾

115 മുമ്പ് നാം ആദമിന് നിർദ്ദേശം നൽകുക യുണ്ടായി; എന്നിട്ട്, അദ്ദേഹം വിസ്മരിച്ചുപോയി; ദൃഢനിശ്ചയം അദ്ദേഹത്തിന് നാം കണ്ടതുമില്ല.

മനുഷ്യ പിതാവായ ആദം(അ) നബിയുടെ ചരിത്രം ഉദ്ധരിച്ച്കൊണ്ട് അല്ലാഹു, മനുഷ്യന് അവൻ നൽകി യിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ മനുഷ്യൻ ദൃഢ നിശ്ചയം പാലിക്കണമെന്നും അതല്ലാതിരുന്നാൽ അവർക്ക് തീരാനഷ്ടം ബാധിക്കുന്നതാണെന്നും ഓർമ്മപ്പെടുത്തുന്നു.

## വിഭാഗം : 7

**വചനം 116,117,118,119 :**

وَإِذْ قُلْنَا لِلْمَلَٰٓئِكَةِ ٱسْجُدُوا۟ لِءَادَمَ فَسَجَدُوٓا۟ إِلَّآ إِبْلِيسَ أَبَىٰ ﴿١١٦﴾

116 ആദമിന് 'സുജൂദ്' ചെയ്‌വിൻ (തലകുനിക്കുവിൻ) എന്ന് നാം മലക്കുകളോട് പറഞ്ഞ സന്ദർഭം (ഓർക്കുക); അവർ (എല്ലാവരും) സുജൂദ് ചെയ്തു -ഇബ്‌ലീസ് ഒഴികെ-അവൻ വിസ്സമ്മതിച്ചുകളഞ്ഞു.

فَقُلْنَا يَٰٓـَٔادَمُ إِنَّ هَٰذَا عَدُوٌّ لَّكَ وَلِزَوْجِكَ فَلَا يُخْرِجَنَّكُمَا مِنَ ٱلْجَنَّةِ فَتَشْقَىٰٓ ﴿١١٧﴾

117 അപ്പോൾ നാം പറഞ്ഞു: "ആദമേ! നിശ്ചയമായും ഇവൻ നിനക്കും നിന്റെ ഭാര്യക്കും ശത്രു വാകുന്നു; അതിനാൽ, (ഈ) സ്വർഗ്ഗത്തിൽനിന്ന് നിങ്ങളെ അവൻ പുറത്താക്കാതിരിക്കട്ടെ; അപ്പോൾ നീ വിഷമിക്കേണ്ടതായി വരും.

إِنَّ لَكَ أَلَّا تَجُوعَ فِيهَا وَلَا تَعْرَىٰ ﴿١١٨﴾

118 "നിശ്ചയമായും, നിനക്ക് അവിടെ വിശക്കാതിരിക്കുകയും, നഗ്നമാകാതിരിക്കുകയും ചെയ്യാം;

وَأَنَّكَ لَا تَظْمَؤُا فِيهَا وَلَا تَضْحَىٰ ﴿١١٩﴾

119 "നിനക്ക് അവിടെ ദാഹിക്കാതിരിക്കുകയും, വെയിൽ കൊള്ളാതിരിക്കുകയും ചെയ്യാം."

ആദം(അ) നബിക്ക് സുജൂദ് ചെയ്യാനുള്ള അല്ലാഹുവിന്റെ കൽപന ധിക്കരിച്ച ഇബ്‌ലീസ് അങ്ങനെ, മനുഷ്യവർഗ്ഗത്തിനാകമാനം ശത്രുവായിതീർന്നു. ഈ ശത്രുവിനെ സൂക്ഷിച്ചില്ലെങ്കിൽ അവൻ നിങ്ങളെ ഈ സ്വർഗ്ഗീയ സുഖസൗകര്യങ്ങളിൽ നിന്ന് പുറത്താക്കുവാൻ കാരണക്കാരനായി തീരുമെന്ന് അല്ലാഹു ആദം(അ) നബിക്ക് താക്കീത് നൽകി. എന്നാൽ ആ സൂക്ഷ്മത പാലിക്കുന്നതിൽ ആദം(അ) ദൃഢചിത്തത കൈകൊള്ളുകയുണ്ടായില്ല.

**വചനം 120,121,122 :**

فَوَسْوَسَ إِلَيْهِ ٱلشَّيْطَٰنُ قَالَ يَٰٓـَٔادَمُ هَلْ أَدُلُّكَ عَلَىٰ شَجَرَةِ ٱلْخُلْدِ وَمُلْكٍ لَّا يَبْلَىٰ ﴿١٢٠﴾

120 അങ്ങനെ, പിശാച് (ഇബ്‌ലീസ്) അദ്ദേഹത്തിന് ദുർബ്ബോധനം നൽകി: അവൻ പറഞ്ഞു: "ആദമേ! നിത്യവാസത്തിനുള്ള വൃക്ഷത്തെയും, നശിച്ചു പോകാത്ത രാജത്വത്തെയും ഞാൻ നിനക്ക് അറിയിച്ചുതരട്ടെയോ?!"

فَأَكَلَا مِنْهَا فَبَدَتْ لَهُمَا سَوْءَٰتُهُمَا وَطَفِقَا يَخْصِفَانِ عَلَيْهِمَا مِن وَرَقِ ٱلْجَنَّةِ ۚ وَعَصَىٰٓ ءَادَمُ رَبَّهُۥ فَغَوَىٰ ﴿١٢١﴾

121 എന്നിട്ട്, അവർ രണ്ടുപേരും അതിൽ (വൃക്ഷത്തിൽ) നിന്ന് തിന്നു; ഉടനെ, അവർക്ക് തങ്ങളുടെ നഗ്നത വെളിപ്പെട്ടു; സ്വർഗ്ഗത്തിലെ ഇലകളിൽ നിന്നും (എടുത്ത്) അവർ തങ്ങളുടെ മേൽ പറ്റിക്കുവാൻ തുടങ്ങുകയും ചെയ്തു. ആദം തൻെറ രക്ഷിതാവിനോട് അനുസരണക്കേട് കാണിച്ചു, അങ്ങിനെ വഴിപിഴച്ചു.

ثُمَّ ٱجْتَبَٰهُ رَبُّهُۥ فَتَابَ عَلَيْهِ وَهَدَىٰ ﴿١٢٢﴾

122 പിന്നീട്, അദ്ദേഹത്തെ തൻെറ രക്ഷിതാവ് നന്നാക്കിയെടുത്തു; അങ്ങനെ, അദ്ദേഹത്തിൻെറ മേൽ പശ്ചാത്താപം സ്വീകരിച്ചു; മാർഗ്ഗദർശനം നൽകുകയും ചെയ്തു.

ഒരു പ്രത്യേക വൃക്ഷത്തെ സമീപിക്കരുത് എന്ന അല്ലാഹുവിന്റെ കൽപന (സൂ: അൽബഖറ: 35) പിശാചിന്റെ ദുർബോധനത്തിന് വശംവദരായി ആദം(അ)നബിയും ഹവ്വായും ലംഘിക്കുകയും ആ വൃക്ഷത്തിൽ നിന്നും ഭുജിക്കുകയും ചെയ്തു. അതേ വരെ സ്വർഗ്ഗീയ വസ്ത്രം ഉണ്ടായിരുന്ന അവരിൽ നിന്നത് നീങ്ങിപോകുകയും, അവർക്ക് തങ്ങളുടെ നഗ്നത വെളിപ്പെടുകയും ചെയ്തു. നഗ്നത മറക്കുവാൻ അവർക്ക് ഇലകളെ അവലംബിക്കേണ്ടി വരികയും ചെയ്തു. (സൂ: അഅ്റാഫ്: 27 നോക്കുക)

തങ്ങളുടെ പക്കൽ വന്ന് പോയ മഹാബദ്ധത്തെകുറിച്ച് അങ്ങേയറ്റം ദു:ഖിതരായ ആദം(അ) നബിയും ഹവ്വായും അല്ലാഹുവിൽ നിന്ന് ലഭിച്ച വചനം സ്വീകരിച്ച് (സൂ: അൽബഖറ: 37) താഴെ കാണും വിധം പ്രാർത്ഥിക്കുകയുംചെയ്തു.

" ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അതിക്രമം ചെയ്തിരിക്കുകയാണ്. നീ ഞങ്ങൾക്ക് പൊറുത്ത് തരികയും ഞങ്ങൾക്ക് കരുണ ചെയ്യുകയും ചെയ്യാതിരുന്നാൽ തീർച്ചയായും ഞങ്ങൾ നഷ്ടക്കാരിൽപെട്ടു പോകുന്നതാണ്."(സൂ: അഅ്റാഫ്: 23)

അല്ലാഹു ആദം(അ) നബിയുടെ പാപം പൊറുത്ത് പരിശുദ്ധമാക്കുകയും അല്ലാഹു ഈ ലോകത്ത് നടപ്പിലാക്കാൻ പോകുന്ന പുതിയ ജീവിത ക്രമത്തിലേക്കാവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ അവർക്ക് നൽകുകയും ചെയ്തു.

**വചനം 123 :**

قَالَ ٱهْبِطَا مِنْهَا جَمِيعًا ۖ بَعْضُكُمْ لِبَعْضٍ عَدُوٌّ ۖ فَإِمَّا يَأْتِيَنَّكُم مِّنِّى هُدًى فَمَنِ

123 അവൻ (അല്ലാഹു) പറഞ്ഞു: "നിങ്ങളെല്ലാവരും ഇതിൽ (സ്വർഗ്ഗത്തിൽ) നിന്ന് ഇറങ്ങിപ്പോകുവിൻ! നിങ്ങളിൽ ചിലർ ചിലർക്ക് ശത്രുവാകുന്നു എന്നാൽ, എൻെറ പക്കൽനിന്ന് വല്ല മാർഗ്ഗ

ٱتَّبَعَ هُدَايَ فَلَا يَضِلُّ وَلَا يَشْقَىٰ ﴿١٢٣﴾

ദർശനവും നിങ്ങൾക്ക് വന്നുകിട്ടുന്നതായാൽ, അപ്പോൾ എൻെറ മാർഗ്ഗദർശനം ആർ പിൻപറ്റുന്നുവോ അവൻ വഴിപിഴക്കുകയില്ല, വിഷമിക്കേണ്ടിവരികയുമില്ല.

ആദം(അ) നബിയോടും ഹവ്വാ(അ)യോടും പ്രഥമമായും ലോകവസാനം വരെയുള്ള അവരുടെ സന്താനങ്ങളോട് പൊതുവായും അല്ലാഹു നൽകുന്ന ഒരു ഉൽബോധനമാണിത്. മനുഷ്യന്റെ ജന്മ ശത്രുവായ പിശാചിന്റെ പ്രേരണകൾക്ക് വശംവദമാകുന്ന പക്ഷം മനുഷ്യൻ ഇഹത്തിലും പരത്തിലും അനന്തമായ കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടി വരുമെന്ന ശക്തിയായ താക്കീത് അതിൽ അടങ്ങിയിരിക്കുന്നു.

**വചനം 124,125,126,127 :**

وَمَنْ أَعْرَضَ عَن ذِكْرِى فَإِنَّ لَهُۥ مَعِيشَةً ضَنكًا وَنَحْشُرُهُۥ يَوْمَ ٱلْقِيَٰمَةِ أَعْمَىٰ ﴿١٢٤﴾

قَالَ رَبِّ لِمَ حَشَرْتَنِىٓ أَعْمَىٰ وَقَدْ كُنتُ بَصِيرًا ﴿١٢٥﴾

قَالَ كَذَٰلِكَ أَتَتْكَ ءَايَٰتُنَا فَنَسِيتَهَا ۖ وَكَذَٰلِكَ ٱلْيَوْمَ تُنسَىٰ ﴿١٢٦﴾

وَكَذَٰلِكَ نَجْزِى مَنْ أَسْرَفَ وَلَمْ يُؤْمِنۢ بِـَٔايَٰتِ رَبِّهِۦ ۚ وَلَعَذَابُ ٱلْءَاخِرَةِ أَشَدُّ وَأَبْقَىٰٓ ﴿١٢٧﴾

124 ആരെങ്കിലും, എൻെറ ഉൽബോധനത്തെവിട്ടു തിരിഞ്ഞുകളഞ്ഞാൽ, നിശ്ചയമായും അവന് ഇടുങ്ങിയ ഒരു ജീവിതം ഉണ്ടായിരിക്കുന്നതാണ്; ഖിയാമത്തുനാളിൽ, അവനെ നാം, അന്ധനായ നിലയിൽ (എഴുന്നേൽപ്പിച്ച്) ഒരുമിച്ചുകൂട്ടുന്നതുമാണ്.''

125 അവൻ പറയും: ''റബ്ബേ! എന്തിനാണ് നീ എന്നെ അന്ധനായ നിലയിൽ (എഴുന്നേൽപിച്ച്) ഒരുമിച്ചുകൂട്ടിയത്-ഞാൻ (മുമ്പ്) കാഴ്ചയുള്ളവനായിരുന്നുവല്ലോ?!''

126 അവൻ (അല്ലാഹു) പറയും: ''അങ്ങിനെത്തന്നെയാണ്; നിനക്ക് നമ്മുടെ ലക്ഷ്യങ്ങൾ വന്നു, അപ്പോൾ നീ അത് മറന്നുകളഞ്ഞു: അപ്രകാരം ഇന്ന് നീയും വിസ്മരിക്കപ്പെടുന്നു.''

127 അങ്ങിനെയാണ്, അതിരുകവിയുകയും, തൻെറ റബ്ബിൻെറ ലക്ഷ്യങ്ങളിൽ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നവന് നാം പ്രതിഫലം കൊടുക്കുക; പരലോകശിക്ഷയാകട്ടെ, ഏറ്റവും കഠിനവും, കൂടുതൽ ശേഷിക്കുന്നതും തന്നെയാണ്.

അല്ലാഹുവിൽ ശരിയായ നിലയിൽ വിശ്വസിക്കുകയും അവന്റെ നിയമനിർദ്ദേശങ്ങൾ അനുസരിക്കുകയും ചെയ്യുന്നവർക്ക് ജീവിതത്തിൽ ശാന്തിയും സമാധാനവും ഉണ്ടായിരിക്കുന്നതാണ്. അവൻ സന്തോഷത്തിൽ കൃതജ്ഞനും സന്താപത്തിൽ ക്ഷമാലുവും ആയിതീരും. എന്നാൽ അവിശ്വാസികളാകട്ടെ സുഖസന്തോഷങ്ങളിൽ കൃതഘ്നനും സന്താപങ്ങളിൽ അക്ഷമനുമായിരിക്കും. ശാന്തിയും സമാധാനവുമില്ലാത്ത ഇടുങ്ങിയ ജീവിതമായിരിക്കും അവനുണ്ടാകുക.

അല്ലാഹുവിന്റെ ലക്ഷ്യങ്ങളെ മറന്ന് കൊണ്ട് ഈ ലോകത്ത് അന്ധത ഭാവിച്ച് കൊണ്ട് തോന്നി യ പോലെ ജീവിച്ചവർ ഖിയാമത്ത് നാളിൽ അന്ധമായ നിലയിലായിരിക്കും ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുക. മാത്രമല്ല അവൻ അല്ലാഹുവിനാൽ വിസ്മരിക്കപ്പെട്ട നിലയിലുമായിരിക്കും. അതികഠിനവും കൂടുതൽ ശേഷിക്കുന്നതുമായ ശിക്ഷ അവനെ അനുഭവിപ്പിക്കുന്നതുമാണ്. (സൂ: ഇസ്രാഅ്: 72 സൂ:ഹജ്ജ്: 46 എന്നിവിടങ്ങളിൽ നോക്കുക)

**വചനം 128,129,130 :**

أَفَلَمْ يَهْدِ لَهُمْ كَمْ أَهْلَكْنَا قَبْلَهُم مِّنَ ٱلْقُرُونِ يَمْشُونَ فِى مَسَٰكِنِهِمْ ۗ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّأُو۟لِى ٱلنُّهَىٰ ﴿١٢٨﴾

128 എത്രയോ തലമുറകളെ ഇവർക്കു മുമ്പ് നാം നശിപ്പിച്ചു കളഞ്ഞിട്ടുണ്ട്-അവരുടെ വാസസ്ഥലങ്ങളിൽ കൂടി ഇവർ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു-എന്നത് ഇവർക്ക് മാർഗ്ഗദർശനം നൽകുന്നില്ലേ?! നിശ്ചയമായും അതിൽ ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.

## വിഭാഗം: 8

وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ لَكَانَ لِزَامًا وَأَجَلٌ مُّسَمًّى ﴿١٢٩﴾

129 നിൻെറ റബ്ബിൻെറ പക്കൽനിന്ന് മുമ്പു നടന്ന ഒരു വാക്കും, നിശ്ചിതമായ ഒരു അവധിയും ഇല്ലായിരുന്നുവെങ്കിൽ, അത് (ശിക്ഷാനടപടി) അനിവാര്യമാകുമായിരുന്നു.

فَاصْبِرْ عَلَىٰ مَا يَقُولُونَ وَسَبِّحْ بِحَمْدِ رَبِّكَ قَبْلَ طُلُوعِ الشَّمْسِ وَقَبْلَ غُرُوبِهَا ۖ وَمِنْ آنَاءِ اللَّيْلِ فَسَبِّحْ وَأَطْرَافَ النَّهَارِ لَعَلَّكَ تَرْضَىٰ ﴿١٣٠﴾

130 അതുകൊണ്ട്, (നബിയേ) ഇവർ പറയുന്നതിനെപ്പറ്റി ക്ഷമിച്ചുകൊള്ളുക; സൂര്യോദയത്തിനുമുമ്പും, അസ്തമനത്തിനു മുമ്പും നീ നിൻെറ റബ്ബിനെ സ്തുതിച്ചുകൊണ്ട് സ്തോത്ര കീർത്തനവും ചെയ്യുക. രാത്രി സമയങ്ങളിലും, പകലിൻെറ ഭാഗങ്ങളിലും നീ പ്രകീർത്തനം ചെയ്യുക. എന്നാൽ നിനക്ക് സംതൃപ്തിയുണ്ടായേക്കാം.

അവിശ്വാസവും ദുർമാർഗ്ഗവും കാരണമായി മുമ്പ് ചില സമുദായങ്ങളെ നശിപ്പിച്ചത് പോലെ നബി(സ)യുടെ സമുദായത്തെ ഉന്മൂല നാശം ചെയ്യുന്നതല്ലെന്ന് അല്ലാഹു നിശ്ചയിച്ചിരിക്കുകയാണ്. ഇതാണ് "മുമ്പ് നടന്ന ഒരു വാക്ക് " കൊണ്ടുള്ള ഉദ്ദേശ്യം. "നിശ്ചിതമായ ഒരു അവധി " എന്ന് പറഞ്ഞത് ലോകാവസാന ദിവസത്തെ ഉദ്ദേശിച്ചാകുന്നു. (സൂ: ഖമർ : 46 നോക്കുക)

നമസ്കാരം, ദിക്ർ, ദുആ മുതലായ ദൈവകീർത്തനങ്ങൾ നടത്തേണ്ടുന്ന ചില പ്രത്യേക അവസരങ്ങളാണ് 130-ാം വചനത്തിൽ പറഞ്ഞിട്ടുള്ളത്.(സൂ: റൂം : 17,18 വചനങ്ങൾ ശ്രദ്ധിക്കുക)

**വചനം 131,132 :**

وَلَا تَمُدَّنَّ عَيْنَيْكَ إِلَىٰ مَا مَتَّعْنَا بِهِۦٓ أَزْوَٰجًا مِّنْهُمْ زَهْرَةَ ٱلْحَيَوٰةِ ٱلدُّنْيَا لِنَفْتِنَهُمْ فِيهِ ۚ وَرِزْقُ رَبِّكَ خَيْرٌ وَأَبْقَىٰ ﴿١٣١﴾

131 ഐഹികജീവിതത്തിൻെറ മോടിയായി, അവരിൽ നിന്ന് പല വിഭാഗങ്ങൾക്ക് ഏതൊന്നുകൊണ്ട് -അതിൽ അവരെ പരീക്ഷിക്കുവാനായി- നാം സുഖഭോഗം നൽകിയിരിക്കുന്നുവോ, അതിലേക്ക് നീ നിൻെറ ദൃഷ്ടികൾ നീട്ടിപ്പോകരുത് (കണ്ണുവെക്കരുത്) നിൻെറ റബ്ബ് നൽകുന്ന ഉപജീവനം ഉത്തമവും, അധികം ശേഷിക്കുന്നതുമാകുന്നു.

وَأْمُرْ أَهْلَكَ بِٱلصَّلَوٰةِ وَٱصْطَبِرْ عَلَيْهَا ۖ لَا نَسْـَٔلُكَ رِزْقًا ۖ نَّحْنُ نَرْزُقُكَ ۗ وَٱلْعَٰقِبَةُ لِلتَّقْوَىٰ ﴿١٣٢﴾

132 നിൻെറ സ്വന്തക്കാരോട് നമസ്കരിക്കുവാൻ കല്പിക്കുകയും അതിനായി നീ സഹനമവലംബിക്കുകയും ചെയ്തു കൊള്ളുക. നിന്നോട് ഉപജീവനം നൽകുവാൻ നാം ആവശ്യപ്പെടുന്നില്ല; നിനക്ക് നാം ഉപജീവനം നൽകുകയാണ് ചെയ്യുന്നത്; ശുഭപര്യവസാനം ഭയഭക്തിക്കാകുന്നു.

മനുഷ്യനും മറ്റ് ജീവജാലങ്ങൾക്കും ഉപജീവനം നൽകുന്നത് അല്ലാഹുവാകുന്നു. അതിലേക്കുള്ള ചില പ്രത്യക്ഷ മാർഗ്ഗങ്ങളാകുന്നു മനുഷ്യൻ ചെയ്യുന്ന പരിശ്രമങ്ങൾ. എന്നാൽ ശാരീരിക പോഷണത്തേക്കാൾ ഉത്തമമായത് ആത്മീയമായ പോഷണമാകുന്നു. ആയത് സമ്പാദിക്കുവാൻ വേണ്ട സൽകർമ്മങ്ങളിൽ ഏറ്റവും പ്രധാനമായത് നമസ്കാരമാകുന്നു. താനും തന്റെ കുടുംബാംഗങ്ങളും നമസ്കാരം അതിന്റെ ക്രമവും സമയവും തെറ്റാതെ നിലനിർത്തേണ്ടത് ഓരോരുത്തന്റെയും നിർബന്ധ ബാദ്ധ്യതയാകുന്നു.

"നിങ്ങൾ, നിങ്ങളുടെ മക്കൾക്ക് ഏഴ് വയസ്സ് പ്രായമാകുമ്പോൾ അവരോട് നമസ്കരിക്കുവാൻ കൽപിക്കണം. പത്ത് വയസ്സാകുമ്പോൾ വേണ്ടി വന്നാൽ അതിനായി അവരെ അടിക്കുകയും ചെയ്യണം." എന്ന നബി വചനം പ്രത്യേകം സ്മരണീയമാകുന്നു.

**വചനം 133,134,135 :**

133 അവർ (അവിശ്വാസികൾ) പറയുന്നു: “അവൻ (നബി) തൻെറ റബ്ബിൻെറ പക്കൽനിന്നു ഞങ്ങൾക്ക് ഒരു ദൃഷ്ടാന്തവും കൊണ്ടുവരാത്ത തെന്ത്?!” പൂർവ്വ ഗ്രന്ഥങ്ങളിലുള്ളതിൻെറ തെളിവ് അവർക്കു വന്നിട്ടില്ലേ?!

وَقَالُواْ لَوۡلَا يَأۡتِينَا بِـَٔايَةٖ مِّن رَّبِّهِۦٓۚ أَوَلَمۡ تَأۡتِهِم بَيِّنَةُ مَا فِي ٱلصُّحُفِ ٱلۡأُولَىٰ ١٣٣

134 ഇതിനുമുമ്പായി വല്ല ശിക്ഷകൊണ്ടും നാം അവരെ നശിപ്പിച്ചിരുന്നുവെങ്കിൽ, അവർ (ഇങ്ങിനെ) പറയുമായിരുന്നു: “ഞങ്ങളുടെ റബ്ബേ! നീ ഞങ്ങളുടെ അടുക്കലേക്ക് ഒരു റസൂലിനെ (ദൂതനെ) എന്തുകൊണ്ട് അയച്ചു തന്നില്ല? എന്നാൽ, ഞങ്ങൾ നിന്ദ്യരും അപമാനി തരുമായി ഭവിക്കുന്നതിനുമുമ്പ് തന്നെ നിൻെറ ലക്ഷ്യങ്ങളെ ഞങ്ങൾ പിൻതുടരുമായിരു ന്നല്ലോ!”

وَلَوۡ أَنَّآ أَهۡلَكۡنَٰهُم بِعَذَابٖ مِّن قَبۡلِهِۦ لَقَالُواْ رَبَّنَا لَوۡلَآ أَرۡسَلۡتَ إِلَيۡنَا رَسُولٗا فَنَتَّبِعَ ءَايَٰتِكَ مِن قَبۡلِ أَن نَّذِلَّ وَنَخۡزَىٰ ١٣٤

135 (നബിയേ) പറയുക: “(നാം) എല്ലാവരും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകതന്നെയാണ്; എന്നാൽ നിങ്ങൾ പ്രതീക്ഷിച്ചുകൊള്ളുക; അപ്പോൾ നിങ്ങൾക്ക് അറിയാറാകും: നേരായ മാർഗ്ഗത്തിലുള്ളവർ ആരാണെന്നും, ആരാണ് സൻമാർഗ്ഗം പ്രാപിച്ചിട്ടുള്ളതെന്നും!”

قُلۡ كُلّٞ مُّتَرَبِّصٞ فَتَرَبَّصُواْۖ فَسَتَعۡلَمُونَ مَنۡ أَصۡحَٰبُ ٱلصِّرَٰطِ ٱلسَّوِيِّ وَمَنِ ٱهۡتَدَىٰ ١٣٥

സത്യനിഷേധികൾ നബി(സ)യുടെ പ്രബോധനത്തെ നിഷേധിക്കുവാനായി ഇപ്രകാരം ദുർന്യായങ്ങൾ പറയാറുണ്ടായിരുന്നു. “ മുമ്പുള്ള പ്രവാചകൻമാർ കൊണ്ട് വന്നത് പോലെയുള്ള ഒരു ദൃഷ്ടാന്തം മുഹമ്മദ് കൊണ്ട് വരാത്തതെന്താണ് ” എന്നാൽ എത്രയോ തെളിവുകളും ദൃഷ്ടാന്തങ്ങളും വന്ന് കഴിഞ്ഞിട്ടും അവർ ഉന്ന യിക്കുന്ന വെറും കുതർക്കം മാത്രമായിരുന്നു അത്തരം ജൽപനങ്ങൾ. അത്തരം ദൃഷ്ടാന്തങ്ങളെ ജാലവിദ്യ എന്ന് പറഞ്ഞ് തള്ളികളയുകയായിരുന്നു അവരുടെ പതിവ്. സൂ: അൽഖമർ 1-4 വചനങ്ങളിലും തുടർന്നും സത്യനിഷേ ധികളുടെ ഈ ധിക്കാരത്തെ പറ്റി വിശദമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

പൂർവ്വ പ്രവാചകന്മാരുടെയും അവരുടെ ജനതകളുടെയും ചരിത്രങ്ങൾ, നബി(സ) തിരുമേനിയെ സംബ ന്ധിച്ച പ്രവചനങ്ങൾ, ആദിയായി പൂർവ്വവേദ ഗ്രന്ഥങ്ങളിൽ വന്നിട്ടുള്ളതിന്റെ തെളിവായും സാക്ഷ്യമായും അവ തരിക്കപ്പെട്ട വിശുദ്ധഖുർആൻ തന്നെ ഉത്തമദൃഷ്ടാന്തമായി അവരുടെ മുമ്പിലുണ്ട്. (സൂ: അൻകബൂത്ത് : 50,51 നോക്കുക ) അവർക്ക് സദുദ്ദേശമുണ്ടെങ്കിൽ വേറെ ദൃഷ്ടാന്തങ്ങളൊന്നും ആവശ്യമില്ല തന്നെ.

“മനുഷ്യർക്ക് വിശ്വസിക്കാൻ മതിയാകുന്നത്ര ദൃഷ്ടാന്തങ്ങൾ നൽകപ്പെടാത്ത ഒരു പ്രവാചകനും ഉണ്ടാ യിട്ടില്ല, എനിക്ക് നൽകപ്പെട്ടിട്ടുള്ളത് അല്ലാഹു എനിക്ക് നൽകിയ ‘വഹ്‌യ്’ (ബോധനം) തന്നെയാകുന്നു” -നബി വചനം.

മറ്റെല്ലാ പ്രവാചകൻമാരിലും വെച്ച് ശ്രേഷ്ഠനായ ഒരു റസൂലിനെയും, ഏറ്റവും ഉന്നതമായ ഒരു വേദ ഗ്രന്ഥത്തേയും അവർക്ക് നൽകപ്പെട്ടിട്ടും, അവർ സത്യം സ്വീകരിക്കാൻ തയ്യാറല്ലെങ്കിൽ അതിന്റെ തിക്തഫലം താമസിയാതെ അവർ അനുഭവിക്കുമാറാകും -അവർ കാത്തിരുന്നു കൊള്ളട്ടെ.

അല്ലാഹു നമ്മെ സത്യബോധവും സൻമാർഗ്ഗവും പ്രദാനം ചെയ്യപ്പെട്ട സജ്ജനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെ ടുത്തി അനുഗ്രഹിക്കട്ടെ آمين

# 21. സൂറത്തുല്‍ അന്‍ബിയാഉ് (പ്രവാചകന്മാര്‍)

**മക്കയില്‍ അവതരിച്ചത്**

വചനങ്ങള്‍ 112, വിഭാഗം (റുക്കൂഅ്) 7

**ജുസ്അ് - 17**

പ്രവാചകന്‍മാരുടെ ദൗത്യത്തെപറ്റിയുള്ള ചരിത്ര വിവരണം അടങ്ങിയിട്ടുള്ളത് കൊണ്ടാണ് ഈ അദ്ധ്യായത്തിന് അന്‍ബിയാഅ് (പ്രവാചകന്മാര്‍) എന്ന പേര് നല്‍കപെട്ടത് .

**വിഭാഗം - 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്‍റെ നാമത്തില്‍ بسم الله الرحمن الرحيم

**വചനം - 1 :**

1 ജനങ്ങള്‍ക്ക് അവരുടെ വിചാരണ ആസന്നമായിരിക്കുന്നു; അവരാകട്ടെ, അശ്രദ്ധയിലായും കൊണ്ട് തിരിഞ്ഞു കളയുന്നവരുമാകുന്നു!

ٱقْتَرَبَ لِلنَّاسِ حِسَابُهُمْ وَهُمْ فِى غَفْلَةٍ مُّعْرِضُونَ ﴿١﴾

മനുഷ്യന്‍ ചെയ്തിട്ടുള്ള സകല കൃത്യങ്ങളെക്കുറിച്ചും വിചാരണ ചെയ്യപ്പെടുന്ന ആ ദിവസം അധികമൊന്നും വിദൂരമല്ല. എപ്പോഴാണ് അത് സംഭവിക്കുകയെന്ന് അല്ലാഹുവിനല്ലാതെ മറ്റാര്‍ക്കും അറിയുകയില്ല. ഇത് സംബന്ധമായി തിര്‍മുദീ(റ) നിവേദനം ചെയ്ത ഒരു ഹദീസില്‍ നബി(സ) ഇപ്രകാരം മുന്നറിയിപ്പ് ന്‍ല്‍കിയിരിക്കുന്നു.

ഒരു അടിയന്‍ അവന്‍റെ ആയുഷ്കാലം എങ്ങനെ ചെലവഴിച്ചുവെന്നും അവന്‍റെ ധനം എങ്ങനെ സമ്പാദിച്ചു എന്നും അത് എങ്ങനെയൊക്കെ ചിലവഴിച്ചുവെന്നും അവന്‍റെ ശരീരം എന്തില്‍ വിനിയോഗിച്ചുവെന്നും ചോദിക്കപെടാതെ, അവന്‍റെ കാലുകള്‍ ഖിയാമത്ത് നാളില്‍ വിചാരണ സ്ഥലത്ത് നിന്ന് അനങ്ങുന്നതല്ല.

ഹദീസില്‍ വിവരിക്കപെട്ട ഈ വിചാരണയല്ലാതെ, മറ്റൊരു വിചാരണയാണ് ഈ ആയത്ത് കൊണ്ട് ഉദ്ദേശിക്കപെടുന്നത്എന്ന് മഹാന്‍മാരായ ചില ഖുര്‍ആന്‍ വ്യാഖ്യാതാക്കള്‍ ചൂണ്ടിക്കാട്ടിയിരിക്കുന്നു. സത്യവിശ്വാസികള്‍ക്കും, സത്യനിഷേധികള്‍ക്കുമിടയിലുള്ള ഖണ്ഡിതമായ ഒരു തീരുമാനം വിദൂരമല്ലാത്ത ഒരുസമയത്ത് തന്നെ ഉണ്ടാകേണ്ടത് അനിര്‍വാര്യമാകുന്നു എന്ന ഒരു താക്കീതായിരിക്കാം ഈ വചനം -[ഈ സുറത്തിന്‍റെ മദ്ധ്യത്തിലും അന്ത്യത്തിലും ഉള്ള താക്കീത് പോലെ]. മക്കീ കാലഘട്ടത്തിന്‍റെ അന്ത്യഘട്ടത്തില്‍ ഈ സൂറത്ത് അവതരിച്ചത് മുതല്‍ അധികം താമസിയാതെ തന്നെ മുസ്ലീംകള്‍ മദീനയിലേക്ക് ഹിജ്റ പോകുകയും തുടര്‍ന്ന് സത്യപ്രബോധനത്തിന്‍റെ വിജയവും, സത്യനിഷേധികളുടെ പരാജയവും സംഭവിക്കുകയും ചെയ്തു.

**വചനം 2,3,4,5,6 :**

2 തങ്ങളുടെ രക്ഷിതാവിങ്കല്‍നിന്ന് പുതുതായി നല്‍കപ്പെടുന്ന ഏതൊരു ഉല്‍ബോധനവും -അവര്‍ കളിച്ചും കൊണ്ട് അത് കേള്‍ക്കുന്ന നിലയിലല്ലാതെ-അവര്‍ക്ക് വരുന്നില്ല;

مَا يَأْتِيهِم مِّن ذِكْرٍ مِّن رَّبِّهِم مُّحْدَثٍ إِلَّا ٱسْتَمَعُوهُ وَهُمْ يَلْعَبُونَ ﴿٢﴾

3 അവരുടെ ഹൃദയങ്ങള്‍ (അതിനെക്കുറിച്ച്) ബോധരഹിതമായിക്കൊണ്ട്. അവര്‍-അക്രമം പ്രവര്‍ത്തിച്ചവര്‍-പതുക്കെ ഗൂഢഭാഷണം നടത്തുന്നു: "ഇവന്‍ (മുഹമ്മദ്) നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനല്ലാതെ, (മറ്റു വല്ലതും) ആണോ? എന്നിരിക്കെ, നിങ്ങള്‍ കണ്ടുംകൊണ്ടു തന്നെ (ആ) ജാലത്തിങ്കല്‍ ചെല്ലുകയാണോ?!"

لَاهِيَةً قُلُوبُهُمْ ۗ وَأَسَرُّوا۟ ٱلنَّجْوَى ٱلَّذِينَ ظَلَمُوا۟ هَلْ هَٰذَآ إِلَّا بَشَرٌ مِّثْلُكُمْ ۖ أَفَتَأْتُونَ ٱلسِّحْرَ وَأَنتُمْ تُبْصِرُونَ ﴿٣﴾

4 അദ്ദേഹം (നബി) പറഞ്ഞു: "എന്‍റെ രക്ഷിതാവ് ആകാശത്തും ഭൂമിയിലുംവെച്ച് പറയുന്നത് അറിയുന്നു, അവന്‍ (എല്ലാം) കേള്‍ക്കുന്നവനും അറിയുന്നവനുമത്രെ."

قَالَ رَبِّى يَعْلَمُ ٱلْقَوْلَ فِى ٱلسَّمَآءِ وَٱلْأَرْضِ ۖ وَهُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٤﴾

5 എന്നല്ല, അവർ (ആ അക്രമികൾ) പറയുന്നു: “ദുസ്വപ്നവാർത്തകളത്രെ (മുഹമ്മദ് പറയുന്നത്); അതല്ല, അവൻ അത് കെട്ടിച്ചമച്ചിരിക്കുകയാണ്; അത്രയുമല്ല, അവൻ ഒരു കവിയാണ്; എന്നാൽ, (ഇവൻ പ്രവാചകനാണെങ്കിൽ) മുൻപ്രവാചകൻമാർ അയക്കപ്പെട്ടിരുന്നതു പോലെ, ഇവൻ നമുക്കൊരു ദൃഷ്ടാന്തം കൊണ്ടുവരട്ടെ!” (എന്നൊക്കെ)

بَلْ قَالُوٓا۟ أَضْغَٰثُ أَحْلَٰمٍۭ بَلِ ٱفْتَرَىٰهُ بَلْ هُوَ شَاعِرٌ فَلْيَأْتِنَا بِـَٔايَةٍ كَمَآ أُرْسِلَ ٱلْأَوَّلُونَ ﴿٥﴾

6 ഇവരുടെ മുമ്പ് നാം നശിപ്പിച്ച ഒരു നാടും (നാട്ടുകാരും) വിശ്വസിക്കുകയുണ്ടായിട്ടില്ല; എന്നിരിക്കെ, ഇവരുണ്ടോ വിശ്വസിക്കുന്നു?!

مَآ ءَامَنَتْ قَبْلَهُم مِّن قَرْيَةٍ أَهْلَكْنَٰهَآ ۖ أَفَهُمْ يُؤْمِنُونَ ﴿٦﴾

അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന സന്ദേശങ്ങളെ അവഗണിച്ച് കൊണ്ട് ആ അവിശ്വാസികൾ നബി(സ)യെ കുറിച്ച് കള്ള പ്രചരണം നടത്തികൊണ്ടിരിക്കുന്നു - നമ്മെപോലെയുള്ള ഒരു മനുഷ്യനായ മുഹമ്മദ് എങ്ങനെയാണ് ദൈവദൂതനാവുക; മുഹമ്മദ് ഒരു ജാലവിദ്യക്കാരനും കവിയും, കളളം പറയുന്നവനും, ദുസ്വപ്നങ്ങൾ കണ്ട് എന്തൊക്കെയോ കെട്ടിപറയുന്നവനും ആകുന്നു. എന്നൊക്ക സമയാസമയങ്ങളിൽ ആ അക്രമികൾ ജൽപിച്ച് കൊണ്ടിരുന്നു. മുൻകഴിഞ്ഞ പ്രവാചകൻമാർ അയക്കപ്പെട്ടിരിക്കുന്നത് പോലെ മുഹമ്മദ് ഒരു ദൃഷ്ടാന്തവും കൊണ്ട് വരാത്തതെന്താണ് എന്നും അവർ വെല്ലു വിളിച്ച് കൊണ്ടിരുന്നു. (സൂ: ത്വാഹാ : 133-ാം വചനം ശ്രദ്ധിക്കുക)

എന്നാൽ മുൻകഴിഞ്ഞ പല സമുദായങ്ങളും അവർ ആവശ്യപ്പെട്ട ദൃഷ്ടാന്തങ്ങൾ അവരുടെ പ്രവാചകൻമാർ മുഖേന അല്ലാഹു വെളിവാക്കിയിട്ടും അവരവയെ നിഷേധിക്കുകയും പരിഹസിക്കുകയുമാണ് ചെയ്തത്. അങ്ങനെ അവർ ആകമാനം നശിപ്പിക്കപ്പെടുവാൻ കാരണമായിത്തീരുകയും ചെയ്തു. അവരിൽ നിന്നും വ്യത്യസ്തമായ ഒരു സമീപനം ഈ സത്യനിഷേധികളിൽ നിന്നും പ്രതീക്ഷിക്കുന്നുമില്ല.

**വചനം 7,8,9,10 :**

7 (നബിയേ) പുരുഷൻമാരെയല്ലാതെ നിന്റെ മുമ്പ് നാം അയച്ചിട്ടില്ല; അവർക്ക് നാം ‘വഹ്യ്’ (ബോധനം) നൽകുന്നു. (ഇതാണവരുടെ പ്രത്യേകത). (അവിശ്വാസികളേ) നിങ്ങൾ അറിയാത്തവരാകുന്നുവെങ്കിൽ വേദക്കാരോട് ചോദിച്ചുകൊള്ളുവിൻ.

وَمَآ أَرْسَلْنَا قَبْلَكَ إِلَّا رِجَالًا نُّوحِىٓ إِلَيْهِمْ ۖ فَسْـَٔلُوٓا۟ أَهْلَ ٱلذِّكْرِ إِن كُنتُمْ لَا تَعْلَمُونَ ﴿٧﴾

8 നാം അവരെ, ഭക്ഷണം കഴിക്കാത്ത ശരീരങ്ങളാക്കിയിട്ടുമില്ല; അവർ നിത്യജീവികളായിരുന്നതുമില്ല.

وَمَا جَعَلْنَٰهُمْ جَسَدًا لَّا يَأْكُلُونَ ٱلطَّعَامَ وَمَا كَانُوا۟ خَٰلِدِينَ ﴿٨﴾

9 പിന്നെ അവർക്ക് നാം വാഗ്ദാനം സത്യമാക്കിക്കൊടുത്തു; അങ്ങനെ, അവരെയും, (അവരോടൊപ്പം) നാം ഉദ്ദേശിക്കുന്നവരെയും നാം രക്ഷപ്പെടുത്തുകയും, അതിരു വിട്ട് പ്രവർത്തിച്ചവരെ നശിപ്പിക്കുകയും ചെയ്തു!

ثُمَّ صَدَقْنَٰهُمُ ٱلْوَعْدَ فَأَنجَيْنَٰهُمْ وَمَن نَّشَآءُ وَأَهْلَكْنَا ٱلْمُسْرِفِينَ ﴿٩﴾

10 തീർച്ചയായും, നാം നിങ്ങൾക്ക് ഒരു വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിരിക്കുന്നു; നിങ്ങൾക്കുള്ള ഉപദേശം അതിലുണ്ട്. ഇനിയും നിങ്ങൾ മനസ്സിലാക്കുന്നില്ലേ?!

لَقَدْ أَنزَلْنَآ إِلَيْكُمْ كِتَٰبًا فِيهِ ذِكْرُكُمْ ۖ أَفَلَا تَعْقِلُونَ ﴿١٠﴾

നബി(സ) തിരുമേനിക്ക് മുമ്പും റസൂലുകളായി നിയോഗിക്കപ്പെട്ടിട്ടുള്ളവരെല്ലാവരും തന്നെ മനുഷ്യരായിരുന്നു. എല്ലാവരും പുരുഷൻമാരുമായിരുന്നു. ആരും തന്നെ മലക്കുകളോ സ്ത്രീകളോ ആയിരുന്നില്ല. അവരൊക്കെയും സാധാരണ മനുഷ്യരെ പോലെ ഭക്ഷണം കഴിച്ചിരുന്നവരും ഭാര്യാമക്കളുണ്ടായിരുന്നവരും (13:18) മ

രണം പിടികൂടപ്പെട്ടവരുമായിരുന്നു. ഈ വസ്തുത ആ അവിശ്വാസികൾക്ക് അറിയുകയില്ലാ എങ്കിൽ വേദഗ്രന്ഥവുമായി പരിചയിച്ചിട്ടുള്ള ജൂതരോടും കൃസ്ത്യാനികളോടും അവർ ചോദിച്ച് മനസ്സിലാക്കട്ടെ. മനുഷ്യ വർഗ്ഗത്തെ ഉപദേശിക്കുവാൻ നിയോഗിക്കപ്പെടുന്ന ആൾ മനുഷ്യനല്ലാതിരിക്കുന്ന പക്ഷം അത് അപ്രായോഗികവും പ്രബോധന മാർഗ്ഗത്തിൽ സംശയങ്ങൾ സൃഷ്ടിക്കുന്നതുമായിരിക്കുമല്ലോ. (സൂ: അൻആം: 9 ശ്രദ്ധിക്കുക)

അങ്ങനെ മനുഷ്യരായി നിയോഗിക്കപ്പെട്ടിരുന്ന ആ ദൂതൻമാരെ നിഷേധിച്ചവരെ നാം നശിപ്പിച്ചിട്ടുണ്ട്. എന്ന് അല്ലാഹു തുടർന്ന്, സത്യ നിഷേധികളെ താക്കീത് ചെയ്യുന്നു. നിങ്ങൾക്ക് അവതരിക്കപ്പെട്ടിട്ടുള്ള വേദഗ്രന്ഥങ്ങളിലടങ്ങിയ ഉപദേശ നിർദ്ദേശങ്ങൾ പാലിക്കാനുള്ള കർശന നിർദ്ദേശവും അല്ലാഹു നൽകുന്നു.

## വിഭാഗം 2 :

**വചനം 11,12,13,14,15 :**

وَكَمْ قَصَمْنَا مِن قَرْيَةٍ كَانَتْ ظَالِمَةً وَأَنشَأْنَا بَعْدَهَا قَوْمًا ءَاخَرِينَ ﴿١١﴾

فَلَمَّآ أَحَسُّوا۟ بَأْسَنَآ إِذَا هُم مِّنْهَا يَرْكُضُونَ ﴿١٢﴾

لَا تَرْكُضُوا۟ وَٱرْجِعُوٓا۟ إِلَىٰ مَآ أُتْرِفْتُمْ فِيهِ وَمَسَـٰكِنِكُمْ لَعَلَّكُمْ تُسْـَٔلُونَ ﴿١٣﴾

قَالُوا۟ يَـٰوَيْلَنَآ إِنَّا كُنَّا ظَـٰلِمِينَ ﴿١٤﴾

فَمَا زَالَت تِّلْكَ دَعْوَىٰهُمْ حَتَّىٰ جَعَلْنَـٰهُمْ حَصِيدًا خَـٰمِدِينَ ﴿١٥﴾

11 അക്രമം പ്രവർത്തിച്ചിരുന്ന എത്രയോ നാടുകളെ (നാട്ടുകാരെ) നാം ഉൻമൂലനം ചെയ്യുകയും, അവരുടെ (നാശത്തിന്) ശേഷം വേറെ ജനങ്ങളെ നാം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു!

12 അങ്ങനെ, നമ്മുടെ ശിക്ഷ കണ്ടറിഞ്ഞപ്പോൾ അതാ, അവർ അതിൽ നിന്നും ചാടിപ്പോകുന്നു!

13 (അവരോട് പറയപ്പെട്ടു:) "ചാടിപ്പോകേണ്ട -ഏതൊന്നിൽ നിങ്ങൾക്ക് സുഖഭോഗം നൽകപ്പെട്ടിരുന്നുവോ അതിലേക്കും, നിങ്ങളുടെ വാസസ്ഥലങ്ങളിലേക്കും നിങ്ങൾ മടങ്ങിക്കൊൾക.; നിങ്ങളോട് ചോദിക്കപ്പെടുമായിരിക്കാം?!"

14 അവർ പറഞ്ഞു: "ഹാ! ഞങ്ങളുടെ നാശം! നിശ്ചയമായും, ഞങ്ങൾ അക്രമികളായിരുന്നു!"

15 അങ്ങനെ-ചത്താറിയവരായ നിലയിൽ-അവരെ കൊയ്തിട്ട വിള(പോലെ) നാം ആക്കുന്നതു വരെയും, അതു തന്നെ അവരുടെ നിലവിളിയായി കൊണ്ടിരുന്നു!

പ്രവാചകൻമാരെ ധിക്കരിക്കുക മാത്രമല്ല, ആ സത്യനിഷേധികൾ നബിമാരെ ഭീഷണിപ്പെടുത്തുക കൂടി ചെയ്തിരുന്നു.

"നിശ്ചയമായും ഞങ്ങളുടെ നാട്ടിൽ നിന്നും ഞങ്ങൾ നിങ്ങളെ പുറത്താക്കും, അല്ലെങ്കിൽ നിങ്ങൾ ഞങ്ങളുടെ മാർഗ്ഗത്തിൽ മടങ്ങി വരുക" (സൂ: ഇബ്രാഹീം: 13) എന്നൊക്കെ അവർ ജൽപിക്കുമായിരുന്നു.

എന്നാൽ താക്കീത് ചെയ്യപ്പെട്ട ശിക്ഷ അവരിൽ വന്ന്പെട്ടപ്പോൾ അവരതാ ഓടി രക്ഷപ്പെടുവാൻ ശ്രമിക്കുന്നു; കുറ്റം സമ്മതിക്കുന്നു, വിളിച്ച് നിലവിളിക്കുന്നു. 13-ാം വചനത്തിലൂടെ അല്ലാഹു അവരെ പരിഹസിച്ച് കൊണ്ട് അവർക്കുള്ള മറുപടി നൽകുന്നു. കൊയ്തിട്ട വിളകൾ പോലെ വീണ് മറിഞ്ഞ് കിടക്കുകയും തീ കെട്ടാറി ചാമ്പലായുള്ളത് പോലെ, നിശ്ചലമായിതീരുകയും ചെയ്യുവോളം 'നാശമേ കഷ്ടമേ'എന്നിങ്ങനെയുള്ള അവരുടെ മുറവിളി തുടർന്ന് കൊണ്ടിരിക്കുകയും ചെയ്യും.

**വചനം 16,17,18 :**

وَمَا خَلَقْنَا ٱلسَّمَآءَ وَٱلْأَرْضَ وَمَا بَيْنَهُمَا لَـٰعِبِينَ ﴿١٦﴾

لَوْ أَرَدْنَآ أَن نَّتَّخِذَ لَهْوًا لَّٱتَّخَذْنَـٰهُ مِن لَّدُنَّآ إِن كُنَّا فَـٰعِلِينَ ﴿١٧﴾

16 ആകാശവും, ഭൂമിയും, അവ രണ്ടിനുമിടയിലുള്ളതും നാം കളിക്കുന്ന സ്ഥിതിയിൽ സൃഷ്ടിച്ചിരിക്കുകയല്ല;

17 ഒരു വിനോദം ഉണ്ടാക്കുവാൻ നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അത് നമ്മുടെ അടുക്കൽനിന്ന് ഉണ്ടാക്കുമായിരുന്നു; നാം (അത്) ചെയ്യുന്നതല്ല.

بَلْ نَقْذِفُ بِٱلْحَقِّ عَلَى ٱلْبَـٰطِلِ فَيَدْمَغُهُۥ فَإِذَا هُوَ زَاهِقٌ ۚ وَلَكُمُ ٱلْوَيْلُ مِمَّا تَصِفُونَ ﴿١٨﴾

18 എന്നാൽ, നാം സത്യമായുള്ളതുകൊണ്ട് അസത്യമായുള്ളതിൻമേൽ എറിയുന്നു; അപ്പോൾ അത് (സത്യം) അതിനെ തകർത്തു കളയുന്നു; അപ്പോഴേക്കും അതാ അത് നാമാവശേഷമായിപ്പോകുന്നു! (സത്യനിഷേധികളെ) നിങ്ങൾ പറഞ്ഞുവരുന്നതു നിമിത്തം നിങ്ങൾക്ക് നാശം!

ആകാശ ഭൂമികളും അവയിലെ എല്ലാ വസ്തുക്കളും, വിശേഷിച്ചും മനുഷ്യനും വ്യഥാ, വിനോദത്തിനോ, കളിയായിട്ടോ, അല്ലാഹു സൃഷ്ടിച്ചതല്ല. അവയുടെ സൃഷ്ടാവും നിയന്താവുമായ അല്ലാഹുവിന് മാത്രം അറിയാവുന്ന യുക്തിമത്തായ ചില ലക്ഷ്യങ്ങളോടെ സൃഷ്ടിക്കപ്പെട്ടതാകുന്നു അവ. അതിലടങ്ങിയ രഹസ്യങ്ങൾ കണ്ടെത്തുന്നതിൽ മനുഷ്യന് ചില പരിമിതികളൊക്കെ ഉണ്ട്. "നിങ്ങൾക്ക് അറിവിൽ നിന്നും അൽപമല്ലാതെ നൽകപ്പെട്ടിട്ടില്ല" എന്ന അല്ലാഹുവിന്റെ വചനം(സൂ: ഇസ്രാഅ്: 85) ശ്രദ്ധേയമാകുന്നു.

" ആകാശഭൂമികളെയും അവ രണ്ടിനുമിടയിലുള്ളതിനേയും നാം നിരർത്ഥകമായി സൃഷ്ടിച്ചതല്ല,

(അത് അങ്ങനെയാണെന്ന്) അവിശ്വസിച്ചവരുടെ ധാരണയാകുന്നു. എന്നാൽ നരക ശിക്ഷയാൽ ആ അവിശ്വസിച്ചവർക്ക് നാശം" എന്ന് (സൂ: സ്വാദ്: 27 ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.)

അല്ലാഹുവിന് ഭാര്യാമക്കൾ പോലെയുള്ള വിനോദങ്ങളുണ്ടെന്നും ചില ധിക്കാരികൾ ജൽപിക്കാറുണ്ട്. അതൊരിക്കലും ഉണ്ടാകുന്നതല്ല തന്നെ. ഇനി അഥവാ അങ്ങനെ അവൻ ഉദ്ദേശിക്കുന്നതായി സങ്കൽപ്പിക്കുകയാണെങ്കിൽ തന്നെ അത് ഉപരി ലോകത്തും ആത്മീയ ലോകത്തുമുള്ള അഭൗതിക വസ്തുക്കളിൽ നിന്ന് ഉണ്ടാക്കുമായിരുന്നു, എന്നാൽ അതിൽ നിന്നെല്ലാം അത്യുന്നതമായ നിലയിൽ പരിശുദ്ധനായ പരമോൽകൃഷ്ട ഗുണ സമ്പന്നനായ റബ്ബുണ്ടോ അങ്ങനെ ഉദ്ദേശിക്കുന്നു.

18-ാം വചനത്തിൽ സത്യവും അസത്യവും തമ്മിലുള്ള നിരന്തരമായ പോരാട്ടത്തെയും അതിൽ സത്യത്തിനുണ്ടാകുന്ന ആത്യന്തിക വിജയത്തേയും, അസത്യത്തിന്റെ ഉന്മൂല നാശത്തേയും അല്ലാഹു പ്രതിവചിക്കുന്നു. നീതി, ന്യായം, മര്യാദ, ധർമ്മം, യാഥാർത്ഥ്യം എന്നിവ സത്യത്തിന്റെ ചേരിയിലും അനീതി, അന്യായം, അക്രമം, നിരർത്ഥകത എന്നിവ അസത്യത്തിന്റെ പക്ഷത്തും നിലകൊള്ളുന്നവയാകുന്നു. അസത്യത്തിന്റെ ചേരിയുടെ താൽക്കാലികമായ മോടിയും, ധാടിയും, ആകർഷണീയതയും, കുടിലതയും എല്ലാം ഭൗതികതക്ക് പ്രാധാന്യം കൽപിക്കുന്ന ബഹുഭൂരിപക്ഷം മനുഷ്യരേയും വഞ്ചിതരാക്കിയേക്കാം. എന്നാൽ അല്ലാഹുവിൽ നിന്ന് സത്യത്തിന്റെ പ്രഹരമേറ്റ് അസത്യം നാമാവശേഷമായിതീരുക തന്നെ ചെയ്യുന്നതാണ്.

ലോകത്തേയും ലോകരേയും തീരാനാശത്തിൽ നിന്നും രക്ഷപ്പെടുത്തുവാൻ സത്യമാകുന്ന ഖഡ്ഗം കൊണ്ട് സൃഷ്ടാവിനാൽ നിയന്ത്രിതമായ പ്രകൃതി നിയമം അസത്യത്തെ ഉന്മൂലനം ചെയ്യുന്ന കാഴ്ച മാനവ ചരിത്രത്തിന്റെ വിവിധ കാലഘട്ടങ്ങൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാവുന്നതാണ്.

അല്ലാഹുവിനെ പറ്റി പല അസംബന്ധങ്ങളും ജൽപിച്ച് കൊണ്ടിരിക്കുന്ന അവിശ്വാസികളെ താക്കീത് ചെയ്ത് കൊണ്ടാണ് ഒടുവിലത്തെ വചനം അവസാനിക്കുന്നത്.

**വചനം 19,20 :**

وَلَهُۥ مَن فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ وَمَنْ عِندَهُۥ لَا يَسْتَكْبِرُونَ عَنْ عِبَادَتِهِۦ وَلَا يَسْتَحْسِرُونَ ﴿١٩﴾

19 ആകാശങ്ങളിലും ഭൂമിയിലും ഉള്ളവർ (എല്ലാം) അവൻേറതാകുന്നു. അവൻെറ അടുക്കലുള്ളവർ, അവനെ ആരാധിക്കുന്നതിനെക്കുറിച്ച് അഹങ്കാരം നടിക്കുകയില്ല; ക്ഷീണിച്ചു കുഴങ്ങുകയുമില്ല;-

يُسَبِّحُونَ ٱلَّيْلَ وَٱلنَّهَارَ لَا يَفْتُرُونَ ﴿٢٠﴾

20 അവർ, രാവും പകലും സ്തോത്രകീർത്തനം ചെയ്തുകൊണ്ടിരിക്കുന്നു-അവർ തളരുന്നില്ല.

ആകാശങ്ങളിലും ഭൂമിയിലും ഉള്ള എല്ലാ സൃഷ്ടികളുടെയും ഉടമസ്ഥതയും നിയന്ത്രണവും കൈകാര്യവും എല്ലാം അല്ലാഹുവിനാകുന്നു. 'അവന്റെ അടുക്കൽ ഉള്ളവർ' എന്ന് പറഞ്ഞത് മലക്കുകളെ ഉദ്ദേശിച്ചാകുന്നു. അവർ എല്ലായ്പ്പോഴും അവന് സ്തുതിയും, സ്തോത്രവും അർപ്പിച്ച്കൊണ്ടിരിക്കുന്നവരാകുന്നു. തങ്ങളുടെ കൃത്യങ്ങൾ നിർവ്വഹിക്കുന്നതിൽ ക്ഷീണമോ തളർച്ചയോ, അഹങ്കാരമോ അവർ പ്രകടിപ്പിക്കുന്നില്ല.

**വചനം 21,22,23 :**

أَمِ ٱتَّخَذُوٓاْ ءَالِهَةً مِّنَ ٱلْأَرْضِ هُمْ يُنشِرُونَ ﴿٢١﴾

21 അഥവാ, അവർ ഭൂമിയിൽനിന്ന് വല്ല ആരാധ്യൻ
മാരെയും ഉണ്ടാക്കിയിരിക്കുന്നുവോ, അവർ
തന്നെ (മരണപ്പെട്ടവരെ) പുനർ ജീവിപ്പിക്കുന്ന
താണ് (അങ്ങിനെയുള്ളവരെ)?!

لَوْ كَانَ فِيهِمَآ ءَالِهَةٌ إِلَّا ٱللَّهُ لَفَسَدَتَا ۚ فَسُبْحَـٰنَ ٱللَّهِ رَبِّ ٱلْعَرْشِ عَمَّا يَصِفُونَ ﴿٢٢﴾

22 അവ രണ്ടിലും (ആകാശഭൂമികളിൽ) അല്ലാഹു
വല്ലാതെ വല്ല ആരാധ്യൻമാരും ഉണ്ടായിരുന്നു
വെങ്കിൽ, അവ രണ്ടും നാശപ്പെടുമായിരുന്നു!
അപ്പോൾ, അവർ പറഞ്ഞുവരുന്നതിൽ നിന്ന്
'അർശി'ൻെറ നാഥനായ അല്ലാഹു എത്രയോ
പരിശുദ്ധൻ!

لَا يُسْـَٔلُ عَمَّا يَفْعَلُ وَهُمْ يُسْـَٔلُونَ ﴿٢٣﴾

23 അവൻ ചെയ്യുന്നതിനെക്കുറിച്ച് ചോദ്യം
ചെയ്യപ്പെടുകയില്ല; അവരാകട്ടെ, ചോദിക്കപ്പെടു
ന്നതുമാണ്.

മരണപ്പെട്ടവരെ പുനരുജ്ജീവിപ്പിക്കാനുള്ള കഴിവ് അല്ലാഹുവിനല്ലാതെ ബഹുദൈവ വിശ്വാസികൾ ദൈവങ്ങളായി സ്വീകരിച്ച മറ്റ് ആരാധ്യർക്കൊന്നും ഇല്ല തന്നെ. ആകാശ ഭൂമികളിൽ അല്ലാഹു അല്ലാതെ വല്ല ആരാധ്യന്മാരും ഉണ്ടായിരുന്നെങ്കിൽ അവയുടെ വ്യവസ്ഥ തന്നെ താറുമാറാകുമായിരുന്നു. ഒന്നിലധികം 'ഇലാഹുകൾ' ഉണ്ടായിരുന്നുവെന്ന് സങ്കൽപിച്ചാൽ സൃഷ്ടി, സ്ഥിതി, രക്ഷാ ശിക്ഷാ വ്യവസ്ഥകളിൽ ആ 'ഇലാഹുകൾ' തമ്മിൽ ഭിന്നിപ്പുണ്ടാവുകയോ അഥവാ യോജിപ്പുണ്ടെങ്കിൽ തന്നെ അവർക്കിടയിൽ വൈവിധ്യം നിലനിൽക്കുകയോ ചെയ്യുകയാണെങ്കിൽ ആകാശഭൂമികളുടെയും അവയിലെ സൃഷ്ടിപ്പുകളുടെയും നിലനിൽപ്പ് തന്നെ തകിടം മറിയുമായിരുന്നുവെന്ന് ഏതൊരാൾക്കും ആലോചിച്ചാൽ മനസ്സിലാകുമല്ലോ.

അവിശ്വാസികളുടെ അവാസ്തവ പ്രസ്താവനകളിൽ നിന്നും അല്ലാഹു സർവ്വോപരി പരിശുദ്ധനത്രേ. സർവ്വനിയന്താവും ഭരണാധിപതിയുമായ അല്ലാഹുവിന്റെ പ്രവർത്തനങ്ങളെ കുറിച്ചോ അധികാരവകാശങ്ങളെ കുറിച്ചോ ചോദ്യം ചെയ്യാൻ ആർക്കും കഴിവോ അർഹതയോ ഇല്ല; നേരെ മറിച്ച് സൃഷ്ടികളാകട്ടെ അവരുടെ എല്ലാ കർമ്മങ്ങളെ കുറിച്ചും അല്ലാഹുവിനാൽ ചോദ്യം ചെയ്യപ്പെടുന്നതാണ്.

**വചനം 24 :**

أَمِ ٱتَّخَذُواْ مِن دُونِهِۦٓ ءَالِهَةً ۖ قُلْ هَاتُواْ بُرْهَـٰنَكُمْ ۖ هَـٰذَا ذِكْرُ مَن مَّعِىَ وَذِكْرُ مَن قَبْلِى ۗ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ٱلْحَقَّ ۖ فَهُم مُّعْرِضُونَ ﴿٢٤﴾

24 അഥവാ അവന് (അല്ലാഹുവിന്) പുറമെ അവർ
വല്ല ആരാധ്യൻമാരെയും സ്വീകരിച്ചിരിക്കുന്നു
വോ?! പറയുക: (അങ്ങിനെയുണ്ടെങ്കിൽ)
നിങ്ങളുടെ പ്രമാണം കൊണ്ടുവരുവിൻ!-ഇതാ,
എൻെറ കൂടെയുള്ളവരുടെ ഉൽബോധനവും
(വേദവും), എൻെറ മുമ്പുള്ളവരുടെ ഉൽ
ബോധനവും (വേദവും)! എങ്കിലും, അവരിൽ
അധികമാളുകളും യഥാർത്ഥം അറിയുന്നില്ല.
അതിനാൽ അവർ തിരിഞ്ഞുകളയുന്നവരാണ്.

അല്ലാഹു അല്ലാത്ത ആരാധ്യൻ ഉണ്ടെന്ന സത്യനിഷേധികളുടെ വാദത്തിന് തെളിവായി ഏതെങ്കിലും വേദപ്രമാണം തെളിവായിട്ടുണ്ടെങ്കിൽ അത് കൊണ്ട് വരാനായി അല്ലാഹു അക്കൂട്ടരെ വെല്ല് വിളിക്കുന്നു. ഖുർആനും അതിന് മുമ്പ് അവതരിക്കപ്പെട്ട എല്ലാ വേദ ഗ്രന്ഥങ്ങളും ഏക ദൈവ വിശ്വാസത്തിൽ അധിഷ്ഠിതമായിരിക്കെ അതിനെതിരായി എന്ത് തെളിവാണ് അവർക്ക് കൊണ്ട് വരുവാനുള്ളത്, എന്നാൽ അവരിൽ അധികമാളുകളും പരമാർത്ഥം ആലോചിച്ചറിയാതെ യാഥാർത്ഥ്യം വിട്ട് തിരിഞ്ഞ് കളയുകയാണ് ചെയ്യുന്നത്.

**വചനം 25 :**

وَمَآ أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلَّا نُوحِىٓ إِلَيْهِ أَنَّهُۥ لَآ إِلَـٰهَ إِلَّآ أَنَا۠ فَٱعْبُدُونِ ﴿٢٥﴾

25 (നബിയേ) "ഞാനല്ലാതെ ആരാധ്യനേയില്ല,
അതുകൊണ്ട് എന്നെ (മാത്രം) ആരാധിക്കുവിൻ"
എന്ന് നാം 'വഹ്‌യു' നൽകുന്നതായിക്കൊണ്ട

ല്ലാതെ നിനക്കുമുമ്പ് ഒരു റസൂലിനെയും നാം അയച്ചിട്ടില്ല.

ദീനിന്റെ ഏറ്റവും ഗൗരവമേറിയ ഒരു അടിസ്ഥാന തത്വമാകുന്നു 'തൌഹീദ് ' എന്നിരിക്കെ അല്ലാഹു അല്ലാത്തവരെ ആരാധ്യ വസ്തുക്കളായി സ്വീകരിക്കുന്നതിൽ പരം ഭയങ്കര പാതകം മറ്റെന്തുണ്ട്. ഇത്തരം വിശ്വാസങ്ങൾ അല്ലാഹുവിന്റെ മഹത്വത്തെ കളങ്കപ്പെടുത്തുന്നതിന് പുറമെ അവനെ സൃഷ്ടി സമാനമാക്കി തരം താഴ്ത്തുക കൂടി ചെയ്യുന്നു. നബി(സ)യേയും തിരുമേനിക്ക് മുമ്പ് അയക്കപ്പെട്ട എല്ലാ റസൂലുകളേയും അല്ലാഹു അയച്ചിട്ടുള്ളത് "ഞാനല്ലാതെ ആരാധ്യനേയില്ല, അത് കൊണ്ട് എന്നെ മാത്രം ആരാധിക്കുവിൻ " എന്ന കലിമത്ത് തൌഹീദിന്റെ `വഹ്യ് ' നൽകികൊണ്ടാണെന്ന് അല്ലാഹു നബി(സ)യെ ഈ വചനത്തിലൂടെ ഉണർത്തുന്നു.

**വചനം 26,27,28,29 :**

وَقَالُوا ٱتَّخَذَ ٱلرَّحْمَٰنُ وَلَدًا ۗ سُبْحَٰنَهُۥ ۚ بَلْ عِبَادٌ مُّكْرَمُونَ ٢٦

لَا يَسْبِقُونَهُۥ بِٱلْقَوْلِ وَهُم بِأَمْرِهِۦ يَعْمَلُونَ ٢٧

يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلَا يَشْفَعُونَ إِلَّا لِمَنِ ٱرْتَضَىٰ وَهُم مِّنْ خَشْيَتِهِۦ مُشْفِقُونَ ٢٨

۞ وَمَن يَقُلْ مِنْهُمْ إِنِّىٓ إِلَٰهٌ مِّن دُونِهِۦ فَذَٰلِكَ نَجْزِيهِ جَهَنَّمَ ۚ كَذَٰلِكَ نَجْزِى ٱلظَّٰلِمِينَ ٢٩

26 അവർ (അവിശ്വാസികൾ) പറയുന്നു: "പരമകാരുണികനായുള്ളവൻ സന്താനത്തെ സ്വീകരിച്ചിരിക്കുന്നു" എന്ന്! അവനെത്രയോ പരിശുദ്ധൻ! എന്നാൽ, (അവർ) ആദരണീയരായ അടിയാൻമാരത്രെ.

27 അവനെ , വാക്കിൽ അവർ മുൻകടക്കുകയില്ല; അവൻെറ കൽപന അനുസരിച്ചുതന്നെ അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

28 അവരുടെ മുന്നിലുള്ളതും, അവരുടെ പിന്നിലുള്ളതും അവൻ അറിയുന്നു; അവൻ തൃപ്തിപ്പെട്ടവർക്കല്ലാതെ അവർ ശുപാർശ ചെയ്കയുമില്ല. അവരാകട്ടെ, അവനെ സംബന്ധിച്ച ഭയം നിമിത്തം പേടിച്ചുകൊണ്ടിരിക്കുന്നവരുമാണ്.

29 അവരിൽനിന്ന് ആരെങ്കിലും, ഞാൻ അവന് (അല്ലാഹുവിന്) പുറമെയുള്ള ഒരു ആരാധ്യനാണെന്ന് പറയുന്നതായാൽ, അങ്ങിനെയുള്ളവന് നാം നരകത്തെ പ്രതിഫലം കൊടുക്കുന്നതാകുന്നു. അപ്രകാരം, അക്രമകാരികൾക്ക് നാം പ്രതിഫലം കൊടുക്കുന്നതാണ്.

മലക്കുകൾ അല്ലാഹുവിന്റെ പുത്രികൾ എന്ന വാദത്തെ അല്ലാഹു ഖണ്ഡിക്കുന്നു, സന്താനങ്ങളെന്ന് അവർ വിശേഷിപ്പിക്കുന്നവരെല്ലാംതന്നെ ആദരണീയരായ അടിയാൻമാർ തന്നെ. എന്നാൽ അല്ലാഹുവിന്റെ കൽപനയനുസരിച്ച് മാത്രം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന, അല്ലാഹുവിന്റെ സൃഷ്ടികൾ മാത്രമാകുന്നു അവരെല്ലാം തന്നെ. അവരുടെ എല്ലാ കാര്യങ്ങളും അല്ലാഹുവിന് അറിയാവുന്നതാകുന്നു. അവരെ ആരാധിക്കുക മൂലം, അവരുടെ ശുപാർശ മുഖേന വല്ല രക്ഷയും കിട്ടുമെന്ന് കരുതാനും നിവൃത്തിയില്ല, എന്ത് കൊണ്ടെന്നാൽ അല്ലാഹു തൃപ്തിപ്പെട്ട് അനുവാദം നൽകപ്പെട്ട സജ്ജനങ്ങൾക്ക് വേണ്ടിയല്ലാതെ ശുപാർശ ചെയ്യുവാൻ അവർക്ക് സാദ്ധ്യമല്ല. അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അത്രയും ഭയപ്പാടിലാണവർ. ഇനി അവരിലാരെങ്കിലും താൻ ആരാധിക്കപ്പെടുവാൻ അർഹനാണെന്ന് പറയുകയാണെങ്കിലോ അങ്ങനെയുള്ളവന് അല്ലാഹു പ്രതിഫലമായി നരകം കൊടുക്കുന്നതാകുന്നു. അക്രമികൾ ആരായിരുന്നാലും അല്ലാഹു അവരെ ശിക്ഷിക്കുക തന്നെ ചെയ്യുന്നതാണ്.

## വിഭാഗം : 3

**വചനം 30,31,32,33 :**

أَوَلَمْ يَرَ ٱلَّذِينَ كَفَرُوٓا أَنَّ ٱلسَّمَٰوَٰتِ وَٱلْأَرْضَ كَانَتَا رَتْقًا فَفَتَقْنَٰهُمَا ۖ وَجَعَلْنَا مِنَ ٱلْمَآءِ كُلَّ شَىْءٍ حَىٍّ ۖ أَفَلَا

30 അവിശ്വസിച്ചവർ കണ്ടില്ലേ: ആകാശങ്ങളും, ഭൂമിയും അടഞ്ഞുനിൽക്കുന്നതായിരുന്നു; എന്നിട്ട് അവ രണ്ടും നാം പിളർത്തിയിരിക്കുകയാണ് എന്ന്!? എല്ലാ ജീവവസ്തുക്കളേയും നാം വെള്ളത്തിൽനിന്ന് ഉണ്ടാക്കുകയും ചെയ്തു.

يُؤْمِنُونَ ﴿٣٠﴾ وَجَعَلْنَا فِي الْأَرْضِ رَوَاسِيَ أَن تَمِيدَ بِهِمْ وَجَعَلْنَا فِيهَا فِجَاجًا سُبُلًا لَّعَلَّهُمْ يَهْتَدُونَ ﴿٣١﴾ وَجَعَلْنَا السَّمَاءَ سَقْفًا مَّحْفُوظًا ۖ وَهُمْ عَنْ آيَاتِهَا مُعْرِضُونَ ﴿٣٢﴾ وَهُوَ الَّذِي خَلَقَ اللَّيْلَ وَالنَّهَارَ وَالشَّمْسَ وَالْقَمَرَ ۖ كُلٌّ فِي فَلَكٍ يَسْبَحُونَ ﴿٣٣﴾

എന്നിട്ടും അവര്‍ വിശ്വസിക്കുന്നില്ലയോ?!

31 അവരെയുംകൊണ്ട് ഭൂമിചരിഞ്ഞ് പോയേക്കുന്നതിന്ന്, ഭൂമിയില്‍ നാം ഉറച്ച പര്‍വ്വതങ്ങള്‍ ഉണ്ടാക്കി വെച്ചിരിക്കുന്നു. അവര്‍ നേര്‍മ്മാര്‍ഗ്ഗം പ്രാപിക്കുവാനായി നാം അതില്‍ വിശാലമായ നിലയില്‍ (പലതരം) വഴികള്‍ ഏര്‍പ്പെടുത്തുകയും ചെയ്തിരിക്കുന്നു.

32 ആകാശത്തെ നാം, സൂക്ഷിച്ചുനിറുത്തപ്പെട്ട ഒരു മേല്‍പുരയും ആക്കിയിരിക്കുന്നു. അവരാകട്ടെ, അതിലെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് തിരിഞ്ഞുകളയുന്നവരാകുന്നു.

33 രാവ്, പകല്‍, സൂര്യന്‍, ചന്ദ്രന്‍ എന്നിവയെ പടച്ചുണ്ടാക്കിയവനത്രെ അവന്‍ (അല്ലാഹു). ഓരോന്നും, ഓരോ ഭ്രമണപഥത്തില്‍ നീന്തി (സഞ്ചരിച്ചു) കൊണ്ടിരിക്കുകയാണ്.

സൃഷ്ടി കര്‍തൃത്വത്തിലും രക്ഷാകര്‍കൃത്വത്തിലുമുള്ള ഏകത്വം - **التوحيد فى الخالقية والربوبية** - ആരാധ്യതയിലെ ഏകത്വത്തിന് - **التوحيد فى الالوهية** - തെളിവായി ഉദ്ധരിക്കുക എന്നത് ഖുര്‍ആനിന്റെ ഒരു പതിവ് ശൈലി ആകുന്നു. മനുഷ്യന്‍ സദാ കണ്ടറിഞ്ഞ് കൊണ്ടിരിക്കുന്ന പ്രകൃതി ദൃഷ്ടാന്തങ്ങളെ വിവരിച്ച് കൊണ്ട് അല്ലാഹു ചോദിക്കുന്നു. " ഈ സത്യനിഷേധികള്‍ ഇവയെയൊന്നും കാണുന്നില്ലേ ? അവര്‍ക്ക് ചിന്തിച്ചറിഞ്ഞ് വിശ്വസിച്ച് കൂടെ ? "

"ആകാശങ്ങളും ഭൂമിയും അടഞ്ഞ് നില്‍ക്കുന്നതായിരുന്നു. എന്നിട്ട് അവയെ നാം പിളര്‍ത്തി "ഇതാണ് അല്ലാഹു ചൂണ്ടികാട്ടുന്ന ഒന്നാമത്തെ ദൃഷ്ടാന്തം. ഈ വചനത്തിന് ഒന്നിലധികം വ്യാഖ്യാനങ്ങള്‍ നല്‍കപ്പെട്ടതില്‍ ഇബ്നു അബ്ബാസ്(റ) ഹസന്‍ ബസാരീ(റ) എന്നിവര്‍ നല്‍കിയ വ്യാഖ്യാനമാകുന്നു കൂടുതല്‍ സ്വീകാര്യവും അനുയോജ്യവുമായിട്ടുള്ളത്. അത് ഇപ്രകാരമാകുന്നു.

ആകാശങ്ങള്‍ മഴ വര്‍ഷിക്കാതെയും ഭൂമി ഉല്‍പാദനം നല്‍കാതെയും അടഞ്ഞ് കിടക്കുകയായിരുന്നു. പിന്നീട് അല്ലാഹു ആകാശത്ത് നിന്ന് മഴ വര്‍ഷിപ്പിക്കുക വഴി അതിനെയും ഭൂമിയില്‍ സസ്യലതാദികള്‍ മുളപ്പിക്കുക വഴി അതിനെയും പിളര്‍ത്തി അഥവാ തുറന്നു. ഈ വസ്തുത ഭൂമി ഉത്പാദന യോഗ്യമല്ലാതിരുന്ന ഒരു കാലത്തേയും അതിന് ശേഷമുള്ള കാലത്തേയുമാണ് കുറിക്കുന്നത്. ഭൂപ്രകൃതി ശാസ്ത്രവും ഇതിനോട് യോജിക്കുന്നു. കൂടാതെ ഓരോ കൊല്ലവും ഉണ്ടാകുന്ന വേനല്‍ കാലത്തെയും വര്‍ഷ കാലത്തേയും ഉദ്ദേശിച്ച് നോക്കിയാലും ഈ വ്യാഖ്യാനം ശരിയാകും. മഴ വര്‍ഷിക്കാതെ ഭൂമി വരണ്ടും ഉണങ്ങിയും അടഞ്ഞും ഇറുകി കിടക്കുമ്പോള്‍ അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ ആകാശത്ത് നിന്ന് മഴ വര്‍ഷിച്ച് അതിനെ പിളര്‍ത്തി തുറക്കുന്നതും അത് പച്ച പിടിക്കുന്നതും നമ്മുടെ നിത്യാനുഭവമാണല്ലോ.

"എല്ലാ ജീവവസ്തുക്കളെയും നാം വെള്ളത്തില്‍ നിന്നും ഉണ്ടാക്കി " എന്ന അല്ലാഹുവിന്റെ വചനം മറ്റൊരു വ്യക്തമായ ദൃഷ്ടാന്തമാകുന്നു. ഒരു വിധത്തിലല്ലെങ്കില്‍ മറ്റൊരു വിധത്തില്‍ ജന്തുവര്‍ഗ്ഗങ്ങളും ഉല്‍ഭവിക്കുന്നത് വെള്ളത്തില്‍ നിന്നാണെന്ന് കാണാം. അഥവാ വളര്‍ച്ചയുള്ള എല്ലാ വസ്തുവിനും ജലം അനിര്‍വാര്യമത്രേ. ആദ്യം വിവരിച്ച ദൃഷ്ടാന്തവും ഈ ദൃഷ്ടാന്തവും തമ്മില്‍ ഒരു സ്വാഭാവിക പരസ്പര പൂരകം ഉള്ളതായി കാണാവുന്നതുമാണ്.

മേല്‍ പറഞ്ഞ ദൃഷ്ടാന്തങ്ങളൊക്കെയും അല്ലാഹുവില്‍ നിന്നാണെന്ന് അവിശ്വാസികള്‍ പോലും സമ്മതിക്കുന്ന പരമാര്‍ത്ഥമാകുന്നു. എന്നിട്ടും അവര്‍ തൗഹീദില്‍ വിശ്വസിക്കാത്തതിനെ പറ്റിയുള്ള ആക്ഷേപമാകുന്നു "എന്നിട്ടും അവര്‍ വിശ്വസിക്കുന്നില്ലേ "എന്ന വാക്യം പ്രകടമാക്കുന്നത്.

"ആകാശങ്ങളും ഭൂമിയും അടഞ്ഞ് നില്‍ക്കുന്നതായിരുന്നു, എന്നിട്ട് അവ രണ്ടും നാം പിളര്‍ത്തി " എന്ന ആദ്യ വചനത്തെ കുറിച്ചുള്ള മറ്റൊരു വ്യാഖ്യാനം ഇപ്രകാരമാകുന്നു - ഭൂമിയും ആകാശവും ഒരു കാലത്ത് തമ്മില്‍ ഒട്ടിചേര്‍ന്ന് നില്‍ക്കുന്ന ഒരു വസ്തുവായിരുന്നു. പിന്നീട് അവ തമ്മില്‍ പിളര്‍ത്തുകയും ഭൂമിയെ അതില്‍ നിന്നും വേര്‍പ്പെടുത്തുകയും ചെയ്തു. ഇന്ന് പൊതുവില്‍ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു ശാസ്ത്ര തത്വത്തിന്റെ ആനുകൂല്യം ഈ വ്യാഖ്യാനത്തിനുണ്ട്. അതനുസരിച്ച് ഒരു കാലത്ത് സൂര്യ ശരീരത്തിന്റെ അംശമായിരുന്ന ഭൂമി

പിന്നീട് അതിൽ നിന്ന് വേറിട്ട് അടർന്ന് പോന്നതിനെ ഉദ്ദേശിച്ചാണ് ഈ വചനം എന്നാണ് ആധുനിക കാലഘട്ടത്തിലെ ചില വ്യാഖ്യാതക്കളുടെ അഭിപ്രായം.

എന്നാൽ 'അവിശ്വസിച്ചവർ കണ്ടില്ലേ' എന്ന് ആരംഭിച്ച് കൊണ്ട് ഖുർആന്റെ അവതരണ കാലത്തെ ജനതയെ പൊതുവായും അവശ്വാസികളെ പ്രത്യേകമായും ചിന്തിക്കുവാൻ ആഹ്വാനം ചെയ്ത് കൊണ്ടുള്ള ദൃഷ്ടാന്തങ്ങൾ ഉൾകൊള്ളുന്ന ഈ വചനങ്ങൾ 17-ാം നൂറ്റാണ്ട് വരെ അജ്ഞാതമായിരുന്ന ഒരു ശാസ്ത്ര തത്വത്തിന്റെ വിജ്ഞാനം ഉദ്ദേശിച്ച് കൊണ്ടായിരിക്കാൻ സാദ്ധ്യതയില്ലല്ലോ.

ഇത്രയും പരിഗണിക്കുമ്പോൾ ഈ ആയത്തിന്റെ വ്യാഖ്യാനത്തിന് ഇബ്നു അബ്ബാസ്(റ) തുടങ്ങിയ മുൻഗാമികൾ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങൾക്കാണ് ഇവിടെ പ്രസക്തി കാണുന്നത് - അല്ലാഹുവിനറിയാം.

തുടർന്ന് 31,32,33 വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട ദൃഷ്ടാന്തങ്ങൾ ഭൂമി, ആകാശം, സൗരയൂഥങ്ങൾ എന്നിങ്ങനെയുള്ള പ്രതിഭാസങ്ങളിൽ അടങ്ങിയിരിക്കുന്ന പ്രകൃതി രഹസ്യങ്ങളിലേക്ക് വെളിച്ചം വീശുന്നവയാകുന്നു.

ഭൂഗോളം ആദ്യത്തിൽ ഒരു വമ്പിച്ച തീയുണ്ടയായിരുന്നുവെന്നും ഉരുകിയ ദ്രാവകമായിരുന്നുവെന്നും ക്രമേണ അത് തണുത്തുവെന്നും ശാസ്ത്രം സമർത്ഥിക്കുന്നു. ക്രമേണ അത് തണുത്ത് വന്നു, ഉപരിതലം ഉറച്ച് കരയായി തീരുകയും ചെയ്തു. ഈ പ്രക്രിയക്കിടയിൽ ഉപരിതലത്തിലുണ്ടായ 'ചുക്കിചുളിവു' കളിൽ ഉയർന്ന് നിൽക്കുന്ന ഭാഗം പർവ്വതങ്ങളും കുന്നുകളും ആയിതീരുകയും താഴ്ന്ന് നിൽക്കുന്ന ഭാഗങ്ങൾ നദികളും, സമുദ്രങ്ങളും, തടാകങ്ങളും ഒക്കെ ആയിത്തീരുകയും ചെയ്തു. ഭൂമിയുടെ നാനാ ഭാഗങ്ങളിലും തൂക്കം സന്തുലിതപ്പെടുത്തി, ഒരു വശത്തേക്ക് ചെരിഞ്ഞ് പോകാതിരിക്കുന്നതിനും ഭൂമിയുടെ അന്തർ ഭാഗത്ത് തിങ്ങിവിങ്ങി കൊണ്ടിരിക്കുന്ന അത്യുഷ്ണ ദ്രാവകം പുറത്തേക്കൊഴുകി ഉപരിതലം താറുമാറാകാതിരിക്കാനും വേണ്ടി പർവ്വതങ്ങളും പാറകളും അല്ലാഹു ഉറപ്പിച്ചിരിക്കുന്നു. കുന്നും താഴ്വരയും കരയും വെള്ളവും നാടും കാടും ഇങ്ങനെ വ്യത്യസ്ത വിഭാഗങ്ങളായി ഭൂമി വിതാനിക്കപ്പെട്ടിരിക്കുന്നു.

ഇങ്ങനെ വ്യത്യസ്തമായ ഭൂവിഭാഗങ്ങളിൽ കൂടി മനുഷ്യന് അവന്റെ യാത്രാമാർഗ്ഗങ്ങൾ വിശാലമാക്കി സൗകര്യപ്പെടുത്തിക്കൊടുത്തിട്ടുള്ളത് അല്ലാഹുവിന്റെ മറ്റൊരു മഹാ അനുഗ്രഹമത്രേ. കരയിലും കടലിലും വായുവിലും മാത്രമല്ല ബഹിരാകാശത്തിലും ഉള്ള മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്താനായി അവൻ മനുഷ്യന് അറിവും ബുദ്ധിശക്തിയും പ്രദാനം ചെയ്തിരിക്കുന്നത്.

ആകാശമണ്ഡലത്തിലെ കണക്കറ്റ നക്ഷത്ര ഗ്രഹങ്ങളിലൊന്നായ സൂര്യന്റെ നന്നേ ചെറിയ ഒരു ഉപഗ്രഹമാണല്ലോ ഈ ഭൂമി. അവയൊന്നും ഭൂമിയുടെ മീതെ വീഴാതെയും തമ്മിൽ കൂട്ടി മുട്ടാതെയും ആകാശത്തെ ഒരു മേൽ പുരയാക്കിയും അല്ലാഹു സംവിധാനിച്ചിരിക്കുന്നു. ''അവന്റെ അനുമതി കൂടാതെ ഭൂമിയുടെ മേൽ ആകാശം വീണ് പോകുന്നതിൽ നിന്നും അവൻ തടഞ്ഞ് നിർത്തുന്നു'' എന്ന അല്ലാഹുവിന്റെ പ്രസ്താവന (സൂ: ഹജ്ജ്: 65) ഈ സന്ദർഭത്തിൽ ശ്രദ്ധേയമാകുന്നു. മാത്രമല്ല, രാവ് പകൽ അവയ്ക്ക് വെളിച്ചമേകാൻ ചന്ദ്രൻ, സൂര്യൻ, മിന്നിതിളങ്ങുന്ന അനേക കോടി നക്ഷത്രങ്ങൾ, ഓരോന്നും അവരവരുടെ ഭ്രമണപഥത്തിൽ സഞ്ചരിച്ച് കൊണ്ടിരിക്കുന്നു. ഇവയെല്ലാം അല്ലാഹു അല്ലാതെ മറ്റാരാണ് സൃഷ്ടിച്ചത്. അല്ലാഹു അല്ലാതെ ആരാണ് ഇവയെയൊക്കെ നിയന്ത്രിക്കുന്നത്. ഈ ദൃഷ്ടാന്തങ്ങൾ നിത്യേന കണ്ട് കൊണ്ടിരിക്കുന്ന മനുഷ്യൻ എന്ത് കൊണ്ട് അവന്റെ വിശേഷ ബുദ്ധി ഉപയോഗിച്ച് കൊണ്ട് ചിന്തിക്കുന്നില്ല. മനുഷ്യരിലധികപേരും വേണ്ട വിധം ചിന്തിക്കാതെ തിരിഞ്ഞ് കളയുന്നവരാകുന്നു എന്ന് അല്ലാഹു പ്രിസ്താവിക്കുന്നു.

**വചനം 34,35,36 :**

وَمَا جَعَلْنَا لِبَشَرٍ مِّن قَبْلِكَ ٱلْخُلْدَ ۖ أَفَإِي۟ن مِّتَّ فَهُمُ ٱلْخَٰلِدُونَ ﴿٣٤﴾

34 (നബിയേ) നിനക്കുമുമ്പ് ഒരു മനുഷ്യന്നും നാം നിത്യജീവിതം നിശ്ചയിക്കുകയുണ്ടായിട്ടില്ല. എന്നിരിക്കെ, നീ മരിച്ചാൽ പിന്നെ അവർ ശാശ്വതൻമാരായിരിക്കുമോ?!

كُلُّ نَفْسٍ ذَآئِقَةُ ٱلْمَوْتِ ۗ وَنَبْلُوكُم بِٱلشَّرِّ وَٱلْخَيْرِ فِتْنَةً ۖ وَإِلَيْنَا تُرْجَعُونَ ﴿٣٥﴾

35 എല്ലാ ദേഹവും മരണം ആസ്വദിക്കുന്നതാണ്. തിന്മകൊണ്ടും നന്മകൊണ്ടും നിങ്ങളെ നാം ഒരു (ശരിയായ) പരീക്ഷണം പരീക്ഷിക്കുന്നതാണ്. നമ്മുടെ അടുക്കലേക്കു തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും.

وَإِذَا رَءَاكَ ٱلَّذِينَ كَفَرُوٓا۟ إِن يَتَّخِذُونَكَ

36 അവിശ്വസിച്ചവർ നിന്നെക്കണ്ടാൽ, അവർ നിന്നെ പരിഹാസ്യമാക്കുകയല്ലാതെ ചെയ്യുക

إِلَّا هُزُوًا أَهَٰذَا ٱلَّذِى يَذْكُرُ ءَالِهَتَكُمْ وَهُم بِذِكْرِ ٱلرَّحْمَٰنِ هُمْ كَٰفِرُونَ ﴿٣٦﴾

യില്ല:- "ഇവനാണോ നിങ്ങളുടെ ആരാധ്യന്മാരെ (ആക്ഷേപിച്ചു) പറയുന്നവൻ?!" എന്ന്. അവരാകട്ടെ, പരമകാരുണികനായുള്ളവൻെറ ഉൽബോധനത്തിൽ അവിശ്വസിക്കുന്നവരുമാണ്.

"മുഹമ്മദ് അധികം താമസിയാതെ മരണപ്പെടും, അപ്പോൾ അവനെ കൊണ്ടുള്ള ശല്യം തീർന്ന് കിട്ടും" എന്ന് അതിയായി ആഗ്രഹിച്ചിരുന്ന അവിശ്വാസികളുടെ ഭാവം തിരുമേനി ചരമം പ്രാപിച്ചാൽ അവർ മരണപ്പെടാതെ കാലാകാലം ശേഷിക്കുമെന്നായിരുന്നു.

എന്നാൽ മരണത്തിൽ നിന്ന് മുമ്പും, ഇപ്പോഴും ഭാവിയിലും ആർക്കും ഒഴിവ് നൽകപ്പെടുകയില്ല എന്ന് അല്ലാഹു ഓർമ്മിപ്പിക്കുന്നു. അതിൽ പ്രവാചകൻമാരും അല്ലാത്തവരും സമമാകുന്നു. അപ്പോൾ പ്രശ്നം മരിക്കുമോ ഇല്ലയോ എന്നുള്ളതല്ല, നന്മ തിന്മകൾ വഴിയുള്ള ഒരു പരീക്ഷണമായ ഈ അൽപകാല ജീവിതത്തിൽ ആർ വിജയിക്കുന്നു ആർ പരാജയമടയുന്നു എന്നുള്ളതാകുന്നു പ്രശ്നം. ആ ജീവിതം അവസാനിച്ചാൽ എല്ലാവരുടെയും മടക്കം അല്ലാഹുവിന്റെ അടുക്കലേക്കാകുന്നു.

തൗഹീദിലേക്ക് ക്ഷണിച്ച് കൊണ്ട് വിഗ്രഹാരാധനയെ അധിക്ഷേപിച്ച് കൊണ്ട് നബി(സ) നടത്തി കൊണ്ടിരുന്ന പ്രബോധനം അനുദിനം ശക്തിപ്പെട്ട് കൊണ്ടിരുന്നത് കണ്ട് വേവലാതി പൂണ്ട മുശ്രിക്കുകൾ തക്കം കിട്ടുമ്പോഴൊക്കെ തിരുമേനിയെ പരിഹസിക്കുകയും അക്രമിക്കുകയും ചെയ്യുക പതിവായിരുന്നു. നബി(സ)യെ കാണുമ്പോൾ ഇവനാണോ നിങ്ങളുടെ ദൈവങ്ങളെ ആക്ഷേപിച്ച് പറയുന്നവൻ എന്നവർ പരസ്പരം പറയുമായിരുന്നു. എന്നാൽ അവരുടെ യഥാർത്ഥ അവസ്ഥയോ - അവർ അല്ലാഹുവിലും അവന്റെ ഉൽബോധനങ്ങളിലും പാടേ അവിശ്വസിച്ചിരിക്കുകയാണ്.

**വചനം 37 :**

خُلِقَ ٱلْإِنسَٰنُ مِنْ عَجَلٍ ۚ سَأُو۟رِيكُمْ ءَايَٰتِى فَلَا تَسْتَعْجِلُونِ ﴿٣٧﴾

37 മനുഷ്യൻ ധൃതിയാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. എൻെറ ദൃഷ്ടാന്തങ്ങൾ (താമസംവിനാ) വഴിയെ നിങ്ങൾക്ക് ഞാൻ കാണിച്ചു തരുന്നതാണ്; അതുകൊണ്ട്, നിങ്ങൾ എന്നോട് ധൃതികൂട്ടരുത്.

ധൃതിപ്പെടുകയെന്നത് മനുഷ്യ സഹജമായ ഒരു പ്രകൃതി തന്നെയാകുന്നു. പ്രവർത്തനങ്ങളിൽ ഔൽസുക്യവും സൽക്കാര്യങ്ങളിൽ മുന്നോട്ട് വരുവാനുള്ള അഭിവാഞ്ചയും യഥാസമയങ്ങളിൽ നടപടികൾ കൈകൊള്ളുവാനുള്ള ആവേശവുമൊക്കെ ധൃതിയുടെ യഥാവിധിയുള്ള പ്രയോഗത്തിലൂടെ കൈവരുന്ന പ്രയോജനങ്ങളാകുന്നു. എന്നാൽ ഈ വചനത്തിലും മറ്റും ധൃതിയെ പറ്റി ആക്ഷേപിക്കുന്നത് അതിന്റെ ദുരുപയോഗത്തെകുറിച്ച് മുന്നറിയിപ്പ് നൽകുവാനാകുന്നു. സമയത്തും അസമയത്തും ധൃതി വെക്കുക, ആവശ്യത്തിൽ കവിഞ്ഞ അളവിൽ ധൃതി പ്രകടിപ്പിക്കുക എന്നിങ്ങനെ അത് അനിയന്ത്രിതമായിതീരുന്നതാണ് ആക്ഷേപാർഹമായിട്ടുള്ളത്.

" സാവകാശം എല്ലാ കാര്യത്തിലും ഗുണകരമാണ്. പരലോക കർമ്മങ്ങളിൽ (സൽകർമ്മങ്ങളിൽ) ഒഴികെ" എന്ന നബി വചനം ഇവിടെ ശ്രദ്ധേയമാകുന്നു.

"അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ താമസം വിനാ നിങ്ങൾക്ക് കാണിച്ച് തരുന്നതാണ്, അത്കൊണ്ട് നിങ്ങൾ എന്നോട് ധൃതി കൂട്ടരുത് " എന്ന് തുടർന്ന് അല്ലാഹു ഈ വചനത്തിൽ നിർദ്ദേശിക്കുന്നു.

**വചനം 38,39,40,41 :**

وَيَقُولُونَ مَتَىٰ هَٰذَا ٱلْوَعْدُ إِن كُنتُمْ صَٰدِقِينَ ﴿٣٨﴾

لَوْ يَعْلَمُ ٱلَّذِينَ كَفَرُوا۟ حِينَ لَا يَكُفُّونَ عَن وُجُوهِهِمُ ٱلنَّارَ وَلَا عَن ظُهُورِهِمْ وَلَا هُمْ يُنصَرُونَ ﴿٣٩﴾

38 അവർ പറയുന്നു: "ഈ വാഗ്ദാനം എപ്പോഴാണ് ഉണ്ടാവുക-നിങ്ങൾ സത്യവാദികളാണെങ്കിൽ?" എന്ന്!

39 തങ്ങളുടെ മുഖങ്ങളിൽ നിന്നാകട്ടെ, മുതുകുകളിൽ നിന്നാകട്ടെ, അഗ്നിയെ തടയാതിരിക്കുകയും, തങ്ങൾക്ക് സഹായം സിദ്ധിക്കാതിരിക്കുകയും ചെയ്യുന്നസന്ദർഭത്തെ അവിശ്വസിച്ചവർ അറിഞ്ഞിരുന്നുവെങ്കിൽ!

بَلْ تَأْتِيهِم بَغْتَةً فَتَبْهَتُهُمْ فَلَا يَسْتَطِيعُونَ رَدَّهَا وَلَا هُمْ يُنظَرُونَ ﴿٤٠﴾

وَلَقَدِ ٱسْتُهْزِئَ بِرُسُلٍ مِّن قَبْلِكَ فَحَاقَ بِٱلَّذِينَ سَخِرُوا۟ مِنْهُم مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٤١﴾

40 എന്നാൽ, അത് പെട്ടെന്ന് അവർക്ക് വന്നെത്തും; തന്നിമിത്തം അതവരെ അമ്പരപ്പിക്കുകയും ചെയ്യുന്നതാണ്. അപ്പോൾ അത് തടുക്കുവാൻ അവർക്ക് സാധിക്കുന്നതല്ല; അവർക്ക് ഇട കൊടുക്കപ്പെടുകയുമില്ല.

41 (നബിയേ) നിനക്കുമുമ്പ് പല റസൂലുകളും പരിഹസിക്കപ്പെട്ടിട്ടുണ്ട്; എന്നിട്ട്, അവരെ പുച്ഛരിച്ചവരിൽ, ഏതൊന്നിനെസംബന്ധിച്ച് അവർ പരിഹസിച്ചിരുന്നുവോ അത് ( അതേ ശിക്ഷ) വന്നെത്തുക തന്നെ ചെയ്തു.

36-ാം വചനത്തിൽ കണ്ടത് പോലെ അവിശ്വാസികളുടെ മറ്റൊരു പരിഹാസമായിരുന്നു, "നിങ്ങൾ പറയുന്ന അന്ത്യ സമയവും ശിക്ഷയുമെല്ലാം എപ്പോഴാണ് സംഭവിക്കാൻ പോകുന്നത് " എന്നുള്ള ചോദ്യം.

അതിന് അല്ലാഹു നൽകുന്ന മറുപടി ഇപ്രകാരമാകുന്നു: അത് സംഭവിക്കുന്നത് വളരെ പെട്ടെന്നായിരിക്കും. അപ്പോൾ അതിൽ നിന്നും വല്ല രക്ഷയും കിട്ടുവാനുള്ള ഒരു മാർഗ്ഗവും അവർക്കുണ്ടായിരിക്കുകയില്ല. അവർക്ക് ഒരു വിധത്തിലും തടുക്കുവാൻ കഴിയാത്ത, അവരുടെ ശരീരം ഒന്നടങ്കം പിടികൂടുന്ന നരകശിക്ഷയാണ് അവരെ ബാധിക്കുക. ഇതിന് മുമ്പും പല നബിമാരെയും അവിശ്വാസികൾ പരിഹസിച്ചിട്ടുണ്ട്, അതിനുള്ള ശിക്ഷ അവർ അനുഭവിക്കേണ്ടി വന്നിട്ടുമുണ്ട്.

## വിഭാഗം : 4

**വചനം 42,43,44 :**

قُلْ مَن يَكْلَؤُكُم بِٱلَّيْلِ وَٱلنَّهَارِ مِنَ ٱلرَّحْمَٰنِ ۗ بَلْ هُمْ عَن ذِكْرِ رَبِّهِم مُّعْرِضُونَ ﴿٤٢﴾

أَمْ لَهُمْ ءَالِهَةٌ تَمْنَعُهُم مِّن دُونِنَا ۚ لَا يَسْتَطِيعُونَ نَصْرَ أَنفُسِهِمْ وَلَا هُم مِّنَّا يُصْحَبُونَ ﴿٤٣﴾

بَلْ مَتَّعْنَا هَٰٓؤُلَآءِ وَءَابَآءَهُمْ حَتَّىٰ طَالَ عَلَيْهِمُ ٱلْعُمُرُ ۗ أَفَلَا يَرَوْنَ أَنَّا نَأْتِى ٱلْأَرْضَ نَنقُصُهَا مِنْ أَطْرَافِهَآ ۚ أَفَهُمُ ٱلْغَٰلِبُونَ ﴿٤٤﴾

42 (നബിയേ) ചോദിക്കുക: "പരമകാരുണികനായുള്ളവനിൽനിന്ന്-രാത്രിയും പകലും-ആരാണ് നിങ്ങളെ കാത്തുരക്ഷിക്കുന്നത്?" എന്നാൽ, അവർ തങ്ങളുടെ രക്ഷിതാവിനെ ഓർമ്മിക്കുന്നതിൽനിന്ന് തിരിഞ്ഞുകളയുന്നവരാകുന്നു.

43 അഥവാ, നമ്മളിൽനിന്ന് അവരെ രക്ഷിക്കുന്ന വല്ല ഇലാഹുകളും (ആരാധ്യന്മാരും) അവർക്കുണ്ടോ? അവർക്ക് (ആരാധ്യൻമാർക്ക്) തങ്ങളെത്തന്നെ സഹായിക്കുവാൻ സാധിക്കുന്നതല്ല; അവർക്ക് നമ്മുടെ ഭാഗത്തുനിന്നും തുണയ്ക്കപ്പെടുന്നതുമല്ല.

44 പക്ഷേ, ഇക്കൂട്ടർക്കും, ഇവരുടെ പിതാക്കൾക്കും നാം സുഖഭോഗം നൽകുകയുണ്ടായി; അങ്ങനെ, ആയുഷ്ക്കാലങ്ങൾ അവർക്ക് ദീർഘിച്ചു കഴിഞ്ഞു. എന്നാൽ, നാം (ഇവരുടെ) ഭൂമിയിൽ ചെന്ന് അതിൻെറ നാനാഭാഗങ്ങളിൽനിന്നും അത് ചുരുക്കിക്കൊണ്ടുവരുന്നുവെന്നത് ഇവർ കാണുന്നില്ലേ?! അപ്പോൾ ഇവരാണോ വിജയികൾ?!

പരലോക ശിക്ഷയെ ഒരു വിധത്തിലും അവർക്ക് തടുക്കുവാൻ സാദ്ധ്യമല്ലെന്ന് മുകളിലെ വചനങ്ങളിൽ പറഞ്ഞ ശേഷം ഇഹ ലോകത്തെ കാര്യം അല്ലാഹു മുന്നറിയിപ്പ് നൽകുന്നു. രാത്രിയിലാകട്ടെ പകലിലാകട്ടെ അല്ലാഹുവിൽ നിന്ന് വരുന്ന വിപത്തുകൾ തടയുവാൻ അല്ലാഹുവല്ലാതെ മറ്റാരാണ് അവർക്കുള്ളത്. അവരുടെ ആരാധ്യൻമാർക്കും ദൈവങ്ങൾക്കും അതിന് യാതൊരു കഴിവുമില്ലെന്ന് മാത്രമല്ല അവരുടെ സ്വന്തം രക്ഷക്ക് പോലും ആ ആരാധ്യർ പ്രാപ്തരല്ല. എന്നിട്ടും അവർ തങ്ങളുടെ രക്ഷിതാവിനെ ഓർക്കാതെ ആ ആരാധ്യന്മാരുടെ സ്മരണകളിൽ മുഴുകിപ്പോകുന്നു.

ഇക്കൂട്ടരുടെ അവഗണനാനയം ഇത്രയും വർദ്ധിക്കുവാനുള്ള കാരണം അവർക്കും അവരുടെ പിതാക്കൾക്കും അല്ലാഹു ചെയ്തു കൊടുത്ത അനുഗ്രഹങ്ങളിൽ അവർ വഞ്ചിതരായി പോയത് കൊണ്ടാണ്. ഈ സുഖ സൗകര്യങ്ങളെല്ലാം തങ്ങളുടെ സ്വന്തം പ്രവർത്തന ഫലമാണെന്നും ഇവയെല്ലാം എന്നും നിലനിൽക്കുന്നതാണെന്നും ഒക്കെ അവർ കരുതി വച്ചു. അങ്ങനെ ധിക്കാര ലഹരി തലയിൽ കയറിയ അവർ വരാനിരിക്കുന്ന ആപത്തുകളെ പറ്റി തീർത്തും അശ്രദ്ധരായിരിക്കുന്നു. അവർക്ക് സ്വാധീനമുണ്ടായിരുന്ന നാടുകൾ അവർക്ക് നഷ്ടപ്പെട്ട്, ഇസ്ലാമിന് അധീനപ്പെട്ട് കൊണ്ടിരിക്കുകയാണ്. അടുത്ത ഭാവിയിൽ തന്നെ, ക്ഷയിച്ച് വരുന്ന ഇവരുടെ ശക്തി പറ്റെ നശിച്ച് ഭൂമിയിൽ ഇവരുടെ പ്രതാപം തുടച്ച് നീക്കപ്പെടുക തന്നെ ചെയ്യും.'

തുടർന്ന് വരുന്ന വചനങ്ങളിൽ അല്ലാഹുവിന്റെ സൈന്യമായ സജ്ജനങ്ങൾക്ക് ഭൂമിയിൽ അവൻ നൽകുന്ന സ്വാധീനങ്ങളും വിജയങ്ങളും വിവരിക്കപ്പെടുന്നു. നൂഹ് നബി, ഇബ്രാഹീം നബി, മൂസാ നബി, ഹാറൂൻ നബി, ലൂത്വ് നബി, ഇൽയാസ് നബി, യൂനുസ് നബി, ദാവൂദ് നബി, സുലൈമാൻ നബി, (അലൈഹുമുസ്സലാം) മുതലായവരുടെ വിജയ ചരിത്രങ്ങൾ ഓരോന്നും വിവരിക്കുന്നതോടൊപ്പം "ഇങ്ങനെയാണ് പുണ്യവാൻമാർക്ക് നാം പ്രതിഫലം കൊടുക്കുന്നത് " എന്ന് അല്ലാഹു ആവർത്തിച്ച് പറഞ്ഞിരിക്കുന്നതും കാണാം.

സൂ: സ്വാഫ്ഫാത് 171-173 വചനങ്ങളിൽ അല്ലാഹു പറയുന്നു: "നമ്മുടെ ദൂതന്മാരായ അടിയാന്മാരോട് നമ്മുടെ വാക്ക് മുമ്പേ ഉണ്ടായിട്ടുണ്ട്, നിശ്ചയമായും അവർ തന്നെയാണ് സഹായിക്കപ്പെടുന്നവർ. നമ്മുടെ സൈന്യം തന്നെയാണ് വിജയികളും."

**വചനം 45,46,47 :**

قُلْ إِنَّمَآ أُنذِرُكُم بِٱلْوَحْيِ ۚ وَلَا يَسْمَعُ ٱلصُّمُّ ٱلدُّعَآءَ إِذَا مَا يُنذَرُونَ ﴿٤٥﴾

45 (നബിയെ) പറയുക: "നിശ്ചയമായും 'വഹ്യു' (ദിവ്യബോധനം) കൊണ്ടത്രെ ഞാൻ നിങ്ങൾക്ക് താക്കീത് നൽകുന്നത്." (ആ) ബധിരൻമാർ – അവർക്ക് താക്കീത് നൽകപ്പെടുമ്പോൾ–വിളിക്കുന്നത് കേൾക്കുകയില്ല. (പക്ഷെ)

وَلَئِن مَّسَّتْهُمْ نَفْحَةٌ مِّنْ عَذَابِ رَبِّكَ لَيَقُولُنَّ يَٰوَيْلَنَآ إِنَّا كُنَّا ظَٰلِمِينَ ﴿٤٦﴾

46 നിൻെറ രക്ഷിതാവിൻെറ ശിക്ഷയിൽനിന്ന് ഒരു (നേരിയ) കാറ്റ് അവരെ സ്പർശിച്ചാൽ, തീർച്ചയായും അവർ പറഞ്ഞുപോകും: "ഹാ, ഞങ്ങളുടെ നാശം! നിശ്ചയമായും ഞങ്ങൾ അക്രമികളായിരുന്നു!" എന്ന്.

وَنَضَعُ ٱلْمَوَٰزِينَ ٱلْقِسْطَ لِيَوْمِ ٱلْقِيَٰمَةِ فَلَا تُظْلَمُ نَفْسٌ شَيْـًٔا ۖ وَإِن كَانَ مِثْقَالَ حَبَّةٍ مِّنْ خَرْدَلٍ أَتَيْنَا بِهَا ۗ وَكَفَىٰ بِنَا حَٰسِبِينَ ﴿٤٧﴾

47 ഖിയാമത്തുനാളിൽ നാം നീതി പൂർണ്ണമായ ത്രാസ്സുകൾ ഏർപ്പെടുത്തുന്നതാകുന്നു. അതിനാൽ, ഒരു ദേഹവും (ഒരാളും) ഒന്നുംതന്നെ ദ്രോഹിക്കപ്പെടുകയില്ല.(കർമ്മം) ഒരു കടുകുമണിത്തൂക്കമായിരുന്നാലും, അത് നാം കൊണ്ടുവരുന്നതാണ്. വിചാരണ ചെയ്യുന്നവരായി നാം തന്നെ മതി!

ഞാൻ നിങ്ങൾക്ക് നൽകുന്ന താക്കീതും മുന്നറിയിപ്പുമെല്ലാം അല്ലാഹുവിൽ നിന്നുള്ള വഹ്യ് കൊണ്ട് മാത്രമാണ് എന്ന് അവിശ്വാസികളോട് പറയുവാൻ അല്ലാഹു നബി(സ)യോട് നിർദ്ദേശിക്കുന്നു. ബധിരൻമാർ അപ്പോൾ അതിലേക്ക് ചെവികൊടുക്കാൻ തയ്യാറാകുന്നില്ല. എന്നാൽ ദൈവീക ശിക്ഷയിൽ നിന്ന് നേരിയ ഒരു സ്പർശനമെങ്കിലും അവരെ പിടികൂടുമ്പോഴേക്കും 'ഞങ്ങൾക്ക് നാശം പിണഞ്ഞ് പോയി ഞങ്ങൾ പിഴച്ച് പോയി' എന്നവർ വിലപിക്കുകയായി.

ഖിയാമത്ത് നാളിൽ മനുഷ്യന്റെ എല്ലാ കർമ്മങ്ങളും – നന്മയാകട്ടെ; തിന്മയാകട്ടെ; നിസ്സാരങ്ങളാകട്ടെ വലുതാകട്ടെ – തൂക്കി കണക്കാക്കപ്പെടുവാനുള്ള തുലാസ് അല്ലാഹു ഏർപ്പെടുത്തുമെന്ന് വിശുദ്ധ ഖുർആനിലും ഹദീസിലും വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാകുന്നു. (സൂ: അൽ ഖാരിഅയുടെ വിവരണത്തിൽ ഇതേ പറ്റി വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്.) അവനവൻ ചെയ്തതിന്റെ ഫലം -ഗുണമെങ്കിൽ നന്മ ദോഷമെങ്കിൽ തിന്മ- അവനവൻ തന്നെ അനുഭവിക്കേണ്ടി വരും. ഇങ്ങനെ വിചാരണ ചെയ്ത് വിധി തീരുമാനിക്കുവാൻ അല്ലാഹു തന്നെ മതി. അല്ലാഹുവിന്റെ വിധി ന്യായത്തിൽ ആരോടും യാതൊരു വിധ അനീതിയും ക്രമക്കേടും കാണിക്കപ്പെടുന്നതല്ല.

**വചനം 48,49,50 :**

وَلَقَدْ ءَاتَيْنَا مُوسَىٰ وَهَٰرُونَ ٱلْفُرْقَانَ وَضِيَآءً وَذِكْرًا لِّلْمُتَّقِينَ ﴿٤٨﴾ ٱلَّذِينَ يَخْشَوْنَ رَبَّهُم بِٱلْغَيْبِ وَهُم مِّنَ ٱلسَّاعَةِ مُشْفِقُونَ ﴿٤٩﴾ وَهَٰذَا ذِكْرٌ مُّبَارَكٌ أَنزَلْنَٰهُ ۚ أَفَأَنتُمْ لَهُۥ مُنكِرُونَ ﴿٥٠﴾

48 മൂസാക്കും, ഹാറൂനിനും നാം, വിവേചന പ്രമാണവും, വെളിച്ചവും, ഭക്തജനങ്ങൾക്കുള്ള ഉൽബോധനവും നൽകിയിട്ടുണ്ട്.

49 അതായത്: അദൃശ്യമായ നിലയിൽ തങ്ങളുടെ റബ്ബിനെ ഭയപ്പെടുന്നവർ, അവർ അന്ത്യ സമയത്തെ സംബന്ധിച്ചു പേടിക്കുന്നവരുമാണ് (അങ്ങിനെയുള്ളവർക്ക്).

50 ഇതാകട്ടെ, നാം അവതരിപ്പിച്ച അനുഗൃഹീത ബോധനമാകുന്നു. എന്നിട്ടും, നിങ്ങൾ അതിനെ നിഷേധിക്കുന്നവരാണോ?

സത്യാസത്യങ്ങൾക്കും ന്യായ അന്യായങ്ങൾക്കും ഇടയിൽ വിവേചിച്ച് വേർതിരിച്ച് കാണിക്കുന്നത് കൊണ്ടാണ് ഖുർആനിനും തൗറാത്തിനും 'ഫുർഖാൻ ' (വിവേചന ഗ്രന്ഥം) എന്ന് പറയപ്പെടുന്നത്. ഇവിടെ ഫുർഖാൻ എന്ന് വിശേഷിക്കപ്പെട്ടത് തൗറാത്ത് ആകുന്നു.

ഉൽബോധനവും ഉപദേശങ്ങളും ഉപകാരപ്പെടുക ഭക്ത ജനങ്ങൾക്കാകുന്നു. ഭക്ത ജനങ്ങൾ എന്നാൽ അല്ലാഹുവിനെ അദൃശ്യമായ നിലയിൽ ഭയപ്പെടുന്നവരും തങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അന്ത്യദിന ത്തിൽ ഉത്തരം പറയേണ്ടിവരുമെന്ന് ഭയപ്പെടുന്നവരും ആകുന്നു.

മൂസാ(അ) നബിക്ക് അവതരിച്ച തൗറാത്തിനെ പറ്റി യഹൂദർക്കും അവർ വഴി അറബികൾക്കും അറിവുള ളതാണ്. ഏറ്റവും ഉൽകൃഷ്ടവും മഹത്തായതുമായ വിശുദ്ധ ഖുർആൻ അവർക്ക് മാർഗ്ഗദർശനത്തിനായി നബി(സ)ക്ക് അല്ലാഹു അവതരിപ്പിച്ചതുമാകുന്നു. എല്ലാം അറിഞ്ഞിട്ടും അവിശ്വാസികളായി തുടരുന്ന അവരെ സംബന്ധിച്ച് അല്ലാഹു ചോദിക്കുന്നു "എന്നിട്ടും നിങ്ങൾ അതിനെ നിഷേധിക്കുന്നവരാണോ. "

## വിഭാഗം : 5

**വചനം 51,52,53,54 :**

۞ وَلَقَدْ ءَاتَيْنَآ إِبْرَٰهِيمَ رُشْدَهُۥ مِن قَبْلُ وَكُنَّا بِهِۦ عَٰلِمِينَ ﴿٥١﴾ إِذْ قَالَ لِأَبِيهِ وَقَوْمِهِۦ مَا هَٰذِهِ ٱلتَّمَاثِيلُ ٱلَّتِىٓ أَنتُمْ لَهَا عَٰكِفُونَ ﴿٥٢﴾ قَالُوا۟ وَجَدْنَآ ءَابَآءَنَا لَهَا عَٰبِدِينَ ﴿٥٣﴾ قَالَ لَقَدْ كُنتُمْ أَنتُمْ وَءَابَآؤُكُمْ فِى ضَلَٰلٍ مُّبِينٍ ﴿٥٤﴾

51 തീർച്ചയായും, നാം മുമ്പേ ഇബ്റാഹീമിന് അദ്ദേഹത്തിൻെറ തൻേറടം നൽകുകയുണ്ടായിട്ടുണ്ട്. അദ്ദേഹത്തെപ്പറ്റി നാം അറിയുന്ന വരുമായിരുന്നു.

52 തൻെറ പിതാവിനോടും, ജനങ്ങളോടും അദ്ദേഹം "നിങ്ങൾ ഭജനമിരുന്നുകൊണ്ടിരിക്കുന്ന ഈ പ്രതിമകൾ എന്താകുന്നു?" എന്നു ചോദിച്ച പ്പോൾ:–

53 അവർ പറഞ്ഞു: "ഞങ്ങളുടെ പിതാക്കൾ അവയെ ആരാധിച്ച് വരുന്നവരായിട്ടാണ് ഞങ്ങൾ കണ്ടത്."

54 അദ്ദേഹം പറഞ്ഞു: "തീർച്ചയായും, നിങ്ങളും നിങ്ങളുടെ പിതാക്കളും വ്യക്തമായ വഴി പിഴവിലായിരിക്കുന്നു."

ഇബ്രാഹീം(അ) നബിക്ക് അല്ലാഹു സന്മാർഗ്ഗവും തന്റേടവും നൽകി. അദ്ദേഹത്തിനുണ്ടായിരുന്ന ത്യാഗവും ധീര മനസ്കതയും ഉൽകൃഷ്ട സ്വഭാവവും അല്ലാഹുവിന്റെ ഏകത്വത്തിലുള്ള അടിയുറച്ച വിശ്വാസവും എല്ലാം അല്ലാഹു അറിയുന്നവനായിരുന്നു.

വിഗ്രഹാരാധനയുടെ പൊള്ളത്തരത്തെ പറ്റി തന്റെ ജനതയെ ചിന്തിപ്പിക്കുന്നതിനായി ഇബ്രാഹീം(അ) നബി അവരോട് ചോദിച്ചു: "നിങ്ങൾ ആരാധിച്ചും പൂജിച്ചും വരുന്ന ഈ ബിംബങ്ങളൊക്കെ എന്താകുന്നു. ഇവയെ ആരാധിച്ചിട്ട് നിങ്ങൾക്കെന്ത് ഫലം കിട്ടാനാണ്."

"ഞങ്ങളുടെ പൂർവ്വികർ അവയെ ആരാധിച്ച് വരുന്നതായി ഞങ്ങൾ കണ്ടിട്ടുണ്ട്, പാരമ്പര്യമായിട്ട് ഞങ്ങളും അത് പിന്തുടർന്ന് പോരുന്നു" ഇതായിരുന്നു സ്വയം ന്യായീകരിച്ച് കൊണ്ട് നൽകിയ മറുപടി.

ഇബ്രാഹീം(അ)നബി അവരോട് ഇപ്രകാരം പറഞ്ഞു: "നിങ്ങൾ സ്വീകരിച്ചിട്ടുള്ള ഈ സമ്പ്രദായം തനി ദുർമാർഗ്ഗമാകുന്നു. അത് സ്വീകരിച്ച നിങ്ങളും നിങ്ങളുടെ പിതാക്കളും വ്യക്തമായ വഴി പിഴവിലായിരിക്കുന്നു."

**വചനം 55,56,57,58 :**

55 അവർ പറഞ്ഞു: "നീ ഞങ്ങളുടെ അടുക്കൽ (യഥാർത്ഥ) കാര്യവുമായി വന്നിരിക്കുക യാണോ, അഥവാ നീ കളിക്കുന്ന കൂട്ടത്തിൽ പെട്ടവനാണോ?"

قَالُوٓا۟ أَجِئْتَنَا بِٱلْحَقِّ أَمْ أَنتَ مِنَ ٱللَّٰعِبِينَ ﴿٥٥﴾

56 അദ്ദേഹം പറഞ്ഞു: "(കളിയല്ല) എന്നാൽ, നിങ്ങളുടെ രക്ഷിതാവ് ആകാശഭൂമികളുടെ രക്ഷിതാവാകുന്നു; അവയെ (ല്ലാം) പടച്ചുണ്ടാക്കി യവനാകുന്നു. ഞാൻ, അതിന് സാക്ഷ്യം വഹിക്കുന്നവരിൽ പെട്ടവനുമാണ്."

قَالَ بَل رَّبُّكُمْ رَبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ ٱلَّذِى فَطَرَهُنَّ وَأَنَا۠ عَلَىٰ ذَٰلِكُم مِّنَ ٱلشَّٰهِدِينَ ﴿٥٦﴾

57 അല്ലാഹു തന്നെയാണ (സത്യം)! നിശ്ചയമായും, നിങ്ങൾ പിൻതിരിഞ്ഞു പോയതിനു ശേഷം, ഞാൻ നിങ്ങളുടെ വിഗ്രഹങ്ങളോട് തന്ത്രം പ്രയോഗിക്കുന്നതാണ്."

وَتَٱللَّهِ لَأَكِيدَنَّ أَصْنَٰمَكُم بَعْدَ أَن تُوَلُّوا۟ مُدْبِرِينَ ﴿٥٧﴾

58 അങ്ങനെ, അവരുടെ വലിയ ഒരു വിഗ്രഹമൊഴിച്ച് അവരെ (ബാക്കി ആരാധ്യൻമാരെ) അദ്ദേഹം തുണ്ടം തുണ്ടമാക്കി. അവർ തൻെറ അടുക്ക ലേക്ക് മടങ്ങിയേക്കാമല്ലോ.

فَجَعَلَهُمْ جُذَٰذًا إِلَّا كَبِيرًا لَّهُمْ لَعَلَّهُمْ إِلَيْهِ يَرْجِعُونَ ﴿٥٨﴾

തങ്ങളും തങ്ങളുടെ പിതാക്കളും പിഴച്ച് പോയിട്ടുണ്ടെന്ന് അദ്ദേഹം അവരോട് പറഞ്ഞപ്പോൾ ഇപ്പറയുന്നത് കാര്യമായിട്ടാണോ, അതോ കളിയായിട്ടാണോ എന്നവർ അദ്ദേഹത്തോട് ചോദിക്കുന്നു. അതിന് അദ്ദേഹം വ്യക്തമായി തന്നെ മറുപടി കൊടുത്തു:

" ഈ ആകാശഭൂമികളെ സൃഷ്ടിച്ച് പരിപാലിക്കുന്ന ആ ഏക മഹാശക്തിയെ ആയിരിക്കണം നിങ്ങൾ ആരാധ്യനായി സ്വീകരിക്കുന്നത്. ഈ തത്വം അംഗീകരിച്ച സത്യസാക്ഷിയാകുന്നു ഞാൻ."

മാത്രമല്ല, അവരുടെ അഭാവത്തിൽ ആ വിഗ്രഹങ്ങളെ നശിപ്പിക്കുവാൻ ഏർപ്പാട് ചെയ്യുമെന്ന് ഒരു ബലമായ താക്കീത് അദ്ദേഹം അവർക്ക് നൽകി. (ഈ താക്കീത് അദ്ദേഹം പരസ്യമായി പറഞ്ഞതാണെന്നും അതല്ല, സ്വയം പറഞ്ഞപ്പോൾ ആരോ കേട്ടതാണെന്നും പറയപ്പെടുന്നു. ) ഏതായാലും ആ നാട്ടുകാർ ഉത്സവത്തിനോ മറ്റോ സ്ഥലം വിട്ട അവസരത്തിൽ അദ്ദേഹം ഒരു മഴു എടുത്ത് വലിയ ഒരു വിഗ്രഹത്തെ ഒഴിച്ച് ബാക്കിയെല്ലാറ്റിനെയും വെട്ടി തുണ്ടം തുണ്ടമാക്കി, വലിയ വിഗ്രഹത്തിന്റെ കഴുത്തിൽ മഴു കൊളുത്തി വെക്കുകയും ചെയ്തു.

**വചനം 59,60,61,62,63 :**

59 അവർ പറഞ്ഞു: "നമ്മുടെ ആരാധ്യൻമാരെക്കൊണ്ട് ഇതു ചെയ്തവൻ ആരാണ്?! നിശ്ചയമായും, അവൻ അക്രമികളിൽ പെട്ടവൻ തന്നെ!"

قَالُوا۟ مَن فَعَلَ هَٰذَا بِـَٔالِهَتِنَآ إِنَّهُۥ لَمِنَ ٱلظَّٰلِمِينَ ﴿٥٩﴾

60 അവർ (ചിലർ) പറഞ്ഞു: "ഒരു യുവാവ് അവരെപ്പറ്റി (ആക്ഷേപിച്ചു) പറയുന്നത് ഞങ്ങൾ കേൾക്കുകയുണ്ടായി; ഇബ്റാഹീം എന്നാണ് അവന് (പേർ) പറയപ്പെടുന്നത്."

قَالُوا۟ سَمِعْنَا فَتًى يَذْكُرُهُمْ يُقَالُ لَهُۥٓ إِبْرَٰهِيمُ ﴿٦٠﴾

61 അവർ പറഞ്ഞു: "എന്നാൽ, അവനെ ജനങ്ങളുടെ ദൃഷ്ടിയിൽ കൊണ്ടുവരുവിൻ, അവർ സാക്ഷ്യം വഹിച്ചേക്കാം!"

قَالُوا۟ فَأْتُوا۟ بِهِۦ عَلَىٰٓ أَعْيُنِ ٱلنَّاسِ لَعَلَّهُمْ يَشْهَدُونَ ﴿٦١﴾

62 അവർ ചോദിച്ചു: “നീയാണോ നമ്മുടെ ആരാധ്യ ന്മാരെക്കൊണ്ട് ഇതു ചെയ്തത്-ഇബ്റാഹീമേ!”

قَالُوٓا۟ ءَأَنتَ فَعَلْتَ هَٰذَا بِـَٔالِهَتِنَا يَٰٓإِبْرَٰهِيمُ ٦٢

63 അദ്ദേഹം പറഞ്ഞു: “എന്നാൽ, അത് അവരിലു ള്ള ഈ വലിയവൻ ചെയ്തതാണ്; അവർ സംസാരിക്കുമെങ്കിൽ, നിങ്ങൾ അവരോട് ചോദിച്ചുകൊൾവിൻ?”

قَالَ بَلْ فَعَلَهُۥ كَبِيرُهُمْ هَٰذَا فَسْـَٔلُوهُمْ إِن كَانُوا۟ يَنطِقُونَ ٦٣

തങ്ങളുടെ വിഗ്രഹങ്ങളെ കൊണ്ട് ഇത്തരം അതിക്രമം ചെയ്തവനെ പറ്റി വികാര ഭരിതരായ ആ ജന ങ്ങൾ അന്വേഷണം നടത്തുകയും, തങ്ങളുടെ വിഗ്രഹങ്ങളെ കുറിച്ച് ആക്ഷേപിക്കുകയും അവയ്ക്കെതിരെ തന്ത്രം പ്രയോഗിക്കുമെന്ന് താക്കീത് നൽകുകയും ചെയ്ത ഇബ്രാഹീം(അ) നബിയെ പിടികൂടി ചോദ്യം ചെയ്യുകയും ചെയ്തു.

അദ്ദേഹം അവരുടെ ചോദ്യങ്ങൾക്ക് ഇപ്രകാരം മറുപടി പറഞ്ഞു: “അതാ ആ വലിയ വിഗ്രഹം മഴുവു മായി നിൽക്കുന്നു. അയാളായിരിക്കണം ഇപ്പണി ചെയ്തത്. ഇവരൊക്കെ നിങ്ങളുടെ ആരാധ്യൻമാരാണല്ലോ, ഇവർക്ക് അറിയുവാനും പറയുവാനും കഴിവുണ്ടായിരിക്കണമല്ലോ, ഇവരോട് തന്നെ ചോദിച്ച് നോക്കുവിൻ. ”

കുറിക്ക് കൊള്ളുന്ന മറുപടി കേട്ട് അവരുടെ വിഡ്ഢിത്തത്തെ കുറിച്ച് ഓർത്ത് തൽക്കാലത്തേക്കെ ങ്കിലും അവർ ലജ്ജിച്ച് തല കുനിച്ചു.

**വചനം 64,65 :**

64 അപ്പോൾ അവർ തങ്ങളുടെ മനസ്സുകളിലേക്ക് മടങ്ങി; എന്നിട്ട്, അവർ (തമ്മിൽ) പറഞ്ഞു: “നിശ്ചയമായും, നിങ്ങൾ തന്നെയാണ് അക്രമി കൾ!”

فَرَجَعُوٓا۟ إِلَىٰٓ أَنفُسِهِمْ فَقَالُوٓا۟ إِنَّكُمْ أَنتُمُ ٱلظَّٰلِمُونَ ٦٤

65 പിന്നെ, അവർ തലകുത്തനെ മറിഞ്ഞു (ലജ്ജിച്ചു തലതാഴ്ത്തി:) “ഇവർ സംസാരിക്കുകയില്ലെന്ന് നിനക്കറിയാമല്ലോ!” (എന്നായി).

ثُمَّ نُكِسُوا۟ عَلَىٰ رُءُوسِهِمْ لَقَدْ عَلِمْتَ مَا هَٰٓؤُلَآءِ يَنطِقُونَ ٦٥

ഇബ്രാഹീം(അ) നബി കൊണ്ട് വന്ന ന്യായത്തിന്റെ അജയ്യ ശക്തിക്ക് മുന്നിൽ തലകുനിച്ച അവർ താമ സിയാതെ തന്നെ ഭാവം മാറ്റി, തർക്കിക്കുവാൻ തുടങ്ങി: “ഇവയ്ക്ക് സംസാരിക്കുവാൻ കഴിവില്ലെന്ന് നിനക്ക റിഞ്ഞ് കൂടെ, പിന്നെ അവയോട് ചോദിക്കുന്നത് എങ്ങനെയാണ് ”

അദ്ദേഹം ആ അവസരം ശരിക്കും ഉപയോഗപ്പെടുത്തി.

**വചനം 66,67 :**

66 അദ്ദേഹം പറഞ്ഞു: “എന്നാൽ (പിന്നെ) അല്ലാഹുവിനു പുറമെ, നിങ്ങൾക്ക് യാതൊരു ഉപകാരമാകട്ടെ, ഉപദ്രവമാകട്ടെ ചെയ്യാത്തതിനെ നിങ്ങൾ ആരാധിക്കുകയാണോ?!

قَالَ أَفَتَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَنفَعُكُمْ شَيْـًٔا وَلَا يَضُرُّكُمْ ٦٦

67 ഛെ! നിങ്ങളും, അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്ന വസ്തുക്കളും! (ലജ്ജാവഹം!) നിങ്ങൾ ബുദ്ധികൊടുക്കുന്നില്ലേ?!”

أُفٍّ لَّكُمْ وَلِمَا تَعْبُدُونَ مِن دُونِ ٱللَّهِ ۖ أَفَلَا تَعْقِلُونَ ٦٧

അദ്ദേഹം പറഞ്ഞു: നിങ്ങൾക്ക് യാതൊരു ഉപകാരമാകട്ടെ ഉപദ്രവമാകട്ടെ ചെയ്യാൻ കഴിവില്ലാത്ത ഇവയെ നിങ്ങൾ ആരാധ്യ വസ്തുക്കളായി സ്വീകരിക്കുന്നത് എത്രമാത്രം ലജ്ജാവഹവും ബുദ്ധിശൂന്യതയുമാണ്. നിങ്ങൾ ബുദ്ധികൊടുത്ത് ചിന്തിക്കാത്തതെന്താണ്.

**വചനം 68,69,70 :**

68 അവർ പറഞ്ഞു: “ഇവനെ നിങ്ങൾ ചുട്ടെരിക്കു വിൻ; നിങ്ങളുടെ ആരാധ്യൻമാരെ സഹായിക്കു കയും ചെയ്യുവിൻ-നിങ്ങൾ (വല്ലതും) ചെയ്യുന്ന വരാണെങ്കിൽ!”

قَالُوا۟ حَرِّقُوهُ وَٱنصُرُوٓا۟ ءَالِهَتَكُمْ إِن كُنتُمْ فَٰعِلِينَ ٦٨

قُلْنَا يَٰنَارُ كُونِى بَرْدًا وَسَلَٰمًا عَلَىٰٓ إِبْرَٰهِيمَ ﴿٦٩﴾

69 നാം (അല്ലാഹു) പറഞ്ഞു: "തീയേ! നീ ശീതളവും, ഇബ്റാഹീമിന് രക്ഷയും ആയി ത്തീരുക!" എന്ന്.

وَأَرَادُوا۟ بِهِۦ كَيْدًا فَجَعَلْنَٰهُمُ ٱلْأَخْسَرِينَ ﴿٧٠﴾

70 അദ്ദേഹത്തെക്കൊണ്ട് അവർ ഒരു തന്ത്രം ഉദ്ദേശിച്ചു; എന്നാൽ, നാം അവരെത്തന്നെ ഏറ്റവും നഷ്ടപ്പെട്ടവരാക്കി.

എന്നാൽ അവർ ചിന്തിക്കുവാൻ തയ്യാറായിരുന്നില്ല. അവർ ഇബ്രാഹീം(അ)നെ അഗ്നികുണ്ഡത്തിലെറി യാൻ തീരുമാനമെടുത്തു.

കുറെ ദിവസം തുടർച്ചയായി തീ കത്തിച്ച് ചുട്ട് പഴുപ്പിച്ച ആ അഗ്നികുണ്ഡത്തിലേക്ക് രോഗശാന്തി ക്കായി വിറക് സംഭാവന ചെയ്യാൻ പല സ്ത്രീകളും നേർച്ച നേർന്നിരുന്നതായി ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞ് കാണുന്നു.

അങ്ങനെ തൗഹീദിന്റെ മാർഗ്ഗത്തിൽ പട പൊരുതിയ, പതിനാറുകാരനായ, 'മുജാഹിദു ' കൾക്ക് നായക നായ, അനേകം പ്രവാചകന്മാരുടെ ജനയിതാവുമായ ഇബ്രാഹീം (അ) നബി ആ അഗ്നികുണ്ഡത്തിലേക്ക് വലി ച്ചെറിയപ്പെട്ടു. എന്നാൽ അഗ്നിക്ക് ചൂട് നിശ്ചയിച്ച അതേ സൃഷ്ടാവ്, ആ തീയിനോട് തണുത്ത് കൊള്ളുവാൻ ഉത്തരവിട്ടു. തണുത്താൽ മാത്രം പോര, തന്റെ സുഹൃത്തിന് രക്ഷയും സമാധാനവും കൂടി ആയിരിക്കുവാൻ അല്ലാഹു കൽപിച്ചു. അങ്ങനെ ആ പിശാചിന്റെ കൂട്ടരുടെ തന്ത്രം പരാജയപ്പെടുകയും ചെയ്തു.

തീയിൽ എറിയപ്പെട്ട അവസരത്തിൽ ഇബ്രാഹീം(അ) നബി **حسبي الله ونعم الوكيل** (എനിക്ക് അല്ലാഹു മതി, ഭരമേൽപ്പിക്കപ്പെടുവാൻ അവൻ എത്ര വിശിഷ്ടൻ) എന്ന് പറഞ്ഞ് കൊണ്ടിരുന്നു. ആ അവസരത്തിൽ ജിബ്രീൽ(അ) വന്ന് `വല്ല ആവശ്യവും ഉണ്ടോ' എന്ന് അന്വേഷിച്ചപ്പോൾ 'താങ്കളോടൊന്നും പറയുവാനില്ല' എന്ന് പറഞ്ഞ അദ്ദേഹത്തോട് ജിബ്രീൽ ഇപ്രകാരം പറഞ്ഞു, എന്നാൽ താങ്കളുടെ റബ്ബിനോട് ചോദിക്കുക.അവി ടുന്ന് ഇപ്രകാരം പ്രവചിച്ചു: "എന്റെ അവസ്ഥയെ കുറിച്ച് അവൻ അറിയുന്നത് കൊണ്ട് ഞാൻ ചോദിക്കേണ്ടുന്ന ആവശ്യമില്ല. "

ഇതായിരുന്നു, സത്യവിശ്വാസത്തിന്റെ അചഞ്ചലമായ മാതൃക. (സൂ: മുംതഹന യിലെ 4-ാം വചനം) ഇത്തരുണത്തിൽ ശ്രദ്ധേയമാകുന്നു. "നിശ്ചയമായും ഇബ്രാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും നിങ്ങൾക്ക് നല്ലതായ മതൃകയുണ്ട്."

ഇബ്രാഹീം(അ) നബിയുടെ ജീവ ചരിത്ര സംക്ഷേപം സൂ:ഇബ്രാഹീം ന്റെ പ്രാരംഭമായി കൊടുത്തിട്ടു ള്ളത് ശ്രദ്ധിക്കുക.

**വചനം 71,72,73 :**

وَنَجَّيْنَٰهُ وَلُوطًا إِلَى ٱلْأَرْضِ ٱلَّتِى بَٰرَكْنَا فِيهَا لِلْعَٰلَمِينَ ﴿٧١﴾

وَوَهَبْنَا لَهُۥٓ إِسْحَٰقَ وَيَعْقُوبَ نَافِلَةً ۖ وَكُلًّا جَعَلْنَا صَٰلِحِينَ ﴿٧٢﴾

وَجَعَلْنَٰهُمْ أَئِمَّةً يَهْدُونَ بِأَمْرِنَا وَأَوْحَيْنَآ إِلَيْهِمْ فِعْلَ ٱلْخَيْرَٰتِ وَإِقَامَ ٱلصَّلَوٰةِ وَإِيتَآءَ ٱلزَّكَوٰةِ ۖ وَكَانُوا۟ لَنَا عَٰبِدِينَ ﴿٧٣﴾

71 അദ്ദേഹത്തെയും ലൂത്വിനെയും -യാതൊരു ഭൂമിയിൽ നാം ലോകർക്കുവേണ്ടി ഗുണാഭി വൃദ്ധിയുണ്ടാക്കിയിരുന്നുവോ അതിലേക്ക്- നാം രക്ഷപ്പെടുത്തി;

72 ഇസ്ഹാഖിനെയും, കൂടുതലായി യഅ്ഖൂബിനെ യും അദ്ദേഹത്തിന് ദാനം കൊടുക്കുകയും ചെയ്തു; എല്ലാവരെയും നാം സദ്വൃത്തരാക്കുക യും ചെയ്തു.

73 അവരെ നാം നമ്മുടെ കല്പനപ്രകാരം (ജന ങ്ങൾക്ക്) മാർഗ്ഗദർശനം നൽകുന്ന നേതാക്കളാ ക്കുകയും ചെയ്തു. നല്ല കാര്യങ്ങൾ പ്രവർത്തി ക്കുവാനും, നമസ്ക്കാരം നിലനിറുത്തുവാനും, 'സകാത്ത്' (വിശുദ്ധധർമ്മം) കൊടുക്കുവാനും നാം അവർക്ക് ബോധനം നൽകുകയും ചെയ്തു. അവർ നമ്മെ ആരാധിക്കുന്നവരുമായിരുന്നു.

ഇബ്രാഹീം(അ) നബിയുടെ സഹോദരനായ ഹാറാൻന്റെ മകനായിരുന്നു ലൂത്വ് (അ) നബി. അവർ രണ്ട് പേരും സ്വദേശം വിട്ട് പല യാത്രകൾക്ക് ശേഷം ശാം പ്രദേശങ്ങളിൽ വന്ന് താമസമുറപ്പിച്ചു. ഭൂമുഖത്ത് ഏറ്റവുമ

ധികം പ്രവാചകന്മാർ ജീവിച്ചിരുന്നതും തൗറാത്ത്, ഇഞ്ചീൽ എന്നീ വേദഗ്രന്ഥങ്ങൾ അവതരിച്ചതും സമ്പൽ സമൃദ്ധമായ ആ ഭൂമിയിലായിരുന്നു. പിൽകാലത്തുണ്ടായ പ്രവാചകന്മാരിൽ അധികവും ഇബ്രാഹീം(അ) നബി യുടെ സന്താനപരമ്പരകളിൽപ്പെട്ടവരത്രേ. ഇസ്ഹാഖ്(അ) അദ്ദേഹത്തിന്റെ പുത്രനും യഅ്ഖൂബ്(അ) പൌത്രനു മാകുന്നു. ഒരു മകനുണ്ടാകാൻ വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിച്ച ഇബ്രാഹീം(അ) നബിക്ക് മകന് പുറമേ മകന്റെ മകനേയും അല്ലാഹു നൽകി. അതുകൊണ്ടാണ് യഅ്ഖൂബ് നബിയെ പറ്റി 'കൂടുതലായി' നാം ദാനം കൊടുക്കുകയും ചെയ്തു എന്ന് പറഞ്ഞത്.

"ഇബ്രാഹീമിനെ അല്ലാഹു സുഹൃത്തായി സ്വീകരിച്ചിരിക്കുന്നു " എന്ന സൂ: നിസാഅ് : 125-ാം വചനം ഇബ്രാഹീം(അ) നബിയുടെ ശ്രേഷ്ഠതക്ക് മകുടോദാഹരണമാകുന്നു.

**വചനം 74,75 :**

وَلُوطًا ءَاتَيْنَـٰهُ حُكْمًا وَعِلْمًا وَنَجَّيْنَـٰهُ مِنَ ٱلْقَرْيَةِ ٱلَّتِى كَانَت تَّعْمَلُ ٱلْخَبَـٰٓئِثَ ۗ إِنَّهُمْ كَانُوا۟ قَوْمَ سَوْءٍ فَـٰسِقِينَ ﴿٧٤﴾ وَأَدْخَلْنَـٰهُ فِى رَحْمَتِنَآ ۖ إِنَّهُۥ مِنَ ٱلصَّـٰلِحِينَ ﴿٧٥﴾

74 ലൂത്ത്വിനാകട്ടെ, അദ്ദേഹത്തിന് നാം ന്യായ വിധിയും, ജ്ഞാനവും നൽകി. ദുർവൃത്തികൾ പ്രവർത്തിച്ചുകൊണ്ടിരുന്ന (ആ) നാട്ടിൽനിന്ന് അദ്ദേഹത്തെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. നിശ്ചയമായും, അവർ (ആ നാട്ടുകാർ) ദുർന്നടപ്പു കാരായ ഒരു ചീത്ത ജനതയായിരുന്നു.

75 നമ്മുടെ കാരുണ്യത്തിൽ അദ്ദേഹത്തെ നാം പ്രവേശിപ്പിക്കുകയും ചെയ്തു. നിശ്ചയമായും, അദ്ദേഹം സദ്‌വൃത്തൻമാരിൽപെട്ടവനാകുന്നു.

തോന്നിയവാസികളായ ലൂത്വ്(അ) നബിയുടെ ജനത പ്രകൃതിവിരുദ്ധമായ നിലയിൽ, പുരുഷന്മാർ സ്വവർഗ്ഗത്തിലൂടെ കാമ നിവൃത്തി വരുത്തുകയെന്ന നീച സമ്പ്രദായം സ്വീകരിച്ച് വന്നിരുന്നു. അവരുടെ മേൽ അല്ലാഹുവിന്റെ കോപം ഇറങ്ങുകയും രാജ്യം ഒന്നാകെ കീഴ്മേൽ മറിക്കപ്പെടുകയും ഉണ്ടായി. പ്രസ്തുത സംഭ വത്തിന് മുമ്പായി ലൂത്വ് (അ)നബിയെയും വീട്ടുകാരെയും അല്ലാഹു രക്ഷപ്പെടുത്തി. (സൂ: അഅ്റാഫ് 80-84, സൂ: ഹൂദ് 77-83, സൂ: ഹിജ്ർ 61-77 എന്നിവിടങ്ങളിലും ഈ സംഭവം അല്ലാഹു പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്).

**വിഭാഗം : 6**

**വചനം 76,77 :**

وَنُوحًا إِذْ نَادَىٰ مِن قَبْلُ فَٱسْتَجَبْنَا لَهُۥ فَنَجَّيْنَـٰهُ وَأَهْلَهُۥ مِنَ ٱلْكَرْبِ ٱلْعَظِيمِ ﴿٧٦﴾

76 നൂഹിനെയും-അതായത്: മുമ്പ് അദ്ദേഹം വിളി (ച്ചു പ്രാർത്ഥി)ച്ച സന്ദർഭം- (ഓർക്കുക). അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം നൽകി; അങ്ങനെ, അദ്ദേഹത്തെയും, അദ്ദേഹത്തിൻെറ ആൾക്കാരെയും മഹാദുഃഖത്തിൽനിന്ന് നാം രക്ഷപ്പെടുത്തുകയും ചെയ്തു;

وَنَصَرْنَـٰهُ مِنَ ٱلْقَوْمِ ٱلَّذِينَ كَذَّبُوا۟ بِـَٔايَـٰتِنَآ ۚ إِنَّهُمْ كَانُوا۟ قَوْمَ سَوْءٍ فَأَغْرَقْنَـٰهُمْ أَجْمَعِينَ ﴿٧٧﴾

77 നമ്മുടെ ലക്ഷ്യങ്ങളെ വ്യാജമാക്കിയ ജനങ്ങളിൽ നിന്ന് അദ്ദേഹത്തിന് നാം സഹായം (രക്ഷ) നൽകുകയും ചെയ്തു. നിശ്ചയമായും, അവർ ഒരു ചീത്ത ജനതയായിരുന്നു; അതിനാൽ നാമവരെ കൂട്ടത്തോടെ മുക്കി നശിപ്പിച്ചു.

വിഗ്രഹാരാധനയിൽ മുഴുകിയിരുന്ന നൂഹ്(അ) നബിയുടെ ജനതയെ അദ്ദേഹം നൂറ്റാണ്ടുകളോളം തൗഹീദി ലേക്ക് ക്ഷണിച്ചിട്ടും അൽപം ആളുകൾ മാത്രമാണ് അത് സ്വീകരിച്ചത്. തന്നിമിത്തം അദ്ദേഹം വളരെ മനോ ദുഖ ത്തിൽ അകപ്പെട്ടു. ഒടുവിൽ ഒരു ജല പ്രളയത്തിലൂടെ അല്ലാഹു ആ ജനതയെ നശിപ്പിക്കുകയുണ്ടായി. അദ്ദേഹ ത്തെയും സത്യ വിശ്വാസികളെയും അല്ലാഹു ഒരു കപ്പലിൽ രക്ഷപ്പെടുത്തി. (സൂ: അഅ്റാഫ്, സൂ: ഹൂദ്, സൂ: ശുഅറാഅ് എന്നിവിടങ്ങളിൽ വിശദ വിവരങ്ങൾ കാണാം.)

**വചനം 78,79,80 :**

وَدَاوُۥدَ وَسُلَيْمَـٰنَ إِذْ يَحْكُمَانِ فِى ٱلْحَرْثِ

78 ദാവൂദിനെയും സുലൈമാനെയും അതായത്, വിളയുടെ കാര്യത്തിൽ- ജനങ്ങളുടെ ആടുകൾ

إِذۡ نَفَشَتۡ فِيهِ غَنَمُ ٱلۡقَوۡمِ وَكُنَّا لِحُكۡمِهِمۡ شَٰهِدِينَ ٧٨

അതിൽ രാത്രി കടന്നു മേഞ്ഞപ്പോൾ രണ്ടുപേരും വിധികൽപിക്കുന്ന സന്ദർഭം-(ഓർക്കുക). അവർ വിധികൽപിക്കുന്നതിന് നാം സാക്ഷിയായിരിക്കുകയും ചെയ്തിരുന്നു.

فَفَهَّمۡنَٰهَا سُلَيۡمَٰنَۚ وَكُلًّا ءَاتَيۡنَا حُكۡمٗا وَعِلۡمٗاۚ وَسَخَّرۡنَا مَعَ دَاوُۥدَ ٱلۡجِبَالَ يُسَبِّحۡنَ وَٱلطَّيۡرَۚ وَكُنَّا فَٰعِلِينَ ٧٩

79 എന്നിട്ട് സുലൈമാന്ന് നാമത് (യുക്തമായ നിലയിൽ) ഗ്രഹിപ്പിച്ചു. ഓരോരുത്തനും (രണ്ടുപേർക്കും) നാം ന്യായവിധിയും, ജ്ഞാനവും നൽകിയിരുന്നു. ദാവൂദിനോടൊപ്പം 'തസ്ബീഹ്' (സ്തോത്ര കീർത്തനം) ചെയ്യുന്ന നിലയിൽ, പർവതങ്ങളെയും, പറവകളെയും നാം കീഴ്പ്പെടുത്തുകയും ചെയ്തു. നാം (ഇങ്ങിനെയെല്ലാം) ചെയ്യുന്നവരാകുന്നു.

وَعَلَّمۡنَٰهُ صَنۡعَةَ لَبُوسٖ لَّكُمۡ لِتُحۡصِنَكُم مِّنۢ بَأۡسِكُمۡۖ فَهَلۡ أَنتُمۡ شَٰكِرُونَ ٨٠

80 നിങ്ങളുടെ (ഇടയിലുണ്ടാകുന്ന) പടയിൽ നിങ്ങളെ കാത്തു രക്ഷിക്കുവാനായി, നിങ്ങൾക്കുവേണ്ടി പടച്ചട്ട നിർമ്മാണം അദ്ദേഹത്തിന് നാം പഠിപ്പിച്ചു കൊടുക്കുകയും ചെയ്തിരിക്കുന്നു. എന്നിട്ട്, നിങ്ങൾ കൃതജ്ഞത കാണിക്കുന്നവരാണോ?!

ഇസ്രാഈൽ ജനതയിൽ പ്രവാചകരും, രാജാക്കന്മാരും കൂടിയായിരുന്നവരായിരുന്നു ദാവൂദ് (അ) നബിയും പുത്രൻ സുലൈമാൻ(അ) നബിയും. പ്രവാചകന്മാരെന്ന നിലക്കും ഭരണകർത്താക്കളെന്ന നിലക്കും ആവശ്യമായ എല്ലാ അറിവും പ്രാപ്തിയും ബുദ്ധിയും മറ്റ് പല പ്രത്യേക കഴിവുകളും അല്ലാഹു അവർക്ക് പ്രദാനം ചെയ്തിരുന്നു.

ഒരിക്കൽ ഒരു കൂട്ടരുടെ ആടുകൾ മറ്റൊരു കൂട്ടരുടെ വിള നശിപ്പിക്കുകയുണ്ടായി. ഇത് സംബന്ധിച്ചുണ്ടായ തർക്കത്തിൽ പിതാവും പുത്രനും വിധി പറയുകയുണ്ടായി. രണ്ടാളുടെ വിധികളിൽ കൂടുതൽ യുക്തവും ന്യായവുമായിരുന്നത് സുലൈമാൻ(അ) നബിയുടേതായിരുന്നു. വിധിയുടെ വിശദ വിവരം ഖുർആനിൽ വിവരിക്കപ്പെട്ടിട്ടില്ല. ഖുർആൻ വ്യാഖ്യാതാക്കൾ വിവരിക്കുന്നതിന്റെ ചുരുക്കം ഇപ്രാകരമാകുന്നു:

അന്യായക്കാരന്റെ വിള നഷ്ടത്തിന് പരിഹാരമായി വിള നശിപ്പിച്ച ആടുകളെ അയാൾക്ക് കൊടുക്കുവാൻ ദാവൂദ്(അ) നബി കൽപിച്ചു. എന്നാൽ സുലൈമാൻ(അ) നബിയുടെ തീരുമാനം കൂടുതൽ യുക്തമായ വിധിന്യായമെന്ന നിലയിൽ പിതാവും ബന്ധപ്പെട്ട കക്ഷികളും അംഗീകരിക്കുകയാണുണ്ടായത്. അത് ഇപ്രകാരമായിരുന്നു:

വിള നഷ്ടപ്പെട്ട വ്യക്തി തൽക്കാലം ആടുകളെ കൈവശം വെക്കുകയും ആട്ടിന്റെ ഉടമസ്ഥൻ വിള പഴയപോലെ നന്നായിത്തീരുവാൻ വേണ്ട ശുശ്രൂഷ ചെയ്യുകയും അത് വരേക്കും ആടുകളുടെ പാൽ, രോമം, കുട്ടികൾ മുതലായ ലഭ്യങ്ങൾ അയാൾ അനുഭവിക്കുകയും ചെയ്യുക. വിളവ് മുൻ നിലയിൽ ആയിത്തീർന്നാൽ ആടുകളെ തിരികെ നൽകുക.

ഈ വിധിയനുസരിച്ച് വിളയുടെ നഷ്ടം ആടുകളിൽ നിന്നുള്ള വരുമാനത്തിലൂടെ നികത്തപ്പെടുകയും ആടുടമസ്ഥന് ആടുകളെ തിരിച്ച് കിട്ടുകയും ചെയ്യുന്നു.

മറ്റൊരിക്കൽ ഒരു ശിശുവിന്റെ അവകാശത്തെ ചൊല്ലി രണ്ട് സ്ത്രീകൾ ദാവൂദ്(അ)നബിയുടെ അരികിൽ അന്യായം ബോധിപ്പിക്കുകയുണ്ടായി. ഓരോരുത്തരുടെയും വാദം കേട്ട ശേഷം ദാവൂദ്(അ) കുട്ടിയെ അവരിൽ വലിയവളായ ഒരുവൾക്ക് വിധിച്ച് കൊടുത്തു.

ഈ തർക്കം സുലൈമാൻ(അ) നബിയുടെ അടുക്കൽ എത്തുകയുണ്ടായി. ശിശുവിനെ രണ്ടായി മുറിച്ച് ഒരു ഭാഗം ഒരാൾക്കും ബാക്കി ഭാഗം മറ്റേവൾക്കും കൊടുക്കാൻ അദ്ദേഹം ആ കക്ഷികളുടെ അനുമതി തേടി. ഇത് കേട്ട ചെറിയവളായ സ്ത്രീ അങ്ങനെ ചെയ്യരുതെന്ന് താണ് കേണപേക്ഷിച്ചു. വലിയവളായ രണ്ടാമത്തെ സ്ത്രീക്ക് ആകട്ടെ ഈ വിധി സ്വീകാര്യമായിരുന്നു. ശിശു യഥാർത്ഥത്തിൽ ആരുടേതാണെന്നറിയാനായിരുന്നു സുലൈമാൻ(അ) തന്ത്രപരമായ ഈ വിധി പ്രസ്താവിച്ചത്. അങ്ങനെ ആ ശിശു മാതൃ വാത്സല്യം പ്രകടമാക്കിയ ചെറിയവളുടേതാണെന്ന് അദ്ദേഹം വിധി പ്രസ്താവിക്കുകയും ചെയ്തു.

രണ്ട് പ്രവാചകന്മാരുടെയും ഈ സംഭവങ്ങളിൽ നിന്ന് അല്ലാഹുവിൽ നിന്ന് പ്രത്യേക നിർദ്ദേശം ലഭിച്ചിട്ടില്ലാത്ത ഒരു വിഷയത്തിൽ ഒരു വിധി കർത്താവിന് അദ്ദേഹം വീഴ്ച വരുത്തിയിട്ടില്ലാത്ത പക്ഷം തെറ്റ് പറ്റിപോയെങ്കിൽ അദ്ദേഹം കുറ്റക്കാരനല്ല എന്ന കാര്യം 79-ാം വചനത്തിന്റെ ആരംഭ വാക്യത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

“ഒരു വിധി കർത്താവ് വിധി പറയുമ്പോൾ അവൻ സത്യം കണ്ടെത്താൻ കഴിയുന്ന വിധം പരിശ്രമം നടത്തിയിട്ട് സത്യം പ്രാപിച്ചാൽ അവന് രണ്ട് പ്രതിഫലമുണ്ട്. പരിശ്രമം നടത്തിയിട്ടും പിഴവ് പറ്റിപോയെങ്കിൽ അവന് ഒരു പ്രതിഫലവുമുണ്ട് ” എന്ന നബി വചനം ഈയവസരത്തിൽ ശ്രദ്ധേയമാകുന്നു.

ദാവൂദ്(അ) നബിയോടൊപ്പം പറവകളും മലകളും ‘തസ്ബീഹ് ’ (അല്ലാഹുവിന് സ്തോത്രകീർത്തനം) നടത്തുമാറ് അവയെ അദ്ദേഹത്തിന് കീഴ്പ്പെടുത്തി കൊടുത്തത് അല്ലാഹു അദ്ദേഹത്തിന് പ്രത്യേകമായി നൽകിയ ഒരു അനുഗ്രഹമായിരുന്നു, എന്നാൽ ആ തസ്ബീഹ് ഏത് പ്രകാരത്തിലുള്ളതായിരുന്നുവെന്ന് നമുക്ക് കൃത്യമായി അറിയാവുന്നതല്ല.

“യാതൊരു വസ്തുവും തന്നെ അല്ലാഹുവിന് തസ്ബീഹ് ചെയ്യാതെയില്ല, പക്ഷേ നിങ്ങൾ അവരുടെ തസ്ബീഹ് ഗ്രഹിക്കുകയില്ല ” എന്ന് അല്ലാഹു സൂ: ഇസ്റാഅ് 44-ാം വചനത്തിൽ പ്രസ്താവിക്കുന്നു.

രാവിലെയും വൈകുന്നേരവുമാണ് മലകൾ ദാവൂദ്(അ) നബിയോടൊപ്പം തസ്ബീഹ് നടത്തിയിരുന്നതെന്ന് സൂ: സ്വാദ് 18ൽ കാണാം. ദാവൂദ്(അ) നബിയുടെ സ്വരമാധുര്യം നിമിത്തം വൃക്ഷങ്ങളും പാറക്കല്ലുകളും പറവകളുമൊക്കെ ചാഞ്ചാടുമായിരുന്നു എന്ന് ചില ഖുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിരിക്കുന്നു. ദാവൂദ്(അ) നബിക്ക് ലഭിച്ച ദിവ്യബോധനമനുസരിച്ചുള്ള കീർത്തനങ്ങളുടെ സമാഹാരമാകുന്നു സബൂർ - **زبور**.

ആ കാലഘട്ടത്തിലെ യുദ്ധങ്ങളിൽ ഉപയോഗിക്കുമായിരുന്ന ഇരുമ്പ് കവച(പടയങ്കി)ത്തിൽ നൂതനമായ പരിഷ്കാരങ്ങൾ വരുത്തിയത് അല്ലാഹുവിന്റെ നിർദ്ദേശ പ്രകാരം ദാവൂദ്(അ) നബിയായിരുന്നു, (സൂ: ‘സബഉ’ൽ കൂടുതൽ വിവരങ്ങൾ കാണാം)

അങ്ങനെ പല വിധത്തിലുള്ള ആപത്തുകളിൽ നിന്നും രക്ഷ പ്രാപിക്കാനുള്ള ഓരോ വിധത്തിലുള്ള മാർഗ്ഗവും അല്ലാഹു നമുക്ക് നൽകിയിരിക്കുന്നു. അതിന് നാം എപ്പോഴും അവനോട് നന്ദിയുള്ളവനായിരിക്കണമെന്നതാണ് ‘എന്നിട്ട് നിങ്ങൾ കൃതജ്ഞത കാണിക്കുന്നവരാണോ’ എന്ന ചോദ്യം സൂചിപ്പിക്കുന്നത്.

**വചനം 81,82 :**

وَلِسُلَيْمَـٰنَ ٱلرِّيحَ عَاصِفَةً تَجْرِى بِأَمْرِهِۦٓ إِلَى ٱلْأَرْضِ ٱلَّتِى بَـٰرَكْنَا فِيهَا ۚ وَكُنَّا بِكُلِّ شَىْءٍ عَـٰلِمِينَ ﴿٨١﴾

81 ശക്തിയായടിച്ചുകൊണ്ടിരിക്കുന്ന നിലയിൽ കാറ്റിനെ സുലൈമാന്നും (നാം കീഴ്പ്പെടുത്തിക്കൊടുത്തു); നാം ഗുണാഭിവൃദ്ധി നൽകിയിട്ടുള്ള ഭൂമിയിലേക്ക് അദ്ദേഹത്തിൻെറ കൽപനയനുസരിച്ച് അത് സഞ്ചരിച്ചുകൊണ്ടിരിക്കാറുണ്ടായിരുന്നു. എല്ലാ കാര്യത്തെക്കുറിച്ചും നാം അറിയുന്നവരാകുന്നു.

وَمِنَ ٱلشَّيَـٰطِينِ مَن يَغُوصُونَ لَهُۥ وَيَعْمَلُونَ عَمَلًا دُونَ ذَٰلِكَ ۖ وَكُنَّا لَهُمْ حَـٰفِظِينَ ﴿٨٢﴾

82 അദ്ദേഹത്തിനുവേണ്ടി (സമുദ്രത്തിൽ) മുങ്ങുകയും, അതല്ലാതെ (മറ്റു) ചില പ്രവൃത്തി ചെയ്യുകയും ചെയ്യുന്നവരെ പിശാചുക്കളിൽ നിന്നും (അദ്ദേഹത്തിനു നാം കീഴ്പ്പെടുത്തി); നാം അവരെ കാത്തു സൂക്ഷിച്ചുവരുന്നവരായിരുന്നു.

സുലൈമാൻ(അ) നബിക്ക് അല്ലാഹു നൽകിയ രണ്ട് പ്രത്യേക അനുഗ്രഹങ്ങളാണിവിടെ വിവരിക്കപ്പെടുന്നത്.

ശക്തിയായി അടിച്ച് വീശുന്ന കാറ്റിനെ സുലൈമാൻ(അ) നബിക്ക് കീഴ്പ്പെടുത്തി കൊടുത്തതാണ് അല്ലാഹു പ്രസ്താവിച്ച ഒന്നാമത്തെ അനുഗ്രഹം. കാറ്റിന്റെ സഹായത്തോട് കൂടി മറ്റാർക്കും സാധിക്കാത്തത്ര വേഗത്തിലും സൗകര്യത്തിലും യാത്ര ചെയ്യുവാൻ സുലൈമാൻ(അ) നബിക്ക് സാധിച്ചിരുന്നു. രാവിലെ മുതൽ വൈകുന്നേരമാകുമ്പോഴേക്കും ഒരു മാസത്തെ വഴി ദൂരം സഞ്ചരിച്ച് തിരിച്ചെത്തുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നുവെന്ന് സൂ: സബഉ് ലെ 12-ാം വചനം വ്യക്തമാക്കുന്നു. സൂ: സ്വാദ് 36-ാം വചനത്തിൽ ശക്തിയായി വീശുന്ന ആ കാറ്റ് മാർദ്ദവമായത് (**رخاء**) ആയിരുന്നുവെന്ന് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത് കാണാം.

'നാം ഗുണാഭിവൃദ്ധി നൽകിയ ഭൂമി ' എന്ന് അല്ലാഹു പ്രസ്താവിച്ചത്. ശാം ഭൂമിയും സുലൈമാൻ(അ) നബിയുടെ തലസ്ഥാനമായ ജറുശലേമും ആകുന്നു. ( ഈ അനുഗ്രഹീത നാടിനെ കുറിച്ച് 71-ാം വചനത്തിന്റെ വിവരണത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.)

82-ാം വചനത്തിൽ അല്ലാഹു വിവരിച്ച രണ്ടാമത്തെ അനുഗ്രഹം, സമുദ്രത്തിൽ മുങ്ങി മുത്തും പവിഴവും എടുക്കുക വമ്പിച്ച കെട്ടിടങ്ങൾ നിർമ്മിക്കുക മനുഷ്യ സാദ്ധ്യമല്ലാത്ത ഭാരമേറിയ ജോലികൾ നിർവ്വഹിക്കുക മുതലായ പല കൃത്യങ്ങളും നടത്തുവാൻ അല്ലാഹു സുലൈമാൻ(അ) നബിക്ക് ജിന്ന് വർഗ്ഗത്തെ കീഴ്പ്പെടുത്തി കൊടുത്തിരുന്നു എന്നുള്ളതാകുന്നു, സൂ: സബഉ് 12-13 വചനങ്ങളിൽ ഇതേ പറ്റി കൂടുതൽ വിവരങ്ങൾ കാണാവുന്നതാണ്.

സുലൈമാൻ(അ) നബിക്ക് പക്ഷികളുടെ സംസാരം അറിയാമായിരുന്നു എന്ന് സൂ: നംലു 16-ാം വചനത്തിൽ കാണാവുന്നതാണ്.

81-ാം വചനത്തിന്റെ അവസാനം " നാം എല്ലാ കാര്യത്തെകുറിച്ചും അറിയുന്നതാണ് " എന്നും 82-ാം വചനത്തിൽ " നാം അവരെ കാത്ത് സൂക്ഷിച്ചുവരുന്നവരായിരുന്നു " എന്നും അല്ലാഹു പ്രസ്താവിച്ചത് ചിന്താർഹമാകുന്നു. സാധാരണ സമ്പ്രദായങ്ങളിൽ നിന്നും വ്യതിരിക്തവും വിശ്വസിക്കാൻ പ്രയാസമുള്ളതും ആശ്ചര്യജനകവുമായ കാര്യങ്ങൾ വിവരിക്കുന്നിടത്തെല്ലാം ഇത് പോലെ ചില അനുബന്ധവാക്യങ്ങൾ പ്രസ്താവിക്കുക എന്നത് ഖുർആന്റെ ഒരു പതിവ് ശൈലി ആകുന്നു. (79-ാം വചനത്തിലെ " നാം ഇങ്ങനെയെല്ലാം ചെയ്യുന്നവരാകുന്നു " എന്ന പ്രസ്താവവും സമാനമായ ഒരു പ്രയോഗമാകുന്നു.) അല്ലാഹുവിനെ സംബന്ധിച്ചടത്തോളം ഒരു കാര്യവും അസാദ്ധ്യമായിട്ടില്ലെന്നുള്ള അടിസ്ഥാന തത്വമാകുന്നു ഈ വചനത്തിലൂടെ അരിക്കിട്ടുറപ്പിക്കുന്നത്.

**വചനം 83,84 :**

83 അയ്യൂബിനെയും (ഓർക്കുക). അതായത്: "എനിക്ക് കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു; നീ കരുണ ചെയ്യുന്നവരിൽവെച്ച് ഏറ്റവും കരുണ ചെയ്യുന്നവനുമത്രെ!" എന്ന് അദ്ദേഹം തൻെറ റബ്ബിനെ വിളിച്ചു പറയുക (പ്രാർത്ഥിക്കുക) യുണ്ടായ സന്ദർഭം.

۞ وَأَيُّوبَ إِذْ نَادَىٰ رَبَّهُۥٓ أَنِّى مَسَّنِىَ ٱلضُّرُّ وَأَنتَ أَرْحَمُ ٱلرَّٰحِمِينَ ﴿٨٣﴾

84 അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം നൽകി; അങ്ങനെ, അദ്ദേഹത്തിൽ കഷ്ടപ്പാടായിട്ടുള്ളത് (എല്ലാം) നാം അകറ്റിക്കളഞ്ഞു (സുഖപ്പെടുത്തി); നമ്മുടെ പക്കൽനിന്നുള്ള ഒരു അനുഗ്രഹവും, ആരാധന ചെയ്യുന്നവർക്ക് ഒരു സ്മരണയുമായിക്കൊണ്ട് അദ്ദേഹത്തിൻെറ വീട്ടുകാരെയും, അവരോടൊപ്പം അവരുടെ അത്ര (വേറെ)യും അദ്ദേഹത്തിനു നാം കൊടുക്കുകയും ചെയ്തു.

فَٱسْتَجَبْنَا لَهُۥ فَكَشَفْنَا مَا بِهِۦ مِن ضُرٍّ ۖ وَءَاتَيْنَٰهُ أَهْلَهُۥ وَمِثْلَهُم مَّعَهُمْ رَحْمَةً مِّنْ عِندِنَا وَذِكْرَىٰ لِلْعَٰبِدِينَ ﴿٨٤﴾

ഈ വചനങ്ങളിൽ അല്ലാഹു അയ്യൂബ്(അ) നബിയുടെ ചരിത്രം വിവരിക്കുന്നു. (സൂ: സ്വാദ് 41,42,43,44 വചനങ്ങളിൽ ഈ സംഭവം കൂടുതൽ വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്)

അയ്യൂബ്(അ)നബിക്ക് സമ്പത്തിലും സന്താനങ്ങളിലും പല വിധത്തിലുള്ള കഷ്ട നഷ്ടങ്ങൾ അവുഭവപ്പെട്ടത് കൂടാതെ അദ്ദേഹത്തിന് മാരകമായ രോഗം പിടിപെടുകയും ചെയ്തു. അദ്ദേഹത്തിന്റെ സ്വന്തക്കാർ പോലും അദ്ദേഹത്തെ ഉപേക്ഷിച്ചു; പക്ഷേ അദ്ദേഹം അല്ലാഹുവിന്റെ പരീക്ഷണങ്ങളിൽ ക്ഷമകേട് കാണിക്കുകയോ നന്ദികേട് പ്രകടിപ്പിക്കുകയോ ചെയ്തില്ല.

'എനിക്ക് കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു, നീ കരുണ ചെയ്യുന്നവരിൽ വെച്ച് ഏറ്റവും കരുണ ചെയ്യുന്നവനത്രേ' എന്ന് അത്യധികം വിനയത്തോടെയാണ് അയ്യൂബ്(അ) നബി അല്ലാഹുവിൽ അഭയം തേടിയത്. 'നീയെന്നെ കഷ്ടപ്പെടുത്തിയല്ലോ' എന്ന് അദ്ദേഹം അല്ലാഹുവിനോട് പരിഭവിച്ചില്ല. രോഗങ്ങളും ആപത്തുകളുമെല്ലാം അല്ലാഹുവിന്റെ നിശ്ചയത്തോടു കൂടി ഉണ്ടാകുന്നതാണെങ്കിലും അവ മനുഷ്യന്റെ കാരണം മൂലമുണ്ടാകുന്നതോ, കൂടുതൽ നന്മയിലേക്ക് നയിക്കുന്നതോ ആയിരിക്കും. അത്കൊണ്ട് അയ്യൂബ്(അ) നബിയുടെ പ്രാർത്ഥനയിലെന്ന പോലെ തിന്മയോ ആപത്തോ ആയ ഒന്നിനെയും അല്ലാഹുവിനോട് ചേർത്ത് പറഞ്ഞ് കൊണ്ടുള്ള പ്രയോഗങ്ങൾ

നമ്മിൽ നിന്ന് വന്ന് പോകാൻ പാടില്ലാത്തതാണ്.

'നീ കരുണ ചെയ്യുന്നവരിൽ വെച്ച് ഏറ്റവും കരുണ ചെയ്യുന്നവനത്രേ' എന്ന സമർപ്പണം മാത്രമേ അദ്ദേഹത്തിന് തന്റെ അപേക്ഷ പരിഗണിക്കുന്നതിന് അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കുവാനുണ്ടായിരുന്നുള്ളൂ. മറ്റ് യാതൊരു അവകാശവാദമോ അക്ഷമയോ ന്യായവാദമോ അദ്ദേഹം പ്രകടിപ്പിച്ചില്ല.

അല്ലാഹു അയ്യൂബ്(അ) നബിയുടെ പ്രാർത്ഥന സ്വീകരിക്കുകയും അങ്ങനെ അദ്ദേഹത്തിന് അനുഭവപ്പെട്ട എല്ലാ കഷ്ടപ്പാടുകളെയും അല്ലാഹു അകറ്റുകയും ചെയ്തു. അദ്ദേഹത്തിന്റെ രോഗം സുഖപ്പെടുകയും, നഷ്ടപ്പെട്ട സമ്പത്ത് തിരിച്ച് ലഭിക്കുകയും ചെയ്തു. അകന്ന് പോയിരുന്ന വീട്ടുകാരും ബന്ധുമിത്രാദികളും സന്താനങ്ങളും പഴയതിലും അധികമായി അല്ലാഹു അദ്ദേഹത്തിന് പ്രദാനം ചെയ്യുകയും ചെയ്തു.

ഇവയെല്ലാം അല്ലാഹു അയ്യൂബ്(അ) നബിക്ക് കനിഞ്ഞ് നൽകിയത് 'നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യം' ഒന്നുകൊണ്ടു മാത്രമായിട്ടാണെന്ന് അല്ലാഹു ഓർമ്മിപ്പിക്കുന്നു. അതിന് പുറമേ മറ്റൊരു അനുഗ്രഹവും കൂടെ അതുൾകൊള്ളുന്നുണ്ട്. ആരാധന ചെയ്യുന്നവർക്ക് എന്നെന്നും സ്മരിക്കത്തക്ക ഒരു പാഠം കൂടി അതിലുണ്ട്. وذكرى للعابدين സാക്ഷാൽ ആരാധകന്മാർക്കേ ഇത്തരം നിഷ്കളങ്ക ഹൃദയമുണ്ടാവുകയുള്ളൂ. അവർക്ക് ഇത്തരം കാരുണ്യാനുഗ്രഹങ്ങൾ ലഭിക്കുകയും ചെയ്യും എന്ന് സാരം.

അയ്യൂബ്(അ) നബിയുടെ ചരിത്രം സൂ: സ്വാദിൽ കൂടുതൽ വിവരണത്തോടെ കാണാം. (വചനം: 41,42,43,44)

**വചനം 85,86 :**

وَإِسْمَـٰعِيلَ وَإِدْرِيسَ وَذَا ٱلْكِفْلِ ۖ كُلٌّ مِّنَ ٱلصَّـٰبِرِينَ ﴿٨٥﴾ وَأَدْخَلْنَـٰهُمْ فِى رَحْمَتِنَآ ۖ إِنَّهُم مِّنَ ٱلصَّـٰلِحِينَ ﴿٨٦﴾

85 ഇസ്മാഈലിനെയും, ഇദ്‌രീസിനെയും, ദുൽകിഫ്‌ലിയെയും (ഓർക്കുക); ഓരോരുത്തരും ക്ഷമാശീലൻമാരിൽപെട്ടവരാകുന്നു.

86 അവരെ നാം, നമ്മുടെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തിരിക്കുന്നു; നിശ്ചയമായും അവർ സദ്‌വൃത്തൻമാരിൽപെട്ടവരാകുന്നു.

ഇസ്മാഈൽ(അ) നബിയേയും ഇദ്‌രീസ്(അ) നബിയേയും കുറിച്ച് ഖുർആനിൽ പലയിടങ്ങളിലായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ദുൽകിഫ്ൽ(അ) നബിയെ കുറിച്ച് അധിക വിവരമൊന്നും ഖുർആനിൽ പ്രസ്താവിച്ചിട്ടില്ല. എല്ലാവരുടെയും സദ്ഗുണങ്ങളെ എടുത്ത് പറഞ്ഞ് ഓർമ്മിപ്പിക്കുക മാത്രമാണ് ഈ വചനങ്ങളിൽ.

**വചനം 87,88 :**

وَذَا ٱلنُّونِ إِذ ذَّهَبَ مُغَـٰضِبًا فَظَنَّ أَن لَّن نَّقْدِرَ عَلَيْهِ فَنَادَىٰ فِى ٱلظُّلُمَـٰتِ أَن لَّآ إِلَـٰهَ إِلَّآ أَنتَ سُبْحَـٰنَكَ إِنِّى كُنتُ مِنَ ٱلظَّـٰلِمِينَ ﴿٨٧﴾

87 'ദു-ന്നൂനി'നെയും (ഓർക്കുക); അതായത്: അദ്ദേഹം കോപിഷ്ഠനായുംകൊണ്ട് പോയ സന്ദർഭം; അപ്പോൾ, നാം അദ്ദേഹത്തിൻെറമേൽ നിശ്ചയമായും കുടുസ്സാക്കുകയില്ലെന്ന് അദ്ദേഹം ധരിച്ചു. അങ്ങനെ, അന്ധകാരങ്ങളിൽ വെച്ച് അദ്ദേഹം വിളിച്ചു (പ്രാർത്ഥിച്ചു): (റബ്ബേ!) നീയല്ലാതെ ആരാധ്യനേ ഇല്ല; നീയെത്രയോ പരിശുദ്ധൻ! "നിശ്ചയമായും, ഞാൻ അക്രമികളിൽപെട്ടവനായിരിക്കുന്നു!" എന്ന്.

فَٱسْتَجَبْنَا لَهُۥ وَنَجَّيْنَـٰهُ مِنَ ٱلْغَمِّ ۚ وَكَذَٰلِكَ نُـۨجِى ٱلْمُؤْمِنِينَ ﴿٨٨﴾

88 അപ്പോൾ, അദ്ദേഹത്തിന് നാം ഉത്തരം നൽകുകയും, (ആ) ദുഃഖത്തിൽനിന്ന് അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും ചെയ്തു. അപ്രകാരംതന്നെ, സത്യവിശ്വാസികളെ നാം രക്ഷപ്പെടുത്തുന്നതാണ്.

'ദു-ന്നൂൻ' എന്ന വാക്കിന് 'മത്സ്യത്തിന്റെ ആൾ, മത്സ്യക്കാരൻ ' എന്നിങ്ങനെയാകുന്നു അർത്ഥം. ഒരിക്കൽ യൂനുസ്(അ) നബി ഒരു മത്സ്യത്തിന്റെ വയറ്റിൽ അകപ്പെടുകയുണ്ടായി. അത് കൊണ്ടാണ് അദ്ദേഹത്തിന് 'ദു-ന്നൂൻ' എന്ന പേര് വന്നത്.

അശ്ശൂറിന്റെ തലസ്ഥാനമായിരുന്ന നീനുവാ യിലെ ജനങ്ങളിലേക്കായിരുന്നു യൂനുസ്(അ) നബിയായി നിയോഗിക്കപ്പെട്ടത്. അദ്ദേഹം തന്റെ കഴിവുകളെല്ലാം വിനിയോഗിച്ച് അവരെ തൗഹീദിലേക്ക് ക്ഷണിച്ച് നോക്കിയെങ്കിലും അതൊന്നും സഫലമാകാതെ വന്നപ്പോൾ കോപിഷ്ടനായ അദ്ദേഹം സ്വദേശം വിട്ട് പോയി. അദ്ദേഹത്തിന്റെ ജനതയാകട്ടെ, പിന്നീട് അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്തു. പശ്ചാത്താപം സ്വീകരിച്ച അല്ലാഹു അവരെ താക്കീത് ചെയ്യപ്പെട്ട ശിക്ഷയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. (സൂ: യൂനുസ്: 98 കാണുക)

യൂനുസ് (അ) നബിയാകട്ടെ നാട് വിട്ട് പോയ ശേഷം ഒരു കപ്പൽ യാത്രക്കിടെ കാറ്റും കോളും നിറഞ്ഞ ഒരു സന്ദർഭമുണ്ടായി. കപ്പലിന്റെ ഭാരം കുറക്കേണ്ട ഒരു അടിയന്തിര ഘട്ടം സംജാതമാകുകയും ആയതിനായി യാത്രക്കാരിലാരെ സമുദ്രത്തിലേക്ക് ഉപേക്ഷിക്കണമെന്നതിനായി നറുക്കെടുപ്പ് നടത്തുവാൻ തീരുമാനമാകുകയുമുണ്ടായി. ആവർത്തിച്ച് നറുക്കെടുപ്പ് നടത്തിയിട്ടും യൂനുസ്(അ) നബിയുടെ പേര് വരികയും അതനുസരിച്ച് കപ്പലിൽ നിന്ന് ചാടിയ അദ്ദേഹത്തെ ഒരു മത്സ്യം വിഴുങ്ങുകയും ചെയ്തു.

അല്ലാഹുവിന്റെ നിശ്ചയമനുസരിച്ച് നടന്ന പ്രസ്തുത പരീക്ഷണത്തിന് ശേഷം ഏതാനും ദിവസം കഴിഞ്ഞപ്പോൾ മത്സ്യം അദ്ദേഹത്തെ കരയിലേക്ക് പുറന്തള്ളി. ക്രമേണ ആരോഗ്യം വീണ്ടെടുത്ത അദ്ദേഹം രണ്ടാമതും ജനങ്ങളിലേക്ക് ദിവ്യദൂതനായി അയക്കപ്പെടുകയും ഉണ്ടായി. (കൂടുതൽ വിവരങ്ങൾ സൂ: സ്വാഫ്ഫാത്- 139-148 വചനങ്ങളിൽ കാണാം.)

തന്റെ ജനത അല്ലാഹുവിന്റെ ദൗത്യം സ്വീകരിക്കാത്തതിൽ കോപിഷ്ടനായി യൂനുസ്(അ) നബി നാട് വിട്ട് പോയത് അല്ലാഹുവിന്റെ അനുവാദം ലഭിക്കാതെയായിരുന്നു. ഇങ്ങനെയുള്ള ഞെരുക്കത്തിലും പരീക്ഷണത്തിലും താൻ അകപ്പെടുമെന്ന് അദ്ദേഹം ധരിച്ചിരുന്നില്ല, ഇതാണ് 'നാം അദ്ദേഹത്തിന് നിശ്ചയമായും കുടുസ്സാക്കുകയില്ലെന്ന് അദ്ദേഹം ധരിച്ചു' എന്ന വചനം സൂചിപ്പിക്കുന്നത്.

'അന്ധകാരങ്ങളിൽ വെച്ച് അദ്ദേഹം വിളിച്ച് പ്രാർത്ഥിച്ചു ' എന്ന് പറഞ്ഞത് ബാഹ്യമായ ഇരുട്ടും (സമുദ്രാന്തർ ഭാഗത്തും, മത്സ്യത്തിന്റെ വയറിനുള്ളിലും, രാത്രിയിലും ഉള്ള ഇരുട്ടും) ആത്മീയ അന്ധകാരവും (തന്റെ പക്കൽ വന്ന് പോയ തെറ്റിന്റെയും അല്ലാഹുവിന്റെ കോപത്തെ കുറിച്ചുള്ള ഭയത്തിന്റെയും) ഉദ്ദേശിക്കപ്പെട്ടിരിക്കാം. അദ്ദേഹം മത്സ്യത്തിന്റെ വയറ്റിൽ വെച്ച് നടത്തിയ **لا إله إلا أنت سبحانك إني كنت من الظالمين** (നീയല്ലാതെ ആരാധ്യനില്ല, നീയെത്രയോ പരിശുദ്ധൻ, നിശ്ചയമായും ഞാൻ അക്രമികളിൽപ്പെട്ടവനായിരിക്കുന്നു.) എന്ന പ്രാർത്ഥന ഏതൊരു മുസ്ലീമും ആത്മാർത്ഥമായി പ്രാർത്ഥിച്ചാൽ അല്ലാഹു അവന് ഉത്തരം നൽകുന്നതാണ് എന്ന് നബി(സ) അരുളിയിരിക്കുന്നു.

അല്ലാഹു യൂനുസ്(അ) നബിയുടെ പ്രാർത്ഥനക്ക് ഉത്തരം നൽകുകയും അദ്ദേഹത്തെ ദുഖത്തിൽ നിന്നും രക്ഷപ്പെടുത്തുകയും ചെയ്തു. സത്യവിശ്വാസികൾക്ക് എപ്പോഴും അല്ലാഹുവിന്റെ രക്ഷ ഉണ്ടായിരിക്കുമെന്ന് അല്ലാഹു ഉറപ്പ് നൽകുകയും ചെയ്യുന്നു.

**വചനം 89,90 :**

وَزَكَرِيَّآ إِذۡ نَادَىٰ رَبَّهُۥ رَبِّ لَا تَذَرۡنِي فَرۡدٗا وَأَنتَ خَيۡرُ ٱلۡوَٰرِثِينَ ٨٩

89 സകരിയ്യായെയും (ഓർക്കുക). അതായത്: "രക്ഷിതാവേ! നീ എന്നെ (പിൻതുടർച്ചക്കാരില്ലാതെ) ഒറ്റയായി വിട്ടുകളയരുതേ! നീ അനന്തരമെടുക്കുന്നവരിൽ ഉത്തമനായിട്ടുള്ളവനാണ്." എന്ന് അദ്ദേഹം തൻെറ റബ്ബിനെ വിളിച്ച (പ്രാർത്ഥിച്ച) സന്ദർഭം.

فَٱسۡتَجَبۡنَا لَهُۥ وَوَهَبۡنَا لَهُۥ يَحۡيَىٰ وَأَصۡلَحۡنَا لَهُۥ زَوۡجَهُۥٓۚ إِنَّهُمۡ كَانُواْ يُسَٰرِعُونَ فِي ٱلۡخَيۡرَٰتِ وَيَدۡعُونَنَا رَغَبٗا وَرَهَبٗاۖ وَكَانُواْ لَنَا خَٰشِعِينَ ٩٠

90 അപ്പോൾ, അദ്ദേഹത്തിന് നാം ഉത്തരം നൽകി; യഹ്‌യായെ അദ്ദേഹത്തിന് നാം പ്രദാനം ചെയ്കയും, തൻെറ ഭാര്യയെ തനിക്കു നന്നാക്കി (പ്രസവിക്കുമാറാക്കി)ക്കൊടുക്കുകയും ചെയ്തു. നിശ്ചയമായും അവർ (എല്ലാവരും) സൽകാര്യങ്ങളിൽ ബദ്ധപ്പാട് കാണിക്കുകയും, ആശിച്ചും പേടിച്ചുംകൊണ്ട് നമ്മോട് പ്രാർത്ഥിക്കുകയും ചെയ്തുവന്നിരുന്നു; അവർ നമ്മോട് ഭക്തി കാണിക്കുന്നവരുമായിരുന്നു.

സകരിയ്യാ(അ) നബിയുടെയും യഹ്‌യാ(അ) നബിയുടെയും ചരിത്രം അല്ലാഹു ഇവിടെ ഓർമ്മിപ്പിക്കുന്നു. ഈ സംഭവം സൂ: മർയമിൽ വിശദമായി പ്രതിപാദിക്കപ്പെട്ടിട്ടുള്ളതാണ്.

മുൻ വചനങ്ങളിൽ പല പ്രവാചകന്മാരെ കുറിച്ചെല്ലാം ഓർമ്മപ്പെടുത്തികൊണ്ട് 90-ാം വചനത്തിൽ എടുത്തു പറയുന്ന വസ്തുതകൾ ഇപ്രകാരമാകുന്നു:

(1) അവരെല്ലാം തന്നെ സൽക്കാര്യങ്ങളിൽ ഉത്സാഹ പൂർവ്വം മുന്നോട്ട് വന്ന് പുണ്യം സമ്പാദിച്ചിരുന്നു.

(2) അല്ലാഹുവിന്റെ കൃപാകടാക്ഷത്തെയും മാപ്പിനെയും ആഗ്രഹിച്ച് കൊണ്ടും അവന്റെ ശിക്ഷയെയും കോപത്തെയും ഭയപ്പെട്ട് കൊണ്ടും അവർ സദാ അല്ലാഹുവിനോട് പ്രാർത്ഥന നടത്തിയിരുന്നു.

(3) അവരെല്ലാം എല്ലായ്പ്പോഴും അല്ലാഹുവിനോട് വിനയവും ഭക്തിയും ഉള്ളവരായിരുന്നു.

**വചനം 91 :**

وَٱلَّتِىٓ أَحْصَنَتْ فَرْجَهَا فَنَفَخْنَا فِيهَا مِن رُّوحِنَا وَجَعَلْنَٰهَا وَٱبْنَهَآ ءَايَةً لِّلْعَٰلَمِينَ ﴿٩١﴾

91 തൻെറ ഗുഹ്യസ്ഥാനത്തെ സൂക്ഷിച്ച (ചാരിത്രം സംരക്ഷിച്ച) വളെയും (ഓർക്കുക). അങ്ങനെ, അവളിൽ നമ്മുടെ ആത്മാവിൽനിന്ന് നാം ഊതി; അവളെയും, അവളുടെ പുത്രനെയും നാം ലോകർക്ക് ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തു.

"ഗുഹ്യസ്ഥാനം സൂക്ഷിച്ചവൾ" എന്ന് പറഞ്ഞത് മർയം(അ)നെയും "അവളുടെ പുത്രൻ" എന്ന് പറഞ്ഞത് ഈസാ(അ)നെയും ഉദ്ദേശിച്ചാകുന്നു. പിതാവില്ലാതെ അല്ലാഹുവിൽ നിന്നുള്ള ആത്മാവിനാൽ മാത്രം ഈസാ(അ) നബിയെ സൃഷ്ടിച്ചതിനെ ഉദ്ദേശിച്ചാണ്. "നമ്മുടെ ആത്മാവിൽ നിന്നും ഊതി " എന്ന് പറഞ്ഞത്. ഈസാ(അ) നബി വ്യഭിചാര പുത്രനാണെന്ന ജൂതന്മാരുടെ ആരോപണവും മർയം(അ)ന്റെ കാമുകനായിരുന്ന ഒരു യൂസുഫ് ആണ് ഈസാ(അ) ന്റെ പിതാവെന്ന "അഹ്‌മദി " വിഭാഗക്കാരുടെ ജല്പനവും അല്ലാഹു ഈ വചനത്തിലൂടെയും സമാനമായ മറ്റ് ചില വചനങ്ങളിലൂടെയും ഖണ്ഡിക്കുന്നു.

"ഗുഹ്യസ്ഥാനത്തെ സൂക്ഷിച്ചവൾ" എന്ന് മർയം(അ)നെ വിശേഷിപ്പിച്ചതിൽ നിന്ന് തന്നെ, അവൾ വ്യഭിചാരം ചെയ്തുവെന്നും, അവിഹിത ബന്ധത്തിൽ ഏർപ്പെട്ടുവെന്നും ഉള്ള ആ അതിക്രമികളുടെ വാദം അള്ളാഹു തള്ളികളയുന്നു. "നാം അവളിൽ നമ്മുടെ ആത്മാവിൽ നിന്നും ഊതി " എന്ന പ്രസ്താവന, ഈസാ(അ) നബിയുടെ ജനനം എങ്ങനെ ആയിരുന്നുവെന്ന് വെളിപ്പെടുത്തുന്നു. "അവളെയും അവളുടെ മകനെയും നാം ലോകർക്ക് ഒരു ദൃഷ്ടാന്തമാക്കി " എന്ന വചനം പ്രകൃതി നിയമങ്ങൾക്ക് അതീതമായ മാർഗ്ഗങ്ങളിലൂടെയുള്ള ഈസാ(അ) നബിയുടെ ജനനം ലോകർക്കെല്ലാവർക്കും ചിന്താവിധേയമാക്കാൻ മതിയായ ഒരു ദൃഷ്ടാന്തമാണെന്നുള്ള പ്രഖ്യാപനമാകുന്നു.

**വചനം 92 :**

إِنَّ هَٰذِهِۦٓ أُمَّتُكُمْ أُمَّةً وَٰحِدَةً وَأَنَا۠ رَبُّكُمْ فَٱعْبُدُونِ ﴿٩٢﴾

92 (ഹേ, മനുഷ്യസമുദായമേ!) നിശ്ചയമായും, ഇതാണ് നിങ്ങളുടെ സമുദായം-ഏക സമുദായം! ഞാൻ നിങ്ങളുടെ റബ്ബും. അതിനാൽ, നിങ്ങൾ എന്നെ (മാത്രം) ആരാധിക്കുവിൻ!

അല്ലാഹു നിയോഗിച്ച പ്രവാചകന്മാരെല്ലാം പ്രബോധനം ചെയ്തതിന്റെ രത്നച്ചുരുക്കമാകുന്നു ഈ വചനത്തിന്റെ ഉള്ളടക്കം. മനുഷ്യ വർഗ്ഗം ആകമാനം പൗരസ്ത്യരും പാശ്ചാത്യരുമെന്നോ കറുത്തവരും വെളുത്തവരുമെന്നോ, വലിയവരും ചെറിയവരുമെന്നോ, വിവിധ ഭാഷക്കാരോ പ്രദേശക്കാരോ എന്നോ ഉള്ള യാതൊരു വ്യത്യാസവുമില്ലാതെ എല്ലാവരും ഒരൊറ്റ സമുദായമാകുന്നു. എല്ലാവരുടെ യും സൃഷ്ടാവും, പരിപാലകനും, രക്ഷകനും നിയന്താവും എല്ലാം തന്നെ അല്ലാഹു മാത്രമാകുന്നു. നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നതും ഭക്തി അർപ്പിക്കുന്നതും, ആരാധിക്കുന്നതുമെല്ലാം ആ ഏകനായ റബ്ബിനെ മാത്രം ആയിരിക്കണം. മനുഷ്യ സമുദായത്തിന്റെ നന്മക്ക് അനിവാര്യമായ തൗഹീദിന്റെ എല്ലാ മൂല്യങ്ങളും (രക്ഷാകർതൃത്വത്തിന്റെയും പരിപാലനത്തിന്റെയും ഏകത്വവും, ആരാധനയിലുള്ള ഏകത്വവും) ഈ വചനത്തിൽ അടങ്ങിയിരിക്കുന്നത് ഏവർക്കും കാണാവുന്നതാണ്.

**വചനം 93, 94 :**

وَتَقَطَّعُوٓا۟ أَمْرَهُم بَيْنَهُمْ ۖ كُلٌّ إِلَيْنَا رَٰجِعُونَ ﴿٩٣﴾

93 അവരുടെ കാര്യത്തെ അവർ തങ്ങൾക്കിടയിൽ കണ്ടം തുണ്ടമാക്കിയിരിക്കുകയാണ്;-എല്ലാവരും നമ്മുടെ അടുക്കലേക്കു തന്നെ മടങ്ങിവരുന്നവരാണ്,

**വിഭാഗം 7**

فَمَن يَعْمَلْ مِنَ ٱلصَّـٰلِحَـٰتِ وَهُوَ مُؤْمِنٌ فَلَا كُفْرَانَ لِسَعْيِهِۦ وَإِنَّا لَهُۥ كَـٰتِبُونَ ﴿٩٤﴾

94 എന്നാൽ, ആരെങ്കിലും-അവൻ സത്യവിശ്വാസിയായുംകൊണ്ട്-സൽക്കർമ്മങ്ങളിൽപെട്ടത് (വല്ലതും) പ്രവർത്തിക്കുന്നതായാൽ, അവൻെറ (ആ) പരിശ്രമത്തോട് നന്ദികേട് കാണിക്കൽ ഉണ്ടാകുന്നതേയല്ല. നിശ്ചയമായും, നാം അതിനെ എഴുതി (രേഖപ്പെടുത്തി) വെക്കുന്നവർ തന്നെയാണ്.

മേൽപറഞ്ഞ യാഥാർത്ഥ്യങ്ങൾ ഉൾകൊള്ളാതെ, മനുഷ്യർ പല മതക്കാരും കക്ഷികളുമായി മാറി സത്യം വെട്ടിമുറിച്ച് പങ്കിട്ടെടുത്തും ഓരോ കക്ഷിയും അവനവന്റെ പക്കലുള്ളതാണ് ശരിയെന്ന് സംതൃപ്തി അടയുകയും ചെയ്തു. [സൂ: മുഅ്മിനൂൻ 53 കാണുക] എന്നാൽ അവരോരുത്തരും അല്ലാഹുവിങ്കലേക്ക് മടങ്ങിചെല്ലാതിരിക്കുകയില്ല. അവരിൽ ആരെങ്കിലും സത്യവിശ്വാസിയായികൊണ്ട് സൽകർമ്മങ്ങൾ - അതെത്ര ചെറുതാകട്ടെ - പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതിന് അവരോട് നന്ദികാണിക്കപ്പെടുന്നതാണ്. തക്ക പ്രതിഫലവും അവർക്ക് പ്രദാനം ചെയ്യപ്പെടുന്നതുമാണ്. ഓരോ കർമ്മവും വിട്ട് പോകാതെ എഴുതി രേഖപ്പെടുത്തി വെക്കപ്പെടുന്നതുമാണ്.

**വചനം 95, 96, 97 :**

وَحَرَٰمٌ عَلَىٰ قَرْيَةٍ أَهْلَكْنَـٰهَآ أَنَّهُمْ لَا يَرْجِعُونَ ﴿٩٥﴾

حَتَّىٰٓ إِذَا فُتِحَتْ يَأْجُوجُ وَمَأْجُوجُ وَهُم مِّن كُلِّ حَدَبٍ يَنسِلُونَ ﴿٩٦﴾

وَٱقْتَرَبَ ٱلْوَعْدُ ٱلْحَقُّ فَإِذَا هِىَ شَـٰخِصَةٌ أَبْصَـٰرُ ٱلَّذِينَ كَفَرُوا۟ يَـٰوَيْلَنَا قَدْ كُنَّا فِى غَفْلَةٍ مِّنْ هَـٰذَا بَلْ كُنَّا ظَـٰلِمِينَ ﴿٩٧﴾

95 നാം നശിപ്പിച്ചുകളഞ്ഞിട്ടുള്ള ഒരു രാജ്യത്തിനും (ജനതക്കും) അവർ മടങ്ങിവരാതിരിക്കുക എന്നുള്ളത് പാടില്ലാത്ത (നിവൃത്തിയില്ലാത്ത) താകുന്നു.

96 അങ്ങനെ, 'യഅ്ജൂജും' 'മഅ്ജൂജും' തുറന്നു വിടപ്പെട്ടാൽ അവരാകട്ടെ, എല്ലാ കുന്നുകളിൽ കൂടിയും ഓടി വരുന്നതുമാണ്;-

97 യഥാർത്ഥമായ(ആ) വാഗ്ദാനസമയം അടുത്തെത്തുകയും (ചെയ്താൽ);- അപ്പോൾ, അവിശ്വാസിച്ചവരുടെ നേത്രങ്ങൾ തുറിച്ച് നോക്കിക്കൊണ്ടിരിക്കുന്നതാണ്!- "ഹാ! ഞങ്ങളുടെ നാശം! ഇതിനെ സംബന്ധിച്ച് ഞങ്ങൾ അശ്രദ്ധയിലായിപ്പോയല്ലോ! അതല്ല-ഞങ്ങൾ അക്രമകാരികളായിരുന്നു!" (എന്ന് അവർ പറഞ്ഞുപോകും.)

അല്ലാഹുവിങ്കലേക്ക് എല്ലാവരും മടങ്ങി വരുമെന്ന് 93-ാം വചനത്തിൽ പറഞ്ഞതിനെ ഒന്നു കൂടി ഊന്നിപ്പറയുകയാണ് 95-ാം വചനത്തിലൂടെ. ഇതിന് മുമ്പ് നശിപ്പിക്കപ്പെട്ടിട്ടുള്ള പല രാജ്യങ്ങളും പല ജനതയും വിസ്മരിക്കപ്പെട്ട് പോയെന്നോ, അവരുടെ അവിശ്വാസത്തെയും നിഷേധത്തെയും കുറിച്ച് ചോദ്യം ചെയ്യപ്പെടുകയില്ലെന്നോ, കരുതേണ്ടതില്ല. അവരെല്ലാവരും തന്നെ അല്ലാഹുവിങ്കലേക്ക് മടങ്ങിവരുകയും ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നതാണ്.

ലോകാവസാനത്തിനോടടുപ്പിച്ച് യഅ്ജൂജ് മഅ്ജൂജ്കളെ തുറന്ന് വിടപ്പെടുന്നതാണ്. അവർ പുറത്ത് വന്നാലാകട്ടെ ഭൂമിയിൽ എല്ലാ മുക്കിലും മൂലയിലും പാഞ്ഞെത്തി നാട്ടിൽ കുഴപ്പവും അരാജകത്വവും വ്യാപിക്കുന്നതാണ്. മനുഷ്യരിൽ അവശേഷിച്ചിരിക്കുന്ന ധാർമ്മിക ബോധവും വിശ്വാസവും അവർ നശിപ്പിക്കുന്നതും അധികം താമസിയാതെ അന്ത്യസമയം വന്നെത്തുന്നതുമാണ്. അതോടെ, നിഷേധവും അവിശ്വാസവുമായി നടന്നവർ, തങ്ങൾ പിഴച്ച് പോയെന്ന ബോധവാന്മാരായിക്കൊണ്ട് കുറ്റം ഏറ്റ് പറഞ്ഞ്, കണ്ണ് തള്ളി, മുറവിളി കൂട്ടുമെങ്കിലും, യാതൊരു ആശക്കും പഴുതില്ലാതെ അളവില്ലാത്ത കഷ്ടനഷ്ടങ്ങൾക്ക് അവർ വിധേയരായിത്തീരുന്നതാണ്.

[യഅ്ജൂജ് മഅ്ജൂജ്കളെപറ്റി കൂടുതൽ വിവരങ്ങൾ സൂ: അൽ കഹ്ഫ് 92-99 വചനങ്ങളുടെ വിശദീകരണം നോക്കുക].

**വചനം 98, 99, 100 :**

98 "(അവിശ്വാസികളേ) നിശ്ചയമായും നിങ്ങളും, അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നവയും (എല്ലാം തന്നെ) നരകത്തിൻെറ ഇന്ധനമായിരിക്കും; നിങ്ങൾ അതിലേക്ക് വന്നുചേരുന്നവരാകുന്നു."

99 ഇക്കൂട്ടർ (യഥാർത്ഥത്തിൽ) ആരാധ്യൻമാരായിരുന്നുവെങ്കിൽ അതിൽ (നരകത്തിൽ) അവർ വന്നുചേരുകയില്ലായിരുന്നു; എല്ലാവരും അതിൽ നിത്യവാസികളുമായിരിക്കുന്നതാണ്.

100 അതിൽ അവർക്ക് ദീർഘശ്വാസം (ഏക്കം) ഉണ്ടായിരിക്കും; അതിൽവെച്ച് അവർ കേൾക്കുകയുമില്ല.

إِنَّكُمْ وَمَا تَعْبُدُونَ مِن دُونِ ٱللَّهِ حَصَبُ جَهَنَّمَ أَنتُمْ لَهَا وَٰرِدُونَ ﴿٩٨﴾

لَوْ كَانَ هَٰٓؤُلَآءِ ءَالِهَةً مَّا وَرَدُوهَا ۖ وَكُلٌّ فِيهَا خَٰلِدُونَ ﴿٩٩﴾

لَهُمْ فِيهَا زَفِيرٌ وَهُمْ فِيهَا لَا يَسْمَعُونَ ﴿١٠٠﴾

നരകത്തിൽ കത്തിക്കപ്പെടുന്ന വിറക് മനുഷ്യരും കല്ലുമാണെന്ന് സൂ: അൽ-ബഖറ : 24-ൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. വിഗ്രഹങ്ങൾ, പ്രതിമകൾ മുതലായ ആരാധ്യ വസ്തുക്കളാണ് കല്ല് കൊണ്ടുദ്ദേശ്യം. ഇത് മൂലം അവയെ ആരാധിച്ച ആരാധകന്മാരുടെ ശിക്ഷയുടെ കാഠിന്യം വരുത്തലും അവർക്ക് പരിഹാസം വർദ്ധിപ്പിക്കലും ഉണ്ടായിത്തീരുന്നു. ഇനി, ആരാധിക്കപ്പെട്ട് വന്നിരുന്നത് സദ് വൃത്തരായ മനുഷ്യരോ മലക്കുകളോ ആണെന്നിരിക്കട്ടെ, അവർ നരകശിക്ഷയിൽ നിന്ന് ഒഴിവാക്കപ്പെടുന്നവരാണെന്ന് പറയേണ്ടതില്ലല്ലോ. നേരെ മറിച്ച് തങ്ങളെ ആരാധിക്കണമെന്ന് മറ്റുള്ളവരോട് ആവശ്യപ്പെട്ടിരുന്ന, ആരാധ്യന്മാരാണെന്നിരിക്കട്ടെ, അവർ ആരാധകന്മാരേക്കാളധികം ശിക്ഷാർഹരുമായിരിക്കും (29-ാം വചനം ശ്രദ്ധിക്കുക). നരകത്തിലെ ശിക്ഷയുടെ കാഠിന്യമാണ് 100 -ാം വചനത്തിലൂടെ സൂചിപ്പിക്കുന്നത്.

**വചനം 101,102,103,104 :**

101 നിശ്ചയമായും, യാതൊരു കൂട്ടർക്കു നമ്മുടെ പക്കൽനിന്ന് സൽവാർത്ത മുൻകഴിഞ്ഞിരിക്കുന്നുവോ ആ കൂട്ടരാകട്ടെ, അവർ അതിൽ (നരകത്തിൽ) നിന്ന് ദൂരത്താക്കപ്പെടുന്നവരാകുന്നു;-

102 അതിൻെറ ഒച്ചപ്പാട് (പോലും) അവർ കേൾക്കുകയില്ല; അവരാകട്ടെ, തങ്ങളുടെ മനസ്സുകൾ ഇച്ഛിക്കുന്നതെന്തോ അതിൽ നിത്യവാസം കൊള്ളുന്നവരുമാണ്.

103 (ആ) മഹാവിഭ്രമം അവരെ വ്യസനിപ്പിക്കുകയില്ല; മലക്കുകൾ അവരെ എതിരേൽക്കുകയും ചെയ്യും: "ഏതൊരു ദിവസത്തെക്കുറിച്ച് നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നുവോ, ഇതാണ് നിങ്ങളുടെ ആ ദിവസം!" എന്ന് (പറഞ്ഞുംകൊണ്ട്);-

104 ഗ്രന്ഥങ്ങളുടെ ഏടുകൾ ചുരുട്ടുന്നപ്രകാരം ആകാശത്തെ നാം ചുരുട്ടുന്ന ദിവസം! നാം ആദ്യത്തെ സൃഷ്ടിക്കൽ തുടങ്ങിയതുപോലെ ത്തന്നെ അതിനെ നാം മടക്കി സൃഷ്ടിക്കുന്നതാണ്; നമ്മുടെ മേലുള്ള(ചുമതലപ്പെട്ട) ഒരു വാഗ്ദത്തമത്രെ! (അതിന് മാറ്റമില്ല.) നിശ്ചയമായും നാം (ഇങ്ങിനെയെല്ലാം) പ്രവർത്തിക്കുന്നവരാകുന്നു.

إِنَّ ٱلَّذِينَ سَبَقَتْ لَهُم مِّنَّا ٱلْحُسْنَىٰٓ أُو۟لَٰٓئِكَ عَنْهَا مُبْعَدُونَ ﴿١٠١﴾

لَا يَسْمَعُونَ حَسِيسَهَا ۖ وَهُمْ فِى مَا ٱشْتَهَتْ أَنفُسُهُمْ خَٰلِدُونَ ﴿١٠٢﴾

لَا يَحْزُنُهُمُ ٱلْفَزَعُ ٱلْأَكْبَرُ وَتَتَلَقَّىٰهُمُ ٱلْمَلَٰٓئِكَةُ هَٰذَا يَوْمُكُمُ ٱلَّذِى كُنتُمْ تُوعَدُونَ ﴿١٠٣﴾

يَوْمَ نَطْوِى ٱلسَّمَآءَ كَطَىِّ ٱلسِّجِلِّ لِلْكُتُبِ ۚ كَمَا بَدَأْنَآ أَوَّلَ خَلْقٍ نُّعِيدُهُۥ ۚ وَعْدًا عَلَيْنَآ ۚ إِنَّا كُنَّا فَٰعِلِينَ ﴿١٠٤﴾

വിജയവും സദ്ഫലവും ലഭിക്കുമെന്ന സന്തോഷവാർത്തക്ക് അല്ലാഹുവിങ്കൽ നിന്ന് മുമ്പേ അർഹരായി

ട്ടുള്ള സജ്ജനങ്ങൾ നരകശിക്ഷയുടെ യാതൊരു ദുരനുഭവവും അനുഭവിക്കേണ്ടി വരികയില്ല. ഖിയാമത്ത് നാളിലുണ്ടാകുന്ന ഭയങ്കരമായ ആ വിഭ്രമവും അവരെ അലട്ടുകയില്ല. സ്വർഗ്ഗത്തിൽ നിത്യസുഖം അനുഭവിക്കുന്നതിനായി, മലക്കുകൾ അവരെ അനുമോദിച്ചു കൊണ്ട് എതിരേറ്റ് സ്വീകരിക്കുകയും ചെയ്യുന്നതാണ്.

സൂ: നംല് 87 ൽ അല്ലാഹു ഇപ്രകാരം പറയുന്നു: " കാഹളത്തിൽ ഊതപ്പെടുന്ന ദിവസം അപ്പോൾ ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും വിഭ്രമിച്ച് പോകും; അല്ലാഹു ഉദ്ദേശിച്ചവരൊഴികെ" (അല്ലാഹുവിനെ റബ്ബായി സ്വീകരിച്ച സജ്ജനങ്ങൾ ഒഴികെ.)

ആ മഹാസംഭ്രമ ദിവസത്തിൽ (ഖിയാമത്ത് നാളിൽ) അല്ലാഹു ആകാശത്തെ, അതിലുള്ള സർവ്വ വസ്തുക്കളുമടക്കം ചുരുട്ടിപിടിക്കുകയും ഈ അഖിലാണ്ഡ മണ്ഡലത്തിന്റെ വ്യവസ്ഥയാകപ്പാടെ മാറ്റി മറ്റൊരു പുതിയ വ്യവസ്ഥ നിലവിൽ വരുത്തുകയും ചെയ്യുന്നതാണ്. " നിശ്ചയമായും നാം (ഇങ്ങിനെയെല്ലാം) പ്രവർത്തിക്കുന്നവരാകുന്നു" എന്ന് അല്ലാഹു ഖണ്ഡിതമായി പ്രഖ്യാപിക്കുന്നു.

**വചനം 105,106,107 :**

وَلَقَدۡ كَتَبۡنَا فِي ٱلزَّبُورِ مِنۢ بَعۡدِ ٱلذِّكۡرِ أَنَّ ٱلۡأَرۡضَ يَرِثُهَا عِبَادِيَ ٱلصَّٰلِحُونَ ١٠٥

105 തീർച്ചയായും, ഭൂമിയെ, എൻെറ സദ്വൃത്തന്മാരായ അടിയാൻമാർ അനന്തരമെടുക്കുന്നതാണെന്ന് (ആ) 'പ്രമാണ'ത്തിനുശേഷം, 'സബൂറിൽ' നാം രേഖപ്പെടുത്തിയിട്ടുണ്ട്.

إِنَّ فِي هَٰذَا لَبَلَٰغٗا لِّقَوۡمٍ عَٰبِدِينَ ١٠٦

106 നിശ്ചയമായും, ഇതിൽ (ഇപ്പറഞ്ഞതിൽ) ആരാധന ചെയ്യുന്ന ജനങ്ങൾക്ക് സന്ദേശമുണ്ട്.

وَمَآ أَرۡسَلۡنَٰكَ إِلَّا رَحۡمَةٗ لِّلۡعَٰلَمِينَ ١٠٧

107 (നബിയേ,) ലോകത്തുള്ളവർക്ക് (മുഴുവൻ) കാരുണ്യമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല.

105-ാം വചനത്തിലെ പ്രമാണം എന്ന് അർത്ഥം കൽപിച്ചിട്ടുള്ള (ദിക്ർ) **ذكر** എന്ന പദം കൊണ്ട് ഉദ്ദേശ്യം അല്ലാഹുവിന്റെ ജ്ഞാന രേഖയാണ് എന്നാണ് മുൻഗാമികളും പിൻഗാമികളുമായ പല മുഫസ്സിറുകളും പറയുന്നത്. ആ രേഖയാണ് **ام الكتاب** (മൂലഗ്രന്ഥം) എന്നും **اللوح المحفوض** (സൂക്ഷിക്കപ്പെട്ട ഫലകം) എന്നുമുള്ള പേരുകളിൽ അറിയപ്പെടുന്നത്.

**زبور** (സബൂർ) ദാവൂദ്(അ) നബിക്ക് അവതരിച്ച വേദഗ്രന്ഥത്തിന്റെ പേരാണെങ്കിലും 'പൊതുവിലുള്ള ഏടുകൾ' അഥവാ 'ദൈവിക ഗ്രന്ഥങ്ങൾ ' എന്ന അർത്ഥത്തിലാണ് ഈ വചനത്തിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നത് എന്നാണ് അധിക വ്യാഖ്യാതാക്കളും പറയുന്നത്.

മേൽ പ്രസ്താവിക്കപ്പെട്ട ആശയമനുസരിച്ച് "ആ പ്രമാണത്തിന് ശേഷം 'സബൂറി 'ൽ നാം രേഖപ്പെടുത്തിയിട്ടുണ്ട് " എന്ന വചനത്തിന്, "അല്ലാഹുവിന്റെ ജ്ഞാനമാകുന്ന മൂല പ്രമാണത്തിൽ രേഖപ്പെടുത്തിയതിന് പുറമേ പ്രവാചകന്മാരുടെ വേദഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട്" എന്നാകുന്നു സാരം.

'പ്രമാണം ' എന്ന പദത്തിന് മൂസാ (അ) നബിയുടെ 'തൗറാത്ത്' എന്നും 'സബൂർ ' എന്നതിന് ദാവൂദ് (അ) നബിയുടെ വേദഗ്രന്ഥത്തിനുള്ള പ്രത്യേക പേരായും അർത്ഥം നൽകിയിട്ടുള്ള ചില മുഫസ്സിറുകളുടെ അഭിപ്രായ പ്രകാരം പ്രസ്തുത വചനത്തിന് "മൂസാ(അ) നബിയുടെ തൗറാത്തിൽ രേഖപ്പെടുത്തിയതിന് പുറമേ, ദാവൂദ്(അ) നബിയുടെ സബൂറിലും രേഖപ്പെടുത്തിയിട്ടുണ്ട്." എന്നും സാരം വന്നിട്ടുണ്ട്.

"ഭൂമിയെ എന്റെ സദ്വൃത്തരായ അടിയാൻമാർ അനന്തരമെടുക്കുന്നതാണ് " എന്ന വചനത്തിലൂടെ സജ്ജനങ്ങളായ സത്യവിശ്വാസികൾക്ക് പരലോകത്ത് സ്വർഗ്ഗമുണ്ടെന്ന കാര്യത്തിൽ സംശയമില്ല എന്നും ഈ ഭൂമിയിലെ നേതൃത്വവും പ്രാതിനിധ്യവും അവർക്ക് തന്നെയാകുന്നു എന്നും നമ്മെ അറിയിക്കുകയെന്നതാണതിന്റെ താല്പര്യം. സൂ: നൂർ: 55-ാം വചനത്തിലും സൂ: മുഅ്മിൻ 51-ാം വചനത്തിലും ഇതേകുറിച്ച് അല്ലാഹു പ്രസ്താവിച്ചിട്ടുള്ളത് ശ്രദ്ധിക്കുക.

"നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു, - അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെ നിശ്ചയമായും ഭൂമിയിൽ അവർക്ക് പ്രാതിനിധ്യം നൽകുന്നതാണെന്നും, അവർക്ക് തൃപ്തിപ്പെട്ട് കൊടുത്തിട്ടുള്ളതായ അവരുടെ മതത്തിന് സ്വാധീനം നൽകുന്നതാണെന്നും അവർക്ക് ഭയത്തിന് ശേഷം നിർഭയത്തെ നൽകുന്നതാണെന്നും" സൂ: നൂർ: 55

"ഇഹലോക ജീവിതത്തിൽ വെച്ചും, സാക്ഷികൾ നിൽക്കുന്ന ദിവസവും (അന്ത്യനാളിലും) നമ്മുടെ റസൂലുകളെയും, വിശ്വസിച്ചവരേയും നാം സഹായിക്കുന്നതാണ്." സൂ : മുഅ്മിൻ : 51

സ്വർഗ്ഗഭൂമി സജ്ജനങ്ങൾക്ക് മാത്രം അവകാശപ്പെട്ടതാണെന്നുള്ളത് അല്ലാഹുവിന്റെ മുമ്പേയുള്ള തീരുമാനമാകുന്നു. സ്വർഗ്ഗസ്ഥരായ ആളുകൾ ഇപ്രകാരം പറയുന്നതായി സൂ: സുമർ: 74 ൽ അല്ലാഹു പറയുന്നു:

“നമ്മോട് വാഗ്ദാനം സത്യമാക്കി (നിറവേറ്റി)ത്തന്ന അല്ലാഹുവിനത്രേ സർവ്വസ്തുതിയും. സ്വർഗ്ഗത്തിൽ നിന്നും നാം ഉദ്ദേശിക്കുന്നിടത്ത് നമുക്ക് നിവസിക്കാവുന്ന വിധത്തിൽ (ഈ സ്വർഗ്ഗ) ഭൂമിയെ അവൻ നമുക്ക് അനന്തരമാക്കിത്തരുകയും ചെയ്തിരിക്കുന്നു.”

സ്വർഗ്ഗഭൂമി സജ്ജനങ്ങൾക്ക് വേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടതാകുന്നു. ഈ ഭൗതിക ഭൂമിയാകട്ടെ സജ്ജനങ്ങളും ദുർജ്ജനങ്ങളും അധീനപ്പെടുത്തുന്നത് നാം കാണുന്നു.

സൂ: അഅ്റാഫ് 128-ാം വചനത്തിൽ അല്ലാഹു പറയുന്നു: “ഭൂമി അല്ലാഹുവിന്റേതാണ്, അവന്റെ അടിയാൻമാരിൽ അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അത് അനന്തരമാക്കികൊടുക്കുന്നു. ശുഭപര്യവസാനം (അന്ത്യവിജയം) ഭയഭക്തൻമാർക്കാണ്. ”

സൂ: നൂറിലെ വാഗ്ദാനത്തിൽ, തുടർന്ന് അല്ലാഹു പറയുന്ന ഉപാധികൾ ഇവയാകുന്നു.

“അവർ എന്നോട് യാതൊന്നിനെയും പങ്ക് ചേർക്കാതെ ആരാധിച്ച് വരുന്നു. അതിന് (പ്രാതിനിധ്യം നൽകിയതിന്) ശേഷം ആരെങ്കിലും നന്ദികേട് കാണിച്ചുവെങ്കിൽ അവർ തന്നെയാണ് തോന്നിയവാസികൾ. നിങ്ങൾ നമസ്ക്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും റസൂലിനെ അനുസരിക്കുകയും ചെയ്യുവിൻ, നിങ്ങൾക്ക് കരുണ ചെയ്യപ്പെട്ടേക്കുന്നതാണ്.” സൂ: നൂർ 55,56

മേൽ പറഞ്ഞ ഉപാധികൾ മുസ്ലീം സമുദായത്തിൽ നിലനിന്ന് വരുന്ന പക്ഷം അവർ തന്നെയായിരിക്കും മുൻപ് ഒരു കാലത്തുണ്ടായിരുന്നത് പോലെ ഭൂമിയിലെ സ്വാധീനശക്തിയുള്ള കക്ഷിയായിരിക്കുക. ഏതോ ചില വ്യക്തികൾ മാത്രം നന്നായത്കൊണ്ട് ആ വ്യക്തികൾ ഉൾകൊള്ളുന്ന സമുദായത്തിന് ഭൂമിയിലെ സ്വാധീനശക്തി കൈ വരുകയില്ല. സമുദായത്തിന്റെ പൊതു നില ആയത്തിൽ കാണിച്ച പ്രകാരം നന്നായിരിക്കുമ്പോഴാണ് അല്ലാഹുവിന്റെ വാഗ്ദാനം ലഭിക്കുവാൻ സമുദായത്തിന് അർഹതയുണ്ടാകുന്നത്.

അല്ലാഹുവിന്റെ അടുക്കൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള ആ മൂലരേഖ [ اللوح المحفوظ ] യിൽ രേഖപ്പെടുത്തിയിട്ടുള്ള ഈ വാഗ്ദാനത്തെകുറിച്ച് വി: ഖുർആനിൽ പല വചനങ്ങളും കാണാം. മാത്രമല്ല അനേകം മാറ്റത്തിരുത്തലുകൾക്ക് വിധേയമായിത്തീർന്ന തൗറാത്ത്, ഇഞ്ചീൽ, സബൂർ എന്നീ മുൻ വേദഗ്രന്ഥങ്ങളിലും ഈ വാഗ്ദാനത്തിന്റെ സാക്ഷ്യങ്ങൾ ഇന്നും കാണാം.

ഈ സൂറത്തിൽ പറയപ്പെട്ട പ്രവാചകൻമാരുടെയും എന്ന് വേണ്ട, അറിയപ്പെടുന്ന എല്ലാ നബിമാരുടെയും ചരിത്രം പരിശോധിച്ചാൽ ഓരോ പ്രവാചകന്റെയും നാട്ടിൽ അവർക്കും അവരുടെ അനുയായികൾക്കും പ്രതാപം ലഭിച്ചു - അവരുടെ ശേഷം അവരുടെ സമുദായങ്ങൾ അച്ചടക്കത്തോടെയും ദൈവബോധത്തോടെയും ജീവിച്ചിരുന്ന കാലമത്രയും ആ അവസ്ഥ നിലനിൽക്കുകയും ചെയ്തു. എന്ന് മുതൽ അവർ തങ്ങളുടെ പ്രവാചകൻമാരുടെ ശിക്ഷണ വലയത്തിൽ നിന്ന് വിട്ട് പോകാൻ തുടങ്ങിയോ, അതോടെ അവർ ദുർബ്ബലരായി അന്യാധീനപ്പെടുവാനും തുടങ്ങി.

നമ്മുടെ തന്നെ ചരിത്രം ഒന്ന് ഓർത്ത് നോക്കുക,

ഹിജ്റ മുതൽ 10 കൊല്ലം കൊണ്ട് അറേബ്യാ ഉപഭൂഖണ്ഡം മുഴുവനും മുസ്ലീംങ്ങൾക്ക് അധീനമായി. അബൂബക്കർ(റ)മരണമടയും മുമ്പായി ഇറാഖും ശാമും മുസ്ലീങ്ങളുടെ അധീനത്തിൽ വന്നു. ഉമർ(റ)ന്റെ കാലത്ത് പേർഷ്യൻ സാമ്രാജ്യവും റോമാ സാമ്രാജ്യത്തിന്റെ അധികഭാഗങ്ങളും മുസ്ലീങ്ങൾക്കധീനമായി. ഖുലഫാഉ-റാശിദിന്റെ 30 കൊല്ലം കൊണ്ട് കിഴക്ക് തുർക്കിസ്ഥാൻ വരെയും പടിഞ്ഞാറ് തുണീസ്യാ വരെയും, വടക്ക് അർമീനിയാ വരെയും ഇസ്ലാമിന്റെ പതാക പാറികളിച്ചിരുന്നു. തുടർന്ന് ഉമവീ ഖിലാഫത്തിലും അബ്ബാസീ ഖിലാഫത്തിലും ഇസ്ലാമിന്റെ സ്വാധീനം വീണ്ടും വീണ്ടും വികസിച്ച് കൊണ്ടിരുന്നു.

ചുരുക്കിപ്പറഞ്ഞാൽ, മുസ്ലീംകളുടെ ചരിത്രത്തിൽ ഈ ഖുർആൻ വചനത്തിന്റെ അർത്ഥവും താൽപര്യവും തികച്ചും പ്രായോഗികമായി അനുഭവപ്പെട്ട് കഴിഞ്ഞതാണ്. എന്നാൽ, സത്യനിഷ്ഠയിലും ഭയഭക്തിയിലും അവരെപ്പോൾ പിൻഗതിയിലായോ, ഐക്യത്തിലും സാമൂഹ്യമായ കെട്ടുറപ്പിലും അവരിൽ എപ്പോൾ അകൽച്ചയും വിടവും ഉണ്ടായിത്തീർന്നുവോ, അവയുടെ വിപരീത ഫലങ്ങൾ അവർ (നാമടക്കം) അനുഭവിക്കാനും തുടങ്ങി.

ഇത്രയും പറഞ്ഞതിൽ നിന്ന് 106-ാം വചനത്തിലെ അർത്ഥഗർഭമായ ആശയം നമുക്ക് മനസ്സിലാക്കാം. അതെ “നിശ്ചയമായും ഇപ്പറഞ്ഞതിൽ നിന്ന് ആരാധകന്മാരായ ജനങ്ങൾക്ക് സന്ദേശമുണ്ട്.”

മുഹമ്മദ്(സ) തിരുമേനിയുടെ ദൗത്യം കാലദേശവ്യത്യാസമില്ലാതെ മനുഷ്യസമുദായത്തിന് ആകമാന

മുള്ളതാണെന്ന് തുടർന്ന് 107-ാം വചനത്തിൽ അല്ലാഹു പ്രസ്താവിക്കുന്നു. മനുഷ്യജീവിതത്തിന്റെ ഐഹികവും പാരത്രികവുമായ എല്ലാ വശങ്ങളെയും സ്പർശിക്കുന്ന ചെറുതും വലുതുമായ സർവ്വകാര്യങ്ങളും അവിടുന്ന് ഖുർആൻ മുഖേനയും, സ്വജീവിതചര്യകൾ മുഖേനയും ലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ചു. ലോകാവസാനം വരെയുള്ള സകല പ്രശ്നങ്ങൾക്കും പരിഹാരം കാണിച്ചു തരുന്ന വേദഗ്രന്ഥത്തോടുകൂടി നിയോഗിച്ചയക്കപ്പെട്ട നബി(സ)തിരുമേനി, ലോകത്തുള്ളവർക്കാകമാനം കാരുണ്യമായിട്ടാണ് അയക്കപ്പെട്ടതെന്ന് അല്ലാഹു അറിയിക്കുന്നു.

<u>വചനം 108,109,110,111,112 :</u>

108 (നബിയേ) പറയുക: ‘‘നിങ്ങളുടെ ആരാധ്യൻ ഏക ആരാധ്യൻ മാത്രമാകുന്നുവെന്നത്രെ എനിക്ക് ബോധനം നൽകപ്പെടുന്നത്. എന്നാൽ, നിങ്ങൾ (അവന്) കീഴൊതുങ്ങുന്നവരാണോ?! (അതിന് തയ്യാറാണോ?!)’’

109 എന്നിട്ട്, അവർ തിരിഞ്ഞുകളയുകയാണെങ്കിൽ നീ പറയുക: ‘‘ഞാൻ നിങ്ങളോട് ശരിയായ നിലയിൽ പ്രഖ്യാപനം ചെയ്തിരിക്കുന്നു: നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെടുന്ന കാര്യം അടുത്തു സംഭവിക്കുന്നതോ, അഥവാ വിദൂരമായതോ എന്ന് എനിക്ക് അറിഞ്ഞുകൂടാ!

110 നിശ്ചയമായും, സംസാരത്തിൽനിന്ന് പരസ്യമായത് അവൻ അറിയും; നിങ്ങൾ ഒളിച്ചുവെക്കുന്നതും അവൻ അറിയും.

111 എനിക്ക് അറിഞ്ഞുകൂടാ; ഒരു പക്ഷേ അത് (ആ വാഗ്ദാന സംഭവം) നിങ്ങൾക്ക് ഒരു പരീക്ഷണവും, കുറച്ചു സമയംവരേക്ക് സുഖസൗകര്യവും ആയിരിക്കാം’’.

112 അദ്ദേഹം (നബി) പറഞ്ഞു: ‘‘റബ്ബേ! യഥാർത്ഥ പ്രകാരം നീ വിധിച്ചാലും! നമ്മുടെ രക്ഷിതാവ് പരമകാരുണികനായുള്ളവനത്രെ; (അവനെതിരായി) നിങ്ങൾ പ്രസ്താവിച്ച്കൊണ്ടിരിക്കുന്നതിനെപ്പറ്റി സഹായം അഭ്യർത്ഥിക്കപ്പെടുന്നവനത്രെ.’’

قُلْ إِنَّمَا يُوحَىٰٓ إِلَيَّ أَنَّمَآ إِلَٰهُكُمْ
إِلَٰهٌ وَٰحِدٌ ۖ فَهَلْ أَنتُم مُّسْلِمُونَ ﴿١٠٨﴾

فَإِن تَوَلَّوْا۟ فَقُلْ ءَاذَنتُكُمْ عَلَىٰ سَوَآءٍ ۖ
وَإِنْ أَدْرِىٓ أَقَرِيبٌ أَم بَعِيدٌ مَّا
تُوعَدُونَ ﴿١٠٩﴾
إِنَّهُۥ يَعْلَمُ ٱلْجَهْرَ مِنَ ٱلْقَوْلِ وَيَعْلَمُ
مَا تَكْتُمُونَ ﴿١١٠﴾
وَإِنْ أَدْرِى لَعَلَّهُۥ فِتْنَةٌ لَّكُمْ وَمَتَٰعٌ إِلَىٰ
حِينٍ ﴿١١١﴾
قَٰلَ رَبِّ ٱحْكُم بِٱلْحَقِّ ۗ وَرَبُّنَا ٱلرَّحْمَٰنُ
ٱلْمُسْتَعَانُ عَلَىٰ مَا تَصِفُونَ ﴿١١٢﴾

109-ാം വചനത്തിൽ പ്രസ്താവിച്ച ‘‘നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെടുന്ന കാര്യം’’ എന്ന വചനത്തിന്റെ ഉദ്ദേശ്യം 105-ാം വചനത്തിൽ പറഞ്ഞത് - ഭൂമിയെ എന്റെ സദ്വൃത്തരായ അടിയാൻമാർ അനന്തരമെടുക്കുന്നതാണ് - ആകാവുന്നതാണ്. അല്ലെങ്കിൽ, സത്യം സ്വീകരിക്കാതെ, നിഷേധത്തിലും ധിക്കാരത്തിലും നിരതരായികൊണ്ടിരുന്നതിന് മരണാനന്തരം ഉണ്ടാകുന്ന ശിക്ഷയും ആകാവുന്നതാണ്. രണ്ടായിരുന്നാലും അത് എപ്പോൾ സംഭവിക്കും എന്ന കാര്യം (അടുത്തായോ അതോ വിദൂരമായോ) അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. ഒരു പക്ഷേ അതിന് അൽപം കാലതാമസം ഉണ്ടായേക്കാം. ആ താമസം അവർക്ക് താൽക്കാലിക സുഖസൗകര്യമായിത്തീർന്നേക്കുകയും ചെയ്തേക്കാം. അങ്ങനെയാണെങ്കിൽ അത് വാസ്തവത്തിൽ അവർക്കൊരു പരീക്ഷണഘട്ടമായിരിക്കും. അതവർ നല്ല നിലയിൽ തരണം ചെയ്താൽ അവർക്ക് ഗുണകരമായിത്തീരും; ഇല്ലെങ്കിലോ ഭയങ്കര ദോഷവും.

അല്ലാഹുവിന് യോജ്യമല്ലാത്തതും, അവന്റെ ബോധനങ്ങൾക്ക് വിരുദ്ധവുമായ അവരുടെ പ്രസ്താവനകളെയും ആരോപണങ്ങളെയും സംബന്ധിച്ചിടത്തോളം, അതിനെതിരിൽ സഹായം അഭ്യർത്ഥിക്കപ്പെടുവാൻ പരമകാരുണികനായ അല്ലാഹുവല്ലാതെ മറ്റാരുമില്ല. മറ്റാരുടെയും സഹായം ആവശ്യവുമില്ല- എന്ന് നബി(സ) തിരുമേനി സമാധാനിക്കുന്നതാണ് അവസാനത്തെ വചനത്തിൽ നാം കാണുന്നത്.

# 22 സൂറത്തുൽ ഹജ്ജ് (തീർത്ഥാടനം)

**വചനങ്ങൾ 78, വിഭാഗം (റുകൂഅ്) 10**

ഹജ്ജിനെ (തീർത്ഥാടനത്തെ ) പറ്റിയുള്ള വിശദമായ വിവരങ്ങൾ അടങ്ങിയതു കൊണ്ടാണ് ഈ അദ്ധ്യായത്തിന് സൂ ഹജ്ജ് എന്നു പേരു വരാൻ കാരണം

78 വചനങ്ങളിൽ 19 മുതൽ 24 കൂടിയ വചനങ്ങൾ മക്കയിലും 52 മുതൽ 55 കൂടിയ വചനങ്ങൾ മക്കായുടെയും മദീനായുടെയും ഇടയ്ക്ക് വെച്ചും ബാക്കി വചനങ്ങൾ മദീനായിലും അവതരിച്ചതാണെന്നാണ് പണ്ഡിതാഭിപ്രായം.

ഈ സൂറത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളത് പ്രധാനമായും 3 വിഷയങ്ങളാകുന്നു.

(1) മരണാനന്തര ജീവിതം

(2) ഹജ്ജും മസ്ജിദുൽ ഹറാമും

(3) യുദ്ധം, അക്രമകാരികളുടെ നാശം, സ്രഷ്ടാവിന്റെ അസ്ഥിത്വം, വിഗ്രഹാദി ദൈവങ്ങളുടെ ദുർബ്ബലത- മുതലായ പൊതുകാര്യങ്ങൾ.

## വിഭാഗം 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1 2**

1 ഹേ, മനുഷ്യരേ! നിങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുവിൻ! നിശ്ചയമായും, അന്ത്യസമയത്തിലെ (ലോകാവസാനഘട്ടത്തിലെ) പ്രകമ്പനം വമ്പിച്ച ഒരു കാര്യമത്രെ!

2 നിങ്ങൾ അത് കാണുന്ന ദിവസം, മുല കൊടുക്കുന്ന ഓരോ സ്ത്രീയും അവൾ മുലകൊടുക്കുന്നതിനെ (ശിശുവിനെ)ക്കുറിച്ച് അശ്രദ്ധയിലായിത്തീരും; ഗർഭവതിയായ ഓരോ സ്ത്രീയും അവളുടെ ഗർഭം പ്രസവിച്ചു പോകുകയും ചെയ്യുന്നതാണ്! ജനങ്ങളെ മത്തൻമാരായി നിനക്ക് കാണാം. (വാസ്തവത്തിൽ) അവർ മത്തൻമാരേയല്ല; പക്ഷേ, അല്ലാഹുവിൻെറ ശിക്ഷ കഠിനമായതത്രെ!

يَٰٓأَيُّهَا ٱلنَّاسُ ٱتَّقُواْ رَبَّكُمْۚ إِنَّ زَلْزَلَةَ ٱلسَّاعَةِ شَيْءٌ عَظِيمٞ ١

يَوْمَ تَرَوْنَهَا تَذْهَلُ كُلُّ مُرْضِعَةٍ عَمَّآ أَرْضَعَتْ وَتَضَعُ كُلُّ ذَاتِ حَمْلٍ حَمْلَهَا وَتَرَى ٱلنَّاسَ سُكَٰرَىٰ وَمَا هُم بِسُكَٰرَىٰ وَلَٰكِنَّ عَذَابَ ٱللَّهِ شَدِيدٞ ٢

ലോകവസാന സമയത്തെ അതിഭയങ്കര സംഭവങ്ങളെ കുറിച്ചാകുന്നു ഇവിടെ 'പ്രകമ്പനം ' എന്നു പറഞ്ഞിരിക്കുന്നത്. അതിന്റെ കാഠിന്യം നിമിത്തം ശിശുക്കൾക്ക് മുലയൂട്ടുന്ന മാതാക്കൾ സ്വന്തം അരുമക്കുഞ്ഞുങ്ങളുടെ കാര്യം പോലും വിസ്മരിച്ച് പോകുന്നതാണ്. ഗർഭിണികളായ സ്ത്രീകൾ സമയമെത്താതെ തന്നെ പ്രസവിച്ചു പോകുന്നതാണ്. മനുഷ്യരെല്ലാവരും ലഹരിപിടിച്ച മത്തന്മാരെ പോലെ അത്യന്തം പരിഭ്രാന്തരായിരിക്കും. ബനൂ മുസ്തലഖ് യുദ്ധകാലത്താണ് ഈ ആയത്ത് അവതരിച്ചതെന്നും നബി(സ)യിൽ നിന്നും അത് ഓതികേട്ടപ്പോൾ സഹാബികൾ ഭയവിഹ്വലരായി അത്യധികം കരയുകയുണ്ടായെന്നും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

**വചനം: 3,4**

3 യാതൊരു അറിവുമില്ലാതെ, അല്ലാഹുവിൻെറ കാര്യത്തിൽ തർക്കിക്കുകയും, ധിക്കാരശീലനായ എല്ലാ(തരം) പിശാചിനെയും പിൻപറ്റുകയും ചെയ്യുന്ന ചിലർ മനുഷ്യരിലുണ്ട്.

وَمِنَ ٱلنَّاسِ مَن يُجَٰدِلُ فِي ٱللَّهِ بِغَيْرِ عِلْمٖ وَيَتَّبِعُ كُلَّ شَيْطَٰنٖ مَّرِيدٖ ٣

كُتِبَ عَلَيْهِ أَنَّهُۥ مَن تَوَلَّاهُ فَأَنَّهُۥ يُضِلُّهُۥ وَيَهْدِيهِ إِلَىٰ عَذَابِ ٱلسَّعِيرِ ﴿٤﴾

4 തന്നെ ആർ കാര്യകർത്താവാക്കിയോ അവനെ വഴിപിഴപ്പിക്കുകയും, ജ്വലിക്കുന്ന നരകശിക്ഷ യിലേക്ക് നയിക്കുകയും ചെയ്യുന്നതാണെന്ന് അവനെ (പിശാചിനെ) ക്കുറിച്ചു രേഖപ്പെടുത്ത പ്പെട്ടിരിക്കുന്നു. (അതിൽ മാറ്റം വരുകയില്ല.)

അല്ലാഹുവിന്റെ പ്രവർത്തനങ്ങൾ, അവന്റെ ശക്തിമാഹാത്മ്യങ്ങളെ കുറിക്കുന്ന മഹദ്ഗുണങ്ങൾ, അവന്റെ മതകാര്യങ്ങൾ ആദിയായവയെല്ലാം 'അല്ലാഹുവിന്റെ കാര്യങ്ങൾ' എന്ന പരാമർശത്തിൽ ഉൾപ്പെടുന്നു. സന്മാർഗ്ഗത്തിൽ നിന്നും മനുഷ്യരെ അകറ്റി നിർത്താൻ പരിശ്രമിക്കുക, നിർമ്മത നിരീശ്വര സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുക, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിർത്തുക, ശരിയായ അറിവോ, ലക്ഷ്യമോ, ന്യായമോ കൂടാതെ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിക്കുക, എന്നിങ്ങനെയുള്ള പ്രവർത്തികളിൽ ഏർപ്പെട്ടിട്ടുള്ള ദുസ്സമ്പ്രദായക്കാരായ ഏത് തരം പിശാചുക്കളെയും – അവർ മനുഷ്യ വർഗ്ഗത്തിൽപ്പെട്ടവരാകട്ടെ, ജിന്ന് വർഗ്ഗത്തിൽപ്പെട്ടവരാകട്ടെ – അവരെ പിൻതുടരുന്നവരെയും ഇത്തര ക്കാരുമായി കൂട്ട് കൂടുന്നവരെയും ഇഹപരലോകത്തെ കഠിനശിക്ഷയെക്കുറിച്ച് ഈ വചനങ്ങൾ താക്കീത് നൽകുന്നു. (8–ാം വചനത്തിൽ കൂടുതൽ വിവരങ്ങൾ കാണാം.)

സത്യവും ലക്ഷ്യവും മറച്ച് വെച്ച് കൊണ്ടോ, അവയെ ചോദ്യം ചെയ്തു കൊണ്ടോ, തർക്കത്തിനും വിമർശനത്തിനും മിനക്കെടുന്നവർ, ധിക്കാരശീലന്മാരായ പിശാചുക്കൾ **شيطان مريد** തന്നെ. സത്യം വെളിപ്പെട്ടാൽ അത് സ്വീകരിക്കുകയെന്നത് നല്ല തർക്കത്തിന്റെ ലക്ഷണമാകുന്നു.

" ഏതൊരു ജനതയും നേർമാർഗ്ഗത്തിലായിരുന്നതിന് ശേഷം അവരിൽ തർക്കം നൽകപ്പെട്ടിട്ടല്ലാതെ വഴി പിഴക്കാറില്ല." എന്ന നബിവചനം ശ്രദ്ധേയമാകുന്നു.

**വചനം: 5**

يَٰٓأَيُّهَا ٱلنَّاسُ إِن كُنتُمْ فِى رَيْبٍ مِّنَ ٱلْبَعْثِ فَإِنَّا خَلَقْنَٰكُم مِّن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ مِنْ عَلَقَةٍ ثُمَّ مِن مُّضْغَةٍ مُّخَلَّقَةٍ وَغَيْرِ مُخَلَّقَةٍ لِّنُبَيِّنَ لَكُمْ ۚ وَنُقِرُّ فِى ٱلْأَرْحَامِ مَا نَشَآءُ إِلَىٰٓ أَجَلٍ مُّسَمًّى ثُمَّ نُخْرِجُكُمْ طِفْلًا ثُمَّ لِتَبْلُغُوٓا۟ أَشُدَّكُمْ ۖ وَمِنكُم مَّن يُتَوَفَّىٰ وَمِنكُم مَّن يُرَدُّ إِلَىٰٓ أَرْذَلِ ٱلْعُمُرِ لِكَيْلَا يَعْلَمَ مِنۢ بَعْدِ عِلْمٍ شَيْـًٔا ۚ وَتَرَى ٱلْأَرْضَ هَامِدَةً فَإِذَآ أَنزَلْنَا عَلَيْهَا ٱلْمَآءَ ٱهْتَزَّتْ وَرَبَتْ وَأَنۢبَتَتْ مِن كُلِّ زَوْجٍۭ بَهِيجٍ ﴿٥﴾

5 ഹേ, മനുഷ്യരേ! (മരണശേഷം) ഉയിർത്തെഴുന്നേ ല്പിനെപ്പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ചു നോക്കുക): നിശ്ചയമായും, നിങ്ങളെ നാം മണ്ണിൽ നിന്നും, പിന്നീട് ഇന്ദ്രിയത്തുള്ളിയിൽനിന്നും, പിന്നെ രക്ത പിണ്ഡത്തിൽനിന്നും, പിന്നീട് ശരിയായ രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചു; നിങ്ങൾക്ക് (നമ്മുടെ സൃഷ്ടി മാഹാത്മ്യം) വ്യക്തമാക്കിത്തരുവാൻവേണ്ടി(യാണ് അങ്ങിനെ ചെയ്തത്). നാം ഉദ്ദേശിക്കുന്നതിനെ ഒരു നിർണ്ണയിക്കപ്പെട്ട ഒരവധി വരെ ഗർഭാശയ ങ്ങളിൽ നാം താമസിപ്പിക്കുന്നു; പിന്നീട്, നിങ്ങളെ ശിശുക്കളായി നാം പുറത്തുകൊണ്ടു വരുന്നു; പിന്നെ, നിങ്ങൾ നിങ്ങളുടെ പൂർണ്ണദശ പ്രാപിക്കുംവരെയും (വളർത്തിക്കൊണ്ടുവരുന്നു). നിങ്ങളിൽ (നേരത്തെ) മരണമടയുന്നവരുമുണ്ട്; അറിവുണ്ടായിരുന്നതിനു ശേഷം (അതു നഷ്ടപ്പെട്ട്) യാതൊന്നും അറിയാതായിത്തീരു മാറ് ആയുസ്സിൻെറ ഏറ്റവും ദുർബ്ബലാവസ്ഥ വരേക്കും ഒഴിവാക്കിവിടപ്പെടുന്നവരും നിങ്ങളി ലുണ്ട്. ഭൂമി, വരണ്ടുകിടക്കുന്നതായി നീ കാണുന്നു; എന്നിട്ട് അതിൻമേൽ നാം (മഴ) വെള്ളം ഇറക്കിയാൽ അത് (ചൈതന്യം പൂണ്ട്)

സ്ഫുരിച്ചുവരികയും, ചീർക്കുകയും ചെയ്യുന്നു;
കൗതുകമുള്ള എല്ലാ(സസ്യ)ഇണകളെയും അത്
ഉൽപാദിപ്പിക്കുകയും ചെയ്യുന്നു!

മരണാനന്തര ജീവിതത്തിൽ വിശ്വസിക്കാൻ തയ്യാറില്ലാത്തവരോടു, തങ്ങൾ സൃഷ്ടിക്കപ്പെട്ടതിന്റെ, ആരംഭം മുതൽ മരണം വരെയുള്ള അവസ്ഥാവിശേഷങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ അല്ലാഹു കൽപിക്കുന്നു. മനുഷ്യന്റെ ഉദ്ഭവം മുതൽ മരണം വരെയുള്ള വിവിധ കാലഘട്ടങ്ങളിൽ അവന്റെ ശരീരത്തിൽ കണക്കറ്റതായ മാറ്റങ്ങൾ നടന്ന് കൊണ്ടിരിക്കുന്നുവെങ്കിലും, അവയിൽ പ്രധാനപ്പെട്ട ഏഴ് അവസ്ഥകളെകുറിച്ച് അല്ലാഹു ഈ വചനത്തിൽ പ്രതിപാദിക്കുന്നു. (സൂ: മുഅ്മിനൂൻ 12 മുതൽ 16 വരെയുള്ള വചനങ്ങളും നോക്കുക).

1-ാമതായി, മനുഷ്യന്റെ തുടക്കം മണ്ണിൽ നിന്നാകുന്നു. ആദം(അ) നബിയെ അല്ലാഹു സൃഷ്ടിച്ചതും, മനുഷ്യബീജത്തിന്റെ ഉൽഭവവും മണ്ണിൽ നിന്നാണല്ലോ. (മണ്ണിൽ നിന്നും ഉൽപാദിപ്പിക്കപ്പെടുന്ന ഭക്ഷണ പദാർത്ഥ ങ്ങളിൽ നിന്ന് ആദ്യം രക്തവും പിന്നീട് ശുക്ലവും ഉണ്ടാകുന്നു.)

2-ാമതായി ശുക്ലബീജ(ഇന്ദ്രിയം)ത്തിന്റെ ഏറ്റവും ചെറിയ ഒരംശം മാതാവിന്റെ അണ്ഡവുമായി യോജി ക്കുന്നു.

3-ാമതായി, അങ്ങനെ യോജിച്ചുണ്ടായ രക്തപിണ്ഡം ഗർഭാശയത്തിൽ അള്ളിപ്പിടിക്കുന്ന ഒരു രക്തക്കട്ട **علقة** ആയി മാറുന്നു.

4-ാമതായി അത് ഒരു മാംസപിണ്ഡം **مضغة** ആയി മാറുന്നു. ഈ ഘട്ടത്തെ അല്ലാഹു രണ്ട് അവസ്ഥക ളിലായി വിവരിക്കുന്നു.

**مخلقة** ശരിയായ രൂപം (പൂർണ്ണനില) നൽകപ്പെട്ടത്.

**غير مخلقة** ശരിയായ രൂപം (പൂർണ്ണനില) നൽകപ്പെടാത്തത്.

മേൽപറഞ്ഞ നാല് ഘട്ടങ്ങളിൽ, കൂടുതൽ ദൈർഘ്യമേറിയത് ഈ നാലാം ഘട്ടമാകുന്നു. പൂർണ്ണ തയും അപൂർണ്ണതയും നിർണ്ണയിക്കപ്പെടുന്നതും ആകൃതിയും പ്രകൃതിയും നൽകപ്പെടുന്നതും ഈ ഘട്ടത്തിലാ കുന്നു.

ഓരോ ഘട്ടത്തിലും ആ ഗർഭസ്ഥശിശുവിന് അനുനിമിഷം വളരുവാനും വികസിക്കുവാനും വേണ്ട പോഷ ണങ്ങളടക്കം എല്ലാ സംവിധാനങ്ങളും ശുശ്രൂഷകളും അല്ലാഹു അവന്റെ സൃഷ്ടി വൈഭവത്തിലൂടെ നടത്തി കൊണ്ടിരിക്കുന്നു. ഗർഭധാരണത്തിന്റെ ആദ്യഘട്ടത്തിൽ ഒരു അംഗുലത്തിന്റെ നൂറ്റിഇരുപത്തി അഞ്ചിൽ ഒരു ഭാഗം മാത്രം വലുപ്പമുള്ള അണ്ഡം വളർന്ന് വളർന്ന് 206 അസ്ഥികളും, 500ൽ പരം മാംസപേശികളും, കണ്ണ്, ചെവി, ഹൃദയം, തലച്ചോർ, കരൾ, വൃക്ക തുടങ്ങി വിവിധ അവയവങ്ങളുമായി 280-ഓളം ദിവസങ്ങളിൽ പൂർണ്ണവളർച്ച പ്രാപിക്കുന്ന ഒരു ശിശുവിന് ഏകദേശം 3 കിലോഗ്രാം തൂക്കവും 50 സെന്റീമീറ്ററോളം നീളവും ഉണ്ടായിരിക്കുന്ന താണ്.

ഗർഭസ്ഥ ശിശുവിന്റെ വളർച്ചയെ കുറിച്ച് ചിന്തിക്കുന്ന ഏതൊരാൾക്കും അല്ലാഹുവിന്റെ സൃഷ്ടിവൈ ഭവവും ശക്തിമാഹാത്മ്യവും മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. അത് കൊണ്ടാണ് ഇത്രയും വസ്തുതകൾ ചൂണ്ടികാണിച്ചതിനെ തുടർന്ന് " നിങ്ങൾക്ക് വ്യക്തമാക്കിത്തരുവാൻ വേണ്ടി" എന്ന് അല്ലാഹു പറയുന്നത്.

5-ാമതായി ഗർഭാശയത്തിൽ അല്ലാഹു നിർണ്ണയിച്ച ഒരവധി വരെ കഴിച്ച് കൂട്ടിയ ശിശു, ഈ ബാഹ്യ ലോകത്തേക്ക്, ഗർഭപാത്രത്തിൽ നിന്നും പുറത്തുവരുന്നു. കരയുവാൻ മാത്രം അറിയാവുന്ന ആ നവജാതശിശുവിന് മുലപ്പാൽ നുകരുവാനും, ക്രമേണ വളർച്ചയുടെ ഓരോ ഘട്ടവും തരണം ചെയ്യുവാനും അല്ലാഹുവിന്റെ അനുഗ്ര ഹത്തിലൂടെ സാധിതമാകുന്നു.

6-ാമതായി, അവൻ പ്രായപൂർത്തിയും യുവത്വവും പ്രാപിച്ച് ബുദ്ധിയും തന്റേടവും ഉള്ളവനായിത്തീരുന്നു.

7-ാമതായി, മരണത്തിലൂടെ അവനെ വീണ്ടും അദൃശ്യമായ ഒരു ലോകത്തേക്ക് നയിക്കപ്പെടുന്നു - ഇവ രിൽ ചിലർ ആയുഷ്കാലം കുറഞ്ഞവരായിരിക്കും. മറ്റു ചിലരാകട്ടെ വാർദ്ധക്യം നിമിത്തം, കഴിവും ഓർമ്മശ ക്തിയും അറിവും എല്ലാം നഷ്ടപ്പെട്ട് കേവലം ശിശുസമാനമായ അവസ്ഥയിലുമായിരിക്കും.

ഏതാണ്ട് മേൽ വിവരിച്ചതുപോലെയാണ് ഭൂമുഖത്ത് കാണപ്പെടുന്ന സസ്യലതാതികളുടെ അവസ്ഥയും. ഉണങ്ങി വരണ്ട് തരിശായികിടക്കുന്ന ഭൂമിയിൽ അല്ലാഹു മഴ വർഷിക്കുന്നതോടെ അത് ചൈതന്യവത്തായി, അൽപ ദിവസത്തിനകം പച്ചപിടിച്ച് വൃക്ഷങ്ങളും ചെടികളും, പൂവും കായും ആയിതീർന്ന് എല്ലാ ഇണകളെയും അത് ഉൽപാദിപ്പിക്കുകയും ചെയ്യുന്നു.

**വചനം: 6,7**

6 അല്ലാഹുതന്നെയാണ് സ്ഥിരയാഥാർത്ഥ്യമുള്ളവൻ എന്നും, അവൻ മരിച്ചവരെ ജീവിപ്പിക്കുന്നുവെന്നും, അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണെന്നുമുള്ള കാരണം കൊണ്ടാണത്;-

7 നിശ്ചയമായും, അന്ത്യസമയം വരുന്നതാണ്- അതിൽ യാതൊരു സംശയവുമില്ല-എന്നും, അല്ലാഹു ഖബ്റുകളിൽ ഉള്ളവരെ ഉയിർത്തെഴുന്നേൽപിക്കുന്നതാണെന്നും (ഉള്ളതുകൊണ്ടും ആകുന്നു).

ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلْحَقُّ وَأَنَّهُۥ يُحْىِ ٱلْمَوْتَىٰ وَأَنَّهُۥ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٦﴾

وَأَنَّ ٱلسَّاعَةَ ءَاتِيَةٌ لَّا رَيْبَ فِيهَا وَأَنَّ ٱللَّهَ يَبْعَثُ مَن فِى ٱلْقُبُورِ ﴿٧﴾

മേൽ വചനത്തിൽ അല്ലാഹു വിവരിച്ച മനുഷ്യന്റെ ഉൽഭവം മുതൽ മരണം വരെയുള്ള സ്ഥിതിയും സസ്യലതാദികളുടെ ഉല്പാദനവും സംബന്ധിച്ച് ചിന്തിക്കുമ്പോൾ താഴെ കാണുന്ന വസ്തുതകൾ ശരിക്കും ബോധ്യമാകുന്നതാണ്.

യഥാർത്ഥ ദൈവവും സ്ഥിരമായി നിലകൊള്ളുന്നവനും അല്ലാഹു മാത്രമാകുന്നു. ഒന്നിൽ നിന്നുമല്ലാതെ സൃഷ്ടികർമ്മം നടത്തുന്ന അല്ലാഹു മരണപ്പെട്ടവരെ ജീവിപ്പിക്കാനും കഴിവുള്ളവനാകുന്നു. മാത്രമല്ല, അവൻ ഉദ്ദേശിക്കുന്ന ഏത് കാര്യവും നടപ്പിലാക്കുവാൻ കഴിവുള്ളവനുമാകുന്നു അല്ലാഹു.

ലോകാവസാനമാകുന്ന അന്ത്യഘട്ടം സംഭവിക്കുക തന്നെ ചെയ്യുമെന്നും, മരണപ്പെട്ട് മൺമറഞ്ഞവർ അന്ന് ഖബറുകളിൽ നിന്നും ഉയർത്തെഴുന്നേൽപ്പിക്കപ്പെടുമെന്നും തുടർന്ന് അല്ലാഹു മുന്നറിയിപ്പ് നൽകുന്നു.

**വചനം: 8,9,10**

8 യാതൊരു അറിവാകട്ടെ, മാർഗ്ഗദർശനമാകട്ടെ, വെളിച്ചം നൽകുന്ന വേദഗ്രന്ഥമാകട്ടെ, (ഒന്നും) കൂടാതെ അല്ലാഹുവിൻെറ കാര്യത്തിൽ തർക്കിച്ചുവരുന്ന ചിലർ മനുഷ്യരിലുണ്ട്;-

9 അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് (ജനങ്ങളെ) വഴിപിഴപ്പിക്കുവാനായി, (അഹംഭാവപൂർവം) ചുമൽഭാഗം തിരിച്ചുകൊണ്ടത്രെ (അങ്ങിനെ ചെയ്യുന്നത്). അവന് ഇഹലോകത്ത് നിന്ദ്യാവസ്ഥയുണ്ട്; ഖിയാമത്തുനാളിൽ അവനു നാം ചുട്ടുകരിക്കുന്ന ശിക്ഷ അനുഭവിപ്പിക്കുകയും ചെയ്യുന്നതാണ്.

10 (അഹംഭാവപൂർവം തർക്കിക്കുന്നവനേ!) നിൻെറ കൈകൾ മുമ്പ് ചെയ്തുവെച്ചിട്ടുള്ളതും, അല്ലാഹു അടിയാൻമാരോട് ഒട്ടും അനീതി ചെയ്യുന്നവനല്ലെന്നുള്ളതും കൊണ്ടാണ് അത്. (എന്ന് അവനോട് പറയപ്പെടും).

وَمِنَ ٱلنَّاسِ مَن يُجَٰدِلُ فِى ٱللَّهِ بِغَيْرِ عِلْمٍ وَلَا هُدًى وَلَا كِتَٰبٍ مُّنِيرٍ ﴿٨﴾

ثَانِىَ عِطْفِهِۦ لِيُضِلَّ عَن سَبِيلِ ٱللَّهِ ۖ لَهُۥ فِى ٱلدُّنْيَا خِزْىٌ ۖ وَنُذِيقُهُۥ يَوْمَ ٱلْقِيَٰمَةِ عَذَابَ ٱلْحَرِيقِ ﴿٩﴾

ذَٰلِكَ بِمَا قَدَّمَتْ يَدَاكَ وَأَنَّ ٱللَّهَ لَيْسَ بِظَلَّٰمٍ لِّلْعَبِيدِ ﴿١٠﴾

അല്ലാഹുവിന്റെ കാര്യത്തിൽ തർക്കം നടത്തുന്നവരെ സംബന്ധിച്ച് 3-ാം വചനത്തിന്റെ വിവരണത്തിൽ ചില കാര്യങ്ങൾ പറഞ്ഞുവല്ലോ. യുക്തവും സ്വീകാര്യവുമായ തെളിവിന്റെയോ, പ്രവാചകന്മാർ മുഖേനയുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെയോ, വേദ പ്രമാണങ്ങളുടെയോ, അടിസ്ഥാനമില്ലാതെ വല്ല മുടന്തൻ ന്യായങ്ങളും ഉന്നയിച്ച് തർക്കം നടത്തുകയെന്നത് ചില മനുഷ്യരുടെ പതിവാകുന്നു. ഖുർആനെയും നബിചര്യകളെയും അവഗണിച്ച് കൊണ്ട് അവയ്ക്കെതിരായി പ്രചാരവേലയും പ്രവർത്തനങ്ങളും നടത്തുന്ന നേതാക്കളെയും അവരെ അനുകരിച്ച് വഴിപിഴച്ച് പോകുന്ന അനുഗാമികളെയും ഈ വചനങ്ങളിലൂടെ അധിക്ഷേപിച്ചിരിക്കുന്നു. ഇത്തരം ദുർവ്യത്തികളുടെ നേതൃത്വം വഹിക്കുന്നവരെകുറിച്ചാണ് 3-ാം വചനത്തിൽ 'ധിക്കാരശീലനായ പിശാച് ' **شيطان مريد** എന്ന് പറഞ്ഞത്. ഇക്കൂട്ടർക്ക് ഇഹലോകത്ത് നിന്ദ്യാവസ്ഥയും പരലോകത്ത് നരകശിക്ഷയും അല്ലാഹു അനുഭവിപ്പിക്കുന്നതാണ്.

**വിഭാഗം 2**

**വചനം: 11,12,13:**

وَمِنَ ٱلنَّاسِ مَن يَعْبُدُ ٱللَّهَ عَلَىٰ حَرْفٍ ۖ فَإِنْ أَصَابَهُۥ خَيْرٌ ٱطْمَأَنَّ بِهِۦ ۖ وَإِنْ أَصَابَتْهُ فِتْنَةٌ ٱنقَلَبَ عَلَىٰ وَجْهِهِۦ خَسِرَ ٱلدُّنْيَا وَٱلْءَاخِرَةَ ۚ ذَٰلِكَ هُوَ ٱلْخُسْرَانُ ٱلْمُبِينُ ﴿١١﴾

يَدْعُوا۟ مِن دُونِ ٱللَّهِ مَا لَا يَضُرُّهُۥ وَمَا لَا يَنفَعُهُۥ ۚ ذَٰلِكَ هُوَ ٱلضَّلَٰلُ ٱلْبَعِيدُ ﴿١٢﴾

يَدْعُوا۟ لَمَن ضَرُّهُۥٓ أَقْرَبُ مِن نَّفْعِهِۦ ۚ لَبِئْسَ ٱلْمَوْلَىٰ وَلَبِئْسَ ٱلْعَشِيرُ ﴿١٣﴾

11 ഒരു തെല്ലിൻമേലായി (സ്ഥിതി ചെയ്തു) കൊണ്ട് അല്ലാഹുവിനെ ആരാധിച്ചുവരുന്ന ചിലർ മനുഷ്യരിലുണ്ട്: അവന് വല്ല നൻമയും വന്നെത്തിയാൽ അവൻ അതുകൊണ്ട് അടങ്ങിക്കൊള്ളും; വല്ല പരീക്ഷണവും അവനെ ബാധിച്ചുവെങ്കിൽ അവൻ മുഖം കുത്തി മറിഞ്ഞു (അവതാളത്തിലായി) പോകയും ചെയ്യുന്നതാണ്. അവൻ ഇഹത്തിലും പരത്തിലും നഷ്ടപ്പെട്ടു പോയി! അതുതന്നെയാണ് വ്യക്തമായ നഷ്ടം (അതിൽപരം നഷ്ടമില്ല).

12 അല്ലാഹുവിനുപുറമെ, തനിക്ക് ഉപദ്രവം ചെയ്യാത്തതിനെയും, ഉപകാരം ചെയ്യാത്തതിനെയും അവൻ വിളിക്കുന്നു (പ്രാർത്ഥിക്കുന്നു;) അതു തന്നെയാണ് വിദൂരമായ വഴിപിഴവ്!

13 യാതൊരുത്തൻെറ ഉപദ്രവം അവൻെറ ഉപകാരത്തെക്കാൾ കൂടുതൽ അടുത്തതാണോ അങ്ങനെയുള്ളവനെത്തന്നെ, അവൻ വിളിച്ചുകൊണ്ടിരിക്കുന്നു! അവനെത്ര ദുഷിച്ച രക്ഷാധികാരി! അവനെത്ര ദുഷിച്ച കൂട്ടുകാരനും!

മതത്തിൽ അടിയുറപ്പും വിശ്വാസത്തിൽ സ്ഥിരതയുമില്ലാതെ അല്ലാഹുവിന് ഇബാദത്ത് ചെയ്യുന്ന ചിലരെക്കുറിച്ചാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. മതത്തിന്റെ ആത്മാവിലേക്ക് പ്രവേശിക്കാതെ അതിന്റെ പുറവക്കിൽ ആടിക്കളിച്ച് കൊണ്ടിരിക്കുന്ന ഇക്കൂട്ടർ, തങ്ങൾക്ക് സുഖസൗകര്യങ്ങളും സന്തോഷങ്ങളുമാണ് കൈവരുന്നതെങ്കിൽ അവർ സംതൃപ്തരായി സമാധാനമടയും. നേരെ മറിച്ച് ശാരീരികമോ, മാനസികമോ, ധനപരമോ ആയ വല്ല ദോശവും ബാധിച്ചെന്നിരിക്കട്ടെ അവരുടെ നിലപാട് പെട്ടെന്ന് അവതാളത്തിലാകുന്നു. അങ്ങനെ അവർ അവിശ്വാസത്തിലേക്കും ദുർനടപ്പിലേക്കും വഴുതിപ്പോകുക മാത്രമല്ല, തങ്ങൾ അതുവരെ ആചരിച്ച് വന്ന നടപടികളെ പഴിക്കുകയും ചെയ്യുന്നവരായി മാറും. ഈ സ്വഭാവക്കാരായ ആളുകൾ എല്ലാ കാലത്തുമെന്നപോലെ, ഇന്നും ധാരാളമായി കാണപ്പെടുന്നതാണ്. ഇത്തരക്കാർ ഇഹത്തിലും പരത്തിലും വ്യക്തമായ നഷ്ടത്തിനുടമകളാകുന്നു.

'കുഫ്റി 'ന്റെ (അവിശ്വാസത്തിന്റെ) അനിവാര്യഫലങ്ങളാകുന്നു സംശയവും നിരാശയും. 'ഈമാനി' ൽ (സത്യവിശ്വാസത്തിൽ) അടിയുറച്ചിട്ടുള്ളവനെ സംശയവും നിരാശയും ബാധിക്കുകയില്ല. അവൻ സന്തോഷത്തിൽ നന്ദിയുള്ളവനും, സന്താപത്തിൽ ക്ഷമയുള്ളവനും പരീക്ഷണങ്ങളെ സഹനപൂർവ്വം തരണം ചെയ്യുന്നവനും, സ്രഷ്ടാവിന്റെ ശിക്ഷയെ ഭയപ്പെടുന്നവനും, അവന്റെ പ്രതിഫലത്തെ പറ്റി ശുഭപ്രതീക്ഷയുള്ളവനും ആയിരിക്കും. ഭൗതികവും താൽക്കാലികവുമായ നന്മകളെ ഉന്നം വെക്കുന്ന മതവിശ്വാസി കേവലം കപടവിശ്വാസി (മുനാഫിഖ്) ആകുന്നു. താൻ പ്രാർത്ഥിച്ചതിനനുസൃതമായി വേണ്ടത്ര നന്മകൾ ലഭിച്ചില്ലെന്ന് കരുതി, അല്ലാഹുവിനോടുള്ള പ്രാർത്ഥന ഉപേക്ഷിക്കുന്ന ഒരുവന് പിന്നെ അവന്റെ ആശകളും അപേക്ഷകളും സമർപ്പിക്കാൻ മറ്റാരാണുള്ളത്. കഴിവില്ലാത്ത മറ്റേതൊന്നിനേയും ശരണം പ്രാപിക്കുന്നതിൽ പരം ദൗർഭാഗ്യകരമായിട്ടെന്താണവനുള്ളത്? വിദൂരമായ വഴിപിഴവിലായ അക്കൂട്ടരെ ഖിയാമത്ത് നാളിൽ വമ്പിച്ച ശിക്ഷയും ആപത്തുകളും ബാധിക്കുന്നതുമാണ്.

**വചനം: 14,15:**

إِنَّ ٱللَّهَ يُدْخِلُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ ۚ إِنَّ ٱللَّهَ يَفْعَلُ مَا يُرِيدُ ﴿١٤﴾

14 നിശ്ചയമായും, വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ അല്ലാഹു, താഴ്ഭാഗത്തുകൂടി നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളിൽ പ്രവേശിപ്പിക്കുന്നതാകുന്നു. നിശ്ചയമായും, അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നതാകുന്നു.

مَن كَانَ يَظُنُّ أَن لَّن يَنصُرَهُ ٱللَّهُ فِى ٱلدُّنْيَا وَٱلْأَخِرَةِ فَلْيَمْدُدْ بِسَبَبٍ إِلَى ٱلسَّمَآءِ ثُمَّ لْيَقْطَعْ فَلْيَنظُرْ هَلْ يُذْهِبَنَّ كَيْدُهُۥ مَا يَغِيظُ ﴿١٥﴾

15 ആരെങ്കിലും, ഇഹലോകത്തും, പരലോകത്തും അല്ലാഹു അവനെ സഹായിക്കുന്നതേയല്ല എന്ന് വിചാരിക്കുന്നുണ്ടെങ്കിൽ, അവൻ ഉപരിഭാഗത്തേക്ക് ഒരു കയർ നീട്ടി (കെട്ടി) ക്കൊള്ളട്ടെ, പിന്നീട് (കഴുത്തുകുടുക്കി) മുറിച്ചുകൊള്ളുകയും ചെയ്യട്ടെ! (അതിൽ ആത്മഹത്യ ചെയ്യട്ടെ.) എന്നിട്ട്, അവൻെറ (ഈ) തന്ത്രം (അവനെ) ക്ലേശിപ്പിച്ചുകൊണ്ടിരിക്കുന്നതിനെ പോക്കി (ഇല്ലാതാക്കി)ക്കളയുമോ എന്നു നോക്കിക്കൊള്ളട്ടെ!

15-ാം വചനത്തിലെ **لن ينصره** - അവനെ സഹായിക്കുന്നതല്ല - എന്ന പദപ്രയോഗത്തിലെ 'അവനെ 'എന്നതു കൊണ്ടുദ്ദേശ്യം നബി(സ)തിരുമേനിയാണെന്നും, അതല്ല പ്രസ്തുത വിചാരം വിചാരിക്കുന്നവനെ തന്നെയാണെന്നും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

ആദ്യത്തെ അഭിപ്രായം അനുസരിച്ച് ആയത്തിന്റെ സാരം ഇപ്രകാരമാകുന്നു: നബി(സ) പ്രബോധനം ചെയ്യുന്ന മതത്തെ ഇഹത്തിലും പരത്തിലും അല്ലാഹു സഹായിച്ച് വിജയിപ്പിക്കുകയില്ലെന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അവന്റെ ആ ആഗ്രഹം ഒരിക്കലും നിറവേറുവാൻ പോകുന്നില്ല. ആകയാൽ ഒരു കയറിൽ തൂങ്ങി മരിച്ച് സ്വയം നശിച്ചിട്ടെങ്കിലും അവന്റെ വെറുപ്പും വിദ്വേഷവും ഇല്ലാതാക്കുവാൻ മാർഗ്ഗമുണ്ടെങ്കിൽ അവനത് ചെയ്ത് കൊള്ളട്ടെ; ഏതായാലും അവന്റെ നിരാശക്ക് പരിഹാരമുണ്ടാകാത്തതാകുന്നു.

രണ്ടാമത്തെ അഭിപ്രായമനുസരിച്ച് പ്രസ്തുത വചനത്തിന്റെ സാരം ഇപ്രകാരമാകുന്നു. ഒരാൾ ഇഹത്തിലും പരത്തിലും അല്ലാഹുവിന്റെ സഹായവും രക്ഷയും തനിക്ക് ലഭിക്കുകയില്ലെന്ന് നിരാശപ്പെട്ടാൽ പിന്നെ ആ മനക്ലേശം തീർക്കുവാൻ അവൻ ആത്മഹത്യ വേണമെങ്കിലും ചെയ്യട്ടെ, എന്നാലും അതിന് അറുതി ലഭിക്കുകയില്ല. സത്യവിശ്വാസിക്ക് ഒരിക്കലും നിരാശയുണ്ടാകാൻ പാടില്ലെന്ന അടിസ്ഥാനത്തിലാണ് ഈ വ്യാഖ്യാനം നൽകപ്പെട്ടിരിക്കുന്നത്. അവന്റെ രക്ഷിതാവിന്റെ കാരുണ്യത്തിലും അനുഗ്രഹത്തിലും ഒരിക്കലും അവന് നിരാശ അനുഭവപ്പെടാവുന്നതല്ല, അങ്ങനെയുള്ളവർ എത്രമാത്രം ഭയങ്കര നഷ്ടക്കാരായിരിക്കുമെന്ന് സൂ:ഹിജ്റ് 56-ാം വചനവും സൂ: യൂസുഫ് 87-ാം വചനവും , സൂ: സുമർ 53-ാം വചനവും നമ്മെ ഓർമ്മിപ്പിക്കുന്നു.

**വചനം: 16,17:**

وَكَذَٰلِكَ أَنزَلْنَٰهُ ءَايَٰتٍۭ بَيِّنَٰتٍ وَأَنَّ ٱللَّهَ يَهْدِى مَن يُرِيدُ ﴿١٦﴾

16 അപ്രകാരം, നാം ഇത് (ഖുർആൻ) വ്യക്തമായ ലക്ഷ്യങ്ങളെന്ന നിലക്കും, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ സൻമാർഗ്ഗത്തിലാക്കുന്നതാണെന്നതിനാലും അവതരിപ്പിച്ചിരിക്കുകയാണ്.

إِنَّ ٱلَّذِينَ ءَامَنُوا۟ وَٱلَّذِينَ هَادُوا۟ وَٱلصَّٰبِـِٔينَ وَٱلنَّصَٰرَىٰ وَٱلْمَجُوسَ وَٱلَّذِينَ أَشْرَكُوٓا۟ إِنَّ ٱللَّهَ يَفْصِلُ بَيْنَهُمْ يَوْمَ ٱلْقِيَٰمَةِ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿١٧﴾

17 നിശ്ചയമായും, 'ഈമാൻ' (സത്യവിശ്വാസം) സ്വീകരിച്ചിട്ടുള്ളവർ, ജൂതൻമാരായുള്ളവർ, 'സാബീ'കൾ, 'നസ്രാനി'കൾ, 'മജൂസി'കൾ, 'ശിർക്ക് ' (ബഹുദൈവ വിശ്വാസം) സ്വീകരിച്ചവർ എന്നിവർക്കിടയിൽ, ഖിയാമത്തുനാളിൽ അല്ലാഹു തീർപ്പ് കൽപിക്കുന്നതാകുന്നു. നിശ്ചയമായും, അല്ലാഹു എല്ലാ കാര്യത്തിനും സാക്ഷ്യം വഹിക്കുന്നവനാകുന്നു.

ലോകത്ത് കൂടുതൽ പ്രചാരത്തിലിരിക്കുന്ന ആറ് മത വിഭാഗങ്ങളെ കുറിച്ചാകുന്നു 17-ാം വചനത്തിൽ പരാമർശിച്ചിരിക്കുന്നത്. 'ഈമാൻ ' - (സത്യവിശ്വാസം) സ്വീകരിച്ചിട്ടുള്ള മുസ്ലീംകൾ, ജൂതൻമാർ, കൃസ്ത്യാനികൾ, സാബികൾ (സൂര്യചന്ദ്രന്മാരെ ആരാധിക്കുന്നവർ) മജൂസികൾ (അഗ്നി ആരാധകർ) മുശ്രിക്കുകൾ എന്നിവർ. ഇവരിൽ സത്യവിശ്വാസികളായ ഒന്നാമത്തെ കക്ഷി (റഹ്മാന്റെ കക്ഷി) ഒഴിച്ച് ബാക്കിയെല്ലാവരും ചെകുത്താന്റെ കക്ഷികളാകുന്നു.

ഓരോ കക്ഷിയുടെയും അതിലെ അവാന്തര വിഭാഗങ്ങളുടെയും എല്ലാ സ്ഥിതി ഗതികളും അറിയുന്ന

അല്ലാഹു അവയിലെ ഓരോരുത്തരെയും ഖിയാമത്ത് നാളിൽ വിചാരണ ചെയ്ത് തക്കതായ തീർപ്പ് കൽപ്പിക്കുന്നതാണ്.

**വചനം: 18:**

أَلَمْ تَرَ أَنَّ ٱللَّهَ يَسْجُدُ لَهُۥ مَن فِى ٱلسَّمَٰوَٰتِ وَمَن فِى ٱلْأَرْضِ وَٱلشَّمْسُ وَٱلْقَمَرُ وَٱلنُّجُومُ وَٱلْجِبَالُ وَٱلشَّجَرُ وَٱلدَّوَآبُّ وَكَثِيرٌ مِّنَ ٱلنَّاسِ ۖ وَكَثِيرٌ حَقَّ عَلَيْهِ ٱلْعَذَابُ ۗ وَمَن يُهِنِ ٱللَّهُ فَمَا لَهُۥ مِن مُّكْرِمٍ ۚ إِنَّ ٱللَّهَ يَفْعَلُ مَا يَشَآءُ ۩ ﴿١٨﴾

18 നീ കണ്ടില്ലേ: നിശ്ചയമായും അല്ലാഹു, ആകാശങ്ങളിലുള്ളവരും, ഭൂമിയിലുള്ളവരും, സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങളും, പർവതങ്ങളും, വൃക്ഷങ്ങളും, ജീവജാലങ്ങളും, മനുഷ്യരിൽ നിന്ന് വളരെ ആളുകളും, അവന് 'സുജൂദ്' (സാഷ്ടാംഗ നമസ്ക്കാരം) ചെയ്തുവരുന്ന വസ്തുത?! വളരെ ആളുകളാകട്ടെ, അവരുടെമേൽ ശിക്ഷ സ്ഥിരപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹു ഏതൊരുവനെ നിന്ദിക്കുന്നുവോ അവനെ മാനിക്കുന്ന ഒരാളും ഉണ്ടാവുകയില്ല. നിശ്ചയമായും അല്ലാഹു, അവൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നതാകുന്നു.

ഓത്തിന്റെ സുജൂദ് سجود التلاوة ചെയ്യേണ്ടുന്ന ഒരു ആയത്താകുന്നു. ഇത് (77-ാം വചനത്തിലും ഓത്തിന്റെ സുജൂദ് നിർദേശിക്കപ്പെട്ടിരിക്കുന്നു.)

ആകാശങ്ങളിലും ഭൂമിയിലുമുള്ള സർവ്വചരാചരങ്ങളും ജീവികളും നിർജ്ജീവികളും വിശേഷ ബുദ്ധിയുള്ളവയും ഇല്ലാത്തവയും ജഡവസ്തുക്കളും ആത്മീയ വസ്തുക്കളും ഭൂലോക വസ്തുക്കളും ഉപരിലോക വസ്തുക്കളും ഒക്കെതന്നെ അല്ലാഹുവിന് സാഷ്ടാംഗ നമസ്ക്കാരം ചെയ്തു കൊണ്ടിരിക്കുന്നു. ഓരോന്നിന്റെയും സുജൂദ് എപ്രകാരം പ്രകടിപ്പിക്കുന്നു എന്ന് തിട്ടപ്പെടുത്തുവാൻ നമുക്ക് കഴിവില്ല. അവയുടെ സ്രഷ്ടാവും നിയന്താവുമായ അല്ലാഹുവിന് മാത്രമേ അതറിയുകയുള്ളൂ. (സൂ: അമ്പിയാഅ് 79 വചനവും സൂ: ഇസ്രാഅ് 44-ാം വചനവും ശ്രദ്ധിക്കുക).

എന്നാൽ വിശേഷ ബുദ്ധിയുള്ള മനുഷ്യസമൂഹത്തോട് മേൽ പറഞ്ഞ അനുസരണമാകുന്ന സുജൂദിന് പുറമേ കീഴ്വണക്കത്തിന്റെ അഥവാ ആരാധനയുടെ സുജൂദു കൂടി കൽപിക്കപ്പെട്ടിരിക്കുന്നു. അവർ അതിന് കടപ്പെട്ടവരാണെങ്കിലും മനുഷ്യന് അക്കാര്യത്തിൽ താൽക്കാലിക സ്വാതന്ത്ര്യം الإختيار അനുവദിക്കപ്പെട്ടിരിക്കുന്നു. ഈ കൽപന അനുസരിച്ച് സുജൂദ് നിർവ്വഹിക്കുന്നവർ തന്നെ രണ്ട് തരക്കാരായി കാണാം. അല്ലാഹുവിന് പുറമേ മറ്റ് വല്ലതിനേയും പങ്ക് ചേർത്തു കൊണ്ട് പ്രത്യക്ഷത്തിൽ മാത്രം സുജൂദ് ചെയ്യുന്നവരും, അതല്ലാതെ അല്ലാഹുവിന് മാത്രം യഥാർത്ഥ സുജൂദ് അർപ്പിക്കുന്നവരും. " മനുഷ്യരിൽ വളരെ ആളുകളും" എന്ന് പറഞ്ഞതിൽ ഈ വിഭാഗക്കാരെല്ലാം ഉൾപ്പെടുന്നു. ഇവരിൽ കാപട്യത്തോടെയും ശിർക്കോടെയും സുജൂദ് ചെയ്യുന്ന വിഭാഗവും തീരെ സുജൂദ് ചെയ്യാത്തവരും ശിക്ഷക്ക് വിധേയരാകുന്നു. അവരെക്കുറിച്ചാണ് " വളരെ ആളുകളാകട്ടെ അവരുടെ മേൽ ശിക്ഷ സ്ഥിരപ്പെട്ടിരിക്കുന്നു" എന്ന് പറഞ്ഞത്.

അല്ലാഹുവിന്റെ കൽപന അനുസരിക്കാതെ അവന്റെ മുന്നിൽ തല കുനിക്കാതെ ആരുണ്ടോ, അവരുടെ മേൽ അല്ലാഹുവിൽ നിന്നുള്ള നിന്ദ്യതയുടെ മുദ്ര അടിക്കപ്പെട്ടിരിക്കുന്നു. അവർ ഒരിക്കലും ഉന്നതിയും മാന്യതയും പ്രാപിക്കുന്നതല്ല.

**വചനം: 19,20,21,22:**

۞ هَٰذَانِ خَصْمَانِ ٱخْتَصَمُوا۟ فِى رَبِّهِمْ ۖ فَٱلَّذِينَ كَفَرُوا۟ قُطِّعَتْ لَهُمْ ثِيَابٌ مِّن نَّارٍ يُصَبُّ مِن فَوْقِ رُءُوسِهِمُ ٱلْحَمِيمُ ﴿١٩﴾

19 ഈ രണ്ടുകൂട്ടർ, തങ്ങളുടെ റബ്ബിൻെറ കാര്യത്തിൽ (പരസ്പരം) എതിർവാദം ചെയ്തുവന്ന രണ്ടു കക്ഷികളത്രെ; എന്നാൽ, (അവരിൽ) യാതൊരു കൂട്ടർ അവിശ്വസിച്ചുവോ അവർക്ക് അഗ്നിയുടെ വസ്ത്രങ്ങൾ മുറിച്ചുകൊടുക്കപ്പെടുന്നതാണ്; അവരുടെ തലക്കുമീതെ ചുട്ടുതിളക്കുന്ന വെള്ളം ചൊരിയപ്പെടും!

يُصۡهَرُ بِهِۦ مَا فِي بُطُونِهِمۡ وَٱلۡجُلُودُ ٢٠

20 അതുമൂലം, അവരുടെ വയറുകളിലുള്ളതും, തൊലികളും ഉരുക്കപ്പെടുന്നതാണ്.

وَلَهُم مَّقَٰمِعُ مِنۡ حَدِيدٖ ٢١

21 അവർക്ക് ഇരുമ്പിൻെറ ദണ്ഡുകളുമുണ്ട്.

كُلَّمَآ أَرَادُوٓاْ أَن يَخۡرُجُواْ مِنۡهَا مِنۡ غَمٍّ أُعِيدُواْ فِيهَا وَذُوقُواْ عَذَابَ ٱلۡحَرِيقِ ٢٢

22 ദുഃഖത്താൽ (പൊറുതിമുട്ടി) അതിൽ നിന്ന് പുറത്തുപോകുവാൻ ഉദ്ദേശിക്കുമ്പോഴെല്ലാം, അതിലേക്കുതന്നെ അവർ മടക്കപ്പെടുന്നതാകുന്നു. വെന്തു കരിയുന്ന ശിക്ഷ ആസ്വദിച്ചുകൊള്ളുവിൻ (എന്ന് പറയപ്പെടുകയും ചെയ്യും)!

മതത്തിന്റെയും, ജാതിഭേദങ്ങളുടെയും പേരിൽ മനുഷ്യർ എത്ര വിഭാഗങ്ങളിലും പെട്ടവരായിക്കൊള്ളട്ടെ, അടിസ്ഥാനപരമായി അവർ രണ്ടു കക്ഷികൾ മാത്രമാകുന്നു അനുസരണയുടെ മാർഗ്ഗത്തിലൂടെ മാന്യത കൈവരിച്ച ഒരു കക്ഷിയും നിഷേധത്തിന്റെ മാർഗ്ഗത്തിലൂടെ നിന്ദ്യത കൈവരിച്ച രണ്ടാമത്തെ കക്ഷിയും. രണ്ടാമത്തെ കക്ഷിക്കുള്ള കഠിന ശിക്ഷകളെ കുറിച്ചാണ് ഈ വചനങ്ങളിൽ പ്രസ്താവിച്ചത്. (ഒന്നാമത്തെ കക്ഷിയെ കുറിച്ച് അടുത്ത വചനങ്ങളിൽ പ്രസ്താവിക്കുന്നുണ്ട്.)

'ഈ രണ്ടു കൂട്ടർ ' എന്ന് പറഞ്ഞത് വേദക്കാരും, മുസ്ലീംങ്ങളും ആണെന്നും ബദ്ർ യുദ്ധത്തിൽ സത്യവിശ്വാസികളുടെ ഭാഗത്ത് യുദ്ധം നടത്തിയ ഹംസ:(റ) അലി(റ) ഉബൈദ(റ) എന്നിവരും, അവരുടെ എതിരിൽ മുന്നോട്ട് വന്ന ഉത്ത്ബ: ശൈബ: വലീദ് എന്നിവരും ആണെന്നും ബലപ്പെട്ട രിവായത്തുകൾ വന്നിട്ടുണ്ട്. വേറെയും ചില അഭിപ്രായങ്ങൾ ഈ വിഷയ സംബന്ധമായി പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്.

മേൽ പറഞ്ഞ അഭിപ്രായങ്ങളെല്ലാം ഉദ്ധരിച്ച ശേഷം ഇബ്നു ജരീർ(റ) "എല്ലാ തരക്കാരും അടങ്ങുന്ന സത്യവിശ്വാസികളും അവിശ്വാസികളും ആണ് ആ രണ്ടു കക്ഷികൾ " എന്ന ആദ്യം സൂചിപ്പിക്കപ്പെട്ട അഭിപ്രായമാണ് സ്വീകരിച്ചിട്ടുള്ളത്. ഈ രണ്ടു കക്ഷികൾ ബദ്റിൽ യുദ്ധം നടത്തിയവരാണെന്ന അഭിപ്രായത്തെ പറ്റി അദ്ദേഹം ഇപ്രകാരം പറയുന്നു. "ഇതിൽ ഒരു കക്ഷി ഈമാനിന്റെയും അനുസരണത്തിന്റെയും കക്ഷിയും മറ്റേത് ' കുഫ്റി 'ന്റെയും ' ശിർക്കി' ന്റെയും കക്ഷിയുമാണല്ലോ."

ഏതെങ്കിലും ഒരു വിഷയത്തിലോ, ഒരു വിഷയത്തെ തുടർന്നോ അവതരിക്കുന്ന വചനങ്ങൾ , അത് പോലെയുള്ള എല്ലാ സംഭവങ്ങൾക്കും ബാധകമാണെന്നത് ഖുർആനിന്റെ ഒരു അംഗീകൃത തത്വമാകുന്നു. പ്രസ്തുത തത്വം ഇവിടെയും ബാധകമാകുന്നു.

അടുത്ത വചനങ്ങളിൽ 'ഈമാനി ' ന്റെ കക്ഷിയെ പറ്റി പ്രസ്താവിക്കുന്നു.

## വിഭാഗം-3

**വചനം 23,24:**

إِنَّ ٱللَّهَ يُدۡخِلُ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ جَنَّٰتٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ يُحَلَّوۡنَ فِيهَا مِنۡ أَسَاوِرَ مِن ذَهَبٖ وَلُؤۡلُؤٗاۖ وَلِبَاسُهُمۡ فِيهَا حَرِيرٞ ٢٣

23 നിശ്ചയമായും, വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവൃത്തിക്കുകയും ചെയ്തവരെ അല്ലാഹു, താഴ്ഭാഗത്തുകൂടി നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളിൽ പ്രവേശിപ്പിക്കുന്നതാകുന്നു. അവർക്ക് അവിടെ സ്വർണ്ണത്തിൻെറ വളകളും, മുത്തും അണിയിക്കപ്പെടും; അതിൽ അവരുടെ വസ്ത്രം പട്ടുമാണ്.

وَهُدُوٓاْ إِلَى ٱلطَّيِّبِ مِنَ ٱلۡقَوۡلِ وَهُدُوٓاْ إِلَىٰ صِرَٰطِ ٱلۡحَمِيدِ ٢٤

24 വാക്കിൽ (സംസാരത്തിൽ)വെച്ച് പരിശുദ്ധമായ (നല്ല)തിലേക്ക് അവർക്ക് മാർഗ്ഗദർശനം ചെയ്യപ്പെട്ടിരിക്കുകയാണ്; സ്തുത്യർഹനായുള്ളവൻെറ (അല്ലാഹുവിൻെറ) പാതയിലേക്കും അവർക്ക് മാർഗ്ഗദർശനം നൽകപ്പെട്ടിരിക്കുന്നു.

തൌഹീദിന്റെ വാക്യവും ഉത്തമവും പരിശുദ്ധവുമായ വാക്കുകളും സംസാരിക്കുവാനും, അല്ലാഹു നിർദ്ദേശിച്ച സത്യമാർഗ്ഗത്തിൽ ചരിക്കുവാനുള്ള മാർഗ്ഗദർശനവും സിദ്ധിച്ച ഭാഗ്യവാന്മാരാണാ കക്ഷിക്കാർ. അവർക്ക് മാന്യമായ പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്യുന്നു.

**വചനം 25:**

إِنَّ ٱلَّذِينَ كَفَرُوا۟ وَيَصُدُّونَ عَن سَبِيلِ ٱللَّهِ وَٱلْمَسْجِدِ ٱلْحَرَامِ ٱلَّذِى جَعَلْنَٰهُ لِلنَّاسِ سَوَآءً ٱلْعَٰكِفُ فِيهِ وَٱلْبَادِ ۚ وَمَن يُرِدْ فِيهِ بِإِلْحَادٍۭ بِظُلْمٍ نُّذِقْهُ مِنْ عَذَابٍ أَلِيمٍ ﴿٢٥﴾

25 നിശ്ചയമായും, അവിശ്വസിക്കുകയും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്നും നാം മനുഷ്യർക്കായി-താമസമുറപ്പിച്ചവരും വെളിപ്രദേശത്തുനിന്ന് വരുന്നവരും സമമായിക്കൊണ്ട്-ഏർപ്പെടുത്തിയിട്ടുള്ള മസ്ജിദുൽ ഹറാമിൽ (പവിത്രമായ പള്ളിയിൽ) നിന്നും (ജനങ്ങളെ) തടഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നവർ! (അവർ കരുതിക്കൊള്ളട്ടെ!) വല്ലവനും, അതിൽ അന്യായമായി ധർമ്മവിരോധം ചെയ്വാൻ ഉദ്ദേശിക്കുന്ന പക്ഷം, വേദനയേറിയ ശിക്ഷ നാം അവനെ ആസ്വദിപ്പിക്കുന്നതാണ്.

സ്വദേശ വിദേശ വ്യത്യാസമില്ലാതെ എല്ലാ മനുഷ്യരും അല്ലാഹുവിന് ആരാധനാ കർമ്മങ്ങൾ അർപ്പിക്കുവാനായി, ഭൂമിയിൽ ആദ്യമായി നിർമ്മിക്കപ്പെട്ട വിശുദ്ധ ദേവാലയമായ 'കഅ്ബ' യും പരിസരവുമാണ് 'മസ്ജിദുൽ ഹറാം' കൊണ്ടുദ്ദേശ്യം. അലംഘനീയമായ അഥവാ പരിപാവനമായ പള്ളി എന്നാകുന്നു ഈ വാക്കിന് അർത്ഥം. ജനങ്ങൾ ഇസ്ലാമിനെ സ്വീകരിക്കുന്നതും, സത്യവിശ്വാസികൾ ഹജ്ജ്, ഉംറ മുതലായ കർമ്മങ്ങൾക്കായി 'ഹറമി 'ൽ പ്രവേശിക്കുന്നതും തടഞ്ഞ് വന്നിരുന്ന മുശ്രിക്കുകൾക്കുള്ള താക്കീതാകുന്നു ഈ വചനം. ആ പുണ്യ സ്ഥലത്തെ ക്രമവിരുദ്ധമായും ധർമ്മ വിരുദ്ധമായും അനാദരിക്കുന്ന എല്ലാവർക്കും അല്ലാഹു വേദനയേറിയ ശിക്ഷ ആസ്വദിപ്പിക്കുമെന്നുള്ള ഈ താക്കീത് ബാധമാകുന്നു.

ഈ താക്കീതിന്റെ ഗൗരവത്തിനുള്ള കാരണം താഴെ ആയത്തുകളിൽ നിന്ന് ഗ്രഹിക്കാം.

**വിഭാഗം -4**

**വചനം 26:**

وَإِذْ بَوَّأْنَا لِإِبْرَٰهِيمَ مَكَانَ ٱلْبَيْتِ أَن لَّا تُشْرِكْ بِى شَيْـًٔا وَطَهِّرْ بَيْتِىَ لِلطَّآئِفِينَ وَٱلْقَآئِمِينَ وَٱلرُّكَّعِ ٱلسُّجُودِ ﴿٢٦﴾

26 ഇബ്രാഹീമിന് നാം 'പുണ്യാലയത്തിൻെറ(കഅ്ബഃയുടെ)' സ്ഥാനം ഉറപ്പിച്ചുകൊടുത്ത സന്ദർഭം (ഓർക്കുക); യാതൊരു വസ്തുവെയും എന്നോട് പങ്കുചേർക്കരുത്; 'ത്വവാഫ്' (പ്രദക്ഷിണം) ചെയ്യുന്നവർക്കും, നിന്നുകൊണ്ട് (ആരാധന) നടത്തുന്നവർക്കും, 'റുകൂഉ-സുജൂദി'ലായി (സാഷ്ടാംഗം കുമ്പിട്ട് ആരാധന) നടത്തുന്നവർക്കും വേണ്ടി എൻെറ ആലയത്തെ ശുദ്ധമാക്കുകയും ചെയ്യുക! എന്ന് (നാം പറഞ്ഞു).

കഅ്ബയെ പ്രദക്ഷിണം ചെയ്തും, നിന്ന് കൊണ്ടും, റുകൂഉം സുജൂദും ചെയ്ത് കൊണ്ടും അല്ലാഹുവിനെ ആരാധിക്കുവാൻ വരുന്ന ആളുകളുടെ ആവശ്യാർത്ഥം ബിംബങ്ങൾ മുതലായ മലിന്യങ്ങളിൽ നിന്ന് കഅ്ബയെ ശുദ്ധമാക്കുവാനും തൗഹീദിന് വിരുദ്ധമായ യാതൊന്നും ചെയ്യാതിരിക്കുവാനും അല്ലാഹു നിർദ്ദേശിക്കുന്നു. ഇബ്രാഹീം(അ) നബിയും ഇസ്മാഈൽ(അ) നബിയും കൂടി കഅ്ബ പടുത്ത്ഉയർത്തിയതിനെ കുറിച്ച് സൂ: ബഖറയിലും സൂ: ഇബ്രാഹീം ലും പ്രസ്താവിച്ചിരിക്കുന്നുവല്ലോ,

**വചനം 27:**

وَأَذِّن فِى ٱلنَّاسِ بِٱلْحَجِّ يَأْتُوكَ رِجَالًا وَعَلَىٰ كُلِّ ضَامِرٍ يَأْتِينَ مِن كُلِّ فَجٍّ عَمِيقٍ ﴿٢٧﴾

27 ഹജ്ജുകർമ്മത്തിന് (വരുവാൻ) ജനങ്ങളിൽ പ്രഖ്യാപനവും ചെയ്യുക; കാൽനടക്കാരായും, ദൂരസ്ഥമായ സകല മാർഗ്ഗങ്ങളിൽ കൂടിയും വന്നുകൊണ്ടിരിക്കുന്ന(ക്ഷീണിച്ച്) മെലിഞ്ഞ എല്ലാ വാഹനപ്പുറത്തായും അവർ നിൻെറ അടുക്കൽ (ഈ ആലയത്തിങ്കൽ) വന്നുകൊള്ളുന്നതാണ്. (എന്ന് നാം പറഞ്ഞു.)

വിശുദ്ധ കഅ്ബാലയം പടുത്തുയര്‍ത്തി കഴിഞ്ഞ ശേഷം ഹജ്ജ് കര്‍മ്മത്തിന് വന്ന് കൊള്ളുവാനായി ജനങ്ങളില്‍ പ്രഖ്യാപനം നടത്തണമെന്ന് അല്ലാഹു ഇബ്രാഹീം(അ) നബിയോട് കല്‍പിക്കുന്നു. ഈ കല്‍പന കിട്ടിയപ്പോള്‍ എന്റെ ശബ്ദം എവിടെ എത്തുവാനാണ് എന്ന് പറഞ്ഞ അദ്ദേഹത്തോട് വിളിച്ച് പ്രഖ്യാപിച്ച് കൊള്ളുക, വിളി എത്തിക്കുക എന്റെ ബാധ്യതയാണ് എന്ന് അല്ലാഹു മറുപടി നല്‍കി. ലോകത്തിന്റെ നാനാ ഭാഗങ്ങളില്‍ നിന്നും വിവിധ മാര്‍ഗ്ഗേണ എത്രയോ കഷ്ട നഷ്ടങ്ങള്‍ സഹിച്ച് കൊണ്ട് വര്‍ഷം തോറും ലക്ഷക്കണക്കായ അടിയാന്മാര്‍ ആ വിളിക്ക് അപ്രകാരം ഉത്തരം നല്‍കി വരുന്നു.

ഇബ്രാഹീം നബി(അ) സ്ഥാപിച്ച ആ കെട്ടിടമല്ല ഇന്ന് നിലവിലുള്ളത്. നബി(സ)തിരുമേനിയുടെ കാലത്ത് (തിരുമേനിക്ക് അന്ന് 35 വയസ്സായിരുന്നു. ഒരു മലവെള്ളപാച്ചിലിലും പിന്നീട് യസീദിന്റെ കാലത്ത് അബ്ദുല്ലാഹിബ്നു സുബൈറു (റ)മായുണ്ടായ യുദ്ധത്തിലും അധികം താമസിയാതെ ഹിജ്റ 74ല്‍ ഇബ്നു സുബൈറും ഹജ്ജാജുമായുണ്ടായ മറ്റൊരു യുദ്ധത്തിലും കഅ്ബാലയത്തിന് കേട് പാടുകള്‍ പറ്റുകയും യഥാസമയം ആ കേടുപാടുകള്‍ നികത്തി അപ്പപ്പോള്‍ പുതുക്കി പണിയുകയുമുണ്ടായിട്ടുണ്ട്. ഹിജ്റ 74ല്‍ പുതുക്കി പണിത കെട്ടിടമാണ് ഇന്നും നിലവിലുള്ളത്.

എന്നാല്‍ ഇബ്രാഹീം നബി(അ)ക്ക് മുമ്പ് തന്നെ കഅ്ബാലയം സ്ഥാപിക്കപ്പെട്ടിട്ടുണ്ടായിരുന്നോ ഇല്ലയോ എന്ന് തീര്‍ത്ത് പറയുവാന്‍ മതിയായ തെളിവുകളില്ല. അദ്ദേഹത്തിന് മുമ്പ് തന്നെ അത് നിലവിലുണ്ടായിരുന്നുവെന്നും ആദ്യമായി സ്ഥാപിച്ചത് മലക്കുകളോ ആദം(അ) നബിയോ ആയിരുന്നുവെന്നും പലരില്‍ നിന്നും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഖുര്‍ആന്റെ ചില പ്രസ്താവനകള്‍ നോക്കുമ്പോള്‍ ഇബ്രാഹീം (അ) നബിയുടെ മുമ്പ് തന്നെ കഅ്ബ: കെട്ടിടം നിലവിലുണ്ടായിരുന്നതായി തോന്നിയേക്കുകയും ചെയ്യും. الله اعلم

ഹജ്ജിന് വേണ്ടി ജനങ്ങളെ ക്ഷണിച്ചതിലുള്ള ഉദ്ദേശ്യം അടുത്ത ആയത്തുകളില്‍ അല്ലാഹു വിവരിക്കുന്നു.

**വചനം 28,29:**

لِّيَشْهَدُوا۟ مَنَـٰفِعَ لَهُمْ وَيَذْكُرُوا۟ ٱسْمَ ٱللَّهِ فِىٓ أَيَّامٍ مَّعْلُومَـٰتٍ عَلَىٰ مَا رَزَقَهُم مِّنۢ بَهِيمَةِ ٱلْأَنْعَـٰمِ ۖ فَكُلُوا۟ مِنْهَا وَأَطْعِمُوا۟ ٱلْبَآئِسَ ٱلْفَقِيرَ ﴿٢٨﴾

28 അവര്‍ക്ക് പ്രയോജനകരമായ കാര്യങ്ങളില്‍ അവര്‍ സന്നിഹിതരാകുവാനും, ചില നിശ്ചിത ദിവസങ്ങളില്‍- തങ്ങള്‍ക്ക് നല്‍കിയിരിക്കുന്ന കന്നുകാലി മൃഗങ്ങളുടെമേല്‍ (അവയെ അറുത്ത് ബലികഴിക്കുമ്പോള്‍) - അല്ലാഹുവിന്‍റെ നാമം അവര്‍ കീര്‍ത്തനം ചെയ്യുവാനും വേണ്ടിയാകുന്നു(അത്). അങ്ങിനെ, അവയില്‍ (ആ കന്നുകാലികളില്‍) നിന്ന് നിങ്ങള്‍ തിന്നു കൊള്ളുകയും, ദരിദ്രനായ പരവശന് ഭക്ഷണം നല്‍കുകയും ചെയ്യുവിന്‍.

ثُمَّ لْيَقْضُوا۟ تَفَثَهُمْ وَلْيُوفُوا۟ نُذُورَهُمْ وَلْيَطَّوَّفُوا۟ بِٱلْبَيْتِ ٱلْعَتِيقِ ﴿٢٩﴾

29 പിന്നീട്, അവര്‍ തങ്ങളുടെ അഴുക്ക് (നീക്കല്‍) നിര്‍വഹിച്ചുകൊള്ളുകയും, തങ്ങളുടെ നേര്‍ച്ചകള്‍ നിറവേറ്റുകയും, (ആ) പുരാതനാലയത്തെ 'ത്വവാഫ്' (പ്രദക്ഷിണം) ചെയ്കയും ചെയ്തു കൊള്ളട്ടെ.

“അവര്‍ക്ക് പ്രയോജനകരമായ കാര്യങ്ങള്‍ ”എന്ന് പറഞ്ഞത് ഹജ്ജ് കര്‍മ്മങ്ങള്‍, മറ്റ് പുണ്യകര്‍മ്മങ്ങള്‍ എന്നിവ കൂടാതെ, ഹജ്ജ് കാലത്ത് നടത്തപ്പെടുന്ന കച്ചവടം മുതലായവയും ഉള്‍പ്പെടുന്നു “അറിയപ്പെട്ട നിശ്ചിത ദിവസങ്ങള്‍” എന്നത് കൊണ്ടുദ്ദേശ്യം വലിയപെരുന്നാള്‍ ദിവസവും അതിന്റെ അടുത്ത ദിവസങ്ങളുമാണെന്നും ദുല്‍ഹജ്ജ് മാസത്തിലെ ആദ്യത്തെ പത്ത് ദിവസങ്ങളുമാണെന്നും, ദുല്‍ഹജ്ജ് മാസം 8,9,10 ദിവസങ്ങളാണെന്നും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഹജ്ജ് കാലത്ത് ബലിയര്‍പ്പിക്കപ്പെടുന്ന ആട്, മാട്, ഒട്ടകം, എന്നീ കന്നുകാലികളെ അല്ലാഹുവിന്റെ നാമത്തിലും തക്ബീര്‍ മുഴക്കിക്കൊണ്ടുമാണ് അറുക്കേണ്ടത്. “ നിങ്ങള്‍ അതില്‍ നിന്ന് തിന്നുകയും ദരിദ്രനായ പരവശന് ഭക്ഷണം നല്‍കുകയും ചെയ്യുവിന്‍ ” എന്ന് അല്ലാഹു തുടര്‍ന്ന് നിര്‍ദ്ദേശിക്കുന്നു.

ഹജ്ജ് വേളയില്‍ നിരോധിക്കപ്പെട്ട മുടിയെടുക്കല്‍, നഖം മുറിക്കല്‍, മുതലായ കാര്യങ്ങള്‍ ഹജ്ജിന്റെ അവസാനത്തില്‍ നിര്‍വ്വഹിക്കേണ്ടതിനെ കുറിച്ചാണ് “ പിന്നീട് അഴുക്ക് നീക്കല്‍ നിര്‍വ്വഹിക്കണം” എന്ന് നിര്‍ദ്ദേ

ശിക്കപ്പെട്ടത്. കൂടാതെ ഹജ്ജ് കാലത്ത് അവിടെ വെച്ച് ചെയ്യാൻ നേർന്നിട്ടുള്ള നേർച്ച വഴിപാടുകളും കഅ്ബായുടെ അടുക്കൽ ചെല്ലുമ്പോൾ നിർവ്വഹിക്കേണ്ട ത്വവാഫ് (പ്രദക്ഷിണം ചെയ്യൽ) കർമ്മവും നിർവ്വഹിക്കാൻ അല്ലാഹു കൽപിക്കുന്നു.

**البيت العتيق** (പുരാതനാലയം അല്ലെങ്കിൽ വിമുക്തമായ ആലയം) എന്ന് കഅ്ബ : യെ ഉദ്ദേശിച്ച് പറയുന്നത്, ഏറ്റവും കാലപ്പഴക്കം ചെന്ന ആരാധനാലയം, അക്രമികളുടെ അക്രമങ്ങളൊന്നും ബാധിക്കാത്ത ' വിമുക്തമായ ആലയം ' എന്നിങ്ങനെയുള്ള അർത്ഥത്തിലാകുന്നു.

**വചനം 30,31:**

ذَٰلِكَ وَمَن يُعَظِّمْ حُرُمَٰتِ ٱللَّهِ فَهُوَ خَيْرٌ لَّهُۥ عِندَ رَبِّهِۦ ۗ وَأُحِلَّتْ لَكُمُ ٱلْأَنْعَٰمُ إِلَّا مَا يُتْلَىٰ عَلَيْكُمْ ۖ فَٱجْتَنِبُوا۟ ٱلرِّجْسَ مِنَ ٱلْأَوْثَٰنِ وَٱجْتَنِبُوا۟ قَوْلَ ٱلزُّورِ ﴿٣٠﴾

حُنَفَآءَ لِلَّهِ غَيْرَ مُشْرِكِينَ بِهِۦ ۚ وَمَن يُشْرِكْ بِٱللَّهِ فَكَأَنَّمَا خَرَّ مِنَ ٱلسَّمَآءِ فَتَخْطَفُهُ ٱلطَّيْرُ أَوْ تَهْوِى بِهِ ٱلرِّيحُ فِى مَكَانٍ سَحِيقٍ ﴿٣١﴾

30 അതാണ് (ഹജ്ജിൻെറ വിഷയം)! ആരെങ്കിലും, അല്ലാഹുവിൻെറ അലംഘ്യ(മായ പരിപാവന) വസ്തുക്കളെ ബഹുമാനിക്കുന്നതായാൽ, അതവന് തൻെറ റബ്ബിൻെറ അടുക്കൽ ഗുണകരമാകുന്നു. നിങ്ങൾക്ക് ഓതിക്കേൾപ്പിക്കപ്പെടുന്നതൊഴിച്ച്-(എല്ലാ) കന്നുകാലികളും (ആടുമാടൊട്ടകവും) നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. ആകയാൽ, വിഗ്രഹങ്ങളാകുന്ന അശുദ്ധിയെ നിങ്ങൾ വർജ്ജിക്കുവിൻ; കള്ളം പറയലും വർജ്ജിക്കുവിൻ;-

31 അല്ലാഹുവിന് വേണ്ടി നിഷ്കളങ്കമാനസരായി-അവനോട് (യാതൊന്നിനേയും) പങ്കുചേർക്കാത്ത നിലയിൽ (ആയിരിക്കണം). ആരെങ്കിലും, അല്ലാഹുവിനോട് (വല്ലതിനെയും) പങ്കുചേർക്കുന്നതായാൽ അവൻ, ആകാശത്തു നിന്ന് വീണിട്ട് അവനെ പറവകൾ റാഞ്ചിക്കൊണ്ടുപോകുകയോ, ദൂരപ്പെട്ട ഒരു സ്ഥലത്ത് കാറ്റ് കൊണ്ടുപോയിടുകയോ ചെയ്തതുപോലെയായിത്തീരുന്നു! (അത്രയും ആപൽക്കരമാണത്.)

ഹജ്ജിന്റെ കർമ്മങ്ങളും ഓരോന്നിനും നിശ്ചയിക്കപ്പെട്ട സ്ഥാനങ്ങളും **حرمات** (പരിപാവനമായ, ബഹുമിനിക്കപ്പെടേണ്ടവ, അലംഘനീയമായവ) എന്ന വാക്കിൽ ഉൾപ്പെടുന്നു. പരിപാവന വസ്തുക്കളായി അല്ലാഹു നിശ്ചയിട്ടുള്ളതെല്ലാം ബഹുമാനിക്കുകയെന്നത് അവന്റെ അടുക്കൽ വളരെ പ്രധാനപ്പെട്ട പുണ്യകർമ്മമത്രേ. കന്നുകാലികളെ ഭക്ഷ്യ വസ്തുക്കളായും വാഹനങ്ങളായും ബലിമൃഗങ്ങളായും മുമ്പും അറബികൾ ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ അല്ലാഹു വിരോധിച്ചതും ബഹുദൈവാരാധനയിൽ അധിഷ്ഠിതവുമായ പല നടപടികളും അവർ അനുഷ്ഠിച്ച് വന്നിരുന്നു. എല്ലാ തരം ശവങ്ങളും അല്ലാഹു അല്ലാത്തവരുടെ പേരിൽ ബലി അർപ്പിക്കപ്പെട്ടവയോ, അറുക്കപ്പെട്ടവയോ ഉപയോഗിക്കാൻ പാടില്ലെന്ന് ഖുർആൻ കർശനമായി വിരോധിക്കുന്നു. അത്തരത്തിൽപെടാത്ത ആടുമാടൊട്ടകങ്ങളെ ഭക്ഷിക്കാവുന്നതാണ്. വിഗ്രഹങ്ങളുമായി ബന്ധപ്പെട്ട് അന്ന് നിലവിലുണ്ടായിരുന്ന എല്ലാ വിശ്വാസാചാരങ്ങളേയും നിരോധിക്കുകയും ചെയ്യുന്നു. ഇതെല്ലാം നിഷ്കളങ്കതയോടുകൂടി വേണമെന്നും അല്ലാഹു നിർദ്ദേശിക്കുന്നു. ശിർക്ക് കൊണ്ടുണ്ടാകുന്ന നാശത്തിന്റെ ഭയങ്കരത 31ാം വചനത്തിന്റെ അവസാനത്തിൽ ഉപമാ രൂപത്തിൽ അല്ലാഹു ചൂണ്ടികാട്ടുകയും ചെയ്യുന്നു.

**വചനം 32:**

ذَٰلِكَ وَمَن يُعَظِّمْ شَعَٰٓئِرَ ٱللَّهِ فَإِنَّهَا مِن تَقْوَى ٱلْقُلُوبِ ﴿٣٢﴾

32 അതാണ് (കാര്യം)! ആരെങ്കിലും, അല്ലാഹുവിൻെറ (മത) ചിഹ്നങ്ങളെ ബഹുമാനിക്കുന്നതായാൽ, (അവൻ ഭക്തൻതന്നെ. കാരണം:) നിശ്ചയമായും അത്, ഹൃദയങ്ങളുടെ ഭക്തിയിൽ നിന്നുള്ളതാണ്.

ഇസ്ലാമികമായ കർമ്മങ്ങൾ, വേഷ ഭൂഷണങ്ങൾ, സംസാരം, പ്രവർത്തി എന്നിങ്ങനെ ഇസ്ലാമിന്റേതായ പ്രത്യേക അടയാളങ്ങളാകുന്നതെല്ലാം അല്ലാഹുവിന്റെ ചിഹ്നങ്ങൾ (ഇസ്ലാമിന്റെ ചിഹ്നങ്ങൾ) എന്ന് അറിയപ്പെടുന്നു. ഈ ചിഹ്നങ്ങളെ ഒരുവൻ ബഹുമാനിക്കുന്നതായാൽ അത് അല്ലാഹുവിനോട് അയാൾക്കുള്ള ഹൃദയംഗമായ ഭക്തിയുടെ ലക്ഷണമാണെന്ന് അല്ലാഹു പ്രസ്താവിക്കുന്നു.

ഏക സംസ്കാരാദി വാദങ്ങളാൽ ആകൃഷ്ടരായിക്കൊണ്ട് നമ്മുടെ സമുദായത്തിലെ ചിലർ -പാമരൻമാർ മാത്രമല്ല, ചില പണ്ഡിതരും- അനിസ്ലാമിക സംസ്ക്കാരത്തിന്റെ ബാഹ്യമോടിയിൽ ലയിച്ച് ചേരുന്നതായി ധാരാളം കണ്ടുവരുന്നു. വേഷഭൂഷാദികളിൽ നിന്നാരംഭിക്കുന്ന ഈ അനുകരണ ഭ്രമം ക്രമേണ ആചാരാനുഷ്ഠാനങ്ങളിലും സ്വാധീനം ചെലുത്തിത്തുടങ്ങുന്നതാണ്. “ ആരെങ്കിലും ഒരു ജനതയോട് സാദൃശ്യം സ്വീകരിച്ചാൽ, അവൻ അവരിൽ ഉൾപ്പെട്ടവനാകുന്നു. ” എന്ന നബി വചനം ഭവിഷ്യത്തിനെ കുറിച്ച് നമുക്ക് മുന്നറിയിപ്പ് നൽകുന്നു.

ഈ വചനത്തിൽ അല്ലാഹുവിന്റെ ചിഹ്നങ്ങൾ എന്ന് പറഞ്ഞത്, പ്രധാനമായും ഹജ്ജ് കാര്യസംബന്ധമായ ബലിമൃഗങ്ങൾ എന്നാകുന്നു. ബലിമൃഗങ്ങളായ ചിഹ്നങ്ങളെക്കുറിച്ച് അടുത്തവചനത്തിൽ അല്ലാഹു പറയുന്നു.

**വചനം 33**

لَكُمْ فِيهَا مَنَٰفِعُ إِلَىٰٓ أَجَلٍ مُّسَمًّى ثُمَّ مَحِلُّهَآ إِلَى ٱلْبَيْتِ ٱلْعَتِيقِ ﴿٣٣﴾

33 (ബലിമൃഗങ്ങളാകുന്ന) അവയിൽ, ഒരു നിശ്ചിത അവധിവരേക്ക് നിങ്ങൾക്ക് പ്രയോജനങ്ങളുണ്ട്; പിന്നീട്, അവയുടെ (ബലികർമ്മത്തിന്) അനുവദിക്കപ്പെട്ട സ്ഥലം (ആ) 'പുരാതനാലയത്തിന്നടുത്താകുന്നു.

ബലിക്കായി നിശ്ചയിക്കപ്പെട്ട മൃഗങ്ങളെ ബലിയറുക്കുന്നതിന് മുമ്പായി വാഹനങ്ങളായി ഉപയോഗിക്കാം, അവരുടെ പാൽ മുതലായവയും ഉപയോഗിക്കാം. ബലികർമ്മം നടത്തുവാനുള്ള സമയം വന്നാൽ അവയെ കഅ്ബ:യുടെ അടുത്ത് - ഹറമിൽ വെച്ച് - അറുത്ത് ബലി നടത്തേണ്ടതാണ്.

## വിഭാഗം- 5

**വചനം :34**

وَلِكُلِّ أُمَّةٍ جَعَلْنَا مَنسَكًا لِّيَذْكُرُوا۟ ٱسْمَ ٱللَّهِ عَلَىٰ مَا رَزَقَهُم مِّنۢ بَهِيمَةِ ٱلْأَنْعَٰمِ ۗ فَإِلَٰهُكُمْ إِلَٰهٌ وَٰحِدٌ فَلَهُۥٓ أَسْلِمُوا۟ ۗ وَبَشِّرِ ٱلْمُخْبِتِينَ ﴿٣٤﴾

34 എല്ലാ സമുദായത്തിനുംതന്നെ-അവർക്ക് അല്ലാഹു നൽകിയിട്ടുള്ള കന്നുകാലിമൃഗങ്ങളുടെ മേൽ അവൻെറ നാമം കീർത്തനം ചെയ്യുവാനായി-നാം (അല്ലാഹു) ഓരോ കർമ്മാനുഷ്ഠാനമുറ ഏർപ്പെടുത്തിയിരിക്കുന്നു. എന്നാൽ, നിങ്ങളുടെ ഇലാഹ് (ആരാധ്യൻ) ഏകഇലാഹ് മാത്രമാകുന്നു; ആകയാൽ, അവനു (മാത്രം) നിങ്ങൾ കീഴ്പെടുക. ('ഇസ്ലാം' അനുഷ്ഠിക്കുക.) (നബിയേ) വിനീതൻമാർക്ക് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

**منسكا** (കർമ്മാനുഷ്ഠാന മുറ) എന്നത്കൊണ്ട് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത് ബലികർമ്മങ്ങളാകുന്നു. മൃഗബലി, നബി(സ)തിരുമേനിയുടെ 'ഉമ്മത്തി ' ന് മുമ്പുണ്ടായിരുന്ന ദൈവികമത സമുദായങ്ങളിലും നിലവിലുണ്ടായിരുന്നു- ആചാര രീതിയിൽ വ്യത്യസ്തത ഉണ്ടായിരുന്നുവെങ്കിലും. എന്നാൽ അല്ലാഹുവിന് മുമ്പിൽ ഭക്തിയും താഴ്മയും പ്രകടിപ്പിക്കുക, അവന്റെ നാമം പ്രകീർത്തനം ചെയ്യുക, അവന്റെ പ്രീതി കാംക്ഷിക്കുക എന്ന പൊതു ഉദ്ദേശ്യമായിരുന്നു അവയ്ക്കെല്ലാം ഉണ്ടായിരുന്നത്. എല്ലാവരുടെയും ഇലാഹ് ഏക ഇലാഹായ അല്ലാഹു ആയത്കൊണ്ട് അവനെ ഉദ്ദേശിച്ച് കൊണ്ട് മാത്രമേ ഇത്തരം ബലികർമ്മങ്ങൾ ചെയ്യാവൂ. അവന് മാത്രമേ കീഴ്വണങ്ങാവൂ. വിനീത ഹൃദയരായ ആളുകൾക്ക് ഇത്തരം കർമ്മാനുഷ്ഠാനങ്ങൾ വമ്പിച്ച പ്രതിഫലം ലഭിക്കാൻ കാരണമാകുന്നതുമാണ്.

**വചനം :35,36**

ٱلَّذِينَ إِذَا ذُكِرَ ٱللَّهُ وَجِلَتْ قُلُوبُهُمْ

35 (അതായത്) യാതൊരുകൂട്ടർ: അല്ലാഹുവിനെക്കുറിച്ചു പ്രസ്താവിക്കപ്പെട്ടാൽ, തങ്ങളുടെ

وَٱلصَّٰبِرِينَ عَلَىٰ مَآ أَصَابَهُمْ وَٱلْمُقِيمِى ٱلصَّلَوٰةِ وَمِمَّا رَزَقْنَٰهُمْ يُنفِقُونَ ﴿٣٥﴾

ഹൃദയങ്ങൾ വിറകൊള്ളുന്നതാണ്;- തങ്ങൾക്ക് ബാധിക്കുന്നതിൽ (ആപത്തുകളിൽ) സഹനശാലികളും, നമസ്കാരം നിലനിറുത്തുന്നവരും! നാം അവർക്ക് നൽകിയിട്ടുള്ളതിൽ നിന്ന് (സൽകാര്യങ്ങളിൽ) ചിലവഴിക്കുകയും ചെയ്യും, (ഇങ്ങിനെയുള്ളവരാണത്).

وَٱلْبُدْنَ جَعَلْنَٰهَا لَكُم مِّن شَعَٰٓئِرِ ٱللَّهِ لَكُمْ فِيهَا خَيْرٌ ۖ فَٱذْكُرُوا۟ ٱسْمَ ٱللَّهِ عَلَيْهَا صَوَآفَّ ۖ فَإِذَا وَجَبَتْ جُنُوبُهَا فَكُلُوا۟ مِنْهَا وَأَطْعِمُوا۟ ٱلْقَانِعَ وَٱلْمُعْتَرَّ ۚ كَذَٰلِكَ سَخَّرْنَٰهَا لَكُمْ لَعَلَّكُمْ تَشْكُرُونَ ﴿٣٦﴾

36 ബലിയൊട്ടകങ്ങളാകട്ടെ, നാം അവയെ നിങ്ങൾക്ക് 'അല്ലാഹുവിൻെറ (മത) ചിഹ്ന'ങ്ങളിൽ പെട്ടതാക്കിയിരിക്കുകയാണ്; നിങ്ങൾക്ക് അവയിൽ ഗുണമുണ്ട്. അതിനാൽ, വരിവരിയായ നിലയിൽ (നിറുത്തിക്കൊണ്ട്) അവയുടെമേൽ അല്ലാഹുവിൻെറ നാമം നിങ്ങൾ കീർത്തനം ചെയ്യുവിൻ! അങ്ങനെ, (അറുത്തശേഷം) അവയുടെ പാർശ്വങ്ങൾ നിലംപതിച്ചാൽ (ജീവൻ പോയി വീണാൽ) അവയിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും, (ചോദിച്ചുവാങ്ങാൻ വരാതെ) സംതൃപ്തിയടഞ്ഞുനിൽക്കുന്നവന്നും, ആഗ്രഹിച്ചുവരുന്നവന്നും ഭക്ഷിക്കുവാൻ കൊടുക്കുകയും ചെയ്യുവിൻ. അപ്രകാരം, അവയെ നിങ്ങൾക്ക് നാം കീഴ്പെടുത്തിത്തന്നിരിക്കുകയാണ്-നിങ്ങൾ നന്ദികാണിക്കുവാൻവേണ്ടി.

വിനീതന്മാരായ ദാസന്മാരുടെ ഗുണവിശേഷങ്ങൾ 35-ാം വചനത്തിൽ അല്ലാഹു വിവരിക്കുന്നു. - അല്ലാഹുവിനെകുറിച്ച് പ്രസ്താവിക്കപ്പെട്ടാൽ അവരുടെ ഹൃദയങ്ങൾ വിറകൊള്ളുന്നതാണ്; തങ്ങൾക്ക് ബാധിക്കുന്ന ആപത്തുകളിൽ അവർ സഹനശാലികളായിരിക്കും; നമസ്ക്കാരം നിലനിർത്തുന്നവരും തങ്ങൾക്ക് അല്ലാഹു നൽകിയിട്ടുള്ളതിൽ നിന്ന് സൽകർമ്മങ്ങൾക്കായി ഉദാരമായി ചിലവഴിക്കുന്നവരുമായിരിക്കും അവർ.

തുടർന്ന്, ബലികർമ്മം ചെയ്യപ്പെടുന്ന മൃഗങ്ങളെകുറിച്ച് പൊതുവായും ഒട്ടകങ്ങളെകുറിച്ച് പ്രത്യേകമായും അല്ലാഹു പ്രസ്താവിക്കുന്നു. ഒട്ടകങ്ങളെ അറുക്കുന്നത് അവയെ നിറുത്തികൊണ്ടാകുന്നു, ജീവൻ പോകുമ്പോൾ അവ ഒരു വശത്തേക്ക് മറിഞ്ഞ് വീഴുന്നു. അപ്പോൾ(പാർശ്വങ്ങൾ നിലം പതിച്ചാൽ), സംതൃപ്തി അടഞ്ഞവർക്കും (ഉള്ളത്കൊണ്ട് തൃപ്തി അടയുന്നവർ) ആഗ്രഹിച്ച് വരുന്നവർക്കും (ദാനദർമ്മങ്ങൾക്ക് വേണ്ടി മുന്നോട്ട് വരുന്നവർ) അതിൽ നിന്നും ഭക്ഷിക്കുവാൻ മാംസം ദാനം കൊടുക്കേണ്ടതാണ്. നിങ്ങളും അവയിൽ നിന്ന് ഒരു ഭാഗം ഭക്ഷിക്കുകയും ചെയ്യേണ്ടതാണ്.

മനുഷ്യനേക്കാൾ എത്രയോ ശക്തിയും വലുപ്പവുമുള്ള ഒട്ടകം സഹനവും സൗമ്യശീലവുമുള്ള ഒരു മൃഗമാകുന്നു. മരുഭൂമിയിലെ യാത്രാവേളയിൽ, വളരെ നാളുകളോളം ഭക്ഷണവും വെള്ളവും ഉപേക്ഷിച്ച് കൊണ്ടും വലിയ ഭാരം ചുമന്ന് കൊണ്ടും യജമാനനെ സേവിക്കുന്നതിനായി അതിനെ മനുഷ്യന്റെ നിയന്ത്രണത്തിന് വിധേയമാക്കിക്കൊടുത്തത് അല്ലാഹുവിന്റെ മഹത്തായ ഒരു അനുഗ്രഹമത്രേ.

**വചനം :37**

لَن يَنَالَ ٱللَّهَ لُحُومُهَا وَلَا دِمَآؤُهَا وَلَٰكِن يَنَالُهُ ٱلتَّقْوَىٰ مِنكُمْ ۚ كَذَٰلِكَ سَخَّرَهَا لَكُمْ لِتُكَبِّرُوا۟ ٱللَّهَ عَلَىٰ مَا هَدَىٰكُمْ ۗ وَبَشِّرِ ٱلْمُحْسِنِينَ ﴿٣٧﴾

37 അവയുടെ മാംസങ്ങളാകട്ടെ, രക്തങ്ങളാകട്ടെ അല്ലാഹുവിങ്കൽ എത്തുന്നില്ലതന്നെ; പക്ഷെ, നിങ്ങളിൽനിന്നുള്ള ഭക്തി അവങ്കൽ എത്തുന്നതാണ്. നിങ്ങൾക്ക് മാർഗ്ഗദർശനം ചെയ്തുതന്നതിന് നിങ്ങൾ അല്ലാഹുവിന് 'തക്ബീർ' (മഹത്വപ്രകീർത്തനം) നടത്തുവാൻവേണ്ടി അപ്രകാരം അവയെ അവൻ നിങ്ങൾക്ക് കീഴ്പെടുത്തിത്തന്നിരിക്കുന്നു. (നബിയേ) സുകൃതവാൻമാർക്ക് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

ബലികർമ്മങ്ങളിലൂടെ മനുഷ്യൻ അവന്റെ ത്യാഗ മനസ്ഥിതിയും അല്ലാഹുവോടുള്ള അവന്റെ ഭക്തിയും പ്രകടമാക്കുന്നതാണ്, അല്ലാഹുവിന്റെ പ്രീതിക്ക് കാരണമാകുന്നത്. ബലിമൃഗത്തിന്റെ മാംസമോ രക്തമോ അല്ല, അല്ലാഹു സ്വീകരിക്കുന്നത്. അല്ലാഹുവിന്റെ പ്രീതി മാത്രം ഉന്നം വെച്ച് നിഷ്കളങ്കമായി ചെയ്യുന്ന ബലികർമ്മങ്ങ ളടക്കമുള്ള സൽകർമ്മങ്ങൾ മാത്രമേ അവങ്കൽ സ്വീകാര്യമാകുകയുള്ളൂ എന്ന് സാരം.

ഇബ്രാഹീം(അ) നബി സ്വപുത്രനായ ഇസ്മാഈൽ (അ) നബിയെ ബലിയർപ്പിക്കാൻ തയ്യാറായ സംഭ വത്തെതുടർന്നാണ് പിന്നീട് ബലികർമ്മ സമ്പ്രദായം നടപ്പാക്കപ്പെട്ടത്. അല്ലാഹുവിന്റെ കൽപനക്കും പ്രീതിക്കും വേണ്ടി തനിക്ക് ഏറ്റവും വിലപ്പെട്ടതിനെപോലും താൻ ത്യാഗം ചെയ്യാൻ തയ്യാറാണെന്നാണ് അത് മുഖേന മനു ഷ്യൻ പ്രകടമാക്കുന്നത്. ആ നിലക്ക് ബലി ചെയ്യപ്പെടുന്ന മൃഗം കഴിയുന്നത്ര വില പിടിച്ചതും ന്യൂനതകളില്ലാ ത്തതും ആകർഷകവും ആയിരിക്കേണ്ടതാണ്. കൂടാതെ ബലികർമ്മം നടത്തേണ്ടതു, അല്ലാഹുവും റസൂലും നിർദ്ദേശിച്ചമാതിരി തന്നെ ആയിരിക്കേണ്ടതുമാണ്.

**വചനം: 38,39**

۞ إِنَّ ٱللَّهَ يُدَٰفِعُ عَنِ ٱلَّذِينَ ءَامَنُوٓا۟ ۗ إِنَّ ٱللَّهَ لَا يُحِبُّ كُلَّ خَوَّانٍ كَفُورٍ ﴿٣٨﴾

38 നിശ്ചയമായും, അല്ലാഹു, വിശ്വസിച്ചവരിൽ നിന്ന് (അന്യാക്രമത്തെ) തടുക്കുന്നതാണ്; നിശ്ചയമായും അല്ലാഹു, നന്ദികെട്ട എല്ലാ വഞ്ചകരെയും ഇഷ്ടപ്പെടുന്നതല്ല;

**വിഭാഗം -6**

أُذِنَ لِلَّذِينَ يُقَٰتَلُونَ بِأَنَّهُمْ ظُلِمُوا۟ ۚ وَإِنَّ ٱللَّهَ عَلَىٰ نَصْرِهِمْ لَقَدِيرٌ ﴿٣٩﴾

39 (ഇങ്ങോട്ട്) സമരം ചെയ്യപ്പെടുന്ന കൂട്ടർക്ക്-അവർ അക്രമിക്കപ്പെട്ടിരിക്കുന്നതുകൊണ്ട്-(അങ്ങോട്ടും യുദ്ധം ചെയ്തുകൊള്ളുവാൻ) അനുവാദം നൽ കപ്പെട്ടിരിക്കുന്നു. നിശ്ചയമായും, അല്ലാഹു അവ രെ സഹായിക്കുന്നതിന് കഴിവുള്ളവനുമത്രെ.

മുസ്ലീങ്ങൾക്ക് യുദ്ധത്തിന് അനുമതി നൽകികൊണ്ട് ആദ്യമായി അവതരിച്ച ആയത്താണിത്. യുദ്ധം ചെയ്യാൻ 'കൽപ്പിക്കപ്പെട്ടിരിക്കുന്നു' എന്ന് പറയാതെ 'അനുവാദം നൽകപ്പെട്ടിരിക്കുന്നു' എന്ന് പറഞ്ഞത് ശ്രദ്ധാർഹ മാണ്. നബി(സ)യും മദീനക്കാരും തമ്മിൽ അൽ അഖബയിൽ വെച്ച് നടന്ന ഉടമ്പടിക്ക് ശേഷം തങ്ങൾക്ക് ശക്തി കൈവന്നുവെന്ന് തോന്നിയ സന്ദർഭത്തിൽ ചില സഹാബികൾ, അന്ന് ഹജ്ജ് കർമ്മത്തിനായി മീനാ താഴ്വര യിൽ സമ്മേളിച്ചിരുന്ന ശത്രുക്കളുടെ നേരെ തിരിഞ്ഞ് ' നമുക്കവരെ കൊന്നു കൂടേ ' എന്ന് നബി(സ)യോട് ചോദിച്ചപ്പോൾ തിരുമേനി അന്ന് നൽകിയ മറുപടി എനിക്ക് അതിന് അനുമതി കിട്ടിയിട്ടില്ല എന്നായിരുന്നു.

യുദ്ധത്തിന് അനുവാദം നൽകുവാനുള്ള കാരണവും ന്യായവും അല്ലാഹു വ്യക്തമാക്കുന്നു. നബി(സ) തൗഹീദ് പ്രബോധനം ചെയ്യാൻ തുടങ്ങിയത് മുതൽ തിരുമേനിയും സഹാബികളും ശത്രുക്കളിൽ നിന്ന് അനുഭ വിക്കേണ്ടി വന്ന മൃഗീയമായ മർദ്ദനങ്ങളും ഒടുക്കം സ്വന്തം നാടും വീടും വിട്ട് മദീനയിൽ അഭയം പ്രാപിക്കേണ്ടി വരികയും ചെയ്ത സംഭവങ്ങൾ ചരിത്ര പ്രസിദ്ധമാണല്ലോ. മർദ്ദിതരായ ജനങ്ങൾക്ക് സ്വരക്ഷക്ക് വേണ്ടി യുദ്ധം ചെയ്യാൻ അനുമതി നൽകുക മാത്രമല്ല, അല്ലാഹുവിന്റെ പ്രത്യേക സഹായവും അല്ലാഹു അവർക്ക് വാഗ്ദാനം ചെയ്യുന്നു.

**വചനം: 40**

ٱلَّذِينَ أُخْرِجُوا۟ مِن دِيَٰرِهِم بِغَيْرِ حَقٍّ إِلَّآ أَن يَقُولُوا۟ رَبُّنَا ٱللَّهُ ۗ وَلَوْلَا دَفْعُ ٱللَّهِ ٱلنَّاسَ بَعْضَهُم بِبَعْضٍ لَّهُدِّمَتْ صَوَٰمِعُ وَبِيَعٌ وَصَلَوَٰتٌ وَمَسَٰجِدُ يُذْكَرُ فِيهَا ٱسْمُ ٱللَّهِ كَثِيرًا ۗ

40 ഞങ്ങളുടെ റബ്ബ് അല്ലാഹുവാണ് എന്ന് പറയുന്നുവെന്നുള്ളതല്ലാതെ(വേറെ)യാതൊരു ന്യായവും കൂടാതെ തങ്ങളുടെ ഭവനങ്ങളി ൽനിന്ന് പുറത്താക്കപ്പെട്ടിട്ടുള്ളവരത്രെ, (അക്ര മത്തിനുവിധേയരായവർ). മനുഷ്യരെ-അവരിൽ ചിലരെ (മറ്റു)ചിലരെക്കൊണ്ട്-അല്ലാഹു തടുക്കൽ ഇല്ലായിരുന്നുവെങ്കിൽ, അല്ലാഹുവി ൻെറ നാമം ധാരാളമായി കീർത്തിക്കപ്പെടുന്ന പല സന്യാസിമഠങ്ങളും, ക്രിസ്തീയ ദേവാലയ ങ്ങളും, ജൂത ദേവാലയങ്ങളും, (മുസ്ലിം) പള്ളികളും പൊളിച്ചു തകർക്കപ്പെടുമായിരുന്നു.

وَلَيَنصُرَنَّ ٱللَّهُ مَن يَنصُرُهُۥٓ ۗ إِنَّ ٱللَّهَ لَقَوِىٌّ عَزِيزٌ ﴿٤٠﴾

തന്നെ സഹായിക്കുന്നതാരോ അവനെ അല്ലാഹു നിശ്ചയമായും സഹായിക്കും. നിശ്ചയമായും, അല്ലാഹു ശക്തനും, പ്രതാപ ശാലിയുംതന്നെയാകുന്നു.

മർദ്ദിതരായ മുസ്ലിംകൾക്ക് സ്വരക്ഷക്ക് വേണ്ടി യുദ്ധം ചെയ്ത് കൊള്ളുവാൻ അനുമതി ലഭിക്കാ തെയിരിക്കുന്ന പക്ഷം ഉണ്ടാകുന്ന ഭവിഷ്യത്തുകൾ അല്ലാഹു വ്യക്തമാക്കുന്നു.

അതിരും എതിരുമില്ലാത്ത ധിക്കാരവുമായി സംഹാര താണ്ഡവം തുടരാൻ അല്ലാഹു ഒരു ജനവിഭാഗത്തെയും അനുവദിക്കുകയില്ല. ഒരു വിഭാഗത്തിന്റെ ആക്രമണം മറ്റൊരു വിഭാഗത്തെ കൊണ്ടു തടയുക എന്ന തന്ത്രം വഴി ഭൂമിയിൽ അല്ലാഹു ശാക്തിക സന്തുലനം നിലനിർത്തുന്നു. ആരാധനാലയങ്ങളും ആരാധനാനിരതരായ സാത്വികരും അങ്ങനെ ഉന്മൂലനത്തിൽ നിന്ന് സംരക്ഷിക്കപ്പെടുന്നു.

അല്ലാഹുവിനെ - അവന്റെ മതത്തെ - സഹായിക്കുന്നവരെ നിശ്ചയമായും അല്ലാഹു സഹായിക്കുന്നതാണെന്ന് ഉറപ്പും പ്രോത്സാഹനവും അല്ലാഹു നൽകുന്നു.

**വചനം: 41**

ٱلَّذِينَ إِن مَّكَّنَّـٰهُمْ فِى ٱلْأَرْضِ أَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ وَأَمَرُوا۟ بِٱلْمَعْرُوفِ وَنَهَوْا۟ عَنِ ٱلْمُنكَرِ ۗ وَلِلَّهِ عَـٰقِبَةُ ٱلْأُمُورِ ﴿٤١﴾

41 (മാത്രമല്ല) ഭൂമിയിൽ അവർക്ക് നാം സ്വാധീനം നൽകിയാൽ അവർ നമസ്കാരം നില നിറുത്തുകയും, സകാത്ത് കൊടുക്കുകയും, സദാചാരത്തിന് കൽപിക്കുകയും, ദുരാചാരത്തെപ്പറ്റി വിരോധിക്കുകയും ചെയ്യുന്നവരാണ് (അവർ). കാര്യങ്ങളുടെ(യെല്ലാം) പര്യവസാനം അല്ലാഹുവിനുള്ളതാകുന്നു.

ഭൂമിയിൽ സ്വാധീനം ലഭിച്ചാൽ അക്കൂട്ടർ, ധാർമ്മികമായും വ്യക്തിപരമായും സാമൂഹികവും സാമുദായികവുമായ കടമകൾ നിറവേറ്റുന്നതാണ് - അതായത് നമസ്ക്കാരം നിലനിർത്തുകയും സകാത്ത് കൊടുക്കുകയും, മറ്റുള്ളവരിൽ സദാചാര ബോധം ഉണ്ടാക്കാൻ വേണ്ടത് ചെയ്യുകയും ചെയ്യുന്നവരാകുന്നു അവർ. മുസ്ലീംകൾ ഇത്തരത്തിൽ അവരുടെ സ്വാധീന ശക്തി വിനിയോഗിക്കുകയാണെങ്കിൽ ഇഹലോക ജീവിതവും പരലോകജീവിതവും പരിശുദ്ധവും വിജയകരവുമായിരിക്കുന്നതുമാണ്.

**വചനം: 42,43,44,45**

وَإِن يُكَذِّبُوكَ فَقَدْ كَذَّبَتْ قَبْلَهُمْ قَوْمُ نُوحٍ وَعَادٌ وَثَمُودُ ﴿٤٢﴾

42 (നബിയേ) ഇവർ (മുശ്രിക്കുകൾ) നിന്നെ കളവാക്കുന്നുവെങ്കിൽ, തീർച്ചയായും ഇവരുടെ മുമ്പ് (ഇതുപോലെ) നൂഹിൻെറ ജനതയും, 'ആദും', 'ഥമൂദും' (റസൂലുകളെ) കളവാക്കിയിട്ടുണ്ട്;

وَقَوْمُ إِبْرَٰهِيمَ وَقَوْمُ لُوطٍ ﴿٤٣﴾

43 ഇബ്റാഹീമിൻെറ ജനതയും, ലൂത്ത്വിൻെറ ജനതയും (കളവാക്കിയിട്ടുണ്ട്);

وَأَصْحَـٰبُ مَدْيَنَ ۖ وَكُذِّبَ مُوسَىٰ ۖ فَأَمْلَيْتُ لِلْكَـٰفِرِينَ ثُمَّ أَخَذْتُهُمْ ۖ فَكَيْفَ كَانَ نَكِيرِ ﴿٤٤﴾

44 മദ്‌യൻ നിവാസികളും (കളവാക്കി); മൂസായും കളവാക്കപ്പെട്ടു. എന്നാൽ, അവിശ്വാസികൾക്ക് ഞാൻ സാവകാശം നല്കി. പിന്നീട്, ഞാൻ അവരെ (വമ്പിച്ച ശിക്ഷവഴി) പിടിക്കുകയും ചെയ്തു. അപ്പോൾ, എൻെറ പ്രതിഷേധം എങ്ങിനെയായി?! (അത് കുറിക്കുകൊണ്ടില്ലേ?!)

فَكَأَيِّن مِّن قَرْيَةٍ أَهْلَكْنَـٰهَا وَهِىَ ظَالِمَةٌ

45 അങ്ങനെ, അക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കവെ എത്ര നാടുകളെ (ജനതയെ)യാണ് നാം നശിപ്പിച്ചത്! എന്നിട്ട്, മേൽപുരകളോടെ അവ

فَهِىَ خَاوِيَةٌ عَلَىٰ عُرُوشِهَا وَبِئْرٍ مُّعَطَّلَةٍ وَقَصْرٍ مَّشِيدٍ ﴿٤٥﴾

വീണടിഞ്ഞുകിടക്കുകയാണ്! ഉപയോഗശൂന്യമായ കിണറുകളും, കെട്ടിഉയര്‍ത്തപ്പെട്ട മാളികകളും (എത്രയാണ് നാശമടഞ്ഞു കിടക്കുന്നത്)!

നബിമാരെ വ്യാജമാക്കി ധിക്കരിക്കലും അക്രമത്തിനൊരുങ്ങലും പതിവാക്കിയ മുന്‍കാല സമൂഹങ്ങളെ അല്ലാഹു ശിക്ഷയിലൂടെ നശിപ്പിച്ചിട്ടുണ്ട്. അങ്ങനെ നശിപ്പിക്കപ്പെട്ടവരുടെ അവശിഷ്ടങ്ങളും ദൃഷ്ടാന്തങ്ങളും ഇവര്‍ക്ക് കണ്ടറിയത്തക്ക വണ്ണം ഇപ്പോഴും അവശേഷിക്കുന്നുമുണ്ട്. - ഇപ്രകാരം അല്ലാഹു നബി(സ)യെ സാന്ത്വനപ്പെടുത്തുന്നു.

**വചനം: 46**

أَفَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَتَكُونَ لَهُمْ قُلُوبٌ يَعْقِلُونَ بِهَآ أَوْ ءَاذَانٌ يَسْمَعُونَ بِهَا ۖ فَإِنَّهَا لَا تَعْمَى ٱلْأَبْصَٰرُ وَلَٰكِن تَعْمَى ٱلْقُلُوبُ ٱلَّتِى فِى ٱلصُّدُورِ ﴿٤٦﴾

46 ഇവര്‍ ഭൂമിയില്‍ (രാജ്യങ്ങളില്‍) കൂടി സഞ്ചരിക്കുന്നില്ലേ? എന്നാലവര്‍ക്ക് (ചിന്തിച്ചു) മനസ്സിലാക്കുവാനുള്ള ഹൃദയങ്ങളോ, കേട്ടറിയുവാനുള്ള കാതുകളോ ഉണ്ടാകേണ്ടിയിരുന്നു! എന്നാല്‍ (വാസ്തവത്തില്‍ ഈ ബാഹ്യമായ) കണ്ണുകള്‍ക്ക് അന്ധത ബാധിക്കുന്നില്ല; എങ്കിലും, നെഞ്ചുകള്‍ക്കകത്തുള്ള ഹൃദയങ്ങള്‍ക്കത്രെ അന്ധത ബാധിക്കുന്നത് .

മേല്‍ പറഞ്ഞ സമുദായങ്ങളുടെ വാസസ്ഥലങ്ങളായിരുന്ന പ്രദേശങ്ങളില്‍ കൂടി സഞ്ചരിക്കുന്ന ഇവര്‍ക്ക് പാഠം പഠിക്കുവാന്‍ കഴിയാത്തതെന്താണ് - ഇവരുടെ അന്ധതയല്ലാതെ മറ്റൊന്നുമല്ല കാരണം. പുറം കണ്ണുകളുടെ അന്ധതയല്ല അകക്കണ്ണുകളാകുന്ന ഹൃദയങ്ങളുടെ അന്ധതയാകുന്നു അതിന് കാരണം. അങ്ങനെയുള്ളവര്‍ക്ക്, ബാഹ്യമായ കാഴ്ചയും കേള്‍വിയും ഉള്ളത് കൊണ്ട് മാത്രം സത്യാവസ്ഥ ഗ്രഹിക്കുവാന്‍ സാധ്യമാകാതെ വരുന്നതാണ്.

**വചനം: 47,48**

وَيَسْتَعْجِلُونَكَ بِٱلْعَذَابِ وَلَن يُخْلِفَ ٱللَّهُ وَعْدَهُۥ ۚ وَإِنَّ يَوْمًا عِندَ رَبِّكَ كَأَلْفِ سَنَةٍ مِّمَّا تَعُدُّونَ ﴿٤٧﴾

47 (നബിയേ) നിന്നോട് അവര്‍ ശിക്ഷക്ക് ധൃതി കൂട്ടിക്കൊണ്ടിരിക്കുന്നു; അല്ലാഹു അവന്‍റെ നിശ്ചയം ലംഘിക്കുകയില്ലതന്നെ. നിശ്ചയമായും, നിന്‍റെ റബ്ബിന്‍റെ അടുക്കല്‍ ഒരു ദിവസം (എന്നത്), നിങ്ങള്‍ എണ്ണിവരുന്ന തരത്തിലുള്ള ആയിരം കൊല്ലം പോലെയാകുന്നു. (ഇതവര്‍ അറിഞ്ഞിരിക്കട്ടെ.)

وَكَأَيِّن مِّن قَرْيَةٍ أَمْلَيْتُ لَهَا وَهِىَ ظَالِمَةٌ ثُمَّ أَخَذْتُهَا وَإِلَىَّ ٱلْمَصِيرُ ﴿٤٨﴾

48 എത്രയോ നാടുകള്‍, അവ അക്രമം ചെയ്തു കൊണ്ടിരിക്കവെ ഞാന്‍ അതിന് സാവകാശം നല്‍കി. പിന്നീട് അതിനെ ഞാന്‍ പിടി(ച്ചു ശിക്ഷി)ക്കുകയും ചെയ്തിട്ടുണ്ട്! എന്‍റെ അടുക്കലേക്ക് തന്നെയാണ് (എല്ലാവരുടെയും) മടക്കവും.

മുന്‍ സമുദായങ്ങള്‍ക്ക് സംഭവിച്ചത് പോലെയുള്ള ശിക്ഷ ഞങ്ങളെ ബാധിക്കാത്തതെന്താണ് എന്ന് ധൃതികൂട്ടിക്കൊണ്ടിരിക്കുന്ന അവിശ്വാസികള്‍ക്കുള്ള മറുപടിയാണിത്. ഈ ലോക വ്യവസ്ഥയില്‍ വളരെ ശ്രദ്ധേയമായ ഒരു അഖിലാണ്ഡനിയമം അല്ലാഹു വെളിപ്പെടുത്തുന്നു. അല്‍പകാല ജീവിയായ മനുഷ്യന്‍റെ കണക്കിലുള്ള ആയിരം കൊല്ലം റബ്ബിന്‍റെ പക്കലുള്ള ഒരു ദിവസം പോലെയാകുന്നു. ഈ നിയമമനുസരിച്ചാണ് മുമ്പ് ശിക്ഷക്ക് വിധേയരായ ധിക്കാര സമുദായങ്ങള്‍ക്കും കുറെ കാലതാമസം അനുവദിക്കപ്പെട്ടത്. ഇക്കൂട്ടര്‍ ധൃതികൂട്ടേണ്ടതില്ല, - സമയമാകുമ്പോള്‍ അത് സംഭവിച്ചിരിക്കുക തന്നെ ചെയ്യും - ശേഷം അല്ലാഹുവിന്‍റെ അടുക്കലേക്ക് തന്നെയാകുന്നു എല്ലാവരുടെയും മടക്കവും.

## വിഭാഗം7

**വചനം: 49,50,51**

قُلْ يَـٰٓأَيُّهَا ٱلنَّاسُ إِنَّمَآ أَنَا۠ لَكُمْ نَذِيرٌ مُّبِينٌ ﴿٤٩﴾
فَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ لَهُم مَّغْفِرَةٌ وَرِزْقٌ كَرِيمٌ ﴿٥٠﴾
وَٱلَّذِينَ سَعَوْا۟ فِىٓ ءَايَـٰتِنَا مُعَـٰجِزِينَ أُو۟لَـٰٓئِكَ أَصْحَـٰبُ ٱلْجَحِيمِ ﴿٥١﴾

49 (നബിയേ) പറയുക: ഹേ, മനുഷ്യരേ! നിശ്ചയമായും ഞാൻ നിങ്ങൾക്ക് വ്യക്തമായ ഒരു താക്കീതുകാരൻ മാത്രമാണ്.

50 എന്നാൽ, വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് പാപമോചനവും, മാന്യമായ ഉപജീവനവും ഉണ്ടായിരിക്കും.

51 (നമ്മെ) തോൽപിക്കാമെന്ന് നടിച്ചുകൊണ്ട് നമ്മുടെ ലക്ഷ്യങ്ങളിൽ (കുഴപ്പമുണ്ടാക്കുവാൻ) പരിശ്രമം നടത്തുന്നവരാകട്ടെ, അവർ നരകത്തിൻെറ ആൾക്കാരുമത്രെ.

അല്ലാഹുവിന്റെ കൽപനപ്രകാരം നിങ്ങളെ താക്കീത് ചെയ്‌വാൻ വേണ്ടി മാത്രം നിയോഗിക്കപ്പെട്ടവനത്രേ ഞാൻ. ഈ താക്കീത് സ്വീകരിക്കുന്ന പക്ഷം, പാപമോചനവും മാന്യമായ ഉപജീവനവും നിങ്ങൾക്കുണ്ടായിരിക്കും. അല്ലാഹുവിനെ തോൽപ്പിക്കാമെന്ന് വെച്ച് അവനെ ധിക്കരിക്കുന്നവർക്കാകട്ടെ, കഠിനമായ നരകശിക്ഷയായിരിക്കും അനുഭവിക്കേണ്ടിവരിക - എന്നിങ്ങനെ അവരോട് ഉപദേശിക്കാൻ അല്ലാഹു നബി(സ)യോട് നിർദ്ദേശിക്കുന്നു.

**വചനം: 52,53,54**

وَمَآ أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ وَلَا نَبِىٍّ إِلَّآ إِذَا تَمَنَّىٰٓ أَلْقَى ٱلشَّيْطَـٰنُ فِىٓ أُمْنِيَّتِهِۦ فَيَنسَخُ ٱللَّهُ مَا يُلْقِى ٱلشَّيْطَـٰنُ ثُمَّ يُحْكِمُ ٱللَّهُ ءَايَـٰتِهِۦ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿٥٢﴾
لِّيَجْعَلَ مَا يُلْقِى ٱلشَّيْطَـٰنُ فِتْنَةً لِّلَّذِينَ فِى قُلُوبِهِم مَّرَضٌ وَٱلْقَاسِيَةِ قُلُوبُهُمْ ۗ وَإِنَّ ٱلظَّـٰلِمِينَ لَفِى شِقَاقٍۭ بَعِيدٍ ﴿٥٣﴾
وَلِيَعْلَمَ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ أَنَّهُ ٱلْحَقُّ مِن رَّبِّكَ فَيُؤْمِنُوا۟ بِهِۦ فَتُخْبِتَ لَهُۥ قُلُوبُهُمْ ۗ وَإِنَّ ٱللَّهَ لَهَادِ ٱلَّذِينَ ءَامَنُوٓا۟ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٥٤﴾

52 നിനക്കുമുമ്പ് ഒരു റസൂലിനെയാകട്ടെ, നബിയെയാകട്ടെ, നാം അയക്കുകയുണ്ടായിട്ടില്ല, അദ്ദേഹം (നമ്മുടെ ലക്ഷ്യങ്ങൾ) ഓതിക്കൊടുത്താൽ (ആ) ഓതിക്കൊടുക്കുന്നതിൽ പിശാച് (ദുർബ്ബോധനങ്ങൾ) ഇട്ടുകളയാതെ. എന്നാൽ പിശാച് (അതിൽ) ഇട്ടു കളയുന്നതിനെ അല്ലാഹു ദുർബ്ബലപ്പെടുത്തിക്കളയുന്നു; എന്നിട്ട്, തൻെറ (വചനങ്ങളാകുന്ന) ലക്ഷ്യങ്ങളെ അല്ലാഹു പ്രബലപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹു, സർവജ്ഞനും യുക്തിജ്ഞാനിയുമാകുന്നു.

53 പിശാച് ഇട്ടു കളയുന്നതിനെ (ദുർബ്ബോധനങ്ങളെ) ഹൃദയങ്ങളിൽ രോഗമുള്ളവർക്കും, ഹൃദയങ്ങൾ കടുത്തു പോയിട്ടുള്ളവർക്കും ഒരു പരീക്ഷണമാക്കുവാനായിട്ടത്രെ (അത്). നിശ്ചയമായും, അക്രമകാരികൾ വിദൂരമായ (കഠിനമായ) കക്ഷിത്വത്തിലാണ്.

54 അറിവ് നൽകപ്പെട്ടിട്ടുള്ളവർക്ക്, അത് നിൻെറ റബ്ബിൻെറ പക്കൽ നിന്നുള്ള യഥാർത്ഥം തന്നെയാണെന്ന് അറിയുവാനും, അങ്ങിനെ അവർ അതിൽ വിശ്വസിക്കുവാനും തൽഫലമായി അവരുടെ ഹൃദയങ്ങൾ അതിലേക്ക് വിനയപ്പെടുവാനും (ലയിക്കുവാനും) വേണ്ടിയുമാകുന്നു. നിശ്ചയമായും, അല്ലാഹു വിശ്വസിച്ചിട്ടുള്ളവരെ നേരായ പാതയിലേക്ക് നയിക്കുന്നവനാകുന്നു.

നബിമാർ സത്യപ്രബോധനം നടത്തുന്ന അവസരങ്ങളിലെല്ലാം പിശാച് പല ദുർബോധനങ്ങളും കടത്തികൂട്ടി ദുഷ്പ്രചരണം നടത്തികൊണ്ടിരിക്കുക പതിവാണ്. ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കി സത്യത്തിൽ നിന്നു പിന്തിരിപ്പിക്കുവാൻ ശ്രമിക്കുകയെന്നതാണ് പിശാചിന്റെ ലക്ഷ്യം. ഇതൊക്കെ ജാലവിദ്യയാണ്, കവിതയാണ്, കെട്ടുകഥയാണ്, യുക്തിഹീനമാണ് എന്നിങ്ങനെ പല ദുർന്യായങ്ങളും അവർ പറഞ്ഞു പരത്തും. പിശാചുക്കളുടെ ഈ ദുർബോധനം മുടക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അവരത് ചെയ്യുകയില്ലായിരുന്നു എന്നാൽ പിശാചുക്കളുടെ ഈ ദുർബോധനങ്ങൾ, സത്യം സ്വീകരിക്കാനും അന്വേഷിച്ചറിയാനും തയ്യാറില്ലാത്ത, ദുഷ്ടമനസ്ഥിതിയും ധിക്കാരബുദ്ധിയുമുള്ളവർക്ക് ഒരു പരീക്ഷണവും, അറിവും ബോധവുമുള്ള സത്യാന്വേഷികൾക്ക്, അസത്യത്തിൽ നിന്നും സത്യത്തെ യഥാർത്ഥ നിലയിൽ തിരിച്ചറിയാനുള്ള ഒരു അവസരവുമാകുന്നു. ആത്യന്തികമായി സത്യത്തെ അല്ലാഹു വിജയിപ്പിക്കുകയും യഥാർത്ഥ വിശ്വാസികളെ നേരായ പാതയിലേക്ക് നയിക്കുകയും ചെയ്യുന്നതാണ്.(സൂ: അൻആം 112,113 വചനങ്ങൾ ശ്രദ്ധിക്കുക).

**വചനം: 55,56,57**

وَلَا يَزَالُ ٱلَّذِينَ كَفَرُوا۟ فِى مِرْيَةٍ مِّنْهُ حَتَّىٰ تَأْتِيَهُمُ ٱلسَّاعَةُ بَغْتَةً أَوْ يَأْتِيَهُمْ عَذَابُ يَوْمٍ عَقِيمٍ ﴿٥٥﴾

ٱلْمُلْكُ يَوْمَئِذٍ لِّلَّهِ يَحْكُمُ بَيْنَهُمْ ۚ فَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ فِى جَنَّـٰتِ ٱلنَّعِيمِ ﴿٥٦﴾

وَٱلَّذِينَ كَفَرُوا۟ وَكَذَّبُوا۟ بِـَٔايَـٰتِنَا فَأُو۟لَـٰٓئِكَ لَهُمْ عَذَابٌ مُّهِينٌ ﴿٥٧﴾

55 പെട്ടന്നൊരിക്കൽ അന്ത്യസമയം (ലോകാവസാന സമയം) തങ്ങൾക്ക് വന്നെത്തുന്നതുവരെ, അവിശ്വസിച്ചവർ അതിനെക്കുറിച്ചു സംശയത്തിലായിക്കൊണ്ടേയിരിക്കുന്നതാണ്; അല്ലെങ്കിൽ, ഗുണംകെട്ട ഒരു ദിവസത്തിലെ ശിക്ഷ അവർക്ക് വന്നെത്തുവോളം (അവരങ്ങിനെയിരിക്കും).

56 അന്നത്തെ ദിവസം, ആധിപത്യം (മുഴുവനും) അല്ലാഹുവിനാകുന്നു. അവർക്കിടയിൽ അവൻ വിധികൽപിക്കും. എന്നാൽ, വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവർ സൗഖ്യജീവിതത്തിൻെറ സ്വർഗ്ഗങ്ങളിലായിരിക്കും.

57 അവിശ്വസിക്കുകയും, നമ്മുടെ ലക്ഷ്യങ്ങളെ കളവാക്കുകയും ചെയ്തവരാകട്ടെ, അക്കൂട്ടർക്ക് തന്നെയാണ് നിന്ദ്യമായ ശിക്ഷ.

എല്ലാ കാലത്തും സർവ്വാധിപത്യം അല്ലാഹുവിന് തന്നെയാണെങ്കിലും ഇന്ന് ബാഹ്യമായ ചില അധികാരശക്തികൾ നിലവിലുണ്ടല്ലോ. മാത്രമല്ല മനുഷ്യന് അവന്റെ ഐഹിക ജീവിതം അവസാനിക്കുന്നത് വരേക്കും പരിമിതമായ ചില സ്വാതന്ത്ര്യങ്ങൾ നൽകപ്പെട്ടിട്ടുമുണ്ട്. എന്നാൽ ഖിയാമത്ത് നാളിൽ സർവ്വ അധികാരങ്ങളും ഏക ഇലാഹായ സർവ്വാധികാരിയായ അല്ലാഹുവിന് മാത്രമായിരിക്കും. അന്നേ ദിവസം അവൻ അവർക്കിടയിൽ ന്യായവിധി നടപ്പാക്കുന്നതുമാണ്.

## വിഭാഗം -8

**വചനം: 58,59,60,61,62**

وَٱلَّذِينَ هَاجَرُوا۟ فِى سَبِيلِ ٱللَّهِ ثُمَّ قُتِلُوٓا۟ أَوْ مَاتُوا۟ لَيَرْزُقَنَّهُمُ ٱللَّهُ رِزْقًا حَسَنًا ۚ وَإِنَّ ٱللَّهَ لَهُوَ خَيْرُ ٱلرَّٰزِقِينَ ﴿٥٨﴾

لَيُدْخِلَنَّهُم مُّدْخَلًا يَرْضَوْنَهُۥ ۗ وَإِنَّ ٱللَّهَ لَعَلِيمٌ حَلِيمٌ ﴿٥٩﴾

58 അല്ലാഹുവിൻെറ മാർഗ്ഗത്തിലായി സ്വരാജ്യംവിട്ട് (ഹിജ്റ) പോകുകയും, പിന്നീട് (ശത്രുക്കളാൽ) കൊല്ലപ്പെടുകയോ, അല്ലെങ്കിൽ മരണമടയുകയോ ചെയ്കയും ചെയ്തിട്ടുള്ളവരാകട്ടെ, നിശ്ചയമായും അല്ലാഹു അവർക്ക് മെച്ചപ്പെട്ട ഉപജീവനം നൽകുന്നതാണ്. നിശ്ചയമായും, അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവരിൽ (ഏറ്റവും) ഉത്തമനായുള്ളവൻ.

59 അവർ തൃപ്തിപ്പെടുന്നതായ ഒരു പ്രവേശനസ്ഥലത്ത് (സ്വർഗ്ഗത്തിൽ) അവരെ അവൻ പ്രവേശിപ്പിക്കുകതന്നെചെയ്യും. നിശ്ചയമായും അല്ലാഹു സർവജ്ഞനും, ക്ഷമാലുവും തന്നെ.

۞ ذَٰلِكَ وَمَنْ عَاقَبَ بِمِثْلِ مَا عُوقِبَ بِهِۦ ثُمَّ بُغِىَ عَلَيْهِ لَيَنصُرَنَّهُ ٱللَّهُ ۗ إِنَّ ٱللَّهَ لَعَفُوٌّ غَفُورٌ ﴿٦٠﴾

60 (കാര്യത്തിൻെറ നില) അതാണ്. ആരെങ്കിലും, തന്നോട് എടുക്കപ്പെട്ട ശിക്ഷാനടപടിക്ക് തുല്യമായതുകൊണ്ട് (അങ്ങോട്ട്) പ്രതികാരനടപടി എടുക്കുകയും, പിന്നെയും തന്നോട് അതിക്രമം പ്രവര്‍ത്തിക്കപ്പെടുകയും ചെയ്യുന്നതായാല്‍, നിശ്ചയമായും അല്ലാഹു അവനെ സഹായിക്കുന്നതാകുന്നു. നിശ്ചയമായും അല്ലാഹു മാപ്പ് ചെയ്യുന്നവനും പൊറുക്കുന്നവനുമത്രെ.

ذَٰلِكَ بِأَنَّ ٱللَّهَ يُولِجُ ٱلَّيْلَ فِى ٱلنَّهَارِ وَيُولِجُ ٱلنَّهَارَ فِى ٱلَّيْلِ وَأَنَّ ٱللَّهَ سَمِيعٌۢ بَصِيرٌ ﴿٦١﴾

61 അത് (ആ സഹായം), അല്ലാഹു രാവിനെ പകലില്‍ കടത്തുകയും, പകലിനെ രാവില്‍ കടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നുവെന്നും, അല്ലാഹു (എല്ലാം) കേള്‍ക്കുന്നവനും, കാണുന്നവനും ആണെന്നും ഉള്ളതുകൊണ്ടാകുന്നു.

ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِۦ هُوَ ٱلْبَٰطِلُ وَأَنَّ ٱللَّهَ هُوَ ٱلْعَلِىُّ ٱلْكَبِيرُ ﴿٦٢﴾

62 അല്ലാഹുവാണ് യഥാര്‍ത്ഥത്തിലുള്ളവന്‍, അവനു പുറമെ അവര്‍ വിളിച്ചു (പ്രാര്‍ത്ഥിച്ചു) വരുന്നവ തന്നെയാണ് നിരര്‍ത്ഥമായത്, അല്ലാഹു തന്നെയാകുന്നു ഉന്നതനും മഹാനുമായുള്ളവനും, എന്നീ കാരണത്താലാണത്.

അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ ത്യാഗങ്ങള്‍ സഹിച്ച് കൊണ്ട് സ്വരാജ്യം വിട്ട് ഹിജ്റ പോകുകയും, പിന്നീട് മരണമടയുകയോ, ശത്രുക്കളാല്‍ കൊല്ലപ്പെടുകയോ ചെയ്തിട്ടുമുള്ളവര്‍ക്ക് അല്ലാഹു സ്വര്‍ഗ്ഗ പ്രവേശനം വാഗ്ദാനം ചെയ്യുന്നു. മര്‍ദ്ദിതര്‍ക്ക് പ്രതികാര നടപടി എടുക്കുവാന്‍ അവകാശം നല്‍കിയ അല്ലാഹു, സത്യത്തിന്റെ കക്ഷിയെ സഹായിക്കുമെന്നും അസത്യത്തിന്റെ കക്ഷിയെ ശിക്ഷിക്കുമെന്നും വാഗ്ദാനം ചെയ്യുന്നു. അക്രമികള്‍ ഖേദിച്ച് മടങ്ങുന്ന പക്ഷം അല്ലാഹു അവര്‍ക്ക് മാപ്പ് നല്‍കുവാനും സദാ സന്നദ്ധനാകുന്നു.

സത്യത്തിന്റെ കക്ഷിയെ സഹായിക്കുമെന്നും അസത്യത്തിന്റെ കക്ഷിയെ ശിക്ഷിക്കുമെന്നും അല്ലാഹു വാഗ്ദാനം ചെയ്തതിന്റെ പൊരുളെന്തെന്നാല്‍ രാപകലുകളില്‍ നടക്കുന്ന എല്ലാ കാര്യങ്ങളുടെയും നിയന്താവായ അല്ലാഹു എല്ലാം കാണുന്നവനും കേള്‍ക്കുന്നവനും ആണെന്നുള്ളത് കൊണ്ടാകുന്നു.

എല്ലാറ്റിനും നിദാനമായ അടിസ്ഥാന തത്വമാണ് ഒടുവിലത്തെ വചനം- അല്ലാഹു ഒരേ ഒരുവന്‍ മാത്രം. ദൈവങ്ങളായും ആരാധ്യ വസ്തുക്കളായും അവര്‍ ഗണിച്ച് വരുന്ന പലതും സ്വതന്ത്രമായ അസ്ഥിത്വമോ സ്ഥിരമായ നിലനില്‍പോ സ്വന്തമായ കഴിവോ ശക്തിയോ ഒന്നുമില്ലാത്ത നിരര്‍ത്ഥവസ്തുക്കളാകുന്നു. യഥാര്‍ത്ഥ ഔന്നത്യവും മഹത്വവും തികഞ്ഞവന്‍ ഏകനായ അല്ലാഹു മാത്രം.

**വചനം: 63,64,65,66**

أَلَمْ تَرَ أَنَّ ٱللَّهَ أَنزَلَ مِنَ ٱلسَّمَآءِ مَآءً فَتُصْبِحُ ٱلْأَرْضُ مُخْضَرَّةً ۗ إِنَّ ٱللَّهَ لَطِيفٌ خَبِيرٌ ﴿٦٣﴾

63 നീ കണ്ടില്ലേ: അല്ലാഹു ആകാശത്തുനിന്ന് (മഴ) വെള്ളം ഇറക്കിയിട്ട് ഭൂമി പച്ചപിടിച്ചതായിത്തീരുന്നത്?! നിശ്ചയമായും, അല്ലാഹു സസൂക്ഷ്മനും സൂക്ഷ്മജ്ഞാനിയുമാകുന്നു.

لَّهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۗ وَإِنَّ ٱللَّهَ لَهُوَ ٱلْغَنِىُّ ٱلْحَمِيدُ ﴿٦٤﴾

64 ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) അവൻേറതാകുന്നു. നിശ്ചയമായും, അല്ലാഹു തന്നെയാണ് സ്തുത്യര്‍ഹനായ ഐശ്വര്യവാന്‍.

**വിഭാഗം 9**

أَلَمْ تَرَ أَنَّ ٱللَّهَ سَخَّرَ لَكُم مَّا فِى ٱلْأَرْضِ وَٱلْفُلْكَ تَجْرِى فِى ٱلْبَحْرِ بِأَمْرِهِۦ

65 നീ കണ്ടില്ലേ: ഭൂമിയിലുള്ളതും, തൻെറ കല്‍പ്പനയനുസരിച്ചു സമുദ്രത്തില്‍ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന കപ്പലുകളും അല്ലാഹു നിങ്ങള്‍ക്ക് കീഴ്പ്പെടുത്തിത്തന്നിരിക്കുന്നത്?! അവൻെറ

وَيُمْسِكُ ٱلسَّمَآءَ أَن تَقَعَ عَلَى ٱلْأَرْضِ إِلَّا بِإِذْنِهِۦٓ ۗ إِنَّ ٱللَّهَ بِٱلنَّاسِ لَرَءُوفٌ رَّحِيمٌ ﴿٦٥﴾

അനുമതി (കൽപ്പന) പ്രകാരമല്ലാതെ ഭൂമിയിൽ വീണുപോകുന്നതിന്, ആകാശത്തെ അവൻ പിടിച്ചു നിർത്തുകയും ചെയ്യുന്നു. നിശ്ചയമായും അല്ലാഹു ജനങ്ങളോട് വളരെ കൃപയുള്ളവൻ തന്നെയാണ്, കരുണാനിധിയാണ്.

وَهُوَ ٱلَّذِىٓ أَحْيَاكُمْ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ ۗ إِنَّ ٱلْإِنسَٰنَ لَكَفُورٌ ﴿٦٦﴾

66 അവനത്രെ, നിങ്ങളെ ജീവിപ്പിച്ചിട്ടുള്ളവനും, പിന്നെ, നിങ്ങളെ അവൻ മരണപ്പെടുത്തുന്നു; പിന്നെയും നിങ്ങളെ അവൻ ജീവിപ്പിക്കുന്നു. നിശ്ചയമായും, മനുഷ്യൻ വളരെ നന്ദികെട്ടവൻ തന്നെയാണ്!

ഈ വചനങ്ങളുടെ സാരാംശം വിവരിക്കേണ്ടുന്ന ആവശ്യമില്ല. ഉദ്ദേശം വളരെ വ്യക്തവുമാകുന്നു. അവയുടെ ഉള്ളടക്കം വേണ്ടവിധം ഗ്രഹിക്കുന്നതിനും അവ ചിന്തിച്ച് മനസ്സിലാക്കുന്നതിനും അല്ലാഹു നമുക്ക് തൌഫീക്ക് പ്രദാനം ചെയ്യട്ടെ - ആമീൻ.

**വചനം 67,68,69,70**

لِّكُلِّ أُمَّةٍ جَعَلْنَا مَنسَكًا هُمْ نَاسِكُوهُ ۖ فَلَا يُنَٰزِعُنَّكَ فِى ٱلْأَمْرِ ۚ وَٱدْعُ إِلَىٰ رَبِّكَ ۖ إِنَّكَ لَعَلَىٰ هُدًى مُّسْتَقِيمٍ ﴿٦٧﴾

67 എല്ലാ (ഓരോ) സമുദായത്തിനും നാം ഓരോ കർമ്മാനുഷ്ഠാനമുറ ഏർപ്പെടുത്തിയിരിക്കുന്നു, അവർ അത് അനുഷ്ഠിച്ചുവരുന്നവരാണ്. അതിനാൽ, (ഈ) കാര്യത്തിൽ അവർ നിന്നോട് വഴക്കടിക്കാതിരുന്നുകൊള്ളട്ടെ. നിൻെറ രക്ഷിതാവിങ്കലേക്ക് നീ (ജനങ്ങളെ) ക്ഷണിച്ചുകൊള്ളുക. നിശ്ചയമായും, നീ ചൊവ്വായ സൻമാർഗ്ഗത്തിൽ തന്നെയാകുന്നു.

وَإِن جَٰدَلُوكَ فَقُلِ ٱللَّهُ أَعْلَمُ بِمَا تَعْمَلُونَ ﴿٦٨﴾

68 അവർ നിന്നോട് തർക്കിക്കുകയാണെങ്കിൽ നീ പറഞ്ഞേക്കുക: നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു!

ٱللَّهُ يَحْكُمُ بَيْنَكُمْ يَوْمَ ٱلْقِيَٰمَةِ فِيمَا كُنتُمْ فِيهِ تَخْتَلِفُونَ ﴿٦٩﴾

69 യാതൊന്നിൽ നിങ്ങൾ ഭിന്നിച്ചുകൊണ്ടിരിക്കുന്നുവോ അതിൽ (അക്കാര്യത്തിൽ) ഖിയാമത്തുനാളിൽ അല്ലാഹു നിങ്ങൾക്കിടയിൽ വിധി കൽപിച്ചുകൊള്ളും (ഞാൻ നിങ്ങളുമായി തർക്കിക്കുന്നില്ല) എന്ന്.

أَلَمْ تَعْلَمْ أَنَّ ٱللَّهَ يَعْلَمُ مَا فِى ٱلسَّمَآءِ وَٱلْأَرْضِ ۗ إِنَّ ذَٰلِكَ فِى كِتَٰبٍ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿٧٠﴾

70 നിനക്കറിഞ്ഞുകൂടേ, അല്ലാഹു ആകാശഭൂമികളിലുള്ളത് (ഒക്കെയും) അറിയുന്നുവെന്ന്?! നിശ്ചയമായും, അത് (മുഴുവനും) ഒരു ഗ്രന്ഥത്തിൽ (രേഖയിൽ) ഉണ്ട്; നിശ്ചയമായും, അത് അല്ലാഹുവിന് നിസ്സാരമത്രെ.

യഹൂദ സമുദായത്തിന് മൂസാ(അ) മുഖാന്തിരവും ക്രിസ്ത്യാനികൾക്ക് ഈസാ(അ) നബിയുടെ കൈക്കും ഇത്പോലെ, ദൈവിക മതാവലംബികളായ എല്ലാ സമുദായങ്ങൾക്കും, പ്രത്യേകം പ്രത്യേകം കർമ്മാനുഷ്ഠാനമുറകൾ നൽകപ്പെട്ടിട്ടുണ്ട്. മൂസാ(അ) നബിയുടെ സമുദായം ഈസാ(അ) നബിയിൽ വിശ്വസിക്കുകയും അദ്ദേഹത്തിന്റെ മാർഗ്ഗം അനുഷ്ഠിക്കുകയും ചെയ്യേണ്ടതായിരുന്നു. അത്പോലെ യഹൂദരും, ക്രിസ്ത്യാനികളും നബി (സ) തിരുമേനിയുടെ കൈക്ക് അവതരിപ്പിക്കപ്പെട്ട കർമ്മ പദ്ധതി സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ അവരിൽ അധിക ഭാഗവും അതിന് കൂട്ടാക്കിയില്ല എന്ന് മാത്രമല്ല, അവരവരുടെ പഴയ നടപടി, ആ നടപടിയിൽ കാലക്രമത്തിലുണ്ടായ കൈ കടത്തലുകളും അനാചാര ദുരാചാരങ്ങളും സഹിതം അപ്പടി മുറുകെ പിടിക്കുകയാണുണ്ടായത്. കൂടാതെ മുഹമ്മദ് നബി(സ) തിരുമേനി മുഖാന്തിരം അവതരിപ്പിക്കപ്പെട്ട ഉൽകൃഷ്ട കർമ്മ പദ്ധതിക്കെതിരെ അവർ ശത്രുതയും ധിക്കാരവും പ്രകടിപ്പിക്കുകയും ചെയ്യുന്നു.

അക്കൂട്ടരോട് തർക്കത്തിനും വാഗ്വാദത്തിനും പോയിട്ട് യാതൊരു പ്രയോജനവുമുണ്ടാകാൻ പോകുന്നില്ല. അല്ലാഹുവിൽ നിന്നുള്ള സത്യമാർഗ്ഗത്തിൽ ഉറച്ച് നിന്ന് കൊണ്ട് ജനങ്ങളെ അതിലേക്ക് ക്ഷണിച്ച് കൊള്ളുക. എന്നിട്ടും അവർ കുതർക്കത്തിന് മുതിരുകയാണെങ്കിൽ അവരോട് ഇപ്രകാരം പറയുക “ നിങ്ങളുടെ പ്രവർത്തനത്തെ പറ്റി നന്നായി അറിയുന്ന അല്ലാഹു ഖിയാമത്ത് നാളിൽ അതേ പറ്റി ശരിയായ തീരുമാനം എടുത്തു കൊള്ളും. ”എന്നിങ്ങനെ അല്ലാഹു നബി(സ) തിരുമേനിയെ ഉപദേശിക്കുന്നു.

ആകാശ ഭൂമിയിലുള്ള സർവ്വവസ്തുക്കളെ കുറിച്ചും സമഗ്രമായി അറിയുന്ന അല്ലാഹു അവയെല്ലാം വ്യക്തമായ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അതൊക്കെയും, കേവലം നിസ്സാരവും നിഷ്പ്രയാസവുമായ ഒരു പ്രവർത്തിയാകുന്നു.

**വചനം: 71**

وَيَعۡبُدُونَ مِن دُونِ ٱللَّهِ مَا لَمۡ يُنَزِّلۡ بِهِۦ سُلۡطَٰنٗا وَمَا لَيۡسَ لَهُم بِهِۦ عِلۡمٞۗ وَمَا لِلظَّٰلِمِينَ مِن نَّصِيرٖ ٧١

71 അല്ലാഹുവിനു പുറമെ, യാതൊരു അധികൃതരേഖയും അവൻ അവതരിപ്പിച്ചിട്ടില്ലാത്തതിനെയും, തങ്ങൾക്ക് യാതൊരു അറിവും ഇല്ലാത്തതിനെയും അവർ ആരാധിച്ചു വരുന്നു. അക്രമം പ്രവർത്തിക്കുന്നവർക്ക് യാതൊരു സഹായകനും ഉണ്ടായിരിക്കയില്ല.

വിഗ്രഹങ്ങൾ തുടങ്ങിയ ഏത് പരദൈവങ്ങളെയും ആരാധിക്കുന്നതിന് അല്ലാഹുവിൽ നിന്നുള്ള വല്ല പ്രമാണമോ വ്യക്തമായ അറിവോ അവർക്കില്ല, വെറും ഊഹങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാകുന്നു അവരുടെ ഈ വിഡ്ഢിത്തം. അക്രമികളായ അക്കൂട്ടർക്ക് യാതൊരു സഹായകനും ഉണ്ടായിരിക്കുകയില്ല തന്നെ.

**വചനം: 72**

وَإِذَا تُتۡلَىٰ عَلَيۡهِمۡ ءَايَٰتُنَا بَيِّنَٰتٖ تَعۡرِفُ فِي وُجُوهِ ٱلَّذِينَ كَفَرُواْ ٱلۡمُنكَرَۖ يَكَادُونَ يَسۡطُونَ بِٱلَّذِينَ يَتۡلُونَ عَلَيۡهِمۡ ءَايَٰتِنَاۗ قُلۡ أَفَأُنَبِّئُكُم بِشَرّٖ مِّن ذَٰلِكُمُۗ ٱلنَّارُ وَعَدَهَا ٱللَّهُ ٱلَّذِينَ كَفَرُواْۖ وَبِئۡسَ ٱلۡمَصِيرُ ٧٢

72 സുവ്യക്തമായ നിലയിൽ നമ്മുടെ ലക്ഷ്യങ്ങൾ അവർക്ക് ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ (ആ) അവിശ്വസിച്ചവരുടെ മുഖങ്ങളിൽ അനിഷ്ടം (വെളിപ്പെടുന്നതായി) നിനക്ക് മനസ്സിലാകുന്നതാണ്; നമ്മുടെ ലക്ഷ്യങ്ങൾ അവർക്ക് ഓതിക്കേൾപ്പിക്കുന്നവരോട് അവർ കയ്യേറ്റം നടത്തുമാറായേക്കും! പറയുക: എന്നാൽ, അതിനെക്കാൾ ദോഷകരമായ ഒന്നിനെപ്പറ്റി നിങ്ങൾക്ക് ഞാൻ അറിവ് തരട്ടെയോ? നരകം! (അതാണത്.) അവിശ്വസിച്ചവർക്ക് അല്ലാഹു അത് നിശ്ചയിച്ചു വെച്ചിരിക്കുകയാണ്. (ആ) പ്രാപ്യസ്ഥാനം വളരെ മോശപ്പെട്ടതും തന്നെ!

എത്ര വ്യക്തമായ തെളിവുകളായിരുന്നാലും ശരി, അത് കേൾക്കുന്നത് അവിശ്വാസികൾക്ക് വെറുപ്പും അനിഷ്ടവുമായിരിക്കും. അത് കേൾപ്പിക്കാൻ ശ്രമിക്കുന്നവരെ കയ്യേറ്റം ചെയ്യാൻ ആ അക്രമികൾ മുതിരുകയും ചെയ്യും. ഇന്നും അനുഭവത്തിൽ നാം കണ്ട് കൊണ്ടിരിക്കുന്ന ഒറു പരമാർത്ഥമാണല്ലോ ഇത്. ആദർശത്തെ ആദർശം കൊണ്ട് നേരിടാനാകാത്ത അക്കൂട്ടർ അക്രമത്തെ ശരണം പ്രാപിക്കുന്നു. ഖുർആൻ ഗൗരവസ്വരത്തിൽ അവരെ ഇപ്രകാരം താക്കീത് ചെയ്യുന്നു.

“ നിങ്ങൾ ഇപ്പോൾ പ്രകടിപ്പിക്കുന്ന വിദ്വേഷത്തേക്കാൾ വിദ്വേഷവും വെറുപ്പും നിങ്ങൾക്കുണ്ടായിരിക്കേണ്ടുന്ന മറ്റൊന്നുണ്ട് - അതു നരകമല്ലാതെ മറ്റൊന്നല്ല. ഈ നില നിങ്ങൾ തുടരുകയാണെങ്കിൽ അതിൽ നിന്ന് നിങ്ങൾക്ക് യാതൊരു രക്ഷയും കിട്ടുന്നതല്ല. അതിൽ പരം മോശമായ ഒരു വാസസ്ഥലം വേറെയില്ല തന്നെ. ”

## വിഭാഗം - 10

**വചനം: 73,74**

يَٰٓأَيُّهَا ٱلنَّاسُ ضُرِبَ مَثَلٞ فَٱسۡتَمِعُواْ لَهُۥٓۚ إِنَّ ٱلَّذِينَ تَدۡعُونَ مِن

73 ഹേ, മനുഷ്യരെ! ഒരു ഉപമ (ഇതാ) വിവരിക്കപ്പെടുന്നു-അതിലേക്ക് നിങ്ങൾ ചെവി കൊടുക്കുവിൻ. നിശ്ചയമായും, അല്ലാഹുവിന്

دُونِ ٱللَّهِ لَن يَخْلُقُوا۟ ذُبَابًا وَلَوِ ٱجْتَمَعُوا۟ لَهُۥ ۖ وَإِن يَسْلُبْهُمُ ٱلذُّبَابُ شَيْـًٔا لَّا يَسْتَنقِذُوهُ مِنْهُ ۚ ضَعُفَ ٱلطَّالِبُ وَٱلْمَطْلُوبُ ﴿٧٣﴾

പുറമെ നിങ്ങൾ വിളിച്ചു (പ്രാർത്ഥിച്ചു) വരുന്നവർ, ഒരു ഈച്ചയെ (പ്പോലും) സൃഷ്ടിക്കുകയില്ലതന്നെ-അതിനായി അവർ (എല്ലാവരും) ഒരുമിച്ചുകൂടിയാലും ശരി. ഈച്ച അവരിൽനിന്ന് വല്ലതും തട്ടിയെടുക്കുന്നതായാൽ, അതിൻെറ പക്കൽനിന്ന് അവരത് വീണ്ടെടുക്കുകയുമില്ല. അപേക്ഷിക്കുന്നവനും, അപേക്ഷിക്കപ്പെടുന്നവനും ബലഹീനൻ തന്നെ!

مَا قَدَرُوا۟ ٱللَّهَ حَقَّ قَدْرِهِۦٓ ۗ إِنَّ ٱللَّهَ لَقَوِىٌّ عَزِيزٌ ﴿٧٤﴾

74 അല്ലാഹുവിന്, അവന് കൽപിക്കേണ്ടുന്ന യഥാർത്ഥ നിലപാട് അവർ കൽപിച്ചില്ല; നിശ്ചയമായും, അല്ലാഹു ശക്തനും, പ്രതാപശാലിയും തന്നെയാണ്.

അല്ലാഹുവിന് പുറമേ ആരാധ്യന്മാരായി ജനങ്ങൾ സങ്കൽപ്പിക്കുന്ന എല്ലാവരും ഒത്ത് ചേർന്ന് പരിശ്രമിച്ചാൽ പോലും ഒരു ഈച്ചയെ പോലും - ഏറ്റവും നിസ്സാരമായ ഒരു ജന്തുവെപ്പോലും - സൃഷ്ടിക്കുവാൻ അവർക്ക് സാധിക്കുകയില്ലെന്ന് അല്ലാഹു ഖണ്ഡിതമായി പ്രഖ്യാപിക്കുന്നു. സൃഷ്ടിക്കുന്ന കാര്യം പോകട്ടെ ആ നിസ്സാര ജീവി അവരിൽ നിന്ന് വല്ലതും തട്ടിയെടുക്കുന്നതായാൽ, അത് വീണ്ടെടുക്കുവാൻ പോലും ആ ആരാധ്യ വസ്തുക്കൾക്ക് സാധ്യമല്ല തന്നെ. ഇത്തരം നിസ്സഹായരായ തീർത്തും ദുർബ്ബലരായ ആരാധ്യന്മാരോട് പ്രാർത്ഥിക്കുന്നതിന്റെ അർത്ഥശൂന്യത ഈ ഒരു ഉപമയിലൂടെ അല്ലാഹു സമർത്ഥിക്കുന്നു. തേടുന്നവരും തേടപ്പെടുന്നവരും ബലഹീനർ തന്നെ.

യാഥാർത്ഥ്യം ഇത്രയും വ്യക്തമായിരുന്നിട്ടും ജനങ്ങൾ ശക്തനും പ്രതാപിയുമായ അല്ലാഹുവിന് കൽപിക്കേണ്ടുന്ന വിധത്തിലുള്ള മഹത്വം അവന് കൽപിക്കുന്നില്ല. (ഈ വസ്തുത അല്ലാഹു സൂ : അൻ ആം : 91 ലും സൂ : സുമർ : 67 ലും ആവർത്തിച്ചിരിക്കുന്നു.)

**വചനം: 75,76**

ٱللَّهُ يَصْطَفِى مِنَ ٱلْمَلَـٰٓئِكَةِ رُسُلًا وَمِنَ ٱلنَّاسِ ۚ إِنَّ ٱللَّهَ سَمِيعٌۢ بَصِيرٌ ﴿٧٥﴾ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ ۗ وَإِلَى ٱللَّهِ تُرْجَعُ ٱلْأُمُورُ ﴿٧٦﴾

75 അല്ലാഹു മലക്കുകളിൽനിന്ന് ചില ദൂതൻമാരെ തിരഞ്ഞെടുക്കുന്നു-മനുഷ്യരിൽനിന്നും (തിരഞ്ഞെടുക്കുന്നു). നിശ്ചയമായും, അല്ലാഹു കേൾക്കുന്നവനും കാണുന്നവനുമാകുന്നു.

76 അവരുടെ മുന്നിലുള്ളതും, പിന്നിലുള്ളതും അവൻ അറിയുന്നു; അല്ലാഹുവിങ്കലേക്കത്രെ, കാര്യങ്ങൾ മടക്കപ്പെടുന്നതും.

അല്ലാഹുവിന്റെ സന്ദേശങ്ങൾ പ്രവാചകന്മാർക്ക് എത്തിച്ച് കൊടുക്കുക മുതലായ പല ദൗത്യങ്ങൾക്കും മലക്കുകളിൽ നിന്നും അവൻ ദൂതന്മാരെ നിശ്ചയിക്കുന്നു. മനുഷ്യർക്ക് അത് എത്തിച്ച് കൊടുക്കാനായി മനുഷ്യരിൽ നിന്ന് തന്നെ ദൂതന്മാരെയും നിയോഗിക്കുന്നു. എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്ന അല്ലാഹു ആ ദൂതന്മാരുടെ രഹസ്യപരസ്യങ്ങളും ഭൂതഭാവികളും വ്യക്തമായി അറിയുന്നവനാകുന്നു. ഒടുക്കം എല്ലാറ്റിന്റെയും പര്യവസാനവും, തീരുമാനവും അവന്റെ സന്നിധിയിലേക്ക് തന്നെയാണ് മടക്കപ്പെടുന്നതും.

**വചനം: 77,78**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱرْكَعُوا۟ وَٱسْجُدُوا۟ وَٱعْبُدُوا۟ رَبَّكُمْ وَٱفْعَلُوا۟ ٱلْخَيْرَ لَعَلَّكُمْ تُفْلِحُونَ ۩ ﴿٧٧﴾

77 ഹേ, വിശ്വസിച്ചവരേ! നിങ്ങൾ, 'റുകൂഉം, സുജൂദും' (കുമ്പിട്ടും, സാഷ്ടാംഗം പതിച്ചുമുള്ള നമസ്ക്കാരം) ചെയ്യുവിൻ; നിങ്ങളുടെ റബ്ബിന് 'ഇബാദത്തും' (ആരാധനയും) ചെയ്യുവിൻ; നൻമ പ്രവർത്തിക്കുകയും ചെയ്യുവിൻ; നിങ്ങൾക്ക് വിജയം സിദ്ധിച്ചേക്കാം.

وَجَٰهِدُواْ فِي ٱللَّهِ حَقَّ جِهَادِهِۦۚ هُوَ ٱجۡتَبَىٰكُمۡ وَمَا جَعَلَ عَلَيۡكُمۡ فِي ٱلدِّينِ مِنۡ حَرَجٖۚ مِّلَّةَ أَبِيكُمۡ إِبۡرَٰهِيمَۚ هُوَ سَمَّىٰكُمُ ٱلۡمُسۡلِمِينَ مِن قَبۡلُ وَفِي هَٰذَا لِيَكُونَ ٱلرَّسُولُ شَهِيدًا عَلَيۡكُمۡ وَتَكُونُواْ شُهَدَآءَ عَلَى ٱلنَّاسِۚ فَأَقِيمُواْ ٱلصَّلَوٰةَ وَءَاتُواْ ٱلزَّكَوٰةَ وَٱعۡتَصِمُواْ بِٱللَّهِ هُوَ مَوۡلَىٰكُمۡۖ فَنِعۡمَ ٱلۡمَوۡلَىٰ وَنِعۡمَ ٱلنَّصِيرُ ٧٨

78 നിങ്ങൾ അല്ലാഹുവിൻെറ കാര്യത്തിൽ സമരം ചെയ്യേണ്ട മുറ പ്രകാരം സമരം ചെയ്യുവിൻ. അവൻ നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു; മതകാര്യത്തിൽ നിങ്ങളുടെമേൽ യാതൊരു വിഷമതയും ഏർപ്പെടുത്തിയിട്ടുമില്ല. നിങ്ങളുടെ പിതാവ് ഇബ്റാഹീമിൻെറ മാർഗ്ഗം! (അതാണ് നിങ്ങളോട് ഉപദേശിക്കുന്നത്.) മുമ്പും, ഇതിലും(മുൻ വേദങ്ങളിലും ഈ വേദത്തിലും) നിങ്ങൾക്ക് 'മുസ്‌ലിംകൾ' എന്ന് അവൻ പേരുവെച്ചിരിക്കുന്നു; റസൂൽ, നിങ്ങൾക്കു സാക്ഷിയും, നിങ്ങൾ, മനുഷ്യർക്ക് സാക്ഷികളും ആയിത്തീരുവാൻവേണ്ടിയാകുന്നു(അത്). ആകയാൽ, നിങ്ങൾ നമസ്ക്കാരം നിലനിറുത്തുകയും 'സകാത്ത്' (വിശുദ്ധ ധർമ്മം) കൊടുക്കുകയും അല്ലാഹുവിനെ മുറുകെ പിടിക്കുകയും ചെയ്യുവിൻ! അവൻ, നിങ്ങളുടെ യജമാനനാകുന്നു. എത്ര നല്ല രക്ഷാധികാരി! എത്ര നല്ല സഹായി!

77 -ാം വചനത്തിന് ശേഷം ഓത്തിന്റെ സുജൂദ് ചെയ്യേണ്ടതുണ്ടെന്ന് കാണിക്കുന്ന രിവായത്തുകൾ വന്നിരിക്കുന്നു. പണ്ഡിതന്മാർക്കിടയിൽ ഇക്കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്.

'സത്യവിശ്വാസികളെ' എന്ന് അഭിസംബോധന ചെയ്ത് കൊണ്ട് 'റുകൂഉം ' 'സുജൂദും ' ചെയ്‌വാനായി അല്ലാഹു ഉപദേശിക്കുന്നു. നമസ്ക്കാരത്തെ ഉദ്ദേശിച്ച് കൊണ്ട് റുകൂഉം സുജൂദും ചെയ്യുക എന്ന് ഖുർആനിൽ പലയിടത്തും പറഞ്ഞിട്ടുണ്ട്. നിർബന്ധ നമസ്ക്കാരമെന്നോ ഐഛിക നമസ്ക്കാരമെന്നോ വ്യത്യാസമില്ലാതെ, പൊതുവായി നമസ്ക്കാരം വർദ്ധിപ്പിക്കുവാനുള്ള നിർദ്ദേശമാകുന്നു ഈ വചനത്തിലുള്ളത്.

'നിങ്ങളുടെ റബ്ബിന് ഇബാദത്തും (ആരാധനയും) ചെയ്യുവിൻ ' എന്ന് തുടർന്ന് അല്ലാഹു ഉപദേശിക്കുന്നു. നമസ്ക്കാരം, ദിക്ർ, ദുആ, തസ്ബീഹ്, ഖുർആൻ പാരായണം, പാപമോചനം തേടൽ, ബലികർമ്മം തുടങ്ങി അല്ലാഹുവിന്റെ മുന്നിൽ താഴ്മ അർപ്പിക്കുന്നതും, അവനോട് പ്രാർത്ഥിക്കുന്നതും അവന്റെ സ്തുതികീർത്തനങ്ങളെ പ്രകാശിപ്പിക്കുന്നതുമായ എല്ലാ പുണ്യ കർമ്മങ്ങൾക്കുമാണ് ഇബാദത്ത് അഥവാ ആരാധന എന്ന് പറയുന്നത്. (ഇബാദത്ത്നെ സംബന്ധിച്ച് കൂടുതൽ വിവരണം സൂ: ഫാത്തിഹയുടെ വ്യാഖ്യാനത്തിൽ നോക്കുക)

തുടർന്ന്, നന്മ പ്രവർത്തിക്കാൻ അല്ലാഹു സത്യവിശ്വാസികളെ ഉപദേശിക്കുന്നു. ജനങ്ങൾക്ക് ഉപകാരം ചെയ്യുക, ദാനധർമ്മം ചെയ്യുക, നന്നായി പെരുമാറുക, നല്ലതിനെ ഉപദേശിക്കുക, കുടുംബ ബന്ധം പാലിക്കുക, സഹജീവികളോട് ദയ കാണിക്കുക, ഇടപാടുകളിലും മറ്റും മര്യാദ പാലിക്കുക തുടങ്ങിയ സൽകർമ്മങ്ങളെല്ലാം ഇതിൽ ഉൾപ്പെടുന്നു.

മേൽപറഞ്ഞ ഉപദേശങ്ങൾ സ്വീകരിക്കുന്ന പക്ഷം നിങ്ങൾക്ക് വിജയം സിദ്ധിച്ചേക്കാമെന്ന് അല്ലാഹു തുടർന്ന് പറയുന്നു. മനുഷ്യൻ അനുഷ്ഠാനകർമ്മങ്ങളിൽ നിർവ്വഹിക്കേണ്ടുന്ന കടമകളെല്ലാം തന്നെ ഈ ഉപദേശങ്ങളിൽ അടങ്ങിയിരിക്കുന്നു.

പിന്നീട്, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യാൻ അല്ലാഹു കൽപിക്കുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള സമരമുഖങ്ങൾ പല തലത്തിലുമുള്ളതാകുന്നു: 1) ഇസ്ലാമിന്റെ പ്രത്യക്ഷ ശത്രുക്കളുമായുള്ള സമരം - ഇതിൽ യുദ്ധം വരെയുള്ള പലതും ഉൾപ്പെടുന്നു. 2) പിശാചിനോടുള്ള സമരം 3) തന്നിഷ്ടത്തോടുള്ള സമരം - ഈ സമരമാകുന്നു മറ്റ് രണ്ടിനേക്കാളും കൂടുതൽ പ്രയാസകരമായ ഏറ്റവും വലിയ സമരം എന്ന് നബി(സ) തിരുമേനി, അരുളിയതായി ഇമാം ബൈഹഖീ(റ) രിവായത്ത് ചെയ്തിരിക്കുന്നു.

മേൽ പറഞ്ഞ എല്ലാ സമരങ്ങളും ചെയ്യേണ്ട മുറപ്രകാരം (അതതിന്റെ സ്ഥാനവും സ്ഥലവും അനുസരിച്ചും, ദേഹം കൊണ്ടും, ധനം കൊണ്ടും) ചെയ്യുവാൻ അല്ലാഹു നിർദ്ദേശിക്കുന്നു. സൂ: സ്വഫ്ഫ് വചനം 11ൽ അല്ലാഹു പറയുന്നു.

“നിങ്ങൾ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കണം. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളുടെ സ്വത്തുക്കൾ കൊണ്ടും ദേഹങ്ങൾ കൊണ്ടും സമരം ചെയ്യുകയും വേണം, അത് നിങ്ങൾക്ക് ഉത്തമമായിട്ടുള്ള താണ് നിങ്ങൾ അറിയുന്നവരാണെങ്കിൽ. ”

“അവൻ നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു ” എന്ന് 78-ാം വചനത്തിൽ അല്ലാഹു പറഞ്ഞത്, ഏറ്റവും ശ്രേഷ്ഠനായ പ്രവാചകനേയും ഏറ്റവും ശ്രേഷ്ഠമായ വേദഗ്രന്ഥവും, ഏറ്റവും പരിപൂർണ്ണമായ നിയമസംഹിതയും നൽകി അനുഗ്രഹിക്കപ്പെട്ട മുസ്ലീം സമുദായത്തെ ഉദ്ദേശിച്ചാകുന്നു. അത്കൊണ്ട് തന്നെ മേൽ പറഞ്ഞ ഉപദേശങ്ങൾ ജീവിതത്തിൽ പകർത്തുവാൻ മറ്റേത് സമുദായങ്ങളേക്കാളും നിങ്ങൾക്ക് ബാദ്ധ്യതയുമുണ്ട്.

“മതത്തിൽ നിങ്ങളുടെ മേൽ യാതൊരു വിഷമതയും ഏർപ്പെടുത്തിയിട്ടില്ല ” എന്ന് അല്ലാഹു നമ്മെ സമാധാനിപ്പിക്കുന്നു. നമസ്കാരം മുതൽ ജിഹാദ് വരെ മേൽ നിർദ്ദേശിക്കപ്പെട്ട എല്ലാ കാര്യങ്ങളും ഓരോരുത്തരും അവരവരുടെ കഴിവനുസരിച്ച് മാത്രമാണ് നിർവ്വഹിക്കേണ്ടത്. ഓരോരോ കർമ്മങ്ങളും അനുസരിക്കുന്നതിൽ ഏർപ്പെട്ടേക്കാവുന്ന ബുദ്ധിമുട്ടുകളിൽ നിന്നും ആശ്വാസം പ്രദാനം ചെയ്ത് കൊണ്ട് അതാതിനനുയോജ്യമായ വിട്ട് വീഴ്ചകളും ഇളവുകളും അല്ലാഹു അനുവദിച്ചിരിക്കുന്നു. യാത്രകളിൽ നമസ്കാരം ജംഉം ഖസ്റും ആക്കി നമസ്കരിക്കുന്നതിനും, യാത്രയിലും രോഗാവസരങ്ങളിലും നോമ്പ് നീട്ടിവെക്കുന്നതിനും മറ്റും അല്ലാഹു നൽകിയ ഇളവുകൾ ചില ഉദാഹരണങ്ങൾ മാത്രം. ഇനി കടമകൾ നിർവ്വഹിക്കുന്നതിൽ വല്ല അലസതയും വരുത്തിയെന്നാലും നിങ്ങൾക്ക് റബ്ബിനോട് പാപമോചനത്തിനപേക്ഷിക്കാം. നിശ്ചയമായും അവൻ ധാരാളം പൊറുക്കുന്നവനാകുന്നു.

നിങ്ങളോട് നിർദ്ദേശിക്കപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ നിങ്ങളുടെ പൂർവ്വപിതാവായ ഇബ്രാഹീം (അ) നബി ആചരിച്ചതും പ്രബോധനം ചെയ്തതുമായ ആ മാർഗ്ഗം തന്നെയാകുന്നു. മുസ്ലീംകളുടെ മാത്രമല്ല ജൂതന്മാരുടെയും കൃസ്ത്യാനികളുടെയും എല്ലാം പൂർവ്വപിതാവായി അംഗീകരിക്കപ്പെട്ട മഹാനാകുന്നു ഇബ്രാഹീം നബി(അ).

മുൻവേദങ്ങളിലും, ഈ വേദത്തിലും ‘മുസ്ലിംകൾ ’ എന്ന് അല്ലാഹു നമുക്ക് പേരുവെച്ചിരിക്കുന്നതായി അല്ലാഹു നമ്മെ അറിയിക്കുന്നു. അല്ലാഹു മനുഷ്യവർഗ്ഗത്തിന് വേണ്ടി തൃപ്തിപ്പെട്ട് കൊടുത്ത ഒരേ ഒരു മതമാകുന്നു ഇസ്ലാം. അത് അനുസരിക്കുന്നവർക്ക് അന്നും ഇന്നും മുസ്ലിംകൾ എന്ന് തന്നെ പേര്. അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങൾക്ക് പൂർണ്ണമായി കീഴ്പെട്ടവർ എന്നാകുന്നു ആ പേരിന്റെ അർത്ഥം.

ഇങ്ങനെയൊക്കെ അല്ലാഹുവിനാൽ തിരഞ്ഞെടുക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്തിരിക്കുന്നത് മൂലം നമുക്കും ചില ഉത്തരവാദിത്തങ്ങളുണ്ടെന്ന് “റസൂൽ നിങ്ങൾക്ക് സാക്ഷിയും നിങ്ങൾ മനുഷ്യർക്ക് സാക്ഷികളും ആയിത്തീരുവാൻ വേണ്ടിയാകുന്നു ”എന്ന വചനത്തിലൂടെ അല്ലാഹു നമ്മെ ഓർമ്മിപ്പിക്കുന്നു. അന്ത്യപ്രവാചകനായ മുഹമ്മദ്(സ)നബിയുടെ അനുയായികളായ നിങ്ങളിലൂടെ ലോകവസാനം വരെ ഇസ്ലാം നിലനിൽക്കേണ്ടതുണ്ട്. അതിനാൽ റസൂൽ തിരുമേനിയുടെ പ്രബോധനവും ചര്യയും പിൻതുടർന്ന് കൊണ്ട് നിങ്ങൾ അദ്ദേഹത്തെ നിങ്ങൾക്ക് സാക്ഷിയും മാതൃകയുമായി സ്വീകരിക്കേണ്ടതുണ്ട്. അതേ സാക്ഷ്യവും മാതൃകയും, നടപടി ക്രമങ്ങളും നിങ്ങൾ വഴി ലോകാവസാനം വരെയുള്ള ജനങ്ങളിലേക്കും പകർന്ന് നൽകി നിലനിർത്തേണ്ടതുമുണ്ട്. ഉന്നതമായ ഈ ഐഹിക സാക്ഷ്യം മുസ്ലിംകൾ നിറവേറ്റുന്ന പക്ഷം, ഇതിനേക്കാൾ ഉന്നതമായ ഒരു സാക്ഷ്യത്തിന്റെ പദവി അവർക്ക് പരലോകത്തു വെച്ചും ലഭിക്കാനുണ്ട്. ഖിയാമത്ത് നാളിൽ നിങ്ങൾ ഉത്തമന്മാരും നേർമാർഗ്ഗികളുമാണെന്നതിന് റസൂൽ തിരുമേനി നിങ്ങൾക്ക് സാക്ഷിയായിരിക്കും. മാത്രമല്ല, ഇതര ജനങ്ങൾ നല്ലവരോ ചീത്തപ്പെട്ടവരോ എന്നതിന് നിങ്ങളും അവിടെ സാക്ഷിയായിരിക്കുമെന്നർത്ഥം.

“ ആകയാൽ, നിങ്ങൾ നമസ്കാരം നിലനിർത്തുകയും സകാത്ത് കൊടുക്കുകയും അല്ലാഹുവിനെ മുറുകെ പിടിക്കുകയും ചെയ്യുവിൻ ” എന്ന് തുടർന്ന് അല്ലാഹു നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ മൗലിക പ്രധാനമായ കാര്യങ്ങൾ മുകളിൽ പ്രസ്താവിക്കപ്പെട്ട ഉപദേശങ്ങളുടെ വകഭേദത്തോടെയുള്ള ആവർത്തനമാകുന്നു. ഇസ്ലാമിലെ മൗലിക പ്രധാനമായ രണ്ട് നിർബന്ധകർമ്മങ്ങളുടെയും, ഖുർആന്റെ പേരിലും തൗഹീദിന്റെ പേരിലും മനുഷ്യൻ അംഗീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതിന്റെയും ഒരു ഓർമ്മപ്പെടുത്തലുമാകുന്നു ഈ വചനം. നിങ്ങളുടെ ഉദ്ദിഷ്ടങ്ങൾ സാധിക്കുന്നതിനും വിഷമങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുമെല്ലാം നിങ്ങൾ അല്ലാഹുവിനെ മാത്രം ശരണം പ്രാപിക്കണം. അവനിൽ മാത്രം വിശ്വാസവും ഭക്തിയും അർപ്പിക്കണം.

സത്യവിശ്വാസികൾക്ക് സന്തോഷവും ആവേശവും പ്രദാനം ചെയ്തു കൊണ്ട് അല്ലാഹു ഈ അദ്ധ്യായം ഇങ്ങനെ ഉപസംഹരിക്കുന്നു.

“അവൻ നിങ്ങളുടെ യജമാനനാകുന്നു. അപ്പോൾ നിങ്ങളുടെ യജമാനൻ എത്രയോ നല്ല യജമാനനും സഹായകനും.”

# 23 സൂറത്തുൽ മുഅ്മിനൂൻ (സത്യവിശ്വാസികൾ)

**മക്കയിൽ അവതരിച്ചത്** (75,76,77 ആയത്തുകൾ മദനിയ്യാണെന്നും പറയപ്പെടുന്നു)

വചനങ്ങൾ 118, വിഭാഗം (റുക്കൂഅ്) 6

സൂറത്തിന്റെ ആദ്യ വചനത്തിൽ തന്നെ സത്യവിശ്വാസികളെ (മുഅ്മിനൂൻ) കുറിച്ച് പരാമർശിക്കുന്നു.

**ജുസൂഅ് -18**

**വിഭാഗം 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം : 1,2,3,4,5,6,7,8,9,10,11**

قَدْ أَفْلَحَ ٱلْمُؤْمِنُونَ ﴿١﴾
ٱلَّذِينَ هُمْ فِى صَلَاتِهِمْ خَـٰشِعُونَ ﴿٢﴾
وَٱلَّذِينَ هُمْ عَنِ ٱللَّغْوِ مُعْرِضُونَ ﴿٣﴾
وَٱلَّذِينَ هُمْ لِلزَّكَوٰةِ فَـٰعِلُونَ ﴿٤﴾
وَٱلَّذِينَ هُمْ لِفُرُوجِهِمْ حَـٰفِظُونَ ﴿٥﴾
إِلَّا عَلَىٰٓ أَزْوَٰجِهِمْ أَوْ مَا مَلَكَتْ أَيْمَـٰنُهُمْ فَإِنَّهُمْ غَيْرُ مَلُومِينَ ﴿٦﴾
فَمَنِ ٱبْتَغَىٰ وَرَآءَ ذَٰلِكَ فَأُو۟لَـٰٓئِكَ هُمُ ٱلْعَادُونَ ﴿٧﴾
وَٱلَّذِينَ هُمْ لِأَمَـٰنَـٰتِهِمْ وَعَهْدِهِمْ رَٰعُونَ ﴿٨﴾
وَٱلَّذِينَ هُمْ عَلَىٰ صَلَوَٰتِهِمْ يُحَافِظُونَ ﴿٩﴾
أُو۟لَـٰٓئِكَ هُمُ ٱلْوَٰرِثُونَ ﴿١٠﴾
ٱلَّذِينَ يَرِثُونَ ٱلْفِرْدَوْسَ هُمْ فِيهَا خَـٰلِدُونَ ﴿١١﴾

1 തീർച്ചയായും, സത്യവിശ്വാസികൾ വിജയിച്ചിരിക്കുന്നു;-

2 അതായത്: തങ്ങളുടെ നമസ്കാരത്തിൽ ഭക്തി കാണിക്കുന്നവർ;

3 വ്യർത്ഥമായ കാര്യത്തിൽ നിന്ന് തിരിഞ്ഞു കളയുന്നവരും;

4 'സകാത്ത്' (വിശുദ്ധധർമ്മം) ചെയ്യുന്നവരും;

5 തങ്ങളുടെ ഗുഹ്യസ്ഥാനങ്ങളെ സൂക്ഷിച്ചു വരുന്നവരും;

6 തങ്ങളുടെ ഭാര്യമാരെയോ, അല്ലെങ്കിൽ തങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയവരെയോ സംബന്ധിച്ച് ഒഴികെ. കാരണം, നിശ്ചയമായും അവർ ആക്ഷേപിക്കപ്പെട്ടുകൂടാത്തവരാകുന്നു;-

7 എന്നാൽ അതിനപ്പുറം ആരെങ്കിലും തേടുന്നതായാൽ, അക്കൂട്ടർ തന്നെയാണ് അതിരുവിട്ടവർ;

8 തങ്ങളുടെ 'അമാനത്ത്' (വിശ്വസ്തത)കളെയും, ഉടമ്പടിയെയും പാലിച്ചു വരുന്നവരും;

9 തങ്ങളുടെ നമസ്കാരങ്ങളെപ്പറ്റി സൂക്ഷിച്ചുപോരുന്നവരും. (ഇങ്ങിനെയുള്ള സത്യവിശ്വാസികൾ വിജയിച്ചിരിക്കുന്നു).

10 അക്കൂട്ടർ തന്നെയാണ്, അനന്തരാവകാശികൾ;-

11 അതായത്: 'ഫിർദൗസി'നെ (ഉന്നത സ്വർഗ്ഗത്തെ) അനന്തരാവകാശമെടുക്കുന്നവർ. അവർ അതിൽ നിത്യവാസികളായിരിക്കുന്നതാണ്.

സത്യവിശ്വാസികൾക്ക് വിജയം സിദ്ധിക്കുവാനുള്ള ഉപദേശ നിർദ്ദേശങ്ങൾ കഴിഞ്ഞ സൂറത്തിന്റെ അവസാനത്തിൽ അല്ലാഹു നൽകി. ആ ഉപദേശങ്ങൾ അനുസരിച്ച് പോരുന്നവരുടെ ലക്ഷണങ്ങളും അവരിൽ അവശ്യം ഉണ്ടായിരിക്കേണ്ടുന്ന പ്രധാനപ്പെട്ട ഏഴുഗുണങ്ങളും ഈ സൂറത്തിന്റെ 2 മുതൽ 9 അടങ്ങിയ വചനങ്ങളിൽ അല്ലാഹു വിവരിക്കുന്നു- അവരുടെ വിജയം തീർച്ചപ്പെട്ടു എന്ന പ്രസ്താവനയോടെ.

ഒന്നാമതായി നമസ്കാരത്തിൽ ഭക്തികാണിക്കുക: കഴിഞ്ഞ സൂറത്തിലെ 77-ാം വചനത്തിൽ നമസ്കാരം നിർവ്വഹിക്കുവാനും 78-ാം വചനത്തിൽ അതിനെ നിലനിർത്തിപ്പോരുവാനുമായിരുന്നു ഉണർത്തിയത്. ഈ വചന

ത്തിൽ നമസ്കാരം ഭക്തിയോടു കൂടി നിർവ്വഹിക്കണമെന്ന് കൽപിക്കുന്നു. പിന്നീട് 9-ാം വചനത്തിൽ വീണ്ടും നമസ്കാരത്തെ പറ്റി, സൂക്ഷിച്ചു പോരണമെന്നും ഓർമ്മിപ്പിക്കുന്നു. നമസ്കാരമെന്ന പുണ്യകർമ്മത്തിന് ഇസ്ലാമിലുള്ള സ്ഥാനം എത്ര മഹത്തായതാണെന്ന് ഈ വചനങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

സർവ്വാധികാരിയായ അല്ലാഹുവിന്റെ മുമ്പിലാണ് താൻ നിൽക്കുന്നതെന്ന ബോധത്തോടെ താഴ്മയും വിനയവും പ്രകടിപ്പിച്ച്കൊണ്ട് ഭയഭക്തിയോടെ നമസ്കാരം നിർവ്വഹിക്കുക എന്നതാണ് നമസ്കാരത്തിലെ ഭക്തി خشوع എന്നത് കൊണ്ടുദ്ദേശിക്കുന്നത്. സുജൂദിന്റെ സ്ഥാനത്തേക്ക് നോക്കുക, ഓതുന്ന ഖുർആൻ വാക്യങ്ങളുടെയും ദിക്റുകളുടെയും അർത്ഥം ആലോചിച്ച് കൊണ്ടിരിക്കുക, അല്ലാഹുവിനെയും അവന്റെ മാഹാത്മ്യങ്ങളെയും ഓർക്കുക, മുതലായ കാര്യങ്ങൾ ഭക്തി കൈവരിക്കുവാൻ സഹായകമാകുന്നു.

“ഭക്തി കൂടാതെയുള്ള നമസ്കാരം ആത്മാവില്ലാത്ത ശരീരം പോലെയാകുന്നു ” എന്ന് പോലും ചില മഹാന്മാർ പറഞ്ഞിരിക്കുന്നു. “തങ്ങളുടെ നമസ്കാരത്തെ കുറിച്ച് അശ്രദ്ധരായുള്ള നമസ്കാരക്കാർക്ക് നാശം” എന്ന് സൂ: മാഊൻ 4,5 വചനങ്ങളിൽ അല്ലാഹു താക്കീത് നൽകിയിരിക്കുന്നു. നമസ്കാരത്തിന്റെ കടമ നിർവ്വഹിച്ചുവെന്നും നിർബന്ധം നിറവേറ്റി എന്നും വരുത്താൻ, ഈ ഭക്തമനസ്ഥിതി ഒരു നിബന്ധനയായി ഭൂരിപക്ഷം പണ്ഡിതന്മാരും എണ്ണി വരുന്നില്ല. എന്നാൽ അല്ലാഹുവിന്റെ പ്രീതിയും നമസ്കാരത്തിന്റെ മഹത്തായ ഫലങ്ങളും കരഗതമാകുവാൻ ഭയഭക്തി അനിവാര്യമാണെന്നതിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല തന്നെ.

രണ്ടാമത്തെ ഗുണമായി അല്ലാഹു പറഞ്ഞത് വ്യർത്ഥമായ കാര്യങ്ങളിൽ - لغو - നിന്ന് അവർ ഒഴിഞ്ഞ് നിൽക്കുമെന്നാണ്. പ്രയോജനകരമല്ലാത്തതും അനാവശ്യവുമായ എല്ലാ വാക്കുകളിൽ നിന്നും പ്രവർത്തികളിൽ നിന്നും സംഭവങ്ങളിൽ നിന്നും അവർ മാറി നിൽക്കുന്നതാണ്. “ഒരു മനുഷ്യൻ അവന് ആവശ്യമായി ഭവിക്കാത്ത കാര്യത്തെ ഉപേക്ഷിക്കുന്നത് അവന്റെ ഇസ്ലാം നന്നാകുന്നതിന്റെ ലക്ഷണമാകുന്നു” എന്നാകുന്നു നബി(സ) ഒരു ഹദീസിൽ പറഞ്ഞിരിക്കുന്നത്.

മൂന്നാമത്തെ ഗുണമായി പറഞ്ഞത് അവർ സകാത്ത് എന്ന വിശുദ്ധ കർമ്മം ചെയ്യുന്നവരായിരിക്കുമെന്നാണ്. ഇസ്ലാമിൽ സകാത്തിനുള്ള സ്ഥാനവും അത്കൊണ്ട് സമുദായത്തിനുള്ള ഗുണവും പരക്കെ അറിയപ്പെട്ടതാണല്ലോ. ധാർമ്മികമായ വളർച്ചയും, ആത്മീയമായ പരിശുദ്ധിയും അതിലൂടെ ലഭ്യമാകുന്നു.

നാലാമത്തെ ഗുണമായി അല്ലാഹു പറഞ്ഞത് അവർ തങ്ങളുടെ ഗുഹ്യസ്ഥാനം സൂക്ഷിച്ച് വരുന്നവരാണ് എന്നാകുന്നു. സ്വന്തം ഭാര്യമാരുടെ അടുക്കലോ, മതത്തിൽ അനുവദിക്കപ്പെട്ട പ്രകാരം അടിമകളിൽ നിന്ന് ധർമ്മിണികളായി സ്വീകരിച്ചിട്ടുള്ളവരുടെ അടുക്കലോ അല്ലാതെ ലൈഗിംകമായ യാതൊരു ഇടപെടലുകളും അവർ ചെയ്യുകയില്ലെന്നർത്ഥം. അനുവദനീയമായ ഈ രണ്ടു മാർഗ്ഗങ്ങളിൽ നിന്നും പുറമെയുള്ള അവിഹിത ബന്ധം വ്യഭിചാരവൃത്തിയാകുന്നു - അക്കൂട്ടർ അതിര് വിട്ടവരുമാകുന്നു. നാല് ഭാര്യമാരെയും, അതിന് പുറമേ അടിമ ധർമ്മിണികളെയും, ആവശ്യം വന്നാൽ സ്വീകരിച്ച് കൊള്ളുവാൻ ഇസ്ലാം അനുവദിച്ചിട്ടുണ്ട്. യുദ്ധത്തിൽ പിടിക്കപ്പെട്ട ശേഷം അടിമകളാക്കി അധീനത്തിൽ വെക്കപ്പെട്ടവർക്കാണ് - സ്ത്രീയായാലും പുരുഷനായാലും. ‘വലങ്കൈകൾ ഉടമപ്പെടുത്തിയവർ’ ماملكت أيمانهم എന്ന് ഇവിടെയും ഖുർആനിൽ മറ്റ് പലയിടത്തും പ്രയോഗിച്ച് കാണുന്നത്. അവരുടെ ഉടമസ്ഥാവകാശമെന്ന നിലയിൽ ملك اليمين (വലങ്കൈയിന്റെ ഉടമസ്ഥത) എന്നും അറബി ഭാഷയിൽ പറയപ്പെടാറുണ്ട്.

അഞ്ചും ആറും ഗുണങ്ങളായി പ്രസ്താവിച്ചത് വിശ്വസ്തതകളെയും ഉടമ്പടികളെയും അവർ പാലിക്കുമെന്നുള്ളതാണ്. മറ്റുള്ളവർ ഏൽപിച്ചതോ സ്വയം ഏറ്റെടുത്തതോ ആയ കാര്യങ്ങളെല്ലാം أمانات - വിശ്വസ്തതകൾ - എന്ന് പറഞ്ഞതിൽപ്പെടുന്നു. മനുഷ്യർ തമ്മിലുള്ളതും അല്ലാഹുവിനും മനുഷ്യനും ഇടയിലുള്ളതുമായ أمانات കളും ഇതിൽ ഉൾപ്പെടുന്നു. മറ്റുള്ളവരോട് ചെയ്യുന്ന വാഗ്ദാനങ്ങളും കരാറുകളുമെല്ലാം عهد ഉടമ്പടി എന്ന വാക്കിലും ഉൾപ്പെടുന്നു. വാഗ്ദത്തലംഘനവും വിശ്വാസ വഞ്ചനയും കപടവിശ്വാസിയുടെ ലക്ഷണങ്ങളിൽപ്പെട്ടതായി നബി(സ) തിരുമേനി അരുളിയിരിക്കുന്നു.

ഏഴാമത്തെ ഗുണമായി അല്ലാഹു ഒരിക്കൽ കൂടി എടുത്ത് പറഞ്ഞത്, നമസ്കാരത്തെ പറ്റി അവർ സൂക്ഷിച്ച് വരുന്നവരാണ് എന്നാകുന്നു. നമസ്കാരം കൃത്യമായും സൂക്ഷ്മമായും അതിന്റെ കൃത്യസമയത്തും ചിട്ടയോടെയും നിർവ്വഹിക്കുന്നവരാകുന്നു അവർ. “ നിങ്ങളുടെ കർമ്മങ്ങളിൽ ഏറ്റവും ഉത്തമമായത് നമസ്കാരമാകുന്നു.” “ അല്ലാഹുവിങ്കൽ ഏറ്റവും ഇഷ്ടപ്പെട്ട കർമ്മം നമസ്കാരം അതിന്റെ കൃത്യസമയത്ത് നിർവ്വഹിക്കലാണ് ” എന്നിങ്ങനെ അനവധി തിരുവചനങ്ങൾ നമസ്കാരത്തിന്റെ പ്രധാന്യത്തിലേക്ക് വിരൽ ചൂണ്ടുന്നവയാണ്.

മേൽ വിവരിക്കപ്പെട്ട ഗുണങ്ങളോടു കൂടിയ സത്യവിശ്വാസികളുടെ വിജയ സിദ്ധിയെ കുറിച്ച് ‘അക്കൂട്ടരാണ് അനന്തരാവകാശികൾ ’ എന്ന് അല്ലാഹു പ്രസ്താവിക്കുന്നു. സ്വർഗ്ഗലോകത്തെ ഏറ്റവും ഉന്നതമായ ‘ഫിർദൗസ് ’എന്ന സ്വർഗ്ഗത്തിന് അർഹരാകുന്നു അവർ. അവരതിൽ നിത്യവാസികളുമാകുന്നു. ഇങ്ങനെയുള്ള വിജയികളിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ (ആമീൻ)

**വചനം: 12,13,14,15,16**

وَلَقَدۡ خَلَقۡنَا ٱلۡإِنسَٰنَ مِن سُلَٰلَةٖ مِّن طِينٖ ﴿١٢﴾
ثُمَّ جَعَلۡنَٰهُ نُطۡفَةٗ فِي قَرَارٖ مَّكِينٖ ﴿١٣﴾
ثُمَّ خَلَقۡنَا ٱلنُّطۡفَةَ عَلَقَةٗ فَخَلَقۡنَا ٱلۡعَلَقَةَ مُضۡغَةٗ فَخَلَقۡنَا ٱلۡمُضۡغَةَ عِظَٰمٗا فَكَسَوۡنَا ٱلۡعِظَٰمَ لَحۡمٗا ثُمَّ أَنشَأۡنَٰهُ خَلۡقًا ءَاخَرَۚ فَتَبَارَكَ ٱللَّهُ أَحۡسَنُ ٱلۡخَٰلِقِينَ ﴿١٤﴾
ثُمَّ إِنَّكُم بَعۡدَ ذَٰلِكَ لَمَيِّتُونَ ﴿١٥﴾
ثُمَّ إِنَّكُمۡ يَوۡمَ ٱلۡقِيَٰمَةِ تُبۡعَثُونَ ﴿١٦﴾

12 തീർച്ചയായും, മനുഷ്യനെ നാം കളിമണ്ണിൽ നിന്നുള്ള സത്തുകൊണ്ട് സൃഷ്ടിച്ചുണ്ടാക്കിയിരിക്കുന്നു;

13 പിന്നീട്, നാം അവനെ ഭദ്രമായ ഒരു ഭവനത്തിൽ (ഗർഭാശയത്തിൽ) ശുക്ലബിന്ദുവാക്കി വെച്ചു;

14 പിന്നെ, ശുക്ലബിന്ദുവെ രക്തപിണ്ഡമാക്കി സൃഷ്ടിച്ചു; പിന്നീട് രക്തപിണ്ഡത്തെ മാംസപിണ്ഡമായും സൃഷ്ടിച്ചു; പിന്നെ, മാംസപിണ്ഡത്തെ നാം എല്ലുകളായി (അസ്ഥികൂടമായി) സൃഷ്ടിച്ചു; അനന്തരം എല്ലുകൾക്ക് നാം മാംസം ധരിപ്പിച്ചു; പിന്നീട്, നാം അതിനെ മറ്റൊരു സൃഷ്ടിയായി ഉത്ഭവിപ്പിച്ചു. അപ്പോൾ, ഏറ്റവും നല്ല സ്രഷ്ടാവായ അല്ലാഹു അനുഗ്രഹസമ്പൂർണ്ണനാകുന്നു.

15 പിന്നീട്, നിശ്ചയമായും നിങ്ങൾ, അതിനു ശേഷം മൃതദേഹങ്ങളാകുന്നു.

16 പിന്നെയും ഖിയാമത്തുനാളിൽ, നിശ്ചയമായും നിങ്ങൾ എഴുന്നേൽപിക്കപ്പെടുന്നതാണ്.

അല്ലാഹുവിന്റെ ശക്തിമാഹാത്മ്യങ്ങൾ ഈ ലോക വ്യവസ്ഥയിലടങ്ങിയ യുക്തിരഹസ്യങ്ങൾ, പരലോക ജീവിതം, എന്നിവയ്ക്കുള്ള തെളിവുകൾ, വിശുദ്ധ ഖുർആനിൽ മൂന്ന് വിധത്തിലായി മാറി മാറി വിവരിക്കപ്പെട്ടിരിക്കുന്നത് കാണാം:

ഒന്നാമതായി, മനുഷ്യന്റെ ആദ്യന്തമുള്ള അസ്തിത്വത്തിന്റെ ചരിത്രം അഥവാ ശരീരലോകം (**عالم الأنفس**) - ഈ സൂറത്തിലെ 12 മുതൽ 16 വരെയുള്ള വചനങ്ങൾ അതേകുറിച്ച് നമ്മെ ചിന്തിപ്പിക്കുന്നു.

രണ്ടാമതായി, മനുഷ്യന് പുറമേയുള്ള മറ്റെല്ലാ വസ്തുക്കളും അടങ്ങുന്ന ബഹിർലോകം (**عالم الآفاق**) - 17 മുതൽ 22 വരെയുള്ള വചനങ്ങൾ പ്രപഞ്ചലക്ഷ്യങ്ങളെ കുറിച്ച് ചിന്തിക്കുവാൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

മൂന്നാമതായി,കഴിഞ്ഞ് പോയ ജനതകളുടെ സ്ഥിതി ഗതികൾ അടങ്ങുന്ന ചരിത്ര ലക്ഷ്യങ്ങളത്രേ. ഇവയെ അല്ലാഹുവിന്റെ ദിവസങ്ങൾ അഥവാ പ്രവർത്തനങ്ങൾ (**أيام الله**) എന്ന് പറയപ്പെടുന്നു. വചനം 23 മുതൽ 50 വരെയുള്ളവ ചരിത്ര സംഭവങ്ങളെയാണ് വിവരിക്കുന്നത്.

സൂ: ഹജ്ജ് 5-ാം വചനത്തിൽ കണ്ടത് പോലെ, മനുഷ്യ അസ്തിത്വം സംബന്ധിച്ചുള്ള ഒരു വിവരണമാകുന്നു ഈ വചനങ്ങളിൽ. മനുഷ്യന്റെ ആദി പിതാവായ ആദം(അ) നബിയെ 'കളിമണ്ണിൽ നിന്നുള്ള സത്തി'ൽ നിന്ന് സൃഷ്ടിക്കപ്പെട്ടു. ഇതാകുന്നു മനുഷ്യവർഗ്ഗത്തിന്റെ ഉദ്ഭവം. പിന്നീട് ഇന്ദ്രിയ ബീജം വഴിയുള്ള മനുഷ്യോൽപാദനം രൂപം കൊണ്ടു. പിതാക്കളിൽ നിന്നുള്ള ശുക്ല ബീജം മാതാക്കളുടെ ഗർഭപാത്രത്തിൽ നിക്ഷേപിക്കപ്പെടുന്നതിനെയാണ് 'ഭദ്രമായ ഒരു ഭവനത്തിൽ വെച്ചു' എന്ന് പറഞ്ഞത്. മാംസപിണ്ഡത്തിൽ ക്രമേണ അസ്ഥികൂടം രൂപപ്പെടുകയും അസ്ഥികളിൽ മാംസം ധരിപ്പിച്ച് ഒരു പുതിയ മനുഷ്യസൃഷ്ടിയായി അനുഗ്രഹ സമ്പൂർണ്ണനായ അല്ലാഹു പുറത്ത് കൊണ്ട് വരുകയും ചെയ്തു.

19-ാം നൂറ്റാണ്ടിലെ ഗവേഷണ ഫലങ്ങൾ വെളിപ്പെടുത്തിയ ഗർഭശാസ്ത്ര വിജ്ഞാനങ്ങൾ അല്ലാഹു 1500 വർഷങ്ങൾക്കുമുമ്പ് വിശുദ്ധ ഖുർആനിലൂടെ വിശദമായി വിവരിച്ച് തന്നിരിക്കുന്നു. ആധുനിക ശാസ്ത്രം ഈ വിജ്ഞാനത്തെ അണുകിട വ്യത്യാസമില്ലാതെ ശരിവെക്കുകയും ചെയ്യുന്നു.

തുടർന്നുള്ള വചനങ്ങളിൽ മരണത്തേയും മരണാനന്തര ജീവിതത്തേയും കുറിച്ച് അല്ലാഹു മനുഷ്യനെ ഓർമ്മപ്പെടുത്തുന്നു.

**വചനം: 17**

وَلَقَدۡ خَلَقۡنَا فَوۡقَكُمۡ سَبۡعَ طَرَآئِقَ وَمَا كُنَّا عَنِ ٱلۡخَلۡقِ غَٰفِلِينَ ﴿١٧﴾

17 തീർച്ചയായും, നിങ്ങൾക്കുമീതെ നാം ഏഴു മാർഗ്ഗങ്ങൾ (വാനങ്ങൾ) സൃഷ്ടിച്ചിട്ടുണ്ട്; സൃഷ്ടിയെകുറിച്ച് നാം അശ്രദ്ധരായിരുന്നില്ല

طرئك എന്ന പദത്തിനാണ് മാർഗ്ഗങ്ങൾ (വാനങ്ങൾ) എന്ന അർത്ഥം കൊടുത്തത്. ഖുർആനിൽ ആകാശങ്ങളുടെ സൃഷ്ടിയെ പറ്റി സൂ: മുൽക് 3 ലും, സൂ: നൂഹ് 15ലും ‘ അടുക്കായി തട്ടുതട്ടുകളായി ഏഴ് ആകാശങ്ങൾ’ എന്ന് പറഞ്ഞിരിക്കുന്നു. സൂ: ത്വലാക്ക് 12 ലും സൂ: ഹാ-മീം സജദ : 12ലും ഏഴു ആകാശങ്ങൾ എന്ന് പറഞ്ഞ് കാണാം. ഏഴ് ആകാശങ്ങളിൽ ഒന്നിനെ പറ്റി ഏറ്റവും അടുത്ത ആകാശം എന്നും (സൂ: സ്വാഫ്ഫാത്ത് : 6 സൂ: മുൽക്ക് : 5) പ്രസ്താവിക്കപ്പെട്ട് കാണാം. ആകാശങ്ങൾ, അവയിലുള്ള വസ്തുക്കൾ തുടങ്ങിയ സകല സൃഷ്ടികളുടെയും കാര്യങ്ങൾ വളരെ ഗൗനിച്ചും ശ്രദ്ധയോടെയും തന്നെയാണ് നിർവ്വഹിക്കപ്പെട്ടിട്ടുള്ളത് എന്ന് “ സൃഷ്ടിയെകുറിച്ച് നാം അശ്രദ്ധരായിരുന്നില്ല ” എന്ന വാക്യത്തിലൂടെ അല്ലാഹു സാക്ഷ്യപ്പെടുത്തുന്നു.

**വചനം: 18,19,20,21,22**

وَأَنزَلْنَا مِنَ ٱلسَّمَآءِ مَآءًۢ بِقَدَرٍ فَأَسْكَنَّٰهُ فِى ٱلْأَرْضِ ۖ وَإِنَّا عَلَىٰ ذَهَابٍۭ بِهِۦ لَقَٰدِرُونَ ﴿١٨﴾

18 ഒരു (നിശ്ചിത) അളവിൽ നാം ആകാശത്തു നിന്ന് വെള്ളം (മഴ) ഇറക്കി അതിനെ ഭൂമിയിൽ തങ്ങിനിറുത്തുകയും ചെയ്തിരിക്കുന്നു. നിശ്ചയമായും, അത് കൊണ്ടുപോകുവാൻ (വറ്റിച്ചുകളയുവാൻ) നാം കഴിവുള്ളവരുമാകുന്നു.

فَأَنشَأْنَا لَكُم بِهِۦ جَنَّٰتٍ مِّن نَّخِيلٍ وَأَعْنَٰبٍ لَّكُمْ فِيهَا فَوَٰكِهُ كَثِيرَةٌ وَمِنْهَا تَأْكُلُونَ ﴿١٩﴾

19 അങ്ങനെ, അതുകൊണ്ടു നാം നിങ്ങൾക്ക് ഈത്തപ്പനയുടെയും, മുന്തിരികളുടെയും തോട്ടങ്ങൾ ഉത്ഭവിപ്പിച്ചുതന്നു; അവയിൽ നിങ്ങൾക്ക് ധാരാളം കായ്കനികളുണ്ട്; അവയിൽനിന്ന് നിങ്ങൾ തിന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു;-

وَشَجَرَةً تَخْرُجُ مِن طُورِ سَيْنَآءَ تَنۢبُتُ بِٱلدُّهْنِ وَصِبْغٍ لِّلْءَاكِلِينَ ﴿٢٠﴾

20 സീനാപർവതത്തിൽ നിന്ന് ഉണ്ടാകുന്ന ഒരു (തരം) വൃക്ഷവും (ഉത്ഭവിപ്പിച്ചു);-അത് എണ്ണയും, തിന്നുന്നവർക്ക് കറിയുമായി ഉല്പാദിപ്പിക്കുന്നു.

وَإِنَّ لَكُمْ فِى ٱلْأَنْعَٰمِ لَعِبْرَةً ۖ نُّسْقِيكُم مِّمَّا فِى بُطُونِهَا وَلَكُمْ فِيهَا مَنَٰفِعُ كَثِيرَةٌ وَمِنْهَا تَأْكُلُونَ ﴿٢١﴾

21 നിശ്ചയമായും, കന്നുകാലികളിലും നിങ്ങൾക്ക് ചിന്താപാഠമുണ്ട്; അവയുടെ ഉദരങ്ങളിൽനിന്ന് നിങ്ങൾക്കു നാം (പാൽ) കുടിക്കുവാൻ തരുന്നു; നിങ്ങൾക്ക് അവയിൽ വളരെ ഉപയോഗങ്ങളുണ്ട്, നിങ്ങൾ അവയിൽ നിന്നു (ഭക്ഷണം) തിന്നുകയും ചെയ്യുന്നു;-

وَعَلَيْهَا وَعَلَى ٱلْفُلْكِ تُحْمَلُونَ ﴿٢٢﴾

22 അവയുടെ മേലും, കപ്പലുകളിലുമായി നിങ്ങൾ (യാത്രയിൽ) വഹിക്കപ്പെടുകയും ചെയ്യുന്നു.

ഈ വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട കാര്യം യാതൊരു വിശദീകരണവും കൂടാതെ തന്നെ വ്യക്തമാണല്ലോ. ‘സീനാപർവ്വതത്തിൽ നിന്ന് ഉണ്ടാകുന്ന വൃക്ഷം’ എന്നത് കൊണ്ടുദ്ദേശ്യം ഒലീവ് (സൈത്തൂൻ) മരമാകുന്നു. ഒലീവെണ്ണ മരുന്നായും, ലേപനമായും, ഭക്ഷണം പാകം ചെയ്യാനും വിളക്കെണ്ണയായും പല പ്രകാരത്തിലും ഉപയോഗിച്ച് വരുന്നു. ഒലീവ് കായ് പോഷക പ്രദമായ ഒരു ഭക്ഷ്യ വസ്തുവുമാകുന്നു.

## വിഭാഗം 2

**വചനം : 23,24,25**

وَلَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦ فَقَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥٓ ۖ أَفَلَا تَتَّقُونَ ﴿٢٣﴾

23 നൂഹിനെ, നാം അദ്ദേഹത്തിൻെറ ജനതയുടെ അടുക്കലേക്ക് അയക്കുകയുണ്ടായി; എന്നിട്ട്, അദ്ദേഹം പറഞ്ഞു: എൻെറ ജനങ്ങളേ! നിങ്ങൾ അല്ലാഹുവിനെ (മാത്രം) ആരാധിക്കുവിൻ; നിങ്ങൾക്ക് അവനല്ലാതെ യാതൊരു ഇലാഹും (ആരാധ്യനും)ഇല്ല; അതിനാൽ, നിങ്ങൾ സൂക്ഷിക്കുന്നില്ലേ?!

فَقَالَ ٱلۡمَلَؤُاْ ٱلَّذِينَ كَفَرُواْ مِن قَوۡمِهِۦ مَا
هَٰذَآ إِلَّا بَشَرٞ مِّثۡلُكُمۡ يُرِيدُ أَن يَتَفَضَّلَ
عَلَيۡكُمۡ وَلَوۡ شَآءَ ٱللَّهُ لَأَنزَلَ مَلَٰٓئِكَةٗ مَّا
سَمِعۡنَا بِهَٰذَا فِيٓ ءَابَآئِنَا ٱلۡأَوَّلِينَ ٢٤

24 അപ്പോൾ, അദ്ദേഹത്തിൻെറ ജനങ്ങളിൽനിന്ന് അവിശ്വസിച്ചവരായ പ്രമുഖസംഘം പറഞ്ഞു: (ജനങ്ങളേ!) ഇവൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനെന്നല്ലാതെ (മറ്റൊന്നും) അല്ല; തനിക്ക് നിങ്ങളുടെമേൽ ശ്രേഷ്ഠത ലഭിക്കുവാൻ അവൻ ഉദ്ദേശിക്കുകയാണ്. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ മലക്കുകളെ (ത്തന്നെ) ഇറക്കുമായിരുന്നു. നമ്മുടെ പൂർവികന്മാരായ പിതാക്കളിൽ നാം ഇതിനെപ്പറ്റി കേട്ടിട്ടില്ല.

إِنۡ هُوَ إِلَّا رَجُلُۢ بِهِۦ جِنَّةٞ فَتَرَبَّصُواْ
بِهِۦ حَتَّىٰ حِينٖ ٢٥

25 ഇവൻ, ഭ്രാന്തുള്ള ഒരു പുരുഷൻ എന്നല്ലാതെ (ഒന്നും) അല്ല. ആകയാൽ, അവനെ സംബന്ധിച്ചു കുറച്ചുകാലംവരെ നിങ്ങൾ കാത്തിരിക്കുവിൻ!

ഈ വചനങ്ങളിലും തുടർന്നും നൂഹ്(അ) നബിയുടെ ചരിത്രം അല്ലാഹു വിവരിക്കുന്നു. 950 വർഷങ്ങളോളം തന്റെ ജനതയെ തൗഹീദിലേക്ക് ക്ഷണിച്ച് കൊണ്ടിരുന്നിട്ട് അവരിൽ നിന്നുണ്ടായ പ്രതികരണത്തിന്റെ രക്തചുരുക്കമാകുന്നു ഈ വചനങ്ങളിൽ. " കുറച്ച് കഴിയുമ്പോൾ ഇവൻ ഈ പുതിയ സംരംഭത്തിൽ നിന്ന് മടങ്ങിക്കൊള്ളും. അല്ലെങ്കിൽ മരണപ്പെട്ട് പോകും, അപ്പോൾ അവനെ കൊണ്ടുള്ള ശല്യം നമുക്ക് നീങ്ങിക്കിട്ടും " എന്നവർ ആശ്വാസം കൊണ്ടു.

**വചനം: 26,27,28 29,30**

قَالَ رَبِّ ٱنصُرۡنِي بِمَا كَذَّبُونِ ٢٦

26 അദ്ദേഹം പറഞ്ഞു: എൻെറ റബ്ബേ! ഇവർ എന്നെ വ്യാജമാക്കിയിരിക്കുന്നത് കൊണ്ട് നീ എന്നെ സഹായിക്കേണമേ!

فَأَوۡحَيۡنَآ إِلَيۡهِ أَنِ ٱصۡنَعِ ٱلۡفُلۡكَ بِأَعۡيُنِنَا
وَوَحۡيِنَا فَإِذَا جَآءَ أَمۡرُنَا وَفَارَ ٱلتَّنُّورُ
فَٱسۡلُكۡ فِيهَا مِن كُلّٖ زَوۡجَيۡنِ ٱثۡنَيۡنِ
وَأَهۡلَكَ إِلَّا مَن سَبَقَ عَلَيۡهِ ٱلۡقَوۡلُ
مِنۡهُمۡۖ وَلَا تُخَٰطِبۡنِي فِي ٱلَّذِينَ ظَلَمُوٓاْ
إِنَّهُم مُّغۡرَقُونَ ٢٧

27 അപ്പോൾ അദ്ദേഹത്തിന് നാം (ഇങ്ങിനെ) വഹ്‌യു നൽകി: നമ്മുടെ നോട്ടത്തിലും, നമ്മുടെ ബോധനമനുസരിച്ചും നീ കപ്പൽ പണിയുക; എന്നിട്ട്, നമ്മുടെ കൽപന വരുകയും, അടുപ്പ് (ഉറവുപൊട്ടി) ഒഴുകുകയും ചെയ്താൽ.- അപ്പോൾ, എല്ലാ വസ്തുവിൽനിന്നും ഈരണ്ട് ഇണകളെയും, നിൻെറ ആൾക്കാരെയും അതിൽ പ്രവേശിപ്പിച്ചു കൊള്ളുക-അവരിൽ യാതൊരു കൂട്ടരുടെമേൽ മുമ്പ് (ശിക്ഷയുടെ) വാക്ക് കഴിഞ്ഞിരിക്കുന്നുവോ അവരൊഴികെ-(അവരെ പ്രവേശിപ്പിക്കരുത്) അക്രമം ചെയ്തിട്ടുള്ളവരുടെ കാര്യത്തിൽ, നീ എന്നെ അഭിമുഖീകരിക്കരുത്; നിശ്ചയമായും അവർ മുക്കിനശിപ്പിക്കപ്പെടുന്നവരാകുന്നു.

فَإِذَا ٱسۡتَوَيۡتَ أَنتَ وَمَن مَّعَكَ عَلَى
ٱلۡفُلۡكِ فَقُلِ ٱلۡحَمۡدُ لِلَّهِ ٱلَّذِي نَجَّىٰنَا مِنَ
ٱلۡقَوۡمِ ٱلظَّٰلِمِينَ ٢٨

28 അങ്ങനെ, നീയും, നിൻെറ കൂടെയുള്ളവരും കപ്പലിൽകയറി ശരിപ്പെട്ടാൽ, നീ പറയുക: അക്രമകാരികളായ ജനങ്ങളിൽനിന്ന് ഞങ്ങളെ രക്ഷപ്പെടുത്തിയ അല്ലാഹുവിന്ന് സർവസ്തുതിയും!

وَقُل رَّبِّ أَنزِلۡنِي مُنزَلٗا مُّبَارَكٗا وَأَنتَ خَيۡرُ ٱلۡمُنزِلِينَ ٢٩

29 എന്റെ റബ്ബേ! അനുഗൃഹീതമായ ഒരു താവളത്തിൽ, എന്നെ നീ ഇറക്കിത്തരേണമേ, നീ ഇറക്കിത്തരുന്നവരിൽ ഏറ്റവും ഉത്തമനാണല്ലോ! എന്നും പറയുക.

إِنَّ فِي ذَٰلِكَ لَأٓيَٰتٖ وَإِن كُنَّا لَمُبۡتَلِينَ ٣٠

30 നിശ്ചയമായും അതിൽ (ആ സംഭവത്തിൽ) പല ദൃഷ്ടാന്തങ്ങളുമുണ്ട്; നിശ്ചയമായും, നാം പരീക്ഷിക്കുന്നവരാകുന്നു.

നൂഹ്(അ) നബി അല്ലാഹുവിന്റെ സഹായത്തിന് വേണ്ടി പ്രാർത്ഥിച്ചു. നേരത്തെ അറിയിച്ച് കൊടുത്ത പ്രകാരം അല്ലാഹുവിന്റെ ബോധനമനുസരിച്ചും പ്രത്യേക കാവലോടെയും കപ്പൽ നിർമ്മിക്കാൻ അല്ലാഹു നൂഹ്(അ) നബിക്ക് നിർദേശം നൽകി. 'അടുപ്പ് (ഉറവ് പൊട്ടി) ഒഴുകിയാൽ' എന്ന വാക്യത്തിന് പല വ്യാഖ്യാനങ്ങളും നൽകപ്പെട്ടിണ്ടെങ്കിലും ജലപ്രളയത്തിന്റെ ലക്ഷണം കണ്ട് തുടങ്ങിയാൽ അപ്പോൾ കപ്പലിൽ കയറിക്കൊള്ളണമെന്ന നിർദേശമാകുന്നു പ്രസ്തുത വാക്യം അർത്ഥമാക്കുന്നത്. കപ്പലിൽ കയറേണ്ടുന്ന സമയത്തിന് ഒരു പ്രത്യേക അടയാളമായി നിശ്ചയിക്കപ്പെട്ടിരുന്നതാണ് അടുപ്പിൽ നിന്ന് ഉറവ് പൊടിയൽ എന്നും ചില വ്യാഖ്യാതാക്കൾ പറഞ്ഞു കാണുന്നു. الله اعلم

എല്ലാ ജീവികളിൽ നിന്നും ഈരണ്ട് ഇണകൾ- ഓരോ ആണും പെണ്ണും - വീതവും തന്റെ ആൾക്കാരായ സത്യവിശ്വാസികളെയും (അവർ കുറച്ചാളുകൾ മാത്രമായിരുന്നു) കപ്പലിൽ കയറ്റിക്കൊള്ളുവാൻ അല്ലാഹു നൂഹ്(അ) നബിയോട് കൽപിച്ചു. ശിക്ഷക്ക് പാത്രീഭൂതരെന്ന് മുമ്പേ നിശ്ചയിക്കപ്പെട്ടവർക്കും, അക്രമം പ്രവർത്തിച്ചവർക്കും രക്ഷനൽകാൻ അല്ലാഹുവിനോട് അപേക്ഷിക്കരുതെന്നും, നിർദേശിച്ചു: നൂഹ്(അ)നബിയുടെ ഒരു മകനും ഭാര്യയും അവിശ്വാസികളുടെ കൂട്ടത്തിലായിരുന്നുവെന്ന് ഖുർആൻ വ്യക്തമാക്കിയിരിക്കുന്നു.

ജലപ്രളയം അവസാനിക്കുകയും അവിശ്വാസികൾ നശിക്കുകയും ചെയ്താൽ കപ്പലിൽനിന്ന് ഇറങ്ങുമ്പോൾ അല്ലാഹുവിനെ സ്തുതിക്കാനും, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് വേണ്ടി ദുആ ചെയ്യുവാനും, അല്ലാഹു അദ്ദേഹത്തെ ഉപദേശിക്കുന്നു. കപ്പൽ ചെന്നെത്തിയത് ജൂദീ മലയിലാണെന്ന് സൂ: ഹൂദ് 44ൽ അല്ലാഹു പറഞ്ഞിട്ടുണ്ട്. ഇത് പേർഷ്യൻ ഇറാക്കിനും തുർക്കിക്കും ഇടയിൽ അറാറാത്ത് പ്രദേശങ്ങളിലാകുന്നു.

അവസാനമായി ഈ ചരിത്ര സംഭവത്തിൽ നിന്ന് പാഠം പഠിക്കുവാൻ അല്ലാഹു നമ്മെ ഓർമ്മപ്പെടുത്തുന്നു.

**വചനം: 31,32**

ثُمَّ أَنشَأۡنَا مِنۢ بَعۡدِهِمۡ قَرۡنًا ءَاخَرِينَ ٣١

31 പിന്നീട്, അവരുടെ ശേഷം, നാം വേറെ ഒരു തലമുറയെ ഉത്ഭവിപ്പിച്ചു;-

فَأَرۡسَلۡنَا فِيهِمۡ رَسُولٗا مِّنۡهُمۡ أَنِ ٱعۡبُدُواْ ٱللَّهَ مَا لَكُم مِّنۡ إِلَٰهٍ غَيۡرُهُۥٓۚ أَفَلَا تَتَّقُونَ ٣٢

32 എന്നിട്ട്, അവരിൽനിന്നുതന്നെ ഒരു റസൂലിനെ അവരിൽ നാം അയച്ചു: നിങ്ങൾ അല്ലാഹുവിനെ (മാത്രം) ആരാധിക്കുവിൻ, നിങ്ങൾക്ക് അവനല്ലാതെ ഒരു ആരാധ്യനുമില്ല. അതിനാൽ, നിങ്ങൾ സൂക്ഷിക്കുന്നില്ലേ?! എന്ന് (അദ്ദേഹം പറഞ്ഞു).

ഒരു സമുദായമെന്ന നിലക്ക് നൂഹ്(അ) നബിക്ക് മുമ്പ് ഒരു ജനത ഉണ്ടായിരുന്നതായി ഖുർആനിൽ നിന്ന് മനസ്സിലാകുന്നില്ല. നൂഹ്(അ) നബിക്ക് ശേഷം ഉൽഭവിച്ചതായി ഈ വചനത്തിൽ പ്രസ്താവിച്ച തലമുറ - സമുദായം - ഏതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. സൂ: അഅ്റാഫ് 69 ൽ ആദ് സമുദായത്തെ അഭിമുഖീകരിച്ച് കൊണ്ട് അവരുടെ പ്രവാചകനായ ഹൂദ്നബി(അ) ഇങ്ങനെ പറയുന്നു. “നിങ്ങളെ അല്ലാഹു നൂഹിന്റെ ജനതക്ക് ശേഷം പിൻഗാമികളാക്കിയിട്ടുള്ളത് ഓർക്കുവിൻ.” അതിൽ നിന്നും ഇവിടെയും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് ആദ് സമുദായവും ഹൂദ് നബി(അ)യും ആണെന്ന് മനസ്സിലാക്കാം.

## വിഭാഗം- 3

**വചനം: 33,34,35,36,37,38**

وَقَالَ ٱلۡمَلَأُ مِن قَوۡمِهِ ٱلَّذِينَ كَفَرُواْ

33 അദ്ദേഹത്തിന്റെ ജനതയിൽനിന്ന്, അവിശ്വസിക്കുകയും പരലോകത്തെ കാണുന്നതിനെ

وَكَذَّبُوا۟ بِلِقَآءِ ٱلْـَٔاخِرَةِ وَأَتْرَفْنَٰهُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا مَا هَٰذَآ إِلَّا بَشَرٌ مِّثْلُكُمْ يَأْكُلُ مِمَّا تَأْكُلُونَ مِنْهُ وَيَشْرَبُ مِمَّا تَشْرَبُونَ ٣٣

വ്യാജമാക്കുകയും ഐഹിക ജീവിതത്തിൽ നാം സൗഖ്യം നൽകുകയും ചെയ്തിട്ടുള്ളവരായ പ്രമുഖസംഘം (ഇപ്രകാരം) പറഞ്ഞു: ഇവൻ നിങ്ങളെപോലെയുള്ള ഒരു മനുഷ്യൻ എന്നല്ലാതെ (മറ്റൊന്നും തന്നെ) അല്ല: നിങ്ങൾ തിന്നുന്നതിൽനിന്ന് അവൻ തിന്നുകയും, നിങ്ങൾ കുടിക്കുന്നതിൽനിന്ന് അവൻ കുടിക്കുകയും ചെയ്യുന്നു.

وَلَئِنْ أَطَعْتُم بَشَرًا مِّثْلَكُمْ إِنَّكُمْ إِذًا لَّخَٰسِرُونَ ٣٤

34 നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനെ നിങ്ങൾ അനുസരിക്കുകയാണെങ്കിൽ, നിശ്ചയമായും അപ്പോൾ നിങ്ങൾ നഷ്ടക്കാർ തന്നെയാണ്.

أَيَعِدُكُمْ أَنَّكُمْ إِذَا مِتُّمْ وَكُنتُمْ تُرَابًا وَعِظَٰمًا أَنَّكُم مُّخْرَجُونَ ٣٥

35 നിങ്ങൾ മരിച്ച് മണ്ണും എല്ലുമായിത്തീർന്നാലും, നിങ്ങൾ (രണ്ടാമതും) പുറത്തു കൊണ്ടുവരപ്പെടുന്നവരാണെന്ന് അവൻ നിങ്ങളോട് താക്കീത് നൽകുന്നുവോ?!

۞ هَيْهَاتَ هَيْهَاتَ لِمَا تُوعَدُونَ ٣٦

36 നിങ്ങളോട് താക്കീത് നൽകപ്പെടുന്നകാര്യം വളരെ വിദൂരം, വിദൂരം!

إِنْ هِىَ إِلَّا حَيَاتُنَا ٱلدُّنْيَا نَمُوتُ وَنَحْيَا وَمَا نَحْنُ بِمَبْعُوثِينَ ٣٧

37 അത് (ജീവിതമെന്നത്) നമ്മുടെ ഐഹിക ജീവിതമല്ലാതെ (ഒന്നും) ഇല്ല: നാം മരിക്കുന്നു, ജീവിക്കുകയും ചെയ്യുന്നു-നാം ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നവരല്ല തന്നെ!

إِنْ هُوَ إِلَّا رَجُلٌ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا وَمَا نَحْنُ لَهُۥ بِمُؤْمِنِينَ ٣٨

38 ഇവൻ അല്ലാഹുവിൻെറമേൽ വ്യാജം കെട്ടിച്ചമക്കുന്ന ഒരു പുരുഷനല്ലാതെ (ഒന്നും) അല്ല; നാം അവനെ വിശ്വസിക്കുന്നവരല്ല തന്നെ.

എല്ലാ പ്രവാചകന്മാരേയും നിഷേധിച്ച് കൊണ്ട് അവരുടെ ജനത ജൽപിച്ച് കൊണ്ടിരുന്ന മറുപടി തന്നെ ഹൂദ്(അ) നബിയുടെ ജനതയും അദ്ദേഹത്തോട് ധിക്കാരപൂർവ്വം പറഞ്ഞു. ഇവൻ അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിപ്പറയുകയാണ്, അവനെ വിശ്വസിക്കാൻ നിവൃത്തിയില്ല എന്ന് പറഞ്ഞ്കൊണ്ട് അവർ അദ്ദേഹത്തെ തള്ളിപ്പറഞ്ഞു. തന്റെ ജനത വിശ്വസിക്കാൻ ഭാവമില്ലെന്നും നിഷേധത്തിലും അവിശ്വാസത്തിലും ഉറച്ച് നിൽക്കുവാൻ തന്നെ നിശ്ചയിച്ചിരിക്കുകയാണെന്നും ഹൂദ്(അ) നബിക്ക് ബോദ്ധ്യമായി.

**വചനം: 39,40,41**

قَالَ رَبِّ ٱنصُرْنِى بِمَا كَذَّبُونِ ٣٩

39 അദ്ദേഹം പറഞ്ഞു: റബ്ബേ! ഇവർ എന്നെ വ്യാജമാക്കിയിരിക്കുന്നതുകൊണ്ട് നീ എന്നെ സഹായിക്കേണമേ!

قَالَ عَمَّا قَلِيلٍ لَّيُصْبِحُنَّ نَٰدِمِينَ ٤٠

40 അവൻ (അല്ലാഹു) പറഞ്ഞു: നിശ്ചയമായും, അല്പകാലംകൊണ്ട് അവർ ഖേദിക്കുന്നവരായിത്തീരുന്നതാണ്.

فَأَخَذَتْهُمُ ٱلصَّيْحَةُ بِٱلْحَقِّ فَجَعَلْنَٰهُمْ غُثَآءً فَبُعْدًا لِّلْقَوْمِ ٱلظَّٰلِمِينَ ٤١

41 അങ്ങനെ, (നീതി) മുറയനുസരിച്ച് (ആ) കഠോര ശബ്ദം അവരെ പിടികൂടി; എന്നിട്ട് നാം അവരെ ചണ്ടിയാക്കി (നശിപ്പിച്ചു) കളഞ്ഞു. ആകയാൽ, അക്രമികളായ ജനതക്ക് (കാരുണ്യത്തിൽനിന്നും) വിദൂരത:

അദ്ദേഹത്തിന്റെ സഹായാഭ്യാർത്ഥന അല്ലാഹു സ്വീകരിക്കുകയും ഒരു കഠോര ശബ്ദത്തിലൂടെ ആ ജനത നശിപ്പിക്കപ്പെടുകയും ചെയ്തു. ഭൂകമ്പം പോലെയുള്ള ഒരു പൊട്ടിത്തെറി ആയിരുന്നു അതെന്ന് കരുതപ്പെടുന്നു. അവരെല്ലാവരും ചത്തൊടുങ്ങി ചണ്ടികളാക്കപ്പെട്ട് ഛിന്നഭിന്നമായിപ്പോയി.

അക്രമികളായ ജനത കാരുണ്യത്തിൽ നിന്നും അകൽത്തപ്പെട്ട് ശാപകോപങ്ങൾക്ക് വിധേയരായ ദുർഭാഗ്യവന്മാരാണെന്ന് അല്ലാഹു ഓർമ്മപ്പെടുത്തുന്നു.

(വചനം 31 മുതൽ ഇത് വരെയുള്ള ആയത്തുകൾ സ്വാലിഹ്(അ) നബിയെയും അദ്ദേഹത്തിന്റെ സമുദായമായ ഥമൂദ് ഗോത്രത്തേയും കുറിച്ചാണെന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു الله اعلم ).

**വചനം: 42,43,44**

ثُمَّ أَنشَأْنَا مِنۢ بَعْدِهِمْ قُرُونًا ءَاخَرِينَ ﴿٤٢﴾

42 പിന്നീട്, അവരുടെ ശേഷമായി പല തലമുറകളെയും നാം ഉൽഭവിപ്പിച്ചു;-

مَا تَسْبِقُ مِنْ أُمَّةٍ أَجَلَهَا وَمَا يَسْتَـْٔخِرُونَ ﴿٤٣﴾

43 ഒരു സമുദായവും തന്നെ, അതിൻെറ അവധിയെ മുൻകടക്കുന്നതല്ല: (അവധിക്ക്) പിന്നിലായി പ്പോകുന്നതുമല്ല.

ثُمَّ أَرْسَلْنَا رُسُلَنَا تَتْرَا ۖ كُلَّ مَا جَآءَ أُمَّةً رَّسُولُهَا كَذَّبُوهُ ۚ فَأَتْبَعْنَا بَعْضَهُم بَعْضًا وَجَعَلْنَٰهُمْ أَحَادِيثَ ۚ فَبُعْدًا لِّقَوْمٍ لَّا يُؤْمِنُونَ ﴿٤٤﴾

44 പിന്നീട്, നാം നമ്മുടെ ദൂതൻമാരെ (റസൂലുകളെ) തുടരെത്തുടരെ അയച്ചുകൊണ്ടിരുന്നു; ഓരോ സമുദായത്തിനും, അതിൻെറ ദൂതൻ വരുമ്പോഴെല്ലാം അവർ, അദ്ദേഹത്തെ വ്യാജമാക്കുകയാണ് ചെയ്തത്. അങ്ങനെ, അവരിൽ ചിലരെ ചിലരോട് നാം അനുഗമിപ്പിച്ചു. (ഒന്നിനു ശേഷം ഒന്നായി നശിപ്പിച്ചു.) അവരെ (മുഴുവനും) നാം കഥാവിഷയങ്ങളാക്കുകയും ചെയ്തു. അപ്പോൾ, വിശ്വസിക്കാതിരിക്കുന്ന ജനങ്ങൾക്ക് (കാരുണ്യത്തിൽനിന്നും) വിദൂരത!

നൂഹ് നബി(അ)ക്ക് ശേഷമുണ്ടായ ഒരു തലമുറയെ പറ്റിയാണ് മേൽ വചനങ്ങളിൽ വിവരിച്ചിരുന്നത്. പിന്നീടും പല തറമുകൾ വരികയും അവരിലെല്ലാം അല്ലാഹു റസൂലുകളെ അയച്ച് കൊണ്ടിരിക്കുകയും, റസൂലുകളെ കളവാക്കിയവരെ അല്ലാഹു ശിക്ഷകൾക്ക് വിധേയമാക്കിയെന്നും ഈ വചനങ്ങളിൽ അല്ലാഹു പ്രസ്താവിക്കുന്നു. ആദ് - ഥമൂദ് ഗോത്രത്തിനും മൂസാ(അ) നബിയുടെ ജനതക്കും (45-ാം വചനത്തിൽ വിവരിക്കപ്പെട്ട) ഇടയിൽ കഴിഞ്ഞു പോയിട്ടുള്ള അനവധി സമുദായങ്ങളെ സംബന്ധിച്ച ഒരു സൂചനയാകുന്നു 42-ാം വചനത്തിലുള്ളത്.

**വചനം: 45,46,47,48,49**

ثُمَّ أَرْسَلْنَا مُوسَىٰ وَأَخَاهُ هَٰرُونَ بِـَٔايَٰتِنَا وَسُلْطَٰنٍ مُّبِينٍ ﴿٤٥﴾

45 പിന്നീട്, മൂസായെയും, അദ്ദേഹത്തിൻെറ സഹോദരൻ ഹാറൂനെയും, നമ്മുടെ ദൃഷ്ടാന്തങ്ങളോടും, വ്യക്തമായ അധികൃതരേഖയോടും കൂടി നാം അയക്കുകയുണ്ടായി.

إِلَىٰ فِرْعَوْنَ وَمَلَإِيْهِۦ فَٱسْتَكْبَرُوا۟ وَكَانُوا۟ قَوْمًا عَالِينَ ﴿٤٦﴾

46 -ഫിർഔൻെറയും അവൻെറ പ്രമുഖസംഘത്തിൻെറയും അടുക്കലേക്ക്. അപ്പോൾ അവർ അഹംഭാവം നടിക്കുകയാണ് ചെയ്തത്; അവർ പൊങ്ങച്ചക്കാരായ ഒരു ജനതയായിരുന്നു.

فَقَالُوٓا۟ أَنُؤْمِنُ لِبَشَرَيْنِ مِثْلِنَا وَقَوْمُهُمَا لَنَا عَٰبِدُونَ ﴿٤٧﴾

47 അതിനാൽ, അവർ പറഞ്ഞു: നമ്മെപ്പോലെയുള്ള രണ്ടു മനുഷ്യൻമാരെ-അവരുടെ ജനങ്ങളാകട്ടെ, നമ്മുടെ ആരാധകൻമാരുമാണ്-നാം വിശ്വസിക്കുകയോ?!

فَكَذَّبُوهُمَا فَكَانُوا۟ مِنَ ٱلْمُهْلَكِينَ ﴿٤٨﴾

48 അങ്ങനെ അവർ, രണ്ടുപേരെയും വ്യാജമാക്കി; തന്നിമിത്തം അവർ നശിപ്പിക്കപ്പെട്ടവരുടെ കൂട്ടത്തിലായിത്തീർന്നു!

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَٰبَ لَعَلَّهُمْ يَهْتَدُونَ ﴿٤٩﴾

49 മൂസാക്ക് നാം വേദഗ്രന്ഥം നൽകിയിട്ടു മുണ്ട്-അവർ (അദ്ദേഹത്തിൻെറ ജനത) സൻ മാർഗ്ഗം പ്രാപിക്കുവാൻ വേണ്ടി.

അവിശ്വാസ സമുദായങ്ങൾക്കിടയിൽ പൊതുവെ കാണപ്പെടുന്ന സാമ്യതകളിൽ ഒന്നായിരുന്നു അവർ, പ്രവാചകന്മാർ മനുഷ്യനായിരുന്നു എന്ന കാരണം പറഞ്ഞ് അവരെ നിഷേധിക്കുകയെന്നത്. നിഷേധത്തിലെ അവിശ്വാസികളുടെ ഐകരൂപം കാരണം “അവർ ഇതേപറ്റി അന്യോന്യം ഒസ്യത്ത് ചെയ്തിരിക്കുകയാണോ” എന്ന് അല്ലാഹു ഒരിടത്തു ചോദിക്കുന്നു.(സൂ: ദാരിയാത്ത് 53 നോക്കുക)

‘ഖിബുത്തി ’വർഗ്ഗത്തിൽപ്പെട്ട ഫിർഔനും കൂട്ടരും മൂസാ(അ)നബിയുടെ ഇസ്രാഈൽ ജനതയെ അടിച്ചമർത്തി അടിമകളാക്കി വെച്ചതിനെ ഉദ്ദേശിച്ച് കൊണ്ടാണ് താൻ ഇലാഹാണെന്ന് വാദിച്ച് കൊണ്ടിരുന്ന ഫിർഔനും അയാളുടെ ജനതയും “നമ്മുടെ ആരാധകന്മാരായ, നമ്മെപോലെ സാധാരണ മനുഷ്യരായ ഇവരുടെ സിദ്ധാന്തം നാം വിശ്വസിക്കുകയോ ” എന്ന് ജൽപിച്ചത്.

ഫിർഔനും കൂട്ടരും സമുദ്രത്തിൽ മുക്കി നശിപ്പിക്കപ്പെട്ട ശേഷമാണ് മൂസാ(അ) നബിക്ക് തൌറാത്ത് നൽകപ്പെട്ടത്. അതിന് മുമ്പ് അങ്ങനെയുള്ള ഒരു ന്യായ പ്രമാണ ഗ്രന്ഥം അവതരിക്കപ്പെട്ടിട്ടുള്ളതായി അറിയില്ല. അതിന് ശേഷമാകട്ടെ ഒരു സമുദായവും ഒന്നടങ്കം നശിപ്പിക്കപ്പെട്ടതായും അറിയില്ല.

**വചനം: 50**

وَجَعَلْنَا ٱبْنَ مَرْيَمَ وَأُمَّهُۥٓ ءَايَةً وَءَاوَيْنَٰهُمَآ إِلَىٰ رَبْوَةٍ ذَاتِ قَرَارٍ وَمَعِينٍ ﴿٥٠﴾

50 ‘ഇബ്നു മർയമി’നെയും തൻെറ മാതാവിനെയും നാം ഒരു ദൃഷ്ടാന്തമാക്കിയിരിക്കുന്നു; നിവാസയോഗ്യവും, ഒഴുക്കുജലമുള്ളതുമായ ഒരു മേടു പ്രദേശത്തേക്ക് (എത്തിച്ച്) രണ്ടു പേർക്കും നാം അഭയം നൽകുകയും ചെയ്തു.

പിതാവില്ലാതെ മർയമിൽ നിന്ന് മാത്രം ഈസാ(അ) ജനിച്ചതിനെ ഉദ്ദേശിച്ചാണ് രണ്ട് പേരെയും ‘നാം ഒരു ദൃഷ്ടാന്തമാക്കിയിരുന്നു ’ എന്ന് അല്ലാഹു പറഞ്ഞത്. ഖുർആനിൽ ഈസാ(അ) നബിയെ ഈസബ്നു മറിയം (മർയമിന്റെ മകൻ ഈസാ) എന്ന് മാതാവിന്റെ പേരിനോട് ചേർത്താണ് പറയുന്നത്.

മർയമിനും ഈസാ(അ) നബിക്കും അല്ലാഹു അഭയം നൽകിയ പ്രദേശം ഡമസ്കസിലാണെന്നും ബൈത്തുൽ മുഖദ്ദിസിലാണെന്നും ഈജിപ്തിലാണെന്നും പാലസ്തീനിലെ റംലയിലാണെന്നും അഭിപ്രായങ്ങളുണ്ടെങ്കിലും ഈജിപ്തിലാണെന്ന അഭിപ്രായമാണ് കൂടുതൽ ശരിയായതെന്ന് കരുതപ്പെടുന്നു.

## വിഭാഗം: 4

**വചനം:51,52,53,**

يَٰٓأَيُّهَا ٱلرُّسُلُ كُلُوا۟ مِنَ ٱلطَّيِّبَٰتِ وَٱعْمَلُوا۟ صَٰلِحًا ۖ إِنِّى بِمَا تَعْمَلُونَ عَلِيمٌ ﴿٥١﴾

51 ഹേ, ദൂതൻമാരേ(റസൂലുകളേ)! നിങ്ങൾ വിശിഷ്ടവസ്തുക്കളിൽനിന്ന് തിന്നുകയും, സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്യുവിൻ! നിശ്ചയമായും നിങ്ങൾ എന്തു പ്രവർത്തിക്കുന്നുവോ അതിനെപ്പറ്റി ഞാൻ അറിയുന്നവനാകുന്നു.

وَإِنَّ هَٰذِهِۦٓ أُمَّتُكُمْ أُمَّةً وَٰحِدَةً وَأَنَا۠ رَبُّكُمْ فَٱتَّقُونِ ﴿٥٢﴾

52 നിശ്ചയമായും, ഇതാണ് നിങ്ങളുടെ സമുദായം- ഏകസമുദായം! ഞാൻ നിങ്ങളുടെ റബ്ബുമാകുന്നു; ആകയാൽ, നിങ്ങൾ എന്നോട് ഭക്തികാണിക്കുവിൻ! (ഇതായിരുന്നു എല്ലാവരോടും കൽപിക്കപ്പെട്ടിരുന്നത്).

فَتَقَطَّعُوٓا۟ أَمْرَهُم بَيْنَهُمْ زُبُرًا ۖ كُلُّ حِزْبٍۭ بِمَا لَدَيْهِمْ فَرِحُونَ ﴿٥٣﴾

53 എന്നാൽ, അവർ (ജനങ്ങൾ) തങ്ങളുടെ കാര്യത്തെ തങ്ങൾക്കിടയിൽ കണ്ടംതുണ്ടമായി മുറിച്ചെടുത്തുകളഞ്ഞു. ഓരോ കക്ഷിയും തങ്ങളുടെ അടുക്കലുള്ളതുകൊണ്ട് സംതൃപ്തരാണ്.

നിരോധിക്കപ്പെട്ടിട്ടില്ലാത്തതും മ്ലേഛമല്ലാത്തതും ഹൃദ്യമായതും പരിശുദ്ധമായതുമായ വിശിഷ്ടവസ്തുക്കൾ ഭക്ഷിച്ച് കൊള്ളുവാനും സൽകർമ്മങ്ങൾ പ്രവർത്തിക്കുവാനും അല്ലാഹു റസൂലുകളോട് കൽപിക്കുന്നു. ഹലാലല്ലാത്ത ഭക്ഷണ സാധനങ്ങൾ ഉപേക്ഷിക്കുന്നത്, സൽകർമ്മങ്ങൾ അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യമാകുന്നതിന് ഒരു ഉപാധിയാണെന്ന് ആയത്തിന്റെ ഘടനയിൽ നിന്നും ഗ്രഹിക്കാവുന്നതാണ്.

“ഹറാമായ ഭക്ഷണത്തിൽ നിന്നുണ്ടായ മാംസം സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല ” എന്ന നബി വചനം ശ്രദ്ധേയമാകുന്നു.

മറ്റൊരു നബിവചനത്തിന്റെ സാരാംശം ഇപ്രകാരമാകുന്നു:

ദൂതന്മാരോട് (റസൂലുകളോട്) “നിങ്ങൾ വിശിഷ്ട വസ്തുക്കളിൽ നിന്നും തിന്നുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്യുവിൻ ” എന്ന് കൽപിച്ചത് പോലെ തന്നെ സത്യവിശ്വസികളോട് ഇപ്രകാരം കൽപിച്ചിരിക്കുന്നു. “ഹേ വിശ്വസിച്ചവരെ നിങ്ങൾക്ക് നാം നൽകിയിട്ടുള്ള വിശിഷ്ടമായ വസ്തുക്കളിൽ നിന്ന് നിങ്ങൾ തിന്നു കൊള്ളുവിൻ; നിങ്ങൾ നന്ദികാണിക്കുകയും ചെയ്യുവിൻ - നിങ്ങൾ അവനെ തന്നെയാണ് ആരാധിക്കുന്നതെങ്കിൽ ”

ഈ വചനങ്ങൾ ഉദ്ധരിച്ചശേഷം തിരുമേനി പറയുകയുണ്ടായി:

“ഭക്ഷണവും പാനീയവും വസ്ത്രങ്ങളും ഹറാമായ ഒരാൾ ജഡ നിറഞ്ഞ് പൊടി പിടിച്ച് ആകാശത്തേക്ക് കൈനീട്ടി, എന്റെ റബ്ബേ എന്റെ റബ്ബേ എന്ന് വിളിച്ച് പ്രാർത്ഥിച്ച് കൊണ്ടിരിക്കും എന്നാൽ അതിന് അവന് എവിടെ നിന്ന് ഉത്തരം കിട്ടാനാണ്”.

നമ്മുടെയൊക്കെ നിത്യജീവിതത്തിൽ നമ്മുടെ ഭക്ഷണ പാനീയങ്ങളിലാകട്ടെ മറ്റ് നിത്യോപയോഗ വസ്തുക്കളിലാകട്ടെ ഹറാമിന്റെയും പാപത്തിന്റെയും കറ കലർന്നതായി വല്ലതുമുണ്ടോ എന്ന് നിഷ്കർഷയോടെ എത്രമാത്രം നാം ശ്രദ്ധിക്കാറുണ്ടെന്നുള്ളത് ഒരു ആത്മ പരിശോധനക്ക് നാം വിധേയമാക്കേണ്ടിയിരിക്കുന്നു.

ഒരേ റബ്ബിൽ വിശ്വസിച്ച് അവനെ മാത്രം ആരാധിച്ച് അവന്റെ ഏക മതം സ്വീകരിച്ച് ഏക സമുദായമായി കഴിയാൻ നിർദ്ദേശിക്കപ്പെട്ട മനുഷ്യൻ ഇന്ന് വിഭിന്ന കക്ഷികളായിത്തീർന്നിരിക്കുന്നു. മുസ്ലീം സമൂഹം തന്നെ ഇന്ന് എത്രയോ കക്ഷികളായി പിരിഞ്ഞിരിക്കുന്നു. ഓരോ കക്ഷിയും മറ്റേ കക്ഷിയുമായി അങ്ങേയറ്റം വൈരത്തിലുമാണ്. ഓരോ കക്ഷിയും തന്റെ കക്ഷിയുടേത് മാത്രമാണ് ശരിയെന്ന്, യാതൊരു വിട്ടു വീഴ്ചയുമില്ലാതെ ശഠിച്ച് കൊണ്ട് സംതൃപ്തി അടയുകയും ചെയ്യുന്നു. (സൂ: അൻബിയാഅ് 92,93 നോക്കുക)

**വചനം: 54,55,56**

فَذَرْهُمْ فِي غَمْرَتِهِمْ حَتَّىٰ حِينٍ ﴿٥٤﴾

54 (നബിയേ!) കുറച്ചു കാലംവരെ അവരെ അവരുടെ വിഡ്ഢിത്തത്തിലായി വിട്ടേക്കുക!

أَيَحْسَبُونَ أَنَّمَا نُمِدُّهُم بِهِۦ مِن مَّالٍ وَبَنِينَ ﴿٥٥﴾

55 അവർ വിചാരിക്കുന്നുണ്ടോ-ധനവും, മക്കളുമായി നാം അവർക്ക് സഹായം നൽകുന്നത്,-

نُسَارِعُ لَهُمْ فِي ٱلْخَيْرَٰتِ ۚ بَل لَّا يَشْعُرُونَ ﴿٥٦﴾

56 നൻമകളുടെ കൂട്ടത്തിൽ അവർക്ക് നാം ബദ്ധപ്പെട്ട് നൽകുകയാണെന്ന്?! പക്ഷേ, അതൊരു പരീക്ഷണം മാത്രമാണെന്ന (പരമാർത്ഥം) അവർ ഗ്രഹിക്കുന്നില്ല.

സത്യവിശ്വാസത്തിൽ നിന്നും വ്യതിചലിച്ച് പോയ ഭിന്ന കക്ഷികളിൽപെട്ടവർക്ക് അല്ലാഹു നൽകിയ സ്വത്തുക്കൾ, മക്കൾ മുതലായ നന്മകൾ എല്ലാം തന്നെ വെറും പരീക്ഷണങ്ങളാകുന്നു. വാസ്തവം അവർ മനസ്സിലാക്കുന്നില്ല, അധികം വൈകാതെ തന്നെ അവർക്ക് നേരിടാനുള്ള യഥാർത്ഥ അനുഭവങ്ങൾ അവരെ ആസ്വദിപ്പിക്കുന്നതാണ്.

“അല്ലാഹു ഇഷ്ടപ്പെടുന്നവർക്കും, അല്ലാത്തവർക്കും അവൻ ദുൻയാവ് (ഐഹിക സുഖം) കൊടുക്കുന്നു. എന്നാൽ അവൻ ഇഷ്ടപ്പെടുന്നവർക്കല്ലാതെ ദീൻ (മതനിഷ്ഠ) അവൻ കൊടുക്കുന്നതല്ല. അല്ലാഹു ആർക്ക് ദീൻ കൊടുത്തുവോ അവനെ അല്ലാഹു ഇഷ്ടപ്പെട്ടിരിക്കുന്നു ”- ഇബ്നു മസ്ഊദ്(റ)

**വചനം 57,58,59,60,61**

إِنَّ ٱلَّذِينَ هُم مِّنْ خَشْيَةِ رَبِّهِم مُّشْفِقُونَ ﴿٥٧﴾

57 നിശ്ചയമായും, തങ്ങളുടെ റബ്ബിനെ പേടിച്ചതു നിമിത്തം ഭയപ്പാടുള്ളവരായ ആളുകളും;

وَٱلَّذِينَ هُم بِـَٔايَـٰتِ رَبِّهِمۡ يُؤۡمِنُونَ ٥٨
وَٱلَّذِينَ هُم بِرَبِّهِمۡ لَا يُشۡرِكُونَ ٥٩
وَٱلَّذِينَ يُؤۡتُونَ مَآ ءَاتَواْ وَّقُلُوبُهُمۡ وَجِلَةٌ
أَنَّهُمۡ إِلَىٰ رَبِّهِمۡ رَٰجِعُونَ ٦٠
أُوْلَـٰٓئِكَ يُسَٰرِعُونَ فِي ٱلۡخَيۡرَٰتِ وَهُمۡ لَهَا
سَٰبِقُونَ ٦١

58 തങ്ങളുടെ റബ്ബിന്റെ ലക്ഷ്യങ്ങളിൽ വിശ്വസിക്കുന്നവരായ ആളുകളും;

59 തങ്ങളുടെ റബ്ബിനോട് (യാതൊന്നും) പങ്കുചേർക്കാത്ത ആളുകളും;

60 തങ്ങൾ (വല്ലവർക്കും) കൊടുക്കുന്നതിനെ -അവർ തങ്ങളുടെ റബ്ബിങ്കലേക്ക് മടങ്ങിച്ചെല്ലുന്നവരാണ് എന്നതിനാൽ- ഹൃദയങ്ങൾ നടുങ്ങുന്നവരായിക്കൊണ്ട് കൊടുക്കുന്നവരും;-

61 അങ്ങിനെയുള്ളവർ, നല്ലകാര്യങ്ങളിൽ ധൃതി കൂട്ടുകയാണ് ചെയ്യുന്നത്; അവർ അതിലേക്ക് മുൻകടക്കുന്നവരുമാകുന്നു.

സദ്വൃത്തരായ സജ്ജനങ്ങളുടെ ലക്ഷണങ്ങൾ അല്ലാഹു ഈ വചനങ്ങളിൽ വിവരിക്കുന്നു. ആർക്കെങ്കിലും വല്ലതും കൊടുക്കുമ്പോൾ തങ്ങളുടെ പക്കൽ വല്ല വീഴ്ചയോ ന്യൂനതയോ വന്ന് പോയിട്ടുണ്ടോ, അല്ലാഹുവിങ്കൽ അത് സ്വീകരിക്കപ്പെടാതിരിക്കുമോ, എന്നിങ്ങനെയുള്ള നടുക്കവും പേടിയുമാണ് "ഹൃദയങ്ങൾ നടുങ്ങുന്നവരായിക്കൊണ്ട് കൊടുക്കുന്നവർ" എന്ന് 60ാം വചനത്തിൽ പറഞ്ഞതിന്റെ സാരം.

മേൽപറഞ്ഞ ഗുണങ്ങളോട് കൂടിയവർ സൽകാര്യങ്ങളിൽ വളരെ ഉത്സാഹപൂർവ്വം പരിശ്രമിക്കുന്നവരും അതിനായി ധൃതികൂട്ടുന്നവരുമായിരിക്കും.

**വചനം: 62**

وَلَا نُكَلِّفُ نَفۡسًا إِلَّا وُسۡعَهَاۖ وَلَدَيۡنَا كِتَٰبٌ
يَنطِقُ بِٱلۡحَقِّۚ وَهُمۡ لَا يُظۡلَمُونَ ٦٢

62 ഒരു ദേഹത്തോടും, അതിന് കഴിവുള്ളതല്ലാതെ നാം ശാസിക്കുകയില്ല; യഥാർത്ഥം തുറന്നു പറയുന്ന ഒരു ഗ്രന്ഥം (രേഖ) നമ്മുടെ അടുക്കൽ ഉണ്ട്; അവർ അക്രമിക്കപ്പെടുന്നതല്ല.

ഖുർആനിൽ ആവർത്തിച്ച് പറഞ്ഞിട്ടുള്ള ഒരു മൗലിക തത്വമാണ് ഏതൊരാളുടെയും കഴിവനുസരിച്ചുള്ളതല്ലാതെ - ശാരീരികവും മാനസികവും സാമ്പത്തികവും സാമൂഹികവുമായ കഴിവുകൾ ഇതിൽ പരിഗണിക്കപ്പെടുന്നു - അവനോട് ശാസിക്കുകയില്ല, ആരാധനാകർമ്മങ്ങളിൽ മാത്രമല്ല, സാമൂഹ്യപ്രവർത്തനങ്ങളിലും ഈ നിയമം ബാധകമാകുന്നു. സൽകർമ്മികളുടെയും ദുഷ്കർമ്മികളുടെയുമെന്ന വ്യത്യാസമില്ലാതെ എല്ലാവരുടെയും ചെയ്തികളും കൃത്യമായി രേഖപ്പെടുത്തിയ ഒരു രേഖാഗ്രന്ഥം അല്ലാഹുവിങ്കലുണ്ട്. സജ്ജനങ്ങളുടെ സൽഫലങ്ങളിൽ വല്ല കുറവും വരുത്തിയോ, ദുർജ്ജനങ്ങളുടെ ദുഷ്ഫലങ്ങളിൽ വല്ലതും അധികരിപ്പിച്ചോ ആരോടും അനീതി ചെയ്യപ്പെടുന്നതല്ല. (സൂ: കഹ്ഫ് 49 സൂ: ജാഥിയ 29 എന്നിവിടങ്ങളിൽ നോക്കുക).

**വചനം 63,64,65,66,67**

بَلۡ قُلُوبُهُمۡ فِي غَمۡرَةٖ مِّنۡ هَٰذَا وَلَهُمۡ أَعۡمَٰلٞ
مِّن دُونِ ذَٰلِكَ هُمۡ لَهَا عَٰمِلُونَ ٦٣

63 എങ്കിലും, അവരുടെ (അവിശ്വാസികളുടെ) ഹൃദയങ്ങൾ ഇതിനെക്കുറിച്ച് അന്ധതയിലാകുന്നു. അവർക്ക് അത് (മേൽപറഞ്ഞത്) കൂടാതെയുള്ള ചില പ്രവൃത്തികളാണുള്ളത്; അത് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരാണ്;-

حَتَّىٰٓ إِذَآ أَخَذۡنَا مُتۡرَفِيهِم بِٱلۡعَذَابِ إِذَا
هُمۡ يَجۡـَٔرُونَ ٦٤
لَا تَجۡـَٔرُواْ ٱلۡيَوۡمَۖ إِنَّكُم مِّنَّا لَا تُنصَرُونَ ٦٥

64 അങ്ങനെ, അവരിലുള്ള സുഖിയൻമാരെ ശിക്ഷ മൂലം നാം പിടിക്കുന്നതായാൽ, അപ്പോഴതാ, അവർ നിലവിളി കൂട്ടുന്നു!

65 (അവരോട് പറയപ്പെടും:) ഇന്ന് നിങ്ങൾ നിലവിളി കൂട്ടേണ്ടാ (അതുകൊണ്ട് ഫലമില്ല)! നിശ്ചയമായും നിങ്ങൾക്ക്, നമ്മിൽനിന്ന് സഹായം നൽകപ്പെടുകയില്ല;-

قَدۡ كَانَتۡ ءَايَٰتِي تُتۡلَىٰ عَلَيۡكُمۡ فَكُنتُمۡ عَلَىٰٓ أَعۡقَٰبِكُمۡ تَنكِصُونَ ﴿٦٦﴾

مُسۡتَكۡبِرِينَ بِهِۦ سَٰمِرٗا تَهۡجُرُونَ ﴿٦٧﴾

66 തീർച്ചയായും, എന്റെ (വേദ) ലക്ഷ്യങ്ങൾ നിങ്ങൾക്ക് ഓതികേൾപ്പിക്കപ്പെട്ടുവന്നിരുന്നു; അപ്പോൾ നിങ്ങൾ, നിങ്ങളുടെ മടമ്പുകാലുകളിൽ (വന്നപാടെ) തന്നെ മടങ്ങിപ്പോകുകയായിരുന്നു ചെയ്തത്;-

67 അഹങ്കാരികളായ നിലയിൽ-അതിൽ (വേദ ഗ്രന്ഥത്തിൽ) രാക്കഥയുമായി-നിങ്ങൾ പിച്ചു പറഞ്ഞുംകൊണ്ടിരിക്കുന്നവരായിരുന്നു.

ഈ വചനങ്ങളിൽ അവിശ്വാസികളുടെ പ്രവർത്തനങ്ങളെ അല്ലാഹു ചൂണ്ടിക്കാട്ടുന്നു. 57-60 വചനങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള സൽകർമ്മങ്ങളൊന്നും അവർ ചെയ്യുന്നില്ലെന്ന് മാത്രമല്ല, അവയ്ക്ക് നേരെ വിപരീതമായിട്ടാണ് അവരുടെ പ്രവർത്തനങ്ങൾ. സുഖഭോഗങ്ങളിൽ മുഴുകിയിരുന്ന അവർ താമസിയാതെ പിടികൂടി ശിക്ഷിക്കപ്പെടുമ്പോൾ, അവരുടെ നിലവിളിയൊന്നും അവർക്ക് പ്രയോജനപ്പെടുകയില്ല, അവർക്ക് അല്ലാഹു ഇപ്രകാരം മറുപടി നൽകുന്നതാണ്.

"എന്റെ (വേദ) ലക്ഷ്യങ്ങൾ റസൂൽ നിങ്ങൾക്ക് ഓതികേൾപ്പിച്ചപ്പോൾ, നിങ്ങൾ അഹങ്കാരികളായിക്കൊണ്ട്, അവയെ പരിഹസിച്ച് കൊണ്ട് അവയിൽ നിന്നും പിന്നോക്കം പോകുകയായിരുന്നു. ഇനി ഇപ്പോൾ നിലവിളിച്ചത് കൊണ്ട് യാതൊരു പ്രയോജനവുമില്ല."

**വചനം:68,69,70**

أَفَلَمۡ يَدَّبَّرُواْ ٱلۡقَوۡلَ أَمۡ جَآءَهُم مَّا لَمۡ يَأۡتِ ءَابَآءَهُمُ ٱلۡأَوَّلِينَ ﴿٦٨﴾

أَمۡ لَمۡ يَعۡرِفُواْ رَسُولَهُمۡ فَهُمۡ لَهُۥ مُنكِرُونَ ﴿٦٩﴾

أَمۡ يَقُولُونَ بِهِۦ جِنَّةُۢۚ بَلۡ جَآءَهُم بِٱلۡحَقِّ وَأَكۡثَرُهُمۡ لِلۡحَقِّ كَٰرِهُونَ ﴿٧٠﴾

68 (പറയുന്ന) വാക്ക് (ഖുർആൻ) അവർ ഉറ്റാലോചിക്കുന്നില്ലേ?! അഥവാ, തങ്ങളുടെ പൂർവ പിതാക്കൾക്ക് വന്നിട്ടില്ലാത്തതൊന്ന് ഇവർക്ക് വന്നിരിക്കുന്നുവോ?!

69 അതല്ലെങ്കിൽ, അവർ തങ്ങളുടെ റസൂലിനെ അറിഞ്ഞിട്ടില്ല-അതിനാൽ അവർ അദ്ദേഹത്തെ നിഷേധിക്കുന്നവരാണോ?!

70 അല്ലെങ്കിൽ, അദ്ദേഹത്തിന് ഭ്രാന്തുണ്ടെന്ന് അവർ പറയുന്നുവോ?! എന്നാൽ, (വാസ്തവത്തിൽ,) അദ്ദേഹം അവരുടെ അടുക്കൽ യഥാർത്ഥം കൊണ്ടുവന്നിരിക്കുകയാണ്; അവരിൽ അധികമാളുകളും, യഥാർത്ഥത്തെ വെറുക്കുന്നവരുമാകുന്നു.

അവിശ്വാസികളെ കുറിച്ച് തുടർന്നും അല്ലാഹു പ്രസ്താവിക്കുന്നു.

അവർ ഖുർആനെ പറ്റിചിന്തിക്കുന്നേയില്ല. ഈ ആക്ഷേപം അല്ലാഹു ആവർത്തിച്ച് പറയാറുള്ളതാണ്. മാത്രമല്ല, അവർ റസൂലിനെ പറ്റി വേണ്ടവിധം മനസ്സിലാക്കുന്നുമില്ല. ചെറുപ്പം മുതലേ തിരുമേനിയുടെ സദ് സ്വഭാവവും സത്യസന്ധതയുമെല്ലാം നന്നായറിയാവുന്ന അവർ, അദ്ദേഹത്തിന് ഭ്രാന്ത് പിടിച്ചിരിക്കുകയാണെന്ന് ജൽപിക്കുന്നത് എത്രമാത്രം അധിക്ഷേപാർഹമാണ്. മുമ്പും പല നബിമാരും തങ്ങളുടെ പൂർവ്വപിതാക്കളിലേക്ക് ഇതേ സത്യപ്രബോധനവുമായിട്ടാണ് വന്നിരുന്നതെന്ന് മനസ്സിലാക്കാതെ, അവർ യാഥാർത്ഥ്യത്തെ വെറുത്തുകൊണ്ടിരിക്കുന്നവരാകുന്നു.

**വചനം: 71**

وَلَوِ ٱتَّبَعَ ٱلۡحَقُّ أَهۡوَآءَهُمۡ لَفَسَدَتِ ٱلسَّمَٰوَٰتُ وَٱلۡأَرۡضُ وَمَن فِيهِنَّۚ

71 യഥാർത്ഥം അവരുടെ ഇച്ഛകൾക്കനുസരിച്ചു വന്നിരുന്നുവെങ്കിൽ, ആകാശങ്ങളും, ഭൂമിയും, അവയിലുള്ളവരും (എല്ലാം തന്നെ) കുഴപ്പത്തിലാകുമായിരുന്നു! പക്ഷേ, നാം അവരുടെ

بَلْ أَتَيْنَـٰهُم بِذِكْرِهِمْ فَهُمْ عَن ذِكْرِهِم مُّعْرِضُونَ ﴿٧١﴾

അടുക്കൽ അവർക്കുള്ള ഉപദേശവുംകൊണ്ട് ചെന്നിരിക്കുകയാണ്; എന്നാൽ അവരാകട്ടെ, അവരുടെ (ആ) ഉപദേശത്തിൽനിന്ന് തിരിഞ്ഞുകളയുന്നവരാകുന്നു.

അവർക്ക് ഉപദേശങ്ങൾ സ്വീകാര്യമാകണമെങ്കിൽ, അവ അവരുടെ ഇഛകൾക്കും അഭിപ്രായങ്ങൾക്കും അനുസൃതമായിരിക്കണം. അഥവാ ആരാധ്യന്മാർ പലതുണ്ടായിരിക്കണം, ദൈവത്തിന് സന്താനമുണ്ടായിരിക്കണം, അക്രമവും അനീതിയും ന്യായമായിരിക്കണം, പാപങ്ങൾ പുണ്യമായിരിക്കണം. ഇങ്ങിനെയാണ് യാഥാർത്ഥ്യത്തിലുള്ളതെങ്കിൽ ലോകത്തിന്റെ ധാർമ്മിക വ്യവസ്ഥയും നിലനിൽപ് തന്നെയും അവതാളത്തിലായിപ്പോകുമായിരുന്നു. അവിശ്വാസികളാകട്ടെ, അവർക്ക് ലഭിച്ച് കൊണ്ടിരിക്കുന്ന സദുപദേശങ്ങളിൽ നിന്നും തിരിഞ്ഞ് കളയുന്നവരുമാകുന്നു.

**വചനം : 72,73,74**

أَمْ تَسْـَٔلُهُمْ خَرْجًا فَخَرَاجُ رَبِّكَ خَيْرٌ ۖ وَهُوَ خَيْرُ ٱلرَّٰزِقِينَ ﴿٧٢﴾

وَإِنَّكَ لَتَدْعُوهُمْ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٧٣﴾

وَإِنَّ ٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ عَنِ ٱلصِّرَٰطِ لَنَـٰكِبُونَ ﴿٧٤﴾

72 (നബിയേ,) ഒരു പക്ഷേ, നീ അവരോട് വല്ല പുറപ്പാടും (ആദായവും) ചോദിക്കുന്നുണ്ടോ?!- എന്നാൽ, നിൻെറ റബ്ബിൻെറ (പക്കൽനിന്നുള്ള) പുറപ്പാട് ഏറ്റവും നല്ലതാകുന്നു. അവൻ, ഉപജീവനം നൽകുന്നവരിൽവെച്ച് ഏറ്റവും നല്ലവനത്രെ.

73 നിശ്ചയമായും, നീ അവരെ നേരായ മാർഗ്ഗത്തിലേക്ക് ക്ഷണിക്കുകയാകുന്നു.

74 പരലോകത്തിൽ വിശ്വസിക്കാത്തവരാകട്ടെ, (ആ) മാർഗ്ഗം വിട്ടുതെറ്റിപ്പോകുന്നവർ തന്നെയാണ്.

നബിയേ, അല്ലാഹുവിന്റെ ദൌത്യം എത്തിച്ച് കൊടുക്കുന്നതിന് താങ്കൾ അവരുടെ പക്കൽ നിന്നും വല്ല പ്രതിഫലവും ആവശ്യപ്പെടുന്നുണ്ടെന്ന കാരണം കൊണ്ടാണോ അവർ വിശ്വസിക്കാതിരിക്കുന്നത്. താങ്കൾ അവരിൽ നിന്നും ഒന്നും ഇച്ഛിക്കുന്നില്ല തന്നെ. അല്ലാഹുവിങ്കൽ താങ്കൾക്കുള്ള പ്രതിഫലമാകുന്നു ഏറ്റവും മഹത്തായ പ്രതിഫലം. പരലോകത്തിൽ വിശ്വസിക്കാത്ത അവരെ നേരായ മാർഗ്ഗത്തിലേക്ക് എത്ര തന്നെ ക്ഷണിച്ച് കൊണ്ടിരുന്നാലും അവർ ആ സത്യമാർഗ്ഗത്തിൽ പ്രവേശിക്കാതെ തെറ്റിപ്പോകുന്നവരാകുന്നു.

**വചനം : 75,76,77**

۞ وَلَوْ رَحِمْنَـٰهُمْ وَكَشَفْنَا مَا بِهِم مِّن ضُرٍّ لَّلَجُّوا۟ فِى طُغْيَـٰنِهِمْ يَعْمَهُونَ ﴿٧٥﴾

وَلَقَدْ أَخَذْنَـٰهُم بِٱلْعَذَابِ فَمَا ٱسْتَكَانُوا۟ لِرَبِّهِمْ وَمَا يَتَضَرَّعُونَ ﴿٧٦﴾

حَتَّىٰٓ إِذَا فَتَحْنَا عَلَيْهِم بَابًا ذَا عَذَابٍ شَدِيدٍ إِذَا هُمْ فِيهِ مُبْلِسُونَ ﴿٧٧﴾

75 നാം അവരോട് കരുണ കാണിക്കുകയും, അവരിലുള്ള വിഷമം നീക്കുകയും ചെയ്താലും, അവർ തങ്ങളുടെ അതിക്രമത്തിൽ അന്ധാളിച്ചുകൊണ്ട് ശഠിച്ചു നിൽക്കുക തന്നെ ചെയ്യുന്നതാണ്.

76 നാം അവരെ ശിക്ഷകൊണ്ട് പിടിക്കുകയുണ്ടായി. എന്നിട്ട്, അവർ തങ്ങളുടെ റബ്ബിന് കീഴൊതുങ്ങിയില്ല; അവർ (അവനോട്) താഴ്മ കാണിക്കുന്നുമില്ല!-

77 കഠിന ശിക്ഷയുടെതായ ഒരു കവാടം അവരിൽ നാം തുറക്കുന്നതായാൽ-അപ്പോഴതാ, അവർ അതിൽ ആശയറ്റ് പോകുന്നവരായിരിക്കും -അതുവരെക്കും (അവർ ഈ നില തുടരും.)

ആദ്യത്തെ ആയത്തിൽ ‘ അവരിലുള്ള വിഷമം ’ എന്ന് പറഞ്ഞത് ഖുറൈശികളെ ബാധിച്ച ക്ഷാമവും പട്ടിണിയുമാണെന്നാണ് ഭൂരിഭാഗം മുഫസ്സിറുകളുടെയും അഭിപ്രായം. ഒരു യുദ്ധത്തിൽ തടവുകാരനായി മദീനാ പള്ളിയിൽ മൂന്ന് ദിവസം ബന്ധനസ്ഥനാക്കപ്പെട്ട ഥുമാമ: എന്ന ഖുറൈശി നേതാവ് ആ ദിവസങ്ങളിൽ ഇസ്ലാമു

മായുള്ള പരിചയത്തിലൂടെ ഇസ്ലാമിലേക്ക് ആകർഷിക്കപ്പെടുകയും മുസ്ലീമായികൊണ്ട് ഉംറ കർമ്മം നിർവ്വഹിക്കാൻ മക്കയിലേക്ക് പോകുകയും ചെയ്തു. അദ്ദേഹത്തെ ഖുറൈശികൾ കഠിനമായി ആക്ഷേപിക്കുകയുണ്ടായി. മക്കായിലേക്ക് ധാന്യം ഇറക്കുമതി ചെയ്തിരുന്ന യമാമയിലെ നേതാവായ അദ്ദേഹം മക്കയിലേക്കുള്ള ധാന്യവിതരണം നിർത്തൽ ചെയ്തു. റസൂൽ തിരുമേനിയുടെ ഉത്തരവ് കൂടാതെ മേലിൽ ധാന്യം നൽകുകയില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. പട്ടിണിയിലായ മക്കക്കാർ 'ഇൽഹിസ് ' (രോമവും രക്തവും ചേർത്തുണ്ടാക്കുന്ന ഒരു സാധനം) ഭക്ഷിക്കാൻ നിർബന്ധിതരായി. ഖുറൈശികൾ ഒടുക്കം നബി(സ)യെ സമീപിച്ച് നബി(സ)യുടെ കരുണക്കും, കുടുംബബന്ധപാലനത്തിനും വേണ്ടി അഭ്യർത്ഥിക്കുകയും റസൂൽ തിരുമേനി ഥമാമ(റ)യോട് ഭക്ഷ്യവിതരണം പുനസ്ഥാപിക്കാൻ നിർദേശിക്കുകയും, ആയത് പഴയ പടി തുടരുകയും ചെയ്തു. അങ്ങനെ അവരെ ബാധിച്ച വിഷമം നീക്കുകയും ചെയ്തു.

'അവരിലുള്ള വിഷമം' എന്ന് ഈ ആയത്തിൽ പറഞ്ഞത് പരലോക ശിക്ഷയാണെന്നും പരലോക ശിക്ഷ കാണുമ്പോൾ അവർ നിലവിളി കൂട്ടുന്നതിനനുസരിച്ച് അവരെ ഭൂമിയിലേക്ക് വീണ്ടും മടക്കി ശിക്ഷ ഒഴിവാക്കിക്കൊടുത്തിരുന്നാൽ പോലും അവർ ദുർനടപ്പിൽ പഴയ പടി ശഠിച്ച് നിൽക്കുകയാണുണ്ടാവുക എന്നാണാ വചനത്തിന്റെ സാരമെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

"അവർ ഭൂമിയിലേക്ക് മടക്കപ്പെട്ടാലും അവരോട് വിരോധിക്കപ്പെട്ടതിലേക്ക് അവർ വീണ്ടും പോകുക തന്നെ ചെയ്യുന്നതാണ്." എന്ന് അല്ലാഹു സൂ : അൻആം 28ൽ പ്രസ്താവിച്ചിരിക്കുന്നു.

രണ്ടാമത്തെ വചനത്തിൽ ' നാം അവരെ ശിക്ഷ കൊണ്ട് പിടിക്കുകയുണ്ടായി ' എന്ന് പറഞ്ഞത് മേൽ ക്ഷാമത്തെ കുറിച്ചാണെന്നും ബദർ യുദ്ധത്തിൽ 70 ഖുറൈശി നേതാക്കൾ കൊല്ലപ്പെട്ടതിനെ കുറിച്ചാണെന്നും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്.

മൂന്നാമത്തെ വചനത്തിൽ 'കഠിനശിക്ഷയുടേതായ കവാടം' എന്ന് പറഞ്ഞത് പരലോകശിക്ഷയെ കുറിച്ച് തന്നെ. ആ അവിശ്വാസികളുടെ വിഷമങ്ങൾ നീക്കി കരുണ ചെയ്ത് കൊണ്ടിരുന്നാലും പാഠം പഠിക്കാതെ ധിക്കാരത്തിൽ ഉറച്ച് നിൽക്കുന്ന അവിശ്വാസികൾ ഖിയാമത്ത് നാളിലെ ശിക്ഷ അനുഭവിക്കുമ്പോഴാണ് കണ്ണ് തുറക്കുക. പക്ഷെ അത്കൊണ്ട് യാതൊരു ഗുണവും ഉണ്ടാകുന്നതല്ല.

ഈ സൂറത്ത് മക്കാ സൂറത്തുകളിൽപെട്ടതാണെങ്കിലും ഈ മൂന്ന് ആയത്തുകൾ മദീനായിൽ അവതരിച്ചതാണെന്ന് ചില മഹാന്മാർ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്.

## വിഭാഗം: 5

**വചനം : 78,79,80,81,82,83**

78 അവനാണ് (അല്ലാഹുവാണ്) നിങ്ങൾക്ക് കേൾവിയും, കാഴ്ചയും, ഹൃദയങ്ങളും ഉണ്ടാക്കിത്തന്നിട്ടുള്ളവൻ, നിങ്ങൾ അൽപ്പമാത്രമേ നന്ദിചെയ്യുന്നുള്ളു.

وَهُوَ ٱلَّذِىٓ أَنشَأَ لَكُمُ ٱلسَّمْعَ وَٱلْأَبْصَٰرَ وَٱلْأَفْـِٔدَةَ ۚ قَلِيلًا مَّا تَشْكُرُونَ ﴿٧٨﴾

79 അവൻ തന്നെയാണ്, നിങ്ങളെ ഭൂമിയിൽ വർദ്ധിപ്പിച്ചുണ്ടാക്കിയവനും; അവൻെറ അടുക്കലേക്കുതന്നെ നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്യും.

وَهُوَ ٱلَّذِى ذَرَأَكُمْ فِى ٱلْأَرْضِ وَإِلَيْهِ تُحْشَرُونَ ﴿٧٩﴾

80 അവൻ തന്നെയാണ്, ജീവിപ്പിക്കുകയും, മരിപ്പിക്കുകയും ചെയ്യുന്നവനും; രാവും, പകലും വ്യത്യാസപ്പെടുന്നതും അവൻെറ വകയാണ്. അപ്പോൾ, നിങ്ങൾ മനസ്സിരുത്തുന്നില്ലേ?!

وَهُوَ ٱلَّذِى يُحْىِۦ وَيُمِيتُ وَلَهُ ٱخْتِلَٰفُ ٱلَّيْلِ وَٱلنَّهَارِ ۚ أَفَلَا تَعْقِلُونَ ﴿٨٠﴾

81 എന്നാൽ, പൂർവികൻമാർ പറഞ്ഞ (അതേ) മാതിരി അവർ പറയുകയാണ്;-

بَلْ قَالُوا۟ مِثْلَ مَا قَالَ ٱلْأَوَّلُونَ ﴿٨١﴾

82 അവർ പറയുന്നു: ഞങ്ങൾ മരിക്കുകയും, മണ്ണും എല്ലുമായിത്തീരുകയും ചെയ്താൽ, ഞങ്ങൾ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നവരായിരിക്കുമെന്നോ?! (അത് സംഭവ്യമല്ല.)

قَالُوٓا۟ أَءِذَا مِتْنَا وَكُنَّا تُرَابًا وَعِظَٰمًا أَءِنَّا لَمَبْعُوثُونَ ﴿٨٢﴾

لَقَدْ وُعِدْنَا نَحْنُ وَءَابَآؤُنَا هَٰذَا مِن قَبْلُ إِنْ هَٰذَآ إِلَّآ أَسَٰطِيرُ ٱلْأَوَّلِينَ ﴿٨٣﴾

83 ഞങ്ങളോടും, മുമ്പ് ഞങ്ങളുടെ പിതാക്കളോടും ഇത് വാഗ്ദത്തം ചെയ്യപ്പെടുകയുണ്ടായിട്ടുണ്ട്. ഇത് പൂർവികൻമാരുടെ പഴങ്കഥകളല്ലാതെ (വേറെ) ഒന്നുമല്ല.

അല്ലാഹു അവർക്ക് ചെയ്ത് കൊടുത്തിട്ടുള്ള അനുഗ്രഹങ്ങൾ അനുഭവിച്ച് കൊണ്ടിരിക്കുന്ന അവിശ്വാസികൾ ധിക്കാരപൂർവ്വം പറഞ്ഞ് കൊണ്ടിരുന്ന മറുപടിയാണ് 81,82,83 വചനങ്ങളിൽ.

മരണാന്തരം ഞങ്ങൾ മണ്ണും എല്ലും ആയിത്തീർന്നതിന് ശേഷം ഞങ്ങൾ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുമെന്ന് ഞങ്ങളോട് പറയുന്നത് പോലെ ഞങ്ങളുടെ പിതാക്കളോട് പറയപ്പെടുകയുണ്ടായി. ഇത് വരെ അതൊന്നും സംഭവിച്ച് കണ്ടിട്ടില്ല. ഇത് പൂർവ്വീകന്മാരുടെ പഴങ്കഥകളല്ലാതെ മറ്റൊന്നുമല്ല തന്നെ.

**വചനം : 84,85,86,87,88,89,90**

قُل لِّمَنِ ٱلْأَرْضُ وَمَن فِيهَآ إِن كُنتُمْ تَعْلَمُونَ ﴿٨٤﴾

84 (നബിയേ!) ചോദിക്കുക: ഭൂമിയും, അതിലുള്ളവരും ആരുടേതാണ്- നിങ്ങൾക്ക് അറിയാമെങ്കിൽ (പറയൂ)?!

سَيَقُولُونَ لِلَّهِ ۚ قُلْ أَفَلَا تَذَكَّرُونَ ﴿٨٥﴾

85 അവർ പറഞ്ഞുകൊള്ളും: അല്ലാഹുവിൻേറതാണ് എന്ന്. പറയുക: എന്നാൽ നിങ്ങൾ ആലോചിക്കുന്നില്ലേ?!

قُلْ مَن رَّبُّ ٱلسَّمَٰوَٰتِ ٱلسَّبْعِ وَرَبُّ ٱلْعَرْشِ ٱلْعَظِيمِ ﴿٨٦﴾

86 ചോദിക്കുക: ഏഴ് ആകാശങ്ങളുടെ നാഥനും, മഹത്തായ 'അർശി'ൻെറ (സിംഹാസനത്തിൻെറ) നാഥനും ആരാണ്?!

سَيَقُولُونَ لِلَّهِ ۚ قُلْ أَفَلَا تَتَّقُونَ ﴿٨٧﴾

87 അവർ പറഞ്ഞുകൊള്ളും: ( അതും) അല്ലാഹുവിൻേറതാണ് എന്ന്. പറയുക: എന്നാൽ, നിങ്ങൾ സൂക്ഷിക്കുന്നില്ലേ?!

قُلْ مَنۢ بِيَدِهِۦ مَلَكُوتُ كُلِّ شَىْءٍ وَهُوَ يُجِيرُ وَلَا يُجَارُ عَلَيْهِ إِن كُنتُمْ تَعْلَمُونَ ﴿٨٨﴾

88 ചോദിക്കുക: എല്ലാ വസ്തുവിൻെറയും ഭരണാധികാരം തൻെറ കൈവശമാണ്, അവനാണ് രക്ഷ നൽകുന്നത്, അവനെതിരിൽ രക്ഷ നൽകപ്പെടുകയുമില്ല-ഇങ്ങിനെയുള്ള ഒരുവൻ ആരാണ്? -നിങ്ങൾക്ക് അറിയാമെങ്കിൽ (പറയൂ)!

سَيَقُولُونَ لِلَّهِ ۚ قُلْ فَأَنَّىٰ تُسْحَرُونَ ﴿٨٩﴾

89 അവർ പറഞ്ഞുകൊള്ളും: (അതെല്ലാം) അല്ലാഹുവിനുള്ളതാണ് എന്ന്. പറയുക: എന്നാൽ എങ്ങിനെയാണ്, നിങ്ങൾ മായത്തിലകപ്പെട്ടു പോകുന്നത്?!

بَلْ أَتَيْنَٰهُم بِٱلْحَقِّ وَإِنَّهُمْ لَكَٰذِبُونَ ﴿٩٠﴾

90 പക്ഷേ, (വാസ്തവത്തിൽ) നാം അവർക്ക് യഥാർത്ഥവുംകൊണ്ട് ചെന്നിരിക്കുകയാണ്; നിശ്ചയമായും അവരാകട്ടെ, കള്ളവാദികളുമാണ്.

ആകാശഭൂമികളും, അവയിലെ സകല വസ്തുക്കളും മഹത്തായ അർശും എല്ലാം അല്ലാഹുവിന്റെ സൃഷ്ടികളാകുന്നു, അവയുടെ മുഴുവൻ നിയന്ത്രണവും കൈകാര്യവും അവന്റെ പക്കലാണ്; രക്ഷകൻ അവനാകുന്നു - എന്നെല്ലാം മുശ്രിക്കുകളും വിശ്വസിക്കുന്നു. എന്നിട്ട് പിന്നെയും അവർ വിഗ്രഹങ്ങളെയും മറ്റ് സൃഷ്ടികളെയും ആരാധിച്ചും പ്രാർത്ഥിച്ചും കൊണ്ടിരിക്കുന്നതിനേയാണ് അല്ലാഹു ഈ വചനങ്ങളിൽ കഠിനമായി ആക്ഷേപിക്കുന്നത്. അതെ, പൂർവ്വീകന്മാരുടെ നടപടികളെ ന്യായീകരിച്ച് കൊണ്ടുള്ള അവാസ്തവ പ്രസ്താവനകളിൽ അവർ മയങ്ങിപോയിരിക്കുകയാണ്.

**വചനം : 91,92**

مَا ٱتَّخَذَ ٱللَّهُ مِن وَلَدٍ وَمَا كَانَ مَعَهُۥ مِنْ إِلَٰهٍ ۚ إِذًا لَّذَهَبَ كُلُّ إِلَٰهٍۭ بِمَا خَلَقَ وَلَعَلَا بَعْضُهُمْ عَلَىٰ بَعْضٍ ۚ سُبْحَٰنَ ٱللَّهِ عَمَّا يَصِفُونَ ﴿٩١﴾

عَٰلِمِ ٱلْغَيْبِ وَٱلشَّهَٰدَةِ فَتَعَٰلَىٰ عَمَّا يُشْرِكُونَ ﴿٩٢﴾

91 അല്ലാഹു യാതൊരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല; അവനോടൊപ്പം യാതൊരു ഇലാഹും ഇല്ലതാനും. (ഉണ്ട്) എന്നു വരികിൽ, ഓരോ ഇലാഹും അവൻ സൃഷ്ടിച്ചതും കൊണ്ടു പോകുകയും, അവരിൽ ചിലർ ചിലരുടെ മേൽ പൊങ്ങച്ചം കാണിക്കുകയും ചെയ്യുമായിരുന്നു. അവർ വർണ്ണിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നതിൽനിന്ന് അല്ലാഹു മഹാപരിശുദ്ധൻ!

92 അദൃശ്യത്തെയും, ദൃശ്യത്തെയും അറിയുന്നവനാണ് (അവൻ). അപ്പോൾ, അവർ പങ്കുചേർക്കുന്നതിൽനിന്നും അവൻ മഹോന്നതനാകുന്നു.

അല്ലാഹുവിന് സമന്മാരെ കൽപ്പിക്കുക, സന്താനങ്ങളുണ്ടെന്ന് ജൽപിക്കുക, എന്നിങ്ങനെയുള്ള ശിർക്കൻ വാദത്തെ ഈ വചനങ്ങൾ ഖണ്ഡിക്കുന്നു. അവൻ മക്കളെ സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം വേറെ ഇലാഹുമില്ല. അങ്ങനെ മറ്റ് വല്ല ഇലാഹും ഉണ്ടായിരിക്കുന്ന പക്ഷം അവർ തമ്മിൽ അധികാര വടം വലിയും അവകാശ തർക്കവും അനിവാര്യമായും ഉണ്ടാകുമായിരുന്നു. ഏകനായ അല്ലാഹു ആകട്ടെ എല്ലാ രഹസ്യ പരസ്യങ്ങളും ദൃശ്യാദൃശ്യങ്ങളും അറിയുന്നവനുമാകുന്നു.

**വിഭാഗം: 6**

**വചനം : 93,94,95**

قُل رَّبِّ إِمَّا تُرِيَنِّى مَا يُوعَدُونَ ﴿٩٣﴾

رَبِّ فَلَا تَجْعَلْنِى فِى ٱلْقَوْمِ ٱلظَّٰلِمِينَ ﴿٩٤﴾

وَإِنَّا عَلَىٰٓ أَن نُّرِيَكَ مَا نَعِدُهُمْ لَقَٰدِرُونَ ﴿٩٥﴾

93 (നബിയേ,) പറയുക: റബ്ബേ! ഇവരോട് താക്കീത് ചെയ്യപ്പെടുന്നതിനെ (ശിക്ഷയെ) വല്ലപ്പോഴും നീ എനിക്ക് കാണുമാറാക്കുകയാണെങ്കിൽ,-

94 എന്റെ റബ്ബേ-അപ്പോൾ എന്നെ (ഈ) അക്രമികളായ ജനങ്ങളിൽ നീ പെടുത്തരുതേ!

95 നിശ്ചയമായും നാമാകട്ടെ, അവരോട് നാം താക്കീത് ചെയ്യുന്നതിനെ നിനക്ക് കാട്ടിത്തരുവാൻ കഴിവുള്ളവർ തന്നെയാകുന്നു.

അവിശ്വാസികളായ ജനങ്ങളെ താക്കീത് ചെയ്ത് വരുന്ന ശിക്ഷ നബി(സ) കാണെതന്നെ - അവിടുന്ന് ജീവിച്ച് കൊണ്ടിരിക്കെ തന്നെ - അത് സംഭവിക്കുകയാണെങ്കിൽ, അവരുടെ കൂട്ടത്തിൽ അകപ്പെടാതെ രക്ഷിച്ച് തരേണമേ എന്ന് പ്രാർത്ഥിക്കുവാൻ അല്ലാഹു നബി(സ) തിരുമേനിയെ ഉപദേശിക്കുകയാണ്. ശിക്ഷ ഏത് സമയത്തും നടപ്പിൽ വരുത്തുവാൻ അല്ലാഹു കഴിവുള്ളവനാകുന്നു. അത്തരക്കാരുടെ ദുഷ്ചെയ്തികൾ ബാധിക്കാതെ രക്ഷ പ്രാപിക്കുന്നതിനുള്ള രണ്ട് ഉപദേശങ്ങൾ അല്ലാഹു തുടർന്നുള്ള വചനങ്ങളിൽ നിർദേശിക്കുന്നു.

**വചനം : 96,97,98**

ٱدْفَعْ بِٱلَّتِى هِىَ أَحْسَنُ ٱلسَّيِّئَةَ ۚ نَحْنُ أَعْلَمُ بِمَا يَصِفُونَ ﴿٩٦﴾

وَقُل رَّبِّ أَعُوذُ بِكَ مِنْ هَمَزَٰتِ ٱلشَّيَٰطِينِ ﴿٩٧﴾

وَأَعُوذُ بِكَ رَبِّ أَن يَحْضُرُونِ ﴿٩٨﴾

96 ഏറ്റവും നല്ല കാര്യമേതോ അതുകൊണ്ട് തിൻമയെ നീ തടുത്തുകൊള്ളുക. അവർ വർണ്ണിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നതിനെപ്പറ്റി നാം നല്ലവണ്ണം അറിയുന്നവനാകുന്നു.

97 (ഇങ്ങിനെ) പറയുകയും ചെയ്യുക: എന്റെ റബ്ബേ! പിശാചുക്കളുടെ ദുർബോധനങ്ങളിൽനിന്ന് ഞാൻ നിന്നോട് രക്ഷതേടുന്നു;

98 അവർ, എന്റെ അടുക്കൽ സന്നിഹിതരാകുന്നതിൽ നിന്നും-റബ്ബേ-ഞാൻ നിന്നോട് രക്ഷതേടുന്നു.

ഒന്നാമത്തെ ഉപദേശം തിന്മകളെ ഏറ്റവും നല്ല മാർഗ്ഗത്തിലൂടെ തടുത്ത് കൊള്ളണമെന്നാണ്. ക്ഷമ,സഹനം, മാപ്പ്, വിട്ടുവീഴ്ച, നല്ലവാക്ക്, ഇങ്ങോട്ട് തിന്മ ചെയതവനോട് അങ്ങോട്ട് നന്മ ചെയ്യുക എന്നിവയാകുന്നു ഏറ്റവും നല്ല മാർഗ്ഗങ്ങൾ.

“ ഏറ്റവും നല്ല കാര്യം കൊണ്ട് നീ തിന്മയെ തടുത്ത് കൊള്ളുക, അപ്പോൾ നീയുമായി ശത്രുതയുള്ളവൻ ഒരു ഉറ്റ ബന്ധുവെപ്പോലെ ആയിത്തീരുന്നതാണ് ” ഹാ-മീം സജദ: 34-ാം വചനം.

രണ്ടാമത്തെ ഉപദേശം പിശാചുക്കളുടെ ദുർമന്ത്രങ്ങളിൽ നിന്നും രക്ഷ ലഭിക്കാനായി, അല്ലാഹുവോട് പ്രാർത്ഥിക്കണമെന്നാകുന്നു. ദുർബോധനങ്ങളും ദുർമന്ത്രങ്ങളും നടത്തുന്ന മനുഷ്യപിശാചുക്കളും ജിന്ന് പിശാചുക്കളും ഇതിൽ ഉൾപ്പെടുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. “ പിശാചുക്കളുടെ ദുർമന്ത്രങ്ങളിൽ നിന്നും അവർ എന്റെ അടുക്കൽ സന്നിഹിതരാകുന്നതിൽ നിന്നും ഞാൻ രക്ഷ തേടുന്നു” എന്ന് നബി(സ) ഉറങ്ങാൻ പോകുമ്പോൾ പ്രാർത്ഥിക്കാറുണ്ടായിരുന്നു.

**വചനം : 99,100**

حَتَّىٰٓ إِذَا جَآءَ أَحَدَهُمُ ٱلْمَوْتُ قَالَ رَبِّ ٱرْجِعُونِ ﴿٩٩﴾ لَعَلِّىٓ أَعْمَلُ صَٰلِحًا فِيمَا تَرَكْتُ ۚ كَلَّآ ۚ إِنَّهَا كَلِمَةٌ هُوَ قَآئِلُهَا ۖ وَمِن وَرَآئِهِم بَرْزَخٌ إِلَىٰ يَوْمِ يُبْعَثُونَ ﴿١٠٠﴾

99 അങ്ങനെ, (ഒടുക്കം) അവരിൽ ഒരാൾക്ക് മരണം വന്നെത്തുമ്പോൾ അവൻ പറയും: റബ്ബേ! എന്നെ മടക്കിത്തരുവിൻ,-

100 ഞാൻ ഉപേക്ഷ വരുത്തിയിട്ടുള്ളതിൽ ഞാൻ സൽക്കർമ്മം പ്രവർത്തിച്ചേക്കാം! എന്ന്. ഒരിക്കലുമില്ല! അതൊരുവാക്യം-അവനത് പറഞ്ഞുകൊണ്ടിരിക്കുന്നു (-അത്രമാത്രം). അവരുടെ അപ്പുറം, അവർ ഉയിർത്തെഴുന്നേല്പിക്കപ്പെടുന്ന ദിവസംവരേക്കും ഒരു (തരം) വേലിമറയുമുണ്ട്. (അതവരെ മടങ്ങിപ്പോകുവാൻ വിടുന്നതല്ല.)

മരണാസന്നരായി, അനന്തരം അനുഭവിക്കാനിരിക്കുന്ന കഠിന ശിക്ഷകൾ കാണുമാറാകുകയും ചെയ്താൽ തങ്ങളെ ഭൂമിയിലേക്ക് ഒരിക്കൽ കൂടി മടക്കേണമേ എന്ന് അവിശ്വാസികൾ അല്ലാഹുവിനോട് കേണപേക്ഷിക്കുന്നതാണ്. അങ്ങനെ മടക്കിത്തരുന്നതായാൽ മുമ്പ് തങ്ങൾ വരുത്തിയ വീഴ്ചകളെല്ലാം നികത്തി സൽകർമ്മം പ്രവർത്തിച്ച് കൊള്ളാമെന്ന് അവർ സാഷ്ടാംഗം പറയുകയും ചെയ്യും. “അതൊരിക്കലുമില്ല” എന്നാകുന്നു അല്ലാഹുവിന്റെ ഉത്തരം. അവരുടെ വിലാപം കൊണ്ട് അവർക്ക് യാതൊരു പ്രയോജനവും ലഭിക്കുവാൻ പോകുന്നില്ല. മരണവേളയിൽ മാത്രമല്ല, ഖബറുകളിൽ നിന്ന് പുനരെഴുന്നേൽപ്പിക്കപ്പെടുമ്പോഴും, വിചാരണ സമയത്തും, നരകം കാണിക്കപ്പെടുമ്പോഴും, നരകത്തിൽ വെച്ചും എല്ലാം തന്നെ അവിശ്വാസികൾ ഇപ്രകാരം വിലപിക്കുന്നതാണ്. അവരുടെ അപേക്ഷ സ്വീകരിക്കപ്പെടുകയില്ലെന്ന് അവർക്ക് നന്നായറിയാമെങ്കിലും ശിക്ഷയുടെ കാഠിന്യം മൂലം അവരത് പറഞ്ഞ് പോകുകയാണ്.

**വചനം: 101**

فَإِذَا نُفِخَ فِى ٱلصُّورِ فَلَآ أَنسَابَ بَيْنَهُمْ يَوْمَئِذٍ وَلَا يَتَسَآءَلُونَ ﴿١٠١﴾

101 ഇനി, കാഹളത്തിൽ ഊതപ്പെട്ടാൽ പിന്നെ- അന്ന്-അവർക്കിടയിൽ യാതൊരു കുടുംബബന്ധങ്ങളും ഉണ്ടായിരിക്കയില്ല; അവരന്യോന്യം ചോദിക്കയുമില്ല.

ഖിയാമത്ത് നാളിൽ കാഹളത്തിൽ ഊതപ്പെട്ടാൽ ആത്മാക്കളും ജഡങ്ങളും തമ്മിൽ കൂടിചേർന്ന് രണ്ടാമത്തെ ജീവിതത്തിൽ പ്രവേശിക്കുന്നതാണ്. ഉയിർത്തെഴുന്നേൽപിന്റെ ആ ദിവസം വന്നെത്തിയാൽ പിന്നെ ഓരോരുത്തരും അവനവന്റെ കാര്യത്തിൽ മാത്രം ചിന്താകുലനായിരിക്കും. കുടുംബാംഗങ്ങളിൽ നിന്നും ബന്ധുമിത്രാദികളിൽ നിന്നും എല്ലാം ഓരോ മനുഷ്യനും ആ ദിവസം വിട്ടോടിപ്പോകുന്നതാണ് (സൂ: അബസ 34-37 വചനങ്ങൾ നോക്കുക)

**വചനം: 102,103,104**

فَمَن ثَقُلَتْ مَوَٰزِينُهُۥ فَأُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿١٠٢﴾

102 അപ്പോൾ ആരുടെ (സല്ക്കർമ്മത്തിൻെറ) തൂക്കങ്ങൾ ഘനമുള്ളതായോ ആ കൂട്ടർ തന്നെയാണ് വിജയികൾ!

وَمَنۡ خَفَّتۡ مَوَٰزِينُهُۥ فَأُوْلَٰٓئِكَ
ٱلَّذِينَ خَسِرُوٓاْ أَنفُسَهُمۡ فِي جَهَنَّمَ
خَٰلِدُونَ ١٠٣

103 ആരുടെ തൂക്കങ്ങൾ ലഘുവായിപ്പോയോ അവരാണ്, തങ്ങളുടെ സ്വന്തം ദേഹങ്ങളെ നഷ്ടപ്പെടുത്തിയിട്ടുള്ളവർ- (അതായത്:) നരകത്തിൽ സ്ഥിരവാസികൾ!

تَلۡفَحُ وُجُوهَهُمُ ٱلنَّارُ وَهُمۡ فِيهَا
كَٰلِحُونَ ١٠٤

104 നരകം അവരുടെ മുഖങ്ങളെ എരിച്ചുകളയും: അവരതിൽ മുഖം ചുളിച്ച് (പല്ലിളിച്ചു) കൊണ്ടിരിക്കുന്നവരുമായിരിക്കും.

ആരുടെ സൽകർമ്മങ്ങൾ ഘനമുള്ളതായോ അവർ വിജയികൾ ആകുന്നു. ആരുടെ സൽകർമ്മങ്ങൾ ലഘുവായിപ്പോയോ അവർ നരകത്തിൽ സ്ഥിരവാസികളായിരിക്കും. നരകത്തിലെ അഗ്നിയുടെ കാഠിന്യം നിമിത്തം അവരതിൽ പല്ലുകൾ ഇളിച്ചും മുഖം ചുളിച്ചും കൊണ്ടിരിക്കും.

**വചനം: 105,106,107**

أَلَمۡ تَكُنۡ ءَايَٰتِي تُتۡلَىٰ عَلَيۡكُمۡ فَكُنتُم بِهَا
تُكَذِّبُونَ ١٠٥

105 എന്റെ ലക്ഷ്യങ്ങൾ നിങ്ങൾക്ക് ഓതിത്തരപ്പെട്ടിരുന്നില്ലേ? അപ്പോൾ നിങ്ങൾ അവയെ വ്യാജമാക്കിക്കളയുകയായിരുന്നുവല്ലോ!

قَالُواْ رَبَّنَا غَلَبَتۡ عَلَيۡنَا شِقۡوَتُنَا
وَكُنَّا قَوۡمٗا ضَآلِّينَ ١٠٦

106 അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങളുടെ ദൗർഭാഗ്യം ഞങ്ങളിൽ കവിഞ്ഞുപോയി! ഞങ്ങൾ വഴിപിഴച്ച ജനതയുമായിരുന്നു!

رَبَّنَآ أَخۡرِجۡنَا مِنۡهَا فَإِنۡ عُدۡنَا فَإِنَّا
ظَٰلِمُونَ ١٠٧

107 ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങളെ ഇതിൽ നിന്ന് പുറത്താക്കിത്തരേണമേ! ഇനി, ഞങ്ങൾ (ഈ നില) ആവർത്തിച്ചാൽ, അപ്പോൾ ഞങ്ങൾ നിശ്ചയമായും, അക്രമികളായിരിക്കും! (ഇക്കുറി മാപ്പ് നൽകേണമേ!)

ശിക്ഷയുടെ ഈ അവസരത്തിൽ ഭൂമിയിലേക്ക് മടക്കിക്കൊടുക്കുവാനുള്ള അവരുടെ അപേക്ഷ കൊണ്ട് യാതൊരു ഗുണവും ചെയ്യാൻ പോകുന്നില്ല തന്നെ.

**വചനം: 108,109,110,111**

قَالَ ٱخۡسَـُٔواْ فِيهَا وَلَا تُكَلِّمُونِ ١٠٨

108 അവൻ (അല്ലാഹു) പറയും: നിങ്ങൾ അതിൽ നിന്ദ്യമായിക്കഴിയുവിൻ! എന്നോട് നിങ്ങൾ സംസാരിക്കുകയും അരുത്!

إِنَّهُۥ كَانَ فَرِيقٞ مِّنۡ عِبَادِي يَقُولُونَ
رَبَّنَآ ءَامَنَّا فَٱغۡفِرۡ لَنَا وَٱرۡحَمۡنَا وَأَنتَ
خَيۡرُ ٱلرَّٰحِمِينَ ١٠٩

109 നിശ്ചയമായും, എന്റെ അടിയാൻമാരിൽനിന്ന് ഒരു കക്ഷി പറഞ്ഞു വന്നിരുന്നു: ഞങ്ങളുടെ റബ്ബേ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു; ആകയാൽ നീ ഞങ്ങൾക്ക് പൊറുത്തുതരുകയും, ഞങ്ങൾക്ക് കരുണചെയ്യുകയും വേണമേ! നീ കരുണചെയ്യുന്നവരിൽ ഏറ്റവും ഉത്തമനാണല്ലോ!

فَٱتَّخَذۡتُمُوهُمۡ سِخۡرِيًّا حَتَّىٰٓ أَنسَوۡكُمۡ
ذِكۡرِي وَكُنتُم مِّنۡهُمۡ تَضۡحَكُونَ ١١٠

110 അപ്പോൾ, നിങ്ങൾ അവരെ പരിഹാസ്യമാക്കിത്തീർക്കുകയുണ്ടായി: അങ്ങനെ, അവർ (അവരെ പരിഹസിക്കുന്ന ജോലി) എന്റെ ഓർമ്മയെ, നിങ്ങളെ മറപ്പിച്ചുകളഞ്ഞു. നിങ്ങൾ

അവരെ സംബന്ധിച്ച് (പുച്ഛമായി) ചിരിച്ചു കൊണ്ടിരിക്കുകയുമായിരുന്നു.

إِنِّي جَزَيْتُهُمُ ٱلْيَوْمَ بِمَا صَبَرُوٓا۟ أَنَّهُمْ هُمُ ٱلْفَآئِزُونَ ﴿١١١﴾

111 നിശ്ചയമായും, അവർ ക്ഷമ സ്വീകരിച്ചതു കൊണ്ട് ഇന്ന് ഞാൻ അവർക്ക്- അവർ തന്നെയാണ് ഭാഗ്യവാൻമാർ - പ്രതിഫലം നൽകിയിരിക്കുന്നു.

അല്ലാഹു അക്കൂട്ടരോട് പറയുന്ന മറുപടിയാകുന്നു ഈ വചനങ്ങളിൽ. എന്റെ സത്യവിശ്വാസികളായ അടിമകളെ പരിഹസിക്കുകയും പുച്ഛിക്കുകയും ചെയ്യുന്നതിൽ നിങ്ങൾ മുഴുകിയിരിക്കുകയായിരുന്നു. ക്ഷമിച്ച് കൊണ്ട് സത്യവിശ്വാസത്തിൽ ഉറച്ച് നിന്നത് കൊണ്ട് അവർ ശാശ്വത വിജയം പ്രാപിച്ചിരിക്കുന്നു.

**വചനം: 112,113,114**

قَٰلَ كَمْ لَبِثْتُمْ فِى ٱلْأَرْضِ عَدَدَ سِنِينَ ﴿١١٢﴾

112 അവൻ (അല്ലാഹു) പറയും: നിങ്ങൾ ഭൂമിയിൽ എത്ര എണ്ണം കൊല്ലങ്ങൾ താമസിക്കുകയുണ്ടായി?

قَالُوا۟ لَبِثْنَا يَوْمًا أَوْ بَعْضَ يَوْمٍ فَسْـَٔلِ ٱلْعَآدِّينَ ﴿١١٣﴾

113 അവർ പറയും: ഞങ്ങൾ ഒരു ദിവസമോ, ഒരു ദിവസത്തിൻെറ (അല്പ) ഭാഗമോ താമസിച്ചിട്ടുണ്ടാവും; എണ്ണം കണക്കാക്കിയവരോട് ചോദിച്ചുനോക്കുക. (ഞങ്ങൾക്കറിവില്ല.)

قَٰلَ إِن لَّبِثْتُمْ إِلَّا قَلِيلًا ۖ لَّوْ أَنَّكُمْ كُنتُمْ تَعْلَمُونَ ﴿١١٤﴾

114 അവൻ പറയും: നിങ്ങൾ അല്പമല്ലാതെ താമസിച്ചിട്ടില്ല;-നിങ്ങൾക്ക് അറിയാമായിരുന്നുവെങ്കിൽ! (എന്നാൽ ഈ ദുരവസ്ഥയിൽ നിങ്ങൾ അകപ്പെടുമായിരുന്നില്ല.)

ഇഹലോക ജീവിതത്തെ സർവ്വപ്രധാനമായി ഗണിച്ച് കൊണ്ട് പരലോകത്തെ നിഷേധിച്ച അവിശ്വാസികളോട് അല്ലാഹു ചോദിക്കുന്ന ചോദ്യങ്ങളും, അതിനവർ നൽകുന്ന മറുപടിയുമാണീ വചനങ്ങളിൽ. പരലോക ജീവിതത്തിന്റെ അനന്തമായ കാലദൈർഘ്യവും കാഠിന്യവും നേരിട്ടനുഭവിക്കേണ്ടി വന്നപ്പോൾ ഇഹലോക ജീവിതം കേവലം ഒരു ദിവസമോ, അതിന്റെ അംശമോ മാത്രമായിരുന്നെന്നവർ സമ്മതിക്കുന്നു. യഥാർത്ഥ സ്ഥിതി മനുഷ്യരുടെ നന്മതിന്മകൾ രേഖപ്പെടുത്തിയിരുന്ന മലക്കുകൾക്കോ മറ്റോ അറിയാമെന്നും അവർ സമ്മതിക്കുന്നു.

ഇഹലോക ജീവിതം ഇത്രയും നിസ്സാരമാണെന്ന് നിങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ ശാശ്വതമായ ഈ കഠിന ശിക്ഷക്ക് നിങ്ങൾ വിധേയരാകുമായിരുന്നില്ല എന്ന് അല്ലാഹു അപ്പോൾ അവരോട് പറയുന്നതാണ്.

**വചനം : 115,116,117,118**

أَفَحَسِبْتُمْ أَنَّمَا خَلَقْنَٰكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لَا تُرْجَعُونَ ﴿١١٥﴾

115 അപ്പോൾ, നിങ്ങളെ നാം വൃഥാ സൃഷ്ടിച്ചതാണെന്നും നിങ്ങൾ നമ്മുടെ അടുക്കലേക്ക് മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കുകയാണോ?!

فَتَعَٰلَى ٱللَّهُ ٱلْمَلِكُ ٱلْحَقُّ ۖ لَآ إِلَٰهَ إِلَّا هُوَ رَبُّ ٱلْعَرْشِ ٱلْكَرِيمِ ﴿١١٦﴾

116 എന്നാൽ, യഥാർത്ഥത്തിലുള്ള രാജാവായ അല്ലാഹു അത്യുന്നതനാകുന്നു;- അവനല്ലാതെ ആരാധ്യനേ ഇല്ല; ബഹുമാനപ്പെട്ട അർശി'ൻെറ (സിംഹാസനത്തിൻെറ) നാഥനാണ് (അവൻ).

وَمَن يَدْعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ لَا بُرْهَٰنَ لَهُۥ بِهِۦ فَإِنَّمَا حِسَابُهُۥ عِندَ رَبِّهِۦٓ ۚ إِنَّهُۥ لَا يُفْلِحُ ٱلْكَٰفِرُونَ ﴿١١٧﴾

117 ആരെങ്കിലും അല്ലാഹുവിനോടൊപ്പം വേറെ ഒരു ആരാധ്യനെ വിളിച്ചു (പ്രാർത്ഥി)ക്കുന്നതായാൽ- അവന് അതിന്ന് യാതൊരു രേഖയുമില്ല-അവൻെറ വിചാരണ അവൻെറ റബ്ബിൻെറ അടുക്കൽവെച്ചു തന്നെയായിരിക്കും. നിശ്ചയമായും കാര്യം: അവിശ്വാസികൾ വിജയിക്കുകയില്ല.

وَقُل رَّبِّ ٱغْفِرْ وَٱرْحَمْ وَأَنتَ خَيْرُ ٱلرَّٰحِمِينَ ﴿١١٨﴾

118 (നബിയേ!) പറയുക: "എന്റെ റബ്ബേ! പൊറുത്തുതരുകയും, കാരുണ്യം നൽകുകയും ചെയ്യേണമേ! നീ കരുണചെയ്യുന്നവരിൽ ഏറ്റവും ഉത്തമനാണല്ലോ!"

ഭൂമിയിൽ നിങ്ങളെ വ്യഥാ സൃഷ്ടിച്ചതാണെന്നും അതിൽ യാതൊരു ഉദ്ദേശ്യവും യുക്തിയും അടങ്ങിയിട്ടില്ലെന്നും, നിങ്ങൾ നമ്മുടെ അടുക്കലേക്ക് മടങ്ങി വരികയില്ലെന്നും നിങ്ങൾ ധരിച്ചിരിക്കുകയാണോ എന്ന് അല്ലാഹു അവിശ്വാസികളോട് ചോദിക്കുന്നു. അനശ്വരനും യഥാർത്ഥ അസ്ഥിത്വമുള്ളവനും, സർവ്വാധിരാജനും അർശിന്റെ അധിപതിയും, ഏക ഇലാഹുമായുള്ളവനും അല്ലാഹു മാത്രമാകുന്നു. എന്നിരിക്കെ മറ്റൊരു ആരാധ്യനെ നിങ്ങൾ സ്വീകരിക്കുന്ന പക്ഷം അത് തികച്ചും നിരർത്ഥകവും അന്യായവും തന്നെയാകുന്നു. അങ്ങനെ ചെയ്യുന്ന അവിശ്വാസികൾ ഒരിക്കലും വിജയിക്കുകയില്ല തന്നെ.

ഈ സൂറത്തിന്റെ ആരംഭം "തീർച്ചയായും വിശ്വാസികൾ വിജയിച്ചിരിക്കുന്നു" എന്ന വചനത്തോടെയാണല്ലോ. "നിശ്ചയമായും അവിശ്വാസികൾ വിജയിക്കുകയില്ല" എന്ന് അല്ലാഹു ഈ സൂറത്തിന്റെ അവസാനഭാഗത്ത് എടുത്ത് പറയുകയും ചെയ്യുന്നു.

ഏറ്റവും അവസാനമായി, അല്ലാഹുവിന്റെ പക്കൽ നിന്നുള്ള പാപമോചനത്തിനും കാരുണ്യത്തിനും അപേക്ഷിച്ച് കൊണ്ട് അവനിലേക്ക് മാത്രം പ്രാർത്ഥന അർപ്പിക്കുവാൻ റസൂൽ(സ) തിരുമേനിയോട് അല്ലാഹു നിർദേശിക്കുന്നു.

നാമും ആ ദുആ ചെയ്യുക. "അല്ലാഹുവേ നീ ഞങ്ങൾക്ക് പൊറുത്ത് തരികയും ഞങ്ങളോട് കരുണ ചെയ്യുകയും ചെയ്യേണമേ. നീ കരുണ ചെയ്യുന്നവരിൽ ഏറ്റവും ഉത്തമനാണല്ലോ." آمين

# 24 സൂറത്തു നൂര്‍ (പ്രകാശം)

**മദീനയില്‍ അവതരിച്ചത്**

വചനങ്ങള്‍ 64, വിഭാഗം (റുകൂഅ്) 9

35 -ാം വചനത്തില്‍ ദിവ്യ പ്രകാശത്തെപറ്റി പരാമര്‍ശിക്കുന്നതിനാലാണ് ഈ അദ്ധ്യായത്തിന് സൂറത്തു നൂര്‍ എന്ന പേര് നല്‍കപ്പെട്ടത്.

**വിഭാഗം: 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍

**വചനം: 1**

سُورَةٌ أَنزَلْنَـٰهَا وَفَرَضْنَـٰهَا وَأَنزَلْنَا فِيهَآ ءَايَـٰتٍۭ بَيِّنَـٰتٍ لَّعَلَّكُمْ تَذَكَّرُونَ ﴿١﴾

1 ഒരു (പ്രധാന) അദ്ധ്യായം! നാം അത് അവതരിപ്പിക്കുകയും, നിയമമാക്കുകയും ചെയ്തിരിക്കുന്നു. (അങ്ങിനെയുള്ളതാണത്.) നിങ്ങള്‍ ഓര്‍മ്മിക്കുവാന്‍വേണ്ടി, വ്യക്തമായ പല ദൃഷ്ടാന്തങ്ങളും അതില്‍ നാം അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ആചാര മര്യാദകള്‍, ശിക്ഷാനിയമങ്ങള്‍, വ്യക്തിപരമായ കടമകള്‍, സാമൂഹ്യബാധ്യതകള്‍ എന്നീ പല തുറകളിലുമുള്ള മതനിയമങ്ങള്‍ വളരെയധികം വിവരിച്ചിട്ടുള്ള ഒരു അദ്ധ്യായമാകുന്നു ഈ സൂറത്ത്. ഈ വസ്തുത ഓര്‍മ്മിപ്പിച്ച് കൊണ്ടാണ് 'നാം അത് നിയമമാക്കുകയും ചെയ്തിരിക്കുന്നു ' എന്ന് അല്ലാഹു പറഞ്ഞത്. കൂടാതെ അല്ലാഹുവിന്റെ സൃഷ്ടി മാഹാത്മ്യവും ഏകത്വവും സ്ഥാപിക്കുന്ന പല ദൃഷ്ടാന്തങ്ങളും ഈ സൂറത്തില്‍ വിവരിച്ച് കാണാം. പുരുഷന്മാരേയും സ്ത്രീകളേയും ബാധിക്കുന്ന ധാരാളം നിയമങ്ങള്‍ ഈ സൂറത്തില്‍ കാണാവുന്നതാകുന്നു. താരതമ്യേന സ്ത്രീകളെ സംബന്ധിക്കുന്ന കാര്യങ്ങള്‍ കൂടുതല്‍ ഉള്‍ക്കൊള്ളുന്നതിനാല്‍ ഉമര്‍(റ) മുജാഹിദു(റ) എന്നീ മഹാന്മാര്‍ സ്ത്രീകള്‍ക്ക് സൂറത്തു - നൂര്‍ പഠിപ്പിക്കുവാന്‍ പ്രത്യേകം പ്രോല്‍സാഹിപ്പിച്ചിരിക്കുന്നു.

**വചനം: 2**

ٱلزَّانِيَةُ وَٱلزَّانِى فَٱجْلِدُوا۟ كُلَّ وَٰحِدٍ مِّنْهُمَا مِا۟ئَةَ جَلْدَةٍ ۖ وَلَا تَأْخُذْكُم بِهِمَا رَأْفَةٌ فِى دِينِ ٱللَّهِ إِن كُنتُمْ تُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ ۖ وَلْيَشْهَدْ عَذَابَهُمَا طَآئِفَةٌ مِّنَ ٱلْمُؤْمِنِينَ ﴿٢﴾

2 വ്യഭിചാരം ചെയ്തവളാകട്ടെ, വ്യഭിചാരം ചെയ്തവനാകട്ടെ,-അവരില്‍ ഓരോരുത്തരെയും-നിങ്ങള്‍ നൂറ് അടി അടിക്കുവിന്‍! അല്ലാഹുവിന്‍െറ മതനടപടിയില്‍, അവരെ സംബന്ധിച്ചു യാതൊരു ദയയും-നിങ്ങള്‍ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുണ്ടെങ്കില്‍-നിങ്ങള്‍ക്ക് പിടിപെട്ടുപോകരുത്! അവരുടെ ശിക്ഷ നടക്കുന്നിടത്ത് സത്യവിശ്വാസികളില്‍ നിന്നുള്ള ഒരു വിഭാഗമാളുകള്‍ സന്നിഹിതരാകുകയും ചെയ്തുകൊള്ളട്ടെ.

വ്യഭിചാരത്തെയും അതുമായി ഏതെങ്കിലും തരത്തില്‍ ബന്ധമുള്ള കാര്യങ്ങളെയും കുറിച്ച് പ്രതിപാദിക്കുന്നതിനാണ് ഈ സൂറത്തിലെ അധിക ഭാഗവും വിനിയോഗിക്കപ്പെട്ടിരിക്കുന്നത്.

ശിര്‍ക്കും കൊലപാതകവും കഴിഞ്ഞാല്‍ ഇസ്ലാമിന്റെ ദൃഷ്ടിയില്‍ ഏറ്റവും ഭയങ്കരമായ പാപം വ്യഭിചാരമാകുന്നു. ഖുര്‍ആനിലും, ഹദീസിലും, അത് മൂലമുണ്ടാകുന്ന ആപത്തുകളും, ആ പാപ കര്‍മ്മത്തിനുള്ള ശിക്ഷാവിധിയും ധാരാളമായി വിവരിച്ചിരിക്കുന്നത് കാണാം. വ്യഭിചാരം ചെയ്തവര്‍ക്കുള്ള ശിക്ഷയെകുറിച്ചാണ് ഈ വചനത്തില്‍ പ്രതിപാദിക്കുന്നത്. അവരില്‍ ഓരോരുത്തരെയും നിങ്ങള്‍ നൂറ് അടി അടിക്കുവിന്‍ എന്ന് അല്ലാഹു കല്‍പിക്കുന്നു.

ബൈഹഖി(റ) ഉദ്ധരിക്കുന്ന ഒരു നബിവചനം ഇപ്രകാരമാകുന്നു: "മനുഷ്യരേ, നിങ്ങള്‍ വ്യഭിചാരത്തെ തൊട്ട് സൂക്ഷിക്കണേ. അതില്‍ ആറ് കാര്യങ്ങള്‍ അടങ്ങിയിട്ടുണ്ട്. മൂന്നെണ്ണം ഇഹത്തിലും മൂന്നെണ്ണം പരത്തിലും ഉള്ളതാകുന്നു. ഇഹത്തിലേത് ഏതെന്ന് വെച്ചാല്‍ - അത് മനുഷ്യന്റെ ലാവണ്യം നശിപ്പിക്കുന്നു. ദാരിദ്ര്യത്തെ

അവകാശപ്പെടുത്തുന്നു. ആയുസ്സ് ചുരുക്കുകയും ചെയ്യുന്നു. പരലോകത്ത് വെച്ചുണ്ടാകുന്നവയാകട്ടെ - അത് അല്ലാഹുവിന്റെ ക്രോധത്തെയും, കഠിനമായ വിചാരണയേയും നരകത്തിൽ സ്ഥിരവാസത്തേയും ഉണ്ടാക്കി തീർക്കുകയും ചെയ്യുന്നു.''

നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ, അവരിൽ ശിക്ഷ നടത്തുന്ന കാര്യത്തിൽ യാതൊരു ദയയും പാടില്ലെന്നും ശിക്ഷ നടത്തുന്നത് ഒരു വിഭാഗം സത്യവിശ്വാസികളുടെ സാന്നിദ്ധ്യത്തിൽ ആയിരിക്കണമെന്നും കൽപിക്കപ്പെട്ടതിൽ നിന്നും, വ്യഭിചാരം, അല്ലാഹുവിങ്കൽ എത്രമാത്രം ഭയങ്കരമായ ഒരു പാപമായിട്ടാണ് ഗണിക്കപ്പെട്ടിട്ടുള്ളത് എന്ന് മനസ്സിലാക്കാവുന്നതാണ്. മേലിൽ ഇത്തരം വമ്പിച്ച നീചകൃത്യത്തിൽ അകപ്പെട്ടു പോകാതിരിക്കാൻ മേൽ നടപടികൾ ജനങ്ങൾക്ക് ഒരു പാഠമാകണമെന്ന് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഒരാളെ പറ്റി, വ്യഭിചാരാരോപണം പറയുന്നവന്, നാല് സാക്ഷികൾ മുഖാന്തരം അത് തെളിയിക്കാത്ത പക്ഷം 80 അടി ശിക്ഷ നൽകണമെന്ന് കൽപിക്കപ്പെട്ടിട്ടുള്ളതായി 4-ാം വചനത്തിൽ പറഞ്ഞിരിക്കുന്നു. ഒന്നോ രണ്ടോ മൂന്നോ പേർ സാക്ഷികളായുണ്ടായാൽ പോലും അത് രഹസ്യമാക്കി വെക്കേണ്ടതാണ്. ഇനി നാലോ അതിലധികമോ, പേർ സാക്ഷികളായി കൊണ്ട് അത് പരസ്യപ്പെടുത്തുന്ന പക്ഷം ആ പാപത്തിന് തക്ക ശിക്ഷ നിർബന്ധമായും നൽകേണ്ടതുമാണ്. ചുരുക്കിപ്പറഞ്ഞാൽ ഒരാളിൽ വല്ല നീച പ്രവൃത്തിയും കണ്ടാൽ കഴിയുന്നതും അത് പരസ്യമാക്കാതിരിക്കണം. അത് രംഗത്ത് വന്ന് തെളിഞ്ഞ് കഴിഞ്ഞാൽ അതിന് തക്ക നടപടി എടുക്കാതെ വിട്ട് കളയും ചെയ്യരുത് - ഇതാണ് ശിക്ഷാനടപടികളെ സംബന്ധിച്ചിടത്തോളം ഇസ്ലാമിന്റെ പൊതു നിയമം. ഇത് സംബന്ധമായി നബി(സ) ഇപ്രകാരം അരുളിയിരിക്കുന്നു.

''നിങ്ങൾക്കിടയിൽ ' ഹദ്ദു 'കളെ (ശിക്ഷാ നിയമത്തിന് വിധേയമായ കുറ്റങ്ങളെ) അന്യോന്യം വിട്ട് വീഴ്ച ചെയ്യുവിൻ. എന്നാൽ എന്റെ അടുക്കൽ (അധികൃത സ്ഥാനത്ത്) വല്ല ' ഹദ്ദും' എത്തികഴിഞ്ഞാൽ, പിന്നെ, ശിക്ഷാ നടപടി എടുക്കൽ നിർബന്ധമായി. ''

ശിക്ഷാ നടപടികൾ എടുക്കുന്ന കാര്യത്തിലാകട്ടെ ഉത്തരവാദപ്പെട്ടവർ യാതൊരു സ്വാർത്ഥതക്കും , ശുപാർശക്കും കക്ഷിമനസ്ഥിതിക്കും വിധേയരാകാൻ പാടില്ലാത്തതാകുന്നു. ഒരിക്കൽ സമൂഹത്തിലെ ഒരു ഉന്നതയായ സ്ത്രീ മോഷണം നടത്തിയ കേസ്സിൽ അവർക്ക് വേണ്ടി നബി(സ) തിരുമേനിയുടെ പോറ്റ് പുത്രൻ ഉസാമത്ത് ബ്നുസൈദ്(റ) ശുപാർശ നടത്തിയപ്പോൾ രോഷാകുലനായ നബി(സ) തിരുമേനി ഇപ്രകാരം പറയുകയുണ്ടായി.

''പ്രമാണിമാർ കളവ് നടത്തിയാൽ വിട്ട് കളയുകയും, അബലരായ ആളുകൾ കളവ് നടത്തിയാൽ ശിക്ഷിക്കുകയും ചെയ്തിരുന്ന സമ്പ്രദായമാണ് നിങ്ങൾക്ക് മുമ്പുള്ളവരെ (വേദക്കാരെ) നാശത്തിലാക്കിയത്. അല്ലാഹു തന്നെയാണ് സത്യം. മുഹമ്മദിന്റെ മകൾ ഫാത്തിമ തന്നെ കളവ് നടത്തിയാലും ഞാൻ അവളുടെ കൈ മുറിച്ച് കളയുന്നതാണ്. '' (ബുഖാരി, മുസ്ലീം)

الزانية والزانى (വ്യഭിചാരം ചെയ്തവളും വ്യഭിചാരം ചെയ്തവനും) എന്ന് ഈ ആയത്തിന്റെ ആരംഭത്തിൽ പ്രയോഗിക്കപ്പെട്ടത്, വിവാഹം കഴിഞ്ഞവരെയും വിവാഹം കഴിയാത്തവരെയും പൊതുവെ ഉദ്ദേശിച്ചാകുന്നു. എന്നാൽ നബി(സ) തിരുമേനിയുടെ ഹദീസിൽ, വ്യഭിചാരം ചെയ്യുന്നവരെ അവർക്ക് നൽകേണ്ട ശിക്ഷയുടെ അടിസ്ഥാനത്തിൽ രണ്ട് വിഭാഗക്കാരായി വിശദീകരിക്കപ്പെട്ടിരിക്കുന്നു.

1) മുഹ്സ്വൻ ( المحصن) അംഗീകരിക്കപ്പെട്ട വിവാഹം വഴി, ഭാര്യാ ഭർതൃസഹവാസം നടന്നിട്ടുള്ള സ്വതന്ത്രനായ - അടിമയല്ലാത്ത - ആൾ.

2) മുഹ്സ്വൻ അല്ലാത്ത ആൾ ( غير المحصن) അംഗീകൃത വിവാഹം കഴിയാത്തവരും, അടിമകളും.

ആയത്തിൽ പ്രസ്താവിച്ച നൂറ് അടിയെന്ന ശിക്ഷ 'മുഹ്സ്വൻ അല്ലാത്ത' വനുള്ളതാണെന്നും 'മുഹ്സ്വൻ -ന്റെ ' ശിക്ഷ എറിഞ്ഞ് കൊല്ലലാണെന്നും നബി(സ) തിരുമേനി വാക്ക് മുഖേനയും പ്രവൃത്തി മുഖേനയും വ്യക്തമാക്കിയിരിക്കുന്നു. നബി(സ) തിരുമേനി എറിഞ്ഞ് കൊല്ലുവാനുള്ള വിധി നടപ്പിലാക്കിയ സംഭവങ്ങൾ മൂന്നെണ്ണം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഖുലഫാഉ റാശിദിന്റെ കാലത്തും അത് നടന്നിരിക്കുന്നതായി കാണാവുന്നതാണ്.

മേൽ പറഞ്ഞ രീതിയിലുള്ള ശിക്ഷകൾ കുറ്റവാളിയുടെ മേൽ നടത്തണമെങ്കിൽ താഴെ പറയുന്ന മൂന്നിൽ ഒരു കാര്യം അനിവാര്യമാകുന്നു: കുറ്റം ചെയ്തതായി സാക്ഷികൾ മൂലം തെളിയുക, കുറ്റവാളി കുറ്റം സ്വയം ഏറ്റ് പറയുക, സ്ത്രീ കുറ്റവാളിക്ക് ഗർഭം പ്രത്യക്ഷത്തിൽ കാണുക.

ഇതിൽ ഒന്നാമത്തേതിനെ കുറിച്ച് നാലാം വചനത്തിൽ കാണാം. രണ്ടാമത്തേതിന്റെ അടിസ്ഥാനത്തിലാണ് നബി(സ)യുടെ കാലത്ത് നടന്ന ശിക്ഷകൾ നടപ്പാക്കപ്പെട്ടത്. ശിക്ഷാർഹമായ മാർഗ്ഗേണ ഗർഭം ധരിച്ച സ്ത്രീകൾക്ക് മാത്രം ബാധകമായതാണ് മൂന്നാമത്തെ വിഭാഗം.

ചില ഹദീസുകളിൽ വന്നിട്ടുള്ളത് പ്രകാരം 'മുഹ്സ്വന'ല്ലാത്തവന് 100 അടിക്ക് പുറമേ ഒരു കൊല്ലം നാട് കടത്തൽ ശിക്ഷ നൽകേണ്ടതുണ്ടോ എന്നതിലും 'മുഹ്സ്വനാ' യവനെ എറിയുന്നതിന് മുമ്പ് അടി ശിക്ഷ കൂടെ നടത്തേണ്ടതുണ്ടോ എന്നതിലും പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. ഒന്നാമത്തേതിൽ അത് ഭരണകർത്താവിന്റെ യുക്തം പോലെ ചെയ്യാമെന്നാണ് ഒരഭിപ്രായം. രണ്ടാമത്തേതിൽ എറിഞ്ഞ് കൊല്ലപ്പെടേണ്ടവന് അടി ശിക്ഷ ഇല്ല എന്നാകുന്നു ഭൂരിപക്ഷാഭിപ്രായം.

നബി(സ)യുടെ കാലത്ത് കുറ്റം ഏറ്റെടുത്ത് എറിഞ്ഞ് കൊല്ലൽ (റജ്മു) സ്വയം വരിച്ച ഒരാളെ പറ്റി നബി(സ) തിരുമേനി ഇപ്രകാരം പറയുകയുണ്ടായി.

" അവൻ ഒരു പശ്ചാത്താപം പശ്ചാത്തപിച്ചിട്ടുണ്ട്. മദീനാ നിവാസികൾ (മുഴുവനും കൂടി) അത്ര പശ്ചാത്തപിക്കുന്ന പക്ഷം അവരിൽ നിന്നും അത് സ്വീകരിക്കപ്പെടുന്നതാണ്. "

**വചനം: 3**

ٱلزَّانِى لَا يَنكِحُ إِلَّا زَانِيَةً أَوْ مُشْرِكَةً وَٱلزَّانِيَةُ لَا يَنكِحُهَآ إِلَّا زَانٍ أَوْ مُشْرِكٌ ۚ وَحُرِّمَ ذَٰلِكَ عَلَى ٱلْمُؤْمِنِينَ ﴿٣﴾

3 വ്യഭിചാരി, വ്യഭിചാരം ചെയ്യുന്നവളെയോ, അല്ലെങ്കിൽ ബഹുദൈവവിശ്വാസക്കാരിയെയോ അല്ലാതെ വിവാഹം ചെയ്യാറില്ല. വ്യഭിചാരിണിയാകട്ടെ, വ്യഭിചാരിയോ, ബഹുദൈവവിശ്വാസിയോ അല്ലാതെ അവളെ വിവാഹം ചെയ്യാറുമില്ല. അത് സത്യവിശ്വാസികളുടെമേൽ വിരോധിക്കപ്പെട്ടിരിക്കുകയാണ്.

നീചവൃത്തികൾ പതിവാക്കിയ ചീത്ത പുരുഷന്മാർ നല്ല സ്ത്രീകളേയും നല്ല പുരുഷന്മാർ ചീത്ത സ്ത്രീകളെയും വിവാഹം കഴിക്കുന്നതിൽ താൽപര്യം പ്രകടിപ്പിക്കാറില്ല. സ്ത്രീകളുടെ നിലയും ഇത്പോലെതന്നെ. അസാധാരണമായി ഇതിന് വിപരീതമായ ഉദാഹരണങ്ങൾ ഉണ്ടായികൂടാ എന്നില്ല. ദുർജ്ജനങ്ങളുമായുള്ള കൂട്ടുകെട്ട് മനുഷ്യനെ ദുഷിപ്പിക്കുന്നതാക കൊണ്ട് തോന്നിയവാസികളും അവിശ്വാസികളുമായുള്ള വൈവാഹിക കൂട്ടുകെട്ടിൽ നിന്ന് അകന്ന് നിൽക്കുവാൻ സത്യവശ്വാസികളോട് അല്ലാഹു നിർദേശിക്കുകയാണ്. (വചനം: 26,32 എന്നിവിടങ്ങളിലും നോക്കുക)

സ്വദേശം വിട്ട് പോന്ന 'മുഹാജിറു'കളായ ചില സഹാബികൾ ദാരിദ്ര്യം മൂലം, തോന്നിയവാസികളായി അറിയപ്പെട്ടിരുന്ന ചില സ്ത്രീകളെ വിവാഹം ചെയ്യാൻ മുതിർന്നതിനെ തുടർന്നാണ് ഈ വചനം അവതരിച്ചതെന്ന് പറയപ്പെടുന്നു. الله اعلم

**വചനം: 4,5**

وَٱلَّذِينَ يَرْمُونَ ٱلْمُحْصَنَٰتِ ثُمَّ لَمْ يَأْتُوا۟ بِأَرْبَعَةِ شُهَدَآءَ فَٱجْلِدُوهُمْ ثَمَٰنِينَ جَلْدَةً وَلَا تَقْبَلُوا۟ لَهُمْ شَهَٰدَةً أَبَدًا ۚ وَأُو۟لَٰٓئِكَ هُمُ ٱلْفَٰسِقُونَ ﴿٤﴾ إِلَّا ٱلَّذِينَ تَابُوا۟ مِنۢ بَعْدِ ذَٰلِكَ وَأَصْلَحُوا۟ فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٥﴾

4 ചാരിത്ര്യം സിദ്ധിച്ച സ്ത്രീകളെ(വ്യഭിചാര) ആരോപണം ചെയ്യുകയും, പിന്നീട് (അതിന്) നാലു സാക്ഷികളെ കൊണ്ടുവരാതിരിക്കുകയും ചെയ്യുന്നവരാകട്ടെ, അവരെ നിങ്ങൾ എൺപത് അടി (വീതം) അടിക്കുവിൻ. ഒരിക്കലും അവരുടേതായ സാക്ഷ്യം നിങ്ങൾ സ്വീകരിക്കുകയും ചെയ്യരുത്. അവർ തന്നെയാണ് തോന്നിയവാസികൾ;-

5 അതിനുശേഷം പശ്ചാത്തപിക്കുകയും (സ്ഥിതി) നന്നാക്കുകയും ചെയ്തവരൊഴികെ. കാരണം, അല്ലാഹു പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

ചാരിത്ര്യ ശുദ്ധിയുള്ള മാന്യ സ്ത്രീകളെ കുറിച്ച് വ്യഭിചാരാരോപണം നടത്തുന്നവർക്കുള്ള ശിക്ഷയാണ് ഇവിടെ കണ്ടത്. (പുരുഷന്മാരെ കുറിച്ച് ആരോപണം ഉന്നയിക്കുന്നവരും ഈ ശിക്ഷക്ക് വിധേയർ തന്നെ). വ്യഭിചാരാരോപണം മൂലമുള്ള പ്രത്യാഘാതം കൂടുതൽ ബാധിക്കുന്നത് സ്ത്രീകൾക്കാണെന്നതിനാലാണ് സ്ത്രീകൾക്കെതിരായി ആരോപിക്കുന്നവരെ കുറിച്ച് ഇവിടെ പ്രത്യേകം എടുത്ത് പറഞ്ഞത്. ഉത്തരവാദപ്പെട്ടവ

രുടെ മുന്നിൽ നാല് സാക്ഷികൾ മുഖേന തെളിയിക്കപ്പെടാത്ത പക്ഷം അന്യനെ പറ്റി വ്യഭിചാരാരോപണം നടത്തുന്നവരെ, അവർ എത്ര പേരുണ്ടായാലും ശരി, ഓരോരുത്തനെയും 80 അടി വീതം അടിക്കണമെന്ന് പറയുമ്പോൾ ഈ ആരോപണത്തിന്റെ ഗൗരവം ഊഹിക്കാവുന്നതാണ്. പിന്നീട് ഒരു കാലത്തും അവരുടേതായ സാക്ഷ്യം സ്വീകരിക്കാൻ പാടില്ലെന്നും അല്ലാഹു കൽപിക്കുന്നു.

ചാരിത്ര്യശുദ്ധിയുള്ള മാന്യന്മാരെ കുറിച്ച് വ്യഭിചാരാരോപണം നടത്തുന്നവർ തോന്നിയവാസികളാകുന്നു എന്ന് അല്ലാഹു തുടർന്ന് പ്രസ്താവിക്കുന്നു. മറ്റുള്ളവരുടെ കുറ്റവും കുറവും ചികഞ്ഞ് അന്വേഷിക്കുന്നതും വെളിപ്പെടുത്തുന്നതും മാന്യന്മാർക്ക് യോജിച്ചതല്ലെന്നും ശിക്ഷാർഹമാണെന്നും ആയത്ത് - ഹദീസുകളിൽ നിന്ന് പരക്കെ അറിയപ്പെടുന്നതാകുന്നു.

വ്യഭിചാരാരോപണത്തിന് ശിക്ഷക്ക് വിധേയനായ ആൾ, ഖേദിച്ച് മടങ്ങുകയും അവന്റെ സ്ഥിതി ഗതികൾ നന്നാക്കിത്തീർക്കുകയും ചെയ്താൽ പരമകാരുണികനായ അല്ലാഹു, പൊറുത്ത് കൊടുക്കുന്നതാണെന്ന് തുടർന്ന് അല്ലാഹു അറിയിക്കുന്നു. ഈ വാഗ്ദാനം പരലോകശിക്ഷയെ സംബന്ധിച്ച് മാത്രമാണെന്നും (അവന്റെ സാക്ഷ്യം മേലിൽ സ്വീകരിക്കപ്പെടുന്നതിനെ സംബന്ധിച്ചല്ലെന്നും) പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

**വചനം: 6,7**

وَٱلَّذِينَ يَرۡمُونَ أَزۡوَٰجَهُمۡ وَلَمۡ يَكُن لَّهُمۡ شُهَدَآءُ إِلَّآ أَنفُسُهُمۡ فَشَهَٰدَةُ أَحَدِهِمۡ أَرۡبَعُ شَهَٰدَٰتِۭ بِٱللَّهِ إِنَّهُۥ لَمِنَ ٱلصَّٰدِقِينَ ٦

6 തങ്ങളുടെ ഭാര്യമാരെ (വ്യഭിചാര) ആരോപണം ചെയ്യുകയും, തങ്ങൾക്ക് തങ്ങൾ തന്നെയല്ലാതെ (മറ്റു) സാക്ഷികൾ ഇല്ലാതിരിക്കുകയും ചെയ്യുന്നവരാകട്ടെ,- അവരിൽ ഓരോരുത്തൻെറ സാക്ഷ്യം: നിശ്ചയമായും, താൻ സത്യം പറയുന്നവരിൽപെട്ടവൻ തന്നെയാണ് എന്ന് അല്ലാഹുവിൻെറ പേരിൽ നാല് (വട്ടം സത്യ) സാക്ഷ്യം നിർവഹിക്കലാകുന്നു.

وَٱلۡخَٰمِسَةُ أَنَّ لَعۡنَتَ ٱللَّهِ عَلَيۡهِ إِن كَانَ مِنَ ٱلۡكَٰذِبِينَ ٧

7 അഞ്ചാമത്തേത് താൻ കളവ് പറയുന്നവരിൽ പെട്ടവനാണെങ്കിൽ, തൻെറ മേൽ അല്ലാഹുവിൻെറ ശാപം ഭവിക്കട്ടെ! എന്നാകുന്നു (പറയേണ്ടത്).

ഭാര്യാഭർത്താക്കൾ തമ്മിൽ വ്യഭിചാരാരോപണം ചെയ്താലുള്ള ശിക്ഷയും മേൽപറഞ്ഞത് തന്നെ. എന്നാൽ ഈ സന്ദർഭങ്ങളിൽ നാല് ദൃക്സാക്ഷികളെ കണ്ടെത്തുകയെന്നത് അപ്രായോഗികമാണെന്ന് പറയേണ്ടതില്ലല്ലോ. ഇത്തരം സന്ദർഭങ്ങളിൽ ഭാര്യാഭർത്താക്കന്മാർ കൈകൊള്ളേണ്ടുന്ന ഇസ്ലാമിക നിയമങ്ങളാണ് ഈ വചനങ്ങളിൽ വിവരിക്കുന്നത്.

അധികാരപ്പെട്ടവരുടെ മുമ്പാകെ, ഈ വചനങ്ങളിൽ പറഞ്ഞപ്രകാരം, അഞ്ച് പ്രാവശ്യം അല്ലാഹുവിനെ മുൻ നിർത്തി സ്വയം സാക്ഷിമൊഴി കൊടുക്കുന്ന പക്ഷം പുരുഷന്റെ ഭാഗത്ത് നിന്ന് ആരോപിച്ച കുറ്റം നിയമപരമായി അവൻ സ്ഥാപിച്ചു കഴിഞ്ഞു.

**വചനം: 8,9**

وَيَدۡرَؤُاْ عَنۡهَا ٱلۡعَذَابَ أَن تَشۡهَدَ أَرۡبَعَ شَهَٰدَٰتِۭ بِٱللَّهِ إِنَّهُۥ لَمِنَ ٱلۡكَٰذِبِينَ ٨

8 നിശ്ചയമായും അവൻ(ഭർത്താവ്) കളവ് പറയുന്നവരിൽ പെട്ടവൻ തന്നെയാണ് എന്ന് അല്ലാഹുവിൻെറ പേരിൽ(സത്യം ചെയ്തു) നാലു സാക്ഷ്യവചനങ്ങൾ അവൾ പറയുന്നത്, അവളിൽനിന്ന് ശിക്ഷയെ തടഞ്ഞുകളയുന്നതാണ്.

وَٱلۡخَٰمِسَةَ أَنَّ غَضَبَ ٱللَّهِ عَلَيۡهَآ إِن كَانَ مِنَ ٱلصَّٰدِقِينَ ٩

9 അവൻ സത്യം പറയുന്നവരിൽ പെട്ടവനാണെങ്കിൽ, അല്ലാഹുവിൻെറ കോപം തൻെറമേൽ ഭവിക്കട്ടെ! എന്ന് അഞ്ചാമത്തേതും (പറയണം).

“അവരുടെ (സ്ത്രീകളുടെ) മേലുള്ള പോലെ, അവർക്കും (സ്ത്രീകൾക്കും) അവകാശമുണ്ട് ” എന്ന് അല്ലാഹു പറഞ്ഞിട്ടുള്ളതാണ്.

അധികാരപ്പെട്ടവരുടെ മുമ്പാകെ, ഈ വചനങ്ങളിൽ പറഞ്ഞ പ്രകാരം, അഞ്ച് പ്രാവശ്യം അല്ലാഹുവിനെ മുൻ നിർത്തി സ്വയം സാക്ഷിമൊഴി കൊടുക്കുന്ന പക്ഷം സ്ത്രീയും അവളുടെ സത്യതയും നിരപരാധിത്വവും സ്ഥാപിച്ചു.

ഇത്തരം സന്ദർഭങ്ങളിൽ രണ്ടിലൊരാൾ കുറ്റക്കാരനും, മറ്റൊരാൾ നിരപരാധിയുമായിരിക്കുമല്ലോ. ഇരു ഭാഗക്കാരും അന്യോന്യം തെളിവ് സ്ഥാപിച്ച് കഴിഞ്ഞ സ്ഥിതിക്ക് അവർ തമ്മിലുള്ള വിവാഹബന്ധം ഇതോടെ വേർപെടുത്തപ്പെടുന്നതാകുന്നു.

ഇരു കക്ഷികളും ഇത്രയും ധൈര്യത്തോടെ അയ്യഞ്ച് വട്ടം, സത്യമൊഴി കൊടുക്കുമ്പോൾ യഥാർത്ഥ ത്തിൽ അവരിൽ ഒരാൾ അധർമ്മിയും നീചമനസ്ഥിതിയുള്ളവനും ആയിരിക്കുമല്ലോ. എല്ലാ രഹസ്യ പരസ്യ ങ്ങളും അറിയുന്ന സർവജ്ഞനായ അല്ലാഹു, (തൽക്കാലം ഐഹിക ശിക്ഷയിൽ നിന്ന് ആ ആൾ രക്ഷപ്പെ ട്ടാലും) കഠിനമായ പരലോക ശിക്ഷ കൊണ്ട് ആ കുറ്റവാളിക്ക് തക്കതായ വിധി നടപ്പാക്കുന്നതാണ്.

**വചനം: 10**

وَلَوْلَا فَضْلُ ٱللَّهِ عَلَيْكُمْ وَرَحْمَتُهُۥ وَأَنَّ ٱللَّهَ تَوَّابٌ حَكِيمٌ ﴿١٠﴾

10 അല്ലാഹുവിൻെറ ദാക്ഷിണ്യവും അവൻെറ കാരുണ്യവും നിങ്ങളിൽ ഉണ്ടായിരിക്കുകയും, അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും ജ്ഞാനയുക്തനുമാണെന്നുള്ളതും ഇല്ലായിരുന്നുവെങ്കിൽ (-ഹാ, നിങ്ങൾക്ക് കാണാമായിരുന്നു)!

തൽക്കാലം രഹസ്യം പുറത്താക്കാതെ മൂടിവെക്കുന്നത് അല്ലാഹുവിന്റെ കാരുണ്യവും ദാക്ഷിണ്യവും മൂലമാകുന്നു. പരമകാരുണികനായ അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും ജ്ഞാനയുക്തനുമത്രേ.

**വിഭാഗം: 2**

**വചനം: 11**

إِنَّ ٱلَّذِينَ جَآءُو بِٱلْإِفْكِ عُصْبَةٌ مِّنكُمْ ۚ لَا تَحْسَبُوهُ شَرًّا لَّكُم ۖ بَلْ هُوَ خَيْرٌ لَّكُمْ ۚ لِكُلِّ ٱمْرِئٍ مِّنْهُم مَّا ٱكْتَسَبَ مِنَ ٱلْإِثْمِ ۚ وَٱلَّذِى تَوَلَّىٰ كِبْرَهُۥ مِنْهُمْ لَهُۥ عَذَابٌ عَظِيمٌ ﴿١١﴾

11 നിശ്ചയമായും (ആ) കള്ളവാർത്തകൊണ്ടുവന്നിട്ടുള്ളവർ, നിങ്ങളിൽനിന്നുള്ള ഒരു കൂട്ടരാകുന്നു. അതു നിങ്ങൾക്ക് ദോഷകരമാണെന്ന് നിങ്ങൾ കരുതേണ്ട; പക്ഷേ, അത് നിങ്ങൾക്ക് ഗുണകരമാകുന്നു. അവരിൽ ഓരോരുത്തന്നും അവൻ പ്രവർത്തിച്ചിട്ടുള്ള പാപം (പാപത്തിൻെറ ശിക്ഷ) ഉണ്ടായിരിക്കും. അവരിൽ നിന്നും അതിൻെറ നേതൃത്വം ഏറ്റെടുത്തവനാകട്ടെ, അവന് വമ്പിച്ച ശിക്ഷയുമുണ്ട്.

ഈ വചനം മുതൽ വചനം 21 അടക്കമുള്ള ആയത്തുകളുടെ പ്രതിപാദ്യവിഷയം ആയിശ(റ) യുടെ പേരിൽ ഉണ്ടായ ഒരു വ്യാജ ആരോപണവും തൽസംബന്ധമായ പല കാര്യസംഭവങ്ങളുമാകുന്നു.

ഒരു പടയെടുപ്പുയാത്രയിൽ നബി(സ) തിരുമേനിയുടെ കൂടെ പോകാൻ ഭാര്യമാർക്കിടയിൽ നടത്തിയ നറുക്കെടുപ്പിൽ ആയിശാ(റ) യുടെ പേരായിരുന്നു വന്നത്. യാത്ര കഴിഞ്ഞ് തിരിച്ച് വരും മദ്ധ്യേ പ്രാഥമിക ആവ ശ്യങ്ങൾക്കും മറ്റുമായി എല്ലാവരും മദീനായുടെ അടുത്തുള്ള ഒരു താവളത്തിലിറങ്ങുകയുണ്ടായി. തന്റെ കഴു ത്തിലെ മാല നഷ്ടപ്പെട്ട ആയിശാ(റ) അത് തിരയുവാൻ തിരിച്ചുപോയ അവസരത്തിൽ അവർ അകത്തുണ്ടെന്ന ധാരണയിൽ (അവർ വളരെ കനം കുറഞ്ഞ ഒരു ചെറുപ്പക്കാരിയായിരുന്നു) കൂടാര വാഹകർ, അവരുടെ കൂടാര മെടുത്ത് ഒട്ടകപ്പുറത്ത് വെക്കുകയും, സംഘത്തോടൊപ്പം യാത്ര തുടരുകയും ചെയ്തു.

മാലയുമായി തിരിച്ചെത്തിയ ആയിശാ(റ) ആരെങ്കിലും അന്വേഷിച്ച് വരുമെന്ന നിഗമനത്തിൽ കാത്തിരി ക്കുന്നതിനിടയിൽ ഉറങ്ങിപ്പോകുകയുണ്ടായി. സൈന്യത്തിന്റെ പിന്നാലെ ഇത്തരം കാര്യങ്ങൾ അന്വേഷിക്കാനായി നിയോഗിക്കപ്പെട്ട സഫുവാൻ(റ) നേരം വെളുക്കാൻ കാലത്ത് അവിടെ എത്തിച്ചേരുകയും അവരെ കണ്ട ഉടനെ എന്തോ അബദ്ധം സംഭവിച്ചെന്ന് മനസ്സിലാക്കി 'ഇസ്തിർജാഉ് ' ചൊല്ലുകയുമുണ്ടായി. അത് കേട്ട് ആയിശാ(റ) ഉണരുകയും അവരുടെ മൂട് വസ്ത്രം കൊണ്ട് മുഖം മറക്കുകയും ചെയ്തു. അദ്ദേഹം വേഗം ഒട്ടകത്തെ മുട്ടു കുത്തിച്ചു ആയിശാ(റ) ഒട്ടകപ്പുറത്ത് കയറുകയും യാത്ര തുടർന്ന്, അടുത്ത താവളത്തിലിറങ്ങിയിട്ടുണ്ടായിരുന്ന

സൈന്യത്തിന്റെ അരികിലെത്തിച്ചേരുകയും ചെയ്തു.

മദീനായിൽ തിരിച്ചെത്തിയപ്പോൾ ഈ സംഭവത്തോട് ബന്ധപ്പെടുത്തി. കപട വിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യിന്റെ നേതൃത്വത്തിൽ വ്യാപകമായ തോതിൽ ചിലർ അപവാദം പ്രചരിപ്പിച്ച് കൊണ്ടിരുന്നു. രോഗം പിടിപ്പെട്ട് ഒരു മാസത്തോളം കിടപ്പിലായ ആയിശാ(റ) ഇതേ പറ്റി ഒന്നും അറിഞ്ഞിരുന്നില്ല. റസൂൽ(സ) തിരുമേനിയിൽ നിന്നും മുമ്പ് അവർക്ക് അനുഭവിക്കപ്പെട്ടിരുന്ന ആ സൗമ്യമായ പെരുമാറ്റം, സുഖമില്ലായ്മയുടെ അവസരത്തിൽ ലഭിക്കാതിരുന്നത് അവരെ ആശങ്കാകുലയാക്കി.

രോഗത്തിന് അൽപം ആശ്വാസം വന്നു. ബദർ യുദ്ധത്തിൽ പങ്കെടുത്ത സഹാബി ആയിരുന്ന മിസ്ത്വാഹ്(റ)ന്റെ മാതാവ് ആയിശാ(റ)യുമായുള്ള സംഭാഷണത്തിനിടയിൽ 'മിസ്ത്വാഹ് നാശമടയട്ടെ' എന്ന് പറഞ്ഞ അവസരത്തിൽ, ആയിശാ(റ) അവരോട് അതേ പറ്റി അന്വേഷിക്കുകയുണ്ടായി. അപ്പോഴാണ് മിസ്ത്വാഹ്(റ)ഉം മറ്റ് കെട്ടുകഥക്കാരും ചേർന്ന് പറഞ്ഞ് പരത്തിയ അപവാദപ്രചരണത്തെ പറ്റി ആയിശാ(റ) ബോധവതി ആയത്. ഇതോടെ അവരുടെ രോഗം അടിക്കടി വർദ്ധിക്കുകയുണ്ടായി.

നബി(സ)യുടെ സമ്മതത്തോടെ സ്വഗൃഹത്തിലേക്ക് പോയ ആയിശാ(റ) സ്വമാതാവിൽ നിന്നും സംഗതിയുടെ ഗൗരവം മനസ്സിലായപ്പോൾ കൂടുതൽ ദുഖിതയായി.

നബി(സ) ഗൗരവമേറിയ ഈ സംഗതിയെകുറിച്ച് തിരുമേനിയുടെ പോറ്റ്പുത്രനായ സൈദ്ബ്നു ഹാരിസ്(റ)ന്റെ പുത്രൻ ഉസാമ(റ), അലി(റ), ആയിശാ(റ)യാൽ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കപ്പെട്ട് അവരൊന്നിച്ച് വസിച്ച് വരുന്ന ബരീറ(റ), എന്നിവരുമായി കൂടിയാലോചിച്ചു. ഉസാമ(റ)യും ബരീറ(റ)യും ആയിശാ(റ)ന്റെ നിരപരാധിത്വത്തെ കുറിച്ച് സാക്ഷ്യം വഹിച്ചപ്പോൾ അലി(റ) അവരെകുറിച്ച് അത്ര അനുകൂലമല്ലാത്ത മറുപടിയാണ് നൽകിയത്. (ഇത് കാരണം, സ്വാഭാവികമായും ആയിശാ(റ)ക്ക് അദ്ദേഹത്തോട് പിന്നീട് അൽപം നീരസമുണ്ടായിരുന്നു.)

അന്ന് തന്നെ റസൂൽ(സ) പള്ളിയിൽ ചെന്ന് മിമ്പറിൽ വെച്ചു നിരപരാധിയായ ആയിശാ(റ)ന്റെയും നല്ലവനായ സ്വഫ്വാൻ(റ)ന്റെയും പേരിൽ അപവാദം പറഞ്ഞു പരത്തുന്ന ഒരു മനുഷ്യനെ (അബ്ദുല്ലാഹിബ്നു ഉബയ്യ്) കുറിച്ച് തനിക്ക് ഒഴിവ്കഴിവ് അനുവദിച്ചു തരാൻ ആരുണ്ടെന്ന് അന്വേഷിച്ചു.

ഇത് കേട്ട മാത്രയിൽ അയാളെ വധിക്കുവാനുള്ള സന്നദ്ധതയുമായി ഔസ് ഗോത്രത്തിലെ പ്രമുഖനായ സഅദ്ബ്നു മുആദു(റ) മുന്നോട്ട് വരികയുണ്ടായി. എന്നാൽ ഖുസ്റജ് ഗോത്രനേതാവായ സഅദ്ബ്നു ഉബാദ(റ) തന്റെ കുടുംബത്തിൽപ്പെട്ട അബ്ദുല്ലാഹിബ്നു ഉബയ്യ്നെ കൊലപ്പെടുത്തുവാൻ അനുവദിക്കുകയില്ലെന്ന് പറയുകയും രണ്ട് ഗോത്രങ്ങൾക്കിടയിൽ ഭിന്നത രൂക്ഷമാകുകയും ചെയ്തു. നബി(സ)തിരുമേനി ഇരു ഗോത്രക്കാരെയും സമാധാനിപ്പിക്കുകയും, അവരെല്ലാം ശാന്തരാകുകയും ചെയ്തു.

ആയിശാ(റ)യുടെ മനോവിഷമം തുടർന്ന് കൊണ്ടേയിരുന്നു. അവരുടെ കാര്യത്തിൽ ഒരു ദിവ്യസന്ദേശവും(വഹ്യും) കിട്ടാതെ അസന്നിഗ്ദാവസ്ഥയിലായിരുന്ന നബി തിരുമേനി(സ) അന്ന് അവരുടെ അരികിൽ വന്നിരുന്ന് ഇപ്രകാരം പറഞ്ഞു.

"ആയിശാ, താൻ നിരപരാധിയാണെങ്കിൽ അല്ലാഹു തന്റെ നിരപരാധിത്വം വെളിപ്പെടുത്തിക്കൊള്ളും. താൻ വല്ല പാപത്തിലും അകപ്പെട്ട് പോയിട്ടുണ്ടെങ്കിൽ അല്ലാഹുവിനോട് പാപമോചനം തേടുകയും അവനോട് പശ്ചാത്തപിക്കുകയും ചെയ്ത് കൊള്ളുക. അടിയാൻ തന്റെ പാപം ഏറ്റ് പറഞ്ഞ് ഖേദിച്ച് മടങ്ങിയാൽ അല്ലാഹു മടക്കം സ്വീകരിക്കുന്നതാണ്. "

ഇത് കേട്ട ആയിശാ(റ) തന്റെ നിരപരാധിത്വം താൻ തന്നെ ഏറ്റ് പറഞ്ഞാൽ ആരും വിശ്വസിക്കുകയില്ല എന്നും താൻ ചെയ്യാത്ത കാര്യം (കുറ്റം) ചെയ്തെന്ന് ഏറ്റ് പറയുകയാണെങ്കിൽ ഏവരും വിശ്വസിച്ചേക്കും എന്നും മനസ്സിലാക്കി. യൂസുഫ് (അ) നബിയെ സഹോദരന്മാർ കിണറ്റിലെറിഞ്ഞപ്പോഴും ബിൻയാമിനെ ഈജിപ്തിലെ ഭരണാധികാരി പിടിച്ച് വെച്ചപ്പോഴും അവരുടെ വന്ദ്യപിതാവ് യഅ്ഖൂബ്(അ) നബി മഹത്തായ ക്ഷമ പ്രകടിപ്പിച്ച് കൊണ്ട് പറഞ്ഞ വാചകം- " ഇനി നല്ലതായ ക്ഷമ തന്നെ. അല്ലാഹുവിനോടാണ് നിങ്ങൾ വിവരിക്കുന്ന കാര്യത്തെ പറ്റി സഹായം തേടുവാനുള്ളത് " (സൂ: യൂസുഫ് 18,83 വചനങ്ങൾ നോക്കുക) ആണ് തനിക്കും പറയാനുള്ളതെന്ന് ഉരുവിട്ട് കൊണ്ട് ആയിശാ(റ) അല്ലാഹുവിൽ നിന്നു നബി തിരുമേനിക്കുള്ള വഹ്യിൽ പ്രതീക്ഷ അർപ്പിച്ച് കൊണ്ട് ദിനരാത്രങ്ങൾ കഴിച്ച് കൂട്ടി.

അധികം വൈകാതെ അതാ അല്ലാഹു അവന്റെ പ്രവാചകന് വഹ്യ് അവതരിപ്പിക്കുന്നു. അത്യധികം സന്തോഷത്തോടെയും ആശ്വാസത്തോടെയും നബി(സ) തിരുമേനി ഇപ്രകാരം പറഞ്ഞു.

" ആയിശാ, അല്ലാഹുവിനെ സ്തുതിച്ച് കൊള്ളുക അവൻ നിനക്ക് നിരപരാധിത്വം നൽകിയിരിക്കുന്നു."

അങ്ങനെ **إنّ الذين جاءو بالإفك** എന്ന ഈ സൂറത്തിലെ 11-ാം വചനം തുടങ്ങി 21-ാം വചനമടക്ക മുള്ള ആയത്തുകൾ അല്ലാഹു അവതരിപ്പിച്ചു.

ഈ വിഷയത്തിൽ ഈ വചനങ്ങൾ അവതരിച്ചതിന് ശേഷം ആയിശാ(റ)വിനെ കുറിച്ച് അപവാദം പറഞ്ഞിരുന്ന മിസ്ത്വഹ്(റ)ന് കൊടുത്ത് വന്നിരുന്ന സാമ്പത്തിക സഹായം ആയിശാ(റ)ന്റെ പിതാവായ അബൂബക്കർ(റ) നിർത്തൽ ചെയ്തു. അതേ തുടർന്ന് പ്രസതുത നടപടിയെ തിരുത്തികൊണ്ട് 22-ാം വചനം അവതരിക്കുകയും, ഉടനെ തന്നെ അബൂബക്കർ(റ) പ്രസതുത സാമ്പത്തിക സഹായം പുനരാരംഭിക്കുകയും ചെയ്തു. (22-ാം വചനത്തിന്റെ വിശദീകരണം നോക്കുക)

ഇനി 11-ാം വചനത്തിന്റെ വിശദീകരണത്തിലേക്ക് കടക്കാം.

മേൽ വിവരിച്ച അപവാദം പടച്ചുണ്ടാക്കിയത് കപട വിശ്വാസിയായ അബ്ദുല്ലാഹിബ്നു ഉബയ്യും ആയതിന് പ്രചാരം നൽകിയത് മുസ്ലീംകളിൽപെട്ട മിസ്ത്വഹ്(റ) ഹസ്സാനുബ്നു ഥാബിത്ത്(റ) ഹംന(റ) എന്നിവരായിരുന്നു. വ്യഭിചാരാരോപണ ശിക്ഷാനിയമമനുസരിച്ച് മുസ്ലീങ്ങളായ കുറ്റവാളികൾക്ക് അടി ശിക്ഷ നൽകപ്പെടുകയുണ്ടായി. 'അവന് വമ്പിച്ച ശിക്ഷയുണ്ടെന്ന്' അല്ലാഹു എടുത്ത് പറഞ്ഞ കപട വിശ്വാസി യായ അബ്ദുല്ലാഹിബ്നു ഉബയ്യ് ശപിക്കപ്പെട്ടവനായി മരണപ്പെടുകയാണുണ്ടായത്.

മിസ്ത്വാഹ്(റ) അബൂബക്കർ(റ) ന്റെ മാതാവിന്റെ സഹോദരീ പുത്രനും, ബദറിൽ പങ്കെടുത്ത സഹാ ബിയും 22-ാം വചനം അവതരിച്ചതിന് കാരണഭൂതനും ആയിരുന്നു.

നബി(സ)യുടെ ഭാര്യയായ സൈനബ(റ)യുടെ നേരെ സഹോദരിയായ ഹംന:ബിൻത ജഹശ്(റ), പത്ത് പ്രമുഖ സഹാബികളിൽ ഒരാളായ ത്വൽഹ(റ)യുടെ ഭാര്യയായിരുന്നു.

''അത് നിങ്ങൾക്ക് ദോഷകരമാണെന്ന് കരുതേണ്ട, അത് നിങ്ങൾക്ക് ഗുണകരമാകുന്നു'' എന്ന് പറ ഞ്ഞത് പ്രത്യേകം ശ്രദ്ധാർഹമാകുന്നു. അല്ലാഹുവിന്റെ പക്കൽ നിന്നുള്ള പ്രതിഫലവാഗ്ദാനം, എന്നേക്കും നിലനിൽക്കുന്ന സൽകീർത്തി, നിരപരാധിത്വം സ്ഥാപിച്ചുകൊണ്ടുള്ള ഖുർആൻ വചനങ്ങളുടെ അവതരണം, അത് വഴി എക്കാലത്തും അവരുടെ സ്മരണ പുതുക്കികൊണ്ടിരിക്കുന്നത്, വളരെ മതതത്വങ്ങളും നിയമങ്ങ ളും അവതരിക്കൽ എന്നിങ്ങനെ പല ഗുണങ്ങളും ഈ സംഭവം മുലം ഉണ്ടായി. അപ്പോൾ, ഒന്നാമതായി ആയിശാ(റ)ക്കും, കൂടാതെ സ്വഫ്വാൻ(റ)ക്കും നബി(സ) അടക്കമുള്ള എല്ലാ മുസ്ലീംകൾക്കും പല ഗുണ ങ്ങളും ലഭിക്കുവാൻ ഈ സംഭവം ഇടയായെന്ന് പറയേണ്ടതില്ലല്ലോ.

**വചനം: 12,13**

لَّوْلَآ إِذْ سَمِعْتُمُوهُ ظَنَّ ٱلْمُؤْمِنُونَ وَٱلْمُؤْمِنَٰتُ بِأَنفُسِهِمْ خَيْرًا وَقَالُوا۟ هَٰذَآ إِفْكٌ مُّبِينٌ ﴿١٢﴾

12 നിങ്ങൾ അതു കേട്ടപ്പോൾ, സത്യവിശ്വാസി കളും, സത്യവിശ്വാസിനികളും തങ്ങളെപ്പ റ്റിത്തന്നെ (പരസ്പരം) നല്ല വിചാരം വിചാരിക്കുകയും, ഇത് വ്യക്തമായ ഒരു കള്ള വാർത്തയാണ് എന്ന് പറയുകയും എന്തുകൊണ്ട് ചെയ്തു കൂടായിരുന്നു?!

لَّوْلَا جَآءُو عَلَيْهِ بِأَرْبَعَةِ شُهَدَآءَ ۚ فَإِذْ لَمْ يَأْتُوا۟ بِٱلشُّهَدَآءِ فَأُو۟لَٰٓئِكَ عِندَ ٱللَّهِ هُمُ ٱلْكَٰذِبُونَ ﴿١٣﴾

13 അവർ (ഇതുപറഞ്ഞുണ്ടാക്കിയവർ) എന്താ ണതിന് നാലു സാക്ഷികളെകൊണ്ടു വരാ ഞ്ഞത്?! അവർ സാക്ഷികളെകൊണ്ട് വരാത്ത സ്ഥിതിക്ക് അല്ലാഹുവിൻെറ അടുക്കൽ അവർ തന്നെയാണ് കളവ് പറ യുന്നവർ

സദ്വൃത്തരായ രണ്ടാളുകളെ പറ്റി ഇത്തരം ഒരു ആരോപണം കേട്ടാൽ, സത്യവിശ്വാസികൾ പര സ്പരമുണ്ടാകേണ്ട സദ്വിചാരം ഉൾകൊണ്ട് കൊണ്ട് അത് നുണയായിരിക്കുമെന്ന് കരുതുകയായിരുന്നു വേണ്ടിയിരുന്നത്. ഒരു കപടവിശ്വാസി അവസരം കിട്ടിയപ്പോൾ പടച്ചുണ്ടാക്കിയ ജല്പനം മറ്റുള്ളവർ ഏറ്റെടു ക്കുകയല്ല ചെയ്യേണ്ടിയിരുന്നത്. വ്യഭിചാരാരോപണം ഉന്നയിച്ചവർ അത് തെളിയിക്കുവാൻ വേണ്ടതായ നാല് സാക്ഷികളെ അവർ കൊണ്ട് വരാത്ത സ്ഥിതിക്ക് അവർ കളവ് പറയുന്നവരാകുന്നു എന്നാകുന്നു അല്ലാഹു വിന്റെ വിധി. അതിനുള്ള ശിക്ഷക്ക് അവർ അർഹരുമാകുന്നു.

**വചനം: 14,15**

وَلَوْلَا فَضْلُ ٱللَّهِ عَلَيْكُمْ وَرَحْمَتُهُۥ فِى
ٱلدُّنْيَا وَٱلْـَٔاخِرَةِ لَمَسَّكُمْ فِى مَآ أَفَضْتُمْ
فِيهِ عَذَابٌ عَظِيمٌ ١٤

14 അല്ലാഹുവിൻെറ ദയയും, അവൻെറ കാരുണ്യവും നിങ്ങളിൽ-ഇഹത്തിലും പരത്തിലും വെച്ച്-ഇല്ലായിരുന്നുവെങ്കിൽ, നിങ്ങൾ യാതൊന്നിൽ മുഴുകിയിരിക്കുന്നുവോ അക്കാര്യത്തിൽ, വമ്പിച്ച ശിക്ഷ നിങ്ങളെ സ്പർശിക്കുമായിരുന്നു;-

إِذْ تَلَقَّوْنَهُۥ بِأَلْسِنَتِكُمْ وَتَقُولُونَ بِأَفْوَاهِكُم
مَّا لَيْسَ لَكُم بِهِۦ عِلْمٌ وَتَحْسَبُونَهُۥ هَيِّنًا
وَهُوَ عِندَ ٱللَّهِ عَظِيمٌ ١٥

15 നിങ്ങളുടെ നാവുകളാൽ നിങ്ങളത് ഏറ്റു പറയുകയും, നിങ്ങൾക്ക് യാതൊരു അറിവുമില്ലാത്ത ഒരു കാര്യം നിങ്ങളുടെ വായ കൊണ്ട് പറയുകയും ചെയ്തുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ! (അപ്പോഴായിരുന്നു അത് ബന്ധിക്കേണ്ടത്; അതുണ്ടായില്ല.) നിങ്ങൾ ഇതൊരു നിസ്സാരകാര്യമെന്ന് ഗണിക്കുന്നു; അതാകട്ടെ, അല്ലാഹുവിൻെറ അടുക്കൽ വമ്പിച്ചതുമാകുന്നു!

പശ്ചാത്താപത്തിന് സൗകര്യം നൽകികൊണ്ടും മറ്റും ഇഹത്തിൽ വെച്ചും, കുറ്റം പൊറുത്ത് കൊണ്ട് പരത്തിൽ വെച്ചും അല്ലാഹു അവന്റെ കാരുണ്യവും ദയയും കൊണ്ട് അവരെ അനുഗ്രഹിക്കുവാൻ ഉദ്ദേശിക്കുകയാണ്. അല്ലായിരുന്നുവെങ്കിൽ, അപവാദം പ്രചരിപ്പിച്ച് കൊണ്ടിരുന്ന സന്ദർഭത്തിൽ തന്നെ അതിനുള്ള ശിക്ഷ അനുഭവിപ്പിക്കുമായിരുന്നു. കുറ്റം ചെയ്തവർ ഇതൊരു നിസ്സാര കാര്യമാണെന്ന് കരുതുന്നു. എന്നാൽ അല്ലാഹുവിങ്കൽ ഈ സംഗതി വമ്പിച്ച ഗൗരവമേറിയതാകുന്നു.

**വചനം: 16**

وَلَوْلَآ إِذْ سَمِعْتُمُوهُ قُلْتُم مَّا يَكُونُ لَنَآ
أَن نَّتَكَلَّمَ بِهَٰذَا سُبْحَٰنَكَ هَٰذَا بُهْتَٰنٌ
عَظِيمٌ ١٦

16 അതുകേട്ട അവസരത്തിൽ നിങ്ങൾക്ക് എന്തുകൊണ്ട് പറഞ്ഞു കൂടായിരുന്നു: നമുക്ക് ഇതിനെപ്പറ്റി സംസാരിക്കുവാൻ പാടുള്ളതല്ല- (അല്ലാഹുവേ,) നീ മഹാപരിശുദ്ധൻ! - ഇത് വമ്പിച്ച ഒരു കെട്ടുകഥയാണ് എന്ന്.

ഗൗരവപ്പെട്ടതോ അതിശയോക്തി കലർന്നതോ ആയ വല്ലതും കേൾക്കുകയോ കാണുകയോ ചെയ്യുമ്പോൾ **سبحانك** (നീ മഹാപരിശുദ്ധൻ) എന്നും **سبحاناللّٰه** (അല്ലാഹു മഹാ പരിശുദ്ധൻ) എന്നും പറയുക പതിവാണ്. നമുക്ക് ഇതേപറ്റി സംസാരിക്കുവാൻ പാടുള്ളതല്ല എന്നും അവർക്ക് ഈ അപവാദം കേട്ട മാത്രയിൽ പറയാമായിരുന്നു.

**വചനം 17,18,19,20:**

يَعِظُكُمُ ٱللَّهُ أَن تَعُودُوا۟ لِمِثْلِهِۦٓ أَبَدًا إِن
كُنتُم مُّؤْمِنِينَ ١٧
وَيُبَيِّنُ ٱللَّهُ لَكُمُ ٱلْـَٔايَٰتِ ۚ وَٱللَّهُ عَلِيمٌ
حَكِيمٌ ١٨
إِنَّ ٱلَّذِينَ يُحِبُّونَ أَن تَشِيعَ ٱلْفَٰحِشَةُ
فِى ٱلَّذِينَ ءَامَنُوا۟ لَهُمْ عَذَابٌ أَلِيمٌ فِى

17 ഇതുപോലെയുള്ളത് ഒരിക്കലും നിങ്ങൾ ആവർത്തിച്ചു പോകരുതെന്നു വെച്ച് അല്ലാഹു നിങ്ങളെ ഉപദേശിക്കുകയാണ്- നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

18 അല്ലാഹു നിങ്ങൾക്ക് ലക്ഷ്യങ്ങൾ വിവരിച്ചു തരുകയാണ്; അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു.

19 നിശ്ചയമായും, വിശ്വസിച്ചിട്ടുള്ളവരിൽ നീചവൃത്തി പ്രചരിക്കു(ന്നത് കാണു)വാൻ ഇഷ്ടപ്പെടുന്നവരാകട്ടെ, ഇഹത്തിലും പരത്തിലും അവർക്ക് വേദനയേറിയ ശിക്ഷയുണ്ട്.

ٱلدُّنْيَا وَٱلْءَاخِرَةِ ۚ وَٱللَّهُ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ ﴿١٩﴾

അല്ലാഹു (എല്ലാം)അറിയുന്നു, നിങ്ങൾക്ക് അറിയുകയില്ല.

وَلَوْلَا فَضْلُ ٱللَّهِ عَلَيْكُمْ وَرَحْمَتُهُۥ وَأَنَّ ٱللَّهَ رَءُوفٌ رَّحِيمٌ ﴿٢٠﴾

20 നിങ്ങളിൽ അല്ലാഹുവിൻെറ ദയയും, അവൻെറ കാരുണ്യവും ഉണ്ടായിരിക്കുകയും, അല്ലാഹു കൃപയുള്ളവനും കരുണാനിധിയുമാണെ ന്നുള്ളതും ഇല്ലായിരുന്നുവെങ്കിൽ (നിങ്ങൾക്ക് കാണാമായിരുന്നു)!

സജ്ജനങ്ങളിൽ ദുർവൃത്തികൾ പ്രചരിച്ച് കാണുക, മാന്യന്മാരെ കുറിച്ച് അപകീർത്തികൾ ഉണ്ടാക്കിത്തീർക്കുക, ശുദ്ധന്മാരായുള്ളവരുടെ സ്വകാര്യജീവിതം കളങ്കപ്പെടുത്തുക മുതലായ കാര്യങ്ങളിൽ ദുഷ്ടമനസ്കരായ ചിലർക്ക് വളരെ താൽപര്യവും കൗതുകവും ഉള്ളതായി കാണാം. തങ്ങളെപോലെ മറ്റുള്ളവരും ദുഷിച്ച് കാണണമെന്ന മോഹത്തിൽ നിന്നുമാണ് ഈ പൈശാചിക സ്വഭാവം ഉടലെടുക്കുന്നത്. ഇത്തരക്കാർക്ക് അടിശക്ഷ, ശാപം, ആക്ഷേപം, വഷളത്തം തുടങ്ങി ഐഹിക ശിക്ഷയും, അല്ലാഹുവിന്റെ ക്രോധം, നരക ശിക്ഷ മുതലായ പാരത്രിക ശിക്ഷയും അല്ലാഹു നിശ്ചയിച്ചിരിക്കുന്നു.

ഒരിക്കൽ നബി(സ) മിമ്പറിൽ കയറി ഇപ്രകാരം വിളിച്ച് പറയുകയുണ്ടായി: ഒരാൾ തന്റെ മുസ്ലീം സഹോദരന്റെ ഉള്ളു കള്ളി ആരായരുത്. അങ്ങനെ ഒരാൾ ആരായുന്നതായാൽ, അല്ലാഹു അവന്റെ ഉള്ളുകള്ളിയും ആരായും. അല്ലാഹു ഒരുവന്റെ ഉള്ളുകള്ളി ആരായുന്ന പക്ഷം, അവൻ അയാളെ വഷളാക്കുന്നതാണ് - അയാൾ പുറത്തിറങ്ങാതെ തന്റെ വസതിയുടെ ഉള്ളിലായിരുന്നാലും ശരി. (തിർമുദി)

## വിഭാഗം - 3

**വചനം 21 :**

۞ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَّبِعُوا۟ خُطُوَٰتِ ٱلشَّيْطَٰنِ ۚ وَمَن يَتَّبِعْ خُطُوَٰتِ ٱلشَّيْطَٰنِ فَإِنَّهُۥ يَأْمُرُ بِٱلْفَحْشَآءِ وَٱلْمُنكَرِ ۚ وَلَوْلَا فَضْلُ ٱللَّهِ عَلَيْكُمْ وَرَحْمَتُهُۥ مَا زَكَىٰ مِنكُم مِّنْ أَحَدٍ أَبَدًا وَلَٰكِنَّ ٱللَّهَ يُزَكِّى مَن يَشَآءُ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿٢١﴾

21 ഹേ, വിശ്വസിച്ചിട്ടുള്ളവരേ! നിങ്ങൾ പിശാചിൻെറ കാലടികളെ (മാർഗ്ഗങ്ങളെ) പിൻപറ്റരുത്! ആരെങ്കിലും, പിശാചിൻെറ കാലടികളെ പിൻപറ്റുന്നതായാൽ, നിശ്ചയമായും അവൻ (അവരോട്) നീചവൃത്തിക്കും, ദുരാചാരത്തിനും ഉപദേശിക്കുന്നതാണ്. അല്ലാഹുവിൻെറ ദയയും, അവൻെറ കാരുണ്യവും നിങ്ങളിൽ ഇല്ലായിരുന്നുവെങ്കിൽ, നിങ്ങളിൽനിന്ന് ഒരാളും തന്നെ ഒരിക്കലും പരിശുദ്ധപ്പെടുമായിരുന്നില്ല; എങ്കിലും, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ പരിശുദ്ധപ്പെടുത്തുന്നു. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാണ്.

സത്യവിശ്വാസികൾ ദുർവൃത്തിയിൽ അകപ്പെട്ട് കാണുവാൻ പിശാച് ആഗ്രഹിക്കുകയും അതിന് വേണ്ടി പരിശ്രമിക്കുകയും ചെയ്ത് കൊണ്ടിരിക്കുന്നു. അവന്റെ മാർഗ്ഗത്തിൽ പ്രവേശിക്കുന്ന അനുയായികളോട് അവൻ നിഷിദ്ധവും നികൃഷ്ടവുമായതല്ലാതെ ഉപദേശിക്കുകയില്ല. അവനെ പിൻപറ്റുന്ന അനുയായികളെ അവൻ നരകത്തിലേക്ക് നയിക്കുകയാണ് ചെയ്യുക. (സൂ: ഹജ്ജ് 4 നോക്കുക) പിശാചിന്റെ മാർഗ്ഗം ഒരിക്കലും പിൻപറ്റിപോകരുതെന്ന് അല്ലാഹു സത്യവിശ്വാസികളെ ഉപദേശിക്കുന്നു. അല്ലാഹുവിന്റെ ദയയും കാരുണ്യവും അടിക്കടി എടുത്ത് പറഞ്ഞ് അനുസ്മരിപ്പിച്ച് കൊണ്ടിരിക്കുന്നത് സത്യവിശ്വാസികൾക്ക് മനസ്സമാധാനവും ആവേശവും പ്രദാനം ചെയ്യുന്നതിനാകുന്നു - അവിശ്വാസികൾക്കാകട്ടെ അത് താക്കീതുമാകുന്നു.

**വചനം 22:**

وَلَا يَأْتَلِ أُو۟لُوا۟ ٱلْفَضْلِ مِنكُمْ وَٱلسَّعَةِ أَن يُؤْتُوٓا۟ أُو۟لِى ٱلْقُرْبَىٰ وَٱلْمَسَٰكِينَ وَٱلْمُهَٰجِرِينَ فِى سَبِيلِ ٱللَّهِ ۖ وَلْيَعْفُوا۟

22 നിങ്ങളിൽ ശ്രേഷ്ഠതയും, നിവൃത്തിയുമുള്ളവർ കുടുംബബന്ധമുള്ളവർക്കും, സാധുക്കൾക്കും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ 'ഹിജ്റ' (നാടു വിട്ട്) പോന്നിട്ടുള്ളവർക്കും തങ്ങൾ കൊടുത്തുവരുന്നതിന് സത്യം ചെയ്ത് മുടക്കുണ്ടാ

وَلْيَصْفَحُوٓا۟ ۗ أَلَا تُحِبُّونَ أَن يَغْفِرَ ٱللَّهُ لَكُمْ ۗ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٢٢﴾

ക്കരുത്! അവർ മാപ്പ് നൽകുകയും, വിട്ടു കൊടുക്കുകയും ചെയ്യട്ടെ! നിങ്ങൾക്ക് അല്ലാഹു പൊറുത്തു തരുന്നതിനെ നിങ്ങൾ ഇഷ്ട പ്പെടുന്നില്ലേ?! അല്ലാഹുവാകട്ടെ, വളരെ പൊറു ക്കുന്നവനും കരുണാനിധിയുമാകുന്നു.

യോഗ്യതയും കഴിവുമുള്ള ആളുകൾ കുടുംബ ബന്ധമുള്ളവരേയും സാധുക്കളെയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗം ചെയ്ത് ബുദ്ധിമുട്ടനുഭവിക്കുന്നവരേയും സഹായിക്കേണ്ടതാകുന്നു. വല്ല തെറ്റ് കുറ്റവും അവർ ചെയ്ത് പോയെന്ന് വച്ച് മേലിൽ വല്ല സഹായവും അവർക്ക് നൽകുകയില്ലെന്ന് തീരുമാനിക്കാൻ പാടുള്ള തല്ല. അവരുടെ അബദ്ധങ്ങൾ അവർക്ക് മാപ്പ് ചെയ്ത് കൊടുക്കുകയും വിട്ടുവീഴ്ച ചെയ്യുകയുമാണ് വേണ്ടത്. അവരുടെ കാര്യത്തിൽ നിങ്ങൾ വിട്ടുവീഴ്ചയ്ക്ക് തയ്യാറല്ലെങ്കിൽ നിങ്ങൾക്ക് അല്ലാഹുവിന്റെ പക്കൽ നിന്ന് വിട്ടു വീഴ്ച പ്രതീക്ഷിക്കാൻ എന്താണവകാശം. " നിങ്ങൾക്ക് അല്ലാഹു പൊറുത്ത് തരുന്നതിനെ നിങ്ങൾ ഇഷ്ടപ്പെടു ന്നില്ലേ " എന്ന ഈ വചനത്തിലെ ചോദ്യം, വളരെ അർത്ഥവത്താകുന്നു.

ആയിശാ(റ)യെ കുറിച്ച് അപവാദം പറയുന്നതിൽ പങ്ക് വഹിച്ച മിസ്ത്വാഹ്(റ)ന് ആയിശാ(റ)യുടെ പിതാ വായ അബൂബക്കർ (റ) മുമ്പ് നൽകികൊണ്ടിരുന്ന സാമ്പത്തിക സഹായം നിർത്തൽ ചെയ്തതിനെ തുടർന്നാണ് ഈ വചനം അവതരിച്ചത്. (11-ാം വചനത്തിന്റെ വിശദീകരണം നോക്കുക)

ഈ വചനം കേട്ട ഉടനെ അബൂബക്കർ(റ) പറഞ്ഞു: " അല്ലാഹു തന്നെയാണ് സത്യം. അല്ലാഹു എനിക്ക് പൊറുത്തു തരുവാൻ നിശ്ചയമായും ഞാൻ ആഗ്രഹിക്കുന്നു". മിസ്ത്വാഹ് (റ)ന് കൊടുത്ത് കൊണ്ടിരുന്ന സാമ്പ ത്തിക സഹായം അദ്ദേഹം ഉടൻ തന്നെ പുനരാരംഭിക്കുകയും ചെയ്തു.

അബൂബക്കർ(റ)ന്റെ മാതാവിന്റെ സഹോദരീ പുത്രൻ കൂടിയായ മിസ്ത്വാഹ്(റ)ന്റെ പക്കൽ ഇങ്ങിനെ ഒരു അബദ്ധം വന്ന് പോയെങ്കിലും അദ്ദേഹം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നാടും വീടും ത്യജിച്ച് പോന്ന മുഹാ ജിറുകളിൽപ്പെട്ട മാന്യനാണെന്ന ഒരു പ്രശംസ അല്ലാഹുവിന്റെ ഈ വചനത്തിൽ അടങ്ങിയിട്ടുള്ളതായി കാണാം.

കഴിഞ്ഞ വചനങ്ങളിൽ (വചനം 11 മുതൽ) പ്രധാന വിഷയം ആയിശാ(റ)യുടെ സംഭവമായിരുന്നുവ ല്ലോ. തുടർന്നുള്ള വചനങ്ങളിൽ ഗുണവതികളായ സത്യവിശ്വാസിനികളെ പറ്റി അപവാദം പറഞ്ഞുണ്ടാക്കുന്ന എല്ലാവരെ കുറിച്ചും പൊതുവിൽ താക്കീത് ചെയ്യുന്നു.

**വചനം 23,24,25:**

إِنَّ ٱلَّذِينَ يَرْمُونَ ٱلْمُحْصَنَٰتِ ٱلْغَٰفِلَٰتِ ٱلْمُؤْمِنَٰتِ لُعِنُوا۟ فِى ٱلدُّنْيَا وَٱلْءَاخِرَةِ وَلَهُمْ عَذَابٌ عَظِيمٌ ﴿٢٣﴾

23 നിശ്ചയമായും, പതിവ്രതകളായ, ശുദ്ധഹൃദ യരായ, സത്യവിശ്വാസിനികളായ സ്ത്രീകളെപ്പറ്റി ആരോപണം ചെയ്യുന്നവർ, ഇഹത്തിലും പരത്തിലും ശപിക്കപ്പെട്ടിരിക്കുന്നു; വമ്പിച്ച ശിക്ഷയും അവർക്കുണ്ട്;-

يَوْمَ تَشْهَدُ عَلَيْهِمْ أَلْسِنَتُهُمْ وَأَيْدِيهِمْ وَأَرْجُلُهُم بِمَا كَانُوا۟ يَعْمَلُونَ ﴿٢٤﴾

24 തങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി അവരുടെ നാവുകളും, അവരുടെ കൈകളും, അവരുടെ കാലുകളും അവരുടെ മേൽ സാക്ഷി പറയുന്ന ദിവസം (-അന്നാണത്)!

يَوْمَئِذٍ يُوَفِّيهِمُ ٱللَّهُ دِينَهُمُ ٱلْحَقَّ وَيَعْلَمُونَ أَنَّ ٱللَّهَ هُوَ ٱلْحَقُّ ٱلْمُبِينُ ﴿٢٥﴾

25 അന്നത്തെ ദിവസം, അല്ലാഹു അവർക്ക് അവ രുടെ യഥാർത്ഥ പ്രതിഫലം നിറവേറ്റിക്കൊ ടുക്കുന്നതാകുന്നു; അവർക്ക് അറിയാറാവുകയും ചെയ്യും: നിശ്ചയമായും അല്ലാഹു തന്നെയാണ്, യഥാർത്ഥത്തിൽ നിലകൊള്ളുന്നവനും, സ്പ ഷ്ടമായുള്ളവനും എന്ന്.

പതിവ്രതകളും ശുദ്ധഹൃദയരും, സത്യവിശ്വാസിനികളുമായ സ്ത്രീകളെ പറ്റി അപവാദം പറയുന്നത് വളരെ ഗുരുതരമായ കുറ്റകൃത്യമാകുന്നു. അത്തരക്കാർ ഇഹത്തിലും പരത്തിലും ശപിക്കപ്പെട്ടിരിക്കുന്നു. (ഇങ്ങ നെയുള്ളവരല്ലാത്ത സ്ത്രീകളെ പറ്റി ആരോപണങ്ങൾ നടത്താമെന്ന് ഇതിനർത്ഥമില്ല.) പതിവ്രതകളും ശുദ്ധഹൃ ദയരും വിശ്വാസിനികളുമായ സ്ത്രീകളെകുറിച്ച് വ്യഭിചാരാരോപണം നടത്തുന്നത് വിനാശകരമായ ഏഴ് വൻ പാപങ്ങളിൽപെട്ട ഒരു ഗുരുതരമായ പാപമാകുന്നു.

കൈകാലുകളും നാവും സാക്ഷി പറയുന്ന ദിവസമെന്ന് പറഞ്ഞത് ഖിയാമത്ത് നാളാണെന്ന് വ്യക്തമാകുന്നു. അന്ന് തങ്ങൾ പ്രവർത്തിച്ച് കൊണ്ടിരുന്ന എല്ലാ പ്രവർത്തികളും അവ പ്രവർത്തിച്ച അവയവങ്ങളുടെ സാക്ഷ്യത്തോടെ വെളിക്ക് വരുന്നതാണ്.

സൂ: യാസീൻ 65-ാം വചനത്തിൽ അല്ലാഹു ഈ വിഷയം വിവരിച്ചിരിക്കുന്നത് നോക്കുക.

"അന്നേ ദിവസം നാം അവരുടെ വായകളിൽ മുദ്ര വെക്കും. അവരുടെ കൈകൾ നമ്മോട് സംസാരിക്കുകയും, അവരുടെ കാലുകൾ സാക്ഷ്യം പറയുകയും ചെയ്യുന്നതാണ്. "

സൂ: ഫുസ്സ്വിലത്ത് (ഹാ-മീം സജദ) 21-ാം വചനത്തിൽ ഈ വിഷയ സംബന്ധമായി ഇപ്രകാരം വിശദീകരിച്ചതായി കാണാം.

അവർ അവരുടെ തൊലികളോട് പറയും " നിങ്ങൾ എന്തിനായിട്ടാണ് ഞങ്ങൾക്കെതിരിൽ സാക്ഷ്യം വഹിച്ചത്. " അവ പറയും "എല്ലാ വസ്തുക്കളെയും സംസാരിപ്പിച്ചവനായ അല്ലാഹു ഞങ്ങളെയും സംസാരിപ്പിച്ചിരിക്കുകയാണ്."

**വചനം 26:**

ٱلۡخَبِيثَٰتُ لِلۡخَبِيثِينَ وَٱلۡخَبِيثُونَ لِلۡخَبِيثَٰتِۖ وَٱلطَّيِّبَٰتُ لِلطَّيِّبِينَ وَٱلطَّيِّبُونَ لِلطَّيِّبَٰتِۚ أُوْلَٰٓئِكَ مُبَرَّءُونَ مِمَّا يَقُولُونَۖ لَهُم مَّغۡفِرَةٞ وَرِزۡقٞ كَرِيمٞ ﴿٢٦﴾

26 ദുഷിച്ച സ്ത്രീകൾ ദുഷിച്ച പുരുഷൻമാർക്കും, ദുഷിച്ച പുരുഷൻമാർ ദുഷിച്ച സ്ത്രീകൾക്കുമാകുന്നു; ശുദ്ധകളായ സ്ത്രീകൾ ശുദ്ധരായ പുരുഷൻമാർക്കും, ശുദ്ധരായ പുരുഷൻമാർ ശുദ്ധകളായ സ്ത്രീകൾക്കുമാകുന്നു. (ശുദ്ധൻമാരായ) അക്കൂട്ടർ (ദുഷ്ടൻമാരായ) ഇവർ പറഞ്ഞുവരുന്നതിൽ (ആരോപണങ്ങളിൽ) നിന്ന് ഒഴിവാക്കപ്പെട്ടവരാണ്; അവർക്ക് പാപമോചനവും, മാന്യമായ ഉപജീവനവും ഉണ്ടായിരിക്കും.

3-ാം വചനത്തിൽ ചൂണ്ടികാണിച്ച ഒരു തത്വം ഇവിടെ കൂടുതൽ വ്യക്തമാക്കുകയാണ്. നബി(സ) യെ പോലെയുള്ള പരിശുദ്ധ പുരുഷന്മാർക്ക് യോജിക്കുന്നത് ആയിശാ(റ)യെ പോലെയുള്ള പരിശുദ്ധകളും ആയിശാ(റ)യെ പോലെയുള്ള ഗുണവതികൾക്ക് യോജിക്കുന്നത് നബി(സ) തിരുമേനിയെ പോലെയുള്ള സൽഗുണവാന്മാരും തന്നെയാണ്. എന്നാൽ ദുഷിച്ച സ്ത്രീ പുരുഷന്മാർക്കാകട്ടെ അത്തരം ഇണകളുമാകുന്നു യോജിക്കുന്നത്. ഓരോരുത്തരും തനിക്ക് നല്ല ഇണയും തുണയും ലഭിക്കുന്നതിന് യത്നിക്കേണ്ടതുണ്ടെന്നും ചീത്ത ആളുകളുമായുള്ള സമ്പർക്കവും കൂട്ടുകെട്ടും ഒഴിവാക്കേണ്ടതുണ്ടെന്നും ഇതിൽ നിന്നും മനസ്സിലാക്കേണ്ടതാണ്. സജ്ജനങ്ങളെ പറ്റി അപരാധവും അപവാദവും പ്രചരിപ്പിക്കുവാനുള്ള വാസന ദുർജ്ജനങ്ങൾക്ക് മാത്രമായിരിക്കും. എന്നാൽ ഇത്തരം ആരോപണങ്ങളിൽ നിന്ന് സജ്ജനങ്ങൾ സ്വഭാവേന പരിശുദ്ധരായിരിക്കും. സജ്ജനങ്ങളെ പറ്റി ദുഷ്ട മനുഷ്യനാണ് ആരോപണം ഉന്നയിക്കുന്നതെങ്കിൽ അതിന് വില കൽപിക്കേണ്ടതില്ല തന്നെ. സജ്ജനങ്ങൾക്ക് പാപമോചനവും മാന്യമായ ഉപജീവനവും അല്ലാഹു വാഗ്ദാനം ചെയ്യുന്നു.

താഴെ കാണുന്ന വചനങ്ങളിൽ, വ്യഭിചാരത്തിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതിനായി മനുഷ്യർ പരസ്പരം ആചരിക്കേണ്ടുന്ന ചില മര്യാദകളെ അല്ലാഹു നമ്മെ പറിപ്പിക്കുന്നു.

## വിഭാഗം 4:

**വചനം 27,28,29:**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَدۡخُلُواْ بُيُوتًا غَيۡرَ بُيُوتِكُمۡ حَتَّىٰ تَسۡتَأۡنِسُواْ وَتُسَلِّمُواْ عَلَىٰٓ أَهۡلِهَاۚ ذَٰلِكُمۡ خَيۡرٞ لَّكُمۡ لَعَلَّكُمۡ تَذَكَّرُونَ ﴿٢٧﴾

27 ഹേ, വിശ്വസിച്ചിട്ടുള്ളവരേ! നിങ്ങളുടെ വീടുകളല്ലാത്ത വീടുകളിൽ, (പ്രവേശനത്തിന്) അനുമതി ചോദിക്കുകയും, അവയുടെ ആൾക്കാർക്ക് സലാം പറയുകയും ചെയ്യുവോളം, നിങ്ങൾ പ്രവേശിക്കരുത്! ആയത് നിങ്ങൾക്ക് ഗുണകരമായിരിക്കും; നിങ്ങൾ ഓർമ്മവെക്കുവാൻ വേണ്ടിയാണ് (ഇത്).

فَإِن لَّمْ تَجِدُوا۟ فِيهَآ أَحَدًا فَلَا
تَدْخُلُوهَا حَتَّىٰ يُؤْذَنَ لَكُمْ ۖ وَإِن قِيلَ
لَكُمُ ٱرْجِعُوا۟ فَٱرْجِعُوا۟ ۖ هُوَ أَزْكَىٰ لَكُمْ ۚ
وَٱللَّهُ بِمَا تَعْمَلُونَ عَلِيمٌ ﴿٢٨﴾
لَّيْسَ عَلَيْكُمْ جُنَاحٌ أَن تَدْخُلُوا۟ بُيُوتًا
غَيْرَ مَسْكُونَةٍ فِيهَا مَتَٰعٌ لَّكُمْ ۚ وَٱللَّهُ يَعْلَمُ
مَا تُبْدُونَ وَمَا تَكْتُمُونَ ﴿٢٩﴾

28 എനി, നിങ്ങൾ അവിടെ ഒരാളെയും കണ്ടെത്താത്ത പക്ഷം, നിങ്ങൾക്ക് അനുവാദം നൽകപ്പെടുന്നതുവരേക്കും നിങ്ങളതിൽ പ്രവേശിക്കരുത്! നിങ്ങളോട്: മടങ്ങിപ്പോയിക്കൊള്ളുക എന്ന് പറയപ്പെടുന്നപക്ഷം നിങ്ങൾ മടങ്ങിക്കൊള്ളുവിൻ! അതാണ് നിങ്ങൾക്ക് വളരെ വെടിപ്പായിട്ടുള്ളത്. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു അറിയുന്നവനാകുന്നു.

29 ആൾപാർപ്പില്ലാത്ത-നിങ്ങൾക്ക് ഉപയോഗമുള്ള-വീടുകളിൽ പ്രവേശിക്കുന്നതിന് നിങ്ങൾക്ക് തെറ്റില്ല. നിങ്ങൾ വെളിവാക്കുന്നതും, നിങ്ങൾ മറച്ചുവെക്കുന്നതും അല്ലാഹു അറിയും.

അന്യവീടുകളിൽ ചെല്ലുമ്പോൾ ആ വീട്ടുകാർക്കോ വീട്ടിൽ ചെല്ലുന്ന അതിഥിക്കോ, അനിഷ്ടകരമോ, ലജ്ജയുളവാക്കുന്നതോ ആയ എന്തെങ്കിലും സാഹചര്യങ്ങൾ ആ വീട്ടിൽ ഉണ്ടായിരിക്കാവുന്നതാണല്ലോ. ആകയാൽ അന്യവീട്ടിൽ ചെല്ലുമ്പോൾ ആ വീട്ടുകാർക്ക് നിങ്ങൾ സലാം പറയണമെന്നും പ്രവേശനത്തിന് അനുമതി ചോദിക്കുകയും ചെയ്യണമെന്നും അത് നിങ്ങൾക്ക് ഗുണകരമായിരിക്കും എന്നും അല്ലാഹു നമ്മെ ഓർമ്മിപ്പിക്കുന്നു.

പുറത്ത് നിന്ന് സലാം പറയുകയും അനുമതി ചോദിക്കുകയും ചെയ്തിട്ടും അകത്ത് കടക്കുവാൻ സമ്മതം നിഷേധിക്കപ്പെടുകയാണെങ്കിൽ അകത്ത് കടക്കരുതെന്ന് പ്രത്യേകം വിരോധിക്കുകയും ചെയ്യുന്നു. 'അതാണ് നിങ്ങൾക്ക് വെടിപ്പായിട്ടുള്ളത്' എന്ന് നമ്മുടെ പ്രവർത്തികളെ പറ്റി എല്ലാം അറിയുന്ന അല്ലാഹു നമ്മെ ഉപദേശിക്കുന്നു.

തീരെ ആൾപാർപ്പില്ലാത്ത, എന്നാൽ നമുക്ക് ഉപയോഗമുള്ളതായ പൊതു സ്ഥലങ്ങൾ പോലെയുള്ളയിടങ്ങളിൽ ആവശ്യം നേരിടുമ്പോൾ പ്രവേശിക്കുന്നതിന് മേൽ പറഞ്ഞ രീതിയിലുള്ള സമ്മതം ചോദിക്കേണ്ടതില്ലെന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. എന്നാൽ കഴിയുന്നതും മേൽ നൽകിയ ഉപദേശ തത്വങ്ങൾക്ക് കോട്ടം തട്ടുന്നയാതൊന്നും സംഭവിക്കാതിരിക്കാൻ പ്രത്യേകം സൂക്ഷിക്കേണ്ടതാണ് . ഈ ആയത്തിന്റെ അന്ത്യഭാഗത്തിൽ 'നിങ്ങൾ വെളിവാക്കുന്നതും നിങ്ങൾ മറച്ച് വെക്കുന്നതും അല്ലാഹു അറിയുന്നു ' എന്ന് പറഞ്ഞത് പ്രത്യേകം ശ്രദ്ധേയമാകുന്നു.

പ്രവേശന മര്യാദകളെ വിശദീകരിച്ച് കൊണ്ടുള്ള ഏതാനും ഹദീസുകളുടെ സാരാംശം ഇവിടെ ഉദ്ധരിക്കുന്നത് സന്ദർഭോചിതമായിരിക്കും.

ഒരിക്കൽ അബ്ദുല്ലാഹിബ്നു ഖൈസ്(റ) ഉമർ(റ)ന്റെ വീട്ടിൽ ചെന്ന് മൂന്ന് പ്രാവശ്യം അനുമതി ചോദിക്കുകയുണ്ടായി. ഉമർ(റ) എന്തോ ജോലിത്തിരക്കിലായിരുന്നതിനാൽ അദ്ദേഹത്തിന് സമ്മതം കിട്ടിയില്ല. അദ്ദേഹം മടങ്ങിപ്പോന്നു. ഇതേകുറിച്ച് അന്വേഷിച്ചപ്പോഴാണ് റസൂൽ(സ) തിരുമേനിയുടെ വചനം - "നിങ്ങളിൽ ഒരാൾ മൂന്ന് വട്ടം സമ്മതം ചോദിച്ചിട്ട് സമ്മതം കിട്ടിയില്ലെങ്കിൽ അവൻ മടങ്ങിക്കൊള്ളട്ടെ" - ഉമർ(റ)ന്റെ ശ്രദ്ധയിൽപ്പെട്ടത്. അപ്പോൾ ഉമർ(റ) ഇപ്രകാരം സ്വയം കുറ്റപ്പെടുത്തി. "അങ്ങാടിയിലെ ഇടപാട് - വ്യാപാരം - എന്നെ മുടക്കികളഞ്ഞു. അത്കൊണ്ട് ഇതൊന്നും നബി(സ)യിൽ നിന്നും കേട്ടു പഠിക്കാൻ എനിക്ക് കഴിഞ്ഞില്ല." - ബുഖാരി(റ)

നബി(സ) ഒരിക്കൽ സഅദ്ബ്നു ഉബാദയുടെ വീട്ടിൽ ചെന്ന് മൂന്ന് പ്രാവശ്യം സലാം ചൊല്ലികൊണ്ട് അനുമതി ചോദിച്ചു. സഅദ്(റ) പതുക്കെ സലാം മടക്കിയതിനാൽ അത് കേൾക്കാതിരുന്ന റസൂൽ(സ)തിരികെ പോയി. സഅദ്(റ) റസൂലിന്റെ പിന്നാലെ ഓടിചെന്ന് ഇപ്രകാരം പറഞ്ഞു "അല്ലാഹുവിന്റെ റസൂലേ അവിടുത്തെ സലാമുകളെല്ലാം കേട്ടിട്ടും അവിടുന്ന് കേൾക്കത്തക്ക വണ്ണം ഞാനത് മടക്കാതിരുന്നത്, അവിടുത്തെ സലാമും ബർക്കത്തും കൂടുതൽ കൂടുതൽ ലഭിക്കുവാൻ വേണ്ടിയായിരുന്നു." തുടർന്ന് തിരുമേനി (സ) അദ്ദേഹത്തിന്റെ വീട്ടിൽ പ്രവേശിക്കുകയും ഭക്ഷണം കഴിക്കുകയും അദ്ദേഹത്തിനും കുടുംബത്തിനും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. - ഇമാം അഹമദ്(റ)

ഈ വിഷയ സംബന്ധമായി താഴെ കാണുന്ന ഗുണപാഠങ്ങൾ റസൂൽ(സ) സ്വജീവിതത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു:

അന്യവീടിന്റെ വാതിലിന്റെ നേരെ മുന്നിലേക്ക് അഭിമുഖമായി നിൽക്കാതെ അതിന്റെ വലഭാഗത്തോ, ഇടഭാഗത്തോ നിന്ന് കൊണ്ട് വേണം പ്രവേശനാനുമതി തേടാൻ. ''സമ്മതം ചോദിക്കുവാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് തന്നെ, നോട്ടത്തിന്റെ കാരണത്താലാകുന്നു'' എന്ന് റസൂൽ തിരുമേനി പറയുകയുണ്ടായി.

''ഒരു മനുഷ്യൻ സമ്മതം കൂടാതെ നിന്റെ വീട്ടിനകത്തേക്ക് എത്തിനോക്കി. അപ്പോൾ നീ അവനെ ഒരു ചെറുകല്ലെടുത്ത് മിടിച്ച് കളഞ്ഞു. അത് നിമിത്തം അവന്റെ കണ്ണ് പൊട്ടിപോയി എന്നിരിക്കട്ടെ, എങ്കിൽ നിനക്ക് യാതൊരു തെറ്റുമില്ല '' നബിവചനം (ബു: മു)

നബി(സ)യുടെ വീട്ടിൽ ഒരിക്കൽ ജാബിർ(റ) വാതിലിൽ മുട്ടിയപ്പോൾ 'ആരാണത് 'എന്ന തിരുമേനിയുടെ ചോദ്യത്തിന് 'ഞാനാണ് ' എന്ന് ജാബിർ(റ) മറുപടി പറഞ്ഞു. അപ്പോൾ റസൂൽ(സ) നീരസം പ്രകടിപ്പിക്കുകയും ആരാണെന്ന ചോദ്യത്തിന് വന്ന ആളെ തിരിച്ചറിയാവുന്ന വിധത്തിൽ സ്വന്തം പേരോ മനസ്സിലാകുന്ന തരത്തിലുള്ള മറ്റ് വല്ല വിശേഷ നാമങ്ങളോ പറയേണ്ടതാകുന്നു എന്ന് തിരുത്തുകയുമുണ്ടായി.

ഒരിക്കൽ തിരുമേനിയുടെ വീട്ടിലെത്തിയ ഒരാൾ ''ഞാൻ അകത്ത് കടക്കട്ടെയോ'' എന്ന് ചോദിച്ചപ്പോൾ തിരുമേനി തന്റെ ഭൃത്യനോട് അയാളുടെ അടുക്കൽ ചെന്ന് ഇപ്രകാരം സമ്മതം ചോദിക്കണമെന്ന് പറഞ്ഞ് പഠിപ്പിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. ''അസ്സലാമു അലൈക്കും ഞാൻ അകത്ത് പ്രവേശിക്കാമോ'' - അബൂദാവൂദ്.

സാവധാനത്തിലും ഇണക്കത്തോടും കൂടി ആയിരിക്കണം അനുമതി ചോദിക്കേണ്ടതെന്നും സ്വന്തം വീട്ടിൽ പോലും അസമയത്തോ യാത്ര കഴിഞ്ഞ് വരുമ്പോഴോ ഒരു മുന്നറിയിപ്പും കൂടാതെ വാതിലിൽ മുട്ടുകയോ, അകത്ത് കടക്കുകയോ ചെയ്യരുത് എന്നും ഹദീസിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഈ കാര്യത്തിൽ ഇസ്ലാം എത്ര മാത്രം പ്രാധാന്യം കൽപിച്ചിട്ടുണ്ടെന്ന് മേൽ വിവരണങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

**വചനം 30,31:**

30 (നബിയേ)! സത്യവിശ്വാസികളോട്: അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, അവരുടെ ഗുഹ്യസ്ഥാനങ്ങൾ കാത്തുകൊള്ളുവാനും പറയുക. അത് അവർക്ക് വളരെ വെടിപ്പായിട്ടുള്ളതാകുന്നു. നിശ്ചയമായും, അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാണ്.

31 സത്യവിശ്വാസികളായ സ്ത്രീകളോടും: അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, അവരുടെ ഗുഹ്യസ്ഥാനങ്ങൾ കാത്തുകൊള്ളുവാനും, അവരുടെ ഭംഗി-അതിൽനിന്ന് പ്രത്യക്ഷമാകുന്നതല്ലാതെ-വെളിപ്പെടുത്താതിരിക്കുവാനും പറയുക. അവർ, തങ്ങളുടെ മക്കനകൾ (ശിരോവസ്ത്രങ്ങൾ) അവരുടെ മാർവിടങ്ങളിൽകൂടി ആക്കിക്കൊള്ളുകയും ചെയ്യട്ടെ. അവർ തങ്ങളുടെ ഭംഗി (താഴെ പറയുന്നവർക്കല്ലാതെ) വെളിപ്പെടുത്തുകയും ചെയ്യരുത്; അവരുടെ ഭർത്താക്കൾക്കോ പിതാക്കൾക്കോ, ഭർത്താക്കളുടെ പിതാക്കൾക്കോ, തങ്ങളുടെ പുത്രൻമാർക്കോ, ഭർത്താക്കളുടെ പുത്രൻമാർക്കോ, സഹോദരൻമാർക്കോ, സഹോദരൻമാരുടെ പുത്രൻമാർക്കോ, സഹോദരികളുടെ പുത്രൻമാർക്കോ, തങ്ങളുടെ സ്ത്രീകൾക്കോ, തങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയിട്ടുള്ളവർക്കോ, പുരുഷൻമാരിൽനിന്ന് (ലൈംഗി

قُل لِّلْمُؤْمِنِينَ يَغُضُّوا۟ مِنْ أَبْصَـٰرِهِمْ وَيَحْفَظُوا۟ فُرُوجَهُمْ ۚ ذَٰلِكَ أَزْكَىٰ لَهُمْ ۗ إِنَّ ٱللَّهَ خَبِيرٌۢ بِمَا يَصْنَعُونَ ﴿٣٠﴾

وَقُل لِّلْمُؤْمِنَـٰتِ يَغْضُضْنَ مِنْ أَبْصَـٰرِهِنَّ وَيَحْفَظْنَ فُرُوجَهُنَّ وَلَا يُبْدِينَ زِينَتَهُنَّ إِلَّا مَا ظَهَرَ مِنْهَا ۖ وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ ۖ وَلَا يُبْدِينَ زِينَتَهُنَّ إِلَّا لِبُعُولَتِهِنَّ أَوْ ءَابَآئِهِنَّ أَوْ ءَابَآءِ بُعُولَتِهِنَّ أَوْ أَبْنَآئِهِنَّ أَوْ أَبْنَآءِ بُعُولَتِهِنَّ أَوْ إِخْوَٰنِهِنَّ أَوْ بَنِىٓ إِخْوَٰنِهِنَّ أَوْ بَنِىٓ أَخَوَٰتِهِنَّ أَوْ نِسَآئِهِنَّ أَوْ مَا مَلَكَتْ أَيْمَـٰنُهُنَّ أَوِ ٱلتَّـٰبِعِينَ غَيْرِ أُو۟لِى

ٱلْإِرْبَةِ مِنَ ٱلرِّجَالِ أَوِ ٱلطِّفْلِ ٱلَّذِينَ لَمْ يَظْهَرُوا۟ عَلَىٰ عَوْرَٰتِ ٱلنِّسَآءِ ۖ وَلَا يَضْرِبْنَ بِأَرْجُلِهِنَّ لِيُعْلَمَ مَا يُخْفِينَ مِن زِينَتِهِنَّ ۚ وَتُوبُوٓا۟ إِلَى ٱللَّهِ جَمِيعًا أَيُّهَ ٱلْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ ﴿٣١﴾

ക) മോഹമില്ലാത്ത അനുചരൻമാർക്കോ, സ്ത്രീ രഹസ്യങ്ങളെപ്പറ്റി മനസ്സിലായിട്ടില്ലാത്ത കുട്ടികൾക്കോ അല്ലാതെ. തങ്ങളുടെ അലങ്കാരത്തിൽ നിന്ന് മറച്ചുവെക്കുന്നത് അറിയപ്പെടുവാൻ വേണ്ടി അവർ തങ്ങളുടെ കാലുകൾ കൊട്ടുകയും ചെയ്യരുത്. നിങ്ങളെല്ലാവരും- ഹേ, സത്യവിശ്വാസികളേ- അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിക്കുവിൻ! നിങ്ങൾക്ക് വിജയം ലഭിച്ചേക്കാം.

അനാവശ്യത്തിലേക്കും അനുവദനീയമല്ലാത്തതിലേക്കും നോക്കാതിരിക്കുക, പ്രഥമനോട്ടത്തിൽ തനിക്ക് കാണുവാൻ പാടില്ലാത്ത ആളോ വസ്തുവോ ആണെന്ന് മനസ്സിലാക്കികഴിഞ്ഞാൽ പിന്നീട് തുടർന്ന് നോക്കാതിരിക്കുക എന്നൊക്കെയാണ് 'ദൃഷ്ടികൾ താഴ്ത്തുക ' എന്ന് സത്യ വിശ്വാസികളോടും സത്യവിശ്വാസിനികളോടും പ്രത്യേകം പ്രത്യേകം പറഞ്ഞത് കൊണ്ടുദ്ധേശ്യം.

അലി(റ) യോട് നബി(സ) ഇപ്രകാരം പറയുകയുണ്ടായി : "അലീ, നോക്കിയതിനെ തുടർന്ന് നീ പിന്നെയും നോക്കരുത്. കാരണം, ആദ്യത്തെ നോട്ടം നിനക്ക് അനുവദനീയമാണ്, പിന്നത്തേത് നിനക്ക് പാടില്ല." അബൂദാവൂദ്

നോട്ടത്തെ നിയന്ത്രിക്കുവാൻ പറയുന്നതോടൊപ്പം തന്നെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുവാനും കൽപിച്ചിട്ടുള്ളത് നോട്ടത്തിൽ നിന്നാണ് വ്യഭിചാരത്തിനുള്ള പ്രചോദനമുണ്ടായിത്തീരുന്നതെന്നതിനാലാകുന്നു. വ്യഭിചാരത്തിലേക്ക് വഴി വെക്കുന്ന ഏത് കാര്യവും കാത്ത് കൊള്ളേണ്ടതാകുന്നു. നബി(സ) ഇപ്രകാരം അരുളിയതായി അബൂഹുറൈറ(റ) ഉദ്ധരിക്കുന്നു.

" കണ്ണുകളുടെ വ്യഭിചാരം നോട്ടവും കാതുകളുടേത് ചെവികൊടുക്കലും നാവിന്റെ വ്യഭിചാരം സംസാരവുമാകുന്നു. കയ്യിന്റെ വ്യഭിചാരം പിടിക്കലും കാലിന്റെ വ്യഭിചാരം കാലടി വെക്കലുമാകുന്നു. ഹൃദയം മോഹിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. ഗുഹ്യസ്ഥാനം അതിനെ യഥാർത്ഥമാക്കിത്തീർക്കുകയോ അല്ലെങ്കിൽ കളവാക്കുകയോ ചെയ്യുന്നു."

ലൈംഗിക അപരാധങ്ങളുടെ നിയന്ത്രണാർത്ഥം നിയമമാക്കപ്പെട്ട നോട്ടം മുതലായ കാര്യങ്ങൾ വിരോധിക്കപ്പെട്ടത് പുരുഷൻമാർക്കെന്ന പോലെ സ്ത്രീകളെ സംബന്ധിച്ചും ബാധകമാകുന്നു. ഒരിക്കൽ അന്ധനായ സഹാബി ഉമ്മി മക്തൂം(റ) കടന്ന് വന്നപ്പോൾ റസൂൽ തിരുമേനി പത്നിമാരായ ഉമ്മു സൽമ(റ)യോടും മൈമൂനാ(റ)യോടും മാറി നിൽക്കാൻ കൽപിക്കുകയുണ്ടായി. അന്ധനായ അദ്ദേഹം ഞങ്ങളെ കാണുകയില്ലല്ലോ എന്നവർ പറഞ്ഞപ്പോൾ തിരുമേനി ഇപ്രകാരമാണ് അവരോട് പ്രതിവചിച്ചത്. "നിങ്ങൾ രണ്ട് പേരും അന്ധകളാണോ, നിങ്ങൾ അദ്ദേഹത്തെ കാണുകയില്ലേ."

"അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമാകുന്നതല്ലാതെ വെളിപ്പെടുത്തരുത് " എന്ന് തുടർന്ന് സ്ത്രീകളോട് അല്ലാഹു കൽപിക്കുന്നു. ഭംഗി എന്നത്കൊണ്ട് ശാരീരികമായ ഭംഗി മാത്രമല്ല, ആഭരണം, സുറുമ, ചായങ്ങൾ, വസ്ത്രാലങ്കാരങ്ങൾ എന്നിവ കൊണ്ടുളവാകുന്ന ഭംഗിയും ഉൾപ്പെടുന്നു. അവരുടെ "ഭംഗിയിൽ പ്രത്യക്ഷമാകുന്ന ഭാഗം " എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് മുൻകൈകളും മുഖവും ആണെന്നാണ് മിക്ക പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നത്. സ്ത്രീക്ക് പ്രായപൂർത്തി ആയികഴിഞ്ഞാൽ പിന്നെ അവളുടെ മുൻകൈകളും മുഖവുമല്ലാത്ത ഭാഗങ്ങൾ വെളിപ്പെടുത്തരുതെന്ന നബി വചനം അബൂദാവൂദ് (റ) നിവേദനം ചെയ്തിട്ടുള്ളത് പ്രത്യേകം പ്രസ്താവ്യമാകുന്നു. സ്ത്രീകളുടെ മാർവിടവും, കഴുത്തും, തോൾ, മുടി എന്നിവയും കാണപ്പെടാതിരിക്കാനായി മാർവിടത്തിൽ കൂടി ശിരോവസ്ത്രം(മക്കന) തൂക്കിയിടണം എന്ന് ആയത്ത് വ്യക്തമായി പറയുന്നു.

കാലിൽ ധരിക്കുന്ന തള മുതലായ ആഭരണങ്ങളുടെ കിലുക്കം കേൾപ്പിക്കുവാൻ വേണ്ടി കാൽ കൊട്ടുക, അരഞ്ഞാൺ, വള കണ്ഠാഭരണങ്ങൾ മുതലായവ അന്യ പുരുഷന്മാർക്കിടയിൽ വെളിപ്പെടുത്തുക, ശരീരാകൃതിയെ ചിത്രീകിരിച്ച് കാണിച്ച് കൊണ്ട് സൗന്ദര്യത്തെ പ്രകടമാക്കുന്ന വസ്ത്രങ്ങൾ ധരിക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം തന്നെ നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എല്ലാ നമസ്കാര വേളകളിലും നിങ്ങൾ നിങ്ങളുടെ 'സീനത്ത്' എടുത്ത് കൊള്ളണം എന്നാണ് അല്ലാഹു ഒരിടത്ത് സ്ത്രീകളോട് പറഞ്ഞിരിക്കുന്നത്. മേൽ പറഞ്ഞ നിബന്ധനകളെല്ലാം തന്നെ വൃദ്ധസ്ത്രീകളടക്കം പ്രായപൂർത്തിയായ എല്ലാ സ്ത്രീകൾക്കും ബാധകമാകുന്നു. സ്ത്രീകൾ അന്യർക്കിടയിൽ പ്രവേശിക്കുമ്പോൾ ജിൽബാബ് (ശരീരം പൊതുവിൽ മറക്കുന്ന വലിയ വസ്ത്രം) ധരിക്കണമെന്ന് സൂ: അഹ്സാബ് 59-ാം വചനത്തിൽ അല്ലാഹു നിർദ്ദേശിക്കുന്നു.

സ്ത്രീകളുടെ ഭംഗി കാണിക്കപ്പെടുന്നതിന് വിരോധമില്ലാത്തവരുടെ കൂട്ടത്തിൽ ഒന്നാമത്തേത് ഭർത്താക്കൾ തന്നെ. സ്ത്രീകളുടെ എല്ലാതരം ഭംഗിയും ഭർത്താക്കൾക്ക് കാണുവാൻ വേണ്ടിയുള്ളതാണ്. പിതാക്കൾ തുടങ്ങി സഹോദരീ പുത്രന്മാർ വരേക്കും ആയത്തിൽ പ്രസ്താവിക്കപ്പെട്ടവരെല്ലാം محارم (വിവാഹ ബന്ധം പാടില്ലാത്ത ബന്ധുകുടുംബങ്ങൾ) എന്ന വിഭാഗത്തിൽ അറിയപ്പെടുന്നവരാകുന്നു. എന്നാൽ ഇവരാകട്ടെ മുട്ടുകാൽ മുതൽ പൊക്കിൾ ഉൾപ്പെടെയുള്ള ഭാഗങ്ങൾ മറക്കേണ്ടതായിട്ടുണ്ട്. സ്വഭാവദൂഷ്യം കൊണ്ടോ മറ്റോ ഇവരിൽ ഏതെങ്കിലും ആളുകളെ കുറിച്ച് വല്ല ആശങ്കയും ഉണ്ടെങ്കിൽ സ്ത്രീകൾ ഇവരിൽ നിന്നും അകന്ന് നിൽക്കേണ്ടതാണ്. പിതൃവ്യനും (എളാപ്പ, മൂത്താപ്പ) അമ്മാവനും, ആയത്തിൽ പരാമർശിക്കപ്പെട്ടിട്ടില്ലെങ്കിലും അവർക്ക് മുമ്പിൽ പർദ്ദ ധരിക്കേണ്ടതില്ലെന്ന് ഹദീസുകളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

ഒഴിവാക്കപ്പെട്ടവരിൽ 'തങ്ങളുടെ സ്ത്രീകൾ' എന്ന് പറഞ്ഞത് സത്യവിശ്വാസിനികളായ സ്ത്രീകളെ കുറിച്ചാണെന്ന് ചില പണ്ഡിതന്മാരും അതല്ല, മുസ്ലീംകളും അല്ലാത്തവരുമായ എല്ലാ സ്ത്രീകളെ കുറിച്ചാണെന്ന് മറ്റൊരു വിഭാഗം പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നു. الله اعلم കൂടുതൽ സൂക്ഷ്മത ഒന്നാമത്തെ അഭിപ്രായം പാലിക്കുന്നതിലാകുന്നു. ഉമർ(റ) അബു ഉബൈദ(റ) ക്ക് എഴുതിയ ഒരെഴുത്തിൽ 'വിശ്വാസിനിയായ ഒരു സ്ത്രീ അവളുടെ ഔറത്ത് (മറക്കേണ്ടുന്ന സ്ഥാനം) അവളുടെ മതക്കാർക്കല്ലാതെ കാണുവാൻ അനുവദിച്ച് കൂടാത്തതാണ് ' എന്ന് എഴുതിയതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. മുജാഹിദ്(റ)മുതലായവരിൽ നിന്നും ഇപ്രകാരമുള്ള രിവായത്തുകൾ വേറെയും രേഖപ്പെടുത്തിയതായി കാണാം.

'വലങ്കൈകൾ ഉടമപ്പെടുത്തിയവർ ' എന്ന് പറഞ്ഞത് അടിമകളെ പറ്റി ആകുന്നു (സൂ: മുഅ്മിനൂൻ 6-ാം വചനം നോക്കുക). 'ലൈംഗിക മോഹമില്ലാത്ത അനുചരന്മാർ ' എന്ന് വിഷേശിപ്പിച്ചത് ശാരീരികമോ മാനസികമോ ആയ കാരണങ്ങളിൽ വികാര വിചാരങ്ങളില്ലാത്തവരും ഏതെങ്കിലും ഭക്ഷണ സാധനമോ മറ്റോ കിട്ടിയത് കൊണ്ട് തൃപ്തിയടയുകയും ചെയ്യുന്ന ഭൃത്യന്മാർ മുതലായവരെ കുറിച്ചുമാകുന്നു. ലൈംഗിക കാര്യങ്ങളെ കുറിച്ച് ബോധവും താല്പര്യവും എത്തികഴിഞ്ഞിട്ടില്ലാത്ത കുട്ടികളാകുന്നു അവസാനമായി ഒഴിവാക്കപ്പെട്ടിട്ടുള്ള വിഭാഗം. ഇവരെല്ലാം ഒഴിവാക്കപ്പെട്ടതിൽ അന്തർഭവിച്ച തത്വം സ്പഷ്ടമാണല്ലോ.

ചാരിത്ര്യ ശുദ്ധിക്ക് ഭംഗം വരുത്തുന്ന തെറ്റുകൾ അറിഞ്ഞോ അറിയാതെയോ സംഭവിച്ച് പോയാൽ അവയിൽ നിന്നെല്ലാം ഖേദിച്ച് മടങ്ങുവാനും പാപമോചനം തേടുവാനും, അല്ലാഹു സത്യവിശ്വാസികളോട് ഒന്നടങ്കം നിർദ്ദേശിക്കുന്നു.

ചാരിത്ര്യ സംരക്ഷണത്തിനും സമുദായത്തിന്റെ നിലനിൽപ്പിനും ഏകമാർഗ്ഗമായ വിവാഹത്തെകുറിച്ച് അല്ലാഹു തുടർന്നുള്ള വചനങ്ങളിൽ വിശദീകരിക്കുന്നു.

**വചനം 32**

وَأَنكِحُوا۟ ٱلْأَيَـٰمَىٰ مِنكُمْ وَٱلصَّـٰلِحِينَ مِنْ عِبَادِكُمْ وَإِمَآئِكُمْ ۚ إِن يَكُونُوا۟ فُقَرَآءَ يُغْنِهِمُ ٱللَّهُ مِن فَضْلِهِۦ ۗ وَٱللَّهُ وَٰسِعٌ عَلِيمٌ ﴿٣٢﴾

32 നിങ്ങളിൽനിന്നുള്ള അവിവാഹിതർക്കും, നിങ്ങളുടെ അടിമകളിൽനിന്നും അടിമ സ്ത്രീകളിൽനിന്നുമുള്ള നല്ല ആളുകൾക്കും നിങ്ങൾ വിവാഹം ചെയ്തുകൊടുക്കുവിൻ. അവർ ദരിദ്രൻമാരായിരിക്കുന്ന പക്ഷം, അല്ലാഹു അവൻെറ അനുഗ്രഹത്താൽ അവർക്ക് ധന്യത നൽകുന്നതാകുന്നു. അല്ലാഹു, വിശാലനും സർവജ്ഞനുമാകുന്നു.

'അവിവാഹിതർ' എന്ന് പറഞ്ഞതിൽ വിവാഹം നിലവിലില്ലാത്ത സ്വതന്ത്രരായ എല്ലാ സ്ത്രീ പുരുഷന്മാരും - മുമ്പ് വിവാഹം കഴിഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ശരി - ഉൾപ്പെടുന്നു. അടിമകളിൽ നിന്നും അടിമ സ്ത്രീകളിൽ നിന്നും 'നല്ല ആളുകൾ' എന്നത് കൊണ്ടുദ്ദേശ്യം വിവാഹം കഴിച്ച് കൊടുക്കപ്പെടാൻ അർഹരായവർ, മതപരമായും സ്വാഭാവപരമായും വേണ്ടുന്ന നന്മയുള്ളവർ എന്നൊക്കെ അർത്ഥം കൽപ്പിക്കപ്പെട്ടിരിക്കുന്നു.

മേൽ പറഞ്ഞ, വിവാഹത്തിന് അർഹരായവർക്കെല്ലാം നിങ്ങൾ വിവാഹം ചെയ്തു കൊടുക്കുവിൻ എന്ന് അല്ലാഹു കൽപിക്കുന്നു. മുസ്ലീംകളായ രക്ഷിതാക്കൾ, കുടുംബത്തലവന്മാർ, നാട്ട് മൂപ്പൻമാർ, ഭരണ കർത്താക്കൾ എന്നിവർക്കെല്ലാം ഇക്കാര്യത്തിൽ ബാധ്യതയും കടപ്പാടും ഉണ്ട്.

''അവർ ദരിദ്രവാന്മാരായിരിക്കുന്ന പക്ഷം അല്ലാഹു തന്റെ അനുഗ്രഹത്താൽ അവർക്ക് ധന്യത നൽകും'' എന്ന വചനത്തിൽ നിന്നും വിവാഹം ചെയ്വാനും ചെയ്യിക്കുവാനും ദാരിദ്ര്യം ഒരു പ്രതിബന്ധമായി കരുതേണ്ടതില്ല എന്ന് മനസ്സിലാക്കേണ്ടതാണ്. വാസ്തവത്തിൽ, വിവാഹം കഴിക്കാതിരുന്നാൽ അത് കൊണ്ടുണ്ടാകാവുന്ന

ധാർമ്മിക അരാജകത്വങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ, വിവാഹം കഴിച്ചിട്ട് ദാരിദ്ര്യം മൂലം ഉളവായേക്കാവുന്ന വിഷമങ്ങൾ കേവലം നിസ്സാരങ്ങളാണെന്ന് കാണാം. ലൈംഗികമായ അരാജകത്വത്തേക്കാൾ പട്ടിണിയുടെ കാഠിന്യത്തെ മുസ്ലീംകൾ ഒരിക്കലും ഭയപ്പെടേണ്ടതില്ല.

ഒരു ഇരുമ്പു മോതിരം പോലും മഹർ ആയി കൊടുക്കാൻ കഴിയാതിരുന്ന ഒരു ദരിദ്രന് അയാൾക്ക് മനപാഠമുണ്ടായിരുന്ന ചില ഖുർആൻ വാക്യങ്ങൾ പഠിപ്പിച്ച് കൊടുത്താൽ മതിയെന്ന നിശ്ചയിത്തിന്മേലാണ് നബി(സ) ഒരു സ്ത്രീയെ വിവാഹം കഴിപ്പിച്ച് കൊടുത്തത്. ആ ദരിദ്രരായ ദമ്പതികൾ പട്ടിണി മൂലം ദുരിതങ്ങൾ അനുഭവിച്ചതായി അറിയപ്പെട്ടിട്ടില്ല.

നബി(സ) ഇപ്രകാരം അരുളിയിരിക്കുന്നു. “ മൂന്ന് കൂട്ടരെ സഹായിക്കുന്നത് അല്ലാഹുവിന്റെ മേൽ ബാധ്യതയുള്ളതാണ്. ചാരിത്ര്യശുദ്ധിയെ ഉദ്ദേശിച്ച് വിവാഹം കഴിക്കുന്നവനും, മോചന മൂല്യംകൊടുത്ത് തീർക്കാൻ ഉദ്ദേശിച്ച് കൊണ്ട് സ്വാതന്ത്ര്യക്കച്ചീട്ടെഴുതുന്ന അടിമയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പടയെടുക്കുന്നവനും.”

ദാരിദ്ര്യമുണ്ടായിട്ടും ചാരിത്ര്യ ശുദ്ധി ഉദ്ദേശിച്ച് വിവാഹം കഴിക്കുന്നവന് ഏതെങ്കിലും വിധേന അത്യാവശ്യം കഴിച്ച് കൂട്ടുവാനുള്ള ഒരു മാർഗ്ഗം അല്ലാഹു അവന് തുറന്ന് കൊടുക്കും. “ധനം എന്നത് വിഭവങ്ങളുടെ ആധിക്യം കൊണ്ടുള്ളതല്ല. പക്ഷെ, മനസ്സിന്റെ ധന്യതയാണ് ധനം” -(ബു:മു) എന്ന നബി വചനം ഇത്തരുണത്തിൽ ശ്രദ്ധേയമാകുന്നു.

**വചനം 33,34**

وَلۡيَسۡتَعۡفِفِ ٱلَّذِينَ لَا يَجِدُونَ نِكَاحًا حَتَّىٰ يُغۡنِيَهُمُ ٱللَّهُ مِن فَضۡلِهِۦۗ وَٱلَّذِينَ يَبۡتَغُونَ ٱلۡكِتَٰبَ مِمَّا مَلَكَتۡ أَيۡمَٰنُكُمۡ فَكَاتِبُوهُمۡ إِنۡ عَلِمۡتُمۡ فِيهِمۡ خَيۡرٗاۖ وَءَاتُوهُم مِّن مَّالِ ٱللَّهِ ٱلَّذِيٓ ءَاتَىٰكُمۡۚ وَلَا تُكۡرِهُواْ فَتَيَٰتِكُمۡ عَلَى ٱلۡبِغَآءِ إِنۡ أَرَدۡنَ تَحَصُّنٗا لِّتَبۡتَغُواْ عَرَضَ ٱلۡحَيَوٰةِ ٱلدُّنۡيَاۚ وَمَن يُكۡرِههُّنَّ فَإِنَّ ٱللَّهَ مِنۢ بَعۡدِ إِكۡرَٰهِهِنَّ غَفُورٞ رَّحِيمٞ ٣٣

33 വിവാഹം (ചെയ്യുവാനുള്ള സൗകര്യം) ലഭിക്കാത്തവർ-അല്ലാഹു അവൻെറ അനുഗ്രഹത്താൽ അവർക്ക് ധന്യത നൽകുന്നതുവരെ-ചാരിത്ര്യം സംരക്ഷിക്കുവാൻ ശ്രമിച്ചു കൊള്ളട്ടെ! നിങ്ങളുടെ വലങ്കൈകൾ ഉടമയാക്കിയവരിൽ (സ്വാതന്ത്ര്യക്കച്ചീട്ട്) എഴുതിക്കൊടുപ്പാനാവശ്യപ്പെടുന്നവർ-അവരിൽ നൻമയുള്ളതായി നിങ്ങൾക്ക് അറിയാമെങ്കിൽ-നിങ്ങളവർക്ക് എഴുതിക്കൊടുത്തുകൊള്ളുവിൻ. നിങ്ങൾക്ക് അല്ലാഹു തന്നിട്ടുള്ളതായ അവൻെറ സ്വത്തിൽനിന്നും നിങ്ങൾ അവർക്ക് കൊടു (ത്തു സഹായി) ക്കുകയും ചെയ്യുവിൻ. നിങ്ങളുടെ (അടിമകളായ) യുവതികളെ-അവർ ചാരിത്രശുദ്ധിയെ ഉദ്ദേശിക്കുന്നപക്ഷം-നിങ്ങൾക്ക് ഐഹിക ജീവിത വിഭവം ലഭിക്കുവാനായി തോന്നിയവാസവൃത്തിക്ക് നിർബ്ബന്ധിക്കരുത്. ആരെങ്കിലും, അവരെ (അതിന്) നിർബ്ബന്ധിച്ചു ചെയ്യിക്കുന്നതായാൽ, അവരെ നിർബ്ബന്ധിച്ചതിനുശേഷം അല്ലാഹു നിശ്ചയമായും (ആ നിർബ്ബന്ധിക്കപ്പെട്ട സ്ത്രീകൾക്ക്) പൊറുത്തുകൊടുക്കുന്നവനും, കരുണചെയ്യുന്നവനുമാകുന്നു.

وَلَقَدۡ أَنزَلۡنَآ إِلَيۡكُمۡ ءَايَٰتٖ مُّبَيِّنَٰتٖ وَمَثَلٗا مِّنَ ٱلَّذِينَ خَلَوۡاْ مِن قَبۡلِكُمۡ وَمَوۡعِظَةٗ لِّلۡمُتَّقِينَ ٣٤

34 തീർച്ചയായും, (നിങ്ങൾക്കാവശ്യമായത്) വ്യക്തമാക്കിത്തരുന്ന പല ലക്ഷ്യങ്ങളും. നിങ്ങളുടെ മുമ്പ് കഴിഞ്ഞുപോയവരിൽ നിന്നുള്ള ഉദാഹരണ (പാഠ) വും, ഭയഭക്തരായ ആളുകൾക്ക് (വേണ്ടുന്ന) ഉപദേശവും നാം നിങ്ങൾക്ക് ഇറക്കിത്തന്നിട്ടുണ്ട്.

ആദ്യത്തെ ആയത്തിൽ പ്രധാനമായും അഞ്ച് കാര്യങ്ങൾ അടങ്ങിയിരിക്കുന്നു.

1) വിവാഹം കഴിക്കുവാൻ സൗകര്യം ലഭിക്കാത്തവർ (മഹർ കൊടുക്കാൻ കഴിയാത്തത് കൊണ്ടോ മറ്റ് കാരണങ്ങളാലോ) അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിന് സാധ്യത ഉണ്ടാകുന്നത് വരെ ക്ഷമ കൈകൊണ്ട് തങ്ങളുടെ ചാരിത്ര്യ ശുദ്ധിക്ക് കളങ്കം വരുത്താതെ സൂക്ഷിക്കേണ്ടതാകുന്നു. അങ്ങനെ ചെയ്യുന്ന വർക്ക് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് അവർക്കത് വഴിയെ സാധ്യമായേക്കുമെന്ന വാഗ്ദാനവും കൂടി ആയത്തിൽ അടങ്ങിയിരിക്കുന്നു. സ്വതന്ത്രകളായ സ്ത്രീകളെ വിവാഹം ചെയ്യാൻ കഴിവില്ലാത്തവർ അടിമ സ്ത്രീകളെ വിവാഹം ചെയ്തു കൊള്ളുവാൻ സൂ: നിസാഅ് 25-ാം വചനത്തിൽ അല്ലാഹു നിർദ്ദേശിച്ചിട്ടുണ്ട്. അതും സാധിക്കാതെ വരുന്നവർ നോമ്പ് അനുഷ്ഠിച്ച് കൊള്ളട്ടെ എന്ന് നബി(സ) ഉപദേശിക്കുന്നു.

2) സ്വതന്ത്രരാകാൻ ആഗ്രഹിക്കുന്ന അടിമകൾ നിശ്ചിത കാലത്തിൽ നിശ്ചിത സംഖ്യ മോചന മൂല്യ മായി നൽകാമെന്ന് സമ്മതിച്ചാൽ നിങ്ങളും അടിമയും തമ്മിൽ കരാർ (സ്വാതന്ത്ര്യക്കച്ചീട്ട്) ചെയ്ത് അത് ചെയ്ത് കൊടുക്കണമെന്ന് ഈ ആയത്ത് അനുശാസിക്കുന്നു. 'അവരിൽ നന്മയുള്ളതായി നിങ്ങൾക്കറിയാമെ ങ്കിൽ ' എന്ന നിബന്ധന അടിമയുടെ കരാർ പാലിക്കുന്നതിനുള്ള സന്നദ്ധതയും സൗകര്യവും അവന്റെ പൊതുനന്മയയും കൂടി പരിഗണിച്ച് കൊണ്ടുള്ളതാകുന്നു.

3) അങ്ങനെയുള്ള അടിമകൾക്ക് അവരുടെ കരാർ പാലിക്കുന്നതിനാവശ്യമായ ധനസഹായം ചെയ്ത് കൊടുക്കണമെന്ന് യജമാനന്മാരടക്കം എല്ലാവരോടും അവരുടെയൊക്കെ സ്വത്തിന്റെ സാക്ഷാൽ ഉടമസ്ഥനായ അല്ലാഹു കൽപിക്കുന്നു.

4) തുഛമായ ഭൗതിക വരുമാനം മോഹിച്ച് കൊണ്ട് ചാരിത്ര്യശുദ്ധി സൂക്ഷിക്കുന്ന അടിമ സ്ത്രീക ളെ വ്യഭിചാരം പോലെയുള്ള നീച വൃത്തികൾ ചെയ്യാൻ അവരുടെ യജമാനന്മാർ ഒരിക്കലും നിർബന്ധിക്കരുത്. വ്യഭിചാരാദി ദുർവൃത്തികളെ കഴിയുന്നത്ര തടയുന്നത് ഓരോ മുസ്ലീമിന്റെയും കടമയാകുന്നു. കപട വിശ്വാസി കളുടെ തലവനായിരുന്ന അബ്ദുല്ലാഹിബ്നു ഉബയ്യ് തന്റെ രണ്ട് അടിമ സ്ത്രീകളെ അതിന് നിർബന്ധിക്കു കയും, അവർ നബി(സ)യോട് സങ്കടം ബോധിപ്പിക്കുകയും അതിനെ തുടർന്ന് ഈ വചനം അവതരിക്കുകയും ചെയ്തു എന്ന് മുസ്ലീം(റ) അബൂദാവൂദ്(റ) മുതലായവർ രേഖപ്പെടുത്തിയിരിക്കുന്നു.

5) നിഷ്ഠൂര ബുദ്ധികളായ യജമാനന്മാരുടെ നിർബന്ധം മൂലം നിസ്സഹായരായ ആ സ്ത്രീകൾ വല്ല നീചവൃത്തിക്കും നിർബന്ധിതരായിത്തീരുന്ന പക്ഷം കരുണാനിധിയായ അല്ലാഹു അവർക്ക് പൊറുത്ത് കൊടു ക്കുന്നതാകുന്നു. നിർബന്ധിതാവസ്ഥയിൽ ചെയ്യപ്പെടുന്ന തെറ്റ് കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടുകയില്ല എന്നത് അല്ലാഹു നമുക്ക് നൽകിയിട്ടുള്ള ഒരു അനുഗ്രഹമത്രേ.

ഇങ്ങനെ നമ്മുടെ നന്മക്കും വിജയത്തിനും ആവശ്യമായ എല്ലാ നിയമ നിർദ്ദേശങ്ങളും ലക്ഷ്യദൃഷ്ടാ ന്തങ്ങളും സദുപദേശങ്ങളും മഹത്തായ ഖുർആൻ മുഖേന അല്ലാഹു വിവരിച്ച് തന്നിരിക്കുന്നു എന്ന കാര്യം 34-ാം വചനത്തിലൂടെ നമ്മെ അല്ലാഹു ഓർമ്മപ്പെടുത്തുന്നു.

## വിഭാഗം 5

**വചനം 35,36,37,38**

35 അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാകുന്നു. അവൻെറ പ്രകാശത്തിൻെറ ഉപമ(വിളക്ക് വെക്കുവാനുള്ള) ഒരു മാടം പോലെയാകുന്നു; അതിൽ ഒരു വിളക്കുണ്ട്; വിളക്കാകട്ടെ, ഒരു സ്ഫടികത്തിലാകുന്നു; സ്ഫടികമാകട്ടെ, അതൊരു രത്നമയമാ യ(പ്രശോഭിത) നക്ഷത്രംപോലെയിരിക്കുന്നു! അനുഗ്രഹീതമായ ഒരു വൃക്ഷത്തിൽനിന്ന് -പൗരസ്ത്യവുമല്ല, പാശ്ചാത്യവുമല്ലാത്ത ഒലീവുവൃക്ഷത്തിൽനിന്നു (ള്ള എണ്ണയാൽ) -അത് കത്തിക്കപ്പെടുന്നു; അതിൻെറ (വൃക്ഷ ത്തിൻെറ) എണ്ണ-അതിനെ തീ സ്പർശിച്ചിട്ടി ല്ലെങ്കിൽപോലും-(സ്വയം) വെളിച്ചം നൽകു മാറാകുന്നതാണ്!- (അങ്ങിനെ) പ്രകാശത്തി

۞ ٱللَّهُ نُورُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِۚ مَثَلُ
نُورِهِۦ كَمِشۡكَوٰةٖ فِيهَا مِصۡبَاحٌۖ
ٱلۡمِصۡبَاحُ فِي زُجَاجَةٍۖ ٱلزُّجَاجَةُ كَأَنَّهَا
كَوۡكَبٞ دُرِّيّٞ يُوقَدُ مِن شَجَرَةٖ
مُّبَٰرَكَةٖ زَيۡتُونَةٖ لَّا شَرۡقِيَّةٖ وَلَا غَرۡبِيَّةٖ
يَكَادُ زَيۡتُهَا يُضِيٓءُ وَلَوۡ لَمۡ تَمۡسَسۡهُ نَارٞۚ
نُّورٌ عَلَىٰ نُورٖۗ يَهۡدِي ٱللَّهُ لِنُورِهِۦ مَن

يَشَآءُ ۚ وَيَضْرِبُ ٱللَّهُ ٱلْأَمْثَٰلَ لِلنَّاسِ ۗ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌ ﴿٣٥﴾

നുമേൽ പ്രകാശം! അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവരെ അവൻെറ പ്രകാശത്തിലേക്ക് മാർഗ്ഗദർശനം ചെയ്യുന്നു. അല്ലാഹു ജനങ്ങൾക്ക് ഉപമകളെ വിവരിച്ചുകൊടുക്കുകയും ചെയ്യുന്നു. അല്ലാഹു എല്ലാ കാര്യങ്ങളെക്കുറിച്ചും അറിയുന്നവനുമാണ്

فِى بُيُوتٍ أَذِنَ ٱللَّهُ أَن تُرْفَعَ وَيُذْكَرَ فِيهَا ٱسْمُهُۥ يُسَبِّحُ لَهُۥ فِيهَا بِٱلْغُدُوِّ وَٱلْءَاصَالِ ﴿٣٦﴾

36 ചില വീടുകളിലാകുന്നു (അത്): അവ ഉയർത്തപ്പെടുവാനും, അവയിൽവെച്ച് തൻെറ നാമം സ്മരിക്കപ്പെടുവാനും അല്ലാഹു ഉത്തരവ് നൽകിയിരിക്കുന്നു (-അങ്ങിനെയുള്ള വീടുകളിലാണ് ആ വിളക്കുള്ളത്) അവയിൽ വെച്ച് രാവിലെയും, സന്ധ്യാസമയങ്ങളിലും അവന് മഹത്വപ്രകീർത്തനം(തസ്ബീഹ്) ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു;-

رِجَالٌ لَّا تُلْهِيهِمْ تِجَٰرَةٌ وَلَا بَيْعٌ عَن ذِكْرِ ٱللَّهِ وَإِقَامِ ٱلصَّلَوٰةِ وَإِيتَآءِ ٱلزَّكَوٰةِ ۙ يَخَافُونَ يَوْمًا تَتَقَلَّبُ فِيهِ ٱلْقُلُوبُ وَٱلْأَبْصَٰرُ ﴿٣٧﴾

37 ചില ആളുകൾ: അല്ലാഹുവിൻെറ സ്മരണ, നമസ്കാരം നിലനിറുത്തൽ, സക്കാത്ത് കൊടുക്കൽ എന്നിവയിൽ നിന്ന് കച്ചവടമാകട്ടെ, വ്യാപാരമാകട്ടെ, അവരെ മിനക്കെടുത്തുകയില്ല! (അങ്ങിനെയുള്ളവരാണ് തസ്ബീഹ് നടത്തുന്നത്;)- ഹൃദയങ്ങളും, ദൃഷ്ടികളും അവതാളത്തിലായിപ്പോകുന്ന ഒരു ദിവസത്തെ (ഖിയാമത്തുനാളിനെ)അവർ ഭയപ്പെട്ടുകൊണ്ടിരിക്കുന്നു-;

لِيَجْزِيَهُمُ ٱللَّهُ أَحْسَنَ مَا عَمِلُوا۟ وَيَزِيدَهُم مِّن فَضْلِهِۦ ۗ وَٱللَّهُ يَرْزُقُ مَن يَشَآءُ بِغَيْرِ حِسَابٍ ﴿٣٨﴾

38 അവർ പ്രവർത്തിക്കുന്നതിൽ നല്ലതിന് അല്ലാഹു അവർക്ക് പ്രതിഫലം നൽകുവാനും, അവൻെറ അനുഗ്രഹത്തിൽനിന്ന് അവർക്ക് വർദ്ധിപ്പിച്ചുകൊടുക്കുവാനും വേണ്ടിയത്രെ (അവരത് ചെയ്യുന്നത്). അല്ലാഹുവാകട്ടെ, അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ കണക്കില്ലാതെ കൊടുത്തരുളുന്നതാകുന്നു.

അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാകുന്നു. അളന്നോ മറ്റോ കണക്കാക്കാവതല്ല അവന്റെ പ്രകാശം. അതിന്റെ പ്രഭയും പ്രഭാവവും ഭാവനക്കതീതമാകുന്നു. ശരീരത്തിനും മനസ്സിനും ആത്മാവിനും കണ്ണിനും വെളിച്ചം നൽകുന്നതും ആ പ്രകാശമത്രേ. സൂര്യനും സൂര്യനെ വെല്ലുന്ന കോടാനുകോടി നക്ഷത്രലോകങ്ങൾക്കും വെളിച്ചം നൽകുന്നതും ആ പ്രകാശത്തിനാലാകുന്നു. അഖിലാണ്ഡവും അഖില വസ്തുക്കളും ആ പ്രകാശത്താൽ മാത്രമാണ് പ്രകാശിതമാകുന്നതും.

ആ പ്രകാശത്തെ അല്ലാഹു വിളക്ക് വെച്ചിട്ടുള്ള ഒരു മാടത്തോട് ഉപമിക്കുന്നു. വിളക്ക് മാടത്തിലായത് കൊണ്ട് അത് കാറ്റിനാലോ മറ്റോ കെട്ട് പോകാതെ അതിന്റെ നാളം ഉദ്ദേശിച്ച സ്ഥലത്തേക്ക് പ്രകാശം പ്രദാനം ചെയ്ത് കൊണ്ടിരിക്കും. ആ മാടത്തിലെ വിളക്ക് ഒരു പ്രത്യേക തരം സ്ഫടികത്തിലാണുള്ളത്. - മിന്നിതിളങ്ങി പ്രശോഭിതമായി കൊണ്ടിരിക്കുന്ന രത്നസമാനമായ നക്ഷത്രം പോലെയിരിക്കുന്ന സ്ഫടികം. വിളക്ക് കത്തിക്കുവാൻ ഉപയോഗിക്കുന്ന എണ്ണയാകട്ടെ പരിശുദ്ധ താഴ്വരയിൽ വളരുന്നതും, സീനാ മലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നതും, പൗരസ്ത്യവും പാശ്ചാത്യവുമല്ലാത്തതുമായ അനുഗ്രഹീതമായ, ഒലീവ് വൃക്ഷത്തിൽ നിന്നുള്ളതുമാകുന്നു. സാധാരണ എണ്ണകളിൽ നിന്നും വ്യത്യസ്തമായി ഈ വിളക്കിലെ എണ്ണ തീ സ്പർശിച്ചില്ലെങ്കിൽ പോലും സ്വയം തന്നെ വെളിച്ചം നൽകുമാറാകുന്നതാണ്. കാരണം അത് സാധാരണമായ തീ വെളിച്ചമല്ല, പ്രകാശത്തിൻമേൽ പ്രകാശമാകുന്നു.

അല്ലാഹുവിന്റെ അനുഗ്രഹവും മാർഗ്ഗദർശനവും ആർക്ക് ലഭിക്കുന്നുവോ അവർക്ക് മാത്രമേ ആ മഹത്തായ പ്രകാശം ആസ്വദിക്കുവാൻ സാധിക്കുകയുള്ളൂ. അതെ, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ അവന്റെ പ്രകാശത്തിലേക്ക് മാർഗ്ഗദർശനം നൽകുന്നു. ഈ മഹാ പ്രകാശത്തെകുറിച്ചും മറ്റും മനുഷ്യർക്ക് ചിന്തിച്ച് മനസ്സിലാക്കുവാനായി സർവ്വജ്ഞനായ അല്ലാഹു ഖുർആനിൽ ധാരാളം ഉപമകളും ഉദാഹരണങ്ങളും വിവരിച്ച് കൊടുത്തിട്ടുണ്ട്.

മേൽ വിവരിച്ച ഉദാഹരണത്തിൽ വിളക്ക് മാടത്തോട് സാദൃശ്യപ്പെടുത്തപ്പെട്ടിട്ടുള്ളത് സത്യവിശ്വാസികളുടെ ഹൃദയവും വിളക്കിനോട് ഉപമിക്കപ്പെട്ടിരിക്കുന്നത് ഖുർആന്റെ മാർഗ്ഗദർശനവുമാണെന്ന് ഇബ്നു അബ്ബാസ്(റ), ഉബയ്യിബ്നു കഅ്ബു(റ) മുതലായവർ പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇമാം ഇബ്നു ജരീർ(റ) ഈ ഉപമയെ ഇപ്രകാരം വിശദീകരിച്ചിരിക്കുന്നു.

“സ്ഫടികം പോലെ തെളിഞ്ഞും കറപിടിക്കാതെയും സത്യവിശ്വാസികളുടെ നെഞ്ചിനകത്ത് നിലകൊള്ളുന്ന പ്രശോഭിതമായ ഹൃദയം സ്വയം തന്നെ നേർമാർഗ്ഗത്തിന്റെ പ്രകാശത്തിലേക്ക് നീങ്ങികൊണ്ടിരിക്കും അതോട് കൂടി വ്യക്തങ്ങളായ തെളിവുകളും ലക്ഷ്യങ്ങളുമാകുന്ന ഖുർആന്റെ സന്ദേശങ്ങൾ കൂടി ലഭിക്കുമ്പോൾ അത് കൂടുതൽ പ്രകാശമയമായിത്തീരുന്നു. അതെ, പ്രകാശത്തിന് മേൽ പ്രകാശവും സൻമാർഗ്ഗത്തിന് മേൽ സൻമാർഗ്ഗവും.”

മേൽ വിവരിച്ച വിളക്ക് സ്ഥിതി ചെയ്യുന്നതും പ്രകാശം പരത്തിക്കൊണ്ടിരിക്കുന്നതുമായ സ്ഥലം ‘അല്ലാഹുവിന്റെ വീടുകൾ’ എന്ന് ബഹുമാനിക്കപ്പെട്ട പള്ളികളാകുന്നു. അവ നിർമ്മിക്കപ്പെടുവാനും അവയിൽ വെച്ച് അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെടുവാനും അല്ലാഹു ഉത്തരവിട്ടിരിക്കുന്നു. രാവിലെയും വൈകുന്നേരവും സദാ സമയവും അവയിൽ വെച്ച് ഒരു കൂട്ടം ആളുകളാൽ അല്ലാഹുവിന് സ്തോത്ര കീർത്തനങ്ങൾ നടത്തപ്പെടുന്നുണ്ട്. തങ്ങളുടെ കച്ചവടമാകട്ടെ, വ്യാപാരങ്ങളാകട്ടെ, മറ്റു ഭൗതിക സാഹചര്യങ്ങളാകട്ടെ അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്നും നമസ്കാരം നിലനിർത്തുന്നതിൽ നിന്നും സകാത്ത് കൊടുക്കുന്നതിൽ നിന്നും അവരെ മുടക്കികളയുന്നില്ല. മനുഷ്യന്റെ സകല കർമ്മങ്ങളെ പറ്റിയും അല്ലാഹുവിന്റെ മുമ്പിൽ വിചാരണ ചെയ്യപ്പെടുന്ന, ഹൃദയങ്ങളും ദൃഷ്ടികളും പേടിച്ച് വിറച്ച് പോകുന്ന ഖിയാമത്ത് നാളെന്ന ആ ദിവസത്തെ ഭയപ്പെടുന്നത് കൊണ്ടാണ് അവർ അല്ലാഹുവിന്റെ സ്മരണയിലും നമസ്കാരാദി പുണ്യകർമ്മങ്ങളിലും വ്യാപൃതരായിരിക്കുന്നത്. അന്നത്തെ ദിവസം ശിക്ഷയിൽ നിന്നും ഒഴിവായിക്കിട്ടുവാനും തങ്ങളുടെ സദ്പ്രവർത്തനങ്ങൾക്ക് അല്ലാഹുവിൽ നിന്ന് പ്രതിഫലം ലഭിക്കുവാനും അവന്റെ അനുഗ്രഹം വർദ്ധിതതോതിൽ ലഭിക്കുവാനും അവർ പ്രതീക്ഷിക്കുന്നു. അല്ലാഹു ആകട്ടെ അവൻ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ കൊടുക്കുന്നതുമാകുന്നു.

അല്ലാഹു നമ്മെയെല്ലാം ഇത്തരം സദ്വൃത്തരായ അടിയാന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുമാറാകട്ടെ. ആമീൻ.

ഇനി അടുത്ത വചനങ്ങളിൽ അല്ലാഹുവിന്റെ മാർഗ്ഗദർശനങ്ങൾ സ്വീകരിക്കാത്ത അവിശ്വാസികളുടെ കർമ്മങ്ങളെ കുറിച്ച് അല്ലാഹു പ്രതിപാദിക്കുന്നു.

**വചനം: 39,40**

وَٱلَّذِينَ كَفَرُوٓاْ أَعْمَٰلُهُمْ كَسَرَابِۭ
بِقِيعَةٍ يَحْسَبُهُ ٱلظَّمْـَٔانُ مَآءً حَتَّىٰٓ إِذَا
جَآءَهُۥ لَمْ يَجِدْهُ شَيْـًٔا وَوَجَدَ ٱللَّهَ
عِندَهُۥ فَوَفَّىٰهُ حِسَابَهُۥ ۗ وَٱللَّهُ سَرِيعُ
ٱلْحِسَابِ ﴿٣٩﴾

39 അവിശ്വസിച്ചിട്ടുള്ളവരാകട്ടെ, അവരുടെ കർമ്മങ്ങൾ മരുഭൂമിയിലെ കാനൽ (ജലം) പോലെയാകുന്നു: ദാഹിച്ചവൻ, അത് വെള്ളമാണെന്ന് ധരിക്കുന്നു; അങ്ങനെ, അവൻ അതിന്നടുത്ത് ചെല്ലുമ്പോൾ അതിനെ യാതൊരു വസ്തുവായും കണ്ടെത്തുകയില്ല; അവൻ അതിനടുത്ത് അല്ലാഹുവിനെ കണ്ടെത്തുന്നതാണ്; അപ്പോൾ അവന്റെ വിചാരണ അവൻ (അല്ലാഹു) തികച്ചും നടത്തുന്നതാകുന്നു. അല്ലാഹു വിചാരണ വേഗം കഴിക്കുന്നവനത്രെ.

أَوْ كَظُلُمَٰتٍ فِى بَحْرٍ لُّجِّىٍّ يَغْشَىٰهُ مَوْجٌ
مِّن فَوْقِهِۦ مَوْجٌ مِّن فَوْقِهِۦ سَحَابٌ
ظُلُمَٰتٌۢ بَعْضُهَا فَوْقَ بَعْضٍ إِذَآ أَخْرَجَ

40 അല്ലെങ്കിൽ, (അവരുടെ കർമ്മങ്ങൾ) ആഴമേറിയ ഒരു സമുദ്രത്തിലെ അന്ധകാരങ്ങളെപ്പോലെയാകുന്നു: അതിനെ (ആ സമുദ്രത്തെ) തിരമാല മൂടിക്കൊണ്ടിരിക്കുന്നു; അതിനു മീതെയും തിരമാലയുണ്ട്; അതിനുമീതെ

يَدَهُۥ لَمْ يَكَدْ يَرَىٰهَا ۗ وَمَن لَّمْ يَجْعَلِ ٱللَّهُ لَهُۥ نُورًا فَمَا لَهُۥ مِن نُّورٍ ﴿٤٠﴾

കാർമേഘവും!- (അങ്ങിനെ)ഒന്നിനുമീതെ ഒന്നായിക്കൊണ്ടുള്ള(വിവിധ) അന്ധകാരങ്ങൾ! തൻെറ കൈകൾ പുറത്തുകാട്ടിയാൽ അവന് അത് കാണുമാറാകയില്ല (അത്രയും വമ്പിച്ച ഇരുട്ട്)! അല്ലാഹു ആർക്ക് പ്രകാശം ഏർപ്പെടുത്തിക്കൊടുത്തിട്ടില്ലയോ, അവന് യാതൊരു പ്രകാശവും ഇല്ലതന്നെ.

അവിശ്വാസികളുടെ കർമ്മങ്ങൾ അവരുടെ അവിശ്വാസം കാരണമായി ഫലശൂന്യമായിരിക്കുമെന്ന് രണ്ട് ഉദാഹരണങ്ങളിലൂടെ അല്ലാഹു വെളിപ്പെടുത്തുന്നു.

ഒന്നാമത്തേത് : മരുഭൂമിയിൽ ദാഹിച്ച് വലഞ്ഞ ഒരാൾ അകലെ വെയിലിൽ മിനുങ്ങിക്കാണുന്ന കാനൽ, ജലാശയമാണെന്ന് തെറ്റിദ്ധരിച്ച് അതിനടുത്തേക്ക് പ്രയാസപ്പെട്ട് ചെല്ലുമ്പോൾ അവിടെ യാതൊന്നും ഉണ്ടായിരിക്കുകയില്ല. അത് പോലെ പരലോകത്ത് വെച്ച് കർമ്മ ഫലം അനുഭവിക്കേണ്ട സ്ഥാനത്ത് അല്ലാഹുവിന്റെ കഠിനമായ വിചാരണയും ശിക്ഷയും അവിശ്വാസികൾ അഭിമുഖീകരിക്കേണ്ടി വരുന്നതാണ്.

രണ്ടാമത്തെ ഉദാഹരണത്തിൽ അവിശ്വാസികളുടെ ഈ ജീവിതത്തിലെ അവസ്ഥയെയാണ് കാണിക്കുന്നത്. മേൽക്കുമേൽ തിരമാലകളും അതിന് മീതെ കാർമേഘവും കൂടി ഇരുളടഞ്ഞ ഒരു മഹാ സമുദ്രത്തിൽപ്പെട്ടവരെ പോലെ വിവിധ അന്ധകാരങ്ങളിൽ മുഴുകികൊണ്ടാണ് അവിശ്വാസികൾ കഴിഞ്ഞ് കൂടുന്നത്. വിശ്വാസത്തിലും വാക്കിലും പ്രവർത്തിയിലും എല്ലാം തന്നെ അന്ധകാരം. അല്ലാഹുവിൽ നിന്നുള്ള മാർഗ്ഗദർശനങ്ങളൊന്നും വകവെക്കായ്ക നിമിത്തം അവന്റെ പ്രകാശം ആസ്വദിക്കുവാൻ കഴിയാതെ അവരങ്ങനെ അന്ധകാരത്തിൽ കഴിഞ്ഞ് കൂടുകയാണ്.

## വിഭാഗം 6

**വചനം 41,42**

أَلَمْ تَرَ أَنَّ ٱللَّهَ يُسَبِّحُ لَهُۥ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱلطَّيْرُ صَٰٓفَّٰتٍ ۖ كُلٌّ قَدْ عَلِمَ صَلَاتَهُۥ وَتَسْبِيحَهُۥ ۗ وَٱللَّهُ عَلِيمٌۢ بِمَا يَفْعَلُونَ ﴿٤١﴾ وَلِلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ وَإِلَى ٱللَّهِ ٱلْمَصِيرُ ﴿٤٢﴾

41 ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരും, അണിനിരന്നു (വായുവിൽ ചിറക് വിടർത്തി)ക്കൊണ്ടുള്ള പറവകളും അല്ലാഹുവിന് 'തസ്ബീഹ്' (മഹത്വപ്രകീർത്തനം) നടത്തുന്നുണ്ടെന്ന് നീ കാണുന്നില്ലേ?! എല്ലാററിനും തന്നെ, അതതിൻെറ നമസ്കാരവും 'തസ്ബീഹും' അറിയാവുന്നതാണ്. അവർ ചെയ്യുന്നതിനെപ്പറ്റി അല്ലാഹു അറിയുന്നവനാകുന്നു.

42 ആകാശങ്ങളുടെയും, ഭൂമിയുടെയും രാജത്വം അല്ലാഹുവിനാണ്. അല്ലാഹുവിങ്കലേക്കാണ് മടങ്ങിയെത്തലും.

ഓരോ വസ്തുവും തന്നെ അല്ലാഹു അതതിന് നിശ്ചയിച്ച് കൊടുത്ത സ്തോത്ര കീർത്തനങ്ങളും കർമ്മങ്ങളും നിർവിഘ്നം നടത്തി വരുന്നു. അതതിന്റെ ചുമതലാ നിർവ്വഹണത്തെ പറ്റി ഓരോന്നിനും ശരിക്കും അറിയുകയും ചെയ്യാം. (സൂ: റഅ്ദ്: 15, സൂ: നഹ്ൽ: 49, സൂ: ഇസ്രാഅ് : 44, സൂ: അൻബിയാഅ്: 20,79, സൂ: ഹജ്ജ്: 18 എന്നീ വചനങ്ങളും ശ്രദ്ധിക്കുക)

**വചനം 43,44**

أَلَمْ تَرَ أَنَّ ٱللَّهَ يُزْجِى سَحَابًا ثُمَّ يُؤَلِّفُ بَيْنَهُۥ ثُمَّ يَجْعَلُهُۥ رُكَامًا فَتَرَى ٱلْوَدْقَ يَخْرُجُ مِنْ خِلَٰلِهِۦ وَيُنَزِّلُ مِنَ ٱلسَّمَآءِ مِن

43 നീ കാണുന്നില്ലേ: അല്ലാഹു കാർമേഘത്തെ പതുക്കെത്തെളിച്ചു കൊണ്ടുവരുന്നു, പിന്നീട് അതിനിടയിൽ ഇണക്കിച്ചേർക്കുന്നു, പിന്നീടതിനെ അട്ടിയാക്കുന്നു എന്ന്?! അങ്ങനെ, അതിനിടയിൽകൂടി മഴ പുറത്തു വരുന്നതായി നീ കാണുന്നു; ആകാശത്തുനിന്ന്, ഹിമക്കട്ടയായി

جِبَالٍ فِيهَا مِن بَرَدٍ فَيُصِيبُ بِهِۦ مَن يَشَآءُ وَيَصۡرِفُهُۥ عَن مَّن يَشَآءُ ۖ يَكَادُ سَنَا بَرۡقِهِۦ يَذۡهَبُ بِٱلۡأَبۡصَٰرِ ٤٣

അതിൽ സ്ഥിതിച്ചെയ്യുന്ന മലകളെ (കൂമ്പാരങ്ങളെ) അവൻ ഇറക്കി വിടുകയും ചെയ്യുന്നു; എന്നിട്ട്, അവൻ ഉദ്ദേശിക്കുന്നവർക്ക് അതിനെ ബാധിപ്പിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരിൽനിന്ന് അത് (ബാധിക്കാതെ) തിരിച്ചുവിടുകയും ചെയ്യുന്നു. അതിലെ (മേഘത്തിലെ) മിന്നിന്റെ തിളക്കം കാഴ്ചകളെ (റാഞ്ചി)ക്കൊണ്ടു പോകുമാറാകും!

يُقَلِّبُ ٱللَّهُ ٱلَّيۡلَ وَٱلنَّهَارَ ۚ إِنَّ فِي ذَٰلِكَ لَعِبۡرَةٗ لِّأُوْلِي ٱلۡأَبۡصَٰرِ ٤٤

44 അല്ലാഹു, രാവും പകലും മാറ്റിമറിച്ചു കൊണ്ടിരിക്കുന്നു. നിശ്ചയമായും അതിൽ, (മനോ) ദൃഷ്ടികളുള്ളവർക്ക് ചിന്താവിഷയമുണ്ട്.

അവിടവിടെയായി ചിതറികിടക്കുന്ന മഴക്കാറുകളെ ഒന്നിച്ച് ചേർത്ത് വലിയ മല പോലെയുള്ള അട്ടികളാക്കി പിന്നീടതിൽ നിന്ന് അല്ലാഹു മഴ വർഷിപ്പിക്കുന്നു. അതേ മേഘ പർവ്വതങ്ങളിൽ നിന്ന് തന്നെ ചിലപ്പോൾ ഹിമക്കട്ടകളും ഹിമമഞ്ഞും താഴോട്ടിറക്കുന്നു. അത് കൊണ്ട് അവൻ ഉദ്ദേശിക്കുന്ന ചിലർക്ക് വിഷമങ്ങൾ ബാധിക്കുന്നു. മറ്റ് ചിലരിൽ വിഷമം ബാധിക്കാതെ അവൻ അവയെ തിരിച്ച് വിടുന്നു. കാഴ്ചകളെ നശിപ്പിക്കാൻ മാത്രം ശക്തിയേറിയ ഒരു തരം മിന്നൽ പിണറുകളും ആ മേഘത്തിൽ നിന്ന് അല്ലാഹു പുറപ്പെടുവിക്കുന്നു. ഇവയെല്ലാം നിയന്ത്രിക്കുന്ന ആ സർവ്വശക്തൻ തന്നെ രാപകലുകൾ മാറ്റി മറിക്കുകയും ചെയ്യുന്നു. മേൽ പറഞ്ഞ ദൃഷ്ടാന്തങ്ങളിലൊക്കെ (മനോ) ദൃഷ്ടിയുള്ളവർക്ക് ചിന്തിക്കുവാനും പഠിക്കുവാനും ധാരാളം വിഷയങ്ങളുണ്ടെന്ന് അല്ലാഹു ഓർമ്മപ്പെടുത്തുന്നു.

<u>വചനം 45,46</u>

وَٱللَّهُ خَلَقَ كُلَّ دَآبَّةٖ مِّن مَّآءٖ ۖ فَمِنۡهُم مَّن يَمۡشِي عَلَىٰ بَطۡنِهِۦ وَمِنۡهُم مَّن يَمۡشِي عَلَىٰ رِجۡلَيۡنِ وَمِنۡهُم مَّن يَمۡشِي عَلَىٰٓ أَرۡبَعٖ ۚ يَخۡلُقُ ٱللَّهُ مَا يَشَآءُ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ٤٥

لَّقَدۡ أَنزَلۡنَآ ءَايَٰتٖ مُّبَيِّنَٰتٖ ۚ وَٱللَّهُ يَهۡدِي مَن يَشَآءُ إِلَىٰ صِرَٰطٖ مُّسۡتَقِيمٖ ٤٦

45 അല്ലാഹു, എല്ലാ ജന്തുക്കളെയും വെള്ളത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. എന്നാൽ, അവരിൽ ചിലർ ഉദരത്തിന്മേൽ (ഇഴഞ്ഞു) നടക്കുന്നവരുണ്ട്; രണ്ടുകാലിൽ നടക്കുന്നവരും അവരിലുണ്ട്; നാലുകാലിൽ നടക്കുന്നവരും അവരിലുണ്ട്, അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. നിശ്ചയമായും അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

46 തീർച്ചയായും, (യാഥാർത്ഥ്യങ്ങളെ) വ്യക്തമാക്കുന്ന പല ദൃഷ്ടാന്തങ്ങളും നാം അവതരിപ്പിച്ചിരിക്കുന്നു. അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവരെ നേരായ മാർഗ്ഗത്തിലേക്ക് മാർഗ്ഗദർശനം ചെയ്യുന്നു.

ഭൂമിയിൽ ചലിക്കുന്ന എല്ലാ ജീവജാലങ്ങളെയും 'ജന്തു' എന്ന് പറയപ്പെടുന്നു. ജീവജന്തുക്കളെല്ലാം വെള്ളത്തിൽ നിന്നാകുന്നു സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. (സൂ: അൻബിയാഅ് വചനം 30 നോക്കുക) ആകൃതി, പ്രകൃതി, രൂപം തുടങ്ങിയവയിലെല്ലാം വ്യത്യസ്തത പുലർത്തുന്ന വിവിധ തരം ജന്തുക്കൾ അല്ലാഹുവിന്റെ സൃഷ്ടികളിൽ കാണാം. എല്ലാ കാര്യത്തിനും കഴിവുള്ള അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു. ചിന്തിക്കാൻ വേണ്ട ചില ഉദാഹരണങ്ങൾ അല്ലാഹു എടുത്ത് പറഞ്ഞിരിക്കുന്നു. അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേരായ മാർഗ്ഗത്തിലേക്ക് മാർഗ്ഗദർശനം ചെയ്യുന്നു.

അടുത്ത ഏതാനും വചനങ്ങൾ കപടവിശ്വാസികളെ കുറിച്ചാകുന്നു.

**വചനം 47,48,49,50**

وَيَقُولُونَ ءَامَنَّا بِٱللَّهِ وَبِٱلرَّسُولِ وَأَطَعْنَا ثُمَّ يَتَوَلَّىٰ فَرِيقٌ مِّنْهُم مِّنۢ بَعْدِ ذَٰلِكَ ۚ وَمَآ أُو۟لَٰٓئِكَ بِٱلْمُؤْمِنِينَ ﴿٤٧﴾ وَإِذَا دُعُوٓا۟ إِلَى ٱللَّهِ وَرَسُولِهِۦ لِيَحْكُمَ بَيْنَهُمْ إِذَا فَرِيقٌ مِّنْهُم مُّعْرِضُونَ ﴿٤٨﴾ وَإِن يَكُن لَّهُمُ ٱلْحَقُّ يَأْتُوٓا۟ إِلَيْهِ مُذْعِنِينَ ﴿٤٩﴾ أَفِى قُلُوبِهِم مَّرَضٌ أَمِ ٱرْتَابُوٓا۟ أَمْ يَخَافُونَ أَن يَحِيفَ ٱللَّهُ عَلَيْهِمْ وَرَسُولُهُۥ ۚ بَلْ أُو۟لَٰٓئِكَ هُمُ ٱلظَّٰلِمُونَ ﴿٥٠﴾

47 അവര്‍ പറയുന്നു: ഞങ്ങള്‍ അല്ലാഹുവിലും, റസൂലിലും വിശ്വസിക്കുകയും, ഞങ്ങള്‍ അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന്. അതിനുശേഷം പിന്നെയും (അതാ) അവരില്‍പ്പെട്ട ഒരു വിഭാഗം പിന്‍മാറിപ്പോകുന്നു! അക്കൂട്ടര്‍ സത്യവിശ്വാസികളല്ലതന്നെ.

48 അവരുടെ ഇടയില്‍ വിധിപറയുവാന്‍ വേണ്ടി, അല്ലാഹുവിലേക്കും, അവന്‍റെ റസൂലിലേക്കും അവര്‍ ക്ഷണിക്കപ്പെടുന്നതായാല്‍ അപ്പോഴതാ, അവരില്‍ ഒരു വിഭാഗം തിരിഞ്ഞുപോകുന്നു!

49 ന്യായം അവര്‍ക്കാണ് (അവരുടെ പക്ഷത്താണ്) ഉള്ളതെങ്കിലോ, അവര്‍ അദ്ദേഹത്തിന്‍റെ (റസൂലിന്‍റെ) അടുക്കലേക്ക് അനുസരണമുള്ളവരായിക്കൊണ്ട് വരുന്നതുമാകുന്നു!

50 അവരുടെ ഹൃദയങ്ങളില്‍ വല്ല രോഗവുമുണ്ടോ? അതല്ല, അവര്‍ക്ക് സംശയം പിടിപെട്ടിരിക്കുകയാണോ?! അതോ, അല്ലാഹുവും, അവന്‍റെ റസൂലും, അവരുടെമേല്‍ അനീതി പ്രവര്‍ത്തിക്കുമെന്ന് അവര്‍ ഭയപ്പെടുകയാണോ?! എന്നാല്‍, (വാസ്തവത്തില്‍) അക്കൂട്ടര്‍ തന്നെയാണ് അക്രമികള്‍.

ഭാവം കൊണ്ടും സംസാരം കൊണ്ടും മുസ്ലീംകളാണെന്ന് നടിക്കുന്നവരാണ് കപട വിശ്വാസികള്‍. (മുനാഫിഖുകള്‍). തങ്ങള്‍ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നവരാണെന്ന് അവര്‍ ജല്‍പിച്ച് കൊണ്ടിരിക്കും. വല്ല പ്രശ്നവും നേരിടുമ്പോള്‍ തങ്ങള്‍ക്ക് വിജയ സാധ്യത കുറവായ ഘട്ടങ്ങളില്‍ അവര്‍ റസൂല്‍ തിരുമേനിയുടെ വിധികേള്‍ക്കാന്‍ തയ്യാറാവുകയില്ല. വല്ലപ്പോഴും വിധി തങ്ങള്‍ക്ക് അനുകൂലമായിരിക്കുമെന്ന് തോന്നിയാല്‍ അവര്‍ നീതിമാനായ തിരുമേനിയുടെ മുമ്പില്‍ വരുകയും ചെയ്യും. അവരുടെ ഈ നിലപാടിന് കാരണം ഒന്നുകില്‍ അവരുടെ ഹൃദയത്തില്‍ ഒരു തരം രോഗം -കാപട്യം- ഉണ്ടായിരിക്കണം, അല്ലെങ്കില്‍ അവര്‍ യഥാര്‍ത്ഥ സത്യത്തില്‍ സംശയിക്കുന്നവരായിരിക്കണം. അതുമല്ലെങ്കില്‍ അല്ലാഹുവും റസൂലും അന്യായം പ്രവര്‍ത്തിക്കുന്നവരാണെന്ന ധാരണ അവര്‍ക്കുണ്ടായിരിക്കണം. ഇവ ഓരോന്നും തന്നെ അവിശ്വാസമാണ് താനും.

## വിഭാഗം 7

**വചനം 51,52**

إِنَّمَا كَانَ قَوْلَ ٱلْمُؤْمِنِينَ إِذَا دُعُوٓا۟ إِلَى ٱللَّهِ وَرَسُولِهِۦ لِيَحْكُمَ بَيْنَهُمْ أَن يَقُولُوا۟ سَمِعْنَا وَأَطَعْنَا ۚ وَأُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿٥١﴾ وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ وَيَخْشَ ٱللَّهَ وَيَتَّقْهِ فَأُو۟لَٰٓئِكَ هُمُ ٱلْفَآئِزُونَ ﴿٥٢﴾

51 നിശ്ചയമായും, സത്യവിശ്വാസികളുടെ വാക്ക്- അവര്‍ക്കിടയില്‍ വിധിപറയുവാനായി അല്ലാഹുവിലേക്കും, അവന്‍റെ റസൂലിലേക്കും അവര്‍ ക്ഷണിക്കപ്പെടുന്നതായാല്‍- ഞങ്ങള്‍ കേള്‍ക്കുകയും അനുസരിക്കുകയും ചെയ്യുന്നു എന്ന് പറയുക മാത്രമായിരിക്കും. (അങ്ങിനെയുള്ള) അക്കൂട്ടര്‍ തന്നെയാണ് വിജയികളും.

52 ആര്‍, അല്ലാഹുവിനെയും അവന്‍റെ റസൂലിനെയും, അനുസരിക്കുകയും. അല്ലാഹുവിനെ ഭയപ്പെടുകയും, അവനെ സൂക്ഷിക്കുകയും ചെയ്യുന്നുവോ അവര്‍ തന്നെയാണ് ഭാഗ്യവാന്‍മാര്‍.

സത്യവിശ്വാസികൾക്കിടയിൽ വിധി പറയാനായി അല്ലാഹുവിന്റെ ഖുർആനിലേക്കും റസൂലിന്റെ സുന്നത്തിലേക്കും ക്ഷണിക്കപ്പെട്ടാൽ നബി(സ) എന്ത് വിധി കൊടുത്തുവോ അത് അപ്പടി പൂർണ്ണമനസോടെ സ്വീകരിക്കുകയെന്നത് സത്യവിശ്വാസികളുടെ കടമയത്രേ. അത് സത്യവിശ്വാസത്തിന്റെ ലക്ഷണം കൂടിയാകുന്നു. അക്കൂട്ടർ തന്നെയാകുന്നു വിജയികളും ഭാഗ്യവാന്മാരും (സൂ: നിസാഅ് 65, സൂ: അഹ്സാബ് 36 എന്നിവിടങ്ങളിൽ നോക്കുക).

**വചനം 53,54**

۞وَأَقۡسَمُواْ بِٱللَّهِ جَهۡدَ أَيۡمَٰنِهِمۡ لَئِنۡ أَمَرۡتَهُمۡ لَيَخۡرُجُنَّۖ قُل لَّا تُقۡسِمُواْۖ طَاعَةٞ مَّعۡرُوفَةٌۚ إِنَّ ٱللَّهَ خَبِيرُۢ بِمَا تَعۡمَلُونَ ٥٣

53 (നബിയേ) താൻ അവരോട് കൽപിക്കുന്നപക്ഷം അവർ നിശ്ചയമായും പുറപ്പെട്ട് പോരുമെന്ന്-തങ്ങൾക്ക് കഴിയുംപ്രകാരമുള്ള ശപഥം -അവർ അല്ലാഹുവിൽ സത്യം ചെയ്ത് പറയുന്നു;- പറയുക: നിങ്ങൾ സത്യം ചെയ്യേണ്ടതില്ല; (നിങ്ങളുടേത്) പരിചയപ്പെട്ട ഒരു അനുസരണമാണ്; നിശ്ചയമായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കാറുള്ളതിനെപ്പറ്റി സൂക്ഷ്മമായറിയുന്നവനാകുന്നു.

قُلۡ أَطِيعُواْ ٱللَّهَ وَأَطِيعُواْ ٱلرَّسُولَۖ فَإِن تَوَلَّوۡاْ فَإِنَّمَا عَلَيۡهِ مَا حُمِّلَ وَعَلَيۡكُم مَّا حُمِّلۡتُمۡۖ وَإِن تُطِيعُوهُ تَهۡتَدُواْۚ وَمَا عَلَى ٱلرَّسُولِ إِلَّا ٱلۡبَلَٰغُ ٱلۡمُبِينُ ٥٤

54 പറയുക: നിങ്ങൾ അല്ലാഹുവിനെയും, റസൂലിനെയും അനുസരിച്ചുകൊള്ളുവിൻ! എന്നാൽ നിങ്ങൾ പിൻമാറുകയാണെങ്കിലോ, അദ്ദേഹം (റസൂൽ) ചുമതലപ്പെടുത്തപ്പെട്ടത് മാത്രമായിരിക്കും അദ്ദേഹത്തിൻെറ പേരിൽ (ബാധ്യത) ഉണ്ടായിരിക്കുക; നിങ്ങൾ ചുമതലപ്പെടുത്തപ്പെട്ടത് നിങ്ങളുടെ പേരിൽ തന്നെ (ബാധകമായതും) ആയിരിക്കും നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുകയാണെങ്കിൽ, നിങ്ങൾ സൻമാർഗം പ്രാപിക്കുന്നതാണ്. റസൂലിൻെറമേൽ വ്യക്തമായ പ്രബോധനമല്ലാതെ (വേറെ ബാധ്യത) ഇല്ല.

വല്ല യുദ്ധത്തിലോ സേനയിലോ പങ്കെടുക്കണമെന്ന് നബി(സ) ആവശ്യപ്പെടുന്ന പക്ഷം റസൂൽ തിരുമേനി എന്ത് കൽപിച്ചാലും തങ്ങൾ ചെയ്ത് കൊള്ളാമെന്ന് ആ കപട വിശ്വാസികൾ അല്ലാഹുവിൽ ശപഥം ചെയ്ത് പറയാറുണ്ട്. എന്നാൽ സന്ദർഭം വരുമ്പോൾ എന്തെങ്കിലും ഒഴിവുകഴിവുകൾ പറഞ്ഞ് അവർ മാറിക്കളയുകയും ചെയ്യും. അത് കൊണ്ട് അവരോട് ഇപ്രകാരം താക്കീത് ചെയ്യുവാൻ അല്ലാഹു നബി(സ)യോട് കൽപിക്കുന്നു.

" നിങ്ങൾ വ്യഥാ സത്യം ചെയ്യേണ്ടതില്ല. അത് നാവിൽ മാത്രമേയുള്ളൂ. ഹൃദയത്തിലും പ്രവർത്തിയിലും ഇല്ലെന്ന വസ്തുത മുമ്പേ പരിചയമുള്ളതാണ്. നിങ്ങൾ അനുസരിക്കായ്ക കൊണ്ട് അല്ലാഹുവിന്റെ റസൂലിന് ഒന്നും നേരിടുവാനില്ല. അതിന്റെ അനന്തരഫലം നിങ്ങൾക്ക് തന്നെ പിന്നീട് അറിയാറാകും. അല്ലാഹുവിന്റെ കൽപനകൾ പ്രബോധനം ചെയ്യുക മാത്രമാണ് റസൂലിന്റെ ബാധ്യത. അതദ്ദേഹം നിർവ്വഹിക്കുന്നുമുണ്ട്. നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് തന്നെയാണ് ഗുണകരമായിരിക്കുക. "

അടുത്ത വചനത്തിൽ അല്ലാഹു സത്യവിശ്വാസികൾക്കുള്ള സന്തോഷ വാർത്ത നൽകുന്നു.

**വചനം 55,56,57**

وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُواْ مِنكُمۡ وَعَمِلُواْ ٱلصَّٰلِحَٰتِ لَيَسۡتَخۡلِفَنَّهُمۡ فِي ٱلۡأَرۡضِ كَمَا ٱسۡتَخۡلَفَ ٱلَّذِينَ مِن قَبۡلِهِمۡ

55 നിങ്ങളിൽനിന്ന് വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും, ചെയ്യുന്നവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയതുപോലെ, നിശ്ചയമായും ഭൂമിയിൽ അവർക്ക് അവൻ പ്രാതിനിധ്യം

وَلَيُمَكِّنَنَّ لَهُمْ دِينَهُمُ ٱلَّذِى ٱرْتَضَىٰ لَهُمْ وَلَيُبَدِّلَنَّهُم مِّنۢ بَعْدِ خَوْفِهِمْ أَمْنًا ۚ يَعْبُدُونَنِى لَا يُشْرِكُونَ بِى شَيْـًٔا ۚ وَمَن كَفَرَ بَعْدَ ذَٰلِكَ فَأُو۟لَـٰٓئِكَ هُمُ ٱلْفَـٰسِقُونَ ﴿٥٥﴾

നൽകുന്നതാണ്; അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്തിട്ടുള്ള അവരുടെ മതത്തിന് സ്വാധീനം നൽകുന്നതുമാണ്; അവർക്ക് ഭയത്തിനു ശേഷം, അഭയത്തെ പകരം നൽകുകയും ചെയ്യും എന്ന്. അവർ എന്നോട് യാതൊന്നിനെയും പങ്ക് ചേർക്കാതെ എന്നെ ആരാധിച്ചുവരുന്നു. (അതാണ് കാരണം.) അതിനുശേഷം, ആർ നന്ദികേട് ചെയ്തുവോ അവർ തന്നെയാണ് തോന്നിയവാസികൾ.

وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَأَطِيعُوا۟ ٱلرَّسُولَ لَعَلَّكُمْ تُرْحَمُونَ ﴿٥٦﴾

56 നിങ്ങൾ നമസ്കാരം നിലനിറുത്തുവിൻ, 'സക്കാത്ത്' കൊടുക്കുകയും ചെയ്യുവിൻ, റസൂലിനെ അനുസരിക്കുകയും ചെയ്യുവിൻ -നിങ്ങൾ കരുണ ചെയ്യപ്പെട്ടേക്കുന്നതാണ്.

لَا تَحْسَبَنَّ ٱلَّذِينَ كَفَرُوا۟ مُعْجِزِينَ فِى ٱلْأَرْضِ ۚ وَمَأْوَىٰهُمُ ٱلنَّارُ ۖ وَلَبِئْسَ ٱلْمَصِيرُ ﴿٥٧﴾

57 (നബിയേ!) അവിശ്വസിച്ചിട്ടുള്ളവർ ഭൂമിയിൽവെച്ച് (അല്ലാഹുവിനെ) അസാധ്യമാക്കിക്കളയുന്നവരാണെന്ന് നിശ്ചയമായും നീ ധരിച്ചുപോകേണ്ട! അവരുടെ വാസസ്ഥലം നരകമാകുന്നു. അത് വളരെ മോശപ്പെട്ട പ്രാപ്യസ്ഥാനം തന്നെ!

സൂ: അൻബിയാഅ് 105 ൽ "എന്റെ സദ് വൃത്തരായ അടിയാൻമാർ ഭൂമിയെ അനന്തരമെടുക്കുന്നതാണ്." എന്ന അല്ലാഹുവിന്റെ നിശ്ചയത്തെ പറ്റി വിവരിക്കുന്ന സ്ഥലത്ത് ഈ ആയത്തുകളെ ഉദ്ധരിച്ച് വിശദീകരിക്കപ്പെട്ടിട്ടുള്ളത് നോക്കുമല്ലോ. നബി(സ) തിരുമേനിയടെ കാലത്ത് തന്നെ അറേബ്യോ ഉപദ്വീപ് ഭൂരിഭാഗവും, ഹിജ്റിലെയും സിറിയൻ നാടുകളിലേയും അധികഭാഗങ്ങളും ഇസ്ലാമിന് അധീനപ്പെട്ടിരുന്നു. ഖുലഫാഉ റാശിദിന്റെ കാലത്ത് കൊസ്രു സാമ്രാജ്യവും(പേർഷ്യാ, ഇറാഖ്) കൈസർ സാമ്രാജ്യത്തിന്റെ പലഭാഗങ്ങളും (സിറിയ, ഈജിപ്ത്) മുസ്ലീംകളുടെ കീഴിലായി. ഇതെല്ലാം ഈ വചനത്തിന്റെ സാക്ഷാത്കാരമത്രേ.

റസൂൽ(സ) തിരുമേനി ഒരിക്കൽ അദിയ്യ് ബ്നു ഹാതം ത്വാ ഈ(റ)നോട് പറഞ്ഞ പ്രവചനവും കാലാന്തരത്തിൽ യാഥാർത്ഥ്യമായി പുലരുകയുണ്ടായി.

"അല്ലാഹു തന്നെയാണെ! അല്ലാഹു ഇസ്ലാമിനെ നിശ്ചയമായും പൂർത്തിയാക്കും. അങ്ങനെ യാത്രക്കാരിയായ ഒരു സ്ത്രീ ഹീറാ(ഇറാഖിലെ ഒരു പ്രദേശം)യിൽ നിന്നും പുറപ്പെട്ടു. യാതൊരാളുടെ രക്ഷയും കൂടാതെ തന്നെ കഅ്ബ തവാഫ് ചെയ്ത് സുരക്ഷിതയായി തിരിച്ച് പോകുന്ന ഒരു കാലം വരും. പേർഷ്യൻ ചക്രവർത്തിയായ ഹൂർമുസിന്റെ മകൻ കിസ്രായുടെ നിക്ഷേപങ്ങൾ ജയിച്ചടക്കപ്പെടുകയും ചെയ്യും. സ്വീകരിക്കാൻ ആളില്ലാതെ വരുമാറ് ധനം ചിലവഴിക്കപ്പെടുകയും ചെയ്യും. "

വിശ്വാസികൾ അല്ലാഹുവിനോട് യാതൊന്നിനെയും പങ്ക് ചേർക്കാതെ ആരാധിച്ച് വന്നതിനാലാണ് അവർക്ക് മേൽ പറഞ്ഞ തരത്തിലുള്ള വിജയം കൈവരിക്കാൻ സാധ്യമായത്. എന്നാൽ അതിന് ശേഷം ആരെങ്കിലും അവിശ്വസിച്ചാൽ - നന്ദികേട് കാണിച്ചാൽ" - ആ തോന്നിയവാസികളെ ഭൂമിയിൽ വെച്ച് തന്നെ ശിക്ഷിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അവനെ അസാധ്യപ്പെടുത്തിക്കളഞ്ഞ് രക്ഷപ്പെടുവാൻ അവർക്ക് ഒരിക്കലും സാധ്യമല്ല തന്നെ. പരലോകത്തിലാകട്ടെ ഏറ്റവും മോശപ്പെട്ട പ്രാപ്യസ്ഥാനമായ നരകശിക്ഷയായിരിക്കും അവർക്ക് ലഭ്യമാകുക.

നമസ്കാരം നിലനിർത്തുവാനും സകാത്ത് കൊടുക്കുവാനും റസൂലിനെ അനുസരിക്കുവാനും അത് മുഖേന അല്ലാഹുവിന്റെ കരുണ കരഗതമാക്കുവാനും 56-ാം വചനത്തിലൂടെ അല്ലാഹു സത്യവിശ്വാസികളെ ഓർമ്മപ്പെടുത്തുന്നു.

**വിഭാഗം -8**

**വചനം 58,59**

58 ഹേ, വിശ്വസിച്ചിട്ടുള്ളവരേ! നിങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയവരും, നിങ്ങളിൽ പ്രായപൂർത്തി എത്തിയിട്ടില്ലാത്തവരും മൂന്ന് അവസരങ്ങളിൽ നിങ്ങളോട് (പ്രവേശനത്തിന്) അനുവാദം തേടിക്കൊള്ളട്ടെ. അതായത്: ഫജ്ർ (പ്രഭാത) നമസ്കാരത്തിന് മുമ്പും, ഉച്ചവേളയിൽ നിങ്ങൾ നിങ്ങളുടെ വസ്ത്രങ്ങൾ എടുത്തു വെക്കുന്ന നേരത്തും, 'ഇശാ' (സന്ധ്യാ) നമസ്കാരത്തിനു ശേഷവും. (ഇങ്ങിനെ) നിങ്ങൾക്ക് മൂന്ന് ഗോപ്യാവസരങ്ങളാണുള്ളത്. അവയ്ക്കുശേഷം, (മറ്റു വേളകളിൽ) നിങ്ങൾക്കാകട്ടെ, അവർക്കാകട്ടെ, (അനുവാദം ചോദിക്കാത്തതിൽ തെറ്റില്ല;- (അവർ) നിങ്ങളിൽകൂടി-അതായത്: നിങ്ങളിൽ ചിലർ ചിലരിൽകൂടി-ചുറ്റിപ്പറ്റിക്കൊണ്ടിരിക്കുന്നവരത്രെ. ഇപ്രകാരം, അല്ലാഹു നിങ്ങൾക്ക് ലക്ഷ്യങ്ങളെ വിവരിച്ചു തരുന്നു. അല്ലാഹു, സർവജ്ഞനും, അഗാധജ്ഞനുമാകുന്നു.

قَبْلِ صَلَوٰةِ ٱلْفَجْرِ وَحِينَ تَضَعُونَ ثِيَابَكُم مِّنَ ٱلظَّهِيرَةِ وَمِنۢ بَعْدِ صَلَوٰةِ ٱلْعِشَآءِ ۚ ثَلَٰثُ عَوْرَٰتٍ لَّكُمْ ۚ لَيْسَ عَلَيْكُمْ وَلَا عَلَيْهِمْ جُنَاحٌۢ بَعْدَهُنَّ ۚ طَوَّٰفُونَ عَلَيْكُم بَعْضُكُمْ عَلَىٰ بَعْضٍ ۚ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمُ ٱلْءَايَٰتِ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿٥٨﴾

59 നിങ്ങളിൽ നിന്നുള്ള കുട്ടികൾ പ്രായപൂർത്തി എത്തിയാൽ, അവരുടെ മുമ്പുള്ള(വലിയ) വർസമ്മതം ചോദിച്ചത് പോലെ അവരും സമ്മതം ചോദിച്ചുകൊള്ളട്ടെ. ഇപ്രകാരം, അല്ലാഹു നിങ്ങൾക്ക് അവൻെറ ലക്ഷ്യങ്ങൾ വിവരിച്ചു തരുന്നു, അല്ലാഹു സർവജ്ഞനും, അഗാധജ്ഞനുമാകുന്നു.

وَإِذَا بَلَغَ ٱلْأَطْفَٰلُ مِنكُمُ ٱلْحُلُمَ فَلْيَسْتَـْٔذِنُوا۟ كَمَا ٱسْتَـْٔذَنَ ٱلَّذِينَ مِن قَبْلِهِمْ ۚ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمْ ءَايَٰتِهِۦ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿٥٩﴾

പുറത്ത് നിന്ന് വീടുകളിൽ പ്രവേശിക്കുവാൻ വരുന്നവർ പാലിക്കേണ്ട മര്യാദകളെ കുറിച്ച് 27,28,29 വചനങ്ങളിൽ പ്രസ്താവിച്ചുവല്ലോ. സ്വന്തം വീട്ടിനുള്ളിൽ തന്നെ അന്യോന്യം കിടപ്പ് മുറികളിലും മറ്റും പ്രവേശിക്കുന്നതിന് ആചരിക്കേണ്ട ചില മര്യാദകളാണ് ഈ വചനങ്ങളിൽ. അന്യോന്യം ഇടകലർന്ന് കഴിഞ്ഞ് കൂടുന്ന കുടുംബാംഗങ്ങളെപറ്റി പൊതുവിലും കുട്ടികളെയും അടിമകളെയും സംബന്ധിച്ച് പ്രത്യേകമായും താഴെ കാണുന്ന മൂന്ന് സന്ദർഭങ്ങളിൽ പ്രവേശനത്തിന് അനുമതി തേടണമെന്ന് അല്ലാഹു നിർദ്ദേശിക്കുന്നു.

സുബ്ഹി നമസ്കാരത്തിന് മുമ്പ് (ഉറക്കത്തിൽ നിന്ന് എഴുന്നേൽക്കുന്ന സമയം); ഉച്ചസമയം(മദ്ധ്യാഹ്ന വിശ്രമത്തിനായി കിടക്കുന്ന സമയം); ഇശാ നമസ്കാരാനന്തരം (ഉറങ്ങാൻ തയ്യാറെടുക്കുന്ന സമയം).

മേൽ പറഞ്ഞ സന്ദർഭങ്ങളിൽ ധരിച്ച വസ്ത്രങ്ങൾ അൽപമാത്രവും, യഥാസ്ഥാനങ്ങളിൽ നിന്ന് നീങ്ങിപോയുമിരിക്കും. ഈ മൂന്ന് ഗോപ്യാവസരങ്ങളിലൊഴികെ മറ്റ് സന്ദർഭങ്ങളിൽ സമ്മതം ചോദിക്കാതെ അന്യോന്യം പ്രവേശിക്കാവുന്നതാണ്. അതിൽ വിശേഷിച്ച് നിയന്ത്രണമൊന്നും നിശ്ചയിക്കപ്പെടാതിരിക്കാനുള്ള കാരണമായിട്ടാണ് 'ചിലർ ചിലരിൽ കൂടി ചുറ്റിപറ്റി കഴിയുന്നവരായതാണ് ' എന്ന് അല്ലാഹു പ്രസ്താവിച്ചത്.

മേൽ സൂചിപ്പിച്ച മൂന്ന് സമയങ്ങളിൽ മാത്രമല്ല, വസ്ത്രങ്ങൾ മാറ്റുകയും, കുറഞ്ഞ വസ്ത്രങ്ങൾ മാത്രം ധരിക്കുകയും ചെയ്യുന്ന കുളിമുറി, കക്കൂസ്, കിടപ്പറ മുതലായ സ്ഥലങ്ങളിലും പെട്ടെന്ന് മുന്നറിയിപ്പില്ലാതെ മറ്റൊരാൾക്ക് കടന്ന് ചെല്ലാൻ പാടില്ലാത്തതാകുന്നു. പർദ്ദാ നിയമം, അന്യരായവരെ സംബന്ധിച്ചാണ് പാലിക്കേണ്ടതെങ്കിലും 'ഔറത്ത് ' എല്ലാവരിൽ നിന്നും മറക്കേണ്ടതാകുന്നു. ഔറത്ത് സൂക്ഷ്മമായി മറക്കുന്നത് സംബന്ധമായി താഴെ കാണുന്ന നബി വചനങ്ങൾ ഗൗരവപൂർവ്വം നാം മനസ്സിലാക്കേണ്ടതാണ്.

പുരുഷൻ പുരുഷന്റെ ഔറത്തിലേക്കും, സ്ത്രീ സത്രീയുടെ ഔറത്തിലേക്കും നോക്കുന്നത് പോലും നബി(സ) വിരോധിച്ചിരിക്കുന്നു. (മുസ്ലീം)

ഓരേ വസ്ത്രം മേലിട്ട് കൊണ്ട് രണ്ട് പുരുഷൻമാരോ രണ്ട് സ്ത്രീകളോ ഒന്നിച്ച് കിടക്കുന്നതും വിരോധിക്കപ്പെട്ടിരിക്കുന്നു. (മുസ്ലീം)

അന്യന്മാരായ ഒരു പുരുഷനും ഒരു സ്ത്രീയും ഒരു വീട്ടിലോ ഒരു മുറിയിലോ തനിച്ചിരിക്കാൻ പാടുള്ളതല്ല. (ബു:മു)

കുളിക്കുന്നവനും മലമൂത്രവിസർജ്ജനം ചെയ്യുന്നവനും തുറന്ന സ്ഥലത്ത് അത് നിർവ്വഹിക്കാതെ ഒരു മറ സ്വീകരിക്കേണ്ടതാണ്. (അബൂദാവൂദ്)

സാധാരണ നിലക്ക് (മറ്റ് അസൗകര്യങ്ങളില്ലെങ്കിൽ) നിന്ന് മൂത്രിക്കുവാൻ പാടുള്ളതല്ല. (തിർമദി ഇബ്നുമാജ)

രണ്ടു പേർ അടുത്തടുത്തിരുന്ന് സംസാരിച്ച് കൊണ്ട് ഔറത്ത് തുറന്ന് മലമൂത്ര വിസർജ്ജനം നടത്തുന്നത് അല്ലാഹുവിന്റെ ക്രോധത്തിന് കാരണമാകുന്നതാണ്. (അഹമദ്, അബൂദാവൂദ്, ഇബ്നുമാജ)

മലമൂത്ര വിസർജ്ജനത്തിനായി ഇരിക്കുമ്പോൾ മുൻകൂട്ടി വസ്ത്രം പൊക്കാതെ, നിലത്തോടടുക്കുന്നതോടൊപ്പം മാത്രമേ വസ്ത്രം പൊക്കാൻ പാടുള്ളു. (തിർമതി, അബൂദാവൂദ്)

**വചനം 60**

وَٱلْقَوَٰعِدُ مِنَ ٱلنِّسَآءِ ٱلَّٰتِى لَا يَرْجُونَ نِكَاحًا فَلَيْسَ عَلَيْهِنَّ جُنَاحٌ أَن يَضَعْنَ ثِيَابَهُنَّ غَيْرَ مُتَبَرِّجَٰتٍۭ بِزِينَةٍ ۖ وَأَن يَسْتَعْفِفْنَ خَيْرٌ لَّهُنَّ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿٦٠﴾

60 സ്ത്രീകളിൽനിന്ന്- (വാർദ്ധക്യം നിമിത്തം) വിവാഹം പ്രതീക്ഷിക്കാവതല്ലാത്ത-ഇരുപ്പിലായവരാകട്ടെ, അവർക്ക് അവരുടെ (പർദ്ദാ) വസ്ത്രങ്ങൾ-അലങ്കാരമൊന്നും പ്രദർശിപ്പിക്കുന്നവരല്ലാത്ത നിലയിൽ-എടുത്തുവെക്കുന്നതിന് തെറ്റില്ല;-ചാരിത്ര്യ സംരക്ഷണത്തിന് ശ്രമിക്കുന്നത് അവർക്ക് നല്ലതുമത്രെ. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

സ്ത്രീകൾ തങ്ങളുടെ സൗന്ദര്യവും അലങ്കാരവും മറച്ച് വെക്കുന്നതിൽ എത്രമാത്രം ശുഷ്കാന്തി പാലിക്കേണ്ടതുണ്ടെന്ന് ഈ വചനം അനുശാസിക്കുന്നു.

വാർദ്ധക്യം നിമിത്തം വിവാഹ പ്രതീക്ഷയില്ലാതെയും സന്താന പ്രതീക്ഷയില്ലാതെയും ഉള്ള സ്ത്രീകൾക്ക് പർദയുടെ വസ്ത്രങ്ങളായ മൂടുവസ്ത്രം, ചുറ്റുവസ്ത്രം മുതലായവ എടുത്ത് വെച്ച് സാധാരണ രീതിയിലുള്ള തുണി, കുപ്പായം, മക്കന എന്നിവ ധരിച്ച് കൊണ്ട് പുരുഷൻമാർക്കിടയിൽ പ്രത്യക്ഷപ്പെടാവുന്നതാണ്. എന്നാൽ അതും വേഷഭൂഷണങ്ങളിലൂടെ 'അലങ്കാരങ്ങളൊന്നും പ്രദർശിപ്പിക്കുന്നവരല്ലാത്ത നിലയിൽ' ആയിരിക്കേണ്ടതാണ്. എന്നാൽ അവരും മറ്റ് സ്ത്രീകളെ പോലെ പർദാവസ്ത്രം ധരിച്ച് കൊണ്ട് ചാരിത്ര്യ സംരക്ഷണത്തിന് ശ്രമിക്കുന്നതാണ് കൂടുതൽ അഭികാമ്യമായിട്ടുള്ളത്. വചനത്തിന്റെ അവസാനത്തിലുള്ള "അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" എന്ന താക്കീത് നാം പ്രത്യേകം മനസ്സിരുത്തേണ്ടതാകുന്നു.

പർദാ വിഷയ സംബന്ധമായി സൂ: അഹ്സാബിൽ കൂടുതൽ പ്രസ്താവനകൾ കാണാവുന്നതാണ്.

"അർദ്ധ നഗ്നകളായി, പുരുഷന്മാരെ ആകർഷിക്കുമാറുള്ള പെരുമാറ്റങ്ങൾ സ്വീകരിച്ച് വരുന്ന സ്ത്രീകൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. അവർക്കതിന്റെ പരിമളം പോലും ലഭിക്കുകയില്ല" എന്ന് നബി(സ) അരുളിയിരിക്കുന്നു.(മുസ്ലീം)

**വചനം 61**

لَّيْسَ عَلَى ٱلْأَعْمَىٰ حَرَجٌ وَلَا عَلَى ٱلْأَعْرَجِ حَرَجٌ وَلَا عَلَى ٱلْمَرِيضِ حَرَجٌ وَلَا عَلَىٰٓ أَنفُسِكُمْ أَن تَأْكُلُوا۟ مِنۢ

61 നിങ്ങളുടെ വീടുകളിൽ നിന്ന് (ഭക്ഷണം) തിന്നുന്നതിന് അന്ധൻെറ മേൽ വിഷമമില്ല; മുടന്തൻെറ മേലും വിഷമമില്ല; രോഗിയുടെ മേലും-നിങ്ങളുടെ സ്വന്തം പേരിലും തന്നെ-വിഷമമില്ല:- അല്ലെങ്കിൽ നിങ്ങളുടെ പിതാക്ക

بُيُوتِكُمْ أَوْ بُيُوتِ ءَابَآئِكُمْ أَوْ بُيُوتِ
أُمَّهَٰتِكُمْ أَوْ بُيُوتِ إِخْوَٰنِكُمْ أَوْ بُيُوتِ
أَخَوَٰتِكُمْ أَوْ بُيُوتِ أَعْمَٰمِكُمْ أَوْ
بُيُوتِ عَمَّٰتِكُمْ أَوْ بُيُوتِ أَخْوَٰلِكُمْ أَوْ
بُيُوتِ خَٰلَٰتِكُمْ أَوْ مَا مَلَكْتُم
مَّفَاتِحَهُۥٓ أَوْ صَدِيقِكُمْ ۚ لَيْسَ
عَلَيْكُمْ جُنَاحٌ أَن تَأْكُلُوا۟ جَمِيعًا أَوْ
أَشْتَاتًا ۚ فَإِذَا دَخَلْتُم بُيُوتًا فَسَلِّمُوا۟ عَلَىٰٓ
أَنفُسِكُمْ تَحِيَّةً مِّنْ عِندِ ٱللَّهِ مُبَٰرَكَةً
طَيِّبَةً ۚ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمُ
ٱلْءَايَٰتِ لَعَلَّكُمْ تَعْقِلُونَ ﴿٦١﴾

ളുടെ വീടുകൾ, അല്ലെങ്കിൽ മാതാക്കളുടെ വീടുകൾ, അല്ലെങ്കിൽ സഹോദരന്മാരുടെ വീടുകൾ, അല്ലെങ്കിൽ സഹോദരിമാരുടെ വീടുകൾ, അല്ലെങ്കിൽ പിതൃവ്യൻമാരുടെ വീടുകൾ, അല്ലെങ്കിൽ പിതൃസഹോദരികളുടെ വീടുകൾ, അല്ലെങ്കിൽ മാതൃസഹോദരൻമാരുടെ വീടുകൾ, അല്ലെങ്കിൽ മാതൃസഹോദരിമാരുടെ വീടുകൾ, അല്ലെങ്കിൽ നിങ്ങൾക്ക് താക്കോൽ അധീനമായിട്ടുള്ളവ, അല്ലെങ്കിൽ നിങ്ങളുടെ ചങ്ങാതിയുടേത്; (എന്നിവയിൽനിന്നും ഭക്ഷണം കഴിക്കുന്നതിന് വിഷമമില്ല;) നിങ്ങൾ ഒരുമിച്ചോ, അല്ലെങ്കിൽ വെവ്വേറെയോ തിന്നുന്നതിന് നിങ്ങളുടെ മേൽ തെറ്റില്ല. എന്നാൽ, നിങ്ങൾ വല്ല വീടുകളിലും പ്രവേശിക്കുന്നതായാൽ, നിങ്ങൾ നിങ്ങൾക്കു തന്നെ -അല്ലാഹുവിങ്കൽ നിന്നുള്ള പാവനമായ ഒരു അനുഗ്രഹീത ഉപചാരമെന്ന നിലക്ക്- സലാം ചൊല്ലണം. ഇപ്രകാരം, അല്ലാഹു നിങ്ങൾക്ക് ലക്ഷ്യങ്ങളെ വിവരിച്ചു തരുകയാണ് -നിങ്ങൾ മനസ്സിരുത്തുവാൻ വേണ്ടി.

അന്ധന്മാർ, മുടന്തന്മാർ, രോഗികൾ എന്നിവരുടെ കൂടെ ഭക്ഷണം തിന്നുന്നതിന് വിഷമമില്ല എന്ന് പറഞ്ഞതിന്റെ താൽപര്യം വിവരിക്കുന്നതിൽ മുൻഗാമികളായ മഹാന്മാർക്കിടയിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ കാണപ്പെടുന്നു. അവയിൽ പ്രബലമായ രണ്ട് അഭിപ്രായങ്ങൾ താഴെ പറയുന്നവയാകുന്നു.

സാധാരണ ആരോഗ്യവാന്മാരായ ആളുകളൊന്നിച്ച് ഭക്ഷണം കഴിക്കുമ്പോൾ ഇവർക്ക് മറ്റുള്ളവരെ പോലെ അത് പ്രയോജനപ്പെടുത്താനുള്ള കഴിവും സാമർത്ഥ്യവും ഇല്ലാത്തത് കൊണ്ട് അവരൊന്നിച്ച് ഭക്ഷണം കഴിക്കുന്നത് അന്യായമാണെന്ന് ചിലർ കരുതി വന്നിരുന്നു. എന്നാൽ അതിന് വിരോധമില്ലെന്ന് കാണിക്കുകയാണ് ഈ ആയത്തിന്റെ താൽപര്യം എന്നാണ് ഒരഭിപ്രായം.

മറ്റൊരു പ്രബല അഭിപ്രായം ഇപ്രകാരമാകുന്നു: മുസ്ലീംകൾ യുദ്ധ യാത്രകൾ ചെയ്യുമ്പോൾ അവരുടെ ബന്ധുക്കളും യുദ്ധത്തിന് പോകാൻ കഴിയാത്തവരുമായ മേൽ പറഞ്ഞ ആളുകളുടെ വശം, തങ്ങൾ മടങ്ങി വരുന്നത് വരെ ഭക്ഷണവും മറ്റും ഉപയോഗിച്ച് കൊള്ളുവാൻ തങ്ങളുടെ വീടുകളുടെ താക്കോൽ കൊടുത്തേൽപ്പിക്കുക പതിവായിരുന്നു. എന്നാൽ വീട്ടുടമസ്ഥരുടെ അഭാവത്തിൽ അവർ അതിന് മടിക്കുമായിരുന്നു. ഇങ്ങനെയുള്ള വിഷമങ്ങളൊന്നും സഹിക്കേണ്ടുന്ന ആവശ്യമില്ല എന്നാണ് ആയത്തിന്റെ താൽപര്യമെന്നത്രേ ഇബ്നു ജരീർ(റ) പോലെയുള്ള വ്യാഖ്യാതാക്കൾ പറയുന്നത്. الله اعلم

വികലാംഗരെ വീട്ടിൽ കയറ്റി ആഹാരം നൽകുന്ന കാര്യത്തിൽ വീട്ടുകാർക്കും മറ്റുള്ളവരോടൊപ്പം ഭക്ഷണം കഴിക്കുന്ന കാര്യത്തിൽ വികലാംഗർക്കും ഉണ്ടായിരുന്ന മന:പ്രയാസം ഒഴിവാക്കുകയാണ് ഈ വചനത്തിന്റെ ഉദ്ദേശ്യമെന്ന് പല വ്യാഖ്യാതാക്കളും വ്യക്തമാക്കിയിട്ടുണ്ട്.

ആയത്തിൽ പരാമർശിക്കപ്പെട്ട വീടുകളിൽ നിന്നെല്ലാം ഭക്ഷണം കഴിക്കുന്നതിന് വിഷമമില്ല എന്നതിന്റെ താൽപര്യം പ്രത്യേകം ക്ഷണിക്കാതെയും മറ്റും ഭക്ഷണം കഴിക്കുന്നതിൽ തെറ്റില്ല എന്നാകുന്നു. എന്നാൽ സാധാരണ മര്യാദയിൽ കവിഞ്ഞ് അമിതമായോ വീട്ടുകാരുടെ തൃപ്തി കൂടാതെയോ വീട്ടുകാർക്ക് ഏതെങ്കിലും വിഷമം നേരിടത്തക്ക വിധത്തിലോ ഒന്നും പാടില്ലാത്തതാകുന്നു.

പതിവായി ഭക്ഷണം കഴിക്കുമ്പോൾ ഒറ്റയായോ, കൂട്ടായോ മാത്രമേ ഭക്ഷണം കഴിക്കാവൂ എന്ന് നിർബന്ധമില്ലെങ്കിലും കൂടുതൽ ഉത്തമം കൂട്ടായി ഭക്ഷണം കഴിക്കുന്നതാണെന്നും അത്തരത്തിൽ ഭക്ഷണം കഴിക്കുന്നവർക്ക് ' ബർക്കത്ത് ' ഉണ്ടാകുമെന്നും നബി(സ)പ്രസ്താവിച്ചിരിക്കുന്നു. (ഇബ്നുമാജ)

“ നിങ്ങൾ ഏത് വീട്ടിൽ ചെല്ലുമ്പോഴും നിങ്ങൾ നിങ്ങൾക്ക് തന്നെ സലാം ചൊല്ലണം’’’ എന്ന വചനം പ്രത്യേകം ശ്രദ്ധേയമാണ്. നിങ്ങൾ പരസ്പരം സലാം പറയണമെന്നതും ആ സലാമിന്റെ ഫലം ലഭിക്കുന്നതും നിങ്ങൾക്ക് തന്നെയാണെന്നതും ആ വാക്ക് സൂചിപ്പിക്കുന്നു. ഒരു വീട്ടിൽ ചെല്ലുമ്പോൾ അവിടെ ആരെയും കാണാത്തപക്ഷം السلام علينا (നമുക്ക് സമാധാനം ഉണ്ടാകട്ടെ) എന്ന് സ്വന്തം ദേഹത്തിന് തന്നെ സലാം സലാം പറയേണ്ടതാണെന്ന് മുജാഹിദ് (റ) ഖത്താദ (റ) എന്നിവർ നിവേദനം ചെയ്തിരിക്കുന്നു.

സലാമിന്റെ പ്രാധാന്യം മനസ്സിലാക്കുവാൻ അല്ലാഹു അതിന് നൽകിയിട്ടുള്ള നാമ വിശേഷണങ്ങൾ ആലോചിച്ചാൽ തന്നെ മനസ്സിലാക്കാവുന്നതാണ്. അല്ലാഹുവിങ്കൽ നിന്നുള്ള ഉപചാര വാക്കാണത്. അവന്റെ വക കാഴ്ചയാണത്. അനുഗ്രഹീതവും അഭിവൃദ്ധിയുള്ളതും ആശീർവദിക്കപ്പെട്ടതുമാണത്. പരിപാവനവും പരിശുദ്ധവും ഹൃദയശുദ്ധിയോടു കൂടിയതുമാണാ, (സലാമിന്റെ) “നിങ്ങൾക്ക് ശാന്തി ഉണ്ടാകട്ടെ” എന്ന പ്രാർത്ഥനാ വചനം.

നിങ്ങൾ അന്യോന്യം സ്നേഹിക്കുവാനും അത് വഴി വിശ്വാസികളായി സ്വർഗ്ഗത്തിൽ പ്രവേശിക്കുവാനും വേണ്ടി നിങ്ങൾ നിങ്ങൾക്കിടയിൽ പരസ്പരം സലാം വർദ്ധിപ്പിക്കുവിൻ എന്ന നബിവചനം ഈയവസരത്തിൽ പ്രത്യേകം ശ്രദ്ധേയമാകുന്നു.

58ഉം 59ഉം വചനങ്ങളുടെ അന്ത്യത്തിൽ അല്ലാഹു പ്രസ്താവിച്ചതു പോലെ ഈ വചനത്തിലും അല്ലാഹു ആവർത്തിക്കുന്നു. “ നിങ്ങൾ മനസ്സിരുത്തുവാൻ വേണ്ടിയാണ് അല്ലാഹു ലക്ഷ്യങ്ങളെ ഇപ്രകാരം വിവരിച്ച് തരുന്നത്.’’ പ്രസ്താവിക്കപ്പെട്ട വിഷയങ്ങളുടെ ഗൗരവം പ്രകടമാക്കുന്നതാണാ വചനം.

## വിഭാഗം-9

**വചനം 62**

إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ ءَامَنُوا۟ بِٱللَّهِ وَرَسُولِهِۦ وَإِذَا كَانُوا۟ مَعَهُۥ عَلَىٰٓ أَمْرٍ جَامِعٍ لَّمْ يَذْهَبُوا۟ حَتَّىٰ يَسْتَـْٔذِنُوهُ ۚ إِنَّ ٱلَّذِينَ يَسْتَـْٔذِنُونَكَ أُو۟لَـٰٓئِكَ ٱلَّذِينَ يُؤْمِنُونَ بِٱللَّهِ وَرَسُولِهِۦ ۚ فَإِذَا ٱسْتَـْٔذَنُوكَ لِبَعْضِ شَأْنِهِمْ فَأْذَن لِّمَن شِئْتَ مِنْهُمْ وَٱسْتَغْفِرْ لَهُمُ ٱللَّهَ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٦٢﴾

62 നിശ്ചയമായും, അല്ലാഹുവിലും അവൻെറ റസൂലിലും വിശ്വസിച്ചവർ മാത്രമാണ് സത്യവിശ്വാസികൾ അവർ അദ്ദേഹത്തിൻെറ (റസൂലിൻെറ) കൂടെ പൊതുവായ ഒരു കാര്യത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്നാൽ, അദ്ദേഹത്തോട് സമ്മതം ചോദിക്കാതെ (വിട്ട്) പോകുന്നതല്ല. (നബിയേ!) നിശ്ചയമായും, യാതൊരു കൂട്ടർ നിന്നോട് സമ്മതം ചോദിക്കുന്നുവോ അക്കൂട്ടർ തന്നെയാണ് അല്ലാഹുവിലും, അവൻെറ റസൂലിലും വിശ്വസിക്കുന്നവർ. അതിനാൽ, അവർ തങ്ങളുടെ ചില കാര്യങ്ങൾക്കുവേണ്ടി(വിട്ട് പോകുവാൻ) നിന്നോട് സമ്മതം ചോദിക്കുന്നതായാൽ, അവരിൽനിന്ന് നീ ഉദ്ദേശിച്ചവർക്ക് സമ്മതം കൊടുത്തു കൊള്ളുക; അവർക്കുവേണ്ടി അല്ലാഹുവിനോട് പാപമോചനം തേടുകയും ചെയ്യുക. നിശ്ചയമായും, അല്ലാഹു പൊറുക്കുന്നവനും കരുണാനിധിയും ആകുന്നു.

‘അഹ്സാബ് ’ യുദ്ധവേളയിൽ, മദീനാ പരിസരങ്ങളിൽ മുസ്ലിംകൾ വമ്പിച്ച ഒരു കിടങ്ങ് കുഴിച്ചിരുന്നു. ഈ ജോലി നടന്നുകൊണ്ടിരിക്കെ കപട വിശ്വാസികളായ പലരും അതിൽ നിന്ന് ഒഴിഞ്ഞ് മാറി പോകുക പതിവായിരുന്നു. ഈ യുദ്ധത്തിൽ കപട വിശ്വാസികൾ മൂലം വേറെയും ചില ശല്യങ്ങൾ മുസ്ലീങ്ങൾക്ക് ഉണ്ടായിട്ടുണ്ട്. പ്രസ്തുത സംഭവമാണ് ഈ ആയത്തും അടുത്ത ആയത്തും അവതരിക്കുവാൻ ഹേതുവെന്ന് പറയപ്പെടുന്നു. الله اعلم

നബി(സ) തിരുമേനിയുടെ സാന്നിദ്ധ്യത്തിലും നേതൃത്വത്തിലും നടന്ന് കൊണ്ടിരിക്കുന്ന ഒരു സംരംഭത്തിൽ അച്ചടക്കവും അനുസരണവും പാലിക്കുകയെന്നത് സത്യവിശ്വാസത്തിന്റെ ലക്ഷണമാണെന്ന് അല്ലാഹു പ്രസ്താവിക്കുന്നു. ‘അവർ തങ്ങളുടെ ചില കാര്യങ്ങൾക്ക് വേണ്ടി സമ്മതം ചോദിച്ചാൽ നീ ഉദ്ദേശിക്കുന്നവർക്ക് സമ്മതം കൊടുത്ത് കൊള്ളുക’ എന്നതിന്റെ സാരം അവർ ഉന്നയിക്കുന്ന കാരണങ്ങൾ ന്യായീകരിക്കാവുന്നതും സമ്മതാർഹവുമാണെങ്കിൽ നബി(സ)ക്ക് യുക്തം പോലെ സമ്മതം കൊടുക്കാമെന്നാകുന്നു. എന്നാൽ അത്യാവശ്യ കാര്യങ്ങൾക്ക് അങ്ങനെ ഒഴിവായിപ്പോകുന്നവർക്ക് വേണ്ടി പോലും പാപമോചനം തേടണമെന്ന് അല്ലാഹു

തുടർന്ന് നിർദ്ദേശിക്കുന്നു.

പൊതുവായ കാര്യം എന്നതു കൊണ്ട് യുദ്ധകാര്യങ്ങൾ മാത്രമല്ല, പ്രസംഗം നടക്കുന്ന എല്ലാ നമസ്കാര യോഗങ്ങളും, സദുപദേശങ്ങൾ, കൂടിയാലോചനകൾ മുതലായവ നടക്കുന്ന സദസ്സുകളും ഉൾപ്പെടുമെന്ന് മുൻഗാമികളായ ചില പണ്ഡിതന്മാർ പ്രസ്താവിച്ചിരിക്കുന്നു. ഇമ്മാതിരി സന്ദർഭങ്ങളിൽ മുസ്ലീംകൾ പൊതുവിൽ അവരുടെ നേതാക്കളോട് അനുവർത്തിക്കേണ്ടുന്ന പൊതു മര്യാദയാണ് ഈ വചനത്തിലൂടെ നാം മനസ്സിലാക്കേണ്ടതെന്ന് ഹസൻ(റ) മുതലായ പലരും പറഞ്ഞതായി നിവേദനം ചെയ്യപ്പട്ടിരിക്കുന്നു.

**വചനം 63**

لَّا تَجْعَلُوا۟ دُعَآءَ ٱلرَّسُولِ بَيْنَكُمْ كَدُعَآءِ بَعْضِكُم بَعْضًا ۚ قَدْ يَعْلَمُ ٱللَّهُ ٱلَّذِينَ يَتَسَلَّلُونَ مِنكُمْ لِوَاذًا ۚ فَلْيَحْذَرِ ٱلَّذِينَ يُخَالِفُونَ عَنْ أَمْرِهِۦٓ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ ﴿٦٣﴾

63 നിങ്ങൾക്കിടയിൽവെച്ച് റസൂലിനെ വിളിക്കുന്നത്, നിങ്ങളിൽ ചിലർ ചിലരെ വിളിക്കുന്ന പ്രകാരമാക്കരുത്. നിങ്ങളിൽനിന്ന് ഒളിഞ്ഞുകൊണ്ട് ചോർന്ന് (കഴിച്ചലായി) പോകുന്നവരെ തീർച്ചയായും അല്ലാഹു അറിയുന്നതാണ്. ആകയാൽ, അദ്ദേഹത്തിൻെറ കൽപനക്ക് എതിരു പ്രവർത്തിക്കുന്നവർ, അവർക്ക് വല്ല പരീക്ഷണവും (ആപത്തും) ബാധിക്കുകയോ, അല്ലെങ്കിൽ വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് കരുതി(സൂക്ഷിച്ചു)കൊള്ളട്ടെ!

സാധാരണയായി ജനങ്ങൾ പരസ്പരം പേരും മറ്റും വിളിച്ച് സംബോധന ചെയ്യുന്നത് പോലെ നബി(സ) തിരുമേനിയെ സംബോധന ചെയ്യുവാൻ പാടില്ലെന്നും 'നബിയേ' 'റസൂലേ' എന്നിങ്ങനെ ആദരപൂർവ്വം മാത്രമേ വിളിക്കാവൂ എന്നുമാണ് അല്ലാഹു കൽപിക്കുന്നത്. വിശുദ്ധ ഖുർആനിൽ പോലും തിരുമേനിയെ 'മുഹമ്മദേ' എന്നോ 'മനഷ്യാ' എന്നോ അല്ലാഹു സംബോധന ചെയ്തിട്ടില്ല. 'നബിയേ' 'റസൂലേ' 'പുതപ്പിട്ടിരിക്കുന്ന ആളേ ' എന്നും മറ്റുമാണ് വിളിച്ചിട്ടുള്ളത്.

തുടർന്ന് കഴിഞ്ഞ ആയത്തിൽ ചൂണ്ടികാട്ടിയത് പോലെ പൊതുകാര്യങ്ങളിൽ നിന്ന് നബി(സ)യുടെ സമ്മതം കൂടാതെ ഉപായത്തിൽ ഒഴിഞ്ഞ് പോകുന്നവരെ പറ്റി അല്ലാഹു ശക്തിയായി താക്കീത് ചെയ്യുന്നു.അവരെ പറ്റി അല്ലാഹു ശരിക്ക് അറിയുമെന്ന് പറഞ്ഞതിന് പുറമേ, അവർ ഒന്നുകിൽ വല്ല പരീക്ഷണമോ, അല്ലെങ്കിൽ വേദനയേറിയ ശിക്ഷയോ പ്രതീക്ഷിച്ച് കൊള്ളട്ടെ എന്ന ശക്തമായ താക്കീതും നൽകുന്നു. എല്ലാ നല്ല പൊതുകാര്യങ്ങളിൽ നിന്നും ഏതെങ്കിലും തന്ത്രങ്ങൾ പറഞ്ഞ് മാറുന്നവരും ഈ താക്കീത് ഗൗനിക്കേണ്ടതാകുന്നു.

**വചനം 64**

أَلَآ إِنَّ لِلَّهِ مَا فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ قَدْ يَعْلَمُ مَآ أَنتُمْ عَلَيْهِ وَيَوْمَ يُرْجَعُونَ إِلَيْهِ فَيُنَبِّئُهُم بِمَا عَمِلُوا۟ ۗ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌۢ ﴿٦٤﴾

64 അല്ലാ! (അറിയുക) നിശ്ചയമായും, ആകാശങ്ങളിലും, ഭൂമിയിലും ഉള്ളത് (മുഴുവനും) അല്ലാഹുവിൻേറതാകുന്നു. നിങ്ങൾ ഏതൊരു നിലയിലാണുള്ളതെന്നും, അവർ (കപട വിശ്വാസികളായുള്ളവർ) അവൻെറ അടുക്കലേക്ക് മടക്കപ്പെടുന്ന ദിവസവും അവൻ തീർച്ചയായും അറിയുന്നു; അപ്പോൾ അവർ പ്രവർത്തിച്ചതിനെപ്പറ്റി അവൻ അവരെ ബോധ്യപ്പെടുത്തുന്നതാകുന്നു. അല്ലാഹു എല്ലാ കാര്യത്തെപ്പറ്റിയും അറിയുന്നവനാണ്.

ആകാശങ്ങളിലും ഭൂമിയിലും ഉള്ളതെല്ലാം അല്ലാഹുവിന്റേതാകുന്നു. കപട വിശ്വാസികളായുള്ളവർ അവന്റെ അടുക്കലേക്ക് മടക്കപ്പെടുന്നതെപ്പോഴാണെന്ന് സർവ്വജ്ഞനായ അല്ലാഹു അറിയുന്നു. അപ്പോൾ അവർ പ്രവർത്തിച്ചതിനെ പറ്റി അവൻ അവരെ ബോധ്യപ്പെടുത്തുന്നതാണ്.

അല്ലാഹുവിന്റെ നിയമ നിർദ്ദേശങ്ങൾ സ്വീകരിച്ചും നബി(സ) തിരുമേനിയുടെ ചര്യ അനുസരിച്ചും ജീവിക്കുന്ന സജ്ജനങ്ങളുടെ കൂട്ടത്തിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

# 25. സൂറത്തുൽ ഫുർഖാൻ (സത്യാസത്യ വിവേചനം)

മക്കയിൽ അവതരിച്ചത്

**വചനങ്ങൾ 77, വിഭാഗം (റുക്കൂഅ്) 10**

അദ്ധ്യായത്തിന്റെ ആദ്യ വചനത്തിൽ തന്നെ വിവേചന പ്രമാണത്തെ (ഫുർഖാൻ) കുറിച്ച് പരാമർശിക്കുന്നു.

## വിഭാഗം – 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ بسم الله الرحمن الرحيم

### വചനം 1, 2

1 ലോകർക്ക് താക്കീത് നൽകുന്നവനായിരിക്കുവാൻ വേണ്ടി തൻെറ അടിയാൻെറ മേൽ 'ഫുർഖാൻ' (വിവേചന പ്രമാണം) അവതരിപ്പിച്ചിട്ടുള്ളവൻ നൻമയേറിയവനാകുന്നു.

2 ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യമുള്ളവനത്രെ (അവൻ). അവൻ സന്താനം സ്വീകരിച്ചിട്ടുമില്ല; ആധിപത്യത്തിൽ അവന് ഒരു പങ്കാളിയും ഉണ്ടായിട്ടുമില്ല; എല്ലാ വസ്തുവെയും അവൻ സൃഷ്ടിച്ച് അതിന് ഒരു (ശരിയായ) നിർണ്ണയം നൽകുകയും ചെയ്തിരിക്കുന്നു.

تَبَارَكَ ٱلَّذِى نَزَّلَ ٱلْفُرْقَانَ عَلَىٰ عَبْدِهِۦ
لِيَكُونَ لِلْعَٰلَمِينَ نَذِيرًا ﴿١﴾

ٱلَّذِى لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ
وَلَمْ يَتَّخِذْ وَلَدًا وَلَمْ يَكُن لَّهُۥ شَرِيكٌ
فِى ٱلْمُلْكِ وَخَلَقَ كُلَّ شَىْءٍ فَقَدَّرَهُۥ
تَقْدِيرًا ﴿٢﴾

ലോകർക്കാകമാനം മുന്നറിയിപ്പും താക്കീതും നൽകുവാൻ വേണ്ടിയാണ് നബി(സ) തിരുമേനിക്ക് വിശുദ്ധ ഖുർആനാകുന്ന വിവേചന ഗ്രന്ഥം ( الفرقان ) അവതരിപ്പിച്ചുട്ടുള്ളതെന്ന വസ്തുത ഈ സൂറത്തിന്റെ ആരംഭത്തിൽ തന്നെ അല്ലാഹു നമ്മെ ഓർമ്മിപ്പിക്കുന്നു. ലോകർക്ക് നൽകിക്കൊണ്ടിരിക്കുന്ന എണ്ണമറ്റ അനുഗ്രഹങ്ങളിൽ, അതിമഹത്തായ ഖുർആൻ അവതരിപ്പിച്ച അവൻ അങ്ങേയറ്റം നന്മയേറിയവനും മഹാനുമാകുന്നു.

സത്യാസത്യങ്ങൾക്കും നന്മതിന്മകൾക്കുമിടയിൽ വിവേചനം ചെയ്യുന്ന പ്രമാണമാക കൊണ്ട് വിശുദ്ധ ഖുർആൻ ഫുർഖാൻ (വിവേചന ഗ്രന്ഥം) എന്നും അറിയപ്പെടുന്നു.

അല്ലാഹു അല്ലാത്ത എല്ലാം തന്നെ അവന്റെ സൃഷ്ടികളാകുന്നു. അവൻ എല്ലാത്തിന്റെയും സ്രഷ്ടാവും നിയന്താവും ഉടമസ്ഥനുമത്രേ. എന്നിരിക്കെ സൃഷ്ടികളിൽ പെട്ട ഏതെങ്കിലും ഒരു വസ്തുവെ – അത് മനുഷ്യനോ, ജിന്നോ, മലക്കോ, മറ്റോ ആകട്ടെ – അവന്റെ സന്താനമെന്നോ, സഹായിയെന്നോ, കൂട്ടാളിയെന്നോ കരുതുന്നതിൽ പരം നിരർത്ഥകവും നിന്ദ്യവുമായിട്ടു മറ്റെന്താണ് ഉള്ളത്.

### വചനം 3

3 അവനു പുറമെ പല ആരാധ്യൻമാരെയും അവർ സ്വീകരിച്ചിരിക്കുകയാണ്. അവർ (ആ ആരാധ്യൻമാർ) യാതൊരു വസ്തുവും സൃഷ്ടിക്കുന്നില്ല; അവരാകട്ടെ, സൃഷ്ടിക്കപ്പെടുകയുമാകുന്നു. തങ്ങൾക്കുതന്നെയും, വല്ല ഉപദ്രവമാകട്ടെ, അവർ സ്വാധീനമാക്കുന്നുമില്ല; അവർ മരണത്തെയാകട്ടെ, ജീവിതത്തെയാകട്ടെ, പുനരുത്ഥാനത്തെയാകട്ടെ, അധീനപ്പെടുത്തുന്നുമില്ല.

وَٱتَّخَذُوا۟ مِن دُونِهِۦٓ ءَالِهَةً لَّا يَخْلُقُونَ
شَيْـًٔا وَهُمْ يُخْلَقُونَ وَلَا يَمْلِكُونَ
لِأَنفُسِهِمْ ضَرًّا وَلَا نَفْعًا وَلَا يَمْلِكُونَ
مَوْتًا وَلَا حَيَوٰةً وَلَا نُشُورًا ﴿٣﴾

അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നതിന്റെ നിരർത്ഥതക്ക് നാല് കാരണങ്ങൾ അല്ലാഹു വിശദീകരിക്കുന്നു.

1) ആ ആരാധ്യർ യാതൊരു വസ്തുവിനേയും സൃഷ്ടിക്കാൻ കഴിവുള്ളരല്ല. 2) അവരാകട്ടെ സൃഷ്ടിക്കപ്പെട്ട വരുമാകുന്നു. 3) സ്വന്തം കാര്യത്തിൽ പോലും പര സഹായം കൂടാതെ ഒരു ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിവില്ലാത്തവരാണവർ 4) ജീവിതമോ മരണമോ മരണപ്പെട്ടവരുടെ പുനരുത്ഥാനമോ യാതൊന്നും അവരുടെ അധീനത്തിൽപെട്ടതല്ല.

ഇതെല്ലാം അല്ലാഹുവിന്റെ അധീനത്തിലും നിയന്ത്രണത്തിലും മാത്രം പെട്ടതാകുന്നു. എന്നി രിക്കെ അല്ലാഹുവിന് മാത്രമെ ഇലാഹായിരിക്കാൻ അർഹതയും ന്യായവുമുള്ളൂ.

**വചനം 4, 5, 6**

وَقَالَ ٱلَّذِينَ كَفَرُوٓاْ إِنْ هَٰذَآ إِلَّآ إِفْكٌ ٱفْتَرَىٰهُ وَأَعَانَهُۥ عَلَيْهِ قَوْمٌ ءَاخَرُونَ فَقَدْ جَآءُو ظُلْمًا وَزُورًا ﴿٤﴾ وَقَالُوٓاْ أَسَٰطِيرُ ٱلْأَوَّلِينَ ٱكْتَتَبَهَا فَهِىَ تُمْلَىٰ عَلَيْهِ بُكْرَةً وَأَصِيلًا ﴿٥﴾ قُلْ أَنزَلَهُ ٱلَّذِى يَعْلَمُ ٱلسِّرَّ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ إِنَّهُۥ كَانَ غَفُورًا رَّحِيمًا ﴿٦﴾

4 അവിശ്വസിച്ചവർ പറയുന്നു: ‘‘ഇത് ഒരു നുണയല്ലാതെ (മറ്റൊന്നും) അല്ല; അവൻ (നബി) അത് കെട്ടിയുണ്ടാക്കിയിരിക്കുകയാണ്; മറ്റു ചില ജനങ്ങൾ അവനെ സഹായിക്കുകയും ചെ യ്തിട്ടുണ്ട് ’’ . എന്നാൽ, (ഇതുമൂലം) അവർ അക്രമവും, വ്യാജവുമായി വന്നിരിക്കുകയാണ്.

5 അവർ പറയുന്നു: ‘‘പൂർവ്വികന്മാരുടെ ഐതി ഹ്യങ്ങളാണ് (അത്); അവൻ അതെഴുതി ച്ചെടുത്തിരിക്കുകയാണ് അങ്ങനെ, രാവിലെയും, വൈകുന്നേരവും അതവന് വായിച്ച് കേൾ പ്പിക്കപ്പെടുന്നു’’ (എന്ന്).

6 പറയുക (നബിയേ): ‘‘ആകാശങ്ങളിലും, ഭൂമിയിലുമുള്ള രഹസ്യം അറിയുന്നവൻ അത് അവതരിപ്പിച്ചിരിക്കുകയാണ്.’’ നിശ്ചയമായും, അവൻ വളരെ പൊറുക്കുന്നവനും, കരുണാ നിധിയുമാകുന്നു.

വിശുദ്ധ ഖുർആനെ നിഷേധിക്കുവാനായി മുശ്രിക്കുകൾ ജല്പിച്ച് കൊണ്ടിരുന്ന ചില വാദ ങ്ങൾ ഇപ്രകാരമായിരുന്നു.

“മുഹമ്മദ് ഓതിക്കേൾപ്പിക്കുന്ന ഈ ഖുർആൻ അല്ലാഹു അവതരിപ്പിച്ചതാണെന്ന് അവൻ വൃഥാവ്യാജം പറയുന്നതാണ്. യഹൂദന്മാരിൽ നിന്നും മറ്റുമായി പല കഥകളും ഇതിഹാസങ്ങളും മനസ്സി ലാക്കി അവ കൂട്ടിയിണക്കി. ഒരു പ്രത്യേക ശൈലിയിലും രൂപത്തിലുമായി അവൻ പടച്ചുണ്ടാക്കിയ താണ് ഖുർആൻ. അത് പൂർവ്വികന്മാരുടെ ഐതൃഹ്യങ്ങൾ മാത്രമാകുന്നു. മുഹമ്മദിന് എഴുത്തും വായ നയും അറിയാത്തത് കൊണ്ട് അത് അവന് രാവിലെയും വൈകുന്നേരവും (സദാ സമയങ്ങളിലും) വായിച്ച് കേൾപ്പിക്കപ്പെടുകയാണ് ചെയ്യുന്നത്.”

ആ നിഷേധികൾക്ക് ഇപ്രകാരം മറുപടി നൽകാൻ അല്ലാഹു നബി(സ)യോട് നിർദേശിക്കുന്നു. “അനിതര സാധാരണമായ സവിശേഷതകൾ നിറഞ്ഞ ഈ വിവേചന പ്രമാണഗ്രന്ഥം അവതരിപ്പിച്ചത് ആകാശഭൂമികളിലെ രഹസ്യങ്ങളും പരസ്യങ്ങളും അറിയുന്ന അല്ലാഹുവത്രേ. ഈ യാഥാർത്ഥ്യത്തെ നിഷേധിക്കുന്നവർ ശിക്ഷ അടിയന്തരമായി അർഹിക്കുന്നവരാണെങ്കിലും, അല്ലാഹു വളരെ പൊറുക്കു ന്നവനും കരുണാനിധിയുമാകുന്നു.”

**വചനം 7, 8, 9**

وَقَالُواْ مَالِ هَٰذَا ٱلرَّسُولِ يَأْكُلُ ٱلطَّعَامَ وَيَمْشِى فِى ٱلْأَسْوَاقِ ۙ لَوْلَآ أُنزِلَ إِلَيْهِ مَلَكٌ فَيَكُونَ مَعَهُۥ نَذِيرًا ﴿٧﴾

7 അവർ പറയുന്നു: ‘‘എന്താണ് ഈ റസൂലിന്? അദ്ദേഹം ഭക്ഷണം കഴിക്കുകയും, അങ്ങാടിക ളിൽകൂടി നടക്കുകയും ചെയ്യുന്നു! (ഇങ്ങി നെയാണോ റസൂലുകൾ?!) ‘‘അദ്ദേഹത്തി ങ്കലേക്ക് ഒരു ‘മലക്ക്’ ഇറക്കിക്കൊടുക്ക പ്പെടുകയും, എന്നിട്ട് (ആ മലക്ക്) തൻെറ ഒന്നിച്ച്

ഒരു താക്കീതുകാരനായിരിക്കുകയും ചെയ്യരുതോ?!''

8 ''അതല്ലെങ്കിൽ, അദ്ദേഹത്തിന് വല്ല നിക്ഷേപവും ഇട്ടുകൊടുക്കപ്പെടുകയോ, അല്ലെങ്കിൽ അദ്ദേഹത്തിന് (ഭക്ഷണം) തിന്നുമാറുള്ള ഒരു തോപ്പുണ്ടായിരിക്കുകയോ ചെയ്യരുതോ?!'' (ഈ) അക്രമികൾ പറയുകയാണ്: ''ആഭിചാരബാധിതനായ ഒരാളെയല്ലാതെ നിങ്ങൾ പിൻപറ്റുന്നില്ല'' എന്ന്!

أَوْ يُلْقَىٰٓ إِلَيْهِ كَنزٌ أَوْ تَكُونُ لَهُۥ جَنَّةٌ يَأْكُلُ مِنْهَا ۚ وَقَالَ ٱلظَّـٰلِمُونَ إِن تَتَّبِعُونَ إِلَّا رَجُلًا مَّسْحُورًا ﴿٨﴾

9 നോക്കുക: (നബിയേ) അവർ നിന്നെക്കുറിച്ച് ഉപമകൾ വിവരിച്ചതെങ്ങിനെയാണെന്ന്?! അങ്ങനെ, അവർ വഴിപിഴച്ചുപോയി; ആകയാൽ അവർക്ക് ഒരു മാർഗ്ഗവും (കണ്ടെത്തുവാൻ) സാധ്യമാകുകയില്ല.

ٱنظُرْ كَيْفَ ضَرَبُوا۟ لَكَ ٱلْأَمْثَـٰلَ فَضَلُّوا۟ فَلَا يَسْتَطِيعُونَ سَبِيلًا ﴿٩﴾

നബി (സ) തിരുമേനിയുടെ പ്രവാചകത്വത്തെ നിഷേധിക്കുന്ന മുശ്‌രിക്കുകളുടെ ജൽപനങ്ങളും അതിന്റെ മറുപടികളുമാണീ വചനങ്ങളിൽ:

സാധാരണ മനുഷ്യരെ പോലെ ഭക്ഷണം കഴിക്കുകയും, അങ്ങാടിയിൽ കൂടി നടക്കുകയും ചെയ്യുന്ന മുഹമ്മദ് എങ്ങനെയാണ് റസൂലായിരിക്കുവാൻ അർഹനാകുക. റസൂലായിരിക്കണമെങ്കിൽ മനുഷ്യാതീതമായ പ്രകൃതി വിശേഷങ്ങൾ ഉണ്ടായിരിക്കണമെന്ന് അവർ ധരിക്കുന്നു (ഈ ധാരണ കേവലം അബദ്ധമാണെന്ന് 20-ാം വചനത്തിൽ അല്ലാഹു പ്രസ്താവിക്കുന്നു. സു: അൽ കഹ്ഫ് : 110-ാം വചനത്തിന്റെ വിശദീകരണവും നോക്കുക). സാധാരണക്കാരും പ്രവാചകന്മാരും തമ്മിലുള്ള വ്യത്യാസം ആത്മീയവും മാനസികവുമായ ഗുണവിശേഷങ്ങളിലാണ് എന്ന വസ്തുത ആ നിഷേധികൾ മനസ്സിലാക്കുന്നില്ല.

മുഹമ്മദിന് ഒരു സഹായിയും സാക്ഷിയുമായി എന്ത്കൊണ്ട് ഒരു മലക്കിനെ ഇറക്കിക്കൊടുക്കുന്നില്ല? എന്ത്കൊണ്ട് അവന് സുഖമായി ജീവിക്കുന്നതിന് ഒരു നിക്ഷേപമോ, ഒരു തോട്ടമോ നൽകപ്പെടുന്നില്ല? എന്നിങ്ങനെ ബാലിശമായ ചോദ്യങ്ങൾ ഉന്നയിക്കുന്നതോടൊപ്പം അവർ സ്വയം തന്നെ ഒരു നിഗമനത്തിലെത്തുകയാണ്. "മുഹമ്മദിന് എന്തോ ആഭിചാര ബാധയേറ്റു, അവൻ എന്തൊക്കെയോ പറഞ്ഞ് കൊണ്ടിരിക്കുകയാണ്."

എന്നാൽ, ഇത്തരം വിഡ്ഢിത്തരങ്ങളും, ജല്പനങ്ങളും കേട്ടു, വ്യാകുലപ്പെടേണ്ടതില്ലെന്ന് നബി(സ)യെ അല്ലാഹു സമാശ്വസിപ്പിക്കുന്നു.

## വിഭാഗം 2

**വചനം 10**

10 യാതൊരുവൻ നൻമയേറിയവനാകുന്നു,- അവൻ ഉദ്ദേശിക്കുന്ന പക്ഷം (അവർ പറയുന്ന) അതിനെക്കാൾ ഉത്തമമായത്-താഴ്ഭാഗത്തുകൂടി നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന തോപ്പുകൾ-നിനക്ക് ഉണ്ടാക്കിത്തരുകയും, നിനക്ക് മണിമാളികകൾ ഉണ്ടാക്കിത്തരുകയും ചെയ്യുന്നതാണ് (അങ്ങിനെയുള്ളവൻ).

تَبَارَكَ ٱلَّذِىٓ إِن شَآءَ جَعَلَ لَكَ خَيْرًا مِّن ذَٰلِكَ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ وَيَجْعَل لَّكَ قُصُورًا ﴿١٠﴾

അവിശ്വാസികൾ ഉന്നയിച്ചതിനേക്കാൾ എത്രയോ മടങ്ങ് ഉത്തമമായത് ഇഹലോകത്ത് നൽകുവാൻ അല്ലാഹുവിന് ഒട്ടും പ്രയാസമില്ല. എന്നാൽ നബി(സ)ക്ക് നൽകുന്ന പ്രതിഫലം പരലോകത്ത് വച്ച് നൽകാനാണ് അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്.

**വചനം 11, 12, 13, 14**

بَلْ كَذَّبُوا۟ بِٱلسَّاعَةِ ۖ وَأَعْتَدْنَا لِمَن
كَذَّبَ بِٱلسَّاعَةِ سَعِيرًا ﴿١١﴾
إِذَا رَأَتْهُم مِّن مَّكَانٍۭ بَعِيدٍ سَمِعُوا۟ لَهَا
تَغَيُّظًا وَزَفِيرًا ﴿١٢﴾
وَإِذَآ أُلْقُوا۟ مِنْهَا مَكَانًا ضَيِّقًا مُّقَرَّنِينَ
دَعَوْا۟ هُنَالِكَ ثُبُورًا ﴿١٣﴾
لَّا تَدْعُوا۟ ٱلْيَوْمَ ثُبُورًا وَٰحِدًا وَٱدْعُوا۟
ثُبُورًا كَثِيرًا ﴿١٤﴾

11 എന്നാല്‍, (അത്രയുമല്ല) അവര്‍ അന്ത്യ സമയത്തെ വ്യാജമാക്കിയിരിക്കുകയാണ്. അന്ത്യ സമയത്തെ വ്യാജമാക്കിയവര്‍ക്ക് കത്തിജ്ജ്വലിക്കുന്ന നരകം നാം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

12 ദൂരസ്ഥലത്തുനിന്ന് അതവരെ കാണുമ്പോള്‍, അതിന് ഒരു (തരം) കോപം വമിക്കലും, ഇരമ്പലും അവര്‍ക്ക് കേള്‍ക്കാവുന്നതാണ്.

13 അതില്‍നിന്നും ഒരു ഇടുങ്ങിയ സ്ഥലത്ത് (ചങ്ങലകളില്‍) ബന്ധിക്കപ്പെട്ടവരായ നിലയില്‍ അവരെ ഇടുമ്പോള്‍, അവിടെ വെച്ച് അവര്‍ നാശം വിളിച്ചു പറയുന്നതാണ്.

14 "ഇന്ന് നിങ്ങള്‍ ഒരു നാശത്തെ (മാത്രം) വിളിക്കേണ്ടതില്ല, അനേകം നാശത്തെ വിളിച്ചു കൊള്ളുക." (ഇതായിരിക്കും അവര്‍ക്ക് മറുപടി.)

അന്ത്യ സമയത്തെ വ്യാജമാക്കിയ ആ അവിശ്വാസികള്‍ക്കായി കത്തിജ്വലിക്കുന്ന നരകം അല്ലാഹു ഒരുക്കിവെച്ചിരിക്കുന്നു. വളരെ അകലത്ത് പ്രത്യക്ഷപ്പെടുമ്പോഴേക്കും കേള്‍ക്കത്തവണ്ണം അതികഠിനമായിരിക്കും നരകത്തിലെ അഗ്നി ജ്വാലയുടെ വമിക്കലും ഇരമ്പലും. അതില്‍ അവരെ ചങ്ങലകളിലും ആമങ്ങളിലും ബന്ധിക്കപ്പെട്ട് കുടുസ്സായ സ്ഥലങ്ങളില്‍ പ്രവേശിപ്പിക്കപ്പെടുന്നതാണ്. 'നാശമേ' 'കഷ്ടമേ' എന്ന് വിളിച്ചു പറഞ്ഞു കരഞ്ഞു കൊണ്ടിരിക്കുന്ന അവര്‍ക്ക് 'ഇന്ന് നിങ്ങള്‍ ഒരു നാശത്തെ മാത്രം വിളിക്കേണ്ടതില്ല; അനേക നാശത്തെ വിളിച്ച് കൊള്ളുക' എന്ന് മറുപടിയായിരിക്കും ലഭിക്കുക.

**വചനം 15, 16**

قُلْ أَذَٰلِكَ خَيْرٌ أَمْ جَنَّةُ ٱلْخُلْدِ ٱلَّتِى
وُعِدَ ٱلْمُتَّقُونَ ۚ كَانَتْ لَهُمْ جَزَآءً
وَمَصِيرًا ﴿١٥﴾
لَّهُمْ فِيهَا مَا يَشَآءُونَ خَٰلِدِينَ ۚ
كَانَ عَلَىٰ رَبِّكَ وَعْدًا مَّسْـُٔولًا ﴿١٦﴾

15 (നബിയേ) പറയുക: "അതാണോ ഉത്തമം, അഥവാ ഭയഭക്തര്‍ക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ശാശ്വത സ്വര്‍ഗ്ഗമോ?" അത് (സ്വര്‍ഗ്ഗം) അവര്‍ക്ക് പ്രതിഫലവും മടങ്ങിച്ചെല്ലുന്ന ഭവനവും ആയിരിക്കുന്നതാണ്.

16 നിത്യവാസികളായിരിക്കുന്ന നിലയില്‍, തങ്ങള്‍ ഉദ്ദേശിക്കുന്ന ഏതൊന്നും അവര്‍ക്കതില്‍ ഉണ്ടായിരിക്കുന്നതാണ്. അക്കാര്യം, നിന്‍റെ റബ്ബിന്‍റെമേല്‍ ചോദ്യംചെയ്യപ്പെടാവുന്ന ഒരു വാഗ്ദാനമാകുന്നു.

സല്‍ക്കര്‍മ്മികളായ സത്യവിശ്വാസികള്‍ക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വര്‍ഗ്ഗീയ സൗഭാഗ്യം എത്രമാത്രം ഉത്തമമാകുന്നു. 'ഭയഭക്തന്മാര്‍ക്കുള്ള പ്രതിഫലം ശാശ്വത സ്വര്‍ഗ്ഗമാണെന്ന കാര്യം അല്ലാഹുവിന്‍റെ മേല്‍ ചോദ്യം ചെയ്യപ്പെടാവുന്ന വിധം ഉത്തരവാദപ്പെട്ട ഒരു വാഗ്ദാനമാകുന്നു' എന്ന അല്ലാഹുവിന്‍റെ വചനം സജ്ജനങ്ങളായ ആളുകളെ ആവേശം കൊള്ളിക്കുന്നതത്രേ.

**വചനം 17, 18, 19**

وَيَوْمَ يَحْشُرُهُمْ وَمَا يَعْبُدُونَ مِن
دُونِ ٱللَّهِ فَيَقُولُ ءَأَنتُمْ أَضْلَلْتُمْ عِبَادِى
هَٰٓؤُلَآءِ أَمْ هُمْ ضَلُّوا۟ ٱلسَّبِيلَ ﴿١٧﴾

17 അവരെയും, അല്ലാഹുവിനു പുറമെ അവര്‍ ആരാധിച്ചുവരുന്നതിനെയും അവന്‍ (അല്ലാഹു) ഒരുമിച്ചുകൂട്ടുന്ന ദിവസം, എന്നിട്ട് അവന്‍ (ആരാധ്യവസ്തുക്കളോട്) ചോദിക്കും: "എന്‍റെ ഈ അടിയാന്‍മാരെ നിങ്ങള്‍ വഴിപിഴപ്പി

ച്ചതാണോ, അഥവാ അവർ തന്നെ വഴിതെറ്റി പ്പോയതോ?!''

18 അവർ (ആരാധ്യവസ്തുക്കൾ) പറയും: ''നീ വളരെ പരിശുദ്ധൻ!'' നിനക്കു പുറമെ യാതൊരുവിധ രക്ഷാകർത്താക്കളെയും സ്വീകരിക്കുന്നത് ഞങ്ങൾക്ക് അനുയോജ്യമായിരുന്നില്ല. പിന്നെ, ഞങ്ങളെങ്ങിനെ അവരെ അതിന് പ്രേരിപ്പിക്കും?! പക്ഷേ, അവർക്കും അവരുടെ പിതാക്കൾക്കും നീ സുഖഭോഗം നൽകി; അങ്ങനെ, അവർ ഉൽബോധനം മറന്നുകളയുകയും, നശിച്ച ഒരു ജനതയായി ത്തീരുകയും ചെയ്തിരിക്കയാണ്.''

قَالُوا۟ سُبْحَـٰنَكَ مَا كَانَ يَنۢبَغِى لَنَآ أَن نَّتَّخِذَ مِن دُونِكَ مِنْ أَوْلِيَآءَ وَلَـٰكِن مَّتَّعْتَهُمْ وَءَابَآءَهُمْ حَتَّىٰ نَسُوا۟ ٱلذِّكْرَ وَكَانُوا۟ قَوْمًۢا بُورًا ﴿١٨﴾

19 (അല്ലാഹു പറയും:) ''ഇപ്പോൾ (ഇതാ) നിങ്ങൾ പറയുന്നതിൽ അവർ നിങ്ങളെ കളവാക്കി ക്കഴിഞ്ഞു. എനി (ശിക്ഷയെ) തിരിച്ചുകളയുവാനാകട്ടെ, സഹായം ലഭിക്കുവാനാകട്ടെ നിങ്ങൾക്ക് സാധ്യമാകുന്നതല്ല. ആർ നിങ്ങളിൽ നിന്ന് അക്രമം പ്രവർത്തിക്കുന്നുവോ അവനെ നാം വലുതായ ശിക്ഷ ആസ്വദിപ്പിക്കുന്ന താകുന്നു.''

فَقَدْ كَذَّبُوكُم بِمَا تَقُولُونَ فَمَا تَسْتَطِيعُونَ صَرْفًا وَلَا نَصْرًا ۚ وَمَن يَظْلِم مِّنكُمْ نُذِقْهُ عَذَابًا كَبِيرًا ﴿١٩﴾

ചില വിഭാഗങ്ങൾ, അല്ലാഹുവിന് പുറമെ ആരാധിച്ച് വരുന്ന നബിമാർ, മലക്കുകൾ മുതലായ ആരാധ്യരോട് അന്ത്യനാളിൽ അല്ലാഹു ഇപ്രകാരം ചോദിക്കുന്നതാണ്. ''എന്റെ ഈ അടിയാന്മാരെ നിങ്ങളാണോ വഴി പിഴപ്പിച്ചതു. അതോ, അവർ തന്നെ വഴി തെറ്റിപ്പോയതോ.''

അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തിക്കൊണ്ട് അവർ ഇപ്രകാരം പറയുന്നതാണ്. ''നിനക്ക് പുറമെ യാതൊരു രക്ഷാകർത്താക്കളെയും സ്വീകരിക്കാൻ ഞങ്ങൾക്ക് നിവൃത്തിയില്ലല്ലോ. എന്നിരിക്കെ ഞങ്ങളെ ആരാധിക്കുവാൻ ഞങ്ങളെങ്ങനെ അവരോട് ആവശ്യപ്പെടും. അവർക്കും അവരുടെ മുൻഗാമികൾക്കും നീ നൽകിയ സുഖഭോഗങ്ങളിൽ ലയിച്ച് അവർ ദിവ്യോൽബോധനം മറന്ന് സ്വയം നാശമടയുകയാണുണ്ടായത്.''

ഈ അവസരത്തിൽ അല്ലാഹു ആ ധിക്കാരികളെ അഭിമുഖീകരിച്ച് കൊണ്ട് പറയുന്ന വാക്കുകളാകുന്നു 19-ാം വചനത്തിൽ കാണുന്നത്.

**വചനം 20**

20 (നബിയേ) നിനക്കു മുമ്പ് 'മുർസലു'കളിൽ (ദൈവദൂതൻമാരിൽ) ഭക്ഷണം കഴിക്കുകയും, അങ്ങാടികളിൽ സഞ്ചരിക്കുകയും ചെയ്യാറുള്ള നിലയിൽ തന്നെയല്ലാതെ (ആരെയും) നാം അയക്കുകയുണ്ടായിട്ടില്ല. നിങ്ങളിൽ ചിലരെ (മറ്റു) ചിലർക്ക് നാം ഒരു പരീക്ഷണമാക്കി യിരിക്കുകയാണ്- നിങ്ങൾ സഹിക്കുമോ എന്ന്. നിൻെറ രക്ഷിതാവ് (എല്ലാം) വീക്ഷിച്ചു കൊണ്ടിരിക്കുന്നവനാകുന്നു.

وَمَآ أَرْسَلْنَا قَبْلَكَ مِنَ ٱلْمُرْسَلِينَ إِلَّآ إِنَّهُمْ لَيَأْكُلُونَ ٱلطَّعَامَ وَيَمْشُونَ فِى ٱلْأَسْوَاقِ ۗ وَجَعَلْنَا بَعْضَكُمْ لِبَعْضٍ فِتْنَةً أَتَصْبِرُونَ ۗ وَكَانَ رَبُّكَ بَصِيرًا ﴿٢٠﴾

അവിശ്വാസികൾ നബി(സ)യുടെ പ്രവാചകത്വത്തെ നിഷേധിച്ച് കൊണ്ട് നടത്തിയ

ആക്ഷേപങ്ങൾക്ക് (7-ാം വചനം നോക്കുക) അല്ലാഹുവിന്റെ മറുപടിയാകുന്നു ഈ വചനം. നബി(സ)ക്ക് മുമ്പുള്ള എല്ലാ മുർസലുകളും ഇത് പോലെ ഭക്ഷണം കഴിച്ചും ആവശ്യാനുസരണം അങ്ങാടികളിൽ കൂടി സഞ്ചരിക്കുകയും ചെയ്തുകൊണ്ട് തന്നെയാണ് ജീവിച്ചിരുന്നത്.

“നിങ്ങളിൽ ചിലരെ മറ്റ് ചിലർക്ക് നാം ഒരു പരീക്ഷണമാക്കിയിരിക്കുകയാണ്.” എന്ന് പറഞ്ഞത് ശ്രദ്ധേയമാകുന്നു. പ്രബോധകർക്ക് എതിരാളികളിൽ നിന്ന് പല തരത്തിലുള്ള എതിർപ്പുകളും വിഷമങ്ങളും നേരിടേണ്ടി വരുമ്പോൾ, ക്ഷമയും സഹനവും കൈകൊണ്ട് അവർ മുന്നോട്ട് പോകേണ്ടതാണ്. എല്ലാം അല്ലാഹു വീക്ഷിച്ച് കൊണ്ടിരിക്കുന്നുണ്ടെന്നുള്ള വസ്തുത അവർക്ക് മനസ്സമാധാനവും ആശയം പ്രദാനം ചെയ്യുന്നതുമാണ്.

**ജുസുഅ് - 19**

**വിഭാഗം - 3**

**വചനം 21, 22**

۞ وَقَالَ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا لَوْلَآ أُنزِلَ عَلَيْنَا ٱلْمَلَٰٓئِكَةُ أَوْ نَرَىٰ رَبَّنَا ۗ لَقَدِ ٱسْتَكْبَرُوا۟ فِىٓ أَنفُسِهِمْ وَعَتَوْ عُتُوًّا كَبِيرًا ﴿٢١﴾

يَوْمَ يَرَوْنَ ٱلْمَلَٰٓئِكَةَ لَا بُشْرَىٰ يَوْمَئِذٍ لِّلْمُجْرِمِينَ وَيَقُولُونَ حِجْرًا مَّحْجُورًا ﴿٢٢﴾

21 നാമുമായി കണ്ടുമുട്ടുന്നതിനെ പ്രതീക്ഷിക്കാത്തവർ പറയുന്നു: “നമ്മുടെ മേൽ മലക്കുകൾ ഇറക്കപ്പെടുകയോ, അല്ലെങ്കിൽ നമ്മുടെ റബ്ബിനെ നാം (നേരിൽ) കാണുകയോ ചെയ്തുകൂടേ?!” എന്ന്. തീർച്ചയായും, അവർ തങ്ങളുടെ മനസ്സിൽ (സ്വയം) ഗർവ്വ്നടിക്കുകയും, വലിയ ധിക്കാരം ധിക്കരിക്കുകയും ചെയ്തിരിക്കയാണ്!

22 മലക്കുകളെ അവർ കാണുന്ന ദിവസം-(ആ) കുറ്റവാളികൾക്ക് അന്ന്- സന്തോഷ വാർത്തയേ ഇല്ല. അവർ പറയുകയും ചെയ്യും: “ഭദ്രമായ തടസ്സം!” എന്ന്.

അല്ലാഹുവിന്റെ മുമ്പിൽ തങ്ങളുടെ ചെയ്തികളെക്കുറിച്ച് സമാധാനം ബോധിപ്പിക്കേണ്ടിവരുമെന്ന പ്രതീക്ഷയോ ഭയമോ ഇല്ലാത്ത അവിശ്വാസികൾ ധിക്കാരപൂർവ്വം ചോദിക്കുന്നു: “എന്ത് കൊണ്ടാണ് മലക്കുകൾ ഞങ്ങളുടെ അടുക്കൽ നേരെ ഇറക്കപ്പെടാത്തത്? അല്ലാഹു തന്നെ ഞങ്ങളുമായി നേരിൽ കണ്ട് ഉപദേശിക്കാത്തതെന്താണ്”

എന്നാൽ ആ ധിക്കാരികൾ മലക്കുകളെ നേരിൽ കാണുന്ന ഒരു ദിവസം വരാനിരിക്കുന്നു. അന്ന് ശാപകോപങ്ങളുടെ വാർത്തകളും ശിക്ഷാ നടപടികളുടെ ദുരനുഭവങ്ങളുമല്ലാതെ സന്തോഷത്തിന്റെ കണികപോലും ആ അഹങ്കാരികൾ ആസ്വദിക്കാൻ പോകുന്നില്ല. എല്ലാ വിധ സന്തോഷവും ഭദ്രമാം വണ്ണം നിങ്ങൾക്ക് തടയപ്പെട്ടിരിക്കുന്നു എന്ന് അവരോട് മലക്കുകൾ പറയുന്നതുമാണ്.

**വചനം 23, 24**

وَقَدِمْنَآ إِلَىٰ مَا عَمِلُوا۟ مِنْ عَمَلٍ فَجَعَلْنَٰهُ هَبَآءً مَّنثُورًا ﴿٢٣﴾

أَصْحَٰبُ ٱلْجَنَّةِ يَوْمَئِذٍ خَيْرٌ مُّسْتَقَرًّا وَأَحْسَنُ مَقِيلًا ﴿٢٤﴾

23 അവർ (അവിശ്വാസികൾ) കർമ്മമായിട്ട് (എന്തെങ്കിലും) പ്രവർത്തിച്ചിട്ടുള്ളതിൻെറ നേരെ ചെന്ന് അതിനെ നാം ചിതറിയ ധൂളി (പോലെ) യാക്കിത്തീർക്കുകയും ചെയ്യുന്നതാണ്.

24 സ്വർഗ്ഗവാസികൾ അന്നേ ദിവസം, ഭവനം നല്ലവരും, വിശ്രമസ്ഥലം കൂടുതൽ മെച്ചപ്പെട്ടവരുമായിരിക്കും.

അവിശ്വാസികൾ ഇഹത്തിൽ വെച്ച് വല്ല സൽക്കർമ്മങ്ങളും ചെയ്തിട്ടുണ്ടെങ്കിൽ അത് പരലോകത്ത് അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെടുന്നതല്ല. ഈ വസ്തുത ഖുർആനിൽ പലേടത്തും ആവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്.

**വചനം 25, 26**

وَيَوْمَ تَشَقَّقُ ٱلسَّمَآءُ بِٱلْغَمَـٰمِ وَنُزِّلَ ٱلْمَلَـٰٓئِكَةُ تَنزِيلًا ﴿٢٥﴾
ٱلْمُلْكُ يَوْمَئِذٍ ٱلْحَقُّ لِلرَّحْمَـٰنِ ۚ وَكَانَ يَوْمًا عَلَى ٱلْكَـٰفِرِينَ عَسِيرًا ﴿٢٦﴾

25 മേഘപടലവും കൊണ്ട് ആകാശം പൊട്ടിപ്പിളരുകയും, മലക്കുകൾ ഒരു (ശക്തിമത്തായ) ഇറക്കപ്പെടൽ ഇറക്കപ്പെടുകയും ചെയ്യുന്ന ദിവസം,-
26 അന്ന് യഥാർത്ഥമായ രാജാധിപത്യം പരമകാരുണികനത്രെ: അത് അവിശ്വാസികൾക്ക് പ്രയാസമേറിയ ഒരു ദിവസമായിരിക്കുന്നതുമാണ്.

സൂര്യചന്ദ്രനക്ഷത്രാദി ഗ്രഹങ്ങളടക്കമുള്ള വാന മണ്ഡലം പൊട്ടിപ്പിളരുന്ന ആ അന്ത്യനാളിൽ, സാക്ഷികളായും നന്മതിന്മകളുടെ രേഖകൾ സമർപ്പിക്കുന്നവരായും മലക്കുകൾ കൂട്ടം കൂട്ടമായി ഇറക്കപ്പെടുന്നതാണ്. അന്ന് പരിപൂർണ്ണമായ രാജാധിപത്യം പരമകാരുണികനായ അല്ലാഹുവിന് മാത്രമാകുന്നു. അമ്പതിനായിരം കൊല്ലത്തോളം ദൈർഘ്യം വരുന്ന ആ ഭയങ്കര ദിവസം അവിശ്വാസികൾക്ക് അങ്ങേയറ്റം കഠിനതരവും പ്രയാസമേറിയതുമായിരിക്കും. സത്യവിശ്വാസികൾക്കാകട്ടെ, ഒരു ഫർള് നമസ്കാരം നമസ്കരിക്കുന്നത്ര സമയം പോലെയായി അത് ലഘൂകരിക്കപ്പെടുന്നതാണെന്ന് നബി(സ) തിരുമേനി പ്രസ്താവിച്ചിരിക്കുന്നു.

**വചനം 27, 28, 29**

وَيَوْمَ يَعَضُّ ٱلظَّالِمُ عَلَىٰ يَدَيْهِ يَقُولُ يَـٰلَيْتَنِى ٱتَّخَذْتُ مَعَ ٱلرَّسُولِ سَبِيلًا ﴿٢٧﴾
يَـٰوَيْلَتَىٰ لَيْتَنِى لَمْ أَتَّخِذْ فُلَانًا خَلِيلًا ﴿٢٨﴾
لَّقَدْ أَضَلَّنِى عَنِ ٱلذِّكْرِ بَعْدَ إِذْ جَآءَنِى ۗ وَكَانَ ٱلشَّيْطَـٰنُ لِلْإِنسَـٰنِ خَذُولًا ﴿٢٩﴾

27 അക്രമകാരിയായുള്ളവൻ (വ്യസനഭാരത്താൽ) തൻെറ കൈകൾ കടിക്കുന്ന ദിവസം, അവൻ പറയും; "അഹോ! ഞാൻ റസൂലിൻെറ കൂടെ ഒരു മാർഗ്ഗം സ്വീകരിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ!
28 "എൻെറ കഷ്ടമേ! ഇന്നവനെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നുവെങ്കിൽ നന്നായേനെ!
29 "എനിക്ക് ബോധനം വന്നെത്തിയതിനുശേഷം, അവനെന്നെ അതിൽനിന്ന് വഴിപിഴപ്പിച്ചു കളഞ്ഞുവല്ലോ!" പിശാച് മനുഷ്യനെ കൈവെടിയുന്നവനാകുന്നു.

അന്യരുടെ ദുർബോധനങ്ങൾക്ക് വശം വദരായി വഴി പിഴച്ച അക്രമികൾ അന്നേ ദിവസം തന്നത്താൻ പറയുന്നതാണ്- "ഞാൻ റസൂലിന്റെ മാർഗ്ഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായേനെ, പിശാചിനെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നുവെങ്കിൽ എത്ര നന്നായേനെ."

മനുഷ്യന്റെ രക്ഷാമാർഗ്ഗം മുഴുവൻ തടയപ്പെടുന്നത് വരെ പിശാച് ഒരിക്കലും തൃപ്തി അടയുന്നതല്ല. അത് സാധിച്ച് കഴിഞ്ഞാൽ പിശാച് മനുഷ്യനെ കൈവെടിയുന്നവനാകുന്നു. അവനെ കുറിച്ച് മനുഷ്യൻ സദാ ജാഗരൂകനായിരിക്കേണ്ടതാണ്.

ഈ ആയത്തുകളുടെ അവതരണ ഹേതുവായി പല ഖുർആൻ വ്യാഖ്യാതാക്കളും താഴെ കാണുന്ന സംഭവം ഉദ്ധരിച്ചിരിക്കുന്നു.

അവിശ്വാസിയായ ഉഖുബത്ത് ബിൻ അബൂമുഐത്ത് ഒരു ദിവസം നബി(സ) തിരുമേനിയെ വിരുന്നിന് ക്ഷണിച്ചു. നബി(സ) വിസമ്മതം പ്രകടിപ്പിച്ചപ്പോൾ തന്റെ ക്ഷണം തിരുമേനിയെക്കൊണ്ട്

സ്വീകരിപ്പിക്കാനായി അയാൾ ആത്മാർത്ഥതയില്ലാതെ ഇസ്ലാമിന്റെ സാക്ഷ്യവാക്യങ്ങൾ ഉച്ചരിക്കുകയുണ്ടായി. ഇതറിഞ്ഞ അയാളുടെ സുഹൃത്തായ ഉബയ്യുബ്നു ഖലഫ് എന്നയാൾ ഉഖുബത്തിനെ ആക്ഷേപിക്കുകയും, മുഹമ്മദിന്റെ പിരടിക്ക് ചവിട്ടുകയും മുഖത്ത് തുപ്പുകയും ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു. അയാൾ അപ്രകാരം ചെയ്യുകയും ചെയ്തു. ഈ അവസരത്തിൽ നബി(സ) ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി "താൻ മക്കയിൽ നിന്ന് വെളിയിൽ പോകുന്ന പക്ഷം തന്റെ തലക്ക്മീതെ, വാൾ വീഴാതെ ഞാൻ കാണുകയുണ്ടാവുകയില്ല."

തിരുമേനിയുടെ പ്രവചനം പോലെ തന്നെ ഉഖുബത്ത് ബദ്റ് യുദ്ധത്തിൽ അലി(റ)യുടെ കൈക്കും, ഉബയ്യ് ആകട്ടെ ഉഹ്ദ് യുദ്ധത്തിൽ തിരുമേനിയുടെ കരങ്ങളാൽ കുന്തം കൊണ്ട് കിട്ടിയ പരുക്ക് മൂലവും കൊല്ലപ്പെട്ട് നരകാവകാശികളായിത്തീരുകയുണ്ടായി.

**വചനം 30, 31**

وَقَالَ ٱلرَّسُولُ يَـٰرَبِّ إِنَّ قَوْمِى ٱتَّخَذُوا۟ هَـٰذَا ٱلْقُرْءَانَ مَهْجُورًا ﴿٣٠﴾ وَكَذَٰلِكَ جَعَلْنَا لِكُلِّ نَبِىٍّ عَدُوًّا مِّنَ ٱلْمُجْرِمِينَ ۗ وَكَفَىٰ بِرَبِّكَ هَادِيًا وَنَصِيرًا ﴿٣١﴾

30 റസൂൽ പറയുന്നു: "എൻെറ രക്ഷിതാവേ, എൻെറ ജനങ്ങൾ ഈ ഖുർആനെ വർജ്ജിക്കപ്പെട്ടതാക്കിക്കളഞ്ഞു!"

31 അപ്രകാരം തന്നെ, ഓരോ പ്രവാചകന്നും കുറ്റവാളികളിൽപെട്ട ഓരോ (തരം) ശത്രുവെ നാം ഏർപ്പെടുത്തിയിരിക്കുന്നു. മാർഗ്ഗദർശകനായും, സഹായകനായും നിൻെറ രക്ഷിതാവ് തന്നെ മതി.

തൗഹീദിലേക്കും ഖുർആനിലേക്കും പല വിധത്തിൽ ക്ഷണിച്ച് നോക്കിയിട്ടും മർക്കട മുഷ്ടി കൈവിടാതിരുന്ന അവിശ്വാസികളെ പറ്റി നബി(സ) തിരുമേനി അല്ലാഹുവിനോട് സങ്കടപ്പെട്ടു: "എന്റെ രക്ഷിതാവേ, എന്റെ ജനങ്ങൾ ഈ മഹത്തായ ഖുർആനെ പാടെ അവഗണിച്ചിരിക്കുന്നു. നിന്റെ വാഗ്ദാനങ്ങളും താക്കീതുകളും അവർ വക വെക്കുന്നില്ല...."

അല്ലാഹു നബി(സ)യെ ഇപ്രകാരം ആശ്വസിപ്പിക്കുന്നു: "താങ്കൾക്ക് മാത്രമല്ല, മുൻപുള്ള എല്ലാ നബിമാർക്കും, പാപകൃത്യങ്ങളിലും കുറ്റകരമായ അതിക്രമങ്ങളിലും മുഴുകിയ ഓരോ തരം ശത്രുക്കൾ ഉണ്ടായിരുന്നു. തൽക്കാലം ക്ഷമ കൈകൊള്ളുക. തനിക്ക് യഥാർത്ഥ മാർഗ്ഗ ദർശനവും സഹായവും നൽകാൻ രക്ഷിതാവായ ഞാൻ തന്നെ മതി."

**വചനം 32**

وَقَالَ ٱلَّذِينَ كَفَرُوا۟ لَوْلَا نُزِّلَ عَلَيْهِ ٱلْقُرْءَانُ جُمْلَةً وَٰحِدَةً ۚ كَذَٰلِكَ لِنُثَبِّتَ بِهِۦ فُؤَادَكَ ۖ وَرَتَّلْنَـٰهُ تَرْتِيلًا ﴿٣٢﴾

32 അവിശ്വസിച്ചവർ പറയുന്നു: "അദ്ദേഹത്തിന് (നബിക്ക്) ഖുർആൻ ഒട്ടാകെ ഒന്നായി ഇറക്കപ്പെടാത്തതെന്താണ്?" എന്ന്! അപ്രകാരം (പല പ്രാവശ്യമായി അവതരിച്ചത്) തന്നെയാണ്. (നബിയേ) നിൻെറ ഹൃദയത്തെ അതുകൊണ്ട് നാം സ്ഥിരപ്പെടുത്തേണ്ടതിന് വേണ്ടിയാകുന്നു (അത്). നാം അത് ശരിക്ക് സാവകാശക്രമം ഓതിത്തരുകയും ചെയ്തിരിക്കുകയാണ്.

നബി(സ)യെയും ഖുർആനെയും ആക്ഷേപിക്കുക പതിവാക്കിയ അവിശ്വാസികളുടെ ഒരു ജല്പനമാണിത് "ഖുർആൻ എന്ത്കൊണ്ടാണ് പല പ്രാവശ്യങ്ങളായി കുറേശ്ശെ മാത്രം അവതരിച്ച് കൊണ്ടിരിക്കുന്നത്. എന്ത്കൊണ്ട് അത് ഒരൊറ്റ പ്രാവശ്യമായി ഒന്നിച്ച് അവതരിക്കുന്നില്ല."

ഖുർആൻ കുറേശ്ശെ കുറേശ്ശെയായി സന്ദർഭാനുസരണം അവതരിച്ച് കൊണ്ടിരിക്കുന്നതിന്റെ കാരണം അല്ലാഹു ചൂണ്ടിക്കാണിക്കുന്നു: "നബിയേ നിന്റെ ഹൃദയത്തെ അത്കൊണ്ട് നാം സ്ഥിരപ്പെടുത്തുന്നതിന് വേണ്ടിയാകുന്നു (അത്)."

ഇത്തരം ഒരു സംവിധാനത്തിൽ താഴെ കാണുന്ന സദ്ഫലങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് കാണാവുന്നതാണ്.

നബി(സ) എഴുത്തും വായനയും അറിയാത്ത ആളായതിനാൽ ഖുർആൻ പഠിക്കുവാനും മനഃപാഠമാക്കാനും അത് സഹായകമാകുന്നു.

ഒറ്റ പ്രാവശ്യമായി അവതരിക്കുന്ന പക്ഷം ഖുർആനിലടങ്ങിയ നിയമനിർദ്ദേശങ്ങളെല്ലാം ഒറ്റയടിക്ക് അനുഷ്ഠിക്കാനും നടപ്പിൽ വരുത്തുവാനും വിഷമകരമായിത്തീരുമല്ലോ.

ജിബ്രീലു(അ)മായി ഇടക്കിടെയുണ്ടായിക്കൊണ്ടിരിക്കുന്ന ബന്ധം നബി(സ)യുടെ ഹൃദയദാർഢ്യത്തിനും മനസ്സമാധാനത്തിനും ഉപയുക്തമാകുന്നു.

ജനങ്ങളിൽ നിന്നുണ്ടാകുന്ന ചോദ്യങ്ങൾക്കും സംശയങ്ങൾക്കും അപ്പപ്പോൾ ദിവ്യസന്ദേശങ്ങൾ മുഖേന പരിഹാരമാർഗ്ഗം ലഭ്യമാകുന്നു.

ദീർഘകാലമായി സമൂഹത്തിൽ അടിയുറച്ച് കഴിഞ്ഞിട്ടുള്ള വിശ്വാസങ്ങളും ആചാരങ്ങളും താൽക്കാലിക നിയമങ്ങൾ വഴി അയവ് വരുത്തിയ ശേഷം കണിശമായ സ്ഥിര നിയമങ്ങളിലൂടെ പുതിയ ആചാരങ്ങളും വഴക്കവും നിലവിൽ വരുത്താൻ സഹായകമാകുന്നു.

ഖുർആനോട് കിടനിൽക്കുന്ന ഒരു വചനമെങ്കിലും കൊണ്ട് വരാനുള്ള അല്ലാഹുവിന്റെ വെല്ലുവിളി നേരിടുവാൻ, അതിന്റെ ശത്രുക്കൾക്ക് അതിനുള്ള അവസരം നീണ്ട് നിൽക്കുവാനും, അവരുടെ പരാജയം കൂടുതൽ ബോധ്യപ്പെടുവാനും അത് സഹായകമാകുന്നു.

സു: ഇസ്രാഅ്: 106-ാം വചനത്തിൽ അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നത് കാണാം.

“ഖുർആനെ നാം വേർ തിരിച്ച് വിശദീകരിക്കുകയും ചെയ്തിരിക്കുന്നു. അതിനെ നീ മനുഷ്യർക്ക് സാവധാനത്തിൽ ഓതിക്കൊടുക്കുവാൻ വേണ്ടി. അതിനെ നാം ക്രമേണയായ ഇറക്കൽ ഇറക്കുകയും ചെയ്തിരിക്കുന്നു.”

**വചനം 33, 34**

وَلَا يَأْتُونَكَ بِمَثَلٍ إِلَّا جِئْنَٰكَ بِٱلْحَقِّ وَأَحْسَنَ تَفْسِيرًا ﴿٣٣﴾

33 (നബിയേ) അവർ നിൻെറ അടുക്കൽ ഏതൊരു മാതൃകയും (ഏതുതരം പ്രശ്നവും) കൊണ്ടു വരുന്നതായാലും, നിനക്ക് യഥാർത്ഥവും, ഏറ്റവും നല്ലവിവരണവും നാം കൊണ്ടുവന്ന് തരാതിരിക്കയില്ല.

ٱلَّذِينَ يُحْشَرُونَ عَلَىٰ وُجُوهِهِمْ إِلَىٰ جَهَنَّمَ أُو۟لَٰٓئِكَ شَرٌّ مَّكَانًا وَأَضَلُّ سَبِيلًا ﴿٣٤﴾

34 തങ്ങളുടെ മുഖങ്ങളിലായി (തല കീഴായി) നരകത്തിലേക്ക് ഒരുമിച്ചു കൂട്ടപ്പെടുന്നവരാകട്ടെ, അങ്ങനെയുള്ളവർ, സ്ഥാനം ഏറ്റവും ചീത്തപ്പെട്ടവരും, മാർഗ്ഗം ഏറ്റവും പിഴച്ചവരുമത്രെ.

അവിശ്വാസികൾ സമയാസമയങ്ങളിൽ തിരുമേനിയുടെ അടുക്കൽ ഉന്നയിക്കുന്ന ഏത് തരം ആരോപണങ്ങളേയും പ്രശ്നങ്ങളേയും സത്യവും ന്യായവും ആയ മാർഗ്ഗേണ തട്ടിത്തകർക്കുമാറ് ഏറ്റവും നല്ല വ്യാഖ്യാനവും വിവരണവും നാം നൽകുന്നതാണെന്ന് നബി(സ)ക്ക് അല്ലാഹു ഉറപ്പ് കൊടുക്കുന്നു. ആ കുബുദ്ധികളുടെ പര്യവസാനം നരകത്തിലേക്കാണെന്നും അവരെ ഏറ്റവും നിന്ദ്യമായ നിലയിൽ മുഖം കുത്തിക്കൊണ്ടായിരിക്കും അതിലേക്ക് കൊണ്ട് വരപ്പെടുക എന്നും അറിയിക്കുകയും ചെയ്യുന്നു.

ഖിയാമത്ത് നാളിൽ ഒരു വിഭാഗം ആൾക്കാർ മുഖം കുത്തിയവരായി കൊണ്ട് വരപ്പെടും എന്ന് നബി(സ) ഒരിക്കൽ പ്രസ്താവിച്ചപ്പോൾ സഹാബികൾ ചോദിക്കുകയുണ്ടായി : “റസൂലേ എങ്ങനെയാണ് മുഖത്തിന്മേൽ നടക്കുക.”

റസൂൽ (സ) പ്രതിവചിച്ചു : “ഇഹലോകത്തിൽ അവനെ രണ്ടു കാലുകളിൽ നടത്തിയിട്ടുള്ളവൻ, ഖിയാമത്ത് നാളിൽ അവനെ അവന്റെ മുഖത്തിന്മേൽ നടത്തുവാൻ കഴിവുള്ളവനല്ലയോ?”

**വിഭാഗം - 4**

**വചനം 35, 36**

35 മൂസാക്ക് നാം വേദഗ്രന്ഥം നൽകുകയുണ്ടായി. അദ്ദേഹത്തിൻെറ കൂടെ തൻെറ സഹോദരൻ ഹാറൂനെ നാം സഹായിയായി നിശ്ചയിക്കുകയും ചെയ്തു.

36 എന്നിട്ട് നാം (അവരോട്) പറഞ്ഞു: “നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയ ആ ജനതയുടെ അടുക്കലേക്ക് നിങ്ങൾ (രണ്ടുപേരും) പോയിക്കൊള്ളുക.” (ജനത അവരെ വ്യാജമാക്കി.) അപ്പോൾ, അവരെ നാം പാടെ തകർത്തുനശിപ്പിച്ചു.

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَٰبَ وَجَعَلْنَا
مَعَهُۥٓ أَخَاهُ هَٰرُونَ وَزِيرًا ٣٥
فَقُلْنَا ٱذْهَبَآ إِلَى ٱلْقَوْمِ ٱلَّذِينَ كَذَّبُوا۟
بِـَٔايَٰتِنَا فَدَمَّرْنَٰهُمْ تَدْمِيرًا ٣٦

‘നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയ ജനത’ എന്ന് പറഞ്ഞത് ഫിർഔൻനേയും അവന്റെ ജനങ്ങളേയും ഉദ്ദേശിച്ചാകുന്നു. അവരുടെ ചരിത്രം സു: ത്വാഹാ യിൽ സവിസ്തരം പ്രതിപാദിക്കപ്പെട്ടിട്ടുള്ളതാകുന്നു.

**വചനം 37, 38, 39**

37 നൂഹിൻെറ ജനങ്ങളെയും തന്നെ, അവർ റസൂലുകളെ വ്യാജമാക്കിയപ്പോൾ നാം മുക്കി നശിപ്പിച്ചു. അവരെ മനുഷ്യർക്ക് നാം ഒരു ദൃഷ്ടാന്തമാക്കിത്തീർക്കുകയും ചെയ്തു. അക്രമകാരികൾക്ക് വേദനയേറിയ ശിക്ഷ നാം തയ്യാറാക്കി വെക്കുകയും ചെയ്തിരിക്കുന്നു.

38 ‘ആദി’നെയും, ‘ഥമൂദി’നെയും, ‘റസ്സ്’കാരെയും, അതിനിടയിലായി അനേകം തലമുറകളെയും (നാം നശിപ്പിച്ചിട്ടുണ്ട്).

39 എല്ലാവർക്കുംതന്നെ, നാം ഉദാഹരണങ്ങൾ വിവരിച്ചുകൊടുത്തു. (അവരത് നിരസിച്ചു കളഞ്ഞു;) എല്ലാവരെയും നാം പാടെ നശിപ്പിച്ചു കളയുകയും ചെയ്തു.

وَقَوْمَ نُوحٍ لَّمَّا كَذَّبُوا۟ ٱلرُّسُلَ أَغْرَقْنَٰهُمْ
وَجَعَلْنَٰهُمْ لِلنَّاسِ ءَايَةً ۖ وَأَعْتَدْنَا
لِلظَّٰلِمِينَ عَذَابًا أَلِيمًا ٣٧
وَعَادًا وَثَمُودَا۟ وَأَصْحَٰبَ ٱلرَّسِّ وَقُرُونًۢا
بَيْنَ ذَٰلِكَ كَثِيرًا ٣٨
وَكُلًّا ضَرَبْنَا لَهُ ٱلْأَمْثَٰلَ ۖ وَكُلًّا
تَبَّرْنَا تَتْبِيرًا ٣٩

നൂഹ് നബി(അ)യുടെ ജനത റസൂലുകളെ വ്യാജമാക്കിയപ്പോൾ മനുഷ്യർക്ക് ദൃഷ്ടാന്തമായി അവരെ -അല്ലാഹു മുക്കി നശിപ്പിച്ചു. ഹൂദ്(അ) നബിയുടെ സമുദായമായ ‘ആദ്’ ഗോത്രവും സ്വാലിഹ്(അ) നബിയുടെ സമുദായമായ ‘ഥമൂദ്’ ജനതയും ‘റസ്സ്’ സമുദായവും മറ്റനേകം തലമുറകളും അവരുടെ പ്രവാചകന്മാരെ നിഷേധിക്കുകയാൽ അല്ലാഹുവിന്റെ കോപത്തിനും ഭയങ്കര ശിക്ഷകൾക്കും പാത്രീഭൂതരായിട്ടുണ്ട്. എല്ലാ സമുദായങ്ങൾക്കും ഉപമകളും ലക്ഷ്യങ്ങളും സഹിതം ഉപദേശങ്ങൾ നൽകിയിട്ടും അവയൊക്കെ നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്തത് മൂലമാണ് അതത് സമുദായങ്ങളിലെ അവിശ്വാസികളെ അല്ലാഹു നശിപ്പിച്ചത്.

(റസ്സ് സമുദായം, യമാമയിലെ ഒരു പ്രദേശമായ റസ്സ് എന്ന സ്ഥലത്തെ താമസക്കാരായിരുന്നുവെന്നും, അതല്ല മതിൽ കെട്ടപ്പെടാത്ത കിണർ (റസ്സ്)ന്റെ അരികെ താമസിച്ചിരുന്ന ഒരു കൂട്ടരായിരുന്നുവെന്നും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്)

**വചനം 40**

40 നിശ്ചയമായും, (ആ) ചീത്ത മഴ വർഷിപ്പിക്കപ്പെട്ട നാട്ടിലൂടെ അവർ (അവിശ്വാസികൾ) വന്നിട്ടുണ്ടല്ലോ. അപ്പോൾ, അവരത് കണ്ടിരുന്നില്ലേ?!

وَلَقَدْ أَتَوْا۟ عَلَى ٱلْقَرْيَةِ ٱلَّتِىٓ أُمْطِرَتْ
مَطَرَ ٱلسَّوْءِ ۚ أَفَلَمْ يَكُونُوا۟ يَرَوْنَهَا ۚ بَلْ

كَانُوا۟ لَا يَرْجُونَ نُشُورًا ﴿٤٠﴾

(കാണായ്കയല്ല-) പക്ഷേ, അവര്‍ പുനരുത്ഥാനത്തെ പ്രതീക്ഷിക്കാതായിരിക്കയാണ്. (അതുകൊണ്ടാണ് പലപ്പോഴും അത് കണ്ടു വന്നിട്ടും അവര്‍ ചിന്തിച്ച് പാഠം പഠിക്കാതിരിക്കുന്നത്.)

ലൂത്ത്(അ) നബിയുടെ ജനത നശിപ്പിക്കപ്പെടുകയും അവരുടെ രാജ്യം അടിമേലായി മറിക്കപ്പെടുകയും ചെയ്ത സംഭവത്തെയാണ് ഇവിടെ സൂചിപ്പിച്ചത്. അവരില്‍ അഗ്നിയാലുള്ള ഒരു ശരവര്‍ഷം ഉണ്ടായതും മറ്റും സൂ. അഅ്റാഫ് : 80 - 84 ലും, സൂ. ഹൂദ് : 77 - 83 ലും, സൂ. ഹിജ്ര്‍ : 61 - 77 ലും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. ഈ ശരവര്‍ഷത്തെ പറ്റിയാണ്, ചീത്ത മഴ ( مطر السوء ) എന്ന് പറഞ്ഞത്.

**വചനം 41, 42**

وَإِذَا رَأَوْكَ إِن يَتَّخِذُونَكَ إِلَّا هُزُوًا أَهَٰذَا ٱلَّذِى بَعَثَ ٱللَّهُ رَسُولًا ﴿٤١﴾

إِن كَادَ لَيُضِلُّنَا عَنْ ءَالِهَتِنَا لَوْلَآ أَن صَبَرْنَا عَلَيْهَا ۚ وَسَوْفَ يَعْلَمُونَ حِينَ يَرَوْنَ ٱلْعَذَابَ مَنْ أَضَلُّ سَبِيلًا ﴿٤٢﴾

41 (നബിയേ) അവര്‍ നിന്നെ കാണുമ്പോള്‍, നിന്നെ ഒരു പരിഹാസപാത്രമല്ലാതെ അവര്‍ ആക്കുന്നില്ല: "ഇവനാണോ, അല്ലാഹു റസൂലായി നിയോഗിച്ചിട്ടുള്ളവന്‍?!-

42 "നമ്മുടെ ആരാധ്യവസ്തുക്കളില്‍നിന്ന്- നാം അവയില്‍ സ്ഥിരചിത്തത കൈക്കൊണ്ടില്ലായിരുന്നുവെങ്കില്‍- ഇവന്‍ നമ്മെ നിശ്ചയമായും വഴിതെറ്റിച്ചുകളയുമായിരുന്നു!" (എന്നിങ്ങിനെ പറയും) അവര്‍ ശിക്ഷയെ കാണുന്ന സമയത്ത് അവര്‍ക്കറിയാറാകും: ആരാണ് ഏറ്റവും വഴിപിഴച്ചിട്ടുള്ളവരെന്ന്!

അവിശ്വാസികള്‍ റസൂല്‍ തിരുമേനിയെ പരിഹസിക്കുന്നതിന്റെ മറ്റൊരു ഉദാഹരണമാകുന്നു ഈ വചനങ്ങളില്‍. എത്രത്തോളം പുഛത്തിലും അവഹേളനരൂപത്തിലുമാണ് അവര്‍ തിരുമേനിയോട് പെരുമാറിയിരുന്നതെന്ന് അവര്‍ പ്രയോഗിച്ച വാക്കുകളില്‍ നിന്നും അനുമാനിക്കാവുന്നതാണ്. നബി(സ) തിരുമേനിയുടെ തൗഹീദിലേക്കുള്ള ക്ഷണം വളരെയധികം ഊര്‍ജ്ജിതമായിരുന്നുവെന്നും, എന്നാല്‍ എന്ത് തന്നെ വന്നാലും തങ്ങളുടെ ദൈവങ്ങളില്‍ ഉറച്ച് നില്ക്കണമെന്ന സ്ഥിരചിത്തത കൊണ്ട് മാത്രമാണ് അവര്‍ നബി(സ)യില്‍ വിശ്വസിക്കാത്തത് എന്നും അവരുടെ വാക്കുകളില്‍ നിന്നും പ്രകടമാണ്.

ശിക്ഷയെ നേരില്‍ കാണുന്ന സമയത്ത് ആരാണ് ഏറ്റവും വഴിപിഴച്ചിട്ടുള്ളതെന്ന് അവര്‍ക്കറിയാം എന്ന് അല്ലാഹു തുടര്‍ന്ന് പ്രസ്താവിക്കുന്നു.

**വചനം 43, 44**

أَرَءَيْتَ مَنِ ٱتَّخَذَ إِلَٰهَهُۥ هَوَىٰهُ أَفَأَنتَ تَكُونُ عَلَيْهِ وَكِيلًا ﴿٤٣﴾

أَمْ تَحْسَبُ أَنَّ أَكْثَرَهُمْ يَسْمَعُونَ أَوْ يَعْقِلُونَ ۚ إِنْ هُمْ إِلَّا كَٱلْأَنْعَٰمِ ۖ بَلْ هُمْ أَضَلُّ سَبِيلًا ﴿٤٤﴾

43 തന്റെ ഇച്ഛയെ തന്റെ 'ഇലാഹാ'ക്കി (ആരാധ്യവസ്തുവാക്കി)വെച്ചിട്ടുള്ളവനെ നീ കണ്ടുവോ?! എന്നിരിക്കെ, നീ അവന്റെമേല്‍ ഉത്തരവാദപ്പെട്ടവനാകുമോ?!

44 അതല്ല, അവരില്‍ അധികമാളുകളും കേള്‍ക്കുന്നുണ്ടെന്നോ, മനസ്സിരുത്തുന്നുണ്ടെന്നോ നീ വിചാരിക്കുന്നുവോ. അവര്‍ കന്നുകാലികളെപോലെയല്ലാതെ (മറ്റൊന്നും) അല്ല അത്രയുമല്ല അവര്‍(അവയേക്കാള്‍) കൂടുതല്‍ വഴിപിഴച്ചവരെത്രെ.

ജാഹിലിയ്യ കാലത്ത് ചില ആളുകള്‍ തങ്ങള്‍ ആരാധിച്ച് കൊണ്ടിരിക്കുന്ന കല്ലിനേക്കാള്‍ നല്ലതായ വേറൊരു കല്ല് കാണുമ്പോള്‍ ആദ്യത്തെതിനെ ഉപേക്ഷിച്ച് പുതിയ കല്ലിനെ ആരാധിച്ച് വരുക

പതിവായിരുന്നു. ഈ സമ്പ്രദായത്തെ ഉദ്ദേശിച്ചാണ് 'ഇഛയെ ഇലാഹാക്കി' എന്ന് പ്രസ്താവിച്ചിരിക്കുന്നത് എന്നത്രേ ഇബ്നു അബ്ബാസ്(റ) ഇബ്നു ജരീർ(റ) എന്നിവർ അഭിപ്രായപ്പെട്ടിരിക്കുന്നത്. യാതൊരു തത്വദീക്ഷയും കൂടാതെ എന്തിനേയും ഏതിനേയും ആരാധ്യവസ്തുക്കളായി സ്വീകരിക്കുന്നവരെല്ലാം ഈ അധിക്ഷേപത്തിന് വിധേയരാകുന്നു.

എന്നാൽ ഇമാം ഇബ്നു കഥീർ(റ) കൂറെക്കൂടെ വിശാലമായ ഒരർത്ഥത്തിലാണ് ഈ വാക്യം വ്യാഖ്യാനിച്ചിരിക്കുന്നത്.

തന്റെ ഇഛക്കൊത്ത ആശയാദർശങ്ങളും പ്രസ്ഥാനങ്ങളും സിദ്ധാന്തങ്ങളും സ്വീകരിക്കുന്നവരും, സൗഖ്യജീവിതം, ആഡംബരം, സമ്പത്ത്, കാമം, വിനോദം, പന്തയം ആദിയായവയിൽ മുഴുകിയവരും തന്റെ ഇഛയെ ഇലാഹാക്കിയവരാകുന്നു എന്നാകുന്നു അദ്ദേഹത്തിന്റെ വ്യാഖ്യാനം.

മനസാക്ഷിയും മനുഷ്യത്വവും നഷ്ടപ്പെട്ട ഇത്തരക്കാരുടെ മേൽ ഉത്തരവാദപ്പെട്ടവനാകുവാൻ, നബി തിരുമേനിക്ക് സാധ്യമാകുന്നതല്ല തന്നെ.

ഇക്കൂട്ടർ കന്നുകാലികളെപ്പോലെയോ, അതിനേക്കാൾ നികൃഷ്ടരോ ആകുന്നു. അവർക്കു കാതുകളുണ്ട്, വിശേഷബുദ്ധിയുണ്ട്, പക്ഷേ ഉപദേശങ്ങളും ദൃഷ്ടാന്തങ്ങളും അവർ ചെവികൊള്ളുകയോ, ഗ്രഹിക്കുകയോ ചെയ്യുന്നില്ല. മൃഗങ്ങൾ താരതമ്യേന ഇവരേക്കാൾ ഭേദമാകുന്നു, അവയെ വളർത്തുന്ന യജമാനന്റെ ആജ്ഞയനുസരിച്ച് അവ വർത്തിക്കുന്നു. എന്നാൽ ഈ ഇഛാ പൂജകന്മാരാകട്ടെ അവരുടെ സൃഷ്ടാവും അന്നദാതാവും രക്ഷിതാവുമായ അല്ലാഹുവിൽ വിശ്വസിക്കുന്നില്ല, അവന്റെ ആജ്ഞാ നിർദ്ദേശങ്ങൾ അനുസരിക്കുന്നില്ല, വരാനിരിക്കുന്ന മഹാവിപത്തുകളെ കുറിച്ച് ചിന്തിക്കുന്നു പോലുമില്ല.

തുടർന്നുള്ള വചനങ്ങളിൽ അല്ലാഹുവിന്റെ സൃഷ്ടിമാഹാത്മ്യത്തേയും നിത്യാനുഗ്രഹങ്ങളെയും സ്ഥാപിക്കുന്ന അഞ്ചു പ്രധാന പ്രകൃതി ദൃഷ്ടാന്തങ്ങൾ വിവരിക്കപ്പെടുന്നു.

## വിഭാഗം - 5

**വചനം 45, 46 :**

أَلَمْ تَرَ إِلَىٰ رَبِّكَ كَيْفَ مَدَّ ٱلظِّلَّ وَلَوْ شَآءَ لَجَعَلَهُۥ سَاكِنًا ثُمَّ جَعَلْنَا ٱلشَّمْسَ عَلَيْهِ دَلِيلًا ﴿٤٥﴾

ثُمَّ قَبَضْنَٰهُ إِلَيْنَا قَبْضًا يَسِيرًا ﴿٤٦﴾

45 (മനുഷ്യാ) നിൻെറ രക്ഷിതാവിങ്കലേക്ക്- എങ്ങനെയാണ് അവൻ നിഴലിനെ വ്യാപിപ്പിച്ചതെന്ന്-നീ നോക്കുന്നില്ലേ?! അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അതിനെ നിശ്ചലമാക്കുമായിരുന്നു. പിന്നെ, നാം (അല്ലാഹു) സൂര്യനെ അതിന് ലക്ഷ്യമാക്കി (അടയാളമാക്കി)യിരിക്കുന്നു;

46 പിന്നീട്, നമ്മുടെ അടുക്കലേക്ക് നാം അതിനെ കുറേശ്ശെ)യായി പിടിച്ചെടുത്തു (ചുരുക്കി) കൊണ്ടുവരുകയും ചെയ്യുന്നു.

സൂര്യോദയത്തോട് കൂടി ഭൂമിയിൽ വെയിൽ പ്രത്യക്ഷമായി തുടങ്ങുന്നു. അനന്തരം സൂര്യാസ്തമനം വരെ സ്ഥൂല വസ്തുക്കൾക്കെല്ലാം നിഴൽ പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കും. സൂര്യനില്ലായിരുന്നെങ്കിൽ നിഴൽ അനുഭവപ്പെടുമായിരുന്നില്ല. ഇത് കൂടാതെ, കൂടുതൽ വ്യാപകമായ മറ്റൊരു നിഴലും നമുക്ക് കാണാം ഭൂമിയുടെ പകുതി ഭാഗം നിത്യേന സൂര്യന് പ്രതിമുഖമായി നിന്ന് ബാക്കി ഭാഗം നിഴൽ മൂടിക്കൊണ്ടിരിക്കുന്നു - അഥവാ രാത്രിയായിക്കൊണ്ടിരിക്കുന്നു. സൂര്യൻ പ്രത്യക്ഷപ്പെടുന്നതോടൊപ്പം രാത്രിയാകുന്ന നിഴലും, പകലും തമ്മിൽ വേർതിരിയുന്നു. സൂര്യൻ ഇല്ലായിരുന്നെങ്കിൽ ലോകം സദാ ഒരേ അവസ്ഥയിൽ തന്നെ നിഴൽ മൂടി അവശേഷിക്കുമായിരുന്നു; മാത്രമല്ല ഭൂമിയും ചന്ദ്രനുമെല്ലാം നമുക്ക് ഗോചരമാകുമായിരുന്നുമില്ല. സൂര്യന് പ്രകാശമില്ലെന്നോ, അതുമല്ലെങ്കിൽ ഭൂമിയും സൂര്യനെപ്പോലെ പ്രകാശമയമാണെന്നോ ആകുകിൽ രാപ്പകൽ ഇല്ലാതാകുന്നു; സമയ നിർണ്ണയം അസാധ്യമാകുന്നു; താപ വ്യതിയാനം അനുഭവപ്പെടുന്നു; ചുരുക്കത്തിൽ ലോക വ്യവസ്ഥ പാടെ തകിടം മറിയുന്നു. "അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവൻ അതിനെ (നിഴലിനെ) നിശ്ചലമാക്കുമായിരുന്നു" എന്നും "പിന്നീട് നമ്മുടെ അടു

ക്കലേക്ക് അതിനെ കുറേശ്ശെയായി പിടിച്ചെടുത്ത് കൊണ്ടുവരുകയും ചെയ്യുന്നു" എന്നും അല്ലാഹു പറഞ്ഞതിന്റെ രഹസ്യം ഇതിൽ നിന്നൊക്കെ മനസ്സിലാക്കാവുന്നതാണ്. ഈ സൂറത്തിലെ 2-ാം വചനത്തിൽ "എല്ലാ വസ്തുവെയും അവൻ സൃഷ്ടിച്ച് അതിന് ശരിയായ നിർണ്ണയം ചെയ്തിരിക്കുന്നു" എന്ന പ്രസ്താവനയും ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധേയമാകുന്നു.

**വചനം 47:**

47 അവനത്രെ, നിങ്ങൾക്ക് രാത്രിയെ ഒരു വസ്ത്രവും, ഉറക്ക് ഒരു വിശ്രമവും (അഥവാ മരണവും) ആക്കിത്തന്നിട്ടുള്ളവൻ. പകലിനെ അവൻ ഒരു ഉയിർത്തെഴുന്നേൽപും (അഥവാ വ്യാപാരയോഗ്യവും) ആക്കിയിരിക്കുന്നു.

وَهُوَ ٱلَّذِى جَعَلَ لَكُمُ ٱلَّيْلَ لِبَاسًا
وَٱلنَّوْمَ سُبَاتًا وَجَعَلَ ٱلنَّهَارَ نُشُورًا ﴿٤٧﴾

വസ്ത്രം മനുഷ്യന് നഗ്നത മറയ്ക്കുന്നതിനും ദേഹരക്ഷക്കും ഉപകരിക്കുന്നു. അത്പോലെ രാത്രിയും നമുക്ക് മറവും രക്ഷയും നല്കുന്നു. വസ്ത്രം അത് ധരിച്ച വ്യക്തിക്ക് മാത്രം ഉപകരിക്കുന്നുവെങ്കിൽ രാത്രിയാകുന്ന വസ്ത്രം പൊതുവിൽ എല്ലാവർക്കും ഒരുപോലെ ഉപയോഗപ്പെടുന്നു. ഉറക്കാകട്ടെ, അതൊരു വിശ്രമമാകുന്നു. ഒരു കണക്കിന് അത് ഒരു മരണമാണെന്ന് തന്നെ പറയാം. ഈ അവസരത്തിൽ നമുക്ക് പദാർത്ഥ ലോകവുമായി ബോധപൂർവ്വമായി ഒരു ബന്ധവും ഇല്ലാതാകുന്നു. വല്ല ബന്ധവും ഉണ്ടെങ്കിൽ തന്നെ അത് സ്വപ്നം വഴി ആത്മീയ ലോകത്തോടായിരിക്കും, നിദ്രയിലൂടെ നമ്മുടെ ശാരീരികവും മാനസികവുമായ ക്ഷീണം മാറി നമുക്ക് പുതിയ ഉന്മേഷവും ചൈതന്യവും കരഗതമാകുകയും ചെയ്യുന്നു.

രാത്രിയിൽ നിദ്രയാകുന്ന വിശ്രമം ആസ്വദിച്ച ശേഷം പ്രഭാതവേളയിൽ മനുഷ്യൻ പുനരെഴുന്നേൽക്കുകയും അവന്റെ ഉപജീവന മാർഗ്ഗവും മറ്റ് വിശാല ആവശ്യങ്ങളും അന്വേഷിച്ച് കൊണ്ട് വിവിധ തുറകളിൽ വ്യാപരിക്കുകയും ചെയ്യുന്നു. ഇതിനായി അല്ലാഹു അവന് പകലിനെ പ്രദാനം ചെയ്യുകയും ചെയ്തിരിക്കുന്നു.

**വചനം 48, 49, 50**

48 തൻെറ (മഴവർഷമാകുന്ന) കാരുണ്യത്തിൻെറ മുമ്പിൽ, സന്തോഷവാർത്തയെന്ന നിലക്ക് കാറ്റുകളെ അയച്ചിട്ടുള്ളവനും അവൻ (അല്ലാഹു) തന്നെ. ആകാശത്തുനിന്നും നാം (അല്ലാഹു) വളരെ ശുദ്ധമായ ജലം ഇറക്കുകയും ചെയ്തിരിക്കുന്നു;

49 -നിർജ്ജീവമായ രാജ്യത്തെ അതുകൊണ്ട് നാം ജീവിപ്പിക്കുവാനും, നാം സൃഷ്ടിച്ചുണ്ടാക്കിയതിൽപെട്ട കന്നുകാലികൾക്കും, വളരെ അധികം ജനങ്ങൾക്കും അത് കുടിപ്പിക്കുവാനും വേണ്ടിയത്രെ (അത്)

50 അവർ ആലോചിച്ചു നോക്കേണ്ടതിനായി, നിശ്ചയമായും അവർക്കിടയിൽ നാം അതിനെ കൈകാര്യം ചെയ്തിരിക്കുന്നു. എന്നാൽ, ജനങ്ങളിൽ അധികഭാഗവും നന്ദികേട് ചെയ്വാനല്ലാതെ (മറ്റൊന്നും) കൂട്ടാക്കാതിരിക്കുകയാണ്!

وَهُوَ ٱلَّذِىٓ أَرْسَلَ ٱلرِّيَـٰحَ بُشْرًۢا بَيْنَ
يَدَىْ رَحْمَتِهِۦ ۚ وَأَنزَلْنَا مِنَ ٱلسَّمَآءِ
مَآءً طَهُورًا ﴿٤٨﴾

لِّنُحْـِۧىَ بِهِۦ بَلْدَةً مَّيْتًا وَنُسْقِيَهُۥ مِمَّا
خَلَقْنَآ أَنْعَـٰمًا وَأَنَاسِىَّ كَثِيرًا ﴿٤٩﴾

وَلَقَدْ صَرَّفْنَـٰهُ بَيْنَهُمْ لِيَذَّكَّرُوا۟ فَأَبَىٰٓ
أَكْثَرُ ٱلنَّاسِ إِلَّا كُفُورًا ﴿٥٠﴾

അല്ലാഹുവിന്റെ കണക്കറ്റ അനുഗ്രഹങ്ങളുടെ കൂട്ടത്തിൽ അതിമഹത്തായ ഒരു കാരുണ്യമത്രേ മഴ വർഷം. മഴ വർഷിക്കുവാൻ പോകുന്നുവെന്ന സന്തോഷവാർത്തയെന്നോണം മഴക്ക് മുമ്പായി കാറ്റ് വീശുക പതിവാണല്ലോ.

മഴവെള്ളമാകട്ടെ വളരെ ശുദ്ധ അവസ്ഥയിലുള്ള ജലമാകുന്നു. വൈദ്യ ശാസ്ത്രത്തിലും, ജീവ ശാസ്ത്രത്തിലും, നിത്യജീവിതത്തിലുമെല്ലാം, ശുദ്ധ ജലത്തിനുള്ള സ്ഥാനം വമ്പിച്ചതാണല്ലോ. ശുദ്ധ ജലം കൊണ്ടുള്ള വുളുവും കുളിയും ശാരീരിക ശുദ്ധിയോടൊപ്പം ആത്മീയ ശുദ്ധിയും പ്രദാനം ചെയ്യു ന്നതുമാണല്ലോ. കൂടാതെ മഴവെള്ളം, ഉല്‍പാദനയോഗ്യമല്ലാത്ത ഭൂമിയെ ചൈതന്യവും ജീവസ്സുമുള്ളതു മാക്കിത്തീര്‍ക്കുന്നു. മനുഷ്യകോടികള്‍ക്കും, കാലിസമ്പത്തുകള്‍ക്കും കുടിക്കാനും കുളിക്കാനും മറ്റനേകം ആവശ്യങ്ങള്‍ക്കും മഴവെള്ളം അനിവാര്യവുമാകുന്നു.

മഴവെള്ളത്തിന്റെ അനുഗ്രഹങ്ങള്‍ എല്ലാവര്‍ക്കും ലഭ്യമാക്കത്തക്കവണ്ണം ഓരോ നാടിന്റെയും സ്വഭാവ വിശേഷതക്കനുസരിച്ച് മഴ വര്‍ഷത്തെ അല്ലാഹു വിഹിതം ചെയ്ത് കൈകാര്യം നടത്തി വരു ന്നു. ഓരോ പ്രദേശത്തിന്റെയും പാകതയും, ആവശ്യവും, ഭൂമിശാസ്ത്രപരമായ കിടപ്പും അനുസരിച്ച് വിഹിതം ചെയ്യപ്പെട്ടിരിക്കയാണ്. ഈ അനുഗ്രഹങ്ങളെല്ലാം അനുഭവിച്ച് ആസ്വദിച്ച് കൊണ്ടിരിക്കുന്ന വിശേഷബുദ്ധിയുള്ള മനുഷ്യന് വളരെയേറെ ചിന്തിക്കുവാനും ആലോചിക്കുവാനും അതില്‍ ധാരാളം പാഠങ്ങളുണ്ട്. എന്നാല്‍ ജനങ്ങളില്‍ അധികമാളുകളും ഈ അനുഗ്രഹങ്ങളൊക്കെ പ്രകൃതിയുടെ പ്രതിഭാ വിലാസങ്ങളായും, ഗ്രഹഫലവും ഗ്രഹപിഴയുമായും, ഞാറ്റുവേലയുടെ ഗുണദോഷങ്ങളായും വിശ്വസിച്ച് കൊണ്ട് അല്ലാഹുവിനോട് ധിക്കാരവും നന്ദികേടും പ്രകടിപ്പിച്ച് കൊണ്ടിരിക്കുന്നു.

"അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും കാരുണ്യം കൊണ്ടും ഞങ്ങള്‍ക്ക് മഴപെയ്ത് കിട്ടി എന്ന് പറയുന്നവരാരോ അവര്‍ എന്നില്‍ വിശ്വസിക്കുന്നവരും, നക്ഷത്രങ്ങളില്‍ അവിശ്വസിക്കുന്നവരുമാകുന്നു. ഞങ്ങള്‍ക്ക് ഇന്നിന്ന ഞാറ്റുവേല - അഥവാ ഗ്രഹപ്പകര്‍ച്ച മൂലം മഴ പെയ്ത് കിട്ടി എന്ന് പറയുന്നവര്‍ എന്നില്‍ അവിശ്വസിച്ചവരും നക്ഷത്രങ്ങളില്‍ വിശ്വസിക്കുന്നവരുമാകുന്നു." എന്ന് അല്ലാഹു പറഞ്ഞ തായി നബി(സ) പ്രസ്താവിച്ചിരിക്കുന്നു - ബു.മു.

" صرّفناه നാം അതിനെ കൈകാര്യം ചെയ്തു" എന്ന 50-ാം വചനത്തിലെ സര്‍വ്വനാമം കൊണ്ടു ദ്ദേശ്യം 'മഴവെള്ളം' ആണെന്ന അടിസ്ഥാനത്തിലാണ് മേല്‍ നല്‍കിയ വിശദീകരണം. എന്നാല്‍ അത്കൊണ്ടു 'മുകളില്‍ വിവരിച്ച ദൃഷ്ടാന്തങ്ങള്‍' ആണ് ഉദ്ദേശ്യമെന്നും, അതല്ല, 'ഖുര്‍ആന്‍' ആണ് ഉദ്ദേ ശിക്കപ്പെടുന്നതെന്നും ഖുര്‍ആന്‍ വ്യാഖ്യാതാക്കള്‍ക്കിടയില്‍ അഭിപ്രായമുണ്ടു. ഈ രണ്ട് അഭിപ്രായമനു സരിച്ചും ഈ വചനത്തിന്റെ അര്‍ത്ഥം "നാം ആവര്‍ത്തിച്ചു വിവരിച്ചു" എന്നായിരിക്കും. ഈ പദത്തിന് അങ്ങനെയും അര്‍ത്ഥം വരാം الله اعلم

**വചനം 51, 52**

وَلَوْ شِئْنَا لَبَعَثْنَا فِى كُلِّ قَرْيَةٍ نَّذِيرًا ﴿٥١﴾

51 നാം ഉദ്ദേശിച്ചിരുന്നുവെങ്കില്‍ എല്ലാ ഓരോ രാജ്യത്തിലും ഓരോ മുന്നറിയിപ്പുകാരനെ (പ്രവാചകനെ) നാം നിയോഗിക്കുമായിരുന്നു.

فَلَا تُطِعِ ٱلْكَٰفِرِينَ وَجَٰهِدْهُم بِهِۦ جِهَادًا كَبِيرًا ﴿٥٢﴾

52 ആകയാല്‍, നീ അവിശ്വാസികളെ അനുസ രിക്കരുത്; ഇത് (ഖുര്‍ആന്‍) കൊണ്ട് അവരോട് വലുതായ സമരം നടത്തുകയും ചെയ്തുകൊ ള്ളുക.

നബിയെ, അവിശ്വാസികളെ താക്കീത് ചെയ്യുന്ന പ്രവാചകന്മാരെ, ഓരോ നാട്ടിലേക്കും അയക്കു വാന്‍ നാം ഉദ്ദേശിച്ചിട്ടില്ല. ഉദ്ദേശിച്ചിരുന്നുവെങ്കില്‍ നമുക്ക് അതൊട്ടും പ്രയാസകരവുമല്ലായിരുന്നു. എന്നാല്‍ എല്ലാ നാട്ടിലെയും എല്ലാ ജനവിഭാഗത്തിനും താക്കീതുകാരനായിക്കൊണ്ട് താങ്കളെ നാം നിയോഗിച്ചി രിക്കുന്നു, ആകയാല്‍, ഈ അവിശ്വാസികളുടെ അഭിഷ്ടങ്ങള്‍ക്കൊന്നും വഴിപെട്ട് കൊടുക്കാതെ, വിശുദ്ധ ഖുര്‍ആനുമായി, അവരോട് സുധീരം സമരം നടത്തിക്കൊള്ളുക.

അടുത്ത വചനത്തില്‍ അല്ലാഹുവിന്റെ മറ്റൊരു ദൃഷ്ടാന്തത്തെക്കുറിച്ച് പ്രസ്താവിക്കുന്നു.

**വചനം 53:**

وَهُوَ ٱلَّذِى مَرَجَ ٱلْبَحْرَيْنِ هَٰذَا عَذْبٌ فُرَاتٌ وَهَٰذَا مِلْحٌ أُجَاجٌ وَجَعَلَ بَيْنَهُمَا بَرْزَخًا وَحِجْرًا مَّحْجُورًا ﴿٥٣﴾

53 രണ്ട് സമുദ്രങ്ങളെ അയച്ചുവിട്ടവനും അവനത്രെ; ഇത് (ഒന്ന്) നല്ല സ്വച്ഛജലവും, അത് (മറ്റേത്) കയ്പായ ഉപ്പുജലവുമാകുന്നു. അവ രണ്ടിന്നുമിടയില്‍ ഒരു മറയും, ഭദ്രമായ ഒരു തടസ്സവും അവന്‍ ഏര്‍പ്പെടുത്തിയിരിക്കുന്നു.

'രണ്ടു' സമുദ്രങ്ങള്‍ എന്നതു കൊണ്ട് വിവക്ഷിക്കപ്പെടുന്നത് രണ്ടു തരം ജല സമൂഹമാകുന്നു - ഒന്ന്, കുടിക്കാനും, ദാഹം തീര്‍ക്കാനും പറ്റിയശുദ്ധമായ ആസ്വാദ്യ ജലം; മറ്റേതാകട്ടെ, കഠിനമായ ഉപ്പ് രസം നിമിത്തം കുടിക്കാന്‍ കൊള്ളാത്ത കൈപ്പു ജലവും. ഈ വിരുദ്ധ സ്വഭാവമുള്ള രണ്ട് ജലാശയങ്ങളും ഭൂമിയില്‍ ധാരാളം കാണാം. എന്നാല്‍ ഒന്ന് മറ്റൊന്നിനെ അതിക്രമിച്ചു കടന്ന് അതിനെ ലയിപ്പിക്കുകയോ സ്വയം അതില്‍ ലയിക്കുകയോ ചെയ്യുന്നില്ല. അവ രണ്ടിനുമിടയില്‍ അല്ലാഹുവിന്റെ അപാരമായ കഴിവിനാല്‍ അദൃശ്യമായ ഒരു മറയും തടസ്സവും ഏര്‍പ്പെടുത്തപ്പെട്ടിരിക്കുന്നു.

സത്യവിശ്വാസത്തിന്റെയും അവിശ്വാസത്തിന്റെയും ഇടക്കുള്ള അവസ്ഥയും ഇത് തന്നെ. അല്ലാഹുവിലുള്ള ദൃഢ വിശ്വാസമാകുന്ന മറ സത്യവിശ്വാസികളില്‍ നില നില്‍ക്കുന്നേടത്തോളം കാലം അവിശ്വാസമാകുന്ന ഉപ്പ് ജലസമുദ്രം, സത്യവിശ്വാസമെന്ന ശുദ്ധജല സമുദ്രത്തെ മലിനമാക്കുന്നതല്ല.

**വചനം 54 :**

وَهُوَ ٱلَّذِى خَلَقَ مِنَ ٱلْمَآءِ بَشَرًا فَجَعَلَهُۥ نَسَبًا وَصِهْرًا ۗ وَكَانَ رَبُّكَ قَدِيرًا ﴿٥٤﴾

54 അവന്‍തന്നെയാണ്, മനുഷ്യനെ ജലത്തില്‍ നിന്ന് സൃഷ്ടിച്ച് അവനെ വംശബന്ധവും, വൈവാഹികബന്ധവും (ഉള്ളവന്‍) ആക്കിയിരിക്കുന്നവനും, നിന്‍റെ രക്ഷിതാവ് (എല്ലാ കാര്യത്തിനും) കഴിവുള്ളവനാകുന്നു.

അല്ലാഹുവിന്റെ മറ്റൊരു ദൃഷ്ടാന്തമാകുന്നു ഈ വചനത്തില്‍ വിവരിക്കപ്പെടുന്നത്.

ജല വിഭാഗത്തില്‍പെട്ട ഒരു പ്രത്യേക ഇനമാകുന്ന മനുഷ്യബീജത്തെയാകുന്നു. ഇവിടെ 'ജലം' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്, 'ജല'ത്തില്‍ നിന്ന് സൃഷ്ടിക്കപ്പെട്ട മനുഷ്യര്‍ തമ്മില്‍ സ്ഥിര ബന്ധം ഉണ്ടായിത്തീരുന്നത് രണ്ട് വിധത്തിലാകുന്നു. ഒന്ന് കുലത്തിന്റെയും വംശത്തിന്റെയും അടിസ്ഥാനത്തിലും മറ്റൊന്ന് വിവാഹബന്ധത്തിന്റെ അടിസ്ഥാനത്തിലും ഒരേ പിതാവില്‍ നിന്നും മാതാവില്‍ നിന്നുമായി ഉത്ഭവിച്ച് തുടങ്ങിയ മനുഷ്യവംശം ക്രമേണ കോടാന കോടികളായിത്തീര്‍ന്നതും, അവര്‍ തന്നെ പരസ്പരം വ്യത്യസ്തമായ ആകൃതിയിലും പ്രകൃതിയിലുമായതും അല്ലാഹുവിന്റെ മഹാശക്തിയുടെ ദൃഷ്ടാന്തങ്ങളില്‍പെട്ടത് തന്നെ.

**വചനം 55, 56, 57**

وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَنفَعُهُمْ وَلَا يَضُرُّهُمْ ۗ وَكَانَ ٱلْكَافِرُ عَلَىٰ رَبِّهِۦ ظَهِيرًا ﴿٥٥﴾

وَمَآ أَرْسَلْنَٰكَ إِلَّا مُبَشِّرًا وَنَذِيرًا ﴿٥٦﴾

قُلْ مَآ أَسْـَٔلُكُمْ عَلَيْهِ مِنْ أَجْرٍ إِلَّا مَن شَآءَ أَن يَتَّخِذَ إِلَىٰ رَبِّهِۦ سَبِيلًا ﴿٥٧﴾

55 അല്ലാഹുവിനു പുറമെ, തങ്ങള്‍ക്ക് ഉപകാരം ചെയ്യാത്തതും, ഉപദ്രവം ചെയ്യാത്തതുമായ വസ്തുവെ അവര്‍ ആരാധിക്കുന്നു! അവിശ്വാസി, തന്‍െറ രക്ഷിതാവിനെതിരായി (ദുര്‍മ്മാര്‍ഗ്ഗത്തിന്) പിന്‍തുണ നല്‍കുന്നവനായിരിക്കുകയാണ്.

56 (നബിയേ) സന്തോഷവാര്‍ത്ത അറിയിക്കുവാനും, (താക്കീത് നല്‍കുന്ന) മുന്നറിയിപ്പുകാരനുമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല.

57 പറയുക: "ഇതിന്‍െറ (ഈ ദൗത്യനിര്‍വ്വഹണത്തിന്‍െറ) പേരില്‍ ഞാന്‍ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല; ആരെങ്കിലും തന്‍െറ രക്ഷിതാവിങ്കലേക്ക് ഒരു മാര്‍ഗ്ഗമുണ്ടാക്കിവെക്കുവാന്‍ ഉദ്ദേശിക്കുന്നുവെങ്കില്‍ (അത് ചെയ്തുകൊള്ളട്ടെ) എന്നല്ലാതെ.

യാതൊരു ഉപകാരവും ഉപദ്രവും ചെയ്യാൻ കഴിയാത്ത വസ്തുക്കളെ ആരാധിക്കുന്നതിൽ പരം മൌഢ്യം മറ്റെന്താനുള്ളത്. അല്ലാഹുവിന്റെ എണ്ണമറ്റ അനുഗ്രഹങ്ങൾ ആസ്വദിച്ച് കൊണ്ട് തന്നെ അവിശ്വാസികൾ അല്ലാഹുവിനെതിരായി, പിശാചിന്റെ മാർഗ്ഗത്തിൽ സമരം നടത്തികൊണ്ടിരിക്കുകയാണ്. അല്ലാഹുവിൽ വിശ്വസിച്ച് സൽക്കർമ്മം ചെയ്യുന്നവർക്ക് അല്ലാഹുവിങ്കൽ മഹത്തായ പ്രതിഫലമുണ്ടെന്ന സന്തോഷവാർത്തയും, നിഷേധികൾക്ക് അതികഠിനമായ ശിക്ഷയുണ്ടെന്ന താക്കീതും അറിയിക്കുന്നതിനാണ് നബി(സ) തിരുമേനി നിയോഗിക്കപ്പെട്ടിരിക്കുന്നത്. ഇതല്ലാതെ, എത്രയോ കഷ്ടനഷ്ടങ്ങൾ സഹിച്ച് കൊണ്ട് അവിടുന്ന് നിർവ്വഹിച്ച് വരുന്ന പ്രബോധനത്തിന്റെ പേരിൽ എന്തെങ്കിലും ഒരു പ്രതിഫലമോ സ്വാർത്ഥ ലാഭമോ തിരുമേനി ആഗ്രഹിക്കുന്നില്ല. അല്ലാഹുവിന്റെ കാരുണ്യവും പ്രീതിയും ലഭിക്കുവാൻ ആർക്കെങ്കിലും ഉദ്ദേശ്യമുണ്ടെങ്കിൽ അവർ അത് ചെയ്ത് കൊള്ളുവാൻ നബി(സ) അതിലേക്ക് മാർഗ്ഗദർശനം നൽകുന്നുണ്ടെന്നുള്ളത് വാസ്തവമാണ്.

**വചനം 58, 59**

وَتَوَكَّلْ عَلَى ٱلْحَىِّ ٱلَّذِى لَا يَمُوتُ وَسَبِّحْ بِحَمْدِهِۦ ۚ وَكَفَىٰ بِهِۦ بِذُنُوبِ عِبَادِهِۦ خَبِيرًا ﴿٥٨﴾

ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۚ ٱلرَّحْمَٰنُ فَسْـَٔلْ بِهِۦ خَبِيرًا ﴿٥٩﴾

58 (നബിയേ)മരണം ബാധിക്കാത്ത സജീവനായുള്ളവനിൽ (കാര്യങ്ങളെ) ഭരമേൽപിക്കുകയും ചെയ്തുകൊള്ളുക. അവന് സ്തോത്രം ചെയ്യുന്നതോടെ കീർത്തനവും ചെയ്യുക. തൻെറ അടിയാൻമാരുടെ പാപങ്ങളെക്കുറിച്ച് സൂക്ഷ്മജ്ഞനായി അവൻ തന്നെ മതി!

59 ആകാശങ്ങളും, ഭൂമിയും, അവയ്ക്കിടയിലുള്ളതും ആറ് ദിവസങ്ങളിലായി സൃഷ്ടിച്ചിട്ടുള്ളവനത്രെ (അവൻ) പിന്നീട്, അവൻ ‘അർശി’ൽ (സിംഹാസനത്തിൽ) ആരോഹണം ചെയ്തു. (അവൻ) പരമകാരുണികൻ! ആകയാൽ, അതിനെക്കുറിച്ച് സൂക്ഷ്മജ്ഞാനിയായ ഒരുവനോട് ചോദിച്ചുകൊള്ളുക.

അവിശ്വാസികളുടെ എതിർപ്പുകളിലും നിഷേധത്തിലും അക്ഷമനാകാതെ എല്ലാം അല്ലാഹുവിൽ ഭരമേൽപ്പിച്ച് സ്ഥിര ചിത്തനായിരിക്കുവാൻ അല്ലാഹു നബി(സ)യെ ഉപദേശിക്കുന്നു. ഒരിക്കലും മരണം ബാധിക്കാത്തവനും, തന്റെ അടിയാന്മാരുടെ പ്രവർത്തനങ്ങളെക്കുറിച്ചും പാപങ്ങളെക്കുറിച്ചും സസൂക്ഷ്മം അറിയുന്നവനും, ആകാശഭൂമികളടക്കമുള്ള സകല വസ്തുക്കളുടെയും സൃഷ്ടാവുമായ അല്ലാഹു തന്നെ മതി ഭരമേൽപ്പിക്കപ്പെടുവാൻ. അവന് സ്തോത്രം ചെയ്യുന്നതോടൊപ്പം കീർത്തനവും അർപ്പിക്കുക.

ആകാശവും ഭൂമിയും അവക്കിടയിലുള്ളതും ആറ് ദിവസങ്ങളിലായാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്ന് ഖുർആനിൽ ഒന്നിലധികം സ്ഥലങ്ങളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. (വിശദ വിവരം സൂ:സജദ:4ൽ നോക്കുക) നാം സാധാരണ പറഞ്ഞു വരുന്ന 24 മണിക്കൂർ സമയമുൾക്കൊള്ളുന്ന ഒരു ദിവസം അല്ല റബ്ബിന്റെ ഒരു ദിവസമെന്നത്. ഈ തരത്തിലുള്ള ദിവസങ്ങൾ ആകാശഭൂമികളെ സൃഷ്ടിക്കുകയും നിലവിലുള്ള വ്യവസ്ഥ നൽകികഴിയുകയും ചെയ്യുന്നതിന് മുമ്പ് ഉണ്ടായിരിക്കുകയില്ലല്ലൊ."നിങ്ങൾ എണ്ണിവരുന്ന ആയിരം കൊല്ലത്തിന് സമമാണ് നിന്റെ റബ്ബിന്റെ അടുക്കൽ ഒരു ദിവസം" - എന്ന സു: ഹജ്ജ് : 47-ാം വചനത്തിലും സൂ:സജദ: 5-ാം വചനത്തിലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു: "അവൻ അർശിൽ ആരോഹണം ചെയ്തു" എന്ന് പറഞ്ഞതിനെ കുറിച്ച് വിശദമായി സൂ: സജദ: 4-ാം വചനത്തിന്റെ വിവരണത്തിൽ കാണാം. അന്ത്യനാളിനെ കുറിച്ച് "അമ്പതിനായിരം കൊല്ലത്തെ വലുപ്പമുള്ള ഒരു ദിവസം" എന്ന് സൂ: മആരിജ് : 4-ാം വചനത്തിൽ കാണാവുന്നതാണ്. ഇതേ നാളിനെ കുറിച്ച് "അന്ത്യദിനം" എന്നും പറയുന്നു. "ആകാശഭൂമികളെ സൃഷ്ടിച്ച ദിവസം തന്നെ അല്ലാഹുവിന്റെ നിശ്ചയത്തിൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു" എന്ന് സു: തൗബ : 36-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

നമ്മുടെ, രാവും പകലും ചേർന്ന 24 മണിക്കൂർ സമയമുൾക്കൊള്ളുന്ന ദിവസമെന്ന അർത്ഥത്തിലല്ല ഇവിടെ "ആറു ദിവസങ്ങൾ" എന്ന് പ്രസ്താവിച്ചതെന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നു.

59-ാം വചനത്തിന്റെ അന്ത്യത്തിൽ "സൂക്ഷ്മജ്ഞാനിയായ ഒരുവനോട് അതിനെ പറ്റി ചോദിച്ച് കൊള്ളുക" എന്നത് കൊണ്ടുദ്ദേശം അല്ലാഹുവിന്റെ സൃഷ്ടി മാഹാത്മ്യത്തെക്കുറിച്ച് സർവ്വതും സൂക്ഷ്മമായി അറിയുന്നവനായ അല്ലാഹുവിനോടല്ലാതെ അന്വേഷിച്ചിട്ട് ഫലമില്ലെന്നാണ്. എന്നിരിക്കെ സത്യവിശ്വാസിയായ ഒരാൾ ഏതെങ്കിലും ഒരു വിഷയത്തിൽ ഖുർആന്റെ വ്യക്തമായ പ്രസ്താവനക്ക് വിരുദ്ധമായ ശാസ്ത്രീയ സിദ്ധാന്തങ്ങളിൽ വിശ്വസിക്കുവാൻ പാടുള്ളതല്ല.

**വചനം 60 :**

وَإِذَا قِيلَ لَهُمُ ٱسْجُدُوا۟ لِلرَّحْمَٰنِ قَالُوا۟ وَمَا ٱلرَّحْمَٰنُ أَنَسْجُدُ لِمَا تَأْمُرُنَا وَزَادَهُمْ نُفُورًا ۩ ﴿٦٠﴾

60 നിങ്ങൾ 'റഹ്മാന്ന്' (പരമകാരുണികനായുള്ളവന്ന്) 'സുജൂദ്' (വണക്കം) ചെയ്യുവിൻ എന്ന് അവരോട് പറയപ്പെട്ടാൽ അവർ പറയും: "എന്താണ് റഹ്മാൻ"?! നീ ഞങ്ങളോട് കൽപിക്കുന്നതിന് ഞങ്ങൾ 'സുജൂദ്' ചെയ്യുകയോ?!" അത് (ആ വാക്ക്) അവർക്ക് വെറുപ്പ് അധികരിപ്പിക്കുകയും ചെയ്യുന്നതാണ്.

ഓത്തിന്റെ സുജൂദ് ചെയ്യേണ്ടുന്ന ഒരു ആയത്ത് ആകുന്നു ഇത്.

'റഹ്മാൻ' എന്ന അല്ലാഹുവിന്റെ വിശേഷണം, അവന്റെ അപാരമായ കൃപാകടാക്ഷത്തേയും അതിയായ ദയാശീലത്തെയും ദ്യോതിപ്പിക്കുന്നു. ﷲ എന്ന നാമത്തെ കഴിച്ചാൽ പരമകാരുണികൻ എന്ന അർത്ഥമുള്ള 'റഹ്മാൻ' എന്ന വിശേഷണത്തിനാണ് ഖുർആനിൽ അല്ലാഹുവിന്റെ മറ്റ് വിശേഷണങ്ങളെക്കാൾ പ്രാധാന്യം നൽകികാണുന്നത്. അക്കാലത്ത് അറബികളെ സംബന്ധിച്ചേടത്തോളം അല്ലാഹുവിന്റെ നാമമായി 'റഹ്മാൻ' എന്ന് പറയുന്നത് അവർക്ക് സുപരിചിതമല്ലായിരുന്നു. അതുകൊണ്ടാണ് 'റഹ്മാന് സുജൂദ് ചെയ്യുവിൻ' എന്ന് പറയപ്പെട്ടപ്പോൾ അവർ 'എന്താണ് റഹ്മാൻ' എന്ന് ചോദിക്കുവാൻ കാരണം. ഹുദൈബിയ സന്ധി രേഖയുടെ ആരംഭത്തിൽ 'ബിസ്മില്ലാഹി റഹ്മാനി റഹീം' എന്ന് എഴുതുവാൻ നബി(സ) നിർദ്ദേശിച്ചപ്പോൾ 'ഞങ്ങൾക്ക് റഹ്മാനും റഹീമും പരിചയമില്ല' എന്ന് പറഞ്ഞു കൊണ്ട് മുൻ പതിവുപോലെ "ബിസ്മികല്ലാഹുമ്മ (അല്ലാഹുവെ നിന്റെ നാമത്തിൽ)" എന്നെഴുതണമെന്ന് നിഷ്കർഷിക്കുകയാണ് ഖുറൈശികൾ ചെയ്തത്.

## വിഭാഗം - 6

**വചനം 61, 62**

تَبَارَكَ ٱلَّذِى جَعَلَ فِى ٱلسَّمَآءِ بُرُوجًا وَجَعَلَ فِيهَا سِرَٰجًا وَقَمَرًا مُّنِيرًا ﴿٦١﴾

وَهُوَ ٱلَّذِى جَعَلَ ٱلَّيْلَ وَٱلنَّهَارَ خِلْفَةً لِّمَنْ أَرَادَ أَن يَذَّكَّرَ أَوْ أَرَادَ شُكُورًا ﴿٦٢﴾

61 ആകാശത്തിൽ ഗ്രഹമണ്ഡലങ്ങൾ(അഥവാ രാശിമണ്ഡലങ്ങൾ) ഉണ്ടാക്കിയിട്ടുള്ളവൻ നൻമയേറിയവനാകുന്നു, അതിൽ ഒരു ദീപവും, പ്രകാശം നൽകുന്ന ഒരു ചന്ദ്രനും അവൻ ഉണ്ടാക്കിയിരിക്കുന്നു.

62 അവൻതന്നെയാണ്- ആലോചിച്ചു നോക്കുവാൻ ഉദ്ദേശിക്കുകയോ, അല്ലെങ്കിൽ നന്ദിചെയ്‌വാൻ ഉദ്ദേശിക്കുകയോ ചെയ്യുന്നവർക്കുവേണ്ടി-രാവിനെയും, പകലിനെയും മാറിവന്നുകൊണ്ടിരിക്കുന്നതാക്കിയവനും.

അല്ലാഹുവിന്റെ സൃഷ്ടിവൈഭവവും നിത്യാനുഗ്രഹങ്ങളും ഓർക്കുവാനും, അവനോട് നന്ദിയുള്ളവരായിരിക്കുവാനും അല്ലാഹു ഈ വചനങ്ങളിലൂടെ മനുഷ്യരെ ഉദ്ബോധിപ്പിക്കുന്നു. ആകാശങ്ങളിലെ സങ്കീർണ്ണമായ ഗ്രഹമണ്ഡലങ്ങൾക്കും, സപ്തഗ്രഹങ്ങളുടെ സഞ്ചാര മാർഗ്ഗങ്ങളായ പന്ത്രണ്ട് രാശി മണ്ഡലങ്ങൾക്കും ബുറൂജ് - بروجا. - എന്ന വാക്ക് ഉപയോഗിക്കാറുണ്ട്. ആ ഗ്രഹ മണ്ഡലങ്ങളിൽ മഹാദീപമായ സൂര്യനേയും പ്രകാശം നൽകുന്ന ചന്ദ്രനേയും സൃഷ്ടിച്ച അല്ലാഹു തന്നെയാണ് രാവി

നെയും പകലിനെയും മാറി വന്ന്കൊണ്ടിരിക്കുന്നതാക്കിയവനും, (സൂ: അമ്പിയാഉ് : 33-ാം വചനത്തിന്റെ വിവരണം ശ്രദ്ധിക്കുക) മേൽ പറഞ്ഞ അനുഗ്രഹങ്ങളെ പറ്റി ചിന്തിക്കുന്ന ഉപകാരസ്മരണയുള്ള സ ജ്ജനങ്ങൾ, രാപ്പകലുകളെ അതിന്റെ സ്വഭാവ വിശേഷണം കണക്കിലെടുത്ത് കൊണ്ടു പ്രയോജന പ്രദമാക്കിത്തീർക്കുന്നു. പകൽ ചെയ്ത് പോയ തെറ്റിനെ പറ്റി രാത്രിയിലും, രാത്രിയിൽ വന്ന്പോയ കുറ്റങ്ങളെ പറ്റി പകലിലും, ഖേദപ്രകടനം നടത്തിയും, അതത് സമയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട സദ്കർമ്മ ങ്ങളും ആരാധനകളും നിർവ്വഹിച്ചും, രാപകലുകളെ ഗുണപ്രദമായി അവൻ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

നബി(സ) ഒരു ഹദീസിൽ ഇപ്രകാരം അരുളിയത് ഓർക്കുന്നത് സന്ദർഭോചിതമായിരിക്കും :

“പകലിൽ തിന്മ ചെയ്തവൻ ഖേദിച്ച് മടങ്ങുന്നത് സ്വീകരിക്കുവാനായി അല്ലാഹു രാത്രിയിൽ അവന്റെ കൈനീട്ടുന്നു. രാത്രിയിൽ തിന്മ ചെയ്തവന്റെ പശ്ചാത്താപം സ്വീകരിക്കാനായി പകലിലും കൈ നീട്ടുന്നു. ലോകാവസാനം വരെ ഇത് തുടർന്ന് കൊണ്ടിരിക്കും” (മു)

**വചനം 63**

وَعِبَادُ ٱلرَّحْمَٰنِ ٱلَّذِينَ يَمْشُونَ عَلَى ٱلْأَرْضِ هَوْنًا وَإِذَا خَاطَبَهُمُ ٱلْجَٰهِلُونَ قَالُوا۟ سَلَٰمًا ﴿٦٣﴾

63 ‘റഹ്മാനായുള്ളവൻെറ’ (പരമകാരുണികൻെറ) അടിയാൻമാർ, ഭൂമിയിൽ വിനയത്തോടെ നടക്കുന്നവരത്രെ. അറിവില്ലാത്തവർ അവരെ അഭിമുഖീകരിക്കുന്നതായാൽ, അവർ സമാധാന പരമായത് പറയുന്നതാണ്.

പിശാചിന്റെയോ, ദേഹേഛകളുടെയോ, പരദൈവങ്ങളുടെയോ, അടിമകളാകാതെ, പരമകാരു ണികന്റെ അപാരമായ കരുണക്ക് പാത്രീഭൂതരായിട്ടുള്ളവരാകുന്ന ‘റഹ്മാന്റെ അടിയാന്മാർ’ ആ ഭാഗ്യവാ ന്മാരുടെ സദ്വിശേഷതകൾ ഈ വചനം മുതൽ 74-ാം വചനം അടക്കമുള്ള ആയത്തുകളിൽ അല്ലാഹു വിവരിക്കുന്നു.

അവർ ഭൂമിയിൽ കൂടി നടക്കുന്നത് വിനയത്തോടെ ആയിരിക്കും; അനാവശ്യത്തിലും അക്രമ ത്തിലും പങ്കെടുക്കാതെ, വിനോദങ്ങളിൽ മുഴുകാതെ, അഹംഭാവമോ, പത്രാസോ കൂടാതെ വളരെ പാക തയുള്ളവരായിട്ടായിരിക്കും അവർ ഭൂമുഖത്ത് കഴിച്ച് കൂട്ടുക.

മാത്രമല്ല, അവർ കാര്യവിവരമില്ലാത്ത അജ്ഞരായ ആളുകൾ, ഇങ്ങോട്ട് പ്രകടിപ്പിക്കുന്ന മര്യാദ കെട്ട വാക്കുകളോ പ്രവർത്തികളോ ഗൗനിക്കാതെ അങ്ങോട്ട് വിട്ട് വീഴ്ചയും നല്ല വാക്കുകളും ഉപയോ ഗിക്കുന്നവരാകുന്നു.

**വചനം 64, 65, 66**

وَٱلَّذِينَ يَبِيتُونَ لِرَبِّهِمْ سُجَّدًا وَقِيَٰمًا ﴿٦٤﴾

وَٱلَّذِينَ يَقُولُونَ رَبَّنَا ٱصْرِفْ عَنَّا عَذَابَ جَهَنَّمَ ۖ إِنَّ عَذَابَهَا كَانَ غَرَامًا ﴿٦٥﴾

إِنَّهَا سَآءَتْ مُسْتَقَرًّا وَمُقَامًا ﴿٦٦﴾

64 തങ്ങളുടെ രക്ഷിതാവിന് ‘സുജൂദ്’ (സാ ഷ്ടാംഗനമസ്കാരം) ചെയ്യുന്നവരും, നിന്ന് നമസ്കരിക്കുന്നവരുമായിക്കൊണ്ട് രാക്ക ഴിച്ചുകൂട്ടുന്നവരുമാകുന്നു.

65 (ഇപ്രകാരം) പറയാറുള്ളവരുമാണ്: “ഞങ്ങളുടെ റബ്ബേ, നരകശിക്ഷ ഞങ്ങളിൽ നിന്ന് ഒഴിവാക്കി ത്തരേണമേ! നിശ്ചയമായും അതിൻെറ ശിക്ഷ ഒരു തീരാനഷ്ടമാകുന്നു;-

66 “നിശ്ചയമായും അത് (നരകം) വളരെ ചീത്ത യായ താവളവും പാർപ്പിടവും തന്നെയാണ്!”

‘റഹ്മാന്റെ അടിയാന്മാർ’ തങ്ങളുടെ രക്ഷിതാവിന് സാഷ്ടാംഗ നമസ്കാരം ചെയ്യുന്നവരും, രാത്രി സമയങ്ങളിൽ വളരെയേറെ സമയം നമസ്കാര കർമ്മങ്ങളിൽ കഴിച്ച് കൂട്ടുന്നവരുമായിരിക്കും. -സൂ: ദാരിയാത്ത് 16, 17 വചനങ്ങൾ നോക്കുക (നിർബന്ധ നമസ്കാരങ്ങളെ കഴിച്ചാൽ പിന്നെ, നമസ്കാ

രങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായത് രാത്രിയിൽ നിർവ്വഹിക്കുന്ന നമസ്കാരമാകുന്നു എന്ന് നബി(സ) തിരുമേനി അരുളിയിരിക്കുന്നു)

സൽക്കർമ്മങ്ങളിൽ മുഴുകിയവരായിരിക്കെ തന്നെ അവർ അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് സദാ ഭയപ്പാടുള്ളവരുമാകുന്നു. നരക ശിക്ഷയുടെ കാഠിന്യവും അത് അനുഭവപ്പെടുന്ന പക്ഷം ഉണ്ടാകുന്ന തീരാ നഷ്ടവും മനസ്സിൽ ഓർത്ത് ഭയപ്പെട്ട് കൊണ്ട് നരകശിക്ഷയിൽ നിന്നും ഒഴിവാക്കേണമേ എന്ന് അവർ സദാ അല്ലാഹുവിനോട് പ്രാർത്ഥിച്ച് കൊണ്ടിരിക്കും.

**വചനം 67**

وَٱلَّذِينَ إِذَآ أَنفَقُوا۟ لَمْ يُسْرِفُوا۟ وَلَمْ يَقْتُرُوا۟ وَكَانَ بَيْنَ ذَٰلِكَ قَوَامًا ﴿٦٧﴾

67 തങ്ങൾ ചിലവുചെയ്യുന്നതായാൽ, അമിതവ്യയം ചെയ്കയാകട്ടെ, പിശുക്ക് കാണിക്കുകയാകട്ടെ ചെയ്യാത്തവരുമാകുന്നു; അതിനിടയിൽ മിതമായതായിരിക്കുന്നതാണ് (അത്).

അവർ, ഏതൊരു കാര്യത്തിന് ചിലവ് ചെയ്യുമ്പോഴും അമിത വ്യയം ചെയ്യുകയോ പിശുക്ക് കാണിക്കുകയോ ചെയ്യുന്നതല്ല - എല്ലാ നിലക്കും അവർ മിതത്വം പാലിക്കുന്നവരായിരിക്കും. ധർമ്മാദി വിഷയങ്ങളിൽ മാത്രമല്ല വ്യക്തിപരമായും കുടുംബപരമായും ഉള്ള കാര്യങ്ങളിലും ചിലവ് ചെയ്യുമ്പോൾ മിതത്വം പാലിക്കുകയെന്നത് അവരുടെ സ്വഭാവ വിശേഷമായിരിക്കും.

**വചനം 68, 69**

وَٱلَّذِينَ لَا يَدْعُونَ مَعَ ٱللَّهِ إِلَٰهًا ءَاخَرَ وَلَا يَقْتُلُونَ ٱلنَّفْسَ ٱلَّتِى حَرَّمَ ٱللَّهُ إِلَّا بِٱلْحَقِّ وَلَا يَزْنُونَ ۚ وَمَن يَفْعَلْ ذَٰلِكَ يَلْقَ أَثَامًا ﴿٦٨﴾

يُضَٰعَفْ لَهُ ٱلْعَذَابُ يَوْمَ ٱلْقِيَٰمَةِ وَيَخْلُدْ فِيهِۦ مُهَانًا ﴿٦٩﴾

68 അല്ലാഹുവിനോടുകൂടെ വേറെ ഒരു ആരാധ്യനെയും വിളി (ച്ച് പ്രാർത്ഥി)ക്കാത്തവരുമാകുന്നു; അല്ലാഹു വിരോധിച്ചിട്ടുള്ള ദേഹത്തെ (ശരിയായ)ന്യായപ്രകാരമല്ലാതെ അവർ കൊലപ്പെടുത്തുകയുമില്ല; അവർ വ്യഭിചാരം ചെയ്കയുമില്ല (അങ്ങിനെയുള്ളവരുമായിരിക്കും). ആരെങ്കിലും അവ ചെയ്യുന്നതായാൽ അവൻ, കുറ്റം (ചെയ്തതിൻെറ ശിക്ഷ) കണ്ടെത്തുന്നതാണ്:-

69 അതായത്, 'ഖിയാമത്തു' നാളിൽ അവന് ശിക്ഷ ഇരട്ടിച്ച് കൊടുക്കപ്പെടും; നിന്ദ്യനായ നിലയിൽ അതിലവൻ ശാശ്വതനായിരിക്കയും ചെയ്യും.

പാപങ്ങളിൽ വെച്ച് ഏറ്റവും ഗൗരവമേറിയവയാകുന്നു, ശിർക്ക്, കൊലപാതകം, വ്യഭിചാരം എന്നീ പാപങ്ങൾ. റഹ്മാന്റെ അടിയാന്മാരായ സജ്ജനങ്ങളിൽ നിന്ന് ഇത്തരം പാപങ്ങൾ ഒരിക്കലും ഉണ്ടാകുന്നതല്ല.

ശിർക്കിലും വ്യഭിചാരത്തിലും അനുവദനീയമായ ഒരു ഇനവുമില്ല. എന്നാൽ കൊലയിലാകട്ടെ ചില സന്ദർഭങ്ങളിൽ, പ്രതികാര ശിക്ഷാ നിയമം നടപ്പാക്കുക, ശത്രുക്കളുമായി യുദ്ധത്തിലേർപ്പെടുക എന്നീ അവസരങ്ങളിൽ, അത് നിർവ്വഹിക്കേണ്ടതായി വരും. അത് കൊണ്ടാണ് കൊലയെ സംബന്ധിച്ച് പറഞ്ഞപ്പോൾ "ന്യായ പ്രകാരമല്ലാതെ" എന്ന് എടുത്ത് പറഞ്ഞിരിക്കുന്നത്. ഈ മൂന്ന് മഹാപാപങ്ങളുടെ ഗൗരവം എത്രമാത്രമാണെന്ന് മനസ്സിലാക്കുവാൻ അവയ്ക്കുള്ള ശിക്ഷയെക്കുറിച്ച് ഇതേ വചനങ്ങളിൽ അല്ലാഹു പറഞ്ഞ വാക്കുകൾ തന്നെ മതിയാകും. എന്നാൽ ഈ മൂന്ന് മഹാപാപങ്ങളുടെ കൂട്ടത്തിൽ തന്നെ ഏറ്റവും നികൃഷ്ടമായ ഇനങ്ങൾ ഒരു ഹദീസിലൂടെ നബി(സ) വിവരിക്കുന്നത് ശ്രദ്ധിക്കുക:

ഇബ്നു മസ്ഊദ്(റ) പറയുന്നു : ഞാൻ ചോദിച്ചു : "അല്ലാഹുവിന്റെ റസൂലേ, പാപങ്ങളിൽ വെച്ച് ഏറ്റവും വമ്പിച്ചത് ഏതാണ്?" അവിടുന്നു പറഞ്ഞു : "നിന്നെ സൃഷ്ടിച്ചത് അല്ലാഹുവാണ് എന്നിരിക്കെ

നീ അവന് സമന്മാരെ വെച്ച് പ്രാർത്ഥിക്കലാണ്" ഞാൻ ചോദിച്ചു: "പിന്നെ ഏതാണ്?" അവിടുന്ന് പറഞ്ഞു: "നിന്റെ സന്താനം നിന്റെ ഒന്നിച്ച് ഭക്ഷണം കഴിക്കുമെന്ന് പേടിച്ച് (ദാരിദ്ര്യ ഭയം മൂലം) നീ അതിനെ കൊലപ്പെടുത്തുന്നതാണ്." ഞാൻ ചോദിച്ചു : "പിന്നെ ഏതാണ്?" അവിടുന്ന് പറഞ്ഞു : "നീ നിന്റെ അയൽക്കാരന്റെ ഭാര്യയെ വ്യഭിചാരം ചെയ്യലാണ്."

അനന്തരം മേൽ പറഞ്ഞതിന്റെ സത്യവൽക്കരണമായി കൊണ്ട് നാമിപ്പോൾ വായിച്ചു കൊണ്ടിരിക്കുന്ന 68-ാം വചനം അവതരിക്കുകയുണ്ടുയി (ബു. മു.)

ഏറ്റവും വമ്പിച്ച പാപങ്ങളെക്കുറിച്ചാണല്ലോ ഇബ്നു മസ്ഊദ് (റ) ചോദിച്ചത് അത്കൊണ്ടാണ് ഓരോന്നിലും വെച്ച് ഏറ്റവും നീചമായ ഇനങ്ങളെ നബി(സ) എടുത്ത് പറഞ്ഞത്. എന്നാൽ ആ വൻകുറ്റങ്ങൾ ചെയ്ത് പോയാൽ തന്നെയും ആരും, നിരാശപ്പെടേണ്ടതില്ലെന്നും, അതിന് പരിഹാരമുണ്ടെന്നും, അടുത്ത വചനങ്ങളിൽ അല്ലാഹു ഓർമ്മപ്പെടുത്തുന്നു.

<u>വചനം 70, 71 :</u>

إِلَّا مَن تَابَ وَءَامَنَ وَعَمِلَ عَمَلًا صَٰلِحًا فَأُو۟لَٰٓئِكَ يُبَدِّلُ ٱللَّهُ سَيِّـَٔاتِهِمْ حَسَنَٰتٍ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٧٠﴾

وَمَن تَابَ وَعَمِلَ صَٰلِحًا فَإِنَّهُۥ يَتُوبُ إِلَى ٱللَّهِ مَتَابًا ﴿٧١﴾

70 പക്ഷെ, ആരെങ്കിലും പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും, സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നതായാൽ, അങ്ങിനെയുള്ളവരുടെ തിൻമകളെ അല്ലാഹു നൻമകളായി മാറ്റുന്നതാകുന്നു. അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

71 ആരെങ്കിലും പശ്ചാത്തപിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നതായാൽ, നിശ്ചയമായും, അവൻ അല്ലാഹുവിങ്കലേക്ക് ശരിക്ക് പശ്ചാത്തപിച്ച് മടങ്ങുകയാണ് ചെയ്യുന്നത്.

ചെയ്ത് പോയ തെറ്റുകളെക്കുറിച്ച് ആത്മാർത്ഥമായി ഖേദിക്കുക, ആ തെറ്റുകൾ നിറുത്തൽ ചെയ്ത് പിന്നീട് ആവർത്തിക്കാതിരിക്കുക - ഇതാണ് തൗബ : അഥവാ പശ്ചാത്താപം എന്നത് കൊണ്ടു ഉദ്ദേശിക്കുന്നത്. തൗബയെ കുറിച്ച് പറയുമ്പോൾ അതിനെ തുടർന്ന് സൽക്കർമ്മം പ്രവർത്തിക്കുന്നതിനെയും കുറിച്ച് ഖുർആൻ സാധാരണ ഓർമ്മപ്പെടുത്താറുണ്ട്. ഈ ആയത്തിലാകട്ടെ "വിശ്വസിക്കുകയും" എന്ന് കൂടി പറഞ്ഞിരിക്കുന്നു.

മേൽ പറഞ്ഞ പാപങ്ങളിൽ ഒന്നാമത്തേത് ശിർക്കാണല്ലോ. സത്യവിശ്വാസമുള്ളവരിൽ നിന്ന് ശിർക്ക് ഉണ്ടാകാൻ പാടില്ലാത്തതാണല്ലോ. അത്കൊണ്ട് ഒന്നാമതായി അവന്റെ വിശ്വാസം പുതുക്കേണ്ടതുണ്ട്. തുടർന്ന് പറഞ്ഞ രണ്ടു പാപങ്ങൾ (കൊലയും വ്യഭിചാരവും) ചെയ്തവൻ വിശ്വാസം പൂർണ്ണമായും നഷ്ടപ്പെട്ടെന്ന് പറയാവതല്ലെങ്കിലും, വിശ്വാസം കേവലം ദുർബ്ബലമായതിനാലാണല്ലോ അത്രയും വമ്പിച്ച തെറ്റുകൾ ചെയ്യാനിടയാകുന്നത്. ആകയാൽ അവന്റെ വിശ്വാസം ഒന്ന് ശക്തിപ്പെടുത്തേണ്ടതുമുണ്ട്. ഇത് കൊണ്ടായിരിക്കും, ഇവിടെ 'പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും' എന്ന് പ്രത്യേകം പറഞ്ഞിരിക്കുന്നത് الله اعلم

ഇപ്രകാരം പശ്ചാത്താപം ചെയ്തവരുടെ പാപങ്ങൾ പൊറുക്കുക മാത്രമല്ല നന്മകളായി മാറ്റുകയും ചെയ്യുമെന്ന വാഗ്ദാനം വളരെ ശ്രദ്ധേയമാകുന്നു. തിന്മകളെ നന്മകളായി മാറ്റുമെന്ന് പറഞ്ഞതിന്റെ ഉദ്ദേശം ചെയ്ത പാപങ്ങൾക്ക് പുണ്യഫലം ലഭിക്കുമെന്നല്ല - അവയ്ക്ക് നിശ്ചയിക്കപ്പെട്ട ശിക്ഷകൾ ഒഴിവാക്കപ്പെടുകയും, പശ്ചാത്താപത്തിന് തക്കതായ പ്രതിഫലം നൽകപ്പെടുകയും, തുടർന്ന് കൊണ്ടു ചെയ്യുന്ന സൽക്കർമ്മങ്ങൾക്ക് പുണ്യം ലഭിക്കുകയും ചെയ്യും എന്നുമാകുന്നു.

"ഒരു നന്മ ചെയ്യുവാൻ ഉദ്ദേശിച്ചിട്ട് അത് പ്രവർത്തനത്തിൽ വരുത്താൻ കഴിയാതെ വന്നാലും, ഒരു നന്മയുടെ പ്രതിഫലം അവന് അല്ലാഹു നൽകുന്നതാണ്. അത് പ്രവർത്തനത്തിൽ വരുത്തുന്ന

പക്ഷം 700 ഇരട്ടി വരെയും അതിൽ കൂടുതലും പ്രതിഫലം നൽകുന്നതാണ്. ഒരാൾ ഒരു തിന്മ ചെയ്യാൻ ഉദ്ദേശിച്ചാൽ അതിന്റെ പേരിൽ യാതൊരു നടപടിയും എടുക്കപ്പെടുന്നതല്ല. അത് പ്രവർത്തിച്ചാൽ ഒരേ ഒരു കുറ്റം മാത്രം നൽകപ്പെടും" - നബി വചനം (ബു. മു.)

വചനം 72

وَٱلَّذِينَ لَا يَشْهَدُونَ ٱلزُّورَ وَإِذَا مَرُّوا۟ بِٱللَّغْوِ مَرُّوا۟ كِرَامًا ﴿٧٢﴾

72 (അവർ) കൃത്രിമത്തിന് സാക്ഷിയാകുകയും ചെയ്യാത്തവരായിരിക്കും; വ്യർത്ഥമായ കാര്യത്തിനരികെകൂടി പോകുന്നതായാൽ, അവർ മാന്യൻമാരായ നിലയിൽ പോകുകയും ചെയ്യുന്നതാണ്.

റഹ്മാന്റെ അടിയാന്മാർ യാതൊരു അക്രമങ്ങൾക്കും അനീതികൾക്കും അസത്യത്തിനും അരു നിൽക്കുന്നവരല്ല. മഹാപാപങ്ങളിൽ ഒന്നായ കള്ളസാക്ഷ്യം പറയുക എന്നതിൽ നിന്നും അവർ തീർത്തും മുക്തരായിരിക്കും. വ്യർത്ഥമായ കാര്യങ്ങളിൽ - ഇക്കാലത്തെ സിനിമ, നൃത്തം, നാടകം തുടങ്ങിയ കലാ വിനോദങ്ങൾ, പലതരം ഉത്സവ കോലാഹലങ്ങൾ, ബിദ്അത്തുകാരുടെ നേർച്ച ഉറൂസ് മാമൂലുകൾ - നിന്ന് അവർ അകന്ന് നില്ക്കുന്നതുമാകുന്നു. അവർ അതിൽ പങ്കെടുക്കുകയില്ലെന്ന് മാത്രമല്ല, അതിൽ ശ്രദ്ധിക്കുക പോലും ചെയ്യാതെ മാന്യന്മാരെന്ന നിലയിൽ തിരിഞ്ഞു പോകുന്നതാണ്. (സൂ: മുഅ്മിനൂൻ : 3 ; സൂ: ഖസസ് : 55 എന്നിവിടങ്ങളിൽ നോക്കുക)

വചനം 73

وَٱلَّذِينَ إِذَا ذُكِّرُوا۟ بِـَٔايَـٰتِ رَبِّهِمْ لَمْ يَخِرُّوا۟ عَلَيْهَا صُمًّا وَعُمْيَانًا ﴿٧٣﴾

73 (അവർ) യാതൊരുകൂട്ടരുമായിരിക്കും: തങ്ങളുടെ രക്ഷിതാവിൻെറ 'ആയത്തു'കൾ (വേദവാക്യങ്ങൾ) കൊണ്ട് അവർക്ക് ഉൽബോധനം ചെയ്യപ്പെട്ടാൽ, ബധിരന്മാരും, അന്ധന്മാരുമായ നിലയിൽ അതിൻമേൽ അവർ വീഴുകയില്ല.

അല്ലാഹുവിന്റെ ആയത്തുകൾ മുഖേന ഉപദേശിക്കപ്പെടുന്ന അവസരത്തിൽ അവിശ്വാസികളും കപട വിശ്വാസികളും ചെയ്യാറുള്ളതുപോലെ അശ്രദ്ധയും അവഗണനയും കാണിക്കാതെ, ആ സജ്ജനങ്ങൾ, കണ്ണും കാതും കൊടുത്ത് സശ്രദ്ധം അത് മനസ്സിലാക്കുകയും ബഹുമാനപുരസ്സരം അത് സ്വീകരിക്കാൻ ആവേശപൂർവ്വം തയ്യാറാകുകയും ചെയ്യും. (സൂ: സജദ : 15 ; സൂ:മർയം : 58 വചനങ്ങൾ ശ്രദ്ധിക്കുക)

വചനം 74

وَٱلَّذِينَ يَقُولُونَ رَبَّنَا هَبْ لَنَا مِنْ أَزْوَٰجِنَا وَذُرِّيَّـٰتِنَا قُرَّةَ أَعْيُنٍ وَٱجْعَلْنَا لِلْمُتَّقِينَ إِمَامًا ﴿٧٤﴾

74 (അവർ ഇപ്രകാരം) പറഞ്ഞുകൊണ്ടിരിക്കുന്നവരുമായിരിക്കും: "ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ ഭാര്യമാരിൽനിന്നും, സന്തതികളിൽനിന്നും ഞങ്ങൾക്ക് നീ കൺകുളിർമ്മ (മനസ്സന്തോഷം) പ്രദാനം ചെയ്യേണമേ! ഞങ്ങളെ ഭയഭക്തൻമാർക്ക് മുമ്പൻമാരാക്കുക (മാതൃകയാക്കുക)യും ചെയ്യേണമേ!!"

റഹ്മാന്റെ അടിയാന്മാർ തങ്ങളുടെ സ്വന്തം കാര്യങ്ങളിൽ മാത്രമല്ല കുടുംബത്തിന്റെ നന്മയിലും വളരെ താല്പര്യവും ആകാംക്ഷയും ഉള്ളവരായിരിക്കും. തങ്ങളുടെ പത്നിമാരും സന്തതികളും സൽക്കർമ്മികളും സജ്ജനങ്ങളും ആയിത്തീരുവാനും അത് വഴി തങ്ങൾക്ക് ഇഹത്തിലും പരത്തിലും കൺകുളിർമയും മനസ്സന്തോഷവും കൈവരിക്കുവാനും അവർ സദാ അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കും. മാത്രമല്ല, ഇസ്ലാമിക നടപടി ക്രമങ്ങൾ ശരിയാവണ്ണം ആചരിച്ച് വരുന്ന ഭയഭക്തന്മാർക്ക്, തങ്ങളുടെ പത്നിമാരും സന്താനങ്ങളും മുമ്പന്മാരായിരിക്കുവാനും (മാതൃകയായിരിക്കുവാനും) അവർ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഒരാൾ മരണപ്പെട്ടാൽ മൂന്ന് കാര്യങ്ങളൊഴികെ അവന്റെ മറ്റെല്ലാ കർമ്മങ്ങളും മുറിഞ്ഞുപോകുന്നതാണ് - തനിക്ക് വേണ്ടി പ്രാർത്ഥന നടത്തുന്ന സൽക്കർമ്മികളായ മക്കൾ, സ്ഥായിയായ ദാന ധർമ്മം, തന്റെ കാലശേഷം ഉപകാരപ്രദമായിത്തീരുന്ന വിജ്ഞാനം എന്നിവ

**വചനം 75, 76**

أُوْلَٰٓئِكَ يُجْزَوْنَ ٱلْغُرْفَةَ بِمَا صَبَرُواْ وَيُلَقَّوْنَ فِيهَا تَحِيَّةً وَسَلَٰمًا ﴿٧٥﴾

75 അവർ സഹിച്ചതിൻെറ ഫലമായി അവർക്ക് മണിമേടകൾ പ്രതിഫലം നൽകപ്പെടുന്നതാണ്; അഭിവാദ്യത്തോടും, സമാധാനസന്ദേശത്തോടും (കൂടി) അതിൽവെച്ച് അവർ എതിരേൽക്കപ്പെടുകയും ചെയ്യുന്നതാണ്.

خَٰلِدِينَ فِيهَا ۚ حَسُنَتْ مُسْتَقَرًّا وَمُقَامًا ﴿٧٦﴾

76 അതിൽ അവർ നിത്യവാസികളായ നിലയിലായിരിക്കും (വസിക്കുക). വളരെ നല്ല ഭവനവും, പാർപ്പിടവും!

റഹ്മാന്റെ അടിയാന്മാരായ, മേൽ വിവരിച്ച വിശിഷ്ടഗുണങ്ങൾ ഉള്ള സഹനശീലർക്ക് അല്ലാഹു സ്വർഗ്ഗലോകത്തിലെ മണിമേടകൾ വാഗ്ദാനം ചെയ്യുന്നു. അവർ അതിൽ സമാധാനമടഞ്ഞവരായിക്കൊണ്ട് സ്ഥിരവാസികളായിരിക്കും. സ്വർഗ്ഗത്തിലെ മണിമാളികകൾ വളരെ നല്ല ഭവനങ്ങളും പാർപ്പിടങ്ങളുമായിരിക്കും.

**വചനം 77**

قُلْ مَا يَعْبَؤُاْ بِكُمْ رَبِّى لَوْلَا دُعَآؤُكُمْ ۖ فَقَدْ كَذَّبْتُمْ فَسَوْفَ يَكُونُ لِزَامًۢا ﴿٧٧﴾

77 (നബിയേ) പറയുക: "നിങ്ങളുടെ പ്രാർത്ഥന ഇല്ലെങ്കിൽ, എൻെറ റബ്ബ് നിങ്ങളെപ്പറ്റി എന്ത് വക വെക്കുവാനാണ്?! (ഒന്നും വകവെക്കാനില്ല.) എന്നാൽ, നിങ്ങൾ തീർച്ചയായും കളവാക്കിയിരിക്കുകയാണ്. അതിനാൽ, വഴിയെ അത് (താക്കീതു ചെയ്യപ്പെട്ട ശിക്ഷ) അനിവാര്യമായിരിക്കുന്നതാണ്."

അവിശ്വാസികൾക്ക് കനത്ത ഒരു താക്കീത് നൽകുവാൻ നബി(സ)യോട് കല്പിച്ച് കൊണ്ട് ഈ സൂറത്ത് അല്ലാഹു അവസാനിപ്പിക്കുന്നു. ഈ വചനത്തിന്റെ ആശയം വിവരിക്കുന്നതിൽ ഖുർആൻ വ്യഖ്യാതാക്കൾക്കിടയിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുണ്ട്

ഒന്ന്: നിങ്ങൾ അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നു എന്ന് മാത്രമല്ല. അവരോട് പ്രാർത്ഥന നടത്തുകയും ചെയ്യുന്നു. അല്ലാഹുവിനോടല്ലാതെയുള്ള നിങ്ങളുടെ ഈ പ്രാർത്ഥനകൾ ഇല്ലായിരുന്നെങ്കിൽ അവൻ നിങ്ങളെ പറ്റി ഇത്ര ഗൗരവത്തോടെ വീക്ഷിക്കുമായിരുന്നില്ല. ഇതിനു പുറമെ, സത്യപ്രബോധനത്തെ കളവാക്കുകയും ചെയ്തിരിക്കുന്ന നിങ്ങൾക്ക് അനിവാര്യമായ ശിക്ഷ താമസിയാതെ സംഭവിക്കുന്നതുമാണ്.

രണ്ട്: നിങ്ങൾ ആരാധനയിലും പ്രാർത്ഥനയിലും ശിർക്ക് ചെയ്ത് കൊണ്ടിരിക്കുന്നവരാണെങ്കിലും ചുരുക്കം ചില അസന്നിദ്ധ ഘട്ടങ്ങളിലെങ്കിലും അല്ലാഹുവിനോട് നിങ്ങൾ നിഷ്ക്കളങ്കരായി പ്രാർത്ഥിക്കാറുണ്ട്. (സൂ: അൻആം : 63, 64 ; സൂ: യൂനുസ് : 22, 23 ; സൂ: നഹ്ൽ : 53, 54 എന്നിവിടങ്ങളിൽ നോക്കുക) അത് കൊണ്ടാണ് അവൻ നിങ്ങളെ ഇപ്പോൾ ശിക്ഷിക്കാത്തത്. എന്നാൽ നിങ്ങൾ സത്യപ്രബോധനത്തെ കളവാക്കി നിഷേധിച്ചിരിക്ക കൊണ്ട് അധികം താമസിയാതെ നിങ്ങൾക്ക് ശിക്ഷ അനുഭവപ്പെടുക തന്നെ ചെയ്യും. "അല്ലാഹുവേ, മുഹമ്മദ് പ്രബോധനം ചെയ്യുന്ന ഇതാണ് നിന്റെ പക്കൽ നിന്നുള്ള യഥാർത്ഥ(സത്യ)മെങ്കിൽ നീ ഞങ്ങളുടെ മേൽ കല്ല്മഴ വർഷിക്കുകയോ, വേദനയേറിയ മറ്റ് വല്ല ശിക്ഷയോ കൊണ്ടു വന്നേക്കുക" എന്ന് പ്രാർത്ഥിക്കുമാറ് ധിക്കാരികളായ മുശ്രിക്കുകളെ സംബന്ധിച്ച് അല്ലാഹു പറയുന്നത് നോക്കുക:

"നബിയെ, നീ അവരിൽ ഉണ്ടായിരിക്കേ അല്ലാഹു അവരെ ശിക്ഷിക്കുവാൻ തയ്യാറില്ല. അവർ പാപമോചനം തേടാറുള്ള സ്ഥിതിക്കും അല്ലാഹു അവരെ ശിക്ഷിക്കുന്നവനല്ല" സൂ: അൻഫാൽ : 33

മൂന്ന്: റസൂൽ നിങ്ങളെ തൗഹീദിലേക്ക് ക്ഷണിച്ച് കൊണ്ടിരിക്കുകയാണല്ലോ. അദ്ദേഹത്തിന്റെ

ഈ പ്രബോധന ദൗത്യം നിലവിൽ നടന്ന് കൊണ്ടിരിക്കുകയുമാണ്. അതില്ലായിരുന്നുവെങ്കിൽ അല്ലാഹു നിങ്ങളെ ഒട്ടും വില വെക്കുമായിരുന്നില്ല. നിങ്ങൾ പ്രബോധനത്തെ കളവാക്കിക്കഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക്, നിങ്ങൾ ശിക്ഷക്ക് അവകാശപ്പെട്ട് കഴിഞ്ഞിരിക്കുന്നു. എന്നാൽ അത് വഴിയെ അനുഭവപ്പെടുന്നതാണ്.

മേൽ കണ്ട അഭിപ്രായങ്ങൾക്ക് പുറമേ, വേറെയും ചില അഭിപ്രായങ്ങൾ വ്യാഖ്യാതാക്കൾ പറഞ്ഞു കാണുന്നു. ഇത്രയും ചെറിയ ഒരു വചനം, പരസ്പരം വൈരുദ്ധ്യം ഇല്ലാത്തതും സാരവത്തുമായ പല വ്യാഖ്യാനങ്ങൾക്കും ഇടം നൽകത്തക്ക വണ്ണം വിശാലമായ അർത്ഥം ഉൾക്കൊള്ളുക എന്നത് വിശുദ്ധ ഖുർആന്റെ ഒരു പ്രത്യേകത തന്നെയാണ്.

# 26. സൂറത്തുൽ ശുഅറാഅ് (കവികൾ)

മക്കയിൽ അവതരിച്ചത്(അവസാനത്തെ 4 വചനങ്ങൾ മദീനയിൽ അവതരിച്ചത്)

**വചനങ്ങൾ 227, വിഭാഗം (റുക്കൂഅ്) 11**

224-ാം വചനത്തിൽ കവികളെ (ശുഅറാഅ്) കുറിച്ച് പരാമർശിക്കുന്നത് കൊണ്ടാണ് ഈ അദ്ധ്യായത്തിന് ഇപ്രകാരം പേർ നൽകപ്പെട്ടത്.

## വിഭാഗം - 1

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1, 2, 3, 4, 5, 6**

طسٓمٓ ﴿١﴾

1 'ത്വാ-സീൻ-മീം'.

تِلْكَ ءَايَـٰتُ ٱلْكِتَـٰبِ ٱلْمُبِينِ ﴿٢﴾

2 (താഴെ കാണുന്ന) അവ സുവ്യക്തമായ വേദ ഗ്രന്ഥത്തിലെ സൂക്തങ്ങളാകുന്നു.

لَعَلَّكَ بَـٰخِعٌ نَّفْسَكَ أَلَّا يَكُونُوا۟ مُؤْمِنِينَ ﴿٣﴾

3 അവർ വിശ്വാസികളാകാത്തതിനാൽ നീ നിൻെറ ജീവൻ അപകടപ്പെടുത്തുന്നവനായേക്കാം! (അത് വേണ്ടാ.)

إِن نَّشَأْ نُنَزِّلْ عَلَيْهِم مِّنَ ٱلسَّمَآءِ ءَايَةً فَظَلَّتْ أَعْنَـٰقُهُمْ لَهَا خَـٰضِعِينَ ﴿٤﴾

4 നാം ഉദ്ദേശിക്കുന്നപക്ഷം, അവരുടെ മേൽ ഒരു ദൃഷ്ടാന്തം ആകാശത്തുനിന്നും നാം ഇറക്കുന്നതാണ്; അപ്പോൾ അവരുടെ പിരടികൾ അതിന് കീഴൊതുങ്ങുന്നതായിത്തീരുകയും ചെയ്യുന്നതാണ്. (പക്ഷേ, അങ്ങിനെ ഉദ്ദേശിച്ചിട്ടില്ല).

وَمَا يَأْتِيهِم مِّن ذِكْرٍ مِّنَ ٱلرَّحْمَـٰنِ مُحْدَثٍ إِلَّا كَانُوا۟ عَنْهُ مُعْرِضِينَ ﴿٥﴾

5 പരമകാരുണികനായുള്ളവൻെറ പക്കൽനിന്നും പുതുതായി നൽകപ്പെടുന്ന ഒരു ഉൽബോധനവും തന്നെ-അവരതിൽ നിന്ന് തിരിഞ്ഞുകളയുന്നവരായിട്ടല്ലാതെ-അവർക്ക് വരുന്നില്ല! (ഏതുതന്നെ വന്നാലും അവർ തിരിഞ്ഞുകളയുന്നു.)

فَقَدْ كَذَّبُوا۟ فَسَيَأْتِيهِمْ أَنۢبَـٰٓؤُا۟ مَا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٦﴾

6 അങ്ങനെ, അവർ വ്യാജമാക്കിയിരിക്കുകയാണ്; അതിനാൽ, ഏതൊന്നിൽ അവർ പരിഹാസം കൊള്ളുന്നുവോ അതിൻെറ (ആ ശിക്ഷയുടെ) വൃത്താന്തങ്ങൾ അവർക്ക് വന്നുകൊള്ളും.

സൂറത്തിന്റെ ആരംഭത്തിലെ കേവലാക്ഷരങ്ങളെക്കുറിച്ച് സൂ: അൽ ബഖറയുടെ പ്രാരംഭത്തിലുള്ള വിശദീകരണം നോക്കുക.

കഴിയുന്നത്ര അപവാദങ്ങളും ആക്ഷേപങ്ങളും ഉന്നയിച്ച് കൊണ്ട് മുശ്‌രിക്കുകളുടെ ഉപദ്രവം അതിന്റെ പാരമ്യത്തിലെത്തിയ ഘട്ടത്തിൽ അവതരിച്ച സൂറത്തുകളിൽ ഒന്നാകുന്നു ഈ സൂറത്ത്. സത്യവിശ്വാസം സ്വീകരിക്കണമെങ്കിൽ, ആ മല ഇങ്ങോട്ട് കൊണ്ടുവരിക, ഇവിടെ ഒരു പുഴയുണ്ടാകട്ടെ എന്നിങ്ങനെ തനി ബാലിശമായ ആവശ്യങ്ങൾ അവർ ഉന്നയിച്ച് കൊണ്ടിരുന്നു. നബി(സ)ക്കാണെങ്കിൽ അവർ വിശ്വസിച്ച് കാണാനുള്ള അതിയായ ആഗ്രഹവും. ഈ അവസരത്തിൽ അല്ലാഹു തിരുമേനിയെ മനസ്സ

മാധാനപ്പെടുത്തി ആശ്വസിപ്പിക്കുകയാണ് - താങ്കൾ അത്രയൊന്നും വ്യാകുലപ്പെടേണ്ടതില്ല; ദൗത്യം നിർവ്വഹിക്കൽ മാത്രമാകുന്നു താങ്കളുടെ ചുമതല. അവരെ സംബന്ധിച്ചുള്ള നടപടി ഞാൻ നടത്തിക്കൊള്ളാം. മുൻ കഴിഞ്ഞ പ്രവാചകന്മാർക്കും അവരുടെ ജനങ്ങൾക്കിമിടയിലും ഇപ്രകാരമൊക്കെ സംഭവിച്ചിട്ടുണ്ട്. എന്നിങ്ങനെ പല നബിമാരുടെയും ചരിത്രം തുടർന്ന് വിവരിച്ചു കൊണ്ട് അല്ലാഹു തിരുമേനിയെ സാന്ത്വനപ്പെടുത്തുന്നു.

**വചനം 7, 8, 9**

أَوَلَمْ يَرَوْا إِلَى ٱلْأَرْضِ كَمْ أَنۢبَتْنَا فِيهَا مِن كُلِّ زَوْجٍ كَرِيمٍ ﴿٧﴾

إِنَّ فِى ذَٰلِكَ لَءَايَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿٨﴾

وَإِنَّ رَبَّكَ لَهُوَ ٱلْعَزِيزُ ٱلرَّحِيمُ ﴿٩﴾

7 ഭൂമിയിലേക്ക് അവർ നോക്കുന്നില്ലേ-എല്ലാ (തരം) ഉൽകൃഷ്ടമായ ഇണവസ്തുക്കളിൽ നിന്നുമായി-എത്രയാണ് നാമതിൽ മുളപ്പിച്ചിട്ടുള്ളത് എന്ന്?!

8 നിശ്ചയമായും, അതിൽ ഒരു (വമ്പിച്ച) ദൃഷ്ടാന്തം ഉണ്ട്. (എങ്കിലും) അവരിൽ അധികമാളും വിശ്വസിക്കുന്നവരല്ല.

9 നിശ്ചയമായും, നിൻെറ രക്ഷിതാവുതന്നെയാണ് പ്രതാപശാലിയും, കരുണാനിധിയും.

ചരിത്ര പരമായ ദൃഷ്ടാന്തങ്ങൾ വിവരിക്കുന്നതിനു മുമ്പായി പ്രകൃതിപരമായ ഒരു ദൃഷ്ടാന്തം അല്ലാഹു ചൂണ്ടിക്കാട്ടുന്നു. വിവിധ വർഗ്ഗങ്ങളും അനേകതരം ജാതികളും ഉൾക്കൊള്ളുന്ന സസ്യങ്ങളുടെ ഉൽപാദനം ഘടനാ രൂപം, നാശോന്മുഖമായതിന് ശേഷം പുനരുൽപാദിത ശേഷി കൈവരിക്കുക എന്നിവയിലെല്ലാം ചിന്തിക്കുന്നവർക്ക് ശക്തമായ ദൃഷ്ടാന്തങ്ങളുണ്ട്. അല്ലാഹുവിലും മരണാനന്തര ജീവിതത്തിലും വിശ്വസിക്കുവാൻ ഉപയുക്തമായ ധാരാളം തെളിവുകളും അതിൽ തന്നെയുണ്ട്. എന്നാൽ അവരിൽ അധികമാളുകളും വിശ്വസിക്കുന്നവരല്ല.

8,9 വചനങ്ങളെക്കുറിച്ച് 67,68 വചനങ്ങളുടെ വിശദീകരണം നോക്കുക. അടുത്ത വചനം മുതൽ ചില ചരിത്രപരമായ സംഭവങ്ങളും ദൃഷ്ടാന്തങ്ങളും അല്ലാഹു വിവരിക്കുന്നു.

## വിഭാഗം - 2

**വചനം 10, 11, 12, 13, 14**

وَإِذْ نَادَىٰ رَبُّكَ مُوسَىٰٓ أَنِ ٱئْتِ ٱلْقَوْمَ ٱلظَّٰلِمِينَ ﴿١٠﴾

قَوْمَ فِرْعَوْنَ ۚ أَلَا يَتَّقُونَ ﴿١١﴾

قَالَ رَبِّ إِنِّىٓ أَخَافُ أَن يُكَذِّبُونِ ﴿١٢﴾

وَيَضِيقُ صَدْرِى وَلَا يَنطَلِقُ لِسَانِى فَأَرْسِلْ إِلَىٰ هَٰرُونَ ﴿١٣﴾

وَلَهُمْ عَلَىَّ ذَنۢبٌ فَأَخَافُ أَن يَقْتُلُونِ ﴿١٤﴾

10 (നബിയേ)നിൻെറ രക്ഷിതാവ് മൂസായോട് (ആ) അക്രമികളായ ജനങ്ങളുടെ അടുക്കൽ ചെല്ലുക എന്ന് വിളിച്ചുകൽപിച്ച സന്ദർഭം (ഓർക്കുക);

11 അതായത്, ഫിർഔൻെറ ജനതയുടെ അടുക്കൽ-അവർ സൂക്ഷിക്കുകയില്ലേ (എന്ന് നോക്കുക)?!

12 അദ്ദേഹം പറഞ്ഞു: "രക്ഷിതാവേ, എന്നെ അവർ വ്യാജമാക്കുമെന്ന് ഞാൻ ഭയപ്പെടുന്നു;"

13 "എൻെറ മനസ്സ് ഇടുങ്ങിപ്പോയേക്കും, എനിക്ക് നാവോട്ടം (സംസാരവൈഭവം) ഉണ്ടാകാതിരിക്കുകയും ചെയ്തേക്കും; ആകയാൽ, ഹാറൂൻ-ൻെറ അടുക്കലേക്ക് നീ (ദൂതനെ) അയച്ചാലും!"

14 "(മാത്രമല്ല) എൻെറമേൽ അവർക്ക് ഒരു കുറ്റവും (ആരോപിക്കുവാൻ) ഉണ്ട്. അതിനാൽ, അവർ എന്നെ കൊന്നുകളയുമെന്ന് ഞാൻ ഭയപ്പെടുന്നു."

മുസാ(അ) നബിയുടെ ചരിത്രം വിശദീകരിച്ച് പറഞ്ഞിട്ടുള്ള സൂറത്തുകളിൽ ഒന്നാകുന്നു ഈ സുറത്തും. സൂ: ത്വാഹായിൽ കൂടുതൽ വിശദമായി വിവരിക്കപ്പെട്ടിട്ടുള്ളതിനാൽ ഇവിടെ അത്യാവശ്യ വിവരണം മാത്രമേ നൽകുന്നുള്ളൂ.

“ഹാറൂൻ ന്റെ അടുക്കലേക്ക് നീ ദൂതനെ അയച്ചാലും” എന്ന് പറഞ്ഞതിന്റെ താൽപര്യം തനിക്ക് സഹായകൻ എന്ന നിലക്ക് അദ്ദേഹത്തെ റസൂലായി നിയോഗിച്ച് തരേണമേ എന്നായിരുന്നു. “എന്റെ മേൽ അവർക്ക് ഒരു കുറ്റം ആരോപിക്കുവാനുണ്ട്” എന്ന് പറഞ്ഞത്, അദ്ദേഹം മുമ്പ് ഒരു ഖിബ്ത്തിയെ കൊലപ്പെടുത്തിയ സംഭവത്തെ ഉദ്ദേശിച്ചാകുന്നു.

**വചനം 15, 16, 17**

قَالَ كَلَّا ۖ فَٱذْهَبَا بِـَٔايَـٰتِنَآ ۖ إِنَّا مَعَكُم مُّسْتَمِعُونَ ﴿١٥﴾

15 അവൻ (അല്ലാഹു) പറഞ്ഞു: “ഒരിക്കലുമില്ല; എന്നാൽ നിങ്ങൾ രണ്ടുപേരും നമ്മുടെ ദൃഷ്ടാന്തങ്ങളുമായി പോയിക്കൊള്ളുക. നിശ്ചയമായും, നാം നിങ്ങളുടെകൂടെ എല്ലാം കേട്ടുകൊണ്ടിരിക്കുന്നതാണ്. (ഞാൻ നിങ്ങളെ സഹായിക്കും.)

فَأْتِيَا فِرْعَوْنَ فَقُولَآ إِنَّا رَسُولُ رَبِّ ٱلْعَـٰلَمِينَ ﴿١٦﴾

16 “എന്നിട്ട് നിങ്ങൾ ഫിർഔൻെറയടുക്കൽ ചെന്ന് ഞങ്ങൾ രണ്ടുപേരും ലോകരക്ഷിതാവിൻെറ ദൂതൻമാരാണ് എന്ന് പറയുക;”

أَنْ أَرْسِلْ مَعَنَا بَنِىٓ إِسْرَٰٓءِيلَ ﴿١٧﴾

17 “-ഇസ്രാഈൽ സന്തതികളെ ഞങ്ങളുടെ കൂടെ നീ വിട്ടയച്ചു തരേണമെന്ന്. (ഇതാണ് ദൗത്യം)”

മൂസാ(അ) നബിയുടെ അപേക്ഷ അല്ലാഹു അനുവദിച്ച് കൊടുക്കുകയും അദ്ദേഹത്തെ ആശ്വസിപ്പിക്കുകയും ചെയ്തു.

തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതോട് കൂടി, മൂസാ(അ)നബിക്ക് പ്രധാനപ്പെട്ട മറ്റൊരു ദൗത്യം കൂടെ നിർവ്വഹിക്കേണ്ടതുണ്ടായിരുന്നു - ഇസ്രാഈൽ ജനതയെ ഫിർഔനിൽ നിന്ന് മോചിപ്പിക്കുക എന്ന ദൗത്യം. 400 കൊല്ലത്തോളമായി ഖിബ്ത്തികളുടെ (ഈജിപ്തുകാരുടെ) അടിമകളായി കഴിഞ്ഞ് കൂടുകയായിരുന്ന ഇസ്രാഈല്യരെ അവരുടെ വാഗ്ദത്തഭൂമിയായ ഫലസ്തീനിലേക്ക് കൂട്ടിക്കൊണ്ട് പോയി രക്ഷപ്പെടുത്തുവാൻ, അവരെ തങ്ങൾക്ക് വിട്ട് കിട്ടണമെന്ന് അല്ലാഹുവിന്റെ കല്പന പ്രകാരം മൂസാ(അ) ഫിർഔനിനോട് ആവശ്യപ്പെടുന്നു.

**വചനം 18, 19**

قَالَ أَلَمْ نُرَبِّكَ فِينَا وَلِيدًا وَلَبِثْتَ فِينَا مِنْ عُمُرِكَ سِنِينَ ﴿١٨﴾

18 അവൻ (ഫിർഔൻ) പറഞ്ഞു: “കുട്ടിയായിരുന്നപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ നിന്നെ ഞങ്ങൾ വളർത്തിവന്നില്ലേ?! നിൻെറ ആയുഷ്കാലത്തിൽനിന്ന് കുറേ കൊല്ലങ്ങൾ ഞങ്ങളുടെ ഇടയിൽ നീ കഴിഞ്ഞുകൂടുകയും ചെയ്തിരിക്കുന്നു?!”

وَفَعَلْتَ فَعْلَتَكَ ٱلَّتِى فَعَلْتَ وَأَنتَ مِنَ ٱلْكَـٰفِرِينَ ﴿١٩﴾

19 “നീ ചെയ്തിട്ടുള്ള (ആ ദുഷ്) പ്രവൃത്തിയും നീ ചെയ്തു. നീ കൃതഘ്നൻമാരിൽ പെട്ടവൻ തന്നെ!”

ഒരു ചോരക്കുഞ്ഞായിരുന്നപ്പോൾ മൂസാ(അ)നെ നദിയിൽ നിന്നെടുത്തു വളർത്തി വലുതാക്കിയതും, അവരുടെ കൂട്ടത്തിൽപ്പെട്ട ഒരാളെ മൂസാ(അ) കൊലപ്പെടുത്തിയതുമായ കഴിഞ്ഞകാല സംഭവങ്ങൾ ഓർമ്മപ്പെടുത്തിക്കൊണ്ടു ഫിർഔൻ, മൂസാ(അ)നബിയെ ഒരു നന്ദികെട്ടവൻ എന്ന് ആക്ഷേപിക്കുന്നു.

**വചനം 20, 21, 22**

قَالَ فَعَلْتُهَآ إِذًا وَأَنَا۠ مِنَ ٱلضَّآلِّينَ ﴿٢٠﴾

20 അദ്ദേഹം പറഞ്ഞു: "ആ അവസരത്തിൽ ഞാനത് ചെയ്കയുണ്ടായി; ഞാൻ (സൻമാർഗമറിയാതെ) പിഴവ് ബാധിച്ചവരിൽപെട്ടവനായിരുന്നു."

فَفَرَرْتُ مِنكُمْ لَمَّا خِفْتُكُمْ فَوَهَبَ لِى رَبِّى حُكْمًا وَجَعَلَنِى مِنَ ٱلْمُرْسَلِينَ ﴿٢١﴾

21 "അങ്ങനെ, നിങ്ങളെ ഭയപ്പെട്ടപ്പോൾ നിങ്ങളിൽ നിന്ന് ഞാൻ ഓടിപ്പോയി. അനന്തരം എൻെറ റബ്ബ് എനിക്ക് വിജ്ഞാനം പ്രദാനം ചെയ്തു; എന്നെ അവൻ മുർസലുകളിൽ ഉൾപ്പെടുത്തുകയും ചെയ്തു."

وَتِلْكَ نِعْمَةٌ تَمُنُّهَا عَلَىَّ أَنْ عَبَّدتَّ بَنِىٓ إِسْرَٰٓءِيلَ ﴿٢٢﴾

22 "അതാകട്ടെ, ഇസ്രാഈൽ സന്തതികളെ നീ അടിമകളാക്കിവെച്ചതിനാൽ, എൻെറമേൽ നീ എടുത്തുപറയുന്ന ഒരനുഗ്രഹമത്രെ".

മൂസാ(അ) താൻ ചെയ്ത് പോയ കുറ്റം സമ്മതിക്കുകയും ഇന്നത്തെപ്പോലെ അറിവും ബോധനവുമില്ലാതിരുന്ന അന്ന് ഞാൻ ചെയ്ത്പോയ തെറ്റിന് നിങ്ങളെന്നെ വധിച്ച് കളയുമെന്ന ഭയത്താൽ ഞാൻ നാട് വിടുകയാണുണ്ടായത് എന്ന് അവരോട് പറയുകയും ചെയ്തു. ഇപ്പോൾ അല്ലാഹു എനിക്ക് വിജ്ഞാനവും പ്രവാചകത്വവും നൽകിയ സാഹചര്യത്തിലാണ് ഞാൻ നിങ്ങളുടെ അടുക്കലേക്ക് അവന്റെ ദൗത്യവുമായി വന്നിരിക്കുന്നത്.

ഫിർഔനും കൂട്ടരും മൂസാ(അ) നബിക്ക് ചെയ്ത അനുഗ്രഹങ്ങളെ എടുത്ത് പറഞ്ഞതിനെ ഖണ്ഡിച്ച് കൊണ്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു : "ഇസ്രാഈല്യരെ മർദ്ദിച്ചും കൊന്നും നിർദ്ദാക്ഷിണ്യം നീ അടിമകളായി ഉപദ്രവിച്ചിരുന്നതിനാലാണല്ലോ, ഞാൻ നിന്റെ വീട്ടിൽ വളരാനിടയായതു. അതല്ലായിരുന്നെങ്കിൽ, മറ്റ് കുട്ടികളെ പോലെ ഞാനും എന്റെ കുടുംബത്തോടൊപ്പം തന്നെ വളർന്നു വരുമായിരുന്നു."

**വചനം 23, 24**

قَالَ فِرْعَوْنُ وَمَا رَبُّ ٱلْعَٰلَمِينَ ﴿٢٣﴾

23 ഫിർഔൻ പറഞ്ഞു: "എന്താണ് ലോകരക്ഷിതാവ് (എന്ന് പറയുന്നത്)?!"

قَالَ رَبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَآ ۖ إِن كُنتُم مُّوقِنِينَ ﴿٢٤﴾

24 അദ്ദേഹം പറഞ്ഞു: "ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിൻെറയും രക്ഷിതാവാണ്- നിങ്ങൾ ദൃഢവിശ്വാസമുള്ളവരാണെങ്കിൽ!"

"ഞങ്ങൾ ലോക രക്ഷിതാവിന്റെ ദൂതന്മാരാണ്" എന്ന് മൂസാ(അ) നബി പറഞ്ഞത് (വചനം : 16) ഫിർഔനിന് സഹിക്കാൻ കഴിഞ്ഞില്ല, അസഹിഷ്ണുത പ്രകടിപ്പിച്ച് കൊണ്ട് പരിഹാസപൂർവ്വം അവൻ ചോദിച്ചു: "എന്താണ് ലോകരക്ഷിതാവ് എന്ന് പറയുന്നത്."

മൂസാ(അ) പറഞ്ഞു : "ലോക രക്ഷിതാവ് എന്ന് പറയുന്നത് ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവായ ഏകനായ അല്ലാഹു ആകുന്നു."

**വചനം 25, 26**

قَالَ لِمَنْ حَوْلَهُۥٓ أَلَا تَسْتَمِعُونَ ﴿٢٥﴾

25 അവൻ തൻെറ ചുറ്റുമുള്ളവരോട് പറഞ്ഞു: "നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുന്നില്ലേ (-ഇവൻ പറയുന്നത്)?!"

قَالَ رَبُّكُمْ وَرَبُّ ءَابَآئِكُمُ ٱلْأَوَّلِينَ ﴿٢٦﴾

26 അദ്ദേഹം പറഞ്ഞു: "നിങ്ങളുടെ രക്ഷിതാവും നിങ്ങളുടെ പൂർവ്വികൻമാരായ പിതാക്കളുടെ രക്ഷിതാവും തന്നെ."

ലോക രക്ഷിതാവെന്ന് പറയുന്നത് നിങ്ങളുടെയും നിങ്ങളുടെ പൂർവ്വികന്മാരായ പിതാക്കളുടെയും രക്ഷിതാവു തന്നെ എന്ന് മൂസാ(അ) ഒന്ന് കൂടി വ്യക്തമാക്കി.

**വചനം 27, 28**

قَالَ إِنَّ رَسُولَكُمُ ٱلَّذِىٓ أُرْسِلَ إِلَيْكُمْ لَمَجْنُونٌ ﴿٢٧﴾

27 അവൻ (സദസ്യരോട്) പറഞ്ഞു: "നിങ്ങളുടെ അടുക്കലേക്ക് അയക്കപ്പെട്ടിട്ടുള്ള നിങ്ങളുടെ (ഈ) റസൂൽ നിശ്ചയമായും ഭ്രാന്തൻ തന്നെ യാണ്!"

قَالَ رَبُّ ٱلْمَشْرِقِ وَٱلْمَغْرِبِ وَمَا بَيْنَهُمَآ ۖ إِن كُنتُمْ تَعْقِلُونَ ﴿٢٨﴾

28 അദ്ദേഹം പറഞ്ഞു: "ഉദയസ്ഥാനത്തിൻെറയും, അസ്തമയ സ്ഥാനത്തിൻെറയും, അവ രണ്ടി നുമിടയിലുള്ളതിൻെറതും റബ്ബാകുന്നു (അവൻ) നിങ്ങൾ മനസ്സിരുത്തുന്നുണ്ടെങ്കിൽ!"

ഫിർഔൻ ജല്പനം തുടർന്നെങ്കിലും ഉത്തരം മുട്ടിയപ്പോൾ ബലപ്രയോഗത്തിന് മുതിരുകയാണുണ്ടായത്.

**വചനം 29, 30, 31, 32, 33**

قَالَ لَئِنِ ٱتَّخَذْتَ إِلَـٰهًا غَيْرِى لَأَجْعَلَنَّكَ مِنَ ٱلْمَسْجُونِينَ ﴿٢٩﴾

29 അവൻ പറഞ്ഞു: "ഞാനല്ലാത്ത വല്ല ഇലാ ഹിനെയും നീ സ്വീകരിക്കുകയാണെങ്കിൽ, നിശ്ചയമായും ഞാൻ നിന്നെ തടവുകാരുടെ കൂട്ടത്തിലാക്കുക തന്നെ ചെയ്യും."

قَالَ أَوَلَوْ جِئْتُكَ بِشَىْءٍ مُّبِينٍ ﴿٣٠﴾

30 അദ്ദേഹം പറഞ്ഞു: "ഞാൻ സുപ്രത്യക്ഷമായ ഒരു കാര്യം (ദൃഷ്ടാന്തം) നിനക്ക് കൊണ്ടു വന്നാലോ?! (നീ സമ്മതിക്കുകയില്ലേ?)"

قَالَ فَأْتِ بِهِۦٓ إِن كُنتَ مِنَ ٱلصَّـٰدِقِينَ ﴿٣١﴾

31 അവൻ പറഞ്ഞു: "എന്നാൽ, നീ അത് കൊണ്ടു വരുക-നീ സത്യവാൻമാരിൽപെട്ടവനാണെ ങ്കിൽ!"

فَأَلْقَىٰ عَصَاهُ فَإِذَا هِىَ ثُعْبَانٌ مُّبِينٌ ﴿٣٢﴾

32 അങ്ങനെ, അദ്ദേഹം തൻെറവടി (താഴെ) ഇട്ടു; അപ്പോഴതാ, അതൊരു പ്രത്യക്ഷമായ പാമ്പ്!

وَنَزَعَ يَدَهُۥ فَإِذَا هِىَ بَيْضَآءُ لِلنَّـٰظِرِينَ ﴿٣٣﴾

33 അദ്ദേഹം തൻെറ കൈ (കക്ഷത്തുനിന്ന്) പുറത്തേക്കെടുത്തു; അപ്പോഴതാ-നോക്കുന്ന വർക്ക്-അതൊരു വെളുത്ത വസ്തു!

ഫിർഔൻ ശക്തി ഉപയോഗിക്കാനുള്ള ഭാവമാണെന്ന് കണ്ടപ്പോൾ മൂസാ(അ) ന്യായവാദത്തിൽ നിന്നും ദൃഷ്ടാന്തത്തിലേക്ക് തിരിഞ്ഞു. ദൃഷ്ടാന്തങ്ങൾ കാണട്ടെ എന്ന് പറഞ്ഞ ഫിർഔനിന്റെ മുന്നിൽ അദ്ദേഹം തന്റെ വടി താഴെ ഇട്ടപ്പോൾ അതൊരു പ്രത്യക്ഷമായ പാമ്പായി തീർന്നു, അദ്ദേഹം തന്റെ കൈ കക്ഷത്ത് വെച്ച് പുറത്തെടുത്തപ്പോൾ അത് വെളുത്ത നിറമുള്ളതായി തീർന്നു.

## വിഭാഗം - 3

**വചനം 34, 35, 36, 37**

قَالَ لِلْمَلَإِ حَوْلَهُۥٓ إِنَّ هَـٰذَا لَسَـٰحِرٌ عَلِيمٌ ﴿٣٤﴾

34 തൻെറ ചുററുമുള്ള പ്രമുഖന്മാരോട് അവൻ (ഫിർഔൻ) പറഞ്ഞു: "നിശ്ചയമായും, ഇവൻ അറിവുള്ള (നിപുണനായ) ഒരു ജാലവി ദ്യക്കാരൻതന്നെ!"

يُرِيدُ أَن يُخْرِجَكُم مِّنْ أَرْضِكُم بِسِحْرِهِۦ فَمَاذَا تَأْمُرُونَ ﴿٣٥﴾

35 "അവൻ തൻെറ ജാലവിദ്യകൊണ്ട് നിങ്ങളുടെ നാട്ടിൽനിന്ന് നിങ്ങളെ പുറത്താക്കുവാൻ ഉദ്ദേശിക്കുകയാണ്. അതിനാൽ, (അവനെപ്പറ്റി)

നിങ്ങൾ എന്ത് നിർദ്ദേശിക്കുന്നു!''.

36 അവർ പറഞ്ഞു: ''അവനും, അവൻെറ സഹോദരനും ഇടകൊടുക്കുക; നഗരങ്ങളിൽ, ശേഖരിക്കുന്ന ആളുകളെ നിയോഗിക്കുകയും ചെയ്യുക;-

قَالُوٓا۟ أَرْجِهْ وَأَخَاهُ وَٱبْعَثْ فِى ٱلْمَدَآئِنِ حَـٰشِرِينَ ﴿٣٦﴾

37 അവർ, എല്ലാ അറിവുള്ള (നിപുണൻമാരായ) ജാലവിദ്യക്കാരേയും അങ്ങയുടെ അടുക്കൽ കൊണ്ടുവരട്ടെ.''

يَأْتُوكَ بِكُلِّ سَحَّارٍ عَلِيمٍ ﴿٣٧﴾

ദൃഷ്ടാന്തങ്ങൾ കണ്ട ഫിർഔൻ അവ ജാലവിദ്യയാണെന്ന് പറഞ്ഞ് അവഗണിക്കുവാനും, ദുർവ്യാഖ്യാനം ചെയ്യാനും മുതിരുകയായി - ''അവൻ അവന്റെ ജാല വിദ്യയിലൂടെ നാട്ടുകാരെ വശീകരിച്ച് സ്വദേശത്ത് നിന്നും പുറത്താക്കാനാണവന്റെ ഉദ്ദേശം.'' എന്നയാൾ പറഞ്ഞു.

ദർബാറിലുള്ള വരുമായി ചർച്ച ചെയ്ത ശേഷം നാട്ടിലെമ്പാടുമുള്ള സമർത്ഥരായ ജാലവിദ്യക്കാരും മൂസാ(അ) നബിയുമായി പരസ്യമായി ഒരു മത്സരം നടത്തുവാൻ ഫിർഔൻ തീരുമാനിക്കുകയും ചെയ്തു.

**വചനം 38, 39, 40**

38 അങ്ങനെ, അറിയപ്പെട്ട ഒരു ദിവസത്തിലെ നിശ്ചിത സമയത്തേക്ക് ജാലവിദ്യക്കാർ ഒരുമിച്ചുകൂട്ടപ്പെട്ടു.

فَجُمِعَ ٱلسَّحَرَةُ لِمِيقَـٰتِ يَوْمٍ مَّعْلُومٍ ﴿٣٨﴾

39 ജനങ്ങളോട് ചോദിക്കപ്പെട്ടു: ''നിങ്ങൾ സമ്മേളിക്കുന്നുണ്ടോ?-

وَقِيلَ لِلنَّاسِ هَلْ أَنتُم مُّجْتَمِعُونَ ﴿٣٩﴾

40 ''ജാലവിദ്യക്കാരാണ് വിജയികളാകുന്നതെങ്കിൽ, നമുക്ക് അവരെ പിൻതുടർന്നേക്കാമല്ലോ!''

لَعَلَّنَا نَتَّبِعُ ٱلسَّحَرَةَ إِن كَانُوا۟ هُمُ ٱلْغَـٰلِبِينَ ﴿٤٠﴾

അങ്ങനെ, ഉത്സവ ദിവസം പൂർവാഹ്ന സമയത്തേക്ക് എല്ലാവരും സമ്മേളിച്ചു - ആയിരക്കണക്കിന് ജാലവിദ്യക്കാരും, ധാരാളം പ്രേക്ഷകരും. ജാല വിദ്യക്കാർക്ക് തന്നെയായിരിക്കും വിജയമുണ്ടാകുക എന്നായിരുന്നു മിക്കവരുടെയും പ്രതീക്ഷ.

**വചനം 41, 42, 43, 44, 45, 46, 47, 48**

41 അങ്ങിനെ, ജാലവിദ്യക്കാർ വന്നപ്പോൾ അവർ ഫിർഔനോട് പറഞ്ഞു: ''ഞങ്ങളാണ് വിജയികളാകുന്നതെങ്കിൽ, ഞങ്ങൾക്ക് തീർച്ചയായും വല്ല പ്രതിഫലവും ഉണ്ടായിരിക്കുമോ?''

فَلَمَّا جَآءَ ٱلسَّحَرَةُ قَالُوا۟ لِفِرْعَوْنَ أَئِنَّ لَنَا لَأَجْرًا إِن كُنَّا نَحْنُ ٱلْغَـٰلِبِينَ ﴿٤١﴾

42 അവൻ പറഞ്ഞു: ''അതെ, അപ്പോൾ, നിശ്ചയമായും നിങ്ങൾ (നമ്മുടെ സന്നിധിയിൽ) സാമീപ്യം നൽകപ്പെടുന്നവരിൽ പെട്ടവരുമായിരിക്കും.''

قَالَ نَعَمْ وَإِنَّكُمْ إِذًا لَّمِنَ ٱلْمُقَرَّبِينَ ﴿٤٢﴾

43 മൂസാ അവരോട് (ജാലവിദ്യക്കാരോട്) പറഞ്ഞു: ''നിങ്ങൾക്ക് ഇടുവാനുള്ളത് ഇട്ടേക്കൂ''.

قَالَ لَهُم مُّوسَىٰٓ أَلْقُوا۟ مَآ أَنتُم مُّلْقُونَ ﴿٤٣﴾

44 അപ്പോൾ, അവർ തങ്ങളുടെ കയറുകളും, വടികളും (നിലത്ത്) ഇട്ടു. അവർ (ഇപ്രകാരം) പറയുകയും ചെയ്തു: ''ഫിർഔൻെറ വീര്യം കൊണ്ട് നിശ്ചയമായും ഞങ്ങൾതന്നെയായിരിക്കും വിജയികൾ!''

فَأَلْقَوْا۟ حِبَالَهُمْ وَعِصِيَّهُمْ وَقَالُوا۟ بِعِزَّةِ فِرْعَوْنَ إِنَّا لَنَحْنُ ٱلْغَـٰلِبُونَ ﴿٤٤﴾

45 അനന്തരം മൂസാ തൻെറ വടി ഇട്ടു. അപ്പോഴതാ, അവർ പകിട്ടാക്കിക്കാണിച്ചിരുന്നതിനെ (മുഴുവനും) അത് വിഴുങ്ങിക്കളയുന്നു!

فَأَلْقَىٰ مُوسَىٰ عَصَاهُ فَإِذَا هِىَ تَلْقَفُ مَا يَأْفِكُونَ ﴿٤٥﴾

46 അപ്പോൾ, ജാലവിദ്യക്കാർ 'സുജൂദാ'യി വീഴ്ത്തപ്പെട്ടു (സാഷ്ടാംഗം നിലംപതിച്ചു).

فَأُلْقِىَ ٱلسَّحَرَةُ سَـٰجِدِينَ ﴿٤٦﴾

47 അവർ പറഞ്ഞു: "ഞങ്ങൾ ലോകരക്ഷിതാവിൽ വിശ്വസിച്ചു,-

قَالُوٓا۟ ءَامَنَّا بِرَبِّ ٱلْعَـٰلَمِينَ ﴿٤٧﴾

48 അതായത്, മൂസായുടേയും, ഹാറൂൻെറയും രക്ഷിതാവിൽ!".

رَبِّ مُوسَىٰ وَهَـٰرُونَ ﴿٤٨﴾

ജാല വിദ്യക്കാർ നിലത്തിട്ടിരുന്ന കയറുകളും വടികളുമാകുന്ന കൃത്രിമ പാമ്പുകളെയെല്ലാം മൂസാ(അ) വടി നിലത്തിട്ടപ്പോഴുണ്ടായ ഭീകരമായ പെരുമ്പാമ്പു വിഴുങ്ങിക്കളഞ്ഞു. അത് ദൈവിക ദൃഷ്ടാന്തം തന്നെയെന്ന് ബോധ്യമായ ആ ജാലവിദ്യക്കാർ പരാജയം സമ്മതിക്കുകയും, ലോകരക്ഷിതാവിൽ വിശ്വസിക്കുകയും ചെയ്തു. തങ്ങളുടെ വിശ്വാസം ധൈര്യസമേതം അവർ പ്രഖ്യാപിക്കുകയും ചെയ്തു. ഫിർഔന് ഇത് വമ്പിച്ച ഒരു തിരിച്ചടിയായി തീർന്നു.

**വചനം 49, 50, 51**

49 അവൻ (ഫിർഔൻ) പറഞ്ഞു: "നിങ്ങൾക്ക് ഞാൻ സമ്മതം നൽകും മുമ്പായി അവനെ നിങ്ങൾ വിശ്വസിച്ചു (അല്ലേ)?! നിശ്ചയമായും, അവൻ നിങ്ങൾക്ക് ജാലവിദ്യ പഠിപ്പിച്ചുതന്ന നിങ്ങളുടെ നേതാവുതന്നെയാണ്. അതു കൊണ്ട് അടുത്തുതന്നെ നിങ്ങൾക്കറിയാറാകും;- നിശ്ചയമായും, നിങ്ങളുടെ കൈകളും, കാലുകളും വ്യത്യസ്തമായനിലയിൽ ഞാൻ മുറിപ്പിച്ചുകളയും; നിങ്ങളെ മുഴുവനും ഞാൻ ക്രൂശിപ്പിക്കുകയും ചെയ്യും".

قَالَ ءَامَنتُمْ لَهُۥ قَبْلَ أَنْ ءَاذَنَ لَكُمْ ۖ إِنَّهُۥ لَكَبِيرُكُمُ ٱلَّذِى عَلَّمَكُمُ ٱلسِّحْرَ فَلَسَوْفَ تَعْلَمُونَ ۚ لَأُقَطِّعَنَّ أَيْدِيَكُمْ وَأَرْجُلَكُم مِّنْ خِلَـٰفٍ وَلَأُصَلِّبَنَّكُمْ أَجْمَعِينَ ﴿٤٩﴾

50 അവർ പറഞ്ഞു: "ഒരു ദോഷവുമില്ല (വിരോധവുമില്ല); നിശ്ചയമായും ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിങ്കലേക്ക് മടങ്ങിച്ചെല്ലുന്നവരാകുന്നു.

قَالُوا۟ لَا ضَيْرَ ۖ إِنَّآ إِلَىٰ رَبِّنَا مُنقَلِبُونَ ﴿٥٠﴾

51 ഞങ്ങൾ സത്യവിശ്വാസികളിൽ ആദ്യത്തേവരായതിനാൽ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങളുടെ റബ്ബ് ഞങ്ങൾക്ക് പൊറുത്തുതരുമെന്ന് ഞങ്ങളാശിക്കുന്നു".

إِنَّا نَطْمَعُ أَن يَغْفِرَ لَنَا رَبُّنَا خَطَـٰيَـٰنَآ أَن كُنَّآ أَوَّلَ ٱلْمُؤْمِنِينَ ﴿٥١﴾

ക്രുദ്ധനായ ഫിർഔൻ ആ ശുദ്ധാത്മാക്കളായ സത്യവിശ്വാസികളുടെ കൈകാലുകൾ - ഒരു വശത്തെ കാലും മറു വശത്തെ കയ്യും - മുറിച്ച കളയാനും അവരെ കിരിശിൽ തറച്ച് മൃഗീയമായി വധിക്കുവാനും ഉത്തരവിട്ടു. എന്നാൽ സത്യവിശ്വാസത്തിൽ ദൃഢമനസ്കരായി കഴിഞ്ഞിരുന്ന അവർ അതൊന്നും വകവെച്ചില്ല. അവർ ഇപ്രകാരം പറഞ്ഞു : ഞങ്ങൾ അല്ലാഹുവിങ്കലേക്ക് മടങ്ങിച്ചെല്ലാനുള്ളവർ തന്നെയാണ്. ദൃഷ്ടാന്തം കണ്ട ഉടനെ തന്നെ വിശ്വസിച്ചവരായത് കൊണ്ടു, ഞങ്ങളുടെ പാപങ്ങൾ അല്ലാഹു പൊറുത്തു തരുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

## വിഭാഗം - 4

**വചനം 52, 53, 54, 55, 56**

52 നാം മൂസാക്ക് 'വഹ്‌യു' (ബോധനം) നൽകി: "എൻെറ അടിയാൻമാരെയുംകൊണ്ട് രാപ്രയാണം ചെയ്യുക (രാത്രി പോയിക്കൊള്ളുക);

۞ وَأَوْحَيْنَآ إِلَىٰ مُوسَىٰٓ أَنْ أَسْرِ بِعِبَادِىٓ إِنَّكُم مُّتَّبَعُونَ ﴿٥٢﴾

നിങ്ങൾ അനുഗമിക്കപ്പെടുന്നവരായിരിക്കും (ഫിർവൗനും കൂട്ടരും നിങ്ങളുടെ പിന്നാലെ വരും).''

53 അപ്പോൾ, (വിവരമറിഞ്ഞ്) ഫിർവൗൻ നഗരങ്ങളിൽ (ജനങ്ങളെ) ശേഖരിക്കുന്ന ആളുകളെ അയച്ചു (അവർ ഇങ്ങിനെ പ്രചാരം ചെയ്തു):-

فَأَرۡسَلَ فِرۡعَوۡنُ فِي ٱلۡمَدَآئِنِ حَٰشِرِينَ ٥٣

54 ''നിശ്ചയമായും, ഇക്കൂട്ടർ കുറഞ്ഞ ആളുകളുള്ള ഒരു സംഘമത്രെ.

إِنَّ هَٰٓؤُلَآءِ لَشِرۡذِمَةٞ قَلِيلُونَ ٥٤

55 അവർ നിശ്ചയമായും നമ്മെ അരിശം കൊള്ളിച്ചവരുമാണ്.

وَإِنَّهُمۡ لَنَا لَغَآئِظُونَ ٥٥

56 നാമാകട്ടെ, ജാഗരൂകരായ ഒരു സംഘക്കാരുമാകുന്നു''.

وَإِنَّا لَجَمِيعٌ حَٰذِرُونَ ٥٦

മൂസ(അ) നബിയുടെ തൗഹീദ് പ്രബോധനം പിന്നീട് കുറെക്കാലം തുടർന്ന് കൊണ്ടിരുന്നു. പല അമാനുഷിക ദൃഷ്ടാന്തങ്ങളും അല്ലാഹു അദ്ദേഹത്തിലൂടെ കാണിച്ച് കൊടുത്തു. മൂസാ(അ) നബിയുടെ പ്രബോധനം ശക്തമായതോടെ, ഇസ്രാഈല്യർ ഫിർഔനിന്റെ മർദ്ദനങ്ങൾക്ക് കൂടുതൽ ഇരയായിക്കൊണ്ടിരുന്നു. അവരെ രക്ഷിക്കുവാനായി മൂസാ(അ) അല്ലാഹുവിനോട് പ്രാർത്ഥിക്കുകയുണ്ടായി. അല്ലാഹു പ്രാർത്ഥന സ്വീകരിക്കുകയും രാത്രിയിൽ ഇസ്രാഈല്യരെയും കൂട്ടി, ഈജിപ്തിൽ നിന്നും പ്രയാണം ചെയ്യുവാൻ മൂസാ(അ) നബിക്ക് വഹ്‌യ് നൽകുകയും ചെയ്തു. എങ്ങനെയോ വിവരമറിഞ്ഞ ഫിർഔൻ ഉടനടി നന്നേ കുറവായ ഇസ്രാഈല്യരെ തടയുവാനായി പല ഭാഗത്തേക്കും ആളുകളെ അയച്ച് സൈന്യ സജ്ജീകരണം നടത്തി.

വചനം 57, 58, 59

57 അങ്ങനെ, നാം അവരെ തോപ്പുകളിൽ നിന്നും, (നദി മുതലായ) നീരുറവകളിൽനിന്നും പുറത്തിറക്കി;

فَأَخۡرَجۡنَٰهُم مِّن جَنَّٰتٖ وَعُيُونٖ ٥٧

58 ഭണ്ഡാരങ്ങളിൽനിന്നും, മാന്യമായ സ്ഥാനത്തു നിന്നും (പുറത്തിറക്കി-അവർ ഇസ്രാഈല്യരെ പിൻതുടർന്നു).

وَكُنُوزٖ وَمَقَامٖ كَرِيمٖ ٥٨

59 അപ്രകാരമാണ് (സംഭവിച്ചത്). അവയ്ക്ക് ഇസ്രാഈൽ സന്തതികളെ നാം അവകാശപ്പെടുത്തുകയും ചെയ്തു.

كَذَٰلِكَ وَأَوۡرَثۡنَٰهَا بَنِيٓ إِسۡرَٰٓءِيلَ ٥٩

ഉല്പന്ന സമൃദ്ധമായ തോട്ടങ്ങൾ, നദികളും നീരുറവകളുമടങ്ങിയ ജലാശയങ്ങൾ, കണക്കില്ലാത്ത സ്വർണ്ണ നിക്ഷേപങ്ങളടങ്ങിയ ഭണ്ഡാരങ്ങൾ, വിസ്തൃതമായ രമ്യഹർമ്മങ്ങൾ എന്നിങ്ങനെ ഈജിപ്തിൽ തങ്ങൾക്കുള്ള സർവ്വ വിഭവങ്ങളും വിട്ടേച്ച് കൊണ്ട് ഫിർഔനും സംഘവും പുറത്ത് വന്നു. - അല്ലാഹു അവരെ പുറത്തിറക്കി. അല്ലാഹു അവരെ മേൽ പറഞ്ഞ പ്രകാരത്തിലുള്ള സുഖസൗകര്യങ്ങൾ പിന്നീട് അല്ലാഹു ഈസ്രാഈല്യർക്ക് ഫലസ്തീനിൽ വെച്ച് നൽകുകയുണ്ടായി - എന്നതിനെ സൂചിപ്പിച്ച് കൊണ്ടാണ് "അവയ്ക്ക് ഇസ്രാഈൽ സന്തതികളെ നാം അവകാശപ്പെടുത്തി" എന്ന് പറഞ്ഞത്. ഫിർഔനും കൂട്ടരും നശിപ്പിക്കപ്പെട്ട ശേഷം ഇസ്രാഈല്യർ ഈജിപ്തിലേക്ക് മടങ്ങിയതായി ചരിത്രം കാണുന്നില്ല.

വചനം 60, 61, 62

60 എന്നിട്ട് അവർ (ഫിർഔനും സൈന്യവും) ഉദയവേളയിലായിക്കൊണ്ട് അവരുടെ പിന്നാലെ വന്നു.

فَأَتۡبَعُوهُم مُّشۡرِقِينَ ٦٠

فَلَمَّا تَرَٰٓءَا ٱلْجَمْعَانِ قَالَ أَصْحَٰبُ مُوسَىٰٓ إِنَّا لَمُدْرَكُونَ ٦١

قَالَ كَلَّآ ۖ إِنَّ مَعِىَ رَبِّى سَيَهْدِينِ ٦٢

61 അങ്ങനെ, രണ്ടു സംഘവും പരസ്പരം കണ്ട പ്പോൾ മൂസായുടെ ആൾക്കാർ പറഞ്ഞു: "നിശ്ചയമായും നാം, പിടിയിലകപ്പെടുന്ന വരാണല്ലോ!"

62 അദ്ദേഹം (മൂസാ) പറഞ്ഞു: "ഒരിക്കലുമില്ല, എൻെറ കൂടെ എൻെറ റബ്ബുണ്ട്; അവൻ എനിക്ക് (വേണ്ടുന്ന) മാർഗദർശനം നൽകി ക്കൊള്ളും."

ഫിർഔനും സംഘവും ഉദയസമയത്ത് തങ്ങളുടെ അടുത്തെത്താറായപ്പോൾ ഇസ്രാഈല്യർ പിടിക്കപ്പെടുമെന്ന ഭയത്താൽ മുറവിളി കൂട്ടുകയുണ്ടായി. അവർ ചെങ്കടലിനടുത്തെത്തിയിരുന്നു. അല്ലാഹു തങ്ങളെ രക്ഷിക്കുമെന്നറിയാവുന്ന മൂസാ(അ) തന്റെ അനുയായികളെ സമാധാനിപ്പിച്ചു.

**വചനം 63, 64, 65, 66, 67, 68**

فَأَوْحَيْنَآ إِلَىٰ مُوسَىٰٓ أَنِ ٱضْرِب بِّعَصَاكَ ٱلْبَحْرَ ۖ فَٱنفَلَقَ فَكَانَ كُلُّ فِرْقٍ كَٱلطَّوْدِ ٱلْعَظِيمِ ٦٣

وَأَزْلَفْنَا ثَمَّ ٱلْءَاخَرِينَ ٦٤

وَأَنجَيْنَا مُوسَىٰ وَمَن مَّعَهُۥٓ أَجْمَعِينَ ٦٥

ثُمَّ أَغْرَقْنَا ٱلْءَاخَرِينَ ٦٦

إِنَّ فِى ذَٰلِكَ لَءَايَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ٦٧

وَإِنَّ رَبَّكَ لَهُوَ ٱلْعَزِيزُ ٱلرَّحِيمُ ٦٨

63 അപ്പോൾ, "നിൻെറ വടികൊണ്ട് സമുദ്രത്തിൽ അടിക്കുക" എന്ന് മൂസാക്ക് നാം (അല്ലാഹു) ബോധനം നൽകി. (അദ്ദേഹം അടിച്ചു.) അപ്പോൾ അത് പിളർന്നു. എന്നിട്ട് ഓരോ പിളർപ്പും വമ്പിച്ച മലന്തിണ്ണപോലെയായിത്തീർന്നു.

64 അവിടെവെച്ച് മറ്റേവരെ (ഫിർഔൻെറ സംഘത്തെ) നാം അടുപ്പിക്കുകയും ചെയ്തു.

65 മൂസായെയും, അദ്ദേഹത്തിൻെറ കൂടെയുള്ള വരെയും മുഴുവൻ നാം രക്ഷപ്പെടുത്തുകയും ചെയ്തു.

66 പിന്നീട്, മറ്റേകൂട്ടരെ നാം മുക്കിക്കൊന്നു.

67 നിശ്ചയമായും, അതിൽ ഒരു(വലിയ)ദൃഷ്ടാന്തം ഉണ്ട്. അവരിൽ അധികമാളും വിശ്വസിക്കുന്ന വരല്ല.

68 നിശ്ചയമായും, നിൻെറ റബ്ബ് തന്നെയാണ് പ്രതാപശാലിയും, കരുണാനിധിയും.

വഹ്യ് കിട്ടിയ പ്രകാരം മൂസാ(അ) നബി തന്റെ വടി കൊണ്ട് സമുദ്രത്തിൽ അടിച്ചതോടെ, സമുദ്രം പിളർന്ന് വിശാലമായ മാർഗ്ഗം തുറക്കപ്പെട്ടു. മൂസാ(അ) നബിയും അനുയായികളും അതിലൂടെ മറുകര പറ്റി രക്ഷപ്പെട്ടു. അവരെ പിൻതുടർന്നു വന്ന ഫിർഔനും കൂട്ടരും ആ സമുദ്ര കവാടത്തിലേക്ക് പ്രവേശിച്ച ഉടനെ ആ മാർഗ്ഗം അടഞ്ഞു പോകുകയും അവരെ ആകമാനം അല്ലാഹു ആ സമുദ്രത്തിൽ മുക്കി നശിപ്പിക്കുകയും ചെയ്തു.

മേലുദ്ധരിച്ച ആ വമ്പിച്ച സംഭവത്തിൽ അല്ലാഹുവിന്റെ ഏകത്വത്തിനും ശക്തി മാഹാത്മ്യത്തിനും തക്കതായ ദൃഷ്ടാന്തങ്ങളുണ്ട്, എന്നാൽ മനുഷ്യരിൽ അധികമാളുകളും ചിന്തിക്കുന്നില്ല, വിശ്വസിക്കുന്നി ല്ല. നിശ്ചയമായും അല്ലാഹു തന്നെയാണ് പ്രതാപശാലിയും കരുണാനിധിയും (വചനം 68, 69)

67, 68 ആയത്തുകളിലെ അതേ വാചകങ്ങൾ 8, 9 ആയത്തുകളിലും നാം കണ്ടുവല്ലോ; സസ്യല താദികളിലെ ദൃഷ്ടാന്തം ഓർമ്മിപ്പിച്ച് കൊണ്ടായിരുന്നു ആ വചനങ്ങൾ അവിടെ പ്രസ്താവിച്ചത്. ഇവിടെ മൂസാ(അ) നബിയുടെ ചരിത്രത്തിലെ ദൃഷ്ടാന്തത്തെ തുടർന്നും. ഈ സൂറത്തിൽ തുടർന്ന് വരുന്ന നബി മാരുടെ ചരിത്രങ്ങൾക്ക് ശേഷവും ആ വാക്യങ്ങൾ ആവർത്തിക്കപ്പെട്ടതായി കാണാം - അങ്ങനെ ആകെ എട്ട് തവണ ആ വചനങ്ങൾ ഈ സൂറത്തിൽ ആവർത്തിക്കപ്പെട്ടിരിക്കുന്നു (വചനം 8, 9; 67, 68; 103, 104;

121, 122; 139, 140; 158, 159; 174, 175; 190, 191 എന്നിവിടങ്ങളിൽ). പ്രസ്തുത ദൃഷ്ടാന്ത സംഭവങ്ങൾ ഒക്കെയും അല്ലാഹുവിന്റെ പ്രതാപത്തേയെന്നപോലെ അവന്റെ അപാരമായ കാരുണ്യത്തെക്കുറിച്ചും നമ്മെ ഓർമ്മിപ്പിക്കുന്നു. മനുഷ്യൻ എന്ത് തെറ്റ് കുറ്റങ്ങൾ ചെയ്താലും ഖേദിച്ച് മടങ്ങുന്ന പക്ഷം അത് പൊറുത്തു കരുണ ചെയ്യുവാൻ അല്ലാഹു തയ്യാറാണെന്ന വസ്തുത മനസ്സിലാക്കി മനുഷ്യൻ എല്ലായ്പ്പോഴും അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെട്ടും അവന്റെ കാരുണ്യത്തെ പ്രതീക്ഷിച്ചും കൊണ്ടിരിക്കേണ്ടതാകുന്നു.

## വിഭാഗം - 5

**വചനം 69, 70, 71, 72, 73, 74**

وَٱتۡلُ عَلَيۡهِمۡ نَبَأَ إِبۡرَٰهِيمَ ﴿٦٩﴾

69 (നബിയേ) ഇബ്റാഹീമിൻെറ വൃത്താന്തവും അവരിൽ ഓതികേൾപ്പിക്കുക;-

إِذۡ قَالَ لِأَبِيهِ وَقَوۡمِهِۦ مَا تَعۡبُدُونَ ﴿٧٠﴾

70 അതായത്: അദ്ദേഹം തൻെറ പിതാവിനോടും, ജനങ്ങളോടും "നിങ്ങൾ എന്തിനെയാണ് ആരാധിക്കുന്നത്" എന്ന് ചോദിച്ച സന്ദർഭം.

قَالُواْ نَعۡبُدُ أَصۡنَامًا فَنَظَلُّ لَهَا عَٰكِفِينَ ﴿٧١﴾

71 അവർ പറഞ്ഞു: "ഞങ്ങൾ ചില ബിംബങ്ങളെ ആരാധിച്ചു വരുന്നു; അങ്ങനെ, ഞങ്ങൾ അവയ്ക്ക് ഭജനമിരിക്കുന്നവരായിക്കൊണ്ടിരിക്കയാണ്."

قَالَ هَلۡ يَسۡمَعُونَكُمۡ إِذۡ تَدۡعُونَ ﴿٧٢﴾

72 അദ്ദേഹം പറഞ്ഞു: "നിങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുമ്പോൾ അവർ നിങ്ങളെ(പ്രാർത്ഥിക്കുന്നതായി) കേൾക്കുമോ?.

أَوۡ يَنفَعُونَكُمۡ أَوۡ يَضُرُّونَ ﴿٧٣﴾

73 അല്ലെങ്കിൽ, അവർ നിങ്ങൾക്ക് (എന്തെങ്കിലും) ഉപകാരം ചെയ്യുകയോ, ഉപദ്രവം ചെയ്യുകയോ ചെയ്യുമോ?"

قَالُواْ بَلۡ وَجَدۡنَآ ءَابَآءَنَا كَذَٰلِكَ يَفۡعَلُونَ ﴿٧٤﴾

74 അവർ പറഞ്ഞു: (അതൊന്നുമില്ല) പക്ഷെ, ഞങ്ങളുടെ പിതാക്കൾ അപ്രകാരം ചെയ്തു വരുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു. (ഞങ്ങളവരെ അനുകരിച്ചുവെന്നുമാത്രം)

ഈ വചനങ്ങളിലും തുടർന്നുള്ള വചനങ്ങളിലും ഇബ്രാഹിം(അ) നബിയുടെ ചരിത്രം അല്ലാഹു വിവരിക്കുന്നു. തന്റെ പിതാവും ജനങ്ങളും ഭജനമിരിക്കുകയും ആരാധിക്കുകയും ചെയ്ത് വരുന്ന ആ ബിംബങ്ങൾ നിങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കേൾക്കുന്നുണ്ടോ എന്നും അവ നിങ്ങൾക്ക് എന്തെങ്കിലും ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിവുള്ളവരാണോ എന്നും ഇബ്രാഹിം(അ) നബി അവരോട് ചോദിക്കുന്നു. "ഇല്ല" "ഇല്ല" എന്നവർ സമ്മതിക്കുന്നതോടൊപ്പം തന്നെ അവർ തങ്ങളുടെ ചെയ്തികൾക്ക് ഒരു ന്യായീകരണവും കണ്ടെത്തുന്നു "ഞങ്ങളുടെ പിതാക്കൾ അവയെ ആരാധിച്ച് വരുന്നത് ഞങ്ങൾ കണ്ടു. ഞങ്ങളും അതനുസരിച്ച് വരുന്നു. ഒരു കാര്യവുമില്ലാതെ അവരങ്ങനെ ചെയ്യുമോ?"

**വചനം 75, 76, 77**

قَالَ أَفَرَءَيۡتُم مَّا كُنتُمۡ تَعۡبُدُونَ ﴿٧٥﴾

75 അദ്ദേഹം പറഞ്ഞു: "എന്നാൽ, നിങ്ങൾ കണ്ടുവോ (മനസ്സിലാക്കിയിട്ടുണ്ടോ)-നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നതിനെ-"

أَنتُمۡ وَءَابَآؤُكُمُ ٱلۡأَقۡدَمُونَ ﴿٧٦﴾

76 "(അതെ) നിങ്ങളും, നിങ്ങളുടെ മുൻകഴിഞ്ഞ പിതാക്കളും (ആരാധിക്കുന്നതിനെ)ത്തന്നെ?!-"

فَإِنَّهُمۡ عَدُوٌّ لِّيٓ إِلَّا رَبَّ ٱلۡعَٰلَمِينَ ﴿٧٧﴾

77 "അവർ (ആ ആരാധ്യൻമാർ) എനിക്ക് ശത്രുക്കളാണ് -ലോകരക്ഷിതാവൊഴികെ".

ലക്ഷ്യമൊന്നുമില്ലാതെ പൂര്‍വ്വീകന്മാരെ അനുകരിക്കല്‍ - **التقليد**- മതത്തില്‍ അംഗീകൃതമല്ലെന്നുള്ളതിന് ഇബ്രാഹിം (അ) നബിയുടെ ഈ വചനം മതിയായ തെളിവാകുന്നു. ഏതെങ്കിലും ചിലര്‍ ചെയ്യുന്നതോ പറയുന്നതോ മാത്രം ആസ്പദമാക്കി ഒരു കാര്യം സ്വീകരിക്കുക എന്നതാണ് ആക്ഷേപിക്കപ്പെട്ട അനുകരണം. അത് ന്യായമാണോ, അംഗീകൃതമാണോ, ലക്ഷ്യമുള്ളതാണോ എന്നൊക്കെയാണ് സ്വീകാര്യതക്ക് മാനദണ്ഡമാകേണ്ടത്. ഒരു കാര്യം പുതിയതോ പഴയതോ എന്നതോ അതിന്റെ അനുയായികള്‍ കുറവോ അധികമോ എന്നതോ അല്ല അതിന്റെ സ്വീകാര്യതക്കുള്ള മാനദണ്ഡം.

**വചനം 78, 79, 80, 81, 82**

ٱلَّذِى خَلَقَنِى فَهُوَ يَهۡدِينِ ﴿٧٨﴾

78 "എന്നെ സൃഷ്ടിച്ചിട്ടുള്ളവനത്രെ (അവന്‍). എന്നിട്ട് അവന്‍ എനിക്ക് മാര്‍ഗ്ഗദര്‍ശനം നല്‍കുന്നു;"

وَٱلَّذِى هُوَ يُطۡعِمُنِى وَيَسۡقِينِ ﴿٧٩﴾

79 'അവന്‍ എനിക്ക് ഭക്ഷണം നല്‍കുന്നു, എനിക്ക് കുടിക്കുവാന്‍ (വെള്ളം) തരുകയും ചെയ്യുന്നു-അങ്ങിനെയുള്ളവനുമാകുന്നു;'

وَإِذَا مَرِضۡتُ فَهُوَ يَشۡفِينِ ﴿٨٠﴾

80 'എനിക്ക് രോഗം ബാധിച്ചാല്‍, എന്നെ അവന്‍ സുഖപ്പെടുത്തുകയും ചെയ്യുന്നു;'

وَٱلَّذِى يُمِيتُنِى ثُمَّ يُحۡيِينِ ﴿٨١﴾

81 'എന്നെ മരണപ്പെടുത്തുകയും, പിന്നീട് എന്നെ ജീവിപ്പിക്കുകയും ചെയ്യുന്നവനുമാണ്;

وَٱلَّذِىٓ أَطۡمَعُ أَن يَغۡفِرَ لِى خَطِيٓـَٔتِى يَوۡمَ ٱلدِّينِ ﴿٨٢﴾

82 പ്രതിഫല നടപടിയുടെ ദിവസം(അന്ത്യനാളില്‍) എന്‍റെ തെറ്റ് എനിക്ക് പൊറുത്തുതരുമെന്ന് ഞാന്‍ ആശിക്കുന്നവനുമത്രെ (അവന്‍)."

താന്‍ ഏക ആരാധ്യനായി സ്വീകരിച്ച ലോക രക്ഷിതാവിന്റെ ഗുണവിശേഷങ്ങള്‍ എന്തൊക്കെയാണെന്നും അവനെ മാത്രം ആരാധ്യനായി സ്വീകരിക്കാനുള്ള കാരണങ്ങള്‍ എന്തൊക്കെയാണെന്നും ഇബ്രാഹിം(അ) നബി അവര്‍ക്ക് ഈ വചനങ്ങളിലൂടെ വിവരിച്ച് കൊടുക്കുന്നു.

മനുഷ്യ സൃഷ്ടിപ്പ് മുതല്‍ പരലോക ജീവിതം വരെയുള്ള എല്ലാ പ്രധാന വശങ്ങളെയും സ്പര്‍ശിക്കുന്ന ഒരു വിവരണമാണ് ഇബ്രാഹിം(അ) നബിയുടെ ഈ പ്രസ്താവനയിലുള്ളത്. ഇവ ഓരോന്നിലും മറ്റാര്‍ക്കും യഥാര്‍ത്ഥത്തില്‍ ഒരു പങ്കുമില്ലാത്ത സ്ഥിതിക്ക് മറ്റാരെയും ആരാധ്യനായി സ്വീകരിക്കുവാന്‍ യാതൊരു ന്യായവുമില്ല എന്നദ്ദേഹം സമര്‍ത്ഥിക്കുന്നു.

**വചനം 83, 84, 85, 86, 87, 88, 89**

رَبِّ هَبۡ لِى حُكۡمًا وَأَلۡحِقۡنِى بِٱلصَّـٰلِحِينَ ﴿٨٣﴾

83 "രക്ഷിതാവേ, എനിക്ക് വിജ്ഞാനം പ്രദാനം ചെയ്യേണമേ! എന്നെ സജ്ജനങ്ങളോട് ചേര്‍ത്തുതരുകയും വേണമേ!"

وَٱجۡعَل لِّى لِسَانَ صِدۡقٍ فِى ٱلۡأَخِرِينَ ﴿٨٤﴾

84 "പില്‍ക്കാലക്കാരില്‍ എനിക്ക് സല്‍ക്കീര്‍ത്തി ഉണ്ടാക്കിത്തരുകയും ചെയ്യേണമേ!"

وَٱجۡعَلۡنِى مِن وَرَثَةِ جَنَّةِ ٱلنَّعِيمِ ﴿٨٥﴾

85 "എന്നെ സുഖാനന്ദത്തിന്‍െറ സ്വര്‍ഗ്ഗാവകാശികളില്‍ ആക്കിത്തരുകയും വേണമേ!"

وَٱغۡفِرۡ لِأَبِىٓ إِنَّهُۥ كَانَ مِنَ ٱلضَّآلِّينَ ﴿٨٦﴾

86 "എന്‍റെ പിതാവിന് പൊറുത്തുകൊടുക്കുകയും ചെയ്യേണമേ! നിശ്ചയമായും, അദ്ദേഹം വഴിപിഴച്ചവരുടെ കൂട്ടത്തില്‍ ആയിരിക്കുകയാണ്!"

وَلَا تُخۡزِنِى يَوۡمَ يُبۡعَثُونَ ﴿٨٧﴾

87 "അവര്‍ (മനുഷ്യര്‍) ഉയര്‍ത്തെഴുന്നേല്‍പിക്കപ്പെടുന്ന ദിവസം, എന്നെ അപമാനത്തിലാക്കരുതേ!-"

يَوۡمَ لَا يَنفَعُ مَالٞ وَلَا بَنُونَ ﴿٨٨﴾

88 "അതായത്: സ്വത്താകട്ടെ, മക്കളാകട്ടെ ഉപകരിക്കാത്ത ദിവസം;-"

إِلَّا مَنۡ أَتَى ٱللَّهَ بِقَلۡبٖ سَلِيمٖ ﴿٨٩﴾

89 "നിർദ്ദോഷമായ (അന്യൂനമായ) ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ (മറ്റാർക്കും ഉപകരിക്കാത്ത ദിവസം)."

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എടുത്ത് പറഞ്ഞതോടൊപ്പം തന്റെ ഇഹപര നന്മകൾക്കായി, അല്ലാഹുവിനോട് ഭക്തി നിർഭരമായ ഹൃദയത്തോടെ അദ്ദേഹം പ്രാർത്ഥിക്കുന്നു.

വിജ്ഞാനം നൽകപ്പെടാനുള്ള അദ്ദേഹത്തിന്റെ അപേക്ഷ സ്വീകരിച്ച് അല്ലാഹു അദ്ദേഹത്തിന് വിജ്ഞാനം കൊടുത്തിട്ടുണ്ടെന്ന് ഖുർആനിൽ നിന്നും മറ്റും ധാരാളം വ്യക്തമാണ്. സജ്ജനങ്ങളിൽ ഉൾപ്പെടുത്താനുള്ള അപേക്ഷ സ്വീകരിക്കപ്പെട്ടതായി സൂ: നഹ്ലിൽ അല്ലാഹു പ്രസ്താവിക്കുന്നു - "അദ്ദേഹം പരലോകത്ത് സജ്ജനങ്ങളിൽപ്പെട്ടവനാകുന്നു" (സൂ: നഹ്ൽ 122) പിൻഗാമികളിൽ സൽകീർത്തി നിലനിർത്തണമെന്ന പ്രാർത്ഥനയെ കുറിച്ചും ഖുർആനിൽ പലേടത്തും കാണാൻ കഴിയും. പുത്രനായ ഇസ്ഹാഖു(അ) നബിയെയും പൗത്രൻ യഅ്ഖൂബ്(അ) നബിയെയും പരാമർശിച്ച് കൊണ്ട് സൂ: മർയം-ൽ ഇപ്രകാരം കാണാം: "അവർക്ക് നാം ഉന്നതമായ സൽക്കീർത്തി ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു" (സൂ: മർയം 50) ദൈവിക വേദക്കാരായ ഏത് മതസ്ഥരും ഇബ്രാഹിം(അ) നബിയെ ബഹുമാനിക്കാത്തവരായിട്ടില്ല. പരലോക രക്ഷക്കുതകുന്നതായ പ്രാർത്ഥനകൾ - സ്വർഗ്ഗവാസികളിൽ ഉൾപ്പെടുത്തണം എന്നും പുനരുത്ഥാന നാളിൽ അപമാനത്തിലാക്കരുത് എന്നും - അല്ലാഹു സ്വീകരിച്ചിട്ടുണ്ടെന്ന് മേലുദ്ധരിച്ച സൂ: നഹ്ൽ: 122 -ാം വചനം സാക്ഷ്യം നൽകുന്നു.

പിതാവിനോട് അദ്ദേഹം ചെയ്തിരുന്ന ഒരു വാഗ്ദാനമനുസരിച്ചാണ് പിതാവിന് പാപമോചനത്തിന് വേണ്ടി ഇബ്രാഹിം(അ) പ്രാർത്ഥിച്ചത്. (സൂ: മർയം : 47 നോക്കുക) പിന്നീട് പിതാവ് അല്ലാഹുവിന്റെ ശത്രു തന്നെയാണെന്ന് വ്യക്തമായപ്പോൾ അദ്ദേഹം അതിൽ നിന്ന് പിന്തിരിഞ്ഞ് കളയുകയുണ്ടായെന്ന് സു: തൗബ : 144 ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

നിർദ്ദോഷമായ - അഥവാ അവിശ്വാസത്തിന്റെ കറ ബാധിക്കാത്തതും, പാപ പങ്കിലമല്ലാത്തതുമായ - സുരക്ഷിത ഹൃദയത്തോട് കൂടി അല്ലാഹുവിങ്കൽ ചെന്നെത്തുന്നവർക്ക് മാത്രമേ സ്വത്തുക്കളും മക്കളും പരലോകത്ത് വെച്ച് പ്രയോജനപ്പെടുകയുള്ളൂവെന്ന് ഇബ്രാഹിം(അ) നബിയുടെ പ്രാർത്ഥനയിലൂടെ അല്ലാഹു നമ്മെ ഓർമ്മിപ്പിക്കുന്നു. ഇങ്ങനെയുള്ളവർ തങ്ങളുടെ സ്വത്തുക്കൾ നല്ല മാർഗ്ഗത്തിൽ മാത്രം വിനിയോഗിക്കുന്നവരും തങ്ങളുടെ മക്കളെ സൽപന്ഥാവിൽ നയിക്കുവാൻ വേണ്ടതെല്ലാം ചെയ്യുന്നവരുമായിരിക്കുക സ്വാഭാവികമാണല്ലോ. മനുഷ്യന്റെ മരണശേഷവും അവശേഷിക്കുന്ന മൂന്ന് സൽക്കർമ്മങ്ങളാകുന്നു, തനിക്ക് വേണ്ടി പ്രാർത്ഥിക്കുന്ന സദ്വൃത്തരായ മക്കളും, നില നിന്ന് പോരുന്ന ദാന ധർമ്മങ്ങളും, ഉപകാരപ്രദമായിത്തീരുന്ന അറിവും, എന്ന് നബി(സ) അരുളിയിരിക്കുന്നു.

**വചനം 90, 91, 92, 93, 94, 95, 96, 97, 98, 99, 100, 101, 102, 103, 104**

وَأُزۡلِفَتِ ٱلۡجَنَّةُ لِلۡمُتَّقِينَ ﴿٩٠﴾

90 (ആ ദിവസം) ഭയഭക്തൻമാർക്ക് സ്വർഗ്ഗം അടുപ്പിക്കപ്പെടുന്നതാണ്.

وَبُرِّزَتِ ٱلۡجَحِيمُ لِلۡغَاوِينَ ﴿٩١﴾

91 ദുർമ്മാർഗ്ഗികൾക്ക് നരകം (മുന്നിൽ) വെളിവാക്കപ്പെടുകയും ചെയ്യും.

وَقِيلَ لَهُمۡ أَيۡنَ مَا كُنتُمۡ تَعۡبُدُونَ ﴿٩٢﴾

92 അവരോട് (ദുർമ്മാർഗ്ഗികളോട്) പറയപ്പെടും: "നിങ്ങൾ ആരാധിച്ചുവന്നിരുന്നവർ എവിടെ,-"

مِن دُونِ ٱللَّهِ هَلۡ يَنصُرُونَكُمۡ أَوۡ يَنتَصِرُونَ ﴿٩٣﴾

93 "അല്ലാഹുവിനു പുറമെ (ആരാധിച്ചു വന്നിരുന്നവർ)?! അവർ നിങ്ങളെ സഹായിക്കുന്നുണ്ടോ, അല്ലെങ്കിൽ അവർ (സ്വയം) സഹായ നടപടി എടുക്കുന്നുണ്ടോ?!"

فَكُبۡكِبُواْ فِيهَا هُمۡ وَٱلۡغَاوُۥنَ ﴿٩٤﴾

94 അങ്ങനെ, അവരും (ആരാധ്യവസ്തുക്കളും) ദുർമ്മാർഗ്ഗികളും അതിൽ (നരകത്തിൽ) കമഴ്ത്തിത്തള്ളിയിടപ്പെടുന്നതാണ്;-

وَجُنُودُ إِبْلِيسَ أَجْمَعُونَ ﴿٩٥﴾

95 'ഇബ്‌ലീസി'ൻെറ സൈന്യങ്ങൾ മുഴുവനും തന്നെ (തള്ളിയിടപ്പെടും)

قَالُوا۟ وَهُمْ فِيهَا يَخْتَصِمُونَ ﴿٩٦﴾

96 അതിൽവെച്ച് (പരസ്പരം) വഴക്ക് കൂടിക്കൊണ്ടിരിക്കെ അവർ പറയും:-

تَٱللَّهِ إِن كُنَّا لَفِى ضَلَٰلٍ مُّبِينٍ ﴿٩٧﴾

97 "അല്ലാഹുവാണ (സത്യം)! നിശ്ചയമായും, ഞങ്ങൾ പ്രത്യക്ഷമായ വഴിപിഴവിൽ തന്നെയായിരുന്നു;"

إِذْ نُسَوِّيكُم بِرَبِّ ٱلْعَٰلَمِينَ ﴿٩٨﴾

98 "-ലോകരക്ഷിതാവിനോട് നിങ്ങളെ ഞങ്ങൾ സമപ്പെടുത്തിയിരുന്നപ്പോൾ!"

وَمَآ أَضَلَّنَآ إِلَّا ٱلْمُجْرِمُونَ ﴿٩٩﴾

99 "(ആ) മഹാപാപികളല്ലാതെ ഞങ്ങളെ വഴിപിഴപ്പിച്ചിട്ടില്ല!"

فَمَا لَنَا مِن شَٰفِعِينَ ﴿١٠٠﴾

100 "ഇപ്പോൾ ഞങ്ങൾക്ക് ശുപാർശകൻമാരായി (ഒരാളും) ഇല്ല!"

وَلَا صَدِيقٍ حَمِيمٍ ﴿١٠١﴾

101 "അനുകമ്പയുള്ള ഒരു ചങ്ങാതിയുമില്ല!"

فَلَوْ أَنَّ لَنَا كَرَّةً فَنَكُونَ مِنَ ٱلْمُؤْمِنِينَ ﴿١٠٢﴾

102 "ഇനി, ഞങ്ങൾക്ക് ഒരു മടക്കം കിട്ടിയിരുന്നെങ്കിൽ! എന്നാൽ ഞങ്ങൾ സത്യവിശ്വാസികളിൽ ഉൾപ്പെടുമായിരുന്നേനെ!"

إِنَّ فِى ذَٰلِكَ لَءَايَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿١٠٣﴾

103 നിശ്ചയമായും അതിൽ (മേൽപറഞ്ഞതിൽ) ഒരു (വലുതായ) ദൃഷ്ടാന്തമുണ്ട്: അവരിൽ അധികമാളും വിശ്വസിക്കുന്നവരല്ല.

وَإِنَّ رَبَّكَ لَهُوَ ٱلْعَزِيزُ ٱلرَّحِيمُ ﴿١٠٤﴾

104 നിശ്ചയമായും, നിൻെറ രക്ഷിതാവ് തന്നെയാണ്, പ്രതാപശാലിയും കരുണാനിധിയും.

ഖിയാമത്ത് നാളിൽ ഉണ്ടാകുന്ന ചില സംഭവങ്ങളും സംഭാഷണങ്ങളുമാണ് അല്ലാഹു ഈ വചനങ്ങളിലൂടെ പ്രസ്താവിക്കുന്നത്. യാതൊരു വിശദീകരണവും ആവശ്യമില്ലാത്തവിധം വ്യക്തമാണവയുടെ സാരാംശം.

അന്നേ ദിവസം അപമാനത്തിലകപ്പെടാതെ രക്ഷനൽകണമേ എന്നത്രേ ഇബ്രാഹിം (അ) ദുആ ചെയ്യുന്നത്. അന്ന് രക്ഷയും മോക്ഷവും നൽകി അനുഗ്രഹിക്കപ്പെടുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ (ആമീൻ)

(103, 104 എന്നീ ആവർത്തിത വചനങ്ങളെക്കുറിച്ച് 67,68 വചനങ്ങളുടെ വിശദീകരണം നോക്കുക.)

## വിഭാഗം - 6

**വചനം 105, 106, 107, 108, 109, 110**

كَذَّبَتْ قَوْمُ نُوحٍ ٱلْمُرْسَلِينَ ﴿١٠٥﴾

105 നൂഹിൻെറ ജനത മുർസലുകളെ (ദൈവദൂതൻമാരെ) വ്യാജമാക്കി;

إِذْ قَالَ لَهُمْ أَخُوهُمْ نُوحٌ أَلَا تَتَّقُونَ ﴿١٠٦﴾

106 -അവരുടെ സഹോദരൻ നൂഹ് അവരോട് പറഞ്ഞപ്പോൾ: "നിങ്ങൾ (അല്ലാഹുവിനെ) സൂക്ഷിക്കുന്നില്ലേ?!"

إِنِّى لَكُمْ رَسُولٌ أَمِينٌ ﴿١٠٧﴾

107 "നിശ്ചയമായും, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ റസൂലാകുന്നു."

فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ﴿١٠٨﴾

108 "അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ."

وَمَآ أَسۡـَٔلُكُمۡ عَلَيۡهِ مِنۡ أَجۡرٍۖ إِنۡ أَجۡرِيَ إِلَّا عَلَىٰ رَبِّ ٱلۡعَٰلَمِينَ ﴿١٠٩﴾

109 "അതിൻെറ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എൻെറ പ്രതിഫലം, ലോകരക്ഷിതാവിൻെറമേൽ അല്ലാതെ (മറ്റാർക്കും ബാധ്യത) ഇല്ല.

فَٱتَّقُواْ ٱللَّهَ وَأَطِيعُونِ ﴿١١٠﴾

110 'അതിനാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും. എന്നെ അനുസരിക്കുകയും ചെയ്യുവിൻ."

ഈ വചനങ്ങൾ മുതൽ 122 വരെയുള്ള വചനങ്ങളിൽ നൂഹ്(അ) നബിയുടെ വൃത്താന്തങ്ങൾ അല്ലാഹു വിവരിക്കുന്നു.

അല്ലാഹുവിനെ സൂക്ഷിക്കുവാനും അവന്റെ കൽപനാ നിർദ്ദേശങ്ങൾ അനുസരിച്ച് കൊണ്ടും അവന്റെ ശിക്ഷയെ ഭയപ്പെട്ടു കൊണ്ടും ജീവിക്കുവാനും ആയതിനായി നിങ്ങളുടെ വിശ്വസ്ത സഹോദരനായ താൻ ഉപദേശിക്കുന്ന കാര്യങ്ങൾ അനുസരിക്കുവാനും നൂഹ്(അ) തന്റെ ജനതയെ ഉദ്ബോധിപ്പിക്കുന്നു. പ്രസ്തുത ഉപദേശം കൊണ്ട് എന്തെങ്കിലും തരത്തിലുള്ള യാതൊരു പ്രതിഫലവും നിങ്ങളിൽ നിന്ന് താൻ ആവശ്യപ്പെടുന്നില്ലെന്നും അതിനുള്ള പ്രതിഫലം അല്ലാഹുവിങ്കൽ നിന്ന് മാത്രമേ പ്രതീക്ഷിക്കുന്നുള്ളുവെന്നും നൂഹ്(അ) നബി അവരോട് പറഞ്ഞു. (മതപ്രബോധന രംഗത്ത് പ്രവർത്തിക്കുന്നവർ ഗൗരവപൂർവ്വം മനസ്സിരുത്തേണ്ട ഒരു വസ്തുതയാകുന്നു ഇത്)

106, 107, 108, 109 വചനങ്ങളിലൂടെ നൂഹ്(അ) നബി തന്റെ ജനതയോട് പറയുന്ന വസ്തുതകൾ തുടർന്ന് പ്രസ്താവിക്കപ്പെടുന്ന നബിമാരും അവരുടെ സമുദായങ്ങളോട് പറഞ്ഞിരുന്നതായി നമുക്ക് കാണാവുന്നതാണ്. എല്ലാ റസൂലുകളുടെയും പരമ പ്രധാനമായ പ്രബോധന തത്വം എന്താണെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

**വചനം 111, 112, 113, 114, 115**

۞ قَالُوٓاْ أَنُؤۡمِنُ لَكَ وَٱتَّبَعَكَ ٱلۡأَرۡذَلُونَ ﴿١١١﴾

111 അവർ പറഞ്ഞു: "ഈ അധമൻമാരായ ആളുകൾ നിന്നെ പിൻതുടർന്നിരിക്കെ, ഞങ്ങൾ നിന്നെ വിശ്വസിക്കുകയോ?!"

قَالَ وَمَا عِلۡمِي بِمَا كَانُواْ يَعۡمَلُونَ ﴿١١٢﴾

112 അദ്ദേഹം പറഞ്ഞു: "അവർ പ്രവർത്തിച്ചു വരുന്നതിനെപ്പറ്റി എനിക്ക് എന്തറിവാണുള്ളത്?!"

إِنۡ حِسَابُهُمۡ إِلَّا عَلَىٰ رَبِّيۖ لَوۡ تَشۡعُرُونَ ﴿١١٣﴾

113 "അവരുടെ വിചാരണ നടത്തൽ എൻെറ രക്ഷിതാവിൻെറമേൽ അല്ലാതെ (മറ്റാർക്കും ബാധ്യത) ഇല്ല, നിങ്ങൾക്ക് ബോധമുണ്ടായിരുന്നുവെങ്കിൽ!"

وَمَآ أَنَا۠ بِطَارِدِ ٱلۡمُؤۡمِنِينَ ﴿١١٤﴾

114 "ഞാൻ സത്യവിശ്വാസികളെ ആട്ടിക്കളയുന്നവനല്ല തന്നെ."

إِنۡ أَنَا۠ إِلَّا نَذِيرٞ مُّبِينٞ ﴿١١٥﴾

115 "ഞാൻ പ്രത്യക്ഷമായ ഒരു മുന്നറിയിപ്പ് (താക്കീതു)കാരനല്ലാതെ (മറ്റൊന്നും) അല്ല."

നൂഹ് (അ) നബിയിൽ വിശ്വസിച്ചിരുന്ന ആളുകൾ സമൂഹത്തിലെ താഴ്ന്ന ശ്രേണിയിലുള്ളവരായിരുന്നു. പലപ്പോഴും ഒരു സനാതന തത്വം സ്വീകരിക്കുവാൻ ആദ്യമായി മുന്നോട്ട് വരുന്നവർ ഈ വിഭാഗക്കാരായ ആളുകളായിരുന്നേക്കാം. നബി(സ)യുടെ പ്രബോധനത്തിന്റെ ആദ്യഘട്ടം പരിശോധിച്ചാലും സമാനമായ സാഹചര്യം കാണാവുന്നതാണ്. സൂ: അഹ്ഖാഫ്: 11-ാം വചനത്തിൽ ഇത് സംബന്ധമായ അവിശ്വാസികളുടെ പ്രസ്താവം അല്ലാഹു വിവരിച്ചിരിക്കുന്നു.

ഈ നിസ്സാരന്മാരായ ആളുകളെ നീ പുറം തള്ളുന്ന പക്ഷം ഞങ്ങൾ നിന്നിൽ വിശ്വസിച്ച് കൊള്ളാമെന്നവർ നൂഹ്(അ) നബിയോട് പറഞ്ഞു.

"എന്നിൽ വിശ്വസിച്ചവർ ഏതേത് വിഭാഗത്തിൽപ്പെട്ടവരാണെന്നോ, അവർ എന്തെല്ലാമായിരുന്നു പ്രവർത്തിച്ചിരുന്നത് എന്നോ എനിക്കെങ്ങനെ അറിയും? അവർ സത്യവിശ്വാസം സ്വീകരിച്ചു എന്നതാണ് പ്രധാനം. സത്യവിശ്വാസികളെ പുറന്തള്ളാൻ ഞാനൊരിക്കലും തയ്യാറല്ല. നിങ്ങളെ താക്കീത് ചെയ്യൽ മാത്രമാണ് എന്റെ കടമ. ഇഷ്ടമുള്ളവർ സ്വീകരിക്കുക. ഏവരുടെയും വിചാരണ നടത്തൽ അല്ലാഹുവന്റെ അധികാരത്തിൽപ്പെട്ടതാകുന്നു" എന്ന് അദ്ദേഹം പറഞ്ഞു.

**വചനം 116**

قَالُوا۟ لَئِن لَّمْ تَنتَهِ يَٰنُوحُ لَتَكُونَنَّ مِنَ ٱلْمَرْجُومِينَ ﴿١١٦﴾

116 അവർ പറഞ്ഞു; "നീ (ഇതിൽനിന്ന്) വിരമിക്കുന്നില്ലെങ്കിൽ-നൂഹേ-തീർച്ചയായും നീ എറിഞ്ഞാട്ടപ്പെടുന്നവരുടെ കൂട്ടത്തിലായിത്തീരും (സൂക്ഷിച്ചുകൊള്ളുക)!"

നൂഹ്(അ) നബി തൊള്ളായിരത്തി അൻപത് കൊല്ലക്കാലം പ്രബോധനം നടത്തിക്കൊണ്ടിരുന്നിട്ടും, വളരെ കുറച്ചാളുകൾ മാത്രമാണ് സത്യവിശ്വാസം സ്വീകരിച്ചത്. ആ ജനതയിൽ നിന്നുണ്ടായ പ്രതികരണത്തിന്റെ ഒരു രൂപമാണ് നാം ഈ ആയത്തിൽ കാണുന്നത്.

ആ ജനതയിൽ നിന്നും യാതൊരു ശുഭ പ്രതീക്ഷക്കും വഴിയില്ലെന്ന് ആ പ്രവാചക വര്യന് ബോധ്യമായി.

**വചനം 117, 118, 119, 120, 121, 122**

قَالَ رَبِّ إِنَّ قَوْمِى كَذَّبُونِ ﴿١١٧﴾

فَٱفْتَحْ بَيْنِى وَبَيْنَهُمْ فَتْحًا وَنَجِّنِى وَمَن مَّعِىَ مِنَ ٱلْمُؤْمِنِينَ ﴿١١٨﴾

فَأَنجَيْنَٰهُ وَمَن مَّعَهُۥ فِى ٱلْفُلْكِ ٱلْمَشْحُونِ ﴿١١٩﴾

ثُمَّ أَغْرَقْنَا بَعْدُ ٱلْبَاقِينَ ﴿١٢٠﴾

إِنَّ فِى ذَٰلِكَ لَءَايَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿١٢١﴾

وَإِنَّ رَبَّكَ لَهُوَ ٱلْعَزِيزُ ٱلرَّحِيمُ ﴿١٢٢﴾

117 അദ്ദേഹം പറഞ്ഞു: "എൻെറ രക്ഷിതാവേ, എൻെറ ജനങ്ങൾ എന്നെ വ്യാജമാക്കിയിരിക്കുന്നു!-"

118 "ആകയാൽ, എനിക്കും അവർക്കുമിടയിൽ നീ ഒരു തുറന്ന തീരുമാനം ഏർപ്പെടുത്തിത്തരേണമേ! എന്നെയും, സത്യവിശ്വാസികളായി എൻെറ കൂടെയുള്ളവരെയും രക്ഷപ്പെടുത്തുകയും ചെയ്യേണമേ!"

119 അപ്പോൾ, അദ്ദേഹത്തെയും അദ്ദേഹത്തിൻെറ കൂടെയുള്ളവരെയും നിറക്കപ്പെട്ട കപ്പലിൽ നാം രക്ഷപ്പെടുത്തിക്കൊടുത്തു.

120 പിന്നെ, ബാക്കിയുള്ളവരെ (അതിന്) ശേഷം നാം മുക്കി നശിപ്പിക്കുകയും ചെയ്തു.

121 നിശ്ചയമായും അതിൽ ഒരു (വലിയ) ദൃഷ്ടാന്തമുണ്ട്; അവരിൽ അധികമാളും വിശ്വസിക്കുന്നവരല്ല.

122 നിശ്ചയമായും, നിൻെറ റബ്ബ് തന്നെയാണ് പ്രതാപശാലിയും, കരുണാനിധിയും.

നൂഹ്(അ) നബിയുടെ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചു. അല്ലാഹുവിന്റെ കല്പന പ്രകാരം അദ്ദേഹം ഒരു കപ്പൽ നിർമ്മിക്കുകയും, നാടാകെ മുങ്ങി നശിപ്പിക്കപ്പെട്ട ഒരു പ്രളയത്തിൽ തന്റെ അനുയായികളായ എൺപതോളം പേരെ അദ്ദേഹത്തോടൊപ്പം ആ കപ്പലിൽ അല്ലാഹു രക്ഷപ്പെടുത്തുകയും ചെയ്തു. ബാക്കി ജനത മുഴുവൻ ആ പ്രളയത്തിൽ മുങ്ങി മരിച്ചു. (121, 122 എന്നീ ആവർത്തിത വചനങ്ങളെക്കുറിച്ച് 67,68 വചനങ്ങളുടെ വിശദീകരണം നോക്കുക)

ഈ സംഭവത്തിന്റെ വിശദവിവരം സൂ: അഅ്റാഫ് ; സൂ : ഹൂദ്; സൂ: നൂഹ് എന്നീ അദ്ധ്യായങ്ങളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

## വിഭാഗം - 7

**വചനം 123, 124, 125, 126, 127, 128, 129, 130, 131, 132, 133, 134, 135**

123 'ആദ്' (ഗോത്രം) മുർസലുകളെ (ദൈവദൂതൻമാരെ) വ്യാജമാക്കി;

كَذَّبَتْ عَادٌ ٱلْمُرْسَلِينَ ﴿١٢٣﴾

124 അവരുടെ സഹോദരൻ ഹൂദ് അവരോട് പറഞ്ഞപ്പോൾ: "നിങ്ങൾ സൂക്ഷിക്കുന്നില്ലേ?!"

إِذْ قَالَ لَهُمْ أَخُوهُمْ هُودٌ أَلَا تَتَّقُونَ ﴿١٢٤﴾

125 "നിശ്ചയമായും, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ റസൂലാകുന്നു.'

إِنِّى لَكُمْ رَسُولٌ أَمِينٌ ﴿١٢٥﴾

126 "അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ﴿١٢٦﴾

127 "അതിൻെറ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല; എൻെറ പ്രതിഫലം, ലോകരക്ഷിതാവിൻെറ മേൽ അല്ലാതെ (മറ്റാർക്കും ബാധ്യത) ഇല്ല."

وَمَآ أَسْـَٔلُكُمْ عَلَيْهِ مِنْ أَجْرٍ ۖ إِنْ أَجْرِىَ إِلَّا عَلَىٰ رَبِّ ٱلْعَٰلَمِينَ ﴿١٢٧﴾

128 "നിങ്ങൾ നേരമ്പോക്ക് കാണിച്ചുകൊണ്ട് (വൃഥാ) എല്ലാ മേടുകളിലും അടയാളസ്തംഭം കെട്ടി (നിർമ്മിച്ചു) വരുകയാണോ?!"

أَتَبْنُونَ بِكُلِّ رِيعٍ ءَايَةً تَعْبَثُونَ ﴿١٢٨﴾

129 "നിങ്ങൾ നിത്യവാസം ചെയ്തേക്കാമെന്ന ഭാവേന നിങ്ങൾ വൻകെട്ടിടങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു?!"

وَتَتَّخِذُونَ مَصَانِعَ لَعَلَّكُمْ تَخْلُدُونَ ﴿١٢٩﴾

130 "നിങ്ങൾ കയ്യൂക്ക് നടത്തുക (എതിർക്കുക) യാണെങ്കിൽ, നിഷ്ഠൂരൻമാരായ നിലയിൽ കയ്യൂക്ക് നടത്തുകയും (പിടികൂടുകയും) ചെയ്യുന്നു!"

وَإِذَا بَطَشْتُم بَطَشْتُمْ جَبَّارِينَ ﴿١٣٠﴾

131 "ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ."

فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ﴿١٣١﴾

132 "നിങ്ങൾക്കറിയാവുന്നതുകൊണ്ട് നിങ്ങൾക്ക് സഹായം നൽകിയിട്ടുള്ളവനെ (അല്ലാഹുവിനെ) നിങ്ങൾ സൂക്ഷിക്കുവിൻ;"

وَٱتَّقُوا۟ ٱلَّذِىٓ أَمَدَّكُم بِمَا تَعْلَمُونَ ﴿١٣٢﴾

133 "കന്നുകാലികളെ (ആടുമാടൊട്ടകങ്ങളെ)യും, മക്കളെയുംകൊണ്ട് അവൻ നിങ്ങൾക്ക് സഹായം നൽകിയിരിക്കുന്നു."

أَمَدَّكُم بِأَنْعَٰمٍ وَبَنِينَ ﴿١٣٣﴾

134 "തോപ്പുകൾകൊണ്ടും നീരുറവകൾകൊണ്ടും (സഹായം നൽകിയിരിക്കുന്നു)"

وَجَنَّٰتٍ وَعُيُونٍ ﴿١٣٤﴾

135 "നിശ്ചയമായും ഒരു വമ്പിച്ച ദിവസത്തിലെ ശിക്ഷ നിങ്ങളുടെമേൽ ഞാൻ ഭയപ്പെടുന്നു!"

إِنِّىٓ أَخَافُ عَلَيْكُمْ عَذَابَ يَوْمٍ عَظِيمٍ ﴿١٣٥﴾

യമൻ പ്രദേശത്തിൽപെട്ട 'ഹളർ മൗത്ത് ' നടുത്തുള്ള അഹ്ഖാഫ് എന്ന പേരിൽ അറിയപ്പെടുന്ന സ്ഥലങ്ങളായിരുന്നു ആദ് സമുദായക്കാരുടെ വാസ സ്ഥലം. നൂഹ്(അ) നബിയുടെ ജനതക്ക് ശേഷം നിലവിൽ വന്ന ഒരു സമുദായമായിരുന്നു ആദ് ഗോത്രം. (സൂ: അഅ്റാഫ് 65 - 72 നോക്കുക) കൈയ്യൂക്കിലും മെയ്യൂക്കിലും വളരെ കവിഞ്ഞു നിന്നിരുന്ന മുഷ്കന്മാരായ അവർ വലിയ വലിയ സ്തംഭങ്ങളും, കൊട്ടാര സമാനമായ മന്ദിരങ്ങളും, അണക്കെട്ടുകളുമൊക്കെ അഭിമാനത്തിനും, അഹങ്കാരത്തിനും

വേണ്ടി നിർമ്മിക്കുക പതിവായിരുന്നു. വിഗ്രഹാരാധനയിൽ മുഴുകിയിരുന്ന അവരെ ഹൂദ്(അ) നബി തൗഹീദിലേക്ക് ക്ഷണിക്കുകയും മേൽ വചനങ്ങളിൽ കണ്ട പ്രകാരം അവരെ കഴിയുന്നത്ര ഉപദേശിച്ചു നോക്കുകയും ചെയ്തു.

**വചനം 136, 137, 138**

قَالُواْ سَوَآءٌ عَلَيۡنَآ أَوَعَظۡتَ أَمۡ لَمۡ تَكُن مِّنَ ٱلۡوَٰعِظِينَ ١٣٦
إِنۡ هَٰذَآ إِلَّا خُلُقُ ٱلۡأَوَّلِينَ ١٣٧
وَمَا نَحۡنُ بِمُعَذَّبِينَ ١٣٨

136 അവർ പറഞ്ഞു: "(ഹൂദേ) നീ സദുപദേശം നൽകിയോ, അല്ലെങ്കിൽ നീ ഉപദേഷ്ടാക്കളിൽ പെട്ടവനായില്ലയോ, ഞങ്ങളെ സംബന്ധിച്ച് (രണ്ടും) സമമാകുന്നു."
137 "ഇത് മുൻകഴിഞ്ഞവരുടെ സമ്പ്രദായമല്ലാതെ (മറ്റൊന്നും)അല്ല."
138 "(നീ താക്കീത് ചെയ്യുന്നതുപോലെ) ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരല്ലതന്നെ".

എന്നാൽ നിഷ്ഠൂര ബുദ്ധികളായ അവരിൽ നിന്നുണ്ടായ മറുപടി ഈ വചനങ്ങളിൽ പറഞ്ഞ പ്രകാരമായിരുന്നു.

ഹൂദേ, നീ ഉപദേശിച്ചാലും ഇല്ലെങ്കിലും ഞങ്ങൾ, ഞങ്ങളുടെ പൂർവ്വ പിതാക്കളുടെ കാലം തൊട്ട് സ്വീകരിച്ച് വരുന്ന ഈ സമ്പ്രദായത്തിൽ നിന്നും പിന്മാറാൻ പോകുന്നില്ല. അവരൊക്കെ ജീവിച്ച് മരിച്ചത് പോലെ, ഞങ്ങളും ജീവിക്കുകയും മരിക്കുകയും ചെയ്യും. എന്നല്ലാതെ ഒരു പുനർ ജീവിതമോ, ശിക്ഷാനടപടിയോ ഒന്നും ഉണ്ടാകാൻ പോകുന്നില്ല. (സൂ: ഹൂദ് : 53 നോക്കുക)

**വചനം 139, 140**

فَكَذَّبُوهُ فَأَهۡلَكۡنَٰهُمۡۚ إِنَّ فِي ذَٰلِكَ لَأٓيَةٗۖ وَمَا كَانَ أَكۡثَرُهُم مُّؤۡمِنِينَ ١٣٩
وَإِنَّ رَبَّكَ لَهُوَ ٱلۡعَزِيزُ ٱلرَّحِيمُ ١٤٠

139 അങ്ങനെ, അവർ അദ്ദേഹത്തെ കളവാക്കി. അതിനാൽ, അവരെ നാം (അല്ലാഹു) നശിപ്പിച്ചു. നിശ്ചയമായും, അതിൽ ഒരു (വലിയ) ദൃഷ്ടാന്തം ഉണ്ട്. അവരിൽ, അധികമാളും വിശ്വസിക്കുന്ന വരല്ല.
140 നിശ്ചയമായും, നിൻെറ രക്ഷിതാവുതന്നെയാണ് പ്രതാപശാലിയും, കരുണാനിധിയും.

ഏഴ് രാത്രിയും എട്ട് പകലും നീണ്ടുനിന്ന അതിഘോരമായ ഒരു കൊടുങ്കാറ്റ് ആദ് സമുദായത്തെ പിടികൂടി. ദീർഘകായന്മാരായിരുന്ന അവരെല്ലാം അവരുടെ സ്തംഭങ്ങളും കൊട്ടാരങ്ങളുമടക്കം ആ കാറ്റിൽ വീണടിഞ്ഞ് നശിച്ച് നാമാവശേഷമായിപ്പോയി. (139, 140 ആവർത്തിത വചനങ്ങളെക്കുറിച്ച് 67,68 വചനങ്ങളുടെ വിശദീകരണം നോക്കുക.)

## വിഭാഗം - 8

**വചനം 141, 142, 143, 144, 145, 146, 147, 148, 149, 150, 151, 152**

كَذَّبَتۡ ثَمُودُ ٱلۡمُرۡسَلِينَ ١٤١
إِذۡ قَالَ لَهُمۡ أَخُوهُمۡ صَٰلِحٌ أَلَا تَتَّقُونَ ١٤٢
إِنِّي لَكُمۡ رَسُولٌ أَمِينٞ ١٤٣
فَٱتَّقُواْ ٱللَّهَ وَأَطِيعُونِ ١٤٤

141 'ഥമൂദ്' (ഗോത്രം) ദൈവദൂതൻമാരെ (മുർസലുകളെ) വ്യാജമാക്കി:
142 -അവരുടെ സഹോദരൻ സ്വാലിഹ് അവരോട് പറഞ്ഞപ്പോൾ: "നിങ്ങൾ സൂക്ഷിക്കുന്നില്ലേ?!"
143 'നിശ്ചയമായും, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ റസൂലാകുന്നു.'
144 'അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ.'

وَمَآ أَسۡـَٔلُكُمۡ عَلَيۡهِ مِنۡ أَجۡرٍۖ إِنۡ أَجۡرِيَ
إِلَّا عَلَىٰ رَبِّ ٱلۡعَٰلَمِينَ ١٤٥

145 ‘അതിൻെറ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല; എൻെറ പ്രതിഫലം, ലോകരക്ഷിതാവിൻെറമേൽ അല്ലാതെ (മറ്റാർക്കും ബാധ്യത) ഇല്ല.’

أَتُتۡرَكُونَ فِي مَا هَٰهُنَآ ءَامِنِينَ ١٤٦

146 ‘ഇവിടെയുള്ളതിൽ (ഭൗതികസുഖങ്ങളിൽ) നിങ്ങൾ നിർഭയരായ നിലയിൽ വിട്ടേക്കപ്പെടുന്നതാണോ?!’

فِي جَنَّٰتٖ وَعُيُونٖ ١٤٧

147 ‘അതായത്, തോപ്പുകളിലും നീരുറവകളിലും,-’

وَزُرُوعٖ وَنَخۡلٖ طَلۡعُهَا هَضِيمٞ ١٤٨

148 ‘വിളകളിലും, (പഴങ്ങളുടെ ഭാരത്താൽ) കുലയൊടിഞ്ഞു വീഴാറായ ഈത്തപ്പനകളിലും?!’

وَتَنۡحِتُونَ مِنَ ٱلۡجِبَالِ بُيُوتٗا فَٰرِهِينَ ١٤٩

149 ‘ആഹ്ലാദചിത്തരായുംകൊണ്ട് നിങ്ങൾ മലകളിൽ നിന്നും (പാറ) വെട്ടിത്തുരന്ന് വീടുണ്ടാക്കുകയും ചെയ്യുന്നു!’

فَٱتَّقُواْ ٱللَّهَ وَأَطِيعُونِ ١٥٠

150 “ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ.”

وَلَا تُطِيعُوٓاْ أَمۡرَ ٱلۡمُسۡرِفِينَ ١٥١

151 ‘അതിക്രമികളുടെ കൽപന നിങ്ങൾ അനുസരിക്കുകയും അരുത്;-’

ٱلَّذِينَ يُفۡسِدُونَ فِي ٱلۡأَرۡضِ وَلَا
يُصۡلِحُونَ ١٥٢

152 “അതായത്, നാട്ടിൽ കുഴപ്പമുണ്ടാക്കുകയും, (നാട്) നന്നാക്കാതിരിക്കുകയും ചെയ്യുന്നവരുടെ (കൽപന).”

ഹിജാസിൽ നിന്നും സിറിയയിലേക്ക് പോകുന്ന ഒട്ടകപ്പാതയിൽ സ്ഥിതി ചെയ്യുന്ന അൽഹിജ്ർ എന്ന രാജ്യമായിരുന്നു ഥമൂദ് ഗോത്രക്കാരുടെ വാസ സ്ഥലം. ‘മദാഇനു സ്വാലിഹ്’ (സ്വാലിഹിന്റെ പട്ടണങ്ങൾ) എന്നും ഈ സ്ഥലം അറിയപ്പെടുന്നു. ഥമൂദ് ഗോത്രക്കാർ മലമ്പാറകൾ തുരന്ന് നിർമ്മിച്ച വീടുകൾ, ക്ഷേത്രങ്ങൾ, ദർബാറുകൾ, സ്വാലിഹ്(അ) നബിയുടെ ഒട്ടകത്തെ അപകടപ്പെടുത്തിയ സ്ഥലം, അത് വെള്ളം കുടിച്ചിരുന്ന കിണർ എന്നിവയൊക്കെ ഇന്നും അൽ ഹിജ്റിന്റെ വിവിധ ഭാഗങ്ങളിൽ കാണാവുന്നതാണ്. മദീനായിൽ നിന്ന് വടക്ക് സുമാർ 180 നാഴികയും തബൂക്കിൽ നിന്ന് തെക്ക് കിഴക്ക് 170 നാഴികയും അകലത്തിലാകുന്നു മലമ്പാറകളാൽ ചുറ്റപ്പെട്ട ആ പ്രദേശം. അറബികളുടെ വാണിജ്യ മാർഗ്ഗവും ഹജ്ജ് പാതയുമെന്ന നിലയിൽ അവർക്ക് ഏറെ പരിചയമുള്ള സ്ഥലമാകുന്നു ഈ പ്രദേശവും ലൂത്ത്(അ) നബിയുടെ പ്രദേശങ്ങളും.

നബി(സ) ഒരിക്കൽ ആ നാടിനടുത്ത് കൂടി പോയപ്പോൾ അല്ലാഹുവിന്റെ ശാപത്തിന് ഇരയായ നാട്ടിൽ കരഞ്ഞു കൊണ്ടല്ലാതെ നിങ്ങൾ പ്രവേശിക്കരുതെന്ന് ഉപദേശിക്കുകയുണ്ടായി. സ്വാലിഹ് (അ) നബി ഥമൂദ് ജനതയെ തൗഹീദിലേക്ക് ക്ഷണിക്കുകയും മേൽ വചനങ്ങളിൽ കണ്ട പ്രകാരം അവരെ കഴിയുന്നത്ര ഉപദേശിക്കുകയും ചെയ്തു. ഐശ്വര്യ പൂർണ്ണമായ ഈ ജീവിതം എന്നെന്നും ആസ്വദിച്ച് കൊണ്ടിരിക്കുവാൻ നിങ്ങൾക്ക് കഴിയുകയില്ലെന്നവർക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്തു.

**വചനം 153, 154, 155, 156, 157, 158, 159**

قَالُوٓاْ إِنَّمَآ أَنتَ مِنَ ٱلۡمُسَحَّرِينَ ١٥٣

153 അവർ പറഞ്ഞു: “നിശ്ചയമായും നീ ആഭിചാരബാധിതരിൽ പെട്ടവൻ തന്നെയാണ്.’

مَآ أَنتَ إِلَّا بَشَرٞ مِّثۡلُنَا فَأۡتِ بِـَٔايَةٍ إِن
كُنتَ مِنَ ٱلصَّٰدِقِينَ ١٥٤

154 “നീ ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനല്ലാതെ (മറ്റൊന്നും) അല്ല. ആകയാൽ, നീ സത്യവാൻമാരിൽ പെട്ടവനാണെങ്കിൽ, ഒരു ദൃഷ്ടാന്തം കൊണ്ടുവാ?”

155 അദ്ദേഹം പറഞ്ഞു: "ഇതാ (ദൃഷ്ടാന്തമായി) ഒരൊട്ടകം! ഒരു (ദിവസത്തെ) വെള്ളം കുടി അതിനും, ഒരു നിശ്ചിത ദിവസത്തെ വെള്ളം കുടി നിങ്ങള്‍ക്കും (ഊഴം) ആകുന്നു."
156 "യാതൊരു (തരത്തിലുള്ള) തിന്മകൊണ്ടും നിങ്ങള്‍ അതിനെ തൊട്ടുപോകരുത് (ഉപദ്രവിക്കരുത്);- (കാരണം,) അപ്പോള്‍ ഒരു വമ്പിച്ച ദിവസത്തെ ശിക്ഷ നിങ്ങളെ പിടികൂടിയേക്കും."
157 എന്നാല്‍, അവര്‍ അതിനെ (കുതികാല്‍വെട്ടി) അറുത്തുകളഞ്ഞു. അങ്ങിനെ, അവര്‍ ഖേദക്കാരായിത്തീര്‍ന്നു.
158 ഉടനെ, ശിക്ഷ അവരെ പിടികൂടി. നിശ്ചയമായും, അതില്‍ ഒരു (വലിയ) ദൃഷ്ടാന്തമുണ്ട്. അവരില്‍ അധികമാളും വിശ്വസിക്കുന്നവരല്ല.
159 നിശ്ചയമായും നിന്‍െറ രക്ഷിതാവ് തന്നെയാണ് പ്രതാപശാലിയും കരുണാനിധിയും.

قَالَ هَٰذِهِۦ نَاقَةٌ لَّهَا شِرْبٌ وَلَكُمْ شِرْبُ
يَوْمٍ مَّعْلُومٍ ١٥٥
وَلَا تَمَسُّوهَا بِسُوٓءٍ فَيَأْخُذَكُمْ عَذَابُ
يَوْمٍ عَظِيمٍ ١٥٦
فَعَقَرُوهَا فَأَصْبَحُوا۟ نَٰدِمِينَ ١٥٧
فَأَخَذَهُمُ ٱلْعَذَابُ ۗ إِنَّ فِى ذَٰلِكَ لَءَايَةً ۖ
وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ١٥٨
وَإِنَّ رَبَّكَ لَهُوَ ٱلْعَزِيزُ ٱلرَّحِيمُ ١٥٩

മുന്‍പ് വിവരിക്കപ്പെട്ട ഇതര സമുദായക്കാരെ പോലെ തന്നെ ഥമൂദ് സമുദായക്കാരും തങ്ങളുടെ പ്രവാചകനോട് പെരുമാറി. ഞങ്ങളെ പോലെ ഒരു മനുഷ്യനായ നീ ആഭിചാര ബാധയേറ്റതിനാലാണ് ഇങ്ങനെയൊക്കെ പറയുന്നത്. നീ പറയുന്ന കാര്യങ്ങള്‍ സത്യമാണെങ്കില്‍ ഞങ്ങള്‍ക്ക് നീ ഒരു ദൃഷ്ടാന്തം കാട്ടിത്തരിക - എന്നിങ്ങനെ അവര്‍ സ്വാലിഹ്(അ) നബിയോട് പറഞ്ഞു. അല്ലാഹു ഒരു ഒട്ടകത്തെ അവര്‍ക്ക് ദൃഷ്ടാന്തമാക്കിക്കൊടുത്തു അവരുടെ വെള്ളത്താവളത്തില്‍ നിന്ന് വെള്ളം കുടിക്കുവാന്‍ ഒരു ദിവസം അവര്‍ക്കും ഒരു ദിവസം ഒട്ടകത്തിനും എന്ന പ്രത്യേകം ഊഴം നിശ്ചയിച്ച് നല്‍കുകയും ചെയ്തു. ആ ഒട്ടകത്തെ ഉപദ്രവിക്കരുതെന്നും ഉപദ്രവിച്ചാല്‍ അവരുടെ നാശത്തിന് ഹേതുവാകുമെന്നും സ്വാലിഹ്(അ) നബി അവര്‍ക്ക് മുന്നറിയിപ്പും നല്‍കി (സൂ: ഖമര്‍ : 27, 28 നോക്കുക) എന്നാല്‍ കുറെ കഴിഞ്ഞപ്പോള്‍ അവരിലൊരാള്‍ ആ ഒട്ടകത്തെ കൊന്ന് കളയുകയും, അവര്‍ക്ക് താക്കീത് നല്‍കപ്പെട്ട ശിക്ഷ - ഒരു വമ്പിച്ച ശബ്ദവും ഇടിത്തീയും ഭയങ്കര ഭൂകമ്പവും - അവരെ പിടികൂടുകയും അവര്‍ നിശ്ശേഷം നശിപ്പിക്കപ്പെടുകയും ചെയ്തു. പ്രവാചകനും സത്യവിശ്വാസികളും നേരത്തെ തന്നെ, അല്ലാഹുവിന്റെ നിര്‍ദ്ദേശപ്രകാരം പ്രദേശം വിട്ട് പോയി രക്ഷപ്പെട്ടിരുന്നു. (158, 159 എന്നീ ആവര്‍ത്തിത വചനങ്ങളെക്കുറിച്ച് 67,68 വചനങ്ങളുടെ വിശദീകരണം നോക്കുക.

## വിഭാഗം - 9

**വചനം 160, 161, 162, 163, 164**

160 ലൂത്തിന്‍െറ ജനത മുര്‍സലുകളെ വ്യാജമാക്കി;-
161 അവരുടെ സഹോദരന്‍ ലൂത്ത് അവരോട് പറഞ്ഞപ്പോള്‍: "നിങ്ങള്‍ സൂക്ഷിക്കുന്നില്ലേ?!"
162 "നിശ്ചയമായും, ഞാന്‍ നിങ്ങള്‍ക്ക് വിശ്വസ്തനായ റസൂലാകുന്നു."
163 "അതുകൊണ്ട് നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിന്‍."
164 "അതിന്‍െറ പേരില്‍ യാതൊരു പ്രതിഫലവും ഞാന്‍ നിങ്ങളോട് ചോദിക്കുന്നില്ല. എന്‍െറ പ്രതിഫലം, ലോകരക്ഷിതാവിന്‍െറപേരില്‍ അല്ലാതെ (മറ്റാര്‍ക്കും ബാധ്യത)ഇല്ല."

كَذَّبَتْ قَوْمُ لُوطٍ ٱلْمُرْسَلِينَ ١٦٠
إِذْ قَالَ لَهُمْ أَخُوهُمْ لُوطٌ أَلَا تَتَّقُونَ ١٦١
إِنِّى لَكُمْ رَسُولٌ أَمِينٌ ١٦٢
فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ١٦٣
وَمَآ أَسْـَٔلُكُمْ عَلَيْهِ مِنْ أَجْرٍ ۖ إِنْ أَجْرِىَ
إِلَّا عَلَىٰ رَبِّ ٱلْعَٰلَمِينَ ١٦٤

ലൂത്തു (അ) നബിയുടെ ജനതയോട് അദ്ദേഹം തൗഹീദിനെക്കുറിച്ചുള്ള പ്രബോധനം നടത്തിയതോടൊപ്പം അവർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന പ്രകൃതി വിരുദ്ധമായ ഒരു നീച പ്രവർത്തിയെക്കുറിച്ച് അവരോട് പ്രത്യേകം എടുത്ത് പറയുന്നു.

**വചനം 165, 166**

165 "ലോകരിൽ നിന്ന് നിങ്ങൾ (മാത്രം) ആണുങ്ങളുടെ അടുക്കൽ ചെല്ലുകയോ?!"

166 "നിങ്ങളുടെ ഇണകളായി നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചുതന്നതിനെ (ഭാര്യമാരെ) നിങ്ങൾ വിട്ടുകളയുകയും ചെയ്യുന്നു?! എന്നാൽ, നിങ്ങൾ അതിക്രമകാരികളായ ഒരു ജനതതന്നെ!"

أَتَأۡتُونَ ٱلذُّكۡرَانَ مِنَ ٱلۡعَٰلَمِينَ ﴿١٦٥﴾

وَتَذَرُونَ مَا خَلَقَ لَكُمۡ رَبُّكُم مِّنۡ أَزۡوَٰجِكُمۚ بَلۡ أَنتُمۡ قَوۡمٌ عَادُونَ ﴿١٦٦﴾

സ്വന്തം ഭാര്യമാരേ വിട്ടേച്ച് അവർക്ക പകരം പുരുഷന്മാരെ സമീപിച്ച് കൊണ്ട് കാമ നിവൃത്തി വരുത്തുന്ന അതിനികൃഷ്ടമായ ഒരു സമ്പ്രദായം സ്വീകരിച്ചിരുന്ന തന്റെ ജനതയെ ലൂത്തു(അ) കഠിനമായി ആക്ഷേപിച്ചു. ഇത് കൂടാതെ കൊള്ള, കവർച്ച മുതലായ പല തോന്നിയവാസങ്ങളും ഇവർ നടത്തിക്കൊണ്ടിരുന്നു. (സൂ: അൻകബൂത് : 28, 29)

**വചനം 167, 168**

167 അവർ പറഞ്ഞു: "നീ വിരമിക്കാത്തപക്ഷം ലൂത്ത്വേ-തീർച്ചയായും നീ പുറത്താക്കപ്പെടുന്നവരുടെ കൂട്ടത്തിലായിത്തീരുന്നതാണ്".

168 അദ്ദേഹം പറഞ്ഞു: "നിശ്ചയമായും ഞാൻ നിങ്ങളുടെ (ഈ) പ്രവൃത്തിയോട് കഠിന വിദ്വേഷമുള്ളവരിൽ പെട്ടവനാണ്".

قَالُواْ لَئِن لَّمۡ تَنتَهِ يَٰلُوطُ لَتَكُونَنَّ مِنَ ٱلۡمُخۡرَجِينَ ﴿١٦٧﴾

قَالَ إِنِّي لِعَمَلِكُم مِّنَ ٱلۡقَالِينَ ﴿١٦٨﴾

ലൂത്തു (അ) നബിയുടെ ഉപദേശങ്ങളൊന്നും അവർ കൈക്കൊണ്ടില്ലെന്ന് മാത്രമല്ല അദ്ദേഹത്തെ നാട്ടിൽ നിന്ന് പുറം തള്ളുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു.

**വചനം 169, 170, 171, 172, 173, 174, 175**

169 "രക്ഷിതാവേ, ഇവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽനിന്ന് എന്നെയും എൻെറ സ്വന്തക്കാരെയും നീ രക്ഷപ്പെടുത്തണേ!"

170 അങ്ങനെ, അദ്ദേഹത്തെയും, തൻെറ സ്വന്തക്കാരെ മുഴുവനും നാം രക്ഷപ്പെടുത്തി;-

171 -അവശേഷിച്ചവരിൽ പെട്ട ഒരു വൃദ്ധസ്ത്രീ ഒഴികെ.

172 പിന്നെ, മറ്റുള്ളവരെ നാം തകർത്തു (നിശ്ശേഷം നശിപ്പിച്ചു)കളഞ്ഞു.

173 അവരുടെമേൽ നാം ഒരു (തരം) മഴ വർഷിപ്പിക്കുകയും ചെയ്തു. മുന്നറിയിപ്പ് നൽകപ്പെട്ടവരുടെ (ആ) മഴ വളരെ ചീത്ത!

174 നിശ്ചയമായും, അതിൽ ഒരു (വലിയ) ദൃഷ്ടാന്തം ഉണ്ട്. അവരിൽ, അധികമാളും വിശ്വസിക്കുന്നവരല്ല.

175 നിശ്ചയമായും, നിൻെറ റബ്ബുതന്നെയാണ് പ്രതാപശാലിയും, കരുണാനിധിയും.

رَبِّ نَجِّنِي وَأَهۡلِي مِمَّا يَعۡمَلُونَ ﴿١٦٩﴾

فَنَجَّيۡنَٰهُ وَأَهۡلَهُۥٓ أَجۡمَعِينَ ﴿١٧٠﴾

إِلَّا عَجُوزٗا فِي ٱلۡغَٰبِرِينَ ﴿١٧١﴾

ثُمَّ دَمَّرۡنَا ٱلۡأٓخَرِينَ ﴿١٧٢﴾

وَأَمۡطَرۡنَا عَلَيۡهِم مَّطَرٗاۖ فَسَآءَ مَطَرُ ٱلۡمُنذَرِينَ ﴿١٧٣﴾

إِنَّ فِي ذَٰلِكَ لَأٓيَةٗۖ وَمَا كَانَ أَكۡثَرُهُم مُّؤۡمِنِينَ ﴿١٧٤﴾

وَإِنَّ رَبَّكَ لَهُوَ ٱلۡعَزِيزُ ٱلرَّحِيمُ ﴿١٧٥﴾

യാതൊരു പ്രതീക്ഷക്കും പഴുതില്ലെന്ന് മനസ്സിലാക്കിയ ലൂത്തു(അ) അല്ലാഹുവിനോട് പ്രാർത്ഥിച്ചു. ദുആ അല്ലാഹു സ്വീകരിക്കുകയും ആ ജനതയിലേക്ക് അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങുകയും ചെയ്തു. ഒരു ഘോര ശബ്ദത്തോടെയുള്ള അട്ടഹാസവും ആകാശത്ത് നിന്നും ചൂളക്കല്ലുകളാൽ വർഷിപ്പിക്കപ്പെട്ട ഒരസാധാരണ മഴയും – രാജ്യം ജനങ്ങളൊന്നടങ്കം കീഴ്മേലായി മറിക്കപ്പെടുകയും ചെയ്തു. അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം പ്രഭാതത്തിന് മുമ്പായി നാട് വിട്ട് പോയ ലൂത്തു(അ) നബിയും കുടുംബവും (അദ്ദേഹത്തിൽ വിശ്വസിക്കാതിരുന്ന, തോന്നിയവാസികളുടെ പക്ഷക്കാരിയായിരുന്ന അദ്ദേഹത്തിന്റെ ഭാര്യ ഒഴികെ) ശിക്ഷയിൽ നിന്നും രക്ഷപ്പെടുകയും ചെയ്തു. ആ നാട്ടിൽ തത്സമയം ലൂത്തു(അ) നബിയുടെ ഒരു വീടല്ലാതെ മുസ്ലിം വിശ്വാസികളുടേതായ വീടുണ്ടായിരുന്നില്ല. (174, 175 എന്നീ ആവർത്തിത വചനങ്ങളെക്കുറിച്ച് 67,68 വചനങ്ങളുടെ വിശദീകരണം നോക്കുക.)

ലൂത്തു(അ) നബിയുടെ ചരിത്രം വിശദമായി സൂ : അഅ്റാഫ് (80-84) സൂ: ഹൂദ് (77-83) സൂ: ഹിജ്ർ (58-77) സൂ: അൻബിയാഅ് (71-75) എന്നിവിടങ്ങളിൽ വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്.

## വിഭാഗം - 10

**വചനം 176, 177, 178, 179, 180**

كَذَّبَ أَصْحَٰبُ لْـَٔيْكَةِ ٱلْمُرْسَلِينَ ١٧٦

إِذْ قَالَ لَهُمْ شُعَيْبٌ أَلَا تَتَّقُونَ ١٧٧

إِنِّى لَكُمْ رَسُولٌ أَمِينٌ ١٧٨

فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ١٧٩

وَمَآ أَسْـَٔلُكُمْ عَلَيْهِ مِنْ أَجْرٍ ۖ إِنْ أَجْرِىَ إِلَّا عَلَىٰ رَبِّ ٱلْعَٰلَمِينَ ١٨٠

176 'ഐക്കത്ത്' (മരക്കാവു) കാർ മുർസലുകളെ വ്യാജമാക്കി;-

177 അതായത്, ശുഐബ് അവരോടു പറഞ്ഞപ്പോൾ. "നിങ്ങൾ സൂക്ഷിക്കുന്നില്ലേ?!"

178 "നിശ്ചയമായും, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ റസൂലാകുന്നു."

179 "ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ."

180 "അതിൻെറ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എൻെറ പ്രതിഫലം, ലോകരക്ഷിതാവിൻെറമേൽ അല്ലാതെ (ബാധ്യത) ഇല്ല."

വൃക്ഷങ്ങൾ അധികം തിങ്ങി നൽക്കുന്ന ഒരു മരക്കാവ് (ഐക്കത്ത്)ന്റെ അടുത്തുള്ള മദ്‌യൻ പ്രദേശത്തെ നിവാസികളിലേക്കാണ് ശുഐബ് (അ) നബി നിയോഗിക്കപ്പെട്ടത്. ആ ജനത അളവിലും തൂക്കത്തിലും വഞ്ചനയും കൃത്രിമവും കാട്ടുന്നവരും കൊള്ള, കവർച്ച മുതലായ ആക്രമങ്ങൾ ചെയ്ത് വരുന്നവരുമായിരുന്നു.

**വചനം 181, 182, 183, 184, 185, 186, 187, 188**

۞ أَوْفُوا۟ ٱلْكَيْلَ وَلَا تَكُونُوا۟ مِنَ ٱلْمُخْسِرِينَ ١٨١

وَزِنُوا۟ بِٱلْقِسْطَاسِ ٱلْمُسْتَقِيمِ ١٨٢

وَلَا تَبْخَسُوا۟ ٱلنَّاسَ أَشْيَآءَهُمْ وَلَا تَعْثَوْا۟ فِى ٱلْأَرْضِ مُفْسِدِينَ ١٨٣

وَٱتَّقُوا۟ ٱلَّذِى خَلَقَكُمْ وَٱلْجِبِلَّةَ ٱلْأَوَّلِينَ ١٨٤

181 "നിങ്ങൾ അളവ് പൂർത്തിയാക്കിക്കൊടുക്കുവിൻ; (ജനങ്ങളെ) നഷ്ടപ്പെടുത്തുന്നവരുടെ കൂട്ടത്തിൽ ആകരുത്."

182 "ശരിയായിട്ടുള്ള തുലാസ്സുകൊണ്ട് തൂക്കുകയും ചെയ്യുവിൻ."

183 "ജനങ്ങൾക്ക് അവരുടെ സാധനങ്ങൾ (കബളിപ്പിച്ചെടുത്ത്) ചേതപ്പെടുത്തുകയും ചെയ്യരുത്; കുഴപ്പക്കാരായിക്കൊണ്ട് നാട്ടിൽ അനർത്ഥം ചെയ്യുകയും അരുത്."

184 "നിങ്ങളെയും, ആദിമ സൃഷ്ടികളെ (പൂർവ്വജനങ്ങളെ) യും സൃഷ്ടിച്ചുണ്ടാക്കിയവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ."

قَالُوٓاْ إِنَّمَآ أَنتَ مِنَ ٱلۡمُسَحَّرِينَ ١٨٥

وَمَآ أَنتَ إِلَّا بَشَرٞ مِّثۡلُنَا وَإِن نَّظُنُّكَ لَمِنَ ٱلۡكَٰذِبِينَ ١٨٦

فَأَسۡقِطۡ عَلَيۡنَا كِسَفٗا مِّنَ ٱلسَّمَآءِ إِن كُنتَ مِنَ ٱلصَّٰدِقِينَ ١٨٧

قَالَ رَبِّيٓ أَعۡلَمُ بِمَا تَعۡمَلُونَ ١٨٨

185 അവർ പറഞ്ഞു: “നിശ്ചയമായും നീ, ആഭിചാരബാധിതരിൽ പെട്ടവൻതന്നെയാകുന്നു.”

186 “നീ ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനല്ലാതെ (മറ്റൊന്നും) അല്ല; നീ വ്യാജവാദികളിൽ പെട്ടവൻതന്നെയാണെന്ന് നിശ്ചയമായും ഞങ്ങൾ നിന്നെക്കുറിച്ച് ധരിക്കുന്നു.”

187 “അതുകൊണ്ട്, ആകാശത്തുനിന്ന് ചില തുണ്ടങ്ങൾ ഞങ്ങളുടെ മേൽ നീ വീഴ്ത്തിക്കൊള്ളുക; -നീ സത്യവാദികളിൽ പെട്ടവനാണെങ്കിൽ!”

188 അദ്ദേഹം പറഞ്ഞു: “നിങ്ങൾ പ്രവർത്തിച്ചുവരുന്നതിനെക്കുറിച്ച് എന്റെ റബ്ബ് നല്ലവണ്ണം അറിയുന്നവനാകുന്നു.”

അവരുടെ ദുഷ്ട പ്രവർത്തികൾ അവസാനിപ്പിക്കുവാനും, അവരെയും അവരുടെ പൂർവ്വജനങ്ങളെയും സൃഷ്ടിച്ചുണ്ടാക്കിയ അല്ലാഹുവിനെ സൂക്ഷിക്കുവാനും അദ്ദേഹം തന്റെ ജനതയെ ഉപദേശിച്ചു. സത്യനിഷേധികളായ ഇതര സമുദായങ്ങൾ അവരുടെ നബിമാരോട് പറഞ്ഞ മറുപടികളിൽ നിന്നും വിഭിന്നമായിരുന്നില്ല ഇവരുടെ മറുപടിയും. പരിഹാസവും ധിക്കാരവും നിറഞ്ഞതായിരുന്നു അവരുടെ മറുപടി.

ഇത്പോലെയുള്ള പല സമുദായങ്ങളുടെയും പരിഹാസവും ധിക്കാരവും ചൂണ്ടിക്കാണിച്ച് കൊണ്ട് അവയെ വക വെക്കേണ്ടതില്ലെന്ന് സൂ: ദാരിയാത്ത് 52 – 55 വചനങ്ങളിൽ അല്ലാഹു നബി(സ)യെ സമാശ്വസിപ്പിക്കുന്നതായി നമുക്ക് കാണാവുന്നതാണ്.

**വചനം 189**

فَكَذَّبُوهُ فَأَخَذَهُمۡ عَذَابُ يَوۡمِ ٱلظُّلَّةِۚ إِنَّهُۥ كَانَ عَذَابَ يَوۡمٍ عَظِيمٍ ١٨٩

189 അങ്ങനെ, അവർ അദ്ദേഹത്തെ വ്യാജമാക്കി. അതിനാൽ, മേഘത്തണലിന്റെ ദിവസത്തിലെ ശിക്ഷ അവരെ പിടികൂടി. നിശ്ചയമായും, അത് ഒരു വമ്പിച്ച ദിവസത്തിലെ ശിക്ഷയായിരുന്നു!

തുടർന്ന് ആ ജനതയിലേക്ക് അല്ലാഹുവിന്റെ ശിക്ഷ വന്നെത്തി. ആദ്യം അവർക്ക് അതികഠിനമായ ഉഷ്ണം ബാധിച്ചു. ശ്വാസം കഴിക്കാൻ പോലും പ്രയാസമായി. അങ്ങനെയിരിക്കെ ഒരു വലിയ കാർമേഘം പ്രത്യക്ഷപ്പെടുകയും, അവരെല്ലാം ആ മേഘത്തണലിൽ ഒരുമിച്ച് കൂടുകയും ചെയ്തു. പെട്ടെന്ന് മേഘത്തിൽ നിന്ന് ഒരു അഗ്നിവർഷം പുറപ്പെടുകയും, അവരെല്ലാം അതിൽ വെന്ത് നശിക്കുകയും ചെയ്തു. ‘മേഘത്തണലിന്റെ ദിവസത്തിൽ ബാധിച്ച ശിക്ഷ’ എന്ന് ഈ സംഭവം അറിയപ്പെടുന്നു.

**വചനം 190, 191**

إِنَّ فِي ذَٰلِكَ لَأٓيَةٗۖ وَمَا كَانَ أَكۡثَرُهُم مُّؤۡمِنِينَ ١٩٠

وَإِنَّ رَبَّكَ لَهُوَ ٱلۡعَزِيزُ ٱلرَّحِيمُ ١٩١

190 നിശ്ചയമായും അതിൽ ഒരു (വലിയ) ദൃഷ്ടാന്തമുണ്ട്. അവരിൽ അധികമാളും വിശ്വസിക്കുന്നവരല്ല.

191 നിശ്ചയമായും നിന്റെ റബ്ബ് തന്നെയാണ് പ്രതാപശാലിയും, കരുണാനിധിയും.

അല്ലാഹുവിന്റെ ഏകത്വത്തേയും ശക്തിമാഹാത്മ്യത്തെയും സൂചിപ്പിക്കുന്ന ഈ വചനങ്ങൾ ഇവിടെയും ആവർത്തിക്കപ്പെട്ടിരിക്കുന്നു. (വചനം 67,68ന്റെ വിശദീകരണം നോക്കുക.)

## വിഭാഗം – 11

**വചനം 192, 193, 194, 195 :**

وَإِنَّهُۥ لَتَنزِيلُ رَبِّ ٱلۡعَٰلَمِينَ ١٩٢

192 നിശ്ചയമായും അത് (ഖുർആൻ) ലോക രക്ഷിതാവ് അവതരിപ്പിച്ചതുതന്നെ.

نَزَلَ بِهِ ٱلرُّوحُ ٱلْأَمِينُ ﴿١٩٣﴾
عَلَىٰ قَلْبِكَ لِتَكُونَ مِنَ ٱلْمُنذِرِينَ ﴿١٩٤﴾
بِلِسَانٍ عَرَبِيٍّ مُّبِينٍ ﴿١٩٥﴾

193 (ആ) വിശ്വസ്തനായ ആത്മാവ് (ജിബ്‌രീൽ) അതുംകൊണ്ട് ഇറങ്ങിയിരിക്കുകയാണ്;-

194 നിന്റെ ഹൃദയത്തിൽ, നീ താക്കീത് നൽകുന്ന വരുടെ കൂട്ടത്തിൽ ആയിരിക്കുവാൻവേണ്ടി;-

195 സ്പഷ്ടമായ അറബിഭാഷയിൽ.

ഈ വചനങ്ങളിലും തുടർന്നുള്ള വചനങ്ങളിലും വിശുദ്ധ ഖുർആൻ ന്റെ മഹാത്മ്യവും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും അല്ലാഹു വിവരിക്കുന്നു.

ഈ വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട മൗലിക കാര്യങ്ങളുടെ സംഗ്രഹം ഇപ്രകാരം വിശദീകരിക്കപ്പെട്ടിരിക്കുന്നു.

: വിശുദ്ധ ഖുർആൻ അല്ലാഹു അവതരിപ്പിച്ചത് എന്ന് പറയാതെ, ലോക രക്ഷിതാവ് അവതരിപ്പിച്ചത് എന്നാണല്ലോ അല്ലാഹു പറഞ്ഞിരിക്കുന്നത്. അപ്പോൾ സ്വാഭാവികമായും അല്ലാഹുവിന്റെ രക്ഷാകർതൃത്വത്തിൻ കീഴിൽ നില കൊള്ളുന്ന എല്ലാ വിഭാഗങ്ങൾക്കും ഖുർആൻ മാർഗ്ഗദർശകവും അനുയോജ്യവുമാകുന്നു എന്ന് മാത്രമല്ല എല്ലാവരും തങ്ങളുടെ രക്ഷിതാവിനാൽ അവതരിപ്പിക്കപ്പെട്ട ആ ഗ്രന്ഥം സ്വീകരിക്കാൻ ബാധ്യസ്ഥരുമാകുന്നു. മാത്രമല്ല, ഖുർആൻ മുഹമ്മദ് നബി(സ) സ്വന്തം നലക്ക് ഉണ്ടാക്കിയതല്ല എന്നും പ്രസ്തുത വചനം സാക്ഷ്യപ്പെടുത്തുന്നു.

: അല്ലാഹുവിൽ നിന്ന് പ്രവാചകന്മാർക്ക് ദിവ്യ സന്ദേശങ്ങൾ ലഭിക്കുന്ന പല മാർഗ്ഗങ്ങളിൽ (സു: ശൂറാ : 51 നോക്കുക) ഒന്നാകുന്നു, മലക്ക് മുഖാന്തിരം സന്ദേശമെത്തിക്കുക എന്നത്. ഇപ്രകാരമാകുന്നു ഖുർആന്റെ അവതരണം നടന്നിട്ടുള്ളത്. ഇവിടെ വിശ്വസ്തനായ ആത്മാവ് (അൽ-റൂഹുൽ അമീൻ) എന്നത് കൊണ്ടുദ്ദേശം ജിബ്രീൽ(അ) തന്നെ. അൽ-റൂഹ് (ആത്മാവ്) എന്നും അൽ റൂഹുൽ ഖുദുസ് (പരിശുദ്ധാത്മാവ്) എന്നും ജിബ്രീൽ (അ) നെ വിശേഷിപ്പിക്കാറുണ്ട്.

: നബി(സ) തിരുമേനിയുടെ ഹൃദയത്തിലാണ് ഖുർആൻ അവതരിപ്പിക്കുന്നതെന്ന് ഇവിടെയും സൂ: അൽ ബഖറയിലും അല്ലാഹു വ്യക്തമാക്കുന്നു. ഹൃദയം എന്നത് കൊണ്ട് ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്, ശാരീരകമായ ആ അവയവം എന്നതല്ല. എന്നാൽ ജിബ്രീൽ(അ) ഓതിക്കൊടുക്കുന്ന ആ വചനങ്ങൾ തിരുമേനിക്ക് പിന്നീട് മറന്നു പോകാത്തവിധം ഹൃദിസ്ഥമാകുന്നു എന്നാകുന്നു. ഖുർആനാകുന്ന ദിവ്യ വചനങ്ങളുടെ സാരാംശമോ അർത്ഥമോ അല്ല, അക്ഷരങ്ങൾ സഹിതമുള്ള വചനങ്ങൾ തന്നെയാണ് നബി(സ)ക്ക് മലക്ക് എത്തിച്ച് കൊടുക്കുന്നത്. അത് കൊണ്ടാണ് ഖുർആൻ അല്ലാഹുവിന്റെ വചനം എന്ന് പറയുന്നത്.

: സ്പഷ്ടമായ അറബി ഭാഷയിലാണ് ഖുർആൻ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് എന്ന് അല്ലാഹു തുടർന്ന് പറയുന്നു. നബി(സ) അറബി വംശജൻ ആയിരുന്നത് കൊണ്ടും അവിടുന്ന് ആദ്യമായി അഭിമുഖീകരിക്കുന്നത് അറബികളെ ആയത് കൊണ്ടും ഖുർആൻ അറബി ഭാഷയിലായിത്തീർന്നു എന്നു സൂ: ത്വാഹാ : 113 ന്റെ വിശദീകരണത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. വചനം 197, 198 ഉം ശ്രദ്ധിക്കുക.

**വചനം 196, 197**

وَإِنَّهُۥ لَفِى زُبُرِ ٱلْأَوَّلِينَ ﴿١٩٦﴾
أَوَلَمْ يَكُن لَّهُمْ ءَايَةً أَن يَعْلَمَهُۥ عُلَمَٰٓؤُا۟ بَنِىٓ إِسْرَٰٓءِيلَ ﴿١٩٧﴾

196 നിശ്ചയമായും അത് (ഖുർആൻ) മുൻഗാമികളുടെ ഗ്രന്ഥങ്ങളിലുമുണ്ട്.

197 ഇസ്രാഈൽ സന്തതികളിലെ പണ്ഡിതന്മാർക്ക് അതറിയാമെന്നുള്ളത് ഇവർക്ക് (ഈ അവിശ്വാസികൾക്ക്) ഒരു ലക്ഷ്യമാകുന്നില്ലയോ?!

ഖുർആന്റെ മൂലസിദ്ധാന്തങ്ങളും പ്രധാന തത്വസംഹിതകളും മുൻ കഴിഞ്ഞ വേദഗ്രന്ഥങ്ങളിൽ ഉണ്ടെന്നും, ഖുർആനെ കുറിച്ചും അതിന്റെ മഹത്വത്തെക്കുറിച്ചും ആ ഗ്രന്ഥങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ടെന്നും, രണ്ട് വിധത്തിൽ വചനം 196 വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. രണ്ട് വ്യാഖ്യാനങ്ങളും വാസ്തവമാകുന്നു താനും. എന്നാൽ മൗലികമായ കൈ കടത്തലുകൾക്കും, മാറ്റത്തിരുത്തലുകൾക്കും വിധേയമായ പ്രസ്തുത ഗ്രന്ഥങ്ങളിൽ നബി(സ)യേയും ഖുർആനേയും സംബന്ധിക്കുന്ന ഭാഗങ്ങൾ പ്രത്യേകമായും മാറ്റി മറിക്കപ്പെട്ടിരിക്കുന്നു.

ഇന്നത്തെ ബൈബിളിന്റെ സ്ഥിതി എന്തായിരുന്നാലും ശരി, തൗറാത്തിലും ഇഞ്ചീലിലും നബി(സ)യെക്കുറിച്ച് വ്യക്തമായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. (സൂ: അഅ്റാഫ് : 157; സൂ: അൽബഖറ : 89 നോക്കുക) അവരുടെ വേദ പ്രമാണങ്ങളിൽ നിന്ന് അറിവായ ആ അടയാളങ്ങൾ കണ്ടതിന്റെ അടിസ്ഥാനത്തിൽ തന്നെ വേദക്കാരായ കുറേ ആളുകൾ നബി(സ)യിൽ വിശ്വസിക്കുകയുണ്ടായി - പണ്ഡിതന്മാരായ അബ്ദുല്ലാഹിബ്നു സലാം(റ) സൽമാനുൽ ഫാരിസ്(റ) എന്നിവരുൾപ്പെടെ.

വേദക്കാരല്ലാതിരുന്ന അറബികൾക്കും വേദക്കാർ മുഖേന ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ, മേൽ പറഞ്ഞ അറിവ് ഉണ്ടായിരുന്നു. അത് കൊണ്ടാണ് ഇസ്രായേൽ പണ്ഡിതന്മാർക്ക് അറിയുമെന്ന വസ്തുത അവർക്കൊരു ലക്ഷ്യമാകുന്നില്ലയോ എന്ന് അല്ലാഹു ചോദിച്ചത്. നബി(സ)യിൽ വിശ്വസിക്കാൻ ബാധ്യസ്ഥരായിരുന്നിട്ടും, തങ്ങളുടെ വിഗ്രഹാരാധന മുതലായ അനാചാരങ്ങളെ തിരുമേനി ശരിവെക്കാതിരുന്നത് നിമിത്തം അവരും നബി(സ)യെ എതിർത്തു കളഞ്ഞു.

ഖുർആന്റെ പ്രധാന സിദ്ധാന്തങ്ങളും, തത്വങ്ങളും പൂർവ്വഗ്രന്ഥങ്ങളിൽ അടങ്ങിയിട്ടുണ്ടെന്നും, ഖുർആന്റെ മഹത്വത്തെ സംബന്ധിച്ച് അവയിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ടെന്നും, ആ ഗ്രന്ഥങ്ങളിൽ (അവ മാറ്റത്തിരുത്തലുകൾക്കും, കൈകടത്തലുകൾക്കും വിധേയമായിട്ടുണ്ടെങ്കിലും) അങ്ങിങ്ങായി അവശേഷിക്കുന്ന പല തെളിവുകളിൽ നിന്നും നമുക്ക് കാണാവുന്നതാണ്. നിലവിലുള്ള ബൈബിളിലെ ആവർത്തന.18-ൽ 18-22 ; യോഹന്നാൻ 1ൽ 19-24; ആവർത്തന പുസ്തകം 33 ൽ 2 എന്നീ പ്രസ്താവനകൾ ഉദാഹരണമായി എടുത്ത് കാട്ടപ്പെട്ടിരിക്കുന്നു.

**വചനം 198, 199**

وَلَوۡ نَزَّلۡنَٰهُ عَلَىٰ بَعۡضِ ٱلۡأَعۡجَمِينَ ١٩٨

198 അനറബികളിൽ (ഏതെങ്കിലും) ചിലരുടെമേൽ നാം അത് (ഖുർആൻ) അവതരിപ്പിച്ചിരുന്നുവെങ്കിൽ,-

فَقَرَأَهُۥ عَلَيۡهِم مَّا كَانُواْ بِهِۦ مُؤۡمِنِينَ ١٩٩

199 എന്നിട്ട് അദ്ദേഹം അതവർക്ക് ഓതിക്കൊടുക്കുകയും ചെയ്താൽ, അവർ അതിൽ വിശ്വസിക്കുന്നവരായിരിക്കയില്ല.

ഒരു അറബിയായ മുഹമ്മദ് നബി(സ)യുടെ ആഗമനത്തെക്കുറിച്ച് വേദക്കാരായ പണ്ഡിതന്മാർക്ക് അറിയാം. എന്നിട്ട് പോലും മുശ്രിക്കുകളായ അറബികൾ, തിരുമേനിയിൽ വിശ്വസിക്കാൻ വൈമുഖ്യം കാണിക്കുന്നു. എന്നിരിക്കെ അറബിയല്ലാത്ത ഒരാളുടെ കൈക്കാണ് സ്പഷ്ടമായ അറബി ഭാഷയിലുള്ള വിശുദ്ധ ഖുർആൻ അവതരിക്കപ്പെട്ടിട്ടുള്ളതെങ്കിൽ തീർച്ചയായും അവർ അതിൽ ഒരിക്കലും വിശ്വസിക്കുകയില്ലല്ലോ. (വചനം 195 ശ്രദ്ധിക്കുക)

ഇനി ഖുർആൻ അന്യഭാഷയിൽ ആയാലത്തെ സ്ഥിതിയോ - അപ്പോൾ അവിശ്വാസികൾ പറഞ്ഞേക്കും - "വേദഗ്രന്ഥം അന്യഭാഷയിലും പ്രവാചകൻ അറബിയും ആയിരിക്കെ ഞങ്ങൾക്കിത് എങ്ങനെ വിസ്തരിച്ച് മനസ്സിലാക്കിത്തരും." (സൂ: ഹാമീം സജദ : 44 നോക്കുക)

ചുരുക്കത്തിൽ അവർ വിശ്വസിക്കാതിരിക്കാനുള്ള കാരണം അതൊന്നുമല്ല. അടുത്ത വചനത്തിൽ അല്ലാഹു അത് വെളിപ്പെടുത്തുന്നു.

**വചനം 200, 201, 202, 203, 204, 205, 206, 207, 208, 209**

كَذَٰلِكَ سَلَكۡنَٰهُ فِي قُلُوبِ ٱلۡمُجۡرِمِينَ ٢٠٠

200 അപ്രകാരം (ആ) കുറ്റവാളികളുടെ ഹൃദയങ്ങളിൽ നാം അത് (ആ അവിശ്വാസ നയം) കടത്തിയിരിക്കുകയാണ്.

لَا يُؤۡمِنُونَ بِهِۦ حَتَّىٰ يَرَوُاْ ٱلۡعَذَابَ ٱلۡأَلِيمَ ٢٠١

201 വേദനയേറിയ ശിക്ഷ കാണുന്നതുവരേക്കും അവർ അതിൽ വിശ്വസിക്കുകയില്ല;

فَيَأۡتِيَهُم بَغۡتَةٗ وَهُمۡ لَا يَشۡعُرُونَ ٢٠٢

202 -അങ്ങനെ, അവർക്കറിയാത്തനിലയിൽ പെട്ടന്ന് അതവർക്ക് വന്നെത്തുകയും (ചെയ്യുന്നതു വരെ);-

فَيَقُولُواْ هَلۡ نَحۡنُ مُنظَرُونَ ٢٠٣

203 അപ്പോൾ അവർ പറഞ്ഞേക്കും: "ഞങ്ങൾ താമസം നൽകപ്പെടുന്നവരാണോ (ഞങ്ങൾക്ക് വല്ല ഒഴിവും ലഭിക്കുമോ)?!"

أَفَبِعَذَابِنَا يَسۡتَعۡجِلُونَ ٢٠٤

204 എന്നാൽ, നമ്മുടെ ശിക്ഷയെപ്പറ്റിയാണോ അവർ ധൃതികൂട്ടിക്കൊണ്ടിരിക്കുന്നത്?!

أَفَرَءَيۡتَ إِن مَّتَّعۡنَٰهُمۡ سِنِينَ ٢٠٥

205 ഇനി-നീ കണ്ടുവോ? (ആലോചിച്ചുനോക്കൂ!)- കുറേ കൊല്ലങ്ങളോളം നാം അവർക്ക് സുഖ ഭോഗം നൽകുന്നതായാൽ,-

ثُمَّ جَآءَهُم مَّا كَانُواْ يُوعَدُونَ ٢٠٦

206 പിന്നീട്, താക്കീത് നൽകപ്പെട്ടുവരുന്നത് (ശിക്ഷ) അവർക്ക് വരികയുംചെയ്താൽ,-

مَآ أَغۡنَىٰ عَنۡهُم مَّا كَانُواْ يُمَتَّعُونَ ٢٠٧

207 അവർക്ക് സുഖഭോഗം നൽകപ്പെട്ടിരുന്നത് അവരെ സംബന്ധിച്ച് എന്താണ് ഫലം ചെയ്യുക?! (ഒന്നും തന്നെയില്ല)

وَمَآ أَهۡلَكۡنَا مِن قَرۡيَةٍ إِلَّا لَهَا مُنذِرُونَ ٢٠٨

208 ഏതൊരു രാജ്യവും തന്നെ, അതിന് (ആ രാജ്യക്കാർക്ക്) മുന്നറിയിപ്പ് നൽകുന്നവർ ഉണ്ടായിരിക്കാതെ നാം നശിപ്പിച്ചിട്ടില്ല,

ذِكۡرَىٰ وَمَا كُنَّا ظَٰلِمِينَ ٢٠٩

209 -ഉൽബോധനമെന്ന നിലക്ക്. (നശിപ്പിച്ചതിൽ) നാം അക്രമം ചെയ്തവരായിട്ടുമില്ല.

ഏത് ദൃഷ്ടാന്തം കണ്ടാലും വിശ്വസിക്കാതിരിക്കത്തക്കവണ്ണമുള്ള നിഷേധ നയമാണവരുടെ ഹൃദയത്തിൽ കടന്ന് കൂടിയിരിക്കുന്നത്. അത്കൊണ്ട് ആ വമ്പിച്ച ശിക്ഷ പിടികൂടപ്പെടുന്നതു വരെ അവർ വിശ്വസിക്കുകയില്ല. ശിക്ഷ വരുന്നതാകട്ടെ പെട്ടെന്നുമായിരിക്കും. അവർ എത്ര കൊതിച്ചാലും അൽപ സമയത്തേക്കെങ്കിലും അതിൽ നിന്നൊരു ഒഴിവ് കിട്ടുന്നതല്ല. അവർ നയിച്ച് പോന്ന സുഖജീവിതം കൊണ്ട് അവർക്ക് ഒരു ഫലവും ഉണ്ടാകുവാൻ പോകുന്നുമില്ല.

ഇവരെപോലെയുള്ള ധിക്കാരികളായ പല സമുദായങ്ങളെയും അവരുടെ പ്രബോധകരെ, നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്തതിനാൽ, അല്ലാഹു നശിപ്പിച്ചിട്ടുണ്ട്. അത് പോലെ ധിക്കാരികളായ ഇവരെയും അല്ലാഹു ശിക്ഷിക്കുന്ന പക്ഷം, അതൊരിക്കലും അനീതി ആയിരിക്കുകയില്ല.

**വചനം 210, 211, 212**

وَمَا تَنَزَّلَتۡ بِهِ ٱلشَّيَٰطِينُ ٢١٠

210 ഇതുംകൊണ്ട് (ഖുർആനുമായി) പിശാചുക്കൾ ഇറങ്ങുകയുണ്ടായിട്ടില്ല;

وَمَا يَنۢبَغِي لَهُمۡ وَمَا يَسۡتَطِيعُونَ ٢١١

211 അവർക്കത് യോജിക്കയുമില്ല; അവർക്ക് (അതിന്) സാധ്യമാകുന്നതുമല്ല.

إِنَّهُمۡ عَنِ ٱلسَّمۡعِ لَمَعۡزُولُونَ ٢١٢

212 നിശ്ചയമായും, അവർ (അത്) കേൾക്കുന്നതിൽ നിന്ന് നീക്കംചെയ്യപ്പെട്ടവരാകുന്നു.

ഖുർആൻ പിശാചിൽ നിന്ന ലഭിച്ചതാണെന്ന അവിശ്വാസികളുടെ ദുരുപദിഷ്ട വാദം അല്ലാഹു താഴെ വിവരിച്ച തെളിവുകൾ സഹിതം ഖണ്ഡിക്കുന്നു.

അത് പിശാചുകൾക്ക് യോജിച്ചതല്ല. ഏറ്റവും ദുഷിച്ച പ്രകൃതിയും, മനുഷ്യനെ വഴിപിഴപ്പിക്കണമെന്ന ലക്ഷ്യവും ഉള്ള പിശാച് എങ്ങനെ മനുഷ്യനെ സന്മാർഗ്ഗത്തിലേക്ക് നയിക്കുന്നതും മനസ്സിനും ആത്മാവിനും പ്രകാശം നൽകുന്നതുമായ ഖുർആനുമായി വരും.

ഇനി അഥവാ മേൽ പറഞ്ഞ പൊരുത്തക്കേടുകളൊന്നുമില്ലെങ്കിൽ തന്നെ അവർക്കതിന് സാധി

ക്കുകയില്ല - ഖുർആന്റെ മഹത്വം താങ്ങുവാൻ അവർക്ക് കെൽപ്പില്ല തന്നെ. "ഈ ഖുർആനിനെ നാം ഒരു പർവ്വതത്തിന്റെ മേൽ ഇറക്കിയിരുന്നെങ്കിൽ അത് പേടിക്കുന്നതായും പൊട്ടിപ്പൊളിയുന്നതായും നീ കാണുമായിരുന്നു" എന്നു സൂ: ഹശ്ർ 21-ാം വചനത്തിൽ അല്ലാഹു ഖുർആൻന്റെ മഹത്വത്തെ പറ്റി ഉപമാരൂപത്തിൽ പ്രസ്താവിച്ചിരിക്കുന്നത്, ശ്രദ്ധേയമാകുന്നു.

"നിശ്ചയമായും അവർ(അത്) കേൾക്കുന്നതിൽ നിന്നും നീക്കം ചെയ്യപ്പെട്ടവരാകുന്നു" എന്ന് അല്ലാഹു തുടർന്ന് പറയുന്നു. പിശാചുക്കൾ മുമ്പ് ആകാശം വരെ കയറിപ്പോകുകയും മലക്കുകളിൽ നിന്ന് വാർത്തകൾ കേൾക്കുകയും ചെയ്തിരുന്നു. എന്നാൽ നബി(സ)ക്ക് വഹ്‌യ് ലഭിക്കുവാൻ ആരംഭിച്ചത് മുതൽ ഈ സാധ്യതയും തീർത്തും തടയപ്പെടുകയും ചെയ്തു. നബി(സ)യിൽ നിന്നും ഖുർആൻ പാരായണം കേട്ട ഒരു സംഘം ജിന്നുകൾ ചെയ്ത ഒരു പ്രസ്താവന സൂ: ജിന്ന് 8, 9 വചനങ്ങളിൽ അല്ലാഹു ഉദ്ധരിച്ചിട്ടുണ്ട്. സൂ: സ്വാഫ്ഫാത്ത് 7, 8, 9, 10 വചനങ്ങളും ശ്രദ്ധിക്കുക.

**വചനം 213, 214, 215, 216, 217**

فَلَا تَدْعُ مَعَ ٱللَّهِ إِلَـٰهًا ءَاخَرَ فَتَكُونَ مِنَ ٱلْمُعَذَّبِينَ ﴿٢١٣﴾

وَأَنذِرْ عَشِيرَتَكَ ٱلْأَقْرَبِينَ ﴿٢١٤﴾

وَٱخْفِضْ جَنَاحَكَ لِمَنِ ٱتَّبَعَكَ مِنَ ٱلْمُؤْمِنِينَ ﴿٢١٥﴾

فَإِنْ عَصَوْكَ فَقُلْ إِنِّى بَرِىٓءٌ مِّمَّا تَعْمَلُونَ ﴿٢١٦﴾

وَتَوَكَّلْ عَلَى ٱلْعَزِيزِ ٱلرَّحِيمِ ﴿٢١٧﴾

213 ആകയാൽ, അല്ലാഹുവിനോടു കൂടി വേറെ ഒരു ആരാധ്യനെയും നീ വിളി (ച്ച് പ്രാർത്ഥി)ക്കരുത്; എന്നാൽ നീ ശിക്ഷിക്കപ്പെടുന്നവരുടെ കൂട്ടത്തിലായിത്തീരും.

214 നിൻെറ അടുത്ത കുടുംബങ്ങൾക്ക് (ശിക്ഷയെക്കുറിച്ച്) മുന്നറിയിപ്പ് നൽകുകയും ചെയ്യണം.

215 സത്യവിശ്വാസികളായി നിന്നെ പിന്തുടർന്നിട്ടുള്ളവർക്ക് നിൻെറ പാർശ്വം താഴ്ത്തിക്കൊടുക്കുകയും ചെയ്യുക (അവരുമായി സൗമ്യത്തിൽ പെരുമാറുക.)

216 എന്നാൽ, അവർ നിന്നോട് അനുസരണക്കേട് കാണിക്കുകയാണെങ്കിൽ നീ പറഞ്ഞേക്കുക: "നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് ഞാൻ നിരുത്തരവാദിയാണ്" എന്ന്.

217 പ്രതാപശാലിയും കരുണാനിധിയുമായുള്ളവൻെറ മേൽ (എല്ലാ കാര്യങ്ങളും) ഭരമേൽപിക്കുകയും ചെയ്യുക.

തൗഹീദിൽ ഉറച്ച് നിന്ന് കൊണ്ട് സ്വന്തം കുടുംബത്തോട് പ്രത്യേകം താക്കീത് ചെയ്യുവാനുള്ള നിർദ്ദേശം അല്ലാഹുവിൽ നിന്ന് ലഭിച്ചപ്പോൾ റസൂൽ തിരുമേനി(സ) ഖുറൈശികളെയും, ലുഅയ്യിന്റെ മകൻ കഅബിന്റെ സന്തതികളേയും, ഖുസയ്യ് ഗോത്രക്കാരെയും, അബ്ദുൽ മുത്തലിബ് ഗോത്രക്കാരേയും, പിന്നീടു സ്വന്തം മകൾ ഫാത്തിമ(റ)യേയും വിളിച്ച് വരുത്തി ഇപ്രകാരം താക്കീത് ചെയ്തു.

"നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ ദേഹങ്ങളെ നരകത്തിൽ നിന്നും രക്ഷപ്പെടുത്തിക്കൊള്ളുവിൻ, നിങ്ങൾക്ക് യാതൊരു ഉപദ്രവമോ ഉപകാരമോ ചെയ്യാൻ നിശ്ചയമായും എനിക്ക് കഴിയുകയില്ല. ഇഹത്തിൽ ഞാൻ നിങ്ങളോടു കുടുംബ ബന്ധം പാലിക്കുന്നതാണ്. അല്ലാഹുവിൽ നിന്നും ഉണ്ടാകുന്ന യാതൊന്നും തന്നെ ഞാൻ നിങ്ങൾക്ക് ഒഴിവാക്കുകയില്ല" - (ബുഖാരി, മുസ്ലിം)

സത്യവിശ്വാസികളായ അനുയായികളോട് വിനയത്തിലും സൗമ്യതയോടെയും പെരുമാറേണ്ടതാണെന്ന് തുടർന്ന് അല്ലാഹു തിരുമേനിയോടു നിർദ്ദേശിക്കുന്നു. വേണ്ടത്ര ഉപദേശിച്ചിട്ടും, ജനങ്ങൾ അനുസരിക്കാതെ, പിടിവാശിയിൽ നിലകൊള്ളുന്ന പക്ഷം കാര്യങ്ങൾ പ്രതാപശാലിയും കരുണാനിധിയുമായ അല്ലാഹുവിൽ ഭരമേൽപ്പിച്ച് കൊണ്ട് ഒഴിഞ്ഞ് നിൽക്കേണ്ടതാകുന്നു.

**വചനം 218, 219, 220**

ٱلَّذِى يَرَىٰكَ حِينَ تَقُومُ ﴿٢١٨﴾ وَتَقَلُّبَكَ فِى ٱلسَّٰجِدِينَ ﴿٢١٩﴾ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٢٢٠﴾

218 അതായത്: നീ നിന്ന് (നമസ്കരിച്ചു) കൊണ്ടിരിക്കുന്ന സമയത്ത് നിന്നെ കണ്ടു കൊണ്ടിരിക്കുന്നവൻ;

219 'സുജൂദ്' (സാഷ്ടാംഗ നമസ്കാരം) ചെയ്യുന്നവരുടെകൂട്ടത്തിൽ നീ ചലിച്ചുകൊണ്ടിരിക്കുന്നതും (കാണുന്നവൻ).

220 നിശ്ചയമായും, അവൻ തന്നെയാണ് (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനും.

നബി(സ) നമസ്കാരത്തിന്റെ കാര്യത്തിൽ - നിർബന്ധ നമസ്കാരമാട്ടെ, ഐഛിക നമസ്കാരമാകട്ടെ - എത്ര മാത്രം താൽപര്യം പ്രകടിപ്പിച്ചിരുന്നു എന്ന വസ്തുത പ്രസിദ്ധമാണല്ലോ. ശാരീരികമായ ആരാധനാ കർമ്മങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതും അല്ലാഹുവിന്റെ മുമ്പിൽ ഏറ്റവുമധികം ഭക്തി അർപ്പിക്കുന്ന ഒരു കർമ്മവുമാണല്ലോ നമസ്കാരം. ഈ നിലക്ക് നബി(സ) തിരുമേനി നമസ്കാരത്തിന് വേണ്ടി നിൽക്കുന്നതും സുജൂദ് ചെയ്യുന്നവരുടെ കൂട്ടത്തിൽ അവർക്ക് നേതൃത്വം നൽകിക്കൊണ്ട് ചലിച്ച് കൊണ്ടിരിക്കുന്നതും അല്ലാഹു കാണുന്നുണ്ടെന്ന് നബി(സ)യോട് അഭിമുഖമായി പ്രസ്താവിച്ചിട്ടുള്ളത് ഒരു അനുമോദനവും സന്തോഷവാർത്തയും തന്നെയാകുന്നു. എല്ലാം കേൾക്കുന്നവനും കാണുന്നവനുമായ അല്ലാഹു അതിനെല്ലാമുള്ള വമ്പിച്ച പ്രതിഫലങ്ങളും ഉന്നതമായ സ്ഥാനങ്ങളും നൽകുക തന്നെ ചെയ്യുന്നതാണ്.

**വചനം 221, 222, 223**

هَلْ أُنَبِّئُكُمْ عَلَىٰ مَن تَنَزَّلُ ٱلشَّيَٰطِينُ ﴿٢٢١﴾ تَنَزَّلُ عَلَىٰ كُلِّ أَفَّاكٍ أَثِيمٍ ﴿٢٢٢﴾ يُلْقُونَ ٱلسَّمْعَ وَأَكْثَرُهُمْ كَٰذِبُونَ ﴿٢٢٣﴾

221 ആരുടെമേലാണ് പിശാചുക്കൾ ഇറങ്ങുന്നതെന്ന് ഞാൻ നിങ്ങൾക്ക് വർത്തമാനം അറിയിച്ചു തരട്ടെയോ?!-

222 മഹാ വ്യാജകനും ദുഷ്ടനുമായ എല്ലാവരുടെയും മേലത്രെ (പിശാചുക്കൾ) ഇറങ്ങുന്നത്.

223 അവർ ചെവികൊടുക്കുന്നതാണ്; അവരിൽ അധികമാളും വ്യാജം പറയുന്നവരാകുന്നു.

ഖുർആൻ പിശാച് മുഖേന അവതരിച്ചതല്ല എന്ന് കാര്യകാരണ സഹിതം 210, 211, 212 വചനങ്ങളിലൂടെ അല്ലാഹു പ്രസ്താവിച്ചുവല്ലോ. എന്നാൽ കള്ളവും നുണയും പതിവാക്കിയ വ്യാജന്മാരും, പാപങ്ങളും ദുഷ്പ്രവർത്തികളും പതിവാക്കിയ ദുഷ്ടന്മാരും പിശാചിന്റെ ഉപദേശം സ്വീകരിക്കുന്ന അവന്റെ ബന്ധുക്കളാകുന്നു എന്ന് അല്ലാഹു വ്യക്തമാക്കുന്നു. അദൃശ്യ സൃഷ്ടികളായ പിശാചുക്കൾക്ക് മനുഷ്യർക്ക് അറിയാൻ കഴിവില്ലാത്ത ചില കാര്യങ്ങൾ അറിയാൻ സാധിച്ചേക്കും.

ചില ജോത്സ്യക്കാർ സാധാരണക്കാർക്ക് കണ്ടറിയാൻ കഴിവില്ലാത്ത ചില കാര്യങ്ങളെ കുറിച്ച് സംസാരിക്കുന്നത് യാഥാർത്ഥ്യമാകാറുണ്ടല്ലോ എന്ന് ചില സഹാബികൾ നബി(സ)യോട് ചോദിച്ചപ്പോൾ തിരുമേനി ഇപ്രകാരം മറുപടി പറഞ്ഞു.

"യഥാർത്ഥമായി പുലരുന്ന ആ വാക്ക് ജിന്ന് വർഗ്ഗത്തിൽപെട്ടവർ തട്ടിയെടുക്കുന്നതാണ്. എന്നിട്ട് അവർ തന്റെ ബന്ധുക്കളുടെ കാതിൽ പിടക്കോഴി കറ കറ എന്ന് കുറുകും പോലെ, അത് കുറുകി മന്ത്രിച്ച് കൊടുക്കുന്നു. അങ്ങിനെ അവർ അതിൽ കൂടി, നൂറിലേറെ കളവും കൂട്ടിക്കലർത്തുന്നു." - ബുഖാരി(റ)

പിശാചുക്കൾ മലക്കുകളിൽ നിന്നും കട്ട് കേർക്കുന്നതിനെ ഉദ്ദേശിച്ചാണ് 'ജിന്ന് വർഗ്ഗത്തിൽപെട്ടവർ തട്ടിയെടുക്കുന്നു' എന്ന് ഹദീസിൽ പറഞ്ഞത്. (സൂ: സ്വാഫ്ഫാത്ത് 7, 8, 9, 10 വചനങ്ങളും നോക്കുക)

പിശാചുക്കൾ ആകാശം വരെ കയറിപ്പോയി മലക്കുകളിൽ നിന്ന് വാർത്തകൾ കട്ട് കേട്ട് കൊണ്ടിരുന്ന പതിവ് നബി(സ)ക്ക് വഹ്‌യ് ലഭിക്കുവാൻ ആരംഭിച്ചതോടെ തടയപ്പെടുകയുണ്ടായി എന്ന മുമ്പ് ചൂണ്ടിക്കാണിച്ചുവല്ലോ (വചനം 212 വിശദീകരണം നോക്കുക)

**വചനം 224, 225, 226**

وَٱلشُّعَرَآءُ يَتَّبِعُهُمُ ٱلْغَاوُۥنَ ﴿٢٢٤﴾

أَلَمْ تَرَ أَنَّهُمْ فِى كُلِّ وَادٍ يَهِيمُونَ ﴿٢٢٥﴾

وَأَنَّهُمْ يَقُولُونَ مَا لَا يَفْعَلُونَ ﴿٢٢٦﴾

224 കവികളാകട്ടെ, അവരെ പിൻപറ്റുക ദുർമ്മാർഗ്ഗികളാകുന്നു.

225 നീ കണ്ടിട്ടില്ലേ, അവർ (ഭാവനയുടെ) എല്ലാ താഴ്‌വരയിൽകൂടിയും അലഞ്ഞുനടക്കുന്നതാണ് എന്ന് ?!-

226 അവർ, തങ്ങൾ പ്രവർത്തിക്കാത്തത് പറഞ്ഞു കൊണ്ടിരിക്കുമെന്നും (കണ്ടിട്ടില്ലേ)?!

ഖുർആൻ കവി വാക്യമല്ലെന്ന് സൂ: അൽ ഹാഖ്ഖ 41-ാം വചനത്തിലും നബി(സ)ക്ക് കവിത അറിഞ്ഞ് കൂടെന്നും, അത് അവിടുത്തേക്ക് യോജിക്കുന്നതല്ല, എന്ന് സൂ: യാസീൻ : 69 ലും അല്ലാഹു വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. ഖുർആൻ അവതരിക്കുന്ന കാലത്ത് കവികൾക്ക് അറബികൾക്കിടയിൽ അത്യധികം സ്വാധീനമുണ്ടായിരുന്നു. ദീർഘ കാലം നില നില്ക്കുന്ന യുദ്ധങ്ങൾക്കും, വലിയ ഗോത്രങ്ങളുടെ അധഃപതനത്തിനും (പുരോഗതിക്കും) ചില കവി വചനങ്ങൾ കാരണമായിത്തീരാറുണ്ടായിരുന്നു. ഹൃദയങ്ങളെ വശീകരിക്കാനും, ജനങ്ങളെ സ്വാധീനിക്കുവാനും കവിതകൾക്ക് അത്രയ്ക്ക് സ്വാധീനമുണ്ടായിരുന്നു.

കവികൾ അവരുടെ അനുയായികൾക്ക് ദുർമാർഗ്ഗത്തിലേക്കുള്ള പ്രചോദനവും, ദുഷ്കർമ്മങ്ങളിലേക്കുള്ള പ്രോത്സാഹനവും നൽകുന്നവരാകുന്നു. നബി(സ)യാണെങ്കിൽ അവരെ സത്യവിശ്വാസത്തിലേക്കും സന്മാർഗ്ഗത്തിലേക്കും നയിക്കുന്നു. നബി(സ) ഒരു കവി ആയിരുന്നെങ്കിൽ ഇപ്രകാരം സംഭവിക്കുമായിരുന്നില്ലല്ലോ.

കവികൾ ഭാവനയുടെ എല്ലാ താഴ്‌വരകളിലൂടെയും അലഞ്ഞു നടക്കുന്നവരാകുന്നു. അവരുടെ മനോദൃഷ്ടിയിൽപെടുന്ന എല്ലാ മേഖലകളിലും ഗുണദോഷ ഭേദമന്യേ അവർ യഥേഷ്ടം വിഹരിക്കും. പ്രേമ കഥനം, കാമചേഷ്ടകൾ, സ്ത്രീ സൗന്ദര്യം, പരദൂഷണം, അതി പ്രശംസ എന്നിവ നിറഞ്ഞതാണവരുടെ ഭാവനാ ലോകം. വസ്തുതകളെ തങ്ങളുടെ മനോഗതിക്കനുസരിച്ച് വളച്ചൊടിച്ച് ചിത്രീകരിച്ച് കൊണ്ട് ജനസാമാന്യങ്ങൾക്കിടയിൽ അവർ ആശയക്കുഴപ്പവും ഛിദ്രതയും വളർത്തുന്നു. മാത്രമല്ല അവർ അന്യരെ ഉപദേശിച്ചും വിമർശിച്ചും കൊണ്ടിരിക്കുന്ന പല കാര്യങ്ങളും സ്വന്തം പ്രവർത്തനത്തിൽ കൊണ്ടുവരുന്നവരല്ല. വസ്തുതകൾ ഉള്ളത് പോലെ മാത്രം വർണ്ണിച്ചും, മാന്യവും ഉത്തമവുമായ നിലയിൽ പ്രകാശിപ്പിച്ചും അത്യാകർഷകമായ നിലയിൽ സാരോപദേശങ്ങൾ നടത്തിയും കവിതകൾ അവതരിപ്പിക്കുന്ന കവികൾ വളരെ വിരളമത്രേ. അത്തരം നല്ല കവികളുടെ ലക്ഷണങ്ങൾ അടുത്ത വചനത്തിൽ അല്ലാഹു വിവരിക്കുന്നു.

**വചനം 227**

إِلَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ وَذَكَرُوا۟ ٱللَّهَ كَثِيرًا وَٱنتَصَرُوا۟ مِنۢ بَعْدِ مَا ظُلِمُوا۟ ۗ وَسَيَعْلَمُ ٱلَّذِينَ ظَلَمُوٓا۟ أَىَّ مُنقَلَبٍ يَنقَلِبُونَ ﴿٢٢٧﴾

227 വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും, അല്ലാഹുവിനെ ധാരാളം സ്മരിക്കുകയും, തങ്ങൾ അക്രമിക്കപ്പെട്ടതിനുശേഷം (പ്രതികാരംവഴി) രക്ഷാനടപടിയെടുക്കുകയും ചെയ്തവരൊഴികെ. (ഇവർ അതിൽനിന്ന് ഒഴിവാണ്.) അക്രമം പ്രവർത്തിച്ചവർ ഉടനെ അറിഞ്ഞു കൊള്ളും, ഏതൊരു പര്യവസാനത്തിലാണ് അവർ തിരിഞ്ഞെത്തുകയെന്ന്!

അത്തരം നല്ല കവികൾ സത്യവിശ്വാസം കൈ കൊള്ളുകയും, സൽക്കർമ്മം പ്രവർത്തിക്കുകയും, അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്നവരുമാകുന്നു. ഇങ്ങോട്ട് കവിത വഴി അക്രമം നടത്തിയവരോട് പ്രതികാരമായി അങ്ങോട്ടും അവർ കവിതയിലൂടെ നടപടിയെടുക്കുന്നതാണ്. അവരുടെ കവിതകൾ സത്യവിശ്വാസത്തിൽ അധിഷ്ഠിതവും, സൽക്കർമ്മങ്ങൾക്ക് പ്രചോദനം നൽകുന്നതും, അല്ലാഹുവിന്റെ

മഹൽ ഗുണങ്ങളെയും അവന്റെ നിയമ നിർദ്ദേശങ്ങളെയും ധാരാളം ഓർമ്മിപ്പിക്കുന്നവയും ആയിരിക്കും. പ്രതികാര രൂപത്തിൽ അവർ നടത്തുന്ന കവിത രചനയിൽ, അവാസ്തവവും അതിര് കവിയലും ഉണ്ടായിരിക്കുന്നതുമല്ല.

നബി(സ) തിരുമേനിയെ ആക്ഷേപിച്ച് കൊണ്ട് മുശ്രിക്കുകൾ രചിച്ചിരുന്ന കവിതകൾക്ക് മറുപടി പറയാൻ ഹസ്സാൻ(റ) എന്ന കവിയോട് തിരുമേനി ആവശ്യപ്പെടുമായിരുന്നു.

കവിതകളെ ആക്ഷേപിച്ച് കൊണ്ട് 224-226 വചനങ്ങൾ അവതരിച്ചപ്പോൾ ഹസ്സാൻ(റ) കഅ്ബുബ്നു മാലിക്(റ) എന്നീ കവികൾ, തങ്ങളും ഈ ആക്ഷേപത്തിന് വിധേയരാണെന്ന് ഭയപ്പെട്ട് കൊണ്ട് നബി(സ) തിരുമേനിയുടെ അടുക്കൽ വന്നപ്പോൾ, അവരോട് നബി(സ) തിരുമേനി ഈ 227-ാം വചനം ഓതിക്കൊണ്ട് അവരെ സമാധാനിപ്പിക്കുകയും ഇപ്രകാരം പറയുകയും ചെയ്തു:

“യഥാർത്ഥമല്ലാതെ നിങ്ങൾ പറയരുത്. പിതാക്കളെയും മാതാക്കളെയും കുറിച്ച് പഴിച്ച് പറയുകയും അരുത്”

“സത്യവിശ്വാസി അവന്റെ വാള് കൊണ്ടും നാവ് കൊണ്ടും സമരം ചെയ്യുന്നതാണ്.”

മറ്റൊരിക്കൽ റസൂൽ(സ) ഇപ്രകാരം പറഞ്ഞു : “കവിതകളിലൂടെ ദുർബ്ബല ഹൃദയരായ സ്ത്രീകളുടെ മനസ്സ് ഇളക്കി വിടരുത്.”

നബി(സ) തിരുമേനിക്ക് മനസ്സമാധാനം നൽകുന്നതും അവിടുത്തെ പ്രവാചകത്വത്തെ സ്ഥാപിക്കുന്നതുമായ പല ലക്ഷ്യങ്ങളും തത്വങ്ങളും ചരിത്ര പ്രധാനമായ പല തെളിവുകളും ഈ സൂറത്തിൽ വിവരിച്ചു. ഇതെല്ലാം അറിഞ്ഞ് കൊണ്ട് പിന്നെയും അവിശ്വാസവും നിഷേധവും കൈവിടാതെയുള്ള അക്രമികൾക്ക് വളരെ കനത്ത ഒരു താക്കീത് നൽകിക്കൊണ്ട് ഈ സൂറത്ത് അവസാനിക്കുന്നു. “അക്രമം പ്രവർത്തിച്ചവർ ഉടനെ അറിഞ്ഞു കൊള്ളും ഏതൊരു പര്യവസാനത്തിലാണ് അവർ തിരിഞ്ഞെത്തുകയെന്ന്.”

അല്ലാഹു അവന്റെ മഹത്തായ കാരുണ്യം കൊണ്ടു നമ്മെയെല്ലാം നല്ല പര്യവസാനങ്ങളിൽ എത്തിച്ചേരുന്ന സജ്ജനങ്ങളിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. ആമീൻ.

# 27. സൂറത്തു-ന്നംല്

## (ഉറുമ്പ്)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 93, വിഭാഗം (റുകൂഅ്) 7

18-ാം വചനത്തിൽ ഉറുമ്പ് (نمل) നെ കുറിച്ച് പരാമർശിക്കുന്നതിനാലാണ് ഈ അദ്ധ്യായത്തിന് സൂ: നംലു എന്ന് പേർ നൽകപ്പെട്ടത്

**വിഭാഗം - 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1, 2, 3, 4, 5, 6**

1 'ത്വാ-സീൻ.' ഇവ ഖുർആൻെറയും, സുവ്യക്തമായ വേദഗ്രന്ഥത്തിൻെറയും ആയത്തുകളാകുന്നു (വചനങ്ങളാകുന്നു).

2 (അവ) സത്യവിശ്വാസികൾക്ക് മാർഗ്ഗദർശനവും, സന്തോഷവാർത്തയുമാകുന്നു.

3 അതായത്, നമസ്കാരം നിലനിറുത്തുകയും, 'സകാത്ത്' കൊടുക്കുകയും ചെയ്യുന്നവർ; അവർ പരലോകത്തെക്കുറിച്ചാകട്ടെ, ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു. (ഇങ്ങിനെയുള്ളവർക്ക്.)

4 നിശ്ചയമായും, പരലോകത്തിൽ വിശ്വസിക്കാത്തവർ, അവർക്ക് തങ്ങളുടെ പ്രവൃത്തികൾ നാം ഭംഗിയാക്കി കാണിച്ചുകൊടുത്തിരിക്കുകയാണ്. അതിനാൽ, അവർ അന്ധാളിച്ചു (പരിഭ്രമചിത്തരായി) ക്കൊണ്ടിരിക്കുന്നു.

5 കഠിന ശിക്ഷയുണ്ടായിരിക്കുന്നവരത്രെ അക്കൂട്ടർ. അവർ പരലോകത്തിലാകട്ടെ, ഏറ്റവും നഷ്ടപ്പെട്ടവരും തന്നെ.

6 നിശ്ചയമായും, അഗാധജ്ഞനും, സർവ്വജ്ഞനുമായുള്ള ഒരുവൻെറ പക്കൽനിന്ന് നിനക്ക് ഖുർആൻ ഏറ്റുതരപ്പെട്ടുകൊണ്ടിരിക്കുന്നു.

طسٓ ۚ تِلْكَ ءَايَٰتُ ٱلْقُرْءَانِ وَكِتَابٍ مُّبِينٍ ﴿١﴾

هُدًى وَبُشْرَىٰ لِلْمُؤْمِنِينَ ﴿٢﴾

ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَهُم بِٱلْءَاخِرَةِ هُمْ يُوقِنُونَ ﴿٣﴾

إِنَّ ٱلَّذِينَ لَا يُؤْمِنُونَ بِٱلْءَاخِرَةِ زَيَّنَّا لَهُمْ أَعْمَٰلَهُمْ فَهُمْ يَعْمَهُونَ ﴿٤﴾

أُو۟لَٰٓئِكَ ٱلَّذِينَ لَهُمْ سُوٓءُ ٱلْعَذَابِ وَهُمْ فِى ٱلْءَاخِرَةِ هُمُ ٱلْأَخْسَرُونَ ﴿٥﴾

وَإِنَّكَ لَتُلَقَّى ٱلْقُرْءَانَ مِن لَّدُنْ حَكِيمٍ عَلِيمٍ ﴿٦﴾

സൂറത്തിന്റെ ആരംഭത്തിലുള്ള കേവലാക്ഷരങ്ങളെ കുറിച്ച് സൂ: അൽ ബഖറയുടെ പ്രാരംഭത്തിലുള്ള വിശദീകരണം നോക്കുക. നമസ്കാരം നില നിർത്തുകയും സക്കാത്ത് കൊടുക്കുകയും പരലോകത്തെ കുറിച്ച് ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്ന സത്യവിശ്വാസികൾക്ക് അഗാധജ്ഞനായ അല്ലാഹുവിൽ നിന്ന് ഇറക്കപ്പെട്ട് കൊണ്ടിരിക്കുന്ന ഖുർആൻ മാർഗ്ഗദർശനവും സന്തോഷവാർത്തയും ആകുന്നു. എന്നാൽ അവിശ്വാസികളാകട്ടെ, നല്ല കാര്യങ്ങളാണെന്ന മിഥ്യാ ധാരണയിൽ ദുർനടപ്പിലും ദുർമാർഗ്ഗത്തിലും മുഴുകി മതി മറന്നു കൊണ്ടിരിക്കുന്നു. അവർക്ക് ഇഹലോകത്തിൽ കഠിനമായ ശിക്ഷ അനുഭവിക്കേണ്ടി വരുമെന്നത് കൂടാതെ, പരലോകത്തും അവർ നിന്ദ്യരായി നാശനഷ്ടങ്ങൾ നേരിടേണ്ടി വരുന്നതാണ്.

**വചനം 7**

إِذْ قَالَ مُوسَىٰ لِأَهْلِهِۦٓ إِنِّىٓ ءَانَسْتُ نَارًا
سَـَٔاتِيكُم مِّنْهَا بِخَبَرٍ أَوْ ءَاتِيكُم بِشِهَابٍ
قَبَسٍ لَّعَلَّكُمْ تَصْطَلُونَ ﴿٧﴾

7 മൂസാ തൻെറ വീട്ടുകാരോട് പറഞ്ഞ സന്ദർഭം (ഓർക്കുക): ‘‘നിശ്ചയമായും, ഞാൻ ഒരു തീ കണ്ടിരിക്കുന്നു; അതിനടുത്തുനിന്ന് വല്ലവർ ത്തമാനവും ഞാൻ നിങ്ങൾക്ക് കൊണ്ടുവരാം; അല്ലെങ്കിൽ (അതിൽനിന്ന്) കൊളുത്തിയെടുത്ത ഒരു തീപന്തം നിങ്ങൾക്ക് കൊണ്ടുവരാം. നിങ്ങൾക്ക് തീകായാമല്ലോ.’’

മൂസാ(അ) നബി ഭാര്യാസമേതം, മദ്‌യനിൽ നിന്ന് സ്വദേശത്തേക്ക് (ഈജിപ്ത്) പോകും വഴി മദ്ധ്യേ സീനാ താഴ്‌വരയിൽ രാത്രിയും തണുപ്പും വഴി അറിയായ്കയും എല്ലാം കൂടി വിഷമത്തിൽപെട്ട് കൊണ്ടിരുന്ന അവസരത്തിലാണ് അങ്ങകലെ ഒരു തീ അദ്ദേഹം കാണുന്നത്. സൂ: ത്വാഹായിലും മറ്റ് സൂറത്തുകളിലും ഈ സംഭവം ഇതിന് മുമ്പ് വിവരിച്ചിട്ടുള്ളതാകുന്നു.

**വചനം 8, 9**

فَلَمَّا جَآءَهَا نُودِىَ أَنۢ بُورِكَ مَن فِى
ٱلنَّارِ وَمَنْ حَوْلَهَا وَسُبْحَـٰنَ ٱللَّهِ رَبِّ
ٱلْعَـٰلَمِينَ ﴿٨﴾

يَـٰمُوسَىٰٓ إِنَّهُۥٓ أَنَا ٱللَّهُ ٱلْعَزِيزُ ٱلْحَكِيمُ ﴿٩﴾

8 അങ്ങിനെ, അദ്ദേഹം അതിനടുത്തുവന്നപ്പോൾ അദ്ദേഹത്തോട് വിളിച്ചുപറയപ്പെട്ടു: ‘‘(ഈ) തീയിൽ ഉള്ളവരും, അതിൻെറ പരിസരത്തു ള്ളവരും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ലോക രക്ഷിതാവായ അല്ലാഹു മഹാപരിശുദ്ധനുമ ത്രെ!’’

9 ‘‘മൂസാ, നിശ്ചയമായും (കാര്യം): പ്രതാപശാ ലിയായ, അഗാധജ്ഞനായ അല്ലാഹുവത്രെ ഞാൻ.’’

തീയിൽ ഉള്ളവരും അതിന്റെ പരിസരത്തുള്ളവരും എന്ന് പറഞ്ഞതിൽ മൂസാ(അ) നബിയും അവിടെ സന്നിഹിതരായ മലക്കുകളും, പരിസര പ്രദേശങ്ങളായ ഫലസ്തീൻ, ശാം മുതലായ സ്ഥലങ്ങ ളിലുള്ളവരും ഉൾപ്പെട്ടിരിക്കും. കേവലം അഭൗതികമായ ആ തീ അപ്രമേയമായ ദിവ്യവെളിപാടിന്റെ ഒരു പ്രകാശനമായിരുന്നു. നമ്മുടെ ഊഹത്തിനും ധാരണക്കും അതീതമായ സ്വഭാവത്തിലുള്ള ഒരു പ്രതിഭാ സമായിരുന്നു അത്. ലോകരക്ഷിതാവായ അല്ലാഹു നമ്മുടെ ഊഹങ്ങളിൽ നിന്നും അനുമാനങ്ങളിൽ നിന്നും വളരെ പരിശുദ്ധനത്രേ.

**വചനം 10, 11, 12**

وَأَلْقِ عَصَاكَ ۚ فَلَمَّا رَءَاهَا تَهْتَزُّ كَأَنَّهَا جَآنٌّ
وَلَّىٰ مُدْبِرًا وَلَمْ يُعَقِّبْ ۚ يَـٰمُوسَىٰ لَا تَخَفْ
إِنِّى لَا يَخَافُ لَدَىَّ ٱلْمُرْسَلُونَ ﴿١٠﴾

إِلَّا مَن ظَلَمَ ثُمَّ بَدَّلَ حُسْنًۢا بَعْدَ سُوٓءٍ
فَإِنِّى غَفُورٌ رَّحِيمٌ ﴿١١﴾

وَأَدْخِلْ يَدَكَ فِى جَيْبِكَ تَخْرُجْ بَيْضَآءَ مِنْ

10 ‘‘നിൻെറ വടി (നിലത്ത്) ഇടുക!’’ (അദ്ദേഹം അത് ഇട്ടു.) അനന്തരം, അതൊരു സർപ്പമെന്നോ ണം പിടഞ്ഞ് നടക്കുന്നതായി കണ്ടപ്പോൾ, അദ്ദേഹം പിന്തിരിഞ്ഞോടി- പിന്നോക്കം നോക്കിയതുമില്ല. (അല്ലാഹു പറഞ്ഞു:) ‘‘മൂസാ, നീ ഭയപ്പെടേണ്ടാ; നിശ്ചയമായും ഞാൻ: എൻെറ അടുക്കൽ ‘മുർസലു’കൾ ഭയപ്പെടുന്നതല്ല;-’’

11 ‘‘പക്ഷേ, ആരെങ്കിലും, അക്രമം പ്രവർത്തി ക്കുകയും, പിന്നീട് തിൻമക്കുശേഷം നൻമ പകരമാക്കുകയും ചെയ്യുന്നതായാൽ,- അപ്പോൾ, നിശ്ചയമായും ഞാൻ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.’’

12 ‘‘നിൻെറ കൈ നിൻെറ കുപ്പായമാറിൽ കടത്തുക; യാതൊരു ദൂഷ്യവും കൂടാതെ അത് വെളു

غَيۡرِ سُوٓءٖۖ فِي تِسۡعِ ءَايَٰتٍ إِلَىٰ فِرۡعَوۡنَ وَقَوۡمِهِۦٓۚ إِنَّهُمۡ كَانُواْ قَوۡمٗا فَٰسِقِينَ ﴿١٢﴾

ത്തതായി (പ്രകാശിച്ചു കൊണ്ട്) പുറത്തു വരുന്നതാണ്;- ഫിർഔനിൻെറയും, അവൻെറ ജനങ്ങളുടെയും അടുക്കലേക്കുള്ള ഒമ്പത് ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് (ഈ രണ്ടു ദൃഷ്ടാന്തങ്ങൾ). നിശ്ചയമായും, അവർ തോന്ന്യവാസികളായ ഒരു ജനതയായിരിക്കുന്നു.''

അല്ലാഹുവിന്റെ പക്കൽ നിന്നും മൂസാ(അ) നബിക്ക് വെളിപ്പെട്ട ഒമ്പത് ദൃഷ്ടാന്തങ്ങളിൽ പ്രധാനപ്പെട്ട രണ്ടെണ്ണമായിരുന്നു വടി നിലത്തിട്ടാൽ പാമ്പാകുന്നതും, കൈ കക്ഷത്തിൽ വെച്ച് പുറത്തെടുക്കുമ്പോൾ വെളുത്ത് പ്രകാശിതമാകുന്നതും. മറ്റ് ദൃഷ്ടാന്തങ്ങൾ വെട്ടുകിളി, പേൻ, തവള, രക്തം, പ്രളയം, വരൾച്ച, ഉൽപ്പന്നങ്ങളുടെ ദൗർലഭ്യത എന്നിവയായിരുന്നു. (സൂ: അഅ്റാഫ് 130-133) ഫിർഔനും ജനതയും നശിപ്പിക്കപ്പെട്ടതിന് ശേഷം ഇസ്രാഈല്യരിൽ വെളിപ്പെട്ട ദൃഷ്ടാന്തങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല.

**വചനം 13, 14**

فَلَمَّا جَآءَتۡهُمۡ ءَايَٰتُنَا مُبۡصِرَةٗ قَالُواْ هَٰذَا سِحۡرٞ مُّبِينٞ ﴿١٣﴾

وَجَحَدُواْ بِهَا وَٱسۡتَيۡقَنَتۡهَآ أَنفُسُهُمۡ ظُلۡمٗا وَعُلُوّٗاۚ فَٱنظُرۡ كَيۡفَ كَانَ عَٰقِبَةُ ٱلۡمُفۡسِدِينَ ﴿١٤﴾

13 അങ്ങനെ, അവർക്ക് നമ്മുടെ ദൃഷ്ടാന്തങ്ങൾ കണ്ണുതുറപ്പിക്കത്തക്ക നിലയിൽ (വ്യക്തമായി) വന്നപ്പോൾ അവർ പറഞ്ഞു: ''ഇത് പ്രത്യക്ഷമായ ഒരു ജാലവിദ്യയാണ്'' എന്ന്!

14 തങ്ങളുടെ മനസ്സുകൾ അവയെ ദൃഢമായി ഉറപ്പിച്ചിരിക്കെ-അക്രമവും, പൊങ്ങച്ചവുമായിക്കൊണ്ട്-അവർ അവയെ നിഷേധിക്കുകയും ചെയ്തു. തന്നിമിത്തം നോക്കുക: (ആ) കുഴപ്പക്കാരുടെ പര്യവസാനം എങ്ങിനെയായിത്തീർന്നു?!

സംശയത്തിന് പഴുതില്ലാത്തവിധം മനസ്സിന് ബോധ്യം വന്നിട്ടും, അവർ ആ ദൃഷ്ടാന്തങ്ങൾ നിഷേധിച്ച് കളഞ്ഞു. അതെല്ലാം വെറും ജാല വിദ്യകളാണെന്ന് പറഞ്ഞു അവർ അവയെ പരിഹസിച്ച് തള്ളി. അതിന്റെ ഫലമോ? ചിരകാലമായി അവർ ആസ്വദിച്ച് വന്നിരുന്ന എല്ലാ സുഖ സൗകര്യങ്ങളും സകല വിധ പ്രതാപങ്ങളും വിട്ടേച്ച് അതി ദാരുണമായ നിലയിൽ അവർക്ക് ഈ ജിവിതത്തോട് യാത്ര പറയേണ്ടി വന്നു. അവർ ഒന്നടങ്കം സമുദ്രത്തിൽ മുക്കി നിശിപ്പിക്കപ്പെട്ടു. പരലോക ശിക്ഷയാകട്ടെ, എല്ലാറ്റിനേക്കാളും വമ്പിച്ചതും.

അടുത്ത ആയത്ത് മുതൽ സുലൈമാൻ(അ) നബിയുടെ വൃത്താന്തം ആരംഭിക്കുന്നു.

## വിഭാഗം - 2

**വചനം 15**

وَلَقَدۡ ءَاتَيۡنَا دَاوُۥدَ وَسُلَيۡمَٰنَ عِلۡمٗاۖ وَقَالَا ٱلۡحَمۡدُ لِلَّهِ ٱلَّذِي فَضَّلَنَا عَلَىٰ كَثِيرٖ مِّنۡ عِبَادِهِ ٱلۡمُؤۡمِنِينَ ﴿١٥﴾

15 തീർച്ചയായും, ദാവൂദിനും സുലൈമാനും, നാം ജ്ഞാനം നൽകുകയുണ്ടായി. രണ്ടാളും പറയുകയും ചെയ്തു: ''സത്യവിശ്വാസികളായ തൻെറ അടിയാന്മാരിൽ മിക്കവരെക്കാളും ഞങ്ങൾക്ക് ശ്രേഷ്ഠത നൽകിയവനായ അല്ലാഹുവിന് സർവ്വ സ്തുതിയും!

പ്രവാചകവര്യന്മാരും, അതോടൊപ്പം അനിതരസാധാരണമായ പ്രതാപ ശക്തിയും ഭരണ നൈപുണ്യവും ഒത്തിണങ്ങിയ മഹാരാജാക്കളും കൂടിയായിരുന്നു ദാവൂദ് നബി(അ)യും മകൻ സുലൈമാൻ(അ)യും നബിയും. പടയങ്കി നിർമ്മാണം, ഇരുമ്പു കൊണ്ടുള്ള വിവിധ സാമഗ്രികളുടെ ഉപയോഗം, പർവ്വതങ്ങളുടെ തസ്ബീഹും (സ്തുതി കീർത്തനങ്ങൾ) പക്ഷി മൃഗാദികളുടെ സംസാരവും മനസ്സിലാക്കുവാനുള്ള കഴിവു,

എന്നിങ്ങനെ, മറ്റുള്ള അടിയാന്മാരേക്കാൾ ശ്രേഷ്ഠത ഈ രണ്ടു പ്രവാചകന്മാർക്കും അല്ലാഹു പ്രദാനം ചെയ്തിരുന്നു.

**വചനം 16**

وَوَرِثَ سُلَيْمَـٰنُ دَاوُۥدَ ۖ وَقَالَ يَـٰٓأَيُّهَا ٱلنَّاسُ عُلِّمْنَا مَنطِقَ ٱلطَّيْرِ وَأُوتِينَا مِن كُلِّ شَىْءٍ ۖ إِنَّ هَـٰذَا لَهُوَ ٱلْفَضْلُ ٱلْمُبِينُ ﴿١٦﴾

16 സുലൈമാൻ ദാവൂദിന് അനന്തരാവകാശിയായി. അദ്ദേഹം പറഞ്ഞു: "ഹേ മനുഷ്യരെ, നമുക്ക് പക്ഷികളുടെ സംസാരം (ഭാഷണം) പഠിപ്പിക്കപ്പെട്ടിരിക്കുന്നു; എല്ലാ (ആവശ്യമായ) വസ്തുക്കളിൽനിന്നും (വേണ്ടുന്നത്ര) നമുക്ക് നൽകപ്പെടുകയും ചെയ്തിരിക്കുന്നു. നിശ്ചയമായും, ഇതു തന്നെയാണ് പ്രത്യക്ഷമായ യോഗ്യത (അഥവാ അനുഗ്രഹം.)

ദാവൂദ്(അ) നബിയെപ്പോലെ സുലൈമാൻ(അ) നബിക്കും പ്രവാചകത്വവും രാജത്വവും അറിവും അല്ലാഹു പ്രദാനം ചെയ്തിരുന്നു. ദാവൂദ് നബിക്ക് നല്കപ്പെട്ടതിൽ നിന്നും കൂടുതലായി പിശാചുക്കളെയും കാറ്റിനേയും അദ്ദേഹത്തിന് അധീനപ്പെടുത്തി കൊടുത്തു. ഭരണ സ്ഥലത്തിന്റെ വൈപുല്യത്തിലും, ന്യായാധിപത്യ വിഷയത്തിലും അദ്ദേഹം പിതാവിനേക്കാൾ യോഗ്യനായിരുന്നു. ബി.സി. 992 മുതൽ 952 വരെയായിരുന്നു അദ്ദേഹത്തിന്റെ ഭരണകാലം എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

തങ്ങൾക്ക് മാത്രം അപൂർവ്വമായി സിദ്ധിച്ചിട്ടുള്ള പ്രത്യേക അനുഗ്രഹങ്ങളെ ജനങ്ങളിൽ പ്രഖ്യാപനം ചെയ്യുക വഴി അദ്ദേഹം അല്ലാഹുവിനോട് തനിക്കുള്ള നന്ദി പ്രകാശിപ്പിക്കുകയും അവന്റെ ദയാദാക്ഷിണ്യം സ്മരിക്കുകയുമാണ് ചെയ്യുന്നത്.

**വചനം 17, 18**

وَحُشِرَ لِسُلَيْمَـٰنَ جُنُودُهُۥ مِنَ ٱلْجِنِّ وَٱلْإِنسِ وَٱلطَّيْرِ فَهُمْ يُوزَعُونَ ﴿١٧﴾

17 സുലൈമാന്ന് ജിന്ന്, മനുഷ്യൻ, പക്ഷി എന്നിവയിൽ നിന്നുള്ള അദ്ദേഹത്തിൻെറ സൈന്യങ്ങൾ ശേഖരിക്കപ്പെട്ടു. എന്നിട്ട് അവർ (സൈന്യങ്ങൾ) തടഞ്ഞു നിയന്ത്രിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്;-

حَتَّىٰٓ إِذَآ أَتَوْا۟ عَلَىٰ وَادِ ٱلنَّمْلِ قَالَتْ نَمْلَةٌ يَـٰٓأَيُّهَا ٱلنَّمْلُ ٱدْخُلُوا۟ مَسَـٰكِنَكُمْ لَا يَحْطِمَنَّكُمْ سُلَيْمَـٰنُ وَجُنُودُهُۥ وَهُمْ لَا يَشْعُرُونَ ﴿١٨﴾

18 അങ്ങനെ, അവർ ഉറുമ്പിൻ താഴ്‌വരയിൽ കൂടി ചെന്നപ്പോൾ, ഒരു ഉറുമ്പ് പറഞ്ഞു: "ഹേ! ഉറുമ്പുകളെ, നിങ്ങൾ നിങ്ങളുടെ പാർപ്പിടങ്ങളിൽ പ്രവേശിച്ചുകൊള്ളുവിൻ; സുലൈമാനും, തൻെറ സൈന്യങ്ങളും നിങ്ങളെ (ചവിട്ടി) ചതച്ചുകളയാതിരിക്കട്ടെ; അവരാകട്ടെ, (അത്) അറിയുന്നതുമല്ല.

സുലൈമാൻ(അ) നബിയുടെ സൈന്യത്തിൽ മനുഷ്യർ മാത്രമല്ല ജിന്നുകളും പക്ഷികളും ഉണ്ടായിരുന്നു. മനുഷ്യന് കേവലം പ്രയാസപ്പെട്ട പല പ്രവർത്തനങ്ങളും അവരെക്കൊണ്ട് അദ്ദേഹം നടത്തിവന്നിരുന്നുവെന്ന് സൂ: 21:82 ലും 34:12, 13ലും 38:37ലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. 39-ാം വചനത്തിൽ ബൽഖീസ് റാണിയുടെ സിംഹാസനം കൊണ്ട് വരുവാൻ ഒരു ജിന്ന് സന്നദ്ധത പ്രകടിപ്പിച്ച സംഭവം കാണാം. വചനം 20 മുതൽ ഏതാനും വചനങ്ങളിൽ സുലൈമാൻ(അ) നബിയുടെ പക്ഷിസൈന്യ വിഭാഗത്തിൽപെട്ട മരക്കൊത്തി പക്ഷിയുടെ ചരിത്രം വിവരിച്ചിരിക്കുന്നതും കാണാവുന്നതാണ്.

സുലൈമാൻ(അ) നബി സൈന്യസമേതമുള്ള ഒരു യാത്രക്കിടയിൽ ഒരു ഉറുമ്പിൻ നഗരത്തിൽ എത്തിച്ചേർന്നു. അപ്പോഴാണ് ഒരു ഉറുമ്പ് തന്റെ കൂട്ടുകാരെ താക്കീത് ചെയ്യുന്നത്. സൈന്യം അവരുടെ തിരക്കിനിടയിൽ അറിയാതെ തങ്ങളെ ചവിട്ടിത്തേക്കാൻ കാരണമായേക്കുമെന്നാണതിന്റെ ഭയം.

**വചനം 19**

فَتَبَسَّمَ ضَاحِكًا مِّن قَوْلِهَا وَقَالَ رَبِّ أَوْزِعْنِيٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِيٓ أَنْعَمْتَ عَلَيَّ وَعَلَىٰ وَٰلِدَيَّ وَأَنْ أَعْمَلَ صَٰلِحًا تَرْضَىٰهُ وَأَدْخِلْنِي بِرَحْمَتِكَ فِي عِبَادِكَ ٱلصَّٰلِحِينَ ﴿١٩﴾

19 അപ്പോൾ, അതിൻെറ വാക്കുനിമിത്തം അദ്ദേഹം പുഞ്ചിരിക്കൊണ്ട് ചിരിച്ചു. അദ്ദേഹം (ഇങ്ങിനെ) പറയുകയും ചെയ്തു:- "റബ്ബേ, എനിക്കും, എൻെറ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള നിൻെറ അനുഗ്രഹത്തിന് നന്ദികാണിക്കുവാനും, നീ തൃപ്തിപ്പെടുന്ന സൽക്കർമ്മം പ്രവർത്തിക്കുവാനും എനിക്ക് നീ പ്രചോദനം നൽകേണമേ! നിൻെറ കാരുണ്യംകൊണ്ട്, സദ്വൃത്തരായ നിൻെറ അടിയാൻമാരിൽ എന്നെ നീ ഉൾപ്പെടുത്തിത്തരുകയും വേണമേ!"

ഉറുമ്പിന്റെ സംസാരവും താക്കീതും മനസ്സിലാക്കിയ സുലൈമാൻ (അ) നബി ഉറുമ്പിൻ കൂട്ടത്തെ രക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. ഉറുമ്പിന്റെ സംസാരം മനസ്സിലാക്കാൻ സാധിച്ചതും. അത് പോലെ മറ്റ് പല അനുഗ്രഹങ്ങളും അല്ലാഹു തനിക്ക് പ്രദാനം ചെയ്തതും സ്മരിച്ച് കൊണ്ട് അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കേണ്ടതുണ്ടെന്നും സൽക്കർമ്മം പ്രവർത്തിക്കേണ്ടതുണ്ടെന്നും സുലൈമാൻ (അ) നബി തിരിച്ചറിയുകയും, ആ കടമ നിർവ്വഹിക്കുവാൻ വേണ്ട പ്രചോദനത്തിന് അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്തു. തനിക്ക് മാത്രമല്ല തന്റെ മാതാപിതാക്കൾക്കും സിദ്ധിച്ച അനുഗ്രഹങ്ങളും അദ്ദേഹം വിസ്മരിക്കുന്നില്ല.

നബി(സ) അരുളിയതായി ഇമാം അഹമ്മദ് (റ) മുതലായവർ ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു.

"സുലൈമാൻ (അ) നബി മഴക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ പുറപ്പെടുകയുണ്ടായി. അപ്പോൾ ഒരു ഉറുമ്പ് മലർന്ന് കിടന്ന് അതിന്റെ കാലുകൾ ആകാശത്തിനു നേരെ പൊക്കിപ്പിടിച്ച് കൊണ്ട് മഴക്ക് വേണ്ടി കേണു പ്രാർത്ഥിക്കുന്നത് അദ്ദേഹം കേൾക്കുകയുണ്ടായി. അപ്പോൾ സുലൈമാൻ (അ) നബി കൂടെയുള്ളവരോട് പറഞ്ഞു. നിങ്ങൾക്ക് മടങ്ങാം, മറ്റുള്ളവരുടെ പ്രാർത്ഥന മൂലം നിങ്ങൾക്ക് മഴ കിട്ടിപ്പോയി."

ഉറുമ്പുകളെ പറ്റി പറയുകയാണെങ്കിൽ അവയുടെ ദീർഘദൃഷ്ടിയും, ഉത്തരവാദിത്വ ബോധവും, സ്ഥിരോത്സാഹം, ചിട്ട, സഹകരണം എന്നീ ഗുണങ്ങളും മനുഷ്യർക്ക് ഉത്തമ മാതൃകകളാകുന്നു. ഭക്ഷണ പദാർത്ഥങ്ങൾ കരുതി വെക്കുന്നതിനും ഉണ്ടാക്കി സൂക്ഷിക്കുന്നതിനും, വിത്തുകൾ ദീർഘകാലം സംഭരിച്ച് വെക്കുന്നതിനും ഉള്ളറകൾ മഴവെള്ളത്തിൽ നശിച്ച് പോകാതിരിക്കാനും ഉറുമ്പു മാളങ്ങളിൽ പ്രത്യേകം പ്രത്യേകം സംവിധാനങ്ങൾ ഒരുക്കിയിരിക്കുന്നതായി കാണാം. ഉറുമ്പിന്റെ ഘ്രാണ ശക്തിയും ആശ്ചര്യമാം വണ്ണം വമ്പിച്ചതാകുന്നു.

ഇത് പോലെ മറ്റെല്ലാ ജീവജാലങ്ങൾക്കും ഓരോന്നിനും അതിന്റേതായ സവിശേഷതയും സാമർത്ഥ്യവും സർവ്വശക്തനായ അല്ലാഹു പ്രദാനം ചെയ്തിരിക്കുന്നതായി നമുക്ക് കാണാവുന്നതാണ്.

**വചനം 20, 21**

وَتَفَقَّدَ ٱلطَّيْرَ فَقَالَ مَا لِيَ لَآ أَرَى ٱلْهُدْهُدَ أَمْ كَانَ مِنَ ٱلْغَآئِبِينَ ﴿٢٠﴾

20 അദ്ദേഹം പക്ഷികളെ പരിശോധിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം പറഞ്ഞു: "എന്താണെനിക്ക്? (ആശ്ചര്യം തന്നെ;) മരക്കൊത്തി(പ്പക്ഷി)യെ കാണുന്നില്ലല്ലോ! അഥവാ, അത് ഹാജറില്ലാത്തവരുടെ കൂട്ടത്തിൽ ആയിരിക്കയാണോ?

لَأُعَذِّبَنَّهُۥ عَذَابًا شَدِيدًا أَوْ لَأَا۟ذْبَحَنَّهُۥٓ أَوْ لَيَأْتِيَنِّي بِسُلْطَٰنٍ مُّبِينٍ ﴿٢١﴾

21 "സത്യമായിട്ടും, ഞാൻ അതിനെ കഠിനമായ ശിക്ഷ ശിക്ഷിക്കും; അല്ലെങ്കിൽ അതിനെ അറുത്തു(കൊന്നു) കളയും. അല്ലാത്തപക്ഷം, ഒരു വ്യക്തമായ ന്യായവും കൊണ്ട് അത് എൻെറ അടുക്കൽ വരുകതന്നെ വേണം".

സുലൈമാൻ (അ) നബി തന്റെ സൈന്യത്തിലെ പക്ഷി വിഭാഗം പരിശോധിച്ചപ്പോൾ മരക്കൊത്തി പക്ഷിയെ കണ്ടില്ല.

പ്രസ്തുത പക്ഷി പ്രത്യേകം പരിശീലനം നൽകപ്പെട്ട ഒന്നായിരുന്നു. മരുഭൂമിയിലെ യാത്രക്കിടയിൽ ഭൂമിക്കടിയിൽ വെള്ളമുള്ള സ്ഥലം തിരിച്ചറിയുന്നതിനും, വാർത്തകളും ദൗത്യങ്ങളും ദൂരദിക്കുകളിലേക്ക് എത്തിക്കുന്നതിനും അതിന് കഴിവുണ്ടായിരുന്നു.

മരുഭൂമിയിൽ വെള്ളത്തിന്റെ സ്ഥാനം പരിശോധിക്കേണ്ട ഘട്ടം വന്നപ്പോളാണ് സുലൈമാൻ (അ) മരക്കൊത്തിപ്പക്ഷിയെ അന്വേഷിച്ചതും അതിന്റെ അസാന്നിദ്ധ്യം ശ്രദ്ധയിൽ പെട്ടതും. തക്കതായ കാരണമില്ലാതെ ഹാജറില്ലാത്തതിന്റെ പേരിൽ അതിനെ അറുത്ത് കൊലചെയ്തോ മറ്റോ കഠിനമായി ശിക്ഷിക്കുമെന്ന് അദ്ദേഹം താക്കീത് പുറപ്പെടുവിച്ചു.

അതിന്റെ അസാന്നിദ്ധ്യത്തിന് കാരണം അടുത്ത വചനങ്ങളിൽ വിവരിക്കുന്നു.

**വചനം 22, 23**

فَمَكَثَ غَيْرَ بَعِيدٍ فَقَالَ أَحَطتُ بِمَا لَمْ تُحِطْ بِهِۦ وَجِئْتُكَ مِن سَبَإٍۭ بِنَبَإٍ يَقِينٍ ﴿٢٢﴾

إِنِّى وَجَدتُّ ٱمْرَأَةً تَمْلِكُهُمْ وَأُوتِيَتْ مِن كُلِّ شَىْءٍ وَلَهَا عَرْشٌ عَظِيمٌ ﴿٢٣﴾

22 അങ്ങനെ, അത് (മരക്കൊത്തി) വിദൂരമല്ലാത്തവണ്ണം (അൽപം) താമസിച്ചു. എന്നിട്ട് (വന്ന് ഇങ്ങിനെ) പറഞ്ഞു: "അങ്ങുന്ന് സൂക്ഷ്മമായറിഞ്ഞിട്ടില്ലാത്ത ഒരു കാര്യത്തെക്കുറിച്ച് ഞാൻ സൂക്ഷ്മമായറിഞ്ഞിരിക്കുന്നു; 'സബഇ' ൽനിന്നും ദൃഢമായ ഒരു വാർത്തയുമായി ഞാൻ അങ്ങയുടെ അടുക്കൽ വന്നിരിക്കുകയാണ്."

23 "നിശ്ചയമായും, അവരെ (സബഉകാരെ) ഭരിച്ചുവരുന്ന ഒരു സ്ത്രീയെ ഞാൻ കണ്ടെത്തുകയുണ്ടായി. എല്ലാ വസ്തുക്കളിൽനിന്നും (ആവശ്യമായത്ര) അവൾക്ക് നൽകപ്പെട്ടിരിക്കുന്നു. ഒരു വമ്പിച്ച സിംഹാസനവും അവൾക്കുണ്ട്."

അറേബ്യ അർദ്ധ ദ്വീപിന്റെ തെക്ക് പടിഞ്ഞാറെ മൂലയിലായി യമനിലാണ് സബഅ് രാജ്യം സ്ഥിതി ചെയ്തിരുന്നത്. അനേകം ശാഖോപ ശാഖകൾ ഉൾക്കൊണ്ടിരുന്ന സബഅ് ഗോത്രത്തിന്റെ ജനയിതാവ് യശ്ജൂബ് മകൻ സബഅ് ആയിരുന്നു. (സബഅ് സാമ്രാജ്യത്തിന്റെ വിശദ വിവരങ്ങൾ സൂ: സബഅ് 15-ാം വചനം മുതൽ ഏതാനും വചനങ്ങളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.) മരക്കൊത്തിപ്പക്ഷി പ്രസ്തുത രാജ്യത്തിന്റെ വിശേഷങ്ങളുമായിട്ടാണ് തിരിച്ചെത്തിയത്.

സബഅ് ഗോത്രത്തിൽ വളരെ പ്രതാപത്തോട് കൂടി നാട് വാണിരുന്ന ബിൽഖീസ് എന്ന രാജ്ഞിയെക്കുറിച്ചുള്ള വിവരമാണ് മരക്കൊത്തിപ്പക്ഷി സുലൈമാൻ(അ) നബിക്ക് നൽകിയത്. ഒരു മഹാ രാജാവിനുണ്ടായിരിക്കേണ്ടുന്ന എല്ലാ പ്രതാപങ്ങളും, ഭൗതിക യശസ്സും, വിഭവങ്ങളും അവൾക്ക് ലഭിച്ചിട്ടുണ്ടെന്നും ഒരു വമ്പിച്ച സിംഹാസനവും അവൾക്കുണ്ടെന്നും, പക്ഷി സുലൈമാൻ (അ) നബിയെ അറിയിച്ചു.

തുടർന്ന് ആ ജനതയുടെ മതപരമായ നിലപാടും മരക്കൊത്തിപക്ഷി വിവരിക്കുന്നു.,

**വചനം 24, 25, 26 :**

وَجَدتُّهَا وَقَوْمَهَا يَسْجُدُونَ لِلشَّمْسِ مِن دُونِ ٱللَّهِ وَزَيَّنَ لَهُمُ ٱلشَّيْطَٰنُ أَعْمَٰلَهُمْ فَصَدَّهُمْ عَنِ ٱلسَّبِيلِ فَهُمْ لَا يَهْتَدُونَ ﴿٢٤﴾

24 "അവളെയും, അവളുടെ ജനതയെയും അല്ലാഹുവിനെ വിട്ട് സൂര്യന്ന് സുജൂദ് (സാഷ്ടാംഗനമസ്കാരം) ചെയ്യുന്നതായി ഞാൻ കണ്ടെത്തിയിരിക്കുന്നു. അവരുടെ കർമ്മങ്ങൾ പിശാച് അവർക്ക് ഭംഗിയാക്കിക്കാണിച്ചു അവരെ (നേരായ) മാർഗ്ഗത്തിൽ നിന്ന് തടയുകയും ചെയ്തിരിക്കുന്നു. അതിനാൽ, അവർ സൻമാർഗ്ഗത്തിൽ ചരിക്കുന്നില്ല;"

أَلَّا يَسْجُدُوا لِلَّهِ الَّذِي يُخْرِجُ الْخَبْءَ فِي السَّمَاوَاتِ وَالْأَرْضِ وَيَعْلَمُ مَا تُخْفُونَ وَمَا تُعْلِنُونَ ﴿٢٥﴾

اللَّهُ لَا إِلَٰهَ إِلَّا هُوَ رَبُّ الْعَرْشِ الْعَظِيمِ ۩ ﴿٢٦﴾

25 ''(പിശാച് അവരെ തടയുന്നത്) ആകാശങ്ങളിലും, ഭൂമിയിലും ഒളിഞ്ഞുകിടക്കുന്നതിനെ വെളിക്ക് കൊണ്ടുവരുകയും, നിങ്ങൾ മറച്ചു വെക്കുന്നതും പരസ്യമാക്കുന്നതും അറിയുകയും ചെയ്യുന്നവനായ അല്ലാഹുവിന് അവർ സുജൂദ് (സാഷ്ടാംഗനമസ്കാരം) ചെയ്യാതിരിക്കുവാനത്രെ.''

26 ''അല്ലാഹുവാകട്ടെ, അവനല്ലാതെ യാതൊരു ആരാധ്യനുമില്ല; മഹത്തായ 'അർശി' (സിംഹാസനത്തി)ൻെറ നാഥനാണ് (അവൻ).''

24-ാം വചനത്തിൽ ആ ജനതയുടെ ശിർക്കിനെയും, അതിൽ പിശാചിന്റെ ഉദ്ബോധനത്തിന്റെ പങ്കിനെയും കുറിച്ച് വിവരിച്ച ശേഷം 25, 26 വചനങ്ങളിൽ അല്ലാഹുവിന്റെ ഗുണവിശേഷങ്ങളായി മരക്കൊത്തി പ്രസ്താവിച്ച കാര്യങ്ങൾ ഇവിടെ പ്രത്യേകം അർത്ഥവത്താണെന്ന് കാണാം. ഭൂമിക്കടിയിൽ വെള്ളത്തിന്റെ സ്ഥാനം മനസ്സിലാക്കുന്നതിനും, സബഇലെ റാണിയെയും ജനതയെക്കുറിച്ചും ഉള്ള സംഗതികൾ മനസ്സിലാക്കുന്നതിനും മരക്കൊത്തിക്ക് സാധിതമാകുന്നതു ആകാശ ഭൂമികളിൽ ഒളിഞ്ഞ് കിടപ്പുള്ള എല്ലാ രഹസ്യ പരസ്യങ്ങളും അറിയുന്ന സർവ്വജ്ഞനായ അല്ലാഹു ചില കാര്യങ്ങൾ അതിന് അറിയിച്ച് കൊടുക്കുന്നത് കൊണ്ട് മാത്രമാകുന്നു. സബഇലെ റാണിയുടെ സിംഹാസനമാകട്ടെ മറ്റേത് സിംഹാസനങ്ങളാകട്ടെ, അവയെക്കാളെല്ലാം മഹത്തരമായ ഒരു സിംഹാസനമാകുന്നു, അഖിലാണ്ഡത്തിന്റെ സൃഷ്ടാവും രാജാധിപനുമായ അല്ലാഹുവിന്റെ സിംഹാസനമായ അർശ് എന്നും മരക്കൊത്തിയുടെ പ്രസ്താവന സംശയലേശമന്യേ സൂചിപ്പിക്കുന്നു.

**വചനം 27, 28**

۞ قَالَ سَنَنظُرُ أَصَدَقْتَ أَمْ كُنتَ مِنَ الْكَاذِبِينَ ﴿٢٧﴾

اذْهَب بِّكِتَابِي هَٰذَا فَأَلْقِهْ إِلَيْهِمْ ثُمَّ تَوَلَّ عَنْهُمْ فَانظُرْ مَاذَا يَرْجِعُونَ ﴿٢٨﴾

27 അദ്ദേഹം (സുലൈമാൻ) പറഞ്ഞു: ''നീ സത്യം പറഞ്ഞതാണോ, അഥവാ നീ അസത്യവാൻമാരിൽപെട്ടിരിക്കുന്നുവോ എന്ന് നാം നോക്കാം:

28 ''എൻെറ ഈ എഴുത്തുംകൊണ്ട് നീ പോകുക; എന്നിട്ട് അതവർക്ക് ഇട്ടുകൊടുക്കുക. പിന്നീട് നീ അവരിൽ നിന്ന് മാറിനിന്ന് അവർ (അതിനെപ്പറ്റി) എന്ത് മറുപടി പറയുന്നുവെന്ന് നോക്കുക.''

സാധാരണ സന്ദേശവാഹകരായ പക്ഷികളെ പോലെ ഒരു പക്ഷിയായിരുന്നില്ല ഈ മരക്കൊത്തിപക്ഷി. അത്കൊണ്ടാണ് സുലൈമാൻ (അ) നബിയുടെ കത്ത് സബഇലെ രാജ്ഞിക്ക് എത്തിച്ച് കൊടുക്കുന്നത് കൂടാതെ, മാറി നിന്ന് അവിടെയുണ്ടാകുന്ന പ്രതികരണം മനസ്സിലാക്കുവാൻ കൂടി അത് നിർദ്ദേശിക്കപ്പെട്ടത്.

**വചനം 29, 30, 31**

قَالَتْ يَا أَيُّهَا الْمَلَأُ إِنِّي أُلْقِيَ إِلَيَّ كِتَابٌ كَرِيمٌ ﴿٢٩﴾

إِنَّهُ مِن سُلَيْمَانَ وَإِنَّهُ بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ ﴿٣٠﴾

29 അവൾ പറഞ്ഞു: ''ഹേ, പ്രധാനികളേ! നിശ്ചയമായും, എനിക്ക് മാന്യമായ ഒരു എഴുത്ത് (ഇതാ) ഇട്ടുതരപ്പെട്ടിരിക്കുന്നു!

30 ''അത് സുലൈമാനിൽ നിന്നുള്ളതാണ്. അത്: പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ;-

31 "എന്നോട് നിങ്ങൾ ഔന്നത്യം കാണിക്കരുത്; നിങ്ങൾ 'മുസ്ലിംകളായി'ക്കൊണ്ട് എൻെറ അടുക്കൽ വരുകയും ചെയ്യുക. എന്നത്രെ."

أَلَّا تَعْلُوا۟ عَلَىَّ وَأْتُونِى مُسْلِمِينَ ﴿٣١﴾

ദ്വിഭാഷികൾ മുഖേന കത്ത് വായിച്ചറിഞ്ഞ രാജ്ഞി കത്തിലെ ഉള്ളടക്കം കണ്ട് പരിഭ്രമിച്ച് തന്റെ കാര്യാലോചന സഭ വിളിച്ച് കൂട്ടി ചർച്ച നടത്തി. "മുസ്ലിംകളായി" അല്ലാഹുവിന് കീഴൊതുങ്ങിക്കൊണ്ട് അഥവാ ഇസ്ലാമിനെ അംഗീകരിച്ച് കൊണ്ട് വരണം എന്നാണ് സുലൈമാൻ(അ) നബി ബിൽഖീസ് രാജ്ഞിയോട് നിർദ്ദേശിച്ചത്.

## വിഭാഗം - 3

**വചനം 32, 33 :**

32 അവൾ പറഞ്ഞു: "ഹേ, പ്രധാനികളേ! എൻെറ കാര്യത്തിൽ (ഞാൻ എന്തു വേണമെന്ന്) നിങ്ങൾ എനിക്ക് തീരുമാനം പറഞ്ഞു തരണം. നിങ്ങൾ എൻെറ അടുക്കൽ സന്നിഹിതരായിട്ടല്ലാതെ, ഞാൻ ഒരു കാര്യവും ഖണ്ഡിതമായി തീരുമാനിക്കുന്നവളല്ല."

قَالَتْ يَـٰٓأَيُّهَا ٱلْمَلَؤُا۟ أَفْتُونِى فِىٓ أَمْرِى مَا كُنتُ قَاطِعَةً أَمْرًا حَتَّىٰ تَشْهَدُونِ ﴿٣٢﴾

33 അവർ പറഞ്ഞു: "നാം പ്രാബല്യമുള്ളവരും, ശക്തിമത്തായ സമരവീര്യമുള്ളവരുമാകുന്നു; അധികാരം അവിടുത്തേക്കാകുന്നു; ആകയാൽ, എന്താണ് കല്പിച്ചരുളുന്നതെന്ന് അവിടുന്നു (തന്നെ ആലോചിച്ചു) നോക്കുക."

قَالُوا۟ نَحْنُ أُو۟لُوا۟ قُوَّةٍ وَأُو۟لُوا۟ بَأْسٍ شَدِيدٍ وَٱلْأَمْرُ إِلَيْكِ فَٱنظُرِى مَاذَا تَأْمُرِينَ ﴿٣٣﴾

വിദഗ്ദോപദേശം ആരാഞ്ഞ റാണിയോട് വേണ്ടി വന്നാൽ ഒരു യുദ്ധത്തിനുള്ള കഴിവും കോപ്പും നമുക്കുണ്ടെന്നും നാമെന്ത് ചെയ്യണമെന്ന് തീരുമാനമെടുക്കേണ്ടത് അവിടുന്ന് തന്നെയാണെന്നും ഉപദേശക സമിതി മറുപടി പറഞ്ഞു.

**വചനം 34, 35**

34 അവൾ പറഞ്ഞു: "നിശ്ചയമായും, രാജാക്കൾ ഒരു രാജ്യത്തു പ്രവേശിച്ചാൽ, അവരതിനെ നാശപ്പെടുത്തുകയും, അന്നാട്ടുകാരിലുള്ള പ്രതാപശാലികളെ നിന്ദ്യൻമാരാക്കുകയും ചെയ്യുന്നതാണ്. അങ്ങിനെയാണവർ പ്രവർത്തിക്കുക.

قَالَتْ إِنَّ ٱلْمُلُوكَ إِذَا دَخَلُوا۟ قَرْيَةً أَفْسَدُوهَا وَجَعَلُوٓا۟ أَعِزَّةَ أَهْلِهَآ أَذِلَّةً ۖ وَكَذَٰلِكَ يَفْعَلُونَ ﴿٣٤﴾

35 "ഞാൻ അവരുടെ അടുക്കലേക്ക് ഒരു സമ്മാനവും കൊണ്ട് ആളയക്കുകയാണ്; എന്നിട്ട് എന്ത് (വിവരവും) കൊണ്ടാണ് ദൂതൻമാർ മടങ്ങി വരുന്നതെന്ന് നോക്കുകയുമാണ്."

وَإِنِّى مُرْسِلَةٌ إِلَيْهِم بِهَدِيَّةٍ فَنَاظِرَةٌۢ بِمَ يَرْجِعُ ٱلْمُرْسَلُونَ ﴿٣٥﴾

പ്രസ്തുത മറുപടിയിൽ ഒരു യുദ്ധത്തിനുള്ള സൂചനയുണ്ടെന്ന് മനസ്സിലാക്കിയ റാണി ഇപ്രകാരം പറഞ്ഞു :

"ഒരു നാട് ആക്രമിക്കപ്പെട്ടാൽ, അവിടെ പല വിധ നാശനഷ്ടങ്ങൾ വരുത്തലും അവിടെയുള്ള പ്രധാനികളുടെ നേരെ കയ്യേറ്റം നടത്തലും രാജാക്കളുടെ സാധാരണ പതിവാകുന്നു. ഈ എഴുത്തയച്ചവർ നമ്മുടെ നാടിനെ അങ്ങനെ നശിപ്പിക്കാൻ ഇടവരുത്തുന്നത് ശരിയല്ല." തുടർന്ന്, അദ്ദേഹത്തിന്റെ എല്ലാ സ്ഥിതി ഗതികളും മനസ്സിലാക്കി വരത്തക്കവണ്ണം, വളരെ വില പിടിച്ച രാജകീയ സമ്മാനങ്ങളുമായി ഒരു ദൗത്യ സംഘത്തെ അവർ ശാമിന്റെ തലസ്ഥാനമായ ബൈത്തുൽ മുഖദ്ദിസിലേക്കയച്ചു.

**വചനം 36, 37**

36 അങ്ങനെ, അവന്‍ (ദൂതന്‍) സുലൈമാന്‍റെ അടുക്കല്‍ വന്നപ്പോള്‍ അദ്ദേഹം പറഞ്ഞു: "നിങ്ങള്‍ എനിക്ക് ധനം കൊണ്ട് സഹായം നല്‍കുകയാണോ?! എന്നാല്‍, (അറിഞ്ഞേക്കുക:) എനിക്ക് അല്ലാഹു നല്‍കിയിട്ടുള്ളത് നിങ്ങള്‍ക്കവന്‍ നല്‍കിയിട്ടുള്ളതിനെക്കാള്‍ ഉത്തമമായിട്ടുള്ളതാണ്. പക്ഷേ, നിങ്ങള്‍ നിങ്ങളുടെ സമ്മാനം മൂലം സന്തോഷംകൊള്ളുന്നു (എന്നു മാത്രം).

فَلَمَّا جَآءَ سُلَيۡمَـٰنَ قَالَ أَتُمِدُّونَنِ بِمَالٍ فَمَآ ءَاتَىٰنِۦَ ٱللَّهُ خَيۡرٌ مِّمَّآ ءَاتَىٰكُم بَلۡ أَنتُم بِهَدِيَّتِكُمۡ تَفۡرَحُونَ ﴿٣٦﴾

37 "നീ അവരുടെ (നിന്നെ അയച്ചവരുടെ) അടുക്കലേക്ക് മടങ്ങിക്കൊള്ളുക; തീര്‍ച്ചയായും, നാം അവരുടെ അടുക്കല്‍ അവര്‍ക്ക് നേരിടുവാന്‍ കഴിവില്ലാത്ത സൈന്യങ്ങളുമായി വരുന്നതാണ്. നിസ്സാരന്‍മാരായിക്കൊണ്ട്-നിന്ദ്യന്മാരായ നിലയില്‍ - അവിടെ നിന്നും നാം അവരെ പുറത്താക്കുകതന്നെ ചെയ്യും."

ٱرۡجِعۡ إِلَيۡهِمۡ فَلَنَأۡتِيَنَّهُم بِجُنُودٍ لَّا قِبَلَ لَهُم بِهَا وَلَنُخۡرِجَنَّهُم مِّنۡهَآ أَذِلَّةً وَهُمۡ صَـٰغِرُونَ ﴿٣٧﴾

കുറെ ധനം തന്ന് തന്നെ പാട്ടിലാക്കാന്‍ കരുതേണ്ടെന്നും നിങ്ങള്‍ക്ക് നല്‍കപ്പെട്ടതിനേക്കാള്‍ ഉന്നതമായ നിലയില്‍ യശസ്സും സമ്പത്തും അല്ലാഹു തനിക്ക് നല്‍കിയിട്ടുണ്ടെന്നും സുലൈമാന്‍ (അ) ആ ദൂതന്മാരോട് പറഞ്ഞു. ആ ദൂതന്മാരില്‍ നിന്നും, റാണിക്ക് കത്ത് കൊടുത്ത ശേഷം, കൊട്ടാരത്തില്‍ നടന്ന ചര്‍ച്ചകേട്ട മരക്കൊത്തിപക്ഷിയില്‍ നിന്നും, സുലൈമാന്‍ (അ) സബഅ്കാരെ പറ്റി കുറെ വസ്തുതകള്‍ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. തൗഹീദ് സ്വീകരിക്കാന്‍ തയാറല്ലെങ്കില്‍ ശിര്‍ക്കിന്‍റെ സാമ്രാജ്യത്തെ സൈന്യം കൊണ്ട് നേരിടുമെന്ന താക്കീതുമായി ദൂതന്മാരെ അദ്ദേഹം തിരിച്ചയച്ചു.

**വചനം 38, 39, 40**

38 അദ്ദേഹം (തന്‍റെ ആളുകളോട്) പറഞ്ഞു: "ഹേ, പ്രധാനികളേ! നിങ്ങളില്‍ ഏതൊരുവനാണ്, അവര്‍ എന്‍റെ അടുക്കല്‍ 'മുസ്‌ലിംകള്‍'ായി വരുന്നതിനുമുമ്പ് അവളുടെ സിംഹാസനം എനിക്ക് കൊണ്ടുവന്നുതരുക?"

قَالَ يَـٰٓأَيُّهَا ٱلۡمَلَؤُاْ أَيُّكُمۡ يَأۡتِينِي بِعَرۡشِهَا قَبۡلَ أَن يَأۡتُونِي مُسۡلِمِينَ ﴿٣٨﴾

39 ജിന്നുകളില്‍പെട്ട ഒരു 'ഇഫ്‌രീത്ത്' (മല്ലന്‍) പറഞ്ഞു: "അങ്ങയുടെ (ഈ) സ്ഥാനത്തുനിന്നും അങ്ങുന്ന് എഴുന്നേല്‍ക്കുന്നതിനുമുമ്പായി ഞാന്‍ അത് അങ്ങേക്ക് കൊണ്ടു വന്നു തരാം. നിശ്ചയമായും, ഞാന്‍ അതിന് കഴിവുള്ളവനും, വിശ്വസ്തനുമാണ്."

قَالَ عِفۡرِيتٌ مِّنَ ٱلۡجِنِّ أَنَا۠ ءَاتِيكَ بِهِۦ قَبۡلَ أَن تَقُومَ مِن مَّقَامِكَۖ وَإِنِّي عَلَيۡهِ لَقَوِيٌّ أَمِينٌ ﴿٣٩﴾

40 തന്‍റെ പക്കല്‍ വേദഗ്രന്ഥത്തില്‍നിന്ന് ഒരു ജ്ഞാനം ഉണ്ടായിരുന്നവന്‍ പറഞ്ഞു: "താങ്കളുടെ ദൃഷ്ടി താങ്കളിലേക്ക് തിരിച്ചുവരും മുമ്പായി ഞാനത് താങ്കള്‍ക്ക് കൊണ്ടു വന്നു തരാം. അങ്ങനെ, അത് (സിംഹാസനം) തന്‍റെ അടുക്കല്‍ സ്ഥിതിചെയ്യുന്നതായി കണ്ടപ്പോള്‍ അദ്ദേഹം പറഞ്ഞു: "ഇത് എന്‍റെ രക്ഷിതാവിന്‍റെ അനുഗ്രഹത്തില്‍പെട്ടതാണ്; ഞാന്‍

قَالَ ٱلَّذِي عِندَهُۥ عِلۡمٌ مِّنَ ٱلۡكِتَـٰبِ أَنَا۠ ءَاتِيكَ بِهِۦ قَبۡلَ أَن يَرۡتَدَّ إِلَيۡكَ طَرۡفُكَۚ فَلَمَّا رَءَاهُ مُسۡتَقِرًّا عِندَهُۥ قَالَ هَـٰذَا مِن فَضۡلِ رَبِّي لِيَبۡلُوَنِيٓ ءَأَشۡكُرُ أَمۡ أَكۡفُرُۖ

وَمَن شَكَرَ فَإِنَّمَا يَشْكُرُ لِنَفْسِهِۦ ۖ وَمَن كَفَرَ فَإِنَّ رَبِّى غَنِىٌّ كَرِيمٌ ﴿٤٠﴾

നന്ദി കാണിക്കുമോ, അതല്ല ഞാൻ നന്ദികേട് കാണിക്കുമോ എന്ന് എന്നെ അവൻ പരീക്ഷിക്കുവാൻ വേണ്ടിയാണ് (ഇത്). ആരെങ്കിലും നന്ദി കാണിക്കുന്നപക്ഷം, അവൻ തനിക്കു തന്നെ വേണ്ടിയാണ് നന്ദി കാണിക്കുന്നത്. വല്ലവനും നന്ദികേട് കാണിക്കുന്നുവെങ്കിലോ, എന്നാൽ നിശ്ചയമായും, എൻെറ രക്ഷിതാവ് ധന്യനാണ്; ഉൽകൃഷ്ടനുമാണ്.''

ബിൽഖീസും സൈന്യവും മുസ്ലിംകളായിക്കൊണ്ട് തന്റെ അടുക്കൽ വരുമെന്ന് വഹ്‌യ് മൂലമോ മറ്റോ അദ്ദേഹത്തിന് മനസ്സിലായി. എന്നാൽ അതിന് മുമ്പായി, അവളുടെ സിംഹാസനം ആരാണ് എനിക്ക് കൊണ്ടു വന്ന് തരിക എന്നദ്ദേഹം തന്റെ സദസ്സിൽ വെച്ച് ആരാഞ്ഞു.

ജിന്നുകളുടെ കൂട്ടത്തിൽ തന്നെ കൂടുതൽ ശക്തിയും സാമർത്ഥ്യവുമുള്ള ഒരു മല്ലൻ എന്നത്രേ 'ഇഫ്‌രീത്ത്' എന്നത് കൊണ്ട് ഇവിടെ ഉദ്ദേശ്യം. അങ്ങുന്ന് രാജസദസ്സിൽ നിന്ന് പിരിഞ്ഞു പോകാറുള്ള സമയത്തിന് മുമ്പ് ആ സിംഹാസനം ഇവിടെ എത്തിക്കാമെന്നും ആ ജിന്ന് സുലൈമാൻ(അ) നബിയെ ഉണർത്തി. എന്നാൽ അതിനേക്കാൾ വേഗത്തിൽ സിംഹാസനം എത്തിക്കാമെന്ന് രണ്ടാമതൊരു വക്താവ് ഏറ്റ് പറഞ്ഞു. ഈ രണ്ടാമൻ ആരാണ് എന്ന് ഖുർആൻ വ്യക്തമായി പ്രസ്താവിച്ചിട്ടില്ല. "തന്റെ പക്കൽ വേദഗ്രന്ഥത്തിൽ നിന്ന് ഒരു ജ്ഞാനം ഉണ്ടായിരുന്നവൻ" എന്നാണ് ഇദ്ദേഹത്തെ അല്ലാഹു വിശേഷിപ്പിക്കുന്നത്. വേദഗ്രന്ഥം ഏതാണെന്നോ അതിൽ നിന്നുള്ള ജ്ഞാനം, എന്തായിരുന്നു എന്നോ, ഇവിടെ പറയുന്നില്ല. അതേക്കുറിച്ച് വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്താനും. വാസ്തവം അല്ലാഹുവിന്നറിയാം. ഈ പറഞ്ഞ വ്യക്തി ആദ്യം മുമ്പോട്ട് വന്ന 'ഇഫ്‌രിത്തി' നേക്കാൾ കഴിവുള്ള ഒരു ജിന്നോ മറ്റോ ആയിരിക്കാനിടയുണ്ട്. ജിബ്രീൽ(അ) ആയിരുന്നുവെന്നും, സുലൈമാൻ(അ) നബിയുടെ ഒരു മന്ത്രി ആയിരുന്നുവെന്നും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. അതല്ല, ഈ വക്താവ് സുലൈമാൻ(അ) നബി തന്നെ ആയിരുന്നുവെന്നു, ഇഫ്‌രിത്തി നോട് അദ്ദേഹം അങ്ങോട്ട് പറഞ്ഞ വാക്കാണിതെന്നുമത്രേ ഇമാം റാസി(റ) യുടെ അഭിപ്രായം. .الله اعلم ആരായാലും, സിംഹാസനം, താങ്കളുടെ ദൃഷ്ടി താങ്കളിലേക്ക് തിരിച്ച് വരും മുമ്പായി, അതായത് തൽക്ഷണം തന്നെ കൊണ്ട് വരാമെന്നാണാ വക്താവിന്റെ പ്രഖ്യാപനം.

അങ്ങനെ കണ്ണടച്ച് മിഴിക്കുമ്പോഴേക്കും സിംഹാസനം എത്തിക്കഴിഞ്ഞപ്പോൾ സുലൈമാൻ (അ) നബി അല്ലാഹുവിനെ സ്മരിക്കുകയും അല്ലാഹുവിന്റെ പ്രത്യേകാനുഗ്രഹത്തിന് നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് മനുഷ്യൻ നന്ദിയുള്ളവനായിരിക്കേണ്ട ആവശ്യകതയും, നന്ദികേട് കാണിക്കുന്നതിന്റെ ഭവിഷ്യത്തും അദ്ദേഹം പ്രത്യേകം എടുത്ത് പറയുകയും ചെയ്യുന്നു.

**വചനം 41**

قَالَ نَكِّرُوا۟ لَهَا عَرْشَهَا نَنظُرْ أَتَهْتَدِىٓ أَمْ تَكُونُ مِنَ ٱلَّذِينَ لَا يَهْتَدُونَ ﴿٤١﴾

41 അദ്ദേഹം പറഞ്ഞു: "നിങ്ങൾ അവൾക്ക് അവളുടെ സിംഹാസനം (രൂപ) മാറ്റം വരുത്തുവിൻ; അവൾ (യഥാർത്ഥം മനസ്സിലാക്കി) നേർമ്മാർഗ്ഗം പ്രാപിക്കുമോ, അഥവാ (മനസ്സിലാകാതെ) നേർമ്മാർഗ്ഗം പ്രാപിക്കാത്തവരിൽപെട്ടവളായിത്തീരുമോ എന്ന് നമുക്കുനോക്കാം.''

ബിൽഖിസ് രാജ്ഞി തന്റെ അടുക്കൽ വരുമ്പോൾ അവളുടെ ബുദ്ധിശക്തി പരീക്ഷിക്കണമെന്നും, അല്ലാഹു തനിക്ക് നൽകിയിട്ടുള്ള പ്രവാചകത്വവും മറ്റ് വമ്പിച്ച അനുഗ്രഹങ്ങളും അവളുടെ ശ്രദ്ധയിൽ പെടുത്തണമെന്നും സുലൈമാൻ (അ) നബി ഉദ്ദേശിച്ചു. അതിനായി, അവൾക്ക് വേഗത്തിൽ തിരിച്ചറിയാതിരിക്കത്തക്കവണ്ണം സിംഹാസനത്തിന്റെ ബാഹ്യരൂപത്തിൽ ചില മാറ്റങ്ങൾ വരുത്തുവാൻ അദ്ദേഹം തന്റെ സേവകന്മാരോടാവശ്യപ്പെട്ടു. ആ സിംഹാസനത്തിൽ ഉണ്ടായിരുന്നേക്കാവുന്ന അനിസ്ലാമിക ചിഹ്നങ്ങളിൽ മാറ്റം വരുത്തുകയായിരിക്കും. പ്രധാനമായും, ചെയ്തിരിക്കുക ..الله اعلم

**വചനം 42**

فَلَمَّا جَآءَتۡ قِيلَ أَهَٰكَذَا عَرۡشُكِۖ قَالَتۡ كَأَنَّهُۥ هُوَۚ وَأُوتِينَا ٱلۡعِلۡمَ مِن قَبۡلِهَا وَكُنَّا مُسۡلِمِينَ ﴿٤٢﴾

42 എന്നിട്ട് അവൾ വന്നപ്പോൾ (അവളോട്) ചോദിക്കപ്പെട്ടു: ''നിങ്ങളുടെ സിംഹാസനം ഇതുപോലെയാണോ?'' അവൾ പറഞ്ഞു: ''ഇത് അതു തന്നെയാണെന്ന് തോന്നുന്നു. ഇതിന് (ഈ സംഭവത്തിന്) മുമ്പു തന്നെ ഞങ്ങൾക്ക് അറിവ് നൽകപ്പെട്ടിരിക്കുന്നു; ഞങ്ങൾ 'മുസ്‌ലിം കളാ'കുകയും ചെയ്തിരിക്കുന്നു''

രാജ്ഞി അവിടെ എത്തിയപ്പോൾ സിംഹാസനം കാണുകയും, അത് തന്റെ സിംഹാസനം തന്നെ യാണെന്ന് തോന്നുന്നു എന്ന് പറയുകയും ചെയ്തു. സുലൈമാൻ (അ) നബിയുടെ പ്രവാചകത്വം, അദ്ദേ ഹത്തിന് അല്ലാഹു കൊടുത്തനുഗ്രഹിച്ചിട്ടുള്ള വമ്പിച്ച അനുഗ്രഹങ്ങൾ എന്നീ കാര്യങ്ങളെക്കുറിച്ച് ഞങ്ങൾ ഇവിടെ എത്തിച്ചേരുന്നതിന് മുമ്പ് തന്നെ മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടെന്നും ഞങ്ങൾ ബഹുദൈവ വിശ്വാസം ഉപേക്ഷിച്ച് മുസ്ലിംകളായിക്കഴിഞ്ഞുവെന്നും അവർ പറയുകയും ചെയ്തു. (സുലൈമാൻ (അ) നബിയുടെ കത്തിൽ നിന്നും, സമ്മാനവുമായി അയക്കപ്പെട്ട ദൗത്യസംഘത്തിന്റെ അനുഭവങ്ങളിൽ നിന്നും അവർക്കു സ്ഥിതി ഗതികൾ മുമ്പേ തന്നെ മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടല്ലോ.)

**വചനം 43**

وَصَدَّهَا مَا كَانَت تَّعۡبُدُ مِن دُونِ ٱللَّهِۖ إِنَّهَا كَانَتۡ مِن قَوۡمٖ كَٰفِرِينَ ﴿٤٣﴾

43 അവൾ അല്ലാഹുവിനുപുറമെ (സൂര്യൻ മുത ലായവയെ) ആരാധിച്ചുവന്നിരുന്നത് അവളെ തടഞ്ഞുകളഞ്ഞതാണ്; (കാരണം) നിശ്ചയ മായും അവൾ അവിശ്വാസികളായ ഒരു ജനത യിൽ പെട്ടവളായിരുന്നു.

അവൾ ഇതേ വരെ സത്യമാർഗ്ഗം സ്വീകരിക്കാതെ കഴിഞ്ഞു കൂടുവാനുള്ള കാരണം എന്തായി രുന്നു എന്നതിനെ പറ്റി അല്ലാഹു ഈ വചനത്തിൽ പ്രസ്താവിക്കുന്നു. അല്ലാഹുവിന് പുറമെ അവൾ ആരാധിച്ചിരുന്ന വസ്തുക്കൾ (സൂര്യൻ മുതലായവ) അവളെ തടഞ്ഞു കളഞ്ഞതാണ്. തീർച്ചയായും അവൾ അവിശ്വാസികളായ ഒരു ജനതയിൽപെട്ടവളായിരുന്നു.

**വചനം 44**

قِيلَ لَهَا ٱدۡخُلِي ٱلصَّرۡحَۖ فَلَمَّا رَأَتۡهُ حَسِبَتۡهُ لُجَّةٗ وَكَشَفَتۡ عَن سَاقَيۡهَاۚ قَالَ إِنَّهُۥ صَرۡحٞ مُّمَرَّدٞ مِّن قَوَارِيرَۗ قَالَتۡ رَبِّ إِنِّي ظَلَمۡتُ نَفۡسِي وَأَسۡلَمۡتُ مَعَ سُلَيۡمَٰنَ لِلَّهِ رَبِّ ٱلۡعَٰلَمِينَ ﴿٤٤﴾

44 ''കൊട്ടാരത്തിൽ പ്രവേശിച്ചുകൊള്ളുക'' എന്ന് അവളോട് പറയപ്പെട്ടു. എന്നിട്ട് അവളത് കണ്ടപ്പോൾ അതൊരു ജലാശയമാണെന്ന് അവൾ കണക്കാക്കുകയും, അവളുടെ ഇരു കണങ്കാലുകളിൽനിന്നും (വസ്ത്രം പൊക്കി) നീക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: ''ഇത് പളുങ്കുകളാൽ മിനുക്കിയുണ്ടാക്കപ്പെട്ട ഒരു കൊട്ടാരമത്രെ.'' അവൾ പറഞ്ഞു: ''രക്ഷിതാവേ! ഞാൻ എൻെറ ആത്മാവിനോട് (എന്നോ ടുതന്നെ) അക്രമം പ്രവർത്തിച്ചിരിക്കുന്നു. (ഇതാ ഇപ്പോൾ) സുലൈമാനോടൊപ്പം ലോകരക്ഷി താവായ അല്ലാഹുവിന് ഞാൻ കീഴ്പ്പെടുകയും (മുസ്‌ലിമാവുകയും) ചെയ്തിരിക്കുന്നു.''

ഞങ്ങൾ മുസ്ലിംകളായിട്ടുണ്ടെന്ന് സുലൈമാൻ(അ) നബിയുടെ അടുക്കൽ എത്തിയ ഉടനെ ബിൽഖീസ് രാജ്ഞി പ്രഖ്യാപിക്കുകയുണ്ടായല്ലോ, (വചനം 42). തുടർന്ന് അവൾക്കായി തയ്യാറാക്കിയ കൊട്ടാരത്തിൽ അവർ പ്രവേശിച്ചു, കൊട്ടാരത്തിൽ പ്രവേശിച്ച ശേഷമുള്ള പ്രഖ്യാപനാണ് ഈ ആയ

ത്തിന്റെ അവസാനത്തിൽ കാണുന്നത്. താൻ ഇതിനുമുമ്പ് ശിർക്കിന്റെ മതം അനുഷ്ഠിച്ചു വന്നത് നിമിത്തം, തന്നോട് തന്നെ അക്രമം പ്രവർത്തിക്കുകയാണ് ചെയ്തത് എന്നും, താനിതാ ആ മതം വിട്ടേച്ച് സുലൈമാൻ(അ) നബിയോടൊപ്പം ഇസ്ലാമാകുന്ന തൗഹീദിന്റെ മതം സ്വീകരിച്ചു മുസ്ലിമാവുകയും ചെയ്തിരിക്കുന്നു എന്നും അവർ വീണ്ടും പ്രഖ്യാപിക്കുകയും ചെയ്തു.

പിന്നീട് തുടർന്നുണ്ടായ സംഭവങ്ങൾ എന്തൊക്കെയാണെന്ന് അല്ലാഹു പ്രസ്താവിച്ചിട്ടില്ല. അതിന് വിശ്വസനീയമായ ചരിത്രം കാണപ്പെടുന്നുമില്ല.

## വിഭാഗം 4

**വചനം 45, 46, 47**

وَلَقَدْ أَرْسَلْنَآ إِلَىٰ ثَمُودَ أَخَاهُمْ صَٰلِحًا أَنِ ٱعْبُدُوا۟ ٱللَّهَ فَإِذَا هُمْ فَرِيقَانِ يَخْتَصِمُونَ ﴿٤٥﴾ قَالَ يَٰقَوْمِ لِمَ تَسْتَعْجِلُونَ بِٱلسَّيِّئَةِ قَبْلَ ٱلْحَسَنَةِ ۖ لَوْلَا تَسْتَغْفِرُونَ ٱللَّهَ لَعَلَّكُمْ تُرْحَمُونَ ﴿٤٦﴾ قَالُوا۟ ٱطَّيَّرْنَا بِكَ وَبِمَن مَّعَكَ ۚ قَالَ طَٰٓئِرُكُمْ عِندَ ٱللَّهِ ۖ بَلْ أَنتُمْ قَوْمٌ تُفْتَنُونَ ﴿٤٧﴾

45 'ഥമൂദ്' (ഗോത്രത്തി)ൻെറ അടുക്കലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെ നാം അയക്കുകയുണ്ടായി; "നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ" എന്ന് (പറഞ്ഞുകൊണ്ട്). അപ്പോഴതാ, അവർ (അന്യോന്യം) വഴക്കടിച്ചുകൊണ്ടിരിക്കുന്ന രണ്ടു കക്ഷികളാകുന്നു!

46 അദ്ദേഹം പറഞ്ഞു: "എൻെറ ജനങ്ങളെ, നിങ്ങൾ നൻമയുടെ മുമ്പായി തിൻമക്ക് ധൃതി കൂട്ടുന്നത് എന്തിനായിട്ടാണ്?! അല്ലാഹുവിനോട് നിങ്ങൾക്ക് മാപ്പിന്നപേക്ഷിച്ചു കൂടേ! നിങ്ങൾക്ക് കരുണ ചെയ്യപ്പെട്ടേക്കുമല്ലോ!"

47 അവർ പറഞ്ഞു: "(സ്വാലിഹേ) നിന്നെക്കൊണ്ടും, നിൻെറ കൂടെയുള്ളവരെ (വിശ്വാസികളെ)ക്കൊണ്ടും ഞങ്ങൾ ശകുനപ്പിഴവിലായിരിക്കുന്നു." അദ്ദേഹം പറഞ്ഞു: "നിങ്ങളുടെ ശകുനപ്പിഴവ് അല്ലാഹുവിങ്കലത്രെ. മാത്രമല്ല, നിങ്ങൾ പരീക്ഷണം ചെയ്യപ്പെടുന്ന ഒരു ജനതയാകുന്നു."

ഥമൂദ് ഗോത്രത്തിൽ സ്വാലിഹ്(അ) നബിയിൽ വിശ്വസിച്ചവരും അദ്ദേഹത്തെ നിഷേധിച്ചവരുമാണ് രണ്ട് കക്ഷികൾ എന്ന് പറഞ്ഞത്. അല്ലാഹുവിൽ വിശ്വസിക്കുകയും നന്മ പ്രവർത്തിക്കുകയും അവനോട് പാപമോചനത്തിന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്താൽ അവർക്ക് ലഭിക്കാവുന്ന ഇഹപര നന്മകളെക്കുറിച്ച് അദ്ദേഹം അവരെ അറിയിച്ച് കൊടുത്തു. എന്നാൽ അവരാകട്ടെ സ്വാലിഹ്(അ)നബിയും അനുയായികളും നിമിത്തം തങ്ങൾക്ക് ശകുനപ്പിഴ ബാധിച്ചിരിക്കുകയാണെന്നും, നിലവിലുള്ള ക്ഷാമം, വരൾച്ച എന്നിവക്കെല്ലാം കാരണം അതാണെന്നുമായിരുന്നു മറുപടി നൽകിയത്. എന്നാൽ വാസ്തവം നേരെ മറിച്ചാണെന്നും അവരുടെ ദുഷ്ചെയ്തികൾ കാരണമായി അവർ അല്ലാഹുവിന്റെ പരീക്ഷണത്തിന് വിധേയരായിരിക്കുകയാണെന്നും അദ്ദേഹം അവരോട് പറഞ്ഞു.

**വചനം 48,49:**

وَكَانَ فِى ٱلْمَدِينَةِ تِسْعَةُ رَهْطٍ يُفْسِدُونَ فِى ٱلْأَرْضِ وَلَا يُصْلِحُونَ ﴿٤٨﴾ قَالُوا۟ تَقَاسَمُوا۟ بِٱللَّهِ لَنُبَيِّتَنَّهُۥ وَأَهْلَهُۥ ثُمَّ لَنَقُولَنَّ لِوَلِيِّهِۦ مَا شَهِدْنَا مَهْلِكَ

48 (ആ) നഗരത്തിൽ ഒമ്പതാളുകളുള്ള ഒരു സംഘം ഉണ്ടായിരുന്നു; അവർ നാട്ടിൽ നൻമയുണ്ടാക്കാതെ, കുഴപ്പമുണ്ടാക്കുകയായിരുന്നു.

49 അവർ (തമ്മിൽ) പറഞ്ഞു: "നിങ്ങൾ പരസ്പരം അല്ലാഹുവിൽ ശപഥംചെയ്ത് (ഇങ്ങിനെ) പറയണം: "നിശ്ചയമായും, ഇവനെ (സ്വാലിഹിനെ)യും, ഇവൻെറ ആൾക്കാരെയും ഞങ്ങൾ

أَهۡلِهِۦ وَإِنَّا لَصَٰدِقُونَ ﴿٤٩﴾

രാക്കൊല നടത്തുന്നതാണ്; പിന്നീട് അവൻെറ അവകാശിയോട്: തൻെറ കുടുംബത്തിൻെറ നാശസംഭവത്തിങ്കൽ ഞങ്ങൾ ഹാജറുണ്ടായി ട്ടില്ല എന്നും, ഞങ്ങൾ സത്യം പറയുന്നവർ തന്നെയാണ് എന്നും പറയുകയും ചെയ്യും.''

ഥമൂദ് ഗോത്രത്തിന് പ്രത്യക്ഷ ദൃഷ്ടാന്തമായി നിശ്ചയിക്കപ്പെട്ടിരുന്ന ഒട്ടകത്തെ അവർ കുതികാൽ വെട്ടി അറുത്ത് കളയുകയുണ്ടായി. അതിനെ തുടർന്ന് മൂന്ന് ദിവസത്തോടെ അതിഭയങ്കരമായ ശിക്ഷ അവരെ പിടികൂടുമെന്ന് സ്വാലിഹ്(അ) അവർക്ക് താക്കീത് നൽകി. ഈ അവസരത്തിൽ കുഴപ്പക്കാരായ ഒമ്പത് ആളുകൾ അടങ്ങിയ ഒരു സംഘം സ്വാലിഹ്(അ) നബിയെയും കൂടെയുള്ള സത്യവിശ്വാസികളെയും കൊല ചെയ്യാനും, അദ്ദേഹത്തിന്റെ സ്വന്തക്കാരോട് കുറ്റം നിഷേധിക്കാനും പരസ്പരം ശപഥം ചെയ്തു.

**വചനം50,51,52,53**

وَمَكَرُواْ مَكۡرٗا وَمَكَرۡنَا مَكۡرٗا وَهُمۡ لَا يَشۡعُرُونَ ﴿٥٠﴾

50 അവർ ഒരു (ഗൂഢ) തന്ത്രം പ്രയോഗിച്ചു; അവർ അറിയാതെ നാമും ഒരു തന്ത്രം പ്രയോഗിച്ചു.

فَٱنظُرۡ كَيۡفَ كَانَ عَٰقِبَةُ مَكۡرِهِمۡ أَنَّا دَمَّرۡنَٰهُمۡ وَقَوۡمَهُمۡ أَجۡمَعِينَ ﴿٥١﴾

51 എന്നാൽ, നോക്കുക: അവരുടെ തന്ത്രത്തിൻെറ പര്യവസാനം എങ്ങിനെയാണുണ്ടായതെന്ന്; അതായത്: അവരെയും അവരുടെ ജനതയെ മുഴുവനും നാം തകർത്തുകളഞ്ഞത് (എങ്ങിനെയാണെന്ന്)?!

فَتِلۡكَ بُيُوتُهُمۡ خَاوِيَةَۢ بِمَا ظَلَمُوٓاْۚ إِنَّ فِي ذَٰلِكَ لَأٓيَةٗ لِّقَوۡمٖ يَعۡلَمُونَ ﴿٥٢﴾

52 എന്നിട്ടതാ അവർ അക്രമം പ്രവർത്തിച്ചതു നിമിത്തം അവരുടെ വീടുകൾ വീണടിഞ്ഞ് (ശൂന്യമായി) കിടക്കുന്നു! നിശ്ചയമായും, അതിൽ അറിയുന്ന ജനങ്ങൾക്ക് ഒരു (വമ്പിച്ച) ദൃഷ്ടാന്തമുണ്ട്.

وَأَنجَيۡنَا ٱلَّذِينَ ءَامَنُواْ وَكَانُواْ يَتَّقُونَ ﴿٥٣﴾

53 വിശ്വസിക്കുകയും സൂക്ഷിച്ചുവരുകയും ചെയ്തവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു.

എന്നാൽ അവരുടെ മേൽ അല്ലാഹു തന്ത്രം പ്രയോഗിക്കുകയും ആ അക്രമികളെ ഒന്നടങ്കം നശിപ്പിക്കുകയും ചെയ്തു(സൂ: ശുഅറാഅ് 141 - 159 നോക്കുക)

**വചനം 54:**

وَلُوطًا إِذۡ قَالَ لِقَوۡمِهِۦٓ أَتَأۡتُونَ ٱلۡفَٰحِشَةَ وَأَنتُمۡ تُبۡصِرُونَ ﴿٥٤﴾

54 ലൂത്വിനെയും (പ്രസ്താവിക്കുക); അതായത്, അദ്ദേഹം തൻെറ ജനങ്ങളോട് പറഞ്ഞപ്പോൾ: "നിങ്ങൾ കണ്ടുംകൊണ്ടു തന്നെ (ഈ) ദുഷ്ടപ്രവൃത്തി ചെയ്യുകയാണോ?!''

'നിങ്ങൾ കണ്ട്കൊണ്ട് തന്നെ' എന്നതിന് രണ്ടുപ്രകാരത്തിൽ വിശദികരണം നൽകപ്പെട്ടിരിക്കുന്നു - തങ്ങളിലെ പുരുഷന്മാർ ചെയ്യുന്ന സ്വവർഗ്ഗ രതി എന്ന നീച പ്രവൃത്തി, പരസ്പരം ഗോപ്യമാക്കുവാൻ പോലും ശ്രമിക്കാതെ, പരസ്യമായി പ്രാവർത്തികമാക്കുന്നു എന്നും, തങ്ങൾ ചെയ്യുന്ന കൊള്ളരുതായ്മയുടെ ഗൗരവത്തെപ്പറ്റി അറിഞ്ഞു കൊണ്ട് കല്പിച്ച് കൂട്ടി അതിന് മുതിരുന്നു എന്നും. എന്തായാലും അവർ ചെയ്യുന്ന അപരാധം, വമ്പിച്ചത് തന്നെ.

**വചനം 55, 56**

55 "നിങ്ങൾ കാമ (നിവാരണ)ത്തിന്ന് സ്ത്രീകളെ വിട്ട് പുരുഷൻമാരുടെ അടുക്കൽതന്നെ ചെല്ലുക യാണോ (ചെയ്യുന്നത്)?! മാത്രമല്ല, നിങ്ങൾ വിഡ്ഢിത്തം പ്രവർത്തിക്കുന്ന ഒരു ജന തയത്രെ."

أَئِنَّكُمْ لَتَأْتُونَ ٱلرِّجَالَ شَهْوَةً مِّن دُونِ
ٱلنِّسَآءِ ۚ بَلْ أَنتُمْ قَوْمٌ تَجْهَلُونَ ٥٥

**ജുസ്അ് - 20**

56 അപ്പോൾ, അദ്ദേഹത്തിൻെറ ജനതയുടെ മറുപടി (ഇപ്രകാരം) പറയുകയല്ലാതെ (മറ്റൊന്നും) ആയിരുന്നില്ല; "ലൂത്വിൻെറ ആൾക്കാരെ നിങ്ങളുടെ രാജ്യത്തുനിന്ന് പുറത്താക്കുക; അവർ പരിശുദ്ധിയോടെ നടക്കുന്ന മനുഷ്യ ൻമാരാണ്."

۞ فَمَا كَانَ جَوَابَ قَوْمِهِۦٓ إِلَّآ أَن
قَالُوٓا۟ أَخْرِجُوٓا۟ ءَالَ لُوطٍ مِّن قَرْيَتِكُمْ ۖ
إِنَّهُمْ أُنَاسٌ يَتَطَهَّرُونَ ٥٦

നിസ്സങ്കോചം പരസ്യമായി നീചകൃത്യങ്ങളും അക്രമങ്ങളും പ്രവർത്തിക്കുക പതിവാക്കിയ ആ ജനതയെ ലൂത്ത് (അ) എത്ര ഉപദേശിച്ചിട്ടും ഫലമുണ്ടായില്ല. "ലൂത്വും അവന്റെ ആളുകളും പരിശുദ്ധരാ യതിനാൽ ദുഷ്ടന്മാരായ നമുക്കും അവർക്കും ഒത്തിണങ്ങി, രാജ്യത്ത് കഴിഞ്ഞ് കൂടുക സാധ്യമല്ല, അത് കൊണ്ട് അവരെ നാട്ടിൽ നിന്നും പുറത്താക്കണം" - ഇതായിരുന്നു ആ ധിക്കാരികളുടെ പരിഹാസം കലർന്ന പ്രതികരണം.

**വചനം 57, 58**

57 എന്നാൽ, അദ്ദേഹത്തെയും, അദ്ദേഹത്തിൻെറ കുടുംബത്തെയും നാം രക്ഷപ്പെടുത്തി-അദ്ദേ ഹത്തിൻെറ ഭാര്യ ഒഴികെ; അവളെ നാം കഴിഞ്ഞുപോയവരുടെ (ശിക്ഷയിൽ അക പ്പെട്ടവരുടെ) കൂട്ടത്തിൽ കണക്കാക്കുകയാണ് ചെയ്തത്!

فَأَنجَيْنَٰهُ وَأَهْلَهُۥٓ إِلَّا ٱمْرَأَتَهُۥ قَدَّرْنَٰهَا
مِنَ ٱلْغَٰبِرِينَ ٥٧

58 അവരുടെ മേൽ നാം ഒരു (കൽ) മഴ വർഷിപ്പി ക്കുകയും ചെയ്തു. (ആ) മുന്നറിയിപ്പ് ന ൽകപ്പെട്ടവരുടെ മഴ എത്ര ചീത്ത!

وَأَمْطَرْنَا عَلَيْهِم مَّطَرًا ۖ فَسَآءَ مَطَرُ
ٱلْمُنذَرِينَ ٥٨

ഈ വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട സംഭവത്തെ പറ്റി, സൂ: ശുഅറാഅ് : 169 - 175 വചനങ്ങ ളിലും മറ്റു വിശദീകരിച്ചിട്ടുള്ളത് ശ്രദ്ധിക്കുക.

**വിഭാഗം - 5**

**വചനം 59, 60**

59 (നബിയേ) പറയുക: "സർവസ്തുതിയും അല്ലാഹുവിനത്രെ! അവൻ തിരഞ്ഞെടുത്തിട്ടുള്ള അവൻെറ (നല്ല) അടിയാൻമാരിൽ 'സലാമും' (സമാധാന ശാന്തിയും) ഉണ്ട്! അല്ലാഹുവാണോ ഉത്തമം, അഥവാ അവർ (അവനോട്) പങ്കു ചേർക്കുന്നവയോ?!"

قُلِ ٱلْحَمْدُ لِلَّهِ وَسَلَٰمٌ عَلَىٰ عِبَادِهِ
ٱلَّذِينَ ٱصْطَفَىٰٓ ۗ ءَآللَّهُ خَيْرٌ أَمَّا
يُشْرِكُونَ ٥٩

60 അഥവാ, ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിക്കുകയും, ആകാശത്തുനിന്ന് നിങ്ങൾക്ക് ജലം ഇറക്കിത്തരുകയും ചെയ്തവനോ (ആ

أَمَّنْ خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَأَنزَلَ
لَكُم مِّنَ ٱلسَّمَآءِ مَآءً فَأَنۢبَتْنَا بِهِۦ

حَدَآئِقَ ذَاتَ بَهْجَةٍ مَّا كَانَ لَكُمْ أَن تُنۢبِتُوا۟ شَجَرَهَآ ۗ أَءِلَٰهٌ مَّعَ ٱللَّهِ ۚ بَلْ هُمْ قَوْمٌ يَعْدِلُونَ ﴿٦٠﴾

രാണ് ഉത്തമം)?! എന്നിട്ട് അത് (ജലം)കൊണ്ട് നാം (അല്ലാഹു)അഴകുള്ള തോപ്പുകൾ ഉൽപാദിപ്പിച്ചു: അവയിലെ വൃക്ഷങ്ങൾ ഉൽപാദിപ്പിക്കുവാൻ നിങ്ങൾക്ക് ആകുന്നതല്ല. അല്ലാഹുവിൻെറ കൂടെ (വേറെ) വല്ല ആരാധ്യനും ഉണ്ടോ?! (ചിന്തിച്ചുനോക്കുക!) എന്നാൽ, അവർ (ഈ യാഥാർത്ഥ്യം വിട്ട്) തെറ്റിക്കളയുന്ന ഒരു ജനതയാകുന്നു!

ഈ വചനങ്ങളിൽ ഉദ്ധരിച്ച മഹൽ കൃത്യങ്ങളും വമ്പിച്ച അനുഗ്രഹങ്ങളും ചെയ്ത് വരുന്നവൻ അല്ലാഹുവല്ലാതെ മറ്റാരുമല്ലാത്ത സ്ഥിതിക്ക് അവനോട് സമത്വം കല്പിക്കപ്പെടാവുന്ന ഒരു ആരാധ്യൻ വേറെ ഉണ്ടാകുവാൻ യാതൊരു ന്യായവുമില്ല. പരമാർത്ഥം ഇതായിരുന്നിട്ടും അവർ ചില വസ്തുക്കളെ അല്ലാഹുവിനു സമന്മാരായി ഗണിക്കുകയും അവരെ ദൈവങ്ങളാക്കുകയും ചെയ്ത് വരുന്നു. അങ്ങനെ അവർ യഥാർത്ഥത്തിൽ നിന്ന് വ്യതിചലിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നു.

<u>വചനം 61, 62</u>

أَمَّن جَعَلَ ٱلْأَرْضَ قَرَارًا وَجَعَلَ خِلَٰلَهَآ أَنْهَٰرًا وَجَعَلَ لَهَا رَوَٰسِىَ وَجَعَلَ بَيْنَ ٱلْبَحْرَيْنِ حَاجِزًا ۗ أَءِلَٰهٌ مَّعَ ٱللَّهِ ۚ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ﴿٦١﴾

61 അല്ലെങ്കിൽ, ഭൂമിയെ ഒരു ഭവനമാക്കുകയും, അതിനിടയിൽകൂടി നദികളുണ്ടാക്കുകയും, അതിന് (ഭൂമിക്ക്) ആണികളെ (ഉറച്ചുനിൽക്കുന്ന പർവതങ്ങളെ) ഉണ്ടാക്കുകയും, രണ്ടു സമുദ്രങ്ങൾക്കിടയിൽ ഒരു (തരം) തടസ്സം ഏർപ്പെടുത്തുകയും ചെയ്തവനോ (-ആരാണുത്തമം)?! അല്ലാഹുവിൻെറ കൂടെ വല്ല ആരാധ്യനും ഉണ്ടോ?! (ആലോചിച്ചു നോക്കൂ!) എന്നാൽ, അവരിൽ അധികമാളുകളും അറിയുന്നില്ല!

أَمَّن يُجِيبُ ٱلْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ ٱلسُّوٓءَ وَيَجْعَلُكُمْ خُلَفَآءَ ٱلْأَرْضِ ۗ أَءِلَٰهٌ مَّعَ ٱللَّهِ ۚ قَلِيلًا مَّا تَذَكَّرُونَ ﴿٦٢﴾

62 അല്ലെങ്കിൽ, കഷ്ടപ്പെട്ടവൻ വിളി(ച്ചു പ്രാർത്ഥി)ച്ചാൽ അവന് ഉത്തരം നൽകുകയും, തിൻമയെ (നീക്കി) തുറവിയാക്കുകയും, നിങ്ങളെ ഭൂമിയിലെ പ്രതിനിധികളാക്കുകയും ചെയ്തുവരുന്നവനോ (-ആരാണുത്തമം)?! അല്ലാഹുവിനോടുകൂടി (വേറെ) വല്ല ആരാധ്യനും ഉണ്ടോ?! (ഓർത്തുനോക്കൂ!) വളരെക്കുറച്ചേ നിങ്ങൾ ആലോചിച്ചു നോക്കുന്നുള്ളു.

അല്ലാഹു മനുഷ്യർക്ക് ചെയ്ത് കൊടുത്ത് കൊണ്ടിരിക്കുന്ന അനേകം അനുഗ്രഹങ്ങൾ ഈ വചനങ്ങളിലും തുടർന്നുള്ള വചനങ്ങളിലും അല്ലാഹു ഉദ്ധരിക്കുന്നു.

രണ്ട് സമുദ്രങ്ങൾ എന്ന് പറഞ്ഞത് ഉപ്പ് ജലവും ശുദ്ധ ജലവുമാണെന്നും അവയ്ക്കിടയിൽ അല്ലാഹു ഒരു തടസ്സം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സൂ: ഫുർഖാൻ : 53 ൽ പ്രസ്താവിക്കപ്പെട്ടത് ഓർക്കുക.

ആപത്തുകളിൽ പെട്ട, കഷ്ടപ്പെട്ടവന്റെ ദുആക്ക് പ്രത്യേകം ഉത്തരം ലഭിക്കുമെന്ന വസ്തുത അല്ലാഹു ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നു. രക്ഷാമാർഗ്ഗം കാണാതെ കഷ്ടപ്പെട്ട് വലയുന്നവൻ മനസ്സാന്നിദ്ധ്യത്തോടും വിശ്വാസത്തോടും കൂടി അവന്റെ സങ്കടം അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കുന്ന പക്ഷം, നിശ്ചയമായും അവൻ വിചാരിക്കാത്ത വിധം, അവന് അല്ലാഹുവിൽ നിന്ന് രക്ഷ ലഭിക്കുന്നതാകുന്നു. പ്രാർത്ഥിക്കുന്നവൻ കേവലം പാപിയാണെങ്കിൽ പോലും.

പ്രാർത്ഥനയുടെ സ്വീകാര്യതയുടെ കാര്യത്തിൽ, താഴെ ഉദ്ധരിച്ച നബി വചനവും ശ്രദ്ധേയമാകുന്നു.

“മാതാപിതാക്കളുടെ (സന്താനങ്ങളെ സംബന്ധിച്ച) പ്രാർത്ഥനയും, യാത്രക്കാരന്റെ പ്രാർത്ഥനയും, ആക്രമിക്കപ്പെട്ടവന്റെ പ്രാർത്ഥനയും ഉത്തരം ലഭിക്കുന്നവയാണ്. അവയുടെ കാര്യത്തിൽ സംശയമില്ല.”

**വചനം 63, 64**

أَمَّن يَهْدِيكُمْ فِى ظُلُمَٰتِ ٱلْبَرِّ وَٱلْبَحْرِ وَمَن يُرْسِلُ ٱلرِّيَٰحَ بُشْرًۢا بَيْنَ يَدَىْ رَحْمَتِهِۦٓ ۗ أَءِلَٰهٌ مَّعَ ٱللَّهِ ۚ تَعَٰلَى ٱللَّهُ عَمَّا يُشْرِكُونَ ﴿٦٣﴾

63 അല്ലെങ്കിൽ, കരയിലെയും കടലിലെയും (വിവിധ) അന്ധകാരങ്ങളിൽ നിങ്ങൾക്ക് മാർഗ്ഗദർശനം നൽകുന്നവനും, തന്റെ (മഴയാകുന്ന) കാരുണ്യത്തിന്റെ മുമ്പിൽ കാറ്റുകളെ സന്തോഷവാർത്തയായി അയക്കാറുള്ളവനുമാണോ (-ആരാണ് ഉത്തമം)?! അല്ലാഹുവിന്റെ കൂടെ വല്ല ഇലാഹും ഉണ്ടോ?! (ഓർത്തുനോക്കൂ!) അവർ പങ്കുചേർക്കുന്നതിൽനിന്ന് (എല്ലാം തന്നെ) അല്ലാഹു അത്യുന്നതനാകുന്നു!

أَمَّن يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ وَمَن يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ ۗ أَءِلَٰهٌ مَّعَ ٱللَّهِ ۚ قُلْ هَاتُوا۟ بُرْهَٰنَكُمْ إِن كُنتُمْ صَٰدِقِينَ ﴿٦٤﴾

64 അല്ലെങ്കിൽ, സൃഷ്ടിയെ ആദ്യമായുണ്ടാക്കുകയും, പിന്നീടത് (നശിച്ചശേഷം) മടക്കി സൃഷ്ടിക്കുകയും ചെയ്യുന്നവനും, ആകാശത്തുനിന്നും, ഭൂമിയിൽനിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നവനുമാണോ (-ആരാണുത്തമം)?! അല്ലാഹുവിന്റെ കൂടെ വല്ല ഇലാഹും ഉണ്ടോ?! (എങ്കിൽ-പറയൂ!) (നബിയേ) പറയുക: “നിങ്ങൾ നിങ്ങളുടെ തെളിവ് കൊണ്ടുവരുവിൻ, നിങ്ങൾ സത്യവാൻമാരാണെങ്കിൽ!”

പട്ടാപ്പകൽ പോലെ സുവ്യക്തവും, ബുദ്ധിയും വിവേകവും ഉള്ളവർക്കുമെല്ലാം അറിയാവുന്നതുമായ നിത്യസത്യങ്ങൾ ഉദ്ധരിച്ച് കൊണ്ട് അല്ലാഹുവിനോട് സമത്വം കല്പിക്കപ്പെടുവാൻ അർഹതയുള്ള വല്ലവരും ഉണ്ടോ എന്ന് ആവർത്തിച്ചാവർത്തിച്ച് ചോദിച്ച ശേഷം, ഉണ്ടെന്ന് പറയുന്നവർ അതിന് തെളിവ് ഹാജരാക്കുവാൻ അവിശ്വാസികളെ അല്ലാഹു വെല്ല് വിളിക്കുന്നു.

**വചനം 65**

قُل لَّا يَعْلَمُ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ٱلْغَيْبَ إِلَّا ٱللَّهُ ۚ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ ﴿٦٥﴾

65 (നബിയേ) പറയുക: “അല്ലാഹു അല്ലാതെ, ആകാശങ്ങളിലും, ഭൂമിയിലുമുള്ളവർ (ആരും തന്നെ) അദൃശ്യകാര്യം അറിയുകയില്ല. തങ്ങൾ എപ്പോഴാണ് (മരണശേഷം) ഉയിർത്തെഴുന്നേൽപിക്കപ്പെടുകയെന്നും അവർക്ക് അറിയാവതല്ല.”

അദൃശ്യകാര്യങ്ങളെക്കുറിച്ച് അല്ലാഹുവല്ലാതെ മറ്റാർക്കും അറിയില്ലെന്ന് ഖുർആൻ പലയിടങ്ങളിലും ഖണ്ഡിതമായി പ്രസ്താവിച്ചിട്ടുണ്ട്. അവൻ അറിയിച്ചു കൊടുത്താലല്ലാതെ ഒരു പ്രവാചകന് പോലും അദൃശ്യത്തെക്കുറിച്ച് അറിയുവാൻ സാധ്യമല്ല തന്നെ. അത് പോലെ തന്നെ, മരണശേഷം, എപ്പോഴാണ് തങ്ങൾ ഉയിർത്തെഴുന്നേല്പിക്കപ്പെടുകയെന്നും, അവർക്ക് അറിയാവതല്ല. (സൂ:ലുഖ്മാൻ 34-ാം വചനവും വിശദീകരണവും നോക്കുക)

**വചനം 66**

بَلِ ٱدَّٰرَكَ عِلْمُهُمْ فِى ٱلْءَاخِرَةِ ۚ بَلْ هُمْ فِى شَكٍّ مِّنْهَا ۖ بَلْ هُم مِّنْهَا عَمُونَ ﴿٦٦﴾

66 എങ്കിലും, പരലോകവിഷയത്തിൽ അവരുടെ (അവിശ്വാസികളുടെ) അറിവ് പൂർണ്ണത പ്രാപിച്ചിരിക്കുന്നു; (അല്ല) എങ്കിലും അവർ അതിനെക്കുറിച്ച് സംശയത്തിലാണ്; (അല്ല) എങ്കിലും അവർ അതിനെക്കുറിച്ച് അന്ധന്മാരാകുന്നു.

ഈ വചനത്തിന്റെ താല്പര്യം ഖുർആൻ വ്യാഖ്യാതാക്കൾ താഴെ പറയുന്ന വിധങ്ങളിൽ വിവരിച്ചിരിക്കുന്നതായികാണാം.

1) അദൃശ്യകാര്യങ്ങൾ അറിവായതല്ലെങ്കിലും പരലോകത്തെക്കൂറിച്ചു ഉറപ്പാക്കുവാൻ വേണ്ടുന്ന എല്ലാ മാർഗ്ഗങ്ങളും അവിശ്വാസികൾക്ക് പൂർണ്ണമായും സിദ്ധിച്ചിട്ടുണ്ട്. എന്നിട്ടും അവരതിൽ സംശയിച്ചു കൊണ്ടിരിക്കുകയാണ്. അത്രയുമല്ല, സംശയം പോലും ജനിക്കാതിരിക്കത്തക്കവണ്ണം അവർ അതിനെകുറിച്ച് തീരെ അന്ധരും അശ്രദ്ധരുമാണ് എന്നാണൊരഭിപ്രായം.

2) ആദ്യത്തെ വാക്യം - പരലോക വിഷയത്തിൽ അവരുടെ അറിവു പൂർണ്ണത പ്രാപിച്ചിരിക്കുന്നു - എന്ന് അല്ലാഹു അവരെ പറ്റി പരിഹസിച്ചു പറഞ്ഞതാണ്. അതായത് അദൃശ്യ കാര്യങ്ങൽ അല്ലാഹുവിനല്ലാതെ അറിയുകയില്ലെങ്കിലും പരലോകത്തിന്റെ കാര്യത്തിൽ അവിശ്വാസികൾക്കുള്ള അറിവ് അങ്ങേയറ്റം പരിപൂർണ്ണമാണ് എന്ന് ആദ്യം പറഞ്ഞ ശേഷം അവരുടെ യഥാർത്ഥ നില ചൂണ്ടികാണിച്ചിരിക്കുകയാണ് എന്ന് താല്പര്യം.

3) അവരുടെ അറിവ് പൂർണ്ണത പ്രാപിച്ചു എന്ന് പറഞ്ഞതിന്റെ വിവക്ഷ അതിന് പുരോഗതിയില്ലാതെ വളർച്ച മുട്ടി നാശപ്രായമായിരിക്കുന്നു, എന്നാകുന്നു മറ്റൊരു വ്യാഖ്യാനം.

## വിഭാഗം 6

**വചനം 67,68,69**

وَقَالَ ٱلَّذِينَ كَفَرُوٓا۟ أَءِذَا كُنَّا تُرَٰبًا وَءَابَآؤُنَآ أَئِنَّا لَمُخْرَجُونَ ﴿٦٧﴾

لَقَدْ وُعِدْنَا هَٰذَا نَحْنُ وَءَابَآؤُنَا مِن قَبْلُ إِنْ هَٰذَآ إِلَّآ أَسَٰطِيرُ ٱلْأَوَّلِينَ ﴿٦٨﴾

قُلْ سِيرُوا۟ فِى ٱلْأَرْضِ فَٱنظُرُوا۟ كَيْفَ كَانَ عَٰقِبَةُ ٱلْمُجْرِمِينَ ﴿٦٩﴾

67 അവിശ്വസിച്ചവർ പറയുന്നു: “ഞങ്ങളും ഞങ്ങളുടെ പിതാക്കളും (മരിച്ച്) മണ്ണായാൽ (വീണ്ടും) ഞങ്ങൾ നിശ്ചയമായും പുറത്ത് കൊണ്ടുവരപ്പെടുന്നവരാണെന്നോ?! (അതു സംഭവ്യമല്ല.)

68 “ഇത് ഞങ്ങളോടും, മുമ്പ് ഞങ്ങളുടെ പിതാക്കളോടും വാഗ്ദാനം ചെയ്യപ്പെടുകയുണ്ടായിട്ടുണ്ട്. ഇത് പൂർവികൻമാരുടെ പുരാണേതിഹാസങ്ങളല്ലാതെ (മറ്റൊന്നും) അല്ല.”

69 പറയുക (നബിയേ): “നിങ്ങൾ ഭൂമിയിൽക്കൂടി സഞ്ചരിക്കുവിൻ; എന്നിട്ട് കുറ്റവാളികളുടെ പര്യവസാനം എങ്ങിനെയാണുണ്ടായിട്ടുള്ളതെന്ന് നോക്കുവിൻ!”

മരണാനന്തര ജീവിതത്തെ നിഷേധിക്കുന്ന അവിശ്വാസികൾ അത് പൂർവ്വികന്മാരുടെ പുരാണേതിഹാസങ്ങളാണെന്ന് പറഞ്ഞ് പുഛിച്ച് തള്ളുക പതിവാണ്. അത്തരം നിഷേധികളായ പല സമുദായങ്ങളുടെയും ശിക്ഷാനുഭവങ്ങൾ ഭൂമിയിൽകൂടി സഞ്ചരിക്കുകയാണെങ്കിൽ നിങ്ങൾക്ക് കണ്ടറിയുവാൻ സാധിക്കുന്നതാണ്. അത്തരം അനുഭവങ്ങൾ നിങ്ങൾക്കും ബാധിച്ചേക്കുന്നത് കരുതിയിരുന്ന് കൊള്ളുക എന്ന് അല്ലാഹു താക്കീത് നൽകുന്നു.

**വചനം 70,71,72**

وَلَا تَحۡزَنۡ عَلَيۡهِمۡ وَلَا تَكُن فِي ضَيۡقٖ مِّمَّا يَمۡكُرُونَ ٧٠
وَيَقُولُونَ مَتَىٰ هَٰذَا ٱلۡوَعۡدُ إِن كُنتُمۡ صَٰدِقِينَ ٧١
قُلۡ عَسَىٰٓ أَن يَكُونَ رَدِفَ لَكُم بَعۡضُ ٱلَّذِي تَسۡتَعۡجِلُونَ ٧٢

70 (നബിയേ) അവരുടെമേല്‍ നീ ദുഃഖിക്കേണ്ട, അവര്‍ കുതന്ത്രം നടത്തിക്കൊണ്ടിരിക്കുന്നതിനെക്കുറിച്ച് നീ (മനസ്സ്) ഇടുക്കത്തിലാകുകയും വേണ്ട.

71 അവര്‍ പറയുന്നു: "എപ്പോഴാണ് ഈ വാഗ്ദാനം (നടപ്പില്‍വരുക) -നിങ്ങള്‍ സത്യം പറയുന്നവരാണെങ്കില്‍?!"

72 പറയുക: "നിങ്ങള്‍ ധൃതികൂട്ടിക്കൊണ്ടിരിക്കുന്നതില്‍ ചിലത് (ഒരു പക്ഷേ) നിങ്ങള്‍ക്ക് അടുത്തു (തന്നെ) വരുകയുണ്ടായേക്കാം."

ഖിയാമത്ത് നാള്‍, പുനര്‍ജീവിതം, വിചാരണ എന്നിങ്ങനെ പ്രവാചകന്മാരാല്‍ മുന്നറിയിപ്പ് നല്‍കപ്പെടുന്ന 'വാഗ്ദാനങ്ങള്‍' എപ്പോഴാണ് നടപ്പില്‍ വരുക എന്ന അവിശ്വാസികളുടെ പരിഹാസപൂര്‍വ്വമുള്ള ചോദ്യത്തിന് അല്ലാഹു മറുപടി നല്‍കുന്നു: വേണ്ടാ, ധൃതി കൂട്ടേണ്ടാ; അവയില്‍ ചിലത് താമസം വിനാ നിങ്ങള്‍ക്ക് അനുഭവപ്പെട്ടുവെന്ന് വന്നേക്കാം. ഖേദിച്ചിട്ടു യാതൊരു പ്രയോജനവുമുണ്ടാവുകയില്ല.

**വചനം 73,74,75**

وَإِنَّ رَبَّكَ لَذُو فَضۡلٍ عَلَى ٱلنَّاسِ وَلَٰكِنَّ أَكۡثَرَهُمۡ لَا يَشۡكُرُونَ ٧٣
وَإِنَّ رَبَّكَ لَيَعۡلَمُ مَا تُكِنُّ صُدُورُهُمۡ وَمَا يُعۡلِنُونَ ٧٤
وَمَا مِنۡ غَآئِبَةٖ فِي ٱلسَّمَآءِ وَٱلۡأَرۡضِ إِلَّا فِي كِتَٰبٖ مُّبِينٍ ٧٥

73 നിശ്ചയമായും, നിന്‍റെ റബ്ബ് മനുഷ്യരുടെ മേല്‍ അനുഗ്രഹമുള്ളവനത്രെ. പക്ഷേ, അവരില്‍ അധികമാളുകളും നന്ദികാണിക്കുന്നില്ല.

74 നിശ്ചയമായും, നിന്‍റെ റബ്ബ് അവരുടെ ഹൃദയങ്ങള്‍ ഗോപ്യമാക്കിവെക്കുന്നതും, അവര്‍ പരസ്യമാക്കുന്നതും അറിയുന്നു.

75 ആകാശത്തും, ഭൂമിയിലും മറഞ്ഞു കിടക്കുന്ന യാതൊരു കാര്യവും തന്നെ, സ്പഷ്ടമായ ഒരു(രേഖാ) ഗ്രന്ഥത്തില്‍ ഉള്‍പ്പെടാതെയില്ല.

എന്നാല്‍ തല്‍ക്ഷണം അല്ലാഹു ശിക്ഷനടപ്പാക്കാത്തത് അവന്‍റെ ആചാരമായ അനുഗ്രഹം മനുഷ്യരുടെ മേല്‍ ഉള്ളതു കൊണ്ടാണ്. അവരുടെ ഹൃദയങ്ങള്‍ രഹസ്യമാക്കി വെക്കുന്നതും, പരസ്യമാക്കിവെക്കുന്നതും അറിയുന്നവനാകുന്നു അല്ലാഹു. ആകാശഭൂമിയുടെ സൃഷ്ടിയുടെ ആരംഭം തൊട്ട് എന്നെന്നേക്കും ഉണ്ടാകുന്ന സകലകാര്യങ്ങളും സവിസ്തരമായും സൂക്ഷ്മമായും അറിയുന്ന റബ്ബ് അവയെല്ലാം അവന്‍റെ അടുക്കലുള്ള ഗ്രന്ഥത്തില്‍ രേഖപ്പെടുത്തി വെച്ചിട്ടുമുണ്ട്. (സൂ.ഖമര്‍ 52,53 വചനങ്ങള്‍ നോക്കുക)

**വചനം 76,77,78,79**

إِنَّ هَٰذَا ٱلۡقُرۡءَانَ يَقُصُّ عَلَىٰ بَنِيٓ إِسۡرَٰٓءِيلَ أَكۡثَرَ ٱلَّذِي هُمۡ فِيهِ يَخۡتَلِفُونَ ٧٦
وَإِنَّهُۥ لَهُدٗى وَرَحۡمَةٞ لِّلۡمُؤۡمِنِينَ ٧٧

76 നിശ്ചയമായും, ഈ ഖുര്‍ആന്‍ ഇസ്രാഈല്‍ സന്തതികള്‍ക്ക്, അവര്‍ ഏതൊരു വിഷയത്തില്‍ ഭിന്നാഭിപ്രായം വെച്ചുകൊണ്ടിരിക്കുന്നുവോ അതില്‍ മിക്കതും (യഥാര്‍ത്ഥ രൂപത്തില്‍) വിവരിച്ചുകൊടുക്കുന്നു.

77 നിശ്ചയമായും ഇത് (ഖുര്‍ആന്‍) സത്യവിശ്വാസികള്‍ക്ക് മാര്‍ഗ്ഗദര്‍ശനവും കാരുണ്യവുമാകുന്നു.

إِنَّ رَبَّكَ يَقْضِي بَيْنَهُم بِحُكْمِهِۦۚ وَهُوَ ٱلْعَزِيزُ ٱلْعَلِيمُ ﴿٧٨﴾ فَتَوَكَّلْ عَلَى ٱللَّهِۖ إِنَّكَ عَلَى ٱلْحَقِّ ٱلْمُبِينِ ﴿٧٩﴾

78 നിന്റെ റബ്ബ് അവർക്കിടയിൽ, തന്റെ വിധി (നിയമം) കൊണ്ട് തീർപ്പ് കൽപിക്കുന്നതാണ്. അവനത്രെ സർവജ്ഞനായ പ്രതാപശാലി.

79 അതിനാൽ, നീ അല്ലാഹുവിന്റെമേൽ ഭരമേൽപിച്ചു കൊള്ളുക. നിശ്ചയമായും, നീ സ്പഷ്ടമായ പരമാർത്ഥത്തിൽ തന്നെയാണ് (നില കൊള്ളുന്നത്).

ഇസ്രാഈൽ സന്തതികളായ ജൂതന്മാരും കൃസ്ത്യാനികളും തമ്മിലും കൃസ്ത്യാനികൾക്കിടയിൽ തന്നെയുള്ള അവാന്തരവിഭാഗങ്ങൾ തമ്മിലും ഉള്ള അഭിപ്രായഭിന്നതയുള്ള കാര്യങ്ങളിൽ പരമാർത്ഥം ഇന്നിന്നതാണെന്ന് വിശുദ്ധ ഖുർആൻ വിവരിച്ചു കൊടുക്കുന്നുണ്ട്. ഉദാഹരണത്തിന്- ഈസ (അ) നബിയെ യഹൂദികൾ വ്യഭിചാരപുത്രനായി കണക്കാക്കുമ്പോൾ കൃസ്ത്യാനികളാകട്ടെ ദൈവപുത്രനെന്നും ത്രിയേക ദൈവമെന്നുമുള്ള വ്യത്യസ്ത വിശ്വാസങ്ങൾ വെച്ച് പുലർത്തുന്നു; എന്നാൽ അദ്ദേഹം അല്ലാഹുവിന്റെ അടിയാനും പ്രവാചകനുമാണെന്ന് വി : ഖുർആൻ തുറന്നു കാട്ടിയിരിക്കുന്നു. (സൂ: മർയം മുതലായ അദ്ധ്യായങ്ങൾ നോക്കുക) ഇതു പോലെ തന്നെ കുരിശു സംഭവത്തിലും മറ്റ് പലതിലും ഇതു പോലെയുള്ള ഉദാഹരണങ്ങൾ കാണാവുന്നതാണ്.

അങ്ങനെ യഥാർത്ഥ സത്യത്തിലേക്ക് മടങ്ങുവാനുള്ള മാർഗ്ഗം ഖുർആനിലുണ്ട്. അതിൽ വിശ്വസിക്കുന്നവരെ അതു സന്മാർഗത്തിലേക്കും ദൈവകാരുണ്യത്തിലേക്കും നയിക്കുമെന്നും അല്ലാഹു ഉണർത്തുന്നു. അതിനവർ തയ്യാറില്ലാത്ത പക്ഷം അല്ലാഹു അവർക്കിടയിൽ അവന്റെ ന്യായവിധി യഥാസമയം നടപ്പാക്കുന്നതുമാണ്.

**വചനം 80,81**

إِنَّكَ لَا تُسْمِعُ ٱلْمَوْتَىٰ وَلَا تُسْمِعُ ٱلصُّمَّ ٱلدُّعَآءَ إِذَا وَلَّوْا۟ مُدْبِرِينَ ﴿٨٠﴾ وَمَآ أَنتَ بِهَٰدِى ٱلْعُمْىِ عَن ضَلَٰلَتِهِمْۖ إِن تُسْمِعُ إِلَّا مَن يُؤْمِنُ بِـَٔايَٰتِنَا فَهُم مُّسْلِمُونَ ﴿٨١﴾

80 (നബിയേ,) നിശ്ചയമായും മരണപ്പെട്ടവരെ നീ കേൾപ്പിക്കുകയില്ല; ബധിരൻമാരെയും-അവർ പിന്നോക്കം തിരിഞ്ഞ് മാറിപ്പോയാൽ- നീ വിളികേൾപ്പിക്കുന്നതല്ല.

81 അന്ധൻമാർക്ക് അവരുടെ വഴിപിഴവുവിട്ട് നേർമാർഗ്ഗം കാട്ടിക്കൊടുക്കു(വാൻ കഴിയു)ന്നവനുമല്ല, നീ. നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും, അങ്ങനെ തങ്ങൾ 'മുസ്ലിം' കളായി (കീഴൊതുങ്ങിയവരായി)രിക്കയും ചെയ്യുന്നവരെയല്ലാതെ നീ കേൾപ്പിക്കുകയില്ല.

യാഥാർത്ഥ്യത്തെ പറ്റി ചിന്തിച്ചു നോക്കുവാനും, ലക്ഷ്യങ്ങളും ന്യായങ്ങളും കണ്ടോ കേട്ടോ ഗ്രഹിക്കുവാനും തയ്യാറില്ലാത്ത അവിശ്വാസികളെ മരണപ്പെട്ടു കിടക്കുന്ന ജഡങ്ങളോടും ബധിരന്മാരോടും അന്ധന്മാരോടും സാദൃശ്യപ്പെടുത്തിയിരിക്കുകയാണ് അല്ലാഹു. അവരുടെ ഹൃദയങ്ങൾ നിർജ്ജീവമാകുകയും കാതും കണ്ണും മരവിച്ചു പോകുകയും ചെയ്തിരിക്കുന്നു. അതോടുകൂടി അവരുടെ ശ്രദ്ധയും ദൃഷ്ടിയും മറുവശത്തേക്ക് മാത്രം തിരിയുകയും ചെയ്തിരിക്കുകയാണ്. അവർ ഇനി സത്യവിശ്വാസം സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. ലക്ഷ്യങ്ങളിൽ വിശ്വസിക്കുകയും അതു പ്രാവർത്തികമാക്കി അല്ലാഹുവിന് കീഴൊതുങ്ങുവാൻ- ഇസ്ലാമിനെ അംഗീകരിക്കുവാൻ- തയ്യാറാകുകയും ചെയ്യുന്നവരെ മാത്രമെ ഉപദേശം കേൾപ്പിക്കുവാനും അത് ഫലപ്രദമാക്കുവാനും സാധ്യമാകുകയുള്ളൂ. (സൂ: റൂം 52,53-ൽ ഇതേ വചനങ്ങൾ കാണാവുന്നതാണ്.)

**വചനം 82**

۞ وَإِذَا وَقَعَ ٱلْقَوْلُ عَلَيْهِمْ أَخْرَجْنَا لَهُمْ

82 അവരുടെമേൽ (ആ) വാക്ക് സംഭവിക്കുമ്പോൾ, ഭൂമിയിൽനിന്നും ഒരു ജീവിയെ (മൃഗത്തെ) നാം

دَابَّةً مِّنَ ٱلْأَرْضِ تُكَلِّمُهُمْ أَنَّ ٱلنَّاسَ كَانُوا۟ بِـَٔايَـٰتِنَا لَا يُوقِنُونَ ﴿٨٢﴾

അവർക്ക് പുറപ്പെടുവിക്കുന്നതാണ്. മനുഷ്യർ നമ്മുടെ ലക്ഷ്യങ്ങളിൽ ദൃഢവിശ്വാസം കൊള്ളാതിരിക്കുകയാണെന്ന് അതവരോട് സംസാരിക്കുന്നതാകുന്നു.

ഖിയാമത്ത് നാളിന്റെ മുന്നോടിയായി പ്രത്യക്ഷപ്പെടാനിരിക്കുന്ന ദൃഷ്ടാന്തങ്ങളിൽ ഒന്നാകുന്നു ഈ വചനത്തിൽവിവരിച്ചിടുള്ളത് 'ആ വാക്ക് സംഭവിക്കുമ്പോൾ' എന്ന് ഇവിടെ ഉദ്ദേശിച്ചത് ഖിയാമത്ത് നാളിനെ യാണ് അല്ലാഹുവിന്റെ കല്പനകൾ ധിക്കരിച്ച്കൊണ്ട് ജനങ്ങൾ ദുർമാർഗ്ഗത്തിലും തോന്നിയവാസ ജീവിതത്തിലും മുഴുകിയിരിക്കുന്ന അവസരത്തിലായിരിക്കും അല്ലാഹു ഈ ജീവിയെ പ്രത്യക്ഷപ്പെടുത്തുക. 'മനുഷ്യർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ദൃഢമായി വിശ്വസിക്കുന്നില്ല' എന്ന് ആ ജീവി അവരോട് സംസാരിക്കും.

ഈ മൃഗം എങ്ങിനെ ആയിരിക്കും, അതിന്റെ സംസാരം ഏതു ഭാഷയിൽ, ജനങ്ങളെ പറ്റി അതെങ്ങിനെ അറിയും - ഇതൊന്നും സൂക്ഷ്മമായി വിവരിക്കുന്ന ബലവത്തായ ഹദീസുകളൊന്നും കാണപ്പെടുന്നില്ല. അബ്ദുല്ലാഹിബ്നു ഉമർ(റ) ഉദ്ധരിക്കുന്ന ഒരു ഹദീസ് ഇപ്രകാരമാകുന്നു:

"റസൂൽ(സ) ഇപ്രകാരം പറയുകയുണ്ടായി: അന്ത്യനാളിന്റെ അടയാളമായി പ്രത്യക്ഷപ്പെടുന്ന ആദ്യദൃഷ്ടാന്തങ്ങൾ സൂര്യൻ അതിന്റെ അസ്തമയ ദിക്കിൽ നിന്ന് ഉദയം ചെയ്യലും ഒരു പൂർവാഹ്ന സമയത്ത് ജനങ്ങളിൽ ഒരു മൃഗം - അഥവാ ജീവി - പ്രത്യക്ഷപ്പെടലുമാകുന്നു".

"സൂര്യൻ അതിന്റെ അസ്തമന സ്ഥാനത്ത് (പടിഞ്ഞാറ്) നിന്ന് ഉദയം ചെയ്യുന്നത് ജനങ്ങൾ കാണുമ്പോൾ എല്ലാവരും തന്നെ വിശ്വാസികളായി തീരും. എന്നാൽ ഒരു ദേഹത്തിനും അപ്പോഴുണ്ടാകുന്ന വിശ്വാസം ഫലം ചെയ്യുകയില്ല" എന്നും റസൂൽ തിരുമേനി അരുളിയതായി ബുഖാരി(റ) ഉദ്ധരിച്ചിരിക്കുന്നു. തുടർന്ന് നബി(സ) സൂ: അൻആം- ലെ 158-ാം വചനം ഓതി കേൾപ്പിക്കുകയും ചെയ്തു. "അല്ലാഹുവിന്റെ ചില ദൃഷ്ടാന്തങ്ങൾ വരുന്ന ആ ദിവസം, അതിനു മുമ്പ് വിശ്വസിച്ചിട്ടില്ലാത്തതോ അല്ലെങ്കിൽ വിശ്വാസത്തോടു കൂടി ഒരു നന്മയും ചെയ്തിട്ടില്ലാത്തതോ ആയ ഒരു ദേഹത്തിനും ആ വിശ്വാസം ഫലം ചെയ്യുകയില്ല" എന്നത്രേ ആ ആയത്തിൽ പ്രസ്താവിച്ചിട്ടുള്ളത്.

തുടർന്നുള്ള വചനങ്ങളിൽ ഖിയാമത്ത് നാളിൽ ഉണ്ടാകുന്ന ചില സംഭവ വികാസങ്ങളെ കുറിച്ച് പ്രസ്താവിക്കുന്നു.

## വിഭാഗം-7

**വചനം-83**

وَيَوْمَ نَحْشُرُ مِن كُلِّ أُمَّةٍ فَوْجًا مِّمَّن يُكَذِّبُ بِـَٔايَـٰتِنَا فَهُمْ يُوزَعُونَ ﴿٨٣﴾

83 എല്ലാ സമുദായത്തിൽനിന്നും, നമ്മുടെ ലക്ഷ്യങ്ങളെ വ്യാജമാക്കുന്ന ഓരോ സമൂഹത്തെ നാം ഒരുമിച്ചുകൂട്ടുന്ന ദിവസം (ഓർക്കുക)! എന്നിട്ട്, അവർ തടഞ്ഞ് നിയന്ത്രിക്കപ്പെടുന്നതാകുന്നു.

അല്ലാഹുവിന്റെ ലക്ഷ്യങ്ങളെ വ്യാജമാക്കിയ ഓരോ സമൂഹത്തെയും തടഞ്ഞ് വെച്ച് നിന്ദ്യമായ നിലയിൽ അന്ന് വിചാരണ സ്ഥലത്തേക്ക് കൊണ്ടു വരപ്പെടുന്നതാണ്.

**വചനം- 84,85**

حَتَّىٰٓ إِذَا جَآءُو قَالَ أَكَذَّبْتُم بِـَٔايَـٰتِى وَلَمْ تُحِيطُوا۟ بِهَا عِلْمًا أَمَّاذَا كُنتُمْ تَعْمَلُونَ ﴿٨٤﴾ وَوَقَعَ ٱلْقَوْلُ عَلَيْهِم بِمَا ظَلَمُوا۟ فَهُمْ لَا

84 അങ്ങനെ, അവർ വന്നാൽ അവൻ (അല്ലാഹു) പറയും: "എന്റെ ലക്ഷ്യങ്ങളെക്കുറിച്ച് സൂക്ഷ്മമായറിയാതെ നിങ്ങൾ അവയെ വ്യാജമാക്കിയോ?! അതല്ലെങ്കിൽ, നിങ്ങൾ എന്തായിരുന്നു പ്രവർത്തിച്ചുകൊണ്ടിരുന്നത്?!

85 അവർ അക്രമം പ്രവർത്തിച്ചതു നിമിത്തം അവരിൽ (ശിക്ഷയുടെ) വാക്ക് സംഭവിക്കുന്നതു

يَنطِقُونَ ﴿٨٥﴾

മാണ്. അപ്പോൾ അവർ (ഒരക്ഷരവും) ഉരിയാടുകയില്ല.

അല്ലാഹുവിന്റെ ലക്ഷ്യങ്ങളെ അപ്പാടെ നിഷേധിച്ച് വന്നവരോട് അതേപറ്റി അല്ലാഹു സഗൗരവം ചോദ്യം ചെയ്യുന്നതാണ് അവർ അക്രമം പ്രവർത്തിച്ചതിനാൽ അവരിൽ ശിക്ഷയുടെ വാക്ക് സംഭവിക്കുന്നതുമാണ്.

**വചനം- 86**

أَلَمْ يَرَوْا۟ أَنَّا جَعَلْنَا ٱلَّيْلَ لِيَسْكُنُوا۟ فِيهِ وَٱلنَّهَارَ مُبْصِرًا ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يُؤْمِنُونَ ﴿٨٦﴾

86 അവർക്ക് ശാന്തമായി (അടങ്ങി)യിരിക്കുവാൻ വേണ്ടി രാത്രിയെയും, കണ്ണു കാണത്തക്ക നിലയിൽ പകലിനെയും നാം ഉണ്ടാക്കിയിട്ടുള്ളത് അവർ കണ്ടിട്ടില്ലേ?! നിശ്ചയമായും, അതിൽ വിശ്വസിക്കുന്ന ജനങ്ങൾക്ക് (പല) ദൃഷ്ടാന്തങ്ങളുണ്ട്.

ഉറങ്ങുവാനും വിശ്രമിക്കുവാനും തക്കവണ്ണം രാത്രിയെയും ഉപജീവനമാർഗ്ഗമന്വേഷിക്കുവാൻ യുക്തമായനിലയിൽ വെളിച്ചം നിറഞ്ഞ പകലിനെയും അല്ലാഹു സൃഷ്ടിച്ചത് എല്ലാവരും കണ്ടനുഭവിച്ചു വരുന്നതാണല്ലോ. ഇതിലെല്ലാം വിശ്വസിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട് എന്ന് അല്ലാഹു ഓർമ്മപ്പെടുത്തുന്നു.

**വചനം 87**

وَيَوْمَ يُنفَخُ فِى ٱلصُّورِ فَفَزِعَ مَن فِى ٱلسَّمَٰوَٰتِ وَمَن فِى ٱلْأَرْضِ إِلَّا مَن شَآءَ ٱللَّهُ ۚ وَكُلٌّ أَتَوْهُ دَٰخِرِينَ ﴿٨٧﴾

87 കാഹളത്തിൽ ഊതപ്പെടുന്ന ദിവസം (ഓർക്കുക)! അപ്പോൾ, അല്ലാഹു ഉദ്ദേശിക്കുന്നവരൊഴിച്ച് ആകാശങ്ങളിലുള്ളവരും, ഭൂമിയിലുള്ളവരും (എല്ലാംതന്നെ) ഭയവിഹ്വലതയിലായിത്തീരുന്നതാണ്. എല്ലാവരും അവൻെറ അടുക്കൽ എളിയവരായനിലയിൽ ചെല്ലുകയും ചെയ്യും.

ഖിയാമത്ത് നാളിൽ ഉണ്ടാകുന്ന ഒന്നാമത്തെ കാഹളമൂത്താണ് ഇവിടെ ഉദ്ദേശിക്കപെട്ടിട്ടുള്ളത്. കാഹളത്തിലെ ഊത്ത് മൂന്ന് ഊത്തുകൾ ഉണ്ടാകു മെന്നാണ് ഖുർആനിൽ നിന്നും ഹദീസിൽ നിന്നും തെളിവുകൾ ഉദ്ധരിച്ചു കൊണ്ട് പല മഹാൻമാരും പറയുന്നത്- ഭയ വിഹ്വലതയുടെ ഊത്ത്; മരണത്തിന്റെ ഊത്ത്; പുനരെഴുന്നേൽപ്പിന്റെ ഊത്ത്. എന്നാൽ മറ്റൊരു വിഭാഗം മഹാൻമാർ പറയുന്നത് ഭയ വിഹ്വലത്തയുടെയും മരണത്തിന്റെയും ഊത്തുകൾ വെവ്വേറയല്ല, രണ്ടും ഒന്നു തന്നെയാണെന്നുമാകുന്നു الله اعلم

ഏതായാലും ഈ ആയത്തിൽ പ്രസ്താവിച്ച ഊത്ത് ഒന്നാമത്തേതു തന്നെ. അപ്പോൾ അല്ലാഹു ഉദ്ദേശിക്കുന്നവരൊഴിച്ച് (വചനം 89 നോക്കുക) ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും എല്ലാം തന്നെ ഭയവിഹ്വലരായിത്തീരുന്നതാണ്. (സൂ: സുമർ : 68-ാംവചനവും നോക്കുക)

സ്വൂർ എന്ന വാക്കിനാണ് കാഹളം എന്ന് അർത്ഥം കൊടുത്തിരിക്കുന്നത്. കൊമ്പ് എന്നും അർത്ഥം ആ വാക്കിനുണ്ട്. ഇസ്രാഫീൽ (അ) എന്ന മലക്കാണ് കാഹളത്തിൽ ഊതുക എന്ന് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

**വചനം 88**

وَتَرَى ٱلْجِبَالَ تَحْسَبُهَا جَامِدَةً وَهِىَ تَمُرُّ مَرَّ ٱلسَّحَابِ ۚ صُنْعَ ٱللَّهِ ٱلَّذِىٓ أَتْقَنَ كُلَّ شَىْءٍ ۚ إِنَّهُۥ خَبِيرٌۢ بِمَا تَفْعَلُونَ ﴿٨٨﴾

88 പർവ്വതങ്ങളെ നിനക്കു കാണാം-അവ നിശ്ചലങ്ങളാണെന്ന് നീ ധരിച്ചേക്കും; അവയാകട്ടെ, മേഘം ചലിക്കുന്ന പ്രകാരം ചലിക്കുന്നതാണ്. എല്ലാ വസ്തുക്കളെയും വ്യവസ്ഥാപിതമായി (കൈകാര്യം) ചെയ്തിട്ടുള്ള അല്ലാഹുവിൻെറ പ്രവർത്തനം! നിശ്ചയമായും, അവൻ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞനാകുന്നു.

നിശ്ചലമായികാണുന്ന ഈ വമ്പിച്ച പർവ്വതങ്ങൾ ഖിയാമത്ത് നാളിൽ മേഘങ്ങൾ പോലെ അതി വേഗം ചലിക്കുന്നതാണ്. എന്നാൽ അവ നിശ്ചലമായി നിലകൊള്ളുന്നതായി നാം ധരിക്കുന്ന താണ്. ഖിയാമത്ത് നാളിൽ മലകളിൽ ഉണ്ടാകുന്ന സ്ഥിതി മാറ്റങ്ങളെ കുറിച്ച് ഖുർആനിൽ പലയി ടത്തും പ്രസ്താവിച്ചിട്ടുള്ളതാണ്.

: മലകൾ ശക്തമായ ഒരുസഞ്ചാരം സഞ്ചരിക്കും- സൂ: ത്വൂർ: 10

: മലകളെ നാം നടത്തുന്ന ദിവസം - സൂ : അൽകഹ്ഫ്: 47

: മലകൾ നടത്തപെടുകയും ചെയ്യും. എന്നിട്ട് അവ മരീചിക സമാനം ആയിതീരും -സൂ : നബഅ് 20

പർവ്വതങ്ങൾ ഖിയാമത്ത് നാളിൽ പൊടി പൊടിയായി പാറ്റപെട്ടു യാതൊരു കുണ്ടും കുഴിയുമില്ലാതെ ഭൂമി സമനിരപ്പായി കാണപ്പെടും എന്ന് സൂ: ത്വാഹാ 105,106,107 വചനങ്ങളിൽ അല്ലാഹു പ്രസ്ഥാവിച്ചിട്ടുണ്ട്.

പർവ്വതങ്ങളടക്കമുള്ള സർവ്വചരാചരങ്ങളെയും അതിസമർത്ഥമാം വണ്ണം വ്യവസ്ഥാപിതമായി കൈകാര്യം ചെയ്യുന്ന അതേ ലോക നിയന്താവായ അല്ലാഹുവിന്റെ പ്രവർത്തനം തന്നെയാണ് അന്നേ ദിവസം പർവ്വതങ്ങളിൽ ഈ വമ്പിച്ച മാറ്റം ഉണ്ടാക്കുന്നതും.

<u>വചനം 89,90</u>

مَن جَآءَ بِٱلْحَسَنَةِ فَلَهُۥ خَيْرٌ مِّنْهَا وَهُم مِّن فَزَعٍ يَوْمَئِذٍ ءَامِنُونَ ﴿٨٩﴾ وَمَن جَآءَ بِٱلسَّيِّئَةِ فَكُبَّتْ وُجُوهُهُمْ فِى ٱلنَّارِ هَلْ تُجْزَوْنَ إِلَّا مَا كُنتُمْ تَعْمَلُونَ ﴿٩٠﴾

89 ആർ നൻമയുംകൊണ്ട് വന്നുവോ അവന് അതിനെക്കാൾ ഉത്തമമായതുണ്ടായിരിക്കും. അവർ, അന്നത്തെ ദിവസം ഭയവിഹ്വലതയി ൽനിന്നും നിർഭയന്മാരുമായിരിക്കും.

90 ആർ തിൻമയുംകൊണ്ട് വന്നുവോ അവരുടെ മുഖങ്ങൾ (കുത്തിക്കൊണ്ട്) നരകത്തിൽ മറിച്ചി ടപ്പെടുകയും ചെയ്യും. “നിങ്ങൾ പ്രവർത്തി ച്ചിരുന്നതിനല്ലാതെ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുമോ?!” (എന്ന് അവരോട് പറയ പ്പെടും.)

കാഹളത്തിൽ ഊതപ്പെടുന്ന ദിവസം (വചനം 87 നോക്കുക) ആര് നന്മയും കൊണ്ട് വന്നുവോ അവർ അന്നത്തെ ദിവസം ഭയവിഹ്വലതയിൽ നിന്നും മുക്തരായിരിക്കും എന്നും, ആര് തിന്മയും കൊണ്ട് വന്നുവോ അവർ മുഖങ്ങൾ കുത്തികൊണ്ട് നരകത്തിൽ മറിച്ചിടപ്പെടുകയും ചെയ്യും എന്നും അല്ലാഹു മുന്നറിയിപ്പ് നൽകുന്നു.

‘നന്മ’ എന്നതു കൊണ്ടുദ്ദേശ്യം സൽക്കർമ്മങ്ങളും ‘തിന്മ’ എന്നതു കൊണ്ടുദ്ദേശ്യം ദുഷ്കർമ്മ ങ്ങളുമാണെന്ന് സാമാന്യമായിപ്പറയാം. എന്നാൽ എല്ലാ നന്മകളിലും വെച്ച് ഏറ്റവും പ്രധാനമായത് തൌഹീദിലുള്ള അടിയുറച്ച വിശ്വാസമാകുന്നു. തിന്മകളുടെ കൂട്ടത്തിലാകട്ടെ ഏറ്റവും വമ്പിച്ചത് ദൈവ നിഷേധവും ബഹുദൈവവിശ്വാസവുമാകുന്നു. അതു കൊണ്ടാണ് ചിലമഹാൻമാർ ഇവിടെ നന്മയെ തൗഹീദിന്റെ വാക്യം كلمة التوحيد . എന്നും തിന്മയെ കുഫ്റിന്റെ വാക്യം كلمة الكفر എന്നും വ്യാഖ്യാ നിച്ചിട്ടുള്ളത്. തൗഹീദിന്റെ അഭാവത്തിൽ മറ്റു കർമ്മങ്ങളൊന്നും അല്ലാഹുവിന്റെ അടുക്കൽ പരിഗണി ക്കപ്പെടുകയില്ലെന്ന് സൂ: ഫുർഖാൻ : 23 പോലെ ഖുർആനിൽ പലയിടങ്ങളിലും വ്യക്തമായി പ്രസ്താ വിച്ചിട്ടുള്ളതാകുന്നു.

മാത്രമല്ല നന്മയുടെ പ്രതിഫലം അതിന്റെ തോതിൽ കവിഞ്ഞതായിരിക്കുമെന്നും തിന്മയുടെ പ്രതിഫലം അതിന്റെ അളവനുസരിച്ചു മാത്രമായിരിക്കുമെന്നും അല്ലാഹു സ്പഷ്ടമാക്കിയിട്ടുള്ളതാകു ന്നു. (സൂ. അൻആം 160. സു: ഖസസ് 84 എന്നിവിടങ്ങളിൽ നോക്കുക) എന്നാൽ അല്ലാഹു ഉദ്ദേശിക്കുന്ന ഭാഗ്യവാൻമാർക്കാകട്ടെ നന്മകൾക്ക് അവൻ കണക്കില്ലാതെ പ്രതിഫലം നൽകുമെന്നും ഖുർആനിൽ അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്.

**വചനം 91,92,93**

إِنَّمَآ أُمِرْتُ أَنْ أَعْبُدَ رَبَّ هَٰذِهِ ٱلْبَلْدَةِ ٱلَّذِى حَرَّمَهَا وَلَهُۥ كُلُّ شَىْءٍ ۖ وَأُمِرْتُ أَنْ أَكُونَ مِنَ ٱلْمُسْلِمِينَ ﴿٩١﴾

91 (നബിയേ, പറഞ്ഞേക്കുക:) "ഈ രാജ്യത്തെ അലംഘനീയ (പരിപാവന) മാക്കിയിട്ടുള്ള വനായ അതിൻെറ റബ്ബിനെ ആരാധിക്കുവാൻ മാത്രമാണ് എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നത്. എല്ലാ വസ്തുവും അവൻേറതത്രെ. ഞാൻ 'മുസ്‌ലിം'കളിൽ പെട്ടവനായിരിക്കുവാനും എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നു.

وَأَنْ أَتْلُوَا۟ ٱلْقُرْءَانَ ۖ فَمَنِ ٱهْتَدَىٰ فَإِنَّمَا يَهْتَدِى لِنَفْسِهِۦ ۖ وَمَن ضَلَّ فَقُلْ إِنَّمَآ أَنَا۠ مِنَ ٱلْمُنذِرِينَ ﴿٩٢﴾

92 "ഞാൻ ഖുർആൻ പാരായണം ചെയ്യുവാനും (കൽപിക്കപ്പെട്ടിട്ടുണ്ട്)." എന്നാൽ, ആരെങ്കിലും നേർമ്മാർഗ്ഗം സ്വീകരിക്കുന്നതായാൽ, അവൻ തനിക്ക് (ഗുണത്തിനു)വേണ്ടിത്തന്നെ നേർമ്മാർഗ്ഗം സ്വീകരിക്കുന്നു; (നബിയേ) ആരെങ്കിലും വഴിപിഴച്ചുപോകുന്നതായാൽ, നീ പറഞ്ഞേക്കുക: "ഞാൻ മുന്നറിയിപ്പ് നൽകുന്നവരിൽ പെട്ടവൻ മാത്രമാണ്" എന്ന്.

وَقُلِ ٱلْحَمْدُ لِلَّهِ سَيُرِيكُمْ ءَايَٰتِهِۦ فَتَعْرِفُونَهَا ۚ وَمَا رَبُّكَ بِغَٰفِلٍ عَمَّا تَعْمَلُونَ ﴿٩٣﴾

93 (വീണ്ടും) പറയുക: "അല്ലാഹുവിന് സർവ്വസ്തുതിയും! അവൻെറ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്കവൻ (അടുത്ത്) കാണിച്ചുതന്നേക്കുന്നതാണ്; അപ്പോൾ നിങ്ങൾക്കത് മനസ്സിലായിക്കൊള്ളും!" നിൻെറ റബ്ബ് നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അശ്രദ്ധനല്ല തന്നെ.

ഈ രാജ്യം എന്ന് പറഞ്ഞത് മക്കയെ ഉദ്ദേശിച്ചാകുന്നു- കഅ്ബ എന്ന വിശുദ്ധ ദേവാലയം സ്ഥിതി ചെയ്യുന്നതും നബി(സ)യുടെ വാസസ്ഥലവുമായ മക്ക എന്ന സ്ഥലം. മക്കയെ അതിന്റെ റബ്ബ് അലംഘനീയമാക്കി എന്നു പറഞ്ഞതിന്റെ താൽപര്യം അവിടെവെച്ച് രക്തം ചിന്തുക, അക്രമം നടത്തുക, യുദ്ധം ചെയ്യുക മുതലായവയെല്ലാം അതികർശനമായി വിലക്കപ്പെടുകയും (ഹറാമാക്കുകയും) ഇതര രാജ്യങ്ങൾ ക്കില്ലാത്ത ബഹുമാനം കല്പിക്കപ്പെടുകയും (ഹുർമത്താക്കുകയും) ചെയ്യപ്പെട്ടിരിക്കുന്നു എന്നത്രേ. ഈ അർത്ഥത്തിൽ തന്നെയാണ് അതിന് 'ഹറം' الحرم എന്ന് പറയുന്നതും.

"ഞാൻ ഖുർആൻ പാരായണം ചെയ്യുവാനും കൽപിക്കപ്പെട്ടിട്ടുണ്ട്" എന്ന് പറഞ്ഞതിന് രണ്ടു തരത്തിൽ ഉദ്ദേശ്യം കൽപിക്കപ്പെട്ടിരിക്കുന്നു.

ഒന്നാമതായി, ഖുർആന്റെ സാരോപദേശങ്ങളും തത്വരഹസ്യങ്ങളും കൂടുതൽ കൂടുതൽ മനസ്സിലാക്കുവാൻവേണ്ടി അതു എപ്പോഴും വായിക്കുവാൻ - എന്നും. രണ്ടാമതായി പ്രബോധനമെന്ന നിലക്ക് ജനങ്ങളോട് അത് വീണ്ടും വീണ്ടും ഓതികേൾപ്പിക്കുവാൻ - എന്നും, ആരെങ്കിലും സന്മാർഗ്ഗം സ്വീകരിക്കുന്നതായാൽ അത് അവന്റെ ഗുണത്തിനു വേണ്ടി തന്നെയാകുന്നു. എല്ലാ ഓരോരുത്തരെയും സന്മാർഗ്ഗത്തിലാക്കുക എന്നത് നബി(സ) യുടെ ഉത്തരവാദിത്വത്തിൽ പെട്ടതല്ല. തിരുമേനി മുന്നറിയിപ്പു നൽകുന്നവരിൽ പെട്ടവൻ മാത്രമാകുന്നു. മുന്നറിയിപ്പ് കിട്ടിയിട്ടും ആരെങ്കിലും വഴി പിഴച്ചു പോകുകയാണെങ്കിൽ അവർതന്നെയാകുന്നു നഷ്ടക്കാർ.

"നിന്റെ റബ്ബ് നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് അശ്രദ്ധനല്ല തന്നെ " - എന്ന വളരെ ഗൗരവമേറിയ ഒരു മുന്നറിയിപ്പോടെ അല്ലാഹു ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു. ഒരു വിനാഴിക നേരമെങ്കിലും അല്ലാഹു അശ്രദ്ധനായിരിക്കുമെന്നോ ഒളിച്ചു വെക്കുന്ന ഏതെങ്കിലും കാര്യം അവൻ അറിയാതെ പോകുമെന്നോ, ഒരിക്കലും നാം ധരിച്ചു പോകരുത്.

അല്ലാഹു നമ്മെ സൽപാതയിൽ നടത്തിതരുകയും, നമ്മുടെ പാപങ്ങൾ പൊറുത്തുതരുകയും ചെയ്യട്ടെ. (ആമീൻ)

# 28. സൂറത്തു ഖസ്വസ് (കഥാ കഥനം)

മക്കയിൽ അവതരിച്ചത്

**വചനങ്ങൾ 88, വിഭാഗം (റുകൂഅ്) 9**

(52 മുതൽ 55 വരെ ആയതുകൾ മദീനയിൽ അവതരിച്ചതാണെന്നും 85-ാം വചനം മദീന യിലേക്കുള്ള ഹിജ്റ മദ്ധ്യേ ജുഹ്ഫയിൽ അവതരിച്ചതാണെന്നും മുഖാത്തിൽ(റ) പ്രസ്താവിച്ചിരിക്കുന്നു.)

മൂസാ നബി(അ), ഫിർഔൻ, ഖാറൂൻ എന്നിവരുടെ കഥകൾ വിവരിക്കുന്നതിനാലാണ് ഈ അദ്ധ്യായത്തിന് ഖസ്വസ് (കഥാ കഥനം) എന്ന പേര് നൽകപ്പെട്ടത്.

**വിഭാഗം - 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3,4**

طسٓمٓ ﴿١﴾ تِلْكَ ءَايَٰتُ ٱلْكِتَٰبِ ٱلْمُبِينِ ﴿٢﴾ نَتْلُوا۟ عَلَيْكَ مِن نَّبَإِ مُوسَىٰ وَفِرْعَوْنَ بِٱلْحَقِّ لِقَوْمٍ يُؤْمِنُونَ ﴿٣﴾ إِنَّ فِرْعَوْنَ عَلَا فِى ٱلْأَرْضِ وَجَعَلَ أَهْلَهَا شِيَعًا يَسْتَضْعِفُ طَآئِفَةً مِّنْهُمْ يُذَبِّحُ أَبْنَآءَهُمْ وَيَسْتَحْىِۦ نِسَآءَهُمْ ۚ إِنَّهُۥ كَانَ مِنَ ٱلْمُفْسِدِينَ ﴿٤﴾

1 ‘ത്വാ-സീൻ-മീം’

2 ഇവ സ്പഷ്ടമായ വേദഗ്രന്ഥത്തിലെ സൂക്തങ്ങളാകുന്നു.

3 വിശ്വസിക്കുന്ന ജനങ്ങൾക്കുവേണ്ടി, മൂസായുടെയും, ഫിർഔൻെറയും വൃത്താന്തത്തിൽനിന്നു (ചിലത്) യഥാർത്ഥനിലയിൽ നിനക്ക് നാം ഓതിത്തരുന്നു.

4 നിശ്ചയമായും, ഫിർഔൻ നാട്ടിൽ പൊങ്ങച്ചം കാണിച്ചു. അതിലെ ആളുകളെ അവൻ (പല) കക്ഷികളാക്കുകയും ചെയ്തു. അവരിൽ ഒരു വിഭാഗത്തെ-അവരുടെ ആൺകുട്ടികളെ അറുകൊല നടത്തുകയും, അവരുടെ പെണ്ണുങ്ങളെ (പെൺകുട്ടികളെ) ജീവിക്കുവാൻ വിടുകയും ചെയ്തുകൊണ്ട് അവൻ ബലഹീനമാക്കിയിരുന്നു. നിശ്ചയമായും, അവൻ കുഴപ്പമുണ്ടാക്കുന്നവരിൽ പെട്ടവനായിരുന്നു.

സൂറത്തിന്റെ ആരംഭത്തിലെ കേവലാക്ഷരങ്ങളെ കുറിച്ച് സൂ : അൽബഖറയുടെ പ്രാരംഭത്തിലെ വിശദീകരണം നോക്കുക. ഖിബുത്തി വംശത്തിൽ പെട്ട ഫിർഔന്റെ എക്ധിപത്യ ഭരണത്തിൻ കീഴിൽ ഈജിപ്തിലെ പൂർവ്വനിവാസികളായ ഖിബുത്തി(കൊപത്തി)കൾ ഭരണകക്ഷിയായ ഉന്നത വർഗ്ഗമെന്നും, യൂസഫ്(അ) നബിയുടെ കാലം മുതൽ അവിടെ കുടിയേറി പാർത്തുവന്ന ഇസ്രാഇല്യർ കേവലം അടിമകളായ അധമവർഗ്ഗമെന്നും വിഭജിക്കപ്പെട്ടിരുന്നു. ഇരുകൂട്ടരുടെയും വ്യത്യസ്തമായ മതാചാരങ്ങളും സംസ്ക്കാരപാരമ്പര്യവും അവർക്കിടയിലെ വിഭജനത്തിന് ആക്കം കൂട്ടുകയും ചെയ്തു. അതെ സമയം ഇസ്രായില്യരുടെ സംഖ്യാ വർദ്ധനവു ഖിബുത്തികളിൽ അസൂയയും ഭയവും ഉളവാക്കി. ഒടുക്കം, ഇസ്രാഈല്യരിൽ ജനിക്കുന്ന ആൺ കുഞ്ഞുങ്ങളെയെല്ലാം ക്രൂരമായി കൊലപ്പെടുത്തി കൊണ്ട് ഫിർഔൻ ഇസ്രാഈൽ ജനതയെ ബലഹീനമാക്കാനുള്ള നടപടിയിൽ ഏർപ്പെട്ടു.

**വചനം 5,6**

وَنُرِيدُ أَن نَّمُنَّ عَلَى ٱلَّذِينَ ٱسْتُضْعِفُوا۟ فِى ٱلْأَرْضِ وَنَجْعَلَهُمْ أَئِمَّةً وَنَجْعَلَهُمُ ٱلْوَٰرِثِينَ ﴿٥﴾

5 നാട്ടിൽ ബലഹീനരായി ഗണിക്കപ്പെടുന്നവർക്ക് ദാക്ഷിണ്യം ചെയ്യണമെന്ന് നാമും ഉദ്ദേശിക്കുന്നു; അവരെ നേതാക്കന്മാരാക്കുകയും, അവരെ അനന്തരാവകാശികളാക്കുകയും ചെയ്വാനും (ഉദ്ദേശിക്കുന്നു);

6 നാട്ടിൽ അവർക്ക് സ്വാധീനം നൽകുകയും, ഫിർഔന്നും, ഹാമാന്നും അവരുടെ സൈന്യങ്ങൾക്കും തങ്ങൾ അവരിൽനിന്ന് ഏതൊന്നിനെക്കുറിച്ച് ജാഗരൂകരായിരുന്നുവോ ആ കാര്യം (അനുഭവത്തിൽ) കാണിച്ചുകൊടുക്കുകയും ചെയ്‌വാനും (നാം ഉദ്ദേശിക്കുന്നു).

وَنُمَكِّنَ لَهُمْ فِى ٱلْأَرْضِ وَنُرِىَ فِرْعَوْنَ وَهَـٰمَـٰنَ وَجُنُودَهُمَا مِنْهُم مَّا كَانُوا۟ يَحْذَرُونَ ۝٦

അക്രമവും ധിക്കാരവും അതിരുകവിഞ്ഞ ജനതയെ നശിപ്പിച്ച്, മർദ്ദിതരും, അടിച്ചമർത്ത പ്പെട്ട വരുമായി കഴിയുന്ന ജനതക്ക് കാലക്രമേണ പ്രതാപവും സ്വാധീനവും നൽകുക എന്നത് അല്ലാഹു ഈ ലോകത്ത് നടത്തി വരുന്ന നടപടി ക്രമങ്ങളുടെ ഭാഗമാകുന്നു.

6ാം വചനത്തിൽ സൂചിപ്പിച്ച ഹാമാൻ ഫിർഔൻന്റെ ഒരു മന്ത്രിയായിരുന്നു.

**വചനം 7**

7 മൂസായുടെ മാതാവിന് നാം ബോധനം നല്കി: “അവന് മുലകൊടുത്തുകൊള്ളുക; എന്നിട്ട് അവനെക്കുറിച്ചു നിനക്ക് പേടിയുണ്ടായാൽ അവനെ നദിയിൽ ഇട്ടേക്കുക. നീ പേടിക്കുകയും വേണ്ടാ, വ്യസനിക്കുകയും വേണ്ടാ! നിശ്ചയമായും, നാം അവനെ നിൻെറ അടുക്കലേക്ക് തിരിച്ചുകൊണ്ടു വരുന്നതും, അവനെ ‘മുർസലു’കളിൽ (ദൈവദൂതൻമാരിൽ) പെട്ടവനാക്കുന്നതുമാകുന്നു.”

وَأَوْحَيْنَآ إِلَىٰٓ أُمِّ مُوسَىٰٓ أَنْ أَرْضِعِيهِ ۖ فَإِذَا خِفْتِ عَلَيْهِ فَأَلْقِيهِ فِى ٱلْيَمِّ وَلَا تَخَافِى وَلَا تَحْزَنِىٓ ۖ إِنَّا رَآدُّوهُ إِلَيْكِ وَجَاعِلُوهُ مِنَ ٱلْمُرْسَلِينَ ۝٧

ഇസ്രാഈല്യരുടെ ആൺകുട്ടികളെ ഒന്നടങ്കം കൊന്നൊടുക്കിക്കൊണ്ടിരുന്ന സമയത്തായിരുന്നു മൂസ്സാ (അ) നബിയുടെ ജനനം. ഈ സന്ദർഭത്തിലാണ് അല്ലാഹു മൂസ്സാ(അ) നബിയുടെ മാതാവിന് വചനത്തിൽ സൂചിപ്പിച്ച പ്രകാരം ബോധനം നൽകി കൊണ്ട് അവർക്ക് സമാധാനം നൽകിയത്.

**വചനം 8**

8 എന്നിട്ട്, തങ്ങൾക്ക് ശത്രുവും, വ്യസനകരവും ആയിത്തീരുവാൻവേണ്ടി, ഫിർഔൻെറ ആൾക്കാർ അവനെ (നദിയിൽനിന്ന്) കണ്ടെടുത്തു. നിശ്ചയമായും, ഫിർഔനും, ഹാമാനും, അവരുടെ സൈന്യങ്ങളും അബദ്ധം പിണഞ്ഞവരായിരുന്നു.

فَٱلْتَقَطَهُۥٓ ءَالُ فِرْعَوْنَ لِيَكُونَ لَهُمْ عَدُوًّا وَحَزَنًا ۗ إِنَّ فِرْعَوْنَ وَهَـٰمَـٰنَ وَجُنُودَهُمَا كَانُوا۟ خَـٰطِـِٔينَ ۝٨

നൈൽ നദിയിൽ ഒഴുക്ക പ്പെട്ട ആ ആൺകുഞ്ഞിനെ എടുത്ത് വളർത്തുക വഴി അവർ തങ്ങൾക്കു തന്നെ വമ്പിച്ച ആപത്ത് വലിച്ചു വെക്കുകയാണ് ചെയ്തത്. അതെ , അല്ലാഹു ഉദ്ദേശിച്ചത് ആ കുഞ്ഞ് ഫിർഔന്റെ ലാളനയിൽതന്നെ വളരണമെന്നായിരുന്നു.

**വചനം 9**

9 ഫിർഔൻെറ ഭാര്യ പറഞ്ഞു: (ഈ കുട്ടി) എനിക്കും, അങ്ങേക്കും ഒരു കൺകുളിർമ്മയായിരിക്കും-ഇവനെ നിങ്ങൾ കൊലപ്പെടുത്തരുത്; “ഇവൻ നമുക്ക് ഉപകരിച്ചേക്കാം, അല്ലെങ്കിൽ നമുക്കിവനെ ഒരു സന്താനമായി സ്വീകരിക്കാം.” അവരാകട്ടെ, (യാഥാർത്ഥ്യം) അറിഞ്ഞിരുന്നില്ല.

وَقَالَتِ ٱمْرَأَتُ فِرْعَوْنَ قُرَّتُ عَيْنٍ لِّى وَلَكَ ۖ لَا تَقْتُلُوهُ عَسَىٰٓ أَن يَنفَعَنَآ أَوْ نَتَّخِذَهُۥ وَلَدًا وَهُمْ لَا يَشْعُرُونَ ۝٩

കുഞ്ഞിനെ കണ്ടപ്പോള്‍ ഫിര്‍ഔന്‍റെ ഭാര്യക്ക് അത്യധികം സ്നേഹവും ലാളനയും തോന്നുകയും ഫിര്‍ഔന്‍ നോടു കുഞ്ഞിനെ പോറ്റു മകനായി വളര്‍ത്തണമെന്ന് പറയുകയും ഫിര്‍ഔന്‍ അത് അംഗീകരിക്കുകയും ചെയ്തു. ഭവിഷ്യത്തുകളെ കുറിച്ച് അവര്‍ക്കാര്‍ക്കും അറിഞ്ഞു കൂടായിരുന്നല്ലോ.

**വചനം 10,11,12**

وَأَصْبَحَ فُؤَادُ أُمِّ مُوسَىٰ فَارِغًا ۖ إِن كَادَتْ لَتُبْدِي بِهِ لَوْلَا أَن رَّبَطْنَا عَلَىٰ قَلْبِهَا لِتَكُونَ مِنَ الْمُؤْمِنِينَ ﴿١٠﴾

وَقَالَتْ لِأُخْتِهِ قُصِّيهِ ۖ فَبَصُرَتْ بِهِ عَن جُنُبٍ وَهُمْ لَا يَشْعُرُونَ ﴿١١﴾

۞ وَحَرَّمْنَا عَلَيْهِ الْمَرَاضِعَ مِن قَبْلُ فَقَالَتْ هَلْ أَدُلُّكُمْ عَلَىٰ أَهْلِ بَيْتٍ يَكْفُلُونَهُ لَكُمْ وَهُمْ لَهُ نَاصِحُونَ ﴿١٢﴾

10 മൂസായുടെ മാതാവിന്‍െറ ഹൃദയം (അസ്വാസ്ഥ്യം നിമിത്തം) ശൂന്യമായിത്തീര്‍ന്നു. അവളുടെ മനസ്സിന് നാം ദാര്‍ഢ്യം നല്‍കിയിട്ടില്ലായിരുന്നുവെങ്കില്‍, നിശ്ചയമായും അവള്‍ അത് (ആ രഹസ്യം) വെളിപ്പെടുത്തിയേക്കുമായിരുന്നു! അവള്‍ വിശ്വസിക്കുന്നവരില്‍പെട്ടവളാകുവാന്‍ വേണ്ടിയത്രെ (നാം അങ്ങിനെ ചെയ്തത്).

11 അവള്‍ അവന്‍െറ (മൂസായുടെ) സഹോദരിയോട്: "നീ അവനു പിന്നാലെ ചെന്നന്വേഷിക്കുക" എന്ന് പറഞ്ഞു. എന്നിട്ട്, അവള്‍ അവനെപ്പറ്റി അകലെനിന്ന് കണ്ടു മനസ്സിലാക്കി; അവരാകട്ടെ അറിഞ്ഞിരുന്നതുമില്ല.

12 (സഹോദരി വരുന്നതിനു) മുമ്പ് മുലകൊടുക്കുന്ന സ്ത്രീകളെ നാം അവന് നിരോധിക്കുകയും ചെയ്തു. അപ്പോള്‍, അവള്‍ പറഞ്ഞു: "നിങ്ങള്‍ക്കുവേണ്ടി ഇവനെ ഏറ്റെടുക്കുന്ന ഒരു വീട്ടുകാരെക്കുറിച്ച് നിങ്ങള്‍ക്ക് ഞാന്‍ അറിവ് തരട്ടെയോ? അവര്‍ ഇവന് ഗുണകാംക്ഷികളായിരിക്കുന്നതുമാണ്."

കുഞ്ഞിന്‍റെ സ്ഥിതിയെ കുറിച്ചാലോചിച്ച് മൂസ്സ(അ) ന്‍റെ മാതാവിന്‍റെ ഹൃദയം അസ്വസ്ഥ ഭരിതമായി. അല്ലാഹു അവരുടെ ഹൃദയത്തിന് ദൃഢതയും ശക്തിയും നല്‍കിയില്ലായിരുന്നെങ്കില്‍ അവരില്‍ നിന്ന് ആ രഹസ്യം പുറത്തായേക്കുമായിരുന്നു.

കുഞ്ഞിന്‍റെ സ്ഥിതിയെ പറ്റി അന്വേഷിക്കാന്‍ മാതാവ് മൂസാ(അ)ന്‍റെ മൂത്ത സഹോദരിയെ ഏര്‍പ്പാടു ചെയ്തു. കുട്ടി രാജകൊട്ടാരത്തിലെത്തിയ വിവരം മനസ്സിലാക്കിയ അവള്‍, കുട്ടി ആരുടെയും മുലകുടിക്കുവാന്‍ കൂട്ടാക്കാത്ത വസ്തുത ഗ്രഹിക്കുകയും ആ സന്ദര്‍ഭം സാമര്‍ത്ഥ്യപൂര്‍വ്വം പ്രയോജനപ്പെടുത്തുകയും ചെയ്തു . ആ കുഞ്ഞിനെ വേണ്ട പരിഗണനയോടെ വളര്‍ത്തുവാന്‍ പറ്റിയ ഒരു വീട്ടുകാര്‍ തന്‍റെ അറിവിലുണ്ടെന്ന് അറിയിക്കുകയും, ആ നിര്‍ദ്ദേശം രാജകൊട്ടാരത്തിലുള്ളവര്‍ അംഗീകരിക്കുകയും ചെയ്തു . ഇതോടു കൂടി കൊട്ടാരത്തില്‍ നിന്നുള്ള വേതനവും മറ്റ് ആനുകൂല്യങ്ങളുമൊപ്പം മൂസ്സാ(അ) സ്വമാതാവിങ്കല്‍ എത്തിച്ചേരുകയും ചെയ്തു.

**വചനം 13.**

فَرَدَدْنَاهُ إِلَىٰ أُمِّهِ كَيْ تَقَرَّ عَيْنُهَا وَلَا تَحْزَنَ وَلِتَعْلَمَ أَنَّ وَعْدَ اللَّهِ حَقٌّ وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿١٣﴾

13 അങ്ങനെ, അവന്‍െറ മാതാവിന്‍െറ കണ്‍കുളിര്‍ക്കുകയും, അവള്‍ വ്യസനിക്കാതിരിക്കുകയും ചെയ്‌വാന്‍ വേണ്ടിയും, അല്ലാഹുവിന്‍െറ വാഗ്ദാനം യഥാര്‍ത്ഥം തന്നെയാണെന്ന് അവള്‍ അറിയേണ്ടതിനായും അവനെ നാം അവള്‍ക്ക് തിരിച്ചുകൊടുത്തു. എങ്കിലും, അവരില്‍ അധികമാളുകളും അറിയുമായിരുന്നില്ല.

അങ്ങനെ അല്ലാഹു അവരോട് ചെയ്ത വാഗ്ദാനം യാഥാർത്ഥമായിത്തീരുകയും ചെയ്തു. സൃഷ്ടികൾ അറിയുകയോ അനുമാനിക്കുകയോ ചെയ്യാത്തമാർഗ്ഗങ്ങളിലൂടെ അല്ലാഹു ഉദ്ദേശിച്ച കാര്യങ്ങൾ അവൻ നടപ്പാക്കുന്നു. അവ നടപ്പിൽവന്നു കാണുമ്പോൾ മാത്രമെ, മനുഷ്യന് അവയുടെ പൊരുൾ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു.

## വിഭാഗം - 2

**വചനം -14**

وَلَمَّا بَلَغَ أَشُدَّهُۥ وَٱسْتَوَىٰٓ ءَاتَيْنَٰهُ حُكْمًا وَعِلْمًا ۚ وَكَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿١٤﴾

14 അദ്ദേഹം (മൂസാ)തൻെറ ശക്തി പ്രാപിക്കുകയും, പാകതയെത്തുകയും ചെയ്തപ്പോൾ നാം അദ്ദേഹത്തിന് വിജ്ഞാനവും (അഥവാ വിധി കർതൃത്വവും) അറിവും നൽകി. അപ്രകാരമാണ് സൽഗുണവാൻമാർക്ക് നാം പ്രതിഫലം കൊടുക്കുന്നത്.

മൂസാ(അ) ശാരീരികമായി ശക്തി പ്രാപിക്കുകയും ബുദ്ധിപരമായ പക്വതയും പാകതയും എത്തുകയും ചെയ്തപ്പോൾ അല്ലാഹു അദ്ദേഹത്തിനു വിജ്ഞാനവും വിധികർതൃത്വവും പ്രദാനം ചെയ്തു. (പ്രവാചകത്വം ലഭിക്കുന്നത് ഇനിയും കുറെ വർഷങ്ങൾ കഴിഞ്ഞാണെന്ന് പിന്നീട് വരുന്ന വചനങ്ങളിൽ നിന്നും അനുമാനിക്കാവുന്നതാണ്.) പ്രവാചകത്വം ലഭിക്കന്നതിനു മുമ്പുണ്ടായ ഒരു സംഭവമാണ് അടുത്ത വചനത്തിൽ പ്രസ്താവിക്കുന്നത്.

**വചനം 15:**

وَدَخَلَ ٱلْمَدِينَةَ عَلَىٰ حِينِ غَفْلَةٍ مِّنْ أَهْلِهَا فَوَجَدَ فِيهَا رَجُلَيْنِ يَقْتَتِلَانِ هَٰذَا مِن شِيعَتِهِۦ وَهَٰذَا مِنْ عَدُوِّهِۦ ۖ فَٱسْتَغَٰثَهُ ٱلَّذِى مِن شِيعَتِهِۦ عَلَى ٱلَّذِى مِنْ عَدُوِّهِۦ فَوَكَزَهُۥ مُوسَىٰ فَقَضَىٰ عَلَيْهِ ۖ قَالَ هَٰذَا مِنْ عَمَلِ ٱلشَّيْطَٰنِ ۖ إِنَّهُۥ عَدُوٌّ مُّضِلٌّ مُّبِينٌ ﴿١٥﴾

15 പട്ടണവാസികളുടെ ഒരശ്രദ്ധയുടെ നേരത്ത് അദ്ദേഹം അതിൽ (പട്ടണത്തിൽ) പ്രവേശിച്ചു; അപ്പോൾ, അവിടെ രണ്ടു പുരുഷൻമാർ ശണ്ഠ കൂടുന്നതായി അദ്ദേഹം കണ്ടെത്തി: ഇയാൾ (രണ്ടിലൊരുവൻ) തൻെറ കക്ഷിയിൽപെട്ടവനും, ഇയാൾ (മറ്റേവൻ) തൻെറ ശത്രുക്കളിൽ പെട്ടവനുമാണ്. അങ്ങനെ, തൻെറ കക്ഷിയിൽപെട്ടവൻ, ശത്രുക്കളിൽ പെട്ടവന്നെതിരിൽ അദ്ദേഹത്തോട് സഹായം തേടി. അപ്പോൾ, മൂസാ അവനെ (മുഷ്ടിചുരുട്ടി) ഇടിച്ചു, അങ്ങനെ, അവൻെറ പണിതീർത്തു (കഥ കഴിച്ചു)! അദ്ദേഹം പറഞ്ഞു: "ഇത് പിശാചിൻെറ പ്രവർത്തനത്തിൽപെട്ടതാണ്; നിശ്ചയമായും, അവൻ വഴി പിഴപ്പിക്കുന്ന പ്രത്യക്ഷശത്രുവാകുന്നു!"

മൂസാ(അ) ഒരിക്കൽ പട്ടണത്തിൽ വന്ന അവസരത്തിൽ ഒരു 'അശ്രദ്ധസമയത്ത്' (ഉച്ചസമയത്തോ ഉഷ്ണാവസ്ഥയിലോ അതോ സന്ധ്യാസമയത്തെ ഇരുട്ട് വേളയിലോ) രണ്ടു പേർക്കിടയിലെ ഒരു ശണ്ഠയിൽ തന്റെ സഹായമഭ്യർത്ഥിച്ച ഇസ്രാഈൽകാരനെ സഹായിക്കുന്നതിനിടയിൽ അദ്ദേഹം ശത്രുപക്ഷത്തുള്ള ഖിബുത്തിയെ ശക്തിയായി ഒന്നു ഇടിക്കുകയും അത് അയാളുടെ മരണത്തിൽ കലാശിക്കുകയും ചെയ്തു. അവിചാരിതമായിട്ടെങ്കിലും, അവിവേകമായിത്തീർന്ന ആ കൃത്യത്തിൽ അദ്ദേഹം അത്യധികം ദു:ഖിച്ചു.

**വചനം 16,17**

قَالَ رَبِّ إِنِّي ظَلَمْتُ نَفْسِي فَٱغْفِرْ لِي فَغَفَرَ لَهُۥٓ ۚ إِنَّهُۥ هُوَ ٱلْغَفُورُ ٱلرَّحِيمُ ﴿١٦﴾

16 അദ്ദേഹം പറഞ്ഞു: "റബ്ബേ! ഞാൻ എന്നോടു തന്നെ അക്രമം പ്രവർത്തിച്ചിരിക്കുന്നു. അതുകൊണ്ട് എനിക്ക് പൊറുത്തു തരേണമേ!" ആകയാൽ, അവൻ (റബ്ബ്) അദ്ദേഹത്തിന് പൊറുത്തുകൊടുത്തു. നിശ്ചയമായും, അവൻ വളരെ പൊറുക്കുന്നവനും, കരുണാനിധിയുമത്രെ.

قَالَ رَبِّ بِمَآ أَنْعَمْتَ عَلَيَّ فَلَنْ أَكُونَ ظَهِيرًا لِّلْمُجْرِمِينَ ﴿١٧﴾

17 അദ്ദേഹം പറഞ്ഞു: "റബ്ബേ! നീ എൻെറമേൽ അനുഗ്രഹം ചെയ്തുതന്നിട്ടുള്ളതുകൊണ്ട് ഇനി ഞാൻ കുറ്റവാളികൾക്ക് പിൻതുണ നൽകുന്നവനായിരിക്കുന്നതേയല്ല."

അദ്ദേഹം ഖേദിച്ചു മടങ്ങുകയും കരുണാനിധിയായ റബ്ബ് അദ്ദേഹത്തിനു പൊറുത്തു കൊടുക്കുകയും ചെയ്തു. മേലിൽ ഇത്തരം അബദ്ധത്തിൽ കുടുങ്ങുകയില്ലെന്ന് അദ്ദേഹം ദൃഢനിശ്ചയവും ചെയ്തു.

**വചനം 18,19**

فَأَصْبَحَ فِي ٱلْمَدِينَةِ خَآئِفًا يَتَرَقَّبُ فَإِذَا ٱلَّذِي ٱسْتَنصَرَهُۥ بِٱلْأَمْسِ يَسْتَصْرِخُهُۥ ۚ قَالَ لَهُۥ مُوسَىٰٓ إِنَّكَ لَغَوِيٌّ مُّبِينٌ ﴿١٨﴾

18 അങ്ങനെ, അദ്ദേഹം പട്ടണത്തിൽ പേടിച്ച് (ഭവിഷ്യത്തിനെപ്പറ്റി) വീക്ഷിച്ചുംകൊണ്ടിരിക്കുകയായി. അപ്പോഴതാ, തലേദിവസം സഹായമർത്ഥിച്ചവൻ (പിറ്റേദിവസം വീണ്ടും) അദ്ദേഹത്തോട് (സഹായത്തിന്) നിലവിളികൂട്ടുന്നു, മൂസാ അവനോട് പറഞ്ഞു: "നിശ്ചയമായും നീ ഒരു പ്രത്യക്ഷ ദുർമാർഗ്ഗിതന്നെയാണ്".

فَلَمَّآ أَنْ أَرَادَ أَن يَبْطِشَ بِٱلَّذِي هُوَ عَدُوٌّ لَّهُمَا قَالَ يَٰمُوسَىٰٓ أَتُرِيدُ أَن تَقْتُلَنِي كَمَا قَتَلْتَ نَفْسًۢا بِٱلْأَمْسِ ۖ إِن تُرِيدُ إِلَّآ أَن تَكُونَ جَبَّارًا فِي ٱلْأَرْضِ وَمَا تُرِيدُ أَن تَكُونَ مِنَ ٱلْمُصْلِحِينَ ﴿١٩﴾

19 എന്നിട്ട്, അദ്ദേഹം അവർ രണ്ടാളുടെയും ശത്രുവായുള്ളവനിൽ കയ്യൂക്ക് നടത്തുവാൻ ഉദ്ദേശിച്ചപ്പോൾ,- അവൻ പറഞ്ഞു: "മൂസാ! താൻ ഇന്നലെ ഒരാളെ കൊന്നതുപോലെ (ഇന്ന്) എന്നെ കൊല്ലുവാൻ ഉദ്ദേശിക്കുകയാണോ?! നീ നാട്ടിൽ ഒരു സ്വേച്ഛാധികാരിയായിത്തീരുവാനല്ലാതെ ഉദ്ദേശിക്കുന്നില്ല; നൻമയുണ്ടാക്കുന്നവരുടെ കൂട്ടത്തിലായിത്തീരുവാൻ നീ ഉദ്ദേശിക്കുന്നില്ലതാനും.

തലേ ദിവസത്തെ ആ സംഭവത്തിന്റെ ഭവിഷ്യത്തിനെ കുറിച്ചോർത്ത് ആശങ്കയിൽ കഴിയവെയാണ് വീണ്ടും അതേ ഇസ്രാഈൽകാരൻ മറ്റൊരു ഖുബുത്തിയുമായി ശണ്ഠകൂടിക്കൊണ്ട് മൂസ (അ) നബിയുടെ സഹായത്തിനായി അഭ്യർത്ഥിക്കുന്നത്. "നിശ്ചയമായും നീ ഒരു ദുർമാർഗ്ഗി തന്നെയാണ്" എന്ന് അയാളോട് പറഞ്ഞെങ്കിലും ഖിബ്ത്തിയെ നിലക്കനിർത്തുവാൻ തന്നെ അദ്ദേഹം നിശ്ചയിച്ചു. ഈ അവസരത്തിലാണ് "മൂസാ, ഇന്നലെ ഒരാളെ നീ കൊന്നതു പോലെ ഇന്ന് എന്നെയും കൊല്ലുവാനാണോ ഉദ്ദേശം" എന്നും മറ്റും അദ്ദേഹത്തോട് പറയപ്പെട്ടത്. ഇപ്രകാരം പറഞ്ഞത് ഇസ്രായിലിയാണെന്നു ചിലർക്ക് അഭിപ്രായമുണ്ടെങ്കിലും, ഖിബ്ത്തിയാണ് അപ്രകാരം പറഞ്ഞതെന്നാണ് വാചകത്തിന്റെ സ്വഭാവം വെച്ച് കൂടുതൽ വ്യക്തതകാണുന്നത് الله اعلم

**വചനം 20,21**

وَجَآءَ رَجُلٌ مِّنْ أَقْصَا ٱلْمَدِينَةِ يَسْعَىٰ

20 പട്ടണത്തിൻെറ അങ്ങേഅറ്റത്തുനിന്ന് ഒരു പുരുഷൻ ഓടിവന്നു. അയാൾ (മൂസായോട്)

قَالَ يَٰمُوسَىٰٓ إِنَّ ٱلۡمَلَأَ يَأۡتَمِرُونَ بِكَ لِيَقۡتُلُوكَ فَٱخۡرُجۡ إِنِّي لَكَ مِنَ ٱلنَّٰصِحِينَ ٢٠

പറഞ്ഞു: “മൂസാ! നിന്നെ കൊല്ലുവാനായി പ്രധാനികൾ നിന്നെപ്പറ്റി ആലോചന നടത്തിവരുന്നുണ്ട്. അതുകൊണ്ട് നീ (രാജ്യത്തുനിന്നും) പുറത്തുപോയിക്കൊള്ളുക! നിശ്ചയമായും, ഞാൻ നിനക്ക് ഗുണം കാംക്ഷിക്കുന്നവരിൽപെട്ടവനാണ്.”

فَخَرَجَ مِنۡهَا خَآئِفٗا يَتَرَقَّبُۖ قَالَ رَبِّ نَجِّنِي مِنَ ٱلۡقَوۡمِ ٱلظَّٰلِمِينَ ٢١

21 അങ്ങനെ, അദ്ദേഹം പേടിച്ച് വീക്ഷിച്ചുംകൊണ്ട് അവിടെനിന്നും പുറപ്പെട്ടുപോയി. അദ്ദേഹം പറഞ്ഞു: “എന്റെ റബ്ബേ! അക്രമികളായ ജനങ്ങളിൽനിന്ന് എന്നെ നീ രക്ഷപ്പെടുത്തേണമേ!”

മൂസ(അ) നബിക്കെതിരെയുള്ള നടപടിയുടെ ഭാഗമായി അദ്ദേഹത്തെ കൊല്ലുവാനുള്ള ആലോചന നടത്തിവരുന്നുണ്ടെന്നുള്ള വിവരം ഒരു ഗുണകാംക്ഷി ധൃതിയിൽ അദ്ദേഹത്തോട്‌വന്നു പറഞ്ഞു . അദ്ദേഹം അവിടെനിന്നും പുറപ്പെട്ടു പോകുകയും , അതോടൊപ്പം രക്ഷക്ക് അല്ലാഹുവിനോട് ദുആ ചെയ്യുകയും ചെയ്തു.

**വിഭാഗം 3**

**വചനം 22, 23:**

وَلَمَّا تَوَجَّهَ تِلۡقَآءَ مَدۡيَنَ قَالَ عَسَىٰ رَبِّيٓ أَن يَهۡدِيَنِي سَوَآءَ ٱلسَّبِيلِ ٢٢

22 അദ്ദേഹം മദ്‌യന്റെ നേരെ (യാത്ര) തിരിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: “എന്റെ റബ്ബ് എന്നെ ശരിയായ മാർഗ്ഗത്തിൽ നയിച്ചുതന്നേക്കാം.”

وَلَمَّا وَرَدَ مَآءَ مَدۡيَنَ وَجَدَ عَلَيۡهِ أُمَّةٗ مِّنَ ٱلنَّاسِ يَسۡقُونَ وَوَجَدَ مِن دُونِهِمُ ٱمۡرَأَتَيۡنِ تَذُودَانِۖ قَالَ مَا خَطۡبُكُمَاۖ قَالَتَا لَا نَسۡقِي حَتَّىٰ يُصۡدِرَ ٱلرِّعَآءُۖ وَأَبُونَا شَيۡخٞ كَبِيرٞ ٢٣

23 മദ്‌യനിലെ വെള്ള(ത്താവള)ത്തിങ്കൽ അദ്ദേഹം വന്നുചേർന്നപ്പോൾ അതിനടുക്കൽ ഒരു കൂട്ടം മനുഷ്യർ (കന്നുകാലികൾക്ക്) വെള്ളം കൊടുക്കുന്നതായിക്കണ്ടെത്തി. അവരുടെ ഇപ്പുറത്തായി രണ്ടു സ്ത്രീകൾ (തങ്ങളുടെ ആടുകളെ) തടഞ്ഞുവെച്ചുകൊണ്ടിരിക്കുന്നതായും അദ്ദേഹം കണ്ടു. അദ്ദേഹം പറഞ്ഞു: “നിങ്ങളുടെ കാര്യം (വിശേഷം) എന്താണ്?” അവർ പറഞ്ഞു: “ഇടയൻമാർ വെള്ളം കൊടുത്ത് തിരിച്ചുകൊണ്ടുപോകുന്നതുവരേക്കും ഞങ്ങൾ (ആടുകൾക്ക്) വെള്ളം കൊടുക്കാറില്ല. ഞങ്ങളുടെ പിതാവാകട്ടെ, ഒരു വലിയ വൃദ്ധനുമാകുന്നു.”

അല്ലാഹുവിങ്കൽ പ്രതീക്ഷ അർപ്പിച്ച് കൊണ്ട് മൂസാ(അ) നബി മദ്‌യൻ ദേശത്തെ (ഈ സ്ഥലം ‘മിദിയൻ’ എന്നും ‘മിദ്യാൻ’ എന്നും അറിയപ്പെടുന്നു) ലക്ഷ്യമാക്കി യാത്ര തിരിച്ചു. അവിടെ എത്തിയപ്പോൾ ഒരു വെള്ളത്താവളത്തിങ്കൽ ആളുകൾ തങ്ങളുടെ ആടുകൾക്ക് വെള്ളം കൊടുത്തു കൊണ്ടിരിക്കുന്നതായി കണ്ടു. രണ്ട് സ്ത്രീകൾ മാത്രം അവരുടെ ആടുകളുമായി, മറ്റുള്ളവർ അവരുടെ ആടുകൾക്ക് വെള്ളം കൊടുത്തു തിരിച്ചു പോകുന്നത് വരെ, കാത്തിരിക്കുന്നതായി അദ്ദേഹം മനസ്സിലാക്കി. വിവരം അന്വേഷിച്ചപ്പോൾ തങ്ങളുടെ വീട്ടിൽ നിന്നും ആടുകളെയും കൊണ്ടു വരുവാൻ പറ്റിയ ആൾ വേറെ ഇല്ലെന്നും, തങ്ങളുടെ പിതാവ് വലിയൊരു വൃദ്ധനാണെന്നും അവർ അദ്ദേഹത്തോടു പറഞ്ഞു.

**വചനം 24**

فَسَقَىٰ لَهُمَا ثُمَّ تَوَلَّىٰٓ إِلَى ٱلظِّلِّ فَقَالَ رَبِّ

24 അപ്പോൾ അദ്ദേഹം ആ രണ്ടു സ്ത്രീകൾക്കുവേണ്ടി (അവരുടെ കാലികൾക്ക്) വെള്ളം

إِنِّي لِمَآ أَنزَلْتَ إِلَيَّ مِنْ خَيْرٍ فَقِيرٌ ﴿٢٤﴾

കൊടുത്തു. പിന്നീടദ്ദേഹം തണലിലേക്ക് മാറി നിന്ന് (ഇങ്ങിനെ) പറഞ്ഞു: "എന്റെ രക്ഷിതാവേ! എന്റെ നേരെ ഗുണമായിട്ടുള്ള വല്ലതും നീ ഇറക്കിത്തരുന്നതിന് നിശ്ചയമായും ഞാൻ ആവശ്യക്കാരനാണേ!"

ആ സ്ത്രീകളുടെ ആടുകൾക്ക് വെള്ളം കോരിക്കൊടുത്ത് അദ്ദേഹം അവരെ സഹായിച്ചു. ക്ഷീണിതനും പരവശനുമായ അദ്ദേഹം ഒരു തണലിൽ ചെന്നിരുന്ന് വിശ്രമിച്ചുകൊണ്ടു അല്ലാഹുവിനോട് "റബ്ബേ ഏതെങ്കിലും വിധേന നിന്റെ അനുഗ്രഹം ലഭിക്കേണ്ടുന്ന അടിയന്തര ഘട്ടത്തിലാണ് ഞാൻ ഇപ്പോഴുള്ളത്". എന്ന് ക്ഷമയോടും പ്രത്യാശയോടും കൂടി പ്രാർത്ഥിച്ചു. അല്ലാഹു അദ്ദേഹത്തിന്റെ പ്രാർത്ഥന സ്വീകരിച്ചു.

**വചനം 25**

فَجَآءَتْهُ إِحْدَىٰهُمَا تَمْشِى عَلَى ٱسْتِحْيَآءٍ قَالَتْ إِنَّ أَبِى يَدْعُوكَ لِيَجْزِيَكَ أَجْرَ مَا سَقَيْتَ لَنَا ۚ فَلَمَّا جَآءَهُۥ وَقَصَّ عَلَيْهِ ٱلْقَصَصَ قَالَ لَا تَخَفْ ۖ نَجَوْتَ مِنَ ٱلْقَوْمِ ٱلظَّـٰلِمِينَ ﴿٢٥﴾

25 അങ്ങിനെയിരിക്കെ, ആ രണ്ടിൽ ഒരുവൾ ലജ്ജാഭാവത്തോടെ നടന്നുകൊണ്ട് അദ്ദേഹത്തിന്റെ അടുക്കൽ വന്നു. അവൾ പറഞ്ഞു: "ഞങ്ങൾക്കുവേണ്ടി താങ്കൾ (ഞങ്ങളുടെ കാലികൾക്ക്) വെള്ളം കൊടുത്തതിന്റെ പ്രതിഫലം താങ്കൾക്ക് നൽകുന്നതിനായി എന്റെ പിതാവ് താങ്കളെ വിളിക്കുന്നുണ്ട്." അങ്ങനെ, അദ്ദേഹത്തിന്റെ അടുക്കൽ വരികയും, അദ്ദേഹത്തിന് (തന്റെ) കഥ വിവരിച്ചുകൊടുക്കുകയും ചെയ്തപ്പോൾ അദ്ദേഹം (മൂസായോട്) പറഞ്ഞു: "ഭയപ്പെടേണ്ട- അക്രമികളായ (ആ) ജനങ്ങളിൽനിന്ന് താങ്കൾ രക്ഷപ്പെട്ടിരിക്കുന്നു!"

വീട്ടിൽ തിരിച്ചെത്തിയ ആ സ്ത്രീകൾ രണ്ടാളും ആ യുവാവ് ചെയ്ത് തന്ന ഉപകാരം പിതാവിനെ അറിയിച്ചു. മൂസാ(അ)നെ വിളിക്കാൻ അവരിൽ ഒരുവളെ അദ്ദേഹം അയച്ചു. വൃദ്ധന്റെ അടുക്കലെത്തിയ മൂസാ(അ) തന്റെ ചരിത്രം വിശദമായി അദ്ദേഹത്തോട് വിവരിച്ച് കൊടുത്തു. ഈ നാട്ടിൽ ഫിർഔൻ ന്റെ അക്രമത്തെ ഭയപ്പെടാനില്ലെന്ന് പറഞ്ഞ് അദ്ദേഹം മൂസാ(അ)നെ ആശ്വസിപ്പിച്ചു.

ഈ മാന്യൻ മദ്‌യനിലെ റസൂലായിരുന്ന ശുഐബ്(അ) ആയിരുന്നുവെന്നാണ് പല ഖുർആൻ വ്യാഖ്യാതാക്കളും പ്രസ്താവിച്ചിട്ടുള്ളത്. മൂസാ(അ) നബിയുടെ കാലഘട്ടം, ഇബ്രാഹിം(അ) നബിയുടെയും അദ്ദേഹത്തിന്റെ സമകാലീനനായിരുന്ന ലൂത് (അ) നബിയുടെയും ജീവിതകാലത്തിനും 400 വർഷം ശേഷമായിരുന്നു എന്നാണ് അറിയപ്പെടുന്നത്. ഈ കാലഘട്ടത്തിൽ എപ്പോഴായിരുന്നു ശുഐബ്(അ) നബിയുടെ ജീവിതകാലം എന്ന് പറയത്തക്ക തെളിവുകളൊന്നും കാണുന്നില്ല.

എന്നാൽ മറ്റ് ചില ഖുർആൻ വ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ ആ വൃദ്ധനായ മാന്യൻ ശുഐബ്(അ) നബിയുടെ കുടുംബത്തിൽപെട്ട യഥ്‌റൂൻ ആയിരുന്നുവെന്നാണ്. الله اعلم.

**വചനം 26**

قَالَتْ إِحْدَىٰهُمَا يَـٰٓأَبَتِ ٱسْتَـْٔجِرْهُ ۖ إِنَّ خَيْرَ مَنِ ٱسْتَـْٔجَرْتَ ٱلْقَوِىُّ ٱلْأَمِينُ ﴿٢٦﴾

26 ആ രണ്ടു സ്ത്രീകളിൽ ഒരുവൾ(പിതാവിനോട്) പറഞ്ഞു: "പിതാവേ, ഇദ്ദേഹത്തെ നിങ്ങൾ (നമുക്ക്) കൂലിക്ക് വിളിച്ചേക്കുക. നിശ്ചയമായും നിങ്ങൾ, കൂലിക്ക് വിളിക്കുന്നവരിൽവെച്ച് നല്ലവൻ, ശക്തിമാനും വിശ്വസ്തനുമായുള്ളവനാണ്."

ആരോഗ്യവാനും സത്യസന്ധനുമായ അദ്ദേഹത്തെ കാലികളെ മേയ്ക്കാനായി നിയമിക്കാൻ അവരിൽ ഒരു സ്ത്രീ സ്വപിതാവിനോട് നിർദ്ദേശിച്ചു. അതോടൊപ്പം സഹായത്തിന് വിളിക്കപ്പെടുന്ന കൂലിക്കാരനുണ്ടായിരിക്കേണ്ട രണ്ട് പ്രധാന ഗുണങ്ങൾ പിതാവിനോട് ചൂണ്ടിക്കാണിച്ചത് ശ്രദ്ധേയമാണ്. "കൂലിക്ക് വിളിക്കുന്നവരിൽ വെച്ച് നല്ലവൻ ശക്തിമാനും(മിടുക്കനും)വിശ്വസ്തനുമായുള്ളവനുമാണ്."

**വചനം 27, 28**

قَالَ إِنِّىٓ أُرِيدُ أَنْ أُنكِحَكَ إِحْدَى ٱبْنَتَىَّ هَٰتَيْنِ عَلَىٰٓ أَن تَأْجُرَنِى ثَمَٰنِىَ حِجَجٍ ۖ فَإِنْ أَتْمَمْتَ عَشْرًا فَمِنْ عِندِكَ ۖ وَمَآ أُرِيدُ أَنْ أَشُقَّ عَلَيْكَ ۚ سَتَجِدُنِىٓ إِن شَآءَ ٱللَّهُ مِنَ ٱلصَّٰلِحِينَ ﴿٢٧﴾

27 അദ്ദേഹം (വൃദ്ധൻ) പറഞ്ഞു: "താങ്കൾ എട്ട് വർഷം എനിക്ക് കൂലിവേല ചെയ്യുമെന്നതിൻെറ പേരിൽ എൻെറ ഈ രണ്ടു പുത്രിമാരിൽ ഒരുവളെ താങ്കൾക്ക് വിവാഹം ചെയ്തുതരുവാൻ ഞാൻ ഉദ്ദേശിക്കുന്നുണ്ട്. ഇനി, പത്തുവർഷം താങ്കൾ പൂർത്തിയാക്കുകയാണെങ്കിൽ (അത്) താങ്കളുടെ വക (ഔദാര്യം) ആയിരിക്കുന്നതാണ്. താങ്കൾക്ക് വിഷമമുണ്ടാക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അല്ലാഹു ഉദ്ദേശിച്ചാൽ സജ്ജനങ്ങളിൽ പെട്ടവനായി എന്നെ താങ്കൾക്ക് കാണാവുന്നതാണ്."

قَالَ ذَٰلِكَ بَيْنِى وَبَيْنَكَ ۖ أَيَّمَا ٱلْأَجَلَيْنِ قَضَيْتُ فَلَا عُدْوَٰنَ عَلَىَّ ۖ وَٱللَّهُ عَلَىٰ مَا نَقُولُ وَكِيلٌ ﴿٢٨﴾

28 അദ്ദേഹം (മൂസാ) പറഞ്ഞു: "അത് എൻെറയും നിങ്ങളുടെയും ഇടയിലുള്ളതത്രെ. (നാം തമ്മിലുള്ള നിശ്ചയമാണത്.) (ഈ പറഞ്ഞ) രണ്ട് കാലാവധികളിൽ ഞാൻ ഏതൊന്ന് നിറവേറ്റിയാലും എൻെറ പേരിൽ യാതൊരു അതിക്രമവും ഉണ്ടാകാവതല്ല. നാം പറയുന്നതിന് അല്ലാഹു സാക്ഷ്യം വഹിക്കുന്നവനാകുന്നു".

പിതാവ് മകളുടെ ശുപാർശ സ്വീകരിച്ചുവെന്ന് മാത്രമല്ല, അതിനേക്കാൾ ഉപരിയായ ഒരു സ്ഥാനം മൂസാ(അ) നൽകുവാനാണ് ആഗ്രഹിച്ചത്. ചുരുങ്ങിയത് എട്ടുകൊല്ലം - അധികരിച്ചാൽ പത്ത് കൊല്ലം - കൂലി വേല ചെയ്ത് കൊടുക്കാമെന്ന വ്യവസ്ഥയിൽ ആ പിതാവ് തന്റെ പെൺമക്കളിൽ ഒരുവളെ മൂസാ(അ) നബിക്ക് വിവാഹം ചെയ്ത് കൊടുത്തു.

## വിഭാഗം - 4

**വചനം 29**

۞ فَلَمَّا قَضَىٰ مُوسَى ٱلْأَجَلَ وَسَارَ بِأَهْلِهِۦٓ ءَانَسَ مِن جَانِبِ ٱلطُّورِ نَارًا قَالَ لِأَهْلِهِ ٱمْكُثُوٓا۟ إِنِّىٓ ءَانَسْتُ نَارًا لَّعَلِّىٓ ءَاتِيكُم مِّنْهَا بِخَبَرٍ أَوْ جَذْوَةٍ مِّنَ ٱلنَّارِ لَعَلَّكُمْ تَصْطَلُونَ ﴿٢٩﴾

29 എന്നിട്ട്, മൂസാ കാലാവധി നിറവേറ്റുകയും, തൻെറ വീട്ടുകാരുമായി (സ്വരാജ്യത്തേക്ക്) പോകുകയും ചെയ്തപ്പോൾ, 'ത്വൂർ' (പർവ്വതത്തി)ൻെറ ഭാഗത്തുനിന്ന് അദ്ദേഹം ഒരു തീ ദർശിച്ചു. അദ്ദേഹം തൻെറ വീട്ടുകാരോട് പറഞ്ഞു: "നിങ്ങൾ (ഇവിടെ) നിൽക്കുക-ഞാൻ ഒരു തീ ദർശിച്ചിരിക്കുന്നു! അവിടെ നിന്ന് നിങ്ങൾക്ക് വല്ല വർത്തമാനമോ, അല്ലെങ്കിൽ ഒരു തീക്കൊള്ളിയോ ഞാൻ കൊണ്ടുവന്നേക്കാം, നിങ്ങൾക്ക് തീക്കായാമല്ലോ!"

താൻ ഏറ്റ കാര്യങ്ങൾ പൂർത്തിയാക്കിയ ശേഷം മൂസാ(അ) തന്റെ കുടുംബിനിയുമായി സ്വരാജ്യത്തേക്ക് യാത്ര തിരിച്ചു. ശൈത്യമേറിയ ഒരു ഇരുട്ടിയ രാത്രിയിൽ വഴി അറിയാതെ വിഷമിച്ച് നിൽക്കേ, ത്വൂർ (പർവ്വതത്തി)ന്റെ ഭാഗത്ത് അകലെയായി അദ്ദേഹം ഒരു തീ ദർശിക്കുകയുണ്ടായി. വീട്ടുകാരിയെ

പറഞ്ഞാശ്വസിപ്പിച്ച് കൊണ്ട് അദ്ദേഹം ആ തീ കണ്ട സ്ഥലം ലക്ഷ്യമാക്കി പോയി.

**വചനം 30, 31**

فَلَمَّآ أَتَىٰهَا نُودِىَ مِن شَـٰطِىِٕ ٱلْوَادِ ٱلْأَيْمَنِ فِى ٱلْبُقْعَةِ ٱلْمُبَـٰرَكَةِ مِنَ ٱلشَّجَرَةِ أَن يَـٰمُوسَىٰٓ إِنِّىٓ أَنَا ٱللَّهُ رَبُّ ٱلْعَـٰلَمِينَ ﴿٣٠﴾

وَأَنْ أَلْقِ عَصَاكَ ۖ فَلَمَّا رَءَاهَا تَهْتَزُّ كَأَنَّهَا جَآنٌّ وَلَّىٰ مُدْبِرًا وَلَمْ يُعَقِّبْ ۚ يَـٰمُوسَىٰٓ أَقْبِلْ وَلَا تَخَفْ ۖ إِنَّكَ مِنَ ٱلْـَٔامِنِينَ ﴿٣١﴾

30 അങ്ങനെ, അദ്ദേഹം അതിനടുത്ത് ചെന്നപ്പോൾ, അനുഗൃഹീതമായ (ആ) പ്രദേശത്തുള്ള താഴ്‌വരയുടെ വലത്തെ തീരത്ത് നിന്ന്-വൃക്ഷത്തിൽനിന്ന്-അദ്ദേഹത്തോട് വിളിച്ചുപറയപ്പെട്ടു: “ഹേ, മൂസാ! നിശ്ചയമായും ഞാൻ ലോകരുടെ രക്ഷിതാവായ അല്ലാഹുവത്രെ” എന്ന്.

31 “നിൻെറ വടി (നിലത്ത്) ഇടുക” എന്നും (പറയപ്പെട്ടു). എന്നിട്ടത് ഒരു (ചെറു) സർപ്പമെന്നോണം പിടഞ്ഞു നടക്കുന്നതായി കണ്ടപ്പോൾ അദ്ദേഹം പിന്നോക്കം തിരിഞ്ഞു പോന്നു; പിമ്പോട്ട് നോക്കിയത് (പോലു)മില്ല. (അല്ലാഹു പറഞ്ഞു:) “ഹേ, മൂസാ! മുന്നോട്ട് വരുക, പേടിക്കുകയും വേണ്ടാ! നിശ്ചയമായും, നീ നിർഭയൻമാരിൽ(സുരക്ഷിതരിൽ)പെട്ടവനാകുന്നു.”

മൂസാ(അ) അവിടെ ദർശിച്ച തീ സാധാരണ തീ അല്ലായിരുന്നു. അതിന്റെ യാഥാർത്ഥ്യം അല്ലാഹുവിനേ അറിയുകയുള്ളൂ. അവിടെ വെച്ചാണ് മറ്റാർക്കും ലഭിക്കാത്ത ആ ഭാഗ്യം - അല്ലാഹുവിന്റെ സംസാരം കേട്ടാസ്വദിക്കാനുള്ള മഹാഭാഗ്യം - മൂസാ(അ) നബിക്ക് സിദ്ധിച്ചത്. (സൂ. അഅ്റാഫ് : 144 ; സൂ: മർയം : 52 എന്നിവിടങ്ങളിൽ നോക്കുക)

അല്ലാഹുവിന്റെ നിർദ്ദേശ പ്രകാരം, മൂസാ(അ) നബി തന്റെ വടി നിലത്തിടുകയും, അത് ഒരു സർപ്പമായി മാറിയപ്പോൾ പരിഭ്രമിച്ച് പിന്തിരിഞ്ഞ മൂസാ(അ)നെ അല്ലാഹു ആശ്വസിപ്പിക്കുകയും നിർഭയനാക്കുകയും ചെയ്തു.

**വചനം 32 :**

ٱسْلُكْ يَدَكَ فِى جَيْبِكَ تَخْرُجْ بَيْضَآءَ مِنْ غَيْرِ سُوٓءٍ وَٱضْمُمْ إِلَيْكَ جَنَاحَكَ مِنَ ٱلرَّهْبِ ۖ فَذَٰنِكَ بُرْهَـٰنَانِ مِن رَّبِّكَ إِلَىٰ فِرْعَوْنَ وَمَلَإِي۟هِۦٓ ۚ إِنَّهُمْ كَانُوا۟ قَوْمًا فَـٰسِقِينَ ﴿٣٢﴾

32 “നിൻെറ കൈ നിൻെറ കുപ്പായത്തിൻെറ മാറിൽ കടത്തുക; യാതൊരു ദൂഷ്യവും കൂടാതെ അത് വെളുത്തതായി പുറത്തു വരുന്നതാണ്. ഭയപ്പാടിന് (പരിഹാരമായി) നീ നിൻെറ പാർശ്വത്തെ നിന്നിലേക്ക് കൂട്ടിപ്പിടിക്കുകയും ചെയ്തുകൊള്ളുക. അങ്ങിനെ, അതുരണ്ടും, (വടിയും, കൈയും) ഫിർഔൻെറയും, അവൻെറ പ്രധാനികളുടെയും അടുക്കലേക്ക് നിൻെറ രക്ഷിതാവിങ്കൽനിന്നുള്ള രണ്ടു തെളിവുകളാകുന്നു. നിശ്ചയമായും, അവർ തോന്നിയവാസികളായ ഒരു ജനതയായിരിക്കുന്നു.”

തുടർന്ന്, അദ്ദേഹത്തിന്റെ കൈ കക്ഷത്തിൽ വെച്ച് തിരിച്ചെടുക്കുവാൻ അല്ലാഹു നിർദ്ദേശിച്ചു. അപ്പോൾ അത് വെളുത്തതായി കാണപ്പെട്ടു. വടി പാമ്പായി തീരുമ്പോഴോ, കൈ വെള്ള നിറം ആകുമ്പോഴോ, ഇനി, ഫിർഔനിന്റെ അടുക്കൽ ചെല്ലുമ്പോഴോ, നിനക്ക് ഭയം തോന്നുന്ന പക്ഷം അതിന് പരിഹാരമായി, നീ നിന്റെ പാർശ്വം അഥവാ കൈ, നിന്റെ നെഞ്ചിൽ ചേർത്ത് കൂട്ടി പിടിക്കുക, അപ്പോൾ നിന്റെ ഭയം മാറിക്കിട്ടും എന്നും അല്ലാഹു മൂസാ (അ) നബിക്ക് ഉപദേശം നൽകി. ഭയവേള

കളിൽ ഹൃദയത്തിന് മേൽ കൈവെച്ചു കൊണ്ട് നമുക്കും ഇത് ഉപയോഗപ്പെടുത്താവുന്നതാണ് എന്ന് ഇബ്നു കഥീർ(റ) ചൂണ്ടിക്കാട്ടിയിരിക്കുന്നു.

**വചനം 33, 34**

قَالَ رَبِّ إِنِّي قَتَلْتُ مِنْهُمْ نَفْسًا فَأَخَافُ أَن يَقْتُلُونِ ﴿٣٣﴾

وَأَخِي هَٰرُونُ هُوَ أَفْصَحُ مِنِّي لِسَانًا فَأَرْسِلْهُ مَعِيَ رِدْءًا يُصَدِّقُنِيٓ ۖ إِنِّيٓ أَخَافُ أَن يُكَذِّبُونِ ﴿٣٤﴾

33 അദ്ദേഹം (മൂസാ) പറഞ്ഞു: "എന്റെ രക്ഷിതാവേ! അവരിൽപെട്ട ഒരാളെ ഞാൻ കൊന്നിട്ടുണ്ട്; അതിനാൽ അവരെന്നെ കൊല്ലുമെന്ന് ഞാൻ ഭയപ്പെടുന്നു.

34 "എന്റെ സഹോദരൻ ഹാറൂനാകട്ടെ, എന്നെക്കാൾ വ്യക്തമായി സംസാരിക്കുന്നവനാകുന്നു. അതുകൊണ്ട് അദ്ദേഹത്തെ എന്റെ സത്യത സ്ഥാപിക്കുന്ന ഒരു സഹായകനായി എന്നോടൊപ്പം (നിയോഗിച്ച്) അയച്ചു തരേണമേ! നിശ്ചയമായും, അവരെന്നെ വ്യാജമാക്കുമെന്ന് ഞാൻ ഭയപ്പെടുന്നു."

മൂസാ (അ) നബിക്ക് സംസാരത്തിൽ അൽപം വിഷമം ഉണ്ടായിരുന്നു. ഇതിനെകുറിച്ച് സൂ:ത്വാഹാ: 27, 28 ലും സൂ: ശുഅറാഅ് 13 ലും, മറ്റും കാണാം. ഈ ന്യൂനതയെക്കുറിച്ച് ഫിർഔൻ ഒരിക്കൽ മൂസാ(അ) നബിയെ പരിഹസിച്ചിരുന്നതായി സൂ: സുഖ്റുഫു : 52 ലും കാണാം. താൻ പ്രബോധനം ചെയ്യുന്ന തത്വങ്ങളും അദ്ധ്യയനങ്ങളും കൂടുതൽ വ്യക്തമായ നിലയിൽ ജനങ്ങളെ പറഞ്ഞ് മനസ്സിലാക്കിക്കുവാനായിട്ടാണ് തന്നേക്കാൾ വാക് ചാതുര്യമുള്ള തന്റെ സഹോദരൻ ഹാറൂൻ നെ തന്നോടൊപ്പം സഹായകനായി നിയോഗിച്ച് കൊടുക്കാൻ മൂസാ(അ) അല്ലാഹുവിനോട് അഭ്യർത്ഥിച്ചത്. കൂടാതെ, ഈജിപ്തുകാരുടെ ദൃഷ്ടിയിൽ ഒരു പഴയ കൊലപാതകിയാണല്ലോ മൂസാ നബി(അ). ആ നിലക്കും സഹോദരന്റെ സഹായവും വാചാലതയും അദ്ദേഹത്തിന് ആശ്വാസകരമായിരിക്കുമല്ലോ.

**വചനം 35**

قَالَ سَنَشُدُّ عَضُدَكَ بِأَخِيكَ وَنَجْعَلُ لَكُمَا سُلْطَٰنًا فَلَا يَصِلُونَ إِلَيْكُمَا ۚ بِـَٔايَٰتِنَآ أَنتُمَا وَمَنِ ٱتَّبَعَكُمَا ٱلْغَٰلِبُونَ ﴿٣٥﴾

35 അവൻ (അല്ലാഹു) പറഞ്ഞു: "നിന്റെ സഹോദരനെക്കൊണ്ട് നിന്റെ തോൾ കൈക്ക് നാം ബലം കൂട്ടിത്തരാം. നിങ്ങൾക്ക് രണ്ടാൾക്കും നാം ഒരധികൃതശക്തി ഉണ്ടാക്കിത്തരുകയും ചെയ്യാം. അതിനാൽ, അവർ നിങ്ങളിലേക്ക് വന്നെത്തുന്നതല്ല. നമ്മുടെ ദൃഷ്ടാന്തങ്ങൾ മുഖേന നിങ്ങളെ പിൻതുടർന്നവരും ആയിരിക്കും വിജയികൾ."

സഹോദരൻ മുഖേന നിനക്ക് ശക്തിയും ബലവും നൽകുകയും, ശത്രുക്കൾക്കെതിരെ നിങ്ങളെ സഹായിക്കുകയും, നിങ്ങളെ വിജയിപ്പിക്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു അവർക്ക് വാഗ്ദാനം നൽകി. "നമ്മുടെ ദൃഷ്ടാന്തങ്ങളുമായി പോയികൊള്ളുക - അത് വഴി നിങ്ങളും നിങ്ങളുടെ അനുയായികളും തന്നെയാകും വിജയം വരിക്കുക."

**വചനം 36, 37**

فَلَمَّا جَآءَهُم مُّوسَىٰ بِـَٔايَٰتِنَا بَيِّنَٰتٍ قَالُوا۟ مَا هَٰذَآ إِلَّا سِحْرٌ مُّفْتَرًى وَمَا سَمِعْنَا بِهَٰذَا فِيٓ ءَابَآئِنَا ٱلْأَوَّلِينَ ﴿٣٦﴾

36 അങ്ങിനെ, മൂസാ അവരുടെ അടുക്കൽ വ്യക്തമായ തെളിവുകളായി നമ്മുടെ ദൃഷ്ടാന്തങ്ങളുംകൊണ്ട് ചെന്നപ്പോൾ അവർ പറഞ്ഞു: "ഇത് വ്യാജനിർമ്മിതമായ ഒരു ജാലവിദ്യയല്ലാതെ (മറ്റൊന്നുംതന്നെ) അല്ല; നമ്മുടെ പൂർവ്വപിതാക്കളിൽ നാം ഇതിനെപ്പറ്റി കേട്ടിട്ടുമില്ല."

وَقَالَ مُوسَىٰ رَبِّيٓ أَعۡلَمُ بِمَن جَآءَ بِٱلۡهُدَىٰ مِنۡ عِندِهِۦ وَمَن تَكُونُ لَهُۥ عَٰقِبَةُ ٱلدَّارِۖ إِنَّهُۥ لَا يُفۡلِحُ ٱلظَّٰلِمُونَ ٣٧

37 മൂസാ പറഞ്ഞു: "എന്‍റെ റബ്ബ് നല്ലവണ്ണം അറിയുന്നവനാണ്: അവന്‍റെ പക്കല്‍നിന്നുള്ള സന്‍മാര്‍ഗ്ഗവും കൊണ്ടുവന്നിട്ടുള്ളവന്‍ ആരാണെന്നും, ഈ (ഇഹലോകമാകുന്ന) ഭവനത്തിന്‍റെ (ശുഭ) പര്യവസാനം ആര്‍ക്കാണുണ്ടായിരിക്കുകയെന്നുമുള്ളതിനെ സംബന്ധിച്ച്. കാര്യം, അക്രമികള്‍ നിശ്ചയമായും വിജയിക്കുകയില്ല."

മൂസാ(അ) അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളുമായി അവരിലേക്ക് ചെന്നപ്പോള്‍ അതെല്ലാം ഒരു ജാലവിദ്യയാണെന്ന് പറഞ്ഞു പരിഹസിക്കുകയാണ് ഫിര്‍ഔനും കൂട്ടരും ചെയ്തത്. മൂസാ(അ) നല്‍കിയ സന്മാര്‍ഗ്ഗ പ്രബോധനം കേട്ട അയാള്‍ അഹങ്കാരവും ധിക്കാരവും പ്രകടിപ്പിക്കുകയും ചെയ്തു.

**വചനം 38**

وَقَالَ فِرۡعَوۡنُ يَٰٓأَيُّهَا ٱلۡمَلَأُ مَا عَلِمۡتُ لَكُم مِّنۡ إِلَٰهٍ غَيۡرِي فَأَوۡقِدۡ لِي يَٰهَٰمَٰنُ عَلَى ٱلطِّينِ فَٱجۡعَل لِّي صَرۡحٗا لَّعَلِّيٓ أَطَّلِعُ إِلَىٰٓ إِلَٰهِ مُوسَىٰ وَإِنِّي لَأَظُنُّهُۥ مِنَ ٱلۡكَٰذِبِينَ ٣٨

38 ഫിര്‍ഔന്‍ പറഞ്ഞു: "പ്രധാനികളേ, ഞാനല്ലാതെ യാതൊരു ഇലാഹും (ആരാധ്യനും) നിങ്ങള്‍ക്കുള്ളതായി ഞാന്‍ അറിയുന്നില്ല. അതുകൊണ്ട് ഓ, ഹാമാന്‍! എനിക്കുവേണ്ടി നീ കളിമണ്ണില്‍ നെരിപ്പൂട്ടുക. (ഇഷ്ടികയുണ്ടാക്കി ചൂളവെക്കുക) എന്നിട്ട് എനിക്കൊരു ഉന്നത സൗധമുണ്ടാക്കിത്തരുക-മൂസായുടെ ഇലാഹിങ്കലേക്ക് എനിക്ക് ചെന്ന് നോക്കാമല്ലോ,! നിശ്ചയമായും, അവനെ വ്യാജം പറയുന്നവരില്‍ പെട്ടവനെന്നത്രെ ഞാന്‍ ധരിക്കുന്നത്."

ഞാനല്ലാതെ നിങ്ങള്‍ക്കൊരു ഇലാഹും ഉള്ളതായി എനിക്കറിയില്ലെന്നും ഞാന്‍ നിങ്ങളുടെ അത്യുന്നതായ റബ്ബ് ആണെന്നും ഫിര്‍ഔന്‍ പ്രഖ്യാപിച്ചു. (സൂ: നാസിആത്ത് – 24 നോക്കുക) ജനമദ്ധ്യേ മൂസാ(അ)നെ പരിഹസിക്കുന്നതിനായിട്ടു ഫിര്‍ഔന്‍ മന്ത്രി ഹാമാനെ വിളിച്ചു കൊണ്ട് ഇപ്രകാരം പറയുകയും ചെയ്തു.

"വേഗം കുറെ ഇഷ്ടികയുണ്ടാക്കി ഒരു ഉന്നതമായ സൗധം കെട്ടിപ്പൊക്കുക. ഭൂമിയിലെവിടെയും ഞാനല്ലാതെ ഒരു ഇലാഹില്ലാത്ത സ്ഥിതിക്ക് മൂസായുടെ പുതിയ ഇലാഹിനെ ആകാശത്തൊന്ന് പരിശോധിച്ച് തിരഞ്ഞ് നോക്കാമല്ലോ."

ഇത്രയും കടുത്ത ധിക്കാരത്തിനും നിഷേധത്തിനും ഫിര്‍ഔന്‍ ഒരുമ്പെടാനുള്ള കാരണം, അടുത്ത വചനത്തില്‍ അല്ലാഹു വ്യക്തമാക്കുന്നു.

**വചനം 39, 40, 41, 42**

وَٱسۡتَكۡبَرَ هُوَ وَجُنُودُهُۥ فِي ٱلۡأَرۡضِ بِغَيۡرِ ٱلۡحَقِّ وَظَنُّوٓاْ أَنَّهُمۡ إِلَيۡنَا لَا يُرۡجَعُونَ ٣٩

39 അവനും അവന്‍റെ സൈന്യങ്ങളും നാട്ടില്‍ ന്യായരഹിതമായി അഹങ്കാരം നടിച്ചു; നമ്മുടെ അടുക്കലേക്ക് അവര്‍ മടക്കപ്പെടുകയില്ലെന്ന് അവര്‍ ധരിക്കുകയും ചെയ്തു.

فَأَخَذۡنَٰهُ وَجُنُودَهُۥ فَنَبَذۡنَٰهُمۡ فِي ٱلۡيَمِّۖ فَٱنظُرۡ كَيۡفَ كَانَ عَٰقِبَةُ ٱلظَّٰلِمِينَ ٤٠

40 അതിനാല്‍, അവനെയും അവന്‍റെ സൈന്യങ്ങളെയും നാം പിടിച്ചു; എന്നിട്ട് സമുദ്രത്തില്‍ എറിഞ്ഞു കളഞ്ഞു. അപ്പോള്‍, (ആ) അക്രമികളുടെ പര്യവസാനം എങ്ങിനെയാണുണ്ടായതെന്നു നോക്കുക!

وَجَعَلْنَـٰهُمْ أَئِمَّةً يَدْعُونَ إِلَى ٱلنَّارِ ۖ وَيَوْمَ ٱلْقِيَـٰمَةِ لَا يُنصَرُونَ ﴿٤١﴾ وَأَتْبَعْنَـٰهُمْ فِى هَـٰذِهِ ٱلدُّنْيَا لَعْنَةً ۖ وَيَوْمَ ٱلْقِيَـٰمَةِ هُم مِّنَ ٱلْمَقْبُوحِينَ ﴿٤٢﴾

41 നാം അവരെ നരകത്തിലേക്ക് ക്ഷണിക്കുന്ന നേതാക്കളാക്കി; ഖിയാമത്തുനാളിൽ അവർക്ക് സഹായം നൽകപ്പെടുന്നതുമല്ല.

42 ഈ ഐഹികലോകത്ത് നാം അവർക്ക്(പിന്നാലെ) ശാപം തുടർത്തുകയും ചെയ്തു. ഖിയാമത്തുനാളിലാകട്ടെ, അവർ വഷളാക്കപ്പെട്ട (ശപിക്കപ്പെട്ട) വരുടെ കൂട്ടത്തിലുമായിരിക്കും.

അല്ലാഹുവിലേക്ക് ഒരിക്കലും മടക്കപ്പെടുകയില്ലെന്ന് ധരിച്ച് വശായത് കൊണ്ടാണ് ഫിർഔനും അവന്റെ സൈന്യങ്ങളും നാട്ടിൽ അന്യായമായ വിധത്തിൽ അഹങ്കാരം നടിച്ചത്. എന്നാൽ അവനെയും അവന്റെ സൈന്യങ്ങളെയും പിടികൂടി അല്ലാഹു സമുദ്രത്തിൽ എറിഞ്ഞ് മുക്കി കൊലപ്പെടുത്തി. ഇത്വരെയും നേതാക്കളായി ഗണിക്കപ്പെട്ട ഫിർഔൻ ന്റെയുംഅവന്റെ ആൾക്കാരുടേയും നേതൃത്വം ജനങ്ങളെ നരകത്തിലേക്ക് ക്ഷണിക്കുന്നതിലായിരുന്നു. അധികാര പ്രമത്തതയിലും ഭൗതിക നേട്ടങ്ങളിലും അഹങ്കരിച്ച് കൊണ്ട് അല്ലാഹുവിനെ ധിക്കരിക്കുന്നവരെല്ലാം ഫിർഔൻനെയും അവന്റെ ആൾക്കാരെയും ആണ് മാതൃകയാക്കുന്നത്. അത്തരം അക്രമികളുടെ പര്യവസാനം ഈ ഐഹികലോകത്തും ഖിയാമത്ത് നാളിലും എങ്ങനെയായിരിക്കുമെന്ന് മനസ്സിലാക്കുവാൻ അല്ലാഹു എല്ലാവരെയും ഉണർത്തുകയും ചെയ്യുന്നു.

---

**വിഭാഗം - 5**

**വചനം 43**

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَـٰبَ مِنۢ بَعْدِ مَآ أَهْلَكْنَا ٱلْقُرُونَ ٱلْأُولَىٰ بَصَآئِرَ لِلنَّاسِ وَهُدًى وَرَحْمَةً لَّعَلَّهُمْ يَتَذَكَّرُونَ ﴿٤٣﴾

43 പൂർവതലമുറകളെ നശിപ്പിച്ചതിനുശേഷം, ജനങ്ങൾക്ക് ഉൾക്കാഴ്ചകളായും, മാർഗ്ഗദർശനമായും, കാരുണ്യമായുംകൊണ്ട് നാം മൂസാക്ക് വേദഗ്രന്ഥം നൽകുകയുണ്ടായി; അവർ ഉറ്റാലോചിക്കുവാൻവേണ്ടി.

മൂസാ(അ) നബിക്ക് മുമ്പ് എത്രയോ പ്രവാചകന്മാർ കഴിഞ്ഞ് പോയിട്ടുണ്ട്. അവരിൽ പലരുടെയും ജനതകളെ, അവരുടെ ധിക്കാരം മൂലം അല്ലാഹു നശിപ്പിച്ചിട്ടുമുണ്ട്. എന്നാൽ അദ്ദേഹത്തിന് മുമ്പുള്ള ഒരു സമുദായത്തിനും 'ശരീഅത്താ'കുന്ന നിയമസംഹിത എന്ന നിലക്ക് ഒരു വേദഗ്രന്ഥം നൽകപ്പെട്ടതായി അറിയപ്പെടുന്നില്ല; അദ്ദേഹത്തിന് മുമ്പ് ഇസ്ലാമിന്റെ പേരിൽ ധർമ്മസമരം (ജിഹാദ്) നടന്നിരുന്നതായും അറിയുന്നില്ല. അറിയപ്പട്ടിടത്തോളം ഒന്നാമത്തെ ശരീഅത്ത് നിയമഗ്രന്ഥമത്രേ തൗറാത്ത്. അത് മുതൽക്കാണ് ജിഹാദ് ആരംഭിച്ചിട്ടുള്ളതും. മുൻ സമുദായങ്ങളിൽ ഉണ്ടായത് പോലെ പ്രവാചകനെ ധിക്കരിച്ചതുമൂലം ഒരു സമുദായം ആകമാനം നാശത്തിന്റെ ഉന്മൂലശിക്ഷ തൗറാത്തിന് ശേഷം സംഭവിക്കുകയും ഉണ്ടായിട്ടില്ല.

വേദഗ്രന്ഥം അവതരിക്കപ്പെട്ടതിന്റെ മൂന്ന് പ്രധാന ഉദ്ദേശ്യങ്ങൾ അല്ലാഹു ഉണർത്തുന്നു.

: അത് മനുഷ്യന് ഉൾകാഴ്ച നൽകുന്നു - ഹൃദയമാകുന്ന കണ്ണ് കൊണ്ട്(നോക്കി) ചിന്തിച്ച് യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കുവാൻ ഉതകുന്നു.

: അത് മാർഗ്ഗദർശനമാകുന്നു - സത്യാസത്യങ്ങൾ ഇന്നതാണെന്ന് അത് കാട്ടികൊടുക്കുന്നു.

: അത് അല്ലാഹുവിന്റെ കാരുണ്യമാകുന്നു - അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ പലതും മനുഷ്യന് മുമ്പിലുണ്ട്. അവന് വിശേഷബുദ്ധിയും വിവേചന ശക്തിയും നൽകപ്പെട്ടിട്ടുണ്ട്. അതിന് പുറമേ മനുഷ്യന്റെ ജയാപചയ മാർഗ്ഗങ്ങളും ഗുണദോഷഫലങ്ങളും വ്യക്തമായി അറിയിച്ച് കൊടുക്കുന്ന ഒരു പ്രമാണം കൂടി അവന് നൽകിയെന്നത് അല്ലാഹുവിന്റെ മഹത്തായ കാരുണ്യം തന്നെയാകുന്നു.

**വചനം 44,45,46**

وَمَا كُنتَ بِجَانِبِ ٱلْغَرْبِيِّ إِذْ قَضَيْنَآ إِلَىٰ مُوسَى ٱلْأَمْرَ وَمَا كُنتَ مِنَ ٱلشَّٰهِدِينَ ﴿٤٤﴾ وَلَٰكِنَّآ أَنشَأْنَا قُرُونًا فَتَطَاوَلَ عَلَيْهِمُ ٱلْعُمُرُ ۚ وَمَا كُنتَ ثَاوِيًا فِىٓ أَهْلِ مَدْيَنَ تَتْلُوا۟ عَلَيْهِمْ ءَايَٰتِنَا وَلَٰكِنَّا كُنَّا مُرْسِلِينَ ﴿٤٥﴾ وَمَا كُنتَ بِجَانِبِ ٱلطُّورِ إِذْ نَادَيْنَا وَلَٰكِن رَّحْمَةً مِّن رَّبِّكَ لِتُنذِرَ قَوْمًا مَّآ أَتَىٰهُم مِّن نَّذِيرٍ مِّن قَبْلِكَ لَعَلَّهُمْ يَتَذَكَّرُونَ ﴿٤٦﴾

44 (നബിയേ) മൂസാക്ക് നാം (ആ) കാര്യം നിർവ്വഹിച്ചുകൊടുത്തപ്പോൾ (ത്വൂർ പർവ്വതത്തിൻെറ) പടിഞ്ഞാറുവശത്തെ പാർശ്വത്തിൽ നീയുണ്ടായിരുന്നില്ല; നീ (അതിന്) സാക്ഷികളിൽ പെട്ടവനുമായിരുന്നില്ല.

45 എങ്കിലും നാം (പിന്നീട്) പല തലമുറകളെയും ഉണ്ടാക്കി; എന്നിട്ട് അവരിൽ ആയുഷ്കാലം ദീർഘമായിക്കഴിഞ്ഞു. മദ്‌യൻകാർക്ക് നമ്മുടെ ലക്ഷ്യങ്ങൾ ഓതിക്കേൾപ്പിച്ചു കൊണ്ട് നീ അവരിൽ നിവസിക്കുന്ന ആളുമായിരുന്നില്ല. എങ്കിലും, നാം ദൗത്യം നൽകുന്ന (റസൂലുകളെ നിയോഗിക്കുന്ന)വരാകുന്നു.

46 ത്വൂർ (പർവ്വതത്തി) ൻെറ പാർശ്വത്തിൽ, നാം (മൂസായെ) വിളിച്ചപ്പോഴും നീ ഉണ്ടായിരുന്നില്ല; എങ്കിലും, നിൻെറ രക്ഷിതാവിങ്കൽനിന്നുള്ള ഒരു (വമ്പിച്ച) അനുഗ്രഹമായിട്ടത്രെ (ഇതൊക്കെ നിനക്ക് അറിയിച്ചുതന്നത്.) നിനക്കുമുമ്പ് ഒരു താക്കീതുകാരനും ചെന്നിട്ടില്ലാത്ത ഒരു ജനതക്ക് നീ താക്കീത് നൽകുവാനായിട്ടാകുന്നു (അത്); അവർ ഉറ്റാലോചിച്ചേക്കാമല്ലോ.

ത്വൂർ മലയുടെ പടിഞ്ഞാറ് ഭാഗത്ത് വെച്ച് മൂസാ(അ) നബിയെ അല്ലാഹു വിളിച്ച് സംഭാഷണം നടത്തുകയും അദ്ദേഹത്തെ റസൂലായി നിയോഗിക്കുകയും മറ്റും ഉണ്ടായപ്പോൾ നബി(സ) തിരുമേനി അവിടെ സന്നിഹിതനായിരുന്നത് കൊണ്ടോ, പ്രസ്തുത സംഭവങ്ങൾക്ക് ദൃക്സാക്ഷി ആയിരുന്നത് കൊണ്ടോ ഒന്നുമല്ല, ആ സംഭവങ്ങൾ ഇത്രയും സൂക്ഷ്മമായി അദ്ദേഹം തന്റെ ജനതയോട് വിവരിക്കുന്നത്. അത് പോലെ തന്നെ മദ്‌യനിലെ സംഭവങ്ങൾ വിവരിക്കാൻ സാധിച്ചത്. ആ രാജ്യക്കാർക്ക് അല്ലാഹുവിന്റെ ലക്ഷ്യങ്ങൾ പ്രബോധനം ചെയ്ത് കൊണ്ട് അന്നവിടെ അവർക്കിടയിൽ നബി(സ) താമസിച്ച് വന്നിരുന്നത് കൊണ്ടും അല്ല. മൂസാ(അ) നബിക്ക് ശേഷം പല തലമുറകൾക്ക് ശേഷം ഈ തലമുറയുടെ റസൂലായി നിയോഗിക്കപ്പെട്ട നബി(സ)ക്ക് അല്ലാഹുവിന്റെ കാരുണ്യം കൊണ്ട് വഹ്‌യ് മൂലം അറിയിച്ച് കൊടുക്കപ്പെട്ടിട്ടുള്ളതാണ് ഈ വിവരങ്ങളെല്ലാം. യഹൂദരെയും കൃസ്ത്യാനികളെയും പോലെ വേദഗ്രന്ഥങ്ങളുമായോ, പ്രവാചകന്മാരുമായോ പരിചയമില്ലാത്ത അറബി ജനതക്ക് ഇത്തരം അറിവുകൾ ലഭിക്കാൻ അവസരമുണ്ടായിട്ടില്ല. അത് കൊണ്ടാണ് മുൻ പ്രവാചകന്മാരുടെ ചരിത്രങ്ങൾ അവയ്ക്ക് സാക്ഷിയായിരുന്ന ഒരാളെപോലെ തന്റെ ജനതക്ക് വിവരിച്ച് കൊടുത്ത് അവരെ താക്കീത് ചെയ്യുവാൻ വേണ്ടി ഇതെല്ലാം നബി(സ)ക്ക് അല്ലാഹു അറിയിച്ച് കൊടുത്തിട്ടുള്ളത്.

**വചനം 47**

وَلَوْلَآ أَن تُصِيبَهُم مُّصِيبَةٌۢ بِمَا قَدَّمَتْ أَيْدِيهِمْ فَيَقُولُوا۟ رَبَّنَا لَوْلَآ أَرْسَلْتَ إِلَيْنَا رَسُولًا فَنَتَّبِعَ ءَايَٰتِكَ وَنَكُونَ مِنَ ٱلْمُؤْمِنِينَ ﴿٤٧﴾

47 അവരുടെ കരങ്ങൾ മുൻ ചെയ്തിട്ടുള്ളതിൻെറ ഫലമായി അവർക്ക് വല്ല വിപത്തും ബാധിക്കുകയും, അപ്പോൾ അവർ (ഇങ്ങിനെ) പറഞ്ഞേക്കുകയും ചെയ്യുകയില്ലായിരുന്നുവെങ്കിൽ (നിന്നെ നാം അവരിലേക്ക് അയക്കുമായിരിന്നില്ല): “ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് നീ ഒരു റസൂലിനെ അയച്ചു തന്നുകൂടായിരുന്നോ, എന്നാൽ ഞങ്ങൾ നിൻെറ

ലക്ഷ്യങ്ങളെ പിൻപറ്റുകയും, ഞങ്ങൾ സത്യ വിശ്വാസികളിൽപെട്ടവരാകുകയും ചെയ്യുമായി രുന്നുവല്ലോ!''

അവിശ്വാസം, ദുർനടപ്പ് മുതലായവ നിമിത്തം അവർക്ക് വല്ല വിപത്തും ബാധിച്ചാൽ, തങ്ങളിലേക്ക് ഒരു ദൈവദൂതനെ അയച്ച് തരാത്തത് കൊണ്ടാണ് ഞങ്ങൾ വഴി പിഴച്ച് പോയത് എന്നവർ ന്യായവാദം ചെയ്യാതിരിക്കാൻ വേണ്ടിയാണ്, അവരിലേക്ക് നാം റസൂലിനെ അയച്ചത്.

**വചനം 48**

فَلَمَّا جَآءَهُمُ ٱلْحَقُّ مِنْ عِندِنَا قَالُوا۟ لَوْلَآ أُوتِىَ مِثْلَ مَآ أُوتِىَ مُوسَىٰٓ ۚ أَوَلَمْ يَكْفُرُوا۟ بِمَآ أُوتِىَ مُوسَىٰ مِن قَبْلُ ۖ قَالُوا۟ سِحْرَانِ تَظَٰهَرَا وَقَالُوٓا۟ إِنَّا بِكُلٍّ كَٰفِرُونَ ﴿٤٨﴾

48 എന്നാൽ, നമ്മുടെ പക്കൽനിന്ന് യഥാർത്ഥം അവർക്ക് വന്നപ്പോഴോ, അവർ പറയുകയാണ്: "മൂസാക്ക് നൽകപ്പെട്ടതുപോലെയുള്ളത് (ദൃഷ്ടാന്തങ്ങൾ) ഇവന് നൽകപ്പെടാത്ത തെന്താണ്?!'' എന്ന്. മുമ്പ് മൂസാക്ക് നൽക പ്പെട്ടതിലും അവർ അവിശ്വസിക്കുകയുണ്ടാ യില്ലേ?! അവർ പറഞ്ഞു: "പരസ്പരം പിന്തുണ നൽകുന്ന രണ്ടു ജാലവിദ്യകളാണ്'' എന്ന്. "നിശ്ചയമായും, ഞങ്ങൾ എല്ലാറ്റിലും അവിശ്വ സിക്കുന്നവരാണ്'' എന്നും അവർ പറയുന്നു!

എന്നാൽ അവരിലേക്ക് ഒരു റസൂൽ വന്നപ്പോഴോ, അപ്പോൾ അവരുടെ ആക്ഷേപം, മൂസാ നബിക്ക് വടി, കൈ മുതലായ ദൃഷ്ടാന്തങ്ങൾ ലഭിച്ചത് പോലെ, എന്ത്കൊണ്ട് മുഹമ്മദിന് അവയൊന്നുമില്ല. എന്നാൽ അതേ മൂസാ നബിയിൽ ഇവരും ഇവരുടെ മുൻഗാമികളും വിശ്വസിച്ചിരുന്നുവോ - അതൊട്ടുമില്ല താനും. മൂസായും ഹാറൂനും പരസ്പരം സഹകരിച്ച് പ്രവർത്തിക്കുന്ന രണ്ട് ജാലവിദ്യക്കാരാണെന്നാണ് അവർ അന്ന് പറഞ്ഞത്. ഇപ്പോൾ ഇവരും മുഹമ്മദിനെ കുറിച്ചും അത് തന്നെ പറയുന്നു.

**വചനം 49 :**

قُلْ فَأْتُوا۟ بِكِتَٰبٍ مِّنْ عِندِ ٱللَّهِ هُوَ أَهْدَىٰ مِنْهُمَآ أَتَّبِعْهُ إِن كُنتُمْ صَٰدِقِينَ ﴿٤٩﴾

49 (നബിയേ) പറയുക: "എന്നാൽ, അല്ലാഹു വിങ്കൽ നിന്നുമുള്ള ഒരു വേദഗ്രന്ഥം-അത് അവ രണ്ടിനെക്കാളും കൂടുതൽ മാർഗ്ഗദർശക മായിക്കൊണ്ട്-നിങ്ങൾ കൊണ്ടു വരുക, ഞാൻ അത് പിൻപറ്റിക്കൊള്ളാം; നിങ്ങൾ സത്യവാ ൻമാരാണെങ്കിൽ (കാണട്ടെ)!''

'അവരണ്ടും' എന്ന് പറഞ്ഞത് രണ്ട് നബിമാരും കൊണ്ടുവന്ന വേദഗ്രന്ഥങ്ങളെ - ഖുർആനെയും തൌറാത്തിനെയും - ഉദ്ദേശിച്ചാകുന്നു. മാർഗ്ഗദർശനത്തിൽ രണ്ടിനെയും കവച്ച് വെക്കുന്ന ഒരു ഗ്രന്ഥം കൊണ്ട് വന്ന് തങ്ങളുടെ വാദം സ്ഥാപിക്കുവാൻ അല്ലാഹു അവരെ വെല്ല് വിളിക്കുകയാണ്.

**വചനം 50,51**

فَإِن لَّمْ يَسْتَجِيبُوا۟ لَكَ فَٱعْلَمْ أَنَّمَا يَتَّبِعُونَ أَهْوَآءَهُمْ ۚ وَمَنْ أَضَلُّ مِمَّنِ ٱتَّبَعَ هَوَىٰهُ بِغَيْرِ هُدًى مِّنَ ٱللَّهِ ۚ إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿٥٠﴾

50 എന്നിട്ട് അവർ നിനക്ക് (അതിന്) ഉത്തരം തന്നില്ലെങ്കിൽ, അവർ തങ്ങളുടെ ഇച്ഛകളെമാത്രം പിൻപറ്റിക്കൊണ്ടിരിക്കുകയാണെന്ന് നീ അറി ഞ്ഞുകൊള്ളുക. അല്ലാഹുവിങ്കൽ നിന്നുള്ള യാതൊരു മാർഗ്ഗദർശനവും കൂടാതെ, തൻെറ ഇച്ഛയെ പിൻപറ്റുന്നവനെക്കാൾ വഴിപിഴ ച്ചവൻ ആരാണുള്ളത്?! നിശ്ചയമായും, അല്ലാഹു അക്രമികളായ ജനതയെ നേർമ്മാർഗ്ഗത്തിലാ ക്കുകയില്ല.

**വിഭാഗം 6**

۞ وَلَقَدْ وَصَّلْنَا لَهُمُ ٱلْقَوْلَ لَعَلَّهُمْ يَتَذَكَّرُونَ ﴿٥١﴾

51 തീർച്ചയായും, (ഈ) വചനം നാം അവർക്ക് (ഒന്നിനുശേഷം മറ്റൊന്നായി) ചേർത്ത് വിവരിച്ചിട്ടുണ്ട് -അവർ ഉറ്റാലോചിക്കുവാൻവേണ്ടി.

അല്ലാഹുവിങ്കൽ നിന്നുള്ള മാർഗ്ഗദർശനം അവഗണിച്ച് കൊണ്ട് തങ്ങളുടെ ഇഛകളെ മാത്രം പിൻ പറ്റുന്നവരാകുന്നു വഴിപിഴച്ചവർ. അത്തരം അക്രമികളായ ജനതയെ അല്ലാഹു നേർമാർഗ്ഗത്തിലാക്കുകയില്ല തന്നെ.

ഈ വചനം (ഖുർആൻ) അവതരിക്കപ്പെട്ടത് ഒരു പ്രാവശ്യമായിട്ടല്ല, അനേകം തവണകളായിട്ടാണ്. അവർ ഉറ്റാലോചിക്കാൻ വേണ്ടി അതിലെ വിഷയങ്ങളെ ആവർത്തിച്ച് പ്രസ്താവിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുമുണ്ട്.

<u>വചനം 52,53,54,55</u>

ٱلَّذِينَ ءَاتَيْنَـٰهُمُ ٱلْكِتَـٰبَ مِن قَبْلِهِۦ هُم بِهِۦ يُؤْمِنُونَ ﴿٥٢﴾

وَإِذَا يُتْلَىٰ عَلَيْهِمْ قَالُوٓا۟ ءَامَنَّا بِهِۦٓ إِنَّهُ ٱلْحَقُّ مِن رَّبِّنَآ إِنَّا كُنَّا مِن قَبْلِهِۦ مُسْلِمِينَ ﴿٥٣﴾

أُو۟لَـٰٓئِكَ يُؤْتَوْنَ أَجْرَهُم مَّرَّتَيْنِ بِمَا صَبَرُوا۟ وَيَدْرَءُونَ بِٱلْحَسَنَةِ ٱلسَّيِّئَةَ وَمِمَّا رَزَقْنَـٰهُمْ يُنفِقُونَ ﴿٥٤﴾

وَإِذَا سَمِعُوا۟ ٱللَّغْوَ أَعْرَضُوا۟ عَنْهُ وَقَالُوا۟ لَنَآ أَعْمَـٰلُنَا وَلَكُمْ أَعْمَـٰلُكُمْ سَلَـٰمٌ عَلَيْكُمْ لَا نَبْتَغِى ٱلْجَـٰهِلِينَ ﴿٥٥﴾

52 ഇതിനുമുമ്പ് നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവർതന്നെയും ഇതിൽ (ഖുർആനിൽ) വിശ്വസിക്കുന്നു.

53 ഇതവർക്ക് ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ അവർ പറയും: "ഞങ്ങൾ ഇതിൽ വിശ്വസിച്ചിരിക്കുന്നു; നിശ്ചയമായും, ഇത് നമ്മുടെ രക്ഷിതാവിങ്കൽനിന്നുള്ള യഥാർത്ഥമാകുന്നു; ഞങ്ങൾ ഇതിനുമുമ്പേ 'മുസ്‌ലിം'കളായി (അനുസരണമുള്ളവരായി)രിക്കുന്നു."

54 അക്കൂട്ടർക്ക്-അവർ ക്ഷമിച്ചതു നിമിത്തം-അവരുടെ പ്രതിഫലം രണ്ടു പ്രാവശ്യം (ഇരട്ടിയായി) നൽകപ്പെടുന്നതാകുന്നു. അവർ, നൻമകൊണ്ട് തിൻമയെ തടുക്കുന്നു; നാം അവർക്ക് നൽകിയിട്ടുള്ളതിൽനിന്ന് അവർ ചെലവഴിക്കുകയും ചെയ്യുന്നു.

55 വ്യർത്ഥമായുള്ളത് കേട്ടാൽ, അവർ അതിൽനിന്നും തിരിഞ്ഞുകളയുകയും (ഇങ്ങിനെ) പറയുകയും ചെയ്യുന്നതാണ്: "ഞങ്ങൾക്ക് ഞങ്ങളുടെ കർമ്മങ്ങൾ; നിങ്ങൾക്ക് നിങ്ങളുടെ കർമ്മങ്ങളും. നിങ്ങൾക്ക് 'സലാം!' ഞങ്ങൾ മൂഢൻമാരെ ആവശ്യപ്പെടുന്നില്ല."

നാമമാത്രമായാണെങ്കിലും തൗറാത്തും ഇഞ്ചീലും തങ്ങളുടെ കയ്യിൽ ഉണ്ടായിട്ട് പോലും, ഖുർആൻ കേട്ടമാത്രയിൽ വേദക്കാരിൽ - യഹൂദന്മാരും കൃസ്ത്യാനികളും - പലരും അതിൽ വിശ്വസിക്കാൻ മുന്നോട്ട് വന്നു. അവരിൽ അബിസിനിയ, ശാം മുതലായ രാജ്യങ്ങളിൽ നിന്നുള്ളവരുമുണ്ടായിരുന്നു - (അബിസിനിയായിലെ ചക്രവർത്തിയായ നജ്ജാശി അയച്ച എഴുപത് പേരടങ്ങുന്ന നിവേദക സംഘം അടക്കം). അവരിൽ മതപുരോഹിതന്മാരും പണ്ഡിതന്മാരുമുണ്ടായിരുന്നു. ഇങ്ങനെയുള്ളവരെ പറ്റിയാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. (സൂ: ആലു ഇംറാൻ 199-ഉം നോക്കുക.)

തങ്ങളുടെ വേദഗ്രന്ഥത്തിൽ നിന്നും നബി(സ)യെ കുറിച്ച് മനസ്സിലാക്കിയിരുന്ന അവർ. നബി(സ)യുടെ നിയോഗവാർത്ത അറിഞ്ഞ ഉടനെ വിശ്വസിക്കുകയും ചെയ്തു. അങ്ങനെ നേരത്തെ തന്നെ അവർ മുസ്ലീംകളായിത്തീർന്നിരുന്നു. ആദ്യത്തിൽ അവരുടെ വേദത്തിലും അനന്തരം ഖുർആനിലും വിശ്വസിച്ച

തിനാൽ അല്ലാഹു അവർക്ക് ഇരട്ടി പ്രതിഫലം നൽകുന്നതാണ്. വിശ്വാസത്തിന്റെ പേരിൽ ശത്രുക്കളിൽ നിന്നുണ്ടാകുന്ന മർദ്ദനങ്ങൾ അവഗണിക്കുവാനുള്ള അവരുടെ സഹനവും ക്ഷമയുമാണതിന് കാരണം.

മേൽ പ്രസ്താവിച്ച ഭാഗ്യവാന്മാരായ വേദക്കാരുടെ ഗുണങ്ങളായി മൂന്ന് കാര്യങ്ങൾ അല്ലാഹു ഇവിടെ എടുത്തു കാട്ടുന്നു.

: അവർ തിന്മകളെ നന്മ കൊണ്ട് തടുക്കുന്നു. സഹനം, ക്ഷമ, മാപ്പ്, വിട്ടുവീഴ്ച ഇത്യാദി ഗുണങ്ങളായിരുക്കും അവരുടെ ആയുധങ്ങൾ.

: അല്ലാഹു അവർക്ക് നൽകിയിട്ടുള്ളതിൽ നിന്ന് നല്ല കാര്യങ്ങൾക്കായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവർ ചിലവ് ചെയ്യുന്നു.

: വ്യർത്ഥമായിട്ടുള്ള വല്ലതും കേട്ടാൽ അവർ അതിൽ ശ്രദ്ധിക്കാതെ തിരിഞ്ഞ് പോകും. പരദൂഷണം, വ്യാജം, നിരർത്ഥമായ സംസാരം, ഖുർആനെയോ നബി(സ)യെയോ സംബന്ധിച്ച പഴിവാക്കുകൾ എന്നിവ പറയപ്പെടുന്ന സദസ്സുകളിൽ നിന്നും 'ഞങ്ങൾക്ക് ഞങ്ങളുടെ കർമ്മം നിങ്ങൾക്ക് നിങ്ങളുടെ കർമ്മം, നിങ്ങൾക്ക് സലാം" എന്നും പറഞ്ഞ് അവർ പിന്തിരിഞ്ഞ് പോകും.

**വചനം 56**

إِنَّكَ لَا تَهْدِي مَنْ أَحْبَبْتَ وَلَٰكِنَّ ٱللَّهَ يَهْدِي مَن يَشَآءُ ۚ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ﴿٥٦﴾

56 (നബിയേ) നിശ്ചയമായും, നീ ഇഷ്ടപ്പെട്ടവരെ നീ നേർമാർഗ്ഗത്തിലാക്കുകയില്ല; എങ്കിലും, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ നേർമ്മാർഗ്ഗത്തിലാക്കുന്നു. സൻമാർഗ്ഗം പ്രാപിക്കുന്നവരെക്കുറിച്ച് അവൻ നല്ലവണ്ണം അറിയുന്നവുമത്രെ.

നബി(സ) തിരുമേനിയെ സ്വന്തം പിതാവിന്റെ സ്ഥാനം ഏറ്റെടുത്ത് ലാളിച്ച് വളർത്തിയ പിതൃവ്യൻ അബൂത്വാലിബിന്റെ സംഭവമാണ് ഈ ആയത്തിന്റെ അവതരണ ഹേതു എന്ന് ബുഖാരി (റ) മുസ്ലീം(റ) മുതലായവർ ഉദ്ധരിക്കുന്ന ഹദീസുകളിൽ നിന്നും സ്പഷ്ടമാകുന്നു. മരണാസന്ന വേളയിൽ "ലാ ഇലാഹ ഇല്ലല്ലാഹ്" എന്ന തൗഹീദിന്റെ കലിമ ഉച്ചരിക്കാൻ നബി(സ) അബൂത്വാലിബിനോട് കേണപേക്ഷിച്ചിട്ടും ഖുറൈശികളിൽ നിന്നുണ്ടായേക്കാവുന്ന പരിഹാസത്തെ ഭയന്ന് അദ്ദേഹം തൗഹീദിന്റെ വചനം ഉച്ചരിക്കാതെ മരണപ്പെടുകയാണുണ്ടായത്.

ഈ സംഭവത്തെ തുടർന്ന് അവതരിച്ച ഈ വചനത്തിന്റെ ഗൗരവവും അഗാധതയും നമുക്ക് ഏവർക്കും ഊഹിക്കാവുന്നതാണ്.

**വചനം 57**

وَقَالُوٓا۟ إِن نَّتَّبِعِ ٱلْهُدَىٰ مَعَكَ نُتَخَطَّفْ مِنْ أَرْضِنَآ ۚ أَوَلَمْ نُمَكِّن لَّهُمْ حَرَمًا ءَامِنًا يُجْبَىٰٓ إِلَيْهِ ثَمَرَٰتُ كُلِّ شَىْءٍ رِّزْقًا مِّن لَّدُنَّا وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿٥٧﴾

57 അവർ പറയുന്നു: "(മുഹമ്മദേ) തൻെറ കൂടെ ഞങ്ങൾ (ഈ) സൻമാർഗ്ഗം പിൻതുടർന്നാൽ, ഞങ്ങൾ ഞങ്ങളുടെ നാട്ടിൽ നിന്ന് റാഞ്ചി എടുക്കപ്പെടും." എന്ന്! നാം (അല്ലാഹു) ഒരു നിർഭയമായ 'ഹറം' (അലംഘനീയമായ പവിത്രസ്ഥലം)അവർക്ക് സൗകര്യപ്പെടുത്തിക്കൊടുത്തിട്ടില്ലേ?! നമ്മുടെ പക്കൽനിന്നുള്ള ആഹാരമായി എല്ലാ വസ്തുക്കളുടെയും ഫലങ്ങൾ അവിടേക്ക് ശേഖരിച്ചു കൊണ്ടുവരപ്പെടുന്നു. എങ്കിലും, അവരിൽ അധികമാളുകളും അറിയുന്നില്ല.

“താങ്കളെ പിൻപറ്റിയാൽ ഞങ്ങൾ ഞങ്ങളുടെ നാട്ടിൽ നിന്ന് ബഹിഷ്കരിക്കപ്പെടും” എന്ന് ചില ആളുകൾ നബി(സ)യോട് പറയുമായിരുന്നു. എന്നാൽ അല്ലാഹു മക്കയെ ഹറം(അലംഘനീയമായ പവിത്ര സ്ഥലം) ആയി പ്രഖ്യാപിച്ച വസ്തുത ഇസ്ലാമിലും ഇസ്ലാമിനു മുമ്പുള്ള അറബികൾക്കിടയിലും അംഗീകരിക്കപ്പെട്ടതാണ്. എന്നിരിക്കെ എന്തിനാണവർ ബഹിഷ്കരണത്തെയോ കയ്യേറ്റത്തേയോ ഭയപ്പെടുന്നത് എന്ന് അല്ലാഹു ചോദിക്കുന്നു. മാത്രമല്ല, സ്വയം ഒരു ഭക്ഷ്യോൽപാദക കേന്ദ്രമല്ലെങ്കിലും നാനാ പ്രദേശങ്ങളിൽ നിന്നും എല്ലാ അവശ്യവസ്തുക്കളും മക്കയിൽ ഇറക്കുമതി ചെയ്യപ്പെടുന്നുമുണ്ട്. എന്നിരിക്കെ ഖുറൈശികൾ ശത്രുക്കളുടെ ആക്രമണവും ഉപരോധവും ഭയപ്പെടേണ്ടതില്ല, എങ്കിലും മിക്കവരും തങ്ങളുടെ വിജയമാർഗ്ഗം മനസ്സിലാക്കാതിരിക്കുകയാണ്.

**വചനം 58**

وَكَمْ أَهْلَكْنَا مِن قَرْيَةٍۭ بَطِرَتْ مَعِيشَتَهَا ۖ فَتِلْكَ مَسَٰكِنُهُمْ لَمْ تُسْكَن مِّنۢ بَعْدِهِمْ إِلَّا قَلِيلًا ۖ وَكُنَّا نَحْنُ ٱلْوَٰرِثِينَ ﴿٥٨﴾

58 ജീവിതരീതിയിൽ അഹങ്കരിച്ച എത്രയോ രാജ്യങ്ങളെ നാം നശിപ്പിച്ചിട്ടുണ്ട്;- എന്നിട്ടതാ, അവരുടെ (ആ രാജ്യക്കാരുടെ) വാസസ്ഥലങ്ങൾ! അവർക്കുശേഷം ദുർല്ലഭമായിട്ടല്ലാതെ അവയിൽ നിവസിക്കപ്പെടുകയുണ്ടായിട്ടില്ല. നാം തന്നെ (അവയ്ക്ക്) അവകാശികളായിത്തീരുകയും ചെയ്തു.

ജനങ്ങൾ അഹങ്കരിക്കുക നിമിത്തം എത്രയോ രാജ്യങ്ങളെ അല്ലാഹു മുമ്പ് നശിപ്പിക്കുകയുണ്ടായിട്ടുണ്ട്. ആ പ്രദേശങ്ങൾ ചുരുങ്ങിയ തോതിലൊഴികെ ജനവാസമില്ലാതെ ശൂന്യമായി കിടക്കുകയാണ്. അല്ലാഹുവല്ലാതെ അവയ്ക്കൊന്നും അവകാശപ്പെടുവാൻ പിൻഗാമികളില്ലാതെ അവ ശൂന്യമായി തീർന്നിരിക്കുന്നു.

**വചനം 59,60**

وَمَا كَانَ رَبُّكَ مُهْلِكَ ٱلْقُرَىٰ حَتَّىٰ يَبْعَثَ فِىٓ أُمِّهَا رَسُولًا يَتْلُوا۟ عَلَيْهِمْ ءَايَٰتِنَا ۚ وَمَا كُنَّا مُهْلِكِى ٱلْقُرَىٰٓ إِلَّا وَأَهْلُهَا ظَٰلِمُونَ ﴿٥٩﴾

وَمَآ أُوتِيتُم مِّن شَىْءٍ فَمَتَٰعُ ٱلْحَيَوٰةِ ٱلدُّنْيَا وَزِينَتُهَا ۚ وَمَا عِندَ ٱللَّهِ خَيْرٌ وَأَبْقَىٰٓ ۚ أَفَلَا تَعْقِلُونَ ﴿٦٠﴾

59 (നബിയേ) നിൻെറ റബ്ബ്, രാജ്യങ്ങളുടെ കേന്ദ്രത്തിൽ അവർക്ക് നമ്മുടെ ലക്ഷ്യങ്ങൾ ഓതികേൾപ്പിക്കുന്ന ഒരു റസൂലിനെ നിയോഗിക്കുന്നതുവരേക്കും അവയെ (രാജ്യങ്ങളെ) നശിപ്പിക്കുന്നവനല്ല; രാജ്യക്കാർ അക്രമികളായിരിക്കവെ അല്ലാതെ നാം (അല്ലാഹു) അവയെ നശിപ്പിക്കുന്നവരുമല്ല.

60 വസ്തുവഹകളായി നിങ്ങൾക്ക് എന്തൊന്ന് നൽകപ്പെട്ടിട്ടുണ്ടെങ്കിലും അത് ഐഹിക ജീവിതത്തിൻെറ സുഖഭോഗവും, അതിൻെറ അലങ്കാരവും (മാത്രം) ആകുന്നു. അല്ലാഹുവിങ്കലുള്ളത് ഉത്തമമായതും, കൂടുതൽ ശേഷിക്കുന്നതുമാണ്. എന്നിരിക്കെ, നിങ്ങൾ ബുദ്ധി കൊടു(ത്തുചിന്തി)ക്കുന്നില്ലേ?!

ഒരു റസൂലിനെ നിയോഗിച്ച് അല്ലാഹുവിന്റെ ലക്ഷ്യങ്ങൾ ഓതികേൾപ്പിക്കപ്പെട്ട ശേഷവും ആ രാജ്യക്കാർ അക്രമികളായിട്ടിരിക്കവെയല്ലാതെ, അല്ലാഹു ഒരു രാജ്യത്തെയും നശിപ്പിക്കുകയുണ്ടായിട്ടില്ല.

ഈ ജീവിതത്തിൽ നമുക്ക് ലഭിക്കുന്ന ഏത് സുഖഭോഗങ്ങളും വെറും നശ്വരങ്ങളാകുന്നു. എന്നാൽ പരലോകത്തുവെച്ച് ലഭിക്കാനിരിക്കുന്ന സുഖഭോഗങ്ങളാകുന്നു ഏറ്റവും ഉന്നതവും ഉൽകൃഷ്ടവും അനശ്വരവുമായത്.

**വിഭാഗം 7**

**വചനം 61**

أَفَمَن وَعَدْنَٰهُ وَعْدًا حَسَنًا فَهُوَ لَٰقِيهِ كَمَن مَّتَّعْنَٰهُ مَتَٰعَ ٱلْحَيَوٰةِ ٱلدُّنْيَا ثُمَّ هُوَ يَوْمَ ٱلْقِيَٰمَةِ مِنَ ٱلْمُحْضَرِينَ ﴿٦١﴾

61 അപ്പോള്‍, ഏതൊരുവനോട് നാം നല്ലൊരു വാഗ്ദാനംചെയ്യുകയും, എന്നിട്ട് അവനത് കണ്ടെത്തി (അനുഭവി)ക്കുന്നവനായിരിക്കുകയും ചെയ്യുന്നുവോ അവന്‍, ഐഹിക ജീവിതത്തിന്‍റെ സുഖഭോഗം നാം അനുഭവിപ്പിച്ചുകൊടുക്കുകയും, പിന്നീട് ഖിയാമത്തുനാളില്‍ താന്‍ (ശിക്ഷക്ക്) ഹാജറാക്കപ്പെടുന്നവരില്‍ ഉള്‍പ്പെടുകയും ചെയ്യുന്നവനെപ്പോലെയാണോ?!

സന്മാര്‍ഗ്ഗത്തില്‍ ചരിക്കുന്ന സത്യവിശ്വാസികളും (ക്ഷണികമായ ഐഹിക സൗഖ്യങ്ങളില്‍ അവരുടെ സ്ഥിതി കേവലം മോശമായിരുന്നാലും) ഐഹിക ജീവിതത്തില്‍ എല്ലാ സുഖ സൗകര്യങ്ങളും ലഭിച്ചിട്ട്, പരലോകത്ത് ശിക്ഷാര്‍ഹരായിത്തീരുന്നവരും ഒരിക്കലും സമമാകുകയില്ല. അനശ്വരമായ പരലോക ജീവിതത്തിലെ സുഖാനുഭവങ്ങള്‍ക്ക് വേണ്ടിയാണ് മനുഷ്യന്‍ യത്നിക്കേണ്ടത്.

**വചനം 62,63,64**

وَيَوْمَ يُنَادِيهِمْ فَيَقُولُ أَيْنَ شُرَكَآءِىَ ٱلَّذِينَ كُنتُمْ تَزْعُمُونَ ﴿٦٢﴾

62 അവരെ അവന്‍ (അല്ലാഹു) വിളിച്ച് (ഇങ്ങനെ) പറയുന്ന ദിവസം (ഓര്‍ക്കുക); "നിങ്ങള്‍ ജല്‍പിച്ചുകൊണ്ടിരുന്നതായ എന്‍റെ പങ്കുകാര്‍ എവിടെ?!"

قَالَ ٱلَّذِينَ حَقَّ عَلَيْهِمُ ٱلْقَوْلُ رَبَّنَا هَٰٓؤُلَآءِ ٱلَّذِينَ أَغْوَيْنَآ أَغْوَيْنَٰهُمْ كَمَا غَوَيْنَا ۖ تَبَرَّأْنَآ إِلَيْكَ ۖ مَا كَانُوٓا۟ إِيَّانَا يَعْبُدُونَ ﴿٦٣﴾

63 (അന്ന്) ഏതൊരുത്തരുടെ മേല്‍ (ശിക്ഷയുടെ) വാക്ക് അവകാശപ്പെട്ടിരിക്കുന്നുവോ അവര്‍ പറയുന്നതാണ്: "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങള്‍ വഴി തെറ്റിച്ചിട്ടുള്ളവര്‍ (ഇതാ) ഇക്കൂട്ടരാണ്; ഞങ്ങള്‍ (സ്വയം) വഴി തെറ്റിയതുപോലെ, ഞങ്ങള്‍ അവരെയും വഴിതെറ്റിച്ചതാണ്. (അവരെ സംബന്ധിച്ച്) നിങ്കലേക്ക് ഞങ്ങള്‍ (ഇതാ) ഉത്തരവാദമൊഴിഞ്ഞുതന്നു; ഞങ്ങളെ അവര്‍ ആരാധിച്ചുവരികയായിരുന്നില്ല."

وَقِيلَ ٱدْعُوا۟ شُرَكَآءَكُمْ فَدَعَوْهُمْ فَلَمْ يَسْتَجِيبُوا۟ لَهُمْ وَرَأَوُا۟ ٱلْعَذَابَ ۚ لَوْ أَنَّهُمْ كَانُوا۟ يَهْتَدُونَ ﴿٦٤﴾

64 "നിങ്ങളുടെ (ആരാധ്യന്മാരായ) പങ്കുകാരെ വിളിക്കുവിന്‍!" എന്ന് പറയപ്പെടുകയും ചെയ്യും; അപ്പോള്‍ അവര്‍ അവരെ വിളി(ച്ചു നോ)ക്കും, എന്നാലവര്‍ തങ്ങള്‍ക്ക് ഉത്തരം നല്‍കുന്നതല്ല; ശിക്ഷയെ അവര്‍ (അനുഭവത്തില്‍) കാണുകയും ചെയ്യുന്നതാണ്. "തങ്ങള്‍ സന്‍മാര്‍ഗ്ഗം പ്രാപിച്ചിരുന്നുവെങ്കില്‍ കൊള്ളാമായിരുന്നു." (എന്നവര്‍ കൊതിക്കും)!

അല്ലാഹുവിന് പങ്കുകാരെ കല്‍പിച്ച് ആരാധിച്ച് വന്നിരുന്നവരോട് അല്ലാഹു ചോദിക്കുന്ന ചോദ്യമാണ് 62-ാം വചനത്തില്‍. ഈ അവസരത്തില്‍ തങ്ങള്‍ക്കുള്ള ശിക്ഷയില്‍ വല്ല ഇളവും ലഭിച്ചെങ്കിലോ എന്ന പ്രതീക്ഷയില്‍ നേതാക്കളായ ആരാധ്യന്മാര്‍ ഇപ്രകാരം മറുപടി പറയുന്നതാണ്. "ഞങ്ങള്‍ ഏതായാലും വഴി പിഴച്ച് പോയി. അപ്രകാരം അവരും ആയിത്തീരട്ടെ എന്ന് കരുതി അവരേയും ആ പിഴവിലേക്ക് പ്രേരിപ്പിച്ചതാണ്. വാസ്തവത്തില്‍ അവര്‍ ഞങ്ങളെ ആരാധിച്ച് വന്നിട്ടുമില്ല, തന്നിഷ്ട പ്രകാരം വിഗ്രഹങ്ങള്‍ തുടങ്ങിയ മറ്റ് പലതിനേയുമാണ് അവര്‍ ആരാധിച്ചിരുന്നത്."

തുടര്‍ന്ന് അവരുടെ ആരാധ്യ വസ്തുക്കളെ വിളിച്ചപേക്ഷിക്കുവാന്‍ ബഹുദൈവാരാധകര്‍

കൽപിക്കപ്പെടുന്നതാണ്. എന്നാൽ അവർക്കുത്തരം നൽകാൻ ആ ആരാധ്യന്മാർക്ക് സാധിക്കുന്നതല്ല. ആ അവസരത്തിൽ ആ ആരാധകന്മാരും ആരാധ്യരും ആത്മാർത്ഥമായി കൊതിച്ചു പോകും. "തങ്ങൾ സന്മാർഗ്ഗം പ്രാപിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു"

<u>വചനം 65,66,67</u>

وَيَوْمَ يُنَادِيهِمْ فَيَقُولُ مَاذَآ أَجَبْتُمُ ٱلْمُرْسَلِينَ ﴿٦٥﴾ فَعَمِيَتْ عَلَيْهِمُ ٱلْأَنۢبَآءُ يَوْمَئِذٍ فَهُمْ لَا يَتَسَآءَلُونَ ﴿٦٦﴾ فَأَمَّا مَن تَابَ وَءَامَنَ وَعَمِلَ صَٰلِحًا فَعَسَىٰٓ أَن يَكُونَ مِنَ ٱلْمُفْلِحِينَ ﴿٦٧﴾

65 അവരെ വിളിച്ച് "എന്താണ് നിങ്ങൾ മുർസലുകൾക്ക് ഉത്തരം നൽകിയത്?!" എന്ന് അവൻ (അല്ലാഹു) പറയുന്ന ദിവസം (ഓർക്കുക)!-

66 അന്നത്തെ ദിവസം, വർത്തമാനങ്ങൾ അവർക്ക് അന്ധമായിരിക്കുന്നതാണ്; അതിനാൽ, അവർ അന്യോന്യം (യാതൊന്നും) ചോദിച്ചറിയുകയില്ല.

67 എന്നാൽ, ആർ പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും, സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്തിരിക്കുന്നുവോ അവൻ, വിജയികളിൽ പെട്ടവനായേക്കാവുന്നതാണ്.

പ്രവാചകന്മാരെ നിഷേധിച്ച് കൊണ്ടിരുന്ന അവർ 'എന്താണ് നിങ്ങൾ മുർസലുകൾക്ക് ഉത്തരം നൽകിയത്' എന്ന അല്ലാഹുവിന്റെ ചോദ്യത്തിനു മുമ്പിൽ പകച്ച് നിൽക്കുന്നതാണ്. അന്യോന്യം ആരോടെങ്കിലും വല്ലതും ചോദിക്കുവാനോ അപേക്ഷിക്കുവാനോ അപ്പോൾ സാധ്യമാകുകയില്ല. സൃഷ്ടികളിൽ വെച്ച് ഉൽകൃഷ്ടരായ പ്രവാചകന്മാർ പോലും ആയൊരു ഘട്ടത്തിൽ (സൂ: മാഇദ 109-ാം വചനം നോക്കുക) പരിഭ്രാന്തരായി പോകുന്നതാണ് എന്നിരിക്കെ സൃഷ്ടികളിൽ വെച്ച് നികൃഷ്ടരായ ആ മഹാപാപികളുടെ സ്ഥിതിയെ പറ്റി എന്ത് പറയാനാണ്.

ഏത് ഭയങ്കര കുറ്റങ്ങൾ ചെയ്തവനാകട്ടെ, പശ്ചാത്തപിച്ച് മടങ്ങുകയും സത്യവിശ്വാസം കൈക്കൊള്ളുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്ന പക്ഷം, അവർക്ക് രക്ഷയുണ്ട്. അങ്ങനെയുള്ളവർ ഭാഗ്യവാന്മാരും വിജയികളുമാകുന്നു എന്ന് അല്ലാഹു 67-ാം വചനത്തിലൂടെ പ്രസ്താവിക്കുന്നു.

<u>വചനം 68</u>

وَرَبُّكَ يَخْلُقُ مَا يَشَآءُ وَيَخْتَارُ ۗ مَا كَانَ لَهُمُ ٱلْخِيَرَةُ ۚ سُبْحَٰنَ ٱللَّهِ وَتَعَٰلَىٰ عَمَّا يُشْرِكُونَ ﴿٦٨﴾

68 നിന്റെ റബ്ബ്, അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും, തിരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്ക് (സൃഷ്ടികൾക്ക്) തിരഞ്ഞെടുപ്പിനവകാശമില്ല. അവർ പങ്കുചേർക്കുന്നതിൽനിന്ന് അല്ലാഹു മഹാ പരിശുദ്ധനും, അത്യുന്നതനായുള്ളവനുമത്രെ!

എന്തെല്ലാമാണ് സൃഷ്ടിക്കേണ്ടത്, എങ്ങനെയെല്ലാമാണ് സൃഷ്ടിക്കേണ്ടത് തുടങ്ങി സൃഷ്ടിപ്പിന്റെ എല്ലാ കാര്യങ്ങളും അല്ലാഹു അവന്റെ ഉദ്ദേശമനുസരിച്ച് പ്രവർത്തിക്കുകയെന്നല്ലാതെ സൃഷ്ടികൾക്കാ കാര്യത്തിൽ യാതൊരു അവകാശവുമില്ല തന്നെ. എന്നിരിക്കെ അവനെ സംബന്ധിക്കുന്ന ഏതെങ്കിലും കാര്യത്തിൽ മറ്റൊരാളെ പങ്കാളിയാക്കി ഗണിക്കുന്ന പ്രശ്നമേ ഇല്ല, "അവർ പങ്ക് ചേർക്കുന്നതിൽ നിന്നും അല്ലാഹു മഹാപരിശുദ്ധനും അത്യുന്നതനുമാകുന്നു" എന്ന് ആയത്തിന്റെ അവസാനത്തിൽ പറഞ്ഞത് പ്രത്യേകം ശ്രദ്ധേയമാകുന്നു.

മരണ കാര്യങ്ങളോ ഭാവികാര്യങ്ങളോ അറിയുന്നതിന് വേണ്ടി ഒരാൾ ഏതെങ്കിലും അർ-റാഫിന്റെ അഥവാ പ്രശ്നക്കാരന്റെ അടുക്കൽ ചെന്ന് ചോദിക്കുന്ന പക്ഷം നാൽപത് ദിവസത്തെ നമസ്ക്കാരം അവനിൽ നിന്ന് സ്വീകരിക്കപ്പെടുന്നതല്ല എന്ന് നബി(സ) പറഞ്ഞതായി മുസ്ലീം(റ) രേഖപ്പെടുത്തിയിരിക്കുന്നു.

അത്തരം ആളുകൾ പറയുന്നത് വിശ്വസിക്കുന്നവർ മുഹമ്മദ്(സ)നബിക്ക് അവതരിക്കപ്പെട്ടതിൽ

നിന്നും ബന്ധമറ്റ് പോകുന്നതാണ് എന്നും ഇമാം അഹമദും(റ) അബൂദാവൂദും(റ)രിവായത്ത് ചെയ്തിട്ടുള്ള ഹദീസിൽ വന്നിട്ടുണ്ട്.

വല്ല പ്രധാനപ്പെട്ട കാര്യങ്ങളിലും ഏർപ്പെടുവാൻ ഉദ്ദേശിക്കുന്നവർ അക്കാര്യം തനിക്ക് ഗുണകരമായിരിക്കുമോ എന്ന് കാണിച്ച് തരുവാൻ അല്ലാഹുവിനോട് തേടുന്നതിനെ 'ഇസ്തിഖാറത്ത്' എന്ന് പറയുന്നു. ഇസ്തിഖാറത്ത് - നല്ലതിനെ തേടൽ - ചെയ്യേണ്ട ക്രമം നബി(സ)വളരെ പ്രാധാന്യം കൽപിച്ച് കൊണ്ട് പഠിപ്പിച്ചിട്ടുണ്ട്.

"നിങ്ങളിൽ ഒരാൾ ഒരു കാര്യത്തിന് ഉദ്ദേശിച്ചാൽ അവൻ ഫർള് നമസ്കാരമല്ലാത്ത രണ്ട് റക്അത്ത് നമസ്കരിച്ച് കൊള്ളട്ടെ. അതിന് ശേഷം ഇസ്തിഖാറത്തിന്റെ ദുആ പറഞ്ഞ് കൊള്ളുകയും ചെയ്യട്ടെ, അതോട് കൂടി അവൻ അവന്റെ ആവശ്യം എടുത്തുപറയുകയും ചെയ്യണം."(ബു)

**വചനം 69,70**

وَرَبُّكَ يَعْلَمُ مَا تُكِنُّ صُدُورُهُمْ وَمَا يُعْلِنُونَ ﴿٦٩﴾ وَهُوَ ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ۖ لَهُ ٱلْحَمْدُ فِى ٱلْأُولَىٰ وَٱلْءَاخِرَةِ ۖ وَلَهُ ٱلْحُكْمُ وَإِلَيْهِ تُرْجَعُونَ ﴿٧٠﴾

69 നിൻെറ രക്ഷിതാവ് അവരുടെ നെഞ്ചുകൾ (ഹൃദയങ്ങൾ) ഗോപ്യമാക്കിവെക്കുന്നതും, അവർ പരസ്യമാക്കുന്നതും അറിയുന്നതാണ്.

70 അവനത്രെ അല്ലാഹു; അവനല്ലാതെ ആരാധ്യനേയില്ല. ആദ്യലോകത്തും, അവസാനലോകത്തും (ഇഹത്തിലും, പരത്തിലും) സ്തുതികീർത്തനം അവന്നാകുന്നു. അവനുതന്നെയാണ് വിധികർതൃത്വവും; അവങ്കലേക്കു തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

അല്ലാഹുവിന്റെ മഹദ്ഗുണങ്ങളിൽ അതി പ്രധാനമായ ചിലവ ഈ വചനങ്ങളിലൂടെ ആർക്കും മനസ്സിലാകുന്ന വിധത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ഈ ഗുണ ഗണങ്ങൾക്കാസ്പദങ്ങളായ ചില ഉദാഹരണങ്ങൾ അടുത്ത വചനങ്ങളിൽ കാണാവുന്നതാണ്.

**വചനം 71,72,73**

قُلْ أَرَءَيْتُمْ إِن جَعَلَ ٱللَّهُ عَلَيْكُمُ ٱلَّيْلَ سَرْمَدًا إِلَىٰ يَوْمِ ٱلْقِيَٰمَةِ مَنْ إِلَٰهٌ غَيْرُ ٱللَّهِ يَأْتِيكُم بِضِيَآءٍ ۖ أَفَلَا تَسْمَعُونَ ﴿٧١﴾ قُلْ أَرَءَيْتُمْ إِن جَعَلَ ٱللَّهُ عَلَيْكُمُ ٱلنَّهَارَ سَرْمَدًا إِلَىٰ يَوْمِ ٱلْقِيَٰمَةِ مَنْ إِلَٰهٌ غَيْرُ ٱللَّهِ يَأْتِيكُم بِلَيْلٍ تَسْكُنُونَ فِيهِ ۖ أَفَلَا تُبْصِرُونَ ﴿٧٢﴾ وَمِن رَّحْمَتِهِۦ جَعَلَ لَكُمُ ٱلَّيْلَ وَٱلنَّهَارَ لِتَسْكُنُوا۟ فِيهِ وَلِتَبْتَغُوا۟ مِن فَضْلِهِۦ

71 (നബിയേ) പറയുക; "നിങ്ങൾ കണ്ടുവോ (മനസ്സിലാക്കിയിട്ടുണ്ടോ)? ഖിയാമത്തുനാൾവരെ സദാസമയത്തും നിങ്ങളുടെ മേൽ അല്ലാഹു രാത്രി (തന്നെ) ആക്കുകയാണെങ്കിൽ, അല്ലാഹു അല്ലാത്ത ഏതൊരു ഇലാഹാണ് നിങ്ങൾക്ക് ഒരു വെളിച്ചം കൊണ്ടുവന്നുതരുക?! എന്നിരിക്കേ, നിങ്ങൾ കേട്ടറിയുന്നില്ലേ?!"

72 പറയുക: "നിങ്ങൾ കണ്ടുവോ (മനസ്സിലാക്കുന്നുവോ)? ഖിയാമത്തുനാൾവരെ സദാസമയത്തും നിങ്ങളുടെമേൽ അല്ലാഹു പകൽ (തന്നെ) ആക്കുകയാണെങ്കിൽ, അല്ലാഹു അല്ലാത്ത ഏതൊരു ഇലാഹാണ് നിങ്ങൾക്ക് ശാന്തമായിരിക്കാവുന്ന ഒരു രാത്രി നിങ്ങൾക്ക് കൊണ്ടുവന്നുതരുക?! എന്നിരിക്കെ, നിങ്ങൾ കണ്ടറിയുന്നില്ലേ?!"

73 അവൻെറ കാരുണ്യത്താലത്രെ അവൻ നിങ്ങൾക്ക് രാവും പകലും ഉണ്ടാക്കിത്തന്നിരിക്കുന്നത്; നിങ്ങൾക്കതിൽ ശാന്തമായിരിക്കുവാനും, അവൻെറ അനുഗ്രഹത്തിൽനിന്നും (ജീവി

وَلَعَلَّكُمْ تَشْكُرُونَ ﴿٧٣﴾

തമാർഗ്ഗം) അന്വേഷിച്ചുണ്ടാക്കുവാനും വേണ്ടി. (മാത്രമല്ല) നിങ്ങൾ നന്ദിചെയ്യുവാൻ വേണ്ടിയും.

ഭൂലോകമാകെ മുഴുവൻ സമയവും രാത്രിയായിരുന്നെങ്കിൽ, അല്ലെങ്കിൽ മുഴുവൻ സമയവും പകൽ മാത്രമായിരുന്നെങ്കിൽ എന്തായിരിക്കും അവസ്ഥയെന്ന് അൽപമൊന്ന് ചിന്തിച്ച് നോക്കുക. പകൽ വെളിച്ചത്തിൽ വിവിധ രംഗങ്ങളിൽ വ്യാപരിച്ചും അത്യദ്ധ്വാനം ചെയ്തും പോരുന്ന മനുഷ്യന് സ്വൈര്യതയോടെ വിശ്രമിക്കാൻ ഉതകുന്ന രാത്രിയും, ശാന്തമായ വിശ്രമത്തിന് ശേഷം തിരിച്ച് കിട്ടിയ ഉന്മേഷം ഉപയോഗപ്പെടുത്തി കൊണ്ട് അനേകം വ്യവഹാരങ്ങളിൽ വിഹരിക്കേണ്ടതിന് അനിർവാര്യമായ പകലും - എല്ലാം തന്നെ അല്ലാഹുവിന്റെ കാരുണ്യത്താലത്രേ, നമുക്ക് അനുഭവ യോഗ്യമാകുന്നത്. നാം ആ അനുഗ്രഹങ്ങൾ ആസ്വദിച്ചാൽ മാത്രം പോരാ, അല്ലാഹുവിനെ സ്തുതിക്കുകയും അവനോട് നന്ദി പ്രകടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

**വചനം 74,75**

وَيَوْمَ يُنَادِيهِمْ فَيَقُولُ أَيْنَ شُرَكَآءِىَ
ٱلَّذِينَ كُنتُمْ تَزْعُمُونَ ﴿٧٤﴾
وَنَزَعْنَا مِن كُلِّ أُمَّةٍ شَهِيدًا فَقُلْنَا
هَاتُوا۟ بُرْهَـٰنَكُمْ فَعَلِمُوٓا۟ أَنَّ ٱلْحَقَّ لِلَّهِ
وَضَلَّ عَنْهُم مَّا كَانُوا۟ يَفْتَرُونَ ﴿٧٥﴾

74 അവൻ (അല്ലാഹു) അവരെ വിളിപ്പിച്ച് "നിങ്ങൾ ജൽപിച്ചുകൊണ്ടിരുന്ന എൻെറ പങ്കുകാർ എവിടെ?" എന്ന് ചോദിക്കുന്ന ദിവസം (ഓർക്കുക)!

75 എല്ലാ സമുദായത്തിൽനിന്നും ഓരോ സാക്ഷിയെ നാം പുറത്ത് കൊണ്ടുവരുന്നതാണ്; എന്നിട്ട് നാം പറയും: "നിങ്ങളുടെ തെളിവ് കൊണ്ടുവരുവിൻ" എന്ന്! അപ്പോൾ അവർക്കറിയാം, ന്യായം അല്ലാഹുവിനാണ് ഉള്ളതെന്ന്. അവർ കെട്ടിച്ചമച്ചുകൊണ്ടിരുന്നത് (മുഴുക്കെ) അവരെ വിട്ടു മാറി (മറഞ്ഞു) പോകുന്നതുമാണ്.

ഓരോ സമുദായത്തിലേക്കും നിയോഗിക്കപ്പെട്ട പ്രവാചകന്മരാണ് ഇവിടെ സാക്ഷി എന്നത് കൊണ്ടുദ്ദേശ്യം. ഓരോ സമുദായവും അവരവരുടെ നബിമാരുടെ പ്രബോധനത്തിൽ എന്ത് നിലപാട് കൈകൊണ്ടുവെന്ന് അവരുടെ മുമ്പാകെ വെച്ച് തെളിവ് കൊടുക്കുന്നതിനാണ് അവരെ സാക്ഷിയായി കൊണ്ട് വരുന്നത്. ബഹുദൈവരാധകർക്കും അവിശ്വാസികൾക്കും അപ്പോൾ ഒരു കാര്യം തികച്ചും ബോദ്ധ്യപ്പെടും - ഏക ഇലാഹായിരിക്കുവാനുള്ള അവകാശവും അർഹതയും എല്ലാം തന്നെ അല്ലാഹുവിന് മാത്രമാണുള്ളതെന്ന്.

## വിഭാഗം 8

**വചനം 76,77,78**

۞ إِنَّ قَـٰرُونَ كَانَ مِن قَوْمِ مُوسَىٰ
فَبَغَىٰ عَلَيْهِمْ ۖ وَءَاتَيْنَـٰهُ مِنَ ٱلْكُنُوزِ مَآ إِنَّ
مَفَاتِحَهُۥ لَتَنُوٓأُ بِٱلْعُصْبَةِ أُو۟لِى ٱلْقُوَّةِ إِذْ
قَالَ لَهُۥ قَوْمُهُۥ لَا تَفْرَحْ ۖ إِنَّ ٱللَّهَ لَا
يُحِبُّ ٱلْفَرِحِينَ ﴿٧٦﴾

76 നിശ്ചയമായും, ഖാറൂൻ മൂസായുടെ ജനതയിൽപെട്ടവനായിരുന്നു. എന്നിട്ട് അവൻ അവരുടെ മേൽ ധിക്കാരം കാണിച്ചു. അവൻെറ താക്കോലുകൾ തന്നെ, ശക്തന്മാരായ ഒരു സംഘത്തിന് (പേറാൻ കഴിയാത്ത) ഭാരമായിരിക്കത്തക്കവണ്ണം നിക്ഷേപങ്ങളെ നാം അവന് നൽകുകയും ചെയ്തിരുന്നു. അങ്ങിനെയിരിക്കെ, അവൻെറ ജനങ്ങൾ അവനോട് പറഞ്ഞു: "നീ പുളകം കൊള്ളേണ്ടാ- നിശ്ചയമായും പുളകം കൊള്ളുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല!"

وَٱبْتَغِ فِيمَآ ءَاتَىٰكَ ٱللَّهُ ٱلدَّارَ ٱلْءَاخِرَةَ ۖ
وَلَا تَنسَ نَصِيبَكَ مِنَ ٱلدُّنْيَا ۖ
وَأَحْسِن كَمَآ أَحْسَنَ ٱللَّهُ إِلَيْكَ ۖ
وَلَا تَبْغِ ٱلْفَسَادَ فِى ٱلْأَرْضِ ۖ إِنَّ ٱللَّهَ لَا
يُحِبُّ ٱلْمُفْسِدِينَ ﴿٧٧﴾

77 "അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിൽ നീ പരലോക (ഗുണ) ത്തെ തേടിക്കൊള്ളുക; ഇഹത്തിൽനിന്നുമുള്ള നിൻെറ പങ്ക് നീ വിസ്മരിക്കുകയുംവേണ്ടാ! നിനക്ക് അല്ലാഹു നൻമ ചെയ്തുതന്ന പ്രകാരം നീയും നൻമ ചെയ്യുക; നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. നിശ്ചയമായും, കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല."

قَالَ إِنَّمَآ أُوتِيتُهُۥ عَلَىٰ عِلْمٍ عِندِىٓ ۚ
أَوَلَمْ يَعْلَمْ أَنَّ ٱللَّهَ قَدْ أَهْلَكَ مِن
قَبْلِهِۦ مِنَ ٱلْقُرُونِ مَنْ هُوَ أَشَدُّ مِنْهُ
قُوَّةً وَأَكْثَرُ جَمْعًا ۚ وَلَا يُسْـَٔلُ عَن
ذُنُوبِهِمُ ٱلْمُجْرِمُونَ ﴿٧٨﴾

78 അവൻ പറഞ്ഞു: "എൻെറ അടുക്കൽ (തക്ക) അറിവുള്ളതിൻെറ പേരിൽ തന്നെയാണ് എനിക്കിത് നൽകപ്പെട്ടിരിക്കുന്നത്." അവൻെറ മുമ്പ് അവനെക്കാൾ കടുത്ത ശക്തിയുള്ളവരും കൂടുതൽ സംഘബലമുള്ളവരുമായിരുന്ന തലമുറകളെ അല്ലാഹു നശിപ്പിക്കുകയുണ്ടായിട്ടുണ്ടെന്നത് അവൻ അറിഞ്ഞിട്ടില്ലേ?! കുറ്റവാളികളോട് തങ്ങളുടെ പാപങ്ങളെക്കുറിച്ച് ചോദിക്കപ്പെടുകയില്ല.

76-ാം വചനത്തിൽ നിന്നും മറ്റ് ചില പ്രസ്താവനകളിൽ നിന്നും മനസ്സിലാകുന്നത് ഖാറൂൻ എന്നയാൾ മൂസാ(അ) ഉൾപ്പെട്ട ഇസ്രാഈൽ വിഭാഗത്തിൽപ്പെട്ടവനായിരുന്നു എന്നാണ്. അയാൾ മൂസാ(അ)ന്റെ പിതൃവ്യ പുത്രനായിരുന്നുവെന്നും, ആദ്യം അദ്ദേഹത്തെ പിൻപറ്റിയിരുന്നുവെന്നും പിന്നീട് സമ്പത്തും ആഡംബരവും വർദ്ധിച്ചതോടെ അസൂയയും ധിക്കാരവും നേതൃത്വമോഹവും മൂത്ത് ഫിർഔനിന്റെയും ഹാമാന്റേയും കൂടെ ചേർന്ന് മൂസാ(അ)ന്റെ ശത്രുവായിത്തീരുകയും ചെയ്തുവെന്നും പല മുഫസ്സിറുകളും പ്രസ്താവിച്ചതായി കാണാം. ഖാറൂന്റെ ധനനിക്ഷേപങ്ങളുടെ താക്കോലുകൾ ശക്തൻമാരായ ഒരു കൂട്ടം ആളുകൾക്ക് വഹിക്കുവാൻ മാത്രം ഉണ്ടായിരുന്നുവെന്ന അല്ലാഹുവിന്റെ പ്രസ്താവനയിൽ നിന്നും അവന്റെ ധനത്തിന്റെ ആധിക്യം മനസ്സിലാകുമല്ലോ. അതിൽ അഹങ്കരിക്കുകയും പുളകം കൊള്ളുകയും ചെയ്ത അവനെ മൂസാ(അ) നബി മാത്രമല്ല ജനങ്ങളും ഉപദേശിച്ച് നോക്കി. നിന്റെ അനുഗ്രഹങ്ങൾ നിന്റെ പരലോക ഗുണത്തിന് വേണ്ടി നീ വിനിയോഗിക്കണമെന്നും ധിക്കാരത്തിനും നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതിനും മുതിരരുത്, അങ്ങനെ ചെയ്താൽ നീ അല്ലാഹുവിന്റെ കോപത്തിന് വിധേയനാകും എന്നും അവർ അവനോട് ഉപദേശിച്ചു. എന്നാൽ ഇതൊന്നും അവൻ സ്വീകരിച്ചില്ലെന്ന് മാത്രമല്ല, ഇതെല്ലാം തന്റെ കഴിവും ത്രാണിയും കൊണ്ട് താൻ നേടിയെടുത്ത താണെന്നും, മറ്റുള്ളവരുടെ മാർഗ്ഗദർശനമോ ഉപദേശമോ തനിക്കാവശ്യമില്ല എന്നും പൊങ്ങച്ചം നടിക്കുകയാണ് അവൻ ചെയ്തത്.

പക്ഷേ ഖാറൂനേക്കാൾ വമ്പിച്ച ശക്തിയും സ്വാധീനവുമുള്ള എത്രയോ ധിക്കാരികളും തലമുറകളും അല്ലാഹുവിന്റെ ശാപകോപത്തിനും ശിക്ഷക്കും പാത്രീഭൂതരായിത്തീർന്നിട്ടുണ്ടെന്ന വസ്തുത അവൻ ഓർത്തില്ല. ഈ ലോകത്ത് വെച്ച് എടുക്കുന്ന ശിക്ഷാനടപടികൾക്ക് പുറമേ പരലോക ശിക്ഷയും അല്ലാഹു നടപ്പിൽ വരുത്തുന്നതാണ്. സർവ്വജ്ഞനായ അല്ലാഹുവിന് കുറ്റവാളികളെ കുറിച്ച് ഒരന്വേഷണം നടത്തുകയോ അവരുടെ കുറ്റങ്ങളെ കുറിച്ച് അവരോട് ചോദിച്ചറിയുകയോ, ചെയ്യേണ്ടുന്ന ആവശ്യമില്ല അത് പതിവുമില്ല.

**വചനം 79,80**

فَخَرَجَ عَلَىٰ قَوْمِهِۦ فِى زِينَتِهِۦ ۖ قَالَ
ٱلَّذِينَ يُرِيدُونَ ٱلْحَيَوٰةَ ٱلدُّنْيَا

79 അങ്ങനെ, അവൻ തൻെറ ആഡംബരത്തിലായും കൊണ്ട് തൻെറ ജനങ്ങളിൽ പ്രത്യക്ഷപ്പെട്ടു. (ഇതുകണ്ട്) ഐഹികജീവിതത്തെ

يَـٰلَيْتَ لَنَا مِثْلَ مَآ أُوتِىَ قَـٰرُونُ إِنَّهُۥ لَذُو حَظٍّ عَظِيمٍ ﴿٧٩﴾

ഉദ്ദേശിക്കുന്നവർ പറഞ്ഞു: "ഹാ! ഖാറൂന്ന് നൽകപ്പെട്ടതുപോലെ ഞങ്ങൾക്കുമുണ്ടായിരുന്നെങ്കിൽ നന്നായേനെ! നിശ്ചയമായും അവൻ ഒരു വമ്പിച്ച ഭാഗ്യവാൻ തന്നെയാണ്!"

وَقَالَ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ وَيْلَكُمْ ثَوَابُ ٱللَّهِ خَيْرٌ لِّمَنْ ءَامَنَ وَعَمِلَ صَـٰلِحًا وَلَا يُلَقَّىٰهَآ إِلَّا ٱلصَّـٰبِرُونَ ﴿٨٠﴾

80 അറിവ് നൽകപ്പെട്ടിട്ടുള്ളവർ പറഞ്ഞു: "നിങ്ങളുടെ നാശം! വിശ്വസിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവർക്ക് അല്ലാഹുവിൻെറ (പക്കൽനിന്നുള്ള) പ്രതിഫലം കൂടുതൽ ഉത്തമമായിരിക്കും. സഹനശീലൻമാർക്കല്ലാതെ അത് (സാധിച്ച്) കിട്ടുന്നതുമല്ല."

ഖാറൂന്റെ ആഡംബര ജീവിതം കണ്ട് ഐഹിക ജീവിതത്തെ കാംക്ഷിക്കുന്നവർ വ്യാമോഹിച്ചു. "ഖാറൂന് നൽകപ്പെട്ടത് പോലെ ഞങ്ങൾക്കുമുണ്ടായിരുന്നെങ്കിൽ എത്ര നന്നായേനേ. തീർച്ചയായും അവൻ ഒരു വമ്പിച്ച ഭാഗ്യവാൻ തന്നെ".

എന്നാൽ അല്ലാഹുവിലും പരലോകത്തും വിശ്വസിച്ച മറ്റൊരു വിഭാഗം ആൾക്കാരാകട്ടെ ഖാറൂന്റെ ഭൗതിക സ്ഥിതിക്ക് യാതൊരു വിലയും കൽപിച്ചില്ല. വിശ്വാസമുൾക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്നവർക്ക് അല്ലാഹുവിന്റെ പക്കൽ നിന്നും കൂടുതൽ ഉത്തമവും അനശ്വരവുമായ പ്രതിഫലമുണ്ടെന്ന് ദൃഢമായി വിശ്വസിക്കുന്നവരായിരുന്നു അക്കൂട്ടർ. അവർ അത്യധികം സഹനശീലന്മാരുമായിരിക്കും.

"നമ്മുടെ സ്മരണ വിട്ട് തിരിഞ്ഞ് കളയുകയും ഐഹിക ജീവിതത്തെയല്ലാതെ ഉദ്ദേശിക്കാതിരിക്കുകയും ചെയ്യുന്നവരിൽ നിന്ന് നീ ശ്രദ്ധ തിരിച്ച് കളയുക" എന്ന് അല്ലാഹു സൂ: നജ്മ് 29 -ൽ പ്രസ്താവിച്ചിരിക്കുന്നു.

അല്ലാഹു നൽകിയ ധനവും അറിവും വിനിയോഗിക്കുന്ന രീതിയുടെ അടിസ്ഥാനത്തിൽ നബി(സ) ജനങ്ങളെ നാല് തരക്കാരായി തിരിച്ചിരിക്കുന്നു.

ഒരാൾ- അയാൾക്ക് അല്ലാഹു ധനവും അറിവും നൽകിയിരിക്കുന്നു. അയാൾ പ്രസ്തുത ധനം അല്ലാഹു നിർദ്ദേശിച്ച മാർഗ്ഗങ്ങളിൽ ചിലവഴിക്കുന്നു. ഇങ്ങനെയുള്ളവൻ ഏറ്റവും ശ്രേഷ്ടമായ പദവിയിലുള്ളവനത്രേ.

വേറൊരുവൻ - അവന് അല്ലാഹു അറിവ് നൽകിയിരിക്കുന്നു. എന്നാൽ ധനം നൽകിയിട്ടില്ല. എനിക്ക് കുറെ ധനമുണ്ടായിരുന്നെങ്കിൽ ആദ്യം പറഞ്ഞ ആൾ ചെയ്യും പോലെ അല്ലാഹു നിർദ്ദശിച്ച മാർഗ്ഗങ്ങളിൽ ചിലവഴിക്കാമായിരുന്നു എന്ന് അയാൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഇയാളുടെയും ആദ്യം പറഞ്ഞ ആളുടെയും പ്രതിഫലം ഒരുപോലെയായിരിക്കും.

മൂന്നാമതൊരാൾ - അയാൾക്ക് അല്ലാഹു ധനം നൽകി എന്നാൽ അറിവ് നൽകിയില്ല. അയാൾ തന്റെ ധനം സ്വേഛ പ്രകാരം കൈകാര്യം ചെയ്തു. ഇവനത്രേ ഏറ്റവും ദുഷിച്ച പദവിക്കാരൻ.

"നാലാമതൊരാൾ - അവന് അല്ലാഹു ധനവും നൽകിയില്ല അറിവും നൽകിയില്ല, എനിക്ക് ധനമുണ്ടായിരുന്നെങ്കിൽ മുകളിൽ (മൂന്നാമതു) പറഞ്ഞ ആൾ പ്രവർത്തിക്കുന്നതുപോലെ പ്രവർത്തിക്കുമായിരുന്നു എന്നയാൾ കരുതി. ഇയാളുടെയും മുകളിൽ (മൂന്നാമത്) പറഞ്ഞ ആളുടെയും കുറ്റം ഒരു പോലെയാകുന്നു." (തിർമുദി)

**വചനം 81**

فَخَسَفْنَا بِهِۦ وَبِدَارِهِ ٱلْأَرْضَ فَمَا

81 അങ്ങനെ, അവനെയും അവൻെറ ഭവനത്തെയും നാം ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. അപ്പോൾ,

كَانَ لَهُۥ مِن فِئَةٍ يَنصُرُونَهُۥ مِن دُونِ ٱللَّهِ وَمَا كَانَ مِنَ ٱلْمُنتَصِرِينَ ﴿٨١﴾

അല്ലാഹുവിനെക്കൂടാതെ തന്നെ സഹായിക്കുന്ന ഒരു കക്ഷിയും അവന്നുണ്ടായില്ല; അവൻ (സ്വയം) രക്ഷാനടപടിയെടുക്കുന്നവരിൽപെട്ടവനുമായില്ല.

ഖുർആൻ ഖാറൂന്റെ അന്ത്യം ഒറ്റ വാക്യത്തിൽ വിവരിച്ചിരിക്കുകയാണ്. അവനെയും അവന്റെ സമ്പത്തുകളെയും അല്ലാഹു ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. അവനെ സഹായിക്കാൻ ആരുമുണ്ടായില്ല.

**വചനം 82**

وَأَصْبَحَ ٱلَّذِينَ تَمَنَّوْا۟ مَكَانَهُۥ بِٱلْأَمْسِ يَقُولُونَ وَيْكَأَنَّ ٱللَّهَ يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ مِنْ عِبَادِهِۦ وَيَقْدِرُ ۖ لَوْلَآ أَن مَّنَّ ٱللَّهُ عَلَيْنَا لَخَسَفَ بِنَا ۖ وَيْكَأَنَّهُۥ لَا يُفْلِحُ ٱلْكَٰفِرُونَ ﴿٨٢﴾

82 ഇന്നലെ അവൻെറ സ്ഥാനത്തിന് കൊതിച്ചു കൊണ്ടിരുന്നവർ (ഇന്ന്) പുലർച്ചക്ക് പറയുകയായി: "അഹോ! അല്ലാഹു അവൻെറ അടിയാൻമാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം (ജീവിതവിഭവം) വിശാലപ്പെടുത്തിക്കൊടുക്കുകയും (താൻ ഉദ്ദേശിക്കുന്നവർക്ക്) കണക്കാക്കി (കുടുസ്സാക്കി) കൊടുക്കുകയും ചെയ്യുന്നതാണെന്ന് തോന്നുന്നു! നമ്മളിൽ അല്ലാഹു ദാക്ഷിണ്യം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ, നമ്മെയും അവൻ (ഭൂമിയിൽ) ആഴ്ത്തുമായിരുന്നു! "അഹോ! കാര്യം, അവിശ്വാസികൾ ജയിക്കുകയില്ലെന്നുതന്നെ തോന്നുന്നു!"

ജീവിതത്തിലെ സുഖസൗകര്യങ്ങൾ അല്ലാഹു ചിലർക്ക് കൂടുതലായും ചിലർക്ക് കുറവായും നൽകുന്നു. അവൻ നൽകിയ വിഭവങ്ങൾ തന്നിഷ്ടപ്രകാരം വിനിയോഗിക്കുന്നത് അവനോടുള്ള നന്ദികേടാകുന്നു. ഇങ്ങനെയുള്ളവർ അവസാനം പരാജയത്തിലും നാശത്തിലും കലാശിക്കുക തന്നെ ചെയ്യും. ഖാറൂനെ മഹാഭാഗ്യവാനായി ഗണിച്ചിരുന്നവർക്ക് അവന്റെ അനുഭവം കണ്ടപ്പോൾ ഈ വസ്തുതകൾ ബോധ്യമായി.

## വിഭാഗം - 9

**വചനം 83,84**

تِلْكَ ٱلدَّارُ ٱلْءَاخِرَةُ نَجْعَلُهَا لِلَّذِينَ لَا يُرِيدُونَ عُلُوًّا فِى ٱلْأَرْضِ وَلَا فَسَادًا ۚ وَٱلْعَٰقِبَةُ لِلْمُتَّقِينَ ﴿٨٣﴾

مَن جَآءَ بِٱلْحَسَنَةِ فَلَهُۥ خَيْرٌ مِّنْهَا ۖ وَمَن جَآءَ بِٱلسَّيِّئَةِ فَلَا يُجْزَى ٱلَّذِينَ عَمِلُوا۟ ٱلسَّيِّـَٔاتِ إِلَّا مَا كَانُوا۟ يَعْمَلُونَ ﴿٨٤﴾

83 ആ പരലോകഭവനം, ഭൂമിയിൽ ഔന്നത്യമാകട്ടെ, കുഴപ്പമാകട്ടെ ഉദ്ദേശിക്കാത്തവർക്കത്രെ നാം ഏർപ്പെടുത്തിക്കൊടുക്കുക. (ശുഭമായ) പര്യവസാനം ഭയഭക്തന്മാർക്കാകുന്നു.

84 ആർ നന്മയും കൊണ്ടുവന്നുവോ അവന് അതിനെക്കാൾ ഉത്തമമായതുണ്ടായിരിക്കും; ആരെങ്കിലും തിൻമയും കൊണ്ടുവന്നാൽ, തിൻമകൾ പ്രവർത്തിച്ചവർക്ക് അവർ പ്രവർത്തിച്ചിരുന്നതിനല്ലാതെ പ്രതിഫലം നൽകപ്പെടുന്നതുമല്ല.

പരലോകത്തെ ആ മഹത്തായ ഭവനം - സകല വിധ സുഖസൗകര്യങ്ങളാലും സമ്പൂർണ്ണമായ സ്വർഗ്ഗീയ ഭവനം - ഈ ലോകത്തു അഹംഭാവവും ഗർവ്വും നടിക്കാതെ അക്രമവും അനീതിയും നടത്താതെ വിനയത്തോടും മര്യാദയോടും അച്ചടക്കത്തോടും കൂടി ജീവിക്കുന്ന സജ്ജനങ്ങൾക്കാകുന്നു അല്ലാഹു പ്രദാനം ചെയ്യുക.

നബി(സ) അരുളിയ ചില വചനങ്ങൾ ഇത്തരുണത്തിൽ ശ്രദ്ധേയമാകുന്നു.

"നിങ്ങൾ പരസ്പരം വിനയം കാണിക്കണമെന്ന് അല്ലാഹു എനിക്ക് വഹ്‌യ് നൽകിയിരിക്കുന്നു. അല്ലാഹു വിന്റെ പ്രതിഫലം ഉദ്ദേശിച്ച് ഏതൊരാൾ വിനയം കാണിക്കുന്നുവോ, അവനെ അല്ലാഹു ഉയർത്താതിരിക്കുകയില്ല. യാതൊരു ദാനധർമ്മവും തന്നെ ധനത്തിൽ കുറവ് വരുത്തുകയില്ല, മാപ്പ് നൽകുന്നവന് അല്ലാഹു യോഗ്യത വർദ്ധിപ്പിക്കുന്നതാണ്. ഒരു അണുമണിത്തൂക്കം അഹങ്കാരം ആരുടെ യെങ്കിലും ഹൃദയത്തിലുണ്ടായാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. ഭയഭക്തനും ധനികനും അജ്ഞാതനുമായ (ജനമദ്ധ്യേ പേരും കീർത്തിയും ആർജ്ജിക്കാൻ മെനക്കെടാത്ത) അടിയാനെ അല്ലാഹു ഇഷ്ടപ്പെടുന്നു." മുസ്ലീം(റ)

"അഹംഭാവത്തോടെ വസ്ത്രം നിലത്തിഴച്ച് നടക്കുന്നവനിലേക്ക് ഖിയാമത്ത് നാളിൽ കോപം നിമിത്തം, അല്ലാഹു നോക്കുന്നതല്ല" ബുഖാരി മുസ്ലീം(റ).

84-ാം ആയത്തിന്റെ ആശയം സ്പഷ്ടമാണ്. കഴിഞ്ഞ സൂറത്ത് (സൂ: നംല്) 89, 90 വചനങ്ങളുടെ വിശദീകരണത്തിൽ പറഞ്ഞ കാര്യങ്ങൾ ഇവിടെയും ശ്രദ്ധേയമാകുന്നു.

**വചനം 85**

إِنَّ ٱلَّذِى فَرَضَ عَلَيْكَ ٱلْقُرْءَانَ لَرَآدُّكَ إِلَىٰ مَعَادٍ ۚ قُل رَّبِّىٓ أَعْلَمُ مَن جَآءَ بِٱلْهُدَىٰ وَمَنْ هُوَ فِى ضَلَـٰلٍ مُّبِينٍ ﴿٨٥﴾

85 (നബിയേ) നിശ്ചയമായും, നിനക്ക് ഖുർആനെ നിയമിച്ചു തന്നിട്ടുള്ളവൻ, നിന്നെ ഒരു മട ക്കസ്ഥാനത്തേക്ക് തിരിച്ചുകൊണ്ടുവരുന്നവ നാകുന്നു. പറയുക: "സൻമാർഗ്ഗം കൊണ്ടു വന്നിട്ടുള്ളതാരാണെന്നും, ഏതൊരുവനാണ് സ്പഷ്ടമായ ദുർമ്മാർഗ്ഗത്തിലുള്ളവനെന്നും എൻെറ റബ്ബ് നല്ലവണ്ണം അറിയുന്നവനാണ്."

ഈ വചനം മദീന ഹിജ്റക്കിടയിൽ ജുഹ്ഫായിൽ വെച്ച് അവതരിച്ചതാണെന്ന് സൂറത്തിന്റെ പ്രാരംഭത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ടല്ലോ. നബി(സ)മക്കായിൽ നിന്നും ഗൂഢമായി പുറപ്പെട്ടു ഥൗർ മല യിലെ ഗുഹയിൽ രണ്ട് മൂന്ന് ദിവസം ഒളിച്ചിരുന്നശേഷം അവിടെ നിന്ന് പുറത്ത് വന്നപ്പോൾ പിതൃദേശ ത്തേക്ക് തിരിച്ച് പോയാൽ കൊള്ളാമെന്ന് ആഗ്രഹം തോന്നുകയുണ്ടായെന്നും അപ്പോഴാണ് ഈ വചനം അവതിച്ചതെന്നും മുഖാത്തിൽ(റ)ഉം മറ്റ് ചില മഹാന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതനുസരിച്ച് 'മടക്കസ്ഥാനം' എന്നത് കൊണ്ടുള്ള വിവക്ഷ മക്ക ആയിരിക്കുന്നതാണ്. മക്കാ വിജയം ഉണ്ടായതോട് കൂടി അല്ലാഹുവിന്റെ ഈ വാഗ്ദാനം - മടക്കസ്ഥാനത്തേക്ക് തിരിച്ച് കൊണ്ട് വരുമെന്ന വാഗ്ദാനം - പാലിക്കപ്പെടുകയും ചെയ്തു.

'മടക്കസ്ഥാനം' എന്ന് പറഞ്ഞത് പരലോകത്തെ ഉദ്ദേശിച്ചാണെന്നും, സ്വർഗ്ഗത്തെ ഉദ്ദേശിച്ചാ ണെന്നും, ഖിയാമത്ത് നാളിൽ നബി(സ)ക്ക് നൽകപ്പെടുമെന്ന് ഖുർആനിൽ (സൂ: ഇസ്രാഅ് 79 ൽ) സൂചിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രശംസനീയമായ സ്ഥാനത്തെ ഉദ്ദേശിച്ചാണെന്നും ഖുർആൻ വ്യാഖ്യാതാ ക്കൾക്കിടയിൽ അഭിപ്രായങ്ങളുണ്ട്.

**വചനം 86**

وَمَا كُنتَ تَرْجُوٓا۟ أَن يُلْقَىٰٓ إِلَيْكَ ٱلْكِتَـٰبُ إِلَّا رَحْمَةً مِّن رَّبِّكَ ۖ فَلَا تَكُونَنَّ ظَهِيرًا لِّلْكَـٰفِرِينَ ﴿٨٦﴾

86 നിനക്ക് വേദഗ്രന്ഥം കിട്ടുമെന്ന് നീ പ്രതീ ക്ഷിക്കുന്നുണ്ടായിരുന്നില്ല (അഥവാ ആഗ്ര ഹിക്കുന്നുണ്ടായിരുന്നില്ല); എങ്കിലും, നിൻെറ രക്ഷിതാവിങ്കൽ നിന്നുള്ള കാരുണ്യമായിട്ടത്രെ (നിനക്കത് കിട്ടിയത്). ആകയാൽ, നിശ്ചയമായും നീ അവിശ്വാസികൾക്ക് പിൻതുണ നൽകുന്ന വനായിരിക്കരുത്.

ഒരു വേദഗ്രന്ഥം ലഭിക്കുമെന്ന പ്രതീക്ഷയാകട്ടെ, ലഭിക്കണമെന്ന ആഗ്രഹമാകട്ടെ നബി(സ)ക്ക് ഉണ്ടായിരുന്നില്ല. പ്രവാചകത്വവും വേദഗ്രന്ഥവും മനുഷ്യന്റെ പരിശ്രമം കൊണ്ടോ യോഗ്യത കൊണ്ടോ

ആഗ്രഹം കൊണ്ടോ ഒന്നും ലഭ്യമാകുന്ന കാര്യമല്ല. ഏതൊരാളെ അവ മൂലം അനുഗ്രഹിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവർക്കത് അവൻ നൽകുമെന്നേയുള്ളൂ- ഇസ്ലാമിലെ സർവ്വ സ്വീകാര്യമായ ഒരു അടിസ്ഥാന തത്വമത്രേ ഇത്.

മലക്കുകളിൽ നിന്നും മനുഷ്യന്മാരിൽ നിന്നും ദൂതന്മാരെ അല്ലാഹു തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നതെന്ന് സൂ: ഹജ്ജ് 75 ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

സൂ: ശൂറാ 52 ഉം നോക്കുക

__വചനം 87,88__

وَلَا يَصُدُّنَّكَ عَنْ ءَايَٰتِ ٱللَّهِ بَعْدَ إِذْ أُنزِلَتْ إِلَيْكَ ۖ وَٱدْعُ إِلَىٰ رَبِّكَ ۖ وَلَا تَكُونَنَّ مِنَ ٱلْمُشْرِكِينَ ﴿٨٧﴾

87 അല്ലാഹുവിൻെറ ലക്ഷ്യങ്ങൾ നിനക്ക് അവ തരിപ്പിക്കപ്പെട്ടതിനുശേഷം, അവയിൽനിന്ന് നിന്നെ അവർ (അവിശ്വാസികൾ) തടഞ്ഞുകളയുകയും ചെയ്യരുത്. നീ നിൻെറ രക്ഷിതാവിങ്കലേക്ക് ക്ഷണിക്കുകയും ചെയ്യണം; ബഹുദൈവ വിശ്വാസികളിൽ പെട്ടുപോകയും ചെയ്യരുത്.

وَلَا تَدْعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ ۘ لَآ إِلَٰهَ إِلَّا هُوَ ۚ كُلُّ شَىْءٍ هَالِكٌ إِلَّا وَجْهَهُۥ ۚ لَهُ ٱلْحُكْمُ وَإِلَيْهِ تُرْجَعُونَ ﴿٨٨﴾

88 അല്ലാഹുവോടുകൂടെ വേറെ ഒരു ആരാധ്യനെ നീ വിളി(ച്ചു പ്രാർത്ഥി)ക്കുകയും അരുത്; അവനല്ലാതെ ആരാധ്യനേയില്ല. അവൻെറ തിരുമുഖം ഒഴികെ എല്ലാ വസ്തുക്കളും നാശമടയുന്നതത്രെ. നിയമാധികാരം അവന്നാണ്; അവങ്കലേക്കു തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

അല്ലാഹുവിങ്കൽ ഏറ്റവും വെറുക്കപ്പെട്ടതായ ശിർക്കിന്റെ ആൾക്കാർ അല്ലാഹുവിന്റെ വചനങ്ങൾ പ്രബോധനം ചെയ്യുന്നതിൽ നിന്നും നിന്നെ പിന്തിരിപ്പിക്കാൻ ശ്രമിച്ചാലും യാതൊരു വിധത്തിലും കൂട്ടു നിൽക്കുകയോ സഹായം നൽകുകയോ ചെയ്യാതെ തൗഹീദിൽ ഉറച്ച് നിൽക്കുവാനും അതിലേക്ക് ക്ഷണിക്കുവാനും നബി(സ)യോട് ഊന്നിപ്പറഞ്ഞ് കൊണ്ടാണ് അല്ലാഹു ഈ സൂറത്ത് അവസാനിപ്പിക്കുന്നത്. ഇതിന് നാല് അടിസ്ഥാന തത്വങ്ങളും അല്ലാഹു ഉണർത്തിയിരിക്കുന്നു.

(1) അല്ലാഹു അല്ലാതെ വേറെ യാതൊരു ഇലാഹും ഇല്ല തന്നെ (2) അവനല്ലാതെ എല്ലാ വസ്തുക്കളും നാശത്തിന് വിധേയമാകുന്നു; അവൻ മാത്രമേ നാശത്തിന് വിധേയമാകാത്തവനുള്ളു. (3) നിയമാധികാരം അഥവാ വിധികർതൃത്വം അവന് മാത്രമാകുന്നു (4) എല്ലാവരും അവങ്കലേക്ക് തന്നെയാണ് മടങ്ങിച്ചെല്ലുന്നതും.

ഈ നാല് കാര്യങ്ങളും തൗഹീദിന്റെ അനിവാര്യതക്ക് മതിയായ അടിസ്ഥാന തത്വങ്ങളാകുന്നു താനും.

അല്ലാഹു നമ്മെയെല്ലാം തൗഹീദിൽ ജീവിക്കുകയും തൌഹീദിൽ മരിക്കുകയും ചെയ്യുന്ന സൗഭാഗ്യവാന്മാരിൽ ഉൾപ്പെടുത്തട്ടെ. ആമീൻ.

# 29. സൂറത്തുൽ അൻകബൂത്ത് (എട്ടുകാലി)

**മക്കയിൽ അവതരിച്ചത്**

ആദ്യത്തെ 11 ആയത്തുകൾ മദീനായിൽ അവതരിച്ചതാണെന്നും പറയപ്പെടുന്നുണ്ട്.

വചനങ്ങൾ 69, വിഭാഗം (റുകൂഅ്) 7

41-ാം വചനത്തിൽ ബഹുദൈവ വിശ്വാസികളെ എട്ടുകാലിയോട് ഉപമിച്ചിട്ടുള്ളത് കൊണ്ടാണ്, ഈ അദ്ധ്യായത്തിന് 'അൻകബൂത്ത്' (എട്ടുകാലി) എന്ന പേര് നൽകപ്പെട്ടത്.

**വിഭാഗം 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

<u>**വചനം 1,2,.3,4**</u>

الٓمٓ ﴿١﴾

أَحَسِبَ ٱلنَّاسُ أَن يُتْرَكُوٓا۟ أَن يَقُولُوٓا۟ ءَامَنَّا وَهُمْ لَا يُفْتَنُونَ ﴿٢﴾

وَلَقَدْ فَتَنَّا ٱلَّذِينَ مِن قَبْلِهِمْ ۖ فَلَيَعْلَمَنَّ ٱللَّهُ ٱلَّذِينَ صَدَقُوا۟ وَلَيَعْلَمَنَّ ٱلْكَـٰذِبِينَ ﴿٣﴾

أَمْ حَسِبَ ٱلَّذِينَ يَعْمَلُونَ ٱلسَّيِّـَٔاتِ أَن يَسْبِقُونَا ۚ سَآءَ مَا يَحْكُمُونَ ﴿٤﴾

1 'അലിഫ്-ലാം-മീം.'

2 "ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു" എന്നു പറയുന്നതുകൊണ്ട് (മാത്രം) - തങ്ങൾ പരീക്ഷിക്കപ്പെടാതെ-വിട്ടുകളയപ്പെടുമെന്ന് മനുഷ്യർ ധരിച്ചിരിക്കുന്നുവോ?!.

3 തീർച്ചയായും, അവരുടെ മുമ്പുണ്ടായിരുന്നവരെ നാം പരീക്ഷണം ചെയ്തിട്ടുണ്ട്; അങ്ങനെ, സത്യം പറഞ്ഞവരെ അല്ലാഹു അറിയുകതന്നെ ചെയ്യും; വ്യാജം പറയുന്നവരെയും അവൻ അറിയും.

4 അഥവാ, തിൻമകൾ പ്രവർത്തിക്കുന്നവർ നമ്മെ (തോൽപ്പിച്ച്) മുൻകടന്ന് കളയാമെന്ന് ധരിച്ചിട്ടുണ്ടോ?! അവർ വിധി കൽപിക്കുന്നത് എത്ര ചീത്ത!

ആദ്യവചനത്തിലെ കേവലാക്ഷരങ്ങളെ കുറിച്ച് സൂ: അൽബഖറയുടെ പ്രാരംഭത്തിലെ വിശദീകരണം നോക്കുക.

ഇസ്ലാമിന്റെ ആദ്യഘട്ടത്തിൽ സത്യവിശ്വാസം സ്വീകരിച്ച പല സഹാബികൾക്കും മുശ്‌രിക്കുകളിൽ നിന്നും പല വിധത്തിലുള്ള പീഡനങ്ങളും മർദ്ദനങ്ങളും അനുഭവപ്പെടുകയുണ്ടായി. പ്രത്യേകിച്ചും അമ്മാർ(റ) സുഹൈബു(റ) ബിലാൽ(റ) മുതലായ മഹാന്മാർക്ക്. ഈ സംഭവങ്ങളുമായി ബന്ധപ്പെട്ടാണ് ഈ വചനങ്ങൾ അവതരിച്ചത്.

വിശ്വസിച്ചിരിക്കുന്നു എന്ന് വായകൊണ്ട് പറഞ്ഞതിന്റെ പേരിൽ മാത്രം ഒരാൾ വിശ്വാസിയാകുമെന്ന് ആരും ധരിക്കേണ്ടതില്ല. വിശ്വാസികൾ പല വിധ പരീക്ഷണങ്ങളെയും നേരിടേണ്ടി വരും. പരീക്ഷണത്തിൽ ക്ഷമയും സഹനവും ദൃഢചിത്തതയും കൈകൊള്ളുന്നതിനനുസരിച്ച് സത്യ വാദികളും അസത്യവാദികളും തമ്മിൽ വേർതിരിയുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. മുമ്പുണ്ടായിരുന്ന സത്യ വിശ്വാസികളും അങ്ങനെ പരീക്ഷണത്തിന് വിധേയരായിട്ടുണ്ട്. ഇനി പരീക്ഷണങ്ങളിൽ നിന്ന് തൽക്കാലം രക്ഷപ്പെട്ട കുറ്റവാളികൾ മേലിലും തങ്ങൾ രക്ഷപ്പെടുമെന്നും അങ്ങനെ അല്ലാഹുവിനെ തോൽപിച്ച് കളയാമെന്നും കരുതുന്നുണ്ടെങ്കിൽ ആ വിചാരം പരമാബദ്ധമാകുന്നു. അല്ലാഹു അവരുടെ മേൽ തക്കസമയത്തു ശിക്ഷാനടപടി എടുക്കുക തന്നെ ചെയ്യും.

ഹിജ്റ (സ്വരാജ്യം ത്യജിച്ച് പോകൽ), ദേഹേഛകൾ വർജ്ജിക്കൽ, നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമാകൽ, അനുഷ്ഠാന കർമ്മങ്ങൾ നിർവ്വഹിക്കൽ, ദേഹത്തിലും ധനത്തിലും മാനത്തിലും നേരിടുന്ന കഷ്ടനഷ്ടങ്ങൾ എന്നിങ്ങനെയുള്ള പല കാര്യങ്ങൾ മുഖേനയും സത്യവിശ്വാസികൾ പരീക്ഷിക്കപ്പെടുന്നതാകുന്നു.

"മനുഷ്യൻ അവന്റെ മതപ്പറ്റനുസരിച്ച് പരീക്ഷണം ചെയ്യപ്പെടുന്നതാണ്. അവന് തന്റെ മതത്തിൽ ദൃഢതയുണ്ടെങ്കിൽ പരീക്ഷണത്തിലും അവന് വർദ്ധനവായിരിക്കും". നബി വചനം

ഖബ്ബാബ്(റ) ഇപ്രകാരം പറയുകയുണ്ടായി. ഞങ്ങൾക്ക് ഖുറൈശികളുടെ മർദ്ദനം കഠിനമായി ത്തീർന്നപ്പോൾ ഞങ്ങൾക്ക് വേണ്ടി അവിടുന്ന് പ്രാർത്ഥിക്കുന്നില്ലേ, രക്ഷ തേടുന്നില്ലേ, എന്നൊക്കെ ഞങ്ങൾ നബി(സ)യോട് സങ്കടപ്പെടുകയുണ്ടായി. അപ്പോൾ തിരുമേനി പറഞ്ഞു: നിങ്ങളുടെ മുൻ സമു ദായങ്ങളിൽ ഒരാളെ പിടിച്ച് ഭൂമിയിൽ കുഴിവെട്ടി അതിൽ നിറുത്തി അവന്റെ തലയിൽ വാളു വെച്ച് അവനെ രണ്ട് പൊളിയാക്കുമായിരുന്നു. ഇരുമ്പിന്റെ ചീർപ്പ് കൊണ്ട് അവന്റെ മാംസവും മറ്റും വാർന്നെ ടുക്കുകയും ചെയ്തിരുന്നു. അതൊന്നും തന്നെ അവന്റെ മതത്തിൽ നിന്നും അവനെ തടയുമായിരു ന്നില്ല. അല്ലാഹുവാണ് സത്യം, ഒരു വാഹനക്കാരൻ യമനിലെ സ്വൻആഇൽ നിന്നും ഹളർമൗത്തിലേക്ക് ഭയാനകമായ യാത്രാമാർഗ്ഗത്തിലൂടെ പോകുമ്പോൾ അല്ലാഹുവിനെയും ആടുകളെ സംബന്ധിച്ച് ചെന്നാ യയെയും അല്ലാതെ മറ്റൊന്നും പേടിക്കാനില്ലാത്ത വണ്ണം ഇക്കാര്യം (ഇസ്ലാമിന്റെ വിജയം) പരിപൂർണ്ണ മാകുക തന്നെ ചെയ്യും. പക്ഷെ നിങ്ങൾ ധൃതിപ്പെടുകയാണ് ചെയ്യുന്നത്.

തിരുമേനിയുടെ ഈ പ്രവചനം അൽപവർഷങ്ങൾക്കകം സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്തു.

**വചനം 5,6,7**

مَن كَانَ يَرْجُواْ لِقَآءَ ٱللَّهِ فَإِنَّ أَجَلَ ٱللَّهِ لَأَتٍۚ وَهُوَ ٱلسَّمِيعُ ٱلْعَلِيمُ ۝٥

وَمَن جَٰهَدَ فَإِنَّمَا يُجَٰهِدُ لِنَفْسِهِۦٓۚ إِنَّ ٱللَّهَ لَغَنِىٌّ عَنِ ٱلْعَٰلَمِينَ ۝٦

وَٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ لَنُكَفِّرَنَّ عَنْهُمْ سَيِّـَٔاتِهِمْ وَلَنَجْزِيَنَّهُمْ أَحْسَنَ ٱلَّذِى كَانُواْ يَعْمَلُونَ ۝٧

5 ആരെങ്കിലും അല്ലാഹുവുമായി കണ്ടുമുട്ടുന്നതിന് ആശിക്കുന്നുവെങ്കിൽ (അഥവാ കാണുമെന്ന് പ്രതീക്ഷിക്കുന്നുവെങ്കിൽ), നിശ്ചയമായും അല്ലാഹുവിൻെറ (നിശ്ചിത) അവധി വരാനിരിക്കുന്നത് തന്നെയാകുന്നു. അവനത്രെ (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനും.

6 ആരെങ്കിലും സമരം ചെയ്യുന്നതായാൽ, അവനു വേണ്ടിത്തന്നെയാണവൻ സമരം ചെയ്യുന്നത്. നിശ്ചയമായും, അല്ലാഹു ലോകരിൽ നിന്നും അനാശ്രയനാകുന്നു.

7 വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, അവർക്ക് അവരുടെ തിന്മകളെ നാം (പൊറുത്ത്) മായിച്ചുകൊടുക്കുകതന്നെ ചെയ്യുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കാൾ മെച്ചപ്പെട്ടതു നാം അവർക്ക് പ്രതിഫലം നൽകുകയും ചെയ്യും.

അല്ലാഹുവിനെ കണ്ടുമുട്ടണം, അവന്റെ പ്രീതിയും പ്രതിഫലവും ലഭിക്കണം, എന്ന ആശയും പ്രതീക്ഷയും വല്ലവർക്കുമുണ്ടെങ്കിൽ അതിനുള്ള അവധി ഇതാ ആസന്നമാകുന്നു. ദേഹം കൊണ്ടോ ധനം കൊണ്ടോ ഒരുവൻ ചെയ്യുന്ന എല്ലാ സമരങ്ങളും അത് അവനവന്റെ ഗുണത്തിന് വേണ്ടിത്തന്നെയാ കുന്നു. ആരുടെയും സഹായമോ ആശ്രയമോ ആവശ്യമില്ലാത്ത അല്ലാഹുവിന് അവ മൂലം യാതൊരു ഗുണവും ഉണ്ടാകാനില്ല. ശരിയായ വിശ്വാസത്തോടെ സൽകർമ്മങ്ങൾ പ്രവർത്തിക്കുന്നവർക്ക് അതിനേ ക്കാൾ മെച്ചപ്പെട്ട പ്രതിഫലം അല്ലാഹു നൽകുമെന്ന് മാത്രമല്ല അവരുടെ പക്കൽ വന്ന് പോയിട്ടുള്ള തെറ്റ് കുറ്റങ്ങൾ മറച്ച് വെച്ച് അവർക്ക് മാപ്പാക്കി കൊടുക്കുകയും ചെയ്യുന്നതാണ്.

**വചനം 8,9**

وَوَصَّيْنَا ٱلْإِنسَٰنَ بِوَٰلِدَيْهِ حُسْنًاۖ وَإِن

8 മനുഷ്യനോട് അവൻെറ മാതാപിതാക്കളെ സംബന്ധിച്ച്-(അവരിൽ) നന്മ ചെയ്വാൻ-നാം

جَٰهَدَاكَ لِتُشْرِكَ بِي مَا لَيْسَ لَكَ بِهِۦ عِلْمٌ فَلَا تُطِعْهُمَآ ۚ إِلَيَّ مَرْجِعُكُمْ فَأُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿٨﴾

ആജ്ഞ നൽകിയിരിക്കുന്നു; (ഹേ, മനുഷ്യാ) നിനക്ക് (യഥാർത്ഥത്തിൽ) യാതൊരു അറിവുമില്ലാത്ത ഒന്നിനെ എന്നോട് പങ്കു ചേർക്കുന്നതിന് അവർ നിന്നോട് നിർബ്ബന്ധം ചെലുത്തുന്ന പക്ഷം നീ അവരെ (രണ്ടാളെയും) അനുസരിച്ചു പോകരുത്. എൻെറ അടുക്കലേക്കാണ് നിങ്ങളുടെ(എല്ലാവരുടെയും) മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങൾക്കു വൃത്താന്തം അറിയിച്ചു തരുന്നതാകുന്നു.

وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَنُدْخِلَنَّهُمْ فِى ٱلصَّٰلِحِينَ ﴿٩﴾

9 വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, നിശ്ചയമായും നാം അവരെ സദ്‌വൃത്തൻമാരിൽ ഉൾപ്പെടുത്തുന്നതാകുന്നു.

സഅദ്ബ്നു അബീവഖാസ് ഇസ്ലാമിൽ വിശ്വസിച്ചപ്പോൾ അദ്ദേഹത്തിന്റെ മാതാവ് ഹംന (അബൂസുഫുയാന്റെ മകൾ), നീ ഇസ്ലാമിൽ നിന്ന് പിന്തിരിയുന്നത് വരെ ഞാൻ ഭക്ഷണ പാനീയമൊന്നും കഴിക്കുകയില്ല എന്ന് അദ്ദേഹത്തോട് ഭീഷണിപ്പെടുത്തി. മാതാവിനോട് നന്മ ചെയ്യണമെന്ന് നിന്നോട് അല്ലാഹു കൽപിച്ചിട്ടില്ലേ എന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു. ഒന്ന് രണ്ട് ദിവസം കഴിഞ്ഞപ്പോൾ മാതാവിനെ നിർബന്ധിച്ച് ഭക്ഷണം കഴിപ്പിക്കാനായി അദ്ദേഹം അവരുടെ വായ പിളർത്തുകയുണ്ടായി.

ഈ അവസരത്തിലാണ് ഈ ആയത്ത് അവതരിച്ചത്. ഈ സന്ദർഭത്തിൽ സഅദ് ഇപ്രകാരം പ്രസ്താവിച്ചു : "എന്റെ ഉമ്മാ, നിങ്ങൾ നൂറു വട്ടം മരിച്ചാലും എനിക്ക് എന്റെ മതം വിടുവാൻ നിവൃത്തിയില്ല."

'നിനക്ക് യാതൊരു അറിവുമില്ലാത്തതിനെ എന്നോട് പങ്ക് ചേർക്കുവാൻ' എന്ന പ്രസ്താവം ശ്രദ്ധാർഹമാകുന്നു. അല്ലാഹുവിന് യാതൊരു പങ്കുകാരുമില്ലെന്നത് സുസ്ഥാപിതമായ ഒരു പരമാർത്ഥമാണെന്നിരിക്കെ, പിന്നെ എങ്ങനെയാണ് അവനോട് വല്ലതിനേയും പങ്ക് ചേർക്കുന്ന വിഷയത്തിൽ അവരെ അനുസരിക്കുക. ഇനി, ഏതെങ്കിലും തരത്തിൽ ഒരു പങ്കുകാരൻ അവന് ഉള്ളതായി നിനക്ക് വല്ല അറിവുമുണ്ടായിരുന്നുവെങ്കിൽ അതനുസരിക്കുവാൻ ന്യായമുണ്ടായിരുന്നു. പക്ഷേ അതൊട്ടും ഇല്ലല്ലോ.

മാതാപിതാക്കളോടുള്ള കടമ എത്ര വമ്പിച്ചതാണെങ്കിൽ പോലും അതിലുപരിയായ ഒന്നാകുന്നു അല്ലാഹുവിനോട് മനുഷ്യനുള്ള കടമ എന്ന് 8-ാം വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ ആയത്തുമായി ബന്ധപ്പെട്ട കൂടുതൽ വിവരം സൂ: ലുഖ്മാൻ 15-ാം വചനത്തിലും മറ്റും കാണാവുന്നതാണ്.

**വചനം 10,11**

وَمِنَ ٱلنَّاسِ مَن يَقُولُ ءَامَنَّا بِٱللَّهِ فَإِذَآ أُوذِىَ فِى ٱللَّهِ جَعَلَ فِتْنَةَ ٱلنَّاسِ كَعَذَابِ ٱللَّهِ وَلَئِن جَآءَ نَصْرٌ مِّن رَّبِّكَ لَيَقُولُنَّ إِنَّا كُنَّا مَعَكُمْ ۚ أَوَلَيْسَ ٱللَّهُ بِأَعْلَمَ بِمَا فِى صُدُورِ ٱلْعَٰلَمِينَ ﴿١٠﴾

10 മനുഷ്യരിലുണ്ട് ചില ആളുകൾ: "ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു" എന്ന് അവർ പറയും. എന്നാൽ, അല്ലാഹുവിൻെറ കാര്യത്തിൽ തങ്ങൾക്ക് (വല്ലതും) ഉപദ്രവം ബാധിച്ചാൽ, ജനങ്ങളുടെ പരീക്ഷണം (മർദ്ദനം) അവർ അല്ലാഹുവിൻെറ ശിക്ഷക്കു സമമാക്കിത്തീർക്കുന്നു! നിൻെറ രക്ഷിതാവിങ്കൽനിന്ന് വല്ല സഹായവും വന്നുവെങ്കിലോ, അവർ പറയും: "നിശ്ചയമായും ഞങ്ങൾ നിങ്ങളുടെ (സത്യ വിശ്വാസികളുടെ) കൂടെയായിരുന്നു" എന്ന്. ലോകരുടെ ഹൃദയങ്ങളിൽ ഉള്ളതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനല്ലയോ?!

وَلَيَعْلَمَنَّ ٱللَّهُ ٱلَّذِينَ ءَامَنُوا۟ وَلَيَعْلَمَنَّ ٱلْمُنَٰفِقِينَ ﴿١١﴾

11 വിശ്വസിച്ചിട്ടുള്ളവരെ അല്ലാഹു തീര്‍ച്ചയായും അറിയുന്നു; കപടവിശ്വാസികളെയും അവന്‍ തീര്‍ച്ചയായും അറിയും.

സത്യവിശ്വാസത്തെ സംബന്ധിച്ചിടത്തോളം മൂന്ന് തരം ആള്‍ക്കാരാണുള്ളത്. - യഥാര്‍ത്ഥവിശ്വാസി(മുഅ്മിന്‍); അവിശ്വാസി(കാഫിര്‍); കപടവിശ്വാസി(മുനാഫിഖ്). പ്രധാനമായും ആദ്യത്തെ രണ്ട് തരക്കാരെ കുറിച്ചായിരുന്നു ഇതിന് മുമ്പ് പ്രസ്താവിച്ചത്. മുനാഫിക്കുകളെ കുറിച്ചാണ് ഇവിടെ പറയുന്നത്. താല്‍ക്കാലിക ഗുണത്തെ ഓര്‍ത്ത് സത്യവിശ്വാസികളുടെ കൂട്ടത്തില്‍ കൂടുമെങ്കിലും വിശ്വാസത്തിന്റെ പേരില്‍ വല്ല ഉപദ്രവമോ മര്‍ദ്ദനമോ ബാധിച്ചാല്‍ അക്ഷമരായി, ആ വിഷമങ്ങളെ അല്ലാഹുവിന്റെ പക്കല്‍ നിന്നുള്ള ഭയങ്കര ശിക്ഷയായി അവര്‍ പരിഗണിക്കും. നേരെ മറിച്ച് വല്ല വിജയമോ ഗുണമോ കിട്ടിക്കഴിഞ്ഞാലോ തങ്ങളും അതിന്റെ പങ്കാളികളും അവകാശികളുമാണെന്ന് മേനി പറയുകയും ചെയ്യും. എന്നാല്‍ എല്ലാ രഹസ്യപരസ്യങ്ങളും അറിയുന്ന അല്ലാഹു എല്ലാറ്റിന്റെയും സത്യാവസ്ഥ അറിയുന്നവനാണല്ലോ.

**വചനം 12,13**

وَقَالَ ٱلَّذِينَ كَفَرُوا۟ لِلَّذِينَ ءَامَنُوا۟ ٱتَّبِعُوا۟ سَبِيلَنَا وَلْنَحْمِلْ خَطَٰيَٰكُمْ وَمَا هُم بِحَٰمِلِينَ مِنْ خَطَٰيَٰهُم مِّن شَىْءٍ ۖ إِنَّهُمْ لَكَٰذِبُونَ ﴿١٢﴾

12 അവിശ്വസിച്ചവര്‍ വിശ്വസിച്ചവരോട് പറയുകയാണ്: “നിങ്ങള്‍ ഞങ്ങളുടെ മാര്‍ഗ്ഗം പിന്‍പറ്റുവിന്‍, നിങ്ങളുടെ തെറ്റുകുറ്റങ്ങള്‍ ഞങ്ങള്‍ ഏറ്റെടുക്കുകയും ചെയ്തുകൊള്ളാം” എന്ന് ! (വാസ്തവത്തില്‍) അവരുടെ തെറ്റുകുറ്റങ്ങളില്‍നിന്ന് യാതൊന്നും തന്നെ അവര്‍ ഏറ്റെടുക്കുന്നവരല്ലതന്നെ. നിശ്ചയമായും അവര്‍ കളവുപറയുന്നവരാകുന്നു.

وَلَيَحْمِلُنَّ أَثْقَالَهُمْ وَأَثْقَالًا مَّعَ أَثْقَالِهِمْ ۖ وَلَيُسْـَٔلُنَّ يَوْمَ ٱلْقِيَٰمَةِ عَمَّا كَانُوا۟ يَفْتَرُونَ ﴿١٣﴾

13 (അത്രയുമല്ല,) തങ്ങളുടെ ഭാരങ്ങളും, തങ്ങളുടെ ഭാരങ്ങളോടൊപ്പം (വേറെ) കുറെ ഭാരങ്ങളും തീര്‍ച്ചയായും അവര്‍ വഹിക്കേണ്ടതായിവരും. അവര്‍ (കളവ്) കെട്ടിച്ചമച്ചിരുന്നതിനെപ്പറ്റി ഖിയാമത്തുനാളില്‍ അവര്‍ തീര്‍ച്ചയായും ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നതാണ്.

തങ്ങളെ പോലെ മറ്റുള്ളവരും വഴിപിഴച്ച് കാണണമെന്നാഗ്രഹിക്കുന്ന ദുര്‍ജ്ജനങ്ങളുടെ നയങ്ങളില്‍പ്പെട്ടതാണ് അവരുടെ ഈ വാചകം. (വചനം: 12)യഥാര്‍ത്ഥത്തില്‍ ഇസ്ലാം വിരോധിച്ചതും തങ്ങളുടെ യുക്തിവാദങ്ങള്‍ക്ക് യോജിക്കാത്തതുമായ ചില കാര്യങ്ങളെ സാധാരണക്കാരെ കൊണ്ട് അംഗീകരിപ്പിക്കുവാന്‍ വേണ്ടി അതൊന്നും മതദൃഷ്ട്യാ വിരോധമില്ലാത്തതാണെന്നും അത് അംഗീകരിച്ചത് കൊണ്ട് നിങ്ങള്‍ക്കുണ്ടാകുന്ന കുറ്റം തങ്ങള്‍ ഏറ്റെടുത്ത് കൊള്ളാമെന്നും പറഞ്ഞ് അവര്‍ പൊതു ജനങ്ങളെ ധൈര്യപ്പെടുത്തുവാന്‍ ശ്രമിക്കുന്നു. എന്നാല്‍ ഓരോരുത്തരും അവനവന്‍ ചെയ്ത കുറ്റത്തിന്റെ ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നത് അല്ലാഹുവിന്റെ ഉറച്ച നിയമമത്രേ. മറ്റുള്ളവരെ കൂടി വഴിപിഴപ്പിക്കാന്‍ ശ്രമിക്കുന്ന മേല്‍ പറഞ്ഞ കൂട്ടര്‍ക്കാകട്ടെ അവര്‍ ചെയ്യുന്ന ദുര്‍മാര്‍ഗ്ഗത്തിന്റെ ശിക്ഷ കൂടാതെ മറ്റുള്ളവരെ വഴികേടിലാക്കാന്‍ ശ്രമിച്ചതിന്റെ കുറ്റം കൂടി പേറേണ്ടി വരുന്നതാണ്.

“ഒരാള്‍ ഒരു സന്മാര്‍ഗ്ഗത്തിലേക്ക് ക്ഷണിക്കുന്ന പക്ഷം അവനെ പിന്‍പറ്റുന്നവര്‍ക്കുണ്ടാകുന്ന പ്രതിഫലം അവനുണ്ടായിരിക്കുന്നതാണ്. ഒരാള്‍ ഒരു ദുര്‍മാര്‍ഗ്ഗത്തിലേക്ക് ക്ഷണിക്കുന്ന പക്ഷം അവനെ പിന്‍ പറ്റുന്നവര്‍ ക്കുണ്ടാകുന്ന കുറ്റം പോലെയുള്ള കുറ്റം അവനുണ്ടായിരിക്കുന്നതാണ്” എന്ന നബി വചനം ഇത്തരുണത്തില്‍ പ്രത്യേകം ശ്രദ്ധേയമാകുന്നു.

**വിഭാഗം 2**

**വചനം 14,15**

وَلَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦ فَلَبِثَ فِيهِمْ أَلْفَ سَنَةٍ إِلَّا خَمْسِينَ عَامًا فَأَخَذَهُمُ ٱلطُّوفَانُ وَهُمْ ظَٰلِمُونَ ﴿١٤﴾ فَأَنجَيْنَٰهُ وَأَصْحَٰبَ ٱلسَّفِينَةِ وَجَعَلْنَٰهَآ ءَايَةً لِّلْعَٰلَمِينَ ﴿١٥﴾

14 നൂഹിനെ നാം അദ്ദേഹത്തിൻെറ ജനതയിലേക്ക് അയക്കുകയുണ്ടായി; എന്നിട്ട് അദ്ദേഹം അവരിൽ അമ്പത് സംവത്സരം ഒഴിച്ച് ആയിരം കൊല്ലം കഴിഞ്ഞുകൂടി. അങ്ങനെ, അവർ അക്രമികളായിരിക്കവെ ജലപ്രളയം അവരെ പിടികൂടി.

15 അപ്പോൾ, അദ്ദേഹത്തെയും, (അദ്ദേഹത്തോടൊപ്പം) കപ്പലിലുള്ളവരെയും നാം രക്ഷപ്പെടുത്തി. അത് (ആ സംഭവം) നാം ലോകർക്ക് ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തു.

950 കൊല്ലക്കാലം നൂഹ്(അ) നബി തന്റെ ജനതയെ തൗഹീദിലേക്ക് ക്ഷണിച്ച് കൊണ്ടിരുന്നു. എന്നിട്ടും വളരെ കുറഞ്ഞ ആളുകൾ (ഏകദേശം 80 പേർ) മാത്രമാണ് അദ്ദേഹത്തിൽ വിശ്വസിച്ചത്. തുടർന്ന് അല്ലാഹുവിന്റെ കൽപന പ്രകാരം അദ്ദേഹം കപ്പൽ നിർമ്മിച്ചതും ജല പ്രളയം ഉണ്ടായതും ഹൂദ്, ശുഅറാഅ് തുടങ്ങിയ സൂറത്തുകളിലും മറ്റ് പല സൂറത്തുകളിലും വിവരിക്കപ്പെട്ടിട്ടുണ്ട്.

**വചനം 16,17,18**

وَإِبْرَٰهِيمَ إِذْ قَالَ لِقَوْمِهِ ٱعْبُدُوا۟ ٱللَّهَ وَٱتَّقُوهُ ۖ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿١٦﴾ إِنَّمَا تَعْبُدُونَ مِن دُونِ ٱللَّهِ أَوْثَٰنًا وَتَخْلُقُونَ إِفْكًا ۚ إِنَّ ٱلَّذِينَ تَعْبُدُونَ مِن دُونِ ٱللَّهِ لَا يَمْلِكُونَ لَكُمْ رِزْقًا فَٱبْتَغُوا۟ عِندَ ٱللَّهِ ٱلرِّزْقَ وَٱعْبُدُوهُ وَٱشْكُرُوا۟ لَهُۥٓ ۖ إِلَيْهِ تُرْجَعُونَ ﴿١٧﴾ وَإِن تُكَذِّبُوا۟ فَقَدْ كَذَّبَ أُمَمٌ مِّن قَبْلِكُمْ ۖ وَمَا عَلَى ٱلرَّسُولِ إِلَّا ٱلْبَلَٰغُ ٱلْمُبِينُ ﴿١٨﴾

16 ഇബ്റാഹീമിനെയും (ഓർക്കുക), അതായത്: അദ്ദേഹം തൻെറ ജനതയോട് (ഇപ്രകാരം) പറഞ്ഞ സന്ദർഭം: "നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ, അവനെ സൂക്ഷിക്കുകയും ചെയ്യുവിൻ. അതാണ് നിങ്ങൾക്ക് നല്ലത്-നിങ്ങൾ (വാസ്തവം) അറിയുന്നുവെങ്കിൽ!

17 "നിങ്ങൾ അല്ലാഹുവിനു പുറമെ (ചില)വിഗ്രഹങ്ങളെയാണ് ആരാധിച്ചു വരുന്നത്; നിങ്ങൾ വ്യാജം സൃഷ്ടിച്ചുണ്ടാക്കുകയും ചെയ്യുന്നു. നിശ്ചയമായും അല്ലാഹുവിന്നുപുറമെ നിങ്ങൾ ആരാധിച്ചു വരുന്നവർ (ആരും) നിങ്ങൾക്ക് യാതൊരു ഉപജീവനവും അധീനമാക്കുന്നില്ല. അതുകൊണ്ട് നിങ്ങൾ ഉപജീവനത്തിന് അല്ലാഹുവിങ്കൽ അന്വേഷിക്കുവിൻ, അവനെ ആരാധിക്കുകയും, അവനോട് നന്ദി കാണിക്കുകയും ചെയ്യുവിൻ. അവങ്കലേക്കത്രെ നിങ്ങൾ മടക്കപ്പെടുന്നത്.

18 "നിങ്ങൾ കളവാക്കുകയാണെങ്കിൽ, നിങ്ങളുടെ മുമ്പ് പല സമുദായങ്ങളും കളവാക്കുകയുണ്ടായിട്ടുണ്ട്. 'റസൂലി'ൻെറ (ദൈവദൂതൻെറ) മേൽ വ്യക്തമായ പ്രബോധനമല്ലാതെ (കടമ) ഇല്ല."

ഇബ്രാഹീം നബി(അ) തന്റെ ജനതക്ക് നൽകിയ താക്കീതാണ് ഈ വചനങ്ങളിലൂടെ അല്ലാഹു പ്രസ്താവിക്കുന്നത്. സ്വന്തം കൈകളാൽ നിർമ്മിക്കപ്പെട്ട നിർജ്ജീവ വസ്തുക്കളെ ആരാധ്യ വസതുക്കളാക്കി ആരാധിക്കുകയും അവയുടെ മുമ്പിൽ അപേക്ഷകളും അർച്ചനകളും അർപ്പിക്കുകയും ചെയ്യുന്നതിൽ പരം വ്യാജ പ്രവർത്തനം മറ്റെന്താണുള്ളത്. അല്ലാഹുവിന് പുറമേ നിങ്ങൾ ആരാധിച്ച് വരുന്നവരാരും തന്നെ

നിങ്ങളുടെ ജീവിതത്തിന് അനിവാര്യമായ ആഹാരം നൽകുവാൻ ശക്തരല്ല. ഉപജീവനമാർഗ്ഗം അന്വേഷിക്കേണ്ടത് അല്ലാഹുവിനോടാകുന്നു. എല്ലാറ്റിന്റെയും സൃഷ്ടാവും രക്ഷിതാവുമായ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനോട് നന്ദി പ്രകടിപ്പിക്കുകയും ചെയ്യുക. നിങ്ങളെല്ലാം തന്നെ അല്ലാഹുവിങ്കലേക്ക് മടങ്ങിച്ചെല്ലേണ്ടവരാകുന്നു. ഇതൊക്കെ അറിഞ്ഞിട്ടും നിങ്ങൾ നിങ്ങളുടെ പഴയ നിലപാട് തന്നെ തുടരുകയാണെങ്കിൽ ദൈവദൂതന്മാരെ നിഷേധിച്ച നിങ്ങളുടെ മുൻഗാമികൾക്കുണ്ടായ ദുരനുഭവങ്ങൾ നിങ്ങൾക്കുമുണ്ടാകും. ദൈവദൂതന്മാർക്ക് സത്യപ്രബോധനം ചെയ്യുക എന്ന ബാധ്യത മാത്രമേയുള്ളു.

**വചനം 19,20**

أَوَلَمْ يَرَوْا۟ كَيْفَ يُبْدِئُ ٱللَّهُ ٱلْخَلْقَ ثُمَّ يُعِيدُهُۥٓ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿١٩﴾

قُلْ سِيرُوا۟ فِى ٱلْأَرْضِ فَٱنظُرُوا۟ كَيْفَ بَدَأَ ٱلْخَلْقَ ۚ ثُمَّ ٱللَّهُ يُنشِئُ ٱلنَّشْأَةَ ٱلْءَاخِرَةَ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٢٠﴾

19 അല്ലാഹു സൃഷ്ടിയെ ആദ്യമായുണ്ടാക്കുന്നത് എങ്ങിനെയാണെന്ന് അവർ കാണുന്നില്ലേ?! പിന്നീട് അവനത് (രണ്ടാമതും) ആവർത്തിക്കുന്നു. നിശ്ചയമായും അത് അല്ലാഹുവിന് നിസ്സാരമാണ്.

20 പറയുക: “നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ചു നോക്കുവിൻ, എന്നിട്ട് അവൻ എങ്ങിനെയാണ് സൃഷ്ടി തുടങ്ങിയിരിക്കുന്നതെന്ന് നോ (ക്കി മനസ്സിലാ)ക്കുവിൻ!” പിന്നീട്, അല്ലാഹു അവസാനത്തെ ഉത്ഭവം ഉത്ഭവിപ്പിക്കുന്നതാണ്. നിശ്ചയമായും, അല്ലാഹു എല്ലാ കാര്യത്തിന്നും കഴിവുള്ളവനാകുന്നു.

മനുഷ്യനടക്കമുള്ള ലക്ഷോപലക്ഷം ജീവികൾ, ആകാശം, ഭൂമി, നക്ഷത്ര ഗോളമണ്ഡലങ്ങൾ , പർവ്വതങ്ങൾ, വൃക്ഷങ്ങൾ, എണ്ണിയാലൊടുങ്ങാത്ത ജീവജാലങ്ങൾ എന്നിങ്ങനെ എണ്ണിപറഞ്ഞവസാനിപ്പിക്കാൻ പറ്റാത്ത എല്ലാറ്റിനെയും ആരുടെയും സഹായം കൂടാതെ ശൂന്യതയിൽ നിന്ന് സൃഷ്ടിച്ചുണ്ടാക്കിയ ആ സർവ്വ ശക്തനായ റബ്ബിന് അവയുടെ നാശത്തിന് ശേഷം രണ്ടാമതും സൃഷ്ടിക്കുകയെന്നത് ഒരു നിസ്സാര കാര്യമാകുന്നു. നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിച്ച് നോക്കുകയാണെങ്കിൽ സൃഷ്ടിപ്പിന്റെ മാഹാത്മ്യത്തെ പറ്റി നിങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിയുന്നതാണ് - അല്ലാഹു നമ്മെയെല്ലാം അഭിമുഖീകരിച്ച് കൊണ്ട് ഓർമ്മപ്പെടുത്തുന്നു.

**വചനം 21,22,23**

يُعَذِّبُ مَن يَشَآءُ وَيَرْحَمُ مَن يَشَآءُ ۖ وَإِلَيْهِ تُقْلَبُونَ ﴿٢١﴾

وَمَآ أَنتُم بِمُعْجِزِينَ فِى ٱلْأَرْضِ وَلَا فِى ٱلسَّمَآءِ ۖ وَمَا لَكُم مِّن دُونِ ٱللَّهِ مِن وَلِىٍّ وَلَا نَصِيرٍ ﴿٢٢﴾

21 അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കും; അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ കരുണയും ചെയ്യും. അവങ്കലേക്കു തന്നെ നിങ്ങൾ തിരിച്ചുകൊണ്ടുവരപ്പെടുകയും ചെയ്യും.

22 ഭൂമിയിലാകട്ടെ, ആകാശത്തിലാകട്ടെ, നിങ്ങൾ (അവനെ) അസാദ്ധ്യമാക്കുന്നവരല്ല: അല്ലാഹുവിനു പുറമെ ഒരു രക്ഷാകർത്താവാകട്ടെ, ഒരു സഹായകനാകട്ടെ, നിങ്ങൾക്കില്ലതാനും.

**വിഭാഗം 3**

وَٱلَّذِينَ كَفَرُوا۟ بِـَٔايَٰتِ ٱللَّهِ وَلِقَآئِهِۦٓ أُو۟لَٰٓئِكَ يَئِسُوا۟ مِن رَّحْمَتِى وَأُو۟لَٰٓئِكَ لَهُمْ عَذَابٌ أَلِيمٌ ﴿٢٣﴾

23 അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളിലും, അവനുമായി കണ്ടുമുട്ടുന്നതിലും അവിശ്വസിച്ചവരാകട്ടെ, അക്കൂട്ടർ എൻെറ (അല്ലാഹുവിൻെറ) കാരുണ്യത്തെസംബന്ധിച്ച് ആശ വെടിഞ്ഞിരിക്കുകയാണ്: അക്കൂട്ടർക്ക് വേദനയേറിയ ശിക്ഷയും ഉണ്ട്.

മേൽ പ്രസ്താവിച്ചത് പോലുള്ള യാഥാർത്ഥ്യങ്ങളും വ്യക്തമായ ന്യായങ്ങളും നിരത്തിവെച്ച് കൊണ്ട് ഇബ്രാഹീം നബി(അ) തന്റെ ജനതയെ വളരെ ശക്തിപൂർവ്വം ഉപദേശിച്ചു.

**വചനം 24**

فَمَا كَانَ جَوَابَ قَوْمِهِۦٓ إِلَّآ أَن قَالُوا۟ ٱقْتُلُوهُ أَوْ حَرِّقُوهُ فَأَنجَىٰهُ ٱللَّهُ مِنَ ٱلنَّارِ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يُؤْمِنُونَ ﴿٢٤﴾

24 എന്നാൽ, അദ്ദേഹത്തിൻെറ ജനതയുടെ മറുപടി, “അവനെ കൊലപ്പെടുത്തുവിൻ, അല്ലെങ്കിൽ അവനെ ചുട്ടെരിക്കുവിൻ” എന്ന് അവർ പറഞ്ഞതല്ലാതെ (മറ്റൊന്നും) ആയിരുന്നില്ല. എന്നിട്ട്, അല്ലാഹു അദ്ദേഹത്തെ അഗ്നിയിൽ നിന്ന് രക്ഷപ്പെടുത്തി. നിശ്ചയമായും, വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്.

ഇബ്രാഹീം(അ) നബിയുടെ ചരിത്രവും അദ്ദേഹത്തെ അല്ലാഹു അഗ്നികുണ്ഡത്തിൽ നിന്ന് രക്ഷപ്പെടുത്തിയ സംഭവവും സൂ: അമ്പിയാഅ്ൽ വിസ്തരിച്ച് പറഞ്ഞിട്ടുണ്ട്. ഈ സംഭവത്തിന് ശേഷവും അദ്ദേഹം പ്രബോധനം തുടർന്ന് കൊണ്ടിരുന്നു. സ്വജനതക്കിടയിൽ താമസിക്കാൻ കഴിയാതെ വന്നപ്പോൾ അദ്ദേഹം നാട് വിട്ട് പോകുകയും ചെയ്തു. തുടർന്നുള്ള വചനങ്ങൾ ശ്രദ്ധിക്കുക.

**വചനം 25,26**

وَقَالَ إِنَّمَا ٱتَّخَذْتُم مِّن دُونِ ٱللَّهِ أَوْثَٰنًا مَّوَدَّةَ بَيْنِكُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا ۖ ثُمَّ يَوْمَ ٱلْقِيَٰمَةِ يَكْفُرُ بَعْضُكُم بِبَعْضٍ وَيَلْعَنُ بَعْضُكُم بَعْضًا وَمَأْوَىٰكُمُ ٱلنَّارُ وَمَا لَكُم مِّن نَّٰصِرِينَ ﴿٢٥﴾

۞ فَـَٔامَنَ لَهُۥ لُوطٌ ۘ وَقَالَ إِنِّى مُهَاجِرٌ إِلَىٰ رَبِّىٓ ۖ إِنَّهُۥ هُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٢٦﴾

25 (വീണ്ടും) അദ്ദേഹം പറഞ്ഞു: “അല്ലാഹുവിനു പുറമെ നിങ്ങൾ വിഗ്രഹങ്ങളെ (ആരാധ്യവസ്തുക്കളായി) സ്വീകരിച്ചിട്ടുള്ളത് ഐഹിക ജീവിതത്തിൽ നിങ്ങൾ തമ്മിലുള്ള താൽപര്യത്തിന്നായി മാത്രമാകുന്നു. പിന്നെ, ഖിയാമത്തുനാളിൽ നിങ്ങളിൽ ചിലർ ചിലരെ നിഷേധിക്കുന്നതും, ചിലർ ചിലരെ ശപിക്കുന്നതുമാകുന്നു; നിങ്ങളുടെ സങ്കേതം നരകവുമായിരിക്കും; സഹായികളായിട്ട് നിങ്ങൾക്ക് (ആരും തന്നെ) ഉണ്ടാവുകയുമില്ല,”

26 അപ്പോൾ, ലൂത്ത് അദ്ദേഹത്തെ വിശ്വസിച്ചു. അദ്ദേഹം (ഇബ്റാഹീം) പറഞ്ഞു: “ഞാൻ എൻെറ രക്ഷിതാവിങ്കലേക്ക് ‘ഹിജ്റ’ (നാടുവിട്ട്) പോകുകയാണ്; നിശ്ചയമായും, അവൻ തന്നെയാണ്, പ്രതാപശാലിയും, അഗാധജ്ഞനുമായുള്ളവൻ.”

വിഗ്രഹാരാധനയുടെ നിരർത്ഥത മനസ്സിലായിട്ടും നിങ്ങളതിൽ ഉറച്ച് നിൽക്കുന്നത് നിങ്ങൾ തമ്മിലുള്ള ഭൗതിക താൽപര്യങ്ങൾ നിലനിർത്തുന്നതിന് വേണ്ടി മാത്രമാകുന്നു. എന്നാൽ ഖിയാമത്ത് നാളിൽ നിങ്ങൾ പരസ്പരം നിഷേധിക്കുന്നവരും ശപിക്കുന്നവരുമായി മാറും. ആരുമാരെയും സഹായിക്കാനില്ലാതെ, ശാശ്വത നരകശിക്ഷക്ക് നിങ്ങൾ ഇരയായിത്തീരുകയും ചെയ്യും.

തെറ്റായ ആദർശങ്ങളും നടപടിക്രമങ്ങളും സ്വീകരിച്ച് വരുന്ന ജനങ്ങൾക്കിടയിൽ നാമിന്നും അനുഭവത്തിൽ കണ്ട് വരുന്ന ഒരു സാമൂഹ്യ യാഥാർത്ഥ്യമാണ് ഇബ്രാഹീം നബി(അ) എടുത്ത് കാട്ടിയത്. സ്വന്തം കാര്യലാഭത്തിന് വേണ്ടി മേലേക്കിടയിലുള്ളവരുമായുള്ള ബന്ധം നിലനിർത്തുവാൻ താഴെക്കിടയിലുള്ളവരും താഴെക്കിടയിലുള്ളവർക്കിടയിലെ തങ്ങളുടെ നേതൃത്വവും സ്വാർത്ഥ താൽപര്യങ്ങളും നിലനിർത്താൻ മേലേക്കിടയിലുള്ളവരും തങ്ങളുടെ ആദർശത്തിന്റെ പാപ്പരത്വം ശരിക്കും മനസ്സിലായാൽ പോലും അതിൽ ഉറച്ച് നിൽക്കുന്നതായി നാം കണ്ട് വരുന്നതാണല്ലോ.

ആദർശ പ്രബോധനത്തിനായി അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം ഇബ്രാഹീം നബി(അ) സ്വദേശമായ ഇറാഖിൽ നിന്നും ശാമിലേക്ക് നീങ്ങി. സഹോദര പുത്രനായ ലൂത്വ്(അ) അല്ലാതെ സ്വദേശത്ത് നിന്ന് അനുയായികളായി മറ്റാരും ഉണ്ടായിരുന്നില്ല. പക്ഷേ അല്ലാഹു അദ്ദേഹത്തിന് പിന്നീട് അളവറ്റ അനുഗ്രഹങ്ങൾ പ്രദാനം ചെയ്തു.

**വചനം 27**

وَوَهَبْنَا لَهُۥٓ إِسْحَٰقَ وَيَعْقُوبَ وَجَعَلْنَا فِى ذُرِّيَّتِهِ ٱلنُّبُوَّةَ وَٱلْكِتَٰبَ وَءَاتَيْنَٰهُ أَجْرَهُۥ فِى ٱلدُّنْيَا ۖ وَإِنَّهُۥ فِى ٱلْءَاخِرَةِ لَمِنَ ٱلصَّٰلِحِينَ ﴿٢٧﴾

27 അദ്ദേഹത്തിന് ഇസ്ഹാഖിനെയും, യഅ്ഖൂബിനെയും നാം പ്രദാനം ചെയ്യുകയുണ്ടായി. അദ്ദേഹത്തിൻെറ സന്തതിയിൽ നാം പ്രവാചകത്വവും, വേദഗ്രന്ഥവും ഏർപ്പെടുത്തുകയും ചെയ്തു. അദ്ദേഹത്തിൻെറ പ്രതിഫലം ഇഹത്തിൽ നാം അദ്ദേഹത്തിനു നൽകി. അദ്ദേഹം പരലോകത്തിലാകട്ടെ, നിശ്ചയമമായും സദ്വൃത്തൻമാരിൽപെട്ടവനുമാകുന്നു.

ശാമിൽ വന്ന ശേഷം അദ്ദേഹത്തിന് പുത്രനായി ഇസ്ഹാഖ്(അ) നബിയേയും പൗത്രനായി യഅ്ഖൂബ് (അ) നബിയേയും അല്ലാഹു പ്രദാനം ചെയ്തു. അദ്ദേഹത്തിന് ശേഷം അന്ത്യപ്രവാചകനായ മുഹമ്മദ്(സ) തിരുമേനി വരെ അറിയപ്പെട്ടിട്ടുള്ള പ്രവാചകന്മാരെല്ലാം ആ പരമ്പരയിൽപെട്ടവരാകുന്നു. പിതാവില്ലാതെ ജനിച്ച ഈസാ(അ) നബിയുടെ മാതാവും അതിൽപെട്ടതാണ്. ഇഹത്തിലെ മഹത്തായ അനുഗ്രഹങ്ങൾക്ക് പുറമേ പരലോകത്തിൽ അദ്ദേഹം അല്ലാഹുവിന്റെ സദ് വൃത്തന്മാരായ അടിയാൻമാരിൽപ്പെട്ടവനാണെന്ന സാക്ഷ്യപത്രവും അല്ലാഹു നൽകിയിരിക്കുന്നു.

**വചനം 28,29**

وَلُوطًا إِذْ قَالَ لِقَوْمِهِۦٓ إِنَّكُمْ لَتَأْتُونَ ٱلْفَٰحِشَةَ مَا سَبَقَكُم بِهَا مِنْ أَحَدٍ مِّنَ ٱلْعَٰلَمِينَ ﴿٢٨﴾

أَئِنَّكُمْ لَتَأْتُونَ ٱلرِّجَالَ وَتَقْطَعُونَ ٱلسَّبِيلَ وَتَأْتُونَ فِى نَادِيكُمُ ٱلْمُنكَرَ ۖ فَمَا كَانَ جَوَابَ قَوْمِهِۦٓ إِلَّآ أَن قَالُوا۟ ٱئْتِنَا بِعَذَابِ ٱللَّهِ إِن كُنتَ مِنَ ٱلصَّٰدِقِينَ ﴿٢٩﴾

28 ലൂത്വിനെയും (ഓർക്കുക). അതായത് അദ്ദേഹം തൻെറ ജനതയോട് (ഇപ്രകാരം) പറഞ്ഞ സന്ദർഭം: "നിശ്ചയമമായും, നിങ്ങൾ നീചകൃത്യം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു; ലോകരിൽ നിന്ന് ഒരാളും തന്നെ അത് നിങ്ങൾക്കുമുമ്പ് ചെയ്കയുണ്ടായിട്ടില്ല!

29 "നിങ്ങൾ (കാമനിവാരണാർത്ഥം) പുരുഷൻമാരുടെ അടുക്കൽ തന്നെ ചെല്ലുകയും, വഴി മുറിക്കുകയും (വഴിപോക്കരെ അക്രമിക്കുകയും) നിങ്ങളുടെ സദസ്സിൽവെച്ച് നിഷിദ്ധകൃത്യം പ്രവർത്തിക്കുകയും ചെയ്യുന്നുവോ?!" അപ്പോൾ, അദ്ദേഹത്തിൻെറ ജനതയുടെ മറുപടി, "നീ സത്യവാദികളിൽപെട്ടവനാണെങ്കിൽ അല്ലാഹുവിൻെറ ശിക്ഷ ഞങ്ങൾക്ക് കൊണ്ടുവാ!" എന്ന് പറഞ്ഞതല്ലാതെ (മറ്റൊന്നും) ആയിരുന്നില്ല.

ഗൗരവമേറിയ മൂന്ന് കാര്യങ്ങളെ കുറിച്ചാണ് ലൂത്വ്(അ) നബി തന്റെ ജനതയെ ആക്ഷേപിക്കുന്നത്.

: നിങ്ങൾ കാമ നിവാരണാർത്ഥം പുരുഷന്മാരെ സമീപിക്കുന്നു. തികച്ചും മൃഗീയമായ ഈ നീചകൃത്യം ആദ്യമായി സ്വീകരിച്ചത് നിങ്ങളാകുന്നു.

: വഴിപോക്കരായ ആൾക്കാരുടെ ദേഹത്തിനും ധനത്തിനും ഭംഗം വരുത്തി നിങ്ങൾ അവരുടെ വഴി മുറിക്കുന്നു.

: സദസ്സുകളില്‍ വെച്ച് സഭ്യേതരമായ സംസാരത്തിലൂടെയും പ്രവര്‍ത്തിയിലൂടെയും നിങ്ങള്‍ നിഷിദ്ധ കൃത്യങ്ങള്‍ പ്രവര്‍ത്തിച്ച് കൊണ്ടിരിക്കുന്നു.

ലൂത്വ്(അ) നബിയുടെ ഉപദേശങ്ങള്‍ക്കും താക്കീതിനും ആ ജനത ധിക്കാരപൂര്‍വ്വം നല്‍കിയ മറുപടി ഇപ്രകാരമായിരുന്നു.

"നീ സത്യവാദിയാണെങ്കില്‍ അല്ലാഹുവിന്‍റെ ശിക്ഷ ഞങ്ങള്‍ക്ക് നീ കൊണ്ട് വാ"

**വചനം 30**

قَالَ رَبِّ ٱنصُرۡنِي عَلَى ٱلۡقَوۡمِ ٱلۡمُفۡسِدِينَ ﴿٣٠﴾

30 അദ്ദേഹം പറഞ്ഞു: "രക്ഷിതാവേ, (ഈ) നാശകാരികളായ ജനങ്ങളുടെ മേല്‍ എന്നെ നീ സഹായിക്കണേ!"

ലൂത്വ്(അ) നബി അല്ലാഹുവിനോട് കേണ് പ്രാര്‍ത്ഥിച്ചു : "രക്ഷിതാവേ ഈ നാശകാരികളായ ജനതയുടെ മേല്‍ എന്നെ നീ സഹായിക്കണമേ."

**വിഭാഗം 4**

**വചനം 31**

وَلَمَّا جَآءَتۡ رُسُلُنَآ إِبۡرَٰهِيمَ بِٱلۡبُشۡرَىٰ قَالُوٓاْ إِنَّا مُهۡلِكُوٓاْ أَهۡلِ هَٰذِهِ ٱلۡقَرۡيَةِۖ إِنَّ أَهۡلَهَا كَانُواْ ظَٰلِمِينَ ﴿٣١﴾

31 നമ്മുടെ ദൂതന്‍മാര്‍ (മലക്കുകള്‍) ഇബ്റാഹീമിന്‍െറ അടുക്കല്‍ സന്തോഷവാര്‍ത്തയും കൊണ്ടുവന്നപ്പോള്‍ അവര്‍ പറഞ്ഞു: "നിശ്ചയമായും, ഞങ്ങള്‍ ഈ രാജ്യക്കാരെ നശിപ്പിക്കുന്നവരാകുന്നു. (കാരണം) അതിലെ ആള്‍ക്കാര്‍ അക്രമകാരികളായിത്തീര്‍ന്നിരിക്കുന്നു."

ഇബ്രാഹീം(അ) നബിക്ക് അദ്ദേഹത്തിന്‍റെ വാര്‍ദ്ധക്യ കാലത്ത് ഒരു പുത്രന്‍ (ഇസ്ഹാഖ് -അ) ജനിക്കുവാന്‍ പോകുന്നുണ്ടെന്ന വാര്‍ത്ത അറിയിക്കാന്‍ ചെന്ന മലക്കുകള്‍ ആ കൃത്യം നിര്‍വ്വഹിച്ച ശേഷം തങ്ങള്‍ ലൂത്വ് (അ) നബിയുടെ രാജ്യത്തെ നശിപ്പിക്കുവാന്‍ കൂടി നിയോഗിക്കപ്പെട്ടവരാണെന്ന വാര്‍ത്ത അദ്ദേഹത്തെ അറിയിച്ചു.

**വചനം 32**

قَالَ إِنَّ فِيهَا لُوطٗاۚ قَالُواْ نَحۡنُ أَعۡلَمُ بِمَن فِيهَاۖ لَنُنَجِّيَنَّهُۥ وَأَهۡلَهُۥٓ إِلَّا ٱمۡرَأَتَهُۥ كَانَتۡ مِنَ ٱلۡغَٰبِرِينَ ﴿٣٢﴾

32 അദ്ദേഹം പറഞ്ഞു: "അതില്‍ ലൂത്ത്വ് ഉണ്ടല്ലോ?!" അവര്‍ പറഞ്ഞു: "അതിലുള്ളവരെക്കുറിച്ച് ഞങ്ങള്‍ നല്ലവണ്ണം അറിയുന്നവരാണ്; അദ്ദേഹത്തെയും, അദ്ദേഹത്തിന്‍െറ ഭാര്യ ഒഴികെയുള്ള വീട്ടുകാരെയും ഞങ്ങള്‍ രക്ഷപ്പെടുത്തുകതന്നെ ചെയ്യും. അവള്‍ അവശേഷിക്കുന്ന (ശിക്ഷയില്‍ അകപ്പെടുന്ന)വരില്‍ പെട്ടവളാകുന്നു."

ലൂത്വ് (അ) നബിയുടെ കാര്യത്തില്‍ ഉല്‍കണ്ഠ തോന്നിയതിനാലാണ് ഇബ്രാഹീം നബി(അ) 'ആ രാജ്യത്ത് ലൂത്വ് ഉണ്ടല്ലോ' എന്ന് അവരോട് പറഞ്ഞത്. അദ്ദേഹത്തേയും ശത്രുപക്ഷക്കാരിയായ അദ്ദേഹത്തിന്‍റെ ഭാര്യ ഒഴികെയുള്ള വീട്ടുകാരെയും ഞങ്ങള്‍ രക്ഷപ്പെടുത്തുമെന്ന് മലക്കുകള്‍ ഇബ്രാഹീം നബി(അ) നെ സമാധാനപ്പെടുത്തു.

**വചനം 33,34,35**

وَلَمَّآ أَن جَآءَتۡ رُسُلُنَا لُوطٗا سِيٓءَ بِهِمۡ

33 നമ്മുടെ ദൂതന്‍മാര്‍ ലൂത്ത്വിന്‍െറ അടുക്കല്‍ വരുകയുണ്ടായപ്പോള്‍, അവര്‍ മൂലം അദ്ദേഹത്തിന് വ്യസനം പിടിപെടുകയും, അവരെക്കൊ

وَضَاقَ بِهِمْ ذَرْعًا وَقَالُوا۟ لَا تَخَفْ وَلَا
تَحْزَنْ ۖ إِنَّا مُنَجُّوكَ وَأَهْلَكَ إِلَّا ٱمْرَأَتَكَ
كَانَتْ مِنَ ٱلْغَٰبِرِينَ ﴿٣٣﴾
إِنَّا مُنزِلُونَ عَلَىٰٓ أَهْلِ هَٰذِهِ ٱلْقَرْيَةِ رِجْزًا
مِّنَ ٱلسَّمَآءِ بِمَا كَانُوا۟ يَفْسُقُونَ ﴿٣٤﴾
وَلَقَد تَّرَكْنَا مِنْهَآ ءَايَةًۢ بَيِّنَةً لِّقَوْمٍ
يَعْقِلُونَ ﴿٣٥﴾

ണ്ട് മനസ്സ് മുട്ടുകയും ചെയ്തു. അവർ പറഞ്ഞു: “പേടിക്കേണ്ട, വ്യസനിക്കുകയും വേണ്ട! താങ്കളെയും, താങ്കളുടെ ഭാര്യ ഒഴികെയുള്ള വീട്ടുകാരെയും ഞങ്ങൾ രക്ഷപ്പെടുത്തുന്നവരാകുന്നു. അവൾ അവശേഷിക്കുന്ന (ശിക്ഷയിൽ അകപ്പെടുന്ന)വരിൽപെട്ടവളാകുന്നു.

34 “ഈ രാജ്യക്കാർ തോന്നിയവാസം പ്രവർത്തിച്ചു വരുന്നതുകൊണ്ട് ആകാശത്തുനിന്ന് അവരുടെ മേൽ ഞങ്ങൾ ഒരു ആപത്ത് (ശിക്ഷ) ഇറക്കുന്നവരാണ്.”

35 മനസ്സിരുത്തുന്ന ജനങ്ങൾക്ക് അതിൽ (ആ രാജ്യത്തിൽ) നിന്ന് ഒരു വ്യക്തമായ ദൃഷ്ടാന്തം നാം തീർച്ചയായും ബാക്കിയാക്കി വെച്ചിട്ടുണ്ട്.

അതിസുന്ദരമായ മനുഷ്യരൂപത്തിൽ ലൂത്വ്(അ) നബിയുടെ അടുക്കൽ മലക്കുകൾ പ്രത്യക്ഷപ്പെട്ടപ്പോൾ തന്റെ നാട്ടുകാരായ തെമ്മാടികളുടെ നിലപാട് ഓർത്ത് അദ്ദേഹത്തിന് അസ്വാസ്ഥ്യം ഉണ്ടായി. മലക്കുകൾ തങ്ങളെ കുറിച്ച് പരിചയപ്പെടുത്തുകയും തങ്ങൾ വന്ന ദൗത്യം എന്താണെന്ന് അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. ആ രാജ്യക്കാരെയും അവർക്ക് പിണഞ്ഞ അതിഭയങ്കര ശിക്ഷയെയും കുറിച്ച് സൂ: അഅ്റാഫ് 80-84 സൂ : ഹൂദ് 77-83 , സൂ : ഹിജ്ർ 58-77 , സൂ : അൻബിയാഅ് 71-75 , സൂ : ശുഅറാഅ് 166-173 എന്നിവിടങ്ങളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.

**വചനം 36,37**

وَإِلَىٰ مَدْيَنَ أَخَاهُمْ شُعَيْبًا فَقَالَ
يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ وَٱرْجُوا۟ ٱلْيَوْمَ ٱلْءَاخِرَ
وَلَا تَعْثَوْا۟ فِى ٱلْأَرْضِ مُفْسِدِينَ ﴿٣٦﴾
فَكَذَّبُوهُ فَأَخَذَتْهُمُ ٱلرَّجْفَةُ فَأَصْبَحُوا۟
فِى دَارِهِمْ جَٰثِمِينَ ﴿٣٧﴾

36 മദ്‌യനിലേക്ക് അവരുടെ (മദ്‌യൻകാരുടെ) സഹോദരൻ ശുഐബിനെയും അയച്ചു. എന്നിട്ട്, അദ്ദേഹം പറഞ്ഞു: “എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും, അന്ത്യദിനത്തെ പ്രതീക്ഷിക്കുക (അഥവാ ഭയപ്പെടുക)യും ചെയ്യുവിൻ! നിങ്ങൾ നാശകാരികളായിക്കൊണ്ട് നാട്ടിൽ കുഴപ്പമുണ്ടാക്കരുത്.”

37 അപ്പോൾ, അവർ അദ്ദേഹത്തെ വ്യാജമാക്കി; അതിനാൽ അവരെ കഠിനകമ്പനം പിടികൂടി; അങ്ങനെ, അവർ തങ്ങളുടെ വസതികളിൽ ചത്തൊടുങ്ങിയവരായി.

മദ്‌യൻകാരുടെയും ശുഐബ്(അ) നബിയുടെയും ചരിത്രം സൂ : ശുഅറാഅ് 176-189 വചനങ്ങളിലും മറ്റ് സൂറത്തുകളിലും വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്.

**വചനം 38**

وَعَادًا وَثَمُودَا۟ وَقَد تَّبَيَّنَ لَكُم مِّن
مَّسَٰكِنِهِمْ ۖ وَزَيَّنَ لَهُمُ ٱلشَّيْطَٰنُ
أَعْمَٰلَهُمْ فَصَدَّهُمْ عَنِ ٱلسَّبِيلِ وَكَانُوا۟
مُسْتَبْصِرِينَ ﴿٣٨﴾

38 ആദിനെയും, ഥമൂദിനെയും (നശിപ്പിക്കുകയുണ്ടായി); അവരുടെ വാസസ്ഥലങ്ങളിൽനിന്ന് നിങ്ങൾക്കത് വ്യക്തമായിട്ടുമുണ്ട്, തങ്ങളുടെ പ്രവൃത്തികളെ പിശാച് അവർക്ക് ഭംഗിയാക്കിക്കൊടുക്കുകയും, അങ്ങനെ (ശരിയായ) മാർഗ്ഗത്തിൽനിന്ന് അവൻ അവരെ തടയുകയും ചെയ്തു. അവർ കണ്ടറിയാവുന്നവരായിരുന്നു താനും. (പക്ഷേ അവരത് ചെയ്തില്ല.)

ആദ് സമുദായത്തിന്റെ ചരിത്രം സൂ : ശുഅറാഅ് 123-140 വചനങ്ങളിലും ഥമൂദ് ജനതയുടെ ചരിത്രം സൂ : ശുഅറാഅ് 141-159 വചനങ്ങളിലും ഖുർആനിൽ മറ്റിടങ്ങളിലും വിശദമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

**വചനം 39,40**

وَقَـٰرُونَ وَفِرْعَوْنَ وَهَـٰمَـٰنَ ۖ وَلَقَدْ جَآءَهُم مُّوسَىٰ بِٱلْبَيِّنَـٰتِ فَٱسْتَكْبَرُوا۟ فِى ٱلْأَرْضِ وَمَا كَانُوا۟ سَـٰبِقِينَ ﴿٣٩﴾

فَكُلًّا أَخَذْنَا بِذَنۢبِهِۦ ۖ فَمِنْهُم مَّنْ أَرْسَلْنَا عَلَيْهِ حَاصِبًا وَمِنْهُم مَّنْ أَخَذَتْهُ ٱلصَّيْحَةُ وَمِنْهُم مَّنْ خَسَفْنَا بِهِ ٱلْأَرْضَ وَمِنْهُم مَّنْ أَغْرَقْنَا ۚ وَمَا كَانَ ٱللَّهُ لِيَظْلِمَهُمْ وَلَـٰكِن كَانُوٓا۟ أَنفُسَهُمْ يَظْلِمُونَ ﴿٤٠﴾

39 ഖാറൂനെയും, ഫിർഔനെയും, ഹാമാനെയും (നശിപ്പിച്ചു.) മൂസാ അവർക്ക് തെളിവുകളുമായി വരികയുണ്ടായി; അപ്പോൾ അവർ നാട്ടിൽ അഹംഭാവം നടിച്ചു. അവർ (നമ്മെ) തോല്പിച്ച് മുൻകടന്നുപോകുന്നവരായിരുന്നില്ല.

40 അതിനാൽ, എല്ലാവരെയും അവനവൻെറ കുറ്റത്തിന് നാം പിടിച്ചു (ശിക്ഷിച്ചു). അങ്ങനെ, നാം ചരൽക്കാറ്റ് അയച്ചിട്ടുള്ളവർ അവരിലുണ്ട്; ഘോരശബ്ദം പിടിപെട്ടവരും അവരിലുണ്ട്; നാം ഭൂമിയിൽ ആഴ്ത്തിയവരും അവരിലുണ്ട്; നാം (വെള്ളത്തിൽ) മുക്കിനശിപ്പിച്ചവരും അവരിലുണ്ട്. അല്ലാഹു അവരോട് അക്രമം ചെയ്യുകയായിരുന്നില്ല; പക്ഷേ, അവർ തങ്ങളോടുതന്നെ അക്രമം പ്രവർത്തിക്കുകയായിരുന്നു ചെയ്തത്.

ധിക്കാരികളായ ജനതക്ക് ഈ ലോകത്ത് വെച്ച് അനുഭവിക്കേണ്ടി വന്ന നാല് തരം ശിക്ഷകളെയാണ് അല്ലാഹു ഇവിടെ എടുത്തു പറഞ്ഞിട്ടുള്ളത്.

(1) ചരൽക്കാറ്റ് - ലൂത്വ് (അ) നബിയുടെ രാജ്യം അടിമേലായി മറിക്കപ്പെടുന്നതിന് മുമ്പ് അവിടെ അതിഭയങ്കരമായ ചരൽക്കാറ്റടിക്കുകയുണ്ടായി.

(2) ഘോരശബ്ദം - മദ്‌യൻ നിവാസികൾക്കും ഥമൂദ് ഗോത്രത്തിനും ബാധിച്ച ശിക്ഷ ഇപ്രകാരമായിരുന്നു.

(3) ഭൂമിയിൽ ആഴ്ത്തപ്പെടുക -ഖാറൂനും അവന്റെ വസതിയും ഭൂമിയിലേക്ക് ആഴ്ത്തപ്പെടുകയാണുണ്ടായത്.

(4) മുക്കി നശിപ്പിക്കപ്പെടുക - നൂഹ് (അ) നബിയുടെ ജനത ജലപ്രളയത്തിലും, ഫിർഔനും സൈന്യവും ചെങ്കടലിലും മുക്കി നശിപ്പിക്കപ്പെട്ടു.

**വചനം 41**

مَثَلُ ٱلَّذِينَ ٱتَّخَذُوا۟ مِن دُونِ ٱللَّهِ أَوْلِيَآءَ كَمَثَلِ ٱلْعَنكَبُوتِ ٱتَّخَذَتْ بَيْتًا ۖ وَإِنَّ أَوْهَنَ ٱلْبُيُوتِ لَبَيْتُ ٱلْعَنكَبُوتِ ۖ لَوْ كَانُوا۟ يَعْلَمُونَ ﴿٤١﴾

41 അല്ലാഹുവിനു പുറമെ (ഏതെങ്കിലും) രക്ഷാകർത്താക്കളെ സ്വീകരിച്ചിട്ടുള്ളവരുടെ ഉപമ, (വലകെട്ടി) വീടുണ്ടാക്കിയ എട്ടുകാലിയുടെ മാതിരിയാകുന്നു. വീടുകളിൽ വെച്ച് ഏറ്റവും ദുർബ്ബലമായത് എട്ടുകാലിയുടെ വീടുതന്നെ. അവർക്ക് അറിയാമായിരുന്നെങ്കിൽ!

എട്ടുകാലിയുടെ വീടാകുന്ന വല ചൂടോ തണുപ്പോ, മഴയോ, കാറ്റോ ഒന്നും തടുക്കാൻ പര്യാപ്തമല്ലാത്ത വിധം ദുർബലമാണല്ലോ. ഇത് പോലെ തന്നെയാണ് അല്ലാഹു അല്ലാത്തവരെ രക്ഷാകർത്താക്കളായി സ്വീകരിക്കുന്നവരുടെയും അവസ്ഥ. യാതൊരു രക്ഷയും സഹായവും അത് മൂലം അവർക്ക് ലഭിക്കാനില്ല തന്നെ.

**വചനം 42**

إِنَّ ٱللَّهَ يَعْلَمُ مَا يَدْعُونَ مِن دُونِهِۦ مِن شَىْءٍ ۚ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٤٢﴾

42 നിശ്ചയമായും, തനിക്കു പുറമെ അവർ വിളി (ച്ചു പ്രാർത്ഥി)ക്കുന്ന ഏതൊരു വസ്തുവിനെയും അല്ലാഹു അറിയുന്നു. പ്രതാപശാലിയും, അഗാധജ്ഞനുമായുള്ളവൻ അവനത്രെ.

അവർ രക്ഷാകർത്താക്കളായി ഗണിച്ച് വരുന്നവർ ആരുമാകട്ടെ - വിഗ്രഹങ്ങളോ, ദേവീ ദേവന്മാരോ, മനുഷ്യരോ, മഹാത്മാക്കളോ ആരായാലും ശരി - അവരുടെ സ്ഥിതി ഗതികളെകുറിച്ച് അല്ലാഹുവിന് നല്ല വണ്ണം അറിയാവുന്നതാണ്. അവർക്കാർക്കും തന്നെ സ്വന്തം നിലക്ക് യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിവില്ലെന്നും അവന് പൂർണ്ണമായും അറിയുകയും ചെയ്യാം.

**വചനം 43,44**

وَتِلْكَ ٱلْأَمْثَٰلُ نَضْرِبُهَا لِلنَّاسِ ۖ وَمَا يَعْقِلُهَآ إِلَّا ٱلْعَٰلِمُونَ ﴿٤٣﴾ خَلَقَ ٱللَّهُ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ ۚ إِنَّ فِى ذَٰلِكَ لَءَايَةً لِّلْمُؤْمِنِينَ ﴿٤٤﴾

43 ആ ഉപമകൾ (എല്ലാംതന്നെ) നാം മനുഷ്യർക്കു വേണ്ടി വിവരിക്കുകയാണ്. അറിവുള്ളവരല്ലാതെ അവയെ (ചിന്തിച്ച്) മനസ്സിലാക്കുകയില്ല.

44 ആകാശങ്ങളെയും, ഭൂമിയെയും അല്ലാഹു മുറപ്രകാരം സൃഷ്ടിച്ചിരിക്കുന്നു. നിശ്ചയമായും അതിൽ സത്യവിശ്വാസികൾക്ക് ദൃഷ്ടാന്തമുണ്ട്.

ഈ ലോകത്തിലെ ഓരോ മണൽ തരിയിലും സ്രഷ്ടാവിന്റെ സൃഷ്ടി വൈഭവത്തിനും അപാരമായ കഴിവിനും മതിയായ ദൃഷ്ടാന്തങ്ങൾ അടങ്ങിയിരിക്കുന്നു. വിശ്വാസപൂർവ്വം ചിന്തിക്കുന്നവർക്ക് കണ്ടറിയാവുന്ന ഒരു പരമാർത്ഥമത്രേ അത്.

## വിഭാഗം 5

**വചനം 45**

ٱتْلُ مَآ أُوحِىَ إِلَيْكَ مِنَ ٱلْكِتَٰبِ وَأَقِمِ ٱلصَّلَوٰةَ ۖ إِنَّ ٱلصَّلَوٰةَ تَنْهَىٰ عَنِ ٱلْفَحْشَآءِ وَٱلْمُنكَرِ ۗ وَلَذِكْرُ ٱللَّهِ أَكْبَرُ ۗ وَٱللَّهُ يَعْلَمُ مَا تَصْنَعُونَ ﴿٤٥﴾

45 (നബിയേ) വേദഗ്രന്ഥത്തിൽനിന്നു നിങ്ങൾക്ക് 'വഹ്യ്' (ബോധനം)നൽകപ്പെട്ടിട്ടുള്ളത് നിങ്ങൾ പാരായണം ചെയ്യുക. നമസ്കാരം നിലനിറുത്തുകയും ചെയ്യുക; നിശ്ചയമായും നമസ്കാരം, നീചവൃത്തിയിൽ നിന്നും, നിഷിദ്ധമായതിൽനിന്നും തടയുന്നു. അല്ലാഹുവിനെ ഓർമ്മിക്കുന്നത് ഏറ്റവും വലിയ കാര്യംതന്നെ. നിങ്ങൾ പ്രവർത്തിക്കുന്നത് അല്ലാഹു അറിയുന്നതാണ്.

വിശുദ്ധ ഖുർആൻ പാരായണം ചെയ്വാനും നമസ്കാരം നിലനിർത്തുവാനുമുള്ള ഈ കൽപന നബി(സ)ക്ക് മാത്രം ബാധകമായതല്ല. എല്ലാവർക്കും ബാധകമായ ഒരു കൽപനയാകുന്നു അത്. നമസ്കാരം നിലനിർത്തുന്നതിന്റെ പ്രധാന ഉദ്ദേശങ്ങൾ അല്ലാഹു തന്നെ ഇവിടെ വിവരിച്ചു തരുന്നു. നീചവും നിഷിദ്ധവുമായ കാര്യങ്ങളിൽ നിന്ന് നമസ്കാരം മനുഷ്യനെ തടയുന്നുവെന്നുള്ളതാണ് അതിലൊന്ന്: അല്ലാഹുവിനെ ഓർമ്മിക്കുക എന്നുള്ളതാണ് നമസ്കാരത്തിന്റെ മറ്റൊരു ഉദ്ദേശ്യം. അതാകട്ടെ ഏറ്റവും വലിയ ഒരു കാര്യവുമാകുന്നു. "എന്നെ സ്മരിക്കുവാനായി നമസ്കാരം നിലനിർത്തുക" എന്ന് സൂ : ത്വാഹായിൽ മൂസാ(അ) നബിയോട് അല്ലാഹു പറഞ്ഞിട്ടുള്ളതിൽ നിന്നും മറ്റും ഇത് വ്യക്തമാണ്.

മേൽ പറഞ്ഞ ഉദ്ദേശ്യങ്ങൾ കരഗതമാകണമെങ്കിൽ നാമമാത്ര നമസ്കാരം കൊണ്ട് സാധ്യമാകുകയില്ല 'നമസ്കാരം നിലനിർത്തുക' എന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. പതിവായും കൃത്യമായും പരിപൂർണ്ണമായും ഹൃദയസാന്നിദ്ധ്യത്തോടും ഭയഭക്തിയോടും കൂടിയായിരിക്കണം നമസ്ക്കാരം നിർവ്വഹിക്കേണ്ടത് എന്നാണ് നമസ്കാരം നിലനിർത്തുക എന്നത് കൊണ്ട് അർത്ഥമാക്കുന്നത്.

ذكر الله - അല്ലാഹുവിനെ സ്മരിക്കുക - എന്നത് കൊണ്ട് അല്ലാഹുവിനോടുള്ള മാനസികമായ ഭയഭക്തിയും ഹൃദയ സാന്നിദ്ധ്യത്തോടെയുള്ള തസ്ബീഹ്, തഹ്ലീൽ, തഹ്മീദ്, തക്ബീർ, ദുആഉ് മുതലായ ധ്യാന വാക്യങ്ങളും ആകുന്നു അർത്ഥമാക്കുന്നത്.

അല്ലാഹു പ്രസ്താവിക്കുന്നതായി നബി(സ) ഇപ്രകാരം ഉദ്ധരിക്കുന്നു.

“എന്റെ അടിയാൻ എന്നെ പറ്റി വിചാരിക്കുന്നതിനനുസരിച്ചായിരിക്കും ഞാൻ. അവൻ എന്നെ ഓർക്കുമ്പോൾ ഞാൻ അവന്റെ കൂടെ ഉണ്ടായിരിക്കും. അവൻ സ്വയം(മനസ്സിൽ) എന്നെ ഓർത്താൽ ഞാൻ അവനെയും സ്വയം ഓർക്കും. ഒരു സംഘത്തിൽ വെച്ച് അവൻ എന്നെ ഓർത്താൽ (എന്നെ കുറിച്ച് പ്രസ്താവിച്ചാൽ) അവരെക്കാൾ ഉത്തമമായ ഒരു സംഘത്തിൽ വെച്ച് ഞാൻ അവനേയും ഓർക്കും (പ്രസ്താവിക്കും) ” ബു.മു.

“കർമ്മങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ടമായതു ഏതാണ് ” എന്ന് ഒരാൾ നബി(സ)യോട് ചോദിച്ചപ്പോൾ അവിടുന്ന് ഇപ്രകാരം മറുപടി കൊടുക്കുകയുണ്ടായി.

“അല്ലാഹുവിന്റെ ദിക്ർ നിമിത്തം നിന്റെ നാവ് നനഞ്ഞതായിക്കൊണ്ട് - നാവിനാൽ ദിക്ർ നടത്തിക്കൊണ്ടിരിക്കെ - നീ ഇഹലോകവുമായി പിരിഞ്ഞ് പോകലാകുന്നു.”

## ജുസ്ഉ് - 21

**വചനം 46 :**

۞ وَلَا تُجَٰدِلُوٓاْ أَهۡلَ ٱلۡكِتَٰبِ إِلَّا بِٱلَّتِي هِيَ أَحۡسَنُ إِلَّا ٱلَّذِينَ ظَلَمُواْ مِنۡهُمۡۖ وَقُولُوٓاْ ءَامَنَّا بِٱلَّذِيٓ أُنزِلَ إِلَيۡنَا وَأُنزِلَ إِلَيۡكُمۡ وَإِلَٰهُنَا وَإِلَٰهُكُمۡ وَٰحِدٞ وَنَحۡنُ لَهُۥ مُسۡلِمُونَ ﴿٤٦﴾

46 വേദക്കാരോട് ഏറ്റവും നല്ല രീതിയിലല്ലാതെ നിങ്ങൾ തർക്കം നടത്തരുത്; അവരിൽനിന്ന് അക്രമം പ്രവർത്തിച്ചവരോടൊഴികെ. നിങ്ങൾ (അവരോട്) പറയുകയും ചെയ്യണം: “ഞങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ളതിലും, നിങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ളതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു; ഞങ്ങളുടെ ആരാധ്യനും, നിങ്ങളുടെ ആരാധ്യനും ഒരുവനാകുന്നു; ഞങ്ങൾ അവന് കീഴ്പ്പെട്ടവരും (മുസ്‌ലിംകളും) ആകുന്നു.”

ജൂതന്മാരും കൃസ്ത്യനികളുമാകുന്ന വേദക്കാരെ ഇസ്ലാമിലേക്ക് പ്രേരിപ്പിക്കുവാൻ വേണ്ടി അവരുമായി വാഗ്വാദം നടത്തുമ്പോൾ സൗമ്യമായ രീതിയിലായിരിക്കണം അത് നടത്തേണ്ടത്. എന്നാൽ തർക്കങ്ങൾ നടത്തുകയും അക്രമം പ്രവർത്തിക്കുകയും ചെയ്യുന്നവരോട് പരുഷമായും ഗൗരവപൂർവ്വവും ഇടപെടേണ്ടതാണ്.

വേദക്കാർ കൊണ്ട് വരുന്ന ഏതെങ്കിലും വിഷയം സ്വീകരിക്കണമോ, നിഷേധിക്കണമോ എന്ന കാര്യത്തിൽ വ്യക്തതയോ വിശ്വസ്തതയോ ഇല്ലാത്ത സന്ദർഭങ്ങളിൽ മുസ്ലിംകൾ കൈകൊള്ളേണ്ടുന്ന നയമാണ് “ഞങ്ങൾക്ക് ഇറക്കപ്പെട്ടതിലും നിങ്ങൾക്ക് ഇറക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു”. എന്നു പറയണമെന്ന നിർദ്ദേശം. എന്നാൽ തൗറാത്തിലും ഇഞ്ചീലിലും പല കൈകടത്തലുകളും നടത്തപ്പെട്ടിട്ടുള്ളത് കൊണ്ട് ഇന്നത്തെ രൂപത്തിൽ നിങ്ങളുടെ വേദഗ്രന്ഥങ്ങൾ സ്വീകരിക്കുവാൻ ഞങ്ങൾക്ക് നിവൃത്തിയില്ല - എന്നിങ്ങനെ മുസ്ലീംകൾ പറയേണ്ടതുമാണ്.

**വചനം 47**

وَكَذَٰلِكَ أَنزَلۡنَآ إِلَيۡكَ ٱلۡكِتَٰبَۚ فَٱلَّذِينَ ءَاتَيۡنَٰهُمُ ٱلۡكِتَٰبَ يُؤۡمِنُونَ بِهِۦۖ وَمِنۡ هَٰٓؤُلَآءِ مَن يُؤۡمِنُ بِهِۦۚ وَمَا

47 അതുപോലെ, (മുൻവേദങ്ങൾ ഇറക്കിയതുപോലെ) നിനക്ക് നാം (ഈ) വേദഗ്രന്ഥം ഇറക്കിത്തന്നിരിക്കയാണ്. എന്നാൽ, നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവർ (വേദക്കാർ) ഇതിൽ വിശ്വസിക്കുന്നതാണ്. ഇക്കൂട്ടരിലും തന്നെ

تَجۡحَدُ بِـَٔايَٰتِنَآ إِلَّا ٱلۡكَٰفِرُونَ ﴿٤٧﴾

ഇതിൽ വിശ്വസിക്കുന്നവരുണ്ട്. നമ്മുടെ ലക്ഷ്യങ്ങളെ അവിശ്വാസികളല്ലാതെ നിഷേധിക്കുകയില്ല.

'വേദക്കാർ ഇതിൽ വിശ്വസിക്കുന്നതാണ്' എന്ന് പറഞ്ഞത് കൊണ്ട് വേദക്കാരായ എല്ലാവരും ഖുർആനിൽ വിശ്വസിക്കും എന്നല്ല ഉദ്ദേശ്യം - തൗറാത്തിലും ഇഞ്ചീലിലും നബി(സ)യെ പറ്റി പ്രസ്താവിക്കപ്പെട്ട അടയാളങ്ങൾ നിഷേധിക്കാത്തവരും ഖുർആനെ പറ്റി ചിന്തിച്ച് മനസ്സിലാക്കിയവരുമായ എല്ലാ വേദക്കാരും അതിൽ വിശ്വസിക്കുന്നതാണ് എന്നാകുന്നു. ഇതേ ആശയം മദനീ സൂറത്തായ ആലു ഇമ്രാൻ 199-ാം വചനത്തിലും അല്ലാഹു പ്രസ്താവിച്ചിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ. (ഈ സൂറത്ത് - സൂ: അൻകബൂത്ത് - മക്കീ സൂറത്തുകളിൽപ്പെട്ടതാകുന്നു.)

"ഇക്കൂട്ടരിലും ഉണ്ട് " എന്ന് പറഞ്ഞത് മക്കായിലെ മുശ്‌രിക്കുകളെ ചൂണ്ടികൊണ്ടാണ്. വേദക്കാരായാലും അല്ലെങ്കിലും ശരി സത്യനിഷേധികളായ അവിശ്വാസികൾ മാത്രമേ ഖുർആനെ നിഷേധിക്കുകയുള്ളൂ എന്ന് അല്ലാഹു തുറന്ന് പ്രഖ്യാപിക്കുന്നു. 48-ാം വചനത്തിൽ അത്തരക്കാരെക്കുറിച്ച് 'വ്യർത്ഥകാരികൾ' എന്നും 49-ാം വചനത്തിൽ 'അക്രമകാരികൾ' എന്നും വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത് കാണാം.

**വചനം 48,49**

وَمَا كُنتَ تَتۡلُواْ مِن قَبۡلِهِۦ مِن كِتَٰبٖ وَلَا تَخُطُّهُۥ بِيَمِينِكَۖ إِذٗا لَّٱرۡتَابَ ٱلۡمُبۡطِلُونَ ﴿٤٨﴾

48 യാതൊരു ഗ്രന്ഥവും ഇതിന് മുമ്പ് നീ പാരായണം ചെയ്യുകയാകട്ടെ, നിന്റെ വലതു കൈകൊണ്ട് അതെഴുതുകയാകട്ടെ ചെയ്തിരുന്നില്ല. അങ്ങിനെയാണെങ്കിൽ ഈ വ്യർത്ഥകാരികൾക്ക് സന്ദേഹപ്പെടാമായിരുന്നു.

بَلۡ هُوَ ءَايَٰتُۢ بَيِّنَٰتٞ فِي صُدُورِ ٱلَّذِينَ أُوتُواْ ٱلۡعِلۡمَۚ وَمَا يَجۡحَدُ بِـَٔايَٰتِنَآ إِلَّا ٱلظَّٰلِمُونَ ﴿٤٩﴾

49 എങ്കിലും അത് ജ്ഞാനം നൽകപ്പെട്ടിട്ടുള്ളവരുടെ ഹൃദയങ്ങളിൽ സുവ്യക്തമായി (തെളിഞ്ഞു) കിടക്കുന്ന ലക്ഷ്യങ്ങളാകുന്നു. അക്രമകാരികളല്ലാതെ നമ്മുടെ ലക്ഷ്യങ്ങളെ നിഷേധിക്കുകയില്ല.

ജ്ഞാനികളായുള്ളവർ ഖുർആൻ ആകുന്ന ആ മഹദ്ഗ്രന്ഥം പഠിക്കുകയും ഗ്രഹിക്കുകയും മന:പാഠമാക്കുകയും അതവരുടെ എല്ലാ ജീവിത തുറകളിലേക്കും വെളിച്ചം വീശുകയും ചെയ്യുന്നു. ഖുർആന്റെ പരിശുദ്ധതക്ക് യാതൊരു കളങ്കവും ബാധിക്കാതെ സുരക്ഷിതമായിരിക്കാൻ ഇത് കാരണമാകുന്നു. ഖുർആനോളം ബൃഹത്തായ മഹദ്ഗ്രന്ഥം അതിന്റെ വള്ളിക്കോ പുള്ളിക്കോ യാതൊരു മാറ്റവും കൂടാതെസത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ സുരക്ഷിതമായി അവശേഷിക്കുന്നതാണ്.

**വചനം 50 :**

وَقَالُواْ لَوۡلَآ أُنزِلَ عَلَيۡهِ ءَايَٰتٞ مِّن رَّبِّهِۦۖ قُلۡ إِنَّمَا ٱلۡأٓيَٰتُ عِندَ ٱللَّهِ وَإِنَّمَآ أَنَا۠ نَذِيرٞ مُّبِينٌ ﴿٥٠﴾

50 അവർ (അവിശ്വാസികൾ) പറയുകയാണ്: "അവന് അവന്റെ രക്ഷിതാവിങ്കൽനിന്ന് വല്ല ദൃഷ്ടാന്തങ്ങളും ഇറക്കപ്പെട്ടുകൂടേ?!" (നബിയേ) പറയുക: "ദൃഷ്ടാന്തങ്ങൾ അല്ലാഹുവിങ്കൽമാത്രമാണുള്ളത്; ഞാൻ സ്പഷ്ടമായ ഒരു താക്കീതുകാരൻ എന്നേയുള്ളു."

"എനിക്ക് തോന്നുമ്പോൾ ദൃഷ്ടാന്തങ്ങൾ കാണിക്കുവാൻ - അത്ഭുത സംഭവങ്ങൾ വെളിപ്പെടുത്തുവാൻ - എനിക്ക് കഴിവില്ല. അല്ലാഹുവിന്റെ അനുമതിപ്രകാരം അവനുദ്ദേശിക്കുമ്പോൾ മാത്രമേ അത് വെളിപ്പെടുകയുള്ളൂ. എന്റെ ചുമതല നിങ്ങളെ താക്കീത് ചെയ്യൽ മാത്രമാണ്. അത് ഞാൻ നിർവ്വഹിക്കുന്നു." - എന്ന് അവിശ്വാസികളോട് പറയുവാൻ അല്ലാഹു നബി(സ)യോട് നിർദ്ദേശിക്കുന്നു.

**വചനം 51,52,53,54,55**

أَوَلَمۡ يَكۡفِهِمۡ أَنَّآ أَنزَلۡنَا عَلَيۡكَ
ٱلۡكِتَٰبَ يُتۡلَىٰ عَلَيۡهِمۡۚ إِنَّ فِي
ذَٰلِكَ لَرَحۡمَةٗ وَذِكۡرَىٰ لِقَوۡمٖ
يُؤۡمِنُونَ ٥١

51 അവർക്ക് ഓതിക്കേൾപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന നിലയിൽ ഈ വേദഗ്രന്ഥം നിനക്കു നാം അവതരിപ്പിച്ചു തന്നിട്ടുള്ളത് അവർക്ക് (ദൃഷ്ടാന്തത്തിന്) മതിയായിട്ടില്ലേ?! വിശ്വസിക്കുന്ന ജനതക്ക് നിശ്ചയമായും അതിൽ കാരുണ്യവും, ഉപദേശവുമുണ്ട്.

**വിഭാഗം 6**

قُلۡ كَفَىٰ بِٱللَّهِ بَيۡنِي وَبَيۡنَكُمۡ شَهِيدٗاۖ
يَعۡلَمُ مَا فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۗ
وَٱلَّذِينَ ءَامَنُواْ بِٱلۡبَٰطِلِ وَكَفَرُواْ
بِٱللَّهِ أُوْلَٰٓئِكَ هُمُ ٱلۡخَٰسِرُونَ ٥٢
وَيَسۡتَعۡجِلُونَكَ بِٱلۡعَذَابِ وَلَوۡلَآ أَجَلٞ
مُّسَمّٗى لَّجَآءَهُمُ ٱلۡعَذَابُ وَلَيَأۡتِيَنَّهُم
بَغۡتَةٗ وَهُمۡ لَا يَشۡعُرُونَ ٥٣
يَسۡتَعۡجِلُونَكَ بِٱلۡعَذَابِ وَإِنَّ جَهَنَّمَ
لَمُحِيطَةُۢ بِٱلۡكَٰفِرِينَ ٥٤
يَوۡمَ يَغۡشَىٰهُمُ ٱلۡعَذَابُ مِن فَوۡقِهِمۡ وَمِن
تَحۡتِ أَرۡجُلِهِمۡ وَيَقُولُ ذُوقُواْ مَا كُنتُمۡ
تَعۡمَلُونَ ٥٥

52 (നബിയേ) പറയുക: "എൻെറയും നിങ്ങളുടെയും ഇടയിൽ സാക്ഷിയായിക്കൊണ്ട് അല്ലാഹുതന്നെ മതി. ആകാശങ്ങളിലും, ഭൂമിയിലുമുള്ളത് (മുഴുവനും) അവൻ അറിയുന്നു. വ്യർത്ഥമായതിൽ വിശ്വസിക്കുകയും, അല്ലാഹുവിൽ അവിശ്വസിക്കുകയും ചെയ്യുന്നവരാകട്ടെ, അവർതന്നെയാണ് നഷ്ടപ്പെട്ടവർ.

53 അവർ നിന്നോട് ശിക്ഷക്ക് ധൃതികൂട്ടുന്നു. നിർണ്ണയിക്കപ്പെട്ട ഒരവധി ഇല്ലായിരുന്നുവെങ്കിൽ അവർക്ക് (ഇപ്പോൾതന്നെ) ശിക്ഷ വരുമായിരുന്നു. അവർ അറിയാത്ത നിലയിൽ തീർച്ചയായും അതവർക്ക് പെട്ടെന്ന് വന്നെത്തുക തന്നെ ചെയ്യുന്നതാണ്.

54 അവർ നിന്നോട് ശിക്ഷക്ക് ധൃതിപ്പെട്ടുകൊണ്ടിരിക്കുന്നു; നരകമാകട്ടെ, നിശ്ചയമായും അവിശ്വാസികളെ വലയം ചെയ്യുന്നതുമാകുന്നു.

55 അവരുടെ മുകൾഭാഗത്തുകൂടിയും, അവരുടെ കാലുകളുടെ അടിയിൽ കൂടിയും ശിക്ഷ അവരെ മൂടുന്ന ദിവസം! (അന്നാണ് അതുണ്ടാകുക.) "നിങ്ങൾ പ്രവർത്തിച്ചിരുന്നത് (പ്രവർത്തിച്ചതിൻെറ ഫലം)നിങ്ങൾ ആസ്വദിക്കുവിൻ." എന്ന് അവൻ (അല്ലാഹു) പറയുകയും ചെയ്യും.

'നീ താക്കീത് ചെയ്യുന്ന ശിക്ഷ ഇനിയും എന്താണ് വന്ന് കാണാത്തത്', എന്ന് പറഞ്ഞ് അവിശ്വാസികൾ നബി(സ)യോട് പരിഹാസ പൂർവ്വം ധൃതി കൂട്ടുകയാണ്. എന്നാൽ അല്ലാഹു അതിന് ഒരു അവധി നിർണ്ണയിച്ചിട്ടുണ്ട്. ഈ സമയം വന്നാൽ അപ്രതീക്ഷിതമായ നിലയിലും പെട്ടെന്നും നാനാ ഭാഗത്തു നിന്നുമായിരിക്കും അതവരെ പിടികൂടുക. രക്ഷക്ക് ഒരു പഴുതും ഇല്ലാത്ത വിധത്തിൽ. (സൂ : അഅ്റാഫ് 41-ാം വചനവും ,സൂ : സുമർ 16-ാം വചനവും നോക്കുക)

**വചനം 56,57,58,59,60**

يَٰعِبَادِيَ ٱلَّذِينَ ءَامَنُوٓاْ إِنَّ أَرۡضِي
وَٰسِعَةٞ فَإِيَّٰيَ فَٱعۡبُدُونِ ٥٦

56 വിശ്വസിച്ചവരായ എൻെറ അടിയാൻമാരെ, നിശ്ചയമായും എൻെറ ഭൂമി വിശാലമായതാകുന്നു; അതുകൊണ്ട് നിങ്ങൾ എന്നെത്തന്നെ ആരാധിക്കുവിൻ.

57 ഓരോ ആത്മാവും (ആളും) മരണം ആസ്വദിക്കുന്നതാണ്. പിന്നീട് നമ്മുടെ അടുക്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുന്നു.

كُلُّ نَفْسٍ ذَآئِقَةُ ٱلْمَوْتِ ۖ ثُمَّ إِلَيْنَا تُرْجَعُونَ ﴿٥٧﴾

58 വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, സ്വർഗ്ഗത്തിൽനിന്നും അടിഭാഗത്തുകൂടി നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന ഉന്നത സൗധങ്ങളിൽ, നിശ്ചയമായും നാം അവർക്ക് താമസസൗകര്യം ചെയ്തുകൊടുക്കുന്നതാകുന്നു; അവരതിൽ നിത്യവാസികളായിക്കൊണ്ട്. പ്രവർത്തിക്കുന്നവരുടെ പ്രതിഫലം വളരെ വിശിഷ്ടം!

وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَنُبَوِّئَنَّهُم مِّنَ ٱلْجَنَّةِ غُرَفًا تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا ۚ نِعْمَ أَجْرُ ٱلْعَٰمِلِينَ ﴿٥٨﴾

59 അതായത്: സഹനം കൈക്കൊള്ളുകയും, തങ്ങളുടെ രക്ഷിതാവിൻെറമേൽ (കാര്യങ്ങൾ) ഭരമേല്പിച്ചുകൊണ്ടിരിക്കുകയും ചെയ്തവർ.

ٱلَّذِينَ صَبَرُوا۟ وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴿٥٩﴾

60 എത്രയോ ജീവികളാണ്, അവയുടെ ആഹാരം അവ(സ്വയം) വഹിക്കാത്തതായുള്ളത്?! അവയ്ക്കും, നിങ്ങൾക്കും അല്ലാഹു ആഹാരം നൽകുന്നു. അവൻ (എല്ലാം) കേൾക്കുന്നവനാണ്, അറിയുന്നവനാണ്.

وَكَأَيِّن مِّن دَآبَّةٍ لَّا تَحْمِلُ رِزْقَهَا ٱللَّهُ يَرْزُقُهَا وَإِيَّاكُمْ ۚ وَهُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٦٠﴾

അല്ലാഹുവിന്റെ ഭൂമി വളരെ വിശാലമായതാണ്. ഒരു നാട്ടിൽ വെച്ച് അവനെ ആരാധിക്കുവാൻ പ്രതിബന്ധങ്ങളുണ്ടെങ്കിൽ മറ്റൊരു നാട്ടിൽ പോയിട്ടെങ്കിലും അത് നിർവ്വഹിക്കേണ്ടതാണ്.

നിങ്ങൾ എവിടെ ആയിരുന്നാലും എല്ലാ ഓരോ ആത്മാവും മരണം ആസ്വദിക്കുന്നതാണ്. മരണാന്തരം മടങ്ങിച്ചെല്ലുന്നത്, അല്ലാഹുവിങ്കലേക്കാണ് താനും. സത്യവിശ്വാസം സ്വീകരിച്ച് കൊണ്ട് കാര്യങ്ങളെല്ലാം അല്ലാഹുവിൽ അർപ്പിച്ച് കൊണ്ട് ക്ഷമാപൂർവ്വം സൽകർമ്മം പ്രവർത്തിക്കുന്നവർക്ക് അവൻ സ്വർഗ്ഗത്തിൽ അത്യുന്നതവും ശാശ്വതവുമായ സുഖസൗകര്യങ്ങൾ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

ഇനി ഈ ലോകത്തുള്ള മനുഷ്യനും മനുഷ്യേതരരും ആയ എത്രയോ ജീവികളുടെ കാര്യമാണെങ്കിൽ - അതതിന്റെ ഉപജീവനകാര്യം സ്വയം നടത്താൻ കഴിയാത്ത അനേകം ജീവികൾക്ക് അല്ലാഹു ഓരോ വിധത്തിൽ ആഹാരം പ്രദാനം ചെയ്യുന്നുണ്ട്. അവയ്ക്ക് മാത്രമല്ല, വാസ്തവത്തിൽ എല്ലാവർക്കും തന്നെ ഭക്ഷണം നൽകുന്നത് അല്ലാഹുവാകുന്നു. അവൻ എല്ലാവരുടെയും എല്ലാ കാര്യങ്ങളും അറിയുന്നവനുമാകുന്നു.

ഈ വചനങ്ങൾ അനുസരിച്ച് സഹാബികൾ ആദ്യം അബിസീനിയായിലേക്കും പിന്നീട് മദീനായിലേക്കും ഹിജ്റ പോയത് ചരിത്രത്തിന്റെ ഭാഗമാകുന്നു.

**വചനം 61**

61 "ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിക്കുകയും, സൂര്യനെയും, ചന്ദ്രനെയും കീഴ്പ്പെടുത്തുകയും ചെയ്തതാരാണ്" എന്നു നീ അവരോട് (ബഹുദൈവവിശ്വാസികളോട്) ചോദിക്കുന്ന പക്ഷം, തീർച്ചയായും, അവർ പറയും: "അല്ലാഹുവാണ്" എന്ന്. അപ്പോൾ, എങ്ങിനെയാണ് അവർ (തൗഹീദിൽ നിന്ന്) തെറ്റിക്കപ്പെടുന്നത് ?!

وَلَئِن سَأَلْتَهُم مَّنْ خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ لَيَقُولُنَّ ٱللَّهُ ۖ فَأَنَّىٰ يُؤْفَكُونَ ﴿٦١﴾

ലോകസ്യഷ്ടാവും ലോകകാര്യങ്ങൾ നിയന്ത്രിക്കുന്നവനും അല്ലാഹു ആണെന്ന് മുശ്രിക്കുകളും സമ്മതിക്കുന്ന വസ്തുതയാണ്. എന്നിരിക്കെ ആരാധ്യനായി അവനല്ലാത്തവരെ സ്വീകരിക്കുന്നതിൽ എന്ത് ന്യായമാണുള്ളത്. അത് തികച്ചും വിഡ്ഢിത്തം മാത്രമാകുന്നു.

**വചനം 62**

ٱللَّهُ يَبۡسُطُ ٱلرِّزۡقَ لِمَن يَشَآءُ مِنۡ عِبَادِهِۦ وَيَقۡدِرُ لَهُۥٓۚ إِنَّ ٱللَّهَ بِكُلِّ شَيۡءٍ عَلِيمٞ ٦٢

62 അല്ലാഹു, തന്റെ അടിയാൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവന് ആഹാരം (ഉപജീവനമാർഗ്ഗം) വിശാലപ്പെടുത്തിക്കൊടുക്കുകയും, അവന് (താൻ ഉദ്ദേശിക്കുന്നവന്) ഇടുക്കമാക്കുകയും ചെയ്യുന്നു. നിശ്ചയമായും, അല്ലാഹു എല്ലാ വസ്തുവെക്കുറിച്ചും അറിയുന്നവനാണ്.

അല്ലാഹുവിന്റെ ഉദ്ദേശ്യം അനുസരിച്ച് ചിലർക്ക് വിശാലമായും മറ്റ് ചിലർക്ക് കുടുസ്സായും അവൻ ഉപജീവനം നൽകുമെന്ന് പറഞ്ഞതിന്റെ താൽപര്യം യാതൊരു തത്വദീക്ഷയുമില്ലാതെ അവൻ പ്രവർത്തിക്കുന്നുവെന്നല്ല. ആർക്കാണോ എത്രയാണോ എങ്ങനെയാണ് അത് നൽകേണ്ടതെന്നും മറ്റുമുള്ള എല്ലാ അറിവുമുള്ള അവൻ തികച്ചും യുക്തമായ നിലയിൽ അത് നിർവ്വഹിക്കുന്നു. മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല അതിന്റെ മാനദണ്ഡം - അവ രണ്ടും ഒഴിച്ച് കൂടാത്തതാണെങ്കിലും. നമ്മുടെ നിത്യജീവിതത്തിൽ ഈ വസ്തുതക്ക് ഉദാഹരണമായി ധാരാളം യാഥാർത്ഥ്യങ്ങൾ നാം കണ്ട് വരാറുള്ളതാണല്ലോ.

**വചനം 63**

وَلَئِن سَأَلۡتَهُم مَّن نَّزَّلَ مِنَ ٱلسَّمَآءِ مَآءٗ فَأَحۡيَا بِهِ ٱلۡأَرۡضَ مِنۢ بَعۡدِ مَوۡتِهَا لَيَقُولُنَّ ٱللَّهُۚ قُلِ ٱلۡحَمۡدُ لِلَّهِۚ بَلۡ أَكۡثَرُهُمۡ لَا يَعۡقِلُونَ ٦٣

63 "ആകാശത്തുനിന്ന് (മഴ) വെള്ളം ഇറക്കിയിട്ട് അതുമൂലം, ഭൂമിയെ- അത് നിർജ്ജീവമായതിനുശേഷം-ജീവിപ്പിക്കുന്ന (ഉല്പാദനയോഗ്യമാക്കുന്ന) വൻ ആരാണ്?" എന്ന് അവരോട് നീ ചോദിക്കുന്ന പക്ഷം, നിശ്ചയമായും അവർ പറയും: "അല്ലാഹുവാണ്" എന്ന്. പറയുക: "അല്ലാഹുവിനാണ് സ്തുതി!" പക്ഷേ, അവരിൽ അധികമാളും ബുദ്ധി കൊടു(ത്ത് ചിന്തി)ക്കുന്നില്ല.

ആകാശത്ത് നിന്ന് മഴ വർഷിപ്പിച്ച് നിർജ്ജീവമായ ഭൂമിയെ ഉൽപാദന യോഗ്യമാക്കുന്നത് അല്ലാഹു ആണെന്ന് അവർക്കറിയാം. ഈ യാഥാർത്ഥ്യം അംഗീകരിക്കുന്നതിന്റെ സ്വാഭാവികമായ അനന്തര നടപടിയാണ് അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന തൗഹീദ് അംഗീകരിക്കുക എന്നത് എന്നാൽ ബഹുദൈവ വിശ്വാസികൾ ഒട്ടും ചിന്തിച്ച് മനസ്സിലാക്കുന്നില്ല.

**വിഭാഗം 7**

**വചനം 64**

وَمَا هَٰذِهِ ٱلۡحَيَوٰةُ ٱلدُّنۡيَآ إِلَّا لَهۡوٞ وَلَعِبٞۚ وَإِنَّ ٱلدَّارَ ٱلۡأٓخِرَةَ لَهِيَ ٱلۡحَيَوَانُۚ لَوۡ كَانُواْ يَعۡلَمُونَ ٦٤

64 ഈ ഐഹിക ജീവിതം, വിനോദവും, കളിയും അല്ലാതെ (മറ്റൊന്നും) അല്ല. നിശ്ചയമായും പരലോകഭവനമാകട്ടെ, അതാണ് (യഥാർത്ഥത്തിലുള്ള) ജീവിതം. അവർക്കറിയാമായിരുന്നുവെങ്കിൽ (അവർ ഐഹിക ജീവിതത്തിന് പ്രാധാന്യം നൽകുമായിരുന്നില്ല)!

ഐഹിക ജീവിതത്തിന്റെ ആകത്തുക പരിശോധിച്ചാൽ അത് വെറും വിനോദവും കളിയും ആണെന്ന് കാണാം - എല്ലാം ക്ഷണഭംഗുരങ്ങളും നശ്വരമായതും ആയ താൽക്കാലിക ജീവിതം. മനുഷ്യനെ സംബന്ധിച്ചിടത്തോളം യഥാർത്ഥമായ ജീവിതം അനശ്വരമായ പാരത്രിക ജീവിതമാകുന്നു. ആ

ജീവിതം വിജയപ്രദമാക്കിത്തീർക്കാൻ വേണ്ട പരിശ്രമം അവൻ ഇവിടെ വെച്ച് ചെയ്യേണ്ടതാകുന്നു.

"ഒരാൾ തന്റെ വിരൽ സമുദ്രത്തിൽ മുക്കിയാൽ എത്രമാത്രം വെള്ളമാണോ അവന്റെ വിരലിൽ പുരളുന്നത് അതാകുന്നു ഇഹലോകജീവിതം. സമുദ്രത്തിലെ ബാക്കിയുള്ള ജലം എത്രയാണോ അത് പരലോക ജീവിതത്തെ പ്രതിനിധീകരിക്കുന്നതുമാകുന്നു" എന്ന നബി വചനം പ്രത്യേകം ശ്രദ്ധേയമാകുന്നു.

**വചനം 65,66**

65 എന്നാൽ, അവർ (ബഹുദൈവവിശ്വാസികൾ) കപ്പലിൽ കയറിയാൽ, കീഴ്വണക്കം അല്ലാഹുവിന്നു നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ അവർ വിളിച്ചു പ്രാർത്ഥിക്കുന്നതാണ്. എന്നിട്ട് കരയിലേക്ക് അവൻ അവരെ രക്ഷപ്പെടുത്തിക്കൊടുക്കുമ്പോഴോ–അപ്പോൾ അവരതാ–(അവനോട്) പങ്കുചേർക്കുന്നു!

فَإِذَا رَكِبُوا۟ فِى ٱلْفُلْكِ دَعَوُا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ فَلَمَّا نَجَّىٰهُمْ إِلَى ٱلْبَرِّ إِذَا هُمْ يُشْرِكُونَ ٦٥

66 നാം അവർക്ക് നൽകിയിട്ടുള്ളതിൽ അവർ നന്ദികേടുകാണിക്കട്ടെ! അവർ സുഖഭോഗമാസ്വദിക്കുകയും ചെയ്യട്ടെ! എന്നാൽ വഴിയെ അവർക്ക് അറിയാറാകും!

لِيَكْفُرُوا۟ بِمَآ ءَاتَيْنَٰهُمْ وَلِيَتَمَتَّعُوا۟ ۖ فَسَوْفَ يَعْلَمُونَ ٦٦

മുശ്രിക്കുകൾ കപ്പൽ യാത്രാവേളയിൽ വല്ല ആപത്തും പിണയുന്ന സന്ദർഭങ്ങളിൽ അവരുടെ ആരാധ്യന്മാരെയല്ല വിളിച്ച് പ്രാർത്ഥിക്കുക- നിഷ്കളങ്കമായ ഭക്തിയോട് കൂടി അവർ അല്ലാഹുവിനെ തന്നെ വിളിച്ച് പ്രാർത്ഥിക്കും. ആപത്തു നീക്കി അല്ലാഹു അവരെ കരയിലേക്ക് രക്ഷപ്പെടുത്തിയാലോ, കഴിഞ്ഞതെല്ലാം മറന്ന് വീണ്ടും പഴയ ശിർക്ക് അവർ ആവർത്തിക്കുകയും ചെയ്യും. അവരങ്ങനെ നന്ദികേട് കാണിച്ചും സുഖജീവിതം നയിച്ചും നടക്കട്ടെ. അവരുടെ ധിക്കാരത്തിന്റെ ഫലം പിന്നീട് അവർ അനുഭവിക്കുന്നതാണ് എന്ന് അല്ലാഹു അവരെ താക്കീത് ചെയ്യുന്നു.

വിഗ്രഹാരാധകന്മാരായ മുശ്രിക്കുകൾ ആപത് ഘട്ടങ്ങളിൽ അല്ലാഹുവിൽ മാത്രം ശരണം പ്രാപിക്കുമ്പോൾ നമ്മുടെ ചില മുസ്ലീം സഹോദരന്മാർ സാധാരണ ആവശ്യങ്ങളിൽ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ആപത് ഘട്ടങ്ങളിൽ 'നേർച്ച'ക്കാരെയും മറ്റും ഉള്ളഴിഞ്ഞ് വിളിക്കുകയും ചെയ്യുന്ന ദുഖകരമായ വിരോധാഭാസം നാം കണ്ട് കൊണ്ടിരിക്കുന്നു. പടച്ചവൻ നമ്മെ കാക്കട്ടെ(ആമീൻ).

**വചനം 67,68**

67 നിർഭയമായ ഒരു 'ഹറം' (അലംഘ്യ സങ്കേതം) നാം ഏർപ്പെടുത്തിയിട്ടുള്ളത് അവർ കാണുന്നില്ലേ?! അവരുടെ ചുറ്റുപാടിൽനിന്ന് ജനങ്ങൾ റാഞ്ചി എടുക്കപ്പെടുകയും ചെയ്യുന്നു. എന്നിട്ടും, മിഥ്യയായിട്ടുള്ളതിൽ അവർ വിശ്വസിക്കുകയും, അല്ലാഹുവിൻെറ അനുഗ്രഹത്തിൽ അവർ അവിശ്വസിക്കുക (അഥവാ നന്ദികേടു കാണിക്കുക) യും ചെയ്യുകയാണോ?!

أَوَلَمْ يَرَوْا۟ أَنَّا جَعَلْنَا حَرَمًا ءَامِنًا وَيُتَخَطَّفُ ٱلنَّاسُ مِنْ حَوْلِهِمْ ۚ أَفَبِٱلْبَٰطِلِ يُؤْمِنُونَ وَبِنِعْمَةِ ٱللَّهِ يَكْفُرُونَ ٦٧

68 അല്ലാഹുവിൻെറ മേൽ വ്യാജം കെട്ടിച്ചമക്കുകയോ, അല്ലെങ്കിൽ തനിക്ക് സത്യം വന്നെത്തുമ്പോൾ അതിനെ വ്യാജമാക്കുകയോ ചെയ്തവനെക്കാൾ കൂടുതൽ അക്രമിയായുള്ളവൻ ആരാണ്?! അവിശ്വാസികൾക്ക് നരകത്തിൽ പാർപ്പിടം ഇല്ലയോ?! (നിശ്ചയമായും ഉണ്ട്.)

وَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا أَوْ كَذَّبَ بِٱلْحَقِّ لَمَّا جَآءَهُۥٓ ۚ أَلَيْسَ فِى جَهَنَّمَ مَثْوًى لِّلْكَٰفِرِينَ ٦٨

ചുറ്റുപാടുള്ള പ്രദേശങ്ങളിൽ ആക്രമണങ്ങളും രക്തചൊരിച്ചിലുകളും നിത്യേന നടമാടിക്കൊണ്ടിരിക്കെ തന്നെ ഹറമിൽ ഖുറൈശികൾ യാതൊരു യുദ്ധഭീതിയും ആക്രമണഭയവും കൂടാതെ സമാധാന പൂർവ്വം കഴിഞ്ഞ് കൂടുന്നു – പരിശുദ്ധ കഅ്ബായുടെ പരിസരപ്രദേശമായ 'ഹറം' ഒരു അലംഘനീയ സങ്കേതമായി അല്ലാഹു പ്രഖ്യാപിച്ചത് കൊണ്ടാകുന്നു അത്. ഹറമിൽ സുരക്ഷിതമായി കഴിഞ്ഞ് കൂടുന്ന അവസരത്തിലും എന്ത് കൊണ്ട് അവർക്ക് അല്ലാഹുവിനെ മാത്രം വിളിച്ച് പ്രാർത്ഥിക്കുകയും അവന് മാത്രം ആരാധന നടത്തുകയും ചെയ്ത്കൂടാ. എന്നാൽ വിഗ്രഹങ്ങളോട് പ്രാർത്ഥിച്ച് കൊണ്ട് അവർ അല്ലാഹുവിന്റെ അനുഗ്രഹത്തിന് അങ്ങേയറ്റം നന്ദികേട് കാണിക്കുകയാണ് ചെയ്യുന്നത്.

തനിക്ക് സത്യം വന്നെത്തിക്കഴിഞ്ഞിട്ടും അതിനെ വ്യാജമാക്കുന്നവനേക്കാൾ വലിയ അക്രമിയായുള്ളവൻ ആരുമില്ല, അത്തരക്കാർക്ക് മരണാനന്തരം നരകത്തിലാണ് പാർപ്പിടം ഒരുക്കിവെച്ചിട്ടുള്ളത്. അവരെ ഉൾക്കൊള്ളുവാൻ അതിലാകട്ടെ ധാരാളം സ്ഥലവുമുണ്ട്.

**വചനം 69 :**

وَٱلَّذِينَ جَٰهَدُواْ فِينَا لَنَهۡدِيَنَّهُمۡ سُبُلَنَاۚ وَإِنَّ ٱللَّهَ لَمَعَ ٱلۡمُحۡسِنِينَ ﴿٦٩﴾

69 നമ്മുടെ കാര്യത്തിൽ സമരം നടത്തുന്നവരാകട്ടെ, അവരെ നാം നമ്മുടെ മാർഗ്ഗങ്ങളിൽ നയിക്കുകതന്നെ ചെയ്യുന്നതാണ്. നിശ്ചയമായും, അല്ലാഹു സുകൃതൻമാരോടു കൂടെയായിരിക്കുന്നതുമാകുന്നു.

വിശ്വാസികളായ സജ്ജനങ്ങളുടെ നേട്ടത്തെ പറ്റി ഓർമ്മിപ്പിച്ച് കൊണ്ട് അല്ലാഹു ഈ സൂറത്ത് അവസാനിപ്പിക്കുന്നു.

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വേണ്ടി വന്നാൽ അടർക്കളത്തിലിറങ്ങി യുദ്ധം നടത്തുക വരെയുള്ള ത്യാഗങ്ങൾ അനുഷ്ടിക്കുവാൻ തയ്യാറുള്ള സത്യവിശ്വാസികൾക്ക് അവന്റെ പ്രീതിയും പ്രതിഫലവും കൂടുതൽ ലഭിക്കാനുതകുന്ന മാർഗ്ഗങ്ങളിൽ ചരിക്കുവാൻ അവൻ സഹായം ചെയ്ത് കൊടുക്കുന്നതാണ്. അവൻ അങ്ങനെയുള്ള സൽഗുണവാന്മാരുടെ പക്ഷത്തായിരിക്കുന്നതുമാണ്. ആ പക്ഷത്തിലുള്ളവരത്രേ ഏറ്റവും വലിയ ഭാഗ്യവാൻമാർ.

സൂ: മുഹമ്മദ് 17 ൽ അല്ലാഹു ഇപ്രകാരം പറയുന്നു : "സന്മാർഗ്ഗം സ്വീകരിച്ചവരാകട്ടെ അല്ലാഹു അവർക്ക് കൂടുതൽ മാർഗ്ഗദർശനം നൽകുകയും അവർക്ക് വേണ്ടതായ സൂക്ഷമത നൽകുകയും ചെയ്യുന്നതാണ്."

അല്ലാഹു നമ്മെയെല്ലാം ഭയഭക്തരും സുകൃതന്മാരുമായി അവന്റെ അടിയാന്മാരിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. (ആമീൻ)

# 30. സൂറത്തു റൂം
## (റോമക്കാർ)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 60, വിഭാഗം (റുകൂഅ്) 6

സൂറത്തിന്റെ രണ്ടാം വചനത്തിൽ തന്നെ റോമക്കാരെക്കുറിച്ച് അല്ലാഹു പ്രസ്താവിക്കുന്നു

**വിഭാഗം -1**

**വചനം 1,2,3,4,5,6**

1 ‘അലിഫ്-ലാം-മീം.’

الٓمٓ ۝١

2 റോമക്കാർ പരാജയപ്പെടുത്തപ്പെട്ടിരിക്കുന്നു;-

غُلِبَتِ ٱلرُّومُ ۝٢

3 അടുത്ത നാട്ടിൽ അവർ, തങ്ങളുടെ (ഈ) പരാജയത്തിനുശേഷം അടുത്ത് വിജയം നേടുകയും ചെയ്യും;-

فِيٓ أَدۡنَى ٱلۡأَرۡضِ وَهُم مِّنۢ بَعۡدِ غَلَبِهِمۡ سَيَغۡلِبُونَ ۝٣

4 ചില്ലറ കൊല്ലങ്ങൾക്കുള്ളിൽ, മുമ്പും, പിമ്പും ആജ്ഞാധികാരം അല്ലാഹുവിന്നത്രെ. അന്നത്തെ ദിവസം, സത്യവിശ്വാസികൾ സന്തോഷം കൊള്ളുന്നതാകുന്നു;-

فِي بِضۡعِ سِنِينَۗ لِلَّهِ ٱلۡأَمۡرُ مِن قَبۡلُ وَمِنۢ بَعۡدُۚ وَيَوۡمَئِذٖ يَفۡرَحُ ٱلۡمُؤۡمِنُونَ ۝٤

5 അല്ലാഹുവിൻെറ സഹായത്താൽ അവൻ ഉദ്ദേശിക്കുന്നവരെ അവൻ സഹായിക്കുന്നു. അവൻ തന്നെയാണ് കരുണാനിധിയായ പ്രതാപശാലി.

بِنَصۡرِ ٱللَّهِۚ يَنصُرُ مَن يَشَآءُۖ وَهُوَ ٱلۡعَزِيزُ ٱلرَّحِيمُ ۝٥

6 അല്ലാഹുവിൻെറ വാഗ്ദത്തം! അല്ലാഹു അവൻെറ വാഗ്ദത്തത്തിന് വ്യത്യാസം ചെയ്യുന്നതല്ല. പക്ഷേ, മനുഷ്യരിൽ അധികമാളും അറിയുന്നില്ല.

وَعۡدَ ٱللَّهِۖ لَا يُخۡلِفُ ٱللَّهُ وَعۡدَهُۥ وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا يَعۡلَمُونَ ۝٦

സൂറത്തിന്റെ ആരംഭത്തിലെ കേവലാക്ഷങ്ങരങ്ങളെ കുറിച്ച് സൂ: അൽബഖറയുടെ പ്രാരംഭത്തിലെ വിശദീകരണം നോക്കുക.

അറേബ്യാ ഉപദ്വീപിന്റെ രണ്ട് അയൽരാജ്യങ്ങളായിരുന്ന റോമാസാമ്രാജ്യവും പേർഷ്യാ സാമ്രാജ്യവും പലപ്പോഴും പരസ്പരം ഏറ്റുമുട്ടാറുണ്ടായിരുന്നു. ഹിജ്റയുടെ അല്പം മുമ്പ് നടന്ന ഒരു ഏറ്റുമുട്ടലിൽ പേർഷ്യാക്കാർ വിജയികളാകുകയുണ്ടായി. പേർഷ്യാക്കാർ ബഹുദൈവാരാധകന്മാരായിരുന്നതിനാൽ, അവരുടെ വിജയത്തിൽ മക്കാമുശ്രിക്കുകൾക്കും, റോമക്കാർ വേദക്കാരായ കൃസ്ത്യാനികളായിരുന്നതിനാൽ അവരുടെ വിജയത്തിൽ മുസ്ലീംകൾക്കും താൽപര്യമുണ്ടാവുക സ്വാഭാവികമാണല്ലോ. അങ്ങനെയിരിക്കെ പേർഷ്യക്കാരുടെ, മേൽ സൂചിപ്പിച്ച വിജയം ഖുറൈശികളെ അഹങ്കാരികളാക്കുകയും അത് പോലെ ഞങ്ങൾ നിങ്ങളെയും പരാജയപ്പെടുത്തും എന്ന് അവർ മുസ്ലീംകളെ വെല്ല് വിളിക്കുകയും ചെയ്തു.

ആ അവസരത്തിലാണ് ഈ ഖുർആൻ വചനങ്ങൾ അവതരിക്കപ്പെട്ടത്-താൽക്കാലികമായ ആ വിജയത്തിൽ ഇസ്ലാമിന്റെ ശത്രുക്കൾ അധികമൊന്നും ആഹ്ലാദിക്കേണ്ടതില്ല. അൽപം വർഷങ്ങൾക്കുള്ളിൽ മുസ്ലീംകൾക്ക് വിജയം കൈവരിക തന്നെ ചെയ്യും. അന്ന് മുസ്ലീംകൾക്ക് തികച്ചും സന്തോഷിക്കാം. എക്കാലത്തും ആജ്ഞാധികാരം അല്ലാഹുവിനാകുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ സഹായിക്കുന്നു. റോമക്കാർ വിജയം വരിക്കുമെന്ന ഈ പ്രവചനം അല്ലാഹുവിങ്കൽ നിന്നുള്ള ഒരു വാഗ്ദത്ത

മാകുന്നു. അല്ലാഹു തന്റെ വാഗ്ദത്തം ലംഘിക്കുന്നതല്ല.

ഈ വചനങ്ങളുടെ അവസാനത്തിൽ, "പക്ഷേ മനുഷ്യരിൽ അധികമാളുകളും അറിയുന്നില്ല" എന്ന് പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാകുന്നു. റോമായുടെയും പേർഷ്യായുടെയും അന്നത്തെ സ്ഥിതി വെച്ച് നോക്കുമ്പോൾ അടുത്ത കാലത്തൊന്നും റോമക്കാർക്ക് വിജയം പ്രതീക്ഷിക്കാൻ വകയില്ലായിരുന്നു. എന്നാൽ ഹുദൈബിയ്യാ സന്ധി ഉണ്ടായതിന്റെ ഉടനെ തന്നെ - അതിന്റെ മുമ്പാണെന്നും - അഭിപ്രായമുണ്ട്. അതായത് ഈ വചനങ്ങൾ അവതരിച്ച ഏഴാമത്തെയോ ഒമ്പതാമത്തെയോ വർഷം റോമക്കാർ വിജയശ്രീലാളിതരായി ത്തീർന്നു. ഖുർആനെ നിഷേധിക്കാൻ അവസരം കാത്തിരുന്ന ഖുറൈശികൾ, നിരാശരായിത്തീരുകയും, ഖുർആന്റെ സത്യത സ്ഥാപിക്കപ്പെട്ടതിൽ മുസ്ലീംകൾ അത്യധികം സന്തോഷിക്കുകയും ചെയ്തു.

എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ ആജ്ഞാധികാര പരിധിയിൽ മാത്രം ഉൾക്കൊള്ളുന്നതും അവന്റെ ഉദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമാണെന്നും, അല്ലാതെ കാര്യകാരണങ്ങളുടെ ബാഹ്യമായ പട്ടിക പൂർത്തിയായത് കൊണ്ട് മാത്രം അക്കാര്യം സംഭവിക്കുകയില്ല എന്നും, പേർഷ്യക്കാരുടെ മേൽ റോമക്കാർക്കുണ്ടായ അസാദ്ധ്യമെന്ന് കരുതപ്പെട്ടിരുന്ന ഈ വിജയം നമുക്ക് മനസ്സിലാക്കിത്തരുന്നു. മനുഷ്യന്റെ അറിവിന്റെ പരിമിതി അടുത്ത വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത് നോക്കുക.

**വചനം 7 :**

يَعْلَمُونَ ظَٰهِرًا مِّنَ ٱلْحَيَوٰةِ ٱلدُّنْيَا وَهُمْ عَنِ ٱلْـَٔاخِرَةِ هُمْ غَٰفِلُونَ ﴿٧﴾

7 ഐഹികജീവിതത്തിൽ നിന്നുള്ള ഒരു ബാഹ്യവശം അവർ അറിയുന്നു (അത്രമാത്രം); പരലോകത്തെ സംബന്ധിച്ച് അവരാകട്ടെ, ബോധരഹിതരാണുതാനും.

ഭക്ഷണം, പാർപ്പിടം, ധനസമ്പാദനം, സുഖഭോഗത്തിനുള്ള ഉപാധികൾ എന്നിങ്ങനെ ഐഹിക ജീവിതത്തിന്റെ ചില ബാഹ്യവശങ്ങളെകുറിച്ച് മാത്രമേ മിക്ക ജനങ്ങൾക്കും അറിവുള്ളൂ. ഈ ലോകത്ത് അല്ലാഹു നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന നടപടിക്രമങ്ങളെക്കുറിച്ചോ അതിലടങ്ങിയ യുക്തിരഹസ്യങ്ങളെ കുറിച്ചോ ഒന്നും തന്നെ അവർക്ക് യാതൊരു എത്തും പിടിയുമില്ല. ഐഹിക ജീവിതത്തെ സംബന്ധിച്ചിടത്തോളം ഇതാണവരുടെ നിലപാട്. പരലോകത്തെ സംബന്ധിച്ചാണെങ്കിൽ അവർ തികച്ചും അശ്രദ്ധരുമാകുന്നു.

**വചനം 8 :**

أَوَلَمْ يَتَفَكَّرُوا۟ فِىٓ أَنفُسِهِم ۗ مَّا خَلَقَ ٱللَّهُ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَآ إِلَّا بِٱلْحَقِّ وَأَجَلٍ مُّسَمًّى ۗ وَإِنَّ كَثِيرًا مِّنَ ٱلنَّاسِ بِلِقَآئِ رَبِّهِمْ لَكَٰفِرُونَ ﴿٨﴾

8 അവർ തങ്ങളുടെ മനസ്സുകളിൽ (സ്വയം) ചിന്തിച്ചു നോക്കുന്നില്ലേ?! ആകാശങ്ങളും, ഭൂമിയും, അവ രണ്ടിനുമിടയിലുള്ളതും ന്യായമായ കാര്യത്തോടും, ഒരു നിശ്ചിത അവധിയോടും കൂടിയല്ലാതെ അല്ലാഹു സൃഷ്ടിച്ചിട്ടില്ല. മനുഷ്യരിൽ അധികപേരും തന്നെ, തങ്ങളുടെ രക്ഷിതാവുമായി കാണുന്നതിൽ അവിശ്വസിക്കുന്നവരാണുതാനും.

ആകാശങ്ങളുടെയും ഭൂമിയുടെയും അവ രണ്ടിനുമിടയിലുള്ളവയുടെയും സൃഷ്ടിപ്പിനെ പറ്റി ചിന്തിക്കുവാൻ അല്ലാഹു മനുഷ്യനെ പ്രേരിപ്പിക്കുന്നു. 'നിശ്ചിത അവധി' എന്ന് പറഞ്ഞത്, ഖിയാമത്ത് നാളിനെ ഉദ്ദേശിച്ചാകുന്നു. അതിന് ശേഷം ഒരു പുതിയ ലോകഘടനയായിരിക്കും നിലവിൽ വരിക. (സൂ: ഇബ്രാഹീം 48 നോക്കുക) അന്ന് മനുഷ്യരെല്ലാം ഏകനും സർവ്വാധികാരിയുമായ അല്ലാഹുവിങ്കലേക്ക്, പുറപ്പെട്ട് വരികയും ചെയ്യുന്നതാണ്.

**വചനം 9 :**

أَوَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَيَنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلَّذِينَ مِن قَبْلِهِمْ ۚ كَانُوٓا۟ أَشَدَّ مِنْهُمْ قُوَّةً وَأَثَارُوا۟ ٱلْأَرْضَ وَعَمَرُوهَآ أَكْثَرَ مِمَّا عَمَرُوهَا وَجَآءَتْهُمْ رُسُلُهُم بِٱلْبَيِّنَـٰتِ ۖ فَمَا كَانَ ٱللَّهُ لِيَظْلِمَهُمْ وَلَـٰكِن كَانُوٓا۟ أَنفُسَهُمْ يَظْلِمُونَ ﴿٩﴾

9 ഭൂമിയിൽ അവർ സഞ്ചരിക്കുന്നില്ലേ? എന്നാലവർക്ക് തങ്ങളുടെ മുമ്പുള്ളവരുടെ പര്യവസാനം എങ്ങനെയായിരുന്നെന്നു നോക്കിക്കാണാമായിരുന്നുവല്ലോ! അവർ (മുമ്പുള്ളവർ) ഇവരെക്കാൾ ശക്തിയിൽ കേമൻമാരായിരുന്നു. അവർ ഭൂമിയെ ഉഴുതു മറി(ച്ചു കൃഷിയുണ്ടാ) ക്കുകയും, ഇവർ അതിനെ നിവാസയോഗ്യമാക്കിയതിനേക്കാൾ അവർ അതിനെ നിവാസ യോഗ്യമാക്കുകയും ചെയ്തു. വ്യക്തമായ തെളിവുകളുംകൊണ്ട് അവരുടെ അടുക്കൽ അവരുടെ റസൂലുകൾ (ദൈവദൂതൻമാർ) ചെല്ലുകയും ചെയ്തിരുന്നു. എന്നാൽ, അല്ലാഹു അവരോട് (യാതൊന്നും) അനീതി പ്രവർത്തിക്കുകയുണ്ടായിട്ടില്ല. പക്ഷേ, അവർ തങ്ങളോടു തന്നെ അനീതി പ്രവർത്തിക്കുകയായിരുന്നു ചെയ്തത്.

ഐഹികമായ പ്രാബല്യം കൊണ്ടും ഭൗതിക നേട്ടം കൊണ്ടും നാഗരീകത കൊണ്ടും ഈ മുശ്‌രിക്കുകളേക്കാൾ എത്രയോ കേമൻമാരായിരുന്ന ഇവരുടെ മുൻകാല ജനത, അവരിലേക്ക് പ്രബോധനവുമായി വന്ന ദൈവദൂതന്മാരെ, നിഷേധിക്കുകയും അത് വഴി തങ്ങളോട് തന്നെ അതിക്രമം പ്രവർത്തിക്കുകയുമാണ് ചെയ്തത്. അവരുടെയൊക്കെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കികാണുവാനായി ഭൂമിയിലൂടെ സഞ്ചരിക്കുവാൻ അല്ലാഹു മക്കാമുശ്‌രിക്കുകളോട് നിർദ്ദേശിക്കുന്നു.

**വചനം 10 :**

ثُمَّ كَانَ عَـٰقِبَةَ ٱلَّذِينَ أَسَـٰٓـُٔوا۟ ٱلسُّوٓأَىٰٓ أَن كَذَّبُوا۟ بِـَٔايَـٰتِ ٱللَّهِ وَكَانُوا۟ بِهَا يَسْتَهْزِءُونَ ﴿١٠﴾

10 പിന്നീട്, ദുഷ്പ്രവൃത്തി ചെയ്ത (ആ) കൂട്ടരുടെ പര്യവസാനം ഏറ്റവും ദുരവസ്ഥയായിത്തീർന്നു; (അതെ) അല്ലാഹുവിൻെറ ലക്ഷ്യങ്ങളെ അവർ വ്യാജമാക്കുകയും, അവയെപ്പറ്റി പരിഹസിച്ചുകൊണ്ടിരിക്കുകയും ചെയ്തതിനാൽ!

'ഏറ്റവും വലിയ ദുരവസ്ഥ' എന്ന് പറഞ്ഞത് ഇഹത്തിൽ അവർക്ക് ബാധിച്ച നാശനഷ്ടങ്ങളും പരലോകത്തിൽ ബാധിക്കാനിരിക്കുന്ന വമ്പിച്ച ശിക്ഷകളും ആകുന്നു. അല്ലാഹുവിന്റെ ലക്ഷ്യങ്ങളെ വ്യാജമാക്കുകയും, അവയെ പറ്റി പരിഹസിക്കുകയും ചെയ്തതിനാലാണവർ ആ വമ്പിച്ച ശിക്ഷയെ അഭിമുഖീകരിക്കേണ്ടി വരുന്നത്.

## വിഭാഗം 2

**വചനം : 11**

ٱللَّهُ يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ ثُمَّ إِلَيْهِ تُرْجَعُونَ ﴿١١﴾

11 അല്ലാഹു സൃഷ്ടിയെ ആദ്യമുണ്ടാക്കുന്നു; പിന്നീടത് ആവർത്തിക്കുന്നു; പിന്നീട് അവങ്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

ശുദ്ധശൂന്യതയിൽ നിന്ന് സൃഷ്ടികളെ ആദ്യം സൃഷ്ടിച്ചുണ്ടാക്കി അസ്തിത്വം നൽകിയ അല്ലാഹുവിന് അവ നശിച്ചശേഷം അവയെ പുനർജീവിപ്പിക്കുവാൻ യാതൊരു വിഷമവും ഇല്ല തന്നെ. (27-ാം വചനം ശ്രദ്ധിക്കുക)

**വചനം 12,13 :**

12 അന്ത്യസമയം (ലോകാവസാനഘട്ടം) നിലവിൽ വരുന്ന ദിവസം, കുറ്റവാളികൾ ആശയറ്റു പോകുന്നതാണ്.

وَيَوْمَ تَقُومُ ٱلسَّاعَةُ يُبْلِسُ ٱلْمُجْرِمُونَ ﴿١٢﴾

13 തങ്ങളുടെ (ആരാധ്യൻമാരായ) പങ്കുകാരിൽ നിന്ന് അവർക്ക് ശുപാർശക്കാർ ഉണ്ടായിരിക്കയുമില്ല; അവർ തങ്ങളുടെ പങ്കാളികളെത്തന്നെ നിഷേധിക്കുന്നവരായിരിക്കയും ചെയ്യും.

وَلَمْ يَكُن لَّهُم مِّن شُرَكَآئِهِمْ شُفَعَـٰٓؤُا۟ وَكَانُوا۟ بِشُرَكَآئِهِمْ كَـٰفِرِينَ ﴿١٣﴾

തങ്ങളുടെ ആരാധ്യ വസ്തുക്കൾ അല്ലാഹുവിന്റെ മുമ്പിൽ തങ്ങൾക്ക് ശുപാർശ ചെയ്യുമെന്നുള്ള അവരുടെ വാദം തനി വിഢ്ഢിത്തമായിരുന്നുവെന്ന് അവർക്ക് അനുഭവപ്പെടും. അവമൂലം യാതൊരു ഗുണവും തങ്ങൾക്ക് ലഭിക്കുവാനില്ലെന്ന് കാണുമ്പോൾ അവയുമായുള്ള തങ്ങളുടെ ബന്ധത്തെ തന്നെ അവർ നിഷേധിക്കുകയും ചെയ്യുന്നതാണ്.

**വചനം 14,15,16 :**

14 അന്ത്യസമയം നിലവിൽ വരുന്ന ദിവസം, അന്ന് അവർ വേർപിരിയുന്നതാകുന്നു.

وَيَوْمَ تَقُومُ ٱلسَّاعَةُ يَوْمَئِذٍ يَتَفَرَّقُونَ ﴿١٤﴾

15 എന്നാൽ, വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരാകട്ടെ, അവർ (സ്വർഗ്ഗീയമായ) ഒരു പൂന്തോപ്പിൽ ആനന്ദം കൊള്ളുന്നതാകുന്നു.

فَأَمَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ فَهُمْ فِى رَوْضَةٍ يُحْبَرُونَ ﴿١٥﴾

16 എന്നാൽ അവിശ്വസിക്കുകയും, നമ്മുടെ ലക്ഷ്യങ്ങളെയും പരലോകത്തെ കണ്ടുമുട്ടുന്നതിനെയും വ്യാജമാക്കുകയും ചെയ്തിട്ടുള്ളവരോ, അവർ ശിക്ഷയിൽ ഹാജറാക്കപ്പെടുന്നവരുമായിരിക്കും.

وَأَمَّا ٱلَّذِينَ كَفَرُوا۟ وَكَذَّبُوا۟ بِـَٔايَـٰتِنَا وَلِقَآئِ ٱلْـَٔاخِرَةِ فَأُو۟لَـٰٓئِكَ فِى ٱلْعَذَابِ مُحْضَرُونَ ﴿١٦﴾

അന്ത്യനാളിൽ മനുഷ്യവർഗ്ഗം രണ്ട് വിഭാഗക്കാരായി വേർപിരിയുന്നതാണ്. സത്യവിശ്വാസികളും സൽകർമ്മികളുമായ സജ്ജനങ്ങൾ സ്വർഗ്ഗീയ പൂങ്കാവനങ്ങളിൽ നിത്യാനന്ദഭരിതരായിരിക്കും. എന്നാൽ അല്ലാഹുവിൽ അവിശ്വസിച്ച് റസൂലിനെയും വേദഗ്രന്ഥത്തെയും ധിക്കരിച്ച്, പരലോക ജീവിത ത്തെ അവഗണിച്ച് കഴിഞ്ഞ് കൂടിയിരുന്ന ദുർജ്ജനങ്ങൾ അവർണ്ണനീയമായ നരകശിക്ഷ അനുഭവിക്കുക തന്നെ ചെയ്യും.

അല്ലാഹു നമ്മെയെല്ലാം സജ്ജനങ്ങളിൽ ഉൾപ്പെടുത്തട്ടെ- ആമീൻ.

**വചനം 17,18 :**

17 ആകയാൽ, നിങ്ങൾ (അസ്തമന) സന്ധ്യാവേളയിലാകുമ്പോഴും, പ്രഭാതവേളയിലാകുമ്പോഴും അല്ലാഹുവിൻെറ പരിശുദ്ധതയെ പ്രകീർത്തനം (തസ്ബീഹു) ചെയ്യുക.

فَسُبْحَـٰنَ ٱللَّهِ حِينَ تُمْسُونَ وَحِينَ تُصْبِحُونَ ﴿١٧﴾

18 ആകാശങ്ങളിലും ഭൂമിയിലും (എല്ലാ) സ്തുതിയും അവനുതന്നെ -സായാഹ്നസമയത്തും, നിങ്ങൾ മദ്ധ്യാഹ്നവേളയിലാകുമ്പോഴും (പ്രകീർത്തനം ചെയ്യുക).

وَلَهُ ٱلْحَمْدُ فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَعَشِيًّا وَحِينَ تُظْهِرُونَ ﴿١٨﴾

സന്ധ്യാവേളയിലും, പ്രഭാതവേളയിലും സായാഹ്ന സമയത്തും, മദ്ധ്യാഹ്ന വേളയിലും അല്ലാഹുവിന്റെ പരിശുദ്ധതയെ പ്രകീർത്തനം ചെയ്യാൻ നാം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. (സൂ: ഇസ്രാഅ്: 78 സൂ:ത്വൂർ: 48 49, സൂ:ത്വാഹാ : 130 സൂ:ഇൻസാൻ 25,26 എന്നിവിടങ്ങളിലും സമാനമായ ആശയം കാണാം). എല്ലാ സമയത്തും അവന്റെ മഹത്വത്തെ വാഴ്ത്താൻ മനുഷ്യൻ ബാദ്ധ്യസ്ഥനാണെങ്കിലും അവന്റെ പരിതസ്ഥിതിയും ജീവിതവ്യവഹാരങ്ങളും പരിഗണിക്കുമ്പോൾ അത് അവന് പ്രയാസകരമായിത്തീരുമെന്നതിനാലാണ് ചില പ്രത്യേക സമയങ്ങളിലെങ്കിലും ആ കടമ നിർവ്വഹിക്കണമെന്ന് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത്. ഈ പ്രത്യേക സമയങ്ങൾ നിർണ്ണയിക്കുന്നതിൽ അനുദിനം രാപ്പകലുകളിൽ സംഭവിച്ച് കൊണ്ടിരിക്കുന്ന പ്രകൃതി മാറ്റങ്ങൾ പരിഗണിക്കപ്പെട്ടിരിക്കുന്നു എന്നും കാണാം. ആരാധനാ കർമ്മങ്ങളിൽ ഏറ്റവും പ്രധാനമായ നിർബന്ധ നമസ്കാരങ്ങളും ആ സമയങ്ങളിൽ തന്നെ നിശ്ചയിക്കപ്പെട്ടിട്ടുള്ളതും അത്കൊണ്ട് തന്നെയാണ്.

ഒന്നാമതായി സൂചിപ്പിക്കപ്പെട്ട സമയം 'സന്ധ്യാവേള'യാണല്ലോ. സൂര്യാസ്തമനം കഴിഞ്ഞ ഉടനെ നിർവ്വഹിക്കേണ്ടുന്ന മഗ്‌രിബ് നമസ്കാരവും അല്പ സമയം കൂടി കഴിഞ്ഞ ശേഷം നിർവ്വഹിക്കേണ്ടതുള്ള 'ഇശാ' നമസ്കാരവും ഈ സമയത്താകുന്നു. രണ്ടാമത് പറഞ്ഞ 'പ്രഭാതവേള' സുബഹി നമസ്കാരത്തിന്റെ സമയമാണല്ലോ. പിന്നീട് പറഞ്ഞ 'സായാഹ്നസമയം' അസർ നമസ്കാരത്തിന്റെയും തുടർന്ന് പറഞ്ഞ 'മദ്ധ്യാഹ്നവേള' ളുഹ്റിന്റെ സമയവുമാകുന്നു.

ഈ നിശ്ചിത സമയങ്ങൾ വളരെ യുക്തവും പ്രായോഗികവുമായിട്ടാണ് നിശ്ചയിക്കപ്പെട്ടത് എന്ന് മനസ്സിലാക്കാവുന്നതാണ്.

**വചനം 19 :**

يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَيُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ وَيُحْىِ ٱلْأَرْضَ بَعْدَ مَوْتِهَا ۚ وَكَذَٰلِكَ تُخْرَجُونَ ﴿١٩﴾

19 അവൻ നിർജ്ജീവമായതിൽനിന്ന് ജീവിയെ പുറത്തുവരുത്തുന്നു; ജീവിയിൽനിന്ന് നിർജ്ജീവമായതിനെയും പുറത്തുവരുത്തുന്നു. ഭൂമി നിർജ്ജീവമായതിനുശേഷം അതിനെ ജീവിപ്പിക്കുകയും ചെയ്യുന്നു. അപ്രകാരം തന്നെ, നിങ്ങളും (മരണശേഷം) പുറത്തുകൊണ്ടുവരപ്പെടും.

ഇന്ദ്രിയ ബീജത്തിൽ നിന്ന് മനുഷ്യൻ ഉദ്ഭവിക്കുന്നു; മനുഷ്യരിൽ നിന്ന് ഇന്ദ്രിയം പുറത്ത് വരുന്നു. മുട്ടയിൽ നിന്ന് പക്ഷികൾ പുറത്ത് വരുന്നു; പക്ഷികളിൽ നിന്ന് മുട്ടയും. ഇങ്ങനെ നിർജ്ജീവമായതിൽ നിന്നും ജീവികളും ജീവികളിൽ നിന്ന് നിർജ്ജീവ വസ്തുക്കളും പുറത്ത് വരുന്നതിന് എത്രയോ ഉദാഹരണങ്ങൾ നമുക്ക് സുപരിചിതമാണല്ലോ. ഉണങ്ങി വരണ്ട തരിശ് ഭൂമിയിൽ മഴ വർഷിച്ച ശേഷം സസ്യലതാദികളാൽ അത് ജീവസ്സുറ്റതായിത്തീരുന്നു. ഇതേ പ്രകാരം തന്നെ മനുഷ്യനും മരണാനന്തരം വീണ്ടും ജീവിപ്പിക്കപ്പെടുന്നതാണ്.

## വിഭാഗം 3

**വചനം 20,21,22 :**

وَمِنْ ءَايَٰتِهِۦٓ أَنْ خَلَقَكُم مِّن تُرَابٍ ثُمَّ إِذَآ أَنتُم بَشَرٌ تَنتَشِرُونَ ﴿٢٠﴾

20 അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്, മണ്ണിൽ നിന്ന് നിങ്ങളെ അവൻ സൃഷ്ടിച്ചിരിക്കുന്നത്. പിന്നീട് നിങ്ങളതാ (ഭൂമിയിൽ) വ്യാപിച്ചുകൊണ്ടിരിക്കുന്ന മനുഷ്യരായിരിക്കുന്നു!

وَمِنْ ءَايَٰتِهِۦٓ أَنْ خَلَقَ لَكُم مِّنْ أَنفُسِكُمْ أَزْوَٰجًا لِّتَسْكُنُوٓا۟ إِلَيْهَا وَجَعَلَ بَيْنَكُم

21 അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതുതന്നെയാണ്, നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ (ഭാര്യമാരെ) അവൻ സൃഷ്ടിച്ചു തന്നിട്ടുള്ളതും-നിങ്ങൾ അവരുടെ അടുക്കൽ

مَّوَدَّةً وَرَحْمَةً ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يَتَفَكَّرُونَ ﴿٢١﴾

സമാധാനമടയുവാൻ വേണ്ടി. നിങ്ങൾക്കിടയിൽ അവൻ സ്നേഹബന്ധവും, കാരുണ്യവും ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. നിശ്ചയമായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.

وَمِنْ آيَاتِهِ خَلْقُ السَّمَاوَاتِ وَالْأَرْضِ وَاخْتِلَافُ أَلْسِنَتِكُمْ وَأَلْوَانِكُمْ ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّلْعَالِمِينَ ﴿٢٢﴾

22 അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതു തന്നെയാണ്, ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചതും, നിങ്ങളുടെ ഭാഷകളും, നിങ്ങളുടെ വർണ്ണങ്ങളും വ്യത്യസ്തമായിരിക്കുന്നതും. നിശ്ചയമായും, അറിവുള്ളവർക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.

ഒരേ മാതാപിതാക്കളിൽ നിന്ന് ഉദ്ഭവിച്ച മനുഷ്യൻ പെറ്റ് പെരുകി ഇന്ന് ഭൂലോകം മുഴുവൻ വ്യാപിച്ച് കിടക്കുന്നു. ഇവരെല്ലാം തന്നെ രൂപം, നിറം, ശബ്ദം, സ്വഭാവം, ഭാഷ ആദിയായതിൽ വ്യത്യസ്തരാണല്ലോ. ഒരാളെ പോലെ മറ്റൊരാളില്ല തന്നെ. അത്കൊണ്ടാണ് മനുഷ്യർ തമ്മിൽതമ്മിൽ തിരിച്ചറിയുന്നതും. ഇവരുടെയെല്ലാം സൃഷ്ടിപ്പിലും ആകാശഭൂമികളുടെ സൃഷ്ടിപ്പിലും അറിവുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.

മനുഷ്യർക്ക് സമാധാനമടയുവാൻ വേണ്ടി മനുഷ്യരിൽ നിന്ന് തന്നെ അവർക്ക് ഇണകളെ സൃഷ്ടിച്ചതും ഇണകൾക്കിടയിൽ സ്നേഹബന്ധവും കാരുണ്യവും ഏർപ്പെടുത്തിയതും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാകുന്നു.

തുടർന്നുള്ള വചനങ്ങളിലും അല്ലാഹുവിന്റെ ചില ദൃഷ്ടാന്തങ്ങൾ മനുഷ്യന്റെ ചിന്തക്കും ബുദ്ധിശക്തിക്കും വിഷയീഭവിക്കുന്നതിനായി അല്ലാഹു വിവരിക്കുന്നു.

**വചനം 23,24 :**

وَمِنْ آيَاتِهِ مَنَامُكُم بِاللَّيْلِ وَالنَّهَارِ وَابْتِغَاؤُكُم مِّن فَضْلِهِ ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يَسْمَعُونَ ﴿٢٣﴾

23 അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതു തന്നെയാണ്, നിങ്ങൾ രാത്രിയും, പകലും ഉറങ്ങുന്നതും, അവൻെറ അനുഗ്രഹത്തിൽനിന്ന് നിങ്ങൾ (ഉപജീവനമാർഗ്ഗം) അന്വേഷിക്കുന്നതും നിശ്ചയമായും, അതിൽ കേൾക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്.

وَمِنْ آيَاتِهِ يُرِيكُمُ الْبَرْقَ خَوْفًا وَطَمَعًا وَيُنَزِّلُ مِنَ السَّمَاءِ مَاءً فَيُحْيِي بِهِ الْأَرْضَ بَعْدَ مَوْتِهَا ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يَعْقِلُونَ ﴿٢٤﴾

24 അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതുതന്നെയാണ്, (നിങ്ങൾക്ക്) ഭയപ്പാടും പ്രത്യാശയുമായിക്കൊണ്ട് അവൻ നിങ്ങൾക്ക് മിന്നൽ കാണിച്ചുതരുന്നതും; ആകാശത്തുനിന്ന് വെള്ളം ഇറക്കി അതുമൂലം ഭൂമിയെ -അതിൻെറ നിർജ്ജീവാവസ്ഥക്കുശേഷം- ജീവിപ്പിക്കുന്നതും. നിശ്ചയമായും, ബുദ്ധികൊടുക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.

മനുഷ്യന് ഉറങ്ങുന്നതിനും ഉപജീവനമാർഗ്ഗം തേടുന്നതിനുമായി രാത്രിയും പകലും അല്ലാഹു സൃഷ്ടിച്ചിരിക്കുന്നു. മിന്നലേറ്റ് അപായം പിണഞ്ഞേക്കുമോ എന്ന ഭയവും, അതോടൊപ്പം, മഴ പെയ്തേക്കാമെന്ന പ്രതീക്ഷയുമാണ്. “ഭയപ്പാടും പ്രത്യാശയുമായികൊണ്ടു” എന്ന് പറഞ്ഞതിന്റെ താൽപര്യം. മഴവെള്ളം ലഭിച്ച ഭൂമി അതിന്റെ നിർജ്ജീവാവസ്ഥക്ക് ശേഷം ജീവസുറ്റതായിതീരുന്നതും ബുദ്ധികൊടുക്കുന്ന ജനങ്ങൾക്ക് യുക്തമായ ദൃഷ്ടാന്തവുമത്രേ.

**വചനം 25,26 :**

وَمِنْ ءَايَـٰتِهِۦٓ أَن تَقُومَ ٱلسَّمَآءُ وَٱلْأَرْضُ بِأَمْرِهِۦ ۚ ثُمَّ إِذَا دَعَاكُمْ دَعْوَةً مِّنَ ٱلْأَرْضِ إِذَآ أَنتُمْ تَخْرُجُونَ ﴿٢٥﴾

وَلَهُۥ مَن فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ كُلٌّ لَّهُۥ قَـٰنِتُونَ ﴿٢٦﴾

25 അവൻെറ ദൃഷ്ടാന്തങ്ങളിൽപെട്ടതു തന്നെയാണ്, അവൻെറ കല്പനപ്രകാരം ആകാശവും ഭൂമിയും നിലനിന്നുവരുന്നതും, പിന്നീട്, ഭൂമിയിൽനിന്ന് നിങ്ങളെ അവൻ ഒരൊറ്റ വിളി വിളിച്ചാൽ അപ്പോൾ നിങ്ങളതാ, പുറത്തുവരുന്നതാണ്!

26 ആകാശങ്ങളിലും, ഭൂമിയിലുമുള്ളവർ (മുഴുവനും) അവൻേറതാകുന്നു; എല്ലാവരും അവന് കീഴടങ്ങുന്നവരത്രെ.

യാതൊരു താങ്ങും തൂണുമില്ലാതെ ആകാശവും ഭൂമിയും ഈ മഹാപ്രപഞ്ചത്തിലെ അനേകം ഗോളങ്ങളും ഉപഗ്രഹങ്ങളും നിലനിൽക്കുന്നതും, അവയൊക്കെ അവയുടെ സഞ്ചാര പഥത്തിൽ നിശ്ചിത പന്ഥാവിലൂടെ സഞ്ചരിച്ച് കൊണ്ടിരിക്കുന്നതും സർവ്വശക്തനായ അല്ലാഹുവിന്റെ വ്യവസ്ഥാപിത നിയന്ത്ര ണം കൊണ്ട് മാത്രമാകുന്നു. ഈ ഭൂമിയുടെ നിശ്ചിത കാലാവധി എത്തുമ്പോൾ അതിലെ നിവാസികൾ ആകമാനം നശിപ്പിക്കപ്പെടുകയും അനന്തരം അവനുദ്ദേശിക്കുമ്പോൾ ഒരൊറ്റ വിളിയിലൂടെ അവരെല്ലാം അവന്റെ മുന്നിൽ ഹാജരാക്കപ്പെടുകയും ചെയ്യുന്നതാണ്.

“അത് ഒരു ഘോരശബ്ദം അല്ലാതെ (മറ്റൊന്നും) ആയിരിക്കയില്ല. അപ്പോഴേക്കും അവരതാ മുഴുവൻ നമ്മുടെ അടുക്കൽ ഹാജരാക്കപ്പെട്ടവരായിരിക്കും”. സൂ: യാസീൻ 53

**വചനം 27:**

وَهُوَ ٱلَّذِى يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ وَهُوَ أَهْوَنُ عَلَيْهِ ۚ وَلَهُ ٱلْمَثَلُ ٱلْأَعْلَىٰ فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٢٧﴾

27 അവൻ തന്നെയാണ് സൃഷ്ടിയെ ആദ്യമുണ്ടാക്കുന്നവൻ. പിന്നീട് അവൻ അത് ആവർത്തിക്കുന്നു. അതാകട്ടെ, അവൻെറമേൽ വളരെ എളിയ കാര്യവുമാണ്. ആകാശങ്ങളിലും, ഭൂമിയിലും അത്യുന്നതമായ ഉപമ അവനുണ്ടുതാനും. അവൻ പ്രതാപശാലിയാണ്, അഗാധജ്ഞനാണ്.

ശുദ്ധശൂന്യതയിൽ നിന്നും സൃഷ്ടികളെ ആദ്യം സൃഷ്ടിച്ചുണ്ടാക്കി അസ്തിത്വം നൽകിയ അവന് അവ നശിച്ച ശേഷം അവയെ പുനർജീവിപ്പിക്കാൻ യാതൊരു വിഷമവും ഇല്ല തന്നെ. അവന് തുല്യരോ, സമന്മാരോ, പങ്കുകാരോ, സഹായകരോ ആയി ആരുമില്ല. അവൻ ഉപമയിൽ നിസ്തുലനും പ്രതാപശാലിയും അഗാധജ്ഞനും, പരിപൂർണ്ണനും പരിശുദ്ധനുമാകുന്നു.

## വിഭാഗം 4

**വചനം 28 :**

ضَرَبَ لَكُم مَّثَلًا مِّنْ أَنفُسِكُمْ ۖ هَل لَّكُم مِّن مَّا مَلَكَتْ أَيْمَـٰنُكُم مِّن شُرَكَآءَ فِى مَا رَزَقْنَـٰكُمْ فَأَنتُمْ فِيهِ سَوَآءٌ تَخَافُونَهُمْ كَخِيفَتِكُمْ أَنفُسَكُمْ ۚ كَذَٰلِكَ

28 നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഒരു ഉപമ അവൻ വിവരിച്ചുതരുകയാണ്: നിങ്ങൾക്കു നാം നൽകിയിട്ടുള്ള വസ്തുവിൽ നിങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയിട്ടുള്ളവരിൽ (അടിമകളിൽ) നിന്ന് വല്ല പങ്കുകാരും നിങ്ങൾക്കുണ്ടോ?- എന്നിട്ട്, നിങ്ങൾ നിങ്ങളെത്തന്നെ (പരസ്പരം) ഭയപ്പെടുന്നതുപോലെ, അവരെയും ഭയപ്പെട്ടുകൊണ്ടിരിക്കുമാറ് അതിൽ നിങ്ങൾ (ഇരുകൂട്ടരും) സമൻമാരായിരിക്കുക (-ഇങ്ങിനെ

نُفَصِّلُ ٱلْءَايَـٰتِ لِقَوْمٍ يَعْقِلُونَ ﴿٢٨﴾

ഉണ്ടാകുമോ?!) ബുദ്ധികൊടുക്കുന്ന ജനങ്ങൾക്ക് നാം ഇപ്രകാരം ലക്ഷ്യങ്ങൾ വിവരിച്ചുകൊടുക്കുന്നു.

അല്ലാഹുവിന്റെ ഏകത്വത്തിനുള്ള ഒരു ഉദാഹരണമാണ് ഈ വചനത്തിൽ അല്ലാഹു വിവരിക്കുന്നത്: അല്ലാഹു നിങ്ങൾക്ക് നൽകിയ സ്വത്തുക്കളിൽ നിങ്ങളുടെ അടിമകളും കൂട്ടവകാശികളായിരിക്കുക; എന്നിട്ട് അവരും നിങ്ങളും ഒരു പോലെ അധികാരത്തിലും കൈകാര്യത്തിലും സമന്മാരായിരിക്കുക; സ്വതന്ത്രരും യജമാനന്മാരുമായ നിങ്ങൾ പരസ്പരം മാനിച്ചും പേടിച്ചും കൊണ്ടിരിക്കുന്നത് പ്രകാരം അവരേയും പേടിക്കുകയും മാനിക്കുകയും ചെയ്യുക - ഇത് സംഭാവ്യമാണോ? ഒരിക്കലുമല്ല തന്നെ. എന്നിരിക്കെ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിലും ഉടമാവകാശങ്ങളിലും എങ്ങനെയാണ് മറ്റുള്ളവർക്ക് പങ്കുണ്ടാകുക.

തങ്ങൾ ആരാധിച്ച് വരുന്ന വിഗ്രഹത്തെയും അതിന്റെ പേരിൽ നീക്കിവെച്ച സ്വത്തുക്കളെയും ഉദ്ധേശിച്ച് മുശ്രിക്കുകൾ തങ്ങളുടെ ഹജ്ജ് കർമ്മങ്ങളിൽ ഇപ്രകാരം പറയാറുണ്ടായിരുന്നു. “ഒരു പങ്കുകാരനല്ലാതെ നിനക്ക് - അല്ലാഹുവിന് - പങ്കുകാരില്ല. ആ പങ്കുകാരനും അവന്റെ ഉടമസ്ഥതയിലുള്ളതും നിനക്ക് ഉടമപ്പെടുന്നത് തന്നെയാണ്”.

ഇവരെപോലെയുള്ള മുശ്രിക്കുകൾ ബുദ്ധികൊടുത്ത് ആലോചിക്കുന്ന പക്ഷം തങ്ങളുടെ വിഡ്ഢിത്തം മേൽ വിവരിച്ച ഒരൊറ്റ ഉപമകൊണ്ട് മനസ്സിലാക്കാവുന്നതേയുള്ളൂ.

**വചനം 29 :**

بَلِ ٱتَّبَعَ ٱلَّذِينَ ظَلَمُوٓا۟ أَهْوَآءَهُم بِغَيْرِ عِلْمٍ ۖ فَمَن يَهْدِى مَنْ أَضَلَّ ٱللَّهُ ۖ وَمَا لَهُم مِّن نَّـٰصِرِينَ ﴿٢٩﴾

29 പക്ഷേ, അക്രമം പ്രവർത്തിക്കുന്നവർ യാതൊരു അറിവുമില്ലാതെ തങ്ങളുടെ ഇച്ഛകളെ പിൻപറ്റിയിരിക്കുകയാണ്. എന്നിരിക്കെ, അല്ലാഹു വഴി പിഴപ്പിച്ചവരെ ആരാണ് സൻമാർഗ്ഗത്തിലാക്കുക?! അവർക്ക് യാതൊരു സഹായിയുമില്ലതാനും.

യാതൊരു അറിവുമില്ലാതെ തങ്ങളുടെ ഇഛകളെ പിൻപറ്റുന്നവരാകുന്നു അക്രമികൾ. അല്ലാഹു അല്ലാതെ ഏതൊരു സഹായി വിചാരിച്ചാലും അവരെ സന്മാർഗ്ഗത്തിലാക്കുക സാദ്ധ്യമല്ല.

**വചനം 30,31,32 :**

فَأَقِمْ وَجْهَكَ لِلدِّينِ حَنِيفًا ۚ فِطْرَتَ ٱللَّهِ ٱلَّتِى فَطَرَ ٱلنَّاسَ عَلَيْهَا ۚ لَا تَبْدِيلَ لِخَلْقِ ٱللَّهِ ۚ ذَٰلِكَ ٱلدِّينُ ٱلْقَيِّمُ وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٣٠﴾

30 ആകയാൽ, ശുദ്ധമനസ്കനായ നിലയിൽ നീ നിൻെറ മുഖത്തെ (ഈ) മതത്തിലേക്ക് ചൊവ്വാക്കി നിറുത്തുക; മനുഷ്യരെ അല്ലാഹു യാതൊരു പ്രകൃതിയിലായി സൃഷ്ടിച്ചിരിക്കുന്നുവോ, അല്ലാഹുവിൻെറ ആ പ്രകൃതി (മതം)! അല്ലാഹുവിൻെറ സൃഷ്ടിപ്പിന് മാറ്റമേ ഇല്ല. അതത്രെ (വക്രതയില്ലാതെ) ശരിയായി നിലകൊള്ളുന്ന മതം. എങ്കിലും, മനുഷ്യരിൽ അധികമാളും അറിയുന്നില്ല.

۞ مُنِيبِينَ إِلَيْهِ وَٱتَّقُوهُ وَأَقِيمُوا۟ ٱلصَّلَوٰةَ وَلَا تَكُونُوا۟ مِنَ ٱلْمُشْرِكِينَ ﴿٣١﴾

31 അവങ്കലേക്ക് (അല്ലാഹുവിങ്കലേക്ക്) മനസ്സ് മടങ്ങിയവരായ നിലയിൽ (അതിനെ അവലംബിച്ചുകൊള്ളുക). അവനെ സൂക്ഷിക്കുകയും, നമസ്കാരം നിലനിറുത്തുകയും ചെയ്യുവിൻ. നിങ്ങൾ മുശ്രിക്കുകളുടെ (പരദൈവവിശ്വാസികളുടെ) കൂട്ടത്തിൽ ആകുകയും അരുത്.

مِنَ ٱلَّذِينَ فَرَّقُوا۟ دِينَهُمْ وَكَانُوا۟ شِيَعًا ۖ

32 അതായത്: തങ്ങളുടെ മതത്തെ ഭിന്നിപ്പിക്കുകയും, പല കക്ഷികളായിത്തീരുകയും ചെയ്തവ

كُلُّ حِزْبِۭ بِمَا لَدَيۡهِمۡ فَرِحُونَ ﴿٣٢﴾

രുടെ കൂട്ടത്തിൽ (ആകരുത്). ഓരോ സംഘവും തങ്ങളുടെ പക്കലുള്ളതിൽ ആഹ്ളാദം കൊള്ളുന്നവരാണ്.

മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് ശുദ്ധ പ്രകൃതിയോടെയാകുന്നു. മാനുഷികമായ ധാർമ്മിക മൂല്യങ്ങളോട് ഇണങ്ങുന്ന പ്രേരണകളായിരിക്കും സ്വാഭാവികമായി അവനിൽ ഉണ്ടാകുക. സ്രഷ്ടാവിന്റെ നിഷേധത്തിനോ പരദൈവ സങ്കൽപത്തിനോ അവൻ മുതിരുകയില്ല. യാതൊരു വക്രതയും കൂടാതെ ശുദ്ധമനസ്സോടെ പ്രകൃതിമതമായ ഇസ്ലാമിലേക്ക് ചൊവ്വായി തിരിഞ്ഞ് വരണമെന്നാണ് അല്ലാഹു മനുഷ്യനെ ആഹ്വാനം ചെയ്യുന്നത്.

"ഏത് കുട്ടിയും ശുദ്ധപ്രകൃതി - ഇസ്ലാമിക പ്രകൃതി - യോട് കൂടിയല്ലാതെ ജനിക്കുന്നില്ല. പിന്നീട് അവന്റെ മാതാപിതാക്കൾ അവനെ യഹൂദനാക്കുന്നു, അല്ലെങ്കിൽ നസ്രാണിയാക്കുന്നു. അതുമല്ലെങ്കിൽ 'മജൂസി' (അഗ്നി ആരാധകൻ) ആക്കുന്നു". എന്ന് റസൂൽ തിരുമേനി അരുളുകയുണ്ടായി. തുടർന്ന് 30-ാം വചനത്തിലെ فطرة الله എന്ന് തുടങ്ങി ذلك الدين القيم വരെ ഉദ്ധരിക്കുകയും ചെയ്തു. (ബു:മു)

ഇസ്ലാമിലെ വിശ്വാസങ്ങൾ മാത്രമല്ല, അതിലെ നിയമങ്ങളും അനുഷ്ടാനമുറകളും പരിശോധിച്ചാൽ മനുഷ്യ പ്രകൃതിക്ക് യോജിച്ച ഏക മതം ഇസ്ലാമാണെന്ന് കാണാം. മനുഷ്യപ്രകൃതിക്ക് ഉപയുക്തമല്ലാത്ത ഏത് മതത്തിനും സ്ഥിരതയും നിലനിൽപും ഉണ്ടാകുവാൻ നിവൃത്തിയില്ല. മനുഷ്യ പ്രകൃതിക്ക് യോജിച്ചതും, കാലദേശാതീതമായതും, മനുഷ്യവർഗ്ഗത്തിനാകമാനം പ്രായോഗികമായതും ആയ മതം മനുഷ്യ സൃഷ്ടാവിനാൽ അവതരിക്കപ്പെട്ട മതമായിരിക്കാനേ നിർവ്വാഹമുള്ളൂ- അതത്രേ ഇസ്ലാം മതം. എന്നാൽ ക്ഷണികങ്ങളായ ചില സ്വാർത്ഥ താൽപര്യങ്ങളും ചിന്താശൂന്യതയും കാരണമായി മനുഷ്യരിൽ അധികമാളുകളും ഈ പരമ സത്യം മനസ്സിലാക്കുന്നവരല്ല.

"അല്ലാഹുവിന്റെ സൃഷ്ടിപ്പിന് മാറ്റമേ ഇല്ല"- എന്ന വാക്യം ഗൗരവമേറിയ ഒരു യാഥാർത്ഥ്യം ചൂണ്ടികാട്ടുന്നു. അല്ലാഹു ഓരോ വസ്തുവിനും അതതിന്റെ സൃഷ്ടിയിൽ അവൻ ഉദ്ദേശിച്ചതും നിർണ്ണയിച്ചതുമായ സ്വഭാവത്തോട് കൂടി തന്നെ ആ വസ്തു നിലകൊള്ളും. അതിൽ മാറ്റത്തിരുത്തലുകൾ ചെയ്യുവാൻ ആർക്കും സാദ്ധ്യമല്ല. മനുഷ്യപ്രകൃതിക്കനുയോജ്യമായ ഏക മതമാണ് അല്ലാഹു അവന് നിയമിച്ചിരിക്കുന്ന ഇസ്ലാം മതം. ആ മതം വിട്ട് മറ്റേത് മതവും ആ പ്രകൃതിക്ക് യോജിച്ചതായിരിക്കയില്ല. അതേ പ്രകൃതി നിലനിൽക്കുന്നിടത്തോളം കാലം അത് ആരാലും മാറ്റം വരുത്തപ്പെടുന്നതല്ല താനും. ആ മതം മനുഷ്യരിൽ പ്രായോഗികമാകാതിരിക്കുകയുമില്ല. അത് കൊണ്ടാണ് ഈ വാക്യത്തിന് "അല്ലാഹുവിന്റെ മതത്തിന് മാറ്റമില്ല" എന്ന് പല മഹാന്മാരും വ്യാഖ്യാനം നൽകിക്കാണുന്നതും.

പ്രകൃതി മതത്തിലേക്ക് ശുദ്ധമനസ്സോടു കൂടി വരുവാൻ ആഹ്വാനം ചെയതതോടൊപ്പം ആ വരവ് എപ്രകാരമായിക്കണമെന്നും അല്ലാഹു നിർദ്ദേശിക്കുന്നു.

അത് ഭക്തിപൂർവ്വം അല്ലാഹുവിങ്കലേക്ക് മനസ്സ് മടക്കിയവരായ നിലയിലായിരിക്കണം; എല്ലാ കാര്യങ്ങളിലും അല്ലാഹുവിനെ സൂക്ഷിച്ച് വരുന്നവരായിക്കൊണ്ടായിരിക്കണം; ആരാധന കർമ്മങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട നമസ്കാരം നിലനിർത്തുകയും വേണം.

കൂടാതെ അതിപ്രധാനമായ മറ്റൊരു നിബന്ധനയാകുന്നു - ആരാധനകളിൽ യാതൊരു വിധത്തിലും മറ്റാരെയും പങ്ക്ചേർക്കുവാൻ പാടില്ല എന്നത്. പരദൈവങ്ങളെ സ്വീകരിക്കുന്നവരാകട്ടെ, അവരിൽ എത്രയോ കക്ഷികളും വിഭാഗക്കാരുമുണ്ടായിരിക്കും - ഒരു വിഗ്രഹം തൊട്ട് മുപ്പത്തിമുക്കോടി ദൈവങ്ങൾ വരെയുള്ളവർ, മരിച്ചവരെ ആരാധിക്കുന്നവർ, ജീവിച്ചിരിക്കുന്നവരെ ആരാധിക്കുന്നവർ, എന്നിങ്ങനെ വ്യത്യസ്ത വിശ്വാസങ്ങളും ആരാധനാരീതികളും വെച്ച് പുലർത്തുന്നവർ ഓരോ കക്ഷിയും താന്താങ്ങളുടെ വിശ്വാസവും പ്രവർത്തികളുമാണ് കൂടുതൽ ഉത്തമമെന്ന് അഭിമാനിക്കുകയും ചെയ്യുന്നു. അത്കൊണ്ട് പരദൈവവിശ്വാസത്തിന്റെ (ശിർക്കിന്റെ) ഒരു വിഭാഗത്തിലും ഉൾപ്പെടാതെ പ്രത്യേകം സൂക്ഷിക്കേണ്ടതാണെന്ന് അല്ലാഹു നമ്മെ താക്കീത് ചെയ്യുന്നു.

ഈ താക്കീത് ഇന്ന് മുസ്ലീം സമുദായം തന്നെ വിസ്മരിച്ച് കളഞ്ഞിരിക്കുന്ന അവസ്ഥയിലാണ്. പ്രത്യക്ഷത്തിൽ ഇസ്ലാമിനെ വിട്ട് മറ്റൊരു മതം സ്വീകരിക്കാതെ തന്നെ, ഇസ്ലാമിൽ തന്നെ ശിർക്ക് പരമായ പല ആചാര സമ്പ്രദായങ്ങളും ഉൾക്കൊള്ളിച്ച് കൊണ്ട് ഇസ്ലാമിന്റെ പേരിൽ പല അനാചാരങ്ങളും വെച്ച് കെട്ടുകയും, പല മൗലിക പ്രമാണങ്ങളും അതിൽ നിന്നും വെട്ടികുറക്കുകയും ചെയ്തിരിക്കയാണ് ഇന്ന് നമ്മുടെ സമുദായം. അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ. (ആമീൻ)

**വചനം 33,34,35 :**

وَإِذَا مَسَّ ٱلنَّاسَ ضُرٌّ دَعَوْا۟ رَبَّهُم مُّنِيبِينَ إِلَيْهِ ثُمَّ إِذَآ أَذَاقَهُم مِّنْهُ رَحْمَةً إِذَا فَرِيقٌ مِّنْهُم بِرَبِّهِمْ يُشْرِكُونَ ﴿٣٣﴾

33 മനുഷ്യരെ വല്ല ബുദ്ധിമുട്ടും ബാധിച്ചാൽ, അവർ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് മനസ്സ് മടങ്ങിയവരായ നിലയിൽ അവനെ വിളി(ച്ച് പ്രാർത്ഥി) ക്കുന്നതാണ്. പിന്നീട്, അവൻ തൻെറ പക്കൽനിന്നു വല്ല കാരുണ്യവും അവർക്ക് ആസ്വദിപ്പിച്ചാൽ അപ്പോഴതാ, അവരിൽനിന്ന് ഒരു വിഭാഗം തങ്ങളുടെ രക്ഷിതാവിനോട് (വേറെ ആരാധ്യൻമാരെ) പങ്കുചേർക്കുന്നു.

لِيَكْفُرُوا۟ بِمَآ ءَاتَيْنَٰهُمْ ۚ فَتَمَتَّعُوا۟ فَسَوْفَ تَعْلَمُونَ ﴿٣٤﴾

34 നാം അവർക്ക് കൊടുത്തിട്ടുള്ളതിന് നന്ദികേട് കാണിക്കുവാനായിട്ടാണ് (അത്). (ഹേ, നന്ദികെട്ടവരേ!) എന്നാൽ നിങ്ങൾ സുഖിക്കുക! അങ്ങനെ വഴിയെ നിങ്ങൾക്കറിയാറാകും!!

أَمْ أَنزَلْنَا عَلَيْهِمْ سُلْطَٰنًا فَهُوَ يَتَكَلَّمُ بِمَا كَانُوا۟ بِهِۦ يُشْرِكُونَ ﴿٣٥﴾

35 അഥവാ, നാം അവർക്ക് വല്ല പ്രമാണവും ഇറക്കിക്കൊടുത്തിട്ട് അവർ പങ്കുചേർത്ത് വരുന്നതിനെക്കുറിച്ച് അത് പ്രസ്താവിക്കുന്നുണ്ടോ?!

ആപത്ത് നേരിടുമ്പോൾ ഭക്തിയോടും വിനയത്തോടും കൂടി അല്ലാഹുവിനെ തന്നെ വിളിച്ച് പ്രാർത്ഥിക്കുകയും, ആപത്ത് നീങ്ങിയാൽ വീണ്ടും പഴയ പടി ശിർക്ക് തുടരുകയും ചെയ്യുക എന്നത് എക്കാലത്തേയും മുശ്രിക്കുകളുടെ പതിവായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദികേട് കാണിക്കുക എന്ന മഹാപരാധം കൂടിയാണ് ഇത് മൂലം അവർ ചെയ്യുന്നത്. തൽക്കാലം അവർ തങ്ങളുടെ ഇഷ്ടത്തിനൊത്ത് സുഖിച്ച് കഴിഞ്ഞ് കൂടട്ടെ; വഴിയെ തങ്ങളുടെ ധിക്കാരത്തിന്റെ ഫലം അവർ അറിയാറാകും. ശിർക്കിന്റെ ആൾക്കാരുടെ നിലപാടും ന്യായീകരണങ്ങളും കണ്ടാൽ തങ്ങൾക്ക് അല്ലാഹുവിൽ നിന്ന് ശിർക്കിനെ ന്യായീകരിക്കുന്ന വല്ല പ്രമാണവും വന്ന് കിട്ടിയിട്ടുണ്ടോ എന്ന് തോന്നിപ്പോകും.

**വചനം 36,37 :**

وَإِذَآ أَذَقْنَا ٱلنَّاسَ رَحْمَةً فَرِحُوا۟ بِهَا ۖ وَإِن تُصِبْهُمْ سَيِّئَةٌۢ بِمَا قَدَّمَتْ أَيْدِيهِمْ إِذَا هُمْ يَقْنَطُونَ ﴿٣٦﴾

36 മനുഷ്യർക്ക് വല്ല കാരുണ്യവും (അഥവാ അനുഗ്രഹവും) നാം ആസ്വദിപ്പിക്കുന്നപക്ഷം, അവരതിൽ ആഹ്ലാദം കൊള്ളും. അവരുടെ കരങ്ങൾ മുൻചെയ്തതിൻെറ ഫലമായി വല്ല തിൻമയും അവർക്ക് ബാധിക്കുന്നുവെങ്കിലോ, അപ്പോഴതാ അവർ നിരാശപ്പെട്ടുപോകുന്നു!

أَوَلَمْ يَرَوْا۟ أَنَّ ٱللَّهَ يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ وَيَقْدِرُ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ

37 അവർക്ക് കണ്ടുകൂടേ, അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ ഉപജീവനം വിശാലമാക്കിക്കൊടുക്കുകയും, (അവൻ ഉദ്ദേശിക്കുന്നവർക്ക്) പരിമിതമാക്കുകയും ചെയ്യുന്നതാണെന്ന്?!

يُؤْمِنُونَ ﴿٣٧﴾

നിശ്ചയമായും, അതില്‍ വിശ്വസിക്കുന്ന ജന ങ്ങള്‍ക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.

നന്മ ലഭിച്ചാല്‍ ആഹ്ലാദവും അഹങ്കാരവും തിന്മ ലഭിച്ചാല്‍ നിരാശയും ക്ഷമകേടും - ഇതാണ് മനുഷ്യന്റെ പൊതു നില. എന്നാല്‍ സത്യവിശ്വാസികളാകട്ടെ സന്തോഷത്തില്‍ നന്ദിയും സന്താപത്തില്‍ ക്ഷമയും കൈകൊള്ളുന്നവരായിരിക്കും. അല്ലാഹു അവന്‍ ഉദ്ദേശിക്കുന്ന പ്രകാരം ഓരോരുത്തര്‍ക്കും ഉപജീവനം നല്‍കുന്നു. മനുഷ്യന്റെ ആസൂത്രണത്തിനും പ്രയത്നത്തിനും അനുസരിച്ച് മാത്രമല്ല ഓരോ രുത്തര്‍ക്കും ഐഹിക സുഖസൗകര്യങ്ങള്‍ ലഭിക്കുന്നതെന്ന് നമ്മുടെ സമൂഹത്തിലെ ഉദാഹരണങ്ങള്‍ നോക്കിയാല്‍ തന്നെ നമുക്ക് മനസ്സിലാകുന്നതാണ്. (സൂ: സുഖ്റുഫ് 32-35 വചനങ്ങള്‍ നോക്കുക)

**വചനം 38 :**

فَـَٔاتِ ذَا ٱلْقُرْبَىٰ حَقَّهُۥ وَٱلْمِسْكِينَ وَٱبْنَ ٱلسَّبِيلِ ۚ ذَٰلِكَ خَيْرٌ لِّلَّذِينَ يُرِيدُونَ وَجْهَ ٱللَّهِ ۖ وَأُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿٣٨﴾

38 ആകയാല്‍, കുടുംബബന്ധമുള്ളവന് അവന്‍റെ അവകാശം നീ കൊടുക്കുക, സാധുവിനും, വഴിപോക്കനും (കൊടുക്കുക). അല്ലാഹുവിന്‍റെ പ്രീതിയെ ഉദ്ദേശിക്കുന്നവര്‍ക്ക് അത് ഗുണകര മാണ്. അക്കൂട്ടര്‍തന്നെയാണ് വിജയികളും.

മനുഷ്യന്റെ സാമ്പത്തികമായ കഴിവും കഴിവുകേടും അല്ലാഹു നിശ്ചയിക്കുന്നതാണെന്ന് പറ ഞ്ഞുവല്ലോ- എന്നിരിക്കെ അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് കൊണ്ട് സല്‍കാര്യങ്ങളില്‍ ചിലവഴിക്കുന്ന വര്‍ വിജയികളാണെന്ന് അല്ലാഹു പ്രസ്താവിക്കുന്നു. "നിങ്ങള്‍ ഏതൊരു വസ്തു ചിലവഴിക്കുന്നതാ യാലും അവന്‍ നിങ്ങള്‍ക്ക് പകരം തരുന്നതാണ്" എന്ന് സൂ: സബഅ് 39-ാം വചനത്തില്‍ അല്ലാഹു ഓര്‍മ്മിപ്പിക്കുന്നു. ഈ വസ്തുത ഖുര്‍ആനില്‍ വേറെ പലയിടങ്ങളിലും എടുത്ത് പറഞ്ഞിട്ടുള്ളതുമാകുന്നു.

ദാനധര്‍മ്മങ്ങള്‍ നല്‍കപ്പെടേണ്ട മൂന്ന് വിഭാഗക്കാരെയാണ് ഇവിടെ എടുത്ത് പറഞ്ഞിട്ടുള്ളത്. ഒന്നാമത്തേത് കുടുംബബന്ധമുള്ളവര്‍ ആകുന്നു- കുടുംബബന്ധം പാലിക്കുകയും കുടുംബാംഗങ്ങളെ സഹായിക്കുകയും ചെയ്യുന്നതിനു ഇസ്ലാം എത്രമാത്രം പ്രാധാന്യം കല്‍പിച്ചിട്ടുണ്ടെന്ന് ഇത് പോലെ യുള്ള പല ഖുര്‍ആന്‍ വാക്യങ്ങളില്‍ നിന്നും മനസ്സിലാക്കാവുന്നതാണ്. "അവന്റെ അവകാശം കൊടു ക്കുക" എന്ന അല്ലാഹുവിന്റെ പ്രയോഗം തന്നെ അതിന്റെ ഗൗരവം വ്യക്തമാക്കുന്നതാകുന്നു.

'സാധു' എന്ന് പറഞ്ഞതില്‍ കുടുംബ ബന്ധമുള്ളവരും ഇല്ലാത്തവരും ഉള്‍പ്പെടും. 'വഴിപോക്കന്‍' എന്ന് പറഞ്ഞതില്‍ സ്വഭവനം വിട്ട്പോയി വഴിമദ്ധ്യേ ആശ്രയമില്ലാതെ വിഷമിക്കുന്ന യാത്രക്കാര്‍ ഉള്‍പ്പെ ടുന്നു. ദാനധര്‍മ്മങ്ങളൊക്കെ നല്‍കുന്നത് ഐഹികമായ വല്ല നേട്ടവും ഉദ്ദേശിച്ചായിരിക്കരുത്. അടുത്ത വചനവും നോക്കുക.

**വചനം 39 :**

وَمَآ ءَاتَيْتُم مِّن رِّبًا لِّيَرْبُوَا۟ فِىٓ أَمْوَٰلِ ٱلنَّاسِ فَلَا يَرْبُوا۟ عِندَ ٱللَّهِ ۖ وَمَآ ءَاتَيْتُم مِّن زَكَوٰةٍ تُرِيدُونَ وَجْهَ ٱللَّهِ فَأُو۟لَـٰٓئِكَ هُمُ ٱلْمُضْعِفُونَ ﴿٣٩﴾

39 ജനങ്ങളുടെ സ്വത്തുക്കളില്‍വെച്ച് വളര്‍ന്നുണ്ടാ കുവാന്‍ വേണ്ടി നിങ്ങള്‍ വല്ല 'രിബാ'യും (വളര്‍ത്തുമുതലും) കൊടുക്കുന്നതായാല്‍ അത് അല്ലാഹുവിന്‍റെയടുക്കല്‍ വളരുന്നതല്ല; അല്ലാ ഹുവിന്‍റെ പ്രീതിയെ ഉദ്ദേശിച്ചുകൊണ്ട് വല്ല 'സകാത്തും' (ധര്‍മ്മവും) നിങ്ങള്‍ കൊടുക്കുന്ന തായാല്‍, അക്കൂട്ടര്‍ തന്നെയാണ് ഇരട്ടിപ്പിക്കു ന്നവര്‍.

'രിബാ' ربا എന്ന പദത്തിന് വളര്‍ച്ച, വര്‍ദ്ധനവ് എന്നൊക്കെയാണ് ഭാഷാര്‍ത്ഥം(മൂലധനത്തിന്റെ വര്‍ദ്ധനവായതു കൊണ്ട് പലിശക്കും 'രിബാ' എന്ന് പറയുന്നു). കൂടുതല്‍ വല്ലതും തിരിച്ച് കിട്ടണമെന്ന് ഉദ്ദേശിച്ച് കൊണ്ട് ആര്‍ക്കെങ്കിലും ദാനമോ ഇനാമോ കൊടുക്കുന്നതാണ് ഇവിടെ 'രിബാ' കൊണ്ടു ദ്ദേശ്യം. അത്കൊണ്ടാണ് 'വളര്‍ത്തുമുതല്‍' എന്ന് 'രിബാ'ക്ക് ഇവിടെ അര്‍ത്ഥം നല്‍കുന്നത്. ഇങ്ങനെ

കൊടുക്കുന്നത് അല്ലാഹുവിന്റെ പ്രീതിയെയും പ്രതിഫലത്തെയും ഉദ്ദേശിച്ച് ചെയ്യുന്ന കർമ്മമല്ലാത്തത് കൊണ്ട് അതിന് അല്ലാഹുവിങ്കൽ വളർച്ചയും അഭിവൃദ്ധിയും ഉണ്ടാകുകയില്ല. ഇത്തരം ദാനധർമ്മങ്ങൾ ചെയ്യരുതെന്ന് നബി(സ) തിരുമേനിക്ക് ഖുർആൻ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുമുണ്ട്. ("അധികം കിട്ടണമെന്നുദ്ദേശിച്ച് കൊണ്ട് നീ ഉപകാരം ചെയ്യരുത്"- സൂ: മുദ്ദഥിർ : 6) ഈ നിർദ്ദേശം നമുക്കെല്ലാം ബാധകമാണല്ലോ.

പലിശ ലഭിക്കണമെന്ന ഉദ്ദേശത്തോട് കൂടി അന്യന് കൊടുക്കുന്ന സ്വത്താണ് 'രിബാ' എന്ന വാക്ക് കൊണ്ട് ഇവിടെ ഉദ്ദേശ്യമെന്ന് ചില വ്യാഖ്യാതാക്കൾ പ്രസ്താവിച്ച് കാണുന്നു. الله اعلم. ഈ ഇട പാട് അല്ലാഹുവിങ്കൽ വളർച്ചയില്ലാത്തതാണെന്ന് മാത്രമല്ല കുറ്റകരം കൂടിയാകുന്നു.

'സകാത്ത്' എന്ന പദത്തിനും 'രിബാ' യ്ക്ക് സമാനമായ അർത്ഥം തന്നെയുണ്ടെങ്കിലും ആന്തരി കമായ വളർച്ചക്കും പരിശുദ്ധിക്കുമാണ് ഈ പദം ഉപയോഗിക്കുക. ദാനധർമ്മങ്ങൾക്ക് പൊതുവെയും, ഇസ്ലാമിലെ നിർബന്ധ ധർമ്മത്തിന് പ്രത്യേകിച്ചും 'സകാത്ത്' എന്ന പദം പ്രയോഗിക്കുന്നു. അവ ധനത്തെ ശുദ്ധീകരിക്കുകയും ഉടമസ്ഥന് ആത്മീയപരിശുദ്ധി ഉണ്ടാക്കുകയും ചെയ്യുന്നുവെന്നതാണിതിന് കാരണം. അത് അടിയാൻ അല്ലാഹുവിന് നൽകുന്ന ഒരു കടം പോലെയാകുന്നു. അത് അനേകം ഇരട്ടികളായി അല്ലാഹു അവന് തിരിച്ച് കൊടുക്കുന്നു. എന്നാൽ അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ലക്ഷ്യം വെച്ച് കൊണ്ടായിരിക്കണം അത് ചെയ്യേണ്ടത്.

"ആരാണ് അല്ലാഹുവിന് നല്ല കടം കൊടുക്കുന്നവർ, എന്നാലവന് വളരെ ഇരട്ടികളായി ഇരട്ടിച്ച് അല്ലാഹു കൊടുക്കുന്നതാണ്." സൂ അൽ ബഖറ 245-ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

"ഒരാൾ പരിശുദ്ധമായ സമ്പാദ്യത്തിൽ നിന്നും ഒരു കാരക്കാസമാനമുള്ളത് ദാനം ചെയ്താൽ, അല്ലാഹു അത് സസന്തോഷം സ്വീകരിക്കുകയും അതിനെ നിങ്ങളിലൊരാൾ തന്റെ കുതിരക്കുട്ടിയെ വളർത്തുന്നത് പോലെ അവൻ വളർത്തിക്കൊണ്ടിരിക്കും. അങ്ങനെ അത് ഒരു പർവ്വതം പോലെ ആയി ത്തീരും"- നബി വചനം (ബു.മു)

**വചനം 40,41,42 :**

ٱللَّهُ ٱلَّذِى خَلَقَكُمْ ثُمَّ رَزَقَكُمْ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ ۖ هَلْ مِن شُرَكَآئِكُم مَّن يَفْعَلُ مِن ذَٰلِكُم مِّن شَىْءٍ ۚ سُبْحَـٰنَهُۥ وَتَعَـٰلَىٰ عَمَّا يُشْرِكُونَ ﴿٤٠﴾

40 നിങ്ങളെ സൃഷ്ടിച്ച് പിന്നീട് നിങ്ങൾക്ക് ഉപജീവനവും തന്ന്, പിന്നീട് നിങ്ങളെ മരണ പ്പെടുത്തുകയും, പിന്നെ ജീവിപ്പിക്കുകയും ചെയ്യുന്നവനത്രെ അല്ലാഹു. അതിൽനിന്ന് ഏതെങ്കിലും ഒരു കാര്യം ചെയ്യുന്ന വല്ലവരും നിങ്ങളുടെ പങ്കുകാരിൽ (ആരാധ്യരിൽ) ഉണ്ടോ?! അവൻ എത്രയോ പരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിൽനിന്ന് അവൻ ഉന്നതനാ യുള്ളവനുമാകുന്നു!

**വിഭാഗം 5**

ظَهَرَ ٱلْفَسَادُ فِى ٱلْبَرِّ وَٱلْبَحْرِ بِمَا كَسَبَتْ أَيْدِى ٱلنَّاسِ لِيُذِيقَهُم بَعْضَ ٱلَّذِى عَمِلُوا۟ لَعَلَّهُمْ يَرْجِعُونَ ﴿٤١﴾

41 മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചതു നിമിത്തം കരയിലും, കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കു ന്നു; തങ്ങൾ പ്രവർത്തിച്ചതിൽ ചിലത് (ചിലതി ന്റെ ഫലം) അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയാണ് (അത്); അവർ മടങ്ങിയേക്കാമല്ലോ.

قُلْ سِيرُوا۟ فِى ٱلْأَرْضِ فَٱنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلَّذِينَ مِن قَبْلُ ۚ كَانَ أَكْثَرُهُم مُّشْرِكِينَ ﴿٤٢﴾

42 (നബിയേ) പറയുക: "നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുവിൻ, എന്നിട്ട് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന് നോക്കുവിൻ!"അവരിൽ അധികമാളുകളും മുശ് രിക്കുകൾ (പരദൈവവിശ്വാസികൾ) ആയിരുന്നു.

നിങ്ങളെ സൃഷ്ടിക്കുകയും ഉപജീവനം നൽകുകയും, പിന്നീട് നിങ്ങളെ മരണപ്പെടുത്തുകയും പിന്നെ ജീവിപ്പിക്കുകയും ചെയ്യുന്നവനാകുന്നു അല്ലാഹു. നിങ്ങൾ അല്ലാഹുവിന്റെ പങ്കുകാരായി ആരാധിച്ച് വരുന്ന വല്ലവരും മേൽപറഞ്ഞതിൽ ഏതെങ്കിലും ചെയ്യുവാൻ കഴിവുള്ളവരായിട്ടുണ്ടോ എന്ന് അല്ലാഹു ബഹുദൈവാരാധകരോട് ചോദിക്കുന്നു. അത്യന്തം പരിശുദ്ധനായ അല്ലാഹു പങ്ക് ചേർക്കപ്പെടുന്നതിൽ നിന്നും എത്രയോ ഉന്നതനാകുന്നു.

കരയിലും കടലിലും കുഴപ്പവും നാശവും ഉണ്ടായിത്തീരുന്നത് മനുഷ്യരുടെ പ്രവർത്തിദോഷങ്ങൾ നിമിത്തമാകുന്നു. എന്നാൽ അവയുടെ മുഴുവൻ ഫലവും അല്ലാഹു അവർക്ക് ഇവിടെ വെച്ച് അനുഭവിപ്പിക്കുന്നില്ല. അവർ ചിന്തിച്ച് പാഠം പഠിച്ച് മടങ്ങുവാനായി, ചുരുക്കം ചില പ്രവർത്തന ഫലങ്ങൾ മാത്രമേ അനുഭപ്പിക്കുന്നുള്ളൂ. (സൂ: നഹ്ൽ : 61 നോക്കുക)

അല്ലാഹുവിനെയും അവന്റെ ദൂതന്മാരേയും ധിക്കരിച്ചതിനാൽ പല സമുദായങ്ങൾക്കും നേരിട്ട ശിക്ഷകളും അവരുടെ പര്യവസാനങ്ങളും എങ്ങനെയായിരുന്നുവെന്ന് കണ്ട് മനസ്സിലാക്കുവാനായി ഭൂമിയിലൂടെ സഞ്ചരിക്കുവാൻ അല്ലാഹു നിർദ്ദേശിക്കുന്നു. മുമ്പ് നശിപ്പിക്കപ്പെട്ട സമുദായങ്ങൾ അവരുടെ പതനത്തിനിടയായത് എന്ത് കൊണ്ടായിരുന്നെന്നും, എങ്ങനെ ആയിരുന്നെന്നും സൂ: അഅ്റാഫ് 96-99 വചനങ്ങളിൽ അല്ലാഹു വിവരിച്ചിരിക്കുന്നു.

നൂഹ്(അ)നബി തന്റെ ജനങ്ങൾക്ക് നൽകിയ ഉപദേശങ്ങളും (സൂ: നൂഹ് 10-12) മറ്റ് പല ഖുർആൻ വചനങ്ങളും ഇവിടെ സ്മരണീയമാകുന്നു.

**വചനം 43:**

فَأَقِمْ وَجْهَكَ لِلدِّينِ ٱلْقَيِّمِ مِن قَبْلِ أَن يَأْتِىَ يَوْمٌ لَّا مَرَدَّ لَهُۥ مِنَ ٱللَّهِ ۖ يَوْمَئِذٍ يَصَّدَّعُونَ ﴿٤٣﴾

43 ആകയാൽ, അല്ലാഹുവിൽനിന്ന് യാതൊരു തടവും ഉണ്ടായിരിക്കാത്ത ഒരു ദിവസം വരുന്നതിനു മുമ്പായി നീ നിൻെറ മുഖം (വക്രത കൂടാതെ) ശരിയായി നിൽക്കുന്ന (ഈ) മതത്തിലേക്ക് നേരെയാക്കി നിറുത്തിക്കൊള്ളുക. അന്നേ ദിവസം അവർ പിളർന്നു പിരിയുന്നതാകുന്നു.

വേണ്ടത്ര താക്കീതുകളും ഉപദേശങ്ങളും നൽകിയിട്ടും അവിശ്വാസികൾ തങ്ങളുടെ ദുഷ്പ്രവർത്തികളിൽ നിന്ന് പിൻമാറുന്നില്ലെങ്കിൽ 'അവർ അവരുടെ പാട്ടിന് പൊയ്കൊള്ളട്ടെ' എന്ന് വെച്ച് സത്യവിശ്വാസികൾ ഖിയാമത്ത് നാൾ വരുന്നതിന് മുമ്പായി തങ്ങളുടെ മുഖം, വക്രത കൂടാതെ ശരിയായി നിൽക്കുന്ന ഈ മതത്തിലേക്ക് നേരെയാക്കി നിറുത്തിക്കൊള്ളട്ടെ. അന്ന് മനുഷ്യർ നല്ലവരും ചീത്തപ്പെട്ടവരും എന്നിങ്ങനെ വേർപിരിയുന്നതും ഒരു വിഭാഗം സ്വർഗ്ഗത്തിലും മറ്റേവിഭാഗം നരകത്തിലും പ്രവേശിക്കപ്പെടുന്നതുമാണ്.

**വചനം 44,45,46:**

مَن كَفَرَ فَعَلَيْهِ كُفْرُهُۥ ۖ وَمَنْ عَمِلَ صَٰلِحًا فَلِأَنفُسِهِمْ يَمْهَدُونَ ﴿٤٤﴾

44 ആർ അവിശ്വസിച്ചുവോ അവൻെറ അവിശ്വാസം അവൻെറ മേൽതന്നെയായിരിക്കും (ദോഷം ചെയ്യുക). ആർ സല്ക്കർമ്മം പ്രവർത്തിച്ചുവോ അവർ തങ്ങൾക്കുതന്നെ സൗകര്യമൊരുക്കുകയും ചെയ്യുന്നു.

لِيَجْزِىَ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ مِن فَضْلِهِۦٓ ۚ إِنَّهُۥ لَا يُحِبُّ ٱلْكَٰفِرِينَ ﴿٤٥﴾

45 വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് (അല്ലാഹു) അവൻെറ അനുഗ്രഹത്തിൽനിന്നു പ്രതിഫലം കൊടുക്കുവാൻ വേണ്ടിയാണ് (അത്). നിശ്ചയമായും, അവൻ അവിശ്വാസികളെ ഇഷ്ടപ്പെടുന്നതല്ല.

46 അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്, സന്തോഷവാർത്ത അറിയിക്കുവാനായിക്കൊണ്ട് കാറ്റുകളെ അവൻ അയക്കുന്നത്. അവന്റെ കാരുണ്യത്തിൽനിന്ന് (ചിലത്) നിങ്ങൾക്ക് ആസ്വദിപ്പിക്കുവാനും, അവൻെറ കൽപന പ്രകാരം കപ്പലുകൾ സഞ്ചരിക്കുവാനും, അവൻെറ അനുഗ്രഹത്തിൽനിന്നും നിങ്ങൾ (ഉപ ജീവനം) അന്വേഷിക്കുവാനും വേണ്ടിയാകുന്നു. (അത്), നിങ്ങൾ നന്ദികാണിക്കുവാൻ വേണ്ടിയു മാണ്.

وَمِنْ ءَايَٰتِهِۦٓ أَن يُرْسِلَ ٱلرِّيَاحَ مُبَشِّرَٰتٍ وَلِيُذِيقَكُم مِّن رَّحْمَتِهِۦ وَلِتَجْرِىَ ٱلْفُلْكُ بِأَمْرِهِۦ وَلِتَبْتَغُوا۟ مِن فَضْلِهِۦ وَلَعَلَّكُمْ تَشْكُرُونَ ﴿٤٦﴾

വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ അനുഗ്രഹ ത്തിൽ നിന്നുള്ള പ്രതിഫലവും അവിശ്വാസികൾക്കുള്ള ദോഷഫലവും അല്ലാഹു ഓർമ്മിപ്പിക്കുന്നു. അവിശ്വാസികളെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുന്നതല്ല.

മഴ വർഷിക്കുന്നതിന്റെയും ഉൽപന്നങ്ങൾ ഉണ്ടാകുന്നതിന്റെയും മുന്നോടി ആയിക്കൊണ്ടും, എല്ലാ ത്തരം കപ്പലുകൾക്കും - യന്ത്രകപ്പലുകൾക്കും അല്ലാത്തവയ്ക്കും - കടലിലൂടെ സഞ്ചാരത്തിന് സഹായകമായിക്കൊണ്ടും, അല്ലാഹു അവന്റെ കാരുണ്യമായിക്കൊണ്ട് കാറ്റിനെ അയക്കുന്നു. അവന്റെ അനുഗ്രഹത്തിൽ നിന്നും നിങ്ങൾ ഉപജീവനം അന്വേഷിക്കുവാനും, അല്ലാഹുവിനോട് നന്ദിപ്രകടിപ്പി ക്കുവാനും വേണ്ടിയാകുന്നു അത്.

**വചനം 47,48,49,50,51 :**

47 നിനക്കുമുമ്പ് പല റസൂലുകളെ (ദൈവദൂതൻ മാരെ)യും അവരുടെ ജനതയിലേക്ക് നാം അയക്കുകയുണ്ടായിട്ടുണ്ട്. എന്നിട്ട് അവർ അവർ ക്ക് വ്യക്തമായ തെളിവുകളും കൊണ്ടുചെന്നു. (അവരത് നിഷേധിച്ചു) അപ്പോൾ, കുറ്റം പ്രവർ ത്തിച്ചവരോട് നാം പ്രതികാര നടപടിയെടുത്തു. നമ്മുടെമേൽ കടമയായിരുന്നു സത്യവിശ്വാസി കളെ സഹായിക്കൽ. (അത് നാം നിർവ്വഹിച്ചു.)

وَلَقَدْ أَرْسَلْنَا مِن قَبْلِكَ رُسُلًا إِلَىٰ قَوْمِهِمْ فَجَآءُوهُم بِٱلْبَيِّنَٰتِ فَٱنتَقَمْنَا مِنَ ٱلَّذِينَ أَجْرَمُوا۟ ۖ وَكَانَ حَقًّا عَلَيْنَا نَصْرُ ٱلْمُؤْمِنِينَ ﴿٤٧﴾

48 അല്ലാഹുവത്രെ കാറ്റുകളെ അയക്കുന്നവൻ. എന്നിട്ട് അവ മേഘത്തെ ഇളക്കിവിടുന്നു; അങ്ങനെ അവൻ ഉദ്ദേശിക്കുന്ന പ്രകാരം ആകാശത്തിൽ അതിനെ അവൻ പരത്തുന്നു; അതിനെ തുണ്ടങ്ങളാക്കുകയും ചെയ്യുന്നു. അപ്പോൾ, അതിനിടയിൽ നിന്ന് മഴ പുറത്തു വരു ന്നതായി നിനക്കു കാണാം. എന്നിട്ട് തൻെറ അടി യാൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അതിനെ എത്തിച്ചുകൊടുത്താൽ അപ്പോ ഴതാ, അവർ സന്തോഷം പ്രകടിപ്പിക്കുന്നു!

ٱللَّهُ ٱلَّذِى يُرْسِلُ ٱلرِّيَٰحَ فَتُثِيرُ سَحَابًا فَيَبْسُطُهُۥ فِى ٱلسَّمَآءِ كَيْفَ يَشَآءُ وَيَجْعَلُهُۥ كِسَفًا فَتَرَى ٱلْوَدْقَ يَخْرُجُ مِنْ خِلَٰلِهِۦ ۖ فَإِذَآ أَصَابَ بِهِۦ مَن يَشَآءُ مِنْ عِبَادِهِۦٓ إِذَا هُمْ يَسْتَبْشِرُونَ ﴿٤٨﴾

49 നിശ്ചയമായും, അവരിൽ അത് (മഴ) ഇറക്ക പ്പെടുന്നതിനു മുമ്പ്-ഇതിനു മുമ്പായി-അവർ നിരാശപ്പെട്ടവരായിരുന്നു.

وَإِن كَانُوا۟ مِن قَبْلِ أَن يُنَزَّلَ عَلَيْهِم مِّن قَبْلِهِۦ لَمُبْلِسِينَ ﴿٤٩﴾

50 അപ്പോള്‍, അല്ലാഹുവിന്‍റെ കാരുണ്യത്തിന്‍റെ ഫലങ്ങളിലേക്ക് നോക്കുക; ഭൂമി നിര്‍ജീവമായിരുന്നതിനുശേഷം എങ്ങിനെയാണ് അവന്‍ അതിനെ ജീവിപ്പിക്കുന്നതെന്ന്! നിശ്ചയമായും, (അതു പ്രവര്‍ത്തിച്ച) അവന്‍ മരണപ്പെട്ടവരെ ജീവിപ്പിക്കുന്നവന്‍ തന്നെയാണ്; അവന്‍ എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

فَٱنظُرْ إِلَىٰٓ ءَاثَٰرِ رَحْمَتِ ٱللَّهِ كَيْفَ يُحْىِ
ٱلْأَرْضَ بَعْدَ مَوْتِهَآ ۚ إِنَّ ذَٰلِكَ لَمُحْىِ
ٱلْمَوْتَىٰ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٥٠﴾

51 നാം ഒരു കാറ്റ് അയച്ചിട്ട് (അത് കൃഷിയെ നശിപ്പിച്ച്) മഞ്ഞവര്‍ണ്ണം പൂണ്ടതായി അവര്‍ കണ്ടുവെങ്കിലോ, തീര്‍ച്ചയായും അതിന് (ആ സന്തോഷത്തിനു) ശേഷം അവര്‍ നന്ദികേട് കാണിക്കുന്നവരായിത്തീരുന്നതാണ്.

وَلَئِنْ أَرْسَلْنَا رِيحًا فَرَأَوْهُ مُصْفَرًّا لَّظَلُّوا۟ مِنۢ
بَعْدِهِۦ يَكْفُرُونَ ﴿٥١﴾

മുന്‍കാലത്ത് പല ദൈവദൂതന്മാരേയും അവരുടെ ജനതയിലേക്ക് അയക്കുകയുണ്ടായിട്ടുണ്ട്. അവരില്‍ നിഷേധികളായവരുടെ മേല്‍ അല്ലാഹു പ്രതികാര നടപടി കൈകൊള്ളുകയും ചെയ്തു. സത്യവിശ്വാസികളെ സഹായിക്കുകയെന്ന കടമ അല്ലാഹു നിര്‍വ്വഹിക്കുകയും ചെയ്തു.

അല്ലാഹു കാറ്റുകളെ അയക്കുകയും, കാറ്റുകള്‍ മേഘത്തെ ഇളക്കി വിടുകയും അവ മഴയായി വര്‍ഷിക്കുകയും ചെയ്യുന്നു. ചിലപ്പോള്‍ മേഘങ്ങള്‍ തുണ്ടങ്ങളായി അവിടവിടെ ചിന്നിച്ചിതറി അല്ലാഹു ഉദ്ദേശിക്കുന്നവര്‍ക്ക് അവന്‍റെ അനുഗ്രഹം എത്തിച്ച് കൊടുക്കുന്നു. മഴ കിട്ടാതെ നിരാശരായിരുന്ന അവര്‍ മഴ വര്‍ഷത്തോടെ സന്തോഷഭരിതരായിത്തീരുന്നു. മഴ ലഭിച്ചതിനെ തുടര്‍ന്ന്, നിര്‍ജ്ജീവമായിരുന്ന ഭൂമി ജീവസ്സുള്ളതാവുകയും, സസ്യലതാദികള്‍ ഉണ്ടാകുകയും ചെയ്യുന്നത് പോലെ മരണമടഞ്ഞ്, നിര്‍ജ്ജീവരായ മനുഷ്യരെ അല്ലാഹു പുനരുജ്ജീവിപ്പിക്കുന്നതാണ്- അവന്‍ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

മേല്‍ പറഞ്ഞത് പോലെയുള്ള അല്ലാഹുവിന്‍റെ അനേകം അനുഗ്രഹങ്ങള്‍ ആസ്വദിച്ച് കൊണ്ടിരിക്കുന്ന മനുഷ്യനാകട്ടെ, എപ്പോഴെങ്കിലും ഒരു കാറ്റ് വന്ന് അവന്‍റെ വിളകള്‍ക്ക് നാശം പിണഞ്ഞ് പോയെങ്കില്‍, അവനതാ അല്ലാഹുവിന്‍റെ അനുഗ്രഹങ്ങളെല്ലാം മറന്ന് കൊണ്ട് നന്ദികെട്ടവനായി അല്ലാഹുവിന്‍റെ പേരില്‍ ആക്ഷേപം പുറപ്പെടുവിക്കുന്നു. യഥാര്‍ത്ഥ സത്യവിശ്വാസി സന്തോഷത്തില്‍ നന്ദിയുള്ളവനും ക്ഷമയുള്ളവനുമായിരിക്കും എന്ന നബി വചനം പ്രത്യേകം ശ്രദ്ധേയമാകുന്നു.

**വചനം 52,53 :**

52 (നബിയേ) എന്നാല്‍, മരണപ്പെട്ടവരെ നീ കേള്‍പ്പിക്കുകയില്ല; ബധിരന്‍മാരെയും-അവര്‍ പിന്നോക്കം തിരിഞ്ഞുപോയാല്‍- നീ വിളി കേള്‍പ്പിക്കുന്നതല്ല.

فَإِنَّكَ لَا تُسْمِعُ ٱلْمَوْتَىٰ وَلَا تُسْمِعُ
ٱلصُّمَّ ٱلدُّعَآءَ إِذَا وَلَّوْا۟ مُدْبِرِينَ ﴿٥٢﴾

53 അന്ധന്‍മാരെ, അവരുടെ പിഴവില്‍ നിന്നു (മാറ്റി) നേര്‍വഴി കാട്ടുന്നവനുമല്ല നീ. നമ്മുടെ ലക്ഷ്യങ്ങളില്‍ വിശ്വസിക്കുകയും, അങ്ങനെ തങ്ങള്‍ മുസ്ലിംകള്‍ (കീഴൊതുക്കമുള്ളവര്‍) ആയിരിക്കുകയും ചെയ്യുന്നവര്‍ക്കല്ലാതെ നീ കേള്‍പ്പിക്കുന്നതല്ല.

وَمَآ أَنتَ بِهَٰدِ ٱلْعُمْىِ عَن ضَلَٰلَتِهِمْ ۖ إِن
تُسْمِعُ إِلَّا مَن يُؤْمِنُ بِـَٔايَٰتِنَا فَهُم
مُّسْلِمُونَ ﴿٥٣﴾

സൂ: നംല് 80,81ല്‍ ഇതേ വചനങ്ങള്‍ കാണാവുന്നതാണ്. അവയുടെ വിശദീകരണം നോക്കുക.

**വിഭാഗം 6**

**വചനം 54 :**

54 നിങ്ങളെ ബലഹീനതയിൽ നിന്ന് സൃഷ്ടിച്ചുണ്ടാക്കിയവനത്രെ അല്ലാഹു. പിന്നീട്, ബലഹീനതക്കുശേഷം അവൻ (നിങ്ങൾക്ക്) ശക്തിയുണ്ടാക്കി; പിന്നെ, ശക്തിക്കുശേഷം ബലഹീനതയും, നരയും ഉണ്ടാക്കി. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു; സർവ്വജ്ഞനും സർവ്വശക്തനുമായുള്ളവൻ അവൻ തന്നെ.

۞ ٱللَّهُ ٱلَّذِى خَلَقَكُم مِّن ضَعْفٍ ثُمَّ جَعَلَ مِنۢ بَعْدِ ضَعْفٍ قُوَّةً ثُمَّ جَعَلَ مِنۢ بَعْدِ قُوَّةٍ ضَعْفًا وَشَيْبَةً ۚ يَخْلُقُ مَا يَشَآءُ ۖ وَهُوَ ٱلْعَلِيمُ ٱلْقَدِيرُ ﴿٥٤﴾

പക്ഷിമൃഗാദികൾക്ക് ജനനസമയത്ത് അത്യാവശ്യമായ ചില കഴിവുകളും സ്വയം പര്യാപ്തതയും നൽകപ്പെട്ടിരിക്കുന്നതായി നാം കണ്ട് വരുന്നു. എന്നാൽ സൃഷ്ടികളിൽ ഉന്നതസ്ഥാനിയനായ മനുഷ്യൻ തീർത്തും നിസ്സഹായനും, യാതൊരു അറിവുമില്ലാത്തവനുമായിട്ടാണ് ജനിക്കുന്നത്. ക്രമേണ അവർ അറിവും ശക്തിയും ആർജ്ജിക്കുകയും, ലോക നേതൃത്വം തന്നെ കൈവരിക്കുകയും ചെയ്യുന്നു. കുറെ കഴിയുമ്പോൾ വീണ്ടും ബലഹീനനായി പിറന്ന അവസ്ഥയിൽ തന്നെ എത്തിച്ചേരുന്നു. മനുഷ്യന്റെ പുനരുത്ഥാനത്തിനും, അവന്റെ സ്രഷ്ടാവായ അല്ലാഹുവിന്റെ സർവ്വജ്ഞതക്കും, സർവ്വശക്തിക്കും, ഇത് മതിയായ തെളിവുതന്നെ.

**വചനം 55:**

55 അന്ത്യസമയം നിലനിൽക്കുന്ന ദിവസം കുറ്റവാളികൾ സത്യം ചെയ്യും: "ഒരു നാഴിക നേരമല്ലാതെ തങ്ങൾ (ഇഹത്തിൽ) കഴിഞ്ഞു കൂടിയിട്ടില്ല" എന്ന്! അപ്രകാരമായിരുന്നു അവർ (സത്യത്തിൽനിന്ന്) തിരിക്കപ്പെട്ടിരുന്നത്.

وَيَوْمَ تَقُومُ ٱلسَّاعَةُ يُقْسِمُ ٱلْمُجْرِمُونَ مَا لَبِثُوا۟ غَيْرَ سَاعَةٍ ۚ كَذَٰلِكَ كَانُوا۟ يُؤْفَكُونَ ﴿٥٥﴾

അന്ത്യനാളിലെ അതിഭയങ്കര അനുഭവങ്ങൾ കാണുമ്പോൾ കുറ്റവാളികൾക്ക് തങ്ങളുടെ ഇഹലോകവാസ കാലം വളരെ നിസ്സാരമായിരുന്നുവെന്ന് തോന്നും. വാസ്തവത്തിൽ കുറെ കൊല്ലങ്ങൾ ഇതിന് മുമ്പ് അവർ കഴിച്ച് കൂട്ടിയിട്ടുണ്ടെങ്കിലും സത്യാവസ്ഥ ഓർമ്മിക്കുവാൻ അവർക്ക് സാധിക്കുന്നതല്ല. ഇത്പോലെ തന്നെയാണ് മുമ്പ് ഇഹത്തിൽ വെച്ച് അവർ സത്യത്തിൽ നിന്ന് വ്യതിചലിച്ച് കുറ്റവാളികളായിത്തീർന്നതും.

**വചനം 56,57 :**

56 അറിവും, സത്യവിശ്വാസവും നൽകപ്പെട്ടിട്ടുള്ളവർ പറയുന്നതാണ്: "അല്ലാഹുവിൻെറ ഗ്രന്ഥത്തിൽ (രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം) പുനരുത്ഥാനദിവസംവരേക്കും തീർച്ചയായും നിങ്ങൾ കഴിഞ്ഞുകൂടിയിട്ടുണ്ട്. എന്നാൽ, ഇതാ പുനരുത്ഥാനദിവസം. പക്ഷേ, നിങ്ങൾ (അതിനെപ്പറ്റി) അറിയാതിരിക്കുകയായിരുന്നു."

57 അപ്പോൾ, അക്രമം പ്രവർത്തിച്ചവർക്ക് അന്നത്തെ ദിവസം അവരുടെ ഒഴികഴിവ് ഉപകാരം ചെയ്യുകയില്ല; അവരോട് (ഖേദിച്ചു മടങ്ങി) തൃപ്തിപ്പെടുത്തുവാനാവശ്യപ്പെടുന്നതുമല്ല. (അഥവാ മടക്കം അനുവദിക്കപ്പെടുകയില്ല.)

وَقَالَ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ وَٱلْإِيمَـٰنَ لَقَدْ لَبِثْتُمْ فِى كِتَـٰبِ ٱللَّهِ إِلَىٰ يَوْمِ ٱلْبَعْثِ ۖ فَهَـٰذَا يَوْمُ ٱلْبَعْثِ وَلَـٰكِنَّكُمْ كُنتُمْ لَا تَعْلَمُونَ ﴿٥٦﴾

فَيَوْمَئِذٍ لَّا يَنفَعُ ٱلَّذِينَ ظَلَمُوا۟ مَعْذِرَتُهُمْ وَلَا هُمْ يُسْتَعْتَبُونَ ﴿٥٧﴾

സത്യവിശ്വാസവും പരലോകത്തെ സംബന്ധിച്ചുള്ള അറിവും ഉള്ളവര്‍ക്കറിയാം, മരണത്തിന് മുമ്പ് തങ്ങള്‍ കുറേക്കാലം ഭൂമിയില്‍ കഴിച്ച് കൂട്ടിയിട്ടുണ്ട്; അതിന് ശേഷം അല്ലാഹു നിശ്ചയിച്ച കാലം (പുനരുത്ഥാന ദിവസം വരേക്കും) ഖബറുകളില്‍ കഴിഞ്ഞ് കൂടിയിട്ടുണ്ട്. അതെല്ലാം അല്ലാഹു രേഖപ്പെടുത്തി വെച്ചിട്ടുമുണ്ട്. അവരുടെ വിശ്വാസത്തിനും അറിവിനുമനുസരിച്ച് അവര്‍ ഇഹത്തില്‍ പ്രവര്‍ത്തിക്കുകയും ചെയ്തിട്ടുണ്ട്. എന്നാല്‍ ഇതിലൊന്നും വിശ്വസിക്കാതെ ഇരുന്നത്കൊണ്ടാണ് അവിശ്വാസികള്‍ ഇത്തരം ദുരനുഭവങ്ങള്‍ നേരിടേണ്ടി വന്നത്. പക്ഷേ ഇനി ഖേദിച്ചിട്ട് ഫലമില്ല. യാതൊരു തരത്തിലുള്ള ഒഴിവ്കഴിവുകളും അവിടെ സ്വീകാര്യമാകുകയില്ല.

**വചനം 58,59,60 :**

وَلَقَدْ ضَرَبْنَا لِلنَّاسِ فِي هَٰذَا ٱلْقُرْءَانِ مِن كُلِّ مَثَلٍ ۚ وَلَئِن جِئْتَهُم بِـَٔايَةٍ لَّيَقُولَنَّ ٱلَّذِينَ كَفَرُوٓا۟ إِنْ أَنتُمْ إِلَّا مُبْطِلُونَ ﴿٥٨﴾

58 തീര്‍ച്ചയായും, മനുഷ്യര്‍ക്കുവേണ്ടി ഈ ഖുര്‍ആനില്‍ എല്ലാ (വിധ) ഉപമയും നാം വിവരിച്ചിട്ടുണ്ട്. അവരുടെ അടുക്കല്‍ നീ വല്ല ദൃഷ്ടാന്തവുമായി ചെന്നാല്‍ (ആ) അവിശ്വസിച്ചവര്‍ നിശ്ചയമായും പറയും: "നിങ്ങള്‍ വ്യര്‍ത്ഥവാദികളല്ലാതെ (മറ്റൊന്നും) അല്ല" എന്ന്!

كَذَٰلِكَ يَطْبَعُ ٱللَّهُ عَلَىٰ قُلُوبِ ٱلَّذِينَ لَا يَعْلَمُونَ ﴿٥٩﴾

59 അപ്രകാരം, (യാഥാര്‍ത്ഥ്യം) അറിയാത്തവരുടെ ഹൃദയങ്ങളില്‍ അല്ലാഹു മുദ്രവെക്കുന്നു.

فَٱصْبِرْ إِنَّ وَعْدَ ٱللَّهِ حَقٌّ ۖ وَلَا يَسْتَخِفَّنَّكَ ٱلَّذِينَ لَا يُوقِنُونَ ﴿٦٠﴾

60 ആകയാല്‍ (നബിയേ) ക്ഷമിച്ചുകൊള്ളുക. നിശ്ചയമായും, അല്ലാഹുവിന്‍റെ വാഗ്ദാനം യഥാര്‍ത്ഥമാകുന്നു. (വിശ്വാസം) ഉറപ്പിക്കാത്ത ആളുകള്‍ നിശ്ചയമായും (നിന്‍റെ സ്ഥൈര്യം -നശിപ്പിച്ച്) നിനക്ക് ചാഞ്ചല്യം വരുത്താതെയുമിരിക്കട്ടെ!

മനുഷ്യര്‍ക്ക് മനസ്സിലാകത്തക്ക വിധത്തില്‍ ഖുര്‍ആനില്‍ എല്ലാ ഉപമകളും അല്ലാഹു വിവരിച്ചിരിക്കുന്നു. അവിശ്വാസികളാകട്ടെ നബി(സ) വിവരിക്കുന്ന എല്ലാ ദൃഷ്ടാന്തങ്ങളേയും വ്യര്‍ത്ഥവാദികളുടെ വാദങ്ങളായി അവഗണിക്കുന്നു. അങ്ങനെ സത്യത്തിനെതിരെ പുറം തിരിഞ്ഞു നില്‍ക്കുന്ന മൂഢ ജനങ്ങളുടെ ഹൃദയത്തിലേക്ക് സത്യത്തിന്റെ വെളിച്ചം പ്രവേശിക്കാത്ത വിധത്തില്‍ അല്ലാഹു അവയെ മുദ്രവെക്കുന്നു. ഹൃദയം മരവിച്ച് പോയിട്ടുള്ള ആ ജനതയുടെ ചെയ്തികളെ ചൊല്ലി ഒട്ടും ഹൃദയചാഞ്ചല്യമോ അസ്വസ്ഥതയോ ഉണ്ടാകരുതെന്നും അല്ലാഹുവിന്റെ വാഗ്ദാനങ്ങളില്‍ ദൃഢമായി വിശ്വാസം ഉറപ്പിച്ച് കൊണ്ട്, ക്ഷമ കൈകൊള്ളണമെന്നും അല്ലാഹു നബി(സ)യെ ഉപദേശിക്കുന്നു.

അല്ലാഹു നമ്മെ എല്ലാവരേയും ക്ഷമയും സ്ഥിരചിത്തതയും ഉള്ള സത്യവിശ്വാസികളുടെ കൂട്ടത്തില്‍ ഉള്‍പ്പെടുത്തട്ടെ ആമീന്‍.

# 31. സൂറത്തു ലുഖ്മാൻ

**മക്കയിൽ അവതരിച്ചത്** (27 മുതൽ 3 വചനങ്ങൾ മദീനായിൽ അവതരിച്ചതാണെന്നും പക്ഷമുണ്ട്)

വചനങ്ങൾ 34, വിഭാഗം (റുക്കൂഅ്) 4

ഇസ്രാഈലിലെ ഒരു തത്വജ്ഞാനിയായ ലുഖ്മാൻന്റെ തത്വോപദേശങ്ങൾ ഉൾക്കൊള്ളുന്നതിനാലാണ് ഈ സൂറത്തിന് സൂ:ലുഖ്മാൻ എന്ന പേര് നൽകപ്പെട്ടത്

## വിഭാഗം - 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3,4,5, :**

1 അലിഫ്-ലാം-മീം .

الٓمٓ ﴿١﴾

2 വിജ്ഞാനപ്രദമായ വേദഗ്രന്ഥത്തിലെ സൂക്തങ്ങളാണിവ.

تِلْكَ ءَايَٰتُ ٱلْكِتَٰبِ ٱلْحَكِيمِ ﴿٢﴾

3 നന്മ പ്രവർത്തിക്കുന്നവർക്ക് മാർഗ്ഗദർശനവും കാരുണ്യവുമായിട്ടത്രെ (അത് സ്ഥിതിചെയ്യുന്നത്).

هُدًى وَرَحْمَةً لِّلْمُحْسِنِينَ ﴿٣﴾

4 അതായത്: നമസ്കാരം നിലനിറുത്തുകയും, സകാത്തു കൊടുക്കുകയും ചെയ്യുന്നവർക്ക്. അവരാകട്ടെ, പരലോകത്തിൽ വിശ്വാസമുറപ്പിക്കുകയും ചെയ്യുന്നു (അങ്ങിനെയുള്ളവർക്ക്).

ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَهُم بِٱلْـَٔاخِرَةِ هُمْ يُوقِنُونَ ﴿٤﴾

5 അക്കൂട്ടർ, തങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള നേർമ്മാർഗ്ഗത്തിലായിരിക്കും. അക്കൂട്ടർതന്നെയാണ് വിജയികളും.

أُو۟لَٰٓئِكَ عَلَىٰ هُدًى مِّن رَّبِّهِمْ ۖ وَأُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿٥﴾

സൂറത്തിന്റെ ആരംഭത്തിലെ കേവലാക്ഷരങ്ങളെ കുറിച്ച് സൂ: അൽ ബഖറയുടെ പ്രാരംഭത്തിലെ വിശദീകരണം നോക്കുക.

ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ 'വിജ്ഞാന പ്രദമായ വേദഗ്രന്ഥത്തിലെ സൂക്തങ്ങൾ' എന്ന് വിശേഷിപ്പിച്ചത് ഈ അദ്ധ്യായത്തിൽ ചില പ്രത്യേക വിജ്ഞാനങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് സൂചിപ്പിക്കുന്നു. മനുഷ്യർക്കാകമാനം മാർഗ്ഗദർശനം നൽകുന്നതിന് വേണ്ടിയാണ് ഖുർആൻ അവതരിക്കപ്പെട്ടിട്ടുള്ളതെങ്കിലും, അവരിൽ നന്മ പ്രവർത്തിക്കുന്ന സൽഗുണവാന്മാർക്ക് മാത്രമേ അതിന്റെ സദ്ഫലം ലഭ്യമാക്കുകയുള്ളൂ. പ്രസ്തുത സദ്ഗുണവാന്മാരുടെ പ്രധാന ലക്ഷണങ്ങൾ ഇവയാകുന്നു - അവർ നമസ്കാരം നിലനിർത്തുന്നവരും സകാത്ത് നൽകുന്നവരും, പരലോകത്തിൽ ഉറച്ച് വിശ്വസിക്കുന്നവരുമാകുന്നു. അക്കൂട്ടർ തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള നേർമാർഗ്ഗത്തിലായിരിക്കും; അക്കൂട്ടർ തന്നെയാകുന്നു വിജയികളും.

**വചനം 6,7:**

6 മനുഷ്യരിലുണ്ട് ചില ആളുകൾ: യാതൊരറിവും കൂടാതെ, അല്ലാഹുവിൻെറ മാർഗ്ഗത്തിൽനിന്ന് (ജനങ്ങളെ) വഴിപിഴപ്പിക്കുകയും, അതിനെ പരിഹാസ്യമാക്കിത്തീർക്കുകയും ചെയ്വാനായി അവർ വിനോദവാർത്ത(കളെ) വാങ്ങുന്നു. അക്കൂട്ടരാകട്ടെ, അവർക്ക് നിന്ദ്യകരമായ ശിക്ഷയുണ്ട്.

وَمِنَ ٱلنَّاسِ مَن يَشْتَرِى لَهْوَ ٱلْحَدِيثِ لِيُضِلَّ عَن سَبِيلِ ٱللَّهِ بِغَيْرِ عِلْمٍ وَيَتَّخِذَهَا هُزُوًا ۚ أُو۟لَٰٓئِكَ لَهُمْ عَذَابٌ مُّهِينٌ ﴿٦﴾

7 (അങ്ങിനെയുള്ള) അവന് നമ്മുടെ ആയത്തുകൾ ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ, അവൻ ഗർവ്വ് നടിച്ചുകൊണ്ട് തിരിഞ്ഞുപോകുന്നതുമാണ്; അവനത് കേട്ടിട്ടില്ലാത്തതുപോലെ- (അഥവാ) അവൻെറ ഇരുകാതുകളിലും ഒരു (തരം) കട്ടിയുള്ളതുപോലെ! എന്നാൽ, (നബിയേ) വേദനയേറിയ ശിക്ഷയെപ്പറ്റി അവന് സന്തോഷവാർത്ത അറിയിക്കുക!

وَإِذَا تُتْلَىٰ عَلَيْهِ ءَايَٰتُنَا وَلَّىٰ مُسْتَكْبِرًا كَأَن لَّمْ يَسْمَعْهَا كَأَنَّ فِىٓ أُذُنَيْهِ وَقْرًا فَبَشِّرْهُ بِعَذَابٍ أَلِيمٍ ﴿٧﴾

ഖുർആനിന്റെ മാർഗ്ഗദർശനം ലഭിക്കാത്തവരെ കുറിച്ച് ഈ വചനങ്ങളിൽ വിവരിക്കുന്നു. രാക്കഥകൾ, നോവലുകൾ, പ്രേമസാഹിത്യങ്ങൾ, ചിരിക്കോപ്പുകൾ, വീണവാദ്യങ്ങൾ, സംഗീതാലാപങ്ങൾ, നൃത്തങ്ങൾ, നാടകങ്ങൾ, ചലച്ചിത്രങ്ങൾ ആദിയായവയെല്ലാം വിനോദ വാർത്തകളിൽ ഉൾപ്പെടുന്നു. 'വിനോദ വാർത്തകളെ വാങ്ങുന്നവർ' എന്ന് പറഞ്ഞിട്ടുള്ളത്, അത് വിലക്ക് മേടിക്കുന്നവരോ അതിനായി മുതൽ മുടക്കുന്നവരോ മാത്രമല്ല ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് – വിനോദത്തിൽ ഏർപ്പെടുന്നവർ എന്നേ അതിനർത്ഥമുള്ളൂ. അങ്ങനെയുള്ളവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് ക്രമേണ അകന്ന് പോകുകയും അതിനെ പരിഹാസ്യമാക്കിത്തീർക്കുകയും അങ്ങനെ സ്വയം ദുർമാർഗ്ഗത്തിൽ ആപതിക്കുകയും, അചിരേണ, മറ്റുള്ളവരേ കൂടി വഴിപിഴപ്പിക്കുകയും ചെയ്യും.

ഇങ്ങനെയുള്ളവരെ പറ്റി 7-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചത് നോക്കുക- അല്ലാഹുവിന്റെ വിധി വിലക്കുകളും നിയമനിർദ്ദേശങ്ങളും അവഗണിച്ച് കൊണ്ട് ഗർവ്വിഷ്ഠരായി അവർ തിരിഞ്ഞു കളയുന്നതാണ്. അത് കേൾക്കുന്നത് തന്നെ അവർക്ക് വെറുപ്പായിരിക്കും. അവന്റെ ഇരു കാതുകളിലും ഒരു തരം കട്ടിയുള്ളത് പോലെ അവനത് കേട്ടില്ലാത്തത് പോലെ അവഗണിക്കുന്നതാണ്. അത്തരക്കാർക്ക് നിന്ദ്യവും വേദനയേറിയതുമായ ശിക്ഷയെ കുറിച്ചുള്ള 'സന്തോഷവാർത്ത' അല്ലാഹു മുന്നറിയിപ്പ് നൽകുന്നു. അല്ലാഹു നമ്മെ രക്ഷിക്കട്ടെ – ആമീൻ.

നളറുബ്നുൽ ഹർഥ് എന്നയാൾ പേർഷ്യായിൽ പോയി വരുന്ന വഴി പല രാജാക്കൻമാരുടെയും കഥകളും ചരിത്ര പുസ്തകങ്ങളും വാങ്ങിക്കൊണ്ട് വന്ന് ഖുറൈശികളുടെ സദസ്സിൽ അവ വായിച്ച് കേൾപ്പിക്കുകയും വിശുദ്ധ ഖുർആൻ കേൾക്കുന്നതിൽ നിന്നും അവരുടെ ശ്രദ്ധ തിരിക്കുകയും പതിവായിരുന്നു. ഈ സംഭവമാണ് ഈ വചനങ്ങളുടെ അവതരണ ഹേതുവായി പല മുഫസ്സിറുകളും ഉദ്ധരിക്കാറുള്ളത്. അവതരണ ഹേതു എന്ത് തന്നെ ആയിരുന്നാലും കല, സൗന്ദര്യം, വിനോദം, സാഹിത്യം എന്നീ പേരുകളിൽ ഇന്ന് നമ്മുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്ന മിക്ക വിഷയങ്ങളും മനുഷ്യന്റെ ധാർമ്മിക ബോധവും സദാചാരവും നശിപ്പിക്കുന്നവയത്രേ.

ഇന്നത്തെ കലാവിനോദങ്ങളിലെ വിവിധ ഘടകങ്ങളെ സംബന്ധിച്ച് വന്നിട്ടുള്ള ചില പ്രമാണങ്ങൾ ഓർക്കുന്നത് സന്ദർഭോചിതമായിരിക്കും.

: സ്ത്രീ വേഷം ധരിക്കുന്ന പുരുഷന്മാരെയും പുരുഷവേഷം ധരിക്കുന്ന സ്ത്രീകളെയും റസൂൽ(സ) തിരുമേനി ശപിച്ചിരിക്കുന്നു.- (ബുഖാരി,അബൂദാവൂദ്.)

: നാമമാത്ര വസ്ത്രധാരിണികളും കുണുങ്ങി നടക്കുന്നവരും വശീകരിക്കുന്നവരുമായ സ്ത്രീകൾ നരകത്തിന്റെ ആൾക്കാരിൽപ്പെട്ടവരാകുന്നു. ഇവരുടെ തലകൾ വികൃത വേഷം നിമിത്തം, തടിച്ച ഒട്ടകത്തിന്റെ (കൊഴുത്ത്) മറിഞ്ഞ പൂഞ്ഞകൾ പോലെ ആയിരിക്കും. സ്വർഗ്ഗത്തിന്റെ പരിമളം പോലും അവർക്ക് ലഭിക്കുകയില്ല- നബി വചനം.

: കൃത്രിമമുടി വെക്കുക, പച്ച കുത്തുക, ഭംഗിക്ക് വേണ്ടി പല്ലുകൾ രാകി വിടവുണ്ടാക്കുക തുടങ്ങി അല്ലാഹു നൽകിയ പ്രകൃതി രൂപത്തിന് വ്യത്യാസം വരുത്തുന്ന സ്ത്രീകളെ നബി(സ) ശപിച്ചിരിക്കുന്നു. – ബുഖാരി, മുസ്ലീം(റ).

: "എന്നെ ലോകർക്ക് കാരുണ്യമായും മാർഗ്ഗദർശനമായും അല്ലാഹു നിയോഗിച്ചിരിക്കുന്നു. കൊട്ട്

മേളങ്ങളെയും കുഴൽ വാദങ്ങളെയും വിഗ്രഹങ്ങളെയും കുരിശുകളേയും തുടച്ച് നീക്കുവാനും എന്നോട് കൽപിച്ചിരിക്കുന്നു."- നബി വചനം (ഇമാം അഹമ്മദ്)

: വെള്ളം കൃഷിയെ ഉദ്പാദിപ്പിക്കുന്ന പ്രകാരം സംഗീതം ഹൃദയത്തിൽ കപട വിശ്വാസത്തെ ഉദ്പാദിപ്പിക്കുന്നതാണ് എന്ന് നബി(സ) അരുളിയിരിക്കുന്നു.- ഇമാം ബൈഹഖി(റ)

വിവാഹം, പെരുന്നാൾ മുതലായ സന്ദർഭങ്ങളിൽ പരിമിതമായ അളവിൽ വിനോദങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നുള്ളത് വാസ്തവമത്രെ. ഇതൊഴിവാക്കിയാൽ വിനോദങ്ങളെ പൊതുവിൽ നിരുത്സാഹപ്പെടുത്തുകയും അവയിൽ കൂടുതൽ ദേഷകരമായതിനെ വിരോധിക്കുകയും ആണ് ഇസ്ലാം ചെയ്തിട്ടുള്ളത്.

**വചനം 8,9,10,11 :**

8 നിശ്ചയമായും, വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവരാകട്ടെ, അവർക്ക് സുഖാനുഭൂതിയുടെ സ്വർഗ്ഗങ്ങളുണ്ട്;-

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ لَهُمْ جَنَّـٰتُ ٱلنَّعِيمِ ﴿٨﴾

9 അവരതിൽ നിത്യവാസികളായിക്കൊണ്ട് (ജീവിക്കും). അല്ലാഹുവിൻെറ യഥാർത്ഥമായ വാഗ്ദാനം! അവനത്രെ പ്രതാപശാലിയും, അഗാധജ്ഞാനിയുമായുള്ളവൻ.

خَـٰلِدِينَ فِيهَا ۖ وَعْدَ ٱللَّهِ حَقًّا ۚ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٩﴾

10 നിങ്ങൾക്ക് കാണാവുന്ന തൂണുകളൊന്നും കൂടാതെ അവൻ ആകാശങ്ങളെ സൃഷ്ടിച്ചിരിക്കുന്നു. ഭൂമി നിങ്ങളെയുംകൊണ്ട് ചരിഞ്ഞുപോകുമെന്നതിനാൽ, ഉറച്ച മലകളെ അതിൽ അവൻ സ്ഥാപിക്കയും ചെയ്തിരിക്കുന്നു. അതിൽ എല്ലാ (തരം) ജീവജന്തുക്കളെയും വിതരണം ചെയ്കയും ചെയ്തിരിക്കുന്നു ആകാശത്തുനിന്ന് നാം (അല്ലാഹു) വെള്ളം ഇറക്കി; എന്നിട്ട് മാന്യമായ (വിശിഷ്ടമായ) എല്ലാ ഇണകളെയും നാം അതിൽ മുളപ്പിക്കുകയും ചെയ്തു.

خَلَقَ ٱلسَّمَـٰوَٰتِ بِغَيْرِ عَمَدٍ تَرَوْنَهَا ۖ وَأَلْقَىٰ فِى ٱلْأَرْضِ رَوَٰسِىَ أَن تَمِيدَ بِكُمْ وَبَثَّ فِيهَا مِن كُلِّ دَآبَّةٍ ۚ وَأَنزَلْنَا مِنَ ٱلسَّمَآءِ مَآءً فَأَنۢبَتْنَا فِيهَا مِن كُلِّ زَوْجٍ كَرِيمٍ ﴿١٠﴾

11 ഇത് (ഒക്കെയും) അല്ലാഹുവിൻെറ സൃഷ്ടിയാകുന്നു. എന്നാൽ, അവനു പുറമെയുള്ളവർ സൃഷ്ടിച്ചിട്ടുള്ളതെന്താണെന്ന് നിങ്ങളെനിക്ക് കാണിച്ചുതരുക! പക്ഷേ, അക്രമകാരികൾ വ്യക്തമായ ദുർമ്മാർഗ്ഗത്തിലാകുന്നു.

هَـٰذَا خَلْقُ ٱللَّهِ فَأَرُونِى مَاذَا خَلَقَ ٱلَّذِينَ مِن دُونِهِۦ ۚ بَلِ ٱلظَّـٰلِمُونَ فِى ضَلَـٰلٍ مُّبِينٍ ﴿١١﴾

അല്ലാഹുവിന്റെ ശക്തിയാകുന്ന തൂണിന്മേലത്രേ ('നിങ്ങൾക്ക് കാണാവുന്ന തൂണുകൾ കൂടാതെ' എന്ന വാക്യം ശ്രദ്ധിക്കുക) അഖിലാണ്ഡം സ്ഥിതി ചെയ്യുന്നത്. ശാസ്ത്രജ്ഞന്മാർ ഈ തൂണിന് ആകർഷണ ശക്തി എന്ന് പറഞ്ഞ് തൃപ്തി അടയുന്നു. ഭൂമിക്ക് ചെരിവ് ബാധിക്കാതിരിക്കാനായി അല്ലാഹു അതിൽ വമ്പിച്ച മലകളെ സ്ഥാപിച്ച് സന്തുലിതമാക്കിയിരിക്കുന്നു. മഴ വർഷവും സസ്യോല്പാദനവും അല്ലാഹുവിന്റെ മറ്റ് അനുഗ്രഹങ്ങളാകുന്നു. പ്രസ്തുത അനുഗ്രഹങ്ങളെ കുറിച്ച് മനുഷ്യന് അല്ലാഹുവിനോട് നന്ദിയും കൃതജ്ഞതയും ഉണ്ടായിരിക്കണമെന്ന് അല്ലാഹു സൂചിപ്പിക്കുന്നു. അല്ലാഹുവിന് പുറമേയുള്ളവർ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് കാണിച്ച് തരുവാൻ അല്ലാഹു അക്രമകാരികളെ വെല്ലുവിളിക്കുന്നു.

## വിഭാഗം 2

**വചനം 12 :**

وَلَقَدْ ءَاتَيْنَا لُقْمَٰنَ ٱلْحِكْمَةَ أَنِ ٱشْكُرْ لِلَّهِ ۚ وَمَن يَشْكُرْ فَإِنَّمَا يَشْكُرُ لِنَفْسِهِۦ ۖ وَمَن كَفَرَ فَإِنَّ ٱللَّهَ غَنِىٌّ حَمِيدٌ ﴿١٢﴾

12 ലുഖ്മാന്നു നാം വിജ്ഞാനം നൽകുകയുണ്ടായിട്ടുണ്ട്- "അല്ലാഹുവിന്ന് നന്ദി ചെയ്യണം" എന്ന്. ആർ (അല്ലാഹുവിന്) നന്ദി കാണിക്കുന്നുവോ അവൻ തനിക്കുവേണ്ടിത്തന്നെയാണ് നന്ദി കാണിക്കുന്നത്. ആരെങ്കിലും നന്ദികേട് കാണിക്കുന്നതായാലോ, എന്നാൽ നിശ്ചയമായും അല്ലാഹു ധന്യനാണ്, സ്തുത്യർഹനാണ്.

ലുഖ്മാനുൽ ഹകീം അഥവാ വിജ്ഞാനിയായ ലുഖ്മാൻെറ വിജ്ഞാന മൊഴികൾ പല ഗ്രന്ഥങ്ങളിലും നമുക്ക് കാണാൻ കഴിയും. ഇദ്ദേഹം ഏത് കാലക്കാരനും ദേശക്കാരനുമായിരുന്നുവെന്നുള്ളതിന് വ്യക്തമായ തെളിവുകളില്ല. അദ്ദേഹം ഒരു പ്രവാചകനായിരുന്നുവെന്നും അഭിപ്രായമുണ്ടെങ്കിലും അതിനും സ്വീകാര്യമായ തെളിവുകളില്ല. "ലുഖ്മാന് നാം വിജ്ഞാനം നൽകുകയുണ്ടായിട്ടുണ്ട്" എന്ന അല്ലാഹുവിന്റെ കീർത്തി പത്രവും തുടർന്നുള്ള ആയത്തുകളിൽ അദ്ദേഹം മകന് നൽകിയതായി പ്രസ്താവിക്കപ്പെട്ടിട്ടുള്ള സാരോപദേശങ്ങളും അദ്ദേഹത്തിന്റെ വിജ്ഞാനത്തിന് മതിയായ സാക്ഷ്യങ്ങളാകുന്നു.

"അവൻ -അല്ലാഹു- ഉദ്ദേശിക്കുന്നവർക്ക് അവൻ വിജ്ഞാനം നൽകുന്നു. ആർക്ക് വിജ്ഞാനം നൽകപ്പെടുന്നുവോ അവന് അധികരിച്ച നന്മ നൽകപ്പെട്ട് കഴിഞ്ഞു" എന്ന് സൂ: അൽ ബഖറ: 269 ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

ലുഖ്മാന് ലഭിച്ച വിജ്ഞാനം അദ്ദേഹത്തെ അഹങ്കാരിയാക്കിയില്ല. അദ്ദേഹത്തിന്റെ വിജ്ഞാനം അദ്ദേഹത്തെ നയിച്ചത് അല്ലാഹുവിന് നന്ദിചെയ്യണം എന്നുള്ള മൂല വിജ്ഞാനത്തിലേക്കായിരുന്നു.

ആധുനിക സാങ്കേതിക ശാസ്ത്രജ്ഞാനികളുടെ, വിജ്ഞാനത്തിൽ നിന്നുളവായ അല്ലാഹുവിനോടുള്ള ധിക്കാരവും നന്ദികേടും, ലുഖ്മാന്റെ വിജ്ഞാനത്തിൽ നിന്നുളവായ അല്ലാഹുവിനോടുള്ള വിനയവും നന്ദിയും തമ്മിലുള്ള അന്തരത്തെക്കുറിച്ച് ഈ ആയത്തിലെ വാക്യങ്ങളിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ലുഖ്മാൻ(റ) മകന് നൽകിയ സാരോപദേശങ്ങളാണ് അടുത്ത ചില വചനങ്ങളിൽ.

**വചനം 13 :**

وَإِذْ قَالَ لُقْمَٰنُ لِٱبْنِهِۦ وَهُوَ يَعِظُهُۥ يَٰبُنَىَّ لَا تُشْرِكْ بِٱللَّهِ ۖ إِنَّ ٱلشِّرْكَ لَظُلْمٌ عَظِيمٌ ﴿١٣﴾

13 ലുഖ്മാൻ, തൻെറ മകനോട് അദ്ദേഹം അവന് സദുപദേശം നൽകിക്കൊണ്ടിരിക്കവെ പറഞ്ഞ സന്ദർഭം (ഓർക്കുക): "എൻെറ കുഞ്ഞുമകനേ, നീ അല്ലാഹുവിനോടു പങ്കുചേർക്കരുത്. നിശ്ചയമായും (അവനോട്) പങ്കുചേർക്കൽ വമ്പിച്ച അക്രമമത്രെ."

ഉപദേശങ്ങളിൽ വെച്ച് ഏറ്റവും പ്രധാനപ്പെട്ടത് ശിർക്കിൽ അകപ്പെടാതിരിക്കുവാനും തൗഹീദിൽ ഉറച്ച് നിൽക്കുവാനുമുള്ള ഉപദേശമാകുന്നു. തൗഹീദിന്റെ അടിസ്ഥാനത്തിലല്ലാതെയുള്ള ഏത് നന്മയും അല്ലാഹുവിങ്കൽ സ്വീകാര്യമല്ല തന്നെ. അത് കൊണ്ടാണ് ലുഖ്മാൻ(റ) തന്റെ മകനോട് പ്രഥമവും പ്രധാനവുമായി ഈ ഉപദേശം നൽകുന്നത്. ഉപദേശ വേളകളിൽ മാതാപിതാക്കൾ മക്കളോട് അനുവർത്തിക്കേണ്ടുന്ന നയവും സൗമ്യതയും സംബോധന രീതിയും കാര്യകാരണ വിശദീകരണ രീതിയും എല്ലാം അദ്ദേഹത്തിന്റെ ഉപദേശങ്ങളിൽ കാണാം. (വചനങ്ങൾ 13,16,17,18, 19 നോക്കുക) 'എന്റെ കുഞ്ഞു മകനേ' എന്ന സംബോധനയോട് കൂടിയാണ് ഓരോ ഉപദേശവും ആരംഭിക്കുന്നത്. മക്കൾക്ക് വേണ്ടുന്ന ശിക്ഷണങ്ങളും മാർഗ്ഗദർശനങ്ങളും നൽകുന്നതും, അവരെ സൽ പന്ഥാവിൽ വളർത്തുന്നതും മതദൃഷ്ട്യാ മാതാപിതാക്കളുടെ ഒഴിച്ച് കൂടാൻ പറ്റാത്ത കടമയാകുന്നുവെന്നത് പല ഖുർആൻ വാക്യങ്ങളിൽ നിന്നും നബി വചനങ്ങളിൽ നിന്നും പരക്കെ അറിയപ്പെട്ടിട്ടുള്ളതാണ്. മാതാപിതാക്കൾക്ക് സന്താ

നങ്ങളോടുള്ള കടപ്പാടിനേക്കാൾ ഏത്രയോ വമ്പിച്ചതാണ് മക്കൾ തങ്ങളുടെ മാതാപിതാക്കളോട് നിർവ്വഹിക്കേണ്ടുന്ന കടമകൾ. ഇതേകുറിച്ച് ഖുർആനും നബി വചനങ്ങളും കൂടുതൽ ശക്തമായ ഭാഷയിൽ ആവർത്തിച്ചാവർത്തിച്ച് ഉദ്ബോധനം നൽകുന്നുണ്ട്. ശിർക്കിനെ കുറിച്ച് താക്കീത് ചെയ്യുന്ന വചനങ്ങളുടെ തൊട്ടടുത്തായി മാതാപിതാക്കളോടുള്ള കടമ സംബന്ധിച്ചുള്ള ഉപദേശം പലയിടങ്ങളിലായി ഖുർആനിൽ നമുക്ക് കാണാം. ചിലപ്പോൾ അല്ലാഹുവിന്റെ ഒരു വസിയ്യത്ത് കൂടിയാണതെന്ന മുഖവുരയും അതോടൊന്നിച്ച് കാണാം. (അടുത്ത ആയത്തും സൂ: ഇസ്റാഅ് :23, സൂ: അൻ കബൂത്ത്: 8; സൂ: അഹ്ഖാഫു:15 എന്നീ വചനങ്ങളും നോക്കുക)

**വചനം 14,15 :**

وَوَصَّيْنَا ٱلْإِنسَـٰنَ بِوَٰلِدَيْهِ حَمَلَتْهُ أُمُّهُۥ وَهْنًا عَلَىٰ وَهْنٍ وَفِصَـٰلُهُۥ فِى عَامَيْنِ أَنِ ٱشْكُرْ لِى وَلِوَٰلِدَيْكَ إِلَىَّ ٱلْمَصِيرُ ﴿١٤﴾

14 മനുഷ്യനോട് അവൻെറ മാതാപിതാക്കളെപ്പറ്റി നാം വസിയ്യത്ത് (ആജ്ഞാ നിർദ്ദേശം) നൽകിയിരിക്കുന്നു: അവൻെറ മാതാവ് ക്ഷീണത്തിനുമേൽ ക്ഷീണത്തോടെ അവനെ (ഗർഭം) ചുമന്നു; അവൻെറ (മുലകുടി അവസാനിപ്പിച്ചുള്ള) വേർപാടാകട്ടെ, രണ്ടുവർഷം കൊണ്ടുമാണ്; എനിക്കും, നിൻെറ മാതാപിതാക്കൾക്കും നീ നന്ദിചെയ്യണം, എൻെറ അടുക്കലേക്കാണ് നിങ്ങളുടെ തിരിച്ചുവരവ്.

وَإِن جَـٰهَدَاكَ عَلَىٰٓ أَن تُشْرِكَ بِى مَا لَيْسَ لَكَ بِهِۦ عِلْمٌ فَلَا تُطِعْهُمَا ۖ وَصَاحِبْهُمَا فِى ٱلدُّنْيَا مَعْرُوفًا ۖ وَٱتَّبِعْ سَبِيلَ مَنْ أَنَابَ إِلَىَّ ۚ ثُمَّ إِلَىَّ مَرْجِعُكُمْ فَأُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿١٥﴾

15 ''നിനക്ക് (യഥാർത്ഥത്തിൽ) യാതൊരു അറിവുമില്ലാത്ത ഏതെങ്കിലുമൊന്നിനെ എന്നോടു നീ പങ്കുചേർക്കുവാൻ അവർ നിന്നെ ബുദ്ധിമുട്ടിക്കുന്ന പക്ഷം, അപ്പോൾ നീ അവരെ അനുസരിക്കരുത്. ഇഹത്തിൽ നീ അവരോട് സദാചാരമനുസരിച്ച് (നല്ലനിലക്ക്) സഹവസിക്കുകയും ചെയ്യണം; എൻെറ അടുക്കലേക്ക് (ഖേദിച്ചു) മടങ്ങിയവരുടെ മാർഗ്ഗം പിൻപറ്റുകയും ചെയ്യുക. പിന്നീട്, നിങ്ങളുടെ (എല്ലാവരുടെയും) മടക്കം എൻെറ അടുക്കലേക്കുതന്നെ. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ ബോധപ്പെടുത്തുന്നതാണ്.''

മാതാപിതാക്കളോടുള്ള കടമകളെക്കുറിച്ച് ആജ്ഞാ നിർദ്ദേശത്തോടെയുള്ള ഈ വചനങ്ങളിൽ നിന്നും താഴെ കാണുന്ന കാര്യങ്ങൾ മനസ്സിലാക്കാം.

: പിതാവിനെ അപേക്ഷിച്ച് മാതാവിനോടുള്ള കടപ്പാടാണ് കൂടുതൽ ശക്തമായത്. കാരണം വ്യക്തമാണ്. ഏതാണ്ട് പത്ത് മാസത്തോളം ബുദ്ധിമുട്ടി അവൾ ഗർഭം ചുമന്നു; പ്രസവ വേദന സഹിച്ചു; മാസങ്ങളോളം ഊണും ഉറക്കവും ഉപേക്ഷിച്ച് ശുശ്രൂഷിച്ചും മുലയൂട്ടിയും വളർത്തി വലുതാക്കി- അനേകം ത്യാഗങ്ങൾ സഹിച്ച് കൊണ്ട്.

"ഞാൻ നന്നായി സഹവസിക്കാൻ ഏറ്റവും അവകാശപ്പെട്ടവർ ആരാണ് " എന്ന് ഒരാൾ ചോദിച്ചപ്പോൾ നബി(സ) 'നിന്റെ ഉമ്മയാണ്' എന്നാണ് മറുപടി പറഞ്ഞത്. ചോദ്യം മൂന്ന് തവണ ആവർത്തിച്ചപ്പോഴും ഇതേ ഉത്തരമാണ് നൽകിയത്. നാലാമത്തെ പ്രാവശ്യം തിരുമേനി പറഞ്ഞു: "നിന്റെ ബാപ്പയാണ്." (ബു:മു)

: ശിശുക്കളുടെ മുലകുടി കാലം രണ്ട് കൊല്ലമാകുന്നു. (മുലകുടി സംബന്ധമായ അനുബന്ധ വിവരങ്ങൾ സൂറത്തുൽ ബഖറ : 233 സൂ അഹ്ഖാഫ് : 15 എന്നിവിടങ്ങളിൽ നോക്കുക )

"എനിക്കും നിന്റെ മാതാപിതാക്കൾക്കും നന്ദി ചെയ്യുക" എന്ന് അല്ലാഹുവിനോടൊപ്പം മാതാപിതാക്കളേയും ചേർത്ത് പറഞ്ഞ വാക്യം പ്രത്യേകം ശ്രദ്ധാർഹമാകുന്നു. എന്നാൽ അല്ലാഹുവിനോടുള്ള കൂറും ഭക്തിയും കടപ്പാടും മറ്റാരോടുമുള്ളതിനേക്കാളും പ്രാധാന്യമർഹിക്കുന്നുവെന്ന വസ്തുത വിസ്മരിച്ച് കൂടാ.

: എന്നാൽ തൗഹീദിനെതിരായി ശിർക്ക് പരമായ വിശ്വാസമോ പ്രവർത്തിയോ സ്വീകരിക്കുവാൻ മാതാപിതാക്കൾ നിർബന്ധിക്കുന്ന പക്ഷം അതൊരിക്കലും അനുസരിച്ച് പോകരുത്. (സൂ : അൻ കബൂത്ത് 8-ാം വചനം നോക്കുക) "സ്രഷ്ടാവിന്റെ കൽപനക്ക് വിപരീതമായി ഒരു സൃഷ്ടിയെയും അനുസരിച്ച് കൂടാ" എന്ന നബി വചനവും ശ്രദ്ധിക്കുക.

: മാതാപിതാക്കൾ ആദർശത്തിൽ യോജിക്കാത്തവരോ, അമുസ്ലീംകൾ തന്നെ ആയിരുന്നാൽ പോലും അവരോട് നന്നായി പെരുമാറേണ്ടതാകുന്നു. (സൂ: ഇസ്രാഅ് 23,24 വചനങ്ങളും നോക്കുക)

അടുത്ത വചനങ്ങളിൽ ലുഖ്മാൻ(റ)ന്റെ സദുപദേശങ്ങൾ തുടരുന്നു.

<u>വചനം 16,17,18,19 :</u>

يَٰبُنَيَّ إِنَّهَآ إِن تَكُ مِثۡقَالَ حَبَّةٖ مِّنۡ خَرۡدَلٖ فَتَكُن فِي صَخۡرَةٍ أَوۡ فِي ٱلسَّمَٰوَٰتِ أَوۡ فِي ٱلۡأَرۡضِ يَأۡتِ بِهَا ٱللَّهُۚ إِنَّ ٱللَّهَ لَطِيفٌ خَبِيرٞ ١٦

16 (ലുഖ്മാൻ പറഞ്ഞു:) "എൻെറ കുഞ്ഞുമകനേ, നിശ്ചയമായും (ഒരു) കാര്യം-അതൊരു കടുകിൻെറ മണിയുടെ തൂക്കമായിരുന്നാലും, എന്നിട്ടത് ഒരു പാറക്കല്ലി(ൻെറ ഉള്ളി)ലോ, ആകാശങ്ങളിലോ, ഭൂമിയിലോ (എവിടെയെങ്കിലും) ആയിരിക്കുകയും ചെയ്താലും, അല്ലാഹു അത് (രംഗത്ത്) കൊണ്ടുവരുന്നതാണ്. നിശ്ചയമായും അല്ലാഹു നിഗൂഢജ്ഞനും, സൂക്ഷ്മജ്ഞനുമാകുന്നു.

يَٰبُنَيَّ أَقِمِ ٱلصَّلَوٰةَ وَأۡمُرۡ بِٱلۡمَعۡرُوفِ وَٱنۡهَ عَنِ ٱلۡمُنكَرِ وَٱصۡبِرۡ عَلَىٰ مَآ أَصَابَكَۖ إِنَّ ذَٰلِكَ مِنۡ عَزۡمِ ٱلۡأُمُورِ ١٧

17 "എൻെറ കുഞ്ഞുമകനേ, നീ നമസ്ക്കാരം നിലനിറുത്തണം; സദാചാരംകൊണ്ട് കൽപിക്കുകയും, ദുരാചാരത്തെക്കുറിച്ചു വിരോധിക്കുകയും ചെയ്യണം; നിനക്ക് ബാധിക്കുന്നതിൽ (ആപത്തുകളിൽ) നീ ക്ഷമ കൈക്കൊള്ളുകയും വേണം. നിശ്ചയമായും അത് (എല്ലാം തന്നെ) ഖണ്ഡിതമായ (ഒഴിച്ചുകൂടാത്ത) കാര്യങ്ങളിൽപെട്ടതാകുന്നു.

وَلَا تُصَعِّرۡ خَدَّكَ لِلنَّاسِ وَلَا تَمۡشِ فِي ٱلۡأَرۡضِ مَرَحًاۖ إِنَّ ٱللَّهَ لَا يُحِبُّ كُلَّ مُخۡتَالٖ فَخُورٖ ١٨

18 "നീ മനുഷ്യരോട് നിൻെറ കവിൾ കോട്ടരുത് (മുഖം തിരിക്കരുത്;) അഹന്ത കാട്ടി ഭൂമിയിൽ കൂടി നടക്കുകയും അരുത്. നിശ്ചയമായും ദുരഭിമാനിയായ എല്ലാ (ഓരോ) അഹങ്കാരിയെയും അല്ലാഹു ഇഷ്ടപ്പെടുന്നതല്ല.

وَٱقۡصِدۡ فِي مَشۡيِكَ وَٱغۡضُضۡ مِن صَوۡتِكَۚ إِنَّ أَنكَرَ ٱلۡأَصۡوَٰتِ لَصَوۡتُ ٱلۡحَمِيرِ ١٩

19 "നിൻെറ നടത്തത്തിൽ കരുതിക്കൊള്ളുക (മിതത്വം പാലിക്കുക)യും, നിൻെറ ശബ്ദത്തിൽ നിന്ന് (അല്പമൊന്ന്) താഴ്ത്തുകയും ചെയ്യുക. നിശ്ചയമായും ശബ്ദങ്ങളിൽവെച്ചു ഏറ്റവും വെറുപ്പായത് കഴുതകളുടെ ശബ്ദമത്രെ."

സൂക്ഷ്മ ജ്ഞാനിയും നിഗൂഢജ്ഞനുമായ അല്ലാഹുവിൽ നിന്നും യാതൊരു കാര്യവും - അതെത്ര നിസ്സാരമോ നിഗൂഢമോ ആകട്ടെ- മറച്ച് വെക്കാവതല്ല. എവിടെയായിരുന്നാലും അല്ലാഹു അത് രംഗത്ത് കൊണ്ട് വരുന്നതാണ്.

നമസ്കാരം നിലനിർത്തണമെന്നും, സദാചാരം കൽപിക്കുകയും ദുരാചാരത്തെ വിരോധിക്കുകയും ചെയ്യണമെന്നും, തുടർന്ന് ലുഖ്മാൻ(റ) മകനെ ഉപദേശിക്കുന്നു.

അഹംഭാവം മൂലം ജനങ്ങളുടെ നേരെ മുഖം ചുളിക്കുകയോ, അവരിൽ നിന്ന് മുഖം തിരിക്കുകയോ ചെയ്യാതെ പ്രസന്നതയോടും വിനയത്തോടെയും പെരുമാറണമെന്നും, അഹങ്കാരത്തോടെ ഭൂമിയിൽ കൂടെ നടക്കരുതെന്നും അദ്ദേഹം മകനെ ഓർമ്മപ്പെടുത്തുന്നു. ഉറക്കെ ശബ്ദമുണ്ടാക്കിയും അനാവശ്യമായി സംസാരിച്ചും മറ്റുള്ളവരെ ശല്യപ്പെടുത്തരുത്. അത്തരം വായാടികൾക്ക് ഗൗരവമേറിയ താക്കീതാകുന്നു, അവരുടെ ശബ്ദത്തെ കഴുതയുടെ ശബ്ദത്തോട് ഉപമിച്ചതിൽ അടങ്ങിയിരിക്കുന്നത്.

മനുഷ്യൻ അല്ലാഹുവുമായി ഇടപെടേണ്ടതെങ്ങിനെയെന്നും, ജനങ്ങളുമായുള്ള പെരുമാറ്റം എങ്ങനെയായിരിക്കണമെന്നും ലുഖ്മാൻ(റ) മേൽ ഉദ്ധരിച്ച വചനങ്ങളിലൂടെ മകനെ ഉപദേശിച്ചിരിക്കുന്നു. ഓരോ വ്യക്തിയും ഏപ്പോഴും ഓർമ്മിച്ചിരിക്കേണ്ട ഉപദേശങ്ങളായത് കൊണ്ടാണ് അല്ലാഹു ഖുർആനിൽ അവയെ ഉദ്ധരിച്ചത്. അവയെ മാതൃകയാക്കി ജീവിക്കുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

## വിഭാഗം 3

**വചനം 20,21 :**

أَلَمْ تَرَوْا۟ أَنَّ ٱللَّهَ سَخَّرَ لَكُم مَّا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ وَأَسْبَغَ عَلَيْكُمْ نِعَمَهُۥ ظَٰهِرَةً وَبَاطِنَةً ۗ وَمِنَ ٱلنَّاسِ مَن يُجَٰدِلُ فِى ٱللَّهِ بِغَيْرِ عِلْمٍ وَلَا هُدًى وَلَا كِتَٰبٍ مُّنِيرٍ ﴿٢٠﴾

20 ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും അല്ലാഹു നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നിരിക്കുന്നത് നീ കാണുന്നില്ലേ?! അവൻെറ അനുഗ്രഹങ്ങൾ പ്രത്യക്ഷമായും, പരോക്ഷമായും നിങ്ങൾക്ക് അവൻ വിശാലപ്പെടുത്തിത്തരുകയും ചെയ്തിരിക്കുന്നു! അല്ലാഹുവിൻെറ കാര്യത്തിൽ- യാതൊരു അറിവാകട്ടെ, മാർഗ്ഗദർശനമാകട്ടെ, വെളിച്ചം നൽകുന്ന ഗ്രന്ഥമാകട്ടെ (ഒന്നുംതന്നെ) ഇല്ലാതെ-തർക്കം നടത്തുന്ന ചിലർ മനുഷ്യരിലുണ്ട്.

وَإِذَا قِيلَ لَهُمُ ٱتَّبِعُوا۟ مَآ أَنزَلَ ٱللَّهُ قَالُوا۟ بَلْ نَتَّبِعُ مَا وَجَدْنَا عَلَيْهِ ءَابَآءَنَآ ۚ أَوَلَوْ كَانَ ٱلشَّيْطَٰنُ يَدْعُوهُمْ إِلَىٰ عَذَابِ ٱلسَّعِيرِ ﴿٢١﴾

21 "അല്ലാഹു ഇറക്കിയിട്ടുള്ളതിനെ നിങ്ങൾ പിൻപറ്റുവിൻ" എന്ന് അവരോട് പറയപ്പെട്ടാൽ അവർ പറയും; "(ഇല്ല-) എങ്കിലും ഞങ്ങളുടെ പിതാക്കളെ ഏതൊരു പ്രകാരത്തിൽ ഞങ്ങൾ കണ്ടെത്തിയിരിക്കുന്നുവോ അതിനെ ഞങ്ങൾ പിൻപറ്റുന്നതാണ്." പിശാച് അവരെ ജ്വലിക്കുന്ന നരകശിക്ഷയിലേക്ക് ക്ഷണിക്കുകയായിരുന്നുവെങ്കിലുമോ (-എന്നാലും അവരെത്തന്നെയാണോ പിൻപറ്റുക)?!

ആകാശത്ത് സ്ഥിതി ചെയ്യുന്ന സൂര്യ ചന്ദ്ര നക്ഷത്രാദി ഗോളങ്ങളേയും മേഘം, മഴ, വായു, മഞ്ഞ് മുതലായവയെയും ഭൂമിയിലെ ജീവികൾ, സസ്യലതാദികൾ, നദികൾ, ഖനന വസ്തുക്കൾ, തുടങ്ങി നിരവധി വസ്തുക്കളേയും അല്ലാഹു മനുഷ്യന് വിവിധ തരത്തിൽ ഉപയോഗ്യമാക്കിക്കൊടുത്തിരിക്കുന്നു. ഭക്ഷണം, വെള്ളം, കാഴ്ച, കേൾവി, സംസാരം തുടങ്ങിയ പ്രത്യക്ഷ അനുഗ്രഹങ്ങൾ കൂടാതെ വിശേഷ ബുദ്ധി, ജ്ഞാന സമ്പാദനം, ദൈവീക മാർഗ്ഗദർശനങ്ങൾ, പ്രാർത്ഥനക്ക് ഉത്തരം നൽകൽ തുടങ്ങി പരോക്ഷമായ പല അനുഗ്രഹങ്ങളും അവൻ മനുഷ്യന് ചെയ്തുകൊടുത്തിട്ടുണ്ട്. എന്നാൽ ഇവയെല്ലാം ആസ്വദിച്ച് കൊണ്ടിരിക്കുന്ന മനുഷ്യരിൽ ഒരു വിഭാഗം ആൾക്കാർ യാതൊരു മാർഗ്ഗദർശനമോ, അറിവോ, പ്രമാണമോ ഇല്ലാതെ അല്ലാഹുവിന്റെ അസ്തിത്വത്തെ ചോദ്യം ചെയ്തും, അവന്റെ ഏകത്വത്തെ നിഷേധിച്ചും, അവന്റെ നിയമ നിർദേശങ്ങളെ അവഗണിച്ചും, തർക്കത്തിലും നന്ദികേടിലും മുഴുകിയിരിക്കുയാണ്. (സൂ:ഇബ്രാഹീം : 34

നോക്കുക)

അത്തരത്തിൽ യാതൊരു അടിസ്ഥാനവുമില്ലാതെ തർക്കം നടത്തുന്നവരുടെ ഏക അവലംബം, തങ്ങളുടെ പൂർവ്വികന്മാരുടെ പാരമ്പര്യവും അവരോടുള്ള അന്ധമായ അനുകരണവും മാത്രമായിരിക്കും. എന്നാൽ ആ പൂർവ്വികന്മാരാകട്ടെ പിശാചിന്റെ കാലടികൾ പിൻപറ്റി, നരകശിക്ഷയിലേക്ക് ആ പിശാചിനാൽ നയിക്കപ്പെട്ടവരാകുന്നു. ഇതേ അനുഭവം തന്നെ തങ്ങൾക്കും വേണമെന്നാണോ ഇക്കൂട്ടരും വിചാരിക്കുന്നത് എന്നാണ് അല്ലാഹു ഗൗരവപൂർവ്വം അവരോട് ചോദിക്കുന്നത്.

**വചനം 22,23,24:**

۞ وَمَن يُسْلِمْ وَجْهَهُۥٓ إِلَى ٱللَّهِ وَهُوَ مُحْسِنٌ فَقَدِ ٱسْتَمْسَكَ بِٱلْعُرْوَةِ ٱلْوُثْقَىٰ ۗ وَإِلَى ٱللَّهِ عَٰقِبَةُ ٱلْأُمُورِ ﴿٢٢﴾

22 ആരെങ്കിലും– അവൻ സൽഗുണവാനായിക്കൊണ്ട്– തൻെറ മുഖത്തെ അല്ലാഹുവിങ്കലേക്ക് വിട്ടുകൊടുക്കുന്ന (കീഴ്പെടുത്തുന്ന)തായാൽ, തീർച്ചയായും അവൻ ഏറ്റവും ബലവത്തായ കൈപ്പിടിയെ മുറുകെ പിടിച്ചിരിക്കുകയാണ്. അല്ലാഹുവിങ്കലേക്കത്രെ കാര്യങ്ങളുടെ(യെല്ലാം) പര്യവസാനം.

وَمَن كَفَرَ فَلَا يَحْزُنكَ كُفْرُهُۥٓ ۚ إِلَيْنَا مَرْجِعُهُمْ فَنُنَبِّئُهُم بِمَا عَمِلُوٓا۟ ۚ إِنَّ ٱللَّهَ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٢٣﴾

23 ആരെങ്കിലും അവിശ്വസിച്ചിരുന്നുവെങ്കിലോ, അവൻെറ അവിശ്വാസം (നബിയേ) നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ:- (കാരണം) നമ്മുടെ അടുക്കലേക്കാണ് അവരുടെ മടങ്ങിയെത്തൽ. അപ്പോൾ, അവർ പ്രവർത്തിച്ചതിനെക്കുറിച്ച് നാം അവരെ ബോധപ്പെടുത്തിക്കൊടുക്കും. നിശ്ചയമായും അല്ലാഹു നെഞ്ചുകളിൽ (ഹൃദയങ്ങളിൽ) ഉള്ളവയെക്കുറിച്ച് അറിയുന്നവനാകുന്നു.

نُمَتِّعُهُمْ قَلِيلًا ثُمَّ نَضْطَرُّهُمْ إِلَىٰ عَذَابٍ غَلِيظٍ ﴿٢٤﴾

24 നാം അവർക്ക് അൽപം സുഖം അനുഭവിപ്പിക്കുന്നു; പിന്നീട് കഠോരമായ ശിക്ഷയിലേക്ക് നാം അവരെ നിർബ്ബന്ധിച്ചുകൊണ്ടുവരുന്നതുമാകുന്നു.

നിഷ്കളങ്കമായ നിലയിൽ അല്ലാഹുവിന് കീഴ്പെടുകയും അവന്റെ വിധിവിലക്കുകൾ അനുസരിക്കുകയും ചെയ്യുന്നവന് ശിക്ഷയെ ഭയപ്പെടേണ്ടതില്ല എന്നും അവന് രക്ഷാമാർഗ്ഗം ലഭിച്ചിരിക്കുന്നു എന്നുമാണ് ആദ്യത്തെ വചനത്തിന്റെ താല്പര്യം. നന്മചെയ്യുക, പുണ്യം ചെയ്യുക എന്നൊക്കെ അർത്ഥമുള്ള 'ഇഹ്സാൻ' എന്ന ധാതുവിന്റെ കർതൃരൂപമാകുന്നു 'മുഹ്സിൻ' എന്ന വാക്ക്.

"ഇഹ്സാൻ എന്നാൽ അല്ലാഹുവിനെ നീ കാണുന്നുണ്ടെന്ന പോലെ അവനെ നീ ആരാധിക്കുകയെന്നതാകുന്നു. നീ അവനെ കാണുന്നില്ലെങ്കിലും നിശ്ചയമായും അവൻ നിന്നെ കാണുന്നുണ്ട്" എന്ന നബി വചനം ഇമാം മുസ്ലീം(റ) ഉദ്ധരിച്ചിരിക്കുന്നു.

അവിശ്വാസികൾക്കുള്ള കനത്ത താക്കീതാകുന്നു, അടുത്ത രണ്ട് വചനങ്ങൾ - അവർക്ക് നാം അൽപം സുഖം അനുഭവിപ്പിക്കും എന്ന് പറഞ്ഞത് അവരുടെ ഇഹലോക ജീവിതത്തെ ഉദ്ദേശിച്ചാകുന്നു. അവരുടെ അവിശ്വാസത്തിനുള്ള സാക്ഷാൽ ഫലം പരലോകത്ത് അവർക്കുള്ള കഠോര ശിക്ഷയാകുന്നു.

**വചനം 25,26 :**

وَلَئِن سَأَلْتَهُم مَّنْ خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ لَيَقُولُنَّ ٱللَّهُ ۚ قُلِ ٱلْحَمْدُ لِلَّهِ ۚ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ﴿٢٥﴾

25 ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിച്ചത് ആരാണെന്ന് നീ അവരോട് ചോദിച്ചുവെങ്കിൽ, നിശ്ചയമായും അവർ പറയും: "അല്ലാഹു" എന്ന്. പറയുക: "അല്ലാഹുവിനാണ് സ്തുതി!" എങ്കിലും, അവരിൽ അധികമാളും അറിയുന്നില്ല.

لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ إِنَّ ٱللَّهَ هُوَ ٱلْغَنِيُّ ٱلْحَمِيدُ ﴿٢٦﴾

26 അല്ലാഹുവിൻേറതാണ് ആകാശങ്ങളിലും ഭൂമിയിലുമുള്ളത് (മുഴുവനും). നിശ്ചയമായും അല്ലാഹു തന്നെയാണ് ധന്യനും (അഥവാ അനാശ്രയനും) സ്തുത്യർഹനുമായുള്ളവൻ.

അല്ലാഹു അല്ലാതെയുള്ളവരെ ആരാധിക്കുന്നത് അബദ്ധവും അന്യായവുമാണെന്നുള്ളതിന് ഏറ്റവും അടിസ്ഥാനപരമായ കാരണം, ലോകസൃഷ്ടാവ് അല്ലാഹുവാണെന്നുള്ളതാണല്ലോ. ഈ യാഥാർത്ഥ്യം ബഹുദൈവവിശ്വാസികളും സമ്മതിക്കുന്നു. എന്നാൽ അവരിൽ അധികമാളുകളും ചിന്തയുടെയും കാര്യബോധത്തിന്റെയും അഭാവം നിമിത്തം, ഈ പരമാർത്ഥം മനസ്സിലാക്കുന്നില്ല. ആകയാൽ അല്ലാഹുവിനെ സ്തുതിക്കുന്നതിന് പകരം പൂർവ്വിക പാരമ്പര്യത്തെ അനുകരിച്ച് തൃപ്തിപ്പെട്ട് നാശമടയുകയാണവർ ചെയ്യുന്നത്.

**വചനം 27 :**

وَلَوْ أَنَّمَا فِي ٱلْأَرْضِ مِن شَجَرَةٍ أَقْلَٰمٌ وَٱلْبَحْرُ يَمُدُّهُۥ مِنۢ بَعْدِهِۦ سَبْعَةُ أَبْحُرٍ مَّا نَفِدَتْ كَلِمَٰتُ ٱللَّهِ ۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ ﴿٢٧﴾

27 ഭൂമിയിൽ വൃക്ഷമായിട്ടുള്ളതു (മുഴുവനും) പേനകളായിരുന്നാലും, (നിലവിലുള്ള) സമുദ്രം -അതിനു പുറമെ ഏഴു സമുദ്രങ്ങളും - അതിന് പോഷണം നൽകി (മഷിയായി) ക്കൊണ്ടിരിക്കയും ചെയ്താലും, അല്ലാഹുവിൻെറ വചനങ്ങൾ (എഴുതി) തീരുന്നതല്ല. നിശ്ചയമായും, അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

ഭൂമിയിലെ വൃക്ഷങ്ങളെല്ലാം പേനകളായും നിലവിലുള്ള സമുദ്രവും അതിന് പുറമേ ഏഴ് സമുദ്രങ്ങളും മഷിയായും ഉപയോഗപ്പെടുത്തിയാലും അല്ലാഹുവിന്റെ വചനങ്ങളെയും അവന്റെ ഉൽകൃഷ്ടഗുണങ്ങളെയും എഴുതി അവസാനിപ്പിക്കുക സാധ്യമല്ല തന്നെ. അത്രയ്ക്ക് കണക്കും പരിധിയും ഇല്ലാത്തവയാണ് അവ എന്ന് സാരം. സൂ: അൽ കഹ്ഫ് 109-ാം വചനത്തിന്റെ വിവരണത്തിൽ പ്രസ്താവിച്ചതെല്ലാം ഇവിടെയും പ്രസക്തമാകുന്നു.

**വചനം 28 :**

مَّا خَلْقُكُمْ وَلَا بَعْثُكُمْ إِلَّا كَنَفْسٍ وَٰحِدَةٍ ۗ إِنَّ ٱللَّهَ سَمِيعٌۢ بَصِيرٌ ﴿٢٨﴾

28 നിങ്ങളെ (മുഴുവനും) സൃഷ്ടിക്കുന്നതും, നിങ്ങളെ പുനർജ്ജീവിപ്പിക്കുന്നതും ഒരേ ദേഹത്തിൻേറതുപോലെയല്ലാതെ (കൂടുതൽ പ്രയാസമൊന്നും) അല്ല. നിശ്ചയമായും അല്ലാഹു (എല്ലാം) കേൾക്കുന്നവനാണ്, കാണുന്നവനാണ്.

നിങ്ങളിൽ ഒരാളെ സൃഷ്ടിക്കുന്നതും പുനരുജ്ജീവിപ്പിക്കുന്നതും നിങ്ങളെ മുഴുവൻ സൃഷ്ടിക്കുന്നതും പുനരുജ്ജീവിപ്പിക്കുന്നതും അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം ഒരു പോലെ നിസ്സാരമാകുന്നു. കാരണം, ഏതൊരു കാര്യവും ഉണ്ടാകണമെന്ന് അല്ലാഹു ഉദ്ദേശിച്ചാൽ അതിനെ കുറിച്ച് 'ഉണ്ടാവുക' എന്ന് അവൻ പറയുകയേ വേണ്ടൂ- അത് ഉണ്ടാകുന്നതാണ് - "നിശ്ചയമായും അവന്റെ കാര്യം, അവൻ ഒരു വസ്തു (അഥവാ കാര്യം) ഉദ്ദേശിച്ചാൽ അതിനെ കുറിച്ച് 'ഉണ്ടാവുക'എന്ന് പറയുകയേ വേണ്ടൂ- അപ്പോഴത് ഉണ്ടാകുന്നതാണ് " സൂ : യാസീൻ വചനം 82.

**വചനം 29 :**

أَلَمْ تَرَ أَنَّ ٱللَّهَ يُولِجُ ٱلَّيْلَ فِي ٱلنَّهَارِ وَيُولِجُ ٱلنَّهَارَ فِي ٱلَّيْلِ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ

29 നീ കാണുന്നില്ലേ, അല്ലാഹു രാത്രിയെ പകലിൽ കടത്തുകയും, പകലിനെ രാത്രിയിൽ കടത്തുകയും ചെയ്തുവരുന്നത്?! സൂര്യനെയും ചന്ദ്രനെയും അവൻ അധീനപ്പെടുത്തുകയും ചെയ്തി

كُلٌّ يَجْرِىٓ إِلَىٰٓ أَجَلٍ مُّسَمًّى وَأَنَّ ٱللَّهَ بِمَا تَعْمَلُونَ خَبِيرٌ ﴿٢٩﴾

രിക്കുന്നു. എല്ലാം (തന്നെ) ഒരു നിർണ്ണയിക്കപ്പെട്ട അവധിവരെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ പ്രവർത്തിച്ചുവരുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാണെന്നും (കണ്ടറിയുന്നില്ലേ)?!

പകൽ സമയത്തിൽ വരുന്ന കുറവിനെ രാത്രിയിലും രാത്രി സമയത്തിൽ വരുന്ന കുറവിനെ പകലിലും അവൻ നികത്തുന്നു. രാത്രിയെയും പകലിനെയും പരസ്പരം ലയിപ്പിക്കുന്നു. സൂര്യ ചന്ദ്രന്മാർ നിർണ്ണയിക്കപ്പെട്ട ചലനമാർഗ്ഗങ്ങൾ തെറ്റാതെ ഖിയാമം നാൾ വരെ ചലിച്ച് കൊണ്ടിരിക്കുന്നു. ഇതെല്ലാം അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തെയും ഉന്നതമായ മഹാത്മ്യത്തെയും വിളിച്ചോതുന്നു.

**വചനം 30,31 :**

ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِ ٱلْبَٰطِلُ وَأَنَّ ٱللَّهَ هُوَ ٱلْعَلِىُّ ٱلْكَبِيرُ ﴿٣٠﴾

30 അല്ലാഹു തന്നെയാണ് സ്ഥിരമായി നിലകൊള്ളുന്നവൻ എന്നുള്ളതുകൊണ്ടാണത്; അവനു പുറമെ അവർ വിളിച്ചു (പ്രാർത്ഥിച്ചു) വരുന്നവ വ്യർത്ഥമാണെന്നും, അല്ലാഹു തന്നെയാകുന്നു വലിയ (മഹാനായ) ഉന്നതനെന്നും (ഉള്ളതു കൊണ്ടാണ്).

**വിഭാഗം 4**

أَلَمْ تَرَ أَنَّ ٱلْفُلْكَ تَجْرِى فِى ٱلْبَحْرِ بِنِعْمَتِ ٱللَّهِ لِيُرِيَكُم مِّنْ ءَايَٰتِهِۦٓ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّكُلِّ صَبَّارٍ شَكُورٍ ﴿٣١﴾

31 അല്ലാഹുവിൻെറ അനുഗ്രഹത്താൽ സമുദ്രത്തിൽ കൂടി കപ്പലുകൾ സഞ്ചരിക്കുന്നത് നീ കണ്ടില്ലേ. അവൻെറ ദൃഷ്ടാന്തങ്ങളിൽനിന്നു (ചിലത്) നിങ്ങൾക്ക് കാണിച്ചുതരുവാൻ വേണ്ടി?! നിശ്ചയമായും, കൃതജ്ഞരായ എല്ലാ ക്ഷമാശീലൻമാർക്കും അതിൽ പല ദൃഷ്ടാന്തങ്ങളുണ്ട്.

അല്ലാഹുവിന് പുറമേ അവർ വിളിച്ച് പ്രാർത്ഥിച്ച് വരുന്നവയൊക്കെ വ്യർത്ഥമാകുന്നു. അല്ലാഹു തന്നെയാകുന്നു മഹാനും ഉത്തമനും സ്ഥിരമായി നിലകൊള്ളുന്നവനും. അല്ലാഹുവിന്റെ എണ്ണിയാലൊടുങ്ങാത്ത അനേകം അനുഗ്രഹങ്ങളിൽ ഒന്നാകുന്നു സമുദ്രത്തിൽ കൂടി കപ്പലുകൾ സഞ്ചരിക്കുന്നത്. അതിൽ കൃതജ്ഞരും ക്ഷമാശീലരുമായ എല്ലാവർക്കും ദൃഷ്ടാന്തങ്ങളുണ്ട്. 'സത്യവിശ്വാസമെന്നത് രണ്ട് പകുതിയാണ് - ഒരു പകുതി ക്ഷമയും ഒരു പകുതി നന്ദിയും' എന്ന് റസൂൽ തിരുമേനി(സ)യുടെ തിരുവചനങ്ങളിൽ കാണാം. അതായത് വിഷമങ്ങളിലും നാശനഷ്ടങ്ങളിലും, ക്ഷമയും സഹനവും പ്രകടമാക്കുന്നതും, സുഖസന്തോഷങ്ങളിലും നേട്ടങ്ങളിലും നന്ദിയും കൂറും പ്രകടമാക്കുന്നതും സത്യവിശ്വാസിയുടെ ലക്ഷണമാകുന്നു.

**വചനം 32 :**

وَإِذَا غَشِيَهُم مَّوْجٌ كَٱلظُّلَلِ دَعَوُا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ فَلَمَّا نَجَّىٰهُمْ إِلَى ٱلْبَرِّ فَمِنْهُم مُّقْتَصِدٌ ۚ وَمَا يَجْحَدُ بِـَٔايَٰتِنَآ إِلَّا كُلُّ خَتَّارٍ كَفُورٍ ﴿٣٢﴾

32 കുന്നുകൾപോലെയുള്ള (വമ്പിച്ച) തിരമാല അവരെ മൂടിക്കളഞ്ഞാൽ, അനുസരണം (അഥവാ കീഴ്വണക്കം) അല്ലാഹുവിനു (മാത്രമാക്കി) നിഷ്കളങ്കരായിക്കൊണ്ട് അവർ അവനെ വിളി(ച്ചു പ്രാർത്ഥി) ക്കുന്നതാണ്. എന്നാൽ അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തുമ്പോഴോ, അപ്പോൾ അവരിൽ (ചിലർ) മിതത്വം സ്വീകരിച്ചവരുണ്ടായിരിക്കും: (ചിലർ നിഷേധികളും.) നന്ദികെട്ട എല്ലാ അതിവഞ്ചകൻമാരു

മല്ലാതെ (മറ്റാരും) നമ്മുടെ ദൃഷ്ടാന്തങ്ങളെ
നിഷേധിക്കുകയില്ല.

സമുദ്രയാത്രയ്ക്കിടയിൽ കടൽ ക്ഷോഭമുണ്ടാകുന്ന ആപദ്ഘട്ടത്തിൽ മുശ്രിക്കുകൾ തങ്ങളുടെ ആരാധ്യവസ്തുക്കളായ എല്ലാ ദൈവങ്ങളെയും മറന്ന് അല്ലാഹുവിനെ മാത്രം ഭയഭക്തിയോടെ വിളിച്ച് രക്ഷക്ക് വേണ്ടി നിഷ്കളങ്ക ഹൃദയത്തോടെ പ്രാർത്ഥിക്കും. എന്നാൽ ആപത്തൊഴിഞ്ഞു കരയിൽ എത്തിക്കഴിഞ്ഞാൽ, അവരിൽ ചുരുക്കം ചിലർ, ശിർക്ക് പാടേ ഉപേക്ഷിക്കുന്നില്ലെങ്കിലും, അല്ലാഹുവിനെ കുറിച്ചുള്ള ഭയവും നന്ദിയും കുറച്ചെങ്കിലും അവരിൽ അവശേഷിപ്പിക്കുന്നവരായിരിക്കും. മറ്റുള്ളവരാകട്ടെ, അല്ലാഹുവിനെ കുറിച്ചുള്ള ഓർമ്മയോ നന്ദിയോ ഒട്ടും അവശേഷിപ്പിക്കാതെ, തനി നിഷേധികളായി തുടരുകയും ചെയ്യും.

<u>വചനം 33 :</u>

يَٰٓأَيُّهَا ٱلنَّاسُ ٱتَّقُواْ رَبَّكُمْ وَٱخْشَوْاْ يَوْمًا لَّا يَجْزِى وَالِدٌ عَن وَلَدِهِۦ وَلَا مَوْلُودٌ هُوَ جَازٍ عَن وَالِدِهِۦ شَيْـًٔا ۚ إِنَّ وَعْدَ ٱللَّهِ حَقٌّ ۖ فَلَا تَغُرَّنَّكُمُ ٱلْحَيَوٰةُ ٱلدُّنْيَا وَلَا يَغُرَّنَّكُم بِٱللَّهِ ٱلْغَرُورُ ﴿٣٣﴾

33 ഹേ, മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ റബ്ബിനെ സൂക്ഷിക്കുവിൻ, ഒരു ദിവസത്തെ ഭയപ്പെടുകയും ചെയ്യുവിൻ; (അന്ന്) ഒരു ജനയിതാവും (മാതാവോ, പിതാവോ) തൻെറ സന്താനത്തിന് (യാതൊന്നും) പ്രയോജനം ചെയ്യുന്നതല്ല, ഒരു സന്താനവുംതന്നെ, തൻെറ ജനയിതാവിനും യാതൊരു പ്രയോജനവും ചെയ്യുന്നവനായിരിക്കയില്ല (അങ്ങിനെയുള്ള ഒരു ദിവസം). നിശ്ചയമായും അല്ലാഹുവിൻെറ വാഗ്ദത്തം യഥാർത്ഥമാകുന്നു. ആകയാൽ, ഐഹികജീവിതം തീർച്ചയായും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. അല്ലാഹുവിനെസംബന്ധിച്ച് (ആ) മഹാവഞ്ചകനും (പിശാചും) നിങ്ങളെ വഞ്ചിക്കാതിരുന്നുകൊള്ളട്ടെ!

ഖിയാമത്ത് നാളിൽ മാതാപിതാക്കൾ മക്കൾക്കോ, മക്കൾ മാതാപിതാക്കൾക്കോ യാതൊരു പ്രയോജനവും ചെയ്യാൻ - എന്തെങ്കിലും ഗുണം ചെയ്യുവാനോ, ദോഷം തടുക്കുവാനോ - സാധ്യമല്ല തന്നെ. അന്ന് ഓരോ മനുഷ്യനും അവനവന് മതിയാവോളം സ്വന്തം കാര്യങ്ങൾ തന്നെയുണ്ടായിരിക്കും. താഴെ കാണുന്ന വചനങ്ങൾ ശ്രദ്ധിക്കുക.

“അതായത്, മനുഷ്യൻ തന്റെ സഹോദരനെയും മാതാവിനെയും പിതാവിനെയും, തന്റെ ഭാര്യയെയും മക്കളേയും വിട്ടോടിപ്പോകുന്ന ദിവസം” സൂ: അബസ 34-36.

“ഏതൊരു മനുഷ്യനും താൻ സമ്പാദിച്ച് വെച്ചതിന് (സ്വന്തം കർമ്മങ്ങൾക്ക്) പണയം വെക്കപ്പെട്ടവനായിരിക്കും.” സൂ: ത്വൂർ 21

“ഒരാൾക്കും മറ്റൊരാൾക്ക് വേണ്ടി യാതൊന്നും അധീനപ്പെടുത്താനാവാത്ത ഒരു ദിവസം; അന്നേ ദിവസം കൈകാര്യകർതൃത്വം അല്ലാഹുവിനായിരിക്കും“ സൂ: ഇൻഫിത്വാർ :19

പ്രസ്തുത ദിവസത്തിന് വേണ്ടി, സൽകർമ്മങ്ങൾ ചെയ്യുവാനും, പാപങ്ങളിൽ നിന്ന് പശ്ചാത്തപിക്കുവാനും ശ്രമിക്കുക എന്നത്രേ ‘ആ ഒരു ദിവസത്തെ ഭയപ്പെടുക’ എന്ന് പറഞ്ഞതിന്റെ താൽപര്യം. എന്നാൽ മനുഷ്യന്റെ പ്രസ്തുത ലക്ഷ്യത്തിന്റെ സാക്ഷാത്കാരത്തിന് വിഘാതമായി നിൽക്കുന്നത് പ്രധാനമായും രണ്ട് കാരണങ്ങളാകുന്നു.

1) ഐഹിക ജീവിതത്തിന് പ്രാധാന്യം നൽകുക: അവിശ്വാസികൾ മാത്രമല്ല, വിശ്വാസികളിൽപ്പെട്ട മിക്കവരും തന്നെ ഭൗതിക ജീവിതത്തിന് പ്രാമുഖ്യം നൽകി, പരലോക ജീവിതത്തിന് വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നവരാകുന്നു. സൂ: അഅ്ലാ 16-ാം വചനത്തിൽ അല്ലാഹു ഇക്കാര്യം

എടുത്ത് പറയുന്നു: "പക്ഷേ, നിങ്ങള്‍ ഐഹിക ജീവിതത്തിന് കൂടുതല്‍ പ്രാധാന്യം നല്‍കുന്നു."

2) പിശാചിന്റെ ദുര്‍ബോധനങ്ങളില്‍ വഞ്ചിതരാകുക: പിശാചിന്റെ പ്രലോഭനങ്ങള്‍ക്ക് അടിമപ്പെട്ടാണ് അവിശ്വാസികള്‍ ജീവിതം നയിക്കുന്നതെന്ന് സ്പഷ്ടമാണ്. എന്നാല്‍ വിശ്വാസികളില്‍ പലരും തന്നെ പിശാചിന്റെ വലയില്‍ അകപ്പെടുന്നതായി നാം കണ്ടുവരുന്നു. "അല്ലാഹു പൊറുക്കുന്നവനാണ്, പരമകാരുണികനാണ്; പശ്ചാത്തപിച്ച് മടങ്ങുവാന്‍ ഇനിയും ധാരാളം സമയമുണ്ട്" എന്നിങ്ങനെ പലതും പിശാച് തോന്നിപ്പിച്ച് കൊണ്ടിരിക്കും. എല്ലാം വഞ്ചനയും വ്യാമോഹങ്ങളും മാത്രമായിരിക്കും.

"പിശാച് അവരോട് വാഗാദാനം ചെയ്യുകയും അവരെ വ്യാമോഹിപ്പിക്കുകയും ചെയ്യുന്നതാണ്. പിശാച് അവരോട് വഞ്ചനയല്ലാതെ ഒന്നും വാഗ്ദാനം ചെയ്യുകയില്ലതാനും" എന്ന് സൂ: നിസാഅ് 120 ല്‍ അല്ലാഹു നമുക്ക് മുന്നറിയിപ്പ് നല്‍കിയിരിക്കുന്നു.

ഐഹിക ജീവിതത്തിന്റെയും പിശാചിന്റെയും വഞ്ചനകളില്‍ അകപ്പെടാതെ, അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ. (ആമീന്‍)

വചനം 34 :

إِنَّ ٱللَّهَ عِندَهُۥ عِلْمُ ٱلسَّاعَةِ وَيُنَزِّلُ ٱلْغَيْثَ وَيَعْلَمُ مَا فِى ٱلْأَرْحَامِ ۖ وَمَا تَدْرِى نَفْسٌ مَّاذَا تَكْسِبُ غَدًا ۖ وَمَا تَدْرِى نَفْسٌۢ بِأَىِّ أَرْضٍ تَمُوتُ ۚ إِنَّ ٱللَّهَ عَلِيمٌ خَبِيرٌۢ ﴿٣٤﴾

34 നിശ്ചയമായും അല്ലാഹുവിന്‍െറ പക്കലത്രെ അന്ത്യസമയത്തിന്‍െറ അറിവ്. അവന്‍ മഴ ഇറക്കുകയും ചെയ്യുന്നു; ഗര്‍ഭാശയങ്ങളിലുള്ളതിനെ അറിയുകയും ചെയ്യുന്നു. നാളെ എന്താണ് താന്‍ പ്രവര്‍ത്തിക്കുകയെന്നുള്ളത് ഒരാളും അറിയുന്നതല്ല; ഏതു നാട്ടില്‍വെച്ചാണ് താന്‍ മരണമടയുകയെന്നും ഒരാളും അറിയുന്നതല്ല. നിശ്ചയമായും അല്ലാഹു സര്‍വ്വജ്ഞനാണ്, സൂക്ഷ്മജ്ഞനാണ്.

അല്ലാഹുവല്ലാതെ മറ്റാരും അറിയാത്ത അഞ്ച് അദൃശ്യകാര്യങ്ങളാണ് ഈ വചനത്തില്‍ പ്രസ്താവിക്കപ്പെട്ടിട്ടുള്ളത്.

1) ലോകാവസാനം- അത് എപ്പോഴാണെന്നുള്ളത് 2) മഴ വര്‍ഷിക്കല്‍- അത് എപ്പോഴാണ്, എവിടെയൊക്കെയാണ്, എങ്ങനെയൊക്കെ ആയിരിക്കും എന്നുള്ളത് 3) ഗര്‍ഭസ്ഥശിശുവിനെ സംബന്ധിച്ചുള്ള വിവരങ്ങള്‍- അത് ആണോ പെണ്ണോ, വെളുത്തതോ കറുത്തതോ, അല്‍പായുസ്സോ ദീര്‍ഘായുസ്സോ എന്നിങ്ങനെയുള്ളത് 4) ഒരാള്‍ നാളെ എന്തൊക്കെ ചെയ്യുമെന്നത് (5) ഒരാള്‍ എവിടെ വെച്ചാണ് എപ്പോഴാണ്, എങ്ങനെയാണ് മരിക്കുക - എന്നിവയാണവ.

ഈ അഞ്ച് കാര്യങ്ങള്‍ക്ക് പുറമേ എത്രയോ അദൃശ്യകാര്യങ്ങള്‍ അല്ലാഹുവല്ലാതെ മറ്റാരും അറിയാത്തതായിട്ടുണ്ട്. എന്നാല്‍ ഈ അഞ്ച് കാര്യങ്ങളെകുറിച്ച് വാരിഥ്ബ്നു അമുദ് എന്ന് പേരായ ഒരാള്‍ നബി(സ)യോട് പ്രത്യേകം എടുത്ത് ചോദിക്കുകയുണ്ടായതിനെ തുടര്‍ന്നാണ് ഈ വചനം അവതരിച്ചതെന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അദൃശ്യജ്ഞാനത്തിന്റെ താക്കോലുകള്‍ - അഥവാ ഖജനാവുകള്‍ - എന്ന് പ്രസ്താവിച്ച് കൊണ്ട് ഒരിക്കല്‍ നബി(സ) ഈ വചനം ഓതുകയുണ്ടായെന്ന് ഇബ്നു ഉമര്‍(റ) നിവേദനം ചെയ്തിരിക്കുന്നു (ബു:മു)

നമ്മുടെ പഞ്ചേന്ദ്രിയങ്ങള്‍ക്കും ബുദ്ധിക്കും തികച്ചും അതീതമായ കാര്യങ്ങള്‍ക്കാണ് അദൃശ്യജ്ഞാനം - **الغيب**- എന്ന് പറയപ്പെടുന്നത്. സാധാരണ പതിവനുസരിച്ചോ, ലക്ഷണങ്ങള്‍ മുഖേനയോ ലഭിക്കുന്ന അനുമാനങ്ങള്‍, പഞ്ചേന്ദ്രിയങ്ങളുടെ ഗ്രഹണശക്തിയെ ഏതെങ്കിലും തരത്തില്‍ സഹായിക്കുന്ന യന്ത്രങ്ങള്‍ മുഖേന ലഭിക്കുന്ന അറിവുകള്‍, ബഹുവിധ ശാസ്ത്രശാഖകളില്‍ പ്രാവീണ്യം ലഭിച്ചിട്ടുള്ള വിദഗ്ദര്‍ക്ക് കരഗതമാകുന്ന പരിജ്ഞാനങ്ങള്‍, എന്നിവ അദൃശ്യജ്ഞാനങ്ങളില്‍ ഉള്‍പ്പെടുന്നതല്ല. ഈ അറിവുകളില്‍ നിന്നുള്ള അഭിപ്രായങ്ങളും അനുമാനങ്ങളും പലപ്പോഴും തെറ്റായിരിക്കാം; പല

പ്പോഴും ശരിയുമായിത്തീരാം. (നമ്മുടെ നാട്ടിലെ കാലാവസ്ഥാ പ്രവചനങ്ങൾ നമുക്കേവർക്കും പരിചിതമായ ഒരു ഉദാഹരണമാണല്ലോ.) ഈ പറഞ്ഞതെല്ലാം ഭൗതിക ലോകത്തെ ചില അറിവുകളെ കുറിച്ചാണല്ലോ. എന്നാൽ ആത്മീയ ലോകത്തെയും പരലോകത്തെയും കാര്യങ്ങളെകുറിച്ച് മനുഷ്യന് എന്താണ് അറിയുവാൻ കഴിയുക - അല്ലാഹു അറിയിച്ച് തന്നാലല്ലാതെ.

"എന്റെ അറിവും താങ്കളുടെ അറിവും, സൃഷ്ടികളുടെ എല്ലാവരുടെയും കൂടെയുള്ള അറിവും ചേർന്നാലും, അല്ലാഹുവിന്റെ അറിവിനെ അപേക്ഷിച്ച് ഒരു കുരുവിയുടെ കൊക്ക് സമുദ്രത്തിലെ വെള്ളത്തിൽ വരുത്തിയ കുറവ് പോലെയല്ലാതെ അതിൽ കവിഞ്ഞൊന്നും അതിൽ കുറവ് വരുത്തുകയില്ല" എന്ന് ഖിള്ർ(അ) മൂസാ(അ) നബിയോട് പറഞ്ഞതായി ഒരു ഹദീസിൽ കാണാം. (ബു:മു)

"നിങ്ങൾക്ക് അറിവിൽ നിന്നും അൽപം അല്ലാതെ നൽകപ്പെട്ടിട്ടില്ല" എന്ന സൂ: ഇസ്റാഅ് ലെ 85-ാം വചനവും, "പറയുക; അല്ലാഹു അല്ലാതെ ആകാശങ്ങളിലും ഭൂമിയിലും ഉള്ളവർ (ആരും തന്നെ) അദൃശ്യകാര്യം അറിയുകയില്ല. തങ്ങൾ എപ്പോഴാണ് (മരണശേഷം) ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുകയെന്നും അവർക്ക് അറിയാവതല്ല" എന്ന സൂ: നംല് -ലെ 65-ാം വചനവും ഇത്തരുണത്തിൽ ശ്രദ്ധേയമാകുന്നു. അല്ലാഹു അറിയിച്ച് കൊടുത്താലല്ലാതെ ഒരു പ്രവാചകന് പോലും അദൃശ്യകാര്യങ്ങളെ കുറിച്ച് അറിയുവാൻ സാദ്ധ്യമല്ല തന്നെ.

# 32. സൂറത്തു സജദ (സാഷ്ടാംഗം)

മക്കയിൽ അവതരിച്ചത്

**വചനങ്ങൾ 30, വിഭാഗം (റുകൂഅ്) 3**

വെള്ളിയാഴ്ച ദിവസങ്ങളിൽ സുബ്ഹ് നമസ്കാരത്തിൽ ഒന്നാമത്തെ റക്അത്തിൽ ഈ സൂറത്തും രണ്ടാമത്തെ റക്അത്തിൽ സൂ: ഇൻസാനും റസൂൽ തിരുമേനി(സ) ഓതാറുണ്ടായിരുന്നുവെന്ന് ബുഖാരി(റ)യും മുസ്ലിം(റ)യും രിവായത്ത് ചെയ്തിരിക്കുന്നു. 15-ാം വചനം പാരായണം ചെയ്യുകയോ കേൾക്കുകയോ ചെയ്താൽ സുജൂദ് (സാഷ്ടാംഗ നമസ്കാരം) ചെയ്യേണ്ടതാണ്

## വിഭാഗം - 1

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3 :**

الٓمٓ ﴿١﴾

تَنزِيلُ ٱلْكِتَٰبِ لَا رَيْبَ فِيهِ مِن رَّبِّ ٱلْعَٰلَمِينَ ﴿٢﴾

أَمْ يَقُولُونَ ٱفْتَرَىٰهُ ۚ بَلْ هُوَ ٱلْحَقُّ مِن رَّبِّكَ لِتُنذِرَ قَوْمًا مَّآ أَتَىٰهُم مِّن نَّذِيرٍ مِّن قَبْلِكَ لَعَلَّهُمْ يَهْتَدُونَ ﴿٣﴾

1 അലിഫ്-ലാം-മീം.

2 (ഈ) വേദഗ്രന്ഥം അവതരിപ്പിച്ചത്-അതിൽ സന്ദേഹമേ ഇല്ല- ലോകരുടെ രക്ഷിതാവിങ്കൽ നിന്നാകുന്നു.

3 അഥവാ അവർ (അവിശ്വാസികൾ) പറയുന്നുവോ: ''അത് ഇവൻ (നബി) കെട്ടിച്ചമച്ചിരിക്കുകയാണ്'' എന്ന്?! (അല്ല-) എന്നാലത് (നബിയേ) നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള യഥാർത്ഥമാകുന്നു; നിനക്കുമുമ്പ് ഒരു താക്കീതുകാരനും വന്നിട്ടില്ലാത്ത ഒരു ജനതക്കു നീ താക്കീത് നൽകുവാൻവേണ്ടിയാണ് (അത്); അവർ സൻമാർഗ്ഗം പ്രാപിച്ചേക്കാമല്ലോ!

ഒന്നാം വചനത്തിലെ കേവലാക്ഷരങ്ങളെ കുറിച്ച് സൂ: അൽബഖറയുടെ പ്രാരംഭത്തിലെ വിശദീകരണം നോക്കുക.

ലോക രക്ഷിതാവായ അല്ലാഹു അവതരിപ്പിച്ച ഈ വേദഗ്രന്ഥം (വി: ഖുർആൻ) മുഹമ്മദ് കെട്ടിച്ചമച്ചതാണെന്ന മുശ്‌രിക്കുകളുടെ ജല്പനം അല്ലാഹു ഖണ്ഡിക്കുന്നു. നബി(സ)ക്ക് മുമ്പ് ഒരു താക്കീത് കാരനും വന്നിട്ടില്ലാത്ത ഖുറൈശി അറബി ജനതക്ക് താക്കീത് നൽകുവാൻ വേണ്ടിയും അങ്ങനെയുള്ളവർ സന്മാർഗ്ഗം പ്രാപിക്കുവാൻ വേണ്ടിയും അല്ലാഹുവിൽ നിന്ന് അവതരിച്ച ഒരു യാഥാർത്ഥ്യമാകുന്നു. വിശുദ്ധ ഖുർആൻ എന്ന് അല്ലാഹു പ്രസ്താവിക്കുന്നു. (സൂ: ഖസസ് 46-ാം വചനവും വിശദീകരണവും നോക്കുക)

**വചനം 4,5 :**

ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۖ مَا لَكُم مِّن دُونِهِۦ مِن وَلِىٍّ وَلَا شَفِيعٍ ۚ أَفَلَا تَتَذَكَّرُونَ ﴿٤﴾

يُدَبِّرُ ٱلْأَمْرَ مِنَ ٱلسَّمَآءِ إِلَى ٱلْأَرْضِ ثُمَّ يَعْرُجُ إِلَيْهِ فِى يَوْمٍ كَانَ مِقْدَارُهُۥٓ أَلْفَ سَنَةٍ مِّمَّا تَعُدُّونَ ﴿٥﴾

4 ആകാശങ്ങളും, ഭൂമിയും, അവ രണ്ടിനുമിടയിലുള്ളതും ആറു ദിവസങ്ങളിൽ സൃഷ്ടിച്ചിട്ടുള്ളവനത്രെ അല്ലാഹു. പിന്നീടവൻ അർശിൽ (സിംഹാസനത്തിൽ) ആരോഹണം ചെയ്തു. അവനുപുറമെ നിങ്ങൾക്ക് ഒരു കൈകാര്യകർത്താവാകട്ടെ, ശുപാർശക്കാരനാകട്ടെ ഇല്ല. എന്നിരിക്കേ, നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ?!

5 അവൻ ആകാശത്തുനിന്ന് ഭൂമിയിലേക്ക് കാര്യം (വ്യവസ്ഥപ്പെടുത്തി) നിയന്ത്രിച്ചു വരുന്നു; പിന്നീട് ഒരു ദിവസത്തിൽ അത് അവങ്കലേക്ക് ഉയർന്നുപോകുന്നു; അതിൻെറ അളവ് (വലുപ്പം) നിങ്ങൾ എണ്ണിവരുന്ന (ഇനത്തിൽ) ആയിരം കൊല്ലമാകുന്നു (-അത്ര വമ്പിച്ചതാണ്)!

ആകാശഭൂമികളെ അല്ലാഹു ആറ് ദിവസങ്ങളിലായിട്ടാണ് സൃഷ്ടിച്ചതെന്ന് ഇവിടെ മാത്രമല്ല സൂ: അഅ്റാഫ് 54; സൂ: യൂനുസ് 3; സൂ: ഹൂദ് 7 ; സൂ: ഫുർഖാൻ 59 ; സൂ: ഖാഫ് 38; സൂ: ഹദീദ് :4,5 എന്നിവിടങ്ങളിലും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. 'ദിവസങ്ങൾ' എന്നത് കൊണ്ട് സൂര്യന്റെ ഉദയാസ്തമനവുമായി ബന്ധപ്പെട്ട് നാം കണക്കാക്കി വരുന്ന 24 മണിക്കൂറുകളുള്ള ദിവസം ആയിരിക്കുകയില്ല ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. എന്തെന്നാൽ ഭൂമികളുടെ സൃഷ്ടിപ്പിന് മുമ്പ് സൂര്യനും ഉദയാസ്മനവും ഉണ്ടായിരിക്കുകയില്ലല്ലോ. (സൂ: അമ്പിയാഅ് 30-ാം വചനത്തിന്റെ വിവരണം നോക്കുക). ആകയാൽ നമുക്ക് നിർണ്ണയിക്കാനാകാത്ത ആറ് ദിവസങ്ങളായിരിക്കും ഇവിടെ ഉദ്ദേശ്യം എന്നാണ് മനസ്സിലാക്കേണ്ടത്.

അത്പോലെ തന്നെ 'പിന്നീട് അവൻ അർശിൽ ആരോഹണം ചെയ്തു' എന്നതിന്റെ സ്വഭാവവും, വിധവും എങ്ങനെയാണെന്ന് നമുക്കറിഞ്ഞ് കൂടാ. അല്ലാഹുവിന്റെ മഹത്വത്തിനും ഉൽകൃഷ്ടതക്കും യോജിക്കുന്ന ഒരു രൂപത്തിലായിരിക്കും അതെന്ന് നാം മനസ്സിലാക്കുകയും വിശ്വസിക്കുകയും ചെയ്യേണ്ടതാണ് (സൂ: ത്വാഹാ 5-ാം വചനത്തിന്റെ വിവരണം നോക്കുക)

'അവൻ അർശിൽ ആരോഹണം ചെയ്തു' എന്ന് ഖുർആനിൽ പ്രസ്താവിക്കുന്ന സ്ഥലങ്ങളിൽ, (സൂ: അഅ്റാഫ് 54, സൂ: യൂനുസ്: 3; സൂ: റഅ്ദ് 2; സൂ: ത്വാഹാ 5 ; സൂ: ഫുർഖാൻ: 59; സൂ: ഹദീദ് 4,5) ആകാശഭൂമികളുടെ അല്ലാഹുവിന്റെ ആധിപത്യം വ്യക്തമാക്കുന്ന വിധത്തിൽ 5-ാം വചനത്തിൽ കാണുന്നപോലെ 'അവൻ കാര്യങ്ങളെ നിയന്ത്രിക്കുന്നു' എന്നോ അല്ലെങ്കിൽ സമാന ആശയം ഉൾക്കൊള്ളുന്ന വചനങ്ങളോ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നതായി താഴെ കാണുന്ന ആയത്തുകളിൽ നമുക്ക് കാണാവുന്നതാണ് - സൂ: അഅ്റാഫ് 54 സൂ: യൂനുസ്: 3; സൂ: റഅ്ദ് 2; സൂ: ഹദീദ് 4,5 എന്നിവിടങ്ങളിൽ.

ഭൂലോകത്ത് നടക്കുന്ന കാര്യങ്ങളെല്ലാം ഉപരിലോകവുമായി ബന്ധമുള്ളവയാണ്. സൂര്യചന്ദ്രന്മാരുടെ ചലനം, പ്രകാശം, നക്ഷത്രപ്രഭ, മഴ, വെയിൽ തുടങ്ങിയ വാന സംബന്ധമായ പല കാര്യങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് നമുക്കേവർക്കുമറിയാം. എന്നാൽ നമുക്ക് അജ്ഞാതമായ ചില ഭൗതിക കാര്യകാരണ ബന്ധങ്ങൾ വേറെയും നിലവിലുണ്ട്. മരണം (11-ാം വചനം നോക്കുക), ജനനം, ഉൽപാദനം, ക്ഷേമം, ക്ഷാമം പോലെയുള്ള വിവിധങ്ങളായ പല കാര്യങ്ങളും അല്ലാഹുവിന്റെ മലക്കുകളുടെ

പ്രവര്‍ത്തനത്തിലൂടെ ഭൂമിയില്‍ നടന്ന് കൊണ്ടിരിക്കുന്നു - എല്ലാം അല്ലാഹുവിന്റെ ഉദ്ദേശമനുസരിച്ചും, അവന്‍ നിശ്ചയിച്ചിരിക്കുന്ന കാര്യകാരണ വ്യവസ്ഥയനുസരിച്ചും, ആകാശത്ത് നിന്ന് അല്ലാഹു ഭൂമിയിലേക്ക് കാര്യം (വ്യവസ്ഥപ്പെടുത്തി) നിയന്ത്രിക്കുന്നു. ഖിയാമത്തുനാള്‍ ആയിക്കഴിഞ്ഞാല്‍ പുതിയ നടപടിക്രമങ്ങളും അന്ന് നിലവില്‍ വരുകയും ചെയ്യുന്നു. അന്നത്തെ അധികാരം മുഴുവനും അവന് മാത്രമായിരിക്കും. നാമമാത്രമായിട്ട് പോലും അതിലാര്‍ക്കും യാതൊരു പങ്കും ഉണ്ടായിരിക്കുന്നതല്ല. "അന്നത്തെ രാജാധിപത്യം ആര്‍ക്കാണ്, സര്‍വ്വാധികാരിയായ ഏകനായ അല്ലാഹുവിന് തന്നെ" എന്ന് സൂ: മുഅ്മിന്‍: 16ലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

"നിങ്ങള്‍ എണ്ണിവരുന്ന ആയിരം കൊല്ലം ദൈര്‍ഘ്യമുള്ള ദിവസം" എന്ന് പറഞ്ഞത് അന്ത്യനാളിനെ കുറിച്ചാകുന്നു. സൂ: മആരിജ് : 4-ാം വചനത്തില്‍ അമ്പതിനായിരം കൊല്ലത്തിന്റെ അളവുള്ള ഒരു ദിവസം എന്നും അന്ത്യനാളിനെ കുറിച്ച് പ്രസ്താവിച്ചിരിക്കുന്നു. ആ ദിവസത്തിന്റെ ഭയങ്കരതയും ഗൗരവും കാണിക്കുകയാണ് ഈ രണ്ട് വചനങ്ങളുടെയും ഉദ്ദേശ്യം എന്നാണ് പല മഹാന്മാരും പ്രസ്താവിക്കുന്നത്. സത്യവിശ്വാസികളായ സജ്ജനങ്ങളെ സംബന്ധിച്ചിടത്തോളം വിചാരണ ദിവസം കേവലം ഒരു നമസ്കാരം നിര്‍വ്വഹിക്കുന്ന അത്ര സമയം പോലെയേ അനുഭവപ്പെടൂവെന്ന് നബി(സ) പ്രസ്താവിച്ചിട്ടുള്ളത് ഇവിടെ ശ്രദ്ധേയമാകുന്നു.

**വചനം 6,7,8,9 :**

ذَٰلِكَ عَٰلِمُ ٱلْغَيْبِ وَٱلشَّهَٰدَةِ ٱلْعَزِيزُ ٱلرَّحِيمُ ﴿٦﴾ ٱلَّذِىٓ أَحْسَنَ كُلَّ شَىْءٍ خَلَقَهُۥ ۖ وَبَدَأَ خَلْقَ ٱلْإِنسَٰنِ مِن طِينٍ ﴿٧﴾ ثُمَّ جَعَلَ نَسْلَهُۥ مِن سُلَٰلَةٍ مِّن مَّآءٍ مَّهِينٍ ﴿٨﴾ ثُمَّ سَوَّىٰهُ وَنَفَخَ فِيهِ مِن رُّوحِهِۦ ۖ وَجَعَلَ لَكُمُ ٱلسَّمْعَ وَٱلْأَبْصَٰرَ وَٱلْأَفْـِٔدَةَ ۚ قَلِيلًا مَّا تَشْكُرُونَ ﴿٩﴾

6 (അങ്ങിനെയുള്ള) അവന്‍ അദൃശ്യത്തെയും, ദൃശ്യത്തെയും അറിയുന്നവനാണ്; പ്രതാപശാലിയാണ്; കരുണാനിധിയാണ്.

7 അതായത്: താന്‍ സൃഷ്ടിച്ച എല്ലാ വസ്തുക്കളെയും നന്നാക്കി (സൃഷ്ടിച്ച്) ഉണ്ടാക്കിയവന്‍. മനുഷ്യസൃഷ്ടിപ്പ് കളിമണ്ണില്‍നിന്ന് അവന്‍ ആരംഭിച്ചു;-

8 പിന്നെ, അവന്‍െറ സന്തതിയെ നിസ്സാരപ്പെട്ട ഒരു (തരം) വെള്ളമാകുന്ന സത്തില്‍ നിന്നും അവന്‍ ഉണ്ടാക്കി;-

9 പിന്നീട്; അവനെ (അന്യൂനമായി) ശരിപ്പെടുത്തുകയും, അവനില്‍ തന്‍െറ വക 'റൂഹ്' (ജീവാത്മാവ്) ഊതുകയും ചെയ്തു. (മനുഷ്യരേ,) നിങ്ങള്‍ക്കവന്‍ കേള്‍വിയും, കണ്ണുകളും, ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തിരിക്കുന്നു. അല്പമാത്രമേ നിങ്ങള്‍ നന്ദികാണിക്കുന്നുള്ളു.

സര്‍വ്വവസ്തുക്കളുടെയും സൃഷ്ടാവും, സര്‍വ്വാധിപതിയും നിയന്താവുമായ അല്ലാഹു ദൃശ്യവും അദൃശ്യവുമായ എല്ലാ കാര്യങ്ങളും അറിയുന്നവനും, പ്രതാപശാലിയും, കരുണാനിധിയും ആണെന്നും തുടര്‍ന്നു ചൂണ്ടിക്കാട്ടുന്നു. അഖിലവസ്തുക്കളെയും അതാതിന്റെ സ്വഭാവ പ്രകൃതികളോട് കൂടി സൃഷ്ടിച്ച റബ്ബ്, മനുഷ്യസൃഷ്ടിപ്പ് കളിമണ്ണില്‍ അഥവാ വെള്ളം കലര്‍ന്ന മണ്ണില്‍ നിന്നാണ് ആരംഭിച്ചതെന്ന് പ്രസ്താവിക്കുന്നു. ആദം(അ)ന്റെ ഉല്‍ഭവത്തെയാണിത് സൂചിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ സന്തതികളെയാകട്ടെ മണ്ണില്‍ നിന്നും വെള്ളത്തില്‍ നിന്നും ഉല്‍ഭവിച്ച ഭക്ഷ്യവസ്തുക്കളാല്‍ ഉദ്ഭൂതമായ കേവലം നിന്ദ്യവും നിസ്സാരവുമായ ഇന്ദ്രിയമാകുന്ന ജലബീജത്തില്‍ നിന്നുമാകുന്നു അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത്. തുടര്‍ന്ന് ബീജം വികസിച്ച് വളരുകയും ആവശ്യമായ അവയവങ്ങള്‍ സഹിതം മനുഷ്യപ്രകൃതിയും സ്വഭാവവും ആര്‍ജ്ജിക്കുകയും ചെയ്യുന്നു. മനുഷ്യനില്‍ അല്ലാഹു തന്റെ വക 'റൂഹ്' (ജീവാത്മാവ്) ഊതുകയും ചെയ്തു. ജീവാത്മാവ് എന്താണെന്ന് ഇതേവരെ ആര്‍ക്കും അറിയാന്‍ കഴിഞ്ഞിട്ടില്ല. അതിന്റെ യാഥാര്‍ത്ഥ്യം അല്ലാഹുവിനേ മാത്രമേ അറിയുകയുള്ളൂ.

സൂ: ഇസ്രാഅ് (ബനൂഇസ്രാഈൽ) 85-ാം വചനത്തിൽ അല്ലാഹു ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"(നബിയേ) നിന്നോട് അവർ ആത്മാവിനെ കുറിച്ച് ചോദിക്കുന്നു. പറയുക: ആത്മാവ് എന്റെ റബ്ബിന്റെ കാര്യത്തിൽപ്പെട്ടതാണ്. നിങ്ങൾക്ക് അറിവിൽ നിന്നും അൽപമല്ലാതെ നൽകപ്പെട്ടിട്ടില്ല താനും."

മറ്റ് ജീവികളിൽ നിന്നും വ്യത്യസ്തമായി അല്ലാഹു മനുഷ്യന് കണ്ടും കേട്ടും കാര്യങ്ങൾ ഗ്രഹിക്കുവാനും ചിന്തിച്ചും ആലോചിച്ചും യാഥാർത്ഥ്യങ്ങൾ ഉൾകൊള്ളുവാനുമുള്ള കഴിവ് പ്രദാനം ചെയ്തിരിക്കുന്നു. എന്നാൽ ഇത്രയധികം അനുഗ്രഹങ്ങൾ ലഭിച്ചിട്ടും മനുഷ്യൻ അല്ലാഹുവിനോട് കുറച്ച് മാത്രമേ നന്ദി കാണിക്കുന്നുള്ളൂ - അതും കുറച്ച് ആളുകൾ മാത്രവും. എന്ന് മാത്രമല്ല, അവിശ്വാസികൾ താഴെ പറയും പ്രകാരം ജല്പിക്കുകയും ചെയ്യുന്നു.

**വചനം 10,11 :**

وَقَالُوٓاْ أَءِذَا ضَلَلۡنَا فِي ٱلۡأَرۡضِ أَءِنَّا لَفِي خَلۡقٖ جَدِيدِۭۚ بَلۡ هُم بِلِقَآءِ رَبِّهِمۡ كَٰفِرُونَ ﴿١٠﴾

10 അവർ (അവിശ്വാസികൾ) പറയുന്നു: "ഞങ്ങൾ ഭൂമിയിൽ മറഞ്ഞു (പാഴായി) പോയാൽ, നിശ്ചയമായും ഞങ്ങൾ പുതിയ ഒരു സൃഷ്ടിയിൽ (വീണ്ടും എഴുന്നേൽപിക്കപ്പെടുന്നവർ) ആയിരിക്കുകയോ?!" (മാത്രമല്ല,) എന്നാലവർ, തങ്ങളുടെ രക്ഷിതാവുമായി കണ്ടുമുട്ടുന്നതിൽ തന്നെ അവിശ്വസിക്കുന്നവരാണ്.

۞ قُلۡ يَتَوَفَّىٰكُم مَّلَكُ ٱلۡمَوۡتِ ٱلَّذِي وُكِّلَ بِكُمۡ ثُمَّ إِلَىٰ رَبِّكُمۡ تُرۡجَعُونَ ﴿١١﴾

11 (നബിയേ,) പറയുക: "നിങ്ങളുടെ കാര്യത്തിൽ ഏൽപിക്കപ്പെട്ടിട്ടുള്ള മരണത്തിൻെറ മലക്ക് നിങ്ങളെ പൂർണ്ണമായെടുക്കും (മരണപ്പെടുത്തും). പിന്നീട് നിങ്ങളുടെ റബ്ബിങ്കലേക്ക് നിങ്ങൾ മടക്കപ്പെടും."

മനുഷ്യൻ മരണപ്പെട്ട് മണ്ണടിഞ്ഞ് പോയ ശേഷം രണ്ടാമതൊരു ജീവിതം ഉണ്ടാകുക അസാദ്ധ്യമാണെന്ന് ധരിച്ച് വെച്ച മുശ്‌രിക്കുകളുടെ പരിഹാസവും അവിശ്വാസവും നിറഞ്ഞ ചോദ്യവും, അതിന് അല്ലാഹുവിന്റെ ഖണ്ഡിതമായ മറുപടിയുമാണ് ഈ വചനങ്ങളിൽ കാണുന്നത്.

മനുഷ്യന്റെ മരണ സംബന്ധമായി ഏൽപിക്കപ്പെട്ട പ്രത്യേക മലക്ക്, ഒരുവന്റെ അവധിയെത്തിയാൽ അവന്റെ ആത്മാവിനെ എടുത്ത് കൊണ്ട് പോകുന്നതാണ്. ഈ മലക്കിനെ ഉദ്ദേശിച്ചാണ് സാധാരണ 'അസ്റാഈൽ' എന്ന് പറയപ്പെടുന്നത്. മേൽ പറഞ്ഞ മലക്കിന് പുറമേ മനുഷ്യന്റെ മരണവേളയിൽ വേറെ മലക്കുകളുടെയും സാന്നിദ്ധ്യവും പ്രവർത്തനവും ഉണ്ടായിരിക്കുമെന്നും ഖുർആനിൽ നിന്നും സ്പഷ്ടമാണ്. (സൂ: നിസാഅ്: 97; സൂ: നഹ്ൽ 28, 32 സൂ: മുഹമ്മദ് 27 എന്നിവിടങ്ങളിൽ നോക്കുക)

**വിഭാഗം 2**

**വചനം 12 :**

وَلَوۡ تَرَىٰٓ إِذِ ٱلۡمُجۡرِمُونَ نَاكِسُواْ رُءُوسِهِمۡ عِندَ رَبِّهِمۡ رَبَّنَآ أَبۡصَرۡنَا وَسَمِعۡنَا فَٱرۡجِعۡنَا نَعۡمَلۡ صَٰلِحًا إِنَّا مُوقِنُونَ ﴿١٢﴾

12 (ആ) കുറ്റവാളികൾ അവരുടെ രക്ഷിതാവിൻെറ അടുക്കൽ തങ്ങളുടെ തലകൾ (കുത്തനെ) താഴ്ത്തിക്കൊണ്ടിരിക്കുന്ന സന്ദർഭം നീ കാണുന്നപക്ഷം! (ഹാ, അത് വല്ലാത്തൊരു കാഴ്ചയായിരിക്കും!) (അവർ പറയും:) "ഞങ്ങളുടെ റബ്ബേ! ഞങ്ങൾ (നേരിൽ)കാണുകയും, കേൾക്കുകയും ചെയ്തു; അതുകൊണ്ട് ഞങ്ങളെ മടക്കി (അയച്ചു) തരേണമേ- ഞങ്ങൾ സൽക്കർമ്മം പ്രവർത്തിച്ചുകൊള്ളാം! നിശ്ചയമായും ഞങ്ങൾ (ഇപ്പോൾ) ദൃഢമായി വിശ്വസിച്ചവരാണ്."

പുനരുത്ഥാനത്തെ നിഷേധിക്കുകയും പരിഹസിക്കുകയും ചെയ്തിരുന്ന ആ അവിശ്വാസികൾ അല്ലാഹുവിന്റെ മുന്നിൽ എത്തുമ്പോൾ അവർണ്ണനീയമായ ഭയവിഹ്വലതയും, അത്യന്തം വ്യസനവും നാണക്കേടും നിമിത്തം തല കുനിച്ച് കൊണ്ട് കേണപേക്ഷിക്കുന്ന ആ സന്ദർഭത്തിന്റെ ഗൗരവം അല്ലാഹു വിവരിക്കുകയാണ്. തങ്ങളോട് ദൈവദൂതന്മാർ മുന്നറിയിപ്പ് നൽകിയിരുന്നതെല്ലാം പരിപൂർണ്ണ സത്യമാണെന്ന് തങ്ങൾക്കിപ്പോൾ പ്രത്യക്ഷത്തിൽ ബോദ്ധ്യമായെന്നും, ഇഹത്തിലേക്ക് ഒന്ന് കൂടി മടക്കി അയച്ച് തന്നാൽ തങ്ങൾ സൽകർമ്മികളായിക്കൊള്ളാമെന്നും അവർ അല്ലാഹുവിനോട് കേണപേക്ഷിച്ച് കൊണ്ടിരിക്കും. പക്ഷേ, അത്കൊണ്ട് യാതൊരു ഫലവുമുണ്ടാവുകയില്ല. അല്ലാഹു പറയുന്നു:

**വചനം 13:**

وَلَوْ شِئْنَا لَآتَيْنَا كُلَّ نَفْسٍ هُدَاهَا وَلَٰكِنْ حَقَّ الْقَوْلُ مِنِّي لَأَمْلَأَنَّ جَهَنَّمَ مِنَ الْجِنَّةِ وَالنَّاسِ أَجْمَعِينَ ﴿١٣﴾

13 നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, ഓരോ ദേഹത്തിനും (ആൾക്കും) അതിൻെറ നേർമ്മാർഗ്ഗം നാം നൽകുമായിരുന്നു. പക്ഷെ, എന്നിൽനിന്ന് വാക്ക് സ്ഥിരപ്പെട്ടു കഴിഞ്ഞിരിക്കുന്നു: ''ജിന്നുകളിൽ നിന്നും, മനുഷ്യരിൽനിന്നുമെല്ലാം നരകത്തെ നിശ്ചയമായും ഞാൻ നിറക്കുന്നതാണ്'' എന്ന്.

അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ എല്ലാവർക്കും അവൻ സന്മാർഗ്ഗം നൽകുമായിരുന്നു. (സൂ: അൻആം 35,49 വചനങ്ങൾ നോക്കുക) എന്നാൽ, അവന്റെ നിശ്ചയം അതല്ല - ജിന്നു വർഗ്ഗത്തിനും മനുഷ്യവർഗ്ഗത്തിനും, അവൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുകയും, അവരവരുടെ ഹിതാനുസരണം നന്മയോ തിന്മയോ സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം കൊടുക്കുകയും ചെയ്തിരിക്കുന്നു. അതോടൊപ്പം തന്നെ ദുർമാർഗ്ഗികളെ നരകത്തിലിട്ട് ശിക്ഷിക്കുമെന്ന താക്കീതും നൽകിയിട്ടുണ്ട്. ആ നിശ്ചയത്തിന് ഇനി മാറ്റമില്ല തന്നെ. (സൂ : ശൂറാ 8ാം വചനവും നോക്കുക)

ആദം(അ) നബിക്ക് സുജൂദ് ചെയ്യാനുള്ള അല്ലാഹുവിന്റെ കൽപന ധിക്കരിച്ചതിനെ തുടർന്ന് അല്ലാഹുവിന്റെ ശാപത്തിന് വിധേയനായ പിശാച്, ആദമിന്റെ സന്തതികളെ, തന്നെ കൊണ്ടാകും വിധം വഴിപിഴപ്പിക്കുമെന്ന് ശപഥം ചെയ്ത അവസരത്തിൽ അല്ലാഹു അവനോട് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി. “നിന്നെ കൊണ്ടും അവരിൽ നിന്ന് നിന്നെ പിൻ പറ്റിയവരെകൊണ്ടുമെല്ലാം, നിശ്ചയമായും നാം നരകത്തെ നിറക്കുന്നതാണ്.” (സൂ: സ്വാദ് 85) ഈ തീരുമാനത്തെ കുറിച്ചാണ് അല്ലാഹു ഇവിടെയും പ്രസ്താവിക്കുന്നത്.

**വചനം 14**

فَذُوقُوا بِمَا نَسِيتُمْ لِقَاءَ يَوْمِكُمْ هَٰذَا إِنَّا نَسِينَاكُمْ ۖ وَذُوقُوا عَذَابَ الْخُلْدِ بِمَا كُنتُمْ تَعْمَلُونَ ﴿١٤﴾

14 “ആകയാൽ, നിങ്ങളുടെ ഈ ദിവസത്തെ കണ്ടുമുട്ടുന്നത് നിങ്ങൾ വിസ്മരിച്ചുകളഞ്ഞതു കൊണ്ട് (അതിൻെറ ശിക്ഷ) നിങ്ങൾ ആസ്വദിച്ചു കൊള്ളുവിൻ. നിശ്ചയമായും നാം നിങ്ങളെ വിസ്മരിച്ചിരിക്കുകയാണ്! നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതിൻെറ ഫലമായി ശാശ്വതശിക്ഷ ആസ്വദിക്കുകയും ചെയ്തുകൊള്ളുവിൻ!''

അല്ലാഹുവിന്റെ മുന്നിൽ തങ്ങൾ ഹാജരാക്കപ്പെടുകയും വിചാരണ ചെയ്യപ്പെടുകയും ചെയ്യുമെന്നതിനെ അവർ വ്യാജമാക്കി അവഗണിച്ചതിനാൽ അല്ലാഹു അവരോടും അവഗണന സ്വീകരിക്കുന്നതാണ്. ഇനി അവർക്ക് ശാശ്വതമായ നരകശിക്ഷ അനുഭവിക്കുകയേ നിവൃത്തിയുള്ളൂ.

**വചനം 15,16 :**

إِنَّمَا يُؤْمِنُ بِآيَاتِنَا الَّذِينَ إِذَا ذُكِّرُوا بِهَا خَرُّوا سُجَّدًا وَسَبَّحُوا بِحَمْدِ رَبِّهِمْ وَهُمْ

15 നിശ്ചയമായും നമ്മുടെ 'ആയത്തു'കളിൽ യാതൊരു കൂട്ടർ മാത്രമേ വിശ്വസിക്കുന്നുള്ളു: അവർക്ക് അവ മുഖേന ഉൽബോധനം നൽക

لَا يَسْتَكْبِرُونَ ۩ ﴿١٥﴾

പ്പെട്ടാൽ അവർ സുജൂദ് (സാഷ്ടാംഗ നമസ്കാരം) ചെയ്യുന്നവരായി നിലംപതിക്കുകയും, തങ്ങളുടെ രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് 'തസ്ബീഹ്' (സ്തോത്രകീർത്തനം) ചെയ്യുകയും ചെയ്യുന്നതാണ്; അവരാകട്ടെ, ഗർവ്വ് നടിക്കുകയുമില്ല.

تَتَجَافَىٰ جُنُوبُهُمْ عَنِ ٱلْمَضَاجِعِ يَدْعُونَ رَبَّهُمْ خَوْفًا وَطَمَعًا وَمِمَّا رَزَقْنَٰهُمْ يُنفِقُونَ ﴿١٦﴾

16 തങ്ങളുടെ രക്ഷിതാവിനോട്-ഭയവും ആശയും നിമിത്തം-പ്രാർത്ഥനചെയ്തുകൊണ്ട് അവരുടെ പാർശ്വങ്ങൾ കിടപ്പുസ്ഥാനങ്ങളിൽ (വിരുപ്പുകളിൽ) നിന്ന് അകന്നുപോകുന്നതാണ്; നാം അവർക്കു നൽകിയിട്ടുള്ളതിൽ നിന്ന് അവർ ചെലവഴിക്കുകയും ചെയ്യും. (ഇങ്ങിനെയുള്ളവരേ വിശ്വസിക്കുന്നുള്ളു.)

15-ാം വചനം പാരായണം ചെയ്യുകയോ കേൾക്കുകയോ ചെയ്താൽ സുജൂദ് ചെയ്യേണ്ടതാകുന്നു.

അല്ലാഹുവിന്റെ ആയത്തുകളിൽ (ആയത്ത് എന്ന പദത്തിന്, ദൃഷ്ടാന്തം, സൂക്തം, വേദവാക്യം, ലക്ഷ്യം, അടയാളം എന്നിങ്ങനെ വിവിധ അർത്ഥങ്ങളുണ്ട്.) ശരിയായി വിശ്വസിക്കുന്നവരുടെ വിശിഷ്ട ലക്ഷണങ്ങൾ അല്ലാഹു ഓരോന്നായി എടുത്ത് പറയുന്നു.

ഒന്നാമതായി, അല്ലാഹുവിന്റെ ആയത്തുകൾ മുഖേന- ദൃഷ്ടാന്തങ്ങൾ മുഖേനയോ, ഖുർആൻ സൂക്തങ്ങൾ മുഖേനയോ- ഉപദേശം നൽകപ്പെട്ടാൽ അവർ അത് സശ്രദ്ധം കേൾക്കുകയും, അനുസരിക്കുകയും, ജീവിതത്തിൽ പകർത്തുകയും ചെയ്യുന്നതാണ്. അവർ അല്ലാഹുവിന് സുജൂദ് (സാഷ്ടാംഗ നമസ്കാരം) നടത്തുകയും, തങ്ങളുടെ രക്ഷിതാവിനെ സ്തുതിച്ച് കൊണ്ട് തസ്ബീഹ്-സ്തോത്ര കീർത്തനം- ചെയ്യുന്നതുമാണ്. അത്യന്തം ഭയഭക്തി ബഹുമാനത്തോടെ അല്ലാഹുവിന്റെ മഹത്വത്തെ വാഴ്ത്തുകയും, പരിശുദ്ധതയെ പ്രകീർത്തനം ചെയ്യുകയും അവന് ആരാധന കർമ്മങ്ങൾ അർപ്പിക്കുകയും ചെയ്യുന്നതുമാണ്. (സൂ: മർയം 58, സൂ: ഫുർഖാൻ: 73, വചനങ്ങളുടെ വിവരണങ്ങൾ നോക്കുക)

രണ്ടാമത്തെ ഗുണമായി, അല്ലാഹു എടുത്ത് പറഞ്ഞത് അവർ ഗർവ്വ് നടിക്കുകയില്ല എന്നാകുന്നു. സത്യത്തോടും ഉപദേശത്തോടും ആദരവ്, വാക്കിലും പെരുമാറ്റത്തിലും വിനയം, സത്യത്തോടും ന്യായത്തോടുമുള്ള പരിഗണന എന്നതൊക്കെ ആയിരിക്കും അവരുടെ പ്രത്യേകതകൾ. ധിക്കാരം, മർക്കടമുഷ്ടി, കുതർക്കം, ദുർവ്യാഖ്യാനം, പൊങ്ങച്ചം എന്നീ ദോഷങ്ങളൊന്നും അവരെ തീണ്ടുകയില്ല. (സൂ: ഹജ്ജ്: 8,9 ; സൂ: ലുഖ്മാൻ 7 വചനങ്ങളും വിവരണവും നോക്കുക).

മൂന്നാമത്തെ ഗുണം, അവർ അധികസമയവും ശയനസ്ഥാനത്തെ വിട്ടകന്ന് കൊണ്ട് നമസ്കാരം, ദിക്ർ(ധ്യാനം), തസ്ബീഹ്(കീർത്തനം) , ദുആ(പ്രാർത്ഥന) എന്നിവയിൽ വ്യാപൃതരായി കഴിഞ്ഞു കൂടുന്നവരായിരിക്കും. സൂ: ദാരിയാത്ത് 17,18 വചനങ്ങളിൽ അക്കൂട്ടരെപറ്റി അല്ലാഹു പറയുന്നു. "അൽപ(സമയ)മായിരുന്നു രാത്രിയിൽ അവർ ഉറങ്ങാറുള്ളത്; നിശാന്ത്യ സമയങ്ങളിലാകട്ടെ അവർ പാപമോചനം തേടുകയും ചെയ്തിരിക്കുന്നു". പ്രാർത്ഥനകളും സൽകർമ്മങ്ങളും കൂടുതൽ ഫലപ്രദവും സ്വീകാര്യവും രാത്രി സമയങ്ങളിലായിരിക്കും- പ്രത്യേകിച്ചും രാത്രിയുടെ അന്ത്യസമയങ്ങളിൽ. ഭയപ്പാടും ആശയും കലർന്ന് കൊണ്ടാണ് അവർ പ്രാർത്ഥനകളും ആരാധനകളും നടത്തുക. തങ്ങളുടെ പാപങ്ങൾ നിമിത്തം തങ്ങളുടെ പ്രാർത്ഥനകൾ അല്ലാഹുവിങ്കൽ സ്വീകാര്യമാകാതെ വരുമോ എന്നും, പാപങ്ങൾ കാരണം തങ്ങൾ അല്ലാഹുവിന്റെ ശിക്ഷക്ക് വിധേയമാകുമോ എന്നും അവർ ഭയപ്പെടുന്നു. അതേ സമയം, അല്ലാഹുവിന്റെ മഹത്തായ പ്രതിഫല വാഗ്ദാനവും, അവന്റെ അതിവിശാലമായ കാരുണ്യം, പ്രാർത്ഥനാ കർമ്മങ്ങൾ സ്വീകരിക്കപ്പെട്ടേക്കുമെന്ന പ്രതീക്ഷ എന്നിവയും അവർക്ക് ആശയും ആവേശവും പ്രദാനം ചെയ്ത് കൊണ്ടിരിക്കും.

സൂ: ഹിജ്ർ: 49,50 വചനങ്ങളിൽ അല്ലാഹു ഇപ്രകാരം പറയുന്നു: "എന്റെ അടിയാൻമാർക്ക് അറിയിച്ച് കൊടുക്കുക ഞാൻ തന്നെയാണ് വളരെ പൊറുക്കുന്നവനും കരുണാനിധിയുമായുള്ളവൻ; എന്റെ ശിക്ഷ തന്നെയാണ് വേദനയേറിയ ശിക്ഷയും" എന്ന്.

ഓരോ സത്യവിശ്വാസിയും എപ്പോഴും അല്ലാഹുവിന്റെ ശിക്ഷയെകുറിച്ച് പേടിയും അവന്റെ കാരുണ്യത്തെകുറിച്ച് ശുഭപ്രതീക്ഷയും വെച്ച് പുലർത്തേണ്ടതാകുന്നു.

നാലാമതായി പറഞ്ഞ ഗുണം, അല്ലാഹു തങ്ങൾക്ക് നൽകിയിട്ടുള്ളതിൽ നിന്ന് അവർ ചിലവഴിക്കുമെന്നുള്ളതാണ്. തങ്ങൾക്കുള്ളതെല്ലാം അല്ലാഹു നൽകിയതാണ് എന്ന വിശ്വാസത്തോടെ, സഹസൃഷ്ടികൾക്ക് ദാനധർമ്മങ്ങളും സഹായസഹകരണങ്ങളും ചെയ്യുന്നതിൽ അവർ ഉത്സുകരാണ്. അത് തങ്ങളുടെ കടമയും ബാദ്ധ്യതയുമാണെന്നവർ കരുതുന്നു.

"അവരുടെ സ്വത്തുക്കളിലാകട്ടെ ചോദിക്കുന്നവനും (ചോദിക്കുന്നതിന്) തടസ്സം ബാധിച്ചവർക്കും അവകാശമുണ്ടായിരിക്കും" എന്ന് സൂ: ദാരിയാത്ത് 19-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

മേൽ പറഞ്ഞ സദ്ഗുണങ്ങളുള്ള വിശ്വാസികളിൽ അല്ലാഹു നാമേവരേയും ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ- ആമീൻ.

**വചനം 17:**

فَلَا تَعْلَمُ نَفْسٌ مَّآ أُخْفِىَ لَهُم مِّن قُرَّةِ أَعْيُنٍ جَزَآءًۢ بِمَا كَانُوا۟ يَعْمَلُونَ ﴿١٧﴾

17 അതിനാൽ, കൺകുളിർമ്മയായി (ആനന്ദകരമായി)ക്കൊണ്ട് അവർക്കുവേണ്ടി ഗോപ്യമാക്കി (സൂക്ഷിച്ചു) വെക്കപ്പെട്ടിട്ടുള്ളത് ഒരാൾക്കും അറിയാവുന്നതല്ല; (അതെ) അവർ പ്രവർത്തിച്ചിരുന്നതിനു പ്രതിഫലമായിട്ട്!

ആ സദ്ഗുണവാന്മാർക്കുള്ള പ്രതിഫലമാണ് അല്ലാഹു ഈ വചനത്തിലൂടെ അറിയിക്കുന്നത്.

നബി(സ) ഇത് സംബന്ധമായി ഇപ്രകാരം അരുളിയിരിക്കുന്നു."അല്ലാഹു പറയുകയാണ്, എന്റെ സജ്ജനങ്ങളായ അടിയാന്മാർക്ക് വേണ്ടി ഏതൊരു കണ്ണും കണ്ടിട്ടില്ലാത്തതും ഏതൊരു കാതും കേട്ടിട്ടില്ലാത്തതും, ഒരു മനുഷ്യന്റെ ഹൃദയത്തിലും തോന്നിയിട്ടില്ലാത്തതുമായ വസ്തുക്കൾ ഞാൻ ഒരുക്കി വെച്ചിരിക്കുന്നു. (ഇതിന് തെളിവായി) നിങ്ങൾ ഈ ഖുർആൻ വചനം ഓതിക്കൊള്ളുക." (ബു:മു)

**വചനം 18,19,20:**

أَفَمَن كَانَ مُؤْمِنًا كَمَن كَانَ فَاسِقًا ۚ لَّا يَسْتَوُۥنَ ﴿١٨﴾

أَمَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ فَلَهُمْ جَنَّٰتُ ٱلْمَأْوَىٰ نُزُلًۢا بِمَا كَانُوا۟ يَعْمَلُونَ ﴿١٩﴾

وَأَمَّا ٱلَّذِينَ فَسَقُوا۟ فَمَأْوَىٰهُمُ ٱلنَّارُ ۖ كُلَّمَآ أَرَادُوٓا۟ أَن يَخْرُجُوا۟ مِنْهَآ أُعِيدُوا۟ فِيهَا وَقِيلَ لَهُمْ ذُوقُوا۟ عَذَابَ ٱلنَّارِ ٱلَّذِى كُنتُم بِهِۦ تُكَذِّبُونَ ﴿٢٠﴾

18 അപ്പോൾ, സത്യവിശ്വാസിയായിരിക്കുന്നവൻ തോന്നിയവാസിയായിരിക്കുന്നവനെപ്പോലെയാണോ?! (അല്ല,) അവർ സമമാവുകയില്ല.

19 എന്നാൽ, വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവരാകട്ടെ, അവർ പ്രവർത്തിച്ചു വരുന്നതിൻെറ ഫലമായി, സൽക്കാരമെന്നനിലയിൽ, അവർക്ക് (ആതിഥേയ) വാസത്തിൻെറ സ്വർഗ്ഗങ്ങളുണ്ടായിരിക്കും.

20 എന്നാൽ, തോന്നിയവാസം പ്രവർത്തിച്ചവരാകട്ടെ, അവരുടെ (ആതിഥേയ) വാസസ്ഥലം നരകമാകുന്നു; അവർ അതിൽനിന്ന് പുറത്തു പോകുവാൻ ഉദ്യമിക്കുമ്പോഴെല്ലാം, അതിൽ (തന്നെ വീണ്ടും) അവർ മടക്കപ്പെടുന്നതാണ്. അവരോട് പറയപ്പെടുകയും ചെയ്യും: ''നിങ്ങൾ വ്യാജമാക്കിയിരുന്നതായ ആ നരകശിക്ഷ നിങ്ങൾ ആസ്വദിച്ചുകൊള്ളുവിൻ'' എന്ന്!

വിശ്വാസികളുടെയും അവിശ്വാസികളുടെയും വിശ്വാസങ്ങളും പ്രവര്‍ത്തികളും ഇഹത്തില്‍ പരസ്പര വിരുദ്ധമായിരുന്നത് പോലെ തന്നെ പരലോകത്തിലും ഇരുകൂട്ടരുടെയും പ്രതിഫലങ്ങളും പര്യവസാനങ്ങളും പരസ്പര വിരുദ്ധമായിരിക്കും. സജ്ജനങ്ങളുടെ ആനന്ദകരമായ സ്വര്‍ഗ്ഗീയ ജീവിതം എത്ര മേല്‍ മഹത്തരമാണോ, പതിന്മടങ്ങ് കഠിനവും അസഹ്യവുമായിരിക്കും ധിക്കാരികളായ അവിശ്വാസികളുടെ നരകജീവിതവും.

**വചനം 21:**

وَلَنُذِيقَنَّهُم مِّنَ ٱلْعَذَابِ ٱلْأَدْنَىٰ دُونَ ٱلْعَذَابِ ٱلْأَكْبَرِ لَعَلَّهُمْ يَرْجِعُونَ ﴿٢١﴾

21 ഏറ്റവും വലുതായ ശിക്ഷക്കുപുറമെ, അവര്‍ക്ക് നാം താണ ശിക്ഷയില്‍നിന്നും (ചിലതൊക്കെ) ആസ്വദിപ്പിക്കുക തന്നെ ചെയ്യുന്നതാണ്; അവര്‍ മടങ്ങിയേക്കാമല്ലോ (-അതിന്നുവേണ്ടി).

അവിശ്വാസികള്‍ക്ക് പരലോകജീവിതത്തില്‍ മാത്രമല്ല, ഇഹലോക ജീവിതത്തിലും വിവിധ മനക്ലേശങ്ങളും ദുരിതങ്ങളും അല്ലാഹു അനുഭവിപ്പിക്കുന്നതാണ്. ഇത്തരം പരീക്ഷണങ്ങളില്‍ നിന്നെങ്കിലും അവര്‍ പാഠം പഠിച്ച് മടങ്ങുവാന്‍ വേണ്ടിയാകുന്നു അത്. ഇസ്ലാമിന്റെ ശത്രുക്കളായിരുന്ന ഖുറൈശികള്‍ ഇത്തരത്തില്‍ പല യുദ്ധങ്ങള്‍ മുഖേന കഷ്ടപ്പെടേണ്ടി വന്നതിന് പുറമേ, ഏഴ് കൊല്ലം നീണ്ട് നിന്ന കടുത്ത ക്ഷാമം പിടിപെട്ട അവര്‍ മനുഷ്യന്‍ തിന്നാറില്ലാത്ത പലതും ഭക്ഷിക്കുവാന്‍ പോലും നിര്‍ബന്ധിതരാകുകയുണ്ടായി. ഖുറൈശികള്‍ക്ക് മുമ്പുള്ള, ധിക്കാരികളായ പല ജനതക്കും, ഇത്തരം ഭയങ്കര ശിക്ഷകള്‍ നേരിടേണ്ടി വന്നിട്ടുണ്ട്. എന്നാല്‍ ശിക്ഷകള്‍ പലതും പെട്ടെന്ന് തന്നെ സംഭവിച്ച് കൊള്ളണമെന്നില്ല. ഇതേ പറ്റിയാണ് നബി(സ) പറഞ്ഞത്.

“അല്ലാഹു അക്രമിയെ അയച്ച് വിട്ടേക്കും; അങ്ങനെ അവനെ, അല്ലാഹു പിടികൂടുമ്പോള്‍, അവന് കുതറി രക്ഷപ്പെടാനാവുകയില്ല.” (ബു:മു)

**വചനം 22 :**

وَمَنْ أَظْلَمُ مِمَّن ذُكِّرَ بِـَٔايَٰتِ رَبِّهِۦ ثُمَّ أَعْرَضَ عَنْهَآ ۚ إِنَّا مِنَ ٱلْمُجْرِمِينَ مُنتَقِمُونَ ﴿٢٢﴾

22 തന്‍റെ രക്ഷിതാവിന്‍റെ ആയത്തുകള്‍ മുഖേന ഉല്‍ബോധനം ചെയ്യപ്പെടുകയും, എന്നിട്ട് അവയെ വിട്ട് തിരിഞ്ഞുകളയുകയും ചെയ്തവനെക്കാള്‍ അക്രമി ആരാണുള്ളത്?! നിശ്ചയമായും (ആ) കുറ്റവാളികളോട് നാം (പ്രതികാര) ശിക്ഷാ നടപടിയെടുക്കുന്നവരാകുന്നു.

തങ്ങളുടെ ശാശ്വത നന്മക്കും രക്ഷക്കും വേണ്ടി വേദവാക്യങ്ങളും ദൃഷ്ടാന്തങ്ങളും മുഖേന ഉല്‍ബോധനം ചെയ്യപ്പെട്ടിട്ടും, അത് സ്വീകരിക്കാതെ തള്ളികളയുന്നവനേക്കാള്‍ വലിയ അക്രമി ആരാണുള്ളത്. അത്തരം കുറ്റവാളികളെ അല്ലാഹു ശിക്ഷിക്കാതെ വിടുകയില്ല തന്നെ.

## വിഭാഗം 3

**വചനം 23,24,25 :**

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَٰبَ فَلَا تَكُن فِى مِرْيَةٍ مِّن لِّقَآئِهِۦ ۖ وَجَعَلْنَٰهُ هُدًى لِّبَنِىٓ إِسْرَٰٓءِيلَ ﴿٢٣﴾

23 മൂസാക്ക് നാം വേദഗ്രന്ഥം നല്‍കുകയുണ്ടായിട്ടുണ്ട്; എന്നാല്‍ അതിന്‍റെ (അഥവാ അദ്ദേഹത്തിന്‍റെ) കാഴ്ചയെക്കുറിച്ച് നീ യാതൊരു ആശങ്കയിലും ആകേണ്ടതില്ല. നാം അതിനെ (അഥവാ അദ്ദേഹത്തെ) ഇസ്രാഈല്‍ സന്തതികള്‍ക്ക് മാര്‍ഗ്ഗദര്‍ശനമാക്കുകയും ചെയ്തു.

وَجَعَلْنَا مِنْهُمْ أَئِمَّةً يَهْدُونَ بِأَمْرِنَا لَمَّا

24 തങ്ങള്‍ ക്ഷമ കൈക്കൊണ്ടപ്പോള്‍ നമ്മുടെ കല്‍പനയനുസരിച്ച് (ജനങ്ങള്‍ക്ക്) മാര്‍ഗ്ഗദര്‍ശ

صَبَرُوا ۖ وَكَانُوا بِـَٔايَـٰتِنَا يُوقِنُونَ ﴿٢٤﴾

നം നൽകുന്ന ചില നേതാക്കളെ നാം അവരിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു. അവർ, നമ്മുടെ ആയത്തുകളിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്തിരുന്നു.

إِنَّ رَبَّكَ هُوَ يَفْصِلُ بَيْنَهُمْ يَوْمَ ٱلْقِيَـٰمَةِ فِيمَا كَانُوا فِيهِ يَخْتَلِفُونَ ﴿٢٥﴾

25 നിശ്ചയമായും, അവർ ഭിന്നിച്ചുകൊണ്ടിരുന്ന കാര്യത്തിൽ നിന്റെ റബ്ബ്തന്നെ അവർക്കിടയിൽ ഖിയാമത്തു നാളിൽ തീരുമാനം ചെയ്യുന്നതാണ്.

23-ാം വചനത്തിന്റെ ആദ്യഭാഗത്തിന് ഒന്നിലധികം വ്യാഖ്യാനം നൽകപ്പെട്ടിട്ടുള്ളതിൽ താഴെ പറയുന്ന രണ്ടിൽ ഒരു വ്യാഖ്യാനമാണ് കൂടുതൽ യുക്തമായി തോന്നുന്നത് **الله اعلم**

1) മൂസാക്ക് വേദഗ്രന്ഥം നൽകിയിട്ട്, അദ്ദേഹത്തിനുണ്ടായ കാഴ്ചയെ പറ്റി - അദ്ദേഹത്തിന് നേരിടേണ്ടി വന്ന എതിർപ്പുകളെയും വിഷയങ്ങളെയും കുറിച്ച് - ഒട്ടും സംശയിക്കാനില്ല. വളരെ കടുത്തതായിരുന്നു അത്. അത് പോലെതന്നെയാണ് ഈ ജനതയിൽ നിന്ന് തിരുമേനിക്കും അനുഭവപ്പെട്ട് കൊണ്ടിരിക്കുന്നത്.

2) മൂസാക്ക് വേദഗ്രന്ഥം കൊടുത്തുവല്ലോ; അത് പോലെ നീയും അത്പോലൊരു പൂർണ്ണവേദ ഗ്രന്ഥം ലഭിക്കുമാറാകുന്നതിനെ കുറിച്ച് ഒട്ടും ആശങ്കപ്പെടേണ്ടതില്ല - അത് ലഭിക്കുക തന്നെ ചെയ്യും.

ഈ വചനങ്ങളിൽ ഒന്ന് രണ്ട് സൂചനകൾ അടങ്ങിയതായി കാണാം. ഇസ്രാഈല്യർ വേദ ഗ്രന്ഥം കൈവെടിയുകയും, സത്യത്തിൽ നിന്ന് പാടെ ഭിന്നിച്ച് പോകുകയും ചെയ്തപ്പോൾ അവരെ നയിക്കത്തക്ക നേതാക്കൾ അവരിൽ ഇല്ലാതായി. വേദഗ്രന്ഥമാകട്ടെ അതിന്റെ സാക്ഷാൽ രൂപത്തിൽ അവശേഷിക്കാതെയും, ആരാലും അംഗീകരിക്കപ്പെടാതെയും ആയിത്തീർന്നു. അത് കൊണ്ട് കാലാവ സാനം വരെ അവശേഷിക്കുന്ന ഒരു പുതിയ വേദഗ്രന്ഥത്തിന്റെ ആവശ്യം നേരിട്ടിരിക്കുകയാണ്. ആ ന്യായപ്രമാണത്തിന്റെ അദ്ധ്യാപനങ്ങൾ എല്ലാ കാലത്തും യഥാവിധി തുറന്ന് കാട്ടുവാൻ പര്യാപ്തമായ ആളുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയും വേണം- അതത്രേ വിശുദ്ധഖുർആൻ.

സൂ: ഹിജ്ർ 9-ാം വചനത്തിൽ അല്ലാഹു പറയുന്നു: "നാം തന്നെയാണ് പ്രമാണം- ഖുർആൻ -അവതരിപ്പിച്ചത്. നാം തന്നെ അത് കാത്ത് സൂക്ഷിക്കുകയും ചെയ്തു കൊള്ളും."

**വചനം 26,27:**

أَوَلَمْ يَهْدِ لَهُمْ كَمْ أَهْلَكْنَا مِن قَبْلِهِم مِّنَ ٱلْقُرُونِ يَمْشُونَ فِى مَسَـٰكِنِهِمْ ۚ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ ۖ أَفَلَا يَسْمَعُونَ ﴿٢٦﴾

26 ഇവർക്കുമുമ്പ് എത്രയോ തലമുറകളെ നാം നശിപ്പിച്ചിരിക്കുന്നുവെന്നത് ഇവർക്ക് മാർഗ്ഗദർശ നം നൽകുന്നില്ലേ? ഇവർ അവരുടെ വാസസ്ഥല ങ്ങളിൽ കൂടി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു (വല്ലോ)! നിശ്ചയമായും അതിൽ പല ദൃഷ്ടാന്ത ങ്ങളുമുണ്ട്; എന്നിട്ടും ഇവർ കേട്ടറിയുന്നില്ലേ?!

أَوَلَمْ يَرَوْا أَنَّا نَسُوقُ ٱلْمَآءَ إِلَى ٱلْأَرْضِ ٱلْجُرُزِ فَنُخْرِجُ بِهِۦ زَرْعًا تَأْكُلُ مِنْهُ أَنْعَـٰمُهُمْ وَأَنفُسُهُمْ ۖ أَفَلَا يُبْصِرُونَ ﴿٢٧﴾

27 വരണ്ടുകിടക്കുന്ന ഭൂമിയിലേക്ക് നാം വെള്ളത്തെ കൊണ്ടുചെല്ലുന്നുവെന്നുള്ളത് ഇവർക്കു കണ്ടു കൂടേ? അങ്ങനെ, ഇവരുടെ കന്നുകാലികളും, ഇവർതന്നെയും തിന്നുകൊണ്ടിരിക്കുന്ന കൃഷി യെ നാം അതുമൂലം ഉല്പാദിപ്പിക്കുകയും ചെയ്യു ന്നു! എന്നിട്ടും ഇവർ കണ്ടറിയുന്നില്ലേ?!

ആദ്യത്തെ ആയത്തിൽ ഖുർആന്റെ നിഷേധികൾക്ക് അവരുടെ നാശത്തെകുറിച്ചുള്ള താക്കീതും, രണ്ടാമത്തേതിൽ പുനരുത്ഥാനത്തെ സംബന്ധിച്ച ഒരു തെളിവും വിവരിച്ചിരിക്കുന്നു.

**വചനം 28,29 :**

وَيَقُولُونَ مَتَىٰ هَٰذَا ٱلۡفَتۡحُ إِن كُنتُمۡ صَٰدِقِينَ ۝٢٨

28 അവർ പറയുന്നു: ''എപ്പോഴാണ് ഈ വിജയം (അഥവാ തീരുമാനം), നിങ്ങൾ സത്യവാൻമാരാണെങ്കിൽ?!''

قُلۡ يَوۡمَ ٱلۡفَتۡحِ لَا يَنفَعُ ٱلَّذِينَ كَفَرُوٓاْ إِيمَٰنُهُمۡ وَلَا هُمۡ يُنظَرُونَ ۝٢٩

29 (നബിയേ) പറയുക: ''വിജയത്തിൻെറ (അഥവാ തീരുമാനത്തിൻെറ)ദിവസം, അവിശ്വസിച്ചവരായ ആളുകൾക്ക് അവരുടെ (അപ്പോഴത്തെ) വിശ്വാസം ഫലം ചെയ്യുന്നതല്ല; അവർക്ക് (കാലാവധി നൽകി) താമസം ചെയ്തുകൊടുക്കപ്പെടുന്നതുമല്ല.''

മക്കയിൽ വെച്ച് മുസ്ലീംകൾ മുശ്രിക്കുകളിൽ നിന്നും പല വിധത്തിലുള്ള മർദ്ദനങ്ങൾക്കും ഉപദ്രവങ്ങൾക്കും വിധേയരായിക്കൊണ്ടിരുന്ന കാലഘട്ടത്തിലാണ്, ഭാവിയിൽ രക്ഷയും വിജയവും അവർക്കാണെന്ന് അറിയിച്ച് കൊണ്ട് ഈ സൂറത്ത് അവതരിച്ചത്. ഇരുവിഭാഗങ്ങൾക്കുമിടയിൽ ഒരു തീരുമാനം വരും എന്നും നബി(സ) സത്യവിശ്വാസികളെ അറിയിക്കാറുണ്ട്. ഇതേ പറ്റി പരിഹസിച്ച് കൊണ്ട് മുശ്രിക്കുകൾ ചോദിക്കുന്ന ചോദ്യവും അതിന്റെ മറുപടിയുമാണീ വചനങ്ങളിൽ.

ആ വിജയം(തീരുമാനം) സംഭവിക്കുക തന്നെ ചെയ്യും. അത് അല്ലാഹു ഉദ്ദേശിച്ച സമയത്ത് തന്നെ നടക്കും. അപ്പോൾ, അവിശ്വാസികൾ അങ്ങേ അറ്റം ഖേദവും തുടർന്ന് വിശ്വാസവും പ്രകടിപ്പിക്കാതിരിക്കുകയില്ല. എന്നാൽ അപ്പോഴത്തെ വിശ്വാസം സ്വീകരിക്കപ്പെടുകയില്ല, അവർക്ക് യാതൊരു ഒഴിവ് കഴിവും അനുവദിച്ച് കൊടുക്കുന്നതുമല്ല.

'വിജയത്തിന്റെ, അഥവാ, തീരുമാനത്തിന്റെ ദിവസം' എന്നത് കൊണ്ടുദ്ദേശ്യം ഖിയാമത്ത് നാളാണെന്നും, അതല്ല, ഇഹത്തിൽ വെച്ച് തന്നെ അവിശ്വാസികൾക്കു അനുഭവപ്പെടുന്ന ഏതെങ്കിലും ശിക്ഷയുടെ അവസരമാണ് എന്നും പണ്ഡിതർക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. രണ്ടായാലും ശരി, മരണവേളയിലും ഖിയാമത്ത് നാളിലുമെല്ലാം തന്നെ അവിശ്വാസികൾ തങ്ങളുടെ ചെയ്തികളെ പറ്റി ഖേദിച്ച് വിലപിക്കുമെങ്കിലും, അതൊന്നും സ്വീകരിക്കപ്പെടുകയില്ലെന്ന് ഖുർആൻ പലപ്പോഴും ആവർത്തിച്ച് പ്രസ്താവിച്ചിട്ടുള്ളതാണ്.

**വചനം 30:**

فَأَعۡرِضۡ عَنۡهُمۡ وَٱنتَظِرۡ إِنَّهُم مُّنتَظِرُونَ ۝٣٠

30 അതുകൊണ്ട് നീ അവരിൽനിന്നും (അവഗണനയോടെ) തിരിഞ്ഞുകളയുക; പ്രതീക്ഷിച്ചുകൊണ്ടിരിക്കയും ചെയ്യുക. നിശ്ചയമായും അവർ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നവരാണ്.

മുശ്രിക്കുകളുടെ പരിഹാസത്തെ അവഗണിക്കുവാനും, മുസ്ലീംകളുടെ സന്തോഷത്തിന്റെയും വിജയത്തിന്റെയും അവസരത്തെ ശുഭപ്രതീക്ഷയോടെ കാത്തിരിക്കുവാനും നബി(സ)യെ ഉണർത്തിക്കൊണ്ട് അല്ലാഹു ഈ സൂറത്ത് അവസാനിപ്പിക്കുന്നു.

# 33. സൂറത്തുൽ അഹ്സാബ്
## (സംഘടിത കക്ഷികൾ)

**മദീനയിൽ അവതരിച്ചത്**

വചനങ്ങൾ 73, വിഭാഗം (റുകൂഅ്) 9

മദീനായിൽ ഇസ്ലാമിന്റെ ശത്രുക്കളായിരുന്ന ജൂതന്മാരെയും കപടവിശ്വാസികളെയും സംബന്ധിച്ച് ഈ സൂറത്തിൽ പല പ്രസ്താവനകളും കാണാം. കൂടാതെ, മറ്റ് സൂറത്തുകളിൽ വിവരിക്കപ്പെട്ടിട്ടില്ലാത്ത പ്രധാനപ്പെട്ട പല നിയമനിർദ്ദേശങ്ങളും മതവിധികളും ഈ സൂറത്തിൽ അടങ്ങിയിട്ടുണ്ട്.

ഈ സൂറത്തിന് 'അഹ്സാബ്' (സംഘടിത കക്ഷികൾ) എന്ന് പേര് വരാൻ കാരണം, മദീനായിലെ യഹൂദ ഗോത്രങ്ങളുടെ പിന്തുണയോടെ, ഖുറൈശികളും മറ്റ് ചില അറേബ്യൻ ഗോത്രങ്ങളും സംഘടിതമായി മദീനായിലെ മുസ്ലീംകളെ ആക്രമിക്കാൻ വന്ന സംഭവത്തെ പറ്റി, ഈ സൂറത്തിൽ പരാമർശിക്കുന്നതിനാലാണ് - വചനം 9 വിശദീകരണം നോക്കുക.

**വിഭാഗം 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3 :**

1 ഹേ, നബിയേ (പ്രവാചകാ), അല്ലാഹുവിനെ സൂക്ഷിക്കുക. അവിശ്വാസികളെയും, കപട വിശ്വാസികളെയും അനുസരിക്കുകയും ചെയ്യരുത്. നിശ്ചയമായും, അല്ലാഹു സർവ്വജ്ഞനും അഗാധജ്ഞനുമാകുന്നു.

يَٰٓأَيُّهَا ٱلنَّبِيُّ ٱتَّقِ ٱللَّهَ وَلَا تُطِعِ ٱلْكَٰفِرِينَ وَٱلْمُنَٰفِقِينَ ۗ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمًا ﴿١﴾

2 നിൻെറ രക്ഷിതാവിങ്കൽനിന്ന് നിനക്ക് "വഹ്യ് (ദിവ്യബോധനം) നൽകപ്പെടുന്നതിനെ നീ പിൻപറ്റുകയും ചെയ്യുക. നിശ്ചയമായും, അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായറിയുന്നവനാകുന്നു.

وَٱتَّبِعْ مَا يُوحَىٰٓ إِلَيْكَ مِن رَّبِّكَ ۚ إِنَّ ٱللَّهَ كَانَ بِمَا تَعْمَلُونَ خَبِيرًا ﴿٢﴾

3 (എല്ലാ കാര്യത്തിലും) അല്ലാഹുവിൻെറ മേൽ ഭരമേൽപിക്കുകയും ചെയ്തുകൊള്ളുക. ഭരമേൽപിക്കപ്പെടുന്നവനായി അല്ലാഹു തന്നെ മതി.

وَتَوَكَّلْ عَلَى ٱللَّهِ ۚ وَكَفَىٰ بِٱللَّهِ وَكِيلًا ﴿٣﴾

അല്ലാഹുവിന്റെ വിധി വിലക്കുകളും നിയമനിർദേശങ്ങളും അനുസരിക്കുക വഴി അവനോട് ഭയഭക്തി ഉണ്ടായിരിക്കുക എന്നത്രേ 'തഖ്വാ' കൊണ്ടുദ്ദേശിക്കുന്നത്. പ്രസ്തുത ധാതുപദത്തിൽ നിന്നുള്ള കൽപന ക്രിയയാകുന്നു 'ഇത്തഖി' - അഥവാ, സൂക്ഷിക്കുക, കാക്കുക, പേടിക്കുക- എന്ന പദം. അല്ലാഹുവിനെ സൂക്ഷിച്ച് കൊള്ളുക എന്ന് പറഞ്ഞതിനെ തുടർന്ന്, അവിശ്വാസികളെയും കപട വിശ്വാസികളെയും അനുസരിക്കരുതെന്നും, അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന ദിവ്യ സന്ദേശങ്ങളെ പിൻപറ്റണമെന്നും പ്രസ്താവിച്ചതിൽ നിന്നും 'തഖ്വാ'യുടെ ഉദ്ദേശ്യം മനസ്സിലാക്കാം. ഇതേ അർത്ഥോദ്ദേശ്യത്തോടു കൂടി തന്നെയാണ് ഈ വാക്ക് ഖുർആനിലും ഹദീസിലും ഇസ്ലാമിക ഗ്രന്ഥങ്ങളിലും സാധാരണ പ്രയോഗിക്കപ്പെടാറുള്ളതും.

ഈ വചനങ്ങളിലെ കൽപനകൾ പ്രത്യക്ഷത്തിൽ നബി(സ)യെ അഭിമുഖീകരിച്ച് കൊണ്ടാണുള്ളതെങ്കിലും, അവ സമുദായത്തിന് മുഴുവനും ബാധകമാണെന്നുള്ളതിൽ സംശയമില്ല; അത്കൊണ്ടാണ്

രണ്ടാംവചനത്തിൽ "നിങ്ങൾ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതിനെ പറ്റി അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു" എന്ന് പറഞ്ഞിരിക്കുന്നത്. ശത്രുക്കളുടെ ഇംഗിതങ്ങൾക്ക് വഴങ്ങിയോ, അവരെ പ്രീണിപ്പിക്കാമെന്നുദ്ദേശിച്ചോ, മതപ്രബോധന വിഷയത്തിൽ വിട്ട് വീഴ്ച ചെയ്വാനോ, സത്യത്തെ മറച്ച് വെക്കാനോ നബി(സ) ഒരിക്കലും മുതിരുകയില്ലെന്ന് സ്പഷ്ടമാണല്ലോ. എങ്കിലും അവിശ്വാസികളെ സംബന്ധിച്ചേടത്തോളം, അങ്ങനെയൊരു വ്യാമോഹത്തിന്റെ കവാടം പോലും, ഈ വചനങ്ങളിലൂടെ അല്ലാഹു അടച്ച് കളയുന്നു. സത്യവിശ്വാസികൾക്കാകട്ടെ ഇത് കൂടുതൽ ധൈര്യവും ദൃഢമനസ്കതയും ഉളവാക്കുകയും ചെയ്യുന്നു. സത്യപ്രബോധനം നടത്തുമ്പോൾ നേരിടേണ്ടി വരുന്ന പല വിധ വിഷമങ്ങളും ദുർഘട ഘട്ടങ്ങളും തരണം ചെയ്യുവാനായി കാര്യങ്ങൾ അല്ലാഹുവിൽ മാത്രം ഭരമേൽപിക്കുവാനും അല്ലാഹു പ്രത്യേകം നിർദ്ദേശിക്കുകയും ചെയ്യുന്നു.

ഈ സൂറത്തിൽ പ്രത്യേകം പ്രതിപാദിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളിൽ ചിലതാണ് അടുത്ത വചനങ്ങളിൽ.

<u>വചനം 4 :</u>

مَّا جَعَلَ ٱللَّهُ لِرَجُلٍ مِّن قَلْبَيْنِ فِى جَوْفِهِۦ ۚ وَمَا جَعَلَ أَزْوَٰجَكُمُ ٱلَّٰٓـِٔى تُظَٰهِرُونَ مِنْهُنَّ أُمَّهَٰتِكُمْ ۚ وَمَا جَعَلَ أَدْعِيَآءَكُمْ أَبْنَآءَكُمْ ۚ ذَٰلِكُمْ قَوْلُكُم بِأَفْوَٰهِكُمْ ۖ وَٱللَّهُ يَقُولُ ٱلْحَقَّ وَهُوَ يَهْدِى ٱلسَّبِيلَ ﴿٤﴾

4 ഒരു മനുഷ്യനും തന്നെ അവൻെറ ഉള്ളിൽ അല്ലാഹു രണ്ടു ഹൃദയങ്ങളെ ഉണ്ടാക്കിയിട്ടില്ല; നിങ്ങൾ 'ളിഹാർ' (എന്ന വിവാഹമോചനം) ചെയ്യുന്ന നിങ്ങളുടെ ഭാര്യമാരെ അവൻ നിങ്ങളുടെ മാതാക്കളാക്കുകയും ചെയ്തിട്ടില്ല; നിങ്ങളുടെ ദത്തുപുത്രൻമാരെ അവൻ നിങ്ങളുടെ പുത്രൻമാരാക്കുകയും ചെയ്തിട്ടില്ല. അതൊക്കെ നിങ്ങളുടെ വായകൊണ്ടുള്ള (നിരർത്ഥ) വാക്കുകളത്രെ. അല്ലാഹു യഥാർത്ഥം പറയുന്നു. അവൻ തന്നെ (ശരിയായ) മാർഗ്ഗം കാട്ടിത്തരുകയും ചെയ്യുന്നു.

"ഏതൊരു മനുഷ്യനും തന്നെ അവന്റെ ഉള്ളിൽ അല്ലാഹു രണ്ട് ഹൃദയം ഏർപ്പെടുത്തിയിട്ടില്ല" എന്ന വചനത്തിലൂടെ ഒരേ കാര്യത്തിൽ വ്യത്യസ്തമായ രണ്ട് അഭിപ്രായങ്ങളോ, രണ്ട് ആശയ ഗതികളോ, രണ്ട് തരം സമീപനമോ ഒരാൾക്ക് ഉണ്ടായികൂടാത്തതാണ് എന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. അറബികൾക്കിടയിൽ അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന രണ്ട് സമ്പ്രദായങ്ങളെകുറിച്ച് തുടർന്ന് അല്ലാഹു പ്രസ്താവിക്കുന്നു.

ഒരാൾക്ക് തന്റെ ഭാര്യയോട് വല്ല വെറുപ്പും നേരിടുമ്പോൾ അവൻ അവളോട് നീ എനിക്ക് എന്റെ മാതാവിന്റെ മുതുക് പോലെയാണ് എന്ന് പറയുന്ന പതിവ് അക്കാലത്ത് നിലനിന്നിരുന്നു. എന്റെ മാതാവുമായി ഭാര്യാഭർതൃബന്ധം നടത്തുവാൻ പാടില്ലാത്തത് പോലെയാണ് നീയുമായുള്ള അവസ്ഥ എന്ന് താല്പര്യം. ഇതിന് ളിഹാർ (മുതുക് പോലെയാക്കുക) എന്നാണ് പറയപ്പെട്ടിരുന്നത്. ഇങ്ങനെ പറഞ്ഞെന്നത് മൂലം ഒരാളുടെ ഭാര്യ അയാളുടെ മാതാവാകുന്നില്ലെന്നും, അത്കൊണ്ട് ഭാര്യയെ മാതാവിനെപോലെ ഗണിക്കുന്നത് പാടില്ലാത്തതാണെന്നും അല്ലാഹു ഉണർത്തുന്നു. ഇനി അഥവാ, ഒരാൾ ഭാര്യയോട് അങ്ങനെ പറഞ്ഞ് പോയാൽ, ഭാര്യയുമായി സ്പർശനം ഉണ്ടാകുന്നതിന് മുമ്പു തന്നെ പ്രായശ്ചിത്തം ചെയ്യേണ്ടതാണ്. പ്രായശ്ചിത്തം ഇപ്രകാരമാകുന്നു- ഒരു അടിമയെ മോചിപ്പിക്കുക; അത് സാധ്യമാകാത്ത പക്ഷം രണ്ട് മാസം തുടർച്ചയായി നോമ്പ് അനുഷ്ഠിക്കുക; അതിനും കഴിയാത്തപക്ഷം അറുപത് സാധുക്കൾക്ക് ഭക്ഷണം നൽകുക. (വിശദവിവരങ്ങൾക്ക് സൂ: മുജാദില : 1,2,3,4, വചനങ്ങൾ നോക്കുക).

ഇസ്ലാമിന് മുമ്പ് അറബികളിൽ നിലവിലുണ്ടായിരുന്ന മറ്റൊരു സമ്പ്രദായമായിരുന്നു അന്യരുടെ മക്കളെ ദത്തെടുത്ത് സ്വന്തം മക്കളെപോലെ പോറ്റി വളർത്തുകയും സ്വന്തം മക്കൾക്കുള്ളതു പോലെ സ്വത്തവകാശം ഉൾപ്പെടെ എല്ലാ അവകാശങ്ങളും വകവെച്ച് കൊടുക്കുകയും ചെയ്യുക എന്നത്. ഈ ഖുർആൻ വാക്യം അവതരിക്കുന്നത് വരെ സൈദ്ബ്നു ഹാരിഥ(റ)യെ സൈദ്ബ്നു മുഹമ്മദ് എന്നായി

രുന്നു, സഹാബികൾ വിളിക്കാറുണ്ടായിരുന്നത്. ഈ ആയത്ത് അവതരിച്ചപ്പോൾ റസൂൽ(സ) തിരുമേനി അദ്ദേഹത്തോട് നീ സൈദ്ബ്നു ഹാരിഥ:ത്ത്ബുനു ശുറാഹിൽ (ശുറാഹിൽ ന്റെ മകൻ ഹാരിഥ: യുടെ മകൻ സയിദ്) ആണെന്ന് പറയുകയുണ്ടായി. സൈദ്ബ്നു ഹാരിഥ:(റ)യുടെ ചരിത്രം ഇപ്രകാരമാകുന്നു.

കൽബ് ഗോത്രക്കാരനായ സൈദ്(റ) ഒരു യുദ്ധത്തിൽ പിടിക്കപ്പെട്ട് ഖദീജ(റ)യുടെ പക്കലും, തുടർന്ന് റസൂൽ(സ) തിരുമേനിയുടെ അധീനത്തിലും എത്തിപ്പെട്ടു. സൈദ്(റ)ന്റെ പിതാവിന്റെയും പിതൃവ്യന്റെയും ആവശ്യപ്രകാരം റസൂൽ(സ) തിരുമേനി അദ്ദേഹത്തെ അവർക്ക് വിട്ട് കൊടുക്കാൻ തീരുമാനിച്ചെങ്കിലും നബി(സ)യുടെ കൂടെ ജീവിക്കാനാണ് സൈദ്(റ) ഇഷ്ടപ്പെട്ടത്. അനന്തരം തിരുമേനി അദ്ദേഹത്തെ അടിമത്തത്തിൽ നിന്നും സ്വതന്ത്രനാക്കുകയും ഒരു പോറ്റ് പുത്രനായി കരുതുകയും ചെയ്തു. ജനങ്ങൾ അദ്ദേഹത്തെ സൈദ്ബ്നു മുഹമ്മദ് (മുഹമ്മദിന്റെ മകൻ സൈദ്) എന്ന് വിളിച്ച് വന്നു.

സൈദ്(റ)ന്റെ ഭാര്യയായിരുന്ന സൈനബ്(റ) വിവാഹമോചനം ചെയ്യപ്പെട്ടതിനെ തുടർന്ന് നബി(സ) അവരെ വിവാഹം ചെയ്യുകയുണ്ടായി. (വചനം 37,38,39,40 നോക്കുക) ഇതിനെ തുടർന്ന് "മകന്റെ ഭാര്യയെ വിവാഹം ചെയ്യാൻ പാടില്ലെന്ന് പറഞ്ഞ മുഹമ്മദ് തന്നെ, തന്റെ മകന്റെ ഭാര്യയെ വിവാഹം കഴിച്ചിരിക്കുന്നു" എന്ന് ജനസംസാരമുണ്ടായി. ഈ സന്ദർഭത്തിലാണ് ഈ ആയത്ത് അവതരിക്കുന്നത്. പോറ്റുമക്കളെ സ്വീകരിക്കുന്നതിനേയും അവരെ മക്കളെ പോലെ സ്നേഹിച്ച് വളർത്തുന്നതിനേയും ഈ വചനം നിരോധിക്കുന്നില്ല- എന്നാൽ, പോറ്റുമക്കൾക്ക് യഥാർത്ഥ മക്കൾക്ക് ബാധകമായ നിയമം ബാധകമല്ലെന്ന് ഈ വചനം പ്രഖ്യാപിക്കുന്നു.

മേൽ പറഞ്ഞ സംഭവങ്ങളിൽ, ഒരാൾ തന്റെ ഭാര്യയെ കുറിച്ച് 'നീ എന്റെ മാതാവിനെപോലെയാണ്' എന്ന് പറഞ്ഞെന്ന് വച്ച് അയാളുടെ ഭാര്യ അയാളുടെ മാതാവായിത്തീരുകയില്ല എന്നും, ദത്ത് മക്കളെ കുറിച്ച് മക്കളെന്ന് പറയുമ്പോഴേക്കും അവർ യഥാർത്ഥ മക്കളായിത്തീരുകയില്ല എന്നുമുള്ള യാഥാർത്ഥ്യമാണ് "അതൊക്കെ നിങ്ങളുടെ വായ കൊണ്ടുള്ള വാക്കുകളാണ്" എന്ന വാക്യം ചൂണ്ടിക്കാട്ടുന്നത്.

പോറ്റു മക്കളെ പറ്റി അല്ലാഹു തുടർന്ന് പറയുന്നു:

**വചനം 5 :**

ٱدْعُوهُمْ لِءَابَآئِهِمْ هُوَ أَقْسَطُ عِندَ ٱللَّهِ ۚ فَإِن لَّمْ تَعْلَمُوٓا۟ ءَابَآءَهُمْ فَإِخْوَٰنُكُمْ فِى ٱلدِّينِ وَمَوَٰلِيكُمْ ۚ وَلَيْسَ عَلَيْكُمْ جُنَاحٌ فِيمَآ أَخْطَأْتُم بِهِۦ وَلَٰكِن مَّا تَعَمَّدَتْ قُلُوبُكُمْ ۚ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٥﴾

5 അവരെ അവരുടെ പിതാക്കളിലേക്ക് ചേർത്ത് വിളിച്ചുകൊള്ളുവിൻ. അതത്രെ അല്ലാഹുവിങ്കൽ ഏറ്റവും നീതിയായിട്ടുള്ളത്. ഇനി, അവരുടെ പിതാക്കളെ നിങ്ങൾക്കറിയുകയില്ലെങ്കിൽ, അവർ മതത്തിൽ നിങ്ങളുടെ സഹോദരൻമാരും, നിങ്ങളുടെ 'മൗലാ'ക്കളും (ബന്ധപ്പെട്ടവരും) ആകുന്നു. നിങ്ങൾ അബദ്ധം ചെയ്തുപോയതിൽ നിങ്ങളുടെ മേൽ കുറ്റമില്ലതാനും. പക്ഷെ, നിങ്ങളുടെ ഹൃദയങ്ങൾ കരുതിക്കൂട്ടിച്ചെയ്തതാണ് (കുറ്റകരം). അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

ദത്ത് മക്കളെ അവരുടെ യഥാർത്ഥ പിതാക്കളോട് ചേർത്ത് ഇന്നയാളുടെ മകൻ അല്ലെങ്കിൽ മകൾ എന്ന് വിളിക്കുവാനും പോറ്റ് പിതാക്കളോടു ചേർത്ത് വിളിക്കാതിരിക്കാനും ഈ വചനം കൽപിക്കുന്നു. ഇനി, യഥാർത്ഥ പിതാക്കൾ ആരാണെന്നറിയാത്ത പക്ഷം, അവരെ സഹോദരങ്ങളും, ബന്ധു (മൌലാ) ക്കളുമായി പരിഗണിച്ച് കൊള്ളണമെന്നും നിർദ്ദേശിക്കുന്നു. സത്യവിശ്വാസികളെല്ലാം സഹോദരങ്ങളാണല്ലോ. നബി(സ) സൈദു(റ)നോട് ഇപ്രകാരം പറയുമായിരുന്നു. "നീ നമ്മുടെ സഹോദരനും മൌലായുമാകുന്നു."

കുടുംബബന്ധമെന്നും മൈത്രീ ബന്ധമെന്നും, സഹോദര്യ ബന്ധമെന്നും ഒക്കെയുള്ള പല അർത്ഥത്തിലും 'മൌലാ' എന്ന വാക്ക് അറബികൾക്കിടയിൽ ഉപയോഗിക്കപ്പെട്ടു വരാറുണ്ട്. 'മൌലാ' എന്ന് സംബോധന ചെയ്യുന്നതിൽ അറബികൾക്ക് അഭിമാനമാണുണ്ടായിരുന്നത്. ഈ സമ്പ്രദായത്തെ പ്രോൽസാ

ഹിപ്പിക്കുകയാണ് ഈ വചനം മുഖേന അല്ലാഹു ചെയ്യുന്നത്.

മക്കളെ പിതാക്കളോട് ചേർത്ത് വിളിക്കണമെന്ന ഖുർആൻ ശാസനക്ക് നിരക്കാത്ത ഒരു സമ്പ്രദായം നമ്മുടെ നാട്ടിൽ നിലനിന്ന് വരുന്നതായി കാണാം. നമ്മുടെ നാട്ടിൽ ഏതെങ്കിലും തറവാടിന്റെയോ, പറമ്പിന്റെയോ, തൊടിയുടെയോ, സ്ഥലത്തിന്റെയോ ഒക്കെ പേര് ചേർത്തായിരിക്കും ഒരാളെ പരിചയപ്പെടുത്തുന്നത്. ഇന്ത്യൻ മുസ്ലീംകളിൽ ഇന്നും അവശേഷിപ്പുള്ള പല അനിസ്ലാമിക ആചാരങ്ങളിൽ ഒന്നാകുന്നു ഇതും.

“നിങ്ങളുടെ കുടുംബബന്ധം ചേർക്കുമാറ് (പാലിക്കത്തക്കവണ്ണം) നിങ്ങളുടെ കുടുംബ പരമ്പരയിൽ നിന്നും നിങ്ങൾ പഠിച്ചിരിക്കുവിൻ” (തി) എന്നും “അറിഞ്ഞു കൊണ്ട് തന്റെ പിതാവല്ലാത്തവരോട് ചേർത്തിക്കൊണ്ട് (കുടുംബം) വാദിക്കുന്നവൻ അവിശ്വാസിയാകാതിരിക്കയില്ല” (ഇബ്നു കഥീർ) എന്നും നബി(സ) തിരുമേനി അരുളിയിരിക്കുന്നു.

**വചനം 6 :**

ٱلنَّبِيُّ أَوْلَىٰ بِٱلْمُؤْمِنِينَ مِنْ أَنفُسِهِمْ ۖ وَأَزْوَٰجُهُۥٓ أُمَّهَٰتُهُمْ ۗ وَأُو۟لُوا۟ ٱلْأَرْحَامِ بَعْضُهُمْ أَوْلَىٰ بِبَعْضٍ فِى كِتَٰبِ ٱللَّهِ مِنَ ٱلْمُؤْمِنِينَ وَٱلْمُهَٰجِرِينَ إِلَّآ أَن تَفْعَلُوٓا۟ إِلَىٰٓ أَوْلِيَآئِكُم مَّعْرُوفًا ۚ كَانَ ذَٰلِكَ فِى ٱلْكِتَٰبِ مَسْطُورًا ﴿٦﴾

6 നബി (പ്രവാചകൻ) സത്യവിശ്വാസികളോട് അവരുടെ സ്വന്തം ദേഹങ്ങളെക്കാൾ ബന്ധപ്പെട്ട ആളാകുന്നു; അദ്ദേഹത്തിൻെറ ഭാര്യമാരാകട്ടെ അവരുടെ മാതാക്കളുമാണ്; സത്യവിശ്വാസികളിൽനിന്നും, 'മുഹാജിറു'കളിൽനിന്നും (പരസ്പരം) രക്തബന്ധമുള്ളവർ-അവരിൽ ചിലർ ചിലരോട്-അല്ലാഹുവിൻെറ ഗ്രന്ഥത്തിൽ (നിയമമനുസരിച്ച്) കൂടുതൽ ബന്ധപ്പെട്ടവരുമാണ്; നിങ്ങൾ നിങ്ങളുടെ ബന്ധുമിത്രങ്ങൾക്ക് സമുചിതമായ വല്ലതും ചെയ്തുകൊടുക്കുന്നതായാലൊഴികെ (അതിനു തടസ്സമില്ല.) ഇപ്പറഞ്ഞത് വേദഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ടതായിരിക്കുന്നു. (സ്ഥിരപ്പെട്ട നിയമമാണ്.)

വളരെ പ്രധാനപ്പെട്ട നാലഞ്ച് കാര്യങ്ങൾ അല്ലാഹു ഈ ആയത്തിലൂടെ വിവരിക്കുന്നു.

1) സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം നബി(സ), അവരോട് തങ്ങളേക്കാളും മറ്റാരെക്കാളും കൂടുതൽ ബന്ധപ്പെട്ട ആളാകുന്നു. ഐഹികവും പാരത്രികവും മതപരവുമായ എല്ലാ തുറകളിലും അവിടുന്ന് സത്യവിശ്വാസികളുടെ മാതൃകയും, വഴികാട്ടിയും ഗുണകാംക്ഷിയുമാകുന്നു. ഓരോ സത്യവിശ്വാസിയും തന്റെ സ്വന്തം ദേഹത്തേക്കാൾ തിരുമേനിയെ സ്നേഹിക്കണമെന്നും, ഇഷ്ടപ്പെടണമെന്നും തിരുമേനിയോടുള്ള കടപ്പാടെന്താണെന്നും ഖുർആനിൽ പൊതുവെയും ഈ സൂറത്തിൽ വിശേഷിച്ചും വിവരിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ, ധാരാളം ഹദീസുകളും ഈ വിഷയ പരമായി നിവേദനം ചെയ്യപ്പട്ടിരിക്കുന്നു.

“എന്റെ ദേഹം യാതൊരുവന്റെ കൈവശമാണോ, അവൻ തന്നെയാണ് സത്യം നിങ്ങളിൽ ഒരാൾക്ക് അവന്റെ ദേഹത്തേക്കാളും അവന്റെ ധനത്തേക്കാളും അവന്റെ സന്താനങ്ങളേക്കാളും എല്ലാ മനുഷ്യരേക്കാളും കൂടുതൽ ഇഷ്ടപ്പെട്ടവൻ ഞാനായിത്തീരുന്നത് വരെ അവൻ സത്യവിശ്വാസി ആകുകയില്ല.” നബി(സ) അരുളി.

“എന്റെ ദേഹം ഒഴിച്ച് മറ്റാരേക്കാളും എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ആൾ അങ്ങുന്നാകുന്നു.” എന്ന് ഒരിക്കൽ ഉമർ(റ) തിരുമേനിയോടു പറഞ്ഞപ്പോൾ തിരുമേനി അത് തിരുത്തുകയും “തനിക്ക് തന്നെക്കാളും ഇഷ്ടപ്പെട്ടവൻ ഞാനായിരിക്കാതെ ഒക്കുകയില്ല” എന്ന് പറയുകയും ചെയ്തു. ഉടനെ ഉമർ(റ) ഇപ്രകാരം പറഞ്ഞു, “അല്ലാഹു തന്നെയാണ്, നിശ്ചയമായും അങ്ങുന്ന് എല്ലാവരേക്കാളും അധികം എനിക്ക് ഇഷ്ടപ്പെട്ടവനാകുന്നു- എന്റെ സ്വന്തം ദേഹത്തേക്കാൾ പോലും.”

"ഏതൊരു സത്യവിശ്വാസിയും തന്നെ, ഇഹത്തിലും പരത്തിലും ഞാനവനോട് മനുഷ്യരിൽ വെച്ച് ഏറ്റവും ബന്ധപ്പെട്ടവനല്ലാതില്ല" എന്ന് ഒരിക്കൽ പ്രസ്താവിച്ച നബി(സ) തുടർന്ന് "നബി സത്യ വിശ്വാസികളോട് അവരുടെ സ്വന്തം ദേഹത്തേക്കാൾ ബന്ധപ്പെട്ട ആളാകുന്നു" എന്ന ഈ ആയത്ത് ഓതാൻ നിർദ്ദേശിക്കുകയുണ്ടായി.

"സത്യവിശ്വാസികളിൽ ആരെങ്കിലും മരിക്കുകയും കടം ബാക്കി വെക്കുകയും ചെയ്യുന്നതായാൽ അത് വീട്ടുന്നത് എന്റെ ബാധ്യതയാണ്. ധനം വിട്ടേച്ച് പോയാൽ അത് അവന്റെ അവകാശികൾക്കുള്ളതു മാകുന്നു. ഞാൻ സത്യവിശ്വാസിയുടെ മൌലാ(ബന്ധു)യാകുന്നു" എന്ന് നബി(സ) പ്രഖ്യാപിച്ചിരുന്നു. (ഈ ഹദീസുകളെല്ലാം തന്നെ ബുഖാരിയിലും മറ്റും കാണാം.)

2) നബി(സ) തിരുമേനിയുടെ പത്നിമാർ സത്യവിശ്വാസികളുടെ മാതാക്കളാകുന്നു. അഥവാ, മാതാക്കളെപോലെ അവരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. തിരുമേനിക്ക് ശേഷം അവരെ ആർക്കും വിവാഹം ചെയ്വാനും പാടുള്ളതല്ല. 53-ാം വചനവും ശ്രദ്ധിക്കുക.

3) രക്തച്ചാർച്ചയുള്ള കുടുംബക്കാർ തമ്മിലാണ് കൂടുതൽ ബന്ധമുള്ളത്. മക്കയിൽ നിന്ന് മദീനാ യിലേക്ക് ഹിജ്റ വന്ന മുഹാജിറുകളും മദീനായിലെ അൻസാരികളാകുന്ന സഹാബികളും തമ്മിൽ മത സാഹോദര്യത്തിന്റെ പേരിൽ ഒരു പ്രത്യേക സഹോദര്യ ബന്ധം സ്ഥാപിക്കപ്പെട്ടിരുന്നുവല്ലോ. അതനു സരിച്ച് മുഹാജിറുകൾക്ക് അൻസാരികളുടെ സ്വത്തിൽ അനന്തരാവകാശം പോലും നൽകപ്പെട്ടിരുന്നു. 'രക്തബന്ധമുള്ളവർ പരസ്പരം കൂടുതൽ ബന്ധപ്പെട്ടവരാണ്'എന്ന വാക്യം ഇത്തരത്തിലുള്ള അനന്ത രാവകാശ സമ്പ്രദായത്തെ നിറുത്തലാക്കുകയും സ്വത്തവകാശത്തിനുള്ള അർഹത കുടുംബബന്ധമാ ണെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. ഒരു മുസ്ലീമിന്റെ സ്വത്തവകാശം ലഭിക്കുന്നതിന്, അയാളുടെ കുടും ബബന്ധത്തിന് പുറമേ മതവിശ്വാസത്തിലും യോജിക്കേണ്ടതുണ്ട്. "മുസ്ലീം കാഫിറിനേയും കാഫിർ മുസ്ലീമിനേയും അനന്തരമെടുക്കുകയില്ല"-ബു.മു എന്ന നബി വചനം, ഈ വസ്തുത വ്യക്തമാക്കിയിട്ടു ണ്ട്.

4) രക്തബന്ധമില്ലാത്ത ബന്ധുമിത്രങ്ങൾക്ക് അവർ സത്യവിശ്വാസികളോ, മുഹാജിറുകളോ, മറ്റ് വിധത്തിൽ മൈത്രിയുള്ളവരോ എന്ന നിലക്ക് ഒസിയ്യത്തായോ മറ്റു വിധത്തിലോ സമുചിതമായി വല്ലതും ചെയ്ത് കൊടുക്കുന്നതിന് മേൽ പറഞ്ഞ നിയമം ഒരിക്കലും തടസ്സമാകുന്നില്ല. നിയമപരമായി സ്വത്തവ കാശത്തിന് അർഹരായ കുടുംബാംഗങ്ങൾക്ക്, സാധാരണ നിലയിൽ ഒസിയ്യത്ത് ചെയ്യുന്നത് ഹദീസിൽ വിരോധിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ചില പ്രത്യേക പരിതസ്ഥിതികളിൽ, അവകാശികളിൽ ചിലർക്ക് പ്രത്യേകം ഒസിയ്യത്ത് ചെയ്യേണ്ടതുണ്ടെങ്കിൽ, അത് മറ്റുള്ള അവകാശികളുടെ അനുമതിയോടെ ചെയ്യാവുന്നതുമാണ്.

5) ഇത് വേദഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ട നിയമമാകുന്നു - ഇത് അല്ലാഹുവിന്റെ ഖണ്ഡിത മായ നിയമനിർദ്ദേശമാകുന്നു. മരുമക്കത്തായക്കാരും, അവകാശികൾക്ക് സ്വത്ത് നിഷേധിക്കാനായി കൃത്രിമ രേഖകളും കൈമാറലുകളും നടത്തുന്നവരും അല്ലാഹുവിന്റെ ഈ നിയമത്തെ പ്രത്യക്ഷത്തിൽ തന്നെ ലംഘിക്കുന്നവരാകുന്നു. അത്തരക്കാർ അവന്റെ കടുത്ത ശിക്ഷക്ക് പാത്രീഭൂതരായിത്തീരുന്നതാകുന്നു

**വചനം 7,8 :**

وَإِذْ أَخَذْنَا مِنَ ٱلنَّبِيِّـۧنَ مِيثَـٰقَهُمْ وَمِنكَ وَمِن نُّوحٍ وَإِبْرَٰهِيمَ وَمُوسَىٰ وَعِيسَى ٱبْنِ مَرْيَمَ ۖ وَأَخَذْنَا مِنْهُم مِّيثَـٰقًا غَلِيظًا ﴿٧﴾

لِّيَسْـَٔلَ ٱلصَّـٰدِقِينَ عَن صِدْقِهِمْ ۚ وَأَعَدَّ لِلْكَـٰفِرِينَ عَذَابًا أَلِيمًا ﴿٨﴾

7 (നബിയേ) പ്രവാചകൻമാരിൽനിന്ന് - നിന്നിൽ നിന്നും, നൂഹ്, (അ) ഇബ്റാഹീം, മൂസാ, മർയമിൻെറ മകൻ ഈസാ എന്നിവരിൽനിന്നും തന്നെ - നാം തങ്ങളുടെ ഉറപ്പ് വാങ്ങിയ സന്ദർഭം (ഓർക്കുക)! അവരിൽനിന്ന് നാം ഗൗരവപ്പെട്ട ഉറപ്പ് വാങ്ങുകയും ചെയ്തിരിക്കുന്നു.

8 സത്യവാൻമാരോട് അവരുടെ സത്യതയെക്കുറിച്ച് അവന് (അല്ലാഹുവിന്) ചോദ്യം ചെയ്വാൻ വേണ്ടിയാകുന്നു (അത്). അവിശ്വാസികൾക്ക്

അവൻ വേദനയേറിയ ശിക്ഷ ഒരുക്കിവെക്കുക
യും ചെയ്തിരിക്കുന്നു.

നബിമാരിൽ നിന്നും അല്ലാഹു വാങ്ങിയ ഈ ഉറപ്പിനെ -കരാറിനെ -ക്കുറിച്ച് ഇവിടെ വിശദീകരിച്ചിട്ടില്ലെങ്കിലും സൂ: ആലു ഇംറാൻ 81-ാം വചനത്തിലും മറ്റും പ്രസ്താവിച്ചിട്ടുള്ളതിൽ നിന്നും നമുക്ക് ഏതാണ്ട് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഏഴാം വചനത്തിൽ പ്രത്യേകം എടുത്ത് പറഞ്ഞ മുഹമ്മദ്(സ) നൂഹ്(അ) ഇബ്രാഹീം(അ) മൂസാ(അ) ഈസാ(അ) എന്നീ പ്രവാചകന്മാരോട് കൽപിച്ച ഒസിയ്യത്തായിക്കൊണ്ട് സൂ: ശൂറാ: 13ൽ അല്ലാഹു ഇപ്രകാരം പറയുന്നു:

"നിങ്ങൾ ഈ മതത്തെ നിലനിർത്തുവിൻ അതിൽ നിങ്ങൾ ഭിന്നിച്ച് പോകരുത്."

അല്ലാഹു നബിമാർക്ക് 'രിസാലത്താ'കുന്ന ദിവ്യദൗത്യം നൽകുന്നത് തന്നെ ഒരു തരം കരാറാണെന്ന് പറയാം.

ഈ വചനത്തിൽ അല്ലാഹു പ്രത്യേകം എടുത്ത് പറഞ്ഞിട്ടുള്ള അഞ്ച് പ്രവാചകന്മാർ 'ദൃഢചിത്തതയുള്ളവർ' എന്ന കീർത്തിനാമത്തിൽ അറിയപ്പെടുന്നവരാകുന്നു. അല്ലാഹുവിങ്കലും ലോക ചരിത്രത്തിലും അവർക്കുള്ള പ്രത്യേക പദവിയാണത് സൂചിപ്പിക്കുന്നത്. മറ്റു നാലു നബിമാരെ അവരുടെ കാലക്രമം അനുസരിച്ച് പ്രസ്താവിച്ച അല്ലാഹു, മുഹമ്മദ്(സ) തിരുമേനിയുടെ പേര് എടുത്ത് പറയാതെ, 'നിന്നിൽ നിന്നും' എന്ന സംബോധനാ രൂപത്തിലും, അതും ഒന്നാമതായി തന്നെയും എടുത്ത് പറഞ്ഞതിൽ നിന്നും പ്രവാചകന്മാരിൽ വെച്ച് നബി(സ) തിരുമേനിക്കുള്ള ഏറ്റവും ഉൽകൃഷ്ടമായി പദവി അടിവരയിട്ട് സൂചിപ്പിക്കുന്നു.

പ്രവാചകന്മാർ തങ്ങളുടെ കൃത്യം നിറവേറ്റുന്നതിലും, സമുദായങ്ങൾ തങ്ങളുടെ കടമ നിർവ്വഹിക്കുന്നതിലും സത്യത പാലിച്ചിട്ടുണ്ടോ എന്ന് അല്ലാഹു പരിശോധിക്കുന്നതാണ്. പ്രവാചകന്മാരുടെ ദൗത്യത്തിൽ വിശ്വസിക്കാത്തവർക്ക് അവൻ വേദനയേറിയ ശിക്ഷ നൽകുന്നതുമാണ്.

"യാതൊരു കൂട്ടരിലേക്ക് റസൂൽ അയക്കപ്പെട്ടിരിക്കുന്നുവോ, അവരോട് നിശ്ചയമായും നാം ചോദ്യം ചെയ്യുന്നതാണ്. (അയക്കപ്പെട്ട) 'മുർസലു'കളോടും നിശ്ചയമായും നാം ചോദ്യം ചെയ്യും" എന്ന് സൂ: അഅ്റാഫ് : 6-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

## വിഭാഗം 2

**വചനം 9 :**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱذْكُرُوا۟ نِعْمَةَ ٱللَّهِ عَلَيْكُمْ إِذْ جَآءَتْكُمْ جُنُودٌ فَأَرْسَلْنَا عَلَيْهِمْ رِيحًا وَجُنُودًا لَّمْ تَرَوْهَا ۚ وَكَانَ ٱللَّهُ بِمَا تَعْمَلُونَ بَصِيرًا ﴿٩﴾

9 ഹേ, വിശ്വസിച്ചിട്ടുള്ളവരേ! നിങ്ങളുടെമേൽ അല്ലാഹു അനുഗ്രഹം ചെയ്തതിനെ ഓർക്കുവിൻ; അതായത്; നിങ്ങളുടെ അടുക്കൽ കുറെ സൈന്യങ്ങൾ വരുകയും, എന്നിട്ട് നാം അവരിൽ ഒരു (ശക്തിമത്തായ) കാറ്റിനെയും, നിങ്ങൾ കണ്ടിട്ടില്ലാത്ത കുറെ സൈന്യങ്ങളെയും അയക്കുകയും ചെയ്ത സന്ദർഭം. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി അല്ലാഹു കണ്ടറിയുന്നവനായിരുന്നു.

'ഖൻദഖ്' യുദ്ധത്തിൽ സത്യവിശ്വാസികൾക്ക് അല്ലാഹു ചെയ്ത് കൊടുത്ത മഹത്തായ ഒരു അനുഗ്രഹത്തെ അനുസ്മരിപ്പിക്കുന്നതാണീ വചനം. പതിനായിരത്തിലധികം വരുന്ന, വമ്പിച്ച ഒരു ശത്രു സഖ്യസേനയെ, മുവ്വായിരത്തോളം വരുന്ന മുസ്ലീംകൾ നേരിടേണ്ടി വന്ന ഒരു യുദ്ധമായിരുന്നു അത്. മദീനായിലെ യഹൂദരും, ഖുറൈശികളടക്കമുള്ള പല അറബിഗോത്രങ്ങളും സംഘടിതമായി മുസ്ലിംകൾക്കെതിരെ അണി നിരന്നത് കൊണ്ട് ഈ യുദ്ധത്തിന് 'അഹ്സാബ്' (സംഘടിത ശക്തികൾ) യുദ്ധം എന്ന് പേർ പറയപ്പെടുന്നു. (ഈ സൂറത്തിന് സൂ: അഹ്സാബ് എന്നും പേര് നൽകപ്പെട്ടിരിക്കുന്നു) ഈ യുദ്ധത്തിൽ മുസ്ലീംകൾ വമ്പിച്ച ഒരു കിടങ്ങ് (ഖൻദഖ്) കുഴിച്ച് ശത്രുക്കളെ പ്രതിരോധിച്ചിരുന്നതിനാൽ, 'ഖൻദഖ്'യുദ്ധമെന്നും, ഈ യുദ്ധം അറിയപ്പെടുന്നു. അറബികൾക്ക് അപരിചിതമായിരുന്ന കിടങ്ങു കുഴിക്കൽ

യുദ്ധ തന്ത്രം പേർഷ്യക്കാരനായിരുന്ന സൽമാനുൽ ഫാരിസ്(റ) എന്ന സഹാബിയായിരുന്നു നിർദ്ദേശിച്ചത്.

ശത്രുക്കളുടെ ഉപരോധം മൂലം പല തരത്തിലുള്ള കഷ്ടതകളും അനുഭവിച്ച് കൊണ്ടിരുന്ന മുസ്ലീംകൾക്ക് അനുഗ്രഹമായിക്കൊണ്ട്, അതിശൈത്യവും കൂരിരുട്ടും നിറഞ്ഞ ഒരു രാത്രിയിൽ അല്ലാഹു ശത്രുക്കൾക്ക് നേരെ ഒരു കൊടുങ്കാറ്റും തണുപ്പും അയക്കുകയും ശത്രുക്കളുടെ സംവിധാനങ്ങളെല്ലാം പാടേ നശിപ്പിക്കുകയും ചെയ്തു. അവരുടെ സംഘം ഛിന്നഭിന്നമായി സ്ഥലം വിടുകയും മുസ്ലീംകൾക്ക് രക്ഷ ലഭിക്കുകയും ചെയ്തു.

നിങ്ങൾ കാണാത്ത സൈന്യങ്ങൾ എന്ന് പറഞ്ഞത് മലക്കുകളെ കുറിച്ചാകുന്നു. സത്യവിശ്വാസികൾ അനുഭവിച്ച വിഷമങ്ങളും അവർ വരിച്ച ത്യാഗങ്ങളും അല്ലാഹു കണ്ടറിഞ്ഞിട്ടുണ്ടെന്നും അവൻ അതിന് തക്ക പ്രതിഫലം നൽകുക തന്നെ ചെയ്യുമെന്നും, അല്ലാഹു ഉണർത്തുകയും ചെയ്യുന്നു.

ഖൻദഖ് യുദ്ധത്തിലെ ചില വശങ്ങളെ, തുടർന്നുള്ള ആയത്തുകളിൽ അല്ലാഹു പ്രത്യേകം എടുത്ത് വിവരിക്കുന്നു.

**വചനം 10,11 :**

إِذْ جَآءُوكُم مِّن فَوْقِكُمْ وَمِنْ أَسْفَلَ مِنكُمْ وَإِذْ زَاغَتِ ٱلْأَبْصَٰرُ وَبَلَغَتِ ٱلْقُلُوبُ ٱلْحَنَاجِرَ وَتَظُنُّونَ بِٱللَّهِ ٱلظُّنُونَا۠ ﴿١٠﴾

10 അതായത്, അവർ (ആ സൈന്യങ്ങൾ) നിങ്ങളുടെ മുകളിൽകൂടിയും, താഴ്ഭാഗത്തുകൂടിയും നിങ്ങളുടെ അടുക്കൽ വന്നപ്പോൾ! കണ്ണുകൾ നില തെറ്റിപ്പോകുകയും, ഹൃദയങ്ങൾ തൊണ്ടകളിൽ (കണ്ഠനാളങ്ങളിൽ) എത്തുകയും ചെയ്തപ്പോൾ!! നിങ്ങൾ അല്ലാഹുവിനെക്കുറിച്ച് പല (തെറ്റ്)ധാരണകൾ ധരിച്ചുകൊണ്ടിരിക്കയും (ചെയ്തപ്പോൾ)!!

هُنَالِكَ ٱبْتُلِىَ ٱلْمُؤْمِنُونَ وَزُلْزِلُوا۟ زِلْزَالًا شَدِيدًا ﴿١١﴾

11 അവിടെവെച്ച് സത്യവിശ്വാസികൾ പരീക്ഷണം ചെയ്യപ്പെടുകയും, അവർ കഠിനമായ വിറ വിറപ്പിക്കപ്പെടുകയും ചെയ്തു.

സർവ്വസജ്ജീകരണങ്ങളോടും കൂടിയ ശത്രു സൈന്യം വിവിധ വശങ്ങളിൽ കൂടെ വന്ന് മദീനായെ ഉപരോധിച്ചപ്പോൾ, മുസ്ലീംകൾ അങ്ങേ അറ്റം കഷ്ടപ്പാടിലായി. കൂടാതെ, കപട വിശ്വാസികളും ദുർബല ഹൃദയന്മാരുമായ ആളുകൾ ഭീതിയും ഭയാശങ്കകളും പ്രചരിപ്പിച്ച് കൊണ്ടിരിക്കുകയും ചെയ്തു. ഈ അവസരത്തിൽ മുസ്ലീംകളുടെ പൊതുനിലയുടെ ഒരു ചിത്രീകരണമാണ് ഈ വചനങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ളത്. ഇങ്ങനെയുള്ള പരീക്ഷണ ഘട്ടങ്ങളിലാണല്ലോ, യഥാർത്ഥ വിശ്വാസവും നാമമാത്ര വിശ്വാസവും തിരിച്ചറിയുവാൻ കഴിയുക.

**വചനം 12,13 :**

وَإِذْ يَقُولُ ٱلْمُنَٰفِقُونَ وَٱلَّذِينَ فِى قُلُوبِهِم مَّرَضٌ مَّا وَعَدَنَا ٱللَّهُ وَرَسُولُهُۥٓ إِلَّا غُرُورًا ﴿١٢﴾

12 കപടവിശ്വാസികളും, ഹൃദയങ്ങളിൽ രോഗമുള്ളവരും പറഞ്ഞിരുന്ന സന്ദർഭവും (ഓർക്കുക): “അല്ലാഹുവും, അവൻെറ റസൂലും നമ്മോട് വഞ്ചനയല്ലാതെ (ഒന്നുംതന്നെ) വാഗ്ദാനം ചെയ്തിട്ടില്ല.”

وَإِذْ قَالَت طَّآئِفَةٌ مِّنْهُمْ يَٰٓأَهْلَ يَثْرِبَ لَا مُقَامَ لَكُمْ فَٱرْجِعُوا۟ ۚ وَيَسْتَـْٔذِنُ فَرِيقٌ مِّنْهُمُ ٱلنَّبِىَّ يَقُولُونَ إِنَّ بُيُوتَنَا عَوْرَةٌ وَمَا هِىَ

13 അവരിൽനിന്നും ഒരുവിഭാഗം (ആളുകൾ) പറഞ്ഞ സന്ദർഭവും (ഓർക്കുക): “യഥ്രിബുകാരേ! നിങ്ങൾക്ക് (ഇനി) യാതൊരു നിലനിൽപുമില്ല; ആകയാൽ നിങ്ങൾ മടങ്ങിക്കൊള്ളുവിൻ!” അവരിൽനിന്നും ഒരു സംഘം (ആളുകൾ

بِعَوْرَةٍ إِن يُرِيدُونَ إِلَّا فِرَارًا ﴿١٣﴾

അണിവിട്ടുപോകാൻ) നബിയോട് അനുവാദം തേടുകയും ചെയ്യുന്നു! അവർ പറയുന്നു: “നിശ്ചയമായും ഞങ്ങളുടെ വീടുകൾ (ഭദ്രത യില്ലാത്ത) നഗ്നങ്ങളാണ്” എന്ന്! അവയാകട്ടെ, നഗ്നമൊന്നുമല്ല; ഓടിപ്പോകുക എന്നല്ലാതെ, (മറ്റൊന്നും) അവർ ഉദ്ദേശിച്ചിരുന്നില്ല.

സത്യവിശ്വാസികളെ അല്ലാഹു സഹായിക്കും, അന്തിമ വിജയം അവർക്കാണ് എന്നും മറ്റുമുള്ള അല്ലാഹുവിന്റെയും റസൂലിന്റെയും വാഗ്ദാനം വെറും വഞ്ചന മാത്രമാണെന്നും, ഇത്രയും വമ്പിച്ച സൈന്യ ത്തിനോടു യുദ്ധത്തിന് പോകാതെ തോൽവി സമ്മതിച്ച് പിൻവാങ്ങുകയാണ് ഉചിതമായിട്ടുള്ള നടപടി എന്നും മുനാഫിഖുകളും, ഹൃദയ ദൗർബല്യമുള്ളവരും മുസ്ലീംകൾക്കിടയിൽ പ്രചരണം നടത്തി.

തങ്ങളുടെ വീടുകൾ സുരക്ഷിതങ്ങളല്ലെന്നും, ശത്രുക്കൾ വന്ന് കൊള്ളയും കൊലയും നടത്തി യേക്കും എന്നും അതിനാൽ ഞങ്ങൾക്ക് അണി വിട്ട് വീടുകളിലേക്ക് മടങ്ങാൻ സമ്മതം തരണം എന്നും ഒരു വിഭാഗം ആൾക്കാർ നബി(സ)യോട് അനുവാദം തേടുകയും ചെയ്തു.

മദീനായുടെ പഴയ പേരാണ് ‘യഥ്രിബ്’ എന്നത്. ‘നിങ്ങൾ മടങ്ങിക്കൊള്ളുവിൻ’ എന്ന് കപട ന്മാർ പറഞ്ഞത് യുദ്ധ അണികളിൽ നിന്ന് പിൻവാങ്ങിക്കൊള്ളണമെന്നോ, ഇസ്ലാമിനെ വിട്ട് പഴയ പടി ശിർക്കിലേക്ക് തന്നെ മടങ്ങിക്കൊള്ളണമെന്നോ ആകാവുന്നതാണ്.

**വചനം 14 :**

وَلَوْ دُخِلَتْ عَلَيْهِم مِّنْ أَقْطَارِهَا ثُمَّ سُئِلُوا۟ ٱلْفِتْنَةَ لَـَٔاتَوْهَا وَمَا تَلَبَّثُوا۟ بِهَآ إِلَّا يَسِيرًا ﴿١٤﴾

14 അതിൻെറ ഭാഗങ്ങളിൽകൂടി (ശത്രുക്കൾക്ക്) അവരുടെ മേൽ പ്രവേശനമുണ്ടായിരിക്കുകയും, എന്നിട്ട് അവരോട് കുഴപ്പത്തിന് ആവശ്യപ്പെടുക യും ചെയ്തെന്നു വരികിൽ, നിശ്ചയമായും അവർ അത് ചെയ്തുകൊടുക്കുന്നതാണ്; അല്പ (മാത്ര) മല്ലാതെ അവർ അതിന് താമസം വരുത്തുകയുമില്ല.

ശത്രുക്കൾ മദീനായിൽ പ്രവേശിക്കുകയും, എന്നിട്ട് അവരോട് കൂറുമാറിയോ, മതപരിവർത്തനം ചെയ്തോ, കുഴപ്പമുണ്ടാക്കാൻ ആവശ്യപ്പെടുകയും ചെയ്താൽ, ഉടനെ തന്നെ ആ കപടന്മാർ അവർ അതിന് മുതിരുമായിരുന്നു. ഈയൊരു മനസ്ഥിതിയിൽ നിന്നാണ് മേൽകണ്ടത് പോലെയുള്ള അവരുടെ പ്രസ്താവനകളും ആവശ്യങ്ങളും പുറത്ത് വന്നത്.

**വചനം 15 :**

وَلَقَدْ كَانُوا۟ عَـٰهَدُوا۟ ٱللَّهَ مِن قَبْلُ لَا يُوَلُّونَ ٱلْأَدْبَـٰرَ ۚ وَكَانَ عَهْدُ ٱللَّهِ مَسْـُٔولًا ﴿١٥﴾

15 (യുദ്ധവേളകളിൽ) തങ്ങൾ പിൻതിരിഞ്ഞു പോകുന്നതല്ല എന്ന് അല്ലാഹുവിനോട് അവർ മുമ്പ് ഉടമ്പടി ചെയ്തിട്ടുമുണ്ടായിരുന്നു. അല്ലാഹുവിനോടുള്ള ഉടമ്പടി ചോദ്യം ചെയ്യപ്പെ ടുന്നതാകുന്നു.

ഉഹ്ദ് യുദ്ധത്തിൽ ബനൂഹാരിഥ : ഗോത്രക്കാർ യുദ്ധക്കളം വിട്ടോടിപോകുകയും, അനന്തരം ഖേദിച്ച് മടങ്ങി അങ്ങിനെ ചെയ്കയില്ലെന്ന് കരാർ ചെയ്യുകയും ചെയ്തിരുന്നു. ഇവർ തന്നെയാണ് പ്രധാനമായും ഖൻദഖ് യുദ്ധത്തിൽ മേൽ പ്രസ്താവിച്ച പ്രകാരം യുദ്ധ അണികൾ വിട്ട് പിൻവാങ്ങുവാൻ അനുവാദം തേടിയിരുന്നതും.

ബദർ യുദ്ധത്തിൽ പങ്കെടുക്കാതിരുന്ന ചിലർ അന്ന് മുസ്ലീംകൾക്ക് അപ്രതീക്ഷതമായ വിജയം ലഭിച്ച് കണ്ടപ്പോൾ മേലിൽ തങ്ങൾ എല്ലാ യുദ്ധത്തിലും പങ്കെടുക്കുമെന്ന് ഉറപ്പിച്ച് പറഞ്ഞിരുന്നു.

ഇങ്ങനെയുള്ളവരെ കുറിച്ചാണ് ഈ വചനത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളത്. അല്ലാഹുവിനോടുള്ള

കരാറും ഉടമ്പടിയും ശരിക്ക് പാലിക്കപ്പെടാത്ത പക്ഷം, അത് ചോദ്യം ചെയ്യപ്പെടുകയും, അതിന് തക്ക നടപടി എടുക്കപ്പെടുകയും ചെയ്യുന്നതാണെന്ന താക്കീതാണ് വചനത്തിന്റെ അവസാനത്തിലുള്ളത്.

**വചനം 16,17 :**

قُل لَّن يَنفَعَكُمُ ٱلْفِرَارُ إِن فَرَرْتُم مِّنَ ٱلْمَوْتِ أَوِ ٱلْقَتْلِ وَإِذًا لَّا تُمَتَّعُونَ إِلَّا قَلِيلًا ﴿١٦﴾

16 (നബിയേ) പറയുക: “മരണത്തിൽനിന്നോ, കൊലയിൽനിന്നോ നിങ്ങൾ പേടിച്ചോടുന്ന പക്ഷം, (ആ) ഓട്ടം നിങ്ങൾക്ക് പ്രയോജനം ചെയ്യുന്നതേയല്ല, (പ്രയോജനപ്പെട്ടു) എങ്കിൽ തന്നെ, അൽപ (മാത്ര) മല്ലാതെ നിങ്ങൾക്ക് (ജീവിത) സുഖം നല്കപ്പെടുകയുമില്ല.”

قُلْ مَن ذَا ٱلَّذِى يَعْصِمُكُم مِّنَ ٱللَّهِ إِنْ أَرَادَ بِكُمْ سُوٓءًا أَوْ أَرَادَ بِكُمْ رَحْمَةً ۚ وَلَا يَجِدُونَ لَهُم مِّن دُونِ ٱللَّهِ وَلِيًّا وَلَا نَصِيرًا ﴿١٧﴾

17 പറയുക: “വല്ല തിൻമയും അല്ലാഹു നിങ്ങളിൽ ഉദ്ദേശിക്കുകയോ, അല്ലെങ്കിൽ നിങ്ങളിൽ വല്ല കാരുണ്യവും ഉദ്ദേശിക്കുകയോ ചെയ്യുന്നപക്ഷം, അവനിൽനിന്ന് നിങ്ങളെ തടുക്കുന്നവർ ആരാണുള്ളത്?!” അല്ലാഹുവിനുപുറമെ, ഒരു കൈകാര്യകർത്താവിനെയാകട്ടെ, ഒരു സഹായകനെയാകട്ടെ അവർക്ക് കിട്ടുകയില്ല.

അല്ലാഹു നിശ്ചയിച്ച കാലാവധി വിട്ട് കടന്ന് മരണത്തിൽ നിന്നും രക്ഷപ്പെടുവാൻ ആർക്കും സാദ്ധ്യമല്ല. ചില സന്നിഗ്ദ ഘട്ടങ്ങളിൽ പേടിച്ചോടിപ്പോയത് കൊണ്ട് തൽക്കാലം രക്ഷപ്പെടുമെന്ന് തോന്നിയേക്കാം. എന്നാൽ തന്നെ, ആ നിശ്ചിത കാലാവധി വരേ മാത്രമേ ഇവിടെ ജീവിക്കുവാനും സുഖിക്കുവാനും ആർക്കും സാധിക്കുകയുള്ളൂ.

നിങ്ങളിൽ വല്ല തിന്മയോ, കാരുണ്യമോ, അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം, അത് തടുക്കുവാൻ ആർക്കും സാധ്യമല്ല തന്നെ, എന്ന് തുടർന്ന് അല്ലാഹു പ്രസ്താവിക്കുന്നു.

**വചനം 18,19 :**

۞ قَدْ يَعْلَمُ ٱللَّهُ ٱلْمُعَوِّقِينَ مِنكُمْ وَٱلْقَآئِلِينَ لِإِخْوَٰنِهِمْ هَلُمَّ إِلَيْنَا ۖ وَلَا يَأْتُونَ ٱلْبَأْسَ إِلَّا قَلِيلًا ﴿١٨﴾

18 നിങ്ങളിൽനിന്നുള്ള പിൻതിരിപ്പൻമാരെ (ലക്ഷ്യം മുടക്കുന്നവരെ) യും, “ഞങ്ങളുടെ അടുക്കലേക്ക് വരൂ” എന്ന് തങ്ങളുടെ സഹോദരൻമാരോട് പറയുന്നവരെയും അല്ലാഹു അറിയുന്നുണ്ട്. അവർ അല്പമായിട്ടല്ലാതെ പടക്ക് വരുകയും ചെയ്യുന്നതല്ല;.....

أَشِحَّةً عَلَيْكُمْ ۖ فَإِذَا جَآءَ ٱلْخَوْفُ رَأَيْتَهُمْ يَنظُرُونَ إِلَيْكَ تَدُورُ أَعْيُنُهُمْ كَٱلَّذِى يُغْشَىٰ عَلَيْهِ مِنَ ٱلْمَوْتِ ۖ فَإِذَا ذَهَبَ ٱلْخَوْفُ سَلَقُوكُم بِأَلْسِنَةٍ حِدَادٍ أَشِحَّةً عَلَى ٱلْخَيْرِ ۚ أُو۟لَٰٓئِكَ لَمْ يُؤْمِنُوا۟ فَأَحْبَطَ ٱللَّهُ أَعْمَٰلَهُمْ ۚ وَكَانَ ذَٰلِكَ عَلَى ٱللَّهِ يَسِيرًا ﴿١٩﴾

19 (അതുംതന്നെ) നിങ്ങളിൽ പിശുക്കൻമാരായും കൊണ്ട്! എന്നിട്ട് (യുദ്ധ)ഭയം വന്നെത്തിയാൽ, അവർ നിൻെറ അടുക്കലേക്ക് നോക്കുന്നതായി നിനക്ക് കാണാം; മരണം നിമിത്തം ബോധക്ഷയം ബാധിക്കുന്നവനെപ്പോലെ, അവരുടെ കണ്ണുകൾ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കും. അങ്ങനെ, (യുദ്ധ)ഭയം പോയിക്കഴിഞ്ഞാൽ അവർ, മൂർച്ചയേറിയ നാവുകളാൽ നിങ്ങളെ സ്വൈരം കെടുത്തുകയും ചെയ്യും; നന്മയിൽ (ദുർമ്മോഹം പൂണ്ട) പിശുക്കൻമാരായുംകൊണ്ട്! അക്കൂട്ടർ (വാസ്തവത്തിൽ) വിശ്വസിച്ചിട്ടില്ല. അതിനാൽ അല്ലാഹു അവരുടെ കർമ്മങ്ങളെ നിഷ്ഫലമാക്കി

യിരിക്കുന്നു. അത് അല്ലാഹുവിൻെറമേൽ ഒരു നിസ്സാരകാര്യമാകുന്നു.

കപട വിശ്വാസികളുടെ മറ്റ് ചില സ്വഭാവ വിശേഷങ്ങൾ അല്ലാഹു വിവരിക്കുന്നു. അവർ തങ്ങളെ പോലെ മറ്റുള്ളവരെയും യുദ്ധത്തിൽ നിന്ന് പിൻതിരിപ്പിക്കാൻ ശ്രമിക്കും; അഥവാ യുദ്ധത്തിൽ പങ്കെടുക്കുകയാണെങ്കിൽ തന്നെ അത് കേവലം നാമമാത്രവുമായിരിക്കും. മുസ്ലീംകളെ സഹായിക്കുന്ന കാര്യത്തിൽ കടുത്ത പിശുക്കന്മാരായിരിക്കും അവർ. ഭീരുക്കളായ അവർ യുദ്ധഭീതി വന്ന് കഴിഞ്ഞാൽ മരണ വേളയിലെന്നപോലെ പരിഭ്രമിച്ച് കണ്ണുരുട്ടുകയും അന്ധാളിച്ച് തുറിച്ച് നോക്കുകയും ചെയ്യും. യുദ്ധ ഭീതി അവസാനിച്ചാലോ, സത്യവിശ്വാസികളുടെ നേരെ അവർ കടുത്ത വാക്കുകളാൽ ശാപവർഷങ്ങൾ നടത്തുകയുമായി. യുദ്ധാനന്തരം ലഭിച്ചേക്കാവുന്ന 'ഗനീമത്തു' മുതലായ നേട്ടങ്ങൾക്കായി അവർ ആർത്തിയും ദുർമോഹവും പ്രകടിപ്പിക്കുകയും ചെയ്യും. ബാഹ്യത്തിൽ മുസ്ലീംകളാണെങ്കിലും അക്കൂട്ടർ യഥാർത്ഥവിശ്വാസം ഉൾക്കൊണ്ടിട്ടില്ലാത്തവരാകുന്നു. വിശ്വാസം കൂടാതെയുള്ള പ്രവർത്തനങ്ങളാകട്ടെ അല്ലാഹുവിങ്കൽ സ്വീകാര്യവുമല്ല തന്നെ.

**വചനം 20:**

يَحْسَبُونَ ٱلْأَحْزَابَ لَمْ يَذْهَبُوا۟ ۖ وَإِن يَأْتِ ٱلْأَحْزَابُ يَوَدُّوا۟ لَوْ أَنَّهُم بَادُونَ فِى ٱلْأَعْرَابِ يَسْـَٔلُونَ عَنْ أَنۢبَآئِكُمْ ۖ وَلَوْ كَانُوا۟ فِيكُم مَّا قَـٰتَلُوٓا۟ إِلَّا قَلِيلًا ﴿٢٠﴾

20 (സഖ്യ) കക്ഷികളെക്കുറിച്ച് അവർ (സ്ഥലം വിട്ടു) പോയിട്ടില്ലെന്ന് അവർ വിചാരിക്കുന്നു! (സഖ്യ) കക്ഷികൾ (വീണ്ടും) വരുകയാണെങ്കിലോ, അവർ കൊതിച്ചേക്കും: നിങ്ങളുടെ (സത്യവിശ്വാസികളുടെ) വൃത്താന്തങ്ങളെപ്പറ്റി ചോദിച്ചറിഞ്ഞും കൊണ്ട് തങ്ങൾ 'അഅ്റാബി'കളുടെ കൂട്ടത്തിൽ മരുഭൂവാസികളായിരുന്നെങ്കിൽ കൊള്ളാമായിരുന്നു എന്ന്! അവർ നിങ്ങളിൽ ഉണ്ടായിരുന്നാലും, അൽപ(മാത്ര)മല്ലാതെ അവർ യുദ്ധം നടത്തുകയില്ലതാനും.

മരുപ്രദേശങ്ങളിൽ താമസിക്കുന്ന കൂടാരവാസികളായ അറബികൾക്കാണ് -അഅ്റാബി-കൾ എന്ന് പറയുന്നത്. 'ബദുക്കൾ' എന്നും ഇവരെ പറ്റി പറയപ്പെടുന്നു.

ശത്രുസംഘങ്ങൾ അല്ലാഹുവിൽ നിന്നും ബാധിച്ച കൊടുങ്കാറ്റും തണുപ്പും മൂലം ചിന്നിച്ചിതറി സ്ഥലം വിട്ട് കഴിഞ്ഞതിന് ശേഷവും, കപട വിശ്വാസികൾ, അവർ തൽക്കാലം ഒന്ന് സ്ഥലം വിട്ടതാണെന്നും വീണ്ടും തിരിച്ച് വന്ന് അവർ യുദ്ധത്തിലേർപ്പെടുമെന്നും, വിശ്വസിച്ചു. ഇനി ശത്രുക്കൾ വീണ്ടും മടങ്ങി വന്നുവെന്ന് തന്നെ സങ്കൽപിക്കുക, അപ്പോൾ അവർ ഇപ്രകാരം ആഗ്രഹിച്ചേക്കും- "തങ്ങൾ അഅ്റാബികളുടെ കൂട്ടത്തിൽ മരുഭൂവാസികളായിരുന്നെങ്കിൽ ഈ വിധത്തിലുള്ള ആപത്തുകളിൽ ഭാഗഭാക്കാകേണ്ടിവരുമായിരുന്നില്ലല്ലോ. മുസ്ലീംകളുടെ സ്ഥിതിയെ പറ്റി അവിടെയിരുന്ന് അന്വേഷിച്ചറിഞ്ഞ് കൊണ്ടിരുന്നാൽ മതിയായിരുന്നു."

ഇനി അഥവാ അവർ സത്യവിശ്വാസികളുടെ കൂടെയായിരുന്നാലും, അവർ യുദ്ധത്തിൽ പങ്കെടുക്കുകയോ, ഫലപ്രദമായി വല്ലതും പ്രവർത്തിക്കുകയോ ചെയ്യുമായിരുന്നുമില്ല.

## വിഭാഗം 3

**വചനം 21 :**

لَّقَدْ كَانَ لَكُمْ فِى رَسُولِ ٱللَّهِ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُوا۟ ٱللَّهَ وَٱلْيَوْمَ ٱلْـَٔاخِرَ وَذَكَرَ ٱللَّهَ كَثِيرًا ﴿٢١﴾

21 നിശ്ചയമായും, നിങ്ങൾക്ക് അല്ലാഹുവിൻെറ റസൂലിൽ നല്ലതായ മാതൃകയുണ്ടായിട്ടുണ്ട്; അതായത്: അല്ലാഹുവിനെയും, അന്ത്യനാളിനെയും പ്രതീക്ഷിച്ചു (ഭയപ്പെട്ടു) കൊണ്ടിരിക്കുകയും, അല്ലാഹുവിനെ ധാരാളം ഓർമ്മിക്കുകയും ചെയ്തു വരുന്നവർക്ക്.

ഒട്ടും ഭീരുത്വമോ, പരിഭ്രമമോ കൂടാതെ അല്ലാഹുവിന്റെ റസൂൽ(സ), കൊടുങ്കാറ്റും അതിശൈത്യവും പെരുമഴയും കൊണ്ട് അസഹ്യമായിരുന്ന ആ രാത്രിയിൽ യുദ്ധത്തിന് നേതൃത്വം നൽകികൊണ്ട് ആദ്യന്തം അതിൽ പങ്കെടുത്തു. ഒരു ഉയർന്ന സ്ഥലത്ത് വെച്ച് - ഇപ്പോൾ 'മസ്ജിദുൽ ഫത്ഹ്' സ്ഥിതി ചെയ്യുന്നത് ഈ കുന്നിലാണ്- അല്ലാഹുവിനോട് സഹായം അഭ്യർത്ഥിച്ച് കൊണ്ട് തിരുമേനി പ്രാർത്ഥനയിൽ മുഴുകിയിരിക്കുകയാണ്. ശത്രുക്കളുടെ വിവരം ഗൂഢമായി അറിഞ്ഞ് വരുവാൻ തിരുമേനി ഹുദൈഫത്തുബ്നുൽ യമാനി(റ)യെ നിയോഗിച്ചു. തിരുമേനി പ്രാർത്ഥന തുടർന്ന് കൊണ്ടിരുന്നു. താമസിയാതെ ജിബ്രീൽ(അ) വന്ന് വിജയത്തിന്റെ സന്തോഷ വാർത്ത നബി(സ)യെ അറിയിച്ചു. തിരുമേനി അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുകയും ചെയ്തു.

കഴിഞ്ഞ 9 മുതൽ 11 കൂടിയ ആയത്തുകളിൽ മുസ്ലീംകളെ പറ്റി മൊത്തത്തിൽ പ്രതിപാദിക്കപ്പെട്ടു. 12 മുതൽ 20 അടക്കമുള്ള വചനങ്ങളിൽ കപട വിശ്വാസികളെയും ദുർബല ഹൃദയന്മാരേയും കുറിച്ചും വിവരിക്കപ്പെട്ടു. 22,23 വചനങ്ങളിലാകട്ടെ യഥാർത്ഥ വിശ്വാസികളും ദൃഢമനസ്കരുമായ സത്യവിശ്വാസികൾ പരീക്ഷണ ഘട്ടങ്ങളേയും ആപൽസന്ധികളേയും എങ്ങനെ തരണം ചെയ്തു എന്നും അല്ലാഹു വിവരിക്കുന്നു.

ഇടയ്ക്കുള്ള ഈ 21-ാം വചനത്തിലാകട്ടെ, കപട വിശ്വാസികളുടെയും, യഥാർത്ഥ വിശ്വാസികളുടെയും നിലപാടുകൾ തമ്മിലുള്ള അന്തരത്തിനുള്ള അടിസ്ഥാന കാരണം അല്ലാഹു ചൂണ്ടിക്കാട്ടുന്നു- അതെ, അല്ലാഹുവിന്റെ റസൂലിലുള്ള നല്ലതായ മാതൃക സ്വീകരിക്കാത്തതാണ് കപട വിശ്വാസികളുടെയും ദുർബല ഹൃദയന്മാരുടെയും പതനത്തിന് കാരണം. സത്യവിശ്വാസികളും ദൃഢമനസ്കരുമായ ആളുകളാകട്ടെ അവിടുത്തെ മാതൃക സ്വീകരിക്കുന്നതിലൂടെ അങ്ങേ അറ്റം പ്രശംസനീയരും മാതൃകാപുരുഷന്മാരുമായിത്തീരുകയും ചെയ്തു. എന്നാൽ അല്ലാഹുവിനെ കുറിച്ചും അന്ത്യനാളിനെകുറിച്ചും പ്രതീക്ഷയും ഭയപ്പാടും ഉണ്ടായിരിക്കുകയും, അല്ലാഹുവിന്റെ സ്മരണ ശരിക്കും നിലനിർത്തുകയും ചെയ്യുന്നവരേ ആ മാതൃക സ്വീകരിക്കാൻ തയ്യാറാവുകയുള്ളൂ എന്ന് തുടർന്ന് അല്ലാഹു ഓർമ്മപ്പെടുത്തുന്നു.

**വചനം 22 :**

وَلَمَّا رَءَا ٱلْمُؤْمِنُونَ ٱلْأَحْزَابَ قَالُوا۟ هَٰذَا مَا وَعَدَنَا ٱللَّهُ وَرَسُولُهُۥ وَصَدَقَ ٱللَّهُ وَرَسُولُهُۥ ۚ وَمَا زَادَهُمْ إِلَّآ إِيمَٰنًا وَتَسْلِيمًا ﴿٢٢﴾

22 സത്യവിശ്വാസികൾ (സഖ്യ) കക്ഷികളെ കണ്ടപ്പോൾ അവർ പറഞ്ഞു: "അല്ലാഹുവും, അവൻെറ റസൂലും നമ്മോട് വാഗ്ദാനം ചെയ്തിട്ടുള്ളതാണ് ഇത്. അല്ലാഹുവും അവൻെറ റസൂലും സത്യമത്രെ പറഞ്ഞത്." അവർക്ക് സത്യവിശ്വാസത്തെയും, അനുസരണത്തെയുമല്ലാതെ അത് വർദ്ധിപ്പിച്ചതുമില്ല.

ഖൻദഖ് യുദ്ധം പോലെയുള്ള പരീക്ഷണ ഘട്ടങ്ങളിൽ സത്യവിശ്വാസികൾ സ്വീകരിച്ച നിലപാട് ഈ വചനത്തിലും അടുത്ത വചനത്തിലും അല്ലാഹു വിവരിക്കുന്നു.

സഖ്യകക്ഷികളെ കണ്ടപ്പോൾ സത്യവിശ്വാസികൾക്ക് അല്ലാഹുവും അവന്റെ റസൂലും ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ ഓർമ്മ വരികയും അതവരുടെ വിശ്വാസവും അനുസരണ സന്നദ്ധതയും വർദ്ധിപ്പിക്കുകയും അവർക്ക് പൂർവ്വാധികം ധീരതയും ആവേശവും ഉളവാക്കുകയും ചെയ്തു. (സൂ: അൽബഖറ 214; ആലുഇംറാൻ 140-142 ; അൻ കബൂത്ത് 2,3 ; സ്വാഫ്ഫാത് 171-173 വചനങ്ങളും നോക്കുക)

**വചനം 23 :**

مِّنَ ٱلْمُؤْمِنِينَ رِجَالٌ صَدَقُوا۟ مَا عَٰهَدُوا۟ ٱللَّهَ عَلَيْهِ ۖ فَمِنْهُم مَّن قَضَىٰ نَحْبَهُۥ وَمِنْهُم مَّن يَنتَظِرُ ۖ وَمَا بَدَّلُوا۟ تَبْدِيلًا ﴿٢٣﴾

23 സത്യവിശ്വാസികളിലുണ്ട് ചില പുരുഷൻമാർ: തങ്ങൾ ഏതൊരു കാര്യത്തെപ്പറ്റി അല്ലാഹുവുമായി ഉടമ്പടി ചെയ്തിരുന്നുവോ അതവർ (നിറവേറ്റി) സത്യമാക്കി. അങ്ങനെ, അവരിൽ ചിലർ തൻെറ നേർച്ച (കർത്തവ്യം) നിറവേറ്റിയവരുണ്ട്; അവരിൽ (മറ്റു) ചിലർ (അതിന്ന

വസരം) പാർത്തു കൊണ്ടിരിക്കുന്നവരുമുണ്ട്. അവർ (ഉടമ്പടിക്ക്) യാതൊരു വിധ മാറ്റവും വരുത്തുകയും ചെയ്തില്ല.

ഇസ്ലാമിന് വേണ്ടി ദേഹവും ധനവും ബലിയർപ്പിക്കാൻ പ്രതിജ്ഞാ ബദ്ധരായ സത്യവിശ്വാസികളിൽ ചിലർ ഈ പ്രതിജ്ഞ തികച്ചും നിറവേറ്റി ധർമ്മയുദ്ധത്തിൽ രക്തസാക്ഷികളായി മരണമടയുകയുണ്ടായി. ഇവരെ ഉദ്ദേശിച്ചാണ് 'ഉടമ്പടി നിറവേറ്റിയവർ' എന്ന് വിശേഷിപ്പിച്ചത്. ഹംസ(റ) മുസ്അബ്(റ) മുതലായ പല മഹാന്മാരും ഈ വിഭാഗത്തിൽപെടുന്നു. രക്തസാക്ഷിയായി വീരമരണം പ്രാപിക്കുവാൻ ഇത് വരെ അവസരം ലഭിച്ചിട്ടില്ലെങ്കിലും, അവസരം കിട്ടുമ്പോഴെല്ലാം, അതിന് തയ്യാറായി സന്നദ്ധരായിക്കൊണ്ട് ഇരിക്കുന്നവരെ ഉദ്ദേശിച്ചാണ് 'അവസരം പാർത്ത് കൊണ്ടിരിക്കുന്നവർ' എന്ന് പറഞ്ഞത്. ഉസ്മാൻ(റ) ത്വൽഹാ(റ) മുതലായ മഹാന്മാർ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

അനസ് ബനു നള്ർ(റ) ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല. അതിൽ അസ്വസ്ഥനായിരുന്ന അദ്ദേഹം ഉഹ്ദ് യുദ്ധത്തിൽ പങ്കെടുക്കുകയും മുസ്ലീം സൈന്യം പിന്തിരിഞ്ഞോടിയ ഘട്ടത്തിൽ പോലും അതൊന്നും വക വയ്ക്കാതെ 'ഉഹ്ദ് മലയുടെ ഇപ്പുറത്ത് നിന്ന് അതാ സ്വർഗ്ഗത്തിന്റെ പരിമളം കിട്ടിക്കൊണ്ടിരിക്കുന്നു' എന്ന് ഉറക്കെ പറഞ്ഞ് കൊണ്ട്, മുന്നോട്ട് കുതിക്കുകയും എൺപതിൽ പരം വെട്ടും കുത്തുകളുമേറ്റ് വീര രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. ഈ വചനം (ഇത്തരം സന്ദർഭങ്ങളെ സൂചിപ്പിച്ച് കൊണ്ടു) അവതരിക്കുകയും ചെയ്തു ( മാ; അ; തി; ന)

**<u>വചനം 24 :</u>**

لِّيَجْزِىَ ٱللَّهُ ٱلصَّـٰدِقِينَ بِصِدْقِهِمْ وَيُعَذِّبَ ٱلْمُنَـٰفِقِينَ إِن شَآءَ أَوْ يَتُوبَ عَلَيْهِمْ ۚ إِنَّ ٱللَّهَ كَانَ غَفُورًا رَّحِيمًا ﴿٢٤﴾

24 സത്യവാൻമാർക്ക് അവരുടെ സത്യ(പാലന)ത്തിന് അല്ലാഹു പ്രതിഫലം നൽകുവാനും, കപടവിശ്വാസികളെ- അവൻ ഉദ്ദേശിക്കുന്ന പക്ഷം- ശിക്ഷിക്കുകയോ, അല്ലെങ്കിൽ അവരുടമേൽ പശ്ചാത്താപം സ്വീകരിക്കുകയോ ചെയ്വാനും വേണ്ടിയത്രെ (ഇത്). നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

കപട വിശ്വാസികൾ തങ്ങളുടെ നിലപാടിൽ മാറ്റമൊന്നും വരുത്താത്ത പക്ഷം അല്ലാഹു അവരെ ശിക്ഷിക്കുന്നതാണ്. അവർ പശ്ചാത്തപിക്കുന്ന പക്ഷം അല്ലാഹു അത് സ്വീകരിക്കുകയും അവർക്കത് പൊറുത്തുകൊടുക്കയും ചെയ്യും. വളരെ പൊറുക്കുന്നവനും കരുണാനിധിയുമായ അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് പോലെ പ്രവർത്തിക്കുന്നതാണ്.

നല്ലവരേയും ചീത്തയായവരേയും വേർതിരിച്ച് കാട്ടുകയാണ് പരീക്ഷണങ്ങളുടെ ഉദ്ദേശ്യമെന്ന് സൂ: ആലൂ ഇംറാൻ 179-ാം വചനത്തലൂടെ അല്ലാഹു വ്യക്തമാക്കിയിരുന്നു.

അടുത്ത വചനങ്ങളിൽ ശത്രുപക്ഷക്കാരായ അവിശ്വാസികളെക്കുറിച്ച് അല്ലാഹു പ്രതിപാദിക്കുന്നു.

**<u>വചനം 25 :</u>**

وَرَدَّ ٱللَّهُ ٱلَّذِينَ كَفَرُوا۟ بِغَيْظِهِمْ لَمْ يَنَالُوا۟ خَيْرًا ۚ وَكَفَى ٱللَّهُ ٱلْمُؤْمِنِينَ ٱلْقِتَالَ ۚ وَكَانَ ٱللَّهُ قَوِيًّا عَزِيزًا ﴿٢٥﴾

25 അവിശ്വസിച്ചിട്ടുള്ളവരെ അവരുടെ (മനഃ) ക്ലേശത്തോടെ -യാതൊരു ഗുണവും നേടാതെ- അല്ലാഹു മടക്കുകയും ചെയ്തു. സത്യവിശ്വാസികൾക്ക് അല്ലാഹു യുദ്ധം മതിയാക്കി (ആവശ്യമില്ലാതാക്കി)ക്കൊടുക്കുകയും ചെയ്തു. അല്ലാഹു ശക്തനും പ്രതാപശാലിയുമാകുന്നു.

ഇസ്ലാമിനെയും മുസ്ലീംകളെയും, ഇത്തവണ നിഷ്കാസനം ചെയ്യുമെന്ന അഹങ്കാരത്തോടെയാണ്

സഖ്യസൈന്യങ്ങൾ മദീനായെ ഉപരോധിച്ചത്. എന്നാൽ 9-ാം വചനത്തിൽ സൂചിപ്പിച്ചപോലെ അല്ലാഹുവിന്റെ അപാരമായ സഹായത്താൽ, യുദ്ധം വിശ്വാസികൾക്ക് വളരെ ശുഭകരമായി പര്യവസാനിക്കുകയുണ്ടായി. സഖ്യസൈന്യങ്ങൾക്കാകട്ടെ, ദാരുണമാം വിധം, പരാജിതരായി യുദ്ധക്കളം വിട്ടോടേണ്ടിവരികയും ചെയ്തു.

യുദ്ധ വിജയാനന്തരം കൃതജ്ഞതയോടെയും വിനയത്തോടെയും നബി(സ) പറഞ്ഞ വാക്യങ്ങൾ ഓരോ മുസ്ലീമിനും പാഠമാകുന്നു. തിരുമേനി പറഞ്ഞു.

"അല്ലാഹു അല്ലാതെ ആരാധ്യനില്ല, അവൻ ഏകനത്രേ, അവൻ തന്റെ വാഗ്ദാനം സത്യമായി പാലിച്ചു. അവന്റെ അടിയാനെ സഹായിക്കുകയും ചെയ്തു. അവന്റെ സൈന്യത്തിന് പ്രതാപം നൽകുകയും ശത്രുകക്ഷികളെ അവൻ ഒറ്റയ്ക്ക് തന്നെ പരാജയപ്പെടുത്തുകയും ചെയ്തു. അവന് ശേഷം മറ്റൊന്നില്ല തന്നെ." - ബു:മു.

ഖൻദഖ് യുദ്ധത്തിന് ശേഷം മുസ്ലീംകളുടെ നേരെ ഇങ്ങനെയൊരു യുദ്ധത്തിനൊരുങ്ങുവാൻ പിന്നീട് ഖുറൈശികൾ ധൈര്യപ്പെടുകയുണ്ടായിട്ടില്ല.

**വചനം 26,27 :**

وَأَنزَلَ ٱلَّذِينَ ظَٰهَرُوهُم مِّنْ أَهْلِ ٱلْكِتَٰبِ مِن صَيَاصِيهِمْ وَقَذَفَ فِى قُلُوبِهِمُ ٱلرُّعْبَ فَرِيقًا تَقْتُلُونَ وَتَأْسِرُونَ فَرِيقًا ﴿٢٦﴾

26 വേദക്കാരിൽനിന്നും അവർക്ക് പിന്തുണ നൽകിയവരെ തങ്ങളുടെ കോട്ടകളിൽനിന്ന് അവൻ ഇറക്കി അയക്കുകയും ചെയ്തു; അവരുടെ ഹൃദയങ്ങളിൽ ഭീതി ഇട്ടേക്കുകയും ചെയ്തു: (അവരിൽ) ഒരു വിഭാഗത്തെ നിങ്ങൾ കൊലപ്പെടുത്തുകയും, ഒരു വിഭാഗത്തെ നിങ്ങൾ തടങ്ങലിലാക്കുകയും ചെയ്തിരുന്നു!

وَأَوْرَثَكُمْ أَرْضَهُمْ وَدِيَٰرَهُمْ وَأَمْوَٰلَهُمْ وَأَرْضًا لَّمْ تَطَـُٔوهَا ۚ وَكَانَ ٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرًا ﴿٢٧﴾

27 അവരുടെ ഭൂമിയും, അവരുടെ വീടുകളും, അവരുടെ സ്വത്തുക്കളും, നിങ്ങൾ (കാലെടുത്തു) ചവിട്ടിയിട്ടില്ലാത്ത ഭൂമിയും അവൻ നിങ്ങൾക്ക് അവകാശപ്പെടുത്തിത്തരുകയും ചെയ്തു, അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

ഈ വചനങ്ങളിൽ സഖ്യസൈന്യത്തിലെ യഹൂദികളെകുറിച്ച് അല്ലാഹു പ്രത്യേകം എടുത്ത് പറയുന്നു.

നബി(സ)യുമായി സമാധാന സഖ്യം ചെയ്തിട്ടുണ്ടായിരുന്ന ബനൂ ഖുറൈള: ഗോത്രക്കാരായ യഹൂദികൾ മറ്റൊരു യഹൂദി ഗോത്രമായ ബനൂനളീറിന്റെ പ്രേരണ പ്രകാരം, സമാധാന സഖ്യം ലംഘിക്കുകയും, സഖ്യസൈന്യത്തിൽ ചേർന്ന് സത്യവിശ്വാസികൾക്കെതിരായി അണിനിരക്കുകയും ചെയ്തു.

ഖൻദഖ് യുദ്ധം ശുഭകരമായി പര്യവസാനിച്ച ഉടനെ തന്നെ ബനൂ ഖുറൈള :യുടെ നേരെ പോയിക്കൊള്ളുവാൻ നബി(സ)ക്ക് വഹ്യ് കിട്ടി. നബി(സ)യും സഹാബികളും ഖുറൈളയിൽ എത്തിയപ്പോഴേക്കും യഹൂദികൾ ഭയപ്പെട്ട് കോട്ടകളിൽ അഭയം പ്രാപിച്ചു. ഇരുപത്തഞ്ച് ദിവസത്തോളം മുസ്ലീംകൾ കോട്ടകളിൽ അവരെ ഉപരോധിച്ചു. ഒടുവിൽ ഔസ് ഗോത്രത്തിലെ നേതാവായിരുന്ന സഅദ്ബ്നു മുആദ്(റ)നെ മദ്ധ്യസ്ഥനാക്കാമെന്നും, അദ്ദേഹത്തിന്റെ തീരുമാനം അംഗീകരിക്കാമെന്നും ജൂതന്മാർ സമ്മതിച്ചു. തിരുമേനിയും ഇത് അംഗീകരിച്ചു. ഖൻദഖ് യുദ്ധത്തിൽ വെച്ച് അമ്പ് ഏൽക്കുക നിമിത്തം, മദീനാ പള്ളിയിൽ ശുശ്രൂഷയിലിരിക്കുകയായിന്നു സഅദ്(റ). ഒന്നിലധികം തവണ സന്ധി ലംഘനവും, വിശ്വാസവഞ്ചനയും നടത്തി പാരമ്പര്യമുള്ള ബനൂ ഖുറൈള: ക്കാരുടെ കാര്യത്തിൽ സഅദ്(റ)യുടെ തീരുമാനം ഇപ്രകാരമായിരുന്നു.

“നിങ്ങളുടെ കൂട്ടത്തിലെ യുദ്ധപ്രായമായവരെ വധിക്കുക; സ്ത്രീകളെയും കുട്ടികളെയും ചിറ പിടിക്കുക, സ്വത്തുക്കൾ മുസ്ലീംക്കൾക്കധീനമാക്കുക.”

ഇവരുടെ കാര്യത്തിൽ അല്ലാഹുവിന്റെയും റസൂലിന്റെയും വിധിയും ഇത് തന്നെ ആയിരുന്നു. ജൂതന്മാരുടെ ഹൃദയത്തിൽ അല്ലാഹു ഇട്ട്കൊടുത്ത ഭീതിയുടെ ആധിക്യം നിമിത്തം, അവർ ഈ തീരുമാനം അംഗീകരിക്കുകയും വിധി നടപ്പാക്കുകയും ചെയ്തു. അങ്ങനെ അവരുടെ ഭൗതിക സ്വത്തുക്കളെല്ലാം മുസ്ലീംകൾക്ക് അധീനമായിത്തീരുകയും ചെയ്തു.

## വിഭാഗം 4

**വചനം 28,29 :**

يَٰٓأَيُّهَا ٱلنَّبِىُّ قُل لِّأَزْوَٰجِكَ إِن كُنتُنَّ تُرِدْنَ ٱلْحَيَوٰةَ ٱلدُّنْيَا وَزِينَتَهَا فَتَعَالَيْنَ أُمَتِّعْكُنَّ وَأُسَرِّحْكُنَّ سَرَاحًا جَمِيلًا ﴿٢٨﴾

28 ഹേ, നബിയേ! നിന്റെ ഭാര്യമാരോട് പറയുക: “നിങ്ങൾ ഐഹികജീവിതവും, അതിന്റെ അലങ്കാരവും ഉദ്ദേശിക്കുകയാണെങ്കിൽ നിങ്ങൾ വരുവിൻ; നിങ്ങൾക്ക് ഞാൻ 'മുത്ത്അത്ത്' (മോചനവിഭവം) നൽകുകയും, നിങ്ങളെ ഭംഗിയായ വിട്ടയക്കൽ വിട്ടയച്ചു തരുകയും ചെയ്യാം.

وَإِن كُنتُنَّ تُرِدْنَ ٱللَّهَ وَرَسُولَهُۥ وَٱلدَّارَ ٱلْـَٔاخِرَةَ فَإِنَّ ٱللَّهَ أَعَدَّ لِلْمُحْسِنَٰتِ مِنكُنَّ أَجْرًا عَظِيمًا ﴿٢٩﴾

29 “നിങ്ങൾ അല്ലാഹുവിനെയും, അവന്റെ റസൂലിനെയും, പരലോകഭവനത്തെയും ഉദ്ദേശിക്കുകയാണെങ്കിൽ, എന്നാൽ നിശ്ചയമായും, നിങ്ങളിൽനിന്ന് പുണ്യവതികളായുള്ളവർക്ക് അല്ലാഹു മഹത്തായ പ്രതിഫലം ഒരുക്കിവെച്ചിരിക്കുന്നു.”

ഖൻദഖ് യുദ്ധത്തിന് ശേഷം, ധാരാളം സ്വത്തുക്കൾ മുസ്ലീംകൾക്ക് അധീനമായല്ലോ. ഇത് വഴി നബി(സ) തിരുമേനിക്ക് ധാരാളം ധനം കൈവന്നിട്ടുണ്ടെന്ന് ധരിച്ച അവിടുത്തെ പത്നിമാർ തിരുമേനിയുടെ അടുക്കൽ ചെന്ന് തങ്ങൾക്കും കൂടുതൽ ആഭരണങ്ങളും വസ്ത്രങ്ങളും വേലക്കാരും മറ്റും വേണമെന്ന് പറഞ്ഞു. ഇത് കേട്ട് തിരുമേനിയുടെ മനസ്സിന് അത്യധികം വേദനയുണ്ടായി. ഇതേ തുടർന്ന് അവരോട് ഇപ്രകാരം മറുപടി പറയാനായി അല്ലാഹു നബി(സ)യോട് ഈ വചനങ്ങളിലൂടെ നിർദ്ദേശിക്കുന്നു.

ഐഹിക സുഖമാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ വളരെ നല്ല നിലയിൽ, വിവാഹമോചനം നൽകി, നിങ്ങളെ വിട്ടയച്ചു തരാം. അതല്ലാ, അല്ലാഹുവിന്റെയും റസൂലിന്റെയും പ്രീതിയും പരലോകസൗഖ്യവുമാണ് തങ്ങളുടെ ലക്ഷ്യമെങ്കിൽ, തങ്ങൾ സമർപ്പിച്ച ആവശ്യങ്ങൾ അതിന് അനുയോജ്യമായതല്ല; ഐഹികമായ ആഡംബര മോഹവും പാരത്രിക ഗുണങ്ങളുംകൂടി ഒരുമിച്ച് പോകുകയില്ല. ഇവിടെ വെച്ച് നന്മയും പുണ്യവും ചെയ്യുന്നവർക്ക് -നബി(സ)യുടെ ഭാര്യമാർ എന്ന നിലക്ക് വിശേഷിച്ചും - വമ്പിച്ച പ്രതിഫലങ്ങൾ അല്ലാഹുവിങ്കൽ ലഭിക്കുവാനിരിക്കുന്നുമുണ്ട്. അത്കൊണ്ട് ഈ രണ്ടിൽ ഏതാണ് ഇഷ്ടപ്പെടുന്നതെന്ന് തങ്ങൾ തന്നെ തീരുമാനമെടുക്കണം.

ഒമ്പത് പേരാണ് ഈ അവസരത്തിൽ നബി(സ)യുടെ പത്നിമാരായി ഉണ്ടായിരുന്നത്. ഖുറൈശി ഗോത്രത്തിൽപ്പെട്ട ആയിശാ, ഹഫ്സാ, ഉമ്മുഹബീബ, സൗദ, ഉമ്മു സൽമ എന്നിവരും അസദ് വംശക്കാരിയായ സൈനബ്, ഹിലാൽ ഗോത്രക്കാരിയായ മൈമൂന, നളീർ വംശത്തിൽപെട്ട സ്വഫിയ്യ, മുസ്ത്തലഖ് ഗോത്രക്കാരിയായ ജുവൈരിയ്യ എന്നിവരും (റ: അൻഹും) ആയിരുന്നു അവർ.

ഈ വചനം കേൾക്കേണ്ട താമസം, അവരെല്ലാവരും, ഏകസ്വരത്തിൽ അല്ലാഹുവിനെയും അവന്റെ റസൂലിനെയും, പരലോകത്തേയും തിരഞ്ഞെടുത്തു.

നബി(സ)യുടെ പത്നിമാർക്ക് മറ്റ് സ്ത്രീകൾക്കില്ലാത്ത ഉന്നത പദവികൾ അല്ലാഹു നൽകിയിട്ടുണ്ട്. അവർ സത്യവിശ്വാസികളുടെ മാതാക്കളും സമുദായത്തിന്റെ മാതൃകാ വനിതകളുമാണ്. മനുഷ്യ

സഹജവും സത്രീസഹജവുമായ നിലയിൽ, മേൽ സൂചിപ്പിച്ച പ്രകാരമുള്ള ചില പെരുമാറ്റങ്ങൾ ചില പ്പോൾ അവരിൽ പ്രകടമായേക്കുന്നത് സ്വാഭാവികവുമാണ്. എന്നാൽ ഇത്തരം സന്ദർഭങ്ങളിൽ സമു ദായം മാതൃകയാക്കി സ്വീകരിക്കേണ്ടതും എല്ലാവരും അറിഞ്ഞിരിക്കേണ്ടതുമായ പാഠങ്ങൾ, അവർ മുസ്ലീം സമുദായത്തിന് പ്രദാനം ചെയ്യുകയും ചെയ്യുന്നു. എത്രയോ ഇസ്ലാമിക നിയമങ്ങൾക്കും ഉപദേശങ്ങൾക്കും ഇത്തരം സംഭവങ്ങൾ ഇടയാക്കിയിട്ടുമുണ്ട്.

നബി(സ)യുടെ പത്നിമാരെ സംബോധന ചെയ്ത് കൊണ്ടുള്ളതാകുന്നു. അടുത്ത ഏതാനും വചനങ്ങൾ (വചനങ്ങൾ 30-34)

**വചനം 30 :**

يَٰنِسَآءَ ٱلنَّبِيِّ مَن يَأْتِ مِنكُنَّ بِفَٰحِشَةٍ مُّبَيِّنَةٍ يُضَٰعَفْ لَهَا ٱلْعَذَابُ ضِعْفَيْنِ ۚ وَكَانَ ذَٰلِكَ عَلَى ٱللَّهِ يَسِيرًا ﴿٣٠﴾

30 നബിയുടെ പത്നിമാരേ! നിങ്ങളിൽ ആരെങ്കിലും വ്യക്തമായ വല്ല ചീത്ത വൃത്തിയും കൊണ്ടു വരുന്ന (പ്രവർത്തിക്കുന്ന)തായാൽ, അവൾക്ക് രണ്ടിരട്ടിയായി ശിക്ഷ ഇരട്ടിപ്പിക്കപ്പെടുന്നതാണ്. അത് അല്ലാഹുവിൻെറ മേൽ നിസ്സാരമായതാ കുന്നു.

പ്രത്യക്ഷത്തിൽ തന്നെ ചീത്തയായി ഗണിക്കപ്പെടുന്ന എല്ലാ തെറ്റ് കുറ്റങ്ങളും ആകുന്നു **فاحشة مبينة** - വ്യക്തമായ ചീത്തവൃത്തി - എന്നത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. വ്യഭിചാരത്തെ പ്രത്യേകം ഉദ്ദേ ശിച്ച് കൊണ്ട് **فاحشة** (ചീത്തവൃത്തി) എന്ന പദം ഉപയോഗിക്കപ്പെടാറുണ്ട്. ഇവിടെയും അതാണ് ഉദ്ദേശ്യ മെന്നത്രേ ചില മഹാന്മാരുടെ അഭിപ്രായം. തിരുമേനിയുടെ പത്നിമാരിൽ നിന്ന് ആ മഹാപാപം സംഭ വിച്ചേക്കാൻ ഇടയുണ്ടെന്ന നിഗമനത്തിലല്ല ഈ താക്കീത്. റസൂൽ(സ) തിരുമേനിയോട് 'നീ ശിർക്ക് ചെയ്താൽ നിന്റെ കർമ്മം നിഷ്ഫലമാകുക തന്നെ ചെയ്യും' എന്ന് മറ്റും അല്ലാഹു താക്കീത് ചെയ്തിരി ക്കുന്നവല്ലോ. അത് പോലെ കാര്യത്തിന്റെ ഗൗരവം മറ്റുള്ള വരെ ഓർമ്മിപ്പിക്കുകയെന്നതാണ് ഇത്തരം താക്കീതുകളുടെ പ്രധാന ലക്ഷ്യം.

ഇനി അഥവാ നബിയുടെ പത്നിമാരിൽ ആരെങ്കിലും വല്ല ദുർവൃത്തിയും ചെയ്യുകയാണെങ്കിൽ സാധാരണക്കാരെ അപേക്ഷിച്ച് അവർക്ക് ഇരട്ടി ശിക്ഷ നൽകുന്നതാണെന്ന് അല്ലാഹു പ്രസ്താവിക്കുന്നു.

**ജുസുഅ് - 22**

**വചനം 31 :**

۞ وَمَن يَقْنُتْ مِنكُنَّ لِلَّهِ وَرَسُولِهِۦ وَتَعْمَلْ صَٰلِحًا نُّؤْتِهَآ أَجْرَهَا مَرَّتَيْنِ وَأَعْتَدْنَا لَهَا رِزْقًا كَرِيمًا ﴿٣١﴾

31 അല്ലാഹുവിനോടും, അവൻെറ റസൂലിനോടും നിങ്ങളിൽനിന്ന് ആർ വിനയം (അഥവാ ഭക്തി) കാണിക്കുകയും, സൽക്കർമ്മം പ്രവർത്തിക്കുക യും ചെയ്യുന്നുവോ, അവൾക്ക് അവളുടെ പ്രതിഫലം രണ്ടു പ്രാവശ്യം നാം നൽകുന്ന താകുന്നു. അവൾക്ക് മാന്യമായ ഉപജീവനം നാം ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു.

ദുർവൃത്തികൾ ചെയ്യുന്ന പക്ഷം നബി(സ)യുടെ പത്നിമാർക്ക് കൂടുതൽ ശിക്ഷ ഉണ്ടാകുമെ ന്നത് പോലെ തന്നെ ഭക്തിയോടും വിനയത്തോടും കൂടെ വർത്തിക്കുകയും സൽകർമ്മം പ്രവർത്തിക്കു കയും ചെയ്യുന്നപക്ഷം അവർക്ക് ഇരട്ടി പ്രതിഫലവും പരലോകത്ത് മാന്യമായ ഉപജീവനവും അല്ലാഹു വാഗ്ദാനം ചെയ്യുന്നു.

**വചനം 32 :**

يَٰنِسَآءَ ٱلنَّبِيِّ لَسْتُنَّ كَأَحَدٍ مِّنَ ٱلنِّسَآءِ ۚ إِنِ ٱتَّقَيْتُنَّ فَلَا تَخْضَعْنَ بِٱلْقَوْلِ

32 നബിയുടെ പത്നിമാരേ! നിങ്ങൾ ഭയഭക്തി (അഥവാ സൂക്ഷ്മത) കാണിക്കുന്നപക്ഷം നിങ്ങൾ സ്ത്രീകളിൽപെട്ട (മറ്റ്) ഒരാളെപ്പോലെ

فَيَطْمَعَ ٱلَّذِى فِى قَلْبِهِۦ مَرَضٌ وَقُلْنَ قَوْلًا مَّعْرُوفًا ﴿٣٢﴾

യുമല്ല; അതിനാല്‍, നിങ്ങള്‍ വാക്കില്‍ (സംസാരത്തില്‍) താഴ്മ കാണിക്കരുത്. (കാരണം:) അപ്പോള്‍ ഹൃദയത്തില്‍ വല്ല രോഗവുമുള്ളവന് മോഹം തോന്നിയേക്കും. നിങ്ങള്‍ മര്യാദപ്പെട്ട വാക്ക് പറഞ്ഞു കൊള്ളുകയും ചെയ്യണം.

മനുഷ്യന്‍റെ ശ്രേഷ്ഠതയുടെയും യോഗ്യതയുടെയും സാക്ഷാല്‍ മാനദണ്ഡം അല്ലാഹുവിന്‍റെ അടുക്കല്‍ 'തഖ്‌വാ' (ഭയഭക്തിയാകുന്ന സൂക്ഷ്മത) തന്നെയാകുന്നു. "നിങ്ങളില്‍ ഏറ്റവും ആദരണീയന്‍ നിങ്ങളില്‍ വെച്ച് ഏറ്റവും തഖ്‌വയുള്ളവനാണ്" എന്നത് പോലെയുള്ള ഖുര്‍ആന്‍ വചനങ്ങളില്‍ നിന്നും അത് സ്പഷ്ടമാകുന്നു. നബി(സ)യുടെ പത്നിമാരെ അഭിസംബോധന ചെയ്ത് കൊണ്ടുള്ള ഈ വചനത്തില്‍, അന്യപുരുഷന്മാരുമായി സംസാരിക്കുമ്പോള്‍ അവര്‍ പാലിക്കേണ്ട മര്യാദകളെപറ്റി അല്ലാഹു വിശദീകരിക്കുന്നു. സംസാരാവസരത്തില്‍ മര്യാദയും സദാചാര നിഷ്ഠയും പാലിക്കവേ തന്നെ, അവര്‍ അവരുടെ വാക്കുകളില്‍ താഴ്മയും വിധേയത്വവും പ്രകടമാക്കുകയുമരുത്. ശ്രോതാവ് ദുര്‍ബല ഹൃദയനോ, അശുദ്ധ ഹൃദയനോ ആണെങ്കില്‍, അതുമൂലം അവന്‍ അനാവശ്യമായ വിചാരവികാരങ്ങള്‍ക്ക് വിധേയനായേക്കാം. നബി(സ)യുടെ പത്നിമാരെകുറിച്ച് വല്ല ആരോപണങ്ങള്‍ക്കും അവസരം ലഭിക്കാനാഗ്രഹിക്കുന്ന കപടവിശ്വാസികളും കുബുദ്ധികളും, അപവാദപ്രചരണത്തിന് തുനിയുകയും ചെയ്തേക്കാം. (ആയിശാ(റ)യുടെ പേരില്‍ അവര്‍ പടച്ചുണ്ടാക്കിയ അപവാദ പ്രചരണം കുപ്രസിദ്ധമാണല്ലോ).

ഈ സൂറത്തില്‍ നബി(സ)യുടെ പത്നിമാരെ അഭിസംബോധന ചെയ്ത് കൊണ്ട് പ്രസ്താവിച്ചിട്ടുള്ള മിക്ക വിധികളും, മുസ്ലീം സ്ത്രീകള്‍ക്കെല്ലാം തന്നെ പൊതുവെ ബാധകമായിട്ടുള്ളതാകുന്നു.

**വചനം 33:**

وَقَرْنَ فِى بُيُوتِكُنَّ وَلَا تَبَرَّجْنَ تَبَرُّجَ ٱلْجَٰهِلِيَّةِ ٱلْأُولَىٰ ۖ وَأَقِمْنَ ٱلصَّلَوٰةَ وَءَاتِينَ ٱلزَّكَوٰةَ وَأَطِعْنَ ٱللَّهَ وَرَسُولَهُۥٓ ۚ إِنَّمَا يُرِيدُ ٱللَّهُ لِيُذْهِبَ عَنكُمُ ٱلرِّجْسَ أَهْلَ ٱلْبَيْتِ وَيُطَهِّرَكُمْ تَطْهِيرًا ﴿٣٣﴾

33 നിങ്ങള്‍ നിങ്ങളുടെ വീടുകളില്‍ അടങ്ങിയിരിക്കുകയും ചെയ്യുക. ആദ്യത്തെ 'ജാഹിലിയ്യത്തി'ന്‍റെ (അജ്ഞാനകാലത്തെ) സൗന്ദര്യപ്രദര്‍ശനം (പോലെ) നിങ്ങള്‍ സൗന്ദര്യം പ്രദര്‍ശിപ്പിക്കുകയും അരുത്. നിങ്ങള്‍ നമസ്കാരം നിലനിറുത്തുകയും, 'സകാത്ത്' കൊടുക്കുകയും ചെയ്യണം. അല്ലാഹുവിനെയും, അവന്‍റെ റസൂലിനെയും അനുസരിക്കുകയും ചെയ്യുക. നിങ്ങളില്‍നിന്ന് -(പ്രവാചകന്‍റെ) വീട്ടുകാരേ- മാലിന്യം നീക്കിക്കളയുവാനും, നിങ്ങളെ ഒരു (നല്ല) ശുദ്ധീകരണം ശുദ്ധീകരിക്കുവാനും മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.

ജാഹിലിയ്യാ കാലത്തെ സ്ത്രീകളുടേത് പോലെയുള്ള വേഷവിധാനങ്ങളും, സൗന്ദര്യ പ്രകടനങ്ങളും, നബി(സ)യുടെ പത്നിമാരായ നിങ്ങള്‍ക്ക് ഒരിക്കലും യോജിച്ചതല്ല. നിങ്ങള്‍ നിങ്ങളുടെ വീടുകളില്‍ അടങ്ങിയിരുന്ന് അന്തസ്സും മാന്യതയും പാലിക്കുകയും വേണം. അച്ചടക്ക സംബന്ധമായ നിര്‍ദ്ദേശങ്ങളെ തുടര്‍ന്ന്, അല്ലാഹു നമസ്കാരത്തേയും സകാത്തിനേയും പറ്റി ഓര്‍മ്മിപ്പിക്കുന്നു. മാത്രമല്ല, എല്ലാ വിഷയങ്ങളിലും അല്ലാഹുവിനെയും അവന്‍റെ റസൂലിനെയും അനുസരിക്കണമെന്ന് കല്‍പിക്കുകയും ചെയ്യുന്നു. 'മാലിന്യം' എന്ന് പറഞ്ഞതില്‍, സ്ഥാനമാനങ്ങള്‍ക്ക് ക്ഷതം സംഭവിക്കുന്ന കാര്യങ്ങളും പാപങ്ങളും ഉള്‍പ്പെടുന്നു. മാലിന്യം നീക്കികളഞ്ഞ് പ്രവാചക പത്നിമാരെ, ശുദ്ധീകരിക്കുക മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നതെന്ന് തുടര്‍ന്ന് പ്രസ്താവിച്ചിരിക്കുന്നു. വീട്ടുകാരേ (അഹ്‌ലുല്‍ ബൈത്ത്) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് നബി(സ) യുടെ പത്നിമാരും തിരുമേനിയുമായി അടുത്ത കുടുംബബന്ധമുള്ളവരും തിരുമേനിയോടൊന്നിച്ച് താമസിച്ച് വരുന്ന എല്ലാവരുമാകുന്നു.

സ്ത്രീകള്‍ വീട്ടില്‍ അടങ്ങിയിരിക്കണമെന്ന് പറഞ്ഞത് കൊണ്ട് അവള്‍ ഒരിക്കലും പുറത്തിറങ്ങികൂടാ എന്ന ഉദ്ദേശ്യമില്ല. നബി(സ)യുടെ കാലത്ത് സ്ത്രീകള്‍ പള്ളിയിലും, ഈദ് ഗാഹുകളിലും, നമ

സ്കാരത്തിന് പോകുകയും, യുദ്ധ യാത്രകളിൽ പുരുഷന്മാരെ അനുഗമിക്കുകയും, ചെയ്തിരുന്നുവെന്നത് പ്രസിദ്ധമാണല്ലോ. ചുരുക്കത്തിൽ അത്യാവശ്യകാര്യങ്ങൾക്കല്ലാതെ പുറത്തിറങ്ങുക, അടുത്ത ബന്ധുക്കളോട് കൂടിയല്ലാതെ യാത്ര ചെയ്യുക, അന്യ പുരുഷന്മാരുമായി സമ്പർക്കത്തിനിടയാകുന്ന രംഗങ്ങളിൽ പങ്കെടുക്കുക- ഇതൊക്കെയാണ് വിലക്കപ്പെട്ടിട്ടുള്ളത്.

**വചനം 34 :**

وَٱذْكُرْنَ مَا يُتْلَىٰ فِى بُيُوتِكُنَّ مِنْ ءَايَـٰتِ ٱللَّهِ وَٱلْحِكْمَةِ ۚ إِنَّ ٱللَّهَ كَانَ لَطِيفًا خَبِيرًا ﴿٣٤﴾

34 അല്ലാഹുവിൻെറ 'ആയത്തുക'ളായും വിജ്ഞാനമായും നിങ്ങളുടെ വീടുകളിൽവെച്ചു ഓതിക്കേൾപ്പിക്കപ്പെടുന്നതിനെ നിങ്ങൾ ഓർമ്മിക്കുകയും ചെയ്യുവിൻ. നിശ്ചയമായും അല്ലാഹു നിഗൂഢജ്ഞാനമുള്ളവനും സൂക്ഷ്മജ്ഞാനമുള്ളവനുമാകുന്നു.

നബി(സ)യുടെ ഭാര്യമാർ, വീട്ടിൽ വെച്ച് ദൈനംദിനം ശ്രദ്ധപതിപ്പിക്കേണ്ടതും ഇതര വീടുകളിലെ ഗൃഹനായികമാർക്ക് ലഭിക്കാറില്ലാത്തതുമായ ചിലകാര്യങ്ങൾ അല്ലാഹു ഈ വചനത്തിൽ പ്രസ്താവിക്കുന്നു.

അല്ലാഹുവിൽ നിന്ന് അപ്പപ്പോൾ ലഭിച്ച് കൊണ്ടിരിക്കുന്ന വഹ്‌യുകൾ, തിരുമേനിയുടെ തിരുവായിൽ നിന്നും പുറത്ത് വരുന്ന വിജ്ഞാന മൊഴികൾ, എന്നിവ മിക്കപ്പോഴും അവിടുത്തെ വാസസ്ഥലങ്ങളിൽ വെച്ചാണല്ലോ സംഭവിക്കുന്നത്. നബി(സ) അവയൊക്കെ പ്രബോധനം ചെയ്യുമ്പോൾ, അവ കാണുവാനും കേൾക്കുവാനും ഗ്രഹിക്കുവാനും മറ്റുള്ളവർക്ക് പഠിപ്പിക്കുവാനും നബി(സ)യുടെ പത്നിമാർക്കാണല്ലോ ഭാഗ്യം ലഭിക്കുക. ഇക്കാര്യം പ്രത്യേകം ഓർമ്മിക്കണമെന്നത്രേ ഈ വചനം അവരെ ഉണർത്തുന്നത്. ഈ ബാധ്യത സത്യവിശ്വാസികളുടെ മാതാക്കളും, മാതൃകാ വനിതകളുമായ അവർ തികച്ചും നിറവേറ്റുകയുണ്ടായിട്ടുണ്ടെന്നുള്ളതിൽ നമുക്ക് യാതൊരു സംശയവുമില്ല.

'രിസാലത്തിൻ്റെ വഹ്‌യാ'കുന്ന ദിവ്യസന്ദേശം മലക്ക് മുഖേന ലഭിച്ച ഖുർആൻ മാത്രമാണെന്നും, ഖുർആനല്ലാതെ നബി(സ)ക്ക് സിദ്ധിച്ചിട്ടുള്ള എല്ലാ വഹ്‌യുകളും കേവലം 'ഇൽഹാം' (അന്തർബോധം) വഴി മാത്രം ലഭിച്ചതാണെന്നും, ആയതിനാൽ അവയിൽ തെറ്റായതും ശരിയായതും ഉണ്ടാകാമെന്നും ഇപ്പോൾ ചില പുത്തൻ വാദികൾ പ്രചരിപ്പിച്ച് വരുന്നുണ്ട്.

''അല്ലാഹുവിൻ്റെ 'ആയത്തു'കളിൽ നിന്നും 'ഹിക്ക്മത്തി'ൽ നിന്നും നിങ്ങളുടെ വീടുകളിൽ പാരായണം ചെയ്യപ്പെടുന്നത്," എന്ന് ഈ വചനത്തിലും, അല്ലാഹു നിനക്ക് 'കിത്താബും' 'ഹിക്ക്മത്തും' ഇറക്കിതന്നിരിക്കുന്നു, എന്ന് സൂ: നിസാഅ്: 113 ലും 'കിത്താബിൽ' നിന്നും 'ഹിക്ക്മത്തി'ൽ നിന്നും നിങ്ങൾക്ക് അല്ലാഹു ഇറക്കിത്തന്നിട്ടുള്ളതും ഓർക്കുവിൻ എന്ന് സൂ: ബഖറ: 231-ലും "അവർക്ക് വേദഗ്രന്ഥവും 'ഹിക്ക്മത്തും' പഠിപ്പിക്കുന്ന ഒരു റസൂലിനെ അവരിൽ നിന്നും അവൻ നിയോഗിച്ചു" എന്ന് സൂ:ജുമുഅ: 2-ാം വചനത്തിലും അല്ലാഹു പ്രസ്താവിച്ചതിൽ നിന്നും, നബി(സ) തിരുമേനിക്ക് വേദഗ്രന്ഥം - വിശുദ്ധ ഖുർആൻ - മാത്രമല്ല അതിന് പുറമേ 'ഹിക്ക്മത്തും' (വിജ്ഞാനം) അല്ലാഹു അവതരിപ്പിച്ചിട്ടുണ്ടെന്നും, സത്യ വിശ്വാസികൾ വേദഗ്രന്ഥത്തിന് പുറമേ 'ഹിക്ക്മത്തും' സ്വീകരിക്കേണ്ടതുണ്ടെന്നും വ്യക്തവും സ്പഷ്ടവുമാണല്ലോ.

റബ്ബിങ്കൽ നിന്ന് ഇറക്കപ്പെട്ടത് (ഖുർആനും ഹിക്ക്മത്തും) പ്രബോധനം ചെയ്തെങ്കിലേ തിരുമേനിയുടെ രിസാലത്താകുന്ന ദൗത്യനിർവ്വഹണം പൂർത്തിയാകുകയുള്ളൂ എന്ന് സൂ: മാഇദ : 67-ാം വചനത്തിലൂടെ അല്ലാഹു നബി(സ) തിരുമേനിയെ ഓർമ്മപ്പെടുത്തുന്നു.

## വിഭാഗം 5

**വചനം 35 :**

إِنَّ ٱلْمُسْلِمِينَ وَٱلْمُسْلِمَـٰتِ وَٱلْمُؤْمِنِينَ وَٱلْمُؤْمِنَـٰتِ وَٱلْقَـٰنِتِينَ وَٱلْقَـٰنِتَـٰتِ وَٱلصَّـٰدِقِينَ

35 നിശ്ചയമായും, 'മുസ്ലിം'കളായ (കീഴൊതുക്കമുള്ള) പുരുഷൻമാരും സ്ത്രീകളും, 'മുഅ്മിനു'കളായ (സത്യവിശ്വാസികളായ) പുരുഷൻ

وَٱلصَّـٰدِقَـٰتِ وَٱلصَّـٰبِرِينَ وَٱلصَّـٰبِرَٰتِ وَٱلْخَـٰشِعِينَ وَٱلْخَـٰشِعَـٰتِ وَٱلْمُتَصَدِّقِينَ وَٱلْمُتَصَدِّقَـٰتِ وَٱلصَّـٰٓئِمِينَ وَٱلصَّـٰٓئِمَـٰتِ وَٱلْحَـٰفِظِينَ فُرُوجَهُمْ وَٱلْحَـٰفِظَـٰتِ وَٱلذَّٰكِرِينَ ٱللَّهَ كَثِيرًا وَٱلذَّٰكِرَٰتِ أَعَدَّ ٱللَّهُ لَهُم مَّغْفِرَةً وَأَجْرًا عَظِيمًا ﴿٣٥﴾

മാരും സ്ത്രീകളും, ഭക്തന്മാരായ പുരുഷൻമാരും സ്ത്രീകളും, സത്യവാൻമാരായ പുരുഷൻമാരും സ്ത്രീകളും, ക്ഷമാശീലരായ പുരുഷന്മാരും സ്ത്രീകളും, ഭയപ്പാടുള്ള പുരുഷൻമാരും സ്ത്രീകളും, ദാനധർമ്മം ചെയ്യുന്ന പുരുഷൻമാരും സ്ത്രീകളും, നോമ്പനുഷ്ഠിക്കുന്ന പുരുഷൻമാരും സ്ത്രീകളും, തങ്ങളുടെ ഗുഹ്യസ്ഥാനങ്ങളെ കാത്തുസൂക്ഷിക്കുന്ന പുരുഷൻമാരും സ്ത്രീകളും, അല്ലാഹുവിനെ ധാരാളം ഓർമ്മിക്കുന്ന പുരുഷന്മാരും സ്ത്രീകളും, ഇവർക്ക് (എല്ലാവർക്കും) അല്ലാഹു പാപമോചനവും, മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിരിക്കുന്നു.

ഈ വചനത്തിൽ സ്ത്രീകളെയും പുരുഷന്മാരെയും സംബന്ധിച്ച് പൊതുവായി അല്ലാഹു പ്രസ്താവിക്കുന്നു. അൻസാരിക്കാരിയായ ഉമ്മു ഇമാറ(റ)യും നബി(സ)യുടെ പത്നി ഉമ്മു സലമ(റ)യും നബി(സ)യോട്, തിരുമേനിയുടെ പത്നിമാരല്ലാത്ത മുസ്ലീം സ്ത്രീകളെക്കുറിച്ച് ഖുർആനിൽ പ്രസ്താവിച്ച് കാണുവാൻ ആഗ്രഹമുണ്ടെന്ന് അറിയിക്കുകയും അനന്തരം ഈ വചനം അവതരിച്ചുവെന്നും ഹദീസുകളിൽ കാണാം.

അല്ലാഹുവിന്റെ പക്കൽ നിന്നുള്ള പാപമോചനത്തിനും മഹത്തായ പ്രതിഫലത്തിനും എല്ലാ പുരുഷൻമാരും സ്ത്രീകളും അർഹമായിത്തീരുന്നതിന് ആവശ്യമായ പത്ത് ഗുണങ്ങൾ ഈ വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അവർക്കുള്ള പ്രതിഫലങ്ങൾ പിന്നീട് നൽകുമെന്ന് മാത്രമല്ല അത് ഇപ്പോൾ തന്നെ തയ്യാറാക്കി വെച്ച് കഴിഞ്ഞിരിക്കുന്നുവെന്ന സന്തോഷവാർത്ത കൂടി അല്ലാഹു അറിയിക്കുന്നു.

ആണാകട്ടെ പെണ്ണാകട്ടെ നിങ്ങളിൽ നിന്ന് കർമ്മം ചെയ്ത ഒരാളുടെ കർമ്മവും ഞാൻ പാഴാക്കുകയില്ല എന്ന് സൂ: ആലു ഇംറാൻ: 195ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

**വചനം 36 :**

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى ٱللَّهُ وَرَسُولُهُۥٓ أَمْرًا أَن يَكُونَ لَهُمُ ٱلْخِيَرَةُ مِنْ أَمْرِهِمْ ۗ وَمَن يَعْصِ ٱللَّهَ وَرَسُولَهُۥ فَقَدْ ضَلَّ ضَلَـٰلًا مُّبِينًا ﴿٣٦﴾

36 സത്യവിശ്വാസിയായ ഒരു പുരുഷനാകട്ടെ, സ്ത്രീക്കാകട്ടെ- അല്ലാഹുവും അവൻെറ റസൂലും ഒരു കാര്യം തീരുമാനിച്ചാൽ-തങ്ങളുടെ കാര്യത്തെക്കുറിച്ച് അവർക്ക് (വേറൊരു) തിരഞ്ഞെടുപ്പ് (അഭിപ്രായം) ഉണ്ടായിരിക്കുവാൻ പാടില്ല. അല്ലാഹുവിനോടും, അവൻെറ റസൂലിനോടും ആർ അനുസരണക്കേട് കാണിക്കുന്നുവോ അവൻ, തീർച്ചയായും വ്യക്തമായ വഴിപിഴവ് പിഴച്ചുപോയിരിക്കുന്നു!

ഇസ്ലാമിന്റെ ഒരു അടിസ്ഥാന നിയമമാണിത്. അല്ലാഹുവും റസൂലും ഒരു കാര്യത്തിൽ വിധി പറഞ്ഞ് കഴിഞ്ഞാൽ അതിൽ നിന്ന് വ്യത്യസ്തമായ ഒരു അഭിപ്രായം ഉണ്ടായിരിക്കുവാൻ സത്യവിശ്വാസിയായ ഒരാൾക്കും പാടുള്ളതല്ല. ഈ വിഷയം വളരെ ശക്തമായ ഭാഷയിൽ ഖുർആൻ പലപ്പോഴും ആവർത്തിച്ചിട്ട് പറഞ്ഞിട്ടുള്ളതാണ്.

അപ്പോൾ അല്ലാഹുവിന്റെയും റസൂലിന്റെയും (ഖുർആൻന്റെയും സുന്നത്തിന്റെയും) നിയമങ്ങൾക്കെതിരായി ഏതെങ്കിലും പണ്ഡിതന്മാരുടെയോ വിധികർത്താക്കളുടെയോ, സമുദായ പരിഷ്കർത്താക്കളെന്ന് നടിക്കുന്നവരുടേയോ, വിധിന്യായങ്ങൾ സ്വീകരിക്കുന്നവർ വ്യക്തമായ വഴിപിഴവിൽ അകപ്പെട്ടു പോകുന്നതാണ്. ഒരു മുസ്ലീമിനെ സംബന്ധിച്ചിടത്തോളം, ഏതെങ്കിലും ഒരു വിഷയത്തിലുള്ള മതവിധി ഇന്നതാണെന്ന് അംഗീകൃത മാർഗ്ഗങ്ങളിൽ കൂടി മനസ്സിലാക്കിക്കഴിഞ്ഞാൽ അത് തന്റെ യുക്തിക്കോ ബുദ്ധിക്കോ, യോജിക്കുമോ ഇല്ലയോ എന്നൊന്നും പരിശോധിക്കാതെ അത് അപ്പടി സ്വീക

രിക്കുവാന്‍ അവന്‍ തികച്ചും ബാദ്ധ്യസ്ഥനാകുന്നു. അല്ലാഹുവിന്റെയും റസൂലിന്റെയും വിധി വിലക്കുകളില്‍ ചിലതിന്റെ യുക്തി രഹസ്യങ്ങള്‍ നമുക്ക് സൂക്ഷ്മമായി മനസ്സിലാക്കുവാന്‍ കഴിയാതെ വന്നേക്കാവുന്നതുമാണ്.

<u>വചനം 37 :</u>

وَإِذْ تَقُولُ لِلَّذِىٓ أَنْعَمَ ٱللَّهُ عَلَيْهِ وَأَنْعَمْتَ عَلَيْهِ أَمْسِكْ عَلَيْكَ زَوْجَكَ وَٱتَّقِ ٱللَّهَ وَتُخْفِى فِى نَفْسِكَ مَا ٱللَّهُ مُبْدِيهِ وَتَخْشَى ٱلنَّاسَ وَٱللَّهُ أَحَقُّ أَن تَخْشَىٰهُ ۖ فَلَمَّا قَضَىٰ زَيْدٌ مِّنْهَا وَطَرًا زَوَّجْنَٰكَهَا لِكَىْ لَا يَكُونَ عَلَى ٱلْمُؤْمِنِينَ حَرَجٌ فِىٓ أَزْوَٰجِ أَدْعِيَآئِهِمْ إِذَا قَضَوْا۟ مِنْهُنَّ وَطَرًا ۚ وَكَانَ أَمْرُ ٱللَّهِ مَفْعُولًا ﴿٣٧﴾

37 (നബിയേ) അല്ലാഹു അനുഗ്രഹം ചെയ്തു കൊടുത്തിട്ടുള്ള-നീയും അനുഗ്രഹം ചെയ്തു കൊടുത്തിട്ടുള്ള-വനോട് നീ പറഞ്ഞിരുന്ന സന്ദര്‍ഭം (ഓര്‍ക്കുക): “നിന്‍െറ ഭാര്യയെ (വിവാഹമോചനം ചെയ്യാതെ) നിനക്കുവേണ്ടി നീ വെച്ചുകൊണ്ടിരിക്കുക; അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക” എന്ന്. അല്ലാഹു വെളിവാക്കുവാന്‍ പോകുന്ന കാര്യത്തെ നീ നിന്‍െറ മനസ്സില്‍ മറച്ചുവെക്കുകയും ചെയ്തിരുന്നു. അല്ലാഹുവാണ് നീ പേടിക്കുവാന്‍ ഏറ്റവും അവകാശപ്പെട്ടവന്‍ എന്നിരിക്കെ, നീ ജനങ്ങളെ പേടിക്കുകയും ചെയ്തിരുന്നു. അങ്ങനെ, സൈദ് അവളില്‍നിന്നും ആവശ്യം നിര്‍വ്വഹിച്ചു (വിവാഹമോചനം നടത്തി) കഴിഞ്ഞപ്പോള്‍ അവളെ നിനക്കു നാം ഭാര്യയാക്കിത്തന്നു. സത്യവിശ്വാസികളുടെമേല്‍, തങ്ങളുടെ ദത്തുപുത്രന്‍മാരുടെ ഭാര്യമാരുടെ കാര്യത്തില്‍ -അവര്‍ അവരില്‍നിന്നും ആവശ്യം നിര്‍വ്വഹിച്ചു കഴിഞ്ഞാല്‍- യാതൊരു വിഷമവും ഉണ്ടാകാതിരിക്കുവാന്‍ വേണ്ടിയത്രെ (അത്). അല്ലാഹുവിന്‍െറ കല്‍പന പ്രാവര്‍ത്തികമാക്കപ്പെടുന്നതാകുന്നു.

‘അല്ലാഹുവും നീയും അനുഗ്രഹം ചെയ്ത് കൊടുത്തവന്‍’ എന്ന് പറഞ്ഞത് സൈദ്ബ്നു ഹാരിഥ:(റ)യെ കുറിച്ചാകുന്നു. അല്ലാഹു അദ്ദേഹത്തെ ഇസ്ലാമിലേക്ക് മാര്‍ഗ്ഗ ദര്‍ശനം നല്‍കി. നബി(സ) യാകട്ടെ അദ്ദേഹത്തെ അടിമത്തത്തില്‍ നിന്ന് മോചിപ്പിക്കുകയും, പോറ്റുമകനായി വളര്‍ത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ പുത്രനായ ഉസാമ(റ)യെയും തിരുമേനി വളരെയധികം സ്നേഹിച്ചിരുന്നു. ഇവര്‍ രണ്ട് പേരെകുറിച്ചും ‘ഹിബ്ബു റസൂലില്ലാഹി’ (റസൂലിന്റെ പ്രിയങ്കരന്‍) എന്ന് പോലും പറയപ്പെട്ടിരുന്നു.

സൈദ്(റ) ഖുറൈശീ ഗോത്രത്തില്‍പെട്ട നബി(സ)യുടെ അമ്മായിയുടെ മകളായ സൈനബ(റ)യെ വിവാഹം ചെയ്തിരുന്നു. ഇത് ഹിജ്റക്ക് മുമ്പായിരുന്നു. വംശപരമായ ഉച്ചനീചത്വത്തിന് ഇസ്ലാമില്‍ സ്ഥാനമില്ലെന്ന തത്വമനുസരിച്ച്, നബി(സ)യുടെ ഇഷ്ടാനുസരണമാണ്, കുലീനയായ സൈനബ(റ) സൈദ്(റ)മായുള്ള വിവാഹത്തിന് സമ്മതിച്ചത്. ക്രമേണ അവര്‍ തമ്മില്‍ സ്വരച്ചേര്‍ച്ച ഇല്ലാതാകുകയും സൈദു(റ) അവര്‍ക്ക് വിവാഹമോചനം നല്‍കുകയും ചെയ്തു. ഈ വിവാഹ മോചനം നടക്കുവാന്‍ പോകുന്നുവെന്നും ഇദ്ദ:കാലം കഴിഞ്ഞ ശേഷം സൈനബ(റ) നബി(സ)യുടെ ഭാര്യയാകാന്‍ പോകുന്നുവെന്നും, തിരുമേനിക്ക് വഹ്യ് ലഭിച്ചിരുന്നു. പക്ഷേ നടക്കാന്‍ പോകുന്ന ആ വിഷയത്തെകുറിച്ച് സൈദ്(റ) നോട് തിരുമേനി ഒന്നും പ്രസ്താവിച്ചില്ല. നേരെ മറിച്ച് ഭാര്യയെ വിവാഹമോചനം നടത്തരുതെന്ന് സാധാരണ മട്ടില്‍ അദ്ദേഹത്തെ ഉപദേശിക്കുകയാണ് ചെയ്തത്. ജനസംസാരത്തിന് ഇടയാകരുതെന്നും, അല്ലാഹു ഉദ്ദേശിച്ച കാര്യം അവന്‍ ഉദ്ദേശിക്കുന്ന സമയത്ത് നടപ്പിലായിക്കൊള്ളുമെന്നും തിരുമേനി കരുതി. ഇതിനെ സൂചിപ്പിച്ച് കൊണ്ടാണ് ‘അല്ലാഹു വെളിവാക്കാന്‍ പോകുന്ന കാര്യം നീ നിന്റെ

മനസ്സിൽ മറച്ച് വെക്കുകയും ചെയ്തിരിക്കുന്നു' എന്ന് അല്ലാഹു പറഞ്ഞത്. യഥാർത്ഥ്യവും സത്യവും തുറന്ന് പറയുന്നതിൽ ജനങ്ങളെ ഭയപ്പെടേണ്ടതില്ലെന്നും അത് തുറന്ന് പറയാതിരിക്കുന്നതിൽ അല്ലാഹുവിനെ ഭയപ്പെടുകയാണ് വേണ്ടത് എന്നും അല്ലാഹു നബി(സ)യെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ഭാര്യയുമായി യോജിച്ച് പോകുകയില്ലെന്ന ഘട്ടം വന്നപ്പോൾ സൈദ്(റ) സൈനബ(റ)യെ വിവാഹമോചനം ചെയ്യുകയും, അനന്തരം ഇദ്ദ: കാലം കഴിഞ്ഞപ്പോൾ അല്ലാഹുവിന്റെ നിർദ്ദേശമനുസരിച്ച് നബി(സ) അവരെ വിവാഹം കഴിക്കുകയും ചെയ്തു. നബി(സ)യുടെ ആഗ്രഹമോ, ആവശ്യമോ അനുസരിച്ച് നടന്നതായിരുന്നില്ല ആ വിവാഹം. ജാഹിലിയ്യാ കാലത്ത് പോറ്റു മക്കൾക്ക് യഥാർത്ഥ മക്കളുടെ സ്ഥാനം കൽപിച്ചിരുന്നതിനാൽ, അവരുടെ ഭാര്യമാരാകുന്ന സ്ത്രീകളെ ഒരിക്കലും പോറ്റ് പിതാക്കൾക്ക് വിവാഹം ചെയ്യാൻ പാടില്ലെന്ന നിയമം നിലവിലുണ്ടായിരുന്നു. എന്നാൽ പോറ്റുമക്കൾക്ക്, യഥാർത്ഥ മക്കളുടെ സ്ഥാനം കൽപിക്കാൻ പാടില്ലെന്ന ഇസ്ലാമിക നിയമം പ്രാവർത്തികമാക്കി കാണിക്കുവാൻ വേണ്ടി അല്ലാഹുവിന്റെ കൽപനപ്രകാരം നബി(സ) ചെയ്തതായിരുന്നു ആ വിവാഹം (വചനം 4,5 നോക്കുക) അത്കൊണ്ടാണ് 'സൈദ് അവളിൽ നിന്നും ആവശ്യം നിറവേറ്റിക്കഴിഞ്ഞപ്പോൾ അവളെ നിനക്ക് നാം ഭാര്യയായി ത്തന്നു' എന്ന് അല്ലാഹു പറഞ്ഞത്.

ആയിശാ(റ) ഇപ്രകാരം പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. "മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ കിത്താബിൽ നിന്ന് വല്ലതും ജനങ്ങളെ അറിയിക്കാതെ മറച്ച് വെക്കുമായിരുന്നെങ്കിൽ ഈ വചനം (37-ാം വചനം) മറച്ച് വെക്കേണ്ടതായിരുന്നു"- മുസ്ലീം(റ) തിർമുദി(റ)

സൈദ്(റ)ന്റെ പേർ ഖുർആനിൽ എടുത്ത് പറഞ്ഞതും, 'അല്ലാഹുവും റസൂലും അനുഗ്രഹം ചെയ്ത് കൊടുത്തവൻ' എന്ന് അദ്ദേഹത്തെ വിശേഷിപ്പിച്ചതും അദ്ദേഹത്തിന്റെ മഹാഭാഗ്യമത്രേ.

സൈനബ(റ) തിരുമേനിയുമായുള്ള വിവാഹത്തെകുറിച്ച് അഭിമാനപൂർവ്വം നബി(സ)യുടെ മറ്റു ഭാര്യമാരോട് ഇപ്രകാരം പറയുമായിരുന്നു. "നിങ്ങളെ നിങ്ങളുടെ വീട്ടുകാർ വിവാഹം ചെയ്യിച്ച് കൊടുത്തതാണ്. എന്നെയാകട്ടെ, ഏഴ് ആകാശങ്ങൾക്ക് മീതെ നിന്ന് അല്ലാഹു വിവാഹം ചെയ്യിച്ച് കൊടുത്തതാണ്." -ബുഖാരി(റ)

ഈ വിഷയ സംബന്ധമായി അടുത്ത ആയത്തുകളിൽ അല്ലാഹു വീണ്ടും പറയുന്നു.

**വചനം 38,39 :**

مَّا كَانَ عَلَى ٱلنَّبِيِّ مِنْ حَرَجٍ فِيمَا فَرَضَ ٱللَّهُ لَهُۥ ۖ سُنَّةَ ٱللَّهِ فِى ٱلَّذِينَ خَلَوْا۟ مِن قَبْلُ ۚ وَكَانَ أَمْرُ ٱللَّهِ قَدَرًا مَّقْدُورًا ﴿٣٨﴾

38 അല്ലാഹു നബിക്ക് നിശ്ചയിച്ചു (നിയമിച്ചു) കൊടുത്തതിൽ, അദ്ദേഹത്തിൻെറമേൽ യാതൊരു വിഷമവും ഉണ്ടാകുവാനില്ല;- മുൻകഴിഞ്ഞു പോയിട്ടുള്ളവരിൽ (നടപ്പാക്കപ്പെട്ടിരുന്ന) അല്ലാഹുവിൻെറ നടപടിക്രമം തന്നെ. അല്ലാഹുവിൻെറ കൽപ്പന വ്യവസ്ഥാപിതമായ ഒരു (ഖണ്ഡിത) വ്യവസ്ഥയാകുന്നു.

ٱلَّذِينَ يُبَلِّغُونَ رِسَٰلَٰتِ ٱللَّهِ وَيَخْشَوْنَهُۥ وَلَا يَخْشَوْنَ أَحَدًا إِلَّا ٱللَّهَ ۗ وَكَفَىٰ بِٱللَّهِ حَسِيبًا ﴿٣٩﴾

39 അതായത്: അല്ലാഹുവിൻെറ ദൗത്യങ്ങളെ എത്തിച്ചു (പ്രബോധനംചെയ്തു) കൊടുക്കുകയും, അവനെ പേടിക്കുകയും, അല്ലാഹുവിനെയല്ലാതെ ഒരാളെയും പേടിക്കാതിരിക്കുകയും ചെയ്തിരുന്നവർ! (അവരിൽ നടപ്പാക്കപ്പെട്ട നടപടി തന്നെ നബിയിലും നടപ്പാക്കിയിരിക്കയാണ്.) വിചാരണ നടത്തുന്നവനായി അല്ലാഹു തന്നെ മതി!

സൈനബ(റ)യുടെ വിവാഹ വിഷയത്തിൽ, അല്ലാഹു നിയമിച്ച് കൊടുത്തത് നടപ്പിൽ വരുത്തുക മാത്രമേ അദ്ദേഹം ചെയ്തിട്ടുള്ളൂ. ഇത്തരം കാര്യങ്ങളിൽ അല്ലാഹുവിന്റെ പ്രവാചകന്മാർ മുഖേന ജനങ്ങൾക്ക് മാതൃക കാട്ടുകയെന്നത് അല്ലാഹുവിന്റെ മുമ്പേയുള്ള നടപടിക്രമമാകുന്നു. അല്ലാഹുവിന്റെ കൽപനാ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിൽ അല്ലാഹുവിനെയല്ലാതെ മറ്റാരെയും അവർ ഭയപ്പെടുന്നതുമല്ല. എല്ലാ കാര്യത്തിനും വിചാരണ നടത്തി നടപടി എടുക്കുവാൻ അല്ലാഹു തന്നെ മതി.

**വചനം 40:**

مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَ وَكَانَ ٱللَّهُ بِكُلِّ شَىْءٍ عَلِيمًا ﴿٤٠﴾

40 മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല; എങ്കിലും, (അദ്ദേഹം) അല്ലാഹുവിൻെറ റസൂലും, നബിമാരിൽ അവസാനത്തേവനുമാകുന്നു. അല്ലാഹു എല്ലാ വസ്തുവെക്കുറിച്ചും അറിയുന്നവനാകുന്നു.

മുഹമ്മദ് അവന്റെ മകന്റെ ഭാര്യയെ വിവാഹം കഴിച്ചു എന്ന് ആക്ഷേപിക്കുന്നവരെ അല്ലാഹു മൗലിക പ്രധാനമായ ഒരു യാഥാർത്ഥ്യം ഓർമ്മിപ്പിക്കുന്നു.

മുഹമ്മദ് നിങ്ങളുടെ പുരുഷന്മാരിൽപ്പെട്ട ഒരാളുടെയും പിതാവായിട്ടില്ല. സൈദ് അദ്ദേഹത്തിന്റെ പുത്രനുമല്ല. വളർത്ത് പുത്രൻ മാത്രമാകുന്നു. അങ്ങനെയിരിക്കെ, പുത്രൻ വിവാഹം കഴിച്ചവളെ വിവാഹം ചെയ്തുവെന്ന വാദം തികച്ചും നിരർത്ഥകമാകുന്നു. അല്ലാഹുവിന്റെ റസൂലായ മുഹമ്മദ്, അല്ലാഹുവിന്റെ നിയമ വ്യവസ്ഥകൾ പ്രബോധനം ചെയ്യുവാനും, അവ നടപ്പിൽ വരുത്തി മാതൃക കാണിക്കുവാനും ബാദ്ധ്യസ്ഥനാകുന്നു. ജാഹിലിയ്യാ കാലത്ത് നിലവിലിരുന്ന ഒരു ദുഷിച്ച മാമൂൽ നടപടി -പോറ്റ് മക്കൾക്ക് യഥാർത്ഥ മക്കളുടെ സ്ഥാനം കൽപിച്ചിരുന്ന നടപടി - അവസാനിപ്പിച്ച് അല്ലാഹുവിന്റെ നിയമം പ്രായോഗിക രംഗത്ത് വരുത്തുകയാണ് അദ്ദേഹം ചെയ്തത്. ഇനി ഒരു നബിയോ റസൂലോ അവതരിക്കുവാനുണ്ടായിരുന്നെങ്കിൽ, അവർ മുഖാന്തിരം അല്ലാഹുവിന്റെ ഇത്തരം നിയമവ്യവസ്ഥകൾ നടപ്പിലാക്കാമെന്ന് വെക്കാമായിരുന്നു. എന്നാൽ മുഹമ്മദ് നബി(സ) അന്ത്യ പ്രവാചകനാകുന്നു. പ്രവാചകരുടെ ശൃംഖല അദ്ദേഹത്തോട് കൂടി അവസാനിപ്പിക്കുകയും ചെയ്യപ്പെട്ടിരിക്കുന്നു.

ഈ വചനത്തിലെ خَاتَمَ النَّبِيِّن എന്ന പദത്തിന് 'നബിമാരുടെ മുദ്ര' അഥവാ 'നബിമാരിൽ അവസാനത്തെയാൾ' എന്ന അർത്ഥമാണ് ഖുർആൻ പണ്ഡിതന്മാർ നൽകിയിട്ടുള്ളത്. മുഹമ്മദ് നബി(സ)ക്ക് ശേഷം ഒരു നബിയോ റസൂലോ ഇനി വരാനില്ല എന്നും, പ്രവാചക ശൃംഖല തിരുനബിയോട് കൂടി അല്ലാഹു അവസാനിപ്പിച്ചിരിക്കുന്നു എന്നും തിരുമേനിക്ക് അവതരിപ്പിക്കപ്പെട്ട വേദ ഗ്രന്ഥമായ ഖുർആൻ യാതൊരു മാറ്റത്തിരുത്തലും കൂടാതെ ലോകാവസാനം വരെ നിലനിലൽക്കുമെന്നും അല്ലാഹു ഉറപ്പു നൽകുകയും ചെയ്തിരിക്കുന്നു.( സൂ മാഇൗദ 3 ; സൂ ഹിജ്ർ : 9 ; സൂ അഅ്റാഫ് : 158 സൂ സബഅ് 28 എന്നീവചനങ്ങൾ കാണുക). ഈ യാഥാർത്ഥ്യം ഇസ്ലാമിലെ ഒരു മൗലിക സിദ്ധാന്തവുമാകുന്നു.

എന്നാൽ ഈ അടുത്ത കാലത്ത് പ്രത്യക്ഷപ്പെട്ട ഖാദിയാനികൾ എന്നറിയപ്പെടുന്ന 'അഹമ്മദിയാ' സമുദായക്കാരായ ഒരു വിഭാഗക്കാർ خَاتَم എന്ന പദത്തെ ദുർവ്യാഖ്യാനം ചെയ്ത് കൊണ്ടും ആധികാരികമല്ലാത്ത അറബി ഗ്രന്ഥങ്ങളിൽ നിന്നും ഏതാനും പ്രയോഗങ്ങൾ എടുത്തു കാട്ടിക്കൊണ്ടും അവരുടെ നേതാവായ മിർസാ ഗുലാം അഹമ്മദ് ഖാദിയാനി എന്നയാൾക്ക് നബിത്വം കൽപിക്കുവാൻ പരിശ്രമിച്ച് കാണാറുണ്ട്. ഈ വാദത്തിന് ഉപോദ്ബലകമായി സൂ: സ്വഫ്ഫ് : 6ാം വചനം അവർ എടുത്ത് കാണിക്കാറുണ്ട്. (പ്രസ്തുത വചനത്തിന്റെ വിശദീകരണം കാണുക). എന്നാൽ ഈ വാദഗതി ഇസ്ലാമിന്റെ മൌലിക സിദ്ധാന്തത്തിന് കടക വിരുദ്ധമാണെന്ന് പറയേണ്ടതില്ലല്ലോ.

ഭൂത, വർത്തമാന, ഭാവി കാര്യങ്ങളെല്ലാം സമഗ്രമായി അറിയുന്ന സർവ്വജ്ഞനായ അല്ലാഹുവിന്റെ ആജ്ഞാ നിർദ്ദേശങ്ങൾ അപ്പടി അനുസരിക്കുകയെന്നതാണ് അല്പജ്ഞനായ മനുഷ്യന്റെ കടമയും ബാദ്ധ്യതയും.

**വിഭാഗം 6**

**വചനം 41,42 :**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱذْكُرُوا۟ ٱللَّهَ ذِكْرًا كَثِيرًا ﴿٤١﴾

41 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുവിൻ, ധാരാളം സ്മരണ.

وَسَبِّحُوهُ بُكْرَةً وَأَصِيلًا ﴿٤٢﴾

42 കാലത്തും, വൈകുന്നേരവും അവന് 'തസ്ബീഹ്' (പരിശുദ്ധിയെ കീർത്തനം) ചെയ്കയും ചെയ്യുവിൻ.

സ്മരിക്കുക, ഓർമ്മിക്കുക, പറയുക, കീർത്തനം ചെയ്യുക, പ്രഖ്യാപിക്കുക എന്നിങ്ങനെ അർത്ഥങ്ങൾ വരാവുന്ന വാക്കാണ് ذكر (ദിക്ർ). മനസാ വാചാ കർമ്മണാ, അല്ലാഹുവിനെ കുറിച്ചുള്ള ബോധമാണ് സാക്ഷാൽ ദിക്ർ. തസ്ബീഹ്, തഹ്മീദ്, തക്ബീർ, തഹ്ലീൽ, ദുആ, നമസ്കാരം, ധ്യാനം മുതലായവ വഴിയാണത് പ്രകടിപ്പിക്കുക. (സൂ: അൻകബൂത് 45-ാം വചനം, സൂ: റൂം 18-ാം വചനം എന്നിവയുടെ വിവരണം നോക്കുക)

അല്ലാഹുവിനെ ധാരാളം സ്മരിക്കുകയും അവന്റെ സ്തോത്ര കീർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെന്നോണം അല്ലാഹു പറയുന്നു.

**വചനം 43,44 :**

هُوَ ٱلَّذِى يُصَلِّى عَلَيْكُمْ وَمَلَـٰٓئِكَتُهُۥ لِيُخْرِجَكُم مِّنَ ٱلظُّلُمَـٰتِ إِلَى ٱلنُّورِ ۚ وَكَانَ بِٱلْمُؤْمِنِينَ رَحِيمًا ﴿٤٣﴾

43 നിങ്ങളുടെ മേൽ അനുഗ്രഹം നേരുന്നവനത്രെ അവൻ (അല്ലാഹു); അവൻെറ മലക്കുകളും തന്നെ (അനുഗ്രഹം നേരുന്നു); -നിങ്ങളെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് വരുത്തുവാൻ വേണ്ടി. അവൻ സത്യവിശ്വാസികളിൽ വളരെ കരുണയുള്ളവനാണ് താനും.

تَحِيَّتُهُمْ يَوْمَ يَلْقَوْنَهُۥ سَلَـٰمٌ ۚ وَأَعَدَّ لَهُمْ أَجْرًا كَرِيمًا ﴿٤٤﴾

44 അവർ അവനെ കാണുന്ന ദിവസം അവർക്കുള്ള ഉപചാരം, 'സലാം' എന്ന് (സമാധാനസന്ദേശം) ആയിരിക്കും. അവർക്ക് മാന്യമായ പ്രതിഫലം അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

അല്ലാഹു സത്യവിശ്വാസികൾക്ക് അനുഗ്രഹവും കാരുണ്യവും നൽകുന്നു. മലക്കുകൾക്കിടയിൽ അവരുടെ ഗുണഗണങ്ങളെ പുകഴ്ത്തുകയും ചെയ്യുന്നു. മലക്കുകൾ സത്യവിശ്വാസികൾക്ക് ഗുണത്തിന് വേണ്ടി പ്രാർത്ഥിക്കുകയും അവർക്ക് പാപമോചനം തേടുകയും ചെയ്യുന്നു. (സൂ: മുഅ്മിൻ (ഗ്വാഫിർ) -7,8,9 വചനങ്ങൾ നോക്കുക). അസത്യം, ദുർമാർഗ്ഗം, അജ്ഞത ആദിയായ അന്ധകാരങ്ങളിൽ നിന്ന് വിമുക്തി ലഭിക്കുവാനും, സന്മാർഗ്ഗത്തിന്റെയും സത്യത്തിന്റെയും വെളിച്ചത്തിലേക്ക് എത്തിച്ചേരുവാനും അല്ലാഹുവിന്റെയും മലക്കുകളുടെയും 'സ്വലാത്ത്' സത്യവിശ്വാസികൾക്ക് സഹായകമായിത്തീരുന്നു.

സത്യവിശ്വാസികൾക്ക് 'സലാം'ന്റെ (ശാന്തിയുടെ, സമാധാനത്തിന്റെ, രക്ഷയുടെ) അഭിവാദ്യം അവർ അല്ലാഹുവിനെ കാണുന്ന ദിവസം അവർക്ക് സിദ്ധിക്കുന്നതാണ്. സൂ: യൂനസ് : 10, സൂ: യാസീൻ : 58, സൂ: സുമർ : 73, സൂ: വാഖിഅ : 25,26 എന്നിവിടങ്ങളിൽ സജ്ജനങ്ങൾക്ക് സിദ്ധിക്കുന്ന വിവിധ സന്ദർഭങ്ങളിലുള്ള 'സലാം'ന്റെ അഭിവാദ്യങ്ങളെ കുറിച്ച് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് കാണാം.

നമസ്കാരാനന്തരം നബി(സ) തിരുമേനി പതിവായി ഇപ്രകാരം ദുആ ചെയ്യുമായിരുന്നു. അല്ലാഹുവേ, നീയാണ് 'സലാം', നിന്റെ പക്കൽ നിന്നുമാകുന്നു 'സലാം'.

**വചനം 45,46,47,48 :**

يَـٰٓأَيُّهَا ٱلنَّبِىُّ إِنَّآ أَرْسَلْنَـٰكَ شَـٰهِدًا وَمُبَشِّرًا وَنَذِيرًا ﴿٤٥﴾

45 ഹേ, നബിയേ! നിശ്ചയമായും നാം നിന്നെ സാക്ഷിയും, സന്തോഷവാർത്ത അറിയിക്കുന്നവനും, താക്കീതുകാരനും ആയിക്കൊണ്ട്

അയച്ചിരിക്കുകയാണ്;

46 അല്ലാഹുവിലേക്ക് അവന്റെ ഉത്തരവനുസരിച്ച് ക്ഷണിക്കുന്നവനായും, പ്രകാശം നൽകുന്ന ഒരു വിളക്കായും (നിന്നെ അയച്ചിരിക്കുന്നു).

وَدَاعِيًا إِلَى ٱللَّهِ بِإِذْنِهِۦ وَسِرَاجًا مُّنِيرًا ﴿٤٦﴾

47 സത്യവിശ്വാസികൾക്ക് അല്ലാഹുവിങ്കൽനിന്ന് വലുതായ ഔദാര്യം (അഥവാ അനുഗ്രഹം) ഉണ്ടെന്ന് നീ അവർക്ക് സന്തോഷ വാർത്ത അറിയിക്കുക.

وَبَشِّرِ ٱلْمُؤْمِنِينَ بِأَنَّ لَهُم مِّنَ ٱللَّهِ فَضْلًا كَبِيرًا ﴿٤٧﴾

48 അവിശ്വാസികളെയും, കപടവിശ്വാസികളെയും അനുസരിക്കയും ചെയ്യരുത്. അവരുടെ ശല്യത്തെ നീ (അവഗണിച്ചു) വിട്ടേക്കുകയും, അല്ലാഹുവിന്റെമേൽ ഭരമേൽപ്പിക്കുകയും ചെയ്യുക. ഭരമേൽപിക്കപ്പെടുന്നവനായി അല്ലാഹുതന്നെ മതി!

وَلَا تُطِعِ ٱلْكَٰفِرِينَ وَٱلْمُنَٰفِقِينَ وَدَعْ أَذَىٰهُمْ وَتَوَكَّلْ عَلَى ٱللَّهِ ۚ وَكَفَىٰ بِٱللَّهِ وَكِيلًا ﴿٤٨﴾

നബി(സ) തിരുമേനിയുടെ ഉത്തരവാദിത്തങ്ങളും സ്ഥാന പദവികളും ഈ വചനങ്ങളിൽ അല്ലാഹു ചൂണ്ടികാട്ടുന്നു.

അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങൾ സമുദായത്തിലെ അംഗങ്ങൾ പാലിച്ചതിനെ പറ്റി ഖിയാമത്ത് നാളിൽ സാക്ഷ്യം വഹിക്കുക; ജീവിതത്തിന്റെ നാനാ തുറകളിലും അവർക്ക് മാതൃകാസാക്ഷ്യം കാണിച്ച് കൊടുക്കുക എന്നിങ്ങനെയുള്ള അർത്ഥങ്ങളിൽ തിരുമേനി 'സാക്ഷി' ആകുന്നു. സജ്ജനങ്ങൾക്ക് അല്ലാഹുവിങ്കൽ നിന്ന് ഉണ്ടാകാനിരിക്കുന്ന പ്രതിഫലങ്ങളെ കുറിച്ച് സന്തോഷ വാർത്ത അറിയിക്കുക; ദുർജ്ജനങ്ങൾക്ക് ലഭിക്കാനിരിക്കുന്ന ശിക്ഷകളെ കുറിച്ച് താക്കീത് നൽകുക, അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് സൻമാർഗ്ഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്നീ കർത്തവ്യങ്ങൾ അല്ലാഹു നബി(സ) തിരുമേനിയെ ഓർമ്മിപ്പിക്കുന്നു. അജ്ഞാനവും ദുരാചാരവും നിറഞ്ഞ് ഇരുട്ട് മൂടിയ ലോകത്തിന് ജ്ഞാനത്തിന്റെയും സത്യത്തിന്റെയും വെളിച്ചം നൽകുന്നതിനുവേണ്ടി ഹിറാ ഗുഹയിൽ ഉദയം ചെയ്ത് ലോകമാകമാനം പ്രഭ പരത്തി പ്രകാശിപ്പിച്ച് വന്ന സൂര്യവിളക്കായി അല്ലാഹു നബി(സ)യെ വിശേഷിപ്പിക്കുകയും ചെയ്യുന്നു.

മേൽപറഞ്ഞ കർത്തവ്യങ്ങൾ നിർവ്വഹിക്കുമ്പോൾ അവിശ്വാസികളിൽ നിന്നും കപട വിശ്വാസികളിൽ നിന്നും അനുഭവപ്പെട്ടേക്കാവുന്ന എതിർപ്പുകളും ഉപദ്രവങ്ങളും, മൂലമുള്ള വിഘാതങ്ങളെ അവഗണിച്ച് എല്ലാം അല്ലാഹുവിൽ ഭരമേൽപിച്ച് മനസ്സമാധാനപ്പെട്ട് കൊണ്ടിരിക്കുവാനും, അല്ലാഹു നബി(സ)യെ ഉപദേശിക്കുന്നു. (നബി ചര്യയെ മാതൃകയാക്കുന്ന എല്ലാ മത പ്രബോധകന്മാരും, ഈ മഹത്തായ ഉപദേശം സദാ ഓർമ്മിച്ചിരിക്കേണ്ടതാണ്.)

അടുത്ത ചില വചനങ്ങളിൽ ചില വൈവാഹിക നിയമങ്ങൾ പ്രതിപാദിക്കുന്നു.

**വചനം 49 :**

49 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ സത്യവിശ്വാസികളായ സ്ത്രീകളെ വിവാഹം ചെയ്യുകയും, പിന്നീട് അവരെ സ്പർശിക്കുന്നതിനു മുമ്പായി അവരെ നിങ്ങൾ വിവാഹമോചനം ('ത്വലാഖ്') ചെയ്കയും ചെയ്യുന്നതായാൽ നിങ്ങൾ എണ്ണിക്കണക്കാക്കേണ്ടുന്ന യാതൊരു 'ഇദ്ദയും' നിങ്ങളോട് അവർക്ക് (ബാധ്യത) ഇല്ല. എന്നാൽ, നിങ്ങൾ അവർക്ക് 'മുത്ത്അത്ത്' (മോചന വിഭവം) നൽകുകയും, അവരെ ഭംഗിയായ

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا نَكَحْتُمُ ٱلْمُؤْمِنَٰتِ ثُمَّ طَلَّقْتُمُوهُنَّ مِن قَبْلِ أَن تَمَسُّوهُنَّ فَمَا لَكُمْ عَلَيْهِنَّ مِنْ عِدَّةٍ تَعْتَدُّونَهَا ۖ فَمَتِّعُوهُنَّ وَسَرِّحُوهُنَّ سَرَاحًا جَمِيلًا ﴿٤٩﴾

പിരിച്ചയക്കൽ പിരിച്ചയക്കുകയും ചെയ്യണം.

'സ്പർശിക്കുന്നതിന് മുമ്പായി' എന്ന് പറഞ്ഞതിന്റെ താല്പര്യം സംയോഗം ഉണ്ടാകുന്നതിന് മുമ്പ് എന്നാകുന്നു. ഇതേ ഉദ്ദേശ്യത്തിൽ തൊടുക, സമീപിക്കുക, ചെല്ലുക, മൂടുക, വിവാഹം നടത്തുക എന്നിങ്ങനെയുള്ള പദപ്രയോഗങ്ങളും ഖുർആനിൽ ഉപയോഗിച്ചതായി കാണാം. ഭാര്യയും ഭർത്താവു മായി, വിവാഹമോചനം കൊണ്ടോ, ഭർത്താവിന്റെ മരണം കൊണ്ടോ വേർപിരിഞ്ഞ ശേഷം, ഭാര്യയ്ക്ക് മറ്റൊരു വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിനു മുമ്പായി നിർബന്ധമായും അവൾ കാത്തിരിക്കേണ്ടുന്ന കാലത്തിനാണ് ഇദ്ദ: എന്ന് പറയുന്നത്. ഋതുകാലം എത്താത്തവളും ഋതുകാലം കഴിഞ്ഞവളും മുമ്മൂന്ന് മാസവും, ഋതുമതികൾ മൂന്ന് ഋതുകാലവും ഗർഭിണികൾ പ്രസവം വരെയും, ഇദ്ദ: ആചരിക്കേണ്ടതുണ്ട്. ഭർത്താവ് മരണപ്പെട്ടവളാകട്ടെ, നാല് മാസവും പത്ത് ദിവസവും ഇദ്ദ ആചരിക്കേണ്ടതാണ്. മുൻ വിവാ ഹത്തിൽ ഭാര്യ ഗർഭവതിയായിട്ടുണ്ടോ എന്ന് അറിയുകയെന്നതാണ് ഇദ്ദ:യുടെ ഉദ്ദേശ്യങ്ങളിൽ പ്രധാന മായത്. വിവാഹാനന്തരം വധൂവരന്മാർ തമ്മിൽ സംയോഗം നടന്നിട്ടില്ലാത്ത പക്ഷം വിവാഹ മോചന ത്തിന്റെ പേരിൽ ഇദ്ദ: ആവശ്യമില്ല എന്ന് ആയത്ത് വ്യക്തമാക്കുന്നു.

സത്രീ ഇദ്ദ ആചരിക്കുകയെന്നത് സ്ത്രീകളുടെ കടമയും പുരുഷന്മാരുടെ അവകാശവുമാകുന്നു. ഇദ്ദ കാലമെന്നത് മൊത്തക്കണക്കിലല്ലാതെ, കൃത്യമായി തന്നെ പൂർത്തിയാക്കേണ്ടതുമുണ്ട്. ഇദ്ദ: സംബ ന്ധമായ കൂടുതൽ വിവരങ്ങൾക്ക് സൂ:അൽബഖറ 234,235 വചനങ്ങളുടെ വിശദീകരണം നോക്കുക.

വിവാഹമോചനം കാരണമായി ഭാര്യക്ക് സ്വാഭാവികമായുണ്ടാകുന്ന അസ്വാസ്ഥ്യത്തിന് ഒരു താൽക്കാലിക ആശ്വാസമെന്ന നിലക്ക് ഭർത്താവ് ഭാര്യക്ക് നൽകേണ്ടുന്ന വിഭവത്തിനാണ് 'മുത്ത്അത്ത്' എന്ന് പറയുന്നത്. ഇതേകുറിച്ച് സൂ:അൽബഖറ 236,237,241 വചനങ്ങളിൽ വിശദമായി വിവരിക്കപ്പെടുന്നുണ്ട്.

'അവരെ ഭംഗിയായ പിരിച്ചയക്കൽ പിരിച്ചയക്കുക' എന്ന് പറഞ്ഞത്, ഭർത്താവിനും ഭാര്യക്കും ഇടയിലുള്ള പെരുമാറ്റച്ചട്ടത്തിന്റെ സത്തായ 'സദാചാര മര്യാദയനുസരിച്ച് വെച്ച് കൊണ്ടിരിക്കുക, അല്ലെ ങ്കിൽ ഗുണകരമായ നിലയിൽ പിരിച്ചയക്കുക' എന്ന നിയമനിർദ്ദേശത്തെ, ഭർത്താക്കന്മാരെ, ഓർമ്മിപ്പി ക്കുന്നതിനാകുന്നു.

**വചനം 50 :**

يَـٰٓأَيُّهَا ٱلنَّبِىُّ إِنَّآ أَحْلَلْنَا لَكَ أَزْوَٰجَكَ ٱلَّـٰتِىٓ ءَاتَيْتَ أُجُورَهُنَّ وَمَا مَلَكَتْ يَمِينُكَ مِمَّآ أَفَآءَ ٱللَّهُ عَلَيْكَ وَبَنَاتِ عَمِّكَ وَبَنَاتِ عَمَّـٰتِكَ وَبَنَاتِ خَالِكَ وَبَنَاتِ خَـٰلَـٰتِكَ ٱلَّـٰتِى هَاجَرْنَ مَعَكَ وَٱمْرَأَةً مُّؤْمِنَةً إِن وَهَبَتْ نَفْسَهَا لِلنَّبِىِّ إِنْ أَرَادَ ٱلنَّبِىُّ أَن يَسْتَنكِحَهَا خَالِصَةً لَّكَ مِن دُونِ ٱلْمُؤْمِنِينَ ۗ قَدْ عَلِمْنَا مَا فَرَضْنَا عَلَيْهِمْ فِىٓ أَزْوَٰجِهِمْ وَمَا مَلَكَتْ أَيْمَـٰنُهُمْ لِكَيْلَا يَكُونَ عَلَيْكَ حَرَجٌ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٥٠﴾

50 ഹേ, നബിയേ, നീ പ്രതിഫലങ്ങൾ (വിവാഹ മൂല്യങ്ങൾ) കൊടുത്തിട്ടുള്ളവരായ നിൻെറ ഭാര്യമാരെ നാം നിനക്ക് അനുവദനീയമാക്കിത്ത ന്നിരിക്കുന്നു; അല്ലാഹു നിനക്ക് 'ഫൈഅ്'ക്കി (യുദ്ധത്തിൽ കൈവശം വരുത്തി) ത്തന്നവരിൽ നിന്നും നിൻെറ വലങ്കൈ ഉടമയാക്കിയിട്ടുള്ളതും (അടിമസ്ത്രീകളെയും), നിൻെറഒന്നിച്ചു (രാജ്യം ത്യജിച്ച്) ഹിജ്റ പോന്നവരായ നിൻെറ പിതൃവ്യപുത്രിമാരെയും, അമ്മായികളുടെ പുത്രികളെയും, നിൻെറ അമ്മാമൻെറ പുത്രി കളെയും, നിൻെറ ഇളയമ്മ-മൂത്തമ്മമാരുടെ പുത്രികളെയും. സത്യവിശ്വാസിനിയായ ഒരു സ്ത്രീ അവളുടെ സ്വന്തം ദേഹം നബിക്ക് ദാനം നൽകിയെങ്കിൽ, നബി അവളെ വിവാഹം ചെയ്തെടുക്കുവാൻ ഉദ്ദേശിക്കുന്ന പക്ഷം-സത്യവിശ്വാസികൾക്കില്ലാതെ നിനക്ക് മാത്രമാ യുള്ളതെന്ന നിലക്ക്-അവളെയും (അനുവദിച്ചി രിക്കുന്നു). തീർച്ചയായും നമുക്കറിയാം, അവരുടെ ഭാര്യമാരുടെയും, അവരുടെ വലങ്കൈ

കൾ ഉടമയാക്കിയതിന്റെ (അടിമകളുടെ) യും കാര്യത്തിൽ അവരുടെ മേൽ നാം നിയമിച്ചിരിക്കുന്നതെന്താണെന്ന്. നിന്റെമേൽ യാതൊരു വിഷമവും ഉണ്ടാകാതിരിക്കുവാൻ വേണ്ടിയാകുന്നു. (ഇതെല്ലാം നിനക്ക് അനുവദിച്ചത്). അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

നബി(സ)ക്ക് വിവാഹം ചെയ്യുവാൻ അനുവദിക്കപ്പെട്ട സ്ത്രീകൾ ഏതൊക്കെ വിഭാഗത്തിൽപെട്ടവരാണെന്ന് ഈ വചനത്തിൽ വിവരിക്കുന്നു. അവർ താഴെ പറയും പ്രകാരമാകുന്നു.

1) നബി(സ) മഹർ കൊടുത്ത് വിവാഹം കഴിച്ച നിലവിലുള്ള ഭാര്യമാർ. നബി(സ)യുടെ മിക്ക ഭാര്യമാർക്കും 12 1/2 ഊഖിയ (ഊഖിയ=40 ദിർഹം) വെള്ളി ആയിരുന്നു മഹർ നിശ്ചയിക്കപ്പെട്ടിരുന്നത്. ഉമ്മു ഹബീബ(റ)യുടെ വിവാഹം അബീസീനിയായിൽ വെച്ച് നജ്ജാശി രാജാവ് മുഖാന്തിരമാണ് നടന്നത്. നബി(സ)ക്ക് വേണ്ടി അദ്ദേഹം 400 ദിനാർ മഹർ കൊടുക്കുകയുണ്ടായി.

2) യുദ്ധത്തിൽ കൈവശം വരുത്തി ('ഫൈഅ്'ക്കി)ത്തന്നവരും വലങ്കൈ ഉടമയാക്കിയവർ ഉം: യുദ്ധത്തിൽ ചിറപിടിക്കപ്പെട്ടു അധീനത്തിൽ വന്ന ശേഷം അടിമത്തത്തിൽ നിന്ന് മോചിപ്പിച്ച് ഭാര്യമാരാക്കപ്പെട്ട വരായിരുന്നു സഫിയ്യ(റ), ജുബൈരിയ്യ(റ) എന്നീ മഹതികൾ. വലങ്കൈ ഉടമയാക്കിയവർ എന്ന് പറഞ്ഞത് സ്വന്തം ഉടമസ്ഥതയിലുള്ള അടിമകളെ ഉദ്ദേശിച്ചാകുന്നു. യുദ്ധത്തിൽ ഫൈഅ്'യി ലഭിച്ചതും ദാനമായി ലഭിച്ചതും, വിലക്ക് വാങ്ങിയതും ആയ അടിമസ്ത്രീകൾ എല്ലാം തന്നെ വലങ്കൈ ഉടമയാക്കിയവർ എന്ന വിഭാഗത്തിൽപെടുന്നു. തിരുമേനിയുടെ ഏക പുത്രൻ ഇബ്രാഹീമിന്റെ മാതാവ് മാരിയത്ത്(റ) എന്ന മഹതി, ഈജിപ്തിലെ ഭരണാധികാരിയായിരുന്ന മുഖൗഖിസ്, തിരുമേനിക്ക് സമ്മാനമായി അയച്ച് കൊടുത്തവരായിരുന്നു. മേൽ പറഞ്ഞ മഹതികളെ അടിമത്തത്തിൽ നിന്ന് തിരുമേനി മോചിപ്പിച്ച് കൊടുത്തു എന്നുള്ളതായുരുന്നു അവരുടെ മഹർ.

യുദ്ധത്തിൽ ലഭിക്കുന്ന സ്വത്തുക്കൾ, ഫൈഉ് എന്നിവ മുമ്പുള്ള നബിമാർക്ക് അനുവദിക്കപ്പെട്ടിരുന്നില്ലെന്നും, അത് നബി(സ)ക്ക് സിദ്ധിച്ച പ്രത്യേകതകളിൽ ഒന്നാണെന്നും, തിരുമേനി പ്രസ്താവിച്ചതായി ഹദീസ് ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്.

3) മാതാപിതാക്കളുടെ, നേരെ സഹോദര സഹോദരിമാരെ അന്യോന്യം വിവാഹ ബന്ധം പാടില്ലാത്ത അടുത്ത ബന്ധുക്കളായും, അവരുടെ മക്കളെയും പിതൃവ്യന്റെയും അമ്മായികളുടെയും, അമ്മാമൻമാരുടെയും ഇളയമ്മ മൂത്തമ്മമാരുടെയും പുത്രിമാരെയും അവരേക്കാൾ അകന്നവരേയും വിവാഹ ബന്ധത്തിലേർപ്പെടാവുന്നവരായും അല്ലാഹു അറിയിക്കുന്നു. ഇവരെ കുറിച്ച് തന്നെ, 'നിന്റെ ഒന്നിച്ച് ഹിജ്റ പോന്നവരായ' എന്നും വിശേഷിപ്പിച്ചിരിക്കുന്നു. ഇസ്ലാമിന് വേണ്ടി കഷ്ടനഷ്ടങ്ങളും ത്യാഗങ്ങളും സഹിച്ച ആ സ്ത്രീകൾക്ക് മറ്റുള്ളവരേക്കാൾ അല്ലാഹു മുൻഗണന നൽകുന്നതാകുന്നു ഈ നിർദ്ദേശം.

മേൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട സ്ത്രീകളെ വിവാഹം കഴിക്കുവാൻ എല്ലാ മുസ്ലീംകൾക്കും അനുവാദം നൽകപ്പെട്ടിട്ടുള്ളതാണ്.

എന്നാൽ താഴെ നാലാമതായി വിവരിക്കുന്ന വിഭാഗത്തിൽപ്പെട്ട സ്ത്രീകളെ നബി(സ)ക്ക് പ്രത്യേകമായി അല്ലാഹു അനുവദിച്ച് കൊടുത്തതാണെന്ന് അല്ലാഹു തന്നെ വ്യക്തമാക്കിയിരിക്കുന്നു.

4) ഏതെങ്കിലും ഒരു സത്യവിശ്വാസിയായ സ്ത്രീ തനിക്ക് മഹ്റിന്റെ ആവശ്യമില്ലെന്നും, തന്റെ ദേഹം ദാനമായിത്തരുന്നുവെന്നും പറയുകയാണെങ്കിൽ, അവളെ വിവാഹം ചെയ്യുവാൻ നബി(സ) ഉദ്ദേശിക്കുകയാണെങ്കിൽ, നബി(സ) തിരുമേനിക്ക് അവരെ ഭാര്യയായി സ്വീകരിക്കാവുന്നതാണ്. സ്വന്തം അവകാശങ്ങളെ അവഗണിച്ച് കൊണ്ട് ഒരു സ്ത്രീ മുന്നോട്ട് വരുമ്പോൾ, അത് അവളുടെ സത്യവിശ്വാസത്തിന്റെയും ത്യാഗമനസ്ഥിതിയുടെയും ആഴത്തെയാണല്ലോ കാണിക്കുന്നത്. ഖൗല(റ)യും മറ്റ് പലമഹതികളും നബി(സ)ക്ക് സ്വയം ദാനംചെയ്തതായി നിവേദനങ്ങൾ വന്നിട്ടുണ്ട്. സൗദ(റ)യെ നബി(സ) വിവാഹമോചനം നടത്താൻ നിശ്ചയിച്ച അവസരത്തിൽ അവരുടെ അഭ്യർത്ഥന പ്രകാരം ഭാര്യയെന്ന

നിലയിൽ തനിക്ക് യാതൊരു അവകാശവും വകവെച്ച് തരേണ്ടതില്ലെന്ന വ്യവസ്ഥയിൽ, അവർ ആ പദ വിയിൽ തുടരുകയുണ്ടായി.

എങ്കിലും ഇങ്ങനെ സ്വയം ദാനം ചെയ്ത ഒരു സ്ത്രീയുമായും തിരുമേനി ദാമ്പത്യസമ്പർക്കം നടത്തിയില്ലെന്ന് ഇമാം അസ്ഖലാനി(റ) മുതലായവർ പ്രസ്താവിച്ചിരിക്കുന്നു.

“ഒരു സ്ത്രീ അവളുടെ ദേഹത്തെ ദാനം കൊടുക്കുകയോ” എന്ന് രോഷം കൊള്ളാറുണ്ടായിരുന്ന ആയിശാ(റ) അടുത്ത വചനം (51-ാം വചനം) അവതരിച്ചപ്പോൾ, ഇപ്രകാരം പറഞ്ഞുപോയി: “അങ്ങയുടെ റബ്ബ് അങ്ങയുടെ ഇഷ്ടത്തിൽ ധൃതികൂട്ടുന്നതായിട്ടല്ലാതെ എനിക്ക് കാണുമാറാകുന്നില്ല.”ബു:മു(റ)

വിവാഹം കഴിക്കുന്നതിലും, അടിമസ്ത്രീകളെ ഭാര്യമാരായി സ്വീകരിക്കുന്നതിലും സത്യവിശ്വാ സികൾക്ക് വേറെയും പല നിബന്ധനകളും, നിയമങ്ങളും, മര്യാദകളും പാലിക്കേണ്ടതുണ്ട്. ഖുർആനിലെ മറ്റ് ചില വചനങ്ങളിൽ നിന്നും, നബിചര്യയിൽ നിന്നും അത് മനസ്സിലാക്കേണ്ടിയിരിക്കുന്നു. എന്നാൽ നബി(സ)യെ സംബന്ധിച്ച് വിവാഹ വിഷയത്തിൽ ചില പ്രത്യേക നിയമങ്ങളും വിട്ട് വീഴ്ചകളും അല്ലാഹു ഏർപ്പെടുത്തിയിട്ടുണ്ട്. അതിനുള്ള കാരണം അല്ലാഹു ഇപ്രകാരം ചൂണ്ടികാട്ടുന്നു. “നിന്റെ മേൽ യാതൊരു വിഷമവും ഉണ്ടാകാതിരിക്കാൻ വേണ്ടിയാകുന്നു”. തിരുമേനിക്ക് അല്ലാഹുവിങ്കലുള്ള സ്ഥാന പദവി എത്രമാത്രം മഹത്തരമാണെന്ന് ഈ വാക്യത്തിൽ നിന്നും അടുത്ത വചനത്തിൽ നിന്നും, ഈ സൂറ:യിലെയും മറ്റ് സൂറകളിലെയും, പല വചനങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്നതാണ്.

ഈ വിഷയ സംബന്ധമായി അല്ലാഹു തുടർന്ന് പറയുന്നു.

**വചനം 51 :**

۞ تُرْجِى مَن تَشَآءُ مِنْهُنَّ وَتُـْٔوِىٓ إِلَيْكَ مَن تَشَآءُ ۖ وَمَنِ ٱبْتَغَيْتَ مِمَّنْ عَزَلْتَ فَلَا جُنَاحَ عَلَيْكَ ۚ ذَٰلِكَ أَدْنَىٰٓ أَن تَقَرَّ أَعْيُنُهُنَّ وَلَا يَحْزَنَّ وَيَرْضَيْنَ بِمَآ ءَاتَيْتَهُنَّ كُلُّهُنَّ ۚ وَٱللَّهُ يَعْلَمُ مَا فِى قُلُوبِكُمْ ۚ وَكَانَ ٱللَّهُ عَلِيمًا حَلِيمًا ﴿٥١﴾

51 അവരിൽ (ഭാര്യമാരിൽ)നിന്ന് നീ ഉദ്ദേശിക്കുന്ന വരെ നിനക്ക് പിന്നോട്ട് (മാറ്റി) നിറുത്താം; നീ ഉദ്ദേശിക്കുന്നവരെ നിന്നിലേക്ക് അടുപ്പിച്ചു കൊള്ളുകയും ചെയ്യാം. നീ വിട്ടുനിറുത്തിയവ രിൽ ആരെയെങ്കിലും നീ ആവശ്യപ്പെടുന്ന തായാലും നിനക്ക് തെറ്റില്ല. അവരുടെ കണ്ണുകൾ കുളിർക്കുവാനും, അവർ വ്യസനിക്കാതിരിക്കു വാനും. നീ അവർക്ക് കൊടുത്തതുകൊണ്ട് അവർ -അവരെല്ലാവരും- തൃപ്തിപ്പെടുവാനും കൂടുതൽ അടുപ്പമായ (സൗകര്യപ്രദമായ) താണത്. നിങ്ങളുടെ ഹൃദയങ്ങളിലുള്ളതിനെ അല്ലാഹു അറിയുന്നതാകുന്നു. അല്ലാഹു സർവ്വ ജ്ഞനും, സഹനമുള്ളവനുമാകുന്നു.

നബി(സ)ക്ക് ഇഷ്ടപ്പെട്ടവരുമായി വിവാഹബന്ധം തുടരാം. അല്ലാത്തവരെ വിവാഹമോചനം നൽകി വിടാം. നിലവിലുള്ള ഭാര്യമാർക്കിടയിൽ ഇന്നിന്ന ദിവസങ്ങളിൽ ഇന്നിന്നവരുടെ കൂടെ താമസി ക്കുക എന്ന ഊഴം നിയമിക്കാം; ഇതിൽ നിന്ന് ഒഴിവാക്കണമെന്ന് തോന്നുന്നവരെ ഒഴിവാക്കുകയുംചെയ്യാം.

“നബി(സ) അവിടുത്തെ ഭാര്യമാർക്കിടയിൽ (ദിവസങ്ങൾ) ഭാഗിക്കുകയും അതിൽ നീതി പുലർത്തുകയും ചെയ്തിരുന്നു” എന്ന് ആയിശ(റ) പറഞ്ഞതായി അഹ്മദ്(റ) ഉദ്ധരിച്ചിരിക്കുന്നു. എന്നിട്ടും നബി(സ) ഇപ്രകാരം പറയുമായിരുന്നു.

“അല്ലാഹുവേ എന്റെ അധീനത്തിൽപ്പെട്ട കാര്യത്തിലുള്ള എന്റെ പ്രവർത്തിയാണിത്. നിന്റെ അധീനത്തിലുള്ളതും എന്റെ അധീനത്തിലല്ലാത്തതുമായ കാര്യത്തിൽ നീ എന്നെ കുറ്റപ്പെടുത്തരുതേ.”

വിവാഹമോചനം നൽകിയവരെ വീണ്ടും വിവാഹത്തിലേക്ക് തിരിച്ച് എടുക്കുകയും, ഊഴത്തിൽ നിന്ന് ഒഴിവാക്കിയവർക്ക് വീണ്ടും ഊഴം വകവെച്ച് കൊടുക്കുകയും ചെയ്യുന്നതിന് നബി(സ) തിരുമേ നിക്ക് അനുവദനീയമാകുന്നു. എന്നാൽ ഏതെങ്കിലും ഒരു സ്ത്രീയെ അകറ്റി നിറുത്തിയതായോ, വേറെ

ആരെയെങ്കിലും കൂടുതൽ അടുപ്പിച്ചതായോ, തിരുമേനിയുടെ മേൽ ആക്ഷേപമുണ്ടായിട്ടില്ല. നീതിയും, മര്യാദയും ഔദാര്യവും തികഞ്ഞതായിരുന്നു അവിടുത്തെ സമീപനം. അല്ലാഹുവിൻ്റെയും റസൂലിൻ്റെയും പ്രീതിയെ ലക്ഷ്യമാക്കി നിലകൊള്ളുന്ന അവിടുത്തെ ഭാര്യമാർക്കാകട്ടെ, റസൂലിന് അല്ലാഹു അനുവദിച്ചു കൊടുത്ത സ്വാതന്ത്ര്യം സന്തോഷത്തിനും മനസ്സമാധാനത്തിനും ഇട നൽകുകയാണുണ്ടായത്.

**വചനം 52:**

لَّا يَحِلُّ لَكَ ٱلنِّسَآءُ مِنۢ بَعۡدُ وَلَآ أَن تَبَدَّلَ بِهِنَّ مِنۡ أَزۡوَٰجٍ وَلَوۡ أَعۡجَبَكَ حُسۡنُهُنَّ إِلَّا مَا مَلَكَتۡ يَمِينُكَۗ وَكَانَ ٱللَّهُ عَلَىٰ كُلِّ شَيۡءٖ رَّقِيبٗا ﴿٥٢﴾

52 ശേഷം (ഇനിമേലിൽ) നിനക്ക് സ്ത്രീകൾ (ഭാര്യമാർ) അനുവദനീയമാകുന്നതല്ല; (പുതുതായി) വല്ല ഭാര്യമാരെയും ഇവർക്കുപകരം സ്വീകരിക്കുകയും പാടില്ല-അവരുടെ നൻമ (അഥവാ സൗന്ദര്യം) നിന്നെ ആശ്ചര്യപ്പെടുത്തിയാലും ശരി; നിൻെറ വലങ്കൈ ഉടമപ്പെടുത്തിയവരൊഴികെ. (അവരെ സ്വീകരിക്കാം.) അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു.

ഈ വചനത്തിലെ നിബന്ധന അവതരിക്കുമ്പോൾ തിരുമേനിയുടെ ഭാര്യമാരായി ഒമ്പത് പേരാണ് നിലവിലുണ്ടായിരുന്നത്. ആയിശ, ഹഫ്സ, ഉമ്മു ഹബീബ, ഉമ്മു സൽമ, സൗദ, സഫിയ്യ, മൈമൂന, സൈനബ, ജുവൈരിയ്യ(റ) എന്നിവരാണവർ.

ഇതിന് ശേഷം നബി(സ) പുതുതായി വിവാഹം ചെയ്യുകയുണ്ടായിട്ടില്ല. ഒരു ഭാര്യയെ വിവാഹ മോചനം ചെയ്ത് പകരം പുതിയൊരു ഭാര്യയെ സ്വീകരിക്കലും ഉണ്ടായിട്ടില്ല. ഈജിപ്തിൽ നിന്ന് അയച്ച് കൊടുക്കപ്പെട്ട മാരിയ്യ: എന്ന അടിമസ്ത്രീയെ തിരുമേനി സ്വീകരിച്ചത്, ഈ വചനം അവതരിച്ചതിന് ശേഷമായിരുന്നു. അതാകട്ടെ അവർ അടിമ സ്ത്രീ ആയിരുന്നു എന്ന പരിഗണനയിലായിരുന്നു. അടിമസ്ത്രീകളെ സ്വീകരിക്കുന്നതിന് വിരോധമില്ലെന്ന് അല്ലാഹു ഈ വചനത്തിൽ പ്രത്യേകം എടുത്ത് പറഞ്ഞിട്ടുള്ളതുമാണല്ലോ.

## വിഭാഗം 7

**വചനം 53 :**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَدۡخُلُواْ بُيُوتَ ٱلنَّبِيِّ إِلَّآ أَن يُؤۡذَنَ لَكُمۡ إِلَىٰ طَعَامٍ غَيۡرَ نَٰظِرِينَ إِنَىٰهُ وَلَٰكِنۡ إِذَا دُعِيتُمۡ فَٱدۡخُلُواْ فَإِذَا طَعِمۡتُمۡ فَٱنتَشِرُواْ وَلَا مُسۡتَـٔۡنِسِينَ لِحَدِيثٍۚ إِنَّ ذَٰلِكُمۡ كَانَ يُؤۡذِي ٱلنَّبِيَّ فَيَسۡتَحۡيِۦ مِنكُمۡۖ وَٱللَّهُ لَا يَسۡتَحۡيِۦ مِنَ ٱلۡحَقِّۚ وَإِذَا سَأَلۡتُمُوهُنَّ مَتَٰعٗا فَسۡـَٔلُوهُنَّ مِن وَرَآءِ حِجَابٖۚ ذَٰلِكُمۡ أَطۡهَرُ لِقُلُوبِكُمۡ وَقُلُوبِهِنَّۚ وَمَا كَانَ لَكُمۡ أَن تُؤۡذُواْ

53 ഹേ, വിശ്വസിച്ചവരേ, നബിയുടെ വീടുകളിൽ വല്ല ഭക്ഷണത്തിലേക്കും (ക്ഷണിച്ചുകൊണ്ട്) നിങ്ങൾക്ക് അനുവാദം കിട്ടിയാലല്ലാതെ നിങ്ങൾ പ്രവേശിക്കരുത്; അതിൻെറ പാകം (വേവ്) നോക്കിക്കൊണ്ടിരിക്കുന്നവരല്ലാത്ത നിലക്ക് (വേണം പ്രവേശിക്കുന്നത്). പക്ഷെ, നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ നിങ്ങൾ പ്രവേശിച്ചു കൊള്ളുവിൻ; ഭക്ഷണം കഴിച്ചാൽ പിരിഞ്ഞുപോരുകയും ചെയ്യുവിൻ; വല്ല വർത്തമാനത്തിനുമായി നേരംപോക്കിലേർപ്പെട്ടു നിൽക്കാതെയും (ആയിരിക്കണം). (കാരണം,) നിശ്ചയമായും അതൊക്കെ, നബിയെ ശല്യപ്പെടുത്തുന്നതാണ്. അപ്പോൾ (അത് തുറന്നുപറയുവാൻ) നിങ്ങളെക്കുറിച്ച് അദ്ദേഹത്തിന് ലജ്ജയായിരിക്കയും ചെയ്യും. അല്ലാഹുവാകട്ടെ, യഥാർത്ഥത്തെക്കുറിച്ച് (തുറന്നു കാട്ടുവാൻ) ലജ്ജകാണിക്കുകയില്ല. നിങ്ങൾ അവരോട് (നബിയുടെ ഭാര്യമാ

رَسُولَ ٱللَّهِ وَلَآ أَن تَنكِحُوٓا۟ أَزْوَٰجَهُۥ مِنۢ بَعْدِهِۦٓ أَبَدًا ۚ إِنَّ ذَٰلِكُمْ كَانَ عِندَ ٱللَّهِ عَظِيمًا ﴿٥٣﴾

രോട്) വല്ല സാമാനവും ചോദിക്കുന്നതായാൽ മറയുടെ പിന്നിൽനിന്ന് ചോദിച്ചുകൊള്ളണം. നിങ്ങളുടെ ഹൃദയങ്ങൾക്കും, അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ ശുദ്ധമായിട്ടുള്ളതത്രെ അത്. അല്ലാഹുവിൻെറ റസൂലിന് ശല്യമുണ്ടാക്കുവാൻ നിങ്ങൾക്ക് പാടുള്ളതുമല്ല. അദ്ദേഹത്തിൻെറ ശേഷം അദ്ദേഹത്തിൻെറ ഭാര്യമാരെ ഒരിക്കലും നിങ്ങൾ വിവാഹം കഴിപ്പാനും പാടില്ല. നിശ്ചയമായും, അതൊക്കെ അല്ലാഹുവിൻെറ അടുക്കൽ വമ്പിച്ച കാര്യമാകുന്നു.

നബി(സ) സൈനബ(റ)യെ വിവാഹം കഴിച്ച അവസരത്തിൽ കുറേ ആളുകളെ സദ്യക്ക് ക്ഷണിച്ചിരുന്നു. ഭക്ഷണം കഴിച്ച് സമയമേറെ കഴിഞ്ഞിട്ടും ആളുകൾ പിരിഞ്ഞ് പോകാതെ വർത്തമാനം പറഞ്ഞ് കൊണ്ട് അവിടെ ഇരുന്നു. തിരുമേനി അവിടുന്ന് സ്ഥലം വിട്ട് പോയി. കുറേ കഴിഞ്ഞ് മടങ്ങി വന്നപ്പോഴും മൂന്ന് പേർ അവിടെ തന്നെ ഇരിക്കുന്നുണ്ടായിരുന്നു. പിന്നീട് കുറച്ച് കഴിഞ്ഞ് അവരും എണീറ്റ് പോയി. തുടർന്ന് വീട്ടിൽ പ്രവേശിച്ച തിരുമേനിയോടൊപ്പം, പ്രവേശിക്കുവാൻ തുനിഞ്ഞ അനസ്(റ) (തിരുമേനിയുടെ വിശ്വസ്തനായ ഭൃത്യനും വീട്ടിലെ ഒരംഗം പോലെയുമായിരുന്ന സഹാബി)വിന്റെയും, തിരുമേനിയുടേയുമിടയിൽ മറ ഇടപ്പെട്ടു. ഈയവസരത്തിൽ ഈ വചനം അല്ലാഹു അവതരിപ്പിച്ചു. പർദ്ദാ സമ്പ്രദായം നടപ്പിൽ വരുകയും ചെയ്തു.

ഈ വചനത്തിൽ നബി(സ)യുമായുള്ള സഹവാസത്തിൽ സത്യവിശ്വാസികൾ ആചരിക്കേണ്ടുന്ന പല മര്യാദകളെകുറിച്ചും അല്ലാഹു പ്രസ്താവിക്കുന്നു. അവയിൽ ഒരു കാര്യം- തിരുമേനിയുടെ ശേഷം അവിടുത്തെ പത്നിമാരെ ആരും വിവാഹം ചെയ്ത് കൂടാ - എന്നത് ഒഴിച്ച് മറ്റെല്ലാം തന്നെ എപ്പോഴും എല്ലാ മുസ്ലീംകൾക്കും ബാധകമാകുന്നു. തിരുമേനിയുടെ കാര്യത്തിൽ അവ കൂടുതൽ കർശനമായി പാലിക്കപ്പെടേണ്ടതുണ്ട് താനും. തിരുമേനിയുടെ വീടുകളിൽ, പ്രവേശനത്തിനുള്ള അനുമതി കിട്ടിയാലല്ലാതെ, പ്രവേശിക്കാൻ പാടുള്ളതല്ല. (പ്രവേശന മര്യാദകളെകുറിച്ച് കൂടുതൽ വിശദമായി സൂ:നൂർ 27, 28,29,30,31 വചനങ്ങളിൽ നോക്കുക). വല്ല സദ്യവേളയിലും ക്ഷണിക്കപ്പെട്ടാൽ, ഭക്ഷണം പാകമാകുന്നതിന് മുമ്പ് തന്നെ കാലേക്കൂട്ടി ചെന്ന് കാത്തിരിക്കാൻ ഇടവരാതെ യഥാസമയത്ത് മാത്രം ചെന്ന് ചേരേണ്ടതാകുന്നു. ഭക്ഷണം കഴിഞ്ഞാൽ വർത്തമാനത്തിലും നേരം പോക്കിലും ഏർപ്പെട്ട് അവിടെ ചുറ്റിപറ്റി നിൽക്കാതെ ഉടനെ സ്ഥലം വിട്ട് പോരണം. എന്തെന്നാൽ അതൊക്കെ നബിയെ ശല്യപ്പെടുത്തുന്ന പെരുമാറ്റങ്ങളാകുന്നു. ഇത് തുറന്ന് പറയുവാൻ അദ്ദേഹത്തിന് ലജ്ജയുണ്ടായേക്കാം. നബി(സ)യെ ശല്യപ്പെടുത്തുന്നത് അല്ലാഹുവിങ്കൽ എത്രമാത്രം ആക്ഷേപകരമാണെന്ന് ഈ വചനവും തുടർന്ന് വരുന്ന 57-59 വചനങ്ങളും പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

നബി(സ)യുടെ ഭാര്യമാരോട് വല്ല സാധനവും ആവശ്യപ്പെടേണ്ടതുണ്ടെങ്കിൽ, അത് മറയുടെ പിന്നിൽ നിന്നായിരിക്കണം ചോദിക്കേണ്ടത്. കാരണം, ഇരു കൂട്ടരുടെയും ഹൃദയങ്ങളുടെ നിഷ്കളങ്കതക്കും, ശുദ്ധതക്കും അതാണ് കൂടുതൽ അനുയോജ്യമായത്. തിരുമേനിയുടെ ഭാര്യമാരുടെ അന്തസ്സിനും മാന്യതക്കും നിരക്കാത്ത പെരുമാറ്റം തിരുമേനിയെ ശല്യപ്പെടുത്തലുമാകുന്നു.

നബി(സ)യുടെ ഭാര്യമാരിൽ പർദ്ദ നടപ്പിലാക്കിയാൽ കൊള്ളാമെന്ന് ഉമർ(റ) ആഗ്രഹിക്കുകയും റസൂൽ(സ) തിരുമേനിയോട് ഈ വസ്തുത പറയുകയും ചെയ്തിരുന്നു. പക്ഷേ, വഹ്യ് ലഭിക്കാത്ത സ്ഥിതിക്ക് നബി(സ) അത് നടപ്പിലാക്കാൻ മുന്നോട്ട് വന്നതുമില്ല. അങ്ങനെ ഹിജ്റ അഞ്ചാം കൊല്ലം, ദുൽകഅ്ദ: മാസത്തിൽ സൈനബ(റ)യെ നബി(സ) വിവാഹം കഴിച്ച അവസരത്തിലെ ആ വിവാഹ സദ്യകഴിഞ്ഞ ദിവസം പർദ്ദയുടെ ഈ വചനം അവതരിച്ചു. (ബു:മു)

മേൽ നിർദ്ദേശിക്കപ്പെട്ട ആചാരമര്യാദകൾ മുസ്ലീംകൾ എപ്പോഴും പരസ്പരം ആചരിക്കേണ്ടത് തന്നെയാകുന്നു. റസൂൽ(സ) തിരുമേനിയുമായുള്ള സഹവാസത്തിൽ സത്യവിശ്വാസികൾ അവ കൂടുതൽ കർശനമായി പാലിക്കേണ്ടതുണ്ട് താനും.

റസൂൽ(സ) തിരുമേനിയുടെ കാലശേഷം, അവിടുത്തെ ഭാര്യമാരായിരുന്ന ആരെയും ആർക്കും വിവാഹം ചെയ്യാൻ പാടില്ല എന്ന് ആയത്തിന്റെ അവസാനത്തിൽ അല്ലാഹു പ്രസ്താവിക്കുന്നു. തിരുമേനിയുടെ ഭാര്യമാർ സത്യവിശ്വാസികളുടെ മാതാക്കളാണെന്ന് 6-ാം വചനത്തിൽ പറഞ്ഞുവല്ലോ. മാതാക്കളെ വിവാഹം ചെയ്യാൻ പാടില്ലെന്ന പോലെ, അവരെയും ആരും വിവാഹം ചെയ്ത് കൂടാത്തതാണ്. പ്രസ്തുത ഭാര്യമാർ നബി(സ)യുടെ ശേഷം വേറെ ഭർത്താക്കളെ സ്വീകരിക്കുന്നതും ഇത് മൂലം തടയപ്പെട്ടിരിക്കയാണ്. ഇതെല്ലാം നബി(സ)യുടെ ഉന്നതസ്ഥാനത്തെയും അവിടുത്തെ പത്നിമാരോട് സത്യവിശ്വാസികൾ ബഹുമാന പൂർവ്വം പെരുമാറേണ്ടുന്നതിന്റെ ആവശ്യകതയേയും കുറിക്കുന്നു. "നിശ്ചയമായും അത് അല്ലാഹുവിന്റെ പക്കൽ വമ്പിച്ച കാര്യമാകുന്നു" എന്നുള്ള സമാപന വാക്യം നാമേവരും മനസ്സിരുത്തി ആലോചിക്കേണ്ടതാകുന്നു.

**വചനം 54,55 :**

إِن تُبْدُوا۟ شَيْـًٔا أَوْ تُخْفُوهُ فَإِنَّ ٱللَّهَ كَانَ بِكُلِّ شَىْءٍ عَلِيمًا ﴿٥٤﴾

لَّا جُنَاحَ عَلَيْهِنَّ فِىٓ ءَابَآئِهِنَّ وَلَآ أَبْنَآئِهِنَّ وَلَآ إِخْوَٰنِهِنَّ وَلَآ أَبْنَآءِ إِخْوَٰنِهِنَّ وَلَآ أَبْنَآءِ أَخَوَٰتِهِنَّ وَلَا نِسَآئِهِنَّ وَلَا مَا مَلَكَتْ أَيْمَٰنُهُنَّ ۗ وَٱتَّقِينَ ٱللَّهَ ۚ إِنَّ ٱللَّهَ كَانَ عَلَىٰ كُلِّ شَىْءٍ شَهِيدًا ﴿٥٥﴾

54 നിങ്ങൾ വല്ലകാര്യവും വെളിവാക്കുകയോ, അല്ലെങ്കിൽ മറച്ചുവെക്കുകയോ ചെയ്യുന്നപക്ഷം, അല്ലാഹു എല്ലാ കാര്യത്തെപ്പറ്റിയും അറിയുന്നവനാകുന്നു.

55 തങ്ങളുടെ പിതാക്കളിലാകട്ടെ, പുത്രൻമാരിലാകട്ടെ, സഹോദരൻമാരിലാകട്ടെ, സഹോദരൻമാരുടെ പുത്രന്മാരിലാകട്ടെ, സഹോദരിമാരുടെ പുത്രൻമാരിലാകട്ടെ, തങ്ങളുടെ സ്ത്രീകളിലാകട്ടെ, തങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയവരിലാകട്ടെ, (ഒന്നുംതന്നെ) അവരുടെമേൽ യാതൊരു കുറ്റവുമില്ല. (നബിയുടെ പത്നിമാരേ,) നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ! നിശ്ചയമായും അല്ലാഹു എല്ലാ കാര്യത്തിൻെറ മേലും സാക്ഷ്യംവഹിക്കുന്നവനാകുന്നു.

പർദ്ദാനിയമത്തിൽ ഏഴുകൂട്ടരെയാണ് ഇവിടെ ഒഴിവാക്കപ്പെട്ടിട്ടുള്ളത്. നബി(സ)യുടെ ഭാര്യമാരല്ലാത്ത ഇതര സ്ത്രീകളുടെ പർദ്ദാ നിയമത്തിലും ഈ ഏഴുകൂട്ടർ ഒഴിവാക്കപ്പെട്ടവർ തന്നെ. തന്നെ. സൂ: നൂർ 31-ാം വചനത്തിൽ ഈ വിഷയ സംബന്ധമായി കൂടുതൽ വിശദമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

**വചനം 56:**

إِنَّ ٱللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِىِّ ۚ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ صَلُّوا۟ عَلَيْهِ وَسَلِّمُوا۟ تَسْلِيمًا ﴿٥٦﴾

56 നിശ്ചയമായും, അല്ലാഹുവും, അവൻെറ മലക്കുകളും നബിയുടെമേൽ 'സ്വലാത്ത്' (അനുഗ്രഹം) നേരുന്നു. ഹേ, വിശ്വസിച്ചവരേ, അദ്ദേഹത്തിൻെറ മേൽ നിങ്ങൾ 'സ്വലാത്ത്' (അനുഗ്രഹം) നേരുകയും, (ശരിയാംവണ്ണം) 'സലാം' (ശാന്തി) നേരുകയും ചെയ്യുവിൻ.

'സ്വലാത്ത്' എന്ന വാക്കിന് അനുഗ്രഹം, ആശീർവാദം, പ്രാർത്ഥന എന്നൊക്കെ അർത്ഥങ്ങളുണ്ട്. 'സലാം' എന്ന വാക്കിന് 'ശാന്തി, സമാധാനം, രക്ഷ' എന്നിങ്ങനെയും.

അല്ലാഹുവിന്റെ സ്വലാത്ത് കൊണ്ടുദ്ദേശ്യം അവന്റെ അനുഗ്രഹവും കാരുണ്യവും കൊടുത്തരുളുക എന്നത്രേ. മലക്കുകളെ സംബന്ധിച്ചാകുമ്പോൾ പാപമോചനത്തിനും നന്മക്കും വേണ്ടി പ്രാർത്ഥിക്കുക എന്നും, സത്യവിശ്വാസികളെ സംബന്ധിച്ചാകുമ്പോൾ അനുഗ്രഹത്തിനും നന്മക്കും വേണ്ടി പ്രാർത്ഥിക്കുക എന്നും ആയിരിക്കും ഉദ്ദേശ്യം.

അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം, 'സലാമി'ന്റെ ഉദ്ദേശ്യം സമാധാനവും ശാന്തിയും രക്ഷയും

നൽകുക എന്നും, നമ്മെ സംബന്ധിച്ചേടത്തോളം അതിനായി പ്രാർത്ഥിക്കുക എന്നുമാകുന്നു.

"ജനങ്ങളിൽ വെച്ച് ഖിയാമത്ത് നാളിൽ എന്നോട് ഏറ്റവും ബന്ധപ്പെട്ടവൻ, എന്റെ മേൽ കൂടുതൽ സ്വലാത്ത് നടത്തുന്നവനാകുന്നു."; "എന്റെ പേരിൽ ആരെങ്കിലും ഒരു സ്വലാത്ത് നേർന്നാൽ, അല്ലാഹു അവന്റെ മേൽ പത്ത് പ്രാവശ്യം സ്വലാത്ത് നേരുന്നതാണ്" എന്നീ നബി വചനങ്ങൾ ശ്രദ്ധേയമാകുന്നു."

**വചനം 57,58 :**

إِنَّ ٱلَّذِينَ يُؤْذُونَ ٱللَّهَ وَرَسُولَهُۥ لَعَنَهُمُ ٱللَّهُ فِى ٱلدُّنْيَا وَٱلْـَٔاخِرَةِ وَأَعَدَّ لَهُمْ عَذَابًا مُّهِينًا ﴿٥٧﴾

57 അല്ലാഹുവിനെയും, അവൻെറ റസൂലിനെയും യാതൊരുകൂട്ടർ ശല്യപ്പെടുത്തുന്നുവോ അവരെ, നിശ്ചയമായും അല്ലാഹു ഇഹത്തിലും പരത്തിലും ശപിക്കുന്നതാണ്. അവർക്ക് നിന്ദ്യകരമായ ശിക്ഷ അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

وَٱلَّذِينَ يُؤْذُونَ ٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ بِغَيْرِ مَا ٱكْتَسَبُوا۟ فَقَدِ ٱحْتَمَلُوا۟ بُهْتَٰنًا وَإِثْمًا مُّبِينًا ﴿٥٨﴾

58 സത്യവിശ്വാസികളെയും, സത്യവിശ്വാസിനികളെയും-അവർ പ്രവർത്തിച്ചതല്ലാത്തതിൻെറ പേരിൽ- ശല്യപ്പെടുത്തുന്നവരാകട്ടെ, അവർ അപരാധവും, പ്രത്യക്ഷമായ കുറ്റവും (സ്വയം) ഏറ്റെടുത്തു കഴിഞ്ഞിരിക്കയാണ്.

അല്ലാഹുവിന്റെ ഉൽകൃഷ്ട ഗുണങ്ങൾക്കോ, ശക്തിമാഹാത്മ്യത്തിനോ, അധികാരാവകാശങ്ങൾക്കോ, അനുയോജ്യമല്ലാത്തതും, അവയെ അവഗണിക്കുന്നതുമായ എല്ലാ പ്രസ്താവനകളും പ്രവർത്തനങ്ങളും അല്ലാഹുവിനെ ശല്യപ്പെടുത്തുന്നവയാകുന്നു.

"എന്നെ ആദ്യം സൃഷ്ടിച്ചത് പോലെ അല്ലാഹു എന്നെ വീണ്ടും സൃഷ്ടിക്കുന്നതല്ല എന്ന് പറഞ്ഞവൻ എന്നെ വ്യാജമാക്കി" എന്നും ; "എനിക്ക് സന്താനമുണ്ട് എന്ന് പറഞ്ഞവൻ എന്നെ പഴി പറഞ്ഞു" എന്നും അല്ലാഹു പറഞ്ഞതായി നബി(സ) ഉദ്ധരിച്ചിരിക്കുന്നു.

"ആദമിന്റെ പുത്രൻ കാലത്തെ പഴിച്ച് കൊണ്ട് എന്നെ ശല്യപ്പെടുത്തുന്നു. ഞാനത്രേ കാലം രാത്രിയെയും പകലിനെയും ഞാൻ കൈകാര്യം ചെയ്ത് കൊണ്ടിരിക്കുകയാണ്" എന്നും അല്ലാഹു അരുളിയിരിക്കുന്നു. ഇക്കാലത്ത് ആളുകൾ പൊതുവെ പറയാറുള്ള "കാലം ചതിച്ചു; പ്രകൃതി വഞ്ചിച്ചു" തുടങ്ങിയ പ്രയോഗങ്ങൾ അല്ലാഹുവിനെ ശല്യപ്പെടുത്തുന്നവയാണെന്ന് മനസ്സിലാക്കാവുന്നതാണ്.

നബി(സ) തിരുമേനിയുടെ സ്ഥാനപദവികൾക്ക് നിരക്കാത്ത എല്ലാ പ്രവർത്തനങ്ങളും പ്രസ്താവനകളും നബിയെ ശല്യപ്പെടുത്തുന്നവ തന്നെ (വചനം 69 നോക്കുക). സ്വന്തം ദേഹത്തേക്കാളും മാതാപിതാക്കൾ സന്താനങ്ങൾ തുടങ്ങി മറ്റെല്ലാവരേക്കാളും നബി(സ)യെ സ്നേഹിക്കാത്തവന്റെ 'ഈമാൻ' പോലും പൂർണ്ണമാവുകയില്ലല്ലോ. അല്ലാഹുവിനെയും റസൂലിനെയും ശല്യപ്പെടുത്തുന്നവരെ ഇഹത്തിലും പരത്തിലും അല്ലാഹു ശപിക്കുന്നതാണെന്നും, അവർക്ക് നിന്ദ്യമായ പരലോക ശിക്ഷ നൽകുന്നതാണെന്നും അല്ലാഹു താക്കീത് നൽകുന്നു.

തുടർന്ന്, സത്യവിശ്വാസികളെ ശല്യപ്പെടുത്തുന്നവരെ സംബന്ധിച്ചും അല്ലാഹു താക്കീത് ചെയ്യുന്നു. അവർ അത് മൂലം അപരാധവും പ്രത്യക്ഷമായ കുറ്റവും സ്വയം ഏറ്റെടുക്കുകയാണ് എന്ന് പറഞ്ഞതിൽ നിന്നും ഇവർക്കുള്ള ശിക്ഷയുടെ ഗൗരവം മനസ്സിലാക്കാവുന്നതാണ്. ഒരു മുസ്ലീമിന് മറ്റൊരു മുസ്ലീമിന്റെ രക്തവും ധനവും അഭിമാനവും ഹറാമാകുന്നു എന്ന് നബി(സ) പ്രഖ്യാപിച്ചതാണല്ലോ. "നീ നിന്റെ സഹോദരനെ കുറിച്ച് തൃപ്തികേടുളവാകുന്ന ഒരു കാര്യം (അത് അവനിൽ ഉള്ള ന്യൂനത ആണെങ്കിൽ തന്നെ) പറയുകയാണെങ്കിൽ, നീ അവനെ പറ്റി പരദൂഷണം പറഞ്ഞു. അത് അങ്ങേയറ്റം നിന്ദ്യമായതാകുന്നു" എന്ന് ഒരു നബി വചനത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാവുന്നതാകുന്നു.

**വിഭാഗം-8**

**വചനം 59:**

يَـٰٓأَيُّهَا ٱلنَّبِىُّ قُل لِّأَزْوَٰجِكَ وَبَنَاتِكَ وَنِسَآءِ ٱلْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَـٰبِيبِهِنَّ ۚ ذَٰلِكَ أَدْنَىٰٓ أَن يُعْرَفْنَ فَلَا يُؤْذَيْنَ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٥٩﴾

59 ഹേ, നബിയേ! നിൻെറ ഭാര്യമാരോടും, പുത്രിമാരോടും, സത്യവിശ്വാസികളുടെ സ്ത്രീ കളോടും പറയുക: അവർ തങ്ങളുടെമേൽ തങ്ങളുടെ മേലാടകളിൽനിന്നും (കുറെഭാഗം) താഴ്ത്തിയിട്ടു കൊള്ളണമെന്ന്. അവർ (തിരിച്ച്) അറിയപ്പെടുവാൻ വളരെ എളുപ്പമുള്ളതാണത്. അപ്പോഴവർക്ക് ശല്യംബാധിക്കുകയില്ല. അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാ കുന്നു.

വീട്ടിലായിരിക്കുമ്പോൾ, സാധാരണ ഉപയോഗിക്കാറുള്ള കുപ്പായം, മക്കന, ഉടുതുണി മുതലായ വക്ക് പുറമേ മുസ്ലീം സ്ത്രീകൾ- നബി(സ)യുടെ വീട്ടുകാർ പ്രത്യേകിച്ചും - ശരീരം മറയത്തക്ക വസ്ത്രം ധരിച്ചിരിക്കണമെന്ന് അല്ലാഹു ശാസിക്കുന്നു. ഇങ്ങനെ ശരീരം മൂടി മറച്ച ഒരു സ്ത്രീയെ കാണുമ്പോൾ, അവൾ ഒരു മുസ്ലീം സ്ത്രീയാണെന്നും, ചാരിത്ര്യശുദ്ധിയിൽ താൽപര്യമുള്ള മാന്യ സ്ത്രീയാണെന്നും എല്ലാവർക്കും മനസ്സിലാകും. അങ്ങനെ സ്വഭാവ ഗുണമില്ലാത്ത ആളുകളിൽ നിന്നും ഉണ്ടായേക്കാനിട യുള്ള ശല്യങ്ങളിൽ നിന്ന് അവർ വിമുക്തരാകുകയും ചെയ്യും. (സ്ത്രീകളുടെ വസ്ത്രധാരണ സംബന്ധ മായി സൂ: നൂർ 31-ാം വചനത്തിന്റെ വിശദീകരണം നോക്കുക)

**വചനം 60,61,62 :**

۞ لَّئِن لَّمْ يَنتَهِ ٱلْمُنَـٰفِقُونَ وَٱلَّذِينَ فِى قُلُوبِهِم مَّرَضٌ وَٱلْمُرْجِفُونَ فِى ٱلْمَدِينَةِ لَنُغْرِيَنَّكَ بِهِمْ ثُمَّ لَا يُجَاوِرُونَكَ فِيهَآ إِلَّا قَلِيلًا ﴿٦٠﴾

60 കപടവിശ്വാസികളും, തങ്ങളുടെ ഹൃദയത്തിൽ രോഗമുള്ളവരും, മദീനായിൽ (കള്ളവാർത്ത പ്രചരിപ്പിച്ച്) ഭീതി ഉളവാക്കുന്നവരും വിരമിക്കാ ത്തപക്ഷം, നിശ്ചയമായും (നബിയേ) നിന്നെ നാം അവരിൽ ഇളക്കിവിടുകതന്നെ ചെയ്യും. പിന്നീട്, അൽപമാത്രമല്ലാതെ, അവർ അവിടത്തി ൽ നിന്നോട് അയൽവാസം നടത്തുകയില്ല;-

مَّلْعُونِينَ ۖ أَيْنَمَا ثُقِفُوٓا۟ أُخِذُوا۟ وَقُتِّلُوا۟ تَقْتِيلًا ﴿٦١﴾

61 (അതും) ശപിക്കപ്പെട്ടവരായ നിലയിൽ! എവിടെ വെച്ച് കണ്ടുമുട്ടിയാലും അവർ പിടിക്കപ്പെടുക യും, (നിർദ്ദാക്ഷിണ്യം) അറുകൊലചെയ്യപ്പെടു കയും ചെയ്യുന്നതാണ്.

سُنَّةَ ٱللَّهِ فِى ٱلَّذِينَ خَلَوْا۟ مِن قَبْلُ ۖ وَلَن تَجِدَ لِسُنَّةِ ٱللَّهِ تَبْدِيلًا ﴿٦٢﴾

62 മുമ്പുകഴിഞ്ഞു പോയിട്ടുള്ളവരിൽ (സ്വീകരിച്ച) അല്ലാഹുവിൻെറ നടപടിക്രമം (തന്നെ)! അല്ലാ ഹുവിൻെറ നടപടിക്രമത്തിന് യാതൊരു മാറ്റം വരുത്തലും നീ കണ്ടെത്തുന്നതേയല്ല.

കപട വിശ്വാസികളും, ദേഹേഛകൾക്കനുസരിച്ച് ജീവിക്കുന്ന പിഴച്ച മനസ്ഥിതിക്കാരും, മുസ്ലീം കൾക്കിടയിൽ വ്യാജവാർത്തകൾ പ്രചരിപ്പിച്ച് ഭീതി പരത്തുന്നവരും, അവരവരുടെ നിലപാട് നിറുത്തൽ ചെയ്യാത്ത പക്ഷം, അവരെ മദീനയിൽ നിന്നും നിന്ദ്യന്മാരായ നിലയിൽ ആട്ടിപുറത്താക്കുവാൻ അല്ലാഹു നബി(സ)ക്ക് കല്പന കൊടുക്കുന്നതാണ്. പിന്നീടവർക്ക് അയൽപക്കത്തൊന്നും താമസിക്കുവാൻ നിർവ്വാ ഹമുണ്ടായിരിക്കുകയില്ല. വല്ല അവസരവും അവർക്ക് ലഭിച്ചാൽ തന്നെ അവർ ശപിക്കപ്പെട്ട ഒരു വർഗ്ഗമാ യിട്ടിരിക്കും കഴിഞ്ഞ് കൂടേണ്ടി വരിക; കാരണം കിട്ടിയേടത്ത് വെച്ച് അവരെ പിടിച്ച് നിഷ്കരുണം

കൊല ചെയ്യുന്നതാണ്.

ഈ വചനം അവതരിച്ചതിന് ശേഷം, മുസ്ലീംകൾക്ക് ഇത്തരക്കാരുടെ ശല്യം ഇല്ലാതായിത്തീരുകയും അവരുടെ പ്രതാപം മദീനായിൽ നാമാവശേഷമാകുകയും ചെയ്തു.

**വചനം 63,64,65,66,67,68 :**

يَسْـَٔلُكَ ٱلنَّاسُ عَنِ ٱلسَّاعَةِ ۖ قُلْ إِنَّمَا عِلْمُهَا عِندَ ٱللَّهِ ۚ وَمَا يُدْرِيكَ لَعَلَّ ٱلسَّاعَةَ تَكُونُ قَرِيبًا ﴿٦٣﴾

63 മനുഷ്യർ അന്ത്യസമയത്തെപ്പറ്റി നിന്നോട് ചോദിക്കുന്നു. പറയുക: "നിശ്ചയമായും, അതിന്റെ അറിവ് അല്ലാഹുവിങ്കൽ മാത്രമാകുന്നു." (നബിയേ) നിനക്ക് അറിയിച്ചുതരുന്നത് എന്താണ്. (നിനക്ക് എന്തറിയാം)?! അന്ത്യസമയം (ഒരുപക്ഷേ) അടുത്ത അവസരത്തിൽ ഉണ്ടായേക്കാം.

إِنَّ ٱللَّهَ لَعَنَ ٱلْكَـٰفِرِينَ وَأَعَدَّ لَهُمْ سَعِيرًا ﴿٦٤﴾

64 അവിശ്വാസികളെ നിശ്ചയമായും അല്ലാഹു ശപിച്ചിരിക്കുന്നു; അവർക്ക് ജ്വലിക്കുന്ന അഗ്നിയെ അവൻ ഒരുക്കുകയും ചെയ്തിരിക്കുന്നു;-

خَـٰلِدِينَ فِيهَآ أَبَدًا ۖ لَّا يَجِدُونَ وَلِيًّا وَلَا نَصِيرًا ﴿٦٥﴾

65 അതിൽ (അവർ) എന്നെന്നും നിത്യവാസികളായ നിലയിൽ. യാതൊരു ബന്ധുവിനെയാകട്ടെ, സഹായകനെയാകട്ടെ അവർ കണ്ടെത്തുകയില്ല.

يَوْمَ تُقَلَّبُ وُجُوهُهُمْ فِى ٱلنَّارِ يَقُولُونَ يَـٰلَيْتَنَآ أَطَعْنَا ٱللَّهَ وَأَطَعْنَا ٱلرَّسُولَا۠ ﴿٦٦﴾

66 നരകത്തിൽ അവരുടെ മുഖങ്ങൾ മറിച്ചിടപ്പെടുന്ന ദിവസം (അന്ന്) അവർ പറഞ്ഞുകൊണ്ടിരിക്കും: "ഹാ! ഞങ്ങൾ അല്ലാഹുവിനെ അനുസരിക്കുകയും, റസൂലിനെ അനുസരിക്കുകയും ചെയ്തിരുന്നെങ്കിൽ നന്നായേനെ!"

وَقَالُوا۟ رَبَّنَآ إِنَّآ أَطَعْنَا سَادَتَنَا وَكُبَرَآءَنَا فَأَضَلُّونَا ٱلسَّبِيلَا۠ ﴿٦٧﴾

67 അവർ(ഇങ്ങിനെ) പറയുകയും ചെയ്യും: "ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾ ഞങ്ങളുടെ നേതാക്കളെയും, ഞങ്ങളുടെ മൂപ്പന്മാരെയും അനുസരിച്ചുകളഞ്ഞു; അങ്ങനെ, അവർ ഞങ്ങളെ വഴിപിഴപ്പിച്ചിരിക്കയാണ്;

رَبَّنَآ ءَاتِهِمْ ضِعْفَيْنِ مِنَ ٱلْعَذَابِ وَٱلْعَنْهُمْ لَعْنًا كَبِيرًا ﴿٦٨﴾

68 "ഞങ്ങളുടെ രക്ഷിതാവേ! അവർക്ക് ശിക്ഷയിൽ നിന്ന് രണ്ടിരട്ടി നീ നൽകേണമേ! അവരെ വമ്പിച്ച ശാപം ശപിക്കുകയും ചെയ്യേണമേ!!"

അന്ത്യസമയത്തെ കുറിച്ച് ചോദിക്കുന്നരോട്, അതിനെകുറിച്ച് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളുവെന്ന് മറുപടി പറയുവാൻ നബി(സ)യോട് അല്ലാഹു നിർദ്ദേശിക്കുന്നു. എന്നാൽ അതിനെകുറിച്ച് ചോദ്യം ചെയ്യുന്നവർ, യഥാർത്ഥത്തിൽ മരണാനന്തര ജീവിതത്തെയും പരലോകത്തെയും നിഷേധിക്കുന്നവരാകുന്നു. ആകയാൽ അന്നത്തെ ദിവസം ആ നിഷേധികളുടെ അവസ്ഥയും അവരുടെ പരിവേദനങ്ങളുമാണ് ഈ വചനങ്ങളിൽ അല്ലാഹു തുടർന്ന് വിവരിച്ചിരിക്കുന്നത്.

## വിഭാഗം -9

**വചനം 69 :**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَكُونُوا۟ كَٱلَّذِينَ ءَاذَوْا۟ مُوسَىٰ فَبَرَّأَهُ ٱللَّهُ مِمَّا قَالُوا۟ ۚ وَكَانَ

69 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ യാതൊരു കൂട്ടരെ പോലെ ആവരുത്: അവർ മൂസായെ ശല്യപ്പെടുത്തുകയും, എന്നിട്ട് അവർ പറഞ്ഞതിൽനിന്ന്

عِندَ ٱللَّهِ وَجِيهًا ﴿٦٩﴾

അല്ലാഹു അദ്ദേഹത്തെ ഒഴിവാ(ക്കി നിരപരാധിത്വം തെളിയി)ക്കുകയും ചെയ്തു. അദ്ദേഹം അല്ലാഹുവിൻെറ അടുക്കൽ പ്രമുഖനായ ഒരാളുമായിരുന്നു.

57,58 എന്നീ വചനങ്ങളുടെ വിവരണത്തിൽ 'ശല്യപ്പെടുത്തുക' എന്നതിന്റെ വിവിധ രൂപങ്ങൾ വിവരിക്കപ്പെട്ടുവല്ലോ. മൂസാ(അ) നബിക്ക് അദ്ദേഹത്തിന്റെ ജനതയിൽ നിന്ന് അനുഭവിക്കേണ്ടി വന്ന ശല്യങ്ങളെ മൊത്തത്തിൽ അല്ലാഹു ഈ വചനത്തിൽ സൂചിപ്പിക്കുന്നു. മൂസാ(അ) നബിക്ക് നേരിടേണ്ടി വന്ന ശല്യങ്ങളെ കുറിച്ച് സൂ: അൽബഖറ 51,55,61 ; സൂ: മാഇദ 22 എന്നിവിടങ്ങളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. മൂസാ(അ) നബിക്ക് വെള്ളപ്പാണ്ട് രോഗം ബാധിച്ചുവെന്ന് അദ്ദേഹത്തിന്റെ അനുയായികൾ പറഞ്ഞ് പരത്തുകയുണ്ടായിട്ടുണ്ട്. ഹാറൂൺ(അ) നബിയെ കാണാതായ ഒരവസരത്തിൽ മൂസാ(അ) അദ്ദേഹത്തെ കൊലപ്പെടുത്തി എന്നവർ ആരോപിക്കുകയുണ്ടായി.

ഇത്തരം ശല്യങ്ങളിൽ നിന്നും അല്ലാഹു അദ്ദേഹത്തെ ഒഴിവാക്കി ദോഷവിമുക്തനാക്കുകയുണ്ടായി. നബി(സ) തിരുമേനിക്ക് ആരെങ്കിലും അത്തരം ശല്യത്തിന് കാരണഭൂതരായാൽ, അതിന്റെ ഫലം അവർ തന്നെ, അനുഭവിക്കേണ്ടിവരുന്നതാണ്.

ഒരിക്കൽ നബി(സ) ജനങ്ങൾക്കിടയിൽ പൊതു സ്വത്തുക്കൾ ഭാഗിച്ച് കൊടുത്ത് കൊണ്ടിരിക്കുന്നതിനെ, നീതിയുക്തമല്ലെന്ന് വിമർശിച്ച ഒരാളെ നോക്കി തിരുമേനി ഇപ്രകാരം പറയുകയുണ്ടായി : "ഇതിനേക്കാൾ വലിയതോതിൽ മൂസാ(അ) നബിക്ക് ശല്യം ബാധിക്കുകയുണ്ടായിട്ടുണ്ട്. എന്നിട്ടും അദ്ദേഹം അത് ക്ഷമിച്ചു."

**വചനം 70,71 :**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَقُولُوا۟ قَوْلًا سَدِيدًا ﴿٧٠﴾

يُصْلِحْ لَكُمْ أَعْمَـٰلَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ فَقَدْ فَازَ فَوْزًا عَظِيمًا ﴿٧١﴾

70 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; നേരെ ചൊവ്വായ വാക്കുപറയുകയും ചെയ്യുവിൻ;-

71 (എന്നാൽ) അവൻ നിങ്ങൾക്ക് നിങ്ങളുടെ കർമ്മങ്ങളെ നന്നാക്കിത്തരുകയും, നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്ക് പൊറുത്തുതരുകയും ചെയ്യും. അല്ലാഹുവിനെയും, അവൻെറ റസൂലിനെയും ആർ അനുസരിക്കുന്നുവോ, തീർച്ചയായും അവൻ വമ്പിച്ച ഭാഗ്യം പ്രാപിച്ചു.

അനുസരണവും സൽകർമ്മവും വഴി അല്ലാഹുവിനെ സൂക്ഷിക്കുവാനും, ന്യായമായതും നേരെ ചൊവ്വായതുമായ വാക്കുകൾ പറയുവാനും അല്ലാഹു സത്യവിശ്വാസികളെ ഉപദേശിക്കുന്നു. ഈ ഉപദേശങ്ങൾ സ്വീകരിക്കുന്ന സത്യവിശ്വാസികൾക്ക്, അവരുടെ കർമ്മങ്ങളും പ്രവർത്തികളും നന്നായിത്തീരാൻ അവൻ സഹായിക്കുകയും, അവരുടെ പാപങ്ങൾ അവൻ പൊറുത്ത് കൊടുക്കുകയും ചെയ്യുന്നതാണ്. അല്ലാഹുവിന്റെയും റസൂലിന്റെയും കല്പന നിർദ്ദേശങ്ങൾ അനുസരിച്ച് ജീവിക്കുന്നവരാരോ, അവർ തന്നെയാണ് ഇഹത്തിലും പരത്തിലും വമ്പിച്ച ഭാഗ്യം സിദ്ധിക്കുന്നവർ.

**വചനം 72,73 :**

إِنَّا عَرَضْنَا ٱلْأَمَانَةَ عَلَى ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَٱلْجِبَالِ فَأَبَيْنَ أَن يَحْمِلْنَهَا وَأَشْفَقْنَ مِنْهَا وَحَمَلَهَا ٱلْإِنسَـٰنُ ۖ إِنَّهُۥ كَانَ ظَلُومًا جَهُولًا ﴿٧٢﴾

72 ആകാശങ്ങളുടെയും, ഭൂമിയുടെയും, പർവ്വതങ്ങളുടെയുംമേൽ (ഈ) 'അമാനത്തി'നെ നാം (എടുത്ത്) കാട്ടുകയുണ്ടായി. എന്നാലവ അത് ഏറ്റെടുക്കുന്നതിന് വിസമ്മതിക്കുകയും, അതിനെപ്പറ്റി പേടിക്കുകയും ചെയ്തു. മനുഷ്യൻ അത് എറ്റെടുത്തു. നിശ്ചയമായും അവൻ, അക്രമകാരിയും, അറിവുകെട്ടവനുമാകുന്നു.

لِّيُعَذِّبَ ٱللَّهُ ٱلْمُنَٰفِقِينَ وَٱلْمُنَٰفِقَٰتِ وَٱلْمُشْرِكِينَ وَٱلْمُشْرِكَٰتِ وَيَتُوبَ ٱللَّهُ عَلَى ٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٧٣﴾

73 കപടവിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും, ബഹുദൈവവിശ്വാസികളായ പുരുഷൻമാരെയും സ്ത്രീകളെയും അല്ലാഹു ശിക്ഷിക്കുവാൻ വേണ്ടിയത്രെ (അത്); സത്യവിശ്വാസികളായ പുരുഷൻമാരുടെയും സ്ത്രീകളുടെയുംമേൽ അല്ലാഹു പശ്ചാത്താപം സ്വീകരിക്കുവാനും (വേണ്ടിയാകുന്നു). അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

അമാനത്ത് എന്നാൽ വിശ്വാസപൂർവ്വം ഒരാളുടെ പക്കൽ സൂക്ഷിക്കുവാൻ ഏൽപ്പിക്കപ്പെടുന്ന സൂക്ഷിപ്പ് വസ്തു(അനാമത്ത്) എന്നാകുന്നു. അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങളാകുന്ന മത ശാസനകാളാകുന്നു അമാനത്ത് എന്നത് കൊണ്ട് ഇവിടെ വിവക്ഷ.

വളരെ അർത്ഥഗർഭവും, ആഴത്തിൽ ചിന്തിച്ച് മനസ്സിലാക്കേണ്ടതുമാണീ വചനങ്ങൾ. ആകാശഭൂമികളും പർവ്വതങ്ങളുമെല്ലാം സൃഷ്ടികളിൽ വമ്പിച്ചത് തന്നെ. എന്നാൽ അവയുടെ പ്രകൃതി സ്വഭാവങ്ങൾ ഈ അമാനത്താകുന്ന ശാസനാഭാരം ഏറ്റ് വാങ്ങി സ്വീകരിക്കാൻ പര്യാപ്തങ്ങളല്ല. ആയതിനാൽ അവ അമാനത്തിനെ ഏറ്റ് വാങ്ങാൻ വിസമ്മതിക്കുക മാത്രമല്ല, അതിന്റെ ഗൗരവത്തെയോർത്ത് ഭയപ്പെടുകയും ചെയ്തു. എന്നാൽ വിശേഷബുദ്ധിയും വിവേചനാശക്തിയും പ്രദാനം ചെയ്യപ്പെട്ട മനുഷ്യനാകട്ടെ പ്രസ്തുത അമാനത്ത് അല്ലാഹുവിൽ നിന്നും ഏറ്റെടുത്തു.

എന്നാൽ ചില ഖുർആൻ വ്യഖ്യാതാക്കൾ പ്രസ്താവിക്കുന്നത് പോലെ, അല്ലാഹുവിന്റെ ഏകത്വത്തെ സമ്മതിച്ച് കൊണ്ടുള്ള ഒരു കരാർ ആത്മീയ ലോകത്ത് വെച്ച് മനുഷ്യവർഗ്ഗം അല്ലാഹുവിനോട് നടത്തുകയുണ്ടായിട്ടുണ്ടെന്ന് സൂ:അഅ്റാഫ് : 172ൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. അത് പോലെയുള്ള ഒരു സംഭവമായിരിക്കാം ഈ കരാർ و الله اعلم

മതശാസനകളാകുന്ന അമാനത്ത് ഏറ്റെടുത്തത് മനുഷ്യനാണെന്ന് പറഞ്ഞത് കൊണ്ട് മലക്കുകളിലോ ജിന്നുകളിലോ അല്ലാഹുവിന്റെ യാതൊരു വിധ ശാസനകളും ഉണ്ടാവുകയില്ല എന്ന് അർത്ഥമില്ല, “അല്ലാഹു അവരോട് കൽപിച്ചതിന് അവർ അനുസരണക്കേട് ചെയ്യുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് അവർ ചെയ്യുകയും ചെയ്യും” എന്ന് മലക്കുകളെ കുറിച്ച് സൂ:തഹ്രീം : 6-ാം വചനത്തിലും, “ജിന്നിനെയും ഇൻസിനെ-മനുഷ്യനെയും- എന്നെ ആരാധിക്കുവാനല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല” എന്ന് സൂ: ദാരിയാത്ത് 56-ാം വചനത്തിലും അല്ലാഹു പ്രസ്താവിച്ചിട്ടുള്ളതാകുന്നു. മലക്കുകളോടും ജിന്നുകളോടും ഉള്ള ശാസനകൾ ആകട്ടെ, അവരുടെ പ്രകൃതി സ്വഭാവങ്ങൾക്കും പ്രത്യേകതകൾക്കും അനുയോജ്യമായതുമായിരിക്കും.

അല്ലാഹുവിന്റെ അമാനത്താകുന്ന ഈ ചുമതലാഭാരം ഏറ്റെടുക്കുക വഴി മനുഷ്യൻ വമ്പിച്ച ഒരു ഉത്തരവാദിത്തം ഏറ്റിരിക്കുകയാണ്. ആ ഉത്തരവാദിത്തം വേണ്ടത് പോലെ നിറവേറ്റുന്ന പക്ഷം അവൻ ഉൽകൃഷ്ടനും മഹാഭാഗ്യവാനുമാകുന്നു. എന്നാൽ അവന്റെ പൊതു നില വെച്ച് നോക്കുമ്പോൾ അവൻ അക്രമകാരിയും അറിവ് കെട്ടവനും ഭോഷനുമാകുന്നു. പല ദുഷ്പ്രേരണകൾക്കും ദേഹേഛകൾക്കും വിധേയനായിക്കൊണ്ട് അനീതിയും അക്രമവും അവൻ പ്രവർത്തിക്കുകയും ചെയ്യും. എന്നാൽ നന്മകളേയും തിന്മകളേയും വിവേചിച്ചറിയാനുള്ള ബുദ്ധിശക്തി അവനിലുണ്ട് താനും. കൂടാതെ അവന്റെ യഥാർത്ഥ വിജയത്തിനാവശ്യമായ സകല മാർഗ്ഗദർശനങ്ങളും പ്രവാചകന്മാർ മുഖേന അല്ലാഹു കൊടുത്തരുളിയിട്ടുമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഒരു വശത്ത് വമ്പിച്ച നാശഗർത്തത്തിലേക്ക് ആഴ്ത്തുന്ന ദുഷ്പ്രേരണകളും, മറുവശത്ത് മഹാഭാഗ്യത്തിലേക്ക് ഉയർത്തിക്കൊണ്ട് പോകുന്ന സൽപ്രേരണകളും അവന്റെ കൂടെയുണ്ട്. ഇവ രണ്ടിൽ ഏതാണ് അവൻ തിരഞ്ഞെടുക്കുന്നത്-ഈ പരീക്ഷണമത്രേ ‘അമാനത്ത്’ ഏൽപിക്കപ്പെട്ടതിന്റെ ഉദ്ദേശ്യവും.

അല്ലാഹു ഏൽപിച്ച അമാനത്ത് വേണ്ടത് പോലെ കാത്ത് സൂക്ഷിക്കുന്ന മഹാഭാഗ്യവാന്മാരിൽ അവൻ നമ്മെ ഉൾപ്പെടുത്തട്ടെ-ആമീൻ. അല്ലാഹു നമുക്കെല്ലാം പൊറുത്തുതരികയും കരുണ ചെയ്യുകയും ചെയ്യട്ടെ- ആമീൻ.

# 34. സൂറത്തു സബഅ്

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 54, വിഭാഗം (റുകൂഅ്) 6

15-ാം വചനത്തിൽ സബഅ് ദേശത്തെ പറ്റി പറയുന്നതിനാലാണ് ഈ അദ്ധ്യായത്തിന് ഇപ്രകാരം പേര് നൽകപ്പെട്ടത്.

## വിഭാഗം - 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ بسم الله الرحمن الرحيم

**വചനം 1,2 :**

ٱلْحَمْدُ لِلَّهِ ٱلَّذِى لَهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ وَلَهُ ٱلْحَمْدُ فِى ٱلْءَاخِرَةِ ۚ وَهُوَ ٱلْحَكِيمُ ٱلْخَبِيرُ ﴿١﴾

1 അല്ലാഹുവിനത്രെ സർവ്വസ്തുതിയും! ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും(എല്ലാം) യാതൊരുവനുള്ളതാണോ അവന്ന് (സ്തുതി). പരലോകത്തിലും അവന്ന് തന്നെയാണ് സ്തുതി. അഗാധജ്ഞനും, സൂക്ഷ്മജ്ഞനും അവനത്രെ.

يَعْلَمُ مَا يَلِجُ فِى ٱلْأَرْضِ وَمَا يَخْرُجُ مِنْهَا وَمَا يَنزِلُ مِنَ ٱلسَّمَآءِ وَمَا يَعْرُجُ فِيهَا ۚ وَهُوَ ٱلرَّحِيمُ ٱلْغَفُورُ ﴿٢﴾

2 ഭൂമിയിൽ കടന്നു കൂടുന്നതും, അതിൽനിന്ന് പുറത്തുവരുന്നതും, ആകാശത്തുനിന്ന് ഇറങ്ങുന്നതും, അതിൽ കേറിച്ചെല്ലുന്നതും(എല്ലാം) അവൻ അറിയുന്നു. അവനത്രെ കരുണാനിധിയും വളരെ പൊറുക്കുന്നവനുമായുള്ളവൻ.

الحمد لله (അല്ലാഹുവിന് സ്തുതി) എന്ന വാക്യം കൊണ്ട് ആരംഭിക്കുന്ന അഞ്ച് സൂറത്തുകളിൽ ഒന്നാകുന്നു ഈ സൂറത്ത്. സൂ: ഫാതിഹ, സൂ: അൻആം, സൂ: അൽ കഹ്ഫ്, സൂ: ഫാത്വിർ എന്നിവയാകുന്നു മറ്റ് നാല് സൂറത്തുകൾ. പ്രത്യക്ഷമായും പരോക്ഷമായും ആകാശഭൂമികളിൽ അനുനിമിഷം വർഷിച്ച് കൊണ്ടിരിക്കുന്ന അനുഗ്രഹ കോടികളുടെ പേരിൽ നടക്കുന്നതും നടക്കേണ്ടതുമായ എല്ലാ സ്തുതി കീർത്തനങ്ങളുടെയും അർഹതയും അവകാശവും അല്ലാഹുവിനാകുന്നു; പരലോകത്തിലും അവന് തന്നെയാകുന്നു സ്തുതി.

നിക്ഷേപങ്ങൾ, ധാതു വസ്തുക്കൾ, മരിച്ച് മണ്ണടിഞ്ഞവർ, പുരാണാവശിഷ്ടങ്ങൾ, വറ്റിപ്പോയ ജലാശയങ്ങൾ എന്നിങ്ങനെ ഭൂമിക്കുള്ളിൽ പ്രവേശിച്ച് കഴിഞ്ഞ സകലതും അല്ലാഹു അറിയുന്നു. സസ്യങ്ങൾ, ജീവികൾ, ഉറവകൾ ആദിയായി ഭൂമിക്കുള്ളിൽ നിന്ന് വെളിക്ക് വരുന്ന വസ്തുക്കളെയും അവൻ അറിയുന്നു. മഴ, മഞ്ഞ്, കാറ്റ്, ഇടി, മലക്കുകൾ, ദൈവീക കൽപനകൾ എന്നിത്യാദി ആകാശത്ത് നിന്ന് ഭൂമിയിലേക്ക് വരുന്നവയെയും, മനുഷ്യകർമ്മങ്ങൾ, മലക്കുകൾ, ആത്മാക്കൾ, നീരാവി, വാതകങ്ങൾ മുതലായി ഭൂമിയിൽ നിന്ന് മേൽപ്പോട്ടുയർന്ന് പോകുന്ന സർവ്വത്തേയും അല്ലാഹു അറിയുന്നു. വസ്തുതകൾ മൊത്തത്തിൽ മാത്രമല്ലാതെ, ഓരോ കാര്യവും സവിസ്തരം പൂർണ്ണമായി അറിയുന്ന അഗാധജ്ഞനും സൂക്ഷ്മ ജ്ഞാനിയുമായ അവൻ അങ്ങേയറ്റം കരുണാനിധിയും പൊറുക്കുന്നവനുമത്രേ. (അടുത്ത വചനത്തിന്റെ അവസാന ഭാഗവും ശ്രദ്ധിക്കുക).

**വചനം 3 :**

وَقَالَ ٱلَّذِينَ كَفَرُوا۟ لَا تَأْتِينَا ٱلسَّاعَةُ ۖ قُلْ بَلَىٰ وَرَبِّى لَتَأْتِيَنَّكُمْ عَٰلِمِ ٱلْغَيْبِ ۖ لَا

3 അവിശ്വസിച്ചവർ പറയുകയാണ്: "അന്ത്യസമയം നമുക്ക് വരികയില്ല" എന്ന്! (നബിയേ)പറയുക: "ഇല്ലാതേ! അദൃശ്യത്തെ അറിയുന്നവനായ എന്റെ രക്ഷിതാവുതന്നെയാണ (സത്യം)! അത്

يَعْزُبُ عَنْهُ مِثْقَالُ ذَرَّةٍ فِي ٱلسَّمَٰوَٰتِ وَلَا فِي ٱلْأَرْضِ وَلَآ أَصْغَرُ مِن ذَٰلِكَ وَلَآ أَكْبَرُ إِلَّا فِي كِتَٰبٍ مُّبِينٍ ﴿٣﴾

നിശ്ചയമായും നിങ്ങൾക്ക് വരുകതന്നെ ചെയ്യും. ആകാശങ്ങളിലാകട്ടെ, ഭൂമിയിലാകട്ടെ, ഒരു അണുത്തൂക്കവും അവനിൽനിന്ന് (അവനറിയാതെ) വിട്ടുപോകുന്നതല്ല. അതിനെക്കാൾ ചെറുതാകട്ടെ, വലുതാകട്ടെ, (ഒന്നും തന്നെ) സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ ഇല്ലാതെ (രേഖപ്പെടുത്തപ്പെടാതെ)യില്ല.''

പുനരുത്ഥാനത്തെ പരിഹാസപൂർവ്വം നിഷേധിക്കുന്നവരോട് അല്ലാഹുവിൽ ആണയിട്ട് കൊണ്ട് മറുപടി കൊടുക്കുവാൻ നബി(സ)യോട് കൽപിക്കുന്ന ഖുർആൻ വചനങ്ങളിൽ രണ്ടാമത്തേതാണിത്. ഒന്നാമത്തേത് സൂ: യൂനസ് 53-ാമത്തെ വചനവും മൂന്നാമത്തേത് സൂ: തഗാബുൻ : 7-ാമത്തെ വചനവുമാകുന്നു. വിഷയത്തിന്റെ ഗൗരവമാണ് ഈ വചനങ്ങൾ ചൂണ്ടിക്കാട്ടുന്നത്. കഴിഞ്ഞ ആയത്തിലെ ആശയം ഒന്ന് കൂടി വ്യക്തമായ ഭാഷയിൽ ഈ വചനങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നത് പ്രത്യേകം ശ്രദ്ധാർഹമാകുന്നു.

**വചനം 4,5,6 :**

لِّيَجْزِيَ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ ۚ أُو۟لَٰٓئِكَ لَهُم مَّغْفِرَةٌ وَرِزْقٌ كَرِيمٌ ﴿٤﴾

4 വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് പ്രതിഫലം നൽകുവാൻവേണ്ടിയാകുന്നു (അത്). അക്കൂട്ടരാകട്ടെ, അവർക്ക് പാപമോചനവും, മാന്യമായ ഉപജീവനവുമുണ്ടായിരിക്കും.

وَٱلَّذِينَ سَعَوْ فِيٓ ءَايَٰتِنَا مُعَٰجِزِينَ أُو۟لَٰٓئِكَ لَهُمْ عَذَابٌ مِّن رِّجْزٍ أَلِيمٌ ﴿٥﴾

5 (നമ്മെ) പരാജയപ്പെടുത്തുവാൻ ശ്രമിക്കുന്നവരായിക്കൊണ്ട് നമ്മുടെ ആയത്തു'കളിൽ (കുഴപ്പത്തിന്) പരിശ്രമം നടത്തിയിട്ടുള്ളവരാകട്ടെ, അക്കൂട്ടർക്ക് വേദനയേറിയ കഠിനദണ്ഡന യാകുന്ന ശിക്ഷയുമുണ്ടായിരിക്കും.

وَيَرَى ٱلَّذِينَ أُوتُوا۟ ٱلْعِلْمَ ٱلَّذِيٓ أُنزِلَ إِلَيْكَ مِن رَّبِّكَ هُوَ ٱلْحَقَّ وَيَهْدِيٓ إِلَىٰ صِرَٰطِ ٱلْعَزِيزِ ٱلْحَمِيدِ ﴿٦﴾

6 അറിവ് നൽകപ്പെട്ടിട്ടുള്ളവർ കണ്ടറിയുന്നതാണ്: നിന്റെ രക്ഷിതാവിങ്കൽ നിന്നു നിനക്ക് ഇറക്കപ്പെട്ടിട്ടുള്ളതുതന്നെയാണ് യഥാർത്ഥമെന്നും, സ്തുത്യർഹനായ പ്രതാപശാലിയായുള്ളവന്റെ (അല്ലാഹുവിന്റെ) പാതയിലേക്ക് അത് മാർഗ്ഗദർശനം നൽകുന്നുവെന്നും.

'അറിവ് നൽകപ്പെട്ടിട്ടുള്ളവർ' എന്ന് പറഞ്ഞത് വേദഗ്രന്ഥങ്ങളേയും മതകാര്യങ്ങളെയും കുറിച്ച് അറിയുന്നവരെ പറ്റിയാണ്. ലൗകികമോ ശാസ്ത്രീയമോ ആയ അറിവുകൾ ആ യാഥാർത്ഥ്യം അറിയുവാൻ മതിയാകുകയില്ലല്ലോ. അങ്ങനെ അറിവ് നൽകപ്പെട്ടിട്ടുള്ളവർ നിന്റെ രക്ഷിതാവിങ്കൽ നിന്ന് നിനക്ക് ഇറക്കപ്പെട്ടിട്ടുള്ളത് തന്നെയാണ് സത്യമെന്നും പ്രതാപശാലിയും സ്തുത്യർഹനുമായ അല്ലാഹുവിന്റെ പാതയിലേക്ക് അത് മാർഗ്ഗദർശനം നൽകുന്നുവെന്നും കണ്ടറിയുന്നതാണ്. (5-ാം വചനത്തിലെ ആശയത്തെ കുറിച്ച് താഴെ 38-ാം വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നത് നോക്കുക).

**വചനം 7,8,9 :**

وَقَالَ ٱلَّذِينَ كَفَرُوا۟ هَلْ نَدُلُّكُمْ عَلَىٰ رَجُلٍ يُنَبِّئُكُمْ إِذَا مُزِّقْتُمْ كُلَّ مُمَزَّقٍ إِنَّكُمْ لَفِي خَلْقٍ جَدِيدٍ ﴿٧﴾

7 അവിശ്വസിച്ചവർ പറയുകയാണ്: ''നിങ്ങൾ എല്ലാ വിധേനയും (നശിച്ചു) ഛിന്നഭിന്നമാക്കപ്പെട്ടാൽ, (വീണ്ടും) നിങ്ങൾ ഒരു പുതിയ സൃഷ്ടിയിൽതന്നെ ആയിരിക്കുമെന്ന് നിങ്ങളോട് വർത്തമാനം അറിയിക്കുന്ന ഒരു മനുഷ്യനെക്കുറിച്ച് ഞങ്ങൾ നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ?!

أَفْتَرَىٰ عَلَى ٱللَّهِ كَذِبًا أَم بِهِۦ جِنَّةُۢ ۗ بَلِ ٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ فِى ٱلْعَذَابِ وَٱلضَّلَـٰلِ ٱلْبَعِيدِ ﴿٨﴾

8 അവൻ അല്ലാഹുവിൻെറമേൽ കളവ് കെട്ടിച്ചമയ്ക്കുകയാണോ, അതല്ല, അവന് വല്ല ഭ്രാന്തുമുണ്ടോ?!'' പക്ഷെ, പരലോകത്തിൽ വിശ്വസിക്കാത്തവർ ശിക്ഷയിലും, വിദൂരമായ വഴിപിഴവിലുമായിരിക്കും.

أَفَلَمْ يَرَوْا۟ إِلَىٰ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ ۚ إِن نَّشَأْ نَخْسِفْ بِهِمُ ٱلْأَرْضَ أَوْ نُسْقِطْ عَلَيْهِمْ كِسَفًا مِّنَ ٱلسَّمَآءِ ۚ إِنَّ فِى ذَٰلِكَ لَـَٔايَةً لِّكُلِّ عَبْدٍ مُّنِيبٍ ﴿٩﴾

9 എന്നാൽ, ആകാശത്തിൽനിന്നും, ഭൂമിയിൽ നിന്നും അവരുടെ മുന്നിലും പിന്നിലുമുള്ളതിലേക്ക് അവർ നോക്കിക്കാണുന്നില്ലേ?! നാം ഉദ്ദേശിക്കുകയാണെങ്കിൽ, നാമവരെ ഭൂമിയിൽ ആഴ്ത്തിക്കളയും; അല്ലെങ്കിൽ, ആകാശത്തു നിന്ന് അവരുടെമേൽ നാം തുണ്ടങ്ങൾ വീഴ്ത്തും. നിശ്ചയമായും (അല്ലാഹുവിലേക്ക്) മനസ്സ് മടങ്ങുന്ന എല്ലാ അടിയാന്നും അതിൽ ദൃഷ്ടാന്തമുണ്ട്.

മരണാനന്തര ജീവിതത്തെപറ്റി നബി(സ) പ്രസ്താവിക്കുന്നതിനെ പരിഹസിച്ച് കൊണ്ട് മുശ്‌രിക്കുകൾ പറയാറുള്ള ജൽപനങ്ങളാണ് വചനങ്ങളിൽ ഉദ്ധരിച്ചത്. ആയത്തുകളുടെ ആശയം സ്പഷ്ടമാണല്ലോ.

അടുത്ത വചനങ്ങളിൽ ദാവൂദ്(അ) നബിക്കും, സുലൈമാൻ(അ) നബിക്കും നൽകപ്പെട്ട ചില പ്രത്യേകാനുഗ്രഹങ്ങളെകുറിച്ച് പറയുന്നു.

## വിഭാഗം 2

**വചനം 10,11 :**

۞ وَلَقَدْ ءَاتَيْنَا دَاوُۥدَ مِنَّا فَضْلًا ۖ يَـٰجِبَالُ أَوِّبِى مَعَهُۥ وَٱلطَّيْرَ ۖ وَأَلَنَّا لَهُ ٱلْحَدِيدَ ﴿١٠﴾

10 ദാവൂദിന് നമ്മുടെ വകയായി ഒരു (പ്രത്യേക) അനുഗ്രഹം (അഥവാ ശ്രേഷ്ഠത) നാം നൽകയുണ്ടായിട്ടുണ്ട്;- അതായത്: ''ഹേ, പർവ്വതങ്ങളേ, അദ്ദേഹത്തോടൊപ്പം-പക്ഷികളുമൊന്നിച്ചു-കീർത്തനമാവർത്തിക്കുക!'' (എന്നു പറഞ്ഞു.) അദ്ദേഹത്തിന് നാം ഇരുമ്പ് മയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു;-

أَنِ ٱعْمَلْ سَـٰبِغَـٰتٍ وَقَدِّرْ فِى ٱلسَّرْدِ ۖ وَٱعْمَلُوا۟ صَـٰلِحًا ۖ إِنِّى بِمَا تَعْمَلُونَ بَصِيرٌ ﴿١١﴾

11 (നാം കൽപിച്ചു:) ''വിശാലമായവയെ (വലിയ പടയങ്കികളെ) നിർമ്മിക്കുക; (കണ്ണികൾ) മടയുന്നതിൽ തോത് കണക്കാക്കുകയും ചെയ്യുക'' എന്ന്; ''നിങ്ങൾ (എല്ലാവരും)സൽക്കർമ്മം പ്രവർത്തിക്കുകയും വേണം; നിശ്ചയമായും, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി ഞാൻ കണ്ടറിയുന്നവനാകുന്നു'' (എന്നും).

അല്ലാഹുവിന് 'തസ്ബീഹ് ' (പ്രകീർത്തനം) നടത്തുന്നതിൽ ദാവൂദ്(അ) നബിയോടൊപ്പം പങ്കെടുക്കത്തക്ക വണ്ണം മലകളെയും പക്ഷികളേയും അല്ലാഹു അദ്ദേഹത്തിന് കീഴ്പ്പെടുത്തിക്കൊടുത്തതിനെ കുറിച്ചാണ് 10-ാം വചനത്തിന്റെ പ്രാരംഭത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. (സൂ: അൻബിയാഅ് 79-ാം വചനത്തിന്റെ വിവരണം നോക്കുക)

ഇരുമ്പ് കൊണ്ടുള്ള സാധനങ്ങൾ വളരെ വേഗത്തിൽ നിർമ്മിക്കത്തക്കവണ്ണം, അല്ലാഹു ദാവൂദ്(അ) നബിക്ക് അതിനെ, മെഴുകോ പൊടിമാവോ പോലെ മൃദുവാക്കിക്കൊടുത്തു. സാധാരണ പോലെ, ഇരുമ്പ് കാച്ചി ചൂട് പിടിപ്പിച്ച് പതം വരുത്താതെ തന്നെ ഇരുമ്പ് മൃദുവായിക്കിട്ടുന്ന ആ അനുഗ്രഹം ഒരു

'മുഅ്ജിസത്ത്' (അമാനുഷിക സംഭവം) ആയിരുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. الله اعلم

ദാവൂദ്(അ) നബിക്ക് പടയങ്കി നിർമ്മാണം പഠിപ്പിച്ചതിനെ കുറിച്ചാണ് 11-ാം വചനത്തിൽ പ്രസ്താവിക്കുന്നത്. (സൂ: അൻബിയാഅ് : 80-ാം വചനം നോക്കുക) പടയങ്കി മെടഞ്ഞുണ്ടാക്കുമ്പോൾ അതിന്റെ കണ്ണികളെല്ലാം അളവുതോതും കൃത്യപ്പെടുത്തുവാനും അത് വഴി അവയ്ക്ക് ഭാരക്കുറവും കൂടുതൽ സൗകര്യവും ഉണ്ടാകുവാനും അദ്ദേഹം പഠിപ്പിക്കപ്പെട്ടു.

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് ദാവൂദ്(അ) നബിയും അദ്ദേഹത്തിന്റെ ആൾക്കാരും സൽകർമ്മങ്ങൾ വഴി, നന്ദി പ്രകടിപ്പിക്കേണ്ടതുണ്ടെന്ന് അല്ലാഹു തുടർന്ന് നിർദ്ദേശിക്കുന്നു.

**വചനം 12:**

وَلِسُلَيْمَـٰنَ ٱلرِّيحَ غُدُوُّهَا شَهْرٌ وَرَوَاحُهَا شَهْرٌ ۖ وَأَسَلْنَا لَهُۥ عَيْنَ ٱلْقِطْرِ ۖ وَمِنَ ٱلْجِنِّ مَن يَعْمَلُ بَيْنَ يَدَيْهِ بِإِذْنِ رَبِّهِۦ ۖ وَمَن يَزِغْ مِنْهُمْ عَنْ أَمْرِنَا نُذِقْهُ مِنْ عَذَابِ ٱلسَّعِيرِ ﴿١٢﴾

12 സുലൈമാന്നു കാറ്റിനെയും (കീഴ്പെടുത്തിക്കൊടുത്തു); അതിൻെറ കാലത്തെപോക്ക് ഒരു മാസ(ത്തെ ദൂര) വും, അതിൻെറ വൈകുന്നേരത്തെ വരവ് ഒരു മാസ (ത്തെ ദൂര) വും ആകുന്നു. അദ്ദേഹത്തിന് നാം ചെമ്പുദ്രാവകത്തിൻെറ ഉറവ് ഒഴുക്കിക്കൊടുക്കുകയും ചെയ്തു. തൻെറ റബ്ബിൻെറ ഉത്തരവനുസരിച്ച് അദ്ദേഹത്തിൻെറ മുമ്പിൽവെച്ച് പ്രവൃത്തിയെടുക്കുന്നവർ ജിന്നുകളിൽ പെട്ടവരും ഉണ്ടായിരുന്നു. അവരിൽ (ജിന്നുകളിൽ) നിന്ന് ആരെങ്കിലും നമ്മുടെ കൽപനവിട്ട് തെറ്റിപ്പോകുന്ന പക്ഷം, നാം അവന് ജ്വലിക്കുന്ന അഗ്നിയുടെ ശിക്ഷയിൽ നിന്നും ആസ്വദിപ്പിക്കുന്നതാകുന്നു.

രാവിലെ മുതൽ ഉച്ചവരേ സമയം കൊണ്ട് ഒരു മാസത്തെ സാധാരണ യാത്രാദൂരവും, ഉച്ചക്ക് ശേഷം രാത്രി വരേ സമയം കൊണ്ട് ഒരു മാസത്തെ യാത്രാ ദൂരവും സഞ്ചരിക്കുവാൻ അല്ലാഹു സുലൈമാൻ(അ) നബിക്ക് ഒരു പ്രത്യേക കാറ്റിന്റെ സഹായം പ്രദാനം ചെയ്തിരുന്നു. (സൂ: അൻബിയാഅ് 81-ാം വചനം നോക്കുക) പ്രസ്തുത കാറ്റിന്റെ സഹായത്താൽ രാവിലെ തലസ്ഥാനമായ ദിമിശ്ഖിൽ-(ഡമാസ്കസിൽ) നിന്നു പുറപ്പെട്ടു ഉച്ചയാകുമ്പോഴേക്ക് ഇസ്തഖ്റിലും, അവിടെ നിന്ന് രാത്രിയാകുമ്പോഴേക്ക് കാബൂളിലും അദ്ദേഹം എത്തുമായിരുന്നു.

ധാരാളം ചെമ്പ് ലഭിക്കുന്ന ഖനികൾ അല്ലാഹു സുലൈമാൻ(അ) നബിക്ക് അധീനപ്പെടുത്തി കൊടുക്കുകയും, ഉറവ് ജലം പോലെ ഉദ്ദേശാനുസരണം അവ ഉപയോഗപ്പെടുത്തുവാൻ സൗകര്യം നൽകുകയും ചെയ്തു. പല വിധ ജോലികൾ നിർവ്വഹിക്കുന്നതിനായി (അടുത്ത വചനം കാണുക). ജിന്നുകളെ അദ്ദേഹത്തിന് കീഴ്പ്പെടുത്തി കൊടുത്തിരുന്നു. അസാധാരണമായ ഒരു സംഭവമെന്ന നിലക്കാണ്, "തന്റെ റബ്ബിന്റെ ഉത്തരവനുസരിച്ച് പ്രവർത്തിക്കുന്നവർ" എന്ന് ഇതിനെ പറ്റി പ്രത്യേകം പ്രസ്താവിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ മുമ്പിൽ പ്രവർത്തിയെടുക്കുന്ന ജിന്നുകളിൽ പെട്ട ആരെങ്കിലും റബ്ബിന്റെ കൽപന വിട്ട് തെറ്റിപ്പോകുന്ന പക്ഷം, അവർക്ക് ജ്വലിക്കുന്ന അഗ്നിയിൽ നിന്നും ശിക്ഷ ആസ്വദിപ്പിക്കുന്നതാണെന്ന് അല്ലാഹു താക്കീത് നൽകുകയും ചെയ്തിരിക്കുന്നു.

സുലൈമാൻ(അ) നബിയുടെ പട്ടാളത്തിൽ ജിന്ന് വിഭാഗം ഉണ്ടായിരുന്നതായി സൂ:നംല് 17-ാം വചനത്തിലും അദ്ദേഹത്തിന് വേണ്ടി സമുദ്രത്തിൽ മുങ്ങുകയും മറ്റും ചെയ്തിരുന്ന പിശാചുക്കൾ ഉണ്ടായിരുന്നതായി സൂ: അമ്പിയാഅ് 82ലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

**വചനം 13 :**

يَعْمَلُونَ لَهُۥ مَا يَشَآءُ مِن مَّحَـٰرِيبَ

13 അദ്ദേഹത്തിനുവേണ്ടി മണ്ഡപങ്ങൾ (അഥവാ കൂറ്റൻ കെട്ടിടങ്ങൾ), പ്രതിമകൾ, ജലാശയങ്ങളെ

وَتَمَٰثِيلَ وَجِفَانٍ كَٱلْجَوَابِ وَقُدُورٍ رَّاسِيَٰتٍ ۚ ٱعْمَلُوٓا۟ ءَالَ دَاوُۥدَ شُكْرًا ۚ وَقَلِيلٌ مِّنْ عِبَادِىَ ٱلشَّكُورُ ﴿١٣﴾

പ്പോലുള്ള (വമ്പിച്ച) തൊട്ടിപ്പാത്രങ്ങൾ, (ഇളകാതെ) ഉറച്ചുനിൽക്കുന്ന കിടാരങ്ങൾ മുതലായി അദ്ദേഹം ഉദ്ദേശിക്കുന്നത് അവർ പണിത് കൊടുത്തിരുന്നു. (നാം പറഞ്ഞു:) ''നിങ്ങൾ- ദാവൂദിൻെറ കുടുംബമേ- നന്ദിയായി പ്രവർത്തിക്കുവിൻ!'' എൻെറ അടിയാൻമാരിൽ നിന്ന് നന്ദിയുള്ളവർ കുറവാകുന്നു.

ജിന്നുകൾ, സുലൈമാൻ(അ) നബിക്ക് വേണ്ടി അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം രാജകീയവും ഭരണപരവുമായ ഉദ്ദേശ്യങ്ങൾക്കനുയോജ്യമായ വിധത്തിലുള്ള ഉന്നത സൗധങ്ങൾ, വമ്പിച്ച പ്രാർത്ഥനാ മണ്ഡപങ്ങൾ, മിഹ്റാബുകൾ എന്നിവയും സിംഹാസനങ്ങൾ, കൊട്ടാരങ്ങൾ, ഗോപുരങ്ങൾ എന്നിവയിൽ രാജകീയ പ്രൗഢി അങ്കുരിപ്പിക്കുന്ന വിധത്തിൽ സിംഹം, ആന എന്നിവയുടെ പ്രതിമകൾ, മുതലായവയും നിർമ്മിച്ച് നൽകിയിരുന്നു. കൂടാതെ, കുളം, 'ഹൗള്' മുതലായ വലിയ തൊട്ടിപ്പാത്രങ്ങളും കാലുകളിലോ മറ്റോ ഭൂമിയിൽ ഉറപ്പിച്ച് വെച്ച വമ്പിച്ച കിടാരങ്ങളും (പാചക പാത്രങ്ങൾ) അവർ നിർമ്മിച്ചു.

ഇങ്ങിനെയുള്ള അതിമഹത്തായ അനുഗ്രഹങ്ങൾ നൽകപ്പെട്ടിരിക്കുന്നതിന്റെ പേരിൽ എപ്പോഴും അല്ലാഹുവിനോട് നന്ദിയുള്ളവരാകണമെന്നും, നന്ദിയുടെ അടയാളങ്ങൾ പ്രവർത്തനം മുഖേന പ്രകടിപ്പിക്കണമെന്നും അല്ലാഹു, 'ദാവൂദിന്റെ കുടുംബമേ' എന്ന് അഭിസംബോധന ചെയ്ത്കൊണ്ട് ദാവൂദ്(അ) നബിയുടെ മകനായ സുലൈമാൻ(അ) നബിയെയും അദ്ദേഹത്തിന്റെ ജനതയെയും ഓർമ്മിപ്പിക്കുന്നു. നബിമാരോടുള്ള ഇത്തരം കൽപനകൾ നബിമാരുടെ സമുദായക്കാരായ നാമും പ്രത്യേകം ഗൗനിക്കേണ്ടതുണ്ട്.

നബി(സ) മിമ്പറിൽ കയറി ഈ വചനം ഓതിക്കൊണ്ട് ഇപ്രകാരം പറയുകയുണ്ടായി.

"മൂന്ന് ഗുണങ്ങൾ-തൃപ്തിയിലും കോപത്തിലും നീതി പാലനം; ദാരിദ്ര്യത്തിലും ധനത്തിലും മിതത്വ പാലനം; രഹസ്യത്തിലും പരസ്യത്തിലും അല്ലാഹുവിനെ ഭയം- ആർക്ക് നൽകപ്പെട്ടിട്ടുണ്ടോ അവന് ദാവൂദ്(അ)ന്റെ കുടുംബത്തിന് നൽകപ്പെട്ടത് പോലെയുള്ളത് നൽകപ്പെട്ടിരിക്കുന്നു." ഈ മൂന്ന് ഗുണം ഒരാളിൽ ഉണ്ടായാൽ അയാൾ ദാവൂദ്(അ)ന്റെ കുടുംബത്തെ പോലെ നന്ദിയുള്ളവനായിത്തീരുമെന്ന് സാരം.

നബി(സ) ഇപ്രകാരം പറഞ്ഞതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. : "സുന്നത്തായ നമസ്കാരങ്ങളിൽ വെച്ച് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത് ദാവൂദ് നബിയുടെ നമസ്കാരമാകുന്നു. അദ്ദേഹം രാത്രിയുടെ പകുതി ഭാഗം ഉറങ്ങുകയും മൂന്നിലൊരു ഭാഗം നമസ്കരിക്കുകയും, വീണ്ടും ആറിലൊരു ഭാഗം ഉറങ്ങുകയും ചെയ്തിരുന്നു. സുന്നത്ത് നോമ്പിൽ വെച്ച് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത് ദാവൂദ് നബിയുടെ നോമ്പുമാകുന്നു. അദ്ദേഹം ഒരു ദിവസം നോമ്പ് പിടിക്കുകയും ഒരു ദിവസം നോമ്പ് വിടുകയും ചെയ്തിരുന്നു." (ബു:മു) "അല്ലാഹുവിന്റെ പ്രവാചകനായ ദാവൂദ്(അ) അദ്ദേഹത്തിന്റെ കൈകളുടെ പ്രവർത്തനം കൊണ്ടായിരുന്നു ഉപജീവനം കഴിച്ചിരുന്നത്" എന്നും നബി(സ) തിരുമേനി അരുളുകയുണ്ടായി.

അല്ലാഹു ദാവൂദ്(അ) നബിക്കും കുടുംബത്തിനും നൽകിയ രാജകീയ പ്രതാപങ്ങളും അനുഗ്രഹങ്ങളും ഒന്നും തന്നെ സൽകർമ്മം ചെയ്യുന്നതിനോ, അല്ലാഹുവിന് നന്ദിചെയ്യുന്നതിനോ അവർക്ക് തടസ്സമായിരുന്നില്ലെന്ന്, ഇതിൽ നിന്നെല്ലാം സ്പഷ്ടമാണല്ലോ.

**വചനം 14 :**

فَلَمَّا قَضَيْنَا عَلَيْهِ ٱلْمَوْتَ مَا دَلَّهُمْ عَلَىٰ مَوْتِهِۦٓ إِلَّا دَآبَّةُ ٱلْأَرْضِ تَأْكُلُ مِنسَأَتَهُۥ ۖ فَلَمَّا خَرَّ تَبَيَّنَتِ ٱلْجِنُّ أَن لَّوْ

14 അങ്ങനെ, അദ്ദേഹത്തിൻെറമേൽ നാം മരണം വിധിച്ചപ്പോൾ, അദ്ദേഹത്തിൻെറ മരണത്തെക്കുറിച്ച് അദ്ദേഹത്തിൻെറ വടി തിന്നു (നശിപ്പിച്ചു) കൊണ്ടിരുന്ന ചിതൽ ജീവിയല്ലാതെ (മറ്റാരും) അവർക്ക് അറിവ് നൽകുകയുണ്ടായില്ല. എന്നിട്ട് അദ്ദേഹം (മരണശേഷം) നിലംപതിച്ചപ്പോൾ

كَانُوا۟ يَعْلَمُونَ ٱلْغَيْبَ مَا لَبِثُوا۟ فِى ٱلْعَذَابِ ٱلْمُهِينِ ﴿١٤﴾

ജിന്നുകൾക്ക് വ്യക്തമായി: തങ്ങൾ അദൃശ്യ കാര്യം അറിയുമായിരുന്നുവെങ്കിൽ, തങ്ങൾ (ഈ) നിന്ദ്യമായ ശിക്ഷയിൽ (ദുരിതത്തിൽ) കഴിഞ്ഞുകൂടേണ്ടിവരുമായിരുന്നില്ല എന്ന്.

പതിവുപ്രകാരം സുലൈമാൻ നബി(അ) തന്റെ വടി ഊന്നിപിടിച്ച് കൊണ്ട് ആരാധനയിലോ മറ്റോ ആയിരിക്കെ, അദ്ദേഹത്തിന്റെ ആയുഷ്കാലത്തിന് അല്ലാഹു വിരാമമിട്ടു. കുറേ കഴിഞ്ഞ് അദ്ദേഹത്തിന്റെ ഊന്ന് വടിക്ക് ചിതൽ ബാധിച്ചു. ആ വടിയുടെ നില തെറ്റുകയും അദ്ദേഹം നിലം പതിക്കുകയും ചെയ്ത സന്ദർഭത്തിലാണ് അദ്ദേഹം മരണപ്പെട്ട വിവരം മറ്റുള്ളവർ അറിഞ്ഞത്. അദ്ദേഹം മരണപ്പെട്ടതിനും നിലം പതിച്ചതിനുമിടയിൽ ഏതാനും ദിവസങ്ങളെങ്കിലും കഴിഞ്ഞിട്ടുണ്ടാകുമെന്നാണ് മനസ്സിലാക്കേണ്ടത്- "തങ്ങൾക്ക് അദൃശ്യകാര്യം അറിയാമായിരുന്നെങ്കിൽ തങ്ങൾ (ഈ) നിന്ദ്യമായ ശിക്ഷയിൽ (ദുരിതത്തിൽ) കഴിഞ്ഞ് കൂടേണ്ടി വരുമായിരുന്നില്ല" എന്ന് ജിന്നുകൾ പറഞ്ഞതിൽ നിന്നും, അത്തരമൊരു സൂചനയാണ് ലഭിക്കുന്നത്. സുലൈമാൻ നബി(അ)യുടെ മരണവിവരം നേരത്തേ തന്നെ അറിഞ്ഞിരുന്നെങ്കിൽ ആ നിമിഷത്തിൽ തന്നെ തങ്ങൾ നിർബന്ധിത കൽപനക്ക് വഴങ്ങി ചെയ്ത് കൊണ്ടിരുന്ന ശ്രമകരമായ ഈ ജോലികളിൽ നിന്ന് ഒഴിഞ്ഞ് പോയി രക്ഷപ്പെടാമായിരുന്നു എന്നവർ ആഗ്രഹിച്ച് പോയി.

ഈ സൂറത്തിന് 'സബഉ്'എന്ന പേരുവരാൻ കാരണമായ 'സബഉ്'ഗോത്രത്തിന്റെ കഥയാണ് അടുത്ത വചനം മുതൽ വിവരിക്കുന്നത്. 'സബഉ്'കാരും സുലൈമാൻ(അ) നബിയും തമ്മിൽ ചില ബന്ധങ്ങൾ ഉണ്ടായിരുന്നത് സൂ: 'നംലി'ൽ (വചനം 22-44) പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

**<u>വചനം 15,16,17:</u>**

لَقَدْ كَانَ لِسَبَإٍ فِى مَسْكَنِهِمْ ءَايَةٌ ۖ جَنَّتَانِ عَن يَمِينٍ وَشِمَالٍ ۖ كُلُوا۟ مِن رِّزْقِ رَبِّكُمْ وَٱشْكُرُوا۟ لَهُۥ ۚ بَلْدَةٌ طَيِّبَةٌ وَرَبٌّ غَفُورٌ ﴿١٥﴾

15 'സബഉ' ഗോത്രത്തിന് അവരുടെ വാസസ്ഥലത്ത് ഒരു ദൃഷ്ടാന്തം ഉണ്ടായിട്ടുണ്ടായിരുന്നു. അതായത്: വലഭാഗത്തും, ഇടഭാഗത്തുമായി രണ്ടു തോട്ടങ്ങൾ! (നാം പറഞ്ഞിരുന്നു: "നിങ്ങളുടെ റബ്ബിൻെറ (പക്കൽനിന്നുള്ള) ആഹാരത്തിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുവിൻ; അവന് നന്ദി ചെയ്യുകയും ചെയ്യുവിൻ. (നല്ല) ശുദ്ധമായ ഒരു രാജ്യം! വളരെ പൊറുക്കുന്നവനായ ഒരു റബ്ബും!!".

فَأَعْرَضُوا۟ فَأَرْسَلْنَا عَلَيْهِمْ سَيْلَ ٱلْعَرِمِ وَبَدَّلْنَٰهُم بِجَنَّتَيْهِمْ جَنَّتَيْنِ ذَوَاتَىْ أُكُلٍ خَمْطٍ وَأَثْلٍ وَشَىْءٍ مِّن سِدْرٍ قَلِيلٍ ﴿١٦﴾

16 എന്നിട്ട് അവർ (നന്ദികെട്ടവരായി) തിരിഞ്ഞുകളഞ്ഞു. അപ്പോൾ, അവരുടെമേൽ നാം അണക്കെട്ടിൻെറ ജലപ്രവാഹത്തെ അയച്ചു. അവരുടെ (ആ) രണ്ടു തോട്ടങ്ങൾക്ക് പകരം തിന്നാൻ പറ്റാത്ത (കൈപ്പുള്ള) ഫലങ്ങളും, 'അഥ്ൽ' വൃക്ഷവും, അല്പം 'സിദ്റ്' വർഗ്ഗത്തിൽ പെട്ട ചിലതും ഉള്ള രണ്ടുതോട്ടങ്ങളെ അവർക്ക് നാം മാറ്റിക്കൊടുക്കുകയും ചെയ്തു.

ذَٰلِكَ جَزَيْنَٰهُم بِمَا كَفَرُوا۟ ۖ وَهَلْ نُجَٰزِىٓ إِلَّا ٱلْكَفُورَ ﴿١٧﴾

17 അത് അവർ (അവിശ്വസിച്ച്) നന്ദികേട് കാണിച്ചതുനിമിത്തം നാമവർക്ക് പ്രതിഫലം നൽകിയതാണ്. നന്ദികെട്ടവരോടല്ലാതെ നാം (ഇത്തരം) പ്രതിഫലനടപടി എടുക്കുമോ?!.

'യമൻ'രാജ്യത്തെ ഭരണാധികാരിയായിരുന്ന ബഹ്ത്വാൻ ന്റെ പൗത്രനായിരുന്ന 'സബഉ്' എന്ന ഭരണാധികാരിയുടെ വംശപരമ്പര പിന്നീട് 'സബഉ്' ഗോത്രം എന്ന പേരിൽ അറിയപ്പെട്ടു. സബഉ് സാമ്രാജ്യം ഭരിച്ചിരുന്ന 'തുബ്ബഅ്' രാജവംശത്തിൽപ്പെട്ട പ്രതാപിയായ ഒരു രാജ്ഞിയായിരുന്നു ബിൽഖീസ് റാണി എന്നവർ.

തുബ്ബഅ് വംശത്തിന്റെ ഭരണകാലത്ത് നിർമ്മിക്കപ്പെട്ട ഒരു പടുകൂറ്റൻ അണക്കെട്ടിൽ നിന്ന് ആ നാട്ടിലുണ്ടായിരുന്ന വിശാലമായ രണ്ട് തോട്ടങ്ങൾക്ക് വെള്ളം സുലഭമായി ലഭിച്ചിരുന്നതിനാൽ നാട്ടുകാർക്ക്, ക്ഷേമൈശ്വര്യത്തോടെ കഴിഞ്ഞ് കൂടുവാൻ, അത് ധാരാളം മതിയായിരുന്നു. എന്നാൽ ക്രമേണ നാട്ടുകാർ ദുർനടപ്പുകാരും അല്ലാഹുവിനോട് നന്ദിയില്ലാത്തവരുമായിത്തീർന്നു. ഈ അവസരത്തിൽ അല്ലാഹു അവർക്ക് വമ്പിച്ച ശിക്ഷ നൽകുകയുണ്ടായി. ആ അണക്കെട്ട് പൊട്ടിത്തകരുകയും, വമ്പിച്ച ജല പ്രവാഹത്തിൽ തോട്ടങ്ങൾ നശിക്കുകയും, വാസസ്ഥലങ്ങൾ താറുമാറാകുകയും ചെയ്തു. ഇരുഭാഗത്തും ഉപയോഗശൂന്യമായതും ഉപജീവനയോഗ്യമല്ലാത്തതുമായ വൃക്ഷങ്ങളും ചെടികളും മാത്രം അവശേഷിച്ചു- 'അഥ്ൽ' വൃക്ഷവും 'സിദ്ർ' വർഗ്ഗത്തിൽപ്പെട്ട ഇലന്തമരങ്ങളും മാത്രം.

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ആസ്വദിച്ച് സുഖമായി ജീവിച്ച് കൊണ്ടിരിക്കുന്നതോടൊപ്പം, അവന് നന്ദി പ്രകടിപ്പിക്കുന്നതിന് പകരം, അവനെ ധിക്കരിക്കുന്ന എല്ലാ ജനങ്ങളും, ഏത് കാലത്തും പ്രദേശത്തുള്ളവരും, ഇത്തരം ശിക്ഷകൾ, അല്ലാഹുവിന്റെ ഭാഗത്ത് നിന്നുണ്ടാകുന്നതിനെ പറ്റി ഭയപ്പെടേണ്ടതാണ്. അത്തരം ദൃഷ്ടാന്തങ്ങളിൽ നിന്ന് പാഠം ഉൾക്കൊള്ളാതെ അതെല്ലാം പ്രകൃതി കോപമോ യാദൃശ്ചിക സംഭവമോ ആയിത്തള്ളുന്ന അവിവേകിയായ മനുഷ്യൻ, അല്ലാഹു പറഞ്ഞത് പോലെ സ്വഭാവേന 'അക്രമകാരിയും അറിവ് കെട്ടവനും' (സൂ:അഹ്സാബ് 73) ആണല്ലോ.

**വചനം 18,19 :**

وَجَعَلْنَا بَيْنَهُمْ وَبَيْنَ ٱلْقُرَى ٱلَّتِى بَٰرَكْنَا فِيهَا قُرًى ظَٰهِرَةً وَقَدَّرْنَا فِيهَا ٱلسَّيْرَ ۖ سِيرُوا۟ فِيهَا لَيَالِىَ وَأَيَّامًا ءَامِنِينَ ﴿١٨﴾

18 അവരുടെ (സബഉഗോത്രത്തിൻെറ)യും, നാം അഭിവൃദ്ധി നൽകിയിട്ടുള്ള രാജ്യങ്ങളുടെയും ഇടയിൽ പ്രത്യക്ഷമായ പല രാജ്യങ്ങളെയും നാം ഉണ്ടാക്കി; അവയിലൂടെ സഞ്ചാരത്തിന് നാം തോത് കണക്കാക്കുകയും ചെയ്തു. (നാം പറഞ്ഞു:) "അവയിൽകൂടി നിങ്ങൾ രാവും പകലും നിർഭയരായിക്കൊണ്ട് സഞ്ചരിച്ചു കൊള്ളുവിൻ!".

فَقَالُوا۟ رَبَّنَا بَٰعِدْ بَيْنَ أَسْفَارِنَا وَظَلَمُوٓا۟ أَنفُسَهُمْ فَجَعَلْنَٰهُمْ أَحَادِيثَ وَمَزَّقْنَٰهُمْ كُلَّ مُمَزَّقٍ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّكُلِّ صَبَّارٍ شَكُورٍ ﴿١٩﴾

19 എന്നാൽ, അവർ പറഞ്ഞു: "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ യാത്രകൾക്കിടയിൽ നീ ദൂരമേർപ്പെടുത്തിത്തരേണമേ!" അവർ തങ്ങളോടുതന്നെ അക്രമം പ്രവർത്തിക്കുകയുംചെയ്തു. അതിനാൽ, നാം അവരെ(പഴക്കം ചെന്ന) വർത്തമാനങ്ങളാക്കിത്തീർക്കുകയും, എല്ലാ വിധേനയും അവരെ (നശിപ്പിച്ച്) ഛിന്നഭിന്നമാക്കുകയും ചെയ്തു. നിശ്ചയമായും, അതിൽ നന്ദികാണിക്കുന്ന ക്ഷമാശീലരായ എല്ലാവർക്കും പല ദൃഷ്ടാന്തങ്ങളുമുണ്ട്.

"നാം അഭിവൃദ്ധി നൽകിയ രാജ്യങ്ങൾ" എന്ന് പറഞ്ഞത് ശാം(സിരിയാ) രാജ്യങ്ങളെ കുറിച്ചാണെന്നാണ് പണ്ഡിതമതം. സബഉ് ജനതക്ക് ശാം വരെയുള്ള അവരുടെ യാത്രാമാർഗ്ഗത്തിൽ നിർഭയരായി രാവും പകലും വിശ്രമിക്കുവാനും ആഹാരം കഴിക്കുവാനും വേണ്ടുന്ന സൗകര്യങ്ങളോടു കൂടിയ ജനവാസ കേന്ദ്രങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഉണ്ടായി. സബഉ് ജനത ഈജിപ്ത്, സിരിയാ മുതലായ മദ്ധ്യ ധരണ്യാഴി പ്രദേശങ്ങളുമായും യൂഫ്രട്ടീസ്, ടൈഗ്രീസ് എന്നീ നദീതീര പ്രദേശങ്ങളുമായും കച്ചവട ബന്ധവും മറ്റും ഉണ്ടായിരുന്നതായി ചരിത്രങ്ങളിലുണ്ട്.

എന്നാൽ മേൽകാണിച്ച അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുന്നതിന് പകരം അവർ ക്രമേണ നന്ദികേട് കാണിക്കുകയാണുണ്ടായത്. യാത്രാ മദ്ധ്യേ അടുത്തടുത്ത രാജ്യങ്ങളും ജനങ്ങളും ഉള്ളത് കൊണ്ട് യാത്രയുടെ രസം അനുഭവപ്പെടുന്നില്ല; സാധുക്കൾക്കും പ്രമാണിമാർക്കും യാത്രാ സൗകര്യം ഒരുപോലെയാണ്; വലിയ യാത്രാ സംഘങ്ങളെ സംഘടിപ്പിച്ച് ആഘോഷത്തോടും ആർഭാടത്തോടും കൂടി

യാത്ര നടത്തുവാൻ ഇതൊരു തടസ്സമാകുന്നു- എന്നിങ്ങനെയായിരുന്നു ധിക്കാരപരവും അഹങ്കാരം നിറഞ്ഞതുമായ അവരുടെ നിലപാടുകൾ. അങ്ങനെ തങ്ങളോട് തന്നെ അക്രമം ചെയ്ത അവരെ അല്ലാഹു നാനാ വിധേന ഛിന്നഭിന്നമാക്കി. കുറേഭാഗം നശിച്ച് പോയി. പലരും ദൂരപ്രദേശങ്ങളിൽ അലഞ്ഞ് തിരിയേണ്ടി വന്നു. - ജഫ്ന: എന്ന വിഭാഗം ശാമിലും ഔസും ഖസ്റജും മദീനായിലും, അസ്ദ് വിഭാഗം സറാത്തിലും, മറ്റൊരു വിഭാഗം ഉമ്മാനിലും താമസമുറപ്പിച്ചു. "സബഉ് ഗോത്രക്കാരെപ്പോലെ ചിന്നിച്ചിതറി" എന്നൊരു ഉപമാ വാക്യം അറബികൾക്കിടയിൽ ഇന്നും പ്രചാരത്തിലുണ്ട്.

ആപത്തുകളിലും വിഷമങ്ങളിലും ക്ഷമയും സഹനവും കൈകൊള്ളുകയും സുഖത്തിലും സന്തോഷത്തിലും നന്ദികാണിക്കുകയും ചെയ്യുന്നവർക്ക് ഇതിലെല്ലാം ധാരാളം ദൃഷ്ടാന്തവും പാഠവും പഠിക്കുവാനുണ്ട്.

**വചനം 20,21 :**

وَلَقَدْ صَدَّقَ عَلَيْهِمْ إِبْلِيسُ ظَنَّهُۥ فَٱتَّبَعُوهُ إِلَّا فَرِيقًا مِّنَ ٱلْمُؤْمِنِينَ ﴿٢٠﴾

20 തീർച്ചയായും, ഇബ്ലീസ് തൻെറ ധാരണ അവരിൽ സത്യമാക്കുകയുണ്ടായി. അങ്ങനെ - സത്യവിശ്വാസികളിൽനിന്ന് ഒരു വിഭാഗം ഒഴിച്ച്-അവർ (മുഴുവനും) അവനെ പിൻപറ്റി.

وَمَا كَانَ لَهُۥ عَلَيْهِم مِّن سُلْطَٰنٍ إِلَّا لِنَعْلَمَ مَن يُؤْمِنُ بِٱلْءَاخِرَةِ مِمَّنْ هُوَ مِنْهَا فِى شَكٍّ ۗ وَرَبُّكَ عَلَىٰ كُلِّ شَىْءٍ حَفِيظٌ ﴿٢١﴾

21 അവന് അവരുടെമേൽ യാതൊരു അധികാര ശക്തിയും ഉണ്ടായിരുന്നില്ല; പക്ഷെ, പരലോകത്തെക്കുറിച്ച് സംശയത്തിൽ സ്ഥിതിചെയ്യുന്നവരിൽനിന്ന് അതിൽ വിശ്വസിക്കുന്നവരെ നമുക്ക് (വേർതിരിച്ച്) അറിയുവാൻ വേണ്ടിയാകുന്നു (അതുണ്ടായത്). നിൻെറ റബ്ബ് എല്ലാ വസ്തുവിൻെറമേലും സൂക്ഷ്മവീക്ഷണം ചെയ്യുന്നവനാണ്.

നിഷ്കളങ്കരല്ലാത്ത ആളുകളെ താൻ വഴി പിഴപ്പിക്കുമെന്ന് ഇബ്ലീസ് ശപഥം ചെയ്തിട്ടുള്ള വിവരം ഖുർആൻ പലയിടത്തും ഉണർത്തിയിട്ടുള്ളതാണല്ലോ. അവന്റെ ധാരണയും ആഗ്രഹവും ഒന്നും നിഷ്കളങ്കരായ സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം നടപ്പാകുന്നതല്ല. അങ്ങനെയല്ലാത്തവരെ നിർബന്ധിച്ച് വഴിപിഴപ്പിക്കുവാനുള്ള അധികാര ശക്തി ഇബ്ലീസിന്നില്ലെങ്കിലും അവർ അവനെ നേതാവാക്കി പിൻപറ്റുകയും അവന്റെ കെണിയിലകപ്പെടുകയും ചെയ്യും. ഇതാണ് സബഉ് ഗോത്രക്കാരിലും സംഭവിച്ചത്. ഇങ്ങനെ ഇബ്ലീസിന് അഭിമാനിക്കുവാൻ അവസരം ലഭിക്കുന്നതിന്റെ രഹസ്യം യഥാർത്ഥ സത്യവിശ്വാസികളെയും അല്ലാത്തവരേയും വേർതിരിച്ചറിയുക എന്നുള്ളതാകുന്നു.

## വിഭാഗം - 3

**വചനം 22,23 :**

قُلِ ٱدْعُوا۟ ٱلَّذِينَ زَعَمْتُم مِّن دُونِ ٱللَّهِ ۖ لَا يَمْلِكُونَ مِثْقَالَ ذَرَّةٍ فِى ٱلسَّمَٰوَٰتِ وَلَا فِى ٱلْأَرْضِ وَمَا لَهُمْ فِيهِمَا مِن شِرْكٍ وَمَا لَهُۥ مِنْهُم مِّن ظَهِيرٍ ﴿٢٢﴾

22 (നബിയേ) പറയുക: അല്ലാഹുവിനു പുറമെ നിങ്ങൾ (ആരാധ്യരായി) ജൽപിക്കുന്നവരെ നിങ്ങൾ വിളിച്ചു (പ്രാർത്ഥിച്ചു) കൊള്ളുക; ആകാശങ്ങളിലാകട്ടെ, ഭൂമിയിലാകട്ടെ, ഒരു അണുത്തൂക്കവും അവർ അധീനമാക്കുന്നില്ല; അവ രണ്ടിലും അവർക്ക് യാതൊരു പങ്കും ഇല്ല; അവരിൽനിന്ന് അവന് (അല്ലാഹുവിന്) യാതൊരു പിന്തുണക്കാരനും ഇല്ല.

وَلَا تَنفَعُ ٱلشَّفَٰعَةُ عِندَهُۥٓ إِلَّا لِمَنْ

23 അവൻ സമ്മതം നൽകിയവർക്കല്ലാതെ അവന്റെ അടുക്കൽ ശുപാർശ ഫലപ്പെടുന്നതുമല്ല.

أَذِنَ لَهُۥ ۚ حَتَّىٰٓ إِذَا فُزِّعَ عَن قُلُوبِهِمْ قَالُوا۟ مَاذَا قَالَ رَبُّكُمْ ۖ قَالُوا۟ ٱلْحَقَّ ۖ وَهُوَ ٱلْعَلِىُّ ٱلْكَبِيرُ ﴿٢٣﴾

അങ്ങനെ, അവരുടെ ഹൃദയങ്ങളിൽ നിന്ന് പരിഭ്രമം നീങ്ങുമ്പോൾ അവർ (തമ്മിൽ) പറയും: "നിങ്ങളുടെ റബ്ബ് എന്താണ് പറഞ്ഞത്!" അവർ (മറുപടി) പറയും: "ന്യായമായുള്ളതുതന്നെ. അവൻ വലിയ (മഹാനായ) ഉന്നതനത്രെ!".

ആകാശഭൂമികളുടെ സ്രഷ്ടാവ് അല്ലാഹുവാണെങ്കിലും, കൈകാര്യങ്ങൾ നടത്തുന്നത് ചില മഹാത്മാക്കളാണെന്ന് ചിലർ; ജനനം, മരണം, സുഖം, ദു:ഖം ആദിയായവയിൽ ചില മഹാത്മാക്കൾക്കും, ദേവീദേവന്മാർക്കും പങ്കുണ്ടെന്ന് മറ്റ് ചിലർ; എല്ലാം അല്ലാഹുവിന്റെ അധികാര പരിധിയിൽപ്പെട്ടതാണെങ്കിലും അവന്റെ മുമ്പിൽ ശുപാർശ നടത്തി ഉദ്ദേശ്യം സാധിപ്പിച്ച് കിട്ടാൻ, പല മഹാത്മാക്കൾക്കും (ജീവിച്ചിരിക്കുന്നവരും, മരിച്ചവരുമായ) ആരാധ്യവസ്തുക്കൾക്കും കഴിയുമെന്ന് വേറെ ചിലർ - ഇങ്ങനെ പല തരത്തിലുള്ള ശിർക്കുകളും വച്ച് പുലർത്തുന്ന ആൾക്കാർ ചില മുസ്ലീം നാമധാരികളിലും, അവരുടെ പണ്ഡിത വേഷധാരികളിലും കാണാം. ഇവർക്കെല്ലാമുള്ള ഖണ്ഡനം ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നു.

വലിയവരുടെ മുമ്പിൽ ശുപാർശയും സ്വാധീനവും ചെലുത്തി ഐഹിക കാര്യങ്ങൾ സാധിപ്പിക്കുന്നത് പോലെ അല്ലാഹുവിങ്കൽ ഈ മഹാത്മാക്കളെ കൊണ്ട് എങ്ങനെയെങ്കിലും സ്വാധീനിക്കാമെന്ന് ആ മൂഢന്മാർ കരുതുന്നു. എന്നാൽ അല്ലാഹു ആർക്ക് സമ്മതം നൽകിയോ (നബിമാർ, മലക്കുകൾ മുതലായവർ) ആർക്ക് വേണ്ടി സമ്മതം നൽകിയോ (സത്യവിശ്വാസികൾ) അവർക്ക് മാത്രമേ ശുപാർശ ചെയ്യുവാനും ശുപാർശ ചെയ്യപ്പെടുവാനും സാധ്യമാകൂ എന്ന് അല്ലാഹു സ്പഷ്ടമായി പ്രസ്താവിച്ചിട്ടുള്ളതാകുന്നു. താഴെ കാണുന്ന വചനങ്ങൾ ശ്രദ്ധിക്കുക.

"അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെ അടുക്കൽ ശുപാർശ ചെയ്യുന്നവൻ ആരുണ്ട്" - സൂ: അൽബഖറ 255-ആയത്തുൽ കുർസിയ്യ്.

"റൂഹും' മലക്കുകളും അണിയായി നിൽക്കുന്ന ആ ദിവസം പരമകാരുണികൻ ആർക്ക് സമ്മതം നൽകുകയും, താൻ നേരായത് പറയുകയും ചെയ്തിരിക്കുന്നവോ അവനല്ലാതെ സംസാരിക്കുകയില്ല" - സൂ:നബഉ് : 38

"ആകാശത്തിൽ എത്രയോ മലക്കുകളുണ്ട് -അല്ലാഹു ഉദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്ക് വേണ്ടി, അവൻ സമ്മതം കൊടുത്തതിന് ശേഷമല്ലാതെ-അവരുടെ ശുപാർശ ഒട്ടും ഫലപ്പെടുകയില്ല." സൂ:നജ്മ് : 26

"അവൻ (അല്ലാഹു) തൃപ്തിപ്പെട്ടവർക്കല്ലാതെ അവർ (മലക്കുകൾ) ശുപാർശ ചെയ്യുകയുമില്ല." - സൂ:അൻമ്പിയാഅ് 28

'മഹ്ശറി'ൽ വെച്ച് നടക്കുന്ന ഏറ്റവും വലിയ ശുപാർശയെക്കുറിച്ച് 'ശുപാർശയുടെ ഹദീസ്' എന്ന പ്രസിദ്ധമായ ഹദീസിൽ ബുഖാരി, മുസ്ലീം(റ) തുടങ്ങിയ മഹാന്മാർ ഇപ്രകാരം വിവരിച്ചിരിക്കുന്നു:

മഹ്ശറിൽ ജനങ്ങളെല്ലാം അത്യധികം ഭീതിയിലും ആകാംക്ഷയിലുമായിരിക്കുന്ന സന്ദർഭത്തിൽ അവർ ആദ്യം ആദം(അ)നബിയുടേയും തുടർന്ന് നൂഹ്(അ) ഇബ്രാഹീം(അ) എന്നിവരുടെയും അടുക്കൽ ചെന്ന് തങ്ങളുടെ കാര്യത്തിൽ വിചാരണ നടത്തി തീരുമാനമെടുക്കാൻ അല്ലാഹുവിങ്കൽ ശുപാർശ ചെയ്യണമെന്നപേക്ഷിക്കും. ഓരോരുത്തരും ഓരോ കാരണം പറഞ്ഞ് താൻ അതിനർഹനല്ലെന്ന് മറുപടി കൊടുക്കും. അവസാനം അവർ മുഹമ്മദ്നബി(സ) തിരുമേനിയെ സമീപിക്കും. തിരുമേനി അല്ലാഹുവിന് സുജൂദായി വീഴുകയും ചില പ്രത്യേക സ്തോത്ര കീർത്തനങ്ങൾ നടത്തുകയും ഒടുവിൽ ശുപാർശ ചെയ്യാനുള്ള അനുവാദം അല്ലാഹു നൽകുകയും അല്ലാഹു നിശ്ചയിച്ച്കൊടുത്ത അതിർത്തിക്കുള്ളിൽ നിന്ന് തിരുമേനി ശുപാർശ ചെയ്യുന്നതുമാകുന്നു. (സൂ: അൽ ബഖറ : 255 - ആയത്തുൽ കുർസിയ്യ് ന്റെ വിവരണം നോക്കുക)

**വചനം 24,25,26,27:**

۞ قُلْ مَن يَرْزُقُكُم مِّنَ ٱلسَّمَـٰوَٰتِ

24 (നബിയേ) പറയുക: "ആകാശങ്ങളിൽനിന്നും, ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം

വَٱلْأَرْضِ ۖ قُلِ ٱللَّهُ ۖ وَإِنَّآ أَوْ إِيَّاكُمْ لَعَلَىٰ هُدًى أَوْ فِى ضَلَـٰلٍ مُّبِينٍ ﴿٢٤﴾

നൽകുന്നത് ആരാണ്?!'' പറയുക: ''അല്ലാഹു (തന്നെ). നിശ്ചയമായും ഞങ്ങൾ, അല്ലെങ്കിൽ നിങ്ങൾ, സൻമാർഗ്ഗത്തിലാണ്; അല്ലെങ്കിൽ സ്പഷ്ടമായ ദുർമ്മാർഗ്ഗത്തിലാണ്.''

قُل لَّا تُسْـَٔلُونَ عَمَّآ أَجْرَمْنَا وَلَا نُسْـَٔلُ عَمَّا تَعْمَلُونَ ﴿٢٥﴾

25 പറയുക: ''ഞങ്ങൾ കുറ്റം ചെയ്തതിനെപ്പറ്റി
നിങ്ങളോട് ചോദിക്കപ്പെടുകയില്ല; നിങ്ങൾ
പ്രവർത്തിക്കുന്നതിനെപ്പറ്റി ഞങ്ങളോടും
ചോദിക്കപ്പെടുന്നതല്ല''.

قُلْ يَجْمَعُ بَيْنَنَا رَبُّنَا ثُمَّ يَفْتَحُ بَيْنَنَا بِٱلْحَقِّ وَهُوَ ٱلْفَتَّاحُ ٱلْعَلِيمُ ﴿٢٦﴾

26 പറയുക: ''നമ്മുടെ രക്ഷിതാവ് നമ്മുടെയിടയിൽ
ഒരുമിച്ചുകൂട്ടും; പിന്നീട് നമുക്കിടയിൽ യഥാർത്ഥ
(ന്യായ) പ്രകാരം തീർപ്പുണ്ടാക്കുന്നതാണ്.
സർവ്വജ്ഞനായ തീർപ്പ് കൽപിക്കുന്നവൻ
അവനത്രെ.''

قُلْ أَرُونِىَ ٱلَّذِينَ أَلْحَقْتُم بِهِۦ شُرَكَآءَ ۖ كَلَّا ۚ بَلْ هُوَ ٱللَّهُ ٱلْعَزِيزُ ٱلْحَكِيمُ ﴿٢٧﴾

27 പറയുക: ''പങ്കുകാരെന്ന നിലയിൽ നിങ്ങൾ
അവനോട് കൂട്ടിച്ചേർത്തിട്ടുള്ളവരെ എനിക്ക്
കാട്ടിത്തരുവിൻ! (ഞാനൊന്നു കാണട്ടെ)''
അങ്ങിനെയില്ല! (അത് സാധ്യമല്ല.)എന്നാലവൻ,
അല്ലാഹുവാണ്; അഗാധജ്ഞനായ പ്രതാപശാലി
യാണ്.

ആകാശത്ത് നിന്ന് മഴയും മറ്റും ഇറക്കി ഭൂമിയിൽ ഉൽപാദനമുണ്ടാക്കി, ജനങ്ങൾക്ക് ഉപജീവന മാർഗ്ഗങ്ങളൊരുക്കുന്നവൻ അല്ലാഹുവാണെന്ന് മുശ്രിക്കുകളും സംശയലേശമന്യേ സമ്മതിക്കുന്ന വസ്തുതയാണല്ലോ. ആ സ്ഥിതിക്ക് അവൻ മാത്രമേ ആരാധനക്ക് അർഹനാകുകയുള്ളൂവെന്നും അവർ സമ്മതിക്കേണ്ടിയിരിക്കുന്നു. അപ്പോൾ അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന സത്യവിശ്വാസികളാണോ പിഴച്ചവർ, അതല്ല ചില മഹാത്മാക്കളെയും ദേവീദേവന്മാരെയും വിളിച്ച് പ്രാർത്ഥിക്കുന്ന തങ്ങളാണോ പിഴച്ചവർ എന്ന് തിരിച്ചറിയുവാൻ അവർക്ക് യാതൊരു പ്രയാസവുമില്ലല്ലോ. രണ്ടിലൊരു കൂട്ടർ സന്മാർഗ്ഗത്തിലും, മറ്റേ കൂട്ടർ ദുർമാർഗ്ഗത്തിലുമെന്നല്ലാതെ, ഇരുകൂട്ടരും ഒരു പോലെയാണെന്ന് വരാൻ യാതൊരു സാധ്യതയുമില്ലല്ലോ. ഓരോരുത്തരുടെയും തെറ്റ് കുറ്റങ്ങൾക്ക് ഉത്തരവാദി അവർ തന്നെയാണ് താനും. ആകയാൽ അല്പം മനസ്സാക്ഷിയോട് കൂടി നിഷ്പക്ഷമായി ചിന്തിച്ചാൽ തങ്ങളുടെ അബദ്ധം വ്യക്തമാകുമെന്ന് അല്ലാഹു മുശ്രിക്കുകളെ ഓർമ്മിപ്പിക്കുന്നു. അതിനവർ തയ്യാറില്ലാത്ത പക്ഷം എല്ലാവരെയും അല്ലാഹു അവന്റെ മുമ്പിൽ ഒരുമിച്ച് കൂട്ടി ന്യായമായ തീരുമാനമെടുത്ത് കൊള്ളുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു.

അല്ലാഹുവിന് സമന്മാരാക്കി ആരാധിക്കപ്പെട്ട് വരുന്നവരിൽ ആരെങ്കിലും അല്ലാഹുവിന്റെ മഹത്തായ ഗുണഗണങ്ങളോ ശക്തിമാഹാത്മ്യങ്ങളോ, ഭാഗികമായെങ്കിലും അവകാശപ്പെടുന്നവർ ഇല്ല തന്നെ. ഉണ്ടെങ്കിൽ അതൊന്നു കാണട്ടെ എന്ന് 27-ാം വചനത്തിൽ അല്ലാഹു അവരെ വെല്ലുവിളിക്കുന്നു. ''ഇല്ല, അതൊരിക്കലും സാധ്യമല്ല'' എന്ന് തീർത്ത് പറയുകയും അല്ലാഹു മാത്രമേ ആരാധ്യനുള്ളൂവെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു.

<u>വചനം 28:</u>

وَمَآ أَرْسَلْنَـٰكَ إِلَّا كَآفَّةً لِّلنَّاسِ بَشِيرًا وَنَذِيرًا وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٢٨﴾

28 (നബിയേ) സന്തോഷവാർത്ത അറിയിക്കുന്ന
വനായും, താക്കീത് നൽകുന്നവനായും കൊണ്ട്
മനുഷ്യരിലേക്ക് ആകമാനമായിട്ടല്ലാതെ നിന്നെ
നാം അയച്ചിട്ടില്ല. എങ്കിലും, മനുഷ്യരിൽ
അധികമാളും അറിയുന്നില്ല.

ബുദ്ധിപരമായും സാമൂഹ്യമായും നാഗരികമായും ആവശ്യമായ പക്വതയും പാകതയും മനുഷ്യരിൽ സംജാതമായിത്തുടങ്ങിയ ഘട്ടത്തിലാണ്, നബി(സ) തിരുമേനിയെ ലോകവസാനം വരെയുള്ള മനുഷ്യരിലേക്കാകമാനമായി റസൂലായി നിയോഗിക്കപ്പെട്ടത്. ലോകവസാനം വരെ അവശേഷിക്കുന്ന ഒരു ഗ്രന്ഥവും അദ്ദേഹത്തിന് നൽകപ്പെട്ടു. സജ്ജനങ്ങൾക്ക് സന്തോഷവാർത്തയും ദുർജ്ജനങ്ങൾക്ക് താക്കീതും നൽകുകയെന്ന പ്രവാചകന്മാരുടെ കടമയാണ് അദ്ദേഹവും നിർവ്വഹിക്കുന്നതും.

സൂ: അഅ്റാഫ് 158 ൽ അല്ലാഹു പ്രസ്താവിക്കുന്നു. നബിയേ, പറയുക : ഹേ മനുഷ്യരേ, ആകാശഭൂമികളുടെ രാജത്വം ഏതൊരുവനുള്ളതാണോ, ആ അല്ലാഹു നിങ്ങളിലേക്ക് മുഴുവനായി അയച്ച ദൂതനാകുന്നു ഞാൻ.

സൂ: അഹ്സാബ് 40-ാം വചനത്തിന്റെ വിവരണം നോക്കുക.

**വചനം 29,30 :**

وَيَقُولُونَ مَتَىٰ هَٰذَا ٱلْوَعْدُ إِن كُنتُمْ صَٰدِقِينَ ﴿٢٩﴾

29 അവർ (അവിശ്വാസികൾ) പറയുന്നു: "എപ്പോഴാണ് ഈ വാഗ്ദാനം (ഉണ്ടാവുക) നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ!?"

قُل لَّكُم مِّيعَادُ يَوْمٍ لَّا تَسْتَـْٔخِرُونَ عَنْهُ سَاعَةً وَلَا تَسْتَقْدِمُونَ ﴿٣٠﴾

30 (നബിയേ) പറയുക: "നിങ്ങൾക്ക് ഒരു നിശ്ചിത ദിവസമുണ്ട്; (അത് വരുമ്പോൾ) നിങ്ങൾ അതുവിട്ട് ഒരു നാഴിക സമയവും പിന്നോട്ട് പോകുകയില്ല; മുന്നോട്ടും പോകുകയില്ല".

അവിശ്വാസികൾ സാധാരണായി ജൽപിക്കാറുള്ള പരിഹാസ വചനമാകുന്നു ആദ്യവചനത്തിൽ. അല്ലാഹു അതിന് യുക്തമായ മറുപടി നൽകുന്നു. "അതിനൊരു നിശ്ചിത സമയമുണ്ട്. അത് വന്ന് കഴിഞ്ഞാൽ നിങ്ങൾ അത് വിട്ട് ഒരു നാഴിക സമയവും പിന്നോട്ടോ മുന്നോട്ടോ പോകുകയില്ല. അതിൽ നിന്ന് യാതൊരു രക്ഷയും നീക്ക്പോക്കും ആർക്കും ലഭിക്കുന്നതുമല്ല."

## വിഭാഗം 4

**വചനം 31,32,33:**

وَقَالَ ٱلَّذِينَ كَفَرُوا۟ لَن نُّؤْمِنَ بِهَٰذَا ٱلْقُرْءَانِ وَلَا بِٱلَّذِى بَيْنَ يَدَيْهِ ۗ وَلَوْ تَرَىٰٓ إِذِ ٱلظَّٰلِمُونَ مَوْقُوفُونَ عِندَ رَبِّهِمْ يَرْجِعُ بَعْضُهُمْ إِلَىٰ بَعْضٍ ٱلْقَوْلَ يَقُولُ ٱلَّذِينَ ٱسْتُضْعِفُوا۟ لِلَّذِينَ ٱسْتَكْبَرُوا۟ لَوْلَآ أَنتُمْ لَكُنَّا مُؤْمِنِينَ ﴿٣١﴾

31 അവിശ്വസിച്ചവർ പറയുകയാണ്: "ഈ ഖുർആനിലാകട്ടെ, ഇതിൻെറ മുമ്പുള്ളതിലാകട്ടെ, ഞങ്ങൾ വിശ്വസിക്കുകയില്ലതന്നെ". (ആ) അക്രമികൾ-അവരിൽ ചിലർ ചിലരുടെ നേരെ വാക്ക് (സംസാരം) ആവർത്തിച്ചു (തർക്കിച്ചു) കൊണ്ട്-തങ്ങളുടെ റബ്ബിൻെറ അടുക്കൽ നിറുത്തപ്പെട്ടവരാകുന്ന സന്ദർഭം നീ കണ്ടിരുന്നുവെങ്കിൽ?! (ഹാ! അത് വല്ലാത്തൊരു കാഴ്ചയായിരിക്കും.) അതായത്: ബലഹീനരായി ഗണിക്കപ്പെട്ടിട്ടുള്ളവർ വലിയവരെന്ന് (ഗർവ്വ്) നടിച്ചവരോട് പറയും: "നിങ്ങളില്ലായിരുന്നുവെങ്കിൽ ഞങ്ങൾ സത്യവിശ്വാസികളാകുമായിരുന്നു!"

قَالَ ٱلَّذِينَ ٱسْتَكْبَرُوا۟ لِلَّذِينَ ٱسْتُضْعِفُوٓا۟ أَنَحْنُ صَدَدْنَٰكُمْ عَنِ ٱلْهُدَىٰ بَعْدَ إِذْ جَآءَكُم ۖ بَلْ كُنتُم مُّجْرِمِينَ ﴿٣٢﴾

32 വലിയവരെന്ന് (ഗർവ്വ്) നടിച്ചവർ ബലഹീനരായി ഗണിക്കപ്പെട്ടവരോട് പറയും: "ഞങ്ങളാണോ, നിങ്ങൾക്ക് സൻമാർഗ്ഗം വന്നെത്തിയശേഷം നിങ്ങളെ അതിൽനിന്ന് തടഞ്ഞത്?! പക്ഷേ, നിങ്ങൾ (സ്വയം) കുറ്റവാളികളായിരുന്നു."

33 ബലഹീനരായി ഗണിക്കപ്പെട്ടവര്‍, വലിയവരെന്ന് (ഗര്‍വ്വ്) നടിച്ചവരോട് വീണ്ടും പറയും; “എങ്കിലും, രാവും പകലുമുള്ള (നിങ്ങളുടെ) കുതന്ത്രം! ഞങ്ങള്‍ അല്ലാഹുവില്‍ അവിശ്വസിക്കുന്നതിനും, അവന് സമന്‍മാരെ ആക്കുന്നതിനും നിങ്ങള്‍ ഞങ്ങളോട് ആജ്ഞാപിച്ചു കൊണ്ടിരുന്നപ്പോഴത്തെ (കുതന്ത്രം! അതാണ് ഞങ്ങളെ തടഞ്ഞത്)”. ശിക്ഷ കാണുന്ന അവസരത്തില്‍ അവര്‍ (ഇരുകൂട്ടരും) ഖേദം മറച്ചുവെക്കുന്നതാണ്. അവിശ്വസിച്ചവരുടെ കഴുത്തുകളില്‍ നാം ആമങ്ങള്‍ (വിലങ്ങുകള്‍) ഏര്‍പ്പെടുത്തുന്നതുമാണ്. അവര്‍ പ്രവര്‍ത്തിച്ചു വന്നിരുന്നതിനല്ലാതെ അവര്‍ക്ക് പ്രതിഫലം കൊടുക്കപ്പെടുമോ?!

وَقَالَ ٱلَّذِينَ ٱسْتُضْعِفُوا۟ لِلَّذِينَ ٱسْتَكْبَرُوا۟ بَلْ مَكْرُ ٱلَّيْلِ وَٱلنَّهَارِ إِذْ تَأْمُرُونَنَآ أَن نَّكْفُرَ بِٱللَّهِ وَنَجْعَلَ لَهُۥٓ أَندَادًا ۚ وَأَسَرُّوا۟ ٱلنَّدَامَةَ لَمَّا رَأَوُا۟ ٱلْعَذَابَ وَجَعَلْنَا ٱلْأَغْلَـٰلَ فِىٓ أَعْنَاقِ ٱلَّذِينَ كَفَرُوا۟ ۚ هَلْ يُجْزَوْنَ إِلَّا مَا كَانُوا۟ يَعْمَلُونَ ﴿٣٣﴾

ഖുര്‍ആനിലും അതിന് മുമ്പുള്ള വേദഗ്രന്ഥങ്ങളിലും വിശ്വസിക്കുകയില്ലെന്ന് അഹങ്കാരപൂര്‍വ്വം പ്രഖ്യാപിക്കുന്ന ആ ധിക്കാരികള്‍ അല്ലാഹുവിന്റെ മുമ്പില്‍ ഹാജരാക്കപ്പെടുമ്പോള്‍ ഉണ്ടാകുന്ന ചിലരംഗങ്ങളാണ് ഈ വചനങ്ങളില്‍ വിവരിക്കപ്പെട്ടിട്ടുള്ളത്. അവരില്‍, അവിശ്വാസത്തിനും ദുര്‍മാര്‍ഗ്ഗത്തിനും വേണ്ടി ഭഗീരഥ പ്രയത്നങ്ങള്‍ നടത്തിയും, കുതന്ത്രങ്ങള്‍ പ്രയോഗിച്ച് കൊണ്ടുമിരുന്ന ‘വലിയ’വരും അവരുടെ ഇംഗിതത്തിനും താളത്തിനും വഴങ്ങിക്കൊണ്ടിരുന്ന ദുര്‍ബലരായ അനുഗാമികളും പരസ്പരം ആരോപണങ്ങളും പ്രത്യാരോപണങ്ങളും നടത്തുന്നതാണ്. പക്ഷേ അതുകൊണ്ട് യാതൊരു ഫലവുമുണ്ടാവുകയില്ല. ശിക്ഷയില്‍ രണ്ട് കൂട്ടരും പങ്കാളികള്‍ തന്നെ.

**വചനം 34,35 :**

34 ഒരു രാജ്യത്തും തന്നെ, വല്ല താക്കീതുകാരനേയും നാം അയച്ചിട്ട് അതിലെ സുഖലോലുപന്മാര്‍ പറയാതിരുന്നിട്ടില്ല: “നിങ്ങള്‍ ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ നിശ്ചയമായും അതില്‍ ഞങ്ങള്‍ അവിശ്വസിക്കുന്നവരാണ്” എന്ന്.

وَمَآ أَرْسَلْنَا فِى قَرْيَةٍ مِّن نَّذِيرٍ إِلَّا قَالَ مُتْرَفُوهَآ إِنَّا بِمَآ أُرْسِلْتُم بِهِۦ كَـٰفِرُونَ ﴿٣٤﴾

35 ’ഞങ്ങള്‍, സ്വത്തുക്കളും, മക്കളും അധികമുള്ളവരാകുന്നു; ഞങ്ങള്‍ ശിക്ഷിക്കപ്പെടുന്നവരല്ല താനും” എന്നും അവര്‍ പറയും.

وَقَالُوا۟ نَحْنُ أَكْثَرُ أَمْوَٰلًا وَأَوْلَـٰدًا وَمَا نَحْنُ بِمُعَذَّبِينَ ﴿٣٥﴾

നബി(സ) തിരുമേനിയുടെ പ്രബോധനത്തില്‍ വിശ്വസിക്കുന്നവര്‍, താരതമ്യേന പാവപ്പെട്ടവരും സാധാരണക്കാരുമാണ്. ഖുറൈശീ പ്രമാണികളായ ആളുകളാകട്ടെ നബി(സ)യെ ധിക്കരിക്കുകയും അവഹേളിക്കുകയുമാണ് ചെയ്യുന്നത്. ഇത് മുന്‍പ് കഴിഞ്ഞ് പോയ എല്ലാ പ്രവാചകന്മാരുടെയും കാലത്തെ അവസ്ഥയാണെന്നും, ഈ സമുദായത്തില്‍ മാത്രം കാണുന്ന പ്രവണതയല്ല എന്നും, ഇതില്‍ അസ്വാസ്ഥ്യപ്പെടേണ്ടതില്ല എന്നും അല്ലാഹു നബി(സ)യെ ആശ്വസിപ്പിക്കുന്നു.

അല്ലാഹുവിങ്കല്‍ തങ്ങള്‍ക്കുള്ള അടുപ്പം മൂലമാണ് അവന്‍ തങ്ങളെ സ്വത്തും സന്താനങ്ങളു നല്‍കി അനുഗ്രഹിച്ചിരിക്കുന്നതെന്നും, ആകയാല്‍ തങ്ങള്‍ ഒരിക്കലും അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രീഭൂതരാകുകയില്ലെന്നും ആ അഹങ്കാരികള്‍ ധരിച്ചു വശായിരിക്കുന്നതിനാലാണ്, അവര്‍ പ്രവാചകന്മാരെ നിരാകരിക്കാനും നിഷേധിക്കുവാനും മുതിരുന്നത്. ഇത്തരം അബദ്ധ ധാരണകള്‍ ഇന്നത്തെ കാലത്തെ ചില പ്രമാണികളിലും നാം കണ്ടുവരുന്നതാണല്ലോ.

അടുത്ത വചനങ്ങളിൽ ഇത്തരം ധാരണ വെച്ച് പുലർത്തുന്നവർക്കുള്ള മറുപടി കാണാം.

**വചനം 36,37 :**

قُلۡ إِنَّ رَبِّي يَبۡسُطُ ٱلرِّزۡقَ لِمَن يَشَآءُ وَيَقۡدِرُ وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا يَعۡلَمُونَ ﴿٣٦﴾

36 പറയുക (നബിയേ): ''നിശ്ചയമായും എന്റെ റബ്ബ് അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലപ്പെടുത്തിക്കൊടുക്കുന്നു; (അവൻ ഉദ്ദേശിക്കുന്നവർക്ക്) കുടുസ്സാക്കുകയും ചെയ്യു ന്നു. എങ്കിലും, മനുഷ്യരിൽ അധികമാളും അറിയുന്നില്ല.''

**വിഭാഗം 5**

وَمَآ أَمۡوَٰلُكُمۡ وَلَآ أَوۡلَٰدُكُم بِٱلَّتِي تُقَرِّبُكُمۡ عِندَنَا زُلۡفَىٰٓ إِلَّا مَنۡ ءَامَنَ وَعَمِلَ صَٰلِحٗا فَأُوْلَٰٓئِكَ لَهُمۡ جَزَآءُ ٱلضِّعۡفِ بِمَا عَمِلُواْ وَهُمۡ فِي ٱلۡغُرُفَٰتِ ءَامِنُونَ ﴿٣٧﴾

37 നിങ്ങളുടെ സ്വത്തുക്കളാകട്ടെ, നിങ്ങളുടെ മക്കളാകട്ടെ, നമ്മുടെ അടുക്കൽ നിങ്ങൾക്ക് സാമീപ്യസ്ഥാനം നൽകുന്നവയല്ല തന്നെ; പക്ഷെ, വിശ്വസിക്കുകയും, സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നതാരോ അക്കൂട്ടർക്ക് അവർ പ്രവർത്തിച്ചിട്ടുള്ളതിന് ഇരട്ടി പ്രതിഫലമുണ്ടായിരിക്കും. അവരാകട്ടെ, മണി മന്ദിരങ്ങളിൽ നിർഭയരുമായിരിക്കും.

ഉപജീവന മാർഗ്ഗങ്ങൾ അല്ലാഹു അവന്റെ ഉദ്ദേശാനുസരണം ചിലർക്ക് കൂടുതലായും ചിലർക്ക് കുറവായും നൽകുന്നത് ആകുന്നു. അല്ലാതെ ആരുടെയെങ്കിലും കുത്തകാവകാശമായത് കൊണ്ടോ, മറ്റാരുടെയെങ്കിലും അനർഹത കാരണമായോ സംഭവിക്കുന്ന ഒന്നല്ല അത്. എല്ലാം അല്ലാഹുവിന്റെ ചില യുക്തിരഹസ്യങ്ങളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ടതാകുന്നു. എന്നാൽ ഈ വസ്തുത മനുഷ്യരിൽ അധികമാളുകളും മനസ്സിലാക്കുന്നില്ല. അത് കൊണ്ടാണ് മുൻ വചനത്തിൽ പറഞ്ഞ വിധം ചില അബദ്ധധാരണകൾക്ക് അവർ വശം വദരാകുന്നത്.

ധനം, ഐശ്വര്യം, സന്താനം മുതലായവ സിദ്ധിച്ചത് കൊണ്ട് മാത്രം അല്ലാഹുവിങ്കൽ യാതൊരു സ്ഥാന മഹിമയോ, സാമീപ്യമോ ആർക്കും ലഭിക്കുന്നതല്ല. ധനവും മക്കളുമെല്ലാം തന്നെ ഒരു പരീക്ഷണമാകുന്നു എന്ന് സൂ: അൻഫാൽ 28-ാം വചനത്തിലൂടെ അല്ലാഹു നമ്മെ ഓർമ്മപ്പെടുത്തുന്നു. സത്യവിശ്വാസത്തോട് കൂടി സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും തങ്ങൾക്ക് സിദ്ധിച്ച അനുഗ്രഹങ്ങളെ നല്ല മാർഗ്ഗത്തിൽ വിനിയോഗിക്കുകയും ചെയ്യുന്നവരാരോ അവർക്ക് ഇരട്ടി പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്യുന്നു. അല്ലാത്തവർക്ക് അത്തരം അനുഗ്രഹങ്ങൾ നാശത്തിനും നഷ്ടത്തിനും മാത്രം ഹേതുവായിത്തീരുകയും ചെയ്യും.

മനുഷ്യൻ മരണപ്പെട്ടാലും മുറിഞ്ഞ് പോകാതെ അവശേഷിക്കുന്ന മൂന്ന് സൽകർമ്മങ്ങൾ, നില നിൽക്കുന്ന ദാനധർമ്മങ്ങൾ, അവന് വേണ്ടി പ്രാർത്ഥിക്കുന്ന സൽക്കർമ്മികളായ മക്കൾ, ഉപകാരപ്രദമായ അറിവ് എന്നിവയാണെന്ന് നബി(സ) അരുളിചെയ്തത് ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാകുന്നു. സമ്പത്തും മക്കളും നല്ല മാർഗ്ഗത്തിൽ വിനിയോഗിക്കപ്പെട്ടതിന്റെ സദ്ഫലമാണല്ലോ, ഒരുവന്റെ ഭാവിനന്മക്ക് അവ പ്രയോജന പ്രദമായിത്തീർന്നത്.

എന്നാൽ തങ്ങൾക്ക് ലഭിച്ച അനുഗ്രഹങ്ങളെ ദുരുപയോഗപ്പെടുത്തുന്നവർക്ക് പരലോകത്ത് വെച്ച് നിന്ദ്യതയുടെ ശിക്ഷ പ്രതിഫലം നൽകപ്പെടുന്നതാണെന്ന് സൂ: അഹ്ഖാഫ് : 20-ാം വചനത്തിലൂടെ അല്ലാഹു നമ്മെ താക്കീത് ചെയ്യുന്നു.

അടുത്ത വചനങ്ങളിൽ മേൽ പറഞ്ഞ ആശയങ്ങളെ തുടർന്നും അല്ലാഹു ആവർത്തിക്കുന്നു.

**വചനം 38,39 :**

38 (നമ്മെ) പരാജയപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ട് നമ്മുടെ 'ആയത്തുകളി'ൽ (കുഴപ്പത്തിന്) പരിശ്രമിക്കുന്നവരാകട്ടെ, അക്കൂട്ടർ ശിക്ഷയിൽ ഹാജറാക്കപ്പെടുന്നവരാകുന്നു.

وَٱلَّذِينَ يَسْعَوْنَ فِىٓ ءَايَـٰتِنَا مُعَـٰجِزِينَ أُو۟لَـٰٓئِكَ فِى ٱلْعَذَابِ مُحْضَرُونَ ﴿٣٨﴾

39 പറയുക: "നിശ്ചയമായും എൻെറ റബ്ബ് തൻെറ അടിയാൻമാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലപ്പെടുത്തിക്കൊടുക്കുകയും, (താനുദ്ദേശിക്കുന്നവർക്ക്) കുടുസ്സാക്കിക്കൊടുക്കുകയും ചെയ്യുന്നു. നിങ്ങൾ ഏതൊരു വസ്തു ചിലവഴിക്കുന്നതായാലും അവൻ നിങ്ങൾക്ക് അതിന് പകരം തരുന്നതാണ്. അവൻ, ഉപജീവനം നൽകുന്നവരിൽവെച്ച് ഉത്തമനുമത്രെ."

قُلْ إِنَّ رَبِّى يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ مِنْ عِبَادِهِۦ وَيَقْدِرُ لَهُۥ ۚ وَمَآ أَنفَقْتُم مِّن شَىْءٍ فَهُوَ يُخْلِفُهُۥ ۖ وَهُوَ خَيْرُ ٱلرَّٰزِقِينَ ﴿٣٩﴾

ഭൗതിക താൽപര്യങ്ങൾക്ക് മുൻഗണന നൽകികൊണ്ട് അല്ലാഹുവിന്റെ ആയത്തുകളെ നിഷേധിക്കുകയും അവയെ ദുർവ്യാഖ്യാനിക്കുകയും ചെയ്യുന്ന ധിക്കാരികൾക്കുള്ള കനത്ത താക്കീതാകുന്നു 38-ാം വചനവും, ഈ സൂറത്തിലെ തന്നെ 5-ാം വചനവും.

അല്ലാഹു അവന്റെ അടിയാന്മാരായ എല്ലാ മനുഷ്യർക്കും സൃഷ്ടികളായ ഏതൊരു ജീവിക്കും ഉപജീവനം നൽകുന്നതാണ് എന്ന് സൂ: ഹൂദ് 6-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിട്ടുള്ളതാകുന്നു. എന്നാൽ മുമ്പ് വിവരിച്ചത് പോലെ ചില മനുഷ്യർക്ക്, വിശാലമായും മറ്റ് ചിലർക്ക് ഇടുങ്ങിയ തോതിലും അത് അവൻ ലഭ്യമാക്കുന്നു. പ്രവാചകന്മാരിൽ തന്നെ ദാവൂദ്(അ), സുലൈമാൻ(അ) എന്നീ നബിമാർക്ക് അല്ലാഹു ധാരാളം സമ്പത്ത് നൽകി. ഈസാ(അ) മുഹമ്മദ് നബി(സ) എന്നിവർ നിർദ്ധനന്മാരായിരുന്നു. എല്ലാം തന്നെ, അല്ലാഹുവിന്റെ മാത്രം യുക്തി രഹസ്യങ്ങൾക്കനുസൃതമായി നിർണ്ണയിക്കപ്പെട്ട വസ്തുതയാകുന്നു. "നന്മനൽകി കൊണ്ടും തിന്മനൽകി കൊണ്ടും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്" എന്ന് സൂ അൻബിയാഅ്: 35-ാം വചനത്തിൽ അല്ലാഹു പറഞ്ഞിരിക്കുന്നു.

നല്ല മാർഗ്ഗത്തിൽ ധനം അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് ചിലവഴിക്കുന്നവർക്ക് ഇഹലോകത്തിൽ വെച്ച് അല്ലാഹുവിന്റെ കാരുണ്യവും സഹായവും ലഭിക്കുന്നതിന് പുറമേ അതിന് പരലോകത്ത് വെച്ച് കൂടുതൽ മെച്ചപ്പെട്ട പ്രതിഫലം അല്ലാഹു പ്രദാനം ചെയ്യുന്നതുമാണ്.

ആഹാരമാർഗ്ഗങ്ങളും മറ്റ് അനുഗ്രഹങ്ങളും എല്ലാവർക്കും ഒരേ അളവിൽ നൽകപ്പെടാതിരക്കുന്നത് ഈ ലോക വ്യവസ്ഥയുടെ ഒഴിച്ച് കൂടാൻ വയ്യാത്ത ഒരു അനിർവാര്യതയാണെന്ന് സൂ: സുഖ്റുഫ് 32-ാം വചനത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

**വചനം 40,41 :**

40 അവരെ മുഴുവനും അവൻ (അല്ലാഹു) ഒരുമിച്ചുകൂട്ടുന്ന ദിവസം (ഓർക്കുക); പിന്നീട് അവൻ മലക്കുകളോട് പറയും: "ഇക്കൂട്ടർ നിങ്ങളെയായിരുന്നുവോ ആരാധിച്ചിരുന്നത്?!"

وَيَوْمَ يَحْشُرُهُمْ جَمِيعًا ثُمَّ يَقُولُ لِلْمَلَـٰٓئِكَةِ أَهَـٰٓؤُلَآءِ إِيَّاكُمْ كَانُوا۟ يَعْبُدُونَ ﴿٤٠﴾

41 അവർ പറയും: "നീ എത്രയോ പരിശുദ്ധൻ! നീയത്രെ ഞങ്ങൾക്ക് ബന്ധപ്പെട്ടവൻ-അവരല്ല. പക്ഷേ, അവർ ജിന്നുകളെ ആരാധിച്ചുവരികയായിരുന്നു. അവരിൽ അധികമാളും അവരിൽ വിശ്വസിക്കുന്നവരാകുന്നു."

قَالُوا۟ سُبْحَـٰنَكَ أَنتَ وَلِيُّنَا مِن دُونِهِم ۖ بَلْ كَانُوا۟ يَعْبُدُونَ ٱلْجِنَّ ۖ أَكْثَرُهُم بِهِم مُّؤْمِنُونَ ﴿٤١﴾

അല്ലാഹു അല്ലാത്ത ദൈവങ്ങളെ ആരാധിച്ച് വരുന്നവരിൽ പല തരക്കാരുണ്ട്. ചിലർ മലക്കുകളുടെ പേരിൽ വിഗ്രഹങ്ങൾ സ്ഥാപിക്കുന്നു. ചിലർ ദേവീ ദേവന്മാരെ ആരാധിക്കുന്നു; പിശാചുക്കളേയും, പ്രേതങ്ങളേയും, കാരണവന്മാരേയും ആരാധിക്കുന്നവരും മുസ്ലീം നാമധാരികളടക്കമുള്ള ഇക്കൂട്ടർക്കിടയിലുണ്ട്. ഇങ്ങനെയുള്ള ആരാധ്യന്മാർക്ക് അസാധാരണ കഴിവുകളുണ്ടെന്നും, തങ്ങൾക്ക് ഗുണവും ദോഷവും നൽകുവാൻ കഴിവുള്ളവരാണെന്നും അവർ വിശ്വസിക്കുന്നു. ഇങ്ങനെയുള്ളവരെ കുറിച്ചാണ് മലക്കുകളോട് അല്ലാഹു ചോദിക്കുന്നത്: "ഇക്കൂട്ടർ നിങ്ങളെയാണോ ആരാധിച്ചിരുന്നത്." മലക്കുകളെ ആക്ഷേപിക്കുകയല്ല, നേരെ മറിച്ച് അല്ലാഹു അല്ലാത്തവരെ ആരാധിച്ച് വന്ന ആ മുശ്‌രിക്കുകളെ ആക്ഷേപിക്കുകയാണ് ഈ ചോദ്യത്തിന്റെ താല്പര്യം. ഈസാ(അ) നബിയേയും മാതാവിനേയും ആരാധിച്ച് വരുന്നവരെകുറിച്ച് ഈസാ(അ) നബിയോട് അല്ലാഹു പരലോകത്ത് വെച്ച് ചോദിക്കുമെന്നും അദ്ദേഹം അവരെ നിഷേധിച്ച് കൊണ്ട് മറുപടി പറയുമെന്നും സൂ: മാഇദ : 116,117,118 വചനങ്ങളിൽ കാണാം.

മലക്കുകൾ ഇപ്രകാരം മറുപടി പറയുന്നതാണ്: അല്ലാഹുവേ, ആരാധനക്കർഹത പരിശുദ്ധനായ നിനക്ക് മാത്രമാണല്ലോ, ഞങ്ങളും അവരുമായി യാതൊരു മൈത്രിയോ ബന്ധമോ ഇല്ല. ഞങ്ങളറിയാതെയും, ഞങ്ങളുടെ യാതൊരു പ്രേരണ കൂടാതെയും അവർ ഞങ്ങളെ ആരാധിച്ചിട്ടുണ്ടെങ്കിൽ അത്കൊണ്ട് തന്നെ അവർ ഞങ്ങളുടെ ശത്രുക്കളാണ്. വാസ്തവത്തിൽ അവർ ജിന്ന് വർഗ്ഗമായ പിശാചുക്കളെ ആരാധിക്കുകയും അവരുടെ പ്രേരണകളിൽ വഞ്ചിതരാവുകയാണ് ചെയ്തിരുന്നത്.

ഇബ് ലീസും അവന്റെ വർഗ്ഗക്കാരുമാണ് ഇവിടെ ജിന്നുകൾ എന്നത് കൊണ്ട് ഉദ്ദേശ്യം. ജിന്നിലും മനുഷ്യരിലുംപ്പെട്ട ദുഷിച്ച ആളുകളെ കുറിച്ച് 'പിശാചുക്കൾ' എന്ന് ഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ജിന്ന് വർഗ്ഗത്തിലെ ദുഷിച്ച വിഭാഗങ്ങളെയാണ് സാധാരണയായി 'പിശാചുക്കൾ' എന്ന് പറയാറുള്ളത്.

**വചനം 42 :**

فَٱلْيَوْمَ لَا يَمْلِكُ بَعْضُكُمْ لِبَعْضٍ نَّفْعًا وَلَا ضَرًّا وَنَقُولُ لِلَّذِينَ ظَلَمُوا۟ ذُوقُوا۟ عَذَابَ ٱلنَّارِ ٱلَّتِى كُنتُم بِهَا تُكَذِّبُونَ ﴿٤٢﴾

42 അന്ന് നിങ്ങളിൽ ചിലർ ചിലർക്ക് (അന്യോന്യം) ഒരു ഉപകാരം ചെയ്‌വാനാകട്ടെ, ഉപദ്രവം ചെയ്‌വാനാകട്ടെ കഴിവുണ്ടാകുന്നതല്ല. അക്രമം പ്രവർത്തിച്ചവരോട് നാം പറയുകയും ചെയ്യും: "നിങ്ങൾ വ്യാജമാക്കിയിരുന്ന (ആ) നരകത്തിലെ ശിക്ഷ നിങ്ങൾ ആസ്വദിച്ചുകൊള്ളുവിൻ!"

അക്രമം പ്രവർത്തിച്ച അവിശ്വാസികൾക്ക് യാതൊരു രക്ഷാമാർഗ്ഗവും ഇല്ലാതായി നരകശിക്ഷക്കർഹരായി തീർന്നതിന്റെ കാരണം അടുത്ത വചനത്തിൽ നിന്നും മനസ്സിലാക്കാം.

**വചനം 43,44 :**

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَٰتُنَا بَيِّنَٰتٍ قَالُوا۟ مَا هَٰذَآ إِلَّا رَجُلٌ يُرِيدُ أَن يَصُدَّكُمْ عَمَّا كَانَ يَعْبُدُ ءَابَآؤُكُمْ وَقَالُوا۟ مَا هَٰذَآ إِلَّآ إِفْكٌ مُّفْتَرًى ۚ وَقَالَ ٱلَّذِينَ كَفَرُوا۟ لِلْحَقِّ لَمَّا جَآءَهُمْ إِنْ هَٰذَآ إِلَّا سِحْرٌ مُّبِينٌ ﴿٤٣﴾

43 നമ്മുടെ 'ആയത്തുക'ൾ വ്യക്തമായ നിലയിൽ അവർക്ക് ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ അവർ പറയും: "ഇവൻ നിങ്ങളുടെ പിതാക്കൾ ആരാധിച്ചുവരുന്നതിൽനിന്ന് നിങ്ങളെ തടയുവാൻ ഉദ്ദേശിക്കുന്ന ഒരു മനുഷ്യൻ എന്നല്ലാതെ (മറ്റൊന്നും) അല്ല". "ഇത് കെട്ടിച്ചമക്കപ്പെട്ട ഒരു കള്ളം (നുണ) അല്ലാതെ (മറ്റൊന്നും) അല്ല" എന്നും അവർ പറയും. (ആ) അവിശ്വസിച്ചവർ യഥാർത്ഥത്തെക്കുറിച്ച്-അതവർക്ക് വന്നെത്തിയപ്പോൾ-പറയുകയാണ്: "ഇത് പ്രത്യക്ഷമായ ഒരു ജാലമല്ലാതെ (മറ്റൊന്നും) അല്ല".

44 അവര്‍ പഠിച്ചറിയുമാറുള്ള യാതൊരു വേദഗ്രന്ഥങ്ങളും നാം അവര്‍ക്ക് കൊടുത്തിട്ടില്ല; നിനക്കു മുമ്പ് അവരിലേക്ക് ഒരു താക്കീതുകാരനെയും നാം അയച്ചിട്ടുമില്ല.

وَمَآ ءَاتَيْنَٰهُم مِّن كُتُبٍ يَدْرُسُونَهَا ۖ وَمَآ أَرْسَلْنَآ إِلَيْهِمْ قَبْلَكَ مِن نَّذِيرٍ ﴿٤٤﴾

അവിശ്വാസികള്‍ നബി(സ)യെ തങ്ങളുടെ പിതാക്കള്‍ ആരാധിച്ച് വരുന്നതില്‍ നിന്ന് തങ്ങളെ തടയുന്ന ഒരു മനുഷ്യനായും, ഖുര്‍ആന്‍നെ കെട്ടിച്ചമക്കപ്പെട്ട ഒരു വ്യാജമായും നബി(സ) പ്രബോധനം ചെയ്യുന്ന തത്വങ്ങളെ പ്രത്യക്ഷമായ ഒരു മാരണമായും അധിക്ഷേപിച്ച് കൊണ്ടിരുന്നു. നിരര്‍ത്ഥകങ്ങളായ ഈ ആരോപണങ്ങള്‍ ഉന്നയിക്കുന്നതാകട്ടെ യാതൊരു അടിസ്ഥാനമില്ലാതെയുമായിരുന്നു - വേദഗ്രന്ഥത്തെ കുറിച്ചുള്ള പരിചയമോ, പ്രവാചകന്മാര്‍ മുഖേന സിദ്ധിച്ച അറിവോ ഇത്തരം ആരോപണങ്ങള്‍ ഉന്നയിക്കുന്ന അറബി മുശ് രിക്കുകള്‍ക്ക് ഉണ്ടായിരുന്നിട്ടില്ലല്ലോ.

**വചനം 45:**

45 ഇവര്‍ക്കുമുമ്പുള്ളവരും വ്യാജമാക്കിയിരിക്കുന്നു. അവര്‍ക്ക് നാം നല്‍കിയതിന്‍െറ പത്തിലൊരംശത്തിങ്കല്‍ ഇവര്‍ എത്തിച്ചേര്‍ന്നിട്ടുമില്ല. അങ്ങനെ, അവര്‍ എന്‍െറ ദൂതന്‍മാരെ വ്യാജമാക്കി. അപ്പോള്‍ എന്‍െറ പ്രതിഷേധം എപ്രകാരമാണുണ്ടായത്?! (ഇവരൊന്ന് അന്വേഷിക്കട്ടെ.)

وَكَذَّبَ ٱلَّذِينَ مِن قَبْلِهِمْ وَمَا بَلَغُوا۟ مِعْشَارَ مَآ ءَاتَيْنَٰهُمْ فَكَذَّبُوا۟ رُسُلِى ۖ فَكَيْفَ كَانَ نَكِيرِ ﴿٤٥﴾

സൂ: റൂം 9ല്‍ പ്രസ്താവിച്ചത് പോലെ ഇവരേക്കാള്‍ ശക്തിയും പ്രതാപവും നാഗരീകതയും ആയുസ്സുമെല്ലാമുണ്ടായിട്ടും ഇവര്‍ക്ക് മുമ്പുണ്ടായിരുന്നവരുടെ ആക്രമത്തിന് നടപടി എടുക്കുന്നതില്‍ അല്ലാഹുവിന് യാതൊരു തടസ്സവുമുണ്ടായില്ല. എന്നിരിക്കെ, അവരുടെ പത്തിലൊരംഗം പോലും ശക്തി ലഭിച്ചിട്ടില്ലാത്ത ഇവരില്‍ ശിക്ഷാ നടപടി എടുക്കുന്നതിനുണ്ടോ വല്ല തടസ്സവും.

## വിഭാഗം 6

**വചനം 46,47 :**

46 (നബിയേ) പറയുക: "ഒരൊറ്റ കാര്യം മാത്രം ഞാന്‍ നിങ്ങളെ ഉപദേശിക്കുന്നു: നിങ്ങള്‍ അല്ലാഹുവിനുവേണ്ടി, ഈരണ്ടാളായും, ഓരോരുത്തരായും എഴുന്നേല്‍ക്കുക (തയ്യാറാവുക); പിന്നെ നിങ്ങള്‍ ചിന്തിച്ചുനോക്കുക! (ഇത്ര മാത്രം.) നിങ്ങളുടെ സുഹൃത്തിന് യാതൊരു ഭ്രാന്തുമില്ല; കഠിനമായ ഒരു ശിക്ഷയുടെ മുമ്പില്‍ അദ്ദേഹം നിങ്ങള്‍ക്കൊരു താക്കീതുകാരനാണെന്നല്ലാതെ (മറ്റൊന്നും) അല്ല."

۞ قُلْ إِنَّمَآ أَعِظُكُم بِوَٰحِدَةٍ ۖ أَن تَقُومُوا۟ لِلَّهِ مَثْنَىٰ وَفُرَٰدَىٰ ثُمَّ تَتَفَكَّرُوا۟ ۚ مَا بِصَاحِبِكُم مِّن جِنَّةٍ ۚ إِنْ هُوَ إِلَّا نَذِيرٌ لَّكُم بَيْنَ يَدَىْ عَذَابٍ شَدِيدٍ ﴿٤٦﴾

47 പറയുക: "ഞാന്‍ നിങ്ങളോട് പ്രതിഫലമായി വല്ലതുംചോദിക്കുന്നപക്ഷം അത് നിങ്ങള്‍ക്കു വേണ്ടിയാകുന്നു. എന്‍െറ പ്രതിഫലം അല്ലാഹുവിന്‍െറമേല്‍ അല്ലാതെ (ബാധ്യത) ഇല്ല. അവന്‍ എല്ലാ കാര്യത്തിനും സാക്ഷ്യം വഹിക്കുന്നവനുമാകുന്നു.

قُلْ مَا سَأَلْتُكُم مِّنْ أَجْرٍ فَهُوَ لَكُمْ ۖ إِنْ أَجْرِىَ إِلَّا عَلَى ٱللَّهِ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿٤٧﴾

നബി(സ)യുടെ ഇത:പര്യന്തമുള്ള ചരിത്രവും അറിയാവുന്ന അവർ തിരുമേനി പ്രബോധനം ചെയ്യുന്ന സനാതന തത്വങ്ങളെക്കുറിച്ച് ഓരോരുത്തർ സ്വന്തമായോ, അല്ലെങ്കിൽ മറ്റൊരുവനോട് കൂടി ചേർന്നോ, ചിന്തിച്ച് നോക്കട്ടെ. എന്നാലവർക്ക് നബി(സ)യുടെ സത്യാവസ്ഥ ബോധ്യപ്പെടാതിരിക്കുക യില്ല. അത്കൊണ്ട് അതിന് തയ്യാറാകുവാൻ അവരെ ഉപദേശിക്കണമെന്നും, എന്തെങ്കിലും സ്വാർത്ഥ ലക്ഷ്യത്തോട് കൂടിയല്ല, - നേരെ മറിച്ച് അവരുടെ ഗുണം മാത്രം ഉദ്ദേശിച്ചാണ് - ഈ പ്രബോധനകൃത്യം നിർവ്വഹിക്കുന്നതെന്ന വസ്തുത അവരെ ഓർമ്മിപ്പിക്കണമെന്നും, നബി(സ)യോട് അല്ലാഹു കൽപിക്കുന്നു.

ആശയ കുഴപ്പത്തിനും, കക്ഷിവഴക്കുകൾക്കും പാത്രമായിട്ടുള്ള വിഷയങ്ങളെ കുറിച്ച് സത്യാന്വേ ഷണം നടത്തി പരിശുദ്ധമായ തീരുമാനം കണ്ടെത്തുവാനുള്ള ഏറ്റവും ഉചിതമായ മാർഗ്ഗമത്രേ, ഓരോ രുത്തർ സ്വന്തമായോ അല്ലെങ്കിൽ മറ്റൊരുവനോട് ചേർന്ന് കൊണ്ടോ നടത്തുന്ന സ്വകാര്യ വിചിന്തനം. എന്നാൽ കൂടുതൽ ആളുകൾ ചേർന്ന് സത്യാന്വേഷണം നടത്തുമ്പോൾ അത് സ്വസ്ഥതക്കും, കാര്യക്ഷ മമായി ചിന്തിക്കുന്നതിനും ഭംഗം വരുത്തിയേക്കും. ചിന്താഗതി ചിതറിപ്പോകുവാനും പരപ്രേരണകൾ രംഗപ്രവേശനം ചെയ്യുവാനും, പക്ഷപാതപരമായ സമീപനങ്ങൾ ഉടലെടുക്കുവാനും, അത് കാരണമാ കുകയും ചെയ്യും. ഈ തത്വം അടിസ്ഥാനമാക്കിയാണ് ഇമാം ശാഫി(റ) ഇപ്രകാരം പറഞ്ഞത്.

“ഒരാൾ തന്റെ സഹോദരനെ സ്വകാര്യമായി ഉപദേശിക്കുന്ന പക്ഷം അവൻ അവനെ അലങ്കരി ക്കുകയായിരിക്കും; പരസ്യമായി ഉപദേശിക്കുന്ന പക്ഷം, അവനെ വികലപ്പെടുത്തുകയുമായിരിക്കും.”

**വചനം 48,49 :**

قُلْ إِنَّ رَبِّى يَقْذِفُ بِٱلْحَقِّ عَلَّـٰمُ ٱلْغُيُوبِ ﴿٤٨﴾

48 പറയുക: “നിശ്ചയമായും എൻെറ റബ്ബ് യഥാർത്ഥ ത്തെ ഇട്ടുതരുന്നു; (അവൻ) അദൃശ്യങ്ങളെ നന്നായറിയുന്നവനാണ്.”

قُلْ جَآءَ ٱلْحَقُّ وَمَا يُبْدِئُ ٱلْبَـٰطِلُ وَمَا يُعِيدُ ﴿٤٩﴾

49 പറയുക: “യഥാർത്ഥം വന്നു (കഴിഞ്ഞു). നിരർത്ഥമായത് തുടക്കമുണ്ടാക്കുകയുമില്ല. ആവർത്തനം ചെയ്കയുമില്ല.”

അല്ലാഹു നബി(സ)ക്ക് സത്യ യാഥാർത്ഥ്യങ്ങളെ (ഹഖ്വു) വഹ്യ് മൂലം എത്തിച്ച് കൊടുക്കുന്നു. (സൂ: അമ്പിയാഅ് 18-ാം വചനം നോക്കുക) അവ അദൃശ്യകാര്യങ്ങൾ അറിയുന്ന റബ്ബിൽ നിന്നുമാകുന്നു.

ആദ്യത്തെ വചനത്തിലെ ആശയം ബലപ്പെടുത്തുകയുമാണ് രണ്ടാമത്തെ വചനം ചെയ്യുന്നത് അതായത് ഇസ്ലാമിക വ്യവസ്ഥയെന്ന യഥാർത്ഥ സത്യം പുലർന്ന് കഴിഞ്ഞു; അസത്യത്തിന് ഇനി തല പൊക്കുവാനും നിലനിൽക്കുവാനും യാതൊരു സാധ്യതയുമില്ല.

**വചനം 50 :**

قُلْ إِن ضَلَلْتُ فَإِنَّمَآ أَضِلُّ عَلَىٰ نَفْسِى ۖ وَإِنِ ٱهْتَدَيْتُ فَبِمَا يُوحِىٓ إِلَىَّ رَبِّىٓ ۚ إِنَّهُۥ سَمِيعٌ قَرِيبٌ ﴿٥٠﴾

50 പറയുക: “ഞാൻ വഴിപിഴച്ചിട്ടുണ്ടെങ്കിൽ, എൻെറ പേരിൽ (ദോഷം വരുത്തി)തന്നെയാണ് ഞാൻ വഴി പിഴക്കുന്നത്. ഞാൻ നേർമ്മാർഗ്ഗം പ്രാപിച്ചിട്ടുണ്ടെങ്കിൽ (അത്), എൻെറ റബ്ബ് എനിക്ക് 'വഹ്യു' നൽകുന്നതുകൊണ്ടുമാണ്. നിശ്ചയമായും അവൻ കേൾക്കുന്നവനാണ്; സമീപസ്ഥനാണ്”.

നബി(സ)യുടെ മാർഗ്ഗം തെറ്റാണോ ശരിയാണോ എന്ന സംശയത്തോട് കൂടിയുള്ള ഒരു പ്രസ്താ വന അല്ല ഇത് - സത്യനിഷേധികളെ ചിന്തിപ്പിക്കുവാനും, ആകർഷിക്കുവാനും വേണ്ടിയുള്ള ഒരു സമീ പന നയമാകുന്നു ഈ പ്രസ്താവന. നബി(സ) പാപങ്ങളിൽ നിന്നും സുരക്ഷിതനായിരിക്കെ, എന്റെ തിന്മകൾക്ക് ഞാൻ തന്നെ ഉത്തരവാദിയാണെന്നും, എന്റെ നന്മകൾ അല്ലാഹുവിന്റെ സഹായത്താൽ ലഭിക്കുന്നതാണെന്നും പ്രഖ്യാപിക്കുവൻ നബി(സ)യോട് കൽപിച്ചിരിക്കുന്നത് സാധാരണമനുഷ്യരായ നാം പ്രത്യേകം മനസ്സിരുത്തേണ്ട ഒരു വിഷയമാകുന്നു.

**വചനം 51 :**

وَلَوْ تَرَىٰٓ إِذْ فَزِعُوا۟ فَلَا فَوْتَ وَأُخِذُوا۟ مِن مَّكَانٍ قَرِيبٍ ﴿٥١﴾

51 അവർ പേടിച്ചു നടുങ്ങുന്ന സന്ദർഭം നീ കാണുകയാണെങ്കിൽ (ഹാ, ഭയങ്കരം തന്നെ)! അപ്പോൾ പിടിയിൽ പെടാതെ) ഒഴിവാകലേ ഇല്ല. സമീപസ്ഥലത്ത് നിന്നുതന്നെ അവർ പിടിക്കപ്പെടുകയും ചെയ്യും.

ഇപ്പോൾ എത്ര കേമന്മാരും, ധീരന്മാരും ആണെങ്കിലും ആ അവിശ്വാസികൾ പരലോകത്തെത്തുമ്പോൾ അങ്ങേ അറ്റം ഭയവിഹ്വലരായിരിക്കും. ഓടി രക്ഷപ്പെടുവാൻ അവർ ശ്രമിച്ചേക്കും. പക്ഷേ, നിന്ന സ്ഥലത്ത് വെച്ച് തന്നെ അവർ പിടികൂടപ്പെടുന്നതാണ്.

**വചനം 52,53 :**

وَقَالُوٓا۟ ءَامَنَّا بِهِۦ وَأَنَّىٰ لَهُمُ ٱلتَّنَاوُشُ مِن مَّكَانٍۭ بَعِيدٍ ﴿٥٢﴾

52 അവർ(അപ്പോൾ) പറയുകയും ചെയ്യും:“ഞങ്ങൾ അതിൽ വിശ്വസിച്ചു'' എന്ന്. (പ്രാപ്യമല്ലാത്ത) വിദൂരസ്ഥലത്തുനിന്ന് എങ്ങിനെയാണ് അവർക്ക് (വേഗമത്) കരസ്ഥമാകൽ?-

وَقَدْ كَفَرُوا۟ بِهِۦ مِن قَبْلُ ۖ وَيَقْذِفُونَ بِٱلْغَيْبِ مِن مَّكَانٍۭ بَعِيدٍ ﴿٥٣﴾

53 അവർ മുമ്പ് അതിൽ അവിശ്വസിച്ചിരിക്കയാണല്ലോ! വിദൂരസ്ഥലത്തുനിന്ന് അവർ കാണാതെ (ഊഹാസ്ത്രം) എറിയുകയും ചെയ്തിരുന്നു.

വിശ്വസിക്കാൻ കൈവന്ന സന്ദർങ്ങളെല്ലാം അവർ പാഴാക്കിക്കളഞ്ഞു. അവയെല്ലാം ഇനി സ്ഥാപിക്കാനാവാത്ത വിധം ദൂരപ്പെട്ട് പോയിക്കഴിഞ്ഞു. എന്നിട്ടിതാ, ഇപ്പോൾ ശിക്ഷ കൺമുന്നിൽ കണ്ടപ്പോൾ, ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു എന്നവർ പറയുന്നു. ഈ അവസരത്തിൽ എങ്ങനെയാണ് അവർക്ക് ഇത്രവേഗം വിശ്വാസം ഉണ്ടായിത്തീർന്നത്. ഇതേവരെ, അതിനെകുറിച്ച് ചിന്തിക്കുകയോ, അതിനെ സമീപിക്കാൻ ശ്രമിക്കുകയോ, അവർ ചെയ്തിട്ടില്ല. അങ്ങകലെ നിന്ന് ഊഹത്തെ അടിസ്ഥാനമാക്കി ആരോപണങ്ങൾ ഉന്നയിക്കുകയും ജാലമാണ്, ഭ്രാന്താണ്, വ്യജമാണ് എന്നൊക്കെ പറഞ്ഞ് ആക്ഷേപങ്ങളുന്നയിച്ച് കാലം കഴിക്കുകയുമായിരുന്നല്ലോ അവർ ചെയ്തത്.

**വചനം 54 :**

وَحِيلَ بَيْنَهُمْ وَبَيْنَ مَا يَشْتَهُونَ كَمَا فُعِلَ بِأَشْيَاعِهِم مِّن قَبْلُ ۚ إِنَّهُمْ كَانُوا۟ فِى شَكٍّۭ مُّرِيبٍۭ ﴿٥٤﴾

54 അവരുടെയും, അവർ ഇച്ഛിക്കുന്നതിൻെറയും ഇടയിൽ മറ ഇടപ്പെടും (തടസ്സം നേരിടും); മുമ്പുണ്ടായിരുന്ന അവരുടെ കക്ഷികളെക്കൊണ്ട് ചെയ്യപ്പെട്ടതുപോലെ(ത്തന്നെ). (കാരണം) നിശ്ചയമായും അവർ ആശയക്കുഴപ്പമുണ്ടാക്കുന്ന സംശയത്തിലായിരുന്നു.

ഇനി അവർ എന്ത് തന്നെ ഇഛിച്ചിട്ടും ഫലമില്ല. മുമ്പ് ഇവരെപോലെ അവിശ്വാസികളായി ജീവിച്ചിരുന്ന എല്ലാ വിഭാഗക്കാരിലും നടപ്പാക്കപ്പെടുന്ന അതേ ശിക്ഷാ നടപടികൾ തന്നെ ഇവരിലും നടപ്പാക്കപ്പെടും. കാരണം, സത്യത്തിൽ വിശ്വസിക്കാതെ ആശയകുഴപ്പവും സംശയവുമായി തങ്ങളുടെ ജീവിതം അവർ പാഴാക്കിക്കളയുകയായിരുന്നുവല്ലോ.

# 35. സൂറത്തുല്‍ ഫാത്വിര്‍
## (സ്രഷ്ടാവ്)

സൂറത്തുല്‍ മലാഇക : (മലക്കുകള്‍) എന്നും ഈ സൂറത്തിന് പേരുണ്ട്.

**മക്കയില്‍ അവതരിച്ചത്**

വചനങ്ങള്‍ 45, വിഭാഗം (റുക്കൂഅ്) 5

ഒന്നാം വചനത്തില്‍ തന്നെ സ്രഷ്ടാവ് (ഫാത്വിര്‍)നെ പറ്റി പരാമര്‍ശിക്കുന്നതിനാലാണ് ഈ അദ്ധ്യായത്തിന് ഇപ്രകാരം പേര്‍ നല്‍കപ്പെട്ടത്.

**വിഭാഗം 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്‍റെ നാമത്തില്‍ بسم الله الرحمن الرحيم

**വചനം 1:**

ٱلْحَمْدُ لِلَّهِ فَاطِرِ ٱلسَّمَٰوَٰتِ وَٱلْأَرْضِ جَاعِلِ ٱلْمَلَٰٓئِكَةِ رُسُلًا أُو۟لِىٓ أَجْنِحَةٍ مَّثْنَىٰ وَثُلَٰثَ وَرُبَٰعَ ۚ يَزِيدُ فِى ٱلْخَلْقِ مَا يَشَآءُ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١﴾

1 സര്‍വ്വ സ്തുതിയും അല്ലാഹുവിനാകുന്നു. (അതായത്) ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടികര്‍ത്താവ്; മലക്കുകളെ ഈരണ്ടും മുമ്മൂന്നും നന്നാലും പക്ഷങ്ങള്‍ (ചിറകുകള്‍) ഉള്ള ദൂതന്‍മാരാക്കിയിട്ടുള്ളവന്‍: സൃഷ്ടിയില്‍ അവന്‍ ഉദ്ദേശിക്കുന്നത് അവന്‍ വര്‍ദ്ധിപ്പിക്കുന്നു. നിശ്ചയമായും, അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

**الحمد لله** (സ്തുതി അല്ലാഹുവിനാകുന്നു) എന്ന വാക്യം കൊണ്ട് ആരംഭിക്കുന്ന അഞ്ച് സൂറത്തുകളില്‍ അവസാനത്തേതാകുന്നു ഇത്. ഒന്നാമത്തേത് സൂ: ഫാതിഹയും, രണ്ടാമത്തേത് സൂ: അന്‍ആം-ഉം മൂന്നാമത്തേത് സൂ: അല്‍ കഹ്ഫും നാലാമത്തേത് സൂ: സബഉം ആകുന്നു.

സ്തുതി കീര്‍ത്തനങ്ങളുടെ അര്‍ഹതയും അവകാശങ്ങളും അല്ലാഹുവിനാണെന്നതിന് അടിസ്ഥാനപരമായ അവന്‍റെ ചില ഗുണവിശേഷങ്ങളും, തുടര്‍ന്ന് അല്ലാഹു വിവരിക്കുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടികര്‍ത്താവാകുന്നു അവന്‍. മാത്രമല്ല പലതരത്തിലുള്ള മലക്കുകളെ ദൂതന്മാരായി നിശ്ചയിച്ചവനുമാകുന്നു, സര്‍വ്വശക്തനായ അല്ലാഹു. ആദ്യത്തേത് അവന്‍റെ സൃഷ്ടി മാഹാത്മ്യത്തേയും, രണ്ടാമത്തേത് അവന്‍റെ പരിപാലന വൈഭവത്തെയും സൂചിപ്പിക്കുന്നു.

ഈരണ്ടും മുമ്മൂന്നും നന്നാലും ചിറകുള്ളവര്‍ എന്ന് വിവരിച്ചത് മലക്കുകളുടെ രൂപവ്യത്യാസത്തെയോ സ്ഥാന പദവികളെയോ സൂചിപ്പിക്കുന്നതായിരിക്കാം. പ്രകാശത്താല്‍ സൃഷ്ടിക്കപ്പെട്ട മലക്കുകള്‍ നമ്മുടെ ദൃഷ്ടിക്ക് ഗോചരമല്ലാത്ത ആത്മീയ ജീവികളാകുന്നു. എന്നാല്‍ അല്ലാഹു ഉദ്ദേശിക്കുമ്പോള്‍, ചില പ്രത്യേക രൂപങ്ങളില്‍, മനുഷ്യര്‍ക്ക് കാണത്തക്കവിധം മലക്കുകള്‍ പ്രത്യക്ഷപ്പെട്ടതായി ഖുര്‍ആനില്‍ നിന്നും ഹദീസില്‍ നിന്നും മനസ്സിലാക്കാം. ഇബ്രാഹീം നബി(അ), ലൂത്ത് നബി(അ) മര്‍യം(അ) നബി(സ) തിരുമേനി എന്നിവര്‍ മലക്കുകളെ കണ്ടിട്ടുള്ള വസ്തുത പ്രസിദ്ധമാണല്ലോ. എന്നാല്‍ മലക്കുകള്‍ അവരുടെ സാക്ഷാല്‍ രൂപത്തില്‍ പ്രത്യക്ഷപ്പെടുന്ന പക്ഷം അത് മനുഷ്യ പ്രകൃതിക്ക് താങ്ങാനാകാത്ത കാഴ്ചയായിരിക്കും. ജിബ്രീല്‍(അ)നെ സാക്ഷാല്‍ രൂപത്തില്‍ നേരില്‍ കണ്ട രണ്ട് അവസരങ്ങളിലും നബി(സ) പേടിച്ച് നടുങ്ങിപ്പോയി എന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ അവസരങ്ങളില്‍ ജിബ്രീല്‍(അ)ന് അറുന്നൂറ് ചിറകുകള്‍ ഉണ്ടായിരുന്നതായി വിവരിക്കപ്പെട്ടിരിക്കുന്നു. രണ്ടും നാലും കാലുകളില്‍ നടക്കുന്ന ജീവികളെ കുറിച്ച് പറഞ്ഞ ശേഷം സൂ: നൂര്‍ 45-ല്‍ "അല്ലാഹു ഉദ്ദേശിക്കുന്നത് അവന്‍ സൃഷ്ടിക്കുന്നു" എന്ന് പ്രസ്താവിക്കുന്നത് പോലെ, ഈരണ്ടും, മുമ്മൂന്നും, നന്നാലും ചിറകുകളെ പറ്റി പറഞ്ഞതിന് ശേഷം സൃഷ്ടിയില്‍ അവന്‍ ഉദ്ദേശിക്കുന്നത് അവന്‍ വര്‍ദ്ധിപ്പിക്കുന്നു. എന്ന്

ഇവിടെയും പ്രസ്താവിച്ചിരിക്കുന്നത് ശ്രദ്ധേയമാകുന്നു. (മലക്കുകളുടെ പദവിയെ കുറിച്ച് സൂ: അമ്പിയാഅ് 26-29 വചനങ്ങളും വിവരണവും നോക്കുക)

**വചനം 2:**

مَّا يَفْتَحِ ٱللَّهُ لِلنَّاسِ مِن رَّحْمَةٍ فَلَا مُمْسِكَ لَهَا ۖ وَمَا يُمْسِكْ فَلَا مُرْسِلَ لَهُۥ مِنۢ بَعْدِهِۦ ۚ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٢﴾

2 കാരുണ്യമായുള്ള ഏതൊന്നിനെയും അല്ലാഹു മനുഷ്യർക്ക് തുറന്നുകൊടുക്കുന്നപക്ഷം, അതിനെ പിടിച്ചു വെക്കുന്നവനില്ല; അവൻ എന്തെങ്കിലും പിടിച്ചുവെക്കുന്നതായാൽ, അതിനുശേഷം അതിനെ (തുറന്നു) വിടുന്നവനുമില്ല. അവനത്രെ, അഗാധജ്ഞനായ പ്രതാപശാലി.

യാഥാർത്ഥ്യം ഇതാണെന്നിരിക്കെ അല്ലാഹു അല്ലാത്ത ഏതൊന്നിനെയും, അത് മലക്കുകളോ, പ്രവാചകന്മാരോ, പുണ്യത്മാക്കളോ, പ്രതിമകളോ, പ്രകൃതി ശക്തികളോ, എന്ത് തന്നെ ആയാലും ആരാധിച്ചിട്ടും പ്രാർത്ഥിച്ചിട്ടും യാതൊരു ഫലവുമില്ല. നബി(സ) നമസ്കാരത്തിലും പുറത്തും പ്രാർത്ഥിക്കാറുണ്ടായിരുന്ന ഒരു വചനത്തിന്റെ അർത്ഥം ഇപ്രകാരമാകുന്നു.

“അല്ലാഹുവേ നീ കൊടുക്കുന്നതിനെ മുടക്കുന്നവനില്ല. നീ മുടക്കിയതിനെ കൊടുക്കുന്നവനുമില്ല. ഐശ്വര്യക്കാരന് നിന്നെ സംബന്ധിച്ച് ഐശ്വര്യം ഉപകാരം ചെയ്യുന്നതുമല്ല.”

**വചനം 3,4 :**

يَٰٓأَيُّهَا ٱلنَّاسُ ٱذْكُرُوا۟ نِعْمَتَ ٱللَّهِ عَلَيْكُمْ ۚ هَلْ مِنْ خَٰلِقٍ غَيْرُ ٱللَّهِ يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ ۚ لَآ إِلَٰهَ إِلَّا هُوَ ۖ فَأَنَّىٰ تُؤْفَكُونَ ﴿٣﴾

3 ഹേ, മനുഷ്യരേ, നിങ്ങളുടെമേൽ അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുവിൻ. അല്ലാഹു അല്ലാതെ, ആകാശത്തു നിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്ന വല്ല സ്രഷ്ടാവും (വേറെ) ഉണ്ടോ?! അവനല്ലാതെ ആരാധ്യനേ ഇല്ല. എന്നിരിക്കെ, എങ്ങിനെയാണ് നിങ്ങൾ (സത്യത്തിൽനിന്ന്) തെറ്റിക്കപ്പെടുന്നത്?!

وَإِن يُكَذِّبُوكَ فَقَدْ كُذِّبَتْ رُسُلٌ مِّن قَبْلِكَ ۚ وَإِلَى ٱللَّهِ تُرْجَعُ ٱلْأُمُورُ ﴿٤﴾

4 (നബിയേ) ഇവർ നിന്നെ വ്യാജമാക്കുന്നുവെങ്കിൽ, നിനക്കുമുമ്പും 'റസൂലു'കൾ വ്യാജമാക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവിങ്കലേക്കത്രെ കാര്യങ്ങൾ മടക്കപ്പെടുന്നത്.

ആകാശത്ത് നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്നത് അല്ലാഹുവാണെന്നിരിക്കെ, മറ്റുള്ളവരെ ആരാധ്യരായി സ്വീകരിക്കാൻ തക്കവണ്ണം നിങ്ങൾ എങ്ങനെയാണ് സത്യത്തിൽ നിന്നും വ്യതിചലിക്കപ്പെടുന്നത്.

പ്രവാചകന്മാരെ വ്യാജമാക്കൽ, ഇപ്പോൾ മാത്രമല്ല. മുമ്പും റസൂലുകൾ വ്യാജമാക്കപ്പെട്ടിട്ടുണ്ട്. എല്ലാ കാര്യങ്ങളുടെയും കലാശവും, തീരുമാനവും അല്ലാഹുവിങ്കലാണല്ലോ.

**വചനം 5,6 :**

يَٰٓأَيُّهَا ٱلنَّاسُ إِنَّ وَعْدَ ٱللَّهِ حَقٌّ ۖ فَلَا تَغُرَّنَّكُمُ ٱلْحَيَوٰةُ ٱلدُّنْيَا ۖ وَلَا يَغُرَّنَّكُم بِٱللَّهِ ٱلْغَرُورُ ﴿٥﴾

5 ഹേ, മനുഷ്യരേ, നിശ്ചയമായും അല്ലാഹുവിൻെറ വാഗ്ദാനം യഥാർത്ഥമാകുന്നു. അതുകൊണ്ട് ഐഹികജീവിതം നിങ്ങളെ വഞ്ചിക്കാതിരുന്നുകൊള്ളട്ടെ! അല്ലാഹുവിനെ സംബന്ധിച്ച് (ആ) മഹാ വഞ്ചകനും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ!!

6 നിശ്ചയമായും, നിങ്ങൾക്ക് ശത്രുവാകുന്നു പിശാച്. ആകയാൽ, നിങ്ങളവനെ ശത്രുവാക്കി വെക്കുവിൻ! അവൻ തൻെറ കക്ഷിയെ ക്ഷണി ക്കുന്നത് അവർ ജ്വലിക്കുന്ന നരകത്തിൻെറ ആൾക്കാരിൽ പെട്ടവരായിരിക്കുവാൻവേണ്ടി മാത്രമാണ്.

إِنَّ ٱلشَّيْطَٰنَ لَكُمْ عَدُوٌّ فَٱتَّخِذُوهُ عَدُوًّا ۚ إِنَّمَا يَدْعُوا۟ حِزْبَهُۥ لِيَكُونُوا۟ مِنْ أَصْحَٰبِ ٱلسَّعِيرِ ﴿٦﴾

മരണാനന്തര ജീവിതം, വിചാരണ, രക്ഷാശിക്ഷകൾ മുതലായ അല്ലാഹുവിന്റെ വാഗ്ദാനങ്ങളെ കുറിച്ചുള്ള വിശ്വാസത്തിന്, മനുഷ്യർക്ക് വിഘാതമായി നിലകൊള്ളുന്ന രണ്ട് വൻ ശത്രുക്കളെക്കുറിച്ചാണ് അല്ലാഹു താക്കീത് ചെയ്യുന്നത് - ഒന്ന് ഐഹിക ജീവിതം; മറ്റൊന്ന് മനുഷ്യന്റെ വർഗ്ഗശത്രുവായ പിശാച്.

ഐഹിക ജീവിതത്തെ തന്നെ പരമലക്ഷ്യമാക്കി, പാരത്രിക ജീവിതത്തെ അവഗണിക്കുന്നതായാൽ അതവന്റെ നാശഹേതുവായി കലാശിക്കുന്നതാണ്. ഐഹികജീവിതത്തിൽ നിന്നാണ് മനുഷ്യൻ പാരത്രിക ജീവിതത്തിലേക്കുള്ളത് സമ്പാദിക്കേണ്ടത്.

മനുഷ്യനെ വഴിപിഴപ്പിക്കുകയെന്നതാണ് പിശാചിന്റെ ലക്ഷ്യം. പിശാചിന്റെ അദൃശ്യ വലകളെ പറ്റി പ്രത്യേകം ജാഗരൂകരായിരിക്കുവാനും, അങ്ങനെ അവൻ ക്ഷണിക്കുന്ന ജ്വലിക്കുന്ന നരകത്തിൽ നിന്നും രക്ഷ പ്രാപിക്കുവാനും അല്ലാഹു മനുഷ്യരെ ഉൽബോധിപ്പിക്കുന്നു. അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ ആമീൻ.

**വചനം 7 :**

7 യാതൊരുകൂട്ടർ അവിശ്വസിച്ചുവോ അവർക്ക് കഠിനമായ ശിക്ഷയുണ്ട്; യാതൊരുകൂട്ടർ വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തുവോ അവർക്ക് പാപമോചനവും, വലുതായ പ്രതിഫലവും ഉണ്ടായിരിക്കും.

ٱلَّذِينَ كَفَرُوا۟ لَهُمْ عَذَابٌ شَدِيدٌ ۖ وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَهُم مَّغْفِرَةٌ وَأَجْرٌ كَبِيرٌ ﴿٧﴾

മനുഷ്യൻ കഠിന ശിക്ഷക്കർഹനായിത്തീരുവാൻ കാരണം അവിശ്വാസമാണ്. അവിശ്വാസത്തോട് കൂടിയ സൽകർമ്മങ്ങൾ അല്ലാഹുവിങ്കൽ പരിഗണിക്കപ്പെടുകയില്ല. സത്യവിശ്വാസത്തോട് കൂടി സൽകർമ്മങ്ങൾ ചെയ്തവർക്കാണ് പാപമോചനവും വമ്പിച്ച പ്രതിഫലവും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നത്.

## വിഭാഗം 2

**വചനം 8 :**

8 അപ്പോൾ, തൻെറ ദുഷ്പ്രവൃത്തി തനിക്ക് ഭംഗിയായി കാണിക്കപ്പെടുകയും, എന്നിട്ടതിനെ നല്ലതായി കാണുകയും ചെയ്തിട്ടുള്ള ഒരുവനോ?! (ഇവനുണ്ടോ സൽക്കർമ്മശാലികളെപ്പോലെ പ്രതിഫലം ലഭിക്കുന്നു?!) എന്നാൽ, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ വഴിപിഴവിലാക്കുകയും, അവൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുകയും ചെയ്യുന്നു. അതുകൊണ്ട് സങ്കടാധിക്യത്താൽ അവരുടെ പേരിൽ (അവരെ ച്ചൊല്ലി) നിൻെറ ആത്മാവ് പോകാതിരുന്നു കൊള്ളട്ടെ! നിശ്ചയമായും അവർ പ്രവർത്തിച്ചു വരുന്നതിനെപ്പറ്റി അല്ലാഹു അറിയുന്നവനാണ്.

أَفَمَن زُيِّنَ لَهُۥ سُوٓءُ عَمَلِهِۦ فَرَءَاهُ حَسَنًا ۖ فَإِنَّ ٱللَّهَ يُضِلُّ مَن يَشَآءُ وَيَهْدِى مَن يَشَآءُ ۖ فَلَا تَذْهَبْ نَفْسُكَ عَلَيْهِمْ حَسَرَٰتٍ ۚ إِنَّ ٱللَّهَ عَلِيمٌۢ بِمَا يَصْنَعُونَ ﴿٨﴾

ഐഹിക ജീവിതത്തിന്റെയും പിശാചിന്റെയും വഞ്ചനകൾക്ക് വശംവദരാകുന്നവർ തങ്ങൾ സ്വീക

രിക്കുന്ന ദുർന്നടപ്പുകൾ സൽപ്രവർത്തികളായി ഗണിക്കുകയും അതിൽ അഭിമാനിക്കുകയും ചെയ്യും. ഇത്തരക്കാരെ എങ്ങനെയാണ് അല്ലാഹു സൽകർമ്മകാരികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി പാപമോചനവും പ്രതിഫലവും നൽകുക? തങ്ങളുടെ നടപടികൾ ചീത്തയാണന്ന ബോധമെങ്കിലും അവർക്കുണ്ടായിരുന്നെങ്കിൽ അവരെ പറ്റി വല്ല പ്രതീക്ഷക്കും വഴിയുണ്ടാകുമായിരുന്നു. അത്കൊണ്ട് ഇങ്ങനെയുള്ളവരുടെ കാര്യത്തിൽ നീ സങ്കടപ്പെട്ട് സ്വയം കഷ്ടപ്പെടുന്നതിൽ യാതൊരു അർത്ഥവുമില്ല. എല്ലാം കണ്ടറിയുന്ന അല്ലാഹു അവരുടെ കാര്യത്തിൽ യഥാസമയം തക്ക നടപടി എടുക്കുന്നതാണ്.

**വചനം 9**

وَٱللَّهُ ٱلَّذِىٓ أَرۡسَلَ ٱلرِّيَٰحَ فَتُثِيرُ سَحَابٗا فَسُقۡنَٰهُ إِلَىٰ بَلَدٖ مَّيِّتٖ فَأَحۡيَيۡنَا بِهِ ٱلۡأَرۡضَ بَعۡدَ مَوۡتِهَاۚ كَذَٰلِكَ ٱلنُّشُورُ ﴿٩﴾

9 അല്ലാഹുവത്രെ, കാറ്റുകളെ അയച്ചിട്ടുള്ളവൻ (ചലിപ്പിക്കുന്നവൻ). എന്നിട്ട് അവ മേഘം ഇളക്കിവിടുന്നു; അങ്ങനെ നാം (അല്ലാഹു) അതിനെ നിർജ്ജീവമായ വല്ല നാട്ടിലേക്കും തെളിച്ചുകൊണ്ട് പോകുകയായി; എന്നിട്ട് (ആ) ഭൂമിയെ-അത് നിർജീവമായതിനുശേഷം-നാം ജീവിപ്പിക്കുകയായി. ഇതുപോലെ (ത്തന്നെ) യാണ് പുനരുത്ഥാനം!.

അതിമഹത്തായ ഒരു അനുഗ്രഹവും നിത്യസത്യമായ ഒരു ദൃഷ്ടാന്തവും എടുത്ത് പറഞ്ഞ് കൊണ്ട് മരണാനന്തര ജീവിതത്തിന്റെ സത്യത തെളിയിക്കുകയാണ് ഈ വചനത്തിലൂടെ. അതത് നാട്ടിലേക്ക് മേഘത്തെ അയച്ച് അതിൽ നിന്നും മഴ വർഷിപ്പിച്ച് നിർജ്ജീവമായ ഭൂമി ഉൽപാദന യോഗ്യമാക്കിത്തീർക്കുന്നതിൽ അടങ്ങിയ ഗഹനമായ പ്രകൃതി രഹസ്യത്തിലേക്ക് സൂചന നൽകികൊണ്ട് പുനരുത്ഥാനമെന്ന അനിവാര്യമായ യാഥാർത്ഥ്യത്തിലേക്ക് അല്ലാഹു എല്ലാവരുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

**വചനം 10:**

مَن كَانَ يُرِيدُ ٱلۡعِزَّةَ فَلِلَّهِ ٱلۡعِزَّةُ جَمِيعًاۚ إِلَيۡهِ يَصۡعَدُ ٱلۡكَلِمُ ٱلطَّيِّبُ وَٱلۡعَمَلُ ٱلصَّٰلِحُ يَرۡفَعُهُۥۚ وَٱلَّذِينَ يَمۡكُرُونَ ٱلسَّيِّـَٔاتِ لَهُمۡ عَذَابٞ شَدِيدٞۖ وَمَكۡرُ أُوْلَٰٓئِكَ هُوَ يَبُورُ ﴿١٠﴾

10 ആരെങ്കിലും പ്രതാപത്തെ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, പ്രതാപം മുഴുവനും അല്ലാഹുവിനാണ് ഉള്ളത്. (ശുദ്ധമായ) നല്ല വാക്കുകൾ അവങ്കലേക്കത്രെ കയറിപ്പോകുന്നത്. സൽക്കർമ്മമാകട്ടെ, അതിനെ അവൻ ഉയർത്തുകയും ചെയ്യുന്നു. (കടുത്തു) ദുഷിച്ച കുതന്ത്രങ്ങൾ പ്രയോഗിക്കുന്നവർക്ക് കഠിനമായ ശിക്ഷയുണ്ട്. അക്കൂട്ടരുടെ കുതന്ത്രം തന്നെയാണ് നാശമടയുക.

പ്രതാപം മുഴുവൻ അല്ലാഹുവിനുള്ളതാകുന്നു. ആർക്കെങ്കിലും പ്രതാപം സിദ്ധിക്കേണമെന്നുണ്ടെങ്കിൽ, അല്ലാഹു നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ വഴി അവനോട് ആവശ്യപ്പെടേണ്ടതാണ്. അവൻ നൽകുന്ന പ്രതാപമേ സാക്ഷാൽ പ്രതാപമായിരിക്കുകയുള്ളൂ. പ്രതാപം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഭൗതികമായ ധനശക്തിയോ എന്തും പ്രവർത്തിക്കുവാനുള്ള സ്വതന്ത്ര്യമോ സ്വാധീനമോ ഒന്നുമല്ല - സൽസ്വഭാവം, ഹൃദയശുദ്ധി, മാനമര്യാദ, വിനയം, സൽകർമ്മം മുതലായവ വഴി സിദ്ധിക്കുന്ന അന്തസ്സും മനസ്സമാധാനവുമാകുന്നു. ഇങ്ങനെയുള്ളവന് അല്ലാഹുവിനെ മാത്രമേ ഭയപ്പെടേണ്ടി വരികയുള്ളൂ.

പ്രതാപം അഥവാ യശസ്സ് ലഭിക്കുവാനുള്ള മാർഗ്ഗം തുടർന്ന് അല്ലാഹു വിവരിക്കുന്നു.

ദിക്ർ, ദുആ, ഖുർആൻ, സദുപദേശം തുടങ്ങി ആത്മാർത്ഥമായ വിശ്വാസത്തോട് കൂടി, പരിശുദ്ധ ഹൃദയത്തിൽ നിന്ന് പുറത്ത് വരുന്ന എല്ലാ നല്ല വാക്കുകളും അല്ലാഹുവിങ്കൽ എത്തിച്ചേരുകയും, അവൻ അവയ്ക്ക് തക്കതായ പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്. നല്ല വാക്കുകളിൽ ആകട്ടെ പ്രഥമമായ സ്ഥാനമുള്ളത് لا إله الا الله എന്ന കലിമത്തു തൗഹീദിനാകുന്നു.

സൽകർമ്മങ്ങളെയെല്ലാം, അല്ലാഹു ഉയർത്തുകയും അവയ്ക്ക് തക്കതായ പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്.

ചുരുക്കത്തിൽ നല്ല വാക്കുകളോ പ്രവർത്തികളോ അല്ലാഹു പാഴാക്കുകയില്ല. അതേ സമയം കാപട്യങ്ങളും ഉപായങ്ങളും പ്രയോഗിച്ച് നടത്തപ്പെടുന്ന കടുത്തതും ദുഷിച്ചതുമായ കുതന്ത്രങ്ങൾ കൂടുതൽ ശിക്ഷാർഹമായിത്തീരുന്നതാണ്; എന്ന് മാത്രമല്ല അവ അതിന്റെ കർത്താക്കളിൽ തന്നെ തിരിച്ചടിച്ച് നാശമായി കലാശിക്കുകയും ചെയ്യും. നബി(സ) തിരുമേനിയെ ബന്ധനസ്ഥനാക്കുവാനും, കൊലപ്പെടുത്തുവാനും വിഷബാധയേൽപ്പിക്കുവാനും മറ്റുമായി ശത്രുക്കൾ നടത്തിയ പല പരിശ്രമങ്ങളും, അവർ അവരുടെ കുതന്ത്രങ്ങൾക്ക് നേരിടേണ്ടിവന്ന കഠിനമായ അനന്തരഫലങ്ങളും ചരിത്രത്തിൽ ധാരാളം കാണാവുന്നതാണല്ലോ.

**വചനം 11 :**

وَٱللَّهُ خَلَقَكُم مِّن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ
جَعَلَكُمْ أَزْوَٰجًا ۚ وَمَا تَحْمِلُ مِنْ أُنثَىٰ وَلَا
تَضَعُ إِلَّا بِعِلْمِهِۦ ۚ وَمَا يُعَمَّرُ مِن مُّعَمَّرٍ
وَلَا يُنقَصُ مِنْ عُمُرِهِۦٓ إِلَّا فِى كِتَٰبٍ ۚ
إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿١١﴾

11 അല്ലാഹു നിങ്ങളെ മണ്ണിൽനിന്നും, പിന്നീട് ഇന്ദ്രിയത്തുള്ളിയിൽനിന്നുമായി സൃഷ്ടിച്ചു; പിന്നെ, അവൻ നിങ്ങളെ ഇണകളാക്കി. അവൻെറ അറിവോടെയല്ലാതെ യാതൊരു സ്ത്രീയും ഗർഭം ധരിക്കുന്നില്ല, പ്രസവിക്കുന്നുമില്ല. (ദീർഘിച്ച) ആയുസ്സ് നൽകപ്പെട്ടിട്ടുള്ള ഏതൊരാൾക്കും ആയുസ്സ് നൽകപ്പെടുന്നതാകട്ടെ, (ആർക്കെങ്കിലും) അവൻെറ ആയുസ്സിൽ നിന്നും കുറക്കപ്പെടുന്നതാകട്ടെ, ഒരു (രേഖാ) ഗ്രന്ഥത്തിൽ ഇല്ലാതില്ല. നിശ്ചയമായും, അത് അല്ലാഹുവിൻെറ മേൽ നിസ്സാരമായതാണ്.

നിസ്സാരമായ ഇന്ദ്രിയത്തുള്ളികളിൽ നിന്നും മനുഷ്യനെ സൃഷ്ടിച്ച അല്ലാഹു അവരെ ഇണകളാക്കിത്തീർക്കുകയും ചെയ്തു. എല്ലാ ലോകകാര്യങ്ങളും വിശദമായി അറിയുകയും നിയന്ത്രിക്കുകയും ചെയ്യുന്ന അല്ലാഹു ഓരോ സ്ത്രീയും ഗർഭം ധരിക്കുന്നതും പ്രസവിക്കുന്നതും, ഓരോരുത്തരുടെയും ആയുഷ്കാലത്തിന്റെ ഏറ്റക്കുറവും സൂക്ഷ്മമായി അറിയുന്നവനും അവയെല്ലാം കൃത്യമായി രേഖപ്പെടുത്തിയവനും ആകുന്നു. ഇതൊക്കെയും അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം, നിസ്സാരമായ കാര്യമാകുന്നു. (സൂ: സബഅ് 2,3 വചനങ്ങൾ നോക്കുക)

**വചനം 12 :**

وَمَا يَسْتَوِى ٱلْبَحْرَانِ هَٰذَا عَذْبٌ فُرَاتٌ
سَآئِغٌ شَرَابُهُۥ وَهَٰذَا مِلْحٌ أُجَاجٌ ۖ وَمِن كُلٍّ
تَأْكُلُونَ لَحْمًا طَرِيًّا وَتَسْتَخْرِجُونَ حِلْيَةً
تَلْبَسُونَهَا ۖ وَتَرَى ٱلْفُلْكَ فِيهِ مَوَاخِرَ لِتَبْتَغُوا۟
مِن فَضْلِهِۦ وَلَعَلَّكُمْ تَشْكُرُونَ ﴿١٢﴾

12 രണ്ട് സമുദ്രങ്ങൾ (ജലാശയങ്ങൾ) സമമാവുകയില്ല, ഇതാ ഒന്ന് കുടിക്കുവാനെളുപ്പമുള്ളതായ സ്വച്ഛജലം; മറ്റേത് കൈപ്പുരസമായ ഉപ്പുജലവും! ഓരോന്നിൽനിന്നും നിങ്ങൾ പുതിയ മാംസം തിന്നുകയും നിങ്ങൾ ധരിക്കുന്ന ആഭരണവസ്തു പുറത്തെടുക്കുകയും ചെയ്യുന്നു. അവൻെറ അനുഗ്രഹത്തിൽനിന്നു നിങ്ങൾ അന്വേഷിക്കുവാൻവേണ്ടി അതിൽ (സമുദ്രത്തിൽ) കൂടി ഭേദിച്ചുകൊണ്ട് കപ്പലുകൾ (സഞ്ചരിക്കുന്നത്) നിനക്കു കാണാം; നിങ്ങൾ നന്ദി കാണിക്കുകയും ചെയ്തേക്കാമല്ലോ.

അല്ലാഹു മനുഷ്യർക്ക് ചെയ്ത് കൊടുത്തിട്ടുള്ള ചില അനുഗ്രഹങ്ങളെയും അവയിലടങ്ങിയ ദൃഷ്ടാന്തങ്ങളെയും ഈ വചനത്തിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നു. കുടിക്കുവാൻ ഉതകുമാറ് രുചിയും ശുചിത്വവും നിറഞ്ഞ ശുദ്ധ ജലാശയങ്ങളും, കൈപ്പുരസമുള്ള ഉപ്പ് ജലാശയങ്ങളും പ്രകൃത്യാ വ്യത്യ

സ്തങ്ങളാണല്ലോ. പക്ഷേ, രണ്ടിൽ നിന്നും, മനുഷ്യർക്ക് ഒരു പ്രധാന ആഹാരമായ മത്സ്യമാംസവും കൂടാതെ, മുത്ത്, ചിപ്പി, പവിഴം തുടങ്ങിയ പല ആഭരണ വസ്തുക്കളും ലഭിക്കുന്നു. മേൽ പറഞ്ഞ അനുഗ്രഹ വസ്തുക്കളെ തേടിത്തിരഞ്ഞ് കൊണ്ട് സമുദ്രജലം ഭേദിച്ച് കൊണ്ട് കപ്പലുകൾ ഓടിക്കൊണ്ടിരിക്കുന്നു. ഈ അനുഗ്രഹങ്ങൾക്കെല്ലാം മനുഷ്യൻ അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കേണ്ടതുണ്ട്.

**വചനം 13 :**

يُولِجُ ٱلَّيْلَ فِى ٱلنَّهَارِ وَيُولِجُ ٱلنَّهَارَ فِى ٱلَّيْلِ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ كُلٌّ يَجْرِى لِأَجَلٍ مُّسَمًّى ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ لَهُ ٱلْمُلْكُ ۚ وَٱلَّذِينَ تَدْعُونَ مِن دُونِهِۦ مَا يَمْلِكُونَ مِن قِطْمِيرٍ ﴿١٣﴾

13 അവൻ രാത്രിയെ പകലിൽ കടത്തുന്നു; പകലിനെ രാത്രിയിലും കടത്തുന്നു. സൂര്യനെയും, ചന്ദ്രനെയും കീഴ്പെടുത്തിത്തരുകയും ചെയ്തിരിക്കുന്നു; ഓരോന്നും ഒരു നിർണ്ണയിക്കപ്പെട്ട അവധിവരേക്ക് സഞ്ചരിക്കുന്നു. അങ്ങിനെയുള്ളവനത്രെ, നിങ്ങളുടെ രക്ഷിതാവായ അല്ലാഹു! അവനാണ് രാജാധികാരം! നിങ്ങൾ അവനുപുറമെ വിളിച്ചു (പ്രാർത്ഥിച്ചു) വരുന്നവരാകട്ടെ, ഒരു ഈത്തപ്പഴ(ക്കുരുവിൻെറ) പാട(യുടെ അത്ര)യും അവർ സ്വാധീനപ്പെടുത്തുന്നില്ല.

സൂര്യൻ, ചന്ദ്രൻ, രാത്രി, പകൽ തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങളെ മനുഷ്യന്റെ നിലനിൽപിനായി നിയന്ത്രിച്ച് പരിപാലിച്ച് പോരുന്ന രക്ഷിതാവായ അല്ലാഹുവിനാകുന്നു സർവ്വ വിധ രാജാധികാരവും. എന്നാൽ, മനുഷ്യരിൽ ചിലർ അല്ലാഹുവിന് പുറമേ വിളിച്ച് പ്രാർത്ഥിച്ച് വരുന്നവരാകട്ടെ, ഏറ്റവും നിസ്സാരമായ ഒരു ഈത്തപ്പഴക്കുരുവിന്റെ പാടയുടെ അത്രക്ക് പോലും അവർ സ്വാധീനപ്പെടുത്തുന്നില്ല. അടുത്ത വചനം നോക്കുക.

**വചനം 14 :**

إِن تَدْعُوهُمْ لَا يَسْمَعُوا۟ دُعَآءَكُمْ وَلَوْ سَمِعُوا۟ مَا ٱسْتَجَابُوا۟ لَكُمْ ۖ وَيَوْمَ ٱلْقِيَٰمَةِ يَكْفُرُونَ بِشِرْكِكُمْ ۚ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ ﴿١٤﴾

14 നിങ്ങളവരെ വിളി(ച്ചുപ്രാർത്ഥി)ക്കുന്നപക്ഷം, അവർ നിങ്ങളുടെ വിളി കേൾക്കുകയില്ല; അവർ കേട്ടാലും, അവർ നിങ്ങൾക്ക് ഉത്തരംചെയ്കയുമില്ല. ഖിയാമത്തുനാളിലാകട്ടെ, നിങ്ങളുടെ (ഈ) 'ശിർക്കി'നെ അവർ നിഷേധിക്കുകയും ചെയ്യും. (മനുഷ്യാ) സൂക്ഷ്മജ്ഞാനിയെ(അല്ലാഹുവിനെ) പ്പോലെയുള്ള ഒരാൾ നിനക്ക് വർത്തമാനമറിയിക്കുവാനില്ല.

യാതൊരു വ്യാഖ്യാനവും കൂടാതെ തന്നെ ഈ വചനങ്ങളുടെ ആശയങ്ങൾ വ്യക്തമാണ്. ഇവിടെ 'നിങ്ങളുടെ ശിർക്ക്' എന്ന് പറഞ്ഞത് അവർ വിളിച്ച് പ്രാർത്ഥിക്കുന്നതിനെ ഉദ്ദേശിച്ചാണെന്ന് പറയേണ്ടതില്ല. സൂ: സബഅ് 40,41 വചനങ്ങളിലും സൂ: മാഇദ 116,117,118 വചനങ്ങളിലും വിളിച്ച് പ്രാർത്ഥിക്കപ്പെടുന്നവർ ആര് തന്നെ ആയാലും അത് ശിർക്ക് തന്നെയാണെന്ന് വിവരിക്കപ്പെടുകയുണ്ടായല്ലോ. (അടുത്ത വചനവും 22-ാം വചനവും ശ്രദ്ധിക്കുക). എന്നിരിക്കെ, മരണമടഞ്ഞ മഹാത്മാക്കളെ വിളിച്ച് പ്രാർത്ഥിക്കാമോ, അവരത് കേൾക്കുമോ, അവരതിന് ഉത്തരം ചെയ്യുമോ, എന്നൊന്നും പരിശോധിക്കുകയോ അതിന് ന്യായീകരണം നൽകാൻ ശ്രമിക്കുകയോ ചെയ്യുന്നത് അല്ലാഹുവിന്റെ വചനങ്ങളെ ധിക്കരിക്കുന്നതിന് തുല്യമാകുന്നു. അങ്ങനെയുള്ള ധിക്കാരികൾക്ക് ഈ ആയത്തിലെ അവസാന വാക്യം വമ്പിച്ചൊരു താക്കീതാണ് നൽകുന്നത്. അതെ, മേൽ പറഞ്ഞ വസ്തുതകൾ നിങ്ങൾക്ക് വിവരിച്ച് തരുന്നത് സൂക്ഷ്മജ്ഞാനിയായ അല്ലാഹുവാകുന്നു. ഇത്രയും വ്യക്തമായും വസ്തുനിഷ്ടമായും ഇവയെകുറിച്ച് നിങ്ങൾക്ക് പറഞ്ഞ് തരുവാൻ വേറെ ആരാണുള്ളത്. എന്നിരിക്കെ, ഇതിനെതിരെ ന്യായീകരിക്കുന്നതും പ്രവർത്തിക്കുന്നതും അത്യാപത്ത് തന്നെയാകുന്നു.

## വിഭാഗം 3

**വചനം 15,16,17 :**

۞ يَٰٓأَيُّهَا ٱلنَّاسُ أَنتُمُ ٱلۡفُقَرَآءُ إِلَى ٱللَّهِۖ وَٱللَّهُ هُوَ ٱلۡغَنِيُّ ٱلۡحَمِيدُ ١٥

15 ഹേ, മനുഷ്യരേ, അല്ലാഹുവിങ്കലേക്ക് ആശ്രയമുള്ളവരത്രെ നിങ്ങൾ. അല്ലാഹുവാകട്ടെ, അവൻ (അന്യാശ്രയമില്ലാത്ത) ധന്യനാണ്; സ്തുത്യർഹനാണ്.

إِن يَشَأۡ يُذۡهِبۡكُمۡ وَيَأۡتِ بِخَلۡقٖ جَدِيدٖ ١٦

16 അവൻ (വേണമെന്ന്) ഉദ്ദേശിക്കുന്നപക്ഷം, നിങ്ങളെ അവൻ പോക്കി (നശിപ്പിച്ചു) കളയുകയും, ഒരു പുതിയ സൃഷ്ടിയെ കൊണ്ടുവരുകയും ചെയ്യുന്നതാണ്.

وَمَا ذَٰلِكَ عَلَى ٱللَّهِ بِعَزِيزٖ ١٧

17 അത് അല്ലാഹുവിൻെറ മേൽ ഒരു വീര്യപ്പെട്ട (പ്രയാസപ്പെട്ട) കാര്യമല്ലതാനും.

മനുഷ്യൻ അവൻ എത്ര ദുർബ്ബലനോ ശക്തനോ ആകട്ടെ- അവന്റെ ഓരോ ചലനവും, ഓരോരോ പ്രക്രിയയും അല്ലാഹുവിന്റെ സഹായത്തെ മാത്രം ആശ്രയിച്ച് കൊണ്ടുള്ളതാണ്. അല്ലാഹുവിനാകട്ടെ, ആരുടെയും യാതൊരു സഹായവും ആവശ്യമില്ല താനും. എന്നിരിക്കെ, മനുഷ്യൻ അവന്റെ എല്ലാ പ്രാർത്ഥനകളും അപേക്ഷകളും അല്ലാഹുവിൽ മാത്രമാണ് അർപ്പിക്കേണ്ടത്.

ഇബ്നു അബ്ബാസ്(റ)നോട് ഒരിക്കൽ നബി(സ)തിരുമേനി ഇപ്രകാരം ഉപദേശിക്കുകയുണ്ടായി: "നീ അല്ലാഹുവിനോട് മാത്രം സഹായാഭ്യർത്ഥന ചെയ്യുക. നിനക്ക് എന്തെങ്കിലും ഒരു ഉപകാരം ചെയ്വാൻ വേണ്ടി സമുദായം ഒന്നിച്ച് ചേർന്നാലും അല്ലാഹു നിനക്ക് നിശ്ചയിച്ചിട്ടുള്ളതല്ലാതെ അവർ ഉപകാരം ചെയ്കയില്ല. നിനക്ക് ഏതെങ്കിലും ഉപദ്രവം ചെയ്യുവാൻ അവർ ഒരുമിച്ച് ചേർന്നാലും അവൻ നിന്റെ പേരിൽ നിശ്ചയിച്ചിട്ടുള്ളതല്ലാതെ അവർ ഉപദ്രവം ചെയ്യുകയില്ല." (തി)

ശിർക്കും ദൈവനിഷേധവും പുലർത്തിപ്പോരുന്ന മനുഷ്യസമൂഹത്തെ നശിപ്പിച്ച്, പകരം തികച്ചും ഭക്തിയും അനുസരണവും ഉള്ള ഒരു ജനസമുദായത്തെയോ, മനുഷ്യവർഗ്ഗമല്ലാത്ത വേറൊരു വർഗ്ഗത്തെ തന്നെയോ ഭൂമിയിൽ കൊണ്ട് വരാൻ അല്ലാഹുവിന് കഴിയും. അതൊന്നും അവന് ഒട്ടും പ്രയാസപ്പെട്ട ഒരു കാര്യമല്ല തന്നെ.

**വചനം 18 :**

وَلَا تَزِرُ وَازِرَةٞ وِزۡرَ أُخۡرَىٰۚ وَإِن تَدۡعُ مُثۡقَلَةٌ إِلَىٰ حِمۡلِهَا لَا يُحۡمَلۡ مِنۡهُ شَيۡءٞ وَلَوۡ كَانَ ذَا قُرۡبَىٰٓۗ إِنَّمَا تُنذِرُ ٱلَّذِينَ يَخۡشَوۡنَ رَبَّهُم بِٱلۡغَيۡبِ وَأَقَامُواْ ٱلصَّلَوٰةَۚ وَمَن تَزَكَّىٰ فَإِنَّمَا يَتَزَكَّىٰ لِنَفۡسِهِۦۚ وَإِلَى ٱللَّهِ ٱلۡمَصِيرُ ١٨

18 കുറ്റം വഹിക്കുന്ന ഒരു ദേഹവും മറ്റൊന്നിൻെറ കുറ്റം വഹിക്കുകയില്ല. ഭാരം പിടിപെട്ട ഒരു ദേഹം അതിൻെറ ചുമടെടുക്കുന്നതിന് (മറ്റൊരാളെ) വിളിക്കുന്നപക്ഷം, അതിൽനിന്ന് യാതൊന്നും തന്നെ വഹിക്കപ്പെടുന്നതുമല്ല; അത് അടുത്ത ബന്ധമുള്ളവനായിരുന്നാലും ശരി. തങ്ങളുടെ റബ്ബിനെ (നേരിൽ കാണാതെ) അദൃശ്യനിലയിൽ ഭയപ്പെടുകയും, നമസ്കാരം നിലനിറുത്തുകയും ചെയ്യുന്നവരെ മാത്രമേ നീ താക്കീത് ചെയ്യേണ്ടതുള്ളു. ആർ (ആത്മ) പരിശുദ്ധി പ്രാപിക്കുന്നുവോ അവൻ, തനിക്ക് (ഗുണത്തിനു) വേണ്ടിത്തന്നെ പരിശുദ്ധി അടയുന്നു. അല്ലാഹുവിങ്കലേക്കാണ് തിരിച്ചു ചെല്ലൽ.

ഒരാളുടെ കുറ്റം, മറ്റൊരാൾക്ക് അയാൾ തന്റെ ഉറ്റ ബന്ധു ആയിരുന്നാൽ പോലും ഏറ്റെടുക്കാൻ കഴിയുകയോ, മറ്റൊരാളുടെ മേൽ ചുമത്തപ്പെടുകയോ, അല്ലാഹുവിന്റെ കോടതിയിൽ സംഭാവ്യമല്ല. ഓരോരുത്തനും ചെയ്യുന്ന നന്മക്കും തിന്മക്കും, അവൻ മാത്രമാകുന്നു ഉത്തരവാദി. (സൂ: അൻആം:164, സൂ.സുമർ:7 വചനങ്ങളും വിവരണവും നോക്കുക) തങ്ങളുടെ റബ്ബിനെ അദൃശ്യനിലയിൽ ഭയപ്പെടുകയും, നമസ്കാരം നിലനിർത്തുകയും ചെയ്യുന്നവർ ആത്മപരിശുദ്ധി പ്രാപിച്ചവരാകുന്നു. ആർ പരിശുദ്ധി പ്രാപിക്കുന്നുവോ അവൻ സ്വന്തം ഗുണത്തിന് വേണ്ടി തന്നെയാണ് പരിശുദ്ധി പാലിക്കുന്നതും.

**വചനം 19,20,21,22,23 :**

وَمَا يَسۡتَوِي ٱلۡأَعۡمَىٰ وَٱلۡبَصِيرُ ﴿١٩﴾

19 അന്ധനും, കാഴ്ചയുള്ളവനും സമമാവുകയില്ല;

وَلَا ٱلظُّلُمَٰتُ وَلَا ٱلنُّورُ ﴿٢٠﴾

20 അന്ധകാരങ്ങളും, പ്രകാശവുമാകട്ടെ, (അവയും സമമാവുക) ഇല്ല.

وَلَا ٱلظِّلُّ وَلَا ٱلۡحَرُورُ ﴿٢١﴾

21 തണലും, സൂര്യോഷ്ണവും (അഥവാ ഉഷ്ണക്കാറ്റും) ആകട്ടെ, (സമമാവുക) ഇല്ല.

وَمَا يَسۡتَوِي ٱلۡأَحۡيَآءُ وَلَا ٱلۡأَمۡوَٰتُۚ إِنَّ ٱللَّهَ يُسۡمِعُ مَن يَشَآءُۖ وَمَآ أَنتَ بِمُسۡمِعٖ مَّن فِي ٱلۡقُبُورِ ﴿٢٢﴾

22 ജീവിച്ചിരിക്കുന്നവരും, മരണമടഞ്ഞവരുമാകട്ടെ സമമാവുകയില്ല. നിശ്ചയമായും അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ കേൾപ്പിക്കും. 'ഖബ്റു' (ശ്മശാനം) കളിൽ ഉള്ളവരെ നീ കേൾപ്പിക്കുന്നവനല്ല.

إِنۡ أَنتَ إِلَّا نَذِيرٌ ﴿٢٣﴾

23 നീ ഒരു താക്കീതുകാരനല്ലാതെ (മറ്റൊന്നും) അല്ല.

സത്യവിശ്വാസവും സത്യനിഷേധവും, തമ്മിലും വിശ്വാസികളും അവിശ്വാസികളും തമ്മിലും ഒരിക്കലും സന്ധിപ്പും യോജിപ്പും ഉണ്ടാകാത്ത വിധം പരസ്പരം വൈരുദ്ധ്യം നിറഞ്ഞതാണെന്നുള്ളതിന് ചില ഉദാഹരണങ്ങൾ അല്ലാഹു ഈ വചനങ്ങളിൽ വിവരിക്കുന്നു.

ഖബറുകളിലുള്ളതിനെ നീ കേൾപ്പിക്കുകയില്ല എന്നതിനെ കുറിച്ച് സൂ: നംല് 80-ാം വചനത്തിൽ വിവരിച്ചത് ഇവിടെയും പ്രസക്തമാകുന്നു. നബി(സ) ജനങ്ങളെ നിർബന്ധപൂർവ്വം സത്യവിശ്വാസം സ്വീകരിപ്പിക്കുവാൻ ബാദ്ധ്യസ്ഥനല്ല. അവരെ വേണ്ട വിധം താക്കീത് ചെയ്താൽ മതി എന്നാകുന്നു 23-ാം വചനത്തിന്റെ ആശയം.

**വചനം 24,25,26 :**

إِنَّآ أَرۡسَلۡنَٰكَ بِٱلۡحَقِّ بَشِيرٗا وَنَذِيرٗاۚ وَإِن مِّنۡ أُمَّةٍ إِلَّا خَلَا فِيهَا نَذِيرٞ ﴿٢٤﴾

24 നിശ്ചയമായും നാം നിന്നെ സന്തോഷവാർത്ത അറിയിക്കുന്നവനും, താക്കീത് നൽകുന്നവനുമായിക്കൊണ്ട് യഥാർത്ഥ (മത)ത്തോടുകൂടി അയച്ചിരിക്കുന്നു. ഒരു സമുദായവും തന്നെ, അതിൽ ഒരുതാക്കീതുകാരൻ കഴിഞ്ഞുപോകാതെയിരുന്നിട്ടില്ല.

وَإِن يُكَذِّبُوكَ فَقَدۡ كَذَّبَ ٱلَّذِينَ مِن قَبۡلِهِمۡ جَآءَتۡهُمۡ رُسُلُهُم بِٱلۡبَيِّنَٰتِ وَبِٱلزُّبُرِ وَبِٱلۡكِتَٰبِ ٱلۡمُنِيرِ ﴿٢٥﴾

25 ഇവർ നിന്നെ വ്യാജമാക്കുന്നുവെങ്കിൽ, ഇവരുടെ മുമ്പുള്ളവരും (ഇതുപോലെ) വ്യാജമാക്കുകയുണ്ടായിട്ടുണ്ട്. അവരുടെ റസൂലുകൾ വ്യക്തമായ തെളിവുകളോടും, ഏടുകളോടും, പ്രകാശം നൽകുന്ന വേദഗ്രന്ഥത്തോടും കൂടി അവരുടെ അടുക്കൽ ചെന്നിരുന്നു.

ثُمَّ أَخَذْتُ ٱلَّذِينَ كَفَرُوا۟ ۖ فَكَيْفَ كَانَ نَكِيرِ ﴿٢٦﴾

26 പിന്നീട്, (അവരിൽ) അവിശ്വസിച്ചവരെ ഞാൻ പിടിച്ചു (ശിക്ഷിച്ചു). അപ്പോൾ എൻെറ പ്രതിഷേധം എങ്ങിനെയായി (– നോക്കുക)?!

തൗഹീദ് പ്രബോധനം ചെയ്യുവാനും, അതിനെ അംഗീകരിക്കാത്തവർക്ക് അല്ലാഹുവിന്റെ ശിക്ഷയെകുറിച്ച് താക്കീത് നൽകുവാനും പ്രവാചകന്മാർ നിയോഗിക്കപ്പെടാത്ത ഒരു സമുദായവും ഉണ്ടായിട്ടില്ല. (സൂ: മുഅ്മിൻ 78-ാം വചനം നോക്കുക) അത് നിഷേധിച്ച സമുദായങ്ങളുടെ മേൽ അല്ലാഹു നടപടി എടുത്തിട്ടുമുണ്ട്.

മുമ്പുള്ള നബിമാർക്ക് അല്ലാഹു നൽകിയ മൂന്ന്തരം പ്രത്യക്ഷലക്ഷ്യങ്ങളെ ഇവിടെ എടുത്ത്കാട്ടുന്നു.

1) വ്യക്തമായ തെളിവുകൾ – ബുദ്ധികൊണ്ട് കണ്ടെത്താവുന്ന യുക്തി ന്യായങ്ങളും, പ്രകൃതി ദൃഷ്ടാന്തങ്ങളും അമാനുഷിക ദൃഷ്ടാന്തങ്ങളും.

2) ഏടുകൾ – ഇബ്രാഹീം(അ) നബി ദാവൂദ്(അ) നബി എന്നിവർക്ക് നൽകപ്പെട്ടത് പോലെയുള്ളവ.

3) പ്രകാശം നൽകുന്ന വേദഗ്രന്ഥം – തൗറാത്ത് ഇഞ്ചീൽ എന്നിവ ഇതിൽപ്പെടുന്നു.

## വിഭാഗം 4

**വചനം 27,28 :**

أَلَمْ تَرَ أَنَّ ٱللَّهَ أَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَخْرَجْنَا بِهِۦ ثَمَرَٰتٍ مُّخْتَلِفًا أَلْوَٰنُهَا ۚ وَمِنَ ٱلْجِبَالِ جُدَدٌۢ بِيضٌ وَحُمْرٌ مُّخْتَلِفٌ أَلْوَٰنُهَا وَغَرَابِيبُ سُودٌ ﴿٢٧﴾

27 അല്ലാഹു ആകാശത്തുനിന്ന് വെള്ളം ഇറക്കിയിട്ടുള്ളത് നീ കണ്ടില്ലേ?- എന്നിട്ട് അതുമൂലം നാം (അല്ലാഹു) വർണ്ണങ്ങൾ വ്യത്യസ്തമായിക്കൊണ്ട് ഫലവർഗ്ഗങ്ങളെ ഉല്പാദിപ്പിച്ചു. മലകളിലുംതന്നെ, വർണ്ണങ്ങൾ വ്യത്യസ്തമായ -വെളുപ്പും ചുവപ്പുമായ- (തെളിഞ്ഞ) വഴികളും, തനി കറുത്തിരുണ്ടവയും ഉണ്ട്.

وَمِنَ ٱلنَّاسِ وَٱلدَّوَآبِّ وَٱلْأَنْعَٰمِ مُخْتَلِفٌ أَلْوَٰنُهُۥ كَذَٰلِكَ ۗ إِنَّمَا يَخْشَى ٱللَّهَ مِنْ عِبَادِهِ ٱلْعُلَمَٰٓؤُا۟ ۗ إِنَّ ٱللَّهَ عَزِيزٌ غَفُورٌ ﴿٢٨﴾

28 മനുഷ്യരിലും, ജീവജന്തുക്കളിലും, കന്നുകാലികളിലുമുണ്ട് അതുപോലെ വർണ്ണവ്യത്യാസമുള്ളത്. അല്ലാഹുവിൻെറ അടിയാൻമാരിൽനിന്ന് അറിവുള്ളവർ മാത്രമേ അവനെ ഭയപ്പെടുകയുള്ളു. നിശ്ചയമായും, അല്ലാഹു പ്രതാപശാലിയാണ്, വളരെ പൊറുക്കുന്നവനാണ്.

ഒരേ മഴവെള്ളവും ഒരേ വളവും ഉപയോഗിച്ച് ഭൂമിയിൽ വളരുന്ന ഫലവർഗ്ഗങ്ങൾ ഓരോന്നും വ്യത്യസ്ത രൂപത്തിലും, വർണ്ണത്തിലും കണ്ട് വരുന്നു. മാത്രമല്ല, മലകളും അവയിലുള്ള വഴികളും വ്യത്യസ്ത രൂപത്തിലും വർണ്ണത്തിലും നമുക്ക് കാണാൻ സാധിക്കുന്നു. മനുഷ്യനടക്കമുള്ള എല്ലാ ജീവികളും അവർ നിത്യവും ഉപയോഗപ്പെടുത്തി വരുന്ന കന്നുകാലികളും അപ്രകാരം തന്നെ. മനുഷ്യൻ നിത്യേന ഇടപഴകിക്കൊണ്ടിരിക്കുന്ന വസ്തുക്കളിൽ പോലും - ഒരേ ഇനത്തിൽ തന്നെ - നിലവിലുള്ള വർണ്ണ വൈവിധ്യങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ അല്ലാഹു മനുഷ്യരെ ആഹ്വാനം ചെയ്യുന്നു.

“അറിവുള്ളവരേ അല്ലാഹുവിനെ ഭയപ്പെടുകയുള്ളൂ” എന്ന വചനം കൊണ്ട് ഉദ്ദേശിക്കുന്നത്. നബിമാർ സമുദായത്തിന് പ്രബോധനം ചെയ്തിട്ടുള്ള വിജ്ഞാനം കരഗതമാക്കി, അല്ലാഹുവിന്റെ വിധിവിലക്കുകൾ സ്വീകരിക്കുന്നവരേ അല്ലാഹുവിനെ ഭയപ്പെടുകയുള്ളൂ എന്നതാകുന്നു. അല്ലാതെ ഭൗതിക ലക്ഷ്യങ്ങളെ ഉന്നം വെച്ച് കൊണ്ടുള്ളതോ, ദൈവവിശ്വാസത്തേയും ധാർമ്മിക ബോധത്തെയും നശിപ്പിച്ച് കളയുന്നതോ ആയ വിജ്ഞാനമല്ല ഇവിടെ പരാമർശിച്ച അറിവ് (സൂ: നജ്മ് 29,30 നോക്കുക)

അല്ലാഹുവിനെക്കുറിച്ചുള്ള അറിവിന്റെ ഏറ്റക്കുറവനുസരിച്ച് അല്ലാഹുവിനെകുറിച്ചുള്ള ഭയപ്പാടിലും ഏറ്റക്കുറച്ചിലുണ്ടാകുമെന്ന് നബി വചനങ്ങളില്‍ നിന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

“എനിക്കറിയാവുന്നത് നിങ്ങള്‍ക്കറിയാമായിരുന്നെങ്കില്‍ നിങ്ങള്‍ അല്‍പം ചിരിക്കുകയും ധാരാളം കരയുകയും ചെയ്യുമായിരുന്നു” എന്ന നബി വചനം (ബു:മു) പ്രത്യേകം ശ്രദ്ധേയമാകുന്നു.

**വചനം 29,30 :**

إِنَّ ٱلَّذِينَ يَتْلُونَ كِتَٰبَ ٱللَّهِ وَأَقَامُوا۟ ٱلصَّلَوٰةَ وَأَنفَقُوا۟ مِمَّا رَزَقْنَٰهُمْ سِرًّا وَعَلَانِيَةً يَرْجُونَ تِجَٰرَةً لَّن تَبُورَ ﴿٢٩﴾

29 നിശ്ചയമായും, അല്ലാഹുവിന്‍െറ വേദഗ്രന്ഥം പാരായണം ചെയ്തുകൊണ്ടിരിക്കുകയും, നമസ്കാരം നിലനിറുത്തുകയും, നാം തങ്ങള്‍ക്കു നല്‍കിയതില്‍നിന്ന് രഹസ്യമായും പരസ്യമായും ചിലവഴിക്കുകയും ചെയ്യുന്നവര്‍, നഷ്ടപ്പെട്ടു പോകുന്നതേയല്ലാത്ത ഒരു വ്യാപാരത്തെ ആഗ്രഹിക്കുകയാണ് ചെയ്യുന്നത്;-

لِيُوَفِّيَهُمْ أُجُورَهُمْ وَيَزِيدَهُم مِّن فَضْلِهِۦٓ ۚ إِنَّهُۥ غَفُورٌ شَكُورٌ ﴿٣٠﴾

30 അവര്‍ക്ക് തങ്ങളുടെ പ്രതിഫലങ്ങള്‍ അവന്‍ (അല്ലാഹു)നിറവേറ്റിക്കൊടുക്കുവാനും, അവന്‍െറ ദയാനുഗ്രഹത്തില്‍നിന്ന് അവര്‍ക്ക് വര്‍ദ്ധിപ്പിച്ചുകൊടുക്കുവാനും വേണ്ടി. (അതിനാണവര്‍ പ്രവര്‍ത്തിക്കുന്നത്.) നിശ്ചയമായും അവന്‍ വളരെ പൊറുക്കുന്നവനാണ്, വളരെ നന്ദിയുള്ളവനാണ്.

വിശുദ്ധഖുര്‍ആന്‍ പാരായണം ചെയ്യുക വഴി ലഭിക്കുന്ന അറിവും ബോധവും, ഒരാളുടെ പ്രവര്‍ത്തന പഥത്തില്‍ വരുമ്പോള്‍ നമസ്കാരം നിലനിര്‍ത്തുവാനും, ദാനധര്‍മ്മങ്ങള്‍ നിര്‍വ്വഹിക്കുവാനും അത് പ്രചോദനമായിത്തീരുന്നു. ഈ പ്രവര്‍ത്തനങ്ങളുടെ ഫലമായിട്ട് ഒരിക്കലും മുറിഞ്ഞ് പോകാത്ത വര്‍ദ്ധിച്ച പ്രതിഫലവും സ്വാഭാവികമായി വന്ന് പോയേക്കാവുന്ന തെറ്റ്കുറ്റങ്ങള്‍ അല്ലാഹു പൊറുത്തു കൊടുക്കുകയും, സദുദ്ദേശ്യത്തോട് കൂടി ചെയ്യുന്ന സല്‍കര്‍മ്മങ്ങളെ നന്ദിപൂര്‍വ്വം സ്വീകരിച്ച് കൂടുതല്‍ വളര്‍ത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നതാണ്.

ആവശ്യങ്ങള്‍ക്കനുസൃതമായി സന്ദര്‍ഭാനുസരണം ചിലവഴിക്കുക എന്നാണ് ‘രഹസ്യമായും പരസ്യമായും ചിലവഴിക്കുക’ എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം.

**വചനം 31,32 :**

وَٱلَّذِىٓ أَوْحَيْنَآ إِلَيْكَ مِنَ ٱلْكِتَٰبِ هُوَ ٱلْحَقُّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ ۗ إِنَّ ٱللَّهَ بِعِبَادِهِۦ لَخَبِيرٌۢ بَصِيرٌ ﴿٣١﴾

31 വേദഗ്രന്ഥത്തില്‍നിന്ന് നിനക്കു നാം 'വഹ്‌യു' (ബോധനം) നല്‍കിയിട്ടുള്ളതോ അതത്രെ യഥാര്‍ത്ഥം; അതിന്‍െറ മുമ്പിലുള്ളതിനെ (പൂര്‍വ്വഗ്രന്ഥങ്ങളെ) സത്യമാക്കി (ശരിവെച്ചു) കൊണ്ടാണ് (അതുള്ളത്). നിശ്ചയമായും, അല്ലാഹു അവന്‍െറ അടിയാന്‍മാരെപ്പറ്റി സൂക്ഷ്മമായറിയുന്നവനും കാണുന്നവനും തന്നെ.

ثُمَّ أَوْرَثْنَا ٱلْكِتَٰبَ ٱلَّذِينَ ٱصْطَفَيْنَا مِنْ عِبَادِنَا ۖ فَمِنْهُمْ ظَالِمٌ لِّنَفْسِهِۦ وَمِنْهُم مُّقْتَصِدٌ وَمِنْهُمْ سَابِقٌۢ بِٱلْخَيْرَٰتِ بِإِذْنِ

32 പിന്നെ: നമ്മുടെ അടിയാന്‍മാരില്‍നിന്ന് (നല്ലവരായി) നാം തിരഞ്ഞെടുത്തിട്ടുള്ളവര്‍ക്ക് (ഈ) വേദഗ്രന്ഥത്തെ നാം അവകാശപ്പെടുത്തിയിരിക്കുന്നു. എന്നാല്‍, സ്വന്തം ആത്മാവിനോട് അക്രമം പ്രവര്‍ത്തിക്കുന്നവര്‍ അവരിലുണ്ട്; മിതം

ٱللَّهِ ۚ ذَٰلِكَ هُوَ ٱلْفَضْلُ ٱلْكَبِيرُ ﴿٣٢﴾

പാലിക്കുന്നവരും അവരിലുണ്ട്. അല്ലാഹുവിന്റെ അനുമതിയനുസരിച്ച് സൽകാര്യങ്ങളുമായി മുൻകടക്കുന്നവരും അവരിലുണ്ട്. അതത്രെ വലുതായ അനുഗ്രഹം (അഥവാ യോഗ്യത).

പൂർവ്വ വേദഗ്രന്ഥങ്ങളേയും മുൻ പ്രവാചകന്മാരേയും ശരിവെച്ചും സത്യമെന്ന് സ്ഥാപിച്ചുകൊണ്ടുമാണ് വിശുദ്ധ ഖുർആൻ നബി(സ) തിരുമേനിക്ക് അല്ലാഹു അവതരിപ്പിച്ച് കൊടുത്തത്. നബി(സ)യുടെ ശേഷം അവിടുത്തെ സമുദായം കൈകാര്യം ചെയ്യേണ്ടുന്ന ഒരു അനന്തര സ്വത്താക്കി അതിനെ അല്ലാഹു നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. പ്രവാചകന്മാരിൽ വെച്ച് ഏറ്റവും ഉൽകൃഷ്ടനായ മുഹമ്മദ് നബി(സ)യുടെ സമുദായത്തെക്കുറിച്ച് സൂ:അൽബഖറ 143-ാം വചനത്തിൽ അല്ലാഹു ഇപ്രകാരം പ്രസ്താവിക്കുന്നു:

"അപ്രകാരം, നിങ്ങൾ മനുഷ്യർക്ക് സാക്ഷികൾ - മാതൃക - ആയിരിക്കുവാനും റസൂൽ നിങ്ങൾക്ക് സാക്ഷി - മാതൃക - ആയിരിക്കുവാനും വേണ്ടി നാം നിങ്ങളെ ഒരു മദ്ധ്യമ - ഉത്തമ - സമുദായമാക്കിയിരിക്കുന്നു."

ഈ സമുദായം സ്വാഭാവികമായും മൂന്ന് തരക്കാരായിരിക്കുമെന്ന് തുടർന്ന് അല്ലാഹു അറിയിക്കുന്നു. ആ മൂന്ന് വിഭാഗക്കാരും, ഓരോ വിഭാഗക്കാരെ കുറിച്ച് ഇബ്നു കഥീർ(റ) പ്രകടിപ്പിച്ചിട്ടുള്ള ഏറ്റവും സ്വീകാര്യമായ അഭിപ്രായവും താഴെ പറയും പ്രകാരമാകുന്നു.

<u>1-ാമത്തെ വിഭാഗം</u> : തങ്ങളോട് തന്നെ അക്രമം പ്രവർത്തിച്ചവർ- നിർബന്ധ കടമകളുടെ കാര്യത്തിൽ കുറെയൊക്കെ വീഴ്ച വരുത്തുകയും, നിരോധിക്കപ്പെട്ട ചിലകാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർ.

<u>2-ാമത്തെ വിഭാഗം</u> : മിതത്വം പാലിക്കുന്നവർ- നിർബന്ധ കടമകളെ മുഴുവൻ നിർവ്വഹിക്കുന്നവരും നിഷിദ്ധങ്ങളെയെല്ലാം ഉപേക്ഷിക്കുകയും ചെയ്യുന്നവർ. പക്ഷേ, ചിലപ്പോഴൊക്കെ മതത്തിൽ തൃപ്തികരങ്ങളായ (പുണ്യകരങ്ങളായ) കാര്യങ്ങളെ ഉപേക്ഷിക്കുകയും തൃപ്തികരങ്ങളല്ലാത്ത കാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്തേക്കും.

<u>3-ാമത്തെ വിഭാഗം</u> : സൽകർമ്മങ്ങളുമായി മുൻകടന്നവർ- നിർബന്ധ കടമകളും മതത്തിൽ തൃപ്തികരങ്ങളായ മറ്റ് കാര്യങ്ങളും നിർവ്വഹിക്കുകയും, നിഷിദ്ധമായതിനേയും, തൃപ്തികരമല്ലാത്തതിനേയും പാടേ ഉപേക്ഷിക്കുകയും ചെയ്യുന്നവർ.- ഇവരാകുന്നു ഏറ്റവും ഉയർന്ന പദവിയിലുള്ളവർ. ഇവരെ പറ്റി പറഞ്ഞപ്പോൾ 'അല്ലാഹുവിന്റെ അനുമതി അനുസരിച്ചു' എന്ന് അല്ലാഹു പറഞ്ഞത് ശ്രദ്ധേയമാകുന്നു. അല്ലാഹുവിന്റെ അനുഗ്രഹവും സഹായവും അവർക്ക് ലഭിച്ചത് കൊണ്ടാണവർ, വലുതായ ശ്രേഷ്ഠപദവിയിലെത്തിയതെന്ന് ആയത്ത് സൂചിപ്പിക്കുന്നു.

അപ്രകാരം ഖുർആന്റെ അനന്തരം ഏറ്റെടുത്ത് കൈകാര്യം നടത്തുന്നവരുടെ പ്രതിഫലം അടുത്ത വചനങ്ങളിൽ വിവരിക്കുന്നു.

**<u>വചനം 33,34,35 :</u>**

جَنَّٰتُ عَدْنٍ يَدْخُلُونَهَا يُحَلَّوْنَ فِيهَا مِنْ أَسَاوِرَ مِن ذَهَبٍ وَلُؤْلُؤًا ۖ وَلِبَاسُهُمْ فِيهَا حَرِيرٌ ﴿٣٣﴾

33 (അതെ) നിത്യവാസത്തിന്റെ സ്വർഗങ്ങൾ! അതിലവർ പ്രവേശിക്കുന്നതാണ്. അവിടെ അവർക്ക് സ്വർണ്ണം കൊണ്ടുള്ള ചില(തരം) വളകളും, മുത്തും അണിയിക്കപ്പെടും; അവിടെ അവരുടെ ഉടുപ്പ്(വസ്ത്രം) പട്ടായിരിക്കും.

وَقَالُوا۟ ٱلْحَمْدُ لِلَّهِ ٱلَّذِىٓ أَذْهَبَ عَنَّا ٱلْحَزَنَ ۖ إِنَّ رَبَّنَا لَغَفُورٌ شَكُورٌ ﴿٣٤﴾

34 അവർ പറയുകയും ചെയ്യും: "ഞങ്ങളിൽനിന്ന് ദുഃഖം നീക്കിത്തന്നവനായ അല്ലാഹുവിന്ന് സർവ്വസ്തുതിയും! നിശ്ചയമായും, ഞങ്ങളുടെ റബ്ബ് വളരെ പൊറുക്കുന്നവനും, വളരെ നന്ദിയുള്ളവനുംതന്നെ."

ٱلَّذِىٓ أَحَلَّنَا دَارَ ٱلْمُقَامَةِ مِن فَضْلِهِۦ لَا يَمَسُّنَا فِيهَا نَصَبٌ وَلَا يَمَسُّنَا فِيهَا لُغُوبٌ ﴿٣٥﴾

35 അതായത് തൻെറ ദയാനുഗ്രഹംനിമിത്തം (ഈ) സ്ഥിരതാമസത്തിൻെറ ഭവനത്തിൽ ഞങ്ങളെ ഇറക്കിത്തന്നിട്ടുള്ളവൻ! യാതൊരു ഞെരുക്കവും ഇവിടെ ഞങ്ങളെ സ്പർശിക്കുന്നില്ല! യാതൊരു ക്ഷീണവും (അസഹ്യതയും) ഇവിടെ ഞങ്ങളെ സ്പർശിക്കുന്നില്ല!!''

ആദ്യ വചനത്തിൽ കഴിഞ്ഞ ആയത്തിൽ പ്രസ്താവിച്ച മൂന്ന് വിഭാഗം സ്വർഗ്ഗവാസികൾക്ക് കരഗതമാകുന്ന സുഖാനുഭവങ്ങളെകുറിച്ച് വിവരിക്കുന്നു. കഴിഞ്ഞ 29,30 വചനങ്ങളിലായി, ഒരിക്കലും നഷ്ടം വരാത്ത ലാഭകരമായ വ്യാപാരം നടത്തുന്നവരെ പറ്റി പറഞ്ഞതിനെ തുടർന്ന് "അല്ലാഹു വളരെ പൊറുക്കുന്നവനും വളരെ നന്ദിയുള്ളവനുമാണ്"എന്ന് ഓർമ്മിപ്പിക്കുകയുണ്ടായല്ലോ. ആ വാഗ്ദാനം തികച്ചും സത്യമായി അനുഭവപ്പെട്ടിരിക്കുന്നു എന്ന് സ്വർഗ്ഗവാസികൾ സന്തോഷപൂർവ്വം പ്രഖ്യാപിക്കുന്നു- "നമ്മുടെ റബ്ബ് വളരെ പൊറുക്കുന്നവനും വളരെ നന്ദിയുള്ളവനും തന്നെ". തുടർന്നുള്ള വചനങ്ങളും അവരുടെ സന്തോഷത്തേയും സംതൃപ്തിയേയും സൂചിപ്പിക്കുന്നു.

ഈ ആയത്തുകളിൽ പ്രസ്താവിച്ച സ്വർഗ്ഗീയ പ്രതിഫലം മൂന്ന് വിഭാഗം ആൾക്കാർക്കും ലഭിക്കുമെങ്കിലും ഓരോ വിഭാഗക്കാരും അവരവരുടെ കർമ്മരംഗങ്ങളിൽ വെച്ച് പുലർത്തിയ വ്യത്യസ്ത നിലപാടുകൾക്കനുസൃതമായി അവർക്ക് അനുഭവപ്പെടുന്ന വിഭവങ്ങളുടെയും സുഖസൗകര്യങ്ങളുടെയും തോതും വ്യത്യസ്തമായിരിക്കും. കൂടാതെ, കുറ്റങ്ങൾ ചെയ്തിട്ടുള്ള സത്യവിശ്വാസികൾക്ക് ചെയ്ത കുറ്റങ്ങൾ ക്കുള്ള ശിക്ഷ അനുഭവിച്ച് കഴിഞ്ഞ് ശേഷമേ, അവർക്ക് സ്വർഗ്ഗത്തിൽ പ്രവേശനം ലഭിക്കുകയുള്ളൂ.

ഈ മൂന്ന് വിഭാഗത്തിലുംപെടാത്ത അവിശ്വാസികൾക്കുള്ള ശിക്ഷ തുടർന്നുള്ള ആയത്തിൽ അല്ലാഹു പ്രസ്താവിക്കുന്നു.

**വചനം 36,37 :**

وَٱلَّذِينَ كَفَرُوا۟ لَهُمْ نَارُ جَهَنَّمَ لَا يُقْضَىٰ عَلَيْهِمْ فَيَمُوتُوا۟ وَلَا يُخَفَّفُ عَنْهُم مِّنْ عَذَابِهَا ۚ كَذَٰلِكَ نَجْزِى كُلَّ كَفُورٍ ﴿٣٦﴾

36 അവിശ്വസിച്ചവരാകട്ടെ, അവർക്ക് 'ജഹന്നമി' ൻെറ അഗ്നിയുണ്ടായിരിക്കും. അവരിൽ (മരണം) വിധിക്കപ്പെടുകയില്ല-എന്നാലവർക്ക് മരണപ്പെട്ടു പോകാമായിരുന്നു! അതിൻെറ ശിക്ഷയിൽനിന്ന് അവർക്ക് ലഘുവാക്കപ്പെടുകയുമില്ല. അപ്രകാരമാണ്, എല്ലാ നന്ദികെട്ടവർക്കും നാം പ്രതിഫലം നൽകുക.

وَهُمْ يَصْطَرِخُونَ فِيهَا رَبَّنَآ أَخْرِجْنَا نَعْمَلْ صَٰلِحًا غَيْرَ ٱلَّذِى كُنَّا نَعْمَلُ ۚ أَوَلَمْ نُعَمِّرْكُم مَّا يَتَذَكَّرُ فِيهِ مَن تَذَكَّرَ وَجَآءَكُمُ ٱلنَّذِيرُ ۖ فَذُوقُوا۟ فَمَا لِلظَّٰلِمِينَ مِن نَّصِيرٍ ﴿٣٧﴾

37 അവർ അതിൽവെച്ചു അലമുറയിട്ടുകൊണ്ടിരിക്കും: "ഞങ്ങളുടെ റബ്ബേ! ഞങ്ങളെ(ഒന്ന്) പുറത്താക്കിത്തരേണമേ!- ഞങ്ങൾ (മുമ്പ്) പ്രവർത്തിച്ചുകൊണ്ടിരുന്നതല്ലാത്ത സൽക്കർമ്മം ഞങ്ങൾ ചെയ്തുകൊള്ളാം!'' (എന്ന്). "ഉറ്റാലോചിക്കുന്നവർക്ക് ഉറ്റാലോചിക്കാവുന്നത്ര (കാലം) നിങ്ങൾക്കു നാം ആയുസ്സ് നൽകിയിരുന്നില്ലേ!?-മുന്നറിയിപ്പ് നൽകുന്നവർ നിങ്ങൾക്ക് വരുകയും ചെയ്തിരുന്നു (വല്ലോ). അതുകൊണ്ട്, (ശിക്ഷ) ആസ്വദിച്ചു കൊള്ളുവിൻ! ഇനി, അക്രമികൾക്ക് യാതൊരു സഹായകനും (രക്ഷകനും) ഇല്ല''. (ഇതായിരിക്കും അവർക്ക് മറുപടി.)

അവിശ്വാസികള്‍ക്കുള്ള നരക ശിക്ഷ ശാശ്വതമായിരിക്കും. ശിക്ഷയുടെ കാഠിന്യം കൊണ്ട് അവര്‍ക്ക് മരണം സംഭവിക്കുന്നതല്ല, അവര്‍ക്കുള്ള ശിക്ഷ ലഘൂകരിക്കപ്പെടുന്നതുമല്ല. ശിക്ഷയുടെ കാഠിന്യം സഹിക്കവയ്യാതെ അവര്‍ അലമുറയിട്ട് നിലവിളിക്കുന്നതും, അവര്‍ക്ക് അപ്പോള്‍ അല്ലാഹു നല്‍കുന്ന മറുപടിയുമാണ് 37-ാം വചനത്തില്‍.

നബി(സ) ഇപ്രകാരം പറഞ്ഞതായി ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു. "നരകക്കാരില്‍ വെച്ച് ഏറ്റവും എളിയ ശിക്ഷ അനുഭവിക്കുന്നവന്‍ അഗ്നി കൊണ്ടുള്ള രണ്ടു ചെരുപ്പുകളും, ചെരുപ്പിന്‍റെ രണ്ട് വാറും അണിയിക്കപ്പെടും. അവ രണ്ടും നിമിത്തം അവന്‍റെ തലച്ചോറ് അടുപ്പത്ത് വെച്ച് കുടുക്ക തിളച്ച് മറിയും പോലെ തിളച്ച് മറിയും. അവനേക്കാള്‍ കഠിനമായ ശിക്ഷയുള്ളവന്‍ വേറെ ഉണ്ടെന്ന് അവന് തോന്നുകയുമില്ല."

## വിഭാഗം 5

**വചനം 38,39 :**

إِنَّ ٱللَّهَ عَٰلِمُ غَيۡبِ ٱلسَّمَٰوَٰتِ وَٱلۡأَرۡضِۚ إِنَّهُۥ عَلِيمُۢ بِذَاتِ ٱلصُّدُورِ ﴿٣٨﴾ هُوَ ٱلَّذِي جَعَلَكُمۡ خَلَٰٓئِفَ فِي ٱلۡأَرۡضِۚ فَمَن كَفَرَ فَعَلَيۡهِ كُفۡرُهُۥۖ وَلَا يَزِيدُ ٱلۡكَٰفِرِينَ كُفۡرُهُمۡ عِندَ رَبِّهِمۡ إِلَّا مَقۡتٗاۖ وَلَا يَزِيدُ ٱلۡكَٰفِرِينَ كُفۡرُهُمۡ إِلَّا خَسَارٗا ﴿٣٩﴾

38 നിശ്ചയമായും, അല്ലാഹു ആകാശങ്ങളിലെയും, ഭൂമിയിലെയും അദൃശ്യത്തെ അറിയുന്നവനാണ്; നിശ്ചയമായും, അവന്‍ ഹൃദയങ്ങളിലുള്ളതിനെപ്പറ്റി അറിവുള്ളവനാണ്.

39 നിങ്ങളെ ഭൂമിയില്‍ (മുന്‍കഴിഞ്ഞവരുടെ) പിന്‍ഗാമികളാക്കിയവനത്രെ അവന്‍. അതിനാല്‍, ആരെങ്കിലും അവിശ്വസിച്ചാല്‍ അവന്‍റെ അവിശ്വാസം അവന്‍റെ മേല്‍ തന്നെയാണ് (ദോഷം ചെയ്യുക.) അവിശ്വാസികള്‍ക്ക് അവരുടെ അവിശ്വാസം, തങ്ങളുടെ രക്ഷിതാവിന്‍റെ അടുക്കല്‍ കഠിനകോപമല്ലാതെ വര്‍ദ്ധിപ്പിക്കുകയില്ല; അവിശ്വാസികള്‍ക്ക് അവരുടെ അവിശ്വാസം, നഷ്ടവുമല്ലാതെ വര്‍ദ്ധിപ്പിക്കുകയില്ല.

ഒരു സമുദായത്തിന് ശേഷം മറ്റൊരു സമുദായമെന്ന നിലക്ക് മുമ്പുള്ളവരുടെ പിന്നാലെ വരുന്നവര്‍ എന്നാണ് **خلائف** എന്ന വാക്ക് കൊണ്ടുദ്ദേശ്യം. ആര് അവിശ്വസിച്ചാലും അവിശ്വസിച്ചവര്‍ക്ക് തന്നെയാണ് ദോഷം. അവരുടെ അവിശ്വാസം കാരണം അല്ലാഹുവിന്‍റെ കഠിനകോപം അവരെ പിടികൂടുന്നതാണ്.

**വചനം 40 :**

قُلۡ أَرَءَيۡتُمۡ شُرَكَآءَكُمُ ٱلَّذِينَ تَدۡعُونَ مِن دُونِ ٱللَّهِ أَرُونِي مَاذَا خَلَقُواْ مِنَ ٱلۡأَرۡضِ أَمۡ لَهُمۡ شِرۡكٞ فِي ٱلسَّمَٰوَٰتِ أَمۡ ءَاتَيۡنَٰهُمۡ كِتَٰبٗا فَهُمۡ عَلَىٰ بَيِّنَتٖ مِّنۡهُۚ بَلۡ إِن يَعِدُ ٱلظَّٰلِمُونَ بَعۡضُهُم بَعۡضًا إِلَّا غُرُورًا ﴿٤٠﴾

40 (നബിയേ) പറയുക: "നിങ്ങള്‍ കണ്ടുവോ, അല്ലാഹുവിനുപുറമെ നിങ്ങള്‍ വിളി(ച്ചു പ്രാര്‍ത്ഥി)ക്കുന്ന നിങ്ങളുടെ പങ്കുകാരെ?! (ഇവരെപ്പറ്റി നിങ്ങളെന്തു പറയുന്നു?) ഭൂമിയില്‍ നിന്ന് അവര്‍ എന്തൊരു വസ്തുവാണ് സൃഷ്ടിച്ചുണ്ടാക്കിയതെന്ന് എനിക്ക് കാട്ടിത്തരുവിന്‍! അല്ലാത്തപക്ഷം, അവര്‍ക്ക് ആകാശങ്ങളില്‍ വല്ല പങ്കും ഉണ്ടോ?! അതല്ലെങ്കില്‍, അവര്‍ക്കു നാം വല്ല (പ്രത്യേക) വേദഗ്രന്ഥവും കൊടുത്തിട്ട് അതില്‍ നിന്നുള്ള വല്ല തെളിവിന്‍മേലുമാണോ അവര്‍ (നിലകൊള്ളുന്നത്)?! (അതൊന്നുമല്ല.) പക്ഷെ, അക്രമികള്‍-ചിലര്‍ ചിലരോട്- വഞ്ചനയല്ലാതെ വാഗ്ദാനം ചെയ്യുന്നില്ല.

അല്ലാഹുവിന് പങ്കുകാരാണെന്ന് വിശ്വസിച്ച് കൊണ്ട് അവർ വിളിച്ചാരാധിച്ച് വരുന്ന ദൈവങ്ങൾ ഭൂമിയിൽ വല്ലതിനേയും സൃഷ്ടിച്ചിട്ടുണ്ടോ. അല്ലെങ്കിൽ ആകാശങ്ങളിൽ വല്ല പങ്കും അവർക്കുണ്ടോ ? അതുമല്ലെങ്കിൽ തങ്ങളുടെ നിലപാടിന് തെളിവ് നൽകത്തക്കവണ്ണം വല്ല വേദഗ്രന്ഥവും അവർക്ക് ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതൊന്ന് കാണിച്ച് തരുവാൻ അല്ലാഹു അവരെ വെല്ലു വിളിക്കുന്നു. അതൊന്നും ഇല്ലാത്ത സ്ഥിതിക്ക് തങ്ങളുടെ ആരാധ്യരെയും ആരാധനയെയും കുറിച്ച് അവർ തമ്മിൽ തമ്മിൽ ചെയ്യുന്ന പ്രസ്താവനകളെല്ലാം തനി കൃത്രിമവും വഞ്ചനയുമാകുന്നു.

**വചനം 41 :**

۞ إِنَّ ٱللَّهَ يُمۡسِكُ ٱلسَّمَٰوَٰتِ وَٱلۡأَرۡضَ أَن تَزُولَاۚ وَلَئِن زَالَتَآ إِنۡ أَمۡسَكَهُمَا مِنۡ أَحَدٖ مِّنۢ بَعۡدِهِۦٓۚ إِنَّهُۥ كَانَ حَلِيمًا غَفُورٗا ٤١

41 നിശ്ചയമായും അല്ലാഹു ആകാശങ്ങളും ഭൂമിയും (തൽസ്ഥാനംവിട്ടു) നീങ്ങുന്നതിന് (നീങ്ങാതിരിക്കുവാൻ) അവയെ പിടിച്ചുനിറുത്തുന്നു. അവ രണ്ടും നീങ്ങിപ്പോയെങ്കിലോ, അവനുപുറമെ ഒരാളും അവയെ പിടിച്ചുനിറുത്തുകയുമില്ല. അവൻ സഹനശീലനും വളരെ പൊറുക്കുന്നവനുമാകുന്നു.

ആകാശ ഭൂമികളുടെ സൃഷ്ടിപ്പിൽ വേറെ ആർക്കും പങ്കില്ലാത്തത് പോലെ, അവയുടെ നിലനിൽപ്പിന്റെ കാര്യത്തിലും ആർക്കും നിയന്ത്രണമില്ല. എല്ലാം അല്ലാഹുവിന്റെ നിയന്ത്രണത്തിലാകുന്നു സ്ഥിതി ചെയ്യുന്നത്. എപ്പോഴെങ്കിലും ഉണ്ടാകാറുള്ള പ്രകമ്പനത്തിനോ, ഇളക്കത്തിനോ പോലും പരിഹാരം ഉണ്ടാക്കാൻ മറ്റാർക്കും കഴിയാത്ത സ്ഥിതിക്ക് ആകാശഭൂമികൾ ഒന്നാകെ നില തെറ്റിയാൽ ആർക്കാണവയെ പിടിച്ച് നിർത്തുവാൻ കഴിയുക- അല്ലാഹുവിനല്ലാതെ.

**വചനം 42,43 :**

وَأَقۡسَمُواْ بِٱللَّهِ جَهۡدَ أَيۡمَٰنِهِمۡ لَئِن جَآءَهُمۡ نَذِيرٞ لَّيَكُونُنَّ أَهۡدَىٰ مِنۡ إِحۡدَى ٱلۡأُمَمِۖ فَلَمَّا جَآءَهُمۡ نَذِيرٞ مَّا زَادَهُمۡ إِلَّا نُفُورًا ٤٢

42 അവർ (മുശ്രിക്കുകൾ) തങ്ങൾക്ക് കഴിയും പ്രകാരം അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്തിരിക്കുന്നു: “തങ്ങൾക്ക് ഒരു താക്കീതുകാരൻ (റസൂൽ) വന്നുവെങ്കിൽ, (മറ്റുള്ള) സമുദായങ്ങളിൽ ഏതൊന്നിനെക്കാളും നിശ്ചയമായും തങ്ങൾ കൂടുതൽ സൻമാർഗ്ഗികളായി ത്തീരും” എന്ന്. എന്നിട്ട് അവർക്ക് താക്കീതുകാരൻ വന്നപ്പോഴാകട്ടെ, (സത്യത്തിൽനിന്ന്) വിരണ്ടോടുകയല്ലാതെ (മറ്റൊന്നും)അതവർക്ക് വർദ്ധിപ്പിച്ചില്ല;

ٱسۡتِكۡبَارٗا فِي ٱلۡأَرۡضِ وَمَكۡرَ ٱلسَّيِّيِٕۚ وَلَا يَحِيقُ ٱلۡمَكۡرُ ٱلسَّيِّئُ إِلَّا بِأَهۡلِهِۦۚ فَهَلۡ يَنظُرُونَ إِلَّا سُنَّتَ ٱلۡأَوَّلِينَۚ فَلَن تَجِدَ لِسُنَّتِ ٱللَّهِ تَبۡدِيلٗاۖ وَلَن تَجِدَ لِسُنَّتِ ٱللَّهِ تَحۡوِيلًا ٤٣

43 -ഭൂമിയിൽ ഗർവ്വ് നടിക്കുകയും, ദുഷിച്ച (കടുത്ത) കുതന്ത്രം പ്രയോഗിക്കുകയും ചെയ്തതിനാൽ. (വാസ്തവത്തിൽ) ദുഷിച്ച കുതന്ത്രം അതിൻെറ ആൾക്കാരിലല്ലാതെ വന്ന് ഭവിക്കുകയുമില്ല. എന്നിരിക്കെ, പൂർവ്വീകന്മാരുടെ (മേലുണ്ടായ) നടപടിച്ചട്ടത്തെയല്ലാതെ (മറ്റുവല്ലതും) ഇവർ നോക്കി(ക്കാത്തു) കൊണ്ടിരിക്കുന്നുണ്ടോ?! എന്നാൽ, അല്ലാഹുവിൻെറ നടപടിച്ചട്ടത്തിന് ഒരു മാറ്റത്തിരുത്തവും നീ കണ്ടെത്തുന്നതല്ല. അല്ലാഹുവിൻെറ നടപടിച്ചട്ടത്തിന് ഒരു ഭേദഗതിയും നീ കണ്ടെത്തുകയില്ല.

ഖുർആൻ അവതരിക്കുന്നതിന് മുമ്പ് വേദക്കാരായി അറേബ്യയിലുണ്ടായിരുന്ന ജൂതന്മാരും

ക്യസ്ത്യാനികളും, തങ്ങളുടെ മാര്‍ഗ്ഗമാണ് നേരായതെന്നും, മറ്റേവര്‍ പിഴച്ചവരാണെന്നും പരസ്പരം കുറ്റപ്പെടുത്തുക പതിവായിരുന്നു. ഇതെല്ലാം കാണുമ്പോള്‍ ബഹുദൈവവിശ്വാസികളായ അറബികള്‍ അല്ലാഹുവിനെ കൊണ്ട് സത്യം ചെയ്ത് കൊണ്ട് പറയുമായിരുന്നു: "തങ്ങള്‍ക്ക് ഒരു റസൂല്‍ വന്നിരുന്നുവെങ്കില്‍, തങ്ങള്‍ മറ്റ് സമുദായക്കാരെക്കാള്‍ സന്മാര്‍ഗ്ഗികളായിത്തീരുമായിരുന്നു."

എന്നാല്‍ അവരില്‍ നിന്ന് തന്നെ മുഹമ്മദ് നബി(സ) റസൂലായി നിയോഗിക്കപ്പെട്ടപ്പോള്‍, അവര്‍ പൂര്‍വ്വാധികം ധിക്കാരികളായിത്തീരുകയും, നബി(സ)ക്കെതിരില്‍ കടുത്ത കുതന്ത്രങ്ങള്‍ പ്രയോഗിച്ച് കൊണ്ടിരിക്കുകയുമാണ് ചെയ്തത്. ഇവരുടെ മുന്‍ഗാമികളായ ധിക്കാരികള്‍ അനുഭവിച്ചപോലെ, ഇവരുടെ ധിക്കാരഫലം ഇവരും അനുഭവിക്കാതിരിക്കുകയില്ലെന്നും, അത് അല്ലാഹുവിന്റെ ഒരിക്കലും മാറ്റമോ ഭേദഗതിയോ ഇല്ലാത്ത നടപടികളില്‍പ്പെട്ടതാണെന്നും അല്ലാഹു അവരെ താക്കീത് ചെയ്യുന്നു.

**വചനം 44,45 :**

أَوَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَيَنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلَّذِينَ مِن قَبْلِهِمْ وَكَانُوٓا۟ أَشَدَّ مِنْهُمْ قُوَّةً ۚ وَمَا كَانَ ٱللَّهُ لِيُعْجِزَهُۥ مِن شَىْءٍ فِى ٱلسَّمَـٰوَٰتِ وَلَا فِى ٱلْأَرْضِ ۚ إِنَّهُۥ كَانَ عَلِيمًا قَدِيرًا ﴿٤٤﴾ وَلَوْ يُؤَاخِذُ ٱللَّهُ ٱلنَّاسَ بِمَا كَسَبُوا۟ مَا تَرَكَ عَلَىٰ ظَهْرِهَا مِن دَآبَّةٍ وَلَـٰكِن يُؤَخِّرُهُمْ إِلَىٰٓ أَجَلٍ مُّسَمًّى ۖ فَإِذَا جَآءَ أَجَلُهُمْ فَإِنَّ ٱللَّهَ كَانَ بِعِبَادِهِۦ بَصِيرًۢا ﴿٤٥﴾

44 ഇവര്‍ ഭൂമിയില്‍കൂടി സഞ്ചരിക്കാറില്ലേ? ഇവര്‍ക്ക് മുമ്പുള്ളവരുടെ പര്യവസാനം എങ്ങിനെയാണുണ്ടായിട്ടുള്ളതെന്ന് അപ്പോള്‍ ഇവര്‍ക്ക് നോക്കിക്കാണാമല്ലോ!-അവര്‍ ഇവരെക്കാള്‍ ശക്തിയില്‍ ഊക്കന്‍മാരായിരുന്നുതാനും. ആകാശങ്ങളിലാകട്ടെ, ഭൂമിയിലാകട്ടെ, യാതൊരു വസ്തുവും അല്ലാഹുവിനെ (തോല്‍പിച്ച്) അസാധ്യമാക്കുവാനില്ലതന്നെ. നിശ്ചയമായും, അവന്‍ സര്‍വ്വജ്ഞനാകുന്നു; സര്‍വ്വശക്തനാകുന്നു.

45 മനുഷ്യര്‍ പ്രവര്‍ത്തിച്ചുവെച്ചിട്ടുള്ളതിന് അല്ലാഹു അവരെ പിടികൂടുകയാണെങ്കില്‍,- അതിന്റെ പുറഭാഗത്ത് (ഭൂമുഖത്ത്) ഒരു ജന്തുവെയും അവന്‍ (ബാക്കി) വിടുമായിരുന്നില്ല. പക്ഷേ, ഒരു നിര്‍ണ്ണയിക്കപ്പെട്ട അവധിവരേക്കും അവന്‍ അവര്‍ക്ക് (കാല) താമസം ചെയ്തുകൊടുക്കുകയാണ്. അങ്ങനെ, അവരുടെ അവധിവന്നാല്‍, നിശ്ചയമായും അപ്പോള്‍, അല്ലാഹു തന്റെ അടിയാന്‍മാരെപ്പറ്റി കണ്ടറിയുന്നവനാകുന്നു. (വേണ്ടുന്ന നടപടി അവന്‍ എടുത്തുകൊള്ളും.)

ശാം, യമന്‍, ഇറാഖ് മുതലായ ദൂരരാജ്യങ്ങളിലേക്ക് ഇവര്‍ നടത്താറുള്ള കച്ചവട യാത്രകളില്‍ വഴി മദ്ധ്യേ, ഇവരേക്കാള്‍ ഊക്കന്മാരായ മുന്‍ സമുദായങ്ങള്‍ അനുഭവിച്ച ശിക്ഷകളുടെ പല അവശിഷ്ടങ്ങളും ഇവര്‍ക്ക് കണ്ട് പഠിക്കാമല്ലോ.

മനുഷ്യ സമൂഹം ചെയ്ത്കൂട്ടുന്ന പാപങ്ങളും അതിക്രമങ്ങളും കണക്കാക്കുയാണെങ്കില്‍, ഈ ഭൂമുഖത്ത് ഒരു ജീവി പോലും ബാക്കിയാകാത്ത വണ്ണം അല്ലാഹു നശിപ്പിക്കേണ്ടതാണ്. എന്നാല്‍ അവര്‍ ഓരോരുത്തര്‍ക്കും അല്ലാഹു ഒരു അവധി നിര്‍ണ്ണയിച്ചിട്ടുണ്ട്. അത് വരേക്കും അവന്‍, അവരെ ഒഴിവാക്കി വിട്ടിരിക്കുകയാണ്. ആ അവധി വന്നാല്‍ ഓരോരുത്തരിലും എടുക്കേണ്ട നടപടി എന്താണെന്ന് അവന് നല്ലപോലെ അറിയാം. അവന്‍ വേണ്ടുന്ന നടപടി എടുക്കകയും തന്നെ ചെയ്യും.

"ശല്യവാക്കുകള്‍ കേട്ടിട്ട് അതിനെ പറ്റി അല്ലാഹുവിനേക്കാള്‍ ക്ഷമിക്കുന്ന ആരും തന്നെയില്ല. ജനങ്ങള്‍ അവന് മക്കളുണ്ടെന്ന് വാദിക്കുന്നു. എന്നിട്ട് പിന്നെയും അവന്‍ അവര്‍ക്ക് ആരോഗ്യവും ആഹാരവും നല്‍കുന്നു."- (ബു:മു) എന്ന നബി വചനം ഇത്തരുണത്തില്‍ പ്രത്യേകം ശ്രദ്ധേയമാകുന്നു.

അല്ലാഹു അവന്റെ സദ്വൃത്തരായ അടിയാന്‍മാരില്‍ നമ്മെ ഏവരേയും ഉള്‍പ്പെടുത്തി കാത്ത് രക്ഷിക്കട്ടെ-ആമീന്‍.

# 36. സൂറത്തു യാസീൻ

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 83, വിഭാഗം (റുക്കൂഅ്) 5

'യാസീൻ' ഖുർആന്റെ ഹൃദയമാകുന്നു, എന്ന് റസൂൽ(സ) പറഞ്ഞിരിക്കുന്നു. അത് അതിന്റെ ഒരു പേരായി തിരുമേനി എണ്ണുകയും ചെയ്തിട്ടുണ്ട്. (അ; ദാ; ജ; ന;)

ഖിയാമത്ത് നാളിനേയും അതിലുണ്ടാകുന്ന സംഭവവികാസങ്ങളേയും കുറിച്ച് കൂടുതൽ വിവരിച്ചിട്ടുള്ളത് കൊണ്ടാണ് ഈ അദ്ധ്യായത്തിന് 'ഖുർആന്റെ ഹൃദയം' എന്ന് പറയപ്പെടുന്നതെന്ന് ഇമാം ഗസ്സാലി(റ) പ്രസ്താവിച്ചിരിക്കുന്നു.

**വിഭാഗം - 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ — بسم الله الرحمن الرحيم

**വചനം 1,2,3,4,5,6 :**

يسٓ ﴿١﴾
وَٱلْقُرْءَانِ ٱلْحَكِيمِ ﴿٢﴾
إِنَّكَ لَمِنَ ٱلْمُرْسَلِينَ ﴿٣﴾
عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٤﴾
تَنزِيلَ ٱلْعَزِيزِ ٱلرَّحِيمِ ﴿٥﴾
لِتُنذِرَ قَوْمًا مَّآ أُنذِرَ ءَابَآؤُهُمْ فَهُمْ غَٰفِلُونَ ﴿٦﴾

1 "യാ-സീൻ'
2 വിജ്ഞാനപൂർണ്ണമായ ഖുർആൻ തന്നെയാണെ (സത്യം)!-
3 നിശ്ചയമായും നീ 'മുർസലു'കളിൽ (ദൈവദൂതൻമാരിൽ) പെട്ടവൻ തന്നെ.
4 (നേരെ) ചൊവ്വായ ഒരു പാതയിലാകുന്നു (നീ).
5 കരുണാനിധിയായ പ്രതാപശാലി അവതരിപ്പിച്ചത്!-
6 ഒരു ജനതയെ നീ താക്കീത് ചെയ്വാൻ വേണ്ടി(യാണത്): അവരുടെ പിതാക്കൾക്ക് താക്കീത് നൽകപ്പെടുകയുണ്ടായിട്ടില്ല; അതിനാൽ അവർ അശ്രദ്ധരാകുന്നു.

ഒന്നാം വചനത്തിലെ കേവലാക്ഷരങ്ങളെ കുറിച്ച് സൂ:അൽ ബഖറയുടെ പ്രാരംഭത്തിലെ വിശദീകരണം നോക്കുക. يس .(യാസീൻ) എന്നാൽ يا إنسان (ഹേ മനുഷ്യരേ) എന്നാണ് ഉദ്ദേശമെന്ന് ഇബ്നു അബ്ബാസ് (റ) ഇക്ക്രിമ(റ) ഹസൻ(റ) സുഫ്യാൻ(റ) മുതലായവരിൽ നിന്നും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

നബി(സ) അല്ലാഹുവിന്റെ റസൂലാണെന്നും അവിടുന്ന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗം യാതൊരു വക്രതയുമില്ലാത്ത നേരായ മാർഗ്ഗമാണെന്നും അത്, കരുണാനിധിയും പ്രതാപശാലിയുമായ അല്ലാഹു അവതരിപ്പിച്ചത് തന്നെയാണെന്നും ഖുർആൻ മുഖേന സത്യം ചെയ്ത് കൊണ്ടാണ് ഈ സൂറത്ത് ആരംഭിക്കുന്നത്.

പിതാക്കൾക്ക് താക്കീത് നൽകപ്പെട്ടിട്ടില്ലാത്ത ജനത എന്ന് പറഞ്ഞത് വേദക്കാരല്ലാത്ത അറബികളെക്കുറിച്ചാകുന്നു. നബി(സ)ക്ക് മുമ്പ് അടുത്തകാലത്തൊന്നും അവരിൽ ദൈവദൂതൻമാർ നിയോഗിക്കപ്പെട്ടിട്ടുണ്ടായിട്ടില്ല. അതുകൊണ്ട് വേദഗ്രന്ഥത്തെക്കുറിച്ചോ, ദൈവികമതത്തെകുറിച്ചോ അറിയാത്തവരാണവർ. അങ്ങനെയുള്ള ഒരു ജനതയെ താക്കീത് ചെയ്യുവാൻ വേണ്ടിയാണ്, അവർക്കിടയിൽ ജീവിച്ച് വരുന്ന അല്ലാഹുവിന്റെ റസൂലായ നബി(സ) തിരുമേനിക്ക് വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ടത്.

**വചനം – 7 :**

لَقَدۡ حَقَّ ٱلۡقَوۡلُ عَلَىٰٓ أَكۡثَرِهِمۡ فَهُمۡ لَا يُؤۡمِنُونَ ٧

7 തീർച്ചയായും അവരിൽ അധികമാളുകളുടെ മേലും വാക്ക് സ്ഥിരപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. ഇനി അവർ വിശ്വസിക്കുകയില്ല.

'വാക്ക് സ്ഥിരപ്പെട്ടു' എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം മേലിൽ ഹൃദയപരിവർത്തനം വന്ന് നന്നായിത്തീരാൻ മാർഗ്ഗമില്ലാത്ത വിധം അവരുടെ ഹൃദയങ്ങൾ ദുഷിച്ച് പോയിട്ടുണ്ടെന്നും, അതിനാൽ ശിക്ഷയെ സംബന്ധിച്ച താക്കീത് അവരിൽ ബാധകമായിക്കഴിഞ്ഞിട്ടുണ്ടെന്നും ആകുന്നു. (സൂ: സജദ-13 നോക്കുക) അവർ എത്രമാത്രം ദുഷിച്ച് പോയെന്ന് അടുത്ത വചനങ്ങളിൽ അല്ലാഹു വിവരിക്കുന്നു.

**വചനം – 8,9 :**

إِنَّا جَعَلۡنَا فِيٓ أَعۡنَٰقِهِمۡ أَغۡلَٰلٗا فَهِيَ إِلَى ٱلۡأَذۡقَانِ فَهُم مُّقۡمَحُونَ ٨ وَجَعَلۡنَا مِنۢ بَيۡنِ أَيۡدِيهِمۡ سَدّٗا وَمِنۡ خَلۡفِهِمۡ سَدّٗا فَأَغۡشَيۡنَٰهُمۡ فَهُمۡ لَا يُبۡصِرُونَ ٩

8 നിശ്ചയമായും, നാം അവരുടെ കഴുത്തുകളിൽ ചില ആമങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. എന്നിട്ടവ താടിയെല്ലുകൾ വരേക്കുമുണ്ട്; അതിനാൽ അവർ തലപൊക്കപ്പെട്ടവരാകുന്നു.

9 അവരുടെ മുമ്പിൽകൂടി ഒരു (തരം) തടവും, അവരുടെ പിമ്പിൽകൂടി ഒരു (തരം) തടവും നാം ഏർപ്പെടുത്തിയിരിക്കുന്നു. അങ്ങനെ, നാമവരെ മൂടിയിരിക്കുകയാണ്. അതിനാൽ അവർ കണ്ടറിയുകയില്ല.

കൈകൾ താടിയെല്ലിന് താഴെ കൂട്ടിച്ചേർത്ത് വെച്ച് കൊണ്ടായിരിക്കും ആമങ്ങൾ കഴുത്തിൽ കുടുക്കുന്നത്. ആമം വെക്കപ്പെട്ടവൻ ആയതിനാൽ തല പൊക്കിപിടിക്കുവാൻ നിർബന്ധിതനായിത്തീരും. അവരുടെ മുമ്പിലും പിമ്പിലും ഉള്ള 'തടവു' കാരണം അവർ മൂടപ്പെട്ടതിനാൽ അവർക്ക് കണ്ടറിയുവാൻ സാധിക്കുന്നതല്ല. മുശ്രിക്കുകളുടെ ഹൃദയങ്ങൾ എത്രമാത്രം കടുത്ത് കഠിനമായിപ്പോയിരിക്കുന്നുവെന്ന് കാണിക്കുന്ന രണ്ട് ഉപമകളാണ് ഈ വചനങ്ങളിലുള്ളത്. സത്യം കണ്ടറിയുമെന്നോ അതിനെക്കുറിച്ച് ചിന്തിച്ചേക്കുമെന്നോ ഇനി അവരെ കുറിച്ച് പ്രതീക്ഷിക്കുവാൻ പോലും മാർഗ്ഗമില്ല എന്ന് സാരം. അടുത്ത വചനം നോക്കുക.

**വചനം – 10 :**

وَسَوَآءٌ عَلَيۡهِمۡ ءَأَنذَرۡتَهُمۡ أَمۡ لَمۡ تُنذِرۡهُمۡ لَا يُؤۡمِنُونَ ١٠

10 നീ അവരെ താക്കീത് ചെയ്തുവോ, അല്ലെങ്കിൽ താക്കീത് ചെയ്തില്ലയോ അവരിൽ (രണ്ടും) സമമാകുന്നു: അവർ വിശ്വസിക്കുകയില്ല.

അവരെ താക്കീത് ചെയ്താലും താക്കീത് ചെയ്തില്ലെങ്കിലും രണ്ടും സമമാകുന്നു. അവർ വിശ്വസിക്കുവാൻ പോകുന്നില്ല. അത്കൊണ്ട് നബി(സ) തിരുമേനി അവരെ താക്കീത് ചെയ്യാൻ മെനക്കെടേണ്ടതില്ലെന്ന് താൽപര്യം. താക്കീത് ചെയ്യേണ്ടത് ആരെയാണെന്ന് അടുത്ത വചനത്തിൽ അല്ലാഹു അറിയിക്കുന്നു.

**വചനം – 11 :**

إِنَّمَا تُنذِرُ مَنِ ٱتَّبَعَ ٱلذِّكۡرَ وَخَشِيَ ٱلرَّحۡمَٰنَ بِٱلۡغَيۡبِۖ فَبَشِّرۡهُ بِمَغۡفِرَةٖ وَأَجۡرٖ كَرِيمٍ ١١

11 പ്രബോധനത്തെ (അഥവാ പ്രമാണത്തെ) പിൻതുടരുകയും, അദൃശ്യമായ നിലയിൽ പരമകാരുണികനായുള്ളവനെ ഭയപ്പെടുകയും ചെയ്യുന്നതാരോ അവനെ മാത്രമേ നീ താക്കീത് ചെയ്യേണ്ടതുള്ളു. എന്നാലവന് പാപമോചനത്തെയും, മാന്യമായ പ്രതിഫലത്തെയും കുറിച്ചു സന്തോഷവാർത്ത അറിയിച്ചുകൊള്ളുക.

അല്ലാഹുവിനെ നേരിൽ കാണാതെ തന്നെ - ദൃഷ്ടാന്തങ്ങൾ വഴി - അവനിൽ വിശ്വസിക്കുകയും അവനെ ഭയപ്പെടുകയും ചെയ്യുന്നവരേയും, പ്രമാണങ്ങളേയും സദുപദേശങ്ങളേയും ചെവികൊള്ളുന്ന വരേയും താക്കീത് ചെയ്യുന്നത് കൊണ്ടേ ഫലമുണ്ടാവുകയുള്ളൂ. അത്തരക്കാർക്ക് പാപമോചനത്തേയും മാന്യമായ പ്രതിഫലത്തേയും കുറിച്ചുള്ള സന്തോഷ വാർത്ത അറിയിക്കാനും അല്ലാഹു നിർദ്ദേശിക്കുന്നു.

**വചനം - 12 :**

إِنَّا نَحْنُ نُحْيِ ٱلْمَوْتَىٰ وَنَكْتُبُ مَا قَدَّمُوا۟ وَءَاثَـٰرَهُمْ ۚ وَكُلَّ شَىْءٍ أَحْصَيْنَـٰهُ فِىٓ إِمَامٍ مُّبِينٍ ﴿١٢﴾

12 നിശ്ചയമായും, നാം മരണപ്പെട്ടവരെ ജീവിപ്പിക്കുന്നു; അവർ മുൻചെയ്തുവെച്ചിട്ടുള്ളതും, അവരുടെ അവശിഷ്ടങ്ങളും (അഥവാ പ്രവർത്തനഫലങ്ങളും) നാം എഴുതി രേഖപ്പെടുത്തുകയും ചെയ്യുന്നു. എല്ലാ കാര്യവും തന്നെ, ഒരു സ്പഷ്ടമായ മൂലരേഖയിൽ നാം കണക്കാക്കി (സൂക്ഷിച്ചു) വെക്കുകയും ചെയ്തിരിക്കുന്നു.

മരണത്തിന് മുമ്പ് ഓരോരുത്തനും ചെയ്ത എല്ലാ കർമ്മങ്ങളും 'അവർ മുൻ ചെയ്ത് വെച്ചത്' **ماقدمو** എന്ന വാക്കിൽ ഉൾപ്പെടുന്നു. പ്രസ്തുത കർമ്മങ്ങളുടെ ഫലമായി അവശേഷിക്കുന്ന എല്ലാ പ്രതി ഫലങ്ങളേയും 'അവരുടെ പ്രവർത്തന ഫലങ്ങൾ' **اثارهم** എന്ന് പറഞ്ഞതിലും ഉൾപ്പെടുന്നു. ഇവ യെല്ലാം ഒന്നൊഴിയാതെ അല്ലാഹു രേഖപ്പെടുത്തി വെക്കുന്ന ഏടിനെക്കുറിച്ചാണ് കർമ്മങ്ങളുടെ ഏടു കൾ **صحفة الاعمال** എന്ന് പറയപ്പെടുന്നത്. ഇതിന് പുറമേ മനുഷ്യകർമ്മങ്ങളടക്കമുള്ള എല്ലാകാര്യങ്ങളും രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു 'സ്പഷ്ടമായ മൂലരേഖ' **امام مبين** . യും അല്ലാഹുവിങ്കലുണ്ട്.

സൂ: ഖമർ 52,53 വചനങ്ങളിൽ അല്ലാഹു ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"അവർ ചെയ്യുന്ന എല്ലാകാര്യവും ഏടുകളിലുണ്ട്. എല്ലാ ചെറിയ കാര്യവും വലിയ കാര്യവും രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതാണ്."

**വിഭാഗം - 2**

**വചനം - 13,14,15,16,17 :**

وَٱضْرِبْ لَهُم مَّثَلًا أَصْحَـٰبَ ٱلْقَرْيَةِ إِذْ جَآءَهَا ٱلْمُرْسَلُونَ ﴿١٣﴾

13 (നബിയേ) നീ അവർക്ക് (ആ) രാജ്യക്കാരെ ഒരു ഉപമയായി വിവരിച്ചുകൊടുക്കുക: അതായത്, അവിടെ 'മുർസലുകൾ' (ദൂതൻമാരായി അയക്കപ്പെട്ടവർ) ചെന്ന സന്ദർഭം.

إِذْ أَرْسَلْنَآ إِلَيْهِمُ ٱثْنَيْنِ فَكَذَّبُوهُمَا فَعَزَّزْنَا بِثَالِثٍ فَقَالُوٓا۟ إِنَّآ إِلَيْكُم مُّرْسَلُونَ ﴿١٤﴾

14 അവരുടെ അടുക്കലേക്ക് നാം രണ്ടാളെ അയച്ചപ്പോൾ, അവർ അവരെ വ്യാജമാക്കി. അപ്പോൾ മൂന്നാമതൊരാളെക്കൊണ്ടു നാം (അവർക്ക്) പ്രാബല്യം നൽകി. എന്നിട്ട് അവർ (ദൂതൻമാർ) പറഞ്ഞു: "ഞങ്ങൾ നിങ്ങളിലേക്ക് (അയക്കപ്പെട്ട) ദൂതൻമാരാണ്".

قَالُوا۟ مَآ أَنتُمْ إِلَّا بَشَرٌ مِّثْلُنَا وَمَآ أَنزَلَ ٱلرَّحْمَـٰنُ مِن شَىْءٍ إِنْ أَنتُمْ إِلَّا تَكْذِبُونَ ﴿١٥﴾

15 അവർ (രാജ്യക്കാർ) പറഞ്ഞു: "നിങ്ങൾ ഞങ്ങളെപ്പോലെയുള്ള മനുഷ്യരല്ലാതെ (മറ്റാരും) അല്ല; പരമകാരുണികനായുള്ളവൻ യാതൊന്നുംതന്നെ ഇറക്കിയിട്ടുമില്ല, നിങ്ങൾ വ്യാജം പറയുകയല്ലാതെ ചെയ്യുന്നില്ല".

قَالُوا۟ رَبُّنَا يَعْلَمُ إِنَّآ إِلَيْكُمْ لَمُرْسَلُونَ ﴿١٦﴾

16 അവർ (ദൂതന്മാർ) പറഞ്ഞു: "ഞങ്ങളുടെ രക്ഷിതാവിന്നറിയാം, നിശ്ചയമായും ഞങ്ങൾ നിങ്ങ

ളിലേക്ക് അയക്കപ്പെട്ടവർതന്നെയാണെന്ന്."

17 "സ്പഷ്ടമായ സന്ദേശം (എത്തിക്കൽ) അല്ലാതെ, ഞങ്ങളുടെമേൽ (ബാധ്യത) ഇല്ല താനും."

وَمَا عَلَيْنَآ إِلَّا ٱلْبَلَٰغُ ٱلْمُبِينُ ﴿١٧﴾

ഈ വചനങ്ങളിൽ വിവരിക്കപ്പെട്ട രാജ്യം സിറിയയുടെ (ശാമിന്റെ) ഉത്തരപ്രദേശത്തായി സ്ഥിതി ചെയ്യുന്ന 'അന്താക്കിയ' ആണെന്നും, അവിടേക്ക് അയക്കപ്പെട്ട മുർസലുകൾ ഈസാ(അ)നബി മതപ്രബോധനാർത്ഥം അവരിലേക്കയച്ച ദൂതന്മാർ ആണെന്നും, ഖുർആൻ വ്യാഖ്യാതാക്കളിൽ മിക്കവരും അഭിപ്രായപ്പെട്ടിരിക്കുന്നു. എന്നാൽ ഭൂരിപക്ഷം മുഫസ്സിറുകളുടെയും അഭിപ്രായം ഉദ്ധരിച്ച ശേഷം, ചരിത്രപരമായ തെളിവുകളുടെയും ഖുർആൻ വചനത്തിന്റെയും അടിസ്ഥാനത്തിൽ ഇബ്നു കഥീർ(റ), ഈ ആയത്തിൽ പ്രസ്താവിക്കപ്പെട്ട സ്ഥലവും സംഭവവും മറ്റൊന്നാണെന്ന് പ്രസ്താവിച്ചിരിക്കുന്നു. ഖുർആന്റെ വാക്കുകൾ പരിശോധിച്ചാൽ ഈ അഭിപ്രായത്തിനാണ് കൂടുതൽ പ്രാബല്യം കാണുന്നത്. الله اعلم

മുശ്രിക്കുകളും ധിക്കാരികളുമായ ആ രാജ്യക്കാരെ തൗഹീദിലേക്ക് ക്ഷണിക്കാനായി, രണ്ട് ദൂതന്മാരെ ആദ്യം അല്ലാഹു അയച്ചു. (ആദ്യത്തെ അഭിപ്രായക്കാർ പ്രസ്താവിച്ചത്പോലെ അവർ ഈസാ നബി(അ) അയച്ച ദൂതന്മാരായിരുന്നില്ല). അവർ അവരെ വ്യാജമാക്കി നിഷേധിച്ചപ്പോൾ, മൂന്നാമതൊരാളെനിയോഗിച്ച് കൊണ്ട് അല്ലാഹു പ്രബോധനം ശക്തിപ്പെടുത്തി. പക്ഷേ, ജനങ്ങൾ നിഷേധത്തിൽ തന്നെ ഉറച്ച് നിൽക്കുകയാണുണ്ടായത്. അവർക്കിടയിൽ നടന്ന സംഭാഷണങ്ങളാണ് തുടർന്നും ഉദ്ധരിച്ചിരിക്കുന്നത്.

**വചനം 18,19 :**

18 അവർ പറഞ്ഞു: "നിങ്ങൾ നിമിത്തം ഞങ്ങൾ ശകുനപ്പിഴവിലായിരിക്കുന്നു; നിങ്ങൾ വിരമിക്കുന്നില്ലെങ്കിൽ, നിശ്ചയമായും ഞങ്ങൾ നിങ്ങളെ കല്ലേറ് നടത്തുകതന്നെ ചെയ്യുന്നതാണ്; ഞങ്ങളിൽനിന്ന് നിങ്ങൾക്ക് തീർച്ചയായും വേദനയേറിയ ശിക്ഷ ബാധിക്കുന്നതുമാണ്."

قَالُوٓا۟ إِنَّا تَطَيَّرْنَا بِكُمْ ۖ لَئِن لَّمْ تَنتَهُوا۟ لَنَرْجُمَنَّكُمْ وَلَيَمَسَّنَّكُم مِّنَّا عَذَابٌ أَلِيمٌ ﴿١٨﴾

19 അവർ (ദൂതൻമാർ) പറഞ്ഞു: "നിങ്ങളുടെ ശകുനപ്പിഴ നിങ്ങളൊന്നിച്ചുതന്നെയാണുള്ളത്. നിങ്ങൾക്ക് ഉപദേശം നൽകപ്പെട്ടതിനാലാണോ (ഇങ്ങിനെ പറയുന്നത്)?! പക്ഷേ, നിങ്ങൾ അതിരുകവിഞ്ഞ ഒരു ജനതയാണ്."

قَالُوا۟ طَٰٓئِرُكُم مَّعَكُمْ ۚ أَئِن ذُكِّرْتُم ۚ بَلْ أَنتُمْ قَوْمٌ مُّسْرِفُونَ ﴿١٩﴾

പ്രവാചകന്മാരുടെ പ്രബോധനത്തെ ധിക്കരിച്ച് വന്നിരുന്ന മുൻ സമുദായക്കാരിലും കാണാവുന്ന ഒന്നാണ് ഈ ദുശ്ശകുന വാദം. സൂ: അഅ്റാഫ്:-131ലും സൂ: നംല് 47ലും ഇത്തരം വാദക്കാരെ കുറിച്ച് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് കാണാം.

അല്ലാഹുവിന്റെ ദൂതന്മാർ അവരോട് പറഞ്ഞ മറുപടിയുടെ സാരം ഇപ്രകാരമാകുന്നു: നിങ്ങൾക്ക് വല്ല ദോഷവും ബാധിച്ചിട്ടുണ്ടെങ്കിൽ അത് നിങ്ങളുടെ ദുർനടപ്പ് കാരണമാകുന്നു. ഞങ്ങൾ നിങ്ങളെ തൌഹീദിലേക്കും സന്മാർഗ്ഗത്തിലേക്കും ക്ഷണിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. നിങ്ങളുടെ ധിക്കാരവും ഭീഷണിപ്പെടുത്തലും കാരണമുള്ള അതിർകവിയലാണ്, നിങ്ങൾക്ക് ദോഷകരമായിത്തീരുന്നത്.

**വചനം 20,21 :**

20 പട്ടണത്തിൻെറ അങ്ങേഅറ്റത്തുനിന്ന് ഒരു മനുഷ്യൻ ഓടിക്കൊണ്ടുവന്നു. അവൻ പറഞ്ഞു: "എൻെറ ജനങ്ങളെ, നിങ്ങൾ ദൂതൻമാരെ പിൻപറ്റുവിൻ!-

وَجَآءَ مِنْ أَقْصَا ٱلْمَدِينَةِ رَجُلٌ يَسْعَىٰ قَالَ يَٰقَوْمِ ٱتَّبِعُوا۟ ٱلْمُرْسَلِينَ ﴿٢٠﴾

21 “നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല, തങ്ങൾ സന്മാർഗ്ഗികളുമാണ്, അങ്ങിനെയുള്ളവരെ പിൻപറ്റുവിൻ!”

ٱتَّبِعُوا۟ مَن لَّا يَسْـَٔلُكُمْ أَجْرًا وَهُم مُّهْتَدُونَ ﴿٢١﴾

ഈ വചനങ്ങളിൽ പരാമർശിക്കപ്പെട്ട മനുഷ്യനെപ്പറ്റി കൂടുതൽ വിവരണങ്ങളൊന്നും അല്ലാഹു പ്രസ്താവിച്ചിട്ടില്ല. സത്യവിശ്വാസിയും ഗുണകാംക്ഷിയുമായിരുന്ന ആ മനുഷ്യൻ ആ രാജ്യക്കാരെ സംബന്ധിച്ചിടത്തോളം ഒരു അപരിചിതനായിരുന്നു എന്ന് ഇമാം റാസി(റ) ചൂണ്ടിക്കാട്ടിയിരിക്കുന്നു.

തങ്ങളെ ഉപദേശിക്കുന്ന ദൂതന്മാർ അത്വഴി, യാതൊരു പ്രതിഫലവും ഉദ്ദേശിക്കുന്നില്ല; മാത്രമല്ല അവർ സന്മാർഗ്ഗികളുമാകുന്നു. എന്നിരിക്കെ അവരുടെ ഉപദേശം നിങ്ങൾ സ്വീകരിക്കാതിരിക്കാൻ യാതൊരു ന്യായവുമില്ല – എന്ന് ആ മനുഷ്യൻ ജനങ്ങളെ പറഞ്ഞ് മനസ്സിലാക്കുവാൻ ശ്രമിച്ചു. അദ്ദേഹം തന്നെ തന്നെ പരാമർശിച്ച് കൊണ്ട് തുടർന്നു.

**വചനം – 22,23,24,25 :**

22 “എന്നെ സൃഷ്ടിച്ചുണ്ടാക്കിയവനെ ഞാൻ ആരാധന ചെയ്യാതിരിക്കുവാൻ എനിക്ക് എന്താണ് (തടസ്സം) ഉള്ളത്?! അവൻെറ അടുക്കലേക്കുതന്നെയാണ് നിങ്ങൾ മടക്കപ്പെടുന്നതും.

وَمَا لِىَ لَآ أَعْبُدُ ٱلَّذِى فَطَرَنِى وَإِلَيْهِ تُرْجَعُونَ ﴿٢٢﴾

23 “അവനു പുറമെ വല്ല ദൈവങ്ങളെയും ഞാൻ സ്വീകരിക്കുകയോ?! (ആ) പരമകാരുണികൻ എനിക്ക് വല്ല ഉപദ്രവവും ഉദ്ദേശിക്കുന്നപക്ഷം, അവരുടെ ശുപാർശ എനിക്ക് ഒട്ടും തന്നെ ഉപകാരപ്പെടുകയില്ല; അവർ എന്നെ രക്ഷപ്പെടുത്തുകയുമില്ല!

ءَأَتَّخِذُ مِن دُونِهِۦٓ ءَالِهَةً إِن يُرِدْنِ ٱلرَّحْمَـٰنُ بِضُرٍّ لَّا تُغْنِ عَنِّى شَفَـٰعَتُهُمْ شَيْـًٔا وَلَا يُنقِذُونِ ﴿٢٣﴾

24 “അപ്പോൾ (അങ്ങിനെയാണെങ്കിൽ) ഞാൻ നിശ്ചയമായും സ്പഷ്ടമായ ദുർമ്മാർഗ്ഗത്തിൽ തന്നെയായിരിക്കും.

إِنِّىٓ إِذًا لَّفِى ضَلَـٰلٍ مُّبِينٍ ﴿٢٤﴾

25 “നിശ്ചയമായും ഞാൻ, നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിച്ചിരിക്കുന്നു. ആകയാൽ, നിങ്ങൾ എന്നെ (എൻെറ ഉപദേശം) കേട്ടുകൊള്ളുവിൻ!”

إِنِّىٓ ءَامَنتُ بِرَبِّكُمْ فَٱسْمَعُونِ ﴿٢٥﴾

ദൂതന്മാർ പ്രബോധനം ചെയ്യുന്ന തൗഹീദ് സ്വീകരിക്കാതിരിക്കാൻ നിർവ്വാഹമില്ലെന്നും അത്കൊണ്ട് താൻ അതിൽ വിശ്വസിക്കുന്നവനാണെന്നും അദ്ദേഹം വ്യക്തമാക്കി. അത്പോലെ അവരും ആയത് സ്വീകരിക്കുവാൻ ബാദ്ധ്യസ്ഥരാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുകയും ചെയ്തു.

**വചനം 26,27 :**

26 (അദ്ദേഹത്തോട്) പറയപ്പെട്ടു: “നീ സ്വർഗ്ഗത്തിൽ പ്രവേശിച്ചുകൊള്ളുക,” എന്ന്! അദ്ദേഹം പറഞ്ഞു: “ഹാ! എൻെറ ജനങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ നന്നായേനെ,–

قِيلَ ٱدْخُلِ ٱلْجَنَّةَ ۖ قَالَ يَـٰلَيْتَ قَوْمِى يَعْلَمُونَ ﴿٢٦﴾

27 “എൻെറ റബ്ബ് എനിക്ക് പൊറുത്തു തരുകയും, എന്നെ ആദരിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ആക്കിത്തരുകയും ചെയ്തതിനെക്കുറിച്ച്”

بِمَا غَفَرَ لِى رَبِّى وَجَعَلَنِى مِنَ ٱلْمُكْرَمِينَ ﴿٢٧﴾

ആ ജനതയുടെ ഗുണകാംക്ഷിയായിരുന്ന ആ മാന്യന്റെ മരണത്തെക്കുറിച്ച് ഖുർആൻ ഒന്നും വ്യക്തമാക്കിയിട്ടില്ല. ആ ജനതയാൽ അദ്ദേഹം കൊല്ലപ്പെടുകയാണുണ്ടായതെന്ന് പല വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിരിക്കുന്നു. മരണശേഷം സ്വർഗ്ഗാവകാശിയായിത്തീർന്ന അദ്ദേഹം, ആ ജനത സദുപദേശം സ്വീകരിച്ചിരുന്നെങ്കിൽ, ഇത്പോലെയുള്ള മഹാഭാഗ്യം അവർക്കും കൈവരുമായിരുന്നല്ലോ എന്ന് ആശിച്ചു. എന്നാൽ ധിക്കാരികളായ അവരാകട്ടെ, അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് പാത്രീഭൂതരാകുകയാണുണ്ടായത് എന്ന് അടുത്ത വചനങ്ങൾ വിവരിക്കുന്നു.

**ജുസുഉ് - 23**

**വചനം 28,29,30 :**

28 അദ്ദേഹത്തിനുശേഷം അദ്ദേഹത്തിൻെറ ജനതയുടെ മേൽ ആകാശത്തുനിന്ന് നാം ഒരു സൈന്യത്തെയും ഇറക്കിയിട്ടില്ല; നാം (അങ്ങിനെ) ഇറക്കുന്നവരുമല്ല.

29 അത് (ആ സംഭവം) ഒരൊറ്റ ഘോരശബ്ദമല്ലാതെ (മറ്റൊന്നും) ആയിരുന്നില്ല. അപ്പോൾ, അവരതാ (നശിച്ച്) കെട്ടടങ്ങിയവരായിരിക്കുന്നു!

30 ഹാ! (ആ) അടിയാൻമാരുടെ മേലുള്ള കഷ്ടമേ! അവരുടെ അടുക്കൽ ഏതൊരു റസൂൽ ചെല്ലുന്നതായാലും അവർ അദ്ദേഹത്തെക്കുറിച്ചു പരിഹസിക്കുകയല്ലാതെ ചെയ്തിരുന്നില്ല.

۞ وَمَآ أَنزَلْنَا عَلَىٰ قَوْمِهِۦ مِنۢ بَعْدِهِۦ مِن جُندٍ مِّنَ ٱلسَّمَآءِ وَمَا كُنَّا مُنزِلِينَ ﴿٢٨﴾
إِن كَانَتْ إِلَّا صَيْحَةً وَٰحِدَةً فَإِذَا هُمْ خَٰمِدُونَ ﴿٢٩﴾
يَٰحَسْرَةً عَلَى ٱلْعِبَادِ ۚ مَا يَأْتِيهِم مِّن رَّسُولٍ إِلَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٣٠﴾

ദൂതന്മാരെ ധിക്കരിക്കുകയും ഉപദേഷ്ടാവിനെ ആക്രമിക്കുകയും ചെയ്തതിന്റെ ഫലമായി ആ ജനതയെ അല്ലാഹു വമ്പിച്ച ശിക്ഷയിലൂടെ നശിപ്പിച്ചു. ഒരൊറ്റ ഘോരശബ്ദം മാത്രം; അതോടെ ആ ജനതയുടെ കഥ കഴിഞ്ഞു. ഇത്രയും വമ്പിച്ച ഒരു ശിക്ഷ അവർ അനുഭവിക്കേണ്ടി വന്നത് ദൈവദൂതന്മാരേയും ദിവ്യദൗത്യത്തേയും പരിഹസിക്കുകയെന്നത് അവർ ഒരു പതിവാക്കിയത് കൊണ്ടായിരുന്നു.

**വചനം 31,32 :**

31 അവരുടെ മുമ്പ് (പല) തലമുറകളിൽ നിന്നും എത്രയോ നാം നശിപ്പിച്ചിരിക്കുന്നു-അവർ (ആരും)ഇവരിലേക്ക് മടങ്ങിവരുന്നില്ല-എന്ന് അവർക്ക് കണ്ടുകൂടേ?!

32 എല്ലാവരും-മുഴുവനുംതന്നെ-നമ്മുടെ അടുക്കൽ ഹാജറാക്കപ്പെടുന്നവരല്ലാതെ ഇല്ല.

أَلَمْ يَرَوْا۟ كَمْ أَهْلَكْنَا قَبْلَهُم مِّنَ ٱلْقُرُونِ أَنَّهُمْ إِلَيْهِمْ لَا يَرْجِعُونَ ﴿٣١﴾
وَإِن كُلٌّ لَّمَّا جَمِيعٌ لَّدَيْنَا مُحْضَرُونَ ﴿٣٢﴾

മുമ്പ് നശിപ്പിക്കപ്പെട്ടവരിലാരെങ്കിലും മടങ്ങി വന്ന് മരണശേഷം യാതൊന്നും സംഭവിക്കുവാനില്ലെന്ന് ഇവർക്ക് പറഞ്ഞ് കൊടുക്കുന്നുണ്ടെങ്കിൽ ഇവർക്ക് മരണാനന്തര കാര്യങ്ങളെ നിഷേധിക്കാമായിരുന്നു. പക്ഷേ അങ്ങനെ ആരും മടങ്ങി വരുന്നില്ല; മടങ്ങി വരുകയുമില്ല. ഒന്നടങ്കം എല്ലാവരും അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുകയും ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നതാണ്.

**വിഭാഗം -3**

**വചനം 33, 34, 35, 36 :**

وَءَايَةٌ لَّهُمُ ٱلْأَرْضُ ٱلْمَيْتَةُ أَحْيَيْنَٰهَا وَأَخْرَجْنَا مِنْهَا حَبًّا فَمِنْهُ يَأْكُلُونَ ٣٣

وَجَعَلْنَا فِيهَا جَنَّٰتٍ مِّن نَّخِيلٍ وَأَعْنَٰبٍ وَفَجَّرْنَا فِيهَا مِنَ ٱلْعُيُونِ ٣٤

لِيَأْكُلُوا۟ مِن ثَمَرِهِۦ وَمَا عَمِلَتْهُ أَيْدِيهِمْ ۖ أَفَلَا يَشْكُرُونَ ٣٥

سُبْحَٰنَ ٱلَّذِى خَلَقَ ٱلْأَزْوَٰجَ كُلَّهَا مِمَّا تُنۢبِتُ ٱلْأَرْضُ وَمِنْ أَنفُسِهِمْ وَمِمَّا لَا يَعْلَمُونَ ٣٦

33 അവര്‍ക്കൊരു ദൃഷ്ടാന്തമാണ്, നിര്‍ജ്ജീവമായ ഭൂമി,-നാമതിനെ ജീവിപ്പിക്കുകയും, അതില്‍ നിന്ന് ധാന്യം ഉല്‍പാദിപ്പിക്കുകയും ചെയ്തിരിക്കുന്നു, എന്നിട്ട് അതില്‍ നിന്ന് അവര്‍ തിന്നുകൊണ്ടിരിക്കുന്നു.

34 അതില്‍, ഈന്തപ്പനയുടെയും, മുന്തിരികളുടെയും തോട്ടങ്ങള്‍ നാം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. നീരുറവുകളെയും നാമതില്‍ തുറന്നുവിട്ടു;-

35 അതിന്‍റെ ഫലങ്ങളില്‍നിന്നും, തങ്ങളുടെ കൈകള്‍ പ്രവര്‍ത്തിച്ചുണ്ടാക്കിയതില്‍ നിന്നും അവര്‍ക്ക് തിന്നുവാന്‍ വേണ്ടി(യാണ് അതെല്ലാം), അപ്പോള്‍, അവര്‍ക്ക് നന്ദി കാണിച്ചുകൂടേ?!

36 എല്ലാ ഇണവര്‍ഗ്ഗങ്ങളെയും സൃഷ്ടിച്ചിട്ടുള്ളവന്‍ മഹാ പരിശുദ്ധനത്രെ! (അതെ) ഭൂമി ഉല്‍പാദിപ്പിക്കുന്നതില്‍നിന്നും, അവരുടെ ദേഹങ്ങളില്‍നിന്നും, അവര്‍ക്ക് അറിഞ്ഞുകൂടാത്തവയില്‍നിന്നും (ഇണകളെ സൃഷ്ടിച്ചവന്‍).

ഈന്തപ്പഴങ്ങളും മുന്തിരിയും അടക്കം എല്ലാ തരം കൃഷിവിഭവങ്ങളും കൈകള്‍ പ്രവര്‍ത്തിച്ചുണ്ടാക്കിയതില്‍ ഉള്‍പ്പെടുന്നു. പ്രത്യക്ഷത്തില്‍ അവ മനുഷ്യന്‍റെ പ്രവര്‍ത്തന ഫലങ്ങളാണെങ്കിലും, അവ വളരുന്നതും വിളയുന്നതുമെല്ലാം അല്ലാഹുവിന്‍റെ അനുഗ്രഹം കൊണ്ടാണല്ലോ. അത്കൊണ്ട് ഓരോന്നിലും മനുഷ്യന്‍ അല്ലാഹുവിനോട് നന്ദിയുള്ളവനായിരിക്കേണ്ടതുണ്ട്.

സസ്യങ്ങള്‍, വൃക്ഷങ്ങള്‍, ജീവജന്തുക്കള്‍ തുടങ്ങിയ എല്ലാ വര്‍ഗ്ഗത്തിലും - മനുഷ്യരില്‍ തന്നെയും - വിവിധ വിഭാഗങ്ങളും തരങ്ങളും ഉള്‍ക്കൊള്ളുന്നു. പദാര്‍ത്ഥ ലോകത്തുണ്ടാകുന്ന എല്ലാ വികാസങ്ങളിലും ജോഡികള്‍ അഥവാ ഇണകള്‍ വഹിക്കുന്ന പങ്ക് അതുല്യമാകുന്നു. ഇണകളിലൂടെയുള്ള വളര്‍ച്ച ജൈവ സസ്യലോകത്തില്‍ കൂടുതല്‍ പ്രകടവുമാകുന്നു. എല്ലാം സൃഷ്ടിച്ചുണ്ടാക്കി നിലനിര്‍ത്തിപ്പോരുന്ന സൃഷ്ടാവ് അതിമഹാനും പരിശുദ്ധനും തന്നെയാകുന്നു.

**വചനം 37; 38; 39; 40 :**

وَءَايَةٌ لَّهُمُ ٱلَّيْلُ نَسْلَخُ مِنْهُ ٱلنَّهَارَ فَإِذَا هُم مُّظْلِمُونَ ٣٧

وَٱلشَّمْسُ تَجْرِى لِمُسْتَقَرٍّ لَّهَا ۚ ذَٰلِكَ تَقْدِيرُ ٱلْعَزِيزِ ٱلْعَلِيمِ ٣٨

وَٱلْقَمَرَ قَدَّرْنَٰهُ مَنَازِلَ حَتَّىٰ عَادَ كَٱلْعُرْجُونِ ٱلْقَدِيمِ ٣٩

37 അവര്‍ക്കൊരു ദൃഷ്ടാന്തമാണ് രാത്രിയും;- നാം അതില്‍നിന്ന് പകലിനെ ഉരിച്ചെടുക്കുന്നു. അപ്പോള്‍ അവരതാ, ഇരുട്ടില്‍പെട്ടവരാകുന്നു!

38 സൂര്യന്‍ അതിന്‍േറതായ ഒരു താവളത്തിലേക്ക് (അഥവാ നിശ്ചിത അതിര്‍ത്തിയിലേക്ക്) ചലിച്ചുകൊണ്ടുമിരിക്കുന്നു. അത്, സര്‍വ്വജ്ഞനായ പ്രതാപശാലിയായുള്ളവന്‍ (വ്യവസ്ഥ ചെയ്ത്) കണക്കാക്കിയതാണ്.

39 ചന്ദ്രന്നും തന്നെ, നാം ചില ഭവനങ്ങള്‍ കണക്കാക്കിയിരിക്കുന്നു. അങ്ങനെ, അത് (ഈത്തപ്പനയുടെ) പഴക്കം ചെന്ന കുലത്തണ്ടുപോലെ ആയിത്തീരുന്നു.

40 സൂര്യനാകട്ടെ, അതിന് ചന്ദ്രനെ പ്രാപിക്കുവാൻ പറ്റുകയില്ല; രാത്രി പകലിനെ മുൻകടക്കുന്ന തുമല്ല, എല്ലാവരും (ഓരോ ഗ്രഹവും) ഓരോ സഞ്ചാരമണ്ഡലത്തിൽ നീന്തി (സഞ്ചരിച്ചു) കൊണ്ടിരിക്കുന്നു.

لَا ٱلشَّمۡسُ يَنۢبَغِي لَهَآ أَن تُدۡرِكَ ٱلۡقَمَرَ وَلَا ٱلَّيۡلُ سَابِقُ ٱلنَّهَارِۚ وَكُلّٞ فِي فَلَكٖ يَسۡبَحُونَ ﴿٤٠﴾

കഴിഞ്ഞ വചനങ്ങളിൽ ഭൂവിഭവങ്ങളിലടങ്ങിയ ചില ദൃഷ്ടാന്തങ്ങളെക്കുറിച്ച് പറഞ്ഞ ശേഷം, അല്ലാഹു ആകാശമണ്ഡലത്തിലെ ചില ദൃഷ്ടാന്തങ്ങളിലേക്ക് ചൂണ്ടിക്കാട്ടുന്നു.

: ഭൂഗോളത്തിന്റെ അർദ്ധഭാഗങ്ങളിലായി രാപ്പകലുകൾ ഒന്നൊന്നിനെ അനുഗമിച്ച് കൊണ്ടിരിക്കുന്നു. ഏതൊരു സ്ഥലത്ത് നിന്ന് പകൽ വെളിച്ചത്തെ അല്ലാഹു നീക്കി എടുക്കുന്നുവോ (മൃഗങ്ങളുടെ തോലുരിച്ച് വേർപ്പെടുത്തുന്നത് പോലെ) അവിടെ ഇരുട്ട് മൂടി രാത്രിയായിത്തീരുന്നു.

: സൂര്യൻ ചില നിശ്ചിത പന്ഥാവിലൂടെ ഒരു നിശ്ചിത അതിർത്തി വരെ, അല്ലാഹു നിശ്ചയിച്ചിട്ടുള്ള കണക്കും ചിട്ടയും തെറ്റാതെ, ദിവസക്കണക്കിലും, മാസക്കണക്കിലും, വർഷക്കണക്കിലും സഞ്ചാരത്തിന് കൃത്യമായ ലക്ഷ്യവും മാർഗ്ഗവും കൈകൊണ്ട് കൊണ്ട് സഞ്ചരിച്ച കൊണ്ടിരിക്കുന്നു.

: ചന്ദ്രനുമുണ്ട് അതിന്റേതായ സഞ്ചാരപഥം. ചന്ദ്രമാസാരംഭത്തിൽ ഒരു നേരിയ അർദ്ധവളയമായും , ക്രമേണ ഒരു പൂർണ്ണ വൃത്താകൃതിയും കൈകൊള്ളുന്ന ചന്ദ്രൻ മാസവസാനം, ഈന്തപ്പനയുടെ ഉണങ്ങിപ്പഴകിയ കുലത്തണ്ട് പോലെ ഒരു വളയമായിത്തീരുന്നു.

: എന്തെങ്കിലും ക്രമക്കേടോ, പാകപ്പിഴവുകളോ, ബാധിച്ച് സൂര്യചന്ദ്രന്മാർ തമ്മിൽ കൂട്ടിമുട്ടുകയോ, രാത്രി പകലിനെ കവച്ച് വെക്കുകയോ, ഒന്നും സംഭവിക്കുന്നില്ല. ഓരോന്നും അല്ലാഹു നിശ്ചയിച്ച വ്യവസ്ഥ പ്രകാരം, അതതിന്റെ പരിധിയിൽ നീന്തി സഞ്ചരിച്ച് കൊണ്ടിരിക്കുന്നു.

അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തിനും, ശക്തി മാഹാത്മ്യത്തിനും, മേൽപറഞ്ഞ ഓരോന്നിലും ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്. (കൂടുതൽ വിവരം സൂ: അൽകഹ്ഫ് : 109ന്റെയും സൂ: അൻബിയാഅ് : 33ന്റെയും വിവരണത്തിൽ കാണാം).

**വചനം - 41,42,43,44 :**

41 തങ്ങളുടെ സന്താനങ്ങളെ (സാധനം) നിറക്കപ്പെട്ട കപ്പലിൽ നാം വഹിച്ചുകൊണ്ടു പോകുന്നതും അവർക്കൊരു ദൃഷ്ടാന്തമാണ്.

وَءَايَةٞ لَّهُمۡ أَنَّا حَمَلۡنَا ذُرِّيَّتَهُمۡ فِي ٱلۡفُلۡكِ ٱلۡمَشۡحُونِ ﴿٤١﴾

42 അതുപോലെയുള്ള വസ്തുക്കളിൽനിന്ന് അവർക്ക് സവാരി ചെയ്യാവുന്ന (പല)തിനെയും അവർക്കു നാം സൃഷ്ടിച്ചുകൊടുത്തിരിക്കുന്നു.

وَخَلَقۡنَا لَهُم مِّن مِّثۡلِهِۦ مَا يَرۡكَبُونَ ﴿٤٢﴾

43 നാം ഉദ്ദേശിക്കുകയാണെങ്കിൽ. അവരെ (സമുദ്രത്തിൽ) നാം മുക്കിക്കളഞ്ഞേക്കും; അപ്പോൾ അവർക്ക് (നിലവിളികേട്ട്) സഹായിക്കുന്ന ഒരാളും ഉണ്ടാവുകയില്ല; അവർ രക്ഷപ്പെടുത്തപ്പെടുകയുമില്ല;-

وَإِن نَّشَأۡ نُغۡرِقۡهُمۡ فَلَا صَرِيخَ لَهُمۡ وَلَا هُمۡ يُنقَذُونَ ﴿٤٣﴾

44 പക്ഷെ, നമ്മുടെ പക്കൽനിന്നുള്ള കാരുണ്യമായിട്ടും, ഒരു (നിശ്ചിത) സമയംവരേക്കുള്ള ജീവിതസുഖമായിട്ടുമത്രെ (നാമവരെ രക്ഷപ്പെടുത്തുന്നത്).

إِلَّا رَحۡمَةٗ مِّنَّا وَمَتَٰعًا إِلَىٰ حِينٖ ﴿٤٤﴾

ഖുർആൻ അവതരിക്കുന്ന കാലത്ത് സമുദ്രത്തിൽ സഞ്ചരിക്കുവാൻ പായക്കപ്പലുകളും, കരയിൽ സഞ്ചരിക്കുവാൻ ഒട്ടകം, കുതിര മുതലായവയുമായിരുന്നു പ്രധാന വാഹനങ്ങൾ. ഇന്നാകട്ടെ, ആധുനിക

രീതിയിലുള്ള വാഹനങ്ങൾ കരയിലും കടലിലു, ഉപരിആകാശത്തും, മനുഷ്യകരങ്ങളാൽ നിർമ്മിക്കപ്പെട്ട് ഉപയോഗപ്പെടുത്തി വരുന്നു. എന്നാൽ അവയൊക്കെ കണ്ട് പിടിക്കുവാനുള്ള ബുദ്ധി, നിർമ്മിക്കുവാനുള്ള ഉപകരണങ്ങൾ എന്നിവയെല്ലാം, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലഭ്യമായവയാകുന്നു.

യാത്രക്ക് മുമ്പായി, എന്തെല്ലാം മുൻകരുതലുകൾ എടുത്താലും, അപ്രതീക്ഷിതമായ അത്യാഹിതങ്ങൾ ചിലപ്പോൾ സംഭവിച്ച് കൊണ്ടിരിക്കുന്നു. നിർമ്മാണത്തിന്റെ വൈദഗ്ദ്യമോ, നിയന്ത്രണത്തിന്റെ സാമർത്ഥ്യമോ, ഒന്നും തന്നെ അവിടെ ഉപകാരപ്പെടുന്നില്ല. അല്ലാഹു ഉദ്ദേശിക്കുമ്പോൾ അവൻ ഉദ്ദേശിച്ച പ്രകാരം എല്ലാം സംഭവിക്കുന്നുവെന്ന് മാത്രം. അപ്പോൾ, ഇങ്ങനെയുള്ള ആപത് സന്ധികളിൽ, അകപ്പെടാതെ രക്ഷപ്പെടുകയെന്നത്, മനുഷ്യന്റെ കഴിവിനെയല്ല, അല്ലാഹുവിന്റെ കാരുണ്യത്തെയാണ് യഥാർത്ഥത്തിൽ ആശ്രയിച്ചിരിക്കുന്നത് എന്ന് വ്യക്തമത്രേ.

**വചനം 45,46 :**

وَإِذَا قِيلَ لَهُمُ ٱتَّقُوا۟ مَا بَيْنَ أَيْدِيكُمْ وَمَا خَلْفَكُمْ لَعَلَّكُمْ تُرْحَمُونَ ﴿٤٥﴾

45 “നിങ്ങളുടെ മുമ്പിലുള്ളതും, നിങ്ങളുടെ പിമ്പിലുള്ളതും നിങ്ങൾ സൂക്ഷിക്കണം, നിങ്ങൾ കരുണ ചെയ്യപ്പെട്ടേക്കാം.” എന്ന് അവരോട് പറയപ്പെട്ടാൽ (അവർ തിരിഞ്ഞു കളയുന്നു)!

وَمَا تَأْتِيهِم مِّنْ ءَايَةٍ مِّنْ ءَايَـٰتِ رَبِّهِمْ إِلَّا كَانُوا۟ عَنْهَا مُعْرِضِينَ ﴿٤٦﴾

46 അവർക്ക് തങ്ങളുടെ രക്ഷിതാവിൻെറ ദൃഷ്ടാന്തങ്ങളിൽപ്പെട്ട ഏതൊരു ദൃഷ്ടാന്തവും വരുന്നില്ല; അവരതിൽനിന്ന് തിരിഞ്ഞുകളയുന്നവരായിട്ടല്ലാതെ.

‘മുമ്പിലുള്ളത് ’എന്ന് പറഞ്ഞത് മുൻ സമുദായങ്ങൾക്ക് ബാധിച്ചത് പോലെയുള്ള ഐഹിക ശിക്ഷകളും ‘പിന്നിലുള്ളത് ’എന്ന് പറഞ്ഞത് വരാനിരിക്കുന്ന പരലോകശിക്ഷയുമാകുന്നു.

രക്ഷിതാവിങ്കൽ നിന്ന് ഏതൊരു ദൃഷ്ടാന്തം വന്നാലും അവിശ്വാസികൾ അവയെ ധിക്കരിച്ച് കൊണ്ട് അവയിൽ നിന്നും തിരിഞ്ഞ് കളയുന്നവരാകുന്നു.

**വചനം 47:**

وَإِذَا قِيلَ لَهُمْ أَنفِقُوا۟ مِمَّا رَزَقَكُمُ ٱللَّهُ قَالَ ٱلَّذِينَ كَفَرُوا۟ لِلَّذِينَ ءَامَنُوٓا۟ أَنُطْعِمُ مَن لَّوْ يَشَآءُ ٱللَّهُ أَطْعَمَهُۥٓ إِنْ أَنتُمْ إِلَّا فِى ضَلَـٰلٍ مُّبِينٍ ﴿٤٧﴾

47 “നിങ്ങൾക്ക് അല്ലാഹു നൽകിയിട്ടുള്ളതിൽ നിന്ന് ചിലവഴിക്കുവിൻ” എന്ന് അവരോട് പറയപ്പെട്ടാൽ,- (ആ) അവിശ്വസിച്ചവർ വിശ്വസിച്ചിട്ടുള്ളവരോട് പറയും: “അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവൻ ഭക്ഷണം കൊടുക്കുമായിരുന്നവർക്ക് ഞങ്ങൾ ഭക്ഷണം കൊടുക്കുകയോ?! നിങ്ങൾ സ്പഷ്ടമായ വഴിപിഴവിലല്ലാതെ (മറ്റൊന്നും)അല്ല.”

‘പാവങ്ങളായ ആളുകൾക്ക് സുഖവും സമ്പത്തും നൽകുവാൻ അല്ലാഹു ഉദ്ദേശിക്കാത്തതു കൊണ്ട് അവർക്കത് ലഭിക്കാത്തതാണ്. ആ സ്ഥിതിക്ക് അവർക്ക് ഞങ്ങളെന്തിന് സഹായം നൽകണം’ - എന്നായിരുന്നു ആ അവിശ്വസിച്ചവർ വിശ്വസിച്ചവരോട് പഞ്ഞിരുന്നത്. ധനം ഒരു പരീക്ഷണം മാത്രമാണെന്നും, അല്ലാഹു അത് തൽക്കാലം അവരെ ഏൽപിച്ചത് അവന്റെ നിർദ്ദേശാനുസരണം ചിലവഴിക്കാനാണെന്നും അവർ ഓർക്കുന്നതേയില്ല.

**വചനം - 48,49,50 :**

وَيَقُولُونَ مَتَىٰ هَـٰذَا ٱلْوَعْدُ إِن كُنتُمْ صَـٰدِقِينَ ﴿٤٨﴾

48 അവർ പറയുന്നു: “എപ്പോഴാണ് ഈ വാഗ്ദാനം (സംഭവിക്കുക) - നിങ്ങൾ സത്യവാൻമാരാണെങ്കിൽ?!”

مَا يَنظُرُونَ إِلَّا صَيْحَةً وَٰحِدَةً تَأْخُذُهُمْ وَهُمْ يَخِصِّمُونَ ﴿٤٩﴾

49 ഒരൊറ്റ ഘോരശബ്ദത്തെ അല്ലാതെ അവർ നോക്കി (ക്കാത്തു) കൊണ്ടിരിക്കുന്നില്ല; അവർ (തർക്കിച്ച്) വഴക്കു കൂട്ടിക്കൊണ്ടിരിക്കെ അതവരെ പിടികൂടുന്നതാണ്.

فَلَا يَسْتَطِيعُونَ تَوْصِيَةً وَلَآ إِلَىٰٓ أَهْلِهِمْ يَرْجِعُونَ ﴿٥٠﴾

50 അപ്പോൾ, വല്ല ഒസിയ്യത്തും ചെയ്‌വാൻ അവർക്ക് സാദ്ധ്യമാകുകയില്ല; അവരുടെ സ്വന്തക്കാരിലേക്ക് അവർ മടങ്ങിച്ചെല്ലുകയുമില്ല.

വാഗ്ദാനം എന്നത് കൊണ്ടുദ്ദേശ്യം ലോകവസാന സമയമാകുന്നു. അതെപ്പോഴാണുണ്ടാവുക എന്നവർ ചോദിക്കുന്നത് പരിഹാസത്തോടെയാകുന്നു. അന്ത്യസമയത്തേക്കുറിച്ചുള്ള അറിവ് അല്ലാഹുവിന് മാത്രമാകുന്നു. അത് സംഭവിക്കുന്നത് വളരെ പെട്ടന്നായിരിക്കും. അവർ അന്യോന്യം തർക്കിച്ചും വഴക്കടിച്ചും കൊണ്ടിരിക്കുന്നതിനിടയിൽ ഒരു മുന്നറിയിപ്പും കൂടാതെ വമ്പിച്ച ഒരു ഘോരശബ്ദത്തോടെ അതവരെ പിടികൂടുന്നതാണ്. വല്ല ഒസിയത്തും ചെയ്യുവാനോ കുടുംബത്തിലേക്ക് പോയിച്ചേരുവാനോ ഒന്നും തന്നെ ആർക്കും സാധ്യമാവുകയല്ല. ഒരു ഘോര ശബ്ദം എന്ന് പറഞ്ഞത് ലോകം അവസാനിക്കുന്നതിനുള്ള ഒന്നാമത്തെ കാഹളമൂത്തിനെ ഉദ്ദേശിച്ചാകുന്നു. (പുനരുദ്ധാനത്തിന് വേണ്ടിയുള്ള രണ്ടാമത്തെ കാഹളമൂത്തിനെക്കുറിച്ച് അടുത്ത വചനം നോക്കുക).

"അന്ത്യസമയത്തിന്റെ കാര്യം കണ്ണിമവെട്ടുന്നത് പോലെയല്ലാതെ മറ്റൊന്നുമല്ല. അഥവാ അത് അതിനേക്കാൾ സമീപത്തായിരിക്കും. അല്ലാഹു എല്ലാകാര്യത്തിനും കഴിവുള്ളവനാകുന്നു" എന്ന് അല്ലാഹു സൂ: നഹ്ൽ 77-ാം വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നത് ശ്രദ്ധിക്കുക.

## വിഭാഗം -4

**വചനം - 51,52,53,54 :**

وَنُفِخَ فِى ٱلصُّورِ فَإِذَا هُم مِّنَ ٱلْأَجْدَاثِ إِلَىٰ رَبِّهِمْ يَنسِلُونَ ﴿٥١﴾

51 കാഹളത്തിൽ ഊതപ്പെടും. അപ്പോഴേക്കും അവരതാ 'ഖബ്റു'കളിൽനിന്ന് തങ്ങളുടെ റബ്ബിങ്കലേക്ക് ബദ്ധപ്പെട്ടുവരുന്നതാണ്!

قَالُوا۟ يَٰوَيْلَنَا مَنۢ بَعَثَنَا مِن مَّرْقَدِنَا ۜ هَٰذَا مَا وَعَدَ ٱلرَّحْمَٰنُ وَصَدَقَ ٱلْمُرْسَلُونَ ﴿٥٢﴾

52 അവർ പറയും: "ഞങ്ങളുടെ നാശമേ! ആരാണ് ഞങ്ങൾ ഉറങ്ങുന്നിടത്തുനിന്ന് ഞങ്ങളെ (ഉയിർത്ത്) എഴുന്നേൽപിച്ചത്?! ഇത് പരമ കാരുണികനായുള്ളവൻ നമ്മോട് വാഗ്ദാനം ചെയ്കയും, 'മുർസലു'കൾ സത്യം പറയുകയും ചെയ്തിട്ടുള്ളതാകുന്നു."

إِن كَانَتْ إِلَّا صَيْحَةً وَٰحِدَةً فَإِذَا هُمْ جَمِيعٌ لَّدَيْنَا مُحْضَرُونَ ﴿٥٣﴾

53 അത് ഒരേ ഒരു ഘോരശബ്ദം അല്ലാതെ (മറ്റൊന്നും) ആയിരിക്കയില്ല. അപ്പോഴേക്കും അവരതാ, മുഴുവൻ നമ്മുടെ അടുക്കൽ ഹാജറാക്കപ്പെട്ടവരായിരിക്കും.

فَٱلْيَوْمَ لَا تُظْلَمُ نَفْسٌ شَيْـًٔا وَلَا تُجْزَوْنَ إِلَّا مَا كُنتُمْ تَعْمَلُونَ ﴿٥٤﴾

54 അന്ന് ഒരാളോടുംതന്നെ ഒട്ടും അനീതി ചെയ്യപ്പെടുന്നതല്ല; നിങ്ങൾ പ്രവർത്തിച്ചിരുന്നതിനല്ലാതെ, നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുകയുമില്ല.

ഒന്നാമത്തെ കാഹളമൂത്തിൽ എല്ലാവരും നാശമടയുകയും, പിന്നീട് അല്ലാഹു ഉദ്ദേശിച്ച കാലം കഴിഞ്ഞ ശേഷം ഉണ്ടാകുന്ന രണ്ടാമത്തെ കാഹളം ഊത്തിൽ എല്ലാവരും പുനർജ്ജീവിപ്പിക്കപ്പെടുകയും അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുകയും ചെയ്യുന്നു. ജനങ്ങളാകെ ഖബറുകളിൽ നിന്നും സംഭ്രാന്തരായിക്കൊണ്ട്, അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുന്നതാണ്. "ഒരു കുറി നാട്ടിയതിലേക്ക് പാഞ്ഞു

ചെല്ലുന്ന പ്രകാരം ധൃതിപ്പെട്ട് കൊണ്ട് അവർ ഖബറുകളിൽ നിന്ന് പുറത്ത് വരുന്ന ദിവസം" എന്ന് പ്രസ്തുത ദിവസത്തെക്കുറിച്ച് സൂ: മആരിജ് 43-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

തങ്ങൾ ഇപ്പോൾ നേരിൽ കാണുന്ന പരലോക ജീവിതത്തിലെ അതിഭയാനകമായ അനുഭവങ്ങളിൽ അമ്പരന്ന് പോകുന്ന മനുഷ്യൻ, ഈ പരലോകജീവിതത്തെ അപേക്ഷിച്ച് നോക്കുമ്പോൾ, തങ്ങളുടെ ഇതേവരെയുള്ള ഖബറുകളിലെ അനുഭവങ്ങൾ കേവലം ഒരു ഉറക്കവും വിശ്രമവും മാത്രമായിരുന്നല്ലോ എന്ന് തൽക്കാലത്തേക്കെങ്കിലും ചിന്തിച്ച് പോകുന്നതാണ്; അവരുടെ പ്രസ്തുത മനോവികാരമാണ് " ഞങ്ങൾ ഉറങ്ങുന്നിടത്ത് നിന്ന് ഞങ്ങളെ (ഉയിർത്ത്) എഴുന്നേൽപിച്ചത് ആരാണ് " എന്ന വാക്കുകളിലൂടെ അവർ പ്രകടിപ്പിക്കുന്നത് (സുഖകരമായ ഒരു അവസ്ഥക്ക് ശേഷം, അതിനേക്കാൾ ഉയർന്ന തരത്തിലുള്ള ഒരു സൗഖ്യാവസ്ഥ കൈവരുമ്പോഴും, ഒരു വിഷമാവസ്ഥക്ക് ശേഷം അതിനേക്കാൾ കഠിനമായ ഒരു വിഷമാവസ്ഥ നേരിടുമ്പോഴും, മുമ്പത്തെ അവസ്ഥ നിസ്സാരവൽക്കരിക്കുന്നതും, മറന്ന് പോകുന്നതും മനുഷ്യന്റെ പതിവാണല്ലോ.) അല്ലാതെ ഖബറിലെ രക്ഷാ-ശിക്ഷാ വ്യവസ്ഥകളെ നിഷേധിക്കുന്നവർ വാദിക്കുന്നത് പോലെ "മരണപ്പെട്ടവർ പുനരുത്ഥാനം വരെ ഉറങ്ങിക്കിടക്കുകയായിരിക്കുമെന്നും, അവർക്ക് ഖബറിൽ വെച്ച് ശിക്ഷ അനുഭവിക്കേണ്ടി വരുമെന്ന് പറയുന്നത് ശരിയല്ല" എന്നുമല്ല പ്രസ്തുത വചനത്തിന്റെ സാരം. സജ്ജനങ്ങൾക്ക് സന്തോഷത്തിന്റെയും ദുർജ്ജനങ്ങൾക്ക് സന്താപത്തിന്റെയും വിവിധ അനുഭവങ്ങൾ ഖബറിൽ വെച്ച് അനുഭവപ്പെടുമെന്ന് നിരവധി ഹദീസുകളിൽ നിന്നും, ഖുർആൻ സൂക്തങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

ഫിർഔൻനേയും അവന്റെ ആൾക്കാരേയും സമുദ്രത്തിൽ മുക്കി നശിപ്പിച്ചതിനെ പറ്റി പറഞ്ഞ ശേഷം, സൂ: മുഅ്മിൻ (സൂ:ഗ്വാഫിർ) : 46-ാം വചനത്തിൽ അല്ലാഹു പറയുന്നു:

"അവർ രാവിലെയും വൈകുന്നേരവും നരകത്തിങ്കൽ പ്രദർശിപ്പിക്കപ്പെടുന്നതാണ്."

ഈ പ്രദർശിപ്പിക്കൽ ഖിയാമത്ത് നാളിലെ സംഭവമായിട്ടല്ല പറഞ്ഞിരിക്കുന്നത്. കാരണം, അതേ ആയത്തിൽ തന്നെ തുടർന്ന് കൊണ്ട് അല്ലാഹു ഇപ്രകാരം പറയുന്നു:

"അന്ത്യ നാൾ സംഭവിക്കുമ്പോൾ ഫിർഔൻന്റെയും ആൾക്കാരെ അതികഠിനമായ ശിക്ഷയിൽ പ്രവേശിപ്പിക്കുവിൻ എന്ന് കല്പനയുണ്ടാകും."

അപ്പോൾ സമുദ്രത്തിൽ മുങ്ങിനശിപ്പിച്ചതിന് ശേഷം, ഖിയാമത്ത് നാളിന് മുമ്പായിട്ടുള്ള ഖബർ ജീവിതകാലഘട്ടത്തിൽ عالم البرزخ ('ബർസഖി'യായ കാലം) അഥവാ മരണത്തിനും പുനരുത്ഥാനനാളിനുമിടയിലുള്ള കാലഘട്ടം - അവർക്ക് ചില പ്രത്യേക ശിക്ഷാനുഭവങ്ങൾ ഉണ്ടെന്നും, അത് അവർക്ക് വിചാരണ നാളിൽ അനുഭവപ്പെടാൻ പോകുന്ന യഥാർത്ഥ നരകശിക്ഷയല്ലെന്നും ഈ ആയത്തിൽ നിന്നും വ്യക്തമാണല്ലോ. ഈ വസ്തുത നബി(സ) ഒരു ഹദീസിൽ കൂടുതൽ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നത് കാണുക:

നബി(സ) പ്രസ്താവിച്ചതായി ഇബ്നു ഉമർ(റ) ഉദ്ധരിക്കുന്നു:

"നിങ്ങളിൽ ഒരാൾ മരണപ്പെട്ടാൽ, അവന്റെ ഇരിപ്പിടം-വാസസ്ഥലം- രാവിലെയും വൈകുന്നേരവും അവന് പ്രദർശിപ്പിക്കപ്പെടും. അവൻ സ്വർഗ്ഗക്കാരനാണെങ്കിൽ സ്വർഗ്ഗത്തിൽ നിന്നും, അവൻ നരകക്കാരനാണെങ്കിൽ നരകത്തിൽ നിന്നും ആയിരിക്കും പ്രദർശിപ്പിക്കപ്പെടുക. ഖിയാമത്ത് നാളിൽ അല്ലാഹു നിന്നെ എഴുന്നേൽപ്പിക്കുന്നത് വരേക്കും, നിന്റെ ഇരിപ്പിടം ഇതാണ് എന്ന് അവനോട് പറയപ്പെടുകയും ചെയ്യും" (ബു:മു)

ഖബറുകളിൽ വെച്ച് അനുഭവപ്പെടുന്ന പല സ്ഥിതിഗതികളെക്കുറിച്ചും പ്രസ്താവിച്ചിട്ടുള്ള ധാരാളം ഹദീസുകൾ, വേറെയും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

നമസ്കാരത്തിൽ അവസാനത്തെ തശഹുദിൽ (അത്തഹിയാത്തിൽ) നിന്ന് വിരമിച്ചാൽ നിങ്ങൾ നാല് കാര്യങ്ങളെകുറിച്ച് അല്ലാഹുവിനോട് രക്ഷതേടിക്കൊള്ളുക- ഖബർശിക്ഷയിൽ നിന്നും, നരകശിക്ഷയിൽ നിന്നും, ജീവിതത്തിന്റെയും മരണത്തിന്റെയും കുഴപ്പത്തിൽ നിന്നും, ദജ്ജാലിന്റെ കെടുതിയിൽ നിന്നും" എന്ന് നബി(സ) പറഞ്ഞതായി അബൂഹുറൈറ(റ) ഉദ്ധരിച്ചിരിക്കുന്നു..

ഖബറുകളിൽ വെച്ച് മാത്രമല്ല, അതിന് മുമ്പ് തന്നെ, മരണപ്പെടുന്ന അവസരത്തിലും പിന്നീട് ഖബറുകളിൽ നിന്ന് എഴുന്നേറ്റ് മഹ്ശറിലേക്ക് വരുമ്പോഴും, വിചാരണ വേളയിലും, വിചാരണ കഴിഞ്ഞ് നരകത്തിലേക്ക് കൊണ്ട് പോകുമ്പോഴും ഒക്കെ തന്നെ, വിവിധ തരത്തിലുള്ള കഷ്ടപ്പാടുകൾ കുറ്റവാളികൾ അനുഭവിക്കുന്നതാണെന്നും, നേരെ മറിച്ച് സജ്ജനങ്ങൾ എല്ലാ അവസരങ്ങളിലും സുഖത്തിന്റെയും സന്തോഷ ത്തിന്റെയും അനുഭവങ്ങളുണ്ടായിരിക്കുമെന്നും ഖുർആന്റെ പല പ്രസ്താവനകളിലും കാണാവുന്നതാണ്. (സൂ: അൻആം: 93 ; സൂ: സജദ: 12 ; സൂ: നംല്: 89 ; സൂ: അൻഫാൽ: 50 ; സൂ: ഹാമീം സജദ : 31; സൂ: റഹ്മാ ൻ: 41 മുതലായ വചനങ്ങൾ).

48-ാം വചനത്തിലും മറ്റും അല്ലാഹു പ്രസ്താവിച്ചത് പോലെ, അന്ത്യനാളിലും പരലോകത്തിലും വിശ്വസിക്കാത്തവർ 'എപ്പോഴാണ് ഈ വാഗ്ദാനം ഉണ്ടാവുക' എന്നും മറ്റും പറഞ്ഞ് പരിഹസിച്ചിരുന്നുവല്ലോ. 53-ാം വചനത്തിൽ തുടർന്ന് അല്ലാഹു പറയുന്നു:

ഇതൊക്കെ തന്നെയാണ് അല്ലാഹു തങ്ങളോട് വാഗ്ദാനം ചെയ്തിരുന്നതെന്നും ദൈവദൂതന്മാർ തങ്ങളോട് പറഞ്ഞിരുന്നതെല്ലാം വാസ്തവമായിരുന്നുവെന്നും, അവർക്ക് തികച്ചും ബോധ്യപ്പെട്ടിരിക്കുകയാണ്. പക്ഷേ ഈ അവസരത്തിൽ ബോധ്യപ്പെട്ടതുകൊണ്ട് യാതൊരു കാര്യവുമില്ല താനും.

എല്ലാവരും പുനർജ്ജീവിക്കപ്പെട്ട ശേഷം, അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുന്നതാണ്. അന്നേ ദിവസം ഓരോരുത്തരും പ്രവർത്തിച്ചതിനനുസരിച്ച് ഓരോരുത്തർക്കും പ്രതിഫലം നൽകപ്പെടുന്നതാണ് -. അന്ന് ഒരാളോടും തന്നെ ഒട്ടും അനീതി ചെയ്യപ്പെടുന്നതല്ല.

**വചനം 55,56,57,58 :**

إِنَّ أَصْحَٰبَ ٱلْجَنَّةِ ٱلْيَوْمَ فِى شُغُلٍ فَٰكِهُونَ ﴿٥٥﴾

55 നിശ്ചയമായും സ്വർഗ്ഗത്തിൻെറ ആൾക്കാർ അന്ന് ഓരോ ജോലിയിലായിക്കൊണ്ട് സുഖം ആസ്വദിക്കുന്നവരായിരിക്കും.

هُمْ وَأَزْوَٰجُهُمْ فِى ظِلَٰلٍ عَلَى ٱلْأَرَآئِكِ مُتَّكِـُٔونَ ﴿٥٦﴾

56 അവരും, അവരുടെ ഇണകളും തണലുകളിൽ, അലംകൃത സോഫകളിൽ (സുഖമായി) ചാരിയിരിക്കുന്നവരായിരിക്കും.

لَهُمْ فِيهَا فَٰكِهَةٌ وَلَهُم مَّا يَدَّعُونَ ﴿٥٧﴾

57 അവർക്ക് (സുഖഭോജ്യങ്ങളായ) ഫലവർഗ്ഗം അതിലുണ്ട്; അവർ എന്താവശ്യപ്പെടുന്നുവോ അതും അവർക്ക് (അവിടെ) ഉണ്ട്.

سَلَٰمٌ قَوْلًا مِّن رَّبٍّ رَّحِيمٍ ﴿٥٨﴾

58 'സലാം' (സമാധാനശാന്തി)! കരുണാനിധിയായ ഒരു രക്ഷിതാവിങ്കൽനിന്നുള്ള വചനം (തന്നെ) !!

സ്വർഗ്ഗസ്ഥരായ സജ്ജനങ്ങൾക്ക് സ്വർഗ്ഗത്തിൽ ലഭിക്കുന്ന ആനന്ദസമ്പൂർണ്ണവും വിഭവ സമൃദ്ധവുമായ സുഖസൗകര്യങ്ങളെക്കുറിച്ചാണ് ഈ വചനങ്ങളിൽ വിവരിക്കുന്നത്. അവർക്ക് എല്ലാവരിൽ നിന്നും 'സലാം' ന്റെ ഉപചാരവും സ്വീകരണവും ലഭിച്ച് കൊണ്ടിരിക്കും (സൂ: അഹ്സാബ് 44-ഉം നോക്കുക) അതിൽ വെച്ച് ഏറ്റവും ഭാഗ്യകരവും ഉന്നതവുമായതത്രേ അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്ന 'സലാം'

നബി(സ) പറയുകയുണ്ടായി : "ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു കാതും കേട്ടിട്ടില്ലാത്തതും, ഒരു മനുഷ്യന്റെ ഹൃദയത്തിലും തോന്നിയിട്ടില്ലാത്തതുമായ സുഖസൗകര്യങ്ങളായിരിക്കും അല്ലാഹു അവന്റെ സദ് വൃത്തരായ അടിയാന്മാർക്ക്, സ്വർഗ്ഗത്തിൽ തയ്യാറാക്കി വെച്ചിരിക്കുക" ബു: മു

ഇങ്ങനെയുള്ള മഹാഭാഗ്യവാന്മാരിൽ കരുണാനിധിയായ റബ്ബ് നമ്മെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. - ആമീൻ.

**വചനം 59,60,61,62,63,64:**

وَٱمْتَٰزُوا۟ ٱلْيَوْمَ أَيُّهَا ٱلْمُجْرِمُونَ ﴿٥٩﴾

59 "നിങ്ങൾ ഇന്ന് വേർതിരിഞ്ഞുനിൽക്കുവിൻ -ഹേ, കുറ്റവാളികളേ!

۞ أَلَمۡ أَعۡهَدۡ إِلَيۡكُمۡ يَٰبَنِيٓ ءَادَمَ أَن لَّا تَعۡبُدُواْ ٱلشَّيۡطَٰنَۖ إِنَّهُۥ لَكُمۡ عَدُوّٞ مُّبِينٞ ٦٠

60 "നിങ്ങൾക്കു ഞാൻ ആജ്ഞാപനം നൽകിയില്ലേ -ആദമിൻെറ മക്കളേ, നിങ്ങൾ പിശാചിനെ ആരാധിക്കരുത്; നിശ്ചയമായും അവൻ നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാണ് എന്ന്?!

وَأَنِ ٱعۡبُدُونِيۚ هَٰذَا صِرَٰطٞ مُّسۡتَقِيمٞ ٦١

61 "നിങ്ങൾ എന്നെ ആരാധിക്കണം; ഇതാ, നേരെ ചൊവ്വായ പാത എന്നും?!"

وَلَقَدۡ أَضَلَّ مِنكُمۡ جِبِلّٗا كَثِيرًاۖ أَفَلَمۡ تَكُونُواْ تَعۡقِلُونَ ٦٢

62 "തീർച്ചയായും, അവൻ നിങ്ങളിൽനിന്ന് വളരെ ജനസമൂഹത്തെ വഴിപിഴപ്പിച്ചിട്ടുണ്ട്. എന്നിട്ടും നിങ്ങൾ (ബുദ്ധികൊടുത്തു) മനസ്സിരുത്തിയിരുന്നില്ലേ?!

هَٰذِهِۦ جَهَنَّمُ ٱلَّتِي كُنتُمۡ تُوعَدُونَ ٦٣

63 "ഇതാ, നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന 'ജഹന്നം' (നരകം)!-

ٱصۡلَوۡهَا ٱلۡيَوۡمَ بِمَا كُنتُمۡ تَكۡفُرُونَ ٦٤

64 "നിങ്ങൾ അവിശ്വസിച്ചിരുന്നത് നിമിത്തം ഇന്നു നിങ്ങളതിൽ (കടന്നു) ചൂടേറ്റുകൊള്ളുവിൻ!!"

കുറ്റവാളികളായ അവിശ്വാസികളോട് അന്ന് മഹ്ശറിൽ വെച്ച് പറയപ്പെടുന്ന വചനങ്ങളാണ് ഈ ആയത്തുകളിൽ:

"ആദമിന്റെ മക്കളേ, നിങ്ങൾ പിശാചിനെ ആരാധിക്കരുത് " എന്ന് ഇവിടെ പറഞ്ഞതിന്റെ ഉദ്ദേശം, അവന്റെ ദുഷ്പ്രേരണയിൽ കുടുങ്ങിയും അതിനെ അനുസരിച്ചും, നിങ്ങൾ വഴിപിഴച്ച് പോകരുത് എന്നാണെന്നാണ് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ പറയുന്നത്. (സൂ: അഅ്റാഫ് :27 നോക്കുക) ദേഹേഛകൾക്കനുസരിച്ച് ജീവിക്കുന്നവനെ പറ്റി 'അവന്റെ ഇഛയെ അവൻ ദൈവമാക്കി' എന്ന് പറയുന്നത് പോലെയുള്ള ഒരു അലങ്കാരപ്രയോഗമാകുന്നു അത്.

എന്നാൽ ചില മനുഷ്യർ പിശാചിന് - വിഗ്രഹങ്ങൾക്കും മറ്റുമെന്നപോലെ - യഥാർത്ഥ ആരാധനാ കർമ്മങ്ങൾ നടത്തുന്നത് പതിവാക്കിയവരായിട്ടുള്ളതായി നാം കണ്ട് വരുന്നതാണല്ലോ. (സൂ: സബഅ് : 41-ാം വചനം ശ്രദ്ധിക്കുക)

കരുണാനിധിയായ റബ്ബ് നമ്മെ കാത്ത് രക്ഷിക്കട്ടെ - ആമീൻ.

വചനം 65 :

ٱلۡيَوۡمَ نَخۡتِمُ عَلَىٰٓ أَفۡوَٰهِهِمۡ وَتُكَلِّمُنَآ أَيۡدِيهِمۡ وَتَشۡهَدُ أَرۡجُلُهُم بِمَا كَانُواْ يَكۡسِبُونَ ٦٥

65 ആ ദിവസം, അവരുടെ വായകളിൽ നാം മുദ്രവെക്കുന്നതാണ്; അവരുടെ കൈകൾ നമ്മോട് സംസാരിക്കുകയും, അവരുടെ കാലുകൾ അവർ ചെയ്തുകൂട്ടിയിരുന്നതിനെ പ്പറ്റി സാക്ഷി പറയുകയും ചെയ്യും.

അന്ത്യനാളിൽ കുറ്റവാളികൾ തങ്ങളുടെ കുറ്റം നിഷേധിക്കുന്നതാണ്. അപ്പോൾ അല്ലാഹു അവരുടെ വായകൾക്ക് മുദ്രവെക്കുകയും അവരുടെ അവയവങ്ങൾ അവർക്കെതിരായി സാക്ഷി പറയുകയും ചെയ്യുന്നതാണ്. കൈകാലുകളെ കുറിച്ച് മാത്രമാണ് ഇവിടെ പ്രസ്താവിച്ചിട്ടുള്ളതെങ്കിലും, അവരുടെ മറ്റ് അവയവങ്ങളോരോന്നും തന്നെ, അവ പ്രവർത്തിച്ച കുറ്റങ്ങൾ ഏറ്റ് പറയുന്നതാണെന്ന് ഖുർആനിൽ നിന്നും ഹദീസിൽ നിന്നും വ്യക്തമായിട്ടുള്ളതാണ്. ഓരോരുത്തന്റെയും സർവ്വ പ്രവർത്തികളും അറിയുന്ന അല്ലാഹുവാണ് ആ കോടതിയിലെ വിധികർത്താവ്. ആ പ്രവർത്തികളെല്ലാം തന്നെ മലക്കുകളാൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതാകുന്നു. പ്രവാചകന്മാരുടെയും മറ്റും സാക്ഷ്യങ്ങൾ ഇതിന് പുറമേയും. അത് കൊണ്ടൊന്നും മതിയാക്കാതെ, അവരവരുടെ അവയവങ്ങളെക്കൊണ്ട് തന്നെ അവർ ചെയ്ത കുറ്റങ്ങൾ ഏറ്റ് പറയിപ്പിച്ച് അല്ലാഹു അവരെ ബോധ്യപ്പെടുത്തുന്നതാകുന്നു. സൂ: ഹാമീം സജദ : 20,21 വചനങ്ങൾ നോക്കുക.

ഖിയാമത്ത് നാളിൽ അല്ലാഹു മനുഷ്യന്റെ വായിൽ മുദ്രവെക്കുമെന്നും, അവൻ ചെയ്ത പ്രവർത്തികളെ പറ്റി അവന്റെ അവയവങ്ങളെക്കൊണ്ട് സംസാരിപ്പിക്കുമെന്നും, നബി(സ) തിരുമേനിയുടെ തിരുവചനത്തിലും വന്നിട്ടുള്ളതാകുന്നു.

**വചനം 66,67 :**

وَلَوْ نَشَآءُ لَطَمَسْنَا عَلَىٰٓ أَعْيُنِهِمْ فَٱسْتَبَقُوا۟ ٱلصِّرَٰطَ فَأَنَّىٰ يُبْصِرُونَ ﴿٦٦﴾

66 നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അവരുടെ കണ്ണുകളെ നാം തുടച്ചുകളയുകയും, അങ്ങനെ, (കണ്ണുകാണാതെ) അവർ പാതയിലേക്ക് മുന്നോട്ടുവരാൻ ശ്രമിക്കയും ചെയ്യുമായിരുന്നു. അപ്പോൾ പിന്നെ എങ്ങിനെയാണവർക്ക് കണ്ണുകാണുന്നത്?!

وَلَوْ نَشَآءُ لَمَسَخْنَٰهُمْ عَلَىٰ مَكَانَتِهِمْ فَمَا ٱسْتَطَٰعُوا۟ مُضِيًّا وَلَا يَرْجِعُونَ ﴿٦٧﴾

67 നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, (അവർ നില കൊള്ളുന്ന) അവരുടെ സ്ഥാനത്ത് വെച്ചു തന്നെ നാം അവരെ രൂപം മാറ്റുമായിരുന്നു. അപ്പോൾ അവർക്ക് (മുമ്പോട്ടു) പോകുന്നതിന് സാദ്ധ്യമാകുന്നതല്ല: അവർ മടങ്ങുകയുമില്ല.

അവരുടെ ആന്തരികമായ കണ്ണ് - മാനസികദൃഷ്ടി- ഉപയോഗിക്കാത്തത് കൊണ്ടാണല്ലോ അവർ ഇത്രയും ദുഷിച്ച് പോയത്. അത്പോലെ, ഇഹത്തിൽ വെച്ച് തന്നെ അവരുടെ ബാഹ്യമായ കണ്ണുകളെ തുടച്ച് നീക്കുവാനും അങ്ങനെ അവരെ കാഴ്ചയില്ലാതെ, വഴി കാണാതെ തപ്പിപ്പിടിച്ച് നടക്കുമാറാക്കുവാനും അല്ലാഹുവിന് യാതൊരു പ്രയാസവുമില്ല. വേണമെങ്കിൽ, അവർക്ക് മുന്നോട്ടോ പിന്നോട്ടോ പോകുവാൻ സാദ്ധ്യമാകാത്ത വണ്ണം മറ്റേതെങ്കിലും വികൃതരൂപം നൽകുവാനും അവന് കഴിയും. എന്നാൽ അങ്ങനെയൊന്നും ചെയ്യാതെ, അവരുടെ പാട്ടിന് വിട്ട് കൊടുത്തിരിക്കുന്നത് അവന്റെ കാരുണ്യം ഒന്ന് കൊണ്ട് മാത്രമാണ്.

## വിഭാഗം -5

**വചനം 68 :**

وَمَن نُّعَمِّرْهُ نُنَكِّسْهُ فِى ٱلْخَلْقِ ۖ أَفَلَا يَعْقِلُونَ ﴿٦٨﴾

68 ആർക്കെങ്കിലും നാം ദീർഘായുസ്സ് നൽകുന്നതായാൽ, അവന് സൃഷ്ടിയിൽ (പ്രകൃതിയിൽ) നാം വിപരീതാവസ്ഥ വരുത്തുന്നു. അപ്പോൾ അവർക്ക് (ബുദ്ധികൊടുത്തു) മനസ്സിലാക്കിക്കൂടേ?!

മനുഷ്യൻ വാർദ്ധക്യം പ്രാപിക്കുന്നതോടെ, അവന്റെ ശരീരവും, മനസ്സും, അറിവും, സാമർത്ഥ്യവും, വിചാരവികാരങ്ങളും എല്ലാം തന്നെ ദുർബ്ബലമായി, വിപരീതാവസ്ഥ കൈവരിച്ച് ശിശുസമാനായിത്തിരുന്നു. അല്ലാഹുവിന് അവൻ ഉദ്ദേശിച്ചതെല്ലാം ചെയ്യാൻ കഴിയുമെന്ന് അവർക്ക് ബുദ്ധികൊടുത്ത് മനസ്സിലാക്കിക്കൂടെ.

**വചനം 69,70 :**

وَمَا عَلَّمْنَٰهُ ٱلشِّعْرَ وَمَا يَنۢبَغِى لَهُۥٓ ۚ إِنْ هُوَ إِلَّا ذِكْرٌ وَقُرْءَانٌ مُّبِينٌ ﴿٦٩﴾

69 അദ്ദേഹത്തിന്നു (നബിക്കു) നാം കവിത പഠിപ്പിച്ചിട്ടില്ല; അതദ്ദേഹത്തിനു യോജിക്കുന്നതുമല്ല. അത് ഒരു ഉപദേശവും (അഥവാ സന്ദേശവും), വ്യക്തമായ ഒരു 'ഖുർആനും' (പാരായണ ഗ്രന്ഥവും) അല്ലാതെ (മറ്റൊന്നും) അല്ല.

70 ജീവസ്സുള്ളവരായവർക്ക് അദ്ദേഹം താക്കീത് ചെയ്വാനും, അവിശ്വാസികളുടെ മേൽ (ശിക്ഷ യുടെ)വാക്യം (ന്യായമായി) സ്ഥിരപ്പെടുവാനും വേണ്ടിയാകുന്നു (അത്).

لِّيُنذِرَ مَن كَانَ حَيًّا وَيَحِقَّ ٱلۡقَوۡلُ عَلَى ٱلۡكَٰفِرِينَ ٧٠

നബി(സ) ഒരു കവിയാണെന്നും ഖുർആൻ ഒരു കവിതയാണെന്നും അവിശ്വാസികൾ പറഞ്ഞ് വന്നിരുന്നതിനെ ഖണ്ഡിക്കുന്നതാണ് ഈ വചനങ്ങൾ. അല്ലാഹു തിരുമേനിക്ക് കവിത പഠിപ്പിച്ചിട്ടില്ല; അത് തിരുമേനിയുടെ പദവിക്ക് യോജിച്ചതുമല്ല; ഖുർആൻ ഒരു കവിതയുമല്ല. അല്ലാഹുവിങ്കൽ നിന്നും ജനങ്ങൾക്ക് വേണ്ടിയുള്ള ഉപദേശങ്ങളും സന്ദേശങ്ങളും അടങ്ങിയ ഒരു പ്രമാണവും വ്യക്തമായ ഒരു പാരായണഗ്രന്ഥവും ആകുന്നു, വിശുദ്ധ ഖുർആൻ. വിശ്വാസപൂർവ്വം ആത്മീയചൈതന്യം കൈവരിച്ച് ജീവസ്സോടെ ഇരിക്കുന്ന എല്ലാവരേയും ഭാവിയിൽ വരാനിരിക്കുന്ന വിപത്തുകളെക്കുറിച്ച് താക്കീത് ചെയ്ത് രക്ഷാമാർഗ്ഗം കാണിച്ച് കൊടുക്കുകയും, അവിശ്വാസത്തിൽ അടിയുറച്ച് നിൽക്കുന്നവരെ ശിക്ഷിക്കുന്ന തിനുള്ള ന്യായം സ്ഥാപിക്കുകയും ചെയ്യുക എന്നതാകുന്നു ഖുർആന്റെ ലക്ഷ്യം.

ചുരുക്കം ചില സന്ദർഭങ്ങളിൽ നബി(സ) ചില പദ്യങ്ങളുടെ അരവരിയോ ഒരു വരിയോ ചൊല്ലി നോക്കുകയുണ്ടായിട്ടുണ്ട്. അത്പോലും പദ്യത്തിന്റെ വടിവൊപ്പിച്ച് കൊണ്ട് ശരിക്ക് നിർവ്വഹിക്കുവാൻ അവിടുത്തേക്ക് കഴിയുമായിരുന്നില്ല. ഒരിക്കൽ തിരുമേനി ഒരു വരി പദ്യം ചൊല്ലിയത് ശരിയാകാതെ വന്നപ്പോൾ അബൂബക്കർ(റ) ഇങ്ങനെ പറയുകയുണ്ടായി:

“അവിടുന്ന് അല്ലാഹുവിന്റെ റസൂലാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ അങ്ങേക്ക് കവിത പഠിപ്പിച്ചിട്ടില്ല; അതങ്ങേക്ക് യോജിക്കുന്നതുമല്ല.”

(കവിതകളുടെ നന്മ തിന്മകളെക്കുറിച്ച് സൂ: ശുഅറാഅ് 224-227 വചനങ്ങളിലും അവയുടെ വിവ രണത്തിലും നോക്കുക).

<u>വചനം 71,72,73 :</u>

71 അവർ കണ്ടില്ലേ, നമ്മുടെ ഹസ്തങ്ങൾ പ്രവർ ത്തിച്ചുണ്ടാക്കിയതിൽനിന്ന് അവർക്കുവേണ്ടി നാം കന്നുകാലികളെ സൃഷ്ടിച്ചുകൊടുത്തിട്ടു ള്ളത്?! എന്നിട്ട് അവർ അവക്ക് ഉടമസ്ഥൻ മാരാകുന്നു.

أَوَلَمۡ يَرَوۡاْ أَنَّا خَلَقۡنَا لَهُم مِّمَّا عَمِلَتۡ أَيۡدِينَآ أَنۡعَٰمٗا فَهُمۡ لَهَا مَٰلِكُونَ ٧١

72 അവയെ അവർക്കു നാം വിധേയമാക്കി കൊടുക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ, അവയിൽ അവരുടെ വാഹനങ്ങളുണ്ട്. അവയി ൽനിന്നുതന്നെ അവർ (ഭക്ഷണം) തിന്നുകയും ചെയ്യുന്നു!

وَذَلَّلۡنَٰهَا لَهُمۡ فَمِنۡهَا رَكُوبُهُمۡ وَمِنۡهَا يَأۡكُلُونَ ٧٢

73 അവയിൽ അവർക്ക് പല ഉപയോഗങ്ങളും, കുടിപ്പാനുള്ള വക (പാനീയം)കളും ഉണ്ട്. എന്നിരിക്കെ, അവർക്ക് നന്ദി കാണിച്ചുകൂടേ?!

وَلَهُمۡ فِيهَا مَنَٰفِعُ وَمَشَارِبُۚ أَفَلَا يَشۡكُرُونَ ٧٣

അല്ലാഹുവിന്റെ അനുഗ്രഹമായി സൃഷ്ടിക്കപ്പെട്ട കന്നുകാലികളെ മനുഷ്യൻ ഉടമസ്ഥപ്പെടു ത്തുകയും അവയെ വാഹനമായും ഭക്ഷണമായും കൃഷിക്കായും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. അവയിൽ നിന്ന് പാൽ, തോൽ, രോമം, മാംസം തുടങ്ങിയവ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. ഇവയ്ക്കെല്ലാം മനുഷ്യൻ അല്ലാഹുവിനോട് നന്ദികാണിക്കേണ്ടതല്ലേ. എന്നാൽ മിക്കവരും നന്ദികെട്ട വരാകുന്നു.

**വചനം 74,75,76 :**

وَٱتَّخَذُوا۟ مِن دُونِ ٱللَّهِ ءَالِهَةً لَّعَلَّهُمْ
يُنصَرُونَ ﴿٧٤﴾
لَا يَسْتَطِيعُونَ نَصْرَهُمْ وَهُمْ لَهُمْ جُندٌ
مُّحْضَرُونَ ﴿٧٥﴾
فَلَا يَحْزُنكَ قَوْلُهُمْ ۘ إِنَّا نَعْلَمُ مَا
يُسِرُّونَ وَمَا يُعْلِنُونَ ﴿٧٦﴾

74 അല്ലാഹുവിനു പുറമെ അവർ പല ആരാധ്യന്മാരെയും സ്വീകരിച്ചിരിക്കുകയാണ്, അവർ സഹായിക്കപ്പെടുവാൻവേണ്ടി.

75 അവർ (ആരാധ്യൻമാർ)ക്ക് ഇവരെ സഹായിക്കുവാൻ സാധിക്കുകയില്ല; ഇവരാകട്ടെ, അവർക്ക് സന്നദ്ധസൈന്യവുമാണ്!

76 എന്നിരിക്കെ, അവരുടെ വാക്ക്(നബിയേ) നിന്നെ ദുഃഖിപ്പിക്കാതിരുന്നുകൊള്ളട്ടെ. നിശ്ചയമായും, അവർ രഹസ്യമാക്കുന്നതും, പരസ്യമാക്കുന്നതും നാം അറിയുന്നു.

നന്ദികെട്ട ആ മനുഷ്യർ തങ്ങളെ യാതൊരു വിധത്തിലും സഹായിക്കാൻ കഴിവില്ലാത്തവരെ ദൈവങ്ങളായി സ്വീകരിക്കുന്നു. ആ കൃത്രിമ ദൈവങ്ങളുടെ സന്നദ്ധ ഭടന്മാരെന്നവണ്ണം അവയ്ക്ക് വേണ്ടി വാദിക്കുവാനും ചെറുക്കുവാനും ഒരുമ്പെട്ടിരിക്കുകയാണവർ. അതുകൊണ്ട് കവിയെന്നും കവിതയെന്നും ഒക്കെ പറഞ്ഞ് നബി തിരുമേനിയേയും ഖുർആൻനെയും അവർ പരിഹസിക്കുന്നതിൽ നബി(സ) വ്യാകുലപ്പെടേണ്ടതില്ല. രഹസ്യവും പരസ്യവുമായ എല്ലാം തന്നെ അല്ലാഹു അറിയുന്നവനാകുന്നു.

**വചനം 77,78,79,80 :**

أَوَلَمْ يَرَ ٱلْإِنسَـٰنُ أَنَّا خَلَقْنَـٰهُ مِن نُّطْفَةٍ
فَإِذَا هُوَ خَصِيمٌ مُّبِينٌ ﴿٧٧﴾
وَضَرَبَ لَنَا مَثَلًا وَنَسِىَ خَلْقَهُۥ ۖ قَالَ
مَن يُحْىِ ٱلْعِظَـٰمَ وَهِىَ رَمِيمٌ ﴿٧٨﴾
قُلْ يُحْيِيهَا ٱلَّذِىٓ أَنشَأَهَآ أَوَّلَ مَرَّةٍ ۖ وَهُوَ
بِكُلِّ خَلْقٍ عَلِيمٌ ﴿٧٩﴾
ٱلَّذِى جَعَلَ لَكُم مِّنَ ٱلشَّجَرِ ٱلْأَخْضَرِ
نَارًا فَإِذَآ أَنتُم مِّنْهُ تُوقِدُونَ ﴿٨٠﴾

77 മനുഷ്യൻ കണ്ടറിയുന്നില്ലേ, (ഇന്ദ്രിയബിന്ദുവാകുന്ന) ഒരു തുള്ളിയിൽനിന്നും നാം അവനെ സൃഷ്ടിച്ചിരിക്കുന്നത്?! എന്നിട്ട് അവനതാ സ്പഷ്ടമായ ഒരു എതിരാളിയായിരിക്കുന്നു!

78 അവൻ നമുക്കൊരു ഉപമ ഉണ്ടാക്കുകയും, തന്റെ (സ്വന്തം) സൃഷ്ടിപ്പിനെ മറക്കുകയും ചെയ്തു; അവൻ പറയുകയാണ്: “ആരാണ് (ഈ) അസ്ഥികളെ-അവ ജീർണ്ണിച്ചതായിരിക്കെ-ജീവിപ്പിക്കുക”?!

79 പറയുക: ആദ്യത്തെ പ്രാവശ്യം അതിനെ നിർമ്മിച്ചവൻ അവയെ ജീവിപ്പിക്കും; അവൻ എല്ലാ (തരം) സൃഷ്ടിയെക്കുറിച്ചും അറിവുള്ളവനുമാണ്.

80 അതായത്, നിങ്ങൾക്ക് പച്ചയായ മരത്തിൽനിന്നു തീ ഉണ്ടാക്കിത്തന്നവൻ. എന്നിട്ട് നിങ്ങളതാ, അതിൽനിന്നും (തീ) കത്തിച്ചുകൊണ്ടിരിക്കുന്നു!

ഈ വചനങ്ങളിൽ അല്ലാഹു ചില ദൃഷ്ടാന്തങ്ങൾ മനുഷ്യനെ ഓർമ്മിക്കുന്നു.

നിസ്സാരമായ ഒരു ഇന്ദ്രിയ തുള്ളിയിൽ നിന്നും അല്ലാഹു സൃഷ്ടിച്ച് ഈ നിലയിലെത്തിക്കപ്പെട്ട മനുഷ്യൻ അല്ലാഹുവിന് പ്രത്യക്ഷ എതിരാളിയായിക്കൊണ്ടും, സഹസൃഷ്ടികളോട് അല്ലാഹുവിനെ താരതമ്യം ചെയ്ത് കൊണ്ടും ധാർഷ്ട്യത്തോടെ ചോദിക്കുകയാണ്: “ആരാണ് ഈ അസ്ഥികളെല്ലാം ജീർണ്ണിച്ച് തുരുമ്പിപ്പോയതിന് ശേഷം വീണ്ടും ജീവിപ്പിക്കുക.”

ഈ ചോദ്യത്തിന് അല്ലാഹു വ്യക്തമായ മറുപടി നൽകുന്നു: "ശുദ്ധശൂന്യതയിൽ നിന്നും അവയെ ആദ്യത്തെ പ്രാവശ്യം ജീവിപ്പിച്ച, അഖിലാണ്ഡ സൃഷ്ടിപ്പിനെക്കുറിച്ചും ജ്ഞാനിയായ, അല്ലാഹു തന്നെ, അവയെ വീണ്ടും ജീവിപ്പിക്കുന്നതാണ്." ജലാംശം നിറഞ്ഞ പച്ചമരങ്ങളിൽ നിന്ന്, ജലത്തിന്റെ വിപരീത ഗുണവിശേഷങ്ങളുള്ള തീ ഉദ്പാദിപ്പിക്കുന്ന അല്ലാഹുവിന് യാതൊന്നിന്റെയും സൃഷ്ടിയോ പുനസൃഷ്ടിയോ പ്രയാസകരമായ ഒരു കാര്യമല്ല തന്നെ, (അറബികൾ ഉപയോഗപ്പെടുത്തിയിരുന്ന മറഖ്, അഫാർ എന്നീ മരങ്ങളും നമ്മുടെ നാട്ടിലെ മലവാസികൾ ഓട, മുള മുതലായ മരങ്ങളും തമ്മിൽ ഉരസിയാൽ തീ ഉൽപാദിപ്പിക്കപ്പെടുന്നു. നീർപച്ചയുള്ള മരത്തിൽ വൈദ്യുതി പ്രവഹിക്കുമ്പോൾ തീ ഉണ്ടാകുന്നു; അതേ സമയം ഉണങ്ങിയ മരത്തിൽ തീ ഉണ്ടാകുന്നുമില്ല- ഇത്തരം ഉദാഹരണങ്ങൾ നാം കണ്ട് വരുന്നതാണ ല്ലോ.)

**വചനം 81, 82 :**

أَوَلَيْسَ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِقَٰدِرٍ عَلَىٰٓ أَن يَخْلُقَ مِثْلَهُم ۚ بَلَىٰ وَهُوَ ٱلْخَلَّٰقُ ٱلْعَلِيمُ ﴿٨١﴾

إِنَّمَآ أَمْرُهُۥٓ إِذَآ أَرَادَ شَيْـًٔا أَن يَقُولَ لَهُۥ كُن فَيَكُونُ ﴿٨٢﴾

81 ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിച്ചിട്ടുള്ളവൻ, അവരെപ്പോലെയുള്ളതിനെ സൃഷ്ടിക്കുവാനും കഴിവുള്ളവനല്ലയോ?! അല്ലാതെ! (കഴിവുള്ളവൻതന്നെ). അവൻ തന്നെയാണ് സർവ്വജ്ഞനായ മഹാ സ്രഷ്ടാവ്.

82 നിശ്ചയമായും അവൻെറ കാര്യം, അവൻ ഒരു വസ്തു (അഥവാ കാര്യം) ഉദ്ദേശിച്ചാൽ, അതിനെക്കുറിച്ച് 'ഉണ്ടാവുക' എന്ന് പറയുകയേവേണ്ടു -അപ്പോഴത് ഉണ്ടാകുന്നതാണ്.

മറ്റൊരു യാഥാർത്ഥ്യം -യാഥാർത്ഥ്യങ്ങളിൽ വെച്ച് ഏറ്റവും മഹത്തായ യാഥാർത്ഥ്യം- എടുത്ത് കാട്ടിക്കൊണ്ട് പുനരുത്ഥാന നിഷേധികളുടെ വാദത്തെ അല്ലാഹു ഖണ്ഡിക്കുന്നു. ഈ അഖിലാണ്ഡത്തിന്റെ മുഴുവനും സൃഷ്ടാവും നിയന്താവുമാണവൻ. ഏതൊരു കാര്യവും - അതെത്ര വമ്പിച്ചതാകട്ടെ- ഉണ്ടാകണമെന്ന് അവൻ ഉദ്ദേശിക്കുമ്പോഴേക്കും അത് ഉണ്ടായിത്തീരുന്നു. അപ്പോൾ നിസ്സാരനായ മനുഷ്യനെ ഒന്നാമത് ജീവിപ്പിക്കുവാനോ, രണ്ടാമത് ജീവിപ്പിക്കുവാനോ അവന് സാധിക്കുകയില്ലെന്ന് കരുതുന്നവർ എത്രമാത്രം നികൃഷ്ടരും വിഡ്ഢികളുമാണ്.

**വചനം 83 :**

فَسُبْحَٰنَ ٱلَّذِى بِيَدِهِۦ مَلَكُوتُ كُلِّ شَىْءٍ وَإِلَيْهِ تُرْجَعُونَ ﴿٨٣﴾

83 അപ്പോൾ, എല്ലാ വസ്തുവിൻെറയും, രാജാധിപത്യം യാതൊരുവൻെറ കൈവശമാണോ അവൻ, മഹാ പരിശുദ്ധനത്രെ! അവങ്കലേക്കു തന്നെ, നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

ഈ സൂറത്തിൽ ഇത് വരെയുള്ള സൂക്തങ്ങളിൽ പ്രതിപാദിച്ച തത്വങ്ങളുടെ രത്നസാരമാകുന്നു ഈ സമാപന സൂക്തം. ഈ അഖിലാണ്ഡത്തിലെ എല്ലാ വസ്തുക്കളുടെയും ഉടമസ്ഥതയും കൈകാര്യ കർതൃത്വവും അല്ലാഹുവിനുള്ളതാകുന്നു; അവിശ്വാസികളും നിഷേധികളും ജല്പിക്കുന്ന എല്ലാ പോരായ്മകളിൽ നിന്നും അവൻ എത്രയോ പരിശുദ്ധനാകുന്നു; എല്ലാവരും തന്നെ അവങ്കലേക്ക് തന്നെ തിരിച്ച് ചെല്ലുന്നതാണ്; അവന്റെ രക്ഷാശിക്ഷകൾക്ക് വിധേയരാകേണ്ടവരുമാകുന്നു - ഈ മൂന്ന് യാഥാർത്ഥ്യങ്ങളിലുള്ള വിശ്വാസവും അതനുസരിച്ചുള്ള പ്രവർത്തനവും മനുഷ്യനെ അങ്ങേയറ്റം ഉത്തമനും ഉൽകൃഷ്ടനുമാക്കുന്നു; അവയിലുള്ള അവിശ്വാസവും ബോധമില്ലായ്മയുമാകുന്നു അവനെ അങ്ങേ അറ്റം അധമനും നികൃഷ്ടനുമാക്കുന്നതും.

(ഈ അഖിലാണ്ഡത്തിന്റെ വൈപുല്യത്തെക്കുറിച്ചും അവയിൽ അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തെക്കുറിച്ചും സൂ: അൽ കഹ്ഫ് 109-ാം വചനത്തിന്റെ വിശദീകരണം ശ്രദ്ധിക്കുക).

# 37 സൂറത്തു സ്വാഫ്-ഫാത്ത് (അണി നിരന്നവ)

**മക്കായിൽ അവതരിച്ചത്**

**വചനങ്ങൾ 182,** വിഭാഗം (റുകൂഅ്)-5

ഈ അദ്ധ്യായത്തിലെ ആദ്യ വചനത്തിൽ നിന്നാണ് സ്വഫ്ഫാത്ത് (അണി നിരന്നവ) എന്ന് സൂറത്തിന് പേര് വന്നത്

## വിഭാഗം - 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3,4,5 :**

1 അണികെട്ടി നിരന്നുനില്ക്കുന്നവ തന്നെയാണ (സത്യം)!

وَٱلصَّٰٓفَّٰتِ صَفًّا ﴿١﴾

2 പിന്നെ, കർശനമായി തടയുന്നവ (അഥവാ ഓട്ടി വിടുന്നവ) തന്നെയാണ (സത്യം)!

فَٱلزَّٰجِرَٰتِ زَجْرًا ﴿٢﴾

3 പിന്നെ, കീർത്തനം ഘോഷിക്കുന്നവ തന്നെയാണ (സത്യം)!

فَٱلتَّٰلِيَٰتِ ذِكْرًا ﴿٣﴾

4 നിശ്ചയമായും നിങ്ങളുടെ ഇലാഹ് (ആരാധ്യൻ) ഒരുവൻതന്നെ.

إِنَّ إِلَٰهَكُمْ لَوَٰحِدٌ ﴿٤﴾

5 ആകാശങ്ങളുടെയും, ഭൂമിയുടെയും, അവയുടെ ഇടയിലുള്ളതിൻെറയും രക്ഷിതാവും, ഉദയസ്ഥാനങ്ങളുടെ രക്ഷിതാവുമായുള്ളവനാണ് (അവൻ).

رَّبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا
وَرَبُّ ٱلْمَشَٰرِقِ ﴿٥﴾

അല്ലാഹുവിന്റെ ആരാധനയിലും സ്തുതികീർത്തനങ്ങളിലും മുഴുകിക്കൊണ്ട് അണിയണിയായി നിൽക്കുന്ന മലക്കുകളാണ് 'അണികെട്ടി നിരന്ന് നിൽക്കുന്നവ' എന്ന് പറഞ്ഞത് കൊണ്ട് ഉദ്ദേശ്യം. ഭൂരിപക്ഷം ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായം ഇതാണെന്ന് ഇബ്നു കഥീർ(റ) പ്രസ്താവിച്ചിരിക്കുന്നു. എങ്ങനെയാണ് മലക്കുകൾ അവരുടെ റബ്ബിന്റെ അടുക്കൽ അണികെട്ടി നിൽക്കുക എന്ന സഹാബികളുടെ ചോദ്യത്തിന് നബി(സ) ഇപ്രകാരം മറുപടി പറഞ്ഞു. "അവർ മുമ്പിലുള്ള അണികൾ പൂർത്തിയാക്കും. അണികളിൽ അവർ അന്യോന്യം ചേർന്ന് നിൽക്കുകയും ചെയ്യും" (മു; ദാ; ന; ജ) അത് പോലെ അണികെട്ടി നിൽക്കാൻ റസൂൽ(സ) സഹാബികളെ ഉപദേശിക്കുകയും ചെയ്തു.

പൈശാചികമായ ദുഷ്പ്രേരണകളിൽ നിന്നും മറ്റും തടഞ്ഞ് മനുഷ്യർക്ക് സൽബോധം ഉളവാക്കുന്നതിനുള്ള ആത്മീയ പ്രവർത്തനങ്ങൾ നടത്തുന്നവരോ, അല്ലെങ്കിൽ അല്ലാഹുവിന്റെ കല്പനയനുസരിച്ച് മേഘങ്ങളെ അങ്ങോട്ടുമിങ്ങോട്ടും തെളിച്ചും തടുത്തും നിയന്ത്രിക്കുന്നവരോ ആയ മലക്കുകളാണ് 'കർശനമായി തടയുന്നവ' എന്നത് കൊണ്ടുദ്ദേശിക്കുന്നത്.

അല്ലാഹുവിന്റെ സന്ദേശങ്ങൾ നബിമാർക്ക് എത്തിച്ച് കൊടുക്കുക, അവന്റെ കീർത്തനങ്ങൾ ഘോഷിക്കുക എന്നിവ ചെയ്യുന്ന മലക്കുകളെയാണ് 3-ാം വചനത്തിലൂടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. (വചനം 164,165,166 നോക്കുക)

എന്നാൽ മേൽ പറഞ്ഞ മൂന്ന് വിശേഷണങ്ങളും മനുഷ്യരെ ഉദ്ദേശിച്ചാണെന്നാണ് മുഫസ്സിറുകളിൽ മറ്റൊരു വിഭാഗം അഭിപ്രായപ്പെടുന്നത്. വേറെയും ചില അഭിപ്രായങ്ങളും പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്. ഓരോ വിശേഷണവും അർത്ഥ വ്യാപ്തിയുള്ള വാക്കുകളായത്കൊണ്ടും, വിശേഷിപ്പിക്കപ്പെട്ടവർ ആരാ

ണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ലാത്തത് കൊണ്ടും ഇവിടെയും, ഇത്പോലെ താഴെ സൂറത്തുകളിലെ ചില സത്യവാചകങ്ങളിലും വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉണ്ടായിട്ടുള്ളതായി കാണാം. و الله اعلم

നമുക്ക് അല്ലാഹുവിന്റെ നാമങ്ങളാൽ മാത്രമേ സത്യം ചെയ്ത് കൂടു. എന്നാൽ അല്ലാഹുവിനെ സംബന്ധിച്ചടത്തോളം അവൻ ഇഷ്ടപ്പെടുന്ന ഏത്കൊണ്ടും അവന് സത്യം ചെയ്യാവുന്നതാണ്. മലക്കുകൾ, സൂര്യൻ, ചന്ദ്രൻ, രാത്രി, പകൽ, കാലം എന്നിങ്ങനെ പലതിന്റെ പേരിലും ഖുർആനിൽ സത്യം ചെയ്യപ്പെട്ടതായി കാണാം. തുടർന്ന് പ്രസ്താവിക്കപ്പെടുന്ന കാര്യത്തിന്റെ ദൃഢതയും ഗൗരവവും വെളിപ്പെടുത്തുകയാണ് ഇപ്രകാരം സത്യം ചെയ്യുന്നത് കൊണ്ടുദ്ദേശിക്കുന്നത്.

ഈ വചനങ്ങളിൽ, സത്യം ചെയ്തതിനെ തുടർന്ന്, തൗഹീദിനെയാണ് അല്ലാഹു ദൃഢപ്പെടുന്നത്. ആകാശങ്ങളുടെയും ഭൂമിയുടെയും അവയുടെ ഇടയിലുള്ളതിന്റെയും 'റബ്ബ് ' എന്ന് മൊത്തത്തിൽ ആദ്യം പറഞ്ഞതിന് ശേഷം, 'ഉദയസ്ഥാനങ്ങളുടെ റബ്ബും' എന്ന് എടുത്ത് പറഞ്ഞത് ശ്രദ്ധേയമാകുന്നു. സൂര്യൻ, ചന്ദ്രൻ മുതലായവയുടെയെല്ലാം ഉദയസ്ഥാനങ്ങളും ദിനംപ്രതി മാറികൊണ്ടിരിക്കും; അതനുസരിച്ച് അസ്തമയ സ്ഥാനങ്ങളിലും മാറ്റം ഉണ്ടാകുമല്ലോ. അത് കൊണ്ടാണ് സൂ: മആരിജ് : 40-ാം വചനത്തിലും സൂ: റഹ്മാൻ 17-ാം വചനത്തിലും ഉദയസ്ഥാനങ്ങളുടെയും അസ്തമന സ്ഥാനങ്ങളുടെയും റബ്ബ് എന്ന് പറഞ്ഞിരിക്കുന്നത്.

**വചനം 6,7,8,9,10 :**

إِنَّا زَيَّنَّا ٱلسَّمَآءَ ٱلدُّنْيَا بِزِينَةٍ ٱلْكَوَاكِبِ ﴿٦﴾

6 നിശ്ചയമായും (ഭൂമിയോട്) ഏറ്റവും അടുത്ത ആകാശത്തെ നക്ഷത്രങ്ങളാകുന്ന അലങ്കാരം കൊണ്ടു നാം അലങ്കരിച്ചിരിക്കുന്നു;-

وَحِفْظًا مِّن كُلِّ شَيْطَٰنٍ مَّارِدٍ ﴿٧﴾

7 മുരട്ടുശീലക്കാരായ എല്ലാ പിശാചിൽ നിന്നും കാവലായും (ആക്കിയിരിക്കുന്നു);-

لَّا يَسَّمَّعُونَ إِلَى ٱلْمَلَإِ ٱلْأَعْلَىٰ وَيُقْذَفُونَ مِن كُلِّ جَانِبٍ ﴿٨﴾

8 (അതിനാൽ) 'മലഉൽ-അഅ്ലാ'യിലേക്ക് (ഉന്നത സമൂഹത്തിലേക്ക്) അവർ ചെവി കൊടുത്തു കേൾക്കയില്ല. എല്ലാ ഭാഗത്തു നിന്നും അവർ എറിയപ്പെടുകയും ചെയ്യും;

دُحُورًا ۖ وَلَهُمْ عَذَابٌ وَاصِبٌ ﴿٩﴾

9 -തുരത്തിവിടുവാനായിട്ട്. (കൂടാതെ) നിരന്തരമായ ഒരു ശിക്ഷയും അവർക്കുണ്ട്;-

إِلَّا مَنْ خَطِفَ ٱلْخَطْفَةَ فَأَتْبَعَهُۥ شِهَابٌ ثَاقِبٌ ﴿١٠﴾

10 പക്ഷെ, ആരെങ്കിലും (ഒരു) തട്ടിയെടുക്കൽ തട്ടിയെടുത്താൽ, തുളച്ചുചെല്ലുന്ന ഒരു തീജ്വാല ഉടനെ അവനെ പിൻതുടരുന്നതാണ്.

ആകാശങ്ങൾ ഏഴെണ്ണമുണ്ടെന്നും, അവയിൽ ഭൂമിയോട് ഏറ്റവും അടുത്ത ആകാശത്തെ നക്ഷത്രങ്ങളാൽ അലങ്കരിച്ചിരിക്കുന്നുവെന്നും ഖുർആനിൽ ഒന്നിലധികം സ്ഥലത്ത് പ്രസ്താവച്ചിരിക്കുന്നു. (സൂ: മുഅ്മിനൂൻ : 17 ; സൂ: ഹാമീം സജദ : 12 ; സൂ: ത്വലാഖ് : 12 ; സൂ: മുൽക് : 3,5 ; സൂ: നൂഹ് : 15 എന്നിവടങ്ങളിൽ ശ്രദ്ധിക്കുക).

നക്ഷത്രങ്ങൾ മൂലം യാത്രകളിലും മറ്റും മനുഷ്യർക്ക് പല മാർഗ്ഗദർശനങ്ങളും അടയാളവും ലഭിക്കുവാനുള്ളതിനെ പറ്റി സൂ: നഹ്ൽ : 16-ൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. നക്ഷത്രങ്ങൾ മൂലം പിശാചുക്കൾ ആട്ടി ഓടിക്കപ്പെടുന്നു എന്ന് ഈ വചനത്തിൽ കൂടാതെ, സൂ: ഹിജ്ർ : 17,18 വചനങ്ങളിലും സൂ: ജിന്ന് : 8,9 വചനങ്ങളിലും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. 'മലഉൽ അഅ്ലാ' യിൽ (മലക്കുകളാകുന്ന ഉന്നത സമൂഹത്തിൽ) നിന്ന് അല്ലാഹുവിന്റെ വചനങ്ങൾ കട്ട് കേൾക്കാൻ ശ്രമിക്കുന്ന പിശാചുക്കളെ നക്ഷത്രങ്ങളാൽ എറിഞ്ഞാട്ടപ്പെടുന്നതാണ്. എന്നാൽ ചില പിശാചുക്കൾ ഇവ കട്ടു കേൾക്കാനിടയായാൽ തന്നെ ശക്തിയേറിയ തുളച്ച് ചെല്ലുന്ന ഒരു തീ ജ്വാല (ഉൽക്ക) അവരെ പിൻതുടർന്ന് കരിയിച്ച് കളയുന്നതുമാണ്. കൂടാതെ അവയ്ക്ക് നിരന്തരമായ ഒരു ശിക്ഷ -നരകശിക്ഷ- ഉണ്ടായിരിക്കുന്നതുമാണ്.

**വചനം 11,12,13,14,15,16,17,18,19,20,21 :**

فَٱسۡتَفۡتِهِمۡ أَهُمۡ أَشَدُّ خَلۡقًا أَم مَّنۡ خَلَقۡنَآۚ إِنَّا خَلَقۡنَٰهُم مِّن طِينٖ لَّازِبِۭ ١١

11 (നബിയേ) അവരോട് അഭിപ്രായം (അഥവാ വിധി) ചോദിക്കുക: അവരാണോ സൃഷ്ടിക്കുവാന്‍ കൂടുതല്‍ പ്രയാസപ്പെട്ടവര്‍, അഥവാ നാം സൃഷ്ടിച്ചിട്ടുള്ള (മേല്‍പറഞ്ഞ)വരോ? നാം അവരെ, ഒട്ടുന്ന കളിമണ്ണില്‍നിന്ന് സൃഷ്ടിച്ചിരിക്കയാണ്.

بَلۡ عَجِبۡتَ وَيَسۡخَرُونَ ١٢

12 എങ്കിലും, നീ ആശ്ചര്യപ്പെടുകയാണ്; അവര്‍ പരിഹസിക്കുകയും ചെയ്യുന്നു!

وَإِذَا ذُكِّرُواْ لَا يَذۡكُرُونَ ١٣

13 അവര്‍ക്ക് ഉപദേശം നല്‍കപ്പെട്ടാല്‍ അവര്‍ ആലോചിക്കുന്നില്ല;

وَإِذَا رَأَوۡاْ ءَايَةٗ يَسۡتَسۡخِرُونَ ١٤

14 വല്ല ദൃഷ്ടാന്തവും കണ്ടാല്‍ അവര്‍ പരിഹാസം കൊള്ളുകയും ചെയ്യുന്നു!

وَقَالُوٓاْ إِنۡ هَٰذَآ إِلَّا سِحۡرٞ مُّبِينٌ ١٥

15 അവര്‍ പറയുകയും ചെയ്യും: "ഇത് പ്രത്യക്ഷമായ ജാലമല്ലാതെ (മറ്റൊന്നും)അല്ല;-

أَءِذَا مِتۡنَا وَكُنَّا تُرَابٗا وَعِظَٰمًا أَءِنَّا لَمَبۡعُوثُونَ ١٦

16 "ഞങ്ങള്‍ മരണപ്പെടുകയും, മണ്ണും എല്ലുകളുമായിത്തീരുകയും ചെയ്തിട്ടോ നിശ്ചയമായും ഞങ്ങള്‍ ഉയിര്‍ത്തെഴുന്നേല്‍പിക്കപ്പെടുന്നവരാകുന്നത്?!"

أَوَءَابَآؤُنَا ٱلۡأَوَّلُونَ ١٧

17 "ഞങ്ങളുടെ പൂര്‍വ്വികന്‍മാരായ പിതാക്കളുമോ (-അവരും എഴുന്നേല്‍പിക്കപ്പെടുകയോ)?!"

قُلۡ نَعَمۡ وَأَنتُمۡ دَٰخِرُونَ ١٨

18 (നബിയേ) പറയുക: "അതെ. (അതു സംഭവിക്കും.) നിങ്ങളാകട്ടെ, നിന്ദ്യരുമായിരിക്കും."

فَإِنَّمَا هِيَ زَجۡرَةٞ وَٰحِدَةٞ فَإِذَا هُمۡ يَنظُرُونَ ١٩

19 എന്നാലത് (ആ സംഭവം) ഒരേ ഒരു അട്ടഹാസം മാത്രമായിരിക്കും; അപ്പോഴേക്കും അവരതാ, (എഴുന്നേറ്റ്) നോക്കുന്നുണ്ടായിരിക്കും!

وَقَالُواْ يَٰوَيۡلَنَا هَٰذَا يَوۡمُ ٱلدِّينِ ٢٠

20 അവര്‍ (അപ്പോള്‍) പറയുകയും ചെയ്യും: "ഞങ്ങളുടെ നാശമേ! ഇത് പ്രതിഫലത്തിന്‍െറ (പ്രതിഫലനടപടിയുടെ) ദിവസമാണ്!!

هَٰذَا يَوۡمُ ٱلۡفَصۡلِ ٱلَّذِي كُنتُم بِهِۦ تُكَذِّبُونَ ٢١

21 "ഇതാണ് നിങ്ങള്‍ വ്യാജമാക്കിക്കൊണ്ടിരുന്ന (ആ) തീരുമാനത്തിന്‍െറ ദിവസം!"

മരണാനന്തര ജീവിതത്തെ നിഷേധിക്കുന്ന ഈ മുശ്‌രിക്കുകളെ സൃഷ്ടിക്കുവാനാണോ അധികം പ്രയാസമുള്ളത് അതോ, മുകളില്‍ പറഞ്ഞ ആകാശം, ഭൂമി, നക്ഷത്രങ്ങള്‍, തീജ്വാലകള്‍, പിശാചുക്കള്‍ മുതലായവയെ സൃഷ്ടിക്കുവാനാണോ കൂടുതല്‍ പ്രയാസം, അവയെയെല്ലാം സൃഷ്ടിച്ച് കൈകാര്യം ചെയ്യുന്നവന്, ഇവരുടെ കാര്യത്തില്‍ വല്ല പ്രയാസവുമുണ്ടോ.

ഒട്ടുന്ന കളിമണ്ണില്‍ നിന്ന് സൃഷ്ടിച്ചുവെന്ന് പറഞ്ഞത് മനുഷ്യന്റെ ആദ്യ സൃഷ്ടിപ്പിനെ ചൂണ്ടിക്കാട്ടുന്നു. (സൂ: സജദ : 7 നോക്കുക) ഒരേ ഒരു അട്ടഹാസം എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം സൂ: യാസീനിലും (വചനം 49,51) മറ്റും വിവരിച്ചിട്ടുണ്ടല്ലോ.

**വിഭാഗം 2**

**വചനം 22,23,24 :**

﴿ ٱحْشُرُوا۟ ٱلَّذِينَ ظَلَمُوا۟ وَأَزْوَٰجَهُمْ وَمَا كَانُوا۟ يَعْبُدُونَ ﴿٢٢﴾

22 "അക്രമം ചെയ്തിട്ടുള്ളവരെയും, അവരുടെ ഇണകളെയും, അവർ ആരാധിച്ചുവന്നിരുന്ന വയെയും നിങ്ങൾ ഒരുമിച്ചുകൂട്ടുവിൻ,-"

مِن دُونِ ٱللَّهِ فَٱهْدُوهُمْ إِلَىٰ صِرَٰطِ ٱلْجَحِيمِ ﴿٢٣﴾

23 "(അതെ) അല്ലാഹുവിനു പുറമെ (ആരാധിച്ചു വന്നവയെ). എന്നിട്ട് അവരെ കത്തിജ്വലിക്കുന്ന നരകത്തിൻെറ പാതയിലേക്ക് നയിക്കുവിൻ!"

وَقِفُوهُمْ ۖ إِنَّهُم مَّسْـُٔولُونَ ﴿٢٤﴾

24 "അവരെ നിറുത്തുകയും ചെയ്യുവിൻ, -നിശ്ചയ മായും അവർ ചോദ്യം ചെയ്യപ്പെടുന്നവരാണ്."

സജ്ജനങ്ങളുടെ സൽകർമ്മികളായ ഇണകൾ അവരോടൊപ്പം സ്വർഗ്ഗത്തിൽ സുഖമനുഭവിക്കുമെന്ന് സൂ: യാസീൻ : 56-ലും മറ്റും പ്രസ്താവിച്ചിരിക്കുന്നത് പോലെ, അവിശ്വാസികളുടെ ദുഷ്കർമ്മികളായ ഇണകൾ ശിക്ഷയിൽ അവരോടൊപ്പം ഉണ്ടായിരിക്കുമെന്ന് അല്ലാഹു ഇവിടെ പ്രസ്താവിക്കുന്നു.

**വചനം 25,26 :**

مَا لَكُمْ لَا تَنَاصَرُونَ ﴿٢٥﴾

25 "(അക്രമികളേ,) നിങ്ങൾക്കെന്താണ്, നിങ്ങൾ അന്യോന്യം സഹായിക്കുന്നില്ല?!"

بَلْ هُمُ ٱلْيَوْمَ مُسْتَسْلِمُونَ ﴿٢٦﴾

26 പക്ഷേ, ഇന്ന് അവർ കീഴടങ്ങിയവരാണ്.

അക്രമികളായ നിങ്ങൾ, ഇഹത്തിൽ വെച്ച് അന്യോന്യം സഹായിച്ചും സഹകരിച്ചും വന്നിരുന്നുവല്ലോ. നിങ്ങളുടെ ആരാധ്യവസ്തുക്കൾ നിങ്ങളെ സഹായിക്കുമെന്നും പറഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ ആരും അന്യോന്യം സഹായിക്കുന്നില്ലല്ലോ. ഇതിന് കാരണമാകട്ടെ, അവർ ഇന്ന് തികച്ചും ദുർബലരും നിസ്സഹായരുമായി കീഴൊതുങ്ങിയിരിക്കയാണ്.

**വചനം 27,28 :**

وَأَقْبَلَ بَعْضُهُمْ عَلَىٰ بَعْضٍ يَتَسَآءَلُونَ ﴿٢٧﴾

27 അവർ അന്യോന്യം ചോദ്യം ചെയ്തുകൊണ്ട് ചിലർ ചിലരുടെ നേരെ മുന്നിടും (തിരിയും).

قَالُوٓا۟ إِنَّكُمْ كُنتُمْ تَأْتُونَنَا عَنِ ٱلْيَمِينِ ﴿٢٨﴾

28 അവർ പറയും: "നിങ്ങൾ ഞങ്ങളുടെ അടുക്കൽ വലവശത്തുകൂടി വന്നിരുന്നുവല്ലോ!"

'വലത് വശത്ത് കൂടി വരുക' എന്ന് പറഞ്ഞതിന്റെ താൽപര്യം, ശക്തിയായും അധികാര സ്വരത്തിലും വഴി പിഴപ്പിക്കുവാൻ ചെല്ലുക എന്നതാകുന്നു. ഇത് നേതാക്കളുടെ നേരെ അനുയായികൾക്കുള്ള ആക്ഷേപമാകുന്നു.

**വചനം 29,30,31,32 :**

قَالُوا۟ بَل لَّمْ تَكُونُوا۟ مُؤْمِنِينَ ﴿٢٩﴾

29 അവർ പറയും: "പക്ഷേ, നിങ്ങൾ (സ്വയംതന്നെ) വിശ്വാസികളായിരുന്നില്ല;"

وَمَا كَانَ لَنَا عَلَيْكُم مِّن سُلْطَٰنٍ ۖ بَلْ كُنتُمْ قَوْمًا طَٰغِينَ ﴿٣٠﴾

30 "ഞങ്ങൾക്ക് നിങ്ങളുടെമേൽ യാതൊരധികാര ശക്തിയും ഉണ്ടായിരുന്നതുമില്ല. എങ്കിലും, നിങ്ങൾ (സ്വയം) അതിക്രമികളായ ഒരു ജനതയായിരുന്നു".

فَحَقَّ عَلَيْنَا قَوْلُ رَبِّنَآ ۖ إِنَّا لَذَآئِقُونَ ﴿٣١﴾

31 "ആകയാൽ, നമ്മുടെ രക്ഷിതാവിൻെറ വാക്ക് നമ്മുടെമേൽ യഥാർത്ഥമായി ഭവിച്ചു. നാം

നിശ്ചയമായും (ശിക്ഷ) ആസ്വദിക്കുന്നവര്‍ തന്നെ.”

32 “എന്നാല്‍, ഞങ്ങള്‍ നിങ്ങളെ വഴിതെറ്റിച്ചു; (കാരണം) നിശ്ചയമായും ഞങ്ങള്‍ വഴിതെറ്റിയവരായിരുന്നു”.

فَأَغْوَيْنَـٰكُمْ إِنَّا كُنَّا غَـٰوِينَ ﴿٣٢﴾

നേതാക്കള്‍ അവരെ പിന്‍തുടര്‍ന്നവര്‍ക്ക് നല്‍കുന്ന മറുപടിയാണീ വചനങ്ങളില്‍. ഇരു വിഭാഗക്കാര്‍ക്കുമാകട്ടെ ആരോപണ പ്രത്യാരോപണങ്ങള്‍ കൊണ്ട് യാതൊരു ഗുണവും ലഭിക്കുവാനില്ല. അവര്‍ക്ക് രക്ഷാമാര്‍ഗ്ഗം നഷ്ടപ്പെട്ടിരിക്കുന്നു.

**വചനം 33,34,35,36,37 :**

33 എന്നാല്‍, അന്നത്തെ ദിവസം അവര്‍ (എല്ലാവരും) ശിക്ഷയില്‍ പങ്കാളികളായിരിക്കുന്നതാണ്.

فَإِنَّهُمْ يَوْمَئِذٍ فِى ٱلْعَذَابِ مُشْتَرِكُونَ ﴿٣٣﴾

34 നിശ്ചയമായും കുറ്റവാളികളെക്കൊണ്ട് നാം അപ്രകാരമത്രെ ചെയ്യുക.

إِنَّا كَذَٰلِكَ نَفْعَلُ بِٱلْمُجْرِمِينَ ﴿٣٤﴾

35 (കാരണം) “അല്ലാഹു അല്ലാതെ ഒരു ഇലാഹുമില്ല” എന്ന് അവരോടു പറയപ്പെട്ടാല്‍, അവര്‍ അഹംഭാവം കാണിക്കുകയായിരുന്നു.

إِنَّهُمْ كَانُوٓا۟ إِذَا قِيلَ لَهُمْ لَآ إِلَـٰهَ إِلَّا ٱللَّهُ يَسْتَكْبِرُونَ ﴿٣٥﴾

36 അവര്‍ പറയുകയും ചെയ്യും: “ഒരു ഭ്രാന്തനായ കവിക്കുവേണ്ടി നാം നമ്മുടെ ഇലാഹുകളെ (ആരാധ്യവസ്തുക്കളെ) ഉപേക്ഷിക്കുന്നവരാണോ?!”

وَيَقُولُونَ أَئِنَّا لَتَارِكُوٓا۟ ءَالِهَتِنَا لِشَاعِرٍ مَّجْنُونٍۭ ﴿٣٦﴾

37 പക്ഷേ, (അതൊന്നുമല്ല) അദ്ദേഹം യഥാര്‍ത്ഥം കൊണ്ടു വന്നിരിക്കുകയും, ‘മുര്‍സലു’കളെ സത്യമാ(ക്കി സ്ഥാപി)ക്കുകയും ചെയ്തിരിക്കയാണ്.

بَلْ جَآءَ بِٱلْحَقِّ وَصَدَّقَ ٱلْمُرْسَلِينَ ﴿٣٧﴾

ഭ്രാന്തന്‍, കവി എന്നൊക്കെ അവിശ്വാസികള്‍ പറയുന്നത് നബി(സ)യെ ഉദ്ദേശിച്ച് കൊണ്ടാകുന്നു.

**വചനം 38,39,40,41,42,43,44 :**

38 (ഹേ, അവിശ്വാസികളേ) നിശ്ചയമായും നിങ്ങള്‍ വേദനയേറിയ ശിക്ഷ ആസ്വദിക്കുന്നവര്‍തന്നെയാണ്.

إِنَّكُمْ لَذَآئِقُوا۟ ٱلْعَذَابِ ٱلْأَلِيمِ ﴿٣٨﴾

39 നിങ്ങള്‍ പ്രവര്‍ത്തിച്ചുകൊണ്ടിരുന്നതിനല്ലാതെ നിങ്ങള്‍ക്ക് പ്രതിഫലം നല്‍കപ്പെടുന്നതുമല്ല.

وَمَا تُجْزَوْنَ إِلَّا مَا كُنتُمْ تَعْمَلُونَ ﴿٣٩﴾

40 അല്ലാഹുവിന്‍റെ കളങ്കരഹിതരാക്കപ്പെട്ട (ശുദ്ധന്‍മാരായ) അടിയാന്‍മാരൊഴികെ,-

إِلَّا عِبَادَ ٱللَّهِ ٱلْمُخْلَصِينَ ﴿٤٠﴾

41 അക്കൂട്ടരാകട്ടെ, അവര്‍ക്ക് അറിയപ്പെട്ടതായ ഉപജീവനമുണ്ടായിരിക്കും.

أُو۟لَـٰٓئِكَ لَهُمْ رِزْقٌ مَّعْلُومٌ ﴿٤١﴾

42 അതായത്: (സുഖഭോജ്യങ്ങളായ) പഴവര്‍ഗ്ഗങ്ങള്‍. അവര്‍, ആദരിക്കപ്പെട്ടവരുമായിരിക്കും;

فَوَٰكِهُ ۖ وَهُم مُّكْرَمُونَ ﴿٤٢﴾

43 സൗഭാഗ്യത്തിന്റെ സ്വർഗ്ഗങ്ങളിൽ!

فِي جَنَّٰتِ ٱلنَّعِيمِ ﴿٤٣﴾

44 ചില (ഉന്നതതരം)കട്ടിലുകളിൽ പരസ്പരം അഭിമുഖരായിക്കൊണ്ട്.

عَلَىٰ سُرُرٍ مُّتَقَٰبِلِينَ ﴿٤٤﴾

അവിശ്വാസികൾക്കുള്ള ശിക്ഷയും വിശ്വാസികളായ ശുദ്ധന്മാരായ അടിമകൾക്കുള്ള സുഖാനുഭവങ്ങളുമാണ് ഈ വചനങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ളത്.

സ്വർഗ്ഗത്തിൽ വിശപ്പും ദാഹവും അനുഭവിക്കപ്പെടുകയില്ല. (സൂ: ത്വാഹാ; 118,119) അവിടെ അന്ന പാനീയങ്ങൾ ഉപയോഗിക്കുന്നത് ആനന്ദത്തിനും, ആസ്വാദനത്തിനുമായിരിക്കും.

<u>വചനം 45,46,47,48,49 :</u>

45 ഉറവ് പൊട്ടിയൊഴുകുന്ന (പാനീയ) ജലത്തിന്റെ നിറകോപ്പയുംകൊണ്ട് അവരിൽ ചുറ്റി നടക്കപ്പെടും;

يُطَافُ عَلَيْهِم بِكَأْسٍ مِّن مَّعِينٍ ﴿٤٥﴾

46 വെള്ളനിറമുള്ളതും, കുടിക്കുന്നവർക്ക് രുചികരമായതും!

بَيْضَآءَ لَذَّةٍ لِّلشَّٰرِبِينَ ﴿٤٦﴾

47 അതിൽ യാതൊരു കെടുതിയും (ഉണ്ടാകുക) ഇല്ല; അവർക്ക് അതിനാൽ ലഹരി ഏർപ്പെടുകയുമില്ല.

لَا فِيهَا غَوْلٌ وَلَا هُمْ عَنْهَا يُنزَفُونَ ﴿٤٧﴾

48 അവരുടെ അടുക്കൽ (പരദൃഷ്ടിവെക്കാതെ) ദൃഷ്ടിയെ നിയന്ത്രിക്കുന്ന തരളനേത്രകളായ സ്ത്രീകളും ഉണ്ടായിരിക്കും.

وَعِندَهُمْ قَٰصِرَٰتُ ٱلطَّرْفِ عِينٌ ﴿٤٨﴾

49 അവർ (പക്ഷിക്കൂടുകളിൽ) സൂക്ഷിച്ചുവെക്കപ്പെട്ട മുട്ടകൾ പോലെയിരിക്കും.

كَأَنَّهُنَّ بَيْضٌ مَّكْنُونٌ ﴿٤٩﴾

സ്വർഗ്ഗത്തിൽ അനുഭൂതമാകുന്ന സുഖാനുഭവങ്ങളെയും സല്ലാപ വേളകളെയും കുറിച്ചാണ് ഈ വചനങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ളത്.

സ്വർഗ്ഗത്തിലെ മദ്യവും ഇതര പാനീയങ്ങളും ഇഷ്ടം പോലെ നിറകോപ്പകളുമായി സ്വർഗ്ഗീയ ബാലന്മാർ ചുറ്റിനടന്ന് വിളമ്പിക്കൊണ്ടിരിക്കും. ആ പാനീയങ്ങൾ അങ്ങേയറ്റം രുചികരവും മയക്കമോ, ലഹരി യോ അനുഭവപ്പെടാത്തവയുമായിരിക്കും. കൂടാതെ തരുണീമണികൾ അവരൊന്നിച്ചുണ്ടായിരിക്കും. അവരുടെ സൗന്ദര്യ വർണ്ണനയിൽ അവരെ പക്ഷിക്കൂടുകളിൽ സൂക്ഷിച്ച് വെക്കപ്പെട്ട മുട്ടകളോട് ഉപമിച്ചത് അറബികളിൽ സാധാരണ പറയാറുള്ള ഒരു ശൈലിയുടെ പ്രയോഗമാകുന്നു.

<u>വചനം 50,51,52,53 :</u>

50 അങ്ങനെ, അവർ അന്യോന്യം ചോദിച്ചുകൊണ്ട് ചിലർ ചിലരുടെ നേരെ മുന്നിടും (തിരിയും).

فَأَقْبَلَ بَعْضُهُمْ عَلَىٰ بَعْضٍ يَتَسَآءَلُونَ ﴿٥٠﴾

51 അവരിൽ ഒരു വക്താവു പറയും: “നിശ്ചയമായും എനിക്കൊരു സഹചാരി (ഉറ്റസ്നേഹിതൻ) ഉണ്ടായിരുന്നു;-”

قَالَ قَآئِلٌ مِّنْهُمْ إِنِّي كَانَ لِي قَرِينٌ ﴿٥١﴾

52 അവൻ പറയുമായിരുന്നു: “(പുനരുത്ഥാനം) സത്യമെന്ന് വിശ്വസിക്കുന്നവരിൽ പെട്ടവൻ തന്നെയാണോ നീ?-

يَقُولُ أَءِنَّكَ لَمِنَ ٱلْمُصَدِّقِينَ ﴿٥٢﴾

أَءِذَا مِتْنَا وَكُنَّا تُرَابًا وَعِظَـٰمًا أَءِنَّا لَمَدِينُونَ ﴿٥٣﴾

53 “നാം മരണപ്പെടുകയും, മണ്ണും എല്ലുകളുമായി ത്തീരുകയും ചെയ്താൽ, നിശ്ചയമായും നാം (പ്രതിഫല) നടപടി എടുക്കപ്പെടുന്നവർ ആയിരിക്കുകയോ?!”

തനിക്ക് ഇഹത്തിൽ വെച്ചുണ്ടായിരുന്ന ഒരു സ്നേഹിതനെ പറ്റി സ്വർഗ്ഗവാസി ഓർക്കുകയാണ്. അയാൾ മരണാനന്തര ജീവിതത്തെ നിഷേധിക്കുന്ന ഒരാളായിരുന്നു. അയാൾ മുമ്പ് തന്നോട് പറഞ്ഞ ചില വാക്കുകളാണദ്ദേഹം ഉദ്ധരിക്കുന്നത്. അയാളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണറിയാൻ അദ്ദേഹം തന്റെ കൂട്ടുകാരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

**വചനം 54,55,56,57 :**

قَالَ هَلْ أَنتُم مُّطَّلِعُونَ ﴿٥٤﴾

54 അദ്ദേഹം (കൂട്ടുകാരോടു) പറയും: “നിങ്ങൾ എത്തിനോക്കു(വാൻ ഉദ്ദേശിക്കു) ന്നവരാണോ?”

فَٱطَّلَعَ فَرَءَاهُ فِى سَوَآءِ ٱلْجَحِيمِ ﴿٥٥﴾

55 എന്നിട്ട് അദ്ദേഹം എത്തിനോക്കും, അപ്പോൾ അദ്ദേഹം അവനെ ജ്വലിക്കുന്ന നരകത്തിൻെറ മദ്ധ്യത്തിൽ കാണുന്നതാണ്.

قَالَ تَٱللَّهِ إِن كِدتَّ لَتُرْدِينِ ﴿٥٦﴾

56 അദ്ദേഹം (അവനോടു) പറയും: “അല്ലാഹുവിനെത്തന്നെ (സത്യം)! നിശ്ചയമായും നീ എന്നെ നാശത്തിലകപ്പെടുത്തിയേക്കുമായിരുന്നു!”

وَلَوْلَا نِعْمَةُ رَبِّى لَكُنتُ مِنَ ٱلْمُحْضَرِينَ ﴿٥٧﴾

57 “എൻെറ രക്ഷിതാവിൻെറ അനുഗ്രഹം ഇല്ലായിരുന്നുവെങ്കിൽ, ഞാൻ (ഇതിൽ) ഹാജരാക്കപ്പെടുന്നവരിൽ ഉൾപ്പെടുകതന്നെ ചെയ്യുമായിരുന്നു!”

അയാളെ ജ്വലിക്കുന്ന നരകാഗ്നിയുടെ മദ്ധ്യത്തിൽ കാണുന്ന ആ സ്വർഗ്ഗവാസി അവനോട് പറയുകയാണ്:

“നിന്നെപ്പോലെ എന്നെയും അപകടത്തിലാക്കുവാൻ നീ ശ്രമിച്ചുവെങ്കിലും, എന്റെ രക്ഷിതാവിന്റെ അനുഗ്രഹത്താൽ ഞാൻ രക്ഷപ്പെട്ടു. അല്ലായിരുന്നെങ്കിൽ ഞാൻ നാശത്തിലകപ്പെടുമായിരുന്നു.”

**വചനം 58,59 :**

أَفَمَا نَحْنُ بِمَيِّتِينَ ﴿٥٨﴾

58 “എനി, നാം മരണപ്പെട്ടുപോകുന്നവരല്ലല്ലോ,-

إِلَّا مَوْتَتَنَا ٱلْأُولَىٰ وَمَا نَحْنُ بِمُعَذَّبِينَ ﴿٥٩﴾

59 -നമ്മുടെ ആദ്യത്തെ മരണമല്ലാതെ?! നാം ശിക്ഷിക്കപ്പെടുന്നവരുമല്ലല്ലോ?!”

തന്റെ നിർഭാഗ്യവാനായ ആ ചങ്ങാതിയുടെ സ്ഥിതി ഗതികൾ കണ്ടപ്പോൾ, തനിക്കും കൂട്ടുകാർക്കും ലഭിച്ച മഹത്തായ പ്രതിഫലങ്ങളെ സന്തോഷപൂർവ്വം സ്മരിച്ച് കൊണ്ട് അദ്ദേഹം പറയുന്ന വാക്കുകളാണീ ആയത്തുകളിൽ, നമുക്കിവിടെ മരണമില്ലാത്ത ശാശ്വത ജീവിതമാണുള്ളത്; എന്നിരിക്കെ ശിക്ഷയെക്കുറിച്ച് നമുക്ക് ഭയപ്പെടേണ്ടതില്ല എന്നുമദ്ദേഹം ആശ്വാസം കൊള്ളുന്നു.

**വചനം 60,61 :**

إِنَّ هَـٰذَا لَهُوَ ٱلْفَوْزُ ٱلْعَظِيمُ ﴿٦٠﴾

60 നിശ്ചയമായും ഇതുതന്നെയാണ് മഹത്തായ ഭാഗ്യം!

لِمِثْلِ هَـٰذَا فَلْيَعْمَلِ ٱلْعَـٰمِلُونَ ﴿٦١﴾

61 യത്നിക്കുന്ന ആളുകൾ ഇതുപോലെയുള്ളതിനു വേണ്ടി യത്നിച്ചുകൊള്ളട്ടെ!

തുടർന്ന് അല്ലാഹു പറയുന്നു: നിശ്ചയമായും സ്വർഗ്ഗസ്ഥരായവരുടേത് തന്നെയാണ് മഹത്തായ ഭാഗ്യം. പ്രസ്തുത ഭാഗ്യത്തിന് വേണ്ടി യത്നിക്കുവാൻ അല്ലാഹു നമ്മെ തുണക്കട്ടെ (ആമീൻ)

**വചനം 62,63,64,65,66,67,68 :**

أَذَٰلِكَ خَيْرٌ نُّزُلًا أَمْ شَجَرَةُ ٱلزَّقُّومِ ﴿٦٢﴾

62 ആതിഥ്യസൽക്കാരത്തിൽ ഉത്തമമായത് അതാണോ? അതല്ല–'സഖ്-ഖൂം' വൃക്ഷമോ?!

إِنَّا جَعَلْنَٰهَا فِتْنَةً لِّلظَّٰلِمِينَ ﴿٦٣﴾

63 നിശ്ചയമായും, നാം അതിനെ (ആ വൃക്ഷത്തെ) അക്രമികൾക്ക് ഒരു പരീക്ഷണം (അഥവാ ആപത്ത്) ആക്കിയിരിക്കുന്നു.

إِنَّهَا شَجَرَةٌ تَخْرُجُ فِىٓ أَصْلِ ٱلْجَحِيمِ ﴿٦٤﴾

64 അത് ജ്വലിക്കുന്ന നരകത്തിൻെറ അടിയിൽ ഉൽപാദിക്കുന്ന ഒരു വൃക്ഷമാകുന്നു.

طَلْعُهَا كَأَنَّهُۥ رُءُوسُ ٱلشَّيَٰطِينِ ﴿٦٥﴾

65 അതിൻെറ പഴക്കുല, പിശാചുക്കളുടെ തലകളെപ്പോലെയിരിക്കും.

فَإِنَّهُمْ لَءَاكِلُونَ مِنْهَا فَمَالِـُٔونَ مِنْهَا ٱلْبُطُونَ ﴿٦٦﴾

66 എന്നാലവർ, നിശ്ചയമായും അതിൽ നിന്ന് തിന്നുന്നവരായിരിക്കും; എന്നിട്ട് അതിൽനിന്ന് വയറു നിറക്കുന്നവരുമായിരിക്കും.

ثُمَّ إِنَّ لَهُمْ عَلَيْهَا لَشَوْبًا مِّنْ حَمِيمٍ ﴿٦٧﴾

67 പിന്നീട്, അതിനുമീതെ (കുടിക്കുവാൻ) ചുട്ടു തിളക്കുന്ന വെള്ളംകൊണ്ടുള്ള ഒരു ചേരുവയും (മിശ്രജലവും) അവർക്കുണ്ട്.

ثُمَّ إِنَّ مَرْجِعَهُمْ لَإِلَى ٱلْجَحِيمِ ﴿٦٨﴾

68 പിന്നെ, അവരുടെ മടക്കം, ജ്വലിക്കുന്ന നരകത്തിലേക്കുതന്നെ.

നരകത്തിലെ ദുരിത പൂർണ്ണമായ അവസ്ഥയാണീ വചനങ്ങളിൽ വിവരിക്കുന്നത് :

നരകത്തിന്റെ അടിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന, പിശാചുക്കളുടെ തല പോലെ ഭീകരമായ പഴക്കുലകൾ ഉള്ളതുമായ 'സഖ്-ഖും' എന്ന വൃക്ഷത്തിൽ നിന്നായിരിക്കും നരകവാസികളുടെ ഭക്ഷണം. അവ എത്ര തന്നെ അരോചകമാണെങ്കിലും, അടക്ക വയ്യാത്ത വിശപ്പ് മൂലം നരകവാസികൾ അത് തിന്ന് വയറ് നിറക്കാൻ നിർബന്ധിതരാകും. അത് അവരുടെ വയറുകളിൽ തിളച്ച് മറിയും (സൂ: ദുഖാൻ : 43-46) പിന്നീട് ദാഹം അടക്കവയ്യാതെ വെള്ളത്തിന് അവർ ആർത്തികൊള്ളും. അവർക്ക് ദാഹത്തിന് കിട്ടുന്നതാകട്ടെ 'ഹമീ'മാകുന്ന ചുട്ട് തിളക്കുന്ന വെള്ളവും. അതാണെങ്കിൽ അവരുടെ ആമാശയങ്ങളെ നുറുക്കി കളയുന്നതുമായിരിക്കും. (സൂ: മുഹമ്മദ് : 15) തങ്ങളുടെ വാസസ്ഥലമായ നരകത്തിനും, ചുട്ടുതിളയ്ക്കുന്ന വെള്ളത്തിനുമിടയിൽ അവർ ചുറ്റി അലയുന്നതാകുന്നു. (സൂ: റഹ്മാൻ:44) അല്ലാഹു നമ്മെയെല്ലാം കാത്ത് രക്ഷിക്കട്ടെ (ആമീൻ)

**വചനം 69,70,71,72,73,74 :**

إِنَّهُمْ أَلْفَوْا۟ ءَابَآءَهُمْ ضَآلِّينَ ﴿٦٩﴾

69 നിശ്ചയമായും അവർ തങ്ങളുടെ പിതാക്കളെ വഴിപിഴച്ചവരായി കണ്ടെത്തി;-

فَهُمْ عَلَىٰٓ ءَاثَٰرِهِمْ يُهْرَعُونَ ﴿٧٠﴾

70 എന്നിട്ട് അവർ അവരുടെ കാൽപാടുകളിൽ കൂടി തിരക്കിട്ട് ചെല്ലുമായിരുന്നു.

وَلَقَدْ ضَلَّ قَبْلَهُمْ أَكْثَرُ ٱلْأَوَّلِينَ ﴿٧١﴾

71 ഇവർക്കുമുമ്പ് പൂർവ്വികൻമാരിൽ അധികമാളുകളും വഴിപിഴച്ചു പോകയുണ്ടായിട്ടുണ്ട്.

وَلَقَدْ أَرْسَلْنَا فِيهِم مُّنذِرِينَ ﴿٧٢﴾

72 അവരിൽ നാം, താക്കീതുകാരെ (ദൂതൻമാരെ) അയക്കുകയും ഉണ്ടായി.

73 എന്നിട്ട്, നോക്കുക: (ആ) താക്കീത് നൽകപ്പെട്ട വരുടെ പര്യവസാനം എങ്ങിനെയാണ് ഉണ്ടായ തെന്ന്! (എല്ലാവരും ശിക്ഷിക്കപ്പെട്ടു.)

فَٱنظُرْ كَيْفَ كَانَ عَـٰقِبَةُ ٱلْمُنذَرِينَ ﴿٧٣﴾

74 അല്ലാഹുവിന്റെ കളങ്കരഹിതരാക്കപ്പെട്ട (ശുദ്ധൻമാരായ) അടിയാൻമാരൊഴികെ അവർ (-രക്ഷപ്പെട്ടു.)

إِلَّا عِبَادَ ٱللَّهِ ٱلْمُخْلَصِينَ ﴿٧٤﴾

മേൽ പറഞ്ഞ തരത്തിലുള്ള കഠിനകഠോരമായ ശിക്ഷകൾക്ക് അവർ വിധേയരാകുന്നതിനുള്ള കാരണം അല്ലാഹു എടുത്ത് കാട്ടുന്നു:

പിതാക്കളുടെ പിഴച്ച മാർഗ്ഗങ്ങളെ ഒട്ടും ആലോചിക്കാതെ താൽപര്യപൂർവ്വം അവർ തിരക്കിട്ട് പിൻപറ്റിയിരുന്നു. ഇങ്ങനെ പല സമുദായങ്ങളും പൂർവ്വികരുടെ പിഴച്ച മാർഗ്ഗങ്ങൾ പിൻപറ്റുക മൂലം നാശത്തിൽ അകപ്പെടുകയുണ്ടായിട്ടുണ്ട്. പക്ഷേ, നിഷ്കളങ്കരും ശുദ്ധഹൃദയരുമായ ആളുകൾ അതിൽ നിന്ന് രക്ഷപ്പെടുകയും ചെയ്തു. ഇതിന് ചില ഉദാഹരണങ്ങളാണ് താഴെ വിവരിക്കുന്നത്.

## വിഭാഗം - 3

**വചനം 75,76,77,78,79,80,81,82 :**

75 നൂഹ് നമ്മെ വിളിക്കുകയുണ്ടായി. അപ്പോൾ ഉത്തരം നൽകിയവർ വളരെ നന്നായിട്ടുണ്ട്. (വളരെ നല്ല നിലയിൽ ഉത്തരം നൽകി)

وَلَقَدْ نَادَىٰنَا نُوحٌ فَلَنِعْمَ ٱلْمُجِيبُونَ ﴿٧٥﴾

76 അദ്ദേഹത്തെയും, തന്റെ ആൾക്കാരെയും നാം വമ്പിച്ച സങ്കടത്തിൽ (വിപത്തിൽ) നിന്ന് രക്ഷിക്കുകയും ചെയ്തു.

وَنَجَّيْنَـٰهُ وَأَهْلَهُۥ مِنَ ٱلْكَرْبِ ٱلْعَظِيمِ ﴿٧٦﴾

77 അദ്ദേഹത്തിന്റെ സന്തതിയെത്തന്നെ അവശേഷിക്കുന്നവരാക്കുകയും ചെയ്തു.

وَجَعَلْنَا ذُرِّيَّتَهُۥ هُمُ ٱلْبَاقِينَ ﴿٧٧﴾

78 പിന്നീടുള്ളവരിൽ (ഭാവിതലമുറകളിൽ) അദ്ദേഹത്തിന്റെമേൽ നാം (സൽകീർത്തി) ബാക്കിയാക്കുകയും ചെയ്തു.

وَتَرَكْنَا عَلَيْهِ فِى ٱلْـَٔاخِرِينَ ﴿٧٨﴾

79 ലോകരിൽ നൂഹിന്റെമേൽ ‘സലാം’ (സമാധാന ശാന്തി) ഉണ്ടായിരിക്കും.

سَلَـٰمٌ عَلَىٰ نُوحٍ فِى ٱلْعَـٰلَمِينَ ﴿٧٩﴾

80 നിശ്ചയമായും, നാം അപ്രകാരമാണ് സുകൃതവാൻമാർക്ക് പ്രതിഫലം കൊടുക്കുന്നത്.

إِنَّا كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿٨٠﴾

81 അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ അടിയാൻമാരിൽ പെട്ടവനാകുന്നു.

إِنَّهُۥ مِنْ عِبَادِنَا ٱلْمُؤْمِنِينَ ﴿٨١﴾

82 പിന്നെ, മറ്റുള്ളവരെ(യെല്ലാം) നാം മു(ക്കി നശിപ്പി)ക്കുകയും ചെയ്തു.

ثُمَّ أَغْرَقْنَا ٱلْـَٔاخَرِينَ ﴿٨٢﴾

നൂഹ്(അ) നബിയുടെയും ജലപ്രളയത്തിന്റെയും സംഭവം ഒന്നിലധികം പ്രാവശ്യം മുമ്പ് വിവരിക്കപ്പെട്ടിട്ടുണ്ട്. (സൂ: ഹൂദ് 35-48; സൂ: ശുഅറാ: 105-122 ; സൂ: മുഅ്മിനൂൻ : 23-30 ; സൂ: നൂഹ്: 1-28 എന്നിവിടങ്ങളിൽ നോക്കുക)

പിന്നീട് അവശേഷിച്ചത് അദ്ദേഹത്തിന്റെ സന്തതികളാണെന്ന് പറഞ്ഞതിൽ നിന്ന് ഭൂലോകത്ത് പിന്നീടുണ്ടായ മനുഷ്യരെല്ലാം ആ സന്തതി വഴി ഉണ്ടായവരാണെന്ന് മനസ്സിലാകുന്നു. അറബികൾ, പേർഷ്യക്കാർ, റോമക്കാർ(യൂറോപ്യർ) മുതലായവർ സാം എന്ന പുത്രന്റേയും, നീഗ്രോ വർഗ്ഗക്കാർഹാം

എന്ന പുത്രന്റേയും തുർക്കികൾ മങ്കോളിയക്കാർ റഷ്യക്കാർ എന്നിവർ 'യാഫെഥ് ' എന്ന പുത്രന്റേയും സന്തതികളാണെന്നാണ് പൊതുവിൽ അഭിപ്രായം- الله اعلم .

തുടർന്നുള്ള വചനങ്ങളിൽ ഇബ്രാഹീം(അ) നബിയുടെ ചരിത്രം ചുരുക്കി വിവരിക്കുന്നു.

**വചനം 83,84,85,86,87:**

۞ وَإِنَّ مِن شِيعَتِهِۦ لَإِبۡرَٰهِيمَ ٨٣

83 നിശ്ചയമായും, അദ്ദേഹത്തിൻെറ കക്ഷിയിൽ പെട്ടവൻ തന്നെയാണ് ഇബ്റാഹീമും.

إِذۡ جَآءَ رَبَّهُۥ بِقَلۡبٖ سَلِيمٍ ٨٤

84 നിർദ്ദോഷമായ ഒരു ഹൃദയത്തോടുകൂടി അദ്ദേഹം തൻെറ രക്ഷിതാവിങ്കൽ വന്ന സന്ദർഭം (ഓർക്കുക).

إِذۡ قَالَ لِأَبِيهِ وَقَوۡمِهِۦ مَاذَا تَعۡبُدُونَ ٨٥

85 അതായത്, അദ്ദേഹം തൻെറ പിതാവിനോടും, ജനതയോടും പറഞ്ഞ സന്ദർഭം: "നിങ്ങൾ എന്തിനെയാണ് ആരാധിക്കുന്നത്?!-'

أَئِفۡكًا ءَالِهَةٗ دُونَ ٱللَّهِ تُرِيدُونَ ٨٦

86 "കള്ളമായിക്കൊണ്ട് അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധ്യൻമാരെ ഉദ്ദേശിക്കുകയാണോ?!"

فَمَا ظَنُّكُم بِرَبِّ ٱلۡعَٰلَمِينَ ٨٧

87 "അപ്പോൾ, ലോകരക്ഷിതാവിനെപ്പറ്റി നിങ്ങളുടെ ധാരണയെന്താണ്?!"

യാതൊരു കളങ്കവും സ്വാർത്ഥവും തീണ്ടാത്ത ശുദ്ധമനസ്സോടെ സത്യവിശ്വാസത്തിന്റെ മാർഗ്ഗത്തിൽ ത്യാഗസന്നദ്ധനായി ഇബ്രഹീം നബി(സ) തന്റെ റബ്ബിങ്കൽ വന്നു. ഇബ്രാഹീം നബി(അ) യുടെ ചരിത്രം ഖുർആനിൽ പല അദ്ധ്യായങ്ങളിലായി വിശദമായി വിവരിക്കപ്പെട്ടിട്ടുള്ളതാകുന്നു. (സൂ: അൻആം 74-87; സൂ: ഇബ്രാഹീം : ആമുഖം ; 35-41 ; സൂ: അമ്പിയാഅ്: 51-70 നോക്കുക)

**വചനം 88,89,90 :**

فَنَظَرَ نَظۡرَةٗ فِي ٱلنُّجُومِ ٨٨

88 അങ്ങനെ, അദ്ദേഹം നക്ഷത്രങ്ങളിൽ ഒരു നോട്ടം നോക്കി.

فَقَالَ إِنِّي سَقِيمٞ ٨٩

89 എന്നിട്ട് പറഞ്ഞു: "നിശ്ചയമായും ഞാൻ അസുഖമുള്ളവനാണ്."

فَتَوَلَّوۡاْ عَنۡهُ مُدۡبِرِينَ ٩٠

90 അപ്പോൾ, അവർ അദ്ദേഹത്തെ വിട്ട് പിന്തിരിഞ്ഞു മാറിപ്പോയി.

ജനങ്ങളെല്ലാം ഒരു ഉത്സവത്തിൽ പങ്കെടുക്കാൻ പോയ സന്ദർഭത്തിൽ, അവരുടെ അഭാവത്തിൽ അവരുടെ വിഗ്രഹങ്ങളെ കൊത്തിമുറിക്കുവാനായി, ദീർഘനേരം ആലോചിച്ചതിന് ശേഷം ('നക്ഷത്രത്തിൽ നോക്കി' എന്ന പ്രയോഗം) ഞാൻ സുഖമില്ലാത്തവനാണ് എന്ന് പറഞ്ഞ് കൊണ്ട് ഉത്സവത്തിൽ പങ്കെടുക്കാൻ പോകാതെ അദ്ദഹം മാറി നിന്നു.

**വചനം 91 92 93 :**

فَرَاغَ إِلَىٰٓ ءَالِهَتِهِمۡ فَقَالَ أَلَا تَأۡكُلُونَ ٩١

91 എന്നിട്ട് അദ്ദേഹം അവരുടെ ആരാധ്യ വസ്തുക്കളിലേക്ക് തിരിഞ്ഞു (അഥവാ ഒളിഞ്ഞു ചെന്നു). എന്നിട്ട് പറഞ്ഞു: "നിങ്ങൾ തിന്നുന്നില്ലേ?!"

مَا لَكُمۡ لَا تَنطِقُونَ ٩٢

92 "നിങ്ങൾക്കെന്താണ്-നിങ്ങൾ മിണ്ടുന്നില്ല?!"

فَرَاغَ عَلَيۡهِمۡ ضَرۡبَۢا بِٱلۡيَمِينِ ﴿٩٣﴾

93 അങ്ങനെ, അദ്ദേഹം വലംകയ്യാൽ (ഊക്കോടെ) വെട്ടിക്കൊണ്ട് അവരുടെ മേൽക്കുതിരിഞ്ഞു.

നിങ്ങൾ തിന്നുന്നില്ലെ, മിണ്ടുന്നില്ലല്ലൊ എന്നൊക്കെ ആ വിഗ്രഹങ്ങളെ നിന്ദിച്ച് കൊണ്ട് പറഞ്ഞ വാക്കുകളാകുന്നു. വലിയ വിഗ്രഹത്തെ മാത്രം ബാക്കിയാക്കി മറ്റുള്ള വിഗ്രഹങ്ങളെയെല്ലാം അദ്ദേഹം വെട്ടിയുടച്ചു

**വചനം 94, 95, 96, 97, 98 :**

فَأَقۡبَلُوٓاْ إِلَيۡهِ يَزِفُّونَ ﴿٩٤﴾

94 എന്നിട്ട് അവർ ധൃതിപിടിച്ചുകൊണ്ട് അദ്ദേഹത്തിൻെറ അടുക്കലേക്ക് മുന്നിട്ടുചെന്നു.

قَالَ أَتَعۡبُدُونَ مَا تَنۡحِتُونَ ﴿٩٥﴾

95 അദ്ദേഹം പറഞ്ഞു: "നിങ്ങൾ (സ്വയം) കൊത്തിപ്പണിതുണ്ടാക്കുന്നതിനെ നിങ്ങൾ ആരാധിക്കുകയോ?!"

وَٱللَّهُ خَلَقَكُمۡ وَمَا تَعۡمَلُونَ ﴿٩٦﴾

96 "അല്ലാഹുവാണല്ലോ, നിങ്ങളെയും, നിങ്ങൾ പ്രവർത്തിച്ചുണ്ടാക്കുന്നതിനെയും സൃഷ്ടിച്ചത്!"

قَالُواْ ٱبۡنُواْ لَهُۥ بُنۡيَٰنٗا فَأَلۡقُوهُ فِي ٱلۡجَحِيمِ ﴿٩٧﴾

97 അവർ പറഞ്ഞു: "നിങ്ങൾ അവനുവേണ്ടി ഒരു എടുപ്പ് നിർമ്മിക്കുവിൻ; എന്നിട്ട് അവനെ ജ്വലിക്കുന്ന അഗ്നിയിൽ ഇട്ടേക്കുവിൻ!"

فَأَرَادُواْ بِهِۦ كَيۡدٗا فَجَعَلۡنَٰهُمُ ٱلۡأَسۡفَلِينَ ﴿٩٨﴾

98 അങ്ങനെ, അവർ അദ്ദേഹത്തെപ്പറ്റി ഒരു തന്ത്രം ഉദ്ദേശിച്ചു. എന്നാൽ, നാം അവരെ ഏറ്റവും അധമൻമാരാക്കി (പരാജിതരാക്കി).

ഉത്സവം കഴിഞ്ഞ് തിരിച്ചെത്തിയ നാട്ടുകാർ ഇബ്രാഹിം(അ) നബിയെ ചുട്ടെരിക്കുവാനുള്ള അഗ്നികുണ്ഡം തയ്യാറാക്കി. അല്ലാഹു അവരുടെ തന്ത്രങ്ങളെ പരാജിതമാക്കി.

**വചനം 99, 100 :**

وَقَالَ إِنِّي ذَاهِبٌ إِلَىٰ رَبِّي سَيَهۡدِينِ ﴿٩٩﴾

99 അദ്ദേഹം പറഞ്ഞു: "നിശ്ചയമായും ഞാൻ എൻെറ റബ്ബിങ്കലേക്കു പോകുകയാണ്. അവൻ എനിക്ക് മാർഗ്ഗദർശനം നൽകിക്കൊള്ളും."

رَبِّ هَبۡ لِي مِنَ ٱلصَّٰلِحِينَ ﴿١٠٠﴾

100 "എൻെറ റബ്ബേ, നീ എനിക്ക് സദ്വൃത്തൻമാരിൽ പെട്ടവരെ പ്രദാനം ചെയ്യേണമേ!"

അഗ്നികുണ്ഡത്തിൽ നിന്നും രക്ഷപെട്ട അദ്ദേഹം തൗഹീദിന്റെ പ്രബോധനത്തിനായി ശാമിലേക്ക് ഹിജ്റ പോയി. തന്റെ പ്രബോധനത്തിൽ സഹായിക്കാനും ആ പ്രബോധന കൃത്യം തനിക്ക് ശേഷവും നിലനിർത്തുവാനും സദ് വൃത്തരായ പിൻഗാമികൾ തനിക്കുണ്ടാകാൻ വേണ്ടി അദ്ദേഹം റബ്ബിനോട് പ്രാർത്ഥിച്ചു. അദ്ദേഹത്തിന് വാർദ്ധക്യവും പിടിപെട്ടിരുന്നു.

**വചനം 101, 102 :**

فَبَشَّرۡنَٰهُ بِغُلَٰمٍ حَلِيمٖ ﴿١٠١﴾

101 അപ്പോൾ, സഹനശീലനായ ഒരു ബാലനെ ക്കുറിച്ച് നാം അദ്ദേഹത്തിന് സന്തോഷവാർത്ത അറിയിച്ചു.

فَلَمَّا بَلَغَ مَعَهُ ٱلسَّعۡيَ قَالَ يَٰبُنَيَّ إِنِّيٓ أَرَىٰ فِي ٱلۡمَنَامِ أَنِّيٓ أَذۡبَحُكَ فَٱنظُرۡ مَاذَا تَرَىٰۚ

102 എന്നിട്ട് അവൻ (ആ ബാലൻ) തൻെറകൂടെ പ്രയത്നിക്കുവാൻ (പ്രായം) എത്തിയപ്പോൾ, അദ്ദേഹം പറയുകയാണ്: "എൻെറ കുഞ്ഞു മകനേ, ഞാൻ നിന്നെ അറുക്കുന്നതായി ഞാൻ

قَالَ يَٰٓأَبَتِ ٱفۡعَلۡ مَا تُؤۡمَرُۖ سَتَجِدُنِيٓ إِن شَآءَ ٱللَّهُ مِنَ ٱلصَّٰبِرِينَ ﴿١٠٢﴾

ഉറക്കിൽ (സ്വപ്നം) കാണുന്നു! അതുകൊണ്ട് (അതിനെപ്പറ്റി) നീ എന്താണഭിപ്രായപ്പെടുന്നത് എന്ന് (ചിന്തിച്ചു) നോക്കുക!" അവൻ പറഞ്ഞു: "എൻെറ ഉപ്പാ, അവിടുത്തോട് കൽപിക്കപ്പെടുന്നത് അവിടുന്ന് ചെയ്തുകൊള്ളുക! അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം, എന്നെ ക്ഷമ കാണിക്കുന്നവരിൽ പെട്ടവനായി അങ്ങുന്ന് കണ്ടെത്തിച്ചേക്കുന്നതാണ്."

ഇബ്രാഹിം (അ) നബിയുടെ പ്രഥമ പുത്രനായ ഇസ്മാഈൽ (അ) നബിയാണ് ഇവിടെ സഹനശീലനായ ബാലൻ എന്ന് വിശേഷിപ്പിക്കപ്പെട്ടത്. ഇസ്മാ ഈൽ (അ) പതിമൂന്ന് വയസ്സായപ്പോളാണെന്ന് പറയപ്പെടുന്നു, അദ്ദേഹത്തെ അറുക്കുന്നതായി ഇബ്രാഹീം(അ) നബി സ്വപ്നം കാണുന്നത്. നബിമാരുടെ സ്വപ്നം യാഥാർത്ഥ്യമായിരിക്കും- അതിന് വഹ്‌യിന്റെ സ്ഥാനമുണ്ട്.

ഇബ്രാഹീം(അ) നബി സ്വപ്ന വിവരം മകനെ അറിയിക്കുകയും, അഭിപ്രായം ആരായുകയും ചെയ്തു. സഹനശീലനായ ഇസ്മായിൽ(അ) നബി യാതൊരു വൈമനസ്യവും കൂടാതെ തന്നെ അറുക്കുവാനായി പിതാവിന് സമ്മതം നൽകി. അല്ലാഹു തനിക്ക് സഹനവും സമാധാനവും നൽകുമെന്ന് സ്വയം സമാധാനിക്കുകയും ചെയ്തു.

**വചനം 103,104,105,106,107 :**

فَلَمَّآ أَسۡلَمَا وَتَلَّهُۥ لِلۡجَبِينِ ﴿١٠٣﴾

103 അങ്ങനെ, രണ്ടുപേരും (കൽപനക്കു) കീഴടങ്ങുകയും, അദ്ദേഹം അവനെ നെറ്റിവെച്ച് (കമിഴ്ത്തി) കിടത്തുകയും ചെയ്തപ്പോൾ.....! (ഹാ! ആ സന്ദർഭം വിവരിക്കേണ്ടതില്ല.)

وَنَٰدَيۡنَٰهُ أَن يَٰٓإِبۡرَٰهِيمُ ﴿١٠٤﴾

104 നാം (അല്ലാഹു) അദ്ദേഹത്തെ വിളിച്ചു (പറഞ്ഞു): "ഹേ, ഇബ്റാഹീം! (മതി)

قَدۡ صَدَّقۡتَ ٱلرُّءۡيَآۚ إِنَّا كَذَٰلِكَ نَجۡزِي ٱلۡمُحۡسِنِينَ ﴿١٠٥﴾

105 "തീർച്ചയായും, നീ സ്വപ്നത്തെ സാക്ഷാൽകരിച്ചിരിക്കുന്നു! ഇപ്രകാരമാണ് സുകൃതവാൻമാർക്ക് നാം പ്രതിഫലം കൊടുക്കുന്നത്."

إِنَّ هَٰذَا لَهُوَ ٱلۡبَلَٰٓؤُاْ ٱلۡمُبِينُ ﴿١٠٦﴾

106 നിശ്ചയമായും, ഇതുതന്നെയാണ് സ്പഷ്ടമായ പരീക്ഷണം.

وَفَدَيۡنَٰهُ بِذِبۡحٍ عَظِيمٖ ﴿١٠٧﴾

107 മഹത്തായ ഒരു ബലിമൃഗത്തെക്കൊണ്ട് അവനു (പകരം) നാം തെണ്ടംകൊടുക്കുകയും ചെയ്തു.

അവർ രണ്ടുപേരും അല്ലാഹുവിന്റെ കല്പനക്ക് കീഴടങ്ങി; പ്രിയപുത്രനെ ബലി ചെയ്‌വാനായി, കമിഴ്ത്തിക്കിടത്തി... ഈ സന്ദർഭത്തിൽ അതാ അല്ലാഹു വിളിക്കുന്നു... ഇബ്രാഹീമേ മതി; നീ സ്വപ്നം സാക്ഷാല്ക്കരിച്ച് കഴിഞ്ഞിരിക്കുന്നു.

ഇസ്മാഈൽ(അ)ന് പകരം, അല്ലാഹുവിന്റെ നിർദ്ദേശ പ്രകാരം ഒരു ആടിനെ ഇബ്രാഹീം(അ) നബി ബലിയർപ്പിച്ചു. ഈ മഹത്തായ സംഭവം നടന്നത് മക്കായുടെ സമീപ പ്രദേശമായ 'മിനാ'യിൽ വെച്ചായിരുന്നു. ഈ മഹത്തായ ത്യാഗത്തിന്റെ സ്മരണ നിലനിർത്തുവാനും, സത്യവിശ്വാസികളിൽ ത്യാഗശീലം വളർത്തുവാനും വേണ്ടിയത്രേ വലിയ പെരുന്നാൾ ദിവസം ഹാജിമാർ മിനായിൽ വെച്ചും മറ്റുള്ളവർ നാട്ടിൽ വെച്ചും ബലികർമ്മം നടത്തുവാൻ കല്പിക്കപ്പെട്ടിരിക്കുന്നത്.

**വചനം 108,109,110,111 :**

وَتَرَكۡنَا عَلَيۡهِ فِي ٱلۡأٓخِرِينَ ﴿١٠٨﴾

108 പിന്നീടുള്ളവരിൽ (ഭാവിതലമുറകളിൽ) അദ്ദേഹത്തിൻെറ മേൽ നാം (സൽകീർത്തി)

ബാക്കിയാക്കുകയും ചെയ്തു.

سَلَٰمٌ عَلَىٰٓ إِبۡرَٰهِيمَ ١٠٩

109 ഇബ്റാഹീമിന്‍റെമേല്‍ 'സലാം' (സമാധാന ശാന്തി)!

كَذَٰلِكَ نَجۡزِي ٱلۡمُحۡسِنِينَ ١١٠

110 അപ്രകാരമാണ് നാം സുകൃതവാന്‍മാര്‍ക്ക് പ്രതിഫലം നല്‍കുന്നത്.

إِنَّهُۥ مِنۡ عِبَادِنَا ٱلۡمُؤۡمِنِينَ ١١١

111 നിശ്ചയമായും, അദ്ദേഹം നമ്മുടെ സത്യവിശ്വാ സികളായ അടിയാന്‍മാരില്‍ പെട്ടവനാകുന്നു.

ഇബ്രാഹീം(അ) നബിയെക്കുറിച്ച് ഇവിടെ പ്രസ്താവിക്കപ്പെട്ട വചനങ്ങള്‍ ഇതിന് മുമ്പ് നൂഹ്(അ) നബിയെക്കുറിച്ചും, താഴെ മൂസാ(അ), ഹാറൂന്‍(അ), ഇല്‍യാസ്(അ) എന്നീ നബിമാരെക്കുറിച്ചും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. പില്‍ക്കാലക്കാരില്‍ അവരുടെ സല്‍കീര്‍ത്തി നിലനില്‍ക്കുമെന്നും അവരുടെ മേല്‍ 'സലാം' ഉണ്ടായിരിക്കുമെന്നും പറഞ്ഞ ശേഷം അവര്‍ സുകൃതവാന്‍മാര്‍ അഥവാ സല്‍ഗുണവാന്‍ മാര്‍ ആണെന്നും, സത്യവിശ്വാസികള്‍ ആണെന്നും, അവരെ പറ്റി പുകഴ്ത്തിയിരിക്കുന്നു.. ഇബ്രാഹീം(അ) നബി സുകൃതവാനാണെന്ന് 105-ാം വചനത്തിലും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

**വചനം 112,113:**

وَبَشَّرۡنَٰهُ بِإِسۡحَٰقَ نَبِيّٗا مِّنَ ٱلصَّٰلِحِينَ ١١٢

112 സദ്വൃത്തന്‍മാരില്‍പെട്ട ഒരു പ്രവാചകനായിക്കൊണ്ട് ഇസ്ഹാഖിനെക്കുറിച്ച് അദ്ദേഹത്തിനു നാം സന്തോഷവാര്‍ത്ത അറിയിക്കുകയും ചെയ്തു.

وَبَٰرَكۡنَا عَلَيۡهِ وَعَلَىٰٓ إِسۡحَٰقَۚ وَمِن ذُرِّيَّتِهِمَا مُحۡسِنٞ وَظَالِمٞ لِّنَفۡسِهِۦ مُبِينٞ ١١٣

113 അദ്ദേഹത്തിന്‍റെ (ബലിക്ക് തയ്യാറായ പുത്രന്‍റെ)മേലും ഇസ്ഹാഖിന്‍റെ മേലും നാം ബര്‍ക്കത്ത് (ആശീര്‍വാദം) നല്കുകയും ചെയ്തിരിക്കുന്നു. അവര്‍ രണ്ടുപേരുടെയും സന്താനങ്ങളിലുണ്ട്, സുകൃതനും തന്നോടുതന്നെ സ്പഷ്ടമായ അക്രമം കാണിക്കുന്നവനും.

ഇബ്രാഹീം(അ) നബിക്ക് സിദ്ധിച്ച മറ്റൊരു അനുഗ്രഹമാകുന്നു ഇസ്ഹാഖ്(അ) നബിയുടെ ജനനം. ഇബ്രാഹീം(അ) നബിയുടെ സന്താന പരമ്പര ഈ രണ്ട് പുത്രന്‍മാര്‍ വഴിയാണ് നിലനിന്ന് പോന്നത്. അനേകം നബിമാരും അവരിലുണ്ടായി. ഇസ്ഹാഖ്(അ) നബിയുടെ സന്തതികളായ ഇസ്രാഈല്യരിലും, ഇസ്മാഈല്‍(അ) നബിയുടെ സന്തതികളായ അറബികളിലും എല്ലാം തന്നെ ഉല്‍കൃഷ്ടരായ ആളുകളും, അക്രമികളായ ആളുകളും ഉണ്ടായിരിക്കും. പ്രവാചകന്മാരുടെ സന്തതികളായത് കൊണ്ട് മാത്രം ആരും രക്ഷപ്പെടുകയില്ല- സത്യവിശ്വാസവും സല്‍കര്‍മ്മവും കൊണ്ടേ ഏതൊരാളും രക്ഷ പ്രാപിക്കുകയുള്ളൂ.

## വിഭാഗം 4

**വചനം 114,115,116 :**

وَلَقَدۡ مَنَنَّا عَلَىٰ مُوسَىٰ وَهَٰرُونَ ١١٤

114 തീര്‍ച്ചയായും, മൂസായുടെയും ഹാറൂന്‍റെയും പേരില്‍ നാം ദാക്ഷിണ്യം (അഥവാ അനുഗ്രഹം) ചെയ്തിരിക്കുന്നു.

وَنَجَّيۡنَٰهُمَا وَقَوۡمَهُمَا مِنَ ٱلۡكَرۡبِ ٱلۡعَظِيمِ ١١٥

115 രണ്ടുപേരെയും, അവരുടെ ജനതയെയും വമ്പിച്ച സങ്കടത്തില്‍ (വിപത്തില്‍) നിന്ന് നാം രക്ഷപ്പെടുത്തുകയും ചെയ്തു.

وَنَصَرۡنَٰهُمۡ فَكَانُواْ هُمُ ٱلۡغَٰلِبِينَ ١١٦

116 അവരെ നാം സഹായിക്കയും ചെയ്തു. അങ്ങനെ, വിജയികള്‍ അവര്‍ തന്നെ ആയിത്തീര്‍ന്നു.

ഇസ്രാഈല്യരിൽ ജനിക്കുന്ന ആൺകുട്ടികളെ കൊലപ്പെടുത്തുക, അടിമകളാക്കുക, തുടങ്ങി ഫിർഔൻ നടത്തിയിരുന്ന അക്രമങ്ങളാണ് വമ്പിച്ച സങ്കടം(വിപത്ത്) എന്ന് പറഞ്ഞത്. ഇസ്രാഈല്യർ ഫിർഔനിൽ നിന്ന് രക്ഷപ്പെട്ടതും പിന്നീട് പ്രതാപവും സംസ്കാരവും സിദ്ധിച്ച ജനതയായിത്തീർന്നതും പ്രസിദ്ധമാണല്ലോ.

**വചനം 117,118,119,120,121,122,123,124,125,126,127,128,129,130,131,132 :**

117 രണ്ടുപേർക്കും നാം (ആ) വ്യക്തമായി വിവരിക്കുന്ന ഗ്രന്ഥം (തൗറാത്തു) നൽകുകയും ചെയ്തു.

وَءَاتَيۡنَٰهُمَا ٱلۡكِتَٰبَ ٱلۡمُسۡتَبِينَ ١١٧

118 രണ്ടുപേർക്കും നാം ചൊവ്വായ പാത കാട്ടിക്കൊടുക്കുകയും ചെയ്തു.

وَهَدَيۡنَٰهُمَا ٱلصِّرَٰطَ ٱلۡمُسۡتَقِيمَ ١١٨

119 രണ്ടാളുടെമേലും, പിന്നീട് വരുന്നവരിൽ നാം (സൽകീർത്തി) ബാക്കിയാക്കുകയും ചെയ്തു.

وَتَرَكۡنَا عَلَيۡهِمَا فِي ٱلۡأٓخِرِينَ ١١٩

120 മൂസായുടെയും, ഹാറൂൻെറയും പേരിൽ 'സലാം' (സമാധാനശാന്തി)!

سَلَٰمٌ عَلَىٰ مُوسَىٰ وَهَٰرُونَ ١٢٠

121 നാം അങ്ങിനെയാണ് സുകൃതവാൻമാർക്ക് പ്രതിഫലം കൊടുക്കുന്നത്.

إِنَّا كَذَٰلِكَ نَجۡزِي ٱلۡمُحۡسِنِينَ ١٢١

122 നിശ്ചയമായും, അവർ രണ്ടുപേരും നമ്മുടെ സത്യവിശ്വാസികളായ അടിയാൻമാരിൽ പെട്ടവരാണ്.

إِنَّهُمَا مِنۡ عِبَادِنَا ٱلۡمُؤۡمِنِينَ ١٢٢

123 ഇൽയാസുംതന്നെ, 'മുർസലു'കളിൽ പെട്ടവനാകുന്നു.

وَإِنَّ إِلۡيَاسَ لَمِنَ ٱلۡمُرۡسَلِينَ ١٢٣

124 അദ്ദേഹം തൻെറ ജനതയോട് പറഞ്ഞ സന്ദർഭം (ഓർക്കുക): "നിങ്ങൾ (അല്ലാഹുവിനെ) സൂക്ഷിക്കുന്നില്ലേ?!'

إِذۡ قَالَ لِقَوۡمِهِۦٓ أَلَا تَتَّقُونَ ١٢٤

125 "നിങ്ങൾ 'ബഅ്ലി'നെ വിളി(ച്ചു പ്രാർത്ഥി)ക്കുകയും, ഏറ്റവും നല്ല സ്രഷ്ടാവിനെ വിട്ടുകളയുകയും ചെയ്യുകയാണോ?-

أَتَدۡعُونَ بَعۡلٗا وَتَذَرُونَ أَحۡسَنَ ٱلۡخَٰلِقِينَ ١٢٥

126 "അതായത്, നിങ്ങളുടെ രക്ഷിതാവും, നിങ്ങളുടെ പൂർവ്വികൻമാരായ പിതാക്കളുടെ രക്ഷിതാവുമായ അല്ലാഹുവിനെ!"

ٱللَّهَ رَبَّكُمۡ وَرَبَّ ءَابَآئِكُمُ ٱلۡأَوَّلِينَ ١٢٦

127 എന്നിട്ട് അവർ അദ്ദേഹത്തെ വ്യാജമാക്കി. അതിനാൽ അവർ നിശ്ചയമായും (ശിക്ഷയിൽ) ഹാജറാക്കപ്പെടുന്നവരാകുന്നു:-

فَكَذَّبُوهُ فَإِنَّهُمۡ لَمُحۡضَرُونَ ١٢٧

128 അല്ലാഹുവിൻെറ കളങ്കരഹിതരാക്കപ്പെട്ട (ശുദ്ധരായ) അടിയാൻമാരൊഴികെ.

إِلَّا عِبَادَ ٱللَّهِ ٱلۡمُخۡلَصِينَ ١٢٨

129 അദ്ദേഹത്തിൻെറ മേൽ നാം പിന്നീടുള്ളവരിൽ (സൽകീർത്തി) ബാക്കിയാക്കുകയും ചെയ്തു.

وَتَرَكۡنَا عَلَيۡهِ فِي ٱلۡأٓخِرِينَ ١٢٩

سَلَٰمٌ عَلَىٰٓ إِلْ يَاسِينَ ﴿١٣٠﴾

130 ഇൽയാസിൻെറ (അഥവാ ഇൽയാസിൻെറ ആൾക്കാരുടെ) മേൽ സലാം (സമാധാന ശാന്തി)!

إِنَّا كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿١٣١﴾

131 നാം അപ്രകാരമാണ് സുകൃതവാൻമാർക്ക് പ്രതിഫലം കൊടുക്കുന്നത്.

إِنَّهُۥ مِنْ عِبَادِنَا ٱلْمُؤْمِنِينَ ﴿١٣٢﴾

132 നിശ്ചയമായും അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ അടിയാൻമാരിൽപെട്ടവനാകുന്നു.

മൂസാ(അ) നബിക്കും ഹാറൂൻ(അ) നബിക്കും ഇൽയാസ്(അ) നബിക്കും അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ ഈ വചനങ്ങളിൽ അല്ലാഹു പ്രസ്താവിക്കുന്നു. ഇബ്രാഹീം(അ) നബിയെക്കുറിച്ച്, 108,109,110,111 എന്നീ വചനങ്ങളിൽ അല്ലാഹു സമാനമായ അനുഗ്രഹങ്ങൾ നൽകിയതായി പ്രസ്താവിക്കപ്പെട്ടിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ.

'രണ്ടുപേർക്കും നാം വ്യക്തമായി വിവരിക്കുന്ന ഗ്രന്ഥം നൽകുകയും ചെയ്തു' എന്ന് പറഞ്ഞത് മൂസാ(അ) നബിക്കും ഹാറൂൻ(അ) നബിക്കും നൽകപ്പെട്ട 'തൌറാത്തി'നെ കുറിച്ചാകുന്നു.

ഹാറൂൻ(അ) നബിയുടെ സന്തതികളിൽപ്പെട്ട ഒരു ഇസ്രാഈലി പ്രവാചകനായിരുന്നു ഇൽയാസ് നബി(അ) എന്നാണ് പല വ്യാഖ്യാതാക്കളും പറയുന്നത്. (യൂശഅ്(അ) നബിയുടെ പിൻഗാമിയായിരുന്നു വെന്നും ചിലർ പ്രസ്താവിച്ചിരിക്കുന്നു) അദ്ദേഹത്തിന്റെ ജനത ആരാധിച്ച് വന്നിരുന്ന ഒരു വിഗ്രഹമാണ് 'ബഅ്ൽ' എന്നും അദ്ദേഹത്തിന്റെ രാജ്യം 'ബഅ്ലക്ക് ' ആയിരുന്നുവെന്നും പറയപ്പെടുന്നുണ്ട്.

<u>വചനം 133,134,135,136,137,138 :</u>

وَإِنَّ لُوطًا لَّمِنَ ٱلْمُرْسَلِينَ ﴿١٣٣﴾

133 ലൂത്ത്വും തന്നെ 'മുർസലു'കളിൽപെട്ടവനാകുന്നു.

إِذْ نَجَّيْنَٰهُ وَأَهْلَهُۥٓ أَجْمَعِينَ ﴿١٣٤﴾

134 അദ്ദേഹത്തെയും, അദ്ദേഹത്തിൻെറ സ്വന്തക്കാരെ മുഴുവനും നാം രക്ഷപ്പെടുത്തിയ സന്ദർഭം (ഓർക്കുക);

إِلَّا عَجُوزًا فِى ٱلْغَٰبِرِينَ ﴿١٣٥﴾

135 -അവശേഷിച്ചവരിൽപെട്ട ഒരു വൃദ്ധസ്ത്രീയെ ഒഴികെ.

ثُمَّ دَمَّرْنَا ٱلْءَاخَرِينَ ﴿١٣٦﴾

136 പിന്നെ, മറ്റുള്ളവരെ നാം തകർത്തു (നിശേഷം നശിപ്പിച്ചു) കളഞ്ഞു.

وَإِنَّكُمْ لَتَمُرُّونَ عَلَيْهِم مُّصْبِحِينَ ﴿١٣٧﴾

137 നിങ്ങൾ പ്രഭാതവേളയിലായിക്കൊണ്ട് നിശ്ചയമായും അവരിൽ കൂടി കടന്നു പോകാറുണ്ടല്ലോ;-

وَبِٱلَّيْلِ ۗ أَفَلَا تَعْقِلُونَ ﴿١٣٨﴾

138 രാത്രിയിലും (കടന്നുപോകാറുണ്ട്). എന്നിട്ടും നിങ്ങൾ ബുദ്ധികൊടു(ത്തു ചിന്തി)ക്കുന്നില്ലേ?!

ലൂത്വ്(അ)ന്റെ ചരിത്രവും അദ്ദേഹത്തിന്റെ ജനതക്ക് ബാധിച്ച ശിക്ഷയും സൂ: ഹൂദ്ലും സൂ: ശുഅറാഅ്ലും വിശദമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. അറബികൾ ശാമിലേക്ക്, പ്രഭാത വേളകളിലും രാത്രികളിലും ലൂത്വ്(അ) നബിയുടെ രാജ്യത്തിനടുത്ത് കൂടെ സാധാരണ അവരുടെ കച്ചവട യാത്രകൾ നടത്താറുള്ളതാണ്. ആ രാജ്യം നശിപ്പിക്കപ്പെട്ടതിന്റെ അവശിഷ്ടങ്ങൾ ആ അവസരങ്ങളിൽ അവർ കാണാറുള്ളതാണ്. അതുകൊണ്ടാണ് 'എന്നിട്ടും നിങ്ങൾ ബുദ്ധികൊടുത്ത് ആലോചിക്കുന്നില്ലേ' എന്ന് അല്ലാഹു ചോദിക്കുന്നത്.

**വിഭാഗം 5**

**വചനം 139,140,141,142 :**

وَإِنَّ يُونُسَ لَمِنَ ٱلْمُرْسَلِينَ ﴿١٣٩﴾

139 യൂനുസും തന്നെ 'മുർസലു'കളിൽ പെട്ടവനാകുന്നു.

إِذْ أَبَقَ إِلَى ٱلْفُلْكِ ٱلْمَشْحُونِ ﴿١٤٠﴾

140 ഭാരം നിറക്കപ്പെട്ട കപ്പലിലേക്ക് അദ്ദേഹം ഓടിപ്പോയ സന്ദർഭം (ഓർക്കുക).

فَسَاهَمَ فَكَانَ مِنَ ٱلْمُدْحَضِينَ ﴿١٤١﴾

141 എന്നിട്ട് അദ്ദേഹം നറുക്കെടുപ്പിൽ പങ്കെടുത്തു (ജയംപരീക്ഷിച്ചു). അപ്പോഴദ്ദേഹം തോല്പിക്കപ്പെട്ടവരിൽ ആയിത്തീർന്നു.

فَٱلْتَقَمَهُ ٱلْحُوتُ وَهُوَ مُلِيمٌ ﴿١٤٢﴾

142 അങ്ങനെ, താൻ ആക്ഷേപവിധേയനായിരിക്കെ അദ്ദേഹത്തെ മത്സ്യം വിഴുങ്ങി.

യൂനുസ്(അ) നബിയുടെ ചരിത്രം സൂ:അമ്പിയാഅ് 87,88 വചനങ്ങളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രബോധനം നാട്ടുകാർ വകവെക്കാതായപ്പോൾ അവരുടെ മേൽ കോപിച്ച് കൊണ്ട് അദ്ദേഹം ഒരു കപ്പലിൽ കയറി സ്ഥലം വിട്ടു പോയി. വമ്പിച്ച കാറ്റിലും കോളിലുംപെട്ട് കപ്പലിന്റെ സ്ഥിതി ആപല്ക്കരമായി. കപ്പലിന്റെ ഭാരം കുറക്കാനായി യാത്രക്കാർക്കിടയിൽ നടത്തപ്പെട്ട നറുക്കെടുപ്പിൽ അദ്ദേഹം പരാജയപ്പെടുകയും, അദ്ദേഹം കടലിലേക്ക് എറിയപ്പെടുകയും അദ്ദേഹത്തെ ഒരു മത്സ്യം വിഴുങ്ങുകയും ചെയ്തു.

അല്ലാഹുവിൽ നിന്നുള്ള അനുവാദം ലഭിക്കാതെയായിരുന്നു അദ്ദേഹം നാട് വിട്ട് പോയത്. അത് കൊണ്ടാണ് 'ഓടിപ്പോയി' എന്നും 'ആക്ഷേപവിധേയൻ' എന്നും അദ്ദേഹത്തെ പറ്റി അല്ലാഹു പറഞ്ഞത്.

**വചനം 143,144,145,146 :**

فَلَوْلَآ أَنَّهُۥ كَانَ مِنَ ٱلْمُسَبِّحِينَ ﴿١٤٣﴾

143 എന്നാൽ, അദ്ദേഹം 'തസ്ബീഹു' (പ്രകീർത്തനം) നടത്തുന്നവരിൽ പെട്ടവനല്ലായിരുന്നുവെങ്കിൽ,-

لَلَبِثَ فِى بَطْنِهِۦٓ إِلَىٰ يَوْمِ يُبْعَثُونَ ﴿١٤٤﴾

144 അവർ (ജനങ്ങൾ) ഉയിർത്തെഴുന്നേല്പിക്കപ്പെടുന്ന ദിവസംവരെ അതിൻെറ വയറ്റിൽ (തന്നെ) അദ്ദേഹം കഴിഞ്ഞുകൂടേണ്ടി വരുമായിരുന്നു!

۞ فَنَبَذْنَٰهُ بِٱلْعَرَآءِ وَهُوَ سَقِيمٌ ﴿١٤٥﴾

145 എന്നിട്ട്, അദ്ദേഹം അനാരോഗ്യനായ നിലയിൽ, അദ്ദേഹത്തെ നാം (ആ) നഗ്നപ്രദേശത്ത് ഇട്ടുകൊടുത്തു.

وَأَنۢبَتْنَا عَلَيْهِ شَجَرَةً مِّن يَقْطِينٍ ﴿١٤٦﴾

146 അദ്ദേഹത്തിനുമീതെ ചുരക്കാവർഗ്ഗത്തിൽപെട്ട ഒരു മരം (അഥവാ ചെടി) നാം ഉല്പാദിപ്പിക്കുകയും ചെയ്തു.

മത്സ്യം യൂനുസ്(അ) നബിയെ ഒരു വിജന പ്രദേശത്ത് കരയിലെറിഞ്ഞു. അത്യന്തം അവശനായ അദ്ദേഹത്തിന് തണലും വിശ്രമസ്ഥാനവും നൽകുമാറുള്ള ചുരക്കാ വർഗ്ഗത്തിൽപ്പെട്ട ഒരു മരം അല്ലാഹു ഏർപ്പെടുത്തിക്കൊടുത്തു. അദ്ദേഹത്തിൽ വന്ന് പോയ ഒരു അബദ്ധം നിമിത്തമാണ് ഈ അത്യാഹിതം സംഭവിച്ചതെങ്കിലും അദ്ദേഹം വളരെ ഭയഭക്തിയും ദൈവസ്മരണയും ഉള്ള ആളായത് കൊണ്ട് അല്ലാഹു അദ്ദേഹത്തിന് രക്ഷയും സമാധാനവും നൽകി. അല്ലായിരുന്നുവെങ്കിൽ അദ്ദേഹം മത്സ്യത്തിന്റെ വയറ്റിൽ വെച്ച് മരണം അടയുകയും, അത് അദ്ദേഹത്തിന്റെ ഖബർ ആയിത്തീരുകയും ചെയ്യുമായിരുന്നു.

**വചനം 147,148 :**

وَأَرۡسَلۡنَٰهُ إِلَىٰ مِاْئَةِ أَلۡفٍ أَوۡ يَزِيدُونَ ١٤٧

147 നൂറായിരം (ഒരു ലക്ഷം)-അഥവാ കൂടുതൽ വരുന്ന-ആളുകളിലേക്ക് അദ്ദേഹത്തെ നാം അയക്കുകയും ചെയ്തു.

فَـَٔامَنُواْ فَمَتَّعۡنَٰهُمۡ إِلَىٰ حِينٖ ١٤٨

148 എന്നിട്ട് അവർ വിശ്വസിച്ചു. അങ്ങനെ, അവർക്ക് കുറെ കാലത്തോളം നാം സുഖജീവിതം നൽകുകയും ചെയ്തു.

അശ്-ശൂർ രാജാക്കന്മാരുടെ ഒരു പ്രധാന നഗരമായ നീനുവാ ആയിരുന്നു യൂനുസ്(അ) നബിയുടെ രാജ്യം. ഒരു ലക്ഷത്തിലധികം ജനസംഖ്യ വരുന്ന ആ നാട്ടിലേക്ക് തന്നെ അദ്ദേഹം വീണ്ടും നിയോഗിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രബോധന ഫലമായി, പിന്നീട് അവർ സത്യവിശ്വാസം സ്വീകരിക്കുകയും, അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അവർക്ക് ലഭിക്കുകയും, വളരെക്കാലങ്ങളോളം അവർ സുഖസൗകര്യങ്ങളോടെ കഴിഞ്ഞ് കൂടുകയും ചെയ്തു. (യൂനുസ്(അ) രണ്ടാമത് നിയോഗിക്കപ്പെട്ടത് സ്വന്തം നാട്ടിലേക്കായിരുന്നില്ല എന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്-.**الله اعلم** )

**വചനം 149,150 :**

فَٱسۡتَفۡتِهِمۡ أَلِرَبِّكَ ٱلۡبَنَاتُ وَلَهُمُ ٱلۡبَنُونَ ١٤٩

149 (നബിയേ) എന്നാൽ അവരോട് (ബഹുദൈവ വിശ്വാസികളോട്) വിധി അന്വേഷിക്കുക: "പെൺമക്കൾ നിൻെറ രക്ഷിതാവിനും, ആൺ മക്കൾ അവർക്കുമാണോ?!-"

أَمۡ خَلَقۡنَا ٱلۡمَلَٰٓئِكَةَ إِنَٰثٗا وَهُمۡ شَٰهِدُونَ ١٥٠

150 "അഥവാ അവർ ദൃക്സാക്ഷികളായിക്കൊണ്ട് മലക്കുകളെ നാം സ്ത്രീകളായി സൃഷ്ടിച്ചിരിക്കുന്നുവോ?!" എന്ന്.

മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് മുശ്രിക്കുകൾ വിശ്വസിച്ചിരുന്നു. പെൺമക്കൾ ജനിക്കുന്നത് അപമാനമായി കരുതി, അവരെ ജീവനോടെ കുഴിച്ചു മൂടുക പതിവാക്കിയിരുന്ന അവർ, അല്ലാഹുവിന് മക്കളുണ്ടെന്ന് മാത്രമല്ല അത് പെൺമക്കളാണെന്ന് കൂടി പറയുന്നു. അതിനെക്കുറിച്ച് അല്ലാഹു ആക്ഷേപിക്കുകയാണ് ഈ വചനങ്ങളിൽ. മലക്കുകളെ അല്ലാഹു സൃഷ്ടിച്ചത് ആണെന്നും പെണ്ണെന്നും തരംതിരിച്ചിട്ടല്ല. അവരെ സൃഷ്ടിച്ചപ്പോൾ ഇക്കൂട്ടർ അവിടെ ഹാജരുണ്ടായിരിക്കുകയും സ്ത്രീകളാക്കി സൃഷ്ടിച്ചത് കാണുകയും ചെയ്തിരുന്നുവോ- എന്ന് അല്ലാഹു അവരെ പരിഹസിക്കുന്നു.

**വചനം 151,152,153,154,155,156,157 :**

أَلَآ إِنَّهُم مِّنۡ إِفۡكِهِمۡ لَيَقُولُونَ ١٥١

151 അല്ലാ! (അറിഞ്ഞേക്കുക:) നിശ്ചയമായും അവർ, തങ്ങളുടെ കള്ളംനിമിത്തം പറയുന്നു:

وَلَدَ ٱللَّهُ وَإِنَّهُمۡ لَكَٰذِبُونَ ١٥٢

152 "അല്ലാഹു (സന്താനം)ജനിപ്പിച്ചിരിക്കുന്നു" എന്ന്! നിശ്ചയമായും, അവർ വ്യാജം പറയുന്നവർ തന്നെ.

أَصۡطَفَى ٱلۡبَنَاتِ عَلَى ٱلۡبَنِينَ ١٥٣

153 അവൻ ആൺമക്കളെക്കാൾ (പ്രാധാന്യം നൽകി) പെൺമക്കളെ തിരഞ്ഞെടുത്തിരിക്കുകയോ?!

مَا لَكُمۡ كَيۡفَ تَحۡكُمُونَ ١٥٤

154 (ഹേ, മുശ്രിക്കുകളേ!) നിങ്ങൾക്കെന്താണ്?! എങ്ങിനെ(യൊക്കെ)യാണ് നിങ്ങൾ വിധി കല്പിക്കുന്നത്?!!

أَفَلَا تَذَكَّرُونَ ١٥٥

155 അപ്പോൾ, നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ?!

156 അഥവാ, സ്പഷ്ടമായ വല്ല അധികൃത ലക്ഷ്യവും നിങ്ങൾക്കുണ്ടോ?!

أَمْ لَكُمْ سُلْطَـٰنٌ مُّبِينٌ ﴿١٥٦﴾

157 എന്നാൽ, നിങ്ങളുടെ ഗ്രന്ഥം (രേഖ) കൊണ്ടു വരുവിൻ, നിങ്ങൾ സത്യവാൻമാരാണെങ്കിൽ!

فَأْتُوا۟ بِكِتَـٰبِكُمْ إِن كُنتُمْ صَـٰدِقِينَ ﴿١٥٧﴾

അല്ലാഹുവിന് സന്താനങ്ങളുണ്ടെന്ന വ്യാജവാദത്തിന് പുറമേ മറ്റൊരു അനീതിയും കൂടിയാണ് ആ മക്കൾ പെൺമക്കളാണെന്ന വാദം. കളവ് കെട്ടിയുണ്ടാക്കിപ്പറയുന്നതിൽപോലും യാതൊരു ഔചിത്യവും ഇല്ലാത്തതിന്റെ പേരിലാണ് അല്ലാഹു ഇവരെ പറ്റി ഇത്രയും ശക്തമായ ഭാഷയിൽ ആക്ഷേപിക്കുന്നത്. സൂ: നജ്മ് : 21,22 വചനങ്ങളിൽ അല്ലാഹു ഇപ്രകാരം ഇവരോട് ചോദിക്കുന്നു- "നിങ്ങൾക്ക് ആണും അവന് പെണ്ണുമാണോ? എന്നാലത് അക്രമപരമായ ഒരു ഓഹരി വെക്കൽ തന്നെ."

**വചനം 158,159,160 :**

158 അവർ, അവൻെറ (അല്ലാഹുവിൻെറ)യും, 'ജിന്നു' വർഗ്ഗത്തിൻെറയും ഇടയിൽ ഒരു കുടുംബബന്ധം ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു! തീർച്ചയായും, 'ജിന്നു'കൾക്കറിയാം അവർ (ശിക്ഷയിൽ) ഹാജറാക്കപ്പെടുന്നവരാണെന്ന്.

وَجَعَلُوا۟ بَيْنَهُۥ وَبَيْنَ ٱلْجِنَّةِ نَسَبًا ۚ وَلَقَدْ عَلِمَتِ ٱلْجِنَّةُ إِنَّهُمْ لَمُحْضَرُونَ ﴿١٥٨﴾

159 അവർ വർണ്ണിച്ചു പറയുന്നതിൽനിന്ന് അല്ലാഹു എത്രയോ പരിശുദ്ധനത്രെ!-

سُبْحَـٰنَ ٱللَّهِ عَمَّا يَصِفُونَ ﴿١٥٩﴾

160 അല്ലാഹുവിൻെറ കളങ്കരഹിതരാക്കപ്പെട്ട (ശുദ്ധരായ) അടിയാൻമാരൊഴികെ. (അവർ ഇതിൽ ഉൾപ്പെടുന്നതല്ല.)

إِلَّا عِبَادَ ٱللَّهِ ٱلْمُخْلَصِينَ ﴿١٦٠﴾

ഇവിടെ ജിന്ന് എന്ന് പറഞ്ഞത് കൊണ്ടുദ്ദേശ്യം മലക്കുകാളണെന്നാണ് ഭൂരിപക്ഷം മുഫസ്സിറുകളും പ്രസ്താവിച്ചിരിക്കുന്നത്. പഞ്ചേന്ദ്രിയങ്ങൾക്കതീതമായി മറഞ്ഞ് നിൽക്കുന്ന ആത്മീയ ജീവികൾ മൂന്ന് തരമാണെന്നും, അതിൽ ഉത്തമ വിഭാഗത്തെ മലക്കുകൾ എന്നും അധമ വിഭാഗത്തെ ശൈത്താൻമാർ എന്നും മദ്ധ്യവിഭാഗത്തെ ജിന്നുകൾ എന്നും പറയുന്നു എന്ന് ഇമാം റാഗിബ്(റ) പ്രസ്താവിച്ചിരിക്കുന്നു.

മലക്കുകളാണ് ഇവിടെ ഉദ്ദേശ്യം എന്ന് വെക്കുമ്പോൾ അവർക്കും അല്ലാഹുവിനുമിടയിൽ മുശ്രിക്കുകൾ കുടുംബ ബന്ധം സ്ഥാപിക്കുന്നുവെന്ന് പറഞ്ഞതിന്റെ അർത്ഥം - മലക്കുകൾ അല്ലാഹുവിന്റെ പുത്രിമാരാണെന്ന വാദം അനുസരിച്ച് - അല്ലാഹു അവരുടെ ജനയിതാവാണെന്ന് വരുന്നു.

ഇനി ആ വാക്ക് കൊണ്ടുദ്ദേശ്യം സാധാരണ അറിയപ്പെടുന്ന അർത്ഥത്തിലുള്ള ജിന്നുകൾ തന്നെയാണെന്ന് വെക്കുകയാണെങ്കിൽ, ചില അറബ് ഗോത്രങ്ങളുടെയും, യഹൂദരുടെയും വിശ്വാസ പ്രകാരം ജിന്ന് വർഗ്ഗത്തിലെ നേതാക്കളായ ചിലരുടെ പെൺമക്കളും അല്ലാഹുവും തമ്മിൽ വൈവാഹിക ബന്ധം ഉള്ളതായി അവർ പറഞ്ഞിരുന്നതിനെ സൂചിപ്പിക്കുന്നതാകാം, പ്രസ്തുത ആയത്തിന്റെ താല്പര്യം.

ഏത് തരത്തിലുള്ള കുടുംബ ബന്ധമാണ് അവർ സ്ഥാപിക്കുവാനുദ്ദേശിക്കുന്നതെന്നാകിലും, അല്ലാഹു അതിൽ നിന്നെല്ലാം മഹാ പരിശുദ്ധനത്രെ. മേൽ പറഞ്ഞ വ്യാജവാദികളോട് അല്ലാഹു പറയുന്നു:

**വചനം 161,162,163 :**

161 എന്നാൽ, നിങ്ങളും, നിങ്ങൾ ആരാധിച്ചുവരുന്നവയും തന്നെ,-

فَإِنَّكُمْ وَمَا تَعْبُدُونَ ﴿١٦١﴾

162 നിങ്ങൾ അവന്(അല്ലാഹുവിന്) എതിരിൽ കുഴപ്പത്തിലാക്കുന്നവരല്ല;-

مَآ أَنتُمْ عَلَيْهِ بِفَـٰتِنِينَ ﴿١٦٢﴾

إِلَّا مَنْ هُوَ صَالِ ٱلْجَحِيمِ ﴿١٦٣﴾

163 ഏതൊരുവന്‍ ജ്വലിക്കുന്ന നരകത്തില്‍ കടന്നെരിയുന്നവനാണോ അവനെയല്ലാതെ.

ഹേ മുശ്‌രിക്കുകളെ, നരകാഗ്നിയില്‍ കിടന്നെരിയാന്‍ തയ്യാറായിക്കൊണ്ടിരിക്കുന്നവരും, സത്യ വിശ്വാസം സ്വീകരിക്കുകയില്ലെന്ന് അല്ലാഹുവിന് അറിയുന്നവരുമായ ആളുകളെ മാത്രമേ നിങ്ങള്‍ക്ക് വഴിപിഴപ്പിക്കുവാന്‍ സാധിക്കുകയുള്ളൂ. അല്ലാഹുവിന്റെ ഉദ്ദേശത്തിന് വിരുദ്ധമായി, മറ്റാരെയും കുഴപ്പ ത്തിലാക്കാന്‍ നിങ്ങള്‍ക്ക് സാധിക്കുകയില്ല തന്നെ.

**വചനം 164,165,166 :**

وَمَا مِنَّآ إِلَّا لَهُۥ مَقَامٌ مَّعْلُومٌ ﴿١٦٤﴾

164 "ഞങ്ങളില്‍പെട്ടവര്‍ക്ക് (ഒരാള്‍ക്കും തന്നെ) ഒരു അറിയപ്പെട്ട (നിശ്ചിത) സ്ഥാനം ഇല്ലാതേയില്ല."

وَإِنَّا لَنَحْنُ ٱلصَّآفُّونَ ﴿١٦٥﴾

165 "നിശ്ചയമായും ഞങ്ങള്‍തന്നെയാണ്, അണികെട്ടി നില്‍ക്കുന്നവരും".

وَإِنَّا لَنَحْنُ ٱلْمُسَبِّحُونَ ﴿١٦٦﴾

166 "നിശ്ചയമായും, ഞങ്ങള്‍തന്നെയാണ് 'തസ്ബീഹ്' (അല്ലാഹുവിന്‍െറ പ്രകീര്‍ത്തനം) നടത്തുന്നവരും."

മലക്കുകളുടെ അവസ്ഥ അവരുടെ വാചകങ്ങളില്‍ തന്നെ അല്ലാഹു ഈ ആയത്തുകളിലൂടെ ചൂണ്ടിക്കാട്ടുന്നു:

ഓരോ മലക്കിനും ഓരോ നിശ്ചിത പദവിയും സ്ഥാനവുമുണ്ട്. അതനുസരിച്ചായിരിക്കും, അവ രവരുടെ സ്ഥാനങ്ങളില്‍ അണിനിരന്ന് കൊണ്ട് അവര്‍ തങ്ങളുടെ കര്‍മ്മങ്ങള്‍ നടത്തുക. അല്ലാഹു വിന്റെ പരിശുദ്ധതയേയും, ശക്തിമാഹാത്മ്യങ്ങളേയും പ്രകീര്‍ത്തനം ചെയ്യുകയെന്നത് അവരുടെ പതിവ് ചര്യയാകുന്നു. (വചനം 1,2,3 നോക്കുക)

**വചനം 167,168,169,170 :**

وَإِن كَانُوا۟ لَيَقُولُونَ ﴿١٦٧﴾

167 നിശ്ചയമായും അവര്‍ പറഞ്ഞു വന്നിരുന്നു:

لَوْ أَنَّ عِندَنَا ذِكْرًا مِّنَ ٱلْأَوَّلِينَ ﴿١٦٨﴾

168 ഞങ്ങളുടെ അടുക്കല്‍ പൂര്‍വ്വികന്‍മാരില്‍ നിന്നുള്ള വല്ല (വേദ) പ്രമാണവും ഉണ്ടായിരുന്നുവെങ്കില്‍,-

لَكُنَّا عِبَادَ ٱللَّهِ ٱلْمُخْلَصِينَ ﴿١٦٩﴾

169 "ഞങ്ങള്‍ അല്ലാഹുവിന്‍െറ കളങ്കരഹിതരാക്കപ്പെട്ട (ശുദ്ധന്‍മാരായ) അടിയാന്‍മാരായിരുന്നേനെ!"

فَكَفَرُوا۟ بِهِۦ ۖ فَسَوْفَ يَعْلَمُونَ ﴿١٧٠﴾

170 എന്നിട്ട് ഇതില്‍ (ഈ വേദഗ്രന്ഥത്തില്‍) അവര്‍ അവിശ്വസിച്ചു. അതിനാല്‍, വഴിയെ അവര്‍ക്ക് അറിയാറാകും.

തങ്ങള്‍ക്കൊരു വേദഗ്രന്ഥം ഉണ്ടായിരുന്നവെങ്കില്‍ തങ്ങള്‍ നിഷ്കളങ്കരായ സജ്ജനങ്ങളാകു മായിരുന്നുവെന്നു മോഹിച്ചും പറഞ്ഞും കൊണ്ടിരുന്ന മുശ്‌രിക്കുകള്‍ക്ക് ഖുര്‍ആനാകുന്ന വേദഗ്രന്ഥം വന്നപ്പോള്‍, സന്തോഷപൂര്‍വ്വം അത് സ്വീകരിക്കുന്നതിന് പകരം, അതിനെ നിഷേധിക്കുകയാണ് അവര്‍ ചെയ്തത്. അതിന്റെ ഫലം വഴിയെ അവര്‍ക്കറിയാറാകുമെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. (സൂ: ഫാത്വിര്‍ : 42-ാം വചനം നോക്കുക)

**വചനം 171,172,173 :**

وَلَقَدْ سَبَقَتْ كَلِمَتُنَا لِعِبَادِنَا ٱلْمُرْسَلِينَ ﴿١٧١﴾

171 'മുർസലു'കളായ നമ്മുടെ അടിയാൻമാർക്ക് നമ്മുടെ വാക്ക് മുമ്പു (തന്നെ) ഉണ്ടായി ക്കഴിഞ്ഞിട്ടുണ്ട്:

إِنَّهُمْ لَهُمُ ٱلْمَنصُورُونَ ﴿١٧٢﴾

172 "നിശ്ചയമായും അവർതന്നെയാണ് സഹായം നൽകപ്പെടുന്നവർ" എന്ന്:-

وَإِنَّ جُندَنَا لَهُمُ ٱلْغَٰلِبُونَ ﴿١٧٣﴾

173 "നമ്മുടെ സൈന്യം തന്നെയാണ് വിജയികൾ" എന്നും!

നബി(സ) തിരുമേനിക്കും സത്യവിശ്വാസികൾക്കും അങ്ങേയറ്റം മനസ്സമാധാനവും ധൈര്യവും പ്രദാനം ചെയ്യുന്ന അല്ലാഹുവിന്റെ മഹത്തായ വാഗ്ദാനമാണീ വചനങ്ങളിൽ, മുർസലുകളും അവരുടെ യഥാർത്ഥ അനുയായികളുമായിരിക്കും അല്ലാഹുവിന്റെ സഹായത്തിന് പാത്രമാകുക; ഇഹത്തിലും പര ത്തിലും വിജയം കൈവരുന്നതും അവർക്കായിരിക്കും. നബിമാരുടെ അനുയായികൾ നേരായ മാർഗ്ഗം തെറ്റാതിരുന്ന എല്ലാ കാലത്തും ഇത് അനുഭവത്തിൽ വന്നിട്ടുമുണ്ട്. അല്ലാഹുവിന്റെ സഹായം ഐഹിക ജീവിതത്തിൽ മാത്രമല്ല, ഖിയാമത്ത് നാളിലും ഉണ്ടായിരിക്കുമെന്ന് സൂ: മുഅ്മിൻ 51-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

അല്ലാഹുവിൽ നിന്നുള്ള വിജയവും സഹായവും ലഭിക്കുന്ന സത്യവിശ്വാസികളിൽ അവൻ നമ്മെ യെല്ലാം ഉൾപ്പെടുത്തട്ടെ- ആമീൻ.

**വചനം 174,175 :**

فَتَوَلَّ عَنْهُمْ حَتَّىٰ حِينٍ ﴿١٧٤﴾

174 (നബിയേ) അതിനാൽ, ഒരു (കുറഞ്ഞ) സമയം വരേക്കും നീ അവരിൽ നിന്ന് തിരിഞ്ഞു കളയുക.

وَأَبْصِرْهُمْ فَسَوْفَ يُبْصِرُونَ ﴿١٧٥﴾

175 അവരെ(ക്കുറിച്ച്) നീ കണ്ടറിയുകയും ചെയ്യുക. അവർ വഴിയെ കണ്ടറിഞ്ഞേക്കുന്നതാണ്!

അല്പകാലം കൂടി ക്ഷമിക്കാനും, അപ്പോഴേക്കും സത്യവിശ്വാസികളുടെ വിജയവും, ഈ അവി ശ്വാസികളുടെ പരാജയവും സാക്ഷാൽക്കരിക്കപ്പെടുമെന്നും അല്ലാഹു നബിയെ ഉണർത്തുന്നു.

**വചനം 176,177:**

أَفَبِعَذَابِنَا يَسْتَعْجِلُونَ ﴿١٧٦﴾

176 എന്നിരിക്കെ, നമ്മുടെ ശിക്ഷയെക്കുറിച്ചാണോ അവർ ധൃതി കൂട്ടിക്കൊണ്ടിരിക്കുന്നത്?!

فَإِذَا نَزَلَ بِسَاحَتِهِمْ فَسَآءَ صَبَاحُ ٱلْمُنذَرِينَ ﴿١٧٧﴾

177 എന്നാൽ, അതവരുടെ മുറ്റത്ത് (അവരിൽ) വന്നിറങ്ങിയാൽ, അപ്പോൾ (ആ) മുന്നറിയിപ്പ് നൽകപ്പെട്ടവരുടെ പ്രഭാതം എത്രയോ മോശ പ്പെട്ടതായിരിക്കും!

അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് പരിഹസിച്ച് തിരക്ക് കൂട്ടേണ്ടതില്ല. അത് താമസം വിനാ അവരുടെ മുറ്റത്ത് വന്നെത്താതിരിക്കുകയില്ല. അത് അവരിൽ വന്നെത്തുന്ന പ്രഭാതമാകട്ടെ അവരുടെ ദിവസങ്ങളിൽ ഏറ്റവും മോശപ്പെട്ട ദിവസമായിരിക്കും.

**വചനം 178,179 :**

وَتَوَلَّ عَنْهُمْ حَتَّىٰ حِينٍ ﴿١٧٨﴾

178 (നബിയേ) അതിനാൽ, ഒരു (കുറഞ്ഞ) സമയം വരേക്കും നീ അവരിൽനിന്ന് തിരിഞ്ഞു കളയുക.

179 നീ കണ്ടറിയുകയും ചെയ്യുക; വഴിയെ അവര്‍ കണ്ടറിഞ്ഞേക്കുന്നതാണ്.

وَأَبْصِرْ فَسَوْفَ يُبْصِرُونَ ﴿١٧٩﴾

വിഷയത്തിന്റെ ഗൗരവം നിമിത്തം അല്ലാഹു അവരെ ആവര്‍ത്തിച്ച് താക്കീത് ചെയ്യുകയാണ്. (വചനം 174,175 നോക്കുക)

**വചനം 180,181,182 :**

سُبْحَٰنَ رَبِّكَ رَبِّ ٱلْعِزَّةِ عَمَّا يَصِفُونَ ﴿١٨٠﴾

180 പ്രതാപത്തിന്‍െറ ഉടമസ്ഥനായ നിന്‍െറ റബ്ബ് (അവനെക്കുറിച്ച്) അവര്‍ വര്‍ണ്ണിച്ചു കൊണ്ടിരിക്കുന്നതില്‍ നിന്നും എത്രയോ പരിശുദ്ധന്‍!

وَسَلَٰمٌ عَلَى ٱلْمُرْسَلِينَ ﴿١٨١﴾

181 മുര്‍സലുകളുടെ പേരില്‍ 'സലാമും' (സമാധാന ശാന്തിയും)!!

وَٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿١٨٢﴾

182 സര്‍വ്വസ്തുതിയും (സര്‍വ്വ) ലോകരക്ഷിതാവായ അല്ലാഹുവിനും!!!

എല്ലാ വിധ ന്യൂനതകളില്‍ നിന്നും പോരായ്മകളില്‍ നിന്നും തികച്ചും പരിശുദ്ധനാണ് അല്ലാഹു എന്ന പ്രകീര്‍ത്തനമാണ്, 'സുബ്ഹാനല്ലാഹ് ' എന്ന തസ്ബീഹ്. എല്ലാ മഹത്വത്തിന്റെയും പ്രതാപത്തിന്റെയും പരിപൂര്‍ണ്ണതയുടെയും പാരമ്യം പ്രാപിച്ചവനെന്ന നിലക്ക് അല്ലാഹുവിനെ സ്തുതിച്ച് വാഴ്ത്തുന്ന സ്തോത്രമാണ് 'അല്‍ഹംദുലില്ലാഹ് ' എന്ന തഹ്മീദ്. റബ്ബ് എന്ന വാക്കിന് രക്ഷിതാവ്, ഉടമസ്ഥന്‍, യജമാനന്‍, നാഥന്‍, തമ്പുരാന്‍ എന്നൊക്കെ സന്ദര്‍ഭോചിതം അര്‍ത്ഥം വരുന്നതാണ്.

തസ്ബീഹിനും, ഹംദിനും(180,182 വചനങ്ങള്‍) ഇടയില്‍ വെച്ച് 181-ാം വചനത്തില്‍ മുര്‍സലുകള്‍ക്ക് സമാധാന ശാന്തി നേര്‍ന്നിട്ടുള്ളത് അവരുടെ മഹത്തായ സ്ഥാന പദവിയെ കുറിക്കുകയും ചെയ്യുന്നു.

നമസ്കാരത്തിന് ശേഷം ഈ മൂന്ന് വചനങ്ങള്‍ ചൊല്ലുന്നവര്‍ക്ക് ഖിയാമത്ത് നാളില്‍ ഏറ്റവും മികച്ചതായ താപ്പ് കൊണ്ട് പ്രതിഫലം അളന്ന് കിട്ടുന്നതാണെന്ന് ഇബ്നു ഹാതിം(റ) ഉദ്ധരിക്കുന്ന ഒരു ഹദീസില്‍ വിവരിക്കപ്പെട്ടിരിക്കുന്നു.

ഈ സൂറത്തില്‍ ഇതേ വരെ പ്രസ്താവിച്ച വിഷയങ്ങളുടെ രത്നച്ചുരുക്കവും അവയില്‍ നിന്ന് ലഭിക്കേണ്ടുന്ന പാഠങ്ങളുടെ സംക്ഷിപ്തസാരവും അടങ്ങുന്ന ഈ വചനങ്ങളോടെ അല്ലാഹു ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു.

# 38 സൂറത്തു 'സ്വാദ്'

**മക്കായിൽ അവതരിച്ചത്**

വചനങ്ങൾ 88, വിഭാഗം (റുകൂഅ്) 5

ص (സ്വാദ്) എന്ന കേവലാക്ഷരം കൊണ്ട് ആരംഭിക്കുന്നത് കൊണ്ടാണ് ഈ സൂറത്തിന് സൂ: 'സ്വാദ് ' എന്ന പേര് വരാൻ കാരണം.

ചില സൂറത്തുകളുടെ ആരംഭത്തിലുള്ള കേവലാക്ഷരങ്ങളെക്കുറിച്ച് സൂ: ബഖറ തുടങ്ങി പല സൂറത്തുകളുടെയും പ്രാരംഭത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.

**വിഭാഗം 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3,4 :**

1 'സ്വാദ്.' ഉൽബോധനത്തിൻേറതായ ഖുർആൻ തന്നെയാണ (സത്യം)! (അത് യഥാർത്ഥം തന്നെയാണ്.)

صٓ وَٱلْقُرْءَانِ ذِى ٱلذِّكْرِ ﴿١﴾

2 പക്ഷേ, അവിശ്വസിച്ചിട്ടുള്ളവർ ഊററത്തിലും ചേരിപിരിവിലുമാകുന്നു.

بَلِ ٱلَّذِينَ كَفَرُوا۟ فِى عِزَّةٍ وَشِقَاقٍ ﴿٢﴾

3 അവർക്കുമുമ്പ് എത്രയോ തലമുറകളെ നാം നശിപ്പിച്ചിരിക്കുന്നു! അപ്പോൾ അവർ വിളിച്ചു (രക്ഷക്കപേക്ഷിച്ചു.) അത് (ഓടി) രക്ഷ പ്രാപിക്കുന്ന അവസരമല്ലതാനും.

كَمْ أَهْلَكْنَا مِن قَبْلِهِم مِّن قَرْنٍ فَنَادَوا۟ وَّلَاتَ حِينَ مَنَاصٍ ﴿٣﴾

4 അവർക്ക് തങ്ങളിൽനിന്നും ഒരു മുന്നറിയിപ്പു കാരൻ വന്നതിനാൽ അവർ ആശ്ചര്യപ്പെടുന്നു. (ആ) അവിശ്വാസികൾ പറയുകയും ചെയ്യുന്നു: "ഇവൻ കള്ളവാദിയായ ഒരു ജാലവിദ്യക്കാര നാണ്" എന്ന്!

وَعَجِبُوٓا۟ أَن جَآءَهُم مُّنذِرٌ مِّنْهُمْ ۖ وَقَالَ ٱلْكَـٰفِرُونَ هَـٰذَا سَـٰحِرٌ كَذَّابٌ ﴿٤﴾

ഖുർആൻ ജനങ്ങൾക്ക് ഉൽബോധനവും ഉപദേശവും നൽകുന്നത് പോലെ, അതിന്റെ അനുയായികൾക്ക് അത് കീർത്തിയും പ്രശസ്തിയും നേടിക്കൊടുക്കുന്നു. എന്നാൽ സത്യനിഷേധികളാകട്ടെ ദുരഭിമാനത്തിലും കക്ഷി മാത്സര്യത്തിലുമാകുന്നു. തങ്ങളുടെ പരമ്പരാഗതമായ വിശ്വാസാചാരങ്ങളെ ചോദ്യം ചെയ്ത് കൊണ്ട് തങ്ങളിൽ തന്നെ പെട്ട ഒരാൾ ദൈവദൂതനായി നിയോഗിക്കപ്പെട്ടത്, ബഹു ദൈവ വിശ്വാസികളായ അവർക്ക് സഹിക്കുവാൻ കഴിയാത്തതാണ് അവരുടെ ആശ്ചര്യത്തിന് കാരണം. നബി(സ) നിരത്തിവെച്ച തെളിവുകളും ദൃഷ്ടാന്തങ്ങളും നേരിടുവാൻ സാദ്ധ്യമല്ലെന്ന് കണ്ടപ്പോൾ അതിൽ നിന്നും ഒഴിഞ്ഞ് മാറാൻ അവർ കണ്ട്പിടിച്ച ഒരു സൂത്രമാണ് 'ഇവൻ കള്ളവാദിയായ ഒരു ജാലവിദ്യക്കാരനാണ്' എന്ന വ്യാജവാദം. ഈ വാദത്തിന് അവൾ കൊണ്ട് വരുന്ന ചില ന്യായീകരണങ്ങളാണ് അടുത്ത വചനങ്ങളിൽ.

**വചനം 5,6,7,8 :**

5 "പല ദൈവങ്ങളെ ഇവൻ ഒരേ ദൈവമാക്കി യിരിക്കുകയോ?! നിശ്ചയമായും, ഇത് അത്യാശ്ചര്യകരമായ ഒരു കാര്യം തന്നെയാണ്."

أَجَعَلَ ٱلْـَٔالِهَةَ إِلَـٰهًا وَٰحِدًا ۖ إِنَّ هَـٰذَا لَشَىْءٌ عُجَابٌ ﴿٥﴾

6 അവരിൽനിന്നുള്ള പ്രധാനികൾ (ഇങ്ങിനെ പറഞ്ഞു) സ്ഥലം വിടുകയും ചെയ്തു: “നടക്കുവിൻ, നിങ്ങൾ നിങ്ങളുടെ ദൈവങ്ങളിൽ (ഉറച്ചുനിന്ന്) ക്ഷമ കൈക്കൊള്ളുകയും ചെയ്യുവിൻ! നിശ്ചയമായും, ഇത് ഉദ്ദേശപൂർവ്വം ചെയ്യപ്പെടുന്ന ഒരു കാര്യം തന്നെയാണ്.

وَٱنطَلَقَ ٱلْمَلَأُ مِنْهُمْ أَنِ ٱمْشُوا۟ وَٱصْبِرُوا۟ عَلَىٰٓ ءَالِهَتِكُمْ ۖ إِنَّ هَـٰذَا لَشَىْءٌ يُرَادُ ﴿٦﴾

7 അവസാനത്തെ മതനടപടിയിൽ ഇതിനെപ്പറ്റി നാം കേൾക്കയുണ്ടായിട്ടില്ല. ഇതൊരു കൃത്രിമ സൃഷ്ടിയല്ലാതെ (മറ്റൊന്നും) അല്ല.

مَا سَمِعْنَا بِهَـٰذَا فِى ٱلْمِلَّةِ ٱلْـَٔاخِرَةِ إِنْ هَـٰذَآ إِلَّا ٱخْتِلَـٰقٌ ﴿٧﴾

8 “നമ്മുടെ ഇടയിൽനിന്ന് (മറ്റാർക്കുമില്ലാതെ) ഇവൻെറമേൽതന്നെ (ഈ) ഉൽബോധനം അവതരിപ്പിക്കപ്പെട്ടിരിക്കുകയാണോ?!” പക്ഷെ, (അത്രയുമല്ല) അവർ എൻെറ ഉൽബോധനത്തെ സംബന്ധിച്ചു (തന്നെ) സംശയത്തിലാണ്. എന്നാൽ, എൻെറ ശിക്ഷയെ (ഇതുവരേക്കും) അവർ രുചി നോക്കുകയുണ്ടായിട്ടില്ല. (അതുകൊണ്ടാണ് ഇതിനൊക്കെ അവർക്ക് ധൈര്യം തോന്നുന്നത്.)

أَءُنزِلَ عَلَيْهِ ٱلذِّكْرُ مِنۢ بَيْنِنَا ۚ بَلْ هُمْ فِى شَكٍّ مِّن ذِكْرِى ۖ بَل لَّمَّا يَذُوقُوا۟ عَذَابِ ﴿٨﴾

‘അല്ലാഹു അല്ലാതെ ആരാധ്യനില്ല എന്ന സത്യവചനം ഉച്ചരിച്ച് കൊണ്ട് തദനുസരണം പ്രവർത്തിച്ചാൽ അറബികൾ അവർക്ക് കീഴൊതുങ്ങുകയും അറബികളല്ലാത്തവർ അവർക്ക് വിധേയരാവുകയും ചെയ്യും’ എന്ന് റസൂൽ തിരുമേനി(സ), പിതൃവ്യൻ അബൂത്വാലിബ് മുഖേന അബൂജഹലിന്റെ നേതൃത്വത്തിലുള്ള ഖുറൈശി തലവന്മാരെ, അറിയിച്ച സന്ദർഭത്തിൽ അവർ ക്ഷുഭിതരായിക്കൊണ്ട് പ്രതികരിച്ചത് ഇപ്രകാരമായിരുന്നു:

“പല ദൈവങ്ങളെ ഇവൻ ഒരൊറ്റ ദൈവമാക്കുകയാണോ. നിശ്ചയമായും ഇത് അത്യാശ്ചര്യകരമായ ഒരു കാര്യം തന്നെയാകുന്നു.”

മുഹമ്മദിന്റെ വാക്കുകൾക്ക് ചെവി കൊടുക്കരുതെന്നും, എന്ത് സഹിച്ചും നാം നമ്മുടെ ദൈവങ്ങളിൽ ഉറച്ച് നിൽക്കണമെന്നും നേതാക്കൾ ജനങ്ങളെ ഉപദേശിക്കുകയും ചെയ്തു. ബഹുദൈവാരാധന പണ്ട് മുതലേ നമ്മുടെ പൂർവ്വികർ അനുഷ്ടിച്ച് വരുന്നതും ഏറ്റവും ഒടുവിലത്തെ മതാനുയായികളായ കൃസ്ത്യാനികളടക്കം, എല്ലാ മതസ്ഥരിലും ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ അനുഷ്ടിക്കപ്പെട്ട് വരുന്നതുമാകുന്നു. എന്തോ ചില സ്വാർത്ഥതകളെ മുൻനിർത്തി മുഹമ്മദ് കെട്ടിച്ചമച്ചുണ്ടാക്കിയതാണ് ഈ ഏകത്വ സിദ്ധാന്തം. മാത്രമല്ല, പ്രധാനികളും നേതാക്കളുമായ തങ്ങളെപ്പോലെയുള്ള എത്രയോ ആളുകൾ അറബികളിൽ ഉണ്ടായിരിക്കെ കേവലം ദരിദ്രനും സാധാരണക്കാരനുമായ മുഹമ്മദിന് ദിവ്യദൗത്യവും വേദഗ്രന്ഥവും നൽകപ്പെടുകയോ?- എന്നൊക്കെ ആ പ്രമാണികൾ ജനങ്ങളോട് സമർത്ഥിച്ച് കൊണ്ടിരുന്നു.

ഇക്കൂട്ടർക്ക് നബി(സ)യിൽ മാത്രമല്ല വിശ്വാസമില്ലാത്തത്, അല്ലാഹുവിങ്കൽ നിന്ന് പ്രവാചകന്മാർ മുഖേന എത്തിച്ച് കൊടുക്കപ്പെട്ട അല്ലാഹുവിന്റെ ഉൽബോധനത്ത സംബന്ധിച്ചുമെല്ലാം തന്നെ അവർ സംശയത്തിലാകുന്നു. അവരുടെ സത്യനിഷേധത്തിനുള്ള സാക്ഷാൽകരണവും അല്ലാഹു ചൂണ്ടിക്കാട്ടുന്നു- “അവർ -ഇതേവരെ- എന്റെ ശിക്ഷ രുചിച്ച് നോക്കിയിട്ടില്ല.” അല്ലാഹുവിന്റെ ശിക്ഷയുടെ കാഠിന്യത്തെക്കുറിച്ച് അല്പമെങ്കിലും അവർക്കറിയാമായിരുന്നെങ്കിൽ, ഇത്തരം വാദങ്ങളൊന്നും പുറപ്പെടുവിക്കുവാൻ അവർക്ക് ധൈര്യം വരുമായിരുന്നില്ല.

തുടർന്ന് അല്ലാഹു ചോദിക്കുന്നു.:

**വചനം 9,10,11 :**

9 അഥവാ പ്രതാപശാലിയായ, മഹാ ദാനശീല നായ, നിൻെറ രക്ഷിതാവിൻെറ കാരുണ്യ ഭണ്ഡാരങ്ങൾ അവരുടെ പക്കലുണ്ടോ?!

أَمْ عِندَهُمْ خَزَآئِنُ رَحْمَةِ رَبِّكَ ٱلْعَزِيزِ ٱلْوَهَّابِ ﴿٩﴾

10 അഥവാ (അതല്ലെങ്കിൽ) ആകാശങ്ങളുടെയും, ഭൂമിയുടെയും, അവയുടെ ഇടയിലുള്ളതി ൻെറയും ഭരണാധിപത്യം അവർക്കുണ്ടോ?! എന്നാലവർ (അതിൻെറ) മാർഗ്ഗങ്ങളിൽ കയറി നോക്കട്ടെ!

أَمْ لَهُم مُّلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ۖ فَلْيَرْتَقُوا۟ فِى ٱلْأَسْبَٰبِ ﴿١٠﴾

11 മിത്രകക്ഷികളിൽപെട്ട പരാജയപ്പെട്ടുപോകു ന്ന എന്തോ (തുച്ഛമായ) ഒരു സൈന്യമത്രെ അവിടെയുള്ളത്.

جُندٌ مَّا هُنَالِكَ مَهْزُومٌ مِّنَ ٱلْأَحْزَابِ ﴿١١﴾

അല്ലാഹുവിന്റെ കാരുണ്യ ഭണ്ഡാരത്തിന്റെ സൂക്ഷിപ്പോ, ആകാശഭൂമികളുടെ ഭരണാധിപത്യമോ, അവരുടെ പക്കലായിരുന്നുവെങ്കിൽ പ്രവാചകത്വം, വഹ്‌യ്, മറ്റ് ലോക കാര്യങ്ങൾ എന്നിവയെ, അവരുടെ യുക്തം പോലെ കൈകാര്യം ചെയ്യുവാൻ അവർക്ക് സാധിക്കുമായിരുന്നു. എന്നാൽ അതൊന്നും അവരുടെ അധീനത്തിലല്ലല്ലോ ഇനി അഥവാ, അങ്ങനെ വല്ല കഴിവും തങ്ങൾക്കുണ്ടെന്ന് അവർ അവകാശപ്പെടുന്നുവെങ്കിൽ ആകാശങ്ങളിൽ കയറിച്ചെന്നോ, മറ്റ് മാർഗ്ഗങ്ങളിൽ പ്രവേശിച്ചോ, അവരുടെ ഇഷ്ട പ്രകാരം കാര്യങ്ങൾ നടത്തുവാൻ അവരൊന്ന് ശ്രമിക്കട്ടെ- അതൊന്ന് കാണാമല്ലോ. മക്കാ പരിസരത്തുള്ള തുഛവും നിന്ദ്യവുമായ ഒരു സംഘം മാത്രമാകുന്നു മക്കാമുശ്‌രിക്കുകൾ. അവർക്ക് വളർച്ചയും നിലനിൽപുമില്ല- ബദർ യുദ്ധത്തോടെ ആ ജനതയുടെ നട്ടെല്ലൊടിയുകയും, മക്കാ വിജയത്തോടെ അവർ നാമാവശേഷമാകുകയും ചെയ്തുവല്ലോ.

**വചനം 12,13 :**

12 നൂഹിൻെറ ജനതയും, 'ആദു'ഗോത്രവും കുറ്റി (ആണി)കളുടെ ആളായ ഫിർഔനും ഇവരുടെ മുമ്പ് വ്യാജമാക്കുകയുണ്ടായി;-

كَذَّبَتْ قَبْلَهُمْ قَوْمُ نُوحٍ وَعَادٌ وَفِرْعَوْنُ ذُو ٱلْأَوْتَادِ ﴿١٢﴾

13 'ഥമൂദു' ഗോത്രവും, ലൂത്ത്വിൻെറ ജനതയും, 'ഐക്കത്തു' (മരക്കാവു) കാരും (വ്യാജമാക്കി). അക്കൂട്ടരത്രെ മിത്രകക്ഷികൾ.

وَثَمُودُ وَقَوْمُ لُوطٍ وَأَصْحَٰبُ لْـَٔيْكَةِ ۚ أُو۟لَٰٓئِكَ ٱلْأَحْزَابُ ﴿١٣﴾

ഫിർഔനിനെക്കുറിച്ച് ഇവിടെയും മറ്റ് ചില സന്ദർഭങ്ങളിലും കുറ്റികളുടെ ആൾ എന്ന് പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. ഇതേ പറ്റി രണ്ട്, മൂന്ന് തരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ടെങ്കിലും, തമ്പുകളെ കുറ്റി തറച്ച് ഉറപ്പിക്കുന്നത് പോലെ തന്റെ ഭരണത്തേയും സാമ്രാജ്യത്തേയും സുശക്തമായി ഉറപ്പിച്ച് നിറുത്തിയവൻ എന്ന വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യമായിട്ടുള്ളത്.

ശുഐബ്(അ) നബിയുടെ ജനതയായിരുന്ന ഐക്കത്തു'കാരെക്കുറിച്ച് സൂ: ശുഅറാഉ് 176-ന്റെ വിവരണത്തിൽ പ്രസ്താവിച്ചത് ശ്രദ്ധിക്കുക.

**വചനം 14,15 :**

14 (ഇവർ) എല്ലാവരും തന്നെ ദൈവദൂതൻമാരെ വ്യാജമാക്കുകയല്ലാതെ ചെയ്തില്ല. അങ്ങനെ, എൻെറ പ്രതികാരശിക്ഷ (അവരിൽ) യഥാർത്ഥമായി.

إِن كُلٌّ إِلَّا كَذَّبَ ٱلرُّسُلَ فَحَقَّ عِقَابِ ﴿١٤﴾

**വിഭാഗം - 2**

15 ഒരേ ഒരു ഘോരശബ്ദത്തെയല്ലാതെ ഇക്കൂട്ടർ നോക്കി (ക്കാത്തു)കൊണ്ടിരിക്കുന്നില്ല; രണ്ടു കറവുകൾക്കിടയിലുള്ള (തുച്ഛമായ) കാല താമസം (പോലും) അതിനുണ്ടായിരിക്കയില്ല.

وَمَا يَنظُرُ هَٰٓؤُلَآءِ إِلَّا صَيۡحَةً وَٰحِدَةً مَّا لَهَا مِن فَوَاقٍ ﴿١٥﴾

കൈകൊണ്ട് പാൽ കറക്കുമ്പോൾ ഒന്ന് കറന്ന് വീണ്ടും കറക്കുവാൻ കൈപൊങ്ങുന്ന കാലതാമസത്തിനാണ് فواق എന്ന് പറയുന്നത്. ലോകവസാനം പെട്ടെന്നായിരിക്കും സംഭവിക്കുക; അതിന് ഒട്ടും കാലതാമസം വേണ്ടിവരികയില്ല എന്നും സാരം. അന്ന് എല്ലാവരും നശിച്ച് പോകുന്നതിനുള്ള കാഹളം ഊതുന്നത് വരെ മാത്രമേ ഇവരുടെ ഈ നിഷേധവും ധിക്കാരവും തുടരുകയുള്ളൂ.

**വചനം 16,17 :**

16 അവർ പറയുന്നു: "ഞങ്ങളുടെ രക്ഷിതാവേ, ന്യായവിസ്താരത്തിൻെറ ദിവസത്തിന്നുമുമ്പ് ഞങ്ങളുടെ വിഹിതം (ശിക്ഷ) ഞങ്ങൾക്ക് വേഗമാക്കിത്തന്നേക്കണേ!"

وَقَالُواْ رَبَّنَا عَجِّل لَّنَا قِطَّنَا قَبۡلَ يَوۡمِ ٱلۡحِسَابِ ﴿١٦﴾

17 (നബിയേ) അവർ പറയുന്നതിനെപ്പറ്റി ക്ഷമിച്ചു കൊള്ളുക! നമ്മുടെ അടിയാനെ, അതായത് കരബലം (പ്രാബല്യം) ഉള്ളവനായ ദാവൂദിനെ ഓർക്കുകയും ചെയ്യുക. നിശ്ചയമായും അദ്ദേഹം (അല്ലാഹുവിങ്കലേക്ക്) വളരെ മടക്കമുള്ള ആളാകുന്നു.

ٱصۡبِرۡ عَلَىٰ مَا يَقُولُونَ وَٱذۡكُرۡ عَبۡدَنَا دَاوُۥدَ ذَا ٱلۡأَيۡدِۖ إِنَّهُۥٓ أَوَّابٌ ﴿١٧﴾

അവിശ്വാസികൾക്ക് അല്ലാഹു വമ്പിച്ച ശിക്ഷ നൽകുമെന്ന നബി(സ)യുടെ താക്കീതിനെ പരിഹസിച്ച് കൊണ്ട് പ്രാർത്ഥനാ രൂപത്തിൽ മുശ്രിക്കുകൾ പറയുന്ന ധിക്കാരപരമായ വാക്കുകളാണ് ആദ്യ വചനത്തിൽ.

അവരുടെ ഇത്തരം പ്രസ്താവനകളിൽ ക്ഷമ കൈകൊള്ളുവാൻ അല്ലാഹു നബി(സ)യെ ഉപദേശിക്കുന്നു. തുടർന്ന് ദാവൂദ്(അ) നബിയുടെ ചരിത്രത്തിൽ നിന്ന് മനസ്സിരുത്തേണ്ടുന്ന ചില വശങ്ങൾ പ്രത്യേകം ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ആജ്ഞാ നിർദ്ദേശങ്ങൾ അനുസരിച്ച് ജീവിക്കുന്ന ആളാകുന്നു ദാവൂദ്(അ) എന്ന് 'നമ്മുടെ അടിയാൻ' എന്ന വിശേഷണത്തിലൂടെ അല്ലാഹു സൂചിപ്പിക്കുന്നു. വളരെയധികം കായികശക്തിയും, ആയുധ നൈപുണ്യവും സൈനിക ശക്തിയും ലോക പ്രശസ്തിയും ഉള്ളവൻ എന്നത്രേ, 'കരബലമുള്ളവൻ' എന്നത് കൊണ്ടുള്ള വിവക്ഷ. (അദ്ദേഹം ജാലൂത്തിനെ കൊലപ്പെടുത്തിയ സംഭവം സു: ബഖറ 246-251ൽ വിവരിച്ചിരിക്കുന്നു.) ഇത്രയൊക്കെ കഴിവുള്ള ആളായിരുന്നിട്ടും, അദ്ദേഹം അല്ലാഹുവിനോട് കൂറും ഭക്തിയും മനസ്സ് മടക്കവുമുള്ള ആളുമായിരുന്നു.

നബി(സ) ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി. "നമസ്കാരത്തിൽ വെച്ച് അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടത് ദാവൂദ് നബിയുടെ നമസ്കാരവും നോമ്പുകളിൽ വെച്ച് അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടത് ദാവൂദ് നബിയുടെ നോമ്പും ആകുന്നു. അദ്ദേഹം രാത്രി പകുതി സമയം ഉറങ്ങും; മൂന്നിലൊരു ഭാഗം എഴുന്നേറ്റ് നമസ്കരിക്കും (വീണ്ടും) ആറിലൊരു ഭാഗം ഉറങ്ങും. ഒരു ദിവസം നോമ്പ് പിടിക്കുകയും ഒരു ദിവസം നോമ്പ് വിടുകയും ചെയ്യും."

"ദാവൂദ് നബി സ്വന്തം കൈകൊണ്ടുള്ള അദ്ധ്വാനത്തിൽ നിന്നല്ലാതെ ഭക്ഷണം കഴിച്ചിരുന്നില്ല." "അദ്ദേഹം മനുഷ്യരിൽ വെച്ച് വലിയ ഇബാദത്തുകാരനായിരുന്നു" എന്നും തിരുമേനി പറയുകയുണ്ടായിട്ടുണ്ട്.

**വചനം 18,19,20 :**

18 സന്ധ്യാസമയത്തും, പ്രകാശസമയത്തും 'തസ്ബീഹു' (സ്തോത്രകീർത്തനം) ചെയ്തു കൊണ്ട് അദ്ദേഹത്തോടൊപ്പം പർവ്വതങ്ങളെ നാം കീഴ്പ്പെടുത്തുകയുണ്ടായി.

إِنَّا سَخَّرۡنَا ٱلۡجِبَالَ مَعَهُۥ يُسَبِّحۡنَ بِٱلۡعَشِيِّ وَٱلۡإِشۡرَاقِ ﴿١٨﴾

وَٱلطَّيۡرَ مَحۡشُورَةٗۖ كُلّٞ لَّهُۥٓ أَوَّابٞ ١٩

وَشَدَدۡنَا مُلۡكَهُۥ وَءَاتَيۡنَٰهُ ٱلۡحِكۡمَةَ

وَفَصۡلَ ٱلۡخِطَابِ ٢٠

19 ഒരുമിച്ചു കൂട്ടപ്പെട്ട നിലയിൽ പക്ഷികളെയും (കീഴ്പെടുത്തി). എല്ലാംതന്നെ, അദ്ദേഹത്തോട് മടക്കം(വിനയം) ഉള്ളവയായിരുന്നു.

20 അദ്ദേഹത്തിൻെറ ഭരണാധിപത്യത്തെ നാം ശക്തമാക്കുകയും, അദ്ദേഹത്തിനു വിജ്ഞാനവും, നിർണ്ണായകഭാഷണവും നൽകുകയും ചെയ്തു.

ദാവൂദ്(അ) നബിക്ക് അല്ലാഹു നൽകിയ ചില അനുഗ്രഹങ്ങളാകുന്നു ഈ വചനങ്ങളിൽ:

അദ്ദേഹമൊന്നിച്ച് രാവിലെയും വൈകുന്നേരവും തസ്ബീഹ് നടത്തുമാറ് മലക്കുകളെ അല്ലാഹു അദ്ദേഹത്തിന് കീഴ്പ്പെടുത്തിക്കൊടുത്തു. (സൂ: അമ്പിയാഅ് : 79 ; സൂ: നംല് :15 എന്നിവിടങ്ങളിൽ നോക്കുക) പക്ഷികളും പർവ്വതങ്ങളും അദ്ദേഹത്തോട് വിനയവും അനുസരണവും കാണിച്ചിരുന്നു. സാധാരണ സംഭാഷണങ്ങളിലും കക്ഷി വഴക്കുകളിലും സത്യവും നീതിയും അനുസരിച്ച് വസ്തുനിഷ്ടവും നിർണ്ണായകവുമായ രീതിയിൽ സംസാരിക്കാനുള്ള വൈഭവം അല്ലാഹു അദ്ദേഹത്തിന് നൽകിയിരുന്നു.

**വചനം 21,22,23,24,25 :**

۞وَهَلۡ أَتَىٰكَ نَبَؤُاْ ٱلۡخَصۡمِ إِذۡ تَسَوَّرُواْ

ٱلۡمِحۡرَابَ ٢١

إِذۡ دَخَلُواْ عَلَىٰ دَاوُۥدَ فَفَزِعَ مِنۡهُمۡۖ قَالُواْ

لَا تَخَفۡۖ خَصۡمَانِ بَغَىٰ بَعۡضُنَا عَلَىٰ

بَعۡضٖ فَٱحۡكُم بَيۡنَنَا بِٱلۡحَقِّ وَلَا تُشۡطِطۡ

وَٱهۡدِنَآ إِلَىٰ سَوَآءِ ٱلصِّرَٰطِ ٢٢

21 (നബിയേ)വ്യവഹാരകക്ഷികൾ ആരാധനാമണ്ഡപത്തിൽ മതിലുകയറി വന്നപ്പോഴത്തെ വർത്തമാനം നിനക്കു ലഭിച്ചിട്ടുണ്ടോ?-

22 അതായത്, അവർ ദാവൂദിൻെറ മേൽ പ്രവേശിച്ച സന്ദർഭം. എന്നിട്ട് അദ്ദേഹം അവരെ സംബന്ധിച്ചു(ഭയന്നു) നടുങ്ങി. അവർ പറഞ്ഞു: "പേടിക്കേണ്ടാ! (ഞങ്ങൾ)രണ്ടു വ്യവഹാര കക്ഷികളാണ്;- ഞങ്ങളിൽ ചിലർ ചിലരുടെ മേൽ അതിക്രമം ചെയ്തിരിക്കുന്നു. അതുകൊണ്ട് താങ്കൾ ഞങ്ങൾക്കിടയിൽ ന്യായപ്രകാരം വിധിച്ചുതരണം; നീതികേട് ചെയ്യരുത്; ഞങ്ങളെ നേരായ പാതയിലേക്ക് മാർഗ്ഗദർശനം നൽകുകയും ചെയ്യണം.

إِنَّ هَٰذَآ أَخِي لَهُۥ تِسۡعٞ وَتِسۡعُونَ نَعۡجَةٗ

وَلِيَ نَعۡجَةٞ وَٰحِدَةٞ فَقَالَ أَكۡفِلۡنِيهَا وَعَزَّنِي

فِي ٱلۡخِطَابِ ٢٣

23 "(ഇതാ) ഇത് എൻെറ സഹോദരനാണ്; ഇവന്ന് തൊണ്ണൂറ്റൊമ്പതു പിടയാടുകളുണ്ട്: എനിക്ക് ഒരേയൊരു പിടയാടുമുണ്ട്;" എന്നിട്ട് അവൻ പറഞ്ഞു: "നീ അതിനെ എനിക്ക് ഏൽപിച്ചു(വിട്ടു) തരണമെന്ന്. അഭിമുഖ സംസാരത്തിൽ അവൻ എന്നെ(തോൽപിച്ച്)വെല്ലുകയും ചെയ്തിരിക്കുന്നു."

قَالَ لَقَدۡ ظَلَمَكَ بِسُؤَالِ نَعۡجَتِكَ إِلَىٰ

نِعَاجِهِۦۖ وَإِنَّ كَثِيرٗا مِّنَ ٱلۡخُلَطَآءِ لَيَبۡغِي

بَعۡضُهُمۡ عَلَىٰ بَعۡضٍ إِلَّا ٱلَّذِينَ ءَامَنُواْ

وَعَمِلُواْ ٱلصَّٰلِحَٰتِ وَقَلِيلٞ مَّا هُمۡۗ

24 അദ്ദേഹം (ദാവൂദ്) പറഞ്ഞു: "അവൻെറ പിടയാടുകളിൽകൂടി നിൻെറ പിടയാടിനെ ചോദിച്ചതുനിമിത്തം, തീർച്ചയായും അവൻ നിന്നോട് അനീതി പ്രവർത്തിച്ചിരിക്കയാണ്. നിശ്ചയമായും, കൂട്ടുകാരിൽപെട്ട പലരും- ചിലർ ചിലരുടെമേൽ-അതിക്രമം പ്രവർത്തിക്കാറുണ്ട്; വിശ്വസിക്കുകയും, സൽക്കർമ്മ

وَظَنَّ دَاوُۥدُ أَنَّمَا فَتَنَّٰهُ فَٱسْتَغْفَرَ رَبَّهُۥ وَخَرَّ رَاكِعًا وَأَنَابَ ۩ ﴿٢٤﴾

ങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരൊഴികെ. വളരെക്കുറച്ചുമായിരിക്കും അവർ.” നാം അദ്ദേഹത്തെ പരീക്ഷണം നടത്തിയിരിക്കുക തന്നെയാണെന്ന് ദാവൂദ് ധരിക്കുകയും ചെയ്തു. അതിനാൽ, അദ്ദേഹം തന്റെ റബ്ബിനോട് പാപമോചനം തേടുകയും, ‘റുകൂഉ്’ ചെയ്തു (കുമ്പിട്ടു)കൊണ്ട് നിലംപതിക്കുകയും, (അല്ലാഹുവിങ്കലേക്ക്) ഖേദിച്ചു മടങ്ങുകയും ചെയ്തു.

فَغَفَرْنَا لَهُۥ ذَٰلِكَ ۖ وَإِنَّ لَهُۥ عِندَنَا لَزُلْفَىٰ وَحُسْنَ مَـَٔابٍ ﴿٢٥﴾

25 അപ്പോൾ, അദ്ദേഹത്തിന് അതു നാം പൊറുത്തു കൊടുത്തു. നിശ്ചയമായും അദ്ദേഹത്തിന് നമ്മുടെ അടുക്കൽ സാമീപ്യ (സ്ഥാന)വും, നല്ല മടക്കസ്ഥലവും ഉണ്ട്.

(24-ാം വചനത്തിന് ശേഷം അല്ലാഹുവിന് നന്ദിയായി ഒരു സുജൂദ് ചെയ്യേണ്ടതാണ്)

ഈ വചനത്തിൽ പ്രസ്താവിച്ച സംഭവത്തിന് ചില കഥാകാരന്മാരും ചില ഖുർആൻ വ്യാഖ്യാതാക്കൾ തന്നെയും, ചില കഥകൾ ഉദ്ധരിച്ചതായി കാണാം. അതേകുറിച്ച് ഇബ്നു കഥീർ(റ) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

“മേൽ പ്രസ്താവിക്കപ്പെട്ട കഥകളധികവും ഇസ്രാഈലി ഐഹിത്യങ്ങളിൽ നിന്ന് ലഭിച്ചതാകുന്നു. സ്വീകാര്യമായ ഒരു വർത്തമാനവും നബി(സ)യിൽ നിന്നും ഈ വിഷയത്തിൽ ലഭിച്ചിട്ടില്ല. ആകയാൽ ഈ സംഭവം ഖുർആനിൽ വന്നത് പോലെ പാരായണം ചെയ്യുകയും അതിനെ സംബന്ധിച്ച വിവരം അല്ലാഹുവിന് അറിയാമെന്ന് വെക്കുകയുമാണ് കൂടുതൽ നല്ലത്. ഖുർആനും അത് ഉൾക്കൊള്ളുന്നതും യഥാർത്ഥം തന്നെ.”

ചുരുക്കത്തിൽ ഖുർആന്റെ പ്രസ്താവനയിൽ നിന്ന് മനസ്സിലാകുന്നതെന്തോ അത് കൊണ്ട് നാം തൃപ്തിപ്പെടുക.

ദാവൂദ്(അ) നബിയുടെ പ്രാർത്ഥനാ മുറിയിൽ ചിലർ ചുമരു കയറി അകത്ത് കടന്നു. ആകസ്മിക മായ ആ സംഭവത്തിൽ ഭയചകിതനായ അദ്ദേഹത്തെ ആഗതർ സമാധാനിപ്പിക്കുകയും അതിലൊരാൾ തങ്ങളുടെ ആഗമനോദ്ദേശം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. (വചനം 23 നോക്കുക)

അന്യായക്കാരന്റെ പ്രസ്തുത മൊഴി കേട്ട മാത്രയിൽ തന്നെ പ്രതിയുടെ ഭാഗത്ത് നിന്നുള്ള എന്തെങ്കിലും ന്യായ വാദമോ, ന്യായാധിപന്റെ സ്ഥാനത്ത് നിന്നുള്ള എന്തെങ്കിലും വിസ്താരമോ കൂടാതെ, അദ്ദേഹം അന്യായക്കാരന് വിധി കൊടുത്തു. ഇടകലർത്തി കൂട്ടായി വർത്തിക്കുന്ന പലരും ഇങ്ങനെ പരസ് പരം പ്രവർത്തിക്കാറുണ്ടെന്നും സത്യവിശ്വാസവും സൽകർമ്മവും സ്വീകരിച്ചവർ മാത്രമേ ഇതിൽനിന്ന് ഒഴിവാകുകയുള്ളൂവെന്നും അങ്ങനെയുള്ള സജ്ജനങ്ങൾ വളരെ കുറവാണെന്നും അദ്ദേഹം തുടർന്ന് പ്രസ്താവിക്കുകയും ചെയ്തു.

ഈ സംഭവം മുഖേന അല്ലാഹു തന്നെ പരീക്ഷിച്ചതാണെന്ന് ദാവൂദ്(അ) കരുതിയെന്നും, അങ്ങനെ അദ്ദേഹം പാപമോചനം തേടുകയും റുകൂഉം സുജൂദും ചെയ്ത് നിലം പതിച്ച് ഖേദിച്ച് മടങ്ങുകയും ചെയ്തുവെന്നും, അല്ലാഹു അദ്ദേഹത്തിന് പൊറുത്ത് കൊടുത്തുവെന്നും അല്ലാഹു തുടർന്ന് പറഞ്ഞിരിക്കുന്നു. പരീക്ഷണം എന്തായിരുന്നുവെന്നും, അദ്ദേഹത്തിന്റെ തെറ്റ് എന്തായിരുന്നുവെന്നും, മറ്റും ഖണ്ഡിതമായി പറയുവൻ സാധ്യമല്ല. വാസ്തവം അല്ലാഹുവിനറിയാം.

വാസ്തവം എന്തായിരുന്നാലും, ന്യായാധിപ സ്ഥാനം കൈകാര്യം ചെയ്യുന്നതിൽ ആവശ്യമായ മര്യാദകളും കാര്യക്ഷമതയും, ദാവൂദ്(അ) കൂടുതൽ മനസ്സിലാക്കുവാൻ കാരണമായിത്തീർന്ന ഒരു സംഭവമായിരുന്നു ഇതെന്നും, ഈ സംഭവം മുഖേന ആ തുറയിൽ അദ്ദേഹത്തിന് ചിലനേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നത് കൂടാതെ അല്ലാഹുവിങ്കൽ കൂടുതൽ സ്ഥാന പദവി ലഭിച്ചിട്ടുണ്ടെന്നും, “നിശ്ച്ായമായും അദ്ദേഹത്തിന് നമ്മുടെ അടുക്കൽ സാമീപ്യവും നല്ല മടക്ക സ്ഥാനവും ഉണ്ട് ” എന്ന് അല്ലാഹു പ്രസ്താ

വിച്ചതിൽ നിന്നും മനസ്സിലാക്കാവുന്നതുമാണ്.

24-ാം വചനത്തിന് ശേഷം ചെയ്യേണ്ട സുജൂദ് സാധാരണ ഓത്തിന്റെ സുജൂദുകളുടെ ഇനത്തിൽപ്പെട്ടതല്ല. ദാവൂദ്(അ) നബിയുടെ പശ്ചാത്താപം സ്വീകരിച്ചതിൽ അല്ലാഹുവിന് നന്ദിയായി ചെയ്യുന്ന ഒരു സുജൂദ്-**سجدة الشكر** ആകുന്നു, അതെന്ന് നബി(സ) പ്രസ്താവിച്ചിരുക്കുന്നു.

**വചനം 26 :**

يَٰدَاوُۥدُ إِنَّا جَعَلْنَٰكَ خَلِيفَةً فِى ٱلْأَرْضِ فَٱحْكُم بَيْنَ ٱلنَّاسِ بِٱلْحَقِّ وَلَا تَتَّبِعِ ٱلْهَوَىٰ فَيُضِلَّكَ عَن سَبِيلِ ٱللَّهِ ۚ إِنَّ ٱلَّذِينَ يَضِلُّونَ عَن سَبِيلِ ٱللَّهِ لَهُمْ عَذَابٌ شَدِيدٌۢ بِمَا نَسُوا۟ يَوْمَ ٱلْحِسَابِ ﴿٢٦﴾

26 ഹേ, ദാവൂദ്! നിശ്ചയമായും നിന്നെ നാം ഭൂമിയിൽ ഒരു പ്രതിനിധിയാക്കിയിരിക്കുന്നു. ആകയാൽ, നീ മനുഷ്യർക്കിടയിൽ ന്യായ പ്രകാരം വിധി നടത്തുക. ഇച്ഛയെ പിൻപറ്റുകയും ചെയ്യരുത്. കാരണം, അത് അല്ലാഹുവിൻെറ മാർഗ്ഗത്തിൽനിന്നു നിന്നെ വ്യതിചലിപ്പിക്കുന്നതാണ്. നിശ്ചയമായും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽനിന്നു വ്യതിചലിക്കുന്നവർ, അവർ ന്യായവിചാരണാദിവസത്തെ വിസ്മരിക്കുന്നതു നിമിത്തം, അവർക്ക് കഠിനശിക്ഷയുണ്ടായിരിക്കും.

പ്രവാചകനും ദൈവദൂതനും എന്നതോടൊപ്പം, ഒരു ഭരണാധിപനും ന്യായാധിപനുമെന്ന നിലയിൽ ദാവൂദ്(അ) അനുഷ്ടിക്കേണ്ടുന്ന കാര്യങ്ങൾ അദ്ദേഹത്തെ പഠിപ്പിക്കുകയും അതിനെതിരായി അധികാരം ദുരുപയോഗപ്പെടുത്തുന്ന പക്ഷം ഉണ്ടാകുന്ന ഭവിഷ്യത്തിനെ പറ്റി ശക്തിയായി താക്കീത് ചെയ്യുകയും ചെയ്യുന്നു, അല്ലാഹു ഈ വചനത്തിലൂടെ. എല്ലാ നേതാക്കന്മാർക്കും, അധികാരസ്ഥന്മാർക്കും ഒരു പോലെ ബാധകമാകുന്നു ഈ വചനത്തിലെ താക്കീത്.

ഒരു നബിവചനത്തിൽ ഇപ്രകാരം വന്നതായി ഇമാം അഹമദ്(റ) തിർമദി(റ)യും ഉദ്ധരിച്ചിരിക്കുന്നു:

“ഖിയാമത്ത് നാളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടവനും സാമിപ്യമുള്ളവനും, നീതിമാനായ നേതാവായിരിക്കും”

## വിഭാഗം 3

**വചനം 27,28,29 :**

وَمَا خَلَقْنَا ٱلسَّمَآءَ وَٱلْأَرْضَ وَمَا بَيْنَهُمَا بَٰطِلًا ۚ ذَٰلِكَ ظَنُّ ٱلَّذِينَ كَفَرُوا۟ ۚ فَوَيْلٌ لِّلَّذِينَ كَفَرُوا۟ مِنَ ٱلنَّارِ ﴿٢٧﴾

27 ആകാശവും, ഭൂമിയും, അവയുടെ ഇടയിലുള്ളതും നാം നിരർത്ഥമായി (വൃഥാ) സൃഷ്ടിച്ചിട്ടില്ല. അവിശ്വസിച്ചിട്ടുള്ളവരുടെ ധാരണയത്രെ അത്. ആകയാൽ, അവിശ്വസിച്ചവർക്ക് നരകമാകുന്ന നാശം!

أَمْ نَجْعَلُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ كَٱلْمُفْسِدِينَ فِى ٱلْأَرْضِ أَمْ نَجْعَلُ ٱلْمُتَّقِينَ كَٱلْفُجَّارِ ﴿٢٨﴾

28 അതല്ല-വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരെപ്പോലെ നാം ആക്കുകയോ?! അതല്ലെങ്കിൽ (സൂക്ഷ്മതയുള്ള) ഭയഭക്തൻമാരെ നാം ദുഷ്ടൻമാരെപ്പോലെ ആക്കുകയോ?!

كِتَٰبٌ أَنزَلْنَٰهُ إِلَيْكَ مُبَٰرَكٌ لِّيَدَّبَّرُوٓا۟ ءَايَٰتِهِۦ وَلِيَتَذَكَّرَ أُو۟لُوا۟ ٱلْأَلْبَٰبِ ﴿٢٩﴾

29 (ഇതാ) നാം നിനക്ക് അവതരിപ്പിച്ചു തന്നിട്ടുള്ള ഒരു വേദഗ്രന്ഥം! അനുഗ്രഹീതമാണ് (അത്). അതിൻെറ സൂക്തങ്ങളെ (അഥവാ ദൃഷ്ടാന്ത

ങ്ങളെ) അവർ ഉറ്റാലോചിക്കുവാനും, ബുദ്ധി മാൻമാർ ഓർമ്മിക്കുവാനും വേണ്ടിയത്രെ (അവതരിപ്പിച്ചിരിക്കുന്നത്.)

വളരെ അനുഗ്രഹീതമായ (ബർക്കത്തുള്ള) ഒരു പുണ്യഗ്രന്ഥമാകുന്നു ഖുർആൻ. എന്നാൽ കേവലം പുണ്യത്തിന് വേണ്ടി മാത്രമായിട്ട് ഖുർആൻ പഠിക്കുകയും പാരായണം ചെയ്യുകയും ചെയ്യുവാൻ വേണ്ടിയല്ല അത് അവതരിക്കപ്പെട്ടിട്ടുള്ളത്. അതിലെ സന്ദേശങ്ങൾ മനസ്സിലാക്കുകയും അവയെ പറ്റി ഉറ്റാലോചിക്കുവാനും വേണ്ടിയാകുന്നു, ഖുർആൻ അവതീർണ്ണിതമായിട്ടുള്ളതെന്ന് ഈ വചനം അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു.

“ഖുർആൻ പഠനം എന്നത് അതിന്റെ അക്ഷരം പഠിക്കലും, അതോടൊപ്പം അതിന്റെ നിയമം പാഴാക്കലുമല്ല; എന്നാൽ അവന്റെ സ്വഭാവത്തിലും പ്രവർത്തിയിലും അത് പഠിച്ചതിന്റെ അടയാളം കാണപ്പെടേണ്ടതുണ്ട്” എന്ന് ഹസൻ ബസരി(റ) പ്രസ്താവിച്ചിരിക്കുന്നു.

**വചനം 30,31,32,33 :**

وَوَهَبْنَا لِدَاوُۥدَ سُلَيْمَـٰنَ ۚ نِعْمَ ٱلْعَبْدُ ۖ إِنَّهُۥٓ أَوَّابٌ ﴿٣٠﴾

30 ദാവൂദിനു നാം സുലൈമാനെ പ്രദാനം ചെയ്തു. അദ്ദേഹം വളരെ നല്ല അടിയാൻ! നിശ്ചയമായും, അദ്ദേഹം വളരെ മടക്കമുള്ള ആളാകുന്നു.

إِذْ عُرِضَ عَلَيْهِ بِٱلْعَشِىِّ ٱلصَّـٰفِنَـٰتُ ٱلْجِيَادُ ﴿٣١﴾

31 (അതിവേഗതയുള്ള) മുന്തിയവയും, കാലു പൊക്കി നിൽക്കുന്നവയുമായ കുതിരകൾ അദ്ദേഹത്തിന് വൈകുന്നേരം പ്രദർശിപ്പിക്കപ്പെട്ട സന്ദർഭം;-

فَقَالَ إِنِّىٓ أَحْبَبْتُ حُبَّ ٱلْخَيْرِ عَن ذِكْرِ رَبِّى حَتَّىٰ تَوَارَتْ بِٱلْحِجَابِ ﴿٣٢﴾

32 അപ്പോൾ അദ്ദേഹം പറയുകയായി: “ഞാൻ എൻെറ രക്ഷിതാവിൻെറ സ്മരണ നിമിത്തം (ഈ) നൻമയോടുള്ള സ്നേഹം സ്വീകരിച്ചിരിക്കുകയാണ്.'' അങ്ങനെ, അവ മറവിൽ തിരോധാനം ചെയ്തു (കാഴ്ചയിൽനിന്നു മറഞ്ഞു).

رُدُّوهَا عَلَىَّ ۖ فَطَفِقَ مَسْحًۢا بِٱلسُّوقِ وَٱلْأَعْنَاقِ ﴿٣٣﴾

33 (അദ്ദേഹംപറഞ്ഞു:) “നിങ്ങൾ അവയെ എൻെറ അടുക്കൽ തിരിച്ചുകൊണ്ടുവരുവിൻ”. എന്നിട്ട് അദ്ദേഹം (അവയുടെ)തണ്ടങ്കാലുകളെയും, പിരടികളെയും തടവാൻ തുടങ്ങി.

ദാവൂദ്(അ) നബിക്ക് ശേഷം പ്രവാചകത്വത്തിലും, രാജത്വത്തിലും പുത്രൻ സുലൈമാൻ(അ) അദ്ദേഹത്തിന്റെ പിൻഗാമിയും അന്തരാവകാശിയുമായിത്തീർന്നു. സുലൈമാൻ(അ) നബിയുടെ പട്ടാളത്തിലുണ്ടായിരുന്ന മേത്തരം കുതിരകളുടെ ഒരു പ്രദർശനത്തെക്കുറിച്ചാണ് അല്ലാഹു ഇവിടെ പ്രസ്താവിക്കുന്നത്- ആ കുതിരകൾ അതിവേഗത്തിൽ കുതിച്ചോടുന്നവയും ഒരു കാൽ അൽപമെന്ന് പൊക്കിക്കൊണ്ട് മൂന്ന് കാലിൽ ഊന്നിനിൽക്കാൻ കഴിവുള്ളവയുമായിരുന്നു. (സൂ: ആദിയാത്ത് 1 മുതൽ 5 വരെയുള്ള വചനങ്ങളിൽ മേൽതരം കുതിരകളെക്കുറിച്ച് വർണിക്കപ്പെട്ടത് കാണാം)

ഈ വചനങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്ന സംഭവം ഖുർആൻ വ്യാഖ്യാതാക്കൾ രണ്ട്തരത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നു- അവയിൽ, കൂടുതൽ സ്വീകാര്യമായ, വിവരണം ഇപ്രകാരമാകുന്നു:

ഒരു ദിവസം വൈകുന്നേരം സുലൈമാൻ(അ) നബിയുടെ മേത്തരം കുതിരപ്പട്ടാളത്തിന്റെ ഒരു പ്രദർശനം നടത്തപ്പെടുകയുണ്ടായി. അതിവേഗം അവ കുതിച്ച് മുന്നോട്ട് നീങ്ങി - കുറച്ച് കഴിഞ്ഞപ്പോൾ അവ ദൃഷ്ടിയിൽ നിന്നും മറഞ്ഞ് പോയി. കുതിരകളുടെ നന്മയും മേന്മയും അദ്ദേഹത്തെ സന്തുഷ്ട

നാക്കി. പക്ഷേ, കേവലം ഭൗതിക നേട്ടമെന്ന നിലക്കായിരുന്നില്ല അത്. അല്ലാഹു തനിക്ക് ചെയ്ത് തന്ന അനുഗ്രഹവും, സത്യവിശ്വാസത്തിന്റെ ശത്രുക്കൾക്കെതിരിൽ പ്രയോഗിക്കുവാനുള്ള ശക്തിയും എന്ന നിലക്കായിരുന്നു അദ്ദേഹം അവയെ സ്നേഹിച്ചത്. (വചനം 32ൽ, അദ്ദേഹം പറഞ്ഞത് അതാണ് സൂചിപ്പിക്കുന്നത്)

പിന്നീട് കുതിരകളെ തിരിച്ച് കൊണ്ട് വരുവാൻ അദ്ദേഹം കൽപന കൊടുത്തു. അവ തിരിച്ചെത്തിയ ശേഷം സന്തോഷത്തോടും സ്നേഹത്തോടും കൂടി അവയുടെ കാലിലും കഴുത്തിലും അദ്ദേഹം തൊട്ട് തടവിക്കൊണ്ടിരിക്കുകയും ചെയ്തു.

സത്യത്തിന്റെ ശത്രുക്കൾക്കെതിരെ പ്രതിരോധ ശക്തി വർദ്ധിപ്പിക്കുകയും, അത് വഴി, ശത്രുക്കളെ ഭയപ്പെടുത്തുകയുമെന്നത് സത്യവിശ്വാസികൾ പൊതുവിലും ഭരണാധികാരികൾ പ്രത്യേകിച്ചും ശ്രദ്ധിക്കേണ്ടുന്ന കാര്യമാകുന്നു. അത് അല്ലാഹുവിന്റെ സ്മരണയാകുന്ന പുണ്യകർമ്മങ്ങളുടെ ഇനത്തിൽപെട്ടതുമാകുന്നു. (സൂ: അൻഫാൽ 60-ാം വചനം ശ്രദ്ധിക്കുക)

“അല്ലാഹുവിൽ വിശ്വസിച്ച് കൊണ്ടും അവന്റെ വാഗ്ദാനം സത്യമാക്കികൊണ്ടും, ഒരാൾ കുതിരയെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മുടക്കിവച്ചാൽ അത് വയറ് നിറക്കുന്നതും ദാഹം തീർക്കുന്നതും കാഷ്ടിക്കുന്നതും, മൂത്രിക്കുന്നതുമെല്ലാം അവന്റെ (കർമ്മങ്ങളുടെ) തൂക്കത്തിൽ ഉണ്ടായിരിക്കും”(ബു)- നബി വചനം.

**വചനം 34,35,36,37,38 :**

34 സുലൈമാനെ നാം പരീക്ഷണം നടത്തുകയുണ്ടായി. അദ്ദേഹത്തിൻെറ പീഠത്തിൻമേൽ (സിംഹാസനത്തിൽ) നാം ഒരു ശരീരത്തെ ഇടുകയും ചെയ്തു. പിന്നീടദ്ദേഹം (അല്ലാഹുവിങ്കലേക്കു മടങ്ങി) വിനയപ്പെട്ടു.

وَلَقَدْ فَتَنَّا سُلَيْمَٰنَ وَأَلْقَيْنَا عَلَىٰ كُرْسِيِّهِۦ جَسَدًا ثُمَّ أَنَابَ ٣٤

35 അദ്ദേഹം പറഞ്ഞു; “രക്ഷിതാവേ, എനിക്ക് പൊറുത്തുതരേണമേ! എൻെറ ശേഷം ഒരാൾക്കും യോജിക്കാത്ത (അഥവാ സൗകര്യപ്പെടാത്ത)ഒരു രാജത്വം നീ എനിക്ക് പ്രദാനം ചെയ്യുകയും വേണമേ! നിശ്ചയമായും നീയത്രെ മഹാദാനശീലനായുള്ളവൻ.

قَالَ رَبِّ ٱغْفِرْ لِى وَهَبْ لِى مُلْكًا لَّا يَنۢبَغِى لِأَحَدٍ مِّنۢ بَعْدِىٓ ۖ إِنَّكَ أَنتَ ٱلْوَهَّابُ ٣٥

36 അപ്പോൾ, അദ്ദേഹത്തിനു നാം കാറ്റിനെ കീഴ്പെടുത്തിക്കൊടുത്തു; അത് അദ്ദേഹത്തിൻെറ കൽപനപ്രകാരം അദ്ദേഹം ഉന്നം വെച്ചിടത്തേക്ക് സൗമ്യമായ നിലയിൽ (നിഷ്പ്രയാസം) സഞ്ചരിക്കുമായിരുന്നു.

فَسَخَّرْنَا لَهُ ٱلرِّيحَ تَجْرِى بِأَمْرِهِۦ رُخَآءً حَيْثُ أَصَابَ ٣٦

37 എല്ലാ (വിധ) കെട്ടിടനിർമ്മാണക്കാരും, (സമുദ്രത്തിൽ) മുങ്ങൽക്കാരുമായ പിശാചുക്കളെയും (കീഴ്പെടുത്തിക്കൊടുത്തു).

وَٱلشَّيَٰطِينَ كُلَّ بَنَّآءٍ وَغَوَّاصٍ ٣٧

38 വിലങ്ങു(ചങ്ങല)കളിൽ കൂട്ടി ബന്ധിക്കപ്പെട്ടിരുന്ന മറ്റുചിലരെയും (കീഴ്പെടുത്തിക്കൊടുത്തു)

وَءَاخَرِينَ مُقَرَّنِينَ فِى ٱلْأَصْفَادِ ٣٨

ദാവൂദ്(അ) നബി ഒരു പരീക്ഷണത്തിന് വിധേയനായ സംഭവം 21-25 വചനങ്ങളിൽ വിവരിച്ചുവല്ലോ. അത്പോലെ സുലൈമാൻ(അ) നബിയും ഒരു പരീക്ഷണത്തിന് വിധേയമായ സംഭവമാണ് ഈ വചനങ്ങളിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. പരീക്ഷണത്തിന്റെ സ്വഭാവത്തെക്കുറിച്ച് ഇവിടെയും വിശദമായി

വിസ്തരിക്കപ്പെട്ടിട്ടില്ല.

"അദ്ദേഹത്തിന്റെ പീഠത്തിന്മേൽ (സിംഹാസനത്തിൽ) നാം ഒരു ശരീരത്തെ ഇടുകയും ചെയ്തു." എന്ന് മാത്രമേ അല്ലാഹു പറഞ്ഞിട്ടുള്ളൂ. ജീവനില്ലാത്ത ശരീരം അഥവാ ജഡം - എന്നത്രേ جسد എന്ന വാക്കിന്റെ അർത്ഥം.

സുലൈമാൻ(അ) നബിയുടെ സിംഹാസന പീഠത്തിന്മേൽ ഇടപ്പെട്ട ശരീരം കൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് എന്താണെന്ന് നിർണ്ണയിക്കപ്പെട്ട തെളിവുകളൊന്നും ഇല്ല. അതേകുറിച്ച് പല പണ്ഡിതന്മാരും പല വിധത്തിലും അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും അവയിൽ ഇമാം റാസി(റ), അല്ലാമാ ഹഖ്ഖാനി(റ) മുതലായ ചിലരുടെ ഒരഭിപ്രായം ഒരു പക്ഷേ ശരിയായിരിക്കാൻ ഇടയുണ്ട്. ശക്തിയായ രോഗമോ മറ്റോ ബാധിച്ച് അവശനായി കിടക്കുന്ന ഒരാളെ പറ്റി جسم بلا روح (ജീവനില്ലാ ശരീരം) എന്ന് അറബികൾ പറയാറുണ്ട്. അത്കൊണ്ട് ഭരണകാര്യങ്ങൾ വേണ്ടത് പോലെ നിർവ്വഹിക്കുവാൻ കഴിയാതെ സുലൈമാൻ(അ) സിംഹാസനത്തിൽ - അഥവാ രാജകീയ പീഢത്തിൽ - കഴിഞ്ഞ് കൂടേണ്ടി വന്നതായിരിക്കാം ഇവിടെ ഉദ്ദേശ്യം എന്നാണാ അഭിപ്രായം. സുലൈമാൻ(അ) നബിക്ക് ജനിച്ച ഒരു കുട്ടിയെ അദ്ദേഹം അദ്ദേഹത്തിന്റെ നിലപാടിന് യോജിക്കാത്ത വിധം സ്നേഹിക്കുകയും അതിനെ പറ്റി അതിയായ ജാഗ്രത കാണിച്ച് കൊണ്ടിരിക്കുകയും ചെയ്തുവെന്നും ആ കുട്ടി പെട്ടെന്ന് ഒരിക്കൽ സിംഹാസനത്തിന്മേൽ മരിച്ച് കിടക്കുന്നതായി കണ്ടുവെന്നും അല്ലാമാ ഫരീദ് വജ്ദീ(റ) പ്രസ്താവിച്ചതായി കാണുന്നു. വാസ്തവം അല്ലാഹുവിനറിയാം.

പ്രസ്തുത പരീക്ഷണത്തെതുടർന്ന് അദ്ദേഹം പാപമോചനത്തിന് വേണ്ടിയും ചില പ്രത്യേകാനുഗ്രഹങ്ങൾക്ക് വേണ്ടിയും, അല്ലാഹുവിങ്കലേക്ക് വിനയപ്പെട്ട് കൊണ്ട് പ്രാർത്ഥിച്ചുവെന്നും, അതിന്റെ ഫലമായി മറ്റാർക്കും നൽകാത്ത ചില പ്രത്യേകാനുഗ്രഹങ്ങൾ നൽകി അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിച്ചുവെന്നും ഈ വചനങ്ങളിൽ നിന്ന് മനസ്സിലാകുന്നു. ഏതായാലും ആ പരീക്ഷണത്തിന് ശേഷം അദ്ദേഹത്തിന്റെ ഭരണം കൂടുതൽ പ്രബലപ്പെടുകയുണ്ടായി.

മഹാന്മാരായ ആളുകളെ പറ്റി- നബിമാരെ പറ്റി പ്രത്യേകിച്ചും - അവർ പാപമോചനം തേടിയെന്നോ, അല്ലാഹു അവർക്ക് പൊറുത്ത് കൊടുത്തുവെന്നോ, പറഞ്ഞ് കാണുമ്പോഴേക്കും അവർ വമ്പിച്ച തെറ്റ് കുറ്റങ്ങൾ ചെയ്തിരിക്കുമെന്ന് വിശ്വസിക്കാൻ പാടില്ലാത്തതാകുന്നു. സാധാരണക്കാരായ ആളുകളെ അപേക്ഷിച്ചും, അവരുടെ ദൃഷ്ടിയിലും കേവലം അനുവദനീയമായ ഒരു കാര്യം മഹാനായ ഒരാളെ അപേക്ഷിച്ചും അദ്ദേഹത്തിന്റെ ദൃഷ്ടിയിലും ഒരു മഹാപാപമെന്ന പോലെ ഗണിക്കപ്പെട്ടേക്കാം. "സജ്ജനങ്ങളായുള്ളവരുടെ നന്മകൾ, (അവരേക്കാൾ അല്ലാഹുവുമായി) സാമീപ്യം സിദ്ധിച്ചവരുടെ തിന്മകളായിരിക്കും" -എന്നാണല്ലോ ആപ്തവാക്യം. മാത്രമല്ല, സ്വന്തം നിലയെ താഴ്ത്തികാണുകയും, വിനയവും, താഴ്മയും പ്രകടമാക്കുകയും ചെയ്യുന്നവരായിരിക്കുമല്ലോ അവർ (അല്ലാഹുവുമായി സാമീപ്യം സിദ്ധിച്ചവർ). ഇതനുസരിച്ചാണ്, പാപരഹിതനായ റസൂൽ(സ) തിരുമേനി പോലും "ഞാൻ ദിനം പ്രതി എഴുപത് പ്രാവശ്യം അല്ലാഹുവിനോട് പാപമോചനം തേടുന്നു" എന്ന് അരുളി ചെയ്തിരിക്കുന്നത്.

"രക്ഷിതാവേ, എനിക്ക് പൊറുത്ത് തരേണമേ, എന്റെ ശേഷം ഒരാൾക്കും സൗകര്യപ്പെടാത്ത ഒരു രാജാധിപത്യം നീ എനിക്ക് പ്രദാനം ചെയ്യുകയും വേണമേ" - എന്ന സുലൈമാൻ(അ) നബിയുടെ പ്രാർത്ഥനയുടെ ലക്ഷ്യം മറ്റാർക്കും പിടിച്ചടക്കുവാൻ സാധ്യമാകാത്ത പ്രബലവും ശക്തവുമായ ഒരു ഭൗതിക രാഷ്ട്രമല്ല, നേരെ മറിച്ച് അനുഗ്രഹീതമായ ദൈവീക ഭരണമാണെന്ന് പറയേണ്ടതില്ല. അദ്ദേഹത്തിന് ശേഷം ഏറെ താമസിയാതെ തന്നെ ആ രാഷ്ട്രം ദുർബലമാകുകയും അന്യാധീനപ്പെടുകയും ഉണ്ടായത് ഒരു ചരിത്ര സത്യമാകുന്നു. തന്റെ ആധിപത്യം സാധാരണപോലെയുള്ള ഭൗതിക ശക്തികളാൽ മാത്രം സജ്ജീകൃതമായാൽ പോരാ സാധാരണ രാഷ്ട്രങ്ങൾക്കില്ലാത്ത ചില ദൈവിക സവിശേഷതകളാൽ സുദൃഢമാക്കപ്പെട്ടത് കൂടിയായിരിക്കണം എന്ന് അദ്ദേഹം ആശിക്കുകയും ചെയ്തു. രാജത്വവും പ്രവാചക ത്വവും ഒരുമിച്ച് സമന്വയിച്ച ഒരു പ്രബല രാഷ്ട്രമോ രാജകുടുംബമോ, വേറെ ഉള്ളതായി ഖുർആൻ മുഖേന അറിയിക്കപ്പെട്ടിട്ടില്ല.

സുലൈമാൻ(അ) നബിയുടെ പ്രാർത്ഥന സ്വീകരിച്ചതിനെ പറ്റി അടുത്ത ആയത്തിൽ അല്ലാഹു പറഞ്ഞ വാചകം നോക്കുക:

"അപ്പോൾ അദ്ദേഹത്തിന് നാം കാറ്റിനെ കീഴ്പ്പെടുത്തികൊടുത്തു. അത് അദ്ദേഹത്തിന്റെ കല്പന പ്രകാരം അദ്ദേഹം ഉന്നം വെച്ചിടത്തേക്ക് സൗമ്യമായ നിലയിൽ (നിഷ്പ്രയാസം) സഞ്ചരിക്കുമായിരുന്നു."

കെട്ടിട നിർമ്മാണവും മുങ്ങലും നടത്തുന്ന പിശാചുക്കളെയും, വിലങ്ങുകളിൽ ബന്ധിക്കപ്പെട്ട മറ്റ്

ചിലരേയും അദ്ദേഹത്തിന് കീഴ്പെടുത്തിക്കൊടുത്തു എന്നും തുടർന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. (വിലങ്ങുകളിൽ ബന്ധിക്കപ്പെട്ട മറ്റ് ചിലർ എന്ന് പറഞ്ഞത് അനുസരണയില്ലാത്ത ധിക്കാരികളായ പിശാചുക്കളെക്കുറിച്ചായിരിക്കാം)

സുലൈമാൻ(അ) നബിയുടെ പ്രാർത്ഥനയിൽ 'എന്റെ ശേഷം ഒരാൾക്കും സൗകര്യപ്പെടാത്ത' എന്നാണദ്ദേഹം പറഞ്ഞത്. മേൽ വിവരിച്ച തരത്തിലുള്ള അനുഗ്രഹങ്ങളെല്ലാം തന്നെ അദ്ദേഹത്തിന് ശേഷം മറ്റാർക്കും ലഭിക്കാത്തതാണെന്നും സുലൈമാൻ(അ) നബിയുടെ പ്രാർത്ഥനയെ തുടർന്ന് അദ്ദേഹത്തിന് മാത്രം സിദ്ധിച്ചതാണെന്നും വ്യക്തമാണ്. അല്ലാതെ അദ്ദേഹത്തിന്റെ രാഷ്ട്രം അദ്ദേഹത്തിന് ശേഷം ആർക്കും പിടിച്ചടക്കുവാൻ സാധിച്ചിട്ടില്ല എന്നല്ല. അദ്ദേഹത്തിന്റെ കാലശേഷം ഏറെ താമസിയാതെ തന്നെ ആ രാഷ്ട്രം ദുർബലപ്പെടുകയും അന്യാധീനപ്പെടുകയും ചെയ്തു എന്നത് ഒരു ചരിത്ര സത്യമാകുന്നു.

മൂസാ(അ), ഈസാ(അ) മുതലായവർക്ക് ചില അമാനുഷിക ദൃഷ്ടാന്തങ്ങൾ നൽകപ്പെട്ടിരുന്നത്പോലെ സുലൈമാൻ നബിക്ക് മാത്രം സിദ്ധിച്ച രണ്ട് അമാനുഷിക ദൃഷ്ടാന്തങ്ങളായിരുന്നു കാറ്റിനെയും ജിന്നിനെയും അധീനപ്പെടുത്തിക്കൊടുത്തത്. (സൂ: അൻബിയാഅ് 81,82 ; സൂ: സബഅ് 12,13 എന്നിവിടങ്ങളിൽ നോക്കുക)

**വചനം 39,40 :**

39 "(ഹേ, സുലൈമാൻ!) ഇത് നമ്മുടെ ദാനമാണ്. ആകയാൽ, കണക്കുകൂടാതെ ഉപകാരം ചെയ്യുകയോ വെച്ചുകൊള്ളുകയോ ചെയ്തേക്കുക."

هَٰذَا عَطَآؤُنَا فَٱمۡنُنۡ أَوۡ أَمۡسِكۡ بِغَيۡرِ حِسَابٖ ۝٣٩

40 നിശ്ചയമായും, അദ്ദേഹത്തിന് നമ്മുടെ പക്കൽ വളരെ അടുപ്പവും, നല്ല മടക്കസ്ഥാനവും ഉണ്ടുതാനും.

وَإِنَّ لَهُۥ عِندَنَا لَزُلۡفَىٰ وَحُسۡنَ مَـَٔابٖ ۝٤٠

സുലൈമാൻ(അ) നബിക്ക് നൽകപ്പെട്ട മഹത്തായ അനുഗ്രഹങ്ങളെ ചൂണ്ടിക്കൊണ്ട് അദ്ദേഹത്തോട് അല്ലാഹു പറയുന്നു: ഇതെല്ലാം നാം തനിക്ക് തന്നരുളിയ അനുഗ്രഹങ്ങളാകുന്ന ദാനമാകുന്നു. ആകയാൽ കണക്ക് കൂടാതെ ഉപകാരം ചെയ്യുകയോ, അവ വെച്ച് കൊള്ളുകയോ ചെയ്യുക അത്യുദാരനും അതിമഹാനുമായ യജമാനൻ തന്റെ പ്രിയപ്പെട്ട അടിമക്ക് നൽകുന്ന അംഗീകാരമത്രേ അത്. കൈയിൽ വന്ന അനുഗ്രഹങ്ങളൊക്കെ ലോഭം കൂടാതെ ചെലവഴിക്കുവാനും മറ്റുള്ളവർക്ക് ഉപകാരപ്രദമായ നിലയിൽ ഉപയോഗപ്പെടുത്തുവാനും, തികച്ചും സന്നദ്ധമാണ് ആ അടിമ എന്ന പരമാർത്ഥം സസൂക്ഷ്മം അറിയുന്നവനാണല്ലോ യജമാനൻ.

റസൂലായ ഒരു അടിമ ആയിരിക്കുവാനോ, അതല്ല ഒരു രാജാവായ നബിയായിരിക്കുവാനോ ഇഷ്ടമെന്ന് അല്ലാഹു നബി(സ) തിരുമേനിയോട് അഭിപ്രായം ചോദിച്ചുവെന്നും, തിരുമേനി ഒന്നാമത്തെ നിലപാടാണ് സ്വീകരിച്ചതെന്നും ഒരു ഹദീസിൽ (ബു:മു) വന്നിരിക്കുന്നു. നബി(സ) തെരഞ്ഞെടുത്തത് പോലെ, സുലൈമാൻ(അ) നബിയും, തനിക്ക് നൽകപ്പെട്ട അനുഗ്രഹങ്ങളെ ചിലവഴിക്കുകയോ ചിലവഴിക്കാതിരിക്കുകയോ ചെയ്യാനുള്ള അല്ലാഹു നൽകിയ സ്വാതന്ത്ര്യത്തിൽ, കൂടുതൽ ഉത്തമമായ മാർഗ്ഗമായിരിക്കും അദ്ദേഹം സ്വീകരിച്ചിരിക്കുക എന്ന് നമുക്ക് നിസ്സംശയം പറയാം.

തുടർന്നുള്ള വചനത്തിൽ സുലൈമാൻ(അ) നബിക്ക് അല്ലാഹുവിങ്കൽ സാമീപ്യ സ്ഥാനവും പരലോകത്ത് ഏറ്റവും നല്ല പര്യവസാനവും അല്ലാഹു വാഗ്ദാനം ചെയ്യുന്നു. ഇതിനപ്പുറം സൽഭാഗ്യം മറ്റെന്തുണ്ട്.

## വിഭാഗം 4

**വചനം 41,42,43 :**

41 നമ്മുടെ അടിയാൻ അയ്യൂബിനെയും ഓർക്കുക. അതായത്, അദ്ദേഹം തൻെറ രക്ഷിതാവിനെ

وَٱذۡكُرۡ عَبۡدَنَآ أَيُّوبَ إِذۡ نَادَىٰ رَبَّهُۥٓ أَنِّي

مَسَّنِيَ ٱلشَّيْطَٰنُ بِنُصْبٍ وَعَذَابٍ ﴿٤١﴾

വിളിച്ചു (പ്രാർത്ഥിച്ച)പ്പോൾ; നിശ്ചയമായും പിശാച് അവശതയും, പീഢനവുമായി എന്നെ സ്പർശിച്ചിരിക്കുന്നു എന്ന്.

ٱرْكُضْ بِرِجْلِكَ ۖ هَٰذَا مُغْتَسَلٌۢ بَارِدٌ وَشَرَابٌ ﴿٤٢﴾

42 (നാം ഉത്തരംനൽകി:) "നീ നിൻെറ കാലു കൊണ്ട് കൊട്ടുക; ഇതാ, തണുത്ത സ്നാന ജലവും, പാനീയവും!"

وَوَهَبْنَا لَهُۥٓ أَهْلَهُۥ وَمِثْلَهُم مَّعَهُمْ رَحْمَةً مِّنَّا وَذِكْرَىٰ لِأُو۟لِى ٱلْأَلْبَٰبِ ﴿٤٣﴾

43 അദ്ദേഹത്തിന് തൻെറ വീട്ടുകാരെയും അവരോടൊപ്പം അവരുടെ അത്ര(വേറെ)യും നാം പ്രദാനം ചെയ്കയും ചെയ്തു;-നമ്മുടെ പക്കൽനിന്നുള്ള ഒരു (പ്രത്യേക) കാരുണ്യവും, ബുദ്ധിമാന്മാർക്ക് ഒരു സ്മരണയുമായിട്ടത്രെ (അങ്ങിനെ ചെയ്തത്).

അയ്യൂബ്(അ) നബിക്ക് ബാധിച്ച ആപത്തിന്റെ വിശദ വിവരം ഇവിടെയാകട്ടെ, ഈ വിഷയം പ്രതിപാദിക്കുന്ന സൂ: അൻബിയാഇലെ 83,84 വചനങ്ങളിലാകട്ടെ പ്രസ്താവിക്കപ്പെട്ടിട്ടില്ല. ചില രിവായത്തുകളും ഉദ്ധരിക്കപ്പെട്ടിട്ടുണ്ടെങ്കിലും, അവയിൽ ഏറ്റവും പ്രബലമായത് അനസ്(റ) പറഞ്ഞതായി, ഇബ്നു ജരീർ(റ) ഇബ്നു കഥീർ(റ) മുതലായവർ ഉദ്ധരിച്ചതാകുന്നു. അതിന്റെ സാരം ഇപ്രകാരമാകുന്നു:

"അയ്യൂബ്(അ) പതിമൂന്ന് കൊല്ലം (അതോ, പതിനെട്ട് കൊല്ലമോ- الله اعلم) ഒരു രോഗം മൂലം പരീക്ഷിക്കപ്പെടുകയുണ്ടായി. സഹോദരങ്ങളായ രണ്ട് പേരൊഴികെ മറ്റെല്ലാവരും അദ്ദേഹത്തെ കൈയൊഴിച്ചു. അതിലൊരു സഹോദരൻ, അയൂബ് ചെയ്തിരിക്കാവുന്ന മഹാപാപത്തിന്റെ ഫലമായിരിക്കാം ഈ ആപത്ത് അദ്ദേഹത്തെ ബാധിച്ചത് എന്ന് പറഞ്ഞു. വിവരം അയ്യൂബ്(അ) അറിഞ്ഞു. അദ്ദേഹം വ്യസനപ്പെട്ട് പ്രാർത്ഥിച്ചു. ഒരിക്കൽ മലമൂത്ര വിസർജ്ജനത്തിനായി പുറത്ത് പോയ അദ്ദേഹത്തിനോട്, ഭൂമിയിൽ കാല് കൊട്ടുവാൻ അല്ലാഹു വഹ്യ് നൽകി. കാൽ കൊട്ടിയപ്പോൾ പൊന്തി വന്ന ഉറവിൽ അദ്ദേഹം കുളിക്കുകയും അത് കുടിക്കുകയും ചെയ്യുകയും അങ്ങനെ അദ്ദേഹം സുഖം പ്രാപിക്കുകയും ചെയ്തു."

ഈ വെള്ളത്തിൽ അടങ്ങിയ രഹസ്യം എന്താണെന്ന് അല്ലാഹുവിനറിയാം. ചിലർ പറയാറുള്ളത് പോലെ അദ്ദേഹത്തിന്റെ രോഗം ചർമ്മരോഗമോ മറ്റോ ആയിരിക്കാമെന്നോ, ആ വെള്ളത്തിൽ ഗന്ധക ഗുണം പോലെയുള്ള വല്ല ഔഷധവീര്യവും കലർന്നിരിക്കാം എന്നോ നിശ്ചയിക്കുവാൻ യാതൊരു തെളിവുമില്ല- അതൊക്കെ ചില അഭിപ്രായങ്ങൾ മാത്രമാകുന്നു.

തനിക്ക് ബാധിച്ച ആപത്തിന്റെ കാഠിന്യം നിമിത്തം, തന്റെ നിലപാടിന് യോജിക്കാത്ത വല്ല മനോവികാരവും തന്നിൽ ഉണ്ടായതിനെ സൂചിപ്പിച്ച് കൊണ്ടോ, ചീത്ത കാര്യങ്ങളെ പിശാചുമായി ബന്ധപ്പെടുത്തി പറയാറുള്ള പതിവനുസരിച്ചോ ആയിരിക്കാം "എന്നെ പിശാച് സ്പർശിച്ചിരിക്കുന്നു" എന്ന് അദ്ദേഹം പറഞ്ഞത് (സൂ: അൻബിയാഇൽ ഈ സ്ഥാനത്ത് എനിക്ക് കഷ്ടത ബാധിച്ചിരിക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്.) അല്ലാതെ പിശാചിന്റെ ദുർബോധനങ്ങൾക്ക് അദ്ദേഹം വശം വദനായി എന്ന് ഇതിനർത്ഥമില്ല. അടുത്ത വചനത്തിൽ അല്ലാഹു അദ്ദേഹത്തെ പുകഴ്ത്തിപ്പറഞ്ഞിട്ടുള്ളത് ഇതിന് മതിയായ തെളിവാകുന്നു. (സൂ: അൻബിയാഅ് 83,84 ആയത്തുകളുടെ വിവരണം നോക്കുക)

അല്ലാഹു അയ്യൂബ് നബി(അ)യുടെ പ്രാർത്ഥന സ്വീകരിക്കുകയും, അദ്ദേഹത്തിന്റെ രോഗം സുഖപ്പെടുത്തിയതിന് പുറമേ, അദ്ദേഹത്തിൽ നിന്നും അകന്ന് പോയിരുന്ന കുടുംബങ്ങളെയും ബന്ധുക്കളെയും അല്ലാഹു അദ്ദേഹത്തിലേക്ക് പഴയതിലും അധികമായി തിരിച്ച് വരുത്തുകയും ചെയ്തു. ഇത്തരം പരീക്ഷണ ഘട്ടങ്ങളിൽ ക്ഷമയും സഹനവും കൈകൊണ്ട അയ്യൂബ്(അ) നബിക്ക് ബുദ്ധിമാൻമാർക്ക് ഒരു നല്ല പാഠമെന്ന നിലയിൽ, അല്ലാഹു സന്തുഷ്ടമായ നിലപാടും മറ്റ് ക്ഷേമൈശ്വര്യങ്ങളും പ്രദാനം ചെയ്യുകയും ചെയ്തു.

**വചനം 44:**

وَخُذْ بِيَدِكَ ضِغْثًا فَٱضْرِب بِّهِۦ وَلَا تَحْنَثْ ۗ إِنَّا وَجَدْنَٰهُ صَابِرًا ۚ نِّعْمَ ٱلْعَبْدُ ۖ إِنَّهُۥٓ أَوَّابٌ ﴿٤٤﴾

44 “നീ ഒരു പിടിപുല്ല് (അഥവാ ചുള്ളിത്തണ്ട്) നിൻെറ കയ്യിലെടുക്കുക; എന്നിട്ട് അതു കൊണ്ട് അടിക്കുകയും ശപഥം ലംഘി ക്കാതിരിക്കുകയും ചെയ്യുക.” നിശ്ചയമായും, അദ്ദേഹത്തെ ക്ഷമിക്കുന്നവനായി നാം കണ്ടെ ത്തിയിരിക്കുന്നു. വളരെ നല്ല അടിയാൻ! നിശ്ചയമായും അദ്ദേഹം, വളരെ മടക്കമുള്ള (പശ്ചാത്തപിക്കുന്ന) ആളാകുന്നു.

അയ്യൂബ്(അ) നബിയുടെ ഭാര്യയുടെ പക്കൽ എന്തോ ഒരു വീഴ്ച പറ്റിയ അവസരത്തിൽ, കോപം നിമിത്തമോ മറ്റോ, അദ്ദേഹം ആ സ്ത്രീയെ നൂറ് അടി അടിക്കുമെന്ന് ശപഥം ചെയ്യുകയുണ്ടാ യി. ഈ ശപഥം കേവലം ഒരു നല്ല ശപഥമായിരുന്നില്ല. എന്തെന്നാൽ അതിന് മാത്രം വലിയ ഒരു തെറ്റ് അവൾ ചെയ്തിരുന്നില്ല. അതുകൊണ്ട്, ആ ശപഥം നാമമാത്രമായി നിർവ്വഹിച്ചാൽ മതിയെന്ന് അല്ലാഹു അദ്ദേഹത്തിന് നിർദ്ദേശം നൽകി. അതായത് നൂറ് എണ്ണം വരുന്ന ഒരു പിടി പുല്ലെടുത്ത് അല്ലെങ്കിൽ ചുള്ളിത്തണ്ടെടുത്ത് - അത്കൊണ്ട് അവളെ ഒന്ന് അടിക്കുവാനും, അങ്ങനെ ആ ശപഥം പാലിക്കു വാനും അല്ലാഹു അദ്ദേഹത്തോട് കല്പിച്ചു. അത് വഴി, പ്രത്യക്ഷത്തിൽ ആ ശപഥം നിറവേറ്റുന്നതോ ടൊപ്പം, ആ സ്ത്രീ അനർഹമായ ശിക്ഷയിൽ നിന്നും ഒഴിവാകുകയും ചെയ്തു-. ഇങ്ങനെയാകുന്നു പൊതുവിൽ, ഖുർആൻ വ്യാഖ്യാതാക്കൾ പ്രസ്തുത വചനത്തെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നത്. വാസ്തവം അല്ലാഹുവിന്നറിയാം.

ശപഥങ്ങളിൽ നല്ല ശപഥങ്ങളും ചീത്ത ശപഥങ്ങളും ഉണ്ടാകാം. പലപ്പോഴും ശപഥത്തിന്റെ ഉത്ഭവം വൈകാരികമായ അവസ്ഥയിൽ നിന്നാകാം. അത് കൊണ്ടാണ് മനപൂർവ്വമല്ലാത്ത ശപഥങ്ങളിൽ അല്ലാഹു നിങ്ങളെ പിടികൂടുകയില്ല എന്ന സൂ: മാഇദയിൽ അല്ലാഹു പ്രസ്താവിച്ചിട്ടുള്ളത്. അത്കൊ ണ്ടാണ് നബി(സ) ഇപ്രകാരം പറയുന്നതും:

“നീ ഒരു കാര്യം സത്യം ചെയ്ത് പറഞ്ഞിട്ട് അതിനേക്കാൾ ഉത്തമമായത് മറ്റൊന്നായിരുന്നു വെന്ന് കണ്ടാൽ, നീ നിന്റെ ശപഥത്തിന് പ്രായശ്ചിത്തം കൊടുക്കുകയും (പത്ത് സാധുക്കൾക്ക് ഭക്ഷ ണമോ വസ്ത്രമോ കൊടുക്കുക; അല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിക്കുക; സാധിക്കാത്ത പക്ഷം മൂന്ന് നോമ്പ് നോൽക്കുക) ആ ഉത്തമമായതെന്തോ അത് ചെയ്യുകയും ചെയ്യുക”(ബു:മു). ഈ നിയമ മനുസരിച്ചായിരുന്നു, ആയിശാ(റ)യെ പറ്റി ദൂഷ്യാരോപണം നടത്തിയ മിസുത്തഹ്(റ)ന്, നൽകപ്പെട്ട് കൊണ്ടിരുന്ന ആനുകൂല്യങ്ങൾ മേലിൽ തുടരുകയില്ലെന്ന് അബൂബക്കർ(റ) സത്യം ചെയ്തതിൽ നിന്നും അദ്ദേഹം പിൻമാറിയത്.

ഒരു ശപഥം യഥാവിധി പ്രാവർത്തികമാക്കുന്നത് ദോഷഹേതുകമായിരിക്കുകയും, പ്രത്യക്ഷത്തിൽ അത് പാലിച്ച് കടമ തീർക്കുമാറുള്ള ഒരു ലഘുരൂപം അതിനുണ്ടായിരിക്കുകയും ചെയ്താൽ ഈ നയം സ്വീകരിക്കുന്നത് ശപഥ ലംഘനം ആയിത്തീരുന്നതല്ല.

ശപഥങ്ങളിൽ നിന്നും വ്യത്യസ്തമായി, നേർച്ചകൾ ആരാധനയിൽപെട്ട ഒരു കാര്യമാകുന്നു. നേർച്ചയിൽ മനപൂർവ്വമെന്നും, അല്ലാത്തതെന്നും ഉള്ള ഒരു വിഭജനമില്ല. സ്വതവേ പുണ്യകരമായ ഒരു ഐഛിക കർമ്മം നേർച്ച നേരുന്നതോടെ (ഉദാ: നൂറ് ദരിദ്രന്മാർക്ക് ഭക്ഷണം കൊടുക്കാമെന്ന നേർച്ചയാ ക്കിയാൽ) ഒരു നിർബന്ധിത കർമ്മമായിത്തീരുന്നതാണ്.

ആപത്തുകളിലും പരീക്ഷണങ്ങളിലും അയ്യൂബ്(അ) പ്രദർശിപ്പിച്ച ക്ഷമ അദ്ദേഹത്തിന് അല്ലാ ഹുവിങ്കലുള്ള സ്ഥാനം ഉന്നതമായിത്തീരുവാൻ എത്രമാത്രം കാരണമായെന്ന് കാണിക്കുന്ന മഹത്തായ ഒരു സാക്ഷിപത്രമാണ് ഒടുവിലത്തെ വാക്യം- “നിശ്ചയമായും, അദ്ദേഹത്തെ ക്ഷമിക്കുന്നവനായി നാം കണ്ടെത്തിയിരിക്കുന്നു. വളരെ നല്ല അടിയാൻ. വളരെ മടക്കമുള്ള ആളുമാകുന്നു.”

**വചനം 45,46,47,48 :**

وَٱذۡكُرۡ عِبَٰدَنَآ إِبۡرَٰهِيمَ وَإِسۡحَٰقَ وَيَعۡقُوبَ أُوْلِي ٱلۡأَيۡدِي وَٱلۡأَبۡصَٰرِ ﴿٤٥﴾

45 നമ്മുടെ അടിയാൻമാരെയും-അതായത് കരബലവും (ദീർഘ) ദൃഷ്ടിയുമുള്ള (അഥവാ കർമ്മധീരതയും ഉൾക്കാഴ്ചയുമുള്ള) ഇബ്റാഹീമിനെയും, ഇസ്ഹാഖിനെയും, യഅ്ഖൂബിനെയും-ഓർക്കുക.

إِنَّآ أَخۡلَصۡنَٰهُم بِخَالِصَةٖ ذِكۡرَى ٱلدَّارِ ﴿٤٦﴾

46 നിഷ്കളങ്കമായ (അഥവാ പരിപാവനമായ) ഒരു കാര്യംകൊണ്ട് അവരെ നാം സംശുദ്ധമാക്കിയിരിക്കുന്നു; അതായത്, (പരലോക) ഭവനത്തിന്റെ സ്മരണ(കൊണ്ട്)!

وَإِنَّهُمۡ عِندَنَا لَمِنَ ٱلۡمُصۡطَفَيۡنَ ٱلۡأَخۡيَارِ ﴿٤٧﴾

47 നിശ്ചയമായും അവർ, നമ്മുടെ അടുക്കൽ, തിരഞ്ഞെടുക്കപ്പെട്ട ഉത്തമൻമാരിൽ പെട്ടവരു മത്രെ.

وَٱذۡكُرۡ إِسۡمَٰعِيلَ وَٱلۡيَسَعَ وَذَا ٱلۡكِفۡلِۖ وَكُلّٞ مِّنَ ٱلۡأَخۡيَارِ ﴿٤٨﴾

48 ഇസ്മാഈലിനെയും, അൽയസഇനെയും, ദുൽകിഫ്ലിനെയും ഓർക്കുക. എല്ലാവരും തന്നെ, ഉത്തമൻമാരിൽ പെട്ടവരാകുന്നു.

ചില പ്രവാചകന്മാരെക്കുറിച്ച് സാമാന്യമായ ഒരു അനുസ്മരണമാണ് ഈ വചനങ്ങളിലുള്ളത്. അൽയസഉ്(അ) നബിയെ പറ്റി ഇവിടെയെന്ന പോലെ സൂ: അൻആം: 86ലും, ദുൽകിഫുൽ(അ) നബിയെ പറ്റി സൂ: അൻബിയാഅ് : 85ലും പറഞ്ഞിരിക്കുന്നു. ഇവരും ഇസ്മാഈൽ(അ) നബിയും ഉത്തമന്മാരിൽപെട്ടവരാകുന്നു എന്ന് അല്ലാഹു പ്രസ്താവിക്കുന്നു. ഇബ്രാഹീം(അ) ഇസ്ഹാഖ്(അ) യഅ്ഖൂബ്(അ) എന്നിവർ മതവിജ്ഞാനങ്ങളിലും ധാർമ്മിക ചിന്തകളിലും മനോദൃഷ്ടിയും ദീർഘക്കാഴ്ചയും ഉള്ളവരും, അല്ലാഹുവിനെ ആരാധിക്കുന്നതിൽ കൃത്യനിഷ്ഠയും കരുത്തും ശക്തിയും ഉള്ളവരും ആയിരുന്നു. പരലോക സ്മരണ എന്ന പരിശുദ്ധവും പരിപാവനവുമായ മഹൽ ഗുണമത്രേ അല്ലാഹു അവരെ ഇത്രയും ഉൽകൃഷ്ടരാക്കുവാൻ കാരണം. "നിങ്ങൾ ഐഹിക ജീവിതത്തെ ഉദ്ദേശിക്കുന്നു, അല്ലാഹുവാകട്ടെ പരലോകത്തെ ഉദ്ദേശിക്കുന്നു." എന്ന സൂ: അൻഫാൽ ലെ 67-ാം വചനം ഇവിടെ സ്മരണീയമാകുന്നു.

**വചനം 49,50,51,52,53,54 :**

هَٰذَا ذِكۡرٞۚ وَإِنَّ لِلۡمُتَّقِينَ لَحُسۡنَ مَـَٔابٖ ﴿٤٩﴾

49 ഇതൊരു സ്മരണ (അഥവാ പ്രസ്താവന) യത്രെ. നിശ്ചയമായും, (സൂക്ഷിക്കുന്ന) ഭയഭക്തൻമാർക്ക് നല്ല മടക്കസ്ഥാനമുണ്ട്.

جَنَّٰتِ عَدۡنٖ مُّفَتَّحَةٗ لَّهُمُ ٱلۡأَبۡوَٰبُ ﴿٥٠﴾

50 അതായത്, അവർക്കുവേണ്ടി വാതിലുകൾ തുറന്നു വെക്കപ്പെട്ടിട്ടുള്ള സ്ഥിരവാസത്തിന്റെ സ്വർഗ്ഗങ്ങൾ!-

مُتَّكِـِٔينَ فِيهَا يَدۡعُونَ فِيهَا بِفَٰكِهَةٖ كَثِيرَةٖ وَشَرَابٖ ﴿٥١﴾

51 അതിൽ ചാരിയിരുന്നുകൊണ്ടായിരിക്കും (അവർ സുഖിക്കുക) ധാരാളം (സുഖഭോജ്യങ്ങളായ)പഴങ്ങൾക്കും പാനീയത്തിനും അവർ അവിടത്തിൽ വിളിച്ച് (ആവശ്യപ്പെട്ടു)കൊണ്ടിരിക്കും.

۞وَعِندَهُمۡ قَٰصِرَٰتُ ٱلطَّرۡفِ أَتۡرَابٌ ﴿٥٢﴾

52 അവരുടെ അടുക്കൽ (ഇണയൊത്ത) സമവയസ്കരായ, (പരദൃഷ്ടിവെക്കാതെ) കണ്ണു നിയന്ത്രിക്കുന്ന സ്ത്രീകളും ഉണ്ടായിരിക്കും.

هَٰذَا مَا تُوعَدُونَ لِيَوۡمِ ٱلۡحِسَابِ ٥٣

53 (ഹേ, ഭയഭക്തൻമാരെ,) വിചാരണാദിവസ ത്തേക്ക് നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെടുന്ന താണ് ഇത് !

إِنَّ هَٰذَا لَرِزۡقُنَا مَا لَهُۥ مِن نَّفَادٍ ٥٤

54 നിശ്ചയമായും, ഇത് നമ്മുടെ വക (പാരിതോഷി കമായി) നൽകുന്നതാണ്: യാതൊരു (വിധത്തി ലുള്ള) തീർന്നുപോക്കും അതിനുണ്ടാകുന്നതല്ല.

മേൽ പ്രസ്താവിക്കപ്പെട്ട പ്രവാചകന്മാരുടെ കാൽപാടുകളെ അനുഗമിച്ച് കൊണ്ട് അല്ലാഹുവിന്റെ വിധിവിലക്കുകളെ അനുസരിച്ച് ജീവിക്കുന്ന ഭയഭക്തന്മാർക്ക് സിദ്ധിക്കാനിരിക്കുന്ന പാരത്രിക നേട്ടങ്ങ ളെയാണ് ഈ വചനങ്ങളിലൂടെ വിവരിക്കപ്പെട്ടിരിക്കുന്നത്.

**വചനം 55,56,57,58 :**

هَٰذَاۚ وَإِنَّ لِلطَّٰغِينَ لَشَرَّ مَـَٔابٖ ٥٥

55 ഇതാണ് (അവരുടെ നില). (അതേസമയത്ത്) ധിക്കാരികൾക്ക് നിശ്ചയമായും മോശപ്പെട്ട മടക്കസ്ഥാനവും ഉണ്ടായിരിക്കും.

جَهَنَّمَ يَصۡلَوۡنَهَا فَبِئۡسَ ٱلۡمِهَادُ ٥٦

56 അതായത് 'ജഹന്നം' (നരകം)!-അവരതിൽ കടന്നെരിയും. അപ്പോൾ, (ആ) വിരിപ്പു വിതാനം എത്രയോ ചീത്ത!

هَٰذَا فَلۡيَذُوقُوهُ حَمِيمٞ وَغَسَّاقٞ ٥٧

57 ഇതാണ് (ഇവർക്കുള്ളത്); ആകയാൽ, ഇവരത് ആസ്വദിച്ചുകൊള്ളട്ടെ: (കൂടാതെ) അത്യുഷ്ണ ജലവും (ദുർഗ്ഗന്ധത്തോടെ ഒഴുകി വരുന്ന) അതി ശൈത്യജലവും!

وَءَاخَرُ مِن شَكۡلِهِۦٓ أَزۡوَٰجٌ ٥٨

58 ഈ രൂപത്തിൽപെട്ട പല ഇനങ്ങൾ വേറെയും!!

നരക വാസികൾക്ക് ലഭിക്കാനിരിക്കുന്ന ദുരനുഭവങ്ങളെക്കുറിച്ചാണ് ഈ വചനങ്ങളിൽ വിവരി ക്കപ്പെട്ടിരിക്കുന്നത്. അവരുടെ ശരീരങ്ങളിൽ നിന്നൊഴുകിയൊലിക്കുന്നതും തണുപ്പേറിയതും അത്യന്തം ദുർഗന്ധം വമിക്കുന്നതുമായ ഒരു തരം വെള്ളമാകുന്നു 'ഗസ്സാഖ് '. ഒരു നബി വചനത്തിൽ ഇപ്രകാരം കാണാം- "ഒരു തൊട്ടി 'ഗസ്സാഖ് ' ഇഹലോകത്ത് ഒഴിക്കപ്പെടുന്ന പക്ഷം, ഇഹലോകം മുഴുവൻ ദുർഗന്ധം വമിക്കുന്നതാകുന്നു"- അഹ്മദ്(റ). നരകവാസികൾക്ക് ലഭിക്കുന്ന ദാഹജലം, അതികഠിനമായ ഉഷ്ണജ ലമോ, അല്ലെങ്കിൽ അതിശൈത്യമായ ഗസ്സാഖോ ആയിരിക്കും.

**വചനം 59,60,61 :**

هَٰذَا فَوۡجٞ مُّقۡتَحِمٞ مَّعَكُمۡۖ لَا مَرۡحَبَۢا بِهِمۡۚ إِنَّهُمۡ صَالُواْ ٱلنَّارِ ٥٩

59 "ഇതാ നിങ്ങളോടൊപ്പം (നരകത്തിൽ) തിരക്കി ക്കടന്നുവരുന്ന ഒരുകൂട്ടം!" അവർക്കു സ്വാഗത മില്ല! നിശ്ചയമായും അവർ നരകത്തിൽ കടന്നെരിയുന്നവരത്രെ.

قَالُواْ بَلۡ أَنتُمۡ لَا مَرۡحَبَۢا بِكُمۡۖ أَنتُمۡ قَدَّمۡتُمُوهُ لَنَاۖ فَبِئۡسَ ٱلۡقَرَارُ ٦٠

60 അവർ(തിരക്കിക്കടന്നുവരുന്നവർ) പറയും: "പക്ഷേ, നിങ്ങളാണ് (സ്വാഗതം നൽകപ്പെടാ ത്തവർ);-നിങ്ങൾക്ക് സ്വാഗതമില്ല. നിങ്ങളത്രെ ഞങ്ങൾക്ക് ഇതു മുമ്പേവരുത്തിവെച്ചത്." അപ്പോൾ(ആ)പാർപ്പിടം എത്രയോചീത്ത (തന്നെ)!

قَالُواْ رَبَّنَا مَن قَدَّمَ لَنَا هَٰذَا فَزِدۡهُ

61 അവർ പറയും "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇതു മുമ്പേവരുത്തിവെച്ചതാരോ

عَذَابًا ضِعۡفًا فِي ٱلنَّارِ ٦١

അവന് നരകത്തിൽ ഇരട്ടിയായ ശിക്ഷ നീ വർദ്ധിപ്പിക്കേണമേ!".

ധിക്കാരികളായ നേതാക്കൾ നരകത്തിൽ പ്രവേശിക്കുമ്പോൾ അവരോടൊപ്പം, അവരുടെ അനുയായികളും വന്ന് കൊണ്ടിരിക്കും. ഇഹത്തിൽ വെച്ച് അവർ കൂട്ടുകെട്ടിലും സൗഹൃദത്തിലും വർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ അവർ തങ്ങൾക്കൊരു ശാപവും ശല്യവുമായിട്ടാണ് അനുഭവപ്പെടുക. അവർ പരസ്പരം പ്രകടിപ്പിക്കുന്ന പ്രതിഷേധവാക്കുകളാണ് ഈ വചനങ്ങളിൽ: തങ്ങൾക്ക് ഈ ദുരവസ്ഥ മുമ്പേ വരുത്തി വെച്ച നേതാക്കൾക്ക് നരകത്തിൽ ശിക്ഷ ഇരട്ടിയായി വർദ്ധിപ്പിക്കേണമേ എന്ന് അനുയായികൾ അല്ലാഹുവിനോട് അപേക്ഷിക്കുകയാണ്.

**വചനം 62,63 :**

وَقَالُواْ مَا لَنَا لَا نَرَىٰ رِجَالٗا كُنَّا نَعُدُّهُم مِّنَ ٱلۡأَشۡرَارِ ٦٢

62 അവർ (പരസ്പരം) പറയും: "നമുക്കെന്താണ്, ദുർജ്ജനങ്ങളുടെ കൂട്ടത്തിൽ പെട്ടവരായി നാം എണ്ണി വന്നിരുന്ന ചില മനുഷ്യൻമാരെ (ഇവിടെ) കാണുന്നില്ലല്ലോ?!

أَتَّخَذۡنَٰهُمۡ سِخۡرِيًّا أَمۡ زَاغَتۡ عَنۡهُمُ ٱلۡأَبۡصَٰرُ ٦٣

63 "നാം അവരെ (വൃഥാ) പരിഹാസ്യമാക്കിത്തീർത്തുവോ?– അതല്ല, അവരിൽനിന്നും (നമ്മുടെ) ദൃഷ്ടികൾ തെറ്റിപ്പോയിരിക്കുകയാണോ?!"

അവിശ്വാസികളുടെ ദൃഷ്ടിയിൽ ദുർജ്ജനങ്ങളും നിന്ദ്യരുമായി കരുതപ്പെട്ടിരുന്ന സജ്ജനങ്ങളെ പറ്റി, അവർ തമ്മിൽ തമ്മിൽ സംസാരിക്കുകയാണ് – നാമവരെ പരിഹസിച്ച് വന്നത് അബദ്ധമായിരിക്കുകയാണോ? നമുക്കവരെ കണ്ടെത്താൻ കഴിയാതെ വന്നത് അവർ വിജയികളായി നരകശിക്ഷകളിൽ നിന്ന് രക്ഷപ്പെട്ടത് കൊണ്ടാണോ?

**വചനം 64:**

إِنَّ ذَٰلِكَ لَحَقّٞ تَخَاصُمُ أَهۡلِ ٱلنَّارِ ٦٤

64 നിശ്ചയമായും അത്, യഥാർത്ഥം തന്നെ! (അതെ) നരകക്കാരുടെ (ഇടയിൽ നടക്കുന്ന) കക്ഷിവഴക്ക് (അഥവാ വിവാദം) ആകുന്നു.

മേൽ വിവരിക്കപ്പെട്ട വിവാദങ്ങളെല്ലാം കേവലം ഉപമാലങ്കാരങ്ങളോ, അതിശയോക്തിയോ അല്ലെന്നും തികച്ചും, സംഭവിക്കുന്ന യാഥാർത്ഥ്യങ്ങൾ തന്നെയാണെന്നും അല്ലാഹു ഉറപ്പിച്ച് പറയുന്നു.

## വിഭാഗം – 5

**വചനം 65,66,67,68,69,70:**

قُلۡ إِنَّمَآ أَنَا۠ مُنذِرٞۖ وَمَا مِنۡ إِلَٰهٍ إِلَّا ٱللَّهُ ٱلۡوَٰحِدُ ٱلۡقَهَّارُ ٦٥

65 (നബിയേ) പറയുക: "നിശ്ചയമായും ഞാൻ ഒരു മുന്നറിയിപ്പുകാരൻ മാത്രമാകുന്നു; ഏകനായ സർവ്വാധിപതിയായ അല്ലാഹു അല്ലാതെ യാതൊരാരാധ്യനും ഇല്ലതന്നെ.

رَبُّ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَمَا بَيۡنَهُمَا ٱلۡعَزِيزُ ٱلۡغَفَّٰرُ ٦٦

66 ആകാശങ്ങളുടെയും, ഭൂമിയുടെയും, അവയുടെ ഇടയിലുള്ളതിന്റെയും രക്ഷിതാവാണ്, പ്രതാപശാലിയാണ് വളരെ പൊറുക്കുന്നവനാണ് (അവൻ).

قُلۡ هُوَ نَبَؤٌاْ عَظِيمٌ ٦٧

67 പറയുക: "അത് ഒരു വമ്പിച്ച വർത്തമാനമാകുന്നു!–

أَنتُمۡ عَنۡهُ مُعۡرِضُونَ ٦٨

68 നിങ്ങൾ അതിൽനിന്ന് (അശ്രദ്ധരായി) തിരിഞ്ഞു കളയുന്നവരാണ്."

مَا كَانَ لِيَ مِنۡ عِلۡمِۭ بِٱلۡمَلَإِ ٱلۡأَعۡلَىٰٓ إِذۡ يَخۡتَصِمُونَ ٦٩

69 'മലഉൽ അഅ്ലാ'യെ (ഉന്നത സമൂഹത്തെ) ക്കുറിച്ച്-അവർ വിവാദം നടത്തിക്കൊണ്ടിരിക്കുമ്പോൾ-എനിക്ക് യാതൊരു അറിവും ഉണ്ടായിരുന്നില്ല;-

إِن يُوحَىٰٓ إِلَيَّ إِلَّآ أَنَّمَآ أَنَا۠ نَذِيرٞ مُّبِينٌ ٧٠

70 ഞാൻ ഒരു പ്രത്യക്ഷനായ താക്കീതുകാരനാണ് എന്നതിനാലല്ലാതെ, എനിക്ക് വഹ്‌യു (ദിവ്യബോധനം) നൽകപ്പെടുന്നില്ല.

"ആകാശ ഭൂമികളെ സൃഷ്ടിച്ച് നിയന്ത്രിച്ച് പോരുന്ന സർവ്വാധിപതിയായ അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനും ഇല്ലെന്നുള്ള പ്രബോധനമാകുന്നു എന്റെ ദൗത്യം. അവൻ പ്രതാപശാലിയും വളരെ പൊറുക്കുന്നവനുമാകുന്നു. ഇതാകട്ടെ ഒരു വമ്പിച്ച വർത്തമാനം തന്നെയാകുന്നു. നിങ്ങളാകട്ടെ അതിൽ അശ്രദ്ധരായി അതിൽ നിന്ന് തിരിഞ്ഞ് കളയുന്നവരാകുന്നു. ഞാൻ ഇത് പ്രബോധനം ചെയ്യുവാൻ കാരണം, അല്ലാഹു എന്നെ നിങ്ങൾക്ക് താക്കീത് ചെയ്യുവാൻ വേണ്ടി അയച്ചിരിക്കുകയാണ് - അതിനാൽ അവനിൽ നിന്ന് എനിക്ക് വഹ്‌യ് ലഭിക്കുകയും ചെയ്യുന്നു. എന്നല്ലാതെ, മലക്കുകളുടെ ഉന്നത സമൂഹമാകുന്ന 'മലഉൽ അഅ്ലാ' യുടെ ഇടയിൽ നടന്നതോ നടന്ന് വരുന്നതോ ആയ വിവാദ സംസാരങ്ങളെകുറിച്ച് എനിക്ക് ഒന്നും തന്നെ അറിഞ്ഞ് കൂടാ"-എന്നിങ്ങനെ പ്രബോധനം ചെയ്യുവാൻ അല്ലാഹു നബി(സ)യോട് നിർദ്ദേശിക്കുന്നു.

'മലഉൽ അഅ്ലാ' (ഉന്നത സമൂഹം) എന്നത് മലക്കുകൾക്ക് പൊതുവിൽ പറയപ്പെടുന്നതാണെന്നും , അതല്ല അവരിലുള്ള ഒരു പ്രത്യേക വിഭാഗത്തിനെ പറ്റി പറയപ്പെടുന്നതാണെന്നും മഹാന്മാർക്കിടയിൽ രണ്ടഭിപ്രായങ്ങളുണ്ട്.

'മലഉൽ അഅ്ലാ'വിവാദം നടത്തിക്കൊണ്ടിരിക്കുമ്പോൾ എനിക്ക് അവരെ പറ്റി ഒന്നും അറിഞ്ഞ് കൂടായിരുന്നല്ലോ - എന്നാണല്ലോ 69-ാം വചനത്തിൽ പറഞ്ഞിരിക്കുന്നത്. ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള വിവാദം ഏതാണെന്ന് 71-ാം വചനത്തിൽ നിന്നും മനസ്സിലാക്കാം. - അതായത് "ഞാൻ മനുഷ്യനെ സൃഷ്ടിക്കുവാൻ പോകുന്നു" എന്ന് അല്ലാഹു മലക്കുകളോട് പറഞ്ഞ സന്ദർഭം (വിവാദത്തിന്റെ വിശദവിവരം സൂ: ബഖറ 30-33 വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.)

**വചനം 71,72,73,74 :**

إِذۡ قَالَ رَبُّكَ لِلۡمَلَٰٓئِكَةِ إِنِّي خَٰلِقُۢ بَشَرٗا مِّن طِينٖ ٧١

71 അതായത്, നിൻെറ റബ്ബ് മലക്കുകളോടു പറഞ്ഞ സന്ദർഭം; "ഞാൻ കളിമണ്ണിൽനിന്ന് ഒരു മനുഷ്യനെ (മനുഷ്യവർഗ്ഗത്തെ) സൃഷ്ടിക്കുവാൻ പോകുന്നു.

فَإِذَا سَوَّيۡتُهُۥ وَنَفَخۡتُ فِيهِ مِن رُّوحِي فَقَعُواْ لَهُۥ سَٰجِدِينَ ٧٢

72 "അങ്ങനെ, ഞാനവനെ (രൂപം നൽകി) ശരിപ്പെടുത്തുകയും, അവനിൽ എൻെറ (വക) ആത്മാവിൽനിന്നും ഞാൻ ഊതുകയും ചെയ്താൽ, നിങ്ങൾ അവന്നു 'സുജൂദാ'യി (തലകുനിച്ച്) വീഴണം".

فَسَجَدَ ٱلۡمَلَٰٓئِكَةُ كُلُّهُمۡ أَجۡمَعُونَ ٧٣

73 അപ്പോൾ മലക്കുകളെല്ലാവരും - മുഴുവനും - സുജൂദു ചെയ്തു;

إِلَّآ إِبۡلِيسَ ٱسۡتَكۡبَرَ وَكَانَ مِنَ ٱلۡكَٰفِرِينَ ٧٤

74 -ഇബ്ലീസ് ഒഴികെ. അവൻ ഗർവ്വു നടിച്ചു. അവൻ അവിശ്വാസികളിൽ പെട്ടവനാകുന്നു.

മനുഷ്യപിതാവായ ആദം(അ) നബിയെ സൃഷ്ടിച്ചപ്പോഴത്തെ ചില സംഭവങ്ങളാണ് ഈ വചനങ്ങളിൽ കാണുന്നത്. സൂ: അൽ ബഖറ : 30-33 വചനങ്ങളിലും സൂ: അഅ്റാഫ്, സൂ: ഹിജ്ർ, സൂ: ഇസ്രാഅ്, സൂ: ത്വാഹാ, സൂ: അൽ കഹ്ഫ് തുടങ്ങി മറ്റ് പല സൂറത്തുകളിലും, ഈ സംഭവം ആവർത്തിക്കപ്പെട്ടിട്ടുണ്ട്.

മനുഷ്യന്റെ ഉൽപത്തിയെക്കുറിച്ച് പ്രസ്താവിക്കുമ്പോൾ താഴെപറയുന്ന വാക്കുകൾ അല്ലാഹു ഉപയോഗിച്ചതായി കാണാം. من تراب (മണ്ണിൽ നിന്ന്); من طين (കളിമണ്ണിൽ നിന്ന്); حما مسنون (കറുപ്പ് നിറം വരുകയും മണത്തിൽ വ്യത്യാസം സംഭവിക്കുകയും ചെയ്തിട്ടുള്ള കുഴഞ്ഞ് പാകപ്പെട്ട കളിമണ്ണ്) صلصال كالفخار (ചൂള വെക്കപ്പെട്ടിട്ടുള്ള ഇഷ്ടിക പോലെ, തട്ടിയാൽ 'ചലപല' ശബ്ദമുണ്ടാകുന്ന ഉണങ്ങിയ കളിമണ്ണ്)

മണ്ണിന്റെ ചില പരിവർത്തനഘട്ടങ്ങളെ കുറിക്കുന്നതാണ് ഈ വാക്കുകൾ; എന്നാൽ ഓരോ ദശയേയും സംബന്ധിച്ച് സൂക്ഷ്മമോ, വിശദമോ ആയ വിവരണങ്ങൾ നൽകുവാൻ നമുക്ക് സാദ്ധ്യമല്ലതാനും.

"എന്റെ ആത്മാവിൽ നിന്നും അവനിൽ ഊതുകയും ചെയ്താൽ"എന്ന വാക്യം ശ്രദ്ധേയമാകുന്നു. ഭൗതികാംശങ്ങളാൽ സൃഷ്ടിക്കപ്പെട്ട ജഡവും, ദൈവികമായ ആത്മാവും ചേരുമ്പോഴാണല്ലോ അത് ജീവിയായിത്തീരുന്നത്. അല്ലാഹുവിന് മാത്രം അറിയാവുന്ന ഒരു രഹസ്യപ്രതിഭാസമാകുന്നു ആത്മാവ് എന്നത്. നബി(സ)യോട് അല്ലാഹു പറയുന്നത് നോക്കുക:

"അവർ നിന്നോട് ആത്മാവിനെ പറ്റി ചോദിക്കുന്നു, പറയുക: ആത്മാവ് എന്റെ റബ്ബിന്റെ കാര്യത്തിൽ പെട്ടതാകുന്നു. നിങ്ങൾക്ക് അറിവിൽ നിന്നും അൽപമല്ലാതെ നൽകപ്പെട്ടിട്ടില്ല." - സൂ: ഇസ്രാഅ്.

ആദമിന് സുജൂദ് ചെയ്യുവാനുള്ള കല്പന മലക്കുകളെ അഭിമുഖീകരിച്ചുകൊണ്ടാണ് ഖുർആനിൽ എല്ലാ സ്ഥലത്തും പറയപ്പെട്ടിരിക്കുന്നത്. ഇബ്‌ലീസാണെങ്കിൽ ജിന്ന് വർഗ്ഗത്തിൽപ്പെട്ടവനാണ് എന്ന് സൂ: അൽകഹ്ഫ് : 50-ാം വചനത്തിൽ അല്ലാഹു വ്യക്തമാക്കിയിട്ടുമുണ്ട്. പക്ഷെ, സുജൂദിന്റെ കല്പന ധിക്കരിക്കുക വഴി അല്ലാഹുവിന്റെ ശാപകോപത്തിന് പാത്രമാകുന്നതിന് മുമ്പ് അവൻ മലക്കുകളാകുന്ന 'മലഉൽ അഅ്ലാ'യുടെ കൂട്ടത്തിലായിരുന്നുവെന്നും പ്രസ്തുത സംഭവത്തിന് ശേഷമാണ് അവൻ അവരിൽ നിന്നും ബഹിഷ്കരിക്കപ്പെട്ടതെന്നുമാണ് ഖുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ച് കാണുന്നത്. 69-ാം വചനവും 71-ാം വചനവും തമ്മിലുള്ള ബന്ധം നോക്കുമ്പോഴും ഈ പ്രസ്താവന ശരിയായിരിക്കുവാൻ ന്യായം കാണുന്നു.

"അവൻ (ഇബ്‌ലീസ്) അവിശ്വാസികളിൽപ്പെട്ടവനാണ് "എന്ന് പറഞ്ഞതിന്റെ താല്പര്യം രണ്ട് പ്രകാരത്തിലായിരിക്കാവുന്നതാണ് എന്ന് മഹാന്മാർ അർത്ഥം കല്പിച്ച് കാണാം. സുജൂദ് ചെയ്യാൻ കൂട്ടാക്കാതെ ഗർവ്വ് നടിച്ചതിനാൽ അവൻ അവിശ്വാസികളിൽപ്പെട്ടവനായിത്തീർന്നു എന്നും, അവൻ അവിശ്വാസികളുടെ കൂട്ടത്തിൽപ്പെട്ടവനാണെന്ന് അല്ലാഹുവിന്, മുമ്പേ അറിയാമായിരുന്നു എന്നും. മലക്കുകളോട് ആദം(അ) നബിക്ക് ചെയ്യാൻ കല്പിക്കപ്പെട്ട സുജൂദ് എങ്ങനെയുള്ളതായിരുന്നുവെന്നതിനെ കുറിച്ച് ഒന്നിലധികം അഭിപ്രായങ്ങളുണ്ട്.- സുജൂദ് യഥാർത്ഥത്തിൽ അല്ലാഹുവിന്നായിരുന്നുവെന്നും, ആദം(അ) കേവലം ഒരു ഖിബ്‌ല മാത്രമായിരുന്നു എന്നും; സുജൂദ് ഒരു ഉപചാരവും ബഹുമാനവും എന്ന നിലക്കായിരുന്നു എന്നും; സുജൂദ് കൊണ്ട് ഇവിടെ വിവക്ഷ സാഷ്ടാംഗ നമസ്കാരമല്ല, താഴ്മയും വിനയവും കാണിക്കലാണ് എന്നും ആണ് വ്യത്യസ്ത അഭിപ്രായങ്ങൾ. യാഥാർത്ഥ്യം അല്ലാഹുവിന്നറിയാം. ഏതായാലും ഈ സുജൂദിന്റെ ഉദ്ദേശ്യം ആദം(അ) നബിക്ക് ആരാധന ചെയ്യുകയെന്നതല്ല എന്ന കാര്യത്തിൽ മുസ്ലീംകൾക്കിടയിൽ ഭിന്നാഭിപ്രായമില്ല. കാരണം, ശിർക്ക് ചെയ്യുവാൻ അല്ലാഹു ഒരിക്കലും കല്പിക്കുകയില്ലയെന്നത് സ്പഷ്ടമാണല്ലോ. ഏതായാലും, അല്ലാഹുവിന്റെ പ്രസ്തുത കല്പന, മനുഷ്യവർഗ്ഗത്തിന്റെ ശ്രേഷ്ടതയും അല്ലാഹുവിങ്കൽ മനുഷ്യനുള്ള സ്ഥാനവും കാണിക്കുന്നുണ്ടെന്ന് സ്പഷ്ടമാക്കുന്നു.

**വചനം 75,76,77,78,79,80,81 :**

قَالَ يَٰٓإِبۡلِيسُ مَا مَنَعَكَ أَن تَسۡجُدَ لِمَا خَلَقۡتُ بِيَدَيَّۖ أَسۡتَكۡبَرۡتَ أَمۡ كُنتَ مِنَ ٱلۡعَالِينَ ٧٥

75 അവൻ (റബ്ബ്) പറഞ്ഞു: "ഹേ, ഇബ്ലീസ്! എൻെറ കരങ്ങളാൽ ഞാൻ സൃഷ്ടിച്ചുണ്ടാക്കിയതിന് സുജൂദു ചെയ്യാൻ നിന്നെ മുടക്കിയത് എന്താണ്? നീ ഗർവ്വ് നടിച്ചുവോ, അതല്ല- നീ ഉന്നതൻമാരിൽ പെട്ടവനാണോ?!"

قَالَ أَنَا۠ خَيۡرٞ مِّنۡهُۖ خَلَقۡتَنِي مِن نَّارٖ وَخَلَقۡتَهُۥ مِن طِينٖ ٧٦

76 അവൻ പറഞ്ഞു: "ഞാൻ അവനെക്കാൾ ഉത്തമനാകുന്നു. എന്നെ നീ അഗ്നിയാൽ സൃഷ്ടിച്ചിരിക്കുന്നു; അവനെ നീ കളിമണ്ണിനാലും സൃഷ്ടിച്ചിരിക്കുന്നു."

قَالَ فَٱخۡرُجۡ مِنۡهَا فَإِنَّكَ رَجِيمٞ ٧٧

77 അവൻ (റബ്ബ്) പറഞ്ഞു: "എന്നാൽ നീ ഇവിടത്തിൽനിന്ന് പുറത്തുപോകണം. നിശ്ചയമായും നീ ആട്ടപ്പെട്ടവനാകുന്നു.

وَإِنَّ عَلَيۡكَ لَعۡنَتِيٓ إِلَىٰ يَوۡمِ ٱلدِّينِ ٧٨

78 "നിശ്ചയമായും, (പ്രതിഫല) നടപടിയെടുക്കുന്ന ദിവസംവരേക്കും നിൻെറമേൽ എൻെറ ശാപമുണ്ടായിരിക്കുന്നതുമാണ്."

قَالَ رَبِّ فَأَنظِرۡنِيٓ إِلَىٰ يَوۡمِ يُبۡعَثُونَ ٧٩

79 അവൻ പറഞ്ഞു: "രക്ഷിതാവേ! എന്നാൽ, അവർ (മനുഷ്യർ) ഉയിർത്തെഴുന്നേല്പിക്കപ്പെടുന്ന ദിവസംവരേക്കും നീ എനിക്ക് കാലതാമസം നൽകേണമേ!"

قَالَ فَإِنَّكَ مِنَ ٱلۡمُنظَرِينَ ٨٠

80 അവൻ (അല്ലാഹു) പറഞ്ഞു: "എന്നാൽ, നീ കാലതാമസം നൽകപ്പെട്ടവരുടെ കൂട്ടത്തിൽ തന്നെ;-

إِلَىٰ يَوۡمِ ٱلۡوَقۡتِ ٱلۡمَعۡلُومِ ٨١

81 (പക്ഷേ, നിശ്ചിതമായി) അറിയപ്പെട്ട (ആ) സമയത്തിൻെറ ദിവസംവരേക്കും (മാത്രം)."

അസൂയ, ഗർവ്വ്, വർഗ്ഗീയ അഹന്ത ആദിയായവ മൂലം പിശാച് അല്ലാഹുവിന്റെ കല്പന ധിക്കരിച്ച് എന്നെന്നേക്കും അല്ലാഹുവിന്റെ ശാപകോപത്തിന് അവൻ വിധേയനായിത്തിരുകയും ചെയ്തു. പുനരുത്ഥാന ദിവസം വരെ തനിക്ക് മരണം ബാധിക്കാതെ സ്വതന്ത്രമായി വിഹരിക്കുവാൻ അനുവദിക്കണമെന്നാണ് അവൻ അനന്തരം അപേക്ഷിച്ചത്. പക്ഷേ ലോകാവസാനം വരെ മാത്രം അവധി നൽകാമെന്നായിരുന്നു അല്ലാഹുവിന്റെ മറുപടി.

**വചനം 82,83 :**

قَالَ فَبِعِزَّتِكَ لَأُغۡوِيَنَّهُمۡ أَجۡمَعِينَ ٨٢

82 അവൻ (ഇബ്ലീസ്) പറഞ്ഞു: "എന്നാൽ, നിൻെറ പ്രതാപംകൊണ്ടു (സത്യം!) ഞാൻ അവരെ (മനുഷ്യരെ) മുഴുവനും നിശ്ചയമായും വഴിതെറ്റിക്കുക തന്നെ ചെയ്യും;

إِلَّا عِبَادَكَ مِنۡهُمُ ٱلۡمُخۡلَصِينَ ٨٣

83 അവരിൽനിന്നും കളങ്കരഹിതരാക്കപ്പെട്ട (ശുദ്ധൻമാരായ) നിൻെറ അടിയാൻമാരെ ഒഴികെ.

അങ്ങനെ അനുവദിച്ച് കിട്ടിയ സമയം താൻ മനുഷ്യരെ വഴി തെറ്റിക്കുവാൻ വേണ്ടി വിനിയോഗിക്കുന്നതാണെന്ന് അവൻ അല്ലാഹുവിനോട് പ്രഖ്യാപിക്കുന്നു. കളങ്കം, സ്വാർത്ഥം, ദേഹേച്ഛ, ഭൗതിക ലക്ഷ്യം, കാപട്യം ആദിയായവ നിമിത്തം ഹൃദയത്തിന് മാലിന്യം ബാധിച്ചവരെ മാത്രമേ തനിക്ക് വഴിപി

ഴപ്പിക്കുവാൻ കഴിയുകയുള്ളൂ എന്ന യാഥാർത്ഥ്യം ഇവിടെ ഇബ്‌ലീസ് തുറന്ന് സമ്മതിക്കുന്നു.

അല്ലാഹുവിന്റെ നിഷ്കളങ്കരായ അടിയാൻമാരിൽ അവൻ നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ - ആമീൻ.

**വചനം 84,85 :**

قَالَ فَٱلْحَقُّ وَٱلْحَقَّ أَقُولُ ﴿٨٤﴾

84 അവൻ (റബ്ബ്) പറഞ്ഞു: "അപ്പോൾ പരമാർത്ഥം (ഇതത്രെ); പരമാർത്ഥം തന്നെയാണ് ഞാൻ പറയുന്നത്,-

لَأَمْلَأَنَّ جَهَنَّمَ مِنكَ وَمِمَّن تَبِعَكَ مِنْهُمْ أَجْمَعِينَ ﴿٨٥﴾

85 നിശ്ചയമായും, നിന്നെക്കൊണ്ടും, അവരിൽ നിന്നു നിന്നെപിൻപറ്റിയ എല്ലാവരെക്കൊണ്ടുമായി ഞാൻ 'ജഹന്നം' (നരകം) നിറക്കുന്നതാണ്!"

ഇബ്‌ലീസിനെ കൊണ്ടും, നിന്നെ പിൻപറ്റിയ എല്ലാവരെകൊണ്ടും നരകം നിറക്കുന്നതാണെന്ന് അല്ലാഹു ഇബ്‌ലീസിന് വ്യക്തമായ താക്കീത് നൽകുന്നു.

**വചനം 86,87,88 :**

قُلْ مَآ أَسْـَٔلُكُمْ عَلَيْهِ مِنْ أَجْرٍ وَمَآ أَنَا۠ مِنَ ٱلْمُتَكَلِّفِينَ ﴿٨٦﴾

86 (നബിയേ,) പറയുക: "ഞാൻ നിങ്ങളോട് ഇതിൻെറ (ഖുർആൻെറ) പേരിൽ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല; ഞാൻ (കൃത്രിമമായി) സാഹസം പ്രവർത്തിക്കുന്നവരിൽ പെട്ടവനല്ലതാനും.

إِنْ هُوَ إِلَّا ذِكْرٌ لِّلْعَٰلَمِينَ ﴿٨٧﴾

87 "ഇത് ലോകർക്കു (മുഴുവനും) വേണ്ടിയുള്ള ഒരു ഉൽബോധനം (അഥവാ സന്ദേശം) അല്ലാതെ(മറ്റൊന്നും)അല്ല.

وَلَتَعْلَمُنَّ نَبَأَهُۥ بَعْدَ حِينٍۭ ﴿٨٨﴾

88 "തീർച്ചയായും, ഇതിൻെറ വൃത്താന്തം ഒരു (കുറഞ്ഞ) കാലത്തിനുശേഷം നിങ്ങൾക്ക് നിശ്ചയമായും അറിയാറാകുന്നതുമാണ്."

നബി(സ) തിരുമേനിയെ അഭിമുഖീകരിച്ച് കൊണ്ട് അല്ലാഹു പറയുന്നു: നബിയേ പറയുക: "ഖുർആന്റെ പ്രബോധനം മുഖേന യാതൊരു വിധത്തിലുള്ള സ്വാർത്ഥമോ കാര്യലാഭമോ നിങ്ങളിൽ നിന്നും ഞാൻ പ്രതീക്ഷിക്കുന്നില്ല. എനിക്കില്ലാത്ത ഒരു സ്ഥാനം അഭിനയിച്ച് ഇങ്ങനെ ഒരു സാഹസത്തിന് മുതിരുന്ന ഒരു സ്വഭാവക്കാരനല്ല ഞാൻ എന്ന് നിങ്ങൾക്കറിയാമല്ലോ. ലോകർക്കാകമാനം പ്രബോധനം ചെയ്‌വാനായി അല്ലാഹു എന്നെ നിയോഗിച്ചത് കൊണ്ട് മാത്രം, ഞാൻ ഇതുമായി മുന്നോട്ട് വന്നിരിക്കയാണ്. ഇപ്പോൾ നിങ്ങളിത് സ്വീകരിക്കാൻ തയ്യാറാകുന്നില്ലെങ്കിലും താമസം വിനാ നിങ്ങൾക്കിതിന്റെ സത്യയാഥാർത്ഥ്യം ബോധ്യപ്പെടാതിരിക്കുകയില്ല."

ഖുർആന്റെ പ്രബോധനം, മനുഷ്യർക്കും ജിന്നുകൾക്കും ആക കൊണ്ട്, 87-ാം വചനത്തിലെ 'ലോകർക്ക് 'എന്ന വാക്ക് കൊണ്ട് ഈ രണ്ട് വർഗ്ഗങ്ങളാണുദ്ദേശിക്കപ്പെടുന്നത്.

88-ാം വചനത്തിൽ സൂചിപ്പിച്ച 'കുറഞ്ഞ കാലത്തിന് ശേഷം' എന്ന് പറഞ്ഞതിന്റെ താല്പര്യം, മരണവേളയിൽ എന്നും, ഖിയാമത്ത് നാളിൽ എന്നും, ഇസ്ലാമിന് പ്രചാരം സിദ്ധിക്കുന്നതോട് കൂടി- എന്നും വിവക്ഷിക്കപ്പെട്ടിട്ടുണ്ട്. ഈ ഓരോ അഭിപ്രായവും ഓരോ നിലക്ക് ശരിയാണെന്ന് അല്പം ആലോചിച്ചാൽ ഏവർക്കും മനസ്സിലാകുന്നതാണ്. ഖുർആന്റെ അവതരണകാലത്ത് അതിനെ നിഷേധിച്ച അതേ ജനത തന്നെ അധികം താമസിയാതെ, അതിന്റെ അനുയായികളും പ്രചാരകരുമായി മാറി, ലോകത്തിന്റെ നാനാഭാഗങ്ങളിലും ഖുർആന്റെ സന്ദേശത്തിന് സ്വീകരണം ലഭിച്ചത് പ്രസിദ്ധമാണല്ലോ, കൂടാതെ ഓരോ വ്യക്തിയും ഈ ഭൗതിക ജീവിതവുമായി വേർപെടുന്നതോട് കൂടി അവന് യാഥാർത്ഥ്യം ബോദ്ധ്യമാകുന്നതാണെന്നും തീർച്ച തന്നെ.

# 39. സൂറത്തു സുമർ (കൂട്ടങ്ങൾ)

**മക്കായിൽ അവതരിച്ചത്**

**വചനങ്ങൾ 75,** വിഭാഗം (റുകൂഅ്) 8

സത്യനിഷേധികൾ കൂട്ടംകൂട്ടമായി നരകത്തിലേക്കും, ധർമ്മനിഷ്ഠയുള്ളവർ കൂട്ടംകൂട്ടമായി സ്വർഗ്ഗത്തിലേക്കും നയിക്കപ്പെടുന്നതിനെക്കുറിച്ച് 71,73 വചനങ്ങളിലുള്ള പരാമർശമാണ് ഈ അദ്ധ്യായത്തിന് 'സുമർ' (കൂട്ടങ്ങൾ) എന്ന പേരിന് നിദാനം.

**വിഭാഗം 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3,4 :**

1 വേദഗ്രന്ഥത്തിൻെറ അവതരണം പ്രതാപശാലിയായ-അഗാധജ്ഞനായ-അല്ലാഹുവിങ്കൽ നിന്നാകുന്നു.

تَنزِيلُ ٱلْكِتَٰبِ مِنَ ٱللَّهِ ٱلْعَزِيزِ ٱلْحَكِيمِ ﴿١﴾

2 നിശ്ചയമായും (ഈ) ഗ്രന്ഥം യഥാർത്ഥ (മുറ) പ്രകാരം നിനക്കു നാം അവതരിപ്പിച്ചു തന്നിരിക്കുന്നു. ആകയാൽ, മതം (അഥവാ കീഴ്വണക്കം) അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് നീ അവനെ ആരാധിച്ചുകൊള്ളുക.

إِنَّآ أَنزَلْنَآ إِلَيْكَ ٱلْكِتَٰبَ بِٱلْحَقِّ فَٱعْبُدِ ٱللَّهَ مُخْلِصًا لَّهُ ٱلدِّينَ ﴿٢﴾

3 അല്ലാ (അറിഞ്ഞേക്കുക)! നിഷ്കളങ്കമായ മതം (അഥവാ കീഴ്വണക്കം) അല്ലാഹുവിനുള്ളതാകുന്നു. അവനു പുറമെ കാര്യകർത്താക്കളെ ഏർപ്പെടുത്തിയിട്ടുള്ളവരാകട്ടെ, (അവർ പറയുന്നു:) “അല്ലാഹുവിങ്കലേക്ക് ഞങ്ങളെ (ശരിയായ) ഒരു അടുപ്പം അവർ അടുപ്പിച്ചു തരുവാൻ വേണ്ടിയല്ലാതെ, ഞങ്ങൾ അവരെ ആരാധിക്കുന്നില്ല.” നിശ്ചയമായും, തങ്ങൾ യാതൊന്നിൽ ഭിന്നിച്ചുകൊണ്ടിരിക്കുന്നുവോ അതിൽ, അല്ലാഹു അവർക്കിടയിൽ വിധി കൽപിക്കുന്നതാകുന്നു. ഏതൊരുവൻ വളരെ നന്ദികെട്ട കള്ളവാദിയാണോ അങ്ങിനെയുള്ളവനെ അല്ലാഹു നേർമ്മാർഗ്ഗത്തിലാക്കുകയില്ലതന്നെ.

أَلَا لِلَّهِ ٱلدِّينُ ٱلْخَالِصُ ۚ وَٱلَّذِينَ ٱتَّخَذُوا۟ مِن دُونِهِۦٓ أَوْلِيَآءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلْفَىٰٓ إِنَّ ٱللَّهَ يَحْكُمُ بَيْنَهُمْ فِى مَا هُمْ فِيهِ يَخْتَلِفُونَ ۗ إِنَّ ٱللَّهَ لَا يَهْدِى مَنْ هُوَ كَٰذِبٌ كَفَّارٌ ﴿٣﴾

4 വല്ല സന്താനത്തെയും സ്വീകരിക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അവൻ സൃഷ്ടിക്കുന്നവയിൽ നിന്ന് (തന്നെ) അവൻ ഉദ്ദേശിക്കുന്നത് അവൻ തിരഞ്ഞെടുക്കുമായിരുന്നു. (പക്ഷേ) അവൻ മഹാപരിശുദ്ധൻ! സർവ്വാധിപതിയായ ഏകനായ അല്ലാഹുവത്രെ അവൻ.

لَّوْ أَرَادَ ٱللَّهُ أَن يَتَّخِذَ وَلَدًا لَّٱصْطَفَىٰ مِمَّا يَخْلُقُ مَا يَشَآءُ ۚ سُبْحَٰنَهُۥ ۖ هُوَ ٱللَّهُ ٱلْوَٰحِدُ ٱلْقَهَّارُ ﴿٤﴾

മുശ്‌രിക്കുകൾ, തങ്ങളുടെ ശിർക്ക് പരമായ പ്രവർത്തനങ്ങളെ ന്യായീകരിക്കുന്നതിനായി, തങ്ങളുടെ ആരാധ്യന്മാർ അല്ലാഹുവിന്റെ അടുക്കൽ, തങ്ങൾക്ക് സാമീപ്യവും പ്രീതിയും നേടിക്കൊടുക്കുമെന്ന് വാദിക്കുന്നു. ഈ വാദം, തനി കള്ളവും, നന്ദികെട്ട സത്യനിഷേധവുമാണെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അല്ലാഹുവിന്റെ സൃഷ്ടികളിൽപെട്ട ചിലരെ അവന്റെ മക്കളായി ഗണിക്കുകയും അവരെ ആരാധിക്കുകയും ചെയ്യുന്നവർക്കുള്ള ഖണ്ഡനമാണ് 4-ാം വചനം. അല്ലാഹുവിന് വേണമെങ്കിൽ അവന്റെ സൃഷ്ടികളിൽ നിന്ന് തന്നെ അവൻ ഉദ്ദേശിക്കുന്നവരെ അവന്റെ മക്കളായി സ്വീകരിക്കാവുന്നതാണ്. പക്ഷേ അവനത് ഉദ്ദേശിച്ചിട്ടില്ല; ഉദ്ദേശിക്കുകയുമില്ല, ഏകനായ അല്ലാഹു സർവ്വാധിപതിയും മഹാപരിശുദ്ധനുമത്രേ. (112-ാം അദ്ധ്യായം സൂ: ഇഖ്‌ലാസ് നോക്കുക)

**വചനം 5 :**

خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ ۖ يُكَوِّرُ ٱلَّيْلَ عَلَى ٱلنَّهَارِ وَيُكَوِّرُ ٱلنَّهَارَ عَلَى ٱلَّيْلِ ۖ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ ۖ كُلٌّ يَجْرِى لِأَجَلٍ مُّسَمًّى ۗ أَلَا هُوَ ٱلْعَزِيزُ ٱلْغَفَّٰرُ ﴿٥﴾

5 ആകാശങ്ങളെയും, ഭൂമിയെയും അവൻ യഥാർത്ഥ (മുറ) പ്രകാരം സൃഷ്ടിച്ചിരിക്കുന്നു. രാത്രിയെ(ക്കൊണ്ട്) പകലിൻമേൽ അവൻ ചുറ്റിപ്പൊതിയുന്നു; പകലിനെ(ക്കൊണ്ട്) രാത്രിയുടെമേലും ചുറ്റിപ്പൊതിയുന്നു. സൂര്യനെയും, ചന്ദ്രനെയും അവൻ കീഴ്പെടുത്തിവെക്കുകയും ചെയ്തിരിക്കുന്നു. എല്ലാം (തന്നെ) നിർണ്ണയിക്കപ്പെട്ട ഒരു അവധിവരേ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അല്ലാ (-അറിയുക:) അവൻ പ്രതാപശാലിയാണ്, വളരെ പൊറുക്കുന്നവനാണ്.

രാവും പകലും ഒന്ന് മറ്റേതിന്റെ മേൽ ചെന്ന് മൂടുകയും, അങ്ങനെ അവ ഗോളാകൃതിയിലുള്ള ഭൂമിയുടെ മീതെ ഉരുണ്ട് നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അങ്ങനെ രാവും പകലും പരസ്പരം ചുറ്റിപൊതിയുന്നു. സൂര്യചന്ദ്രന്മാരുടെ ചലനത്തെക്കുറിച്ച് ഇതിന് മുമ്പ് ഒന്നിലധികം ഇടങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ളത് ശ്രദ്ധിക്കുക.

**വചനം 6 :**

خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ ثُمَّ جَعَلَ مِنْهَا زَوْجَهَا وَأَنزَلَ لَكُم مِّنَ ٱلْأَنْعَٰمِ ثَمَٰنِيَةَ أَزْوَٰجٍ ۚ يَخْلُقُكُمْ فِى بُطُونِ أُمَّهَٰتِكُمْ خَلْقًا مِّنۢ بَعْدِ خَلْقٍ فِى ظُلُمَٰتٍ ثَلَٰثٍ ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ لَهُ ٱلْمُلْكُ ۖ لَآ إِلَٰهَ إِلَّا هُوَ ۖ فَأَنَّىٰ تُصْرَفُونَ ﴿٦﴾

6 നിങ്ങളെ അവൻ ഒരേജീവനിൽ(അഥവാ ദേഹത്തിൽ) നിന്ന് സൃഷ്ടിച്ചു; പിന്നെ, അതിൽനിന്നുതന്നെ അതിൻെറ ഇണയെ ഉണ്ടാക്കുകയും ചെയ്തു. കന്നുകാലികളിൽ നിന്ന് എട്ടു(തരം) ഇണകളെയും നിങ്ങൾക്കു വേണ്ടി ഇറക്കി (ഉല്പാദിപ്പിച്ചു) തന്നു. നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ വെച്ച് ഒരു (രൂപത്തിലുള്ള) സൃഷ്ടിക്കുശേഷം (വേറെ രൂപത്തിലുള്ള) ഒരു സൃഷ്ടിയായും കൊണ്ട്-മൂന്ന് അന്ധകാരങ്ങളിലായി-നിങ്ങളെ അവൻ സൃഷ്ടിച്ചുണ്ടാക്കുന്നു. അങ്ങിനെയുള്ളവനത്രെ നിങ്ങളുടെ രക്ഷിതാവായ അല്ലാഹു! അവന്നാണ് രാജാധിപത്യം. അവനല്ലാതെ ആരാധ്യനേ ഇല്ല. എന്നിരിക്കെ, എങ്ങിനെയാണ് നിങ്ങൾ (ഈ യാഥാർത്ഥ്യത്തിൽ നിന്ന്) തിരിച്ചുവിടപ്പെടുന്നത്?!

نفس (നഫ്സ്) എന്ന വാക്കിന് ആത്മാവ്, ജീവൻ, മനസ്സ്, ശരീരം, ദേഹം, താൻ(സ്വയം), മഹത്വം എന്നിങ്ങനെ പല അർത്ഥങ്ങളുമുണ്ട്. نفس واحدة (ഒരേ ജീവൻ - ഒരേ ദേഹം) എന്ന് ഈ വചനത്തിൽ പറഞ്ഞിട്ടുള്ളത്, മനുഷ്യപിതാവായ ആദം(അ) നബിയെയും അതിന്റെ ഇണ എന്ന് പറഞ്ഞത് മനുഷ്യ മാതാവായ ഹവ്വാഉ്(അ)നെ ഉദ്ദേശിച്ചുമാകുന്നു. (സൂ: നിസാഅ് : 1 ; സൂ: അഅ്റാഫ് : 189 ; സൂ: ഹുജുറാത്ത് : 13 എന്നിവിടങ്ങളിൽ നോക്കുക). മനുഷ്യർക്ക് പൊതുവെ 'ആദമിന്റെ സന്തതികൾ' എന്നും മനുഷ്യന് 'ആദമിയ്യ്'എന്നും പറയപ്പെടുന്നു.

ആദമിനെ സൃഷ്ടിച്ചത് മണ്ണിൽ നിന്നാണെന്ന് ഖുർആൻ ആവർത്തിച്ച് പറഞ്ഞിരിക്കുന്നു. ആദ്യ മാതാവായ ഹവ്വാഅ്(അ)ന്റെ ഉൽഭവത്തെ പറ്റി ഈ വചനത്തിലും സൂ: അഅ്റാഫ് : 189-ാം വചനത്തിലും സൂ: നിസാഅ് : 1-ാം വചനത്തിലും, "നിങ്ങളെ ഒരേ ആത്മാവിൽ നിന്നും(ദേഹത്തിൽ നിന്നും) സൃഷ്ടിച്ചു" എന്ന് പറഞ്ഞതിനെ തുടർന്ന് "അതിൽ നിന്ന് അതിന്റെ ഇണയെ ഉണ്ടാക്കുകയും(സൃഷ്ടിക്കുകയും) ചെയ്തു" എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. എന്നാൽ ഹവ്വാ(അ)ന്റെ സൃഷ്ടിപ്പിനെക്കുറിച്ച് കൂടുതൽ വിശദീകരണം ഖുർആനിൽ നിന്ന് ലഭിക്കുന്നില്ല. ഇമാം ബുഖാരി(റ) മുസ്ലീം(റ) എന്നിവർ ഉദ്ധരിക്കുന്ന ഒരു ഹദീസിൽ നബി(സ) ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"സ്ത്രീകൾ വാരിയെല്ലിനാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. വാരിയെല്ലുകളിൽ വെച്ച് ഏറ്റവും വളവുള്ളത് അതിന്റെ മേൽ ഭാഗത്തുള്ളതാണ്. നീ അത് നിവർത്തി ചൊവ്വാക്കാൻ പോയാൽ നീ അത് പൊട്ടിക്കേണ്ടി വരും. അങ്ങിനെ തന്നെ വിട്ടാൽ, അത് വളഞ്ഞ് കൊണ്ടേ ഇരിക്കുകയും ചെയ്യും.."

എന്നാൽ ആ വാരിയെല്ല് ആരുടേതാണെന്നോ മറ്റോ ഹദീസിൽ ഇല്ല. സ്ത്രീ വാരിയെല്ലിനാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന വാക്യം കേവലം ഒരു അലങ്കാര പ്രയോഗമാണെന്നാണ് ചില പണ്ഡിതന്മാരുടെ അഭിപ്രായം പക്ഷേ ഭൂവിഭാഗം പണ്ഡിതന്മാരുടെയും അഭിപ്രായം ആദം(അ) നബിയുടെ വാരിയെല്ലിൽ നിന്നാണ് ഹവ്വാ(അ) സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന യാഥാർത്ഥ്യമാണ്, ഈ ഹദീസുകളിൽ അടങ്ങിയിരിക്കുന്നത് എന്നത്രേ.

ഹവ്വാ(അ)യുടെ സൃഷ്ടിപ്പിനെ പറ്റി വേറെയും അഭിപ്രായം ചില പണ്ഡിതന്മാർ വിവരിക്കുന്നുണ്ടെങ്കിലും, അവ സ്വീകരിക്കപ്പെടുവാൻ ഖുർആനിലോ ഹദീസിലോ തെളിവുകളുടെ യാതൊരു പിൻബലവുമില്ല - والله اعلم

മനുഷ്യന്റെ ആരംഭത്തെ പറ്റി പ്രസ്താവിച്ച ശേഷം, അവന്റെ നിത്യോപയോഗ വസ്തുവായ കന്നുകാലികളെക്കുറിച്ച് അല്ലാഹു പറയുന്നു. എട്ട് തരം ഇണകൾ എന്ന് പ്രത്യേകം എടുത്ത് പറഞ്ഞതിന്റെ ഉദ്ദേശ്യം ചെമ്മരിയാട്, കോലാട്, ഒട്ടകം, മാട് എന്നീ നാല് വർഗ്ഗങ്ങളിൽ നിന്നുള്ള ആണും പെണ്ണും ആണെന്നു, സൂ: അൻആം : 143,144 വചനങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

മനുഷ്യന്റെ ഗർഭാവസ്ഥയിൽ ശിശുവിന്റെ സംരക്ഷണത്തിനായുള്ള അത്ഭുത രഹസ്യങ്ങളെക്കുറിച്ച് അടുത്ത വാക്യം ഓർമ്മിപ്പിക്കുന്നു. "ഒരു സൃഷ്ടിപ്പിന് ശേഷം മറ്റൊന്നായി" എന്ന് പറഞ്ഞത് ഇന്ദ്രിയം, രക്തപിണ്ഡം, മാംസപിണ്ഡം, പൂർണ്ണശിശു എന്നീ ഗർഭകാല ദശകളെ ഉദ്ദേശിച്ചാകുന്നു. (സൂ: ഹജ്ജ് : 5, സൂ: മുഅ്മിനൂൻ : 13,14 എന്നിവിടങ്ങളിൽ നോക്കുക) 'മൂന്ന് തരം അന്ധകാരങ്ങളിൽ' എന്ന് പറഞ്ഞതിന്റെ വിവക്ഷ മാതാവിന്റെ വയറ്, ഗർഭാശയം, ശിശുവിനെ മൂടിപ്പൊതിഞ്ഞിരിക്കുന്ന നേരിയ ഉറ(മറുപിള്ള) എന്നിവയുടെ ഉള്ളിൽ ശിശു കഴിച്ച് കൂട്ടേണ്ടി വരുന്ന അജ്ഞാതാവസ്ഥയെ സൂചിപ്പിക്കുന്നു. ശിശുവിനെ സംരക്ഷിച്ച് കൊണ്ട് ഗർഭാശയത്തിനുള്ളിൽ തന്നെയുള്ള മൂന്ന് ഇരുട്ടറകളെക്കുറിച്ച് വൈദ്യശാസ്ത്ര വിദഗ്ദരും വിവരിച്ച് കാണുന്നു. -PERIMETRIUM; MYOMETRIUM, ENDOMETRIUM- ഈ അറകൾ ശസ്ത്രക്രിയ കൊണ്ട് മാത്രമേ അറിയപ്പെടുവാൻ സാധിക്കുകുയുള്ളൂ എന്നും അവർ പറയുന്നു. الله اعلم

ഹേ മനുഷ്യരെ, ഇതൊക്കെ മഹാശക്തിയായ അല്ലാഹുവിന്റെ പ്രവർത്തനങ്ങളത്രേ. അവനാകുന്നു രാജാധിപത്യം, അവനല്ലാതെ ആരാധ്യനേയില്ല, ഇത്രയും വ്യക്തമായ ദൃഷ്ടാന്തങ്ങൾ ഉണ്ടായിരിക്കെ ഹേ അവിശ്വാസികളേ, ബഹുദൈവവിശ്വാസികളെ, എങ്ങനെയാണ് നിങ്ങൾ സത്യത്തിൽ നിന്നും തിരിച്ച് വിടപ്പെടുന്നത്? - അല്ലാഹു ചോദിക്കുന്നു.

**വചനം 7:**

إِن تَكْفُرُوا۟ فَإِنَّ ٱللَّهَ غَنِىٌّ عَنكُمْ ۖ وَلَا يَرْضَىٰ لِعِبَادِهِ ٱلْكُفْرَ ۖ وَإِن تَشْكُرُوا۟ يَرْضَهُ لَكُمْ ۗ وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ۗ ثُمَّ إِلَىٰ رَبِّكُم مَّرْجِعُكُمْ فَيُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ۚ إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٧﴾

7 നിങ്ങൾ അവിശ്വസിക്കുക (അഥവാ നന്ദികേട് കാണിക്കുക)യാണെങ്കിൽ, നിശ്ചയമായും അല്ലാഹു നിങ്ങളിൽനിന്നും (ആശ്രയം വേണ്ടാത്ത) ധന്യനാകുന്നു. അവൻെറ അടിയാൻമാർക്ക് അവിശ്വാസത്തെ അവൻ തൃപ്തിപ്പെടുകയില്ല. നിങ്ങൾ (വിശ്വസിച്ച്) നന്ദി കാണിക്കുകയാണെങ്കിൽ അവൻ നിങ്ങൾക്കത് തൃപ്തിപ്പെട്ടു തരുന്നതുമാണ്. കുറ്റം വഹിക്കുന്ന ഒരു ദേഹവും മറ്റൊന്നിൻെറ കുറ്റം വഹിക്കുന്നതല്ല. പിന്നീട് (ഒടുക്കം) നിങ്ങളുടെ രക്ഷിതാവിങ്കലേക്കാണ് നിങ്ങളുടെ മടങ്ങിവരവ്. അപ്പോൾ, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി അവൻ നിങ്ങളെ ബോധ്യപ്പെടുത്തുന്നതാണ്. നിശ്ചയമായും, അവൻ നെഞ്ചു (ഹൃദയം) കളിലുള്ളതിനെപ്പറ്റി അറിയുന്നവനാകുന്നു.

വിശ്വാസം (ഈമാൻ) എന്ന വാക്കിന്റെ വിപരീതമാകുന്നു, അവിശ്വാസം (കുഫ്ർ) എന്ന പദം. നന്ദി (ശുക്ർ) എന്നതിന്റെ വിപരീതം നന്ദികേട് (കുഫ്റാൻ) എന്നതുമാകുന്നു. അല്ലാഹുവിനോടുള്ള നന്ദിയിൽ നിന്നാകുന്നു സത്യവിശ്വാസം ഉടലെടുക്കുന്നത്. നേരെ മറിച്ച് അവിശ്വാസം അവനോട് കാണിക്കുന്ന നന്ദികേടുമാകുന്നു. അത്കൊണ്ട് സത്യവിശ്വാസവും നന്ദിയും (ഈമാനും ശുക്റും), അവിശ്വാസവും നന്ദികേടും (കുഫ്റും കുഫ്റാനും) തമ്മിലും അഭേദ്യമായ ബന്ധമാണുള്ളത്. (സൂ : ഇബ്റാഹിം : 7, 8 വചനങ്ങളും അവയുടെ വിശദീകരണവും ശ്രദ്ധിക്കുക). "പാപഭാരം (കുറ്റം) വഹിക്കുന്ന ഒരു ദേഹവും മറ്റൊരാളുടെ പാപഭാരം വഹിക്കുകയില്ല" - എന്നതാകുന്നു അല്ലാഹുവിന്റെ നിയമ വ്യവസ്ഥ. (സൂ.അൻആം: 164; സൂ. ഫാത്വിർ 18; നോക്കുക.)

**വചനം 8, 9:**

۞ وَإِذَا مَسَّ ٱلْإِنسَـٰنَ ضُرٌّ دَعَا رَبَّهُۥ مُنِيبًا إِلَيْهِ ثُمَّ إِذَا خَوَّلَهُۥ نِعْمَةً مِّنْهُ نَسِىَ مَا كَانَ يَدْعُوٓا۟ إِلَيْهِ مِن قَبْلُ وَجَعَلَ لِلَّهِ أَندَادًا لِّيُضِلَّ عَن سَبِيلِهِۦ ۚ قُلْ تَمَتَّعْ بِكُفْرِكَ قَلِيلًا ۖ إِنَّكَ مِنْ أَصْحَـٰبِ ٱلنَّارِ ﴿٨﴾

8 മനുഷ്യനെ വല്ല ഉപദ്രവവും (അനിഷ്ടകാര്യവും) ബാധിച്ചാൽ, അവൻ തൻെറ റബ്ബിങ്കലേക്ക് (ഭക്തിപൂർവ്വം) മടങ്ങിക്കൊണ്ട് അവനോടു പ്രാർത്ഥിക്കും. പിന്നീട് അവൻ തൻെറ പക്കൽ നിന്ന് വല്ല അനുഗ്രഹവും അവന് അധീനപ്പെടുത്തിക്കൊടുത്താൽ, അവൻ മുമ്പ് യാതൊരു കാര്യത്തിലേക്കു (വേണ്ടി) പ്രാർത്ഥന ചെയ്തിരുന്നുവോ അതവൻ മറന്നുകളയുകയായി. അല്ലാഹുവിൻെറ മാർഗ്ഗത്തിൽനിന്ന് (ജനങ്ങളെ) വഴിപിഴപ്പിക്കുവാനായി അല്ലാഹുവിന് അവൻ സമൻമാരെ (പങ്കുകാരെ) ആക്കുകയും ചെയ്യും. (നബിയേ) പറയുക: "നീ നിൻെറ അവിശ്വാസംകൊണ്ട് അല്പമൊന്ന് സുഖമെടുത്തു കൊള്ളുക. (എന്നാൽ) നിശ്ചയമായും നീ നരകത്തിൻെറ ആൾക്കാരിൽപെട്ടവനത്രെ.'

أَمَّنْ هُوَ قَـٰنِتٌ ءَانَآءَ ٱلَّيْلِ سَاجِدًا وَقَآئِمًا يَحْذَرُ ٱلْـَٔاخِرَةَ وَيَرْجُوا۟ رَحْمَةَ رَبِّهِۦ ۗ قُلْ هَلْ يَسْتَوِى ٱلَّذِينَ يَعْلَمُونَ

9 (അങ്ങിനെയുള്ള മനുഷ്യനാണോ ഉത്തമൻ,) അതല്ല, (ഇങ്ങിനെയുള്ള) ഒരുവനോ? അവൻ 'സുജൂദ്' (സാഷ്ടാംഗ നമസ്കാരം) ചെയ്തു കൊണ്ടും, നിന്നു (നമസ്കരിച്ചു) കൊണ്ടും രാത്രിസമയങ്ങളിൽ ഭക്തനായിരിക്കും; അവൻ

وَٱلَّذِينَ لَا يَعۡلَمُونَ ۗ إِنَّمَا يَتَذَكَّرُ أُوْلُواْ ٱلۡأَلۡبَٰبِ ۝٩

പരലോകത്തെക്കുറിച്ച് ജാഗ്രതയായിരിക്കുകയും, തൻെറ റബ്ബിൻെറ കാരുണ്യം അഭിലഷിച്ചു (പ്രതീക്ഷിച്ചു) കൊണ്ടിരിക്കുകയും ചെയ്യുന്നു. (ഈ രണ്ടിൽ ആരാണ് ഉത്തമൻ?!) നീ പറയുക: "അറിയുന്നവരും, അറിയാത്തവരും സമമാകുമോ?!" നിശ്ചയമായും, ബുദ്ധിമാൻമാരേ ആലോചിച്ചു നോക്കുകയുള്ളു.

ആപത്തുകൾ വരുമ്പോൾ മാത്രം അല്ലാഹുവിങ്കലേക്ക് ഭക്തിയും പ്രാർത്ഥനയും അർപിക്കുകയും, അല്ലാഹു അവന്റെ ആപത്ത് നീക്കിക്കൊടുത്താൽ അതെല്ലാം മറന്ന്, വേറെ ദൈവങ്ങളെ ആരാധനക്കായി സ്വീകരിക്കുകയയും ചെയ്യുന്ന നന്ദികെട്ട അവിശ്വാസിയും, നേരെ മറിച്ച്, അല്ലാഹുവിന്റെ കാരുണ്യത്തെ ആശിച്ചും പ്രതീക്ഷിച്ചും കൊണ്ട്, അല്ലാഹുവിന്റെ ശിക്ഷയേയും കോപത്തേയും സംബന്ധിച്ച് ജാഗരൂകനായിക്കൊണ്ട്, രാത്രിസമയങ്ങളിൽ, സുജൂദിലും നിറുത്തത്തിലും ഭയഭക്തിയോടെ അല്ലാഹുവിനെ നമസ്കരിച്ചാരാധിക്കുന്ന സത്യവിശ്വാസിയും അല്ലാഹുവിന്റെ അടുക്കൽ ഒരിക്കലും സമമാകുകയില്ലല്ലോ. ആദ്യം പറഞ്ഞവർ, യാഥാർത്ഥ്യം ചിന്തിച്ചറിയാത്ത വിഡ്ഢിയും, രണ്ടാമത്തേവൻ യാഥാർത്ഥ്യം മനസ്സിലാക്കിയ ബുദ്ധിമാനുമത്രേ.

സത്യവിശ്വാസികൾ സദാ ഭയപ്പാടും ശുഭപ്രതീക്ഷയും ഉള്ളവരായിരിക്കണം - അല്ലാഹുവിന്റെ ശിക്ഷയേയും കോപത്തേയും കുറിച്ചുള്ള ഭയവും, അവന്റെ കാരുണ്യത്തിലും, പ്രതിഫലത്തിലും ഉള്ള ശുഭപ്രതീക്ഷയും.

## വിഭാഗം - 2

**വചനം 10 :**

قُلۡ يَٰعِبَادِ ٱلَّذِينَ ءَامَنُواْ ٱتَّقُواْ رَبَّكُمۡۚ لِلَّذِينَ أَحۡسَنُواْ فِي هَٰذِهِ ٱلدُّنۡيَا حَسَنَةٞۗ وَأَرۡضُ ٱللَّهِ وَٰسِعَةٌۗ إِنَّمَا يُوَفَّى ٱلصَّٰبِرُونَ أَجۡرَهُم بِغَيۡرِ حِسَابٖ ۝١٠

10 പറയുക: "വിശ്വസിച്ചവരായ എൻെറ അടിയാൻമാരേ, നിങ്ങളുടെ റബ്ബിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഈ ഇഹലോകത്തുവെച്ച് നൻമ പ്രവർത്തിക്കുന്നവർക്ക് നൻമയുണ്ട്. അല്ലാഹുവിൻെറ ഭൂമിയാകട്ടെ, വിശാലമായതുമാകുന്നു. നിശ്ചയമായും, സഹനശീലൻമാർക്ക് അവരുടെ പ്രതിഫലം, കണക്കില്ലാതെയത്രെ നിറവേറ്റിക്കൊടുക്കപ്പെടുക."

സത്യവിശ്വാസികൾ എല്ലായ്പ്പോഴും അല്ലാഹുവിനെ സൂക്ഷിച്ച് നന്മ ചെയ്ത് ഈ ലോകത്ത് വെച്ച് തന്നെ പുണ്യം സമ്പാദിക്കേണ്ടതാണ്. അങ്ങനെയുള്ളവർക്ക് ഇഹത്തിലും പരത്തിലും നന്മ ലഭിക്കുകയും ചെയ്യും. അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിക്കാൻ ഒരിടത്ത് വെച്ച് സാധിക്കാത്ത പക്ഷം, അല്ലാഹുവിന്റെ വിശാലമായ ഭൂമിയിൽ മറ്റെവിടെയെങ്കിലും പോയിട്ടെങ്കിലും അത് നിർവ്വഹിക്കേണ്ടതാണ് (സൂ: അൻകബൂത്ത് : 56-ാം വചനം നോക്കുക) അതിന് കുറേ സഹനവും ക്ഷമയും കൈക്കൊള്ളേണ്ടി വന്നേക്കാം. അത്തരക്കാർക്കാകട്ടെ, അല്ലാഹുവിൽ നിന്ന് മഹത്തായ പ്രതിഫലം ലഭിക്കുന്നതുമാണ്.

**വചനം 11,12 :**

قُلۡ إِنِّيٓ أُمِرۡتُ أَنۡ أَعۡبُدَ ٱللَّهَ مُخۡلِصٗا لَّهُ ٱلدِّينَ ۝١١

11 പറയുക: "മതം (അഥവാ കീഴ്വണക്കം) അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് ഞാൻ അവനെ ആരാധിക്കുവാൻ നിശ്ചയമായും എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നു."

وَأُمِرۡتُ لِأَنۡ أَكُونَ أَوَّلَ ٱلۡمُسۡلِمِينَ ۝١٢

12 "ഞാൻ 'മുസ്ലിം'കളിൽ ഒന്നാമത്തേവനായിരിക്കുന്നതിനും എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നു."

അല്ലാഹുവിലും, പരലോകം മുതലായ അദൃശ്യ കാര്യങ്ങളിലും വിശ്വസിച്ച് കൊണ്ട് അല്ലാഹുവിന് നിഷ്കളങ്കമായി കീഴ്പ്പെടുന്നവൻ എന്നത്രേ 'മുസ്‌ലിം' എന്ന വാക്കിന്റെ അർത്ഥം. ഇങ്ങനെയുള്ളവർ ഏത് ദേശത്തിലോ കാലത്തിലോ ഉള്ളവരായാലും ഈ പേരിന് അവർ അർഹരാകുന്നു. ഈ സമുദായത്തിലെ ഒന്നാമത്തെ 'മുസ്‌ലിം' നബി(സ) തിരുമേനി തന്നെ.

**വചനം 13,14,15,16 :**

قُلْ إِنِّىٓ أَخَافُ إِنْ عَصَيْتُ رَبِّى عَذَابَ يَوْمٍ عَظِيمٍ ﴿١٣﴾

13 പറയുക: "ഞാൻ എന്റെ റബ്ബിനോട് അനുസരണക്കേട് കാണിക്കുന്ന പക്ഷം, ഒരു വമ്പിച്ച ദിവസത്തിലെ ശിക്ഷയെ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു."

قُلِ ٱللَّهَ أَعْبُدُ مُخْلِصًا لَّهُۥ دِينِى ﴿١٤﴾

14 പറയുക: "എന്റെ മതം (അഥവാ കീഴ്വണക്കം) അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെത്തന്നെ ഞാൻ ആരാധിക്കുന്നു.

فَٱعْبُدُوا۟ مَا شِئْتُم مِّن دُونِهِۦ ۗ قُلْ إِنَّ ٱلْخَٰسِرِينَ ٱلَّذِينَ خَسِرُوٓا۟ أَنفُسَهُمْ وَأَهْلِيهِمْ يَوْمَ ٱلْقِيَٰمَةِ ۗ أَلَا ذَٰلِكَ هُوَ ٱلْخُسْرَانُ ٱلْمُبِينُ ﴿١٥﴾

15 "എന്നാൽ, നിങ്ങൾ അവനു പുറമെ നിങ്ങൾ ഉദ്ദേശിച്ചതിനെ ആരാധിച്ചുകൊള്ളുക!" പറയുക: "(പക്ഷേ) തങ്ങൾക്കു തന്നെയും, തങ്ങളുടെ ആൾക്കാർക്കും ഖിയാമത്തുനാളിൽ നഷ്ടം വരുത്തിയവരത്രെ നിശ്ചയമായും നഷ്ടക്കാർ!" അല്ലാ (-അറിഞ്ഞേക്കുക): അതുതന്നെയാണ് പ്രത്യക്ഷമായ നഷ്ടം!

لَهُم مِّن فَوْقِهِمْ ظُلَلٌ مِّنَ ٱلنَّارِ وَمِن تَحْتِهِمْ ظُلَلٌ ۚ ذَٰلِكَ يُخَوِّفُ ٱللَّهُ بِهِۦ عِبَادَهُۥ ۚ يَٰعِبَادِ فَٱتَّقُونِ ﴿١٦﴾

16 അവർക്ക് (നരകത്തിൽ) അവരുടെ മുകൾഭാഗത്തുനിന്ന് അഗ്നികൊണ്ടുള്ള തണലുകൾ ഉണ്ടായിരിക്കും; അവരുടെ താഴ്ഭാഗത്തു നിന്നും തണലുകളുണ്ടായിരിക്കും. അത്-അതിനെപ്പറ്റി-അല്ലാഹു അവന്റെ അടിയാൻമാരെ ഭയപ്പെടുത്തുകയാണ്. എന്റെ അടിയാൻമാരെ, ആകയാൽ നിങ്ങൾ എന്നെ സൂക്ഷിക്കുവിൻ!

അല്ലാഹു അല്ലാത്ത വരെ ആരാധിക്കുകയും അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുകയും ചെയ്യുന്നവർക്കുള്ള കനത്ത താക്കീതുകളാകുന്നു ഈ വചനങ്ങളിൽ. മുകളിലൂടെയും അടിയിലൂടെയും അഗ്നിയുടെ തണലുകളുണ്ടായിരിക്കും എന്ന് പറഞ്ഞതിന്റെ താല്പര്യം, അഗ്നി അവരെ എല്ലാ ഭാഗത്ത് നിന്നും പൊതിഞ്ഞ് കൊണ്ടിരിക്കുമെന്നാണ്. സൂ: അഅ്റാഫ് : 41-ാം വചനത്തിലും സൂ: അൻകബൂത്ത് : 55-ാം വചനത്തിലും നരകത്തെ കുറിച്ച് ഇത്തരം പ്രയോഗങ്ങൾ കാണാവുന്നതാണ്.

**വചനം 17,18 :**

وَٱلَّذِينَ ٱجْتَنَبُوا۟ ٱلطَّٰغُوتَ أَن يَعْبُدُوهَا وَأَنَابُوٓا۟ إِلَى ٱللَّهِ لَهُمُ ٱلْبُشْرَىٰ ۚ فَبَشِّرْ عِبَادِ ﴿١٧﴾

17 യാതൊരു കൂട്ടർ 'ത്വാഗൂത്തി'നെ (ധിക്കാരിയായ പിശാചിനെ)-അതായത് അതിനെ ആരാധിക്കുന്നതിനെ-വർജ്ജിക്കുകയും, അല്ലാഹുവിലേക്ക് (ഭക്തിപൂർവ്വം) മടങ്ങുകയും ചെയ്യുന്നുവോ അവർക്ക് സന്തോഷവാർത്തയുണ്ട്. ആകയാൽ, (നബിയേ) എന്റെ അടിയാൻമാർക്ക് സന്തോഷവാർത്ത അറിയിക്കുക;-

18 അതായത്, (പറയുന്ന) വാക്ക് ശ്രദ്ധിച്ചു കേൾക്കുകയും, എന്നിട്ട് അതിൽ നല്ലതിനെ പിൻപറ്റുകയും ചെയ്യുന്നവർക്ക്: അല്ലാഹു മാർഗ്ഗദർശനം നൽകിയിട്ടുള്ളവരത്രെ അക്കൂട്ടർ; അവർ തന്നെയാണ് ബുദ്ധിമാൻമാരും.

ٱلَّذِينَ يَسْتَمِعُونَ ٱلْقَوْلَ فَيَتَّبِعُونَ أَحْسَنَهُۥٓ ۚ أُو۟لَـٰٓئِكَ ٱلَّذِينَ هَدَىٰهُمُ ٱللَّهُ ۖ وَأُو۟لَـٰٓئِكَ هُمْ أُو۟لُوا۟ ٱلْأَلْبَـٰبِ ﴿١٨﴾

'ത്വാഗൂത്ത് 'എന്ന പദം കൊണ്ട്, ജിന്നുകളിലോ മനുഷ്യരിലോ ഉള്ള എല്ലാ മുഴുത്ത ധിക്കാരികളും അല്ലാഹു അല്ലാത്ത എല്ലാ ആരാധ്യവസ്തുക്കളും ആണ് ഉദ്ദേശിക്കപ്പെടുന്നത് എന്നാകുന്നു ഇമാം റാഗിബ് (റ)യുടെ വിശദീകരണം. എങ്കിലും അധികം ഖുർആൻ വ്യഖ്യാതാക്കളും അതുകൊണ്ടുദ്ദേശ്യം പിശാച് ആണെന്നാണ് പറഞ്ഞ് കാണുന്നത്. അല്ലാഹു അല്ലാത്തവരെ ആരാധിക്കലും, മറ്റെല്ലാ ദുർന്നടപ്പുകളും പിശാചിന്റെ ദുർബോധനം നിമിത്തമാണല്ലോ ഉണ്ടാകുന്നത്. ധിക്കാരിയായ പിശാചിനെ വർജ്ജിക്കുകയും അല്ലാഹുവിങ്കലേക്ക് ഭക്തി പൂർവ്വം മടങ്ങുകയും ചെയ്യുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുവാൻ അല്ലാഹു നബി(സ)യോട് നിർദ്ദേശിക്കുന്നു.

പറയുന്ന വാക്ക് ശ്രദ്ധിച്ച് കേൾക്കുകയും, അതിൽ നല്ലതിനെ പിൻപറ്റുകയും ചെയ്യുന്നർ, അല്ലാഹു മാർഗ്ഗദർശനം നൽകപ്പെട്ടവരാണെന്ന് തുടർന്ന് അല്ലാഹു അറിയിക്കുന്നു; അവരാകുന്നു ബുദ്ധിമാന്മാരും. ഇതിലധികം ഉന്നതമായ ഉത്തമ പദവിയും ഭാഗ്യവും മറ്റെന്തുണ്ട്. ഒരാൾ ഒരു കാര്യം പറയാൻ തുടങ്ങുമ്പോഴേക്കും, അതിനെ എതിർക്കുക, ഇടക്ക് കടന്ന് തർക്കിക്കുക, മനസ്സിലാക്കാതെ തന്നെ അത് നിഷേധിക്കുക, എന്നിത്യാദി ദോഷങ്ങളിൽ നിന്നും, വിമുക്തരായവർ ഇക്കാലത്ത് തുലോം കുറവാണെന്നതാണ് പരമാർത്ഥം. ഇത്തരം ദോഷങ്ങളിൽ നിന്ന് സംശുദ്ധരായവർ മഹാഭാഗ്യന്മാർ തന്നെ. പറയുന്നതെല്ലാം സ്വീകരിക്കണമെന്നല്ല; എല്ലാം ശ്രദ്ധിച്ച് കേട്ടതിന് ശേഷം, നല്ലതിനെ മാത്രം സ്വീകരിച്ച് പിൻപറ്റുക - അത്രമാത്രം.

**വചനം 19 :**

19 അപ്പോൾ, ശിക്ഷയുടെ വാക്ക് (സ്ഥിരപ്പെട്ട്) യഥാർത്ഥമായിത്തീർന്നിട്ടുള്ളവനോ?! (നിനക്കവനെ നേർമാർഗ്ഗത്തിലാക്കാമോ?! ഇല്ല.) എന്നിരിക്കെ, നരകത്തിലുള്ളവനെ നീ രക്ഷപ്പെടുത്തുമോ?! (അതുമില്ല.)

أَفَمَنْ حَقَّ عَلَيْهِ كَلِمَةُ ٱلْعَذَابِ أَفَأَنتَ تُنقِذُ مَن فِى ٱلنَّارِ ﴿١٩﴾

ഉപദേശങ്ങളൊന്നും അനുസരിക്കാതെ ശിക്ഷക്കുള്ള അർഹത സ്ഥിരപ്പെട്ട് കഴിഞ്ഞവനെ കുറിച്ച് എന്ത് പറയുവാനാണ്? അവന്റെ കാര്യം ഏറ്റെടുത്ത് അവനെ നേർവഴിക്ക് ആക്കിതീർക്കുവാൻ നബിയേ താങ്കൾക്ക് കഴിയുമോ? കഴിയുകയില്ല എന്നിരിക്കെ അത്തരക്കാരെ നരകത്തിൽ നിന്ന് താങ്കൾക്ക് രക്ഷപ്പെടുത്താനാകുമോ? അതൊന്നും ഒരിക്കലും സംഭാവ്യമല്ല തന്നെ.

**വചനം 20 :**

20 പക്ഷേ, തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചിട്ടുവള്ളവരാകട്ടെ, (തട്ടുതട്ടായി) മേൽക്കുമേലെ നിർമ്മിക്കപ്പെട്ടിട്ടുള്ള ചില മണിമാടങ്ങൾ അവർക്കുണ്ടായിരിക്കും; അവയുടെ അടിഭാഗത്തുകൂടി നദികൾ ഒഴുകിക്കൊണ്ടിരിക്കുന്നതാണ്; അല്ലാഹുവിൻെറ വാഗ്ദാനം! നിശ്ചയമായും, അല്ലാഹു വാഗ്ദാനം ലംഘിക്കുകയില്ല.

لَـٰكِنِ ٱلَّذِينَ ٱتَّقَوْا۟ رَبَّهُمْ لَهُمْ غُرَفٌ مِّن فَوْقِهَا غُرَفٌ مَّبْنِيَّةٌ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ ۖ وَعْدَ ٱللَّهِ ۖ لَا يُخْلِفُ ٱللَّهُ ٱلْمِيعَادَ ﴿٢٠﴾

ഇമാം അഹമ്മദും(റ) മറ്റും ഉദ്ധരിച്ചിട്ടുള്ള ഒരു നബി വചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു - "സ്വർഗ്ഗത്തിൽ ചില മണിമാടങ്ങൾ ഉണ്ട് ഭക്ഷണം ദാനം ചെയ്യുകയും സൗമ്യമായി സംസാരിക്കുകയും,

തുടരെ നോമ്പ് നോൽക്കുകയും, ജനങ്ങൾ ഉറങ്ങുന്ന നിശാവേളകളിൽ നമസ്കരിക്കുകയും ചെയ്യുന്നവർക്ക് വേണ്ടിയാകുന്നു അല്ലാഹു അവ ഒരുക്കി വെച്ചിരിക്കുന്നത്."

**വചനം 21 :**

أَلَمْ تَرَ أَنَّ ٱللَّهَ أَنزَلَ مِنَ ٱلسَّمَآءِ مَآءً فَسَلَكَهُۥ يَنَٰبِيعَ فِى ٱلْأَرْضِ ثُمَّ يُخْرِجُ بِهِۦ زَرْعًا مُّخْتَلِفًا أَلْوَٰنُهُۥ ثُمَّ يَهِيجُ فَتَرَىٰهُ مُصْفَرًّا ثُمَّ يَجْعَلُهُۥ حُطَٰمًا ۚ إِنَّ فِى ذَٰلِكَ لَذِكْرَىٰ لِأُو۟لِى ٱلْأَلْبَٰبِ ﴿٢١﴾

21 നീ കണ്ടില്ലേ, അല്ലാഹു ആകാശത്തുനിന്ന് (മഴ) വെള്ളം ഇറക്കിയിരിക്കുന്നത്?! എന്നിട്ട് അതവൻ ഭൂമിയിലെ ഉറവിടങ്ങളിൽ പ്രവേശിപ്പിച്ചു; പിന്നെ, അതുമൂലം വർണ്ണങ്ങൾ വ്യത്യസ്തമായ (വിവിധ തരത്തിലുള്ള) കൃഷിയെ അവൻ ഉൽപാദിപ്പിക്കുന്നു. പിന്നീട് അത് നീരുവറ്റി (ഉണങ്ങി)പ്പോകുന്നു; അപ്പോഴത് മഞ്ഞവർണ്ണം പൂണ്ടതായി നിനക്കു കാണാം; പിന്നീട് അതിനെ അവൻ തുരുമ്പലാക്കുന്നു (ഉണക്കച്ചുള്ളികളാക്കുന്നു.) നിശ്ചയമായും, ബുദ്ധിമാൻമാർക്ക് അതിൽ സ്മരണ (ചിന്തിക്കുവാനുള്ള വക)യുണ്ട്.

നിത്യവും കണ്ട് കൊണ്ടിരിക്കുന്ന ഇത്തരം ദൃഷ്ടാന്തങ്ങളെ പറ്റി ബുദ്ധിപൂർവ്വം ചിന്തിക്കുന്ന പക്ഷം അല്ലാഹുവിന്റെ സൃഷ്ടിമാഹാത്മ്യം, അവന്റെ അപാരമായ കഴിവ് എന്നിവക്ക് പുറമേ, മനുഷ്യന്റെ മരണാന്തര ജീവിതം, മുതലായ കാര്യങ്ങളെക്കുറിച്ചും പല പാഠങ്ങളും, മനുഷ്യന് മനസ്സിലാക്കാവുന്നതാണ്.

**വിഭാഗം - 3**

**വചനം 22 :**

أَفَمَن شَرَحَ ٱللَّهُ صَدْرَهُۥ لِلْإِسْلَٰمِ فَهُوَ عَلَىٰ نُورٍ مِّن رَّبِّهِۦ ۚ فَوَيْلٌ لِّلْقَٰسِيَةِ قُلُوبُهُم مِّن ذِكْرِ ٱللَّهِ ۚ أُو۟لَٰٓئِكَ فِى ضَلَٰلٍ مُّبِينٍ ﴿٢٢﴾

22 എന്നാൽ, അല്ലാഹു ഒരുവൻെറ നെഞ്ചിന് (ഹൃദയത്തിന്ന്) 'ഇസ്‌ലാമി'ലേക്കു വികാസം നൽകി. അങ്ങനെ അവൻ തൻെറ രക്ഷിതാവിങ്കൽനിന്നുള്ള പ്രകാശത്തിലാകുന്നു, ഇങ്ങിനെയുള്ളവനോ?! (ഇവനും ഹൃദയം കടുത്തവനും സമമായിരിക്കുമോ? ഇല്ല). അപ്പോൾ, അല്ലാഹുവിൻെറ സ്മരണയെ (അഥവാ കീർത്തനത്തെ) സംബന്ധിച്ച് ഹൃദയം കടുത്തുപോയിട്ടുള്ളവർക്ക് നാശം! അക്കൂട്ടർ, സ്പഷ്ടമായ ദുർമ്മാർഗ്ഗത്തിലാകുന്നു.

**ذكر الله** (അല്ലാഹുവിന്റെ സ്മരണ) എന്നതിന്റെ വിശദീകരണം സൂ: അൻകബൂത്ത് :45-ാം വചനത്തിൽ നോക്കുക. നബി(സ) ഇപ്രകാരം പറഞ്ഞതായി ഇബ്നു ഉമർ(റ) നിവേദനം ചെയ്യുന്നു:

"നിങ്ങൾ അല്ലാഹുവിന്റെ 'ദിക്ർ' അല്ലാത്ത വിഷയത്തിൽ സംസാരം അധികരിപ്പിക്കരുത് - അത് ഹൃദയത്തിന് കാഠിന്യം ഉണ്ടാക്കുന്നതാണ്. ജനങ്ങളിൽ നിന്ന് അല്ലാഹുവിനോട് ഏറ്റവും അകന്നത് കടുത്ത ഹൃദയമത്രേ. (തിർമദി)

**വചനം 23 :**

ٱللَّهُ نَزَّلَ أَحْسَنَ ٱلْحَدِيثِ كِتَٰبًا مُّتَشَٰبِهًا مَّثَانِىَ تَقْشَعِرُّ مِنْهُ جُلُودُ ٱلَّذِينَ يَخْشَوْنَ

23 അല്ലാഹു ഏറ്റവും നല്ല വർത്തമാനം അവതരിപ്പിച്ചിരിക്കുന്നു; അതായത്, പരസ്പരസാദൃശ്യമുള്ള ആവർത്തിതവചനങ്ങളായ ഒരു ഗ്രന്ഥം. തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ

رَبَّهُمْ ثُمَّ تَلِينُ جُلُودُهُمْ وَقُلُوبُهُمْ إِلَىٰ ذِكْرِ ٱللَّهِ ۚ ذَٰلِكَ هُدَى ٱللَّهِ يَهْدِى بِهِۦ مَن يَشَآءُ ۚ وَمَن يُضْلِلِ ٱللَّهُ فَمَا لَهُۥ مِنْ هَادٍ ﴿٢٣﴾

തൊലികൾ അതു നിമിത്തം വിറകൊള്ളുന്നതാകുന്നു. പിന്നീട് അവരുടെ തൊലികളും, ഹൃദയങ്ങളും അല്ലാഹുവിൻെറ സ്മരണയിലേക്ക് (അഥവാ കീർത്തനത്തിലേക്ക്) മയപ്പെട്ടു വരുകയും ചെയ്യും. അത് (ആ ഗ്രന്ഥം) അല്ലാഹുവിൻെറ മാർഗ്ഗദർശനമത്രെ; അവൻ ഉദ്ദേശിക്കുന്നവർക്ക് അതുമൂലം അവൻ മാർഗ്ഗദർശനം നൽകുന്നു. യാതൊരുവനെ അല്ലാഹു വഴിപിഴവിലാക്കുന്നുവോ അവന് വഴികാട്ടുന്ന ഒരുവനുമില്ല.

ഖുർആൻന്റെ സവിശേഷതകളാണ് ഈ വചനത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളത്.

(1) അത് ഏറ്റവും നല്ല വർത്തമാനം ആകുന്നു: അതിന്റെ അർത്ഥം ഗ്രഹിച്ചും ആശയം മനസ്സിലാക്കിയും, ചിന്തിച്ചും പാരായണം ചെയ്യുന്നവർക്ക് അത് ഏറ്റവും നല്ല വർത്തമാനം തന്നെയാകുന്നു. സംശയമില്ല.

(2) പരസ്പര സാദൃശ്യമുള്ളത് ആകുന്നു: പ്രത്യേക തരത്തിലുള്ള പ്രതിപാദനം, വശ്യമായ സാഹിത്യശൈലി, അർത്ഥ ഗാംഭീര്യത, വ്യക്തത, ആശയപ്പൊരുത്തം, സിദ്ധാന്തം ആദിയായ തുറകളിലെല്ലാം, അതിന്റെ എല്ലാ വശങ്ങളും ഒന്നിനൊന്ന് സാദൃശ്യമുള്ളതും മെച്ചപ്പെട്ടതുമാകുന്നു.

(3) ആവർത്തിത വചനങ്ങൾ ആകുന്നു: അതിലെ വാർത്തകൾ, നിയമങ്ങൾ, വിധിവിലക്കുകൾ തെളിവുകൾ, വാഗ്ദാനങ്ങൾ, താക്കീതുകൾ, ഉപദേശങ്ങൾ, ചരിത്രകഥകൾ, ഉപമകൾ എന്നിവയെല്ലാം ആവർത്തിച്ചാവർത്തിച്ച് വിവരിക്കപ്പെട്ടിരിക്കുന്നു. ലോകത്ത് മറ്റേതൊരു ഗ്രന്ഥത്തേക്കാളും കൂടുതൽ പാരായണം ചെയ്യപ്പെടുന്ന ഗ്രന്ഥമെന്ന നിലയിലും, ഖുർആൻ 'ആവർത്തിത വചനങ്ങളാ'ണെന്ന് കാണാം.

(4) അല്ലാഹുവിനെ ഭയപ്പെടുന്നവരുടെ തൊലികൾ അത് മൂലം വിറകൊള്ളുന്നതാണ്: ഖുർആനിലടങ്ങിയ മഹത്തായ തത്വവിജ്ഞാനങ്ങൾ, ശക്തിമത്തായ താക്കീതുകൾ, വ്യക്തമായ ലക്ഷ്യദൃഷ്ടാന്തങ്ങൾ മുതലായവ കാണുമ്പോൾ സത്യവിശ്വാസവും ഭയഭക്തിയുമുള്ളവരുടെ ഹൃദയങ്ങൾക്ക് നടുക്കവും രോമാഞ്ചവും അനുഭവപ്പെടുന്നു. അല്ലാഹുവിലുള്ള യഥാർത്ഥ വിശ്വാസവും, ഭയപ്പാടുമാണ് അതിന് നിദാനം. (സൂ: അൻഫാൽ : 2,3,4 വചനങ്ങൾ നോക്കുക)

(5) പിന്നീട് അവരുടെ തൊലികളും, ഹൃദയങ്ങളും അല്ലാഹുവിന്റെ സ്മരണയിലേക്ക് മയപ്പെട്ട് വരുന്നു: അല്ലാഹുവിന്റെ വിധി വിലക്കുകളെ അനുസരിക്കുന്നതിലും, ഉപദേശ നിർദ്ദേശങ്ങളെ ഉൾക്കൊള്ളുന്നതിലുമുള്ള അവരുടെ സന്നദ്ധതയിലൂടെ അല്ലാഹുവിന്റെ അപാരമായ കാരുണ്യത്തിൽ അവർ പ്രതീക്ഷയർപ്പിക്കുന്നു. അവന്റെ വാഗ്ദാനങ്ങളിലുള്ള അവരുടെ വിശ്വാസം, അവരുടെ നന്മകൾ വർദ്ധിപ്പിക്കുന്നതിനും, തങ്ങളുടെ പാപമോചനത്തിനായി യത്നിക്കുന്നതിനും, അവർക്ക് പ്രചോദനം നൽകുകയും ചെയ്യുന്നു. അല്ലാഹുവിനെ കുറിച്ചുള്ള സ്മരണ അവരുടെ മനസ്സിലും വാക്കിലും പ്രവർത്തിയിലും സദാ സ്ഥാനം കണ്ടെത്തുകയും ചെയ്യുന്നു. ഇങ്ങനെയുള്ള സൽഭാഗ്യവാന്മാരിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ - ആമീൻ

<u>വചനം 24:</u>

أَفَمَن يَتَّقِى بِوَجْهِهِۦ سُوٓءَ ٱلْعَذَابِ يَوْمَ ٱلْقِيَٰمَةِ ۚ وَقِيلَ لِلظَّٰلِمِينَ ذُوقُوا۟ مَا كُنتُمْ تَكْسِبُونَ ﴿٢٤﴾

24 എന്നാൽ, ഖിയാമത്തുനാളിൽ ശിക്ഷയുടെ കെടുതി (അഥവാ കടുത്ത ശിക്ഷ)യെ തൻെറ മുഖംകൊണ്ടു കാ(ത്തുതടു)ക്കേണ്ടി വരുന്നതായ ഒരുവനോ?! (ഇവനും, അന്നത്തെ ദിവസം നിർഭയനായിരിക്കുന്നവനും സമമാകുമോ? ഇല്ല.) അക്രമികളോട് പറയപ്പെടും: "നിങ്ങൾ

യാതൊന്നു സമ്പാദിച്ചുണ്ടാക്കിയിരുന്നുവോ
അത് ആസ്വദിച്ചുകൊള്ളുവിൻ!"

സത്യനിഷേധികളായ അവിശ്വാസികളെ ഖിയാമത്ത് നാളിൽ (തലകീഴായി) ഒരുമിച്ച് കൂട്ടപ്പെടുമെന്ന് സൂ: ഫുർഖാൻ : 34-ൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവർ നരകത്തിൽ മുഖങ്ങളിലായി വലിച്ചിഴക്കപ്പെടും എന്ന് സൂ: ഖമർ : 48-ലും, ആമങ്ങളിലും ചങ്ങലകളിലും അവർ ബന്ധിക്കപ്പെടും എന്ന് സൂ: മുഅ്മിൻ : 71-ാം വചനത്തിലും കാണാം. തങ്ങൾക്ക് നേരിടുന്ന ശിക്ഷകളെ മുഖം കൊണ്ട് തടുത്ത് നോക്കുവാൻ അവർ നിർബന്ധിതരാകുകയും അത് ഫലപ്പെടാതിരിക്കുകയും ചെയ്യുന്ന ദുരവസ്ഥയാണ് അല്ലാഹു ചൂണ്ടിക്കാട്ടുന്നത്.

**വചനം 25,26,27,28,29 :**

كَذَّبَ ٱلَّذِينَ مِن قَبۡلِهِمۡ فَأَتَىٰهُمُ ٱلۡعَذَابُ مِنۡ حَيۡثُ لَا يَشۡعُرُونَ ٢٥

25 ഇവരുടെ മുമ്പുണ്ടായിരുന്നവർ വ്യാജമാക്കി; അതിനാൽ, അവർ അറിയാത്ത വിധത്തിൽ കൂടി അവർക്ക് ശിക്ഷ വന്നു.

فَأَذَاقَهُمُ ٱللَّهُ ٱلۡخِزۡيَ فِي ٱلۡحَيَوٰةِ ٱلدُّنۡيَاۖ وَلَعَذَابُ ٱلۡأٓخِرَةِ أَكۡبَرُۚ لَوۡ كَانُواْ يَعۡلَمُونَ ٢٦

26 അങ്ങനെ, ഇഹലോക ജീവിതത്തിൽ അല്ലാഹു അവർക്ക് അപമാനം ആസ്വദിപ്പിച്ചു; പരലോക ശിക്ഷയാകട്ടെ, ഏറ്റവും വലുതാണ് താനും. അവർക്ക് അറിയാമായിരുന്നുവെങ്കിൽ! (എന്നാലത് സംഭവിക്കുമായിരുന്നില്ല.)

وَلَقَدۡ ضَرَبۡنَا لِلنَّاسِ فِي هَٰذَا ٱلۡقُرۡءَانِ مِن كُلِّ مَثَلٖ لَّعَلَّهُمۡ يَتَذَكَّرُونَ ٢٧

27 തീർച്ചയായും ഈ ഖുർആനിൽ ജനങ്ങൾക്കു വേണ്ടി (ആവശ്യമായ) എല്ലാ ഉപമകളും നാം വിവരിച്ചിട്ടുണ്ട്; അവർ ആലോചിച്ചുനോക്കുവാൻ വേണ്ടി.

قُرۡءَانًا عَرَبِيًّا غَيۡرَ ذِي عِوَجٖ لَّعَلَّهُمۡ يَتَّقُونَ ٢٨

28 (അതെ) യാതൊരു വക്രതയുള്ളതല്ലാത്ത, അറബി (ഭാഷയിലുള്ള) ഒരു ഖുർആൻ! അവർ സൂക്ഷിക്കുവാൻവേണ്ടി.

ضَرَبَ ٱللَّهُ مَثَلٗا رَّجُلٗا فِيهِ شُرَكَآءُ مُتَشَٰكِسُونَ وَرَجُلٗا سَلَمٗا لِّرَجُلٍ هَلۡ يَسۡتَوِيَانِ مَثَلًاۚ ٱلۡحَمۡدُ لِلَّهِۚ بَلۡ أَكۡثَرُهُمۡ لَا يَعۡلَمُونَ ٢٩

29 ഒരു പുരുഷനെ അല്ലാഹു ഒരു ഉപമയാക്കി വിവരിക്കയാണ്: പരസ്പരം ശണ്ഠകൂടുന്ന (കുറെ) പങ്കാളികൾ അവനിലുണ്ട്; ഒരു പുരുഷനു (മാത്രം) തനിച്ചായുള്ള (വേറെ) ഒരു പുരുഷനെയും (ഉപമയായി എടുക്കുന്നു) ഇവർ രണ്ടുപേരും ഉപമയിൽ സമമാകുമോ?! (ഇല്ല.) അല്ലാഹുവിന് സർവ്വ സ്തുതിയും! പക്ഷേ, അവരിൽ അധികമാളുകളും അറിയുന്നില്ല.

മുമ്പ് കഴിഞ്ഞ് പോയ തലമുറ സത്യനിഷേധം കൈകൊണ്ടപ്പോൾ, ഇഹലോക ജീവിതത്തിൽ അല്ലാഹു അവർക്ക് അപമാനം ആസ്വദിപ്പിച്ചു. ഏറ്റവും വലിയ പരലോക ശിക്ഷ അവർക്ക് വരാനിരിക്കുന്നു താനും. വ്യക്തമായ ഭാഷയിൽ ഉപമകൾ സഹിതം, ഖുർആനിൽ അല്ലാഹു വിവരിച്ചിട്ടുള്ള വസ്തുതകൾ മനസ്സിലാക്കുവാൻ മനുഷ്യർക്ക് യാതൊരു പ്രയാസവുമില്ല. അവർക്ക് വന്നേക്കാവുന്ന എല്ലാ ദോഷ ബാധകളെയും തൊട്ട് അവർ സൂക്ഷിക്കുവാൻ വേണ്ടിയാണ് അങ്ങനെ ചെയ്തിരിക്കുന്നത്. ഏക ഇലാഹിന് പുറമേ മറ്റ് ദൈവങ്ങളെ സ്വീകരിക്കുന്നതിലെ ബുദ്ധിശൂന്യതയെക്കുറിച്ച് അല്ലാഹു ഒരു ഉപമയിലൂടെ വിവരിക്കുകയാണ്:

പരസ്പരം നിരന്തരം വഴക്കടിച്ച് കൊണ്ടിരിക്കുന്ന സ്വാർത്ഥികളായ ഒന്നിലധികം യജമാനന്മാരുടെ കീഴിൽ സ്വൈരതയില്ലാതെ ജീവിച്ച് വരുന്ന ഒരു അടിമയുടെ അവസ്ഥയും ഒരൊറ്റ യജമാനന്റെ

മാത്രം കീഴിൽ സ്വൈരസമാധാനത്തോട് കൂടി ജീവിച്ച് വരുന്ന മറ്റൊരു അടിമയുടെ സ്ഥിതിയും സമാനമാകുകയില്ലല്ലോ. ബഹുദൈവങ്ങളെ ആരാധിക്കുന്നവൻ ഒന്നാമത്തവനെ പോലെയും ഏക ദൈവത്തെ മാത്രം ആരാധിക്കുന്നവൻ രണ്ടാമത്തേവനേപ്പോലെയുമാകുന്നു. ഏത് ദൈവങ്ങളെയാണ് തൃപ്തിപ്പെടുത്തേണ്ടത്, എങ്ങനെയാണവയെ പ്രസാദിപ്പിക്കേണ്ടത്, എങ്ങനെയവയെ പൂജിക്കണം എന്നിത്യാദി അലട്ടലുകൾ ബഹുദൈവവിശ്വാസികളെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു; എന്നാൽ ഏകദൈവവിശ്വാസിയാകട്ടെ, ഏകഇലാഹായ അല്ലാഹുവിന്റെ മാത്രം പ്രീതി ഉന്നം വെച്ചും, അവന് സർവ്വസ്വവും അർപ്പിച്ചും സ്വസ്തമായും സ്വൈര സമാധാനത്തോടെയും കഴിഞ്ഞ് കൂടുന്നു.

**വചനം 30,31 :**

إِنَّكَ مَيِّتٌ وَإِنَّهُم مَّيِّتُونَ ﴿٣٠﴾

30 (നബിയേ) നിശ്ചയമായും നീ മരണപ്പെട്ടു പോകുന്നവനാണ്; അവരും മരണപ്പെട്ടു പോകുന്നവർ തന്നെ.

ثُمَّ إِنَّكُمْ يَوْمَ ٱلْقِيَـٰمَةِ عِندَ رَبِّكُمْ تَخْتَصِمُونَ ﴿٣١﴾

31 പിന്നീട്, നിങ്ങൾ ഖിയാമത്തുനാളിൽ നിങ്ങളുടെ രക്ഷിതാവിൻെറ അടുക്കൽവെച്ച് (തർക്കിച്ച്) വഴക്കടിക്കുന്നതാകുന്നു.

എല്ലാവരും മരണം അനുഭവിക്കുക തന്നെ ചെയ്യും; അനന്തരം, ഖിയാമത്ത് നാളിൽ അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുകയും ചെയ്യും. അവിടെ വെച്ച് സത്യത്തിന്റെയും അസത്യത്തിന്റെയും ചേരികൾ തമ്മിൽ തർക്കവും വിവാദവും നടക്കും- അപ്പോൾ അല്ലാഹു ഇരുകൂട്ടരുടെയും ഇടയിൽ ന്യായമായ അന്തിമ തീരുമാനം എടുക്കുന്നതാണ്. അതാകട്ടെ അസത്യത്തിന്റെ ചേരിക്കാർക്ക് അങ്ങേഅറ്റം ദോഷകരവുമായിരിക്കും.

**ജുസൂഅ് 24**

**വിഭാഗം - 4**

**വചനം 32,33,34,35, :**

۞ فَمَنْ أَظْلَمُ مِمَّن كَذَبَ عَلَى ٱللَّهِ وَكَذَّبَ بِٱلصِّدْقِ إِذْ جَآءَهُۥٓ ۚ أَلَيْسَ فِى جَهَنَّمَ مَثْوًى لِّلْكَـٰفِرِينَ ﴿٣٢﴾

32 അപ്പോൾ, അല്ലാഹുവിൻെറ പേരിൽ വ്യാജം പറയുകയും, തനിക്ക് സത്യം വന്നപ്പോൾ അതിനെ വ്യാജമാക്കുകയും ചെയ്തിട്ടുള്ളവനെക്കാൾ അക്രമി ആരുണ്ട്?! നരകത്തിൽ (ഇങ്ങിനെയുള്ള) അവിശ്വാസികൾക്ക് പാർപ്പിടമില്ലയോ?! (തീർച്ചയായും ഉണ്ട്.)

وَٱلَّذِى جَآءَ بِٱلصِّدْقِ وَصَدَّقَ بِهِۦٓ ۙ أُو۟لَـٰٓئِكَ هُمُ ٱلْمُتَّقُونَ ﴿٣٣﴾

33 യാതൊരുവർ സത്യവും കൊണ്ടുവരുകയും, അതിനെ സത്യമാ(ക്കി വിശ്വസി)ക്കുകയും ചെയ്തുവോ, അക്കൂട്ടർ തന്നെയാണ് സൂക്ഷ്മതയുള്ളവർ.

لَهُم مَّا يَشَآءُونَ عِندَ رَبِّهِمْ ۚ ذَٰلِكَ جَزَآءُ ٱلْمُحْسِنِينَ ﴿٣٤﴾

34 അവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽ അവർ ഉദ്ദേശിക്കുന്നതെന്തോ അതുണ്ടായിരിക്കും. സുകൃതവാൻമാരുടെ പ്രതിഫലമത്രെയത്.

لِيُكَفِّرَ ٱللَّهُ عَنْهُمْ أَسْوَأَ ٱلَّذِى عَمِلُوا۟ وَيَجْزِيَهُمْ أَجْرَهُم بِأَحْسَنِ ٱلَّذِى كَانُوا۟ يَعْمَلُونَ ﴿٣٥﴾

35 അവർക്ക് തങ്ങൾ പ്രവർത്തിച്ചിട്ടുള്ളതിലെ തിൻമയെ അല്ലാഹു (മാപ്പ് നൽകി) മൂടിവെക്കുന്നതിനും, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിലെ നൻമക്കനുസരിച്ച് അവർക്ക് പ്രതിഫലം കൊടുക്കുന്നതിനും വേണ്ടി(യാണത്).

അല്ലാഹുവിന് സമന്മാരും പങ്കുകാരും ഉണ്ടെന്നും, മക്കളുണ്ടെന്നും മറ്റുമുള്ള വാദങ്ങളാണ് “അല്ലാഹുവിന്റെ പേരിൽ വ്യാജം പറഞ്ഞു” എന്ന് പറഞ്ഞത് കൊണ്ടുദ്ദേശ്യം. “സത്യം” എന്നത് കൊണ്ട് വിവക്ഷ വി.ഖുർആനും നബി(സ) പ്രബോധനം ചെയ്യുന്ന തത്വങ്ങളുമാകുന്നു. “സത്യം കൊണ്ട് വരികയും, അതിനെ സത്യമാക്കുകയും ചെയ്തവർ”, എന്നത് നബി(സ) തിരുമേനിയും സത്യവിശ്വാസികളും ആകുന്നു.

സുകൃതവാന്മാരുടെ പക്കൽ സ്വാഭാവികമായി വന്നേക്കാവുന്ന തെറ്റുകളെ അല്ലാഹു മാപ്പാക്കുകയും, അവർ ചെയ്ത നല്ല സുകൃതങ്ങളുടെ തോതനുസരിച്ച് അവർക്ക് മഹത്തായ പ്രതിഫലം നൽകുകയും ചെയ്യുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. “നിശ്ചയമായും നന്മകൾ തിന്മകളെ പോക്കിക്കളയുന്നതാകുന്നു” എന്ന് സൂ: ഹൂദ് : 114ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. “തിന്മയെ തുടർന്ന് നന്മ ചെയ്യുക; എന്നാൽ അത് തിന്മയെ മായിച്ച് കളഞ്ഞേക്കും” എന്ന് നബി(സ) തിരുമേനിയും അരുളിയിരിക്കുന്നു.

**വചനം 36,37 :**

أَلَيْسَ ٱللَّهُ بِكَافٍ عَبْدَهُۥ ۖ وَيُخَوِّفُونَكَ بِٱلَّذِينَ مِن دُونِهِۦ ۚ وَمَن يُضْلِلِ ٱللَّهُ فَمَا لَهُۥ مِنْ هَادٍ ﴿٣٦﴾ وَمَن يَهْدِ ٱللَّهُ فَمَا لَهُۥ مِن مُّضِلٍّ ۗ أَلَيْسَ ٱللَّهُ بِعَزِيزٍ ذِى ٱنتِقَامٍ ﴿٣٧﴾

36 അല്ലാഹുവിൻെറ അടിയാന്ന് അവൻ (അല്ലാഹു) മതിയായവനല്ലേ?! അവനു പുറമെയുള്ളവരെക്കൊണ്ട് (നബിയേ) നിന്നെ അവർ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നു! യാതൊരുവനെ അല്ലാഹു വഴിപിഴവിലാക്കുന്നുവോ അവനു വഴി കാട്ടുന്ന ഒരുവനുമില്ല.

37 യാതൊരുവന് അല്ലാഹു മാർഗ്ഗദർശനം നൽകുന്നുവോ അവനെ വഴിപിഴപ്പിക്കുന്ന ഒരുവനും ഇല്ല. അല്ലാഹു ശിക്ഷാനടപടിയെടുക്കുന്നവനായ പ്രതാപശാലി അല്ലയോ?!

അല്ലാഹു അല്ലാത്ത ഏതൊന്നിനെയും - അത് കല്ലോ, ദേവന്മാരോ, മലക്കുകളോ, ജിന്നുകളോ, പിശാചുക്കളോ, മഹാത്മാക്കളോ ആരെങ്കിലും ആകട്ടെ- വിളിച്ച് പ്രാർത്ഥിക്കുന്നവരെ ഇരുത്തിച്ചിന്തിപ്പിക്കേണ്ട ഗൗരവമേറിയ ഒരു വാക്യമത്രേ “അല്ലാഹുവിന്റെ അടിയാന്ന് അല്ലാഹു മതിയായവനല്ലേ” എന്ന വാക്യം. തങ്ങളുടെ എല്ലാ കാര്യങ്ങൾക്കും അല്ലാഹു മതിയാകുകയില്ലെന്ന ധാരണയിൽ നിന്നാണല്ലോ, അവർ മറ്റ് ആരാധ്യവസ്തുക്കളെ തേടിപ്പോകുന്നത്.

തങ്ങളുടെ ദൈവങ്ങളുടെ കോപശാപങ്ങളെക്കുറിച്ച് മുശ്‌രിക്കുകൾ നബി(സ)യെ ഭീഷണിപ്പെടുത്താറുണ്ടായിരുന്നു. (ഹൂദ്(അ) നബിയുടെ ജനതയും അദ്ദേഹത്തെ, അത്തരത്തിൽ ഭയപ്പെടുത്താറുണ്ടായിരുന്നു- സൂ: ഹൂദ്: 54) വിഗ്രഹാരാധനയെ ആക്ഷേപിക്കുന്നവരോട് വിഗ്രഹാരാധകരും അല്ലാഹു അല്ലാത്തവരുടെ പേരിൽ നേർച്ചവഴിപാടുകൾ അർപ്പിക്കുന്നതിനെ ആക്ഷേപിക്കുന്നവരോട് അതിന്റെ വക്താക്കളും ഇത്പോലെയുള്ള ഭീഷണികൾ പുറപ്പെടുവിക്കുന്നത് സാധാരണമാണല്ലോ. എന്നാൽ ഏക ഇലാഹായ അല്ലാഹുവിൽ വിശ്വസിച്ച് കൊണ്ട് സൽകർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇത്തരം ഭീഷണികൾക്ക് യാതൊരു സ്ഥാനവുമില്ലല്ലോ.

**വചനം 38 :**

وَلَئِن سَأَلْتَهُم مَّنْ خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ لَيَقُولُنَّ ٱللَّهُ ۚ قُلْ أَفَرَءَيْتُم مَّا تَدْعُونَ مِن دُونِ ٱللَّهِ إِنْ أَرَادَنِىَ ٱللَّهُ بِضُرٍّ هَلْ هُنَّ كَٰشِفَٰتُ ضُرِّهِۦٓ أَوْ أَرَادَنِى بِرَحْمَةٍ هَلْ هُنَّ مُمْسِكَٰتُ رَحْمَتِهِۦ ۚ

38 ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിച്ചതാരാണ് എന്നു നീ അവരോട് ചോദിച്ചുവെങ്കിൽ, നിശ്ചയമായും അവർ പറയും: ‘അല്ലാഹു’ എന്ന്. പറയുക: (ശരി) എന്നിരിക്കെ, അല്ലാഹുവിനു പുറമെ നിങ്ങൾ വിളി(ച്ചു പ്രാർത്ഥി) ക്കുന്നവയെ കണ്ടുവോ? (അവയെപ്പറ്റി എനിക്കൊന്നു പറഞ്ഞു തരുവിൻ:) അല്ലാഹു വല്ല ഉപദ്രവത്തെയും എനിക്ക് ഉദ്ദേശിച്ചെങ്കിൽ, അവൻെറ ഉപദ്രവം നീക്കി

قُلْ حَسْبِيَ ٱللَّهُ ۖ عَلَيْهِ يَتَوَكَّلُ ٱلْمُتَوَكِّلُونَ ۝٣٨

ക്കളയുന്നവയാണോ അവ?! അല്ലെങ്കിൽ, അവൻ എനിക്ക് വല്ലകാരുണ്യത്തെയും ഉദ്ദേശിച്ചാൽ അവൻെറ കാരുണ്യം പിടിച്ചുവെക്കുന്നവയാണോ അവ?!! പറയുക: "എനിക്ക് അല്ലാഹു മതി! ഭരമേല്പിക്കുന്നവർ അവൻെറ മേൽ തന്നെ ഭരമേല്പിക്കുന്നതാണ്'.

ആകാശഭൂമികളുടെ സൃഷ്ടാവ് അല്ലാഹുവാണെന്ന് അറിവുള്ളതോട് കൂടിതന്നെ, മറ്റേതെങ്കിലും വസ്തുക്കളെ ആരാധിക്കുകയും അവമൂലം നന്മയും തിന്മയും ലഭിച്ചേക്കുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നത് തനി വിഡ്ഢിത്തമാണ്. അല്ലാഹു ഉദ്ദേശിച്ചതിനപ്പുറം യാതൊന്നും ചെയ്വാൻ ആർക്കും സാദ്ധ്യമല്ല. കാര്യങ്ങൾ ഭരമേൽപ്പിക്കുവാൻ തികച്ചും അർഹനായിട്ടുള്ളവൻ അല്ലാഹു മാത്രമാകുന്നു.

ഇബ്നു അബ്ബാസ്(റ) ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: "അല്ലാഹു നിന്റെ പേരിൽ നിശ്ചയിച്ചിട്ടില്ലാത്ത ഒരു ഉപദ്രവം നിനക്ക് ചെയ്വാനായി സമുദായം ഒരുമിച്ച് ചേർന്നാലും അവർ നിനക്ക് യാതൊരു ഉപദ്രവവും വരുത്തുകയില്ല. അല്ലാഹു നിന്റെ പേരിൽ നിശ്ചയിച്ചിട്ടില്ലാത്ത ഒരു ഉപകാരം നിനക്ക് ചെയ്വാനായി സമുദായം ഒരുമിച്ച് ചേർന്നാലും, അവർ നിനക്ക് യാതൊരു ഉപകാരവും ചെയ്യുകയുമില്ല..."

**വചനം 39,40 :**

قُلْ يَٰقَوْمِ ٱعْمَلُوا۟ عَلَىٰ مَكَانَتِكُمْ إِنِّى عَٰمِلٌ ۖ فَسَوْفَ تَعْلَمُونَ ۝٣٩

39 (നബിയേ) പറയുക:"എൻെറ ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ നിലപാടനുസരിച്ച് പ്രവൃത്തിച്ചേക്കുവിൻ, ഞാൻ (എൻെറ നിലയനുസരിച്ചും) പ്രവർത്തിക്കുന്നവനത്രെ. എന്നാൽ വഴിയെ നിങ്ങൾക്ക് അറിയാറാകും":-

مَن يَأْتِيهِ عَذَابٌ يُخْزِيهِ وَيَحِلُّ عَلَيْهِ عَذَابٌ مُّقِيمٌ ۝٤٠

40 തന്നെ അപമാനപ്പെടുത്തുന്ന ശിക്ഷ വന്നെത്തുകയും തൻെറ മേൽ (സ്ഥിരമായി) നിലനിൽക്കുന്ന ശിക്ഷ വന്നിറങ്ങുകയും ചെയ്യുന്നത് ആർക്കായിരിക്കുമെന്ന് !

അപമാനപ്പെടുത്തുന്ന ശിക്ഷ എന്ന് പറഞ്ഞത് ഭൂമിയിൽ വച്ച് തന്നെ സത്യനിഷേധികൾ അനുഭവിക്കാൻ പോകുന്ന കൊല, കീഴൊതുക്കൽ, പരീക്ഷണങ്ങൾ, ആദിയായവയും നിലനിൽക്കുന്ന ശിക്ഷ എന്ന് പറഞ്ഞത് പരലോക ശിക്ഷയുമാകുന്നു.

**വചനം 41 :**

إِنَّآ أَنزَلْنَا عَلَيْكَ ٱلْكِتَٰبَ لِلنَّاسِ بِٱلْحَقِّ ۖ فَمَنِ ٱهْتَدَىٰ فَلِنَفْسِهِۦ ۖ وَمَن ضَلَّ فَإِنَّمَا يَضِلُّ عَلَيْهَا ۖ وَمَآ أَنتَ عَلَيْهِم بِوَكِيلٍ ۝٤١

41 (നബിയേ) നിശ്ചയമായും നാം, മനുഷ്യർക്കു വേണ്ടി യഥാർത്ഥ (മുറ) പ്രകാരം നിനക്ക് വേദഗ്രന്ഥം ഇറക്കിത്തന്നിരിക്കുന്നു. ആകയാൽ, ആരെങ്കിലും സൻമാർഗ്ഗം പ്രാപിച്ചാൽ അതവൻെറ ദേഹത്തിനു (അഥവാ ആത്മാവിനു) തന്നെയാണ് (ഗുണമാവുക). ആരെങ്കിലും വഴി പിഴച്ചു പോയാൽ, അവൻ വഴിപിഴക്കുന്നതും അതിൻെറമേൽ (ദോഷമായിക്കൊണ്ട്) മാത്രമായിരിക്കും. നീ അവരുടെ മേൽ (ബാധ്യത) ഏല്പിക്കപ്പെട്ടവനല്ലതാനും.

നന്മയും തിന്മയും വേർതിരിച്ച് വിവരിച്ച് കൊണ്ടുള്ള വേദഗ്രന്ഥം എല്ലാ ജനങ്ങൾക്കുമായി നാം അവതരിപ്പിച്ച് തന്നിട്ടുണ്ട്. ഓരോരുത്തനും അവനവന്റെ ഇഷ്ടം പോലെ ഏത് മാർഗ്ഗവും സ്വീകരിക്കാം.

അതിന്റെ ഗുണവും ദോഷവും അവനവൻ തന്നെ അനുഭവിക്കുകയും വേണം. വേദഗ്രന്ഥം ജനങ്ങൾക്ക് എത്തിച്ചും, വിവരിച്ചും കൊടുക്കൽ മാത്രമേ നബി(സ)യുടെ മേൽ ബാധ്യതയുള്ളൂ- അവരത് അംഗീകരിച്ചേ തീരൂ എന്ന നിർബന്ധമാകട്ടെ നബി(സ)യുടെ മേൽ ഇല്ല തന്നെ.

## വിഭാഗം 5

**വചനം 42 :**

ٱللَّهُ يَتَوَفَّى ٱلْأَنفُسَ حِينَ مَوْتِهَا وَٱلَّتِى لَمْ تَمُتْ فِى مَنَامِهَا ۖ فَيُمْسِكُ ٱلَّتِى قَضَىٰ عَلَيْهَا ٱلْمَوْتَ وَيُرْسِلُ ٱلْأُخْرَىٰٓ إِلَىٰٓ أَجَلٍ مُّسَمًّى ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يَتَفَكَّرُونَ ﴿٤٢﴾

42 (ജീവാത്മാക്കളുള്ള) ദേഹങ്ങളെ അവയുടെ മരണവേളയിൽ അല്ലാഹു പൂർണ്ണമായി (പിടിച്ച്) എടുക്കുന്നു; മരണപ്പെടാത്തവയെ അവയുടെ ഉറക്കിലും (പിടിച്ചെടുക്കുന്നു). എന്നിട്ട് യാതൊന്നിൻെറ മേൽ അവൻ മരണം വിധിച്ചുവോ അതിനെ അവൻ (വിട്ടയക്കാതെ) പിടിച്ചുവെക്കുന്നു; മറ്റേതിനെ ഒരു നിർണ്ണയിക്കപ്പെട്ട അവധിവരെ വിട്ടയക്കുകയും ചെയ്യുന്നു. നിശ്ചയമായും, ചിന്തിക്കുന്ന ആളുകൾക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്.

ജീവനുള്ള ആളുകൾ മരണമടയുന്നതോടെ, അവരുടെ ആത്മാക്കളെ അല്ലാഹു പൂർണ്ണമായും പിടിച്ചെടുക്കുന്നു. അതോടെ, അവർ ഇങ്ങിനി മടങ്ങി വരാത്ത വിധം മറ്റൊരു ലോകത്തേക്ക് നീങ്ങുകയും ഈ ലോകവുമായുള്ള ബന്ധം അവസാനിപ്പിക്കുകയും ചെയ്യുന്നു. മരണമടഞ്ഞിട്ടില്ലാത്തവരുടെ ആത്മാവും അല്ലാഹു സദാ പിടിച്ചെടുക്കാറുണ്ട് - ഉറങ്ങുന്ന വേളയിൽ. ഉറങ്ങുന്നവർ യഥാർത്ഥത്തിൽ മരണമടയുന്നില്ലെങ്കിലും, മരണമടഞ്ഞവരെപ്പോലെ, ഏതാണ്ട് നിശ്ശേഷ്ടരാകുകയും, ഈ ബാഹ്യലോക ബന്ധത്തിൽ നിന്നും, കുറേ നേരത്തേക്ക് അകന്ന് പോകുകയും ചെയ്യുന്നു. ഉറക്കത്തിന്റെ സമയം കഴിയുമ്പോൾ അവർ വീണ്ടും ജീവചൈതന്യമുള്ളവരായിത്തീരുകയും ജീവിതത്തിലേക്ക് തിരിച്ച് വരുകയും ചെയ്യുന്നു.

ഒരാൾ ഉറങ്ങാൻ പോകുമ്പോൾ ഇപ്രകാരം പറഞ്ഞ് കൊള്ളട്ടെ എന്ന് നബി(സ) തിരുമേനി അരുളിയതായി ബുഖാരി-മുസ്ലിം(റ) ഉദ്ധരിച്ചിരിക്കുന്നു:

"എന്റെ റബ്ബേ, നിന്റെ നാമത്തിൽ എന്റെ പാർശ്വം - ശരീരത്തിന്റെ ഭാഗം -ഞാനിതാ വെക്കുന്നു. നിന്നെക്കൊണ്ട് തന്നെ ഞാനതിനെ ഉയർത്തുകയും ചെയ്യും. എന്റെ ആത്മാവിനെ നീ പിടിച്ച് വെക്കുന്ന പക്ഷം അതിന് നീ കരുണ ചെയ്യേണമേ. നീ അതിനെ വിട്ട് തരുന്ന പക്ഷം, നിന്റെ സദ്‌വൃത്തരായ അടിയാൻമാരെ നീ കാത്ത് സൂക്ഷിക്കുന്നത് പോലെ നീ എന്നെ കാത്ത് സൂക്ഷിക്കുകയും ചെയ്യേണമേ."

**വചനം 43,44 :**

أَمِ ٱتَّخَذُوا۟ مِن دُونِ ٱللَّهِ شُفَعَآءَ ۚ قُلْ أَوَلَوْ كَانُوا۟ لَا يَمْلِكُونَ شَيْـًٔا وَلَا يَعْقِلُونَ ﴿٤٣﴾

43 അതല്ല, അല്ലാഹുവിനു പുറമെ, വല്ല ശുപാർശക്കാരെയും അവർ ഏർപ്പെടുത്തിയിരിക്കുന്നുവോ?! പറയുക: "അവർ (ആ ശുപാർശക്കാർ) യാതൊന്നും അധീനമാക്കുന്നുമില്ല, (ബുദ്ധികൊണ്ട്) മനസ്സിലാക്കുന്നുമില്ല, എന്നിരുന്നാൽപോലുമോ?!" (എന്നാലും അവരെ ശുപാർശക്കാരായി സ്വീകരിക്കുകയോ?!)

قُل لِّلَّهِ ٱلشَّفَٰعَةُ جَمِيعًا ۖ لَّهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ ثُمَّ إِلَيْهِ تُرْجَعُونَ ﴿٤٤﴾

44 പറയുക: "അല്ലാഹുവിനാണ് ശുപാർശ മുഴുവനും. (അവൻെറ ഹിതമനുസരിച്ചേ അത് നടക്കൂ). ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധിപത്യം അവന്നാകുന്നു. പിന്നീട് അവനിലേക്കു തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു."

യാതൊരു കഴിവോ ബുദ്ധിയോ, വിവരമോ ഇല്ലാത്ത വിഗ്രഹങ്ങൾ അല്ലാഹുവിന്റെ അടുക്കൽ തങ്ങൾക്ക് വേണ്ടി ശുപാർശ ചെയ്യുമെന്ന് മുശ്രിക്കുകൾ പ്രതീക്ഷിക്കുന്നതിലെ വിഡ്ഢിത്തവും അല്ലാഹുവിന്റെ മുമ്പിൽ ഇഷ്ടം പോലെ ശുപാർശ ചെയ്യുവാൻ ആർക്കും സാധ്യമല്ലെന്നുള്ള വസ്തുതയുമാണ് ഈ വചനങ്ങൾ ചൂണ്ടിക്കാട്ടുന്നത്. ശുപാർശ ചെയ്യാൻ അധികാരപ്പെടുത്തപ്പെട്ടവർക്ക് പോലും അല്ലാഹുവിന്റെ മുൻകൂട്ടിയുള്ള അനുമതി ലഭിക്കാതെ അല്ലാഹുവിങ്കൽ ശുപാർശ ചെയ്യാൻ സാദ്ധ്യമല്ല തന്നെ. – “അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെ അടുക്കൽ ശുപാർശ ചെയ്യുന്നവർ ആരുണ്ട് ”– (2: 255) ; “അവൻ തൃപ്തിപ്പെട്ട് കൊടുത്തവർക്കല്ലാതെ അവർ ശുപാർശ ചെയ്യുകയില്ല ”– (21 : 28) എന്നീ വചനങ്ങൾ ഈ വസ്തുത സ്പഷ്ടമാക്കുന്നു.

**വചനം 45 :**

وَإِذَا ذُكِرَ ٱللَّهُ وَحْدَهُ ٱشْمَأَزَّتْ قُلُوبُ ٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ ۖ وَإِذَا ذُكِرَ ٱلَّذِينَ مِن دُونِهِۦٓ إِذَا هُمْ يَسْتَبْشِرُونَ ﴿٤٥﴾

45 അല്ലാഹുവിനെക്കുറിച്ചു മാത്രം പ്രസ്താവിക്കപ്പെട്ടാൽ, പരലോകത്തിൽ വിശ്വസിക്കാത്തവരുടെ ഹൃദയങ്ങൾ അറച്ചു ചുളുങ്ങുന്നതാണ്. അവന് പുറമെയുള്ളവരെപ്പറ്റി പ്രസ്താവിക്കപ്പെട്ടാൽ, അപ്പോഴതാ അവർ, സന്തോഷം പ്രകടിപ്പിക്കുകയും ചെയ്യുന്നു!

മുശ്രിക്കുകൾ അല്ലാഹുവിന്റെ അസ്തിത്വം നിഷേധിക്കുന്നവരല്ലെങ്കിലും, തങ്ങളുടെ ആരാധ്യ വസ്തുക്കൾക്ക് സ്ഥാനം കല്പിക്കാതെ, അല്ലാഹുവിനെക്കുറിച്ച് മാത്രം വല്ലതും പ്രസ്താവിക്കപ്പെട്ടാൽ, അവരുടെ ഹൃദയത്തിൽ അറപ്പും വെറുപ്പും പ്രകടമാകുന്നതാണ്. നേരെ മറിച്ച് തങ്ങളുടെ ദൈവങ്ങളുടെ പേരും കൂടി, കൂട്ടിച്ചേർത്ത് പറയുകയോ അല്ലെങ്കിൽ, അല്ലാഹുവിന്റെ പേര് പറയാതെ, അവയുടെ പേരുകൾ മാത്രം പ്രസ്താവിക്കുകയോ ആണെങ്കിൽ അവർ സന്തുഷ്ടരായിരിക്കുന്നതുമാണ്. മുസ്ലീം സമുദായത്തിൽ തന്നെയുള്ള, ശിർക്ക് പരമായ വിശ്വാസങ്ങൾ വെച്ച് പുലർത്തുന്ന നമ്മുടെ ചില സഹോദരങ്ങളും അല്ലാഹുവിന്റെ നാമത്തിന് ഉപരിയായി, ചില നേർച്ചക്കാരുടെയോ, ശൈഖന്മാരുടെയോ പേരുകൾക്ക് പ്രാമുഖ്യം നൽകുന്ന അവസ്ഥ നാം കണ്ട് വരുന്നതാണല്ലൊ.

**വചനം 46 :**

قُلِ ٱللَّهُمَّ فَاطِرَ ٱلسَّمَٰوَٰتِ وَٱلْأَرْضِ عَٰلِمَ ٱلْغَيْبِ وَٱلشَّهَٰدَةِ أَنتَ تَحْكُمُ بَيْنَ عِبَادِكَ فِى مَا كَانُوا۟ فِيهِ يَخْتَلِفُونَ ﴿٤٦﴾

46 (നബിയേ) പറയുക: “അല്ലാഹുവേ, ആകാശങ്ങളെയും, ഭൂമിയെയും (മാതൃകയില്ലാതെ) സൃഷ്ടിച്ചുണ്ടാക്കിയവനേ, അദൃശ്യത്തെയും, ദൃശ്യത്തെയും അറിയുന്നവനേ! നിന്റെ അടിയാൻമാർക്കിടയിൽ, അവർ ഭിന്നിച്ചു കൊണ്ടിരിക്കുന്ന വിഷയത്തിൽ നീ തന്നെ വിധി കല്പിക്കുന്നതാണ്.”

നബി(സ) തിരുമേനിക്കും സത്യവിശ്വാസികൾക്കും, മനശ്ശാന്തിയും അവിശ്വാസികൾക്ക് താക്കീതും അടങ്ങുന്ന ഈ പ്രാർത്ഥനാ വചനങ്ങൾ അല്ലാഹു നബി(സ)ക്ക് പഠിപ്പിക്കുന്നു. നബി(സ) അനുഷ്ഠാനത്തിൽ വരുത്തിയ പ്രകാരം നാമും അത് പിൻപറ്റേണ്ടതുണ്ടെന്ന് പറയേണ്ടതില്ലല്ലോ.

സമാനമായ മറ്റു പ്രാർത്ഥനകളും നബി(സ) തിരുമേനി, രാത്രി സുന്നത്ത് നമസ്കാരം തുടങ്ങുന്ന അവസരത്തിൽ ചൊല്ലാറുണ്ടായിരുന്നുവെന്ന് ആയിശാ(റ) നിവേദനം ചെയ്തിരിക്കുന്നു.

**വചനം 47,48 :**

وَلَوْ أَنَّ لِلَّذِينَ ظَلَمُوا۟ مَا فِى ٱلْأَرْضِ جَمِيعًا وَمِثْلَهُۥ مَعَهُۥ لَٱفْتَدَوْا۟ بِهِۦ مِن

47 അക്രമം പ്രവർത്തിച്ചവർക്ക് ഭൂമിയിലുള്ളതു മുഴുവനും, അതോടുകൂടി അതിന്റെ അത്രയും കൂടി ഉണ്ടായിരുന്നാലും, ഖിയാമത്തുനാളിൽ, കടുത്ത ശിക്ഷനിമിത്തം അവരതു (മുഴുവനും)

سُوٓءِ ٱلۡعَذَابِ يَوۡمَ ٱلۡقِيَٰمَةِۚ وَبَدَا لَهُم مِّنَ ٱللَّهِ مَا لَمۡ يَكُونُواْ يَحۡتَسِبُونَ ﴿٤٧﴾

തെണ്ടം കൊടുത്തേക്കുന്നതാണ്. അവർ കണക്കു കൂട്ടിയിട്ടില്ലാത്ത (പലതും) അല്ലാഹു വിങ്കൽനിന്ന് അവർക്ക് വെളിവാകുകയും ചെയ്യും.

وَبَدَا لَهُمۡ سَيِّـَٔاتُ مَا كَسَبُواْ وَحَاقَ بِهِم مَّا كَانُواْ بِهِۦ يَسۡتَهۡزِءُونَ ﴿٤٨﴾

48 അവർ സമ്പാദിച്ചുവെച്ചതിൻെറ തിൻമകളും അവർക്ക് വെളിപ്പെടും; അവർ യാതൊന്നിനെ ക്കുറിച്ചു പരിഹാസം കൊണ്ടിരുന്നുവോ അത് അവരിൽ(വന്നു) വലയം ചെയ്യുകയും ചെയ്യും.

അക്രമികൾക്ക്, പരലോകത്ത് വെച്ച് കഠിന ശിക്ഷ അനുഭവപ്പെടുമ്പോൾ, അതിൽ നിന്ന് മോചനം ലഭിക്കുവാൻ, എന്ത് വേണമെങ്കിലും തെണ്ടം നൽകാൻ അവർസന്നദ്ധരായിരിക്കും. പക്ഷേ, എന്ത് ഫലം. തങ്ങൾക്ക് ഊഹിക്കുവാൻ പോലും കഴിയാത്ത കഠിന കഠോര ശിക്ഷകളും, അനുമാനിക്കുവാൻ പോലും കഴിയാത്ത യാഥാർത്ഥ്യങ്ങളും അവർ അവിടെ നേരിടേണ്ടി വരുന്നതാണ്. അല്ലാഹു നമ്മെ കാത്ത് രക്ഷി ക്കട്ടെ- ആമീൻ.

**വചനം 49 :**

فَإِذَا مَسَّ ٱلۡإِنسَٰنَ ضُرّٞ دَعَانَا ثُمَّ إِذَا خَوَّلۡنَٰهُ نِعۡمَةٗ مِّنَّا قَالَ إِنَّمَآ أُوتِيتُهُۥ عَلَىٰ عِلۡمِۭۚ بَلۡ هِيَ فِتۡنَةٞ وَلَٰكِنَّ أَكۡثَرَهُمۡ لَا يَعۡلَمُونَ ﴿٤٩﴾

49 എന്നാൽ, മനുഷ്യനെ വല്ല ഉപദ്രവവും സ്പർശിച്ചാൽ അവൻ നമ്മെ വിളി(ച്ചു പ്രാർത്ഥി)ക്കുന്നതാണ്; പിന്നീട് നമ്മുടെ പക്കൽനിന്ന് വല്ല അനുഗ്രഹവും നാം അവന് (ദാനമായി) അധീനപ്പെടുത്തിക്കൊടുത്താൽ അവൻ പറയും: “നിശ്ചയമായും, ഇതെനിക്കു നൽകപ്പെട്ടിരിക്കുന്നത് (തക്കതായ) അറി വോടെത്തന്നെയാണ്”എന്ന് ! പക്ഷേ, അതൊരു പരീക്ഷണമാകുന്നു. എങ്കിലും, അവരിൽ അധികമാളും അറിയുന്നില്ല.

ആപത്തും വിഷമവും നേരിടുമ്പോൾ, വിനയവും ഭക്തിയും പ്രദർശിപ്പിക്കുകയും, അല്ലാഹുവി ന്റെ അനുഗ്രഹത്താൽ, സുഖസൗകര്യങ്ങൾ ലഭിക്കുമ്പോൾ ഇതെല്ലാം തന്റെ അറിവും സാമർത്ഥ്യവും കൊണ്ട് കരഗതമായതാണെന്ന് അഹങ്കരിക്കുകയും ചെയ്യുക എന്നത് മിക്ക മനുഷ്യരിലും കാണുന്ന ഒരു പൊതു സ്വഭാവമാണല്ലോ. ഇത് അല്ലാഹുവിനോടുള്ള നന്ദി കേടാണെന്നു മാത്രമല്ല, ധിക്കാര മനസ്ഥിതി യുമാകുന്നു. ഇതൊക്കെ അല്ലാഹുവിന്റെ പരീക്ഷണങ്ങളാണെന്ന വസ്തുത അധികമാളുകളും മനസ്സിലാ ക്കുന്നില്ല എന്നതാണ് വാസ്തവം.

**വചനം 50,51,52 :**

قَدۡ قَالَهَا ٱلَّذِينَ مِن قَبۡلِهِمۡ فَمَآ أَغۡنَىٰ عَنۡهُم مَّا كَانُواْ يَكۡسِبُونَ ﴿٥٠﴾

50 ഇവരുടെ മുമ്പുള്ളവർ ഇത്(ഇങ്ങിനെയുള്ള വാക്ക്) പറയുകയുണ്ടായിട്ടുണ്ട്. എന്നിട്ട് അവർ സമ്പാദിച്ചുവെച്ചിരുന്നത് അവർക്ക് പ്രയോജന പ്പെട്ടില്ല;-

فَأَصَابَهُمۡ سَيِّـَٔاتُ مَا كَسَبُواْۚ وَٱلَّذِينَ ظَلَمُواْ مِنۡ هَٰٓؤُلَآءِ سَيُصِيبُهُمۡ سَيِّـَٔاتُ مَا كَسَبُواْ وَمَا هُم بِمُعۡجِزِينَ ﴿٥١﴾

51 അങ്ങനെ, അവർ സമ്പാദിച്ചതിൻെറ തിൻമകൾ അവർക്ക് ബാധിച്ചു. (അതുപോലെ) ഇക്കൂട്ട രിൽനിന്നും അക്രമം പ്രവർത്തിച്ചിട്ടുള്ളവരാ കട്ടെ, തങ്ങൾ സമ്പാദിച്ചു വെച്ചിട്ടുള്ളതിൻെറ തിൻമകൾ അവർക്കും അടുത്ത് ബാധിക്കു ന്നതാകുന്നു: അവർ (അല്ലാഹുവിനെ പരാജയ

പ്പെടുത്തി) അസാധ്യമാക്കുന്നവരല്ലതാനും.

أَوَلَمْ يَعْلَمُوٓا۟ أَنَّ ٱللَّهَ يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ وَيَقْدِرُ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يُؤْمِنُونَ ﴿٥٢﴾

52 അവർക്കറിഞ്ഞുകൂടേ, അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ ഉപജീവനം വിശാലപ്പെടുത്തി ക്കൊടുക്കുകയും, (ഉദ്ദേശിക്കുന്നവർക്ക്) കുടുസ്സാക്കുകയും ചെയ്യുന്നുവെന്ന്?! നിശ്ചയമായും അതിൽ വിശ്വസിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്.

അല്ലാഹുവിനോട് നന്ദികേടും ധിക്കാരവും പ്രകടിപ്പിക്കുന്നവർക്കുള്ള അനന്തരഫലങ്ങളാണ് ഈ വചനങ്ങളിൽ അല്ലാഹു പ്രസ്താവിക്കുന്നത്. ഇക്കൂട്ടർക്ക് മുമ്പുള്ളവർ ധിക്കാരം പ്രകടിപ്പിച്ചതിന് അവരെ തിന്മകൾ പിടികൂടിയത് പോലെ ഇക്കൂട്ടർക്കും തക്കതായ ശിക്ഷകൾ ബാധിക്കുന്നതാണ്.

52-ാം വചനത്തിൽ, അല്ലാഹു അവന്റെ സൃഷ്ടികൾക്ക് ഉപജീവനം പ്രദാനം ചെയ്യുന്നതിനെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നു. സൂ: സബഅ് 39 ; സൂ: ഹൂദ് 6 ; സൂ: സുഖ്റുഫ് 32 എന്നിവിടങ്ങളിലും ഇവ്വിഷയസംബന്ധമായിട്ടുള്ള വചനങ്ങൾ നോക്കുക.

**വിഭാഗം 6**

**വചനം 53 :**

۞ قُلْ يَٰعِبَادِىَ ٱلَّذِينَ أَسْرَفُوا۟ عَلَىٰٓ أَنفُسِهِمْ لَا تَقْنَطُوا۟ مِن رَّحْمَةِ ٱللَّهِ ۚ إِنَّ ٱللَّهَ يَغْفِرُ ٱلذُّنُوبَ جَمِيعًا ۚ إِنَّهُۥ هُوَ ٱلْغَفُورُ ٱلرَّحِيمُ ﴿٥٣﴾

53 (നബിയേ, എൻെറ അടിയാൻമാരോട് ഞാൻ പ്രസ്താവിച്ചതായി) പറയുക: "തങ്ങളുടെ (സ്വന്തം) ആത്മാക്കളോട് അതിരു കവിഞ്ഞു പോയിട്ടുള്ള എൻെറ അടിയാൻമാരേ, നിങ്ങൾ അല്ലാഹുവിൻെറ കാരുണ്യത്തെ സംബന്ധിച്ച് നിരാശപ്പെട്ടുപോകരുത്! നിശ്ചയമായും അല്ലാഹു പാപങ്ങളെ മുഴുവനും പൊറുക്കുന്നതാകുന്നു. നിശ്ചയമായും അവൻ തന്നെയാണ് വളരെ പൊറുക്കുന്നവനും, കരുണാനിധിയുമായുള്ളവൻ."

അല്ലാഹുവിന്റെ അത്യുദാരമായ ഒരു വാഗ്ദാനവും അതിമഹത്തായ ഒരു സന്തോഷ വാർത്തയും ആകുന്നു ഈ വചനം. കുറ്റങ്ങളും പാപങ്ങളും വഴി സ്വയം നാശം വരുത്തി വെക്കുന്ന ആളുകളിൽ അല്ലാഹുവിന്റെ വാഗ്ദാനം പ്രഖ്യാപിക്കുവാൻ പരമകാരുണികനായ അല്ലാഹു, നബി(സ)യോട് കല്പിക്കുന്നു.

"സ്വന്തം ആത്മാക്കളോട് അതിര് കവിഞ്ഞ് പോയിട്ടുള്ള എന്റെ അടിയാൻമാരേ", എന്ന കാരുണ്യത്തിന്റെയും ആശ്വാസത്തിന്റെയും സംജ്ഞ നൽകിക്കൊണ്ടാണ് അല്ലാഹു അവരെ അഭിസംബോധന ചെയ്യുന്നത്. ഏത് മഹാപാപിക്കും ആശ്വാസം നൽകുന്നതും, സ്വയം പശ്ചാത്തപിച്ച് മടങ്ങുവാൻ പ്രേരിപ്പിക്കുന്നതുമായ വചനം, തുടർന്ന് അല്ലാഹു അവരോട് പ്രഖ്യാപിക്കുന്നു- "നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തെ സംബന്ധിച്ച് നിരാശപ്പെട്ട് പോകരുത്. നിശ്ചയമായും അല്ലാഹു പാപങ്ങളെ മുഴുവൻ പൊറുക്കുന്നതാകുന്നു. നിശ്ചയമായും അവൻ തന്നെയാണ് വളരെ പൊറുക്കുന്നവനും കരുണാനിധിയും ആയിട്ടുള്ളവൻ."

പാപങ്ങൾ പൊറുക്കുന്നതിൽ അല്ലാഹു വളരെ വിശാല മനസ്കനാകുന്നു. മാത്രമല്ല, അതവന് അങ്ങേയറ്റം ഇഷ്ടവുമാകുന്നു. തന്റെ അടിയാന്മാർക്ക് പാപമോചനം നൽകുവാനും കരുണ ചെയ്യുവാനും അവനല്ലാതെ മറ്റാരാണുള്ളത്? ആരും തന്നെയില്ല.

സൂ: അഅ്റാഫ് 156 ; സൂ: ഹിജർ 56 ; സൂ: യൂസുഫ് 87 എന്നീ വചനങ്ങളും മറ്റനേകം വചനങ്ങളും അല്ലാഹുവിന്റെ അതിമഹത്തായ കാരുണ്യത്തെക്കുറിച്ച് നമ്മെ ബോധ്യപ്പെടുത്തുന്നവയാകുന്നു.

പാപങ്ങളെല്ലാം അല്ലാഹു പൊറുക്കുമെന്ന് പറഞ്ഞത് കൊണ്ട് ഭയലേശമന്യേ ഇഷ്ടം പോലെ പാപം ചെയ്യാമെന്ന് അതിന് അർത്ഥമില്ല. എത്ര തന്നെ തെറ്റ് കുറ്റങ്ങൾ ഒരാൾ ചെയ്ത് പോയിട്ടുണ്ടെ

ങ്കിലും, അവൻ നിരാശപ്പെടേണ്ടതില്ലെന്നും, അവൻ പശ്ചാത്തപിക്കുകയും, പാപമോചനം തേടുകയും ചെയ്താൽ, അല്ലാഹു അതെല്ലാം, വിട്ട് പൊറുത്ത് മാപ്പ് നൽകും എന്നത്രേ ആ പറഞ്ഞതിന്റെ അർത്ഥം. അല്ലാഹുവിന്റെ കാരുണ്യത്തിലും ദയവിലും നിരാശപ്പെടുവാൻ ഒരു സത്യവിശ്വാസിക്കും പാടില്ലാത്ത താകുന്നു.

പശ്ചാത്തപിക്കുന്നവർക്ക് മാപ്പ് നൽകുന്നത് അല്ലാഹുവിന് അങ്ങേ അറ്റം ഇഷ്ടവും സന്തോഷവു മുള്ള കാര്യമാകുന്നു. മരുഭൂമിയിൽ വെച്ച് തന്റെ സർവ്വ പാഥേയങ്ങളുമായി ഓടിപ്പോയ ഒട്ടകം ഇനി തിരിച്ച് വരില്ലെന്നും എല്ലാം നഷ്ടപ്പെട്ടെന്നും കരുതിയിരിക്കെ; സർവ്വ സാമാനങ്ങളുമായി അത് തിരി ച്ചെത്തിയപ്പോൾ ആ യാത്രക്കാരന് എത്രമാത്രം സന്തോഷം ഉളവായോ, ആ സന്തോഷത്തേക്കാൾ അധി കമായിരിക്കും, അല്ലാഹുവിന്റെ അടിയാൻ പശ്ചാത്തപിച്ച് മടങ്ങുമ്പോൾ അല്ലാഹുവിനുണ്ടാവുക എന്ന് നബി(സ) ഒരു ഹദീസിലൂടെ വിവരിച്ചിരിക്കുന്നു.

എതൊരു പാപത്തിൽ നിന്നും പശ്ചാത്തപിച്ച് മടങ്ങുന്നത് മരണം വന്നെത്തുന്നതിന് മുമ്പായിരി ക്കേണ്ടതുണ്ട്. മരണവേളയിലെ പശ്ചാത്താപം സ്വീകര്യമായിരിക്കുകയില്ല എന്ന് സൂ: നിസാഅ് 17,18 വച നങ്ങളിലൂടെ അല്ലാഹു സ്പഷ്ടമാക്കിയിരിക്കുന്നു.

സൂ: നിസാഅ് ലെ മേൽ വചനങ്ങളിൽ സൂചിപ്പിക്കപ്പെട്ട രണ്ട് തരക്കാരിലും — പശ്ചാത്താപം സ്വീകരിക്കൽ ഒരു ബാധ്യതയായി അല്ലാഹു ഏറ്റെടുത്തിട്ടുള്ളവരിലും (വിഡ്ഢിത്തത്തിൽ തിന്മ പ്രവർത്തി ക്കുകയും, ഉടനെ തന്നെ പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുന്നവർ), പശ്ചാത്താപം സ്വീകരിക്കുകയി ല്ലെന്ന് അല്ലാഹു തീർത്ത് പറഞ്ഞിട്ടുള്ളവരിലും (മരണം ആസന്നമാകുന്നത് വരെ തിന്മകൾ പ്രവർത്തിച്ച് കൊണ്ടിരുന്നിട്ട് അന്നേരം 'ഞാനിപ്പോൾ ഖേദിച്ച് മടങ്ങി' എന്ന് പറയുന്നവർക്കും, അവിശ്വാസികളായി മരണമടയുന്നവർക്കും) — പെടാത്ത മൂന്നാമതൊരു വിഭാഗക്കാരെ കുറിച്ചാണ്, "സ്വന്തം ആത്മാക്കളോട് അതിരു കവിഞ്ഞവർ" എന്ന് അല്ലാഹു ഇവിടെ പറഞ്ഞിരിക്കുന്നതെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു- അതായത്, വിഡ്ഢിത്തത്തിലല്ലാതെ ദേഹേച്ഛകൾക്കും മറ്റും വശം വദരായിക്കൊണ്ടും കൽപിച്ച് കൂട്ടിയും ആക്രമങ്ങളും പാപങ്ങളും ചെയ്ത് കൊണ്ടിരിക്കുകയും, അവയെ പറ്റി ഖേദിച്ച് മടങ്ങാതിരിക്കുകയും ചെയ്തവർ. അവരെ അഭിമുഖീകരിച്ച് കൊണ്ടാണ്, അല്ലാഹുവിന്റെ കാരുണ്യത്തെ പറ്റി നിങ്ങൾ നിരാശ പ്പെടരുതെന്നും നിങ്ങൾ പശ്ചാത്തപിക്കുകയും പാപമോചനം തേടുകയും ചെയ്താൽ എല്ലാ പാപങ്ങളും അല്ലാഹു പൊറുക്കുമെന്നും പറയുന്നത്.

"നിങ്ങൾ ആകാശഭൂമികൾ നിറക്കുമാറ് തെറ്റ് കുറ്റങ്ങൾ ചെയ്താലും പിന്നീട് നിങ്ങൾ അല്ലാഹു വിനോട് പാപമോചനം തേടിയാൽ, അവൻ നിങ്ങൾക്ക് പൊറുത്ത് തരും" എന്നത് പോലെയുള്ള നബി വചനങ്ങളും ഈ വസ്തുതയാണ് ചൂണ്ടിക്കാട്ടുന്നത്. എന്നാൽ എല്ലാ പശ്ചാത്താപവും മരണത്തിന് മുമ്പ് ആയെങ്കിൽ മാത്രമേ അത് സ്വീകാര്യമാവുകയുള്ളൂ. അങ്ങനെ ഖേദിച്ച് മടങ്ങാത്തവരുടെ പാപങ്ങളെ അല്ലാഹുവിന്റെ അപാരമായ ദയവ് കൊണ്ട് മാത്രം അവർ പൊറുത്ത് കൊടുത്തേക്കാം. കുഫ്ർ(അവി ശ്വാസം) ശിർക്ക് (ബഹുദൈവവിശ്വാസം) എന്നീ മഹാ പാപങ്ങളാകട്ടെ സത്യവിശ്വാസം സ്വീകരിക്കുക വഴി, മരണത്തിന് മുമ്പ് ബോധാവസ്ഥയിൽ തന്നെ അതിൽ നിന്ന് വിരമിച്ച് പശ്ചാത്തപിക്കാത്ത പക്ഷം അല്ലാഹു അവയെ ഒരിക്കലും പൊറുക്കുന്നതല്ല തന്നെ. ഈ വസ്തുത അല്ലാഹു സൂ: നിസാഅ് 116-ാം വചനത്തിലൂടെ യാതൊരു അർത്ഥ ശങ്കക്കുമിടയില്ലാത്ത വിധം അസന്നിഗ്ദമായി പ്രസ്താവിച്ചിട്ടുള്ള താകുന്നു.

അല്ലാഹു നമ്മുടെ പാപങ്ങൾ പൊറുത്ത് തരികയും അവന്റെ വിശാലമായ കാരുണ്യം സിദ്ധി ക്കുന്ന ഭാഗ്യവാന്മാരിൽ നമ്മെ ഉൾപ്പെടുത്തുകയും ചെയ്യട്ടെ- ആമീൻ.

**വചനം 54,55 :**

وَأَنِيبُوٓا۟ إِلَىٰ رَبِّكُمْ وَأَسْلِمُوا۟ لَهُۥ مِن قَبْلِ أَن يَأْتِيَكُمُ ٱلْعَذَابُ ثُمَّ لَا تُنصَرُونَ ﴿٥٤﴾

54 നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് (വിനയപ്പെട്ട്) മടങ്ങുകയും, അവന് കീഴൊതുങ്ങുകയും ചെയ്യുവിൻ, -നിങ്ങൾക്ക് ശിക്ഷ വരുന്നതിനു മുമ്പായി. (അതുവന്നാൽ) പിന്നെ, നിങ്ങൾക്ക് സഹായം ലഭിക്കുകയില്ല.

55 നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് നിങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ളതിൽ നല്ലതിനെ പിൻപറ്റുകയും ചെയ്യുവിൻ- നിങ്ങൾ അറിയാത്ത നിലയിൽ പെട്ടന്നു ശിക്ഷ നിങ്ങൾക്കു വന്നെത്തുന്നതിനു മുമ്പായി.

وَٱتَّبِعُوٓا۟ أَحْسَنَ مَآ أُنزِلَ إِلَيْكُم مِّن رَّبِّكُم مِّن قَبْلِ أَن يَأْتِيَكُمُ ٱلْعَذَابُ بَغْتَةً وَأَنتُمْ لَا تَشْعُرُونَ ﴿٥٥﴾

അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യവും പാപമോചനവും ലഭിക്കുന്നതിനുള്ള ഉപാധികൾ ഈ വചനങ്ങളിൽ അല്ലാഹു വിവരിച്ച് തരുന്നു: മാനസാന്തരപ്പെട്ട് കൊണ്ടും ഭയഭക്തിയോടു കൂടിയും അല്ലാഹുവിങ്കലേക്ക് മടങ്ങുക; അവന്റെ വിധി വിലക്കുകൾ അനുസരിച്ച് കൊണ്ട് അവന് കീഴ്പ്പെട്ട് ജീവിക്കുക; അവന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് കൊണ്ട് അതനുസരിച്ച് വർത്തിക്കുക.

അല്ലാഹു അവതരിപ്പിച്ചിട്ടുള്ളതെല്ലാം നല്ലത് തന്നെ ആയിരിക്കുമെന്നതിൽ സംശയമില്ലല്ലോ. രണ്ട് പ്രകാരത്തിൽ അനുഷ്ഠിക്കുന്നതിന് വിരോധമില്ലാത്ത ഒരു കാര്യം അവയിൽ കൂടുതൽ ഗുണകരമായിരിക്കുന്നതെപ്രകാരമായിരിക്കുമോ അപ്രകാരം ചെയ്യുക; കൂടുതൽ സൂക്ഷ്മവും സംശയരഹിതവുമായിട്ടുള്ളതെന്തോ, അത് സ്വീകരിക്കുക- എന്നിങ്ങനെയുള്ള മുൻകരുതൽ കൈകൊള്ളുന്നതിനെ ഉദ്ദേശിച്ചായിരിക്കും 'നിങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ളതിൽ നല്ലതിനെ പിൻപറ്റുകയും ചെയ്യുവിൻ' എന്ന് പറഞ്ഞിരിക്കുന്നത് - അല്ലാഹുവിനറിയാം.

**വചനം 56,57,58 :**

56 വല്ല ആളും പറഞ്ഞേക്കുമെന്നതിനാൽ (അഥവാ പറയാതിരിക്കുവാൻ വേണ്ടി): "ഹാ! അല്ലാഹുവിൻെറ പക്ഷത്തു (ചെയ്യേണ്ടുന്ന കടമയിൽ) ഞാൻ വീഴ്ചവരുത്തിയതിൽ എൻെറ സങ്കടമേ! നിശ്ചയമായും ഞാൻ കളിയാക്കുന്നവരുടെ കൂട്ടത്തിൽ ആയിപ്പോയല്ലോ!"

أَن تَقُولَ نَفْسٌ يَٰحَسْرَتَىٰ عَلَىٰ مَا فَرَّطتُ فِى جَنۢبِ ٱللَّهِ وَإِن كُنتُ لَمِنَ ٱلسَّٰخِرِينَ ﴿٥٦﴾

57 അല്ലെങ്കിൽ (ഒരാൾ ഇങ്ങിനെ) പറഞ്ഞേക്കുമെന്നതിനാൽ: "(ഹാ!) അല്ലാഹു എന്നെ സൻമാർഗ്ഗത്തിലാക്കിയിരുന്നുവെങ്കിൽ, ഞാൻ സൂക്ഷ്മതയുള്ളവരിൽ പെട്ടവനാകുമായിരുന്നുവല്ലോ!"

أَوْ تَقُولَ لَوْ أَنَّ ٱللَّهَ هَدَىٰنِى لَكُنتُ مِنَ ٱلْمُتَّقِينَ ﴿٥٧﴾

58 അല്ലെങ്കിൽ ശിക്ഷ കാണുന്ന സമയത്ത് (ഇങ്ങിനെ) പറഞ്ഞേക്കുമെന്നതിനാൽ: "എനിക്ക് ഒരു (ഒറ്റ) മടക്കം കിട്ടിയിരുന്നെങ്കിൽ! എന്നാൽ, ഞാൻ സുകൃതവാൻമാരിൽ പെട്ടവനാകുമായിരുന്നുവല്ലോ!"

أَوْ تَقُولَ حِينَ تَرَى ٱلْعَذَابَ لَوْ أَنَّ لِى كَرَّةً فَأَكُونَ مِنَ ٱلْمُحْسِنِينَ ﴿٥٨﴾

കുറ്റവാളികൾ അന്ത്യനാളിൽ പറയുന്ന മൂന്ന് വിധത്തിലുള്ള വിലാപ വാക്യങ്ങളാണ് അല്ലാഹു ഇവിടെ ഉദ്ധരിച്ചിട്ടുള്ളത്: ഒന്നാമത്തേത്, അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിൽ തങ്ങൾ വീഴ്ചവരുത്തിയതിനെ കുറിച്ചുള്ള വീണ്ട് വിചാരവും, മൂന്നാമത്തേത്, തങ്ങളെ ഐഹിക ജീവിതത്തിലേക്ക് ഒരിക്കൽ കൂടി മടക്കം കിട്ടിയാൽ കൊള്ളാമെന്നുള്ള വ്യാമോഹവും ആകുന്നു. അല്ലാഹു എന്നെ സന്മാർഗ്ഗത്തിലാക്കാതിരുന്നത് കൊണ്ടാണ് തങ്ങൾക്ക് ഈ ദുരവസ്ഥ വന്നപെട്ടതെന്ന ആരോപണമാകുന്നു രണ്ടാമത്തെ വാക്യത്തിൽ.

ഈ ആരോപണങ്ങൾക്ക് അടുത്ത വചനങ്ങളിലൂടെ അല്ലാഹു മറുപടി പറയുന്നു:

**വചനം 59,60,61 :**

59 “ഇല്ലാതെ! തീർച്ചയായും എൻെറ ‘ആയത്തു’ കൾ (സന്ദേശങ്ങളും ലക്ഷ്യങ്ങളും) നിനക്ക് വരികയുണ്ടായി; എന്നിട്ട് നീ അവയെ വ്യാജമാക്കുകയും, നീ അഹംഭാവം നടിക്കുകയും ചെയ്തു; നീ അവിശ്വാസികളിൽ പെട്ടവനുമായിരുന്നു.” (ഇതാണ് കാരണം,)

بَلَىٰ قَدْ جَآءَتْكَ ءَايَـٰتِى فَكَذَّبْتَ بِهَا وَٱسْتَكْبَرْتَ وَكُنتَ مِنَ ٱلْكَـٰفِرِينَ ﴿٥٩﴾

60 ഖിയാമത്തുനാളിലാകട്ടെ, അല്ലാഹുവിൻെറ മേൽ വ്യാജം പറഞ്ഞിട്ടുള്ളവരെ, അവരുടെ മുഖങ്ങൾ കറുത്തിരുണ്ടതായി നിനക്കു കാണാവുന്നതാണ്. അഹംഭാവികൾക്ക് ‘ജഹന്നമി’ൽ (നരകത്തിൽ) പാർപ്പിടമില്ലയോ?!

وَيَوْمَ ٱلْقِيَـٰمَةِ تَرَى ٱلَّذِينَ كَذَبُوا۟ عَلَى ٱللَّهِ وُجُوهُهُم مُّسْوَدَّةٌ ۚ أَلَيْسَ فِى جَهَنَّمَ مَثْوًى لِّلْمُتَكَبِّرِينَ ﴿٦٠﴾

61 സൂക്ഷ്മത പാലിച്ചവരെ, അവരുടെ സൗഭാഗ്യം നിമിത്തം അല്ലാഹു രക്ഷപ്പെടുത്തുകയും ചെയ്യും. അവരെ തിൻമ സ്പർശിക്കുകയില്ല; അവർ വ്യസനപ്പെടുകയുമില്ല.

وَيُنَجِّى ٱللَّهُ ٱلَّذِينَ ٱتَّقَوْا۟ بِمَفَازَتِهِمْ لَا يَمَسُّهُمُ ٱلسُّوٓءُ وَلَا هُمْ يَحْزَنُونَ ﴿٦١﴾

ഈ വചനങ്ങളുടെ സാരം യാതൊരു വിശദീകരണവും കൂടാതെ തന്നെ ഏവർക്കും ഉൾക്കൊള്ളാവുന്നതാണല്ലോ.

“ഹൃദയത്തിൽ ഒരു അണു അളവ് അഹംഭാവമുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. അഹംഭാവമെന്നത് യഥാർത്ഥത്തോട് ധിക്കാരവും, ജനങ്ങളോട് അവഗണനയും കാണിക്കലാണ്” - (മുസ്ലീം) എന്ന നബി വചനം ഇവിടെ സ്മരിക്കുന്നത് സന്ദർഭോചിതമായിരിക്കും.

**വചനം 62 :**

62 അല്ലാഹു എല്ലാ വസ്തുവിൻെറ (എല്ലാറ്റിൻെറ)യും സ്രഷ്ടാവാകുന്നു; അവൻ എല്ലാ വസ്തുവിൻെറ (എല്ലാറ്റിൻെറ) മേലും കൈകാര്യം നടത്തുന്നവനുമാകുന്നു.

ٱللَّهُ خَـٰلِقُ كُلِّ شَىْءٍ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ وَكِيلٌ ﴿٦٢﴾

അല്ലാഹു എല്ലാ വസ്തുവിൻ്റെയും സൃഷ്ടാവാകുന്നു എന്നും അവൻ എല്ലാറ്റിൻ്റെയും കൈകാര്യക്കാരനാണെന്നും ഈ വചനത്തിലൂടെ അല്ലാഹു വ്യക്തമായി പ്രസ്താവിക്കുന്നു. ഖുർആനിൽ പലയിടങ്ങളിലും ‘അല്ലാഹു എല്ലാറ്റിനും കഴിവുള്ളവനാണ് ’ എന്നും ‘അല്ലാഹു എല്ലാറ്റിനെക്കുറിച്ചും അറിയുന്നവനാണ് ’ എന്നുമുള്ള വചനങ്ങളും കാണാവുന്നതാണ്. അല്ലാഹുവിൻ്റെ അറിവിലും കഴിവിലുമെന്നപോലെ തന്നെ, അവൻ്റെ സൃഷ്ടിയിലും കൈകാര്യ നടത്തിപ്പിലും ഉൾപ്പെടാത്തതായി ഒരു വസ്തുവോ കാര്യമോ അവശേഷിക്കുന്നില്ല എന്ന് ഈ വചനങ്ങൾ സ്പഷ്ടമാകുന്നു.

## വിഭാഗം -7

**വചനം 63,64 :**

63 ആകാശങ്ങളുടെയും, ഭൂമിയുടെയും ഖജനാക്കൾ (അഥവാ താക്കോലുകൾ) അവൻേറതാകുന്നു. അല്ലാഹുവിൻെറ ‘ആയത്തു’കളിൽ (ലക്ഷ്യങ്ങളിലും, വചനങ്ങളിലും) അവിശ്വസിച്ചവരാകട്ടെ, അവർ തന്നെയാണ് നഷ്ടക്കാർ.

لَّهُۥ مَقَالِيدُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۗ وَٱلَّذِينَ كَفَرُوا۟ بِـَٔايَـٰتِ ٱللَّهِ أُو۟لَـٰٓئِكَ هُمُ ٱلْخَـٰسِرُونَ ﴿٦٣﴾

64 (നബിയേ) പറയുക: എന്നിരിക്കെ, അല്ലാഹു അല്ലാത്തവരെയാണോ ഞാനാരാധിക്കണമെന്ന് നിങ്ങളെന്നോടു കല്പിക്കുന്നത്, ഹേ, (അറിവില്ലാത്ത) വിഡ്ഢികളേ?!

قُلْ أَفَغَيْرَ ٱللَّهِ تَأْمُرُوٓنِّىٓ أَعْبُدُ أَيُّهَا ٱلْجَٰهِلُونَ ﴿٦٤﴾

സകല വസ്തുക്കളുടെയും സൃഷ്ടിയും കൈകാര്യകർതൃത്വവും ഭരണാധിപത്യവും അല്ലാഹുവിനാണ് എന്നിരിക്കെ, അവനെയല്ലാതെ മറ്റേതിനേയെങ്കിലും ആരാധിക്കണമെന്ന് പറയുന്നതിനേക്കാൾ വിഡ്ഢിത്തവും മൂഢത്വവും മറ്റെന്തുണ്ട്?

**വചനം 65,66 :**

65 (നബിയേ) നിനക്കും, നിൻെറ മുമ്പുള്ള വരിലേക്കും തീർച്ചയായും 'വഹ്‌യു' (ദിവ്യ സന്ദേശം) നൽകപ്പെട്ടിട്ടുണ്ട്: "നീ (അല്ലാഹുവിനോട്) പങ്കുചേർത്തുവെങ്കിൽ, നിശ്ചയമായും നിൻെറ കർമ്മം (മുഴുവനും) നിഷ്ഫലമായിപ്പോകും; നിശ്ചയമായും നീ നഷ്ടക്കാരിൽ പെട്ടവനായിത്തീരുകയും ചെയ്യും" എന്ന്.

وَلَقَدْ أُوحِىَ إِلَيْكَ وَإِلَى ٱلَّذِينَ مِن قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ ٱلْخَٰسِرِينَ ﴿٦٥﴾

66 പക്ഷേ, നീ അല്ലാഹുവിനെത്തന്നെ ആരാധിച്ചു കൊള്ളുക. നീ നന്ദി കാണിക്കുന്നവരുടെ കൂട്ടത്തിൽ ആയിരിക്കയും ചെയ്യുക.

بَلِ ٱللَّهَ فَٱعْبُدْ وَكُن مِّنَ ٱلشَّٰكِرِينَ ﴿٦٦﴾

അല്ലാഹുവിനോട് പങ്ക് ചേർക്കുന്നവരുടെ കർമ്മങ്ങൾ മുഴുവൻ നിഷ്ഫലമായിത്തീരുമെന്നും, അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവരാകട്ടെ, നന്ദി കാണിക്കുന്നവരുടെ കൂട്ടത്തിൽ ആയിരിക്കുമെന്നും അല്ലാഹു അസന്നിഗ്ദമായി ഓർമ്മപ്പെടുത്തുന്നു.

**വചനം 67 :**

67 അല്ലാഹുവിന്ന് അവൻെറ യഥാർത്ഥ നിലപാട് (അഥവാ മഹത്വം) അവർ കൽപിച്ചില്ല. ഭൂമി മുഴുവനും ഖിയാമത്തുനാളിൽ അവൻെറ പിടിയിലടങ്ങിയതായിരിക്കും; ആകാശങ്ങളാകട്ടെ, അവൻെറ വലങ്കയ്യിൽ ചുരുട്ടിപ്പിടിക്കപ്പെട്ടവയുമായിരിക്കും. അവർ പങ്കുചേർക്കുന്നതിൽനിന്ന് അവൻ മഹാപരിശുദ്ധനും അത്യുന്നതി പ്രാപിച്ചവനുമത്രെ!

وَمَا قَدَرُوا۟ ٱللَّهَ حَقَّ قَدْرِهِۦ وَٱلْأَرْضُ جَمِيعًا قَبْضَتُهُۥ يَوْمَ ٱلْقِيَٰمَةِ وَٱلسَّمَٰوَٰتُ مَطْوِيَّٰتٌۢ بِيَمِينِهِۦ سُبْحَٰنَهُۥ وَتَعَٰلَىٰ عَمَّا يُشْرِكُونَ ﴿٦٧﴾

അവർ പരദൈവങ്ങളെ സ്വീകരിക്കുകയും ആരാധിക്കുകയും ചെയ്യുന്നതിനുള്ള കാരണം അല്ലാഹു ചൂണ്ടിക്കാട്ടുന്നു:

അല്ലാഹുവിന് കൽപിക്കേണ്ടുന്ന വിധത്തിലുള്ള യഥാർത്ഥ മഹത്വം അവർ അല്ലാഹുവിന് കല്പിച്ച് കൊടുത്തിട്ടില്ല എന്നതാണതിന്റെ അടിസ്ഥാന കാരണം. സൂ: അൻആം 91-ലും സൂ: ഹജ്ജ് 74-ലും അല്ലാഹു ഈ വസ്തുത ആവർത്തിച്ചിരിക്കുന്നത് കാണാം. പരദൈവങ്ങളെ സ്വീകരിക്കുന്ന ബഹുദൈവ വിശ്വാസികൾ മാത്രമല്ല, അല്ലാഹു ഈ ലോകത്ത് നടത്തിക്കൊണ്ടിരിക്കുന്ന നടപടി ക്രമങ്ങളെ, തങ്ങളുടെ പരിമിത യുക്തിക്കും, തങ്ങളുടെ ഹിതത്തിനും ഇണങ്ങുന്നില്ലെന്ന കാരണത്താൽ അവയെ ചോദ്യം ചെയ്യാൻ മുതിരുന്നവരും യഥാർത്ഥത്തിൽ അല്ലാഹുവിന്റെ മഹത്വം യഥാവിധി അംഗീകരിക്കാത്തവരത്രേ.

ഖിയാമത്ത് നാളിൽ ഭൂമി മുഴുവനും അല്ലാഹുവിന്റെ പിടിയിലടങ്ങിയതായിരിക്കുമെന്നും, ആകാശങ്ങൾ അവന്റെ വലം കൈയിൽ ചുരുട്ടിപ്പിടിക്കപ്പെട്ടതായിരിക്കും എന്നും പറഞ്ഞതിന്റെ യഥാർത്ഥ

വ്യാഖ്യാനം എന്താണെന്ന് നമുക്കറിഞ്ഞു കൂടാ. അല്ലാഹുവിനെ സംബന്ധിക്കുന്ന ഇത്തരം പ്രസ്താവന കളുടെ സാക്ഷാൽ ഉദ്ദേശ്യം അല്ലാഹുവിന് മാത്രം അറിയാം എന്ന് വെക്കലാണ് - “അല്ലാഹുവിങ്കലേക്ക് വിട്ടേക്കുക” - ഇമാം മാലിക്(റ) പോലെയുള്ള പൌരാണിക മഹാന്മാർ സ്വീകരിച്ചതും, കൂടുതൽ സുര ക്ഷിതമായിട്ടുള്ളതുമായ നയം. (സൂ: ത്വാഹ 5-ാം വചനം നോക്കുക)

“അല്ലാഹു ഭൂമിയെ എടുത്ത് പിടിക്കും; ആകാശത്തെ വലം കൈയിൽ ചുരുട്ടി പിടക്കും. എന്നിട്ട് അവൻ പറയും - “ഞാനത്രെ സർവ്വാധികാരിയായ രാജാവ്, ഭൂമിയിലെ രാജാക്കന്മാർ എവിടെ” -(ബു.മു) എന്ന നബി വചനം ഈ സന്ദർഭത്തിൽ ശ്രദ്ധേയമാകുന്നു.

**വചനം 68 :**

وَنُفِخَ فِي ٱلصُّورِ فَصَعِقَ مَن فِي ٱلسَّمَٰوَٰتِ وَمَن فِي ٱلْأَرْضِ إِلَّا مَن شَآءَ ٱللَّهُ ۖ ثُمَّ نُفِخَ فِيهِ أُخْرَىٰ فَإِذَا هُمْ قِيَامٌ يَنظُرُونَ ﴿٦٨﴾

68 കാഹളത്തിൽ ഊതപ്പെടും. അപ്പോൾ ആകാശ ങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും- അല്ലാഹു ഉദ്ദേശിച്ചവരൊഴികെ-ബോധംകെട്ട് (അഥവാ മരണമടഞ്ഞു) പോകുന്നതാണ്. പിന്നീട് അതിൽ മറ്റൊന്ന് (കൂടി) ഊതപ്പെടും. അപ്പോൾ അവരതാ, എഴുന്നേറ്റ് നോക്കുന്നവരായിരിക്കും.

ലോകവസാന സമയത്ത് ജീവജാലങ്ങളെല്ലാം മരണമടഞ്ഞ് പോകുന്നതിനുള്ള കാഹളം ഊത്തിനെ കുറിച്ചാണ് ആദ്യം പ്രസ്താവിച്ചത്. അതിന് ശേഷം പുനർജീവിതം നൽകുന്നതിനുള്ള ഊത്തിനെ കുറി ച്ചാണ് ‘അതിൽ മറ്റൊന്ന് (കൂടി) ഊതപ്പെടും’ എന്ന് പറഞ്ഞത്. ഇവ രണ്ടിനും മുമ്പായി സൃഷ്ടിക ളെല്ലാം പേടിച്ച് നടങ്ങുമാറുള്ള മറ്റൊരു ഊത്ത് കൂടി ഉണ്ടായിരുക്കുമെന്ന് ചില മഹാന്മാർ, ഖുർആനിൽ നിന്നും ഹദീസിൽ നിന്നും ചില തെളിവുകൾ ഉദ്ധരിച്ച് കൊണ്ട് ചൂണ്ടിക്കാട്ടുന്നു. (സൂ: നംല് 87-ാം വചനം നോക്കുക)

ആദ്യത്തെ കാഹളം ഊത്തിൽ സംഭവിക്കുന്ന മരണത്തിൽ നിന്ന് അല്ലാഹു ഉദ്ദേശിച്ച ചിലരെ അവൻ ഒഴിവാക്കുന്നു. ഇവർ ആരായിരിക്കുമെന്നതിനെക്കുറിച്ച് ഒന്നും നിർണ്ണയിച്ച് പറയത്തക്ക തെളി വുകളില്ല എന്നാണ് ഖത്താദ(റ) മുതലായവർ പറഞ്ഞത്.

രണ്ട് ഊത്തുകൾക്കിടയിൽ എത്ര കാലതാമസമുണ്ടായിരിക്കുമെന്ന കാര്യവും അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ.

**വചനം 69,70 :**

وَأَشْرَقَتِ ٱلْأَرْضُ بِنُورِ رَبِّهَا وَوُضِعَ ٱلْكِتَٰبُ وَجِا۟ىٓءَ بِٱلنَّبِيِّـۧنَ وَٱلشُّهَدَآءِ وَقُضِىَ بَيْنَهُم بِٱلْحَقِّ وَهُمْ لَا يُظْلَمُونَ ﴿٦٩﴾

69 ഭൂമി, അതിൻെറ രക്ഷിതാവിൻെറ പ്രകാശം കൊണ്ടു പ്രശോഭിക്കും. (കർമ്മങ്ങൾ രേഖപ്പെ ടുത്തപ്പെട്ട) ഗ്രന്ഥം (കൊണ്ടുവന്നു) വെക്ക പ്പെടുകയും, പ്രവാചകൻമാരെയും സാക്ഷി കളെയും കൊണ്ടുവരപ്പെടുകയും ചെയ്യും. അവർക്കിടയിൽ (ജനങ്ങളിൽ) യഥാർത്ഥ പ്രകാരം വിധി നടത്തപ്പെടുകയും ചെയ്യും. അവരോട് അനീതി ചെയ്യപ്പെടുകയില്ലതാനും.

وَوُفِّيَتْ كُلُّ نَفْسٍ مَّا عَمِلَتْ وَهُوَ أَعْلَمُ بِمَا يَفْعَلُونَ ﴿٧٠﴾

70 ഓരോ ദേഹത്തിനും (ആൾക്കും) അതു പ്രവർത്തിച്ചത് (കർമ്മഫലം) നിറവേറ്റി ക്കൊടുക്കപ്പെടുന്നതാണ്. അവർ ചെയ്തു കൊണ്ടിരിക്കുന്നതിനെക്കുറിച്ച് അവൻ ഏറ്റവും അറിയുന്നവനാണ് താനും.

പുനരുത്ഥാന ദിവസം ഓരോരുത്തരുടെയും സകല കർമ്മങ്ങളും ഒന്നൊഴിയാതെ രേഖപ്പെടുത്തപ്പെട്ട, ഗ്രന്ഥം ഹാജരാക്കപ്പെടുന്നതാണ്. അതത് സമുദായങ്ങളിലേക്കയക്കപ്പെട്ട പ്രവാചകന്മാരടക്കം പല തരത്തിലുള്ള സാക്ഷികളും കൊണ്ട് വരപ്പെടുന്നതാണ്. ഓരോരുത്തരുടെയും പ്രവർത്തനങ്ങൾ, സാക്ഷികളും രേഖകളും മുഖേന സ്ഥാപിച്ച്, അവരവരെ ബോധ്യപ്പെടുത്തി, അണുമണിത്തൂക്കം അനീതിയോ, പക്ഷഭേതമോ കൂടാതെ സർവ്വജ്ഞനായ അല്ലാഹു അന്നേ ദിവസം ന്യായ വിധി നടത്തുന്നതാണ്. അല്ലാഹുവിന്റേയും, അവന്റെ അടിയാന്റേയും ഇടക്ക് ഒരു ശുപാർശക്കാരനോ, ഒരു മറയോ ഉണ്ടായിരിക്കുകയില്ലെന്ന് നബി(സ) അരുളിയിരിക്കുന്നു.

## വിഭാഗം 8

**വചനം 71,72 :**

وَسِيقَ ٱلَّذِينَ كَفَرُوٓا۟ إِلَىٰ جَهَنَّمَ زُمَرًا ۖ حَتَّىٰٓ إِذَا جَآءُوهَا فُتِحَتْ أَبْوَٰبُهَا وَقَالَ لَهُمْ خَزَنَتُهَآ أَلَمْ يَأْتِكُمْ رُسُلٌ مِّنكُمْ يَتْلُونَ عَلَيْكُمْ ءَايَٰتِ رَبِّكُمْ وَيُنذِرُونَكُمْ لِقَآءَ يَوْمِكُمْ هَٰذَا ۚ قَالُوا۟ بَلَىٰ وَلَٰكِنْ حَقَّتْ كَلِمَةُ ٱلْعَذَابِ عَلَى ٱلْكَٰفِرِينَ ﴿٧١﴾

71 അവിശ്വസിച്ചവർ 'ജഹന്ന'മി (നരകത്തി)ലേക്ക് കൂട്ടംകൂട്ടമായി നയിക്കപ്പെടും. അങ്ങനെ, അവർ അതിന്നടുത്തു വന്നാൽ, അതിൻെറ വാതിലുകൾ തുറക്കപ്പെടും; അതിലെ കാവൽക്കാർ അവരോട് (ഇപ്രകാരം) പറയുകയും ചെയ്യും: "നിങ്ങൾക്ക് നിങ്ങളുടെ റബ്ബിൻെറ 'ആയത്തു'കൾ (സന്ദേശങ്ങളും-ലക്ഷ്യങ്ങളും) ഓതിത്തരുകയും, നിങ്ങളുടെ ഈ ദിവസത്തെ കണ്ടുമുട്ടുന്നതിനെക്കുറിച്ചു നിങ്ങൾക്ക് മുന്നറിയിപ്പു നൽകുകയും ചെയ്തുകൊണ്ട് നിങ്ങളിൽനിന്നുള്ള (ദൈവ)ദൂതൻമാർ നിങ്ങൾക്ക് വന്നിരുന്നില്ലേ?!" അവർ പറയും: "ഇല്ലാതേ! (വന്നിരുന്നു.) പക്ഷേ, അവിശ്വാസികളുടെ മേൽ ശിക്ഷയുടെ വാക്ക് (യഥാർത്ഥമായി) സ്ഥിരപ്പെട്ടുപോയി!"

قِيلَ ٱدْخُلُوٓا۟ أَبْوَٰبَ جَهَنَّمَ خَٰلِدِينَ فِيهَا ۖ فَبِئْسَ مَثْوَى ٱلْمُتَكَبِّرِينَ ﴿٧٢﴾

72 (അവരോട്) പറയപ്പെടും: 'ജഹന്നമി'ൽ നിത്യവാസികളെന്ന നിലയിൽ അതിൻെറ വാതിലുകളിൽകൂടി നിങ്ങൾ പ്രവേശിക്കുവിൻ!" അപ്പോൾ, അഹംഭാവികളുടെ പാർപ്പിടം എത്ര ചീത്ത!

ദൈവദൂതന്മാർ വരാത്തത് കൊണ്ടോ, അല്ലാഹുവിന്റെ ലക്ഷ്യങ്ങളും സന്ദേശങ്ങളും ലഭിക്കാത്തത് കൊണ്ടോ അല്ല, തങ്ങൾ പിഴച്ച് പോയിട്ടുള്ളതെന്നും, പക്ഷേ, തങ്ങളുടെ അവിശ്വാസം നിമിത്തം തങ്ങൾ ശിക്ഷക്ക് വിധേയരായതാണെന്നും അവർ ഇപ്പോൾ സമ്മതിച്ച് പറയുന്നു. എന്നാൽ അവർ സത്യ നിഷേധികളായിത്തീരുവാനുള്ള അടിസ്ഥാന കാരണം അവർ സത്യത്തിന് നേരെ കണ്ണടച്ച് അഹംഭാവം കൈകൊണ്ടത് കൊണ്ടാണെന്ന് അല്ലാഹു അവരോട് അറിയിക്കുന്നതാണ്.

**വചനം 73, 74 :**

وَسِيقَ ٱلَّذِينَ ٱتَّقَوْا۟ رَبَّهُمْ إِلَى ٱلْجَنَّةِ زُمَرًا ۖ حَتَّىٰٓ إِذَا جَآءُوهَا وَفُتِحَتْ أَبْوَٰبُهَا وَقَالَ لَهُمْ خَزَنَتُهَا سَلَٰمٌ عَلَيْكُمْ طِبْتُمْ فَٱدْخُلُوهَا خَٰلِدِينَ ﴿٧٣﴾

73 തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചുവന്നിട്ടുള്ളവർ സ്വർഗ്ഗത്തിലേക്ക് കൂട്ടംകൂട്ടമായി നയിക്കപ്പെടും. അങ്ങനെ, അവർ അതിന്നടുത്തുവരുകയും, അതിൻെറ വാതിലുകൾ തുറക്കപ്പെട്ടിരിക്കുകയും ചെയ്താൽ....! (ഹാ! അവർക്ക് ലഭിക്കുവാനിരിക്കുന്നത് അവർണ്ണനീയം!) അതിൻെറ കാവൽക്കാർ അവരോട് (ഇപ്ര

കാരം) പറയുകയും ചെയ്യും: "നിങ്ങൾക്കു 'സലാം'! (സമാധാനശാന്തി!) നിങ്ങൾ (സുകൃതം ചെയ്ത്) പരിശുദ്ധരായി. ആകയാൽ, നിത്യവാസികളായ നിലയിൽ നിങ്ങളിതിൽ പ്രവേശിച്ചുകൊള്ളുവിൻ!'

وَقَالُوا۟ ٱلْحَمْدُ لِلَّهِ ٱلَّذِى صَدَقَنَا وَعْدَهُۥ وَأَوْرَثَنَا ٱلْأَرْضَ نَتَبَوَّأُ مِنَ ٱلْجَنَّةِ حَيْثُ نَشَآءُ ۖ فَنِعْمَ أَجْرُ ٱلْعَٰمِلِينَ ﴿٧٤﴾

74 അവർ പറയും: "അല്ലാഹുവിന് സർവ്വസ്തുതിയും! (അതെ) തൻെറ വാഗ്ദാനം ഞങ്ങൾക്ക് സത്യമാക്കിത്തരുകയും സ്വർഗ്ഗത്തിൽനിന്നു ഞങ്ങൾ ഉദ്ദേശിക്കുന്നിടത്ത് ഞങ്ങൾക്ക് വസിക്കുവാൻ സൗകര്യപ്പെടുമാറ് (ഈ സ്വർഗ്ഗ) ഭൂമിയെ ഞങ്ങൾക്ക് അവകാശപ്പെടുത്തിത്തരുകയും ചെയ്തിട്ടുള്ളവനു (സ്തുതി)." അപ്പോൾ (സൽക്കർമ്മങ്ങൾ) പ്രവർത്തിച്ചവരുടെ പ്രതിഫലം എത്ര നല്ലത്!

അവിശ്വാസികളെ നരകത്തിലേക്ക് നിന്ദ്യരായിക്കൊണ്ടും ബലം പ്രയോഗിച്ച് കൊണ്ടും ആയിരിക്കും കൊണ്ടുവരിക; എന്നാൽ സത്യവിശ്വാസികളെ സ്വർഗ്ഗത്തിലേക്കു, മാന്യമായ രീതിയിലും, അതിഥികളെന്ന നിലയിൽ സ്വാഗതവും ശാന്തിയും, ആശംസിച്ച് കൊണ്ടുമായിരിക്കും നയിക്കപ്പെടുക. (സൂ: മർയം : 85,86 വചനങ്ങളും, സൂ: ത്വൂർ 13 വചനവും ശ്രദ്ധിക്കുക). സ്വർഗ്ഗത്തിന്റെ ആൾക്കാർ സ്വർഗ്ഗത്തിലും നരകത്തിന്റെ ആൾക്കാർ നരകത്തിലും പ്രവേശിച്ചു കഴിഞ്ഞാൽ 'ഹേ സ്വർഗ്ഗക്കാരെ, ഇനി നിങ്ങൾക്ക് മരണമില്ല; ഹേ നരകക്കാരെ, ഇനി നിങ്ങൾക്ക് മരണമില്ല' എന്ന് പ്രഖ്യാപിക്കപ്പെടുമെന്നും, അപ്പോൾ സ്വർഗ്ഗക്കാർക്ക് അത്യധികം സന്തോഷവും നരകക്കാർക്ക് അതി കഠിനമായ ദുഖവും ഉണ്ടാകുമെന്നും, നബി(സ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു - ബു.മു.

നരകത്തിൽ കുറ്റവാളികളുടെ വിവിധ വിഭാഗക്കാർക്കായി, ഏഴു വാതിലുകളാണുള്ളതെന്ന് സൂ: ഹിജ്റ് 44-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. സ്വർഗ്ഗത്തിൽ എട്ട് കവാടങ്ങളാണുള്ളതെന്നും, നമസ്കാരം, നോമ്പ്, ദാനധർമ്മം, ധർമ്മസമരം, എന്നീ സൽകർമ്മങ്ങൾക്കനുസരിച്ച് സ്വർഗ്ഗവാസികൾക്ക് പ്രത്യേകം പ്രത്യേകം കവാടങ്ങളിൽ നിന്നും സ്വാഗതം ആശംസിക്കപ്പെടുമെന്നും, എല്ലാ വാതിലുകളിൽ നിന്നും വിളിച്ച് സ്വാഗതം ചെയ്യപ്പെടുന്ന ആളുകളും ഉണ്ടായിരിക്കുമെന്നും, അബൂബക്കർ സിദ്ധീഖ്(റ) അക്കൂട്ടത്തിൽ ഉൾപ്പെടുമെന്നും നബി(സ) പ്രസ്താവിച്ചിരിക്കുന്നു- ബു.മു.

സ്വർഗ്ഗത്തിന്റെ വിശാലത ആകാശഭൂമികളുടെ വിശാലത പോലെയാണ് എന്ന് സൂ: ഹദീദ് 21-ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. സ്വർഗ്ഗം മനുഷ്യന്റെ ഭാവനക്കും അനുമാനത്തിനും അതീതവും അതിവിശാലവുമായ ഒരു ലോകമാണെന്ന് ചില ഹദീസുകളും സ്പഷ്ടമാക്കുന്നു. നരകത്തിന്റെ വിശാലതയും ഏറെക്കുറെ മേൽ സൂചിപ്പിച്ചത് പോലെയാണെന്ന് ഖുർആൻ വചനങ്ങളിൽ നിന്നും ഹദീസുകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

**വചനം 75 :**

وَتَرَى ٱلْمَلَٰٓئِكَةَ حَآفِّينَ مِنْ حَوْلِ ٱلْعَرْشِ يُسَبِّحُونَ بِحَمْدِ رَبِّهِمْ ۖ وَقُضِىَ بَيْنَهُم بِٱلْحَقِّ وَقِيلَ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿٧٥﴾

75 'അർശി'ൻെറ (രാജകീയ സിംഹാസനത്തിൻെറ) ചുറ്റുപാടിലും പൊതിഞ്ഞു നില്ക്കുന്നവരായി മലക്കുകളെ നിനക്കു കാണാം; അവർ തങ്ങളുടെ രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് 'തസ്ബീഹു' (സ്തോത്രകീർത്തനം) നടത്തുന്നതാണ്. അവർക്കിടയിൽ (സൃഷ്ടികളിൽ) യഥാർത്ഥ പ്രകാരം (കാര്യം) തീരുമാനിക്കപ്പെട്ടും കഴിഞ്ഞു. (സർവ്വരാലും) പറയപ്പെടും: "ലോകരുടെ രക്ഷിതാവായ അല്ലാഹുവിന് സർവ്വസ്തുതിയും!"

സമസ്ത സൃഷ്ടികളുടെയും വിചാരണയും വിധി നടപ്പിലാക്കലും നടന്ന് കഴിഞ്ഞു. അതില പ്പുറം ഗൗരവമേറിയ ഒരു സംഭവവും നടക്കാനില്ല തന്നെ. ആ ഘട്ടത്തിൽ മലക്കുകളുടെ പ്രതികരണമെ ന്തായിരിക്കുമെന്ന് അല്ലാഹു ഈ വചനത്തിൽ പ്രസ്താവിക്കുന്നു.

മലക്കുകൾ 'അർശി'ന്റെ ചുറ്റുപാടിലും പൊതിഞ്ഞ് നിന്ന് കൊണ്ടു തങ്ങളുടെ രക്ഷിതാവിനെ സ്തുതിച്ചു കൊണ്ട് തസ്ബീഹ് (സ്തോത്ര കീർത്തനം) നടത്തിക്കൊണ്ടിരിക്കുന്നതാണ്.

അല്ലാഹു അവന്റെ അതിവിശാലമായ കാരുണ്യം കൊണ്ടും അവന്റെ അതി മഹത്തായ ദയവ് കൊണ്ടും നമ്മെയെല്ലാം അവന്റെ പ്രീതി ലഭിച്ച് സ്വർഗ്ഗം പൂകുന്ന നല്ല അടിയാൻമാരിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ- ആമീൻ.

# 40. സൂറത്തുൽ 'മുഅ്മിൻ' (വിശ്വാസി)

**മക്കായിൽ അവതരിച്ചത്**

വചനങ്ങൾ 85, വിഭാഗം (റുകൂഅ്) 9

സത്യവിശ്വാസിയുടെ സവിശേഷ ഗുണങ്ങളിലേക്ക് വെളിച്ചം വീശുന്ന ഒരു അദ്ധ്യായം എന്ന നിലക്കാണ് ഇതിന് സൂ: മുഅ്മിൻ (വിശ്വാസി) എന്ന് പേര് നൽകപ്പെട്ടത്.

സൂറത്ത് 'ഗ്വാഫിർ' എന്നും ഈ അദ്ധ്യായത്തിന് പേരുണ്ട്. 3-ാം വചനത്തിലെ 'ഗ്വാഫിർ' (പാപം പൊറുക്കുന്നവൻ) എന്ന പദമാണ് ഈ പേരിന് നിദാനം.

**വിഭാഗം 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1, 2, 3 :**

حمٓ ۝١
تَنزِيلُ ٱلْكِتَٰبِ مِنَ ٱللَّهِ ٱلْعَزِيزِ ٱلْعَلِيمِ ۝٢
غَافِرِ ٱلذَّنۢبِ وَقَابِلِ ٱلتَّوْبِ شَدِيدِ ٱلْعِقَابِ ذِى ٱلطَّوْلِ ۖ لَآ إِلَٰهَ إِلَّا هُوَ ۖ إِلَيْهِ ٱلْمَصِيرُ ۝٣

1 'ഹാമീം.'

2 (ഈ) വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത് പ്രതാപശാലിയായ, സർവ്വജ്ഞനായ അല്ലാഹുവിങ്കൽനിന്നത്രെ;-

3 പാപം പൊറുക്കുന്നവനും, പശ്ചാത്താപം സ്വീകരിക്കുന്നവനുമായുള്ളവൻ: കഠിനമായി ശിക്ഷാനടപടി എടുക്കുന്നവൻ; യോഗ്യതയുള്ളവൻ. അവനല്ലാതെ ആരാധ്യനേ ഇല്ല. അവങ്കലേക്കാണ് (എല്ലാവരുടെയും) തിരിച്ചുചെല്ലൽ.

സൂറത്തിന്റെ ആരംഭത്തിലെ കേവലാക്ഷരത്തെക്കുറിച്ച് സൂ: ബഖറയുടെ ആരംഭത്തിലെ കേവലാക്ഷരങ്ങളെ സംബന്ധിച്ചുള്ള വിവരണം നോക്കുക.

മഹത്തായ ഈ വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത് പ്രതാപശാലിയും സർവ്വജ്ഞനുമായ അല്ലാഹു ആകുന്നു. അവനാകട്ടെ സൽകർമ്മങ്ങൾക്ക് മഹത്തായ പ്രതിഫലവും, പാപങ്ങൾക്ക് ഉദാരമായ മാപ്പും നൽകുന്ന അതിവിശാല മനസ്കനും അതീവ അനുഗ്രഹശാലിയുമത്രേ. അതോടൊപ്പം ദുഷ്കർമ്മങ്ങൾക്ക് കഠിനമായ ശിക്ഷയും നൽകുന്നവനാകുന്നു അല്ലാഹു.

മേൽ പ്രസ്താവിച്ച ഗുണഗണങ്ങളാൽ സമ്പൂർണ്ണനായ അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥം യാതൊരു വിധ ന്യൂനതയോ, കോട്ടമോ ഉള്ളതായിരിക്കുവാൻ യാതൊരു സാദ്ധ്യതയുമില്ലാത്തതാകുന്നു.

**വചനം 4 :**

مَا يُجَٰدِلُ فِىٓ ءَايَٰتِ ٱللَّهِ إِلَّا ٱلَّذِينَ كَفَرُوا۟ فَلَا يَغْرُرْكَ تَقَلُّبُهُمْ فِى ٱلْبِلَٰدِ ۝٤

4 അവിശ്വസിച്ചവരല്ലാതെ അല്ലാഹുവിൻെറ 'ആയത്തു'കളിൽ (സന്ദേശ ലക്ഷ്യങ്ങളിൽ) തർക്കം നടത്തുകയില്ല. എന്നാൽ, അവർ (യഥേഷ്ടം) രാജ്യങ്ങളിൽകൂടി സ്വൈരവിഹാരം ചെയ്യുന്നത് നിന്നെ വഞ്ചിച്ചുപോകരുത്.

അല്ലാഹുവിന്റെ ആയത്തുകളിൽ (സന്ദേശലക്ഷ്യങ്ങളിൽ) തർക്കം നടത്താൻ മുതിരുന്ന സത്യനിഷേധികളെ അല്ലാഹു തൽക്കാലം ഭൂമിയിൽ സ്വൈര വിഹാരം നടത്തുവാൻ അയച്ച് വിട്ടിരിക്കുകയാണ്. യഥാസമയം, അല്ലാഹു അവരുടെ മേൽ തക്ക നടപടി സ്വീകരിക്കുക തന്നെ ചെയ്യും.

**വചനം 5 :**

كَذَّبَتْ قَبْلَهُمْ قَوْمُ نُوحٍ وَٱلْأَحْزَابُ مِنۢ بَعْدِهِمْ ۖ وَهَمَّتْ كُلُّ أُمَّةٍۭ بِرَسُولِهِمْ لِيَأْخُذُوهُ ۖ وَجَـٰدَلُوا۟ بِٱلْبَـٰطِلِ لِيُدْحِضُوا۟ بِهِ ٱلْحَقَّ فَأَخَذْتُهُمْ ۖ فَكَيْفَ كَانَ عِقَابِ ﴿٥﴾

5 ഇവർക്കു മുമ്പ് നൂഹിൻെറ ജനതയും, അവരുടെ ശേഷം (പല) സഖ്യ കക്ഷികളും വ്യാജമാക്കുകയുണ്ടായി. എല്ലാ ഓരോ (സമുദായവും) തങ്ങളുടെ റസൂലിനെപ്പറ്റി, അദ്ദേഹത്തെ പിടി(ച്ചു ശിക്ഷി)ക്കുവാൻ ഉദ്യമിക്കുകയും ചെയ്തു. വ്യർത്ഥമായതുകൊണ്ട് യഥാർത്ഥത്തെ (ഉൻമൂലനം ചെയ്തു) നീക്കിക്കളയുവാൻവേണ്ടി അതുമായി അവർ തർക്കം നടത്തുകയും ചെയ്തു. അതിനാൽ ഞാൻ (അല്ലാഹു) അവരെ പിടിച്ചു (ശിക്ഷിച്ചു.) അപ്പോൾ, എൻെറ പ്രതികാരശിക്ഷ എങ്ങിനെയായി?!

നൂഹിന്റെ ജനതയും, അദ്ദേഹത്തിന് ശേഷമുള്ള പ്രവാചകന്മാരുടെ ജനതയും (ആദ്, ഥമൂദ്, ഫിർഔന്റെ ആൾക്കാർ മുതലായവർ) അവരവരുടെ റസൂലുമായി തർക്കം നടത്തുകയും, അവരെ ശിക്ഷിക്കുവാൻ ഉദ്യമിക്കുകയും ചെയ്തു. എന്നാൽ അല്ലാഹു യഥാസമയം അവരുടെ മേൽ തക്ക ശിക്ഷാ നടപടികൾ കൈക്കൊള്ളുകയുണ്ടായി. അല്ലാഹുവിന്റെ പ്രതികാര നടപടി കുറിക്ക് കൊള്ളുകയും, അതിക്രമികൾ അമ്പേ പരാജയമടയുകയും ചെയ്തു.

**വചനം 6 :**

وَكَذَٰلِكَ حَقَّتْ كَلِمَتُ رَبِّكَ عَلَى ٱلَّذِينَ كَفَرُوٓا۟ أَنَّهُمْ أَصْحَـٰبُ ٱلنَّارِ ﴿٦﴾

6 അപ്രകാരം, (ഈ) അവിശ്വസിച്ചിട്ടുള്ളവരുടെ മേലും നിൻെറ റബ്ബിൻെറ വാക്ക് യഥാർത്ഥമായി (സ്ഥിരപ്പെട്ടി)രിക്കുന്നു അവർ നരകത്തിൻെറ ആൾക്കാരാണെന്ന്;!

അതേ പ്രകാരം, ഈ സമുദായത്തിലെ നിഷേധികൾക്കും , അല്ലാഹുവിന്റെ ശിക്ഷാനടപടിക്രമം ബാധമാക്കപ്പെട്ടിരിക്കുന്നു. അവർ തന്നെയാകുന്നു നരകാവകാശികൾ.

**വചനം 7,8,9 :**

ٱلَّذِينَ يَحْمِلُونَ ٱلْعَرْشَ وَمَنْ حَوْلَهُۥ يُسَبِّحُونَ بِحَمْدِ رَبِّهِمْ وَيُؤْمِنُونَ بِهِۦ وَيَسْتَغْفِرُونَ لِلَّذِينَ ءَامَنُوا۟ رَبَّنَا وَسِعْتَ كُلَّ شَىْءٍ رَّحْمَةً وَعِلْمًا فَٱغْفِرْ لِلَّذِينَ تَابُوا۟ وَٱتَّبَعُوا۟ سَبِيلَكَ وَقِهِمْ عَذَابَ ٱلْجَحِيمِ ﴿٧﴾

7 'അർശു' (രാജകീയ സിംഹാസനം) വഹിക്കുന്നവരും, അതിൻെറ ചുറ്റുപാടിലുള്ളവരും തങ്ങളുടെ രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് 'തസ്ബീഹു' (സ്തോത്രകീർത്തനങ്ങൾ) നടത്തുന്നു. അവർ, അവനിൽ വിശ്വസിക്കുകയും, വിശ്വസിച്ചവർക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യുന്നു. (അവർ പറയും:) "ഞങ്ങളുടെ രക്ഷിതാവേ! കാരുണ്യം കൊണ്ടും, അറിവുകൊണ്ടും നീ എല്ലാ വസ്തുക്കൾക്കും വിശാലമായിരിക്കുന്നു. (നിൻെറ കാരുണ്യവും അറിവും എല്ലാറ്റിനും വിശാലമാണ്.) അതുകൊണ്ട്, പശ്ചാത്തപിക്കുകയും, നിൻെറ മാർഗ്ഗം പിൻപറ്റുകയും ചെയ്തവർക്ക് നീ പൊറുത്തുകൊടുക്കുകയും, ജ്വലിക്കുന്ന നരകശിക്ഷയിൽനിന്ന് അവരെ നീ

കാത്തുകൊടുക്കുകയും ചെയ്യേണമേ!

8 ‘ഞങ്ങളുടെ രക്ഷിതാവേ! നീ അവർക്ക് വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥിരവാസത്തിൻെറ സ്വർഗ്ഗങ്ങളിൽ അവരെ നീ പ്രവേശിപ്പിക്കുകയും ചെയ്യേണമേ! അവരുടെ പിതാക്കൾ, ഇണകൾ (ഭാര്യാഭർത്താക്കൾ), സന്തതികൾ എന്നിവരിൽ നിന്ന് നന്നായിത്തീർന്നവരെയും (പ്രവേശിപ്പിക്കേണമേ.) നിശ്ചയമായും, നീയത്രെ അഗാധജ്ഞനായ പ്രതാപശാലി.

رَبَّنَا وَأَدْخِلْهُمْ جَنَّٰتِ عَدْنٍ ٱلَّتِى وَعَدتَّهُمْ وَمَن صَلَحَ مِنْ ءَابَآئِهِمْ وَأَزْوَٰجِهِمْ وَذُرِّيَّٰتِهِمْ ۚ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ﴿٨﴾

9 ‘അവരെ നീ തിൻമകളിൽനിന്ന് കാക്കുകയും ചെയ്യേണമേ! അന്നത്തെ ദിവസം (ഖിയാമത്തു നാളിൽ) നീ ഏതൊരുവനെ തിൻമകളിൽനിന്ന് കാക്കുന്നുവോ അവന് തീർച്ചയായും നീ കരുണചെയ്തു. അതുതന്നെയാണ് മഹത്തായ ഭാഗ്യവും!’

وَقِهِمُ ٱلسَّيِّـَٔاتِ ۚ وَمَن تَقِ ٱلسَّيِّـَٔاتِ يَوْمَئِذٍ فَقَدْ رَحِمْتَهُۥ ۚ وَذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ ﴿٩﴾

‘അർശി’ന്റെ (അല്ലാഹുവിന്റെ സിംഹാസനം) വാഹകരായ മലക്കുകൾ, മലക്കുകളിൽ വെച്ച് ഉന്നത പദവിയിലുള്ളവരാകുന്നു. ഖിയാമത്ത് നാളിൽ അർശ് വഹിക്കുന്നത് എട്ട് വിഭാഗം മലക്കുകളായിരിക്കും എന്ന് സൂ: ഹാഖ്ഖ : 17-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അവരും അർശിന്റെ ചുറ്റുപാടിലുള്ള മലക്കുകളും, അല്ലാഹുവിന് സ്തോത്ര കീർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുവെന്നും, അവർ സത്യവിശ്വാസികളുടെയും അവരുടെ പിതാക്കൾ, ഇണകൾ, സന്തതികൾ എന്നിവരിൽ നിന്ന് നന്നായിത്തീർന്നവരുടെയും പാപമോചനത്തിനും, സ്വർഗ്ഗപ്രവേശനത്തിനും നന്മക്കും വേണ്ടി പ്രാർത്ഥിക്കുന്നുവെന്നും അല്ലാഹു പ്രസ്താവിക്കുന്നു. മലക്കുകൾ അല്ലാഹുവിനെ ആരാധിക്കുന്നതിനെക്കുറിച്ച് സൂ: അഅ്റാഫ് 206; സൂ: അൻബിയാഅ് 19,20; സൂ: ഹാ-മീം സജദ 38; സൂ: ശൂറാ 5 എന്നീ വചനങ്ങളിലെ പ്രസ്താവനകൾ നോക്കുക.

മലക്കുകളും മനുഷ്യരും തമ്മിലും ആത്മീയലോകവും ഭൗതികലോകവും തമ്മിലും നമുക്കറിഞ്ഞ് കൂടാത്ത ചില അദൃശ്യ ബന്ധങ്ങളുണ്ടെന്നും, മനുഷ്യന്റെ മോക്ഷത്തിൽ മലക്കുകൾക്ക് താല്പര്യമുണ്ടെന്നും, ഈ വചനങ്ങളിൽ നിന്ന് വ്യക്തമാകുന്നു. (സൂ: ശൂറാ 5-ാം വചനവും നോക്കുക) മനുഷ്യരെ കാത്ത് രക്ഷിക്കുക, അവരുടെ നന്മതിന്മകളെ രേഖപ്പെടുത്തുക. അവരിൽ സൽപ്രേരണകൾ ഉണ്ടാക്കിത്തീർക്കുക, അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് ഭൂമിയിൽ പല വിധ ഉത്തരവാദിത്വങ്ങൾ നടപ്പാക്കുക എന്നിങ്ങനെ പല നിലക്കും മലക്കുകൾക്ക് ഭൂലോകവുമായി ബന്ധമുണ്ട് എന്ന് പല ഖുർആൻ വചനങ്ങളിൽ നിന്നും (ഉദാ: സൂ: സജദ 11; സൂ: ഫാത്വിർ 1 എന്നീ വചനങ്ങൾ) അനേകം നബി വചനങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്നതാണ്.

ഒരാൾ വുളുവോടെ പള്ളിയിൽ നമസ്കാരത്തിനായി ഇരിക്കുമ്പോൾ മലക്കുകൾ അയാളുടെ നന്മയ്ക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കും (ബു.മു) ധനം ചെലവഴിച്ചുകൊണ്ടിരിക്കുന്നവന്റെ നന്മയ്ക്ക് വേണ്ടിയും, ധനം പിടിച്ച് വെക്കുന്നവന്റെ നാശത്തിന് വേണ്ടിയും മലക്കുകൾ പ്രാർത്ഥിച്ച് കൊണ്ടിരിക്കും; ഫാത്തിഹ സൂറത്തിന് ശേഷം ഇമാം ‘ആമീൻ’ ചൊല്ലുമ്പോൾ മലക്കുകളും ആമീൻ ചൊല്ലുന്നതായിരിക്കും (ബു.മു) എന്നീ നബി വചനങ്ങൾ പ്രത്യേകം ശ്രദ്ധേയമാകുന്നു.

മലക്കുകൾ സത്യവിശ്വാസികൾക്ക് വേണ്ടി ചെയ്ത് കൊണ്ടിരിക്കുന്ന ദീർഘമായ പ്രാർത്ഥനകളുദ്ധരിച്ച് കൊണ്ടുള്ള ഈ വചനങ്ങളിൽ, സത്യവിശ്വാസികളെ അവരുടെ കുടുംബാംഗങ്ങളോടൊപ്പം സ്വർഗ്ഗത്തിൽ ഒന്നിച്ച് ചേർക്കേണമേ എന്ന് പ്രാർത്ഥനയിൽ എടുത്ത് പറഞ്ഞ ഒരു വസ്തുത പ്രത്യേകം ശ്രദ്ധേയമാകുന്നു. സത്യവിശ്വാസികളേയും കുടുംബാംഗങ്ങളേയും എന്ന് പറയാതെ, കുടുംബാംഗങ്ങളിൽ നന്നായിത്തീർന്നവരേയും എന്നാണ് പരാമർശിച്ചിരിക്കുന്നത്. ഓരോരുത്തരും ചെയ്യുന്ന കർമ്മങ്ങൾക്ക് അവനവൻ മാത്രമാണ് ഉത്തരവാദി എന്നും ഒരാളുടെ നന്മ കൊണ്ട് മറ്റൊരാൾക്ക് മോക്ഷം ലഭിക്കുകയില്ല എന്നുമുള്ള, ഖുർആൻ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ള ഒരു മൗലിക തത്വമാകുന്നു, ഈ പരാമർശ

ത്തിൽ നിന്നും വ്യക്തമാകുന്നത്. ഈ വസ്തുത സൂ: ത്വൂർ 21-ാം വചനത്തിലും അല്ലാഹു പ്രസ്താവിച്ചിട്ടുള്ളതാകുന്നു.

അല്ലാഹു നമ്മെയും, നമ്മുടെ മാതാപിതാക്കൾ, സന്താനങ്ങൾ, ഇണകൾ മുതലായവരെയും, സ്വർഗ്ഗത്തിൽ ഒരുമിച്ച് ചേരുന്ന സൽഭാഗ്യവാന്മാരിൽ ഉൾപ്പെടുത്തട്ടെ ആമീൻ.

## വിഭാഗം 2

**വചനം 10 :**

إِنَّ ٱلَّذِينَ كَفَرُواْ يُنَادَوْنَ لَمَقْتُ ٱللَّهِ أَكْبَرُ مِن مَّقْتِكُمْ أَنفُسَكُمْ إِذْ تُدْعَوْنَ إِلَى ٱلْإِيمَٰنِ فَتَكْفُرُونَ ﴿١٠﴾

10 അവിശ്വസിച്ചവരോട് വിളിച്ചുപറയപ്പെടും: "നിശ്ചയമായും, (നിങ്ങളോട്) അല്ലാഹുവിനുള്ള ക്രോധം, നിങ്ങൾക്ക് നിങ്ങളോടുതന്നെയുള്ള ക്രോധത്തേക്കാൾ വലുതാണ്;- (കാരണം) സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കപ്പെടുമ്പോൾ നിങ്ങൾ (അതു നിരസിച്ച്) അവിശ്വസിക്കുകയായിരുന്നു".

ഖിയാമത്ത് നാളിലെ ശിക്ഷകൾ അനുഭവപ്പെടുമ്പോൾ അതിന് ഇടവരുത്തിയതിൽ അവർക്ക് തങ്ങളോട് തന്നെ കഠിനമായ കോപവും വെറുപ്പും തോന്നുന്നതാണ്. അപ്പോൾ, അവരോട് അല്ലാഹു ഇപ്രകാരം പറയുന്നതാണ്: "സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കപ്പെട്ടപ്പോൾ, നിങ്ങളത് നിരസിച്ചതിനാൽ അല്ലാഹുവിന് നിങ്ങളോടുള്ള ക്രോധം ഇതിലും വലുതാണ്. അന്ന് നിങ്ങളത് സ്വീകരിക്കാത്തതിന്റെ തിക്തഫലമാണ് ഇപ്പോൾ നിങ്ങൾ അനുഭവിക്കേണ്ടി വരുന്നത്."

**വചനം 11 :**

قَالُواْ رَبَّنَآ أَمَتَّنَا ٱثْنَتَيْنِ وَأَحْيَيْتَنَا ٱثْنَتَيْنِ فَٱعْتَرَفْنَا بِذُنُوبِنَا فَهَلْ إِلَىٰ خُرُوجٍ مِّن سَبِيلٍ ﴿١١﴾

11 അവർ പറയും: "ഞങ്ങളുടെ റബ്ബേ! ഞങ്ങളെ നീ രണ്ടു പ്രാവശ്യം മരണപ്പെടുത്തി; രണ്ടു പ്രാവശ്യം ജീവിപ്പിക്കുകയും ചെയ്തു. ഇപ്പോൾ, ഞങ്ങളുടെ പാപങ്ങളെ ഞങ്ങൾ (ഇതാ) ഏറ്റു പറഞ്ഞു; ഇനി, (ഇവിടെ നിന്ന്) ഒന്നു പുറത്തു പോകേണ്ടതിലേക്ക് വല്ല മാർഗ്ഗവും ഉണ്ടോ?!"

ഭൂമിയിലെ ധാതു ലവണങ്ങളിൽ നിർജ്ജീവാവസ്ഥയിലായിരുന്ന ഞങ്ങൾ ജീവിപ്പിക്കപ്പെട്ടു; മരണത്തോടെ വീണ്ടും നിർജ്ജീവാവസ്ഥയിലേക്ക് മടക്കപ്പെട്ടു. അങ്ങനെ മരണപ്പെട്ട ഞങ്ങളിതാ വീണ്ടും ജീവിപ്പിക്കപ്പെട്ട ഞങ്ങളുടെ പക്കൽ വന്ന തെറ്റ്കുറ്റങ്ങൾ, ഞങ്ങളിതാ ഏറ്റ് പറയുന്നു. ഈ അവസ്ഥയിൽ നിന്നും രക്ഷപ്പെട്ടു ഐഹിക ജീവിതത്തിലേക്ക് മടങ്ങി വന്ന്, നല്ലവരായിത്തീരാൻ, ഞങ്ങൾക്ക് ഒരു അവസരം കൂടി നൽകിയിരുന്നെങ്കിൽ - എന്ന് സത്യ നിഷേധികൾ ആഗ്രഹിച്ചു പോകുന്നു.

**വചനം 12,13,14 :**

ذَٰلِكُم بِأَنَّهُۥٓ إِذَا دُعِىَ ٱللَّهُ وَحْدَهُۥ كَفَرْتُمْ ۖ وَإِن يُشْرَكْ بِهِۦ تُؤْمِنُواْ ۚ فَٱلْحُكْمُ لِلَّهِ ٱلْعَلِىِّ ٱلْكَبِيرِ ﴿١٢﴾

12 അല്ലാഹുവിനെ മാത്രം വിളി(ച്ചു പ്രാർത്ഥി)ക്കപ്പെട്ടാൽ നിങ്ങൾ അവിശ്വസിച്ചു വന്നതു കൊണ്ടാണ് അത്. അവനോട് പങ്കുചേർക്കപ്പെടുകയാണെങ്കിലോ, നിങ്ങൾ വിശ്വസിക്കുകയും ചെയ്തിരുന്നു. (ഇതാണ് നിങ്ങൾക്ക് ഈ അനുഭവത്തിനു കാരണം.) എന്നാൽ, (ഇപ്പോൾ) വിധികൽപിക്കൽ, ഉന്നതനും മഹാനുമായ അല്ലാഹുവിന് (അധികാരപ്പെട്ടത്) ആകുന്നു.

هُوَ ٱلَّذِى يُرِيكُمْ ءَايَٰتِهِۦ وَيُنَزِّلُ لَكُم مِّنَ ٱلسَّمَآءِ رِزْقًا ۚ وَمَا يَتَذَكَّرُ إِلَّا مَن يُنِيبُ ﴿١٣﴾

13 തൻെറ ദൃഷ്ടാന്തങ്ങളെ നിങ്ങൾക്ക് കാണിച്ചു തരുകയും, ആകാശത്തുനിന്ന് നിങ്ങൾക്ക് (മഴമൂലം) ആഹാരം ഇറക്കിത്തരുകയും ചെയ്യുന്നവനത്രെ അവൻ. (അല്ലാഹുവിലേക്ക് ഭക്തിപ്പെട്ടു) മടക്കം കാണിക്കുന്നവരല്ലാതെ ഉറ്റാലോചിക്കുകയില്ല.

فَٱدْعُوا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ وَلَوْ كَرِهَ ٱلْكَٰفِرُونَ ﴿١٤﴾

14 ആകയാൽ, മതം (അഥവാ കീഴ്വണക്കം) അല്ലാഹുവിനു (മാത്രം) നിഷ്കളങ്കമാക്കിക്കൊണ്ട് നിങ്ങൾ അവനെ വിളിച്ചു (പ്രാർത്ഥിച്ചു) കൊള്ളുവിൻ, അവിശ്വാസികൾക്ക് (അത്) അതൃപ്തിയായിരുന്നാലും ശരി.

സത്യനിഷേധികൾക്കുണ്ടായിട്ടുള്ള ദുരനുഭവത്തിന് കാരണം അവരുടെ വിശ്വാസത്തിലും പ്രാർത്ഥനയിലും അവർ അല്ലാഹുവിനോട് പങ്കാളികളെ കൂട്ടിച്ചേർത്ത് വന്നിരുന്നത് കൊണ്ടാണ്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെയും മഹത്വത്തേയും അംഗീകരിച്ച് കൊണ്ടും മതം അഥവാ കീഴ്വണക്കം അല്ലാഹുവിന് മാത്രം നിഷ്കളങ്കമാക്കിക്കൊണ്ടും അവനെ വിളിച്ച് പ്രാർത്ഥിക്കുവാൻ അല്ലാഹു നമ്മോട് കല്പിക്കുന്നു.

ഇമാം തിർമുദി(റ)യും മറ്റും ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: "നിങ്ങൾ ഉത്തരം കിട്ടുമെന്ന് ഉറപ്പിച്ച് കൊണ്ട് അല്ലാഹുവിനോട് ദുആ ചെയ്യണം. അശ്രദ്ധമായിട്ടുള്ള പ്രാർത്ഥനക്ക് അല്ലാഹു ഉത്തരം നൽകുന്നതല്ല."

**വചനം 15,16 :**

رَفِيعُ ٱلدَّرَجَٰتِ ذُو ٱلْعَرْشِ يُلْقِى ٱلرُّوحَ مِنْ أَمْرِهِۦ عَلَىٰ مَن يَشَآءُ مِنْ عِبَادِهِۦ لِيُنذِرَ يَوْمَ ٱلتَّلَاقِ ﴿١٥﴾

15 പദവികൾ ഉയർന്നവനാണ്, 'അർശി'ൻെറ (സിംഹാസനത്തിൻെറ) ഉടമസ്ഥനാണ് (അവൻ.) തൻെറ അടിയാൻമാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് തൻെറ കല്പനയാകുന്ന ആത്മാവ് (അഥവാ ജീവൻ) അവൻ ഇട്ടുകൊടുക്കുന്നു; പരസ്പരം കണ്ടുമുട്ടുന്ന ദിവസത്തെക്കുറിച്ച് അദ്ദേഹം താക്കീത് നൽകുവാൻ വേണ്ടി;-

يَوْمَ هُم بَٰرِزُونَ ۖ لَا يَخْفَىٰ عَلَى ٱللَّهِ مِنْهُمْ شَىْءٌ ۚ لِّمَنِ ٱلْمُلْكُ ٱلْيَوْمَ ۖ لِلَّهِ ٱلْوَٰحِدِ ٱلْقَهَّارِ ﴿١٦﴾

16 അതായത്, അവർ (ജനങ്ങൾ) വെളിക്കു വരുന്ന ദിവസം. അവരിൽനിന്ന് യാതൊരു കാര്യവും അല്ലാഹുവിന് (അജ്ഞാതമായി) മറഞ്ഞു പോകുന്നതല്ല. അന്ന് ആർക്കാണ് രാജാധിപത്യം?! ഏകനായ, സർവ്വാധിപതിയായ അല്ലാഹുവിനു തന്നെ!

അല്ലാഹു പദവികൾ ഉയർന്നവനും സിംഹാസനത്തിന്റെ അധിപനുമാകുന്നു. തന്റെ ദാസന്മാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് തന്റെ സന്ദേശമാകുന്ന ആത്മാവ് അവൻ നൽകുന്നു. (മനുഷ്യർ) പരസ്പരം കണ്ടുമുട്ടുന്ന ദിവസത്തെക്കുറിച്ച് (ഖിയാമത്ത് നാളിനെ കുറിച്ച്) താക്കീത് നൽകുന്നതിന് വേണ്ടിയത്രേ അത്. അന്നേ ദിവസം എല്ലാവരും ഖബറുകളിൽ നിന്ന് വെളിക്ക് വരുകയും മഹ്ശറിൽ സമ്മേളിക്കുന്നതുമാകുന്നു. അവരെക്കുറിച്ച് യാതൊരു കാര്യവും അല്ലാഹുവിന് ഗോപ്യമായിരിക്കുന്നതല്ല. അന്ന്, പ്രത്യക്ഷമായോ, പരോക്ഷമായോ, യഥാർത്ഥമായോ, നാമമാത്രമായോ യാതൊരു വിധത്തിലുള്ള ആധിപത്യവും ആർക്കും ഉണ്ടായിരിക്കുന്നതല്ല. - എല്ലാം സർവ്വാധിപതിയും ഏകനുമായ അല്ലാഹുവിന് മാത്രം. (സൂ: സുമർ 67-ാം വചനം നോക്കുക)

**വചനം 17 :**

17 അന്ന് എല്ലാ (ഓരോ) ആൾക്കും അവരവർ സമ്പാദിച്ചുവെച്ചതനുസരിച്ചു പ്രതിഫലം നൽകപ്പെടും. അന്ന് യാതൊരു അനീതിയും ഇല്ല. നിശ്ചയമായും, അല്ലാഹു വിചാരണ വേഗം നടത്തുന്നവനാണ്.

ٱلۡيَوۡمَ تُجۡزَىٰ كُلُّ نَفۡسِۭ بِمَا كَسَبَتۡۚ
لَا ظُلۡمَ ٱلۡيَوۡمَۚ إِنَّ ٱللَّهَ سَرِيعُ
ٱلۡحِسَابِ ١٧

"എന്റെ അടിയാന്മാരേ നിങ്ങളുടെ കർമ്മങ്ങളെ ആസ്പദമാക്കിയാണ് നടപടി എടുക്കുക. അത്കൊണ്ട് ആരെങ്കിലും നന്മ കണ്ടാൽ അവൻ അല്ലാഹുവിനെ സ്തുതിച്ച് കൊള്ളട്ടെ. മറ്റ് വല്ലതും കണ്ടാൽ അവൻ അവനെ തന്നെയല്ലാതെ ആക്ഷേപിക്കാതിരുന്ന് കൊള്ളട്ടെ" എന്ന് അല്ലാഹു പ്രസ്താവിച്ചതായി നബി(സ) അരുളിയിരിക്കുന്നു. (മുസ്ലിം)

വിചാരണ ചെയ്യപ്പെടുന്നവരുടെ ആധിക്യം, അല്ലാഹുവിന്റെ വിചാരണ, വൈകിക്കപ്പെടുന്നതിന് ഒരു കാരണമാകുന്നതല്ല തന്നെ.

**വചനം 18,19 :**

18 (നബിയേ)അവർക്ക്(ആ) ആസന്ന സംഭവത്തിൻെറ ദിവസത്തെക്കുറിച്ചു മുന്നറിയിപ്പ് നൽകുക; അതായത്, (അവർ) ശ്വാസം അടക്കിപ്പിടിച്ചവരായിക്കൊണ്ട് ഹൃദയങ്ങൾ തൊണ്ടക്കുഴികളുടെ അടുത്തെത്തുന്ന അവസരം. അക്രമികൾക്ക് യാതൊരു ഉറ്റ ബന്ധവും ഇല്ല; അനുസരിക്കപ്പെടുന്ന (സ്വീകാര്യനായ) ഒരു ശുപാർശകനും ഇല്ല.

وَأَنذِرۡهُمۡ يَوۡمَ ٱلۡأٓزِفَةِ إِذِ ٱلۡقُلُوبُ لَدَى
ٱلۡحَنَاجِرِ كَٰظِمِينَۚ مَا لِلظَّٰلِمِينَ مِنۡ
حَمِيمٖ وَلَا شَفِيعٖ يُطَاعُ ١٨

19 ചതിക്കണ്ണുകളെ(കള്ളനോട്ടങ്ങളെ)യും, ഹൃദയങ്ങൾ മറച്ചുവെക്കുന്നതിനെയും അവൻ (അല്ലാഹു) അറിയുന്നു.

يَعۡلَمُ خَآئِنَةَ ٱلۡأَعۡيُنِ وَمَا تُخۡفِي ٱلصُّدُورُ ١٩

ഖിയാമത്ത് നാളിനെക്കുറിച്ച് മനുഷ്യർക്ക് മുന്നറിയിപ്പ് നൽകാൻ അല്ലാഹു നബിയോട് നിർദേശിക്കുന്നു. അന്ന് ഭയത്തിന്റെയും മന:സംഘർഷത്തിന്റെയും കാഠിന്യം നിമിത്തം ഹൃദയം തൊണ്ടക്കുഴിയിലെത്തുകയും അവർ ശ്വാസം വിടാൻ കഴിയാതെ ഞെരുങ്ങുകയും ചെയ്യുന്നതാണ്.

മറ്റുള്ളവരിൽ നിന്ന് മറച്ച് കൊണ്ട് നടത്തപ്പെടുന്ന കട്ട് നോട്ടങ്ങളെയും, ഹൃദയങ്ങളിൽ ഇളകിമറിയുന്ന ദുരുദ്ദേശങ്ങളേയും, സർവ്വജ്ഞനായ അല്ലാഹു അറിയുന്നു.

**വചനം 20,21,22 :**

20 അല്ലാഹു യഥാർത്ഥ (ന്യായ) പ്രകാരം തീരുമാനം നടത്തുന്നു. അവനുപുറമെ അവർ വിളി(ച്ചു പ്രാർത്ഥി)ക്കുന്നവരാകട്ടെ, യാതൊന്നുംതന്നെ തീരുമാനിക്കുകയില്ല. നിശ്ചയമായും അല്ലാഹുതന്നെയാണ് (എല്ലാം) കേൾക്കുന്നവനും കണ്ടറിയുന്നവനുമായുള്ളവൻ.

وَٱللَّهُ يَقۡضِي بِٱلۡحَقِّۖ وَٱلَّذِينَ يَدۡعُونَ
مِن دُونِهِۦ لَا يَقۡضُونَ بِشَيۡءٍۗ إِنَّ ٱللَّهَ
هُوَ ٱلسَّمِيعُ ٱلۡبَصِيرُ ٢٠

**വിഭാഗം - 3**

21 ഇവർ ഭൂമിയിൽ സഞ്ചരിക്കാറില്ലേ, അപ്പോൾ ഇവർക്കു കാണാമല്ലോ, ഇവരുടെ മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങിനെയാണു

۞أَوَلَمۡ يَسِيرُواْ فِي ٱلۡأَرۡضِ فَيَنظُرُواْ كَيۡفَ
كَانَ عَٰقِبَةُ ٱلَّذِينَ كَانُواْ مِن قَبۡلِهِمۡۚ كَانُواْ

هُمْ أَشَدَّ مِنْهُمْ قُوَّةً وَءَاثَارًا فِي ٱلْأَرْضِ فَأَخَذَهُمُ ٱللَّهُ بِذُنُوبِهِمْ وَمَا كَانَ لَهُم مِّنَ ٱللَّهِ مِن وَاقٍ ﴿٢١﴾

ണ്ടായതെന്ന് ! ശക്തിയിലും, ഭൂമിയിലെ അവശിഷ്ടങ്ങളിലും (അഥവാ കാല്പാടുകളിലും) ഇവരെക്കാൾ ഊക്കേറിയവർ അവരായിരുന്നു. എന്നിട്ട് അവരുടെ പാപങ്ങൾ നിമിത്തം അല്ലാഹു അവരെ പിടിച്ചു (ശിക്ഷിച്ചു). അല്ലാഹുവിൽനിന്ന് അവരെ തടു(ത്തുരക്ഷി)ക്കുന്ന ഒരാളും അവർക്ക് ഉണ്ടായതുമില്ല.

ذَٰلِكَ بِأَنَّهُمْ كَانَت تَّأْتِيهِمْ رُسُلُهُم بِٱلْبَيِّنَٰتِ فَكَفَرُوا۟ فَأَخَذَهُمُ ٱللَّهُ ۚ إِنَّهُۥ قَوِىٌّ شَدِيدُ ٱلْعِقَابِ ﴿٢٢﴾

22 അത്, അവരുടെ അടുക്കൽ അവരുടെ റസൂലുകൾ (ദൈവദൂതൻമാർ) തെളിവുകളുമായി ചെല്ലാറുണ്ടായിരുന്നു, എന്നിട്ടവർ അവിശ്വസിച്ചു എന്നുള്ളതുകൊണ്ടാണ്. അപ്പോൾ അല്ലാഹു അവരെ പിടിച്ചു (ശിക്ഷിച്ചു). നിശ്ചയമായും അവൻ ശക്തനാണ്; പ്രതികാര (ശിക്ഷാ) നടപടി കഠിനമായുള്ളവനാണ്.

ന്യായവിധി ദിവസം എല്ലാ തീരുമാനങ്ങളും അല്ലാഹുവിൽ നിന്നാകുന്നു. അവന് പുറമേ അവർ വിളിച്ച് പ്രാർത്ഥിക്കുന്നവരാകട്ടെ, യാതൊന്നും തീരുമാനിക്കുകയില്ല.

ശക്തിയിലും അധികാരത്തിലും ഇവരേക്കാൾ ഊക്കേറിയവരായിരുന്ന മുമ്പുണ്ടായിരുന്ന ജനതയെ ശിക്ഷിച്ചപ്പോൾ, അവരെ രക്ഷിക്കുവാൻ ആരും തന്നെ ഉണ്ടായിരുന്നില്ല. അവരുടെയടുക്കൽ ദൈവദൂതന്മാർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളുമായി ചെന്നിരുന്നപ്പോൾ, അവർ അവിശ്വസിക്കുകയാണുണ്ടായത്. - അപ്പോൾ അല്ലാഹു അവരെ പിടികൂടി ശിക്ഷിക്കുകയാണുണ്ടായത്. അക്കൂട്ടരുടെ പര്യവസാനം, ഭൂമിയിൽ സഞ്ചരിക്കാവുന്ന ഏവർക്കും കണ്ട് മനസ്സിലാക്കാവുന്നതാണ്.

**വചനം 23,24 :**

وَلَقَدْ أَرْسَلْنَا مُوسَىٰ بِـَٔايَٰتِنَا وَسُلْطَٰنٍ مُّبِينٍ ﴿٢٣﴾

23 തീർച്ചയായും, നമ്മുടെ ദൃഷ്ടാന്തങ്ങളും, സ്പഷ്ടമായ അധികാര പ്രമാണവുമായി നാം മൂസായെ അയക്കുകയുണ്ടായി;-

إِلَىٰ فِرْعَوْنَ وَهَٰمَٰنَ وَقَٰرُونَ فَقَالُوا۟ سَٰحِرٌ كَذَّابٌ ﴿٢٤﴾

24 ഫിർഔൻെറയും, ഹാമാൻെറയും, ഖാറൂൻെറയും അടുക്കലേക്ക്. എന്നിട്ട് അവർ പറഞ്ഞു: "ഒരു കള്ളവാദിയായ ജാലവിദ്യക്കാരൻ" എന്ന്!

ഇവിടം മുതൽ ഏതാനും വചനങ്ങളിൽ മൂസാ(അ) നബിയുടെയും ഫിർഔനിന്റെയും ചരിത്രം അല്ലാഹു ആവർത്തിക്കുന്നു. ഹാമാൻ എന്നയാൾ ഫിർഔനിന്റെ മന്ത്രിയും ഖാറൂൻ എന്നയാൾ അക്കാലത്തെ, ധിക്കാരിയായ ഒരു ധനികനുമായിരുന്നു.

അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളുമായി മൂസാ(അ) അവരെ സമീപിച്ചപ്പോൾ ധിക്കാരികളായ അവർ അദ്ദേഹത്തെ, ഒരു കള്ളവാദിയായ ജാലവിദ്യക്കാരൻ എന്ന് പറഞ്ഞ് ആക്ഷേപിക്കുകയാണുണ്ടായത്.

**വചനം 25 :**

فَلَمَّا جَآءَهُم بِٱلْحَقِّ مِنْ عِندِنَا قَالُوا۟ ٱقْتُلُوٓا۟ أَبْنَآءَ ٱلَّذِينَ ءَامَنُوا۟ مَعَهُۥ وَٱسْتَحْيُوا۟ نِسَآءَهُمْ ۚ وَمَا كَيْدُ ٱلْكَٰفِرِينَ إِلَّا فِى ضَلَٰلٍ ﴿٢٥﴾

25 അങ്ങനെ, നമ്മുടെ പക്കൽനിന്നുള്ള യഥാർത്ഥവും കൊണ്ട് അവരുടെ അടുക്കൽ അദ്ദേഹം ചെന്നപ്പോൾ അവർ പറഞ്ഞു: 'അവൻെറ കൂടെ വിശ്വസിച്ചവരുടെ ആൺമക്കളെ നിങ്ങൾ കൊന്നു കളയുവിൻ; അവരിലുള്ള സ്ത്രീകളെ നിങ്ങൾ (കൊലപ്പെടുത്താതെ) ജീവിക്കുവാൻ വിട്ടേക്കുകയും ചെയ്യുവിൻ. അവിശ്വാസികളുടെ ഉപായം വഴിപിഴവിലല്ലാതെ ഇല്ല. (അത് പാഴാകാതിരിക്കയില്ല)

മൂസാ(അ) നബിയുടെ ജനനകാലത്ത്, ഇസ്രാഈല്യരിൽ ജനിക്കുന്ന ആൺകുട്ടികളെയെല്ലാം കൊന്നൊടുക്കുവാൻ ഫിർഔൻ ചെയ്തിരുന്ന പ്രഖ്യാപനമല്ല ഇവിടെ ഉദ്ദേശ്യം. അതിന് ശേഷം മൂസാ(അ) നബിക്ക് പ്രവാചകത്വം കിട്ടിയ കാലത്ത് ജനങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുന്നത് തടയുന്നതിനായി അവൻ നടത്തിയ പ്രഖ്യാപനമാണ് ഈ വചനത്തിൽ, പരാമർശിച്ചിട്ടുള്ളത്.

**വചനം 26,27 :**

وَقَالَ فِرْعَوْنُ ذَرُونِىٓ أَقْتُلْ مُوسَىٰ وَلْيَدْعُ رَبَّهُۥٓ ۖ إِنِّىٓ أَخَافُ أَن يُبَدِّلَ دِينَكُمْ أَوْ أَن يُظْهِرَ فِى ٱلْأَرْضِ ٱلْفَسَادَ ﴿٢٦﴾

26 ഫിർഔൻ (വീണ്ടും) പറയുകയാണ്: ‘എന്നെ വിട്ടേക്കുവിൻ (അനുവദിക്കുവിൻ), ഞാൻ മൂസായെ കൊലപ്പെടുത്തട്ടെ, അവൻ അവന്റെ റബ്ബിനെ വിളിക്കുകയും ചെയ്യട്ടെ! നിശ്ചയമായും ഞാൻ ഭയപ്പെടുന്നു: അവൻ നിങ്ങളുടെ മതം മാറ്റി മറിക്കുകയോ, അല്ലെങ്കിൽ അവൻ ഭൂമിയിൽ കുഴപ്പം പുറപ്പെടുവിക്കുകയോ ചെയ്തേക്കുമെന്ന് !’

وَقَالَ مُوسَىٰٓ إِنِّى عُذْتُ بِرَبِّى وَرَبِّكُم مِّن كُلِّ مُتَكَبِّرٍ لَّا يُؤْمِنُ بِيَوْمِ ٱلْحِسَابِ ﴿٢٧﴾

27 മൂസാ പറഞ്ഞു: ‘(എന്നാൽ) ഞാൻ എന്റെ റബ്ബും നിങ്ങളുടെ റബ്ബുമായുള്ളവനോട് ന്യായവിസ്താരത്തിൽ വിശ്വസിക്കാത്ത എല്ലാ അഹംഭാവികളിൽനിന്നും ശരണം തേടുന്നു.’

മൂസായെ അവന്റെ പുതിയ വാദവുമായി വിട്ടേക്കുന്ന പക്ഷം, തങ്ങളുടെ മതം അപകടത്തിലായിത്തീരുമെന്നും, അവൻ നാട്ടിൽ കുഴപ്പങ്ങളുണ്ടാക്കിത്തീർക്കുമെന്നുമാണ്, മൂസായെ കൊലപ്പെടുത്തുന്നതിന് ന്യായീകരണമായി ഫിർഔൻ പറയുന്നത്. ശിർക്കും സ്വേഛാധിപത്യവും നിഷ്കാസനം ചെയ്ത് പകരം തൗഹീദും സദാചാരവും പ്രചരിപ്പിക്കുകയെന്ന മൂസാ(അ) നബിയുടെ ദൗത്യലക്ഷ്യം സാക്ഷാൽകരിക്കപ്പെടുന്നതോടെ ഫിർഔനിന്റെ കൈയൂക്കിനും അതിക്രമത്തിനും അറുതി വരുന്നതാണല്ലോ. അതിനായി മൂസാ(അ) അല്ലാഹുവിനോട് നടത്തുന്ന സഹായഭ്യർത്ഥനയാകുന്നു 27-ാം വചനത്തിൽ കാണുന്നത്.

## വിഭാഗം 4

**വചനം 28,29 :**

وَقَالَ رَجُلٌ مُّؤْمِنٌ مِّنْ ءَالِ فِرْعَوْنَ يَكْتُمُ إِيمَـٰنَهُۥٓ أَتَقْتُلُونَ رَجُلًا أَن يَقُولَ رَبِّىَ ٱللَّهُ وَقَدْ جَآءَكُم بِٱلْبَيِّنَـٰتِ مِن رَّبِّكُمْ ۖ وَإِن يَكُ كَـٰذِبًا فَعَلَيْهِ كَذِبُهُۥ ۖ وَإِن يَكُ صَادِقًا يُصِبْكُم بَعْضُ ٱلَّذِى يَعِدُكُمْ ۖ إِنَّ ٱللَّهَ لَا يَهْدِى مَنْ هُوَ مُسْرِفٌ كَذَّابٌ ﴿٢٨﴾

28 ഫിർഔന്റെ ആൾക്കാരിൽ, തന്റെ വിശ്വാസം മറച്ചു വെച്ചു കൊണ്ടിരുന്ന ഒരു സത്യവിശ്വാസിയായ പുരുഷൻ പറഞ്ഞു: ‘(ഹേ, കൂട്ടരേ,) ഒരു പുരുഷൻ എന്റെ റബ്ബ് അല്ലാഹുവാണ്’ എന്നു പറയുന്നതിനാൽ നിങ്ങളദ്ദേഹത്തെ കൊല ചെയ്യുകയോ? അദ്ദേഹം നിങ്ങൾക്ക് നിങ്ങളുടെ റബ്ബിങ്കൽ നിന്ന് തെളിവുകൾ കൊണ്ടുവന്നിട്ടുമുണ്ട് (എന്നിട്ടും)! അദ്ദേഹം വ്യാജം പറയുന്നവനാണെങ്കിൽ, തന്റെ വ്യാജം തന്റെ മേൽ തന്നെ (ദോഷകരം) ആയിരിക്കുന്നതുമാണ്; അദ്ദേഹം സത്യം പറയുന്നവനാണെങ്കിലോ, നിങ്ങളോടദ്ദേഹം താക്കീത് ചെയ്യുന്ന ചിലത് നിങ്ങൾക്കു ബാധിക്കുകയും ചെയ്യും. നിശ്ചയമായും, അതിരു കവിഞ്ഞവനും, വ്യാജവാദിയുമായുള്ള ഒരുവനെ അല്ലാഹു സൻമാർഗ്ഗത്തിലാക്കുന്നതല്ല.

يَٰقَوۡمِ لَكُمُ ٱلۡمُلۡكُ ٱلۡيَوۡمَ ظَٰهِرِينَ فِي ٱلۡأَرۡضِ فَمَن يَنصُرُنَا مِنۢ بَأۡسِ ٱللَّهِ إِن جَآءَنَاۚ قَالَ فِرۡعَوۡنُ مَآ أُرِيكُمۡ إِلَّا مَآ أَرَىٰ وَمَآ أَهۡدِيكُمۡ إِلَّا سَبِيلَ ٱلرَّشَادِ ٢٩

29 'എൻെറ ജനങ്ങളെ! ഭൂമിയിൽ പ്രത്യക്ഷരായി (മികച്ചു)ക്കൊണ്ടിരിക്കുമാറ് ഇന്ന് നിങ്ങൾക്കാണ് രാജത്വമുള്ളത്. എന്നാൽ, അല്ലാഹുവിൻെറ ദണ്ഡന (ശിക്ഷ) നമുക്കു വന്നെങ്കിൽ അതിൽനിന്ന് നമ്മെ ആർ സഹായിക്കും?! ഫിർഔൻ പറയുകയാണ്: 'ഞാൻ നല്ലതെന്നു കാണുന്ന കാര്യമല്ലാതെ, നിങ്ങൾക്കു ഞാൻ കാട്ടിത്തരുന്നില്ല; ശരിയായ (തൻേറടത്തിൻെറ) വഴിക്കല്ലാതെ ഞാൻ നിങ്ങളെ നയിക്കുന്നുമില്ല.'

ഫിർഔൻന്റെ കക്ഷിയിൽപ്പെട്ട സത്യവിശ്വാസിയാണെങ്കിലും, മൂസാ(അ) നബിയിൽ പ്രത്യക്ഷത്തിൽ വിശ്വസിച്ചിട്ടില്ലാത്ത ആ മാന്യ പുരുഷൻ, മൂസാ(അ) നബി സത്യവാദിയാണെങ്കിൽ, അദ്ദേഹത്തിൽ വിശ്വസിക്കാത്ത പക്ഷം, ഉണ്ടായേക്കാവുന്ന ഭവിഷ്യത്തുകളെ പറ്റി തന്റെ ജനതയെ ഗൗരവപൂർവ്വം താക്കീത് ചെയ്യുന്നു. മനസ്സാക്ഷിയുള്ളവരുടെ ഹൃദയത്തിലേക്ക് തുളച്ച് കയറുവാൻ പോരുന്ന ആ പ്രസ്താവനയുടെ ഗാംഭീര്യം മനസ്സിലാക്കിയത് കൊണ്ടാകണം, ഫിർഔൻ അദ്ദേഹത്തോട് കയർക്കുകയോ, തർക്കിക്കുകയോ ചെയ്യാതെ, തന്റെ അഭിപ്രായത്തിൽ നന്നായി തോന്നുന്നത് മാത്രമാണ് ഞാൻ നിങ്ങളോട് പറയുന്നതെന്നും, ഞാൻ നിങ്ങളെ ശരിയായ വഴിക്ക് തന്നെയാണ് നയിക്കുന്നതെന്നും, സൌമ്യസ്വരത്തിൽ പ്രസ്താവിച്ചത്.

അല്ലാഹുവിന്റെ അസ്തിത്വത്തേയും, അവന്റെ രക്ഷാകർതൃത്വത്തേയും, പാടേ നിഷേധിക്കുന്നവരായിരുന്നില്ല ഫിർഔനും കൂട്ടരും- എന്നാൽ ധിക്കാരവും അധികാര പ്രമത്തതയും, ഔദ്ധത്യവും തലക്ക് പിടിച്ച ഫിർഔൻ "ഞാനാണ് നിങ്ങളുടെ ഉന്നതനായ റബ്ബ് " എന്ന് പ്രഖ്യാപിക്കുവാൻ വരെ ചങ്കൂറ്റം കാണിക്കുകയാണുണ്ടായത്. മൂസാ(അ) നബിക്ക് നൽകപ്പെട്ടിരുന്ന ഒമ്പത് ദൃഷ്ടാന്തങ്ങളെക്കുറിച്ച് സംശയത്തിന് പഴുതില്ലാത്ത വിധം മനസ്സിന് ബോധ്യം വന്നിട്ടും ഫിർഔനും കൂട്ടരും ആ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചതിനെക്കുറിച്ച് സൂ: നംല് 27-ാം വചനത്തിൽ അല്ലാഹു ഇപ്രകാരം പ്രസ്താവിക്കുന്നു.

"തങ്ങളുടെ മനസ്സുകൾ അവയെ ദൃഢമായി ഉറപ്പിച്ചിരിക്കേ, അക്രമവും പൊങ്ങച്ചവുമായിക്കൊണ്ട് അവരതിനെ നിഷേധിച്ചു."

"എന്റെ റബ്ബ് അല്ലാഹുവാണെന്ന് പറഞ്ഞതിന്റെ പേരിൽ നിങ്ങൾ ഒരാളെ കൊലപ്പെടുത്തുകയാണോ" എന്ന് മൂസാ(അ) നബിയുടെ ജനതയിൽപ്പെട്ട ഒരു സത്യവിശ്വാസി ഫിർഔൻനോട് പറഞ്ഞത് പോലെ (വചനം 28) നമ്മുടെ നബി(സ) തിരുമേനിയെ, ഉഖ്ബത്തുബ്നു അബീ മുഐത്ത് എന്ന ഖുറൈശി പ്രമാണി, റസൂൽ കഅ്ബയുടെ മുറ്റത്ത് നമസ്കരിച്ച് കൊണ്ടിരിക്കെ, അയാളുടെ വസ്ത്രം തിരുമേനിയുടെ കഴുത്തിൽ ചുറ്റിപിടിച്ച് വധിക്കാൻ ശ്രമിച്ചപ്പോൾ അബൂബക്കർ സിദ്ധീഖ്(റ) ആ മുശ്രിക്കിനെ തട്ടിമാറ്റി ഇപ്രകാരം പറഞ്ഞതായി, ബുഖാരി(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു.- "ഒരു മനുഷ്യൻ, എന്റെ റബ്ബ് അല്ലാഹുവാണെന്ന് പറയുന്നതിനാൽ നിങ്ങളദ്ദേഹത്തെ കൊല ചെയ്യുകയോ? അദ്ദേഹം നിങ്ങൾക്ക് തെളിവുകൾ കൊണ്ട് വന്നിട്ടുണ്ട് താനും."

**വചനം 30,31,32,33 :**

وَقَالَ ٱلَّذِيٓ ءَامَنَ يَٰقَوۡمِ إِنِّيٓ أَخَافُ عَلَيۡكُم مِّثۡلَ يَوۡمِ ٱلۡأَحۡزَابِ ٣٠

30 (ആ) വിശ്വസിച്ചിട്ടുള്ള ആൾ (വീണ്ടും) പറഞ്ഞു: 'എൻെറ ജനങ്ങളേ! നിശ്ചയമായും, നിങ്ങളുടെ മേൽ സഖ്യകക്ഷികളുടെ ദിവസം പോലെയുള്ള(ശിക്ഷാദിവസം വരുന്ന)തിനെ ഞാൻ ഭയപ്പെടുന്നു;-

مِثۡلَ دَأۡبِ قَوۡمِ نُوحٖ وَعَادٖ وَثَمُودَ وَٱلَّذِينَ مِنۢ بَعۡدِهِمۡۚ وَمَا ٱللَّهُ يُرِيدُ ظُلۡمٗا

31 'അതായത്, നൂഹിൻെറ ജനതയുടെയും, ആദിൻെറയും, ഥമൂദിൻെറയും, അവർക്ക് ശേഷമുള്ളവരുടെയും പതിവുപോലെയുള്ള

لِّلْعِبَادِ ﴿٣١﴾

തിനെ. അല്ലാഹു അടിയാൻമാരോട് യാതൊരു അക്രമവും ചെയ്വാൻ ഉദ്ദേശിക്കുകയില്ല താനും. (അവരുടെ പ്രവൃത്തിദോഷമാണ വർക്കു ശിക്ഷ വരുത്തുന്നത്.)

وَيَٰقَوْمِ إِنِّىٓ أَخَافُ عَلَيْكُمْ يَوْمَ ٱلتَّنَادِ ﴿٣٢﴾

32 'എൻെറ ജനങ്ങളേ! പരസ്പരം (നില)വിളി കൂട്ടുന്ന ദിവസത്തെ നിശ്ചയമായും നിങ്ങളിൽ ഞാൻ ഭയപ്പെടുന്നു;-

يَوْمَ تُوَلُّونَ مُدْبِرِينَ مَا لَكُم مِّنَ ٱللَّهِ مِنْ عَاصِمٍ ۗ وَمَن يُضْلِلِ ٱللَّهُ فَمَا لَهُۥ مِنْ هَادٍ ﴿٣٣﴾

33 'അതായത്, നിങ്ങൾ പിന്നോക്കം തിരിഞ്ഞോടുന്ന ദിവസം! അല്ലാഹുവിൽനിന്ന് രക്ഷ നൽകുന്ന ഒരാളും നിങ്ങൾക്കില്ല. അല്ലാഹു ഏതൊരുവനെ വഴിപിഴവിലാക്കുന്നുവോ അവന് മാർഗ്ഗദർശനം നൽകുന്ന ഒരാളും ഇല്ല.'

ആ സത്യവിശ്വാസിയുടെ തുടർന്നുള്ള പ്രസ്താവനകളാണ് ഈ വചനങ്ങളിൽ:

സത്യനിഷേധികൾക്ക് ഇഹലോകത്ത് വെച്ച് സംഭവിക്കാവുന്ന പൊതു ശിക്ഷയെക്കുറിച്ച് പൂർവ്വകാല ജനതയുടെ ചരിത്രം ഉദ്ധരിച്ച്കൊണ്ട് താക്കീത് നൽകിയതിന് ശേഷം അദ്ദേഹം, അവർക്ക് പരലോക ശിക്ഷയെക്കുറിച്ചും തുടർന്ന് മുന്നറിയിപ്പ് നൽകുന്നു.

അല്ലാഹു വഴിപിഴവിലാക്കിയവർ എന്ന് പറഞ്ഞത് ആരെ ഉദ്ദേശിച്ചാണെന്ന് അടുത്ത വചനത്തിൽ നിന്നും മനസ്സിലാക്കാം.

**വചനം 34:**

وَلَقَدْ جَآءَكُمْ يُوسُفُ مِن قَبْلُ بِٱلْبَيِّنَٰتِ فَمَا زِلْتُمْ فِى شَكٍّ مِّمَّا جَآءَكُم بِهِۦ ۖ حَتَّىٰٓ إِذَا هَلَكَ قُلْتُمْ لَن يَبْعَثَ ٱللَّهُ مِنۢ بَعْدِهِۦ رَسُولًا ۚ كَذَٰلِكَ يُضِلُّ ٱللَّهُ مَنْ هُوَ مُسْرِفٌ مُّرْتَابٌ ﴿٣٤﴾

34 'മുമ്പ് യൂസുഫ് നിങ്ങൾക്ക് തെളിവുകളുമായി വരുകയുണ്ടായിട്ടുണ്ട്. എന്നിട്ട്, അദ്ദേഹം നിങ്ങൾക്ക് കൊണ്ടുവന്നതിനെപ്പറ്റി നിങ്ങൾ സംശയത്തിലായിക്കൊണ്ടേയിരുന്നു. അങ്ങനെ, അദ്ദേഹം (മരണമടഞ്ഞ്) കാലം ചെന്നപ്പോൾ നിങ്ങൾ പറഞ്ഞു: 'ഇയാളുടെ ശേഷം അല്ലാഹു (ഇനി) ഒരു റസൂലിനെയും നിയോഗിക്കുന്നതേ അല്ല' എന്ന് ! അപ്രകാരം, ഏതൊരുവൻ അതിരുകവിഞ്ഞവനും സംശയാലുവുമാണോ അവനെ അല്ലാഹു വഴിപിഴവിലാക്കുന്നു.'

ഈജിപ്തിൽ നിലവിലുള്ള 'ഖിബ്ത്വീ' വർഗ്ഗത്തിന്റെയും ഫറോവ രാജകുടുംബത്തിലെ പൂർവ്വപിതാക്കളുടെയും കാലത്തായിരുന്നു യൂസുഫ്(അ) നബി ഈജിപ്തിൽ ഭരണമേധാവിയായിരുന്നത്. അക്കാലത്ത് ഇവരുടെ പൂർവ്വപിതാക്കൾ, യൂസുഫ്(അ) നബിയുടെ തൗഹീദാകുന്ന ദൗത്യത്തിൽ വേണ്ടത്ര ഉറച്ച് വിശ്വസിച്ചിട്ടുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ശേഷമാകട്ടെ, 'ഇനിയൊരു റസൂലിനെയും അല്ലാഹു നിയോഗിക്കുന്നതേ അല്ല' എന്ന നിഗമനത്തിലെത്തിക്കൊണ്ടു സത്യത്തിൽ സംശയാലുക്കളും, ദുർമാർഗ്ഗത്തിൽ അതിരു കവിഞ്ഞവരുമായിക്കൊണ്ട് അവർ, അല്ലാഹു വഴിപിഴവിലാക്കപ്പെട്ട ഒരു ജനതയായി ത്തീർന്നു. സംശയാലുക്കളും അതിര് കവിഞ്ഞവരും ആരാണെന്ന് അടുത്ത വചനത്തിൽ അല്ലാഹു വ്യക്തമാക്കുന്നു.

**വചനം 35:**

ٱلَّذِينَ يُجَٰدِلُونَ فِىٓ ءَايَٰتِ ٱللَّهِ بِغَيْرِ سُلْطَٰنٍ أَتَىٰهُمْ ۖ كَبُرَ مَقْتًا عِندَ ٱللَّهِ

35 അതായത്, തങ്ങൾക്ക് വന്നുകിട്ടിയിട്ടുള്ള യാതൊരു അധികൃതലക്ഷ്യവും കൂടാതെ അല്ലാഹുവിൻെറ ആയത്തുകളിൽ (ദൃഷ്ടാന്ത

وَعِندَ ٱلَّذِينَ ءَامَنُواْ ۚ كَذَٰلِكَ يَطْبَعُ ٱللَّهُ عَلَىٰ كُلِّ قَلْبِ مُتَكَبِّرٍ جَبَّارٍ ﴿٣٥﴾

ങ്ങളിൽ) തർക്കം നടത്തുന്നവർ. അത് (തർക്കം) അല്ലാഹുവിങ്കലും, വിശ്വസിച്ചിട്ടുള്ളവരുടെ അടുക്കലും ക്രോധത്തിൽ വളരെ വമ്പിച്ച തത്രെ! അപ്രകാരം, അഹംഭാവികളും സ്വേച്ഛാ ലുക്കളുമായവരുടെ ഹൃദയങ്ങളിലെല്ലാം അല്ലാഹു മുദ്ര വെക്കുന്നതാണ്. (സത്യബോധം അവയിൽ പ്രവേശിക്കാതായിത്തീരും.)

സത്യം ഗ്രഹിക്കണമെന്ന സദുദ്ദേശത്തോടു കൂടിയല്ലാതെ, സത്യത്തെ പരാജയപ്പെടുത്തണമെന്നുള്ള ദുരുദ്ദേശത്തോടെ, ചർച്ചയും തർക്കവും നടത്തുന്നത് അല്ലാഹുവിന്റെയും സത്യവിശ്വാസികളുടെയും കടുത്ത ശാപകോപങ്ങൾക്ക് കാരണമായിത്തീരുന്നതാണ്...... അത്തരം നിലപാട് ഇഹത്തിൽ മനുഷ്യനെ മൃഗീയതയിലേക്ക് അധ:പതിപ്പിക്കുകയും, പരത്തിൽ സമ്പൂർണ്ണ നഷ്ടത്തിലേക്ക് നയിക്കുകയും ചെയ്യുന്നതാണ്.

"യാതൊരു അധികൃത ലക്ഷ്യവും കൂടാതെ തർക്കം നടത്തുന്നവർ" എന്ന് പറഞ്ഞത് ശ്രദ്ധേയമാകുന്നു- മതകാര്യങ്ങളിലും ദൈവിക സന്ദേശങ്ങളിലും അവലംബമാക്കേണ്ടത് അല്ലാഹുവിൽ നിന്ന്, അവന്റെ ദൂതന്മാർ മുഖേന ലഭിക്കുന്ന പ്രമാണങ്ങളേയാണ്: അല്ലാതെ യുക്തിവാദങ്ങളോ, ശാസ്ത്രീയാഭിപ്രായങ്ങളോ, മറ്റേതെങ്കിലും സിദ്ധാന്തങ്ങളോ അല്ല എന്ന് സാരം. തർക്കിക്കുന്നവരെകുറിച്ച് അതിരു കവിഞ്ഞവൻ, സംശയാലു, അഹംഭാവി, സ്വേഛരാലു എന്നിങ്ങനെയുള്ള ഓരോ പ്രയോഗവും അല്ലാഹുവിന് അവരോടുള്ള വെറുപ്പിന്റെ കാഠിന്യത്തെയാണ് ചൂണ്ടിക്കാട്ടുന്നത്.

ഏതൊരു ജനതയും അവർ സൻമാർഗ്ഗത്തിലായതിന് ശേഷം, തർക്കവാസന ഉണ്ടായിത്തീർന്നിട്ടല്ലാതെ, അവർ വഴിപിഴച്ച് പോയിട്ടില്ല എന്നും, മനുഷ്യരുടെ ഹൃദയങ്ങളെ അധീനപ്പെടുത്തുവാൻ വേണ്ടി തിരിച്ച് മറിച്ച് സംസാരിക്കുന്ന ഏതൊരുവനിൽ നിന്നും അല്ലാഹു നിർബന്ധ കർമ്മവും ഐഛിക കർമ്മവും സ്വീകരിക്കുന്നതല്ല എന്നും നബി(സ) അരുളിയതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

മാത്രമല്ല, മറ്റനേകം ഖുർആൻ വചനങ്ങളിലും, തർക്കം നടത്തുന്നതിനെ കുറിച്ച് ആവർത്തിച്ച് ആക്ഷേപിച്ചിട്ടുമുണ്ട്.

**വചനം 36,37 :**

وَقَالَ فِرْعَوْنُ يَٰهَٰمَٰنُ ٱبْنِ لِى صَرْحًا لَّعَلِّىٓ أَبْلُغُ ٱلْأَسْبَٰبَ ﴿٣٦﴾

36 ഫിർഔൻ പറയുകയാണ്: 'ഓ ഹാമാൻ നീ എനിക്കൊരു ഉന്നതസൗധം കെട്ടിയുണ്ടാക്കുക. ഞാൻ (ആ) മാർഗ്ഗങ്ങളിൽ എത്തിച്ചേർന്നേക്കാം.-

أَسْبَٰبَ ٱلسَّمَٰوَٰتِ فَأَطَّلِعَ إِلَىٰٓ إِلَٰهِ مُوسَىٰ وَإِنِّى لَأَظُنُّهُۥ كَٰذِبًا ۚ وَكَذَٰلِكَ زُيِّنَ لِفِرْعَوْنَ سُوٓءُ عَمَلِهِۦ وَصُدَّ عَنِ ٱلسَّبِيلِ ۚ وَمَا كَيْدُ فِرْعَوْنَ إِلَّا فِى تَبَابٍ ﴿٣٧﴾

37 അതായത് ആകാശങ്ങളുടെ മാർഗ്ഗങ്ങളിൽ; എന്നിട്ട് (അവിടെച്ചെന്ന്) മൂസായുടെ 'ഇലാഹി' ലേക്ക് ഞാൻ എത്തിനോക്കാം. നിശ്ചയമായും അവൻ കളവു പറയുന്നവനാണെന്ന് ഞാൻ വിചാരിക്കുന്നു.' ഇപ്രകാരം, ഫിർഔന് അവൻെറ ദുഷ്പ്രവൃത്തി ഭംഗിയായി കാണിക്കപ്പെട്ടു; അവൻ (നേരായ) വഴിയിൽ നിന്ന് തടയപ്പെടുകയും ചെയ്തു. ഫിർഔൻെറ തന്ത്രം നാശനഷ്ടത്തിലല്ലാതെ ഇല്ല.

ഒരു വമ്പിച്ച സൗധം കെട്ടിപ്പൊക്കി, അതിന്റെ മുകളിൽ കയറിചെന്ന് ആകാശത്തിൽ പ്രവേശിക്കാമെന്നും, മൂസായുടെ ഇലാഹായ അല്ലാഹുവിനെ കാണാമെന്നും, ഫിർഔൻ പറയുന്നത് മൂസാ(അ) നബിയെ പരിഹസിക്കുവാനും പൊതുജനങ്ങളെ കബളിപ്പിക്കുവാനും, ഉദ്ദേശിച്ച് കൊണ്ടായിരിക്കും, എന്ന് അതേകുറിച്ച് 'ഫിർഔന്റെ തന്ത്രം' എന്ന് പറഞ്ഞതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

## വിഭാഗം -5

**വചനം 38,39,40,41,42 :**

وَقَالَ ٱلَّذِىٓ ءَامَنَ يَـٰقَوْمِ ٱتَّبِعُونِ
أَهْدِكُمْ سَبِيلَ ٱلرَّشَادِ ﴿٣٨﴾

38 (ആ) വിശ്വസിച്ചവൻ പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ എന്നെ പിൻതുടരുവിൻ, ഞാൻ നിങ്ങൾക്ക് ശരിയായ (തന്റേരടത്തിന്റെ) മാർഗ്ഗം കാട്ടിത്തരാം.

يَـٰقَوْمِ إِنَّمَا هَـٰذِهِ ٱلْحَيَوٰةُ ٱلدُّنْيَا مَتَـٰعٌ
وَإِنَّ ٱلْـَٔاخِرَةَ هِىَ دَارُ ٱلْقَرَارِ ﴿٣٩﴾

39 'എന്റെ ജനങ്ങളേ! നിശ്ചയമായും ഈ ഐഹികജീവിതം ഒരു (താൽക്കാലിക) വിഭവം മാത്രമാണ്; നിശ്ചയമായും പരലോകമത്രെ സ്ഥിരവാസത്തിന്റെ ഭവനം.

مَنْ عَمِلَ سَيِّئَةً فَلَا يُجْزَىٰٓ إِلَّا مِثْلَهَا ۖ وَمَنْ
عَمِلَ صَـٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ
مُؤْمِنٌ فَأُو۟لَـٰٓئِكَ يَدْخُلُونَ ٱلْجَنَّةَ
يُرْزَقُونَ فِيهَا بِغَيْرِ حِسَابٍ ﴿٤٠﴾

40 'ആരെങ്കിലും ഒരു തിൻമ പ്രവർത്തിച്ചാൽ, അതിന്റെ അത്രക്കല്ലാതെ അവന് പ്രതിഫലം (ശിക്ഷ) കൊടുക്കപ്പെടുന്നതല്ല; ആണിൽ നിന്നോ, പെണ്ണിൽനിന്നോ ആരെങ്കിലും- അയാൾ സത്യവിശ്വാസിയായിക്കൊണ്ട്-സൽക്കർമ്മം പ്രവർത്തിച്ചാലോ, എന്നാൽ അക്കൂട്ടർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. അവർക്ക് അവിടെവെച്ച് ഒരു കണക്കും കൂടാതെ (സുഭിക്ഷമായി) ഉപജീവനം ലഭിച്ചുകൊണ്ടിരിക്കും.

۞ وَيَـٰقَوْمِ مَا لِىٓ أَدْعُوكُمْ إِلَى ٱلنَّجَوٰةِ
وَتَدْعُونَنِىٓ إِلَى ٱلنَّارِ ﴿٤١﴾

41 'എന്റെ ജനങ്ങളേ! എനിക്കെന്താണ്?! -നിങ്ങളെ ഞാൻ രക്ഷ(യുടെ വഴി)യിലേക്ക് ക്ഷണിക്കുന്നു; നിങ്ങളെന്നെ നരകത്തിലേക്കും ക്ഷണിക്കുന്നു! (ഇതെന്താശ്ചര്യം!)

تَدْعُونَنِى لِأَكْفُرَ بِٱللَّهِ وَأُشْرِكَ بِهِۦ مَا
لَيْسَ لِى بِهِۦ عِلْمٌ وَأَنَا۠ أَدْعُوكُمْ إِلَى
ٱلْعَزِيزِ ٱلْغَفَّـٰرِ ﴿٤٢﴾

42 '(അതെ) ഞാൻ അല്ലാഹുവിൽ അവിശ്വസിക്കുവാനും, എനിക്ക് യാതൊരു അറിവുമില്ലാത്ത വസ്തുവെ അവനോട് പങ്കുചേർക്കുവാനുമായി നിങ്ങൾ എന്നെ ക്ഷണിക്കുന്നു; ഞാനാകട്ടെ, വളരെ പൊറുക്കുന്നവനായ പ്രതാപശാലിയായുള്ളവനിലേക്ക് നിങ്ങളെ ക്ഷണിച്ചുകൊണ്ടുമിരിക്കുന്നു!'

ആ സത്യവിശ്വാസിയായ മനുഷ്യൻ ആദ്യത്തിൽ തന്റെ സത്യവിശ്വാസം മൂടി വെക്കുകയായിരുന്നുവെങ്കിലും ക്രമേണ അത് അദ്ദേഹം തുറന്ന് പ്രഖ്യാപിക്കുന്നു ഈ വചനങ്ങളിലൂടെ. വ്യക്തമായ ഭാഷയിൽ തന്നെ അദ്ദേഹം തന്റെ ജനങ്ങളെ തൌഹീദിലേക്ക് ക്ഷണിക്കുകയും, ശിർക്കിനെ ആക്ഷേപിക്കുകയും ചെയ്യുന്നു. ഈ ജീവിതത്തിന്റെ നശ്വരതയേയും പാരത്രിക ജീവിതത്തിന്റെ അനശ്വരതയേയും കുറിച്ച് ഹൃദയ സ്പർശിയായ വിധത്തിൽ, ഏവർക്കും മനസ്സിലാകുന്ന വചനങ്ങളിലൂടെ അവരോട് ഉപദേശിക്കുകയാണ് ആ സത്യവിശ്വാസി.

**വചനം 43 :**

لَا جَرَمَ أَنَّمَا تَدْعُونَنِىٓ إِلَيْهِ لَيْسَ لَهُۥ
دَعْوَةٌ فِى ٱلدُّنْيَا وَلَا فِى ٱلْـَٔاخِرَةِ وَأَنَّ

43 'അല്ല-(സത്യമെന്ന്) സ്ഥാപിതമായിരിക്കുന്നു: നിങ്ങൾ യാതൊന്നിലേക്ക് എന്നെ ക്ഷണിക്കുന്നുവോ അതിന് ഇഹത്തിലാകട്ടെ, പരത്തിലാകട്ടെ യാതൊരു ക്ഷണവും (ഉണ്ടായിരിക്കു

مَرَدَّنَآ إِلَى ٱللَّهِ وَأَنَّ ٱلْمُسْرِفِينَ هُمْ أَصْحَٰبُ ٱلنَّارِ ﴿٤٣﴾

വാൻ) പാടില്ലെന്നും, -നമ്മുടെ(യെല്ലാം) തിരിച്ചുചെല്ലൽ അല്ലാഹുവിങ്കലേക്കാണെന്നും, അതിരുകവിഞ്ഞവർതന്നെയാണ് നരകത്തിന്റെ ആൾക്കാർ എന്നും.'

അദ്ദേഹം തന്റെ സദുപദേശം തുടരുകയാണ്:

അല്ലാഹുവല്ലാതെ മറ്റേതൊന്നും തന്നെ ഇഹത്തിലും പരത്തിലും ആരാധനക്ക് യാതൊരു തരത്തിലും അർഹരല്ല തന്നെ. അവയുടെ ആരാധനക്ക് വേണ്ടി ക്ഷണമോ പ്രചരണമോ നടത്തപ്പെടുവാൻ പാടുള്ളതുമല്ല. നാമെല്ലാം മരണാനന്തരം അല്ലാഹുവിങ്കലേക്ക് തിരിച്ച് ചെല്ലാനുള്ളവരാണ്- അപ്പോൾ അവന് പങ്കുകാരെ സ്വീകരിച്ച അതിക്രമികൾ ശാശ്വതമായ നരകശിക്ഷക്ക് വിധേയരായിത്തീരുന്നതാണ്.

**വചനം 44 :**

فَسَتَذْكُرُونَ مَآ أَقُولُ لَكُمْ ۚ وَأُفَوِّضُ أَمْرِىٓ إِلَى ٱللَّهِ ۚ إِنَّ ٱللَّهَ بَصِيرٌۢ بِٱلْعِبَادِ ﴿٤٤﴾

44 'എന്നാൽ, നിങ്ങളോട് ഞാൻ പറയുന്നത് വഴിയെ നിങ്ങൾ ഓർത്തുകൊള്ളും! എന്റെ കാര്യം ഞാൻ അല്ലാഹുവിങ്കലേക്ക് വിട്ടുകൊടുക്കുകയും ചെയ്യുന്നു. നിശ്ചയമായും, അല്ലാഹു അടിയാൻമാരെപ്പറ്റി കണ്ടറിയുന്നവനാണ്.'

ആ മാന്യപുരുഷൻ ഹൃദയം നൊന്ത് കൊണ്ട്, വികാരഭരിതനായി തന്റെ സദുപദേശം ശക്തമായ താക്കീതോടെ അവസാനിപ്പിക്കുന്നു.

എന്നാൽ അതൊന്നും ചെവികൊള്ളുവാൻ ആ ജനതക്ക് സന്മനസ്സുണ്ടായില്ലെന്ന് അടുത്ത വചനങ്ങളിൽ അല്ലാഹു വിവരിക്കുന്നു.

**വചനം 45 :**

فَوَقَىٰهُ ٱللَّهُ سَيِّـَٔاتِ مَا مَكَرُوا۟ ۖ وَحَاقَ بِـَٔالِ فِرْعَوْنَ سُوٓءُ ٱلْعَذَابِ ﴿٤٥﴾

45 അപ്പോൾ, അവർ കുതന്ത്രം ചെയ്തതിന്റെ തിൻമകൾ അദ്ദേഹത്തിന് (ബാധിക്കാതെ) അല്ലാഹു കാത്തു. ഫിർഔന്റെ ആൾക്കാരിൽ കടുത്ത ശിക്ഷ(വന്നു)വലയം ചെയ്കയും ചെയ്തു.

അദ്ദേഹത്തിനെതിരെ അവർ കുതന്ത്രം പ്രയോഗിക്കുകയാണുണ്ടായത് (ആ കുതന്ത്രം എന്തായിരുന്നുവെന്ന് അല്ലാഹുവിനറിയാം)- അദ്ദേഹത്തിന് നേരെ ആക്രമത്തിന് തുനിഞ്ഞ ഫിർഔനും ജനതക്കും ആകട്ടെ ഈ ലോകത്ത് വെച്ചും ശിക്ഷ, പിന്നീട് ഖിയാമത്ത് നാൾ വരേയും ശിക്ഷ, അവസാനം ശാശ്വതമായ, പരലോക ശിക്ഷയും. ഈ മൂന്നിൽ ആദ്യത്തെതിനെ കുറിച്ചാണ് 'ഫിർഔന്റെ ആൾക്കാരിൽ കടുത്ത ശിക്ഷ വന്ന് വലയം ചെയ്തു' എന്ന് പറഞ്ഞത്. അതെ, അവരെല്ലാം ചെങ്കടലിൽ അതിദാരുണമാം വിധം മുക്കി നശിപ്പിക്കപ്പെട്ടു. തുടർന്നുള്ള രണ്ട് ശിക്ഷകളെക്കുറിച്ചും അടുത്ത വചനത്തിൽ പറയുന്നു.

**വചനം 46 :**

ٱلنَّارُ يُعْرَضُونَ عَلَيْهَا غُدُوًّا وَعَشِيًّا ۖ وَيَوْمَ تَقُومُ ٱلسَّاعَةُ أَدْخِلُوٓا۟ ءَالَ فِرْعَوْنَ أَشَدَّ ٱلْعَذَابِ ﴿٤٦﴾

46 നരകം! രാവിലെയും, വൈകുന്നേരവും അവർ അതിങ്കൽ പ്രദർശിപ്പിക്കപ്പെടുന്നതാണ്. (ഖിയാമത്താകുന്ന) അന്ത്യഘട്ടം നിലവിൽ വരുന്ന ദിവസമാകട്ടെ, (കൽപനയുണ്ടാകും:) 'ഫിർഔന്റെ ആൾക്കാരെ ഏറ്റവും കഠിനശിക്ഷയിൽ പ്രവേശിപ്പിക്കുവിൻ' (എന്ന്)!

ഖിയാമത്ത് നാളിന് മുമ്പുള്ള അവരുടെ ഖബർ ജീവിതകാലത്ത്, രാവിലെയും വൈകുന്നേരവും

അവർ നരകത്തിൽ പ്രദർശിപ്പിക്കപ്പെടുന്നതാണ്. കർമ്മങ്ങളുടെ യഥാർത്ഥ പ്രതിഫലം ഖിയാമത്ത് നാളിലാണ് അനുഭവപ്പെടുന്നതെങ്കിലും, ഓരോരുത്തരും അവരുടെ ഖബർ ജീവിതകാലത്ത് (ബർസഖിയായ കാലഘട്ടം) അവനവന്റെ കർമ്മങ്ങളുടെ അനന്തരഫലമെന്ന നിലയിൽ, സുഖദു:ഖങ്ങൾ അനുഭവിക്കുന്നതാണെന്ന് പ്രബലമായ പല ഹദീസുകളിലും പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണല്ലോ.

ഖിയാമത്ത് നാളിലാകട്ടെ ഫിർഔനും ആൾക്കാരും ഏറ്റവും കടുത്ത ശിക്ഷയാകുന്ന നരകശിക്ഷയിൽ ശാശ്വതമായി പ്രവേശിക്കപ്പെടുന്നതുമാകുന്നു.

**വചനം 47,48 :**

وَإِذْ يَتَحَآجُّونَ فِى ٱلنَّارِ فَيَقُولُ ٱلضُّعَفَٰٓؤُا۟ لِلَّذِينَ ٱسْتَكْبَرُوٓا۟ إِنَّا كُنَّا لَكُمْ تَبَعًا فَهَلْ أَنتُم مُّغْنُونَ عَنَّا نَصِيبًا مِّنَ ٱلنَّارِ ﴿٤٧﴾

47 നരകത്തിൽവെച്ച് അവർ (നരകവാസികൾ) അന്യോന്യം ന്യായവാദം ചെയ്തുകൊണ്ടിരിക്കുന്ന സന്ദർഭം (ഓർക്കുക)! അപ്പോൾ ദുർബ്ബലരായുള്ളവർ അഹംഭാവം നടിച്ചവരോട് പറയും: 'നിശ്ചയമായും ഞങ്ങൾ നിങ്ങളെ പിൻപറ്റിക്കൊണ്ടായിരുന്നു (ഉള്ളത്); ആകയാൽ, നരകത്തിൽ നിന്നുള്ള ഒരു പങ്ക് ഞങ്ങളിൽനിന്ന് നിങ്ങൾ ഒഴിവാക്കിത്തരുന്നവരാണോ?!'

قَالَ ٱلَّذِينَ ٱسْتَكْبَرُوٓا۟ إِنَّا كُلٌّ فِيهَآ إِنَّ ٱللَّهَ قَدْ حَكَمَ بَيْنَ ٱلْعِبَادِ ﴿٤٨﴾

48 അഹംഭാവം നടിച്ചവർ പറയും: 'നാം എല്ലാവരും അതിൽതന്നെ; അല്ലാഹു അടിയാൻമാർക്കിടയിൽ വിധി കൽപിച്ചുകഴിഞ്ഞു!'

ഈ വചനങ്ങളിൽ നരകക്കാർ തമ്മിൽ നടക്കുന്ന ചില തർക്കങ്ങളെ സംബന്ധിച്ച് അല്ലാഹു വിവരിക്കുന്നു.

ഇനി രക്ഷാമാർഗ്ഗമില്ലെന്ന് അവർക്കറിയാമെങ്കിലും, ശിക്ഷയുടെ കാഠിന്യം നിമിത്തം അവര് ന്യായവാദം ചെയ്ത് നോക്കുകയാണ്.

**വചനം 49,50 :**

وَقَالَ ٱلَّذِينَ فِى ٱلنَّارِ لِخَزَنَةِ جَهَنَّمَ ٱدْعُوا۟ رَبَّكُمْ يُخَفِّفْ عَنَّا يَوْمًا مِّنَ ٱلْعَذَابِ ﴿٤٩﴾

49 നരകത്തിലുള്ളവർ 'ജഹന്നമി'ൻെറ കാവൽക്കാരോടു പറയും: 'നിങ്ങൾ നിങ്ങളുടെ റബ്ബിനോട് (ഒന്ന്) പ്രാർത്ഥിക്കുവിൻ, ശിക്ഷയിൽനിന്നുള്ള ഒരു ദിവസം അവൻ ഞങ്ങൾക്ക് ലഘുവാക്കിത്തരട്ടെ!' (അന്നെങ്കിലും ഒരു വിശ്രമം കിട്ടുമല്ലോ).

قَالُوٓا۟ أَوَلَمْ تَكُ تَأْتِيكُمْ رُسُلُكُم بِٱلْبَيِّنَٰتِ ۖ قَالُوا۟ بَلَىٰ ۚ قَالُوا۟ فَٱدْعُوا۟ ۗ وَمَا دُعَٰٓؤُا۟ ٱلْكَٰفِرِينَ إِلَّا فِى ضَلَٰلٍ ﴿٥٠﴾

50 അവർ പറയും: 'നിങ്ങൾക്ക് നിങ്ങളുടെ റസൂലുകൾ തെളിവുകളുമായി വന്നിട്ടുണ്ടായിരുന്നില്ലേ?!' അവർ (നരകക്കാർ) പറയും: 'ഇല്ലാതേ! (വന്നിരുന്നു).' അവർ (കാവൽക്കാർ) പറയും: 'എന്നാൽ നിങ്ങൾ (തന്നെ) പ്രാർത്ഥിച്ചുകൊള്ളുവിൻ!' അവിശ്വാസികളുടെ പ്രാർത്ഥന വ്യർഥാവിലല്ലാതെ അല്ലതാനും.

അവർ മലക്കുകളോടും രക്ഷക്കപേക്ഷിച്ച് നോക്കുന്നതാണ്.

"അല്ലാഹുവിന്റെ ദൂതന്മാർ വേണ്ടത്ര തെളിവുകൾ സഹിതം നിങ്ങളെ ഉപദേശിച്ചിട്ടും, നിങ്ങൾ അവരെ വ്യാജമാക്കി നിഷേധിച്ചത് കാരണമാണല്ലോ നിങ്ങൾക്കീ ദുർഗ്ഗതി വന്നുചേർന്നത്. എന്നിരിക്കെ,

ഇനിയുള്ള പ്രാർത്ഥന കൊണ്ടാന്നും, യാതൊരു പ്രയോജനവും ലഭിക്കുവാൻ പോകുന്നില്ല”- എന്ന് മലക്കുകൾ അവരോട് പറയുന്നതാണ്.

## വിഭാഗം -6

**വചനം 51,52 :**

إِنَّا لَنَنصُرُ رُسُلَنَا وَٱلَّذِينَ ءَامَنُوا۟ فِى ٱلْحَيَوٰةِ ٱلدُّنْيَا وَيَوْمَ يَقُومُ ٱلْأَشْهَـٰدُ ﴿٥١﴾

51 നിശ്ചയമായും, നമ്മുടെ റസൂലുകളെയും, വിശ്വസിച്ചിട്ടുള്ളവരെയും, ഐഹിക ജീവിതത്തിലും, സാക്ഷികൾ നിൽക്കുന്ന (രംഗത്തു വരുന്ന) ദിവസവും നാം സഹായിക്കുകതന്നെ ചെയ്യും;-

يَوْمَ لَا يَنفَعُ ٱلظَّـٰلِمِينَ مَعْذِرَتُهُمْ ۖ وَلَهُمُ ٱللَّعْنَةُ وَلَهُمْ سُوٓءُ ٱلدَّارِ ﴿٥٢﴾

52 അതായത്, അക്രമികൾക്ക് അവരുടെ ഒഴികഴിവ് ഉപകാരം ചെയ്യാത്ത ദിവസം. (മാത്രമല്ല) അവർക്ക് ശാപവുമുണ്ടായിരിക്കും; അവർക്കത്രെ കടുത്ത ഭവനവും!

ഓരോരുത്തരുടെയും സകലകർമ്മങ്ങളെയും സാക്ഷ്യപ്പെടുത്തുന്നതിന് പ്രവാചകന്മാർ, മലക്കുകൾ, അവയവങ്ങൾ തുടങ്ങി പലതരം സാക്ഷികൾ രംഗത്ത് വരുന്ന ദിവസമാണല്ലോ ഖിയാമത്ത് നാൾ. അത്കൊണ്ടാണ് പ്രസ്തുത ദിവസത്തിന് 'സാക്ഷികൾ നിൽക്കുന്ന ദിവസം' എന്ന് പറഞ്ഞത്. അല്ലാഹുവിന്റെ റസൂലുകളെയും, വിശ്വസിച്ചിട്ടുള്ളവരേയും, ഖിയാമത്ത് നാളിലും, ഐഹിക ജീവിത്തിലും, അല്ലാഹു സഹായിക്കുക തന്നെ ചെയ്യുന്നതാണ്.

ഖിയാമത്ത് നാളിൽ, അക്രമികൾക്ക് അവരുടെ യാതൊരു ഒഴിവ്കഴിവുകളും ഉപകാരം ചെയ്യപ്പെടുന്നതല്ല. മാത്രമല്ല, അവർക്ക് ശാശ്വത ശാപവുമുണ്ടായിരിക്കുന്നതാണ്.

**വചനം 53,54,55 :**

وَلَقَدْ ءَاتَيْنَا مُوسَى ٱلْهُدَىٰ وَأَوْرَثْنَا بَنِىٓ إِسْرَٰٓءِيلَ ٱلْكِتَـٰبَ ﴿٥٣﴾

53 തീർച്ചയായും, മൂസാക്ക് നാം മാർഗ്ഗദർശനം നൽകുകയുണ്ടായി; ഇസ്രാഈൽ സന്തതികൾക്ക് നാം വേദഗ്രന്ഥം അവകാശപ്പെടുത്തിക്കൊടുക്കുകയും ചെയ്തു;-

هُدًى وَذِكْرَىٰ لِأُو۟لِى ٱلْأَلْبَـٰبِ ﴿٥٤﴾

54 ബുദ്ധിമാൻമാർക്ക് മാർഗ്ഗദർശനവും, (ഉപദേശ) സ്മരണയുമായിക്കൊണ്ട്.

فَٱصْبِرْ إِنَّ وَعْدَ ٱللَّهِ حَقٌّ وَٱسْتَغْفِرْ لِذَنۢبِكَ وَسَبِّحْ بِحَمْدِ رَبِّكَ بِٱلْعَشِىِّ وَٱلْإِبْكَـٰرِ ﴿٥٥﴾

55 ആകയാൽ, (നബിയേ) നീ ക്ഷമിക്കുക. നിശ്ചയമായും അല്ലാഹുവിൻെറ വാഗ്ദാനം യഥാർത്ഥമാകുന്നു. നിൻെറ പാപത്തിനുവേണ്ടി പാപമോചനം തേടുകയും, വൈകുന്നേരവും കാലത്തും നിൻെറ റബ്ബിനെ സ്തുതിച്ചുകൊണ്ട് 'തസ്ബീഹ്' (സ്തോത്രകീർത്തനം) നടത്തുകയും ചെയ്യുക.

55-ാം വചനത്തിലെ കല്പന പ്രത്യക്ഷത്തിൽ നബി(സ)യോടാണെങ്കിലും സമുദായത്തിനാകമാനം ബാധകമാണെന്ന് വ്യക്തമാണ്. എല്ലാ പാപങ്ങളും പൊറുക്കപ്പെട്ട തികച്ചും പാപമുക്തനായ നബി(സ) പാപങ്ങൾക്ക് പൊറുതി തേടണമെന്ന് കല്പിക്കപ്പെടുമ്പോൾ, നമ്മെ സംബന്ധിച്ചിടത്തോളം, ആ കല്പന അങ്ങേഅറ്റം ഗൗരവപ്പെട്ടതാകുന്നു. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം പാപമായോ, കുറ്റകരമായോ, ഗണിക്കപ്പെടാവുന്നതല്ലാത്ത, ചില നിസ്സാര കാര്യങ്ങൾപോലും പ്രവാചകന്മരുടെ സ്ഥാന പദവികൾ വെച്ച് നോക്കുമ്പോൾ മര്യാദകേടായി, തെറ്റായി പരിഗണിക്കപ്പെട്ടേക്കും. ഇങ്ങിനെയുള്ള നിസ്സാര സംഗതികളായിരിക്കും പ്രവാചകന്മാരുടെ 'പാപങ്ങൾ' എന്ന് പരാമർശിക്കപ്പെട്ടത്. (ഈ വിഷയ സംബന്ധമായി സൂ: സ്വാദ് 34-38 വചനങ്ങളുടെ വിവരണം ശ്രദ്ധിക്കുക). എല്ലാ വിഷയത്തിലും സമുദായത്തിന് മാതൃകയായിത്തീരേണ്ട പ്രവാചകന്മാർ പാപങ്ങളെ സൂക്ഷിക്കുന്നതിലും സദാ പാപമോചനം തേടി

ക്കൊണ്ടിരിക്കുന്നതിലും, സമുദായത്തിന് മാതൃകയായിരിക്കേണ്ടതുണ്ടല്ലോ.

**വചനം 56 :**

إِنَّ ٱلَّذِينَ يُجَٰدِلُونَ فِيٓ ءَايَٰتِ ٱللَّهِ بِغَيۡرِ سُلۡطَٰنٍ أَتَىٰهُمۡ إِن فِي صُدُورِهِمۡ إِلَّا كِبۡرٌ مَّا هُم بِبَٰلِغِيهِۚ فَٱسۡتَعِذۡ بِٱللَّهِۖ إِنَّهُۥ هُوَ ٱلسَّمِيعُ ٱلۡبَصِيرُ ٥٦

56 നിശ്ചയമായും, അല്ലാഹുവിൻെറ 'ആയത്തു' കളിൽ (സന്ദേശ ലക്ഷ്യങ്ങളിൽ) തങ്ങൾക്ക് വന്നുകിട്ടിയ യാതൊരു അധികൃത ലക്ഷ്യവും കൂടാതെ തർക്കം നടത്തുന്നവർ, അവരുടെ ഹൃദയങ്ങളിൽ, തങ്ങൾ എത്തിച്ചേർന്നിട്ടില്ലാത്ത (അർഹരാകാത്ത) അഹംഭാവം അല്ലാതെ (മറ്റൊന്നും) ഇല്ല. ആകയാൽ, അല്ലാഹുവിനോട് ശരണം തേടിക്കൊള്ളുക. നിശ്ചയമായും, അവൻ തന്നെയാണ് (എല്ലാം) കേൾക്കുന്ന വനും കാണുന്നവനും.

അല്ലാഹുവിന്റെ സന്ദേശ ലക്ഷ്യങ്ങളിലും ദൃഷ്ടാന്തങ്ങളിലും, സത്യനിഷേധികൾ യാതൊരു അധികൃത ലക്ഷ്യവും കൂടാതെ കുതർക്കം നടത്തുവാനുള്ള കാരണം അവരുടെ ഗർവ്വും അഹംഭാവവു മാകുന്നു, എന്നിരിക്കെ അതേക്കുറിച്ച് പരിഭവിക്കേണ്ടതില്ല. (വചനം 4, 5, 35 നോക്കുക) അവർ മൂലവും അല്ലാതെയും ഉണ്ടാകാവുന്ന എല്ലാ കെടുതികളിൽ നിന്നും എല്ലാം കേൾക്കുന്നവനും കാണുന്നവനു മായ അല്ലാഹുവിൽ ശരണം തേടുവാൻ അല്ലാഹു നിർദ്ദേശിക്കുന്നു.

**വചനം 57,58,59:**

لَخَلۡقُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ أَكۡبَرُ مِنۡ خَلۡقِ ٱلنَّاسِ وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا يَعۡلَمُونَ ٥٧

57 ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിക്കൽ മനുഷ്യരെ സൃഷ്ടിക്കുന്നതിനേക്കാൾ വലിയ കാര്യംതന്നെ. എങ്കിലും, മനുഷ്യരിൽ അധിക മാളും അറിയുന്നില്ല.

وَمَا يَسۡتَوِي ٱلۡأَعۡمَىٰ وَٱلۡبَصِيرُ وَٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ وَلَا ٱلۡمُسِيٓءُۚ قَلِيلٗا مَّا تَتَذَكَّرُونَ ٥٨

58 അന്ധനും, കാഴ്ചയുള്ളവനും സമമാകുകയില്ല; വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർ ത്തിക്കുകയും ചെയ്തവരും, ദുഷ്കർമ്മി യുമാകട്ടെ, (അവരും സമമാകുക) ഇല്ല. എത്രോ (വളരെ) കുറച്ചേ നിങ്ങൾ ഉറ്റാലോചി ക്കുന്നുള്ളു!

إِنَّ ٱلسَّاعَةَ لَأٓتِيَةٞ لَّا رَيۡبَ فِيهَا وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا يُؤۡمِنُونَ ٥٩

59 നിശ്ചയമായും, അന്ത്യഘട്ടം വരുന്നതുതന്നെ– അതിൽ സന്ദേഹമേ ഇല്ല. എങ്കിലും, മനുഷ്യ രിൽ അധികമാളും വിശ്വസിക്കുന്നില്ല.

യാതൊരു വിശദീകരണവും ആവശ്യമില്ലാത്ത വിധം വ്യക്തമാകുന്നു ഈ വചനങ്ങളുടെ സാരാശം.

അടുത്ത വചനം മനസ്സിരുത്തുക. പ്രാർത്ഥനയാകുന്ന 'ദുആ' യെ സംബന്ധിച്ച് പലതും അതിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്

**വചനം 60:**

وَقَالَ رَبُّكُمُ ٱدۡعُونِيٓ أَسۡتَجِبۡ لَكُمۡۚ إِنَّ ٱلَّذِينَ يَسۡتَكۡبِرُونَ عَنۡ عِبَادَتِي سَيَدۡخُلُونَ جَهَنَّمَ دَاخِرِينَ ٦٠

60 (ഹേ, മനുഷ്യരേ) നിങ്ങളുടെ റബ്ബ് പറയുന്നു: 'നിങ്ങൾ എന്നെ വിളിക്കുവിൻ (എന്നോട് പ്രാർത്ഥിക്കുവിൻ), ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. നിശ്ചയമായും, എന്നെ ആരാധി ക്കുന്നതിനെക്കുറിച്ച് അഹംഭാവം നടിക്കുന്ന വർ നിന്ദ്യരായ നിലയിൽ (താമസംവിനാ)

'ജഹന്നമി'ൽ പ്രവേശിക്കുന്നതാണ്.

പ്രാർത്ഥനയാകുന്ന 'ദുആ'യെ സംബന്ധിച്ച് ഈ വചനത്തിൽ നിന്നും താഴെ കാണുന്ന വസ്തുതകൾ മനസ്സിലാക്കാവുന്നതാണ്.

1. "നിങ്ങളുടെ റബ്ബ് പറയുന്നു നിങ്ങൾ എന്നെ വിളിച്ച് പ്രാർത്ഥിക്കുവിൻ" -എന്ന് അല്ലാഹു പറയുന്നു. ഞാൻ നിങ്ങളുടെ റബ്ബും നിങ്ങൾ എല്ലാവരും എന്റെ അടിയാന്മാരുമായ സ്ഥിതിക്ക്, നിങ്ങൾ എന്നെ വിളിച്ച് പ്രാർത്ഥിക്കുകയെന്നത്, നിങ്ങളുടെ സ്വാഭാവികമായ ഒരു കടമയാകുന്നു. മറ്റാരേയും വിളിച്ച് പ്രാർത്ഥിക്കുവാൻ നിങ്ങൾക്ക് അവകാശമോ, ന്യായമോ ആവശ്യമൊ ഇല്ല തന്നെ

2. "ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം" പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്ക് ഉത്തരം നൽകുവാൻ അല്ലാഹു സദാ സന്നദ്ധനാകുന്നു.

3. "എന്നെ ആരാധിക്കുന്നതിനെക്കുറിച്ച് അഹംഭാവം നടിക്കുന്നവർ ജഹന്നമിൽ പ്രവേശിക്കുന്നതാണ്-" സൃഷ്ടാവും രക്ഷിതാവുമായ അല്ലാഹുവിനെ വിളിച്ച് പ്രാർത്ഥിക്കാതെയും അവന് ആരാധന ചെയ്യാതെയും ഇരിക്കുന്നതും ആ രണ്ടിലും അവന് പുറമെ മറ്റുള്ളവരെകൂടി പങ്ക് ചേർക്കുന്നതും യഥാർത്ഥത്തിൽ സൃഷ്ടികളുടെ ഗർവ്വും അഹംഭാവവുമാകുന്നു. അക്കൂട്ടർ നിന്ദ്യരായി നരകത്തിൽ പ്രവേശിക്കുന്നതാണ്, എന്ന് അല്ലാഹു താക്കീത് നൽകുന്നു.

ആരാധനകളെല്ലാം അല്ലാഹുവിന് മാത്രമെ പാടുള്ളൂ; അപ്പോൾ ആരാധനയുടെ ഒരു പ്രധാന ഇനമായ വിളിച്ച് പ്രാർത്ഥിക്കലും അങ്ങനെ തന്നെ, അല്ലാഹുവിനല്ലാത്ത ആരാധന, കുഫ്റും ശിർക്കും (അവിശ്വാസവും ബഹുദൈവവിശ്വാസവും) ആയിരിക്കുന്നതാണ്.

ഈ വിഷയ സംബന്ധമായി താഴെപറയുന്ന നബി വചനങ്ങൾ ശ്രദ്ധേയമാകുന്നു;

: ആർ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നില്ലയൊ അവന്റെ മേൽ അല്ലാഹു കോപിക്കുന്നതാണ്.

: "ദുആ ഇബാദത്തു തന്നെയാകുന്നു " തുടർന്ന് കൊണ്ട് തിരുമേനി ഈ ആയത്ത് ഓതുകയും ചെയ്തു. "ദുആ ഇബാദത്തിന്റെ മജ്ജയാകുന്നു." "ധൃതി കൂട്ടാതിരിക്കുന്ന പക്ഷം മനുഷ്യന് പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതാണ്." ധൃതി കൂട്ടുക എന്നാൽ ദുആക്ക് ഉത്തരം കിട്ടാതാകുമ്പോൾ മനസ്സ് മടുത്ത് ദുആ ഉപേക്ഷിക്കുക എന്നതാകുന്നു.

## വിഭാഗം 7

**വചനം 61 , 62, 63, 64 65**

61 അല്ലാഹുവത്രെ, നിങ്ങൾ അടങ്ങിയിരിക്കുവാൻ വേണ്ടി രാത്രിയെയും, (കണ്ണു) കാണാവുന്ന നിലയിൽ (പ്രകാശിതമായിക്കൊണ്ട്) പകലിനെയും നിങ്ങൾക്ക് ഉണ്ടാക്കിത്തന്നവൻ. നിശ്ചയമായും, അല്ലാഹു ജനങ്ങളുടെമേൽ ദയവ് (അഥവാ അനുഗ്രഹം) ഉള്ളവൻതന്നെയാണ്. എങ്കിലും, മനുഷ്യരിൽ അധികമാളും നന്ദി ചെയ്യുന്നില്ല.

ٱللَّهُ ٱلَّذِى جَعَلَ لَكُمُ ٱلَّيْلَ لِتَسْكُنُوا۟ فِيهِ وَٱلنَّهَارَ مُبْصِرًا ۚ إِنَّ ٱللَّهَ لَذُو فَضْلٍ عَلَى ٱلنَّاسِ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَشْكُرُونَ ﴿٦١﴾

62 അങ്ങിനെയുള്ളവനത്രെ, എല്ലാ വസ്തുവിൻെറയും സ്രഷ്ടാവായ നിങ്ങളുടെ റബ്ബ് ആയ അല്ലാഹു. അവനല്ലാതെ ആരാധ്യനേ ഇല്ല. എന്നിരിക്കെ, എങ്ങിനെയാണ് നിങ്ങൾ (സത്യം വിട്ട്) തെറ്റിക്കപ്പെടുന്നത്?!

ذَٰلِكُمُ ٱللَّهُ رَبُّكُمْ خَٰلِقُ كُلِّ شَىْءٍ لَّآ إِلَٰهَ إِلَّا هُوَ ۖ فَأَنَّىٰ تُؤْفَكُونَ ﴿٦٢﴾

63 അല്ലാഹുവിൻെറ 'ആയത്തു'കളെ (ലക്ഷ്യദൃഷ്ടാന്തങ്ങളെ) നിഷേധിച്ചുകൊണ്ടിരിക്കുന്നവർ അപ്രകാരം (സത്യത്തിൽനിന്ന്) തെറ്റിക്കപ്പെടുന്നതാണ്.

كَذَٰلِكَ يُؤْفَكُ ٱلَّذِينَ كَانُوا۟ بِـَٔايَٰتِ ٱللَّهِ يَجْحَدُونَ ﴿٦٣﴾

ٱللَّهُ ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ قَرَارًا وَٱلسَّمَآءَ بِنَآءً وَصَوَّرَكُمْ فَأَحْسَنَ صُوَرَكُمْ وَرَزَقَكُم مِّنَ ٱلطَّيِّبَٰتِ ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ ۖ فَتَبَارَكَ ٱللَّهُ رَبُّ ٱلْعَٰلَمِينَ ﴿٦٤﴾

64 അല്ലാഹുവത്രെ, നിങ്ങൾക്ക് ഭൂമിയെ വാസസ്ഥലവും, ആകാശത്തെ ഒരു കെട്ടിടവും (മേല്പുരയും) ആക്കിത്തന്നവൻ. അവൻ നിങ്ങളെ രൂപപ്പെടുത്തുകയും, എന്നിട്ട് നിങ്ങളുടെ രൂപങ്ങളെ നന്നാക്കുകയും ചെയ്തു; നിങ്ങൾക്ക് വിശേഷപ്പെട്ട വസ്തുക്കളിൽ നിന്ന് അവൻ ആഹാരം (അഥവാ ഉപജീവനം) നൽകുകയും ചെയ്തു. അങ്ങിനെയുള്ളവനാണ് നിങ്ങളുടെ റബ്ബായ അല്ലാഹു. അപ്പോൾ, (സർവ്വ) ലോക രക്ഷിതാവായ അല്ലാഹു എത്രയോ മാഹാത്മ്യമേറിയവനാകുന്നു!

هُوَ ٱلْحَىُّ لَآ إِلَٰهَ إِلَّا هُوَ فَٱدْعُوهُ مُخْلِصِينَ لَهُ ٱلدِّينَ ۗ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿٦٥﴾

65 അവനത്രെ ജീവത്തായുള്ളവൻ. അവനല്ലാതെ ആരാധ്യനേ ഇല്ല. അതിനാൽ, മതം (അഥവാ കീഴ്വണക്കം) അവന് (മാത്രം) നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ വിളി(ച്ചു പ്രാർത്ഥി)ക്കുവിൻ. ലോകരുടെ രക്ഷിതാവായ അല്ലാഹുവിനാണ് സർവ്വസ്തുതിയും!

ദുആയും ഇബാദത്തും അർപ്പിക്കപ്പെടുവാനുള്ള അർഹത അല്ലാഹുവിന് മാത്രമാകുവാനുള്ള കാരണം ഈ വചനങ്ങളിൽ അല്ലാഹു വിശദമായി വിവരിക്കുന്നു. തുടർന്ന് അവനെ മാത്രം വിളിച്ച് പ്രാർത്ഥിക്കുകയും ആരാധിക്കുകയും വേണമെന്ന്, വീണ്ടും ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. സർവ്വസ്തുതിയും ലോക രക്ഷിതാവായ അല്ലാഹുവിനാണെന്ന് ഓർമ്മപെടുത്തുകയും ചെയ്യുന്നു.

**വചനം 66:**

۞ قُلْ إِنِّى نُهِيتُ أَنْ أَعْبُدَ ٱلَّذِينَ تَدْعُونَ مِن دُونِ ٱللَّهِ لَمَّا جَآءَنِىَ ٱلْبَيِّنَٰتُ مِن رَّبِّى وَأُمِرْتُ أَنْ أُسْلِمَ لِرَبِّ ٱلْعَٰلَمِينَ ﴿٦٦﴾

66 (നബിയേ) പറയുക: ‘എൻെറ രക്ഷിതാവിൽ നിന്ന് എനിക്ക് തെളിവുകൾ വന്നിരിക്കെ, അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചു (പ്രാർത്ഥിച്ചു) വരുന്നവരെ ഞാൻ ആരാധിക്കുന്നത് എന്നോട് വിരോധിക്കപ്പെട്ടിരിക്കുന്നു; ലോകരുടെ രക്ഷിതാവിന് ഞാൻ കീഴൊതുങ്ങണമെന്ന് എന്നോട് കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു.’

“അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നവരെ, ആരാധിക്കുന്നത് വ്യക്തമായ തെളിവുകൾ സഹിതം, എന്നോട് അല്ലാഹു വിരോധിച്ചിരിക്കുന്നു. ലോകരുടെ രക്ഷിതാവിന് കീഴൊതുങ്ങണമെന്നും ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു ”- എന്ന് അവിശ്വാസികളോട് പറയുവാൻ അല്ലാഹു നബി(സ) യോട് നിർദ്ദേശിക്കുന്നു

**വചനം 67 68:**

هُوَ ٱلَّذِى خَلَقَكُم مِّن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ مِنْ عَلَقَةٍ ثُمَّ يُخْرِجُكُمْ طِفْلًا ثُمَّ لِتَبْلُغُوٓا۟ أَشُدَّكُمْ ثُمَّ لِتَكُونُوا۟ شُيُوخًا ۚ وَمِنكُم مَّن يُتَوَفَّىٰ مِن قَبْلُ

67 ‘അവനത്രെ, നിങ്ങളെ മണ്ണിൽനിന്നും, പിന്നെ ഇന്ദ്രിയത്തുള്ളിയിൽ (ശുക്ളബീജത്തിൽ) നിന്നും, പിന്നീട് രക്തപിണ്ഡത്തിൽ നിന്നുമായി സൃഷ്ടിച്ചവൻ. പിന്നീട്, നിങ്ങളെ അവൻ ശിശുക്കളായി പുറത്തുവരുത്തുന്നു: പിന്നെ, നിങ്ങൾ നിങ്ങളുടെ പൂർണ്ണശക്തി (യൗവനം) പ്രാപിക്കും വരേക്കും (വളർത്തിക്കൊണ്ടു

وَلِتَبْلُغُوٓا۟ أَجَلًا مُّسَمًّى وَلَعَلَّكُمْ تَعْقِلُونَ ﴿٦٧﴾

വരുന്നു); പിന്നെ, നിങ്ങൾ വൃദ്ധൻമാരായി ത്തീരുന്നതുവരേക്കും (അവശേഷിപ്പിക്കുന്നു). (അതിനു) മുമ്പേ കാലം തീർന്നു (മരണപ്പെട്ടു) പോകുന്നവരും നിങ്ങളിലുണ്ട്;– നിർണ്ണയിക്ക പ്പെട്ട ഒരവധിയിൽ നിങ്ങൾ എത്തിച്ചേരേണ്ട തിനും, നിങ്ങൾ മനസ്സിരുത്തുവാൻ വേണ്ടിയും ആകുന്നു (ഇതെല്ലാം),

هُوَ ٱلَّذِى يُحْىِۦ وَيُمِيتُ ۖ فَإِذَا قَضَىٰٓ أَمْرًا فَإِنَّمَا يَقُولُ لَهُۥ كُن فَيَكُونُ ﴿٦٨﴾

68 അവൻതന്നെയാണ് ജീവിപ്പിക്കുകയും, മരിപ്പി ക്കുകയും ചെയ്യുന്നവൻ. എന്നാൽ, ഒരു കാര്യം അവൻ തീരുമാനിച്ചാൽ, അതിനെക്കുറിച്ച് 'ഉണ്ടാകുക' എന്ന് അവൻ പറയുകമാത്രം ചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നതാണ്.

മനുഷ്യ സൃഷ്ടിപരമായി ഈ വചനത്തിൽ പ്രസ്താവിക്കപ്പെട്ട വസ്തുതകൾ, സൂ ഹജ്ജ് ; 5 ാം വചനത്തിന്റെയും സൂ: മുഅ്മിനൂൻ: 12–16 വചനങ്ങളുടെയും വിശദീകരണത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട് ". നിർണ്ണയിക്കപെട്ട ഒരവധി " എന്ന് പറഞ്ഞത് ഓരോ വ്യക്തിയുടെയും ആയുഷ്ക്കാലമായിരിക്കാം ; അതല്ലെങ്കിൽ മനുഷ്യസമുദായത്തിന്റെ മൊത്തത്തിലുള്ള അവധിയാകുന്ന അന്ത്യനാൾ ആയിരിക്കാം - الله اعلم

## വിഭാഗം 8

**വചനം 69, 70, 71, 72, 73, 74:**

أَلَمْ تَرَ إِلَى ٱلَّذِينَ يُجَٰدِلُونَ فِىٓ ءَايَٰتِ ٱللَّهِ أَنَّىٰ يُصْرَفُونَ ﴿٦٩﴾

69 അല്ലാഹുവിൻെറ 'ആയത്തു'കളിൽ തർക്കം നടത്തുന്നവരിലേക്ക് നീ (നോക്കി) കാണുന്നി ല്ലേ, അവർ എങ്ങിനെയാണ് (സത്യത്തിൽ നിന്ന്) തിരിച്ചുവിടപ്പെടുന്നത്?!

ٱلَّذِينَ كَذَّبُوا۟ بِٱلْكِتَٰبِ وَبِمَآ أَرْسَلْنَا بِهِۦ رُسُلَنَا ۖ فَسَوْفَ يَعْلَمُونَ ﴿٧٠﴾

70 വേദഗ്രന്ഥത്തെയും, നമ്മുടെ റസൂലുകളെ (ദൂതൻമാരെ) നാം ഏതൊന്നുമായി അയച്ചു വോ അതിനെയും വ്യാജമാക്കുന്നവരത്രെ (അവർ). എന്നാൽ, വഴിയെ അവർക്ക് അറിയാ റാകും!–

إِذِ ٱلْأَغْلَٰلُ فِىٓ أَعْنَٰقِهِمْ وَٱلسَّلَٰسِلُ يُسْحَبُونَ ﴿٧١﴾

71 (അതെ) അവരുടെ കഴുത്തുകളിൽ ആമങ്ങ ളാകുമ്പോൾ; ചങ്ങലകളും! (അവയുമായി) അവർ വലിച്ചിഴക്കപ്പെടും.

فِى ٱلْحَمِيمِ ثُمَّ فِى ٱلنَّارِ يُسْجَرُونَ ﴿٧٢﴾

72 ചുട്ടുതിളക്കുന്ന വെള്ളത്തിൽ! പിന്നീട് അവരെ നരകത്തിൽ (ഇട്ട്) കത്തിക്കപ്പെടും.

ثُمَّ قِيلَ لَهُمْ أَيْنَ مَا كُنتُمْ تُشْرِكُونَ ﴿٧٣﴾

73 പിന്നെ, അവരോട് പറയപ്പെടും: "നിങ്ങൾ പങ്കുചേർത്തുവന്നിരുന്നവർ എവിടെ?–

مِن دُونِ ٱللَّهِ ۖ قَالُوا۟ ضَلُّوا۟ عَنَّا بَل لَّمْ نَكُن نَّدْعُوا۟ مِن قَبْلُ شَيْـًٔا ۚ كَذَٰلِكَ يُضِلُّ ٱللَّهُ ٱلْكَٰفِرِينَ ﴿٧٤﴾

74 അല്ലാഹുവിനുപുറമെ (പങ്കു ചേർത്തിരുന്നവർ)! അവർ പറയും: "അവർ ഞങ്ങളെ വിട്ട് (മറഞ്ഞു) കാണാതായിപ്പോയി! (അല്ല–) പക്ഷെ, ഞങ്ങൾ മുമ്പ് യാതൊന്നിനെയും വിളിച്ചു (പ്രാർത്ഥി) ച്ചിരുന്നില്ല." ഇതുപോലെ അല്ലാഹു അവിശ്വാ സികളെ വഴിപിഴവിലാക്കുന്നു.

അല്ലാഹുവിന്റെ ആയത്തുകളിൽ തർക്കം നടത്തുന്ന ധിക്കാരികളെക്കുറിച്ച് (ഈ അദ്ധ്യായത്തിൽ തന്നെ) നാലാമതൊരു പ്രാവശ്യം കൂടി അല്ലാഹു ഇവിടെ വളരെ ശക്തിയായി അധിക്ഷേപിക്കുന്നു.

അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചാരാധിക്കുന്ന ദൈവങ്ങളൊക്കെ എവിടെ പോയി? ആരും നിങ്ങളെ സഹായിക്കാനില്ലെ എന്ന് അവരോട് പരിഹാസപൂർവ്വം ചോദിക്കപ്പെടും. അപ്പോൾ അവർ നിസ്സഹായരായി പറയുന്ന മറുപടിയാണ് 74 ാം വചനത്തിൽ (സൂ. അൻആം 22-24 വചനങ്ങൾ ശ്രദ്ധിക്കുക)

**വചനം 75, 76, 77:**

ذَٰلِكُم بِمَا كُنتُمْ تَفْرَحُونَ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ وَبِمَا كُنتُمْ تَمْرَحُونَ ﴿٧٥﴾ ٱدْخُلُوٓا۟ أَبْوَٰبَ جَهَنَّمَ خَٰلِدِينَ فِيهَا ۖ فَبِئْسَ مَثْوَى ٱلْمُتَكَبِّرِينَ ﴿٧٦﴾ فَٱصْبِرْ إِنَّ وَعْدَ ٱللَّهِ حَقٌّ ۚ فَإِمَّا نُرِيَنَّكَ بَعْضَ ٱلَّذِى نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِلَيْنَا يُرْجَعُونَ ﴿٧٧﴾

75 "അതൊക്കെ, ഭൂമിയിൽവെച്ച് ന്യായമല്ലാത്ത വിധത്തിൽ നിങ്ങൾ ആഹ്ളാദം കൊണ്ടിരുന്നതുകൊണ്ടും, നിങ്ങൾ അഹന്ത കാണിച്ചിരുന്നതുകൊണ്ടുമാകുന്നു (സംഭവിച്ചത്).

76 "നരകത്തിൻെറ വാതിലുകളിൽക്കൂടി,- അതിൽ നിത്യവാസികളെന്ന നിലയിൽ-നിങ്ങൾ പ്രവേശിച്ചുകൊള്ളുവിൻ. എന്നാൽ, അഹംഭാവികളുടെ പാർപ്പിടം വളരെ ചീത്ത തന്നെ!"

77 അതുകൊണ്ട് (നബിയേ) ക്ഷമിച്ചുകൊള്ളുക. നിശ്ചയമായും, അല്ലാഹുവിൻെറ വാഗ്ദാനം യഥാർത്ഥമാകുന്നു. എനി, നാം അവരോട് താക്കീത് ചെയ്യുന്നതിൽ ചിലത് (ഒരുപക്ഷെ) നിനക്കു നാം കാണിച്ചു തന്നേക്കുന്നതായാലും, അല്ലെങ്കിൽ, (അതിനുമുമ്പായി നിൻെറ കാലം കഴിച്ച്) നിന്നെ നാം പിടിച്ചെടുക്കുന്നതായാലും, നമ്മുടെ അടുക്കലേക്കുതന്നെ അവർ മടക്കപ്പെടുന്നതാണ്.

ഇത്രയും കഠിനമായ ദുരവസ്ഥക്ക് അവർ വിധേയരാകുവാനുണ്ടായ ഹേതു എന്താണെന്ന് അല്ലാഹു അവരെ ഓർമ്മപ്പെടുത്തുന്നു:

അല്ലാഹുവിന്റെ ലക്ഷ്യങ്ങളും ദൃഷ്ടാന്തങ്ങളും കുതർക്കം നടത്തി, അവർ അഹങ്കാരം പ്രകടിപ്പിക്കുകയും അതിരറ്റ് ആഹ്ലാദിക്കുകയയും ചെയ്യുകയുണ്ടായി. ക്ഷമിച്ച് കൊണ്ട് സത്യപ്രബോധനം തുടരുവാനും, അവരുടെ പേരിലുള്ള ശിക്ഷാ നടപടി, തക്ക സമയത്ത് അല്ലാഹു നടപ്പാക്കുമെന്ന് സമാധാനിക്കുവാനും, നബി(സ)യെ അല്ലാഹു ഉപദേശിക്കുന്നു. നബി(സ)യുടെ ജീവിത കാലത്ത് തന്നെ അവർക്ക് വല്ല ശിക്ഷകളും ബാധിച്ചെന്ന് വരാം; അല്ലെങ്കിൽ അതിന് മുമ്പായി, അവിടുത്തെ കാലം കഴിഞ്ഞെന്നും വരാം. സൂ: റഅ്ദ്: 40-ാം വചനം നോക്കുക. എന്നാൽ, ശത്രുക്കളുടെ അഹന്തയും, ശക്തിയും നശിക്കുകയും, അറേബ്യാ ഉപദ്വീപിൽ ശിർക്കിന്റെയും കുഫ്റിന്റെയും തേർവാഴ്ച അവസാനിച്ച് അറബികളെല്ലാം ഇസ്ലാമിന്റെ പതാകയിൻ കീഴിൽ അണി നിരന്നതും നബി(സ)യുടെ ജീവിത കാലത്ത് തന്നെയായിരുന്നുവല്ലോ.

**വചനം 78 :**

وَلَقَدْ أَرْسَلْنَا رُسُلًا مِّن قَبْلِكَ مِنْهُم مَّن قَصَصْنَا عَلَيْكَ وَمِنْهُم مَّن لَّمْ نَقْصُصْ عَلَيْكَ ۗ وَمَا كَانَ لِرَسُولٍ أَن يَأْتِىَ بِـَٔايَةٍ إِلَّا بِإِذْنِ ٱللَّهِ ۚ فَإِذَا جَآءَ أَمْرُ ٱللَّهِ قُضِىَ بِٱلْحَقِّ وَخَسِرَ هُنَالِكَ

78 നിനക്കുമുമ്പ് പല റസൂലുകളെ (ദൂതൻമാരെ)യും നാം അയക്കുകയുണ്ടായിട്ടുണ്ട്. നിനക്കു നാം കഥനം ചെയ്തു (വിവരിച്ചു) തന്നിട്ടുള്ളവർ അവരിലുണ്ട്; നിനക്കു നാം കഥനം ചെയ്തു (വിവരിച്ചു) തന്നിട്ടില്ലാത്തവരും അവരിലുണ്ട്. ഏതൊരു റസൂലിനും അല്ലാഹുവിൻെറ അനുമതിയോടെയല്ലാതെ ഒരു ദൃഷ്ടാന്തം കൊണ്ടുവരാൻ (നിവൃത്തി) ഇല്ല. എന്നാൽ, അല്ലാഹുവിൻെറ കല്പന വന്നാൽ, യഥാർത്ഥം അനുസ

ٱلْمُبْطِلُونَ ﴿٧٨﴾

രിച്ചു വിധി നടത്തപ്പെടും; അവിടെവെച്ച് വ്യർത്ഥ കാരികൾ നഷ്ടത്തിലാവുകയും ചെയ്യും.

പ്രവാചകന്മാരുടെ എണ്ണം , ഒരുലക്ഷത്തി ഇരുപത്തിനാലായിരമാണെന്നും, അവരിൽ റസൂലുകൾ (ദൂതൻമാർ) മുന്നൂറ്റി പതിമൂന്ന് ആണെന്നും നബി(സ) തിരുമേനി പ്രസ്താവിച്ചതായി ഇമാം അഹമ്മദ് ഉദ്ധരിച്ചിരിക്കുന്നു. അതിൽ ഇരുപത്തി അഞ്ച് പ്രവാചകൻമാരെ പറ്റി മാത്രമെ ഖുർആനിൽ പ്രസ്താവിക്കപെട്ടിട്ടുള്ളു.

ആദം ; ഇദ്‌രീസ് ; നൂഹ് ; ഹൂദ് ; സ്വാലിഹ് ; ലൂത്വ് ; ഇബ്റാഹിം ; ഇസ്ഹാഖ് ; ഇസ്മാഈൽ, യഅ്ഖൂബ്, യൂനുസ്, യൂസുഫ് ; മൂസാ; ഹാറൂൻ ; യൂശഅ് ; ശുഐബ് ; അയ്യൂബ് ; അൽയസഅ്; ദുൽഫിക്ൽ ; ദാവൂദ് ; സുലൈമാൻ; സകറിയ്യാ; യഹ്‌യാ ; ഈസാ(അ) ; മുഹമ്മദ് മുസ്തഫാ(സ) എന്നിവരാണവർ - ഇവരിൽ തന്നെ ചിലരുടെ പേരുകൾ മാത്രമൊ, ചിലരെ കുറിച്ച് ചുരുക്കം വിവരങ്ങൾ മാത്രമൊ ആണ് പറയപെട്ടിട്ടുള്ളതും.

"ജനങ്ങൾക്ക് സത്യവിശ്വാസം സ്വീകരിക്കാനാവശ്യമായ ദൃഷ്ടാന്തങ്ങൾ നൽകപെട്ടിട്ടില്ലാത്ത ഒരാളും പ്രവാചകൻമാരിൽ ഉണ്ടായിട്ടില്ല" എന്ന് നബി(സ) അരുളി ചെയ്തിട്ടുണ്ട്. എന്നാൽ അങ്ങനെയുള്ള ദൃഷ്ടാന്തങ്ങൾ ഒന്നും തന്നെ, പ്രവാചകൻമാർക്ക് സ്വന്തം നിലയിൽ കാണിച്ച് കൊടുക്കുവാനുള്ള കഴിവ് ഇല്ലെന്നും, അല്ലാഹുവിന്റെ അനുമതിയും സഹായവും ഉണ്ടെങ്കിൽ മാത്രമെ അത് സാധിതമാകുകയുള്ളൂ എന്നും, അല്ലാഹു മറ്റു പല വചനങ്ങളിലെന്നപോലെ ഈ വചനത്തിലും പ്രസ്താവിക്കുന്നു. എന്നാൽ സത്യനിഷേധികൾ, ഇത്തരം ദൃഷ്ടാന്തങ്ങൾ കാണുന്ന വേളയിലും, സത്യത്തിലേക്ക് പശ്ചാത്തപിച്ച് മടങ്ങുന്നതിന് പകരം, അവയൊക്കെ ആഭിചാരമാണ്, ജാലവിദ്യയാണ് എന്നൊക്കെ കുതർക്കം പറഞ്ഞു സത്യനിഷേധത്തിൽ തന്നെ ഉറച്ച് നിൽക്കുകയാണ് പതിവെന്ന് കാണാം. അങ്ങനെ നിഷേധികളായ അവർ അവരോട് താക്കീത് ചെയ്യപ്പെട്ടിരിക്കുന്ന പൊതുശിക്ഷക്ക് വിധേയരായിത്തീരുന്നതാണ്. മുൻകാലത്തെ ഒരോ പ്രവാചകനും, ഏതെങ്കിലും ഒരു ജനതയിലേക്ക് മാത്രം നിയോഗിക്കപ്പെട്ടവരായിരുന്നല്ലോ. എന്നാൽ നബി(സ) തിരുമേനിയുടെ ദൗത്യം ലോകജനതക്ക് ആകമാനമായത് കൊണ്ടു, സമുദായം പൊതുശിക്ഷക്ക് ബാധകമാകുവാൻ സംഗതിയായിത്തീർന്നേക്കാവുന്ന ഇത്തരം ദൃഷ്ടാന്തങ്ങൾ അയക്കുന്നത് അല്ലാഹു നിർത്തിയിരിക്കുകയാണ്. (സൂ. ഇസ്രാഅ് : 59 ാം വചനം നോക്കുക)

ബാഹ്യേന്ദ്രിയങ്ങൾ മുഖേനയയോ ബുദ്ധി ഉപയോഗിച്ചൊ, മനസ്സിലാക്കുവാൻ ഉതകുന്ന എല്ലാ ദൃഷ്ടാന്തങ്ങൾക്കും - അവ സാധാരണങ്ങളൊ, അസാധാരണങ്ങളൊ ആകട്ടെ - 'ആയത്തു'കൾ എന്ന് പറയാം. ഖുർആൻ വചനങ്ങൾ പല നിലക്കും, ദൃഷ്ടാന്തങ്ങൾ ഉൾക്കൊള്ളുന്നവയായത് കൊണ്ട് അതിലെ വചനങ്ങൾ(സൂക്തങ്ങൾ)ക്ക് ആയത്തുകൾ എന്ന് പറയപ്പെടുന്നു. ആകാശഭൂമികളുടെയും മനുഷ്യരുടെയും മറ്റ് ചരാചരങ്ങളുടെയും സൃഷ്ടിപ്പ്, സസ്യലതാദികൾ, മഴ, വെള്ളം, ഭക്ഷണം, കാറ്റ് മുതലായവ, രാവ് പകലുകൾ, സൂര്യചന്ദ്ര നക്ഷത്രാദികൾ, ഉറക്കവും ഉണർച്ചയും തുടങ്ങി എണ്ണിയാലൊടുങ്ങാത്ത ദൃഷ്ടാന്തങ്ങൾ ഖുർആൻ വചനങ്ങളിലൂടെ വിവരിക്കപ്പെട്ടിരിക്കുന്നു.

---

**വിഭാഗം: 9**

**വചനം: 79,80,81:**

ٱللَّهُ ٱلَّذِى جَعَلَ لَكُمُ ٱلْأَنْعَـٰمَ لِتَرْكَبُوا۟ مِنْهَا وَمِنْهَا تَأْكُلُونَ ﴿٧٩﴾

79 നിങ്ങൾക്ക് കാലികളെ-അവയിൽനിന്ന് (ചില തിൻമേൽ) നിങ്ങൾക്ക് സവാരി ചെയ്‌വാൻവേണ്ടി -ഉണ്ടാക്കിത്തന്നിട്ടുള്ളവനത്രെ അല്ലാഹു. അവയിൽനിന്ന് (ചിലതിനെ) നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു.

وَلَكُمْ فِيهَا مَنَـٰفِعُ وَلِتَبْلُغُوا۟ عَلَيْهَا حَاجَةً فِى صُدُورِكُمْ وَعَلَيْهَا وَعَلَى ٱلْفُلْكِ تُحْمَلُونَ ﴿٨٠﴾

80 നിങ്ങൾക്ക് അവയിൽ പല (തരം) പ്രയോജനങ്ങളുമുണ്ട്. നിങ്ങളുടെ ഹൃദയങ്ങളിലുള്ള വല്ല ആവശ്യത്തിനും അവയുടെമേൽ (യാത്ര ചെയ്തുകൊണ്ട്) നിങ്ങൾ എത്തിച്ചേരുവാനും (സൗകര്യപ്പെടുത്തിയിരിക്കുന്നു). അവയുടെ മേലും, കപ്പലുകളിലുമായി നിങ്ങൾ വഹിക്കപ്പെടുകയും ചെയ്യുന്നു.

81 തൻെറ (വിവിധ) ദൃഷ്ടാന്തങ്ങൾ അവൻ നിങ്ങൾക്ക് കാട്ടിത്തരുകയും ചെയ്യുന്നു. എന്നിരിക്കെ, അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?!

وَيُرِيكُمْ ءَايَـٰتِهِۦ فَأَىَّ ءَايَـٰتِ ٱللَّهِ تُنكِرُونَ ﴿٨١﴾

ഏവർക്കും സുപരിചിതമായ ചില ദൃഷ്ടാന്തങ്ങൾ അല്ലാഹു ഈ വചനങ്ങളിൽ വിവരിക്കുന്നു ഒട്ടകം, ആട്, മാട് എന്നീ മൂന്ന് വിഭാഗം മൃഗങ്ങൾക്കാണ് പൊതുവെ 'അൻആം' എന്ന് പറയപ്പെടുന്നത്. (ചിലപ്പോൾ ഒട്ടകത്തെ മാത്രം ഉദ്ദേശിച്ചും 'അൻആം' എന്ന് പറയാറുണ്ട്) പ്രസ്തുത മൃഗങ്ങളെല്ലാം തന്നെ വാഹനമായും ഭക്ഷ്യ പദാർത്ഥമായും മനുഷ്യൻ ഉപയോഗിച്ച് വരുന്നു. പാൽ, രോമം, തോൽ മുതലായവയും അവയിൽ നിന്ന് മനുഷ്യന് ലഭ്യമാകുകയും ചെയ്യുന്നു. കരയിൽ മൃഗങ്ങളെപ്പോലെ കടലിൽ കപ്പലും അല്ലാഹു മനുഷ്യന് വാഹനമായി ഏർപ്പെടുത്തിയിരിക്കുന്നു. ഇതുപോലെയുള്ള മറ്റനേകം ദൃഷ്ടാന്തങ്ങൾ കണ്ടിട്ട് അവയെ നിഷേധിക്കുവാനും, അവയുടെ നേരെ കണ്ണടയ്ക്കുവാനും, ചിന്താശൂന്യരായ നിർഭാഗ്യവാന്മാർക്ക് മാത്രമേ സാധിക്കുകയുള്ളൂ.

**വചനം 82,83:**

82 എന്നാലവർ ഭൂമിയിൽകൂടി സഞ്ചരിക്കുന്നില്ലേ?- അപ്പോഴവർക്ക് തങ്ങളുടെ മുമ്പുള്ളവരുടെ പര്യവസാനം ഉണ്ടായതെങ്ങിനെയാണെന്ന് നോക്കിക്കാണാമല്ലോ! അവർ ഇവരെക്കാൾ അധികമുള്ളവരും, ശക്തിയിലും ഭൂമിയിലെ അവശിഷ്ടങ്ങളിലും (അഥവാ കാൽപാടുകളിലും) കൂടുതൽ ഊക്കുള്ളവരുമായിരുന്നു. എന്നിട്ടും അവർ പ്രവർത്തിച്ചുണ്ടാക്കിയിരുന്നത് അവർക്ക് ഉപകാരപ്പെട്ടില്ല.

أَفَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَيَنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلَّذِينَ مِن قَبْلِهِمْ ۚ كَانُوٓا۟ أَكْثَرَ مِنْهُمْ وَأَشَدَّ قُوَّةً وَءَاثَارًا فِى ٱلْأَرْضِ فَمَآ أَغْنَىٰ عَنْهُم مَّا كَانُوا۟ يَكْسِبُونَ ﴿٨٢﴾

83 (എന്നുവെച്ചാൽ) അവർക്ക് അവരുടെ 'റസൂലു'കൾ തെളിവുകളുമായി വന്നപ്പോൾ, തങ്ങളുടെ പക്കലുള്ള അറിവുകൊണ്ട് അവർ തൃപ്തിയടഞ്ഞു; അവർ ഏതൊന്നിനെപ്പറ്റി പരിഹാസം കൊണ്ടിരുന്നുവോ അത് (ശിക്ഷ) അവരിൽ വന്നു വലയം ചെയ്കയും ചെയ്തു.

فَلَمَّا جَآءَتْهُمْ رُسُلُهُم بِٱلْبَيِّنَـٰتِ فَرِحُوا۟ بِمَا عِندَهُم مِّنَ ٱلْعِلْمِ وَحَاقَ بِهِم مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٨٣﴾

പ്രവാചകന്മാർ മതിയായ തെളിവുകൾ സഹിതം ചെന്നപ്പോൾ, അവയെ നിഷേധിക്കുകയും, പരിഹസിക്കുകയുമാണ് അവരുടെ മുൻഗാമികൾ ചെയ്തത്. ശക്തിയിലും, എണ്ണത്തിലും അവർ കൂടുതൽ ഊക്കുള്ളവരായിന്നു. എന്നിട്ടും അവർ അല്ലാഹുവിന്റെ ശിക്ഷയ്ക്ക് പാത്രീഭൂതരാവുകയാണുണ്ടായത്.

**വചനം 84,85:**

84 അങ്ങനെ, നമ്മുടെ ദണ്ഡന (ശിക്ഷ) കണ്ടപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവിൽ-അവൻ ഏകനായിക്കൊണ്ടു (തന്നെ)-ഞങ്ങൾ വിശ്വസിച്ചു; അവനോട് ഞങ്ങൾ ഏതൊന്നിനെ പങ്കുചേർക്കുന്നവരായിരുന്നുവോ അതിൽ ഞങ്ങൾ അവിശ്വസിക്കുകയും ചെയ്തിരിക്കുന്നു.'

فَلَمَّا رَأَوْا۟ بَأْسَنَا قَالُوٓا۟ ءَامَنَّا بِٱللَّهِ وَحْدَهُۥ وَكَفَرْنَا بِمَا كُنَّا بِهِۦ مُشْرِكِينَ ﴿٨٤﴾

85 എന്നാൽ, നമ്മുടെ ദണ്ഡന (ശിക്ഷ) കണ്ടപ്പോ ഴത്തെ അവരുടെ (ആ) വിശ്വാസം അവർക്ക് പ്രയോജനപ്പെടുകയില്ല. (അതെ) അല്ലാഹു വിൻെറ അടിയാൻമാരിൽ (മുമ്പ്) കഴിഞ്ഞു പോയിട്ടുള്ള അവൻെറ അതേ നടപടിക്രമം തന്നെ! അവിടെവെച്ച് അവിശ്വാസികൾ നഷ്ട മടയുകയും ചെയ്തു.

فَلَمْ يَكُ يَنفَعُهُمْ إِيمَٰنُهُمْ لَمَّا رَأَوْا۟
بَأْسَنَا ۖ سُنَّتَ ٱللَّهِ ٱلَّتِى قَدْ خَلَتْ فِى
عِبَادِهِۦ ۖ وَخَسِرَ هُنَالِكَ ٱلْكَٰفِرُونَ ﴿٨٥﴾

മരണ വേളയിൽ ഉണ്ടാകുന്ന പശ്ചാത്താപവും, വിശ്വാസവും അല്ലാഹുവിങ്കൽ സ്വീകാര്യമായിരിക്കുന്നതല്ല.

“ഒരാൾക്ക് മരണം ആസന്നമാകുന്ന സന്ദർഭത്തിൽ ഞാൻ ഇപ്പോൾ പശ്ചാത്തപിച്ചിരിക്കുന്നുവെന്ന് പറഞ്ഞേക്കുമാറ് അതുവരെ തിന്മകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർക്കും, അവിശ്വാസികളായിക്കൊണ്ട് മൃതി അടയുന്നവർക്കും, അല്ല, പശ്ചാത്താപം നിശ്ചയിച്ചിരിക്കുന്നത്” എന്ന് അല്ലാഹു സൂ: നിസാഅ്: 18-ാം വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

“മരണം തൊണ്ടക്കുഴിയിലെത്താത്തപ്പോൾ വരെ, അല്ലാഹു അടിയാന്റെ പശ്ചാത്താപം സ്വീകരിക്കുന്നതാണ്” (തി.ജ) എന്ന് നബി(സ) അരുളിയിരിക്കുന്നു.

മരണത്തിന് മുമ്പായി എല്ലാ പാപങ്ങളിൽ നിന്നും പശ്ചാത്തപിച്ച് മടങ്ങുകയും സത്യവിശ്വാസിയായികൊണ്ട് മരണപ്പെടുകയും ചെയ്യുന്ന നല്ല അടിയാന്മാരിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

# 41. സൂറത്ത് - ഫുസ്സിലത്ത്

## (ഹാമീം സജദ)

**മക്കായിൽ അവതരിച്ചത്**

വചനങ്ങൾ 54, വിഭാഗം (റുക്കൂഅ്) 6

3-ാം വചനത്തിലെ 'ഫുസ്- സ്വിലത്ത്' എന്ന പദമാകുന്നു സൂ: ഫുസ്സിലത്ത് എന്ന പേരിന് നിദാനം. വിശദീകരിക്കപ്പെട്ടു, വേർതിരിക്കപ്പെട്ടു എന്നൊക്കെയാണാ പദത്തിന്റെ അർത്ഥം.

ഈ സൂറത്തിന്റെ 38-ാം വചനത്തിന് ശേഷം ഓത്തിന്റെ സുജൂദ് ചെയ്യേണ്ടതാണ്. ഇത് നിമിത്ത മാണ് ഈ സൂറത്തിന് **حم السجدة** (സുജൂദുള്ള 'ഹാമീം') എന്ന് പറയുന്നത്.

ഇമാം ബൈഹഖി(റ), ഹാകിം(റ) മുതലായ പല പണ്ഡിതന്മാരും നിവേദനം ചെയ്തിട്ടുള്ള ഒരു സംഭവമാകുന്നു ചുവടെ ചേർക്കുന്നത്.

ഒരിക്കൽ ഖുറൈശികൾ യോഗം ചേർന്ന് ജാലവിദ്യ, പ്രശ്നവിദ്യ, കവിത മുതലായവയിൽ സമർത്ഥ നായ ഉത്ത്ബത്തുബ്നു റബീഅ: എന്നയാളെ നബി(സ) തിരുമേനിയുമായി സംഭാഷണം നടത്താൻ തിരു മേനിയുടെ അടുക്കലേക്ക് അയക്കുകയുണ്ടായി. അയാൾ ഇപ്രകാരം പറഞ്ഞു:

"നിന്റെ പിതാവായ അബ്ദുല്ലയും, നിന്റെ പിതാമഹൻ അബ്ദുൽ മുത്തലിബും, നീ കുറ്റപ്പെടു ത്തുന്ന ഈ ദൈവങ്ങളെ (വിഗ്രഹങ്ങളെ) ആരാധിച്ചു വന്നിരുന്നു. നീയാണോ ഉത്തമൻ - അതോ അവ രാണോ ഉത്തമന്മാർ. ഹേ മനുഷ്യാ, നീ ഞങ്ങളുടെ ഐക്യം ശിഥിലമാക്കി; അറബികളുടെ മുമ്പിൽ ഞങ്ങളെ അപമാനിച്ചു; ഞങ്ങളുടെ മതത്തെ നീ കുറ്റപ്പെടുത്തി; നിനക്ക് സാമ്പത്തികമായ വല്ല ലക്ഷ്യവുമാണുള്ള തെങ്കിൽ ഞങ്ങൾ നിന്നെ വലിയ ഒരു ധനികനാക്കിത്തരാം; വിവാഹമാണ്, ആവശ്യമെങ്കിൽ നീ ഇഷ്ടപ്പെ ടുന്ന പത്ത് പേരെ നിനക്ക് വിവാഹം ചെയ്ത് തരാം".

എല്ലാം ക്ഷമയോടെ കേട്ടിരുന്ന നബി(സ) തിരുമേനി, അയാൾ എല്ലാം പറഞ്ഞ് കഴിഞ്ഞപ്പോൾ ഹാ-മീം സജദയുടെ 'ബിസ്മില്ലാഹി' മുതൽ 13-ാം വചനം തീരുന്നത് വരെ ഉത്ത്ബത്തിനെ ഓതി കേൾപ്പിച്ചു.

കൈകൾ പിന്നോക്കം കെട്ടി നിന്ന് അതെല്ലാം കേട്ട ഉത്ത്ബത്തിന്റെ മുഖം ആകെ വിളറിവെളുത്തു അത്യന്തം പരിഭ്രമചിത്തനായി, നേരെ സ്വന്തം വീട്ടിലേക്കയാൾ മടങ്ങിപ്പോയി. തങ്ങളുടെ സദസ്സിലേക്ക് വരാതിരുന്ന, അയാളെ അബൂജഹൽ അടക്കമുള്ള ഖുറൈശി പ്രമാണികൾ, അയാളുടെ വീട്ടിൽചെന്ന് കണ്ടു. അയാൾ മതം മാറിപ്പോയോ എന്ന് പോലും അവർ സംശയിച്ചു.

അയാൾ അവരോട് ഇപ്രകാരം പറഞ്ഞു: "മുഹമ്മദിൽ നിന്നും ഞാൻ കേട്ട വാക്കുകൾ പോലെ യുള്ള വാക്കുകൾ ഞാൻ മുമ്പ് കേട്ടിട്ടില്ല. അവസാനം അവൻ ആദ്-ഥമൂദിന്റേത് പോലെയുള്ള ശിക്ഷയെ ക്കുറിച്ച് നമ്മെ താക്കീത് ചെയ്യുകയുമുണ്ടായി. അപ്പോൾ ഞാനവന്റെ വായക്ക് പിടിച്ച് കേണപേക്ഷിച്ചപ്പോ ളാണ് അവനത് നിറുത്തിയത്. നമുക്ക് വല്ല ശിക്ഷയും ബാധിച്ചേക്കുമോ എന്ന് ഞാൻ ഭയപ്പെട്ട് പോയി. മുഹമ്മദ് കളവ് പറയാറുള്ളവനല്ലല്ലോ ഞാനീ പറയുന്നത് നിങ്ങൾ പരിഗണിക്കണം. വേറെ ഏത് വാക്ക് നിങ്ങൾ നിരസിച്ചാലും വിരോധമില്ല"

ഉത്ബത്തിനെ അമ്പരിപ്പിച്ച ആ സൂക്തങ്ങളെ മനസ്സിരുത്തി വായിക്കുമ്പോൾ അറിയാം, അവയി ലടങ്ങിയ ആശയങ്ങളുടെ ഗൗരവം.

**വിഭാഗം - 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3,4**

حمٓ ﴿١﴾

1 'ഹാ-മീം.'

تَنزِيلٌ مِّنَ ٱلرَّحْمَٰنِ ٱلرَّحِيمِ ﴿٢﴾

2 പരമകാരുണികനും, കരുണാനിധിയുമായുള്ള വനിൽ നിന്നുള്ള അവതാരണമാണ് (ഇത്).

كِتَٰبٌ فُصِّلَتْ ءَايَٰتُهُۥ قُرْءَانًا عَرَبِيًّا لِّقَوْمٍ يَعْلَمُونَ ﴿٣﴾

3 അറബിഭാഷയിലുള്ള ഒരു 'ഖുർആൻ' (പാരായണഗ്രന്ഥം) എന്ന നിലയിൽ 'ആയത്ത്' (സൂക്തം)കൾ വിശദീകരിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥം, അറിയുന്ന ജനങ്ങൾക്കു വേണ്ടി!-

بَشِيرًا وَنَذِيرًا فَأَعْرَضَ أَكْثَرُهُمْ فَهُمْ لَا يَسْمَعُونَ ﴿٤﴾

4 സന്തോഷവാർത്ത അറിയിക്കുന്നതും, താക്കീത് നൽകുന്നതുമായിക്കൊണ്ട്. എന്നാൽ, അവരിൽ അധികമാളും (അവഗണിച്ച്) തിരിഞ്ഞു കളഞ്ഞു. അങ്ങനെ, അവർ (ചെവി കൊടുത്ത്) കേൾക്കുന്നില്ല.

സൂറത്തിന്റെ ആരംഭത്തിലെ കേവലാക്ഷരങ്ങളെക്കുറിച്ച് സൂ: അൽബഖറയുടെ പ്രാരംഭത്തിൽ കൊടുത്ത വിശദീകരണം നോക്കുക.

ബാഹ്യവും ആന്തരികവും ആയ എല്ലാതരം കാരുണ്യങ്ങളുടെയും ഉറവിടമായ അല്ലാഹു അവന്റെ അടിയാന്മാരുടെ ശാശ്വത നന്മക്ക് വേണ്ടി അവതരിപ്പിച്ച അനുഗ്രഹീത ഗ്രന്ഥമത്രേ വിശുദ്ധ ഖുർആൻ. നിഷ്പ്രയാസം പാരായണം ചെയ്യുവാനും, ഗ്രഹിച്ച് മനസ്സിലാക്കുവാനും വേണ്ടി അതിലെ സൂക്തങ്ങൾ ഓരോന്നും, വെവ്വേറെ വേർതിരിച്ചും അതാതിലെ ആശയങ്ങൾ വിശദീകരിച്ച് കൊണ്ടും അറബി ഭാഷയിലുള്ള ഒരു നിത്യപാരായണ ഗ്രന്ഥമായിട്ടാണ് അത് അവതരിക്കപ്പെട്ടത്. വസ്തുതകളെ പറ്റി, ആലോചിച്ച് ഗ്രഹിക്കുന്നവർക്ക് അത് പ്രയോജനപ്പെടാതെയിരിക്കുകയില്ല. സത്യത്തിൽ വിശ്വസിക്കുന്നവർക്ക് അത് സന്തോഷവാർത്തയും അവിശ്വസിക്കുന്നവർക്ക് അത് താക്കീതും നൽകുന്നു.

**വചനം 5 :**

وَقَالُوا۟ قُلُوبُنَا فِىٓ أَكِنَّةٍ مِّمَّا تَدْعُونَآ إِلَيْهِ وَفِىٓ ءَاذَانِنَا وَقْرٌ وَمِنۢ بَيْنِنَا وَبَيْنِكَ حِجَابٌ فَٱعْمَلْ إِنَّنَا عَٰمِلُونَ ﴿٥﴾

5 അവർ പറയുകയും ചെയ്യുന്നു: "(മുഹമ്മദേ) നീ യാതൊന്നിലേക്ക് ഞങ്ങളെ ക്ഷണിക്കുന്നുവോ അതിനെക്കുറിച്ച് ഞങ്ങളുടെ ഹൃദയങ്ങൾ (ഒരു തരം) മൂടികളിലാണുള്ളത്; ഞങ്ങളുടെ കാതുകളിലുമുണ്ട് (ഒരു തരം) കട്ടി. ഞങ്ങളുടെയും നിന്റെയും ഇടക്ക് (യോജിക്കാത്തവണ്ണം) ഒരു മറയുമുണ്ട്. ആകയാൽ (നീ കണ്ടത്) നീ പ്രവർത്തിച്ചുകൊള്ളുക; നിശ്ചയമായും ഞങ്ങൾ (കണ്ടത് ഞങ്ങളും) പ്രവർത്തിക്കുന്നവരാണ്!"

ഞങ്ങൾ സത്യം ചെവികൊള്ളുവാൻ ഒരിക്കലും തയ്യാറല്ലെന്നും, നാം തമ്മിൽ യോജിച്ച് പോകുക സാധ്യമല്ലെന്നും നിസ്സങ്കോചം ദുരഭിമാനം കൊള്ളുവാൻ അവിശ്വാസികൾ ധാർഷ്ട്യം ഉള്ളവരായിരിക്കുകയാണ്. എന്നിട്ടും സൗമ്യമായ രീതിയിൽ അവരോട് മറുപടി പറയുവാൻ അല്ലാഹു നബി(സ)യെ ഉപദേശിക്കുന്നു:

**വചനം 6,7 :**

قُلْ إِنَّمَآ أَنَا۠ بَشَرٌ مِّثْلُكُمْ يُوحَىٰٓ إِلَىَّ أَنَّمَآ إِلَٰهُكُمْ إِلَٰهٌ وَٰحِدٌ فَٱسْتَقِيمُوٓا۟ إِلَيْهِ وَٱسْتَغْفِرُوهُ ۗ وَوَيْلٌ لِّلْمُشْرِكِينَ ﴿٦﴾

6 (നബിയേ) പറയുക: "ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രം; നിങ്ങളുടെ ഇലാഹ് (ആരാധ്യൻ) ഒരേ ഒരു ഇലാഹാണെന്ന് എനിക്ക് 'വഹ്‌യു' (ഉൽബോധനം) നൽകപ്പെടുന്നു. ആകയാൽ, നിങ്ങൾ അവങ്കലേക്ക് ചൊവ്വായി നിലകൊള്ളുവിൻ; അവനോട് പാപമോചനം തേടുകയും ചെയ്യുവിൻ." ബഹുദൈവവിശ്വാസികൾക്കു നാശം

ٱلَّذِينَ لَا يُؤْتُونَ ٱلزَّكَوٰةَ وَهُم بِٱلْـَٔاخِرَةِ هُمْ كَـٰفِرُونَ ﴿٧﴾

7 'സക്കാത്ത്' കൊടുക്കാത്തവർ; പരലോകത്തെക്കുറിച്ചാകട്ടെ, അവർ അവിശ്വാസികളുമാണ്. (അങ്ങിനെയുള്ള മുശ്‌രിക്കുകൾക്ക് നാശം.)

"ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാകുന്നു. എന്നാൽ, ആരാധ്യൻ അല്ലാഹു മാത്രമാണെന്ന ദിവ്യസന്ദേശം, ലഭിച്ച് കൊണ്ടിരിക്കുന്ന ഒരു പ്രവാചകൻ ആകുന്നു ഞാൻ. നിങ്ങൾ അല്ലാഹുവിങ്കലേക്ക് നേരായി നിലകൊള്ളുകയും അവനോട് പാപമോചനം തേടുകയും ചെയ്യുവിൻ" എന്ന് പറയുവാൻ അല്ലാഹു നബി(സ)യോട് നിർദേശിക്കുന്നു.

മുശ്‌രിക്കുകളുടെ രണ്ട് പ്രധാന ന്യൂനതകളായി അല്ലാഹു ഇവിടെ എടുത്ത് പറഞ്ഞിട്ടുള്ളത്, അവർ സകാത്ത് കൊടുക്കാത്തവരും, പരലോകത്തിൽ വിശ്വസിക്കാത്തവരും ആകുന്നു എന്നാണ്. സകാത്തിന് അല്ലാഹു കൽപിക്കുന്ന പ്രാധാന്യം എന്ത് മാത്രമാണെന്ന് അല്ലാഹുവിന്റെ ഈ പ്രസ്താവനയിൽ നിന്നും മനസ്സിലാക്കേണ്ടതുണ്ട്.

ഇസ്ലാമിൽ ഇന്ന് നിലവിലുള്ള സകാത്ത് നിയമം നടപ്പിലായത് ഹിജ്റ രണ്ടാം വർഷം മുതലായിരുന്നല്ലോ. ഈ അദ്ധ്യായമാകട്ടെ മക്കീ കാലഘട്ടത്തിൽ അവതരിച്ചതുമാകുന്നു. ഇന്ന് നിലവിലുള്ള സകാത്ത് വിശദാംശത്തിൽ വ്യത്യസ്തമാണെന്നാലും മറ്റൊരു തരത്തിലുള്ള സകാത്ത് ഹിജ്റക്ക് മുമ്പും നിർബന്ധമുണ്ടായിരുന്നു. വിളവുകൾ കൊയ്തെടുക്കുന്ന അവസരത്തിൽ അതിന്റെ കടമ കൊടുത്ത് തീർക്കേണ്ടതാണ് എന്ന് മക്കീസൂറത്തുകളിലൊന്നായ സൂ: അൻആം 141-ൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കൂടാതെ, കഴിവുള്ളവർ ദരിദ്രന്മാർക്കും പാവപ്പെട്ടവർക്കും, സാമ്പത്തിക സഹായം നൽകണമെന്നുള്ളത്, ഒരു പ്രധാന കടമയായി എല്ലാ കാലത്തും പൊതുവിൽ അംഗീകരിക്കപ്പെട്ടതുമാകുന്നു.

**വചനം 8,9,10 :**

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ لَهُمْ أَجْرٌ غَيْرُ مَمْنُونٍ ﴿٨﴾

8 നിശ്ചയമായും, വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവരാകട്ടെ, അവർക്ക് മുറിഞ്ഞുപോകാത്ത പ്രതിഫലം ഉണ്ടായിരിക്കും.

**വിഭാഗം - 2**

۞ قُلْ أَئِنَّكُمْ لَتَكْفُرُونَ بِٱلَّذِى خَلَقَ ٱلْأَرْضَ فِى يَوْمَيْنِ وَتَجْعَلُونَ لَهُۥٓ أَندَادًا ۚ ذَٰلِكَ رَبُّ ٱلْعَـٰلَمِينَ ﴿٩﴾

وَجَعَلَ فِيهَا رَوَٰسِىَ مِن فَوْقِهَا وَبَـٰرَكَ فِيهَا وَقَدَّرَ فِيهَآ أَقْوَٰتَهَا فِىٓ أَرْبَعَةِ أَيَّامٍ سَوَآءً لِّلسَّآئِلِينَ ﴿١٠﴾

9 (നബിയേ) പറയുക: "രണ്ടു ദിവസങ്ങളിലായി ഭൂമിയെ സൃഷ്ടിച്ചുണ്ടാക്കിയവനിൽ അവിശ്വസിക്കുകയും, അവന് സമൻമാരെ ആക്കുകയും തന്നെയാണോ നിങ്ങൾ ചെയ്യുന്നത്?! അതാ (അവനാ)ണ് ലോകരുടെ രക്ഷിതാവ്!"

10 അതിൻെറ (ഭൂമിയുടെ) മുകളിൽകൂടി (ഇളകാതെ) ഉറച്ചു നിൽക്കുന്ന മലകളെയും അവൻ ഉണ്ടാക്കിയിരിക്കുന്നു; അതിൽ (നൻമകൾ വർദ്ധിപ്പിച്ച്) അഭിവൃദ്ധിയുണ്ടാക്കുകയും, അതിലെ ആഹാരവസ്തുക്കൾ അതിൽ (വ്യവസ്ഥ ചെയ്ത്) നിർണയിക്കുകയും ചെയ്തിരിക്കുന്നു; (എല്ലാം കൂടി) നാലു ദിവസങ്ങളിൽ, (അതെ) ചോദിക്കുന്ന (അഥവാ അന്വേഷിക്കുന്ന)വർക്ക് ശരിക്കും (നാലു ദിവസം)!

ആകാശഭൂമികളെ അല്ലാഹു സൃഷ്ടിച്ചത് ആറ് ദിവസങ്ങളിലായിട്ടാണെന്ന് ഖുർആനിൽ സൂ:അഅ്റാഫ് 54, സൂ: യൂനുസ് 3, സൂ: ഹൂദ് 7, സൂ: ഫുർഖാൻ 59, സൂ: ഖാഫ് 38, സൂ: ഹദീദ് 4, സൂ: സജദ 4 എന്നിവിടങ്ങളിൽ ആവർത്തിച്ച് പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാകുന്നു. ഭൂമിയെ സൃഷ്ടിച്ചത് രണ്ട്

ദിവസം കൊണ്ടാണെന്നും, അതിൽ പർവ്വതങ്ങൾ സ്ഥാപിച്ചതും ആഹാരത്തിനുള്ള വ്യവസ്ഥകൾ ചെയ്തതും വേറെ രണ്ട് ദിവസങ്ങൾ കൊണ്ടാണെന്നും, അങ്ങനെ ഭൂമിയുടെ സൃഷ്ടികാര്യങ്ങൾ നാലുദിവസം കൊണ്ടാണ് പൂർത്തിയാക്കിയെതെന്ന് 9,10 വചനങ്ങളിൽ അല്ലാഹു വ്യക്തമാക്കുന്നു. ആകാശത്തിന്റെ കാര്യം പൂർത്തിയാക്കിയത് രണ്ട് ദിവസം കൊണ്ടാണെന്ന് അടുത്തവചനത്തിലും കാണാം. അങ്ങനെ ആറ് ദിവസങ്ങളിലായിട്ടാണ് ആകാശഭൂമികൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്ന് മനസ്സിലാക്കാം. എന്നാൽ 'ദിവസം' എന്നത് കൊണ്ട് ഇവിടെ വിവക്ഷ, നമുക്ക് സുപരിചിതമായ ഒരു രാവും പകലും ചേർന്ന 24 മണിക്കൂർ സമയമായിരിക്കാൻ നിവൃത്തിയില്ല. (സൂ: സജദ 4-ാം വചനത്തിന്റെ വ്യാഖ്യാനം നോക്കുക)

**വചനം 11,12 :**

ثُمَّ ٱسْتَوَىٰٓ إِلَى ٱلسَّمَآءِ وَهِىَ دُخَانٌ فَقَالَ لَهَا وَلِلْأَرْضِ ٱئْتِيَا طَوْعًا أَوْ كَرْهًا قَالَتَآ أَتَيْنَا طَآئِعِينَ ﴿١١﴾

11 പിന്നെ (അതിനുപുറമെ) അവൻ ആകാശത്തിലേക്ക് തിരിഞ്ഞു-അത് ഒരു (തരം) പുകയായിരുന്നു, എന്നിട്ട് അതിനോടും, ഭൂമിയോടും അവൻ പറഞ്ഞു: "നിങ്ങൾ രണ്ടും അനുസരണപൂർവ്വമോ അല്ലെങ്കിൽ നിർബ്ബന്ധിതമായോ വരുക!" അവ രണ്ടും പറഞ്ഞു: "ഞങ്ങൾ അനുസരിച്ചുകൊണ്ടു (തന്നെ ഇതാ) വന്നിരിക്കുന്നു."

فَقَضَىٰهُنَّ سَبْعَ سَمَٰوَاتٍ فِى يَوْمَيْنِ وَأَوْحَىٰ فِى كُلِّ سَمَآءٍ أَمْرَهَا ۚ وَزَيَّنَّا ٱلسَّمَآءَ ٱلدُّنْيَا بِمَصَٰبِيحَ وَحِفْظًا ۚ ذَٰلِكَ تَقْدِيرُ ٱلْعَزِيزِ ٱلْعَلِيمِ ﴿١٢﴾

12 അങ്ങനെ, അവയെ (ആകാശങ്ങളെ) രണ്ടു ദിവസങ്ങളിലായി അവൻ ഏഴാകാശങ്ങളാക്കി (സൃഷ്ടിപ്പ്) പൂർത്തീകരിച്ചു. എല്ലാ (ഓരോ) ആകാശത്തിലും അതതിൻെറ കാര്യം ബോധനം (നൽകി അറിയിച്ചു) കൊടുക്കുകയും ചെയ്തു. (ഭൂമിയുമായി) അടുത്ത ആകാശത്തെ ചില വിളക്കുകൾകൊണ്ട് നാം അലങ്കരിക്കുകയും ചെയ്തു. ഒരു കാവലും (ആക്കിവെച്ചിരിക്കുന്നു.) സർവ്വജ്ഞനായ പ്രതാപശാലിയായുള്ളവൻ (വ്യവസ്ഥ ചെയ്തു) കണക്കാക്കിയതത്രെ അത് (ഒക്കെയും).

പിന്നെ ആകാശത്തിലേക്ക് തിരിഞ്ഞു എന്ന് പറഞ്ഞത് ഭൂമിസൃഷ്ടിച്ച ശേഷമാണ് അല്ലാഹു ആകാശത്തിന്റെ സൃഷ്ടിയിലേക്ക് തിരിഞ്ഞത് എന്നു ഉദ്ദേശത്തിലല്ല. കാരണം, ആകാശത്തെ ഉയർത്തി സ്ഥാപിച്ചതിനേയും, ഇരുട്ടും വെളിച്ചവും ഏർപ്പെടുത്തിയതിനേയും സംബന്ധിച്ച് പ്രസ്താവിച്ച ശേഷം സൂ: നാസിആത് 30-ാം വചനത്തിൽ അതിന് ശേഷം ഭൂമിയെ അവൻ പരത്തുകയും ചെയ്തു എന്ന് അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. ഉപരിലോകത്തെ നക്ഷത്രങ്ങൾക്കാണ് ഭൂമിയേക്കാൾ കൂടുതൽ കാലപ്പഴക്കമെന്നാണ് വാനശാസ്ത്ര പണ്ഡിതന്മാരുടെ നിഗമനവും. 11-ാം വചനത്തിൽ പിന്നെ എന്ന പദം കാലക്രമം കാണിക്കുവാനുള്ളതാണെന്ന് മനസ്സിലാക്കാം.

ഒരു തരം പുകയായിരുന്ന വസ്തുവെ അല്ലാഹു ഏഴ് ആകാശങ്ങളാക്കി സൃഷ്ടി പൂർത്തിയാക്കി എന്ന് അല്ലാഹു പ്രസ്താവിച്ചുവല്ലോ. ആ പുകയെ കുറിച്ച് ചില ശാസ്ത്രീയ സിദ്ധാങ്ങളല്ലാതെ, അതേ കുറിച്ച് ഖണ്ഡിതമായ ഒരു വിജ്ഞാനം അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ലതന്നെ. ആകാശത്തോടും ഭൂമിയോടും അനുസരണപൂർവ്വമോ നിർബന്ധിതമായോ വരുവാൻ അല്ലാഹു കല്പിച്ചുവെന്നും, അവ അനുസരണപൂർവ്വം തന്നെ വന്നുവെന്നും പറഞ്ഞിട്ടുള്ളത് കേവലം ഒരു അലങ്കാരപ്രയോഗമാകുന്നു. അല്ലാഹുവിന്റെ ഉദ്ദേശത്തിനും വ്യവസ്ഥകൾക്കും, എന്തെങ്കിലും വിഘ്നം വരുത്തുവാൻ ഈ അണ്ഡകടാഹത്തിലെ യാതൊരു വസ്തുവിനും സാധ്യമല്ലെന്ന വസ്തുത സംശയലേശമന്യേ വ്യക്തമാണല്ലോ. രണ്ട് ദിവസങ്ങളിൽ- അഥവാ രണ്ട് ഘട്ടങ്ങളിൽ- ആയിട്ടാണ് ആകാശങ്ങളെ സൃഷ്ടിച്ചത് എന്ന് അല്ലാഹു തുടർന്ന് പ്രസ്താവിക്കുന്നു. അങ്ങനെ, ആകാശഭൂമികളുടെ സൃഷ്ടിപ്പ് ആറ് ദിവസം കൊണ്ട് പൂർത്തിയാ

ക്കപ്പെട്ടിരിക്കുന്ന (വചനം 9,10 നോക്കുക); (ഏഴ് ആകാശങ്ങളെക്കുറിച്ച് സൂ: മുഅ്മിനൂൻ, 17-ാം വചനത്തിന്റെ വിവരണവും അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തെയും, അവന്റെ അഗാധജ്ഞാനത്തിന്റെ വിപുലവിശാലതയേയും കുറിച്ച് സൂ: അൽ-കഹ്ഫ്, 109-ാം വചനത്തിന്റെ വിവരണവും ശ്രദ്ധിക്കുക)

ആകാശങ്ങളുടെ സൃഷ്ടിപ്പിന് ശേഷം, ഓരോ ആകാശത്തിലേയും നിവാസികൾ, വിഭവങ്ങൾ, പ്രകൃതി വിശേഷങ്ങൾ എന്നിവ നിശ്ചയിച്ച് വേണ്ടുന്ന വ്യവസ്ഥ ഏർപ്പെടുത്തുകയും, നക്ഷത്രഗോളങ്ങളെ മിന്നിത്തിളങ്ങുന്ന വിളക്കുകളായി അലങ്കരിക്കുകയും ചെയ്തുവെന്ന് തുടർന്ന് അല്ലാഹു പറയുന്നു.

ഒരു കാവലും ആക്കിവെച്ചിരിക്കുന്നു എന്ന് പറഞ്ഞതിന്റെ താല്പര്യം രണ്ട് പ്രകാരത്തിൽ ആയിരിക്കാം.

1) ആകാശത്തിന്റെ രക്ഷക്കാവശ്യമായ എല്ലാ ഏർപ്പാടും നാം ചെയ്തിരിക്കുന്നു.

2) നക്ഷത്രങ്ങളെ, ആകാശത്തേക്ക് പിശാചുക്കളുടെ വരവിനെ തടയുക വഴി, ആകാശത്തിന് ഒരു കാവലായും ഏർപ്പെടുത്തിയിരിക്കുന്നു: (സൂ: ഹിജ്ർ 16,17; സൂ: സ്വാഫ്ഫാത്ത് 6,7 ; സൂ: മുൽക് 5 ; സൂ: ജിന്ന് 8,9 എന്നീ വചനങ്ങളും വിശദീകരണങ്ങളും നോക്കുക)

**വചനം 13 :**

فَإِنْ أَعْرَضُوا۟ فَقُلْ أَنذَرْتُكُمْ صَـٰعِقَةً مِّثْلَ صَـٰعِقَةِ عَادٍ وَثَمُودَ ﴿١٣﴾

13 എന്നിരിക്കെ, അവർ (ശ്രദ്ധിക്കാതെ) തിരിഞ്ഞുകളയുകയാണെങ്കിൽ (നബിയേ) പറയുക: "ആദിൻെറയും, ഥമൂദിൻെറയും ഇടിത്തീ (അഥവാ ഘോരശിക്ഷ) പോലെയുള്ള ഒരു ഇടിത്തീയിനെ (വമ്പിച്ച ശിക്ഷയെ)ക്കുറിച്ചു ഞാൻ (ഇതാ) നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നു!"

9 മുതൽ 12 കൂടി വചനങ്ങളിലെ ഉള്ളടക്കത്തെ തുടർന്ന് വന്ന ഈ വചനത്തിലെ താക്കീതിന്റെ ഗൗരവം ഒന്ന് ചിന്തിച്ച് നോക്കുക; ആമുഖത്തിൽ പ്രസ്താവിച്ചത് പോലെ, ആ കടുത്ത മുശ്രിക്കായ ഉത്ത്ബത്തിന്റെ മുഖഭാവം മാറിയതും, ആ കഠിന ഹൃദയത്തിന് ചാഞ്ചല്യം നേരിട്ടതും, ഈ താക്കീതിന്റെ ഗൗരവം നിമിത്തമാണല്ലോ ആദ്-ഥമൂദിന്റെ ശിക്ഷകളെകുറിച്ച് തുടർന്ന് വിവരിക്കുന്നുണ്ട്.

**വചനം 14 :**

إِذْ جَآءَتْهُمُ ٱلرُّسُلُ مِنۢ بَيْنِ أَيْدِيهِمْ وَمِنْ خَلْفِهِمْ أَلَّا تَعْبُدُوٓا۟ إِلَّا ٱللَّهَ ۖ قَالُوا۟ لَوْ شَآءَ رَبُّنَا لَأَنزَلَ مَلَـٰٓئِكَةً فَإِنَّا بِمَآ أُرْسِلْتُم بِهِۦ كَـٰفِرُونَ ﴿١٤﴾

14 അവരുടെ മുമ്പിലൂടെയും, അവരുടെ പിമ്പിലൂടെയും അവരുടെ അടുക്കൽ റസൂലുകൾ ചെ(ന്ന് ഉപദേശിച്ചു കൊണ്ടിരു)ന്നപ്പോൾ, അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന്; അവർ പറഞ്ഞു: "ഞങ്ങളുടെ റബ്ബ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ (ഞങ്ങളിലേക്ക്) 'മലക്കു'കളെ ഇറക്കുമായിരുന്നു. അതുകൊണ്ട്, നിങ്ങൾ ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ നിശ്ചയമായും ഞങ്ങൾ അവിശ്വാസികളാണ്."

തൗഹീദിന്റെ സന്ദേശവുമായി റസൂലുകളുടെ വരവും ഉപദേശവും, തുടർന്ന് കൊണ്ടിരുന്നുവെങ്കിലും, ആദിന്റെയും ഥമൂദിന്റെയും ധിക്കാരപരമായ നിലപാടാണ് ഈ വചനത്തിൽ ചുരുക്കി പറഞ്ഞത്.

**വചനം 15,16 :**

15 എന്നാല്‍ 'ആദു' ഗോത്രമാകട്ടെ, അവര്‍ ന്യായമല്ലാത്ത വിധത്തില്‍ ഭൂമിയില്‍ അഹം ഭാവം കാണിച്ചു. "ശക്തിയില്‍ ഞങ്ങളെക്കാള്‍ ഊക്കേറിയവര്‍ ആരാണുള്ളത്!?" എന്ന് അവര്‍ പറയുകയും ചെയ്തു. അവര്‍ക്ക് കണ്ടുകൂടേ; അവരെ സൃഷ്ടിച്ച അല്ലാഹു അവരെക്കാള്‍ ശക്തിയില്‍ ഊക്കേറിയവനാണെന്ന്?! അവര്‍ നമ്മുടെ 'ആയത്തു' (ലക്ഷ്യദൃഷ്ടാന്തം) കളെ നിഷേധിക്കുകയും ചെയ്തിരുന്നു.

فَأَمَّا عَادٌ فَٱسۡتَكۡبَرُواْ فِي ٱلۡأَرۡضِ بِغَيۡرِ
ٱلۡحَقِّ وَقَالُواْ مَنۡ أَشَدُّ مِنَّا قُوَّةًۖ أَوَلَمۡ يَرَوۡاْ
أَنَّ ٱللَّهَ ٱلَّذِي خَلَقَهُمۡ هُوَ أَشَدُّ مِنۡهُمۡ
قُوَّةٗۖ وَكَانُواْ بِـَٔايَٰتِنَا يَجۡحَدُونَ ١٥

16 അതിനാല്‍, ദു:ശ്ശകുനം പിടിച്ച ചില ദിവസങ്ങളില്‍ നാം അവരില്‍ ('ശരശരേ'യുള്ള) ഉഗ്രമായ ഒരു കാറ്റിനെ അയച്ചു; ഐഹിക ജീവിതത്തില്‍ (തന്നെ) അവര്‍ക്ക് അപമാനത്തിന്‍െറ ശിക്ഷ ആസ്വദിപ്പിക്കുവാന്‍ വേണ്ടി. പരലോകശിക്ഷയാകട്ടെ, കൂടുതല്‍ അപമാനകരവും! അവര്‍ സഹായിക്കപ്പെടുകയില്ലതാനും.

فَأَرۡسَلۡنَا عَلَيۡهِمۡ رِيحٗا صَرۡصَرٗا فِيٓ أَيَّامٖ
نَّحِسَاتٖ لِّنُذِيقَهُمۡ عَذَابَ ٱلۡخِزۡيِ فِي
ٱلۡحَيَوٰةِ ٱلدُّنۡيَاۖ وَلَعَذَابُ ٱلۡأٓخِرَةِ أَخۡزَىٰۖ
وَهُمۡ لَا يُنصَرُونَ ١٦

തങ്ങളേക്കാള്‍ ശക്തിയേറിയവര്‍ ആരാണ് എന്ന് അഹംഭവിച്ച ആദ്ഗോത്രത്തെ, സര്‍വ്വശക്തനായ അല്ലാഹുവിന്റെ കഠിന ശിക്ഷ പിടികൂടുക തന്നെ ചെയ്തു.

'ദു:ശ്ശകുനം പിടിച്ച' ഏഴ് രാത്രിയും എട്ട് പകലും അവരില്‍ ഒരു കൊടുങ്കാറ്റ് ആഞ്ഞടിച്ച് കൊണ്ടിരുന്നു. ഈന്തപ്പന കടപുഴകി വീഴുന്ന കണക്കെ അവര്‍ ഒന്നടങ്കവും ചത്തൊടുങ്ങിപ്പോയി. (സൂ: ഹാഖ്ഖ 6,7,8) മുറിഞ്ഞ് പോകാതെ നിലനില്‍ക്കുന്ന ശകുനക്കേടിന്റെ ദിവസം എന്നത്രേ സൂ: ഖമര്‍ 19-ാം വചനത്തില്‍ ആ ദിവസങ്ങളെക്കുറിച്ച് വിവരിച്ചിട്ടുള്ളത്. ആ ജനതയെ സംബന്ധിച്ചിടത്തോളം ആ ദിവസങ്ങളത്രയും ഏറ്റവും ലക്ഷണം കെട്ട ദുര്‍ദിനങ്ങളായിരുന്നുവല്ലോ. അതുകൊണ്ടാണ് ദു:ശ്ശകുനം പിടിച്ച - അഥവാ അശുഭകരമായ ദിവസങ്ങള്‍ - എന്ന് ആ ദിവസങ്ങളെക്കുറിച്ച് പറഞ്ഞത്.

**വചനം 17,18 :**

17 എന്നാല്‍ 'ഥമൂദു' ഗോത്രമോ, അവര്‍ക്ക് നാം സന്‍മാര്‍ഗ്ഗം കാട്ടിക്കൊടുത്തു; അപ്പോഴവര്‍ സന്‍മാര്‍ഗ്ഗത്തെക്കാള്‍ അന്ധതയോട് (ദുര്‍മ്മാര്‍ഗ്ഗത്തോട്) സ്നേഹം കാണിച്ചുകളഞ്ഞു. അങ്ങനെ, അവര്‍ ചെയ്തു കൂട്ടിയിരുന്നതു നിമിത്തം, നിന്ദ്യമായ ശിക്ഷയാകുന്ന ഇടിത്തീ (ഘോരശബ്ദം) അവരെ പിടികൂടി.

وَأَمَّا ثَمُودُ فَهَدَيۡنَٰهُمۡ فَٱسۡتَحَبُّواْ
ٱلۡعَمَىٰ عَلَى ٱلۡهُدَىٰ فَأَخَذَتۡهُمۡ صَٰعِقَةُ
ٱلۡعَذَابِ ٱلۡهُونِ بِمَا كَانُواْ يَكۡسِبُونَ ١٧

18 വിശ്വസിക്കുകയും, സൂക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്തവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു.

وَنَجَّيۡنَا ٱلَّذِينَ ءَامَنُواْ وَكَانُواْ يَتَّقُونَ ١٨

ആദ്-ഥമൂദിന്റെ ചരിത്രം പല സൂറത്തുകളിലായി വിവരിക്കപ്പെട്ടു കഴിഞ്ഞതാണ്. ഐഹിക ജീവിതത്തില്‍ തന്നെ അനുഭവപ്പെടുന്ന ഇത്തരം ശിക്ഷകള്‍ക്ക് പുറമേ, പരലോകത്ത് വെച്ച് ഇവര്‍ക്കും ഇവരെപ്പോലെ തൗഹീദില്‍ വിശ്വസിക്കാത്തവര്‍ക്കും, അനുഭവിക്കേണ്ടി വരുന്ന ചില രംഗങ്ങളെ അല്ലാഹു തുടര്‍ന്ന് വിവരിക്കുന്നു.

**വിഭാഗം 3**

**വചനം 19 :**

وَيَوْمَ يُحْشَرُ أَعْدَآءُ ٱللَّهِ إِلَى ٱلنَّارِ فَهُمْ يُوزَعُونَ ﴿١٩﴾

19 അല്ലാഹുവിൻെറ ശത്രുക്കൾ നരകത്തിലേക്ക് ഒരുമിച്ചുകൂട്ടപ്പെടുന്ന ദിവസം! അപ്പോഴവർ നിയന്ത്രിച്ചുകൊണ്ടുവരപ്പെടുന്നതാണ്.

അല്ലാഹുവിന്റെ ശത്രുക്കൾ അന്നേ ദിവസം നരകത്തിൽ ഒരുമിച്ച് കൂട്ടപ്പെടുന്നതാണ്; അവരെ തെളിച്ച് നിയന്ത്രിച്ച് കൊണ്ട് നരകത്തിലേക്ക് കൊണ്ട് വരപ്പെടുന്നതുമാണ്.

**വചനം 20,21 :**

حَتَّىٰٓ إِذَا مَا جَآءُوهَا شَهِدَ عَلَيْهِمْ سَمْعُهُمْ وَأَبْصَٰرُهُمْ وَجُلُودُهُم بِمَا كَانُوا۟ يَعْمَلُونَ ﴿٢٠﴾

وَقَالُوا۟ لِجُلُودِهِمْ لِمَ شَهِدتُّمْ عَلَيْنَا ۖ قَالُوٓا۟ أَنطَقَنَا ٱللَّهُ ٱلَّذِىٓ أَنطَقَ كُلَّ شَىْءٍ وَهُوَ خَلَقَكُمْ أَوَّلَ مَرَّةٍ وَإِلَيْهِ تُرْجَعُونَ ﴿٢١﴾

20 അങ്ങനെ, അവർ അതിൻെറ അടുക്കൽ വരുമ്പോൾ, അവരുടെ കേൾവിയും (കാതുകളും), അവരുടെ കാഴ്ചകളും (കണ്ണുകളും) അവരുടെ തൊലികളും അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിനെക്കുറിച്ച് അവർക്കെതിരിൽ സാക്ഷി പറയുന്നതാണ്.

21 അവർ തങ്ങളുടെ തൊലികളോട് പറയും: “നിങ്ങൾ എന്തിനായിട്ടാണ് ഞങ്ങൾ (അഥവാ നമ്മൾ)ക്കെതിരിൽ സാക്ഷി പറഞ്ഞത്?!” അവർ (തൊലികൾ) പറയും: “എല്ലാ (സംസാരിക്കുന്ന) വസ്തുവെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെ സംസാരിപ്പിച്ചിരിക്കുകയാണ്. അവനാണല്ലോ നിങ്ങളെ ഒന്നാം പ്രാവശ്യം സൃഷ്ടിച്ചത്. അവനിലേക്കു തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.”

അവയവങ്ങൾ സാക്ഷി പറയുന്നത് ഏതോ തരത്തിലുള്ള സംസാരത്തിന്റെ രൂപത്തിലാണെന്ന് 21 -ാം വചനത്തിൽ നിന്ന് മനസ്സിലാകുന്നതാണ്. നാവും അധരങ്ങളും ചലിപ്പിക്കുക വഴി വായ മുഖേനയുള്ള സംസാരമാണ് നമുക്ക് പരിചിതമെങ്കിലും, അല്ലാഹു ഉദ്ദേശിച്ചാൽ മറ്റേതെങ്കിലും അവയവം മുഖേന അത് സംഭവിക്കുന്നതിന് തടസ്സമില്ലല്ലോ. അവരുടെ കാതുകളും, കണ്ണുകളും, തൊലികളും അവ പ്രവർത്തിച്ച് കൊണ്ടിരുന്നതിനെക്കുറിച്ച് സാക്ഷി പറയുമ്പോൾ, കുറ്റവാളികൾ നിങ്ങൾ എന്തിനായിട്ടാണ് ഞങ്ങൾക്കെതിരിൽ സാക്ഷി പറയുന്നത് എന്ന് ചോദിക്കുന്നതും അതിന് എല്ലാ വസ്തുവെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെയും സംസാരിപ്പിച്ചിരിക്കുകയാണ് എന്ന് ആ അവയവങ്ങൾ മറുപടി പറയുന്നതുമാണ്. (സൂ: യാസീൻ 65-ാം വചനം നോക്കുക) രഹസ്യമായി ചെയ്യുന്ന പല തെറ്റുകുറ്റങ്ങളും മനുഷ്യന് മറ്റുള്ള മനുഷ്യരിൽ നിന്നും, മറച്ച് വെക്കുവാൻ സാധിച്ചേക്കും. എന്നാൽ സ്വന്തം അവയവങ്ങളറിയാതെ ആർക്കും പ്രസ്തുത പ്രവർത്തികൾ ചെയ്യാൻ സാധ്യമല്ലല്ലോ.

**വചനം 22,23 :**

وَمَا كُنتُمْ تَسْتَتِرُونَ أَن يَشْهَدَ عَلَيْكُمْ سَمْعُكُمْ وَلَآ أَبْصَٰرُكُمْ وَلَا جُلُودُكُمْ وَلَٰكِن ظَنَنتُمْ أَنَّ ٱللَّهَ لَا يَعْلَمُ كَثِيرًا مِّمَّا تَعْمَلُونَ ﴿٢٢﴾

22 “നിങ്ങളുടെ കേൾവികളാകട്ടെ, കാഴ്ചകളാകട്ടെ, തൊലികളാകട്ടെ, നിങ്ങൾക്കെതിരിൽ സാക്ഷ്യം വഹിക്കുമെന്നതിൽനിന്ന് നിങ്ങൾ മറഞ്ഞു നിൽക്കുകയും ചെയ്തിരുന്നില്ല. പക്ഷേ, നിങ്ങൾ ധരിച്ചു, നിങ്ങൾ പ്രവർത്തിക്കുന്നതിൽനിന്ന് അധികവും അല്ലാഹു അറിയുകയില്ല എന്ന്!”

23 "അത്- നിങ്ങളുടെ റബ്ബിനെക്കുറിച്ച് നിങ്ങൾ ധരിച്ചുവെച്ച (ആ) ധാരണ-നിങ്ങളെ നാശത്തിൽ പതിപ്പിച്ചു. അങ്ങനെ,നിങ്ങൾ നഷ്ടക്കാരിൽപെട്ടവരായിത്തീർന്നു."

وَذَٰلِكُمْ ظَنُّكُمُ ٱلَّذِى ظَنَنتُم بِرَبِّكُمْ أَرْدَىٰكُمْ فَأَصْبَحْتُم مِّنَ ٱلْخَٰسِرِينَ ﴿٢٣﴾

ഈ വാകൃങ്ങൾ അവയവങ്ങൾ നടത്തുന്ന പ്രസ്താവനയാകാനും, അല്ലാഹുവിന്റെ സ്വന്തം പ്രസ്താവനയാകാനും സാധ്യതയുണ്ട്. الله اعلم

**വചനം 24 :**

24 എനി, അവർ ക്ഷമിക്കുകയാണെങ്കിൽ, നരകമത്രെ അവർക്ക് പാർപ്പിടം! അവർ (ഖേദിച്ചു മടങ്ങി) തൃപ്തിക്കപേക്ഷിക്കുയാണെങ്കിലോ, എന്നാലവർ, (മടക്കം സ്വീകരിച്ച്) തൃപ്തി നൽകപ്പെടുന്നവരുടെ കൂട്ടത്തിലും (പെടുന്നത്) അല്ല.

فَإِن يَصْبِرُوا۟ فَٱلنَّارُ مَثْوًى لَّهُمْ ۖ وَإِن يَسْتَعْتِبُوا۟ فَمَا هُم مِّنَ ٱلْمُعْتَبِينَ ﴿٢٤﴾

അവർ ഖേദം പ്രകടിപ്പിച്ചു; അല്ലെങ്കിൽ തങ്ങളുടെ മേൽ പ്രീതിക്ക് അപേക്ഷിച്ചു; അല്ലെങ്കിൽ ഐഹിക ജീവിതത്തിലേക്ക് ഒരു മടക്കം അപേക്ഷിച്ചു-ഇവ കൊണ്ടൊന്നും യാതൊരു ഫലവും ഉണ്ടാവുകയില്ല. ഇവയൊന്നും അവിടെ സ്വീകാര്യമല്ല-നരകമത്രെ അവരുടെ വാസസ്ഥാനം.

അല്ലാഹുവിനെക്കുറിച്ച് നല്ല ധാരണയും സദ് വിചാരവും വെച്ച് പുലർത്തുന്നത് ഒരാളുടെ അല്ലാഹുവിനോടുള്ള നന്ദിയുടേയും വിശ്വാസത്തിന്റെയും ലക്ഷണമാകുന്നു; - അവർ അല്ലാഹുവിന്റെ കല്പനക്കും പ്രീതിക്കും എതിരായ കാര്യങ്ങൾ പ്രവർത്തിക്കുകയില്ല; അത് അവരുടെ സകലമാന വിജയത്തിനും കാരണമാകുന്നതാണ്. താഴെ കാണുന്ന നബി വചനങ്ങൾ ഈ വിഷയ സംബന്ധമായി ശ്രദ്ധേയമാകുന്നു.

"അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു എന്റെ അടിയാന് എന്നെക്കുറിച്ചുള്ള ധാരണയനുസരിച്ചായിരിക്കും ഞാൻ വർത്തിക്കുക."- (ബു:മു)

"നിങ്ങളിൽ ഒരാളും അല്ലാഹുവിനെ പറ്റി ധാരണ നന്നായിക്കൊണ്ടല്ലാതെ മരിച്ച് പോകരുത്. അല്ലാഹുവിനെ കുറിച്ച് ദുഷിച്ച ധാരണ വെച്ച് പുലർത്തുന്നവരെക്കുറിച്ച് അല്ലാഹു ഖുർആനിൽ പറയുന്നു.- നിങ്ങളുടെ റബ്ബിനെ പറ്റി നിങ്ങളുടെ ആ ധാരണ നിങ്ങളെ നാശത്തിലാക്കിയിരിക്കുന്നു". മു:അ:ദാ

**വചനം 25 :**

25 നാം അവർക്ക് ചില കൂട്ടാളികളെ നിശ്ചയിച്ചു; എന്നിട്ട്, അവർ അവരുടെ മുമ്പിലുള്ളതും, പിമ്പിലുള്ളതും അവർക്ക് ഭംഗിയാക്കിക്കാണിച്ചു. ജിന്നുകളിൽനിന്നും, മനുഷ്യരിൽനിന്നും തങ്ങളുടെ മുമ്പ് കഴിഞ്ഞുപോയിട്ടുള്ള സമുദായങ്ങളുടെ കൂട്ടത്തിൽ, അവരുടെമേൽ (ശിക്ഷയുടെ) വാക്ക് (യഥാർഥമായി) സ്ഥിരപ്പെടുകയും ചെയ്തു. നിശ്ചയമായും അവർ നഷ്ടപ്പെട്ടവരായിരുന്നു.

۞ وَقَيَّضْنَا لَهُمْ قُرَنَآءَ فَزَيَّنُوا۟ لَهُم مَّا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَحَقَّ عَلَيْهِمُ ٱلْقَوْلُ فِىٓ أُمَمٍ قَدْ خَلَتْ مِن قَبْلِهِم مِّنَ ٱلْجِنِّ وَٱلْإِنسِ ۖ إِنَّهُمْ كَانُوا۟ خَٰسِرِينَ ﴿٢٥﴾

സഹവാസവും കൂട്ട്കെട്ടും നിമിത്തം മനുഷ്യൻ നന്നായിത്തീരുവാനും ദുഷിച്ച് പോകുവാനും ഇടവരുമെന്ന് പറയേണ്ടതില്ല. "മനുഷ്യൻ അവന്റെ ചങ്ങാതിയുടെ മതത്തിലായിരിക്കും നിലകൊള്ളുക" എന്ന് നബി(സ) തിരുമേനി അരുളിയിരിക്കുന്നു. - അ:തി: ദാ: ബ

അല്ലാഹു പ്രസ്താവിച്ചതായി നബി(സ) ഇപ്രകാരം പറഞ്ഞിരിക്കുന്നു: "എന്റെ വിഷയത്തിൽ അന്യോന്യം സ്നേഹിക്കുന്നവർക്കും, അന്യോന്യം കൂടിയിരിക്കുന്നവർക്കും, അന്യോന്യം സന്ദർശനം

നടത്തുന്നവർക്കും അന്യോന്യം കൊടുക്കുന്നവർക്കും എന്റെ സ്നേഹം നിർബന്ധമായും ലഭിക്കുന്നതാണ്. -” ഇമാം മാലിക്(റ)

**വിഭാഗം 4**

**വചനം 26 :**

وَقَالَ ٱلَّذِينَ كَفَرُوا۟ لَا تَسْمَعُوا۟ لِهَٰذَا ٱلْقُرْءَانِ وَٱلْغَوْا۟ فِيهِ لَعَلَّكُمْ تَغْلِبُونَ ﴿٢٦﴾

26 അവിശ്വസിച്ചവർ പറയുകയാണ്: “നിങ്ങൾ ഈ ഖുർആനിലേക്ക് ചെവികൊടുക്കരുത്; നിങ്ങൾ അതിൽ (ബഹളംകൂട്ടി) ഒച്ചപ്പാടുണ്ടാക്കുകയും ചെയ്യുവിൻ, നിങ്ങൾ ജയം നേടിയേക്കാം.”

തെളിവ്, ന്യായം, ഉപായം, വാദപ്രതിവാദം എന്നിവ കൊണ്ടൊന്നും, ഖുർആന്റെ വശ്യശക്തിയെ മറികടക്കുവാൻ ഖുറൈശി മുശ്രിക്കുകൾക്ക് കഴിയാതിരുന്നപ്പോൾ അവർ പ്രയോഗിച്ച മറ്റൊരു കുതന്ത്രമാണിത്. ഖുർആൻ ഓതികേൾപ്പിക്കപ്പെടുമ്പോൾ അനാവശ്യ സംസാരം, ചൂളംവിളി, കൈയടി മുതലായ ശബ്ദകോലാഹലമുണ്ടാക്കി, മറ്റുള്ളവരെ അത് കേൾക്കുന്നതിൽ നിന്നും തടയുക- അങ്ങനെ ആ സംരംഭത്തെ പരാജയപ്പെടുത്തി തങ്ങൾക്ക് വിജയം നോടാമെന്നാണവരുടെ വ്യാമോഹം.

1400 കൊല്ലം മുമ്പ് ജീവിച്ചിരുന്ന സത്യനിഷേധികളായ ആ അപരിഷ്കൃത അറബികൾ കൈകൊണ്ടിരുന്ന അതേ പൈശാചിക അടവ് തന്നെ, ഇക്കാലത്ത് അന്ധവിശ്വാസത്തിനും, അനാചാരങ്ങൾക്കും എതിരായി ശബ്ദം ഉയർത്തുന്ന തൗഹീദ് പ്രബോധനങ്ങൾക്കെതിരായി, ചില ശിർക്കൻ വിഭാഗക്കാർ, കല്ലെറിഞ്ഞും, പ്രസംഗവേദിയിൽ അലങ്കോലമുണ്ടാക്കിയും, കൈക്കൊണ്ട് വരുന്നുണ്ടെന്നുള്ള വസ്തുത, ആ രണ്ട് വിഭാഗക്കാർ തമ്മിലുള്ള ആശയ സാമ്യതയെ വെളിപ്പെടുത്തുന്നതത്രേ.

**വചനം 27,28,29 :**

فَلَنُذِيقَنَّ ٱلَّذِينَ كَفَرُوا۟ عَذَابًا شَدِيدًا وَلَنَجْزِيَنَّهُمْ أَسْوَأَ ٱلَّذِى كَانُوا۟ يَعْمَلُونَ ﴿٢٧﴾

ذَٰلِكَ جَزَآءُ أَعْدَآءِ ٱللَّهِ ٱلنَّارُ ۖ لَهُمْ فِيهَا دَارُ ٱلْخُلْدِ ۖ جَزَآءًۢ بِمَا كَانُوا۟ بِـَٔايَٰتِنَا يَجْحَدُونَ ﴿٢٨﴾

وَقَالَ ٱلَّذِينَ كَفَرُوا۟ رَبَّنَآ أَرِنَا ٱلَّذَيْنِ أَضَلَّانَا مِنَ ٱلْجِنِّ وَٱلْإِنسِ نَجْعَلْهُمَا تَحْتَ أَقْدَامِنَا لِيَكُونَا مِنَ ٱلْأَسْفَلِينَ ﴿٢٩﴾

27 എന്നാൽ, (ആ) അവിശ്വസിച്ചവർക്ക് നിശ്ചയമായും കഠിനമായ ശിക്ഷ നാം ആസ്വദിപ്പിക്കുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിലെ തിൻമ(കൾ)ക്ക് അവർക്കു നാം പ്രതിഫലം നൽകുകയും തന്നെ ചെയ്യും.

28 അതാ, അല്ലാഹുവിൻെറ ശത്രുക്കളുടെ പ്രതിഫലം-നരകം! അവർക്കതിൽ സ്ഥിരവാസത്തിൻെറ ഭവനമുണ്ട്; നമ്മുടെ (ലക്ഷ്യ) ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ചിരുന്നതിന് പ്രതിഫലമായിട്ട്.

29 അവിശ്വസിച്ചവർ (അവിടെവെച്ച്) പറയും: “ഞങ്ങളുടെ റബ്ബേ! ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നും ഞങ്ങളെ വഴിപിഴപ്പിച്ച ഇരുകൂട്ടരെയും ഞങ്ങൾക്ക് കാട്ടിത്തരേണമേ; രണ്ടു കൂട്ടരും ഏറ്റവും അധമൻമാരുടെ കൂട്ടത്തിലായിത്തീരുവാൻ വേണ്ടി, ഞങ്ങൾ അവരെ ഞങ്ങളുടെ കാലടികൾക്കു താഴെയാ(ക്കി ചവിട്ടിയേ)ക്കട്ടെ.”

തങ്ങൾ അതികഠിനമായ ഈ ശിക്ഷകൾക്ക് വിധേയരായതിന് കാരണക്കാരായ മനുഷ്യപിശാചുക്കളേയും ജിന്ന് പിശാചുക്കളെയും ചവിട്ടി മെതിച്ച് നിന്ദിച്ച് കൊണ്ട് പക പോക്കാൻ ഒരവസരം നൽകണേ എന്ന് അവിശ്വാസികൾ അവരുടെ ശിക്ഷാ സമയത്ത് വിലപിക്കുന്നതാണ്. ഇഹത്തിൽ വെച്ച് അവരോടുണ്ടായിരുന്ന സ്നേഹാദരവുകളും, ഇണക്ക വണക്കങ്ങളുമെല്ലാം, ഇപ്പോൾ എങ്ങോ പോയി മറഞ്ഞ് കഴിഞ്ഞു. ഇപ്പോൾ അവരാണ് ഇവരുടെ ഏറ്റവും വെറുക്കപ്പെട്ട ശത്രുക്കൾ.

തുടർന്നുള്ള ഏതാനും വചനങ്ങളിൽ അല്ലാഹു സത്യവിശ്വാസികളെക്കുറിച്ച് പ്രസ്താവിക്കുന്നു.

**വചനം 30,31,32 :**

30 'ഞങ്ങളുടെ റബ്ബ് അല്ലാഹുവാണ്' എന്ന് പറയുകയും, പിന്നീട് (അതനുസരിച്ചു) ചൊവ്വായി നിലകൊള്ളുകയും ചെയ്തിട്ടുള്ളവർ, അവരിൽ മലക്കുകൾ (സന്തോഷവാർത്തയുമായി) ഇറങ്ങിവരുന്നതാണ്: അതായത്: "നിങ്ങൾ പേടിക്കേണ്ടാ, നിങ്ങൾ വ്യസനിക്കുകയും വേണ്ടാ, നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന സ്വർഗ്ഗം കൊണ്ട് നിങ്ങൾ സന്തോഷമടഞ്ഞുകൊള്ളുവിൻ!"

31 "ഇഹത്തിലും, പരത്തിലും നിങ്ങളുടെ ബന്ധുമിത്രങ്ങളാണ് ഞങ്ങൾ. നിങ്ങൾക്ക് അവിടത്തിൽ (പരലോകത്ത്) നിങ്ങളുടെ മനസ്സുകൾ എന്ത് ഇച്ഛിക്കുന്നുവോ അത് (മുഴുവനും) ഉണ്ടായിരിക്കും. നിങ്ങൾ അവിടെവെച്ച് എന്ത് ആവശ്യപ്പെടുന്നുവോ അതും നിങ്ങൾക്കുണ്ടായിരിക്കും;-

32 വളരെ പൊറുക്കുന്നവനും, കരുണാനിധിയുമായ ഒരുവനിൽ (അല്ലാഹുവിൽ)നിന്നുള്ള സൽക്കാരമായിക്കൊണ്ട്!"

إِنَّ ٱلَّذِينَ قَالُوا۟ رَبُّنَا ٱللَّهُ ثُمَّ ٱسْتَقَٰمُوا۟ تَتَنَزَّلُ عَلَيْهِمُ ٱلْمَلَٰٓئِكَةُ أَلَّا تَخَافُوا۟ وَلَا تَحْزَنُوا۟ وَأَبْشِرُوا۟ بِٱلْجَنَّةِ ٱلَّتِى كُنتُمْ تُوعَدُونَ ﴿٣٠﴾

نَحْنُ أَوْلِيَآؤُكُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا وَفِى ٱلْءَاخِرَةِ ۖ وَلَكُمْ فِيهَا مَا تَشْتَهِىٓ أَنفُسُكُمْ وَلَكُمْ فِيهَا مَا تَدَّعُونَ ﴿٣١﴾

نُزُلًا مِّنْ غَفُورٍ رَّحِيمٍ ﴿٣٢﴾

അല്ലാഹുവിൽ ദൃഢമായി വിശ്വസിക്കുകയും, അതനുസരിച്ച് നേർമാർഗ്ഗത്തിൽ ചരിക്കുകയും ചെയ്യുന്നവരുടെ അടുക്കൽ ഐഹികവും പാരത്രികവുമായ സന്തോഷവാർത്തകളുമായി മലക്കുകൾ ഇറങ്ങി വന്ന് അവരെ സമാധാനിപ്പിച്ച് കൊണ്ടിരിക്കുമെന്ന സന്തോഷവാർത്ത ഈ വചനങ്ങളിലൂടെ അല്ലാഹു അറിയിക്കുന്നു.

"നിങ്ങൾക്ക് പരലോകത്ത് പേടിക്കേണ്ടതായി ഒന്നും ഉണ്ടായിരിക്കുകയില്ല. നിങ്ങൾ ഇഹലോകത്ത് വിട്ട് പോകുന്ന മക്കൾ, കുടുംബങ്ങൾ, ബന്ധങ്ങൾ മുതലായവയെ പറ്റി നിങ്ങൾ വ്യസനിക്കേണ്ടതില്ല. സൽകർമ്മകാരികൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗ്ഗം നിങ്ങൾക്ക് അവകാശപ്പെട്ടതാണ്. ഞങ്ങളാകട്ടെ ഇഹത്തിലും പരത്തിലും നിങ്ങളുടെ മിത്രങ്ങളും ഗുണകാംക്ഷികളുമാകുന്നു. ഇഹലോകത്ത് സൽകർമ്മം ചെയ്യാനുള്ള പ്രചോദനം നിങ്ങൾക്ക് നൽകുക, നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുക മുതലായവ ഞങ്ങൾ ചെയ്ത് വരുന്നു. ഖബറിലെ ജീവിതത്തിലും പുനരുത്ഥാനത്തിന്റെ ഭയങ്കര ഘട്ടങ്ങളിലുമെല്ലാം ഞങ്ങൾ, നിങ്ങൾക്ക് മനസ്സമാധാനം നൽകിക്കൊണ്ടിരിക്കും. സ്വർഗ്ഗത്തിലാണെങ്കിൽ, നിങ്ങൾ ഇഛിക്കുന്നതും നിങ്ങൾ ആവശ്യപ്പെടുന്നതുമെല്ലാം, നിങ്ങൾക്കവിടെ തയ്യാറുണ്ടായിരിക്കുന്നതാണ്. വളരെ പൊറുക്കുന്നവനും, കാരുണ്യവാനുമായ അല്ലാഹു നിങ്ങൾക്കായി ഒരുക്കിവെച്ചിട്ടുള്ള വിരുന്ന് സൽക്കാരമായിരിക്കും അത".

സജ്ജനങ്ങളായ ആളുകൾക്ക് ഈ സന്തോഷവാർത്തകൾ, മരണസമയത്തും, ഖബ്റിൽ വെച്ചും പുനരുത്ഥാന സമയത്തും അറിയിക്കപ്പെടുമെന്ന് ഇബ്നു കഥീർ(റ) നിവേദനം ചെയ്തിരിക്കുന്നു.

## വിഭാഗം 5

**വചനം 33 :**

33 അല്ലാഹുവിലേക്ക് ക്ഷണിക്കുകയും, സൽക്കർമ്മം പ്രവർത്തിക്കുകയും, നിശ്ചയമായും ഞാൻ 'മുസ്‌ലിം'കളിൽപെട്ടവനാണ് എന്ന്

وَمَنْ أَحْسَنُ قَوْلًا مِّمَّن دَعَآ إِلَى ٱللَّهِ وَعَمِلَ صَٰلِحًا وَقَالَ إِنَّنِى مِنَ

ٱلْمُسْلِمِينَ ﴿٣٣﴾

പറയുകയും ചെയ്തവനെക്കാൾ നല്ല വാക്ക് പറയുന്നവൻ ആരാണുള്ളത്?! (ആരുമില്ല തന്നെ.)

മനുഷ്യരിൽ വെച്ച് ഏറ്റവും നല്ല വക്താവിന്റെ മൂന്ന് ഉൽകൃഷ്ട ഗുണങ്ങൾ അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

(1) അല്ലാഹുവിലേക്ക് ക്ഷണിക്കുക: തൗഹീദിലേക്കും, ഇസ്ലാമിലേക്കും മറ്റുള്ളവരെ ക്ഷണിക്കുന്നതിന് വേണ്ടി പ്രവർത്തിക്കുക.

(2) അന്യരെ ക്ഷണിക്കുകയും ഉപദേശിക്കുകയും ചെയ്യുന്നവൻ നിഷ്കളങ്കനും, മാതൃകായോഗ്യനും, സദ്വൃത്തനുമായിത്തീരേണ്ടതുണ്ട്.

(3) താനൊരു മുസ്ലിമാണ്- അഥവാ അല്ലാഹുവിന്റെ വിധി വിലക്കുകളനുസരിച്ച് ജീവിക്കുന്നവനാണ് എന്ന് പരസ്യമായും ധൈര്യ സമേതവും തുറന്ന് പ്രഖ്യാപിക്കുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്യുക.

ഈ മൂന്ന് ഗുണങ്ങളും സമഞ്ജസമായി സമ്മേളിച്ച വ്യക്തികൾ ഇന്ന് മുസ്ലീം സമുദായത്തിൽ വിരളമാണെന്ന വസ്തുത അങ്ങേ അറ്റം വ്യസനത്തോടെ സമ്മതിക്കേണ്ടിയിരിക്കുന്നു. താനൊരു മുസ്ലീമാണെന്ന് തുറന്ന് പ്രഖ്യാപിക്കുന്നത് പോകട്ടെ, ഇസ്ലാമിക ചിഹ്നങ്ങളോ വേഷവിധാനങ്ങളോ സ്വീകരിക്കുന്നത് പോലും ലജ്ജാകരമായി കരുതുന്നവരാണ് മുസ്ലീം നാമധാരികളായ പലരും തന്നെ.

**വചനം 34,35 :**

وَلَا تَسْتَوِى ٱلْحَسَنَةُ وَلَا ٱلسَّيِّئَةُ ۚ ٱدْفَعْ بِٱلَّتِى هِىَ أَحْسَنُ فَإِذَا ٱلَّذِى بَيْنَكَ وَبَيْنَهُۥ عَدَٰوَةٌ كَأَنَّهُۥ وَلِىٌّ حَمِيمٌ ﴿٣٤﴾ وَمَا يُلَقَّىٰهَآ إِلَّا ٱلَّذِينَ صَبَرُوا۟ وَمَا يُلَقَّىٰهَآ إِلَّا ذُو حَظٍّ عَظِيمٍ ﴿٣٥﴾

34 നൻമയും തിൻമയും സമമാകുകയില്ല തന്നെ. കൂടുതൽ നല്ലതേതോ അതുകൊണ്ടു നീ (തിൻമയെ) തടുത്തുകൊള്ളുക. എന്നാൽ, നിൻെറയും യാതൊരുവൻെറയും ഇടയിൽ വല്ല ശത്രുതയുമുണ്ടോ അവൻ, ഒരു ഉറ്റബന്ധുവെന്നപോലെ ആയിരിക്കുന്നതാണ്.

35 ക്ഷമ (സഹനം) കൈക്കൊണ്ടവർക്കല്ലാതെ ഇത് (ഇക്കാര്യം) എത്തപ്പെടുകയില്ല; വമ്പിച്ച ഭാഗ്യവാന്നുമല്ലാതെ ഇത് എത്തപ്പെടുന്നതല്ല.

വളരെ മഹത്തായ ഒരു തത്വമാണ് ഈ വചനങ്ങളിൽ ഉൾക്കൊള്ളുന്നത്.

നന്മയും തിന്മയും സമമാവുകയില്ല എന്നതാണ് ആ തത്വത്തിന്റെ അടിസ്ഥാനം. നന്മക്ക് അതിന്റേതായ നല്ല ഗുണങ്ങളും തിന്മക്ക് അതിന്റേതായ ചീത്ത ഗുണങ്ങളുമാണുള്ളത്. നന്മ വരുത്തുവാൻ തിന്മക്ക് സാധ്യമല്ല. ഒരു തിന്മ പലപ്പോഴും പല തിന്മകൾ ചെയ്യാൻ കാരണമായേക്കും. അതുകൊണ്ട് തിന്മയെ തടുക്കുവാനും മുടക്കുവാനും ഏറ്റവും നല്ല ആയുധം നയപൂർവ്വം പ്രയോഗിക്കപ്പെടുന്ന നന്മയാകുന്നു. ഉദാരമായ പെരുമാറ്റം, ക്ഷമ, മാപ്പ്, വിട്ടുവീഴ്ച, നല്ലവാക്ക് മുതലായവയാണ് ഇതിനുള്ള 'കൂടുതൽ നല്ല' മാർഗ്ഗങ്ങൾ ഈ മാർഗ്ഗം സ്വീകരിക്കുന്ന പക്ഷം തമ്മിൽ ശത്രുതയോടെ വർത്തിക്കുന്നവർ പോലും ഉറ്റ ബന്ധുക്കളായി മാറുന്നതാണ്. എന്നാൽ ക്ഷമയും സഹനശക്തിയും ഉള്ള മഹാഭാഗ്യവാന്മാർക്ക് മാത്രമേ ഈ മാർഗ്ഗം പ്രയോഗവൽക്കരിക്കുവാൻ കഴിയുകയുള്ളൂ എന്ന് അല്ലാഹു നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഇത്തരം മഹാഭാഗ്യവാന്മാരായ സഹനശീലന്മാരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തട്ടെ- ആമീൻ.

നബി(സ) അരുളിയതായി ബുഖാരി(റ) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു:

“ഇങ്ങോട്ട് ചെയ്തത് പോലെ അങ്ങോട്ടും -സമത്തിന് സമമായി- പ്രവർത്തിക്കുന്നവനല്ല ബന്ധം പാലിക്കുന്നവൻ. എന്നാൽ, തന്നോടുള്ള ബന്ധം മുറിക്കപ്പെട്ടാൽ അങ്ങോട്ട് ആ ബന്ധം സ്ഥാപിക്കുന്നവനാണ് ബന്ധം പാലിക്കുന്നവൻ”.

**വചനം 36 :**

وَإِمَّا يَنزَغَنَّكَ مِنَ ٱلشَّيْطَٰنِ نَزْغٌ فَٱسْتَعِذْ بِٱللَّهِ ۖ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٣٦﴾

36 പിശാചിൽനിന്ന് വല്ല ദുഷ്പ്രേരണയും (എപ്പോഴെങ്കിലും) നിന്നെ ഇളക്കിവിട്ടേക്കുന്നപക്ഷം, അപ്പോൾ നീ അല്ലാഹുവിനോട് ശരണം തേടുകയും ചെയ്തുകൊള്ളുക. നിശ്ചയമായും, അവനത്രെ, (എല്ലാം) കേൾക്കുന്നവനും അറിയുന്നവനും.

കഴിഞ്ഞ ആയത്തിലെയും ഈ ആയത്തിലെയും ആശയങ്ങൾ ഉൾക്കൊള്ളുന്ന ചില വചനങ്ങളും അവയുടെ വിവരണവും സൂ: മുഅ്മിനൂൻ 96-98 ലും സൂ: അഅ്റാഫ് - 199,200 ലും വിവരിക്കപ്പെട്ടിട്ടുള്ളത് ഓർമ്മിക്കുക. പിശാചിന്റെ നാശത്തിൽ നിന്നും മുക്തി ലഭിക്കുവാനുള്ള മാർഗ്ഗം, അല്ലാഹുവിൽ ശരണം തേടുകയും അവനോട് പ്രാർത്ഥിക്കുകയും ചെയ്യുക എന്നതാണെന്നും ഇത്പോലെയുള്ള ഖുർആൻ വചനങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു - എന്തെന്നാൽ രഹസ്യ പരസ്യമെന്നോ, വലുത് ചെറുതെന്നോ വ്യത്യാസമില്ലാതെ എല്ലാം കേൾക്കുന്നവനും അറിയുന്നവനും അവൻ മാത്രമാണല്ലോ. അത്കൊണ്ടാണ് ചില സന്ദർഭങ്ങളിൽ നബി(സ) ഇപ്രകാരം പ്രാർത്ഥിച്ചിരിക്കുന്നത്.

"എല്ലാം കേൾക്കുന്നവനും അറിയുന്നവനുമായ അല്ലാഹുവിനോട് ആട്ടപ്പെട്ട പിശാചിൽ നിന്നും ഞാൻ രക്ഷ തേടുന്നു".

**വചനം 37,38 :**

وَمِنْ ءَايَٰتِهِ ٱلَّيْلُ وَٱلنَّهَارُ وَٱلشَّمْسُ وَٱلْقَمَرُ ۚ لَا تَسْجُدُوا۟ لِلشَّمْسِ وَلَا لِلْقَمَرِ وَٱسْجُدُوا۟ لِلَّهِ ٱلَّذِى خَلَقَهُنَّ إِن كُنتُمْ إِيَّاهُ تَعْبُدُونَ ﴿٣٧﴾

فَإِنِ ٱسْتَكْبَرُوا۟ فَٱلَّذِينَ عِندَ رَبِّكَ يُسَبِّحُونَ لَهُۥ بِٱلَّيْلِ وَٱلنَّهَارِ وَهُمْ لَا يَسْـَٔمُونَ ۩ ﴿٣٨﴾

37 അവന്റെ (അല്ലാഹുവിന്റെ) ദൃഷ്ടാന്തങ്ങളിൽ പെട്ടവയാണ് രാവും, പകലും, സൂര്യനും, ചന്ദ്രനും. സൂര്യന്നാകട്ടെ, ചന്ദ്രന്നാകട്ടെ, നിങ്ങൾ 'സുജൂദ്' (സാഷ്ടാംഗവണക്കം) ചെയ്യരുത്. അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന് നിങ്ങൾ 'സുജൂദ്' ചെയ്യുകയും ചെയ്യുക; നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ.

38 എനി, അവർ അഹംഭാവം നടിക്കുകയാണെങ്കിൽ, എന്നാൽ (നബിയേ) നിന്റെ റബ്ബിന്റെ അടുക്കലുള്ളവർ (മലക്കുകൾ) രാത്രിയിലും പകലിലും അവന്ന് 'തസ്ബീഹു' (സ്തോത്രകീർത്തനം) നടത്തിക്കൊണ്ടിരിക്കുന്നു. അവരാകട്ടെ, മടി കാട്ടുകയുമില്ല.

ഓതുമ്പോൾ സുജൂദ് ചെയ്യേണ്ടുന്ന ആയത്തുകളിൽപെട്ടതാണ് 38-ാം വചനം. ഇത് നിമിത്തമാണ് ഈ സൂറത്തിന് حم السجدة (സുജൂദുള്ള ഹാമീം) എന്ന് പേർ പറയുന്നത്.

സൂര്യചന്ദ്രന്മാർ ഗംഭീരമായ ചില വസ്തുക്കളാണെന്നതിനാലാണ് പലരും അവയെ ആരാധിച്ച് വരുന്നത്. എന്നാൽ അവയൊക്കെയും തന്നെ അല്ലാഹുവിന്റെ സൃഷ്ടികളും ദൃഷ്ടാന്തങ്ങളും ആകുന്നു. അപ്പോൾ യഥാർത്ഥത്തിൽ ആരാധിക്കേണ്ടത് ആ സൃഷ്ടാവിനെയല്ലേ. നിസ്സാര സൃഷ്ടിയായ മനുഷ്യൻ അല്ലാഹുവിനെ ആരാധിക്കുവാൻ തയ്യാറില്ലാതെ, അഹംഭാവം നടിക്കുകയാണെങ്കിലോ, അല്ലാഹുവിന് എന്തെങ്കിലും പോരായ്മയോ ദോഷമോ ബാധിക്കാനില്ല തന്നെ. അതേ സമയം തന്നെ രാപകൽ വ്യത്യാസമന്യേ, യാതൊരു മടിയോ, മടുപ്പോ ക്ഷീണമോ ബാധിക്കാതെ, അവന്റെ ഉത്തമ സൃഷ്ടികളായ എണ്ണമറ്റ മലക്കുകൾ, ഉപരിലോകങ്ങളിൽ വെച്ച് സദാസമയം ആരാധനാ വണക്കങ്ങളും സ്തോത്ര കീർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നുണ്ട് താനും.

**വചനം 39 :**

39 അവൻെറ ദൃഷ്ടാന്തങ്ങളിൽപെട്ടത് തന്നെയാണ് ഭൂമിയെ അടങ്ങി (ഇറുകി)യതായി നീ കാണുന്നതും. എന്നിട്ട് അതിൽ നാം (മഴ) വെള്ളം ഇറക്കിയാൽ അത് (കുതിർന്ന്) ഇളകുകയും, ചീർക്കുകയും ചെയ്യുന്നു. അതിന് ജീവസ്സു നൽകുന്നവൻ, നിശ്ചയമായും മരണപ്പെട്ടവരെ ജീവിപ്പിക്കുന്നവൻ തന്നെയാകുന്നു. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവൻ തന്നെ.

وَمِنْ ءَايَٰتِهِۦٓ أَنَّكَ تَرَى ٱلْأَرْضَ خَٰشِعَةً فَإِذَآ أَنزَلْنَا عَلَيْهَا ٱلْمَآءَ ٱهْتَزَّتْ وَرَبَتْ ۚ إِنَّ ٱلَّذِىٓ أَحْيَاهَا لَمُحْىِ ٱلْمَوْتَىٰٓ ۚ إِنَّهُۥ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٣٩﴾

ഈ വചനത്തിൽ അല്ലാഹു ഭൗമികമായ ചില ദൃഷ്ടാന്തങ്ങളെ ചൂണ്ടിക്കാട്ടിക്കൊണ്ട്, പുനരുത്ഥാനത്തെ സ്ഥാപിക്കുന്നു. നിർജ്ജീവമായിക്കിടന്ന തരിശ് ഭൂമിയിൽ അല്ലാഹു മഴ വർഷിപ്പിക്കുമ്പോൾ, മണ്ണ് കുതിർന്ന് ഇളകുകയും, ചീർക്കുകയും, അങ്ങനെ അതിൽ സസ്യലതാദികൾ ഉൽപാദിപ്പിക്കുകയും ചെയ്യുന്നു. ഇത്പോലെ മരിച്ച് ജീർണ്ണിച്ച മണ്ണിലലിഞ്ഞ് പോയ ശവശരീരങ്ങളെ ജീവിപ്പിക്കുവാൻ കഴിവുള്ളവനാകുന്ന, സർവ്വശക്തനായ അല്ലാഹു.

**വചനം 40,41,42 :**

40 നമ്മുടെ 'ആയത്തു'കളിൽ (ലക്ഷ്യദൃഷ്ടാന്തങ്ങളിൽ) വക്രത കാണിക്കുന്നവർ നമുക്ക് (കാൺമാൻ കഴിയാതെ) നിശ്ചയമായും മറഞ്ഞുപോകുന്നതല്ല. എന്നാൽ, നരകത്തിൽ ഇടപ്പെടുന്ന ഒരുവനോ ഉത്തമൻ, അതല്ല ഖിയാമത്തുനാളിൽ നിർഭയനായ നിലയിൽ വരുന്നവനോ?! (ഹേ വക്രൻമാരേ) നിങ്ങളുദ്ദേശിച്ചത് നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക! നിശ്ചയമായും അവൻ (അല്ലാഹു) നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

إِنَّ ٱلَّذِينَ يُلْحِدُونَ فِىٓ ءَايَٰتِنَا لَا يَخْفَوْنَ عَلَيْنَآ ۗ أَفَمَن يُلْقَىٰ فِى ٱلنَّارِ خَيْرٌ أَم مَّن يَأْتِىٓ ءَامِنًا يَوْمَ ٱلْقِيَٰمَةِ ۚ ٱعْمَلُوا۟ مَا شِئْتُمْ ۖ إِنَّهُۥ بِمَا تَعْمَلُونَ بَصِيرٌ ﴿٤٠﴾

41 (ഈ ഖുർആനാകുന്ന) സന്ദേശം തങ്ങൾക്കു വന്നെത്തിയപ്പോൾ അതിൽ അവിശ്വസിച്ചിട്ടുള്ളവർ നിശ്ചയമായും....! (അവർ അങ്ങേ അറ്റം കഷ്ടനഷ്ടത്തിൽ തന്നെ!) അതാകട്ടെ, പ്രബലമായ (അഥവാ വീര്യപ്പെട്ട) ഒരു ഗ്രന്ഥം തന്നെയാകുന്നു;-

إِنَّ ٱلَّذِينَ كَفَرُوا۟ بِٱلذِّكْرِ لَمَّا جَآءَهُمْ ۖ وَإِنَّهُۥ لَكِتَٰبٌ عَزِيزٌ ﴿٤١﴾

42 അതിൻെറ മുന്നിൽകൂടിയാകട്ടെ, അതിൻെറ പിന്നിൽകൂടിയാകട്ടെ, മിഥ്യയായുള്ളത് അതിൽ വന്നുചേരുന്നതല്ല, അഗാധജ്ഞനും, സ്തുത്യാർഹനുമായുള്ള ഒരുവൻെറ (അല്ലാഹുവിൻെറ) അടുക്കൽനിന്നുള്ള അവതരണമാണ് (അത്).

لَّا يَأْتِيهِ ٱلْبَٰطِلُ مِنۢ بَيْنِ يَدَيْهِ وَلَا مِنْ خَلْفِهِۦ ۖ تَنزِيلٌ مِّنْ حَكِيمٍ حَمِيدٍ ﴿٤٢﴾

അല്ലാഹുവിന്റെ ആയത്തുകളിൽ (ലക്ഷ്യദൃഷ്ടാന്തങ്ങളിൽ) വക്രത കാണിക്കുന്നവർ- വളച്ചൊടിക്കുക, ദുർവ്യാഖ്യാനം നടത്തുക, യുക്തിവാദങ്ങളും, ദുർന്യായങ്ങളും വഴി വേദവാക്യങ്ങളെ പരിഹസിക്കുക തുടങ്ങിയ വിക്രിയകൾ കാണിക്കുന്നവർ- അല്ലാഹുവിന്റെ ദൃഷ്ടിയിൽപെടാതെ രക്ഷപ്പെടാമെന്ന് കരുതേണ്ടതില്ല. അവർ ഖിയാമത്ത് നാളിൽ നരകാഗ്നിക്ക് വിധേയരാക്കപ്പെടുന്നതാണ്. നിങ്ങൾ ഉദ്ദേശിച്ചത്,

തൽക്കാലം നിങ്ങൾ പ്രവർത്തിച്ച് കൊള്ളുവിൻ; അല്ലാഹു എല്ലാം കണ്ടറിയുന്നുണ്ട് എന്ന ശക്തമായ താക്കീത് അല്ലാഹു അവർക്ക് നൽകുന്നു.

ഖുർആൻ തങ്ങൾക്ക് വന്നെത്തിയതിന് ശേഷം അതിൽ അവിശ്വസിച്ചിട്ടുള്ളവർക്ക്, അല്ലാഹു മൗന രൂപത്തിൽ, അർത്ഥഗർഭമായ മറ്റൊരു താക്കീത് കൂടി നൽകുന്നു 41-ാം വചനത്തിൽ. ആ വാചകത്തിന്റെ ബാക്കി ഭാഗം മുഴുവിക്കാതെ അല്ലാഹു വിട്ട് കളഞ്ഞിരിക്കുകയാണ്.- ഓരോരുത്തനും, അവന്റെ ബുദ്ധിയുടെയും ചിന്തയുടെയും തോതനുസരിച്ച് കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കുവാൻ വേണ്ടിയാകുന്നു അത്.

തുടർന്ന് ഖുർആൻന്റെ അപ്രമാദിത്വവും മഹത്വവും അല്ലാഹു ചൂണ്ടിക്കാട്ടുന്നു: അത് പ്രബലവും വീര്യപ്പെട്ടതുമായ ഒരു ഗ്രന്ഥമാകുന്നു: ഏതെങ്കിലും മാർഗ്ഗേന അതിൽ അന്യായമോ അസത്യമോ, നിരർത്ഥകമായ മിഥ്യകളോ കടന്ന് കൂടുന്നതല്ല; സത്യസമ്പൂർണ്ണവും, കാലദേശ വ്യത്യാസമില്ലാതെ സർവ്വത്ര പ്രായോഗികവും, ഇരുലോക നന്മകളുടെ ഉറവിടവുമായ വിശുദ്ധഖുർആൻ അപ്രകാരം ആയിത്തീരുവാനുള്ള കാരണം, അഗാധജ്ഞനും, അങ്ങേയറ്റത്തെ തത്വജ്ഞാനിയും, യുക്തിമാനുമായ അല്ലാഹുവാണ് അതിനെ അവതരിപ്പിച്ചിരിക്കുന്നത് എന്നത്രേ.

**വചനം 43:**

مَّا يُقَالُ لَكَ إِلَّا مَا قَدْ قِيلَ لِلرُّسُلِ مِن قَبْلِكَ ۚ إِنَّ رَبَّكَ لَذُو مَغْفِرَةٍ وَذُو عِقَابٍ أَلِيمٍ ﴿٤٣﴾

43 (നബിയേ) നിൻെറ മുമ്പുണ്ടായിരുന്ന 'റസൂലു'കളോട് പറയപ്പെടുകയുണ്ടായിട്ടുള്ളതല്ലാതെ (പുതുതായൊന്നും) നിന്നോട് പറയപ്പെടുന്നില്ല. നിശ്ചയമായും നിൻെറ റബ്ബ് പാപമോചനം നൽകുന്നവനും, വേദനയേറിയ ശിക്ഷ നൽകുന്നവനും ആകുന്നു.

മുൻകഴിഞ്ഞ് പോയ ദൈവദൂതന്മാരോട് അവരുടെ എതിരാളികളായ നിഷേധികൾ പറഞ്ഞിരുന്ന അതേ തരത്തിലുള്ള ആക്ഷേപങ്ങളും, ദുർന്യായങ്ങളും തന്നെയാണ് ഇക്കൂട്ടരും നബിയേ, താങ്കളോടും പറയുന്നത്. അത്കൊണ്ട് താങ്കൾ ക്ഷമ കൈകൊള്ളുക. അല്ലാഹു പൊറുക്കപ്പെടേണ്ടവർക്ക് പൊറുത്ത് കൊടുക്കുകയും, ശിക്ഷിക്കപ്പെടേണ്ടവരെ കഠിനമായി ശിക്ഷിക്കുകയും ചെയ്തുകൊള്ളും.

**വചനം 44 :**

وَلَوْ جَعَلْنَٰهُ قُرْءَانًا أَعْجَمِيًّا لَّقَالُوا۟ لَوْلَا فُصِّلَتْ ءَايَٰتُهُۥٓ ۖ ءَا۬عْجَمِىٌّ وَعَرَبِىٌّ ۗ قُلْ هُوَ لِلَّذِينَ ءَامَنُوا۟ هُدًى وَشِفَآءٌ ۖ وَٱلَّذِينَ لَا يُؤْمِنُونَ فِىٓ ءَاذَانِهِمْ وَقْرٌ وَهُوَ عَلَيْهِمْ عَمًى ۚ أُو۟لَٰٓئِكَ يُنَادَوْنَ مِن مَّكَانٍۭ بَعِيدٍ ﴿٤٤﴾

44 നാം അതിനെ അറബിയല്ലാത്ത 'ഖുർആൻ' ആക്കിയിരുന്നുവെങ്കിൽ അവർ പറഞ്ഞേക്കും: "അതിൻെറ 'ആയത്തു'കൾ (സൂക്തങ്ങൾ) വിശദീകരിച്ചു പറയപ്പെടാത്തതെന്താണ്?! (ഗ്രന്ഥം) ഒരു അനറബിയും, (പ്രവാചകൻ) ഒരു അറബിയുമോ (ഇതെന്തു കഥ)?!" പറയുക: "വിശ്വസിച്ചവർക്ക് അത് മാർഗ്ഗദർശനവും (രോഗ)ശമനവും (അഥവാ ആശ്വാസപ്രദവും) ആകുന്നു. വിശ്വസിക്കാത്തവർക്കാകട്ടെ, അവരുടെ കാതുകളിൽ ഒരു (തരം) കട്ടിയുണ്ട്; അത് അവർക്ക് ഒരു (തരം) അന്ധതയുമാണ്." അക്കൂട്ടർ ഒരു വിദൂരമായ സ്ഥലത്തുനിന്ന് വിളിക്കപ്പെടുകയാണ്.

ഖുർആൻ എന്ത് കൊണ്ട് അറബിയല്ലാത്ത ഒരു ഭാഷയിൽ ആയില്ല എന്ന അവിശ്വാസികളുടെ ആക്ഷേപത്തിനുള്ള അല്ലാഹുവിന്റെ മറുപടിയാകുന്നു ഈ വചനം. എല്ലാ ഭാഷയും അറിയുന്ന അല്ലാഹുവിന് എന്ത്കൊണ്ട് അതുവേറൊരു ഭാഷയിൽ ആയിക്കൂടാ എന്നാണവരുടെ പരിഹാസം.

ഇനി അഥവാ, ഖുർആൻ അറബിയല്ലാത്ത മറ്റൊരു ഭാഷയിൽ ആയിരുന്നെങ്കിൽ ആ അവിശ്വാസികൾ ഇപ്രകാരം വാദിച്ചേക്കും:

“അറബികളായ ഞങ്ങൾക്ക് മറ്റൊരു ഭാഷയിൽ ഉപദേശം നൽകിയിട്ടെന്താണ് ഫലം, ഇതിന്റെ പ്രബോധകനാകട്ടെ, ഒരു അറബിയും; എന്തുകൊണ്ട് ഞങ്ങളുടെ ഭാഷയിൽ ഞങ്ങൾക്ക് കാര്യങ്ങൾ വിവരിച്ച് തന്നുകൂടാ.”

ഈ വാദം ന്യായവുമാണ്. അത്കൊണ്ടാണ് ഖുർആൻ അറബി ഭാഷയിലാക്കിയത് എന്ന് സാരം. (സൂ: മർയം 97; സൂ: ത്വാഹ 113 എന്നിവിടങ്ങളിൽ നോക്കുക)

ഖുർആനിലേക്ക് മനസ്സ് കൊടുത്ത് ശ്രദ്ധിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് അത് മാർഗ്ഗദർശനവും, മാനസികമായ സംശയങ്ങൾക്കും വിശ്വാസവൈകല്യങ്ങൾക്കും ശമനവും ആകുന്നു. (സൂ: ഇസ്രാഅ് 82; സൂ: യുനുസ് 57 എന്നീ വചനങ്ങൾ നോക്കുക) നേരെ മറിച്ച് അതിലേക്ക് ശ്രദ്ധ കൊടുക്കാതെ, നിഷേധിക്കുന്നവർക്ക് അതുമൂലം യാതൊരു നന്മയും സിദ്ധിക്കുകയില്ലെന്ന് മാത്രമല്ല, നിഷേധം നിമിത്തം, അവർ നഷ്ടം മാത്രമായിരിക്കും സമ്പാദിക്കുന്നത്- വിദൂരമായ സ്ഥലത്ത് നിന്ന് വിളിക്കപ്പെടുന്നവരെപ്പോലെ.

## വിഭാഗം 6

**വചനം 45,46 :**

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَٰبَ فَٱخْتُلِفَ فِيهِ ۗ وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ لَقُضِىَ بَيْنَهُمْ ۚ وَإِنَّهُمْ لَفِى شَكٍّ مِّنْهُ مُرِيبٍ ﴿٤٥﴾

مَّنْ عَمِلَ صَٰلِحًا فَلِنَفْسِهِۦ ۖ وَمَنْ أَسَآءَ فَعَلَيْهَا ۗ وَمَا رَبُّكَ بِظَلَّٰمٍ لِّلْعَبِيدِ ﴿٤٦﴾

45 മൂസാക്ക് നാം വേദഗ്രന്ഥം കൊടുക്കുകയുണ്ടായി. എന്നിട്ട് അതിലും ഭിന്നിപ്പുണ്ടായി. നിന്റെ റബ്ബിന്റെ പക്കൽനിന്ന് ഒരു വാക്ക് മുമ്പുണ്ടായിട്ടില്ലായിരുന്നുവെങ്കിൽ, അവർക്കിടയിൽ (ഉടൻതന്നെ) വിധി നടത്തപ്പെടുമായിരുന്നു. നിശ്ചയമായും അവർ, ഇതിനെ (ഖുർആനെ) ക്കുറിച്ച് ആശങ്കാജനകമായ സംശയത്തിൽ തന്നെ.

46 ആരെങ്കിലും സൽക്കർമ്മം പ്രവർത്തിച്ചാൽ, തനിക്കുതന്നെയാണ് (അതിന്റെ ഗുണം). ആരെങ്കിലും തിൻമ ചെയ്താലും തന്റെ മേൽതന്നെ (അതിന്റെ ദോഷം). നിന്റെ റബ്ബ് അടിമകളോട് അക്രമം പ്രവർത്തിക്കുന്നവനല്ലതന്നെ.

“മുൻപുണ്ടായിട്ടുള്ള വാക്ക്” എന്ന് പറഞ്ഞത്, ഐഹിക ജീവിതത്തിൽ വെച്ച് ചെയ്യുന്ന ദുഷ്കർമ്മങ്ങളുടെ ശിക്ഷ പരലോകത്ത് വെച്ചാണ് നൽകപ്പെടുക എന്ന നിശ്ചയത്തെ ഉദ്ദേശിച്ചാകുന്നു.

ഈ വചനങ്ങൾ നബി(സ) തിരുമേനിക്ക് മനസ്സമാധാനം പ്രദാനം ചെയ്യുന്നതും, അതേസമയം അക്രമികൾക്ക് താക്കീത് ഉൾക്കൊള്ളുന്നതുമാകുന്നു.

### ജുസുഅ് - 25

**വചനം 47,48 :**

۞ إِلَيْهِ يُرَدُّ عِلْمُ ٱلسَّاعَةِ ۚ وَمَا تَخْرُجُ مِن ثَمَرَٰتٍ مِّنْ أَكْمَامِهَا وَمَا تَحْمِلُ مِنْ

47 അവങ്കലേക്കാണ് അന്ത്യസമയത്തിന്റെ (ലോകാവസാനഘട്ടത്തിന്റെ) അറിവ് മടക്കപ്പെടുന്നത്. ഏതു ഫലങ്ങളുംതന്നെ, അവയുടെ (കുലകളിലുള്ള) പോളകളിൽനിന്ന്

أُنثَىٰ وَلَا تَضَعُ إِلَّا بِعِلْمِهِۦ ۚ وَيَوْمَ يُنَادِيهِمْ أَيْنَ شُرَكَآءِى قَالُوٓا۟ ءَاذَنَّـٰكَ مَا مِنَّا مِن شَهِيدٍ ﴿٤٧﴾

പുറത്തുവരുന്നില്ല; ഒരു സ്ത്രീയും ഗർഭം ധരിക്കുന്നുമില്ല; പ്രസവിക്കുന്നുമില്ല; അവൻെറ അറിവോടുകൂടിയല്ലാതെ! "എൻെറ പങ്കുകാർ എവിടെ?!" എന്ന് അവൻ അവരെ വിളി(ച്ചു ചോദി) ക്കുന്ന ദിവസം, അവർ പറയും: "ഞങ്ങൾ നിന്നോടു പ്രഖ്യാപിക്കുന്നു, ഞങ്ങളിൽ (അതിനു) സാക്ഷ്യം വഹിക്കുന്ന ഒരാളുമില്ലെന്ന്!"

وَضَلَّ عَنْهُم مَّا كَانُوا۟ يَدْعُونَ مِن قَبْلُ ۖ وَظَنُّوا۟ مَا لَهُم مِّن مَّحِيصٍ ﴿٤٨﴾

48 അവർ മുമ്പ് വിളിച്ചു (പ്രാർത്ഥിച്ചു) വന്നിരുന്നവ അവരിൽനിന്ന് തെറ്റി (മറഞ്ഞു) പോകയും ചെയ്യും. ഓടിപ്പോകാവുന്ന ഒരു (രക്ഷാ) സ്ഥലവും തങ്ങൾക്ക് ഇല്ലെന്ന് അവർക്ക് വിചാരം (ഉറപ്പ്) വരുകയും ചെയ്യും.

ലോകവസാനമാകുന്ന ആ അന്ത്യനാളിനെ കുറിച്ച് അല്ലാഹുവിന് മാത്രമെ അറിയുകയുള്ളൂ- മനുഷ്യരിൽ നിന്നോ, മലക്കുകളിൽ നിന്നോ ഉള്ള ദൈവദൂതന്മാർ പോലും (മനുഷ്യരിൽ വെച്ച് ഏറ്റവും ഉന്നതനായ നബി(സ) തിരുമേനിക്കോ, മലക്കുകളിൽ വെച്ച് ഏറ്റവും ശ്രേഷ്ടനായ ജിബ്‌രീൽ(അ) നോ പോലും അതേക്കുറിച്ച് അറിയുന്നതല്ല.

സർവ്വലോകങ്ങളിലും നടക്കുന്ന നിസ്സാരകാര്യങ്ങൾ പോലും സൂക്ഷമമായി അല്ലാഹു അറിയുന്നു. 47-ാം വചനത്തിൽ വിവരിക്കപ്പെട്ട മൂന്ന് ഉദാഹരണങ്ങളിൽ നിന്നും, ഖുർആനിൽ പലേടത്തും വ്യക്തമായി വിവരിക്കപ്പെട്ടിട്ടുള്ള സംഭവങ്ങളിൽ നിന്നും (ഉദാ: സൂ: അൻആം 59; സൂ: സബഅ് 3; സൂ: ഫാത്വിർ 11) ഈ വസ്തുത നമുക്ക് മനസ്സിലാക്കാവുന്നതാണ്.

അല്ലാഹുവിന്റെ അധികാരാവകാശങ്ങളിലും ഗുണഗണങ്ങളിലും സമത്വം കൽപിച്ച് കൊണ്ട് പരദൈവങ്ങളെ സ്വീകരിച്ച് വന്നിരുന്ന മുശ്‌രിക്കുകളെ ആക്ഷേപിച്ചും പരിഹസിച്ചും കൊണ്ട് മഹ്ശറിൽ വെച്ച് അല്ലാഹു ചോദിക്കുന്ന ചോദ്യവും, ആയതിന് അവരുടെ മറുപടിയും, അവരുടെ തദവസരത്തിലെ നിസ്സഹായാവസ്ഥയുമാണ് തുടർന്ന് അല്ലാഹു വിവരിക്കുന്നത്.

**വചനം 49 :**

لَّا يَسْـَٔمُ ٱلْإِنسَـٰنُ مِن دُعَآءِ ٱلْخَيْرِ وَإِن مَّسَّهُ ٱلشَّرُّ فَيَـُٔوسٌ قَنُوطٌ ﴿٤٩﴾

49 ഗുണത്തിനു (വേണ്ടി) പ്രാർത്ഥിക്കുന്നതിനാൽ മനുഷ്യന് മടുപ്പുണ്ടാകുന്നതല്ല; അവനെ ദോഷംബാധിച്ചുവെങ്കിലോ, അപ്പോൾ (അവൻ) ആശ മുറിഞ്ഞു നിരാശനുമായിരിക്കും.

മനുഷ്യന്റെ ചില സ്വഭാവ വിശേഷങ്ങളാണ് ഈ വചനത്തിലും അടുത്ത വചനങ്ങളിലും അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ഭൗതിക നേട്ടങ്ങൾക്ക് വേണ്ടി ആവർത്തിച്ച് പ്രാർത്ഥിച്ച് കൊണ്ടേയിരിക്കുന്നതിൽ അവന് യാതൊരു മടുപ്പും ക്ഷീണവും തോന്നുകയില്ല; എത്ര കിട്ടിയാലും മതിവരുകയുമില്ല. നേരെ മറിച്ച് എന്തെങ്കിലും വിഷമമോ, ദോഷമോ, ബാധിക്കുമ്പോഴേക്കും അവൻ അക്ഷമനും നിരാശനും ആയിത്തീരുന്നു.

**വചനം 50,51 :**

وَلَئِنْ أَذَقْنَـٰهُ رَحْمَةً مِّنَّا مِنۢ بَعْدِ ضَرَّآءَ مَسَّتْهُ لَيَقُولَنَّ هَـٰذَا لِى وَمَآ أَظُنُّ ٱلسَّاعَةَ قَآئِمَةً وَلَئِن رُّجِعْتُ إِلَىٰ رَبِّىٓ إِنَّ لِى عِندَهُۥ

50 അവന് ബാധിച്ച കഷ്ടതക്കുശേഷമായി നമ്മുടെ പക്കൽനിന്ന് വല്ല കാരുണ്യവും (അഥവാ അനുഗ്രഹവും) നാമവനെ ആസ്വദിപ്പിച്ചുവെങ്കിലോ, നിശ്ചയമായും അവൻ പറയും: "ഇത് എനിക്ക് (അർഹതയു) ള്ളതാണ്; അന്ത്യസമയം നിലവിൽ വരുന്ന ഒന്നാണെന്ന്

لَلْحُسْنَىٰ ۚ فَلَنُنَبِّئَنَّ ٱلَّذِينَ كَفَرُوا۟ بِمَا عَمِلُوا۟ وَلَنُذِيقَنَّهُم مِّنْ عَذَابٍ غَلِيظٍ ﴿٥٠﴾

ഞാൻ വിചാരിക്കുന്നില്ല; എൻെറ രക്ഷിതാവിങ്കലേക്ക് (ഒരു പക്ഷേ,) ഞാൻ മടക്കപ്പെട്ടാൽപോലും, നിശ്ചയമായും എനിക്ക് അവൻെറ അടുക്കൽ ഏറ്റവും നല്ല നിലതന്നെ ഉണ്ടായിരിക്കുന്നതാണ്." എന്നാൽ, (ഇങ്ങിനെ) അവിശ്വസിച്ചവരെ അവർ പ്രവർത്തിച്ചതിനെപ്പറ്റി നാം ബോധപ്പെടുത്തുകതന്നെ ചെയ്യും; അവർക്ക് കടുത്ത ശിക്ഷയിൽനിന്നു നാം ആസ്വദിപ്പിക്കുകയും ചെയ്യും.

وَإِذَآ أَنْعَمْنَا عَلَى ٱلْإِنسَٰنِ أَعْرَضَ وَنَـَٔا بِجَانِبِهِۦ وَإِذَا مَسَّهُ ٱلشَّرُّ فَذُو دُعَآءٍ عَرِيضٍ ﴿٥١﴾

51 മനുഷ്യൻെറമേൽ നാം അനുഗ്രഹം ചെയ്താൽ, അവൻ (അവഗണിച്ച്) തിരിഞ്ഞുകളയുകയും, (അഹംഭാവം നടിച്ച്) തൻെറ പാർശ്വവുമായി അകന്നുപോകുകയും ചെയ്യും. അവനെ ദോഷം ബാധിച്ചാൽ, അപ്പോൾ (അവൻ) വിശാലമായ പ്രാർത്ഥനക്കാരനുമായിരിക്കും.

അവനെ ബാധിച്ച കഷ്ടത അല്ലാഹുവിന്റെ കാരുണ്യത്താൽ, നീങ്ങി അവന് സന്തോഷവും സമാധാനവും ലഭിച്ച് കഴിഞ്ഞാലോ, അവനതാ നന്ദി പ്രകടിപ്പിക്കുന്നതിന് പകരം അഹങ്കാരിയും, ധിക്കാരിയും അവകാശവാദിയും ആയിത്തീരുകയായി.

ഒരു വ്യാഖ്യാനത്തിന്റെയും ആവശ്യം കൂടാതെ തന്നെ, ഈ വചനങ്ങളുടെ ആശയം വ്യക്തമാണല്ലോ. സൂ: മആരിജ് 19,20,21 വചനങ്ങളിൽ അല്ലാഹു ഇതേ ആശയം എടുത്ത് പറഞ്ഞിരിക്കുന്നു.

"മനുഷ്യൻ വളരെ ദുർബലനായ നിലയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവനെ ദോഷം സ്പർശിച്ചാൽ അവൻ അക്ഷമനായിരിക്കും. അവനെ ഗുണം സ്പർശിച്ചാൽ അവൻ തടസ്സം വരുത്തുന്നവനുമായിരിക്കും".

ഇതിനെ തുടർന്നുള്ള 22 മുതൽ 34 അടങ്ങിയ വചനങ്ങളിൽ, ഈ സ്വഭാവത്തിൽ നിന്ന് മുക്തരായവരുടെ ഗുണവിശേഷങ്ങൾ അല്ലാഹു എടുത്ത് പറയുന്നുണ്ട്.

**വചനം 52 :**

قُلْ أَرَءَيْتُمْ إِن كَانَ مِنْ عِندِ ٱللَّهِ ثُمَّ كَفَرْتُم بِهِۦ مَنْ أَضَلُّ مِمَّنْ هُوَ فِى شِقَاقٍۭ بَعِيدٍ ﴿٥٢﴾

52 (നബിയേ) പറയുക: "നിങ്ങൾ കണ്ടുവോ (-ഒന്നു പറയുവിൻ): ഇത് (ഖുർആൻ) അല്ലാഹുവിങ്കൽ നിന്നുള്ളതായിരിക്കുകയും, എന്നിട്ട് നിങ്ങളതിൽ അവിശ്വസിക്കുകയുമാണ് ചെയ്യുന്നതെങ്കിൽ, വിദൂരമായ കക്ഷി മത്സരത്തിൽ സ്ഥിതി ചെയ്യുന്നവരെ(നിങ്ങളെ)ക്കാൾ വഴിപിഴച്ചവർ (വേറെ) ആരാണ്?!"

ഈ ഖുർആൻ നബി(സ) പറയുന്നത് പോലെ അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്നുള്ള വസ്തുത യാഥാർത്ഥ്യമായിരിക്കെ, അതിൽ വിശ്വസിക്കാതെ കക്ഷിമത്സരത്തിനും, നിഷേധത്തിനും മിനക്കെടുന്നവരേക്കാൾ വഴിപിഴച്ചവർ ആരെങ്കിലുമുണ്ടായിരിക്കുമോ- ഒരിക്കലും ഇല്ലതന്നെ.

**വചനം 53 :**

سَنُرِيهِمْ ءَايَٰتِنَا فِى ٱلْءَافَاقِ وَفِىٓ أَنفُسِهِمْ حَتَّىٰ يَتَبَيَّنَ لَهُمْ أَنَّهُ ٱلْحَقُّ ۗ أَوَلَمْ يَكْفِ

53 നാനാഭാഗങ്ങളിലും-അവരിൽതന്നെയും -നമ്മുടെ ദൃഷ്ടാന്തങ്ങൾ നാമവർക്ക് അടുത്തു കാട്ടിക്കൊടുക്കുന്നതാണ്; അങ്ങനെ, അത്

بِرَبِّكَ أَنَّهُۥ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿٥٣﴾

(ഖുർആൻ) യഥാർത്ഥം തന്നെയാണെന്ന് അവർക്ക് സ്പഷ്ടമായിത്തീരുന്നതാണ്. (നബിയേ) നിൻെറ രക്ഷിതാവ്-അതായത്, അവൻ എല്ലാ കാര്യത്തിനും ദൃക്സാക്ഷി യാണെന്നുള്ളതു-തന്നെ മതിയാകയില്ലേ?! (എന്നിരിക്കെ വല്ല തെളിവിൻെറയും ആവശ്യമുണ്ടോ?!)

അല്ലാഹുവിന്റെ സൃഷ്ടി മാഹാത്മ്യങ്ങളുടെയും ഖുർആന്റെ സിദ്ധാന്തങ്ങളുടെയും സാക്ഷ്യം വഹിച്ച് കൊണ്ട്, ആകാശത്തും ഭൂമിയിലും നിലകൊള്ളുന്ന കണക്കറ്റ പ്രകൃതി ദൃഷ്ടാന്തങ്ങൾ, മനുഷ്യന്റെയും മറ്റനേകം ജന്തുജാലങ്ങളുടെയും, മാനസികവും ശാരീരികവുമായ ഘടനാ വിശേഷങ്ങൾ, പ്രകൃതിയിലെ എണ്ണിയാലൊടുങ്ങാത്ത അത്ഭുത രഹസ്യങ്ങൾ- അങ്ങനെ പല ദൃഷ്ടാന്തങ്ങളും ഇത് (ഖുർആൻ) സത്യമാണെന്ന് അവർക്ക് സ്പഷ്ടമാകത്തക്കവണ്ണം അല്ലാഹു അവർക്ക് കാട്ടിക്കൊടുക്കുന്നതാണ്. ആധുനിക ശാസ്ത്ര വിജ്ഞാനങ്ങൾ പലതും, നിഷേധത്തിന്റെ കറ പറ്റാത്ത ഹൃദയങ്ങൾക്ക് അല്ലാഹുവിന്റെ ഭാഗത്ത് നിന്നുള്ള ദൃഷ്ടാന്തങ്ങളായി ബോധ്യപ്പെടുന്നതാണെന്ന് തീർത്തു പറയാം.

**വചനം 54 :**

أَلَآ إِنَّهُمْ فِى مِرْيَةٍ مِّن لِّقَآءِ رَبِّهِمْ ۗ أَلَآ إِنَّهُۥ بِكُلِّ شَىْءٍ مُّحِيطٌۢ ﴿٥٤﴾

54 അല്ലാ! (അറിയുക;) നിശ്ചയമായും അവർ തങ്ങളുടെ രക്ഷിതാവുമായി കണ്ടുമുട്ടുന്നതിനെക്കുറിച്ച് സന്ദേഹത്തിലാണ്. അല്ലാ! (അറിയുക:) നിശ്ചയമായും, അവൻ എല്ലാ വസ്തുവെയും വലയം ചെയ്തവനാകുന്നു.

അല്ലാഹുവുമായി കണ്ട് മുട്ടേണ്ടി വരുമെന്ന കാര്യത്തിൽ - അഥവാ മരണാന്തര ജീവിതത്തിൽ - അവർ സംശയാലുക്കളാണ്. ഇതാണ് ഖുർആനെ നിഷേധിക്കുന്നവരുടെ നിഷേധത്തിന്റെ മൂലകാരണം. അല്ലാഹുവിന്റെ അറിവിലും കഴിവിലും പെടാത്തതായി യാതൊന്നും തന്നെയില്ല. ഓരോ കാര്യത്തിലും, വേണ്ടുന്ന നടപടികൾ എടുക്കാതെ അവൻ വിട്ടുകളയുന്നതുമല്ല; അതവർ ഓർക്കട്ടെ- എന്നിങ്ങനെയുള്ള ഒരു വമ്പിച്ച താക്കീതാണ് ഈ വചനത്തിൽ അടങ്ങിയിരിക്കുന്നത്.

# 42. സൂറത്തു - ശ്ശൂറാ (കൂടിയാലോചന)

**മക്കായിൽ അവതരിച്ചത്** (23 മുതൽ 27 വരെ വചനങ്ങൾ മദനീയാണെന്നും അഭിപ്രായമുണ്ട്)

വചനങ്ങൾ 53, വിഭാഗം (റുക്കൂഅ്) 5

38-ാം വചനത്തിൽ കൂടിയാലോചന (ശൂറാ)യെപ്പറ്റിയുള്ള പരാമർശമാണ് സൂറത്തിന്റെ പേരിന് നിദാനം

**വിഭാഗം 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2 :**

حمٓ ﴿١﴾

عٓسٓقٓ ﴿٢﴾

1 ‘ഹാ-മീം’

2 ‘ഐൻ-സീൻ-ഖാഫ്.’

വചനങ്ങളിലെ കേവലാങ്ങളെക്കുറിച്ച് സൂ:അൽ ബഖറയുടെ പ്രാരംഭത്തിൽ കൊടുത്ത, വിശദീകരണം നോക്കുക.

**വചനം 3 :**

كَذَٰلِكَ يُوحِىٓ إِلَيْكَ وَإِلَى ٱلَّذِينَ مِن قَبْلِكَ ٱللَّهُ ٱلْعَزِيزُ ٱلْحَكِيمُ ﴿٣﴾

3 (നബിയേ,) നിനക്കും, നിൻെറ മുമ്പുള്ള വർക്കും പ്രതാപശാലിയായ, അഗാധജ്ഞനായ, അല്ലാഹു ഇപ്രകാരം ‘വഹ്യ്’ (ദിവ്യ ബോധനം) നൽകി വരുന്നു.

ഈ അദ്ധ്യായത്തിൽ പല പ്രധാന തത്വങ്ങളും നിനക്ക് ബോധനം നൽകിയിട്ടുള്ളത് പോലെ പ്രതാപശാലിയും അഗാധജ്ഞനുമായ അല്ലാഹു നിനക്കും നിന്റെ മുമ്പുള്ള പ്രവാചകന്മാർക്കും ബോധനം നൽകുന്നു.

**വചനം 4,5:**

لَهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۖ وَهُوَ ٱلْعَلِىُّ ٱلْعَظِيمُ ﴿٤﴾ تَكَادُ ٱلسَّمَٰوَٰتُ يَتَفَطَّرْنَ مِن فَوْقِهِنَّ ۚ وَٱلْمَلَٰٓئِكَةُ يُسَبِّحُونَ بِحَمْدِ رَبِّهِمْ وَيَسْتَغْفِرُونَ لِمَن فِى ٱلْأَرْضِ ۗ أَلَآ إِنَّ ٱللَّهَ هُوَ ٱلْغَفُورُ ٱلرَّحِيمُ ﴿٥﴾

4 ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) അവനുള്ളതാണ്. അവൻ ഉന്നതനാണ്, മഹാനാണ്.

5 ആകാശങ്ങൾ അവയുടെ മുകളിൽ നിന്ന് പൊട്ടിപ്പിളരുമാറാകുന്നു; മലക്കുകൾ അവരുടെ രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് ‘തസ്ബീഹ്’ (സ്തോത്രകീർത്തനം) നടത്തിക്കൊണ്ടുമിരിക്കുന്നു; ഭൂമിയിലുള്ളവർക്കുവേണ്ടി അവർ പാപമോചനവും തേടുന്നു. അല്ലാ! (അറിയുക) നിശ്ചയമായും അല്ലാഹുതന്നെയാണ് വളരെ പൊറുക്കുന്നവനും, കരുണാനിധിയുമായുള്ളവൻ.

ആകാശങ്ങൾ പൊട്ടിപിളരുമാറാകുന്നുവെന്ന് പറഞ്ഞതിന്റെ താല്പര്യം, അല്ലാഹുവിന്റെ മഹത്വവും ശക്തിപ്രഭാവവും അത്രമേൽ വമ്പിച്ചതാകുന്നുവെന്ന് കാണിക്കുകയാണ്. സൂ: മർയം 90-91 ൽ പ്രസ്താവിച്ചത് പോലെ അല്ലാഹുവിന് സന്താനങ്ങളുണ്ടെന്നും മറ്റും മുശ്രിക്കുകൾ വാദിക്കുന്നതിന്റെ ഗൗരവം ചൂണ്ടിക്കാട്ടുകയാണുദ്ദേശ്യമെന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു.

മലക്കുകൾ ഭൂമിയിലുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിനെ പറ്റി സൂ: മുഅ്മിൻ 7,8,9 ൽ വിശദ

മായി വിവരിച്ചത് ശ്രദ്ധിക്കുക. 'ഭൂമിയിലുള്ളവർക്ക് വേണ്ടി' എന്ന് സാമാന്യമായിട്ടാണ് ഇവിടെ പറഞ്ഞിട്ടുള്ളതെങ്കിലും, 'സത്യവിശ്വാസികൾക്ക് വേണ്ടി' എന്നാണ് അത് കൊണ്ട് വിവക്ഷിക്കപ്പെടുന്നത് എന്ന് മനസ്സിലാക്കാവുന്നതാണ്.

**വചനം 6,7 :**

وَٱلَّذِينَ ٱتَّخَذُواْ مِن دُونِهِۦٓ أَوْلِيَآءَ ٱللَّهُ حَفِيظٌ عَلَيْهِمْ وَمَآ أَنتَ عَلَيْهِم بِوَكِيلٍ ﴿٦﴾

وَكَذَٰلِكَ أَوْحَيْنَآ إِلَيْكَ قُرْءَانًا عَرَبِيًّا لِّتُنذِرَ أُمَّ ٱلْقُرَىٰ وَمَنْ حَوْلَهَا وَتُنذِرَ يَوْمَ ٱلْجَمْعِ لَا رَيْبَ فِيهِ ۚ فَرِيقٌ فِى ٱلْجَنَّةِ وَفَرِيقٌ فِى ٱلسَّعِيرِ ﴿٧﴾

6 അവനു പുറമെ (മറ്റുള്ളവരെ) കാര്യകർത്താക്കളാക്കുന്നവരാകട്ടെ, അവരെപ്പറ്റി അല്ലാഹു സൂക്ഷിച്ചു (വീക്ഷിച്ചു)കൊണ്ടിരിക്കുന്നവനാകുന്നു. (നബിയേ) നീ അവരെപ്പറ്റി (ബാധ്യത) ഏൽപ്പിക്കപ്പെട്ടവനല്ലതാനും.

7 അപ്രകാരം, അറബിഭാഷയിലുള്ള ഒരു ഖുർആൻ നാം നിനക്ക് 'വഹ്‌യു' (ബോധനം) നൽകിയിരിക്കുന്നു; 'ഉമ്മുൽഖുറാ'യെ (അഥവാ രാജ്യങ്ങളുടെ കേന്ദ്രത്തെ)യും, അതിൻെറ ചുറ്റുപാടിലുള്ളവരെയും നീ താക്കീത് ചെയ്‌വാനും, (എല്ലാവരെയും) ഒരുമിച്ചുകൂട്ടുന്ന ദിവസത്തെ- അതിൽ യാതൊരു സന്ദേഹവുമില്ല-താക്കീത് ചെയ്‌വാനും വേണ്ടി. (അന്ന്) ഒരു കക്ഷി സ്വർഗ്ഗത്തിലും, ഒരു കക്ഷി ജ്വലിക്കുന്ന നരകത്തിലുമായിരിക്കും.

'ഉമ്മുൽ ഖുറാ' എന്നാൽ രാജ്യങ്ങളുടെ മാതാവ് അഥവാ കേന്ദ്രം എന്നർത്ഥം. മക്കാ രാജ്യമാണ് ഉദ്ദേശ്യം. ഒരിക്കൽ നബി(സ) ഇപ്രകാരം പറയുകയുണ്ടായി:

"അല്ലാഹുവാണെ(സത്യം). നിശ്ചയമായും നീ (മക്കാരാജ്യം) അല്ലാഹുവിന്റെ ഭൂമിയിൽവെച്ച് ഏറ്റവും ഉത്തമമായതും അല്ലാഹുവിങ്കലേക്ക് ഏറ്റവും പ്രിയപ്പെട്ടതും തന്നെ. നിന്നിൽ നിന്നും ഞാൻ പുറത്താക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ പുറത്ത് പോകയില്ലായിരുന്നു." തി; ജ; ന

ഈ സൂറത്ത് മക്കീ കാലഘട്ടത്തിൽ അവതരിച്ചതാകുന്നു. അത്കൊണ്ടാണ്, ആദ്യവും ഒന്നാമതുമായി മക്കാനിവാസികളിൽ പ്രബോധനം നടത്തുവാൻ നബി(സ)യോട് പ്രത്യേകം എടുത്ത് പറഞ്ഞിട്ടുള്ളത് (അത് അവതരിക്കപ്പെട്ടതാകട്ടെ അവരുടെ മാതൃഭാഷയായ അറബിഭാഷയിലുമാകുന്നു. 41;3 നോക്കുക) തുടർന്ന് അതിന്റെ ചുറ്റുപാടുള്ളവരേയും (മക്കാനിവാസികളല്ലാത്ത എല്ലാ ജനതയെയും) താക്കീത് നൽകുവാൻ അല്ലാഹു നിർദ്ദേശിക്കുന്നു.

മനുഷ്യരടക്കമുള്ള സൃഷ്ടികളെല്ലാം തന്നെ ഒരുമിച്ച് കൂട്ടപ്പെടുന്ന ഖിയാമത്ത് നാളിനെക്കുറിച്ചാണല്ലോ പ്രവാചകന്മാർക്ക് പ്രധാനമായും താക്കീത് ചെയ്യുവാനുള്ളത്. അന്ന്, സജ്ജനങ്ങൾ സ്വർഗ്ഗത്തിലും ദുർജ്ജനങ്ങൾ നരകത്തിലും പ്രവേശിക്കപ്പെടുന്നതാണ്.

**വചനം 8 :**

وَلَوْ شَآءَ ٱللَّهُ لَجَعَلَهُمْ أُمَّةً وَٰحِدَةً وَلَٰكِن يُدْخِلُ مَن يَشَآءُ فِى رَحْمَتِهِۦ ۚ وَٱلظَّٰلِمُونَ مَا لَهُم مِّن وَلِىٍّ وَلَا نَصِيرٍ ﴿٨﴾

8 അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അവരെ (മനുഷ്യരെ) അവൻ ഒരേ സമുദായമാക്കുമായിരുന്നു. പക്ഷേ, അവൻ ഉദ്ദേശിക്കുന്നവരെ, അവൻ തൻെറ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നു. അക്രമികൾക്കാകട്ടെ, അവർക്ക് യാതൊരു രക്ഷകർത്താവുമില്ല, സഹായകനുമില്ല.

അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ മനുഷ്യരെയെല്ലാം ഒരേ സമുദായം ആക്കുമായിരുന്നു- അത് സന്മാർഗ്ഗത്തിന്റെ സമുദായം ആകാം എന്നും, അതല്ല ദുർമാർഗ്ഗത്തിന്റെ സമുദായം ആകാം എന്നും പണ്ഡിത

ന്മാർക്കിടയിൽ രണ്ട് അഭിപ്രായമുണ്ട്. എന്നാൽ ആദ്യത്തെ അഭിപ്രായമാണ് മറ്റ് ചില ഖുർആൻ വചനങ്ങളോട് കൂടുതൽ യോജിച്ച് പോകുന്നത്. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ എല്ലാവരേയും അവൻ സന്മാർഗ്ഗത്തിലാക്കുമായിരുന്നുവെന്ന് സൂ: സജദ 13; സൂ: അൻആം 35,149 എന്നീ വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് കാണാം. എന്നാൽ അല്ലാഹു അങ്ങനെയല്ല ഉദ്ദേശിച്ചിരിക്കുന്നത്. അവർ രണ്ട് തരക്കാരാകണം- അവന്റെ കല്പനാ നിർദ്ദേശങ്ങളനുസരിച്ച് ജീവിച്ച് അവന്റെ കാരുണ്യത്തിന് പാത്രീഭൂതരാകുന്ന സന്മാർഗ്ഗികളും, അവിശ്വാസവും അക്രമവും കൈകൊണ്ട് അവന്റെ ശിക്ഷക്ക് വിധേയരാകുന്ന ദുർമാർഗ്ഗികളും. ഈ അടിസ്ഥാനത്തിലാണ് മനുഷ്യന് വിവേചന ബുദ്ധിയും ഇഛാസ്വാതന്ത്ര്യവും, പ്രവാചകന്മാർ മുഖേനയുള്ള മാർഗ്ഗദർശനങ്ങളും നൽകപ്പെട്ടിരിക്കുന്നതും.

**വചനം 9 :**

أَمِ ٱتَّخَذُواْ مِن دُونِهِۦٓ أَوْلِيَآءَ ۖ فَٱللَّهُ هُوَ ٱلْوَلِىُّ وَهُوَ يُحْىِ ٱلْمَوْتَىٰ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٩﴾

9 അതല്ല, അവനുപുറമെ അവർ വല്ല രക്ഷകർത്താക്കളെയും സ്വീകരിച്ചിരിക്കയാണോ?! എന്നാൽ (വാസ്തവത്തിൽ) അല്ലാഹുവത്രെ, രക്ഷകർത്താവ്. അവൻതന്നെ മരിച്ചവരെ ജീവിപ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമാണ്.

മുശ്‌രിക്കുകൾ തങ്ങളുടെ നിലപാടിനെ കുറിച്ച് പുനർവിചിന്തനം ചെയ്യുവാൻ വേണ്ടി, അവരുടെ ശ്രദ്ധയെ തട്ടിയുണർത്തുകയാണ് അല്ലാഹു ഈ വചനത്തിലൂടെ.

## വിഭാഗം 2

**വചനം 10 :**

وَمَا ٱخْتَلَفْتُمْ فِيهِ مِن شَىْءٍ فَحُكْمُهُۥٓ إِلَى ٱللَّهِ ۚ ذَٰلِكُمُ ٱللَّهُ رَبِّى عَلَيْهِ تَوَكَّلْتُ وَإِلَيْهِ أُنِيبُ ﴿١٠﴾

10 ഏതൊരു കാര്യത്തിലുംതന്നെ, നിങ്ങൾ ഭിന്നാഭിപ്രായത്തിലായാൽ, അതിൻെറ വിധി (നിശ്ചയിക്കാനുള്ള അധികാരം) അല്ലാഹുവിങ്കലാണ് (അങ്ങിനെയുള്ള) അവനാണ് എൻെറ രക്ഷിതാവായ അല്ലാഹു. അവൻെറ മേൽ ഞാൻ ഭരമേൽപ്പിച്ചിരിക്കുന്നു; അവനിലേക്കുതന്നെ ഞാൻ (വിനയപ്പെട്ട്) മടങ്ങുകയും ചെയ്യുന്നു,

മത സംബന്ധമായ കാര്യങ്ങളിലുള്ള അഭിപ്രായ വ്യത്യാസങ്ങളിൽ വിധി കർതൃത്വം അല്ലാഹുവിന് മാത്രമാകുന്നു. മറ്റാർക്കും തന്നെ- പണ്ഡിതന്മാർക്കോ, പുരോഹിതന്മാർക്കോ, പ്രവാചകന്മാർക്ക് പോലുമോ- സ്വന്തം വകയായി യാതൊരു നിയമവും മതകാര്യത്തിൽ ആവിഷ്ക്കരിക്കുവാൻ പാടില്ലാത്തതാകുന്നു. എന്നാൽ അല്ലാഹുവിന്റെ പ്രതിനിധിയെന്ന നിലക്കും ദൗത്യവാഹകൻ എന്ന നിലക്കും റസൂലിന്റെ വിധിയും തീരുമാനവും അനുസരിക്കുവാൻ നാം ബാദ്ധ്യസ്ഥരാകുന്നു.

“നിങ്ങൾ വല്ല കാര്യത്തിലും അന്യോന്യം ഭിന്നിപ്പുണ്ടായാൽ, അത് അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും മടക്കണം” എന്ന് സൂ: നിസാഅ് 59-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് ശ്രദ്ധിക്കുക.

**വചനം 11 :**

فَاطِرُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ جَعَلَ لَكُم مِّنْ أَنفُسِكُمْ أَزْوَٰجًا وَمِنَ ٱلْأَنْعَٰمِ أَزْوَٰجًا ۖ يَذْرَؤُكُمْ فِيهِ ۚ لَيْسَ كَمِثْلِهِۦ

11 (അവൻ) ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടികർത്താവാകുന്നു. നിങ്ങൾക്കുവേണ്ടി നിങ്ങളിൽനിന്നു തന്നെ അവൻ ഇണകളെ ഉണ്ടാക്കിത്തന്നിരിക്കുന്നു; കാലികളിലും തന്നെ, ഇണകളെ (ഉണ്ടാക്കിയിരിക്കുന്നു);

شَىْءٌ ۖ وَهُوَ ٱلسَّمِيعُ ٱلْبَصِيرُ ﴿١١﴾

അതിൽകൂടി (അതുവഴി) അവൻ നിങ്ങളെ പെരുപ്പിച്ചുണ്ടാക്കുന്നു. അവനെപ്പോലെ യാതൊരു വസ്തുവും ഇല്ല. അവൻ (എല്ലാം) കേൾക്കുന്നവനാണ്, കാണുന്നവനാണ്.

ഇസ്ലാമിക വിശ്വാസത്തിൽ മൗലിക പ്രധാനമായ ഒരു തത്വമാകുന്നു "അവനെപ്പോലെ(അല്ലാഹുവിനെ പോലെ) ഒരു വസ്തുവും ഇല്ല" എന്ന ആപ്തവാക്യം. അല്ലാഹുവിന്റെ പരിശുദ്ധ സത്തയിലാകട്ടെ, ഉൽകൃഷ്ട ഗുണങ്ങളിലാകട്ടെ, അധികാരാവകാശങ്ങളിലാകട്ടെ, പ്രവർത്തനങ്ങളിലാകട്ടെ, അവന് തുല്യമായോ, അവന് കിടയൊത്തതോ ആയി യാതൊന്നും തന്നെ ഇല്ല. ഇതിൽ ഏതെങ്കിലും ഒന്നിൽ അവനോട് തുല്യതയോ, സമത്വമോ കൽപിക്കുന്നതിനാണ് ശിർക്ക് (പങ്ക് ചേർക്കൽ അഥവാ ബഹുദൈവ വിശ്വാസം) എന്ന് പറയുന്നത്.

മനുഷ്യർക്ക് സ്വന്തം വർഗ്ഗത്തിൽ നിന്ന് തന്നെ ഇണകളെ ഏർപ്പെടുത്തിക്കൊടുത്തതും, അവരുടെ ഉപയോഗാർത്ഥം ആട്മാടൊട്ടകങ്ങളിലും, അത്പോലെ ഇണകളെ സൃഷ്ടിച്ചതും മനുഷ്യന് അല്ലാഹു ചെയ്ത മഹത്തായ അനുഗ്രഹങ്ങളാണല്ലോ. മനുഷ്യരെ ഇണകളാക്കി സൃഷ്ടിച്ചിട്ടുള്ളത്, അത്വഴി മനുഷ്യ വർഗ്ഗത്തെ വർദ്ധിപ്പിച്ച് പരിപോഷിപ്പിക്കുവാനാണെന്ന് അല്ലാഹു തുടർന്ന് പറയുന്നു. സൂ: അൽബഖറ 223-ൽ 'നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ വിളനിലമാകുന്നു' എന്ന് പ്രസ്താവിച്ചിട്ടുള്ളതും ഈ തത്വം തന്നെയാണ് വ്യക്തമാക്കുന്നത്.

**വചനം 12 :**

لَهُۥ مَقَالِيدُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ يَبْسُطُ
ٱلرِّزْقَ لِمَن يَشَآءُ وَيَقْدِرُ ۚ إِنَّهُۥ بِكُلِّ شَىْءٍ
عَلِيمٌ ﴿١٢﴾

12 ആകാശങ്ങളുടെയും, ഭൂമിയുടെയും (ഖജനാക്കളുടെ) താക്കോലുകൾ അവൻേറതാകുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ഉപജീവനം (ആഹാരം) വിശാലപ്പെടുത്തിക്കൊടുക്കുന്നു; (അവൻ ഉദ്ദേശിക്കുന്നവർക്ക്) കുടുസ്സാക്കുകയും ചെയ്യുന്നു. നിശ്ചയമായും, അവൻ എല്ലാ കാര്യത്തെക്കുറിച്ചും അറിയുന്നവനാണ്.

ഈ ആയത്തിലെ ആശയം ഖുർആനിൽ അല്ലാഹു ആവർത്തിച്ച് പ്രസ്താവിക്കാറുള്ളതാണ്. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ഉപജീവനം വിശാലപ്പെടുത്തിക്കൊടുക്കുമെന്നും അവൻ ഉദ്ദേശിക്കുന്നവർക്ക് കുടുസ്സാക്കുകയും ചെയ്യുമെന്നും സൂ: ഖസസ് 82; സൂ: അൻകബൂത് 62; സൂ: റൂം 37; സൂ: സബഅ് 36,39; സൂ: സുമർ 52 തുടങ്ങിയ വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

**വചനം 13:**

۞ شَرَعَ لَكُم مِّنَ ٱلدِّينِ مَا وَصَّىٰ بِهِۦ نُوحًا
وَٱلَّذِىٓ أَوْحَيْنَآ إِلَيْكَ وَمَا وَصَّيْنَا بِهِۦٓ
إِبْرَٰهِيمَ وَمُوسَىٰ وَعِيسَىٰٓ ۖ أَنْ أَقِيمُوا۟ ٱلدِّينَ
وَلَا تَتَفَرَّقُوا۟ فِيهِ ۚ كَبُرَ عَلَى ٱلْمُشْرِكِينَ مَا
تَدْعُوهُمْ إِلَيْهِ ۚ ٱللَّهُ يَجْتَبِىٓ إِلَيْهِ مَن يَشَآءُ
وَيَهْدِىٓ إِلَيْهِ مَن يُنِيبُ ﴿١٣﴾

13 നൂഹിനോട് അവൻ (അല്ലാഹു) കൽപിച്ചരുളിയതും, നിനക്ക് നാം 'വഹ്യ്' നൽകിയിട്ടുള്ളതും, ഇബ്രാഹീമിനോടും, മൂസായോടും, ഈസായോടും നാം കൽപിച്ചരുളിയതും (എന്താണോ അതു തന്നെ) അവൻ നിങ്ങൾക്ക് മതമായി നിയമിച്ചു തന്നിരിക്കുന്നു; അതായത്, (ഈ) മതത്തെ നിങ്ങൾ നിലനിറുത്തണം, അതിൽ നിങ്ങൾ ഭിന്നിച്ചുപോകരുത് എന്ന്. ബഹുദൈവവിശ്വാസികളെ ഏതൊന്നിലേക്ക് നീ വിളിക്കുന്നുവോ അതവർക്ക് വളരെ വമ്പിച്ച (ഭാരപ്പെട്ട)തായിരിക്കുകയാണ്. അല്ലാഹു ഉദ്ദേശിക്കുന്നവരെ തൻെറ അടുക്ക

ലേക്ക് അവന്‍ തിരഞ്ഞെടുക്കുന്നു. (വിനയപ്പെട്ട്) മടങ്ങുന്നവര്‍ക്ക് അവന്‍ തന്‍റെ അടുക്കലേക്ക് മാര്‍ഗ്ഗദര്‍ശനം നല്‍കുകയും ചെയ്യുന്നു.

മുഹമ്മദ് നബി(സ)യുടെ സമുദായമായ ഈ സമുദായത്തിന് അല്ലാഹു കല്‍പിച്ചരുളിയിരിക്കുന്ന ഈ മതം പുതിയ ഒരു മതമൊന്നുമല്ല. നൂഹ്(അ) ഇബ്റാഹീം(അ) മൂസാ(അ) ഈസാ(അ) മുതലായ മുന്‍കാല പ്രവാചക വര്യന്മാരോട് കല്‍പിക്കപ്പെട്ടിരുന്നതും മുഹമ്മദ് നബി(സ)ക്ക് ബോധനം നല്‍കപ്പെട്ടിട്ടുള്ളതുമെല്ലാം ഈ ഒരേ മതം - ഇസ്ലാം മതം - തന്നെയാകുന്നു. ഈ മതം പ്രബോധനം ചെയ്യുവാനും, അതില്‍ ഭിന്നത യും ഛിദ്രതയും ഉണ്ടാകാതെ, നിലനിറുത്തുവാനും തന്നെയാണ് എല്ലാവരോടും കല്‍പിക്കപ്പെട്ടിട്ടുള്ളതും. പക്ഷേ, ശിര്‍ക്കില്‍ അടിയുറച്ച ബഹുദൈവവിശ്വാസികളെ സംബന്ധിച്ചിടത്തോളം അവരുടെ ചിരകാല പാരമ്പര്യത്തിന് വിരുദ്ധമാണെന്ന കാരണത്താല്‍, മുഹമ്മദ്(സ) പ്രബോധനം ചെയ്യുന്ന ഈ മതം പുത്തന്‍ മതമാണെന്നാണവരുടെ ധാരണ. തന്നിമിത്തം അത് സ്വീകരിക്കുന്നത് അവര്‍ക്ക് അസഹ്യമായി തോന്നുകയാണ്. എന്നാല്‍ വിനയപ്പെട്ട് മടങ്ങുന്നവര്‍ ഈ മതം അംഗീകരിക്കുന്നതും, അത് വഴി അല്ലാഹുവിന്‍റെ കാരുണ്യത്തിനും സാമീപ്യത്തിനും അവര്‍ പാത്രീഭൂതരായിത്തീരുന്നതുമാകുന്നു.

സൂ: ആലു ഇംറാന്‍ 19,85; സൂ: മാഇദ 3 എന്നീ വചനങ്ങളില്‍ അല്ലാഹു മനുഷ്യരാശിക്ക് അല്ലാഹുവിങ്കല്‍ സ്വീകാര്യമായ ഏക മതമായി ഇസ്ലാം ദീനിനെ പ്രഖ്യാപിച്ചിരിക്കുന്നു.

**വചനം 14:**

وَمَا تَفَرَّقُوٓا۟ إِلَّا مِنۢ بَعْدِ مَا جَآءَهُمُ ٱلْعِلْمُ بَغْيًۢا بَيْنَهُمْ ۚ وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ إِلَىٰٓ أَجَلٍ مُّسَمًّى لَّقُضِىَ بَيْنَهُمْ ۚ وَإِنَّ ٱلَّذِينَ أُورِثُوا۟ ٱلْكِتَٰبَ مِنۢ بَعْدِهِمْ لَفِى شَكٍّ مِّنْهُ مُرِيبٍ ﴿١٤﴾

14 തങ്ങള്‍ക്ക് അറിവ് വന്നെത്തിയശേഷമല്ലാതെ അവര്‍ ഭിന്നിച്ചിട്ടില്ലതാനും; (അതെ) അവര്‍ക്കിടയിലുള്ള ധിക്കാരം നിമിത്തം. നിര്‍ണ്ണയം ചെയ്യപ്പെട്ട ഒരു (നിശ്ചിത) അവധിവരേക്കും (ബാധകമായ) ഒരു വാക്ക് നിന്‍റെ റബ്ബിങ്കല്‍നിന്ന് മുമ്പുണ്ടായിട്ടില്ലായിരുന്നുവെങ്കില്‍, അവര്‍ക്കിടയില്‍ വിധി നിശ്ചയിക്കപ്പെടുകതന്നെ ചെയ്തിരുന്നു. അവര്‍ക്കുശേഷം വേദഗ്രന്ഥം അനന്തരാവകാശമായി നല്‍കപ്പെട്ടവരാകട്ടെ, നിശ്ചയമായും അതിനെക്കുറിച്ച് ആശങ്കാപരമായ സംശയത്തിലുമാകുന്നു.

സത്യം ഇന്നതാണെന്ന് അറിഞ്ഞതിന് ശേഷവും സ്വാര്‍ത്ഥം, അസൂയ, ധിക്കാരം, മാത്സര്യം തുടങ്ങിയ അതിരു കവിച്ചില്‍ കാരണമാണ് സമുദായങ്ങള്‍ക്കിടയില്‍ ഭിന്നിപ്പുണ്ടായിത്തീര്‍ന്നത്. ശിക്ഷാനടപടി എടുക്കല്‍ പരലോകത്ത് വെച്ചാണെന്ന് അല്ലാഹു മുമ്പേ നിശ്ചയിച്ച് വെച്ചിരിക്കുകയാണ്- അല്ലായിരുന്നെങ്കില്‍ തല്‍ക്ഷണം അവര്‍ക്ക് ശിക്ഷ അനുഭവപ്പെടുമായിരുന്നു.

മുന്‍ഗാമികളായ വേദക്കാരുടെ സ്ഥിതിയാണ് മേല്‍പറഞ്ഞത്. എന്നാല്‍ അവരുടെ ശേഷം വേദഗ്രന്ഥത്തിന്‍റെ അനുയായികളും അവകാശികളുമായിട്ടുള്ള ജൂതന്മാരുടെയും കൃസ്ത്യാനികളുടെയും അവസ്ഥയോ? അവര്‍ തങ്ങളുടെ പിതാക്കളെയും മുന്‍ഗാമികളെയും പിന്‍തുടര്‍ന്ന് വരുന്നുവെന്നല്ലാതെ, തങ്ങളുടെ നിലപാടിനെ ന്യായീകരിക്കുന്ന അധികൃതമായ തെളിവോ, ലക്ഷ്യമോ ഒന്നും അവര്‍ക്കില്ല. തങ്ങളുടെ വിശ്വാസാചാരങ്ങളെ സംബന്ധിച്ചിടത്തോളം, അവര്‍ സംശയാലുക്കളും പരിഭ്രമചിത്തരുമാകുന്നു.

**വചനം 15 :**

فَلِذَٰلِكَ فَٱدْعُ ۖ وَٱسْتَقِمْ كَمَآ أُمِرْتَ ۖ وَلَا تَتَّبِعْ أَهْوَآءَهُمْ ۖ وَقُلْ ءَامَنتُ بِمَآ أَنزَلَ ٱللَّهُ

15 (നബിയേ) ആകയാല്‍ അതിലേക്ക് ക്ഷണിച്ചുകൊള്ളുക. നിന്നോട് കല്‍പിക്കപ്പെട്ട പ്രകാരം നീ (ശരിക്ക്) ചൊവ്വായി നിലകൊള്ളു

مِن كِتَٰبٍۖ وَأُمِرْتُ لِأَعْدِلَ بَيْنَكُمُۖ ٱللَّهُ
رَبُّنَا وَرَبُّكُمْۖ لَنَآ أَعْمَٰلُنَا وَلَكُمْ أَعْمَٰلُكُمْۖ
لَا حُجَّةَ بَيْنَنَا وَبَيْنَكُمُۖ ٱللَّهُ يَجْمَعُ بَيْنَنَاۖ
وَإِلَيْهِ ٱلْمَصِيرُ ﴿١٥﴾

കയും ചെയ്യുക. അവരുടെ ഇച്ഛകളെ പിൻപറ്റുകയും അരുത്. നീ (ഇപ്രകാരം) പറഞ്ഞേക്കുകയും ചെയ്യുക: 'വേദഗ്രന്ഥമായിക്കൊണ്ട് അല്ലാഹു അവതരിപ്പിച്ചിട്ടുള്ളതിൽ (മുഴുവനും) ഞാൻ വിശ്വസിച്ചിരിക്കുന്നു. നിങ്ങൾക്കിടയിൽ നീതി പാലിക്കുവാൻ എന്നോട് കല്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹു ഞങ്ങളുടെ റബ്ബും, നിങ്ങളുടെ റബ്ബുമാകുന്നു. ഞങ്ങളുടെ കർമ്മങ്ങൾ ഞങ്ങൾക്ക്; നിങ്ങളുടെ കർമ്മങ്ങൾ നിങ്ങൾക്കും. ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ ന്യായവാദം ഇല്ല. അല്ലാഹു നമ്മുടെ ഇടയിൽ ഒരുമിച്ചുകൂട്ടുന്നതാണ്. അവനിലേക്കാണ് തിരിച്ചെത്തലും."

സത്യപ്രബോധനം തുടരുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അല്ലാഹു ഈ വചനത്തിലൂടെ നബി (സ) തിരുമേനിക്ക് നൽകുന്നു.

സത്യം ഇന്നതാണെന്ന് വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു. ഭിന്നിപ്പിന് കാരണം അറിവില്ലായ്മയോ അവ്യക്തതയോ അല്ലാ, കേവലം വാശിയും മാത്സര്യബുദ്ധിയും മാത്രമാകുന്നു. അത്കൊണ്ടാണ് നമുക്കിടയിൽ ന്യായവാദത്തിന് സ്ഥാനം ഇല്ല എന്ന് പറയുന്നത്.

**വചനം 16,17,18 :**

وَٱلَّذِينَ يُحَآجُّونَ فِى ٱللَّهِ مِنۢ بَعْدِ مَا
ٱسْتُجِيبَ لَهُۥ حُجَّتُهُمْ دَاحِضَةٌ عِندَ
رَبِّهِمْ وَعَلَيْهِمْ غَضَبٌ وَلَهُمْ عَذَابٌ
شَدِيدٌ ﴿١٦﴾
ٱللَّهُ ٱلَّذِىٓ أَنزَلَ ٱلْكِتَٰبَ بِٱلْحَقِّ وَٱلْمِيزَانَۗ
وَمَا يُدْرِيكَ لَعَلَّ ٱلسَّاعَةَ قَرِيبٌ ﴿١٧﴾
يَسْتَعْجِلُ بِهَا ٱلَّذِينَ لَا يُؤْمِنُونَ بِهَاۖ
وَٱلَّذِينَ ءَامَنُوا۟ مُشْفِقُونَ مِنْهَا وَيَعْلَمُونَ
أَنَّهَا ٱلْحَقُّۗ أَلَآ إِنَّ ٱلَّذِينَ يُمَارُونَ فِى
ٱلسَّاعَةِ لَفِى ضَلَٰلٍۭ بَعِيدٍ ﴿١٨﴾

16 അല്ലാഹുവിനു (അവൻെറ മതത്തിന്) സ്വീകരണം ലഭിച്ചതിനുശേഷം, അവൻെറ കാര്യത്തിൽ (തർക്കിച്ച്) ന്യായവാദം നടത്തുന്നവരാകട്ടെ, അവരുടെ ന്യായം തങ്ങളുടെ റബ്ബിൻെറ അടുക്കൽ ഫലശൂന്യമായതാകുന്നു (പരാജയപ്പെട്ടതാണ്). അവരുടെമേൽ കോപവും ഉണ്ടായിരിക്കും; കഠിനമായ ശിക്ഷയും അവർക്കുണ്ട്.

17 അല്ലാഹുവത്രെ, യഥാർത്ഥ പ്രകാരം വേദഗ്രന്ഥവും, തുലാസ്സും ഇറക്കിയവൻ. തനിക്ക് എന്തറിയാം, അന്ത്യസമയം സമീപസ്ഥമായിരിക്കാം?

18 അതിൽ വിശ്വസിക്കാത്തവർ അതിന് ധൃതികൂട്ടിക്കൊണ്ടിരിക്കുന്നു. വിശ്വസിച്ചവരാകട്ടെ, അതിനെക്കുറിച്ച് ഭയപ്പാടുള്ളവരുമാകുന്നു. അത് യഥാർത്ഥമാണെന്ന് അവർക്ക് അറിയുകയും ചെയ്യാം. അല്ലാ- (അറിയുക:) അന്ത്യസമയത്തിൻെറ കാര്യത്തിൽ തർക്കം നടത്തുന്നവർ നിശ്ചയമായും വിദൂരമായ വഴിപിഴവിൽ തന്നെയാകുന്നു.

സത്യാസത്യങ്ങളെ വേർതിരിക്കുവാനും, തൂക്കികണക്കാക്കുവാനുമുള്ള തുലാസ്സും, വേദഗ്രന്ഥവും അല്ലാഹു അവതരിപ്പിട്ടുണ്ട്. ഇനിയൊരു ന്യായവാദത്തിനോ, തർക്കത്തിനോ പ്രസക്തിയില്ല തന്നെ. തർക്കിക്കുന്നവരുടെ മേൽ അല്ലാഹുവിന്റെ കോപവും അവർക്ക് കഠിന ശിക്ഷയും ഉണ്ടായിരിക്കുന്നതാണ്.

അന്ത്യനാളിൽ വിശ്വസിക്കാത്ത മുശ്‌രിക്കുകൾ പരിഹാസ പൂർവ്വം അതിന് ധൃതികൂട്ടിക്കൊണ്ടിരിക്കുകയാണ്. എന്നാൽ സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം, അന്ത്യനാളിൽ സംഭവിക്കാനിരിക്കുന്ന അതിഭയാനകങ്ങളായ സംഭവ വികാസങ്ങളെ പറ്റിയും വിചാരണ, രക്ഷാശിക്ഷകൾ മുതലായവയെ പറ്റിയും ബോധവാന്മാരായതിനാൽ, അന്ത്യദിനത്തെക്കുറിച്ച് അവർ അതീവ ഭയപ്പാടിലുമായിരിക്കും. അന്ത്യസമയത്തിന്റെ കാര്യത്തിൽ തർക്കവും പരിഹാസവും നടത്തിക്കൊണ്ടിരിക്കുന്നവർ, അങ്ങേഅറ്റം വഴിപിഴവിൽ തന്നെയാകുന്നു.

**വചനം 19,20 :**

ٱللَّهُ لَطِيفُۢ بِعِبَادِهِۦ يَرۡزُقُ مَن يَشَآءُۖ وَهُوَ ٱلۡقَوِيُّ ٱلۡعَزِيزُ ﴿١٩﴾

19 അല്ലാഹു അവൻെറ അടിയാൻമാരോട് വളരെ സൗമ്യമുള്ളവനാകുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ കൊടുക്കുന്നു (അഥവാ ആഹാരം നൽകുന്നു). അവനത്രെ പ്രതാപശാലിയായ ശക്തനായുള്ളവൻ.

**വിഭാഗം 3**

مَن كَانَ يُرِيدُ حَرۡثَ ٱلۡأٓخِرَةِ نَزِدۡ لَهُۥ فِي حَرۡثِهِۦۖ وَمَن كَانَ يُرِيدُ حَرۡثَ ٱلدُّنۡيَا نُؤۡتِهِۦ مِنۡهَا وَمَا لَهُۥ فِي ٱلۡأٓخِرَةِ مِن نَّصِيبٍ ﴿٢٠﴾

20 ആരെങ്കിലും പരലോകത്തെ കൃഷി (വരുമാനം) ഉദ്ദേശിക്കുകയാണെങ്കിൽ, അവന് അവൻെറ കൃഷിയിൽ (വരുമാനത്തിൽ) നാം വർദ്ധിപ്പിച്ചുകൊടുക്കുന്നതാണ്; ആരെങ്കിലും ഇഹലോകത്തെ കൃഷി (വരുമാനം) ഉദ്ദേശിക്കുകയാണെങ്കിൽ അവന് അതിൽനിന്ന് നാം കൊടുക്കും; (പക്ഷേ,) പരലോകത്തിൽ അവന് യാതൊരു ഓഹരിയും ഇല്ലതാനും.

പരലോക നേട്ടങ്ങളെ ഉദ്ദേശ്യം വെച്ച്കൊണ്ട് പ്രവർത്തിക്കുന്നവർക്ക് അല്ലാഹു കൂടുതൽ നേട്ടങ്ങൾ കൈവരുത്തിക്കൊടുക്കുന്നതാണ്. എന്നാൽ ഐഹിക നേട്ടങ്ങളെ ഉന്നം വെക്കുന്നവർക്ക് അവരുടെ ഉദ്ദേശ്യങ്ങൾ മുഴുവൻ നിറവേറ്റിക്കൊടുക്കുകയില്ല- ഏതോ ചിലത് മാത്രമേ നിറവേറ്റുകയുള്ളൂ; അതേ സമയം അത്തരക്കാർക്ക് പരലോകത്ത് യാതൊരു നന്മയും ലഭ്യമാകുവാനില്ലെന്നും അല്ലാഹു ഈ വചനത്തിൽ വ്യക്തമാക്കിയിരിക്കുന്നു. സൂ: ഇസ്റാഅ് (ബനൂ ഇസ്രാഈൽ)ലെ 18,19,20 വചനങ്ങൾ ഈ വിഷയം കൂടുതൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നത് കാണാം. സൂ: അൽബഖറ 200,201,202- ഉം ശ്രദ്ധിക്കുക.

**വചനം 21,22 :**

أَمۡ لَهُمۡ شُرَكَٰٓؤُاْ شَرَعُواْ لَهُم مِّنَ ٱلدِّينِ مَا لَمۡ يَأۡذَنۢ بِهِ ٱللَّهُۚ وَلَوۡلَا كَلِمَةُ ٱلۡفَصۡلِ لَقُضِيَ بَيۡنَهُمۡۗ وَإِنَّ ٱلظَّٰلِمِينَ لَهُمۡ عَذَابٌ أَلِيمٞ ﴿٢١﴾

21 അതല്ല-(ഒരുപക്ഷേ,) അല്ലാഹു അനുവാദം നൽകിയിട്ടില്ലാത്ത വല്ലതും മതത്തിൽ പെട്ടതായി തങ്ങൾക്ക് നിയമിച്ചുകൊടുത്തിട്ടുള്ള വല്ല പങ്കാളികളും അവർക്കുണ്ടോ?! തീരുമാനത്തിൻെറ വാക്ക് (മുമ്പ്) ഉണ്ടായിരുന്നില്ലെങ്കിൽ അവർക്കിടയിൽ (തൽക്ഷണം) വിധി നടത്തപ്പെടുമായിരുന്നു. അക്രമികളാകട്ടെ, നിശ്ചയമായും അവർക്ക് വേദനയേറിയ ശിക്ഷയുണ്ട്.

تَرَى ٱلظَّٰلِمِينَ مُشۡفِقِينَ مِمَّا كَسَبُواْ وَهُوَ وَاقِعُۢ بِهِمۡۗ وَٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ فِي رَوۡضَاتِ

22 (ഈ) അക്രമികളെ, അവർ സമ്പാദിച്ചുവെച്ചതിനെപ്പറ്റി ഭയപ്പെടുന്നവരായി നിനക്ക് കാണാവുന്നതാണ്. അത് (ആ ശിക്ഷ), അവരിൽ സംഭവിക്കുന്നതാണ്താനും. വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കു

ٱلْجَنَّاتِ ۖ لَهُم مَّا يَشَآءُونَ عِندَ رَبِّهِمْ ۚ ذَٰلِكَ هُوَ ٱلْفَضْلُ ٱلْكَبِيرُ ﴿٢٢﴾

കയും ചെയ്തവർ സ്വർഗ്ഗത്തോപ്പുകളിലുമായിരിക്കും. അവർ എന്തുദ്ദേശിക്കുന്നുവോ അത് തങ്ങളുടെ രക്ഷിതാവിൻെറ അടുക്കൽ അവർക്കുണ്ട്. അതുതന്നെയാണ് വലുതായ അനുഗ്രഹം (അഥവാ ശ്രേഷ്ഠത).

മതാചാരാങ്ങളും നടപടി ക്രമങ്ങളും തോന്നിയമാതിരി സ്വീകരിച്ച് വരുന്ന ബഹുദൈവ വിശ്വാസികൾക്ക്, അല്ലാഹുവിന്റെ അനുമതിയില്ലാത്ത പുത്തൻ മതനിയമങ്ങൾ നിർമ്മിച്ച് കൊടുക്കുന്ന മറ്റ് വല്ല ദൈവങ്ങളും മനുഷ്യരിൽ നിന്നും ജിന്നുകളിൽ നിന്നും അവർക്കുണ്ടോ എന്ന് അല്ലാഹു ചോദിക്കുന്നു. ന്യായവിസ്താരങ്ങളും ശിക്ഷാനടപടികളും പരലോകത്ത് വെച്ചായിരിക്കുമെന്ന് അല്ലാഹു മുമ്പേ തീരുമാനിച്ച് വെച്ചതായത് കൊണ്ടാണ് അത്തരക്കാർ ഇപ്പോൾ ശിക്ഷിക്കപ്പെടാത്തത് എന്നും പിന്നീട് അതവർക്ക് നേരിടേണ്ടി വരുമെന്നും അല്ലാഹു അവർക്ക് താക്കീത് നൽകുന്നു. അതോടൊപ്പം ഭാവിയിൽ സൽകർമ്മികളായ സത്യവിശ്വാസികൾക്ക് ലഭിക്കാൻ പോകുന്ന അനുഗ്രഹങ്ങളും സുഖസൗകര്യങ്ങളും അല്ലാഹു വിശദീകരിക്കുകയും ചെയ്യുന്നു.

**വചനം 23 :**

ذَٰلِكَ ٱلَّذِى يُبَشِّرُ ٱللَّهُ عِبَادَهُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ ۗ قُل لَّآ أَسْـَٔلُكُمْ عَلَيْهِ أَجْرًا إِلَّا ٱلْمَوَدَّةَ فِى ٱلْقُرْبَىٰ ۗ وَمَن يَقْتَرِفْ حَسَنَةً نَّزِدْ لَهُۥ فِيهَا حُسْنًا ۚ إِنَّ ٱللَّهَ غَفُورٌ شَكُورٌ ﴿٢٣﴾

23 അതത്രെ, വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരായ തൻെറ അടിയാൻമാരോട് അല്ലാഹു സന്തോഷവാർത്ത അറിയിക്കുന്നത്. (നബിയേ) പറയുക: "ഞാൻ നിങ്ങളോട് ഇതിൻെറ പേരിൽ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല, അടുത്ത ബന്ധത്തിലുള്ള (സ്നേഹ) താൽപര്യം എന്നല്ലാതെ. ആരെങ്കിലും ഒരു നൻമ (പുണ്യം) പ്രവർത്തിച്ചുണ്ടാക്കുന്നതായാൽ, നാം അവന് അതിൽ നൻമ (ഗുണം) വർദ്ധിപ്പിച്ചുകൊടുക്കുന്നതാണ്. നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും, വളരെ നന്ദിയുള്ളവനുമാണ്."

സത്യപ്രബോധനം ചെയ്യുന്നതിന്റെ പേരിൽ മുഹമ്മദ് നബി(സ) തിരുമേനിയാകട്ടെ, മറ്റേതെങ്കിലും പ്രവാചകന്മാരാകട്ടെ, യാതൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ലെന്ന് നിരുപാധികം പ്രസ്താവിക്കുന്ന വളരെ അധികം ഖുർആൻ വചനങ്ങൾ നമുക്ക് കാണാവുന്നതാണ്. എന്നാൽ "അടുത്ത ബന്ധത്തിലുള്ള താല്പര്യം അല്ലാതെ" എന്ന് കൂടി ഈ വചനത്തിൽ കൂടുതലായി എടുത്ത് പറഞ്ഞിരിക്കുന്നത് കാണാം. ഈ പ്രസ്താവനക്ക് പണ്ഡിതന്മാർ ഒന്നിലധികം വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. ഇവയിൽ ഇബ്നു കഥീർ(റ) മുതലായ പ്രധാന മുഫസ്സിറുകൾ പലരും സ്വീകരിച്ചതും, ഇബ്നു അബ്ബാസ്(റ)ൽ നിന്ന് ബുഖാരി(റ) ഉദ്ധരിച്ചതുമായ താഴെ പറയുന്ന വ്യാഖ്യാനമാണ് ഏറ്റവും സ്വീകാര്യമായത്:

"നാം തമ്മിലുള്ള കുടുംബബന്ധം നിമിത്തം നിങ്ങളെന്നോട് സ്നേഹം കാണിക്കണമെന്ന് മാത്രമേ ഞാനാവശ്യപ്പെടുന്നുള്ളൂ. എന്റെ ദൗത്യ നിർവ്വഹണത്തിൽ നിങ്ങൾ ഉൽസുകരല്ലെങ്കിൽ തന്നെ, നമ്മുടെ കുടുംബ ബന്ധം ഓർത്ത് നിങ്ങൾ എന്നെ തടസ്സപ്പെടുത്താതിരിക്കണം". കുടുംബബന്ധം പാലിക്കൽ എല്ലാവരുടെയും കടമയാണല്ലോ. ഖുറൈശികളെല്ലാം നബി(സ)യുമായി കുടുംബബന്ധമുള്ളവരാണ് താനും. (എന്നാൽ നബി(സ) തിരുമേനിക്ക് അടുത്ത ബന്ധുക്കളിൽ നിന്നുമുള്ള സ്നേഹം പോലും നിഷേധിക്കപ്പെടുകയാണുണ്ടായത്. പല ബന്ധുക്കളും കടുത്ത ശത്രുത കാണിക്കുകയും മർദ്ദനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു)

**വചനം 24 :**

أَمْ يَقُولُونَ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا ۖ فَإِن يَشَإِ ٱللَّهُ يَخْتِمْ عَلَىٰ قَلْبِكَ ۗ وَيَمْحُ ٱللَّهُ ٱلْبَٰطِلَ وَيُحِقُّ ٱلْحَقَّ بِكَلِمَٰتِهِۦٓ ۚ إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٢٤﴾

24 അതല്ല (-പക്ഷേ,) "അവൻ (നബി) അല്ലാഹുവിൻെറ പേരിൽ കളവ് കെട്ടിച്ചമച്ചു" എന്ന് അവർ പറയുന്നുവോ?! എന്നാൽ, അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം, (നബിയേ,) നിൻെറ ഹൃദയത്തിന് അവൻ മുദ്രവെക്കുന്നതാണ്. അല്ലാഹു മിഥ്യയായുള്ളതിനെ മായി(ച്ചുനീ)ക്കുകയും, യഥാർത്ഥമായുള്ളതിനെ തൻെറ വചനങ്ങൾ മൂലം യഥാർത്ഥമാ (യി സ്ഥാപി) ക്കുകയും ചെയ്യും. നിശ്ചയമായും അവൻ നെഞ്ച് (ഹൃദയം) കളിലുള്ളതിനെ ക്കുറിച്ച് അറിയുന്നവനാണ്.

നബി(സ) അല്ലാഹുവിന്റെ പേരിൽ യാതൊന്നും കളവ് പറഞ്ഞുണ്ടാക്കുന്നില്ലെന്നും, അവിടുത്തെ ഉദ്ബോധനങ്ങളെല്ലാം യാഥാർത്ഥ്യങ്ങളാണെന്നും വ്യക്തമാണ്. അല്ലായിരുന്നുവെങ്കിൽ നബി(സ)യുടെ ഹൃദയത്തിന് അല്ലാഹു മുദ്രവെക്കുകയും, യഥാർത്ഥ സത്യം സ്ഥാപിക്കുന്നതിനുള്ള അനന്തര നടപടികളെടുക്കുകയും ചെയ്യുമായിരുന്നു എന്ന് സാരം.

**വചനം 25,26 :**

وَهُوَ ٱلَّذِى يَقْبَلُ ٱلتَّوْبَةَ عَنْ عِبَادِهِۦ وَيَعْفُوا۟ عَنِ ٱلسَّيِّـَٔاتِ وَيَعْلَمُ مَا تَفْعَلُونَ ﴿٢٥﴾ وَيَسْتَجِيبُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ وَيَزِيدُهُم مِّن فَضْلِهِۦ ۚ وَٱلْكَٰفِرُونَ لَهُمْ عَذَابٌ شَدِيدٌ ﴿٢٦﴾

25 അവനത്രെ, തൻെറ അടിയാൻമാരിൽ നിന്ന് പശ്ചാത്താപം സ്വീകരിക്കുന്നവൻ. അവൻ തിൻമകൾക്ക് മാപ്പുകൊടുക്കുകയും, നിങ്ങൾ ചെയ്തുവരുന്നത് അറിയുകയും ചെയ്യുന്നു.

26 വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് അവൻ ഉത്തരം നൽകുകയും, അവർക്ക് തൻെറ അനുഗ്രഹത്തിൽ (അഥവാ ദയവിൽ) നിന്നും വർദ്ധിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു. അവിശ്വാസികളാകട്ടെ, അവർക്ക് കഠിനമായ ശിക്ഷയുമുണ്ട്,

പശ്ചാത്താപത്തേയും പാപമോചനത്തേയും സംബന്ധിച്ച് സൂ: സുമർ 53ലും അതിന്റെ വ്യാഖ്യാനത്തിലും വിവരിച്ചത് ഓർക്കുക.

**വചനം 27 :**

۞ وَلَوْ بَسَطَ ٱللَّهُ ٱلرِّزْقَ لِعِبَادِهِۦ لَبَغَوْا۟ فِى ٱلْأَرْضِ وَلَٰكِن يُنَزِّلُ بِقَدَرٍ مَّا يَشَآءُ ۚ إِنَّهُۥ بِعِبَادِهِۦ خَبِيرٌۢ بَصِيرٌ ﴿٢٧﴾

27 അല്ലാഹു അവൻെറ അടിയാൻമാർക്ക് ഉപജീവനം (ആഹാരം) വിശാലമാക്കിക്കൊടുത്തിരുന്നുവെങ്കിൽ, അവർ ഭൂമിയിൽ അതിക്രമം നടത്തുമായിരുന്നു. പക്ഷേ, അവൻ താനുദ്ദേശിക്കുന്നത് ഒരു തോത് (വ്യവസ്ഥ) അനുസരിച്ച് ഇറക്കിക്കൊടുക്കുകയാണ്. നിശ്ചയമായും, അവൻ തൻെറ അടിയാൻമാരെപ്പറ്റി സൂക്ഷ്മജ്ഞാനിയും, കണ്ടറിയുന്നവനുമാകുന്നു.

വളരെ ശ്രദ്ധേയമായ ഒരു യാഥാർത്ഥ്യമാണ് അല്ലാഹു ഈ വചനത്തിലൂടെ അറിയിച്ച് തരുന്നത്. തന്റെ അടിയാൻമാരായ മനുഷ്യരുടെ എല്ലാ സ്വഭാവ വിശേഷങ്ങളും അല്ലാഹുവിന് സൂക്ഷ്മമായി

അറിയാമല്ലോ- സുഖസൗകര്യങ്ങൾ വർദ്ധിക്കുന്നതോടെ, വ്യക്തികളാകട്ടെ ജനസമൂഹങ്ങളാകട്ടെ രാഷ്ട്രങ്ങളാകട്ടെ, മാനുഷിക മൂല്യങ്ങളും, ധാർമ്മിക ബോധവും നശിച്ച് പൈശാചികവും മൃഗീയവുമായ ജീവിതം നയിക്കുന്നതായി, നാം കണ്ട് വരുന്നതാണല്ലോ. അത്കൊണ്ട് അല്ലാഹു അവനുദ്ദേശിക്കുന്ന ഒരു തോതനുസരിച്ചേ മനുഷ്യർക്ക് ഉപജീവനം വിശാലമാക്കിക്കൊടുക്കുകയുള്ളൂ. മാത്രമല്ല, ഭൂമിയിൽ എല്ലാവർക്കും വേണ്ടത്ര ജീവിത സൗകര്യങ്ങൾ നൽകപ്പെട്ടിരുന്നുവെങ്കിൽ, പരസ്പരം അനുസരിക്കാതെയും കീഴൊതുങ്ങാതെയും, സഹായ സഹകരണങ്ങൾ നൽകാതെയും വിവിധ തൊഴിലുകളും, വൈദഗ്ദ്യങ്ങളും പങ്ക് വെക്കപ്പെടാതെയും, അന്യോന്യം കയ്യേറ്റം ചെയ്തും തട്ടികയറിയും ഭൂമിയിൽ മനുഷ്യജീവിതം ദുഷ്കരമായിത്തീരുമായിരുന്നു. എല്ലാവരും ഒരുപോലെ ജീവിതക്ലേശം അനുഭവിക്കുന്നതായാലത്തെ സ്ഥിതിയും ഏറെക്കുറെ ഇത്തരത്തിൽ തന്നെ ആയിരിക്കുന്നതാണ്. അത്കൊണ്ട് തന്നെയാണ് ഉപജീവന മാർഗ്ഗത്തിൽ അല്ലാഹു ചിലരെ ഉയർത്തിയും മറ്റു ചിലരെ താഴ്ത്തിയും നിശ്ചയിച്ചിരിക്കുന്നത്. (സൂ: സുഖ്റുഫ് 32-ാം വചനം ശ്രദ്ധിക്കുക)

"എന്റെ ശേഷം നിങ്ങളെ പറ്റി ഞാൻ ഭയപ്പെടുന്ന ഒരു കാര്യമാണ് - ഇഹലോകത്തിന്റെ മോടിയും അലങ്കാരവും നിങ്ങൾക്ക് തുറന്ന് കിട്ടുക എന്നത്" (ബു.മു) എന്ന നബി(സ) തിരുമേനിയുടെ വചനം ഇത്തരുണത്തിൽ ശ്രദ്ധേയമാകുന്നു.

**വചനം 28,29 :**

وَهُوَ ٱلَّذِى يُنَزِّلُ ٱلْغَيْثَ مِنۢ بَعْدِ مَا قَنَطُوا۟ وَيَنشُرُ رَحْمَتَهُۥ ۚ وَهُوَ ٱلْوَلِىُّ ٱلْحَمِيدُ ﴿٢٨﴾

وَمِنْ ءَايَـٰتِهِۦ خَلْقُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَمَا بَثَّ فِيهِمَا مِن دَآبَّةٍ ۚ وَهُوَ عَلَىٰ جَمْعِهِمْ إِذَا يَشَآءُ قَدِيرٌ ﴿٢٩﴾

28 അവൻ തന്നെയാണ് അവർ (ജനങ്ങൾ) നിരാശപ്പെട്ടതിനുശേഷം മഴ ഇറക്കുകയും, തൻെറ കാരുണ്യം വ്യാപിപ്പിക്കുകയും ചെയ്യുന്നവനും. സ്തുത്യർഹനായ കൈകാര്യ കർത്താവും അവൻ തന്നെ.

29 അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്, ആകാശങ്ങളെയും ഭൂമിയെയും, ജീവജന്തുക്കളായി അവ രണ്ടിലും അവൻ വിതരണം ചെയ്തിട്ടുള്ളതിനെയും സൃഷ്ടിച്ചത്. അവൻ ഉദ്ദേശിക്കുന്നതായാൽ, അവയെ ഒരുമിച്ചു കൂട്ടുവാൻ കഴിവുള്ളവനുമാണ് അവൻ.

മനുഷ്യൻ, ജിന്ന്, മലക്ക്, പക്ഷിമൃഗാദികൾ തുടങ്ങിയ ചരിക്കുന്ന എല്ലാ ജീവികൾക്കും **دابة** (ദാബ്ബത്ത്) എന്ന വാക്ക് ഉപയോഗിക്കപ്പെടുന്നു. ആകാശഗോളങ്ങളിലും മലക്കുകൾക്ക് പുറമേ പലതരം ജീവികൾ ഉണ്ടായിരിക്കാമെന്നാണ് ഈ വചനത്തിൽ നിന്ന് മനസ്സിലാകുന്നത് - അല്ലാഹുവിനറിയാം. ഭൂമിയിലെ പലതരം ജീവികളെ പറ്റി പ്രസ്താവിച്ച ശേഷം സൂ: നൂർ 45ൽ "അല്ലാഹു ഉദ്ദേശിച്ചത് അവൻ സൃഷ്ടിക്കും" എന്നും സൂ: നഹ്ൽ 8-ൽ "നിങ്ങൾക്ക് അറിയാത്തതിനെ അവൻ സൃഷ്ടിക്കും" എന്നും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

എല്ലാറ്റിനേയും നിയന്ത്രിച്ച് പരിപാലിച്ച് വരുന്ന അല്ലാഹുവിന്, അവൻ ഉദ്ദേശിക്കുമ്പോൾ അവയെ മുഴുവനും ഒരേ സ്ഥലത്ത് ഒരുമിച്ച് കൂട്ടുവാനും കഴിയുന്നതാണ്. അതെ, ഖിയാമത്ത് നാളിൽ അത് സംഭവിക്കുക തന്നെ ചെയ്യും.

## വിഭാഗം 4

**വചനം 30 :**

وَمَآ أَصَـٰبَكُم مِّن مُّصِيبَةٍ فَبِمَا كَسَبَتْ أَيْدِيكُمْ وَيَعْفُوا۟ عَن كَثِيرٍ ﴿٣٠﴾

30 നിങ്ങൾക്ക് ഏതൊരു ആപത്ത് ബാധിക്കുന്നതായാലും അത് നിങ്ങളുടെ കരങ്ങൾ പ്രവർത്തിച്ചത് നിമിത്തമായിരിക്കും. പലതിനെ സംബന്ധിച്ചും അവൻ മാപ്പ് നൽകുകയും ചെയ്യുന്നു.

മനുഷ്യൻ ഓർത്തിരിക്കേണ്ട അതീവ പ്രധാനമായ ഒരു യാഥാർത്ഥ്യമാണീ വചനത്തിൽ– അതെ, മനുഷ്യനെ ബാധിക്കുന്ന ഓരോ ആപത്തും മനുഷ്യപ്രവർത്തനത്തിന്റെ അനന്തരഫലമായിരിക്കുമെന്ന്. എന്നാൽ മനുഷ്യന്റെ എല്ലാ അതിക്രമങ്ങൾക്കും, അതതിന് തുല്യമായ ദോഷഫലങ്ങൾ അവനെ ബാധിക്കുന്നില്ല താനും. പലതും അല്ലാഹു മാപ്പാക്കി വിട്ട് കൊടുത്തിരിക്കുകയാണ്. അല്ലായിരുന്നുവെങ്കിൽ മനുഷ്യന്റെ അവസ്ഥ അതിഭയാനകമാകുമായിരുന്നു. സൂ: നഹ്ൽ 61; സൂ: അൽകഹ്ഫ് 58 എന്നീ വചനങ്ങളിൽ ഈ വസ്തുത അല്ലാഹു നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്.

സ്വഭാവത്തിലും പെരുമാറ്റത്തിലും ധാർമ്മിക തുറകളിലുമെല്ലാം മനുഷ്യൻ ചെയ്ത് കൊണ്ടിരിക്കുന്ന അനീതികളെപറ്റിയും, അവമൂലം അവൻ നേരിടുമായിരുന്ന ഭവിഷ്യത്തുകളെപറ്റിയും, എന്നാൽ തെറ്റ് കുറ്റങ്ങളുടെ അനന്തരഫലങ്ങളിൽ പലതും സംഭവിക്കാതെ അല്ലാഹു നമ്മെ കാത്ത് രക്ഷിക്കുന്നതിനെ പറ്റിയും ഈ ഖുർആൻ വചനങ്ങൾ മുന്നിൽ വെച്ച് ഒന്നാലോചിച്ച് നോക്കിയാൽ, അല്ലാഹുവിന്റെ സഹനവും, അവൻ മനുഷ്യന് നൽകുന്ന മാപ്പും എത്രമാത്രം മഹത്തരമാണെന്ന് നമുക്ക് മനസ്സിലാകുന്നതാണ്.

**വചനം 31,32,33,34,35 :**

31 ഭൂമിയിൽ നിങ്ങൾ (അല്ലാഹുവിനെ) അസാധ്യമാക്കുന്നവരല്ല; അല്ലാഹുവിന് പുറമെ നിങ്ങൾക്ക് ഒരു കാര്യകർത്താവുമില്ല, ഒരു സഹായകനുമില്ല.

وَمَآ أَنتُم بِمُعْجِزِينَ فِى ٱلْأَرْضِ ۖ وَمَا لَكُم مِّن دُونِ ٱللَّهِ مِن وَلِىٍّ وَلَا نَصِيرٍ ﴿٣١﴾

32 അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്, മലകളെപോലെ (ഉയർന്നുകൊണ്ട്) സമുദ്രത്തിൽ (സഞ്ചരിക്കുന്ന) കപ്പലുകൾ.

وَمِنْ ءَايَـٰتِهِ ٱلْجَوَارِ فِى ٱلْبَحْرِ كَٱلْأَعْلَـٰمِ ﴿٣٢﴾

33 അവൻ ഉദ്ദേശിക്കുന്ന പക്ഷം, കാറ്റിനെ അവൻ അടക്കി നിർത്തുകയും, അങ്ങിനെ അവ അതിൻെറ (സമുദ്രത്തിൻെറ) മുകളിൽ (നിശ്ചലമായും) തങ്ങിനിൽക്കുന്നവയായിതീരുകയും ചെയ്യുന്നതാണ്. നിശ്ചയമായും, അതിൽ, ക്ഷമാലുക്കളും നന്ദിയുള്ളവരുമായ എല്ലാവർക്കും ദൃഷ്ടാന്തങ്ങളുണ്ട്.

إِن يَشَأْ يُسْكِنِ ٱلرِّيحَ فَيَظْلَلْنَ رَوَاكِدَ عَلَىٰ ظَهْرِهِۦٓ ۚ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّكُلِّ صَبَّارٍ شَكُورٍ ﴿٣٣﴾

34 അല്ലെങ്കിൽ, അവർ (ജനങ്ങൾ) പ്രവർത്തിച്ചു വെച്ചതിൻെറ കാരണമായി അവയെ (കപ്പലുകളെ) അവൻ നശിപ്പിച്ചു കളഞ്ഞേക്കുന്നതാണ്. പലതിനെ സംബന്ധിച്ചും അവൻ മാപ്പ് നൽകുകയും ചെയ്യും.

أَوْ يُوبِقْهُنَّ بِمَا كَسَبُوا۟ وَيَعْفُ عَن كَثِيرٍ ﴿٣٤﴾

35 നമ്മുടെ ദൃഷ്ടാന്തങ്ങളിൽ തർക്കം നടത്തുന്നവർ അറിഞ്ഞുകൊള്ളുകയും ചെയ്യും; അവർക്ക് ഓടി രക്ഷപ്പെടാവുന്ന ഒരു സ്ഥലവും ഇല്ല എന്ന്. (അതിന്നുംകൂടിയാണ് അങ്ങിനെ ചെയ്തേക്കുന്നത്.)

وَيَعْلَمَ ٱلَّذِينَ يُجَـٰدِلُونَ فِىٓ ءَايَـٰتِنَا مَا لَهُم مِّن مَّحِيصٍ ﴿٣٥﴾

മുൻകാലങ്ങളിലെ പായക്കപ്പലുകളെ പറ്റിയാണ് ഖുർആനിൽ പ്രസ്താവിക്കാറുള്ളത്. എന്നാൽ ഈ വചനങ്ങളിൽ ചൂണ്ടിക്കാട്ടിയ കാര്യങ്ങളിൽ ആധുനിക യന്ത്രക്കപ്പലുകളും ഉൾപ്പെടുന്നു. അമിതമായ കാറ്റും കോളും ആഞ്ഞടിച്ചും, കടലിലെ പാറകളിലും മലകളിലും ചെന്നിടിച്ചും മണലിൽ പൂണ്ട് പോയും, പല വിധത്തിലുള്ള അപായങ്ങൾ ഏത് തരം കപ്പലുകളേയും പിടികൂടാമല്ലോ. അങ്ങനെയുള്ള ദുരന്തങ്ങളിൽ അല്ലാഹുവിങ്കൽ നിന്നല്ലാതെ രക്ഷാമാർഗ്ഗമില്ലെന്ന് സത്യനിഷേധികൾക്ക് പോലും ബോധ്യപ്പെടുകയും ചെയ്യും. മനുഷ്യൻ ചെയ്യുന്ന തെറ്റ്കുറ്റ

ങ്ങൾ കാരണം അവയെ അപകടത്തിൽപെടുത്തി നടപടിയെടുക്കുവാൻ അല്ലാഹുവിന് കഴിയും. പക്ഷേ, 30-ാം വചനത്തിൽ പറഞ്ഞ പോലെ പലതും മാപ്പ് നൽകിയും വിട്ട് വീഴ്ച ചെയ്തും അല്ലാഹു കാത്ത് രക്ഷിച്ച് കൊണ്ടിരിക്കുകയാണ്. ആലോചിച്ച് നോക്കുന്നവർക്ക് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹങ്ങളേയും അവന്റെ കൈകാര്യങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന യുക്തിമഹത്വങ്ങളേയും പ്രതിഫലിപ്പിക്കുന്ന ദൃഷ്ടാന്തങ്ങൾ പലതും കണ്ടെത്താവുന്നതാണ്.

**വചനം 36,37,38,39 :**

فَمَآ أُوتِيتُم مِّن شَيْءٍ فَمَتَٰعُ ٱلْحَيَوٰةِ ٱلدُّنْيَا ۖ وَمَا عِندَ ٱللَّهِ خَيْرٌ وَأَبْقَىٰ لِلَّذِينَ ءَامَنُوا۟ وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴿٣٦﴾

36 എന്നാൽ, നിങ്ങൾക്ക് വല്ല വസ്തുവും നൽകപ്പെട്ടിട്ടുണ്ടെങ്കിലത് ഐഹിക ജീവിതത്തിൻെറ ഉപകരണമാകുന്നു. അല്ലാഹുവിൻെറ പക്കലുള്ളതാകട്ടെ, കൂടുതൽ ഉത്തമവും, കൂടുതൽ ശേഷിക്കുന്നതുമാകുന്നു. (അത് ആർക്കാണെന്നോ?-) വിശ്വസിക്കുകയും തങ്ങളുടെ റബ്ബിൻെറമേൽ (കാര്യങ്ങളെ) ഭരമേൽപ്പിക്കുകയും ചെയ്യുന്നവർക്കും;

وَٱلَّذِينَ يَجْتَنِبُونَ كَبَٰٓئِرَ ٱلْإِثْمِ وَٱلْفَوَٰحِشَ وَإِذَا مَا غَضِبُوا۟ هُمْ يَغْفِرُونَ ﴿٣٧﴾

37 മഹാപാപങ്ങളെയും, നീചവൃത്തികളെയും വിട്ടകന്ന് നിൽക്കുന്നവർക്കും; ദേഷ്യം വരുമ്പോൾ അവർ പൊറുത്തുകൊടുക്കുകയും ചെയ്യും (അങ്ങിനെയുള്ളവർക്കും);

وَٱلَّذِينَ ٱسْتَجَابُوا۟ لِرَبِّهِمْ وَأَقَامُوا۟ ٱلصَّلَوٰةَ وَأَمْرُهُمْ شُورَىٰ بَيْنَهُمْ وَمِمَّا رَزَقْنَٰهُمْ يُنفِقُونَ ﴿٣٨﴾

38 തങ്ങളുടെ റബ്ബിന് ഉത്തരം നൽകുകയും, നമസ്കാരം നിലനിറുത്തുകയും ചെയ്തവർക്കും; തങ്ങളുടെ കാര്യം തങ്ങൾക്കിടയിൽ കൂടിയാലോചിക്കപ്പെടുന്നതുമായിരിക്കും, നാം തങ്ങൾക്ക് നൽകിയിട്ടുള്ളതിൽ നിന്ന് ചിലവഴിക്കുകയും ചെയ്യും (അങ്ങിനെയുള്ളവർക്കും);

وَٱلَّذِينَ إِذَآ أَصَابَهُمُ ٱلْبَغْىُ هُمْ يَنتَصِرُونَ ﴿٣٩﴾

39 തങ്ങൾക്ക് (വല്ലവരിൽനിന്നും) അതിക്രമം ബാധിച്ചാൽ, (സ്വയം) രക്ഷാനടപടി എടുക്കുന്നവർക്കും.

ഈ വചനങ്ങളിൽ സജ്ജനങ്ങളുടേതായ ഗുണഗണങ്ങൾ അല്ലാഹു വിസ്തരിച്ച് പറയുന്നു:

: അവർ സത്യവിശ്വാസം സ്വീകരിച്ചവരായിരിക്കും. അവിശ്വാസികളുടെ യാതൊരു കർമ്മവും പരലോകത്ത് സ്വീകാര്യമായിരിക്കുകയില്ലെന്ന് അല്ലാഹു ഖുർആനിൽ ആവർത്തിച്ച് പ്രസ്താവിച്ചിട്ടുള്ളതാകുന്നു.

: അവർ കാര്യങ്ങൾ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നവരാകുന്നു. അവനവന്റെ കഴിവിൽപ്പെട്ടതെല്ലാം പ്രവർത്തിക്കുകയും കഴിവിനപ്പുറമുള്ളതിൽ, അല്ലാഹുവിൽ ഭരമേൽപിച്ച് സമാധാനപ്പെടുകയും ചെയ്യുന്നവരാകുന്നു അവർ.

: മഹാപാപങ്ങളിൽ നിന്നും, നീചവൃത്തികളിൽ നിന്നും ഒഴിഞ്ഞ് നിൽക്കുന്നവരാകുന്നു അവർ. ശിക്ഷാനിയമങ്ങൾക്ക് വിധേയമായ എല്ലാ പാപങ്ങളും മഹാപാപത്തിൽ ഉൾപ്പെടുന്നു. മനുഷ്യത്വത്തിനും മാന്യതക്കും നിരക്കാത്ത നിന്ദ്യകൃത്യങ്ങളെയാണ് നീചവൃത്തികൾ എന്ന് വിവക്ഷിക്കപ്പെടുന്നത്.

“നിങ്ങളോട് വിരോധിക്കപ്പെടുന്നതിൽ വൻ കാര്യങ്ങളെ നിങ്ങൾ വിട്ടകന്ന് നിൽക്കുന്ന പക്ഷം നിങ്ങളുടെ തിന്മകളെ നാം മൂടിവെച്ച് പൊറുത്ത്തരുകയും നിങ്ങളെ നാം മാന്യമായ പ്രവേശനം പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്”- എന്ന് സൂ: നിസാഅ് 31-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

: കോപം വന്നാൽ അവർ തന്റെ പ്രതിയോഗിയുടെ നേരെ വിട്ട് വീഴ്ച കൈകൊണ്ട് പൊറുത്ത് കൊടുക്കുന്നതാണ്.

“മൽപിടുത്തത്തിൽ ആളെ വീഴ്ത്തുന്നത് കൊണ്ടല്ല ഒരാൾ ഊക്കനാകുന്നത്. കോപം വരുമ്പോൾ മനസ്സിനെ നിയന്ത്രിക്കുന്നവനാണ് ഊക്കൻ” എന്ന നബി വചനം ശ്രദ്ധേയമാകുന്നു.

: തങ്ങളുടെ റബ്ബിന് അവർ ഉത്തരം നൽകുന്നവരാകുന്നു. അല്ലാഹുവിന്റെയും റസൂലിന്റെയും കല്പനകൾ നിരുപാധികം പിൻപറ്റി അവർ അനുസരിക്കുന്നതാണ്.

: നമസ്കാരം നിലനിർത്തുന്നവർ- ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശേഷിച്ചൊന്നും പ്രസ്താവിക്കേണ്ടതില്ലല്ലോ.

: കാര്യങ്ങളിൽ അന്യോന്യം കൂടിയാലോചന നടത്തുന്നവർ - മനുഷ്യന്റെ പാരത്രികമായ വിഷയങ്ങളിൽ മാത്രമല്ല, ഭൗതികമായ വശങ്ങളിലും അത്യധികം പ്രാധാന്യമർഹിക്കുന്ന ഒരു ഗുണമത്രേ അത്. ഭിന്നാഭിപ്രായങ്ങളിൽ യോജിപ്പ് വരുത്തുന്നതിലും, നാനാമുഖങ്ങളായ പ്രശ്നങ്ങളെ നേരിടുന്നതിലുമെല്ലാം കൂടിയാലോചന എത്രമാത്രം പ്രയോജനപ്രദമാണെന്ന് എടുത്ത് പറയേണ്ടതില്ലല്ലോ. അല്ലാഹുവിങ്കൽ നിന്നുള്ള വഹ്‌യ് ലഭിക്കുന്ന ആളായിരുന്നിട്ട് പോലും നബി(സ) പ്രധാന വിഷയങ്ങളിൽ സഹാബികളുമായി കൂടിയാലോചന നടത്തുക പതിവായിരുന്നു. സൂ: ആലു ഇംറാൻ: 159 ൽ അല്ലാഹു നബി തിരുമേനിയോട് ഇപ്രകാരം നിർദ്ദേശിക്കുന്നു.

“നീ അവരുമായി കാര്യങ്ങളിൽ കൂടിയാലോചന നടത്തുക എന്നിട്ട് നീ തീർച്ചയാക്കികഴിഞ്ഞാൽ പിന്നീട് അല്ലാഹുവിന്റെ മേൽ ഭരമേൽപിച്ച് കൊള്ളുക”.

: അല്ലാഹു നൽകിയിട്ടുള്ളതിൽ നിന്ന് അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുന്നതാണ്. അല്ലാഹു നൽകിയതല്ലാതെ മനുഷ്യന്റെ പക്കൽ എന്താണുള്ളത്. എന്നിരിക്കെ, അത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വിനിയോഗിക്കുക എന്നത് മനുഷ്യന്റെ കടമയും, അല്ലാഹുവിനോട് നന്ദിപ്രകടനവുമാകുന്നു.

: അന്യരിൽ നിന്ന് അതിക്രമം നേരിട്ടാൽ അവർ സ്വയം രക്ഷാനടപടി എടുക്കുന്നതാണ്. അക്രമിക്കപ്പെടുകയോ, കയ്യേറ്റം ചെയ്യപ്പെടുകയോ, ചെയ്യുമ്പോൾ ഭീരുത്വവും ചപലതയും കാണിക്കാതെ ധീരമായ നിലയിൽ അതിനെതിരെ പ്രതികാര നടപടികൾ എടുക്കുന്നവരാകുന്നു അവർ. എന്നാൽ സന്ദർഭാനുസരണം മാപ്പിനെ ദുർബ്ബലതയായി കണക്കാക്കാത്ത, മാപ്പിന് കൂറ് പ്രകടിപ്പിക്കുന്ന മാന്യരായ പ്രതിയോഗികൾക്കെതിരെ, വ്യക്തിപരമായ കാര്യങ്ങളിൽ പ്രത്യേകിച്ചും, പ്രതികാരം ചെയ്യാതെ, മാപ്പ് നൽകുവാൻ പ്രോത്സാഹനം നൽകിക്കൊണ്ടുള്ള വചനങ്ങളും, മേൽപറഞ്ഞതും തമ്മിൽ വൈരുദ്ധ്യമൊന്നുമില്ല തന്നെ. ഇത് സംബന്ധമായി തുടർന്നുള്ള വചനങ്ങളിൽ അല്ലാഹു പറയുന്നു.

**വചനം 40,41,42,43 :**

وَجَزَٰٓؤُاْ سَيِّئَةٖ سَيِّئَةٞ مِّثۡلُهَاۖ فَمَنۡ عَفَا وَأَصۡلَحَ فَأَجۡرُهُۥ عَلَى ٱللَّهِۚ إِنَّهُۥ لَا يُحِبُّ ٱلظَّٰلِمِينَ ﴿٤٠﴾

40 ഒരു തിൻമയുടെ പ്രതിഫലം, അതുപോലെയുള്ള ഒരു തിൻമയാകുന്നു. എന്നാൽ, ആരെങ്കിലും മാപ്പുനൽകുകയും, നന്നാക്കുക (അഥവാ നല്ലത് പ്രവർത്തിക്കുക)യും ചെയ്താൽ, അവൻെറ കൂലി അല്ലാഹുവിൻെറമേൽ (ബാധ്യതപ്പെട്ടത്) ആകുന്നു. നിശ്ചയമായും, അവൻ അക്രമം ചെയ്യുന്നവരെ ഇഷ്ടപ്പെടുകയില്ല.

وَلَمَنِ ٱنتَصَرَ بَعۡدَ ظُلۡمِهِۦ فَأُوْلَٰٓئِكَ مَا عَلَيۡهِم مِّن سَبِيلٍ ﴿٤١﴾

41 തന്നെ അക്രമിച്ചതിനുശേഷം ആരെങ്കിലും രക്ഷാനടപടി എടുക്കുന്നതായാൽ, അക്കൂട്ടരുടെമേൽ (അവർക്കെതിരെ വല്ലതും പ്രവർത്തിക്കുവാൻ) യാതൊരു മാർഗ്ഗവുമില്ല.

إِنَّمَا ٱلسَّبِيلُ عَلَى ٱلَّذِينَ يَظۡلِمُونَ ٱلنَّاسَ وَيَبۡغُونَ فِي ٱلۡأَرۡضِ بِغَيۡرِ ٱلۡحَقِّۚ أُوْلَٰٓئِكَ لَهُمۡ عَذَابٌ أَلِيمٞ ﴿٤٢﴾ وَلَمَن صَبَرَ وَغَفَرَ إِنَّ ذَٰلِكَ لَمِنۡ عَزۡمِ ٱلۡأُمُورِ ﴿٤٣﴾

42 നിശ്ചയമായും മാർഗ്ഗമുള്ളത് ജനങ്ങളെ അക്രമിക്കുകയും, ന്യായമല്ലാത്ത വിധേന ഭൂമിയിൽ അതിക്രമം നടത്തുകയും ചെയ്യുന്നവരുടെമേൽമാത്രമാണ്. അക്കൂട്ടർക്ക് വേദനയേറിയ ശിക്ഷയുമുണ്ട്.

43 ആരെങ്കിലും ക്ഷമിക്കുകയും, പൊറുക്കുകയും ചെയ്താൽ, നിശ്ചയമായും അത് (മനോ) ദാർഢ്യതയുള്ള കാര്യങ്ങളിൽ പെട്ടതാകുന്നു.

ഒരു തിന്മക്ക് പ്രതികാരം ചെയ്യുമ്പോൾ ഇങ്ങോട്ട് ചെയ്ത അതേ പ്രകാരത്തിൽ മാത്രമേ അങ്ങോട്ടും ചെയ്യാൻ പാടുള്ളൂ. അതിൽ കവിയുവാൻ പാടുള്ളതല്ല. സൂ: അൽബഖറ 194; സൂ: നഹ്ൽ 126 വചനങ്ങളിൽ അല്ലാഹു ഈ വസ്തുത കൂടുതൽ വ്യക്തമാക്കുന്നു. കണ്ണിന് കണ്ണ്, മൂക്കിന് മൂക്ക്, പല്ലിന് പല്ല് എന്നിങ്ങനെ കൃത്യമായിട്ടായിരിക്കണം പ്രതികാര നടപടി എന്നുള്ളത് ഇസ്ലാമിലെ ഖണ്ഡിതമായ നിയമമാകുന്നു.

അക്രമിക്ക് മാപ്പ് നൽകുകയെന്നത് അക്രമിക്കപ്പെട്ടവന്റെ ഭാഗത്ത് നിന്നുള്ള ഔദാര്യവും മാന്യതയും ആയത്കൊണ്ട് തന്നെയാണ് അല്ലാഹു അതേപറ്റി പലയിടങ്ങളിലും ശക്തിയായ ഭാഷയിൽ പ്രോത്സാഹിപ്പിച്ചിട്ടുള്ളത്. മാപ്പ് നൽകിയത് കൊണ്ട് മതിയാക്കാതെ, അക്രമിയുമായി സ്നേഹബന്ധം സ്ഥാപിക്കുകയും കൂടി ചെയ്യുകയാണെങ്കിൽ, അതൊരു അത്യുത്തമമായ മാതൃകയാകുമെന്നതിനാലാണ്, "അത്തരക്കാർക്ക് പ്രതിഫലം നൽകൽ അല്ലാഹുവിന്റെ ബാധ്യതയാണ്" എന്ന് അല്ലാഹു പ്രസ്താവിച്ചിട്ടുള്ളത്. ഹാമീം സജദ 34,35 മുതലായ വചനങ്ങൾ ഇവിടെ സ്മരിക്കുന്നത് ഉചിതമായിരിക്കും.

ആക്രമികളെ അല്ലാഹു ഇഷ്ടപ്പെടുകയില്ല, എന്ന വചനത്തിൽ ആദ്യമായി അക്രമം നടത്തിയവൻ മാത്രമല്ല, പ്രതികാര നടപടിയിൽ അതിര് കവിഞ്ഞവനും ഉൾപ്പെടുന്നു.

അക്രമത്തിന് വിധേയനായവൻ, നിയമാനുസൃതം രക്ഷാനടപടി എടുക്കുകയോ പ്രതികാരം ചെയ്യുകയോ ചെയ്യുന്നത് തടയുവാനോ, അവർക്കെതിരിൽ പ്രവർത്തിക്കുവാനോ, ആർക്കും പാടുള്ളതല്ല. നേരെ മറിച്ച് വ്യക്തികളെ ആക്രമിക്കുക, നാട്ടിൽ അതിക്രമവും കുഴപ്പവും ഉണ്ടാക്കുക മുതലായവ ചെയ്യുന്ന ദ്രോഹികൾക്കെതിരെ അത്തരം നടപടികൾ എടുക്കാവുന്നതാണ്. ഇഹത്തിൽ വെച്ചുള്ള അത്തരം നടപടികൾക്ക് പുറമേ, അല്ലാഹുവിങ്കൽ നിന്നുള്ള അതികഠിനമായ ശിക്ഷകൾക്കും അവർ വിധേയരായിത്തീരുന്നതാണ്.

ക്ഷമയുടെയും മാപ്പ് നൽകുന്നതിന്റെയും പ്രാധാന്യം 43-ാം വചനത്തിൽ അല്ലാഹു ഒരിക്കൽ കൂടി ആവർത്തിച്ചുണർത്തുന്നു. അക്രമത്തിന് വിധേയനായ ഒരാൾ അല്ലാഹുവിനെയോർത്ത് അത് ക്ഷമിച്ചു മാപ്പാക്കുന്ന പക്ഷം, അത് മൂലം അല്ലാഹു അവന് പ്രതാപം നൽകുകയും സഹായം പ്രദാനം ചെയ്യുകയും ചെയ്യുന്നതാണെന്ന നബി വചനം (അഹ്മദ്(റ) അബൂദാവൂദ്(റ) ഇത്തരുണത്തിൽ സ്മരണീയമാകുന്നു.

## വിഭാഗം 5

**വചനം 44,45,46 :**

وَمَن يُضۡلِلِ ٱللَّهُ فَمَا لَهُۥ مِن وَلِيّٖ مِّنۢ بَعۡدِهِۦۗ وَتَرَى ٱلظَّٰلِمِينَ لَمَّا رَأَوُاْ ٱلۡعَذَابَ يَقُولُونَ هَلۡ إِلَىٰ مَرَدّٖ مِّن سَبِيلٖ ﴿٤٤﴾

44 അല്ലാഹു ഏതൊരുവനെ വഴിപിഴവിലാക്കിയോ അവന് പിന്നീട് യാതൊരു രക്ഷാകർത്താവും ഇല്ല. അക്രമികൾ ശിക്ഷയെ കാണുന്ന അവസരത്തിൽ, അവർ പറയുന്നതായി നിനക്കുകാണാം: "ഒരു തിരിച്ചുപോക്കിന് വല്ല മാർഗ്ഗവും ഉണ്ടോ?!" എന്ന്.

وَتَرَىٰهُمْ يُعْرَضُونَ عَلَيْهَا خَٰشِعِينَ مِنَ ٱلذُّلِّ يَنظُرُونَ مِن طَرْفٍ خَفِيٍّ ۗ وَقَالَ ٱلَّذِينَ ءَامَنُوٓا۟ إِنَّ ٱلْخَٰسِرِينَ ٱلَّذِينَ خَسِرُوٓا۟ أَنفُسَهُمْ وَأَهْلِيهِمْ يَوْمَ ٱلْقِيَٰمَةِ ۗ أَلَآ إِنَّ ٱلظَّٰلِمِينَ فِى عَذَابٍ مُّقِيمٍ ﴿٤٥﴾

45 നിന്ദ്യതനിമിത്തം, (വിനയപ്പെട്ട്) ഭക്തി കാണിക്കുന്നവരായ നിലയിൽ അതിൻെറ (നരകത്തിൻെറ) അടുക്കൽ അവർ പ്രദർശിക്കപ്പെടുന്നതായും നിനക്ക് കാണാം. (ശരിക്ക് കണ്ണുതുറക്കാതെ) ഗോപ്യമായ ഒരു ദൃഷ്ടിയിലൂടെ അവർ നോക്കുന്നതാണ്. വിശ്വസിച്ചവർ പറയും: “നിശ്ചയമായും, (സാക്ഷാൽ) നഷ്ടക്കാർ, ഖിയാമത്തു നാളിൽ തങ്ങളെത്തന്നെയും, തങ്ങളുടെ സ്വന്തക്കാരെയും നഷ്ടപ്പെടുത്തിയവരത്രെ. ”അല്ലാ! (അറിഞ്ഞേക്കുക:) നിശ്ചയമായും അക്രമികൾ (ഇടമുറിയാതെ) നിലനിൽക്കുന്ന ശിക്ഷയിലായിരിക്കും.

وَمَا كَانَ لَهُم مِّنْ أَوْلِيَآءَ يَنصُرُونَهُم مِّن دُونِ ٱللَّهِ ۗ وَمَن يُضْلِلِ ٱللَّهُ فَمَا لَهُۥ مِن سَبِيلٍ ﴿٤٦﴾

46 അല്ലാഹുവിനുപുറമെ, അവരെ സഹായിക്കുന്ന രക്ഷാകർത്താക്കളൊന്നും അവർക്കുണ്ടായിരിക്കയില്ല. അല്ലാഹു ഏതൊരുവനെ വഴിപിഴവിലാക്കിയോ അവന് യാതൊരു (രക്ഷാ) മാർഗ്ഗവും ഇല്ല.

സത്യോപദേശങ്ങളും മാർഗ്ഗദർശനങ്ങളും വകവെക്കാതെ, ദുർമാർഗ്ഗത്തിൽ ആപതിക്കുന്നവരുടെ അതിദയനീയമായ ശോചനീയാവസ്ഥയാണ് ഈ വചനങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ളത്. അപമാനവും വ്യസനവും നിമിത്തം, കണ്ണ് മുഴുൻ തുറന്ന് നോക്കാൻ പോലും കഴിയാതെ, നിന്ദിതമായ ഒരവസ്ഥയിൽ അവർ നരകത്തിന്റെ അടുക്കൽ പ്രദർശിപ്പിക്കപ്പെടുന്നതാണ്- തങ്ങൾക്ക് ലഭിക്കാൻ പോകുന്ന ശാശ്വത ശിക്ഷയെ അഭിമുഖീകരിച്ച് കൊണ്ട്. ‘അല്ലാഹു വഴിപിഴവിലാക്കിയവർ’ (വചനം 44 ) എന്നതിനെക്കുറിച്ച് സൂ: മുഅ് മിൻ 33, 34 വചനം നോക്കുക

**വചനം 47,48,49,50 :**

ٱسْتَجِيبُوا۟ لِرَبِّكُم مِّن قَبْلِ أَن يَأْتِىَ يَوْمٌ لَّا مَرَدَّ لَهُۥ مِنَ ٱللَّهِ ۚ مَا لَكُم مِّن مَّلْجَإٍ يَوْمَئِذٍ وَمَا لَكُم مِّن نَّكِيرٍ ﴿٤٧﴾

47 (മനുഷ്യരേ,) ഒരു ദിവസം വന്നെത്തും മുമ്പായി നിങ്ങൾ നിങ്ങളുടെ രക്ഷിതാവിന് ഉത്തരം ചെയ്യുവിൻ; (അതുവന്നാൽ) അതിന് അല്ലാഹുവിങ്കൽനിന്ന് യാതൊരു തടവും ഉണ്ടാകയില്ല. അന്നത്തെ ദിവസം, നിങ്ങൾക്ക് യാതൊരു അഭയസ്ഥാനവും ഇല്ല; നിങ്ങൾക്ക് യാതൊരു നിഷേധവും (കുറ്റനിഷേധത്തിനുള്ള സാധ്യതയും) ഇല്ല.

فَإِنْ أَعْرَضُوا۟ فَمَآ أَرْسَلْنَٰكَ عَلَيْهِمْ حَفِيظًا ۖ إِنْ عَلَيْكَ إِلَّا ٱلْبَلَٰغُ ۗ وَإِنَّآ إِذَآ أَذَقْنَا ٱلْإِنسَٰنَ مِنَّا رَحْمَةً فَرِحَ بِهَا ۖ وَإِن تُصِبْهُمْ سَيِّئَةٌۢ بِمَا قَدَّمَتْ أَيْدِيهِمْ فَإِنَّ ٱلْإِنسَٰنَ كَفُورٌ ﴿٤٨﴾

48 (നബിയേ) എനി, അവർ (അവഗണിച്ചു) തിരിഞ്ഞുപോകയാണെങ്കിൽ (ചെയ്യട്ടെ): എന്നാൽ, നിന്നെ അവരുടെമേൽ കാവൽക്കാരനായി നാം അയച്ചിട്ടില്ല. നിൻെറമേൽ (ദൗത്യം) എത്തിച്ചുകൊടുക്കലല്ലാതെ (ബാധ്യത) ഇല്ല. നാം, നമ്മുടെ വകയായി ഒരു കാരുണ്യം (അനുഗ്രഹം) മനുഷ്യനെ ആസ്വദിപ്പിച്ചാൽ അവൻ അതുമൂലം ആഹ്ളാദിക്കും; അവർക്ക് അവരുടെ കരങ്ങൾ മുൻചെയ്തുവെച്ചതുമൂലം വല്ല തിൻമയും ബാധിക്കുന്നുവെങ്കിലോ, അപ്പോൾ, മനുഷ്യൻ നിശ്ചയമായും നന്ദികെട്ടവനുമായിരിക്കും.

لِّلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ يَخْلُقُ مَا يَشَآءُ ۚ يَهَبُ لِمَن يَشَآءُ إِنَٰثًا وَيَهَبُ لِمَن يَشَآءُ ٱلذُّكُورَ ﴿٤٩﴾

49 അല്ലാഹുവിനാണ് ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെണ്ണുങ്ങളെ (പെൺമക്കളെ) പ്രദാനം ചെയ്യുന്നു; അവൻഉദ്ദേശിക്കുന്നവർക്ക് അവൻ ആണുങ്ങളെയും (ആൺമക്കളെയും) പ്രദാനം ചെയ്യുന്നു.

أَوْ يُزَوِّجُهُمْ ذُكْرَانًا وَإِنَٰثًا ۖ وَيَجْعَلُ مَن يَشَآءُ عَقِيمًا ۚ إِنَّهُۥ عَلِيمٌ قَدِيرٌ ﴿٥٠﴾

50 അല്ലെങ്കിൽ, അവർക്ക് (അവൻ ഉദ്ദേശിക്കുന്നവർക്ക്) ആണുങ്ങളെയും, പെണ്ണുങ്ങളെയും ഇണകലർത്തിക്കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരുമാക്കുന്നു. നിശ്ചയമായും അവൻ 'സർവ്വജ്ഞനും, സർവ്വ ശക്തനുമാകുന്നു'.

പശ്ചാത്താപവും, സത്യവിശ്വാസവും കൈകൊള്ളുന്നത് മരണം ആസന്നമാകുന്നതിന് മുമ്പായിരിക്കണമെന്ന് സൂ: നിസാഅ് 17,18 വചനങ്ങളിൽ അല്ലാഹു സ്പഷ്ടമാക്കിയിട്ടുണ്ട്. അവിശ്വാസികളായി മരണപ്പെടുന്നവർക്ക് യാതൊരു അഭയസ്ഥാനവും ഉണ്ടായിരിക്കുന്നതല്ലെന്ന് അല്ലാഹു ഖുർആനിൽ പലയിടത്തും പ്രസ്താവിച്ചിട്ടുള്ളതാകുന്നു. മനുഷ്യർക്ക് സത്യപ്രബോധനം എത്തിച്ച് കൊടുക്കുകയെന്നതാകുന്നു നബി(സ) തിരുമേനിയുടെ ദൗത്യം. അവർക്ക്, അത് സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാം. ഈ വസ്തുത അല്ലാഹു ഖുർആനിൽ വിവിധയിടങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതാകുന്നു. (ഉദാ: ആലു ഇംറാൻ 20-ാം വചനം)

അല്ലാഹു മനുഷ്യന് വല്ല സുഖസൗകര്യങ്ങളും അനുഭവിപ്പിച്ചാൽ, അത് തനിക്ക് അല്ലാഹുവിങ്കൽ പ്രത്യേക സ്ഥാനമുള്ളത് കൊണ്ടാണെന്ന് കരുതി അവൻ അഹംഭവിക്കുന്നതാണ്. എന്നാൽ അവന്റെ കൈകൾ മുമ്പ് ചെയ്ത് വെച്ചതിന്റെ ഫലമായി വല്ല തിന്മയും അവനെ പിടികൂടിയാലോ, അപ്പോഴതാ അവൻ അങ്ങേയറ്റം നന്ദികെട്ടവനായി മാറുന്നു.

സർവ്വജ്ഞനും സർവ്വശക്തനുമായ അല്ലാഹുവിനാകുന്നു ആകാശഭൂമികളുടെ രാജാധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. സന്താനങ്ങളുടെ കാര്യത്തിലാണെങ്കിൽ, ചിലർക്ക് അവൻ പെൺകുട്ടികളെ നൽകുന്നു; ചിലർക്ക് ആൺകുട്ടികളെയും മറ്റ് ചിലർക്ക് ആൺകുട്ടികളെയും പെൺകുട്ടികളെയും ഇടകലർത്തിയും നൽകുന്നു. മറ്റ് ചിലർക്കാകട്ടെ സന്താനങ്ങൾ നൽകാതെ വന്ധ്യരുമാക്കുന്നു; എല്ലാം അല്ലാഹുവിന്റെ ഉദ്ദേശവും നിശ്ചയവും അനുസരിച്ച് മാത്രം സംഭവിക്കുന്നു.

**വചനം 51:**

۞ وَمَا كَانَ لِبَشَرٍ أَن يُكَلِّمَهُ ٱللَّهُ إِلَّا وَحْيًا أَوْ مِن وَرَآئِ حِجَابٍ أَوْ يُرْسِلَ رَسُولًا فَيُوحِىَ بِإِذْنِهِۦ مَا يَشَآءُ ۚ إِنَّهُۥ عَلِىٌّ حَكِيمٌ ﴿٥١﴾

51 യാതൊരു മനുഷ്യനോടും തന്നെ, അല്ലാഹു സംസാരിക്കലുണ്ടാകുന്നതല്ല,ബോധനം നൽകലായോ, അല്ലെങ്കിൽ ഒരു മറയുടെ അപ്പുറത്തുനിന്നോ, അല്ലെങ്കിൽ ഒരു ദൂതനെ അയച്ച് അദ്ദേഹം അവൻെറ അനുവാദ പ്രകാരം അവനുദ്ദേശിക്കുന്നത് ബോധനം നൽകുകയോ അല്ലാതെ. നിശ്ചയമായും അവൻ ഉന്നതനാണ്, അഗാധജ്ഞനാണ്.

അല്ലാഹുവിൽ നിന്ന് മനുഷ്യർക്ക് ദിവ്യസന്ദേശങ്ങൾ ലഭിക്കുന്നത് ഏതേത് മാർഗ്ഗങ്ങളിലൂടെയാണെന്ന് അല്ലാഹു ഈ വചനം മുഖേന അറിയിക്കുന്നു:

1) അല്ലാഹു നേരിട്ട് നൽകുന്ന ബോധനമായിട്ട് : മനസ്സിൽ വെളിപാടുണ്ടായും സ്വപ്നം വഴിയും ഇത് സംഭവിക്കുന്നു. 'എന്റെ മനസ്സിൽ ഊതി ' 'എന്റെ മനസ്സിൽ ഇട്ട് തന്നു'; സ്വപ്നത്തിൽ എനിക്ക്

കാണിക്കപ്പെട്ടു' എന്നൊക്കെ നബി(സ) ചിലപ്പോൾ പറയാറുള്ളതും, സാധാരണയായി 'ഇൽഹാം' (അഥവാ തോന്നിപ്പിക്കൽ) എന്ന് പറയപ്പെടുന്നതും ഈ ഇനത്തിലെ വഹ്‌യിനെ ഉദ്ദേശിച്ചാകുന്നു. ഇബ്റാഹീം നബി(അ) പുത്രനെ അറുക്കുന്നതായി കണ്ട സ്വപ്നവും, പ്രവാചകത്വത്തിന്റെ ആരംഭത്തിൽ നബി(സ) കണ്ടിരുന്നതായ സ്വപ്നങ്ങളും, മൂസ(അ) നബിയെ പെട്ടിയിലാക്കി നദിയിൽ ഇട്ടേക്കുവാൻ മാതാവിന് നൽകിയ ബോധനവും ഇതിൽ ഉൾപ്പെടുന്നു. മറ്റുള്ളവരുടെ ഇൽഹാമിൽ നിന്നും സ്വപ്നത്തിൽ നിന്നും വ്യത്യസ്തമായി നബിമാർക്ക് ഇൽഹാമും സ്വപ്നവും മുഖേന ലഭിക്കുന്ന അറിവ് യാതൊരു സംശയത്തിനോ ചാഞ്ചല്യത്തിനോ ഇടമില്ലാത്ത വണ്ണം യാഥാർത്ഥ്യവും സുദൃഢവുമായിരിക്കും.

2) ഒരു മറയുടെ പിന്നിൽ നിന്നുള്ള അല്ലാഹുവിന്റെ നേരിട്ടുള്ള സംസാരമായിട്ട് : മൂസ(അ) നബിയുമായി അല്ലാഹു ത്വൂർ വനാന്തരങ്ങളിൽ വെച്ച് സംസാരിച്ചു എന്ന് പറഞ്ഞത് ഈ ഇനത്തിൽപെട്ടതാകുന്നു. അല്ലാഹുവിനെ കാണാതെ അല്ലാഹുവിന്റെ സംസാരം കേൾക്കുക മാത്രമാണ് ഉണ്ടായത്. മൂസ(അ) നബിക്കല്ലാതെ മറ്റാർക്കും, ഈ അനുഗ്രഹം സിദ്ധിച്ചതായി അറിവില്ല.

3) ഒരു ദൂതൻ - അഥവാ മലക്ക് - മുഖേന അല്ലാഹു നൽകുന്ന ബോധനം : പ്രവാചകന്മാർക്കെല്ലാം തന്നെ മുഖ്യമായും ഇപ്രകാരത്തിലാകുന്നു. ദിവ്യസന്ദേശങ്ങൾ നൽകപ്പെട്ടിരിക്കുന്നത്. ജിബ്‌രീൽ(അ) എന്ന മലക്ക് ആകുന്നു വഹ്‌യിന്റെ പ്രധാന വാഹകൻ (സൂ: ശുഅറാഅ് 195-ാം വചനത്തിന്റെ വിശദീകരണം നോക്കുക) വിശുദ്ധ ഖുർആന്റെ അവതരണം ജിബ്‌രീൽ(അ) മുഖേനയുള്ള വഹ്‌യിലൂടെയാകുന്നു അല്ലാഹു നിർവ്വഹിച്ചിട്ടുള്ളത്. അല്ലാഹു തങ്ങളെ ഏൽപിച്ച ദൗത്യം അവന്റെ അനുവാദ പ്രകാരം അവനുദ്ദേശിക്കുന്നവർക്ക് എത്തിക്കുകയല്ലാതെ, അതിൽ ദൂതന്മാർ യാതൊരു ഏറ്റക്കുറവും ഭേദഗതിയും വരുത്തുകയില്ലെന്ന് അല്ലാഹു വ്യക്തമാക്കുന്നു.

**വചനം 52,53 :**

وَكَذَٰلِكَ أَوْحَيْنَآ إِلَيْكَ رُوحًا مِّنْ أَمْرِنَا ۚ مَا كُنتَ تَدْرِى مَا ٱلْكِتَٰبُ وَلَا ٱلْإِيمَٰنُ وَلَٰكِن جَعَلْنَٰهُ نُورًا نَّهْدِى بِهِۦ مَن نَّشَآءُ مِنْ عِبَادِنَا ۚ وَإِنَّكَ لَتَهْدِىٓ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٥٢﴾

52 അപ്രകാരംതന്നെ, നമ്മുടെ കല്പനയാൽ നിനക്ക് ഒരു (മഹത്തായ) ആത്മാവിനെ (ഖുർആനെ) നാം വഹ്‌യു നൽകിയിരിക്കുന്നു. 'കിത്താബ്' (വേദഗ്രന്ഥം) ആകട്ടെ, 'ഈമാൻ' സത്യവിശ്വാസം ആകട്ടെ, എന്താണെന്ന് നിനക്കറിയുമായിരുന്നില്ല എങ്കിലും, അതിനെ നാം ഒരു പ്രകാശമാക്കിയിരിക്കുന്നു; അതുമൂലം നമ്മുടെ അടിയാൻമാരിൽനിന്ന് നാം ഉദ്ദേശിക്കുന്നവർക്കു നാം മാർഗ്ഗദർശനം നൽകുന്നതാണ്. നിശ്ചയമായും നീയുംതന്നെ, നേരെ (ചൊവ്വാ)യുള്ള പാതയിലേക്ക് മാർഗ്ഗദർശനം നൽകുന്നു;-

صِرَٰطِ ٱللَّهِ ٱلَّذِى لَهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۗ أَلَآ إِلَى ٱللَّهِ تَصِيرُ ٱلْأُمُورُ ﴿٥٣﴾

53 അതായത്, ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും യാതൊരുവന്നുള്ളതാണോ ആ അല്ലാഹുവിൻെറ പാത(യിലേക്ക്). അല്ലാ! (അറിയുക:) അല്ലാഹുവിങ്കലേക്കത്രെ കാര്യങ്ങൾ പരിണമിക്കുന്നത്.

കഴിഞ്ഞ ആയത്തിൽ പ്രസ്താവിച്ച ഒരു മാർഗ്ഗേനെ(ദൂതൻ മുഖേന)യാകുന്നു അല്ലാഹു ഖുർആൻ ആകുന്ന മഹത്തായ ഗ്രന്ഥം നബി(സ)ക്ക് നൽകിയത്. ശാശ്വത വിജയത്തിനും സാക്ഷാൽ മോക്ഷത്തിനും വെളിച്ചം നൽകുന്നതാക കൊണ്ട് അത് പ്രകാശവും (نور) ആകുന്നു. അതിലേക്ക് തന്നെയാകുന്നു നബി(സ) ജനങ്ങളെ ക്ഷണിക്കുന്നതും.

പ്രവാചകത്വം(നുബുവ്വത്ത്) ലഭിക്കുന്നതിന് മുമ്പ് വേദഗ്രന്ഥം എന്താണെന്നും സത്യവിശ്വാസം എന്താണെന്നും നബി(സ) തിരുമേനിക്ക് അറിയുമായിരുന്നില്ല. ഒരു വേദഗ്രന്ഥം ലഭിക്കുമെന്നുള്ള പ്രതീക്ഷ

യോ, ലഭിക്കണമെന്ന ആഗ്രഹമോ നബി(സ)ക്ക് ഉണ്ടായിരുന്നുമില്ല. അല്ലാഹുവിന്റെ അപാരമായ അനുഗ്ര ഹത്താൽ മാത്രം അത് ലഭിച്ചതാണ്. ഈ വസ്തുത സൂ: ഖസസ് 86-ാം വചനത്തിലും അല്ലാഹു സ്പഷ്ട മാക്കിയിട്ടുള്ളതാണ്. എന്നിരിക്കെ, പ്രവാചകത്വത്തിന് മുമ്പ് നബി(സ) ഹീറാ ഗുഹയിൽ, ലോകത്തിന് മാർഗ്ഗദർശനം നൽകാനുള്ള ഒരു പ്രകാശത്തെ പ്രതീക്ഷിച്ചും അന്വേഷിച്ചും കൊണ്ടിരിക്കുകയായിരുന്നു വെന്നും അങ്ങിനെയിരിക്കെ ആ തേടിയ പ്രകാശം ലഭിച്ചുവെന്നും മറ്റും ചില തല്പര കക്ഷികൾ പ്രചരി പ്പിച്ച് വരുന്നത് ഖുർആന്റെ പ്രസ്താവനക്ക് കടകവിരുദ്ധമായതാണ്. മാത്രമല്ല, ഈ പ്രസ്താവന പ്രവാച കത്വത്തിന്റെ അടിസ്ഥാനത്തിന് തന്നെ കളങ്കം ചാർത്തുന്നതുമാകുന്നു.

റസൂൽ(സ) തിരുമേനിക്ക് ആദ്യം വഹ്യ് തുടങ്ങിയത് സ്വപ്നങ്ങളായിട്ടായിരുന്നുവെന്നും, ഹീറാ ഗുഹയിലെ ഏകാന്ത വാസം, സ്വസ്ഥമായ ആരാധനക്ക് വേണ്ടിയായിരുന്നുവെന്നും അങ്ങനെ ഒരു ദിവസം തീർത്തും അപ്രതീക്ഷിതമായിട്ടാണ് ജിബ്‌രീൽ പ്രത്യക്ഷപ്പെട്ട് ഖുർആൻ വചനം അവതരിപ്പിച്ചതെന്നും, ആയിശ(റ) ഉദ്ധരിച്ചതായി ബുഖാരി, മുസ്ലീം(റ) മുതലായവർ പ്രസ്താവിച്ചിട്ടുണ്ട്. ഇനി മലക്ക് പ്രത്യക്ഷ പ്പെട്ടപ്പോഴാകട്ടെ താൻ തേടിയും പ്രതീക്ഷിച്ചും കൊണ്ടിരുന്ന ഒരു കാര്യം ലഭിച്ച പ്രതീതിയല്ല നബി(സ) തിരുമേനിക്കുണ്ടായത്. പരിഭ്രാന്തനായി സ്വഗൃഹത്തിലെത്തിയ തിരുമേനി പത്നി ഖദീജ(റ)യോട് പറ ഞ്ഞത്, “എനിക്കെന്തോ ആപത്ത് സംഭവിച്ചിരിക്കുന്നു” എന്നായിരുന്നു.

ഒരു പ്രവാചകന് ദിവ്യദൗത്യം നൽകിയതിന്റെ രൂപം മൂസ(അ) നബിയുടേത് മാത്രമേ ഖുർആ നിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളൂ. അദ്ദേഹം ഭാര്യയുമായി നാട്ടിലേക്ക് മടങ്ങുമ്പോൾ, ഇരുട്ടിലും തണുപ്പി ലുംപെട്ട് വഴി അറിയാതെ കഷ്ടപ്പെട്ട് കൊണ്ടിരുന്ന ഒരു സന്ദർഭത്തിലാണ് ത്വൂർ വനാന്തരങ്ങളിൽ വെച്ച് പെട്ടെന്ന് ഒരു തീ ദർശിച്ചതും, അല്ലാഹുവിൽ നിന്നുള്ള സംസാരത്തിലൂടെ വഹ്യ് ലഭിച്ചതും.

അതെ, പ്രവാചകത്വം അല്ലാഹു ഉദ്ദേശിച്ചവർക്ക്, അവൻ ഉദ്ദേശിക്കുമ്പോൾ, അവന്റെ അനുഗ്രഹ മെന്ന നിലക്ക് സിദ്ധിക്കുന്ന ഒരു മാഹഭാഗ്യമത്രേ.

‘വഹ്‌യി’നെപ്പറ്റി പ്രസ്താവിച്ച് കൊണ്ട് ആരംഭിച്ച ഈ അദ്ധ്യായം ‘വഹ്‌യി’ന്റെ വിവരണത്തോട് കൂടി തന്നെ അല്ലാഹു അവസാനിപ്പിക്കുന്നു.

# 43. സൂറത്ത് സുഖ്റുഫ്
# (സുവര്‍ണ്ണാലങ്കാരം)
### മക്കായില്‍ അവതരിച്ചത്
വചനങ്ങള്‍ 89 വിഭാഗം (റുക്കൂഅ്) 7

35-ാം വചനത്തില്‍ സുവര്‍ണ്ണാലങ്കാരങ്ങളെ (സുഖ്റുഫ്) പറ്റിയുള്ള പരാമര്‍ശമാണ് അദ്ധ്യായത്തിന്റെ പേരിന് നിദാനം.

**വിഭാഗം 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍

**വചനം 1,2,3,4 :**

حمٓ ﴿١﴾
وَٱلْكِتَـٰبِ ٱلْمُبِينِ ﴿٢﴾
إِنَّا جَعَلْنَـٰهُ قُرْءَٰنًا عَرَبِيًّا لَّعَلَّكُمْ تَعْقِلُونَ ﴿٣﴾
وَإِنَّهُۥ فِىٓ أُمِّ ٱلْكِتَـٰبِ لَدَيْنَا لَعَلِىٌّ حَكِيمٌ ﴿٤﴾

1 ‘ഹാ-മീം.’
2 സ്പഷ്ടമായ (ഈ) വേദഗ്രന്ഥംതന്നെയാണ (സത്യം)!
3 നിശ്ചയമായും, അതിനെ നാം അറബി ഭാഷയിലുള്ള ഒരു ‘ഖുര്‍ആന്‍’ (പാരായണഗ്രന്ഥം) ആക്കിയിരിക്കുന്നു; നിങ്ങള്‍ ബുദ്ധികൊടു(ത്തു ചിന്തി)ക്കുവാന്‍ വേണ്ടി.
4 നിശ്ചയമായും, അത് മൂലഗ്രന്ഥത്തില്‍- നമ്മുടെ അടുക്കല്‍-ഉന്നതമായതും, വിജ്ഞാനദായകവുംതന്നെ.

സൂറത്തിന്റെ ആരംഭത്തിലെ കേവലാക്ഷരങ്ങളെ കുറിച്ച് സൂ: അല്‍ബഖറയുടെ പ്രാരംഭത്തില്‍ കൊടുത്ത വിശദീകരണം നോക്കുക.

‘ഉമ്മുല്‍ കിത്താബ്’ എന്ന വാക്കിന് ഗ്രന്ഥങ്ങളുടെ മാതാവ് അഥവാ മൂലഗ്രന്ഥം എന്ന് സാരം.

‘ഉമ്മുല്‍ കിതാബ് ’കൊണ്ട് ഉദ്ദേശ്യം എന്താണെന്നുള്ളതില്‍ ഒന്നിലധികം അഭിപ്രായങ്ങള്‍ കാണാം. അത് ഖുര്‍ആന്‍ തന്നെയാണെന്നാണ് ചില പണ്ഡിതന്മാരുടെ വ്യാഖ്യാനം. 2-ാം വചനത്തില്‍ ‘സ്പഷ്ടമായ ഗ്രന്ഥം’ എന്ന് പറഞ്ഞതും 3-ാം വചനത്തില്‍ ‘അറബിഭാഷയിലുള്ള ഖുര്‍ആന്‍’ എന്ന് പറഞ്ഞതും വിശുദ്ധ ഖുര്‍ആന്‍നെ ഉദ്ദേശിച്ച് തന്നെയാണെന്ന് വ്യക്തമാണ്. എന്നാല്‍ അതേ ഖുര്‍ആന്‍നെ ചൂണ്ടികാട്ടിക്കൊണ്ട് തന്നെയാണ് 4-ാം വചനത്തില്‍ അത് ‘ഉമ്മുല്‍ കിത്താബില്‍ നമ്മുടെ അടുക്കല്‍ ഉന്നതമായതാണ്’ എന്ന് പ്രസ്താവിക്കപ്പെട്ടിട്ടുള്ളതും. മാത്രമല്ല, താഴെ കാണുന്ന ഖുര്‍ആന്‍ വചനങ്ങളുടെ വെളിച്ചത്തില്‍ പരിശേധിക്കുമ്പോഴും ‘ഉമ്മുല്‍ കിത്താബിന്’ അനുയോജ്യമായ അര്‍ത്ഥം, ‘മൂലഗ്രന്ഥം’ എന്ന് തന്നെയാണെന്നും, അത്കൊണ്ടുള്ള വിവക്ഷ ഖുര്‍ആന്‍ അല്ലാത്ത മറ്റൊന്നാണെന്നും മനസ്സിലാക്കാവുന്നതാണ്.

“നിശ്ചയമായും അത് ആദരണീയമായ ഒരു ഖുര്‍ആന്‍ ആകുന്നു. ഭദ്രമായി മറച്ച് വെക്കപ്പെട്ട ഒരു ഗ്രന്ഥത്തിലാണ് അതുള്ളത്” - സൂ: വാഖിഅ 77,78 നോക്കുക.

“പക്ഷേ, അത് മഹത്വമേറിയ ഒരു ഖുര്‍ആന്‍ ആകുന്നു. സംരക്ഷിതമായ ഒരു ഫലകത്തിലാണ് അതുള്ളത്.-” സൂ ബുറൂജ് 21,22 വചനങ്ങള്‍.

അല്ലാഹു ഉദ്ദേശിക്കുന്നത് മായിക്കുകയും (താന്‍ ഉദ്ദേശിക്കുന്നത്) സ്ഥിരപ്പെടുത്തുകയും ചെയ്യുന്ന മൂല ഗ്രന്ഥം അവന്റെ പക്കലുണ്ട് താനും - സൂ: റഅ്ദ് 39 -ാം വചനം.

മേല്‍ ഉദ്ധരിച്ച വചനങ്ങളുടെ വെളിച്ചത്തില്‍ ‘ഉമ്മുല്‍ കിത്താബ് ’ കൊണ്ട് ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് എല്ലാ കാര്യങ്ങളുടെയും മൂലരേഖയാകുന്ന ‘ലൗഹുല്‍ മഹ്ഫൂള്’ (സൂക്ഷിക്കപ്പെട്ട ഫലകം) ആണെന്നും, علم الله الازلى (അല്ലാഹുവിന്റെ അനാദിയായ അറിവ്) ആണെന്നും ഉള്ള രണ്ട് അഭിപ്രായങ്ങ

ളാണ് ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ സ്വീകരിക്കപ്പെട്ടിട്ടുള്ളത്. ഇവ രണ്ടിനെയും കുറിച്ച് അക്ഷരാർത്ഥത്തിൽ ശരിയായിക്കൊണ്ടുള്ള ഒരു നിർവചനമോ വിവരണമോ നൽകുകയെന്നത് മനുഷ്യസാദ്ധ്യമല്ല. എന്നാൽ ഖുർആന്റെ മഹത്വവും, അതിന് അല്ലാഹുവിങ്കലുള്ള ഉന്നതസ്ഥാനവുമാണ് നമുക്ക് ഇത് വചനത്തിൽ നിന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നത്.

**വചനം 5 :**

أَفَنَضْرِبُ عَنكُمُ ٱلذِّكْرَ صَفْحًا أَن كُنتُمْ قَوْمًا مُّسْرِفِينَ ﴿٥﴾

5 എന്നിരിക്കെ, നിങ്ങൾ അതിരുകവിഞ്ഞ ഒരു ജനതയായതിനാൽ നിങ്ങളിൽനിന്ന് (ഈ) ഉൽബോധനത്തെ നാം അവഗണിച്ച് തിരിച്ചുകളയുകയോ?!

നിങ്ങൾ അതിര് കവിഞ്ഞ ഒരു ജനതയായതിനാൽ നിങ്ങളിൽ നിന്ന് ഈ ഉൽബോധനത്തെ (അല്ലാഹു) തിരിച്ച് കളയുകയെന്നത് സംഭവിക്കാൻ പോകുന്നില്ല. ഒരു കൂട്ടർ അതിര് കവിഞ്ഞ നിഷേധികളാണെങ്കിൽ, വേറൊരു കൂട്ടർ അത് സ്വീകരിക്കുന്നവർ ആയിരിക്കാം. സൂ: സ്വാദ് 87,88 വചനങ്ങളിൽ അല്ലാഹു ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

“അത് ലോകർക്കുവേണ്ടിയുള്ള ഉൽബോധനമല്ലാതെ മറ്റൊന്നുമല്ല. അതിന്റെ വൃത്താന്തം കുറച്ച് കാലത്തിന് ശേഷം നിങ്ങൾക്ക് അറിയുമാറാകും”.

**വചനം 6,7,8,9 :**

وَكَمْ أَرْسَلْنَا مِن نَّبِيٍّ فِى ٱلْأَوَّلِينَ ﴿٦﴾

وَمَا يَأْتِيهِم مِّن نَّبِيٍّ إِلَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٧﴾

فَأَهْلَكْنَآ أَشَدَّ مِنْهُم بَطْشًا وَمَضَىٰ مَثَلُ ٱلْأَوَّلِينَ ﴿٨﴾

وَلَئِن سَأَلْتَهُم مَّنْ خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ لَيَقُولُنَّ خَلَقَهُنَّ ٱلْعَزِيزُ ٱلْعَلِيمُ ﴿٩﴾

6 പ്രവാചകരായി എത്രയോ ആളുകളെ പൂർവികൻമാരിൽ നാം അയച്ചിരിക്കുന്നു.

7 ഏതൊരു പ്രവാചകനും അവരുടെ അടുക്കൽ ചെല്ലുന്നതായാൽ, അവർ അദ്ദേഹത്തെക്കുറിച്ചു പരിഹസിക്കുന്നവരാകാതിരുന്നിട്ടുമില്ല.

8 അങ്ങനെ, ഇവരേക്കാൾ കയ്യൂക്കിൽ ശക്തൻമാരായവരെ നാം നശിപ്പിച്ചിരിക്കുന്നു. പൂർവികൻമാരുടെ ഉപമകൾ (മുമ്പ്) കഴിഞ്ഞുപോകുകയും ചെയ്തിരിക്കുന്നു.

9 ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിച്ചത് ആരാണ് എന്നു നീ അവരോട് ചോദിച്ചുവെങ്കിൽ, നിശ്ചയമായും അവർ പറയും: “സർവജ്ഞനായ പ്രതാപശാലിയായുള്ളവൻ അവയെ സൃഷ്ടിച്ചിരിക്കുന്നു” എന്ന്.

മുഹമ്മദ് നബി(സ)യെ സ്വജനത പരിഹസിച്ചിരുന്നത് പോലെ, തിരുമേനി(സ)ക്ക് മുമ്പ് അയക്കപ്പെട്ട എത്രയോ പ്രവാചകന്മാരെയും അവരവരുടെ ജനത പരിഹസിച്ച് വന്നിരുന്നു. ഇവരേക്കാൾ കയ്യൂക്കിൽ ശക്തന്മാരായ എത്രയോ പൂർവ്വിക ജനതയെ അല്ലാഹു നശിപ്പിക്കുകയും ചെയ്തിരിക്കുന്നു. ലോകസ്യഷ്ടാവും നിയന്താവും സർവ്വജ്ഞനും പ്രതാപശാലിയുമായുള്ള അല്ലാഹുവാണെന്ന് സമ്മതിക്കുന്ന അതേ മുശ്രിക്കുകൾ തന്നെ, ആരാധനയിൽ അവന് പുറമേയുള്ളവരെ അവനോട് പങ്ക് ചേർക്കുകയും ചെയ്യുന്നു.

**വചനം 10,11 :**

ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ مَهْدًا وَجَعَلَ لَكُمْ فِيهَا سُبُلًا لَّعَلَّكُمْ تَهْتَدُونَ ﴿١٠﴾

10 (അതെ) നിങ്ങൾക്ക് ഭൂമിയെ ഒരു തൊട്ടിൽ (അഥവാ വിരുപ്പ്) ആക്കിയവനാകുന്നു (അവൻ); നിങ്ങൾക്ക് (ഉദ്ദിഷ്ടസ്ഥാനങ്ങളിലേക്ക്) വഴിചേരുവാൻവേണ്ടി അതിൽ പല മാർഗങ്ങളെയും അവൻ ഉണ്ടാക്കിയിരിക്കുന്നു.

وَٱلَّذِى نَزَّلَ مِنَ ٱلسَّمَآءِ مَآءًۢ بِقَدَرٍ فَأَنشَرْنَا بِهِۦ بَلْدَةً مَّيْتًا ۚ كَذَٰلِكَ تُخْرَجُونَ ﴿١١﴾

11 ആകാശത്തുനിന്ന് ഒരു തോത് (ക്ലിപ്തം) അനുസരിച്ച് വെള്ളം ഇറക്കിത്തന്നവനുമാകുന്നു (അവൻ). എന്നിട്ട് അതുമൂലം നാം (അല്ലാഹു) നിർജീവമായ വല്ല രാജ്യത്തെയും പുനർജീവിപ്പിക്കുന്നു. അതുപോലെ, (മരണാനന്തരം) നിങ്ങൾ പുറത്തുകൊണ്ടുവരപ്പെടുന്നതാണ്.

അല്ലാഹു പ്രദാനം ചെയ്തിട്ടുള്ള ചില അനുഗ്രഹങ്ങളെയും ദൃഷ്ടാന്തങ്ങളെയും കുറിച്ച് അല്ലാഹു അവരെ ഓർമ്മിപ്പിക്കുന്നു. നിർജ്ജീവമായ രാജ്യങ്ങളെ മഴ വർഷിപ്പിക്കുന്നതിലൂടെ പുനർജീവിപ്പിക്കുന്ന അല്ലാഹുവിന് മരണാനന്തരം, നിങ്ങളെയും പുനർജ്ജീവിപ്പിച്ച് പുറത്ത്കൊണ്ടു വരുന്നത് പ്രയാസമുള്ള കാര്യമല്ല തന്നെ എന്ന് അല്ലാഹു അവിശ്വാസികളെ ഓർമ്മിപ്പിക്കുന്നു. യാത്രാ മാർഗ്ഗങ്ങളെ പറ്റി ഓർമ്മിപ്പിച്ചതിന് ശേഷം, അടുത്ത വചനങ്ങളിൽ അല്ലാഹു യാത്രാ വാഹനങ്ങളെ കുറിച്ച് പ്രസ്താവിക്കുന്നു.

**വചനം 12,13,14 :**

وَٱلَّذِى خَلَقَ ٱلْأَزْوَٰجَ كُلَّهَا وَجَعَلَ لَكُم مِّنَ ٱلْفُلْكِ وَٱلْأَنْعَٰمِ مَا تَرْكَبُونَ ﴿١٢﴾

لِتَسْتَوُۥا۟ عَلَىٰ ظُهُورِهِۦ ثُمَّ تَذْكُرُوا۟ نِعْمَةَ رَبِّكُمْ إِذَا ٱسْتَوَيْتُمْ عَلَيْهِ وَتَقُولُوا۟ سُبْحَٰنَ ٱلَّذِى سَخَّرَ لَنَا هَٰذَا وَمَا كُنَّا لَهُۥ مُقْرِنِينَ ﴿١٣﴾

وَإِنَّآ إِلَىٰ رَبِّنَا لَمُنقَلِبُونَ ﴿١٤﴾

12 എല്ലാ ഇണവസ്തുക്കളെയും സൃഷ്ടിച്ചവനുമാണ് (അവൻ). കപ്പലുകളായും, കാലിമൃഗങ്ങളായും നിങ്ങൾക്കു സവാരി ചെയ്വാനുള്ളത് അവൻ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു;

13 നിങ്ങൾക്ക് അതിൻെറ (പുറത്തുകയറിയിരുന്നു) ശരിയാകുവാനും, പിന്നെ, അതിൻമേൽ കയറി ശരിയായാൽ നിങ്ങളുടെ റബ്ബിൻെറ അനുഗ്രഹം നിങ്ങൾ ഓർമിക്കുവാനും വേണ്ടി; നിങ്ങൾ (ഇങ്ങിനെ) പറയുവാനും: "ഞങ്ങൾക്ക് ഇതിനെ കീഴ്പെടുത്തിത്തന്നവൻ മഹാ പരിശുദ്ധൻ! ഞങ്ങൾ (സ്വന്തം നിലക്ക്) ഇതിനെ ഇണക്കുവാൻ കഴിയുന്നവരായിരുന്നില്ല;

14 "നിശ്ചയമായും ഞങ്ങൾ, ഞങ്ങളുടെ റബ്ബിങ്കലേക്ക് തിരിച്ചെത്തുന്നവരുമാണ്."

വാഹനപുറത്ത് കയറിയിരുന്ന് അത് മൃഗങ്ങളായാലും യാന്ത്രിക വാഹനങ്ങളായാലും ഇരുപ്പുറപ്പിച്ച് കഴിഞ്ഞാൽ അല്ലാഹു നിങ്ങൾക്ക് ചെയ്ത് തന്നെ അനുഗ്രഹത്തെക്കുറിച്ച് ഓർക്കുകയും, അതിന് നന്ദി പ്രകടിപ്പിച്ച് കൊണ്ട് .سُبْحَانَ الَّذِى سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِين. وَانَّا الَى رَبِّنَا لَمُنْقَلِبُون (ഞങ്ങൾക്ക് ഇതിനെ കീഴ്പെടുത്തിത്തന്നവർ മഹാ പരിശുദ്ധൻ, ഞങ്ങൾ (സ്വന്തം നിലക്ക്) ഇതിനെ ഇണക്കുവാൻ കഴിയുമായിരുന്നില്ല. നിശ്ചയമായും ഞങ്ങൾ ഞങ്ങളുടെ റബ്ബിങ്കലേക്ക് തിരിച്ചെത്തുന്നവരുമാണ്) - എന്ന് ചൊല്ലേണ്ടതുമാകുന്നു. അവന്റെ സഹായമില്ലെങ്കിൽ അവയെ തങ്ങളുടെ ഹിതം പോലെ ഉപയോഗപ്പെടുത്തുവാൻ സാധിക്കുമായിരുന്നില്ലെന്ന് ഓരോരുത്തരും ഓർക്കേണ്ടതുണ്ട്.

മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് വാദിക്കുന്നവർക്കുള്ള അല്ലാഹുവിന്റെ മറുപടിയാണ് തുടർന്നുള്ള വചനങ്ങളിൽ.

**വചനം 15,16 :**

وَجَعَلُوا۟ لَهُۥ مِنْ عِبَادِهِۦ جُزْءًا ۚ إِنَّ ٱلْإِنسَـٰنَ لَكَفُورٌ مُّبِينٌ ﴿١٥﴾

15 അവൻെറ അടിയാൻമാരിൽനിന്ന് അവർ അവന് അംശം (മക്കൾ) ഉണ്ടാക്കിവെച്ചിരിക്കുന്നു. നിശ്ചയമായും, മനുഷ്യൻ വ്യക്തമായ നന്ദികെട്ടവൻ തന്നെ!

**വിഭാഗം 2**

أَمِ ٱتَّخَذَ مِمَّا يَخْلُقُ بَنَاتٍ وَأَصْفَىٰكُم بِٱلْبَنِينَ ﴿١٦﴾

16 അതല്ലാ-അവൻ സൃഷ്ടിക്കുന്നതിൽനിന്ന് അവൻ പെൺമക്കളെ സ്വീകരിക്കുകയും, ആൺമക്കളെ നിങ്ങൾക്ക് പ്രത്യേകമാ(ക്കി നിശ്ചയി) ക്കുകയും ചെയ്തിരിക്കുകയാണോ?!

അല്ലാഹുവിന് മക്കളുണ്ടെന്ന് പറഞ്ഞത് തന്നെ ഒരു അപരാധമാകുന്നു. അവന്റെ സൃഷ്ടികളാകുന്ന മലക്കുകളെ അവന്റെ മക്കളാക്കിയത് മറ്റൊരു അപരാധവും; ആ മക്കൾ പെൺമക്കളാണെന്ന ജൽപനമാകട്ടെ മൂന്നാമതൊരു മഹാപരാധവും നന്ദിയില്ലാത്ത ഇക്കൂട്ടരുടെ വാദം കേട്ടാൽ തോന്നുക, ആൺമക്കളെ അവർക്ക് മാത്രമായി നീക്കിവെക്കപ്പെട്ടിരിക്കുകയാണെന്നും, പെൺമക്കളെ അല്ലാഹു സ്വീകരിച്ചിരിക്കുകയാണെന്നുമാണ്.

**വചനം 17 :**

وَإِذَا بُشِّرَ أَحَدُهُم بِمَا ضَرَبَ لِلرَّحْمَـٰنِ مَثَلًا ظَلَّ وَجْهُهُۥ مُسْوَدًّا وَهُوَ كَظِيمٌ ﴿١٧﴾

17 താൻ പരമകാരുണികന് യാതൊന്നിനെ തുല്യമാക്കിയോ അതിനെ (പെൺസന്താനത്തെ)പ്പറ്റി അവരിൽ ഒരാൾക്ക് സന്തോഷവാർത്ത അറിയിക്കപ്പെട്ടാൽ, അവൻ കോപം നിറഞ്ഞവനായും കൊണ്ട് അവൻെറ മുഖം കറുത്തിരുണ്ടതായിത്തീരുന്നതാണ്.

അല്ലാഹുവിന് മക്കളുണ്ടെന്നും അത് പെൺമക്കളാണെന്നും ജൽപിക്കുന്ന അവരിൽ ഒരാൾക്ക്, അല്ലാഹുവിനുള്ളതായി പറയപ്പെട്ട അതേ ഇനത്തിൽപെട്ട ഒന്ന് (ഒരു പെൺകുട്ടി) ജനിച്ചിരിക്കുന്നുവെന്ന് അറിയിക്കപ്പെട്ടാൽ, അപ്പോഴതാ അവൻ കുപിതനാകുകയും അവന്റെ മുഖം കറുത്തിരുളുകയും ചെയ്യുന്നു.

പെൺമക്കൾ പിറന്നാൽ, അവരെ ജീവനോടെ അവർ കുഴിച്ച് മൂടുകയെന്നത് ജാഹിലിയ്യാ കാലത്തെ അറബികളുടെ ഒരു പതിവായിരുന്നുവല്ലോ.

**വചനം 18 :**

أَوَمَن يُنَشَّؤُا۟ فِى ٱلْحِلْيَةِ وَهُوَ فِى ٱلْخِصَامِ غَيْرُ مُبِينٍ ﴿١٨﴾

18 ആഭരണാലങ്കാരത്തിലായി വളർത്തപ്പെടുന്ന ഒരാളെയാണോ, അയാളാകട്ടെ, വാഗ്വാദത്തിൽ (ന്യായം) വ്യക്തമാക്കാ(ൻകഴിയാ)ത്ത ആളുമാകുന്നു?! (ഇങ്ങിനെയുള്ളവരെയാണോ നിങ്ങൾ അല്ലാഹുവിൻെറ മക്കളാണെന്നു വാദിക്കുന്നത്?!)

അല്ലാഹുവിന് പെൺമക്കളുണ്ടെന്ന വാദത്തിലടങ്ങിയ മറ്റൊരു തെറ്റ് ആശ്ചര്യപൂർവ്വം അല്ലാഹു ചൂണ്ടിക്കാട്ടുന്നു:

പെൺകുട്ടികളെ ചെറുപ്പം മുതലെ ആഭരണാദികൾ അണിയിച്ച് കൊണ്ടാണല്ലോ വളർത്തുന്നത്. ഇത് അവരുടെ പ്രകൃത്യാ ഉള്ള 'ശാരീരികമായ എന്തോ ഒരു പോരായ്മ' നികത്തുവാനാണല്ലോ. അത്പോലെ

തന്നെ വല്ല കാര്യത്തിനും ന്യായവാദം നടത്തുമ്പോള്‍ പുരുഷന്മാരെപോലെ കാര്യങ്ങള്‍ സമര്‍ത്ഥിക്കുവാനുള്ള കഴിവും സ്ത്രീകള്‍ക്കില്ലായെന്നത് അവരുടെ ബുദ്ധിപരമായ പോരായ്മയേയും കാണിക്കുന്നു

അല്ലാഹുവിന് പെണ്‍മക്കളുണ്ടെന്ന് ജല്പിക്കുന്നവരോട് സൂ നജ്മ് : 21. 22 വചനങ്ങളിലൂടെ അല്ലാഹു പറയുന്നു :

“(സന്താനങ്ങളായി) നിങ്ങള്‍ക്ക് ആണും അവന് പെണ്ണുമാണെന്നോ, അങ്ങനെയെങ്കില്‍ അത് “നീതിയില്ലാത്ത ഒരു ഓഹരി വെക്കല്‍ തന്നെ”

ഈ ആരോപണത്തിലടങ്ങിയ വേറൊരു അപരാധം കൂടി അടുത്ത വാക്യത്തില്‍ അല്ലാഹു എടുത്തു കാട്ടുന്നു.

**വചനം 19:**

وَجَعَلُوا۟ ٱلْمَلَٰٓئِكَةَ ٱلَّذِينَ هُمْ عِبَٰدُ ٱلرَّحْمَٰنِ إِنَٰثًا ۚ أَشَهِدُوا۟ خَلْقَهُمْ ۚ سَتُكْتَبُ شَهَٰدَتُهُمْ وَيُسْـَٔلُونَ ﴿١٩﴾

19 പരമകാരുണികന്‍റെ അടിയാന്‍മാരാകുന്ന മലക്കുകളെ അവര്‍ സ്ത്രീകളാക്കുകയും ചെയ്തിരിക്കുന്നു! അവരെ സൃഷ്ടിച്ചതിന് ഇവര്‍ (അവിടെ ഹാജറായി) സാക്ഷ്യം വഹിച്ചിരുന്നുവോ?! അവരുടെ (ആ) സാക്ഷ്യം രേഖപ്പെടുത്തപ്പെടുകയും, അവര്‍ ചോദ്യം ചെയ്യപ്പെടുകയും, ചെയ്തേക്കുന്നതാണ്.

മലക്കുകള്‍ അല്ലാഹുവിന്‍റെ പെണ്‍മക്കളാണെന്ന് പറയുവാന്‍ ഇവര്‍ക്കെന്താണ് തെളിവ്? അല്ലാഹു അവരെ സൃഷ്ടിച്ചപ്പോള്‍ ഇക്കൂട്ടര്‍ അവിടെ ഹാജരുണ്ടായിരിക്കുകയും, അവരെ സ്ത്രീകളാക്കി സൃഷ്ടിച്ചത് കാണുകയും ചെയ്തിരുന്നുവോ? ഇവരുടെ ഇത്തരം പ്രസ്താവനകളെല്ലാം, അല്ലാഹു രേഖപ്പെടുത്തി വെക്കുകയും, അതിനെ പറ്റി നടപടി എടുക്കുകയും ചെയ്യാതിരിക്കുകയില്ല.

**വചനം 20,21,22 :**

وَقَالُوا۟ لَوْ شَآءَ ٱلرَّحْمَٰنُ مَا عَبَدْنَٰهُم ۗ مَّا لَهُم بِذَٰلِكَ مِنْ عِلْمٍ ۖ إِنْ هُمْ إِلَّا يَخْرُصُونَ ﴿٢٠﴾

أَمْ ءَاتَيْنَٰهُمْ كِتَٰبًا مِّن قَبْلِهِۦ فَهُم بِهِۦ مُسْتَمْسِكُونَ ﴿٢١﴾

بَلْ قَالُوٓا۟ إِنَّا وَجَدْنَآ ءَابَآءَنَا عَلَىٰٓ أُمَّةٍ وَإِنَّا عَلَىٰٓ ءَاثَٰرِهِم مُّهْتَدُونَ ﴿٢٢﴾

20 അവര്‍ പറയുന്നു: “പരമകാരുണികന്‍ ഉദ്ദേശിച്ചിരുന്നുവെങ്കില്‍, ഞങ്ങള്‍ അവരെ (മലക്കുകളെ) ആരാധിക്കുമായിരുന്നില്ല” എന്ന്. അതിനെക്കുറിച്ച് യാതൊരറിവും അവര്‍ക്കില്ല; അവര്‍ മതിപ്പിട്ട് (ഊഹിച്ച്) പറയുകയല്ലാതെ ചെയ്യുന്നില്ല.

21 അതല്ലാ-അവര്‍ക്ക് ഇതിനുമുമ്പായി വല്ല വേദഗ്രന്ഥവും നാം കൊടുത്തിട്ട് അവരതിനെ മുറുകെ പിടിക്കുന്നവരാണോ?!

22 (അതൊന്നുമല്ല) പക്ഷേ, അവര്‍ പറയുന്നു: “ഞങ്ങള്‍ ഞങ്ങളുടെ പിതാക്കളെ ഒരു മാര്‍ഗത്തിലായി കണ്ടെത്തിയിരിക്കുന്നു; ഞങ്ങള്‍ അവരുടെ കാല്പാടുകളിലൂടെ(ചരിച്ചു കൊണ്ട്) സന്‍മാര്‍ഗം പ്രാപിച്ചവരുമാണ്.”

തങ്ങളുടെ, മലക്കുകളെ ആരാധിക്കുകയെന്ന ശിര്‍ക്കിനെ ന്യായീകരിക്കുവാന്‍, പര്യാപ്തമായ തെളിവുകളില്ലാതെ, ഉത്തരം മുട്ടിയ ആ മുശ്‌രിക്കുകള്‍ പ്രയോഗിക്കുന്ന തട്ടുത്തരങ്ങളാണീ വചനങ്ങളില്‍.

ഞങ്ങള്‍ മലക്കുകളെ ആരാധിക്കുന്നത് അല്ലാഹു തൃപ്തിപ്പെട്ട് ഉദ്ദേശിച്ച ഒരു കാര്യമാകുന്നു. അത്കൊണ്ടാണ് തങ്ങളെ അവന്‍ അതില്‍ നിന്നും മുടക്കം ചെയ്യാതിരിക്കുന്നത്. അവന്‍ ഉദ്ദേശിക്കാതെ ഒരു കാര്യവും സംഭവിക്കകയില്ലല്ലോ- ഇതാണവരുടെ വിചിത്ര വാദം.

ലോകത്ത് നടക്കുന്ന എല്ലാ കാര്യങ്ങളും - നല്ല കാര്യങ്ങളും ചീത്ത കാര്യങ്ങളും - അല്ലാഹുവിന്റെ ഉദ്ദേശം അനുസരിച്ചാണെന്നത് വാസ്തവം തന്നെ. എന്നാൽ സന്മാർഗ്ഗവും ദുർമാർഗ്ഗവും സ്വീകരിക്കാനുള്ള കഴിവും സ്വാതന്ത്ര്യവും മനുഷ്യന് നൽകുകയും, സന്മാർഗ്ഗമേത് ദുർമാർഗ്ഗമേത് എന്ന് വേർതിരിച്ച് മനുഷ്യന് പ്രവാചകന്മാരിലൂടെ വിവരിച്ച് കൊടുക്കുകയും ചെയ്തിട്ടുള്ളതും അല്ലാഹുവിന്റെ ഉദ്ദേശം അനുസരിച്ച് തന്നെയാകുന്നു. സന്മാർഗ്ഗം തിരഞ്ഞെടുക്കണമെന്നും ദുർമാർഗ്ഗം സ്വീകരിക്കരുതെന്നും അവൻ മനുഷ്യനെ ശാസിക്കുകയും ചെയ്തിരിക്കുന്നു. എന്നിരിക്കെ, നല്ല കാര്യങ്ങൾ മാത്രമേ അവന്റെ അടുക്കൽ തൃപ്തിപ്പെട്ടതായിരിക്കുകയുള്ളൂ. ചീത്ത കാര്യങ്ങൾ വെറുക്കപ്പെട്ടതുമായിരിക്കും.

മുശ്‌രിക്കുകളുടെ മേൽപറഞ്ഞ വിചിത്ര വാദത്തെ, (വചനം 20) തുടർന്ന് അല്ലാഹു ഖണ്ഡിക്കുന്നു.

അവരുടെ ഈ വാദത്തെ ന്യായീകരിക്കുന്ന യാതൊരു അറിവും അവരുടെ പക്കലില്ല. അവർ വെറും ഊഹത്തെ അടിസ്ഥാനമാക്കി ജല്പിക്കുകയാകുന്നു.

മുൻകഴിഞ്ഞ ദൈവീക ഗ്രന്ഥങ്ങളൊക്കെയും തന്നെ തൌഹീദ് മാത്രമേ പ്രബോധനം ചെയ്യുന്നുള്ളൂ. അവർ പിൻതുടർന്ന് വരുന്ന ബഹുദൈവാരാധനയെ അനുകൂലിക്കുന്ന യാതൊന്നും തന്നെ പ്രസ്തുത ഗ്രന്ഥങ്ങളിലില്ല.

തങ്ങളുടെ പൂർവ്വപിതാക്കൾ ചെയ്ത്പോന്ന ബഹുദൈവാരാധന തങ്ങളും അനുധാവനം ചെയ്ത് വരികയാണെന്ന് ഇവർ തുറന്ന് സമ്മതിക്കാറുള്ളതാണ്. ഇവരുടെ ശിർക്കിന് യഥാർത്ഥ കാരണം ഇതായിരിക്കെ മറ്റുള്ള ന്യായീകരണ ശ്രമങ്ങളെല്ലാം തന്നെ കേവലം ജല്പനങ്ങൾ മാത്രമാകുന്നു.

ഈ വിഷയ സംബന്ധമായി സൂ: അൻആം 148-ാം വചനവും സൂ: നഹ്ൽ 35-ാം വചനവും അവയുടെ വിശദീകരണവും ശ്രദ്ധിക്കുക.

**വചനം 23,24,25 :**

وَكَذَٰلِكَ مَآ أَرۡسَلۡنَا مِن قَبۡلِكَ فِي قَرۡيَةٖ مِّن نَّذِيرٍ إِلَّا قَالَ مُتۡرَفُوهَآ إِنَّا وَجَدۡنَآ ءَابَآءَنَا عَلَىٰٓ أُمَّةٖ وَإِنَّا عَلَىٰٓ ءَاثَٰرِهِم مُّقۡتَدُونَ ٢٣

23 (നബിയേ) അപ്രകാരം തന്നെ, നിന്റെ മുമ്പ് ഒരു രാജ്യത്തിലും, ഒരു താക്കീതുകാരനെ (പ്രവാകനെ) നാം അയച്ചിട്ട് അതിലെ സുഖലോലുപൻമാർ പറയാതെ (ഉണ്ടായിട്ടില്ല;)നിശ്ചയമായും ഞങ്ങളുടെ പിതാക്കളെ ഒരു മാർഗത്തിലായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു; ഞങ്ങൾ അവരുടെ കാല്പാടുകളിലൂടെ പിൻതുടരുന്നവരാണ്" എന്ന്.

۞ قَٰلَ أَوَلَوۡ جِئۡتُكُم بِأَهۡدَىٰ مِمَّا وَجَدتُّمۡ عَلَيۡهِ ءَابَآءَكُمۡۖ قَالُوٓاْ إِنَّا بِمَآ أُرۡسِلۡتُم بِهِۦ كَٰفِرُونَ ٢٤

24 അദ്ദേഹം (താക്കീതുകാരൻ) പറയും: "നിങ്ങൾ നിങ്ങളുടെ പിതാക്കളെ ഏതൊന്നിലായി കണ്ടെത്തിയോ അതിനെക്കാൾ മാർഗദർശകമായതിനെ ഞാൻ നിങ്ങൾക്ക് കൊണ്ടുവന്നിട്ടുണ്ടെങ്കിലോ? (എന്നാലും നിങ്ങൾ അവരെത്തന്നെ പിൻതുടരുമോ?)" അവർ പറയും: "നിങ്ങൾ ഏതൊന്നുമായി അയക്കപ്പെട്ടിരുന്നുവോ അതിൽ, നിശ്ചയമായും ഞങ്ങൾ അവിശ്വസിച്ചവരാണ്."

فَٱنتَقَمۡنَا مِنۡهُمۡۖ فَٱنظُرۡ كَيۡفَ كَانَ عَٰقِبَةُ ٱلۡمُكَذِّبِينَ ٢٥

25 അങ്ങനെ, നാം അവരോട് (പ്രതികാര) ശിക്ഷാ നടപടിയെടുത്തു. അപ്പോൾ നോക്കുക: (ആ) വ്യാജമാക്കിയവരുടെ പര്യവസാനം എങ്ങിനെയാണുണ്ടായതെന്നു!

പൂർവ്വപിതാക്കളെ അനുകരിച്ച് വഴിപിഴച്ച് പോകലും, ശിർക്ക് മുതലായ ദുർമാർഗ്ഗങ്ങളെ ആ അനുകരണത്തിന്റെ പേരിൽ ന്യായീകരിക്കലും, അറബി മുശ്രിക്കുകളുടെ മാത്രം സ്വഭാവമല്ലെന്നും, അത് മുൻസമുദായങ്ങളുടെയും പതിവായിരുന്നുവെന്നും, പ്രസ്തുത ന്യായീകരണത്തിൽ പോലും ഇവർ അവരെ അനുകരിക്കുകയാണെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു. സമുദായത്തിലെ പ്രമാണികളും നേതാക്കളുമായ സുഖലോലുപന്മാരാണ് ഇതിൽ മുൻപന്തിയിലാണെന്നതും അനിഷേധ്യമത്രേ. 23ഉം 24ഉം വചനങ്ങളിൽ മുശ്രിക്കുകളെക്കുറിച്ച് അല്ലാഹു പ്രസ്താവിച്ച വസ്തുതകൾ ചില ഏറ്റകുറച്ചിലുകളോടെ ഇന്ന് നമ്മുടെ സമുദായത്തിലെ ചില വിഭാഗക്കാർ, ബഹുദൈവാരാധനാപരമായ പലകാര്യങ്ങൾക്കും മതഛായ നൽകിക്കൊണ്ട് നിർബാധം നിർവ്വഹിച്ച് പോരുന്നത് നാം കണ്ട് വരുന്നതാണല്ലോ. ഇതിന്റെ ഭവിഷ്യത്ത് എത്ര മാത്രം കഠിനമായിരിക്കുമെന്ന 25-ാം വചനത്തിലെ അല്ലാഹുവിന്റെ താക്കീത് പോലും അവരെ അതിൽ നിന്നും പിന്തിരിപ്പിക്കുന്നില്ല എന്നതാണ് ആശ്ചര്യകരം.

## വിഭാഗം 3

**വചനം 26,27,28 :**

وَإِذْ قَالَ إِبْرَٰهِيمُ لِأَبِيهِ وَقَوْمِهِۦٓ إِنَّنِى بَرَآءٌ مِّمَّا تَعْبُدُونَ ﴿٢٦﴾
إِلَّا ٱلَّذِى فَطَرَنِى فَإِنَّهُۥ سَيَهْدِينِ ﴿٢٧﴾
وَجَعَلَهَا كَلِمَةًۢ بَاقِيَةً فِى عَقِبِهِۦ لَعَلَّهُمْ يَرْجِعُونَ ﴿٢٨﴾

26 ഇബ്റാഹീം, തൻെറ പിതാവിനോടും ജനങ്ങളോടും പറഞ്ഞ സന്ദർഭം (ഓർക്കുക): “നിശ്ചയമായും ഞാൻ, നിങ്ങൾ ആരാധിച്ചു വരുന്നവയിൽനിന്നും ഒഴിവായവനാണ്;

27 -എന്നെ സൃഷ്ടിച്ചുണ്ടാക്കിയവൻ ഒഴികെ. കാരണം, അവൻ എനിക്ക് മാർഗദർശനം നൽകിയേക്കുന്നതാണ്.

28 അത് (ആ വാക്യം) അദ്ദേഹത്തിൻെറ പിൻഗാമികളിൽ അവശേഷിക്കുന്ന ഒരു വാക്യമാക്കുകയും ചെയ്തു, അവർ (അല്ലാഹുവിങ്കലേക്കു) മടങ്ങിയേക്കാമല്ലോ.

ഏക സൃഷ്ടാവായ അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്ന തൗഹീദിന്റെ മുദ്രാവാക്യം, ഇബ്രാഹീം(അ) നബിക്ക് ശേഷം, അദ്ദേഹത്തിന്റെ മക്കളായ ഇസ്മാഈൽ(അ) ഇസ്ഹാഖ്(അ) എന്നിവരും പൗത്രനായ യഅ്ഖൂബ്(അ) നബിയും നിലനിർത്തുകയുണ്ടായി. (സൂ: അൽബഖറ 132,133 വചനങ്ങൾ നോക്കുക) അനന്തരം നബി(സ)യുടെ ആഗമനത്തോട് കൂടി ഇസ്മാഈൽ സന്തതികളായ അറബികൾ ആ മുദ്രാവാക്യത്തിന്റെ കൊടി വാഹകരായിത്തീരുകയും ചെയ്തു.

**വചനം 29.30 :**

بَلْ مَتَّعْتُ هَٰٓؤُلَآءِ وَءَابَآءَهُمْ حَتَّىٰ جَآءَهُمُ ٱلْحَقُّ وَرَسُولٌ مُّبِينٌ ﴿٢٩﴾
وَلَمَّا جَآءَهُمُ ٱلْحَقُّ قَالُوا۟ هَٰذَا سِحْرٌ وَإِنَّا بِهِۦ كَٰفِرُونَ ﴿٣٠﴾

29 എങ്കിലും, ഇക്കൂട്ടർക്കും, ഇവരുടെ പിതാക്കൾക്കും ഞാൻ സുഖഭോഗം നൽകി; അങ്ങനെ, അവർക്ക് യഥാർത്ഥവും സ്പഷ്ടമായ (അഥവാ സ്പഷ്ടമാക്കുന്ന) ഒരു റസൂലും വന്നു.

30 അവർക്കു യഥാർത്ഥം വന്നപ്പോഴാകട്ടെ, അവർ പറഞ്ഞു: “ഇതൊരു ജാലമാണ്; ഞങ്ങൾ ഇതിൽ അവിശ്വസിക്കുന്നവരാണ്” എന്ന്!

വളരെ കാലത്തോളം ധനം, നേതൃത്വം, സ്വാധീനം മുതലായവ നൽകി ഇവരേയും ഇവരുടെ പൂർവ്വികന്മാരേയും അല്ലാഹു സുഖജീവിതം അനുഭവിക്കാൻ വിട്ടു. അവരുടെ ദുർമാർഗ്ഗത്തിന്റെയും ശിർക്കിന്റെയും പേരിൽ അല്ലാഹു നടപടിയൊന്നും എടുത്തില്ല. ഒടുവിൽ യാഥാർത്ഥ്യം തുറന്ന് കാട്ടുന്ന വേദഗ്രന്ഥവും(ഖുർആൻ) സ്പഷ്ടമായ തെളിവുകൾ സഹിതം റസൂലിനെയും അയച്ച് കൊടുത്തു. അപ്പോഴാകട്ടെ ഈ അനുഗ്രഹത്തിന് നന്ദി കാണിക്കുന്നതിന് പകരം, അത് ജാലമാണെന്ന് പറഞ്ഞ് തള്ളുകയും നിഷേധിക്കുകയുമാണവർ ചെയ്തത്.

**വചനം 31 :**

وَقَالُوا۟ لَوْلَا نُزِّلَ هَٰذَا ٱلْقُرْءَانُ عَلَىٰ رَجُلٍ مِّنَ ٱلْقَرْيَتَيْنِ عَظِيمٍ ﴿٣١﴾

31 അവർ (ഇങ്ങിനെയും) പറഞ്ഞു: "ഈ ഖുർആൻ (ഈ) രണ്ടു രാജ്യങ്ങളിൽനിന്നുള്ള മഹാനായ ഒരു പുരുഷൻെറ മേൽ ഇറക്കപ്പെട്ടുകൂടേ?!

"ഖുർആൻ മഹത്തായ ഒരു ഗ്രന്ഥമാണെങ്കിൽ, മക്കായിലോ ത്വാഇഫിലോ ഉള്ള തലയെടുപ്പുള്ള ഏതെങ്കിലും ഒരു മഹാനിലൂടെയല്ലേ അത് അവതരിപ്പിക്കേണ്ടിയിരുന്നത്. കേവലം ഒരു അനാഥ ബാലനായ സാധുവായ ഈ മുഹമ്മദിന്റെ മേൽ അത് അവതരിച്ചത് എന്ത് കൊണ്ടാണ് " എന്നവർ പറഞ്ഞു.

അവരുടെ ജല്പനത്തിനുള്ള അല്ലാഹുവിന്റെ മറുപടി ഇപ്രകാരമാകുന്നു.

**വചനം 32 :**

أَهُمْ يَقْسِمُونَ رَحْمَتَ رَبِّكَ ۚ نَحْنُ قَسَمْنَا بَيْنَهُم مَّعِيشَتَهُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا ۚ وَرَفَعْنَا بَعْضَهُمْ فَوْقَ بَعْضٍ دَرَجَٰتٍ لِّيَتَّخِذَ بَعْضُهُم بَعْضًا سُخْرِيًّا ۗ وَرَحْمَتُ رَبِّكَ خَيْرٌ مِّمَّا يَجْمَعُونَ ﴿٣٢﴾

32 (നബിയേ) അവരാണോ നിൻെറ റബ്ബിൻെറ കാരുണ്യം ഭാഗിച്ചുകൊടുക്കുന്നത്?! ഐഹികജീവിതത്തിൽ അവരുടെ ജീവിതമാർഗം അവർക്കിടയിൽ നാംതന്നെ ഭാഗിച്ചിരിക്കുകയാണ്. അവരിൽ ചിലരെ ചിലർക്കുമീതെ നാം പല പടികൾ ഉയർത്തിവെക്കുകയും ചെയ്തിരിക്കുന്നു, അവരിൽ ചിലർ ചിലരെ കീഴ്പ്പെട്ടവരാക്കി വെക്കുവാൻ വേണ്ടി. (അതിനു വേണ്ടിയാണത്.) നിൻെറ റബ്ബിൻെറ കാരുണ്യം അവർ ശേഖരിച്ചുവരുന്നതിനെക്കാൾ ഉത്തമമാകുന്നു.

ഈ വചനത്തിൽ നിന്നും പ്രധാനപ്പെട്ട പല സംഗതികളും മനസ്സിലാക്കാവുന്നതാണ്. (1) നുബുവ്വത്തും രിസാലത്തും (പ്രവാചകത്വവും ദിവ്യദൗത്യവും) അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് മാത്രം ലഭിക്കുന്നതാണ്. അവന്റെ അനുഗ്രഹങ്ങൾ ഭാഗിച്ച് കൊടുക്കുന്നത് വ്യക്തികൾക്കാകട്ടെ, സമുദായങ്ങൾക്കാകട്ടെ അല്ലാഹുവിന്റെ മാത്രം ഇഛാനുസരണമാകുന്നു. മനുഷ്യന്റെ പ്രവർത്തനം മൂലം സിദ്ധിക്കുന്ന ജീവിത മാർഗ്ഗങ്ങൾ പോലും അല്ലാഹു അവൻ ഉദ്ദേശിച്ച പ്രകാരം ജനങ്ങൾക്കിടയിൽ വ്യത്യസ്തമായ തോതിൽ നൽകുന്ന അവന്റെ അനുഗ്രഹമത്രേ. എന്നിരിക്കെ, മനുഷ്യന്റെ ആഗ്രഹത്തിനോ, പ്രയത്നത്തിനോ സാമർത്ഥ്യത്തിനോ ഒന്നും തന്നെ യാതൊരു പങ്കുമില്ലാത്ത ആ അനുഗ്രഹം - പ്രവാചകത്വവും ദിവ്യദൗത്യവും - ഇവർ ഉദ്ദേശിക്കുന്നവർക്ക് നൽകാത്തത് എന്ത്കൊണ്ടാണെന്ന് ആക്ഷേപിക്കുവാൻ ഇവർ ആരാണ്? ഇവരാണോ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഓഹരി ചെയ്ത് കൊടുക്കുന്നവർ?

(2) മനുഷ്യൻ അവന്റെ ജീവിതമാർഗ്ഗങ്ങൾക്ക് വേണ്ടി, അന്വേഷിക്കുന്നു; പ്രവർത്തിക്കുന്നു- എന്നാൽ അത് അവരവർക്ക് വീതം വെച്ച് കൊടുക്കുന്നത് അല്ലാഹുവാകുന്നു. ഓരോരുത്തരുടെയും വിഹിതത്തിന്റെ അളവ് അവനവന്റെ സാമർത്ഥ്യത്തിന്റെയോ പ്രവർത്തനത്തിന്റെയോ, ബുദ്ധിശക്തിയുടെയോ തോതനുസരിച്ചല്ല - ഈ യാഥാർത്ഥ്യം നമ്മുടെ സമൂഹത്തിൽ നാം സർവ്വ സാധാരണമായി കണ്ട് വരുന്നതാണല്ലോ-എല്ലാം അല്ലാഹുവിന്റെ ഇഛാനുസരണമാകുന്നു.

(3) ഉപജീവന മാർഗ്ഗങ്ങളിൽ മാത്രമല്ല സന്താനം, ആരോഗ്യം, ബുദ്ധി, ജ്ഞാനം, സ്വഭാവ വിശേഷങ്ങൾ എന്നിങ്ങനെ ഏത് ഗുണഗണങ്ങൾ എടുത്ത് നോക്കിയാലും മനുഷ്യർ പരസ്പരം വ്യത്യസ്ത നിലകളിലുള്ളവരായിട്ടാണ് അല്ലാഹു നിശ്ചയിച്ചു വെച്ചിരിക്കുന്നത്. എല്ലാ നിലക്കും സമന്മാരായ വ്യക്തികളെ കണ്ടെത്തുക സാദ്ധ്യമല്ലല്ലോ.

(4) മേൽ പറഞ്ഞവിധം മനുഷ്യരെ വ്യത്യസ്തമായ നിലയിൽ ആക്കിയതിന്റെ യുക്തിതത്വം അല്ലാഹു വിവരിക്കുന്നു.- അവരിൽ ചിലർ ചിലരെ കീഴ്പ്പെട്ടവരാക്കി വെക്കുവാൻ വേണ്ടിയാകുന്നു അത്. മനുഷ്യ

രെല്ലാവരും ഒരേ നിലവാരത്തിലുള്ളരാണെങ്കിൽ പരസ്പരം അനുസരിക്കാതെയും കീഴൊതുങ്ങാതെയും, സഹായ സഹകരണങ്ങൾ നൽകാതെയും വിവിധ തൊഴിലുകളും വൈദഗ്ദ്യങ്ങളും പങ്ക് വെക്കപ്പെടാതെയും അന്യോന്യം കൈയേറ്റം നടത്തിയും, അഹംഭാവം നടിച്ചും, ഭൂമിയിൽ മനുഷ്യജീവിതം ദുസ്സഹവും ദുഷ്കരവുമായിത്തീരുന്നു; മാനുഷലോകമാസകലം, ഒരേ മൂശയിൽ വാർത്തുണ്ടാക്കപ്പെട്ട കൃത്രിമ സൃഷ്ടികൾ കണക്കെ ഒരുതരം യാന്ത്രിക ജീവിയായി മാറുമായിരുന്നു. മനുഷ്യപ്രകൃതിക്ക് അനുയോജ്യമായി അല്ലാഹു നിശ്ചയിച്ചരുളിയ ഈ പ്രകൃതി നിയമത്തെ മാറ്റി, തൽസ്ഥാനത്ത് പരിപൂർണ്ണമായ ഒരു സ്ഥിതി സമത്വം സ്ഥാപിക്കുവാൻ മനുഷ്യനിർമ്മിതമായ ഏതൊരു 'ഇസ'ത്തിനും സാദ്ധ്യമല്ല തന്നെ. (സൂ: ശൂറാ 27-ാം വചനവും വിശദീകരണവും ശ്രദ്ധിക്കുക.)

(5) ശാരീരികവും, ഐഹികവുമായ സുഖസൗകര്യങ്ങൾ സമ്പാദിക്കുവാൻ മനുഷ്യൻ ശ്രമിക്കുമ്പോൾ തന്നെ, അതിനേക്കാൾ ആവശ്യമായിട്ടുള്ളതും ഉത്തമമായിട്ടുള്ളതും എന്നെന്നും നിലനിൽക്കുന്നതുമായ പാരത്രിക സുഖസൗകര്യങ്ങൾ സമ്പാദിക്കുവാൻ മനുഷ്യൻ ശ്രമിക്കേണ്ടിയിരിക്കുന്നു.- "നിന്റെ റബ്ബിന്റെ കാരുണ്യം അവർ ശേഖരിച്ചുണ്ടാക്കുന്നതിനേക്കാൾ ഉത്തമമാണ് " എന്ന അല്ലാഹുവിന്റെ വചനം അതാണ് വ്യക്തമാക്കുന്നത്.

**വചനം 33,34,35 :**

وَلَوْلَآ أَن يَكُونَ ٱلنَّاسُ أُمَّةً وَٰحِدَةً لَّجَعَلْنَا لِمَن يَكْفُرُ بِٱلرَّحْمَٰنِ لِبُيُوتِهِمْ سُقُفًا مِّن فِضَّةٍ وَمَعَارِجَ عَلَيْهَا يَظْهَرُونَ ﴿٣٣﴾

وَلِبُيُوتِهِمْ أَبْوَٰبًا وَسُرُرًا عَلَيْهَا يَتَّكِـُٔونَ ﴿٣٤﴾

وَزُخْرُفًا ۚ وَإِن كُلُّ ذَٰلِكَ لَمَّا مَتَٰعُ ٱلْحَيَوٰةِ ٱلدُّنْيَا ۚ وَٱلْـَٔاخِرَةُ عِندَ رَبِّكَ لِلْمُتَّقِينَ ﴿٣٥﴾

33 മനുഷ്യർ (എല്ലാവരും) ഒരേ ഒരു സമുദായമായിത്തീരുകയില്ലായിരുന്നുവെങ്കിൽ, പരമകാരുണികനിൽ (അല്ലാഹുവിൽ) അവിശ്വസിക്കുന്നവർക്കു നാം ഉണ്ടാക്കിക്കൊടുക്കുമായിരുന്നു, അവരുടെ വീടുകൾക്ക് വെള്ളികൊണ്ടുള്ള മേൽപുരകളും, അവർക്ക് (മേല്പോട്ടു) കയറിപ്പോകുവാനുള്ള കോണികളും,-

34 അവരുടെ വീടുകൾക്ക് (വെള്ളികൊണ്ടുള്ള) വാതിലുകളും, അവർക്ക് ചാരിയിരിക്കുവാനുള്ള കട്ടിലുകളും.

35 (കൂടാതെ) സ്വർണാലങ്കാരവും! (വാസ്തവത്തിൽ) അതെല്ലാം, ഐഹികജീവിതത്തിൻെറ ഉപകരണമല്ലാതെ (മറ്റൊന്നും) അല്ലതന്നെ. നിൻെറ രക്ഷിതാവിൻെറ അടുക്കൽ പരലോകം, (സൂക്ഷിക്കുന്ന) ഭയഭക്തൻമാർക്കാകുന്നു.

വേണമെങ്കിൽ, അല്ലാഹുവിൽ വിശ്വസിക്കാത്ത എല്ലാവർക്കും അവരുടെ വീടും ഉപകരണങ്ങളുമെല്ലാം വെള്ളിയും സ്വർണ്ണവും ആകുമാറ് വമ്പിച്ച സുഖസൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിൽ അല്ലാഹുവിന് യാതൊരു തടസ്സവുമില്ല. പക്ഷേ, അത് കണ്ട് മറ്റുള്ളവർ വഞ്ചിതരായി വഴിപിഴച്ച് പോകുകയും, അങ്ങനെ എല്ലാവരും ഒരുപോലെ ആയിത്തീരുകയും ചെയ്‌വാൻ അത് കാരണമാകും. ഐഹിക സുഖസൗകര്യങ്ങൾ എത്ര ഉന്നത തരമായിരുന്നാലും, അവ താല്ക്കാലികവും നശ്വരവുമത്രേ. എന്നാൽ പരലോക വിഭവങ്ങളാകട്ടെ, അവയേക്കാൾ എത്രയോ ഉത്തമവും അനശ്വരവുമാകുന്നു. അതാകട്ടെ അല്ലാഹുവിന്റെ വിധി വിലക്കുകൾ സൂക്ഷിച്ച് ജീവിക്കുന്ന ഭക്തന്മാർക്കുള്ളതുമാകുന്നു.

ഒരു ഹദീസിൽ നബി(സ) ഇപ്രകാരം വിവരിച്ചിരിക്കുന്നു:

"എന്റെ ധനം, എന്റെ ധനം എന്ന് മനുഷ്യൻ പറഞ്ഞ് കൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ അവന്റെ ധനത്തിൽ നിന്ന് അവനുള്ളത് മൂന്നെണ്ണമാകുന്നു- അവൻ തിന്ന് നശിപ്പിച്ചത്, അവൻ ഉടുത്ത് പാഴാക്കിയത്, അവൻ ധർമ്മം കൊടുത്ത്(പിന്നേക്ക്) സൂക്ഷിച്ച് വെച്ചത്. ഇവയെല്ലാത്തതെല്ലാം അവൻ ജനങ്ങൾക്കായി വിട്ടേച്ചു പോകുന്നതാണ്".

(35-ാം വചനത്തിലെ ആരംഭത്തിലെ زُخْرُفًا (സുവര്‍ണ്ണാലങ്കാരങ്ങള്‍) എന്ന പദമാകുന്നു ഈ സൂറത്തിന്‍റെ പേരിന് നിദാനം)

**വിഭാഗം 4**

**വചനം 36,37 :**

وَمَن يَعْشُ عَن ذِكْرِ ٱلرَّحْمَـٰنِ نُقَيِّضْ لَهُۥ شَيْطَـٰنًا فَهُوَ لَهُۥ قَرِينٌ ﴿٣٦﴾

وَإِنَّهُمْ لَيَصُدُّونَهُمْ عَنِ ٱلسَّبِيلِ وَيَحْسَبُونَ أَنَّهُم مُّهْتَدُونَ ﴿٣٧﴾

36 പരമകാരുണികന്‍റെ സ്മരണ വിട്ട് ആരെങ്കിലും തിരിഞ്ഞുപോകുന്നപക്ഷം, നാം അവന് ഒരു പിശാചിനെ ഏര്‍പ്പെടുത്തിക്കൊടുക്കും; എന്നിട്ട് അവന്‍ അവന് കൂട്ടാളിയായിരിക്കും.

37 അവര്‍ (പിശാചുക്കള്‍) ആകട്ടെ, അവരെ (യഥാര്‍ത്ഥ) മാര്‍ഗത്തില്‍നിന്ന് തടയുന്നതുമാകുന്നു. തങ്ങള്‍ നേര്‍മാര്‍ഗം പ്രാപിച്ചവരാണെന്ന് അവര്‍ കണക്കാക്കുകയും ചെയ്യും.

അല്ലാഹുവിന്‍റെ നിയമനിര്‍ദ്ദേശങ്ങള്‍ വിസ്മരിക്കുന്നവര്‍ക്ക് ലഭിക്കുന്ന കൂട്ടാളികള്‍ പിശാചുക്കളായിരിക്കും. പിശാചുക്കള്‍ അവരെ വഴിപിഴപ്പിക്കുകയും എല്ലാ തോന്നിയവാസങ്ങളും ഭൂഷണമാക്കി അവര്‍ക്ക് തോന്നിപ്പിക്കുകയുമാണ് ചെയ്യുക. തങ്ങള്‍ സ്വീകരിച്ച മാര്‍ഗ്ഗമാണ് നല്ല മാര്‍ഗ്ഗമെന്ന ധാരണ അവരെ പിടികൂടുകയും ചെയ്യും (സൂ: ഹാമീം സജദ : 25-ാം വചനം നോക്കുക)

**വചനം 38,39 :**

حَتَّىٰٓ إِذَا جَآءَنَا قَالَ يَـٰلَيْتَ بَيْنِى وَبَيْنَكَ بُعْدَ ٱلْمَشْرِقَيْنِ فَبِئْسَ ٱلْقَرِينُ ﴿٣٨﴾

وَلَن يَنفَعَكُمُ ٱلْيَوْمَ إِذ ظَّلَمْتُمْ أَنَّكُمْ فِى ٱلْعَذَابِ مُشْتَرِكُونَ ﴿٣٩﴾

38 അങ്ങനെ, നമ്മുടെ അടുക്കല്‍ വരുമ്പോള്‍ അവന്‍ (കൂട്ടാളിയോട്) പറയും: "അയ്യോ! എന്‍റെയും നിന്‍റെയും ഇടയ്ക്ക് ഉദയാസ്തമനങ്ങളുടെ (അത്ര) ദൂരമുണ്ടായിരുന്നെങ്കില്‍ നന്നായേനേ!" അപ്പോള്‍, (ആ) കൂട്ടുകാരന്‍ എത്രയോ ചീത്ത!

39 ഹേ, (കൂട്ടരേ,) നിങ്ങള്‍ അക്രമം പ്രവര്‍ത്തിച്ചിരിക്കയാല്‍ നിങ്ങള്‍ (ഇരുകൂട്ടരും) ശിക്ഷയില്‍ പങ്കു ചേരുന്നവരാണെന്നുള്ളത് ഇന്നു നിങ്ങള്‍ക്ക് ഉപകാരം ചെയ്യുന്നതല്ലതന്നെ.

പരലോകത്ത് വെച്ച് അവരും അവരുടെ കൂട്ടാളികളായ പിശാചുക്കളും തമ്മില്‍ പരസ്പരം വെറുപ്പും ശത്രുതയുമാണുണ്ടാവുക. ഇഹത്തില്‍ വെച്ച് അക്രമപ്രവര്‍ത്തനങ്ങളില്‍ അവര്‍ കൂട്ടാളികളായിരുന്നത് പോലെ, പരലോകശിക്ഷ അനുഭവിക്കുന്നതിലും അവര്‍ കൂട്ടുകാരായിരിക്കുന്നതാണ്.

**വചനം 40,41,42 :**

أَفَأَنتَ تُسْمِعُ ٱلصُّمَّ أَوْ تَهْدِى ٱلْعُمْىَ وَمَن كَانَ فِى ضَلَـٰلٍ مُّبِينٍ ﴿٤٠﴾

فَإِمَّا نَذْهَبَنَّ بِكَ فَإِنَّا مِنْهُم مُّنتَقِمُونَ ﴿٤١﴾

40 എന്നാല്‍, (നബിയേ) ബധിരന്‍മാരെ നീ കേള്‍പ്പിക്കുമോ? അല്ലെങ്കില്‍, അന്ധന്‍മാരെയും, സ്പഷ്ടമായ വഴിപിഴവിലായവരെയും നീ നേര്‍മാര്‍ഗം കാട്ടുമോ?!

41 എനി, നിന്നെ നാം (ഇവിടെനിന്നു) കൊണ്ടുപോകുകയാണെങ്കില്‍, അവരോട് നിശ്ചയമായും നാം ശിക്ഷാനടപടി എടുക്കുന്നവരാകുന്നു.

42 അല്ലെങ്കിൽ, അവരോടു നാം താക്കീത് ചെയ്തതു (ശിക്ഷ) നിനക്ക് കാട്ടിത്തരുകയാണെങ്കിലും, നിശ്ചയമായും നാം അവരോട് (അതിനു) കഴിവുള്ളവരാകുന്നു.

أَوْ نُرِيَنَّكَ ٱلَّذِى وَعَدْنَٰهُمْ فَإِنَّا عَلَيْهِم مُّقْتَدِرُونَ ﴿٤٢﴾

നബി(സ) ചരമം പ്രാപിച്ചാലും അവരിൽ അല്ലാഹു ശിക്ഷാനടപടി എടുക്കാതിരിക്കുകയില്ല. അല്ലെങ്കിൽ നബി(സ) ജീവിച്ചിരിക്കെ തന്നെ വേണമെങ്കിൽ ശിക്ഷാനടപടി കൈകൊള്ളാം എന്ന് സാരം. നബി(സ) ജീവിച്ചിരിക്കെ തന്നെ ഇസ്ലാമിന്റെ കൊടി പാറിപ്പറക്കുകയും, അവർ നിശ്ശേഷം പരാജയമടഞ്ഞ് കീഴടങ്ങുകയും ചെയ്തുവല്ലോ.

**വചനം 43,44 :**

43 ആകയാൽ, നിനക്കു ബോധനം നൽകപ്പെട്ടിട്ടുള്ളതിനെ (ഖുർആനെ) നീ മുറുകെ പിടിച്ചുകൊള്ളുക. നീ (ശരിക്ക്) നേരായ പാതയിൽ തന്നെയാകുന്നു.

فَٱسْتَمْسِكْ بِٱلَّذِىٓ أُوحِىَ إِلَيْكَ ۖ إِنَّكَ عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٤٣﴾

44 അതാകട്ടെ, നിനക്കും, നിൻെറ ജനതക്കും നിശ്ചയമായും ഒരു കീർത്തിയാകുന്നു. വഴിയെ നിങ്ങളോട് (അതിനെപ്പറ്റി) ചോദിക്കപ്പെടുകയും ചെയ്യും.

وَإِنَّهُۥ لَذِكْرٌ لَّكَ وَلِقَوْمِكَ ۖ وَسَوْفَ تُسْـَٔلُونَ ﴿٤٤﴾

ഖുർആന്റെ അനുയായികളായിരിക്കുന്ന കാലത്തോളം മുസ്ലീംകൾക്ക് പൊതുവിലും അറബികൾക്ക് പ്രത്യേകിച്ചും, അതൊരു കീർത്തി തന്നെയാണെന്ന് പറയേണ്ടതില്ലല്ലോ.

**വചനം 45 :**

45 നിൻെറ മുമ്പ് നമ്മുടെ റസൂലുകളായി നാം അയച്ചിട്ടുള്ളവരോട് ചോദി(ച്ചു നോ)ക്കുക: പരമകാരുണികനു പുറമെ, ആരാധിക്കപ്പെടുന്ന വല്ല ദൈവങ്ങളെയും നാം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന്?!

وَسْـَٔلْ مَنْ أَرْسَلْنَا مِن قَبْلِكَ مِن رُّسُلِنَآ أَجَعَلْنَا مِن دُونِ ٱلرَّحْمَٰنِ ءَالِهَةً يُعْبَدُونَ ﴿٤٥﴾

മുൻകഴിഞ്ഞ് പോയ റസൂലുകളോട് ചോദിച്ച് നോക്കുക എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം മുൻവേദ ഗ്രന്ഥങ്ങൾ പരിശോധിക്കുകയും, അവയെപറ്റി അറിയുന്നവരോട് അന്വേഷിക്കുകയും ചെയ്യുക എന്നത്രേ. മുൻകഴിഞ്ഞ ഒരു റസൂലും, ഒരു വേദഗ്രന്ഥവും, തൗഹീദ് അല്ലാതെ പ്രബോധനം ചെയ്തിട്ടില്ല എന്ന് താല്പര്യം.

## വിഭാഗം 5

**വചനം 46,47,48 :**

46 നമ്മുടെ ദൃഷ്ടാന്തങ്ങളുമായി ഫിർഔൻെറയും, അവൻെറ പ്രമുഖൻമാരുടെയും അടുക്കലേക്കു നാം മൂസായെ അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: “നിശ്ചയമായും ഞാൻ (സർവ) ലോകരക്ഷിതാവിൻെറ റസൂലാകുന്നു.”

وَلَقَدْ أَرْسَلْنَا مُوسَىٰ بِـَٔايَٰتِنَآ إِلَىٰ فِرْعَوْنَ وَمَلَإِي۟هِۦ فَقَالَ إِنِّى رَسُولُ رَبِّ ٱلْعَٰلَمِينَ ﴿٤٦﴾

47 അങ്ങനെ, അദ്ദേഹം നമ്മുടെ ദൃഷ്ടാന്തങ്ങളുമായി അവരിൽ ചെന്നപ്പോൾ, അവരതാ അവയെപ്പറ്റി ചിരിക്കുന്നു (പരിഹസിക്കുന്നു)!

فَلَمَّا جَآءَهُم بِـَٔايَٰتِنَآ إِذَا هُم مِّنْهَا يَضْحَكُونَ ﴿٤٧﴾

48 ഒരു ദൃഷ്ടാന്തവുംതന്നെ, അതിൻെറ ഇണയെക്കാൾ വലുതായിക്കൊണ്ടല്ലാതെ നാം അവർക്ക് കാണിച്ചുകൊടുത്തിരുന്നില്ല. നാം അവരെ ശിക്ഷമൂലം പിടിക്കുകയും ചെയ്തു-അവർ മടങ്ങുവാൻവേണ്ടി.

وَمَا نُرِيهِم مِّنْ ءَايَةٍ إِلَّا هِىَ أَكْبَرُ مِنْ أُخْتِهَا ۖ وَأَخَذْنَٰهُم بِٱلْعَذَابِ لَعَلَّهُمْ يَرْجِعُونَ ﴿٤٨﴾

ഫിർഔൻ്റെ ജനതയെ, ക്ഷാമം, വരൾച്ച, വെട്ടുകിളി, പേൻ, തവള, രക്തം എന്നിങ്ങനെ ഒന്നിനൊന്ന് വലുതായ പല ശിക്ഷകളും ബാധിക്കുകയുണ്ടായി. എന്നിട്ടും അവർ മടങ്ങുകയുണ്ടായില്ല. അവർ അവയെ പരിഹസിച്ച് തള്ളുകയാണുണ്ടായത്. അല്ലാഹു അവരെ, അവസാനം കഠിനമായ ശിക്ഷയിലൂടെ പിടികൂടുകയും ചെയ്തു.

**വചനം 49,50 :**

49 അവർ പറയുകയും ചെയ്തു: "ഹേ, ജാലവിദ്യക്കാരാ! നിൻെറ റബ്ബ് നിൻെറ പക്കൽ ഉടമ്പടി ചെയ്തുവെച്ചതനുസരിച്ച് നീ ഞങ്ങൾക്കുവേണ്ടി അവനോട് പ്രാർത്ഥിക്കുക; നിശ്ചയമായും, ഞങ്ങൾ നേർമാർഗം പ്രാപിക്കുന്നവരായിരിക്കും."

وَقَالُوا۟ يَٰٓأَيُّهَ ٱلسَّاحِرُ ٱدْعُ لَنَا رَبَّكَ بِمَا عَهِدَ عِندَكَ إِنَّنَا لَمُهْتَدُونَ ﴿٤٩﴾

50 എന്നിട്ട്, നാം അവരിൽനിന്ന് ശിക്ഷയെ തുറവിയാക്കിക്കൊടുത്തപ്പോൾ, അവരതാ (കരാറ്) ലംഘനം ചെയ്യുന്നു!

فَلَمَّا كَشَفْنَا عَنْهُمُ ٱلْعَذَابَ إِذَا هُمْ يَنكُثُونَ ﴿٥٠﴾

'ഹേ ജാല വിദ്യക്കാരാ' എന്ന് അഭിസംബോധന ചെയ്ത് കൊണ്ട് അവർ 'നിൻ്റെ പക്കൽ ഉടമ്പടി ചെയ്തതനുസരിച്ച് ' എന്ന് അദ്ദേഹത്തോട് പറഞ്ഞത്, അദ്ദേഹത്തിൻ്റെ പ്രവാചകത്വത്തേയും, വിശ്വസിച്ചാൽ ശിക്ഷഒഴിവാക്കാമെന്ന വാഗ്ദാനം, മുതലായവയേയും ഉദ്ദേശിച്ചായിരിക്കാം. ഓരോ ശിക്ഷയും അനുഭവപ്പെടുമ്പോൾ തങ്ങൾ മേലിൽ നേർമാർഗ്ഗം സ്വീകരിച്ച് കൊള്ളാമെന്ന് അവർ ഏറ്റ് പറയുകയും രക്ഷക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ മൂസാ(അ) നബിയോട് അപേക്ഷിക്കുകയും ചെയ്യും. രക്ഷപ്പെട്ട് കഴിഞ്ഞാൽ പഴയ നിലപാട് തന്നെ തുടരുകയാണവർ ചെയ്ത് കൊണ്ടിരുന്നത്.

**വചനം 51,52,53,54 :**

51 ഫിർഔൻ തൻെറ ജനങ്ങളിൽ വിളിച്ചു പറഞ്ഞു (വിളംബരം ചെയ്തു); അവൻ പറഞ്ഞു: "എൻെറ ജനങ്ങളേ, മിസ്റിൻെറ ഭരണാധിപത്യം എനിക്കല്ലേയോ?! ഈ നദികൾ എൻെറ താഴ്ഭാഗത്തുകൂടി ഒഴുകുകയും ചെയ്യുന്നു(വല്ലോ)?! അപ്പോൾ, നിങ്ങൾ കണ്ടറിയുന്നില്ലേ?!

وَنَادَىٰ فِرْعَوْنُ فِى قَوْمِهِۦ قَالَ يَٰقَوْمِ أَلَيْسَ لِى مُلْكُ مِصْرَ وَهَٰذِهِ ٱلْأَنْهَٰرُ تَجْرِى مِن تَحْتِىٓ ۖ أَفَلَا تُبْصِرُونَ ﴿٥١﴾

52 'അഥവാ,നിന്ദ്യനായുള്ളവനും, വ്യക്തമായി സംസാരിച്ചേക്കാത്തവനുമായ ഇവനെക്കാൾ ഉത്തമൻ ഞാനാകുന്നു". (ഇതും നിങ്ങൾക്കു കണ്ടുകൂടേ?!)

أَمْ أَنَا۠ خَيْرٌ مِّنْ هَٰذَا ٱلَّذِى هُوَ مَهِينٌ وَلَا يَكَادُ يُبِينُ ﴿٥٢﴾

53 "എന്നാൽ, (അവൻ പറയുന്നതു നേരാണെങ്കിൽ) അവൻെറ മേൽ സ്വർണ്ണംകൊണ്ടുള്ള വളകൾ ഇട്ടുകൊടുക്കപ്പെടാത്തതെന്താണ്?! അല്ലെങ്കിൽ, അവനോടൊപ്പം കൂട്ടുചേർന്നുകൊണ്ട് മലക്കുകൾ വരുകയോ (ചെയ്യാത്തതെന്ത്)?!"

فَلَوْلَآ أُلْقِىَ عَلَيْهِ أَسْوِرَةٌ مِّن ذَهَبٍ أَوْ جَآءَ مَعَهُ ٱلْمَلَٰٓئِكَةُ مُقْتَرِنِينَ ﴿٥٣﴾

فَٱسْتَخَفَّ قَوْمَهُۥ فَأَطَاعُوهُ ۚ إِنَّهُمْ كَانُوا۟ قَوْمًا فَٰسِقِينَ ٥٤

54 അങ്ങനെ, അവന്‍ തന്‍െറ ജനതയെ ലഘു വാക്കി (വിഡ്ഢികളാക്കി) ത്തീര്‍ത്തു; അതി നാല്‍ അവര്‍ അവനെ അനുസരിച്ചു. നിശ്ച യമായും അവര്‍, തോന്നിയവാസികളായ ഒരു ജനതയായിരുന്നു.

ഈജിപ്തിലെ ഭരണാധിപനായ തന്‍റെ അധികാരാതിര്‍ത്തിയിലും അധീനത്തിലുമാകുന്നു, ആ നാടിനെ ഫലഭൂയിഷ്ഠമാക്കുന്ന നൈല്‍നദി-എന്നിരിക്കെ, തനിക്കല്ലാതെ മറ്റൊരാള്‍ക്കും, ആ നാട്ടില്‍ പ്രതാപത്തിന് അര്‍ഹതയില്ലെന്ന് ഫിര്‍ഔന്‍ വിളംബരം ചെയ്തു. ദരിദ്രരും, അധമവര്‍ഗ്ഗമായി കരുതപ്പെ ടുന്ന ഇസ്രാഈല്‍ ഗോത്രത്തില്‍ ജനിച്ച വാചാലത പോലുമില്ലാത്ത മൂസാ എങ്ങനെ അവരുടെ നേതാ വാകാന്‍ അര്‍ഹനാകും. മാത്രമല്ല, നേതാവായി ഗണിക്കപ്പെടുന്നവര്‍ക്ക്, അണിയിക്കപ്പെടാറുള്ള സ്വര്‍ണ്ണ വളകളോ, ഔദ്യോഗിക ചിഹ്നങ്ങളോ ഇല്ലാത്ത, കൂട്ടാളികളായി മലക്കുകള്‍ അയക്കപ്പെടുകയോ, ചെയ്യ പ്പെട്ടിട്ടില്ലാത്ത, മൂസായുടെ വാദം എങ്ങനെ നമുക്ക് സ്വീകരിക്കാനാകും- എന്നിങ്ങനെയുള്ള പ്രചാര വേലകള്‍ നടത്തി തന്‍റെ ജനതയെ ഫിര്‍ഔന്‍ സ്വന്തം അഭീഷ്ടത്തിനും, ദുര്‍ന്നടപ്പിനും അനുകൂലിക ളാക്കി തീര്‍ത്തു.

**വചനം 55,56 :**

فَلَمَّآ ءَاسَفُونَا ٱنتَقَمْنَا مِنْهُمْ فَأَغْرَقْنَٰهُمْ أَجْمَعِينَ ٥٥

فَجَعَلْنَٰهُمْ سَلَفًا وَمَثَلًا لِّلْءَاخِرِينَ ٥٦

55 അങ്ങനെ, അവര്‍ നമ്മെ കോപിപ്പിച്ചപ്പോള്‍, നാം അവരോട് പ്രതികാര (ശിക്ഷാ) നട പടിയെടുത്തു. എന്നിട്ട് അവരെ മുഴുവന്‍ നാം മുക്കി നശിപ്പിച്ചു.

56 അങ്ങനെ, പിന്നീടുള്ളവര്‍ക്ക് അവരെ നാം മുന്‍മാതൃകയും, ഉപമയും ആക്കി.

ഫിര്‍ഔന്‍നെയും അയാളുടെ ജനതയേയും സമുദ്രത്തില്‍ മുക്കി നശിപ്പിച്ച സംഭവം പലയിടങ്ങളില്‍ വിവരിക്കപ്പെട്ടതാണല്ലോ.

**വിഭാഗം 6**

**വചനം 57,58,59,60 :**

۞ وَلَمَّا ضُرِبَ ٱبْنُ مَرْيَمَ مَثَلًا إِذَا قَوْمُكَ مِنْهُ يَصِدُّونَ ٥٧

وَقَالُوٓا۟ ءَأَٰلِهَتُنَا خَيْرٌ أَمْ هُوَ ۚ مَا ضَرَبُوهُ لَكَ إِلَّا جَدَلًۢا ۚ بَلْ هُمْ قَوْمٌ خَصِمُونَ ٥٨

إِنْ هُوَ إِلَّا عَبْدٌ أَنْعَمْنَا عَلَيْهِ وَجَعَلْنَٰهُ مَثَلًا لِّبَنِىٓ إِسْرَٰٓءِيلَ ٥٩

وَلَوْ نَشَآءُ لَجَعَلْنَا مِنكُم مَّلَٰٓئِكَةً فِى

57 (നബിയേ) മര്‍യമിന്‍െറ മകന്‍ ഒരു ഉപ മയാ(യികാണി)ക്കപ്പെട്ടപ്പോള്‍, അപ്പോഴതാ, നിന്‍െറ ജനത അതിനെക്കുറിച്ച് (ആഹ്ളാ ദിച്ച്) ആര്‍ത്ത് വിളിക്കുന്നു!

58 അവര്‍ പറയുകയും ചെയ്തു: "ഞങ്ങളുടെ ആരാധ്യന്‍മാരാണോ ഉത്തമം, അതോ അദ്ദേ ഹമോ?!" നിന്നോട് ഒരു തര്‍ക്കമായിട്ടല്ലാതെ അതിനെ അവര്‍ ആക്കുന്നില്ല. പക്ഷെ, (അത്രയുമല്ല) അവര്‍ തര്‍ക്കശീലന്‍മാരായ ഒരു ജനതയാകുന്നു.

59 അദ്ദേഹം, നാം അനുഗ്രഹം ചെയ്തുകൊടു ത്തിട്ടുള്ള ഒരു അടിയാനല്ലാതെ (മറ്റൊന്നും) അല്ല; ഇസ്റാഈല്‍ സന്തതികള്‍ക്ക് അദ്ദേ ഹത്തെ നാം ഒരു മാതൃകയാക്കുകയും ചെയ്തിരിക്കുന്നു.

60 നാം ഉദ്ദേശിച്ചിരുന്നുവെങ്കില്‍, ഭൂമിയില്‍ (നിങ്ങ ള്‍ക്കു) പകരം വരുമാറ് നിങ്ങളില്‍നിന്നു

ٱلْأَرْضِ يَخْلُفُونَ ﴿٦٠﴾

തന്നെ മലക്കുകളെ നാം ഏർപ്പെടുത്തുമായിരുന്നു.

“നിങ്ങളും അല്ലാഹുവിന് പുറമേ നിങ്ങൾ ആരാധിക്കുന്നവയും നരകത്തിന്റെ ഇന്ധനമാകുന്നു” എന്ന് സൂ: അൻബിയാഅ് : 98 ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നുവല്ലോ. ഈ വചനത്തെ മുൻ നിർത്തി ചില മുശ്രിക്കുകൾ ഇപ്രകാരം തർക്കിക്കുവാൻ സന്നദ്ധരായി- ചിലർ മലക്കുകളേയും, ചിലർ ഉസൈർ(റ) നെയും മറ്റ് ചിലർ ഈസാ(അ) നബിയേയും ആരാധിച്ച് വരുന്നുണ്ടല്ലോ. അല്ലാഹുവിങ്കൽ ഉത്തമരായ ഇവരൊക്കെയും നരകത്തിന് ഇന്ധനമാകുകയാണെങ്കിൽ, ഞങ്ങളും, ഞങ്ങൾ ആരാധിച്ച് വരുന്ന വസ്തുക്കളും അപ്രകാരം ആയിക്കൊള്ളട്ടെ-ഇതായിരുന്നു അവരുടെ തർക്കം.

എന്നാൽ, ഇതിനുള്ള മറുപടി സൂ:അൻബിയാഅ് : 101 ൽ തന്നെ അല്ലാഹു പ്രസ്താവിച്ചിട്ടുമുണ്ട്. ബഹുദൈവാരാധനയെ ഒരിക്കലും തൃപ്തിപ്പെടാത്ത സജ്ജനങ്ങൾ അതിൽ നിന്ന് ഒഴിവാണെന്നത്രേ ആ മറുപടിയുടെ സാരം.

ഈസാ(അ) പിതാവില്ലാതെ ജനിച്ച ആളാണെന്നത് കൊണ്ട് അദ്ദേഹം ഒരു മനുഷ്യനല്ലാതാകുന്നില്ല. അല്ലാഹു, പല അനുഗ്രഹങ്ങളും ചെയ്ത് കൊടുത്തിട്ടുള്ള ഒരു അടിയാൻ മാത്രമാണദ്ദേഹം. ഇസ്രാഈല്യർക്ക് ഒരു മാതൃകാ പുരുഷനായി അദ്ദേഹം നിയോഗിക്കപ്പെട്ടിരുന്നു. എന്നല്ലാതെ, അദ്ദേഹം ഒരു ദൈവമോ, ദൈവപുത്രനോ മലക്കോ ഒന്നുമല്ല. പിതാവില്ലാതെ മനുഷ്യനെ സൃഷ്ടിക്കുകയെന്നത് അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഒരു വമ്പിച്ച കാര്യമൊന്നുമല്ല. വേണമെങ്കിൽ മനുഷ്യരിൽ നിന്ന് തന്നെ മലക്കുകളെ സൃഷ്ടിക്കുവാനും, മനുഷ്യർക്ക് പകരം, അവരെ ഭൂമിയിലെ പ്രതിനിധികളാക്കുവാനും അല്ലാഹുവിന് കഴിയും-എന്നൊക്കെയാണ് 59,60 വചനങ്ങളിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്.

ഈസാ(അ) നബിയെ പറ്റി തുടർന്നും അല്ലാഹു പറയുന്നു:

<u>വചനം 61,62 :</u>

وَإِنَّهُۥ لَعِلْمٌ لِّلسَّاعَةِ فَلَا تَمْتَرُنَّ بِهَا وَٱتَّبِعُونِ ۚ هَٰذَا صِرَٰطٌ مُّسْتَقِيمٌ ﴿٦١﴾

61 അദ്ദേഹം അന്ത്യസമയത്തിനുള്ള ഒരു അറിവും (അഥവാ അടയാളവും) ആകുന്നു. ആകയാൽ, നിങ്ങൾ അതിനെപ്പറ്റി സംശയിക്കുകതന്നെ വേണ്ടാ. നിങ്ങൾ എന്നെ (എൻെറ മാർഗ്ഗത്തെ) പിൻപറ്റുകയും ചെയ്യുവിൻ. (ശരിക്ക്) ചൊവ്വായ പാതയാണ് ഇത്.

وَلَا يَصُدَّنَّكُمُ ٱلشَّيْطَٰنُ ۖ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿٦٢﴾

62 പിശാച് നിങ്ങളെ (ഈ പാതവിട്ട്) തടയാതിരിക്കുകയും ചെയ്യട്ടെ. നിശ്ചയമായും, അവൻ നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാകുന്നു.

“അദ്ദേഹം അന്ത്യസമയത്തിനുള്ള ഒരു അറിവാകുന്നു” - എന്ന വാക്യത്തിന്റെ സാരം അന്ത്യനാളിന്റെ ആസന്നതയെക്കുറിക്കുന്ന ഒരു അടയാളമാണ് ഈസാ(അ) നബി എന്നത്രേ. ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവെ അംഗീകരിച്ച ഒരു വ്യാഖ്യാനമാകുന്നു ഇത്. കൂടാതെ ആകാശത്തേക്ക് ഉയർത്തപ്പെട്ട ഈസാ നബി (അ) ലോകവസാനത്തിന് മുമ്പായി, ഭൂമിയിൽ ഇറങ്ങിവരുമെന്നും ഇസ്ലാമിക വിധി വിലക്കുകൾ നടപ്പാക്കുമെന്നും പ്രധാനപ്പെട്ട എല്ലാ ഹദീസ്, പണ്ഡിതന്മാരും അവരവരുടെ ഹദീസ് ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതും, അവ പരക്കെ അറിയപ്പെട്ടതുമാകുന്നു. ഈ വിഷയ സംബന്ധമായി, ഇമാം ബുഖാരി(റ)യും മുസ്ലിമും (റ) ഉദ്ധരിക്കുന്ന ഒരു ഹദീസിൽ അതിന് തെളിവായി സൂ: നിസാഇലെ 159-ാം വചനം ഉദ്ധരിച്ചിരിക്കുന്നത് കാണാം.

“വേദക്കാരിൽ ഒരാളും തന്നെ അദ്ദേഹത്തിന്റെ (ഈസാ നബിയുടെ) മരണത്തിന് മുമ്പ് അദ്ദേഹത്തിൽ വിശ്വസിക്കാത്തവരായി ഉണ്ടാവുകയില്ല”.

**വചനം 63,64,65,66,67 :**

وَلَمَّا جَآءَ عِيسَىٰ بِٱلْبَيِّنَٰتِ قَالَ قَدْ جِئْتُكُم بِٱلْحِكْمَةِ وَلِأُبَيِّنَ لَكُم بَعْضَ ٱلَّذِى تَخْتَلِفُونَ فِيهِ ۖ فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ﴿٦٣﴾

63 വ്യക്തമായ തെളിവുകളുംകൊണ്ട് ഈസാ വന്നപ്പോൾ അദ്ദേഹം പറഞ്ഞു: "തീർച്ചയായും ഞാൻ നിങ്ങൾക്ക് വിജ്ഞാനവും കൊണ്ടുവന്നിരിക്കുന്നു; നിങ്ങൾ (പരസ്പരം) ഭിന്നാഭിപ്രായത്തിലായിക്കൊണ്ടിരിക്കുന്നതിൽ ചിലത് നിങ്ങൾക്കു വിവരിച്ചുതരുവാൻ വേണ്ടിയുമാകുന്നു (വന്നിരിക്കുന്നത്). ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

إِنَّ ٱللَّهَ هُوَ رَبِّى وَرَبُّكُمْ فَٱعْبُدُوهُ ۚ هَٰذَا صِرَٰطٌ مُّسْتَقِيمٌ ﴿٦٤﴾

64 'നിശ്ചയമായും, അല്ലാഹു തന്നെയാണ് എന്റെ രക്ഷിതാവും, നിങ്ങളുടെ രക്ഷിതാവും. അതിനാൽ, നിങ്ങൾ അവനെ ആരാധിക്കണം. ഇത് (ശരിക്കും) നേരായ പാതയാകുന്നു."

فَٱخْتَلَفَ ٱلْأَحْزَابُ مِنۢ بَيْنِهِمْ ۖ فَوَيْلٌ لِّلَّذِينَ ظَلَمُوا۟ مِنْ عَذَابِ يَوْمٍ أَلِيمٍ ﴿٦٥﴾

65 എന്നിട്ട് അവർക്കിടയിൽനിന്ന് (പല) കക്ഷികൾ ഭിന്നിച്ചു. അതിനാൽ, അക്രമം പ്രവർത്തിച്ചവർക്ക് വേദനയേറിയ ഒരു ദിവസത്തെ ശിക്ഷമൂലം നാശം!

هَلْ يَنظُرُونَ إِلَّا ٱلسَّاعَةَ أَن تَأْتِيَهُم بَغْتَةً وَهُمْ لَا يَشْعُرُونَ ﴿٦٦﴾

66 അന്ത്യസമയത്തെയല്ലാതെ (വല്ലതും)അവർ നോക്കി(ക്കാത്തു)ക്കൊണ്ടിരിക്കുന്നുവോ? അതായത്, അവർ (ബോധപൂർവം) അറിയാതിരിക്കെ, പെട്ടെന്ന് അതവർക്ക് വന്നെത്തുന്നതിനെ (യല്ലാതെ)!

ٱلْأَخِلَّآءُ يَوْمَئِذٍۭ بَعْضُهُمْ لِبَعْضٍ عَدُوٌّ إِلَّا ٱلْمُتَّقِينَ ﴿٦٧﴾

67 അന്നത്തെ ദിവസം, ചങ്ങാതിമാർ–അവരിൽ ചിലർ ചിലർക്ക്–ശത്രുവായിരിക്കും; (സൂക്ഷ്മതയുള്ള) ഭയഭക്തൻമാരൊഴികെ.

ഈസാ(അ) നബിയെ ദൈവപുത്രനാണെന്ന് കരുതി ക്യസ്ത്യാനികൾ ആരാധിച്ച് വരുന്നു. എന്നാൽ ഈസാ(അ) നബിയുടെ യഥാർത്ഥ സ്ഥിതി എന്തായിരുന്നു; അദ്ദേഹം അവരെ ഉപദേശിച്ചത് എന്തായിരുന്നു എന്നൊക്കെ ഈ വചനങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നു. വഴിപിഴവിലായ ഇസ്രാഈല്യർക്ക് നേർമാർഗ്ഗം കാണിച്ച് കൊടുക്കുന്നതിനാവശ്യമായ യഥാർത്ഥ തൗഹീദും വേദവിജ്ഞാനങ്ങളും ആണ് അദ്ദേഹം പ്രബോധനം ചെയ്തത്. പക്ഷേ അവരിൽ വീണ്ടും ഭിന്നിപ്പും ഛിദ്രതയും ഉടലെടുക്കകയും, നേർമാർഗ്ഗത്തിൽ നിന്ന് അവർ വ്യതിചലിക്കുകയുമാണുണ്ടായത്. അങ്ങനെ, ഖിയാമത്ത് നാളിൽ വമ്പിച്ച ശിക്ഷക്ക് അവർ കാരണഭൂതരായിരിക്കുകയാണ്. ഇന്ന് അക്രമത്തിലും ദുർമാർഗ്ഗത്തിലും അന്യോന്യം സഹകരിച്ച് വരുന്ന മിത്രങ്ങളെല്ലാം അന്ന് പരസ്പരം ശത്രുക്കളായി മാറുന്നതാണ്. സജ്ജനങ്ങളായ ഭയഭക്തന്മാർ മാത്രമേ ഇതിൽ നിന്നൊഴിവാകുകയുള്ളൂ.

## വിഭാഗം 7

**വചനം 68,69,70,71,72,73 :**

يَٰعِبَادِ لَا خَوْفٌ عَلَيْكُمُ ٱلْيَوْمَ وَلَآ أَنتُمْ تَحْزَنُونَ ﴿٦٨﴾

68 "എന്റെ അടിയാൻമാരേ, നിങ്ങളുടെമേൽ ഇന്ന് യാതൊരു ഭയവും ഇല്ല; നിങ്ങൾ വ്യസനപ്പെടുകയുമില്ല;"

ٱلَّذِينَ ءَامَنُوا۟ بِـَٔايَٰتِنَا وَكَانُوا۟

69 "അതായത്, നമ്മുടെ 'ആയത്തു'കളിൽ (ലക്ഷ്യസന്ദേശങ്ങളിൽ) വിശ്വസിക്കുകയും, (ഇസ്

مُسْلِمِينَ ﴿٦٩﴾

ലാമിനെ അനുസരിച്ചു) 'മുസ്‌ലിം'കളായി ത്തീരുകയും ചെയ്തിട്ടുള്ളവർ!-

ٱدْخُلُوا۟ ٱلْجَنَّةَ أَنتُمْ وَأَزْوَٰجُكُمْ تُحْبَرُونَ ﴿٧٠﴾

70 "നിങ്ങളും, നിങ്ങളുടെ ഇണകളും സന്തോഷ ഭരിതരായിക്കൊണ്ട് സ്വർഗ്ഗത്തിൽ പ്രവേ ശിച്ചുകൊള്ളുവിൻ."

يُطَافُ عَلَيْهِم بِصِحَافٍ مِّن ذَهَبٍ وَأَكْوَابٍ ۖ وَفِيهَا مَا تَشْتَهِيهِ ٱلْأَنفُسُ وَتَلَذُّ ٱلْأَعْيُنُ ۖ وَأَنتُمْ فِيهَا خَٰلِدُونَ ﴿٧١﴾

71 സ്വർണം കൊണ്ടുള്ള തളികകളും, കോപ്പ കളുമായി അവരിൽ ചുറ്റിനടക്കപ്പെടും. മനസ്സുകൾ ഇച്ഛിക്കുകയും, കണ്ണുകൾ രസിക്കുകയും ചെയ്യുന്നത് (എല്ലാം) അതി ലുണ്ടുതാനും. (ഹേ, ഭയഭക്തൻമാരേ,) അതിൽ നിങ്ങൾ നിത്യവാസികളുമായി രിക്കും.

وَتِلْكَ ٱلْجَنَّةُ ٱلَّتِىٓ أُورِثْتُمُوهَا بِمَا كُنتُمْ تَعْمَلُونَ ﴿٧٢﴾

72 അതത്രെ, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരു ന്നതിന് നിങ്ങൾക്ക് അവകാശമായി നൽക പ്പെട്ടിട്ടുള്ള സ്വർഗം!

لَكُمْ فِيهَا فَٰكِهَةٌ كَثِيرَةٌ مِّنْهَا تَأْكُلُونَ ﴿٧٣﴾

73 നിങ്ങൾക്ക് അതിൽ ധാരാളം പഴവർഗങ്ങളു ണ്ടായിരിക്കും; അതിൽനിന്ന് നിങ്ങൾ തിന്നു കൊണ്ടിരിക്കും.

സജ്ജനങ്ങൾക്ക് ലഭിക്കാനിരിക്കുന്ന സ്വീകരണത്തിന്റെയും സുഖാനുഭൂതികളുടെയും വിവരണ മാണ് ഈ വചനങ്ങളിൽ അല്ലാഹു വിശദീകരിക്കുന്നത്.

"സ്വർഗ്ഗക്കാരിൽ, അല്ലാഹുവിങ്കൽ ഏറ്റവും ആദരണീയരായിട്ടുള്ളവനാകട്ടെ രാവിലെയും വൈകു ന്നേരവും അല്ലാഹുവിന്റെ തിരുമുഖം ദർശിക്കുന്നവനായിരിക്കും" എന്നരുളിയ ശേഷം നബി തിരുമേനി(സ) സൂ: അൽഖിയാമ: യിലെ 22,23 വചനങ്ങൾ ഓതികേൾപ്പിച്ചു.

"സന്തോഷത്താൽ പ്രശോഭിതമായ ചില മുഖങ്ങൾ, അന്ന് അവയുടെ രക്ഷിതാവിങ്കലേക്ക് ദൃഷ്ടി തിരിച്ചവയുമായിരിക്കും".

**<u>വചനം 74,75,76,77,78 :</u>**

إِنَّ ٱلْمُجْرِمِينَ فِى عَذَابِ جَهَنَّمَ خَٰلِدُونَ ﴿٧٤﴾

74 നിശ്ചയമായും, കുറ്റവാളികൾ നരകശിക്ഷയിൽ നിത്യവാസികളായിരിക്കും.

لَا يُفَتَّرُ عَنْهُمْ وَهُمْ فِيهِ مُبْلِسُونَ ﴿٧٥﴾

75 അവരിൽനിന്ന് അത് അയവു വരുത്തപ്പെടു ന്നതല്ല; അവരതിൽ ആശയറ്റവരുമായിരിക്കും.

وَمَا ظَلَمْنَٰهُمْ وَلَٰكِن كَانُوا۟ هُمُ ٱلظَّٰلِمِينَ ﴿٧٦﴾

76 നാം അവരോട് അക്രമം പ്രവർത്തിച്ചിട്ടില്ല; പക്ഷേ, അവർ തന്നെയാണ് അക്രമികളാ യിരിക്കുന്നത്.

وَنَادَوْا۟ يَٰمَٰلِكُ لِيَقْضِ عَلَيْنَا رَبُّكَ ۖ قَالَ إِنَّكُم مَّٰكِثُونَ ﴿٧٧﴾

77 അവർ വിളിച്ചുപറയും: " 'മാലികേ'! തൻെറ റബ്ബ് ഞങ്ങളിൽ (മരണത്തിന്ന്) തീരുമാന മെടുക്കട്ടെ!" അദ്ദേഹം പറയും:"നിശ്ചയമായും നിങ്ങൾ, (ശിക്ഷയിൽതന്നെ) താമസിക്കുന്ന വരാകുന്നു."

لَقَدْ جِئْنَٰكُم بِٱلْحَقِّ وَلَٰكِنَّ أَكْثَرَكُمْ لِلْحَقِّ كَٰرِهُونَ ٧٨

78 തീർച്ചയായും, നിങ്ങൾക്ക് നാം യഥാർത്ഥം കൊണ്ടുവ(ന്നു ത)ന്നിരിക്കുന്നു. പക്ഷെ, നിങ്ങളിൽ അധികമാളും യഥാർത്ഥത്തെ വെറുക്കുന്നവരാണ്.

അവിശ്വാസികളായ കുറ്റവാളികൾക്കുള്ള കഠിനമായ ശിക്ഷാനുഭവങ്ങളാണ് ഈ വചനങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നത്.

ശിക്ഷ അസഹനീയമാകുമ്പോൾ, തങ്ങളുടെ യാതനക്ക് ഒരറുതി ലഭിച്ചെങ്കിലോ എന്ന് ആഗ്രഹിച്ച് കൊണ്ട് നരകവാസികൾ, നരകത്തിന്റെ മേൽനോട്ടം വഹിക്കുന്ന മലക്കിനെ - മാലിക് നെ - വിളിച്ച് അപേക്ഷിക്കുകയാണ്. 'തങ്ങൾ മരണപ്പെട്ട് പോകതക്ക വണ്ണം അല്ലാഹുവിൽ നിന്നും ഒരു വിധി കിട്ടുവാൻ ശുപാർശ ചെയ്യണമേ'യെന്ന് എന്നാൽ ഇനി പരലോകത്ത് വെച്ച് മരണം ഇല്ലെന്ന കാര്യം അല്ലാഹു തീർച്ചപ്പെടുത്തിയ വസ്തുത മാലിക് അവരെ അറിയിക്കുന്നു. അത്കൊണ്ട് നിങ്ങൾ ശിക്ഷയിൽ സ്ഥിരമായി കഴിഞ്ഞ് കൂടേണ്ടവരാകുന്നു.

**വചനം 79,80 :**

أَمْ أَبْرَمُوٓا۟ أَمْرًا فَإِنَّا مُبْرِمُونَ ٧٩

79 അതല്ല (-ഒരുപക്ഷെ) അവർ വല്ല കാര്യവും (പരിപാടിയും) ഉറപ്പിച്ചുവെച്ചിരിക്കുന്നുവോ?! എന്നാൽ, നിശ്ചയമായും നാമും (ചിലത്) ഉറപ്പിച്ചുവെക്കുന്നവരാകുന്നു.

أَمْ يَحْسَبُونَ أَنَّا لَا نَسْمَعُ سِرَّهُمْ وَنَجْوَىٰهُم ۚ بَلَىٰ وَرُسُلُنَا لَدَيْهِمْ يَكْتُبُونَ ٨٠

80 അതല്ലെങ്കിൽ, അവർ വിചാരിക്കുന്നുണ്ടോ, അവരുടെ രഹസ്യവും, (സ്വകാര്യ) മന്ത്രവും നാം കേൾക്കുന്നില്ലെന്ന്?! ഇല്ലാതെ! (കേൾക്കുന്നുണ്ട്.) നമ്മുടെ ദൂതൻമാർ അവരുടെ അടുക്കൽ എഴുതിക്കൊണ്ടുമിരിക്കുന്നു.

സത്യപ്രബോധനത്തെ പരാജയപ്പെടുത്തുവാൻ വല്ല കുതന്ത്രവും നടത്തുവാൻ, അവിശ്വാസികൾ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അവരുടെ മേൽ തക്ക നടപടി എടുക്കുന്നതാണ്- അത് ഒരിക്കലും വിജയിക്കാതെയിരിക്കുകയുമില്ല. അവരുടെ ഏത് രഹസ്യവും അല്ലാഹു അറിയാത്തതായിട്ടില്ല; മലക്കുകൾ അവയെല്ലാം, യഥാസമയം രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നുമുണ്ട്.

**വചനം 81,82 :**

قُلْ إِن كَانَ لِلرَّحْمَٰنِ وَلَدٌ فَأَنَا۠ أَوَّلُ ٱلْعَٰبِدِينَ ٨١

81 (നബിയേ) പറയുക: "പരമകാരുണികന് വല്ല സന്താനവും ഉണ്ടെന്നു വരികിൽ, ഞാൻ (അതിൻെറ) ആരാധകൻമാരിൽ ഒന്നാമത്തേവനായിരിക്കും."

سُبْحَٰنَ رَبِّ ٱلسَّمَٰوَٰتِ وَٱلْأَرْضِ رَبِّ ٱلْعَرْشِ عَمَّا يَصِفُونَ ٨٢

82 ആകാശങ്ങളുടെയും, ഭൂമിയുടെയും റബ്ബ്- അതായത്, 'അർശി'ൻെറ (സിംഹാസനത്തിൻെറ) റബ്ബ്-അവർ വർണിച്ചു പറയുന്നതിൽനിന്ന് എത്രയോ പരിശുദ്ധൻ!

മക്കളെ സ്വീകരിക്കുക, മക്കൾ ജനിക്കുക എന്നിങ്ങനെ സൃഷ്ടികളുടേതായ സകല ഗുണവിശേഷങ്ങളിൽ നിന്നും പരിശുദ്ധനാണ് അല്ലാഹു. അതൊന്നും തന്നെ പരമോന്നതനായ അവന്റെ മഹത്വത്തിന് യോജിച്ചതല്ല തന്നെ.

**വചനം 83,84,85,86 :**

فَذَرْهُمْ يَخُوضُوا۟ وَيَلْعَبُوا۟ حَتَّىٰ يُلَٰقُوا۟

83 ആകയാൽ അവരെ വിട്ടേക്കുക; അവരോട് താക്കീത് ചെയ്യപ്പെട്ടുവരുന്ന അവരുടെ (ആ)

يَوْمَهُمُ ٱلَّذِى يُوعَدُونَ ﴿٨٣﴾

ദിവസവുമായി കണ്ടുമുട്ടുന്നതുവരേക്കും അവര്‍ (തോന്നിയവാസത്തില്‍) മുഴുകിയും, കളിച്ചുംകൊണ്ടിരിക്കട്ടെ!

وَهُوَ ٱلَّذِى فِى ٱلسَّمَآءِ إِلَٰهٌ وَفِى ٱلْأَرْضِ إِلَٰهٌ ۚ وَهُوَ ٱلْحَكِيمُ ٱلْعَلِيمُ ﴿٨٤﴾

84 അവനത്രെ, ആകാശത്തില്‍ ആരാധ്യനും, ഭൂമിയില്‍ ആരാധ്യനുമായുള്ളവന്‍. അവന്‍ തന്നെയാണ്, അഗാധജ്ഞനും, സര്‍വ്വജ്ഞനും.

وَتَبَارَكَ ٱلَّذِى لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا وَعِندَهُۥ عِلْمُ ٱلسَّاعَةِ وَإِلَيْهِ تُرْجَعُونَ ﴿٨٥﴾

85 ആകാശങ്ങളുടെയും, ഭൂമിയുടെയും, അവക്കിടയിലുള്ളതിന്‍റെയും രാജാധിപത്യം യാതൊരുവന്നുള്ളതാണോ അവന്‍, വളരെ മഹത്വം (അഥവാ നന്‍മ) ഏറിയവനുമാകുന്നു. അവന്‍റെ അടുക്കലാണ് അന്ത്യസമയത്തിന്‍റെ അറിവുള്ളതും. അവങ്കലേക്കുതന്നെ നിങ്ങള്‍ മടക്കപ്പെടുകയും ചെയ്യുന്നു.

وَلَا يَمْلِكُ ٱلَّذِينَ يَدْعُونَ مِن دُونِهِ ٱلشَّفَٰعَةَ إِلَّا مَن شَهِدَ بِٱلْحَقِّ وَهُمْ يَعْلَمُونَ ﴿٨٦﴾

86 അവനു പുറമെ അവര്‍ വിളിച്ചു (പ്രാര്‍ത്ഥിച്ചു) കൊണ്ടിരിക്കുന്നവര്‍ക്ക് ശുപാര്‍ശ ചെയ്വാന്‍ അധികാരം (അഥവാ കഴിവ്) ഉണ്ടാകുന്നതല്ല; തങ്ങള്‍ അറിഞ്ഞുകൊണ്ട് യഥാര്‍ത്ഥത്തിനു സാക്ഷ്യം വഹിച്ചതാരോ അവര്‍ക്കല്ലാതെ.

അല്ലാഹു അല്ലാത്ത ആരാധ്യന്മാര്‍ക്ക്, തങ്ങളെ ആരാധിക്കുന്നവര്‍ക്ക് വേണ്ടി അല്ലാഹുവിങ്കല്‍ ശുപാര്‍ശ ചെയ്വാനോ, സ്വാധീനം ചെലുത്തുവാനോ സാധിക്കുന്നതല്ല. എന്നാല്‍ തൗഹീദിനെ പറ്റി ബോധപൂര്‍വ്വം അറിഞ്ഞ് കൊണ്ട് അതിന് സാക്ഷ്യം വഹിച്ചിരുന്ന ഈസാ(അ), ഉസൈര്‍(റ), മലക്കുകള്‍ മുതലായ അല്ലാഹുവിങ്കല്‍ ഉന്നതരായവര്‍ അതില്‍ നിന്നും ഒഴിവാകുന്നു. തങ്ങളെ ആരാധിച്ച് വന്നിരുന്നവരുടെ ആരാധനയെക്കുറിച്ച് അവര്‍ ഒന്നും അറിയുന്നവരല്ല. എന്നാല്‍, ഇവര്‍ അല്ലാഹുവിന്‍റെ അനുമതി പ്രകാരം സജ്ജനങ്ങള്‍ക്ക് വേണ്ടി അല്ലാഹുവിങ്കല്‍ ശുപാര്‍ശ ചെയ്തെന്ന് വരാം. സൂ: ത്വാഹാ 109, സൂ: അന്‍ബിയാഅ് 28 എന്നിവിടങ്ങളില്‍ അല്ലാഹു ഈ വസ്തുത വ്യക്തമാക്കിയിട്ടുണ്ട്.

**വചനം 87 :**

وَلَئِن سَأَلْتَهُم مَّنْ خَلَقَهُمْ لَيَقُولُنَّ ٱللَّهُ ۖ فَأَنَّىٰ يُؤْفَكُونَ ﴿٨٧﴾

87 ആരാണ്, അവരെ സൃഷ്ടിച്ചതെന്ന് അവരോട് നീ ചോദിച്ചെങ്കില്‍, അവര്‍ നിശ്ചയമായും പറയും: "അല്ലാഹു" എന്ന്. അപ്പോള്‍, എങ്ങിനെയാണവര്‍ (സത്യത്തില്‍ നിന്ന്) തെറ്റിക്കപ്പെടുന്നത്?!

സൃഷ്ടാവ് അല്ലാഹുവാണെന്ന് ബോധ്യമുള്ള സ്ഥിതിക്ക് അവനല്ലാത്തവരെ ആരാധ്യരായി സ്വീകരിക്കുന്നത് യുക്തിക്കും ന്യായത്തിനും നിരക്കാത്ത ഒരപരാധമാണല്ലോ. അവര്‍ സത്യത്തില്‍ നിന്നും തെറ്റിക്കപ്പെടുന്നത് എങ്ങനെയെന്നത് ആശ്ചര്യകാര്യം തന്നെ.

**വചനം 88 :**

وَقِيلِهِۦ يَٰرَبِّ إِنَّ هَٰٓؤُلَآءِ قَوْمٌ لَّا يُؤْمِنُونَ ﴿٨٨﴾

88 അദ്ദേഹത്തിന്‍റെ (റസൂലിന്‍റെ) വാക്കിനെപ്പറ്റിയും (അല്ലാഹുവിങ്കല്‍ അറിവുണ്ട്): "എന്‍റെ റബ്ബേ, ഇക്കൂട്ടര്‍ വിശ്വസിക്കാത്ത ഒരു ജനതയാണ്!"

ജനങ്ങളെ സത്യത്തിലേക്ക് നിരന്തരം ക്ഷണിച്ചിട്ടും, അവരത് സ്വീകരിക്കാതിരിക്കുന്നതിനെപ്പറ്റി റസൂല്‍(സ) തിരുമേനി സങ്കടപ്പെടുന്നത് അല്ലാഹു അറിയുന്നുണ്ട്. തിരുമേനിയെ സാന്ത്വനപ്പെടുത്തിക്കൊണ്ടും, അതേസമയം വിശ്വസിക്കാത്തവരെ താക്കീത് ചെയ്ത് കൊണ്ടും അല്ലാഹു പറയുന്നു.

**വചനം 89 :**

فَٱصۡفَحۡ عَنۡهُمۡ وَقُلۡ سَلَٰمٞۚ فَسَوۡفَ يَعۡلَمُونَ ﴿٨٩﴾

89 എന്നാൽ, (നബിയേ) അവരെ വിട്ട് പിരിഞ്ഞുപോരുക.(അവരോട്) പറഞ്ഞേക്കുകയും ചെയ്യുക: "സലാം"! അവർ വഴിയേ അറിഞ്ഞുകൊള്ളും!

തൽക്കാലം അവരിൽ നിന്ന് സലാം പറഞ്ഞ് പിരിഞ്ഞ് ക്ഷമകൈകൊള്ളുക. അവരുടെ ധിക്കാരത്തിന്റെ ഫലം അധികം താമസിയാതെ അവർക്കറിയാറാകും.

ഈ വചനം അവതരിച്ച് അൽപ വർഷങ്ങൾക്കകം ഈ വാഗ്ദാനം പുലർന്ന് കാണുവാനുള്ള മഹാഭാഗ്യം നബി(സ) തിരുമേനിക്ക് ലഭിക്കുകയും ചെയ്തു. ശത്രുക്കൾ അമ്പേ പരാജയപ്പെടുകയും ജനങ്ങൾ കൂട്ടം കൂട്ടമായി സത്യവിശ്വാസം സ്വീകരിച്ച് കൊണ്ട് അല്ലാഹുവിന്റെ മതത്തിൽ പ്രവേശിക്കുകയും ചെയ്തു.

# 44 സൂറത്ത് ദുഖാൻ (പുക)

**മക്കായിൽ അവതരിച്ചത്**

വചനങ്ങൾ 59, വിഭാഗം (റുക്കൂഅ്) - 3

10-ാം വചനത്തിലെ പുക(ദുഖാൻ)യെ പറ്റിയുള്ള പരാമർശമാണ് സൂറത്തിന്റെ നാമകരണത്തിന് നിദാനം.

## വിഭാഗം - 1

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3,4,5,6,7,8 :**

حمٓ ﴿١﴾
وَٱلۡكِتَٰبِ ٱلۡمُبِينِ ﴿٢﴾
إِنَّآ أَنزَلۡنَٰهُ فِي لَيۡلَةٖ مُّبَٰرَكَةٍۚ إِنَّا كُنَّا مُنذِرِينَ ﴿٣﴾
فِيهَا يُفۡرَقُ كُلُّ أَمۡرٍ حَكِيمٍ ﴿٤﴾
أَمۡرٗا مِّنۡ عِندِنَآۚ إِنَّا كُنَّا مُرۡسِلِينَ ﴿٥﴾
رَحۡمَةٗ مِّن رَّبِّكَۚ إِنَّهُۥ هُوَ ٱلسَّمِيعُ ٱلۡعَلِيمُ ﴿٦﴾

1 'ഹാ-മീം.'

2 സ്പഷ്ടമായ വേദഗ്രന്ഥം തന്നെയാണ് (സത്യം)!

3 നിശ്ചയമായും, നാം അതിനെ ഒരു അനുഗ്രഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. (കാരണം:) നാം മുന്നറിയിപ്പ് നൽകുന്നവരാകുന്നു.

4 യുക്തിമത്തായ എല്ലാ കാര്യവും അതിൽ (ആ രാത്രിയിൽ) വേർതിരി(ച്ചു വിവരി)ക്കപ്പെടുന്നു;

5 -നമ്മുടെ പക്കൽനിന്നുള്ള കൽപനയായിക്കൊണ്ട്. (കാരണം:) നാം ദൗത്യം നൽകുന്ന (റസൂലുകളെ അയക്കുന്ന)വരാകുന്നു;

6 നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള കാരുണ്യമായിക്കൊണ്ട്. നിശ്ചയമായും, അവൻ തന്നെയാണ് (എല്ലാം) കേൾക്കുന്നവനും അറിയുന്നവനും.

رَبِّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَآ ۖ إِن كُنتُم مُّوقِنِينَ ﴿٧﴾

7 അതായത്, ആകാശങ്ങളുടെയും, ഭൂമിയുടെയും, അവ രണ്ടിനുമിടയിലുള്ളതിന്റെയും രക്ഷിതാവിന്റെ (കാരുണ്യം); -നിങ്ങൾ ദൃഢവിശ്വാസികളാണെങ്കിൽ.

لَآ إِلَٰهَ إِلَّا هُوَ يُحْيِۦ وَيُمِيتُ ۖ رَبُّكُمْ وَرَبُّ ءَابَآئِكُمُ ٱلْأَوَّلِينَ ﴿٨﴾

8 അവനല്ലാതെ ആരാധ്യനേയില്ല; അവൻ ജീവിപ്പിക്കുകയും, മരിപ്പിക്കുകയും ചെയ്യുന്നു. നിങ്ങളുടെ രക്ഷിതാവും, നിങ്ങളുടെ പൂർവികൻമാരായ പിതാക്കളുടെ രക്ഷിതാവുമാകുന്നു (അവൻ).

സൂറത്തിന്റെ ആരംഭത്തിലെ കേവലാക്ഷരങ്ങളെ കുറിച്ച് സൂ: അൽ ബഖറയുടെ പ്രാരംഭത്തിൽ നൽകിയ വിശദീകരണം നോക്കുക.

യാതൊരു വക്രതയുമില്ലാതെ, വിഷയങ്ങൾ സ്പഷ്ടമായി അവതരിപ്പിക്കുന്ന വിശുദ്ധ ഖുർആന്റെ പേരിൽ സത്യം ചെയ്ത് കൊണ്ട് ആ ഗ്രന്ഥം ഒരു 'അനുഗ്രഹീത രാത്രി'യിലാണ് അവതരിക്കപ്പെട്ടതെന്ന് അല്ലാഹു 2-ഉം 3-ഉം വചനങ്ങളിൽ പ്രസ്താവിക്കുന്നു.

'അനുഗ്രഹീതമായ ഒരു രാത്രി' എന്നത് കൊണ്ട് വിവക്ഷ റമസാൻ മാസത്തിൽ ലൈലത്തുൽ ഖദ്ർ എന്ന പേരിൽ അറിയപ്പെടുന്ന ദിവസമത്രേ. ഖുർആൻ അവതരിക്കപ്പെട്ടത്, റമസാൻ മാസത്തിൽ ആണെന്ന് സൂ: അൽ ബഖറ 185-ലും (വിശുദ്ധ ഖുർആൻ അവതരിക്കപ്പെട്ട മാസമാകുന്നു റമസാൻ) അതിനെ ലൈലത്തുൽ ഖദ്ർ ൽ അവതരിക്കപ്പെട്ടിരിക്കുന്നു എന്ന് സൂ: ഖദ്ർ 1-ാം വചനത്തിലും (തീർച്ചയായും നാം ഖുർആനെ ലൈലത്തുൽ ഖദ്ർ - നിർണ്ണയത്തിന്റെ രാത്രി-ൽ അവതരിപ്പിച്ചിരിക്കുന്നു) അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. പ്രസ്തുത വചനങ്ങളുടെ വിശദീകരണം നോക്കുക.

നബി(സ)ക്ക് പ്രവാചകത്വം ലഭിച്ചതുമുതൽ 23 കൊല്ലകാലം കൊണ്ട് അവതരണം പൂർത്തിയാക്കപ്പെട്ട വിശുദ്ധ ഖുർആൻ ഒരു രാത്രിയിൽ അവതരിക്കപ്പെട്ടു എന്ന് പറഞ്ഞതിന്റെ താല്പര്യം എന്താണെന്നതിനെക്കുറിച്ച് പ്രസക്തമായ രണ്ട് അഭിപ്രായങ്ങളാണ് പണ്ഡിതന്മാർക്കിടയിലുള്ളത്.

1) അല്ലാഹുവിന്റെ ജ്ഞാനരേഖയാകുന്ന മൂലഗ്രന്ഥത്തിൽ (أم الكتاب) നിന്ന് അഥവാ ലൗഹുൽ മഹ്ഫൂളിൽ (اللوح المحفوظ) നിന്ന് - ഖുർആന്റെ മുഴുവൻ ഭാഗവും അടുത്ത ആകാശ ലോകത്തേക്ക് ആ രാത്രിയിൽ അവതരിക്കപ്പെട്ടു. പിന്നീട് സന്ദർഭാനുസരണം ഘട്ടം ഘട്ടമായി നബി(സ)ക്ക് അവിടെ നിന്നും അവതരിക്കപ്പെട്ട് കൊണ്ടിരുന്നു. - ഇതാണ് ഇബ്നു അബ്ബാസ്(റ)ഉം മുഫസ്സിറുകളിൽ അധികമാളുകളും പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായം. ഇമാം അസ്ഖലാനി(റ) ഈ വ്യാഖ്യാനമാണ് സ്വീകാര്യമെന്ന് എടുത്ത് പറയുകയും ചെയ്തിരിക്കുന്നു.

2) ഇമാം ശുഅ്ബി(റ) മുതലായ പല മുഫസ്സിറുകളുടെ അഭിപ്രായത്തിൽ, ഖുർആന്റെ അവതരണത്തിന്റെ ആരംഭം കുറിച്ചത് പ്രസ്തുത രാത്രിയിലാണ് എന്നാകുന്നു. അത് റമസാൻ പതിനേഴിനായിരുന്നുവെന്നും, റമസാന്റെ ഒടുവിലത്തെ പത്തിലെ ഒരു രാത്രി ആയിരുന്നുവെന്നും പണ്ഡിതന്മാർക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. الله اعلم

അനുഗ്രഹീതമായ ആ രാത്രിയിൽ 'യുക്തിമത്തായ എല്ലാ കാര്യങ്ങളും വേർതിരി(ച്ചു വിവരിക്ക)പ്പെടുന്നു' എന്ന് തുടർന്ന് 4-ാം വചനത്തിൽ അല്ലാഹു പറയുന്നു. നമ്മുടെ പക്കൽ നിന്നുള്ള കല്പനയായിക്കൊണ്ട് എന്ന് പ്രസ്തുത കാര്യങ്ങളെകുറിച്ച് 5-ാം വചനത്തിൽ പറയുന്നതിനാൽ, അവ യാതൊരു മാറ്റത്തിരുത്തലുകൾക്കോ, ന്യൂനതകൾക്കോ ഇടമില്ലാത്ത വിധം സുശക്തവും ബലവത്തുമായവയാകുന്നു എന്ന് വ്യക്തമാകുന്നു. എല്ലാ കാര്യങ്ങളുടെയും മൂലരേഖയായ 'ലൗഹുൽ മഹ്ഫൂളി'ൽ നിന്ന് അതത് കൊല്ലങ്ങളിൽ ലോകത്ത് നടക്കുന്നതും നടക്കേണ്ടതുമായ കാര്യങ്ങൾ മലക്കുകൾക്ക് ആ രാത്രിയിൽ വിവരിച്ച് കൊടുക്കുമെന്നാണ്. 4-ാം വചനത്തിന്റെ വ്യാഖ്യാനമായി പ്രധാന മുഫസ്സിറുകൾ പൊതുവെ അംഗീകരിച്ചിട്ടുള്ളത്. 'ലൈലത്തുൽ ഖദ്ർ' കൊല്ലം തോറും ആവർത്തിക്കപ്പെടുന്ന ഒരു വിശേഷ രാത്രി

യാണെന്ന അടിസ്ഥാനത്തിലാണ് ഈ വ്യാഖ്യാനം.

ഖുർആൻ അവതരിപ്പിക്കുവാൻ തുടങ്ങിയ ആ ഒരേ ഒരു രാത്രിക്കാണ് 'ലൈലത്തുർ ഖദ്ർ' എന്ന് പറയുന്നത് എന്നത്രേ മറ്റ് ചില പണ്ഡിതന്മാരുടെ അഭിപ്രായം. അങ്ങനെയാണെങ്കിൽ തന്നെ ലൈലത്തുൽ ഖദർ കൊല്ലം തോറും ആവർത്തിക്കുമെന്നുള്ളതിന് അത് വിരുദ്ധമാകുന്നില്ല. പ്രബലമായ പല ഹദീസുകളിലൂടെയും സ്ഥാപിതമായിട്ടുള്ളതാണ് ഈ വസ്തുത. ഖുർആന്റെ അവതരണത്തെക്കുറിച്ച് 'നാം അതിനെ അവതരിപ്പിച്ചു'- **انّا انزلناه** എന്ന് ഭൂതകാല രൂപത്തിലാണ് ഇവിടെ 3-ാം വചനത്തിലും സൂ: ഖദ്ർ 1-ാം വചനത്തിലും അല്ലാഹു പറഞ്ഞിരിക്കുന്നത്. അത് 'ലൌഹുൽ മഹ്ഫൂളിൽ' നിന്ന് ഖുർആൻ മുഴുവനായി അടുത്ത ആകാശത്തിലേക്ക് അവതരിപ്പിച്ചതാകട്ടെ, അതല്ല, നബി(സ)ക്ക് ഖുർആൻ അവതരിപ്പിക്കുവാൻ ആരംഭം കുറിച്ചതാകട്ടെ, കഴിഞ്ഞ്പോയ ഒരു സംഭവത്തെയാണത് ഉദ്ദേശിക്കുന്നത്. തുടർന്ന് ഇവിടെ 4-ാം വചനത്തിൽ 'അതിൽ വേർതിരിച്ച് വിവരിക്കപ്പെടുന്നു' എന്നും സൂ: ഖദ്ർ 4-ാം വചനത്തിൽ 'ആ രാത്രിയിൽ മലക്കുകൾ ഇറങ്ങും' എന്നും പ്രസ്താവിച്ചിരിക്കുന്നത് ശ്രദ്ധേയമാകുന്നു. ഇത് പോലെയുള്ള ക്രിയാരൂപങ്ങൾ വർത്തമാന കാലത്തെയോ ഭാവികാലത്തേയോ ആണല്ലോ സൂചിപ്പിക്കുന്നത്. അപ്പോൾ മലക്കുകളുടെ വരവും കാര്യങ്ങളെ വേർതിരിക്കലും, ഒരിക്കൽ ഉണ്ടായിക്കഴിഞ്ഞു എന്നല്ല, തുടർന്നും ഉണ്ടായിക്കൊണ്ടിരിക്കും എന്നത്രേ ഈ വാക്കുകൾ സമർത്ഥിക്കുന്നത്.

('ലൈലത്തുൽ ഖദ്ർ' അഥവാ 'നിർണയത്തിന്റെ രാത്രി'യെക്കുറിച്ച് വിശദമായി സൂ: ഖദ്ർ-ന്റെ വിശദീകരണത്തിൽ വായിക്കാവുന്നതാണ്.)

ലോകരുടെ സർവ്വസ്ഥിതികളും കണ്ടറിയുന്ന അല്ലാഹു അവന്റെ കാരുണ്യം നിമിത്തമാണ് ഖുർആൻ മുതലായ വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചും പ്രവാചകന്മാരെ നിയോഗിച്ചും ജനങ്ങൾക്ക് സന്ദേശങ്ങൾ എത്തിക്കുന്നത്. അവനാണ് സർവ്വലോക നിയന്താവും ആരാധനക്കർഹനും എന്നൊക്കെ തുടർന്നുള്ള വചനങ്ങളിൽ അല്ലാഹു പ്രസ്താവിക്കുന്നു.

**വചനം 9,10,11,12,13,14,15,16 :**

9 എങ്കിലും, അവർ (അവിശ്വാസികൾ) സംശയത്തിൽ (പെട്ട്) കളിച്ചുകൊണ്ടിരിക്കുകയാണ്.

بَلْ هُمْ فِى شَكٍّ يَلْعَبُونَ ﴿٩﴾

10 അതിനാൽ, ആകാശം സ്പഷ്ടമായ ഒരു (തരം) പുകയും കൊണ്ടുവരുന്ന ദിവസം നീ പ്രതീക്ഷിക്കുക;-

فَٱرْتَقِبْ يَوْمَ تَأْتِى ٱلسَّمَآءُ بِدُخَانٍ مُّبِينٍ ﴿١٠﴾

11 അത് മനുഷ്യരെ മൂടുന്നതാണ്. ഇത് വേദനയേറിയ ഒരു ശിക്ഷയായിരിക്കും.

يَغْشَى ٱلنَّاسَ ۖ هَـٰذَا عَذَابٌ أَلِيمٌ ﴿١١﴾

12 (അവർ പറയും:) "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽനിന്ന് ശിക്ഷ ഒഴിവാക്കിത്തരേണമേ! നിശ്ചയമായും, ഞങ്ങൾ വിശ്വസിക്കുന്നവരാണ്."

رَّبَّنَا ٱكْشِفْ عَنَّا ٱلْعَذَابَ إِنَّا مُؤْمِنُونَ ﴿١٢﴾

13 എവിടെ നിന്നാണ് അവർക്ക് ഉപദേശം (ഫലപ്രദമാകുന്നത്)? അവരുടെ അടുക്കൽ സ്പഷ്ടമായ ഒരു റസൂൽ (ദൈവദൂതൻ) ചെന്നിട്ടുണ്ടല്ലോ!-

أَنَّىٰ لَهُمُ ٱلذِّكْرَىٰ وَقَدْ جَآءَهُمْ رَسُولٌ مُّبِينٌ ﴿١٣﴾

14 എന്നിട്ട് അവർ അദ്ദേഹത്തിൽനിന്ന് പിൻമാറിക്കളയുകയാണ് ചെയ്തത്. അവർ പറയുകയും ചെയ്തു: "അഭ്യസിക്കപ്പെട്ടവൻ, ഭ്രാന്തൻ" (എന്നൊക്കെ)!

ثُمَّ تَوَلَّوْا۟ عَنْهُ وَقَالُوا۟ مُعَلَّمٌ مَّجْنُونٌ ﴿١٤﴾

إِنَّا كَاشِفُوا۟ ٱلْعَذَابِ قَلِيلًا ۚ إِنَّكُمْ عَآئِدُونَ ﴿١٥﴾ يَوْمَ نَبْطِشُ ٱلْبَطْشَةَ ٱلْكُبْرَىٰٓ إِنَّا مُنتَقِمُونَ ﴿١٦﴾

15 നാം ശിക്ഷ അൽപമൊന്ന് ഒഴിവാക്കിക്കൊടുക്കുന്നതാണ്. (അവിശ്വാസികളേ) നിശ്ചയമായും നിങ്ങൾ (വീണ്ടും) മടങ്ങുന്നവരാകുന്നു.

16 ഏറ്റവും വലിയ പിടുത്തം നാം പിടിക്കുന്ന ദിവസം! നിശ്ചയമായും (അന്ന്) നാം പ്രതികാര (ശിക്ഷാ) നടപടി എടുക്കുന്നവരായിരിക്കും.

'ആകാശം പുക കൊണ്ട് വരുന്ന ദിവസം' എന്ന് പറഞ്ഞത് കഴിഞ്ഞ് പോയ ഒരു സംഭവത്തെക്കുറിച്ചാണെന്ന് ഇബ്നു മസ്ഊദ്(റ)ഉം, മിക്ക ഖുർആൻ വ്യാഖ്യാതാക്കളും പ്രസ്താവിക്കുമ്പോൾ, അത് ഖിയാമത്ത് നാളിന്റെ അടയാളങ്ങളിൽ ഒന്നായി വരാനിരിക്കുന്ന ഒരു സംഭവത്തെ ഉദ്ദേശിച്ചാണെന്ന് ഇബ്നു അബ്ബാസ്(റ)ഉം മറ്റ് ചില പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു.

ഇബ്നു മസ്ഊദ്(റ) ഈ സംഭവത്തെക്കുറിച്ച് ഇപ്രകാരം പ്രസ്താവിച്ചതായി ബുഖാരി(റ)യും മുസ്ലീം(റ)ഉം ഉദ്ധരിക്കുന്നു.

ഖുറൈശികളുടെ ധിക്കാരം മുഴുത്തപ്പോൾ യൂസുഫ്(അ) നബിയുടെ കാലത്തുണ്ടായത് പോലെയുള്ള ഒരു ക്ഷാമം വഴി അവരെ പാകപ്പെടുത്തണമെന്ന് നബി(സ) അല്ലാഹുവിനോട് പ്രാർത്ഥിക്കുകയുണ്ടായി. അങ്ങനെ ക്ഷാമം പിടിപെടുകയും, അവർ എല്ലും ശവവും ഭക്ഷിക്കേണ്ട ഒരവസ്ഥ വരികയും ചെയ്തു. പട്ടിണിയുടെ കാഠിന്യം നിമിത്തം മേൽപോട്ട് നോക്കിയാൽ ആകമാനം പുകമൂടിയതായി അവർക്ക് തോന്നിയിരുന്നു. ഈ ശിക്ഷയിൽ നിന്ന് തങ്ങളെ ഒഴിവാക്കിത്തരുവാൻ പ്രാർത്ഥിക്കണമെന്നും തങ്ങൾ വിശ്വസിച്ച് കൊള്ളാമെന്നും അവർ നബി(സ)യോട് അപേക്ഷിച്ചു. തിരുമേനി പ്രാർത്ഥിക്കുകയും, മഴ വർഷിച്ച് അവർക്ക് സുഖം കൈവരികയും ചെയ്തു. എന്നാൽ സൗഖ്യം ലഭിച്ചപ്പോൾ അവർ പഴയ പടി ആയിത്തീരുകയും ചെയ്തു! 'നാം ഏറ്റവും വലിയ പിടുത്തം പിടിക്കുന്ന ദിവസം! നിശ്ചയമായും അന്ന് നാം പ്രതികാര നടപടി എടുക്കുന്നവരായിരിക്കും' എന്ന വചനം അവതരിക്കുകയും, ബദർ യുദ്ധത്തിൽ വെച്ച് അല്ലാഹു അവരുടെ മേൽ ശിക്ഷാനടപടി എടുക്കുകയും ചെയ്തു.

എന്നാൽ പ്രസ്തുത സംഭവം, ഖിയാമത്ത് നാളിന്റെ അടയാളങ്ങളിൽ ഒന്നായി നബി(സ) വിവരിച്ച 'പുക'യെ ഉദ്ദേശിച്ചാണെന്ന് ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചിരിക്കുന്നു:

"ഏറ്റവും വലിയ പിടുത്തം പിടിക്കുന്ന ദിവസം എന്ന് പറഞ്ഞത് ബദ്ർ യുദ്ധമാണെന്ന് ഇബ്നു മസ്ഊദ്(റ) പറയുന്നു: എന്റെ അഭിപ്രായം അത് ഖിയാമത്ത് നാളാകുന്നു എന്നാകുന്നു."

കൂടാതെ, ഇബ്നു മസ്ഊദ്(റ)ന്റെ വ്യാഖ്യാനം അനുസരിച്ച് ഒരു പുക യഥാർത്ഥത്തിൽ ഉണ്ടായിട്ടില്ലെന്നും പട്ടിണിയുടെ കാഠിന്യം നിമിത്തം, മേൽപ്പോട്ടു നോക്കിയാൽ പുകമൂടിയ പ്രതീതി ഖുറൈശികൾക്ക് തോന്നുക മാത്രമേ ഉണ്ടായിട്ടുള്ളുവെന്നും വ്യക്തമാണ്. ഖുർആനിലാകട്ടെ ആകാശം പുക കൊണ്ട് വരുമെ ന്നും, അത് സ്പഷ്ടമായ പുകയായിരിക്കുമെന്നും, ആ പുക മനുഷ്യരെ മൂടുമെന്നും ഇത് വേദനയേറിയ ഒരു ശിക്ഷയായിരിക്കുമെന്നും വ്യക്തമായി പ്രസ്താവിച്ചിരിക്കുകയാണ്. ഇത് കണക്കിലെടുക്കുമ്പോൾ ഇബ്നു അബ്ബാസ്(റ)ന്റെ അഭിപ്രായത്തിനാണ് കൂടുതൽ പ്രസക്തി കാണുന്നത്. എല്ലാറ്റിലും വെച്ച് ഏറ്റവും വമ്പിച്ച പിടുത്തത്തിന്റെ ദിവസം ഖിയാമത്ത് നാളാണല്ലോ. ഖിയാമത്ത് നാളിൽ, ശിക്ഷയിൽ നിന്ന് ഒഴിവാക്കിക്കൊടുത്താൽ ഞങ്ങൾ മേലിൽ വിശ്വസിച്ച് കൊള്ളാമെന്ന് അവിശ്വാസികൾ അപേക്ഷിക്കുമെന്നും, എന്നാൽ ഐഹിക ജീവിതത്തിലേക്ക് രണ്ടാമത് മടക്കിയാലും അവർ പഴയ നിലപാട് തന്നെ ആവർത്തിക്കുമെന്നും ഖുർആൻ പലപ്പോഴും പ്രസ്താവിക്കാറുള്ളതുമാകുന്നു.

**വചനം 17,18,19,20,21 :**

۞ وَلَقَدْ فَتَنَّا قَبْلَهُمْ قَوْمَ فِرْعَوْنَ

17 തീർച്ചയായും, ഇവരുടെ മുമ്പ് ഫിർഔൻെറ ജനതയെ നാം പരീക്ഷണം ചെയ്കയുണ്ടായി.

മാന്യനായ ഒരു റസൂൽ അവരുടെ അടുക്കൽ ചെല്ലുകയും ചെയ്തു.

وَجَآءَهُمۡ رَسُولٞ كَرِيمٌ ﴿١٧﴾

18 (ദൗത്യം ഇവയാണ്:) “അല്ലാഹുവിൻെറ അടിയാൻമാരെ എനിക്ക് വിട്ടുതന്നേക്കുവിൻ; നിശ്ചയമായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു റസൂലാകുന്നു” എന്നും;-

أَنۡ أَدُّوٓاْ إِلَيَّ عِبَادَ ٱللَّهِۖ إِنِّي لَكُمۡ رَسُولٌ أَمِينٞ ﴿١٨﴾

19 “നിങ്ങൾ അല്ലാഹുവിനെതിരിൽ ഔന്നത്യം (പൊങ്ങച്ചം) കാണിക്കരുത്; നിശ്ചയമായും ഞാൻ നിങ്ങൾക്ക് സ്പഷ്ടമായ അധികൃതലക്ഷ്യം കൊണ്ടുവന്നുതരാം” എന്നും.

وَأَن لَّا تَعۡلُواْ عَلَى ٱللَّهِۖ إِنِّيٓ ءَاتِيكُم بِسُلۡطَٰنٖ مُّبِينٖ ﴿١٩﴾

20 “നിങ്ങൾ എന്നെ എറിഞ്ഞാട്ടുന്നതിനെപ്പറ്റി എൻെറയും നിങ്ങളുടെയും രക്ഷിതാവായുള്ളവനിൽ ഞാൻ ശരണം പ്രാപിക്കുന്നു.

وَإِنِّي عُذۡتُ بِرَبِّي وَرَبِّكُمۡ أَن تَرۡجُمُونِ ﴿٢٠﴾

21 “നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ലെങ്കിൽ, എന്നെ നിങ്ങൾ വിട്ടകന്നുപോയിക്കൊള്ളുവിൻ.”

وَإِن لَّمۡ تُؤۡمِنُواْ لِي فَٱعۡتَزِلُونِ ﴿٢١﴾

ഇസ്രാഈൽ ജനതയെ മർദ്ദിക്കുന്നത് നിർത്തൽ ചെയ്യുകയും, അവരെ തന്നോടൊപ്പം പലസ്തീനിലേക്ക് വിട്ടയക്കുകയും വേണമെന്ന് മൂസാനബി(അ) ഫിർഔൻനോട് ആവശ്യപ്പെടുന്നു. (സൂ: ത്വാഹ 47 ഉം നോക്കുക) എറിഞ്ഞാട്ടുക എന്ന പദത്തിന് എറിഞ്ഞ് കൊല്ലുക, ബഹിഷ്കരിക്കുക, മർദ്ദിക്കുകഎന്നിങ്ങനെയുള്ള അർത്ഥങ്ങളും വരാവുന്നതാണ്. ഫിർഔനും ജനതയും അവരുടെ ധിക്കാരം തുടരുക തന്നെയാണുണ്ടായത്.

**വചനം 22,23,24 :**

22 അങ്ങനെ, അദ്ദേഹം തൻെറ റബ്ബിനെ വിളി(ച്ചു പ്രാർത്ഥി)ച്ചു: “ഇക്കൂട്ടർ കുറ്റവാളികളായ ഒരു ജനതയാണ്!” (വേണ്ടുന്ന നടപടി എടുക്കണേ!) എന്ന്.

فَدَعَا رَبَّهُۥٓ أَنَّ هَٰٓؤُلَآءِ قَوۡمٞ مُّجۡرِمُونَ ﴿٢٢﴾

23 (റബ്ബ് മറുപടി നൽകി:) “എന്നാൽ, നീ എൻെറ അടിയാൻമാരെയുംകൊണ്ട് ഒരു രാത്രിയിൽ രാപ്രയാണം ചെയ്യുക; നിശ്ചയമായും, നിങ്ങൾ പിൻതുടരപ്പെടുന്നവരായിരിക്കും.

فَأَسۡرِ بِعِبَادِي لَيۡلًا إِنَّكُم مُّتَّبَعُونَ ﴿٢٣﴾

24 “തുറന്ന് വിശാലമായ നിലയിൽ സമുദ്രത്തെ നീ വിട്ടുപോകുകയും ചെയ്യുക. നിശ്ചയമായും, അവർ മുക്കി നശിപ്പിക്കപ്പെടുന്ന ഒരു സൈന്യമാകുന്നു.”

وَٱتۡرُكِ ٱلۡبَحۡرَ رَهۡوًاۖ إِنَّهُمۡ جُندٞ مُّغۡرَقُونَ ﴿٢٤﴾

ഒരു രാത്രി ഇസ്രാഈല്യരെയും കൂട്ടി, രഹസ്യമായി പുറപ്പെട്ട്, ചെങ്കടലിൽ മൂസാ(അ) നബി തന്റെ വടികൊണ്ട് അടിക്കുമ്പോൾ ഉണ്ടാകുന്ന മാർഗ്ഗത്തിലൂടെ സമുദ്രം കടന്ന് രക്ഷപ്പെടണമെന്നും, അല്ലാഹു മൂസാ(അ) നബിയോട് നിർദ്ദേശിച്ചു. തങ്ങളെ പിന്തുടർന്ന് വന്ന ഫിർഔൻനും കൂട്ടരും തങ്ങളെ പിടികൂടിയേക്കുമോ, എന്ന് ഭയന്ന മൂസാ (അ) നബി സമുദ്രം പഴയ പടി ആയിത്തീരുവാൻ വീണ്ടും വടികൊണ്ട് സമുദ്രത്തിൽ അടിക്കുവാൻ ഉദ്യമിച്ചപ്പോഴായിരുന്നു ‘സമുദ്രത്തെ തുറന്ന് വിശാലമായ നിലയിൽ നീ വിട്ട് പോകുക’ എന്ന് കല്പന ഉണ്ടായത്.

പിന്തുടർന്ന് വന്ന ഫിർഔൻനെയും സംഘത്തേയും അല്ലാഹു മുക്കി നശിപ്പിക്കുകയും ചെയ്തു. (സൂ: ശുഅറാഅ് 61,62,63 വചനങ്ങളും, സൂ: ത്വാഹാ 77,78,79 വചനങ്ങളും, സൂ: യൂനുസ് 90,91 വചനങ്ങളും നോക്കുക)

**വചനം 25,26,27,28,29 :**

25 എത്രയാണവർ ഉപേക്ഷിച്ച് (വിട്ടു) പോയത്? തോട്ടങ്ങളായും, അരുവികളായും!-

كَمْ تَرَكُوا۟ مِن جَنَّـٰتٍ وَعُيُونٍ ﴿٢٥﴾

26 കൃഷികളായും, മാന്യമായ വാസസ്ഥലമായും!!-

وَزُرُوعٍ وَمَقَامٍ كَرِيمٍ ﴿٢٦﴾

27 സുഖസൗകര്യമായും!!! അവർ അതിൽ സുഖിയൻമാരായിരുന്നു.

وَنَعْمَةٍ كَانُوا۟ فِيهَا فَـٰكِهِينَ ﴿٢٧﴾

28 അപ്രകാരമാണ് (അവരുടെ കലാശം)! വേറെ ഒരു ജനതക്ക് നാം അവയെ (ല്ലാം) അനന്തരാവകാശമാക്കുകയും ചെയ്തു.

كَذَٰلِكَ ۖ وَأَوْرَثْنَـٰهَا قَوْمًا ءَاخَرِينَ ﴿٢٨﴾

29 എന്നിട്ട്, അവരുടെ പേരിൽ ആകാശവും, ഭൂമിയും കരഞ്ഞില്ല; അവർ കാലതാമസം നൽകപ്പെട്ടവരായതുമില്ല.

فَمَا بَكَتْ عَلَيْهِمُ ٱلسَّمَآءُ وَٱلْأَرْضُ وَمَا كَانُوا۟ مُنظَرِينَ ﴿٢٩﴾

ഫലഭൂയിഷ്ഠമായ തോട്ടങ്ങൾ, സമൃദ്ധമായ കൃഷിനിലങ്ങൾ, സുഖ സമ്പൂർണ്ണമായ വാസസ്ഥലങ്ങൾ, നാടാകെ സമ്പന്നമാക്കുന്ന നീല ജലാശയങ്ങൾ എന്നിങ്ങനെ കണക്കറ്റ സുഖസൗകര്യങ്ങളെ ഈജിപ്തിൽ വിട്ടേച്ച് കൊണ്ടാണവർ ചെങ്കടലിൽ മുങ്ങി നശിച്ചത്. ഫിർഔൻന്റെയും ജനതയുടെയും മുൻകാല അവകാശവാദം വെച്ച് നോക്കുകയാണെങ്കിൽ ഇത്കണ്ട് ആകാശവും ഭൂമിയും പൊട്ടിക്കരയേണ്ടതായിരുന്നു എന്ന് വേണം പറയുവാൻ. എന്നാൽ ആരും അവർക്ക് വേണ്ടി കണ്ണീരൊഴുക്കുവാൻ ഉണ്ടായില്ല.

മുങ്ങി നശിക്കാറായപ്പോൾ ഫിർഔൻ പശ്ചാത്തപിക്കാനൊരു ശ്രമം നടത്തി നോക്കിയെങ്കിലും അല്ലാഹു അത് സ്വീകരിക്കുകയുണ്ടായില്ല. (സൂ: യൂനുസ് 90,91,92 വചനങ്ങൾ നോക്കുക)

## വിഭാഗം 2

**വചനം 30,31,32,33 :**

30 തീർച്ചയായും, ഇസ്രാഈൽ സന്തതികളെ നിന്ദ്യമായ ശിക്ഷയിൽനിന്ന് നാം രക്ഷപ്പെടുത്തി;-

وَلَقَدْ نَجَّيْنَا بَنِىٓ إِسْرَٰٓءِيلَ مِنَ ٱلْعَذَابِ ٱلْمُهِينِ ﴿٣٠﴾

31 അതായത്, ഫിർഔനിൽനിന്ന്. കാരണം, അവൻ അതിരുകവിഞ്ഞവരിൽപെട്ട ഒരു പൊങ്ങച്ചക്കാരനായിരുന്നു.

مِن فِرْعَوْنَ ۚ إِنَّهُۥ كَانَ عَالِيًا مِّنَ ٱلْمُسْرِفِينَ ﴿٣١﴾

32 അറിഞ്ഞുകൊണ്ടുതന്നെ ലോകരെക്കാൾ അവരെ നാം (ഉത്തമൻമാരാക്കി) തിരഞ്ഞെടുക്കുകയുണ്ടായി.

وَلَقَدِ ٱخْتَرْنَـٰهُمْ عَلَىٰ عِلْمٍ عَلَى ٱلْعَـٰلَمِينَ ﴿٣٢﴾

33 ദൃഷ്ടാന്തങ്ങളിൽനിന്നും വ്യക്തമായ പരീക്ഷണം ഉൾക്കൊള്ളുന്നവ (പലതും) അവർക്കു നാം നൽകുകയും ചെയ്തിരുന്നു.

وَءَاتَيْنَـٰهُم مِّنَ ٱلْـَٔايَـٰتِ مَا فِيهِ بَلَـٰٓؤٌا۟ مُّبِينٌ ﴿٣٣﴾

ഇസ്രാഈല്യരുടെ എല്ലാ സ്ഥിതിഗതികളും അറിഞ്ഞും കണക്കിലെടുത്തും കൊണ്ട് തന്നെയാണ് അവർക്ക് പല ശ്രേഷ്ഠതകളും നൽകി, അല്ലാഹു അവരെ അനുഗ്രഹിച്ചത്- അവരിൽ പ്രവാചകന്മാരും രാജാക്കളും ഉണ്ടായി; അവർക്ക് തൗറാത്ത് നൽകപ്പെട്ടു. സീനാ താഴ്‌വരയിൽ വെച്ച് 'മന്നാ'യും 'സൽവാ'യും നൽകപ്പെട്ടു. കൂടാതെ മറ്റ് പല പ്രത്യക്ഷ ദൃഷ്ടാന്തങ്ങളും അല്ലാഹു അവർക്ക് കാട്ടിക്കൊടുത്തു. അതെല്ലാം അവർ എങ്ങനെ ഉപയോഗപ്പെടുത്തുമെന്നുള്ള ഒരു പരീക്ഷണവും കൂടിയായിരുന്നു അത്.

**വചനം 34,35,36,:**

34 നിശ്ചയമായും ഇക്കൂട്ടർ (ഇതാ) പറഞ്ഞു കൊണ്ടിരിക്കുന്നു:

إِنَّ هَٰٓؤُلَآءِ لَيَقُولُونَ ﴿٣٤﴾

35 "കാര്യം: നമ്മുടെ ഒന്നാമത്തെ മരണമല്ലാതെ (മറ്റൊന്നും)ഇല്ല; നാം ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നവരുമല്ല.

إِنْ هِىَ إِلَّا مَوْتَتُنَا ٱلْأُولَىٰ وَمَا نَحْنُ بِمُنشَرِينَ ﴿٣٥﴾

36 "എന്നാൽ, (അങ്ങിനെയുണ്ടെങ്കിൽ) നമ്മുടെ പിതാക്കളെ നിങ്ങൾ കൊണ്ടുവരുവിൻ-നിങ്ങൾ സത്യവാൻമാരാണെങ്കിൽ"

فَأْتُوا۟ بِـَٔابَآئِنَآ إِن كُنتُمْ صَـٰدِقِينَ ﴿٣٦﴾

മക്കാ മുശ്രിക്കുകൾ മരണാനന്തരമുള്ള ഉയിർത്തെഴുന്നേൽപിനെ നിഷേധിക്കുവാനായി പറയാറുള്ള ഒരു ദുർന്യായമായിരുന്നു "അങ്ങനെയാണെങ്കിൽ മരിച്ച് പോയ നമ്മുടെ പൂർവ്വികന്മാരെ എന്താണ് കാണാത്തത്? അവരെ നിങ്ങളൊന്ന് ഇങ്ങ് കൊണ്ടുവരുവിൻ" എന്ന്

മരണാന്തര ജീവിതം ഈ ലോകത്ത് വെച്ചല്ലാത്ത സ്ഥിതിക്ക് ഈ വാദം കേവലം അർത്ഥശൂന്യമാണെന്ന് പറയേണ്ടതില്ലല്ലോ.

തുടർന്ന് അല്ലാഹു അവരെ താക്കീത് ചെയ്യുന്നു:

**വചനം 37 :**

37 ഇവരാണോ ഉത്തമൻമാർ, അതല്ല, 'തുബ്ബഇ' ൻെറ ജനതയും, അവരുടെ മുമ്പുണ്ടായിരുന്നവരുമോ?-അവരെ (യെല്ലാം) നാം നശിപ്പിച്ചിരിക്കുന്നു. (കാരണം) അവർ കുറ്റവാളികളായിരുന്നു.

أَهُمْ خَيْرٌ أَمْ قَوْمُ تُبَّعٍ وَٱلَّذِينَ مِن قَبْلِهِمْ ۚ أَهْلَكْنَـٰهُمْ ۖ إِنَّهُمْ كَانُوا۟ مُجْرِمِينَ ﴿٣٧﴾

സത്യനിഷേധത്തിന്റെയും അക്രമത്തിന്റെയും കാരണമായി, ഇവരേക്കാൾ ഊക്കന്മാരായിരുന്ന ഇവരുടെ പല മുൻഗാമികളും അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രീഭൂതരായിത്തീർന്നിട്ടുണ്ട്. ഇവരും കഠിനമായ ശിക്ഷ പ്രതീക്ഷിച്ച് കൊള്ളട്ടെ.

യമനിലെ ഒരു പുരാതന രാജ കുടുംബമായിരുന്നു 'തുബ്ബഇ്'കൾ. (ബി.സി 115 -എ.ഡി 525) സുലൈമാൻ(അ) നബിയെ സന്ദർശിച്ച ബൽഖീസ് രാജ്ഞിയും, 'സൂറത്തുൽ കഹ്ഫി'ൽ പ്രസ്താവിക്കപ്പെട്ട ദുൽഖർനൈൻ ആണെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുള്ള ഇഫ്‌റീഖശും ഈ രാജവംശത്തിൽപ്പെട്ടവരത്രേ. (സൂ: അൽ കഹ്ഫ് 83-ാം വചനം നോക്കുക) ദുൽഖർനൈൻ ഒരു സൽപുരുഷനായിരുന്നുവെന്ന് നബി(സ)യുടെ ഒരു വചനത്തിൽ വന്നിട്ടുണ്ട്. പക്ഷേ, അദ്ദേഹത്തിന്റെ ജനത വഴിപിഴച്ച് പോകുകയാണുണ്ടായത്.

**വചനം 38,39 :**

38 ആകാശങ്ങളെയും, ഭൂമിയെയും, രണ്ടിനുമിടയിലുള്ളവയെയും നാം കളിച്ചുകൊണ്ടു (വ്യഥാ) സൃഷ്ടിച്ചിരിക്കുകയല്ല.

وَمَا خَلَقْنَا ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا لَـٰعِبِينَ ﴿٣٨﴾

39 (ന്യായമായ) കാര്യത്തോടുകൂടിയല്ലാതെ അവ രണ്ടിനെയും നാം സൃഷ്ടിച്ചിട്ടില്ല. പക്ഷേ, അവരിൽ അധികമാളും അറിയുന്നില്ല.

مَا خَلَقْنَـٰهُمَآ إِلَّا بِٱلْحَقِّ وَلَـٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿٣٩﴾

അതിമഹത്തായ ഉദ്ദേശലക്ഷ്യത്തോടും ന്യായമായ കാര്യത്തോടും കൂടി സൃഷ്ടിക്കപ്പെട്ടതാണ് ഇതിലെ പ്രപഞ്ചവും അതിലെ സർവ്വചരാചരങ്ങളും. അല്ലാതെ കേവലം ഒരു കളി വിനോദമെന്ന നിലക്ക് അല്ലാഹു വെറുതെ സൃഷ്ടിച്ചതല്ല.

"നിങ്ങളെ നാം വൃഥാ സൃഷ്ടിച്ചിരിക്കുക മാത്രമാണെന്നും, നിങ്ങൾ നമ്മുടെ അടുക്കലേക്ക് മടക്കപ്പെടുന്നതല്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കുന്നുവോ" എന്ന് സൂ: മുഅ്മിനൂൻ 115-ാം വചനത്തിൽ അല്ലാഹു ചോദിക്കുന്നു.

**വചനം 40,41,42:**

إِنَّ يَوْمَ ٱلْفَصْلِ مِيقَـٰتُهُمْ أَجْمَعِينَ ﴿٤٠﴾

40 നിശ്ചയമായും (അന്തിമ) തീരുമാനത്തിൻെറ ദിവസം,അവരെല്ലാവരുടെയും നിശ്ചിത (നിർണ്ണായക) സമയമാകുന്നു;-

يَوْمَ لَا يُغْنِى مَوْلًى عَن مَّوْلًى شَيْـًٔا وَلَا هُمْ يُنصَرُونَ ﴿٤١﴾

41 അതായത്, ഒരു ബന്ധുവും (വേറെ) ഒരു ബന്ധുവിന് ഒട്ടും ഉപകരിക്കാത്ത ദിവസം. അവർ, സഹായിക്കപ്പെടുന്നതുമല്ല;

إِلَّا مَن رَّحِمَ ٱللَّهُ ۚ إِنَّهُۥ هُوَ ٱلْعَزِيزُ ٱلرَّحِيمُ ﴿٤٢﴾

42 -അല്ലാഹു കരുണചെയ്തവരൊഴികെ. നിശ്ചയമായും, അവൻതന്നെയാണ് പ്രതാപശാലിയും, കരുണാനിധിയും.

തീരുമാനത്തിന്റെ ദിവസമാണല്ലോ ഖിയാമത്ത് നാൾ. അന്ന് അല്ലാഹുവിന്റെ കരുണയല്ലാതെ, മറ്റ് യാതൊരു സഹായവും ആർക്കും ഉപകാരപ്പെടുന്നതല്ല.

## വിഭാഗം - 3

**വചനം 43,44,45,46 :**

إِنَّ شَجَرَتَ ٱلزَّقُّومِ ﴿٤٣﴾

43 നിശ്ചയമായും 'സഖ്-ഖൂം' വൃക്ഷം,-

طَعَامُ ٱلْأَثِيمِ ﴿٤٤﴾

44 പാപിയായുള്ളവൻെറ ഭക്ഷണമായിരിക്കും.

كَٱلْمُهْلِ يَغْلِى فِى ٱلْبُطُونِ ﴿٤٥﴾

45 ഉരുകിയ (ലോഹ) ദ്രാവകംപോലെയിരിക്കും (അത്); വയറുകളിൽ അത് തിളച്ചുമറിയും;-

كَغَلْىِ ٱلْحَمِيمِ ﴿٤٦﴾

46 ചുടുവെള്ളം തിളച്ചുമറിയുന്നതുപോലെ!

നരകത്തിലെ ഭക്ഷണമായ 'സഖ്-ഖൂം' വൃക്ഷത്തെക്കുറിച്ച് സൂ: സ്വാഫ്-ഫാത്ത് 62-66 വചനങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ളത് ശ്രദ്ധിക്കുക. അത് കഴിച്ചാലുണ്ടാകുന്ന കഠിനാനുഭവങ്ങളാണ് അല്ലാഹു ഇവിടെ വിവരിച്ചത്.

അല്ലാഹു നമ്മെ കാക്കട്ടെ(ആമീൻ)

**വചനം 47,48,49,50 :**

خُذُوهُ فَٱعْتِلُوهُ إِلَىٰ سَوَآءِ ٱلْجَحِيمِ ﴿٤٧﴾

47 (പറയപ്പെടും:) "അവനെ പിടിക്കുവിൻ; എന്നിട്ടവനെ ജ്വലിക്കുന്ന നരകത്തിൻെറ മദ്ധ്യത്തിലേക്ക് വലിച്ചിഴക്കുവിൻ!

ثُمَّ صُبُّوا۟ فَوْقَ رَأْسِهِۦ مِنْ عَذَابِ ٱلْحَمِيمِ ﴿٤٨﴾

48 "പിന്നീടവൻെറ തലക്കുമീതെ ചുട്ടുതിളക്കുന്ന വെള്ളമാകുന്ന ശിക്ഷയിൽനിന്നും ചൊരിയുവിൻ!"

ذُقْ إِنَّكَ أَنتَ ٱلْعَزِيزُ ٱلْكَرِيمُ ﴿٤٩﴾

49 (അവനോടു പറയപ്പെടും:) "രുചി നോക്കൂ! നിശ്ചയമായും നീതന്നെയാണ് പ്രതാപശാലിയും മാന്യനും!"

50 “ഇതു നിങ്ങൾ സംശയപ്പെട്ടുകൊണ്ടിരുന്ന (ആ) കാര്യമാണ്”.

إِنَّ هَٰذَا مَا كُنتُم بِهِۦ تَمْتَرُونَ ﴿٥٠﴾

ഇഹത്തിൽ വെച്ച് വലിയ പ്രതാപവും മാന്യതയും നടിച്ച് കൊണ്ട് പരലോക ജീവിതത്തേയും ശിക്ഷയേയും കുറിച്ച് സംശയിച്ച് കൊണ്ടിരുന്ന അവിശ്വാസിക്ക് അനുഭവിക്കേണ്ടി വരുന്ന ഭീകരശിക്ഷ യാണീ വചനങ്ങളിൽ.

**വചനം 51,52,53,54,55 :**

51 നിശ്ചയമായും, ഭയഭക്തരായുള്ളവർ വിശ്വസ്ത മായ ഒരു വാസസ്ഥലത്തിൽ ആയിരിക്കും;-

إِنَّ ٱلْمُتَّقِينَ فِى مَقَامٍ أَمِينٍ ﴿٥١﴾

52 അതായത്, സ്വർഗ്ഗത്തോപ്പുകളിലും അരുവികളിലും.

فِى جَنَّٰتٍ وَعُيُونٍ ﴿٥٢﴾

53 നേർമ്മപ്പട്ടും, കട്ടിപ്പട്ടുംകൊണ്ട് അവർ (വസ്ത്രം) ധരിക്കുന്നതാണ്;- അന്യോന്യം അഭിമുഖരായിക്കൊണ്ട് (സല്ലാപം നടത്തും).

يَلْبَسُونَ مِن سُندُسٍ وَإِسْتَبْرَقٍ مُّتَقَٰبِلِينَ ﴿٥٣﴾

54 അപ്രകാരമാണ് (കാര്യം). (കൂടാതെ) വിശാലനേത്രകളായ വെള്ളമെയ്യാമണികളെ നാം അവർക്ക് ഇണചേർത്തു കൊടുക്കുന്നതുമാണ്.

كَذَٰلِكَ وَزَوَّجْنَٰهُم بِحُورٍ عِينٍ ﴿٥٤﴾

55 അവിടത്തിൽ എല്ലാ (തരം) പഴവർഗ്ഗങ്ങൾക്കും നിർഭയരായ നിലയിൽ അവർ വിളിച്ചു (ആവശ്യപ്പെട്ടു) കൊണ്ടിരിക്കും.

يَدْعُونَ فِيهَا بِكُلِّ فَٰكِهَةٍ ءَامِنِينَ ﴿٥٥﴾

സജ്ജനങ്ങൾക്ക് സ്വർഗ്ഗത്തിൽ അനുഭവിക്കാനിരിക്കുന്ന സുഖസൗകര്യങ്ങളെക്കുറിച്ച് അല്ലാഹു ഈ വചനങ്ങളിൽ പ്രതിപാദിക്കുന്നു.

ഇങ്ങനെയുള്ള സൗഭാഗ്യവാന്മാരിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. ആമീൻ

**വചനം 56,57 :**

56 ആദ്യത്തെ (ഒരു) മരണമല്ലാതെ, അവിടത്തിൽ വെച്ച് (ഇനി) അവർ മരണം അനുഭവിക്കുന്നതല്ല. ജ്വലിക്കുന്ന നരകശിക്ഷയെ അവൻ (അല്ലാഹു) അവർക്ക് കാത്തുകൊടുക്കുകയും ചെയ്തിരിക്കുന്നു;

لَا يَذُوقُونَ فِيهَا ٱلْمَوْتَ إِلَّا ٱلْمَوْتَةَ ٱلْأُولَىٰ ۖ وَوَقَىٰهُمْ عَذَابَ ٱلْجَحِيمِ ﴿٥٦﴾

57 -നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള അനുഗ്രഹത്താൽ! അതുതന്നെയാണ് മഹത്തായ ഭാഗ്യം!

فَضْلًا مِّن رَّبِّكَ ۚ ذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ ﴿٥٧﴾

നബി(സ) തിരുമേനി ഇപ്രകാരം പ്രസ്താവിച്ചതായി ബുഖാരിയും മുസ്ലിമും(റ) ഉദ്ധരിക്കുന്നു:

“ഒരു ആട്ട് കൊറ്റന്റെ രൂപത്തിലായിക്കൊണ്ട് സ്വർഗ്ഗത്തിനും നരകത്തിനുമിടക്ക് മരണത്തെ കൊണ്ട് വരപ്പെടും. പിന്നീട് അതിനെ അറുക്കപ്പെടും. എന്നിട്ട് ഇങ്ങനെ പറയപ്പെടും ഹേ സ്വർഗ്ഗക്കാരെ ശാശ്വത ജീവിതം; ഇനി നിങ്ങൾക്ക് മരണമില്ല; ഹേ നരകക്കാരെ ശാശ്വത ജീവിതം; ഇനി നിങ്ങൾക്ക് മരണമില്ല”.

“എനി നിങ്ങൾക്ക് ഒരിക്കലും രോഗം പിടിപെടുകയില്ല; മരണം നിങ്ങളെ പിടികൂടുകയില്ല; നിങ്ങൾക്ക്

ഒരിക്കലും വാർദ്ധക്യം പിടികൂടുകയില്ല” എന്നിങ്ങനെ സ്വർഗ്ഗക്കാരോട് പറയപ്പെടുമെന്ന് നബി(സ) പ്രസ്താവിച്ചിരിക്കുന്നു.

**വചനം 58,59 :**

فَإِنَّمَا يَسَّرْنَٰهُ بِلِسَانِكَ لَعَلَّهُمْ يَتَذَكَّرُونَ ﴿٥٨﴾
فَٱرْتَقِبْ إِنَّهُم مُّرْتَقِبُونَ ﴿٥٩﴾

58 എന്നാൽ, (നബിയേ,) നാം ഇതിനെ (ഖുർആനെ) നിൻെറ ഭാഷയിൽ എളുപ്പമാക്കി (സൗകര്യപ്പെടുത്തി)ത്തന്നിരിക്കുന്നത്, അവർ ഉറ്റാലോചിക്കുവാൻ വേണ്ടി മാത്രമാകുന്നു.
59 ആകയാൽ, നീ പ്രതീക്ഷിച്ചുകൊള്ളുക; നിശ്ചയമായും അവർ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നവരാണ്.

അറബികളിൽ അവതരിപ്പിക്കപ്പെട്ട ഖുർആൻ അറബി ഭാഷയിലായത്, അത് അവർക്ക് എളുപ്പം ഗ്രഹിക്കുവാനും, അവരിലൂടെ അത് മറ്റുള്ളവരിൽ എത്തിച്ചേരാനും വേണ്ടിയാകുന്നു. എന്നാൽ അവർ ചിന്തിക്കുന്നില്ല; ഉറ്റാലോചിക്കുന്നുമില്ല.

അവസാന വചനത്തിൽ, അല്ലാഹു നബി(സ)യോട് പറയുന്നു: അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള സഹായങ്ങൾ താമസം വിനാ ലഭിക്കുന്നതാണ്. അത് ശുഭപ്രതീക്ഷയോടെ കാത്തിരുന്ന് കൊള്ളുക. വല്ല ആപത്തും പിണഞ്ഞേക്കുമെന്നും, അങ്ങനെ തൗഹീദ് പ്രസ്ഥാനം തടയപ്പെട്ട് പോകുമെന്നും മറ്റുമുള്ള പ്രതീക്ഷകളോടെ കാത്തിരിക്കുകയാണ് മുശ്രിക്കുകൾ ചെയ്യുന്നത്. ആരുടെ പ്രതീക്ഷയാണ് അനുഭവത്തിൽ വരുകയെന്ന് കാണാമല്ലോ.

# 45. സൂറത്തുൽ – ജാഥിയ (മുട്ട് കുത്തുന്നവ)

**മക്കായിൽ അവതരിച്ചത്**

വചനങ്ങൾ 37 വിഭാഗം (റുക്കൂഅ്) -4

28-ാം വചനത്തിലെ മുട്ട് കുത്തിയ നിലയിൽ (ജാഥിയ) എന്ന പരാമർശമാണ് സൂറത്തിന്റെ നാമകരണത്തിന് നിദാനം.

## വിഭാഗം – 1

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3,4,5 :**

حمٓ ﴿١﴾
تَنزِيلُ ٱلْكِتَٰبِ مِنَ ٱللَّهِ ٱلْعَزِيزِ ٱلْحَكِيمِ ﴿٢﴾
إِنَّ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ لَءَايَٰتٍ لِّلْمُؤْمِنِينَ ﴿٣﴾
وَفِى خَلْقِكُمْ وَمَا يَبُثُّ مِن دَآبَّةٍ ءَايَٰتٌ لِّقَوْمٍ يُوقِنُونَ ﴿٤﴾

1 ‘ഹാ-മീം’
2 (ഈ) വേദഗ്രന്ഥം അവതരിപ്പിക്കുന്നത് പ്രതാപശാലിയായ, അഗാധജ്ഞനായ, അല്ലാഹുവിങ്കൽ നിന്നാകുന്നു.
3 നിശ്ചയമായും, ആകാശങ്ങളിലും, ഭൂമിയിലും സത്യവിശ്വാസികൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.
4 നിങ്ങളുടെ സൃഷ്ടിയിലും, ജീവികളായി അവൻ വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നതിലും ഉണ്ട്, ദൃഢമായി വിശ്വസിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളും.

5 രാവും പകലും വ്യത്യാസപ്പെടുന്നതിലും, ആകാശത്തുനിന്ന് ആഹാരമായിക്കൊണ്ട് അല്ലാഹു (മഴ) ഇറക്കി അതുമൂലം ഭൂമി യെ-അത് നിർജ്ജീവമായതിനുശേഷം-ജീവിപ്പിക്കുന്നതിലും, കാറ്റുകളെ (കൈകാര്യം ചെയ്ത്) നടത്തിപ്പോരുന്നതിലും, ബുദ്ധി ഉപയോഗി(ച്ചു മനസ്സിലാ)ക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്.

وَٱخۡتِلَٰفِ ٱلَّيۡلِ وَٱلنَّهَارِ وَمَآ أَنزَلَ ٱللَّهُ مِنَ ٱلسَّمَآءِ مِن رِّزۡقٍ فَأَحۡيَا بِهِ ٱلۡأَرۡضَ بَعۡدَ مَوۡتِهَا وَتَصۡرِيفِ ٱلرِّيَٰحِ ءَايَٰتٞ لِّقَوۡمٖ يَعۡقِلُونَ ٥

സൂറത്തിന്റെ ആരംഭത്തിലെ കേവലാക്ഷരങ്ങളെക്കുറിച്ച് സൂ: അൽ ബഖറയുടെ പ്രാരംഭത്തിൽ നൽകിയ വിശദീകരണം നോക്കുക.

3,4,5 വചനങ്ങളിൽ ചൂണ്ടിക്കാട്ടിയ ദൃഷ്ടാന്തങ്ങളെക്കുറിച്ച് അല്ലാഹു ഖുർആനിൽ പലയിടത്തും ഉണർത്താറുള്ളതാണ്. ഇവിടെ ആദ്യം 3-ാം വചനത്തിൽ സത്യവിശ്വാസികൾക്ക് ദൃഷ്ടാന്തമുണ്ടെന്നും 4-ാം വചനത്തിൽ ദൃഢമായി വിശ്വസിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ടെന്നും, തുടർന്ന് 5-ാം വചനത്തിൽ ബുദ്ധി ഉപയോഗിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ടെന്നുമാണല്ലോ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് അതേ പറ്റി അൽപം മനസ്സിലാക്കുന്നത് നന്നായിരിക്കും.

നിഷ്കളങ്ക ഹൃദയത്തോട് കൂടി ആകാശഭൂമികളിലേക്ക് കണ്ണോടിക്കുന്ന ഒരാൾക്ക് ഈ ലോകത്തിനൊരു സൃഷ്ടാവുണ്ടെന്നും അവന്റെ സൃഷ്ടികളാണ് ഇക്കാണുന്നതെല്ലാമെന്നുമുള്ള 'ഈമാൻ' (സത്യവിശ്വാസം) ഉണ്ടാകാതിരിക്കുകയില്ല. പിന്നീടവൻ സ്വന്തം ദേഹമടക്കമുള്ള ജന്തുജാലങ്ങളെയും അവയുടെ വൈവിധ്യപൂർണ്ണമായ അവസ്ഥകളെയും സംബന്ധിച്ച് ചിന്തിക്കുമ്പോൾ, ആ വിശ്വാസം 'യഖീൻ' (ദൃഢവിശ്വാസം) ആയിമാറുന്നു. കുറേക്കൂടി ആഴത്തിൽ ചിന്തിക്കുകയും അങ്ങനെ മഴ, കാറ്റ്, സസ്യലതാദികളുടെ ഉല്പാദനം മുതലായവയെക്കുറിച്ചും അവയിലടങ്ങിയ അതിസമർത്ഥമായ യുക്തിരഹസ്യങ്ങളെക്കുറിച്ചും പരിശോധിക്കുകയും ചെയ്യുമ്പോൾ ആ വിശ്വാസം 'യഅ്ഖിലൂൻ' (ബുദ്ധി ഉപയോഗിച്ച് ചിന്തിക്കുക) എന്ന തലത്തിൽ കൂടുതൽ പരിപൂർണ്ണവും ഉൽകൃഷ്ടവുമായിത്തീരുന്നു.

**വചനം 6 :**

6 (നബിയേ) അല്ലാഹുവിൻെറ 'ആയത്തു'കൾ (വചനങ്ങളാകുന്ന ലക്ഷ്യങ്ങൾ) ആകുന്നു അവ. യഥാർത്ഥമായ നിലക്ക് അവയെ നിനക്ക് നാം ഓതിക്കേൾപ്പിക്കുന്നു. അല്ലാഹുവിനും അവൻെറ 'ആയത്തു'കൾക്കും പുറമെ, എനി ഏതൊരു വൃത്താന്തത്തിലാണ് അവർ വിശ്വസിക്കുന്നത്?!

تِلۡكَ ءَايَٰتُ ٱللَّهِ نَتۡلُوهَا عَلَيۡكَ بِٱلۡحَقِّۖ فَبِأَيِّ حَدِيثِۭ بَعۡدَ ٱللَّهِ وَءَايَٰتِهِۦ يُؤۡمِنُونَ ٦

അല്ലാഹു അവന്റെ റസൂലിന് അവതരിപ്പിച്ച് കൊടുക്കുകയും അദ്ദേഹം പ്രബോധനം ചെയ്യുകയും ചെയ്യുന്ന തത്വങ്ങളിലും, ദൃഷ്ടാന്തങ്ങളിലും വിശ്വസിക്കുവാൻ അവർ തയ്യാറില്ലെങ്കിൽ അതിനേക്കാൾ ഉത്തമമായ മറ്റൊരു വൃത്താന്തം അവർക്ക് എവിടെ നിന്ന് ലഭിക്കുവാനാണ് എന്ന് അല്ലാഹു ചോദിക്കുന്നു.

**വചനം 7,8,9,10,11 :**

7 മഹാപാപിയും വ്യാജക്കാരനുമായ എല്ലാവർക്കും നാശം!

وَيۡلٞ لِّكُلِّ أَفَّاكٍ أَثِيمٖ ٧

8 അല്ലാഹുവിൻെറ 'ആയത്തു'കൾ അവന് ഓതിക്കേൾപ്പിക്കപ്പെടുന്നതായി അവൻ കേൾക്കുന്നു; പിന്നെയും, അഹംഭാവം നടിച്ചുകൊണ്ട്-അത് കേട്ടിട്ടില്ലാത്തതുപോലെ-അവൻ

يَسۡمَعُ ءَايَٰتِ ٱللَّهِ تُتۡلَىٰ عَلَيۡهِ ثُمَّ يُصِرُّ مُسۡتَكۡبِرٗا كَأَن لَّمۡ يَسۡمَعۡهَاۖ فَبَشِّرۡهُ

بِعَذَابٍ أَلِيمٍ ﴿٨﴾

(നിഷേധത്തിൽ) നിരതനാകുന്നു! ആകയാൽ, അവന് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക.

وَإِذَا عَلِمَ مِنْ ءَايَٰتِنَا شَيْـًٔا ٱتَّخَذَهَا هُزُوًا ۚ أُو۟لَٰٓئِكَ لَهُمْ عَذَابٌ مُّهِينٌ ﴿٩﴾

9 നമ്മുടെ 'ആയത്തു'കളിൽ നിന്ന് വല്ലതും അവന് അറിവായാൽ, അവയെ അവൻ പരിഹാസ്യമാക്കിത്തീർക്കുകയും ചെയ്യുന്നു. അക്കൂട്ടർക്ക് അപമാനകരമായ ശിക്ഷയുണ്ട്.

مِّن وَرَآئِهِمْ جَهَنَّمُ ۖ وَلَا يُغْنِى عَنْهُم مَّا كَسَبُوا۟ شَيْـًٔا وَلَا مَا ٱتَّخَذُوا۟ مِن دُونِ ٱللَّهِ أَوْلِيَآءَ ۖ وَلَهُمْ عَذَابٌ عَظِيمٌ ﴿١٠﴾

10 അവരുടെ പിന്നാലെയുണ്ട് നരകം! അവർ പ്രവർത്തി(ച്ചു സമ്പാദി)ച്ചതാകട്ടെ, അല്ലാഹുവിനു പുറമെ അവർ രക്ഷാകർത്താക്കളായി സ്വീകരിച്ചിട്ടുള്ളവയാകട്ടെ, അവർക്ക് ഒട്ടും ഉപകരിക്കുന്നതുമല്ല. അവർക്ക് വമ്പിച്ച ശിക്ഷയും ഉണ്ടായിരിക്കും.

هَٰذَا هُدًى ۖ وَٱلَّذِينَ كَفَرُوا۟ بِـَٔايَٰتِ رَبِّهِمْ لَهُمْ عَذَابٌ مِّن رِّجْزٍ أَلِيمٌ ﴿١١﴾

11 ഇതൊരു (ശരിയായ) മാർഗ്ഗദർശനമത്രെ. തങ്ങളുടെ രക്ഷിതാവിൻെറ 'ആയത്തു'കളിൽ അവിശ്വസിച്ചവരാകട്ടെ, അവർക്ക് കടുത്ത യാതനയാകുന്ന വേദനയേറിയ ശിക്ഷയുണ്ട്.

മഹാപാപങ്ങൾ ചെയ്യുകയും, വ്യാജവാർത്തകൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന ഒരാൾക്ക് പിന്നെ അവന് ചേരാത്ത ദുഷ്ട ചെയ്തികൾ യാതൊന്നും തന്നെ ഉണ്ടായിരിക്കുകയില്ല. രണ്ട് കാര്യങ്ങളാണ് അല്ലാഹു ഇവരെ പറ്റി എടുത്ത് പറയുന്നത്.

(1) അല്ലാഹുവിന്റെ ആയത്തുകൾ ഓതിക്കേൾപ്പിക്കപ്പെട്ടാൽ അത് കേട്ട ഭാവം പോലും നടിക്കാതെ അവർ അഹംഭാവ പൂർവ്വം അതിനെ അവഗണിക്കുകയും പഴയ നിലപാടിൽ ഉറച്ച് നിലക്കുകയും ചെയ്യുന്നു.

(2) അല്ലാഹുവിന്റെ ആയത്തുകൾ സ്വീകരിക്കാൻ തയ്യാറാകാതെ അവർ അവയെ പരിഹാസ്യമാക്കിത്തീർക്കുവാൻ ശ്രമിക്കുന്നു.

ഇങ്ങിനെയുള്ളവരുടെ നേരെ അല്ലാഹുവിനുള്ള വെറുപ്പിനേയും അവർക്ക് നേരിടാനിരിക്കുന്ന ശിക്ഷയുടെ കാഠിന്യത്തേയും സംബന്ധിച്ചാണ് ഈ വചനങ്ങളിലൂടെ അല്ലാഹു താക്കീത് നൽകുന്നത്.

## വിഭാഗം 2

**വചനം 12,13 :**

۞ ٱللَّهُ ٱلَّذِى سَخَّرَ لَكُمُ ٱلْبَحْرَ لِتَجْرِىَ ٱلْفُلْكُ فِيهِ بِأَمْرِهِۦ وَلِتَبْتَغُوا۟ مِن فَضْلِهِۦ وَلَعَلَّكُمْ تَشْكُرُونَ ﴿١٢﴾

12 അല്ലാഹുവത്രെ, നിങ്ങൾക്ക് സമുദ്രം കീഴ്പ്പെടുത്തിത്തന്നവൻ; അവൻെറ കൽപനപ്രകാരം അതിൽക്കൂടി കപ്പലുകൾ സഞ്ചരിക്കുവാനും, അവൻെറ അനുഗ്രഹത്തിൽ നിന്ന് (ഉപജീവന മാർഗ്ഗം) നിങ്ങൾ അന്വേഷിക്കുവാനും വേണ്ടി; നിങ്ങൾ നന്ദികാണിക്കുവാൻവേണ്ടിയും.

وَسَخَّرَ لَكُم مَّا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ جَمِيعًا مِّنْهُ ۚ إِنَّ فِى ذَٰلِكَ لَـَٔايَٰتٍ لِّقَوْمٍ يَتَفَكَّرُونَ ﴿١٣﴾

13 ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതുമെല്ലാം അവങ്കൽനിന്ന് (അവൻെറ വകയായി) അവൻ നിങ്ങൾക്ക് കീഴ്പ്പെടുത്തിത്തന്നിരിക്കുന്നു. നിശ്ചയമായും, അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്.

മനുഷ്യന്റെ ഉപജീവനത്തിനും നന്മക്കും പുരോഗതിക്കും ഉപയുക്തമായ വിധത്തിൽ അവന്റെ കഴിവും പ്രയത്നവുമനുസരിച്ച് ഉപയോഗപ്പെടുത്തത്തക്കവണ്ണം ആകാശത്തിലേയും ഭൂമിയിലേയും വസ്തുക്കളെ അല്ലാഹു അവന് സൗകര്യപ്പെടുത്തിക്കൊടുത്ത് അനുഗ്രഹിച്ചിരിക്കുന്നു. അവയെ പറ്റി നന്ദിപൂർവ്വം ചിന്തിക്കുന്നവർക്ക് അല്ലാഹുവിന്റെ അപാരമായ കഴിവിനും മഹത്വത്തിനും ധാരാളം ദൃഷ്ടാന്തങ്ങളും അവയിൽ അടങ്ങിയിരിക്കുന്നു.

**വചനം 14,15 :**

قُل لِّلَّذِينَ ءَامَنُواْ يَغْفِرُواْ لِلَّذِينَ لَا يَرْجُونَ أَيَّامَ ٱللَّهِ لِيَجْزِىَ قَوْمًۢا بِمَا كَانُواْ يَكْسِبُونَ ﴿١٤﴾

مَنْ عَمِلَ صَٰلِحًا فَلِنَفْسِهِۦ ۖ وَمَنْ أَسَآءَ فَعَلَيْهَا ۖ ثُمَّ إِلَىٰ رَبِّكُمْ تُرْجَعُونَ ﴿١٥﴾

14 (നബിയേ) വിശ്വസിച്ചവരോട് പറയുക: അല്ലാഹുവിൻെറ ദിവസങ്ങളെ പ്രതീക്ഷിക്കുന്നില്ലാത്ത (അഥവാ പേടിക്കാത്ത)വർക്ക് അവർ പൊറുത്തുകൊടുക്കട്ടെ. ഒരു ജനതക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന് അവൻ പ്രതിഫലം നൽകുവാൻവേണ്ടിയാണ് (അത്).

15 ആരെങ്കിലും നല്ലത് പ്രവർത്തിച്ചാൽ, അതവൻെറ ദേഹത്തിന് (അഥവാ ആത്മാവിന്ന്) തന്നെ യാകുന്നു. ആരെങ്കിലും തിൻമ ചെയ്താൽ, അതും അതിൻെറമേൽതന്നെ. പിന്നീട് നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നു.

മുൻ സമുദായങ്ങളിൽ കഴിഞ്ഞ് പോയിട്ടുള്ള അല്ലാഹുവിന്റെ ശിക്ഷാനടപടികളെ ഉദ്ദേശിച്ചാണ് ഇവിടെ 'അല്ലാഹുവിന്റെ ദിവസങ്ങൾ' എന്ന് പറഞ്ഞിരിക്കുന്നത്. അല്ലാഹുവിന്റെ ശിക്ഷാ നടപടികൾ, തങ്ങളിലും അല്ലാഹു നടപ്പാക്കിയേക്കുമെന്ന ഭയമോ, ആശങ്കയോ ഇല്ലാത്തവരാണ് മുശ്‌രിക്കുകൾ. അത് കൊണ്ട് അവർ ഏത് തരം അക്രമങ്ങളും നീചകൃത്യങ്ങളും ചെയ്യുവാൻ സന്നദ്ധരായേക്കും അവയ്ക്ക് നേരെ അവഗണനയും ക്ഷമയും കൈകൊള്ളുവാൻ സത്യവിശ്വാസികളെ ഉപദേശിക്കണമെന്ന് അല്ലാഹു നബി(സ)യോട് കല്പിക്കുകയാണ്. ഓരോരുത്തരും ചെയ്യുന്ന നന്മ തിന്മകൾക്ക് തക്കതായ പ്രതിഫലം അല്ലാഹു നൽകാതിരിക്കുകയില്ല എന്ന് ഉണർത്തുകയും ചെയ്യുന്നു.

**വചനം 16,17 :**

وَلَقَدْ ءَاتَيْنَا بَنِىٓ إِسْرَٰٓءِيلَ ٱلْكِتَٰبَ وَٱلْحُكْمَ وَٱلنُّبُوَّةَ وَرَزَقْنَٰهُم مِّنَ ٱلطَّيِّبَٰتِ وَفَضَّلْنَٰهُمْ عَلَى ٱلْعَٰلَمِينَ ﴿١٦﴾

وَءَاتَيْنَٰهُم بَيِّنَٰتٍ مِّنَ ٱلْأَمْرِ ۖ فَمَا ٱخْتَلَفُوٓاْ إِلَّا مِنۢ بَعْدِ مَا جَآءَهُمُ ٱلْعِلْمُ بَغْيًۢا بَيْنَهُمْ ۚ إِنَّ رَبَّكَ يَقْضِى بَيْنَهُمْ يَوْمَ ٱلْقِيَٰمَةِ فِيمَا كَانُواْ فِيهِ يَخْتَلِفُونَ ﴿١٧﴾

16 ഇസ്രാഈൽ സന്തതികൾക്ക് നാം വേദഗ്രന്ഥവും, വിധിയും, പ്രവാചകത്വവും കൊടുക്കുകയുണ്ടായി. വിശിഷ്ടവസ്തുക്കളിൽനിന്നും അവർക്ക് നാം ആഹാരം നൽകുകയും, ലോകരെക്കാൾ അവരെ ശ്രേഷ്ഠരാക്കുകയും ചെയ്തു.

17 (മത)കാര്യത്തെ സംബന്ധിച്ച് വ്യക്തമായ തെളിവുകളും അവർക്ക് നാം നൽകി. എന്നാൽ, തങ്ങൾക്ക് അറിവ് വന്നെത്തിയശേഷമല്ലാതെ അവർ ഭിന്നിച്ചിട്ടില്ല; (അതെ) തങ്ങൾക്കിടയിലുള്ള ധിക്കാരത്താൽ! നിശ്ചയമായും നിൻെറ റബ്ബ് ഖിയാമത്തുനാളിൽ അവർക്കിടയിൽ-അവർ യാതൊന്നിൽ ഭിന്നിച്ചുകൊണ്ടിരുന്നുവോ അതിൽ-തീരുമാനം ചെയ്യുന്നതാണ്.

വേദഗ്രന്ഥം എന്ന് പറഞ്ഞത് 'തൗറാത്ത്' ആകുന്നു. ഇസ്രാഈൽ സമുദായത്തിൽ രാജാക്കന്മാർ, മൂപ്പന്മാർ, ഗോത്രത്തലവന്മാർ എന്നിങ്ങനെയുണ്ടായിരുന്ന വിധികർത്താക്കളുടെ വിധികർതൃത്വത്തെയാണ് വിധി എന്ന വാക്ക് കൊണ്ട് ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് എന്നാണ് അധിക വ്യാഖ്യാതക്കളുടെയും അഭിപ്രായം. അത്പോലെ ഇസ്രാഈല്യരിൽ വളരെയധികം പ്രവാചകന്മാരും ഉണ്ടായിട്ടുണ്ട്. കൂടാതെ, ഇതരസമുദായങ്ങളേക്കാൾ യോഗ്യതയും ശ്രേഷ്ഠതയും അല്ലാഹു അവർക്ക് നൽകി. പക്ഷേ, വേണ്ടത്ര അറിവും ബോധവും, കഴിവും അനകൂല പരിസ്ഥിതികളും ഉണ്ടായിരുന്നിട്ടും അവർ സത്യത്തിൽ നിന്ന് വ്യതിചലിക്കുകയും, പരസ്പരം ഭിന്നിക്കുകയുമാണുണ്ടായത്. അറിവില്ലായ്മ കൊണ്ടല്ല, എന്നാൽ ധിക്കാരവും അതിക്രമവും നിമിത്തമാണ് ഇങ്ങനെ സംഭവിച്ചത്. ആയതിനാൽ അവരുടെ മേൽ അല്ലാഹു യഥാസമയം തക്ക നടപടി എടുക്കുക തന്നെ ചെയ്യുന്നതാണ്.

**വചനം 18 :**

ثُمَّ جَعَلْنَٰكَ عَلَىٰ شَرِيعَةٍ مِّنَ ٱلْأَمْرِ فَٱتَّبِعْهَا وَلَا تَتَّبِعْ أَهْوَآءَ ٱلَّذِينَ لَا يَعْلَمُونَ ﴿١٨﴾

18 (നബിയേ) പിന്നീട് നിന്നെ നാം (മത) കാര്യത്തെ സംബന്ധിച്ച് ഒരു (തെളിഞ്ഞ) മാർഗ്ഗത്തിൽ ആക്കിയിരിക്കുന്നു. ആകയാൽ, നീ അതിനെ പിൻപറ്റിക്കൊള്ളുക; അറിവില്ലാത്തവരുടെ ഇച്ഛകളെ പിൻപറ്റരുത്.

ജൂതന്മാരും കൃസ്ത്യാനികളും തങ്ങളുടെ വേദഗ്രന്ഥമാകുന്ന തൗറാത്തിന്റെ അദ്ധ്യാപനങ്ങളിൽ നിന്നും വ്യതിചലിച്ച്, അവർ സ്വയം നിർമ്മിച്ചുണ്ടാക്കിയ നടപടിക്രമങ്ങളാണ് പിൻതുടരുന്നത്. ബഹുദൈവാരാധകന്മാരായ മുശ്രിക്കുകളാകട്ടെ ഒരു വേദഗ്രന്ഥത്തിന്റെയും അനുയായികളേയല്ല- സ്വേഛകൾ തന്നെയാണ് അവരുടെ മതവും. ഈ രണ്ട് കൂട്ടരുടെയും ഇഛാധിഷ്ഠിതമായ നടപടിക്രമങ്ങളെ പിൻ പറ്റരുതെന്നും ഖുർആൻ മുഖേന അല്ലാഹു അവതരിപ്പിച്ച് തന്ന മാർഗ്ഗത്തെ മാത്രം മുറുകെ പിടിച്ച് കൊള്ളണമെന്നും അല്ലാഹു നബി(സ)യെ ഉണർത്തുകയാണ്.

**വചനം 19,20 :**

إِنَّهُمْ لَن يُغْنُوا۟ عَنكَ مِنَ ٱللَّهِ شَيْـًٔا ۚ وَإِنَّ ٱلظَّٰلِمِينَ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۖ وَٱللَّهُ وَلِىُّ ٱلْمُتَّقِينَ ﴿١٩﴾

هَٰذَا بَصَٰٓئِرُ لِلنَّاسِ وَهُدًى وَرَحْمَةٌ لِّقَوْمٍ يُوقِنُونَ ﴿٢٠﴾

19 (കാരണം) നിശ്ചയമായും, അല്ലാഹുവിങ്കൽ നിന്ന് യാതൊരു കാര്യത്തിനും അവർ നിനക്ക് ഉപകരിക്കുന്നതേയല്ല. അക്രമകാരികൾ (തമ്മതമ്മിൽ) ചിലർ ചിലരുടെ ബന്ധുക്കളാകുന്നു. അല്ലാഹുവാകട്ടെ, ഭയഭക്തൻമാരുടെ ബന്ധുവുമാണ്.

20 ഇത് (ഖുർആൻ) മനുഷ്യർക്ക് (ഉൾക്കാഴ്ച നൽകുന്ന) തെളിവുകളാകുന്നു; ദൃഢവിശ്വാസം കൊള്ളുന്ന ജനതക്ക് മാർഗ്ഗദർശനവും, കാരുണ്യവുമാകുന്നു.

എല്ലാ മനുഷ്യർക്കും ഉൾക്കാഴ്ചയും മാർഗ്ഗദർശനവും കാരുണ്യവും നൽകത്തക്ക ന്യായങ്ങളും തെളിവുകളും ഉൾക്കൊള്ളുന്നതാണ് ഖുർആൻ. പക്ഷേ വിശ്വാസത്തിന്റെ അടിയുറപ്പും ദൃഢതയും ഉള്ളവർക്കേ അത് മുഖേന മാർഗ്ഗദർശനവും ദൈവകാരുണ്യവും ലഭിക്കുകയുള്ളൂ.

**വചനം 21,22 :**

أَمْ حَسِبَ ٱلَّذِينَ ٱجْتَرَحُوا۟ ٱلسَّيِّـَٔاتِ أَن نَّجْعَلَهُمْ كَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ سَوَآءً مَّحْيَاهُمْ وَمَمَاتُهُمْ ۚ

21 അതല്ല-(ഒരുപക്ഷേ) തിൻമകൾ ചെയ്തുകൂട്ടിയവർ വിചാരിച്ചിരിക്കുന്നുവോ, വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെപ്പോലെ അവരെ നാം ആക്കുമെന്ന്, അതായത്, അവരുടെ ജീവിതവും മരണവും സമമായ നിലയിൽ (ആക്കു

سَآءَ مَا يَحْكُمُونَ ﴿٢١﴾

മെന്ന്)?! അവർ വിധി കല്പിക്കുന്നത് വളരെ മോശം തന്നെ!

**വിഭാഗം 3**

وَخَلَقَ ٱللَّهُ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ وَلِتُجْزَىٰ كُلُّ نَفْسٍۭ بِمَا كَسَبَتْ وَهُمْ لَا يُظْلَمُونَ ﴿٢٢﴾

22 ആകാശങ്ങളെയും, ഭൂമിയെയും അല്ലാഹു കാര്യ(ഗൗരവ)ത്തോടെ സൃഷ്ടിച്ചിരിക്കുകയാണ്. എല്ലാ ഓരോ ദേഹത്തിനും (അഥവാ ആത്മാവിനും) അത് സമ്പാദിച്ചതിന് പ്രതിഫലം നൽകപ്പെടുവാനും (കൂടിയാണത്). അവരോട് അനീതി ചെയ്യപ്പെടുകയില്ലതാനും.

ഐഹിക ജീവിതത്തിലെ സുഖസൗകര്യങ്ങളും വിഭവങ്ങളും സജ്ജനദുർജ്ജന ഭേദമന്യേ എല്ലാവർക്കും ലഭിച്ച് കൊണ്ടിരിക്കുന്നു. എന്നാൽ മരണാനന്തരവും സജ്ജനങ്ങൾക്ക് ലഭിക്കും പോലെ, തങ്ങൾക്കും വമ്പിച്ച അനുഗ്രഹങ്ങൾ ലഭിക്കുമെന്ന് ഈ നിഷേധികൾ, കരുതുന്നുവോ? അവരുടെ ആ കണക്ക് കൂട്ടൽ അങ്ങേഅറ്റം നിന്ദ്യവും അപലപനീയവും തന്നെ.

ആകാശഭൂമികളേയും അവയിലെ മനുഷ്യരടക്കമുള്ള വസ്തുക്കളേയും, ഗൗരവമായ ചില ഉദ്ദേശ്യലക്ഷ്യങ്ങളോടെയാകുന്നു അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. ഈ ജീവിതത്തിൽ ഓരോരുത്തരും പ്രവർത്തിച്ച് വെച്ച കർമ്മങ്ങളുടെ കൃത്യവും യഥാർത്ഥവുമായ പ്രതിഫലം ഓരോരുത്തരും മരണാനന്തര ജീവിതത്തിൽ അനുഭവിക്കുവാനാണ് അല്ലാഹു വ്യവസ്ഥ ചെയ്തിട്ടുള്ളത്. അത്കൊണ്ട്, സത്യവിശ്വാസികളുടെയും സത്യ നിഷേധികളുടെയും ഭൗതിക ജീവിതക്രമങ്ങൾ പരസ്പരം സാമ്യമുള്ളതായിരുന്നത് പോലെ - പാരത്രിക ജീവിതത്തിലും സമമായിരിക്കുക സാധ്യമല്ല തന്നെ.

ഹൃദയത്തിൽ നടുക്കം ഉണ്ടാക്കുവാൻ പോരുന്ന 21-ാം വചനം പാരായണം ചെയ്യുമ്പോൾ പല മഹാന്മാരും കരഞ്ഞിരുന്നതായും, ആ വചനം ആവർത്താച്ചാവർത്തിച്ച് ഓതിക്കൊണ്ടിരുന്നതായും നിവേദനം ചെയ്യപ്പെടുന്നു.

**വചനം 23 :**

أَفَرَءَيْتَ مَنِ ٱتَّخَذَ إِلَٰهَهُۥ هَوَىٰهُ وَأَضَلَّهُ ٱللَّهُ عَلَىٰ عِلْمٍ وَخَتَمَ عَلَىٰ سَمْعِهِۦ وَقَلْبِهِۦ وَجَعَلَ عَلَىٰ بَصَرِهِۦ غِشَٰوَةً فَمَن يَهْدِيهِ مِنۢ بَعْدِ ٱللَّهِ ۚ أَفَلَا تَذَكَّرُونَ ﴿٢٣﴾

23 എന്നാൽ, നീ കണ്ടുവോ, തന്റെ ദൈവം തന്റെ (സ്വന്തം) ഇച്ഛയാക്കി വെച്ചിരിക്കുന്നവനെ?! അറിഞ്ഞുകൊണ്ടുതന്നെ അല്ലാഹു അവനെ വഴിപിഴവിലാക്കുകയും, അവന്റെ കേൾവിക്കും ഹൃദയത്തിനും മുദ്രവെക്കുകയും, അവന്റെ കണ്ണിന് ഒരു (തരം) മൂടി ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. (ഇങ്ങിനെയുള്ളവന്റെ നില വളരെ ശോചനീയം തന്നെ!) എനി, ആരാണ് അല്ലാഹുവിനു പുറമെ അവനെ നേർവഴിക്കാക്കുന്നത്?! അപ്പോൾ, നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ?!

തന്നിഷ്ടത്തിനും ദേഹേഛക്കും മാത്രം അടിമപ്പെട്ട് ജീവിക്കുന്നവന്റെ ഏക ആരാധ്യദൈവം അവന്റെ ഇഛകളല്ലാതെ മറ്റെന്താണ്? ഇത്തരക്കാരെ അല്ലാഹു കൈവെടിയുകയും അവന്റെ പാട്ടിന് വിട്ടേക്കുകയും ചെയ്യുന്നു. അങ്ങനെ അവന്റെ ഭാവി നന്മക്ക് ഉപകരിക്കുന്ന വല്ലതും ഗ്രഹിക്കുവാനോ, കേൾക്കുവാനോ കണ്ടറിയുവാനോ ഉള്ള അവസരം അവന് നിശ്ശേഷം നഷ്ടപ്പെടുന്നു. അല്ലാഹു കൈവെടിഞ്ഞവരെ നേർമാർഗ്ഗത്തിലേക്ക് കൊണ്ട് വരുവാൻ ആർക്കാണ് സാധിക്കുക. (ദേഹേഛയെ പിൻപറ്റി

ഭൗതിക ലക്ഷ്യം വെച്ച് കൊണ്ട് ജീവിക്കുന്നവരെ പറ്റി സൂ: അഅ്റാഫ് 176-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിട്ടുള്ളത് ശ്രദ്ധിക്കുക)

"യാതൊരുവന്റെ മനസ്സ് അതിന്റെ ഇഛയെ പിന്തുടരുകയും അല്ലാഹുവിന്റെ പേരിൽ വ്യാജ മോഹം വെച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നുവോ അവനാണ് കൊള്ളരുതാത്തവൻ, അഥവാ ദുർബ്ബലൻ" എന്ന് നബി(സ) പ്രസ്താവിച്ചിരിക്കുന്നു. (തി;ജ)

**വചനം 24 :**

وَقَالُوا۟ مَا هِىَ إِلَّا حَيَاتُنَا ٱلدُّنْيَا نَمُوتُ وَنَحْيَا وَمَا يُهْلِكُنَآ إِلَّا ٱلدَّهْرُ ۚ وَمَا لَهُم بِذَٰلِكَ مِنْ عِلْمٍ ۖ إِنْ هُمْ إِلَّا يَظُنُّونَ ﴿٢٤﴾

24 അവർ പറയുന്നു: "അത് (ജീവിതമെന്നത്) നമ്മുടെ ഐഹികജീവിതമല്ലാതെ (മറ്റൊന്നും) ഇല്ല; നാം മരിക്കുകയും, ജീവിക്കുകയും ചെയ്യുന്നു; കാലം അല്ലാതെ (മറ്റൊന്നും) നമ്മെ നശിപ്പിക്കുന്നില്ല.'' അവർക്ക് അതിനെപ്പറ്റി യാതൊരു വിവരവും ഇല്ല; അവർ ഊഹിക്കുകയല്ലാതെ ചെയ്യുന്നില്ല.

ഭൗതിക വാദികളെ കുറിച്ചാണീ വചനം. നാം ജനിക്കുന്നു, നാം മരിക്കുന്നു എന്നല്ലാതെ മനുഷ്യന്റെ ഐഹിക ജീവിതത്തിനപ്പുറം മറ്റൊരു ജീവിതമോ ലോകമോ അവർ അംഗീകരിക്കുന്നില്ല. കാലചക്രത്തിന്റെ തിരിച്ചിലിന്നിടയിൽ പലതും സംഭവിക്കുന്നു എന്ന് മാത്രം - എന്നാണവരുടെ ജല്പനം. മരണാനന്തര ജീവിതത്തെ നിഷേധിക്കുന്ന മുശ്രിക്കുകളും, ലോകസൃഷ്ടാവിനെ തന്നെ നിഷേധിക്കുന്ന നിരീശ്വരവാദികളും ഇതേ വാദഗതിക്കാരാകുന്നു. അവരെക്കുറിച്ച് അല്ലാഹു പറയുന്നു: "അവർക്ക് അതിനെക്കുറിച്ച് യാതൊരു വിവരവുമില്ല. അവർ ഊഹിക്കുകയല്ലാതെ ചെയ്യുന്നില്ല."

അവരുടെ വർത്തമാനത്തിലെ "കാലം അല്ലാതെ(മറ്റൊന്നും) നമ്മെ നശിപ്പിക്കുന്നില്ല" എന്ന പ്രയോഗം അറബികൾക്കിടയിൽ നിലനിന്നിരുന്ന വിശ്വാസ ദൗർബല്യത്തേയും ശിർക്കിനേയും സൂചിപ്പിക്കുന്നു. കെടുതികൾ ബാധിക്കുമ്പോൾ അവർ കാലത്തെ പഴിക്കും; നന്മകൾ കൈവരിക്കുമ്പോൾ കാലത്തെ പ്രശംസിക്കുകയും ചെയ്യും. വാസ്തവത്തിൽ എല്ലാം അല്ലാഹുവിന്റെ പ്രവർത്തനങ്ങളാകയാൽ, ഈ വിശ്വാസം ശിർക്കിൽപ്പെട്ടതാണെന്ന് പറയേണ്ടതില്ല. അത്കൊണ്ടാണ് കാലത്തെ പഴിക്കുന്നത് ഹദീസുകളിൽ വിരോധിച്ച് കാണുന്നത്.

കാലവസ്ഥയേയും മറ്റും പ്രതിപാദിക്കുമ്പോൾ കാലം ചതിച്ചു, പ്രകൃതി വഞ്ചിച്ചു, ഞാറ്റുവേല അനുഗ്രഹിച്ചു എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ മുസ്ലീംകൾ പോലും പ്രയോഗിക്കുന്നത് നാം സാധാരണ കേൾക്കാറുള്ളതാണല്ലോ.

**വചനം 25,26 :**

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَاتُنَا بَيِّنَٰتٍ مَّا كَانَ حُجَّتَهُمْ إِلَّآ أَن قَالُوا۟ ٱئْتُوا۟ بِـَٔابَآئِنَآ إِن كُنتُمْ صَٰدِقِينَ ﴿٢٥﴾

25 നമ്മുടെ 'ആയത്തു'കൾ അവർക്ക് സുവ്യക്തമായ നിലയിൽ ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ, അവരുടെ ന്യായം, "നിങ്ങൾ സത്യവാൻമാരാണെങ്കിൽ, നമ്മുടെ പിതാക്കളെ (ജീവിപ്പിച്ച്) കൊണ്ടുവരുവിൻ" എന്ന് പറയുകയല്ലാതെ (മറ്റൊന്നും) ആയിരിക്കയില്ല.

قُلِ ٱللَّهُ يُحْيِيكُمْ ثُمَّ يُمِيتُكُمْ ثُمَّ يَجْمَعُكُمْ إِلَىٰ يَوْمِ ٱلْقِيَٰمَةِ لَا رَيْبَ فِيهِ وَلَٰكِنَّ

26 നീ പറയുക: 'അല്ലാഹു നിങ്ങളെ ജീവിപ്പിക്കുന്നു; പിന്നെ, അവൻ നിങ്ങളെ മരണപ്പെടുത്തുന്നു; പിന്നീട്, ഖിയാമത്തു നാളിലേക്ക് അവൻ നിങ്ങളെ ഒരുമിച്ചുകൂട്ടുകയും

أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٢٦﴾

ചെയ്യും. അതിൽ സന്ദേഹമേ ഇല്ല. എങ്കിലും അധിക മനുഷ്യരും അറിയുന്നില്ല.

പരലോക നിഷേധികൾ പരമ്പരാഗതമായി അനുവർത്തിച്ച് വരുന്ന ഒരു നയവും അതിനുള്ള മറുപടിയുമാണ് ഈ വചനങ്ങളിൽ.

ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത് അല്ലാഹു തന്നെ. അവൻ തന്നെ രണ്ടാമതും ജീവിപ്പിക്കും. പക്ഷേ അതിനൊരു അവധി അവൻ തീരുമാനിച്ചിട്ടുണ്ട്-ഖിയാമത്ത് നാൾ. അതിന് മുമ്പായി, നിങ്ങൾ ആവശ്യപ്പെടുമ്പോൾ മരണപ്പെട്ടവർ ജീവിച്ച് വരിക എന്നത് സംഭവിക്കാൻ പോകുന്നില്ല. എന്ന് വച്ച്, ആ യാഥാർത്ഥ്യത്തിന് ഒരു കോട്ടവും സംഭവിക്കാൻ പോകുന്നുമില്ല.

## വിഭാഗം 4

**വചനം 27,28,29 :**

وَلِلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَيَوْمَ تَقُومُ ٱلسَّاعَةُ يَوْمَئِذٍ يَخْسَرُ ٱلْمُبْطِلُونَ ﴿٢٧﴾

27 അല്ലാഹുവിനാണ്, ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധിപത്യം. അന്ത്യഘട്ടം നിലനിൽക്കുന്ന ദിവസം, (അതെ) അന്നത്തെ ദിവസം വ്യർത്ഥകാരികളായുള്ളവർ നഷ്ട മടയുന്നതാണ്.

وَتَرَىٰ كُلَّ أُمَّةٍ جَاثِيَةً ۚ كُلُّ أُمَّةٍ تُدْعَىٰٓ إِلَىٰ كِتَٰبِهَا ٱلْيَوْمَ تُجْزَوْنَ مَا كُنتُمْ تَعْمَلُونَ ﴿٢٨﴾

28 എല്ലാ (ഓരോ) സമുദായത്തെയും മുട്ടുകുത്തിയ നിലയിൽ നിനക്ക് കാണാവുന്നതുമാകുന്നു. എല്ലാ സമുദായവും അ(ത)തിൻെറ ഗ്രന്ഥത്തിലേക്ക് വിളിക്കപ്പെടും. (അവരോട് പറയപ്പെടും) "നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് ഇന്നു നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നതാണ്."

هَٰذَا كِتَٰبُنَا يَنطِقُ عَلَيْكُم بِٱلْحَقِّ ۚ إِنَّا كُنَّا نَسْتَنسِخُ مَا كُنتُمْ تَعْمَلُونَ ﴿٢٩﴾

29 ഇതാ, നമ്മുടെ ഗ്രന്ഥം! അതു നിങ്ങളോട് മുറപ്രകാരം സംസാരിക്കുന്നതാണ്. (എല്ലാം തുറന്ന് കാട്ടുന്നതാണ്.) നിശ്ചയമായും, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെ നാം പകർത്തെടുക്കുന്നുണ്ടായിരുന്നു."

മനുഷ്യവർഗ്ഗത്തിൻെറ ആദി പിതാവ് മുതൽ ലോകാവസാനം വരെയുള്ള സർവ്വജനങ്ങളും, ജിന്നുകൾ, മലക്കുകൾ മുതലായവരും ഒന്നടങ്കം സമ്മേളിക്കുന്ന ആ മഹാസദസ്സാകമാനം, പ്രവാചകന്മാരടക്കം, സംഭ്രമാവസ്ഥയിലായിരിക്കും. അവിടെ, താഴ്മയോടും വിനയത്തോടും കൂടി മുട്ട് കുത്താത്ത ഒരു സമുദായമോ ജനവിഭാഗമോ ഉണ്ടായിരിക്കുന്നതല്ല.

ഓരോ സമുദായത്തിൽപ്പെട്ടവരുടെയും നന്മതിന്മകൾ വിലയിരുത്തപ്പെടുന്നത് അവരുടെ പ്രവാചകന്മാർ മുഖേന അവർക്ക് ലഭിച്ച പ്രബോധനങ്ങളേയും, അവർ സ്വീകരിക്കാൻ ബാധ്യസ്ഥരായ വേദഗ്രന്ഥങ്ങളേയും അടിസ്ഥാനമാക്കിയായിരിക്കുന്നതാണ്. ഓരോ വ്യക്തിക്കും അവരവരുടെ കർമ്മങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള രേഖാഗ്രന്ഥം അന്ന് നൽകപ്പെടുമെന്നും, അവരുടെ പ്രവർത്തനങ്ങൾ ശരിയായ തെളിവ് സഹിതം അവരെ ബോധ്യപ്പെടുത്തുമെന്നും ഖുർആൻ പലയിടങ്ങളിലും ആവർത്തിച്ച് പ്രസ്താവിച്ചിട്ടുള്ളതാണല്ലോ.

**വചനം 30,31,32,33,34,35 :**

فَأَمَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ فَيُدْخِلُهُمْ رَبُّهُمْ فِى رَحْمَتِهِۦ ۚ ذَٰلِكَ هُوَ ٱلْفَوْزُ ٱلْمُبِينُ ﴿٣٠﴾

30 എന്നാൽ, വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, അവരുടെ റബ്ബ് അവരെ തൻെറ കാരുണ്യത്തിൽ (സ്വർഗ്ഗത്തിൽ) പ്രവേശിപ്പിക്കും. അതുതന്നെയാണ് സ്പഷ്ടമായ ഭാഗ്യം!

وَأَمَّا ٱلَّذِينَ كَفَرُوٓا۟ أَفَلَمْ تَكُنْ ءَايَٰتِى تُتْلَىٰ عَلَيْكُمْ فَٱسْتَكْبَرْتُمْ وَكُنتُمْ قَوْمًا مُّجْرِمِينَ ﴿٣١﴾

31 എന്നാൽ, അവിശ്വസിച്ചവരോ, (അവരോട് പറയപ്പെടും:) "എൻെറ 'ആയത്തു'കൾ (ലക്ഷ്യങ്ങൾ) നിങ്ങൾക്ക് ഓതിക്കേൾപ്പിക്കപ്പെട്ടിരുന്നില്ലേ? അപ്പോൾ, നിങ്ങൾ ഗർവ്വു നടിച്ചു; നിങ്ങൾ കുറ്റവാളികളായ ഒരു ജനതയായിത്തീരുകയും ചെയ്തു!

وَإِذَا قِيلَ إِنَّ وَعْدَ ٱللَّهِ حَقٌّ وَٱلسَّاعَةُ لَا رَيْبَ فِيهَا قُلْتُم مَّا نَدْرِى مَا ٱلسَّاعَةُ إِن نَّظُنُّ إِلَّا ظَنًّا وَمَا نَحْنُ بِمُسْتَيْقِنِينَ ﴿٣٢﴾

32 "നിശ്ചയമായും, അല്ലാഹുവിൻെറ വാഗ്ദാനം യഥാർത്ഥമാണ്, അന്ത്യഘട്ടമാകട്ടെ, അതിൽ യാതൊരു സന്ദേഹവുമില്ല," എന്ന് പറയപ്പെടുമ്പോൾ, നിങ്ങൾ പറയും: "ഞങ്ങൾക്ക് അറിഞ്ഞുകൂടാ എന്താണ് (ഈ) അന്ത്യഘട്ടമെന്ന്; ഞങ്ങൾ (ഒരു തരത്തിലുള്ള) ഊഹം ഊഹിക്കുന്നുവെന്നല്ലാതെ (മറ്റൊന്നും) ഇല്ല; ഞങ്ങൾ (ഇതൊന്നും) ഉറപ്പായിക്കരുതുന്നവരല്ല തന്നെ."

**ജുസ്ഊഅ് - 26**

وَبَدَا لَهُمْ سَيِّـَٔاتُ مَا عَمِلُوا۟ وَحَاقَ بِهِم مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٣٣﴾

33 അവർ പ്രവർത്തിച്ചതിൻെറ തിൻമകൾ അവർക്ക് വെളിവാകുന്നതാണ്. അവർ യാതൊന്നിനെക്കുറിച്ചു പരിഹാസം കൊണ്ടിരുന്നുവോ അത് (ശിക്ഷ) അവരിൽ വലയം ചെയ്കയും ചെയ്യും.

وَقِيلَ ٱلْيَوْمَ نَنسَىٰكُمْ كَمَا نَسِيتُمْ لِقَآءَ يَوْمِكُمْ هَٰذَا وَمَأْوَىٰكُمُ ٱلنَّارُ وَمَا لَكُم مِّن نَّٰصِرِينَ ﴿٣٤﴾

34 (വീണ്ടും അവരോട്) പറയപ്പെടും: "നിങ്ങളുടെ ഈ ദിവസം കണ്ടുമുട്ടുന്നതിനെ നിങ്ങൾ മറന്നതുപോലെ, ഇന്ന് നിങ്ങളെ നാം മറന്നുകളയുന്നു; നിങ്ങളുടെ അഭയസ്ഥാനം (അഥവാ വാസസ്ഥലം) നരകവുമാണ്. നിങ്ങൾക്ക് സഹായികളായിട്ട് (ആരും തന്നെ) ഇല്ലതാനും.

ذَٰلِكُم بِأَنَّكُمُ ٱتَّخَذْتُمْ ءَايَٰتِ ٱللَّهِ هُزُوًا وَغَرَّتْكُمُ ٱلْحَيَوٰةُ ٱلدُّنْيَا ۚ فَٱلْيَوْمَ لَا يُخْرَجُونَ مِنْهَا وَلَا هُمْ يُسْتَعْتَبُونَ ﴿٣٥﴾

35 "അതൊക്കെ (സംഭവിച്ചത്), നിങ്ങൾ അല്ലാഹുവിൻെറ 'ആയത്തു'കളെ പരിഹാസ്യമാക്കിത്തീർത്തതുകൊണ്ടാണ്; ഐഹിക ജീവിതം നിങ്ങളെ വഞ്ചിക്കുകയും ചെയ്തു." ഇനി ഇന്ന്, അവർ അതിൽ (നരകത്തിൽ) നിന്ന് പുറത്തു വിടപ്പെടുന്നതല്ല; അവരോട് (പശ്ചാത്തപിച്ചു മടങ്ങി) തൃപ്തിപ്പെടുത്തുവാനാവശ്യപ്പെടുകയുമില്ല.

നരകത്തിൽ നിന്ന് രക്ഷപ്പെടാൻ സാധ്യമല്ലെന്ന് മാത്രമല്ല, പശ്ചാത്തപിച്ച് മടങ്ങിയോ ഒഴികഴിവുകൾ സമർപ്പിച്ചോ അല്ലാഹുവിന്റെ തൃപ്തി ലഭിക്കുവാനുള്ള ഒരു സന്ദർഭവും ഇനി അവർക്കില്ല. അതിനുണ്ടായിരുന്ന അവസരങ്ങളെല്ലാം ഗർവ്വ് നടിച്ചും പരിഹാസം പ്രകടിപ്പിച്ചും ഐഹിക ജീവിതത്തിൽ വഞ്ചിതരായിക്കൊണ്ട്, അല്ലാഹുവിന്റെ ആയത്തുകളെ പൂർണ്ണമായി വിസ്മരിച്ച് കൊണ്ടും അവർ പാഴാക്കിക്കളഞ്ഞു.

**വചനം 36,37 :**

فَلِلَّهِ ٱلْحَمْدُ رَبِّ ٱلسَّمَٰوَٰتِ وَرَبِّ ٱلْأَرْضِ رَبِّ ٱلْعَٰلَمِينَ ﴿٣٦﴾

وَلَهُ ٱلْكِبْرِيَآءُ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٣٧﴾

36 അപ്പോൾ, (കാര്യം ഇങ്ങിനെയിരിക്കെ,) ആകാശങ്ങളുടെ രക്ഷിതാവും, ഭൂമിയുടെ രക്ഷിതാവുമായ, (അതെ) ലോകരുടെ രക്ഷിതാവായ അല്ലാഹുവിനത്രെ സർവ്വ സ്തുതിയും.

37 ആകാശങ്ങളിലും, ഭൂമിയിലും അവനു തന്നെയാണ് ഗാംഭീര്യവും. പ്രതാപശാലിയും അഗാധജ്ഞനുമായുള്ളവനും അവൻ തന്നെ.

ലോക രക്ഷിതാവായ അല്ലാഹു അവനെ തന്നെ സ്തുതിച്ച് കൊണ്ടും, എല്ലാവിധ പ്രതാപത്തിനും ഗാംഭീര്യത്തിനും അർഹൻ അഗാധജ്ഞനായ അവൻ തന്നെയാണെന്ന് ഓർമ്മിപ്പിച്ച് കൊണ്ടും ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു.

അല്ലാഹുവിൽ നിന്ന് നബി(സ) ഉദ്ധരിക്കുന്ന ('ഖുദുസി'യായ) ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു:

"ഗാംഭീര്യം എന്റെ തട്ടമാകുന്നു. മഹത്വം എന്റെ തുണിയുമാണ്. ഈ രണ്ടിലൊന്നിന് ആരെങ്കിലും എന്നോട് വഴക്ക് കൂടുന്ന പക്ഷം, ഞാനവനെ എന്റെ നരകത്തിൽ താമസിപ്പിക്കുന്നതാണ്". (അ;മൂ;ദാ;ജി)

# 46. സൂറത്തുൽ - അഹ്ഖാഫ്
# (നീണ്ട് കിടക്കുന്ന മണൽ കൂനകൾ)

**മക്കായിൽ അവതരിച്ചത്** (10, 15, 35 വചനങ്ങൾ മദനീയാണെന്നും പക്ഷമുണ്ട്.)

വചനങ്ങൾ 35 വിഭാഗം (റുക്കൂഅ്) -4

നീണ്ട് വളഞ്ഞ് കിടക്കുന്ന മൺകൂനകളുള്ള പ്രദേശത്തിനാണ് 'അഹ്ഖാഫ്' എന്ന് പറയുന്നത്. 21 -ാം വചനത്തിൽ ആദ് ഗോത്രം താമസിച്ചിരുന്ന അഹ്ഖാഫ് പ്രദേശത്തെ പറ്റിയുള്ള പരാമർശമാണ് സൂറത്തിന്റെ ഈ പേരിന് നിദാനം.

## വിഭാഗം 1

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3,4 :**

حمٓ ﴿١﴾

تَنزِيلُ ٱلْكِتَٰبِ مِنَ ٱللَّهِ ٱلْعَزِيزِ ٱلْحَكِيمِ ﴿٢﴾

1 'ഹാ-മീം.'

2 (ഈ) വേദഗ്രന്ഥം അവതരിപ്പിച്ചത് പ്രതാപശാലിയായ, അഗാധജ്ഞനായ അല്ലാഹുവിങ്കൽനിന്നാകുന്നു.

3 ആകാശങ്ങളെയും, ഭൂമിയെയും, അവയുടെ ഇടയിലുള്ളതിനെയും കാര്യ (ഗൗരവ) ത്തോടും, നിർണ്ണയിക്കപ്പെട്ട ഒരവധിയോടും കൂടിയല്ലാതെ നാം സൃഷ്ടിച്ചിട്ടില്ല. അവിശ്വസിച്ചവരാകട്ടെ, അവർക്ക് മുന്നറിയിപ്പ് നൽകപ്പെട്ടതിനെക്കുറിച്ച് (അശ്രദ്ധരായി) തിരിഞ്ഞുകളയുന്നവരാണ്.

مَا خَلَقْنَا ٱلسَّمَٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَآ
إِلَّا بِٱلْحَقِّ وَأَجَلٍ مُّسَمًّى ۚ وَٱلَّذِينَ كَفَرُوا۟
عَمَّآ أُنذِرُوا۟ مُعْرِضُونَ ﴿٣﴾

4 (നബിയേ) പറയുക: "നിങ്ങൾ കണ്ടുവോ, അല്ലാഹുവിനുപുറമെ നിങ്ങൾ വിളിച്ചു (പ്രാർത്ഥിച്ചു) കൊണ്ടിരിക്കുന്ന വസ്തുക്കളെ?! ഏതൊരു വസ്തുവിനെയാണവർ ഭൂമിയിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നതെന്ന് നിങ്ങൾ എനിക്ക് കാട്ടിത്തരുവിൻ! അതല്ലെങ്കിൽ, ആകാശങ്ങളിൽ വല്ല പങ്കും അവർക്കുണ്ടോ?! ഇതിൻെറ മുമ്പുള്ള വല്ല വേദഗ്രന്ഥമോ, അല്ലെങ്കിൽ അറിവി (ൻെറ ഇനത്തി)ൽ പെട്ട വല്ല അവശിഷ്ടമോ (പ്രമാണമോ) എനിക്ക് നിങ്ങൾ കൊണ്ടുതരുവിൻ, നിങ്ങൾ സത്യവാൻമാരാണെങ്കിൽ!

قُلْ أَرَءَيْتُم مَّا تَدْعُونَ مِن دُونِ ٱللَّهِ
أَرُونِى مَاذَا خَلَقُوا۟ مِنَ ٱلْأَرْضِ أَمْ لَهُمْ
شِرْكٌ فِى ٱلسَّمَٰوَٰتِ ۖ ٱئْتُونِى بِكِتَٰبٍ مِّن
قَبْلِ هَٰذَآ أَوْ أَثَٰرَةٍ مِّنْ عِلْمٍ إِن
كُنتُمْ صَٰدِقِينَ ﴿٤﴾

സൂറത്തിന്റെ ആരംഭത്തിലെ കേവലാക്ഷരങ്ങളെക്കുറിച്ച് സൂ: അൽ ബഖറയുടെ പ്രാരംഭത്തിൽ നൽകിയ വിശദീകരണം നോക്കുക.

ആകാശഭൂമികളെയും അവയിലെ സൃഷ്ടികളെയും ഗൗരവമേറിയ ചില ഉദ്ദേശ ലക്ഷ്യങ്ങളോടെ സൃഷ്ടിച്ചതാണെന്നും, ഓരോന്നിനും പരിധിയും നിർണ്ണയവും നിശ്ചയിച്ചിട്ടുണ്ടെന്നും, അവയുടെ സൃഷ്ടിയിലോ കൈകാര്യകർതൃത്വത്തിലോ മറ്റാർക്കും പങ്കും അധികാരവുമില്ലെന്നും ഉണർത്തിയ ശേഷം, ശിർക്കിനെ ന്യായീകരിക്കുന്ന വല്ല തെളിവുമുണ്ടെങ്കിൽ കൊണ്ടു വരുവാനും ഖുർആന് മുമ്പുള്ള വല്ല വേദഗ്രന്ഥമോ, അല്ലെങ്കിൽ പ്രമാണികമായ വല്ല തെളിവോ, അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നതിനെ ന്യായീകരിക്കുന്നതായി, ഉണ്ടെങ്കിൽ അതൊന്ന് കാണിച്ച് തരുവാനും അല്ലാഹു മുശ്രിക്കുകളെ വെല്ലുവിളിക്കുന്നു.

<u>വചനം 5,6 :</u>

5 ഖിയാമത്തുനാൾവരേക്കും ഉത്തരം നൽകാത്തവരെ, അല്ലാഹുവിനു പുറമെ വിളി (ച്ചു പ്രാർത്ഥി)ക്കുന്നവരെക്കാൾ വഴി പിഴച്ചവർ ആരാണ്?! അവരാകട്ടെ, ഇവരുടെ (വിളിക്കുന്നവരുടെ) വിളിയെപ്പറ്റി അശ്രദ്ധരുമാകുന്നു.

6 (മാത്രമല്ല) മനുഷ്യർ ഒരുമിച്ചു കൂട്ടപ്പെടുമ്പോൾ, ഇവർക്ക് അവർ ശത്രുക്കളായിരിക്കയും ചെയ്യും; അവർ, ഇവരുടെ ആരാധനയെ (ത്തന്നെ) നിഷേധിക്കുന്നവരുമായിരിക്കും.

وَمَنْ أَضَلُّ مِمَّن يَدْعُوا۟ مِن دُونِ ٱللَّهِ
مَن لَّا يَسْتَجِيبُ لَهُۥٓ إِلَىٰ يَوْمِ ٱلْقِيَٰمَةِ
وَهُمْ عَن دُعَآئِهِمْ غَٰفِلُونَ ﴿٥﴾
وَإِذَا حُشِرَ ٱلنَّاسُ كَانُوا۟ لَهُمْ أَعْدَآءً
وَكَانُوا۟ بِعِبَادَتِهِمْ كَٰفِرِينَ ﴿٦﴾

വിഗ്രഹങ്ങൾ മാത്രമല്ല, അല്ലാഹുവിന് പുറമേ ആരെയെല്ലാം മനുഷ്യർ വിളിച്ച് പ്രാർത്ഥിക്കാറുണ്ടോ, ഖിയാമത്ത് നാൾ വരെ, അവർ ആ വിളിക്ക് ഉത്തരം നൽകുന്നവരല്ല, വിളിക്കപ്പെടുന്നതു തന്നെ അവർ അറിയുകയുമില്ല. ഖിയാമത്ത് നാളിലാകട്ടെ വിളിക്കപ്പെട്ടിരുന്നവർ അവരുടെ ആരാധനയെ നിഷേധിച്ച് കൊണ്ട് വിളിച്ചവരുടെ ശത്രുക്കളായിത്തീരുകയും ചെയ്യുന്നതാണ്(സൂ: അൻകബൂത്ത് 25-ലും മറ്റും പ്രസ്താവിച്ച സംഗതികൾ ശ്രദ്ധിക്കുക)

**വചനം 7,8 :**

7 നമ്മുടെ 'ആയത്തുകൾ' അവർക്ക് സുവ്യക്തമായ നിലയിൽ ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ, യഥാർത്ഥം തങ്ങൾക്ക് വന്നെത്തുന്ന അവസരത്തിൽ, അതിനെക്കുറിച്ച് (ആ) അവിശ്വസിച്ചവർ പറയും: "ഇതൊരു പ്രത്യക്ഷമായ ജാലമാണ്" എന്ന് !

8 അതല്ല, 'ഇത് അവൻ (നബി) കെട്ടിച്ചമച്ചിരിക്കയാണെന്ന് അവർ പറയുന്നുവോ?!'' (അവരോട്) പറയണം: "ഞാനിത് കെട്ടിച്ചമച്ചിരിക്കുകയാണെങ്കിൽ, അല്ലാഹുവിൽ നിന്ന് (ഉണ്ടാകുന്ന) യാതൊന്നും എനിക്കുവേണ്ടി (നേരിടുവാൻ) നിങ്ങൾക്ക് സാധ്യമാകുന്നതല്ല. നിങ്ങൾ യാതൊന്നിൽ മുഴുകി പ്രവേശിച്ചുകൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റി അവൻ ഏറ്റവും അറിയുന്നവനാണ്. അവൻ മതി, എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായിട്ട്. അവൻ, വളരെ പൊറുക്കുന്നവനും, കരുണാനിധിയുമായുള്ളവനുമത്രെ.'

وَإِذَا تُتۡلَىٰ عَلَيۡهِمۡ ءَايَٰتُنَا بَيِّنَٰتٖ قَالَ ٱلَّذِينَ كَفَرُواْ لِلۡحَقِّ لَمَّا جَآءَهُمۡ هَٰذَا سِحۡرٞ مُّبِينٌ ۝٧

أَمۡ يَقُولُونَ ٱفۡتَرَىٰهُۖ قُلۡ إِنِ ٱفۡتَرَيۡتُهُۥ فَلَا تَمۡلِكُونَ لِي مِنَ ٱللَّهِ شَيۡـًٔاۖ هُوَ أَعۡلَمُ بِمَا تُفِيضُونَ فِيهِۚ كَفَىٰ بِهِۦ شَهِيدَۢا بَيۡنِي وَبَيۡنَكُمۡۖ وَهُوَ ٱلۡغَفُورُ ٱلرَّحِيمُ ۝٨

"ഞാൻ റസൂലാണെന്ന കാര്യം, അല്ലാഹുവിന്റെ പേരിൽ ഞാൻ കെട്ടിച്ചമച്ച് പറയുകയാണെങ്കിൽ തീർച്ചയായും അവൻ എന്നെ അതികഠിനമായി ശിക്ഷിക്കാതിരിക്കുകയില്ല. അത് തടയുവാൻ നിങ്ങൾക്കോ, മറ്റാർക്കെങ്കിലുമോ കഴിയുന്നതല്ല. യഥാർത്ഥത്തിൽ നിങ്ങളുടെ നിലപാടാണ് ശിക്ഷാർഹമായിട്ടുള്ളത്. അതേകുറിച്ച് അവൻ യഥാസമയം നടപടി എടുത്ത് കൊള്ളും. എന്നാൽ നിങ്ങൾ പശ്ചാത്തപിക്കുന്ന പക്ഷം നിശ്ചയമായും അവൻ നിങ്ങൾക്ക് പൊറുത്ത് തരികയും കരുണ ചെയ്യുകയും ചെയ്യുന്നതാണ്-" എന്ന് അവരോട് പറയുവാൻ അല്ലാഹു നബി(സ)യോട് നിർദ്ദേശിക്കുന്നു.

**വചനം 9 :**

9 (നബിയേ) പറയുക:"ഞാൻ റസൂലുകളിൽ നിന്നും (നടാടെ വന്ന) ഒരു പുത്തനല്ല. എന്നെക്കൊണ്ടാകട്ടെ, നിങ്ങളെക്കൊണ്ടാകട്ടെ എന്തു ചെയ്യപ്പെടുമെന്ന് എനിക്ക് അറിയുകയുമില്ല. എനിക്ക് 'വഹ്‌യു'(ദിവ്യബോധനം) നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിൻപറ്റുന്നില്ല. ഞാൻ, സ്പഷ്ടമായ ഒരു താക്കീതുകാരനല്ലാതെ (മറ്റൊന്നും) അല്ല."

قُلۡ مَا كُنتُ بِدۡعٗا مِّنَ ٱلرُّسُلِ وَمَآ أَدۡرِي مَا يُفۡعَلُ بِي وَلَا بِكُمۡۖ إِنۡ أَتَّبِعُ إِلَّا مَا يُوحَىٰٓ إِلَيَّ وَمَآ أَنَا۠ إِلَّا نَذِيرٞ مُّبِينٞ ۝٩

"എന്റെ മുമ്പ് എത്രയോ റസൂലുകൾ കഴിഞ്ഞ് പോയിട്ടുണ്ട്. അവരെല്ലാം പ്രബോധനം ചെയ്ത തത്വം തന്നെയാണ് ഞാനും പ്രബോധനം ചെയ്യുന്നത്. എന്നെക്കൊണ്ടോ, നിങ്ങളെക്കൊണ്ടോ എന്തൊക്കെയാണ് ചെയ്യപ്പെടുക- നമ്മിൽ എന്തൊക്കെ സംഭവിക്കാനിരിക്കുന്നു- എന്നൊന്നും എനിക്ക് അറിവില്ല. അല്ലാഹുവിൽ നിന്ന് എനിക്ക് വഹ്‌യ് ലഭിക്കാറുണ്ട്. അതനുസരിച്ച് പ്രവർത്തിക്കുകയാണ് ഞാൻ ചെയ്യുന്നത്. ഞാൻ ഒരു സ്പഷ്ടമായ താക്കീതുകാരൻ മാത്രമാകുന്നു. അധികാരവും കൈകാര്യവും എല്ലാം അല്ലാഹുവിനാണുള്ളത്". എന്നിങ്ങനെ അവരോട് പറയുവാൻ അല്ലാഹു നബി(സ)യോട് കല്പിക്കുന്നു.

"എന്നെക്കൊണ്ടും നിങ്ങളെക്കൊണ്ടും എന്ത് ചെയ്യപ്പെടുമെന്ന് എനിക്കറിഞ്ഞ് കൂടാ" എന്ന് പറഞ്ഞതിന്റെ അർത്ഥം, അദൃശ്യകാര്യങ്ങളിൽ ഏതൊന്നിനെക്കുറിച്ചും, അല്ലാഹുവിൽ നിന്ന് വഹ്‌യ് മൂലം ലഭിക്കുന്ന വിവരമല്ലാതെ, നബി(സ) തിരുമേനിക്കാകട്ടെ, മറ്റാർക്കുമാകട്ടെ യാതൊന്നും അറിയുകയില്ല എന്ന യാഥാർത്ഥ്യമാകുന്നു.

**വചനം 10 :**

قُلْ أَرَءَيْتُمْ إِن كَانَ مِنْ عِندِ ٱللَّهِ وَكَفَرْتُم بِهِۦ وَشَهِدَ شَاهِدٌ مِّنۢ بَنِىٓ إِسْرَٰٓءِيلَ عَلَىٰ مِثْلِهِۦ فَـَٔامَنَ وَٱسْتَكْبَرْتُمْ ۖ إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿١٠﴾

10 (നബിയേ) പറയുക:"നിങ്ങൾ കണ്ടുവോ, ഇത് (ഖുർആൻ) അല്ലാഹുവിൻെറ പക്കൽ നിന്നായിരിക്കുകയും, അതിൽ നിങ്ങൾ അവിശ്വസിക്കുകയുമാണെങ്കിൽ, ഇതുപോലെയുള്ളതിൽ ഇസ്റാഈൽ സന്തതികളിൽ നിന്ന് ഒരു സാക്ഷി സാക്ഷ്യം വഹിക്കുകയും, അങ്ങനെ അയാൾ അതിൽ വിശ്വസിക്കുകയും, നിങ്ങൾ (വിശ്വസിക്കാതെ) അഹംഭാവം നടിക്കുകയും, ചെയ്തു (വെങ്കിൽ)? (അപ്പോൾ നിങ്ങൾ തനി അക്രമികളല്ലേ?!) നിശ്ചയമായും, അക്രമികളായ ജനതയെ അല്ലാഹു നേർമ്മാർഗ്ഗത്തിലാക്കുകയില്ല."

"ഈ പരിശുദ്ധ ഖുർആൻ അല്ലാഹുവിങ്കൽ നിന്നുള്ളതാണല്ലോ. എന്നിരിക്കെ നിങ്ങളതിൽ വിശ്വസിക്കാത്തത് അതിക്രമമാകുന്നു. അതോട് കൂടി വേദഗ്രന്ഥങ്ങളുമായി പരിചയമുള്ള ഇസ്രാഈൽ ജനതയിൽപ്പെട്ട ചിലരും ഖുർആന്റെ സിദ്ധാന്തങ്ങൾ ശരിയാണെന്ന് സാക്ഷ്യം വഹിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. വേദഗ്രന്ഥവുമായി പരിചയമില്ലാത്ത നിങ്ങൾ വിശ്വസിക്കാതെ ഗർവ്വ് നടിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത് ഒരിക്കലും ന്യായമല്ല തന്നെ, ഇങ്ങനെ മനപൂർവ്വം സത്യവിശ്വാസം സ്വീകരിക്കാത്ത അക്രമികളെ അല്ലാഹു നേർമാർഗ്ഗത്തിലാക്കുകയില്ല." എന്നിങ്ങനെ അവരോട് പറയുവാൻ അല്ലാഹു നബി(സ)യോട് നിർദ്ദേശിക്കുന്നു.

അബ്ദുല്ലാഹിബ്നു സലാം എന്ന ശ്രേഷ്ഠനായ യഹൂദി പണ്ഡിതൻ, അറബികളിൽ വരാനിരിക്കുന്ന പ്രവാചകനെ സംബന്ധിച്ച് തൗറാത്തിൽ നിന്ന് മനസ്സിലാക്കി, നബി(സ)യിൽ വിശ്വസിക്കുകയുണ്ടായി. ഇദ്ദേഹത്തെ സംബന്ധിച്ചാണ് 'ഇസ്രാഈൽ സന്തതികളിൽ നിന്നുള്ള സാക്ഷി' എന്ന് ഈ വചനത്തിൽ പറഞ്ഞിട്ടുള്ളതെന്നാണ് ഇമാം ബുഖാരിയും മുസ്‌ലിമും(റ) ഒരു ഹദീസിൽ ഉദ്ധരിക്കുന്നത്. അത്കൊണ്ടാണ് ഈ സൂറത്ത് മക്കീ സൂറത്തുകളിൽപ്പെട്ടതാണെങ്കിലും ഈ ആയത്ത് മദനിയാണെന്ന് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നതും (അബ്ദുല്ലാഹിബ്നു സലാം(റ) നബി(സ)യിൽ വിശ്വസിച്ച സംഭവം മദീനായിൽ വെച്ചാണല്ലോ നടന്നത്.)

എന്നാൽ ഈ 'സാക്ഷി' കൊണ്ടുദ്ദേശം അബ്ദുല്ലാഹിബ്നു സലാമോ(റ) മറ്റേതെങ്കിലും പ്രത്യേക വ്യക്തിയോ അല്ല, തൌറാത്തിലെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ നബി(സ)യിൽ വിശ്വസിച്ചിരുന്ന എല്ലാ വേദക്കാരും അതിൽ ഉൾപ്പെടും എന്നാണ് കൂടുതൽ യുക്തമായി തോന്നുന്ന അഭിപ്രായം والله اعلم

**വിഭാഗം 2**

**വചനം 11 :**

وَقَالَ ٱلَّذِينَ كَفَرُوا۟ لِلَّذِينَ ءَامَنُوا۟ لَوْ كَانَ خَيْرًا مَّا سَبَقُونَآ إِلَيْهِ ۚ وَإِذْ لَمْ

11 അവിശ്വസിച്ചവർ വിശ്വസിച്ചവരെക്കുറിച്ചു പറയുകയാണ്: "ഇതൊരു നല്ല കാര്യമായിരുന്നുവെങ്കിൽ, ഇതിലേക്ക് ഇവർ

يَهْتَدُوا۟ بِهِۦ فَسَيَقُولُونَ هَٰذَآ إِفْكٌ قَدِيمٌ ﴿١١﴾

ഞങ്ങളെ മുൻകടന്നു വരുകയില്ലായിരുന്നു." അവർ ഇതുമൂലം സൻമാർഗ്ഗം പ്രാപി ച്ചിട്ടില്ലാത്ത സ്ഥിതിക്ക് അവർ പറഞ്ഞേക്കും: "ഇതൊരു പഴക്കം ചെന്ന നുണയാണ്" എന്ന്.

അമ്മാർ(റ) ബിലാൽ(റ) ഖബ്ബാബ്(റ) സ്വുഹൈബ്(റ) മുതലായവരെ പോലെ, അടിമകളും ദരിദ്ര രുമായിരുന്ന സഹാബികളെ ചൂണ്ടിക്കൊണ്ട് ഖുറൈശികൾ പറയുമായിരുന്നു. "മുഹമ്മദ് പ്രബോധനം ചെയ്യുന്ന ഈ മതം അത്ര നല്ലതാണെങ്കിൽ ഇത്തരം ആളുകളല്ല, ഞങ്ങളെപ്പോലെയുള്ള പ്രമാണികളാ യിരുന്നു അതിലേക്ക് മുമ്പോട്ട് വരേണ്ടത്".

(സമാനമായ വാദം നൂഹ്(അ)നോട് അദ്ദേഹത്തിന്റെ ജനത പറഞ്ഞിരുന്നതായി സൂ: ഹൂദ് 27; ശുഅറാഅ് 111 വചനങ്ങളിൽ കാണാം.)

എന്നാൽ, വാസ്തവത്തിൽ അവർക്ക് അതിനോട് വൈരാഗ്യം ഉണ്ടാകാൻ കാരണം, അതിനെ പറ്റി അവർ മനസ്സിലാക്കാത്തത് കൊണ്ടാകുന്നു.

'പഴക്കം ചെന്ന നുണ' എന്ന് അവർ വിശേഷിപ്പിച്ചത് നബി(സ)യുടെ മുമ്പ് കഴിഞ്ഞ് പോയ പ്രവാചകന്മാരുടെ തൗഹീദ് പ്രസ്ഥാനങ്ങളെയും കൂടി ഉൾപ്പെടുത്തിക്കൊണ്ടാകുന്നു.

**വചനം 12 :**

وَمِن قَبْلِهِۦ كِتَٰبُ مُوسَىٰٓ إِمَامًا وَرَحْمَةً ۚ وَهَٰذَا كِتَٰبٌ مُّصَدِّقٌ لِّسَانًا عَرَبِيًّا لِّيُنذِرَ ٱلَّذِينَ ظَلَمُوا۟ وَبُشْرَىٰ لِلْمُحْسِنِينَ ﴿١٢﴾

12 (ജനങ്ങൾക്ക്) നേതൃത്വം നൽകുന്നതായും, കാരുണ്യമായുംകൊണ്ട് മൂസായുടെ ഗ്രന്ഥം ഇതിനുമുമ്പുണ്ട്. അറബിഭാഷയായിക്കൊണ്ട് (അതിനെ ശരിവെച്ച്) സത്യമാക്കുന്ന ഒരു ഗ്രന്ഥമത്രെ ഇതും, അക്രമം പ്രവർത്തിച്ചവരെ താക്കീത് ചെയ്‌വാൻവേണ്ടിയും, സുകൃതം ചെയ്യുന്നവർക്ക് സന്തോഷവാർത്തയായി ക്കൊണ്ടും.

മൂസാ(അ) നബിക്ക് അല്ലാഹു നൽകിയ തൌറാത്ത് ഇസ്രാഈൽ ജനതക്ക് മാർഗ്ഗദർശനവും അല്ലാഹുവിന്റെ ഒരു അനുഗ്രഹവും ആയിരുന്നുവെന്നും ആ മുശ്‌രിക്കുകൾക്ക് അറിയാം. അപ്പോൾ ആ സിദ്ധാന്തം ഖുർആൻന്റെയോ നബി(സ)യുടെയോ ഒരു പുതു സിദ്ധാന്തമൊന്നുമല്ല- തൌറാത്തിലെ സിദ്ധാന്തത്തെ ശരി വെക്കുക മാത്രമാണ് അറബി ഭാഷയിലുള്ള ഖുർആൻ ചെയ്യുന്നത്. (തൌറാത്ത് അബ്രുരീ ഭാഷയിലായിരുന്നു.)

**വചനം 13,14 :**

إِنَّ ٱلَّذِينَ قَالُوا۟ رَبُّنَا ٱللَّهُ ثُمَّ ٱسْتَقَٰمُوا۟ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿١٣﴾

13 നിശ്ചയമായും, യാതൊരു കൂട്ടർ "ഞങ്ങളുടെ റബ്ബ് അല്ലാഹുവാണ്" എന്ന് പറയുക (പ്രഖ്യാപിക്കുക)യും, പിന്നീട് ചൊവ്വിനു നിലകൊള്ളുകയും ചെയ്തുവോ, അവ രുടെമേൽ യാതൊരു ഭയവും ഇല്ല; അവർ വ്യസനിക്കുകയുമില്ല.

أُو۟لَٰٓئِكَ أَصْحَٰبُ ٱلْجَنَّةِ خَٰلِدِينَ فِيهَا جَزَآءًۢ بِمَا كَانُوا۟ يَعْمَلُونَ ﴿١٤﴾

14 അക്കൂട്ടർ സ്വർഗ്ഗത്തിൻെറ ആൾക്കാരാ കുന്നു-അതിൽ നിത്യവാസികളായ നില യിൽ. (അതെ) അവർ പ്രവർത്തിച്ചിരുന്നതിന് (നൽകപ്പെടുന്ന) പ്രതിഫലമായിട്ട്!

അല്ലാഹുവാണ് തന്റെ റബ്ബ് എന്ന് ഉറച്ച് വിശ്വസിക്കുകയും നേർമാർഗ്ഗത്തിൽ നിലകൊള്ളു

കയും ചെയ്യുന്നവന് ഇഹലോകത്തും പരലോകത്തും പേടിക്കുവാനെന്തുണ്ട്. അവർക്ക് യാതൊരു വ്യസനവുമുണ്ടാവുകയുമില്ല. അവർ സ്വർഗ്ഗത്തിൽ നിത്യവാസികളുമായിരിക്കും.

**വചനം 15,16 :**

وَوَصَّيْنَا ٱلْإِنسَـٰنَ بِوَٰلِدَيْهِ إِحْسَـٰنًا ۖ حَمَلَتْهُ أُمُّهُۥ كُرْهًا وَوَضَعَتْهُ كُرْهًا ۖ وَحَمْلُهُۥ وَفِصَـٰلُهُۥ ثَلَـٰثُونَ شَهْرًا ۚ حَتَّىٰٓ إِذَا بَلَغَ أَشُدَّهُۥ وَبَلَغَ أَرْبَعِينَ سَنَةً قَالَ رَبِّ أَوْزِعْنِىٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِىٓ أَنْعَمْتَ عَلَىَّ وَعَلَىٰ وَٰلِدَىَّ وَأَنْ أَعْمَلَ صَـٰلِحًا تَرْضَىٰهُ وَأَصْلِحْ لِى فِى ذُرِّيَّتِىٓ ۖ إِنِّى تُبْتُ إِلَيْكَ وَإِنِّى مِنَ ٱلْمُسْلِمِينَ ﴿١٥﴾

15 മനുഷ്യനോട്, അവൻെറ മാതാപിതാക്കളിൽ നൻമ ചെയ്വാൻ നാം 'ഒസിയ്യത്ത്' (ആജ്ഞാ നിർദ്ദേശം) നൽകിയിരിക്കുന്നു. അവൻെറ ഉമ്മ (മാതാവ്) വിഷമിച്ചുകൊണ്ട് അവനെ ഗർഭം ചുമന്നു; വിഷമിച്ചുകൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തു. അവൻെറ ഗർഭ(കാല)വും, അവൻെറ (മുലകുടി മാറ്റിക്കൊണ്ടുള്ള) വേർപാടും (കൂടി) മുപ്പതു മാസമായിരിക്കും. അങ്ങനെ, അവൻ തൻെറ പൂർണ്ണശക്തി (അഥവാ ശക്തിപ്രായം) എത്തുകയും, നാല്പതു വയസ്സിങ്കൽ എത്തുകയും, ചെയ്താൽ അവൻ പറയുന്നതാണ്: "എൻെറ റബ്ബേ! എൻെറ മേലും, എൻെറ മാതാപിതാക്കളുടെ മേലും നീ ചെയ്തു തന്നിട്ടുള്ള നിൻെറ അനുഗ്രഹത്തിന് നന്ദി ചെയ്വാനും, നീ തൃപ്തിപ്പെടുന്ന സൽക്കർമ്മം പ്രവർത്തിക്കുവാനും എനിക്കു നീ പ്രചോദനം നൽകേണമേ! എൻെറ സന്തതികളിൽ എനിക്കു നീ നൻമ വരുത്തിത്തരുകയും വേണമേ! നിശ്ചയമായും, ഞാൻ നിൻെറ അടുക്കലേക്ക് പശ്ചാത്തപിച്ചു മടങ്ങിയിരിക്കുന്നു; ഞാൻ 'മുസ്‌ലിം'കളിൽ പെട്ടവനാകുന്നു."

أُو۟لَـٰٓئِكَ ٱلَّذِينَ نَتَقَبَّلُ عَنْهُمْ أَحْسَنَ مَا عَمِلُوا۟ وَنَتَجَاوَزُ عَن سَيِّـَٔاتِهِمْ فِىٓ أَصْحَـٰبِ ٱلْجَنَّةِ ۖ وَعْدَ ٱلصِّدْقِ ٱلَّذِى كَانُوا۟ يُوعَدُونَ ﴿١٦﴾

16 അങ്ങിനെയുള്ളവർ യാതൊരു കൂട്ടരത്രെ, അവർ പ്രവർത്തിച്ചിട്ടുള്ള നല്ലതിനെ അവരിൽനിന്ന് നാം സ്വീകരിക്കുകയും, അവരുടെ തിൻമകളെ സംബന്ധിച്ച് നാം വിട്ടുകൊടുക്കുകയും ചെയ്യുന്നതാണ്. സ്വർഗ്ഗത്തിൻെറ ആൾക്കാരിലായിരിക്കും(അവർ). (അതെ) അവരോട് ചെയ്യപ്പെട്ടിരുന്നതായ സത്യവാഗ്ദാനം?

മാതാപിതാക്കളോടുള്ള കടമയെക്കുറിച്ച് ഖുർആൻ പലയിടത്തും ആവർത്തിച്ച് പ്രസ്താവിച്ചിരിക്കുന്നത് കാണാം - പലപ്പോഴും നാം ഒസിയ്യത്ത് ചെയ്തിരിക്കുന്നു, എന്ന് പറഞ്ഞു കൊണ്ടും, തൌഹീദിന്റെ കല്പനയോട് അനുബന്ധിച്ച് കൊണ്ടും, ശക്തമായ ഭാഷയിൽ തന്നെ. പിതാവിനെ അപേക്ഷിച്ച് മാതാവിനോടാണ് മനുഷ്യന് കൂടുതൽ ബാധ്യതയെന്ന് അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. (സൂ: ലുഖ്മാൻ 14-ാം വചനവും അതിന്റെ വിശദീകരണവും ഇവിടെ ഓർക്കുക) "എന്റെ രക്ഷിതാവേ, അവർ രണ്ട് പേരും എന്നെ ചെറുപ്പത്തിൽ പരിപാലിച്ച് വളർത്തിയത് പോലെ നീ അവർക്ക് കരുണ ചെയ്യേണമേ" എന്ന് പ്രാർത്ഥിക്കുവാൻ അല്ലാഹു സന്താനങ്ങളോട് കല്പിക്കുന്നു(സൂ: ഇസ്രാഅ് 24)

ഗർഭകാലവും മുലകുടികാലവും കൂടി മുപ്പത് മാസമാണെന്ന് ഈ വചനത്തിൽ പറഞ്ഞുവല്ലോ. മുലകുടിയുടെ പൂർണ്ണകാലം രണ്ട്കൊല്ലം (24മാസം) ആണെന്ന് സൂ: അൽബഖറ 233ലും, സൂ: ലുഖ്മാൻ 14ലും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. സ്ത്രീകളുടെ ഗർഭകാലം സാധാരണ ഒമ്പത് മാസവും ഏതാനും

ദിവസങ്ങളുമായിരിക്കും. ചിലപ്പോഴെല്ലാം ഏറിയും കുറഞ്ഞും ആകാറുമുണ്ട്. ഗർഭത്തിന്റെ ഏറ്റവും ചുരുങ്ങിയ കാലം ആറ് മാസം വരെ ആകാമെന്ന് ഈ വചനങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. വിവാഹാനന്തരം ആറുമാസം കഴിഞ്ഞ് പ്രസവിച്ച സ്ത്രീയുടെ ഭർത്താവ്, കുഞ്ഞിന്റെ പിതൃത്വം നിഷേധിച്ച സന്ദർഭത്തിൽ ഉസ്മാൻ(റ) ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ കുട്ടി ഭർത്താവിന്റേത് തന്നെയാണെന്ന് തീരുമാനിക്കുകയുണ്ടായി. മിക്ക പണ്ഡിതന്മാരും വൈദ്യ ശാസ്ത്ര പടുക്കളും ഈ അഭിപ്രായം ശരി വെച്ചിട്ടുണ്ടെന്ന് ഇമാം റാസി(റ) പ്രസ്താവിച്ചിരിക്കുന്നു.

ഗർഭകാലവും മുലകുടികാലവും കൂടി മുപ്പത് മാസമെന്ന് പറഞ്ഞിരിക്കെകൊണ്ട് ആറുമാസത്തിൽ പ്രസവിച്ച് കുട്ടിക്ക് ഇരുപത്തിനാലുമാസവും ഒമ്പത് മാസം കൊണ്ട് പ്രസവിച്ച കുട്ടിക്ക് ഇരുപത്തൊന്ന് മാസവും മുല കൊടുക്കേണ്ടതാണെന്ന് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. (മുലകുടി സംബന്ധമായ കൂടുതൽ വിവരങ്ങൾ സൂ: അൽബഖറ 233-ാം വചനത്തിന്റെ വിശദീകരണത്തിൽ നോക്കുക)

മനുഷ്യന്റെ വിവേകബുദ്ധിയും പക്വതയും അവന് നാല്പത് വയസ്സാകുന്നതോടെ അതിന്റെ പൂർണ്ണാവസ്ഥയിലെത്തുന്നു. (പ്രവാചകന്മാർക്ക് പ്രവാചകത്വം ലഭിക്കുന്നതും മിക്കവാറും നാല്പത് വയസ്സിലാണെന്നാണ് അറിയപ്പെടുന്നത്.) ആ നാൽപതിങ്കൽ എത്തുമ്പോൾ തിരിഞ്ഞു നോക്കുമ്പോൾ ഒരു വശത്ത് അവന്റെ മാതാപിതാക്കളേയും മറുവശത്ത് തന്റെ സന്താനങ്ങളേയും അവന് കാണാം. ഇരുകൂട്ടരുമായും തനിക്കുള്ള കടപ്പാടുകളും കടമകളും ഓർത്ത് കൊണ്ട് അവൻ പ്രാർത്ഥിക്കുന്ന വാക്കുകളാണ് 15-ാം വചനത്തിന്റെ അവസാനം അല്ലാഹു എടുത്ത് പറഞ്ഞിട്ടുള്ളത്. അവൻ തന്നെക്കുറിച്ചും തന്റെ മാതാപിതാക്കളെ കുറിച്ചും മക്കളെക്കുറിച്ചും ബോധവാനായിത്തീരുന്നു. എല്ലാവരുടെയും നന്മക്ക് വേണ്ടി അവൻ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ പ്രീതിയാണ് എല്ലാ നന്മയിൽ വെച്ചും അവൻ പ്രധാനമായി കാണുന്നതും.

സത്യവിശ്വാസിയായ ഇങ്ങനെയുള്ള വിശിഷ്ടന്മാർക്ക് അല്ലാഹുവിങ്കൽ നിന്ന് ലഭിക്കാനിരിക്കുന്ന നേട്ടങ്ങളെക്കുറിച്ചുള്ള സത്യവാഗ്ദാനം അല്ലാഹു തുടർന്ന് വിവരിച്ചിരിക്കുന്നു. അങ്ങനെയുള്ള ഭാഗ്യവാന്മാരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തട്ടെ. (ആമീൻ)

**വചനം 17,18,19 :**

وَٱلَّذِى قَالَ لِوَٰلِدَيْهِ أُفٍّ لَّكُمَآ أَتَعِدَانِنِىٓ أَنْ أُخْرَجَ وَقَدْ خَلَتِ ٱلْقُرُونُ مِن قَبْلِى وَهُمَا يَسْتَغِيثَانِ ٱللَّهَ وَيْلَكَ ءَامِنْ إِنَّ وَعْدَ ٱللَّهِ حَقٌّ فَيَقُولُ مَا هَٰذَآ إِلَّآ أَسَٰطِيرُ ٱلْأَوَّلِينَ ﴿١٧﴾

17 തൻെറ മാതാപിതാക്കളോട് (ഇപ്രകാരം) പറയുന്നവനാകട്ടെ, “ച്ഛെ! നിങ്ങൾ രണ്ടാളും!” (എനിക്ക് നിങ്ങളോട് അറപ്പും വെറുപ്പും തോന്നുന്നു!) എൻെറ മുമ്പ് (പല) തലമുറകൾ കഴിഞ്ഞുപോയിട്ടുണ്ട്. (ആരും പുറത്തു വന്നിട്ടില്ല.) എന്നിരിക്കെ, ഞാൻ (മരണശേഷം) പുറത്തു കൊണ്ടുവരപ്പെടുമെന്ന് നിങ്ങൾ എന്നെ താക്കീത് ചെയ്യുകയോ?!” അവർ രണ്ടുപേരുമാകട്ടെ, അല്ലാഹുവിനോട് സഹായമർത്ഥിച്ചുകൊണ്ടുമിരിക്കുന്നു; (അവർ പറയുന്നു;) “നിൻെറ നാശം! നീ വിശ്വസിച്ചേക്കുക! നിശ്ചയമായും അല്ലാഹുവിൻെറ വാഗ്ദത്തം യഥാർത്ഥമാണ്;” അപ്പോൾ അവൻ പറയുന്നു: “ഇത് പൂർവ്വികൻമാരുടെ പുരാണകഥകളല്ലാതെ (മറ്റൊന്നും) അല്ല;”

أُو۟لَٰٓئِكَ ٱلَّذِينَ حَقَّ عَلَيْهِمُ ٱلْقَوْلُ فِىٓ أُمَمٍ قَدْ خَلَتْ مِن قَبْلِهِم مِّنَ ٱلْجِنِّ وَٱلْإِنسِ ۖ إِنَّهُمْ كَانُوا۟ خَٰسِرِينَ ﴿١٨﴾

18 (ഇങ്ങിനെയുള്ള) അക്കൂട്ടർ, തങ്ങളുടെ മേൽ (ശിക്ഷയുടെ) വാക്ക് യഥാർത്ഥമായിത്തീർന്നിട്ടുള്ളവരത്രെ; (അതെ) ജിന്നുകളിൽനിന്നും മനുഷ്യരിൽ നിന്നും അവരുടെ മുമ്പ് കഴിഞ്ഞുപോയ സമുദായങ്ങളുടെ കൂട്ടത്തിൽ!

(കാരണം) നിശ്ചയമായും, അവര്‍ നഷ്ട പ്പെട്ടവരാകുന്നു.

19 എല്ലാവര്‍ക്കുമുണ്ട് അവര്‍ പ്രവര്‍ത്തിച്ചത നുസരിച്ച് പദവികള്‍. (അതുകൊണ്ടും) അവര്‍ക്ക് അവരുടെ പ്രവര്‍ത്തനങ്ങള്‍ക്ക് (പ്രതിഫലം) നിറവേറ്റിക്കൊടുക്കുവാന്‍വേ ണ്ടിയും ആകുന്നു (അത്). അവര്‍ അക്രമിക്ക പ്പെടുകയില്ലതാനും.

وَلِكُلٍّ دَرَجَٰتٌ مِّمَّا عَمِلُوا۟ ۖ وَلِيُوَفِّيَهُمْ أَعْمَٰلَهُمْ وَهُمْ لَا يُظْلَمُونَ ﴿١٩﴾

സത്യവിശ്വാസികളായ മാതാപിതാക്കളും, അവിശ്വാസിയും മാതാപിതാക്കളോട് പരുഷമായി പെരു മാറുന്നവനുമായ ഒരു മകനും തമ്മില്‍ നടക്കുന്ന സംഭാഷണമാതൃക അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

തന്നെ സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന മാതാപിതാക്കളോട് അറപ്പും വെറുപ്പും പ്രകടി പ്പിച്ച് കൊണ്ടും, കയര്‍ത്തു കൊണ്ടും കുതര്‍ക്കം പറയുകയാണ് മകന്‍. മരണാനന്തര ജീവിതത്തെ നിഷേധിച്ച് കൊണ്ടും ഇതിന് മുമ്പ് കഴിഞ്ഞുപോയ എത്രയോ തലമുറകള്‍ തിരിച്ച് വന്നിട്ടില്ലെന്ന് വാദിച്ച് കൊണ്ടും അവന്‍ അവരോട് തട്ടിക്കയറുകയാണ്. മകന്റെ ഭാവിയെക്കുറിച്ച് ആശങ്കാകുലരായ മാതാപി താക്കള്‍ അവനെ വീണ്ടും വീണ്ടും ഉപദേശിക്കുകയും അല്ലാഹുവിനോട് പ്രാര്‍ത്ഥിക്കുകയും ചെയ്യുന്നു എന്നാല്‍ അവനാകട്ടെ, ഇതെല്ലാം പൂര്‍വ്വികന്മാരുടെ പുരാണ കഥകളാണെന്ന് പറഞ്ഞ്കൊണ്ട് സ്വയം ജയഭേരി മുഴക്കുകയാണ് ചെയ്യുന്നത്.

അല്ലാഹു ഉപമാ രൂപത്തില്‍ വിവരിച്ച ഇത്തരം സംഭവങ്ങള്‍ ഇന്നത്തെകാലത്ത് ധാരാളമായി നമ്മുടെ സമൂഹത്തില്‍ കണ്ട് വരുന്നുവെന്നത് ഒരു യാഥാര്‍ത്ഥ്യമാകുന്നു.

പരലോക നിഷേധികളായിക്കൊണ്ട് ജിന്ന് വര്‍ഗ്ഗത്തിലും മനുഷ്യ വര്‍ഗ്ഗത്തിലുംപെട്ട എത്രയോ പേര്‍ കഴിഞ്ഞ്പോയിട്ടുണ്ട്. അവരെല്ലാം, അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രീഭൂതരായിക്കഴിഞ്ഞു; അക്കൂട്ട ത്തില്‍ ഈ ഭൗതികവാദികളും ഉള്‍പ്പെടുന്നു. ഓരോരുത്തരുടെയും കര്‍മ്മഫലങ്ങള്‍, നല്ലതാകട്ടെ, ചീത്ത യാകട്ടെ- അവന്‍ ശരിക്കും നീതി നിഷ്ഠയോടെ പൂര്‍ത്തിയാക്കിക്കൊടുക്കാതിരിക്കുകയില്ല.

<u>**വചനം 20 :**</u>

20 അവിശ്വസിച്ചവര്‍ നരകത്തിങ്കല്‍ പ്രദര്‍ശിപ്പി ക്കപ്പെടുന്ന ദിവസം (അവരോട് പറയപ്പെടും): "നിങ്ങളുടെ വിശിഷ്ടവസ്തുക്കളെ(ല്ലാം) നിങ്ങളുടെ ഐഹികജീവിതത്തില്‍ വെച്ച് നിങ്ങള്‍ പാഴാക്കിക്കളയുകയും, അവകൊണ്ട് നിങ്ങള്‍ സുഖമെടുക്കുകയും ചെയ്തു. ഇനി, ഇന്ന് നിങ്ങള്‍ക്ക് നിന്ദ്യതയുടെ ശിക്ഷ പ്രതി ഫലം നല്‍കപ്പെടുന്നു; (കാരണം:) നിങ്ങള്‍, ഭൂമിയില്‍ ന്യായമല്ലാത്തവിധം അഹംഭാവം നടിച്ചിരുന്നതുകൊണ്ടും, നിങ്ങള്‍ തോന്നി യവാസം പ്രവര്‍ത്തിച്ചിരുന്നതുകൊണ്ടും (തന്നെ).

وَيَوْمَ يُعْرَضُ ٱلَّذِينَ كَفَرُوا۟ عَلَى ٱلنَّارِ أَذْهَبْتُمْ طَيِّبَٰتِكُمْ فِى حَيَاتِكُمُ ٱلدُّنْيَا وَٱسْتَمْتَعْتُم بِهَا فَٱلْيَوْمَ تُجْزَوْنَ عَذَابَ ٱلْهُونِ بِمَا كُنتُمْ تَسْتَكْبِرُونَ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ وَبِمَا كُنتُمْ تَفْسُقُونَ ﴿٢٠﴾

ഭൂമിയില്‍ വെച്ച് നിങ്ങള്‍ക്ക് ലഭിച്ച എല്ലാ വസ്തുക്കളെയും, നിങ്ങളുടെ ഐഹിക സുഖങ്ങള്‍ക്കും അന്തസ്സിനും വേണ്ടി നിങ്ങള്‍ വിനിയോഗിച്ച് നശിപ്പിച്ചു. നിങ്ങളുടെ ഭാവിക്ക് പ്രയോജനപ്പെടുമാറ് അവ യൊന്നും നിങ്ങള്‍ കൈകാര്യം ചെയ്തില്ല. മരണാനന്തര ജീവിതത്തെ പറ്റി ചിന്തിച്ചതേയില്ല. അത്കൊണ്ട് ഇനി നിങ്ങള്‍ക്ക് അങ്ങേഅറ്റം അപമാനത്തിന്റെയും നിന്ദ്യതയുടെയും ശിക്ഷയാണ് ഇവിടെ ലഭിക്കുവാ നുള്ളത്.- എന്ന് സാരം.

## വിഭാഗം 3

**വചനം 21 :**

۞ وَٱذۡكُرۡ أَخَا عَادٍ إِذۡ أَنذَرَ قَوۡمَهُۥ بِٱلۡأَحۡقَافِ وَقَدۡ خَلَتِ ٱلنُّذُرُ مِنۢ بَيۡنِ يَدَيۡهِ وَمِنۡ خَلۡفِهِۦٓ أَلَّا تَعۡبُدُوٓاْ إِلَّا ٱللَّهَ إِنِّيٓ أَخَافُ عَلَيۡكُمۡ عَذَابَ يَوۡمٍ عَظِيمٖ ٢١

21 ആദ് (ഗോത്രത്തി)ൻെറ സഹോദരനെ (ഹൂദിനെ) ഓർമ്മിക്കുക. അതായത്, 'അഹ്ഖാഫി'ൽവെച്ച് അദ്ദേഹം തൻെറ ജനതയെ താക്കീതുചെയ്ത സന്ദർഭം; അദ്ദേഹത്തിൻെറ മുമ്പിലും പിമ്പിലും (പല) താക്കീതുകാർ കഴിഞ്ഞുപോയിട്ടുമുണ്ട്, "നിങ്ങൾ അല്ലാഹുവിനെയല്ലാതെ ആരാധിക്കരുത്; നിശ്ചയമായും ഞാൻ നിങ്ങളുടെമേൽ വമ്പിച്ച ഒരു ദിവസത്തെ ശിക്ഷയെ ഭയപ്പെടുന്നു"എന്ന്.

യമനിന്റെയും ഹളർ മൗത്തിന്റെയും ഇടയ്ക്ക് സ്ഥിതി ചെയ്യുന്ന മണൽ ഭൂമികളാണ് അഹ്ഖാഫ് പ്രദേശം. ഹൂദ്(അ) നബിയുടെ ജനതയായ ആദ് ഗോത്രത്തിന്റെ വാസസ്ഥലമായിരുന്നു അത്. അദ്ദേഹം അവരെ തൌഹീദിലേക്ക് ക്ഷണിക്കുകയും അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് താക്കീത് നൽകുകയും ചെയ്തു. (സൂ: ഹൂദ് 50-59 വചനങ്ങളും സൂ: ശുഅറാഅ് 123-140 വചനങ്ങളും നോക്കുക)

**വചനം 22,23 :**

قَالُوٓاْ أَجِئۡتَنَا لِتَأۡفِكَنَا عَنۡ ءَالِهَتِنَا فَأۡتِنَا بِمَا تَعِدُنَآ إِن كُنتَ مِنَ ٱلصَّٰدِقِينَ ٢٢

22 അവർ പറഞ്ഞു: "ഞങ്ങളുടെ ആരാധ്യൻമാരിൽ (ദൈവങ്ങളിൽ) നിന്ന് ഞങ്ങളെ തിരിച്ചുവിടുവാൻവേണ്ടി നീ ഞങ്ങളുടെ അടുക്കൽ വന്നിരിക്കുകയാണോ?! എന്നാൽ, നീ ഞങ്ങളോട് വാഗ്ദത്തം ചെയ്യുന്നത് (താക്കീത് ചെയ്യുന്ന ശിക്ഷ) ഞങ്ങൾക്ക് കൊണ്ടുവന്നു തരിക- നീ സത്യവാൻമാരിൽ പെട്ടവനാണെങ്കിൽ!"

قَالَ إِنَّمَا ٱلۡعِلۡمُ عِندَ ٱللَّهِ وَأُبَلِّغُكُم مَّآ أُرۡسِلۡتُ بِهِۦ وَلَٰكِنِّيٓ أَرَىٰكُمۡ قَوۡمٗا تَجۡهَلُونَ ٢٣

23 അദ്ദേഹം പറഞ്ഞു: "നിശ്ചയമായും, (അതിൻെറ) അറിവ് അല്ലാഹുവിങ്കൽ മാത്രമാണ്. ഞാൻ യാതൊന്നുമായി നിയോഗിച്ചയക്കപ്പെട്ടിരിക്കുന്നുവോ അത് നിങ്ങൾക്ക് എത്തിച്ചുതരുകയാണ്. പക്ഷേ, വിഡ്ഢിത്തം ചെയ്യുന്ന (അഥവാ വിവരമില്ലാത്ത) ഒരു ജനതയായി നിങ്ങളെ ഞാൻ കാണുന്നു."

ഹൂദ്(അ) നബിയുടെ ഉപദേശത്തിന്റെയും അതിന് അവരിൽ നിന്നുണ്ടായ നിഷേധത്തിന്റെയും പ്രതികരണത്തിന്റെയും രത്നച്ചുരുക്കമാണീ വചനങ്ങളിൽ.

**വചനം 24,25 :**

فَلَمَّا رَأَوۡهُ عَارِضٗا مُّسۡتَقۡبِلَ أَوۡدِيَتِهِمۡ قَالُواْ هَٰذَا عَارِضٞ مُّمۡطِرُنَاۚ بَلۡ هُوَ مَا ٱسۡتَعۡجَلۡتُم بِهِۦۖ رِيحٞ فِيهَا عَذَابٌ أَلِيمٞ ٢٤

24 അങ്ങനെ, അത് (ആ ശിക്ഷ) തങ്ങളുടെ താഴ്വരകളെ അഭിമുഖീകരിച്ചുകൊണ്ട് (വെളിപ്പെട്ട) ഒരു മേഘമായിക്കണ്ടപ്പോൾ അവർ പറഞ്ഞു: "ഇതാ, നമുക്ക് മഴ നൽകുന്ന ഒരു മേഘം (വെളിപ്പെടുന്നു)!" "(അല്ല-) പക്ഷേ, അത് നിങ്ങൾ യാതൊന്നിനെപ്പറ്റി ധൃതികൂട്ടിയോ അതാണ്; (അതെ) വേദനയേറിയ ശിക്ഷ ഉൾക്കൊള്ളുന്ന ഒരു (ഭയങ്കര) കാറ്റ്!

تُدَمِّرُ كُلَّ شَيْءٍ بِأَمْرِ رَبِّهَا فَأَصْبَحُوا لَا يُرَىٰٓ إِلَّا مَسَٰكِنُهُمْ كَذَٰلِكَ نَجْزِى ٱلْقَوْمَ ٱلْمُجْرِمِينَ ﴿٢٥﴾

25 "(ആ കാറ്റ്) അതിൻെറ റബ്ബിൻെറ കല്പന പ്രകാരം എല്ലാ വസ്തുക്കളെയും തകർത്ത് (നശിപ്പിച്ചു) കളയും!" അങ്ങനെ അവർ, പ്രഭാതവേളയിൽ തങ്ങളുടെ വാസസ്ഥല ങ്ങളല്ലാതെ (മറ്റൊന്നും) കാണപ്പെടാത്ത വിധത്തിലായിത്തീർന്നു. കുറ്റവാളികളായ ജനതക്ക് അപ്രകാരം നാം പ്രതിഫലം കൊടുക്കുന്നു.

ആ നിഷേധികൾക്ക് വന്ന് ഭവിച്ച ശിക്ഷയെക്കുറിച്ചാണീ വചനങ്ങളിൽ. ഏഴ് രാവും എട്ട് പകലും നീണ്ട് നിന്ന അത്യുഗ്രമായ ആ കൊടുങ്കാറ്റ് അവരെ മുഴുവനും നാമാവശേഷമാക്കി. അവരുടെ വാസസ്ഥല മായ ആ പ്രദേശം ഒഴിച്ച് മറ്റെല്ലാം തകർത്ത് നശിപ്പിക്കപ്പെട്ടു.

ആയിശ(റ) നിവേദനം ചെയ്ത ഒരു ഹദീസിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"ശക്തിയായി കാറ്റടിച്ച് തുടങ്ങിയാൽ നബി(സ) ഇപ്രകാരം പറയുമായിരുന്നു- അല്ലാഹുവേ ഇതിന്റെ ഗുണവും, ഇതുൾക്കൊള്ളുന്നതിന്റെ ഗുണവും ഞാൻ നിന്നോട് ചോദിക്കുന്നു: ഇതിന്റെ ദോഷ ത്തിൽ നിന്നും ഇതുൾക്കൊള്ളുന്നതിന്റെ ദോഷത്തിൽ നിന്നും, ഞാൻ നിന്നോട് ശരണം തേടുന്നു."

ആപൽ സാധ്യതയുള്ള വല്ല സംഭവങ്ങളും കാണുമ്പോൾ ആപത്തിനെ ഭയപ്പെടുകയും, വിനയ ത്തോടും ഭക്തിയോടും കൂടി അല്ലാഹുവിനോട് രക്ഷക്ക് അപേക്ഷിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

<u>വചനം 26 :</u>

وَلَقَدْ مَكَّنَّٰهُمْ فِيمَآ إِن مَّكَّنَّٰكُمْ فِيهِ وَجَعَلْنَا لَهُمْ سَمْعًا وَأَبْصَٰرًا وَأَفْـِٔدَةً فَمَآ أَغْنَىٰ عَنْهُمْ سَمْعُهُمْ وَلَآ أَبْصَٰرُهُمْ وَلَآ أَفْـِٔدَتُهُم مِّن شَيْءٍ إِذْ كَانُوا۟ يَجْحَدُونَ بِـَٔايَٰتِ ٱللَّهِ وَحَاقَ بِهِم مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٢٦﴾

26 നിങ്ങൾക്ക് നാം സൗകര്യപ്പെടുത്തിത്തന്നിട്ടി ല്ലാത്ത വിഷയത്തിൽ (പലതിലും) തീർച്ച യായും അവർക്ക് (ആദിന്) നാം സൗകര്യം നൽകുകയുണ്ടായി. അവർക്ക് നാം കേൾ വിയും, കാഴ്ചയും ഹൃദയവും നൽകിയി രുന്നു. എന്നാൽ, അവരുടെ കേൾവിയാകട്ടെ, കാഴ്ചയാകട്ടെ, ഹൃദയമാകട്ടെ, ഒട്ടും തന്നെ അവർക്ക് ഉപകരിച്ചില്ല; അല്ലാഹുവിൻെറ 'ആയത്ത്' (ലക്ഷ്യദൃഷ്ടാന്തം) കളെ അവർ നിഷേധിച്ചുകൊണ്ടിരുന്നതിനാൽ! ഏതൊ ന്നിനെക്കുറിച്ചു അവർ പരിഹസിച്ചുകൊണ്ടി രുന്നുവോ അത് (ആ ശിക്ഷ)അവരിൽ വലയം ചെയ്കയും ചെയ്തു.

അവിശ്വാസികളെ അഭിമുഖീകരിച്ച് കൊണ്ടുള്ളതാണ് അല്ലാഹുവിന്റെ ഈ താക്കീത്.

ഭൗതികമായ പല സൗകര്യങ്ങളും അല്ലാഹു നിങ്ങളേക്കാൾ കൂടുതലായി അവർക്ക് (ആദ് ഗോത്രത്തിന്) നൽകി. കാര്യങ്ങൾ കണ്ടറിയാനുള്ള കണ്ണും, കാതും, ഹൃദയവും, ബുദ്ധിശക്തിയും എല്ലാം അവർക്കുണ്ടായിരുന്നു. എന്നാൽ അവർ നമ്മുടെ സന്ദേശങ്ങളെയും ദൃഷ്ടാന്തങ്ങളേയും താക്കീതുക ളേയും പരിഹസിക്കുകയാണുണ്ടായത്. അങ്ങനെ അവർക്ക് താക്കീത് ചെയ്യപ്പെട്ട ശിക്ഷ അവരെ വലയം ചെയ്യുകയും ചെയ്തു.

**വിഭാഗം 4**

**വചനം 27,28 :**

وَلَقَدۡ أَهۡلَكۡنَا مَا حَوۡلَكُم مِّنَ ٱلۡقُرَىٰ وَصَرَّفۡنَا ٱلۡأٓيَٰتِ لَعَلَّهُمۡ يَرۡجِعُونَ ﴿٢٧﴾

فَلَوۡلَا نَصَرَهُمُ ٱلَّذِينَ ٱتَّخَذُواْ مِن دُونِ ٱللَّهِ قُرۡبَانًا ءَالِهَةَۢۖ بَلۡ ضَلُّواْ عَنۡهُمۡۚ وَذَٰلِكَ إِفۡكُهُمۡ وَمَا كَانُواْ يَفۡتَرُونَ ﴿٢٨﴾

27 നിങ്ങളുടെ ചുറ്റുപാടുമുള്ള(ചില) രാജ്യങ്ങളെയും നാം നശിപ്പിക്കുകയുണ്ടായിട്ടുണ്ട്; അവർ (ആ രാജ്യക്കാർ) മടങ്ങുവാൻ വേണ്ടി, 'ആയത്തു' (ലക്ഷ്യം) കളെ നാം വിവിധ രൂപത്തിൽ വിവരിക്കുകയും ചെയ്തു. (അവർ സ്വീകരിച്ചില്ല. അതാണ് കാരണം.)

28 അല്ലാഹുവിനുപുറമെ (അവങ്കലേക്ക്) ഒരു സാമീപ്യകർമ്മമായിക്കൊണ്ട് ആരാധ്യൻമാരായി അവർ സ്വീകരിച്ചുവെച്ചവർ, അപ്പോൾ എന്തുകൊണ്ട് അവരെ സഹായിച്ചില്ല?! പക്ഷേ, (അത്രയുമല്ല) അവർ തങ്ങളെ വിട്ട് തെറ്റി(മറഞ്ഞു) പോയി. അത്, അവരുടെ കള്ള (വാദ) വും, അവർ കെട്ടിച്ചമച്ചിരുന്നതുമത്രെ.

അൽഹിജ്റിലെ നിവാസികളായിരുന്ന ഥമൂദ് ഗോത്രം, ഫലസ്തീനിലെ സോദോം നിവാസികളായിരുന്ന ലൂത്ത്(അ) നബിയുടെ ജനത, യമനിലും മദ്‌യനിലും വസിച്ചിരുന്ന സബഉ് ഗോത്രങ്ങൾ മുതലായവരെയെല്ലാമാണ് 'നിങ്ങളുടെ ചുറ്റുപാടിലുള്ളവർ' എന്ന് വിവരിച്ചത്. തങ്ങൾ ആരാധിച്ച് പോന്ന ദൈവങ്ങൾ തങ്ങൾക്ക് അല്ലാഹുവിങ്കൽ സാമീപ്യസ്ഥാനം നേടിത്തരുമെന്ന് ആ മുശ്രിക്കുകളെല്ലാം വിശ്വസിച്ചിരുന്നു. എന്നാൽ ശിക്ഷ പിടികൂടിയപ്പോൾ, ആ ദൈവങ്ങളുടെ യാതൊരു സഹായവും അവർക്ക് ലഭിച്ചില്ലെ ന്ന് മാത്രമല്ല, അവരെ ആ ഘട്ടത്തിൽ കണ്ടെത്തുവാൻ പോലും അവർക്ക് കഴിഞ്ഞില്ല. അപ്പോൾ അവരുടെ വിശ്വാസവും വാദവും എല്ലാം തനി അസത്യവും കെട്ടിച്ചമച്ചതും ആയിരുന്നുവെന്നത് തീർച്ച തന്നെ.

**വചനം 29 :**

وَإِذۡ صَرَفۡنَآ إِلَيۡكَ نَفَرًا مِّنَ ٱلۡجِنِّ يَسۡتَمِعُونَ ٱلۡقُرۡءَانَ فَلَمَّا حَضَرُوهُ قَالُوٓاْ أَنصِتُواْۖ فَلَمَّا قُضِيَ وَلَّوۡاْ إِلَىٰ قَوۡمِهِم مُّنذِرِينَ ﴿٢٩﴾

29 (നബിയേ) ഖുർആൻ ശ്രദ്ധിച്ചുകേട്ടുംകൊണ്ട് ജിന്നുകളിൽനിന്നുള്ള ഒരു കൂട്ടരെ (ചെറുസംഘത്തെ) നിൻെറ അടുക്കലേക്ക് നാം തിരിച്ചുവിട്ട സന്ദർഭം (ഓർക്കുക). എന്നിട്ട്, അതിന്നടുക്കൽ അവർ ഹാജറായപ്പോൾ, "നിശ്ശബ്ദമായിരിക്കുവിൻ" എന്ന് അവർ (തമ്മിൽ) പറഞ്ഞു. അങ്ങനെ, അത് (പാരായണം) നിർവ്വഹിക്കപ്പെട്ടു കഴിഞ്ഞപ്പോൾ, തങ്ങളുടെ ജനതയുടെ അടുത്തേക്ക് താക്കീത് നൽകുന്നവരായും കൊണ്ട് അവർ തിരിച്ചുപോയി.

മനുഷ്യവർഗ്ഗത്തിലുള്ളതു പോലെ ജിന്നുവർഗ്ഗത്തിലും സത്യവിശ്വാസികളും സത്യനിഷേധികളും ഉണ്ട്. നബി(സ)യുടെ ദൗത്യം ഒരു പ്രകാരത്തിൽ അവരിലേക്കും ഉണ്ടായിരുന്നു.

നബി(സ)യിൽ നിന്നും ഖുർആൻ പാരായണം ശ്രദ്ധിച്ച് കേട്ട ജിന്നുകളുടെ ഒരു ചെറിയ സംഘം, അതിൽ ആവേശഭരിതരായിക്കൊണ്ട് സ്വജനങ്ങളിലേക്ക്, അവരെ സന്മാർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നതിനായി, തിരിച്ച് പോയി.

**വചനം 30 :**

قَالُوا۟ يَـٰقَوْمَنَآ إِنَّا سَمِعْنَا كِتَـٰبًا أُنزِلَ مِنۢ بَعْدِ مُوسَىٰ مُصَدِّقًا لِّمَا بَيْنَ يَدَيْهِ يَهْدِىٓ إِلَى ٱلْحَقِّ وَإِلَىٰ طَرِيقٍ مُّسْتَقِيمٍ ﴿٣٠﴾

30 അവർ പറഞ്ഞു: “ഞങ്ങളുടെ സമുദായമേ, നിശ്ചയമായും, ഞങ്ങൾ ഒരു വേദഗ്രന്ഥം (പാരായണം ചെയ്യപ്പെടുന്നത്) കേട്ടു, അത്, അതിൻെറ മുമ്പിലുള്ളതിനെ (മുൻവേദഗ്രന്ഥങ്ങളെ) സത്യമാക്കിക്കൊണ്ട് മൂസാ(നബി)ക്ക് ശേഷം അവതരിപ്പിക്കപ്പെട്ടിരിക്കയാണ്. യഥാർത്ഥത്തിലേക്കും, ചൊവ്വായ (നേർ) മാർഗ്ഗത്തിലേക്കും അത് വഴികാട്ടുന്നു.”

“മൂസാ(അ) നബിയുടെ ശേഷം അവതരിക്കപ്പെട്ട ഗ്രന്ഥം” എന്ന് പറഞ്ഞതിൽ നിന്ന് ആ ജിന്നുകൾ തൌറാത്തിന്റെ അനുയായികളാണെന്ന് അനുമാനിക്കുവാൻ ന്യായമുണ്ട്. ഇവർ യഹൂദരായിരുന്നുവെന്ന് പ്രസ്താവിക്കപ്പെട്ട് കാണുന്നതും ഇത് കൊണ്ടായിരിക്കും. മുൻവേദഗ്രന്ഥങ്ങളിൽ-ഒരു ശരീഅത്ത് നിയമ സംഹിത എന്ന നിലക്കും മറ്റും - തൌറാത്തിനുള്ള മുൻഗണന നിമിത്തമാണ് അങ്ങനെ പറഞ്ഞതെന്നും വരാൻ സാധ്യതയുണ്ട്. **الله اعلم**

**വചനം 31,32 :**

يَـٰقَوْمَنَآ أَجِيبُوا۟ دَاعِىَ ٱللَّهِ وَءَامِنُوا۟ بِهِۦ يَغْفِرْ لَكُم مِّن ذُنُوبِكُمْ وَيُجِرْكُم مِّنْ عَذَابٍ أَلِيمٍ ﴿٣١﴾

31 “ഞങ്ങളുടെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിൻെറ ക്ഷണകർത്താവിന്(ദൂതന്)ഉത്തരം നൽകുവിൻ; അദ്ദേഹത്തിൽ വിശ്വസിക്കുകയും ചെയ്യുവിൻ; എന്നാലവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരുകയും, വേദനയേറിയ ശിക്ഷയിൽനിന്ന് നിങ്ങളെ കാക്കുകയും ചെയ്യുന്നതാണ്.

وَمَن لَّا يُجِبْ دَاعِىَ ٱللَّهِ فَلَيْسَ بِمُعْجِزٍ فِى ٱلْأَرْضِ وَلَيْسَ لَهُۥ مِن دُونِهِۦٓ أَوْلِيَآءُ ۚ أُو۟لَـٰٓئِكَ فِى ضَلَـٰلٍ مُّبِينٍ ﴿٣٢﴾

32 ആരെങ്കിലും, അല്ലാഹുവിൻെറ ക്ഷണകർത്താവിന് ഉത്തരം ചെയ്യാതിരുന്നാൽ അവൻ ഭൂമിയിൽ വെച്ച് (അല്ലാഹുവിനെ) തോൽപിക്കുന്നവനൊന്നുമല്ല; അവന് പുറമെ യാതൊരു രക്ഷാകർത്താക്കളും തനിക്ക് ഉണ്ടാവുകയില്ലതാനും. അക്കൂട്ടർ സ്പഷ്ടമായ വഴിപിഴവിലാകുന്നു.

ഇബ്നു അബ്ബാസ്(റ) പറഞ്ഞതായി പ്രമുഖ ഹദീസ് പണ്ഡിതന്മാർ -ബുഖാരി, മുസ്ലീം, അഹ്മദ്: തിർമദീ, നസാഈ(റ)- ഉദ്ധരിച്ച ഒരു ഹദീസിന്റെ ചുരുക്കം ഇപ്രകാരമാകുന്നു:

ചില സഹാബികളുമൊന്നിച്ച് നബി(സ) ‘സൂഖുഉക്കാളി’ലേക്ക് പോയി. പിശാചുക്കൾ ആകാശത്ത് നിന്ന് കട്ട് കേൾക്കുന്നത് അഗ്നിജ്വാലമൂലം തടയപ്പെട്ടിട്ടുണ്ടായിരുന്നു. (സൂ ജിന്ന് 8, 9 വചനങ്ങൾ നോക്കുക) ഇതിന്റെ കാരണം അന്വേഷിച്ച് കൊണ്ട് പല ഭാഗത്തേക്കും പോയ ജിന്നുകളിൽ ഒരു വിഭാഗം നബി(സ)യും സഹാബികളും നഖ്ലയിലെത്തിയിരുന്നപ്പോൾ അവിടെ അവരുമായി ഒത്തുകൂടി. നമസ്കാരത്തിൽ തിരുമേനി ഖുർആൻ ഓതുന്നത് അവർ കേട്ടു. ഇത് തന്നെയാണ് (അന്ത്യപ്രവാചകൻ നിയോഗിക്കപ്പെട്ട് കഴിഞ്ഞതാണ്) തങ്ങൾ ആകാശത്ത് നിന്ന് കട്ട് കേൾക്കുന്നത് തടയപ്പെടുവാൻ കാരണമെന്ന് അവർ പറഞ്ഞു. അവർ തങ്ങളുടെ ജനതയിലേക്ക് മടങ്ങി ചെന്ന് അവരെ വിവരമറിയിക്കുകയും ഉപദേശിക്കുകയും ചെയ്തു.

ഈ വിവരം തിരുമേനി അറിഞ്ഞത് വഹ്യ് മുഖേനയായിരുന്നു.

എന്നാൽ മറ്റൊരു തവണയുണ്ടായ സംഭവം ഇബ്നു മസ്ഊദ്(റ) ഉദ്ധരിച്ചത് ഇപ്രകാരമാകുന്നു:

"തിരുമേനി ജിന്നുകളെ കണ്ട അവസരത്തിൽ ഞങ്ങൾ ഒരുമിച്ചുണ്ടായിരുന്നില്ല. ഒരു രാത്രി തിരുമേനിയെ ഞങ്ങളുടെ കൂട്ടത്തിൽ നിന്നും കാണാതായി. നേരം പുലർന്നപ്പോൾ നബി(സ) ഹിറാ മലയുടെ ഭാഗത്ത് നിന്ന് വരുകയുണ്ടായി. അവിടുന്ന് പറഞ്ഞു: "ജിന്നുകളുടെ ദൂതൻ എന്റെ അടുക്കൽ വന്നു എന്നെ ക്ഷണിച്ചു, ഞാൻ കൂടെ ചെന്ന് അവർക്ക് ഖുർആൻ ഓതികേൾപ്പിച്ചു." പിന്നീട് തിരുമേനി ഞങ്ങളെ കൂട്ടിക്കൊണ്ട് പോയി അവർ വന്നതിന്റെ ചില അടയാളങ്ങൾ കാട്ടിത്തന്നു."

ഇബ്നു കഥീർ(റ) തന്റെ തഫ്സീറിൽ, ജിന്നുകളുടെ വരവ് ഒന്നിലധികം തവണ ഉണ്ടായിട്ടുള്ളതായി വിവരിച്ചിട്ടുണ്ട്. നബി(സ) സ്വന്തമായിരുന്നപ്പോഴും, അല്ലാത്തപ്പോഴും വരവിനെ പറ്റി അറിഞ്ഞും അറിയാതെയും ഉണ്ടായിട്ടുണ്ടെന്നും മനസ്സിലാക്കാൻ സാധിക്കും. ചുരുങ്ങിയത് രണ്ട് പ്രാവശ്യമെങ്കിലും ഇങ്ങനെ സംഭവിച്ചിട്ടുണ്ടെന്നാണ് സൂക്ഷ്മാന്വേഷികളായ പല മഹാന്മാരുടെയും -ഇബ്നു അബ്ബാസ്(റ) അടക്കം- അഭിപ്രായം.

(കൂടുതൽ വിവരം സൂ: ജിന്നിൽ വായിക്കാവുന്നതാണ്.)

**വചനം 33,34 :**

أَوَلَمْ يَرَوْا۟ أَنَّ ٱللَّهَ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَلَمْ يَعْىَ بِخَلْقِهِنَّ بِقَٰدِرٍ عَلَىٰٓ أَن يُحْۦِىَ ٱلْمَوْتَىٰ ۚ بَلَىٰٓ إِنَّهُۥ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٣٣﴾

وَيَوْمَ يُعْرَضُ ٱلَّذِينَ كَفَرُوا۟ عَلَى ٱلنَّارِ أَلَيْسَ هَٰذَا بِٱلْحَقِّ ۖ قَالُوا۟ بَلَىٰ وَرَبِّنَا ۚ قَالَ فَذُوقُوا۟ ٱلْعَذَابَ بِمَا كُنتُمْ تَكْفُرُونَ ﴿٣٤﴾

33 അവർക്ക് കണ്ടുകൂടേ, ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുകയും, അവയെ സൃഷ്ടിച്ചതുകൊണ്ട് ക്ഷീണിക്കാതിരിക്കുകയും ചെയ്തവനായ അല്ലാഹു, മരണപ്പെട്ടവരെ ജീവിപ്പിക്കുവാൻ കഴിയുന്നവൻ തന്നെയാണെന്ന്?! അല്ലാതേ! നിശ്ചയമായും, അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവൻ തന്നെ.

34 അവിശ്വസിച്ചവർ നരകത്തിങ്കൽ പ്രദർശിപ്പിക്കപ്പെടുന്ന ദിവസം, (ചോദിക്കപ്പെടും:) "ഇത് യഥാർത്ഥം തന്നെയല്ലേ?!" അവർ പറയും: "(അതെ) അല്ലാതേ-ഞങ്ങളുടെ റബ്ബ് തന്നെയാണ (സത്യം)!" അവൻ (റബ്ബ്) പറയും: "എന്നാൽ, നിങ്ങൾ അവിശ്വസിച്ചുകൊണ്ടിരുന്നതു നിമിത്തം ശിക്ഷ ആസ്വദിച്ചുകൊള്ളുവിൻ!"

സത്യനിഷേധികളുടെ പര്യവസാനം മേൽവിവരിച്ച തരത്തിലായിരിക്കും. എങ്കിലും തൽക്കാലം ഭൂമിയിൽ വെച്ച് അവർ മൂലം സത്യവിശ്വാസികൾക്ക് കുറെ സ്വൈരക്കേടും ബുദ്ധിമുട്ടും അനുഭവപ്പെട്ടേക്കാമല്ലോ. അത്കൊണ്ട് ക്ഷമകൈകൊള്ളുവാൻ അല്ലാഹു നബി(സ)യെ ഉപദേശിക്കുന്നു.

**വചനം 35 :**

فَٱصْبِرْ كَمَا صَبَرَ أُو۟لُوا۟ ٱلْعَزْمِ مِنَ ٱلرُّسُلِ وَلَا تَسْتَعْجِل لَّهُمْ ۚ كَأَنَّهُمْ يَوْمَ يَرَوْنَ مَا يُوعَدُونَ لَمْ يَلْبَثُوٓا۟ إِلَّا سَاعَةً مِّن نَّهَارٍ ۚ بَلَٰغٌ ۚ فَهَلْ يُهْلَكُ إِلَّا ٱلْقَوْمُ ٱلْفَٰسِقُونَ ﴿٣٥﴾

35 ആകയാൽ, 'റസൂലു'കളാകുന്ന ദൃഢമനസ്കൻമാർ ക്ഷമിച്ചതുപോലെ, (നബിയേ) നീ ക്ഷമ കൈക്കൊള്ളുക; അവർക്കുവേണ്ടി നീ ധൃതിപ്പെടുകയും വേണ്ടാ. അവരോട് വാഗ്ദത്തം (താക്കീത്) ചെയ്യപ്പെടുന്ന കാര്യം (ശിക്ഷ) അവർ കാണുന്ന ദിവസം, ഒരു പകലിൻെറ ഒരു നാഴികനേരമല്ലാതെ അവർ (ഭൂമിയിൽ) താമസിച്ചിട്ടില്ലെന്ന പോലെയിരിക്കും. (ഇത്) ഒരു പ്രബോധന മത്രെ! എന്നാൽ, തോന്നിയവാസികളായ

ജനങ്ങളല്ലാതെ നാശത്തിലകപ്പെടുമോ?!
(ഇല്ല.)

'ദൃഢമനസ്കരായുള്ളവർ', എന്ന വിശേഷണം എല്ലാ മുർസലുകളേയും പൊതുവിൽ ഉദ്ദേശിച്ച് കൊണ്ടുള്ളതാണെന്നും അതല്ല, സൂ: അൻആം 83-90 വചനങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള പതിനെട്ട് മുർസലുകളെ ഉദ്ദേശിച്ചാണെന്നും അഭിപ്രായങ്ങളുണ്ട്. നമ്മുടെ നബി(സ)യും, നൂഹ്(അ), ഇബ്റാഹീം(അ), മൂസാ(അ), ഈസാ(അ) എന്ന അഞ്ച് റസൂലുകളാണെന്നും പ്രബലമായ ഒരു അഭിപ്രായവുമുണ്ട്. (സൂ: അഹ്സാബ് 7-ാം വചനത്തിലും, സൂ: ശൂറാ 13-ാം വചനത്തിലും ഈ അഞ്ച് പ്രവാചകന്മാരേയും അവരുടെ പേര് പറഞ്ഞ് കൊണ്ട് പ്രസ്താവിച്ചിട്ടുള്ള വസ്തുത ഓർക്കുമ്പോൾ ഈ അഭിപ്രായത്തിനാണ് കൂടുതൽ സ്വീകാര്യത കാണുന്നത്.) الله اعلم

പരലോക ജീവിതത്തിലെ ശിക്ഷകളുടെ കാഠിന്യം നേരിൽ അനുഭവിക്കുമ്പോൾ, മുമ്പ് തങ്ങൾക്ക് കഴിഞ്ഞ് പോയ ഐഹിക ജീവിതം, എത്രയോ തുഛമായി ദുർമാർഗ്ഗികൾക്ക് തോന്നും-അതെ, ഒരു പകലിന്റെ ഒരു നാഴിക നേരം, മാത്രമേ തങ്ങൾ ഭൂമിയിൽ താമസിച്ചിട്ടുള്ളൂ എന്നത് പോലെ.

സൂറത്തിന്റെ അവസാനത്തിലെ ചോദ്യം വളരെ അർത്ഥ ഗർഭമാകുന്നു. അല്ലാഹുവിന്റെ കല്പനകളെ ധിക്കരിച്ച് ദുർനടപ്പിലും തോന്നിയവാസത്തിലും കഴിഞ്ഞ് കൂടുന്നവർക്ക് കനത്ത ഒരു താക്കീതാകുന്നു അത്.

# 47. സൂറത്ത് - മുഹമ്മദ്

**മദീനയിൽ അവതരിച്ചത്**

വചനങ്ങൾ 38 വിഭാഗം (റുക്കൂഅ്) -4

രണ്ടാം വചനത്തിൽ തന്നെ മുഹമ്മദ് നബി(സ)യെകുറിച്ച് അല്ലാഹു പ്രസ്താവിക്കുന്നു. (സൂറത്തുൽ- ഖിതാൽ എന്നും ഈ സൂറത്തിന് പേരുണ്ട്. 4-ാം വചനത്തിൽ قتلو (കൊല്ലപ്പെട്ടവർ) എന്ന് അല്ലാഹു പരാമർശിക്കുന്നു.

**വിഭാഗം 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ — بسم الله الرحمن الرحيم

**വചനം 1,2,3 :**

1 അവിശ്വസിക്കുകയും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് (ജനങ്ങളെ) തടയുകയും ചെയ്തവർ (ആരോ) അവരുടെ കർമ്മങ്ങളെ അവൻ പാഴാക്കിക്കളയുന്നതാണ്.

ٱلَّذِينَ كَفَرُوا۟ وَصَدُّوا۟ عَن سَبِيلِ ٱللَّهِ أَضَلَّ أَعْمَـٰلَهُمْ ﴿١﴾

2 വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും, മുഹമ്മദിൻെറ മേൽ അവതരിക്കപ്പെട്ടതിൽ-അതാകട്ടെ, തങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള യഥാർത്ഥവുമാണ്-വിശ്വസിക്കുകയും ചെയ്തവരാകട്ടെ-അവരുടെ തിൻമകളെ അവരിൽ നിന്ന് അവൻ (മാപ്പ് നൽകി) മൂടിവെക്കുകയും, അവരുടെ സ്ഥിതി നന്നാക്കുകയും ചെയ്യും.

وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ وَءَامَنُوا۟ بِمَا نُزِّلَ عَلَىٰ مُحَمَّدٍ وَهُوَ ٱلْحَقُّ مِن رَّبِّهِمْ ۙ كَفَّرَ عَنْهُمْ سَيِّـَٔاتِهِمْ وَأَصْلَحَ بَالَهُمْ ﴿٢﴾

ذَٰلِكَ بِأَنَّ ٱلَّذِينَ كَفَرُواْ ٱتَّبَعُواْ ٱلْبَٰطِلَ وَأَنَّ ٱلَّذِينَ ءَامَنُواْ ٱتَّبَعُواْ ٱلْحَقَّ مِن رَّبِّهِمْ ۚ كَذَٰلِكَ يَضْرِبُ ٱللَّهُ لِلنَّاسِ أَمْثَٰلَهُمْ ﴿٣﴾

3 (കാരണം:) അത്, അവിശ്വസിച്ചവർ വ്യർത്ഥമായതിനെ പിൻപറ്റുകയും, വിശ്വസിച്ചവർ തങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള യഥാർത്ഥത്തെ പിൻപറ്റുകയും ചെയ്തിരിക്കകൊണ്ടാണ്. അപ്രകാരം, ജനങ്ങൾക്ക് അവരുടെ മാതിരികൾ അല്ലാഹു വിവരിച്ചുകൊടുക്കുന്നു.

രണ്ടാം വചനത്തിൽ 'വിശ്വസിച്ചു' എന്ന് പൊതുവെ പറഞ്ഞ ശേഷം മുഹമ്മദ് നബി(സ)ക്ക് അവതരിക്കപ്പെട്ടതിലും വിശ്വസിച്ചു എന്ന് പ്രത്യേകം എടുത്ത് പറഞ്ഞിരിക്കുന്നു. പൂർവ്വ വേദങ്ങളിലും മുൻ പ്രവാചകന്മാരിലും എല്ലാം വിശ്വസിക്കുന്നതോടൊപ്പം, ഓരോ സത്യവിശ്വാസിയും നബി(സ)ക്ക് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമാകുന്ന ഖുർആനിൽ പ്രത്യേകമായും വിശ്വസിക്കേണ്ടതുണ്ട്.

സത്യവിശ്വാസികളുടെയും അവിശ്വാസികളുടെയും സ്ഥിതി ഗതികൾ ഈ വചനങ്ങളിൽ വിവരിച്ച ശേഷം, അവിശ്വാസികളുമായുള്ള സംഘട്ടന സന്ദർഭങ്ങളിൽ വിശ്വാസികൾ സ്വീകരിക്കേണ്ട, നയങ്ങളെ പറ്റി അല്ലാഹു തുടർന്ന് വിവരിക്കുന്നു.

**വചനം 4,5,6 :**

فَإِذَا لَقِيتُمُ ٱلَّذِينَ كَفَرُواْ فَضَرْبَ ٱلرِّقَابِ حَتَّىٰٓ إِذَآ أَثْخَنتُمُوهُمْ فَشُدُّواْ ٱلْوَثَاقَ فَإِمَّا مَنًّۢا بَعْدُ وَإِمَّا فِدَآءً حَتَّىٰ تَضَعَ ٱلْحَرْبُ أَوْزَارَهَا ۚ ذَٰلِكَ وَلَوْ يَشَآءُ ٱللَّهُ لَٱنتَصَرَ مِنْهُمْ وَلَٰكِن لِّيَبْلُوَاْ بَعْضَكُم بِبَعْضٍ ۗ وَٱلَّذِينَ قُتِلُواْ فِى سَبِيلِ ٱللَّهِ فَلَن يُضِلَّ أَعْمَٰلَهُمْ ﴿٤﴾

4 അതിനാൽ, നിങ്ങൾ അവിശ്വസിച്ചവരുമായി (യുദ്ധത്തിൽ) കണ്ടുമുട്ടിയാൽ, പിരടികൾ വെട്ടുക! അങ്ങനെ, നിങ്ങൾ അവരെ (നിർദ്ദയം) ബലഹീനമാക്കിയാൽ അപ്പോൾ ബന്ധനം മുറുക്കി (ശക്തമാക്കി) ക്കൊള്ളുവിൻ. എന്നിട്ട്-പിന്നീട്-ഒന്നുകിൽ ദാക്ഷിണ്യം ചെയ്യുക, ഒന്നുകിൽ തെണ്ടം (മോചന മൂല്യം) വാങ്ങിവിടുക; യുദ്ധം അതിൻെറ ഭാരങ്ങൾ (ഇറക്കി) വെക്കുന്നതുവരേക്കും (ഇങ്ങിനെ വേണം). അതാണ് (വേണ്ടത്). അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അവൻ (സ്വന്തം തന്നെ) അവരിൽ നിന്ന് (പ്രതികാരം നടത്തി) രക്ഷാനടപടി എടുക്കുമായിരുന്നു. എങ്കിലും, നിങ്ങളിൽ ചിലരെ, ചിലരെക്കൊണ്ട് പരീക്ഷണം ചെയ്വാൻവേണ്ടിയത്രെ (അത്). അല്ലാഹുവിൻെറ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവരാകട്ടെ, അവരുടെ കർമ്മങ്ങളെ അവൻ പാഴാക്കുന്നതേയല്ല.

سَيَهْدِيهِمْ وَيُصْلِحُ بَالَهُمْ ﴿٥﴾

5 അവൻ അവരെ (ലക്ഷ്യത്തിലേക്ക്) നയിച്ചുകൊള്ളുന്നതാണ്; അവരുടെ സ്ഥിതി നന്നാക്കുകയും ചെയ്യും."

وَيُدْخِلُهُمُ ٱلْجَنَّةَ عَرَّفَهَا لَهُمْ ﴿٦﴾

6 അവരെ അവൻ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും; അതവൻ അവർക്ക് (നേരത്തെ) പരിചയപ്പെടുത്തിയിരിക്കുന്നു.

ഈ വചനങ്ങളിൽ പ്രധാനപ്പെട്ട പല തത്വങ്ങളും നിയമങ്ങളും അടങ്ങിയിരിക്കുന്നു.

1) യുദ്ധം കൂടാതെ കഴിക്കുവാനാണ് മുസ്ലീംകളുടെ ആഗ്രഹമെങ്കിലും ശത്രുക്കളുമായി യുദ്ധത്തിൽ ഏറ്റുമുട്ടേണ്ടി വന്നാൽ കഴിവതും ശത്രുക്കളെ നിർദ്ദയം കൊലപ്പെടുത്തേണ്ടതാണ്.

2) അങ്ങനെ ശത്രുക്കളെ കഴിയുന്നത്ര ബലഹീനരാക്കിക്കഴിഞ്ഞാൽ, പിന്നെ കൈയിൽ കിട്ടിയവരെ യൊക്കെ, പിടിച്ച് ബന്ധനത്തിലാക്കുക- അവർക്ക് ബന്ധനത്തിൽ നിന്ന് ഉപായത്തിലോ മറ്റോ രക്ഷപ്പെടുവാൻ സാധിക്കാത്ത വിധം കർശനമായ രൂപത്തിൽ ബന്ധനത്തിലാക്കേണ്ടതാണ്. ശത്രുക്കളിൽ കൊല മൂലം ദൌർബല്യം നേരിടുന്നതിനു മുമ്പ് അവരെ ബന്ധനത്തിലാക്കുന്ന നയം പാടില്ലാത്തതാകുന്നു. ബദർ യുദ്ധത്തിൽ വെച്ച് ശത്രുക്കളിൽ പലരേയും ബന്ധനത്തിലാക്കുകയും മോചനമൂല്യം വാങ്ങി വിട്ടയക്കുകയും ചെയ്തതിനെ പറ്റി ആക്ഷേപിച്ച് കൊണ്ട്, സൂ: അൻഫാൽ-ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. (സൂ: അൻഫാൽ 67,68 വചനങ്ങളും വിശദീകരണവും നോക്കുക)

3) ബന്ധനത്തിലാക്കിക്കഴിഞ്ഞ ശേഷം ബന്ധനത്തിൽ അകപ്പെട്ടവരെ മുസ്ലീം നേതാവിന്റെ തീരുമാനമനുസരിച്ച് ഒന്നുകിൽ ദയാദാക്ഷിണ്യം കാണിച്ച് നിരുപാധികം വിട്ടയക്കാം അല്ലെങ്കിൽ, യുക്തമായ മോചനമൂല്യം വാങ്ങി വിട്ടയക്കാം.

4) മേൽ വിവരിച്ച നയം, ഇസ്ലാമിന്റെ ശത്രുക്കൾ പൂർണ്ണമായി കീഴടങ്ങുകയോ, മുസ്ലീകളുമായി സഖ്യത്തിലും സമാധാനത്തിലും  കഴിഞ്ഞ് കൂടുകയോ, വഴി യുദ്ധഭാരം അവസാനിക്കുന്ന കാലം വരെ (യുദ്ധത്തിന്റെ ആവശ്യമില്ലെന്ന ഘട്ടം വരുന്നത് വരെ) സ്വീകരിക്കേണ്ടതാണ്.

5) അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ, യുദ്ധം മുഖേനയല്ലാതെ തന്നെ അവിശ്വാസികളെ ശിക്ഷിക്കുവാനും, ഇസ്ലാമിന് വിജയം നൽകുവാനും കഴിയുമായിരുന്നു. പക്ഷേ, അല്ലാഹു അപ്രകാരം ചെയ്യാത്തത്, സത്യവിശ്വാസികളുടെ വിശ്വാസ്യദാർഢ്യം, സഹനം, ക്ഷമ, ത്യാഗസന്നദ്ധത ആദിയായ ഗുണങ്ങൾ പരീക്ഷിക്കുവാൻ വേണ്ടിയാകുന്നു. ഈ വസ്തുത അല്ലാഹു സൂ: ആലു ഇംറാൻ 142-ലും ഈ സൂറത്തിലെ 31-ാം വചനത്തിലും പരാമർശിക്കുന്നുണ്ട്.

6) യുദ്ധത്തിൽ സത്യവിശ്വാസികൾ കൊല്ലപ്പെടുക സ്വാഭാവികമാണ്. എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ രക്തസാക്ഷികളായവരുടെ കർമ്മങ്ങൾ ഒന്നും അല്ലാഹു പാഴാക്കുന്നതേയല്ല. അവരെ ഖുർആൻ വഴിയും നബി(സ) വഴിയും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ രക്തസാക്ഷിത്തം വരിച്ചവരുടെ ശ്രേഷ്ഠതകളെകുറിച്ചുള്ള ഖുർആൻ വചനങ്ങളും നബി വചനങ്ങളും പ്രസിദ്ധമാണല്ലോ.

യുദ്ധത്തിൽ ബന്ധനസ്ഥരാക്കപ്പെട്ടവരെ ഒന്നുകിൽ ദയാദാക്ഷിണ്യം കാണിച്ച് നിരുപാധികം വിട്ടയക്കുക, അല്ലെങ്കിൽ മോചനദ്രവ്യം വാങ്ങി വിട്ടയക്കുക എന്നീ രണ്ട് കാര്യങ്ങളാണ് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത്. എന്നാൽ അതിന് പുറമേ കൊലപ്പെടുത്തുക, അടിമയാക്കുക എന്നീ രണ്ട് കാര്യങ്ങൾ കൂടി നബി(സ)യുടെയും ഖുലഫാഉ റാശിദിന്റെയും കാലത്ത് നടന്നിട്ടുണ്ട്. അവയെല്ലാം, ബന്ധനത്തിലകപ്പെട്ടവരെ സംബന്ധിക്കുന്ന പ്രത്യേക പരിത സ്ഥിതികളെ മുൻനിർത്തി, കരണീയവും യുക്തവുമായതും മുസ്ലീംകൾക്ക് ഗുണകരമായതും ആണെന്ന് മുസ്ലീംകളുടെ നേതാവിനു ബോധ്യമായ നയമെന്ന നിലയിലായിരുന്നു. അല്ലാതെ അവയൊന്നും ഇസ്ലാമിലെ സ്ഥിരമായ നയമെന്ന നിലക്കല്ല ഇസ്ലാമിന്റെ സ്ഥിരമായ പൊതു നിയമം ഈ ആയത്തിൽ കാണുന്ന രണ്ട് കാര്യങ്ങളിലൊന്ന് സ്വീകരിക്കുക എന്നതുള്ളതാകുന്നു.

നബി(സ)ക്കും ഇസ്ലാമിനും എതിരിൽ പ്രകോപനപരവും ക്രൂരവും കടുത്തതുമായ ഉപദ്രവത്തിൽ ഏർപ്പെട്ടവർ, കരാറ് ലംഘനം, കുതന്ത്രം, അട്ടിമറി ആദിയായവ പതിവാക്കിയവർ, എന്നിങ്ങനെയുള്ളവരെയാണ്, യുദ്ധത്തിൽ ബന്ധനസ്ഥരാക്കപ്പെട്ട ശേഷം മേൽ വിവരിച്ച പ്രകാരം വധശിക്ഷക്ക് വിധിക്കപ്പെട്ടത്. ഇവയിലേതൊരു സംഭവം നോക്കിയാലും, യുദ്ധത്തിൽ പങ്കെടുത്തതല്ലാത്ത, വധശിക്ഷ അർഹിക്കുന്ന മറ്റ് പ്രത്യേക കാരണം, പ്രസ്തുത തീരുമാനത്തിന് പിന്നിലുണ്ടായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്.

അത്പോലെ തന്നെ യുദ്ധത്തിൽ ബന്ധനസ്ഥരാക്കപ്പെട്ടവരെ അടിമകളാക്കിയിരുന്നതും പ്രത്യേക

പരിതസ്ഥിതികൾ മൂലമായിരുന്നു. ശത്രുക്കൾ പിടിച്ച് വെച്ച് അടിമകളാക്കിയ മുസ്ലീംകളെ പകരം വിട്ട് തരുകയെന്ന ഉപാധിയോടെ അവരിൽ നിന്ന് അടിമകളാക്കിയവരെ നബി(സ) വിട്ട് കൊടുക്കാറുണ്ടായിരുന്നു. കൂടാതെ രക്ഷാധികാരികളും നേതാക്കളും യുദ്ധത്തിൽ നഷ്ടപ്പെട്ട സ്ത്രീകൾ, കുട്ടികൾ, വൃദ്ധന്മാർ എന്നിവരെ അടിമകളാക്കുക വഴി, നിരാലംബരായ അക്കൂട്ടരുടെ രക്ഷാകർതൃത്വം സമത്വഭാവനയോടും ദയാദാക്ഷിണ്യത്തോടും കൂടി മുസ്ലീംകൾ ഏറ്റെടുക്കുകയാണുണ്ടായത്. എന്ന് മാത്രമല്ല, അടിമത്തത്തിൽ നിന്ന് മോചനം ലഭിക്കുവാനുള്ള സുഗമമാർഗ്ഗങ്ങളാകട്ടെ ഇസ്ലാമിൽ അനവധിയാണ് താനും.

**വചനം 7 :**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِن تَنصُرُوا۟ ٱللَّهَ يَنصُرْكُمْ وَيُثَبِّتْ أَقْدَامَكُمْ ﴿٧﴾

7 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സഹായിക്കുന്നപക്ഷം. അവൻ നിങ്ങളെ സഹായിക്കും; നിങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു തരുകയും ചെയ്യും.

അല്ലാഹുവിന്റെ മതത്തേയും അതിന്റെ പ്രബോധനത്തെയും സംരക്ഷിക്കുക, അതിന് വേണ്ടുന്ന സേവനങ്ങളും, ത്യാഗങ്ങളും അനുഷ്ഠിക്കുക ഇതാണ് 'അല്ലാഹുവിനെ സഹായിക്കുക' എന്നതിന്റെ താല്പര്യം. അങ്ങനെ ചെയ്യുമ്പോൾ, അല്ലാഹു അവർക്ക് വിജയവും പ്രതാപവും നൽകുകയും ശത്രുക്കളുടെ മുമ്പിൽ സ്ഥൈര്യവും ധൈര്യവും പ്രദാനം ചെയ്യുകയും ചെയ്യുന്നതാണ്.

“അല്ലാഹുവിന്റെ വാക്യം ഉന്നതമാക്കുവാൻ വേണ്ടി ആർ യുദ്ധം ചെയ്തുവോ അവൻ അല്ലാഹുവിന്റെ മാർഗ്ഗത്തിലാകുന്നു”-(ബു:മു) എന്ന് നബി(സ) തിരുമേനി അരുളുകയുണ്ടായി.

**വചനം 8,9 :**

وَٱلَّذِينَ كَفَرُوا۟ فَتَعْسًا لَّهُمْ وَأَضَلَّ أَعْمَـٰلَهُمْ ﴿٨﴾

ذَٰلِكَ بِأَنَّهُمْ كَرِهُوا۟ مَآ أَنزَلَ ٱللَّهُ فَأَحْبَطَ أَعْمَـٰلَهُمْ ﴿٩﴾

8 അവിശ്വസിച്ചവരാകട്ടെ, അവർക്ക് അധഃപതനം (അഥവാ നാശംതന്നെ)! അവൻ (അല്ലാഹു) അവരുടെ കർമ്മങ്ങൾ പാഴാക്കുന്നതുമാണ്.

9 അത്, അല്ലാഹു അവതരിപ്പിച്ചതിനെ അവർ വെറുത്തുകളഞ്ഞതുനിമിത്തമത്രെ. അതിനാൽ, അവരുടെ കർമ്മങ്ങളെ അവൻ നിഷ്ഫലമാക്കിയിരിക്കുന്നു.

അല്ലാഹുവിൽ വിശ്വസിക്കാതെയും അവന്റെ പ്രീതിയെ ലക്ഷ്യമാക്കാതെയുമുള്ള കർമ്മങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമല്ലെന്ന് ഖുർആൻ ഒന്നിലധികം ഇടങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതാകുന്നു.

**വചനം 10,11 :**

۞ أَفَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَيَنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلَّذِينَ مِن قَبْلِهِمْ ۖ دَمَّرَ ٱللَّهُ عَلَيْهِمْ ۖ وَلِلْكَـٰفِرِينَ أَمْثَـٰلُهَا ﴿١٠﴾

ذَٰلِكَ بِأَنَّ ٱللَّهَ مَوْلَى ٱلَّذِينَ ءَامَنُوا۟ وَأَنَّ ٱلْكَـٰفِرِينَ لَا مَوْلَىٰ لَهُمْ ﴿١١﴾

10 അവർ ഭൂമിയിൽ(കൂടി) സഞ്ചരിച്ചിട്ടില്ലേ? അപ്പോഴവർക്ക് അവരുടെ മുമ്പുള്ളവരുടെ പര്യവസാനം എങ്ങിനെയാണുണ്ടായതെന്ന് നോക്കിക്കാണാമല്ലോ, അല്ലാഹു അവരോടെ (അവരുടേതെല്ലാം) തകർത്തുകളഞ്ഞു. (ഈ) അവിശ്വാസികൾക്കും അതുപോലെയുള്ളതുണ്ടായിരിക്കും.

11 അത് (അതിന് കാരണം), അല്ലാഹു വിശ്വസിച്ചവരുടെ സംരക്ഷകനാണെന്നുള്ളതുകൊണ്ടും, അവിശ്വാസികളാകട്ടെ, അവർക്ക് ഒരു സംരക്ഷകനുമില്ലെന്നുള്ളതുകൊണ്ടുമാകുന്നു.

ഉഹ്ദ് യുദ്ധത്തിൽ മുസ്ലീംകൾക്ക് പരാജയം പിണഞ്ഞപ്പോൾ ഞങ്ങളെ സഹായിക്കാൻ ഞങ്ങളുടെ ഉസ്സാ എന്ന ദൈവം ഉണ്ട്. നിങ്ങളെ സഹായിക്കാൻ ആരുമില്ല എന്ന് മുശ്രിക്കുകൾ ജല്പിച്ചപ്പോൾ അതിന് മറുപടിയായി ഇങ്ങനെ പറയുവാൻ നബി(സ) മുസ്ലീംകളോട് കല്പിച്ചു.

"അല്ലാഹു ഞങ്ങളുടെ സംരക്ഷനാകുന്നു, നിങ്ങൾക്ക് സംരക്ഷകനില്ലതാനും".

ഈ സന്ദർഭത്തിലാണ് ഈ വചനം അവതരിച്ചതെന്ന് ഖത്താദ(റ)യിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

## വിഭാഗം 2

**വചനം 12 :**

إِنَّ ٱللَّهَ يُدۡخِلُ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ جَنَّٰتٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُۖ وَٱلَّذِينَ كَفَرُواْ يَتَمَتَّعُونَ وَيَأۡكُلُونَ كَمَا تَأۡكُلُ ٱلۡأَنۡعَٰمُ وَٱلنَّارُ مَثۡوٗى لَّهُمۡ ۝١٢

12 നിശ്ചയമായും, വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ, അടിഭാഗത്തിൽ കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളിൽ അല്ലാഹു പ്രവേശിപ്പിക്കുന്നതാണ്. അവിശ്വസിച്ചവരോ, അവർ സുഖഭോഗമെടുത്തുകൊണ്ടിരിക്കുകയും കന്നുകാലികൾ തിന്നുന്നതുപോലെ തിന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു; നരകം അവർക്ക് പാർപ്പിടവുമായിരിക്കും.

കന്ന്കാലികളെപോലെ മരണപ്പെടുവോളം, തിന്നണം, കുടിക്കണം, സുഖഭോഗങ്ങളനുഭവിക്കണം എന്നതിൽ കവിഞ്ഞ് അവിശ്വാസികൾക്ക് ജീവിത ലക്ഷ്യമായി ഒന്നുമില്ല. അതവർക്ക് തൽക്കാലം സാധിതമായേക്കും. എന്നാൽ പരലോകത്ത് അവരുടെ പാർപ്പിടം, ശാശ്വത നരകമായിരിക്കും.

**വചനം 13,14 :**

وَكَأَيِّن مِّن قَرۡيَةٍ هِيَ أَشَدُّ قُوَّةٗ مِّن قَرۡيَتِكَ ٱلَّتِيٓ أَخۡرَجَتۡكَ أَهۡلَكۡنَٰهُمۡ فَلَا نَاصِرَ لَهُمۡ ۝١٣

أَفَمَن كَانَ عَلَىٰ بَيِّنَةٖ مِّن رَّبِّهِۦ كَمَن زُيِّنَ لَهُۥ سُوٓءُ عَمَلِهِۦ وَٱتَّبَعُوٓاْ أَهۡوَآءَهُم ۝١٤

13 (നബിയേ) എത്ര രാജ്യമുണ്ട്, നിന്നെ പുറത്താക്കിയ നിൻെറ രാജ്യത്തെക്കാൾ ശക്തിയിൽ ഊക്കേറിയതാകുന്നു അവ (എന്നിട്ടും) നാം അവരെ (ആ രാജ്യക്കാരെ) നശിപ്പിച്ചുകളഞ്ഞിരിക്കുന്നു! അപ്പോൾ, ഒരു സഹായിയും അവർക്കില്ല.

14 എന്നാൽ, തൻെറ രക്ഷിതാവിങ്കൽനിന്നുള്ള തെളിവോടെ (സൽപാതയിൽ) ആയിരിക്കുന്ന ഒരുവനുണ്ടോ, തൻെറ ദുഷ്പ്രവർത്തി തനിക്ക് അലങ്കാരമായി കാണിക്കപ്പെടുകയും, (അങ്ങനെ) തങ്ങളുടെ ഇച്ഛകളെ പിൻപറ്റുകയും ചെയ്തവരെപ്പോലെയാകുന്നു?!

'നിന്നെ പുറത്താക്കിയ നിന്റെ രാജ്യം' എന്ന് പറഞ്ഞത് നബി(സ)ക്ക് ഏറ്റവും പ്രിയപ്പെട്ട മക്കയാകുന്നു. സ്വന്തം ജനതയായ ആ നാട്ടുകാരുടെ ആക്രമ മർദ്ദനങ്ങളാണല്ലോ നബി(സ)യെ നാട് വിടാൻ നിർബന്ധിതമാക്കിയത്. എന്നാൽ ഇവരേക്കാൾ ശക്തന്മാരും പ്രബലരുമായിരുന്ന പല നാട്ടുകാരും തങ്ങളുടെ അതിക്രമം നിമിത്തം അല്ലാഹുവിന്റെ വമ്പിച്ച ശിക്ഷകൾക്ക് വിധേയരായിട്ടുണ്ട്. അത്പോലെ ഇവരും അല്ലാഹുവിന്റെ ശിക്ഷയെ തൊട്ട് സൂക്ഷിച്ച് കൊള്ളട്ടെ എന്ന് അല്ലാഹു താക്കീത് ചെയ്യുകയാണ്.

നബി(സ) മദീനായിലേക്ക് ഹിജ്റ പോകും മദ്ധ്യേ വഴിയിൽ വെച്ചാണ് ഈ 13-ാം വചനം അവതരിപ്പിക്കപ്പെട്ടതെന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

സത്യവിശ്വാസികളുടെ വിശ്വാസങ്ങളും പ്രവർത്തനങ്ങളുമെല്ലാം തന്നെ അല്ലാഹുവിങ്കൽ നിന്നുള്ള തെളിവും ലക്ഷ്യവും അനുസരിച്ചാകുന്നു. നേരെ മറിച്ച് അവിശ്വാസികളാകട്ടെ അവരുടെ ഇഛകൾക്കനുസരിച്ച് അവർക്ക് ഭൂഷണമായിട്ടുള്ളതെന്തും പ്രവർത്തിക്കുന്നു. ഈ രണ്ട് കൂട്ടരും എങ്ങനെ സമമാകും എന്ന് 14-ാം വചനത്തിലൂടെ അല്ലാഹു ചോദിക്കുന്നു.

**വചനം 15 :**

مَّثَلُ ٱلْجَنَّةِ ٱلَّتِى وُعِدَ ٱلْمُتَّقُونَ ۖ فِيهَآ أَنْهَٰرٌ مِّن مَّآءٍ غَيْرِ ءَاسِنٍ وَأَنْهَٰرٌ مِّن لَّبَنٍ لَّمْ يَتَغَيَّرْ طَعْمُهُۥ وَأَنْهَٰرٌ مِّنْ خَمْرٍ لَّذَّةٍ لِّلشَّٰرِبِينَ وَأَنْهَٰرٌ مِّنْ عَسَلٍ مُّصَفًّى ۖ وَلَهُمْ فِيهَا مِن كُلِّ ٱلثَّمَرَٰتِ وَمَغْفِرَةٌ مِّن رَّبِّهِمْ ۖ كَمَنْ هُوَ خَٰلِدٌ فِى ٱلنَّارِ وَسُقُوا۟ مَآءً حَمِيمًا فَقَطَّعَ أَمْعَآءَهُمْ ﴿١٥﴾

15 സൂക്ഷ്മതയുള്ളവർക്ക് (ഭയഭക്തൻമാർക്ക്) വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗ്ഗത്തിന്റെ മാതിരി (ഇതാണ്): അതിൽ, കേടു (വന്ന് പകർച്ച) പറ്റാത്ത വെള്ളത്തിന്റെ അരുവികളുണ്ട്; രുചിവ്യത്യാസം വരാത്ത പാലിന്റെ അരുവികളുമുണ്ട്; കുടിക്കുന്നവർക്ക് രസപ്രദമായ മദ്യത്തിന്റെ അരുവികളുമുണ്ട്; ശുദ്ധി ചെയ്യപ്പെട്ട തേനിന്റെ അരുവികളുമുണ്ട്. അവർക്ക് അതിൽ എല്ലാ (വിധ) ഫലങ്ങളുമുണ്ടായിരിക്കും. (പുറമെ) തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും! (ഇവർ) നരകത്തിൽ നിത്യവാസിയായിരിക്കുന്നവനെപ്പോലെ (യാകുമോ)?! അവർക്ക് ചൂടേറിയ വെള്ളം കുടിപ്പാൻ കൊടുക്കപ്പെടുകയും ചെയ്യും; അപ്പോൾ, അതവരുടെ കുടലുകളെ നുറുക്കിക്കളയുകയും ചെയ്യുന്നു! (ഇരുകൂട്ടരും ഒരിക്കലും സമമാകുകയില്ല.)

പാരത്രിക ജീവിതത്തിലും, സത്യവിശ്വാസികളുടെയും അവിശ്വാസികളുടെയും സ്ഥിതി തികച്ചും വ്യത്യസ്ഥമായിരിക്കും എന്ന് ഈ വചനത്തിലൂടെ അല്ലാഹു വിവരിക്കുന്നു.

അടുത്ത വചനങ്ങളിൽ അല്ലാഹു കപട വിശ്വാസികളെക്കുറിച്ച് പ്രസ്താവിക്കുന്നു.

**വചനം 16,17 :**

وَمِنْهُم مَّن يَسْتَمِعُ إِلَيْكَ حَتَّىٰٓ إِذَا خَرَجُوا۟ مِنْ عِندِكَ قَالُوا۟ لِلَّذِينَ أُوتُوا۟ ٱلْعِلْمَ مَاذَا قَالَ ءَانِفًا ۚ أُو۟لَٰٓئِكَ ٱلَّذِينَ طَبَعَ ٱللَّهُ عَلَىٰ قُلُوبِهِمْ وَٱتَّبَعُوٓا۟ أَهْوَآءَهُمْ ﴿١٦﴾

16 അവരിലുണ്ട്, നിന്റെ അടുക്കലേക്ക് ചെവി കൊടുക്കുന്ന ചിലർ; അങ്ങനെ, നിന്റെ അടുക്കൽനിന്ന് അവർ പുറത്തു പോയാൽ, ജ്ഞാനം നൽകപ്പെട്ടിട്ടുള്ളവരോട് അവർ പറയും: "എന്താണദ്ദേഹം (ഈ) അടുത്ത അവസരത്തിൽ പറഞ്ഞത്?!" തങ്ങളുടെ ഹൃദയങ്ങൾക്ക് അല്ലാഹു മുദ്രവെച്ചിട്ടുള്ളവരത്രെ അക്കൂട്ടർ. അവർ തങ്ങളുടെ ഇച്ഛകളെ പിൻപറ്റുകയും ചെയ്തിരിക്കുന്നു.

وَٱلَّذِينَ ٱهْتَدَوْا۟ زَادَهُمْ هُدًى وَءَاتَىٰهُمْ تَقْوَىٰهُمْ ﴿١٧﴾

17 നേർമാർഗ്ഗം സ്വീകരിച്ചവരാകട്ടെ, അവർക്ക് അവൻ നേർമ്മാർഗ്ഗം വർദ്ധിപ്പിച്ചുകൊടുക്കുകയും, അവരുടെ സൂക്ഷ്മത (അവർക്ക് വേണ്ടുന്ന ഭയഭക്തി) നൽകുകയും ചെയ്യുന്നതാണ്.

മദീനായിൽ ഉണ്ടായിരുന്ന ഇസ്ലാമിക വൈരികളായ മുനാഫിഖു(കപട വിശ്വാസി)കളുടെ ചില സ്വഭാവങ്ങളാണ് അല്ലാഹു വിവരിക്കുന്നത്. നബി(സ)യുടെ സദസ്സിൽ ചെന്ന് അവിടുത്തെ സംസാര

ങ്ങളും ഉപദേശങ്ങളും മുസ്ലീംകളെപോലെ, ഇവരും ശ്രദ്ധിച്ച് കേൾക്കും; പറയുന്ന കാര്യം ശരിക്ക് ഗ്രഹിക്കുകയില്ല. സദസ്സ് വിട്ട ശേഷം, കാര്യം ശരിക്ക് കേട്ട സത്യവിശ്വാസികളോട് ചോദിക്കും: 'എന്താണദ്ദേഹം അല്പം മുമ്പ് പറഞ്ഞത്' അതിന് നേരെയുള്ള പരിഹാസ പ്രകടനമാകുന്നു അത്. അവരെ നയിക്കുന്നത് അവരുടെ ദേഹേഛകളാകുന്നു. അതെ, അല്ലാഹു ഹൃദയങ്ങൾക്ക് മുദ്രവെച്ചിട്ടുള്ളവരത്രേ അവർ.

നേരെമറിച്ച് പറയുന്നത് പിൻപറ്റി സ്വീകരിക്കുവാൻ സന്നദ്ധരായ സത്യവിശ്വാസികൾക്ക് അല്ലാഹു നേർമാർഗ്ഗം വർദ്ധിപ്പിച്ച് കൊടുക്കുകയും അവർക്ക്, സൂക്ഷ്മതയും ഭയഭക്തിയും പ്രദാനം ചെയ്യുന്നതുമാകുന്നു.

<u>വചനം 18 :</u>

فَهَلْ يَنظُرُونَ إِلَّا ٱلسَّاعَةَ أَن تَأْتِيَهُم بَغْتَةً ۖ فَقَدْ جَآءَ أَشْرَاطُهَا ۚ فَأَنَّىٰ لَهُمْ إِذَا جَآءَتْهُمْ ذِكْرَىٰهُمْ ﴿١٨﴾

18 ഇനി, അന്ത്യസമയത്തെ-അതവർക്ക് പെട്ടെന്ന് വന്നെത്തുന്നതിനെ-യല്ലാതെ അവർ (മറ്റുവല്ലതും) നോക്കിക്കൊണ്ടിരിക്കുന്നുവോ?! എന്നാൽ, അതിൻെറ അടയാളങ്ങൾ വന്നു കഴിഞ്ഞു. എന്നിരിക്കെ, എങ്ങിനെയാണ്-അതവർക്കു വന്നാൽ-അവരുടെ ഉപദേശം (പ്രയോജനപ്പെടുക)?!

മേൽ വിവരിച്ച, ഹൃദയം ദുഷിച്ച് മരിച്ചവർക്ക് ബോധം വരുന്നതിന് ഇനി വല്ലതും കാത്തിരിക്കാനുണ്ടെങ്കിൽ അത് ലോകാവസാന ഘട്ടമല്ലാതെ മറ്റെന്താണുള്ളത്. അതാണെങ്കിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ വളരെ പെട്ടന്നായിരിക്കും സംഭവിക്കുക.

അന്ത്യപ്രവാചകനായ നബി(സ) തിരുമേനിയുടെ ആഗമനം തന്നെ ലോകവസാനം അടുത്തതിന്റെ ഒരു പ്രധാന അടയാളമാകുന്നു. "ഞാനും അന്ത്യസമയവും എന്റെ ഈ ചൂണ്ട്‌വിരലും നടുവിരലും പോലെ അടുത്തതായിട്ടാണ് എന്നെ നിയോഗിക്കപ്പെട്ടത്" എന്ന് അവിടുന്ന് അരുളിയിരിക്കുന്നു. കൂടാതെ മറ്റ് പല അടയാളങ്ങളും നാം കണ്ടും അനുഭവിച്ചും കൊണ്ടിരിക്കുന്നു. അന്ത്യനാൾ സംഭവിക്കുമ്പോൾ, അവർക്ക് ഉപദേശവും ബോധവും എവിടെ നിന്ന് കിട്ടുവാനാണ്; അതെങ്ങനെ ഫലപ്പെടുവാനാണ്.

<u>വചനം 19 :</u>

فَٱعْلَمْ أَنَّهُۥ لَآ إِلَٰهَ إِلَّا ٱللَّهُ وَٱسْتَغْفِرْ لِذَنۢبِكَ وَلِلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ۗ وَٱللَّهُ يَعْلَمُ مُتَقَلَّبَكُمْ وَمَثْوَىٰكُمْ ﴿١٩﴾

19 (അങ്ങിനെയാണ് കാര്യങ്ങൾ.) ആകയാൽ, അല്ലാഹു അല്ലാതെ ഒരു ആരാധ്യനും ഇല്ലെന്ന്(നബിയേ) നീ അറിയുക. നിൻെറ പാപത്തിനും, സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും നീ പാപമോചനം തേടുകയും ചെയ്യുക. അല്ലാഹു, നിങ്ങളുടെ ചലനസ്ഥലവും, നിങ്ങളുടെ വാസസ്ഥലവും അറിയുന്നതാണ്.

തൌഹീദിൽ ഉറച്ച് നിന്ന് കൊണ്ട് സ്വന്തത്തിന് വേണ്ടിയും സത്യവിശ്വാസികളായ സ്ത്രീ പുരുഷന്മാർക്ക് വേണ്ടിയും പാപമോചനം തേടുവാൻ നബി(സ)യോട് അല്ലാഹു കല്പിക്കുന്നു. നബി(സ)യുടെ എല്ലാ പാപങ്ങളേയും അല്ലാഹു പൊറുത്തിരിക്കുന്നുവെന്ന് സൂ: ഫത്ത്ഹിന്റെ ആരംഭത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. നബി(സ)യെ സംബന്ധിച്ചിടത്തോളം ഇവിടെ പാപങ്ങൾ എന്ന് പറഞ്ഞത് അല്ലാഹുവിന്റെ ഏതെങ്കിലും കല്പനകളെ അനുസരിക്കാതിരിക്കുക എന്നതായിരിക്കുവാൻ തരമില്ല. പ്രവാചകന്മാരുടെ പദവി എത്ര ഉന്നതവും പരിശുദ്ധവുമായിരിക്കെ, അവർ അല്ലാഹുവിനോട് കൂടുതൽ ഉത്തരവാദിത്വമുള്ളവരാണല്ലോ. ആ സ്ഥിതിക്ക് കേവലം നിസ്സാരങ്ങളായ ചില സംഗതികൾ പോലും അവരെ സംബന്ധിച്ച് പാപങ്ങളായി ഗണിക്കപ്പെട്ടേക്കാം. മാത്രമല്ല, പാപമോചനം തേടുകയെന്നത് അല്ലാഹുവിന്റെ മുമ്പിൽ അവന്റെ അടിയാന്മാർ താഴ്മ അർപ്പിക്കലാണെന്ന് പ്രത്യേകം പറയേണ്ടതുമില്ലല്ലോ. (സൂ: സ്വാദ് 34-38 വചനങ്ങളും വിശദീകരണവും നോക്കുക)

"ഹേ മനുഷ്യരേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിക്കുകയും, അവനോട് പാപമോചനം തേടുകയും ചെയ്യുവിൻ. ഞാൻ തന്നെ അവനോട് ദിവസവും നൂറ് പ്രാവശ്യം പാപമോചനം തേടുന്നു". എന്ന് നബി(സ) അരുളിയതായി മുസ്ലീം(റ) ഉദ്ധരിച്ചിരിക്കുന്നു.

സജ്ജനങ്ങളുടെ പ്രാർത്ഥന, പ്രത്യേകിച്ചും നബിമാരുടെ പ്രാർത്ഥന അതും, തങ്ങളുടെ ജനതയുടെ നന്മക്ക് വേണ്ടി ചെയ്യുന്ന പ്രാർത്ഥന. അല്ലാഹുവിങ്കൽ കൂടുതൽ സ്വീകാര്യമായിരിക്കുന്നതാണ്. (സൂ: നിസാഅ് 64-ാം വചനം ശ്രദ്ധിക്കുക)

അല്ലാഹുവാകട്ടെ എല്ലാ മനുഷ്യരുടെയും സകല സ്ഥിതിഗതികളെയും സംബന്ധിച്ചും പൂർണ്ണമായ ജ്ഞാനമുള്ളവനുമാകുന്നു.

## വിഭാഗം 3

**വചനം 20,21 :**

وَيَقُولُ ٱلَّذِينَ ءَامَنُوا۟ لَوْلَا نُزِّلَتْ سُورَةٌ ۖ فَإِذَآ أُنزِلَتْ سُورَةٌ مُّحْكَمَةٌ وَذُكِرَ فِيهَا ٱلْقِتَالُ ۙ رَأَيْتَ ٱلَّذِينَ فِى قُلُوبِهِم مَّرَضٌ يَنظُرُونَ إِلَيْكَ نَظَرَ ٱلْمَغْشِىِّ عَلَيْهِ مِنَ ٱلْمَوْتِ ۖ فَأَوْلَىٰ لَهُمْ ﴿٢٠﴾

20 വിശ്വസിച്ചവർ പറയുന്നു: "ഒരു 'സൂറത്ത്' (അദ്ധ്യായം) അവതരിപ്പിക്കപ്പെടാത്തതെന്താണ്?!" എന്നാൽ, (വ്യക്തമായി) നിയമം വിവരിക്കപ്പെട്ട ഒരു 'സൂറത്ത്' അവതരിപ്പിക്കപ്പെടുകയും, അതിൽ യുദ്ധത്തെക്കുറിച്ചു പ്രസ്താവിക്കപ്പെടുകയും ചെയ്താൽ, ഹൃദയങ്ങളിൽ വല്ല രോഗമുള്ളവരെ (നബിയേ) നിനക്ക് കാണാം; മരണം(ആസന്നമായതു)നിമിത്തം ബോധക്ഷയം പിടിപെട്ടവൻ നോക്കും പ്രകാരം നിൻെറ അടുക്കലേക്ക് അവർ നോക്കുന്നതായിട്ട്. എന്നാൽ, അവർക്കു വേണ്ടതു(യോജിച്ചതു)തന്നെയാണ് (അത്)!

طَاعَةٌ وَقَوْلٌ مَّعْرُوفٌ ۚ فَإِذَا عَزَمَ ٱلْأَمْرُ فَلَوْ صَدَقُوا۟ ٱللَّهَ لَكَانَ خَيْرًا لَّهُمْ ﴿٢١﴾

21 അനുസരണവും, ഉചിതമായ (നല്ല)വാക്കും. (അതാണ് വേണ്ടത്). ഇനി, കാര്യം(ഉറപ്പിച്ച്) തീർച്ചയായിക്കഴിഞ്ഞാലോ, അപ്പോൾ, അല്ലാഹുവിനോട് അവർ(പറഞ്ഞ) സത്യം പാലിച്ചിരുന്നെങ്കിൽ അതവർക്ക് ഉത്തമമാകുമായിരുന്നു.

ശത്രുക്കളാൽ പൊറുതി മുട്ടുകയും മദീനയിൽ ഇസ്ലാമിന് കുറെയൊക്കെ സ്വീകാര്യത ലഭിക്കുകയും ചെയ്തു കൊണ്ടിരുന്ന അവസരത്തിൽ, യുദ്ധ സംബന്ധമായി വല്ല വഹ്‌യുകളും ലഭിച്ചാൽ കൊള്ളാമെന്ന് സത്യവിശ്വാസികൾ ആഗ്രഹം പ്രകടിപ്പിക്കും. എന്നാൽ കപട വിശ്വാസികളാകട്ടെ, അങ്ങനെ വല്ല വഹ്‌യും അല്ലാഹുവിൽ നിന്ന് വന്ന് കഴിഞ്ഞാൽ മരണഗോഷ്ഠികൾ കാട്ടുവാൻ തുടങ്ങും. അത് അവരെ സംബന്ധിച്ചിടത്തോളം സ്വാഭാവികവുമാണ്. മേരെ മറിച്ച് കല്പനയനുസരിച്ച് പ്രവർത്തിക്കുവാൻ തയ്യാറാകുകയും നല്ല വാക്ക് പറയുകയുമാണവർ ചെയ്യേണ്ടിയിരുന്നത്. യുദ്ധം ചെയ്യേണ്ടുന്ന സന്ദർഭം നേരിട്ട് കഴിഞ്ഞാൽ, അവർ മുമ്പ് പ്രകടിപ്പിച്ചിരുന്ന സന്നദ്ധത തെളിയിച്ച് കൊണ്ട് അതിൽ പങ്കെടുക്കുകയും വേണ്ടിയിരുന്നു. അങ്ങനെ ചെയ്യുന്ന പക്ഷം അത് അവർക്ക് തന്നെ ഗുണകരമായിത്തീരുമായിരുന്നു.

**വചനം 22 :**

فَهَلْ عَسَيْتُمْ إِن تَوَلَّيْتُمْ أَن تُفْسِدُوا۟ فِى ٱلْأَرْضِ وَتُقَطِّعُوٓا۟ أَرْحَامَكُمْ ﴿٢٢﴾

22 എന്നാൽ, നിങ്ങൾ കൈകാര്യം നേടിയാൽ, ഭൂമിയിൽ നിങ്ങൾ കുഴപ്പമുണ്ടാക്കുകയും, നിങ്ങളുടെ രക്തബന്ധങ്ങളെ മുറിച്ചുകളയുകയും ചെയ്തേക്കുമോ?!

കപട വിശ്വാസികളെ ഉന്നം വച്ച് കൊണ്ടുള്ളതാണ് അല്ലാഹുവിന്റെ ഈ ചോദ്യം. നിങ്ങളുടെ പക്കലെങ്ങാനും ജനങ്ങളുടെ കൈകാര്യവും അധികാരവും വന്ന് കഴിഞ്ഞാൽ, നാട്ടിൽ പല തരം കുഴപ്പങ്ങളുണ്ടാക്കുകയും രക്തബന്ധങ്ങളെ മുറിച്ച് കളയുകയും ചെയ്യുക എന്നതായിരിക്കുമോ, നിങ്ങളുടെ പ്രവർത്തനഫലം.

**വചനം 23,24 :**

أُوْلَٰٓئِكَ ٱلَّذِينَ لَعَنَهُمُ ٱللَّهُ فَأَصَمَّهُمۡ وَأَعۡمَىٰٓ أَبۡصَٰرَهُمۡ ٢٣

أَفَلَا يَتَدَبَّرُونَ ٱلۡقُرۡءَانَ أَمۡ عَلَىٰ قُلُوبٍ أَقۡفَالُهَآ ٢٤

23 അക്കൂട്ടർ, അല്ലാഹു ശപിച്ചിട്ടുള്ളവരത്രെ. അങ്ങനെ അവൻ അവർക്ക് ബധിരത നൽകുകയും, അവരുടെ കണ്ണുകളെ അന്ധമാക്കുകയും ചെയ്തിരിക്കുന്നു.

24 അവർക്ക് ഖുർആൻ ഉറ്റാലോചിച്ചു നോക്കിക്കൂടേ?! (എന്നാലവർക്ക് കാര്യം ഗ്രഹിക്കാമല്ലോ.) അതല്ല, (ഒരുപക്ഷേ) വല്ല ഹൃദയങ്ങളിലും അവയുടേതായ പൂട്ടുകൾ ഉണ്ടോ?!

ബധിരന്മാരാക്കി, എന്നും അന്ധന്മാരാക്കി എന്നും പറഞ്ഞതും, ഹൃദയങ്ങൾക്ക് പൂട്ട് വെച്ചിട്ടുണ്ടോ എന്ന് ചോദിച്ചതും ആ കപടവിശ്വാസികളുടെ ഹൃദയങ്ങളിലേക്ക് നന്മ പ്രവേശിക്കുവാൻ മാർഗ്ഗമില്ലാത്ത വിധം അല്ലാഹു അവരെ ശപിച്ചിരിക്കുന്നു എന്ന് കാണിക്കുവാനാണ്.

**വചനം 25,26 :**

إِنَّ ٱلَّذِينَ ٱرۡتَدُّواْ عَلَىٰٓ أَدۡبَٰرِهِم مِّنۢ بَعۡدِ مَا تَبَيَّنَ لَهُمُ ٱلۡهُدَى ٱلشَّيۡطَٰنُ سَوَّلَ لَهُمۡ وَأَمۡلَىٰ لَهُمۡ ٢٥

ذَٰلِكَ بِأَنَّهُمۡ قَالُواْ لِلَّذِينَ كَرِهُواْ مَا نَزَّلَ ٱللَّهُ سَنُطِيعُكُمۡ فِي بَعۡضِ ٱلۡأَمۡرِۖ وَٱللَّهُ يَعۡلَمُ إِسۡرَارَهُمۡ ٢٦

25 നിശ്ചയമായും, തങ്ങൾക്ക് സൻമാർഗ്ഗം വ്യക്തമായിക്കഴിഞ്ഞശേഷം പിന്നോട്ട് തിരിച്ചുപോയിട്ടുള്ളവർ, അവർക്ക് പിശാച്(അവരുടെ ചെയ്തികളെ)അലംകൃതമാക്കിക്കൊടുത്തിരിക്കുകയാണ്. അവർക്കവൻ (വ്യാമോഹങ്ങളെ) അയച്ചിട്ടുകൊടുക്കുകയും ചെയ്തിരിക്കുന്നു.

26 അത്, അല്ലാഹു അവതരിപ്പിച്ചതിനെ വെറുത്തിട്ടുള്ളവരോട് അവർ പറഞ്ഞതുനിമിത്തമത്രെ: "ചില കാര്യത്തിൽ ഞങ്ങൾ നിങ്ങളെ അനുസരിച്ചുകൊള്ളാം" എന്ന്. അല്ലാഹുവാകട്ടെ, അവർ രഹസ്യമാക്കുന്നത് അറിയുകയും ചെയ്യുന്നു.

കപടവിശ്വാസികൾ അവിശ്വാസികളുമായി ('അല്ലാഹു അവതരിപ്പിച്ചതിനെ വെറുത്തവർ') സ്വകാര്യ കൂട്ട്കെട്ടുകൾ പുലർത്തിക്കൊണ്ടിരിക്കുകയാണ്. 'മുസ്ലീംകളുമായി എല്ലാ വിഷയത്തിലും ഞങ്ങൾ യോജിക്കുന്നില്ല, ചില കാര്യങ്ങളിലെല്ലാം ഞങ്ങൾ നിങ്ങൾക്ക് വിധേയരാണ്'- എന്ന് അവിശ്വാസികളെ ധരിപ്പിച്ച് കൊണ്ട് മുസ്ലീംകൾക്കെതിരെ കുത്തിത്തിരുപ്പുകൾ ഉണ്ടാക്കുക അവരുടെ പതിവാണ്. അവർക്ക് പിശാച് അവരുടെ ചെയ്തികളെ അലംകൃതമാക്കിക്കൊടുത്തിരിക്കുകയാണ്. അല്ലാഹു ആകട്ടെ അവരുടെ എല്ലാ രഹസ്യങ്ങളും അറിഞ്ഞ് കൊണ്ടിരിക്കുന്നുമുണ്ട്.

**വചനം 27,28 :**

فَكَيۡفَ إِذَا تَوَفَّتۡهُمُ ٱلۡمَلَٰٓئِكَةُ يَضۡرِبُونَ وُجُوهَهُمۡ وَأَدۡبَٰرَهُمۡ ٢٧

27 (ഇങ്ങിനെയൊക്കെയാണ് കാര്യം.) എന്നിരിക്കെ, അവരുടെ മുഖങ്ങളെയും, പിൻപുറങ്ങളെയും അടിച്ചുകൊണ്ട് മലക്കുകൾ അവരെ പൂർണ്ണമായി പിടിച്ചെടുക്കുമ്പോൾ (മരണപ്പെടുത്തുമ്പോൾ) എങ്ങിനെയിരിക്കും

അവരുടെ സ്ഥിതി?!

28 അല്ലാഹുവിനെ ക്രോധപ്പെടുത്തുന്ന കാര്യത്തെ അവര്‍ പിന്‍പറ്റുകയും, അവന്‍റെ പ്രീതിയെ അവര്‍ വെറുക്കുകയും ചെയ്തതു കൊണ്ടാണ് അത്. അതിനാല്‍ അവരുടെ കര്‍മ്മങ്ങളെ അവന്‍ ഫലശൂന്യമാക്കിയിരിക്കുന്നു.

ذَٰلِكَ بِأَنَّهُمُ ٱتَّبَعُواْ مَآ أَسۡخَطَ ٱللَّهَ وَكَرِهُواْ رِضۡوَٰنَهُۥ فَأَحۡبَطَ أَعۡمَٰلَهُمۡ ﴿٢٨﴾

മരണാനന്തരം മാത്രമല്ല, മരണവേളയിലും മലക്കുകളില്‍ നിന്ന് അവര്‍ക്ക് പല തരത്തിലുള്ള ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും, അതിനുള്ള കാരണമെന്താണെന്നുമാണ് ഈ വചനങ്ങള്‍ കാണിക്കുന്നത്. മരണവേളയില്‍ മലക്കുകള്‍ സജ്ജനങ്ങളോട് സന്തോഷകരമായ രൂപത്തിലായിരിക്കും സമീപിക്കുകയെന്ന് സൂ: ഹാമീം സജദ 30-ാം വചനത്തിലും, അവിശ്വാസികളോട് നിന്ദ്യതയോടും ക്രൂരതയോടെയും ആയിരിക്കും സമീപിക്കുക എന്ന് സൂ: അന്‍ആം 93-ാം വചനത്തിലും അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാകുന്നു.

## വിഭാഗം 4

**വചനം 29,30 :**

29 അതല്ല, (ഒരു പക്ഷേ) ഹൃദയങ്ങളില്‍ ഒരു (തരം) രോഗമുള്ളവര്‍ വിചാരിച്ചിരിക്കുന്നുവോ, അവരുടെ ഈര്‍ഷ്യതകളെ അല്ലാഹു വെളിക്കു വരുത്തുന്നതേയല്ല എന്ന്?!

30 (നബിയേ) നാം ഉദ്ദേശിച്ചിരുന്നെങ്കില്‍, അവരെ നിനക്ക് നാം കാട്ടിത്തരുമായിരുന്നു; അങ്ങിനെ, അവരുടെ ലക്ഷണംകൊണ്ട് നിനക്കവരെ (ശരിക്ക്) മനസ്സിലാക്കുകയും ചെയ്യാമായിരുന്നു. വാക്കിന്‍റെ ശൈലിയില്‍ (സ്വര വ്യത്യാസംകൊണ്ടു) നിശ്ചയമായും നിനക്കവരെ മനസ്സിലാക്കാവുന്നതുമാണ്. അല്ലാഹു നിങ്ങളുടെ പ്രവൃത്തികളെല്ലാം അറിയുന്നു.

أَمۡ حَسِبَ ٱلَّذِينَ فِي قُلُوبِهِم مَّرَضٌ أَن لَّن يُخۡرِجَ ٱللَّهُ أَضۡغَٰنَهُمۡ ﴿٢٩﴾

وَلَوۡ نَشَآءُ لَأَرَيۡنَٰكَهُمۡ فَلَعَرَفۡتَهُم بِسِيمَٰهُمۡۚ وَلَتَعۡرِفَنَّهُمۡ فِي لَحۡنِ ٱلۡقَوۡلِۚ وَٱللَّهُ يَعۡلَمُ أَعۡمَٰلَكُمۡ ﴿٣٠﴾

മുസ്ലീം വേഷമണിഞ്ഞ മുനാഫിഖുകളായ വ്യക്തികള്‍ ഏതൊക്കെയാണെന്ന് കാട്ടിക്കൊടുക്കുവാന്‍ അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കില്‍, അങ്ങനെ ചെയ്യുമായിരുന്നു. അതേ സമയം അവരുടെ സംസാര രീതിയില്‍ നിന്നും സ്വരങ്ങളില്‍ നിന്നുമൊക്കെ തന്നെ നബി(സ)ക്ക് അവരെ തിരിച്ചറിയുവാന്‍ കഴിയുന്നതുമാണ്.

ഈ ആയത്ത് അവതരിച്ചതിന് ശേഷം നബി(സ) അങ്ങനെ പല വ്യക്തികളെക്കുറിച്ചും മനസ്സിലാക്കിയിരുന്നതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

**വചനം 31 :**

31 നിങ്ങളില്‍നിന്നുള്ള സമരശാലികളെയും, ക്ഷമാശീലന്‍മാരെയും (പ്രത്യക്ഷത്തില്‍) അറിയുകയും, നിങ്ങളുടെ വര്‍ത്തമാനങ്ങളെ (സ്ഥിതിഗതികളെ) പരീക്ഷിച്ചറിയുകയും ചെയ്യുന്നതുവരെ, നിശ്ചയമായും നിങ്ങളെ നാം പരീക്ഷണം ചെയ്യും.

وَلَنَبۡلُوَنَّكُمۡ حَتَّىٰ نَعۡلَمَ ٱلۡمُجَٰهِدِينَ مِنكُمۡ وَٱلصَّٰبِرِينَ وَنَبۡلُوَاْ أَخۡبَارَكُمۡ ﴿٣١﴾

ഓരോരുത്തരുടെയും എല്ലാ സ്ഥിതികളും സസൂക്ഷമം അറിയുന്നവനാണ് അല്ലാഹു. എന്നിരിക്കെ അല്ലാഹുവിന്‍റെ പരീക്ഷണങ്ങളായ യുദ്ധം മുതലായ വിഷമ ഘട്ടങ്ങളെയും മതസംബന്ധമായ

വിധി വിലക്കുകളേയും ഓരോരുത്തരും എങ്ങനെ നേരിടുമെന്നതിനെ അനുസരിച്ചായിരിക്കും അവരുടെ പ്രതിഫലവും.

യുദ്ധം, ധർമ്മ സമരം, പരമാവധി പരിശ്രമം എന്നൊക്കെയാണ് 'ജിഹാദ്' എന്ന വാക്കിന് അർത്ഥം. ദേഹം കൊണ്ടും, ധനം കൊണ്ടും, വാക്ക് കൊണ്ടും, പ്രവൃത്തി കൊണ്ടും നടത്തപ്പെടുന്ന എല്ലാ ത്യാഗ പരിശ്രമങ്ങൾക്കും ധർമ്മ സമരങ്ങൾക്കും 'ജിഹാദ്' എന്ന് പറയാം.

**വചനം 32,33,34 :**

32 നിശ്ചയമായും, അവിശ്വസിക്കുകയും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽനിന്ന്(ജനങ്ങളെ)തടയുകയും, തങ്ങൾക്ക് സൻമാർഗ്ഗം വ്യക്തമായിക്കഴിഞ്ഞതിനുശേഷം 'റസൂലി'നോട് ചേരിപിരിയുകയും ചെയ്തിട്ടുള്ളവർ, അവർ അല്ലാഹുവിന് ഒട്ടും ഉപദ്രവം വരുത്തുകയില്ലതന്നെ. അവരുടെ പ്രവർത്തനങ്ങളെ അവൻ വഴിയെ ഫലശൂന്യമാക്കുകയും ചെയ്യും.

33 ഹേ, വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ; 'റസൂലി'നെയും അനുസരിക്കുവിൻ; നിങ്ങളുടെ പ്രവർത്തനങ്ങളെ വ്യർത്ഥമാക്കിക്കളയുകയും അരുത്.

34 നിശ്ചയമായും, അവിശ്വസിക്കുകയും അല്ലാഹുവിൻെറ മാർഗ്ഗത്തിൽനിന്ന് (ജനങ്ങളെ) തടയുകയും, പിന്നീട് തങ്ങൾ അവിശ്വാസികളായ നിലയിൽ(തന്നെ) മരണപ്പെടുകയും ചെയ്തവർ, അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കുന്നതേയല്ല.

إِنَّ ٱلَّذِينَ كَفَرُوا۟ وَصَدُّوا۟ عَن سَبِيلِ ٱللَّهِ وَشَآقُّوا۟ ٱلرَّسُولَ مِنۢ بَعْدِ مَا تَبَيَّنَ لَهُمُ ٱلْهُدَىٰ لَن يَضُرُّوا۟ ٱللَّهَ شَيْـًٔا وَسَيُحْبِطُ أَعْمَٰلَهُمْ ٣٢

۞ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ أَطِيعُوا۟ ٱللَّهَ وَأَطِيعُوا۟ ٱلرَّسُولَ وَلَا تُبْطِلُوٓا۟ أَعْمَٰلَكُمْ ٣٣

إِنَّ ٱلَّذِينَ كَفَرُوا۟ وَصَدُّوا۟ عَن سَبِيلِ ٱللَّهِ ثُمَّ مَاتُوا۟ وَهُمْ كُفَّارٌ فَلَن يَغْفِرَ ٱللَّهُ لَهُمْ ٣٤

ദുർനടപ്പുകളും പാപങ്ങളും നിമിത്തം സൽകർമ്മങ്ങൾ ഉപയോഗ ശൂന്യമായിത്തീർന്നേക്കും. ഓരോ പ്രവൃത്തിയും അല്ലാഹുവും റസൂലും നിർദ്ദേശിച്ച പ്രകാരം അതിന്റെ യഥാ രൂപത്തിൽ ഹൃദയശുദ്ധിയോട് കൂടി ആയിരിക്കേണ്ടതുണ്ട്. മരണത്തിന് മുമ്പ് ഏതവസരത്തിലും പശ്ചാത്തപിച്ച് മടങ്ങാവുന്നതാണ്. പക്ഷേ അവിശ്വാസിയായി മരണപ്പെട്ടവരുടെ പാപങ്ങൾ ഒന്നും തന്നെ അല്ലാഹു പൊറുത്ത് കൊടുക്കുകയില്ല. സത്യവിശ്വാസത്തോട് കൂടിയുള്ള പശ്ചാത്താപം മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ.

**വചനം 35 :**

35 ആകയാൽ, (സത്യവിശ്വാസികളേ,) നിങ്ങൾക്ക് ദൗർബല്യം പിണയുകയും, നിങ്ങൾ ഉന്നതൻമാരായിരിക്കെ (ശത്രുക്കളെ) സന്ധിക്ക് ക്ഷണിക്കുകയും ചെയ്യരുത്. അല്ലാഹു നിങ്ങളുടെകൂടെ ഉണ്ടുതാനും. നിങ്ങളുടെ പ്രവൃത്തികളെ നിങ്ങൾക്കവൻ നഷ്ടപ്പെടുത്തുകയും ചെയ്കയില്ല തന്നെ.

فَلَا تَهِنُوا۟ وَتَدْعُوٓا۟ إِلَى ٱلسَّلْمِ وَأَنتُمُ ٱلْأَعْلَوْنَ وَٱللَّهُ مَعَكُمْ وَلَن يَتِرَكُمْ أَعْمَٰلَكُمْ ٣٥

ശത്രുക്കളുമായി കണ്ട് മുട്ടുമ്പോൾ ധൈര്യക്ഷയവും ദുർബല മനസ്ഥിതിയും അവരെ തീണ്ടരുതെന്നും ആ അവസ്ഥയിൽ ശത്രുക്കളോട് അങ്ങോട്ട് ചെന്ന് സന്ധിക്ക് അപേക്ഷിക്കരുതെന്നും അല്ലാഹു ഉപദേശിക്കുന്നു. അതോടൊപ്പം തന്നെ 'അല്ലാഹു നിങ്ങളുടെ കൂടെയുണ്ട്' എന്നും 'നിങ്ങളുടെ പ്രവർത്തനം അവൻ നഷ്ടപ്പെടുത്തുന്നതേയല്ല' എന്നും വാഗ്ദാനം ചെയ്ത് കൊണ്ട് അല്ലാഹു അവർക്ക്

മനസ്സമാധാനവും സ്ഥൈര്യയും പ്രദാനം ചെയ്യുകയും ചെയ്യുന്നു.

**വചനം 36,37,38 :**

إِنَّمَا ٱلْحَيَوٰةُ ٱلدُّنْيَا لَعِبٌ وَلَهْوٌ ۚ وَإِن تُؤْمِنُوا۟ وَتَتَّقُوا۟ يُؤْتِكُمْ أُجُورَكُمْ وَلَا يَسْـَٔلْكُمْ أَمْوَٰلَكُمْ ﴿٣٦﴾

36 നിശ്ചയമായും ഐഹികജീവിതം, കളിയും, വിനോദവും തന്നെയാകുന്നു. നിങ്ങൾ വിശ്വസിക്കുകയും. സൂക്ഷിക്കുകയും ചെയ്യുന്നതായാൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ പ്രതിഫലങ്ങൾ നൽകുന്നതാണ്. നിങ്ങളോട് നിങ്ങളുടെ (മുഴുവൻ) സ്വത്തുക്കൾ അവൻ ചോദിക്കുന്നുമില്ല.

إِن يَسْـَٔلْكُمُوهَا فَيُحْفِكُمْ تَبْخَلُوا۟ وَيُخْرِجْ أَضْغَـٰنَكُمْ ﴿٣٧﴾

37 നിങ്ങളോട് അത് (സ്വത്തുക്കൾ) ചോദിക്കുകയും, അങ്ങനെ നിങ്ങളോട് കിണഞ്ഞാവശ്യപ്പെടുകയും ചെയ്യുന്ന പക്ഷം, നിങ്ങൾ ലുബ്ധത കാണിക്കുന്നതാണ്; നിങ്ങളുടെ വിദ്വേഷങ്ങളെ അത് പുറത്തുകൊണ്ടുവരുകയും ചെയ്യും.

هَـٰٓأَنتُمْ هَـٰٓؤُلَآءِ تُدْعَوْنَ لِتُنفِقُوا۟ فِى سَبِيلِ ٱللَّهِ فَمِنكُم مَّن يَبْخَلُ ۖ وَمَن يَبْخَلْ فَإِنَّمَا يَبْخَلُ عَن نَّفْسِهِۦ ۚ وَٱللَّهُ ٱلْغَنِىُّ وَأَنتُمُ ٱلْفُقَرَآءُ ۚ وَإِن تَتَوَلَّوْا۟ يَسْتَبْدِلْ قَوْمًا غَيْرَكُمْ ثُمَّ لَا يَكُونُوٓا۟ أَمْثَـٰلَكُم ﴿٣٨﴾

38 ഹേ! കൂട്ടരേ-നിങ്ങൾ (ഇതാ), അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചിലവഴിക്കുവാൻവേണ്ടി ക്ഷണിക്കപ്പെടുന്നു! എന്നാൽ, നിങ്ങളിൽ (ചിലർ) ലുബ്ധത കാണിക്കുന്നവരുണ്ട്. ആർ ലുബ്ധത കാണിക്കുന്നുവോ അവൻ നിശ്ചയമായും തന്നോടുതന്നെയാണ് ലുബ്ധത കാണിക്കുന്നതും. അല്ലാഹുവാകട്ടെ, (പരാശ്രയമില്ലാത്ത) ധന്യനാകുന്നു; നിങ്ങളോ (പരാശ്രയക്കാരായ) ദരിദ്രൻമാരുമാകുന്നു; നിങ്ങൾ (അനുസരിക്കാതെ) പിൻതിരിയുകയാണെങ്കിൽ, നിങ്ങളല്ലാത്ത (വേറെ) ഒരു ജനതയെ അവൻ പകരം കൊണ്ടു വരുന്നതാണ്. എന്നിട്ട്, അവർ നിങ്ങളെപ്പോലെയുള്ളവരായിരിക്കയുമില്ല.

നിങ്ങളുടെ സ്വത്തുക്കൾ അല്ലാഹു നിങ്ങളോട് ചോദിക്കുന്നില്ല എന്ന വചനത്തിന്റെ താല്പര്യം ഒന്നിലധികം പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്.

1) നിങ്ങളുടെ സ്വത്തുക്കൾ മുഴുവനും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കണമെന്ന് അല്ലാഹു ആവശ്യപ്പെടുന്നില്ല. നിങ്ങൾക്ക് വലിയ വിഷമമൊന്നും വരാത്ത വിധത്തിൽ നിങ്ങളുടെ കഴിവനുസരിച്ച് ചിലവഴിക്കണമെന്നേ അവൻ നിർബന്ധിക്കുന്നുള്ളൂ.

2) നിങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എന്ത് ചിലവഴിക്കുന്നുവെങ്കിലും അത് നിങ്ങളുടെ സ്വന്തം നന്മക്ക് വേണ്ടിത്തന്നെയാണ്.

3) നിങ്ങളോട് ചിലവഴിക്കാൻ നിർദ്ദേശിക്കപ്പെട്ട സ്വത്ത് യഥാർത്ഥത്തിൽ നിങ്ങളുടെ സ്വത്തല്ല- അത് അല്ലാഹു നിങ്ങൾക്ക് തല്ക്കാലം നൽകിയതാണ്.

37-ാം വചനത്തിന്റെ ആശയത്തോട് കൂടുതൽ അനുയോജ്യമായത് 1-ാമത്തെ വ്യാഖ്യാനമാണെന്നാണ് തോന്നുന്നത് الله اعلم

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെലവാക്കുവാൻ ആവശ്യപ്പെടുമ്പോൾ പിശുക്ക് കാണി

ക്കലും മനസ്സിലെ വിദ്വേഷം പുറത്ത് പ്രകടിപ്പിക്കലും മിക്കവരുടെയും സ്വഭാവമാണെന്നും, അത് തങ്ങൾക്ക് തന്നെ ദോഷകരമാണെന്നും അല്ലാഹു പ്രത്യേകം ഓർമ്മപ്പെടുത്തന്നു. ധനം ചിലവഴിക്കുവാൻ ആവശ്യപ്പെടുന്നത് അല്ലാഹുവിന്റെ ഗുണത്തിന് വേണ്ടിയല്ല സ്വന്തം നന്മക്ക് വേണ്ടിയാണെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ഇനി, നിങ്ങൾ അനുസരിക്കാതെ പിൻതിരിയുകയാണെങ്കിൽ നിങ്ങൾക്ക് പകരം വേറൊരു ജനതയെ കൊണ്ട് വരുന്നതാണെന്ന ശക്തമായ ഒരു താക്കീതും അല്ലാഹു നൽകുന്നു.

വിശ്വസിച്ചവരേ എന്ന് അഭിസംബോധന ചെയ്ത്കൊണ്ട്, 33-ാം വചനം മുതൽ അല്ലാഹു നമ്മോട് പല നിർദ്ദേശങ്ങളും നൽകുന്നു-അല്ലാഹുവിനേയും. റസൂലിനേയും അനുസരിക്കണം; സ്വന്തം പ്രവർത്തനങ്ങളെ ഫലശൂന്യമാക്കാതിരിക്കണം; ശത്രുക്കളുടെ മുമ്പിൽ ദൗർബല്യം കാണിക്കാതിരിക്കണം; വിശ്വാസത്തോടും സൂക്ഷമതയോടും കൂടി ജീവിക്കണം; അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെലവഴിക്കണം എന്നൊക്കെ.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ അനുസരിക്കുവാൻ തയ്യാറില്ലാതെ നിങ്ങൾ പിൻതിരിയുകയാണെങ്കിൽ, അതിന് തയ്യാറുള്ള മറ്റൊരു ജനതയെ അല്ലാഹു നിങ്ങൾക്ക് പകരം കൊണ്ട് വരുന്നതാണ് എന്ന ശക്തമായ താക്കീതോടെ അല്ലാഹു ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു. (ഈ വസ്തുത അല്ലാഹു സൂ: മാഇദ 54-ാം വചനത്തിൽ വ്യക്തമാക്കിയിട്ടുള്ളതാകുന്നു. പുതുതായി വരുന്ന ആ ജനതയുടെ സവിശേഷതകൾ എന്തായിരിക്കുമെന്നും, ആ വചനത്തിൽ വിശദീകരിക്കപ്പെട്ടിരിക്കുന്നു.)

# 48. സൂറത്ത് - ഫത്ത്ഹ് (വിജയം)

**മദീനായിൽ അവതരിച്ചത്**

വചനങ്ങൾ 29 വിഭാഗം (റുക്കൂഅ്) -4

ഒന്നാമത്തെ വചനത്തിലെ വിജയത്തെ(ഫത്ഹ്)ക്കുറിച്ചുള്ള പരാമർശമാണ് ഈ അദ്ധ്യായത്തിന്റെ പേരിന് നിദാനം.

ഹിജ്റ 6-ാം കൊല്ലം ദുൽഖഅ്ദ മാസത്തിൽ നബി(സ) തിരുമേനി ഹുദൈബിയ്യാ സന്ധി കഴിഞ്ഞ് സഹാബികളൊന്നിച്ച് മടങ്ങുമ്പോൾ വഴി മദ്ധ്യേ വെച്ചാണ് ഈ അദ്ധ്യായത്തിന്റെ അവതരണം. ഈ അദ്ധ്യായം അവതരിച്ചപ്പോൾ ഉമർ(റ)നെ വിളിച്ച് കൊണ്ട് നബി(സ) പറഞ്ഞു: “ഈ ലോകത്തേക്കാളും അതിലുള്ള വസ്തുക്കളേക്കാളും എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടതാകുന്നു ഈ സൂറത്ത്” മക്കാ വിജയത്തിന്റെ അന്ന് രാത്രി വാഹനപ്പുറത്ത് വെച്ച് നബി(സ) തിരുമേനി ഈ സൂറത്ത് നീട്ടി ഓതുകയുണ്ടായി.

ഈ അദ്ധ്യായത്തിൽ ഹുദൈബിയ സന്ധിയെക്കുറിച്ച് പല വസ്തുതകളും പ്രസ്താവിച്ചിരിക്കുന്നു. ആ സംഭവത്തിന്റെ ചുരുക്കം താഴെ പറയും പ്രകാരമാകുന്നു.

മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുന്നതായി സ്വപ്നം കണ്ട നബി(സ)- നബി(സ)യുടെ സ്വപ്നം യാഥാർത്ഥ്യമായിരിക്കുമല്ലോ- ആയിരത്തിനാന്നൂറിൽപരം സഹാബികളുമായി ഉംറ കർമ്മം നിർവ്വഹിക്കാനായി പുറപ്പെട്ടു. സഹാബികൾ യുദ്ധായുധമൊന്നുമില്ലാതെ സാധാരണ അവർ കൊണ്ട് നടക്കാറുള്ള ഉറയിലിട്ട വാളുകൾ മാത്രമാണ് കൊണ്ട് പോയിരുന്നത്.

മക്കായിൽ നിന്നും ഏതാനും നാഴിക അകലെ ഹുദൈബിയ്യ: എന്ന കിണറ്റിന്നരികെ നബി(സ) ഇറങ്ങി. തിരുമേനിയുടെ വരവിന്റെ ഉദ്ദേശ്യം എന്താണെന്ന് ആളെ അയച്ച് അന്വേഷിപ്പിച്ച ഖുറൈശികൾ, അവർ വന്നത് സൈന്യസമേതം യുദ്ധസന്നാഹത്തോടെയാണെന്ന് അനുമാനിക്കുകയും തുടർന്ന് അന്യോന്യം പല സംസാരങ്ങളും ദൗത്യങ്ങളും നടത്തുകയും ചെയ്തു.

മക്കായിൽ അവശേഷിച്ചിരുന്ന ദുർബ്ബലരായ ചില സത്യവിശ്വാസികൾക്ക് മനസ്സമാധാനം നൽകുവാനായി നബി(സ) ഉസ്മാൻ(റ)നെ മക്കായിലേക്ക് അയച്ചിരുന്നു. അദ്ദേഹത്തെ ഖുറൈശികൾ അവിടെ

തടഞ്ഞ് വെച്ചു. അദ്ദേഹം കൊല്ലപ്പെട്ടതായി, ഒരു വാർത്ത മുസ്ലീംകൾക്കിടയിൽ പ്രചരിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് സഹാബികൾ നബി(സ)യൊന്നിച്ചു മരണം വരെ തങ്ങൾ യുദ്ധം ചെയ്ത് കൊള്ളാമെന്ന് ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ വെച്ച് പ്രതിജ്ഞ ചെയ്തു. ഇതിന് 'വൃക്ഷത്തിങ്കൽ വെച്ചുണ്ടായ പ്രതിജ്ഞ' എന്നും താഴെ 18-ാം വചനത്തിൽ കാണുന്ന സന്തോഷ വാർത്തയനുസരിച്ച് 'അല്ലാഹുവിന്റെ പ്രീതി ലഭിച്ച പ്രതിജ്ഞ' എന്നും പറയപ്പെടുന്നു. (ജനങ്ങൾ പിൽക്കാലത്ത്, ആ വൃക്ഷത്തെ ഒരു പുണ്യ വൃക്ഷമായി ഗണിച്ച് വരുകയും അതറിഞ്ഞ ഉമർ(റ) അത് വെട്ടിക്കളയുവാൻ കല്പിക്കുകയും ചെയ്യുകയുണ്ടായി)

ഈ പ്രതിജ്ഞ (ബൈഅത്ത്)യെ പറ്റി അറിഞ്ഞ ഖുറൈശികൾ ഭയചകിതരായി. അവർ നബി(സ)യുമായി ഒരു സന്ധിക്ക് മുന്നോട്ട് വന്നു.

ഖുറൈശികളുടെ നിർബന്ധപ്രകാരം, അങ്ങേഅറ്റത്തെ വിട്ടുവീഴ്ച ചെയ്ത് കൊണ്ട് നബി(സ) അവരുമായി സന്ധി വ്യവസ്ഥ രേഖപ്പെടുത്തി! 'ഹുദൈബിയ്യ സന്ധി' എന്ന് പ്രസിദ്ധമായ പ്രസ്തുത കരാറിന്റെ ചുരുക്കം ഇപ്രകാരമായിരുന്നു:

1) ഇരുകൂട്ടർക്കുമിടയിൽ നാല് കൊല്ലം യുദ്ധം നിർത്തി വെക്കുക. 2) ഖുറൈശികളിൽ നിന്ന് മുസ്ലീംകളുടെ പക്ഷത്തേക്ക് വരുന്നവരെ അങ്ങോട്ട് തിരിച്ചയക്കുക; മുസ്ലീംകളിൽ നിന്ന് ഖുറൈശികളുടെ പക്ഷത്തേക്ക് വരുന്നവരെ തിരിച്ചയക്കേണ്ടതില്ല. 3) അടുത്ത കൊല്ലം തിരുമേനിയും സഹാബികളും നിരായുധരായി വന്ന് ഉംറ കർമ്മം നിർവ്വഹിക്കുക; മൂന്ന് ദിവസം താമസിക്കുകയും ചെയ്യാം. 4) ഇരുകക്ഷികളും അവരവരുടെ ഇഷ്ടം പോലെ ആരുമായും സഖ്യത്തിൽ ഏർപ്പെടുന്നതിന് വിരോധമില്ല.

നബി(സ) ഇത്രയും വിട്ട് വീഴ്ചകൾക്ക് സമ്മതിച്ചത് സഹാബികൾക്ക് പൊതുവിൽ ഇഷ്ടപ്പെട്ടില്ല. നമ്മുടെ അടുക്കൽ ത്യാഗം സഹിച്ച് മുസ്ലിമായി വരുന്ന വരെ നാമെങ്ങനെ അവരിലേക്ക് തിരിച്ചയക്കും. ഇതായിരുന്നു അവർക്ക് തീരെ സഹിക്കാൻ കഴിയാഞ്ഞത്. സന്ധിക്ക് ശേഷം, റസൂൽ തിരുമേനി തലമുണ്ഡനം ചെയ്യുകയും മറ്റുള്ള സഹാബികളും അപ്രകാരം ചെയ്തു, മദീനയിലേക്ക് തിരികെ യാത്രയാകുകയും ചെയ്തു. ഹിജ്റ ആറാം കൊല്ലം ദുൽഖഅ്ദ മാസത്തിലായിരുന്നു ഈ സംഭവം.

അടുത്ത വർഷം തിരുമേനിയും സഹാബികളും ഉംറ കർമ്മം നിർവ്വഹിക്കുകയും ചെയ്തു. ഈ ഉംറക്കാണ് 'ഉംറത്തുൽ ഖളാഉ്' എന്ന് പറയപ്പെടുന്നത്.

സന്ധിമൂലം സംജാതമായ സമാധാന കാലത്ത്, ഇസ്ലാമിന്റെ പ്രബോധനം, അയൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാനും കിസ്രാ, കൈസർ മുതലായ പല ചക്രവർത്തിമാരേയും ഇസ്ലാമിലേക്ക് ക്ഷണിച്ച് കൊണ്ടുള്ള എഴുത്ത് കുത്തുകൾ നടത്തുവാനും നബി(സ)ക്ക് അവസരം കിട്ടി. ഇതിനിടെ ഖുറൈശികളുടെ ഭാഗത്ത് നിന്ന് സന്ധിലംഘനം ഉണ്ടാകുകയും, നബി(സ)യും പതിനായിരത്തോളം വരുന്ന സഹാബികളും വേണ്ടുന്ന സന്നാഹങ്ങളോട് കൂടി മക്കായിലേക്ക് നീങ്ങുകയും വലിയ സംഘട്ടനങ്ങളൊന്നും കൂടാതെ തന്നെ ചരിത്ര പ്രസിദ്ധമായ മക്കാവിജയം (മക്കാ ഫത്ഹ്) സംഭവം ഉണ്ടാകുകയും ചെയ്തു. അതോട് കൂടി ഖുറൈശികൾ മുഴുവനും അറബികൾ പൊതുവിലും ഇസ്ലാമിന് കീഴൊതുങ്ങി ഇതിനെല്ലാം വഴി തെളിച്ചത്, ഹുദൈബിയ്യാ സന്ധിയായിരുന്നു.

## വിഭാഗം 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3 :**

إِنَّا فَتَحْنَا لَكَ فَتْحًا مُّبِينًا ﴿١﴾

1 (നബിയേ) നിശ്ചയമായും നാം നിനക്ക് പ്രത്യക്ഷമായ ഒരു വിജയം നൽകിയിരിക്കുന്നു;-

لِّيَغْفِرَ لَكَ ٱللَّهُ مَا تَقَدَّمَ مِن ذَنۢبِكَ وَمَا تَأَخَّرَ وَيُتِمَّ نِعْمَتَهُۥ عَلَيْكَ وَيَهْدِيَكَ صِرَٰطًا مُّسْتَقِيمًا ﴿٢﴾

2 നിൻെറ പാപത്തിൽനിന്ന് മുൻകഴിഞ്ഞതും പിന്നീടുണ്ടാകുന്നതും അല്ലാഹു നിനക്ക് പൊറുത്തുതരുവാൻവേണ്ടിയും, അവൻെറ അനുഗ്രഹം നിനക്കവൻ പരിപൂർണ്ണമാക്കുവാനും, (നേരെ) ചൊവ്വായ മാർഗ്ഗത്തിൽ നിന്നെ നയിക്കുവാനും,-

وَيَنصُرَكَ ٱللَّهُ نَصْرًا عَزِيزًا ﴿٣﴾

3 അന്തസ്സാർന്ന ഒരു സഹായം അല്ലാഹു നിന്നെ സഹായിക്കുവാനും (വേണ്ടിയും).

ഒന്നാമത്തെ വചനത്തിൽ പ്രസ്താവിച്ച 'വിജയം' കൊണ്ടുദ്ദേശ്യം ഹുദൈബിയ്യാ സന്ധിയത്രേ. സന്ധിയെ തുടർന്ന് എത്രയോ അധികം ജനങ്ങൾ ഇസ്ലാമിനെ ആശ്ലേഷിക്കുവാനും, മുശ്രിക്കുകളും മുസ്ലീംകളും സമാധാനപൂർവ്വം ഇടപഴകാനും അങ്ങനെയുണ്ടായ അനുകൂല അന്തരീക്ഷം, തുടർന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മക്കാവിജയം കൈവരിക്കുവാനും ഇടയാക്കുകയുണ്ടായി. ഹുദൈബിയാ സന്ധിക്കും മക്കാവിജയത്തിനും ഇടക്കുള്ള രണ്ട് കൊല്ലക്കാലം കൊണ്ട് മുസ്ലീംകളുടെ എണ്ണം എത്രയോ ഇരട്ടി വർദ്ധിക്കുകയുണ്ടായി. ഈ ഇടക്കാലത്താണ് പ്രസിദ്ധമായ ഖൈബർ വിജയവും മുസ്ലീംകൾക്ക് കൈവന്നത്. ഇത്കൊണ്ടൊക്കെയാണ് ഹുദൈബിയ്യാ സന്ധിയെ 'വിജയങ്ങളുടെ വിജയം അഥവാ വിജയങ്ങളുടെ ഉദ്ഘാടനം' എന്ന് പറയപ്പെടുന്നതും.

ഖുർആൻ വ്യാഖ്യാതാക്കളിൽ ചിലരുടെ അഭിപ്രായത്തിൽ ഹുദൈബിയ്യാ സന്ധി കഴിഞ്ഞു മടങ്ങുമ്പോൾ അവതരിച്ച ഈ സൂറത്തിലെ 'വിജയം' എന്നത് കൊണ്ട് ഉദ്ദേശിച്ചത്, ആ സന്ധി നിമിത്തം പിന്നീട് കൈവരിക്കാനിരിക്കുന്ന മക്കാ വിജയത്തെക്കുറിച്ചാണ് എന്നാകുന്നു. എന്നാൽ, ഖുർആന്റെ വചനങ്ങളും, മേൽചൂണ്ടിക്കാണിച്ച വസ്തുതകളും നോക്കുമ്പോൾ 'വിജയം' കൊണ്ടുദ്ദേശ്യം ഹുദൈബിയ്യാ സന്ധിയാണെന്ന അഭിപ്രായത്തിനാണ് കൂടുതൽ പ്രസക്തിയെന്നാണ് ഇബ്നു മസ്ഊദ്(റ) മുതലായ സഹാബികളുടെ നിവേദനങ്ങൾ ചൂണ്ടികാട്ടുന്നത്.

ഈ 'വിജയം' മുഖേനയുള്ള നേട്ടങ്ങളാണ് 2ഉം 3ഉം വചനങ്ങളിൽ പ്രസ്താവിക്കുന്നത്.നബി (സ) തിരുമേനിയുടെ മുൻ കഴിഞ്ഞതും വരാനിരിക്കുന്നതുമായ 'പാപങ്ങൾ' അത്മൂലം അല്ലാഹു പൊറുത്ത് കൊടുക്കുമെന്നുള്ളതാണ് ഒന്നാമത്തേത്. (പ്രവാചകന്മാരുടെ പാപമോചനത്തെക്കുറിച്ച് സൂ: മുഹമ്മദ് 19-ാം വചനവും സൂ: സ്വാദ് 34-38 വചനങ്ങളും അവയുടെ വിശദീകരണവും നോക്കുക)

പാപങ്ങളെല്ലാം പൊറുക്കപ്പെട്ട സന്തോഷവാർത്ത അറിയിക്കപ്പെട്ടിട്ടും നബി(സ) തിരുമേനി അവിടുത്തെ കാലുകളിൽ നീരു കെട്ടുമാറ് രാത്രി നിന്ന് നമസ്കരിക്കാറുണ്ടായിരുന്നു. ഇതേകുറിച്ച് ആരാഞ്ഞ ആയിശ(റ)നോട് തിരുമേനി ഇപ്രകാരമാണ് ഉത്തരം പറഞ്ഞത്- "അപ്പോൾ ഞാനൊരു നന്ദിയുള്ള അടിമ ആയിരിക്കേണ്ടതല്ലേ (ബു:മു)".

നബി(സ)യുടെ മേൽ അല്ലാഹു അവന്റെ അനുഗ്രഹം പരിപൂർണ്ണമാക്കി കൊടുക്കുക, തിരുമേനിയെ ചൊവ്വായ മാർഗ്ഗത്തിൽ നയിക്കുക, പ്രബലവും അന്തസ്സോടു കൂടിയതുമായ സഹായം നബി(സ)ക്ക് നൽകുക എന്നിവയാണ് അല്ലാഹു പ്രസ്താവിച്ച മറ്റു നേട്ടങ്ങൾ.

ഇസ്ലാമിന്നെതിൽ ആഞ്ഞടിച്ചിരുന്ന എല്ലാ തടസ്സങ്ങളെയും തട്ടിനീക്കി, അറേബ്യ മുഴുവൻ ഇസ്ലാമിനെ അംഗീകരിക്കുകയും അറേബ്യായുടെ ചരിത്രം മാത്രമല്ല ലോകചരിത്രം തന്നെ മാറ്റി എഴുതപ്പെടാനുള്ള സാഹചര്യം സംജാതമാകുകയും ചെയ്തു. ഇതെല്ലാം ഈ വിജയത്തിന്റെ അനന്തര ഫലങ്ങളായി ഇഹത്തിൽ വെച്ച് അല്ലാഹു നബി(സ)ക്ക് നൽകിയ അനുഗ്രഹങ്ങളായിരുന്നു. പരലോകത്ത് അല്ലാഹു തിരുമേനിക്ക് നൽകുന്ന അനുഗ്രഹങ്ങളാകട്ടെ വിവരണാതീതവുമത്രേ.

**വചനം 4,5 :**

هُوَ ٱلَّذِىٓ أَنزَلَ ٱلسَّكِينَةَ فِى قُلُوبِ

4 അവനത്രെ, സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ ശാന്തത ഇറക്കിക്കൊടുത്തവൻ;

ٱلْمُؤْمِنِينَ لِيَزْدَادُوٓا۟ إِيمَٰنًا مَّعَ إِيمَٰنِهِمْ ۗ
وَلِلَّهِ جُنُودُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَكَانَ
ٱللَّهُ عَلِيمًا حَكِيمًا ﴿٤﴾
لِّيُدْخِلَ ٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ جَنَّٰتٍ
تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا
وَيُكَفِّرَ عَنْهُمْ سَيِّـَٔاتِهِمْ ۚ وَكَانَ ذَٰلِكَ
عِندَ ٱللَّهِ فَوْزًا عَظِيمًا ﴿٥﴾

അവരുടെ വിശ്വാസത്തിൽകൂടി (വീണ്ടും) അവർക്ക് വിശ്വാസം വർദ്ധിക്കുവാൻവേണ്ടി. അല്ലാഹുവിന് ആകാശങ്ങളിലെയും, ഭൂമിയിലെയും സൈന്യങ്ങളുണ്ട്. അല്ലാഹു സർവ്വജ്ഞനും, അഗാധജ്ഞനുമാകുന്നു.

5 സത്യവിശ്വാസികളെയും, സത്യവിശ്വാസിനികളെയും അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളിൽ-അവരതിൽ നിത്യവാസികളായ നിലക്ക്-അവൻ പ്രവേശിപ്പിക്കുവാനും; അവർക്ക് അവരുടെ തിൻമകളെ (മാപ്പ് ചെയ്ത്) മൂടിവെച്ച് കൊടുക്കുവാനും വേണ്ടി(യാണ് അത്) അത് അല്ലാഹുവിൻെറ അടുക്കൽ മഹത്തായ ഭാഗ്യമാകുന്നു.

ഹുദൈബിയ്യാ വിജയം മൂലം നബി(സ) തിരുമേനിക്ക് സിദ്ധിച്ച അനുഗ്രഹങ്ങളെ കുറിച്ച് പറഞ്ഞ ശേഷം, സത്യവിശ്വാസികളായ അല്ലാഹുവിന്റെ സൈന്യങ്ങൾക്ക് അത്മൂലം സിദ്ധിക്കുന്ന അനുഗ്രഹങ്ങളെ ഈ വചനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഇഹലോകത്ത് അവർക്ക് മനസ്സമാധാനവും വിശ്വാസവർദ്ധനവും ലഭിക്കുന്നു. പരലോകത്താകട്ടെ സർവ്വഗുണ സമ്പൂർണ്ണമായ സ്വർഗ്ഗീയ ജീവിതം അവർക്കായി ഒരുക്കിവെച്ചിരിക്കുന്നു.

അല്ലാഹുവിന് ആകാശത്തുള്ള കണക്കറ്റ സൈന്യങ്ങളിൽപെട്ട ഒരു മലക്ക് മാത്രം മതി ഈ ഭൂമിയിൽ അല്ലാഹുവിന്റെ ശത്രുക്കളെ മുഴുവൻ നശിപ്പിക്കുവാൻ. പക്ഷേ മഹത്തായ ചില ലക്ഷ്യങ്ങളെ മുൻനിറുത്തിക്കൊണ്ട് സത്യവിശ്വാസികളാകുന്ന സൈന്യത്തെയാണ് അവൻ ധർമ്മസമരത്തിന് തിരഞ്ഞെടുത്തിരിക്കുന്നത്.

**വചനം 6,7 :**

وَيُعَذِّبَ ٱلْمُنَٰفِقِينَ وَٱلْمُنَٰفِقَٰتِ
وَٱلْمُشْرِكِينَ وَٱلْمُشْرِكَٰتِ ٱلظَّآنِّينَ بِٱللَّهِ
ظَنَّ ٱلسَّوْءِ ۚ عَلَيْهِمْ دَآئِرَةُ ٱلسَّوْءِ ۖ وَغَضِبَ
ٱللَّهُ عَلَيْهِمْ وَلَعَنَهُمْ وَأَعَدَّ لَهُمْ جَهَنَّمَ ۖ
وَسَآءَتْ مَصِيرًا ﴿٦﴾
وَلِلَّهِ جُنُودُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَكَانَ
ٱللَّهُ عَزِيزًا حَكِيمًا ﴿٧﴾

6 അല്ലാഹുവിനെക്കുറിച്ച് ദുഷിച്ചധാരണ ധരിച്ചുകൊണ്ടിരിക്കുന്ന കപടവിശ്വാസികളെയും, കപടവിശ്വാസിനികളെയും, ബഹുദൈവവിശ്വാസികളെയും, ബഹുദൈവവിശ്വാസിനികളെയും അവൻ ശിക്ഷിക്കുവാനും (കൂടിയാകുന്നു അത്.) അവരുടെമേൽ തിൻമയുടേതായ വലയം ഉണ്ട്; അല്ലാഹു അവരുടെമേൽ കോപിക്കുകയും, അവരെ ശപിക്കുകയും, അവർക്ക് 'ജഹന്നം' (നരകം) ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. അത് വളരെ മോശമായ പര്യവസാന സ്ഥലം!

7 അല്ലാഹുവിന് ആകാശങ്ങളിലെയും, ഭൂമിയിലെയും സൈന്യങ്ങളുണ്ട്. അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു.

ഹുദൈബിയ്യാ വിജയത്തിന്റെ അന്തരഫലമായി കപടവിശ്വാസികളും, ബഹുദൈവ വിശ്വാസികളുമായ സ്ത്രീ പുരുഷന്മാരുടെ മേൽ അല്ലാഹുവിന്റെ കോപവും ശാപവും വർഷിക്കപ്പെടുന്നതാണ്; അവസാനം ശാശ്വതമായ നരകവും.

പ്രതാപശാലിയും അഗാധജ്ഞനുമായ അല്ലാഹുവിന് ആകാശങ്ങളിലും ഭൂമിയിലും സൈന്യങ്ങളുണ്ടെന്ന് ഇവിടെ ഒരിക്കല്‍ കൂടി ആവര്‍ത്തിച്ച് പറഞ്ഞതും ശ്രദ്ധേയമാകുന്നു.

**വചനം 8 :**

إِنَّآ أَرۡسَلۡنَٰكَ شَٰهِدٗا وَمُبَشِّرٗا وَنَذِيرٗا ﴿٨﴾

8 (നബിയേ) നിശ്ചയമായും നിന്നെ ഒരു സാക്ഷിയും, സന്തോഷവാര്‍ത്ത അറിയിക്കുന്നവനും, താക്കീത് നല്‍കുന്നവനുമായി നാം (നിയോഗിച്ച്) അയച്ചിരിക്കുകയാണ്.

ഈ വചനത്തിന്റെ വിശദീകരണത്തിനായി സൂ: അഹ്സാബ് 45-ാം വചനത്തിന്റെ വ്യാഖ്യാനം നോക്കുക.

**വചനം 9 :**

لِّتُؤۡمِنُواْ بِٱللَّهِ وَرَسُولِهِۦ وَتُعَزِّرُوهُ وَتُوَقِّرُوهُ وَتُسَبِّحُوهُ بُكۡرَةٗ وَأَصِيلًا ﴿٩﴾

9 നിങ്ങള്‍ അല്ലാഹുവിലും, അവന്‍െറ 'റസൂലി' ലും വിശ്വസിക്കുകയും, അവനെ (ബഹുമാനിച്ച്) സഹായിക്കുകയും, വന്ദിക്കുകയും ചെയ്‌വാനും, കാലത്തും, വൈകുന്നേരവും നിങ്ങള്‍ അവന് 'തസ്ബീഹ്' (സ്തോത്രകീര്‍ത്തനം) ചെയ്‌വാനും (വേണ്ടിയാണത്).

ഒരു സത്യവിശ്വാസി തന്റെ ജീവിതത്തില്‍ സ്വീകരിക്കുകയും, അനുഷ്ഠിക്കുകയും ചെയ്യേണ്ടതുള്ള എല്ലാ കാര്യങ്ങളും, ഈ വചനത്തില്‍ പ്രസ്താവിച്ച നാല് കാര്യങ്ങളുടെ പൂര്‍ത്തീകരണവും വിശദാംശങ്ങളുമാണെന്ന് പറയാം. അല്ലാഹുവിനെ സഹായിക്കുക എന്ന് പറഞ്ഞതിന്റെ താല്പര്യം അവന്റെ മതത്തെ സഹായിക്കുക എന്നാകുന്നു.

**വചനം 10 :**

إِنَّ ٱلَّذِينَ يُبَايِعُونَكَ إِنَّمَا يُبَايِعُونَ ٱللَّهَ يَدُ ٱللَّهِ فَوۡقَ أَيۡدِيهِمۡۚ فَمَن نَّكَثَ فَإِنَّمَا يَنكُثُ عَلَىٰ نَفۡسِهِۦۖ وَمَنۡ أَوۡفَىٰ بِمَا عَٰهَدَ عَلَيۡهُ ٱللَّهَ فَسَيُؤۡتِيهِ أَجۡرًا عَظِيمٗا ﴿١٠﴾

10 നിശ്ചയമായും, നിന്നോട് (സത്യ) പ്രതിജ്ഞ ചെയ്യുന്നവര്‍, അല്ലാഹുവിനോടുതന്നെയാണ് പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിന്‍െറ കൈ അവരുടെ കൈകള്‍ക്കു മീതെയുണ്ട്. അതിനാല്‍, ആരെങ്കിലും (പ്രതിജ്ഞ) ലംഘിച്ചാല്‍ അവന്‍, തനിക്കെതിരായി ത്തന്നെയാണ് (അത്) ലംഘിക്കുന്നത്. അല്ലാഹുവുമായി ഉടമ്പടി ചെയ്തതിനെ ആര്‍ നിറവേറ്റിയോ അവന് മഹത്തായ പ്രതിഫലം അവന്‍ കൊടുത്തേക്കുന്നതാണ്.

ഹുദൈബിയ്യായില്‍ വെച്ച് മുശ്‌രിക്കുകളുമായി സന്ധി നടക്കുന്നതിന് മുമ്പായി മരണം വരെ യുദ്ധം ചെയ്ത് കൊള്ളാമെന്ന് ഒരു വൃക്ഷത്തിന്റെ ചുവട്ടില്‍ വെച്ച് സഹാബികള്‍ നബി(സ)യോട് ചെയ്ത പ്രതിജ്ഞയെക്കുറിച്ചാണ് ഈ വചനത്തില്‍ പരാമര്‍ശിച്ചിരിക്കുന്നത്. പ്രത്യക്ഷത്തില്‍ അത് നബി(സ)യുമായി നടന്ന പ്രതിജ്ഞയാണെങ്കിലും വാസ്തവത്തില്‍ അത് അല്ലാഹുവുമായി നടന്ന പ്രതിജ്ഞയാകുന്നു. പ്രതിജ്ഞാവേളയില്‍ കൈകൊടുത്തത് നബി(സ)യാണെങ്കിലും അത് അല്ലാഹു നേരില്‍ കൈകൊടുക്കുന്നതിന് സമവുമാണ്. പ്രതിജ്ഞ ലംഘിക്കുന്നതിന്റെ ഗൗരവത്തെ പറ്റിയും, അത് പാലിക്കുന്നതിലുള്ള മഹത്തായ പ്രതിഫലത്തെ പറ്റിയും അല്ലാഹു തുടര്‍ന്ന് പ്രസ്താവിക്കുന്നു.

## വിഭാഗം 2

**വചനം 11,12,13,14 :**

سَيَقُولُ لَكَ ٱلْمُخَلَّفُونَ مِنَ ٱلْأَعْرَابِ شَغَلَتْنَآ أَمْوَٰلُنَا وَأَهْلُونَا فَٱسْتَغْفِرْ لَنَا ۚ يَقُولُونَ بِأَلْسِنَتِهِم مَّا لَيْسَ فِى قُلُوبِهِمْ ۚ قُلْ فَمَن يَمْلِكُ لَكُم مِّنَ ٱللَّهِ شَيْـًٔا إِنْ أَرَادَ بِكُمْ ضَرًّا أَوْ أَرَادَ بِكُمْ نَفْعًۢا ۚ بَلْ كَانَ ٱللَّهُ بِمَا تَعْمَلُونَ خَبِيرًۢا ﴿١١﴾

11 'അഅ്റാബി' (മരുഭൂവാസികളായ (ഗ്രാമീണ) അറബി) കളിൽനിന്ന് പിന്നോക്കം നിന്നവർ നിന്നോട് പറഞ്ഞേക്കും: "ഞങ്ങളുടെ സ്വത്തുക്കളും കുടുംബങ്ങളും ഞങ്ങളെ ജോലിത്തിരക്കിലാക്കി. അതുകൊണ്ട് ഞങ്ങൾക്കുവേണ്ടി താങ്കൾ പാപമോചനം തേടണം". തങ്ങളുടെ ഹൃദയത്തിൽ ഇല്ലാത്തത് അവർ തങ്ങളുടെ നാവുകൊണ്ട് പറയുന്നതാണ്. പറയുക: "എന്നാൽ, അല്ലാഹു നിങ്ങളിൽ വല്ല ഉപദ്രവവും (തിൻമയും) ഉദ്ദേശിക്കുകയോ, അല്ലെങ്കിൽ അവൻ നിങ്ങളിൽ വല്ല ഉപകാരവും (നൻമയും) ഉദ്ദേശിക്കുകയോ ചെയ്തുവെങ്കിൽ അവനിൽനിന്ന് നിങ്ങൾക്ക് വല്ല ഒരു കാര്യത്തിനും സാധിക്കുന്നവർ ആരാണുള്ളത്?! പക്ഷേ, (അതിനും പുറമെ) നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു സൂക്ഷ്മമായറിയുന്നവനാകുന്നു.

بَلْ ظَنَنتُمْ أَن لَّن يَنقَلِبَ ٱلرَّسُولُ وَٱلْمُؤْمِنُونَ إِلَىٰٓ أَهْلِيهِمْ أَبَدًا وَزُيِّنَ ذَٰلِكَ فِى قُلُوبِكُمْ وَظَنَنتُمْ ظَنَّ ٱلسَّوْءِ وَكُنتُمْ قَوْمًۢا بُورًا ﴿١٢﴾

12 'പക്ഷെ, നിങ്ങൾ ധരിച്ചു, 'റസൂലും' സത്യവിശ്വാസികളും അവരുടെ കുടുംബങ്ങളിലേക്ക് ഒരിക്കലും തിരിച്ചെത്തുകയില്ലെന്ന്. അത് നിങ്ങളുടെ ഹൃദയങ്ങളിൽ ഭംഗിയാ(യി തോന്നിപ്പി)ക്കപ്പെടുകയും, നിങ്ങൾ ദുഷിച്ച ധാരണ ധരിക്കുകയും ചെയ്തു. നിങ്ങൾ നാശോൻമുഖരായ ഒരു ജനതയുമാകുന്നു.'

وَمَن لَّمْ يُؤْمِنۢ بِٱللَّهِ وَرَسُولِهِۦ فَإِنَّآ أَعْتَدْنَا لِلْكَـٰفِرِينَ سَعِيرًا ﴿١٣﴾

13 അല്ലാഹുവിലും, അവൻെറ 'റസൂലി'ലും ആർ വിശ്വസിക്കുന്നില്ലയോ, എന്നാൽ, (ആ) അവിശ്വാസികൾക്ക് നിശ്ചയമായും നാം ജ്വലിക്കുന്ന അഗ്നി ഒരുക്കിവെച്ചിരിക്കുന്നു.

وَلِلَّهِ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ يَغْفِرُ لِمَن يَشَآءُ وَيُعَذِّبُ مَن يَشَآءُ ۚ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿١٤﴾

14 അല്ലാഹുവിനാണ് ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധിപത്യം. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കും; അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

ഉംറ കർമ്മത്തിനായി മക്കായിലേക്കുള്ള യാത്രയിൽ പങ്കെടുക്കുവാൻ നബി(സ)യുടെ ക്ഷണം, ജുഹൈന, മുസൈന, ഗിഫാർ, അശ്ജഅ്, ദീൽ, അസ്ലം എന്നീ ഗോത്രക്കാർ ഖുറൈശികളുമായി ഏറ്റുമുട്ടിയേക്കുമെന്ന ഭയത്താൽ സ്വീകരിച്ചിരുന്നില്ല. ഹുദൈബിയ്യാ സന്ധി കഴിഞ്ഞ് അടുത്ത വർഷം (ഹിജ്റ 7-ാം വർഷം) ഖൈബറിൽ വെച്ച് യഹൂദികളുമായുണ്ടായ സംഘട്ടനം വിജയത്തിൽ കലാശിക്കുമെന്ന്

മനസ്സിലാക്കിയ മുൻ പറഞ്ഞ ഗോത്രക്കാർ, ഗനീമത്ത് സ്വത്തുക്കളും മറ്റും ലഭിക്കുമെന്ന കണക്ക് കൂട്ടലോടെ, യുദ്ധത്തിൽ പങ്കെടുക്കാൻ സ്വയം മുന്നോട്ട് വരികയുണ്ടായി, ഇക്കൂട്ടരെക്കുറിച്ചാണ് അല്ലാഹു ഈ വചനങ്ങളിലൂടെ നബി(സ) തിരുമേനിക്ക് മുന്നറിയിപ്പ്ക്ക് കൊടുക്കുന്നത്.

ഹുദൈബിയ്യായിൽ പങ്കെടുത്ത സഹാബികൾ മാത്രം ഖൈബറിൽ പങ്കെടുത്താൽ മതിയെന്ന് നബി (സ)ക്ക് അല്ലാഹുവിൽ നിന്നും നിർദ്ദേശം ലഭിച്ചിരുന്നു.

ഇതിനെപറ്റി അല്ലാഹു തുടർന്ന് പറയുന്നു:

വചനം 15 :

سَيَقُولُ ٱلْمُخَلَّفُونَ إِذَا ٱنطَلَقْتُمْ إِلَىٰ مَغَانِمَ لِتَأْخُذُوهَا ذَرُونَا نَتَّبِعْكُمْ ۖ يُرِيدُونَ أَن يُبَدِّلُوا۟ كَلَـٰمَ ٱللَّهِ ۚ قُل لَّن تَتَّبِعُونَا كَذَٰلِكُمْ قَالَ ٱللَّهُ مِن قَبْلُ ۖ فَسَيَقُولُونَ بَلْ تَحْسُدُونَنَا ۚ بَلْ كَانُوا۟ لَا يَفْقَهُونَ إِلَّا قَلِيلًا ﴿١٥﴾

15 നിങ്ങൾ വല്ല 'ഗനീമത്തു' (യുദ്ധത്തിൽ ശത്രുക്കളിൽനിന്ന് ലഭിക്കുന്ന) സ്വത്തുക്കളിലേക്കും-അവ എടുക്കുവാൻവേണ്ടി-പോകുന്നതായാൽ (ആ) പിന്നോക്കം നിന്നവർ പറഞ്ഞേക്കും: "ഞങ്ങളെ വിട്ടേക്കണം (അനുവദിക്കണം) ഞങ്ങൾ നിങ്ങളെ അനുഗമിക്കട്ടെ." അവർ അല്ലാഹുവിൻെറ വാക്യത്തെ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുകയാണ്. (നബിയേ) പറയുക: "നിങ്ങൾ ഞങ്ങളെ അനുഗമിച്ചു വരികയില്ല (അഥവാ വരാവതല്ല) തന്നെ. അല്ലാഹു മുമ്പേ അങ്ങിനെ പറഞ്ഞിരിക്കുന്നു." അപ്പോൾ അവർ പറഞ്ഞേക്കും: "(അല്ല) പക്ഷെ, നിങ്ങൾ ഞങ്ങളോട് അസൂയ കാണിക്കുകയാണ്." (അല്ല) പക്ഷേ, അവർ അല്പമാത്രമല്ലാതെ (കാര്യം) ഗ്രഹിക്കാതിരിക്കുകയാണ്.

ഒരു സംഘട്ടനത്തിനുള്ള യാതൊരു മുൻകരുതലുമില്ലാത്ത, ഒരവസരത്തിൽ, തങ്ങളേക്കാൾ വമ്പിച്ച ഒരു ശത്രുവെ നേരിടാനും ജീവൻ ബലി അർപ്പിക്കാനും തയ്യാറായി പ്രതിജ്ഞയെടുത്തവരാകുന്നു, ആ ധീര മുജാഹിദുകളായ സഹാബികൾ. അവർക്ക് പ്രത്യേകമായി അല്ലാഹു നിശ്ചയിച്ച് കൊടുത്തതായിരുന്നു ഖൈബറിലെ ഗനീമത്തുകൾ.

ഇവിടെ 'അല്ലാഹുവിന്റെ വാക്യം' എന്ന് പറഞ്ഞത് ഖൈബറിൽ നിന്ന് ലഭിക്കുന്ന ഗനീമത്തുകൾ ഹുദൈബിയ്യാ സംഭവത്തിൽ പങ്കെടുത്തവർക്ക് മാത്രമുള്ളതാണെന്ന വാഗ്ദാനമാകുന്നു.

വചനം 16 :

قُل لِّلْمُخَلَّفِينَ مِنَ ٱلْأَعْرَابِ سَتُدْعَوْنَ إِلَىٰ قَوْمٍ أُو۟لِى بَأْسٍ شَدِيدٍ تُقَـٰتِلُونَهُمْ أَوْ يُسْلِمُونَ ۖ فَإِن تُطِيعُوا۟ يُؤْتِكُمُ ٱللَّهُ أَجْرًا حَسَنًا ۖ وَإِن تَتَوَلَّوْا۟ كَمَا تَوَلَّيْتُم مِّن قَبْلُ يُعَذِّبْكُمْ عَذَابًا أَلِيمًا ﴿١٦﴾

16 'അഅ്റാബി' (മരുഭൂവാസികളായ അറബി) കളിൽനിന്ന് പിന്നോക്കം നിന്നവരോട് പറയുക: "ശക്തിമത്തായ സമരശേഷിയുള്ള ഒരു ജനതയുടെ അടുക്കലേക്ക് നിങ്ങൾ (വഴിയെ) ക്ഷണിക്കപ്പെട്ടേക്കും; നിങ്ങളവരോട് യുദ്ധം ചെയ്യണം, അല്ലാത്തപക്ഷം അവർ കീഴൊതുങ്ങണം. (അഥവാ ഇസ്ലാമിനെ അംഗീകരിക്കണം). അപ്പോൾ, നിങ്ങൾ അനുസരിക്കുന്നപക്ഷം, അല്ലാഹു നിങ്ങൾക്ക് നല്ലതായ പ്രതിഫലം നൽകും; നിങ്ങൾ മുമ്പ് പിൻതിരിഞ്ഞതുപോലെ

പിന്തിരിയുകയാണെങ്കിലോ, അവൻ നിങ്ങളെ വേദനയേറിയ ശിക്ഷ ശിക്ഷിക്കുകയും ചെയ്യും.

"യുദ്ധം ചെയ്ത് പുണ്യം നേടുവാനും മതത്തെ സഹായിക്കുവാനുള്ള അവസരം ഇനിയും ലഭിച്ചേക്കും. വരാനിരിക്കുന്ന ശത്രുക്കൾ ശക്തരും ധീരപരാക്രമികളുമായിരുന്നേക്കും. അവർ ഇസ്ലാമിനെ അംഗീകരിച്ച് കീഴൊതുങ്ങുന്നത് വരെ യുദ്ധത്തിന്റെ ആവശ്യകത നിലനിന്നേക്കും. അത്തരം സന്ദർഭങ്ങളിൽ യുദ്ധത്തിനുള്ള ക്ഷണം നിങ്ങൾ സ്വീകരിച്ചാൽ നിങ്ങൾക്ക് വമ്പിച്ച പ്രതിഫലം ലഭിക്കുന്നതാണ്. എന്നാൽ മുമ്പു ചെയ്തത് പോലെ നിങ്ങൾ പിന്തിരിഞ്ഞു കളയുകയാണെങ്കിൽ നിങ്ങൾക്ക് വേദനയേറിയ ശിക്ഷ ലഭിക്കുന്നതുമാണ് "- എന്ന് ആ പിന്നോക്കം നിന്ന അഅ്റാബികളോട് പറയുവാൻ അല്ലാഹു നബി (സ) യോട് നിർദ്ദേശിക്കുന്നു.

**വചനം 17 :**

لَّيْسَ عَلَى ٱلْأَعْمَىٰ حَرَجٌ وَلَا عَلَى ٱلْأَعْرَجِ حَرَجٌ وَلَا عَلَى ٱلْمَرِيضِ حَرَجٌ ۗ وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ يُدْخِلْهُ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ ۖ وَمَن يَتَوَلَّ يُعَذِّبْهُ عَذَابًا أَلِيمًا ﴿١٧﴾

17 അന്ധൻെറ മേൽ വിഷമം (കുറ്റം) ഇല്ല; മുടന്തൻെറ മേലും വിഷമം ഇല്ല; രോഗിയുടെമേലും വിഷമം ഇല്ല. അല്ലാഹുവിനെയും, അവൻെറ റസൂലിനെയും ആർ അനുസരിക്കുന്നുവോ അവനെ, അടിഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളിൽ അവൻ പ്രവേശിപ്പിക്കുന്നതാണ്. ആർ പിന്തിരിയുന്നുവോ അവനെ അവൻ വേദനയേറിയ ശിക്ഷ ശിക്ഷിക്കുകയും ചെയ്യും.

യുദ്ധത്തിന്റെ നിർബന്ധത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടവരെ പറ്റിയാണ് ഈ വചനത്തിൽ അല്ലാഹു വിശദീകരിച്ചിട്ടുള്ളത്.

## വിഭാഗം 3

**വചനം 18,19 :**

۞ لَّقَدْ رَضِىَ ٱللَّهُ عَنِ ٱلْمُؤْمِنِينَ إِذْ يُبَايِعُونَكَ تَحْتَ ٱلشَّجَرَةِ فَعَلِمَ مَا فِى قُلُوبِهِمْ فَأَنزَلَ ٱلسَّكِينَةَ عَلَيْهِمْ وَأَثَـٰبَهُمْ فَتْحًا قَرِيبًا ﴿١٨﴾

18 (ആ)വൃക്ഷത്തിൻെറ ചുവട്ടിൽവെച്ചു നിന്നോട് പ്രതിജ്ഞ ('ബൈഅത്ത്') ചെയ്യുമ്പോൾ(ആ) സത്യവിശ്വാസികളെക്കുറിച്ച് തീർച്ചയായും അല്ലാഹു തൃപ്തിപ്പെട്ടിട്ടുണ്ട്. അപ്പോൾ, അവരുടെ ഹൃദയങ്ങളിലുള്ളത് അവൻ അറിഞ്ഞിരിക്കുന്നു. അതിനാൽ, അവരിൽ അവൻ ശാന്തത ഇറക്കിക്കൊടുത്തു; ആസന്നമായ ഒരു വിജയം അവർക്ക് പ്രതിഫലം കൊടുക്കുകയും ചെയ്തു.

وَمَغَانِمَ كَثِيرَةً يَأْخُذُونَهَا ۗ وَكَانَ ٱللَّهُ عَزِيزًا حَكِيمًا ﴿١٩﴾

19 (കൂടാതെ) അവർ പിടിച്ചെടുക്കുന്ന വളരെ 'ഗനീമത്തു'കളും! അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

ഹുദൈബിയ്യായിൽ വെച്ച് ഇസ്ലാമിന് വേണ്ടി ജീവാർപ്പണം ചെയ്യാൻ പ്രതിജ്ഞയെടുത്ത(അല്ലാഹുവിന്റെ പ്രീതി ലഭിച്ച പ്രതിജ്ഞ) സഹാബികളെ പ്രശംസിക്കുകയും അവർക്ക് ലഭിക്കുന്ന നേട്ടങ്ങളെ വിവരിക്കുകയുമാണ് അല്ലാഹു ഈ വചനങ്ങളിൽ. ഖൈബർ യുദ്ധത്തിൽ മുസ്ലീംകളിൽ പതിനഞ്ചു പേർ ശഹീദായെങ്കിലും ആ രാജ്യവും, അവിടുത്തെ വമ്പിച്ച കോട്ടകളും കൃഷിസ്ഥലങ്ങളുമടക്കം ധാരാളം സ്വത്തുക്കൾ മുസ്ലീംകൾക്ക് അധീനപ്പെടുകയും ചെയ്തു.

**വചനം 20 :**

وَعَدَكُمُ ٱللَّهُ مَغَانِمَ كَثِيرَةً تَأْخُذُونَهَا فَعَجَّلَ لَكُمْ هَٰذِهِۦ وَكَفَّ أَيْدِىَ ٱلنَّاسِ عَنكُمْ وَلِتَكُونَ ءَايَةً لِّلْمُؤْمِنِينَ وَيَهْدِيَكُمْ صِرَٰطًا مُّسْتَقِيمًا ﴿٢٠﴾

20 നിങ്ങൾ(പിന്നീട്) പിടിച്ചെടുക്കുന്ന വളരെ 'ഗനീമത്തുകളെ' അല്ലാഹു നിങ്ങളോട് വാഗ്ദാനം ചെയ്തിരിക്കുന്നു. എന്നാൽ, ഇത് അവൻ നിങ്ങൾക്ക് വേഗമാക്കിത്തന്നി രിക്കുകയാണ്. ജനങ്ങളുടെ കൈകളെ നിങ്ങളിൽനിന്ന് അവൻ തടുക്കുകയും ചെയ്തു. സത്യവിശ്വാസികൾക്ക് ഇതൊരു ദൃഷ്ടാന്തമായിരിക്കുവാനും, നിങ്ങളെ ചൊവ്വായ പാതയിൽ നയിക്കുവാനും കൂടിയാകുന്നു (ഇതെല്ലാം)

'വളരെ ഗനീമത്തുകളെ വാഗ്ദാനം ചെയ്തിരിക്കുന്നു' എന്ന് പറഞ്ഞത് മുസ്ലീംകൾക്ക് ഭാവി യിൽ കൈവരാനിരിക്കുന്ന വിജയങ്ങളെ സൂചിപ്പിക്കുന്നു. ഇത് വേഗമാക്കിത്തന്നിരിക്കയാണ് എന്ന് പറഞ്ഞത് ഹുദൈബിയാ വിജയത്തെ ഉദ്ദേശിച്ചോ ഖൈബർ വിജയത്തെക്കുറിച്ചോ ആയിരിക്കാം. ഇതിലെല്ലാം അല്ലാഹു ശത്രുക്കളുടെ കരങ്ങളെ ദുർബ്ബലപ്പെടുത്തുക വഴി സത്യവിശ്വാസികൾക്ക് വിജയ പാത ഒരുക്കുകയും ചെയ്തു.

**വചനം 21 :**

وَأُخْرَىٰ لَمْ تَقْدِرُوا۟ عَلَيْهَا قَدْ أَحَاطَ ٱللَّهُ بِهَا ۚ وَكَانَ ٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرًا ﴿٢١﴾

21 'വേറെ ചിലതും' (ഉണ്ട്): നിങ്ങൾക്ക് അതിന് കഴിവുണ്ടായിട്ടില്ല; അല്ലാഹു അവയെ വലയം ചെയ്തിട്ടുണ്ട്. (സൂക്ഷ്മമായി അറി യുന്നുണ്ട്.) അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

'വേറെ ചിലതും' എന്ന് പറഞ്ഞത് ഏറെത്താമസിയാതെ മുസ്ലീംകൾക്ക് കൈവരാനിരിക്കുന്ന ചില നേട്ടങ്ങളെയാണ് ചൂണ്ടിക്കാട്ടുന്നത്. ഹിജ്റ 8-ാം കൊല്ലത്തിൽ നടന്ന ഹുനൈൻ യുദ്ധത്തെയും ആ യുദ്ധത്തിൽ ഹവാസിൽ ഗോത്രക്കാരിൽ നിന്നും ലഭിച്ച വമ്പിച്ച ഗനീമത്തുകളെയും ഉദ്ദേശിച്ചായി രിക്കാം ഈ വാഗ്ദാനം. അതല്ലെങ്കിൽ ഉമർ(റ)ന്റെ ഖിലാഫത്ത് കാലത്ത് കൈവന്ന പേർഷ്യൻ വിജയ ങ്ങളെയും മറ്റും ഉദ്ദേശിച്ചും ആകാവുന്നതാണ്. പേർഷ്യൻ സാമ്രാജ്യവും റോമാ സാമ്രാജ്യവും ജയി ച്ചടക്കപ്പെടുന്ന കാലം വിദൂരമല്ലെന്ന് നബി(സ) അവർക്ക് പലപ്പോഴും സന്തോഷ വാർത്ത അറിയിച്ചി ട്ടുമുണ്ടായിരുന്നു.

**വചനം 22,23 :**

وَلَوْ قَٰتَلَكُمُ ٱلَّذِينَ كَفَرُوا۟ لَوَلَّوُا۟ ٱلْأَدْبَٰرَ ثُمَّ لَا يَجِدُونَ وَلِيًّا وَلَا نَصِيرًا ﴿٢٢﴾

22 (ആ) അവിശ്വസിച്ചവർ നിങ്ങളുമായി യുദ്ധം ചെയ്തിരുന്നുവെങ്കിൽതന്നെ, അവർ പിൻ തിരിഞ്ഞുപോകുമായിരുന്നു. പിന്നീട്, ഒരു രക്ഷാധികാരിയെ (അഥവാ ബന്ധുവിനെ) യാകട്ടെ, ഒരു സഹായകനെയാകട്ടെ, അവർ കണ്ടെത്തുന്നതല്ല.

سُنَّةَ ٱللَّهِ ٱلَّتِى قَدْ خَلَتْ مِن قَبْلُ ۖ وَلَن تَجِدَ لِسُنَّةِ ٱللَّهِ تَبْدِيلًا ﴿٢٣﴾

23 (അതെ) മുമ്പുമുതൽക്കേ (നടന്നു)കഴിഞ്ഞി ട്ടുള്ള അല്ലാഹുവിൻെറ നടപടിക്രമം! അല്ലാ ഹുവിൻെറ നടപടിക്രമത്തിന് യാതൊരു മാറ്റത്തിരുത്തവും നീ കണ്ടെത്തുകയില്ല തന്നെ.

സത്യവിശ്വാസികളും അവിശ്വാസികളും തമ്മിൽ നടക്കുന്ന ധർമ്മ സമരങ്ങളിൽ സത്യവിശ്വാ

സികളുടെ കക്ഷിക്കായിരിക്കും അന്ത്യവിജയമെന്നത് അല്ലാഹു മുമ്പേ നടപ്പിലാക്കി വന്നിട്ടുള്ള ഒരു നടപടിക്രമമാണ്. അതിൽ യാതൊരു മാറ്റത്തിരുത്തലുകളും വരുന്നതല്ല തന്നെ.

**വചനം 24 :**

24 മക്കായുടെ ഉള്ളിൽവെച്ച് അവരുടെ കൈകളെ നിങ്ങളിൽനിന്നും, നിങ്ങളുടെ കൈകളെ അവരിൽനിന്നും (പരസ്പരം ഏറ്റുമുട്ടാതെ) തടുത്തുവെച്ചവനും അവനത്രെ; നിങ്ങൾക്ക് അവരുടെ മേൽ ജയം നൽകിയതിനുശേഷം. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

وَهُوَ ٱلَّذِى كَفَّ أَيْدِيَهُمْ عَنكُمْ وَأَيْدِيَكُمْ عَنْهُم بِبَطْنِ مَكَّةَ مِنۢ بَعْدِ أَنْ أَظْفَرَكُمْ عَلَيْهِمْ ۚ وَكَانَ ٱللَّهُ بِمَا تَعْمَلُونَ بَصِيرًا ﴿٢٤﴾

ഹുദൈബിയ്യായിലെ സന്ധി പൂർത്തിയാകുന്നതിന് മുമ്പ് ആയുധ ധാരികളായ ഒരു സംഘം മുസ്ലീംകളുടെ നേരെ അക്രമത്തിന് മുതിർന്നു. സഹാബികൾക്ക് അവരെ പിടിച്ച് നബി(സ)യുടെ മുമ്പിൽ കൊണ്ടുവരുവാൻ സാധിച്ചു. പക്ഷേ നബി(സ) അവർക്ക് മാപ്പ് നൽകി വിട്ടയക്കുകയാണുണ്ടായത്. അങ്ങനെ മക്കായുടെ അതിർത്തിക്കുള്ളിൽ വെച്ച് ഒരു യുദ്ധം നടക്കുന്നതിൽ നിന്നും അല്ലാഹു കാത്തു. നിരായുധരായ 1400 സഹാബികളുടെ നേരെ, സുശക്തരായ ഖുറൈശികളുടെ ഭാഗത്ത് നിന്നും ഒരു യുദ്ധം ആരംഭിക്കുവാനുള്ള സാധ്യതയും ആ അവസരത്തിൽ ഉണ്ടായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതും സംഭവിച്ചില്ല അങ്ങനെ, പരിശുദ്ധമായ മക്കായിൽ രക്തച്ചൊരിച്ചിൽ ഉണ്ടാകുവാൻ ഹേതുവായില്ല. (ഹുദൈബിയായുടെ കുറെ ഭാഗം മക്കാ ഹറമിൽ പെട്ടതാണെന്ന് പറയപ്പെടുന്നു)

**വചനം 25 :**

25 അവിശ്വസിക്കുകയും,' മസ്ജിദുൽഹറാമി'ൽ(പവിത്രമായ പള്ളിയിൽ) നിന്ന് നിങ്ങളെ തടയുകയും ചെയ്തവരത്രെ അവർ; ബലിമൃഗം അതിൻെറ നിശ്ചിതസ്ഥാനത്ത് എത്തിച്ചേരുന്നതിന് മുടക്കം ചെയ്യപ്പെട്ട നിലയിൽ അതിനെയും (അവർ തടഞ്ഞു.) നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത സത്യവിശ്വാസികളായ ചില പുരുഷൻമാരും, സത്യവിശ്വാസിനികളായ സ്ത്രീകളും ഇല്ലായിരുന്നുവെങ്കിൽ, അതായത്, നിങ്ങൾ അവരെ ചവിട്ടി (അപകടപ്പെടുത്തി) യേക്കുകയും, അങ്ങനെ, അറിയാത്ത വിധത്തിൽ അവർമൂലം നിങ്ങൾക്ക് വല്ല അനിഷ്ടവും (തെറ്റുകുറ്റവും) പിണയുകയും ചെയ്യുക(യില്ലായിരുന്നുവെങ്കിൽ). (എന്നാൽ ഇരുകൂട്ടരെയും അവൻ കൂട്ടിമുട്ടിക്കുമായിരുന്നു.) (അതെ) അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻെറ കാരുണ്യത്തിൽ പ്രവേശിപ്പിക്കുവാൻവേണ്ടിയാണ് (കൂട്ടിമുട്ടിക്കാതിരുന്നത്). അവർ (വേറിട്ടു) നീങ്ങി നിന്നിരുന്നുവെങ്കിൽ, അവരിൽ (ആ) അവിശ്വസിച്ചവരെ നാം ശിക്ഷ ശിക്ഷിക്കുക തന്നെ ചെയ്യുമായിരുന്നു.

هُمُ ٱلَّذِينَ كَفَرُوا۟ وَصَدُّوكُمْ عَنِ ٱلْمَسْجِدِ ٱلْحَرَامِ وَٱلْهَدْىَ مَعْكُوفًا أَن يَبْلُغَ مَحِلَّهُۥ ۚ وَلَوْلَا رِجَالٌ مُّؤْمِنُونَ وَنِسَآءٌ مُّؤْمِنَٰتٌ لَّمْ تَعْلَمُوهُمْ أَن تَطَـُٔوهُمْ فَتُصِيبَكُم مِّنْهُم مَّعَرَّةٌۢ بِغَيْرِ عِلْمٍ ۖ لِّيُدْخِلَ ٱللَّهُ فِى رَحْمَتِهِۦ مَن يَشَآءُ ۚ لَوْ تَزَيَّلُوا۟ لَعَذَّبْنَا ٱلَّذِينَ كَفَرُوا۟ مِنْهُمْ عَذَابًا أَلِيمًا ﴿٢٥﴾

മുശ്‌രിക്കുകൾ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നില്ല; നബി(സ)യെയും മുസ്ലീംകളേയും പരിശുദ്ധ ഹറമിലേക്ക് പ്രവേശിക്കുവാനോ, അവിടെ വെച്ച് ചെയ്യേണ്ടുന്ന ബലികർമ്മങ്ങൾ നിർവ്വഹിക്കുവാനോ സമ്മതിക്കുന്നുമില്ല. എന്നാൽ മറ്റ് ചില വസ്തുതകളുമുണ്ട്. തങ്ങളുടെ വിശ്വാസം തുറന്ന് പ്രഖ്യാപിക്കുവാനോ, നാട് വിട്ട് ഹിജ്റ പോകുവാനോ നിവൃത്തിയില്ലാതെ, സത്യവിശ്വാസം സ്വീകരിച്ച കുറെ പുരുഷന്മാരും, സ്ത്രീകളും മുശ്‌രിക്കുകളുടെ മർദനം ഭയന്ന് കൊണ്ട് മക്കയിൽ ഈയവസരത്തിൽ കഴിഞ്ഞ് കൂടുന്നുണ്ട്. ആരൊക്കെയാണതെന്നും മറ്റും മുസ്ലീംകൾക്ക് അറിഞ്ഞ്കൂടാ. ഒരു സംഘട്ടനം നടക്കുകയാണെങ്കിൽ ആ പാവങ്ങൾക്കും പല വിധ ആപത്തുകൾ നേരിട്ടേക്കാം. മാത്രമല്ല, അല്ലാഹുവിന്റെ കാരുണ്യത്തിന് വിധേയരാകുന്ന സജ്ജനങ്ങൾ ഇനിയും മക്കായിൽ ഉണ്ടാകണമെന്നും അല്ലാഹു ഉദ്ദേശിക്കുന്നു. ഇതെല്ലാം കാരണമായിട്ടാണ് ഒരു യുദ്ധം കൂടാതെ അവൻ കലാശിപ്പിച്ചത്. നേരെ മറിച്ച് ആ സത്യവിശ്വാസികൾ മുശ്‌രിക്കുകളിൽ നിന്ന് പ്രത്യക്ഷത്തിൽ വേർതിരിഞ്ഞ് കൊണ്ടാണ് ഉണ്ടായിരുന്നെങ്കിൽ, അല്ലാഹു ആ അവിശ്വാസികൾക്ക് അവർ അർഹിക്കുന്ന ശിക്ഷ നൽകുമായിരുന്നു.

**വചനം 26 :**

إِذْ جَعَلَ ٱلَّذِينَ كَفَرُوا۟ فِى قُلُوبِهِمُ ٱلْحَمِيَّةَ حَمِيَّةَ ٱلْجَٰهِلِيَّةِ فَأَنزَلَ ٱللَّهُ سَكِينَتَهُۥ عَلَىٰ رَسُولِهِۦ وَعَلَى ٱلْمُؤْمِنِينَ وَأَلْزَمَهُمْ كَلِمَةَ ٱلتَّقْوَىٰ وَكَانُوٓا۟ أَحَقَّ بِهَا وَأَهْلَهَا ۚ وَكَانَ ٱللَّهُ بِكُلِّ شَىْءٍ عَلِيمًا ﴿٢٦﴾

26 (ആ) അവിശ്വസിച്ചവർ തങ്ങളുടെ ഹൃദയങ്ങളിൽ ദുരഭിമാനം-അജ്ഞാന (കാല) സമ്പ്രദായത്തിൻെറ ദുരഭിമാനം-വെച്ചു കൊണ്ടിരുന്ന സന്ദർഭം! അപ്പോൾ, അല്ലാഹു അവൻെറ റസൂലിൻെറമേലും, സത്യവിശ്വാസികളുടെമേലും അവൻെറ (വക) ശാന്തത ഇറക്കിക്കൊടുത്തു. സൂക്ഷ്മതയുടെ വാക്യം (മുറുകെ പിടിക്കുവാൻ) അവരെ അവൻ നിർബ്ബന്ധിക്കുകയും ചെയ്തു. അവർ, അതിന് കൂടുതൽ അർഹതയുള്ളവരും, അതിൻെറ ആൾക്കാരുമായിരുന്നുതാനും. അല്ലാഹു എല്ലാ വസ്തുവെപ്പറ്റിയും അറിവുള്ളവനാകുന്നു.

നബി(സ)യെയും സഹാബികളേയും ഉംറ നിർവ്വഹിക്കാൻ മക്കായിൽ പ്രവേശിക്കാൻ അനുവദിച്ചില്ല എന്ന് മാത്രമല്ല, സന്ധി പത്രം എഴുതിയപ്പോൾ “അല്ലാഹുവിന്റെ നാമത്തിൽ” എന്ന് ആരംഭിക്കുവാൻ പോലും അവരുടെ ദുരഭിമാനം മൂലം അവർ സമ്മതിച്ചില്ല. എങ്കിലും സത്യവിശ്വാസികൾ പതറിയില്ല. സൂക്ഷ്മതയുടെ വാക്യം മുറുകെ പിടിക്കേണ്ടവരും തൌഹീദിന്റെ മുദ്രാവാക്യത്തിൽ അടിയുറച്ച് വിശ്വാസം കൊള്ളുന്നവരുമാണല്ലോ അവർ. അല്ലാഹു അവർക്ക് മനസ്സമാധാനം നൽകി അവരെ ശാന്തരാക്കി.

## വിഭാഗം 4

**വചനം 27 :**

لَّقَدْ صَدَقَ ٱللَّهُ رَسُولَهُ ٱلرُّءْيَا بِٱلْحَقِّ ۖ لَتَدْخُلُنَّ ٱلْمَسْجِدَ ٱلْحَرَامَ إِن شَآءَ ٱللَّهُ ءَامِنِينَ مُحَلِّقِينَ رُءُوسَكُمْ وَمُقَصِّرِينَ لَا تَخَافُونَ ۖ فَعَلِمَ مَا لَمْ تَعْلَمُوا۟ فَجَعَلَ مِن دُونِ ذَٰلِكَ فَتْحًا قَرِيبًا ﴿٢٧﴾

27 തീർച്ചയായും, അല്ലാഹു അവൻെറ റസൂലിന് സ്വപ്നം യഥാർത്ഥപ്രകാരം സത്യമാക്കിയിരിക്കുന്നു; (അതായത്:) അല്ലാഹു ഉദ്ദേശിച്ചാൽ നിശ്ചയമായും 'മസ്ജിദുൽഹറാമി'ൽ (അലംഘനീയമായ പള്ളിയിൽ) നിങ്ങൾ നിർഭയരായ നിലയിൽ -നിങ്ങളുടെ തലമുടി കളഞ്ഞവരും വെട്ടിയവരുമായിക്കൊണ്ട്-പ്രവേശിക്കുന്നതാണ്, നിങ്ങൾ പേടിക്കേണ്ടി വരികയില്ല. (ഇതാണ്

സ്വപ്നം.) എന്നാൽ, നിങ്ങൾക്കറിയാത്ത (ചില)ത് അവൻ (അല്ലാഹു) അറിഞ്ഞിരിക്കുന്നു. അങ്ങിനെ, അതിനുപുറമെ ഒരു സമീപമായ വിജയം അവൻ ഉണ്ടാക്കി.

ഹജ്ജിനും ഉംറക്കും പ്രവേശിക്കുന്നതോടെ തലമുടി എടുക്കുവാൻ പാടില്ലാതായിത്തീരുന്നു. പിന്നീട് കർമ്മങ്ങൾ അവസാനിക്കുന്നതോടെ, ചിലർ മുടികളഞ്ഞവരായും, ചിലർ മുടിവെട്ടിയവരുമായിക്കൊണ്ട് സത്യവിശ്വാസികൾ സമാധാനപൂർവ്വം മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുന്നതായിട്ടായിരുന്നു നബി(സ) സ്വപ്നം കണ്ടത്.

പ്രസ്തുത സ്വപ്നം യഥാർത്ഥം തന്നെയാണെന്നും അത് തികച്ചും സാക്ഷാത്കരിക്കപ്പെടുന്നതാണെന്നും അല്ലാഹു ഈ വചനത്തിൽ അവർക്ക് സന്തോഷവാർത്ത അറിയിക്കുന്നു. ആ പ്രാവശ്യത്തെ വരവിൽ ഉംറ നിർവ്വഹിക്കാൻ സാധിക്കാതെ വന്നതിൽ നിന്നാണല്ലോ അപ്രതീക്ഷിതമായി ലഭിച്ച 'വിജയങ്ങളുടെ വിജയം' അഥവാ ഹുദൈബിയ്യാ സന്ധി ഉണ്ടായിത്തീർന്നത്. അടുത്തകൊല്ലം നബി(സ)യും സഹാബികളും മക്കായിൽ പ്രവേശിക്കുകയും ഉംറകർമ്മം സമാധാന പൂർവ്വം സാക്ഷാൽകരിക്കപ്പെടുകയും ചെയ്തു.

അല്ലാഹു, ഉദ്ദേശിക്കുന്ന കാര്യങ്ങൾ പ്രവർത്തിക്കുവാൻ അവന് യാതൊരു തടസ്സവും നേരിടാനില്ലെന്ന് തീർച്ചയാണല്ലോ. എന്നിട്ട് പോലും "അല്ലാഹു ഉദ്ദേശിച്ചെങ്കിൽ നിങ്ങൾ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കും" എന്നാണ് അല്ലാഹുവിന്റെ തന്നെ വചനത്തിൽ ഉള്ളത്. വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് പറയുമ്പോഴൊക്കെ, അല്ലാഹു ഉദ്ദേശിച്ചെങ്കിൽ **ان شاء الله** എന്ന് പറയേണ്ടതുണ്ട് എന്ന് ഇത് കാണിക്കുന്നു. ഈ വസ്തുത സൂ: അൽ കഹ്ഫ് 23,24 വചനങ്ങളിൽ വ്യക്തമായി തന്നെ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

**വചനം 28 :**

هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ لِيُظْهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ ۚ وَكَفَىٰ بِٱللَّهِ شَهِيدًا ﴿٢٨﴾

28 അവനത്രെ, സൻമാർഗ്ഗവും, യഥാർത്ഥ മതവുമായി തൻെറ റസൂലിനെ അയച്ചവൻ, എല്ലാ മതങ്ങളെക്കാളും അതിനെ (മേലെയാക്കി) പ്രത്യക്ഷപ്പെടുത്തുവാൻവേണ്ടി. അല്ലാഹു തന്നെ മതി, സാക്ഷിയായിട്ട്!

നബി(സ) തിരുമേനി സ്വയം ഒരു റസൂലായി ചമഞ്ഞതല്ല; പ്രത്യുദ അല്ലാഹു അവന്റെ സ്വന്തം ദൂതനായി തിരുമേനിയെ നിയോഗിച്ചതാണ്. ഖുർആൻ മുഖേനയും മറ്റ് ദൃഷ്ടാന്തങ്ങൾ മുഖേനയും ജനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങളും തത്വോപദേശങ്ങളും നൽകുവാനായിട്ടാണ് നബി(സ) അയക്കപ്പെട്ടിട്ടുള്ളത്. ഈ സന്മാർഗ്ഗ മൂല്യങ്ങളുടെ അടിസ്ഥാന തത്വത്തിൽ ക്രമീകരിക്കപ്പെട്ടിട്ടുള്ള പ്രായോഗിക നടപടിക്രമങ്ങളാണ് അഥവാ നിയമ വ്യവസ്ഥയാണ് അല്ലാഹുവിന്റെ സത്യമതം.

'എല്ലാ മതത്തേക്കാളും ആ മതത്തെ മേലെയാക്കി പ്രത്യക്ഷപ്പെടുത്തുക' എന്ന വാഗ്ദാനം അല്ലാഹു പല മാർഗ്ഗങ്ങളിലൂടെ സാക്ഷാത്കരിച്ചിട്ടുണ്ടെന്നതിൽ യാതൊരു സംശയവുമില്ല. ആ വാഗ്ദാനം പാലിക്കപ്പെടുന്നതിന് സാക്ഷിയായിട്ട് അല്ലാഹു തന്നെ മതി എന്ന് അല്ലാഹു ഓർമ്മിപ്പിക്കുന്നു. (സൂ: അൻബിയാഅ് 105; സൂ: നൂർ 55; സൂ: മുഅ്മിൻ 51 എന്നീ വചനങ്ങൾ നോക്കുക)

എന്നാൽ ഇസ്ലാം ചരിത്രത്തിലെ ആദ്യത്തെ രണ്ട് മൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷം, മുസ്ലീം സമുദായം, പ്രതാപത്തിന്റെയും യശസ്സിന്റെയും കാര്യത്തിൽ വളരെ ദയനീയാവസ്ഥയിലേക്ക് അധപതിച്ച് പോയിരിക്കുന്നുവെന്നത് ഒരു പരമാർത്ഥമാകുന്നു. ഇതിന് ഉത്തരവാദി അല്ലാഹുവല്ല, ഇസ്ലാമല്ല, അല്ലാഹുവിന്റെ വാഗ്ദാനത്തിലെ ഒരു ന്യൂനതയുമല്ല. നേരെ മറിച്ച് മുസ്ലീം സമുദായം തങ്ങളുടെ പ്രവർത്തനങ്ങളിലൂടെ വരുത്തിവെച്ച ഒരു മഹാവിനയത്രേ അത്. എങ്കിൽ തന്നെയും, പ്രമാണങ്ങളുടെയും ലക്ഷ്യങ്ങളുടെയും വ്യക്തതയിലും, അവയുടെ പരിപൂർണ്ണതയിലും മറ്റേത് മതത്തേക്കാളും അന്നും ഇന്നും ഉന്നതസ്ഥാനം ഇസ്ലാമിന് തന്നെ എന്ന വസ്തുത ഇസ്ലാമിന്റെ ശത്രുക്കൾപോലും അംഗീകരിക്കുന്ന ഒരു പരമാർത്ഥമത്രേ.

അല്ലാഹുവിന്റെ മഹത്തായ വാഗ്ദാനം നിറവേറ്റുകയെന്ന മഹാഭാഗ്യം ലഭിക്കുമാറ് അതിനാസ്പദമായ ചില സവിശേഷ ഗുണങ്ങൾ സത്യവിശ്വാസികൾക്ക് ഉണ്ടായിരിക്കേണ്ടതുണ്ട്. പ്രസ്തുത ഗുണങ്ങൾ തികഞ്ഞ, നബി(സ)യുടെ ഒന്നിച്ചുള്ള സഹാബികളുടെ സവിശേഷതകളും, അല്ലാഹു അവർക്ക് നൽകുന്ന സാക്ഷ്യപത്രവും അടുത്ത വചനത്തിൽ നോക്കുക.

**വചനം 29 :**

مُّحَمَّدٌ رَّسُولُ ٱللَّهِ ۚ وَٱلَّذِينَ مَعَهُۥٓ أَشِدَّآءُ عَلَى ٱلْكُفَّارِ رُحَمَآءُ بَيْنَهُمْ ۖ تَرَىٰهُمْ رُكَّعًا سُجَّدًا يَبْتَغُونَ فَضْلًا مِّنَ ٱللَّهِ وَرِضْوَٰنًا ۖ سِيمَاهُمْ فِى وُجُوهِهِم مِّنْ أَثَرِ ٱلسُّجُودِ ۚ ذَٰلِكَ مَثَلُهُمْ فِى ٱلتَّوْرَىٰةِ ۚ وَمَثَلُهُمْ فِى ٱلْإِنجِيلِ كَزَرْعٍ أَخْرَجَ شَطْـَٔهُۥ فَـَٔازَرَهُۥ فَٱسْتَغْلَظَ فَٱسْتَوَىٰ عَلَىٰ سُوقِهِۦ يُعْجِبُ ٱلزُّرَّاعَ لِيَغِيظَ بِهِمُ ٱلْكُفَّارَ ۗ وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ مِنْهُم مَّغْفِرَةً وَأَجْرًا عَظِيمًۢا ﴿٢٩﴾

29 മുഹമ്മദ് അല്ലാഹുവിൻെറ റസൂലാകുന്നു. (ദൂതനാണ്.) അദ്ദേഹത്തിൻെറ കൂടെയുള്ളവരാകട്ടെ, അവിശ്വാസികളുടെമേൽ കഠിനൻമാരാണ്, തങ്ങൾക്കിടയിൽ ദയാലുക്കളാണ്. 'റുകൂഉം', 'സുജൂദും' ചെയ്തു (കുമ്പിട്ടും, സാഷ്ടാംഗം ചെയ്തും നമസ്കാരം നിർവ്വഹിച്ചു) കൊണ്ടിരിക്കുന്നവരായി അവരെ നിനക്ക് കാണാം. അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവും (അഥവാ ദയയും) പ്രീതിയും അവർ തേടിക്കൊണ്ടിരിക്കുന്നു. 'സുജൂദി'ൻെറ (സാഷ്ടാംഗ നമസ്കാരത്തിൻെറ) ഫലമായി അവരുടെ അടയാളം (പ്രത്യേകത) അവരുടെ മുഖങ്ങളിലുണ്ട്. 'തൗറാത്തി'ൽ (വർണ്ണിച്ച) അവരുടെ ഉപമയാണത്. അവരുടെ ഉപമ 'ഇഞ്ചീലി'ലും ഉണ്ട്; (അതായത്) ഒരു വിളപോലെ: അത് അതിൻെറ കൂമ്പ് പുറപ്പെടുവിച്ചു (വിത്തിൽനിന്ന് സൂചിമുള പുറത്തുവന്നു); എന്നിട്ട് അതിനെ (ചിനച്ചു) പുഷ്ടിപ്പെടുത്തി; അങ്ങനെ അത് (തടിച്ചു) കട്ടികൂടി; എന്നിട്ട് കൃഷിക്കാരെ ആശ്ചര്യപ്പെടുത്തുമാറ് അതിൻെറ തണ്ടുകളിൽ അത് (സ്വയം) ശരിപ്പെട്ടുനിന്നു. അവിശ്വാസികൾക്ക് അവർമൂലം കോപം പിടിപ്പിക്കുവാൻ വേണ്ടിയാണ് (ഇങ്ങിനെ ഉപമിച്ചത്, അഥവാ ഇപ്രകാരം വളർത്തിക്കൊണ്ടുവന്നത്). അവരിൽ വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അല്ലാഹു പാപമോചനവും, മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു.

സത്യനിഷേധികൾ നിഷേധിച്ചാലും അസൂയക്കാർ വെറുത്താലും ശരി മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തിന് തന്റെ ദൗത്യനിർവ്വഹണത്തിനായി വേണ്ടുന്ന സഹായങ്ങളും രക്ഷയും അല്ലാഹു നൽകുക തന്നെ ചെയ്യും. ഹുദൈബിയ്യാ സന്ധി പത്രം എഴുതിയപ്പോൾ "അല്ലാഹുവിന്റെ റസൂലായ മുഹമ്മദ്" എന്നെഴുതുവാൻ സമ്മതിക്കാതെ ശഠിച്ച് കൊണ്ട് അബ്ദുല്ലായുടെ മകൻ മുഹമ്മദ് എന്നെഴുതിക്കാൻ വാശിപിടിച്ച അതേ മുശ്‌രിക്കുകൾ തന്നെ ഏറെ താമസിയാതെ അവർ നിരാകരിച്ച ആ വാക്യം തന്നെ തങ്ങളുടെ മുദ്രാവാക്യമായി അംഗീകരിച്ചു.

ഇനി തിരുമേനിയുടെ അനുയായികളുടെ സ്ഥിതിയോ. സത്യനിഷേധികളേയും സന്മാർഗ്ഗവിരോധികളേയും സംബന്ധിച്ചിടത്തോളം അവർ സന്ദർഭാനുസരണം കഠിന ഹൃദയന്മാരാണ്, ശൂരന്മാരും വീര

ന്മാരുമാണ്. തമ്മിൽ തമ്മിലോ, അങ്ങേയറ്റം ദയാലുക്കളുമാകുന്നു. ശരീരത്തിലെ ഒരു അവയവത്തിന് ഒരു അസുഖം നേരിട്ടാൽ മറ്റ് ഭാഗങ്ങൾ, ഉറക്കമൊഴിച്ചും പനിപിടിച്ചും രോഗശമനത്തിൽ പങ്കെടുക്കുന്നത് പോലെയാണ്, സത്യവിശ്വാസികൾ അന്യോന്യം സ്നേഹിക്കുകയും ദയ കാണിക്കുകയും, അനുഭാവം പ്രകടിപ്പിക്കുകയും ചെയ്യുന്നത് എന്ന് നബി(സ) അരുളിയിരിക്കുന്നു. - ബു;മു.

അല്ലാഹുവിനുള്ള ആരാധനാ വണക്കങ്ങൾ ചെയ്യുന്നതിൽ നിരതരുമാണ് നബി(സ) തിരുമേനിയുടെ അനുയായികൾ. അല്ലാഹുവിന്റെ അനുഗ്രഹവും അവന്റെ ദയാദാക്ഷിണ്യവും മാത്രം പ്രതീക്ഷിച്ച് കൊണ്ട് റുകൂഉം സുജൂദും ചെയ്തു കൊണ്ടിരിക്കുന്നവരാണവർ. സുജൂദിന്റെ(സാംഷ്ടാംഗ നമസ്കാരത്തിന്റെ) ഫലമായി അവരുടെ മുഖങ്ങളിലുള്ള വിശിഷ്ട ലക്ഷണങ്ങളിലൂടെയും അടയാളങ്ങളിലൂടെയും ഈ പുണ്യവാന്മാരെ വേഗത്തിൽ തിരിച്ചറിയാവുന്നതാണ്- ഈ അടയാളം കൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്, ചിലരുടെ നെറ്റിയിൽ കാണപ്പെടാറുള്ള നിസ്കാരത്തഴമ്പ് ആണെന്നാണ് ചിലരൊക്കെ ധരിച്ചിട്ടുള്ളത്. ഈ ധാരണ ശരിയല്ലെന്ന് മാത്രമല്ല പാമരജനങ്ങൾക്കിടയിൽ പല അന്ധവിശ്വാസങ്ങൾക്കും, ആ ധാരണ കാരണമായിത്തീർന്നിട്ടുമുണ്ട്. ഒരാൾ നമസ്കാരം അധികരിപ്പിച്ചതിന്റെ ഫലമായി അയാൾക്ക് നമസ്കാരത്തഴമ്പ് ഉണ്ടായെന്ന് വരാം. ഹൃദയത്തിൽ വിശ്വാസമില്ലാത്തവന്റെയും ലോകമാന്യതക്ക് വേണ്ടി നമസ്കരിക്കുന്നവന്റെയും നമസ്കാരം കൊണ്ടും ഉണ്ടാകാമല്ലോ അത്.

ഈ അടയാളത്തെ പറ്റി പല പണ്ഡിതന്മാരും, അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്- അത് ആകർഷിക്കത്തക്ക മുഖഭാവമാകുന്നു എന്നും, അത് ഭക്തിയും വിനയവും ആകുന്നു എന്നും, സുജൂദ് മൂലം അവരുടെ മുഖം സുന്ദരവും ഭംഗിയും ശോഭയും ഉള്ളതായിത്തീരുന്നതാണ് അത് എന്നും, മറ്റും ആകുന്നു പ്രസ്തുത അഭിപ്രായങ്ങൾ. രാത്രി നമസ്കരിക്കുന്നവരുടെ മുഖത്ത് അല്ലാഹു പ്രത്യക്ഷപ്പെടുത്തുന്ന ഭംഗിയാണ് ഇവിടെ അടയാളം കൊണ്ടുദ്ദേശിക്കുന്നതെന്ന് ഇമാം റാസി(റ) പ്രസ്താവിച്ചിരിക്കുന്നു.

സഹാബികളെ പറ്റി ഇത്തരം പ്രശംസകൾ വിശുദ്ധ ഖുർആനിൽ മാത്രമല്ല, മുൻവേദഗ്രന്ഥങ്ങളിലും അല്ലാഹു രേഖപ്പെടുത്തിയിട്ടുണ്ട്. മേൽപ്രസ്താവിച്ചത് 'തൌറാത്തിൽ' അവരെ പറ്റി പ്രസ്താവിച്ച ഉപമയത്രേ. 'ഇഞ്ചീലി'ലാകട്ടെ അവരെ ഒരു വിളയോട് ഉപമിച്ചിരിക്കുകയാണ്. കരുത്തോടെ കുമ്പിട്ട് മുളച്ച്, തടിച്ച് തഴച്ച് വളർന്ന് തളരാതെ, വീഴാതെ മുറ്റിനിൽക്കുന്ന - കൃഷിക്കാർക്ക് കൗതുകവും ആശ്ചര്യവും ജനിപ്പിക്കുന്ന-ഒരു 'വിള'ക്ക് തുല്യമാണവർ.

തൌറാത്തോ ഇഞ്ചീലോ അതിന്റെ യഥാർത്ഥ രൂപത്തിൽ ഇന്ന് നിലവിലില്ല, വളരെയധികം കൃത്രിമങ്ങളും കൈകടത്തലുകളും നടത്തപ്പെട്ട അവയുടെ രൂപഭേദങ്ങളാണ് ഇപ്പോഴുള്ളത്. എന്നിരിക്കെ, സഹാബികളെ സംബന്ധിച്ച ഈ വിവരണവും ഉപമയും അവയിൽ കാണപ്പെടാതിരിക്കുക സ്വാഭാവികം മാത്രമാകുന്നു. എങ്കിലും അതിന്റെ സൂചനകൾ അവയിൽ ഇന്നും അവശേഷിക്കുന്നതായിട്ട് കാണാം. വേദക്കാർ അവയെ അന്യഥാ വ്യാഖ്യാനിച്ച് തൃപ്തിപ്പെടുകയാണ് ഇപ്പോൾ.

മുൻ വേദഗ്രന്ഥങ്ങളിൽ പോലും പുകഴ്ത്തി പറഞ്ഞ് ഇത്രയും വിശുദ്ധന്മാരായ നിലയിൽ പദവി നൽകി സഹാബികളെ വളർത്തി ആദരീണയരാക്കിയതിന്റെ ഉദ്ദേശം അല്ലാഹു തന്നെ വിവരിക്കുന്നു. അല്ലാഹുവിലും തൌഹീദിലും വിശ്വസിക്കാത്തവരെ അരിശം കൊള്ളിക്കുവാനും കുപിതരാക്കുവാനും വേണ്ടി തന്നെ.

"എന്റെ സഹാബികളെ നിങ്ങൾ പഴിക്കരുത്" എന്ന് നബി(സ) കർശനമായി വിലക്കിയിരിക്കുന്നു. മറ്റൊരു ഹദീസിൽ തിരുമേനി ഇപ്രകാരം അരുളിയിരിക്കുന്നു:

"ജനങ്ങളിൽ വെച്ച് ഉത്തമന്മാർ എന്റെ കാലക്കാരാകുന്നു. പിന്നീട് അവരെ തുടർന്നുള്ളവരും, പിന്നീടവരെ തുടർന്നുള്ളവരും. തുടർന്ന്, ഒരു ജനത വരും — അവരിലൊരാളുടെ സാക്ഷ്യം അവന്റെ സത്യത്തെ മുൻ കടക്കുകയും, അവന്റെ സത്യം അവന്റെ സാക്ഷ്യത്തെ മുൻകടക്കുകയും ചെയ്യും". (ബു) - സത്യദീക്ഷയില്ലാതെ സത്യം ചെയ്യുവാനും, സാക്ഷ്യം നിർവ്വഹിക്കുവാനും മടിക്കുകയില്ല എന്ന് സാരം.

നബി(സ) തിരുമേനിയുടെ സന്തത സഹചാരികളായ മേല്‍ വിവരിക്കപ്പെട്ട മഹാനുഭവന്മാരില്‍ തന്നെ, ആദ്യമാദ്യം നബി(സ)യില്‍ വിശ്വസിക്കുകയും അതിന് വേണ്ടി ത്യാഗവും സേവനവും അനുഷ്ഠിക്കുകയും ചെയ്തവരും അല്ലാത്തവരും തമ്മില്‍ പദവിയില്‍ വ്യത്യാസമുണ്ടായിരിക്കും. ഈ വസ്തുത അല്ലാഹു സൂ: ഹദീദ് 10-ാം വചനത്തില്‍ പ്രസ്താവിച്ചിട്ടുണ്ട്.

സഹാബികളുടെ ഉത്തമഗുണങ്ങള്‍ വിവരിച്ച ശേഷം, അവര്‍ക്ക് പാപമോചനവും മഹത്തായ പ്രതിഫലവും നല്‍കുമെന്ന് അല്ലാഹു വാഗ്ദാനവും ചെയ്തിരിക്കുന്നു. മേല്‍ വിവരിക്കപ്പെട്ടവര്‍ സത്യവിശ്വാസികളും സല്‍കര്‍മ്മികളുമായിരിക്കുമെന്നതില്‍ സംശയമില്ല എന്നിരിക്കെ, 'അവരില്‍ നിന്ന് വിശ്വസിക്കുകയും സല്‍കര്‍മ്മങ്ങള്‍ പ്രവര്‍ത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തു' എന്ന് പറഞ്ഞതിന്റെ താല്പര്യം, അവരെ ഇത്രയും ഉല്‍കൃഷ്ടന്മാരാക്കിത്തീര്‍ത്ത അവരുടെ വിശ്വാസ കര്‍മ്മങ്ങള്‍ക്ക്, നല്‍കപ്പെടുന്ന പ്രതിഫലം മറ്റുള്ളവര്‍ക്ക് ലഭിക്കുന്നതിനേക്കാള്‍ കൂടുതല്‍ മഹത്തരമായിരിക്കും എന്നത്രേ. "മറ്റുള്ളവര്‍ ഒരു ഉഹ്ദ് മലയോളം സ്വര്‍ണ്ണം ചെലവഴിച്ചാലും, എന്റെ സഹാബികള്‍ ഒരു മുദ്ദോ(കൈ കൊണ്ട് ഒരു വാരല്‍) അതിന്റെ പകുതിയോ ചിലവഴിക്കുന്നതിന് അത് കിടയൊക്കുകയില്ല" (മു) എന്ന് നബി(സ) പ്രസ്താവിച്ചതിന്റെ രഹസ്യവും അതത്രേ. സത്യവിശ്വാസവും സല്‍കര്‍മ്മങ്ങളുമില്ലെങ്കില്‍ മറ്റുള്ള ഗുണഗണങ്ങളൊന്നും- സഹാബികളിലാകട്ടെ അല്ലാത്തവരിലാകട്ടെ- പരിഗണിക്കപ്പെടുന്നതല്ല എന്നുള്ള തത്വവും ഈ വാക്യത്തില്‍ അടങ്ങിയിരിക്കുന്നു. الله اعلم

# 49. സൂറത്തുൽ ഹുജുറാത്ത് (അറകൾ)

മദീനയിൽ അവതരിച്ചത്

**വചനങ്ങൾ 18, വിഭാഗം (റുക്കൂഅ്) 2**

നാലാം വചനത്തിൽ അറകളെ (ഹുജുറാത്ത്) പറ്റിയുള്ള പരാമർശമാണ് അദ്ധ്യായത്തിന്റെ പേരിന് നിദാനം

ഈ അദ്ധ്യായത്തിൽ നബി(സ) തിരുമേനിയും അവിടുത്തെ അനുയായികളും തമ്മിലും സത്യ വിശ്വാസികൾ തമ്മിൽ തമ്മിലും എങ്ങനെ വർത്തിക്കണമെന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. ഏതൊരു സമുദായത്തിന്റെയും അഭിവൃദ്ധിക്കും കെട്ടുറപ്പിനും, ആ സമുദായത്തിന്റെ നേതൃത്വം സമർത്ഥവും തൃപ്തികരവുമായിരിക്കണം. സമൂഹമാകട്ടെ നേതൃത്വത്തോടു കൂറും മതിപ്പും പുലർത്തിക്കൊണ്ടും അച്ചടക്കത്തോടും, അനുസരണയോടും, പരസ്പര സ്നേഹത്തോടും കൂടി വർത്തിക്കുന്നതുമായിരിക്കണം.

സൂറത്തിന്റെ ആദ്യഭാഗത്ത് നബി(സ) തിരുമേനിയോട് മുസ്ലീം സമുദായം സ്വീകരിക്കേണ്ടുന്ന മര്യാദകളെ കുറിച്ച് വിവരിക്കുന്നു. “നബി(സ) സത്യവിശ്വാസികൾക്ക് അവരുടെ സ്വന്തം ദേഹത്തെക്കാളും അടുത്ത ആളാകുന്നു.” എന്ന സൂറത്ത് അഹ്സാബ്: 6-ാം വചനത്തെ ക്കുറിച്ച് അവിടെ വിവരിച്ചിട്ടുള്ളത് ഓർക്കുക. ഏതൊരു സമൂഹത്തിനും അതിന്റെ നേതാവിനോടുണ്ടായിരിക്കേണ്ടുന്നതിനെക്കാൾ കവിഞ്ഞതാണ് മുസ്ലീം സമുദായത്തിന് നബി(സ) തിരുമേനിയോടുള്ള ബാധ്യത

## വിഭാഗം - 1

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تُقَدِّمُواْ بَيْنَ يَدَيِ ٱللَّهِ وَرَسُولِهِۦۖ وَٱتَّقُواْ ٱللَّهَۚ إِنَّ ٱللَّهَ سَمِيعٌ عَلِيمٞ ﴿١﴾

1 ഹേ, വിശ്വസിച്ചവരേ, അല്ലാഹുവിൻെറയും, അവൻെറ 'റസൂലി'ൻെറയും മുമ്പിൽ നിങ്ങൾ മുൻകടന്ന് (ഒന്നും) പ്രവർത്തിക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. നിശ്ചയമായും അല്ലാഹു (എല്ലാം) കേൾക്കുന്നവനാണ്, അറിയുന്നവനാണ്.

'സത്യവിശ്വാസികളേ' എന്ന സംബോധനയോടെ ആരംഭിക്കുന്ന ഈ സൂറത്തിൽ പ്രസ്തുത സംബോധന ഇടക്കിടെ ആവർത്തിക്കപ്പെട്ടതായി കാണാം. ഏതൊരു കാര്യമായാലും അത് ഈ പ്രകാരമായിരിക്കണമെന്ന് അല്ലാഹുവും റസൂലും തീരുമാനമെടുക്കുന്നതിന് മുമ്പായി സത്യവിശ്വാസികൾ അതിൽ തീരുമാനവും നടപടിയും എടുക്കാൻ പാടില്ലാത്തതാകുന്നു. റസൂൽ(സ) തിരുമേനിയുടെ അഭാവത്തിൽ മത സംബന്ധമായ ഏതൊരു കാര്യത്തിലും ഖുർആന്റെയും സുന്നത്തിന്റെയും വിധി അന്വേഷിക്കാതെ ആർക്കും സ്വന്തമായൊരു വിധി ഉണ്ടായിരിക്കുവാൻ പാടില്ലെന്നുള്ള വസ്തുതയും ഈ കൽപനയിൽ അടങ്ങിയിരിക്കുന്നു.

**വചനം. 2 :**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَرۡفَعُوٓاْ أَصۡوَٰتَكُمۡ فَوۡقَ صَوۡتِ ٱلنَّبِيِّ وَلَا تَجۡهَرُواْ لَهُۥ بِٱلۡقَوۡلِ كَجَهۡرِ بَعۡضِكُمۡ لِبَعۡضٍ أَن تَحۡبَطَ أَعۡمَٰلُكُمۡ وَأَنتُمۡ لَا تَشۡعُرُونَ ﴿٢﴾

2 ഹേ, വിശ്വസിച്ചവരേ, പ്രവാചകൻെറ ശബ്ദത്തിനുമീതെ നിങ്ങൾ നിങ്ങളുടെ ശബ്ദം ഉയർത്തരുത്; നിങ്ങളിൽ ചിലർ ചിലരോട് (തമ്മതമ്മിൽ) ഉച്ചത്തിൽ പറയുന്നതുപോലെ, അദ്ദേഹത്തോട് (പറയുന്ന) വാക്ക് ഉച്ചത്തിലാക്കുകയും ചെയ്യരുത്; നിങ്ങൾ അറിയാത്ത നിലയിൽ, നിങ്ങളുടെ കർമ്മങ്ങൾ ഫലശൂന്യമായിപ്പോയേക്കുന്നതുകൊണ്ടത്രെ (ഇത് വിരോധിക്കുന്നത്).

മുസ്ലിംകൾ നബി(സ) തിരുമേനിയെ തങ്ങളുടെ ഒരു നേതാവെന്ന നിലയിൽ മാത്രം വീക്ഷിച്ചാൽ പോരാ, അവിടുന്ന് അല്ലാഹുവിന്റെ പ്രവാചകന്മാരിൽ ഏറ്റവും ശ്രേഷ്ഠനും, ലോകർക്ക് മുഴുവൻ അനുഗ്രഹവും മാർഗ്ഗദർശകനുമായി അയക്കപ്പെട്ട ദൂതനാണെന്ന് കൂടി ഓർക്കേണ്ടതുണ്ട്. നബി(സ)യുടെ അടുക്കൽ വെച്ച് സംസാരിക്കുമ്പോൾ പാലിക്കുവാനായി ഈ വചനത്തിലൂടെ നൽകപ്പെട്ട നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടാൽ അവരറിയാതെ തന്നെ അവരുടെ സൽക്കർമ്മങ്ങൾ ഫലശൂന്യമായി പോകുമെന്ന് അല്ലാഹു മുന്നറിയിപ്പ് നൽകുന്നു. നബി(സ)യുടെ ജീവിത കാലത്തിലെന്ന പോലെ അതിന് ശേഷവും നബി(സ)യെക്കുറിച്ചുള്ള സംസാരങ്ങളിലും പരാമർശങ്ങളിലും ആദരവോട് കൂടിയ മര്യാദകൾ ഗൗനിക്കപ്പെടേണ്ടതുണ്ട്. അവിടുത്തോടുള്ള അനാദരവ് അവിശ്വാസത്തിൽ നിന്നും കാപട്യത്തിൽ നിന്നും ഉടലെടുക്കുന്നതാകുന്നു. തിരുമേനിയോടും കുടുംബത്തോടും ഇടപഴകുമ്പോൾ അനുയായികൾ പാലിക്കേണ്ട മര്യാദകളെക്കുറിച്ചു സൂ: നൂർ: 62,63 വചനങ്ങളിലും സൂ: അഹ്സാബ് 36,53 വചനങ്ങളിലും മറ്റും അല്ലാഹു വിശദമായി എടുത്ത് പറഞ്ഞിട്ടുള്ളത് ഇവിടെ സ്മരണീയമാണ്.

ഒരിക്കൽ തമീം ഗോത്രക്കാരുടെ ഒരു നിവേദക സംഘം തിരുമേനിയുടെ അടുക്കൽ വന്ന സന്ദർഭത്തിൽ അവരുടെ നേതാവിന്റെ കാര്യത്തിൽ അബൂബക്കർ(റ)ഉം ഉമർ(റ)ഉം തമ്മിലുണ്ടായ തർക്കത്തിൽ രണ്ടാളുടെയും ശബ്ദം കുറച്ച് ഉറക്കെയായിപ്പോയി. ആ സന്ദർഭത്തിലായിരുന്നു ഈ ഖുർആൻ വചനത്തിന്റെ അവതരണം. അതിന് ശേഷം ഇരുവരും വളരെ പതുക്കെയും (ചിലപ്പോൾ മനസ്സിലാക്കുവാൻ പോലും സാധിക്കാത്തത്ര പതുക്കെ) സ്വകാര്യസംഭാഷണം നടത്താൻ വേണ്ടി വന്ന ആളെപ്പോലെയും ആയിരുന്നു നബി(സ) തിരുമേനിയുമായി സംസാരിച്ചിരുന്നത്. മാത്രമല്ല തിരുമേനിയെ കാണാൻ വരുന്ന നിവേദക സംഘാംഗങ്ങളോട്, ഇരുവരും ഇത് സംബന്ധമായ കർശന നിർദ്ദേശങ്ങൾ മുൻകൂട്ടി അറിയിച്ച് കൊടുക്കുകയും ചെയ്യുമായിരുന്നു.

ഈ വചനം അവതരിച്ച ശേഷം വളരെ ഉച്ചത്തിൽ സംസാരിക്കുന്ന പ്രകൃതമുള്ള ഥാബിത്തുബ്നു ഖൈസ്(റ) നബി(സ) യുടെ അടുക്കലേക്കുള്ള തന്റെ വരവ് നിറുത്തുക തന്നെയുണ്ടായി. വിവരമറിഞ്ഞ നബി(സ) അദ്ദേഹം സജ്ജനങ്ങളുടെ കൂട്ടത്തിൽ പെട്ട ആളാണെന്നു പറഞ്ഞു സമാധാനിപ്പിച്ച് കൊണ്ട് അദ്ദേഹത്തിന്റെ അടുക്കലേക്ക് ആളെ അയക്കുകയുണ്ടായി.

**വചനം 3 :**

إِنَّ ٱلَّذِينَ يَغُضُّونَ أَصۡوَٰتَهُمۡ عِندَ رَسُولِ ٱللَّهِ أُوْلَٰٓئِكَ ٱلَّذِينَ ٱمۡتَحَنَ ٱللَّهُ قُلُوبَهُمۡ لِلتَّقۡوَىٰۚ لَهُم مَّغۡفِرَةٞ وَأَجۡرٌ عَظِيمٌ ﴿٣﴾

3 നിശ്ചയമായും, അല്ലാഹുവിൻെറ റസൂലിൻെറ അടുക്കൽവെച്ച് തങ്ങളുടെ ശബ്ദം താഴ്ത്തുന്നവർ (ആരോ), അവരുടെ ഹൃദയങ്ങളെ 'തഖ്വാ' (ഭയഭക്തി)ക്കുവേണ്ടി അല്ലാഹു പരീക്ഷി(ച്ച് പരിശീലിപ്പിച്ചി)ട്ടുള്ളവരത്രെ അക്കൂട്ടർ. അവർക്ക് പാപമോചനവും, മഹത്തായ പ്രതിഫലവും ഉണ്ട്.

ഹൃദയത്തിൽ തഖ്വ (ഭയഭക്തി) ഉള്ളതിന്റെ ലക്ഷണമാണ് നബി(സ) യോട് അച്ചടക്കത്തിലും ബഹുമാനത്തിലും പെരുമാറുക എന്നത്. എല്ലാ ഹൃദയങ്ങളും തഖ്വയുടെ ഇരിപ്പിടമായിരിക്കുവാൻ കൊള്ളുന്നവയല്ല. അതിന് കൊള്ളാവുന്ന ഹൃദയങ്ങളിൽ, അല്ലാഹുവിനാൽ പ്രദാനം ചെയ്യപ്പെടുന്ന ഒരു അനുഗ്രഹമാകുന്നു അത്.

"അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുവാൻ ആഗ്രഹിക്കുകയും, എന്നിട്ടത് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നവരത്രേ അല്ലാഹു തഖ്വാക്ക് വേണ്ടി ഹൃദയങ്ങളെ പരീക്ഷിച്ചറിഞ്ഞ കൂട്ടർ" എന്ന് ഉമർ(റ) പ്രസ്താവിച്ചതായി അഹ് മദ്(റ) ഉദ്ധരിച്ചിരിക്കുന്നു.

**വചനം 4,5 :**

إِنَّ ٱلَّذِينَ يُنَادُونَكَ مِن وَرَآءِ ٱلۡحُجُرَٰتِ أَكۡثَرُهُمۡ لَا يَعۡقِلُونَ ﴿٤﴾

4 (നബിയേ) അറകളുടെ പിന്നിൽനിന്ന് നിന്നെ വിളിക്കുന്നവരിൽ അധികമാളുകളും (കാര്യം) മനസ്സിലാക്കുന്നില്ല.

5 നീ അവരുടെ അടുക്കലേക്ക് പുറപ്പെട്ട് ചെല്ലുന്നതുവരേക്ക് അവർ ക്ഷമിച്ചിരുന്നുവെങ്കിൽ അതവർക്ക് ഉത്തമമമാകുമായിരുന്നു. അല്ലാഹു വളരെ പൊറുക്കുന്നവനാണ്, കരുണാനിധിയാണ്.

وَلَوْ أَنَّهُمْ صَبَرُوا۟ حَتَّىٰ تَخْرُجَ إِلَيْهِمْ لَكَانَ خَيْرًا لَّهُمْ ۚ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٥﴾

നബി(സ) യുടെ പത്നിമാർക്ക് താമസിക്കുവാൻ വേണ്ടി മദീനാ പള്ളിയുടെ പരിസരങ്ങളിൽ കെട്ടിയുണ്ടാക്കപ്പെട്ടിരുന്ന ചെറു കുടിലുകളെ ക്കുറിച്ചാണ് അറകൾ (ഹുജുറാത്ത്) എന്ന് പറഞ്ഞത്. തിരുമേനിയുടെ കാലശേഷം മദീനാ പള്ളിയുടെ വികസന സന്ദർഭത്തിൽ പ്രസ്തുത കുടിലുകൾ നീക്കം ചെയ്ത് പള്ളിയുടെ ഭാഗമാക്കപ്പെടുകയുണ്ടായി.

“തിരുമേനിയുടെ ജീവിതരീതിയും, ലാളിത്യവും എങ്ങനെയായിരുന്നുവെന്ന് അവിടെ വരുന്നവർക്ക് കണ്ട് മനസ്സിലാക്കുവാനായി രണ്ട് കുടിലുകൾ അങ്ങനെ തന്നെ വിട്ടേച്ചിരുന്നുവെങ്കിൽ എത്ര നന്നായേനെ” എന്ന് സഈദുബ്നുൽ മുസയ്യബ്(റ) വ്യസനിച്ച് പറയുകയുണ്ടായി.

എങ്കിലും ഈ അദ്ധ്യായത്തിന്റെ പേര് - ഹുജുറാത്ത് (അറകൾ) - ആ കുടിലുകളുടെ ചരിത്ര സ്മരണ ലോകാവസാനം വരെ ജനഹൃദയങ്ങളിൽ നില നിറുത്തുക തന്നെ ചെയ്യുന്നതാണ്.

തമീം ഗോത്രക്കാരുടെ സംഘം നബി(സ) യെ കാണാൻ വന്ന സന്ദർഭത്തിൽ അവരിൽ ചിലർ അറകളൊന്നിന്റെ പുറത്ത് നിന്ന് കൊണ്ട് സഹജമായ പരുക്കൻ സ്വരത്തിൽ ‘മുഹമ്മദേ പുറത്ത് വരൂ’ എന്ന് വിളിച്ച് കൊണ്ട് സ്വൈര്യം കെടുത്തുകയുണ്ടായി. ളുഹർ നമസ്കാരത്തിന്നായി തിരുമേനി പുറപ്പെട്ടപ്പോൾ അവർ തങ്ങളുടെ കൂടെ കൊണ്ട് വന്നിട്ടുള്ള പ്രാസംഗികനുമായും കവിയുമായി മത്സരം നടത്താൻ തിരുമേനിയെ ക്ഷണിച്ചു. “കവിതയുമായിട്ടല്ല നാം നിയോഗിക്കപ്പെട്ടിരിക്കുന്നത്. ആഭിജാത്യാഹങ്കാരത്തിനല്ല നാം കല്പിക്കപ്പെട്ടിട്ടുള്ളതും” എന്ന് പറഞ്ഞു തിരുമേനി നമസ്കാരത്തിലേക്ക് തിരിഞ്ഞു. തുടർന്ന് നമസ്കാരാനന്തരം നടന്ന സംഭാഷണങ്ങൾക്ക് ശേഷം നിവേദക സംഘം ഇസ്‌ലാം മതം സ്വീകരിച്ച് തിരിച്ച് പോകുകയുണ്ടായി.

നബി(സ)യോട് മേൽ രീതിയിലുള്ള പെരുമാറ്റങ്ങൾ ഉണ്ടാകുവാൻ പാടില്ലെന്നാണ് ഈ വചനം മുഖേന അല്ലാഹു കൽപിക്കുന്നത്. കാര്യങ്ങൾ ഗ്രഹിക്കുവാനുള്ള വിവേകമില്ലായ്മയാണ് ഈ പെരുമാറ്റത്തിന് കാരണമെന്ന് 4-ാം വചനത്തിന്റെ അന്ത്യഭാഗവും അറില്ലായ്മ കൊണ്ട് വരുന്ന ഇത്തരം കാര്യങ്ങൾ അല്ലാഹു പൊറുത്ത് കൊടുക്കുമെന്ന് 5-ാം വചനത്തിന്റെ അന്ത്യ ഭാഗവും ചൂണ്ടിക്കാട്ടുന്നു.

**വചനം 6:**

6 ഹേ, വിശ്വസിച്ചവരേ, ദുർമ്മാർഗ്ഗിയായ ഒരാൾ നിങ്ങളുടെ അടുക്കൽ വല്ല വൃത്താന്തവും കൊണ്ടുവന്നാൽ, നിങ്ങൾ (അതിനെപ്പറ്റി അന്വേഷിച്ചു) വ്യക്തമായിഅറിഞ്ഞുകൊള്ളുവിൻ; (അറിയാതെ) വിഡ്ഢിത്തത്തിൽ വല്ല ജനങ്ങൾക്കും നിങ്ങൾ ആപത്തുണ്ടാക്കുകയും, എന്നിട്ട് നിങ്ങൾ ചെയ്തതിൻെറ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്തേക്കുമെന്നതിനാൽ. (അതുകൊണ്ടാണ് ഇങ്ങിനെ കല്പിക്കുന്നത്.)

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِن جَآءَكُمْ فَاسِقٌۢ بِنَبَإٍ فَتَبَيَّنُوٓا۟ أَن تُصِيبُوا۟ قَوْمًۢا بِجَهَٰلَةٍ فَتُصْبِحُوا۟ عَلَىٰ مَا فَعَلْتُمْ نَٰدِمِينَ ﴿٦﴾

ഈ വചനത്തിന്റെ ആശയം വ്യക്തമാണ്. ഒരു വർത്തമാനം ഒരാളിൽ നിന്നും കേട്ടാൽ, അയാൾ സന്മാർഗ്ഗിയും വിശ്വസ്തനുമാണെങ്കിൽ അത് വിശ്വസിക്കാമെന്നും, അയാളുടെ സ്ഥിതി ഗതികൾ അറിയപ്പെടാത്ത പക്ഷം അതെക്കുറിച്ച് അന്വേഷിക്കും മുമ്പ് അത് വിശ്വസിക്കരുതെന്നും ഈ വചനത്തിൽ നിന്ന് മനസ്സിലാക്കാമല്ലോ. സത്യാവസ്ഥ മനസ്സിലാക്കാതെ എടുക്കുന്ന നടപടികളെ പറ്റി അവസാനം ഖേദിക്കേണ്ടി വരിക സാധാരണമാണല്ലോ.

ഈ ആയത്തിന്റെ താൽപര്യമനുസരിച്ചാണ് ഹദീസുകളുടെ കാര്യത്തിൽ സത്യവാന്മാരും മര്യാദക്കാരുമായ നിവേദകരുടെ ഹദീസുകൾ സ്വീകരിക്കേണ്ടതാണെന്നും, അല്ലാത്തവരുടെ ഹദീസുകൾ സ്വീകരിക്കേണ്ടതില്ലെന്നും ഹദീസ് പണ്ഡിതൻമാർ നിശ്ചയിച്ചിട്ടുള്ളതും നിഷ്കർഷിച്ചിട്ടുള്ളതും.

**വചനം 7,8:**

وَٱعۡلَمُوٓاْ أَنَّ فِيكُمۡ رَسُولَ ٱللَّهِۚ لَوۡ يُطِيعُكُمۡ فِي كَثِيرٖ مِّنَ ٱلۡأَمۡرِ لَعَنِتُّمۡ وَلَٰكِنَّ ٱللَّهَ حَبَّبَ إِلَيۡكُمُ ٱلۡإِيمَٰنَ وَزَيَّنَهُۥ فِي قُلُوبِكُمۡ وَكَرَّهَ إِلَيۡكُمُ ٱلۡكُفۡرَ وَٱلۡفُسُوقَ وَٱلۡعِصۡيَانَۚ أُوْلَٰٓئِكَ هُمُ ٱلرَّٰشِدُونَ ٧

7 അല്ലാഹുവിൻെറ റസൂൽ നിങ്ങളിൽ ഉണ്ടെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. പല കാര്യങ്ങളിലും അദ്ദേഹം നിങ്ങളെ അനുസരിച്ചിരുന്നുവെങ്കിൽ നിങ്ങൾ വിഷമിച്ചു പോകുമായിരുന്നു. എങ്കിലും, സത്യവിശ്വാസത്തെ അല്ലാഹു നിങ്ങൾക്ക് ഇഷ്ടമാക്കിത്തരുകയും, നിങ്ങളുടെ ഹൃദയങ്ങളിൽ അതിനെ അലങ്കാരമാക്കിത്തരുകയും ചെയ്തിരിക്കുകയാണ്; അവിശ്വാസവും, ദുർന്നടപ്പും, അനുസരണക്കേടും അവൻ നിങ്ങൾക്ക് വെറുപ്പാക്കിത്തരുകയും ചെയ്തിരിക്കുന്നു. (അങ്ങിനെയുള്ള) അക്കൂട്ടർ തന്നെയാണ് തൻേറടമുള്ളവർ (സൻമാർഗ്ഗികൾ);-

فَضۡلٗا مِّنَ ٱللَّهِ وَنِعۡمَةٗۚ وَٱللَّهُ عَلِيمٌ حَكِيمٞ ٨

8 അല്ലാഹുവിങ്കൽനിന്നുള്ള ദയവും, അനുഗ്രഹവുമായിട്ടത്രെ (അങ്ങിനെ ചെയ്തത്). അല്ലാഹു സർവജ്ഞനും, അഗാധജ്ഞനുമാകുന്നു.

അല്ലാഹുവിന്റെ റസൂൽ നിങ്ങളുടെ ഇടയിൽ ജീവിച്ച് കൊണ്ടിരിക്കുന്നു. പല കാര്യങ്ങളിലും നിങ്ങളുടെ ഇഷ്ടത്തിനോ ആവശ്യത്തിനോ, നിങ്ങളുടെ നന്മ ഏതിലാണ് സ്ഥിതിചെയ്യുന്നു എന്നറിയുന്ന, അദ്ദേഹം വഴങ്ങണമെന്ന് വന്നാൽ അത് പലപ്പോഴും നിങ്ങൾക്ക് തന്നെ ആപത്തായി തീർന്നേക്കുമായിരുന്നു. സത്യവിശ്വാസത്തിൽ നിങ്ങൾക്ക് സ്നേഹവും, അവിശ്വാസത്തിലും ദുർനടപ്പിലും വെറുപ്പും ജനിപ്പിച്ച് തന്നത് അല്ലാഹുവാകുന്നു. അത് അവന്റെ അനുഗ്രഹവും ദയയും നിമിത്തം നിങ്ങൾക്ക് സിദ്ധിച്ച മഹാഭാഗ്യമാണ്. എന്നിരിക്കെ റസൂലിന്റെ ഹിതത്തിനും കൽപനക്കും എതിരായി ഒരു താൽപര്യവും നിങ്ങൾക്ക് ഉണ്ടായിക്കൂടാത്തതാണ്.

സൂ: മുഅ്മിനൂൻ : 71- ാം വചനത്തിൽ അല്ലാഹു പറയുന്നു : 'യഥാർത്ഥം അവരുടെ ഇച്ഛകളെ അനുസരിച്ച് കൊണ്ടായിരുന്നെങ്കിൽ ആകാശങ്ങളും ഭൂമിയും അവയിലുള്ളവരും കുഴപ്പത്തിലാകുമായിരുന്നു.'

**വചനം 9,10:**

وَإِن طَآئِفَتَانِ مِنَ ٱلۡمُؤۡمِنِينَ ٱقۡتَتَلُواْ فَأَصۡلِحُواْ بَيۡنَهُمَاۖ فَإِنۢ بَغَتۡ إِحۡدَىٰهُمَا عَلَى ٱلۡأُخۡرَىٰ فَقَٰتِلُواْ ٱلَّتِي تَبۡغِي حَتَّىٰ تَفِيٓءَ إِلَىٰٓ أَمۡرِ ٱللَّهِۚ فَإِن فَآءَتۡ فَأَصۡلِحُواْ بَيۡنَهُمَا بِٱلۡعَدۡلِ وَأَقۡسِطُوٓاْۖ إِنَّ ٱللَّهَ يُحِبُّ ٱلۡمُقۡسِطِينَ ٩

9 സത്യവിശ്വാസികളിൽനിന്നുള്ള രണ്ടു വിഭാഗങ്ങൾ പരസ്പരം സമരത്തിലായാൽ, നിങ്ങൾ അവതമ്മിൽ (യോജിപ്പിച്ചു) നന്നാക്കുവിൻ. എന്നിട്ട്, അവയിലൊന്ന് മറ്റേതിൻെറമേൽ അതിക്രമം നടത്തിയെങ്കിൽ, അതിക്രമം നടത്തുന്ന വിഭാഗം അല്ലാഹുവിൻെറ ആജ്ഞയിലേക്ക് മടങ്ങി (ഒതുങ്ങി) വരുന്നതുവരെ നിങ്ങൾ അതിനോട് സമരം നടത്തുവിൻ. അങ്ങനെ, അത് മടങ്ങിയെങ്കിൽ, അപ്പോൾ അവ രണ്ടിനുമിടയിൽ നീതിയനുസരിച്ചു നന്നാക്കിത്തീർക്കുവിൻ; നിങ്ങൾ നീതിമുറ പാലിക്കുകയും ചെയ്യണം. നിശ്ചയമായും നീതിമുറ പാലിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു.

إِنَّمَا ٱلۡمُؤۡمِنُونَ إِخۡوَةٞ فَأَصۡلِحُواْ بَيۡنَ أَخَوَيۡكُمۡۚ وَٱتَّقُواْ ٱللَّهَ لَعَلَّكُمۡ تُرۡحَمُونَ ١٠

10 നിശ്ചയമായും, സത്യവിശ്വാസികൾ സഹോദരങ്ങൾ മാത്രമാണ്. അതിനാൽ, നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ നിങ്ങൾ നന്നാക്കിക്കൊള്ളുക. നിങ്ങൾ അല്ലാഹുവിനെ സൂക്ഷി

ക്കുകയും ചെയ്യുക, നിങ്ങള്‍ കരുണ ചെയ്യപ്പെ ട്ടേക്കാം.

രണ്ട് വിഭാഗം മുസ്‌ലിംകള്‍ വഴക്കും ശണ്ഠയും കൂടുമ്പോള്‍ അവര്‍ക്കിടയില്‍ സന്ധിയും സമാധാനവും ഉണ്ടാക്കി നന്നാക്കിത്തീര്‍ക്കേണ്ടത് മറ്റുള്ളവരുടെ-പ്രത്യേകിച്ചും നേതാക്കന്മാരുടെ- കടമയാകുന്നു, എത്ര പരിശ്രമിച്ചിട്ടും ഒരു വിഭാഗക്കാര്‍ ആക്രമണം തുടരുകയാണെങ്കില്‍ - അതല്ലെങ്കില്‍ ഇരു വിഭാഗക്കാരും നന്നായി പിരിഞ്ഞതിന് ശേഷം ഒരു വിഭാഗം വീണ്ടും അതിക്രമത്തിന് മുതിരുകയാണെങ്കില്‍ - അവര്‍ നീതി നിയമങ്ങള്‍ അനുസരിക്കാന്‍ തയാറാകുന്നത് വരെ അവര്‍ക്കെതിരില്‍ മറ്റുള്ളവര്‍ പൊരുതുകയും ചെയ്യണം. അങ്ങനെ അക്രമത്തിന്റെ കക്ഷി സത്യത്തിന് വഴങ്ങിക്കഴിഞ്ഞാല്‍ ഇരു കൂട്ടര്‍ക്കുമിടയില്‍ തുല്യനീതിയുടെ അടിസ്ഥാനത്തില്‍ ഒത്ത് തീര്‍പ്പുണ്ടാക്കി പിരിച്ചു വിടണം. അക്രമത്തിന് തുനിഞ്ഞതിന്റെ പേരില്‍ ആ കക്ഷിക്ക് നീതി നിഷേധിക്കപ്പെട്ടു കൂടാത്തതാണ്. ഏതൊരു കാര്യത്തിനും ആരോടും നീതിമുറ പാലിക്കുകയെന്നത് സത്യ വിശ്വാസികളുടെ കടമയത്രേ, അങ്ങനെ നീതിമുറ പാലിക്കുന്ന വരെ അല്ലാഹുവിന് വളരെ ഇഷ്ടവുമാകുന്നു.

സത്യവിശ്വാസികള്‍ തമ്മില്‍ അന്യോന്യമുള്ള ബന്ധം അഭേദ്യമാകുന്നു- അവര്‍ പരസ്പരം സഹോദരന്മാരാകുന്നു. അങ്ങനെയുള്ള സഹോദരങ്ങള്‍ക്കിടയില്‍ വഴക്കും വക്കാണവും ഉണ്ടായിക്കൂടാ. വല്ലതും ഉണ്ടായിക്കഴിഞ്ഞാല്‍ അവരെ തമ്മില്‍ ഒത്തിണക്കി യോജിപ്പിക്കല്‍ മറ്റുള്ളവരുടെ കടമയാകുന്നു.

നിന്റെ സഹോദരന്‍ അക്രമിക്കപ്പെട്ടാല്‍ മാത്രമല്ല, അവന്‍ അക്രമിയായിരിക്കെ തന്നെ അവനെ അക്രമത്തില്‍ നിന്ന് തടഞ്ഞു കൊണ്ടും നീ അവനെ സഹായിക്കേണ്ട താണ് എന്ന് നബി(സ) പറഞ്ഞതായി അനസ്(റ) പ്രസ്താവിക്കുന്നു.

“ഒരു മുസ്ലിമിന്റെ രക്തവും, ധനവും, അവന്റെ അഭിമാനവും മറ്റൊരു മുസ്ലിം സഹോദരന് ഹറാം (നിഷിദ്ധം) ആകുന്നു.” “നിങ്ങളില്‍ ഒരാള്‍ സ്വന്തത്തിന് ഏത് ഇഷ്ടപ്പെടുന്നുവോ, അത് തന്റെ സഹോദരന് വേണ്ടിയും ഇഷ്ടപ്പെടുന്നതു വരെ അവന്‍ സത്യവിശ്വാസിയാകുകയില്ല.” എന്നീ തിരു വചനങ്ങള്‍ ശ്രദ്ധേയമാകുന്നു.

## വിഭാഗം - 2

**വചനം11 :**

11 ഹേ, വിശ്വസിച്ചവരേ, ഒരു ജനത (വേറെ) ഒരു ജനതയെപ്പറ്റി പരിഹസിക്കരുത്. ഇവര്‍ (പരിഹസിക്കപ്പെടുന്നവര്‍) അവരെക്കാള്‍ നല്ലവരായിരുന്നേക്കാം. സ്ത്രീകള്‍ സ്ത്രീകളെപ്പറ്റിയും അരുത്. ഇവര്‍ (പരിഹസിക്കപ്പെടുന്ന സ്ത്രീകള്‍) അവരെക്കാള്‍ നല്ലവരായിരുന്നേക്കാം. നിങ്ങള്‍ നിങ്ങളെത്തന്നെ (തമ്മതമ്മില്‍) കുറവാക്കുകയും ചെയ്യരുത്. (അസഭ്യമായ) അര്‍ത്ഥപ്പേരുകളില്‍ അന്യോന്യം വിളിച്ചപമാനിക്കുകയും അരുത്. സത്യവിശ്വാസത്തിന് ശേഷം ദുഷ്ടപ്പേര് (ഉപയോഗിക്കല്‍) എത്ര ചീത്ത! ആര്‍ പശ്ചാത്തപിക്കുന്നില്ലയോ അക്കൂട്ടരത്രെ അക്രമികള്‍.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا يَسۡخَرۡ قَوۡمٞ مِّن قَوۡمٍ عَسَىٰٓ أَن يَكُونُواْ خَيۡرٗا مِّنۡهُمۡ وَلَا نِسَآءٞ مِّن نِّسَآءٍ عَسَىٰٓ أَن يَكُنَّ خَيۡرٗا مِّنۡهُنَّۖ وَلَا تَلۡمِزُوٓاْ أَنفُسَكُمۡ وَلَا تَنَابَزُواْ بِٱلۡأَلۡقَٰبِۖ بِئۡسَ ٱلِٱسۡمُ ٱلۡفُسُوقُ بَعۡدَ ٱلۡإِيمَٰنِۚ وَمَن لَّمۡ يَتُبۡ فَأُوْلَٰٓئِكَ هُمُ ٱلظَّٰلِمُونَ ﴿١١﴾

ഒരു മനുഷ്യന് എന്തെങ്കിലും പോരായ്മയോ ന്യൂനതയോ ഉണ്ടെങ്കില്‍ തന്നെ അയാള്‍ക്ക് മറ്റ് ചില നന്മകളും ഗുണഗണങ്ങളും ഉണ്ടായിരിക്കാമല്ലോ. ആരെല്ലാമാണ് ഉത്തമരെന്നും ആരെല്ലാമാണ് അധമരെന്നും നമുക്ക് തീര്‍ച്ചപ്പെടുത്തുവാന്‍ വയ്യാ. അത് കൊണ്ട് പുരുഷനായാലും സ്ത്രീയായാലും ഒരാള്‍ക്ക് മറ്റൊരാളെ പരിഹസിക്കാന്‍ അര്‍ഹതയില്ല എന്ന് അല്ലാഹു സത്യവിശ്വാസികളെ അറിയിക്കുന്നു.

സത്യവിശ്വാസികളെല്ലാം ഒരേ കുടുംബത്തിലെ അംഗങ്ങളും സഹോദരന്മാരുമാണല്ലോ എന്നിരിക്കെ ഒരാൾ മറ്റൊരാളെ പരിഹസിക്കുന്നത് നിങ്ങൾ നിങ്ങളെത്തന്നെ കുറവാക്കുന്നതിന് തുല്യമാണല്ലോ. എതെങ്കിലും തരത്തിലുള്ള ന്യൂനതകളെ കുറിക്കുന്ന അർത്ഥപ്പേരുകൾ (ഹാസ്യ നാമങ്ങൾ, പരിഹാസപ്പേരുകൾ) വിളിച്ച് അന്യോന്യം അപമാനിക്കരുത്. സത്യവിശ്വാസം സ്വീകരിച്ച് കഴിഞ്ഞാൽ പിന്നെ ദുഷിച്ച പേരുകൾ ഉപയോഗിക്കുന്നത് വളരെ ചീത്തയാണ് എന്ന് പറഞ്ഞിരിക്കുന്നത്, പ്രത്യേകം ശ്രദ്ധാർഹമാകുന്നു. ഒരാളുടെ പക്കൽ നിന്ന് അങ്ങനെ വല്ല വീഴ്ചയും വന്ന് പോയാൽ അവൻ ഉടനെ തന്നെ പശ്ചാത്തപിച്ച് മടങ്ങേണ്ടതാകുന്നു. അല്ലാത്ത പക്ഷം അത് അക്രമവും ശിക്ഷാർഹവുമാകുന്നു.

**വചനം 12:**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱجْتَنِبُوا۟ كَثِيرًا مِّنَ ٱلظَّنِّ إِنَّ بَعْضَ ٱلظَّنِّ إِثْمٌ ۖ وَلَا تَجَسَّسُوا۟ وَلَا يَغْتَب بَّعْضُكُم بَعْضًا ۚ أَيُحِبُّ أَحَدُكُمْ أَن يَأْكُلَ لَحْمَ أَخِيهِ مَيْتًا فَكَرِهْتُمُوهُ ۚ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ تَوَّابٌ رَّحِيمٌ ﴿١٢﴾

12 ഹേ, വിശ്വസിച്ചവരെ, ഊഹത്തിൽ നിന്ന് മിക്കതിനെയും നിങ്ങൾ വർജ്ജിക്കുവിൻ. (കാരണം) നിശ്ചയമായും ഊഹത്തിൽ ചിലത് കുറ്റ (കര) മായിരിക്കും. നിങ്ങൾ ചാരവൃത്തി നടത്തുകയും ചെയ്യരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി (അവരുടെ അഭാവത്തിൽ) പരദൂഷണം പറയുകയും അരുത്. തൻെറ സഹോദരൻ മരണപ്പെട്ടവനായിരിക്കെ അവൻെറ മാംസം തിന്നുന്നതിന് നിങ്ങളിലൊരാൾ ഇഷ്ടപ്പെടുമോ?! എന്നാൽ, അത് നിങ്ങൾ വെറുക്കുന്നു. (അതുപോലെ ഒന്നത്രെ പരദൂഷണവും.) നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിശ്ചയമായും അല്ലാഹു, പശ്ചാത്താപം സ്വീകരിക്കുന്നവനാണ്, കരുണാനിധിയാണ്,

മനുഷ്യർ പരസ്പരം പല ധാരണകളും ഊഹങ്ങളും വെച്ച് കൊണ്ടിരുന്നേക്കാം. അവയിൽ ചിലത് ശരിയായിരിക്കാം, മറ്റ് ചിലത് തെറ്റായതായിരിക്കാം. ഇങ്ങനെയുള്ള ധാരണയുടെ അടിസ്ഥാനത്തിൽ തുടർന്നുണ്ടാകുന്ന സംസാരത്തിന്റെയും പ്രവർത്തിയുടെയും അനന്തരഫലങ്ങൾ പലപ്പോഴും ദൂരവ്യാപകവും വമ്പിച്ചതും ആയിരിക്കും. അത്കൊണ്ടാണ് മിക്ക ഊഹങ്ങളെയും വർജ്ജിക്കേണ്ടതാണെന്ന് അല്ലാഹു കൽപിക്കുന്നത്.

അന്യന്റെ രഹസ്യങ്ങളും ഉള്ള്കള്ളികളും ആരായുന്നതിനായി പാത്തും, പതുങ്ങിയും, ഗൂഢാന്വേഷണങ്ങൾ നടത്തിയും ചാരവേല നടത്തുന്നതിനെ അല്ലാഹു ശക്തമായി വിരോധിച്ചിരിക്കുന്നു. ജനമദ്ധ്യേ കുഴപ്പവും ശത്രുതയും ഉണ്ടാക്കുവാൻ മാത്രമേ ഇത് പര്യാപ്തമാകുകയുള്ളൂ.

നബി (സ) തിരുമേനി ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: “നിങ്ങൾ ഊഹത്തെ വർജ്ജിക്കുക, നിങ്ങൾ ചാരപ്രവൃത്തി നടത്തുകയും ചെയ്യരുത്; അന്യോന്യം വഴക്ക് കൂടുകയും അസൂയപ്പെടുകയും അരുത്; വിദ്വേഷം വെക്കുകയോ, പരസ്പരം സഹകരിക്കാതെ പിന്നോക്കം വെക്കുകയോ അരുത്. അല്ലാഹുവിന്റെ അടിയാന്മാരേ, നിങ്ങൾ സഹോദരന്മാരായിരിക്കണം”. (ബുഖാരി, മുസ്ലിം)

സൽക്കർമ്മങ്ങളെ കാർന്ന് തിന്നുന്ന ഒരു ദുസ്വഭാവമത്രെ ‘ഗീബത്ത്‘ അഥവാ പരദൂഷണം.

“നീ നിന്റെ സഹോദരനെ കുറിച്ച് അവന് വെറുപ്പുള്ള കാര്യം (അതവനിൽ ഉള്ളതാണെങ്കിൽ തന്നെ) പ്രസ്താവിക്കലാണ് ‘ഗീബത്ത്’. അതവനിൽ ഇല്ലാത്തതാണെങ്കിലോ, നീ അവനെക്കുറിച്ച് നുണ കെട്ടിപ്പറഞ്ഞു” (മു) - എന്നാണ് ഗീബത്തിനെക്കുറിച്ച് നബി(സ) വിശദീകരിച്ചത്.

ഒരാൾ തന്റെ സഹോദരൻ മരണപ്പെട്ടവനായിരിക്കെ അവന്റെ മാംസം തിന്നുന്നത് എത്ര വലിയ പാപമാണോ, അത്രയും ഭയങ്കര കുറ്റമാണ് പരദൂഷണം എന്ന് അല്ലാഹു ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നു.

“ഏതൊരുവന്റെ നാവിൽ നിന്നും കയ്യിൽ നിന്നും മുസ് ലിംകൾ രക്ഷപ്പെട്ടിരിക്കുന്നുവോ അവനാണ് മുസ് ലിം കളിൽ ഏറ്റവും ശ്രേഷ്ഠൻ” (ബു. മു.) എന്ന നബി വചനം പ്രത്യേകം ശ്രദ്ധേയമാകുന്നു.

“അല്ലാഹു തൃപ്തിപ്പെടുന്ന ഒരു വാക്ക് മൂലം അല്ലാഹു ഒരാൾക്ക് പല പദവികൾ ഉയർത്തിക്കൊടുത്തേക്കാം, അല്ലാഹു കോപിക്കുന്ന ഒരു വാക്ക് കാരണം അയാൾ നരകത്തിൽ ആഴ്ന്ന് പോയേക്കാം,“ എന്ന നബി വചനം മനസ്സിലാക്കി, നാം മറ്റുള്ളവരുമായി സംസാരിക്കുമ്പോഴും ഗുണദോഷിക്കുമ്പോഴും വളരെയേറെ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. ആയിശ(റ) തന്റെ സഹകളത്രമായ ഹഫ്സ(റ)യെ പറ്റി ‘കുറിയവൾ’ എന്ന് ആംഗ്യം കാണിച്ചപ്പോൾ തിരുമേനി ഇപ്രകാരം ശക്തമായി താക്കീത് ചെയ്യുകയുണ്ടായി: “സമുദ്രജലത്തിൽ കലർത്തിയാൽ അതിനെ കലക്കുമാറുള്ള ഒരു വാക്കാണ് നീ പറഞ്ഞത്.”

**വചനം 13 :**

يَٰٓأَيُّهَا ٱلنَّاسُ إِنَّا خَلَقْنَٰكُم مِّن ذَكَرٍ وَأُنثَىٰ وَجَعَلْنَٰكُمْ شُعُوبًا وَقَبَآئِلَ لِتَعَارَفُوٓا۟ ۚ إِنَّ أَكْرَمَكُمْ عِندَ ٱللَّهِ أَتْقَىٰكُمْ ۚ إِنَّ ٱللَّهَ عَلِيمٌ خَبِيرٌ ﴿١٣﴾

13 ഹേ, മനുഷ്യരേ, നിശ്ചയമായും നിങ്ങളെ നാം ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം (അറിഞ്ഞ്) പരിചയപ്പെടുവാൻവേണ്ടി നിങ്ങളെ നാം (പല) ശാഖകളും, ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. നിശ്ചയമായും അല്ലാഹുവിൻെറ അടുക്കൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ, നിങ്ങളിൽ ഏറ്റവും (സൂക്ഷ്മതയുള്ള) ഭയഭക്തനാകുന്നു. നിശ്ചയമായും അല്ലാഹു, സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാണ്.

കഴിഞ്ഞ ആയത്തുകൾ സത്യവിശ്വാസികളെ അഭിസംബോധന ചെയ്ത് കൊണ്ടുള്ളതായിരുന്നു. ഈ ആയത്താകട്ടെ മനുഷ്യലോകത്തെ ആകമാനം അഭിമുഖീകരിച്ച് കൊണ്ടുള്ളതാകുന്നു - ആയിരത്തി നാന്നൂറ് വർഷങ്ങൾക്ക് മുമ്പ് അല്ലാഹു നടത്തിയിട്ടുള്ള മഹത്തായ മനുഷ്യാവകാശ പ്രഖ്യാപനം:

മനുഷ്യരെല്ലാവരും ആദമിന്റെയും ഹവ്വായുടെയും സന്തതികളാകുന്നു. നിങ്ങൾക്കിടയിൽ ആഭിജാത്യത്തിന്റെ പേരിലോ, തൊലിവർണ്ണത്തിന്റെ പേരിലോ യാതൊരു ഉച്ചനീചത്വവുമില്ല. എന്നാൽ അല്ലാഹു നിങ്ങളെ ചില ഗോത്രങ്ങളും ശാഖകളുമാക്കി വെച്ചിട്ടുള്ളത് നിങ്ങൾ അന്യോന്യം തിരിച്ചറിയുവാനും പരിചയപ്പെടുവാനും വേണ്ടി മാത്രമാകുന്നു. പക്ഷെ നിങ്ങൾക്കിടയിൽ ഉയർച്ചയും താഴ്ചയും കണക്കാക്കുന്ന മറ്റൊരു മാനദണ്ഡമുണ്ട് - അല്ലാഹുവിനോടുള്ള തഖ്‌വ അഥവാ സൂക്ഷ്മതയാകുന്നു അത്. നിങ്ങളിൽ ഏറ്റവും ഭയഭക്തൻ ആരോ അവനാകുന്നു അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും ആദരണീയൻ.

ഈ ആശയം വിശദീകരിച്ച് കൊണ്ട് മക്കാ വിജയ ദിവസം നബി(സ) ചെയ്ത പ്രസംഗത്തിന് ശേഷം തിരുമേനി ഈ ആയത്ത് ഓതുകയുണ്ടായി.

തിരുമേനിയുടെ ഒടുവിലത്തെ ഹജ്ജിൽ ചെയ്ത പ്രസംഗത്തിലും, മറ്റ് പല അവസരങ്ങളിലും ഈ വചനത്തിലെ ആശയം നബി(സ) ആവർത്തിച്ച് ഊന്നിപ്പറയാറുണ്ടായിരുന്നുവെന്ന് ഹദീസ് പണ്ഡിതന്മാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

“മനുഷ്യരെ ഒരു ആണിൽ നിന്നും പെണ്ണിൽ നിന്നും സൃഷ്ടിച്ചു” എന്ന് ഇവിടെ പറഞ്ഞതും “മനുഷ്യരെയെല്ലാം ഒരേ ദേഹത്തിൽ നിന്നും സൃഷ്ടിച്ചിരിക്കുന്നു” എന്ന് സൂ: നിസാഅ്: 1, സൂ: അഅ്റാഫ്: 189, സൂറത്ത്: സുമർ : 6 എന്നിവിടങ്ങളിൽ പ്രസ്താവിച്ചതും സംബന്ധിച്ച് സൂറത്തുൽ സുമർ 6-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിശദീകരിച്ചത് ശ്രദ്ധിക്കുക.

**വചനം 14, 15:**

۞ قَالَتِ ٱلْأَعْرَابُ ءَامَنَّا ۖ قُل لَّمْ تُؤْمِنُوا۟ وَلَٰكِن قُولُوٓا۟ أَسْلَمْنَا وَلَمَّا يَدْخُلِ

14 ‘അഅ്റാബി’കൾ (മരുഭൂവാസികളായ അറബികൾ) പറയുന്നു: “ഞങ്ങൾ സത്യവിശ്വാസം സ്വീകരിച്ചിരിക്കുന്നു” എന്ന്. പറയുക: “നിങ്ങൾ

ٱلْإِيمَٰنُ فِى قُلُوبِكُمْ ۖ وَإِن تُطِيعُوا۟ ٱللَّهَ وَرَسُولَهُۥ لَا يَلِتْكُم مِّنْ أَعْمَٰلِكُمْ شَيْـًٔا ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٤﴾

വിശ്വസിച്ചിട്ടില്ല. എങ്കിലും, "ഞങ്ങൾ ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നു.(കീഴ്പെട്ടിരിക്കുന്നു)" എന്ന് നിങ്ങൾ പറഞ്ഞേക്കുക. നിങ്ങളുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം (ഇതുവരെയും) പ്രവേശിച്ചിട്ടേയില്ല. അല്ലാഹുവിനെയും, അവന്റെ റസൂലിനെയും നിങ്ങൾ അനുസരിക്കുന്ന പക്ഷം, നിങ്ങളുടെ കർമ്മങ്ങളിൽ നിന്ന് യാതൊന്നും അവൻ നിങ്ങൾക്ക് കുറച്ചു കളയുന്നതല്ല. നിശ്ചയമായും അല്ലാഹു വളരെ പൊറുക്കുന്നവനാണ്, കരുണാനിധിയാണ്.

إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ ءَامَنُوا۟ بِٱللَّهِ وَرَسُولِهِۦ ثُمَّ لَمْ يَرْتَابُوا۟ وَجَٰهَدُوا۟ بِأَمْوَٰلِهِمْ وَأَنفُسِهِمْ فِى سَبِيلِ ٱللَّهِ ۚ أُو۟لَٰٓئِكَ هُمُ ٱلصَّٰدِقُونَ ﴿١٥﴾

15 നിശ്ചയമായും 'സത്യവിശ്വാസികൾ' എന്നാൽ, അല്ലാഹുവിലും, അവന്റെ റസൂലിലും വിശ്വസിക്കുകയും പിന്നീട് സന്ദേഹപ്പെടാതിരിക്കുകയും, തങ്ങളുടെ സ്വത്തുക്കളും ദേഹങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ (ധർമ്മ) സമരം ചെയ്യുകയും ചെയ്യുന്നവർ മാത്രമാകുന്നു. അക്കൂട്ടർ തന്നെയാണ് സത്യവാൻമാർ.

മരുഭൂവാസികളായ അസദു ഗോത്രക്കാർ ഒരു ക്ഷാമ കാലത്ത്, സഹായാഭ്യർത്ഥനയുമായി നബി(സ) യെ സമീപിക്കുകയുണ്ടായി. പല അറബി ഗോത്രങ്ങളും ചെയ്തത് പോലെ നബി(സ)യുമായി തങ്ങൾ യുദ്ധത്തിന് പുറപ്പെട്ടിട്ടില്ല എന്നവർ നബി(സ)യെ ഉണർത്തുകയും വിശ്വാസം പ്രകടിപ്പിക്കുകയും പൊതുസ്വത്തിൽ നിന്ന് ഒരു വിഹിതം തന്ന് സഹായിക്കണമെന്ന് അവർ തിരുമേനിയോട് അഭ്യർത്ഥിക്കുകയും ചെയ്തു. ഇവരെ പറ്റിയാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്.

വിശ്വാസം നാവ് കൊണ്ട് പ്രകടമാക്കിയാൽ പോരാ, അത് ഹൃദയങ്ങളിൽ സ്ഥാനം പിടിക്കേണ്ടതുണ്ട്. നിങ്ങളുടെ ഹൃദയത്തിൽ ഇത് വരെ വിശ്വാസം പ്രവേശിച്ചു കഴിഞ്ഞിട്ടില്ല. പക്ഷെ നിങ്ങൾ ഇസ്‌ലാമിനെതിരെ സമരം നടത്താതെ അടങ്ങയിരുന്ന സ്ഥിതിക്ക് أسلمنا (ഞങ്ങൾ കീഴൊതുങ്ങി) എന്ന് പറയാമെന്നല്ലാതെ آمنّا (ഞങ്ങൾ വിശ്വസിച്ചു) എന്ന് പറയുവാൻ നിങ്ങൾക്ക് അവകാശമില്ല. യാതൊരു സന്ദേഹത്തിനും ഇടമില്ലാത്ത വണ്ണം അല്ലാഹുവിലും റസൂലിലും ദൃഢമായി വിശ്വസിക്കണം. മനസ്സിൽ വിശ്വസിച്ചാൽ മാത്രം പോരാ, അത് പ്രവർത്തനത്തിൽ പ്രകടമാക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം കൊണ്ടും ദേഹം കൊണ്ടും സമരം ചെയ്യുകയും വേണം. എന്നാൽ മാത്രമേ നിങ്ങൾ യഥാർത്ഥ വിശ്വാസികളാവുകയുള്ളൂ - എന്നൊക്കെയാണ് അവരെ ഉദ്ബോധിപ്പിക്കുന്നത്.

ഈമാൻ എന്നത് വിശ്വാസത്തെ കുറിക്കുന്നു. ആ വിശ്വാസത്തന്റെ അടിസ്ഥാനത്തിലുള്ള അനുസരണവും പ്രവർത്തനവുമാണ് ഇസ്‌ലാം. ഈമാൻ കൂടാതെയുള്ള ഇസ്‌ലാം അല്ലാഹുവിങ്കൽ സ്വീകാര്യമല്ല. ഈമാൻ ന്റെ അനിവാര്യ ഫലമത്രെ ഇസ്‌ലാം; അതേ സമയത്ത് ഇസ്‌ലാം ഉണ്ടായത് കൊണ്ട് ഈമാൻ ഉണ്ടായിക്കൊള്ളണമെന്നില്ല. കപടവിശ്വാസികൾ (മുനാഫിഖുകൾ) എന്ന ഒരു വിഭാഗം ആളുകളുണ്ടാകുന്നതും അത് കൊണ്ടാണ്. ലക്ഷ്യങ്ങളും തെളിവുകളും വർദ്ധിക്കുന്തോറും യാതൊരു സന്ദേഹത്തിനുമിടയില്ലാത്തവിധം സൽക്കർമ്മങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്യും. നേരെ മറിച്ച് ആശയക്കുഴപ്പങ്ങളും സംശയങ്ങളും ഈമാനിനെ ക്ഷയിപ്പിക്കുകയും ദുഷ്കർമ്മങ്ങൾ അതിന് തേയ്മാനം വരുത്തുകയും ചെയ്യും. (സൂറ: ജാഥിയ: 3,4,5 വചനങ്ങളിലും വിവരണത്തിലും വിശ്വാസത്തിന്റെ (ഈമാൻന്റെ) വ്യത്യസ്ത ഇനങ്ങളെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്.)

15-ാം വചനത്തിൽ "സത്യവിശ്വാസികൾ വിശ്വസിച്ചിട്ട് പിന്നീട് സന്ദേഹപ്പെട്ടതുമില്ല" എന്ന് പറഞ്ഞുവല്ലോ. ഒരു വിഷയത്തിൽ തെളിവുകൾ മുഖേന, വിശ്വാസം ഉണ്ടായിത്തീർന്ന ശേഷം വീണ്ടും പുതിയ തെളിവുകൾ ലഭിക്കുകയോ, വിശ്വസിക്കപ്പെട്ട കാര്യം നേരിൽ കണ്ട് അനുഭവപ്പെടുകയോ ചെയ്യുമ്പോൾ ആ വിശ്വാസം പൂർവ്വാധികം ശക്തിപ്പെടുകയും മനസ്സിന് കൂടുതൽ സമാധാനവും സംതൃപ്

തിയും ഉണ്ടായിത്തീരുകയും ചെയ്യുന്നതാണ്. അല്ലാതെ മുമ്പത്തെ വിശ്വാസം സംശയപ്രദമായിരുന്നെന്നോ അപൂർണ്ണമായിരുന്നെന്നോ ഇത് കൊണ്ട് ഉദ്ദേശ്യമില്ല. മരണപ്പെട്ടവരെ അല്ലാഹു ജീവിപ്പിക്കുമെന്ന കാര്യത്തിൽ യാതൊരു വിധ ആശങ്കയോ സംശയമോ കൂടാതെ പരിപൂർണ്ണമായി വിശ്വസിച്ച പ്രവാചകനായിരുന്നല്ലോ ഇബ്രാഹീം നബി(അ). എന്നിട്ടും അദ്ദേഹം അല്ലാഹുവിനോട് മരണപ്പെട്ടവരെ നീ എങ്ങനെയാണ് ജീവിപ്പിക്കുന്നതെന്ന് എനിക്ക് കാണിച്ച് തരേണമേ എന്ന് പ്രാർത്ഥിക്കുകയുണ്ടായി. (വിശദവിവരം സൂ: അൽ ബഖറ 260-ാം വചനം നോക്കുക)

**വചനം 16,17,18:**

16 (നബിയേ) പറയുക: ''നിങ്ങളുടെ മത (വിശ്വാസ) ത്തെപ്പറ്റി നിങ്ങൾ അല്ലാഹുവിനെ പഠിപ്പിക്കുകയോ?! അല്ലാഹുവാകട്ടെ, ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും അറിയുന്നു; അല്ലാഹു എല്ലാ കാര്യത്തെപ്പറ്റിയും അറിവുള്ളവനുമാകുന്നു.

قُلْ أَتُعَلِّمُونَ ٱللَّهَ بِدِينِكُمْ وَٱللَّهُ يَعْلَمُ مَا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ ۚ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌ ﴿١٦﴾

17 അവർ 'ഇസ്‌ലാം' സ്വീകരിച്ചത് (കീഴൊതുങ്ങിയത്), നിൻെറ മേൽ (അവർ ചെയ്ത) ദാക്ഷിണ്യമായി അവർ (എടുത്തു)കാട്ടുന്നു. പറയുക: "നിങ്ങളുടെ ഇസ്‌ലാമിനെ (കീഴൊതുക്കത്തെ) എൻെറമേൽ ദാക്ഷിണ്യമായിക്കാണിക്കരുത്. "പക്ഷെ, നിങ്ങൾക്ക് സത്യവിശ്വാസത്തിലേക്ക് മാർഗ്ഗദർശനം നൽകിയതിനെ അല്ലാഹു നിങ്ങുടെമേൽ (അങ്ങോട്ട്) ദാക്ഷിണ്യം കാണിക്കുകയാണ് ചെയ്യുന്നത്; നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ."

يَمُنُّونَ عَلَيْكَ أَنْ أَسْلَمُوا۟ ۖ قُل لَّا تَمُنُّوا۟ عَلَىَّ إِسْلَـٰمَكُم ۖ بَلِ ٱللَّهُ يَمُنُّ عَلَيْكُمْ أَنْ هَدَىٰكُمْ لِلْإِيمَـٰنِ إِن كُنتُمْ صَـٰدِقِينَ ﴿١٧﴾

18 നിശ്ചയമായും അല്ലാഹു, ആകാശങ്ങളിലെയും, ഭൂമിയിലെയും അദൃശ്യകാര്യം അറിയുന്നു. അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനുമാകുന്നു.

إِنَّ ٱللَّهَ يَعْلَمُ غَيْبَ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ وَٱللَّهُ بَصِيرٌۢ بِمَا تَعْمَلُونَ ﴿١٨﴾

14ാം വചനത്തിൽ പ്രസ്താവിക്കപ്പെട്ട ആ അഅ്റാബി കളെ സംബന്ധിച്ചാണ് പറയുന്നത്. തങ്ങൾ മുസ്‌ലിംകളാണെന്നും വിശ്വസിച്ചിട്ടുണ്ടെന്നും ശത്രുപക്ഷത്ത് ചേർന്ന് നബി (സ) തിരുമേനിയുമായി യുദ്ധം ചെയ്തിട്ടില്ലെന്നും അവർ അല്ലാഹുവിനെ പറഞ്ഞ് പഠിപ്പിക്കുകയാണ് എന്ന് തോന്നിപ്പോകും, അവരുടെ പ്രസ്താവനകളും ഭാവവും കണ്ടാൽ. അല്ലാഹുവാകട്ടെ ആകാശ ഭൂമികളിലുള്ള സർവ്വ കാര്യങ്ങളും അറിയുന്നവനാണല്ലോ. അവർ എടുത്തു പറഞ്ഞ കാര്യങ്ങൾക്ക് അല്ലാഹുവും റസൂലും അവരോട് കടപ്പെട്ടിരിക്കുന്നു, എന്നാണവരുടെ നില, എന്നാൽ വാസ്തവം നേരെ മറിച്ചാകുന്നു. സത്യവിശ്വാസം സ്വീകരിക്കാനും മുസ്‌ലിംകളാകാനും അവരിൽ പ്രചോദനവും മനസ്ഥിതിയും ഉണ്ടാക്കിയത് അല്ലാഹുവിന്റെ അനുഗ്രഹവും ദാക്ഷീണ്യവുമാകുന്നു. അതിന് അവർ അല്ലാഹിനോടാണ് കടപ്പെട്ടിരിക്കുന്നത്. അല്ലാഹു സർവ്വജ്ഞാനിയാണെന്ന ബോധം അവരിലില്ലാത്തത് കൊണ്ടാണല്ലോ അവരിത്തരം അവിവേക ധാരണകൾ വെച്ച് പുലർത്തുന്നത്. അത് കൊണ്ട് അവസാനത്തെ വചനത്തിൽ അല്ലാഹു എല്ലാ കാര്യങ്ങളും അറിയുന്നവനാണെന്ന് ഒന്ന് കൂടി ഊന്നിപ്പറഞ്ഞിരിക്കുകയാണ്.

ഹുനൈൻ യുദ്ധത്തിലെ ഗനീമത്ത് സ്വത്തുക്കൾ ഭാഗിച്ചപ്പോൾ തങ്ങൾക്ക് കുറഞ്ഞ് പോയതിൽ പരിഭവം പ്രകടിപ്പിച്ച അൻസാറുകളോട് നബി(സ) ഇപ്രകാരം പറയുകയുണ്ടായി.

"ഹേ അൻസാരികളേ, നിങ്ങൾ വഴിപിഴച്ചവരായിരുന്നു. ഞാൻ മുഖാന്തിരം അല്ലാഹു നിങ്ങളെ നേർമാർഗ്ഗത്തിലാക്കിയില്ലേ; നിങ്ങൾ ദരിദ്രരായിരുന്നു. ഞാൻ മുഖാന്തിരം അല്ലാഹു നിങ്ങളെ ധന്യരാ

ക്കിയില്ലേ, നിങ്ങൾ ശത്രുക്കളായിരുന്നു. ഞാൻ മുഖാന്തിരം അല്ലാഹു നിങ്ങളുടെ മനസ്സുകൾ ഇണക്കി ച്ചേർത്തില്ലേ."

ഈ ഓരോ ചോദ്യത്തിനും അൻസാരികൾ ഇങ്ങനെ ഉത്തരം പറഞ്ഞു. "അതെ അല്ലാഹുവും അവന്റെ റസൂലുമാണ് ഏറ്റവും ദാക്ഷിണ്യം ചെയ്തവർ."

# 50. സൂറത്തുല്‍ ഖാഫ്

**മക്കയില്‍ അവതരിച്ചത്**

**വചനങ്ങള്‍ 45, വിഭാഗം (റുക്കൂഅ്) 3**

വിശുദ്ധ ഖുര്‍ആന്റെ അധ്യായങ്ങള്‍ അവയുടെ വലുപ്പ വ്യത്യാസവും മറ്റും പരിഗണിച്ച് നാല് വിഭാഗമായി തിരിച്ചിരിക്കുന്നു.

1. ദീര്‍ഘമായ അദ്ധ്യായങ്ങള്‍ السبع الطوال ആദ്യത്തെ ഏഴ് വലിയ സൂറത്തുകള്‍
2. നൂറോ അതിലധികമോ ആയത്തുകള്‍ ഉള്‍ക്കൊള്ളുന്നവ المئون
3. നൂറില്‍ അല്‍പം കുറവ് ആയത്തുകള്‍ ഉള്ളവ المثانى
4. ചെറിയ ആയത്തുകള്‍ ഉള്‍ക്കൊള്ളുന്നവ. المفصلات ഈ വിഭാഗം സൂറത്തുകളുടെ തുടക്കം സൂ: ഖാഫു മുതല്‍ക്കാണെന്നാണ് ഇബ്നു കഥീര്‍(റ) മുതലായ പണ്ഡിതന്മാരുടെ അഭിപ്രായം الله اعلم.

പെരുന്നാള്‍ നമസ്കാരത്തിലും എല്ലാ വെള്ളിയാഴ്ചയും മിമ്പറില്‍ വെച്ചും തിരുമേനി(സ) സൂ:ഖാഫ് ഓതാറുണ്ടായിരുന്നു. സൃഷ്ടിയുടെ ആരംഭം, മരണം, മരണാനന്തര ജീവിതം, പരലോകം, വിചാരണ, സ്വര്‍ഗ്ഗനരകങ്ങള്‍, ആദിയായവയെ സംബന്ധിച്ച് ഈ സൂറത്തില്‍ ഊന്നി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

## വിഭാഗം-1

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍

**വചനം 1:**

قٓ ۚ وَٱلْقُرْءَانِ ٱلْمَجِيدِ ﴿١﴾

1 ‘ഖാഫ്.’ മഹത്വമേറിയ ഖുര്‍ആന്‍ തന്നെയാണ (സത്യം)!

സൂറത്തിന്റെ ആരംഭത്തിലെ കേവലാക്ഷരത്തെക്കുറിച്ച് സൂ: അല്‍ബഖറയുടെ പ്രാരംഭത്തില്‍ കൊടുത്ത വിശദീകരണം നോക്കുക.

ഈ സൂറത്തിന് ഖാഫ് എന്ന് പേരു വരുവാന്‍ കാരണം ആരംഭത്തിലെ ഖാഫ് എന്ന കേവലാക്ഷരമാകുന്നു. നബി(സ) തിരുമേനിയുടെ പ്രവാചകത്വം, മനുഷ്യരുടെ മരണാനന്തര ജീവിതം തുടങ്ങി ഈ അദ്ധ്യായത്തിലും മറ്റിടങ്ങളിലും ഖുര്‍ആന്‍ പ്രസ്താവിക്കുന്ന വിഷയങ്ങളെല്ലാം പരമാര്‍ത്ഥങ്ങളാണെന്ന് ഖുര്‍ആന്‍ മുഖേന ആണയിട്ട് കൊണ്ട് അല്ലാഹു സൂറത്ത് ആരംഭിക്കുന്നു.

**വചനം: 2, 3:**

بَلْ عَجِبُوٓا۟ أَن جَآءَهُم مُّنذِرٌ مِّنْهُمْ فَقَالَ ٱلْكَـٰفِرُونَ هَـٰذَا شَىْءٌ عَجِيبٌ ﴿٢﴾

أَءِذَا مِتْنَا وَكُنَّا تُرَابًا ۖ ذَٰلِكَ رَجْعٌۢ بَعِيدٌ ﴿٣﴾

2 പക്ഷേ, അവര്‍ക്ക് തങ്ങളില്‍നിന്ന് ഒരു മുന്നറിയിപ്പ് നല്‍കുന്നവന്‍ വന്നിട്ടുള്ളതിനാല്‍ അവര്‍ ആശ്ചര്യപ്പെടുകയാണ്! എന്നിട്ട് (ആ) അവിശ്വാസികള്‍ പറയുന്നു: “ഇതൊരു ആശ്ചര്യകരമായ കാര്യമാണ്;-

3 “നാം മരിക്കുകയും, മണ്ണായിത്തീരുകയും ചെയ്തിട്ടാണോ (വീണ്ടും മടക്കപ്പെടുന്നത്)?! അത് വിദൂരമായ ഒരു മടക്കമത്രെ!”

നബി(സ)യുടെ പ്രവാചകത്വത്തെയും മനുഷ്യരുടെ മരണാനന്തര ജീവിതത്തെയും നിഷേധിക്കുന്ന മുശ്‌രിക്കുകളുടെ ദൃഷ്ടിയില്‍ അത് രണ്ടും അസംഭവ്യമായ കാര്യങ്ങളാകുന്നു. മനുഷ്യരില്‍ നിന്ന് ദൈവദൂതന്‍ ഉണ്ടാകുന്നതെങ്ങനെ. മരിച്ച് മണ്ണായിത്തീര്‍ന്ന മനുഷ്യന്‍ പുനരുജ്ജീവിപ്പിക്കപ്പെടുന്നതെങ്ങനെ. എന്നൊക്കെ അവര്‍ അത്ഭുതപ്പെടുകയാണ്. അല്ലാഹു പറയുന്നു.

**വചനം 4,5:**

قَدْ عَلِمْنَا مَا تَنقُصُ ٱلْأَرْضُ مِنْهُمْ ۖ وَعِندَنَا كِتَٰبٌ حَفِيظٌۢ ٤

بَلْ كَذَّبُوا۟ بِٱلْحَقِّ لَمَّا جَآءَهُمْ فَهُمْ فِىٓ أَمْرٍ مَّرِيجٍ ٥

4 തീർച്ചയായും നമുക്കറിയാം, അവരിൽനിന്ന് ഭൂമി എന്താണ് കുറവ് വരുത്തുന്നതെന്ന്. (എല്ലാം) സൂക്ഷ്മമമായി (രേഖപ്പെടുത്തി) വെച്ചിട്ടുള്ള ഒരു ഗ്രന്ഥം നമ്മുടെ അടുക്കലു ണ്ടുതാനും.

5 എങ്കിലും, അവർക്ക് യഥാർത്ഥം വന്നപ്പോൾ അവർ അതിനെ വ്യാജമാക്കി; അങ്ങനെ, അവർ ഇളക്കംപിടിച്ച ഒരു വിഷയത്തിലാണ്. (അനി ശ്ചിത നിലപാടിലാണ്.)

"മരണപ്പെട്ടവരുടെ ശരീരത്തിൽ നിന്ന് എത്രയെല്ലാം എങ്ങനെയെല്ലാം നശിച്ച് നഷ്ടപ്പെട്ടു പോകുന്നുണ്ടെന്ന് നമുക്കറിയാം. എല്ലാം സസൂക്ഷ്മം നമ്മുടെ അടുക്കൽ രേഖപ്പെടുത്തി വെക്കുന്നുണ്ട്. ജഡം മണ്ണിൽ ലയിച്ചാൽ അതിനെ വീണ്ടും ജീവിപ്പിക്കുന്നതിന് നമുക്ക് ഒട്ടും പ്രയാസമില്ല. ഇങ്ങനെയുള്ള യാഥാർത്ഥ്യങ്ങൾ പ്രവാചകൻ മുഖേന അവരെ മനസ്സിലാക്കിക്കുമ്പോൾ അതെ പറ്റി ചിന്തിക്കാതെ ജാലം, ജാലക്കാരൻ, കവിത, കവി, ജ്യോത്സ്യം, ജ്യോത്സ്യക്കാരൻ, ഭ്രാന്ത്, ഭ്രാന്തൻ എന്നൊക്കെ പുലമ്പിക്കൊണ്ട് അവയെ നിഷേധിക്കുകയാണ് അവർ ചെയ്ത് കൊണ്ടിരിക്കുന്നത്." - അല്ലാഹു പറയുന്നു.

**വചനം 6,7,8,9,10,11:**

أَفَلَمْ يَنظُرُوٓا۟ إِلَى ٱلسَّمَآءِ فَوْقَهُمْ كَيْفَ بَنَيْنَٰهَا وَزَيَّنَّٰهَا وَمَا لَهَا مِن فُرُوجٍ ٦

وَٱلْأَرْضَ مَدَدْنَٰهَا وَأَلْقَيْنَا فِيهَا رَوَٰسِىَ وَأَنۢبَتْنَا فِيهَا مِن كُلِّ زَوْجٍۭ بَهِيجٍ ٧

تَبْصِرَةً وَذِكْرَىٰ لِكُلِّ عَبْدٍ مُّنِيبٍ ٨

وَنَزَّلْنَا مِنَ ٱلسَّمَآءِ مَآءً مُّبَٰرَكًا فَأَنۢبَتْنَا بِهِۦ جَنَّٰتٍ وَحَبَّ ٱلْحَصِيدِ ٩

وَٱلنَّخْلَ بَاسِقَٰتٍ لَّهَا طَلْعٌ نَّضِيدٌ ١٠

رِّزْقًا لِّلْعِبَادِ ۖ وَأَحْيَيْنَا بِهِۦ بَلْدَةً مَّيْتًا ۚ كَذَٰلِكَ ٱلْخُرُوجُ ١١

6 എന്നാൽ, തങ്ങളുടെ മീതെ ആകാശത്തേക്ക് അവർ നോക്കുന്നില്ലേ, എങ്ങിനെയാണ് നാമതിനെ സ്ഥാപിച്ചിരിക്കുന്നതും, അതിനെ അലങ്കരിച്ചിരിക്കുന്നതും എന്ന്?! യാതൊരു വിടവുകളും (കേടുപാടും) അതിന് ഇല്ലതാനും.

7 ഭൂമിയുംതന്നെ, നാം അതിനെ നീട്ടി വിശാലപ്പെടുത്തുകയും, ഉറച്ചുനില്ക്കുന്ന പർവതങ്ങളെ അതിൽ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു; കൗതുകപ്പെട്ട എല്ലാ (തരം) ഇണവസ്തുക്കളെയും അതിൽ നാം ഉല്പാദിപ്പിക്കുകയും ചെയ്തിരിക്കുന്നു;-

8 (മനസ്സുമടങ്ങി) വിനയപ്പെടുന്ന എല്ലാ അടിയാൻമാർക്കും കണ്ടറിയേണ്ടതിനും, ഓർമ്മക്കായും. (അതിനായിട്ടാണ് ഇതെല്ലാം ചെയ്തത്).

9 ആകാശത്തുനിന്ന് അനുഗ്രഹീതമായ വെള്ളവും (മഴയും) നാം ഇറക്കി; എന്നിട്ട് അതുമൂലം (പല) തോട്ടങ്ങളും, കൊയ്തെടുക്കപ്പെടുന്ന ധാന്യവും ഉൽപാദിപ്പിച്ചു.

10 (ഫലം വഹിച്ചുകൊണ്ട്) ഉയർന്നു നില്ക്കുന്ന നിലയിൽ ഈത്തപ്പനകളും (ഉല്പാദിപ്പിച്ചു); അവയ്ക്ക് (മേല്ക്കുമേലെ) അടുക്കായുള്ള കുലയുണ്ടായിരിക്കും.

11 (അതെ) അടിയാൻമാർക്ക് ആഹാരത്തിനായിട്ട്. അത് (വെള്ളം) മൂലം, നിർജ്ജീവമായ രാജ്യത്തെ നാം ജീവിപ്പിക്കുകയും ചെയ്തു. അതുപോലെയാണ് പുറപ്പാട് (പുനർജ്ജീവീതം.)

മനുഷ്യന്‍ സദാ അറിഞ്ഞും അനുഭവിച്ചും കൊണ്ടിരിക്കുന്ന നിത്യസത്യങ്ങളെ അവന്റെ മുന്നില്‍ നിരത്തിക്കാട്ടിക്കൊണ്ട് തൗഹീദിന്നും മരണാനന്തര ജീവിതത്തിനും, അവയെല്ലാം സ്പഷ്ടമായ തെളിവുകളാണെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. മരവിച്ചതോ, ദുഷിച്ച് നശിച്ചതോ അല്ലാത്ത ഹൃദയങ്ങള്‍ക്ക് ചിന്തിച്ച് മനസ്സിലാക്കുവാന്‍ ഇതൊക്കെത്തന്നെ മതി എന്നും ഓര്‍മ്മിപ്പിക്കുന്നു.

**വചനം 12,13,14 :**

12 ഇവരുടെ മുമ്പ് നൂഹിന്‍െറ ജനതയും 'റസ്സി'ന്‍െറ ആള്‍ക്കാരും, 'ഥമൂദ്' ഗോത്രവും വ്യാജമാക്കി;

13 'ആദു' വര്‍ഗവും, ഫിര്‍ഔനും, ലൂത്ത്വിന്‍െറ സഹോദരങ്ങളും;

14 'ഐക്കത്തി'ന്‍െറ (മരക്കാവിന്‍െറ) ആള്‍ക്കാരും, 'തുബ്ബഇ'ന്‍െറ ജനതയും; എല്ലാവരുംതന്നെ, റസൂലുകളെ വ്യാജമാക്കി. അതിനാല്‍, എന്‍െറ താക്കീത് (അവരില്‍) യഥാര്‍ത്ഥമായിത്തീര്‍ന്നു.

كَذَّبَتْ قَبْلَهُمْ قَوْمُ نُوحٍ وَأَصْحَٰبُ ٱلرَّسِّ وَثَمُودُ ﴿١٢﴾
وَعَادٌ وَفِرْعَوْنُ وَإِخْوَٰنُ لُوطٍ ﴿١٣﴾
وَأَصْحَٰبُ ٱلْأَيْكَةِ وَقَوْمُ تُبَّعٍ ۚ كُلٌّ كَذَّبَ ٱلرُّسُلَ فَحَقَّ وَعِيدِ ﴿١٤﴾

മുന്‍കഴിഞ്ഞു പോയ നൂഹിന്റെ ജനതയും, റസ്സിന്റെ ആള്‍ക്കാരും, ഥമൂദ് ഗോത്രവും, ആദ് വര്‍ഗ്ഗവും ഫിര്‍ഔനും, ലൂത്വ്(അ)ന്റെ ആള്‍ക്കാരും, ശുഐബ്(അ) നബിയുടെ ഐകത്തു (മരക്കാവ്)കാരും, 'തുബ്ബഅ്' രാജാവിന്റെ ആള്‍ക്കാരുമൊക്കെ സത്യപ്രബോധനത്തെ വ്യാജമാക്കിയതിന്റെ പേരില്‍ കഠിനമായി ശിക്ഷിക്കപ്പെട്ടു. സത്യനിഷേധത്തില്‍ നിന്ന് പിന്മാറാത്ത പക്ഷം ഇങ്ങനെയുള്ള സമുദായങ്ങള്‍ക്കുണ്ടായ അനുഭവം, ഈ നിഷേധികള്‍ക്കും വന്നേക്കുമെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു.

**വചനം 15:**

15 അപ്പോള്‍, ഒന്നാമത്തെ സൃഷ്ടിക്കല്‍കൊണ്ട് നാം കുഴങ്ങിപ്പോയോ?! (ഇല്ല-) എങ്കിലും ഇവര്‍, പുതിയ ഒരു സൃഷ്ടിപ്പിനെക്കുറിച്ചു ആശങ്കയിലാണ്.

أَفَعَيِينَا بِٱلْخَلْقِ ٱلْأَوَّلِ ۚ بَلْ هُمْ فِى لَبْسٍ مِّنْ خَلْقٍ جَدِيدٍ ﴿١٥﴾

മനുഷ്യനെ ആദ്യം സൃഷ്ടിച്ചത് നാം തന്നെയാണല്ലോ. അത് നിമിത്തം നമുക്ക് യാതൊരു ക്ഷീണവും പറ്റിയിട്ടില്ല. എന്നിരിക്കെ, അവരെ രണ്ടാമതൊരിക്കല്‍ കൂടി ജീവിപ്പിക്കുക യെന്നത് നമുക്ക് പ്രയാസമുള്ള ഒരു കാര്യവുമല്ല. എന്നാല്‍ സത്യസ്ഥിതി ഗ്രഹിക്കാതെ, അവര്‍ സന്ദേഹത്തില്‍ തന്നെ കഴിഞ്ഞു കൂടുകയാണ്.

## വിഭാഗം - 2

**വചനം 16,17,18:**

16 തീര്‍ച്ചയായും, മനുഷ്യനെ നാം സൃഷ്ടിച്ചു; അവന്‍െറ മനസ്സ് യാതൊന്നിനെക്കുറിച്ചു മന്ത്രിക്കുന്നുവോ അത് നാം അറിയുകയും ചെയ്യുന്നു. അവനിലേക്ക് നാം (അവന്‍െറ) കണ്ഠനാഡിയെക്കാള്‍ അടുത്തവനുമത്രെ;-

17 (അതെ) വലഭാഗത്തും, ഇടഭാഗത്തും (വേറിട്ടു പോകാതെ) ഇരുന്നുകൊണ്ടിരിക്കുന്ന രണ്ട് ഏറ്റെടുക്കുന്നവര്‍ ഏറ്റെടുത്തുകൊണ്ടിരിക്കുന്ന (അതേ) സന്ദര്‍ഭത്തില്‍!

18 തയ്യാറായിക്കൊണ്ടിരിക്കുന്ന സൂക്ഷ്മവീക്ഷകര്‍ തന്‍െറ അടുക്കല്‍ ഉണ്ടായിക്കൊണ്ടല്ലാതെ ഒരു വാക്കും അവന്‍ ഉച്ചരിക്കുകയില്ല.

وَلَقَدْ خَلَقْنَا ٱلْإِنسَٰنَ وَنَعْلَمُ مَا تُوَسْوِسُ بِهِۦ نَفْسُهُۥ ۖ وَنَحْنُ أَقْرَبُ إِلَيْهِ مِنْ حَبْلِ ٱلْوَرِيدِ ﴿١٦﴾
إِذْ يَتَلَقَّى ٱلْمُتَلَقِّيَانِ عَنِ ٱلْيَمِينِ وَعَنِ ٱلشِّمَالِ قَعِيدٌ ﴿١٧﴾
مَّا يَلْفِظُ مِن قَوْلٍ إِلَّا لَدَيْهِ رَقِيبٌ عَتِيدٌ ﴿١٨﴾

മനുഷ്യന്റെ കഴുത്തിൽ ഇരുവശങ്ങളിലുമായി സ്ഥിതിചെയ്യുന്ന രണ്ട് രക്ത നാളികളെയാണ് കണ്ഠനാളി എന്ന് പറയപ്പെടുന്നത്. മനുഷ്യന്റെ മനസ്സിൽ തോന്നുന്ന രഹസ്യങ്ങൾ പോലും അല്ലാഹു അറിയുന്നു. അതോടു കൂടി അവന്റെ വലത്തും ഇടത്തും സദാ ഇരുപ്പുറപ്പിച്ച് കൊണ്ട്, അവന്റെ ചെയ്തികൾ ഒന്നൊഴിയാതെ രേഖപ്പെടുത്തുന്ന രണ്ട് മലക്കുകളും ജാഗരൂകരായിട്ടുണ്ട്. നന്മ രേഖപ്പെടുത്തുന്ന മലക്കും തിന്മ രേഖപ്പെടുത്തുന്ന മലക്കും (സൂ: സുഖ്റുഫ് : 80, സൂ: ജാഥിയ: 29, സൂ: ഇൻഫിത്വാർ: 12 എന്നീ വചനങ്ങൾ നോക്കുക)

**വചനം: 19:**

وَجَآءَتۡ سَكۡرَةُ ٱلۡمَوۡتِ بِٱلۡحَقِّۖ ذَٰلِكَ مَا كُنتَ مِنۡهُ تَحِيدُ ١٩

19 മരണലഹരി യാഥാർത്ഥ്യവുംകൊണ്ട് വരുന്നതാണ്.; 'യാതൊന്നിൽനിന്ന് നീ ഒഴിഞ്ഞുമാറിക്കൊണ്ടിരിക്കുന്നുവോ അതത്രെ ഇത്.' (എന്നു പറയപ്പെടും).

മരണവേളയിൽ ഭൗതികകാഴ്ചകൾ കണ്ണിൽ നിന്നും മറയുന്നതാണ്. അതോടൊപ്പം തന്നെ മുമ്പ് അനുഭവപ്പെടാത്ത ദൃശ്യങ്ങൾ അവൻ കാണുന്നതുമാണ്. പ്രവാചകന്മാർ ഉദ്ബോധിപ്പിച്ച് കൊണ്ടിരുന്ന വസ്തുതകളെല്ലാം യാഥാർത്ഥ്യമായിരുന്നുവെന്ന് അപ്പോൾ അവന് ബോധ്യപ്പെടുകയും ചെയ്യുന്നതാണ്.

**വചനം: 20,21:**

وَنُفِخَ فِي ٱلصُّورِۚ ذَٰلِكَ يَوۡمُ ٱلۡوَعِيدِ ٢٠
وَجَآءَتۡ كُلُّ نَفۡسٖ مَّعَهَا سَآئِقٞ وَشَهِيدٞ ٢١

20 കാഹളത്തിൽ ഊതപ്പെടും; അതത്രെ, താക്കീതിൻെറ (താക്കീത് ചെയ്യപ്പെടുന്ന) ദിവസം!

21 എല്ലാ ദേഹവും (അഥവാ ആത്മാവും) തന്നെ, അതിൻെറകൂടെ (അതിനെ) തെളിച്ചുകൊണ്ടു വരുന്ന ഒരാളും, സാക്ഷിയും ഉണ്ടായിക്കൊണ്ട് ('മഹ്ശറി'ൽ) വരുന്നതാണ്.

ഖിയാമത്ത് നാളിൽ (താക്കീതിന്റെ ദിവസം) ഓരോരുത്തരേയും മഹ്ശറിലേക്ക് മലക്കുകൾ (തെളിച്ച് കൊണ്ട് വരുന്ന ആൾ) ഒരുമിച്ച് കൂട്ടുന്നതാണ്. ഓരോരുവന്റെയും നന്മ തിന്മകളെ സ്ഥാപിക്കുന്ന തെളിവുകളും (മലക്കുകളോ, മറ്റ് പ്രകാരത്തിലുള്ള തെളിവുകളോ) അവരോടൊന്നിച്ച് ഉണ്ടായിരിക്കുന്നതുമാണ്.

**വചനം 22:**

لَّقَدۡ كُنتَ فِي غَفۡلَةٖ مِّنۡ هَٰذَا فَكَشَفۡنَا عَنكَ غِطَآءَكَ فَبَصَرُكَ ٱلۡيَوۡمَ حَدِيدٞ ٢٢

22 "തീർച്ചയായും ഇതിനെക്കുറിച്ച് നീ അശ്രദ്ധയിലായിരുന്നു; ഇപ്പോൾ, നിനക്ക് നിൻെറ മൂടി (മറ) നാം തുറന്ന് (നീക്കി) തന്നിരിക്കുന്നു. ആകയാൽ, നിൻെറ കാഴ്ച ഇന്ന് മൂർച്ചയുള്ളതാകുന്നു" എന്ന് പറയപ്പെടും).

"വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചൊന്നും നിനക്ക് ബോധവും ചിന്തയുമില്ലാത്ത വിധം അതെല്ലാം മൂടപ്പെട്ട് കിടക്കുകയായിരുന്നു. ഇപ്പോൾ മരണാനന്തരം മറയൊക്കെ നീങ്ങി മുഴുവനും കണ്ടനുഭവിക്കുമാറായി." ഈ ഭൗതികജീവിതത്തിൽ, മനുഷ്യന്റെ കാഴ്ച ശക്തിക്ക് (മറ്റെല്ലാ ബാഹ്യേന്ദ്രിയങ്ങൾക്കും തന്നെ) വളരെ പരിമിതമായ തോതിലേ കാര്യങ്ങൾ ഗ്രഹിക്കുവാനുള്ള കഴിവ് നല്കപ്പെട്ടിട്ടുള്ളൂ എന്ന് ഈ വചനത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ഈ ഭൗതിക ലോകവുമായുള്ള ബന്ധം വേർപെടുന്നതോടു കൂടി മുമ്പ് അവന്റെ കാഴ്ചക്ക് ഗോചരമല്ലാതിരുന്ന പലതും അവന് കണ്ടറിയുവാൻ സാധിതമാകുന്നു. മനുഷ്യന്റെ കാഴ്ച ശക്തിയെ പരിമിതമാക്കിയിരുന്ന മൂടി (മറ) നീക്കപ്പെടുന്നതോടെ അത് വരെ ഊഹിക്കുവാൻ പോലും കഴിയാത്ത വസ്തുതകൾ അവന് ഗോചരമാകുന്നു. ഉറങ്ങുന്നവർ സ്വപ്ന വേളകളിലും, ചില രോഗികൾ അബോധാവസ്ഥകളിലും കാണുന്ന ആശ്ചര്യകരങ്ങളായ കാഴ്ചകളിൽ നിന്നും ഇപ്പറഞ്ഞ യാഥാർത്ഥ്യം കുറെയൊക്കെ മനസ്സിലാക്കാം.

**വചനം 23,24,25,26:**

وَقَالَ قَرِينُهُۥ هَٰذَا مَا لَدَيَّ عَتِيدٌ ﴿٢٣﴾

أَلْقِيَا فِى جَهَنَّمَ كُلَّ كَفَّارٍ عَنِيدٍ ﴿٢٤﴾

مَّنَّاعٍ لِّلْخَيْرِ مُعْتَدٍ مُّرِيبٍ ﴿٢٥﴾

ٱلَّذِى جَعَلَ مَعَ ٱللَّهِ إِلَٰهًا ءَاخَرَ فَأَلْقِيَاهُ فِى ٱلْعَذَابِ ٱلشَّدِيدِ ﴿٢٦﴾

23 അവൻെറ കൂട്ടുകാരൻ പറയും: “ഇതാ, എൻെറ അടുക്കൽ തയ്യാറായിട്ടുള്ളത്!”

24 (കൽപനയുണ്ടാകും:) “ദുർവാശിക്കാരായ നന്ദികെട്ടവരെ (അഥവാ നിഷേധികളെ)യെല്ലാം നിങ്ങൾ ‘ജഹന്നമി’ൽ (നരകത്തിൽ) ഇട്ടേക്കുവിൻ,-

25 “(അതെ) നൻമയെ മുടക്കുന്നവനും, അതിക്രമിയും, സംശയാലുവുമായ (എല്ലാവരെയും)! -

26 “അതായത്, അല്ലാഹുവോടൊപ്പം വേറെ ആരാധ്യനെ (ദൈവത്തെ) ഉണ്ടാക്കിയവനെ. അതിനാൽ, നിങ്ങളവനെ കഠിനമായ ശിക്ഷയിൽ ഇട്ടേക്കുവിൻ!”

23ാം വചനത്തിൽ ‘കൂട്ടുകാരൻ’ എന്ന് പറഞ്ഞത് നന്മതിന്മകളെ രേഖപ്പെടുത്തുവാൻ ഏൽപിക്കപ്പെട്ട മലക്കിനെ ഉദ്ദേശിച്ചാകുന്നു. അദ്ദേഹം തയാറാക്കിയ രേഖ മഹ്ശറിൽ ഹാജരാക്കപ്പെടുന്നതാണ്. തുടർന്ന് ദുർവ്വാശിക്കാരും, നന്ദി കെട്ടവരും, നിഷേധികളും, നന്മയെ മുടക്കുന്നവരും, അതിക്രമിയും സംശയാലുവും അല്ലാഹുവോടൊപ്പം വേറെ ദൈവത്തെ സ്വീകരിച്ചവരുമായ എല്ലാവരെയും നരകത്തിൽ പ്രവേശിപ്പിക്കുവാൻ അല്ലാഹു, ചുമതലക്കാരായ മലക്കുകളോട് കൽപിക്കുന്നതാണ്.

**വചനം: 27,28,29 :**

۞ قَالَ قَرِينُهُۥ رَبَّنَا مَآ أَطْغَيْتُهُۥ وَلَٰكِن كَانَ فِى ضَلَٰلٍۭ بَعِيدٍ ﴿٢٧﴾

قَالَ لَا تَخْتَصِمُوا۟ لَدَيَّ وَقَدْ قَدَّمْتُ إِلَيْكُم بِٱلْوَعِيدِ ﴿٢٨﴾

مَا يُبَدَّلُ ٱلْقَوْلُ لَدَيَّ وَمَآ أَنَا۠ بِظَلَّٰمٍ لِّلْعَبِيدِ ﴿٢٩﴾

27 അവൻെറ കൂട്ടാളി പറയും: “ഞങ്ങളുടെ റബ്ബേ! ഞാൻ അവനെ (നേർമാർഗ്ഗം) തെറ്റിച്ചിട്ടില്ല; പക്ഷേ, അവൻ വിദൂരമായ വഴിപിഴവിലായിരുന്നു.”

28 അവൻ (അല്ലാഹു) പറയും: “എൻെറ അടുക്കൽ വെച്ചു നിങ്ങൾ വിവാദം നടത്തേണ്ടാ; നിങ്ങൾക്ക് ഞാൻ മുമ്പേ താക്കീത് നൽകിയിട്ടുണ്ട്.

29 “എൻെറ അടുക്കൽ വാക്ക് മാറ്റപ്പെടുന്നതല്ല; ഞാൻ അടിമകളോട് (ഒട്ടും) അനീതി പ്രവർത്തിക്കുന്നവനല്ലതാനും.”

‘അവന്റെ കൂട്ടാളി’ എന്നിവിടെ പറഞ്ഞത് പിശാചിനെ ഉദ്ദേശിച്ചാകുന്നു. മനുഷ്യനെ താൻ വഴിപിഴപ്പിച്ചതല്ലെന്നും അവൻ സ്വയം പിഴച്ച് പോയതാണെന്നും, സമർത്ഥിച്ച് കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ അവൻ കുറ്റത്തിൽ നിന്ന് ഒഴിഞ്ഞു മാറാൻ ശ്രമിക്കുകയാണ്. ദുർമ്മാർഗ്ഗികളുടെ ഉപദേശകനായിക്കൊണ്ട് അവരെ വഴിപിഴപ്പിച്ച് കൊണ്ടിരുന്ന പിശാച് വിചാരണ വേളയിൽ തന്റെ അനുയായികളോട് സ്വീകരിക്കുന്ന നിലപാട് സൂ: ഇബ്റാഹീം : 22 -ാം വചനത്തിൽ വിശദമായി പ്രസ്താവിച്ചിട്ടുള്ളത് നോക്കുക.

കുറ്റവാളികളോടും അവരെ വഴിപിഴപ്പിച്ച പിശാചുക്കളോടുമുള്ള അല്ലാഹുവിന്റെ മറുപടിയാണ് 28, 29 വചനങ്ങളിൽ.

## വിഭാഗം - 3

**വചനം: 30, :**

يَوْمَ نَقُولُ لِجَهَنَّمَ هَلِ ٱمْتَلَأْتِ وَتَقُولُ هَلْ مِن مَّزِيدٍ ﴿٣٠﴾

30 ‘ജഹന്നമി’നോട്(നരകത്തോട്) “നീ നിറഞ്ഞുവോ” എന്ന് നാം പറയുന്ന ദിവസം! (അന്നാണിതെല്ലാം സംഭവിക്കുക) അത് പറയുകയും

ചെയ്യും; "(ഇനിയും) കൂടുതല്‍ വല്ലതും ഉണ്ടോ?!"

കുറ്റവാളികളായ ജിന്നുകളെയും മനുഷ്യരെയും കൊണ്ട് നരകം നിറക്കുമെന്ന് അല്ലാഹു മുമ്പ് തന്നെ നിശ്ചയിച്ചിട്ടുണ്ടല്ലോ (സൂ: സജദ: 13) കുറ്റവാളികളുടെ ആധിക്യം നിമിത്തമോ, നരകത്തിന്റെ വിശാലക്കുറവ് നിമിത്തമോ, നരക ശിക്ഷ അര്‍ഹിക്കുന്ന ആര്‍ക്കും അതില്‍ നിന്നും ഒഴിവു കിട്ടുന്നതല്ല. കുറ്റവാളികളെ മുഴുവനും നരകത്തിലാക്കിക്കഴിഞ്ഞിട്ട് പിന്നെയും നരകം ചോദിക്കും - കൂടുതലായി വല്ലവരും ഉണ്ടോ

അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ - ആമീന്‍.

**വചനം31,32,33 :**

وَأُزْلِفَتِ ٱلْجَنَّةُ لِلْمُتَّقِينَ غَيْرَ بَعِيدٍ ﴿٣١﴾

31 ഭയഭക്തന്‍മാര്‍ക്ക് സ്വര്‍ഗ്ഗം അകലത്തല്ലാത്ത വിധം (വളരെ) സമീപത്തുകൊണ്ടുവരപ്പെടുന്നതുമാണ്.

هَٰذَا مَا تُوعَدُونَ لِكُلِّ أَوَّابٍ حَفِيظٍ ﴿٣٢﴾

32 (പറയപ്പെടും:) "ഇതാ നിങ്ങളോട്-(പേടിച്ചു) മടങ്ങുന്നവരും, കാത്ത് സൂക്ഷിക്കുന്നവരുമായ എല്ലാവര്‍ക്കും-വാഗ്ദാനം ചെയ്യപ്പെട്ടിരുന്നത്.

مَّنْ خَشِيَ ٱلرَّحْمَٰنَ بِٱلْغَيْبِ وَجَآءَ بِقَلْبٍ مُّنِيبٍ ﴿٣٣﴾

33 അതായത്, അദൃശ്യമായ നിലയില്‍ പരമ കാരുണികനെ പേടിക്കുകയും, വിനയം കാണിക്കുന്ന ഹൃദയത്തോടെ വരുകയും ചെയ്തവര്‍ക്ക്.

സജ്ജനങ്ങള്‍ക്ക് സ്വര്‍ഗ്ഗീയ സുഖം ലഭിക്കുവാനുള്ള കാരണങ്ങള്‍ അല്ലാഹു വിവരിക്കുന്നു - പാപം ചെയ്യാതെ കാത്ത് സൂക്ഷിക്കുക, അല്ലാഹുവിനെ പേടിച്ച് മടങ്ങുക, അല്ലാഹുവിനെ അങ്ങോട്ട് കാണുന്നില്ലെങ്കിലും അവന്‍ ഇങ്ങോട്ട് കാണുന്നുവെന്ന ബോധത്തോടെ അവനെ ഭയപ്പെടുക, അല്ലാഹുവിന്റെ മുമ്പില്‍ നിഷ്കളങ്കമായ വിനയം അര്‍പ്പിക്കുന്ന ഹൃദയമുണ്ടായിരിക്കുക എന്നിവയാണവ.

**വചനം 34, 35:**

ٱدْخُلُوهَا بِسَلَٰمٍ ۖ ذَٰلِكَ يَوْمُ ٱلْخُلُودِ ﴿٣٤﴾

34 "(ഹേ, ഭയഭക്തന്‍മാരെ,) നിങ്ങള്‍ (സമാധാന) ശാന്തിയോടെ അതില്‍ പ്രവേശിക്കുവിന്‍." അത് സ്ഥിരവാസത്തിന്‍െറ ദിവസമാകുന്നു. (അന്നു മുതല്‍ സ്ഥിരവാസം ആരംഭിക്കുന്നു)

لَهُم مَّا يَشَآءُونَ فِيهَا وَلَدَيْنَا مَزِيدٌ ﴿٣٥﴾

35 അതില്‍ അവര്‍ എന്ത് ഉദ്ദേശിക്കുന്നുവോ അത് അവര്‍ക്കുണ്ടായിരിക്കും; (മാത്രമല്ല) നമ്മുടെ അടുക്കല്‍ കൂടുതലായുള്ളതും ഉണ്ട്.

കുറ്റവാളികളെ നരകത്തിലേക്ക് പിടിച്ചിടുവാന്‍ മലക്കുകളോട് കല്‍പിക്കപ്പെടുമ്പോള്‍ സജ്ജനങ്ങളായ പുണ്യവാന്മാരോട് സമാധാനപൂര്‍വ്വം ശാന്തിയോടെ സ്വര്‍ഗ്ഗത്തില്‍ പ്രവേശിക്കുവാന്‍ മൃദുവായി നിര്‍ദ്ദേശിക്കപ്പെടുന്നതാണ്. സ്വര്‍ഗ്ഗത്തില്‍ സജ്ജനങ്ങളുടെ ഉദ്ദേശങ്ങളെല്ലാം സാധിപ്പിച്ച് കൊടുക്കുന്നതിന് പുറമേ എനിയും കൂടുതല്‍ അനുഗ്രഹങ്ങള്‍ അല്ലാഹുവിന്റെ വകയായി, അവര്‍ക്ക് അല്ലാഹു അങ്ങോട്ട് വാഗ്ദാനം നല്‍കുകയാണ്. നമ്മുടെ വകയായി കൂടുതല്‍ നല്‍കുമെന്ന് പറഞ്ഞതിന്റെ വിവക്ഷ അല്ലാഹുവിനെ ദര്‍ശിക്കുകയെന്ന മഹാഭാഗ്യമാണെന്ന് ഇമാം മുസ്ലിം (റ) ഉദ്ധരിച്ച ഒരു ഹദീസില്‍ വന്നിട്ടുണ്ട്. അല്ലാഹു അരുളിച്ചെയ്തതായി ഒരു ഹദീസില്‍ നബി(സ) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"എന്റെ സദ് വൃത്തരായ അടിയാന്മാര്‍ക്ക് വേണ്ടി യാതൊരു കണ്ണും കണ്ടിട്ടില്ലാത്തതും യാതൊരു കാതും കേട്ടിട്ടില്ലാത്തതും ഒരു മനുഷ്യന്റെ മനസ്സിലും തോന്നിയിട്ടില്ലാത്തതും ഞാന്‍ ഒരുക്കി വെച്ചിരിക്കുന്നു." പിന്നീട് ഇതിന് തെളിവായി സൂ: സജദ: 17 ാം വചനം ചൂണ്ടിക്കാട്ടുകയും ചെയ്തു. (ബു: മു:)

**വചനം 36:**

وَكَمْ أَهْلَكْنَا قَبْلَهُم مِّن قَرْنٍ هُمْ أَشَدُّ مِنْهُم بَطْشًا فَنَقَّبُوا۟ فِى ٱلْبِلَٰدِ هَلْ مِن مَّحِيصٍ ﴿٣٦﴾

36 ഇവരുടെ മുമ്പ് എത്രയോ തലമുറകളെ നാം നശിപ്പിച്ചിരിക്കുന്നു;- അവര്‍ ഇവരെക്കാള്‍ കടുത്ത കയ്യൂക്കുള്ളവരായിരുന്നു. എന്നിട്ട് അവര്‍, നാടുകളില്‍കൂടി കരണ്ടുനോക്കി (അഥവാ പരക്കംപാഞ്ഞുകൊണ്ടിരുന്നു). ഓടി രക്ഷപ്പെടുന്ന വല്ല സ്ഥാനവും ഉണ്ടോ?!

ഇവരേക്കാള്‍ ശക്തന്മാരായ എത്രയോ മുന്‍ തലമുറകളെ അല്ലാഹു നശിപ്പിച്ചിരിക്കുന്നു. തങ്ങള്‍ക്ക് മരണത്തില്‍ നിന്നോ ശിക്ഷയില്‍ നിന്നോ വല്ല രക്ഷയും കിട്ടുമോ എന്ന് അവര്‍ നാടുകളില്‍ കൂടി സഞ്ചരിച്ച് പരതി നോക്കി. എന്നാല്‍ യാതൊരു രക്ഷാമാര്‍ഗ്ഗവും അവര്‍ക്ക് കിട്ടിയില്ല.

**വചനം 37 :**

إِنَّ فِى ذَٰلِكَ لَذِكْرَىٰ لِمَن كَانَ لَهُۥ قَلْبٌ أَوْ أَلْقَى ٱلسَّمْعَ وَهُوَ شَهِيدٌ ﴿٣٧﴾

37 നിശ്ചയമായും അതില്‍ (മേല്‍വിവരിച്ചതില്‍) ഓര്‍മ്മിക്കുവാനുള്ള വകയുണ്ട്, യാതൊരുവന്നു ഹൃദയമുണ്ടോ, അല്ലെങ്കില്‍ (മനഃപൂര്‍വം) സന്നദ്ധനായുംകൊണ്ട് കാതുകൊടുത്തു (കേട്ടു)വോ അങ്ങിനെയുള്ളവന്ന്.

കാര്യങ്ങള്‍ ഗ്രഹിച്ചറിയാനും ചിന്തിച്ച് മനസ്സിലാക്കുവാനുമുള്ള ബുദ്ധിയോ, തെളിവുകളും ഉപദേശങ്ങളും ശ്രദ്ധാപൂര്‍വ്വം കേട്ട് മനസ്സിരുത്തി ആലോചിക്കുവാനുള്ള സന്നദ്ധതയോ ഇല്ലാത്തവര്‍ക്ക് എന്ത് തന്നെ കേട്ടാലും, എന്ത് തന്നെ കണ്ടാലും അതൊന്നും പ്രയോജനപ്പെടുകയില്ലല്ലോ.

**വചനം 38,39,40:**

وَلَقَدْ خَلَقْنَا ٱلسَّمَٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا فِى سِتَّةِ أَيَّامٍ وَمَا مَسَّنَا مِن لُّغُوبٍ ﴿٣٨﴾ فَٱصْبِرْ عَلَىٰ مَا يَقُولُونَ وَسَبِّحْ بِحَمْدِ رَبِّكَ قَبْلَ طُلُوعِ ٱلشَّمْسِ وَقَبْلَ ٱلْغُرُوبِ ﴿٣٩﴾ وَمِنَ ٱلَّيْلِ فَسَبِّحْهُ وَأَدْبَٰرَ ٱلسُّجُودِ ﴿٤٠﴾

38 ആകാശങ്ങളെയും, ഭൂമിയെയും അവയുടെ ഇടയിലുള്ളതിനെയും ആറുദിവസങ്ങളിലായി നാം സൃഷ്ടിച്ചിട്ടുണ്ട്; (എന്നിട്ട്) യാതൊരു ക്ഷീണവും നമ്മെ തീണ്ടിയിട്ടില്ല.

39 എന്നിരിക്കെ, (നബിയേ) ഇവര്‍ പറയുന്നതിനെപ്പറ്റി ക്ഷമിച്ചുകൊള്ളുക. സൂര്യോദയത്തിനു മുമ്പും, അസ്തമനത്തിന് മുമ്പും നിന്‍െറ റബ്ബിനെ സ്തുതിച്ചുകൊണ്ട് 'തസ്ബീഹു' (സ്തോത്രകീര്‍ത്തനം) നടത്തുകയും ചെയ്യുക:-

40 രാത്രിയില്‍നിന്നുതന്നെ (കുറച്ചുസമയം) അവനു നീ 'തസ്ബീഹു' ചെയ്യുക; 'സുജൂദി'ന്‍െറ (സാഷ്ടാംഗനമസ്കാരത്തിന്‍െറ) പിന്നിലും (ചെയ്യുക).

ആകാശ ഭൂമികളെ ആറ് ദിവസങ്ങളിലായിട്ടാണ് അല്ലാഹു സൃഷ്ടിച്ചതെന്ന് ഇവിടെ മാത്രമല്ല, സൂ: അഅ്റാഫ് : 54, സൂ: യൂനുസ് 3, സൂ: ഹൂദ് 17; സൂ: ഫുര്‍ഖാന്‍ 59 ; സൂ: സജദ: 4, സൂ: ഹദീദ്: 4, എന്നിവിടങ്ങളിലും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. വിശദ വിവരം അവിടങ്ങളില്‍ നോക്കുക.

തസ്ബീഹ് (സ്തോത്ര കീര്‍ത്തനം) നടത്തുക എന്നത് കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത് നമസ്കാരമാകുന്നു. തസ്ബീഹിനെയും നമസ്കാരത്തെയും സംബന്ധിച്ചും അവയുടെ ചില പ്രത്യേക സമയങ്ങള്‍ അല്ലാഹു എടുത്ത് പറയുന്നതിലടങ്ങിയ രഹസ്യങ്ങളെക്കുറിച്ചും സൂ: ത്വാഹാ: 130, സൂ: റൂം, 17, 18, സൂ: ത്വൂര്‍: 48,49 സൂ: ഇന്‍സാന്‍ 25, 26 എന്നീ വചനങ്ങളില്‍ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

സുജൂദ് എന്ന് പറഞ്ഞതും നമസ്കാരത്തെപ്പറ്റിയാകുന്നു. നമസ്കാരത്തിന് സുജൂദ് എന്നും റുകൂഅ് എന്നും ഖിയാമ് (നിറുത്തം) എന്നും തസ്ബീഹ് എന്നുമൊക്കെ ഖുര്‍ആനില്‍ പറയാറുണ്ട്. **أدبار السجود**

എന്ന വാക്കിന്, സുജൂദിന്റെ - നമസ്കാരത്തിന്റെ - പിന്നീട്, എന്നും അവസാനത്തിൽ എന്നും അർത്ഥം നല്കപ്പെടാറുണ്ട്. രണ്ടും പരസ്പരം വിരുദ്ധമല്ലതാനും. നമസ്കാരത്തിന്റെ അവസാന ഭാഗമായ ഇരുത്തത്തിലും, അതിൽ നിന്ന് പിരിഞ്ഞ ഉടനെയും, പ്രത്യേക ദിക്റുകളും, പ്രാർത്ഥനകളും, ചില വക്തുകളിൽ ഐച്ഛികനമസ്കാരങ്ങളും നടത്തേണ്ടതുണ്ടെന്ന് നബിചര്യയിൽ നിന്നും വ്യക്തമായി അറിയപ്പെട്ടതാണല്ലോ.

**വചനം 41, 42 :**

وَٱسْتَمِعْ يَوْمَ يُنَادِ ٱلْمُنَادِ مِن مَّكَانٍ قَرِيبٍ ﴿٤١﴾
يَوْمَ يَسْمَعُونَ ٱلصَّيْحَةَ بِٱلْحَقِّ ۚ ذَٰلِكَ يَوْمُ ٱلْخُرُوجِ ﴿٤٢﴾

41 (മനുഷ്യാ) അടുത്തസ്ഥലത്തുനിന്ന് വിളിച്ചേക്കുന്ന ഒരാൾ വിളിക്കുന്ന ദിവസത്തെ നീ ചെവിയോർത്തുകൊണ്ടിരിക്കുക!-

42 അതായത്, (ആ) ഘോരശബ്ദം അവർ (ജനങ്ങൾ) യഥാർത്ഥമായി കേൾക്കുന്ന ദിവസം! അത് (ഖബ്റുകളിൽ നിന്നുള്ള) പുറപ്പാടിന്റെ ദിവസമത്രെ.

പുനർജീവിതത്തിന് വേണ്ടിയുള്ള വിളി, അഥവാ രണ്ടാമത്തെ കാഹളം ഊത്താണ് വിവക്ഷ. ആ ഘോര ശബ്ദം എല്ലാവരും ഒരു പോലെ അവരവരുടെ അടുത്ത് നിന്ന് തുറന്ന് വിളിക്കുന്നത് പോലെ കേൾക്കുന്നതായിരിക്കും. (സൂ. യാസീൻ: 51-ാം വചനം നോക്കുക)

**വചനം 43,44 :**

إِنَّا نَحْنُ نُحْىِۦ وَنُمِيتُ وَإِلَيْنَا ٱلْمَصِيرُ ﴿٤٣﴾
يَوْمَ تَشَقَّقُ ٱلْأَرْضُ عَنْهُمْ سِرَاعًا ۚ ذَٰلِكَ حَشْرٌ عَلَيْنَا يَسِيرٌ ﴿٤٤﴾

43 നിശ്ചയമായും നാംതന്നെ ജീവിപ്പിക്കുകയും, മരിപ്പിക്കുകയും ചെയ്യുന്നു; നമ്മുടെ അടുക്കലേക്കുതന്നെയാണ് തിരിച്ചെത്തലും;-

44 അവർ(പുറത്തുവരുവാൻ) ബദ്ധപ്പെട്ടുകൊണ്ടിരിക്കെ, അവരിൽനിന്ന് ഭൂമി പിളർന്നുപോകുന്ന ദിവസം! അത്, നമ്മുടെമേൽ നിസ്സാരമായ ഒരു ഒരുമിച്ചുകൂട്ടലത്രെ.

മഹ്ശറിലേക്ക് സമ്മേളിക്കുവാനുള്ള ആ വിളി കേൾക്കേണ്ട താമസം-എല്ലാവരും ഖബറുകളിൽ നിന്ന് പുറത്ത് വരുവാൻ ധൃതികൂട്ടുന്നു. ഈ അവസരത്തിൽ ഓരോരുത്തരും അടക്കം ചെയ്യപ്പെട്ട സ്ഥലങ്ങൾ പൊട്ടിപ്പിളരുകയും ചെയ്യുന്നതാണ്. ഇങ്ങനെ എല്ലാവരെയും ഉയിർത്തെഴുന്നേൽപ്പിച്ച് ഒരുമിച്ച് കൂട്ടുകയെന്നത് അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം വളരെ നിസ്സാരമായ ഒരു കാര്യമാകുന്നു.

സൂ: മആരിജ്: 43-ാം വചനത്തിൽ അല്ലാഹു പറയുന്നു : ഒരു നാട്ടക്കുറിയിലേക്ക് ധൃതിപ്പെട്ട് പോകുന്നത് പോലെ ഖബറുകളിൽ നിന്ന് ബദ്ധപ്പെട്ടു പുറത്ത് പോകുന്ന ദിവസം

**വചനം 45 -**

نَّحْنُ أَعْلَمُ بِمَا يَقُولُونَ ۖ وَمَآ أَنتَ عَلَيْهِم بِجَبَّارٍ ۖ فَذَكِّرْ بِٱلْقُرْءَانِ مَن يَخَافُ وَعِيدِ ﴿٤٥﴾

45 അവർ പറഞ്ഞുവരുന്നതിനെക്കുറിച്ച് നാം നല്ലവണ്ണം അറിയുന്നവനാകുന്നു. (നബിയേ,) നീ അവരുടെമേൽ (നിർബ്ബന്ധംചെലുത്തുന്ന) ഒരു സ്വേച്ഛാധികാരിയൊന്നുമല്ലതാനും. ആകയാൽ, എന്റെ താക്കീത് ഭയപ്പെടുന്നവരെ ഖുർആൻമുഖേന നീ (ഉപദേശം നൽകി) ഓർമ്മിപ്പിക്കുക.

അവിശ്വാസികളുടെ നിഷേധങ്ങളും, തർക്ക വിതർക്കങ്ങളുമെല്ലാം അല്ലാഹു അറിയുന്നുണ്ട്. വേണ്ടുന്ന നടപടികൾ യഥാസമയത്ത് അവൻ എടുത്ത് കൊള്ളും. അവർക്ക് ഖുർആൻ മുഖേന ഉപദേശം നൽകുക മാത്രമേ നബി(സ) യുടെ മേൽ കടമയായിട്ടുള്ളൂ. എല്ലാവരെയും നിർബന്ധപൂർവ്വം സന്മാർഗ്ഗത്തിലെത്തിച്ചേ തീരൂ എന്ന ബാധ്യതയൊന്നും നബി(സ) തിരുമേനിക്കില്ല. (സൂ: ഗാശിയ 21-26 നോക്കുക.)

“എന്റെ താക്കീത് ഭയപ്പെടുന്നവരെ ഖുര്‍ആന്‍ മുഖേന നീ (ഉപദേശം നല്‍കി) ഓര്‍മ്മിപ്പിക്കുക” എന്ന ഈ വചനത്തില്‍ നിന്നും, ചില കാര്യങ്ങള്‍ മനസ്സിലാക്കേണ്ടതുണ്ട്.

: അല്ലാഹുവിനെക്കുറിച്ചും മതത്തെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കുന്നതില്‍ ഏറ്റവും ഉപയോഗപ്രദമായിരിക്കുക വിശുദ്ധ ഖുര്‍ആന്‍ വചനങ്ങളായിരിക്കും. നബി(സ) തിരുമേനിയുടെ ഹദീസുകള്‍ മുഖേന അവയ്ക്ക് വിശദീകരണവും നല്‍കാം.

:അല്ലാഹുവിന്റെ താക്കീതുകള്‍ കേള്‍ക്കുമ്പോള്‍ ഭയപ്പാടുണ്ടാകുന്നവര്‍ക്ക് മാത്രമേ ഉപദേശം ഫലം ചെയ്യുകയുള്ളൂ. അവയെ അവഗണിച്ച് തള്ളുന്നവര്‍ മറ്റ് വിധേന ധാര്‍മ്മിക ബോധമുള്ളവരായിത്തീരുക എന്ന കാര്യം ഏറെ വിദൂരമാകുന്നു. (സൂ: ജാഥിയ: 6-10, സൂ: അഅ്‌ലാ: 9,10,11, സൂ: യാസീന്‍ : 11 വചനങ്ങള്‍ നോക്കുക)

അല്ലാഹുവേ, നിന്റെ താക്കീതിനെ ഭയപ്പെടുകയും നിന്റെ വാഗ്ദാനത്തെ പ്രതീക്ഷിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നവരില്‍ നീ ഞങ്ങളെ ഉള്‍പ്പെടുത്തേണമേ - ആമീന്‍

# 51. സൂറത്തു ദ്ദാരിയാത്ത് (വിതറുന്നവ)

**മക്കയിൽ അവതരിച്ചത്**

**വചനങ്ങൾ 60, വിഭാഗം (റുക്കൂഅ്) 3**

ഒന്നാം വചനത്തിലെ വിതറിക്കൊണ്ടിരിക്കുന്നവ (ദാരിയാത്ത്) എന്ന പദമാണ് അദ്ധ്യായത്തിന്റെ ഈ പേരിന് നിദാനം

## വിഭാഗം-1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ بسم الله الرحمن الرحيم

**വചനം: 1 :**

1 (ശക്തിയായ) പാറ്റൽപാറ്റി (വിതറി) ക്കൊണ്ടിരി ക്കുന്നവ തന്നെയാണ(സത്യം)! وَٱلذَّٰرِيَٰتِ ذَرْوًا ﴿١﴾

മണ്ണ് മുതലായ വസ്തുക്കളെ പാറ്റിപ്പറപ്പിച്ച് കൊണ്ടിരിക്കുന്ന കാറ്റുകളെ ക്കൊണ്ട് അല്ലാഹു സത്യം ചെയ്യുന്നു.

**വചനം: 2:**

2 എന്നിട്ട്, ഭാരംവഹി(ച്ചുനട) ക്കുന്നവയാണ (സത്യം)! فَٱلْحَٰمِلَٰتِ وِقْرًا ﴿٢﴾

പിന്നെ, നീരാവിയും മഴവെള്ളവും വഹിച്ച് സഞ്ചരിക്കുന്ന മേഘങ്ങൾ കൊണ്ടും സത്യം ചെയ്യുന്നു.

**വചനം 3:**

3 എന്നിട്ട്, നിഷ്പ്രയാസം സഞ്ചരിക്കുന്നവ തന്നെയാണ(സത്യം)! فَٱلْجَٰرِيَٰتِ يُسْرًا ﴿٣﴾

പിന്നെ, ജലമാർഗ്ഗങ്ങളിലൂടെ അതിവേഗം ഉദ്ദിഷ്ട സ്ഥാനങ്ങളിലേക്ക് സഞ്ചരിക്കുന്ന കപ്പലുകളെ കൊണ്ട് സത്യം ചെയ്യുന്നു.

**വചനം4:**

4 എന്നിട്ട്, കാര്യം വിഭജിച്ചുകൊടുക്കുന്നവ തന്നെയാണ (സത്യം)! فَٱلْمُقَسِّمَٰتِ أَمْرًا ﴿٤﴾

പിന്നെ, അല്ലാഹുവിന്റെ കല്പനപ്രകാരം സൃഷ്ടികൾക്കിടയിൽ കാര്യങ്ങളെ വിഭജിച്ച് കൊടുക്കു ന്ന മലക്കുകളെ കൊണ്ട് സത്യം ചെയ്യുന്നു.

**വചനം 5,6 :**

5 നിശ്ചയമായും, നിങ്ങളോട് വാഗ്ദത്തം ചെയ്യ പ്പെടുന്നത് സത്യമായുള്ളതുതന്നെ. إِنَّمَا تُوعَدُونَ لَصَادِقٌ ﴿٥﴾

6 നിശ്ചയമായും, പ്രതിഫലനടപടി സംഭവി ക്കുന്നതും തന്നെ. وَإِنَّ ٱلدِّينَ لَوَٰقِعٌ ﴿٦﴾

കാറ്റുകൾ, മേഘങ്ങൾ, കപ്പലുകൾ,എന്നിവയെക്കൊണ്ട് സത്യം ചെയ്ത് അല്ലാഹു പറയുന്നത് രണ്ട് കാര്യങ്ങളത്രേ- രക്ഷാ ശിക്ഷകൾ, സ്വർഗ്ഗനരകങ്ങൾ, മുതലായി നിങ്ങൾ താക്കീത് ചെയ്യപ്പെട്ടിട്ടു ള്ളതും, വാഗ്ദാനം നൽകപ്പെട്ടിട്ടുള്ളതും സത്യമാണ് എന്നും മരണാനന്തരം, ഓരോരുത്തന്റെയും ഗുണ ദോഷ കർമ്മങ്ങൾക്ക് തക്കതായ പ്രതിഫലം നൽകപ്പെടുമെന്നത് യാഥാർത്ഥ്യമാണ് എന്നും - അഥവാ അവയൊന്നും വെറും താക്കീതുകളോ, സന്മാർഗ്ഗത്തിലേക്കുള്ള പ്രോത്സാഹനാർത്ഥം പറയപ്പെടുന്ന അ തിശയോക്തികളോ ഒന്നുമല്ല.

മേൽ പറഞ്ഞ സത്യവാചകങ്ങൾ പോലെ(വചനം 1,2,3,4) ഖുർആനിൽ കാണപ്പെടുന്ന എല്ലാ സത്യവാചകങ്ങളിലും നാം പ്രത്യേകം മനസ്സിരുത്തേണ്ടത് രണ്ട് കാര്യങ്ങളാണ്.

1. സത്യം ചെയ്ത് കൊണ്ട് പറയപ്പെട്ടിട്ടുള്ള കാര്യങ്ങളുടെ ഗൗരവവും പ്രാധാന്യവും.

2. ഏതൊന്നിന്റെ പേരിലാണോ സത്യം ചെയ്യപ്പെട്ടിട്ടുള്ളത്, അവയിലടങ്ങിയിട്ടുള്ള രഹസ്യങ്ങളും സൂചനകളും.

**വചനം 7,8,9:**

وَٱلسَّمَآءِ ذَاتِ ٱلْحُبُكِ ﴿٧﴾
إِنَّكُمْ لَفِى قَوْلٍ مُّخْتَلِفٍ ﴿٨﴾
يُؤْفَكُ عَنْهُ مَنْ أُفِكَ ﴿٩﴾

7 (പല) മാർഗ്ഗങ്ങളുള്ളതായ ആകാശം തന്നെയാണ(സത്യം)!

8 നിശ്ചയമായും, നിങ്ങൾ ഭിന്നമായ വാക്കിലാണ് (ഭിന്നാഭിപ്രായത്തിലാണ്) ഉള്ളത്.

9 തെറ്റിക്കപ്പെടുന്നവർ അതിനാൽ തെറ്റിക്കപ്പെടുന്നു.

പല മാർഗ്ഗങ്ങളുള്ളതായ ആകാശം എന്ന സത്യവാചകം വിരൽ ചൂണ്ടുന്നത് ആകാശ സൃഷ്ടിയിൽ അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തിലേക്കും മഹത്വത്തിലേക്കുമാകുന്നു. കണക്കറ്റ നക്ഷത്ര ഗോളങ്ങളും ഗ്രഹങ്ങളും ഉൾക്കൊള്ളുന്ന ആകാശത്ത് അവയുടെ ഭ്രമണ പഥങ്ങളായി വിവിധതരത്തിലുള്ള അസംഖ്യം മാർഗ്ഗങ്ങൾ സ്ഥിതി ചെയ്യുന്നു. **الحبك** എന്ന വാക്കിന് മാർഗ്ഗങ്ങൾ എന്ന അർത്ഥം കൂടാതെ കെട്ടുറപ്പ്, ഭംഗി, അഴക്, ദൃഢത എന്നിങ്ങനെ വേറെയും അർത്ഥങ്ങളുണ്ട്. ഈ അർത്ഥങ്ങളെല്ലാം വിരൽ ചൂണ്ടുന്നതും ഒരേ ആശയത്തിലേക്ക് തന്നെ.

സത്യനിഷേധികളുടെ നിഷേധം ഭിന്നരീതിയിലും വ്യത്യസ്ത രൂപത്തിലുമാകുന്നു. കവിത, ജ്യോത്സ്യം, ഭ്രാന്ത്, ജാലവിദ്യ എന്നിങ്ങനെ പലപ്പോഴും പലതും അവർ പറഞ്ഞു കൊണ്ടിരിക്കും. സത്യദീക്ഷയില്ലാത്ത ചിന്താ ശൂന്യരായ ആളുകൾ അത് കേട്ടു സത്യത്തിൽ നിന്നും തെറ്റിദ്ധരിക്കപ്പെടുന്നു. സത്യാന്വേഷികളായ ആളുകളൊന്നും അത് മൂലം തെറ്റിപ്പോകുകയുമില്ല തന്നെ

**വചനം 10, 11 :**

قُتِلَ ٱلْخَرَّٰصُونَ ﴿١٠﴾
ٱلَّذِينَ هُمْ فِى غَمْرَةٍ سَاهُونَ ﴿١١﴾

10 (ആ) മതിപ്പിട്ട് (കള്ളം)പറയുന്നവർ കൊല്ലപ്പെടട്ടെ (ശപിക്കപ്പെടട്ടെ)!-

11 അതായത്. വിഡ്ഢിത്തത്തിൽ (മുഴുകി) അശ്രദ്ധരായവർ.

യാതൊരു തെളിവോ ന്യായമോ ഇല്ലാതെ ഊഹിച്ചും മതിപ്പിട്ടും കള്ളം പറഞ്ഞ് കൊണ്ടിരിക്കുകയാണ് സത്യനിഷേധികൾ. അജ്ഞതയിലും വിഡ്ഢിത്തത്തിലും മുഴുകി അവരുടെ തന്റേടവും ബോധവും നശിക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് അവർ പാത്രീഭൂതരായിരിക്കുന്നു.

**വചനം 12, 13, 14:**

يَسْـَٔلُونَ أَيَّانَ يَوْمُ ٱلدِّينِ ﴿١٢﴾
يَوْمَ هُمْ عَلَى ٱلنَّارِ يُفْتَنُونَ ﴿١٣﴾
ذُوقُوا۟ فِتْنَتَكُمْ هَٰذَا ٱلَّذِى كُنتُم بِهِۦ تَسْتَعْجِلُونَ ﴿١٤﴾

12 അവർ ചോദിക്കുന്നു: "ഏതവസരത്തിലാണ് (ഈ) പ്രതിഫലനടപടിയുടെ ദിവസം?" എന്ന്.

13 (നരക) അഗ്നിക്കുമീതെ അവർ പരീക്ഷണം ചെയ്യപ്പെടുന്ന ദിവസമത്രെ (അതുണ്ടാവുക).

14 (പറയപ്പെടും) ''നിങ്ങളുടെ പരീക്ഷണം (ശിക്ഷ) നിങ്ങൾ ആസ്വദിക്കുവിൻ! നിങ്ങൾ യാതൊന്നിന് ധൃതിപ്പെട്ടുകൊണ്ടിരുന്നുവോ അതാണിത്,"

പ്രതിഫല നടപടി എടുക്കുന്ന ദിവസം എപ്പോഴാണ് എന്ന് അവിശ്വാസികൾ പരിഹാസപൂർവ്വം ധൃതി കൂട്ടിക്കൊണ്ട് ചോദിക്കുന്ന ചോദ്യമാണ് വചനം 12. അതിനുള്ള മറുപടിയാകുന്നു 13, 14 വചനങ്ങളിൽ.

**വചനം 15, 16 :**

إِنَّ ٱلۡمُتَّقِينَ فِي جَنَّٰتٖ وَعُيُونٍ ١٥ ءَاخِذِينَ مَآ ءَاتَىٰهُمۡ رَبُّهُمۡۚ إِنَّهُمۡ كَانُواْ قَبۡلَ ذَٰلِكَ مُحۡسِنِينَ ١٦

15 നിശ്ചയമായും ഭയഭക്തൻമാർ (സ്വർഗ്ഗ) തോപ്പുകളിലും, അരുവികളിലുമായിരിക്കും;-

16 തങ്ങളുടെ രക്ഷിതാവ് തങ്ങൾക്കു നൽകിയതിനെ (ഏറ്റു) വാങ്ങിക്കൊണ്ട്. (കാരണം) അവർ അതിനുമുമ്പ് സുകൃതം ചെയ്യുന്നവരായിരുന്നു.

'മുഹ്സിൻ' എന്നാൽ സുകൃതവാൻ, നന്മ ചെയ്യുന്നവൻ, പുണ്യം ചെയ്യുന്നവൻ എന്നൊക്കെയാകുന്നു വാക്കർത്ഥം. ഇതിന്റെ ധാതു പദമാകുന്ന ഇഹ്സാൻ എന്നതിന് നബി(സ) നൽകിയ നിർവ്വചനം ഇപ്രകാരമാകുന്നു.

"നീ അല്ലാഹു വിനെ കാണുന്നുവെന്ന പോലെ നീ അവനെ ആരാധിക്കുക. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്"- (മുസ്ലിം)

സുകൃതവാൻമാരുടെ ഗുണങ്ങളും അവർക്ക് സ്വർഗ്ഗവും മറ്റും ലഭിക്കുവാനുള്ള കാരണങ്ങളും അടുത്ത വചനങ്ങളിൽ വിവരിക്കപ്പെടുന്നു.

**വചനം17, 18, 19:**

كَانُواْ قَلِيلٗا مِّنَ ٱلَّيۡلِ مَا يَهۡجَعُونَ ١٧ وَبِٱلۡأَسۡحَارِ هُمۡ يَسۡتَغۡفِرُونَ ١٨ وَفِيٓ أَمۡوَٰلِهِمۡ حَقّٞ لِّلسَّآئِلِ وَٱلۡمَحۡرُومِ ١٩

17 അല്പ(സമയ)മായിരുന്നു രാത്രിയിൽനിന്ന് അവർ ഉറങ്ങാറുള്ളത്.

18 നിശാന്ത്യസമയങ്ങളിലാകട്ടെ, അവർ പാപമോചനം തേടുകയും ചെയ്തിരുന്നു.

19 അവരുടെ സ്വത്തുക്കളിൽ ചോദിക്കുന്നവന്നും, (ചോദിക്കുന്നതിന്) തടസ്സം ബാധിച്ചവർക്കും അവകാശവുമുണ്ടായിരിക്കും.

അവർ രാത്രിയിൽ അല്പ സമയം മാത്രം ഉറങ്ങുന്നവരും, അധികസമയവും നമസ്കാരം, ദിക്ർ, ദുആ മുതലായ ആരാധനാകർമ്മങ്ങളിൽ കഴിച്ച് കൂട്ടുന്നവരുമായിരിക്കും. രാത്രിയുടെ അന്ത്യയാമങ്ങളിലാകട്ടെ അവർ നമസ്കാരത്തിലോ അല്ലാതെയോ അല്ലാഹുവിനോട് പാപമോചനം തേടുന്നതിൽ ബദ്ധശ്രദ്ധരായിരിക്കും.

അവരുടെ സ്വത്തുക്കളിൽ പാവപ്പെട്ടവർക്ക് അവകാശമുണ്ടെന്നും തങ്ങൾ അത് കൊടുത്ത് തീർക്കേണ്ടതാണെന്നും അവർ കരുതുന്നു. ചോദിച്ച് വരുന്നവർക്ക് മാത്രമല്ല. ബുദ്ധിമുട്ടും ഞെരുക്കവുമുള്ള തോടൊപ്പം ചോദിച്ച് വാങ്ങാൻ കഴിയാതെയോ, ആത്മാഭിമാനം മൂലം ചോദിക്കാൻ നിവൃത്തിയില്ലാതെ മാറിനിൽക്കുകയോ ചെയ്യുന്നവർക്കും (ചോദിക്കുന്നതിന് തടസ്സം ബാധിച്ചവർ) المحروم തങ്ങളുടെ ധനത്തിൽ നിന്നും അവർ പങ്ക് നൽകുന്നതാണ്.

ചോദിച്ച് വാങ്ങലും യാചിക്കലും ഇസ്ലാം വളരെ ശക്തിയായി വെറുക്കുന്നു. എന്നാൽ ചോദിക്കപ്പെടുന്ന ആൾ തന്റെ മാന്യതയും അന്തസ്സും നിലനിർത്തി ചോദ്യകർത്താവിന്റെ സ്ഥിതിഗതികൾ ചുഴിഞ്ഞന്വേഷണം നടത്താതെ, അവർ സഹായം ചോദിച്ച കാരണം കൊണ്ട് തന്നെ, സഹായം നൽകേണ്ടതുണ്ട്. ചോദിച്ചു വരുന്നവൻ കുതിരപ്പുറത്ത് വന്നാലും ശരി അവന്നൊരു അവകാശമുണ്ട് എന്നത്രേ നബി(സ) അരുളിയത്. (അ. ദാ)

**വചനം 20, 21, 22, 23**

وَفِي ٱلۡأَرۡضِ ءَايَٰتٞ لِّلۡمُوقِنِينَ ٢٠ وَفِيٓ أَنفُسِكُمۡۚ أَفَلَا تُبۡصِرُونَ ٢١

20 ദൃഢവിശ്വാസമുള്ളവർക്ക് ഭൂമിയിൽ പല ദൃഷ്ടാന്തങ്ങൾ ഉണ്ട്.

21 നിങ്ങളിൽ തന്നെയുമുണ്ട് (ദൃഷ്ടാന്തങ്ങൾ). എന്നിട്ട് നിങ്ങൾ കണ്ടറിയുന്നില്ലേ?!

وَفِي ٱلسَّمَآءِ رِزْقُكُمْ وَمَا تُوعَدُونَ ﴿٢٢﴾

22 ആകാശത്തിൽ നിങ്ങളുടെ ആഹാരവും (ഉപജീവനമാർഗ്ഗവും), നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്നതും ഉണ്ട്.

فَوَرَبِّ ٱلسَّمَآءِ وَٱلْأَرْضِ إِنَّهُۥ لَحَقٌّ مِّثْلَ مَآ أَنَّكُمْ تَنطِقُونَ ﴿٢٣﴾

23 എന്നാൽ. ആകാശത്തിൻെറയും ഭൂമിയുടെയും രക്ഷിതാവ് തന്നെയാണ(സത്യം)! നിശ്ചയമായും, ഇത്, നിങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്നുവെന്നതുപോലെ ഒരു യഥാർത്ഥം തന്നെയാണ് (എന്ന് ഓർമ്മിക്കുക).

ദൃഢവിശ്വാസമുള്ളവർക്ക് ഭൂമിയിൽ തന്നെ പല ദൃഷ്ടാന്തങ്ങൾ ഉള്ളത് കൂടാതെ അവനവനിൽ തന്നെ ധാരാളം ദൃഷ്ടാന്തങ്ങളുമുണ്ട്. ആകാശത്ത് നിന്ന് ലഭിക്കുന്ന മഴയെ ആശ്രയിച്ചാണല്ലോ മനുഷ്യന്റെ ആഹാരം നില കൊള്ളുന്നത്. അതിന് പുറമേ അല്ലാഹുവിൽ നിന്നുള്ള അദൃശ്യമായ അനുഗ്രഹങ്ങൾ വേറെയും ആവശ്യമാകുന്നു. 'നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്നത്', എന്നത് കൊണ്ടുദ്ദേശ്യം മരണശേഷമുള്ള രക്ഷാശിക്ഷകൾ എന്നിവയാകുന്നു. മനുഷ്യൻ സംസാരിക്കുന്നത് എപ്രകാരം പരമാർത്ഥമാണോ അപ്രകാരം തന്നെ പരമാർത്ഥമാണ് ഇപ്പറയുന്ന കാര്യങ്ങളും എന്ന് അല്ലാഹു അവനിൽ ആണയിട്ട് ഓർമ്മിപ്പിക്കുന്നു.

## വിഭാഗം- 2

**വചനം 24, 25:**

هَلْ أَتَىٰكَ حَدِيثُ ضَيْفِ إِبْرَٰهِيمَ ٱلْمُكْرَمِينَ ﴿٢٤﴾

24 ഇബ്റാഹീമിൻെറ മാന്യാതിഥികളുടെ വർത്തമാനം നിനക്ക് വന്നിട്ടുണ്ടോ?-

إِذْ دَخَلُوا۟ عَلَيْهِ فَقَالُوا۟ سَلَٰمًا ۖ قَالَ سَلَٰمٌ قَوْمٌ مُّنكَرُونَ ﴿٢٥﴾

25 അതായത്, അവർ അദ്ദേഹത്തിൻെറ അടുക്കൽ പ്രവേശിച്ച സന്ദർഭം. എന്നിട്ട് അവർ 'സലാം' എന്നുപറഞ്ഞു. അദ്ദേഹം പറഞ്ഞു: "സലാം; അപരിചിതരായ ആളുകൾ!"

ഇബ്രാഹിം(അ) നബിയുടെ അതിഥികളുടെ സംഭവം ഇവിടെയും സൂ: ഹിജ്റിൽ 51 മുതൽ ഏതാനും വചനങ്ങളിലും സംക്ഷിപ്തമായും സൂ: ഹൂദ് 69 - 76 വചനങ്ങളിൽ വിശദമായും വിവരിച്ചിട്ടുണ്ട്. ഇസ്ലാമിലെ ഉപചാരവാക്യമായ 'സലാമോ'ട് കൂടിയാണ് അവർ വീട്ടിൽ പ്രവേശിച്ചത്. ഇബ്രാഹിം നബി(അ) അവരെ പ്രത്യഭിവാദ്യം ചെയ്തു.

**വചനം 26, 27:**

فَرَاغَ إِلَىٰٓ أَهْلِهِۦ فَجَآءَ بِعِجْلٍ سَمِينٍ ﴿٢٦﴾

26 ഉടനെ, അദ്ദേഹം തൻെറ വീട്ടുകാരുടെ അടുക്കലേക്ക് പതുങ്ങിച്ചെന്നു. എന്നിട്ട്(തടിച്ചു) കൊഴുത്ത ഒരു പശുക്കുട്ടിയെ (വേവിച്ചു) കൊണ്ടുവന്നു.

فَقَرَّبَهُۥٓ إِلَيْهِمْ قَالَ أَلَا تَأْكُلُونَ ﴿٢٧﴾

27 അങ്ങനെ, അത് അവരുടെ അടുക്കലേക്ക് അടുപ്പിച്ചു (കൊണ്ടുവന്നു)വെച്ചു. അദ്ദേഹം പറഞ്ഞു: "നിങ്ങൾ തിന്നുകയല്ലേ?!"

അവരെ സ്വീകരിച്ചിരുത്തിയ ശേഷം, തടിച്ച് കൊഴുത്ത ഒരു പശുക്കുട്ടിയെ പാകം ചെയ്ത് തയാറാക്കാൻ വീട്ടുകാരോട് ഏർപ്പാട് ചെയ്തു. ഭക്ഷണം വിളമ്പി അവരുടെ അടുക്കൽ കൊണ്ട് വെച്ച് അവരെ സാദരം ഭക്ഷിക്കുവാൻ ക്ഷണിച്ചു.

**വചനം 28:**

فَأَوْجَسَ مِنْهُمْ خِيفَةً ۖ قَالُوا۟ لَا تَخَفْ ۖ وَبَشَّرُوهُ بِغُلَٰمٍ عَلِيمٍ ﴿٢٨﴾

28 അപ്പോൾ, അവരെക്കുറിച്ചു അദ്ദേഹത്തിന് (മനസ്സിൽ) പേടിതോന്നി. അവർ പറഞ്ഞു; "പേടിക്കേണ്ട!" അദ്ദേഹത്തിന് ജ്ഞാനിയായ

ഒരു ആൺകുട്ടിയെപ്പറ്റി അവർ സന്തോഷ വാർത്ത അറിയിക്കുകയും ചെയ്തു.

എന്നാൽ അതിഥികൾ ഭക്ഷണം കഴിക്കാൻ കൈ നീട്ടിയില്ല. അത് കണ്ടപ്പോൾ അദ്ദേഹത്തിന് അവരെ പറ്റി ഭയം അനുഭവപ്പെടുകയുണ്ടായി. (സൂ. ഹൂദ് 70) തങ്ങൾ മലക്കുകളാണെന്നും അത് കൊണ്ടാണ് ഭക്ഷണം കഴിക്കാത്തതെന്നും അവർ അദ്ദേഹത്തോട് പറഞ്ഞു. താങ്കൾക്ക് ജ്ഞാനിയായ ഒരു ആൺകുട്ടി ജനിക്കുവാൻ പോകുന്നുവെന്ന സന്തോഷവാർത്തയും കൊണ്ടാണ് ഞങ്ങൾ വന്നിട്ടുള്ളതെന്നും ആ മലക്കുകൾ ഇബ്രാഹീം(അ) നബിയെ അറിയിച്ചു. ഇത് കേട്ട് ഇബ്രാഹീം(അ) നബിയുടെ ഭാര്യ സാറ(അ) ആശ്ചര്യപ്പെട്ടു.

**വചനം 29, 30:**

فَأَقْبَلَتِ ٱمْرَأَتُهُۥ فِى صَرَّةٍ فَصَكَّتْ وَجْهَهَا وَقَالَتْ عَجُوزٌ عَقِيمٌ ﴿٢٩﴾

قَالُوا۟ كَذَٰلِكِ قَالَ رَبُّكِ ۖ إِنَّهُۥ هُوَ ٱلْحَكِيمُ ٱلْعَلِيمُ ﴿٣٠﴾

29 അപ്പോൾ, അദ്ദേഹത്തിൻെറ ഭാര്യ (ഉച്ചത്തിൽ) ഒരു ശബ്ദത്തോടെ മുമ്പോട്ടുവന്നു. എന്നിട്ടവൾ അവളുടെ മുഖത്തടിച്ചു; (ഇങ്ങിനെ) പറയുകയും ചെയ്തു: “വന്ധ്യയായ ഒരു കിഴവി! (ഇനി ഞാൻ പ്രസവിക്കുകയോ?!)”

30 അവർ പറഞ്ഞു: “അപ്രകാരം തന്നെയാണ് നിൻെറ റബ്ബ് പറഞ്ഞിരിക്കുന്നത്, നിശ്ചയമായും, സർവജ്ഞനായ യുക്തിമാൻ അവൻതന്നെ.”

ഈ സന്ദർഭം സൂ: ഹൂദ് 71,72,73 വചനങ്ങളിൽ വിശദമായി വിവരിച്ചിരിക്കുന്നു. ഈ സന്തോഷ വാർത്ത അറിയിക്കപ്പെട്ട പുത്രൻ ഇസ്ഹാഖ്(അ) നബിയാകുന്നു. ഇസ്മാഈൽ(അ) നബിയെക്കുറിച്ചുള്ള സന്തോഷവാർത്ത അറിയിക്കപ്പെട്ടതിനെക്കുറിച്ച് സൂ: സ്വാഫ്-ഫാത്ത്: 101 ൽ പ്രസ്താവിച്ചിരിക്കുന്നു.

## ജുസ്അ് – 27

**വചനം 31,32,33,34,:**

۞ قَالَ فَمَا خَطْبُكُمْ أَيُّهَا ٱلْمُرْسَلُونَ ﴿٣١﴾

قَالُوٓا۟ إِنَّآ أُرْسِلْنَآ إِلَىٰ قَوْمٍ مُّجْرِمِينَ ﴿٣٢﴾

لِنُرْسِلَ عَلَيْهِمْ حِجَارَةً مِّن طِينٍ ﴿٣٣﴾

مُّسَوَّمَةً عِندَ رَبِّكَ لِلْمُسْرِفِينَ ﴿٣٤﴾

31 അദ്ദേഹം പറഞ്ഞു: “എന്നാൽ നിങ്ങളുടെ (പ്രധാന) വിഷയം എന്താണ്, ഹേ, ദൂതൻമാരേ?”

32 അവർ പറഞ്ഞു: “ഞങ്ങൾ കുറ്റവാളികളായ ഒരു ജനതയിലേക്ക് അയക്കപ്പെട്ടിരിക്കുന്നു;-

33 “ഞങ്ങൾ അവരുടെമേൽ കളിമണ്ണുകൊണ്ടുള്ള കല്ലുകൾ വിടുവാൻവേണ്ടി;-

34 അതിരുകവിഞ്ഞ ആളുകൾക്കായി നിൻെറ റബ്ബിൻെറ അടുക്കൽ അടയാളപ്പെടുത്തപ്പെട്ടിട്ടുള്ളതായ (കല്ലുകൾ).”

മലക്കുകളുടെ വരവിൽ വേറെയും ലക്ഷ്യമുണ്ടോ എന്നാരാഞ്ഞ ഇബ്രാഹീം(അ) നബിയോട് ഞങ്ങൾ കുറ്റവാളികളുടെ ജനതയായ ലൂത്(അ) നബിയുടെ ജനതയെ നശിപ്പിക്കാനായി അയക്കപ്പെട്ടവരാണ് എന്നാ മലക്കുകൾ അദ്ദേഹത്തോട് പറഞ്ഞു. ആ ജനതയേയും അവർക്ക് ലഭിച്ച ശിക്ഷയെയും കുറിച്ച് സൂ: ശുഅറാഅ് : 160 -173 വചനങ്ങളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അവർക്കായി പ്രത്യേകം അടയാളപ്പെടുത്തിയ ഒരു തരം കല്ലുകളായിരുന്നു അവരിൽ വർഷിക്കപ്പെട്ടത് എന്നാണ് 34 ാം വചനത്തിൽ നിന്നും സൂ: ഹൂദ് 83 ാം വചനത്തിൽ നിന്നും മനസ്സിലാകുന്നത്. الله اعلم

**വചനം 35,36,37:**

فَأَخْرَجْنَا مَن كَانَ فِيهَا مِنَ ٱلْمُؤْمِنِينَ ﴿٣٥﴾

35 അങ്ങനെ, അവിടത്തിൽ സത്യവിശ്വാസികളിൽപെട്ടവരായി ഉണ്ടായിരുന്നവരെ (മുഴുവനും) നാം പുറത്താക്കി (രക്ഷപ്പെടുത്തി).

فَمَا وَجَدْنَا فِيهَا غَيْرَ بَيْتٍ مِّنَ ٱلْمُسْلِمِينَ ﴿٣٦﴾

36 എന്നാൽ 'മുസ്ലിം'കളിൽ നിന്നുമുള്ള ഒരു വീടല്ലാതെ അവിടത്തിൽ നാം കണ്ടെത്തിയില്ല.

وَتَرَكْنَا فِيهَآ ءَايَةً لِّلَّذِينَ يَخَافُونَ ٱلْعَذَابَ ٱلْأَلِيمَ ﴿٣٧﴾

37 വേദനയേറിയ ശിക്ഷയെ ഭയപ്പെടുന്നവർക്ക് ഒരു ദൃഷ്ടാന്തം നാം അതിൽ അവശേഷിപ്പിക്കുകയും ചെയ്തു.

ലൂത്വ്(അ) നബിയുടെ പ്രദേശം കീഴ്മേലായി മറിക്കപ്പെട്ടു. ഒരു ജനതക്ക് പൊതു ശിക്ഷ വരുമ്പോൾ ആ ജനതയിലുള്ള പ്രവാചകനേയും സത്യവിശ്വാസികളെയും അല്ലാഹു രക്ഷപ്പെടുത്തുന്നു. ലൂത്വ്(അ) നബിയുടെ രാജ്യത്ത് അദ്ദേഹത്തിന്റെ ഒരു വീട് മാത്രമേ സത്യവിശ്വാസികളുടെതായിട്ട് ഉണ്ടായിരുന്നുള്ളൂ. അവിശ്വാസികളുടെ പക്ഷക്കാരിയായ അദ്ദേഹത്തിന്റെ ഭാര്യ പോലും ശിക്ഷയിൽ അകപ്പെട്ടു. (സൂ: ശുഅറാഅ്: 171)

**വചനം 38,39,40:**

وَفِى مُوسَىٰٓ إِذْ أَرْسَلْنَٰهُ إِلَىٰ فِرْعَوْنَ بِسُلْطَٰنٍ مُّبِينٍ ﴿٣٨﴾

38 മൂസായിലുമുണ്ട് (ദൃഷ്ടാന്തം). അതായത്, സ്പഷ്ടമായ (അധികൃത) ലക്ഷ്യത്തോടുകൂടി നാം അദ്ദേഹത്തെ ഫിർഔൻെറ അടുക്കലേക്ക് അയച്ച സന്ദർഭം.

فَتَوَلَّىٰ بِرُكْنِهِۦ وَقَالَ سَٰحِرٌ أَوْ مَجْنُونٌ ﴿٣٩﴾

39 എന്നിട്ട് അവൻ അവൻെറ (ശക്തി) ഘടകവുമായി തിരിഞ്ഞുകളഞ്ഞു. അവൻ പറയുകയും ചെയ്തു: "(മൂസാ) ഒരു ജാലവിദ്യക്കാരനാണ്, അല്ലെങ്കിൽ ഒരു ഭ്രാന്തനാണ്" എന്ന്.

فَأَخَذْنَٰهُ وَجُنُودَهُۥ فَنَبَذْنَٰهُمْ فِى ٱلْيَمِّ وَهُوَ مُلِيمٌ ﴿٤٠﴾

40 അതിനാൽ, അവനെയും, അവൻെറ സൈന്യങ്ങളെയും നാം പിടിച്ചു അവരെ സമുദ്രത്തിൽ എറിഞ്ഞു. അവൻ, ആക്ഷേപാർഹൻ (അഥവാ ആക്ഷേപകരമായതു പ്രവർത്തിച്ചവൻ) ആയിരുന്നുതാനും.

മൂസാ (അ) നബിയുടെയും ഫിർഔനിന്റെയും ചരിത്രം ഖുർആനിൽ വിവിധയിടങ്ങളിൽ വിശദമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാകുന്നു (സൂ: അഅ്റാഫ് 103-136 സൂ: യൂനുസ് 75-92, സൂ:ത്വാഹാ 9-78 എന്നിവിടങ്ങളിൽ നോക്കുക.

**വചനം 41, 42, 43, 44, 45, 46:**

وَفِى عَادٍ إِذْ أَرْسَلْنَا عَلَيْهِمُ ٱلرِّيحَ ٱلْعَقِيمَ ﴿٤١﴾

41 'ആദ്' (ജനതയി) ലുമുണ്ട് (ദൃഷ്ടാന്തം). അതായത്, അവരിൽ വന്ധ്യയായ (ഒട്ടും ഗുണകരമല്ലാത്ത) കാറ്റിനെ അയച്ച സന്ദർഭം.

مَا تَذَرُ مِن شَىْءٍ أَتَتْ عَلَيْهِ إِلَّا جَعَلَتْهُ كَٱلرَّمِيمِ ﴿٤٢﴾

42 അത് ഏതൊരു വസ്തുവിൽ ചെന്നെത്തിയോ അതിനെ (പഴകിദ്രവിച്ച) തുരുമ്പുപോലെ ആക്കാതെ അത് വിട്ടുകളഞ്ഞിരുന്നില്ല.

وَفِى ثَمُودَ إِذْ قِيلَ لَهُمْ تَمَتَّعُوا۟ حَتَّىٰ حِينٍ ﴿٤٣﴾

43 'ഥമൂദ്' (ജനതയി)ലുമുണ്ട് (ദൃഷ്ടാന്തം). അതായത്, "ഒരു സമയംവരേക്ക് നിങ്ങൾ സുഖഭോഗമെടുത്തു കൊള്ളുവിൻ" എന്ന് അവരോടു പറയപ്പെട്ട സന്ദർഭം.

فَعَتَوْا۟ عَنْ أَمْرِ رَبِّهِمْ فَأَخَذَتْهُمُ ٱلصَّٰعِقَةُ وَهُمْ يَنظُرُونَ ﴿٤٤﴾

44 എന്നിട്ട് അവർ, തങ്ങളുടെ റബ്ബിൻെറ കൽപന വിട്ടേച്ചു ധിക്കരിച്ചു. അതിനാൽ, അവർ നോക്കിക്കൊണ്ടിരിക്കവെ അവരെ ഇടിത്തീ പിടികൂടി.

45 അപ്പോൾ അവർക്ക് എഴുന്നേൽക്കുവാൻ (രക്ഷപ്പെടുവാൻ) കഴിവുണ്ടായില്ല; അവർ (സ്വയം) രക്ഷാനടപടിയെടുക്കുന്നവരായതുമില്ല.

فَمَا ٱسْتَطَٰعُوا۟ مِن قِيَامٍ وَمَا كَانُوا۟ مُنتَصِرِينَ ﴿٤٥﴾

46 മുമ്പ് നൂഹിൻെറ ജനതയെയുംതന്നെ (നശിപ്പിക്കയുണ്ടായി). നിശ്ചയമായും അവർ ദുർന്നടപ്പുകാരായ ഒരു ജനതയായിരുന്നു.

وَقَوْمَ نُوحٍ مِّن قَبْلُ ۖ إِنَّهُمْ كَانُوا۟ قَوْمًا فَٰسِقِينَ ﴿٤٦﴾

ഹൂദ് (അ) നബിയുടെ ജനതയായ ആദ് ജനതക്ക് ബാധിച്ച ശിക്ഷ ഏഴ് രാവും എട്ട് പകലും നീണ്ട് നിന്ന കാറ്റായിരുന്നു. (സൂ: ഹാഖ-7)

സ്വാലിഹ് (അ) നബിയുടെ ജനതയായ ഥമൂദ് ഗോത്രക്കാർക്ക് ദൃഷ്ടാന്തമായി നിശ്ചയിക്കപ്പെട്ടിരുന്ന ഒട്ടകത്തെ അവർ അറുത്ത് കളഞ്ഞു. അതിന് ശേഷം മൂന്ന് ദിവസത്തേക്ക് ('ഒരു സമയം വരേക്ക്') അവർക്ക് ഒരു അവധി കൊടുത്തു. ഇവർക്ക് ബാധിച്ച ശിക്ഷയെ പറ്റി സൂ: ഹൂദ് 67ൽ ഘോര ശബ്ദം എന്നാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ ഇടിത്തീ എന്ന് പറഞ്ഞിട്ടുള്ളതും അതിനെക്കുറിച്ചാകുന്നു. ഈ രണ്ട് ജനതയെക്കുറിച്ചും നൂഹ് (അ) നബിയുടെ ജനതയെക്കുറിച്ചും പല അദ്ധ്യായങ്ങളിലും നാം വായിച്ച് കഴിഞ്ഞതാണ്.

---

**വിഭാഗം 3**

---

**വചനം 47,48,49,50,51:**

47 ആകാശമാകട്ടെ, നാമതിനെ (ശക്തിയും വൈദഗ്ദ്ധ്യവുമാകുന്ന) കരങ്ങളാൽ സ്ഥാപിച്ചിരിക്കുന്നു. നാം വിപുലമായ കഴിവുള്ളവർ തന്നെയാണുതാനും.

وَٱلسَّمَآءَ بَنَيْنَٰهَا بِأَيْي۟دٍ وَإِنَّا لَمُوسِعُونَ ﴿٤٧﴾

48 ഭൂമിയാകട്ടെ, നാമതിനെ (പരത്തി) വിരിച്ചിരിക്കുന്നു. അപ്പോൾ ആ (വിരിപ്പ്) വിതാനിച്ചവർ വളരെ നന്നായിട്ടുണ്ട്!

وَٱلْأَرْضَ فَرَشْنَٰهَا فَنِعْمَ ٱلْمَٰهِدُونَ ﴿٤٨﴾

49 എല്ലാ വസ്തുക്കളിൽനിന്നും തന്നെ, രണ്ടു ഇണകളെ നാം സൃഷ്ടിച്ചിരിക്കുന്നു; നിങ്ങൾ ഉറ്റാലോചിക്കുവാൻ വേണ്ടി.

وَمِن كُلِّ شَىْءٍ خَلَقْنَا زَوْجَيْنِ لَعَلَّكُمْ تَذَكَّرُونَ ﴿٤٩﴾

50 (പറയുക:) ആകയാൽ നിങ്ങൾ അല്ലാഹുവിങ്കലേക്ക് (അഭയാർത്ഥം) ഓടിച്ചെല്ലുവിൻ. നിശ്ചയമായും ഞാൻ, നിങ്ങൾക്ക് അവൻെറ അടുക്കൽനിന്നു സ്പഷ്ടമായ ഒരു താക്കീതുകാരനാകുന്നു.

فَفِرُّوٓا۟ إِلَى ٱللَّهِ ۖ إِنِّى لَكُم مِّنْهُ نَذِيرٌ مُّبِينٌ ﴿٥٠﴾

51 അല്ലാഹുവിനോടൊപ്പം മറ്റൊരു ആരാധ്യനെ നിങ്ങൾ ഏർപ്പെടുത്തുകയും ചെയ്യരുത്. നിശ്ചയമായും ഞാൻ, നിങ്ങൾക്ക് അവൻെറ അടുക്കൽനിന്ന് സ്പഷ്ടമായ ഒരു താക്കീതുകാരനാകുന്നു.

وَلَا تَجْعَلُوا۟ مَعَ ٱللَّهِ إِلَٰهًا ءَاخَرَ ۖ إِنِّى لَكُم مِّنْهُ نَذِيرٌ مُّبِينٌ ﴿٥١﴾

വളരെ നൈപുണ്യത്തോടും ശക്തിയോടും കൂടി അതി സങ്കീർണ്ണമായ ആകാശങ്ങളെ സ്ഥാപിച്ചതും, വളരെ സൗകര്യത്തോടെ വിഹരിക്കത്തക്കവണ്ണം ഭൂമിയെ പരത്തി വിതാനിച്ചതും അവയിലെ വസ്തുക്കളെയെല്ലാം ഇണകളും തുണകളുമാക്കി സൃഷ്ടിച്ചതും ഓർമ്മിപ്പിച്ച് കൊണ്ട്, അവയുടെയെല്ലാം സൃഷ്ടാവും കർത്താവുമായ അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ച് മടങ്ങുവാനും അവനെ മാത്രം ആരാധ്യനായി സ്വീകരിക്കുവാനും അല്ലാഹു ആഹ്വാനം ചെയ്യുകയാണ്. ഈ ദൗത്യത്തെക്കുറിച്ച് നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുവാനായി അല്ലാഹു നിയോഗിച്ചയച്ച താക്കീതുകാരനാണ് - റസൂലാണ് - നബി(സ) തിരുമേനി എന്ന് ആവർത്തിച്ച്, ഉണർത്തുകയും ചെയ്യുന്നു.

**വചനം 52,53,54,55**

كَذَٰلِكَ مَآ أَتَى ٱلَّذِينَ مِن قَبْلِهِم مِّن رَّسُولٍ إِلَّا قَالُوا۟ سَاحِرٌ أَوْ مَجْنُونٌ ﴿٥٢﴾

أَتَوَاصَوْا۟ بِهِۦ ۚ بَلْ هُمْ قَوْمٌ طَاغُونَ ﴿٥٣﴾

فَتَوَلَّ عَنْهُمْ فَمَآ أَنتَ بِمَلُومٍ ﴿٥٤﴾

وَذَكِّرْ فَإِنَّ ٱلذِّكْرَىٰ تَنفَعُ ٱلْمُؤْمِنِينَ ﴿٥٥﴾

52 അപ്രകാരം (തന്നെ) ഇവരുടെ മുമ്പുള്ളവർക്ക് ഒരു റസൂലും തന്നെ വരികയുണ്ടായില്ല "(ഇവൻ) ഒരു ജാലവിദ്യക്കാരനാണ്, അല്ലെങ്കിൽ ഭ്രാന്തനാണ്" എന്ന് അവർ പറയാതെ!

53 ഇതിനെപ്പറ്റി അവർ അന്യോന്യം ഒസ്യത്ത് (അഥവാ സദുപദേശം) ചെയ്തിരിക്കുകയാണോ?! (ഇല്ല) എങ്കിലും അവർ അതിക്രമികളായ ജനങ്ങളാകുന്നു.

54 ആകയാൽ, നീ അവരിൽനിന്ന് (തിരിഞ്ഞു) മാറിക്കൊള്ളുക. എന്നാൽ, നീ ആക്ഷേപിക്കപ്പെടുന്നവനല്ല.

55 (ഉപദേശം നൽകി) ഓർമ്മിപ്പിക്കുകയും ചെയ്യുക. നിശ്ചയമായും ഓർമ്മിപ്പിക്കൽ (ഉപദേശം) സത്യവിശ്വാസികൾക്കു ഫലം ചെയ്യും.

മേൽപ്രസ്താവിക്കപ്പെട്ട സമുദായങ്ങളെല്ലാം അവരവർക്ക് വന്നിരുന്ന റസൂലുകളെ നിഷേധിക്കാതെയും അവരെ ജാലവിദ്യക്കാരെന്നും ഭ്രാന്തന്മാരെന്നും അധിക്ഷേപിക്കാതെയും വിട്ടിട്ടില്ല. അത് പോലെ ഈ അവിശ്വാസികളും പറയുന്നുവെന്നേയുള്ളൂ. ഇവരുടെ ഐകരൂപം കണ്ടാൽ ഇവർ തമ്മിൽ അങ്ങനെ ചെയ്യുവാൻ അന്യോന്യം ഒസ്യത്ത് നൽകിയിട്ടുണ്ടോ എന്ന് തോന്നും പക്ഷേ അതൊന്നുമില്ല. അവരെല്ലാവരും അതിക്രമികളാണെന്ന് മാത്രം. ആകയാൽ, നീ അവരിൽ നിന്നും വിട്ടുമാറിനിന്ന് കൊള്ളുക. എന്നാൽ ഉപദേശം തുടർന്ന് കൊണ്ടിരിക്കുക. സത്യവിശ്വാസികൾക്കും സ്വീകരിക്കാൻ സന്നദ്ധത യുള്ളവർക്കും അത് ഫലം ചെയ്യുന്നതാണ്.

**വചനം 56,57,58 :**

وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴿٥٦﴾

مَآ أُرِيدُ مِنْهُم مِّن رِّزْقٍ وَمَآ أُرِيدُ أَن يُطْعِمُونِ ﴿٥٧﴾

إِنَّ ٱللَّهَ هُوَ ٱلرَّزَّاقُ ذُو ٱلْقُوَّةِ ٱلْمَتِينُ ﴿٥٨﴾

56 ജിന്നിനെയും, മനുഷ്യനെയും അവർ എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.

57 അവരിൽനിന്ന് യാതൊരു ഉപജീവനവും ഞാൻ ഉദ്ദേശിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകുവാനും ഞാൻ ഉദ്ദേശിക്കുന്നില്ല.

58 നിശ്ചയമായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവൻ, ശക്തിയുള്ളവൻ, ബലവത്തായുള്ളവൻ.

അല്ലാഹുവിന്റെ കണക്കറ്റ സൃഷ്ടികളിൽ ജീവിവർഗ്ഗങ്ങളിൽ പ്പെട്ട ബുദ്ധിജീവികളായ രണ്ട് വിഭാഗങ്ങളാണ്. 'ജിന്ന് 'എന്ന ഭൂതവർഗ്ഗവും 'ഇൻസ് 'എന്ന മനുഷ്യവർഗ്ഗവും. നന്മയും തിന്മയും തിരഞ്ഞെടുക്കുവാനുള്ള ഇച്ഛാ സ്വാതന്ത്ര്യം അവരുടെ സവിശേഷതയാകുന്നു. നന്മയുടെയും തിന്മയുടെയും മാർഗ്ഗം ഇന്നിന്നതാണെന്ന് പ്രവാചകന്മാർ മുഖേന അല്ലാഹു അവർക്ക് വേർതിരിച്ച് അറിയിച്ച് കൊടുത്തിട്ടുമുണ്ട്.

ജിന്നിനെയും ഇൻസിനെയും അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് അവർ അവന് ആരാധന(ഇബാദത്ത്) ചെയ്യാൻ വേണ്ടിയല്ലാതെ മറ്റൊന്നിനുമല്ല. അതല്ലാതെ ഇവരിൽ നിന്ന് വല്ല ഉപജീവനമോ മറ്റ് കാര്യങ്ങളോ അവൻ ഉദ്ദേശിക്കുന്നില്ല. (സൂ. ഇബ്റാഹീം: 8ാം വചനം ശ്രദ്ധിക്കുക.)

ഇബാദത്ത്, (ആരാധന) എന്ന പദത്തിന്റെ മൂല അർത്ഥം "അങ്ങേ അറ്റത്തെ താഴ്മ പ്രകടിപ്പിക്കൽ" എന്നാകുന്നു. അങ്ങേ അറ്റത്തെ അനുഗ്രഹങ്ങൾ ചെയ്യുന്ന അല്ലാഹു മാത്രമേ അതിന് അർഹനാ

യിട്ടുള്ളൂ താനും. ഇബാദത്ത് രണ്ട് തരം ഉണ്ട്. ഒന്ന്: 'കീഴ്പെടുത്തൽ' (പ്രകൃതി നിയമങ്ങൾക്ക് വിധേയമായിരിക്കൽ) മുഖേനയുള്ള ഇബാദത്ത്. ഈ ഇബാദത്ത് മനുഷ്യർക്ക് മാത്രമുള്ളതല്ല; എല്ലാ ജീവിവർഗ്ഗങ്ങൾക്കും നിർജ്ജീവ വസ്തുക്കൾക്കും പൊതുവെ നിർബന്ധിതമായിട്ടുള്ളതാണ്. (സൂ: റഅ്ദ് 15-ാം വചനം നോക്കുക.) രണ്ട്: സ്വേച്ഛ പ്രകാരം ഉണ്ടാകുന്ന ഇബാദത്ത്, ഇത് ബുദ്ധിജീവികളാരോ അവർക്കുള്ളതാകുന്നു. 56ാം വചനത്തിലും അല്ലാഹുവിന് ഇബാദത്ത് ചെയ്യുവാൻ കൽപിക്കുന്ന മറ്റ് വചനങ്ങളിലും ("നിങ്ങളുടെ റബ്ബിന് ഇബാദത്ത് ചെയ്യുവിൻ" "അല്ലാഹുവിന് ഇബാദത്ത് ചെയ്യണം" എന്നീ വചനങ്ങൾ) ഉദ്ദേശിക്കപ്പെടുന്നത് സ്വേഛയനുസരിച്ച് ചെയ്യുന്ന ഇബാദത്താകുന്നു. ഇത് അങ്ങേയറ്റം താഴ്മയും ഭക്തിയും പ്രകടിപ്പിക്കുന്ന തരത്തിലുള്ളതുമാകുന്നു.

**വചനം 59, 60 :**

فَإِنَّ لِلَّذِينَ ظَلَمُوا۟ ذَنُوبًا مِّثْلَ ذَنُوبِ أَصْحَـٰبِهِمْ فَلَا يَسْتَعْجِلُونِ ﴿٥٩﴾

فَوَيْلٌ لِّلَّذِينَ كَفَرُوا۟ مِن يَوْمِهِمُ ٱلَّذِى يُوعَدُونَ ﴿٦٠﴾

59 എന്നാൽ, അക്രമം പ്രവർത്തിച്ചവർക്ക് നിശ്ചയമായും തങ്ങളുടെ കൂട്ടാളികളുടെ വിഹിതം പോലെയുള്ള വിഹിതം ഉണ്ട്. അതിനാൽ, എന്നോടവർ ധൃതികൂട്ടാതിരിക്കട്ടെ!

60 അപ്പോൾ, അവിശ്വസിച്ചവർക്ക് തങ്ങളോടു വാഗ്ദത്തം (അഥവാ താക്കീത്) ചെയ്യപ്പെടുന്ന (ആ) ദിവസം നിമിത്തം നാശം!

അക്രമികളായിരുന്ന മുൻ കഴിഞ്ഞ് പോയ ജനതക്ക് ബാധിച്ച ശിക്ഷയിൽ ഒട്ടും കുറയാത്ത പങ്ക് ഈ അക്രമികൾക്കും ലഭിക്കാതിരിക്കുകയില്ല. അതിന് ധൃതി കൂട്ടി പരിഹസിക്കുന്നത് അത്ര നല്ലതല്ല. അവരോട് വാഗ്ദത്തം ചെയ്യപ്പെട്ട ആ ദിവസം - ഖിയാമത്ത് നാൾ - വരുമ്പോഴായിരിക്കും അവിശ്വാസികളുടെ ഏറ്റവും വമ്പിച്ച നാശം

# 52. സൂറത്തു ത്ത്വൂർ

**മക്കയിൽ അവതരിച്ചത്**

**വചനങ്ങൾ 49, വിഭാഗം (റുക്കൂഅ്) 2**

ഒന്നാം വചനത്തിൽ ത്വൂർ പർവ്വതത്തെ പറ്റിയുള്ള പരാമർശമാണ് സൂറത്തിന്റെ പേരിന് നിദാനം

**വിഭാഗം 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3,4,5,6,,7,8:**

وَٱلطُّورِ ۝١
وَكِتَٰبٍ مَّسْطُورٍ ۝٢
فِى رَقٍّ مَّنشُورٍ ۝٣
وَٱلْبَيْتِ ٱلْمَعْمُورِ ۝٤
وَٱلسَّقْفِ ٱلْمَرْفُوعِ ۝٥
وَٱلْبَحْرِ ٱلْمَسْجُورِ ۝٦
إِنَّ عَذَابَ رَبِّكَ لَوَٰقِعٌ ۝٧
مَّا لَهُۥ مِن دَافِعٍ ۝٨

1 (ആ) പർവ്വതം തന്നെയാണ (സത്യം)!

2 വരിയായി (ക്രമീകരിച്ച്) എഴുതപ്പെട്ട ഗ്രന്ഥം തന്നെയാണ (സത്യം)!

3 (അതെ, തുറന്നു) വിരുത്തിവെക്കപ്പെട്ട തോലിൽ (എഴുതപ്പെട്ട ഗ്രന്ഥം).

4 (നിത്യം) ആൾപെരുമാറ്റമുള്ള മന്ദിരം തന്നെയാണ (സത്യം)!

5 ഉയർത്തപ്പെട്ട മേൽപ്പുര തന്നെയാണ (സത്യം)!

6 നിറഞ്ഞ (മഹാ) സമുദ്രം തന്നെയാണ (സത്യം)!

7 നിശ്ചയമായും, നിൻെറ റബ്ബിൻെറ ശിക്ഷ സംഭവിക്കുന്നതു തന്നെ.

8 അതിന് യാതൊരു തടവുമില്ല.

സത്യനിഷേധികൾക്ക് വമ്പിച്ച ശിക്ഷ അനുഭവപ്പെടുമെന്നും അത് തടുക്കുവാൻ യാതൊരു മാർഗ്ഗേണയും സാധ്യമല്ലെന്നും അല്ലാഹു അഞ്ചു വസ്തുക്കളാൽ ആണയിട്ട് പറയുന്നു.

ഒന്നാമതായി, പർവ്വതത്തെ കൊണ്ടാകുന്നു സത്യം. ത്വൂർ എന്നാൽ പർവ്വതം എന്നാകുന്നു വാക്കർത്ഥം. ഇവിടെ അത്-ത്വൂർ എന്നത് ഒരു പ്രത്യേക പർവ്വതത്തെ സൂചിപ്പിക്കുന്നു. മൂസാ (അ) നബിക്ക് പ്രവാകത്വം സിദ്ധിച്ചതും തൗറാത്ത് ലഭിച്ചതുമായ സീനാ പർവ്വതത്തെക്കുറിച്ച് അത്-ത്വൂർ എന്ന് പറയുക പതിവാണ്. ഇതേ വാക്ക് തന്നെ മറ്റ് പർവ്വതങ്ങളെയും ഉദ്ദേശിച്ചും പറയാവുന്നതാണ്. ഇവിടെയും ഉദ്ദേശം അങ്ങനെ ആയിക്കൂടാ എന്നില്ല.

രണ്ടാമത്തെ സത്യം, തുറന്ന് വിരുത്തി വെക്കപ്പെട്ട തോലിൽ ഭംഗിയായി വരിവരിയായി ക്രമീകരിച്ചെഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥം കൊണ്ടാകുന്നു. ഇത് തൗറാത്തിനെ അല്ലെങ്കിൽ ഖുർആനും തൗറാത്തും ഉൾപ്പടെയുള്ള വേദഗ്രന്ഥങ്ങളെ സൂചിപ്പിക്കുന്നു. മുൻകാലത്ത് എഴുതുവാൻ ഉപയോഗിച്ചിരുന്ന പ്രധാന ഉപകരണം തോൽക്കഷ്ണങ്ങളായിരുന്നുവല്ലോ. ആ ഗ്രന്ഥം ജനമദ്ധ്യേപരസ്യമാക്കപ്പെടുന്നതും പാരായണം ചെയ്യപ്പെടുന്നതുമാണെന്ന് 'തുറന്ന് വിരുത്തപ്പെട്ട'തെന്ന വിശേഷണം ധ്വനിപ്പിക്കുന്നു.

മൂന്നാമത്തെ സത്യം, ആൾ പെരുമാറ്റമുള്ള മന്ദിരം എന്നത് (البيت المعمور) കഅബഃയെ സൂചിപ്പിക്കുന്നു. അതിന്റെ സ്ഥാപനകാലം മുതൽ ഇന്നോളം നിത്യേന അനേകം ആളുകൾ ത്വവാഫ്, നമസ്കാരം, തുടങ്ങിയ ആരാധനാ കർമ്മങ്ങൾ അവിടെ നടത്തിക്കൊണ്ടിരിക്കുന്നു. ഇതേ പേരിൽ (البيت المعمور) മലക്കുകളാൽ നിത്യവും ആരാധനാ കർമ്മങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഒരു മന്ദിരം ആകാശത്ത് സ്ഥിതി ചെയ്യുന്നതായി മിഅ്റാജിന്റെ പ്രസിദ്ധമായ ഹദീസിൽ നബി(സ) പ്രസ്താവിച്ചിട്ടുണ്ട്. (ആകാശത്തിലെ പ്രസ്തുത മന്ദിരമാണ്. 4ാം വചനത്തിലെ മന്ദിരം എന്നത് കൊണ്ടുദ്ദേശ്യമെന്നും അഭിപ്രായമുണ്ട്.)

നാലാമത്തെ സത്യമായ 'ഉയര്‍ത്തപ്പെട്ട മേല്‍പുര' എന്നത് ആകാശത്തെ സൂചിപ്പിക്കുന്നു. ആകാശത്തെ പറ്റി സൂ: അന്‍ബിയാഅ് 32ാം വചനത്തില്‍ 'സൂക്ഷിച്ച് നിറുത്തപ്പെട്ട ഒരു മേല്‍ പുര' എന്ന് പ്രസ്താവിച്ചിട്ടുണ്ട്.

അഞ്ചാമത്തേത്, നിറഞ്ഞ് നില്‍ക്കുന്ന സമുദ്രം കൊണ്ടാകുന്നു സത്യം ചെയ്യപ്പെട്ടിരിക്കുന്നത്. ജലം, തിരമാല, മത്സ്യം മുതലായ ജന്തുക്കള്‍ തുടങ്ങി പലതും നിറഞ്ഞ് നില്‍ക്കുന്നതാണല്ലോ സമുദ്രങ്ങള്‍.

ഗൗരവമേറിയ സത്യവാചകങ്ങള്‍ കൊണ്ട് ആണയിട്ട് കൊണ്ട് അല്ലാഹു അവന്റെ ശിക്ഷയെക്കുറിച്ച് താക്കീത് ചെയ്യുകയും അതില്‍ നിന്ന് സത്യവിശ്വാസവും സല്‍ക്കര്‍മ്മവും വഴി രക്ഷ നേടുവാന്‍ ആഹ്വാനം ചെയ്യുകയുമാണ് ചെയ്യുന്നത്. ആ ശിക്ഷ എപ്പോഴായിരിക്കുമെന്ന് അടുത്ത വചനങ്ങളില്‍ പറയുന്നു.

**വചനം 9,10:**

يَوْمَ تَمُورُ ٱلسَّمَآءُ مَوْرًا ﴿٩﴾
وَتَسِيرُ ٱلْجِبَالُ سَيْرًا ﴿١٠﴾

9 ആകാശം ഒരു (ശക്തിയായ) പ്രകമ്പനം പ്രകമ്പിക്കുന്ന ദിവസം!-
10 മലകള്‍ ഒരു (ശക്തിയായ) സഞ്ചാരം സഞ്ചരിക്കുകയും ചെയ്യുന്ന (ദിവസം)! (അന്നാണ് അതു സംഭവിക്കുക)

ലോകാവസാന വേളയില്‍ ഉണ്ടാകുന്ന അതിഭയങ്കരമായ സംഭവവികാസങ്ങളില്‍ ചിലതാണിവ.

**വചനം 11,12,13,14,15,16:**

فَوَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿١١﴾
ٱلَّذِينَ هُمْ فِى خَوْضٍ يَلْعَبُونَ ﴿١٢﴾
يَوْمَ يُدَعُّونَ إِلَىٰ نَارِ جَهَنَّمَ دَعًّا ﴿١٣﴾
هَـٰذِهِ ٱلنَّارُ ٱلَّتِى كُنتُم بِهَا تُكَذِّبُونَ ﴿١٤﴾
أَفَسِحْرٌ هَـٰذَآ أَمْ أَنتُمْ لَا تُبْصِرُونَ ﴿١٥﴾
ٱصْلَوْهَا فَٱصْبِرُوٓا۟ أَوْ لَا تَصْبِرُوا۟ سَوَآءٌ عَلَيْكُمْ ۖ إِنَّمَا تُجْزَوْنَ مَا كُنتُمْ تَعْمَلُونَ ﴿١٦﴾

11 എന്നാല്‍, വ്യാജമാ(ക്കി നിഷേധി)ക്കുന്നവര്‍ക്കത്രെ അന്നത്തെ ദിവസം (വമ്പിച്ച) നാശം.
12 അതായത്, അനാവശ്യത്തില്‍ (മുഴുകി) കളിച്ചു കൊണ്ടിരിക്കുന്നവര്‍ക്ക്.
13 (അതെ) നരകാഗ്നിയിലേക്ക് അവരെ (ഊക്കോടെ) ഒരു പിടിച്ചുതള്ളല്‍ തള്ളപ്പെടുന്ന ദിവസം!
14 (പറയപ്പെടും:) "ഇതു നിങ്ങള്‍ വ്യാജമാക്കിയിരുന്നതായ ആ നരകമത്രെ."
15 "അപ്പോള്‍, ഇതു ജാലമാണോ?! അതല്ല, നിങ്ങള്‍ കാണുന്നില്ല എന്നുണ്ടോ?!!
16 "നിങ്ങളതില്‍ കടന്ന് കരിയുവിന്‍! എന്നിട്ട് നിങ്ങള്‍ ക്ഷമിച്ചുകൊള്ളുക; അല്ലെങ്കില്‍ ക്ഷമിക്കാതിരിക്കുക; (രണ്ടും) നിങ്ങള്‍ക്കു സമമത്രെ. നിങ്ങള്‍ പ്രവര്‍ത്തിച്ചുകൊണ്ടിരുന്നതിനു മാത്രമാണ് നിങ്ങള്‍ക്കു പ്രതിഫലം നല്‍കപ്പെടുന്നത്."

യാതൊരു വിവരണവും കൂടാതെ തന്നെ ഈ വചനങ്ങളുടെ ആശയം വ്യക്തമാണ്. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ (ആമീന്‍)

**വചനം 17,18,19,20:**

إِنَّ ٱلْمُتَّقِينَ فِى جَنَّـٰتٍ وَنَعِيمٍ ﴿١٧﴾

17 നിശ്ചയമായും, ഭയഭക്തന്‍മാര്‍ (സ്വര്‍ഗ്ഗ) തോപ്പുകളിലും, സുഖാനുഗ്രഹങ്ങളിലുമായിരിക്കും;-

18 അവരുടെ റബ്ബ് അവർക്കു നൽകിയതിൽ സുഖമാസ്വദിച്ചുകൊണ്ട്. അവർക്ക് തങ്ങളുടെ റബ്ബ് കത്തിജ്വലിക്കുന്ന (നരക) ശിക്ഷ കാത്തു കൊടുക്കുകയും ചെയ്യുന്നതാണ്.
19 (പറയപ്പെടും:) "നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതുനിമിത്തം നിങ്ങൾ മംഗളമായി തിന്നുകയും, കുടിക്കുകയും ചെയ്തുകൊള്ളുക!"
20 വരിവരിയാ(യി നിരത്തി വെ)ക്കപ്പെട്ട പര്യങ്കങ്ങളിൽ ചാരിയിരുന്നു കൊണ്ടായിരിക്കും (അവർ). വിശാല നേത്രകളായ വെള്ള മെയ്യാമണികളെ അവർക്കു നാം ഇണചേർത്തു കൊടുക്കുകയും ചെയ്യും.

فَٰكِهِينَ بِمَآ ءَاتَىٰهُمْ رَبُّهُمْ وَوَقَىٰهُمْ رَبُّهُمْ عَذَابَ ٱلْجَحِيمِ ﴿١٨﴾
كُلُوا۟ وَٱشْرَبُوا۟ هَنِيٓـًٔۢا بِمَا كُنتُمْ تَعْمَلُونَ ﴿١٩﴾
مُتَّكِـِٔينَ عَلَىٰ سُرُرٍ مَّصْفُوفَةٍ ۖ وَزَوَّجْنَٰهُم بِحُورٍ عِينٍ ﴿٢٠﴾

സ്വർഗ്ഗവാസികളായ ഭാഗ്യവാൻമാരുടെ പ്രതിഫലങ്ങളെക്കുറിച്ചാണീ വചനങ്ങൾ. ഇങ്ങനെയുള്ള സൗഭാഗ്യവാന്മാരുടെ കൂട്ടത്തിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ

**വചനം 21 :**

21 തങ്ങൾ വിശ്വസിക്കുകയും തങ്ങളുടെ സന്താനങ്ങൾ സത്യവിശ്വാസത്തോടെ തങ്ങളെ പിന്തുടരുകയും ചെയ്തിട്ടുള്ളവരാകട്ടെ, അവരുടെ സന്താനങ്ങളെ അവരോടു നാം ചേർത്തു കൊടുക്കുന്നതുമാണ്. അവരുടെ കർമ്മ(ഫല)ത്തിൽനിന്ന് യാതൊന്നും തന്നെ നാം അവർക്ക് കുറവു വരുത്തുന്നതുമല്ല. എല്ലാ (ഓരോ) മനുഷ്യനും താൻ സമ്പാദിച്ചുണ്ടാക്കിയതിന് പണയമാകുന്നു.

وَٱلَّذِينَ ءَامَنُوا۟ وَٱتَّبَعَتْهُمْ ذُرِّيَّتُهُم بِإِيمَٰنٍ أَلْحَقْنَا بِهِمْ ذُرِّيَّتَهُمْ وَمَآ أَلَتْنَٰهُم مِّنْ عَمَلِهِم مِّن شَىْءٍ ۚ كُلُّ ٱمْرِئٍۭ بِمَا كَسَبَ رَهِينٌ ﴿٢١﴾

സൽക്കർമ്മ രംഗത്ത് തങ്ങളുടെ പദവിയിൽ എത്തിച്ചേർന്നിട്ടില്ലെങ്കിലും സത്യവിശ്വാസികളായ നല്ല സന്താനങ്ങളെയും തങ്ങളൊന്നിച്ച് സുഖ സൗകര്യങ്ങൾ ആസ്വദിക്കുവാൻ അല്ലാഹു സ്വർഗ്ഗവാസികൾക്ക് ഭാഗ്യമുണ്ടാക്കി കൊടുക്കുന്നതാണ്. ഇത് മൂലം അവരുടെ പ്രതിഫലത്തിൽ അല്ലാഹു യാതൊരു കുറവും വരുത്തുന്നതുമല്ല. മാത്രമല്ല നല്ലവരായ മാതാപിതാക്കൾ, ഭാര്യാ ഭർത്താക്കൻമാർ എന്നിവരെയും സ്വർഗ്ഗത്തിൽ അല്ലാഹു അവരൊന്നിച്ച് ചേർത്തുകൊടുക്കുമെന്ന് സൂ: റഅ്ദ് 23-ാം വചനത്തിലും ആയതിന് വേണ്ടി അർശിന്റെ വാഹകരായ ഉയർന്ന പദവിയിലുള്ള മലക്കുകൾ അല്ലാഹുവിനോട് പ്രാർത്ഥിച്ചു കൊണ്ടിരിക്കുമെന്ന് സൂ: മുഅ്മിൻ 7-9 വചനങ്ങളിലും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ അല്ലാഹുവിന്റെ ഈ ഒരനുഗ്രഹം അവിശ്വാസികളും ദുർനടപ്പുകാരുമായ മക്കൾ, മാതാപിതാക്കൾ, ഭാര്യാ ഭർത്താക്കൾ എന്നിവർക്ക് ലഭിക്കുകയില്ല തന്നെ. എല്ലാ മനുഷ്യനും അവൻ സമ്പാദിച്ചതിന് പണയമാണ് എന്ന വാക്യം അതാണ് വ്യക്തമാക്കുന്നത്. അവനവൻ ചെയ്ത തെറ്റ് കുറ്റങ്ങൾക്ക് അവനവൻ മാത്രമാണ് ഉത്തരവാദിയെന്നും ഓരോരുത്തന്റെയും കടമ അവനവൻ തന്നെ നിർവ്വഹിക്കേണ്ടതാണെന്നും ഖുർആൻ പലയിടങ്ങളിലും വ്യക്തമായി പ്രസ്താവിക്കാറുള്ളതുമാണ്. മാതാപിതാക്കളോ മക്കളോ ഉന്നത സ്ഥാനക്കാരായത് കൊണ്ട് മറ്റുള്ളവർക്കും വല്ല രക്ഷയും കൈവരുമായിരുന്നെങ്കിൽ നൂഹ്(അ) നബിയുടെ മകൻ, ഇബ്രാഹിം(അ) നബിയുടെ പിതാവ്, ലൂത്ത്(അ) നബിയുടെ ഭാര്യ, നബി(സ) തിരുമേനിയുടെ പിതൃവ്യന്മാർ മുതലായവർക്കും രക്ഷകിട്ടേണ്ടതായിരുന്നുവല്ലോ. താണ പദവിയിലുള്ളവരെ ഉന്നത പദവിയിലേക്ക് ഉയർത്തുന്നത് അല്ലാഹുവിന്റെ ഔദാര്യവും ദയയും فضل الله ആണെങ്കിൽ ഓരോരുത്തരുടെയും കുറ്റങ്ങൾക്ക് അവരവരെത്തന്നെ ഉത്തരവാദിയാക്കുന്നത് അവന്റെ നീതിന്യായ വ്യവസ്ഥയും - عدل الله - ആകുന്നു.

**വചനം 22, 23, 24 :**

وَأَمۡدَدۡنَٰهُم بِفَٰكِهَةٖ وَلَحۡمٖ مِّمَّا يَشۡتَهُونَ ٢٢

يَتَنَٰزَعُونَ فِيهَا كَأۡسٗا لَّا لَغۡوٞ فِيهَا وَلَا تَأۡثِيمٞ ٢٣

۞ وَيَطُوفُ عَلَيۡهِمۡ غِلۡمَانٞ لَّهُمۡ كَأَنَّهُمۡ لُؤۡلُؤٞ مَّكۡنُونٞ ٢٤

22 അവർ ആശിക്കുന്നതിൽനിന്നുള്ള പഴവർഗ്ഗവും, മാംസവും അവർക്കു നാം (യഥേഷ്ടം) അയച്ചിട്ടു കൊടുക്കുകയും ചെയ്യുന്നതാണ്.

23 (മദ്യം നിറക്കപ്പെട്ട) കോപ്പക്ക് അവിടെ അവർ പിടികൂടി (കൈമാറി)ക്കൊണ്ടിരിക്കും. യാതൊരു അനാവശ്യവും അതിലില്ല; കുറ്റകരമായുള്ളതും ഇല്ല.

24 അവർക്കുവേണ്ടിയുള്ള ബാലൻമാർ അവരിൽ ചുറ്റിത്തിരിഞ്ഞു (സേവനംചെയ്തു)കൊണ്ടിരിക്കുന്നതാണ്. അവർ ആ (ബാലൻമാർ) ഒളിച്ചു വെക്കപ്പെട്ട മുത്തെന്നപോലെയിരിക്കും!

സ്വർഗ്ഗത്തിലെ സൗഭാഗ്യവാൻമാർക്കുള്ള അനുഗ്രഹങ്ങളാണ് അല്ലാഹു ഈ വചനങ്ങളിൽ വിവരിക്കുന്നത്. സ്വർഗ്ഗത്തിലെ ബാലന്മാരെക്കുറിച്ച് സൂ. വാഖിഅഃ 17,18 വചനങ്ങളിലും സൂ: ഇൻസാൻ 19ാം വചനത്തിലും വിവരിക്കപ്പെട്ടിട്ടുണ്ട്.

**വചനം 25,26,27,28 :**

وَأَقۡبَلَ بَعۡضُهُمۡ عَلَىٰ بَعۡضٖ يَتَسَآءَلُونَ ٢٥

قَالُوٓاْ إِنَّا كُنَّا قَبۡلُ فِيٓ أَهۡلِنَا مُشۡفِقِينَ ٢٦

فَمَنَّ ٱللَّهُ عَلَيۡنَا وَوَقَىٰنَا عَذَابَ ٱلسَّمُومِ ٢٧

إِنَّا كُنَّا مِن قَبۡلُ نَدۡعُوهُۖ إِنَّهُۥ هُوَ ٱلۡبَرُّ ٱلرَّحِيمُ ٢٨

25 അവർ പരസ്പരം (പലതും) ചോദിച്ചുകൊണ്ട് ചിലർ ചിലരുടെനേരെ മുന്നിട്ടുവരും.

26 അവർ പറയും; “നാം, മുമ്പ് നമ്മുടെ കുടുംബത്തിലായിരിക്കെ ഭയപ്പെട്ടുകൊണ്ടിരിക്കുന്നവരായിരുന്നു.

27 ‘അതിനാൽ അല്ലാഹു നമ്മളിൽ (ദയാ) ദാക്ഷിണ്യം ചെയ്തു; സുഷിരങ്ങളിൽ കടന്നുചെല്ലുന്ന (അത്യുഷ്ണമായ) അഗ്നിശിക്ഷയിൽനിന്ന് അവൻ നമ്മെ കാത്തുതരുകയും ചെയ്തു.

28 ‘നാം മുമ്പേ അവനെ (വിളിച്ചു) പ്രാർത്ഥിക്കുമായിരുന്നു. നിശ്ചയമായും, അവൻതന്നെ പുണ്യം നൽകുന്നവനും, കരുണാനിധിയുമായുള്ളവൻ.’

സ്വർഗ്ഗവാസികൾ അന്യോന്യം പലതും സംസാരിച്ച് കൊണ്ടിരിക്കുമ്പോൾ തങ്ങൾ ഐഹികജീവിതത്തിൽ തങ്ങളുടെ സ്വന്തക്കാർക്കിടയിൽ കഴിഞ്ഞ് കൂടിയിരുന്ന കാലത്ത് അല്ലാഹുവിനെ ഭയന്നും അവന്റെ ശിക്ഷയെ പേടിച്ചും അവനെ വിളിച്ച് പ്രാർത്ഥിച്ച് കൊണ്ടിരുന്നതിന്റെ ഫലമായിട്ടാണ്, തങ്ങൾക്ക് ഈ ഉന്നത പദവികളെല്ലാം ലഭിച്ചതെന്ന് അനുസ്മരിച്ച് സന്തോഷിക്കുകയാണ്.

## വിഭാഗം 2

**വചനം 29:**

فَذَكِّرۡ فَمَآ أَنتَ بِنِعۡمَتِ رَبِّكَ بِكَاهِنٖ وَلَا مَجۡنُونٍ ٢٩

29 ആകയാൽ, (നബിയേ) നീ ഓർമ്മിപ്പിക്കുക (ഉൽബോധനം ചെയ്യുക). എന്നാൽ, നിൻെറ റബ്ബിൻെറ അനുഗ്രഹംകൊണ്ട് നീ ഒരു പ്രശ്നക്കാരനുമല്ല, ഭ്രാന്തനുമല്ല.

സജ്ജനങ്ങളുടെയും ദുർജ്ജനങ്ങളുടെയും പര്യവസാനങ്ങൾ മുകളിൽ വിവരിച്ചതാണ്, എന്നിരിക്കെ സത്യനിഷേധികളുടെ ആരോപണങ്ങളുടെയും പരസ്പര വിരുദ്ധങ്ങളായ പ്രസ്താവനകളുടെയും നേരെ കണ്ണടച്ചും കൊണ്ട് സത്യപ്രബോധനം തുടർന്ന് കൊള്ളുവാനും അല്ലാഹുവിന്റെ അനുഗ്രഹ

ത്താല്‍ അവരുടെ ജല്പനങ്ങളില്‍ നിന്നും പരിഹാസങ്ങളില്‍ നിന്നും നബി(സ) പരിശുദ്ധനാണെന്ന് സമാധാനിക്കുവാനും അല്ലാഹു തിരുമേനിയെ ഉപദേശിക്കുന്നു.

ശത്രുക്കളുടെ ധിക്കാരങ്ങളില്‍ പലതും എടുത്തുദ്ധരിച്ച് കൊണ്ട് അടുത്ത കുറെ വചനങ്ങളിലൂടെ അല്ലാഹു അവര്‍ക്ക് ശക്തമായ താക്കീതുകള്‍ നല്‍കുകയും അവരെ വെല്ലുവിളിക്കുകയും ചെയ്യുന്നു.

**വചനം 30, 31:**

أَمۡ يَقُولُونَ شَاعِرٞ نَّتَرَبَّصُ بِهِۦ رَيۡبَ ٱلۡمَنُونِ ٣٠

قُلۡ تَرَبَّصُواْ فَإِنِّي مَعَكُم مِّنَ ٱلۡمُتَرَبِّصِينَ ٣١

30 അതല്ല, അവര്‍ പറയുന്നുവോ: "(അവന്‍) ഒരു കവിയാണ്; അവനില്‍ കാല(വിപ)ത്തിന്‍റെ ആശങ്ക (ബാധിക്കുന്നത്) നമുക്കു കാത്തിരിക്കാം" എന്ന്?!

31 പറയുക:"നിങ്ങള്‍ കാത്തിരുന്നുകൊള്ളുവിന്‍!-എന്നാല്‍ നിശ്ചയമായും ഞാന്‍ നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരില്‍ പെട്ടവനാണ്."

അവര്‍ ചിലപ്പോള്‍ പറയും. "മുഹമ്മദ് ഒരു കവിയാകുന്നു. ഏതെങ്കിലും കാല വിപത്തുകളില്‍ പെട്ടു ഏറെ താമസിയാതെ അവന്‍റെ കഥ അവസാനിച്ച് കൊള്ളും. അവന്‍റെ ശല്യവും അങ്ങനെ ഇല്ലാതായിക്കൊള്ളും". ഇതിന് മറുപടി പറയുവാന്‍ അല്ലാഹു നബി(സ) യോട് പറയുന്നു. "എന്‍റെ നാശം നിങ്ങള്‍ കാത്തിരിക്കുന്നത് പോലെ, നിങ്ങളുടെ നാശം ഞാനും കാത്തിരിക്കുന്നു. ഇവയില്‍ ഏതാണ് സംഭവിക്കുവാന്‍ പോകുന്നതെന്ന് നമുക്ക് കണ്ടറിയാമല്ലോ."

**വചനം 32,33,34:**

أَمۡ تَأۡمُرُهُمۡ أَحۡلَٰمُهُم بِهَٰذَآۚ أَمۡ هُمۡ قَوۡمٞ طَاغُونَ ٣٢

أَمۡ يَقُولُونَ تَقَوَّلَهُۥۚ بَل لَّا يُؤۡمِنُونَ ٣٣

فَلۡيَأۡتُواْ بِحَدِيثٖ مِّثۡلِهِۦٓ إِن كَانُواْ صَٰدِقِينَ ٣٤

32 അതല്ല, അവരുടെ ബുദ്ധികള്‍ അവരോട് ഇപ്രകാരം കല്‍പിക്കുകയാണോ?! അതല്ല, അവര്‍ ക്രമംതെറ്റിയ (ധിക്കാരികളായ) ഒരു ജനതയാണോ?!

33 അതല്ല, അവര്‍ പറയുന്നുവോ: "അവനത് (സ്വയംകെട്ടി) പറഞ്ഞുണ്ടാക്കിയിരിക്കുകയാണ്" എന്ന്?! പക്ഷേ, അവര്‍ വിശ്വസിക്കുന്നില്ല. (അതാണ് ഇതിനൊക്കെ കാരണം.)

34 എന്നാല്‍, (അങ്ങിനെയാണെങ്കില്‍) ഇതുപോലുള്ള ഒരു വൃത്താന്തം അവര്‍ കൊണ്ടുവരട്ടെ. അവര്‍ സത്യവാന്‍മാരാണെങ്കില്‍!

നബി(സ) സ്വയം കെട്ടിപ്പറയുന്നതാണ് ഖുര്‍ആന്‍ എന്ന് വാദിക്കുന്ന അവര്‍, അത് പോലെ ഒന്ന് കൊണ്ട് വരട്ടെ; അവര്‍ പറയുന്നത് സത്യമാണെങ്കില്‍ അതൊന്നു കാണാമല്ലോ എന്ന് അവരെ വെല്ല് വിളിക്കുകയാണ് അല്ലാഹു. അതവര്‍ക്ക് സാധിക്കുകയില്ലെന്ന് ഖുര്‍ആന്‍ ഒന്നിലധികം പ്രാവശ്യം ഉറപ്പിച്ച് പറയുകയും ചെയ്തിട്ടുള്ളതാണല്ലോ. (സൂ: അല്‍ബഖറ: 23; സൂ. യൂനുസ്: 38, സൂ. ഹൂദ്: 13, സൂ. ഇസ്റാഅ്: 88) എന്നീ വചനങ്ങള്‍ നോക്കുക.

**വചനം 35 :**

أَمۡ خُلِقُواْ مِنۡ غَيۡرِ شَيۡءٍ أَمۡ هُمُ ٱلۡخَٰلِقُونَ ٣٥

35 അതല്ല, യാതൊരു വസ്തുവും ഇല്ലാതെ, അവര്‍ (സ്വയം അങ്ങ്) സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ?! അതല്ല, അവര്‍ തന്നെയാണോ സ്രഷ്ടാക്കള്‍?!

മനുഷ്യനടക്കം എല്ലാ സൃഷ്ടികളുടെയും ഉല്‍ഭവത്തെക്കുറിച്ച് ഒരു പ്രകൃതിവാദി എത്രതന്നെ സമര്‍ത്ഥിച്ചാലും അതിന്‍റെ അവസാനം അതൊരു പരമശൂന്യാവസ്ഥയില്‍ ചെന്നവസാനിക്കാതെ നിവൃത്തിയില്ല. പരമശൂന്യതയില്‍ നിന്ന് അസ്തിത്വം നല്‍കിയ ഒരു സൃഷ്ടികര്‍ത്താവ് അനിവാര്യമാണെന്ന്

അവൻ സമ്മതിക്കേണ്ടി വരും. അതോടെ പ്രകൃതിയാണ് എല്ലാറ്റിന്റെയും കർത്താവ് എന്നുള്ള അവന്റെ വാദം അർത്ഥശൂന്യമായിത്തീരുന്നു.

**വചനം 36,37:**

36 അതല്ല, ആകാശങ്ങളെയും, ഭൂമിയെയും അവർ സൃഷ്ടിച്ചിരിക്കുകയാണോ?! പക്ഷേ, (അതൊന്നുമല്ല) അവർ (ഒന്നും) ദൃഢമായി വിശ്വസിക്കുന്നില്ല.

37 അതല്ല, നിൻെറ റബ്ബിൻെറ ഖജനാക്കൾ അവരുടെ പക്കലാണോ?! അതല്ല, അവരാണോ അധികാരം നടത്തുന്നവർ?!

أَمْ خَلَقُوا۟ ٱلسَّمَٰوَٰتِ وَٱلْأَرْضَ ۚ بَل لَّا يُوقِنُونَ ﴿٣٦﴾

أَمْ عِندَهُمْ خَزَآئِنُ رَبِّكَ أَمْ هُمُ ٱلْمُصَۜيْطِرُونَ ﴿٣٧﴾

ജുബൈർ ബ്നു മുത്ഇം(റ) ഇസ്‌ലാം മതം സ്വീകരിക്കുന്നതിന് മുമ്പായി, നബി(സ) ഒരു മഗ്‌രിബ് നമസ്കാരത്തിൽ 35, 36, 37 വചനങ്ങൾ ഓതുന്നത് കേൾക്കാനിടയായി. 'എന്റെ ഹൃദയം പറന്നു പോകാറായി' എന്ന് പറഞ്ഞ അദ്ദേഹം പിന്നീട് വിശ്വാസിയാകാനുള്ള കാരണം, പ്രസ്തുത വചനങ്ങളിലടങ്ങിയ ചോദ്യങ്ങളായിരുന്നു, എന്ന് പ്രസ്താവിക്കുകയുണ്ടായി.

**വചനം 38 :**

38 അതല്ല, തങ്ങൾക്കു (കയറിച്ചെന്ന്) ചെവികൊടുത്തു കേൾക്കാവുന്ന വല്ല കോണിയും അവർക്കുണ്ടോ?! എന്നാൽ, അവരിൽ ചെവി കൊടുത്തു കേൾക്കുന്നവൻ വ്യക്തമായ ഒരു (അധികൃത) ലക്ഷ്യം കൊണ്ടുവരട്ടെ!

أَمْ لَهُمْ سُلَّمٌ يَسْتَمِعُونَ فِيهِ ۖ فَلْيَأْتِ مُسْتَمِعُهُم بِسُلْطَٰنٍ مُّبِينٍ ﴿٣٨﴾

ആകാശത്ത് കയറിച്ചെന്ന് അവിടുത്തെ ഉപരിലോകവാർത്തകൾ കേട്ടു മനസ്സിലാക്കിപ്പോരുവാനുള്ള വല്ല കോണിയും - അഥവാ മാർഗ്ഗവും - അവർക്കുണ്ടെന്നും അത് വഴി നബി(സ) പറയുന്നത് കളവാണെന്ന് തെളിയിക്കുന്ന അധികൃതമായ രേഖ അവരുടെ പക്കലുണ്ടെന്നും അവർ വാദിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ആ രേഖയൊന്നു കാണട്ടെ എന്ന് സാരം.

മനുഷ്യനെ സംബന്ധിച്ചിടത്തോളം ആകാശത്തേക്ക് കോണി വെച്ചോ, മറ്റോ കയറിച്ചെല്ലുവാൻ സാദ്ധ്യമല്ലെന്ന് വ്യക്തമാണല്ലോ. മുൻകാലത്ത് പിശാചുക്കൾ ആകാശത്തേക്ക് കയറിച്ചെന്ന് മലക്കുകളിൽ നിന്ന് ചില വാർത്തകൾ കട്ട് കേട്ടിരുന്നുവെന്നും നബി(സ) യുടെ പ്രവാചകത്വത്തോടുകൂടി അത് നിശ്ശേഷം മുടക്കപ്പെട്ടു എന്നും സൂ: ഹിജ്ർ16,17,18, സൂ: സ്വാഫ്ഫാത്ത്, 6-10, സൂ. ജിന്ന് 8,9 എന്നീ വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്

**വചനം 39:**

39 അതല്ല, അവന് (അല്ലാഹുവിന്) പെൺമക്കളും, നിങ്ങൾക്ക് ആൺമക്കളുമാണോ ഉള്ളത്?!

أَمْ لَهُ ٱلْبَنَٰتُ وَلَكُمُ ٱلْبَنُونَ ﴿٣٩﴾

മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് പറയുകയും അതേ സമയം, തങ്ങൾക്ക് പെൺമക്കളുണ്ടാകുന്ന പക്ഷം ക്ഷുഭിതരാകുകയും അവരെ കൊന്ന് കളയുവാൻ പോലും തയാറാകുകയും ചെയ്യുന്ന മുശ്‌രിക്കുകളെ ഉന്നം വെച്ച് കൊണ്ടുള്ളതാണ് ഈ ചോദ്യം.

**വചനം 40:**

40 അതല്ല, (നബിയേ) അവരോടു നീ വല്ല പ്രതിഫലവും ചോദിച്ചിട്ട് (അതുമൂലം) അവർ കടബാധ്യതയാൽ ഭാരപ്പെട്ടിരിക്കുന്നവരാണോ?

أَمْ تَسْـَٔلُهُمْ أَجْرًا فَهُم مِّن مَّغْرَمٍ مُّثْقَلُونَ ﴿٤٠﴾

നബി(സ) നടത്തിക്കൊണ്ടിരിക്കുന്ന പ്രബോധനത്തിന്റെ പേരിൽ തിരുമേനി അവരോട് വല്ല പ്രതിഫലവും ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്നുണ്ടെന്നും അങ്ങനെ അവർക്ക് താങ്ങാനാവാത്ത സാമ്പത്തിക

ബാദ്ധ്യത ഏല്‍ക്കേണ്ടി വന്നിട്ടുണ്ടെന്നും, അത് കൊണ്ടാണവര്‍ നബി(സ)യെ പിന്‍ പറ്റാന്‍ വൈമനസ്യം കാണിക്കുന്നതെന്നും തോന്നിപ്പോകും. അവരുടെ നിഷേധാത്മക നിലപാട് കണ്ടാല്‍.

**വചനം 41,42:**

أَمۡ عِندَهُمُ ٱلۡغَيۡبُ فَهُمۡ يَكۡتُبُونَ ﴿٤١﴾

41 അതല്ല, അദൃശ്യജ്ഞാനം അവരുടെ അടുക്കല്‍ ഉണ്ടായിട്ട് അവര്‍ (അത്) എഴുതുന്നുവോ?! (അതനുസരിച്ചാണോ അവരുടെ ഈ പ്രവര്‍ത്തനങ്ങള്‍?!)

أَمۡ يُرِيدُونَ كَيۡدًاۖ فَٱلَّذِينَ كَفَرُواْ هُمُ ٱلۡمَكِيدُونَ ﴿٤٢﴾

42 അതല്ല, അവര്‍ വല്ല തന്ത്രവും (നടത്തുവാന്‍) ഉദ്ദേശിക്കുന്നുവോ?! എന്നാല്‍, (ആ) അവിശ്വസിച്ചിട്ടുള്ളവര്‍ തന്നെയാണ് തന്ത്രത്തിലകപ്പെടുന്നവര്‍.

ഏതെങ്കിലും കുബുദ്ധിയും കുതന്ത്രവും ഉപയോഗിച്ച് സത്യപ്രബോധനം തടസ്സപ്പെടുത്തിക്കളയാമെന്ന് അവര്‍ക്ക് ഭാവമുണ്ടെങ്കില്‍ അതിന്നവര്‍ മിനക്കെടേണ്ടാ, അത് അവര്‍ക്ക് തന്നെയാണ് ആപത്തായിത്തീരുക എന്ന് താല്‍പര്യം. ഹിജ്റക്ക് മുമ്പ് അവതരിച്ച ഈ മുന്നറിയിപ്പ് പിന്‍കാല ഇസ്ലാമിക പ്രബോധനചരിത്രത്തില്‍ സത്യമായി പുലരുകയുണ്ടായല്ലോ

**വചനം 43:**

أَمۡ لَهُمۡ إِلَٰهٌ غَيۡرُ ٱللَّهِۚ سُبۡحَٰنَ ٱللَّهِ عَمَّا يُشۡرِكُونَ ﴿٤٣﴾

43 അതല്ല, അവര്‍ക്കുണ്ടോ അല്ലാഹു അല്ലാത്ത വല്ല ആരാധ്യനും (ദൈവവും)?! (ഇല്ല-) അവര്‍ പങ്കുചേര്‍ക്കുന്നതില്‍നിന്ന് അല്ലാഹു മഹാ പരിശുദ്ധന്‍!

ആ മുശ്‌രിക്കുകളുടെ ഹൃദയങ്ങള്‍ എന്ത് മാത്രം ദുഷിച്ച് പോയെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

**വചനം 44:**

وَإِن يَرَوۡاْ كِسۡفًا مِّنَ ٱلسَّمَآءِ سَاقِطًا يَقُولُواْ سَحَابٌ مَّرۡكُومٌ ﴿٤٤﴾

44 ആകാശത്തുനിന്ന് ഒരു കഷ്ണം വീഴുന്നതായി അവര്‍ (നേരില്‍) കാണുന്നതായാലും അവര്‍ പറയും: “അട്ടിയിടപ്പെട്ട മേഘമാണ്” എന്ന്!

എന്നിരിക്കെ, ആ കടുത്ത നിഷേധികള്‍ എങ്ങനെ സന്‍മാര്‍ഗ്ഗം പ്രാപിക്കും. അതെ അവര്‍ സത്യത്തിലേക്ക് മടങ്ങുമെന്നുള്ള പ്രതീക്ഷക്ക് പഴുതില്ലാത്ത വണ്ണം അവരുടെ ഹൃദയങ്ങള്‍ കടുത്ത് പോയിരിക്കുന്നു.

**വചനം 45, 46, 47:**

فَذَرۡهُمۡ حَتَّىٰ يُلَٰقُواْ يَوۡمَهُمُ ٱلَّذِي فِيهِ يُصۡعَقُونَ ﴿٤٥﴾

45 ആകയാല്‍, (നബിയേ) അവര്‍ ബോധംകെട്ടു (അഥവാ മരണമടഞ്ഞു) പോകുന്ന ആ ദിവസവുമായി അവര്‍ കണ്ടുമുട്ടുന്നതുവരേക്കും അവരെ വിട്ടേക്കുക.

يَوۡمَ لَا يُغۡنِي عَنۡهُمۡ كَيۡدُهُمۡ شَيۡـٔٗا وَلَا هُمۡ يُنصَرُونَ ﴿٤٦﴾

46 അതായത്, അവരുടെ തന്ത്രം ഒട്ടുംതന്നെ അവര്‍ക്ക് ഉപകരിക്കാത്ത, അവര്‍ സഹായിക്കപ്പെടുന്നതുമല്ലാത്ത(ആ)ദിവസം!

وَإِنَّ لِلَّذِينَ ظَلَمُواْ عَذَابٗا دُونَ ذَٰلِكَ وَلَٰكِنَّ أَكۡثَرَهُمۡ لَا يَعۡلَمُونَ ﴿٤٧﴾

47 അക്രമം പ്രവര്‍ത്തിച്ചവര്‍ക്ക് നിശ്ചയമായും അതു കൂടാതെ (വേറെ)യും ശിക്ഷയുണ്ട്. എങ്കിലും, അവരില്‍ അധികമാളും അറിയുന്നില്ല.

‘ബോധം കെട്ട് പോകുന്ന - മരവിച്ച് പോകുന്ന - ദിവസം’ എന്ന് പറഞ്ഞത് ഖിയാമത്ത് നാളിനെ ഉദ്ദേശിച്ചും ‘അത് കൂടാതെയും ശിക്ഷയുണ്ട്’ എന്ന് പറഞ്ഞത് ഇഹത്തില്‍ വെച്ച് തന്നെ അവര്‍ക്ക് അനു

ഭവപ്പെടുന്ന ശിക്ഷകളെ ഉദ്ദേശിച്ചുമാണ് എന്നത്രെ മനസ്സിലാകുന്നത് - **و الله اعلم**. ഏതായാലും ഇഹത്തിലും പരത്തിലും അവർക്ക് ശിക്ഷയുണ്ടെന്ന കാര്യം തീർച്ച തന്നെ.

**വചനം 48,49:**

وَٱصْبِرْ لِحُكْمِ رَبِّكَ فَإِنَّكَ بِأَعْيُنِنَا ۖ وَسَبِّحْ بِحَمْدِ رَبِّكَ حِينَ تَقُومُ ﴿٤٨﴾

48 (നബിയേ) നിൻെറ രക്ഷിതാവിൻെറ വിധിക്ക് നീ ക്ഷമിച്ചുകൊള്ളുകയും ചെയ്യുക. നിശ്ചയമായും, നീ നമ്മുടെ ദൃഷ്ടിയിലാകുന്നു. (നിന്നെ നാം കാത്തുരക്ഷിക്കും.) നീ എഴുന്നേല്ക്കുന്ന സമയത്ത് നിൻെറ രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് 'തസ്ബീഹു' (സ്തോത്ര കീർത്തനം) നടത്തുകയും ചെയ്യുക.

وَمِنَ ٱلَّيْلِ فَسَبِّحْهُ وَإِدْبَٰرَ ٱلنُّجُومِ ﴿٤٩﴾

49 രാത്രിയിൽനിന്നുംതന്നെ (കുറച്ചുസമയം) അവന് 'തസ്ബീഹു'നടത്തുക; നക്ഷത്രങ്ങൾ പിന്നോക്കം വെക്കുമ്പോഴും (നടത്തണം).

ശത്രുക്കളുടെ നാശം വിദൂരമല്ലെന്നും അവരുടെ കാര്യത്തിൽ അല്ലാഹു വിധി നടത്തിക്കൊള്ളുമെന്നും അവരുടെ ഉപദ്രവങ്ങളിൽ ക്ഷമ കൈക്കൊള്ളണമെന്നും ഒക്കെ നബി(സ) യെ ഉപദേശിക്കുകയും തിരുമേനിക്ക് അല്ലാഹുവിന്റെ പ്രത്യേക കാവലും സംരക്ഷണവും ഉണ്ടായിരിക്കുമെന്ന് ഉണർത്തുകയും ചെയ്യുന്നു.

അവസാനമായി, അല്ലാഹുവിനെ സ്തുതിച്ച്കൊണ്ട് തസ്ബീഹ് (സ്തോത്ര കീർത്തനങ്ങൾ) നടത്തുവാനും അല്ലാഹു ഉപദേശിക്കുന്നു.സ്തോത്ര കീർത്തനങ്ങൾ ഏതവസരത്തിലായാലും പുണ്യകർമ്മങ്ങൾ തന്നെ. ഈ വചനങ്ങളിൽ മുന്ന് സമയങ്ങളാണ് പ്രത്യേകം എടുത്ത് പറഞ്ഞിട്ടുള്ളത്. (സൂ: ഇസ്രാഅ് : 78 : സൂ: ത്വാഹാ: 130 ; സൂ: റൂം : 17, 18 ; സൂ: ഇൻസാൻ: 25,26 വചനങ്ങളും ശ്രദ്ധിക്കുക)

മേൽ പറഞ്ഞ മുന്ന് സമയങ്ങളിൽ, ഒന്നാമത്തേത്- 'എഴുന്നേൽക്കുന്ന സമയത്ത് ' എന്നാകുന്നു. ഈ സമയത്തെ സംബന്ധിച്ച് പ്രസക്തമായ മൂന്ന് അഭിപ്രായങ്ങളാണുള്ളത് : 1) ഉറക്കിൽ നിന്ന് എഴുന്നേൽക്കുമ്പോൾ; 2) നമസ്ക്കാരത്തിന് വേണ്ടി എഴുന്നേൽക്കുമ്പോൾ അഥവാ നമസ്കാരത്തിന്റെ ആരംഭത്തിൽ; 3) ഇരുന്നിടത്ത് നിന്ന് എഴുന്നേൽക്കുമ്പോൾ - നബിചര്യകൾ പരിശോധിക്കുമ്പോൾ ഈ മൂന്ന് അവസരങ്ങളിലും അല്ലാഹുവിന്റെ സ്തുതി കീർത്തനങ്ങൾക്ക് പ്രാധാന്യം നൽകപ്പെട്ടിട്ടുള്ളതായി കാണാം.

രണ്ടാമത്തെ സമയം- 'രാത്രിയിൽ നിന്നും അൽപ സമയം' ആകുന്നു. രാത്രിയിൽ നമസ്ക്കാരം, ദുആ മുതലായവക്ക് പ്രേരിപ്പിക്കുന്ന ധാരാളം ഖുർആൻ വചനങ്ങളും നബി വചനങ്ങളും കാണാവുന്നതാണ്.

മൂന്നാമത്തേത്, 'നക്ഷത്രങ്ങൾ പിന്നോക്കം വെക്കുന്ന സമയം' ആകുന്നു. പ്രഭാതം പ്രത്യക്ഷപ്പെടുവാൻ തുടങ്ങുന്നതോടെ, നക്ഷത്രങ്ങൾ അസ്തമിച്ച് തുടങ്ങുമല്ലോ. ഈ സമയമാണ് ഇത് കൊണ്ട് വിവക്ഷ.

മേൽ പറഞ്ഞ ഓരോ അവസരത്തിലും നബി(സ) സ്ഥിരമായി ഉരുവിട്ടിരുന്ന സ്തോത്ര കീർത്തനങ്ങൾ ധാരാളം ഹദീസുകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

സുബഹ് നമസ്കാരത്തിന് മുമ്പുള്ള സുന്നത്ത് നമസ്കാരത്തെക്കുറിച്ച് നബി(സ) കാണിക്കുന്ന സൂക്ഷ്മത മറ്റൊരു ഐഛിക നമസ്കാരത്തെക്കുറിച്ചും അവിടുന്ന് കാണിക്കാറുണ്ടായിരുന്നില്ലെന്ന് ആയിശാ(റ) പറഞ്ഞിരിക്കുന്നു. (ബു. മു.) നബി(സ) രാത്രിയുടെ ആദ്യത്തിൽ ഉറങ്ങുകയും അന്ത്യയാമങ്ങളിൽ നമസ്കാരത്തിന് നിൽക്കുകയും ചെയ്യുമായിരുന്നുവെന്നും ആയിശാ(റ) പറയാറുണ്ടായിരുന്നു. (ബു. മു).

നബി(സ) ഇപ്രകാരം അരുളുകയുണ്ടായി: "ഹേ മനുഷ്യരേ, നിങ്ങൾ സലാം പ്രചരിപ്പിക്കുവീൻ, ഭക്ഷണദാനം ചെയ്യുവീൻ, മനുഷ്യർ ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ (രാത്രി) എഴുന്നേറ്റ് നമസ്കരിക്കുവീൻ - എന്നാൽ നിങ്ങൾക്കു സമാധാനത്തോടെ സ്വർഗ്ഗത്തിൽ പ്രവേശിക്കാം (തി)"

'ഒരു ജനത ഒരു സദസ്സിൽ ഇരുന്നിട്ട് അതിൽ വെച്ച് അല്ലാഹുവിന്റെ ദിക്ർ (സ്മരണ) തീരെ നടത്താതെ അതിൽ നിന്ന് എഴുന്നേറ്റു പോകുന്നപക്ഷം ആ സദസ്സ് അവർക്ക് ദോഷകരവും നഷ്ടവുമായിട്ടല്ലാതെ വരുകയില്ല' - തി; അ. ദാ(റ) എന്ന നബിവചനവും ശ്രദ്ധേയമാണ്.

# 53. സൂറത്തു ന്നജ്മ് (നക്ഷത്രം)

**മക്കയിൽ അവതരിച്ചത്.** 32-ാം വചനം മദനീയാണെന്നും പറയപ്പെട്ടിട്ടുണ്ട്.
വചനങ്ങൾ 62, വിഭാഗം (റുക്കൂഅ്) 3

ഒന്നാം വചനത്തിൽ നക്ഷത്രത്തെ (നജ്മ്) ക്കുറിച്ചുള്ള പരാമർശമാണ് സൂറത്തിന്റെ പേരിന് നിദാനം.

ഇബ്നുമസ്ഊദ്(റ) ഇപ്രകാരം പ്രസ്താവിച്ചതായി ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, നസാഈ(റ) എന്നീ മഹാന്മാർ രേഖപ്പെടുത്തിയിരിക്കുന്നു.

ഓത്തിന്റെ സുജൂദ് ചെയ്യേണ്ടുന്ന ആയത്ത് അവതരിച്ച ആദ്യത്തെ സൂറത്ത് സൂറത്തുന്നജ്മ് ആകുന്നു, എന്നിട്ട് അത് ഓതിക്കൊണ്ട് നബി(സ) സുജൂദ് ചെയ്യുകയുണ്ടായി. ഉമയ്യത്തുബ്നു ഖലഫ് എന്ന ഒരാൾ ഒഴിച്ച് മറ്റെല്ലാവരും നബി(സ) യോടൊപ്പം സുജൂദ് ചെയ്തു. ആ മനുഷ്യൻ ഒരു പിടി മണ്ണ് കയ്യിലെടുത്ത് അതിന്മേൽ സുജൂദ് ചെയ്യുകയാണുണ്ടായത്. പിന്നീട് അയാൾ അവിശ്വാസിയായ നിലയിൽ കൊല്ലപ്പെടുകയുണ്ടായി.

നബി(സ) ജനമദ്ധ്യേ ആദ്യമായി പരസ്യമായി ഓതി കേൾപ്പിച്ച സൂറത്താണിതെന്നും മക്കാ ഹറമിൽ വെച്ച് മുശ്രിക്കുകളും കൂടിയുള്ള സദസ്സിൽ വെച്ച് തിരുമേനി ഇത് ഓതുകയുണ്ടായെന്നും ഇബ്നു മസ്ഊദ് (റ) തന്നെ നിവേദനം ചെയ്തിട്ടുണ്ട്.

അവസാനത്തെ വചനത്തിലാണ് (വചനം 62) സുജൂദിന്റെ സ്ഥാനം. ഈ സൂറത്തിലെ വചനങ്ങൾ ഓരോന്നും ഹൃദയത്തിന്റെ ഉള്ളിലേക്ക് തുളച്ച് ചെല്ലുവാൻ പോരുന്നവയത്രേ. കൂടാതെ ആകർഷകമായ ഒരു ശ്രവണമാധുര്യം കൂടെ അവയ്ക്കുള്ളതായി കാണാം.

## വിഭാഗം - 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ — بسم الله الرحمن الرحيم

**വചനം 1,2,3,4 :**

1 നക്ഷത്രംതന്നെയാണ്സത്യം-അത് താണുവരുമ്പോൾ! — وَٱلنَّجْمِ إِذَا هَوَىٰ ﴿١﴾

2 നിങ്ങളുടെ ആൾ (നബി) വഴിപിഴച്ചിട്ടില്ല; അദ്ദേഹത്തിന് അബദ്ധം പിണഞ്ഞിട്ടുമില്ല. — مَا ضَلَّ صَاحِبُكُمْ وَمَا غَوَىٰ ﴿٢﴾

3 അദ്ദേഹം (സ്വന്തം) ഇച്ഛപ്രകാരം സംസാരിക്കുകയുമില്ല. — وَمَا يَنطِقُ عَنِ ٱلْهَوَىٰٓ ﴿٣﴾

4 അത്, അദ്ദേഹത്തിന് നൽകപ്പെടുന്ന 'വഹ്‌യു' (ദൈവികബോധനം) അല്ലാതെ (മറ്റൊന്നും) അല്ല. — إِنْ هُوَ إِلَّا وَحْىٌ يُوحَىٰ ﴿٤﴾

അല്ലാഹു ഏതെങ്കിലും വസ്തുവിന്റെ പേരിൽ സത്യം ചെയ്തു പറയുമ്പോൾ അതിൽ ചില രഹസ്യങ്ങളും ഖുർആൻ പ്രബോധനം ചെയ്യുന്ന തത്വങ്ങളെ സ്ഥിരീകരിക്കുന്ന ചില ദൃഷ്ടാന്തങ്ങളും അടങ്ങിയിരിക്കുമെന്ന് തീർച്ചയാണ്. പ്രാകൃത രൂപത്തിൽ മനുഷ്യൻ ആകാശത്തെ നിരീക്ഷിക്കുവാൻ തുടങ്ങിയ കാലം മുതൽക്ക് തന്നെ നക്ഷത്രങ്ങൾ മുഖേന അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ പലതും മനസ്സിലാക്കാൻ മനുഷ്യന് കഴിയുമായിരുന്നു.

ഗഹനമായ നക്ഷത്രമണ്ഡലത്തെ പറ്റി മനുഷ്യൻ കൂടുതൽ മനസ്സിലാക്കും തോറും അവയെ പറ്റി അവന് അറിയാൻ കഴിയാത്ത അജ്ഞാത വസ്തുതകളുടെ വിസ്തൃതി കൂടുതൽ അനാവൃതമാകുകയാണ് ചെയ്യുന്നത്. നക്ഷത്രങ്ങളെ പറ്റി കൂടുതൽ അറിവും ദൃഷ്ടാന്തങ്ങളും ലഭിക്കുക അവ ഏതെങ്കിലും പ്രകാരത്തിൽ ചലിച്ച് കൊണ്ടിരിക്കുമ്പോഴാണല്ലോ. അത് കൊണ്ടായിരിക്കാം നക്ഷത്രം കൊണ്ട് സത്യം

ചെയ്തപ്പോൾ അത് താണ് വരുമ്പോൾ എന്ന് അല്ലാഹു വിശേഷിപ്പിച്ചത്. ഇതേ വാക്കിന് തന്നെ മേൽ പോട്ട് ഉയരുമ്പോൾ എന്നും ഭാഷാർത്ഥമുണ്ട്. ഈ രണ്ട് അർത്ഥങ്ങളെ ആസ്പദമാക്കിയാണ് മറഞ്ഞു, അസ്തമിച്ചു എന്നും പ്രത്യക്ഷപ്പെട്ടു ഉദിച്ചു എന്നുമൊക്കെ വ്യാഖ്യാതാക്കൾ അതിന് വിവക്ഷ നൽക പ്പെട്ട് കാണുന്നതും. النجم (നക്ഷത്രം) എന്നത് കൊണ്ട് ഒരു പ്രത്യേകനക്ഷത്രമല്ല ഉദ്ദേശിക്കപ്പെട്ടിരിക്കു ന്നത്, എന്ന് മിക്ക വ്യാഖ്യാതാക്കളും പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ الثريا എന്ന നക്ഷത്രത്തെ പ്രത്യേ കമായി ഉദ്ദേശിച്ചാണ് ഇവിടെ നക്ഷത്രം എന്ന് പറഞ്ഞിട്ടുള്ളതെന്ന് മറ്റ് ചില വ്യാഖ്യാതാക്കളും പ്രസ്താ വിച്ചിരിക്കുന്നു.

നിങ്ങളുടെ ആൾ അഥവാ മുഹമ്മദ്(സ) നബി നേർമാർഗ്ഗം വിട്ട് തെറ്റുകയോ അദ്ദേഹത്തിന് അബദ്ധം പിണയുകയോ ഉണ്ടായിട്ടില്ല, എന്നത്രേ നക്ഷത്രം മുഖേന ആണയിട്ട് കൊണ്ട് അല്ലാഹു പറ യുന്നത്. നിങ്ങളുടെയിടയിൽ നാൽപത് വർഷം നിങ്ങളുടെ എല്ലാ ബഹുമാനാദരവുകൾക്ക് പാത്രീഭൂത നായി വളർന്ന നിങ്ങളുടെ സ്വന്തം ആളായ മുഹമ്മദ്, നിങ്ങൾക്ക് മുമ്പിൽ ചില യാഥാർത്ഥ്യങ്ങൾ പ്ര ബോധനം ചെയ്യാൻ തുടങ്ങിയതോട് കൂടി, അദ്ദേഹം നിങ്ങൾക്ക് അനഭിമതനായിരിക്കുകയാണ്. വാസ് തവത്തിൽ അദ്ദേഹത്തിന് യാതൊരു അബദ്ധവും പിഴവും പറ്റിയിട്ടില്ല. തന്നിഷ്ടം പറയുന്ന ഒരു ആളുമല്ല അദ്ദേഹം. അദ്ദേഹം സ്വന്തം ഇച്ഛപ്രകാരം സംസാരിക്കുകയുമില്ല. അല്ലാഹു അദ്ദേഹത്തെ അവന്റെ ദൂത നാക്കി നിശ്ചയിച്ചിരിക്കു കയാണ്. അത് കൊണ്ട് അദ്ദേഹത്തിന് ദിവ്യബോധനം (വഹ്യ്) ലഭിച്ച് കൊ ണ്ടിരിക്കുന്നുമുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം സംസാരിക്കുന്നതും പ്രബോധനകൃത്യവു മായി അദ്ദേഹം മുന്നോട്ട് വന്നിരിക്കുന്നതും. സൂ. ശൂറാ 51ാം വചനത്തിൽ കണ്ടത് പോലെ വഹ്യ് ഒന്നി ലധികം പ്രകാരത്തിൽ ഉണ്ടാകാമെങ്കിലും ഖുർആന്റെ വഹ്യ് ജിബ്രീൽ (അ) മുഖേനയാണ് ഉണ്ടായിട്ടു ള്ളത്. (അടുത്ത വചനങ്ങളിൽ ഇതെ പറ്റി പ്രസ്താവിക്കുന്നുമുണ്ട്.)

“എന്റെ ദേഹം യാതൊരുവന്റെ കൈവശമാണോ അവൻ തന്നെയാണേ സത്യം, എന്നിൽ നിന്ന് യഥാർത്ഥമല്ലാതെ പുറത്ത് വരുകയില്ല” എന്ന് നബി(സ) അരുളിയിരിക്കുന്നു. ദേഷ്യം വരുമ്പോഴും തമാ ശ പറയുമ്പോഴും അപ്രകാരം തന്നെ എന്ന് തിരുമേനി വിശദീകരിക്കുകയും ചെയ്തതായി ഇബ്നു ഉമർ(റ) പ്രസ്താവിക്കുകയുണ്ടായി.

അടുത്ത 5 മുതൽ 18 വരെയുള്ള ആയത്തുകളിലെ ചില വാക്യങ്ങളുടെ വ്യാഖ്യാനത്തിൽ ഖുർ ആൻ വ്യാഖ്യാതാക്കൾക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ കാണാവുന്നതാണ്. എങ്കിലും ഒരു വാസ്തവം ശ്രദ്ധേയമാണ്. പ്രസ്തുത ആയത്തുകളിലെ പ്രതിപാദ്യവിഷയം ജിബ്രീൽ(അ) അദ്ദേഹത്തിന്റെ സാക്ഷാൽ രൂപത്തിൽ നബി(സ)ക്ക് പ്രത്യക്ഷപ്പെട്ട രണ്ട് അവസരങ്ങളിലും (ഹിറാഗുഹയിൽ വെച്ചും മിഅ്റാജ് രാത്രിയിലും) ഉണ്ടായ സംഭവങ്ങളാണവയെന്നതിൽ അവർക്കിടയിൽ തർക്കമില്ല. സ്വഹാബികളും മുൻ ഗാമികളുമായ പണ്ഡിതവര്യൻമാരും അടങ്ങുന്ന ബഹുഭൂരിഭാഗം ഖുർആൻ വ്യാഖ്യാതാക്കളും ഇതിൽ യോജിച്ചിരിക്കുന്നു. ഖുർആൻ വാക്യങ്ങളുടെയും ഹദീസുകളുടെയും അടിസ്ഥാനത്തിലുള്ള ആ മാർഗ്ഗം തന്നെയാണ് ഏറ്റവും സ്വീകാര്യമായതും.

**വചനം 5,6,7:**

عَلَّمَهُۥ شَدِيدُ ٱلْقُوَىٰ ۝٥

ذُو مِرَّةٍ فَٱسْتَوَىٰ ۝٦

وَهُوَ بِٱلْأُفُقِ ٱلْأَعْلَىٰ ۝٧

5 ശക്തിമത്തായ കഴിവുകളുള്ള ഒരാൾ അദ്ദേഹ ത്തെ പഠിപ്പിച്ചിരിക്കുകയാണ്;-

6 (അതെ) ബലവാനായുള്ളഒരുവൻ. അങ്ങനെ, അദ്ദേഹം ശരിക്ക് നിലകൊണ്ടു. (സാക്ഷാൽ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു).

7 അദ്ദേഹമാകട്ടെ, ഉന്നതമായ (നഭോ) മണ്ഡല ത്തിലുമായിരുന്നു.

നബി(സ)ക്ക് പ്രബോധന സന്ദേശങ്ങൾ അവിടുത്തേക്ക് എങ്ങനെയാണ് എത്തിക്കപ്പെടുന്നതെന്ന് ഈ വചനങ്ങളിൽ അല്ലാഹു വിവരിക്കുന്നു. ‘ശക്തിമത്തായ കഴിവുകളുള്ളവൻ‘, ‘ബലവാൻ‘ എന്ന് പറഞ്ഞത് ജിബ്രീൽ(അ) മലക്കിനെ ഉദ്ദേശിച്ചാകുന്നു. مرة എന്ന വാക്കിന് ബുദ്ധിശക്തി, ആലോചനാശക്തി, കൗതു കമുള്ള പ്രകൃതം, വമ്പിച്ച ശക്തി, എന്നൊക്കെ അർത്ഥങ്ങളുണ്ട്. ജിബ്രീൽ(അ) ഇവയൊക്കെ തികഞ്ഞ മലക്കായിരുന്നു.

'അദ്ദേഹമാണ് അല്ലാഹുവിന്റെ അനുമതിയോടെ അത് ഇറക്കിക്കൊടുത്തതെ'ന്ന് സൂ: അൽ ബഖ റ: 97 ലും 'വിശ്വസ്തനായ ആത്മാവ്' ആണെന്ന് സൂ. ശുഅറാഅ് 193 ലും 'പരിശുദ്ധാത്മാവ്' എന്ന് സൂ. നഹ് ൽ 102 ലും 'മാന്യനായ, ശക്തിമാനായ, അല്ലാഹുവിന്റെ അടുക്കൽ സ്ഥാനമുള്ളവനായ അവിടെ അ നുസരിക്കപ്പെടുന്നവനായ, വിശ്വസ്ഥനായ ദൂതൻ' എന്ന് സൂ: തക്‌വീർ 19,20,21 വചനങ്ങളിലും ജിബ് രീൽ(അ)നെക്കുറിച്ച് അല്ലാഹു വിശേഷിപ്പിച്ചിരിക്കുന്നു.

നബി(സ) ജിബ്‌രീലിനെ അദ്ദേഹത്തിന്റെ സാക്ഷാൽ രൂപത്തിൽ രണ്ട് പ്രാവശ്യമാണ് കണ്ടിട്ടു ള്ളത്. ഒന്നാമതായി, ഹിറാ മലയിൽ വെച്ചും (അതേക്കുറിച്ചാണിവിടെ 5 മുതൽ 12 വരെയും സൂ.തക് വീർ 19,20,21 വചനങ്ങളിലും പ്രസ്താവിച്ചിട്ടുള്ളത്) രണ്ടാമത്തേത്, മിഅ്റാജ് യാത്രയിലും (ഇതേക്കുറി ച്ച് ഇവിടെ 13-18 വചനങ്ങളിൽ പ്രസ്താവിക്കുന്നുണ്ട്.)

നബി(സ) തിരുമേനിക്ക് ഹിറാ ഗുഹയിൽ വെച്ച് ജിബ്‌രീൽ(അ) മുഖേന സൂ: അലഖ് അവതരി പ്പിച്ചതിന് ശേഷം കുറെ നാളത്തേക്ക് വഹ്‌യ് അവതരിക്കുകയുണ്ടായില്ല. ആ മഹാനുഗ്രഹം നിന്ന് പോയെ ന്ന ഭയാശങ്കമൂലം തിരുമേനി വളരെ അസ്വസ്ഥനായിരുന്നു. എന്നാൽ ഈ അവസരങ്ങളിൽ തിരുമേനി യെ സമാധാനിപ്പിക്കുന്ന ചില അശരീരി ശബ്ദങ്ങൾ അവിടുന്ന് കേൾക്കുമായിരുന്നു. ഇങ്ങനെയിരിക്കെ ജിബ്‌രീൽ(അ) തന്റെ സാക്ഷാൽ രൂപത്തിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. അദ്ദേഹത്തിന് അറുനൂറു ചിറ കുകൾ ഉണ്ടായിരുന്നു. ആകാശത്തിനും ഭൂമിക്കും ഇടയിൽ - ഉപരിമണ്ഡലത്തിൽ - ഒരു പീഠത്തിന് മു കളിലായിക്കൊണ്ടായിരുന്നു അദ്ദേഹം പ്രത്യക്ഷനായത്. അദ്ദേഹത്തിന്റെ ആ വമ്പിച്ച സൃഷ്ടിരൂപം ചക്ര വാളത്തിന്റെ ഉപരിഭാഗം മുഴുവനും മൂടുമാറുണ്ടായിരുന്നു. (ഇതിനെപ്പറ്റിയാണ് 6,7 വചനങ്ങളിൽ പ്രസ് താവിച്ചിട്ടുള്ളത്)

ജിബ് രീൽ (അ) നെ കണ്ടതിന് ശേഷമുള്ള സംഭവങ്ങൾ 8 മുതൽ 12 കൂടിയ വചനങ്ങളിൽ അല്ലാ ഹു വിവരിക്കുന്നു.

**വചനം 8,9:**

ثُمَّ دَنَا فَتَدَلَّىٰ ۝٨

فَكَانَ قَابَ قَوْسَيْنِ أَوْ أَدْنَىٰ ۝٩

8 പിന്നീട് അദ്ദേഹം അടുത്തു; അങ്ങിനെ, (കൂടുതൽ) അടുത്തുവന്നു;-

9 എന്നിട്ട് രണ്ടു വില്ലിൻെറ അളവിൽ, അല്ലെങ്കിൽ (അതിലും) കൂടുതൽ അടുപ്പമായിത്തീർന്നു.

ചക്രവാളത്തിന്റെ മീതെ പ്രത്യക്ഷപ്പെട്ട ശേഷം മലക്ക് നബി(സ) യുമായി അടുത്തടുത്ത് അ ങ്ങേയറ്റം അടുത്ത് വന്നു. മനുഷ്യവർഗ്ഗത്തിന്റെ നേതാവും ഭൂവാസിയുമായ റസൂൽ(സ) തിരുമേനിയും, ആത്മീയ ജീവിയും ഉപരിലോകവാസിയും മലക്കുകളുടെ നേതാവുമായ ജിബ്‌രീൽ(അ) യും തമ്മിലുള്ള അത്യപൂർവ്വമായ കൂടിക്കാഴ്ചയായിരുന്നു. അത്.

**വചനം 10:**

فَأَوْحَىٰٓ إِلَىٰ عَبْدِهِۦ مَآ أَوْحَىٰ ۝١٠

10 അങ്ങനെ, അദ്ദേഹം അവൻെറ (അല്ലാഹു വിൻെറ) അടിയാന്നു 'വഹ്‌യു' (ബോധനം)നൽ കിയത് (ഒക്കെ) നൽകി.

തമ്മിൽ അങ്ങേഅറ്റം അടുത്ത ശേഷം അല്ലാഹുവിന്റെ അടിയാനായ നബി(സ)ക്ക് ജിബ് രീൽ(അ) അല്ലാഹുവിങ്കൽ നിന്നുള്ള സന്ദേശങ്ങൾ ബോധനം നൽകി.

**വചനം 11,12:**

مَا كَذَبَ ٱلْفُؤَادُ مَا رَأَىٰٓ ۝١١

أَفَتُمَٰرُونَهُۥ عَلَىٰ مَا يَرَىٰ ۝١٢

11 അദ്ദേഹം (നബി) കണ്ടതിനെ ഹൃദയം (നിഷേ ധിച്ചു) കളവാക്കിയില്ല.

12 എന്നിരിക്കെ, അദ്ദേഹം കാണുന്നതിൻെറ പേരിൽ അദ്ദേഹത്തോട് നിങ്ങൾ (സംശയിച്ചു) തർക്കം നടത്തുകയോ?!

നബി(സ) നേരിട്ടു ദർശിച്ച ആ കാഴ്ചയെ പറ്റി വല്ല ചാഞ്ചല്ല്യമോ സംശയമോ തോന്നി അവിടു

ന്ന് നിഷേധിച്ചിട്ടില്ല. എന്നിരിക്കെ, അദ്ദേഹത്തിനുണ്ടാകുന്ന ഇത്തരം ദർശനങ്ങളെ കുറിച്ച് നിങ്ങൾ നിഷേധിച്ചും തർക്കിച്ചും കൊണ്ടിരിക്കുന്നത് ന്യായമല്ല - എന്ന് സാരം.

**വചനം 13,14 ,15, 16, 17, 18:**

وَلَقَدْ رَءَاهُ نَزْلَةً أُخْرَىٰ ﴿١٣﴾

13 തീർച്ചയായും അദ്ദേഹം (നബി) വേറെ ഒരു പ്രാവശ്യത്തി (ലെ വരവി)ലും അദ്ദേഹത്തെ (ജിബ്‌രീലിനെ) കണ്ടിട്ടുണ്ട്;-

عِندَ سِدْرَةِ ٱلْمُنتَهَىٰ ﴿١٤﴾

14 'സിദ്റത്തുൽ മുൻതഹാ'യുടെ (അറ്റത്തെ ഇലന്തമരത്തിൻെറ) അടുക്കൽ വെച്ച്.

عِندَهَا جَنَّةُ ٱلْمَأْوَىٰٓ ﴿١٥﴾

15 അതിൻെറ അടുക്കലാണ് ആവാസത്തിൻെറ സ്വർഗ്ഗം.

إِذْ يَغْشَى ٱلسِّدْرَةَ مَا يَغْشَىٰ ﴿١٦﴾

16 അതായത്, (ആ) ഇലന്തമരത്തെ ആവരണം ചെയ്തത് (ഒക്കെ) ആവരണം ചെയ്തിരുന്നപ്പോൾ. (അപ്പോഴാണതുണ്ടായത്.)

مَا زَاغَ ٱلْبَصَرُ وَمَا طَغَىٰ ﴿١٧﴾

17 (നബിക്ക്) കാഴ്ച തെറ്റിപ്പോയില്ല; അത് ക്രമം വിട്ടതുമില്ല.

لَقَدْ رَأَىٰ مِنْ ءَايَٰتِ رَبِّهِ ٱلْكُبْرَىٰٓ ﴿١٨﴾

18 തീർച്ചയായും അദ്ദേഹത്തിൻെറ റബ്ബിൻെറ അതിമഹത്തായ ദൃഷ്ടാന്തങ്ങളിൽ നിന്നും (പലതും) അദ്ദേഹം കാണുകയുണ്ടായി.

നബി(സ) ജിബ് രീൽ(അ) നെ സാക്ഷാൽ രൂപത്തിൽ കണ്ട രണ്ടാമത്തെ സംഭവമായ 'മിഅ്റാജ്' നെക്കുറിച്ചാണ് ഈ വചനങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളത്.

'സിദുറതുൽ മുൻതഹാ' എന്നാൽ 'അറ്റത്തെ ഇലന്ത വൃക്ഷം' എന്ന് വാക്കർത്ഥം. അദൃശ്യലോകത്തെ ആ വൃക്ഷത്തെ സംബന്ധിച്ച് ഖുർആനിലോ ഹദീസിലോ വിവരിക്കപ്പെട്ടതിൽ കൂടുതലായൊന്നും നമുക്കറിഞ്ഞു കൂടാ. സജ്ജനങ്ങളുടെ ആവാസമാകുന്ന - നിവാസ കേന്ദ്രമായ - സ്വർഗ്ഗം അതിന്റെ അടുക്കലാകുന്നു. 'സിദുറത്തുൽ മുൻതഹാ' യെക്കുറിച്ച് ബുഖാരി, മുസ്ലിം(റ) റസൂലിൽ നിന്നും ഉദ്ധരിച്ച ദീർഘമായ ഹദീസുകളിൽ നിന്നും നമുക്ക് താഴെ കാണുന്ന വസ്തുതകൾ മനസ്സിലാക്കാം.

1. പ്രസ്തുത വൃക്ഷം അലങ്കാരരൂപത്തിൽ പറയപ്പെട്ട ഒരു വൃക്ഷമല്ല. ആകാശ ലോകത്ത് സ്ഥിതി ചെയ്യുന്ന ഒരു യഥാർത്ഥ വൃക്ഷമാണിത്.

2. അതിന്റെ ഫലങ്ങൾ വലിയ തോൽ കുടങ്ങളെ പ്പോലെയും ഇലകൾ ആനയുടെ ചെവികൾ പോലെയുമിരിക്കുന്നു.

3. അതിനെ പല വർണ്ണങ്ങളും ആവരണം ചെയ്തിരിക്കുന്നു. അവ എന്തൊക്കെയാണെന്ന് നബി(സ) തിരുമേനിക്കറിഞ്ഞു കൂടാ.

4. മുകളിൽ നിന്നും കീഴ്പോട്ട് ഇറങ്ങുന്ന കാര്യങ്ങളും അടിയിൽ നിന്ന് മേൽപോട്ട് കയറുന്ന കാര്യങ്ങളും ചെന്നവസാനിക്കുന്ന ഒരു കേന്ദ്രമാകുന്നു അത്.

5. മലക്കുകൾ അതിനെ ആവരണം ചെയ്തിരിക്കുന്നു.

അല്ലാഹുവിനും റസൂലിനും മാത്രം അറിയാവുന്ന എത്രയോ വമ്പിച്ച ദൃഷ്ടാന്തങ്ങളും കാഴ്ചകളും അന്ന് റസൂൽ (സ) തിരുമേനി കണ്ടറിഞ്ഞിട്ടുണ്ട്. അവിടുന്ന് അതെല്ലാം ശരിക്ക് ഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. അവിടുത്തേക്ക് എന്തെങ്കിലും പാകപ്പിഴവുകളോ അമളിയോ പിണഞ്ഞിട്ടില്ല. എന്നൊക്കെയാണ് 17,18 വചനങ്ങൾ ചൂണ്ടിക്കാട്ടുന്നത്.

'മിഅ്റാജ്' സംഭവത്തെക്കുറിച്ച് സൂ. ഇസ്രാഅ് 1ാം വചനത്തിന്റെ വിവരണത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുള്ളത് ശ്രദ്ധിക്കുക.

അല്ലാഹുവിന്റെ പക്കൽ നിന്നുള്ള വഹ്‌യ് പ്രകാരമാണ് നബി(സ) തിരുമേനി പ്രബോധനം നട

ത്തുന്നത്, മറ്റാരും പ്രാപിച്ചിട്ടില്ലാത്ത പല ഉന്നത പദവികളും സിദ്ധിച്ച മഹാനാണ് അവിടുന്ന്, എന്നൊക്കെ പ്രസ്താവിച്ച ശേഷം അതെല്ലാം വ്യാജമാക്കി നിഷേധിക്കുന്ന മുശ്‌രിക്കുകളെ അഭിമുഖീകരിച്ച് കൊണ്ട് അല്ലാഹു പറയുന്നു.

**വചനം 19, 20.**

أَفَرَءَيْتُمُ ٱللَّٰتَ وَٱلْعُزَّىٰ ﴿١٩﴾
وَمَنَوٰةَ ٱلثَّالِثَةَ ٱلْأُخْرَىٰٓ ﴿٢٠﴾

19 എന്നാൽ, നിങ്ങൾ കണ്ടുവോ 'ലാത്ത'യെയും 'ഉസ്സാ'യെയും.
20 മറ്റേ മൂന്നാമത്തേതായ 'മനാത്തി'നെയും?!

അറബികൾ ആരാധ്യദൈവങ്ങളായി സ്വീകരിച്ച് വന്നിരുന്ന ദൈവങ്ങളിൽ കൂടുതൽ കുപ്രസിദ്ധിയുള്ള മൂന്നെണ്ണമാണ് ലാത്ത, ഉസ്സ, മനാത്ത എന്നിവ. നിങ്ങൾക്കെന്താണ് ഇവയെപറ്റി പറയാനുള്ളത്, കേൾക്കട്ടെ - എന്ന് സാരം.

**വചനം 21,22:**

أَلَكُمُ ٱلذَّكَرُ وَلَهُ ٱلْأُنثَىٰ ﴿٢١﴾
تِلْكَ إِذًا قِسْمَةٌ ضِيزَىٰٓ ﴿٢٢﴾

21 നിങ്ങൾക്ക് ആണും, അവന് (അല്ലാഹുവിന്) പെണ്ണുമോ?!
22 അത്-എന്നാൽ (അങ്ങിനെയാണെങ്കിൽ)-നീതി കെട്ട ഒരു ഓഹരിയത്രെ!

മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് അവർ ജൽപിക്കുന്നു. അവർ അങ്ങേയറ്റം വെറുക്കുന്ന പെൺ സന്തതികൾ അല്ലാഹുവിനും, അവർക്ക് ആൺകുട്ടികളുമോ. വ്യാജ വാദങ്ങൾ പുറപ്പെടുവിക്കുന്നതിലും വേണ്ടേ അല്പമെങ്കിലും നീതിയും ന്യായവും.

**വചനം 23, 24, 25:**

إِنْ هِىَ إِلَّآ أَسْمَآءٌ سَمَّيْتُمُوهَآ أَنتُمْ وَءَابَآؤُكُم مَّآ أَنزَلَ ٱللَّهُ بِهَا مِن سُلْطَٰنٍ ۚ إِن يَتَّبِعُونَ إِلَّا ٱلظَّنَّ وَمَا تَهْوَى ٱلْأَنفُسُ ۖ وَلَقَدْ جَآءَهُم مِّن رَّبِّهِمُ ٱلْهُدَىٰٓ ﴿٢٣﴾
أَمْ لِلْإِنسَٰنِ مَا تَمَنَّىٰ ﴿٢٤﴾
فَلِلَّهِ ٱلْءَاخِرَةُ وَٱلْأُولَىٰ ﴿٢٥﴾

23 അവ, നിങ്ങളും നിങ്ങളുടെ പിതാക്കളും നാമകരണം ചെയ്ത ചില പേരുകളല്ലാതെ (മറ്റൊന്നും)അല്ല; അവയെപ്പറ്റി അല്ലാഹു യാതൊരു അധികൃതലക്ഷ്യവും അവതരിപ്പിച്ചിട്ടില്ല. അവർ (ആ മുശ്‌രിക്കുകൾ) ഊഹത്തെയും, (സ്വന്തം) മനസ്സുകൾ ഇച്ഛിക്കുന്നതിനെയുമല്ലാതെ പിൻപറ്റുന്നില്ല. (വാസ്തവത്തിൽ)തങ്ങളുടെ റബ്ബിങ്കൽനിന്ന് അവർക്ക് നേർമ്മാർഗ്ഗം വന്നിട്ടുണ്ടുതാനും. (എന്നിട്ടും അവർ അവയെ കൈവിടുന്നില്ല!).
24 അതല്ല, മനുഷ്യന് അവൻ വ്യാമോഹിക്കുന്നത് (ഒക്കെ) ഉണ്ടെന്നോ?!
25 എന്നാൽ, അല്ലാഹുവിൻേറതാണ് പരലോകവും, ആദ്യലോക (ഇഹലോക)വും.

ആ വിഗ്രഹങ്ങൾ നിങ്ങളും നിങ്ങളുടെ പിതാക്കളും നാമകരണം ചെയ്ത ചില പേരുകളല്ലാതെ മറ്റൊന്നും അല്ല. അവയെ പറ്റി അല്ലാഹു യാതൊരു പ്രമാണവും അവതരിപ്പിച്ചിട്ടുമില്ല. അവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് സന്മാർഗ്ഗം വന്നിട്ട് പോലും ഊഹങ്ങളെയും സ്വേച്ഛകളേയുമാണ് ആ മുശ്‌രിക്കുകൾ പിൻപറ്റുന്നത്. ഇഹലോകത്തും പരലോകത്തുമുള്ള എല്ലാ ഉടമാധികാരങ്ങളും അല്ലാഹുവിനുള്ളതാകുന്നു.

## വിഭാഗം -2

**വചനം 26:**

۞ وَكَم مِّن مَّلَكٍ فِى ٱلسَّمَٰوَٰتِ لَا تُغْنِى

26 ആകാശങ്ങളിൽ എത്രയോ മലക്കുകളുണ്ട്, അവരുടെ ശുപാർശ ഒട്ടുംതന്നെ ഉപകരി

شَفَـٰعَتُهُمْ شَيْـًٔا إِلَّا مِنۢ بَعْدِ أَن يَأْذَنَ ٱللَّهُ لِمَن يَشَآءُ وَيَرْضَىٰٓ ﴿٢٦﴾

ക്കുകയില്ല. അല്ലാഹു ഉദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്ക് (ശുപാർശ ചെയ്യുവാൻ) അവൻ അനുവാദം നൽകിയതിനു ശേഷമല്ലാതെ.

ആകാശങ്ങളിൽ കണക്കറ്റ മലക്കുകളുണ്ട്. അവർ അല്ലാഹുവിന്റെ ആദരണീയരായ അടിയാന്മാരുമാകുന്നു. എന്നിരുന്നാലും അല്ലാഹുവിന്റെ അനുവാദം കൂടാതെ ആർക്കും ശുപാർശ ചെയ്യാൻ അവർക്ക് സാധ്യമല്ല. അല്ലാഹു ഉദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്ക് വേണ്ടിയും അല്ലാതെ ശുപാർശ ചെയ്യാൻ അവൻ ആരെയും അനുവദിക്കുകയില്ല. എന്നിരിക്കെ, ആ മലക്കുകളുടെ പേരിൽ കെട്ടിച്ചമക്കപ്പെട്ട വിഗ്രഹങ്ങളുണ്ടോ അവർക്ക് ശുപാർശ ചെയ്ത് രക്ഷ നൽകുന്നു.

**വചനം 27,28:**

إِنَّ ٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ لَيُسَمُّونَ ٱلْمَلَـٰٓئِكَةَ تَسْمِيَةَ ٱلْأُنثَىٰ ﴿٢٧﴾

وَمَا لَهُم بِهِۦ مِنْ عِلْمٍ ۖ إِن يَتَّبِعُونَ إِلَّا ٱلظَّنَّ ۖ وَإِنَّ ٱلظَّنَّ لَا يُغْنِى مِنَ ٱلْحَقِّ شَيْـًٔا ﴿٢٨﴾

27 നിശ്ചയമായും, പരലോകത്തിൽ വിശ്വസിക്കാത്തവർ, പെൺവർഗത്തിൻെറ നാമകരണം (പോലെ) മലക്കുകൾക്ക് നാമകരണം ചെയ്തു വരുന്നു.

28 അവർക്ക് അതിനെപ്പറ്റി യാതൊരു അറിവും ഇല്ലതാനും, അവർ ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല. ഊഹമാകട്ടെ, നിശ്ചയമായും യഥാർത്ഥത്തെ സംബന്ധിച്ചു ഒട്ടുംതന്നെ ഉപകരിക്കുന്നതുമല്ല.

ആ മുശ്രിക്കുകൾ പരലോകത്തിൽ വിശ്വസിക്കുന്നില്ല. അതോടൊപ്പം മലക്കുകളെ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് പറഞ്ഞ് കൊണ്ട് സ്ത്രീകളുടെതായ നാമവിശേഷണങ്ങൾ അവർക്ക് നൽകുകയും ചെയ്യുന്നു. (സൂ. സുഖ്റുഫ്: 19-ാം വചനം നോക്കുക). അത് ഒരു ന്യായത്തെയും അടിസ്ഥാനമാക്കിയല്ലതാനും. ഊഹത്തെ മാത്രം പിൻപറ്റിക്കൊണ്ടാണത്. ഊഹമാകട്ടെ, യഥാർത്ഥത്തെ സംബന്ധിച്ച് ഒട്ടും ഉപകരിക്കുന്നതല്ല എന്ന് അല്ലാഹു മുന്നറിയിപ്പ് നൽകുന്നു.

നബി(സ) പറയുന്നു: നിങ്ങൾ ഊഹത്തെ സൂക്ഷിക്കുക. കാരണം ഊഹം വർത്തമാനത്തിൽ വെച്ചേറ്റവും കളവായതാകുന്നു. (ബു)

**വചനം 29, 30:**

فَأَعْرِضْ عَن مَّن تَوَلَّىٰ عَن ذِكْرِنَا وَلَمْ يُرِدْ إِلَّا ٱلْحَيَوٰةَ ٱلدُّنْيَا ﴿٢٩﴾

ذَٰلِكَ مَبْلَغُهُم مِّنَ ٱلْعِلْمِ ۚ إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِۦ وَهُوَ أَعْلَمُ بِمَنِ ٱهْتَدَىٰ ﴿٣٠﴾

29 (നബിയേ) എന്നാൽ, നമ്മുടെ സ്മരണ വിട്ടു തിരിഞ്ഞു കളയുകയും, ഐഹികജീവിതമല്ലാതെ ഉദ്ദേശം വെക്കാതിരിക്കുകയും ചെയ്യുന്നവരിൽനിന്നു നീ ഒഴിഞ്ഞു മാറിക്കൊള്ളുക.

30 അത്, അറിവിൽനിന്നുള്ള അവരുടെ ആകെത്തുകയത്രെ. നിശ്ചയമായും, നിൻെറ റബ്ബ് തന്നെയാണ് അവൻെറ മാർഗം വിട്ട് തെറ്റിപ്പോയവരെക്കുറിച്ചു കൂടുതൽ അറിയുന്നവൻ. നേർമ്മാർഗം പ്രാപിച്ചവരെപ്പറ്റി കൂടുതൽ അറിയുന്നവനും അവനത്രെ.

അല്ലാഹുവിനെ ക്കുറിച്ചുള്ള ഓർമ്മയും ബോധവുമില്ലാതെ ഐഹിക ജീവിതത്തെ ഏകലക്ഷ്യമായി സ്വീകരിച്ച് കൊണ്ടിരിക്കുന്നവരെ ഉപദേശിച്ചിട്ട് യാതൊരു ഫലവും ഉണ്ടാകുകയില്ല. അത് കൊണ്ട് അങ്ങനെയുള്ളവരെ അവഗണിച്ച് അവരിൽ നിന്നും ഒഴിഞ്ഞ് മാറുവാൻ അല്ലാഹു നബി(സ) യെ ഉപദേശിക്കുന്നു. കാരണം, അവരുടെ അറിവിന്റെ ആകെത്തുക ഐഹിക ജീവിതവും അതിലെ സുഖഭോഗങ്ങളും മാത്രമായിരിക്കും. അവയെക്കുറിച്ചല്ലാത്ത ഉപദേശങ്ങളും ദൃഷ്ടാന്തങ്ങളും അവരുടെ ഹൃദയത്തിലേക്ക് പ്രവേശിക്കുന്നതല്ല. നബി(സ) ഇപ്രകാരം പ്രാർത്ഥിച്ചിരുന്നതായി ഹദീസിൽ വന്നിരിക്കുന്നു,

"അല്ലാഹുവേ ഇഹലോകത്തെ നീ ഞങ്ങളുടെ പ്രധാന മനോവിചാരമാക്കരുതേ, ഞങ്ങളുടെ അറിവിന്റെ ആകെത്തുകയും ആക്കരുതേ."

**വചനം 31,**

وَلِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ لِيَجْزِيَ ٱلَّذِينَ أَسَٰٓـُٔوا۟ بِمَا عَمِلُوا۟ وَيَجْزِيَ ٱلَّذِينَ أَحْسَنُوا۟ بِٱلْحُسْنَى ﴿٣١﴾

31 അല്ലാഹുവിൻേറതാണ് ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) തിൻമ ചെയ്തവർക്ക് അവർ പ്രവർത്തിച്ചതനുസരിച്ച് പ്രതിഫലം നൽകുവാനും, നന്മ ചെയ്തവർക്ക് ഏറ്റവും നല്ലത് പ്രതിഫലം നൽകുവാനും വേണ്ടിയത്രെ. (അത്).

യാതൊരു വിശദീകരണം ആവശ്യമില്ലാത്ത വിധം വ്യക്തമാണീ വചനത്തിന്റെ സാരാംശം.

**വചനം 32:**

ٱلَّذِينَ يَجْتَنِبُونَ كَبَٰٓئِرَ ٱلْإِثْمِ وَٱلْفَوَٰحِشَ إِلَّا ٱللَّمَمَ ۚ إِنَّ رَبَّكَ وَٰسِعُ ٱلْمَغْفِرَةِ ۚ هُوَ أَعْلَمُ بِكُمْ إِذْ أَنشَأَكُم مِّنَ ٱلْأَرْضِ وَإِذْ أَنتُمْ أَجِنَّةٌ فِي بُطُونِ أُمَّهَٰتِكُمْ ۖ فَلَا تُزَكُّوٓا۟ أَنفُسَكُمْ ۖ هُوَ أَعْلَمُ بِمَنِ ٱتَّقَىٰٓ ﴿٣٢﴾

32 (അതെ) വലിയ പാപങ്ങളും, നീചവൃത്തികളും (തീരെ) വിട്ടകന്നു നിൽക്കുന്നവർ. (ഇവരാണ് നൻമചെയ്യുന്നവർ.) നിസ്സാരമായതൊഴികെ. (അതു സംഭവിച്ചേക്കാം.) നിശ്ചയമായും, നിൻെറ റബ്ബ് (പാപം) പൊറുക്കുന്നതിൽ വിശാലനാകുന്നു. നിങ്ങളെ ഭൂമിയിൽനിന്ന് ഉത്ഭവിപ്പിച്ച അവസരത്തിലും, നിങ്ങൾ നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ ഗർഭസ്ഥ ശിശുക്കളായിരിക്കുമ്പോഴും (എല്ലാം തന്നെ) അവൻ നിങ്ങളെക്കുറിച്ച് ഏറ്റവും അറിയുന്നവനാകുന്നു. എന്നിരിക്കെ, നിങ്ങൾ നിങ്ങളെ സ്വയം (പരിശുദ്ധരാക്കി) വളർത്തിക്കാട്ടരുത്. സൂക്ഷ്മത പാലിക്കുന്നവരെക്കുറിച്ച് അവൻ ഏറ്റവും അറിയുന്നവനാകുന്നു.

മഹാപാപങ്ങളിലും നീച പ്രവൃത്തികളിലും അകപ്പെടാതെ സൂക്ഷിച്ച് പോരുന്ന സുകൃതവാന്മാരുടെ പക്കൽ വന്നേക്കാവുന്ന ചെറുപാപങ്ങളെ അല്ലാഹു പൊറുത്ത് കൊടുക്കുന്നതാണ്. പ്രത്യേകം താക്കീത് ചെയ്യപ്പെട്ടതോ, കർശനമായി വിരോധിച്ചതോ ആയ എല്ലാ കാര്യങ്ങളും മഹാ പാപങ്ങളിലും നീചമോ നികൃഷ്ടമോ ആയി ഗണിക്കപ്പെടുന്ന എല്ലാ കാര്യങ്ങളും നീചവൃത്തികളിലും പെടുന്നു. പൊതുവിൽ വിരോധിക്കപ്പെട്ടതാണെങ്കിലും സാധാരണഗതിയിൽ വന്ന് പിണഞ്ഞേക്കാവുന്ന ലഘുവായ തെറ്റ്കുറ്റങ്ങളാണ് ചെറുപാപങ്ങൾ കൊണ്ടുദ്ദേശ്യം. (സൂ. നിസാഅ് 31-ാം വചനം നോക്കുക) പരമകാരുണികനായ റബ്ബ് നമ്മുടെ എല്ലാ പാപങ്ങളും പൊറുത്ത് തരട്ടെ - ആമീൻ

നിങ്ങളുടെ ഉൽഭവം, ഗർഭസ്ഥാവസ്ഥ വളർച്ചയുടെ വിവിധഘട്ടങ്ങൾ ആദിയായവ അല്ലാഹു ഏറ്റവും നന്നായി അറിയുന്നവനാണ്. എന്നിരിക്കെ നിങ്ങളുടെ നന്മയും പരിശുദ്ധിയും എടുത്ത് കാട്ടി ആത്മപ്രശംസ ചെയ്യാനും വളർത്തിക്കാട്ടുവാനും നിങ്ങൾ മുതിരരുത്. അബൂ സലമ(റ) യുടെ മകൾക്ക് വീട്ടുകാർ ബർ-റ (പുണ്യവതി) എന്ന് നാമകരണം ചെയ്തപ്പോൾ നബി(സ) അത് വിരോധിക്കുകയും അവൾക്ക് സൈനബ എന്ന പേര് നിർദ്ദേശിച്ച് കൊടുക്കുകയും ചെയ്തു. ഒരു മനുഷ്യൻ ഉസ് മാൻ(റ) ന്റെ അടുക്കൽ വന്ന്, അദ്ദേഹത്തെ അമിതമായി പുകഴ്ത്തിപ്പറയുകയുണ്ടായി. അപ്പോൾ മിഖ്ദാദ്(റ) അയാളുടെ മുഖത്ത് മണ്ണ് വാരിയിടുകയും ഇപ്രകാരം പറയുകയും ചെയ്തു. "അധിക പ്രശംസ നടത്തുന്നവരെ കണ്ടാൽ അവരുടെ മുഖത്ത് മണ്ണ് വാരിയിടാൻ നബി(സ) കൽപിച്ചിരിക്കുന്നു." (മുസ്ലിം)

## വിഭാഗം - 3

**വചനം 33, 34,35, 36, 37:**

أَفَرَءَيْتَ ٱلَّذِي تَوَلَّىٰ ﴿٣٣﴾

33 എന്നാൽ (നബിയേ) പിൻമാറിപ്പോയ ഒരുവനെ നീ കണ്ടുവോ?-

34 അവന്‍ അല്‍പം കൊടുക്കുകയും (പിന്നീടത്) നിറുത്തിക്കളയുകയും ചെയ്തു.
35 അവന്‍റെ അടുക്കല്‍ അദൃശ്യജ്ഞാനമുണ്ടായിട്ട് അവന്‍ (അതുവഴി) കണ്ടറിയുന്നുവോ?!
36 അഥവാ, മൂസായുടെ ഏടുകളിലുള്ളതിനെക്കുറിച്ച് അവന് വര്‍ത്തമാനം ലഭിച്ചിട്ടില്ലേ?!
37 (കടമകള്‍) നിറവേറ്റിയവനായ ഇബ്രാഹീമിന്‍റെയും (ഏടിലുള്ളത്)?!

وَأَعْطَىٰ قَلِيلًا وَأَكْدَىٰٓ ٣٤
أَعِندَهُۥ عِلْمُ ٱلْغَيْبِ فَهُوَ يَرَىٰٓ ٣٥
أَمْ لَمْ يُنَبَّأْ بِمَا فِى صُحُفِ مُوسَىٰ ٣٦
وَإِبْرَٰهِيمَ ٱلَّذِى وَفَّىٰٓ ٣٧

സത്യോപദേശങ്ങള്‍ സ്വീകരിക്കുവാനും സന്മാര്‍ഗ്ഗം പിന്‍പറ്റുവാനും തയാറില്ലാതെ പിന്‍തിരിഞ്ഞ് കളയുന്നവരും, കൊടുത്ത് തീര്‍ക്കുകയോ ചെയ്ത് തീര്‍ക്കുകയോ ചെയ്യേണ്ടുന്ന കടമകളില്‍ ഏതോ ചിലത് മാത്രം നിര്‍വ്വഹിച്ച് ബാക്കിയുള്ളവ നിര്‍വ്വഹിക്കാതെ വിട്ട് കളയുന്നവരും ആയ ആളുകളെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്. തുടര്‍ന്ന് ചിലവഴിച്ചാല്‍ തങ്ങളുടെ ധനം നഷ്ടപ്പെട്ട് ബുദ്ധിമുട്ടിലാകും; ചില കടമകള്‍ മാത്രം നിര്‍വ്വഹിച്ചാലും രക്ഷ കിട്ടും എന്നിത്യാദി വിചാരങ്ങളായിരിക്കും ഇവര്‍ക്കുണ്ടായിരിക്കുക. ഒന്നുകില്‍ ഇതൊക്കെ ശരിയാണെന്ന് കാണിക്കുന്ന വല്ല അദൃശ്യ വിവരങ്ങളും അവര്‍ക്കുണ്ടായിരിക്കണം, അതല്ലെങ്കില്‍ പൂര്‍വ്വഗ്രന്ഥങ്ങളില്‍ നിന്ന് അവര്‍ക്ക് അതിന് വേണ്ട വല്ല തെളിവുകളും ലഭിച്ചിരിക്കണം. ഇതൊന്നുമല്ലാത്ത സ്ഥിതിക്ക് ഇവര്‍ക്ക് എന്ത് ന്യായീകരണമാണുള്ളത്; ഇവര്‍ക്കെങ്ങനെയാണ് രക്ഷ കിട്ടുക.

മൂസാ(അ) നബിക്കും ഇബ്രാഹീം (അ) ക്കും ലഭിച്ചിട്ടുള്ള പൂര്‍വ്വ ഗ്രന്ഥങ്ങളില്‍ പ്രസ്താവിക്കപ്പെട്ട സിദ്ധാന്തങ്ങള്‍ എന്തായിരുന്നുവെന്ന് തുടര്‍ന്ന് വിവരിക്കുന്നു. അവയത്രയും ഖുര്‍ആനിന്‍റെ യും മൗലികസിദ്ധാന്തങ്ങളത്രെ.

**വചനം 38,39,40,41,42,43,44,45,46,47,48,49,50,51,52,53,54,55:**

38 അതായത്, കുറ്റംവഹിക്കുന്ന ഒരു ദേഹം (അഥവാ ആത്മാവ്) മറ്റൊന്നിന്‍റെ കുറ്റം വഹിക്കുകയില്ല എന്നും;
39 മനുഷ്യന് അവന്‍ (സ്വയം) പ്രയത്നിച്ചതല്ലാതെ (മറ്റൊന്നും) ഇല്ലെന്നും;
40 അവന്‍റെ പ്രയത്നം വഴിയെ അവന് കാട്ടിക്കൊടുക്കപ്പെടുമെന്നും;
41 -പിന്നീട് അവന് അതിനു പരിപൂര്‍ണ്ണമായ പ്രതിഫലം നല്‍കപ്പെടുകയും ചെയ്യും-
42 നിന്‍റെ റബ്ബിങ്കലേക്കു തന്നെയാണ് (എല്ലാം) ചെന്നവസാനിക്കുന്നത് എന്നും;
43 അവന്‍ തന്നെയാണ് ചിരിപ്പിക്കുകയും, കരയിപ്പിക്കുകയും ചെയ്യുന്നത് എന്നും;
44 അവന്‍ തന്നെ, മരണപ്പെടുത്തുകയും, ജീവിപ്പിക്കുകയും ചെയ്യുന്നുവെന്നും;
45 അവന്‍ തന്നെ, ആണും പെണ്ണുമാകുന്ന രണ്ടു ഇണകളെ സൃഷ്ടിക്കുന്നുവെന്നും;
46 -(അതെ) ഒരു ഇന്ദ്രിയത്തുള്ളിയില്‍ നിന്ന്-അത് (ഗര്‍ഭാശയത്തില്‍) സ്രവിക്കപ്പെടുമ്പോള്‍,-
47 അവന്‍റെ മേല്‍തന്നെയാണ് മറ്റേ ഉല്‍പത്തിയാക്കലും (രണ്ടാമത്തെ ജീവിപ്പിക്കലും) എന്നും;

أَلَّا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ٣٨
وَأَن لَّيْسَ لِلْإِنسَٰنِ إِلَّا مَا سَعَىٰ ٣٩
وَأَنَّ سَعْيَهُۥ سَوْفَ يُرَىٰ ٤٠
ثُمَّ يُجْزَىٰهُ ٱلْجَزَآءَ ٱلْأَوْفَىٰ ٤١
وَأَنَّ إِلَىٰ رَبِّكَ ٱلْمُنتَهَىٰ ٤٢
وَأَنَّهُۥ هُوَ أَضْحَكَ وَأَبْكَىٰ ٤٣
وَأَنَّهُۥ هُوَ أَمَاتَ وَأَحْيَا ٤٤
وَأَنَّهُۥ خَلَقَ ٱلزَّوْجَيْنِ ٱلذَّكَرَ وَٱلْأُنثَىٰ ٤٥
مِن نُّطْفَةٍ إِذَا تُمْنَىٰ ٤٦
وَأَنَّ عَلَيْهِ ٱلنَّشْأَةَ ٱلْأُخْرَىٰ ٤٧

48 അവൻ തന്നെ ധന്യമാക്കുക. (അഥവാ ഐശ്വ
ര്യം നൽകുക)യും, സംതൃപ്തി നൽകുകയും
ചെയ്യുന്നുവെന്നും;
49 അവൻ തന്നെയാണ് 'ശിഅ്റാ'യുടെ(ചോതി
നക്ഷത്രത്തിൻെറ) റബ്ബ് എന്നും;
50 അവൻ തന്നെ, ആദിമ(ജനതയായ) 'ആദി'നെ
നശിപ്പിച്ചുവെന്നും;
51 ഥമൂദിനെയും (നശിപ്പിച്ചു); എന്നിട്ട് (അവരെ)
ബാക്കിയാക്കിയില്ല;-
52 മുമ്പ് നൂഹിൻെറ ജനതയെയും (നശിപ്പിച്ചു);
(കാരണം) നിശ്ചയമായും അവർ ഏറ്റവും
അക്രമം ചെയ്തവരും ഏറ്റം ധിക്കാരം
പ്രവർത്തിച്ചവരും തന്നെയായിരുന്നു;-
53 (കീഴ്മേലായി)മറിഞ്ഞുകിടക്കുന്ന(ആ) രാജ്യ
ത്തെ അവൻ വീഴ്ത്തുകയും ചെയ്തു;-
54 എന്നിട്ട് അതിനെ ആവരണം ചെയ്തത്
(ഒക്കെയും) ആവരണം ചെയ്തു!
55 (മനുഷ്യാ)എന്നിരിക്കെ, നിൻെറ രക്ഷിതാ
വിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെക്കുറി
ച്ചാണ് നീ (തർക്കം നടത്തി) സംശയം പ്രകടിപ്പി
ച്ചുകൊണ്ടിരിക്കുന്നത്?!

وَأَنَّهُۥ هُوَ أَغۡنَىٰ وَأَقۡنَىٰ ﴿٤٨﴾
وَأَنَّهُۥ هُوَ رَبُّ ٱلشِّعۡرَىٰ ﴿٤٩﴾
وَأَنَّهُۥٓ أَهۡلَكَ عَادًا ٱلۡأُولَىٰ ﴿٥٠﴾
وَثَمُودَاْ فَمَآ أَبۡقَىٰ ﴿٥١﴾
وَقَوۡمَ نُوحٖ مِّن قَبۡلُۖ إِنَّهُمۡ كَانُواْ هُمۡ أَظۡلَمَ
وَأَطۡغَىٰ ﴿٥٢﴾
وَٱلۡمُؤۡتَفِكَةَ أَهۡوَىٰ ﴿٥٣﴾
فَغَشَّىٰهَا مَا غَشَّىٰ ﴿٥٤﴾
فَبِأَيِّ ءَالَآءِ رَبِّكَ تَتَمَارَىٰ ﴿٥٥﴾

ഈ വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ താഴെ പറയുന്നവയാകുന്നു.

(1,2) ഒരാളുടെ കുറ്റം മറ്റൊരാൾ വഹിക്കുന്നതല്ല. വഹിക്കേണ്ടി വരികയുമില്ല. അവനവന്റെ കുറ്റങ്ങൾക്ക് അവനവൻ മാത്രമാണ് ഉത്തരവാദി. ഒരാൾ യത്നിച്ചതിന്റെ നന്മയുടെ പ്രതിഫലവും അയാൾക്ക് മാത്രമേ ലഭിക്കുകയുള്ളൂ. എന്നാൽ തന്റെ പ്രേരണയിലൂടെ മറ്റൊരാളുടെ കർമ്മങ്ങളിൽ ഒരാൾ സ്വാധീനിച്ചിട്ടുണ്ടെങ്കിൽ അവ ദുഷ്ക്കർമ്മങ്ങളെങ്കിൽ തിന്മയുടെ പങ്കും സൽക്കർമ്മങ്ങളെങ്കിൽ നന്മയുടെ പങ്കും അയാൾക്ക് ലഭിക്കുന്നതാണ്. (സൂ. അൻകബൂത്ത് 13ാം വചനം നോക്കുക)

ഇമാം മുസ്ലിമും മറ്റും നിവേദനം ചെയ്ത ഒരു നബി വചനം ഇപ്രകാരമാകുന്നു: "ഒരാൾ ഒരു നല്ല നടപടി നടപ്പാക്കിയാൽ അവന് അതിന്റെ പ്രതിഫലവും, ഖിയാമത്ത് നാൾ വരെ അതനുസരിച്ച് പ്രവർത്തിക്കുന്നവരുടെ പ്രതിഫലവും ഉണ്ടായിരിക്കും. ഒരാൾ ഒരു ദുഷിച്ച നടപടി നടപ്പാക്കിയാൽ അവന് അതിന്റെ കുറ്റവും ഖിയാമത്ത് നാൾ വരെ അതനുസരിച്ച് പ്രവർത്തിച്ചവരുടെ കുററവും ഉണ്ടായിരിക്കും."

"ഭംഗം കൂടാതെ തുടർന്ന് കൊണ്ടിരിക്കുന്ന ദാനദർമ്മം, ഉപകാരപ്രദമായ അറിവ്, തനിക്ക് വേണ്ടി പ്രാർത്ഥിക്കുന്ന സന്താനം, എന്നീ മൂന്ന് കാര്യങ്ങളും മനുഷ്യന്റെ മരണത്തോട് കൂടി മുറിഞ്ഞ് പോകാതെ അവശേഷിക്കുന്ന കർമ്മങ്ങളായി നബി(സ) എണ്ണിയിരിക്കുന്നു.

മേലുദ്ധരിച്ച ഹദീസുകളിൽ പ്രസ്താവിച്ച സംഗതികളിൽ മരണപ്പെട്ടവർക്ക് പ്രതിഫലം ലഭിക്കുമെന്ന് പറഞ്ഞിരിക്കുന്നത് അവ അവരുടെ യത്നത്തിന്റെയും പ്രവർത്തനത്തിന്റെയും ഫലമായിട്ടുള്ളത് കൊണ്ടാണെന്ന് ഇബ്നു കഥീർ(റ) ചൂണ്ടിക്കാട്ടിയിരിക്കുന്നു. എന്നാൽ ഖുർആൻ പാരായണം ചെയ്ത് അതിന്റെ പ്രതിഫലം മരിച്ച് പോയവർക്ക് ദാനം ചെയ്താൽ അതവർക്ക് കിട്ടുകയില്ല എന്ന് ഇമാം ശാഫി(റ) പ്രസ്താവിച്ചിരിക്കുന്നത് അതിൽ, അവരുടെ പ്രയത്നമോ പ്രവൃത്തിയോ ഇല്ല എന്നത് കൊണ്ടാകുന്നു എന്നും ഇബ്നു കഥീർ ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഇത് കൊണ്ടാണ് വ്യക്തമായോ സൂചനയായോ ഇതിലേക്ക് നബി(സ) സമുദായത്തിന് പ്രോത്സാഹനമോ, പ്രേരണയോ നൽകാതിരുന്നത്. എന്നാൽ മരിച്ചവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയും ധർമ്മവുമാകട്ടെ അവയുടെ കൂലി അവർക്കു എത്തുമെന്നുള്ളത് ഭി

ന്നിപ്പില്ലാത്ത ഏകകണ്ഠമായ അഭിപ്രായവും നബി(സ) തുറന്ന് പ്രസ്താവിച്ചിട്ടുള്ളതുമാകുന്നു. (ഇബ്നു കഥീർ (റ).

3) മഹ്ശറിൽ വെച്ച് മനുഷ്യന് അവന്റെ കർമ്മങ്ങൾ കാട്ടിക്കൊടുക്കുകയും അവനെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതാണ്.

4) പിന്നീട് അതിന്റെ പ്രതിഫലം പരിപൂർണ്ണമായും നൽകപ്പെടുകയും ചെയ്യും. സൂ: ജുമുഅ: 8 ാം വചനത്തിൽ അല്ലാഹു പറയുന്നു:

“പിന്നീട് അദൃശ്യത്തെയും ദൃശ്യത്തെയും അറിയുന്നവന്റെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നതാണ്. എന്നിട്ട് നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെക്കുറിച്ച് നിങ്ങളെ അവൻ ബോധ്യപ്പെടുത്തുന്നതാണ്.”

“അപ്പോൾ ആർ ഒരു അണുവോളം നന്മ ചെയ്തുവോ അവൻ അത് കാണും. ആർ ഒരു അണുവോളം തിന്മ ചെയ്തുവൊ അതും അവൻ കാണും.” (സൂ: സിൽസാൽ: 7,8 വചനങ്ങൾ)

5) എല്ലാ ആളുകളും എല്ലാ കാര്യങ്ങളും ഒടുവിൽ ചെന്ന് ചേരുന്നത് അല്ലാഹുവിങ്കലേക്കാകുന്നു. അന്ന് എല്ലാ കാര്യങ്ങളും അവന്റെ അധികാരത്തിലും നിയന്ത്രണത്തിലുമായിരിക്കും. “അവനിലേക്ക് തന്നെ എല്ലാ കാര്യവും മടക്കപ്പെടുന്നു.” (സൂ. ഹൂദ്:34)

“നിങ്ങളുടെ മുഴുവൻ മടക്കം നമ്മുടെ അടുക്കലേക്കാകുന്നു.” (സൂ. യൂനുസ്:23)

6) അവൻ തന്നെയാണ് ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്യുന്നവൻ – സുഖ ദുഃഖങ്ങളും സന്തോഷ സന്താപങ്ങൾക്കുമുള്ള കാരണങ്ങളും അവന്റെ സൃഷ്ടി തന്നെ.

7) അവൻ തന്നെ മരണപ്പെടുത്തുകയും ജീവിപ്പിക്കുകയും ചെയ്യുന്നു.

“നിങ്ങളിൽ ആരാണ് കൂടുതൽ നല്ല പ്രവർത്തി ചെയ്യുന്നവരെന്ന് നിങ്ങളെ പരീക്ഷണം നടത്തുവാൻ വേണ്ടി മരണത്തെയും ജീവിതത്തെയും സൃഷ്ടിച്ചവനാകുന്നു അവൻ”. (സൂ. മുൽക് – 2)

8) നിസ്സാരമായ ഒരു ഇന്ദ്രിയ ബിന്ദു ഗർഭാശയത്തിൽ സ്രവിക്കപ്പെടുന്നു. അവിടെ വച്ച് അത് ആണായും പെണ്ണായും ചിലപ്പോൾ രണ്ടും കൂടിയും ആയി രൂപാന്തരപ്പെട്ടു പുറത്ത് വരുന്നു. അതിന് മുമ്പായി എത്രയോ കാര്യങ്ങൾ വ്യവസ്ഥാപിതമായി അവിടെ വെച്ച് നടന്ന് കൊണ്ടിരിക്കുന്നു. ഇതിന്റെയെല്ലാം സൃഷ്ടികർത്താവ് അല്ലാഹുവല്ലാതെ മറ്റാരുമല്ല.

9) ഇങ്ങനെയെല്ലാം സൃഷ്ടിച്ച് പോറ്റി വളർത്തിക്കൊണ്ട് വന്ന് പിന്നീട് മരണപ്പെടുത്തുന്ന സൃഷ്ടികർത്താവായ അല്ലാഹു തന്നെയാണ് മനുഷ്യനെ രണ്ടാമതൊരിക്കൽ കൂടി പുനർജീവിപ്പിക്കുന്നതും.

10) ചിലർക്ക് ധനവും സമ്പത്തും നൽകുന്നതും മറ്റ് ചിലർക്ക് ദാരിദ്ര്യം നൽകുന്നതും ഏതവസ്ഥയിലും സംതൃപ്തി നൽകുന്നതും അല്ലാഹുവാകുന്നു. സംതൃപ്തിയും മനസ്സമാധാനവും കൂടാതെയുള്ള സമ്പത്തിനേക്കാൾ ഉത്തമം അവയോട് കൂടിയുള്ള ദാരിദ്ര്യമാകുന്നു.

“വിഭവങ്ങൾ അധികരിക്കുന്നത് കൊണ്ടല്ല ധനമുണ്ടാകുന്നത്. ധനമെന്നത് മനസ്സിന്റെ ധന്യതയാകുന്നു.” എന്ന നബി വചനം ശ്രദ്ധേയമാകുന്നു.

11) **الشعرى**-ശിഅ്റാ നക്ഷത്രം അഥവാ അഗ്നിനക്ഷത്രം – യുടെ റബ്ബും അല്ലാഹു തന്നെ. മുൻകാലത്ത് ചില അറബികൾ അതിനെ ആരാധിച്ച് വന്നിരുന്നത് കൊണ്ടാണ് അതിനെ പ്രത്യേകം എടുത്ത് പറഞ്ഞത്.

12) ആദിമ ജനതയായ ആദ് വർഗ്ഗത്തെയും ഥമൂദ് ഗോത്രത്തെയും അതിന് എത്രയോ മുമ്പുണ്ടായിരുന്ന നൂഹ് (അ) നബിയുടെ ജനതയെയും നശിപ്പിച്ചതുമെല്ലാം അല്ലാഹു തന്നെ. ഒരു സമൂഹത്തിന്റെ ധിക്കാരവും അക്രമവും അതിര് കടക്കുമ്പോഴാണ് അല്ലാഹു ഏതെങ്കിലും പൊതു ശിക്ഷ വഴി അവയെ ഒന്നടങ്കം നശിപ്പിക്കുന്നത്.

13) അടിമേലായി മറിഞ്ഞ് കിടക്കുന്ന ആ രാജ്യത്തെ തല കീഴായി മറിച്ച് വീഴ്ത്തിയവനും അല്ലാഹു തന്നെ. ലൂത്ത് (അ) നബിയുടെ രാജ്യമാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

"അതിന്റെ മേൽഭാഗം നാം കീഴ്ഭാഗമാക്കി. അവരുടെ മേൽ നാം ചൂളക്കല്ല് കൊണ്ട് മഴ വർഷിപ്പിക്കുകയും ചെയ്തു." സൂ: ഹൂദ്. 82. "ആ ചീത്ത മഴ വർഷിപ്പിക്കപ്പെട്ട രാജ്യം" - (സൂ: ഫുർഖാൻ 40) എന്നൊക്കെ പറഞ്ഞിട്ടുള്ളത് ഇന്നും തല കീഴായിക്കിടക്കുന്ന ആ രാജ്യത്തെക്കുറിച്ചാകുന്നു. ഇവയെല്ലാം സൂചിപ്പിച്ച് കൊണ്ടാണ് "അതിനെ ആവരണം ചെയ്തതൊക്കെ ആവരണം ചെയ്തു." എന്ന് പറഞ്ഞത്.

മേൽ വിവരിച്ച യാഥാർത്ഥ്യങ്ങൾ നിരത്തിക്കാട്ടിയ ശേഷം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് സംശയം പ്രകടിപ്പിച്ചു തർക്കം നടത്തിക്കൊണ്ടിരിക്കുന്നവരോട് അല്ലാഹു ചോദിക്കുയാണ്. "ഹേ മനുഷ്യാ എന്നിരിക്കെ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏത് അനുഗ്രഹത്തെക്കുറിച്ചാണ് നീ സംശയിച്ച് തർക്കം നടത്തിക്കൊണ്ടിരിക്കുന്നത്."

അത്യന്തം ഗൗരവമേറിയ ഒരു ചോദ്യമാകുന്നു അല്ലാഹു ധിക്കാരികളോട് ചോദിക്കുന്നത്.

**വചനം 56,57,58:**

هَٰذَا نَذِيرٌ مِّنَ ٱلنُّذُرِ ٱلْأُولَىٰٓ ﴿٥٦﴾

56 ഇത് പൂർവികൻമാരായ താക്കീതുകാരിൽ പെട്ട ഒരു താക്കീതുകാരനത്രെ.

أَزِفَتِ ٱلْءَازِفَةُ ﴿٥٧﴾

57 (ആ) ആസന്നസംഭവം (ഇതാ) ആസന്നമായി!-

لَيْسَ لَهَا مِن دُونِ ٱللَّهِ كَاشِفَةٌ ﴿٥٨﴾

58 അല്ലാഹുവിനുപുറമെ, അതിനെ തുറവിയാക്കുന്ന ഒരു ശക്തിയും ഇല്ല.

ജനങ്ങളെ താക്കീത് ചെയ്യുവാനായി മുൻകാലങ്ങളിൽ വളരെയധികം പ്രവാചകന്മാർ നിയോഗിക്കപ്പെട്ടിട്ടുണ്ട്. അക്കൂട്ടത്തിൽ ഒരാൾ മാത്രമാകുന്നു നിങ്ങളുടെ പ്രവാചകനും. (പറയുക: ഞാൻ റസൂലുകളിൽ പുതുമക്കാരനൊന്നുമല്ല. സൂ: അഹ്ഖാഫ് 9 ാം വചനം). പക്ഷെ അദ്ദേഹം അവസാനത്തെ പ്രവാചകനാകുന്നു. കാലം ഇതാ അവസാനിക്കാറായി. ആ മഹാ സംഭവം - ലോകാവസാനം - ഇതാ ആസന്നമായി. അതിനെ തടയുവാൻ അല്ലാഹു അല്ലാത്ത മറ്റാരാലും സാധ്യമല്ല.

ഖിയാമത്ത് നാളിനെ കുറിച്ച് **الأزفة** (ആസന്നമായ സംഭവം) എന്ന് ഇവിടെയും **الساعة**(അന്ത്യസമയം) എന്നും **الواقعة** (ആ സംഭവം) എന്നും **القارعة** (ആ ഭയങ്കര സംഭവം) എന്നും **الحاقة** (ആ യഥാർത്ഥ സംഭവം) എന്നും ഖുർആനിൽ പലയിടത്തായും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

**വചനം 59,60,61:**

أَفَمِنْ هَٰذَا ٱلْحَدِيثِ تَعْجَبُونَ ﴿٥٩﴾

59 അപ്പോൾ, (കാര്യം ഇങ്ങിനെയിരിക്കെ) ഈ വർത്തമാനത്തെ സംബന്ധിച്ചാണോ നിങ്ങൾ ആശ്ചര്യപ്പെട്ടു കൊണ്ടിരിക്കുന്നത്?-

وَتَضْحَكُونَ وَلَا تَبْكُونَ ﴿٦٠﴾

60 നിങ്ങൾ ചിരിച്ചുകൊണ്ടിരിക്കുകയും, കരയാതിരിക്കുകയും ചെയ്യുന്നതും?-

وَأَنتُمْ سَٰمِدُونَ ﴿٦١﴾

61 നിങ്ങളാകട്ടെ, (അശ്രദ്ധരായി) മേൽപോട്ടു നോക്കുന്നവരുമാകുന്നു.

"ഈ വർത്തമാനം" എന്ന് പറഞ്ഞത് ഖുർആനെ ഉദ്ദേശിച്ചാകുന്നു. ഈവചനങ്ങൾ ഓതിക്കേട്ടപ്പോൾ സഹാബികൾ കണ്ണീരൊഴുക്കി കരയുകയുണ്ടായി. നബി(സ) യും കരഞ്ഞു. അപ്പോൾ നബി(സ) പറഞ്ഞു. "അല്ലാഹുവിനെക്കുറിച്ചുള്ള ഭയപ്പാട് നിമിത്തം കരയുന്നവൻ നരകത്തിൽ പ്രവേശിക്കുകയില്ല. അനുസരണക്കേടിൽ നിരതനായവൻ സ്വർഗ്ഗത്തിലും പ്രവേശിക്കുകയില്ല." (അബൂഹുറൈറ(റ).

**വചനം 62,**

فَٱسْجُدُوا۟ لِلَّهِ وَٱعْبُدُوا۟ ۩ ﴿٦٢﴾

62 (മനുഷ്യരേ) അതുകൊണ്ടു നിങ്ങൾ അല്ലാഹുവിന് 'സുജൂദു' (സാഷ്ടാംഗ നമസ്ക്കാരം) ചെയ്യുവിൻ; ആരാധനയും ചെയ്യുവിൻ!

ഇബ്നു അബ്ബാസ് (റ) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. “നബി(സ) സൂ: നജ്മ് ഓതി സുജൂദ് ചെയ്തു. തിരുമേനിയോടൊപ്പം, അവിടെ സന്നിഹിതരായിരുന്ന മുസ്ലിംകളും, മുശ്രിക്കുകളും, ജിന്നും, ഇൻസും (മനുഷ്യരും) സുജൂദ് ചെയ്തു.” (ബുഖാരി)

അല്ലാഹുവേ, നിന്റെ ശിക്ഷയും താക്കീതും ഭയപ്പെടുന്ന, അശ്രദ്ധയും പരിഹാസവും കാണിക്കാത്ത ഭയഭക്തന്മാരുടെ കൂട്ടത്തിൽ നീ ഞങ്ങളെയെല്ലാം ഉൾപ്പെടുത്തേണമേ. – ആമീൻ

നിനക്ക് സുജൂദും ഇബാദത്തും ചെയ്യുന്ന സജ്ജനങ്ങളിൽ നീ ഞങ്ങളെ ഉൾപ്പെടുത്തേണമേ – ആമീൻ

# 54. സൂറത്തുൽ ഖമർ (ചന്ദ്രൻ)

**മക്കയിൽ അവതരിച്ചത്**

(45 ഉം 46 ഉം വചനങ്ങൾ മദനീ വിഭാഗത്തിൽ പെട്ടതാണെന്നും അഭിപ്രായമുണ്ട്.)

വചനങ്ങൾ 55, വിഭാഗം (റുക്കൂഅ്) 3

ഒന്നാം വചനത്തിലെ ചന്ദ്രനെ (ഖമർ) കുറിച്ചുള്ള പരാമർശമാണ് അദ്ധ്യായത്തിന്റെ പേരിന് നിദാനം

വെള്ളിയാഴ്ചയും പെരുന്നാൾ ദിവസങ്ങളിലും പ്രസംഗത്തിൽ സൂ: ഖാഫും ഈ സൂറത്തും നബി(സ) ഓതാറുണ്ടായിരുന്നു.

## വിഭാഗം 1

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3:**

ٱقْتَرَبَتِ ٱلسَّاعَةُ وَٱنشَقَّ ٱلْقَمَرُ ﴿١﴾ وَإِن يَرَوْا۟ ءَايَةً يُعْرِضُوا۟ وَيَقُولُوا۟ سِحْرٌ مُّسْتَمِرٌّ ﴿٢﴾ وَكَذَّبُوا۟ وَٱتَّبَعُوٓا۟ أَهْوَآءَهُمْ ۚ وَكُلُّ أَمْرٍ مُّسْتَقِرٌّ ﴿٣﴾

1 അന്ത്യസമയം അടുത്തുവന്നിരിക്കുന്നു; ചന്ദ്രൻ പിളരുകയും ചെയ്തു!

2 വല്ല ദൃഷ്ടാന്തവും കാണുന്നതായാൽ അവർ (അവഗണിച്ച്) തിരിഞ്ഞുകളയും; അവർ പറയുകയും ചെയ്യും: നടമാടിക്കൊണ്ടിരിക്കുന്ന ഒരു ജാലവിദ്യയാണ് എന്ന്.

3 അവർ വ്യാജമാക്കുകയും, തങ്ങളുടെ ഇച്ഛകളെ പിൻപറ്റുകയും ചെയ്തിരിക്കുന്നു. എല്ലാ കാര്യവും (ഓരോ താവളത്തിൽ) ഉറച്ചു നിൽക്കുന്നതാകുന്നു.

അന്ത്യസമയം ആസന്നമായിട്ടുണ്ടെന്ന് കഴിഞ്ഞ അദ്ധ്യായത്തിന്റെ 57ാം വചനത്തിലൂടെ അല്ലാഹു ഉണർത്തുകയുണ്ടായി. (സൂ: നജ്മ് 57) ഈ അദ്ധ്യായത്തിന്റെ ആരംഭത്തിലും അല്ലാഹു അത് വീണ്ടും ആവർത്തിച്ചുണർത്തുന്നു. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാത്തവരോട്, അന്ത്യനാളിൽ വിജയം വരിക്കാനുള്ള ധാർമ്മികമൂല്യങ്ങളും സദാചാരമാർഗ്ഗങ്ങളും ഉപദേശിച്ചിട്ട് യാതൊരു ഫലവുമില്ലല്ലോ. അത് കൊണ്ടാണ് ഖുർആനിൽ ഉടനീളം മക്കീ സൂറത്തുകളിൽ വിശേഷിച്ചും ഈ രണ്ട് വിഷയങ്ങളെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ച് അല്ലാഹു ഉണർത്തിക്കൊണ്ടിരിക്കുന്നതും.

ലോകാവസാനം എപ്പോഴാണുണ്ടാവുക എന്നതിനെപറ്റി അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. അത് ഏതൊരു നിമിഷത്തിലും സംഭവിച്ചേക്കാമെന്നുള്ളതിന്റെ അടയാളങ്ങൾ പലതും വെളിപ്പെട്ട് കഴിഞ്ഞിട്ടുണ്ട്. രണ്ട് വിരലുകൾ ചേർത്ത് പിടിച്ച് കൊണ്ട് നബി(സ) ഇപ്രകാരം പറയുകയുണ്ടായി.

"ഞാനും അന്ത്യസമയവും ഈ രണ്ട് വിരലുകൾ കണക്കെ ആയിക്കൊണ്ടാണ് എന്നെ നിയോഗിക്കപ്പെട്ടിട്ടുള്ളത്." ( അ: ബു. മു.)

അന്ത്യസമയത്തിന്റെ സംഭാവ്യതയും ആസന്നതയും തെളിയിക്കുന്ന ഒരു പ്രത്യക്ഷ ദൃഷ്ടാന്ത മത്രേ ചന്ദ്രൻ പിളർന്ന സംഭവം.

ഹിജ്റയുടെ ഏതാണ്ട് അഞ്ച് വർഷം മുമ്പാണ് പ്രസ്തുത സംഭവം ഉണ്ടായത്. ബുഖാരി, മുസ്ലിം, അഹ്മദ്, ഹാകിം, അബൂദാവൂദ്, ബൈഹഖി, തിർമുദി, ഇബ്നു ജരീർ(റ) മുതലായ ഹദീസ് പണ്ഡിതന്മാരും, അലി, ഇബ്നു മസ്ഊദ്, അനസ്, ഇബ്നു ഉമർ, ഇബ്നുഅബ്ബാസ്(റ) മുതലായ സ്വഹാബികളും പ്രമുഖ ഖുർആൻ വ്യാഖ്യാതാക്കളും എല്ലാവരും തന്നെ ഭിന്നാഭിപ്രായം കൂടാത ഏകകണ്ഠമായി പ്രസ്തുത സംഭവം നിവേദനം ചെയ്തിട്ടുണ്ട്. ഒരു രാത്രിയിൽ ചന്ദ്രൻ രണ്ടായി പിളർന്ന് മലയുടെ ഇരു ഭാഗത്തു

മായി കാണപ്പെടുകയുണ്ടായതാണ് സംഭവം. മക്കാ നിവാസികൾ മാത്രമല്ല, പലഭാഗങ്ങളിൽ നിന്നും വന്ന യാത്രക്കാരും അത് കണ്ടതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പ്രസ്തുത സംഭവം നബി(സ) തിരുമേനിയുടെ സത്യതക്ക് സാക്ഷ്യം വഹിക്കുന്ന ഒന്നായിരുന്നു. എന്നിട്ട് പോലും അത് നേരിൽ കണ്ട മക്കാ മുശ്‌രിക്കുകൾ സത്യവിശ്വാസം സ്വീകരിക്കാൻ കൂട്ടാക്കിയില്ല. മാത്രമല്ല, ഏതൊരു ദൃഷ്ടാന്തം കണ്ടാലും അത് ജാല വിദ്യയാണെന്ന് വിധി കല്പിച്ച് തിരിഞ്ഞ് കളയുന്ന അവരുടെ ആ പഴയ പതിവ് ഈ പ്രാവശ്യവും ആവർത്തിക്കുകയാണ് അവർ ചെയ്തത്. അതിലൂടെ അവരതിനെ വ്യാജമാക്കുക മാത്രമല്ല, തങ്ങളുടെ ഇഛകളെ പിൻ പറ്റുകയും ചെയ്തിരിക്കുകയാണ്. പ്രസ്തുത സംഭവത്തെക്കുറിച്ച് അവർ ഇപ്രകാരമാണ് പ്രതികരിച്ചത്.

“അബൂകബ്ശ : യുടെ മകൻ നിങ്ങളോട് ജാലവിദ്യ നടത്തിയിരിക്കുകയാണ്”. നബി(സ) യുടെ പോറ്റുമ്മയായ ഹലീമ(റ)യുടെ ഭർത്താവായിരുന്നു അബൂകബുശത്ത്. തിരുമേനിയെ പരിഹസിച്ച് കൊണ്ടാണ് അബൂ കബശ:യുടെ മകൻ എന്ന് അവർ പറഞ്ഞു കൊണ്ടിരുന്നത്.

ഓരോ കാര്യത്തിനും ഓരോ പര്യവസാനവും തീരുമാനവുമുണ്ട്. നന്മയാകട്ടെ, തിന്മയാകട്ടെ, ശിക്ഷയാകട്ടെ, ഓരോന്നിനും അല്ലാഹു ഓരോ വ്യവസ്ഥയും ചിട്ടയും നിശ്ചയിട്ടുണ്ട് എന്നത്രേ 3 ാം വചനത്തിന്റെ അവസാനഭാഗം ചൂണ്ടിക്കാട്ടുന്നത്.

**വചനം 4,5:**

وَلَقَدْ جَآءَهُم مِّنَ ٱلْأَنۢبَآءِ مَا فِيهِ مُزْدَجَرٌ ﴿٤﴾
حِكْمَةٌۢ بَٰلِغَةٌۖ فَمَا تُغْنِ ٱلنُّذُرُ ﴿٥﴾

4 (നിഷേധത്തിൽ നിന്നു) വിട്ടുമാറി നിൽക്കത്തക്ക വൃത്താന്തങ്ങൾ തീർച്ചയായും അവർക്ക് വന്നുകഴിഞ്ഞിരിക്കുന്നു.

5 തികഞ്ഞ(പരിപൂർണ്ണമായ)വിജ്ഞാനം! എന്നിട്ടും താക്കീതുകൾ പര്യാപ്തമാകുന്നില്ല!

കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് സത്യനിഷേധത്തിൽ നിന്നും പിൻവാങ്ങുവാൻ മതിയായത്ര ചരിത്രപാഠങ്ങളും ഉപദേശങ്ങളും അവർക്ക് കിട്ടിക്കഴിഞ്ഞിരിക്കുന്നു. ഖുർആൻ ആകട്ടെ അങ്ങേ അറ്റം പരിപൂർണ്ണമായ തികഞ്ഞ വിജ്ഞാനവും. ഇതെല്ലാമായിട്ടും അവർക്ക് താക്കീതുകൾ ഫലപ്പെടാതെയാണിരിക്കുന്നത്.

**വചനം 6,7,8:**

فَتَوَلَّ عَنْهُمْۘ يَوْمَ يَدْعُ ٱلدَّاعِ إِلَىٰ شَىْءٍ نُّكُرٍ ﴿٦﴾
خُشَّعًا أَبْصَٰرُهُمْ يَخْرُجُونَ مِنَ ٱلْأَجْدَاثِ كَأَنَّهُمْ جَرَادٌ مُّنتَشِرٌ ﴿٧﴾
مُّهْطِعِينَ إِلَى ٱلدَّاعِۖ يَقُولُ ٱلْكَٰفِرُونَ هَٰذَا يَوْمٌ عَسِرٌ ﴿٨﴾

6 ആകയാൽ (നബിയേ) അവരിൽനിന്നു നീ വിട്ടുമാറിക്കൊള്ളുക. അനിഷ്ടകരമായ ഒരു(ഗൗരവപ്പെട്ട) കാര്യത്തിലേക്ക് വിളിക്കുന്ന ആൾ വിളിക്കുന്ന ദിവസം,–

7 അവരുടെ ദൃഷ്ടികൾ (പേടിച്ചു) വിനയപ്പെട്ടവരായ നിലയിൽ, ചിന്നിപ്പരന്ന വെട്ടുകിളികളെന്നോണം ശവക്കുഴി(‘ഖബ്റു’)കളിൽ നിന്നും അവർ പുറത്തുവരുന്നതാണ്;–

8 വിളിക്കുന്ന ആളിലേക്ക് (കഴുത്തുനീട്ടി) ധൃതിപ്പെട്ടവരായുംകൊണ്ട്. അവിശ്വാസികൾ പറയും: “ഇത് ഞെരുക്കമേറിയ ഒരു ദിവസമാകുന്നു” എന്ന്!

ഖിയാമത്ത് നാളിൽ പുനർ ജീവിപ്പിക്കുന്നതിനുള്ള രണ്ടാമത്തെ കാഹളം ഊത്ത് ഉണ്ടാകുമ്പോൾ എല്ലാവരും തന്നെ വെട്ട് കിളിക്കൂട്ടം കണക്കെ ഖബറുകളിൽ നിന്ന് വിചാരണ സ്ഥലത്തേക്ക് പുറപ്പെട്ട് ചെല്ലുന്നതാകുന്നു. താക്കീതുകളെല്ലാം നിഷേധിച്ച് അവിശ്വാസത്തിൽ നിന്നും പിൻമാറാതിരുന്ന ആ ധിക്കാരികളെ ആ ദിവസത്തെക്കുറിച്ച് അല്ലാഹു ഗൗരവപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

**ചനം 9,10,11,12,13,14:**

9 നൂഹിൻെറ ജനത ഇവരുടെ മുമ്പ് വ്യാജമാക്കുകയുണ്ടായി; അങ്ങനെ, അവർ നമ്മുടെ അടിയാനെ വ്യാജമാക്കുകയും, 'ഭ്രാന്തൻ' എന്നു പറയുകയും ചെയ്തു. അദ്ദേഹം വിലക്കപ്പെടുകയും ചെയ്തു.

۞ كَذَّبَتۡ قَبۡلَهُمۡ قَوۡمُ نُوحٖ فَكَذَّبُواْ عَبۡدَنَا وَقَالُواْ مَجۡنُونٞ وَٱزۡدُجِرَ ٩

10 അപ്പോൾ, അദ്ദേഹം തൻെറ റബ്ബിനെ വിളിച്ചു (പ്രാർത്ഥിച്ചു): "ഞാൻ പരാജിതനാണ്, ആകയാൽ നീ രക്ഷാനടപടിയെടുക്കേണമേ" എന്ന്!

فَدَعَا رَبَّهُۥٓ أَنِّي مَغۡلُوبٞ فَٱنتَصِرۡ ١٠

11 അങ്ങനെ, കുത്തിച്ചൊരിയുന്ന ഒരു (മഴ) വെള്ളം കൊണ്ട് ആകാശത്തിൻെറ കവാടങ്ങളെ നാം തുറന്നു(വിട്ടു).

فَفَتَحۡنَآ أَبۡوَٰبَ ٱلسَّمَآءِ بِمَآءٖ مُّنۡهَمِرٖ ١١

12 ഭൂമിയെ നാം ഉറവുകൾ പൊട്ടി ഒഴുക്കുകയും ചെയ്തു. എന്നിട്ട്, നിർണ്ണയം ചെയ്യപ്പെട്ടു കഴിഞ്ഞ ഒരു കാര്യത്തിൽ(ആ) വെള്ളം കൂട്ടിമുട്ടി.

وَفَجَّرۡنَا ٱلۡأَرۡضَ عُيُونٗا فَٱلۡتَقَى ٱلۡمَآءُ عَلَىٰٓ أَمۡرٖ قَدۡ قُدِرَ ١٢

13 പലകകളും ആണികളുമുള്ള ഒന്നിന്മേൽ (കപ്പലിൽ) അദ്ദേഹത്തെ നാം വഹി (ച്ചു രക്ഷി)ക്കുകയും ചെയ്തു.

وَحَمَلۡنَٰهُ عَلَىٰ ذَاتِ أَلۡوَٰحٖ وَدُسُرٖ ١٣

14 അത് (ആ കപ്പൽ) നമ്മുടെ കൺമുമ്പിൽ (പ്രത്യേക പരിഗണനയിലായി) സഞ്ചരിച്ചിരുന്നു. യാതൊരുവനോട് നന്ദികേട് (അഥവാ അവിശ്വാസം)കാണിക്കപ്പെട്ടുവോ അദ്ദേഹത്തിനു വേണ്ടിയുള്ള പ്രതിഫലമായിട്ടത്രെ (അങ്ങിനെ ചെയ്തത്).

تَجۡرِي بِأَعۡيُنِنَا جَزَآءٗ لِّمَن كَانَ كُفِرَ ١٤

ഈവചനങ്ങളിലൂടെ, നൂഹ്(അ) നബിയുടെ സമുദായം സത്യനിഷേധത്തിൽ ശഠിച്ച് നിന്നപ്പോൾ അവർക്കുണ്ടായ പര്യവസാനം അല്ലാഹു അവിശ്വാസികളെ ഓർമ്മിപ്പിക്കുന്നു.

നൂഹ് (അ) നബിയെ തന്റെ പ്രബോധനകൃത്യം നിർവ്വഹിക്കാൻ സമ്മതിക്കാതെ ആ ജനത അക്രമവും ഭീഷണിയും പ്രയോഗിച്ച് കൊണ്ടിരുന്നു പൊറുതി മുട്ടിയപ്പോൾ നൂഹ്(അ) നബി അല്ലാഹുവിനോട് രക്ഷക്കായി പ്രാർത്ഥിച്ചു. തുടർന്ന് ആകാശത്ത് നിന്ന് അതിശക്തമായ മഴ വർഷിക്കുകയും ഭൂമിയിൽ നിന്ന് വമ്പിച്ച തോതിൽ ഉറവ് പൊടിയുകയും തുടർന്നുള്ള ജലപ്രളയത്തിൽ അല്ലാഹു മുമ്പേ നിർണ്ണയിച്ച് വെച്ചിട്ടുള്ള ഒരു കാര്യത്തിൽ ആ ജനതയുടെ ഉന്മൂലനാശത്തിൽ അത് കലാശിക്കുകയും ചെയ്തു. നൂഹ് നബി(അ)യെയും അദ്ദേഹത്തിൽ വിശ്വസിച്ചവരെയും അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം അനേകം പലകകളും ആണികളും കൂട്ടി ഘടിപ്പിച്ച് കൊണ്ട് നൂഹ്(അ) പണി തീർത്ത ഒരു കപ്പലിൽ, അല്ലാഹു രക്ഷപെടുത്തുകയും ചെയ്തു.

**വചനം15,16:**

15 തീർച്ചയായും നാം അതിനെ ഒരു ദൃഷ്ടാന്തമായി അവശേഷിപ്പിച്ചിരിക്കുന്നു. എന്നാൽ, (മനസ്സിരുത്തി) ഓർമ്മിക്കുന്നവരായി വല്ലവരുമുണ്ടോ?!

وَلَقَد تَّرَكۡنَٰهَآ ءَايَةٗ فَهَلۡ مِن مُّدَّكِرٖ ١٥

16 അപ്പോൾ, എൻെറ ശിക്ഷയും, എൻെറ താക്കീതുകളും എങ്ങിനെയായിത്തീർന്നു?! (ആലോചിച്ചു നോക്കുക!)

فَكَيۡفَ كَانَ عَذَابِي وَنُذُرِ ١٦

ആ കപ്പൽ നിർമ്മാണവും അവിശ്വാസികളുടെ ഉന്മൂല നാശവും സത്യവിശ്വാസികളെ രക്ഷപ്പെടുത്തിയതും എല്ലാം തന്നെ മനസ്സിരുത്തി ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തവും ഒരു പാഠവുമാകുന്നു.

ചില പുരാവസ്തു ഗവേഷകർ, ഏതാനും വർഷങ്ങൾക്ക് മുമ്പ് അറാറാത്ത് പർവ്വതത്തിൽ 14000 അടി ഉയരത്തിൽ നൂഹ് (അ) നബി നിർമ്മിച്ച കപ്പലിന്റെ അവശിഷ്ടങ്ങളാണെന്ന് സംശയിക്കപ്പെടുന്ന മരത്തടികൾ, കണ്ടെത്തിയിരുന്നുവെന്നത് ഇവിടെ പ്രസ്താവ്യമാകുന്നു.

**വചനം 17:**

وَلَقَدْ يَسَّرْنَا ٱلْقُرْءَانَ لِلذِّكْرِ فَهَلْ مِن مُّدَّكِرٍ ﴿١٧﴾

17 തീർച്ചയായും, ഓർമ്മി(ച്ചു മനസ്സിലാ)ക്കുവാൻ വേണ്ടി ഖുർആനെ നാം എളുപ്പമാക്കി (സൗകര്യപ്പെടുത്തി)യിരിക്കുന്നു. എന്നാൽ, ഓർമ്മി(ച്ചു മനസ്സിലാ)ക്കുന്നവരായി വല്ലവരും ഉണ്ടോ?!

സത്യാന്വേഷണ ബുദ്ധിയോടെ ഖുർആനിനെ സമീപിക്കുന്നവർക്ക് അതിന്റെ സന്ദേശങ്ങളും തത്വങ്ങളും ഗ്രഹിക്കുവാനും ഓർമ്മിക്കുവാനും വേണ്ടത്ര ഉപാധികളോടെയാണ് അല്ലാഹു അതിനെ അവതരിപ്പിച്ചിരിക്കുന്നത്. അതിന് തയാറുള്ളവർ ആരുണ്ട്. നിശ്ചയമായും അവർക്കത് തികച്ചും ഫലപ്പെടാതിരിക്കുകയില്ല. തുറന്ന ഹൃദയവും സത്യദീക്ഷയുമില്ലാത്ത പക്ഷം ഖുർആനിന്റെ മഹത്വം കണ്ടെത്തുവാനോ അതിലെ അപാരമായ വിജ്ഞാനമാധുര്യം ആസ്വദിക്കുവാനോ ആർക്കും കഴിയുന്നതുമല്ല.

ഇതേ വചനം ആദ് ഗോത്രത്തെക്കുറിച്ച് പ്രസ്താവിച്ചതിന് ശേഷം 22ാം വചനത്തിലും, ഥമൂദ് ഗോത്രത്തെപ്പറ്റി പ്രസ്താവിച്ച ശേഷം 32ാം വചനത്തിലും ലൂത്ത് നബി(അ) നബിയുടെ ജനതയെ പറ്റി പ്രസ്താവിച്ച ശേഷം 40ാം വചനത്തിലും അല്ലാഹു ആവർത്തിച്ചിരിക്കുന്നു. ഇങ്ങനെയുള്ള ഗുണപാഠങ്ങളെ മനസ്സിരുത്തുന്നത് ഖുർആൻ ന്റെ സന്ദേശങ്ങളും ഉപദേശങ്ങളും മനസ്സിലാക്കുവാൻ ഉപകരിക്കുന്നതാണെന്ന് ഇതിൽ നിന്നും ഗ്രഹിക്കാവുന്നതാണല്ലോ. അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ - ആമീൻ

**വചനം 18,19,20,21,22:**

كَذَّبَتْ عَادٌ فَكَيْفَ كَانَ عَذَابِى وَنُذُرِ ﴿١٨﴾

18 ആദു (ഗോത്രം) വ്യാജമാക്കുകയുണ്ടായി. എന്നിട്ട് എൻെറ ശിക്ഷയും എൻെറ താക്കീതുകളും എങ്ങിനെയായിത്തീർന്നു?! (നോക്കുക:)

إِنَّآ أَرْسَلْنَا عَلَيْهِمْ رِيحًا صَرْصَرًا فِى يَوْمِ نَحْسٍ مُّسْتَمِرٍّ ﴿١٩﴾

19 നാം അവരുടെമേൽ, (മുറിഞ്ഞുപോകാതെ) നിലനിൽക്കുന്ന ഒരു ദുശ്ശകുന ദിവസത്തിൽ (‘ശരശരെ’യുള്ള) ഉഗ്രമായ ഒരു കാറ്റിനെ അയച്ചു;-

تَنزِعُ ٱلنَّاسَ كَأَنَّهُمْ أَعْجَازُ نَخْلٍ مُّنقَعِرٍ ﴿٢٠﴾

20 അത് മനുഷ്യരെ പറിച്ചെറിഞ്ഞുകൊണ്ടിരുന്നു; അവർ കടപുഴങ്ങിവീണ ഈന്തമരത്തിൻെറ മുരടുകളെന്നോണമായിരുന്നു (നിലം പതിച്ചിരുന്നത്).

فَكَيْفَ كَانَ عَذَابِى وَنُذُرِ ﴿٢١﴾

21 അപ്പോൾ എൻെറ ശിക്ഷയും, എൻെറ താക്കീതുകളും എങ്ങിനെയായിത്തീർന്നു?! (അത് കുറിക്കു കൊള്ളുക തന്നെ ചെയ്തു!)

وَلَقَدْ يَسَّرْنَا ٱلْقُرْءَانَ لِلذِّكْرِ فَهَلْ مِن مُّدَّكِرٍ ﴿٢٢﴾

22 നിശ്ചയമായും, ഓർമ്മി(ച്ചു മനസ്സിലാ) ക്കുവാൻ വേണ്ടി ഖുർആനെ നാം എളുപ്പമാക്കിയിരിക്കുന്നു. എന്നാൽ, ഓർമ്മി (ച്ചു മനസ്സിലാ) ക്കുന്നവരായി വല്ലവരും ഉണ്ടോ?! (ഉണ്ടെങ്കിൽ മുമ്പോട്ടുവരട്ടെ!)

ആദ് ഗോത്രം അവരുടെ അതിക്രമം കാരണം അല്ലാഹുവിന്റെ ശിക്ഷക്ക് വിധേയമാകുകയുണ്ടായി. ഒരു ദുശ്ശകുന ദിനത്തിൽ ഒരു കാറ്റിനെ അല്ലാഹു അയക്കുകയും എഴുരാത്രിയും എട്ട് പകലും തുടർച്ചയായി വീശിയ അത്യുഗ്രമായ ആ കാറ്റിൽ അവർ ഈന്തത്തടികൾ മറിഞ്ഞ് വീഴുന്ന പ്രകാരം അടിയോടെ

പിഴുതെറിയപ്പെട്ട് ഒന്നടങ്കം അതിദാരുണമാം വിധം നാശമടഞ്ഞ് പോകുകയും ചെയ്തു. അവരുടെ നാശമാകട്ടെ, ഇവിടം കൊണ്ടവസാനിക്കുന്നില്ല. കൂടുതൽ അപമാനകരമായ പരലോക ശിക്ഷ അവരെ കാത്തിരിക്കുന്നുമുണ്ട്. (സൂ. ഹാമീം സജദ 15,16 വചനങ്ങൾ നോക്കുക)

22 ാം വചനം സംബന്ധിച്ച് 17ാം വചനത്തിന്റെ വിശദീകരണം നോക്കുക.

## വിഭാഗം 2

**വചനം 23,24,25:**

كَذَّبَتْ ثَمُودُ بِٱلنُّذُرِ ﴿٢٣﴾

فَقَالُوٓا۟ أَبَشَرًا مِّنَّا وَٰحِدًا نَّتَّبِعُهُۥٓ إِنَّآ إِذًا لَّفِى ضَلَٰلٍ وَسُعُرٍ ﴿٢٤﴾

أَءُلْقِىَ ٱلذِّكْرُ عَلَيْهِ مِنۢ بَيْنِنَا بَلْ هُوَ كَذَّابٌ أَشِرٌ ﴿٢٥﴾

23 'ഥമൂദ്' (ഗോത്രം) താക്കീതുകളെ വ്യാജമാക്കുകയുണ്ടായി.

24 അങ്ങനെ, അവർ പറഞ്ഞു; "നമ്മളിൽനിന്നുള്ള ഒരേ ഒരു മനുഷ്യനെയോ നാം പിൻപറ്റുന്നു?!" അങ്ങിനെയാണെങ്കിൽ, നിശ്ചയമായും നാം വഴിപിഴവിലും, കിറുക്കിലും തന്നെയായിരിക്കും.

25 "നമ്മുടെ ഇടയിൽനിന്ന് അവന് (പ്രത്യേകം) ബോധനം കൊടുക്കപ്പെട്ടുവോ?! (ഇല്ല)പക്ഷേ, അവൻ അഹങ്കാരിയായ വ്യാജവാദിയാകുന്നു."

തങ്ങളിൽ പെട്ട സ്വാലിഹ് എന്ന സാധാരണ മനുഷ്യനെ പ്രവാചകനായി അംഗീകരിക്കാൻ ഥമൂദ് ഗോത്രം വിസമ്മതിച്ചു. അദ്ദേഹം അഹങ്കാരിയും വ്യാജവാദിയുമാണെന്ന് അവർ ജല്പിക്കുകയുണ്ടായി. നാമെല്ലാം നിലവിലുള്ളപ്പോൾ അവന് മാത്രം അല്ലാഹുവിൽ നിന്ന് ദിവ്യബോധനം ലഭിക്കുന്നുവെന്ന് എങ്ങനെ വിശ്വസിക്കും എന്നവർ പരിഹസിച്ചു.

**വചനം 26,27,28:**

سَيَعْلَمُونَ غَدًا مَّنِ ٱلْكَذَّابُ ٱلْأَشِرُ ﴿٢٦﴾

إِنَّا مُرْسِلُوا۟ ٱلنَّاقَةِ فِتْنَةً لَّهُمْ فَٱرْتَقِبْهُمْ وَٱصْطَبِرْ ﴿٢٧﴾

وَنَبِّئْهُمْ أَنَّ ٱلْمَآءَ قِسْمَةٌۢ بَيْنَهُمْ ۖ كُلُّ شِرْبٍ مُّحْتَضَرٌ ﴿٢٨﴾

26 നാളെ അവർക്ക് അറിയാറാകും, ആരാണ് അഹങ്കാരിയായ വ്യാജവാദി എന്ന്!

27 അവർക്ക് ഒരു പരീക്ഷണമായിക്കൊണ്ട് നാം ഒട്ടകത്തെ അയക്കുന്നു. എന്നിട്ട് നീ അവരെ വീക്ഷിച്ചുകൊള്ളുക; ക്ഷമ കൈക്കൊള്ളുകയും ചെയ്യുക.

28 വെള്ളം അവർക്കിടയിൽ പങ്കാണ്-എല്ലാ വെള്ളംകുടിക്കും (ഓരോരുത്തരുടെ ഊഴത്തിനും) തയ്യാറെടുക്കപ്പെടേണ്ടതാകുന്നു-എന്നു നീ അവരെ വിവരമറിയിക്കുകയും ചെയ്യുക.

അല്ലാഹു അവരിലേക്ക് അന്ത്യപരീക്ഷണമായി ഒരു ഒട്ടകത്തെ നിയോഗിച്ചയച്ചു. അവരുടെ ജലാശയത്തിലെ വെള്ളം അവർക്കും ഒട്ടകത്തിനും ഊഴമായി പങ്കിടപ്പെടേണ്ടതാണെന്നും അവരവരുടെ ഊഴത്തിൽ അവരവർ വെള്ളമെടുക്കാൻ ചെല്ലേണ്ടതാണെന്നും അല്ലാഹു നിർദ്ദേശിച്ചു. (സൂ: ശുഅറാഅ് 155,156 വചനങ്ങൾ നോക്കുക) അവരുടെ നിലപാട് വീക്ഷിക്കുവാനും അവരുടെ അക്രമങ്ങളിൽ ക്ഷമ കൈകൊള്ളുവാനും സ്വാലിഹ്(അ) നബിയോടും അല്ലാഹു ഉപദേശിച്ചു.

**വചനം 29,30,31:**

فَنَادَوْا۟ صَاحِبَهُمْ فَتَعَاطَىٰ فَعَقَرَ ﴿٢٩﴾

فَكَيْفَ كَانَ عَذَابِى وَنُذُرِ ﴿٣٠﴾

29 എന്നിട്ട്, അവർ തങ്ങളുടെ ചങ്ങാതിയെ വിളിച്ചു; എന്നിട്ട് അവൻ (വധശ്രമം) ഏറ്റെടുത്ത് (അതിനെ) അറുകൊല ചെയ്തു.

30 അപ്പോൾ, നമ്മുടെ ശിക്ഷയും, നമ്മുടെ താക്കീതുകളും എങ്ങിനെയായിത്തീർന്നു?! (നോക്കുക:)

إِنَّآ أَرۡسَلۡنَا عَلَيۡهِمۡ صَيۡحَةٗ وَٰحِدَةٗ فَكَانُواْ كَهَشِيمِ ٱلۡمُحۡتَظِرِ ٣١

31 നാം അവരുടെ മേൽ ഒരേ ഒരു ഘോരശബ്ദം അയച്ചു;-അപ്പോൾ അവർ, ആലവളപ്പുകാരൻെറ ചില്ലിത്തുരുമ്പുപോലെ ആയിത്തീർന്നു!

അല്ലാഹുവിന്റെ നിർദ്ദേശം അവർക്ക് ഒരു ഭാരമായി തോന്നി. ഒട്ടകത്തെ വധിക്കുവാൻ തന്നെ അവർ തീരുമാനിച്ചു. അവരിൽ വെച്ച് ഏറ്റവും നിഷ്ഠൂരനായ ഒരുവൻ ആ ഒട്ടകത്തെ അറും കൊല ചെയ്തു. താമസം വിനാ അല്ലാഹുവിന്റെ ശിക്ഷയും അവരിൽ ഇറങ്ങി. ഒരൊറ്റ ഘോര ശബ്ദം. ആല വളപ്പുകാരന്റെ ചില്ലിത്തുരുമ്പ് പോലെ അവരുടെ ശരീരങ്ങൾ നുറുങ്ങി ചിന്നിച്ചിതറിപ്പോയി.

**വചനം 32:**

وَلَقَدۡ يَسَّرۡنَا ٱلۡقُرۡءَانَ لِلذِّكۡرِ فَهَلۡ مِن مُّدَّكِرٖ ٣٢

32 തീർച്ചയായും, ഓർമ്മി (ച്ചു മനസ്സിലാ) ക്കുവാൻ വേണ്ടി ഖുർആനെ നാം എളുപ്പമാക്കിയിരിക്കുന്നു. എന്നാൽ, ഓർമ്മി(ച്ചു മനസ്സിലാ)ക്കുന്ന വല്ലവരും ഉണ്ടോ?!

ഈ വചനം സംബന്ധിച്ച 17ാം വചനത്തിന്റെ വിശദീകരണം നോക്കുക.

**വചനം 33, 34,35,36,37,38,39 :**

كَذَّبَتۡ قَوۡمُ لُوطِۭ بِٱلنُّذُرِ ٣٣

إِنَّآ أَرۡسَلۡنَا عَلَيۡهِمۡ حَاصِبًا إِلَّآ ءَالَ لُوطٖۖ نَّجَّيۡنَٰهُم بِسَحَرٖ ٣٤

نِّعۡمَةٗ مِّنۡ عِندِنَاۚ كَذَٰلِكَ نَجۡزِي مَن شَكَرَ ٣٥

وَلَقَدۡ أَنذَرَهُم بَطۡشَتَنَا فَتَمَارَوۡاْ بِٱلنُّذُرِ ٣٦

وَلَقَدۡ رَٰوَدُوهُ عَن ضَيۡفِهِۦ فَطَمَسۡنَآ أَعۡيُنَهُمۡ فَذُوقُواْ عَذَابِي وَنُذُرِ ٣٧

وَلَقَدۡ صَبَّحَهُم بُكۡرَةً عَذَابٞ مُّسۡتَقِرّٞ ٣٨

فَذُوقُواْ عَذَابِي وَنُذُرِ ٣٩

33 ലൂത്ത്വിൻെറ ജനത താക്കീതുകളെ വ്യാജമാക്കുകയുണ്ടായി.

34 നാം അവരുടെ മേൽ ഒരു ചരൽക്കാറ്റ് അയച്ചു-ലൂത്ത്വിൻെറ കുടുംബം ഒഴിച്ചു. അവരെ നാം ഒരു നിശാന്ത്യത്തിൽ(പുലരാൻ കാലത്ത്) രക്ഷപ്പെടുത്തി;-

35 നമ്മുടെ പക്കൽനിന്നുള്ള ഒരു (വലിയ) അനുഗ്രഹമായിക്കൊണ്ട്. അപ്രകാരമത്രെ നന്ദി കാണിക്കുന്നവർക്ക് നാം പ്രതിഫലം നൽകുന്നത്.

36 നമ്മുടെ കഠിനപിടുത്തത്തെ (ശിക്ഷയെ) ക്കുറിച്ച് അദ്ദേഹം അവരെ തീർച്ചയായും താക്കീത് ചെയ്കയുണ്ടായി. അപ്പോൾ, അവർ താക്കീതുകളെക്കുറിച്ച് തർക്കം നടത്തി (നിഷേധിച്ചു).

37 അദ്ദേഹത്തിൻെറ അതിഥികളെ (തോന്നിയ വാസത്തിനു) വിട്ടുകിട്ടുവാൻ അവർ അദ്ദേഹത്തോട് ആവശ്യപ്പെട്ടു ചെല്ലുകയുണ്ടായി. അപ്പോൾ, നാം അവരുടെ കണ്ണുകളെ തുടച്ചു നീക്കി; അവരോടു (പറയപ്പെട്ടു:) "ഇനി, നിങ്ങൾ എൻെറ ശിക്ഷയും, എൻെറ താക്കീതുകളും ആസ്വദിച്ചു കൊള്ളുവിൻ!"

38 തീർച്ചയായും, (നീങ്ങിപ്പോകാതെ)ഉറച്ചു നിൽക്കുന്ന ഒരുശിക്ഷ ഒരു പ്രഭാതത്തിൽ അവർക്ക് ബാധിച്ചുകളഞ്ഞു.

39 "ഇനി, എൻെറ ശിക്ഷയും, എൻെറ താക്കീതുകളും ആസ്വദിച്ചുകൊള്ളുവിൻ!" (എന്നു പറയപ്പെട്ടു).

ലൂത്ത്(അ) നബിയുടെ ജനതയുടെ ദുർവൃത്തിയും അതിക്രമങ്ങളും അവരെ നശിപ്പിക്കുവാൻ

അല്ലാഹു മലക്കുകളെ മനുഷ്യരൂപത്തിൽ അയച്ചതും മറ്റും ഇതിന് മുമ്പ് ഒന്നിലധികം സ്ഥലങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ളതാകുന്നു. വിശദ വിവരം സൂ: ശുഅറാഅ് 160 - 175 വചനങ്ങളിൽ നോക്കുക. അല്ലാഹു ആ തെമ്മാടികളുടെ കാഴ്ച നീക്കിക്കളയുകയും അവർ അന്ധൻമാരായിത്തീരുകയും അവരുടെ മേൽ ഒരു ചരൽക്കാറ്റ് അയച്ചു ആ അതിക്രമികളെ അല്ലാഹു നശിപ്പിക്കുകയും ചെയ്തു.

**വചനം 40:**

وَلَقَدْ يَسَّرْنَا ٱلْقُرْءَانَ لِلذِّكْرِ فَهَلْ مِن مُّدَّكِرٍ ﴿٤٠﴾

40 തീർച്ചയായും, ഓർമ്മി(ച്ചു മനസ്സിലാ)ക്കുവാൻ വേണ്ടി ഖുർആനെ നാം എളുപ്പമാക്കിയിരിക്കുന്നു. എന്നാൽ, ഓർമ്മി(ച്ചു മനസ്സിലാ)ക്കുന്ന വല്ലവരും ഉണ്ടോ?!

ഈ വചനം സംബന്ധിച്ച് 17ാം വചനത്തിന്റെ വിശദീകരണം നോക്കുക.

**വിഭാഗം - 3**

**വചനം 41,42:**

وَلَقَدْ جَآءَ ءَالَ فِرْعَوْنَ ٱلنُّذُرُ ﴿٤١﴾ كَذَّبُوا۟ بِـَٔايَـٰتِنَا كُلِّهَا فَأَخَذْنَـٰهُمْ أَخْذَ عَزِيزٍ مُّقْتَدِرٍ ﴿٤٢﴾

41 ഫിർഔൻെറ ആൾക്കാർക്കും താക്കീതുകൾ വരികയുണ്ടായിട്ടുണ്ട്.
42 അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെയെല്ലാം വ്യാജമാക്കി. അപ്പോൾ, പ്രതാപശാലിയും കഴിവുറ്റവനുമായ ഒരുവൻെറ പിടുത്തം നാം അവരെ പിടിച്ചു (ശിക്ഷിച്ചു).

ഈ വചനങ്ങളിൽ ഫിർഔന്റെയും ആൾക്കാരുടെയും ചരിത്രം അല്ലാഹു ഓർമ്മപ്പെടുത്തുന്നു. പ്രസ്തുത ചരിത്രം ഖുർആനിൽ പലയിടങ്ങളിലായി പ്രസ്താവിക്കപ്പെട്ടതാണല്ലോ. (സൂ. ശുഅറാഅ് 10- 69 വചനങ്ങളിൽ വളരെ വിശദമായി വിവരിച്ചിട്ടുള്ളത് നോക്കുക.

**വചനം 43,44:**

أَكُفَّارُكُمْ خَيْرٌ مِّنْ أُو۟لَـٰٓئِكُمْ أَمْ لَكُم بَرَآءَةٌ فِى ٱلزُّبُرِ ﴿٤٣﴾

أَمْ يَقُولُونَ نَحْنُ جَمِيعٌ مُّنتَصِرٌ ﴿٤٤﴾

43 (ഹേ, സമുദായമേ) നിങ്ങളിലുള്ള അവിശ്വാസികൾ അക്കൂട്ടരെക്കാൾ ഉത്തമമാകുന്നുവോ?! അതല്ല, നിങ്ങൾക്ക് ഏടുകളിൽ (വേദ പ്രമാണങ്ങളിൽ) വല്ല ഒഴിവും (അഥവാ നിരപരാധിത്വവും) ഉണ്ടോ?!!
44 അതല്ല, (നബിയേ) അവർ പറയുന്നുവോ: "ഞങ്ങൾ സ്വരക്ഷാനടപടിയെടുക്കുന്ന (സുശക്തമായ)ഒരു സംഘക്കാരാകുന്നു" എന്ന്?!

മുമ്പ് ഉദ്ധരിച്ച ജനതയുടെ ചരിത്രം വിവരിച്ച് കൊണ്ട് നബി(സ) തിരുമേനിയുടെ സമുദായത്തോട് അല്ലാഹു ഓർമ്മിപ്പിക്കുന്ന വസ്തുതകളാണ് ഈ വചനങ്ങളിൽ.

മേൽ പ്രസ്താവിക്കപ്പെട്ട പൂർവ്വ സമുദായക്കാരായ സത്യനിഷേധികളേക്കാൾ ശ്രേഷ്ഠന്മാരോ, ഊക്കന്മാരോ അല്ല ഈ സത്യനിഷേധികൾ; നിങ്ങൾ നിരപരാധികളാണെന്നോ, ശിക്ഷയിൽ നിന്ന് വിമുക്തരാണെന്നോ ഏതെങ്കിലും ദൈവിക ഗ്രന്ഥങ്ങളിൽ വന്നിട്ടുമില്ല. അല്ലാഹുവിന്റെ ശിക്ഷയെ ചെറുത്ത് നിൽക്കുവാനുള്ള ശക്തിയോ കഴിവോ അവർക്കൊട്ടില്ല താനും.

**വചനം 45,46:**

سَيُهْزَمُ ٱلْجَمْعُ وَيُوَلُّونَ ٱلدُّبُرَ ﴿٤٥﴾

45 വഴിയെ (ആ) സംഘം പരാജയപ്പെടുത്തപ്പെടും; അവർ പിന്നോക്കം തിരിഞ്ഞോടുകയും ചെയ്യും.

بَلِ ٱلسَّاعَةُ مَوْعِدُهُمْ وَٱلسَّاعَةُ أَدْهَىٰ وَأَمَرُّ ﴿٤٦﴾

46 (അത്രയുമല്ല) പക്ഷേ, അന്ത്യഘട്ടമത്രെ അവരുടെ നിശ്ചിതസമയം. അന്ത്യഘട്ടമാകട്ടെ, ഏറ്റവും ആപൽക്കരമായതും, ഏറ്റവും കൈപ്പായ (അരോചകമായ)തുമാകുന്നു!

അല്ലാഹു അവർക്ക് തുടർന്ന് ഇപ്രകാരം താക്കീത് നൽകുന്നു: ഇഹത്തിൽ വെച്ച് താമസം വിനാ അവർ പരാജയപ്പെടുത്തപ്പെടുകയും അവർ പിൻതിരിഞ്ഞോടേണ്ടി വരുകയും ചെയ്യും. എന്നാൽ അത് കൊണ്ടൊന്നും അവരുടെ ഭാഗ്യക്കേട് അവസാനിക്കുന്നില്ല. അന്ത്യനാളിൽ അവർക്ക് ഏറ്റവും ആപൽക്കരവും അരോചകവുമായ ദുരിതം അനുഭവിക്കേണ്ടതായും വരും.

ബദ്ർ യുദ്ധാവസരത്തിൽ നബി(സ) ഇപ്രകാരം പ്രാർത്ഥിക്കുകയുണ്ടായി.. "അല്ലാഹുവേ നിന്റെ വാഗ്ദാനവും കരാറും പാലിക്കേണമേ; ഇസ്‌ലാമിന്റെ ആൾക്കാരായ ഈ സംഘത്തെ നീ നശിപ്പിക്കുന്ന പക്ഷം ഇന്നത്തെ ദിവസത്തിന് ശേഷം നീ ആരാധിക്കപ്പെടുകയുണ്ടാവുകയില്ല". തുടർന്ന് തിരുമേനി ഈ വചനങ്ങൾ (45,46) ഓതികൊണ്ട് പുറത്ത് വന്നു. (ബുഖാരി)

**വചനം 47,48,49:**

إِنَّ ٱلْمُجْرِمِينَ فِى ضَلَٰلٍ وَسُعُرٍ ﴿٤٧﴾
يَوْمَ يُسْحَبُونَ فِى ٱلنَّارِ عَلَىٰ وُجُوهِهِمْ ذُوقُوا۟ مَسَّ سَقَرَ ﴿٤٨﴾
إِنَّا كُلَّ شَىْءٍ خَلَقْنَٰهُ بِقَدَرٍ ﴿٤٩﴾

47 നിശ്ചയമായും, കുറ്റവാളികൾ വഴിപിഴവിലും, കിറുക്കിലുമാകുന്നു.
48 അവരുടെ മുഖങ്ങളിലായി അവർ നരകത്തിൽ വലിച്ചിഴക്കപ്പെടുന്ന ദിവസം (-അന്ന് പറയപ്പെടും): "സഖറി(നരകത്തി)ൻെറ ബാധയെ രുചിനോക്കിക്കൊള്ളുവിൻ!"
49 നിശ്ചയമായും, എല്ലാ വസ്തുവുംതന്നെ, നാം ഒരു നിർണ്ണയപ്രകാരം (വ്യവസ്ഥയനുസരിച്ച്) സൃഷ്ടിച്ചിരിക്കുന്നു.

നരകത്തിന്റെ ഒന്നിലധികം പേരുകൾ ഖുർആനിൽ വന്നിട്ടുണ്ട്. അവയിൽ ഒന്നത്രെ 'സഖർ' എന്നത്. നരകത്തിന്റെ കഠോരതയും ഭയാനകതയും കാണിക്കുന്ന വിശേഷനാമങ്ങളാകുന്നു അവയെല്ലാം.

**قدر** (ഖദ്ർ) എന്ന വാക്കിന് നിർണ്ണയം തോത്, വ്യവസ്ഥ, നിശ്ചയം, കണക്ക്, എന്നൊക്കെയാകുന്നു വാക്കർത്ഥം. ഈ ലോകത്തെ സർവ്വചരാചരങ്ങളെയും എല്ലാ വസ്തുക്കളെയും അല്ലാഹു ഒരു വ്യവസ്ഥയോട് കൂടിയാകുന്നു സൃഷ്ടിച്ചിരിക്കുന്നത്. അവ ഓരോന്നിന്റെയും സർവ്വകാര്യങ്ങളും - ആകൃതി, പ്രകൃതി, സ്വഭാവം, വലുപ്പം, സമയം, സ്ഥലം, പ്രവർത്തനം, നന്മ, തിന്മ, യാഥാർത്ഥ്യം തുടങ്ങി ഒന്നൊഴിയാതെ, എല്ലാ വസ്തുതകളും - ഇന്നിന്ന പ്രകാരമെന്നുള്ള നിർണ്ണയവും വ്യവസ്ഥയും അവൻ മുമ്പേ നിശ്ചയിച്ച് വെച്ചിട്ടുള്ളതാകുന്നു. 'ഖദർ' എന്നാൽ വസ്തുക്കൾ ഉണ്ടാകുന്നതിന് മുമ്പ് അല്ലാഹു അവയെ പറ്റി അറിയുകയും അവയെ സൃഷ്ടിക്കുന്നതിന് മുമ്പ് അവയെ രേഖപ്പെടുത്തി വെക്കലുമാകുന്നു. സൃഷ്ടിയുടെ മുമ്പുണ്ടായിട്ടുള്ള അല്ലാഹുവിന്റെ ഖദർ സ്ഥാപിക്കുന്നതിന് ഈ ആയത്ത് (49ാം വചനം) രേഖയായി സുന്നത്തിന്റെ ഉലമാക്കൾ സ്വീകരിച്ചിരിക്കുന്നതായി കാണാം. ഖുറൈശികൾ നബി(സ) യുടെ അടുക്കൽ ഖദറിനെ പറ്റി തർക്കിച്ച് വരികയുണ്ടായപ്പോൾ ഈ 48, 49 വചനങ്ങൾ അവതരിച്ചു എന്ന് അബൂഹുറൈറ(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു.

'ഖദറി' ലുള്ള വിശ്വാസം ഈമാനിന്റെ സുപ്രധാന ഘടകമാകുന്നു. അതിന്റെ നിഷേധമാകട്ടെ ഇസ്‌ലാമിന്റെ പല മൗലിക സിദ്ധാന്തങ്ങളുടെയും നിഷേധത്തിന് കാരണമാകുന്നതുമാകുന്നു.

**വചനം 50:**

وَمَآ أَمْرُنَآ إِلَّا وَٰحِدَةٌ كَلَمْحٍۭ بِٱلْبَصَرِ ﴿٥٠﴾

50 നമ്മുടെ കൽപന ഒരേപ്രാവശ്യമല്ലാതെ (കൂടുതലൊന്നും)ഇല്ല; (അതെ) കണ്ണുകൊണ്ട് ഒന്ന് ഇമവെട്ടുന്നതുപോലെ. (അത്രയും വേഗത്തിലായിരിക്കും.)

അല്ലാഹു ഏതൊരു കാര്യം ഉദ്ദേശിച്ചാലും ഇന്ന കാര്യം ഉണ്ടാകണമെന്ന് ഒന്ന് കൽപ്പിക്കുക മാത്രമേ വേണ്ടതുള്ളൂ. അതുണ്ടായിക്കൊള്ളും. അതെ; ഒന്ന് കണ്ണ് ഇമ വെട്ടുന്ന അത്രയും വേഗത്തിൽ, ലവലേശം താമസം കൂടാതെ തന്നെ

സൂ. യാസീൻ 82 ാം വചനത്തിൽ അല്ലാഹു പറയുന്നു. "നിശ്ചയമായും അവന്റെ (അല്ലാഹുവിന്റെ) കാര്യം. അവൻ ഒരു വസ്തു (അഥവാ കാര്യം) ഉദ്ദേശിച്ചാൽ അതിനെക്കുറിച്ച് 'ഉണ്ടാവുക' എന്ന് പറയുകയേ വേണ്ടൂ - അപ്പോഴത് ഉണ്ടാകുന്നതാണ്."

**വചനം 51,52,53:**

وَلَقَدۡ أَهۡلَكۡنَآ أَشۡيَاعَكُمۡ فَهَلۡ مِن مُّدَّكِرٖ ٥١
وَكُلُّ شَيۡءٖ فَعَلُوهُ فِي ٱلزُّبُرِ ٥٢
وَكُلُّ صَغِيرٖ وَكَبِيرٖ مُّسۡتَطَرٌ ٥٣

51 (ഹേ, അവിശ്വാസികളേ) നിങ്ങളുടെ കക്ഷികളെ നാം നശിപ്പിച്ചു കളഞ്ഞിട്ടുണ്ട്. എന്നാൽ, ഓർമ്മി(ച്ചു മനസ്സിലാ)ക്കുന്ന വല്ലവരും ഉണ്ടോ?!

52 അവർ ചെയ്തിട്ടുള്ള എല്ലാ കാര്യവും ഏടുകളിലുണ്ട്.

53 എല്ലാ ചെറുതും, വലുതും(ആയ കാര്യവും) എഴുതി രേഖപ്പെടുത്തപ്പെടുന്നതാകുന്നു.

നിലവിലുള്ള സത്യനിഷേധികളുടേത് പോലെ മുൻ കഴിഞ്ഞുപോയ സത്യനിഷേധികളുടെയും ("നിങ്ങളുടെ കക്ഷികൾ") ചെറുതും വലുതുമായ കർമ്മങ്ങൾ രേഖാഗ്രന്ഥങ്ങളിൽ (ഏടുകൾ) രേഖപ്പെടുത്തി വെക്കാതിരിക്കപ്പെടുകയില്ല. അതിന്റെ അടിസ്ഥാനത്തിൽ അവർ ചോദ്യം ചെയ്യപ്പെടുകയും അവരുടെ മേൽ നടപടി എടുക്കപ്പെടുകയും ചെയ്യുന്നതാണ്. (ഏടുകൾ എന്നത് കൊണ്ട് ഉദ്ദേശം അല്ലാഹുവിന്റെ ജ്ഞാനരേഖയാകുന്ന "ലൗഹുൽ മഹ്ഫൂള്" ആണെന്ന് ചില വ്യാഖ്യാതാക്കൾക്ക് അഭിപ്രായമുണ്ട്)

**വചനം 54,55:**

إِنَّ ٱلۡمُتَّقِينَ فِي جَنَّٰتٖ وَنَهَرٖ ٥٤
فِي مَقۡعَدِ صِدۡقٍ عِندَ مَلِيكٖ مُّقۡتَدِرِۭ ٥٥

54 നിശ്ചയമായും, (സൂക്ഷ്മതയുള്ളവരായ) ഭയഭക്തൻമാർ, സ്വർഗ്ഗങ്ങളിലും അരുവികളിലുമായിരിക്കും.

55 (അതെ) സത്യത്തിൻെറ ആസ്ഥാനത്തിൽ. കഴിവുറ്റവനായ ഒരു രാജാധിപതിയുടെ അടുക്കൽ!

ഈ വചനങ്ങളിലൂടെ, ഭയഭക്തന്മാരുടെ സ്ഥിതിയെക്കുറിച്ച് വിവരിച്ച് കൊണ്ട് അല്ലാഹു ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു.

സൂക്ഷ്മത പാലിച്ച് കൊണ്ട് ജീവിതം നയിച്ച ഭയഭക്തന്മാർ സ്വർഗ്ഗത്തിൽ നിത്യവാസികളായിരിക്കും. സർവ്വശക്തനും രാജാധിരാജനുമായ അല്ലാഹുവിന്റെ സാമീപ്യത്തിലായിരിക്കും അവർ. അവന്റെ പ്രീതിയും പൊരുത്തവുമാണ് എല്ലാറ്റിലും ഉപരിയായത്.

ഇങ്ങനെയുള്ള മഹാനുഭാവന്മാരുടെ കൂട്ടത്തിൽ അല്ലാഹു നമ്മെയെല്ലാം ഉൾപെടുത്തി അനുഗ്രഹിക്കുമാറാകട്ടെ. - ആമീൻ

# 55. സൂറത്തു റഹ്മാൻ (പരമ കാരുണികൻ)

**മക്കയിൽ അവതരിച്ചത്**

**വചനങ്ങൾ 78, വിഭാഗം (റുക്കൂഅ്) 3**

ഈ സൂറത്ത് ആരംഭിക്കുന്നത് "അൽ റഹ്മാൻ " (പരമ കാരുണികൻ) എന്ന പദത്തോട് കൂടിയാകുന്നു. ഖുർആനിലെ മിക്ക സൂറത്തുകൾക്കും അതിന്റേതായ പ്രത്യേകതകൾ ഉള്ളത് പോലെ ഈ സൂറത്തിനും ചില പ്രത്യേകതകൾ കാണാം. വിഷയത്തിന്റെ ഗൗരവത്തോടൊപ്പം തന്നെ ആസ്വാദന രസം, പാരായണ ഭംഗി, ശ്രവണ സുഖം, അത്യാകർഷകമായ പ്രതിപാദന രീതി എന്നീ സവിശേഷതകളാൽ, സൂ. റഹ് മാൻ പ്രസിദ്ധമാണ്. മുപ്പത്തി ഒന്ന് പ്രാവശ്യം മനുഷ്യരെയും ജിന്നുകളെയും അഭിസംബോധന ചെയ്ത് കൊണ്ട് ആവർത്തിച്ച് പറയപ്പെട്ടിട്ടുള്ള **فبأي ءالاء ربكما تكذّبان** (അപ്പോൾ നിങ്ങൾ രണ്ട് കൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്) എന്ന സൂക്തം പാരായണവേളയിലും ശ്രവണവേളയിലും രോമാഞ്ചം ഉളവാക്കുന്നതും ഹൃദയത്തിന് നടുക്കം ബാധിപ്പിക്കുന്നതുമായ ഒരു വചനമത്രേ. അല്ലാഹുവിന്റെ മുമ്പിൽ സാഷ്ടാംഗം അർപ്പിച്ച് നന്ദി പ്രകാശിപ്പിക്കുവാൻ ആ വചനം നമ്മെ പ്രേരിതരാക്കുന്നതായി അനുഭവപ്പെടുന്നതാണ്. ഈ അദ്ധ്യായത്തിന് 'ഖുർആനിലെ നവവധു' എന്നൊരു ബഹുമതിപ്പേര് നൽകപ്പെട്ടതിനുള്ള കാരണം ഇതിൽ നിന്നെല്ലാം ഊഹിക്കാമല്ലോ.

## വിഭാഗം - 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3,4:**

ٱلرَّحْمَٰنُ ﴿١﴾
عَلَّمَ ٱلْقُرْءَانَ ﴿٢﴾
خَلَقَ ٱلْإِنسَٰنَ ﴿٣﴾
عَلَّمَهُ ٱلْبَيَانَ ﴿٤﴾

1 പരമകാരുണികൻ!

2 അവൻ ഖുർആൻ പഠിപ്പിച്ചു.

3 അവൻ മനുഷ്യനെ സൃഷ്ടിച്ചു.

4 അവൻ അവന് വിവരണം പഠിപ്പിച്ചു.

അല്ലാഹുവിന്റെ ഉൽകൃഷ്ട നാമങ്ങളിൽ 'അല്ലാഹു' എന്ന തിരുനാമത്തെ കഴിച്ചാൽ ഏറ്റവും മഹത്തായ നാമ വിശേഷണമത്രേ അർ റഹ്മാൻ - പരമകാരുണികൻ അഥവാ കാരുണ്യത്തിന്റെ പാരമ്യമുള്ളവൻ എന്നർത്ഥം. മറ്റൊരു വിശേഷണവും കൂടാതെ അല്ലാഹു എന്ന നാമം പോലെ ഈ നാമവും സ്വതന്ത്രമായിത്തന്നെ പലയിടത്തും ഖുർആനിൽ പ്രയോഗിക്കപ്പെട്ടതായി കാണാം. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അതി മഹത്തായ മൂന്ന് അനുഗ്രഹങ്ങൾ 2,3,4 വചനങ്ങളിൽ അല്ലാഹു എടുത്തു പറയുന്നു. അവൻ ഖുർആൻ പഠിപ്പിച്ചു. അവൻ മനുഷ്യനെ സൃഷ്ടിച്ചു. അവൻ മനുഷ്യന് വിവരണം പഠിപ്പിച്ചു. (മനസ്സിലുള്ള ആശയങ്ങൾ സ്പഷ്ടമായി ആവിഷ്കരിക്കുന്ന സംസാരത്തിനാണ് ബയാൻ **بيان** എന്ന് പറയുന്നത്.) ഇവക്ക് പുറമെ തുടർന്നുള്ള വചനങ്ങളിൽ മറ്റ് പല അനുഗ്രഹങ്ങളെക്കുറിച്ചും പ്രസ്താവിക്കുന്നുമുണ്ട്.

'ഖുർആൻ പഠിപ്പിച്ചു' എന്ന് പറഞ്ഞതിന്റെ താൽപര്യം അത് വായിക്കുവാനുള്ള അക്ഷരാഭ്യാസം നൽകി എന്ന് മാത്രമല്ല അത് ഗ്രഹിക്കുവാനും അതിന്റെ സന്ദേശങ്ങൾ പ്രായോഗികമാക്കുവാനും വേണ്ടുന്ന കഴിവും സാഹചര്യങ്ങളും അവൻ സജ്ജമാക്കിക്കൊടുത്തു എന്ന് കൂടെയാകുന്നു.

**വചനം 5,6:**

ٱلشَّمْسُ وَٱلْقَمَرُ بِحُسْبَانٍ ﴿٥﴾
وَٱلنَّجْمُ وَٱلشَّجَرُ يَسْجُدَانِ ﴿٦﴾

5 സൂര്യനും ചന്ദ്രനും ഒരു കണക്കനുസരിച്ചാകുന്നു (നിലകൊള്ളുന്നത്.)

6 ചെടി (അഥവാ വള്ളി) യും വൃക്ഷവും 'സുജൂദ്' (സാഷ്ടാംഗ നമസ്ക്കാരം) ചെയ്യുന്നു.

സൂര്യചന്ദ്രന്മാരുടെ ചലനം, ഗതി, ഭ്രമണം, അകലം, താപനില തുടങ്ങി എല്ലാമെല്ലാം ഒരു കൃത്യമായ അളവും കണക്കും അനുസരിച്ചാകുന്നു അല്ലാഹു തീരുമാനിച്ചിരിക്കുന്നത്.

'നജ്മ്'എന്ന വാക്കിന് നക്ഷത്രം എന്നും ചെടി (വള്ളി) എന്നും വ്യാഖ്യാതാക്കൾ ഇവിടെ അർത്ഥം സ്വീകരിച്ചിട്ടുണ്ട്. സസ്യങ്ങളും വൃക്ഷങ്ങളും മാത്രമല്ല ആകാശഭൂമികളിലുള്ള എല്ലാ വസ്തുക്കളും അല്ലാഹുവിന് സാഷ്ടാംഗ നമസ്കാരവും കീർത്തനവും നടത്തുന്നുണ്ടെന്ന് ഖുർആനിൽ പലയിടത്തും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. - സൂ. അൻബിയാഅ് : 79, സൂ. ഹജ്ജ്: 18, സൂ നൂർ 41 എന്നിവിടങ്ങളിൽ നോക്കുക.

**വചനം 7,8,9:**

وَٱلسَّمَآءَ رَفَعَهَا وَوَضَعَ ٱلۡمِيزَانَ ۝٧

7 ആകാശത്തെ അവൻ ഉയർത്തിയുണ്ടാക്കുകയും, തുലാസ്സ് സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.

أَلَّا تَطۡغَوۡاْ فِي ٱلۡمِيزَانِ ۝٨

8 നിങ്ങൾ തുലാസ്സിൽ (തൂക്കത്തിൽ) ക്രമം തെറ്റാതിരിക്കുന്നതിന്.

وَأَقِيمُواْ ٱلۡوَزۡنَ بِٱلۡقِسۡطِ وَلَا تُخۡسِرُواْ ٱلۡمِيزَانَ ۝٩

9 നിങ്ങൾ നീതിമുറയനുസരിച്ചു തൂക്കം നിലനിറുത്തുവിൻ. തുലാസ്സ് (അഥവാ തൂക്കം) നഷ്ടം വരുത്തുകയും അരുത്.

അല്ലാഹുവിന്റെ നീതി ന്യായ വ്യവസ്ഥയാകുന്ന തുലാസിനെ ക്കുറിച്ചാകുന്നു 7 ഉം 8 ഉം വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളത്. (സൂ. ഹദീദ്: 25ാം വചനം നോക്കുക) ആ നീതി വ്യവസ്ഥകളിൽ പെട്ടതത്രേ തൂക്കത്തിൽ സത്യവും നീതിയും പാലിക്കണമെന്നത്. ഇതിനെക്കുറിച്ചാണ് 9ാം വചനത്തിൽ പ്രസ്താവിച്ചിട്ടുള്ളത്.

**വചനം 10,11,12:**

وَٱلۡأَرۡضَ وَضَعَهَا لِلۡأَنَامِ ۝١٠

10 ഭൂമിയെ അവൻ സൃഷ്ടികൾക്കുവേണ്ടി സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.

فِيهَا فَٰكِهَةٞ وَٱلنَّخۡلُ ذَاتُ ٱلۡأَكۡمَامِ ۝١١

11 അതിൽ പഴവർഗ്ഗമുണ്ട്; പാളകളുള്ള ഈത്തപ്പനകളുമുണ്ട്.

وَٱلۡحَبُّ ذُو ٱلۡعَصۡفِ وَٱلرَّيۡحَانُ ۝١٢

12 വൈക്കോലുള്ള ധാന്യ(വർഗ്ഗ)വും, സുഗന്ധച്ചെടിയും ഉണ്ട്.

മനുഷ്യനടക്കമുള്ള എല്ലാ ജീവികൾക്കും വേണ്ടിയാകുന്നു അല്ലാഹു ഭൂമിയെ സൃഷ്ടിച്ചിരിക്കുന്നത്. ഭൂമിയിൽ അല്ലാഹുവിന്റെ സൃഷ്ടികൾക്ക് പല വിധത്തിലും എല്ലാ കാലാവസ്ഥകളിലും പ്രയോജനപ്പെടുന്ന വിധത്തിൽ ഈത്തപ്പഴങ്ങളും, ഈന്തക്കുലകളും, ഗോതമ്പ്, നെല്ല് മുതലായ ധാന്യങ്ങളും പല വിധത്തിലുള്ള വാസനച്ചെടികളും രുചികരവും പരിമളമുള്ളതുമായ ഭക്ഷണ പദാർത്ഥങ്ങളും അല്ലാഹു വിന്യസിച്ചിരിക്കുന്നു.

അല്ലാഹു അവന്റെ സൃഷ്ടികൾക്ക് വേണ്ടി ചെയ്ത് കൊടുത്തിട്ടുള്ള ചില പ്രധാന നിത്യാനുഗ്രഹങ്ങളെക്കുറിച്ച് ഈ വചനങ്ങളിലൂടെ ഓർമ്മിപ്പിച്ച ശേഷം ഭൂമിയിലെ രണ്ട് ബുദ്ധി വർഗ്ഗങ്ങളായ മനുഷ്യരെയും ജിന്നുകളെയും അഭിമുഖീകരിച്ച് കൊണ്ടുള്ള അല്ലാഹുവിന്റെ ചോദ്യമാണ് അടുത്ത വചനത്തിൽ.

**വചനം 13:**

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ۝١٣

13 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

ഈ വചനം ഈ സൂറത്തിൽ പല സന്ദർഭങ്ങളിലായി 31 പ്രാവശ്യം ആവർത്തിക്കപ്പെട്ടിരിക്കുന്നു. (ഈ വചനങ്ങളിൽ "നിങ്ങൾ രണ്ട് കൂട്ടർ" എന്ന് പറഞ്ഞത് മനുഷ്യരെയും ജിന്നുകളെയും ഉദ്ദേശിച്ചാണെന്ന് അടുത്ത രണ്ട് വചനങ്ങളിൽ നിന്നും 31-35 വചനങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് ചിന്തിക്കുകയും അവയ്ക്ക് അല്ലാഹുവിനോട് നന്ദി കാണിക്കുകയും ചെയ്യുന്നതിന്റെ പ്രാധാന്യവും ഗൗരവവും എത്രമാത്രം വമ്പിച്ചതാണെന്ന് ഈ വചനത്തിൽ നിന്നും മനസ്സിലാക്കാം. ഈ വചനം ഓതിക്കേട്ടപ്പോൾ ഓരോ പ്രാവശ്യവും ജിന്നുകൾ ഇപ്രകാരം മറുപടി പറഞ്ഞതായി ഒരു ഹദീസിൽ വന്നിട്ടുണ്ട്.

"ഞങ്ങളുടെ റബ്ബെ, നിന്റെ അനുഗ്രഹങ്ങളിൽ യാതൊന്നിനെയും ഞങ്ങൾ വ്യാജമാക്കുന്നില്ല. അപ്പോൾ നിനക്കത്രെ സ്തുതി."

അത് പോലെ നാമും പറയുക.

**വചനം 14,15,16 :**

خَلَقَ ٱلْإِنسَـٰنَ مِن صَلْصَـٰلٍ كَٱلْفَخَّارِ ﴿١٤﴾

وَخَلَقَ ٱلْجَآنَّ مِن مَّارِجٍ مِّن نَّارٍ ﴿١٥﴾

فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٦﴾

14 മനുഷ്യനെ അവൻ, ചൂളവെക്കപ്പെട്ട (ഇഷ്ടിക) മണ്ണുപോലെ ചിലപ്പുള്ള (ഉണങ്ങിയ) മണ്ണിനാൽ സൃഷ്ടിച്ചിരിക്കുന്നു;

15 ജിന്നിനെ അഗ്നിയിൽനിന്നുള്ള (പുകകലരാത്ത) ശുദ്ധജ്വാലയാലും സൃഷ്ടിച്ചിരിക്കുന്നു.

16 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

മുട്ടിയാൽ ചിലപ്പുണ്ടാകുന്നതും നനവിന്റെ അംശമില്ലാത്തതുമായ കളിമണ്ണിൽ നിന്നും അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. മനുഷ്യ സൃഷ്ടിപ്പിനെ പറ്റി സൂ: ഹിജ്ർ 26ൽ പാകപ്പെടുത്തപ്പെട്ട കളിമണ്ണിൽ നിന്നുള്ള ചിലപ്പുണ്ടാകുന്ന മണ്ണിനാൽ എന്നും സൂ: മുഅ്മിനൂൻ 12 ൽ കളിമണ്ണിന്റെ സത്തിൽ നിന്ന് എന്നും സൂ: റൂം 20 ൽ മണ്ണിൽ നിന്ന് എന്നും സൂ. സ്വാഫ്ഫാത്ത് 11 ൽ ഒട്ടുന്ന കളിമണ്ണിൽ നിന്ന് എന്നും സൂ: സ്വാദ് 71, സൂ. സജദ 7 എന്നിവിടങ്ങളിൽ കളിമണ്ണിൽ നിന്ന് എന്നും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. മനുഷ്യമൂലമായ മണ്ണിന്റെ വിവിധ ഘട്ടങ്ങളെയാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്.

ജിന്നുകളെ അഗ്നിയിൽ നിന്നുള്ള പുക കലരാത്ത ശുദ്ധമായ ജ്വാലയിൽ നിന്നാണ് സൃഷ്ടിച്ചതെന്ന് 15 ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ഇത് തീയിന്റെ വ്യത്യസ്ത ഗുണങ്ങളെ സൂചിപ്പിക്കുന്നു. സൂ. ഹിജ്ർ 27 ാം വചനത്തിൽ "അത്യുഷ്ണമുള്ള അഗ്നിയാൽ" എന്നും വേറെ സ്ഥലത്ത് "രോമക്കുത്തുകളിൽ കൂടി തുളഞ്ഞ് കയറുന്ന - അത്യുഷ്ണമായ തീയിൽ നിന്ന്" എന്നും ജിന്നുകളുടെ സൃഷ്ടിപ്പിനെ പറ്റി അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്.

ഇങ്ങനെ വ്യത്യസ്തമായ രീതിയിൽ ഉദ്ഭവം മുതൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള മനുഷ്യരുടെയും ജിന്നുകളുടെയും സന്താനങ്ങളിൽ വ്യത്യസ്തമായ സ്വഭാവങ്ങളും ഗുണങ്ങളും പ്രകൃതങ്ങളും അല്ലാഹു വെളിപ്പെടുത്തിയിരിക്കുന്നു. അവയുടെയെല്ലാം വിശദമായ യാഥാർത്ഥ്യങ്ങളും യുക്തിരഹസ്യങ്ങളും അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ.

വചനം: 16 ന്റെ ആശയം, വചനം 13 നോക്കുക

**വചനം 17, 18:**

رَبُّ ٱلْمَشْرِقَيْنِ وَرَبُّ ٱلْمَغْرِبَيْنِ ﴿١٧﴾

فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿١٨﴾

17 രണ്ട് ഉദയസ്ഥാനങ്ങളുടെ റബ്ബും, രണ്ട് അസ്തമനസ്ഥാനങ്ങളുടെ റബ്ബുമാകുന്നു (അവൻ).

18 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

ഉത്തരായനവും ദക്ഷിണായനവും മൂലവും ഭൂമിയുടെ പൂർവ്വാർദ്ധവും പശ്ചിമാർദ്ധവും മൂലവും, ഉത്തരാർദ്ധവും ദക്ഷിണാർദ്ധവും മൂലവും, ഉദയാസ്തമന സ്ഥാനങ്ങൾ വ്യത്യസ്തമായിരിക്കുമല്ലോ. ഇങ്ങനെ ഒന്നിലധികം പ്രകാരത്തിൽ രണ്ട് ഉദയാസ്തമന സ്ഥാനങ്ങൾക്ക് വിവക്ഷ നൽകപ്പെട്ടിട്ടുണ്ട്. ഇവക്ക് പുറമേ സൂര്യന്റെയും ചന്ദ്രന്റെയും ഉദയാസ്തമനങ്ങളെ ഉദ്ദേശിച്ച് പറഞ്ഞതാണെന്നും വരാം. ഏ

തായാലും അവയിലടങ്ങിയ അല്ലാഹുവിന്റെ മഹത്വവും ദൃഷ്ടാന്തങ്ങളും അനുഗ്രഹങ്ങളും സംബന്ധിച്ച് മനുഷ്യൻ ചിന്തിക്കുവാൻ കടപ്പെട്ടവനാകുന്നു.

വചനം 18 ന്റെ ആശയം, വചനം 13 നോക്കുക.

**വചനം 19,20,21,22,23,24,25:**

مَرَجَ ٱلۡبَحۡرَيۡنِ يَلۡتَقِيَانِ ١٩

19 രണ്ടു സമുദ്രങ്ങളെ, അവ തമ്മിൽ കൂട്ടിമുട്ടത്തക്കനിലയിൽ അവൻ അയച്ചുവിട്ടിരിക്കുന്നു.

بَيۡنَهُمَا بَرۡزَخٞ لَّا يَبۡغِيَانِ ٢٠

20 അവ രണ്ടും (അന്യോന്യം) അതിക്രമി(ച്ചു കട)ക്കാതിരിക്കത്തക്ക ഒരു മറ അവക്കിടയിലുണ്ട്.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ٢١

21 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

يَخۡرُجُ مِنۡهُمَا ٱللُّؤۡلُؤُ وَٱلۡمَرۡجَانُ ٢٢

22 അവ രണ്ടിൽനിന്നും മുത്തും പവിഴവും പുറത്തുവരുന്നു.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ٢٣

23 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

وَلَهُ ٱلۡجَوَارِ ٱلۡمُنشَـَٔاتُ فِي ٱلۡبَحۡرِ كَٱلۡأَعۡلَٰمِ ٢٤

24 സമുദ്രത്തിൽ (സഞ്ചരിക്കുന്നതിന്) മലകളെപ്പോലെ പൊക്കിയുണ്ടാക്കപ്പെടുന്ന കപ്പലുകളും അവൻേറതാകുന്നു.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ٢٥

25 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

രണ്ട് സമുദ്രങ്ങൾ - ശുദ്ധ ജലാശയങ്ങളും ഉപ്പ് ജലാശയങ്ങളും - ഒന്നിനൊന്ന് തൊട്ട് സ്ഥിതി ചെയ്യുന്നുവെങ്കിലും ഓരോന്നും പരസ്പരം അതിക്രമിക്കാതെ, അതതിന്റെ പ്രകൃതി വിശേഷത്തോടെ തന്നെ നിലനിൽക്കത്തക്കവണ്ണം അവയ്ക്കിടയിൽ അല്ലാഹു ഒരു പ്രത്യേക മറയും തടസ്സവും ഏർപ്പെടുത്തിയിരിക്കുകയാണ്. (സൂ: ഫുർഖാൻ 53 നോക്കുക). രണ്ട് തരം ജലാശയങ്ങളിൽ നിന്നും മുത്തും പവിഴവും മറ്റനേകം ജലവിഭവങ്ങളും മനുഷ്യന് ലഭ്യമാകുന്നു. സമുദ്രത്തിൽ സഞ്ചരിക്കുന്നതിന്ന് മലപോലെ പായ കെട്ടി ഉയർത്തപ്പെട്ട കപ്പലുകളും അവന്റെ അനുഗ്രഹമാകുന്നു.

വചനം 21,23,25 എന്നിവയുടെ ആശയം, വചനം 13 ൽ നോക്കുക.

## വിഭാഗം 2

**വചനം 26, 27,28:**

كُلُّ مَنۡ عَلَيۡهَا فَانٖ ٢٦

26 അതിൻെറ (ഭൂമിയുടെ) മീതെയുള്ളവരെല്ലാം നാശമടയുന്നതാണ്.

وَيَبۡقَىٰ وَجۡهُ رَبِّكَ ذُو ٱلۡجَلَٰلِ وَٱلۡإِكۡرَامِ ٢٧

27 മഹത്വവും ഉദാരതയുമുള്ളവനായ നിൻെറ റബ്ബിൻെറ വദനം ശേഷിക്കുകയും ചെയ്യും.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ٢٨

28 അപ്പോൾ നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

മഹത്വവും ഉദാരതയും ഉള്ളവനായ നിന്റെ രക്ഷിതാവിന്റെ വദനം മാത്രം അവശേഷിക്കുന്നതാണ്. ഭൂമുഖത്തുള്ള ബാക്കിയുള്ളതെല്ലാം തന്നെ നാശമടയുന്നതാകുന്നു.

'മഹത്വവും ഉദാരതയുള്ളവനും' ആയ എന്ന വിശേഷണത്തെ സംബന്ധിച്ച് ചില വിവരങ്ങൾ സൂറത്തിന്റെ അവസാനത്തിൽ കാണാവുന്നതാണ്.

28ാം വചനത്തിന്റെ ആശയം, വചനം 13 ൽ നോക്കുക.

**വചനം 29, 30:**

يَسْـَٔلُهُۥ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ كُلَّ يَوْمٍ هُوَ فِى شَأْنٍ ﴿٢٩﴾

فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٣٠﴾

29 ആകാശങ്ങളിലും ഭൂമിയിലുമുള്ളവർ അവനോട് യാചിക്കുന്നു. എല്ലാ ദിവസവും അവൻ ഓരോ കാര്യത്തിലായിരിക്കും.

30 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

ആകാശ ഭൂമികളിലുള്ള ഏതൊരാളും അല്ലാഹുവിന്റെ സഹായത്തെ ആശ്രയിക്കാത്തവരായിട്ടില്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഓരോന്നിനെയും ആശ്രയിച്ച് കൊണ്ടല്ലാതെ ഒരൊറ്റ നിമിഷവും കഴിച്ച് കൂട്ടുവാൻ, ഒരുവന് - അവൻ ദൈവനിഷേധിയാകട്ടെ, യുക്തിവാദിയാകട്ടെ, പ്രകൃതിവാദിയാകട്ടെ - സാധ്യമല്ല തന്നെ.

ഈ അണ്ഡകടാഹത്തിലെ കണക്കറ്റ പ്രതിഭാസങ്ങളെ യാതൊരു ന്യൂനതയുമില്ലാതെ നിയന്ത്രിച്ച് വരുന്ന സർവ്വശക്തനായ അല്ലാഹു ഉറക്കമോ, ക്ഷീണമോ, മറവിയോ ബാധിച്ച് അശ്രദ്ധനാകാതെ, നിത്യവും ഓരോരോ കാര്യങ്ങലിലും ബദ്ധശ്രദ്ധനത്രേ. ഒരു മിടിയിട നേരം അവൻ അശ്രദ്ധനാകുമായിരുന്നെങ്കിൽ - അനന്ത വിസ്തൃതമായ ഈ ലോകാലോകങ്ങളുടെ അവസ്ഥ എന്തായിത്തീരുമെന്ന് മനുഷ്യരാശിക്ക് ഊഹിക്കാൻ പോലും സാധ്യമല്ല തന്നെ.

വചനം 30 ന്റെ ആശയം, 13ാം വചനം നോക്കുക.

**വചനം 31,32,33,34,35,36:**

سَنَفْرُغُ لَكُمْ أَيُّهَ ٱلثَّقَلَانِ ﴿٣١﴾

فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٣٢﴾

يَٰمَعْشَرَ ٱلْجِنِّ وَٱلْإِنسِ إِنِ ٱسْتَطَعْتُمْ أَن تَنفُذُوا۟ مِنْ أَقْطَارِ ٱلسَّمَٰوَٰتِ وَٱلْأَرْضِ فَٱنفُذُوا۟ ۚ لَا تَنفُذُونَ إِلَّا بِسُلْطَٰنٍ ﴿٣٣﴾

فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٣٤﴾

يُرْسَلُ عَلَيْكُمَا شُوَاظٌ مِّن نَّارٍ وَنُحَاسٌ فَلَا تَنتَصِرَانِ ﴿٣٥﴾

فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٣٦﴾

31 നിങ്ങൾക്കുവേണ്ടി നാം അടുത്ത് മിനക്കെടുന്നതാണ്-ഹേ, രണ്ടു (കനത്ത) സമൂഹമേ!

32 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

33 ജിന്നിൻെറയും ഇൻസി (മനുഷ്യ)ൻെറയും സംഘമേ, ആകാശങ്ങളുടെയും, ഭൂമിയുടെയും മേഖലകളിൽനിന്ന് (പുറത്ത്) കടന്നുപോകുവാൻ നിങ്ങൾക്ക് സാധ്യമാകുന്നപക്ഷം, നിങ്ങൾ കടന്നു പോകുവിൻ! ഒരു അധികാരശക്തികൂടാതെ നിങ്ങൾ കടന്നുപോകയില്ല.

34 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

35 നിങ്ങളിരുവരുടേയും മേൽ, അഗ്നിയിൽ നിന്നുള്ള ജ്വാലയും, കരിമ്പുകയും അയക്കപ്പെടുന്നതാണ്. അപ്പോൾ, നിങ്ങൾ രക്ഷാനടപടിയെടുക്കുന്നതല്ല. (നിങ്ങൾക്കതിനു സാധ്യമല്ല.)

36 അപ്പോൾ, നിങ്ങളിരുവരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

രണ്ട് കൂട്ടരും (ജിന്നും മനുഷ്യരും) അധികം താമസിയാതെ അല്ലാഹുവിന്റെ മുമ്പിൽ വിചാരണക്ക് ഹാജരാകേണ്ടി വരുമെന്ന് അല്ലാഹു ശക്തിപൂർവ്വം താക്കീത് ചെയ്യുന്നു 31ാം വചനത്തിലൂടെ.

അല്ലാഹുവിന്റെ പിടിയിൽ പെടാതിരിക്കത്തക്കവണ്ണം അവന്റെ അധികാരാതിർത്തിയിൽ നിന്ന് - ആകാശ ഭൂമികളിൽ നിന്ന് - പുറത്തേക്ക് കടന്ന് പോയി രക്ഷപ്പെടുവാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ അതൊന്ന് കാണട്ടെ എന്ന് ജിന്ന് വർഗ്ഗത്തെയും മനുഷ്യവർഗ്ഗത്തെയും ഒന്നടങ്കം 33-ാം വചനത്തിലൂടെ അല്ലാഹു വെല്ല് വിളിക്കുന്നു. അല്ലാഹുവിങ്കൽ നിന്ന് തന്നെയുള്ള അധികൃതമായ വല്ല ശക്തിയും പ്രമാണവും കിട്ടിയാലല്ലാതെ അതിന് സാധ്യമല്ല, എന്ന് അതോടൊപ്പം അല്ലാഹു തീർത്ത് പറയുകയും ചെയ്യുന്നു. ഈ വെല്ല് വിളിയിൽ അടങ്ങിയിരിക്കുന്ന താക്കീത് പ്രധാനമായും അവിശ്വാസികളെ ഉദ്ദേശിച്ചുള്ളതാണെന്ന് 35ാം വചനത്തിന്റെ ഉള്ളടക്കത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. ഖിയാമത്ത് നാളിൽ വിചാരണാവസരത്തിൽ നടക്കുന്ന ഒരു ആഹ്വാനമായിട്ടാണ് ഇബ്നു കഥീർ (റ) മുതലായ ചില മഹാന്മാർ ഈ വചനത്തെ കണക്കാക്കുന്നത് - അല്ലാഹുവിനറിയാം.

വചനം 32, 34,36 എന്നിവയുടെ ആശയം, 13-ാം വചനം നോക്കുക.

**വചനം 37,38,39, 40:**

فَإِذَا ٱنشَقَّتِ ٱلسَّمَآءُ فَكَانَتْ وَرْدَةً كَٱلدِّهَانِ ﴿٣٧﴾

فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٣٨﴾

فَيَوْمَئِذٍ لَّا يُسْـَٔلُ عَن ذَنۢبِهِۦٓ إِنسٌ وَلَا جَآنٌّ ﴿٣٩﴾

فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٤٠﴾

37 എന്നാൽ, ആകാശം പൊട്ടിപ്പിളർന്ന് അത് കുഴമ്പ് (അഥവാ എണ്ണക്കീടം) പോലെയും, പനിനീർ (അഥവാ ചുവപ്പ്) വർണ്ണമുള്ളതും ആയിത്തീർന്നാൽ........!-

38 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

39 അപ്പോൾ-അന്നത്തെ ദിവസം-ഒരു മനുഷ്യനോടാകട്ടെ, ജിന്നിനോടാകട്ടെ, തൻെറ പാപത്തെപ്പറ്റി ചോദി(ച്ചന്വേഷി)ക്കപ്പെടുന്നതല്ല.

40 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

അന്ത്യനാളിൽ ആകാശം പൊട്ടിപ്പിളർന്ന് കുഴമ്പ് പോലെ ദുർബ്ബലമാകുകയും നിറമാറ്റം സംഭവിച്ച് പനിനീർ പോലെ ആയിത്തീരുകയും ചെയ്യുന്നു. അന്ന് മനുഷ്യരും ജിന്നുകളും അവരുടെ പാപങ്ങളെ പറ്റി തീരെ ചോദ്യം ചെയ്യപ്പെടുകയില്ലെന്നല്ല 39 ാം വചനത്തിന്റെ താൽപര്യം. പാപികളുടെ പാപങ്ങളെ പറ്റി മതിയായ തെളിവുകളും രേഖകളും വേറെ തന്നെ ധാരാളമുള്ള സ്ഥിതിക്ക് അവരോട് പ്രത്യേകിച്ച് ചോദിച്ചറിയേണ്ടുന്ന ആവശ്യമില്ല എന്നാകുന്നു. അടുത്ത വചനങ്ങൾ ശ്രദ്ധിക്കുക:

വചനം 38,40 എന്നിവയുടെ ആശയം, 13ാം വചനം നോക്കുക.

**വചനം 41,42,43,44,45:**

يُعْرَفُ ٱلْمُجْرِمُونَ بِسِيمَٰهُمْ فَيُؤْخَذُ بِٱلنَّوَٰصِى وَٱلْأَقْدَامِ ﴿٤١﴾

فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٤٢﴾

هَٰذِهِۦ جَهَنَّمُ ٱلَّتِى يُكَذِّبُ بِهَا ٱلْمُجْرِمُونَ ﴿٤٣﴾

يَطُوفُونَ بَيْنَهَا وَبَيْنَ حَمِيمٍ ءَانٍ ﴿٤٤﴾

41 (കാരണം:) കുറ്റവാളികൾ അവരുടെ അടയാളം മുഖേന അറിയപ്പെടുന്നതാണ്. എന്നിട്ട് നെറുകന്തലകളും (അഥവാ കുടുമകളും) കാലടികളും (കൂട്ടി)പ്പിടിക്കപ്പെടുന്നതായിരിക്കും.

42 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

43 "കുറ്റവാളികൾ വ്യാജമാക്കിക്കൊണ്ടിരുന്നതായ 'ജഹന്നം' (നരകം) ഇതാ!" (എന്നു പറയപ്പെടും.)

44 അതിൻെറയും (അങ്ങേഅറ്റം) ഉഷ്ണമേറിയ ചുട്ടുതിളക്കുന്ന വെള്ളത്തിൻെറയും ഇടയി

ലായി അവർ ചുറ്റി അലയുന്നതാകുന്നു.

45 അപ്പോൾ, നിങ്ങൾ രണ്ടു കൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٤٥﴾

അവരുടെ അടയാളങ്ങൾ മുഖേന തന്നെ തിരിച്ചറിയപ്പെടുന്ന കുറ്റവാളികൾ, ആമങ്ങളാലും ചങ്ങലകളാലും ബന്ധിക്കപ്പെട്ട് ചുട്ടു തിളക്കുന്ന വെള്ളത്തിൽ വലിച്ചിഴക്കപ്പെടുകയും നരകത്തിൽ ഇട്ട് കത്തിക്കപ്പെടുകയു ചെയ്യുന്നതാണ്. (സൂ. മുഅ്മിൻ 71,72 വചനങ്ങളും സൂ: സ്വാഫ്ഫാത്ത് 62-68 വചനങ്ങളും നോക്കുക.) അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ - ആമീൻ

42,45 വചനങ്ങളുടെ ആശയം, 13ാം വചനം നോക്കുക.

## വിഭാഗം - 3

**വചനം 46,47,48:**

46 യാതൊരുവൻ തൻെറ റബ്ബിൻെറ സ്ഥാനത്തെ(അഥവാ റബ്ബിൻെറ മുമ്പിൽ നിൽക്കുന്നതിനെ) ഭയപ്പെട്ടുവോ അവന് രണ്ടു സ്വർഗ്ഗത്തോപ്പുകളുണ്ടായിരിക്കും;-

وَلِمَنۡ خَافَ مَقَامَ رَبِّهِۦ جَنَّتَانِ ﴿٤٦﴾

47 അപ്പോൾ നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٤٧﴾

48 (അതെ) പല വകുപ്പുകളുള്ളതായ രണ്ടെണ്ണം.

ذَوَاتَآ أَفۡنَانٖ ﴿٤٨﴾

അല്ലാഹുവിന്റെ മുമ്പിൽ വിചാരണക്ക് നിൽക്കേണ്ടി വരുമെന്ന് ഭയപ്പെട്ടിരുന്ന ഭയഭക്തന്മാരായ സജ്ജനങ്ങൾക്ക് വിവിധ വർണ്ണത്തിലും സ്വഭാവത്തിലുമുള്ള ഫലവർഗ്ഗങ്ങളും സുഖ സൗകര്യങ്ങളും നിറഞ്ഞ രണ്ട് സ്വർഗ്ഗത്തോപ്പുകളുണ്ടായിരിക്കും.

വചനം 47 ന്റെ ആശയം, 13ാം വചനം നോക്കുക.

**വചനം 49,50,51,52,53,54:**

49 അപ്പോൾ നിങ്ങളുടെ രണ്ടു കൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٤٩﴾

50 അവരണ്ടിലും ഒഴുകിക്കൊണ്ടിരിക്കുന്ന രണ്ടു അരുവികളുണ്ട്.

فِيهِمَا عَيۡنَانِ تَجۡرِيَانِ ﴿٥٠﴾

51 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٥١﴾

52 അവരണ്ടിലും എല്ലാ (വിധ) പഴവർഗ്ഗത്തിൽ നിന്നും രണ്ട് ഇണകൾ(വീതം) ഉണ്ടായിരിക്കും.

فِيهِمَا مِن كُلِّ فَٰكِهَةٖ زَوۡجَانِ ﴿٥٢﴾

53 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٥٣﴾

54 വിരുപ്പുകളിൽ ചാരിയിരുന്നു കൊണ്ട് (അവർ സുഖിക്കും) അവയുടെ ഉൾഭാഗം നിറക്കപ്പെട്ടിട്ടുള്ളത് കട്ടിപ്പട്ടു കൊണ്ടാണ്. രണ്ടു തോപ്പുകളിലെയും പറിച്ചെടുക്കുന്ന പഴം താണു നിൽക്കുന്നതായിരിക്കും.

مُتَّكِـِٔينَ عَلَىٰ فُرُشِۭ بَطَآئِنُهَا مِنۡ إِسۡتَبۡرَقٖۚ وَجَنَى ٱلۡجَنَّتَيۡنِ دَانٖ ﴿٥٤﴾

സജ്ജനങ്ങൾക്ക് സ്വർഗത്തിൽ ലഭിക്കാനിരിക്കുന്ന, സുഖാനുഭവങ്ങളാണ് തുടർന്നും അല്ലാഹു വിവരിക്കുന്നത്.

വചനം 49,51,53 എന്നിവയുടെ ആശയം, 13ാം വചനം നോക്കുക

**വചനം 55,56:**

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٥٥﴾

فِيهِنَّ قَٰصِرَٰتُ ٱلطَّرْفِ لَمْ يَطْمِثْهُنَّ إِنسٌ قَبْلَهُمْ وَلَا جَآنٌّ ﴿٥٦﴾

55 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

56 അവയിൽ, കണ്ണുകളെ (നോട്ടത്തെ) നിയന്ത്രിക്കുന്ന സ്ത്രീകൾ ഉണ്ട്. അവർക്കുമുമ്പ് ഒരു മനുഷ്യനാകട്ടെ, ജിന്നാകട്ടെ അവരെ സ്പർശിച്ചിട്ടില്ല.

പതിവ്രതകളും ഭർത്താവിനെ മാത്രം സ്നേഹിക്കുന്ന തരുണീ മണികളുമായ ഭാര്യമാർ അവർക്കുണ്ടായിരിക്കും.

വചനം 55 ന്റെ ആശയം, 13ാം വചനം നോക്കുക.

**വചനം 57,58,59,60,61:**

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٥٧﴾

كَأَنَّهُنَّ ٱلْيَاقُوتُ وَٱلْمَرْجَانُ ﴿٥٨﴾

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٥٩﴾

هَلْ جَزَآءُ ٱلْإِحْسَٰنِ إِلَّا ٱلْإِحْسَٰنُ ﴿٦٠﴾

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٦١﴾

57 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

58 അവർ (ആ സ്ത്രീകൾ) മാണിക്യവും, പവിഴവുമെന്നോണമിരിക്കും.

59 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

60 നൻമ (പുണ്യം) ചെയ്തതിൻെറ പ്രതിഫലം നൻമ ചെയ്തുകൊടുക്കുകയല്ലാതെ (മറ്റുവല്ലതും) ആണോ?!

61 അപ്പോൾ നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

ഭയഭക്തന്മാർക്കുള്ള വേറെയും അനുഗ്രഹങ്ങൾ അല്ലാഹു പ്രസ്താവിക്കുന്നു.

വചനം 57,59,61 എന്നിവയുടെ ആശയം, 13ാം വചനം നോക്കുക.

**വചനം 62,63,64:**

وَمِن دُونِهِمَا جَنَّتَانِ ﴿٦٢﴾

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٦٣﴾

مُدْهَآمَّتَانِ ﴿٦٤﴾

62 അവ രണ്ടിന്നുപുറമെ (വേറെ)യും രണ്ടു സ്വർഗ്ഗത്തോപ്പുകളുണ്ട്;

63 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

64 കടുംപച്ച പൂണ്ടതായ രണ്ടെണ്ണം!

ഫലവൃക്ഷങ്ങളെയും സസ്യലതാദികളുടെയും ആധിക്യം നിമിത്തം, തോപ്പുകളുടെ വർണ്ണം കടുംപച്ചയായിരിക്കുമെന്ന് സാരം

വചനം 63ന്റെ ആശയം, 13ാം വചനം നോക്കുക.

**വചനം 65,66,67,68,69:**

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ٦٥

65 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

فِيهِمَا عَيْنَانِ نَضَّاخَتَانِ ٦٦

66 കുതിച്ചൊഴുകുന്ന രണ്ടു അരുവികൾ അവ രണ്ടിലുമുണ്ട്.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ٦٧

67 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

فِيهِمَا فَٰكِهَةٌ وَنَخْلٌ وَرُمَّانٌ ٦٨

68 രണ്ടിലും പഴവർഗ്ഗവും, ഈത്തപ്പനകളും, ഉറുമാമ്പഴ (മാതളപഴ)വും ഉണ്ട്.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ٦٩

69 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

നബി(സ) അരുളിയത് പോലെ, മനുഷ്യൻ കണ്ടും കേട്ടും അറിഞ്ഞിട്ടില്ലാത്തതും മനുഷ്യന് വിഭാവനം ചെയ്വാൻ കഴിവില്ലാത്തതുമാണ് സ്വർഗ്ഗത്തിലെ ഓരോ വിഭവവും.

വചനം 65,67,69 എന്നിവയുടെ ആശയം, 13 ാം വചനം നോക്കുക.

**വചനം 70,71,72,73,74,75, 76,77:**

فِيهِنَّ خَيْرَٰتٌ حِسَانٌ ٧٠

70 അവയിൽ, സുന്ദരികളായ ഉത്തമ സ്ത്രീകളുണ്ട്;

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ٧١

71 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

حُورٌ مَّقْصُورَٰتٌ فِي ٱلْخِيَامِ ٧٢

72 അതായത്, കൂടാരങ്ങളിൽ നിയന്ത്രിക്കപ്പെട്ടിട്ടുള്ള (ഘോഷാസ്ത്രീകളായ) വെളുത്ത മെയ്യാമണികൾ!

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ٧٣

73 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

لَمْ يَطْمِثْهُنَّ إِنسٌ قَبْلَهُمْ وَلَا جَآنٌّ ٧٤

74 അവർക്കു മുമ്പ് ഒരു മനുഷ്യനാകട്ടെ, ജിന്നാകട്ടെ അവരെ സ്പർശിച്ചിട്ടില്ല.

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ٧٥

75 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

مُتَّكِـِٔينَ عَلَىٰ رَفْرَفٍ خُضْرٍ وَعَبْقَرِيٍّ حِسَانٍ ٧٦

76 പച്ചവർണ്ണമുള്ള മെത്തത്തലയിണയിലും, നല്ലതായ (അഴകേറിയ) പരവതാനികളിലുമായി ചാരിയിരുന്നുകൊണ്ട് (അവർ സുഖിക്കും).

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ٧٧

77 അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിൻെറ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത്?!

ലോകരക്ഷിതാവായ അല്ലാഹുവിന്റെ മുമ്പിൽ നിൽക്കേണ്ടി വരുമെന്ന ബോധത്തോടും അല്ലാഹുവിനെക്കുറിച്ചുള്ള ഭയപ്പാടോടും കൂടി ജീവിക്കുകയും മേൽ വിവരിച്ച സ്വർഗ്ഗീയ സുഖ സൗകര്യങ്ങൾക്ക് അവകാശികളായിത്തീരുകയും ചെയ്യുന്ന സൽഭാഗ്യവാന്മാരിൽ അല്ലാഹു നമ്മെയെല്ലാം ഉൾ

പ്പെടുത്തി അനുഗ്രഹിക്കട്ടെ - ആമീൻ

വചനം 71,73,75,77 എന്നിവയുടെ ആശയം, 13ാം വചനം നോക്കുക.

നശ്വരമായ ഐഹികജീവിതത്തിൽ അല്ലാഹു മനുഷ്യന് ചെയ്ത് കൊടുത്ത പല അനുഗ്രഹങ്ങളെക്കുറിച്ചും. സൂറത്തിന്റെ ആദ്യവചനങ്ങളിൽ വിവരിച്ച്, തുടർന്ന് ഭൂമിയിലുള്ളവരെല്ലാം നാശമടയുന്നതാണെന്നും മഹത്വത്തിന്റെയും ഉദാരതയുടെയും ഉടമയായ അല്ലാഹു മാത്രം ശേഷിക്കുന്നവനാണെന്നും ഓർമ്മിപ്പിച്ചു. തുടർന്നുള്ള വചനങ്ങൾ അല്ലാഹുവിന്റെ മഹത്വത്തെ അല്ലെങ്കിൽ അവന്റെ ഔദാര്യത്തെ വെളിപ്പെടുത്തുന്നവയാണെന്ന് കാണാം. ഈ രണ്ട് ഗുണ വിശേഷങ്ങളും ഓർമ്മിപ്പിച്ച് കൊണ്ട് അല്ലാഹു ഈ സൂറത്ത് അവസാനിപ്പിക്കുന്നു.

**വചനം 78:**

تَبَٰرَكَ ٱسْمُ رَبِّكَ ذِى ٱلْجَلَٰلِ وَٱلْإِكْرَامِ ﴿٧٨﴾

78 മഹത്വവും, ഉദാരതയുമുള്ളവനായ നിൻെറ റബ്ബിൻെറ നാമം വളരെ മേൻമയേറിയതാകുന്നു!

يا ذا الجلال والإكرام എന്ന വിശേഷണത്തിന്റെ താല്പര്യം - എല്ലാ വിധത്തിലുള്ള മാഹാത്മ്യത്തിന്റെയും ഗൗരവത്തിന്റെയും പാരമ്യം പ്രാപിച്ച അതിമഹാനും എല്ലാവിധ ബഹുമാനാദരവും ദയവും നൽകുന്ന അത്യുദാരനുമായുള്ളവൻ എന്നത്രേ. ഒന്നാമത്തേത്, അവന് യാതൊന്നിന്റെയും ആശ്രയം വേണ്ടെന്ന് കാണിക്കുന്നുവെങ്കിൽ രണ്ടാമത്തേത്, അവന്റെ ആശ്രയം അവനല്ലാത്ത എല്ലാറ്റിനും ആവശ്യമാണെന്നും കാണിക്കുന്നു. ഒന്നാമത്തെ ഗുണം നിമിത്തം മഹത്വപ്പെടുത്താനും, ആരാധിക്കപ്പെടുവാനും അവൻ അർഹനാകുന്നു. രണ്ടാമത്തെ ഗുണം നിമിത്തം നന്ദി ചെയ്യപ്പെടാനും സ്മരിക്കപ്പെടുവാനും അവൻ അർഹനാകുന്നു.

നമസ്കാരം നിർവ്വഹിച്ച ഉടനെ നബി(സ) ഇപ്രകാരം പറഞ്ഞിരുന്നതായി ഇമാം മുസ്‌ലിം(റ) ഉദ്ധരിച്ചിരിക്കുന്നു.

اللّهمّ أنت السلام ومنك السلام تباركت يا ذا الجلال والإكرام

(അല്ലാഹുവെ നീയത്രേ ശാന്തി, നിന്നിൽ നിന്ന് തന്നെയാണ് താനും ശാന്തി, മഹത്വവും ഉദാരതയും ഉള്ളവനേ, നീ വളരെ അനുഗ്രഹപൂർണ്ണനാകുന്നു)

'യാദൽ ജലാലി വൽ ഇക്രാം' എന്ന വാക്യത്തെ നിങ്ങൾ മുറുകെ പിടിക്കുവിൻ എന്ന് നബി(സ) അരുളിയതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. (അ:തി:ന)

# 56. സൂറത്തുൽ വാഖിഅ: (സംഭവം)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 96, വിഭാഗം (റുക്കൂഅ്) 3

സൂറത്തിന്റെ ആരംഭത്തിൽ തന്നെ സംഭവം (അൽ വാഖിഅ:) എന്ന പദത്തോടെയുള്ള വചനം കാണാം.

**വിഭാഗം 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3,4,5,6,7:**

1 (ആ) സംഭവം സംഭവിച്ചാൽ....! (ഹാ, അതിഭയങ്കരം തന്നെ!)

إِذَا وَقَعَتِ ٱلْوَاقِعَةُ ﴿١﴾

2 അതിൻെറ സംഭവ്യത നിഷേധിക്കുന്ന ഒന്നും തന്നെ ഇല്ല.

لَيْسَ لِوَقْعَتِهَا كَاذِبَةٌ ﴿٢﴾

3 (അതുതരം) താഴ്ത്തുന്നതാണ്, ഉയർത്തുന്നതുമാണ്.

خَافِضَةٌ رَّافِعَةٌ ﴿٣﴾

4 ഭൂമി ഒരു (കഠിനമായ) വിറവിറപ്പിക്കപ്പെട്ടാൽ,-

إِذَا رُجَّتِ ٱلْأَرْضُ رَجًّا ﴿٤﴾

5 മലകൾ പൊടിച്ചു തരിപ്പണമാക്കപ്പെടുകയും,

وَبُسَّتِ ٱلْجِبَالُ بَسًّا ﴿٥﴾

6 അങ്ങനെ, അത് ചിതറിയ ധൂളിയായിത്തീരുകയും.

فَكَانَتْ هَبَآءً مُّنۢبَثًّا ﴿٦﴾

7 നിങ്ങൾ മൂന്നു (തരത്തിലുള്ള) ഭാഗങ്ങളായിത്തീരുകയും (ചെയ്താൽ)...!

وَكُنتُمْ أَزْوَٰجًا ثَلَٰثَةً ﴿٧﴾

ലോകാവസാനമാകുന്ന ഖിയാമത്ത് നാളിനെക്കുറിച്ചാണ് الواقعة (സംഭവം) എന്ന് പറഞ്ഞിരിക്കുന്നത്. ആസന്ന സംഭവം (الأزفة), ഭയങ്കര സംഭവം(القارعة) എന്നിങ്ങനെയുള്ള മറ്റ് പേരുകളെപോലെ തന്നെ ഇതും പ്രസ്തുത സുനിശ്ചിത സംഭവത്തിന്റെ ഗൗരവത്തെയും ഭയങ്കരതയേയുമാണ് ചൂണ്ടിക്കാട്ടുന്നത്. ഈ മഹാ സംഭവം സംഭവിക്കുമ്പോൾ അതിനെ നഷേധിക്കുവാനോ, വ്യാജമാക്കുവാനോ, തടയുവാനോ ആർക്കും സാധ്യമല്ല തന്നെ, അന്നേ ദിവസം അത് ദുർജ്ജനങ്ങളെ അങ്ങേ അറ്റം തരം താഴ്ത്തുന്നു. സജ്ജനങ്ങളെയാകട്ടെ അങ്ങേ അറ്റം ഉയർത്തുകയും ചെയ്യുന്നു. അന്ത്യനാളിൽ ഇന്നത്തെ ലോകഘടനയെല്ലാം മാറി തികച്ചും വ്യത്യസ്തമായ മറ്റൊരു ഘടന നിലവിൽ വരുന്നതാണ്. അന്നത്തെ ചില സംഭവവികാസങ്ങളാണ് 4,5,6 വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ചിട്ടുള്ളത്.

ഖിയാമത്ത് നാളിൽ ജനങ്ങൾ മൂന്ന് തരക്കാരായി തരം തിരിയുമെന്ന് 7ാം വചനത്തിലും, ആ മൂന്ന് തരക്കാരെക്കുറിച്ചുള്ള ഒരു സാമാന്യവിവരണം 8,9,10 വചനങ്ങളിലും അതിൽ ഏറ്റവും ഉയർന്ന തരക്കാരായ അതി ഭാഗ്യവാന്മാരെക്കുറിച്ച് 11-26 വചനങ്ങളിലും രണ്ടാമത്തെ തരക്കാരായ ഭാഗ്യവാന്മാരെക്കുറിച്ച് 27-40 വചനങ്ങളിലും മൂന്നാമത്തെ തരക്കാരായ ദൗർഭാഗ്യവാന്മാരെക്കുറിച്ച് 41-56 വചനങ്ങളിലുംഅല്ലാഹു വിശദമായി പ്രതിപാദിച്ചിരിക്കുന്നു. സൂറത്തിന്റെ അവസാന ഭാഗത്ത് (88-94 വചനങ്ങളിൽ) ആ മൂന്ന് തരക്കാരെ പറ്റി വീണ്ടും ഒരു ചുരുങ്ങിയ വിവരണം ആവർത്തിച്ചിരിക്കുന്നതായും കാണാം.

**വചനം 8,9,10:**

8 എന്നുവെച്ചാൽ, (സൗഭാഗ്യത്തിൻെറ) വലതു പക്ഷക്കാർ; എന്താണ് (ഈ) വലതു പക്ഷക്കാർ..?! (ആശ്ചര്യം തന്നെ)

9 (ദൗർഭാഗ്യത്തിൻെറ) ഇടതുപക്ഷക്കാരും; എന്താണ് (ഈ) ഇടതുപക്ഷക്കാർ...?! (അതും ആശ്ചര്യം തന്നെ)

10 മുൻകടന്നവർ മുൻകടന്നവർ തന്നെ!

فَأَصۡحَٰبُ ٱلۡمَيۡمَنَةِ مَآ أَصۡحَٰبُ ٱلۡمَيۡمَنَةِ ﴿٨﴾
وَأَصۡحَٰبُ ٱلۡمَشۡـَٔمَةِ مَآ أَصۡحَٰبُ ٱلۡمَشۡـَٔمَةِ ﴿٩﴾
وَٱلسَّٰبِقُونَ ٱلسَّٰبِقُونَ ﴿١٠﴾

7ാം വചനത്തിൽ പ്രസ്താവിക്കപ്പെട്ട മൂന്ന് തരക്കാരിൽ ഏറ്റവും ഉയർന്ന തരക്കാരായ 'മഹാഭാഗ്യവാന്മാരെ' ക്കുറിച്ചാണ് 10ാം വചനത്തിൽ 'മുൻകടന്നവർ' (സാബിക്കുകൾ) എന്ന് വിശേഷിപ്പിച്ചത്- അതായത് എല്ലാ പ്രതികൂല ശക്തികളെയും തട്ടി നീക്കി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗം അനുഷ്ഠിക്കുന്നതിലും സൽക്കർമ്മങ്ങൾ ചെയ്ത് പുണ്യം സമ്പാദിക്കുന്നതിലും മറ്റുള്ളവരെ കവച്ച് വെച്ച് മുന്നോട്ട് വന്ന മഹാഭാഗ്യവാന്മാർ. "നിങ്ങളുടെ റബ്ബിന്റെ പക്കൽ നിന്നുള്ള പാപമോചനത്തിലേക്കും ആകാശ ഭൂമിയോളം വിശാലതയുള്ള സ്വർഗ്ഗത്തിലേക്കും മുൻകടന്നു വരുവിൻ." എന്ന സൂ ഹദീദ് 21 ലെയും അതേ പ്രകാരം സൂ: ആലു ഇംറാൻ : 133 ലെയും ആഹ്വാനങ്ങൾ സ്വീകരിക്കുന്നതിൽ അവർ മുൻപന്തിയിലായിരുന്നു - നബിമാർ, സിദ്ധീഖുകൾ, ശഹീദുകൾ, സാലിഹുകൾ എന്നിവർ ഈ വിഭാഗത്തിൽ പെടുന്നു. ഈ മഹാഭാഗ്യവാന്മാരെക്കുറിച്ച് വിശദമായി 11-26 വചനങ്ങൾ നോക്കുക.

7ാം വചനത്തിൽ പ്രസ്താവിച്ച മൂന്ന് തരക്കാരിലുൾപ്പെട്ട ഭാഗ്യവാന്മാരെ ക്കുറിച്ചാണ് 8ാം വചനത്തിൽ 'സൗഭാഗ്യത്തിന്റെ ആൾക്കാരായ വലത് പക്ഷക്കാർ' എന്ന് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത്. സത്യവിശ്വാസവും സൽക്കർമ്മങ്ങളും വഴി അല്ലാഹുവിന്റെ പ്രീതിക്കും പാപമോചനത്തിനും അർഹരായവരാകുന്നു അവർ (സൂ. ബലദ്:13 - 18 വചനങ്ങൾ നോക്കുക.) ഈ വിഭാഗക്കാരെക്കുറിച്ച് വിശദമായി 27-40 വചനങ്ങൾ നോക്കുക.

7ാം വചനത്തിൽ പ്രസ്താവിക്കപ്പെട്ട മൂന്ന് തരക്കാരിൽ ഉൾപ്പെട്ട ദുർഭാഗ്യവാന്മാരെക്കുറിച്ചാണ് 9ാം വചനത്തിൽ 'ദൗർഭാഗ്യത്തിന്റെ ആൾക്കാരായ ഇടത് പക്ഷക്കാർ' എന്ന് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത്. അവിശ്വാസവും ദുഷ്കർമ്മങ്ങളും മൂലം അല്ലാഹുവിന്റെ ശാപ കോപത്തിനും ശിക്ഷക്കും അർഹരായവരാണവർ ( സൂ. ബലദ്: 19, 20 വചനങ്ങൾ നോക്കുക) ഈവിഭാഗക്കാരെ ക്കുറിച്ച് 41-56 വചനങ്ങളിൽ വിശദീകരിച്ചത് ശ്രദ്ധിക്കുക.

**വചനം 11,12,13,14:**

11 അക്കൂട്ടർ (അല്ലാഹുവിങ്കൽ) സാമീപ്യം സിദ്ധിച്ചവരത്രെ:-

12 (അതെ) സുഖാനുഗ്രഹത്തിൻെറ സ്വർഗ്ഗങ്ങളിൽ!

13 ആദ്യത്തേവരിൽനിന്ന് ഒരു (വലിയ) കൂട്ടം;

14 പിന്നീടുള്ളവരിൽനിന്ന് അൽപവും.

أُوْلَٰٓئِكَ ٱلۡمُقَرَّبُونَ ﴿١١﴾
فِي جَنَّٰتِ ٱلنَّعِيمِ ﴿١٢﴾
ثُلَّةٞ مِّنَ ٱلۡأَوَّلِينَ ﴿١٣﴾
وَقَلِيلٞ مِّنَ ٱلۡأٓخِرِينَ ﴿١٤﴾

10ാം വചനത്തിൽ പ്രസ്താവിക്കപ്പെട്ട 'മുൻകടന്നവരു'ടെ സുഖാനുഭവങ്ങളെക്കുറിച്ചുള്ള വിവരണമാണ് 11-26 വചനങ്ങളിൽ.

13ാം വചനത്തിൽ 'ആദ്യത്തേവർ' എന്ന് പറഞ്ഞത് നബി(സ) തിരുമേനിയുടെ സമുദായത്തിൽ പെട്ട 'മുൻഗാമികളെ' ഉദ്ദേശിച്ചും 14ാം വചനത്തിൽ 'പിന്നീടുള്ളവർ' എന്ന് പറഞ്ഞത് ഇതേ സമുദായത്തിൽ തന്നെയുള്ള പിൻഗാമികളെ ഉദ്ദേശിച്ചും ആണെന്നാണ് ഇബ്നു കഥീർ(റ) മുതലായ വ്യാഖ്യാതാക്കളുടെ അഭിപ്രായം. വ്യത്യസ്താഭിപ്രായം നിലവിലുണ്ടെങ്കിലും ഈ അഭിപ്രായമാണ് കൂടുതൽ സ്വീകാര്യമായത്. الله اعلم

ആദ്യകാലങ്ങളിൽ സത്യവിശ്വാസം സ്വീകരിക്കുവാൻ മുമ്പോട്ട് വരുന്ന 'മുൻഗാമികൾ' ആ സമുദായത്തിലെ തന്നെ പിൻഗാമികളെക്കാൾ ത്യാഗം ചെയ്തവരും ആത്മാർപ്പണം നടത്തിയവരുമായിരിക്കുമല്ലോ. ആനിലക്ക് പിൻഗാമികളെ അപേക്ഷിച്ച് മുൻഗാമികളിലായിരിക്കും 'മുൻകടന്നവരു'ടെ എണ്ണം കൂടുതലുണ്ടായിരിക്കുക. വചനം 39, 40 നോക്കുക. (സൂ. തൗബ 100ാം വചനവും ശ്രദ്ധിക്കുക)

നബി(സ) ഇപ്രകാരം അരുളിയിരിക്കുന്നു. "തലമുറകളിൽ വെച്ച് കൂടുതൽ ഉത്തമമായത് എന്റെ തലമുറയാകുന്നു. പിന്നീട് അവരോട് അടുത്തു വരുന്നതും. പിന്നീട് അവരോട് അടുത്ത് വരുന്നതും" (ബു: മു:)

ഹസൻ(റ) ഇപ്രകാരം പ്രാർത്ഥിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. 'മുൻകടന്നവരുടെ കാലം കടന്ന് പോയി. എന്നാൽ അല്ലാഹുവെ നീ ഞങ്ങളെ വലത് പക്ഷക്കാരുടെ കൂട്ടത്തിലാക്കിത്തരേണമേ'

**വചനം 15, 16**

عَلَىٰ سُرُرٍ مَّوْضُونَةٍ ﴿١٥﴾

15 മടഞ്ഞുണ്ടാക്കപ്പെട്ട കട്ടിലുകളിന്മേലായിരിക്കും (അവർ);

مُّتَّكِـِٔينَ عَلَيْهَا مُتَقَـٰبِلِينَ ﴿١٦﴾

16 അന്യോന്യം അഭിമുഖരായ നിലയിൽ അവയിൽ ചാരിയിരുന്നു (സുഖിച്ചും) കൊണ്ട്.

സ്വർണ്ണവും മുത്തും ചേർത്ത് മടയപ്പെട്ട കട്ടിലുകളെന്നാണ് സ്വർഗ്ഗത്തിലെ കട്ടിലുകൾ വിവരിക്കപ്പെട്ടിട്ടുള്ളത്.

**17,18,19,20,21:**

يَطُوفُ عَلَيْهِمْ وِلْدَٰنٌ مُّخَلَّدُونَ ﴿١٧﴾

17 സ്ഥിരവാസം നൽകപ്പെട്ടവരായ ബാലൻമാർ അവരിൽ (സേവനത്തിനായി) ചുറ്റിസഞ്ചരിച്ചുകൊണ്ടിരിക്കും;

بِأَكْوَابٍ وَأَبَارِيقَ وَكَأْسٍ مِّن مَّعِينٍ ﴿١٨﴾

18 കോപ്പകളും, കൂജകളും, ഉറവുനീരിൻെറ (അഥവാ കള്ളിൻെറ) പാനപാത്രവും സഹിതം.

لَّا يُصَدَّعُونَ عَنْهَا وَلَا يُنزِفُونَ ﴿١٩﴾

19 അവമൂലം അവർക്ക് തലവേദനയുണ്ടാവുകയില്ല: ലഹരിബാധിക്കുകയുമില്ല.

وَفَـٰكِهَةٍ مِّمَّا يَتَخَيَّرُونَ ﴿٢٠﴾

20 അവർ ഉത്തമമായി (തിരഞ്ഞെടുത്ത്) സ്വീകരിക്കുന്ന തരത്തിൽപെട്ട പഴവർഗ്ഗങ്ങളും.

وَلَحْمِ طَيْرٍ مِّمَّا يَشْتَهُونَ ﴿٢١﴾

21 അവർ ഇച്ഛിക്കുന്ന തരത്തിൽപെട്ട പക്ഷിമാംസവും (സഹിതം അവർ ചുറ്റിനടക്കും).

അവർക്കിഷ്ടപ്പെട്ട ഭക്ഷണ പദാർത്ഥങ്ങളും പാനീയങ്ങളും സുഖഭോഗങ്ങളും എത്തിച്ച് കൊടുത്ത് കൊണ്ട് അവരെ സേവിക്കുവാൻ സ്വർഗ്ഗീയ ബാലന്മാർ സദാ സന്നദ്ധരായിരിക്കും. ഭൂമിയിലെ മദ്യത്തിന്റെ ദോഷങ്ങളൊന്നും സ്വർഗ്ഗീയ മദ്യങ്ങൾക്കുണ്ടായിരിക്കുന്നതല്ല.

**വചനം 22,23,24,25,26:**

وَحُورٌ عِينٌ ﴿٢٢﴾

22 വിശാല നേത്രകളായ വെള്ളമെയ്യാമണി (കളായ സ്ത്രീ) കളുമുണ്ടായിരിക്കും;

كَأَمْثَـٰلِ ٱللُّؤْلُؤِ ٱلْمَكْنُونِ ﴿٢٣﴾

23 (അതെ, ചിപ്പികളിൽ) ഒളിച്ചു സൂക്ഷിക്കപ്പെട്ട മുത്തുപോലുള്ളവർ!

جَزَآءًۢ بِمَا كَانُوا۟ يَعْمَلُونَ ﴿٢٤﴾

24 അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് പ്രതിഫലമായിട്ടത്രെ (ഇതെല്ലാം നൽകപ്പെടുന്നത്).

لَا يَسْمَعُونَ فِيهَا لَغْوًا وَلَا تَأْثِيمًا ﴿٢٥﴾

25 അവർ അവിടത്തിൽവെച്ച് അനാവശ്യമാകട്ടെ, കുറ്റകരമായതാകട്ടെ ഒന്നും കേൾക്കുകയില്ല.

إِلَّا قِيلًا سَلَٰمًا سَلَٰمًا ﴿٢٦﴾

26 -'സലാം, സലാം' എന്ന് പറയപ്പെടുന്ന തല്ലാതെ.

സന്തോഷത്തിന്റെയും ബഹുമാനാദരവിന്റെയും സന്ദേശമായ, ശാന്തിയുടെയും സമാധാന ത്തിന്റെയും പ്രാർത്ഥനയായ 'സലാമു'കൾ മാത്രമായിരിക്കും അവർക്കവിടെ ഉണ്ടായിരിക്കുക (സൂ: അ ഹ്സാബ്: 44ാം വചനം നോക്കുക)

അടുത്ത വചനം (വചനം 27) മുതൽ 40-ാം വചനം ഉൾപ്പെടെ, 8ാം വചനത്തിൽ പ്രസ്താവിക്ക പ്പെട്ട സൗഭാഗ്യത്തിന്റെ ആൾക്കാരായ 'വലത് പക്ഷക്കാരു'ടെ സ്ഥിതിഗതികൾ വിവരിക്കുന്നു.

**വചനം 27,28,29,30,31,32,33,34:**

وَأَصْحَٰبُ ٱلْيَمِينِ مَآ أَصْحَٰبُ ٱلْيَمِينِ ﴿٢٧﴾

27 വലതു ഭാഗക്കാരാകട്ടെ, എന്താണ് (ഈ) വലതു ഭാഗക്കാർ?! (ആശ്ചര്യം തന്നെ)

فِى سِدْرٍ مَّخْضُودٍ ﴿٢٨﴾

28 മുള്ള് ഉരിയപ്പെട്ട (മുള്ളില്ലാത്ത) ഇലന്തമര ങ്ങളിലായിരിക്കും (അവർ കഴിഞ്ഞു കൂടുക).

وَطَلْحٍ مَّنضُودٍ ﴿٢٩﴾

29 (പഴം) അടുക്കിവെക്കപ്പെട്ട വാഴകളിലും.

وَظِلٍّ مَّمْدُودٍ ﴿٣٠﴾

30 നീണ്ട് (വിശാലമായി) കിടക്കുന്ന തണലിലും.

وَمَآءٍ مَّسْكُوبٍ ﴿٣١﴾

31 (സദാ) ചൊരിയപ്പെട്ടുകൊണ്ടിരിക്കുന്ന ജല ത്തിലും.

وَفَٰكِهَةٍ كَثِيرَةٍ ﴿٣٢﴾

32 ധാരാളമായ പഴവർഗ്ഗത്തിലും.

لَّا مَقْطُوعَةٍ وَلَا مَمْنُوعَةٍ ﴿٣٣﴾

33 -ഭംഗംവരുത്തപ്പെടാത്തതും, മുടക്കം ചെയ്യ പ്പെടാത്തതുമായ (പഴവർഗ്ഗങ്ങളിൽ).-

وَفُرُشٍ مَّرْفُوعَةٍ ﴿٣٤﴾

34 ഉയർന്ന(തരം) വിരുപ്പുകളിലും (ആയിരിക്കും അവർ കഴിഞ്ഞുകൂടുക).

8ാം വചനത്തിൽ പ്രസ്താവിക്കപ്പെട്ട 'സൗഭാഗ്യത്തിന്റെ ആൾക്കാരായ വലത് പക്ഷക്കാരു'ടെ സുഖാനുഭവങ്ങളെക്കുറിച്ചുള്ള വിവരണമാണ് 27-40 വചനങ്ങളിൽ.

മുള്ളുകളില്ലാത്ത ഇലന്തവൃക്ഷഫലങ്ങളും, ധാരാളമായി പഴം നിറഞ്ഞ വാഴ വൃക്ഷങ്ങളും, വെയിലോ ചൂടോ അറിയാത്ത വിശാലമായ തണലും, എപ്പോഴും എവിടെയും ലഭിക്കുന്ന ജലവും, ഇട മുറിഞ്ഞ് പോകാതെ എല്ലാ കാലത്തും ലഭിക്കുന്ന വിവിധ പഴവർഗ്ഗങ്ങളും ഉന്നത നിലവാരത്തിലുള്ള ഉ യർന്ന വിരിപ്പ് വിതാനങ്ങളും മറ്റും അവർക്കവിടെ ലഭ്യമാണ്.

**വചനം 35,36,37,38:**

إِنَّآ أَنشَأْنَٰهُنَّ إِنشَآءً ﴿٣٥﴾

35 നിശ്ചയമായും ആ സ്ത്രീകളെ നാം ഒരു (പ്രത്യേക)തരം ഉണ്ടാക്കൽ ഉണ്ടാക്കിയിരി ക്കുന്നു:-

فَجَعَلْنَٰهُنَّ أَبْكَارًا ﴿٣٦﴾

36 അങ്ങനെ, അവരെ നാം കന്യകകളാക്കി യിരിക്കുന്നു;

عُرُبًا أَتْرَابًا ﴿٣٧﴾

37 (അതെ) പ്രേമപാത്രങ്ങളും, (ഇണയൊത്ത) തുല്യപ്രായക്കാരുമായുള്ളവർ;-

لِّأَصْحَٰبِ ٱلْيَمِينِ ﴿٣٨﴾

38 വലതുഭാഗക്കാർക്കു വേണ്ടിയത്രെ (ഇതെല്ലാം).

ആകൃതിയിലും പ്രകൃതിയിലും സ്വഭാവഗുണങ്ങളിലും അതി വിശിഷ്ടരും തുല്യപ്രായക്കാരുമായ നിത്യകന്യകകളായ തരുണീമണികളായിരിക്കും അവരുടെ ഇണകൾ. തന്നെ സ്വർഗ്ഗസ്ഥരായ ആളുക ളിൽ ഉൾപ്പെടുത്താൻ വേണ്ടി പ്രാർത്ഥിക്കണമെ എന്ന് ഒരിക്കൽ ഒരു വൃദ്ധസ്ത്രീ നബി(സ) തിരുമേനി

യോട് അപേക്ഷിച്ച അവസരത്തിൽ തിരുമേനി(തമാശയായി) ഇപ്രകാരം പറയുകയുണ്ടായി - 'നിശ്ചയമായും സ്വർഗ്ഗത്തിൽ കിഴവികൾ പ്രവേശിക്കുകയില്ല.' കരഞ്ഞ് കൊണ്ട് മടങ്ങിയ ആ സ്ത്രീ യെ സമാശ്വസിപ്പിച്ച് കൊണ്ട് തിരുമേനി ഇപ്രകാരം അറിയിക്കുകയുണ്ടായി - "കിഴവിയായ നിലയിൽ ആരും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. യുവതിയായി കൊണ്ടായിരിക്കും പ്രവേശിക്കുക." തുടർന്ന് തിരുമേനി ഈ വചനങ്ങൾ ഓതുകയും ചെയ്തു.

## വിഭാഗം - 2

**വചനം 39,40,:**

ثُلَّةٌ مِّنَ ٱلْأَوَّلِينَ ﴿٣٩﴾
وَثُلَّةٌ مِّنَ ٱلْءَاخِرِينَ ﴿٤٠﴾

39 ആദ്യത്തേവരിൽനിന്ന് ഒരു (വലിയ) കൂട്ടവും-
40 പിന്നീടുള്ളവരിൽനിന്ന് ഒരു (വലിയ) കൂട്ടവുമായിരിക്കും (അവർ).

13 ഉം 14 ഉം വചനങ്ങളുടെ വ്യാഖ്യാനത്തിൽ നിന്ന് ഈ രണ്ട് വചനങ്ങളുടെയും ഉദ്ദേശ്യം ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്.

മേൽ വചനങ്ങളിൽ പ്രസ്താവിച്ച മൂന്ന് വിഭാഗക്കാരിൽ ഏറ്റവും മേൽക്കിടക്കാരായ മുൻകടന്നവരെ (സാബിഖുകൾ) അപേക്ഷിച്ച് രണ്ടാമത്തെ വിഭാഗക്കാരായ വലത് പക്ഷക്കാർ തന്നെയായിരിക്കുമല്ലോ ഏത് സമുദായത്തിലും കൂടുതൽ ഉണ്ടായിരിക്കുക. അത് കൊണ്ടാണ് ഇവിടെ ആദ്യത്തേവരിൽ നിന്നും, പിന്നീടുള്ളവരിൽ നിന്നും 'ഒരു വലിയ കൂട്ടം' എന്ന് - ഒരേ വാക്കിൽ തന്നെ - പറഞ്ഞിരിക്കുന്നത്. അല്ലാഹു നമ്മെയെല്ലാം വലത് വിഭാഗക്കാരായ സൽഭാഗ്യവാന്മാരുടെ കൂട്ടത്തിൽ പെടുത്തി അനുഗ്രഹിക്കട്ടെ - ആമീൻ

**വചനം 41,42,43,44:**

وَأَصْحَٰبُ ٱلشِّمَالِ مَآ أَصْحَٰبُ ٱلشِّمَالِ ﴿٤١﴾
فِى سَمُومٍ وَحَمِيمٍ ﴿٤٢﴾
وَظِلٍّ مِّن يَحْمُومٍ ﴿٤٣﴾
لَّا بَارِدٍ وَلَا كَرِيمٍ ﴿٤٤﴾

41 ഇടതുഭാഗക്കാരാകട്ടെ, എന്താണ് ഇടതുഭാഗക്കാർ?! (വളരെ ശോചനീയംതന്നെ.)
42 (രോമക്കുത്തുകളിൽകൂടി തുളച്ചുകയറുന്ന) ഉഷ്ണക്കാറ്റിലും, ചുട്ടുതിളക്കുന്ന വെള്ളത്തിലും,-
43 ഇരുണ്ട (കഠിനമായ) പുകയാകുന്ന തണലിലും,-
44 (അതെ) തണുപ്പുള്ളതും മാന്യമായതുമല്ലാത്ത (തണലിലും ആയിരിക്കും അവർ.)

9ാം വചനത്തിൽ പ്രസ്താവിക്കപ്പെട്ട 'ദൗർഭാഗ്യത്തിന്റെ ഇടത് പക്ഷക്കാരാ'യ നിർഭാഗ്യവാന്മാരുടെ ദുരനുഭവങ്ങളെക്കുറിച്ചാണ് 41-56 വചനങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ളത്.

ഇക്കൂട്ടർക്കും ഒരു തരം തണൽ ലഭിക്കുന്നതാണ് - പക്ഷെ, അത് നരകാഗ്നിയുടെ കടുത്ത കരിമ്പുകയുടെ ഇരുണ്ട തണലായിരിക്കും. അത് മൂലം തണലോ ആശ്വാസമോ അല്ല മറിച്ച്, കൂടുതൽ യാതനയും നിന്ദ്യതയുമായിരിക്കും അവർക്ക് അനുഭവപ്പെടുക. രോമക്കുത്തുകളിൽ കൂടി തുളച്ച് കയറുന്ന ഉഷ്ണക്കാറ്റും ചുട്ടു തിളക്കുന്ന വെള്ളവും അവരുടെ യാതന വർദ്ധിപ്പിക്കുന്നതാണ്.

**വചനം 45,46,47,48,49,50,51,52,53,54,55,56:**

إِنَّهُمْ كَانُوا۟ قَبْلَ ذَٰلِكَ مُتْرَفِينَ ﴿٤٥﴾
وَكَانُوا۟ يُصِرُّونَ عَلَى ٱلْحِنثِ ٱلْعَظِيمِ ﴿٤٦﴾
وَكَانُوا۟ يَقُولُونَ أَئِذَا مِتْنَا وَكُنَّا تُرَابًا

45 (കാരണം) നിശ്ചയമായും, അവർ അതിനുമുമ്പ് (ഇഹത്തിൽ) സുഖലോലുപൻമാരായിരുന്നു.
46 വമ്പിച്ച തെറ്റുകുറ്റത്തിൽ അവർ ശഠിച്ചു നിൽക്കുകയും ചെയ്തിരുന്നു.
47 അവർ പറയുകയും ചെയ്തിരുന്നു: "ഞങ്ങൾ മരിക്കുകയും, മണ്ണും എല്ലുകളും ആയിത്തീ

وَعِظَٰمًا أَءِنَّا لَمَبۡعُوثُونَ ٤٧

രുകയും ചെയ്തിട്ടാണോ (പിന്നെയും) ഞങ്ങൾ എഴുന്നേൽപിക്കപ്പെടുന്നവരാകുന്നു."?!

أَوَءَابَآؤُنَا ٱلۡأَوَّلُونَ ٤٨

48 "(മാത്രമല്ല) ഞങ്ങളുടെ പൂർവൻമാരായ പിതാക്കളുമോ?! (അവരും എഴുന്നേൽപിക്കപ്പെടുമെന്നോ?!)"

قُلۡ إِنَّ ٱلۡأَوَّلِينَ وَٱلۡأٓخِرِينَ ٤٩

49 (നബിയേ) പറയുക: "നിശ്ചയമായും, പൂർവീകൻമാരും, പിന്നീടുള്ളവരും (എല്ലാം)-

لَمَجۡمُوعُونَ إِلَىٰ مِيقَٰتِ يَوۡمٖ مَّعۡلُومٖ ٥٠

50 ഒരുമിച്ചുകൂട്ടപ്പെടുന്നവർ തന്നെ; അറിയപ്പെട്ട ഒരു ദിവസമാകുന്ന നിശ്ചിത സമയത്തേക്ക്.

ثُمَّ إِنَّكُمۡ أَيُّهَا ٱلضَّآلُّونَ ٱلۡمُكَذِّبُونَ ٥١

51 '(അതുമല്ല) പിന്നീട് നിശ്ചയമായും നിങ്ങൾ- ഹേ, വ്യാജവാദികളായ ദുർമാർഗികളേ'-

لَأٓكِلُونَ مِن شَجَرٖ مِّن زَقُّومٖ ٥٢

52 'സഖ്-ഖൂമാ'കുന്ന ഒരു (തരം) വൃക്ഷത്തിൽ നിന്നു തിന്നുന്നവരാകുന്നു;

فَمَالِـُٔونَ مِنۡهَا ٱلۡبُطُونَ ٥٣

53 'എന്നിട്ട് അതുകൊണ്ട് വയറുനിറക്കുന്നവരായിരിക്കും.'

فَشَٰرِبُونَ عَلَيۡهِ مِنَ ٱلۡحَمِيمِ ٥٤

54 'എന്നിട്ട് അതിനുമീതെ ചുട്ടുതിളക്കുന്ന വെള്ളത്തിൽനിന്നു കുടിക്കുന്നവരായിരിക്കും.

فَشَٰرِبُونَ شُرۡبَ ٱلۡهِيمِ ٥٥

55 'അപ്പോൾ (നിങ്ങൾ) ദാഹരോഗം പിടിപെട്ട ഒട്ടകം കുടിക്കുന്ന പ്രകാരം കുടിക്കുന്നവരായിരിക്കും.'

هَٰذَا نُزُلُهُمۡ يَوۡمَ ٱلدِّينِ ٥٦

56 ഇതാണ് പ്രതിഫല നടപടിയുടെ ദിവസം അവരുടെ (ഇടതുപക്ഷക്കാരുടെ) സൽക്കാരം!

'സഖ്-ഖൂമി' നെയും 'ഹമീമി'നെയും കുറിച്ച് സൂ: സ്വാഫ്ഫാത്ത് 62-68 ലും സൂ: ദുഖാൻ:43-50 ലും പ്രസ്താവിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. അടക്ക വയ്യാത്ത വിശപ്പു കൊണ്ട് ഗതി മുട്ടുമ്പോൾ 'സഖ്-ഖൂമി'ൽ നിന്നും വയർ നിറക്കാൻ അവർ നിർബന്ധിതരാകും. അതോടെ അസഹനീയമായ ദാഹം പിടിപെടുന്ന അവർ അത്യാർത്തിയോടെ 'ഹമീം' കുടിക്കുവാൻ നിർബന്ധിതരാകും. അതോടെ അവരുടെ കഷ്ടപ്പാടും ദുരിതവും അതി കഠിനമായിത്തീരുന്നതാണ്.

ഇടത്പക്ഷക്കാരുടെ പ്രധാന കുറ്റം അവർ മരണാനന്തര ജീവിതത്തെയും അതെത്തുടർന്നുള്ള സംഭവങ്ങളെയും നിഷേധിച്ചുവെന്നുള്ളതാണല്ലോ. കൂടാതെ അവർ ഇഹത്തിൽ സുഖലോലുപരായിക്കൊണ്ട് വമ്പിച്ച തെറ്റ് കുറ്റങ്ങളിൽ ശഠിച്ച് നിൽക്കുന്നവരുമായിരുന്നു.

അടുത്ത വചനങ്ങളിൽ സൃഷ്ടിപ്പിനെയും മരണാനന്തര ജീവിതത്തെയും കുറിച്ച് അല്ലാഹു പ്രസ്താവിക്കുന്നു.

**വചനം 57.**

نَحۡنُ خَلَقۡنَٰكُمۡ فَلَوۡلَا تُصَدِّقُونَ ٥٧

57 നാമത്രെ, നിങ്ങളെ സൃഷ്ടിച്ചിരിക്കുന്നത്. അപ്പോൾ എന്തുകൊണ്ട് നിങ്ങൾ (ശരിവെച്ചു) സത്യമാക്കുന്നില്ല?!

'നിങ്ങളെ ആദ്യം സൃഷ്ടിട്ടുണ്ടാക്കിയത് നാമായിരിക്കെ, ഒരിക്കൽ കൂടി, നിങ്ങളെ സൃഷ്ടിക്കുകയെന്നത് നമുക്ക് ഒരു പ്രയാസമുള്ള കാര്യമല്ല എന്ന് എന്ത് കൊണ്ട് നിങ്ങൾക്ക് വിശ്വസിച്ച് കൂടാ' എന്ന് അല്ലാഹു അവിശ്വാസികളോട് ചോദിക്കുന്നു.

**വചനം 58, 59, 60, 61, 62:**

أَفَرَءَيۡتُم مَّا تُمۡنُونَ ٥٨

58 എന്നാൽ, നിങ്ങൾ കണ്ടുവോ, (ഗർഭാശയങ്ങളിൽ) നിങ്ങൾ ഇന്ദ്രിയം സ്രവിപ്പിക്കുന്നത്?!-

59 നിങ്ങളോ അതിനെ (രൂപം നൽകി) സൃഷ്ടിച്ചുണ്ടാക്കുന്നത്, അതല്ല, നാമാണോ സൃഷ്ടിച്ചുണ്ടാക്കുന്നവർ?!

أَأَنتُمْ تَخْلُقُونَهُۥٓ أَمْ نَحْنُ ٱلْخَٰلِقُونَ ﴿٥٩﴾

60 നാംതന്നെ, നിങ്ങൾക്കിടയിൽ മരണത്തെ നിർണ്ണയം ചെയ്തിരിക്കുന്നു. നാം മുൻകടക്കപ്പെടുന്ന (ആരെങ്കിലും നമ്മുടെ മുമ്പിൽ കടന്ന് പരാജയപ്പെട്ടുപോകുന്ന)വരല്ലതാനും;

نَحْنُ قَدَّرْنَا بَيْنَكُمُ ٱلْمَوْتَ وَمَا نَحْنُ بِمَسْبُوقِينَ ﴿٦٠﴾

61 നിങ്ങളെപ്പോലുള്ളവരെ നാം പകരം കൊണ്ടുവരുകയും, നിങ്ങൾക്ക് അറിയാവതല്ലാത്ത വിധത്തിലൂടെ നിങ്ങളെ (വളർത്തി) ഉണ്ടാക്കുകയും ചെയ്യുന്നതിൽ.

عَلَىٰٓ أَن نُّبَدِّلَ أَمْثَٰلَكُمْ وَنُنشِئَكُمْ فِى مَا لَا تَعْلَمُونَ ﴿٦١﴾

62 ഒന്നാമത്തെ (പടച്ച്)ഉണ്ടാക്കലിനെക്കുറിച്ച് തീർച്ചയായും നിങ്ങൾക്കറിയാമല്ലോ. എന്നിട്ടും നിങ്ങൾ എന്തുകൊണ്ട് ആലോചിച്ചുനോക്കുന്നില്ല?!

وَلَقَدْ عَلِمْتُمُ ٱلنَّشْأَةَ ٱلْأُولَىٰ فَلَوْلَا تَذَكَّرُونَ ﴿٦٢﴾

ഗർഭാശയങ്ങളിൽ മനുഷ്യബീജമാകുന്ന ശുക്ലം സ്രവിപ്പിക്കുന്നത് മനുഷ്യൻ തന്നെ. എന്നാൽ ആ ഇന്ദ്രിയത്തെ സൃഷ്ടിക്കുന്നതും അതിനെ ഒരു മനുഷ്യ സൃഷ്ടിയാക്കി പരിവർത്തിപ്പിക്കുന്നതും അല്ലാഹു അല്ലാതെ മറ്റാരുമല്ല. മനുഷ്യർക്ക് മരണം നിശ്ചയിച്ചതും അത് ഓരോരുത്തർക്കും ഇന്നിന്ന സമയത്തും ഇന്നിന്ന പ്രകാരത്തിലും ആയിരിക്കണമെന്ന് നിർണ്ണയിച്ചതും അല്ലാഹു തന്നെ. ഇതിലൊന്നും മനുഷ്യർക്ക് യാതൊരു പങ്കുമില്ല തന്നെ. നിലവിലുള്ള മനുഷ്യർക്ക് പകരം അവരുടെ സ്ഥാനത്ത് അവരെ പോലെ മറ്റൊരു കൂട്ടരെ ഈ ലോകത്ത് കൊണ്ട് വന്ന് താമസിപ്പിക്കുവാനും, മനുഷ്യർക്ക് യാതൊരു അറിവുമില്ലാത്ത രൂപത്തിലോ, സമ്പ്രദായത്തിലോ അവർക്ക് അസ്തിത്വം നൽകുവാനും അല്ലാഹുവിന് കഴിയും. ഇതെല്ലാം നിഷേധിക്കാനാകാത്ത യാഥാർത്ഥ്യങ്ങളാണല്ലോ. അപ്പോൾ ഒന്നാം പ്രാവശ്യം സൃഷ്ടിച്ച് രൂപം നൽകി അനന്തര നടപടികൾ നടത്തിപ്പോരുന്ന അല്ലാഹുവിന് രണ്ടാമതൊരു സൃഷ്ടിപ്പും ജീവിതവും നൽകുവാൻ എന്ത്കൊണ്ട് കഴിയുകയില്ല. നിങ്ങൾക്ക് ഒന്ന് ആലോചിച്ച് നോക്കിക്കൂടെ - എന്നിങ്ങനെ അല്ലാഹു ഈ വചനങ്ങളിലൂടെ നമ്മെ ഉണർത്തുന്നു.

**വചനം 63, 64, 65, 66, 67:**

63 എന്നാൽ, നിങ്ങൾ വിളയിടുന്നത് നിങ്ങൾ കണ്ടുവോ?!-

أَفَرَءَيْتُم مَّا تَحْرُثُونَ ﴿٦٣﴾

64 നിങ്ങളാണോ അത് (മുളപ്പിച്ചു) വിളയിക്കുന്നത്, അതല്ല, നാമാണോ വിളയിക്കുന്നവർ?!

أَأَنتُمْ تَزْرَعُونَهُۥٓ أَمْ نَحْنُ ٱلزَّٰرِعُونَ ﴿٦٤﴾

65 നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതിനെ നാം (ഉണക്കൽ) തുരുമ്പാക്കുക തന്നെ ചെയ്യുമായിരുന്നു; അങ്ങനെ, നിങ്ങൾ (ദുഃഖപ്പെട്ട്) ആശ്ചര്യം പറഞ്ഞേക്കുകയും ചെയ്യുമായിരുന്നു.

لَوْ نَشَآءُ لَجَعَلْنَٰهُ حُطَٰمًا فَظَلْتُمْ تَفَكَّهُونَ ﴿٦٥﴾

66 "നിശ്ചയമായും നാം, (വിള നഷ്ടപ്പെട്ട്) കടബാധിതരാണ്"!-

إِنَّا لَمُغْرَمُونَ ﴿٦٦﴾

67 "എന്നല്ല, നാം (ആഹാരമാർഗ്ഗം) തടയപ്പെട്ടവരാകുന്നു!!" എന്ന്.

بَلْ نَحْنُ مَحْرُومُونَ ﴿٦٧﴾

നിലം ഉഴുത് വിത്തിറക്കുന്നത് മനുഷ്യനാണെങ്കിലും അത് മുളപ്പിക്കുന്നതും വിളയിപ്പിക്കുന്നതും അല്ലാഹുവാകുന്നു. അല്ലാഹു ഉദ്ദേശിച്ചാൽ മനുഷ്യൻ എത്രമാത്രം പ്രയാസം ചെയ്താലും, അത് നശിക്കുക തന്നെ ചെയ്യും. അപ്പോൾ നിസ്സഹായരായി "എല്ലാം നഷ്ടപ്പെട്ടുവല്ലോ ആഹാരത്തിന് ഗതിയില്ലാതായല്ലോ" എന്ന് വിലപിക്കുവാനേ മനുഷ്യന് സാധിക്കുകയുള്ളൂ.

"ഞാൻ വിളയിപ്പിച്ചു. അഥവാ ഉൽപാദിപ്പിച്ചു. എന്ന് നിങ്ങൾ ഒരിക്കലും പറയരുത്. ഞാൻ വിള യിട്ടു എന്ന് പറഞ്ഞു കൊള്ളട്ടെ" എന്ന് നബി (സ) പറയുകയും തുടർന്ന് 63,64 വചനങ്ങൾ ഓർമ്മിപ്പിച്ച തായും അബൂഹുറൈറ(റ) പ്രസ്താവിച്ചിരിക്കുന്നു. "കാറ്റിനെ ശപിക്കരുത് അത് ആജ്ഞക്ക് വിധേയ മാണ്" എന്നും "ഇന്നിന്ന നക്ഷത്രം അഥവാ രാശി - നിമിത്തം മഴ പെയ്തു എന്ന് പറയുവാൻ പാടില്ല" എന്നും മറ്റും നബി വചനങ്ങളിൽ വന്നിരിക്കുന്നു.

**വചനം 68, 69, 70, 71, 72, 73, 74:**

أَفَرَءَيۡتُمُ ٱلۡمَآءَ ٱلَّذِي تَشۡرَبُونَ ٦٨

68 ഇനി, നിങ്ങൾ കുടിക്കാറുള്ള വെള്ളം നിങ്ങൾ കണ്ടുവോ?! (ചിന്തിച്ചുനോക്കുക:)-

ءَأَنتُمۡ أَنزَلۡتُمُوهُ مِنَ ٱلۡمُزۡنِ أَمۡ نَحۡنُ ٱلۡمُنزِلُونَ ٦٩

69 നിങ്ങളാണോ അത് മേഘത്തിൽനിന്ന് ഇറക്കിയത്, അതല്ല, നാമാണോ ഇറക്കി യവർ?!

لَوۡ نَشَآءُ جَعَلۡنَٰهُ أُجَاجٗا فَلَوۡلَا تَشۡكُرُونَ ٧٠

70 നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അതിനെ നാം കയ്പു(ള്ള ഉപ്പു) ജലമാക്കുമായിരുന്നു. എന്നിരിക്കെ, നിങ്ങൾ നന്ദികാണിക്കാത്തതെ ന്താണ്?!

أَفَرَءَيۡتُمُ ٱلنَّارَ ٱلَّتِي تُورُونَ ٧١

71 ഇനി, നിങ്ങൾ (ഉരസി) കത്തിച്ചുണ്ടാക്കുന്ന തീ നിങ്ങൾ കണ്ടുവോ?!

ءَأَنتُمۡ أَنشَأۡتُمۡ شَجَرَتَهَآ أَمۡ نَحۡنُ ٱلۡمُنشِـُٔونَ ٧٢

72 നിങ്ങളാണോ അതിൻെറ മരം (പടച്ച്) ഉണ്ടാ ക്കിയത്, അതല്ല, നാമാണോ ഉണ്ടാക്കിയ വർ?!

نَحۡنُ جَعَلۡنَٰهَا تَذۡكِرَةٗ وَمَتَٰعٗا لِّلۡمُقۡوِينَ ٧٣

73 അതിനെ നാം, ഒരു സ്മരണയും (വിജന പ്രദേശ) സഞ്ചാരികൾക്ക് ഒരു ഉപകരണവും ആക്കിയിരുന്നു.

فَسَبِّحۡ بِٱسۡمِ رَبِّكَ ٱلۡعَظِيمِ ٧٤

74 ആകയാൽ, നിൻെറ മഹാനായ രക്ഷിതാവിൻെറ നാമത്തിൽ നീ 'തസ്ബീഹു' (പ്രകീർത്തനം) ചെയ്തുകൊള്ളുക!

മനുഷ്യജീവിതത്തിന് അത്യന്താപേക്ഷിതമായ വെള്ളം ആകാശത്ത് നിന്ന് ഇറക്കിയതിലും തീ യിനെ ചില മരങ്ങളിൽ നിന്നുൽപാദിപ്പിച്ചതിലും മനുഷ്യന് യാതൊരു പങ്കും ഇല്ലല്ലോ. മനുഷ്യന് ഉപ യോഗയോഗ്യമായ രൂപത്തിൽ മേഘത്തിൽ നിന്നും വെള്ളം ഇറക്കിയത് അല്ലാഹുവാകുന്നു. തീയുണ്ടാ ക്കാൻ ആധുനിക മാർഗ്ഗങ്ങൾ ഉപയോഗിച്ച് തുടങ്ങുന്നതിന് മുമ്പ് ജലാംശം നിറഞ്ഞ പച്ചമരങ്ങളിൽ നി ന്ന് ജലത്തിന്റെ വിപരീത ഗുണ വിശേഷങ്ങളുള്ള തീ മനുഷ്യർ ഉൽപാദിപ്പിച്ചിരുന്നത് അല്ലാഹുവിന്റെ മ ഹത്തായ അനുഗ്രഹം കൊണ്ട് മാത്രമായിരുന്നു. (സൂ. യാസീൻ: 80 ാം വചനത്തിന്റെ വിവരണം നോ ക്കുക) ആധുനിക യുഗത്തിലും തീ ഉണ്ടാക്കുവാൻ ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ വ നസഞ്ചാരികളും മറ്റും മരങ്ങൾ ഉപയോഗപ്പെടുത്തി വരുന്നു. അത്കൊണ്ടാണ് 73ാം വചനത്തിൽ "അതി നെ ഒരു സ്മരണയാക്കി" എന്ന് പൊതുവിൽ പറഞ്ഞ ശേഷം "സഞ്ചാരികളായ ആളുകൾക്ക് ഒരു ഉപക രണവും ആക്കിയിരിക്കുന്നു." എന്ന് പ്രത്യേകം എടുത്ത് പറഞ്ഞത്. സാധാരണ തീയിനെക്കാൾ എത്രയോ ഇരട്ടി, ഉഷ്ണമേറിയ നരകത്തിലെ തീയിനെക്കുറിച്ച് ഓർമ്മിക്കുവാനുള്ള ഒരു സൂചന 'അതൊരു സ്മര ണയാക്കി' എന്ന വാക്കിൽ അടങ്ങിയിരിക്കുന്നതായി ചില മഹാന്മാർ ചൂണ്ടിക്കാട്ടിയിരിക്കുന്നു.

57-73 വചനങ്ങളിൽ മനുഷ്യർക്ക് അവന്റെ സൃഷ്ടിപ്പ് മുതൽ അല്ലാഹു കനിഞ്ഞരുളിയിട്ടുള്ള വിവി ധങ്ങളായ അനുഗ്രഹങ്ങളെ അനുസ്മരിപ്പിച്ച് കൊണ്ട് അതെല്ലാം ചെയ്ത് തന്നിട്ടുള്ള മഹാ രക്ഷിതാവാ യ അല്ലാഹുവിന് സ്തോത്രകീർത്തനങ്ങൾ നടത്തി അവന്റെ നാമത്തെ വാഴ്ത്തേണ്ടതുണ്ടെന്ന് 74ാം വ ചനത്തിലൂടെ അല്ലാഹു നിർദ്ദേശിക്കുന്നു.

## വിഭാഗം 3

**വചനം 75,76:**

۞ فَلَآ أُقۡسِمُ بِمَوَٰقِعِ ٱلنُّجُومِ ﴿٧٥﴾

وَإِنَّهُۥ لَقَسَمٌ لَّوۡ تَعۡلَمُونَ عَظِيمٌ ﴿٧٦﴾

75 എന്നാൽ, നക്ഷത്രങ്ങൾ വീഴുന്ന (അഥവാ പതിക്കുന്ന) സ്ഥാനങ്ങളെക്കൊണ്ട് ഞാൻ സത്യം ചെയ്തു പറയുന്നു;

76 -നിശ്ചയമായും, അതാകട്ടെ-നിങ്ങൾക്ക് അറിയാമായിരുന്നെങ്കിൽ-വമ്പിച്ച ഒരു സത്യം തന്നെ!-

75ാം വചനത്തിൽ 'ലാ-ഉഖ്സിമു' എന്ന് അല്ലാഹു സത്യം ചെയ്തു പറയുന്നത് (ഇവിടെയാകട്ടെ ഖുർആനിൽ മറ്റ് സൂറത്തുകളിലാകട്ടെ) പിന്നീട് പറയുവാനിരിക്കുന്ന കാര്യങ്ങളെ സത്യം മുഖേന ബലപ്പെടുത്തിക്കാണിക്കുവാൻ വേണ്ടിയാകുന്നു. ഇവിടെയാണെങ്കിൽ തുടർന്നുള്ള 76 ാം വചനത്തിൽ "നിശ്ചയമായും അതാകട്ടെ ഒരു വമ്പിച്ച സത്യം തന്നെ" എന്ന് പറഞ്ഞ്കൊണ്ട് അല്ലാഹു ഈ വാസ്തവം വ്യക്തമാക്കുകയും ചെയ്യുന്നു.

മനുഷ്യദൃഷ്ടിയിൽ നിന്നും മറഞ്ഞ് കൊണ്ട് അതത് നക്ഷത്രങ്ങൾ അസ്തമിച്ച് പോകുന്ന സ്ഥാനങ്ങളാണ് 'നക്ഷത്രങ്ങൾ വീഴുന്ന സ്ഥാനങ്ങൾ' എന്നത് കൊണ്ട് ഉദ്ദേശ്യം അതല്ല, നക്ഷത്രങ്ങളുടെ സഞ്ചാര പഥങ്ങളും ചലന മണ്ഡലങ്ങളുമാണ് ഉദ്ദേശ്യമെന്നും, ഖുർആൻ അവതരിച്ച ഗഡുക്കളും സന്ദർഭങ്ങളുമാണ് ഉദ്ദേശ്യമെന്നും വേറെയും അഭിപ്രായങ്ങളുണ്ട് (نجوم നുജൂമ് - എന്ന പദത്തിന് ഗഡുക്കൾ എന്ന് അർത്ഥമുണ്ട് താനും) കോടാനുകോടി നക്ഷത്രങ്ങളെ സംബന്ധിച്ച മഹത്തായ പ്രകൃതി ദൃഷ്ടാന്തമാകട്ടെ, ഇരുപത്തിമൂന്ന് കൊല്ലക്കാലം കൊണ്ട് ഗഡുക്കളായി പൂർത്തിയാക്കപ്പെട്ട ഖുർആനെന്ന വൈജ്ഞാനികമായ മഹാദൃഷ്ടാന്തമാവട്ടെ, അതൊരു മഹത്തായ വമ്പിച്ച സത്യം തന്നെയാകുന്നു. - നിങ്ങൾക്ക് അറിയാമെങ്കിൽ.

ഈ മഹത്തായ സത്യവാചകം മുഖേന അല്ലാഹു ഉറപ്പിച്ച് സ്ഥാപിക്കുന്ന വിഷയമോ - ഖുർആന്റെ മഹത്വവും അതിന്റെ ഔന്നത്യവും. തുടർന്നുള്ള വചനങ്ങൾ ശ്രദ്ധിക്കുക.

**വചനം 77, 78, 79, 80:**

إِنَّهُۥ لَقُرۡءَانٞ كَرِيمٞ ﴿٧٧﴾

فِي كِتَٰبٖ مَّكۡنُونٖ ﴿٧٨﴾

لَّا يَمَسُّهُۥٓ إِلَّا ٱلۡمُطَهَّرُونَ ﴿٧٩﴾

تَنزِيلٞ مِّن رَّبِّ ٱلۡعَٰلَمِينَ ﴿٨٠﴾

77 നിശ്ചയമായും, ഇത് ആദരണീയമായ ഒരു ഖുർആൻ തന്നെ;-

78 ഭദ്രമായി സൂക്ഷി (ച്ചു വെ) ക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥത്തിലാണ് (അത്);-

79 പരിശുദ്ധമാക്കപ്പെട്ടവരല്ലാതെ അതിനെ സ്പർശിക്കുകയില്ല!-

80 ലോകരുടെ രക്ഷിതാവിങ്കൽനിന്ന് അവതരിച്ചതാകുന്നു (അത്).

തത്വം, ആശയം, ഉദ്ദേശ്യലക്ഷ്യം, ഘടനാശൈലി എന്നിങ്ങനെ ഏത് വശം നോക്കിയാലും വളരെ ആദരണീയവും, മഹത്തായതുമായ ഒരു ഗ്രന്ഥമത്രേ വിശുദ്ധ ഖുർആൻ. അല്ലാഹുവിങ്കൽ വളരെ ഭദ്രമായി സൂക്ഷിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥത്തിൽ - അതെ, സുരക്ഷിതഫലകമാകുന്ന 'ലൗഹുൽ - മഹ്ഫൂളി'-ൽ അല്ലാഹു അതിനെ രേഖപ്പെടുത്തി വെച്ചിരിക്കുന്നു.

സൂ: ബുറൂജ് 21,22 വചനങ്ങളിൽ അല്ലാഹു ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "എങ്കിലും അത് മഹത്വമേറിയ ഒരു ഖുർആൻ ആകുന്നു. സുരക്ഷിതമായ ഒരു ഫലകത്തിൽ (ലൌഹുൽ - മഹ്ഫൂളിൽ) ആണതുള്ളത്."

അല്ലാഹുവിന്റെ അനുവാദപ്രകാരം അവന്റെ പരിശുദ്ധരായ മലക്കുകൾ അല്ലാതെ അതിനെ സ്പർശിക്കുവാൻ സാധ്യമല്ല. പിശാചുക്കൾക്കോ പൈശാചിക ശക്തികൾക്കോ അവിടെ പ്രവേശനമില്ല. (സൂ. ശുഅറാഅ്: 210, 211, 212; സൂ: നഹ്ൽ: 102; സൂ;സജദ: 2 എന്നീ വചനങ്ങൾ നോക്കുക.)

'ഭദ്രമാക്കി സൂക്ഷിക്കപ്പെട്ട ഗ്രന്ഥം' എന്ന് പറഞ്ഞത് 'ലൗഹിൽ മഹ്ഫൂളി'നെ പറ്റിയാണെന്നും 'പരിശുദ്ധമാക്കപ്പെട്ടവർ', എന്ന് പറഞ്ഞത് മലക്കുകളെ പറ്റി - അല്ലെങ്കിൽ മലക്കുകളെയും പ്രവാചകനെയും കൂടി - യാണെന്നും മേൽ വിവരിച്ചതിൽ നിന്നും മനസ്സിലാക്കാം.

പ്രധാനപ്പെട്ട ഖുർആൻ വ്യാഖ്യാതാക്കളെല്ലാം പൊതുവിൽ ഈ വചനങ്ങൾക്ക് സ്വീകരിച്ചിട്ടുള്ള വ്യാഖ്യാനം ഇത് തന്നെയാകുന്നു.

എന്നാൽ 'പരിശുദ്ധമാക്കപ്പെട്ടവരല്ലാതെ അതിനെ സ്പർശിക്കുകയില്ല' എന്ന വാക്യം കൊണ്ട് ഉദ്ദേശ്യം ശുദ്ധിയുള്ളവരല്ലാതെ- ചെറിയ അശുദ്ധിയോ വലിയ അശുദ്ധിയോ ഉള്ളവർക്ക് - മുസ്ഹഫ് തൊടുവാൻ പാടില്ല എന്ന് ചില വ്യാഖ്യാതാക്കൾ പ്രസ്താവിച്ചത് സ്വീകാര്യമല്ലയെന്നത് മേൽ വചനങ്ങളുടെ വിശദീകരണത്തിൽ നിന്നും സ്പഷ്ടമാണ്. എങ്കിലും കഴിവതും വുളു ചെയ്ത് ശുദ്ധിയോട് കൂടി മാത്രം ഖുർആനെ സ്പർശിക്കുകയെന്നതാണ് ഉത്തമം എന്ന കാര്യത്തിൽ സംശയമില്ല താനും.

ഖുർആന്റെ നേർക്ക് അവഹേളനമോ പരിഹാസമോ കയ്യേറ്റമോ ഉണ്ടായേക്കാൻ സാദ്ധ്യതയുണ്ടെങ്കിൽ അമുസ്ലിംകൾക്ക് ഖുർആൻ വിട്ട് കൊടുക്കുവാൻ പാടുള്ളതല്ല. പക്ഷേ പഠിക്കുക, മനസ്സിലാക്കുക, മുതലായ ആവശ്യങ്ങൾക്ക് അമുസ്ലിംകൾക്ക് ഖുർആൻ കൊടുക്കുന്നതിന് വിരോധമില്ല - പ്രത്യേകിച്ചും വ്യാഖ്യാനം മുതലായ മറ്റ് വിഷയങ്ങളുടെ കൂട്ടത്തിൽ ഖുർആനും കൂടി ഉൾപ്പെടുന്നതാണെങ്കിൽ.

ആദരണീയവും, അല്ലാഹുവിങ്കൽ ഭദ്രമായി സൂക്ഷിക്കപ്പെട്ടതും, പരിശുദ്ധന്മാരല്ലാത്തവർ സ്പർശിക്കാത്തതും, ലോക രക്ഷിതാവായ അല്ലാഹു അവതരിപ്പിച്ചതുമായ പരിപാവന ഗ്രന്ഥമായ വിശുദ്ധ ഖുർആനിനെ നാം ബാഹ്യമായും ആന്തരികമായും അങ്ങേയറ്റം ബഹുമാനിക്കേണ്ടതാകുന്നു. ഹൃദയ സാന്നിദ്ധ്യത്തോടെ പാരായണം ചെയ്യുക, ശുദ്ധിയോടെയും ബഹുമാനത്തോടെയും അതിനെ സ്പർശിക്കുക, മനഃപാഠമാക്കുക, മനപ്പാഠമാക്കിയത് മറക്കാതിരിക്കുക, അർത്ഥങ്ങളും ആശയങ്ങളും മനസ്സിലാക്കി ഭക്തിപുരസ്സരം പാരായണം ചെയ്യുക, സുജൂദിന്റെ സ്ഥാനത്ത് സുജൂദ് ചെയ്യുക, അനുഗ്രഹങ്ങളെക്കുറിച്ച് പറയുമ്പോൾ അതിനായി ദുആ ചെയ്യുക, ശിക്ഷകളെക്കുറിച്ച് പറയുമ്പോൾ അതിൽ നിന്നും രക്ഷ തേടുക. എന്നിങ്ങനെയുള്ള മര്യാദകൾ എല്ലാം നാം ഖുർആൻ പാരായണ വേളകളിൽ അനുഷ്ഠിക്കേണ്ടതാകുന്നു.

**വചനം 81, 82:**

أَفَبِهَٰذَا ٱلْحَدِيثِ أَنتُم مُّدْهِنُونَ ﴿٨١﴾

وَتَجْعَلُونَ رِزْقَكُمْ أَنَّكُمْ تُكَذِّبُونَ ﴿٨٢﴾

81 എന്നിരിക്കെ, ഈ വർത്തമാനത്തെക്കുറിച്ചാണോ നിങ്ങൾ മിനുക്കി (മൃദുവാക്കി) ക്കൊണ്ടിരിക്കുന്നു?!

82 നിങ്ങളുടെ ആഹാരം (ആഹാരത്തിനുള്ള നന്ദി) നിങ്ങൾ വ്യാജമാക്കുക എന്നുള്ളതാക്കുകയും ചെയ്യുന്നുവോ?!

ഖുർആന്റെ മഹത്വങ്ങളെ ഓർമ്മപ്പെടുത്തിയ ശേഷം അല്ലാഹു ചോദിക്കുന്നു: ഇത്രയും ആദരണീയവും ഗൗരവമേറിയതുമായ ഖുർആനിനെ കാര്യമായി പരിഗണിക്കാതെ, നിങ്ങൾ അതിനോട് കേവലം ഒരു മൃദു സമീപനം സ്വീകരിച്ച് അതിനെ നിസ്സാരമാക്കി, അവഗണിച്ച് കൊണ്ടിരിക്കുകയോണോ?

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അംഗീകരിക്കുകയും ഖുർആനിൽ വിശ്വസിച്ച് അവനോട് നന്ദിപൂർവ്വം പ്രതികരിക്കുകയും ചെയ്യുന്നതിന് പകരം അതിനെ വ്യാജമാക്കി നിഷേധിക്കുകയും നന്ദി കേട് കാണിക്കുകയും ആണോ നിങ്ങൾ ചെയ്യുന്നത് - എന്ന് അല്ലാഹു ചോദിക്കുന്നു.

**വചനം 83, 84, 85, 86, 87:**

فَلَوْلَآ إِذَا بَلَغَتِ ٱلْحُلْقُومَ ﴿٨٣﴾

وَأَنتُمْ حِينَئِذٍ تَنظُرُونَ ﴿٨٤﴾

83 എന്നാൽ, അത് (ജീവൻ) തൊണ്ടക്കുഴിയിലെത്തുമ്പോൾ, എന്തുകൊണ്ടായിക്കൂടാ.-

84 നിങ്ങൾ ആ സമയത്ത് നോക്കിക്കൊണ്ടിരിക്കും;

وَنَحْنُ أَقْرَبُ إِلَيْهِ مِنكُمْ وَلَٰكِن لَّا تُبْصِرُونَ ﴿٨٥﴾
فَلَوْلَآ إِن كُنتُمْ غَيْرَ مَدِينِينَ ﴿٨٦﴾
تَرْجِعُونَهَآ إِن كُنتُمْ صَٰدِقِينَ ﴿٨٧﴾

85 നാമാകട്ടെ, അവനോട് നിങ്ങളെക്കാളും സമീപസ്ഥനുമായിരിക്കും. എങ്കിലും, നിങ്ങൾ കാണുകയില്ല;-

86 (അതെ) അപ്പോൾ, നിങ്ങൾ പ്രതിഫല നടപടിക്കു വിധേയരല്ലാത്തവരാണെങ്കിൽ എന്തുകൊണ്ടായിക്കൂടാ,-

87 നിങ്ങൾ സത്യവാൻമാരാണെങ്കിൽ (എന്തുകൊണ്ട്) അതിനെ മടക്കിയെടുക്കുക (ആയിക്കൂടാ)?!

മരണാനന്തരജീവിതത്തെയും അനന്തര നടപടികളെയും നിഷേധിക്കുന്ന നിങ്ങൾ എന്ത് കൊണ്ട് മരണാസന്നവേളയിൽ മരണപ്പെടുന്നവന്റെ ജീവൻ മടക്കിയെടുക്കുന്നില്ല. അവന്റെ സ്ഥിതിഗതി നിങ്ങൾ ഉറ്റ് നോക്കിക്കൊണ്ടിരിക്കുമല്ലോ. വാസ്തവത്തിൽ നിങ്ങളെക്കാൾ അവനുമായി ഏറ്റവും അടുത്തവൻ അല്ലാഹുവാണല്ലോ. പക്ഷെ നിങ്ങൾക്കത് കണ്ടറിയുവാൻ സാധിക്കുകയില്ല എന്ന് മാത്രം. മരണപ്പെടുന്നവൻ, നിങ്ങൾ പറയും പോലെ, അനന്തര പ്രതിഫല നടപടിക്ക് വിധേയരല്ലെന്നുണ്ടെങ്കിൽ നിങ്ങൾക്കവരെ എന്ത് കൊണ്ട് മരണത്തിൽ നിന്നും രക്ഷിച്ചു കൂടാ. ഇല്ല, നിങ്ങൾക്കതിന് സാധ്യമല്ല തന്നെ.

മനുഷ്യൻ മരണപ്പെട്ട് കഴിഞ്ഞാൽ അവൻ താഴെ പറയുന്ന മൂന്നിൽ ഒരു വിഭാഗത്തിൽപ്പെട്ടവനായിരിക്കും.

**വചനം 88,89,90,94,92,93,94:**

فَأَمَّآ إِن كَانَ مِنَ ٱلْمُقَرَّبِينَ ﴿٨٨﴾
فَرَوْحٌ وَرَيْحَانٌ وَجَنَّتُ نَعِيمٍ ﴿٨٩﴾
وَأَمَّآ إِن كَانَ مِنْ أَصْحَٰبِ ٱلْيَمِينِ ﴿٩٠﴾
فَسَلَٰمٌ لَّكَ مِنْ أَصْحَٰبِ ٱلْيَمِينِ ﴿٩١﴾
وَأَمَّآ إِن كَانَ مِنَ ٱلْمُكَذِّبِينَ ٱلضَّآلِّينَ ﴿٩٢﴾
فَنُزُلٌ مِّنْ حَمِيمٍ ﴿٩٣﴾
وَتَصْلِيَةُ جَحِيمٍ ﴿٩٤﴾

88 അപ്പോൾ, അവൻ (മരണപ്പെടുന്നവൻ) സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനാണെങ്കിൽ,-

89 അപ്പോൾ (അവന്) ആശ്വാസവും, സന്തുഷ്ടമായ ആഹാരവും, സുഖാനുഗ്രഹത്തിൻെറ സ്വർഗ്ഗവും (ആയിരിക്കും)!

90 എന്നാൽ, അവൻ വലതുപക്ഷക്കാരിൽ പെട്ടവനാണെങ്കിലോ,-

91 അപ്പോൾ, വലതുപക്ഷക്കാരെപ്പറ്റി നിനക്കു സമാധാനം (തന്നെ)!

92 ഇനി, അവൻ ദുർമ്മാർഗ്ഗികളായ വ്യാജവാദികളിൽ പെട്ടവനാണെങ്കിലോ,-

93 എന്നാൽ, ചുട്ടുതിളക്കുന്ന വെള്ളം കൊണ്ടുള്ള സൽക്കാരം!-

94 ജ്വലിക്കുന്ന നരകത്തിൻെറ കരിക്കലും!

ഈ വചനങ്ങളിൽ വിവരിക്കപ്പെട്ട മൂന്ന് വിഭാഗക്കാരെക്കുറിച്ച് - മുൻകടന്നവർ, വലത് പക്ഷക്കാർ, ഇടത് പക്ഷക്കാർ - സാമാന്യമായി 10,8,9 വചനങ്ങളിലും, വിശദമായി 11-26, 27-40, 41-59 വചനങ്ങളിലും വിവരിച്ചിട്ടുള്ളത് ശ്രദ്ധിക്കുക.

മേൽപറഞ്ഞ വചനങ്ങളിൽ പ്രസ്തുത മൂന്ന് വിഭാഗക്കാരുടെയും ഭാവിയെക്കുറിച്ച് വിശദീകരിച്ച് പറഞ്ഞ ശേഷം, ഈ വചനങ്ങളിൽ (88-94) ആയതിന്റെ ഒരു രത്നച്ചുരുക്കം അല്ലാഹു ആവർത്തിച്ച് ഓർമ്മപ്പെടുത്തിയിരിക്കുകയാണ്.

ആവർത്തിച്ച് ഓർമ്മപ്പെടുത്തിയത്കൊണ്ടും മതിയാക്കാതെ, അല്ലാഹു തുടർന്ന് പറയുന്നു.

**വചനം 95,96:**

إِنَّ هَٰذَا لَهُوَ حَقُّ ٱلْيَقِينِ ﴿٩٥﴾

95 നിശ്ചയമായും, ഇത് (ഇപ്പറഞ്ഞതെല്ലാം) തന്നെയാണ് ഉറപ്പായ യഥാർത്ഥം.

96 ആകയാൽ, നീ നിൻെറ മഹാനായ രക്ഷിതാ
വിൻെറ നാമത്തിൽ തസ്ബീഹ് (സ്തോത്ര
കീർത്തനം) നടത്തിക്കൊള്ളുക.

فَسَبِّحۡ بِٱسۡمِ رَبِّكَ ٱلۡعَظِيمِ ﴿٩٦﴾

ആർ വിശ്വസിക്കട്ടെ, വിശ്വസിക്കാതിരിക്കട്ടെ, സംഭവിക്കാനിരിക്കുന്ന യാഥാർത്ഥ്യം, യാതൊരു സംശയത്തിനും ഇടയില്ലാത്ത വണ്ണം, മേൽ പറഞ്ഞതാകുന്നു. അത്കൊണ്ട് അല്ലാഹുവിന്റെ നാമത്തെ വാഴ്ത്തിയും സ്തോത്രകീർത്തനം നടത്തിയും മോക്ഷം നേടുവാൻ ഉപദേശിച്ച് കൊണ്ട് സർവ്വശക്തൻ ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു.

فسبح باسم ربك العظيم എന്ന ഈ വചനം അവതരിപ്പിച്ചപ്പോൾ “നിങ്ങൾ ഇത് നമസ്ക്കാരത്തിലെ റുകൂഇൽ ചൊല്ലിക്കൊള്ളുവിൻ” എന്നും سبح اسم ربك الأعلى (നിന്റെ അത്യുന്നതനായ റബ്ബിന്റെ നാമത്തെ സ്തോത്രകീർത്തനം ചെയ്യുക) എന്ന സൂ: അഅ്ലാ യിലെ 1-ാം വചനം അവതരിപ്പിച്ചപ്പോൾ “നിങ്ങൾ ഇത് നിങ്ങളുടെ നമസ്കാരത്തിലെ സുജൂദിൽ ചൊല്ലിക്കൊള്ളുവിൻ” എന്നും നബി (സ) നിർദ്ദേശിക്കുകയുണ്ടായി. (സൂ. നസ്ർ 3-ാം വചനത്തിന്റെ വിശദീകരണവും നോക്കുക.)

നാവിന് ലഘുവായ, തുലാസ്സിൽ ഭാരമേറിയ, പരമകാരുണികന്റെ അടുക്കൽ അങ്ങേയറ്റം പ്രിയങ്കരമായ രണ്ട് വാക്കുകളത്രേ سبحان الله وبحمده سبحان الله العظيم (അല്ലാഹുവിനെ സ്തുതിച്ച് കൊണ്ട് ഞാൻ അവന് സ്തോത്ര കീർത്തനം ചെയ്യുന്നു മഹാനായ അല്ലാഹുവിന് ഞാൻ സ്തോത്ര കീർത്തനം ചെയ്യുന്നു) - എന്ന പ്രസിദ്ധമായ നബി വചനം ഇമാം ബുഖാരി(റ) ഉദ്ധരിച്ചത് ഇവിടെ പ്രത്യേകം ശ്രദ്ധേയമാകുന്നു.

# 57. സൂറത്തുല്‍ ഹദീദ് (ഇരുമ്പ്)

**മദീനയില്‍ അവതരിച്ചത്**

വചനങ്ങള്‍ 29, വിഭാഗം (റുക്കൂഅ്) 1

ഈ അദ്ധ്യായത്തിന് ഹദീദ് (ഇരുമ്പ്) എന്ന് പേര് വരുവാന്‍ കാരണം, 25-ാം വചനത്തില്‍ ഇരുമ്പിനെ കുറിച്ച് പരാമര്‍ശിച്ചിട്ടുള്ളതിനാലാകുന്നു.

നബി(സ) ഉറങ്ങുന്നതിന് മുമ്പായി 'മുസബ്ബിഹാത്തു' (ഈ സൂറത്തിലുള്ളത് പോലെ 'തസ്ബീഹി'ന്റെ വാക്കുകള്‍ കൊണ്ടാരംഭിക്കുന്ന സൂറത്തുകള്‍) ഓതാറുണ്ടായിരുന്നുവെന്നും (വേറെ) ആയിരം ആയത്തുകളെക്കാള്‍ ശ്രേഷ്ഠമായ ഒരു ആയത്ത് അവയില്‍ അടങ്ങിയിട്ടുണ്ടെന്ന് തിരുമേനി പറയുകയുണ്ടായി എന്നും, നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. (തി; ദാ; ന) ഈ ഹദീസില്‍ സൂചിപ്പിക്കപ്പെട്ട വചനം ഈ സൂറത്തിലെ മൂന്നാം വചനമാണെന്നാണ് ഇബ്നു കഥീര്‍(റ) മുതലായവരുടെ അഭിപ്രായം. സൂ: ഹശ്റിന്റെ അവസാന ഭാഗമാണെന്നും അഭിപ്രായമുണ്ട്. അല്ലാഹുവിന്റെ ഉല്‍കൃഷ്ട നാമങ്ങളില്‍ ചിലത് ആ വചനങ്ങളില്‍ അടങ്ങിയിട്ടുള്ളതാണ് അതിന്റെ കാരണം. الله اعلم

## വിഭാഗം - 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍ بسم الله الرحمن الرحيم

**വചനം 1, 2:**

سَبَّحَ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿١﴾

لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ يُحْىِۦ وَيُمِيتُ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٢﴾

1 ആകാശങ്ങളിലും ഭൂമിയിലുമുള്ളവ (യെല്ലാം) അല്ലാഹുവിന് 'തസ്ബീഹു' (സ്തോത്ര കീര്‍ത്തനം) ചെയ്യുന്നു. അഗാധജ്ഞനായ പ്രതാപശാലിയത്രെ അവന്‍.

2 ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധിപത്യം അവന്നാകുന്നു; അവന്‍ ജീവിപ്പിക്കുകയും, മരിപ്പിക്കുകയും ചെയ്യുന്നു; അവന്‍, എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

ആകാശ ഭൂമിയിലുള്ള അഖില ചരാചരങ്ങളും സ്രഷ്ടാവായ അല്ലാഹുവിന് 'തസ്ബീഹ്' (സ്തോത്ര കീര്‍ത്തനം) നടത്തിക്കൊണ്ടിരിക്കുന്നു. എന്നാല്‍ ഓരോ വസ്തുക്കളുടെയും 'തസ്ബീഹ്' എങ്ങനെയാണ്. എന്താണ് എന്ന് സൂക്ഷ്മമായി നിര്‍വ്വചിക്കുവാന്‍ നമുക്ക് സാധ്യമല്ല. ഈ വസ്തുത അല്ലാഹു സൂ: ഇസ്രാഅ്: 44-ാം വചനത്തില്‍ പ്രസ്താവിച്ചിരിക്കുന്നതായി കാണാം. അല്ലാഹുവിന്റെ നാമങ്ങളെ വാഴ്ത്താതെയും അവന്റെ പരിശുദ്ധിയെ പ്രകീര്‍ത്തനം ചെയ്യാതെയും ഇരിക്കുവാന്‍ യാതൊരു വസ്തുവിനും സാധിക്കുകയില്ലെന്ന വസ്തുത തുടര്‍ന്നുള്ള 3-6 വചനങ്ങളില്‍ അല്ലാഹു സ്പഷ്ടമാക്കുന്നു.

**വചനം 3:**

هُوَ ٱلْأَوَّلُ وَٱلْءَاخِرُ وَٱلظَّٰهِرُ وَٱلْبَاطِنُ ۖ وَهُوَ بِكُلِّ شَىْءٍ عَلِيمٌ ﴿٣﴾

3 അവന്‍ ആദ്യനായുള്ളവനും, അന്ത്യനായുള്ളവനും, പ്രത്യക്ഷനായുള്ളവനും, പരോക്ഷനായുള്ളവനുമത്രെ. അവന്‍ എല്ലാവസ്തുവെ (അഥവാ കാര്യത്തെ) ക്കുറിച്ചും അറിവുള്ളവനുമാകുന്നു.

ഈ വചനത്തിലെ അല്ലാഹുവിന്റെ ഓരോ നാമ വിശേഷണത്തിന്റെയും ആശയങ്ങള്‍ വിശദീക്കുന്നപക്ഷം, അതു അത്യധികം ദീര്‍ഘിച്ച് പോകുന്നതാണ്. ഉറങ്ങാന്‍ പോകുമ്പോള്‍ നബി(സ) പ്രാര്‍ത്ഥിക്കാറുണ്ടായിരുന്ന ഒരു പ്രാര്‍ത്ഥന ഇപ്രകാരമാകുന്നു:

اللَّهُمَّ رَبَّ السَّمَاوَاتِ وَرَبَّ الْأَرْضِ وَرَبَّ الْعَرْشِ الْعَظِيمِ رَبَّنَا وَرَبَّ كُلِّ شَيْءٍ فَالِقَ الْحَبِّ وَالنَّوَى وَمُنْزِلَ التَّوْرَاتِ وَالْإِنْجِيلِ وَالْفُرْقَانِ أَعُوذُبِكَ مِنْ شَرِّ أَنْتَ آخِزٌ بِنَاصِيَتِه.

اَللَّهُمَّ أَنْتَ الْاَوَّلُ فَلَيْسَ قَبْلَكَ شَيْءٌ وَأَنْتَ الآخِرُ فَلَيْسَ بَعْدَكَ شَيْءٌ وَأَنْتَ الظَّاهِرُ فَلَيْسَ فَوْقَكَ شَيْءٌ وَأَنْتَ الْبَاطِنُ فَلَيْسَ دُونَكَ شَيْءٌ اِقْضِ عَنَّا الدَّيْنَ وَاَغْنِنَا مِنَ الْفَقْرِ (اخرجه احمد ومسلم والترمذه والبيهقى)

“അല്ലാഹുവേ, ആകാശങ്ങളുടെ റബ്ബേ, ഭൂമിയുടെ റബ്ബേ, മഹത്തായ ‘അർശി’ന്റെ റബ്ബേ, ഞങ്ങളുടെയും എല്ലാ വസ്തുക്കളുടെയും റബ്ബേ, ധാന്യവും, വിത്തും പിളർത്തി മുളപ്പിക്കുന്നവനേ, തൗറാത്തും ഇഞ്ചീലും ഫുർഖാനും (ഖുർആനും) ഇറക്കിയവനേ, ദോഷമുണ്ടാക്കുന്ന എല്ലാറ്റിന്റെയും ദോഷത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. അവയെല്ലാം നിന്നെ പിടുത്തത്തിലാണുള്ളത്.

അല്ലാഹുവേ, നീയത്രെ ആദ്യനായുള്ളവൻ; നിനക്ക് മുമ്പ് ഒന്നും തന്നെയില്ല; നീയത്രെ അന്ത്യനായുള്ളവൻ; നിനക്ക് ശേഷം ഒന്നും തന്നെയില്ല. നീയത്രേ പ്രത്യക്ഷനായുള്ളവൻ; നിന്റെ മീതെ ഒന്നും തന്നെയില്ല; നീയാകുന്നു പരോക്ഷനായുള്ളവൻ; നിന്നെ കൂടാതെ ഒരു വസ്തുവുമില്ല. നീ ഞങ്ങളുടെ കടം വീട്ടിത്തരികയും ദാരിദ്ര്യത്തിൽ നിന്നും നീ ഞങ്ങൾക്ക് ധന്യത നൽകുകയും ചെയ്യേണമേ.” (അ; മു; തി; ബ)

ഈ ദുആയുടെ അന്ത്യഭാഗം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. നിന്നെക്കാൾ ഉന്നതനായ ആരുമില്ല എന്നും, നീ അറിയാത്തതായോ, നിന്റെ നിയമത്തിനും നിയന്ത്രണത്തിനും വിധേയമല്ലാത്തതായോ യാതൊന്നുമില്ല എന്നും അവ സ്പഷ്ടമാക്കുന്നു. ദൃഷ്ടാന്തങ്ങൾ കൊണ്ടും പ്രവർത്തനങ്ങൾ കൊണ്ടും അല്ലാഹു പ്രത്യക്ഷമായുള്ളവനാകുന്നു. എന്നാൽ ബാഹ്യ ദൃഷ്ടികൊണ്ട് അവനെ കണ്ടെത്തുവാനോ, ബുദ്ധി കൊണ്ട് അവനെ രൂപപ്പെടുത്തുവാനോ സാദ്ധ്യമല്ലാത്ത വിധം, അവൻ പരോക്ഷനും ആകുന്നു.

**വചനം: 4,5,6:**

هُوَ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۚ يَعْلَمُ مَا يَلِجُ فِى ٱلْأَرْضِ وَمَا يَخْرُجُ مِنْهَا وَمَا يَنزِلُ مِنَ ٱلسَّمَآءِ وَمَا يَعْرُجُ فِيهَا ۖ وَهُوَ مَعَكُمْ أَيْنَ مَا كُنتُمْ ۚ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٤﴾

4 അവനത്രെ, ആകാശങ്ങളെയും ഭൂമിയെയും ആറു ദിവസങ്ങളിലായി സൃഷ്ടിച്ചവൻ; പിന്നീട് അവൻ ‘അർശി’ൽ (സിംഹാസനത്തിൽ) ആരോഹണം ചെയ്തു. ഭൂമിയിൽ കടന്നു കൂടുന്നതും, അതിൽനിന്ന് പുറത്തു പോകുന്നതും, ആകാശത്തുനിന്ന് ഇറങ്ങുന്നതും, അതിൽ കയറിച്ചെല്ലുന്നതും, (എല്ലാം) അവൻ അറിയുന്നു. നിങ്ങൾ എവിടെയായിരിക്കട്ടെ, അവൻ നിങ്ങളുടെ കൂടെയുണ്ട്. അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

لَهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ وَإِلَى ٱللَّهِ تُرْجَعُ ٱلْأُمُورُ ﴿٥﴾

5 ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധിപത്യം അവന്നാകുന്നു. അല്ലാഹുവിങ്കലേക്കു തന്നെ കാര്യങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

يُولِجُ ٱلَّيْلَ فِى ٱلنَّهَارِ وَيُولِجُ ٱلنَّهَارَ فِى ٱلَّيْلِ ۚ وَهُوَ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٦﴾

6 രാത്രിയെ അവൻ പകലിൽ കടത്തിക്കൂട്ടുന്നു; പകലിനെ രാത്രിയിലും കടത്തിക്കൂട്ടുന്നു; അവൻ, ഹൃദയങ്ങളിലുള്ളതിനെപ്പറ്റി അറിയുന്നവനുമാകുന്നു.

ആകാശഭൂമികളെ ആറു ദിവസങ്ങളിൽ സൃഷ്ടിച്ചുവെന്നതിന്റെയും അല്ലാഹു 'അർശി'ൽ ആരോഹണം ചെയ്തുവെന്നതിന്റെയും പിന്നീട് ഒരു ദിവസത്തിൽ അല്ലാഹുവിങ്കലേക്ക് തന്നെ കാര്യങ്ങൾ മടക്കപ്പെടുന്നതിന്റെയും ഉദ്ദേശ്യങ്ങളെക്കുറിച്ചും മറ്റും സൂ: സജദ: 4,5 മുതലായ വചനങ്ങളുടെ വ്യാഖ്യാനത്തിൽ വിശദമായി വിവരിച്ചിട്ടുണ്ട്. (സൂ:അഅ്റാഫ്: 54; സൂ: യൂനുസ്: 3; സൂ: ഹൂദ്: 7; സൂ: ഫൂർഖാൻ: 59; സൂ:ഖാഫ്:38 എന്നിവിടങ്ങളിലും നോക്കുക)

ഭൂമിയിലും ആകാശത്തിലും പ്രവേശിക്കുന്നതിനേയും അവയിൽ നിന്ന് പുറത്ത് വരുന്നതിനേയും സംബന്ധിച്ച് സൂ: സബഅ്: 2-ാം വചനത്തിന്റെ വ്യാഖ്യാനത്തിലും വിവരിച്ചിട്ടുണ്ട്.

മേൽ വിവരിച്ച യാഥാർത്ഥ്യങ്ങളെ മുഖവുരയായി ഉദ്ധരിച്ച ശേഷം അല്ലാഹു മനുഷ്യരെ അഭിമുഖീകരിച്ചുകൊണ്ട് പറയുന്നു:

**വചനം: 7:**

ءَامِنُواْ بِٱللَّهِ وَرَسُولِهِۦ وَأَنفِقُواْ مِمَّا جَعَلَكُم مُّسۡتَخۡلَفِينَ فِيهِۖ فَٱلَّذِينَ ءَامَنُواْ مِنكُمۡ وَأَنفَقُواْ لَهُمۡ أَجۡرٞ كَبِيرٞ ﴿٧﴾

7 (മനുഷ്യരേ) നിങ്ങൾ അല്ലാഹുവിലും, അവന്റെ റസൂലിലും വിശ്വസിക്കുവിൻ; നിങ്ങളെ അവൻ ഏതൊന്നിൽ പ്രാതിനിധ്യം നൽകപ്പെട്ടവരാക്കി വെച്ചിരിക്കുന്നുവോ അതിൽനിന്ന് നിങ്ങൾ ചിലവഴിക്കുകയും ചെയ്യുവിൻ. എന്നാൽ, നിങ്ങളിൽനിന്ന് യാതൊരുവർ വിശ്വസിക്കുകയും, ചിലവഴിക്കുകയും ചെയ്തുവോ അവർക്ക് വലുതായ പ്രതിഫലമുണ്ട്.

"നിങ്ങളെ പ്രാതിനിധ്യം നൽകപ്പെട്ടവരാക്കിയതിൽ നിന്ന് നിങ്ങൾ ചിലവഴിക്കുവിൻ" എന്ന വാക്കുകൾ പ്രത്യേകം ശ്രദ്ധാർഹമാകുന്നു. സ്വത്തും സമ്പത്തുമെല്ലാം അല്ലാഹുവിന്റേതാകുന്നു. അതിൽ വർദ്ധനവും കുറവും വരുത്തുന്നതും അവൻ തന്നെ. മനുഷ്യൻ കേവലം അവയുടെ കൈകാര്യ കർത്താവ് മാത്രമാകുന്നു. എന്നിരിക്കെ അവയിൽ നിന്നും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുവാൻ അവൻ ബാദ്ധ്യസ്ഥനാകുന്നു. അതൊടൊപ്പം തന്നെ, സത്യവിശ്വാസം സ്വീകരിച്ചുകൊണ്ട് നല്ല മാർഗ്ഗത്തിൽ ധനം ചിലവഴിക്കുന്ന പക്ഷം അല്ലാഹുവിങ്കൽ നിന്ന് മഹത്തായ പ്രതിഫലം അവൻ വാഗ്ദാനംചെയ്യുകയും ചെയ്തിരിക്കുന്നു.

നബി(സ) തിരുമേനിയുടെ ഈ മഹദ് വചനം ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധേയമാകുന്നു:

"ആദമിന്റെ മകൻ - മനുഷ്യൻ- പറയുന്നു: എന്റെ ധനം, എന്റെ ധനം എന്ന് (മനുഷ്യാ) നിന്റെ ധനത്തിൽ നിന്നും നീ തിന്ന് തീർത്തതോ, നീ ഉടുത്ത് നശിപ്പിച്ചതോ, അല്ലെങ്കിൽ നീ ധർമ്മം കൊടുത്തതോ, അല്ലാതെ നിനക്ക് വല്ലതും ഉണ്ടോ? അതല്ലാത്തതെല്ലാം നീ ജനങ്ങൾക്ക് വിട്ടേച്ച് പോകുന്നതുമാകുന്നു." (മു.)

**വചനം 8:**

وَمَا لَكُمۡ لَا تُؤۡمِنُونَ بِٱللَّهِ وَٱلرَّسُولُ يَدۡعُوكُمۡ لِتُؤۡمِنُواْ بِرَبِّكُمۡ وَقَدۡ أَخَذَ مِيثَٰقَكُمۡ إِن كُنتُم مُّؤۡمِنِينَ ﴿٨﴾

8 നിങ്ങൾക്കെന്താണ്- നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നില്ല?! റസൂലാകട്ടെ, നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുവാനായി നിങ്ങളെ ക്ഷണിച്ചുകൊണ്ടുമിരിക്കുന്നു. അവൻ (അല്ലാഹു) നിങ്ങളുടെ ഉറപ്പ് (അഥവാ കരാറ്) വാങ്ങിയിട്ടുമുണ്ട്. നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ......!

നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുവാൻ വേണ്ടുന്ന ദൃഷ്ടാന്തങ്ങൾ പലതും നിങ്ങൾക്കുണ്ട്. അതിന് പുറമേ റസൂൽ നിങ്ങളെ ക്ഷണിച്ച് കൊണ്ടുമിരിക്കുന്നു. കൂടാതെ, നിങ്ങൾ സ്വയം തന്നെ പ്രതിജ്ഞാബദ്ധരുമാണ്. എന്നിട്ടും നിങ്ങൾ എന്തുകൊണ്ട് നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുന്നില്ല -

എന്ന് സാരം.

'അവൻ നിങ്ങളുടെ ഉറപ്പു വാങ്ങി' എന്ന് പറഞ്ഞതിന് രണ്ടു തരത്തിൽ വിശദീകരണം നൽകപ്പെട്ടിട്ടുണ്ട്. (1) തുടർന്നുള്ള "നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ" എന്ന വാക്കിന്റെ താൽപര്യം, അല്ലാഹുവിന്റെ അസ്തിത്വത്തേയും മഹദ് ഗുണങ്ങളേയും സ്ഥാപിക്കുന്ന പല ദൃഷ്ടാന്തങ്ങളും അവൻ ഏർപ്പെടുത്തിയതിൽ നിങ്ങൾക്ക് വിശ്വാസമുണ്ടെങ്കിൽ, നിങ്ങൾ അല്ലാഹുവിൽ വിശ്വാസിക്കാതിരിക്കാൻ നിർവ്വാഹമില്ല എന്നായിരിക്കാം.

(2) ആത്മീയ ലോകത്ത് വെച്ച് അല്ലാഹു മനുഷ്യരോട് 'ഞാൻ നിങ്ങളുടെ റബ്ബല്ലയോ' എന്ന് ചോദിച്ചതായും, 'അതെ, ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു' എന്ന് അവർ മറുപടി പറഞ്ഞതായും സൂ:അഅ്റാഫ്:172ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ആ സംഭവമാണ് ഇവിടെ കരാറ് കൊണ്ട് ഉദ്ദേശ്യം. ഈ കരാർ മനുഷ്യർക്ക് ഇന്ന് ഓർമ്മയില്ലല്ലോ എന്ന് പറഞ്ഞേക്കാം. അതിനുള്ള മറുപടിയായിരിക്കും 'നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ' എന്ന വാക്ക്. 'നിങ്ങളുടെ സകല കാര്യങ്ങളും അറിയുന്ന ഞാൻ ആ കരാറ് ഇതാ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു. നിങ്ങൾക്ക് അത് വിശ്വസിക്കാമെങ്കിൽ വിശ്വസിച്ച്കൊള്ളുക' എന്ന ഗൗരവപ്പെട്ട ഒരു താക്കീതായിരിക്കും അപ്പോൾ ആ വാക്കിൽ അടങ്ങിയിരിക്കുക.

**വചനം 9:**

هُوَ ٱلَّذِى يُنَزِّلُ عَلَىٰ عَبْدِهِۦٓ ءَايَٰتٍۭ بَيِّنَٰتٍ لِّيُخْرِجَكُم مِّنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ ۚ وَإِنَّ ٱللَّهَ بِكُمْ لَرَءُوفٌ رَّحِيمٌ ﴿٩﴾

9 അവനത്രെ, തൻെറ അടിയാൻെറ മേൽ സുവ്യക്തങ്ങളായ പല ലക്ഷ്യങ്ങളും ഇറക്കിക്കൊടുക്കുന്നവൻ; നിങ്ങളെ അന്ധകാരങ്ങളിൽനിന്ന് അദ്ദേഹം പ്രകാശത്തിലേക്ക് വെളിക്കുവരുത്തുവാൻവേണ്ടി. നിശ്ചയമായും അല്ലാഹു നിങ്ങളിൽ വളരെ കൃപയുള്ളവനും, കരുണയുള്ളവനും തന്നെയാകുന്നു.

നിങ്ങളിൽ വളരെ കൃപയും കാരുണ്യവുമുള്ളവനായ അല്ലാഹു നിങ്ങളെ അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് നയിക്കുവാൻ വേണ്ടി സുവ്യക്തങ്ങളായ പല ലക്ഷ്യങ്ങളും ഇറക്കിക്കൊടുക്കുന്നവനുമാകുന്നു.

**വചനം 10:**

وَمَا لَكُمْ أَلَّا تُنفِقُوا۟ فِى سَبِيلِ ٱللَّهِ وَلِلَّهِ مِيرَٰثُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ لَا يَسْتَوِى مِنكُم مَّنْ أَنفَقَ مِن قَبْلِ ٱلْفَتْحِ وَقَٰتَلَ ۚ أُو۟لَٰٓئِكَ أَعْظَمُ دَرَجَةً مِّنَ ٱلَّذِينَ أَنفَقُوا۟ مِنۢ بَعْدُ وَقَٰتَلُوا۟ ۚ وَكُلًّا وَعَدَ ٱللَّهُ ٱلْحُسْنَىٰ ۚ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿١٠﴾

10 അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചിലവഴിക്കാതിരിക്കുവാൻ നിങ്ങൾക്കെന്താണ്? ആകാശങ്ങളുടെയും, ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനാകുന്നു (എന്നിട്ടും)! നിങ്ങളിൽ നിന്ന് വിജയത്തിനുമുമ്പ് ചിലവഴിക്കുകയും യുദ്ധം ചെയ്യുകയും ചെയ്തവർ (അല്ലാത്തവരോട്) സമമായിരിക്കയില്ല; അക്കൂട്ടർ, പിന്നീട് ചിലവഴിക്കുകയും യുദ്ധം ചെയ്യുകയും ചെയ്തവരെക്കാൾ വമ്പിച്ച പദവിയുള്ളവരാകുന്നു. എല്ലാവരോടുംതന്നെ, അല്ലാഹു ഏറ്റവും നല്ലത് (നല്ല പ്രതിഫലം) വാഗ്ദാനം ചെയ്തിരിക്കുന്നു; അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനുമാണ്.

ആകാശ ഭൂമികളിലുള്ള സകല വസ്തുക്കളുടെയും ഉടമസ്ഥതയും അവകാശവും അല്ലാഹുവിനാകുന്നു. നിങ്ങൾക്ക് അല്ലാഹു നൽകിയതിൽ നിന്നും, അവൻ ഇഷ്ടപ്പെടുന്ന മാർഗ്ഗത്തിൽ ചിലവഴിക്കാതെ സൂക്ഷിച്ച് വെക്കുന്നത് കൊണ്ട് ഭാവിയിൽ നിങ്ങൾക്ക് ഒരു നന്മയും പ്രതീക്ഷിക്കുവാനില്ല. നേരെ മറിച്ച് ഇപ്പോൾ നിങ്ങൾ ചിലവഴിക്കുന്നതിന് പകരമായി ഭാവിയിൽ നിങ്ങൾക്ക് ധാരാളം നന്മകൾ ലഭി

ക്കുന്നതുമാണ്. നല്ല വിഷയത്തിൽ ധനം ചിലവഴിക്കുമ്പോൾ തന്നെ, സന്ദർഭാനുസരണം അവയുടെ പ്രാധാന്യവും പ്രതിഫലവും കൂടുകയും കുറയുകയും ചെയ്യുന്നതാണ്.

ശത്രുക്കളുടെ ആക്രമം, ദാരിദ്ര്യം, അംഗങ്ങളുടെ കുറവ് ആദിയായ കാരണങ്ങളാൽ മുസ്‌ലീംങ്ങൾ കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടി വരികയും യാതനകൾ അനുഭവിക്കേണ്ടിവരുകയും ചെയ്ത ഇസ്‌ലാമിന്റെ ആദ്യഘട്ടത്തിൽ ധനം കൊണ്ടും, ദേഹം കൊണ്ടും, ത്യാഗം ചെയ്യുവാനും കഷ്ടപ്പാടുകൾ സഹിക്കുവാനും മുന്നോട്ട് വന്നവർക്ക് ഇസ്‌ലാമിന് വിജയം കൈവന്നശേഷം മുന്നോട്ട് വന്നവരേക്കാൾ ഉന്നതമായ പദവിയാകുന്നു അല്ലാഹുവിങ്കലുള്ളത്. എന്നാൽ രണ്ടാമത്തെ വിഭാഗക്കാർക്കും അല്ലാഹുവിങ്കൽ നല്ല പ്രതിഫലം ലഭിക്കുന്നതാണെന്നും അല്ലാഹു വാഗ്ദാനം ചെയ്യുന്നു. (ഈ വസ്തുത സൂ: നിസാഅ്: 95ലും അല്ലാഹു പ്രസ്താവിച്ചിട്ടുള്ളതായി കാണാം) ഒരു ഹദീസിൽ നബി(സ) ഇപ്രകാരം പറഞ്ഞിരിക്കുന്നു:

“ശക്തനായ സത്യവിശ്വാസി കൂടുതൽ നല്ലവനും, ദുർബ്ബലനായ സത്യവിശ്വാസിയേക്കാൾ അല്ലാഹുവിന് കൂടുതൽ ഇഷ്ടപ്പെടുന്നവനുമാകുന്നു. എല്ലാവരിലും നന്മയുണ്ട് താനും.” ബുഖാരി(റ)

‘വിജയത്തിന് മുമ്പ്’ എന്ന് ഈ വചനത്തിൽ പരാമർശിച്ച ‘വിജയം’ മക്കാ വിജയമാണെന്നാണ് ഭൂരിപക്ഷാഭിപ്രായം. മക്കാ വിജയത്തിന് മാർഗ്ഗം തുറന്നത് ഹുദൈബിയാ സംഭവമായത് കൊണ്ട് അതാണ് ഉദ്ദേശ്യമെന്നും, പൊതുവിൽ ഇസ്ലാമിന്റെ വിജയമെന്നേ ഉദ്ദേശ്യമുള്ളൂ എന്നും അഭിപ്രായങ്ങളുണ്ട്. ഇവയെല്ലാം തന്നെ സാരത്തിൽ ഒന്നു തന്നെയാണെന്ന് കാണാവുന്നതുമാണ്.

## വിഭാഗം: 2

**വചനം 11:**

مَّن ذَا ٱلَّذِى يُقْرِضُ ٱللَّهَ قَرْضًا حَسَنًا فَيُضَٰعِفَهُۥ لَهُۥ وَلَهُۥٓ أَجْرٌ كَرِيمٌ ﴿١١﴾

11 ആരുണ്ട്, അല്ലാഹുവിന് നല്ലതായ കടം കൊടുക്കുന്നവൻ?! എന്നാൽ, അവൻ അതിനെ അവന് ഇരട്ടിപ്പിച്ചു കൊടുക്കുന്നതാണ്; അവന് മാന്യമായ പ്രതിഫലവും ഉണ്ടായിരിക്കും.

സൽക്കാര്യങ്ങളിൽ ധനം ചിലവഴിക്കുന്നതിന് അത്യധികം പ്രോത്സാഹനം നൽകുന്ന ഒരു വചനമാകുന്നു ഇത്. അത് അല്ലാഹു ഒരു കടമായിട്ടു സ്വീകരിക്കുകയും, അനേക മടങ്ങ് വർദ്ധനയോടെ - പത്ത് മുതൽ എഴുനൂറ് ഇരട്ടി വരേയും, ചിലപ്പോൾ അതിലധികവുമായി-യഥാസമയം തിരികെ നൽകുന്നതുമാണ്. മാത്രമല്ല, ഉദാരവും മാന്യവുമായ പ്രതിഫലം അതിന് പുറമെയും. വിശ്വാസത്തോടും, സദുദ്ദേശത്തോടും കൂടി, അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ഉദ്ദേശിച്ച് കൊണ്ടുള്ളത് എന്നത്രെ ‘നല്ലതായ കടം’ എന്ന് പറഞ്ഞതിന്റെ താൽപര്യം.

“ഒരാൾ പരിശുദ്ധമായ സമ്പാദ്യത്തിൽ നിന്ന് ഒരു കാരക്കക്ക് സമാനമായതിനെ ധർമ്മം ചെയ്താൽ അല്ലാഹു, നിങ്ങളിലൊരാൾ തന്റെ കുതിരക്കുട്ടിയെ ലാളിച്ച് വളർത്തുന്നതുപോലെ അതിന്റെ ആൾക്ക് വേണ്ടി അതിനെ വളർത്തി വലുതാക്കി, അത് ഒരു മല പോലെ ആയിത്തീരും.” (ബു.മു) - എന്ന് നബി(സ) തിരുമേനി അരുളിയിരിക്കുന്നു.

അല്ലാഹു വാങ്ങുന്ന കടം മടക്കിക്കിട്ടുന്ന സന്ദർഭം ഏതാണെന്ന് അടുത്ത ആയത്തിൽ അല്ലാഹു വെളിവാക്കുന്നു.

**വചനം 12,13,14,15:**

يَوْمَ تَرَى ٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ يَسْعَىٰ نُورُهُم بَيْنَ أَيْدِيهِمْ وَبِأَيْمَٰنِهِم بُشْرَىٰكُمُ ٱلْيَوْمَ جَنَّٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا ۚ ذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ ﴿١٢﴾

12 സത്യവിശ്വാസികളുടെയും വിശ്വാസിനികളുടെയും പ്രകാശം, അവരുടെ മുമ്പിലൂടെയും, അവരുടെ വലതുഭാഗങ്ങളിലൂടെയും പാഞ്ഞു (വ്യാപിച്ചു) കൊണ്ടിരിക്കുന്നതായി നീ കാണുന്ന ദിവസം! (അവരോട് പറയപ്പെടും:) “ഇന്നു നിങ്ങൾക്ക് അനു

മോദനം (അഥവാ സന്തോഷവാർത്ത), അടിഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളാകുന്നു; അതിൽ (നിങ്ങൾ) നിത്യവാസികളായ നിലയിൽ." അതുതന്നെയാണ്, വമ്പിച്ച ഭാഗ്യം.

يَوْمَ يَقُولُ ٱلْمُنَٰفِقُونَ وَٱلْمُنَٰفِقَٰتُ لِلَّذِينَ ءَامَنُوا۟ ٱنظُرُونَا نَقْتَبِسْ مِن نُّورِكُمْ قِيلَ ٱرْجِعُوا۟ وَرَآءَكُمْ فَٱلْتَمِسُوا۟ نُورًا فَضُرِبَ بَيْنَهُم بِسُورٍ لَّهُۥ بَابٌۢ بَاطِنُهُۥ فِيهِ ٱلرَّحْمَةُ وَظَٰهِرُهُۥ مِن قِبَلِهِ ٱلْعَذَابُ ١٣

13 (അതായത്) കപടവിശ്വാസികളും, കപടവിശ്വാസിനികളും വിശ്വസിച്ചവരോട് പറയുന്ന ദിവസം: "ഞങ്ങളെ നോക്കണേ, ഞങ്ങൾ നിങ്ങളുടെ പ്രകാശത്തിൽനിന്ന് (അല്പം) പകർത്തിയെടുക്കട്ടെ!" എന്ന്. (അവരോട്) പറയപ്പെടും: "നിങ്ങളുടെ പിന്നോട്ട് മടങ്ങിക്കൊള്ളുവിൻ, എന്നിട്ട് വല്ല പ്രകാശവും അന്വേഷിച്ചുകൊള്ളുവിൻ!" അപ്പോൾ, അവർക്കിടയിൽ ഒരു വാതിൽ ഉള്ളതായ അതിർത്തിമറ (അഥവാ മതിൽ) ഏർപ്പെടുത്തപ്പെടുന്നതാണ്. അതിൻെറ ഉൾഭാഗമാകട്ടെ, അതിലാണ് കാരുണ്യം (സ്വർഗ്ഗം) അതിൻെറ പുറഭാഗമാകട്ടെ, അതിൻെറ ഭാഗത്തൂടെയാണ് ശിക്ഷ (നരകം.)

يُنَادُونَهُمْ أَلَمْ نَكُن مَّعَكُمْ ۖ قَالُوا۟ بَلَىٰ وَلَٰكِنَّكُمْ فَتَنتُمْ أَنفُسَكُمْ وَتَرَبَّصْتُمْ وَٱرْتَبْتُمْ وَغَرَّتْكُمُ ٱلْأَمَانِىُّ حَتَّىٰ جَآءَ أَمْرُ ٱللَّهِ وَغَرَّكُم بِٱللَّهِ ٱلْغَرُورُ ١٤

14 അവർ അവരെ (സത്യവിശ്വാസികളെ) വിളിച്ചു പറയും: "ഞങ്ങൾ (ഇഹത്തിൽ) നിങ്ങളുടെ ഒന്നിച്ചായിരുന്നില്ലേ?!" അവർ പറയും: "അതെ, പക്ഷെ, നിങ്ങൾ നിങ്ങളെത്തന്നെ കുഴപ്പത്തിലാക്കി; നിങ്ങൾ സത്യവിശ്വാസികൾക്ക് ആപത്ത് പ്രതീക്ഷിച്ചു കൊണ്ടിരിക്കയും, (മതത്തിൽ) സന്ദേഹപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്തു; അല്ലാഹുവിൻെറ കല്പന (മരണം) വന്നെത്തുന്നതുവരെയും വ്യാമോഹങ്ങൾ നിങ്ങളെ വഞ്ചിച്ചു കളയുകയും ചെയ്തു; അല്ലാഹുവിനെ സംബന്ധിച്ചു (ആ) മഹാവഞ്ചകനും നിങ്ങളെ വഞ്ചിച്ചു കളഞ്ഞു.

فَٱلْيَوْمَ لَا يُؤْخَذُ مِنكُمْ فِدْيَةٌ وَلَا مِنَ ٱلَّذِينَ كَفَرُوا۟ ۚ مَأْوَىٰكُمُ ٱلنَّارُ ۖ هِىَ مَوْلَىٰكُمْ ۖ وَبِئْسَ ٱلْمَصِيرُ ١٥

15 "എനി, ഇന്ന് നിങ്ങളിൽ നിന്നാകട്ടെ, അവിശ്വസിച്ചവരിൽനിന്നാകട്ടെ, യാതൊരു തെണ്ടവും (പ്രായശ്ചിത്തവും) സ്വീകരിക്കപ്പെടുന്നതല്ല. നിങ്ങളുടെ സങ്കേതസ്ഥാനം നരകമാകുന്നു; അതത്രെ നിങ്ങൾക്ക് (ഏറ്റവും യോജിച്ച) ബന്ധു!" (ആ) തിരിച്ചെത്തുന്ന സ്ഥലം വളരെ ചീത്തതന്നെ!

പരലോകത്ത് വെച്ച് സത്യവിശ്വാസികളുടെ മുമ്പിലും വലതു ഭാഗത്തും ഉണ്ടാകുന്ന ആ പ്രകാശം എങ്ങനെയുള്ളതാണെന്ന് തീർത്ത് പറയുവാൻ നമുക്ക് സാധ്യമല്ല. സത്യവിശ്വാസികളുടെ മുഖങ്ങൾ അന്ന് വെളുത്തും തെളിഞ്ഞും പ്രസന്നമായും ഇരിക്കുമെന്നും, അവിശ്വാസികളുടെ മുഖങ്ങൾ അന്ന് കറുത്തിരുണ്ടും മ്ലാനമായും ഇരിക്കുമെന്നും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. (80:38-40; 3:106) സജ്ജനങ്ങളുടെ ഗ്രന്ഥം അവരുടെ മുമ്പിൽ കൂടി വലത് കൈയിലും, ദുർജ്ജനങ്ങളുടെത് അവരുടെ പിന്നിൽ കൂടി ഇടത് കൈയിലും ആയിരിക്കും നൽകപ്പെടുക എന്ന് ഖുർആനിലും (69: 19,25; 87: 7,10) ഹദീസിലും പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാകുന്നു. 'വുളു' വിന്റെ ഫലമായി ഖിയാമത്തുനാളിൽ സത്യവിശ്വാസികളുടെ കൈകാലു

കളും മുഖങ്ങളും വെളുത്ത് ശോഭിക്കുമെന്നും, നബി(സ) അരുളിയിരിക്കുന്നു. ജനങ്ങൾക്ക് അവരുടെ കർമ്മങ്ങളുടെ തോതനുസരിച്ചുള്ള പ്രകാശം ലഭിക്കുമെന്നും അതിന്റെ സഹായത്തോടെ അവർ 'സ്വിറാത്ത്' (പാലം) കടന്നു പോകുമെന്നും രിവായത്ത് ചെയ്യപ്പെട്ടിരിക്കുന്നു. (സൂ: ത്വാഹാ:124,125,126 ഉം ഈ സൂറത്തിലെ തന്നെ 19-ാം വചനവും ശ്രദ്ധിക്കുക)

മഹ്ശറയിൽ വെച്ച് അന്ധകാരത്തിൽ പെട്ട് നട്ടം തിരിയുന്ന അവിശ്വാസികളും കപട വിശ്വാസികളും സത്യ വിശ്വാസികളുടെ പ്രകാശം കാണുമ്പോൾ, അവരോട് സഹായം തേടുന്നതാണ്. "നിങ്ങൾ പിന്നോട്ട് മടങ്ങുവിൻ എന്നിട്ട് വല്ല പ്രകാശവും അന്വേഷിച്ച് കൊള്ളുവിൻ" എന്നവർ മറുപടി പറയുന്നതാണ്. ഇഹലോകത്ത് നിന്നാണ് പ്രകാശത്തിന്റെ മാർഗ്ഗങ്ങൾ സമ്പാദിക്കേണ്ടിയിരുന്നത്; അത് നിങ്ങൾ നഷ്ടപ്പെടുത്തി; ഇവിടെ വെച്ച് പ്രകാശം സമ്പാദിക്കാനാകുകയില്ല എന്നാണാ മറുപടിയുടെ സാരം.

ഇരു വിഭാഗക്കാർക്കുമിടയിൽ സ്ഥാപിക്കപ്പെടുന്ന അതിർത്തി മറ. (അഥവാ മതിൽ) എങ്ങനെയുള്ളതാണെന്ന് നമുക്കറിഞ്ഞ് കൂടാ. ഏതായാലും അതിന്റെ ഉൾഭാഗത്ത് സത്യ വിശ്വാസികളും അവർക്ക് അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന അനുഗ്രഹങ്ങളും, അതിന്റെ പുറം ഭാഗത്ത് അവിശ്വാസികളും കപട വിശ്വാസികളും അവർക്ക് ലഭിക്കുന്ന നരക ശിക്ഷകളും ആയിരിക്കും ഉണ്ടായിരിക്കുക.

"ഞങ്ങൾ നിങ്ങളുടെ ഒന്നിച്ചായിരുന്നില്ലേ" എന്ന് അവർ പറഞ്ഞത് - ഇഹത്തിൽ വെച്ച് കപട വിശ്വാസികൾ മുസ്‌ലിം വേഷമണിഞ്ഞ് ബാഹ്യത്തിൽ അവരോട് സമ്പർക്കം പുലർത്തിക്കൊണ്ടിരുന്നതിനെ ഓർമ്മിപ്പിച്ച് കൊണ്ടാണ്. അവരുടെ യഥാർത്ഥ നില ഇന്നിന്ന പ്രകാരമായിരുന്നുവെന്നും, അതുകൊണ്ട് ഇവിടെ വെച്ച് നമുക്ക് സഹകരിക്കാൻ നിവൃത്തിയില്ലെന്നും സത്യവിശ്വാസികൾ ഉത്തരം പറയുന്നതാണ്. "നിങ്ങൾ പ്രതീക്ഷിച്ച് കൊണ്ടിരുന്നു" എന്ന് പറഞ്ഞതിന്റെ സാരം മുസ്‌ലിംകൾക്ക് ഏതെങ്കിലും വിധേന അപകടം പിണയുകയും അങ്ങനെ തങ്ങൾക്ക് അവരിൽ നിന്നും രക്ഷ നേടുകയും ചെയ്യാമെന്ന് കപട വിശ്വാസികൾ പ്രതീക്ഷിച്ച് കൊണ്ടിരുന്നുവെന്നത്രേ الله اعلم . മരണം വന്നെത്തുന്നത് വരെ വ്യാമോഹങ്ങൾ നിങ്ങളെ വഞ്ചിച്ച് കളയുകയും മഹാ വഞ്ചകനായ ആ പിശാചിന്റെ വഞ്ചനയിൽ നിങ്ങൾ അകപ്പെടുകയും ചെയ്തു.

ഇന്നാകട്ടെ, നിങ്ങളിൽ നിന്നും യാതൊരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടുന്നതല്ല. നിങ്ങൾക്ക് ഏറ്റവും യോജിച്ച സങ്കേത സ്ഥാനം നരകം തന്നെയാകുന്നു. അതാകട്ടെ അങ്ങേയറ്റം ചീത്ത സ്ഥലവും.

**വചനം 16:**

16 വിശ്വസിച്ചവർക്ക് അല്ലാഹുവിൻെറ സ്മരണയിലേക്കും, അവതരിച്ചിട്ടുള്ള യഥാർത്ഥത്തിലേക്കും തങ്ങളുടെ ഹൃദയങ്ങൾ (ഒതുങ്ങി) വിനയപ്പെട്ടുവരുവാൻ സമയമായില്ലേ?! മുമ്പു വേദഗ്രന്ഥം നൽകപ്പെട്ടവരെപ്പോലെ അവർ ആകാതിരിക്കുവാനും (സമയമായില്ലേ)?! എന്നിട്ട് അവരിൽ വേദക്കാരിൽ കാലം ദീർഘിച്ചു; അങ്ങനെ, അവരുടെ ഹൃദയങ്ങൾ കടുത്തുപോയി; അവരിൽ അധികമാളുകളും ദുർന്നടപ്പുകാരുമാകുന്നു. (എന്നതുപോലെ.)

۞ أَلَمْ يَأْنِ لِلَّذِينَ ءَامَنُوٓا۟ أَن تَخْشَعَ قُلُوبُهُمْ لِذِكْرِ ٱللَّهِ وَمَا نَزَلَ مِنَ ٱلْحَقِّ وَلَا يَكُونُوا۟ كَٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ مِن قَبْلُ فَطَالَ عَلَيْهِمُ ٱلْأَمَدُ فَقَسَتْ قُلُوبُهُمْ وَكَثِيرٌ مِّنْهُمْ فَٰسِقُونَ ﴿١٦﴾

വളരെ ഗൗരവ പൂർവ്വം മുസ്‌ലീംകൾ സദാ മനസ്സിരുത്തേണ്ടുന്ന ഒരു താക്കീതാകുന്നു ഈ വചനത്തിൽ. റസൂൽ(സ) തിരുമേനി സത്യവിശ്വാസികൾക്കിടയിൽ ജീവിച്ചിരുന്ന കാലത്ത് തന്നെ അവരിൽ ചിലരിൽ നിന്നെങ്കിലും പ്രത്യക്ഷപ്പെടുവാൻ തുടങ്ങിയ അനാസ്ഥയെ കുറിച്ചാണല്ലോ ഈ വചനം ഇത്രയും ഗൗരവമായി താക്കീത് ചെയ്യുന്നത്. എന്നിരിക്കെ, ഇന്നത്തെ മുസ്‌ലികളുടെ നിലയെക്കുറിച്ച് ഒരു താക്കീത് വരികയാണെങ്കിൽ അത് എത്രമാത്രം കഠോരമായിരിക്കും.

'സത്യവിശ്വാസികൾക്ക് സമയമായില്ലെ' എന്ന വചനത്തിലൂടെ അല്ലാഹു തങ്ങളെ ആക്ഷേപിച്ചത് സത്യവിശ്വാസികളുടെ ഹൃദയങ്ങൾക്ക് ഒരു മാന്ദ്യത ബാധിച്ചതായ അവസരത്തിലായിരുന്നുവെന്ന്

ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. നബി(സ)യുടെ അനുയായികൾ മദീനയിൽ വന്നപ്പോൾ അവർക്ക് മക്കാജീവിത കാലത്തെ വിഷമാവസ്ഥയിൽ നിന്ന് കുറച്ചൊക്കെ മോചനം ലഭിച്ചു, സൗഖ്യം കരഗതമായപ്പോൾ, അവരുടെ മുമ്പത്തെ നിലപാടിൽ അൽപ്പമൊരു അയവ് വരുകയും അങ്ങനെ ഈ ആയത്തിലൂടെ ആക്ഷേപിക്കപ്പെടുകയും ചെയ്തു എന്ന് ഇബ്നു മസ്ഊദ്(റ) ഉം പ്രസ്താവിക്കുകയുണ്ടായി.

ഈ വചനത്തിലൂടെ അർത്ഥവത്തായ രണ്ടു കാര്യങ്ങൾ അല്ലാഹു സത്യവിശ്വാസികളെ ഓർമ്മിപ്പിക്കുന്നു:

1) അല്ലാഹുവിനെ കുറിച്ചുള്ള സ്മരണ നില നിറുത്തുന്നതിലും ഖുർആന്റെ ഉദ്ബോധനങ്ങൾ സ്വീകരിക്കുന്നതിലും ഒട്ടും അയവ് വരാത്തവിധം സത്യവിശ്വാസികളുടെ ഹൃദയങ്ങൾ വിനയവും ഭക്തിയും നിറഞ്ഞതായിരിക്കണം.

2) യഹൂദികളും ക്യസ്ത്യാനികളുമാകുന്ന പൂർവ്വവേദക്കാർ അവരുടെ ആദ്യകാലങ്ങളിൽ നേർമാർഗ്ഗത്തിൽ ചരിച്ചുവെങ്കിലും കാലക്രമേണ അവരുടെ ഹൃദയം ദുഷിച്ച് മരവിക്കുകയും തോന്നിയവാസത്തിൽ മുഴുകുകയും ചെയ്തത് പോലെ സത്യവിശ്വാസികളും ആയിത്തീരാതിരിക്കുവാൻ സത്യവിശ്വാസികൾ പ്രത്യേകം ശ്രദ്ധിക്കണം. വേദക്കാർ വേദഗ്രന്ഥങ്ങൾ സ്വാർത്ഥ ലാഭത്തിന് വേണ്ടി മാറ്റി മറിക്കുകയും മത മൂല്യങ്ങളെ ദുർവ്യാഖ്യാനം ചെയ്യുകയും ചെയ്തു. പുരോഹിതന്മാരേയും പണ്ഡിതന്മാരേയും അവർ റബ്ബുകളാക്കി. അവരുടെ രചനകളെ ദൈവിക ഗ്രന്ഥമായി ചിത്രീകരിക്കുകയും ചെയ്തു. അല്ലാഹുവിനെ കുറിച്ചും വേദഗ്രന്ഥങ്ങളെക്കുറിച്ചുമുള്ള സൂക്ഷ്മത കുറയുംതോറും വേദക്കാരുടെ അതേ നിലപാട് മുസ്‌ലിംകളിലും കടന്ന് കൂടുക സ്വാഭാവികമായിരിക്കും.

ആയിരത്തിനാനൂറ് കൊല്ലങ്ങൾക്ക് മുമ്പ്, ഇസ്‌ലാമിന്റെ ആദ്യ സംവത്സരങ്ങളിൽ തന്നെ അല്ലാഹു നൽകിയ താക്കീതും അല്ലാഹുവിന്റെ റസൂൽ നൽകിയ മുന്നറിയിപ്പുകളും അവഗണിച്ചതിന്റെ ഫലമായി ഇന്ന് മുസ്‌ലിം സമുദായം എത്തി നിൽക്കുന്ന ശോചനീയാവസ്ഥ ഏവർക്കും മനസ്സിലാക്കാവുന്നതാണ്. നബി(സ) തിരുമേനിയുടെ പ്രവചനം അക്ഷരം പ്രതി അവരിൽ പുലർന്ന് കൊണ്ടിരിക്കുന്നു. തിരുമേനി ഇപ്രകാരം പ്രവചിക്കുകയുണ്ടായി:

"ഇസ്രാഈല്യരിൽ സംഭവിച്ചത് അതേപോലെ തന്നെ എന്റെ സമുദായത്തിലും സംഭവിക്കും. എത്രത്തോളമെന്ന് വെച്ചാൽ അവരിൽ വല്ലവരും തന്റെ മാതാവിന്റെ അടുക്കൽ വ്യഭിചാരത്തിന് ചെന്നിട്ടുണ്ടെങ്കിൽ, എന്റെ സമുദായത്തിലും അങ്ങനെ പ്രവർത്തിക്കുന്നവരുണ്ടാകും. ഇസ്രാഈല്യർ എഴുപത്തിരണ്ട് കക്ഷികളായി ഭിന്നിച്ചിരിക്കുന്നു. എന്റെ സമുദായം എഴുപത്തിമൂന്ന് കക്ഷികളായി ഭിന്നിച്ചേക്കും. അവരിൽ ഞാനും സഹാബികളും നിലകൊള്ളുന്ന മാർഗ്ഗത്തിലുള്ള ഒരു കക്ഷി ഒഴിച്ച്, ബാക്കി എല്ലാ കക്ഷികളും നരകത്തിലായിരിക്കും" (തി).

"എന്റെ സമുദായത്തിൽ ചില ജനങ്ങളിൽ തന്നിഷ്ടങ്ങൾ പടർന്ന് പിടിക്കും - പേപ്പട്ടി വിഷം തീണ്ടിയവരിൽ അത് പടർന്ന് പിടിക്കുന്നത് പോലെ; അവന്റെ ഒരു അവയവും ഒരു സന്ധിയും അത് പ്രവേശിക്കാതെ ബാക്കിയാവുകയില്ലല്ലോ." (അ; ദാ)

ഇന്ന് മുസ്‌ലിം സമുദായത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന ചെയ്തികളെ പറ്റി ആലോചിക്കുന്നവർക്കെല്ലാം ഈ ഹദീസുകളിലെ പ്രവചനം ഇന്ന് ഒരു യാഥാർത്ഥ്യമായി ക്കഴിഞ്ഞതായി മനസ്സിലാകുന്നതാണ്.

**വചനം 17:**

ٱعۡلَمُوٓاْ أَنَّ ٱللَّهَ يُحۡيِ ٱلۡأَرۡضَ بَعۡدَ مَوۡتِهَاۚ قَدۡ بَيَّنَّا لَكُمُ ٱلۡأٓيَٰتِ لَعَلَّكُمۡ تَعۡقِلُونَ ١٧

17 നിങ്ങൾ അറിഞ്ഞുകൊള്ളുക: ഭൂമി നിർജ്ജീവമായതിനുശേഷം അല്ലാഹു അതിനെ ജീവിപ്പിക്കുന്നു എന്ന്. തീർച്ചയായും, നാം നിങ്ങൾക്ക് ദൃഷ്ടാന്തങ്ങൾ വിവരിച്ചു തന്നിരിക്കുന്നു, നിങ്ങൾ ബുദ്ധികൊടു(ത്തു ചിന്തി)ക്കുവാൻ വേണ്ടി.

നിർജ്ജീവമായി ചൈതന്യമില്ലാതെ ഉണങ്ങിക്കിടക്കുന്ന ഭൂമിയിൽ മഴ വർഷിച്ചാൽ അത് പച്ച പിടിച്ച് ജീവസ്സുള്ളതായി രൂപാന്തരപ്പെടുന്നു. അത് പോലെയാണ് ഹൃദയത്തിന്റെ നിലയും. തന്നിഷ്ടങ്ങൾ മൂലം കടുത്തുപോയ ഹൃദയങ്ങളിൽ അല്ലാഹുവിന്റെ സ്മരണയും ഖുർആന്റെ ഉദ്ബോധനവും ആകുന്ന മഴ വർഷിച്ച് തുടങ്ങിയാൽ അവർക്ക് ജീവ ചൈതന്യം ഉണ്ടാകുന്നതും അവ നന്മകളെ ഉൽപാദിപ്പിക്കുന്നതുമായിരിക്കും.

**വചനം 18,19:**

إِنَّ ٱلْمُصَّدِّقِينَ وَٱلْمُصَّدِّقَٰتِ وَأَقْرَضُوا۟ ٱللَّهَ قَرْضًا حَسَنًا يُضَٰعَفُ لَهُمْ وَلَهُمْ أَجْرٌ كَرِيمٌ ﴿١٨﴾

وَٱلَّذِينَ ءَامَنُوا۟ بِٱللَّهِ وَرُسُلِهِۦٓ أُو۟لَٰٓئِكَ هُمُ ٱلصِّدِّيقُونَ ۖ وَٱلشُّهَدَآءُ عِندَ رَبِّهِمْ لَهُمْ أَجْرُهُمْ وَنُورُهُمْ ۖ وَٱلَّذِينَ كَفَرُوا۟ وَكَذَّبُوا۟ بِـَٔايَٰتِنَآ أُو۟لَٰٓئِكَ أَصْحَٰبُ ٱلْجَحِيمِ ﴿١٩﴾

18 നിശ്ചയമായും, ദാനധർമ്മം ചെയ്യുകയും, അല്ലാഹുവിന് നല്ലതായ കടംകൊടുക്കുകയും ചെയ്യുന്ന പുരുഷൻമാരും സ്ത്രീകളും (ആരോ), അവർക്ക് ഇരട്ടിച്ചുകൊടുക്കപ്പെടുന്നതാണ്; അവർക്ക് മാന്യമായ പ്രതിഫലവും ഉണ്ടായിരിക്കും.

19 യാതൊരുവർ അല്ലാഹുവിലും, അവൻെറ റസൂലുകളിലും വിശ്വസിച്ചുവോ, അക്കൂട്ടർ തന്നെയാണ്, തങ്ങളുടെ റബ്ബിൻെറ അടുക്കൽ 'സിദ്ദീഖു'കളും, 'ശഹീദു'കളും. (സത്യസന്ധൻമാരും, രക്തസാക്ഷികളും.) അവർക്ക് അവരുടേതായ പ്രതിഫലവും, അവരുടേതായ പ്രകാശവും ഉണ്ടായിരിക്കും. യാതൊരുവർ അവിശ്വസിക്കുകയും, നമ്മുടെ ആയത്തു (ലക്ഷ്യം) കളെ വ്യാജമാക്കുകയും ചെയ്തുവോ, അക്കൂട്ടർ ജ്വലിക്കുന്ന നരകത്തിൻെറ ആൾക്കാരാകുന്നു.

സത്യ വിശ്വാസത്തിലും സത്യ നിഷ്ഠയിലും അടിയുറച്ച സത്യ സന്ധന്മാർക്കാണ് 'സിദ്ധീഖു'കൾ എന്ന് പറയുന്നത്. സത്യ മതത്തിന് വേണ്ടി ജീവൻ ബലിയർപ്പിച്ച രക്ത സാക്ഷികൾ ക്കാണ് 'ശഹീദു'കൾ എന്ന് പറയുന്നത്. സിദ്ധീഖിന്റെ സ്ഥാനം വിശ്വാസത്തിന്റെ ശക്തിയിൽ നിന്നും, ശഹീദിന്റെ സ്ഥാനം ത്യാഗത്തിന്റെ ശക്തിയിൽ നിന്നും ഉടലെടുക്കുന്നു. പ്രവാചക പദവി കഴിഞ്ഞാൽ മനുഷ്യന് എത്തിച്ചേരാൻ കഴിയുന്ന ഏറ്റവും ഉന്നതമായ പദവികളത്രേ അവ. പ്രവാചക പദവി മനുഷ്യന്റെ കർമ്മ ഫലമായോ ആഗ്രഹാനുസരണമോ ലഭിക്കുന്നതല്ല. അത് അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവന്റെ കാരുണ്യം കൊണ്ട് മാത്രം കൈ വരുന്ന പദവിയാകുന്നു. എന്നാൽ സിദ്ധീഖിന്റെയും ശഹീദിന്റെയും സ്ഥാനമാകട്ടെ വിശ്വാസ കർമ്മങ്ങളുടെ ഫലമായി സത്യവിശ്വാസികൾക്ക് ലഭിക്കാവുന്നതുമാകുന്നു. അല്ലാഹുവിലും അവന്റെ റസൂലുകളിലും, ദൃഢതയോടും, പൂർണ്ണതയോടും വിശ്വസിക്കുകയും, തദടിസ്ഥാനത്തിൽ ജീവിത ക്രമം പാലിക്കുകയും ചെയ്യുന്നവർക്കാണ് പ്രസ്തുത പദവികൾ കരഗതമാകുക. അവിശ്വസിക്കുകയും, അല്ലാഹുവിന്റെ 'ആയത്തു'കളെ വ്യാജമാക്കുകയും ചെയ്യുന്നവരാകട്ടെ, അവരുടെ ജീവിതക്രമം എത്രമേൽ നല്ലതോ, പ്രശംസനീയമോ ആയിരുന്നാൽ തന്നെയും, അവർ ജ്വലിക്കുന്ന നരകത്തിന്റെ ആൾക്കാരാകുന്നു.

18-ാം വചനത്തിൽ, ദാന ധർമ്മത്തിന്റെ മഹത്വം അല്ലാഹു ഒരിക്കൽ കൂടെ ആവർത്തിച്ച് പ്രസ്താവിക്കുന്നു.

## വിഭാഗം: 3

**വചനം 20:**

ٱعْلَمُوٓا۟ أَنَّمَا ٱلْحَيَوٰةُ ٱلدُّنْيَا لَعِبٌ وَلَهْوٌ وَزِينَةٌ وَتَفَاخُرٌۢ بَيْنَكُمْ وَتَكَاثُرٌ فِى ٱلْأَمْوَٰلِ

20 നിങ്ങൾ അറിഞ്ഞിരിക്കണം: ഐഹിക ജീവിതമെന്നത്, കളിയും, വിനോദവും, അലങ്കാരവും, നിങ്ങൾ തമ്മിൽ ദുരഭിമാനം നടിക്കലും,

وَٱلْأَوْلَٰدِ ۖ كَمَثَلِ غَيْثٍ أَعْجَبَ ٱلْكُفَّارَ نَبَاتُهُۥ ثُمَّ يَهِيجُ فَتَرَىٰهُ مُصْفَرًّا ثُمَّ يَكُونُ حُطَٰمًا ۖ وَفِى ٱلْءَاخِرَةِ عَذَابٌ شَدِيدٌ وَمَغْفِرَةٌ مِّنَ ٱللَّهِ وَرِضْوَٰنٌ ۚ وَمَا ٱلْحَيَوٰةُ ٱلدُّنْيَآ إِلَّا مَتَٰعُ ٱلْغُرُورِ ﴿٢٠﴾

സ്വത്തുക്കളിലും സന്താനങ്ങളിലും പെരുപ്പം നടിക്കലും മാത്രമാകുന്നുവെന്ന്. (അതെ, കേവലം) ഒരു മഴയുടെമാതിരി, അതിലെ (അതിൽ മുളച്ച) ചെടി കർഷകരെ ആശ്ചര്യ പ്പെടുത്തി; പിന്നീടത് വാടിപ്പോകുന്നു, എന്നിട്ട തിനെ മഞ്ഞനിറം പൂണ്ടതായി നീ കാണുന്നു, പിന്നെ അത് (ഉണങ്ങി) തുരുമ്പായിത്തീരുന്നു (എന്നപോലെ.) പരലോകത്തിലാകട്ടെ കഠിന മായ ശിക്ഷയും, അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനവും, പ്രീതിയും! ഇഹലോക ജീവതം, വഞ്ചനയുടെ (അഥവാ കൃത്രിമ ത്തിൻെറ) വിഭവമല്ലാതെ (മറ്റൊന്നും) അല്ല.

നശ്വരമായ ഐഹിക ജീവിതത്തിന്റെ ആകത്തുകയും, അതിന്റെ അർത്ഥ ശൂന്യതയും യാതൊരു വിശദീകരണവും ആവശ്യമില്ലാത്തവിധം, അല്ലാഹു ഈ വചനത്തിൽ വിവരിച്ചിരിക്കുന്നു. തുടർന്ന്, അന ശ്വരമായ പരലോക ജീവിതത്തിൽ ലഭിക്കുവാനിരിക്കുന്നത് എന്തെല്ലാമാണെന്നും ചൂണ്ടിക്കാട്ടുന്നു. പ്രത്യ ക്ഷമായോ പരോക്ഷമായോ ഭൗതികവാദം വെച്ച് പുലർത്തുന്നവരും, പുരോഗമന വാദികളെന്ന് നടിക്കു ന്നവരും, ഇത്തരം വചനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഐഹിക സുഖങ്ങളെല്ലാം വർജി ക്കണമെന്നോ, പാടില്ലാത്തതാണെന്നോ, ഈ വചനം അർത്ഥമാക്കുന്നില്ല. അവയൊക്കെ, അല്ലാഹുവിന്റെ നിയമ നിർദ്ദേശങ്ങൾക്കനുസരിച്ചും, പരിമിതമായ തോതിലും, പാരത്രിക നന്മയ്ക്ക് ഉതകുന്ന വിധത്തി ലും, ഉപയോഗപ്പെടുത്തേണ്ടതാകുന്നു.

ഭൗതിക ജീവിതം, നശ്വരവും ക്ഷണികവുമാണെന്ന് അല്ലാഹു ഉപമാ രൂപത്തിൽ ചൂണ്ടിക്കാട്ടു ന്നു. പിന്നീടുള്ളത് ശാശ്വതമായ പരലോക ജീവിതമാകുന്നു. അവിടെയാകട്ടെ ഐഹിക ജീവിതത്തിൽ വഞ്ചിതരായവർക്ക് കഠിന ശിക്ഷയും, ഐഹിക ജീവിതത്തെ, പരലോകത്തേക്ക് സമ്പാദിക്കുവാനുള്ള വിള നിലമായി പ്രയോജനപ്പെടുത്തിയവർക്ക്, പാപമോചനവും പ്രീതിയും അല്ലാഹു അറിയിക്കുന്നു: “ഐഹിക ജീവിതം വഞ്ചനയുടെ അഥവാ കൃത്രിമത്വത്തിന്റെ വിഭവം മാത്രമാണെ”ന്ന താക്കീതും അല്ലാഹു നൽകിയിരിക്കുന്നു.

**വചനം 21:**

سَابِقُوٓا۟ إِلَىٰ مَغْفِرَةٍ مِّن رَّبِّكُمْ وَجَنَّةٍ عَرْضُهَا كَعَرْضِ ٱلسَّمَآءِ وَٱلْأَرْضِ أُعِدَّتْ لِلَّذِينَ ءَامَنُوا۟ بِٱللَّهِ وَرُسُلِهِۦ ۚ ذَٰلِكَ فَضْلُ ٱللَّهِ يُؤْتِيهِ مَن يَشَآءُ ۚ وَٱللَّهُ ذُو ٱلْفَضْلِ ٱلْعَظِيمِ ﴿٢١﴾

21 നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപ മോചനത്തിലേക്കും, ഒരു സ്വർഗ്ഗത്തിലേക്കും മുൻകടന്നുവരുവിൻ! അതിൻെറ (ആ സ്വർഗ്ഗ ത്തിൻെറ) വിസ്താരം ആകാശത്തിൻെറയും, ഭൂമിയുടെയും വിസ്താരം പോലെയാകുന്നു; അല്ലാഹുവിലും, അവൻെറ റസൂലുകളിലും വിശ്വസിച്ചവർക്കുവേണ്ടി അത് തയ്യാറാക്ക പ്പെട്ടിരിക്കുന്നു. അത്, അല്ലാഹുവിൻെറ ദയ വത്രെ. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ കൊടുക്കുന്നു. അല്ലാഹുവാകട്ടെ, മഹത്തായ ദയവുള്ളവനുമാകുന്നു.

ആകാശ ഭൂമികളോളം വിസ്തൃതിയുള്ള അതി വിശാലമായ മഹാലോകമാകുന്ന സ്വർഗ്ഗത്തിൽ പ്രവേശനം ലഭിക്കുന്നതിന്, അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനം വഴി അർഹത നേടുവാനായി ഓരോരുത്തരും ഞാൻ മുമ്പിലാവണമെന്ന ആവേശത്തോടെ മുമ്പോട്ട് വരണം എന്ന് അല്ലാഹു ഉപദേ ശിക്കുന്നു. അതിനായി, അല്ലാഹുവിനേയും റസൂലിനേയും അനുസരിച്ച് കൊണ്ട്, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, ദുഷ്കർമ്മങ്ങൾ വെടിയുകയും ചെയ്തുകൊണ്ട് ജീവിക്കുവാൻ ഉൽസുകരായിരി

ക്കണം. ഇതേ ആശയം സൂ:ആലു ഇംറാൻ 132,133 വചനങ്ങളിലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

'അല്ലാഹുവിലും അവന്റെ റസൂലുകളിലും വിശ്വസിച്ചവർക്ക് വേണ്ടി സ്വർഗ്ഗം തയ്യാറാക്കപ്പെട്ടിരിക്കുന്നു' എന്ന് ഈ ആയത്തിലും 'ഭയഭക്തന്മാർക്ക് വേണ്ടി അത് ഒരുക്കി വെക്കപ്പെട്ടിരിക്കുന്നു' എന്ന് സൂ: ആലു ഇംറാൻ: 133-ാം വചനത്തിലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അപ്പോൾ സ്വർഗ്ഗം ലഭിക്കുന്നതിനുള്ള അടിസ്ഥാന മാനദണ്ഡം സത്യവിശ്വാസമാണെന്നും, സത്യവിശ്വാസം നഷ്ടപ്പെട്ടിട്ടില്ലാത്തവർക്ക്, (അവർ ശിക്ഷാർഹമായ പാപം ചെയ്തിട്ടുള്ള വരാണെങ്കിലും ആ പാപങ്ങൾക്കുള്ള നരക ശിക്ഷ അവർ അനുഭവിച്ചതിന് ശേഷം) സ്വർഗ്ഗ പ്രവേശം ലഭിക്കാതിരിക്കുകയില്ലെന്നും ഇതിൽ നിന്നും മനസ്സിലാക്കാം. നരകം തയ്യാറാക്കപ്പെട്ടിട്ടുള്ളത് അവിശ്വാസികൾക്ക് വേണ്ടിയാണെന്ന് സൂ: ആലു ഇംറാൻ: 131-ാം വചനത്തിലും സൂ: അൽ ബഖറ: 24-ാം വചനത്തിലും അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. (അല്ലാഹുവിലുള്ള വിശ്വാസത്തെ കുറിച്ച വിശദമായ വിവരണം സൂ: ഹുജുറാത്ത്: 14,15. വചനങ്ങളുടെ വിശദീകരണത്തിൽ കാണാം.)

"സ്വർഗ്ഗം അല്ലാഹുവിന്റെ ദയവത്രേ, അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ കൊടുക്കുന്നു. അല്ലാഹു മഹത്തായ, ദയവുള്ളവനാകുന്നു" - എന്ന വചനം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. സത്യവിശ്വാസികൾക്ക് സ്വർഗ്ഗം പ്രദാനം ചെയ്യുകയെന്നുള്ളത് അല്ലാഹുവിന്റെ മേൽ നിർബ്ബന്ധമുള്ളതോ, അവനോട് ചോദിച്ച് വാങ്ങുവാൻ അവകാശപ്പെട്ടതോ അല്ല, അത് അവൻ ഔദാര്യമായി നൽകുന്നതാകുന്നു.

"നിങ്ങളിൽ ഒരാളേയും - എന്നെ തന്നെയും - തന്റെ കർമ്മം സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയില്ല; നരകത്തിൽ നിന്നും രക്ഷിക്കുകയുമില്ല. അല്ലാഹുവിന്റെ കാരുണ്യം കൊണ്ടല്ലാതെ." എന്ന് നബി(സ) തിരുമേനി അരുളിയിരിക്കുന്നു. അവനോട് അവകാശം പറഞ്ഞോ, നിർബ്ബന്ധ പൂർവ്വമോ സ്വർഗ്ഗം നേടിയെടുക്കാൻ ആർക്കും അർഹതയും അധികാരവും കഴിവും ഇല്ല തന്നെ.

സൽകർമ്മങ്ങൾക്ക്, സ്വർഗ്ഗം അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതാണെങ്കിലും മനുഷ്യൻ ചെയ്യുന്ന സൽകർമ്മങ്ങൾക്ക് നമുക്ക് അറിയാവുന്നതോ, അല്ലാത്തതോ ആയ കാരണങ്ങളാൽ അല്ലാഹുവിങ്കൽ സ്വീകാര്യമായില്ലെന്ന് വരാം. അതുകൊണ്ടാണ് സൽകർമ്മങ്ങൾ ചെയ്തതിന് ശേഷം ربنا تقبّل منّا (ഞങ്ങളിൽ നിന്ന് സ്വീകരിക്കേണമേ) എന്നത് പോലെയുള്ള പ്രാർത്ഥനകൾ നാം ചെയ്യുന്നതും, ചെയ്യേണ്ടതും. മാത്രമല്ല, ഒരാൾ എത്ര തന്നെ പരിശുദ്ധമായ ജീവിതം നയിച്ചാലും, അതു കേവലം ഒരു പരിമിതമായ അളവിലും കാലത്തേക്കുമായിരിക്കുമല്ലോ. എന്നാൽ സ്വർഗീയാനുഗ്രങ്ങളാകട്ടെ, അതി മഹത്തായതും അനശ്വരവുമാണല്ലൊ. "സ്വർഗ്ഗത്തിൽ ഒരു ചമ്മട്ടിയുടെ സ്ഥലം ഇഹലോകത്തേയും, അതിലുള്ളവയേക്കാൾ ഉത്തമമായതാണ്" എന്നത്രേ നബി(സ) വിശേഷിപ്പിച്ചിരിക്കുന്നത്.

**വചനം 22,23,24:**

مَآ أَصَابَ مِن مُّصِيبَةٍ فِى ٱلْأَرْضِ وَلَا فِىٓ أَنفُسِكُمْ إِلَّا فِى كِتَـٰبٍ مِّن قَبْلِ أَن نَّبْرَأَهَآ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿٢٢﴾

22 ഭൂമിയിലാകട്ടെ, നിങ്ങളിൽ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയാകട്ടെ ഏതൊരു ബാധയും (അഥവാ ആപത്തും)- നാം അതിനെ സൃഷ്ടിക്കുന്നതിനുമുമ്പായി അതൊരു (രേഖാ) ഗ്രന്ഥത്തിൽ ഇല്ലാതെ-ബാധിക്കുകയില്ല. നിശ്ചയമായും അത് (ആ രേഖപ്പെടുത്തൽ) അല്ലാഹുവിൻെറമേൽ നിസ്സാരമാകുന്നു.

لِّكَيْلَا تَأْسَوْا۟ عَلَىٰ مَا فَاتَكُمْ وَلَا تَفْرَحُوا۟ بِمَآ ءَاتَىٰكُمْ ۗ وَٱللَّهُ لَا يُحِبُّ كُلَّ مُخْتَالٍ فَخُورٍ ﴿٢٣﴾

23 നിങ്ങൾക്കു (ലഭിക്കാതെ) പാഴായിപ്പോയതിൻെറ പേരിൽ നിങ്ങൾ സങ്കടപ്പെടാതിരിക്കുവാനും, നിങ്ങൾക്ക് അവൻ നൽകിയതിൽ നിങ്ങൾ ആഹ്ളാദം കൊള്ളാതിരിക്കുവാനും വേണ്ടിയത്രെ (അങ്ങിനെ ചെയ്തത്). ദുരഭിമാനിയായ, പൊങ്ങച്ചക്കാരനായ എല്ലാവരെയും (ഒരാളെയും) അല്ലാഹു ഇഷ്ടപ്പെടുന്നതല്ല.

24 അതായത്, പിശുക്കു കാണിക്കുകയും, പിശുക്കു കാണിക്കുവാൻ മനുഷ്യരോട് കൽപിക്കുകയും ചെയ്യുന്നവരെ ആരെങ്കിലും പിൻതിരിഞ്ഞു പോകുന്നപക്ഷം, നിശ്ചയമായും അല്ലാഹു ധന്യനും സ്തുത്യർഹനു മത്രെ.

ٱلَّذِينَ يَبۡخَلُونَ وَيَأۡمُرُونَ ٱلنَّاسَ بِٱلۡبُخۡلِۗ وَمَن يَتَوَلَّ فَإِنَّ ٱللَّهَ هُوَ ٱلۡغَنِيُّ ٱلۡحَمِيدُ ﴿٢٤﴾

ഭൂമിയിലാകട്ടെ മനുഷ്യരിലാകട്ടെ ചെറുതോ, വലുതോ, പൊതുവായതോ, പ്രത്യേകമായതോ ആയ ഏതൊരു തരം ബാധകളും അത് രൂപം കൊള്ളുന്നതിന് മുമ്പ് തന്നെ ഒരു രേഖാ ഗ്രന്ഥത്തിൽ അല്ലാഹു അത് രേഖപ്പെടുത്തി വെക്കാത്തതായിട്ടില്ല. ഓരോന്നും സംഭവിക്കുന്നതിന് മുമ്പ് തന്നെ അത് ഇന്നിന്ന പ്രകാരത്തിലായിരിക്കുമെന്ന് അല്ലാഹു പൂർണ്ണമായും അറിഞ്ഞിരിക്കുമെന്നും നിർണ്ണയിച്ചിരിക്കുമെന്നും വ്യക്തമാണ്. ഇസ്‌ലാമിലെ മൗലിക പ്രധാനമായ വിശ്വാസ സിദ്ധാന്തങ്ങളിൽ പെട്ടതത്രേ ഈ വിശ്വാസം. ഇതിനെക്കുറിച്ചാണ് അല്ലാഹുവിന്റെ 'ഖളാ-ഖദ്‌റ്' (വിധി വ്യവസ്ഥ) ലുള്ള വിശ്വാസം എന്ന് പറയുന്നത്. അല്ലാഹുവിലുള്ള വിശ്വാസം പൂർണ്ണമായിട്ടില്ലാത്തവർക്കും, യുക്തിവാദികൾക്കും പ്രസ്തുത വിശ്വാസം ഉൾകൊള്ളാൻ വിമുഖതയുണ്ടാകാമെങ്കിലും അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അതെല്ലാം, (ആ രേഖപ്പെടുത്തൽ) ഒരു നിസ്സാരമായ കാര്യമാകുന്നു.

ഇങ്ങനെ മുൻകൂട്ടി രേഖപ്പെടുത്തിയിരിക്കുന്നത് എന്തിന് വേണ്ടിയാണെന്നുള്ളതിനുള്ള മറുപടി അല്ലാഹു തുടർന്നുള്ള വചനത്തിൽ പറയുന്നു:

മേൽ പറഞ്ഞ അറിവുണ്ടായിക്കഴിഞ്ഞാൽ, നഷ്ടം ബാധിക്കുന്നതിന്റെ പേരിൽ അമിതമായി സങ്കടപ്പെടുന്നതിനും നിരാശ ബാധിക്കുന്നതിനും, അവകാശമില്ല; നേട്ടം ലഭിക്കുന്നതിന്റെ പേരിൽ അമിതമായ ആഹ്ലാദത്തിനും അഹങ്കാരത്തിനും സ്ഥാനവുമില്ല.

"നേട്ടങ്ങൾ ഉണ്ടാകുമ്പോളുള്ള സന്തോഷം അല്ലാഹുവിനോടുള്ള നന്ദിയും, വിഷമങ്ങളുണ്ടാകുമ്പോളുള്ള വ്യസനം, ക്ഷമയും ആക്കികൊള്ളുക" എന്ന് ഇക്രിമ(റ) പറഞ്ഞത് ഈയവസരത്തിൽ പ്രത്യേകം പ്രസ്താവ്യമാകുന്നു.

എന്നാൽ അല്ലാഹു തങ്ങൾക്ക് ധനം നല്കിയതിൽ അവനോട് നന്ദിയും കൂറും പ്രകടിപ്പിക്കാതെ, അഹങ്കാരവും പൊങ്ങച്ചവും കൈക്കൊള്ളുന്ന ദുരഭിമാനികളെ അല്ലാഹു ഇഷ്ടപ്പെടുന്നതല്ല. പ്രസ്തുത ധനം അല്ലാഹു നിർദ്ദേശിച്ച മാർഗ്ഗത്തിൽ ചിലവഴിക്കാതെ അവർ പിശുക്ക് കാണിക്കുകയും പിശുക്ക് കാണിക്കുവാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ, അതുമൂലം അവർക്കല്ലാതെ, അല്ലാഹുവിന് യാതൊരു നഷ്ടവും പറ്റാനില്ലെന്ന് അല്ലാഹു അവരെ ശക്തമായി താക്കീത് ചെയ്യുകയും ചെയ്യുന്നു. നിശ്ചയമായും അല്ലാഹു ധന്യനും സ്തുത്യർഹനുമത്രേ.

**വചനം 25:**

25 തീർച്ചയായും, നമ്മുടെ റസൂലുകളെ വ്യക്തമായ തെളിവുകൾ സഹിതം നാം അയച്ചിട്ടുണ്ട്. മനുഷ്യർ നീതിമുറയനുസരിച്ചു നിലകൊള്ളുവാൻവേണ്ടി അവരോടൊപ്പം നാം വേദഗ്രന്ഥവും, (നീതിയാകുന്ന) തുലാസ്സും ഇറക്കുകയും ചെയ്തിരിക്കുന്നു. ഇരുമ്പും നാം ഇറക്കിയിരിക്കുന്നു. അതിൽ കഠിനമായ ആയോധനശക്തിയും, ജനങ്ങൾക്ക് പല ഉപയോഗങ്ങളും ഉണ്ട്. (കൂടാതെ) അല്ലാഹുവിനെയും അവൻെറ റസൂലുകളെയും അദൃശ്യമായ നിലയിൽ സഹായിക്കുന്നത് ആരാണെന്ന് അവൻ അറിയുവാനും വേണ്ടിയാകുന്നു

لَقَدۡ أَرۡسَلۡنَا رُسُلَنَا بِٱلۡبَيِّنَٰتِ وَأَنزَلۡنَا مَعَهُمُ ٱلۡكِتَٰبَ وَٱلۡمِيزَانَ لِيَقُومَ ٱلنَّاسُ بِٱلۡقِسۡطِۖ وَأَنزَلۡنَا ٱلۡحَدِيدَ فِيهِ بَأۡسٞ شَدِيدٞ وَمَنَٰفِعُ لِلنَّاسِ وَلِيَعۡلَمَ ٱللَّهُ مَن يَنصُرُهُۥ وَرُسُلَهُۥ بِٱلۡغَيۡبِۚ إِنَّ ٱللَّهَ قَوِيٌّ عَزِيزٞ ﴿٢٥﴾

(അത്). നിശ്ചയമായും അല്ലാഹു ശക്തനും പ്രതാപശാലിയുമാണ്.

മനുഷ്യ സമുദായം നീതിയനുസരിച്ച് നില കൊള്ളുന്നതിനാവശ്യമായ തെളിവുകളും ഉപദേശ നിർദ്ദേശങ്ങളും സഹിതം വേദഗ്രന്ഥങ്ങളും മാന ദണ്ഡങ്ങളും നിയമ വ്യവസ്ഥകളാകുന്ന തുലാസുകളും സഹിതമാണ് ഓരോ കാലത്തും അല്ലാഹു അവന്റെ ദൂതന്മാരെ അയച്ചിട്ടുള്ളത്. എന്നിട്ട്, പിന്നെയും കുഴപ്പത്തിനും, ആക്രമത്തിനും മുതിരുന്നവരെ ബലം പ്രയോഗിച്ച് ഒതുക്കി നിർത്തേണ്ടുന്നതിന്, ഇരുമ്പിനെയും അല്ലാഹു ഇറക്കിയിരിക്കുന്നു. പ്രതിരോധത്തിലും യുദ്ധത്തിലും മാത്രമല്ല മനുഷ്യന്റെ ദൈനംദിന ആവശ്യങ്ങളിലും ഇരുമ്പിന്റെ ഉപയോഗം ധാരാളമാണല്ലോ. കൂടാതെ അല്ലാഹുവും അവന്റെ റസൂലുകളും നിർദ്ദേശിക്കുന്ന നീതിമാർഗ്ഗങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്ന ദുശ്ശക്തികൾക്കെതിരെ ഇരുമ്പിനെ ഉപയോഗപ്പെടുത്തുകയും, അങ്ങനെ അല്ലാഹുവിന്റെയും റസൂലുകളുടെയും പക്ഷത്തെ നഹായിക്കുകയും ചെയ്യുന്നവരെ മറ്റുള്ളവരിൽ നിന്ന് പ്രത്യക്ഷത്തിൽ വേർ തിരിച്ച് കാണുന്നതിനും അത് സഹായകമാകുന്നു.

സാധനങ്ങൾ തൂക്കി കണക്കാക്കുവാനുള്ള സാധാരണ തുലാസ്സു 'മീസാൻ' എന്ന ഇനത്തിൽ ഉൾപ്പെടുമെങ്കിലും, സത്യാസത്യങ്ങളും, ന്യായാന്യായങ്ങളും തൂക്കി ക്കണക്കാക്കുന്ന മാനദണ്ഡം എന്നത്രെ ഇവിടെ 'മീസാൻ' എന്നത് കൊണ്ടുള്ള വിവക്ഷ.

## വിഭാഗം - 4

**വചനം 26,27:**

وَلَقَدْ أَرْسَلْنَا نُوحًا وَإِبْرَٰهِيمَ وَجَعَلْنَا فِى ذُرِّيَّتِهِمَا ٱلنُّبُوَّةَ وَٱلْكِتَـٰبَ ۖ فَمِنْهُم مُّهْتَدٍ ۖ وَكَثِيرٌ مِّنْهُمْ فَـٰسِقُونَ ﴿٢٦﴾ ثُمَّ قَفَّيْنَا عَلَىٰٓ ءَاثَـٰرِهِم بِرُسُلِنَا وَقَفَّيْنَا بِعِيسَى ٱبْنِ مَرْيَمَ وَءَاتَيْنَـٰهُ ٱلْإِنجِيلَ وَجَعَلْنَا فِى قُلُوبِ ٱلَّذِينَ ٱتَّبَعُوهُ رَأْفَةً وَرَحْمَةً وَرَهْبَانِيَّةً ٱبْتَدَعُوهَا مَا كَتَبْنَـٰهَا عَلَيْهِمْ إِلَّا ٱبْتِغَآءَ رِضْوَٰنِ ٱللَّهِ فَمَا رَعَوْهَا حَقَّ رِعَايَتِهَا ۖ فَـَٔاتَيْنَا ٱلَّذِينَ ءَامَنُوا۟ مِنْهُمْ أَجْرَهُمْ ۖ وَكَثِيرٌ مِّنْهُمْ فَـٰسِقُونَ ﴿٢٧﴾

26 നൂഹിനെയും, ഇബ്രാഹീമിനെയും നാം അയക്കുകയുണ്ടായി. രണ്ടുപേരുടെയും സന്തതികളിൽ പ്രവാചകത്വവും, വേദഗ്രന്ഥവും നാം ഏർപ്പെടുത്തുകയും ചെയ്തു. എന്നിട്ട് അവരിൽ സൻമാർഗ്ഗം പ്രാപിച്ചവരുണ്ട്; അവരിൽ വളരെപ്പേർ ദുർന്നടപ്പുകാരുമാകുന്നു.

27 പിന്നീട് അവരുടെ പിറകിലായി നമ്മുടെ ദൂതൻമാരെ നാം തുടർന്നയച്ചു. മർയമിൻെറ പുത്രൻ ഈസായെയും തുടർന്നയച്ചു; അദ്ദേഹത്തിന് നാം 'ഇഞ്ചീലും', (സുവിശേഷ ഗ്രന്ഥവും) നൽകി. അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ കൃപയും, കരുണയും നാം ഏർപ്പെടുത്തുകയും ചെയ്തു. ഒരു (തരം) സന്യാസജീവിതം അവർ നൂതനമായുണ്ടാക്കി. അല്ലാഹുവിൻെറ പ്രീതിയെ തേടേണ്ടതിന് (അവരത് ചെയ്തു) എന്നല്ലാതെ, അവരുടെമേൽ നാമതു നിയമിച്ചിട്ടില്ല. എന്നാൽ, അത് പാലിക്കേണ്ട മുറപ്രകാരം അതവർ പാലിച്ചില്ല. അപ്പോൾ, അവരിൽനിന്നു വിശ്വസിച്ചവർക്ക് അവരുടെ പ്രതിഫലം നാം നൽകി. അവരിൽ വളരെ ആളും ദുർന്നടപ്പുകാരാകുന്നു.

പൂർവ്വ പ്രവാചകന്മാരിൽ രണ്ട് പ്രധാന പ്രവാചക വര്യന്മാരാണ് നൂഹ്(അ) നബിയും, ഇബ്രാഹീം(അ) നബിയും. പ്രവാചകത്വത്തിന്റെയും വേദഗ്രന്ഥത്തിന്റെയും പാരമ്പര്യം നില നിന്ന് പോന്നത് അവരുടെ സന്തതികൾ വഴിയാണ്. നൂഹ്(അ) നബിയുടെ കാലശേഷം ഇബ്രാഹീം(അ) നബിയുടെ കാലം വരെയുള്ള പ്രവാചകന്മാർ നൂഹ്(അ) നബിയുടെ സന്തതികളിൽ പെട്ടവരും (സൂ:സ്വാഫ്ഫാത്ത്:77-ാം വചനവും നോക്കുക), ഇബ്രാഹീം(അ) നബിക്ക് ശേഷം അറിയപ്പെട്ടിട്ടുള്ള പ്രവാചകന്മാ

രെല്ലാം (മുഹമ്മദ് നബി(സ) ഒഴികെ) അദ്ദേഹത്തിന്റെ സന്തതികളിൽ പെട്ടവരും (സൂ: അൻകബൂത്ത്:27-ാം വചനവും നോക്കുക) ആകുന്നു.

എന്നാൽ ഈ രണ്ടു പ്രവാചകന്മാരുടെ സന്തതികളെല്ലാം തന്നെ, അവരും അവരെ തുടർന്ന് വന്ന പ്രവാചകന്മാരും, പ്രബോധനം ചെയ്ത നേർമാർഗ്ഗം സ്വീകരിച്ചവരായിരുന്നില്ല. കുറെപേർ നേർമാർഗ്ഗം അവലംബിച്ചുവെങ്കിലും അധികമാളുകളും ദുർമാഗ്ഗികൾ തന്നെയായിരുന്നു.

പൂർവ്വ നബിമാരിൽ അവസാനത്തെ പ്രവാചകൻ ഈസാ(അ) നബിയാണല്ലോ. അദ്ദേഹത്തിന്റെ സമുദായം, അവരുടെ ആദ്യ ഘട്ടത്തിൽ തങ്ങളുടെ പ്രവാചകന്റെ കാലടികളെ പിൻപറ്റിപ്പോന്നുവെങ്കിലും 16-ാം വചനത്തിൽ കണ്ടതുപോലെ, കാലക്രമത്തിൽ അവരും ദുഷിച്ച് പോകുകയും സത്യത്തിൽ നിന്ന് അകന്ന് പോകുകയും ചെയ്തു. ഇന്ന് ലോകത്ത് നിലവിലുള്ള ഏറ്റവും വലിയ ജനതയായ, പ്രസ്തുത കൃസ്തീയ സമുദായത്തെ സംബന്ധിച്ച ചില പരാമർശങ്ങളാണ് 27-ാം വചനത്തിൽ വിവരിക്കപ്പെട്ടിട്ടുള്ളത്:

(1). ഈസാ(അ) നബിയെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ അല്ലാഹു കൃപയും കരുണയും ഏർപ്പെടുത്തി: സാധുദയ, ദീനശുശ്രൂഷ, പരസ്പര സഹായം ആദിയായ വിഷയങ്ങളിൽ ഈസാ(അ) അവരെശക്തിയായി ഉപദേശിച്ചുകൊണ്ടിരുന്നു. ഈ ഗുണങ്ങൾ കൃസ്ത്യാസികളിലും, അവരുടെ മിഷ്യനറിമാരിലും കുറെയൊക്കെ ഇന്നും അവശേഷിക്കുന്നതായിട്ട് കാണാം.

(2). ഒരു (തരം) സന്യാസ ജീവിതം അവർ പുതുതായി നിർമ്മിച്ചു: കൃസ്ത്യാനികളിൽ നിലവിലുള്ള പല ദുരാചാരങ്ങളുടെയും ഉത്ഭവ സ്ഥാനം ഇതാകുന്നു. വിവാഹം കഴിക്കാതിരിക്കുക, കുടുംബ ജീവിതം ഉപേക്ഷിക്കുക, ഭക്ഷണ പാനീയങ്ങൾ വർജ്ജിക്കുക, വിജന പ്രദേശത്ത് കഴിഞ്ഞുകൂടുക, ചില പ്രത്യേക വേഷം സ്വീകരിക്കുക, മൗന വ്രതം സ്വീകരിക്കുക എന്നിങ്ങനെയുള്ള നിഷ്ഠകൾ, ചിലർ സ്വയമെയും, മറ്റ് ചിലർ നിർബ്ബന്ധിതാവസ്ഥയിലും അനുഷ്ഠിച്ചു പോന്നു. എന്നാൽ സന്യാസ ജീവിതമെന്നത് അല്ലാഹു കൽപിച്ചതോ നിയമമാക്കിയതോ ആയിരുന്നില്ല. അല്ലാഹുവിന്റെ പ്രീതിയെ തേടേണ്ടതിനായി അവർ സ്വയം തെരഞ്ഞെടുത്ത മാർഗ്ഗമായിരുന്നു. ഇത് സംബന്ധിച്ചാണ് "ഒരു സന്യാസ ജീവിതം അവർ നൂതനമായി ഉണ്ടാക്കി" എന്ന് അല്ലാഹു പറഞ്ഞത്. ഇത് മുഖേന മതത്തിൽ ഇല്ലാത്ത ഒരു കർശന നടപടി അവർ സ്വയം നിർബ്ബന്ധിതമാക്കിത്തീർക്കുകയും, അങ്ങനെ മതത്തിൽ അതിര് കവിയുകയുമാണ് അവർ ചെയ്തത്. ഇതാണ് അവരിൽ വന്ന ഒന്നാമത്തെ അബദ്ധം. ഈസാ(അ) നബിയെ സംബന്ധിച്ച് പോലും ഇത്തരം ഒരു അതിര് കവിയ്യലാണ് ക്രിസ്ത്യാനികളിൽ സംഭവിച്ചതും. അവർ അദ്ദേഹത്തെ, ദൈവമോ, ദൈവ പുത്രനോ ആക്കിത്തീർത്തു. ഇതെല്ലാം കാരണമായിട്ടാണ്. "വേദക്കാരെ, നിങ്ങൾ നിങ്ങളുടെ മതത്തിൽ അതിര് കവിയരുത്" എന്ന സൂ: നിസാഅ്: 171; സൂ: മാഇദ:77 എന്നിവിടങ്ങളിൽ അല്ലാഹു പ്രസ്താവിച്ചിട്ടുള്ളത്.

(3.) അല്ലാഹു നിയമിക്കാത്ത ഒരു സമ്പ്രദായം മതത്തിൽ അവർ സ്വയം കെട്ടിയുണ്ടാക്കി - എന്നാൽ അവർ സ്വയം ഏറ്റെടുത്ത ആ കൃത്യം പാലിക്കേണ്ടവിധം അവർ പാലിക്കുകയൊട്ടുണ്ടായതുമില്ല. ഇതുമൂലം എത്രയോ മനുഷ്യായുസ്സുകൾ സന്യാസി മഠമാകുന്ന കാരാഗ്രഹത്തിനുള്ളിൽ ഹോമിക്കപ്പെട്ടു; എത്രയോ സ്ത്രീ പുരുഷന്മാർ രഹസ്യവും പരസ്യവുമായി വമ്പിച്ച ദുഷ് കൃത്യങ്ങൾക്ക് വശംവദരായി; ഏത് പാപങ്ങളും അക്രമവും ചെയ്താലും, കുമ്പസാര പ്രകിയയിലൂടെ പുരോഹിതന്മാർ പൊറുത്ത് കൊടുക്കുന്നതോടെ പാപമുക്തരായിത്തീരാം എന്നത് മത നിയമമായി. മാത്രമല്ല, പാതിരിമാർ കൽപിക്കുന്ന ഏത് നിയമവും മത നിയമമായി ത്തീരുകയും ചെയ്തു.

സന്യാസം, തപസ്സ്, പൗരോഹിത്യം എന്നിത്യാദിയെ സംബന്ധിച്ച് ഇസ്‌ലാമിന്റെ കാഴ്ച്ചപ്പാട് താഴെ വിവരിച്ച സംഭവങ്ങളിലൂടെ, വിശദീകരിക്കപ്പെട്ടിരിക്കുന്നു:

രാത്രി മുഴുവൻ ഉറങ്ങാതെ ഞാൻ നിസ്കരിക്കുമെന്നും, ഒരു ദിവസവും മുടങ്ങാതെ താൻ നോമ്പനുഷ്ഠിക്കുമെന്നും, താൻ വിവാഹം കഴിക്കാതെ സ്ത്രീകളിൽ നിന്ന് അകന്ന് നിൽക്കുമെന്നും നിശ്ചയിച്ച സഹാബികളോട് നബി(സ) തിരുമേനി ഇപ്രകാരം പറയുകയുണ്ടായി; "അല്ലാഹുവിനെ തന്നെയാണെ, നിങ്ങളെക്കാളും അല്ലാഹുവിനെ പേടിക്കുന്നവനും, അവനോട് ഭയഭക്തിയുള്ളവനുമാകുന്നു ഞാൻ. പക്ഷെ

ഞാൻ (ഐഹികമായ) നമസ്കാരം നിർവ്വഹിക്കുകയും ഉറങ്ങുകയും ചെയ്യുന്നു; ഞാൻ (ഐഹികമായ) നോമ്പെടുക്കുകയും, മുറിക്കുകയും ചെയ്യുന്നു; ഞാൻ വിവാഹജീവിതം നയിക്കുകയും ചെയ്യുന്നു. എന്നാൽ ആരെങ്കിലും എന്റെ ചര്യവിട്ട് (മറ്റ് വല്ലതും) ആഗ്രഹിക്കുന്ന പക്ഷം അവൻ എന്നിൽ പെട്ടവനല്ല."

തനിക്ക് ഒസിയത്ത് നൽകണമെന്നപേക്ഷിച്ച ഒരാളെ നബി(സ) ഇപ്രകാരം ഉപദേശിക്കുകയുണ്ടായി:

"അല്ലാഹുവിനോട് ഭയഭക്തി കാണിക്കുക. അത് എല്ലാറ്റിന്റെയും പ്രധാന വശമാകുന്നു. നീ 'ജിഹാദും' (സമരം) മുറുകെ പിടിക്കുക. അത് ഇസ്‌ലാമിലെ സന്യാസമാകുന്നു. 'അല്ലാഹുവിന്റെ ദിക്റും ഖുർആൻ പാരായണവും സ്വീകരിക്കുക.' അത് ആകാശത്തിൽ നിനക്ക് ജീവസ്സും ഭൂമിയിൽ നിനക്ക് കീർത്തിയുമാകുന്നു." (അ)

മതപരമായ നിർബ്ബന്ധ കർമ്മങ്ങൾ പോലും നിർവ്വഹിക്കുവാൻ നിവൃത്തിയില്ലാത്തവിധം സമൂഹത്തിൽ അക്രമവും മർദ്ദനങ്ങളും അരാജകത്വവും സർവ്വത്ര നടമാടുന്ന അവസരത്തിൽ തന്റെ മതപരമായ കടമകൾ നിർവ്വഹിക്കുന്നതിനായി സമൂഹത്തിൽ നിന്നും അകന്ന് നിൽകേണ്ടുന്നതിനായി പലായനം (ഹിജ്റ) നടത്തേണ്ടതായി വന്നേക്കാം. എന്നാൽ അത് ഒരു സന്യാസ രൂപത്തിലോ ബ്രഹ്മചാരിയായിക്കൊണ്ടോ അല്ല. മരണവേളയിൽ, കുറ്റവാളികളായ ആളുകൾ, തങ്ങളുടെ നാട്ടിലെ പ്രതികൂലമായ സ്ഥിതികൾ കാരണം ആരാധനാ കർമ്മങ്ങൾ യഥാവിധം നിർവഹിക്കാത്തതിനെ പറ്റി ഒഴിവു കഴിവ് പറയുമ്പോൾ, മലക്കുകൾ ഇപ്രകാരം മറുപടി പറയുന്നതാണ് എന്ന് സൂ: നിസാഅ്: 97-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു:

"അല്ലാഹുവിന്റെ ഭൂമി വിശാലമായിരുന്നില്ലേ, അതിൽ നിങ്ങൾക്ക് ഹിജ്റ (പാലായനം) ചെയ്യാമായിരുന്നില്ലേ."

**വചനം 28:**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَءَامِنُوا۟ بِرَسُولِهِۦ يُؤْتِكُمْ كِفْلَيْنِ مِن رَّحْمَتِهِۦ وَيَجْعَل لَّكُمْ نُورًا تَمْشُونَ بِهِۦ وَيَغْفِرْ لَكُمْ ۚ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٢٨﴾

28 ഹേ, വിശ്വസിച്ചവരേ, അല്ലാഹുവിനെ സൂക്ഷിക്കുവിൻ; അവന്റെ റസൂലിൽ വിശ്വസിക്കുകയും ചെയ്യുവിൻ; (എന്നാൽ) അവന്റെ കാരുണ്യത്തിൽ നിന്ന് രണ്ടു ഓഹരി അവൻ നിങ്ങൾക്കു നൽകുന്നതാണ്. നിങ്ങൾക്ക് കൊണ്ടുനടക്കുവാനുള്ള ഒരു പ്രകാശം നിങ്ങൾക്ക് അവൻ ഏർപ്പെടുത്തിത്തരുകയും, നിങ്ങൾക്ക് പൊറുത്തുതരുകയും ചെയ്യും. അല്ലാഹു വളരെ പൊറുക്കുന്നവനാണ്; കരുണാനിധിയാണ്.

വേദക്കാർ തങ്ങളുടെ മുൻ പ്രവാചകൻമാരിൽ വിശ്വസിച്ചിരിക്കുകയും, പിന്നീട് നബി(സ) തിരുമേനിയിലും വിശ്വസിക്കുകയും ചെയ്യുന്ന പക്ഷം അവർക്ക് അല്ലാഹുവിങ്കൽ ഇരട്ടി പ്രതിഫലം ലഭിക്കുമെന്നും, തങ്ങളുടെ യഥാർത്ഥ മത സിദ്ധാന്തങ്ങളിൽ നിന്ന് അകന്ന് കൊണ്ട് അന്ധകാരത്തിൽ മുഴുകിക്കിടക്കുകയായിരുന്ന അവർക്ക് മേലിൽ സന്മാർഗ്ഗം കണ്ടെത്തുവാനുള്ള പ്രകാശം - അഥവാ മാർഗ്ഗ ദർശനം - ലഭിക്കുമെന്നും, പാപങ്ങൾക്ക് മോചനം ലഭിക്കുമെന്നും അല്ലാഹു വാഗ്ദാം ചെയ്യുന്നു. 'പ്രകാശം' കൊണ്ടുള്ള ഉദ്ദേശ്യം ഇപ്പറഞ്ഞതിൽ നിന്നും വ്യക്തമാണല്ലോ.

മുമ്പ് 12-ാം വചനത്തിൽ പ്രസ്താവിക്കപ്പെട്ടതും, പരലോകത്ത് വെച്ച് സത്യ വിശ്വാസികൾക്ക് ലഭിക്കുന്നതുമായ ആ 'പ്രകാശ'മാണ് ഇവിടെയും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നും അഭിപ്രായമുണ്ട്. ആദ്യം പറഞ്ഞതാണ് കൂടുതൽ സ്വീകാര്യമായി കാണുന്നത്. الله اعلم

അല്ലാഹുവിങ്കൽ ഇരട്ടി പ്രതിഫലം ലഭിക്കുന്ന മറ്റ് രണ്ട് കൂട്ടരുടെ കാര്യം നബി(സ) അരുളി ചെയ്തിരിക്കുന്നു: (ഒന്ന്) ഒരു അടിമ - അവൻ അല്ലാഹുവിനോടുള്ള കടമയും അവന്റെ യജമാനനോ

ടുള്ള കടമയും നിര്‍വ്വഹിച്ചു. (രണ്ട്) ഒരു മനുഷ്യന്‍ - അവന്‍ തന്റെ അടിമ സ്ത്രീക്ക് നന്നായി ശിക്ഷണം നല്‍കുകയും, പിന്നീട് അവളെ വിവാഹം കഴിക്കുകയും ചെയ്തു.

**വചനം 29:**

لِّئَلَّا يَعْلَمَ أَهْلُ ٱلْكِتَٰبِ أَلَّا يَقْدِرُونَ عَلَىٰ شَىْءٍ مِّن فَضْلِ ٱللَّهِ ۙ وَأَنَّ ٱلْفَضْلَ بِيَدِ ٱللَّهِ يُؤْتِيهِ مَن يَشَآءُ ۚ وَٱللَّهُ ذُو ٱلْفَضْلِ ٱلْعَظِيمِ ﴿٢٩﴾

29 തങ്ങള്‍ക്ക് അല്ലാഹുവിന്‍െറ അനുഗ്രഹത്തില്‍ നിന്ന് യാതൊന്നിനും കഴിയുന്നതല്ലെന്ന് വേദക്കാര്‍ അറിയേണ്ടതിനു വേണ്ടിയത്രെ (അത്); അനുഗ്രഹം അല്ലാഹുവിന്‍െറ കയ്യി ലാണ്-അവന്‍ ഉദ്ദേശിക്കുന്നവര്‍ക്ക് അതവന്‍ നല്‍കും- എന്നും (അറിയുവാന്‍വേണ്ടി). അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാ കുന്നു.

തങ്ങളുടെ പ്രവാചകന്മാര്‍ മാത്രമാണ് സത്യ പ്രവാചകനായുള്ളത്; തങ്ങള്‍ സ്വീകരിച്ച മാര്‍ഗ്ഗത്തി ലൂടെ മാത്രമേ സ്വര്‍ഗ്ഗം ലഭിക്കുകയുള്ളൂ എന്നൊക്കെയായിരുന്നു വേദക്കാരുടെ വാദങ്ങള്‍. പ്രസ്തുത വാദങ്ങളുടെ ഖണ്ഡനം അടങ്ങുന്നതാണ് ഈ വചനം. മുഹമ്മദ്(സ) തിരുമേനിയില്‍ വിശ്വസിക്കുന്ന വര്‍ക്ക് മേല്‍ വിവരിച്ചത് പോലെയുള്ള അനുഗ്രഹങ്ങള്‍ ലഭിക്കുമെന്നും അദ്ദേഹത്തില്‍ വിശ്വസിക്കാത്ത വര്‍ - അവര്‍ മുന്‍ പ്രവാചകന്മാരില്‍ വിശ്വസിച്ചിട്ടുണ്ടെങ്കിലും ശരി - അവിശ്വാസികളായിരിക്കുമെന്നും, നിശ്ചയിച്ചതില്‍ അടങ്ങിയ തത്വം വേദക്കാരെ അത് മനസ്സിലാക്കിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹം അല്ലാഹുവിന്റെ സ്വന്തം അധികാരത്തില്‍ പെട്ടതാകുന്നു. അവന്‍ ഉദ്ദേശിക്കുന്നവര്‍ക്ക് അവ നത് നല്‍കുന്നതുമാണ്. പ്രവാചകത്വം നല്‍കേണ്ടത് ആര്‍ക്കെല്ലാമാണെന്നും, അനുഗ്രഹം നല്‍കേണ്ടത് ആര്‍ക്കെല്ലാമാണെന്നുമുള്ള കാര്യം അവന്‍ കണക്കാക്കുന്നതാണ്. അവനാകട്ടെ വമ്പിച്ച അനുഗ്രഹശാ ലിയുമാകുന്നു - ഇതാണ് ആ തത്വം, ഇതവര്‍ അറിഞ്ഞിരിക്കുവാനാണ് ഇത് (28-ാം വചനത്തിലെ ഉള്ള ടക്കം) അവരെ അറിയിക്കുന്നത് എന്നും സാരം.

# 58. സൂറത്തുല്‍ മുജാദല:
# (തര്‍ക്കിക്കുന്നവള്‍)

**മദീനയില്‍ അവതരിച്ചത്**

വചനങ്ങള്‍ 22, വിഭാഗം (റുക്കൂഅ്) 3

സൂറത്തിന് മുജാദല: (തര്‍ക്കിക്കുന്നവള്‍) എന്ന പേര് വരാന്‍ കാരണം താഴെ വിവരിക്കുന്നു:

ഇസ്‌ലാമിന് മുമ്പ് 'ജാഹിലിയ്യ' അറബികള്‍ക്കിടയില്‍ ഭാര്യമാരെ വിവാഹമോചനം ചെയ്യുന്നതിന് ഉപയോഗിച്ചിരുന്ന ഒരു സമ്പ്രദായമായിരുന്നു 'ളിഹാര്‍'. "നീ എന്റെ മേല്‍ എന്റെ മാതാവിന്റെ മുതുക് പോലെയാകുന്നു" എന്ന് പുരുഷന്‍ പറയും. മാതാവുമായി ഭാര്യാഭര്‍തൃ ബന്ധം പാടില്ലാത്തത് പോലെ നാം തമ്മിലും പാടില്ല എന്ന് സാരം.

ഔസ്ബ്നു സ്വാമിത്ത് എന്ന ഒരു വൃദ്ധന്‍, ഒരിക്കല്‍ കോപം വന്ന സന്ദര്‍ഭത്തില്‍ തന്റെ ഭാര്യ ഖൗല ബിന്‍ത് ഥഅ്‌ലബത്ത് എന്നവരെ 'ളിഹാര്‍' ചെയ്തു. എന്നാല്‍ പ്രസ്തുത സംഭവത്തില്‍ ഖേദം തോന്നിയ അദ്ദേഹം, വാക്ക് മടക്കിയെടുത്തു. തുടര്‍ന്ന് ഭാര്യയെ സമീപിച്ച അദ്ദേഹത്തോട് ഖൗല: കൂട്ടാക്കിയില്ല. വൃദ്ധയായ അവര്‍ റസൂല്‍(സ) തിരുമേനിയെ സമീപിച്ചുകൊണ്ട് തന്നെ 'ളിഹാര്‍' ചെയ്ത സംഭവത്തില്‍ അല്ലാഹുവിന്റെയും റസൂലിന്റെയും വിധി എന്താണെന്നറിയണമെന്ന് പറയുകയും, ഭര്‍ത്താവ് എന്നെ തലാഖ് ചെയ്തിട്ടില്ലാത്തതിനാല്‍ ഞാന്‍ അദ്ദേഹത്തിന് ഹറാമാ (നിഷിദ്ധമാ)കുന്നതെങ്ങനെയെന്ന് തര്‍ക്കിക്കുകയും ചെയ്യുകയുണ്ടായി. താനും ഭര്‍ത്താവും വേര്‍ പിരിയുകയാണെങ്കില്‍ തങ്ങള്‍ക്കും തങ്ങളുടെ കുട്ടികള്‍ക്കും ഉണ്ടാകാനിടയുള്ള കഷ്ടപ്പാടുകള്‍ വിവരിച്ച് കൊണ്ട് അല്ലാഹുവിനോട് ഇപ്രകാരം പ്രാര്‍ത്ഥിക്കുകയും ചെയ്തു:

"അല്ലാഹുവേ, നിന്റെ പ്രവാചകന് എന്നെ പറ്റി വഹ്‌യ് അവതരിപ്പിച്ച് കൊടുക്കേണമേ." അധികം താമസിയാതെ, ഈ സൂറത്തിലെ ആദ്യ വചനങ്ങള്‍ അല്ലാഹു അവതരിപ്പിച്ചു.

**ജുസ്അ് – 28**

**വിഭാഗം: 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍

**വചനം 1:**

قَدْ سَمِعَ ٱللَّهُ قَوْلَ ٱلَّتِى تُجَـٰدِلُكَ فِى زَوْجِهَا وَتَشْتَكِىٓ إِلَى ٱللَّهِ وَٱللَّهُ يَسْمَعُ تَحَاوُرَكُمَآ ۚ إِنَّ ٱللَّهَ سَمِيعٌۢ بَصِيرٌ ﴿١﴾

1 (നബിയേ,) തന്റെ ഭര്‍ത്താവിന്റെ കാര്യത്തില്‍ നിന്നോട് തര്‍ക്കിക്കുകയും, അല്ലാഹുവിങ്കലേക്ക് സങ്കടം ബോധിപ്പിക്കുകയും ചെയ്യുന്നവളുടെ വാക്ക് അല്ലാഹു കേട്ടിട്ടുണ്ട് (സ്വീകരിച്ചിരിക്കുന്നു). നിങ്ങള്‍ രണ്ടുപേര്‍ സംഭാഷണം നടത്തുന്നത് അല്ലാഹു കേള്‍ക്കുന്നുമുണ്ടായിരുന്നു. നിശ്ചയമായും, അല്ലാഹു കേള്‍ക്കുന്നവനാണ്, കാണുന്നവനാണ്.

'തര്‍ക്കിക്കുന്നവള്‍' എന്ന് പറഞ്ഞത് ഖൗല(റ)യെക്കുറിച്ചാണെന്നും തര്‍ക്ക വിഷയം 'ളിഹാറാ'ണെന്നും പ്രാരംഭത്തിലെ വിവരണത്തില്‍ നിന്ന് വ്യക്തമാണല്ലോ.

ഒരവസരത്തില്‍ ഒരു വൃദ്ധ ഉമര്‍(റ)നെ വിളിച്ച് വളരെ നേരം സംസാരിച്ചു. ചിലര്‍ അതിനെക്കുറിച്ച് ചോദിച്ചപ്പോള്‍ ഉമര്‍(റ) ഇപ്രകാരം പറയുകയുണ്ടായി:

"ഈ സ്ത്രീ ആരാണെന്നറിയാമോ? ഏഴാകാശങ്ങള്‍ക്ക് മീതെ നിന്ന്; അല്ലാഹു പരാതി കേട്ട് ഉത്തരം നല്‍കിയ, ഥഅ്‌ലബത്തിന്റെ മകള്‍ ഖൗലത്ത് എന്നവരാകുന്നു ഇത്."

**വചനം 2,3,4:**

ٱلَّذِينَ يُظَٰهِرُونَ مِنكُم مِّن نِّسَآئِهِم مَّا هُنَّ أُمَّهَٰتِهِمْ ۖ إِنْ أُمَّهَٰتُهُمْ إِلَّا ٱلَّٰٓـِٔى وَلَدْنَهُمْ ۚ وَإِنَّهُمْ لَيَقُولُونَ مُنكَرًا مِّنَ ٱلْقَوْلِ وَزُورًا ۚ وَإِنَّ ٱللَّهَ لَعَفُوٌّ غَفُورٌ ﴿٢﴾

2 നിങ്ങളിൽനിന്ന് തങ്ങളുടെ സ്ത്രീകളോട് ഭാര്യമാരോട് 'ളിഹാർ' ചെയ്യുന്നവർ.....! (അവർ അബദ്ധമാണ് പ്രവർത്തിക്കുന്നത്.) അവർ അവരുടെ മാതാക്കളല്ല; അവരുടെ മാതാക്കൾ അവരെ പ്രസവിച്ച സ്ത്രീകളല്ലാതെ (മറ്റാരും) അല്ല. നിശ്ചയമായും, ആക്ഷേപകരമായ (അഥവാ ദുരാചാരമായ) ഒരു വാക്കും കള്ളവുംതന്നെയാണ് അവർ പറയുന്നത്. അല്ലാഹു വളരെ മാപ്പുനൽകുന്നവനും പൊറുക്കുന്നവനും തന്നെ.

وَٱلَّذِينَ يُظَٰهِرُونَ مِن نِّسَآئِهِمْ ثُمَّ يَعُودُونَ لِمَا قَالُوا۟ فَتَحْرِيرُ رَقَبَةٍ مِّن قَبْلِ أَن يَتَمَآسَّا ۚ ذَٰلِكُمْ تُوعَظُونَ بِهِۦ ۚ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿٣﴾

3 തങ്ങളുടെ സ്ത്രീകളെ (ഭാര്യമാരെ) 'ളിഹാർ' ചെയ്യുകയും, പിന്നീട് തങ്ങൾ പറഞ്ഞതിൽ മടങ്ങുകയും ചെയ്യുന്നവർ, അവർ രണ്ടുപേരും അന്യോന്യം സ്പർശിക്കുന്നതിനുമുമ്പായി ഒരു അടിമയെ സ്വതന്ത്രമാക്കുകയാണ് (വേണ്ടത്). ഇപ്പറഞ്ഞതു മുഖേന നിങ്ങൾക്ക് സദുപദേശം നൽകപ്പെടുകയാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

فَمَن لَّمْ يَجِدْ فَصِيَامُ شَهْرَيْنِ مُتَتَابِعَيْنِ مِن قَبْلِ أَن يَتَمَآسَّا ۖ فَمَن لَّمْ يَسْتَطِعْ فَإِطْعَامُ سِتِّينَ مِسْكِينًا ۚ ذَٰلِكَ لِتُؤْمِنُوا۟ بِٱللَّهِ وَرَسُولِهِۦ ۚ وَتِلْكَ حُدُودُ ٱللَّهِ ۗ وَلِلْكَٰفِرِينَ عَذَابٌ أَلِيمٌ ﴿٤﴾

4 ഇനി, ആർക്കെങ്കിലും (അത്) എത്തപ്പെടാത്ത (സാധ്യമാവാത്ത) പക്ഷം, അവർ അന്യോന്യം സ്പർശിക്കുന്നതിനു മുമ്പായി തുടർച്ചയായ രണ്ടു മാസത്തെ നോമ്പ് (പിടിക്കുക). ഇനി, ആർക്കെങ്കിലും (അതിനും) സാധിക്കാതെ വരുന്ന പക്ഷം, അറുപതു സാധുക്കൾക്ക് ഭക്ഷണം നൽകുക. അത്, അല്ലാഹുവിലും, അവൻെറ റസൂലിലും നിങ്ങൾ വിശ്വസിക്കുവാൻ വേണ്ടിയത്രെ. അവ (യൊക്കെ) അല്ലാഹുവിൻെറ (നിയമപരമായ) അതിർത്തികളാകുന്നു. അവിശ്വാസികൾക്ക് വേദനയേറിയ ശിക്ഷയുമുണ്ട്.

'ളിഹാർ' സംബന്ധമായ അല്ലാഹുവിന്റെ വിധിയാണീ വചനങ്ങൾ: (സൂ: അഹ്സാബ്: 4-ാം വചനം നോക്കുക)

ളിഹാർ - നീ എന്റെ മാതാവിനെ പോലെയാണ് എന്ന് പറയുക - ചെയ്തെന്നുവെച്ച് ഭാര്യമാർ മാതാക്കളാകുന്നില്ല. അത് ആക്ഷേപകരവും കള്ളവുമായ ഒരു തെറ്റ് വാക്കാകുന്നു. ളിഹാർ ചെയ്തതിന് ശേഷം, വല്ലവരും അതിൽ നിന്ന് മടങ്ങാൻ ഉദ്ദേശിക്കുന്ന പക്ഷം, അതിന് പ്രായശ്ചിത്തം ചെയ്തതിന് ശേഷമെ ഭാര്യയുമായി സ്പർശനം പാടുള്ളൂ. അല്ലാഹു നിർദ്ദേശിച്ച പ്രായശ്ചിത്തം ഇപ്രകാരമാകുന്നു:

ഒരു അടിമയെ മോചിപ്പിക്കുക; അത് സാധ്യമാകാത്തവർ രണ്ട് മാസം തുടർച്ചയായി നോമ്പ് അനുഷ്ഠിക്കുക; അതിനും കഴിയാത്ത പക്ഷം അറുപത് സാധുക്കൾക്ക് ഭക്ഷണം നൽകുക.

അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നവർ ഈ നിയമത്തെ ലംഘിക്കുവാൻ പാടില്ലെന്നും, അവിശ്വാസികൾക്ക് വേദനയേറിയ ശിക്ഷയുണ്ടെന്നും, അല്ലാഹു തുടർന്ന് താക്കീത് നൽകുന്നു.

മുൻ കാലത്ത് അറബികളിൽ നടപ്പുണ്ടായിരുന്ന 'ളിഹാർ' സമ്പ്രദായം ഇന്ന് നിലവിലില്ലാത്തത് കൊണ്ട് കൂടുതൽ അതേ പറ്റി ഇവിടെ വിവരിക്കേണ്ടുന്ന ആവശ്യം കാണുന്നില്ല.

**വചനം 5,6:**

5 നിശ്ചയമായും, അല്ലാഹുവിനോടും അവൻെറ റസൂലിനോടും കിടമൽസരം നടത്തുന്നവർ, അവരുടെ മുമ്പുള്ളവർ വഷളാക്കപ്പെട്ടതു പോലെ വഷളാക്കപ്പെടുന്നതാണ്. സുവ്യക്ത മായ പല ലക്ഷ്യങ്ങളും നാം അവതരിപ്പിച്ചിട്ടു ണ്ടുതാനും. അവിശ്വാസികൾക്ക് നിന്ദ്യമായ ശിക്ഷയുമുണ്ട്.

6 അവരെ മുഴുവനും അല്ലാഹു എഴുന്നേല്പി ക്കുന്ന ദിവസം, അപ്പോൾ, തങ്ങൾ പ്രവർത്തിച്ച തിനെപ്പറ്റി അവർക്ക് അവൻ വിവരമറിയിച്ചു കൊടുക്കുന്നതാണ്. അല്ലാഹു അത് കണ ക്കാക്കി ക്ളിപ്തപ്പെടുത്തിവെച്ചിരിക്കുന്നു; അവരത് മറന്നുകളയുകയും ചെയ്തിരിക്കുന്നു. അല്ലാഹു എല്ലാ കാര്യത്തിൻെറ മേലും (ദൃക്ക്) സാക്ഷിയാകുന്നു.

إِنَّ ٱلَّذِينَ يُحَآدُّونَ ٱللَّهَ وَرَسُولَهُۥ كُبِتُواْ كَمَا كُبِتَ ٱلَّذِينَ مِن قَبۡلِهِمۡۚ وَقَدۡ أَنزَلۡنَآ ءَايَٰتِۭ بَيِّنَٰتٖۚ وَلِلۡكَٰفِرِينَ عَذَابٞ مُّهِينٞ ٥

يَوۡمَ يَبۡعَثُهُمُ ٱللَّهُ جَمِيعٗا فَيُنَبِّئُهُم بِمَا عَمِلُوٓاْۚ أَحۡصَىٰهُ ٱللَّهُ وَنَسُوهُۚ وَٱللَّهُ عَلَىٰ كُلِّ شَيۡءٖ شَهِيدٌ ٦

അല്ലാഹുവും അവന്റെ റസൂലും നിശ്ചയിച്ച് കൊടുത്തിട്ടുള്ള നിയമാതിർത്തികളെ അതിലംഘിച്ച് കൊണ്ട് കിട മത്സരം നടത്തുന്നവരെ അല്ലാഹു കർശനമായി താക്കീത് ചെയ്യുകയാണ്. ഇത്തരം പ്രവർത്തനം നടത്തുന്ന പരിഷ്കരണവാദികളും നേതാക്കളും ഈ താക്കീത് പ്രത്യേകം ശ്രദ്ധിച്ചിരിക്കേ ണ്ടതാണ്.

## വിഭാഗം - 2

**വചനം 7:**

7 നീ കാണുന്നില്ലേ, ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) അല്ലാഹു അറിയുന്നു വെന്ന്?! ഒരു മൂന്നാളുടെ രഹസ്യഭാഷണവും അവൻ അവരിൽ നാലാമനായിക്കൊണ്ടില്ലാതെ ഉണ്ടാകുകയില്ല. അഞ്ചാളുടേതും തന്നെ, അവൻ അവരിൽ ആറാമനായിക്കൊണ്ടില്ലാതെ (ഉണ്ടാകുക) യില്ല; അതിനേക്കാൾ താഴെയു ള്ളതാകട്ടെ, അധികരിച്ചതാകട്ടെ, അവൻ അവരോടൊപ്പമില്ലാതില്ല-അവർ എവിടെയായി രുന്നാലും ശരി. പിന്നീട് അവർ പ്രവർത്തി ച്ചതിനെപ്പറ്റി ഖിയാമത്തുനാളിൽ അവൻ അവരെ വിവരമറിയിക്കുന്നതാണ്. നിശ്ചയ മായും, അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും അറിയുന്നവനാകുന്നു.

أَلَمۡ تَرَ أَنَّ ٱللَّهَ يَعۡلَمُ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِۖ مَا يَكُونُ مِن نَّجۡوَىٰ ثَلَٰثَةٍ إِلَّا هُوَ رَابِعُهُمۡ وَلَا خَمۡسَةٍ إِلَّا هُوَ سَادِسُهُمۡ وَلَآ أَدۡنَىٰ مِن ذَٰلِكَ وَلَآ أَكۡثَرَ إِلَّا هُوَ مَعَهُمۡ أَيۡنَ مَا كَانُواْۖ ثُمَّ يُنَبِّئُهُم بِمَا عَمِلُواْ يَوۡمَ ٱلۡقِيَٰمَةِۚ إِنَّ ٱللَّهَ بِكُلِّ شَيۡءٍ عَلِيمٌ ٧

ഏത് രഹസ്യ സംസാരവും - ആർ, എവിടെ, എങ്ങനെ നടത്തിയാലും ശരി - അതെല്ലാം അല്ലാഹു കണ്ടും കേട്ടും അറിയുന്നവനാണ്. ഖിയാമത്ത് നാളിൽ അത് അവരെ അല്ലാഹു ബോധ്യപ്പെടു ത്തുകയും ചെയ്യും. ആകാശത്തിലാകട്ടെ ഭൂമിയിലാകട്ടെ ഒരു അണു അളവിലുള്ള കാര്യംപോലും അല്ലാ ഹുവിന് അറിയാതെ പോകുന്നതല്ല.

**വചനം 8:**

8 രഹസ്യ സംസാരത്തെപ്പറ്റി വിലക്കം ചെയ്യപ്പെട്ടി ട്ടുള്ളവരെ നീ കാണുന്നില്ലേ? പിന്നേയും,

أَلَمۡ تَرَ إِلَى ٱلَّذِينَ نُهُواْ عَنِ ٱلنَّجۡوَىٰ ثُمَّ

يَعُودُونَ لِمَا نُهُوا۟ عَنْهُ وَيَتَنَـٰجَوْنَ
بِٱلْإِثْمِ وَٱلْعُدْوَٰنِ وَمَعْصِيَتِ ٱلرَّسُولِ
وَإِذَا جَآءُوكَ حَيَّوْكَ بِمَا لَمْ يُحَيِّكَ بِهِ
ٱللَّهُ وَيَقُولُونَ فِىٓ أَنفُسِهِمْ لَوْلَا يُعَذِّبُنَا
ٱللَّهُ بِمَا نَقُولُ ۚ حَسْبُهُمْ جَهَنَّمُ يَصْلَوْنَهَا ۖ
فَبِئْسَ ٱلْمَصِيرُ ﴿٨﴾

തങ്ങളോട് വിലക്കപ്പെട്ടിട്ടുള്ളതിലേക്ക് അവർ മടങ്ങുന്നു (വീണ്ടും അതാവർത്തിക്കുന്നു:) പാപവും, അതിക്രമവും, റസൂലിനോടുള്ള അനുസരണക്കേടും സംബന്ധിച്ചു അവർ പരസ്പരം രഹസ്യ സംസാരം നടത്തുകയും ചെയ്യുന്നു! അവർ നിൻെറ അടുക്കൽ വന്നാലോ, അല്ലാഹു നിന്നെ അഭിവാദ്യം ചെയ്തിട്ടില്ലാത്തതുകൊണ്ട് അവൻ നിന്നെ അഭിവാദ്യം ചെയ്കയും ചെയ്യും. അവർ തങ്ങളിൽ (തമ്മതമ്മിൽ) പറയുകയും ചെയ്യും: "നാം (ഈ) പറയുന്നതിന് അല്ലാഹു നമ്മെ ശിക്ഷിക്കാത്തതെന്ത്'' എന്ന്. അവർക്ക് 'ജഹന്നം' (നരകം) മതി; അതിലവർ കടന്നെരിയും! അപ്പോൾ (ആ) പര്യവസാന സ്ഥലം എത്ര ചീത്ത!!

മദീനയിൽ ചെന്ന ശേഷം യഹൂദികളുമായി നബി(സ) സമാധാന സന്ധിയിൽ ഏർപ്പെട്ടിരുന്നു വല്ലോ. എന്നാൽ മുസ്ലിംകൾ അവരുടെ ഇടയിൽ കൂടെ പോകുമ്പോൾ, അവർ, മുസ്ലിംകൾക്ക് സംശയവും ശങ്കയും ജനിപ്പിക്കുംവിധം, പരിഹാസ രൂപേണ, തമ്മിൽ തമ്മിൽ രഹസ്യ സംസാരങ്ങൾ നടത്തുക പതിവായിരുന്നു. കപട വിശ്വാസികളായ ചില മുസ്ലിം വേഷധാരികളും, ഇതിൽ പങ്കെടുക്കുമായിരുന്നു. അത്തരം ഗൂഢ സംസാരങ്ങൾ നടത്തരുതെന്ന് നബി(സ) അവരോട് വിരോധിച്ചിരുന്നു. പക്ഷേ അവർ അത് ആവർത്തിച്ചുകൊണ്ടിരുന്നു-അത് പാപവും, അതിക്രമവും റസൂലിനോടുള്ള അനുസരണക്കേടും ആയിരിക്കുമെന്ന് അറിഞ്ഞ് കൊണ്ട് തന്നെ.

കൂടാതെ നബി(സ)യുടെ അടുക്കൽ വരുമ്പോൾ അവർ 'അസ്സലാമു അലൈക്കും' (നിങ്ങൾക്ക് സമാധാനം ഉണ്ടാകട്ടെ) എന്ന ഇസ്ലാമിന്റെ ഉപചാര വാക്യത്തിന് പകരം, അതാണെന്ന് തോന്നത്തക്ക വിധം 'അസ്സാമു അലൈക്കും' (നിങ്ങൾക്ക് മരണം ഉണ്ടാകട്ടെ) എന്നാണ് അഭിവാദ്യം ചെയ്തുകൊണ്ടിരുന്നത്. ഇതേക്കുറിച്ചാണ് 'അല്ലാഹു അഭിവാദ്യം ചെയ്തിട്ടില്ലാത്ത അഭിവാദ്യ വാക്യം' എന്ന് പറഞ്ഞത്. ഒരിക്കൽ കുറെ യഹൂദികൾ വന്ന് നബി(സ)യോട് 'അസ്സാമു അലൈക്കും' എന്ന് പറഞ്ഞപ്പോൾ അത് മനസ്സിലാക്കിയ ആയിശ(റ) 'വ അലൈകുമുസ്സാമ വ ലഅന' (നിങ്ങൾക്ക് മരണവും ശാപവും ഭവിക്കട്ടെ) എന്ന് മറുപടി പറയുകയുണ്ടായി. നബി(സ) തിരുമേനിയാകട്ടെ 'അസ്സാമു അലൈകും' എന്ന അഭിവാദ്യത്തിന് 'വ അലൈകും' (നിങ്ങൾക്കും അപ്രകാരം ഉണ്ടാകട്ടെ) എന്ന് മയത്തിൽ മറുപടി നൽകുകയും, എല്ലാ കാര്യത്തിലും മയം കൈക്കൊള്ളുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നു എന്ന് ആയിശ(റ)യെ ഉപദേശിക്കുയും ചെയ്യുകയുണ്ടായി.

മുഹമ്മദ് പ്രവാചകനാണെങ്കിൽ ഇങ്ങനെ അഭിവാദ്യം പറഞ്ഞിട്ടും നമുക്ക് അല്ലാഹുവിങ്കൽ നിന്ന് യാതൊരു ശിക്ഷയും സംഭവിച്ച് കാണാത്തതെന്താണ് എന്ന് യഹൂദികൾ പരിഹസിക്കാറുണ്ടായിരുന്നു. അല്ലാഹു അതിനുള്ള മറുപടി നൽകുന്നു:

"അവർക്ക് നരകം മതി. അതിലവർ കടന്നെരിയും - ആ പര്യവസാന സ്ഥലം എത്ര ചീത്ത."

മുസ്ലിംകൾ തമ്മിൽ അഭിവാദ്യം പറയുമ്പോൾ അത് 'ഇസ്ലാമിക സലാം' തന്നെ ആയിരിക്കേണ്ടതുണ്ടെന്നും അനിസ്ലാമികമായ അഭിവാദ്യ വാക്യങ്ങൾ സ്വീകരിക്കരുതെന്നും 'അല്ലാഹു അഭിവാദ്യം ചെയ്തിട്ടില്ലാത്തത് കൊണ്ട് അവർ അഭിവാദ്യം ചെയ്യും' എന്ന്, പ്രതിപാദിച്ചതിൽ നിന്നും മനസ്സിലാക്കേണ്ടതാണ്.

**വചനം 9,10:**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا تَنَـٰجَيْتُمْ فَلَا

9 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ പരസ്പരം രഹസ്യസംസാരം നടത്തുന്നതായാൽ,

تَتَنَـٰجَوْا۟ بِٱلْإِثْمِ وَٱلْعُدْوَٰنِ وَمَعْصِيَتِ ٱلرَّسُولِ وَتَنَـٰجَوْا۟ بِٱلْبِرِّ وَٱلتَّقْوَىٰ ۖ وَٱتَّقُوا۟ ٱللَّهَ ٱلَّذِىٓ إِلَيْهِ تُحْشَرُونَ ﴿٩﴾

പാപവും, അതിക്രമവും, റസൂലിനോട് അനുസരണക്കേടും സംബന്ധിച്ചു രഹസ്യ സംസാരം നടത്തരുത്; പുണ്യവും, ഭയ ഭക്തിയും സംബന്ധിച്ചു രഹസ്യസംസാരം നടത്തുകയും ചെയ്തുകൊള്ളുവിൻ. നിങ്ങൾ യാതൊരുവനിലേക്ക് ഒരുമിച്ചു കൂട്ടപ്പെടുമോ ആ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യു വിൻ.

إِنَّمَا ٱلنَّجْوَىٰ مِنَ ٱلشَّيْطَـٰنِ لِيَحْزُنَ ٱلَّذِينَ ءَامَنُوا۟ وَلَيْسَ بِضَآرِّهِمْ شَيْـًٔا إِلَّا بِإِذْنِ ٱللَّهِ ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ﴿١٠﴾

10 നിശ്ചയമായും (ആ) രഹസ്യസംസാരം പിശാ ചിൽ നിന്ന് തന്നെയുള്ളതാണ്; വിശ്വസിച്ചവരെ വ്യസനിപ്പിക്കുവാൻ വേണ്ടി. അല്ലാഹുവിൻെറ അനുമതിയോടെയല്ലാതെ, അവർക്കത് ഒട്ടും ഉപദ്രവം ചെയ്യുന്നതല്ലതാനും. അല്ലാഹു വിൻെറമേൽ ഭരമേല്പിച്ചുകൊള്ളട്ടെ, സത്യ വിശ്വാസികൾ.

രഹസ്യമായോ, ഗൂഢമായോ, സംസാരവും കൂടിയാലോചനയും നടത്തുന്നത് നല്ല കാര്യത്തി ലും, പുണ്യവുംഭയഭക്തിയും സംബന്ധിച്ച വിഷയത്തിലും ആകാവുന്നതാണ്. എന്നാൽ കപട വിശ്വാസി കൾ ചെയ്യുന്നത് പോലെ ചീത്ത കാര്യത്തിലും ദുരുദ്ദേശത്തിലും ആകരുത്. എല്ലാം അല്ലാഹുവിനെ സൂക്ഷിച്ച് ആയിരിക്കുകയും വേണം. ഒരു കൂട്ടരുടെ രഹസ്യ സംസാരം മറ്റൊരു കൂട്ടരെ വ്യസനിപ്പി ക്കുന്ന തരത്തിലുമാകരുത്. "നിങ്ങൾ മൂന്ന് പേരായിരുന്നാൽ രണ്ട് പേർ തമ്മിൽ തങ്ങളുടെ സ്നേഹി തനെ കൂടാതെ, രഹസ്യ സംസാരം നടത്തരുത്. കാരണം അതവനെ വ്യസനിപ്പിക്കുന്നതാണ്" (അ; ബു; മു.) എന്ന് നബി(സ) അരുളിയിരിക്കുന്നു.

അവിശ്വാസികളുടെ ഗൂഢാലോചന കൊണ്ട് വല്ല ആപത്തും വന്നേക്കുമെന്ന് സത്യ വിശ്വാസി കൾ ഭയപ്പെടേണ്ടതില്ലെന്നും അല്ലാഹു ഉണർത്തുന്നു.

## വിഭാഗം - 2

**വചനം 11:**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا قِيلَ لَكُمْ تَفَسَّحُوا۟ فِى ٱلْمَجَـٰلِسِ فَٱفْسَحُوا۟ يَفْسَحِ ٱللَّهُ لَكُمْ ۖ وَإِذَا قِيلَ ٱنشُزُوا۟ فَٱنشُزُوا۟ يَرْفَعِ ٱللَّهُ ٱلَّذِينَ ءَامَنُوا۟ مِنكُمْ وَٱلَّذِينَ أُوتُوا۟ ٱلْعِلْمَ دَرَجَـٰتٍ ۚ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿١١﴾

11 ഹേ, വിശ്വസിച്ചവരേ, ''ഇരിപ്പിടങ്ങളിൽ വിശാലത (സൗകര്യം) ചെയ്യുവിൻ" എന്ന് നിങ്ങളോട് പറയപ്പെട്ടാൽ, നിങ്ങൾ വിശാലത നൽകുവിൻ, (എന്നാൽ) അല്ലാഹു നിങ്ങൾക്ക് വിശാലത നൽകുന്നതാണ്. നിങ്ങളോട് "എഴു ന്നേൽക്കുവിൻ" എന്നു പറയപ്പെട്ടാൽ, നിങ്ങൾ എഴുന്നേൽക്കുകയും ചെയ്യുവിൻ; നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും, അറിവ് നൽകപ്പെട്ടി ട്ടുള്ളവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർ ത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായറിയുന്ന വനാകുന്നു.

ജന സദസ്സുകളിൽ പാലിക്കേണ്ടുന്ന ചില മര്യാദകൾ അല്ലാഹു വിശ്വാസികളെ ഓർമ്മിപ്പിക്കുന്നു. മറ്റുള്ളവർക്ക് വന്നിരിക്കുവാൻ സ്ഥലസൗകര്യം ചെയ്ത് കൊടുക്കണമെന്നും, എഴുന്നേൽക്കേണ്ടി വന്നാൽ അങ്ങനെ ചെയ്യണമെന്നും അല്ലാഹു കൽപിക്കുന്നു. വാഹനങ്ങളിലും പൊതു സ്ഥലങ്ങളിലുമെല്ലാം, മറ്റു ള്ളവർക്ക് - പ്രത്യേകിച്ചും രോഗികൾക്കും വയോധികർക്കും - അവരുടെ വിഷമങ്ങൾ കണ്ടറിഞ്ഞു; അവർ ആവശ്യപ്പെടുന്നതിന് മുമ്പായി തന്നെ അവർക്ക് വേണ്ട സൗകര്യങ്ങൾ ചെയ്ത് കൊടുക്കേണ്ട താണ്.

ഒരിക്കൽ, നബി(സ) തിരുമേനിയുടെ സദസ്സിൽ, പ്രധാനപ്പെട്ട ചില സഹാബികളെ, തിരുമേനിയുടെ സമീപത്തേക്ക് സ്ഥല സൗകര്യം ചെയ്തു കൊടുക്കേണ്ടി വന്ന സന്ദർഭത്തിൽ, ആദ്യം വന്നവരോട് അതിനായി തിരുമേനി ആവശ്യപ്പെടുകയുണ്ടായി. ഈ സന്ദർഭത്തിൽ കപട വിശ്വാസികൾ, നബി(സ) പക്ഷഭേദം കാണിക്കുകയാണെന്ന് പ്രചരിപ്പിക്കുവാൻ ശ്രമിച്ചു. ഈ അവസരത്തിലാണ് ഈ വചനം അവതരിച്ചതെന്ന് മുഫസ്സിറുകൾ പറഞ്ഞ് കാണുന്നു.

"നിങ്ങൾ വിശാലത ചെയ്യുവിൻ, അല്ലാഹു നിങ്ങൾക്ക് വിശാലത നൽകുന്നതാണ്" എന്ന വാക്യം ശ്രദ്ധേയമാകുന്നു. മനുഷ്യൻ ചെയ്യുന്ന പുണ്യകർമ്മങ്ങൾക്കും, അതേ തരത്തിൽപെട്ട - എന്നാൽ അതിനേക്കാൾ ഉന്നതവും വർദ്ധിച്ചതുമായ - വിധത്തിലായിരിക്കും അല്ലാഹു പ്രതിഫലം നൽകുന്നത്. ഒരു സത്യവിശ്വാസിയുടെ ദു:ഖമോ ഞെരുക്കമോ ഒരാൾ ആശ്വാസമാക്കിക്കൊടുത്താൽ, അല്ലാഹു അയാളുടെ ദു:ഖവും ഞെരുക്കവും ഇഹത്തിലും പരത്തിലും എളുപ്പമാക്കിക്കൊടുക്കുന്നതാണെന്നും, ഒരു മുസ്ലിമിന്റെ പേരായ്മ ഒരാൾ മറച്ച് പിടിച്ചാൽ അല്ലാഹു ഇഹത്തിലും പരത്തിലും അവന്, അതുപോലെ മറച്ച് കൊടുക്കുന്നതാണെന്നും നബി(സ) അരുളി ചെയ്തിരിക്കുന്നു. (മു)

"നിങ്ങളിൽ വിശ്വസിച്ചവരെയും, അറിവ് നൽകപ്പെട്ടവരേയും അല്ലാഹു പല പടികൾ ഉയർത്തും" എന്ന വാക്യത്തിൽ നിന്നും താഴെ പറയുന്ന വസ്തുതകൾ മനസ്സിലാക്കാവുന്നതാണ്.

: അന്യർക്ക് വേണ്ടി വിട്ട് വീഴ്ച ചെയ്യുന്ന സത്യ വിശ്വാസികൾക്ക്, അല്ലാഹുവിങ്കൽ പല പടി ഉയർച്ചയാണുണ്ടാകുക. ഒരടിമ മാപ്പ് ചെയ്യുന്നത് കൊണ്ട് അവന് വീര്യം - പ്രതാപം - അല്ലാതെ അല്ലാഹു വർദ്ധിപ്പിക്കുകയില്ല എന്ന് നബി(സ) തിരുമേനി ഒരു ഹദീസിൽ പറയുന്നു. (മു)

: വിശ്വാസവും അറിവുമുള്ളവർ, മറ്റുള്ളവരോട് ഔന്നത്യം കാണിച്ചുകൂടാ. "നമ്മളിലുള്ള ചെറിയവനോട് കരുണ കാണിക്കുകയും, നമ്മിലുള്ള വലിയവന്റെ യോഗ്യത മനസ്സിലാക്കുകയും ചെയ്യാത്തവർ നമ്മിൽ പെട്ടവരല്ല" - (ദാ:തി) എന്ന നബി വചനം ശ്രദ്ധിക്കുക.

<u>**വചനം 12:**</u>

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا نَٰجَيۡتُمُ ٱلرَّسُولَ فَقَدِّمُواْ بَيۡنَ يَدَيۡ نَجۡوَىٰكُمۡ صَدَقَةٗۚ ذَٰلِكَ خَيۡرٞ لَّكُمۡ وَأَطۡهَرُۚ فَإِن لَّمۡ تَجِدُواْ فَإِنَّ ٱللَّهَ غَفُورٞ رَّحِيمٌ ﴿١٢﴾

12 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ റസൂലുമായി രഹസ്യസംഭാഷണം നടത്തുന്നതായാൽ, നിങ്ങളുടെ രഹസ്യസംഭാഷണത്തിന് മുമ്പിൽ (എന്തെങ്കിലും) ഒരു ദാനധർമ്മം സമർപ്പിക്കുവിൻ. അത്, നിങ്ങൾക്ക് ഉത്തമമായതും, കൂടുതൽ ശുദ്ധമായതുമായിരിക്കും. ഇനി, നിങ്ങൾക്ക് (അത്) കിട്ടിയില്ലെങ്കിൽ-എന്നാൽ- അല്ലാഹു വളരെ പൊറുക്കുന്നവനാണ്, കരുണാനിധിയാണ്.

ചിലർ വളരെ നിസ്സാര കാര്യങ്ങൾക്ക് വേണ്ടിയും, ചില കപട വിശ്വാസികൾ, നബി(സ)യുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തുന്നതിന് വേണ്ടിയും, തിരുമേനിയുടെ അടുക്കൽ പലതും ചോദിച്ചും അന്വേഷിച്ചും സ്വകാര്യ സംഭാഷണത്തിനും ചെല്ലുമായിരുന്നു. ഇതിൽ ഒരു നിയന്ത്രണം ഉണ്ടാകുവാൻ വേണ്ടി, അങ്ങനെ ചെല്ലുന്നവർ, ധർമ്മ വിഷയത്തിൽ ചിലവഴിക്കുവാൻ എന്തെങ്കിലും സമർപ്പിക്കണമെന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. സത്യവിശ്വാസികളും, കപട വിശ്വാസികളും തമ്മിൽ വേർ തിരിച്ചറിയാനും, ദരിദ്രന്മാർക്ക്, ദാനം നൽകുന്നവർക്ക് പുണ്യം ലഭിക്കുവാനും, ദരിദ്രന്മാർക്ക് പ്രയോജനപ്പെടുവാനും ഒക്കെ ഇത് ഉതകുമല്ലോ. ഇതിന് സാധിക്കാത്തവർ ഇപ്രകാരം ചെയ്യേണ്ടതില്ലെന്ന് കൂടി പ്രസ്താവിച്ചിരിക്കുന്നത് കൊണ്ട്, ഇതൊരു കർശ്ശനമായ നിബന്ധനയല്ലെന്ന് മനസ്സിലാക്കാവുന്നതാണ്.

<u>**വചനം 13:**</u>

ءَأَشۡفَقۡتُمۡ أَن تُقَدِّمُواْ بَيۡنَ يَدَيۡ نَجۡوَىٰكُمۡ صَدَقَٰتٖۚ فَإِذۡ لَمۡ تَفۡعَلُواْ وَتَابَ ٱللَّهُ

13 നിങ്ങളുടെ രഹസ്യഭാഷണത്തിനു മുമ്പിൽ വല്ല ദാനധർമ്മങ്ങളും സമർപ്പിക്കുന്നതിന് നിങ്ങൾ ഭയപ്പെട്ടുവോ?! എന്നാൽ, നിങ്ങൾ (അത്)

عَلَيْكُمْ فَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَأَطِيعُوا۟ ٱللَّهَ وَرَسُولَهُۥ ۚ وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ ﴿١٣﴾

ചെയ്യാതിരിക്കുകയും, അല്ലാഹു നിങ്ങൾക്ക് മാപ്പ് നൽകുകയും ചെയ്തിരിക്കയാൽ, നിങ്ങൾ നമസ്ക്കാരം നിലനിറുത്തുകയും, 'സകാത്തു' കൊടുക്കുകയും, അല്ലാഹുവിനെയും അവൻെറ റസൂലിനെയും അനുസരിക്കുകയും ചെയ്തുകൊള്ളുവിൻ. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു.

മേൽ പറഞ്ഞ രീതിയിൽ ഒരു ദാന ധർമ്മം സമർപ്പിച്ച് കൊണ്ട് നബി(സ)യുടെ അടുക്കൽ സ്വകാര്യ സംഭാഷണത്തിന് തയ്യാറായി ആരും വരുകയുണ്ടായില്ല. (ഒരിക്കൽ അലി(റ) ഒഴികെ). ഒരു പക്ഷെ, ചിലർ അത്, തങ്ങൾക്ക്, വിഷമകരമായതാണെന്നോ മറ്റോ ഭയപ്പെട്ട്, അതിന് മുതിരാതെയും ഇരുന്നിരിക്കാം. ഏതായാലും, നബി(സ)യുമായുള്ള സ്വകാര്യ സംഭാഷണത്തിന്റെ ആധിക്യം നിലച്ച് തിരുമേനിക്ക് സൈ്വരം കിട്ടിത്തുടങ്ങി. അതിനാൽ, അല്ലാഹു ഈ കൽപനയിൽ നിന്ന്, സത്യ വിശ്വാസികൾക്ക് ഈ വചനം മുഖേന ഒഴിവ് നൽകുകയാണ് ചെയ്തത്. നമസ്കാരം, സകാത്ത് മുതലായ നിർബ്ബന്ധ കടമകൾ നിറവേറ്റുവാനും, അല്ലാഹുവിനേയും റസൂലിനേയും അനുസരിക്കുവാനും പ്രത്യേകം ഓർമ്മിപ്പിക്കുകയും ചെയ്തു.

## വിഭാഗം 3

**വചനം 14,15,16:**

۞ أَلَمْ تَرَ إِلَى ٱلَّذِينَ تَوَلَّوْا۟ قَوْمًا غَضِبَ ٱللَّهُ عَلَيْهِم مَّا هُم مِّنكُمْ وَلَا مِنْهُمْ وَيَحْلِفُونَ عَلَى ٱلْكَذِبِ وَهُمْ يَعْلَمُونَ ﴿١٤﴾

14 (നബിയേ) നീ നോക്കിക്കാണുന്നില്ലേ, അല്ലാഹു കോപിച്ചിട്ടുള്ളതായ ഒരു ജനതയോട് മൈത്രീ ബന്ധം സ്ഥാപിച്ചവരെ?! അവർ (ആ ജനത) നിങ്ങളിൽപെട്ടവരല്ല, അവരിൽ പെട്ടവരുമല്ല; അറിഞ്ഞുകൊണ്ടു (തന്നെ) അവർ വ്യാജത്തിൻെറപേരിൽ ശപഥം ചെയ്യുകയും ചെയ്യുന്നു.

أَعَدَّ ٱللَّهُ لَهُمْ عَذَابًا شَدِيدًا ۖ إِنَّهُمْ سَآءَ مَا كَانُوا۟ يَعْمَلُونَ ﴿١٥﴾

15 അല്ലാഹു അവർക്ക് കഠിനമായ ശിക്ഷ ഒരുക്കി വെച്ചിരിക്കുന്നു. (കാരണം) നിശ്ചയമായും, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നത് എത്രയോ ദുഷിച്ചതാണ്.

ٱتَّخَذُوٓا۟ أَيْمَٰنَهُمْ جُنَّةً فَصَدُّوا۟ عَن سَبِيلِ ٱللَّهِ فَلَهُمْ عَذَابٌ مُّهِينٌ ﴿١٦﴾

16 തങ്ങളുടെ സത്യങ്ങളെ അവർ ഒരു തടവാക്കിത്തീർത്തു; അങ്ങനെ, അല്ലാഹുവിൻെറ മാർഗത്തിൽനിന്ന് അവർ (ജനങ്ങളെ) തടഞ്ഞു. അതിനാൽ, അവർക്ക് അപമാനകരമായ ശിക്ഷയുണ്ട്.

കപട വിശ്വാസികൾ, അല്ലാഹുവിന്റെ ശാപകോപത്തിന് പാത്രമായ യഹൂദരുമായി കൂട്ടുകൂടുകയും മുസ്ലിംകൾക്കെതിരായ ഗൂഢാലോചനകളിൽ അവരെ സഹായിക്കുകയും ചെയ്യും. അവർ യഹൂദികളുടെ കൂട്ടത്തിൽ പെട്ടവരാണോ - അല്ല. എന്നാൽ മുസ്ലിംകളാണോ - അതുമല്ല. തങ്ങൾ സത്യവിശ്വാസം സ്വീകരിച്ചവരാണെന്ന് അവർ ആവർത്തിച്ച് ശപഥം ചെയ്ത് കൊണ്ടിരിക്കും. തങ്ങളുടെ യഥാർത്ഥ നില വെളിച്ചത്താകാതിരിക്കാനുള്ള ഒരു മറയായി അവർ ആ കള്ള സത്യങ്ങളെ ഉപയോഗപ്പെടുത്തുകയും, അങ്ങനെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് അവർ ജനങ്ങളെ തടയുകയും ചെയ്യുന്നു. ഈ കപടന്മാർക്ക് കഠിനമായ ശിക്ഷയെക്കുറിച്ച് അല്ലാഹു താക്കീത് നൽകുന്നു.

**വചനം 17,18:**

لَّن تُغْنِىَ عَنْهُمْ أَمْوَٰلُهُمْ وَلَآ أَوْلَٰدُهُم مِّنَ ٱللَّهِ شَيْـًٔا ۚ أُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ ۖ هُمْ فِيهَا خَٰلِدُونَ ﴿١٧﴾

17 അവരുടെ സ്വത്തുക്കളാകട്ടെ, അവരുടെ സന്താനങ്ങളാകട്ടെ, അവര്‍ക്ക് അല്ലാഹുവിങ്കല്‍ നിന്നു (ണ്ടാകുന്ന) യാതൊന്നും പരിഹരിക്കുന്നതേയല്ല. അക്കൂട്ടര്‍, നരകത്തിന്‍െറ ആള്‍ക്കാരാകുന്നു; അവരതില്‍ നിത്യവാസികളായിരിക്കും

يَوْمَ يَبْعَثُهُمُ ٱللَّهُ جَمِيعًا فَيَحْلِفُونَ لَهُۥ كَمَا يَحْلِفُونَ لَكُمْ ۖ وَيَحْسَبُونَ أَنَّهُمْ عَلَىٰ شَىْءٍ ۚ أَلَآ إِنَّهُمْ هُمُ ٱلْكَٰذِبُونَ ﴿١٨﴾

18 അവരെ മുഴുവനും അല്ലാഹു എഴുന്നേല്പിക്കുന്ന (പുനര്‍ജ്ജീവിപ്പിക്കുന്ന) ദിവസം, അപ്പോള്‍, നിങ്ങളോട് ശപഥം ചെയ്യുന്നതു പോലെ അവനോടും അവര്‍ ശപഥം ചെയ്യുന്നതാണ് തങ്ങള്‍ ഒരു കാര്യത്തിലാണെന്ന് അവര്‍ വിചാരിക്കുകയും ചെയ്യും. അല്ലാ (-അറിഞ്ഞേക്കുക:) നിശ്ചയമായും അവര്‍ തന്നെ കളവു പറയുന്നവര്‍.

തങ്ങള്‍ സത്യ വിശ്വാസികളാണെന്നും മറ്റും ഇഹത്തില്‍ വെച്ച് അവര്‍ കള്ള സത്യം ചെയ്ത് പറഞ്ഞിരുന്നത് പോലെ പരലോകത്ത് അല്ലാഹുവിന്റെ മുമ്പിലും അവര്‍ കള്ള സത്യം ചെയ്തേക്കും. (പരലോകത്ത് വെച്ച് മുശ്‌രിക്കുകളും അങ്ങനെ കള്ള സത്യം ചെയ്യുമെന്ന് സൂ:അന്‍ആം: 23-ാം വചനത്തില്‍ അല്ലാഹു പ്രസ്താവിച്ചത് കാണാം) അതുമൂലം പരലോകത്ത് വെച്ച് അവര്‍ക്ക് വല്ല കാര്യവും നേടിക്കൊടുക്കുമെന്നായിരിക്കും അവരുടെ വിചാരം. എന്നാല്‍ തനി വ്യാജ വാദികളായ അവര്‍ നരകത്തില്‍ നിത്യവാസികളായിരിക്കും. അവരുടെ സ്വത്തുക്കളാകട്ടെ സന്താനങ്ങളാകട്ടെ, അവര്‍ക്ക് യാതൊരു പ്രയോജനവും നല്‍കുന്നതല്ല തന്നെ.

**വചനം 19,20,21:**

ٱسْتَحْوَذَ عَلَيْهِمُ ٱلشَّيْطَٰنُ فَأَنسَىٰهُمْ ذِكْرَ ٱللَّهِ ۚ أُو۟لَٰٓئِكَ حِزْبُ ٱلشَّيْطَٰنِ ۚ أَلَآ إِنَّ حِزْبَ ٱلشَّيْطَٰنِ هُمُ ٱلْخَٰسِرُونَ ﴿١٩﴾

19 പിശാച് അവരെ ജയിച്ചടക്കി വെച്ചിരിക്കയാണ്. അങ്ങനെ, അല്ലാഹുവിന്‍െറ ഓര്‍മ്മ അവരെ അവന്‍ മറപ്പിച്ചു കളഞ്ഞിരിക്കുന്നു. അക്കൂട്ടര്‍ പിശാചിന്‍െറ കക്ഷിയത്രെ. അല്ലാ (-അറിഞ്ഞേക്കുക)! നിശ്ചയമായും പിശാചിന്‍െറ കക്ഷി തന്നെയാണ് നഷ്ടക്കാര്‍.

إِنَّ ٱلَّذِينَ يُحَآدُّونَ ٱللَّهَ وَرَسُولَهُۥٓ أُو۟لَٰٓئِكَ فِى ٱلْأَذَلِّينَ ﴿٢٠﴾

20 നിശ്ചയമായും, അല്ലാഹുവിനോടും, അവന്‍െറ റസൂലിനോടും മല്‍സരം നടത്തുന്നവര്‍, അവര്‍, ഏറ്റവും നിന്ദ്യന്‍മാരുടെ കൂട്ടത്തിലായിരിക്കും.

كَتَبَ ٱللَّهُ لَأَغْلِبَنَّ أَنَا۠ وَرُسُلِىٓ ۚ إِنَّ ٱللَّهَ قَوِىٌّ عَزِيزٌ ﴿٢١﴾

21 അല്ലാഹു രേഖപ്പെടുത്തിവെച്ചിരിക്കുന്നു, നിശ്ചയമായും ഞാനും എന്‍െറ റസൂലുകളും തന്നെ വിജയം നേടും എന്ന്. നിശ്ചയമായും, അല്ലാഹു, ശക്തനും പ്രതാപശാലിയുമാകുന്നു.

ഞാനും എന്റെ റസൂലുകളും തന്നെയാണ് വിജയിക്കുക എന്ന കാര്യം അല്ലാഹു മുമ്പേ നിശ്ചയിച്ച് രേഖപ്പെടുത്തിവെച്ചതാണ്. അതില്‍ മാറ്റമില്ല എന്ന് സാരം. (സൂ:സ്വാഫ്ഫാത്ത്: 171-173 ഉം വിവരണവും നോക്കുക.)

പിശാചിന്റെ കക്ഷിയെക്കുറിച്ച് പ്രസ്താവിച്ച ശേഷം അല്ലാഹുവിന്റെ കക്ഷിയുടെ സ്വഭാവവും നേട്ടങ്ങളും അല്ലാഹു വിവരിക്കുന്നു:

**വചനം 22:**

لَّا تَجِدُ قَوْمًا يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ يُوَآدُّونَ مَنْ حَآدَّ ٱللَّهَ وَرَسُولَهُۥ وَلَوْ كَانُوٓا۟ ءَابَآءَهُمْ أَوْ أَبْنَآءَهُمْ أَوْ إِخْوَٰنَهُمْ أَوْ عَشِيرَتَهُمْ ۚ أُو۟لَـٰٓئِكَ كَتَبَ فِى قُلُوبِهِمُ ٱلْإِيمَـٰنَ وَأَيَّدَهُم بِرُوحٍ مِّنْهُ ۖ وَيُدْخِلُهُمْ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَا ۚ رَضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ ۚ أُو۟لَـٰٓئِكَ حِزْبُ ٱللَّهِ ۚ أَلَآ إِنَّ حِزْبَ ٱللَّهِ هُمُ ٱلْمُفْلِحُونَ ﴿٢٢﴾

22 അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത, അല്ലാഹുവിനോടും അവന്‍റെ റസൂലിനോടും മല്‍സരം കാണിക്കുന്നവരുമായി സ്നേഹബന്ധം പുലര്‍ത്തുന്നതായി നീ കണ്ടെത്തുകയില്ല; അവര്‍ തങ്ങളുടെ പിതാക്കളോ, പുത്രന്‍മാരോ, സഹോദരങ്ങളോ, ബന്ധുകുടുംബമോ ആയിരുന്നാലും ശരി. (അങ്ങിനെയുള്ള) അക്കൂട്ടരുടെ ഹൃദയങ്ങളില്‍ അവന്‍ സത്യവിശ്വാസം രേഖപ്പെടുത്തിവെച്ചിരിക്കുന്നു; അവന്‍റെ പക്കല്‍ നിന്നുള്ള ഒരു ആത്മാവുകൊണ്ട് അവന്‍ അവരെ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. താഴ്ഭാഗത്തിലൂടെ അരുവികള്‍ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വര്‍ഗ്ഗങ്ങളില്‍ -അതില്‍ നിത്യവാസികളായ നിലയില്‍- അവന്‍ അവരെ പ്രവേശിപ്പിക്കുകയും ചെയ്യും. അല്ലാഹു അവരെക്കുറിച്ചു തൃപ്തിപ്പെട്ടിരിക്കുന്നു; അവര്‍ അവനെക്കുറിച്ചും തൃപ്തിപ്പെട്ടിരിക്കുന്നു. അക്കൂട്ടര്‍, അല്ലാഹുവിന്‍െറ കക്ഷിയത്രെ. അല്ലാ (-അറിഞ്ഞേക്കുക;) നിശ്ചയമായും അല്ലാഹുവിന്‍െറ കക്ഷിതന്നെയാണ് വിജയികള്‍.

അല്ലാഹുവിന്‍റെയും റസൂലിന്‍റെയും എതിര്‍ കക്ഷികളും ശത്രുക്കളുമായി നില കൊള്ളുന്നവരോട് - അവര്‍ എത്ര അടുത്ത ബന്ധുക്കളായിരുന്നാലും ശരി - സ്നേഹ ബന്ധം പുലര്‍ത്തുവാന്‍, ഹൃദയത്തില്‍ അചഞ്ചലമായ സത്യ വിശ്വാസം ഉള്ള ആളുകള്‍ക്ക് സാദ്ധ്യമല്ല. അവരുടെ വിശ്വാസം ഒരിക്കലും പരീക്ഷണ ഘട്ടങ്ങളില്‍ പതറിപ്പോകുന്നതുമല്ല. അങ്ങനെയുള്ളവര്‍ക്ക് അല്ലാഹുവിങ്കല്‍ നിന്ന് ഒരു പ്രത്യേക ചൈതന്യവും ആത്മീയ ശക്തിയും ലഭിക്കുന്നതുമാകുന്നു. അവരെ അല്ലാഹു അവന്‍റെ സ്വര്‍ഗ്ഗീയാരാമത്തില്‍ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്.

നബി(സ)യെ കുറിച്ച് പഴിവാക്കുകള്‍ പറയുമായിരുന്ന തന്‍റെ പിതാവായ അബൂ ഖുഹാഫ:(റ)യെ ഒരിക്കല്‍ അബൂബക്കര്‍(റ) തട്ടിത്തള്ളിയിടുകയുണ്ടായി. (അന്ന് അബൂ ഖുഹാഫ:(റ) വിശ്വസിച്ചിട്ടുണ്ടായിരുന്നില്ല) ബദര്‍ യുദ്ധത്തില്‍ താനുമായി ഏറ്റു മുട്ടിയ സ്വ പിതാവിനെ അബൂ ഉബൈദ(റ) കൊലപ്പെടുത്തുകയുണ്ടായി. ഇതെല്ലാം അവരുടെ അടിയുറച്ച സത്യ വിശ്വാസത്തിന്‍റെ വികാര പ്രകടനമായിരുന്നു.

മതാപിതാക്കള്‍ അവിശ്വാസികളായിരുന്നാല്‍ പോലും അവരോട് നല്ല നിലക്ക് സഹവസിക്കണമെന്നും, ശത്രു പക്ഷത്തുള്ളവരോട് നല്ല നിലയില്‍ വര്‍ത്തിക്കണമെന്നും അല്ലാഹുവും റസൂലും ആവര്‍ത്തിച്ച് പറഞ്ഞിട്ടുള്ളതും, മേല്‍ സംഭവങ്ങളും പരസ്പര വിരുദ്ധമല്ല. ഇത് സംബന്ധിച്ച് കൂടുതല്‍ വിവരങ്ങള്‍ സൂ: മുംതഹന: വചനം 1 -ല്‍ കാണാവുന്നതാണ്.

"അല്ലാഹു അവരെക്കുറിച്ചും, അവര്‍ അല്ലാഹുവിനെക്കുറിച്ചും തൃപ്തിപ്പെട്ടിരിക്കുന്നു" എന്ന് പറഞ്ഞതിന്‍റെ താല്‍പര്യം ഇതാകുന്നു: നിഷ്കളങ്കവും അജയ്യവുമായ അവരുടെ വിശ്വാസത്താല്‍ അല്ലാഹുവിന്‍റെ തൃപ്തിക്ക് അവര്‍ പാത്രമായിരിക്കുന്നു; അവര്‍ക്ക് അല്ലാഹുവില്‍ നിന്ന് ലഭിക്കുന്ന വമ്പിച്ച പ്രതിഫലങ്ങളില്‍, അവര്‍ അല്ലാഹുവിനെക്കുറിച്ചും സംതൃപ്തരായിരിക്കും. والله اعلم

# 59. സൂറത്തുൽ - ഹശ്ർ (തുരത്തിയോടിക്കൽ)

**മദീനയിൽ അവതരിച്ചത്**

**വചനങ്ങൾ 24, വിഭാഗം (റുക്കൂഅ്) 3**

ഈ അദ്ധ്യായത്തിന് 'അൽ ഹശ്ർ'(തുരത്തിയോടിക്കൽ അഥവാ നാട് കടത്തൽ) എന്ന് പേര് വരുവാൻ കാരണം 'ബനൂ നളീർ' എന്ന യഹൂദി ഗോത്രത്തെ മദീനായിൽ നിന്നും നാട് കടത്തിയ സംഭവം 2-ാം വചനത്തിൽ വിവരിച്ചിട്ടുള്ളതിനാലാകുന്നു.

ഈ സൂറത്തിന് 'സൂ:ന്നളീർ' എന്നും ഇബ്നു അബ്ബാസ്(റ) പേര് നൽകിയിരിക്കുന്നു (ബുഖാരി)

മദീനാ പരിസരങ്ങളിലെ രണ്ട് യഹൂദി ഗോത്രങ്ങളായിരുന്നു 'ഖുറൈള'യും 'നളീറും'. വിശ്വാസ വഞ്ചനയും ചതിയും അവരുടെ പ്രകൃതമായിരുന്നു. ഖൻദഖ് യുദ്ധത്തിൽ ഖുറൈള ഗോത്രം ഖുറൈശി കളെ സഹായിക്കുകയും, തുടർന്ന് നബി(സ) അവരുടെ നേർക്ക് പടയെടുക്കുകയുമുണ്ടായി. (ഈ സംഭവം സൂ: അഹ്സാബിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.)

നളീർ ഗോത്രത്തിലെ ഒരു കവിയായിരുന്ന കഅബു ബ്നുൽ അശ്റഫ് നബി(സ)യെയും സത്യ വിശ്വാസികളെയും പഴിച്ച്കൊണ്ട് കവിതകൾ രചിക്കുകയും അവർക്കെതിരായി മുശ്രിക്കുകളെ ഇളക്കി വിടുകയും ചെയ്തിരുന്നു. പൊറുതി മുട്ടിയപ്പോൾ അവനെ കൊലപ്പെടുത്താൻ നബി(സ) ഏർപ്പാട് ചെയ്യുകയുമുണ്ടായി.

ഒരിക്കൽ, നളീർ ഗോത്രക്കാർ നബി(സ)യുടെ തലയിലേക്ക് ഒരു കെട്ടിടത്തിന്റെ മുകളിൽ നിന്ന് ഒരു വലിയ പാറക്കല്ല് ഉരുട്ടിയിട്ട് വധിക്കുവാൻ ശ്രമിക്കുകയുണ്ടായി. അല്ലാഹുവിന്റെ വഹ്യിലൂടെ വിവ രമറിഞ്ഞ തിരുമേനി(സ) അവരുടെ ചതിയിൽപ്പെടാതെ രക്ഷപ്പെട്ടു. അനന്തരം, നബി(സ) തിരുമേനി നളീർ ഗോത്രക്കാരോട് മദീനാ വിട്ട് പോയിക്കൊള്ളുവാൻ അന്ത്യശാസനം നൽകി. കപട വിശ്വാസിക ളുടെ നേതാവായിരുന്ന അബ്ദുല്ലാഹിബ്നു ഉബയ്യും അനുയായികളും, യഹൂദികളെ യുദ്ധത്തിന് പ്രേരി പ്പിക്കുകയും സഹായ വാഗ്ദാനം നൽകുകയും ചെയ്തു. തുടർന്ന്, അവർ തങ്ങളുടെ ശക്തമായ കോട്ട ക്കുള്ളിൽ അടച്ചിരുന്നു. നബി(സ)യും സൈന്യവും കോട്ട ഉപരോധിക്കുകയും, പുറത്തുള്ള അവരുടെ ഈത്തപ്പന തോട്ടങ്ങൾ നശിപ്പിക്കുകയും ചെയ്തു. കപട വിശ്വാസികൾ അവർക്ക് യാതൊരു സഹാ യവും നൽകിയതുമില്ല. അല്ലാഹു യഹൂദികളിൽ ഭീതി ഉളവാക്കുകയും അവർ സന്ധിക്കപേക്ഷിക്കുകയും ചെയ്തു. എന്നാൽ തിരുമേനി, അവരോട് നാട് വിടുക തന്നെ വേണമെന്ന് നിർബ്ബന്ധിക്കുകയും ചെയ്തു. അത്യാവശ്യം വേണ്ട വീട്ട് സാമാനങ്ങൾ മാത്രം കൂടെ കൊണ്ടു പോകുവാൻ അനുവദിക്കുകയും ചെയ്തു. അവരിൽ ഭൂരിഭാഗം കുടുംബങ്ങളും ശാമിലേക്ക് (സിറിയ) കൂട്ടത്തോടെ സ്ഥലം വിട്ടു. അമ്പത് പട അങ്കികളും, അമ്പത് പടത്തൊപ്പികളും, മറ്റു കുറെ യുദ്ധ സാമഗ്രികളും മുസ്ലിംകൾക്ക് അധീനമാകു കയും ചെയ്തു. കൂടുതൽ വിവരം സൂറത്തിൽ കാണാവുന്നതാണ്.

**വിഭാഗം: 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ — بسم الله الرحمن الرحيم

**വചനം 1,2:**

1 ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം തന്നെ) അല്ലാഹുവിന് സ്തോത്ര കീർത്തനം ചെയ്യുന്നു. അവൻ അഗാധജ്ഞ നായ പ്രതാപശാലിയായുള്ളവനത്രെ.

سَبَّحَ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿١﴾

2 വേദക്കാരിൽ നിന്ന് അവിശ്വസിച്ചവരെ ഒന്നാ മത്തെ തുരത്തലിൽ തങ്ങളുടെ വാസസ്ഥല ങ്ങളിൽനിന്ന് പുറത്താക്കിയവനാണ് അവൻ. അവർ പുറത്തുപോകുമെന്ന് നിങ്ങൾ

هُوَ ٱلَّذِىٓ أَخْرَجَ ٱلَّذِينَ كَفَرُوا۟ مِنْ أَهْلِ ٱلْكِتَٰبِ مِن دِيَٰرِهِمْ لِأَوَّلِ ٱلْحَشْرِ ۚ مَا

ظَنَنتُمْ أَن يَخْرُجُوا ۖ وَظَنُّوا أَنَّهُم مَّانِعَتُهُمْ حُصُونُهُم مِّنَ اللَّهِ فَأَتَاهُمُ اللَّهُ مِنْ حَيْثُ لَمْ يَحْتَسِبُوا ۖ وَقَذَفَ فِي قُلُوبِهِمُ الرُّعْبَ ۚ يُخْرِبُونَ بُيُوتَهُم بِأَيْدِيهِمْ وَأَيْدِي الْمُؤْمِنِينَ فَاعْتَبِرُوا يَا أُولِي الْأَبْصَارِ ﴿٢﴾

ധരിച്ചില്ല. തങ്ങളുടെ കോട്ടകൾ തങ്ങളെ അല്ലാഹുവിൽനിന്ന് (തടുത്തു) രക്ഷിക്കുന്ന വയാണെന്ന് അവർ ധരിക്കയും ചെയ്തു. എന്നാൽ, അവർ കണക്കാക്കാത്തവിധത്തിൽ കൂടി അല്ലാഹു അവരുടെ അടുക്കൽ ചെന്നു; അവരുടെ ഹൃദയങ്ങളിൽ അവൻ ഭീതി ഇട്ടേക്കുകയും ചെയ്തു. തങ്ങളുടെ വീടു കളെ അവർ, തങ്ങളുടെ കൈകളാൽ നശിപ്പി ച്ചിരുന്നു; സത്യവിശ്വാസികളുടെ കൈക ളാലും (നശിപ്പിച്ചിരുന്നു). അപ്പോൾ -കാഴ്ച യുള്ള ആളുകളേ-നിങ്ങൾ ഉറ്റാലോചിച്ചു നോക്കുവിൻ!

'തസ്ബീഹി'ന്റെ വാചകം കൊണ്ട് ആരംഭിക്കുന്ന രണ്ടാമത്തെ സൂറത്താണിത് (മുസബ്ബിഹാത്ത്) ഒന്നാമത്തേതായ സൂറത്തുൽ ഹദീദിന്റെ ആരംഭത്തിൽ പ്രസ്താവിച്ച കാര്യങ്ങൾ ഇവിടെയും ഇതു പോലെയുള്ള താഴെ വരുന്ന സൂറത്തുകളിലും സ്മരണീയമത്രേ.

'ഒന്നാമത്തെ തുരത്തിവിടൽ' എന്ന് പറഞ്ഞത് നളീർ ഗോത്രക്കാരായ യഹൂദികളെ നാട് കട ത്തിയ മുൻ പ്രസ്താവിച്ച സംഭവത്തെക്കുറിച്ചാകുന്നു. അവരുടെ ആക്രമ പ്രവർത്തനങ്ങൾ, അവർ വീണ്ടും തുടർന്ന് വന്നത് കൊണ്ട് ഉമർ(റ)ന്റെ ഖിലാഫത്ത് കാലത്ത് അവരിലൊരു വിഭാഗം കുടിയേറിയ ഖൈബ റിൽ നിന്ന് രണ്ടാമതും അവർ പുറത്താക്കപ്പെടുകയുണ്ടായി.

തങ്ങളുടെ ശക്തമായ കോട്ടകളിൽ സുരക്ഷിതരാണെന്നവർ കരുതി: എന്നാൽ അവർ കണക്കാ ക്കാത്ത വിധത്തിൽ അല്ലാഹു അവരുടെ മനസ്സിൽ ഭീതി നിറച്ചു. തങ്ങൾ ഒഴിച്ച് പോകേണ്ടി വരുമെന്ന ഘട്ടം വന്നപ്പോൾ, തങ്ങളുടെ വീടുകളും വസ്തു വകകളും മുസ്‌ലിംകൾക്ക് ലഭിക്കാതിരിക്കാനായി സ്വന്തം കൈകളാൽ അവർ നശിപ്പിച്ചു. അവരെ വെളിക്ക് വരുവാൻ നിർബ്ബന്ധിതരാക്കേണ്ടതിനായി മുസ്‌ലിം കളും കുറെ നശിപ്പിച്ചിരുന്നു. മുസ്‌ലിംകളുടെ ഭാഗത്തുള്ള പട്ടാള ശക്തിയോ, ആയുധ ബലമോ കൊണ്ടാ യിരുന്നില്ല, അവർ ഈ ദയനീയ അവസ്ഥയിൽ എത്തിച്ചേർന്നതെന്ന് വ്യക്തമാണ്. എന്നിരിക്കെ കാഴ്ചയും മന:സാക്ഷിയുമുള്ളവർക്കെല്ലാം ഈ സംഭവത്തിൽ ചിന്തിക്കുവാനും പാഠങ്ങൾ മനസ്സിലാക്കുവാനും തീർച്ചയായും വകയുണ്ട്.

**വചനം 3,4,5:**

وَلَوْلَا أَن كَتَبَ اللَّهُ عَلَيْهِمُ الْجَلَاءَ لَعَذَّبَهُمْ فِي الدُّنْيَا ۖ وَلَهُمْ فِي الْآخِرَةِ عَذَابُ النَّارِ ﴿٣﴾

3 (ഈ) നാടുകടന്നുപോകൽ അവരുടെ മേൽ അല്ലാഹു (വിധിച്ച്) രേഖപ്പെടുത്തലുണ്ടായി രുന്നില്ലെങ്കിലും, ഇഹത്തിൽവെച്ച് അവരെ അവൻ (മറ്റുവിധേന) ശിക്ഷിക്കുകതന്നെ ചെയ്യുമായിരുന്നു. പരലോകത്തിൽ നരക ശിക്ഷയും അവർക്കുണ്ട്.

ذَٰلِكَ بِأَنَّهُمْ شَاقُّوا اللَّهَ وَرَسُولَهُ ۖ وَمَن يُشَاقِّ اللَّهَ فَإِنَّ اللَّهَ شَدِيدُ الْعِقَابِ ﴿٤﴾

4 അത് അല്ലാഹുവിനോടും, അവൻെറ റസൂലി നോടും അവർ കക്ഷിപിടി(ച്ചു മൽസരി) ച്ചതുകൊണ്ടാകുന്നു. അല്ലാഹുവിനോട് ആരെ ങ്കിലും കക്ഷിപിടി(ച്ചു മൽസരി)ക്കുന്നതായാൽ, നിശ്ചയമായും അല്ലാഹു കഠിനമായി ശിക്ഷാ നടപടിയെടുക്കുന്നവനാണ്.

مَا قَطَعْتُم مِّن لِّينَةٍ أَوْ تَرَكْتُمُوهَا قَائِمَةً عَلَىٰ أُصُولِهَا فَبِإِذْنِ اللَّهِ

5 (സത്യവിശ്വാസികളേ) നിങ്ങൾ ഈന്തപ്പനയിൽ നിന്നു(വല്ലതും) മുറിക്കുകയോ, അല്ലെങ്കിൽ അവയെ അവയുടെ മുരടുകളിൽ നിലകൊള്ളു

وَلِيُخۡزِيَ ٱلۡفَٰسِقِينَ ٥

ന്നതായി വിട്ടേക്കുകയോ ചെയ്തിട്ടുള്ളത് അല്ലാഹുവിൻെറ സമ്മതപ്രകാരമാകുന്നു; (ആ) തോന്നിയവാസികളെ അപമാനപ്പെടുത്തുവാൻ വേണ്ടിയും ആകുന്നു.

ആ യഹൂദികളുടെ കോട്ട ഉപരോധം ചെയ്തിരുന്നപ്പോൾ വെളിയിലുള്ള അവരുടെ ഈത്തപ്പനകൾ കുറെ മുറിച്ച് നശിപ്പിക്കുവാൻ നബി(സ) കൽപിക്കുകയുണ്ടായി. ശത്രുക്കളുടെ മരങ്ങൾ നശിപ്പിക്കുക, കന്നുകാലികളെ കൊല്ലുക മുതലായ കാര്യങ്ങൾ നബി(സ) സാധാരണ വിരോധിക്കാറുള്ളതാണ്. എന്നാൽ ആ പ്രത്യേക പരിതസ്ഥിതിയിൽ, അത് ഒഴിവാക്കാൻ പറ്റാത്തതായിരുന്നുവെന്നും, അതിന് അല്ലാഹു നബി(സ)ക്ക് സമ്മതം കൊടുത്തിരുന്നുവെന്നും, അല്ലാഹു വ്യക്തമാക്കുന്നു.

അല്ലാഹുവിനോടും അവന്റെ റസൂലിനോടും വല്ലവരും കക്ഷിപിടിച്ച് മത്സരിക്കുന്നതായാൽ അല്ലാഹു നിശ്ചയമായും കഠിനമായ ശിക്ഷാ നടപടി ഇഹത്തിലും പരത്തിലും അവർക്കെതിരെ കൈക്കൊള്ളുന്നതാണ്.

**വചനം 6:**

وَمَآ أَفَآءَ ٱللَّهُ عَلَىٰ رَسُولِهِۦ مِنۡهُمۡ فَمَآ أَوۡجَفۡتُمۡ عَلَيۡهِ مِنۡ خَيۡلٖ وَلَا رِكَابٖ وَلَٰكِنَّ ٱللَّهَ يُسَلِّطُ رُسُلَهُۥ عَلَىٰ مَن يَشَآءُۚ وَٱللَّهُ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ٦

6 അവരിൽനിന്ന് അല്ലാഹു തൻെറ റസൂലിന് കൈവരുത്തി ('ഫൈഉആ'ക്കി)ക്കൊടുത്തത് എന്തോ (അത്), അതിനായി നിങ്ങൾ കുതിരകളെയോ, (ഒട്ടക) വാഹനങ്ങളോ ഓട്ടുകയുണ്ടായിട്ടില്ല. എങ്കിലും, അല്ലാഹു ഉദ്ദേശിക്കുന്നവരുടെമേൽ അവൻ തൻെറ റസൂലുകളെ അധികാരപ്പെടുത്തുന്നു. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്.

ബനൂ നളീർ ഒഴിച്ചു പോയപ്പോൾ വിട്ടേച്ച് പോയ സ്വത്തുക്കളെക്കുറിച്ചാണ് പറയുന്നത്. ഇതും 'ഗനിമത്ത്' സ്വത്തുക്കളും തമ്മിൽ വ്യത്യാസമുണ്ട്. ശത്രുക്കളുമായി ഏറ്റുമുട്ടലും, പടവെട്ടലും കൂടാതെ, അല്ലാഹു അവന്റെ റസൂലിന് തിരുമേനിയുടെ ആവശ്യങ്ങൾക്കായി കൈവരുത്തികൊടുത്തതാണ് ഈ സ്വത്ത്. ഇത് പടയാളികൾക്കിടയിൽ ഭാഗിക്കേണ്ടതില്ല. ഇങ്ങിനെ ലഭിക്കുന്ന സ്വത്തുക്കൾ "ഫൈഉ്" എന്ന പേരിൽ അറിയപ്പെടുന്നു. 'ഗനിമത്തു'കൾ ലഭിക്കുന്നത് യുദ്ധം നിമിത്തമായതുകൊണ്ട്, അത് പടയാളികൾക്കിടയിൽ ഭാഗിക്കപ്പെടുന്നു.

"ഫൈഉ്" സ്വത്തുകളിൽ നിന്ന് നൽകപ്പെടേണ്ടവർ ആരെക്കെയാണെന്ന് അടുത്ത വചനത്തിൽ അല്ലാഹു പ്രസ്താവിക്കുന്നു.

**വചനം 7:**

مَّآ أَفَآءَ ٱللَّهُ عَلَىٰ رَسُولِهِۦ مِنۡ أَهۡلِ ٱلۡقُرَىٰ فَلِلَّهِ وَلِلرَّسُولِ وَلِذِي ٱلۡقُرۡبَىٰ وَٱلۡيَتَٰمَىٰ وَٱلۡمَسَٰكِينِ وَٱبۡنِ ٱلسَّبِيلِ كَيۡ لَا يَكُونَ دُولَةَۢ بَيۡنَ ٱلۡأَغۡنِيَآءِ مِنكُمۡۚ وَمَآ ءَاتَىٰكُمُ ٱلرَّسُولُ فَخُذُوهُ وَمَا نَهَىٰكُمۡ عَنۡهُ فَٱنتَهُواْۚ وَٱتَّقُواْ ٱللَّهَۖ إِنَّ ٱللَّهَ شَدِيدُ ٱلۡعِقَابِ ٧

7 (എന്നുവെച്ചാൽ) അല്ലാഹു അവൻെറ റസൂലിന് രാജ്യക്കാരിൽനിന്നു കൈവരുത്തി ('ഫൈഉആ'ക്കി)ക്കൊടുത്തതെന്തോ (അത്), അല്ലാഹുവിനും, റസൂലിനും, അടുത്ത കുടുംബങ്ങൾ, അനാഥകൾ, സാധുക്കൾ, വഴിപോക്കർ എന്നിവർക്കും ഉള്ളതാകുന്നു;- നിങ്ങളിൽ നിന്നുള്ള ധനികൻമാർക്കിടയിൽ കൈമാറപ്പെടുന്നതാകാതിരിക്കുവാൻ വേണ്ടിയത്രെ (അത്). റസൂൽ നിങ്ങൾക്ക് (കൊണ്ടു) തന്നതെന്തോ അതു നിങ്ങൾ സ്വീകരിച്ചു കൊള്ളുക. അദ്ദേഹം നിങ്ങളോട് എന്തിനെക്കുറിച്ചു വിരോധിച്ചുവോ (അതിൽനിന്നു) വിരമി

ക്കുകയും ചെയ്യുക. നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിന്‍. നിശ്ചയമായും അല്ലാഹു ശിക്ഷാനടപടി കഠിനമായവനാകുന്നു.

റസൂലിന് ലഭിക്കുന്ന എല്ലാ "ഫൈഉ്"കളും റസൂലിനും, അവിടുത്തെ അടുത്ത കുടുംബം, അനാഥകള്‍, സാധുക്കള്‍, വഴിപോക്കര്‍ (നിരാലംബരായ യാത്രക്കാര്‍) എന്നീ അഞ്ച് വിഭാഗങ്ങള്‍ക്ക് മാത്രമുള്ളതാണ്. 'അല്ലാഹുവിനും' എന്ന് പറഞ്ഞതിന്റെ താല്‍പര്യം – "ആ സ്വത്ത് യഥാര്‍ത്ഥത്തില്‍ അല്ലാഹുവിന്റെതാണ്. അതുകൊണ്ട് അവന്‍ നിര്‍ദ്ദേശിക്കുന്ന പ്രകാരം കൈകാര്യം ചെയ്യേണ്ടതാകുന്നു." – എന്നതാണ് പൊതുവില്‍ അംഗീകരിക്കപ്പെട്ട അഭിപ്രായം.

ഗനിമത്ത് സ്വത്തുക്കളാകട്ടെ, അഞ്ചില്‍ നാല് ഭാഗം യുദ്ധത്തില്‍ പങ്കെടുത്തവര്‍ക്കും ഒരു ഭാഗം മാത്രം മേല്‍ പ്രസ്താവിച്ച അഞ്ച് കൂട്ടര്‍ക്കും അര്‍ഹതപ്പെട്ടതാകുന്നു. "ഫൈഉ്" സ്വത്തുക്കളാകട്ടെ ഈ പറഞ്ഞ അഞ്ച് കൂട്ടര്‍ക്ക് മാത്രമുള്ളതാകുന്നു. ഇങ്ങനെ നിശ്ചയിച്ചതിന് അല്ലാഹു എടുത്ത് കാണിച്ച കാരണം പ്രധാനപ്പെട്ട ഒരു ഇസ്‌ലാമിക സിദ്ധാന്തത്തെയാണ് വ്യക്തമാക്കുന്നത്.

– "ധനം ധനികന്മാര്‍ക്കിടയില്‍ മാത്രം കൈമാറപ്പെടുന്ന ഒരു വസ്തു ആയിക്കൂടാ." ഗനീമത്ത് സ്വത്തുക്കള്‍ ഭാഗിക്കുമ്പോഴും മറ്റും താരതമ്യേന അവര്‍ക്കായിരിക്കും കൂടുതല്‍ ലഭിക്കാന്‍ സാധ്യത. ഉദാഹരണത്തിന്, ദരിദ്രനായ കാല്‍ പടയാളിയേക്കാള്‍ ഇരട്ടിയോളം, ധനവാനായ കുതിരപ്പടയാളിക്ക് ലഭിച്ചേക്കാം.

നബി(സ)യുടെ അടുത്ത കുടുംബം എന്നത് കൊണ്ടുദ്ദേശ്യം സക്കാത്തിന്റെ അംശം നല്‍കപ്പെടാത്ത നബി(സ)യുടെ അടുത്ത ബന്ധുക്കളത്രേ. ദാന ധര്‍മ്മങ്ങള്‍ മുഹമ്മദിനും മുഹമ്മദിന്റെ കുടുംബത്തിനും അനുവദനീയമല്ലെന്ന് തിരുമേനി അരുളിച്ചെയ്തിട്ടുണ്ട്. നബി(സ)യുടെ കാലശേഷം അവിടുത്തെ എല്ലാ സ്വത്തുക്കളുമെന്ന പോലെ ഫൈഇന്റെ അവകാശവും പൊതു ഭണ്ഡാരത്തിലേക്ക് (ബൈത്തുല്‍ മാലിലേക്ക്) പോകുന്നതാണ്.

"റസൂല്‍ നിങ്ങള്‍ക്ക് എന്ത് കൊണ്ട് തന്നുവോ അത് നിങ്ങള്‍ സ്വീകരിക്കണം. അദ്ദേഹം നിങ്ങളോട് എന്തിനെക്കുറിച്ച് വിരോധിച്ചുവോ അതില്‍ നിന്ന് വിരമിക്കുകയും ചെയ്യുവിന്‍" – എന്ന് അല്ലാഹു തുടര്‍ന്ന് ഉപദേശിക്കുന്നു.

'റസൂല്‍ കല്‍പിച്ചത്' എന്ന് പറയാതെ 'റസൂല്‍ കൊണ്ട് തന്നത്' എന്ന് പറഞ്ഞത് കൊണ്ട് ഉദ്ദേശിക്കുന്നത്; വാക്ക് കൊണ്ടോ, പ്രവര്‍ത്തിക്കൊണ്ടോ, സമ്മതം കൊണ്ടോ റസൂല്‍ കാണിച്ച് തന്നതെല്ലാം, എന്നാകുന്നു. ഖുര്‍ആനും അതില്‍ ഉള്‍പ്പെട്ടത് തന്നെ. "അദ്ദേഹം എന്തിനെക്കുറിച്ച് വിരോധിച്ചുവോ" അത് മാത്രമാണ് നിരോധിക്കപ്പെട്ടിട്ടുള്ളതും. തിരുമേനി കാണിച്ച് തരാത്തതെല്ലാം നിരോധിക്കപ്പെട്ടതാണെന്നല്ല. അത് കൊണ്ടാണ് "അദ്ദേഹം കൊണ്ട് വരാത്തത്" എന്ന് പറയാതെ, "അദ്ദേഹം വിരോധിച്ചത്" എന്ന് പറഞ്ഞിരിക്കുന്നത്.

"ഞാന്‍ നിങ്ങളോട് വല്ലതിനെക്കുറിച്ചും വിരോധിച്ചാല്‍ നിങ്ങളത് വര്‍ജ്ജിക്കുവിന്‍; ഞാന്‍ നിങ്ങളോട് വല്ല കാര്യവും കല്‍പിച്ചാല്‍ അതില്‍ നിന്ന് നിങ്ങള്‍ക്ക് സാധിക്കുന്നത്ര കൊണ്ട് വരികയും ചെയ്യുവിന്‍" എന്ന് നബി(സ) അരുളിയിരിക്കുന്നു. (ബു.മു)

ഈ വചനത്തിലെ ആശയം വിശുദ്ധ ഖുര്‍ആനിലെ 4:80; 24:63; 33:21; 53:3,4 മുതലായ ആയത്തുകളിലായി അല്ലാഹു ആവര്‍ത്തിച്ച് പ്രസ്താവിച്ചുള്ളതായി കാണാം.

ഖുര്‍ആന്‍ മാത്രമേ ഇസ്‌ലാമില്‍ അംഗീകരിക്കേണ്ടുന്ന പ്രമാണമായിട്ടുള്ളൂ എന്നും, നബി(സ)യുടെ വാക്കുകളും ചര്യകളും തങ്ങള്‍ക്ക് സ്വീകാര്യമല്ല എന്നും ജല്‍പിക്കുന്ന ചില മുസ്ലിം നാമധാരികള്‍, അവര്‍ അംഗീകരിക്കുന്നുവെന്ന് പറയുന്ന വിശുദ്ധ ഖുര്‍ആനിലെ സൂ:നിസാഅ്: 65 വചനവും, സൂ: അഹ്സാബ് 36–ാം വചനവും തുറന്ന മനസ്സോടെ വായിച്ചു മനസ്സിലാക്കുന്നത് നന്നായിരിക്കുമെന്ന് മാത്രമേ പറയുവാനുള്ളൂ.

നബി ചര്യകളെ പുറം തള്ളിക്കൊണ്ട്, ഖുർആൻ മാത്രം മതിയെന്ന് പറയുന്നവരെ പറ്റി തിരുമേനി(സ) നേരത്തെ തന്നെ പ്രവചനം നടത്തിയിട്ടുള്ളതാകുന്നു. തിരുമേനി ഇപ്രകാരം പറയുകയുണ്ടായി:

“നിങ്ങളിലൊരാൾ, തന്റെ അലംകൃതമായ കട്ടിലിൽ ചാരിയിരുന്നു സുഖിച്ച് കൊണ്ടിരിക്കെ, ഞാൻ കൽപിച്ചതോ, വിരോധിച്ചതോ ആയ വല്ല കാര്യവും അവന്റെ അടുക്കൽ വരുകയും, അപ്പോൾ അവൻ ‘എനിക്ക് (അതൊന്നും) അറിഞ്ഞ് കൂടാ, നാം അല്ലാഹുവിന്റെ കിതാബിൽ കണ്ടത് നമുക്ക് പിൻപറ്റാം’എന്ന് പറയുന്നത് ഞാൻ കണ്ടെത്താതിരിക്കട്ടെ”. (അ; ദാ; തി; ജ; ബ)

ഈ വചനത്തിന്റെ അവസാനത്തിൽ അല്ലാഹുവിനെ സൂക്ഷിക്കണമെന്നും, അല്ലാഹു കഠിനമായ ശിക്ഷാ നടപടി എടുക്കുന്നവനാണെന്നും പറഞ്ഞത്, അത്തരക്കാർക്കുള്ള ഒരു താക്കീതാകുന്നു.

‘ഫൈഇ’ന്റെ സ്വത്തുക്കൾക്ക് അർഹതപ്പെട്ട റസൂൽ തിരുമേനി(സ)ക്ക് പുറമെയുള്ള, നാല് വിഭാഗക്കാരെക്കുറിച്ച് തുടർന്നുള്ള വചനങ്ങളിൽ അല്ലാഹു പ്രസാതാവിക്കുന്നു.

**വചനം 8:**

لِلْفُقَرَآءِ ٱلْمُهَـٰجِرِينَ ٱلَّذِينَ أُخْرِجُوا۟ مِن دِيَـٰرِهِمْ وَأَمْوَٰلِهِمْ يَبْتَغُونَ فَضْلًا مِّنَ ٱللَّهِ وَرِضْوَٰنًا وَيَنصُرُونَ ٱللَّهَ وَرَسُولَهُۥٓ ۚ أُو۟لَـٰٓئِكَ هُمُ ٱلصَّـٰدِقُونَ ﴿٨﴾

8 അതായത്, തങ്ങളുടെ വാസസ്ഥലങ്ങളിൽ നിന്നും, സ്വത്തുക്കളിൽനിന്നും പുറത്താക്കപ്പെട്ടിട്ടുള്ള ‘മുഹാജിറു’കളായ (സ്വദേശം വിട്ടുപോയ) ദരിദ്രൻമാർക്ക്; അല്ലാഹുവിങ്കൽ നിന്നുള്ള ദയവും പൊരുത്തവും തേടിക്കൊണ്ടും, അല്ലാഹുവിനെയും അവൻെറ റസൂലിനെയും സഹായിച്ചുകൊണ്ടുമിരിക്കവെ (പുറത്താക്കപ്പെട്ടവർ) അക്കൂട്ടർതന്നെയാണ് സത്യവാൻമാർ.

മക്കയിൽ നിന്നും നാടും വീടും സ്വത്തുക്കളുമെല്ലാം ഉപേക്ഷിച്ച് മദീനായിലേക്ക് നാട് കടക്കുവാൻ നിർബ്ബന്ധിതരായ മുഹാജിറുകളായ, ദരിദ്രന്മാരാണ് ഫൈഇന്ന് അർഹരായ നാല് കൂട്ടരിൽ ഒരു വിഭാഗം. അല്ലാഹുവിന്റെ ദീനീനെയും, നബി(സ) തിരുമേനിയേയും സംരക്ഷിക്കുവാൻ സർവ്വവും സമർപ്പിച്ചവരാണവർ. ഹിജ്റ യാത്രക്കുള്ള ചിലവിന് പോലുമില്ലാതെ, മദീനയിലെത്തിയ അവർക്ക് മദീനക്കാരായ അൻസാറുകളുടെ സഹായമായിരുന്നു അവലംബം. ബനൂ നളീർ സംഭവം നടക്കുമ്പോഴും, അവർ ദരിദ്രാവസ്ഥയിൽ തന്നെയായിരുന്നു. നളീറിൽ നിന്ന് ലഭിച്ച ഫൈഉ് സ്വത്തിൽ നിന്നും നബി(സ) കൂടുതലും നൽകിയത് ഈ മുഹാജിറുകൾക്കായിരുന്നു.

**വചനം 9:**

وَٱلَّذِينَ تَبَوَّءُو ٱلدَّارَ وَٱلْإِيمَـٰنَ مِن قَبْلِهِمْ يُحِبُّونَ مَنْ هَاجَرَ إِلَيْهِمْ وَلَا يَجِدُونَ فِى صُدُورِهِمْ حَاجَةً مِّمَّآ أُوتُوا۟ وَيُؤْثِرُونَ عَلَىٰٓ أَنفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ ۚ وَمَن يُوقَ شُحَّ نَفْسِهِۦ فَأُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿٩﴾

9 അവരുടെ മുമ്പായി (മുഹാജിറുകളുടെ വരവിനു മുമ്പായി) വാസസ്ഥലവും സത്യവിശ്വാസവും സ്വീകരിച്ചു (സൗകര്യപ്പെടുത്തി) വെച്ചവരും (ആയ ദരിദ്രൻമാർക്കും). തങ്ങളുടെ അടുക്കലേക്കു ഹിജ്റവന്ന (നാടുവിട്ടുവന്ന) വരെ അവർ സ്നേഹിക്കുന്നു; തങ്ങൾക്ക് നൽകപ്പെട്ടതു സംബന്ധിച്ച് അവരുടെ നെഞ്ചു (മനസ്സുകളിൽ) യാതൊരാവശ്യവും അവർ കണ്ടെത്തുന്നുമില്ല! തങ്ങളിൽ വല്ലവിടവും (അഥവാ ദാരിദ്ര്യം) ഉണ്ടായിരുന്നാൽ പോലും അവർ തങ്ങളുടെ ദേഹങ്ങളെക്കാൾ (മറ്റുള്ളവർക്കു) പ്രാധാന്യം നൽകുകയും ചെയ്യുന്നു! ഏതൊരുവൻ തൻെറ മനസ്സിൻെറ പിശുക്കിൽ

(അഥവാ ആർത്തിയിൽ) നിന്ന് കാത്തു
രക്ഷിക്കപ്പെടുന്നുവോ, അങ്ങിനെയുള്ളവർ
തന്നെയാണ് വിജയികൾ.

'ഫൈഇൽ' നിന്ന് നൽകപ്പെടുവാൻ അവകാശപ്പെട്ട മറ്റൊരു വിഭാഗം, അൻസാരികളിലുള്ള ദരിദ്രന്മാരാണ്. മുജാഹിറുകൾ തങ്ങളുടെ അടുക്കൽ എത്തുന്നതിന് മുമ്പായി തന്നെ, അവർക്ക് വസിക്കുവാൻ വേണ്ടുന്ന എല്ലാ സാഹചര്യങ്ങളും അൻസാറുകൾ ഒരുക്കിയിരുന്നു. റസൂൽ(സ) മദീനയിലേക്ക് ഹിജ്റ പോകുന്നതിന് മുമ്പ് തന്നെ എഴുപതിൽ പരം പുരുഷന്മാരും രണ്ട് സ്ത്രീകളും അടങ്ങുന്ന മദീനയിൽ നിന്നുള്ള ഒരു സംഘം ഹജ്ജിന് മക്കയിൽ വരികയും, ഖുറൈശികൾ അറിയാതെ, അവർ അഖബ:യിൽ വെച്ച് തിരുമേനിക്ക് 'ബൈഅത്ത്' (ഇസ്ലാമിക പ്രതിജ്ഞ) ചെയ്യുകയുമുണ്ടായി. ചരിത്ര പസിദ്ധമായ ഈ 'ബൈഅത്തി'ൽ ഇസ്ലാമിനും, നബി(സ)ക്കും തങ്ങളാൽ കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്യാമെന്ന് അവർ ഏൽക്കുകയുണ്ടായി.

മുഹാജിറുകൾ മദീനയിൽ എത്തിയപ്പോൾ അൻസാരികൾ അവരെ ഒന്നിച്ച് താമസിപ്പിക്കുകയും, തങ്ങളുടെ സ്വത്തിൽ നിന്ന് ഒരു ഭാഗം നൽകുകയും, ഭാര്യമാരിൽ ഒരാളെ വിവാഹ മോചനം ചെയ്ത് തന്റെ സഹോദരന് വിവാഹം കഴിപ്പിച്ച് കൊടുക്കുകയും ചെയ്തു. അൻസാറുകളുടെ ഇത്രയും നിസ്വാർത്ഥവും മഹനീയമായ പെരുമാറ്റം അനുഭവിച്ചറിഞ്ഞ മുഹാജിറുകൾ റസൂൽ(സ) തിരുമേനിയോട് ഇപ്രകാരം ചോദിക്കുകയുണ്ടായി:

“ഇത്രയും ഔദാര്യവാന്മായ ഈ ജനത, അല്ലാഹുവിങ്കൽ നന്നുള്ള പ്രതിഫലം എല്ലാം തന്നെ, അവർ കൊണ്ടു പോയിക്കളയുമോ”

“നിങ്ങൾ അവരെപറ്റി പുകഴ്ത്തി പറയുകയും, അവർക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ അതുണ്ടാവുകയില്ല” - എന്ന് നബി(സ) തിരുമേനി അവരോട് പറയുകയുണ്ടായി.

നളീറയിൽ നിന്ന് ലഭിച്ച ഫൈഉ് സ്വത്തുക്കളിൽ ഭൂരിഭാഗവും നബി(സ) നൽകിയത് മൂഹാജിറുകൾക്കായിരുന്നു. അൻസാറുകൾക്ക് ചുരുക്കം ചിലർക്ക് മാത്രമേ നൽകുകയുണ്ടായുള്ളൂ. മുഹാജിറുകളിൽ ഭാഗിച്ച് കൊടുക്കുവാൻ അവർ സമ്മതിക്കുകയാണ് ചെയ്തത്. മുഹാജിറുകൾക്ക് ലഭിക്കുന്ന നേട്ടങ്ങളിലോ, സൗകര്യങ്ങളിലോ, അൻസാരികൾക്ക് യാതൊരു വെറുപ്പോ അസൂയയോ ഉണ്ടായിരുന്നില്ല.

ഒരിക്കൽ നബി(സ)യുടെ അടുക്കൽ വന്ന ദരിദ്രനായ ഒരു അതിഥിയെ സൽക്കരിക്കുവാൻ തിരുമേനിയുടെ ഭാര്യമാരുടെ ഒരു വീട്ടിലും യാതൊന്നുമില്ലാതെ തിരുമേനി വിഷമിച്ച സന്ദർഭത്തിൽ അബൂത്വൽ ഹ:(റ) എന്ന അൻസാരി അദ്ദേഹത്തെ തന്റെ വീട്ടിലേക്ക് കൂട്ടികൊണ്ട് പോയി. തന്നെയും തന്റെ കുട്ടികളെയും വീട്ടുകാരെയും തന്ത്രപരമായി പട്ടിണിയിലാക്കിക്കൊണ്ട് തന്നെ, ഉള്ള ഭക്ഷണം കൊണ്ട് അതിഥിയെ സൽക്കരിക്കുകയുണ്ടായി. നബി(സ) അൻസാറുകളെക്കുറിച്ച് വളരെ പ്രശംസിക്കുകയുണ്ടായി. അൻസാരികളുടെ ഇത്തരത്തിലുള്ള അനേകം ഗുണ വിഷേണങ്ങളെ ഉദ്ദേശിച്ച് കൊണ്ടാണ്, അവരെ പറ്റി, “അവരിൽ എന്തെങ്കിലും വിടവ് - അഥവാ പ്രാരാബ്ധമോ വിഷമമോ - ഉണ്ടായാലും, അവർ തങ്ങളെക്കാൾ മറ്റുള്ളവർക്ക് പ്രാധാന്യം നൽകും” എന്ന് അല്ലാഹു പറഞ്ഞത്.

സ്നേഹം, ഔദാര്യം, ത്യാഗം, നിസ്വാർത്ഥത ആദിയായ ഗുണങ്ങളിൽ അൻസാരികൾ ഇത്രയും ഉന്നത നിലയിൽ എത്തിച്ചേരുവാനുള്ള കാരണമെന്താണെന്നും, മനുഷ്യർക്കിടയിൽ ഇത് പോലെയുള്ള ഗുണങ്ങൾ വിരളമായിത്തീരുവാനുള്ള കാരണമെന്താണെന്നും അല്ലാഹു തുടർന്ന് ചൂണ്ടിക്കാട്ടുന്നു: “തന്റെ മനസ്സിന്റെ പിശുക്കിൽ നിന്നും ആർ കാത്ത് രക്ഷിക്കപ്പെടുന്നുവോ അവർ തന്നെയാണ് വിജയികൾ”.

അൻസാരികൾ പിശുക്കിൽ (“ശൂഹ്-ഹ്”) നിന്നും വിമുക്തരായിരുന്നു വെന്നും, പിശുക്ക് നിമിത്തമാണ് മനുഷ്യൻ സ്വർത്ഥത മുതലായ ദുർഗുണങ്ങൾക്ക് വശം വദരാകുന്നതെന്നും ഇതിൽ നിന്ന് വ്യക്തമാകുന്നു.

“പിശുക്ക് നിങ്ങൾക്ക് മുമ്പുണ്ടായിരുന്നവരെ നാശത്തിൽ പതിപ്പിച്ചിരിക്കുന്നു” എന്നും, “സത്യ

വിശ്വാസവും പിശുക്കും, ഒന്നിച്ച് ഒരു അടിയാന്റെ ഹൃദയത്തിൽ ഒരിക്കലും സമ്മേളിക്കുന്നതല്ല" എന്നും നബി(സ) തിരുമേനി അരുളിയിരിക്കുന്നു.

**വചനം 10:**

وَٱلَّذِينَ جَآءُو مِنۢ بَعۡدِهِمۡ يَقُولُونَ رَبَّنَا ٱغۡفِرۡ لَنَا وَلِإِخۡوَٰنِنَا ٱلَّذِينَ سَبَقُونَا بِٱلۡإِيمَٰنِ وَلَا تَجۡعَلۡ فِي قُلُوبِنَا غِلّٗا لِّلَّذِينَ ءَامَنُواْ رَبَّنَآ إِنَّكَ رَءُوفٞ رَّحِيمٌ ﴿١٠﴾

10 അവരുടെ ശേഷം വന്നവരും (ആയ ദരിദ്രൻ മാർക്കും). അവർ പറയും: "ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്കും, സത്യവിശ്വാസത്തോടെ ഞങ്ങ ൾക്കു മുൻകഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ! "സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ ഹൃദയങ്ങളിൽ ഒരു വിദ്വേഷവും (അഥവാ പകയും) ഉണ്ടാക്കരുതേ! ഞങ്ങളുടെ റബ്ബേ! നിശ്ചയമായും നീ വളരെ കൃപയുള്ളവനാണ്, കരുണാനിധിയാണ്."

"ഫൈഇ"ന്റെ അവകാശികളായ പാവപ്പെട്ടവർ ഉൾക്കൊള്ളുന്ന ദരിദ്രരായ മുഹാജിറുകളെയും അൻസാരികളെയും പറ്റി വിവരിച്ച ശേഷം അവർ ഉൾകൊള്ളുന്ന മൂന്നാമത്തെ വിഭാഗത്തെക്കുറിച്ച് പറ യുന്നു:

സഹാബികളുടെ തൊട്ട് തുടർന്ന് വരുന്ന അവരുടെ പിൻഗാമികളായ 'താബിഉ'കളാണ് പ്രധാന മായും ഉദ്ദേശ്യം. - പിന്നീട് ഖിയാമത്തുനാൾ വരെയുണ്ടാകുന്ന അവരുടെ പിൻഗാമികൾ പൊതുവിലും ഉൾപ്പെടുന്നു. (സൂ: തൗബ: 100-ാം വചനം നോക്കുക). ഇങ്ങനെയുള്ളവരിൽപെട്ട ദരിദ്ര ജനങ്ങൾക്കും, അതത് കാലത്ത് ലഭിക്കുന്ന 'ഫൈഇ'ൽ നിന്ന് നൽകപ്പടേണ്ടതാണ്.

സഹാബികളുടെ കാലടികളെ പിൻപറ്റിയ സജ്ജനങ്ങളാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന തിന് അവരുടെ ഈ പ്രാർത്ഥന തന്നെ തെളിവാകുന്നു. അവർ തങ്ങൾക്കും, തങ്ങളുടെ മുൻ കഴിഞ്ഞു പോയ സഹോദരങ്ങൾക്കും പൊറുക്കലിന് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. കൂടാതെ സത്യ വിശ്വാസം സ്വീകരിച്ചവരോട് തങ്ങളുടെ ഹൃദയങ്ങളിൽ യാതൊരു വിദ്വേഷമോ, പകയോ, ഒന്നും ഉണ്ടാ കരുതെന്ന് അവർ കരുണാനിധിയായ അല്ലാഹുവിനോട് കേണപേക്ഷിക്കുന്നു.

ഒരാൾ മറ്റൊരാൾക്ക് വേണ്ടിയും, ജീവിച്ചിരിക്കുന്നവർ മരണപ്പെട്ട് പോയ സത്യ വിശ്വാസികൾക്ക് വേണ്ടിയും പ്രാർത്ഥിക്കുന്നത് സൽക്കർമ്മവും അല്ലാഹുവിങ്കൽ പ്രതിഫലം ലഭിക്കുന്നതും ആണെന്ന് ഈ വചനത്തിൽ കാണുന്ന മാതൃകാപരമായ പ്രാർത്ഥന വചനത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

തുടർന്നുള്ള വചനങ്ങളിൽ മദീനായിലെ മുസ്‌ലിം വേഷധാരികളായ മുനാഫിഖുകളെക്കുറിച്ച് അല്ലാഹു വിവരിക്കുന്നു.

## വിഭാഗം - 2

**വചനം 11:**

۞ أَلَمۡ تَرَ إِلَى ٱلَّذِينَ نَافَقُواْ يَقُولُونَ لِإِخۡوَٰنِهِمُ ٱلَّذِينَ كَفَرُواْ مِنۡ أَهۡلِ ٱلۡكِتَٰبِ لَئِنۡ أُخۡرِجۡتُمۡ لَنَخۡرُجَنَّ مَعَكُمۡ وَلَا نُطِيعُ فِيكُمۡ أَحَدًا أَبَدٗا وَإِن قُوتِلۡتُمۡ لَنَنصُرَنَّكُمۡ وَٱللَّهُ يَشۡهَدُ إِنَّهُمۡ لَكَٰذِبُونَ ﴿١١﴾

11 (നബിയേ)കപടത കാണിക്കുന്നവരെ നീ കണ്ടില്ലേ? വേദക്കാരിൽനിന്ന് അവിശ്വസിച്ച വരായ തങ്ങളുടെ സഹോദരൻമാരോട് അവർ പറയുന്നു: "നിങ്ങൾ പുറത്താക്കപ്പെട്ടുവെങ്കിൽ, നിശ്ചയമായും, ഞങ്ങളും നിങ്ങളോടൊപ്പം പുറപ്പെടുകതന്നെ ചെയ്യും; നിങ്ങളുടെ വിഷയ ത്തിൽ ഒരാളെയും ഒരു കാലത്തും ഞങ്ങൾ അനുസരിക്കുന്നതുമല്ല; നിങ്ങളോട് യുദ്ധം ചെയ്യപ്പെട്ടുവെങ്കിലോ, നിശ്ചയമായും ഞങ്ങൾ നിങ്ങളെ സഹായിക്കുകയും ചെയ്യും.''

അല്ലാഹു സാക്ഷ്യപ്പെടുത്തുന്നു: നിശ്ചയമായും അവർ വ്യാജം പറയുന്നവരാകുന്നു എന്ന്.

കപട വിശ്വാസികളുടെ നേതൃത്വം വഹിക്കുന്ന അബ്ദുല്ലാഹിബ്നു ഉബയ്യ് മുതലായവർ നളീർ ഗോത്രക്കാരായ യഹൂദികളോട് പറഞ്ഞിരുന്ന വാക്കുകളാണിവ. രണ്ട് കൂട്ടരും തമ്മിൽ ജാതി വ്യത്യാസ മുണ്ടെങ്കിലും അവിശ്വാസത്തിലും മുസ്‌ലിംകളോടുള്ള പകയിലും പരസ്പരം സഹോദരന്മാരാണല്ലോ അവർ. അവരുടെ വാഗ്ദാനങ്ങളും വീരവാദങ്ങളും തനി കള്ളവും പൊള്ളയുമാണെന്ന് അല്ലാഹു ഉറ പ്പിച്ച് പറയുന്നു.

**വചനം 12:**

لَئِنْ أُخْرِجُوا۟ لَا يَخْرُجُونَ مَعَهُمْ وَلَئِن قُوتِلُوا۟ لَا يَنصُرُونَهُمْ وَلَئِن نَّصَرُوهُمْ لَيُوَلُّنَّ ٱلْأَدْبَـٰرَ ثُمَّ لَا يُنصَرُونَ ﴿١٢﴾

12 അവർ പുറത്താക്കപ്പെട്ടുവെങ്കിൽ, ഇവർ (കപട വിശ്വാസികൾ) അവരൊന്നിച്ചു പുറപ്പെട്ടു പോകയില്ലതന്നെ; അവരോട് യുദ്ധം ചെയ്യപ്പെ ട്ടുവെങ്കിൽ ഇവർ അവരെ സഹായിക്കുക യുമില്ല; അവരെ ഇവർ സഹായിച്ചാൽ തന്നെയും ഇവർ നിശ്ചയമായും, പിൻതിരി ഞ്ഞോടുന്നതാണ്. പിന്നീട് അവർക്ക് സഹായം ലഭിക്കുന്നതല്ല.

സംഭവിച്ചത്, അല്ലാഹു പ്രസ്താവിച്ചത് പോലെ തന്നെ എന്ന് പറയേണ്ടതില്ലല്ലോ. ഈ സംഭവ ത്തിൽ മാത്രമല്ല, നളീറിന്റെ സഹോദര ഗോത്രങ്ങളായ ഖുറൈള: യിലെയും ഖൈബറിലെയും യഹൂദി കളുമായുണ്ടായ യുദ്ധങ്ങളിലും മുനാഫിഖുകൾ അവരെ സഹായിക്കുകയുണ്ടായില്ല.

**വചനം 13, 14:**

لَأَنتُمْ أَشَدُّ رَهْبَةً فِى صُدُورِهِم مِّنَ ٱللَّهِ ۚ ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَفْقَهُونَ ﴿١٣﴾

لَا يُقَـٰتِلُونَكُمْ جَمِيعًا إِلَّا فِى قُرًى مُّحَصَّنَةٍ أَوْ مِن وَرَآءِ جُدُرٍۭ ۚ بَأْسُهُم بَيْنَهُمْ شَدِيدٌ ۚ تَحْسَبُهُمْ جَمِيعًا وَقُلُوبُهُمْ شَتَّىٰ ۚ ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَعْقِلُونَ ﴿١٤﴾

13 നിശ്ചയമായും, നിങ്ങളാണ് അവരുടെ നെഞ്ചു (മനസ്സു) കളിൽ അല്ലാഹുവിനെക്കാൾ കഠിന മായിഭയമുള്ളത്. അത് അവർ (കാര്യം) ഗ്രഹിക്കാത്ത ഒരു ജനതയാണെന്നുള്ളതു കൊണ്ടാകുന്നു.

14 കോട്ടയാ(ക്കിഭദ്രമാ)ക്കപ്പെട്ട രാജ്യങ്ങളിൽ വെച്ചോ, അല്ലെങ്കിൽ വല്ല മതിലുകളുടെയും പിന്നിൽ നിന്നോ അല്ലാതെ, അവർ ഒരുമിച്ചു (യോജിച്ചു) കൊണ്ട് നിങ്ങളോട് യുദ്ധം ചെയ്കയില്ല. തങ്ങൾക്കിടയിൽ അവരുടെ സമരശക്തി (അഥവാ ശൂരത) കടുത്തതാ കുന്നു. നീ അവരെ യോജിച്ചവരാണെന്ന് വിചാരിക്കുന്നു; അവരുടെ ഹൃദയങ്ങളാകട്ടെ, വിഭിന്നങ്ങളാകുന്നു. അത്, അവർ ബുദ്ധി കൊടു(ത്തു മനസ്സിലാ)ക്കാത്ത ഒരു ജനതയാ ണെന്നുള്ളതുകൊണ്ടത്രെ.

കപട വിശ്വാസികൾ ബുദ്ധിഹീനരും ചിന്താ ശൂന്യരുമാകകൊണ്ട് അല്ലാഹുവിനെക്കുറി ച്ചുള്ളതിനേക്കാൾ അവർക്ക് ഭയം ധീരതയും നിശ്ചയ ദാർഢ്യതയുമുള്ള സത്യവിശ്വാസികളെക്കുറിച്ചാ കുന്നു. അതുകൊണ്ട് സത്യ വിശ്വാസികളോട് നേരിട്ട് യുദ്ധം ചെയ്യാനിറങ്ങാതെ, വല്ല കോട്ടക്കുള്ളിൽ വെച്ചോ, മതിലുകളുടെ മറവ് പിടിച്ചോ, ഒളിപ്പോരു നടത്തുവാനല്ലാതെ, അവർ ധൈര്യപ്പെടുകയില്ല. അതേ സമയം, അവർ തമ്മിൽ തമ്മിൽ പോരാടുകയാണെങ്കിൽ, അവർ വളരെ ശക്തിയും ശൂരതയും പ്രകടിപ്പിക്കുകയും ചെയ്യും. പുറമേക്ക് അവരെല്ലാം ഒത്തൊരുമയുള്ളവരാണെങ്കിലും യഥാർത്ഥത്തിൽ അവർ ഹൃദയം ഭിന്നിച്ചവരും, തമ്മിൽ തമ്മിൽ വെറുപ്പും പകയും വെച്ചുകൊണ്ടിരിക്കുന്നവരുമാകുന്നു.

**വചനം 15:**

15 (ഇവരുടെ സ്ഥിതി) അടുത്തകാലത്ത് ഇവരുടെ മുമ്പുണ്ടായിരുന്നവരുടെ മാതിരിത്തന്നെ; അവർ തങ്ങളുടെ കാര്യത്തിൻെറ ദുഷ്ഫലം ആസ്വദിച്ചു; അവർക്കു വേദനയേറിയ ശിക്ഷ യുമുണ്ട്.

كَمَثَلِ ٱلَّذِينَ مِن قَبۡلِهِمۡ قَرِيبٗاۖ ذَاقُواْ وَبَالَ أَمۡرِهِمۡ وَلَهُمۡ عَذَابٌ أَلِيمٞ ١٥

ഈ യഹൂദികളുടെയും മുനാഫിഖുകളുടെയും അനുഭവം, ഇവരുടെ അൽപം മുമ്പുണ്ടായിരുന്ന, ഇവരേ പോലെ അക്രമം പ്രവർത്തിച്ചിരുന്ന ജനതയുടേ അനുഭവം പോലെ തന്നെയാകുന്നു - അവർ അക്രമം പ്രവർത്തിച്ചതിന്റെ ഫലമായി ഇഹത്തിൽ വെച്ച് തന്നെ അതിന്റെ ഭവിഷ്യത്ത് അവർ അനുഭവിച്ചു. പരലോകത്ത് വെച്ചുള്ള വമ്പിച്ച ശിക്ഷ വേറെയും ഉണ്ടായിരിക്കും.

'അൽപം മുമ്പ് കഴിഞ്ഞുപോയ സംഭവം' എന്നത് കൊണ്ട് വിവക്ഷ ബദർ യുദ്ധമാണെന്നും, ഖൈനുഖാഉ് ഗോത്രക്കാരായ യഹൂദികളെ അവരുടെ കരാറ് ലംഘനവും ചതിയും മൂലം പതിനഞ്ച് ദിവസത്തെ ഉപരോധത്തിന് ശേഷം, അദ്റു ആത്തിലേക്ക് നാടു കടത്തിയ സംഭവമാണെന്നും രണ്ടഭിപ്രായമുണ്ട്. الله اعلم

**വചനം 16,17:**

16 (അതെ)പിശാചിൻെറ മാതിരി; അവൻ മനുഷ്യനോട് "നീ അവിശ്വസിച്ചുകൊള്ളുക" എന്നു പറഞ്ഞ സന്ദർഭം; എന്നിട്ട് അവൻ (മനുഷ്യൻ) അവിശ്വസിച്ചപ്പോഴോ, അവൻ പറഞ്ഞു: "ഞാൻ നിന്നിൽനിന്നും ഒഴിവായവനാണ് (നാം തമ്മിൽ ബന്ധമില്ല); നിശ്ചയമായും ഞാൻ ലോകരക്ഷിതാവായ അല്ലാഹുവിനെ ഭയപ്പെടുന്നു."

كَمَثَلِ ٱلشَّيۡطَٰنِ إِذۡ قَالَ لِلۡإِنسَٰنِ ٱكۡفُرۡ فَلَمَّا كَفَرَ قَالَ إِنِّي بَرِيٓءٞ مِّنكَ إِنِّيٓ أَخَافُ ٱللَّهَ رَبَّ ٱلۡعَٰلَمِينَ ١٦

17 അങ്ങനെ, ഇരുവരുടെയും പര്യവസാനം, അവർ രണ്ടുപേരും നിത്യവാസികളായ നിലയിൽ നരകത്തിലാണ് എന്നതായിരുന്നു. അക്രമികളുടെ പ്രതിഫലമത്രെ അത്.

فَكَانَ عَٰقِبَتَهُمَآ أَنَّهُمَا فِي ٱلنَّارِ خَٰلِدَيۡنِ فِيهَاۚ وَذَٰلِكَ جَزَٰٓؤُاْ ٱلظَّٰلِمِينَ ١٧

ഈ വചനങ്ങളിൽ മുനാഫിഖുകളുടെയും, യഹൂദികൾ അവരുടെ വാക്ക് വിശ്വസിച്ചതിന്റെയും ഉപമ വിവരിക്കുന്നു.

പിശാച് പല സൂത്രങ്ങളും പ്രയോഗിച്ച് മനുഷ്യരെ വഴി പിഴപ്പിക്കുന്നു. അത് സംഭവിച്ച് കഴിഞ്ഞാൽ അവൻ ഒഴിഞ്ഞ് മാറുകയും ചെയ്യുന്നു. അവനെ സഹായിക്കുവാനോ രക്ഷിക്കുവാനോ പിന്നെ പിശാചിനെ കിട്ടുകയില്ല. അവസാനം രണ്ട് കൂട്ടരും ശിക്ഷക്ക് അർഹരായിത്തീരുകയും ചെയ്യുന്നു. ഇതുപോലെ തന്നെയാണ് കപട വിശ്വാസികളുടെയും അവരുടെ ഉപദേശങ്ങൾ കേട്ട് വഞ്ചിതരായ യഹൂദികളുടെയും അവസ്ഥ എന്ന് സാരം.

## വിഭാഗം - 3

**വചനം 18,19,20:**

18 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. ഓരോ ആത്മാവും (ആളും) നാളെത്തേക്കു വേണ്ടി താൻ എന്താണ് മുന്നൊരുക്കം ചെയ്തിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. നിശ്ചയമായും, അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാണ്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ وَلۡتَنظُرۡ نَفۡسٞ مَّا قَدَّمَتۡ لِغَدٖۖ وَٱتَّقُواْ ٱللَّهَۚ إِنَّ ٱللَّهَ خَبِيرُۢ بِمَا تَعۡمَلُونَ ١٨

وَلَا تَكُونُوا۟ كَٱلَّذِينَ نَسُوا۟ ٱللَّهَ فَأَنسَىٰهُمْ أَنفُسَهُمْ ۚ أُو۟لَـٰٓئِكَ هُمُ ٱلْفَـٰسِقُونَ ﴿١٩﴾

19 അല്ലാഹുവിനെ മറന്നുകളയുകയും, അങ്ങനെ, അവര്‍ക്ക് അവരെത്തന്നെ അവന്‍ മറപ്പിച്ചു കളയുകയും ചെയ്തിട്ടുള്ളവരെപ്പോലെ നിങ്ങള്‍ ആയിത്തീരരുത്. അങ്ങിനെയുള്ളവര്‍ തന്നെയാണ് തോന്നിയവാസികള്‍.

لَا يَسْتَوِىٓ أَصْحَـٰبُ ٱلنَّارِ وَأَصْحَـٰبُ ٱلْجَنَّةِ ۚ أَصْحَـٰبُ ٱلْجَنَّةِ هُمُ ٱلْفَآئِزُونَ ﴿٢٠﴾

20 നരകക്കാരും, സ്വര്‍ഗക്കാരും സമമാവുകയില്ല; സ്വര്‍ഗക്കാരായുള്ളവര്‍ തന്നെയാണ് ഭാഗ്യവാന്‍മാര്‍.

ഈ വചനങ്ങളിലൂടെ അല്ലാഹു സത്യവിശ്വാസികള്‍ക്ക് അത്യന്തം വിലയേറിയ മൂന്ന് ഉപദേശങ്ങള്‍ നല്‍കുന്നു:

1. നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കുക: അല്ലാഹുവിന്റെ വിധി വിലക്കുകള്‍ സ്വീകരിക്കുക വഴി അവനോടു ഭയഭക്തിയുള്ളവരായി ജീവിക്കണം. എല്ലാറ്റിലും മര്‍മ്മ പ്രാധാനമായ ഒരു വിഷയമാണിതെന്നതിനാലാണ് ഇക്കാര്യം ഒരേ വചനത്തില്‍ തന്നെ രണ്ട് തവണ അല്ലാഹു ആവര്‍ത്തിച്ചുണര്‍ത്തിയിരിക്കുന്നത്.

2. ഓരോരുത്തനും അവന്റെ നാളേക്ക് വേണ്ടി - ശാശ്വതമായ പരലോക ജീവിതത്തിലേക്ക് വേണ്ടി - എന്തൊക്കെയാണ് ഒരുക്കി വെച്ചിട്ടുള്ളതെന്ന് ആത്മ പരിശോധന നടത്തിക്കൊള്ളട്ടെ. അങ്ങനെ ചെയ്യുമ്പോള്‍ കണ്ടെത്തുന്ന കുറ്റവും കുറവുകളും പരിഹരിക്കുവാന്‍ അവന്‍ ശ്രമിക്കുകയും ചെയ്യണം.

3. അല്ലാഹുവിന്റെ നിയമ നിര്‍ദ്ദേശങ്ങളെ വകവെക്കാതെ, അവനെ മറന്ന്കൊണ്ട്, സ്വന്തം രക്ഷാമാര്‍ഗ്ഗങ്ങളെക്കുറിച്ച് പോലും ചിന്തിക്കാത്ത താന്തോന്നി വര്‍ഗ്ഗങ്ങളെപ്പോലെ നിങ്ങള്‍ ആയിത്തീരരുത്. ആ തോന്നിയവാസികളെ അനുകരിക്കാതെ, അവരുടെ കൂട്ടത്തില്‍ അകപ്പെടാതെ, നിങ്ങള്‍ സൂക്ഷിക്കണം.

ഈ മഹത്തായ ഉപദേശങ്ങള്‍ സ്വീകരിക്കുന്നവര്‍ മാത്രമാകുന്നു സ്വര്‍ഗ്ഗാവകാശികള്‍. അവര്‍ തന്നെയാകുന്നു ഭാഗ്യവാന്മാരും. ഇത്തരം ഭാഗ്യവാന്മാരുടെ കൂട്ടത്തില്‍ അല്ലാഹു നമ്മെയെല്ലാം ഉള്‍പ്പെടുത്തി അനുഗ്രഹിക്കട്ടെ. (ആമീന്‍)

കടുത്ത ദാരിദ്ര്യം, അമിതമായ ധനം, നാശകരമായ രോഗം, കൊള്ളരുതാതാകുന്ന വാര്‍ദ്ധക്യം, മരണം, ദജ്ജാല്‍, അന്ത്യ സമയം എന്നീ ഏഴ് കാര്യങ്ങള്‍ക്ക് മുമ്പായി നിങ്ങള്‍ ധൃതിപ്പെട്ട് പ്രവര്‍ത്തനങ്ങള്‍ ചെയ്യുവീന്‍ എന്ന് റസൂല്‍(സ) തിരുമേനി അരുളിയതായി അബൂ ഹുറൈറ:(റ)യില്‍ നിന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. (തി)

**വചനം 21:**

لَوْ أَنزَلْنَا هَـٰذَا ٱلْقُرْءَانَ عَلَىٰ جَبَلٍ لَّرَأَيْتَهُۥ خَـٰشِعًا مُّتَصَدِّعًا مِّنْ خَشْيَةِ ٱللَّهِ ۚ وَتِلْكَ ٱلْأَمْثَـٰلُ نَضْرِبُهَا لِلنَّاسِ لَعَلَّهُمْ يَتَفَكَّرُونَ ﴿٢١﴾

21 ഈ ഖുര്‍ആന്‍ വല്ല പര്‍വ്വതത്തിനും നാം ഇറക്കിക്കൊടുത്തിരുന്നെങ്കില്‍, വിനയം കാണിക്കുന്നതായും, അല്ലാഹുവിനെ പേടിച്ചതു നിമിത്തം പൊട്ടിപ്പൊളിയുന്നതായും അതിനെ നീ കാണുമായിരുന്നു! ആ ഉപമകളെ നാം മനുഷ്യര്‍ക്കുവേണ്ടി വിവരിക്കുകയാണ്; അവര്‍ ചിന്തിക്കുവാന്‍വേണ്ടി.

മനുഷ്യന്റെ അശ്രദ്ധയും, തന്റേടക്കുറവും കാരണം അവന്‍ ഖുര്‍ആന് വേണ്ടത്ര വിലയും ഗൗരവവും കല്‍പിക്കുന്നില്ല. ഇത് ഖുര്‍ആന്റെ ഏതെങ്കിലും തരത്തിലുള്ള പോരായ്മ കൊണ്ടല്ല. ഖുര്‍ആന്‍ അവതരിപ്പിക്കപ്പെട്ടത് വല്ല പര്‍വ്വതത്തിനുമായിരുന്നെങ്കില്‍ - അതെത്ര ഉറച്ചതും കടുത്തതുമായിക്കൊള്ളട്ടെ - ഖുര്‍ആന്റെ ഗൗരവത്താല്‍ അത് അല്ലാഹുവിനോട് വിനയവും ഭക്തിയും പ്രകടിപ്പിക്കുന്നതും അല്ലാഹുവിനോടുള്ള ഭയത്താല്‍ സ്വയം പൊട്ടിപ്പിളര്‍ന്ന് പോകുന്നതായി കാണപ്പെടുകയും ചെയ്യുമായി

രുന്നു. എന്നാൽ മനുഷ്യന്റെ ഹൃദയത്തിന്റെ കടുപ്പം അതിലും കഠിനമായിപ്പോയി. അതുകൊണ്ടാണ് അവന്റെ മനസ്സിന് അതർഹിക്കുന്ന മാറ്റം വരാത്തത് എന്ന് സാരം.

മനുഷ്യൻ ചിന്തിച്ച് കാര്യങ്ങൾ മനസ്സിലാക്കുവാനാണ് ഇതുപോലുള്ള ഉപമകളെ അല്ലാഹു എടുത്ത് കാട്ടുന്നത്. സൂ: ബഖറ : 74 -ൽ വേദക്കാരെ അഭിമുഖീകരിച്ച് കൊണ്ട് അല്ലാഹു സമാനമായ ഉപമ വിവരിച്ചിട്ടുള്ളത് നോക്കുമല്ലോ.

**വചനം 22,23,24:**

هُوَ ٱللَّهُ ٱلَّذِى لَآ إِلَٰهَ إِلَّا هُوَ ۖ عَٰلِمُ ٱلْغَيْبِ وَٱلشَّهَٰدَةِ ۖ هُوَ ٱلرَّحْمَٰنُ ٱلرَّحِيمُ ﴿٢٢﴾

22 താനല്ലാതെ (വേറെ) യാതൊരു ആരാധ്യനും ഇല്ലാത്തവനായ അല്ലാഹുവത്രെ, അവൻ; അദൃശ്യത്തെയും, ദൃശ്യത്തെയും അറിയുന്നവൻ! അവൻ പരമകാരുണികനാണ്, കരുണാനിധിയാണ്.

هُوَ ٱللَّهُ ٱلَّذِى لَآ إِلَٰهَ إِلَّا هُوَ ٱلْمَلِكُ ٱلْقُدُّوسُ ٱلسَّلَٰمُ ٱلْمُؤْمِنُ ٱلْمُهَيْمِنُ ٱلْعَزِيزُ ٱلْجَبَّارُ ٱلْمُتَكَبِّرُ ۚ سُبْحَٰنَ ٱللَّهِ عَمَّا يُشْرِكُونَ ﴿٢٣﴾

23 (അതെ) താനല്ലാതെ (വേറെ) യാതൊരു ആരാധ്യനുമില്ലാത്ത അല്ലാഹുവാണവൻ. (അവൻ) രാജാധിപതിയാണ്, മഹാപരിശുദ്ധനാണ്, അന്യൂനനാണ് (അല്ലെങ്കിൽ രക്ഷയായുള്ളവനാണ്), അഭയം നൽകുന്നവനാണ്, മേൽനോട്ടം ചെയ്യുന്നവനാണ്, പ്രതാപശാലിയാണ്, പരമാധികാരിയാണ്. മഹത്വശാലിയാണ്. അവർ പങ്കുചേർക്കുന്നതിൽനിന്ന് (എല്ലാം) അല്ലാഹു എത്രയോ പരിശുദ്ധൻ!

هُوَ ٱللَّهُ ٱلْخَٰلِقُ ٱلْبَارِئُ ٱلْمُصَوِّرُ ۖ لَهُ ٱلْأَسْمَآءُ ٱلْحُسْنَىٰ ۚ يُسَبِّحُ لَهُۥ مَا فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٢٤﴾

24 സ്രഷ്ടാവായ, നിർമിച്ചുണ്ടാക്കുന്നവനായ, രൂപം നൽകുന്നവനായ അല്ലാഹുവത്രെ അവൻ! അവന് ഏറ്റവും നല്ല(ഉൽകൃഷ്ട) നാമങ്ങളുണ്ട്. ആകാശങ്ങളിലും ഭൂമിയിലുമുള്ളത് (മുഴുവനും) അവന് സ്തോത്ര കീർത്തനം ചെയ്യുന്നു. അവനത്രെ പ്രതാപശാലിയും, അഗാധജ്ഞനുമായുള്ളവനും!

അല്ലാഹുവിന്റെ പരമോൽകൃഷ്ടങ്ങളായ ഗുണഗണങ്ങളെ വിശേഷിപ്പിക്കുന്ന നാമ വിശേഷണങ്ങളിൽ - الاسماء الحسنى - പെട്ട ചിലതാണ്. ഈവചനങ്ങളിൽ പ്രസ്താവിക്കുന്നത്.

താനല്ലാതെ (വേറെ) യാതൊരു ആരാധ്യനും ഇല്ലാത്തവനായ, അല്ലാഹുവത്രേ അവൻ; അവൻ അദൃശ്യത്തേയും ദൃശ്യത്തേയും അറിയുന്നവനാകുന്നു; അവൻ പരമ കാരുണികനും കരുണാനിധിയുമാകുന്നു. - الرحمان الرّحيم - അവൻ രാജാധിപതിയാകുന്നു. - الْمَلِك

അവൻ الْقُدُّوس (സകലവിധ പോരായ്മകളിൽ നിന്നും പരിശുദ്ധനായുള്ളവൻ) ഉം السَّلَامْ (സകല കെടുതലുകളിൽ നിന്നും സുരക്ഷിതനായ അന്യൂനൻ)ഉം الْمؤْمن (സത്യവാന്മാരും അർഹരുമായവർക്ക് അഭയവും വിശ്വസ്തതും നൽകുന്നവൻ) ഉം الْمهيمن (എല്ലാവരുടെയും എല്ലാ കാര്യത്തിന്റെയും മേൽനോട്ടം ചെയ്യുന്നവനും)ഉം العزيز (പ്രതാപശാലി) ഉം الجبَّار (പരമാധികാരി) ഉം المتكبر (എല്ലാ വിധ മഹൽ ഗുണങ്ങളും യോഗ്യതയും നിറഞ്ഞ മഹത്വശാലി) ഉം ആകുന്നു. അവർ പങ്ക് ചേർക്കുന്നതിൽ നിന്ന് (എല്ലാം) അല്ലാഹു എത്രയോ പരിശുദ്ധൻ.

അഖില വസ്തുക്കളെയും നിർണ്ണയം ചെയ്ത് അവയ്ക്ക് ക്രമീകരണവും വ്യവസ്ഥയും നൽകി സൃഷ്ടിച്ചുണ്ടാക്കിയവനാകുന്നു - الخَالِق البارِئ المصور - സർവ്വശക്തനായ അല്ലാഹു.

ഇവയും, ഇതുപോലെ ഖുർആനിലും ഹദീസുകളിലും വന്നിട്ടുള്ള അല്ലാഹുവിന്റെ ഉൽകൃഷ്ട നാമങ്ങളിൽ അടങ്ങിയിട്ടുള്ള സാരാർത്ഥങ്ങളെ യഥാർത്ഥ നിലയിൽ ദ്യോതിപ്പിക്കുന്ന വാക്കുകൾ മല

യാള ഭാഷയിൽ വിരളമാകുന്നു. എല്ലാ നാമങ്ങളുടെയും അന്ത:സത്ത ഉൾക്കൊള്ളുന്ന വാക്കാകുന്നു 'ഇലാഹ്' (إِلَٰه) എന്ന പദവും തൗഹീദിന്റെ വാക്യമായ لَا إِلَٰهَ الله (അല്ലാഹു അല്ലാതെ ഒരു ഇലാഹും ഇല്ല) എന്ന വചനവും.

നബി(സ) ഇപ്രകാരം അരുളിയിരിക്കുന്നു: "അല്ലാഹുവിന് തൊണ്ണൂറ്റി ഒമ്പത് നാമങ്ങളുണ്ട്. അവയെ സൂക്ഷ്മമായി പഠിച്ചവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. അവൻ ഒറ്റയാകുന്നു; ഒറ്റയെ അവൻ ഇഷ്ടപ്പെടുന്നു" (ബു. മു)

ഈ തൊണ്ണൂറ്റൊമ്പത് നാമങ്ങൾ ഏതൊക്കെയാണെന്ന് തിട്ടപ്പെടുത്തി പറയുക നമുക്ക് സാധ്യമല്ല. ഖുർആനിലും നബി വചനങ്ങളിലും വന്നിട്ടുള്ള നാമങ്ങളിൽ, ചിലർ തൊണ്ണൂറ്റൊമ്പത് നാമങ്ങൾ തിരഞ്ഞെടുത്ത് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് മാത്രം. ഈ നാമങ്ങൾ മന:പ്പാഠമാക്കിയത്കൊണ്ടോ, ഉരുവിടുന്നത് കൊണ്ടോ മാത്രം സ്വർഗ്ഗത്തിൽ പ്രവേശനം തീർച്ചപ്പെടുന്നതല്ല. അവയിലടങ്ങിയ സാരങ്ങളും ഗൗരവങ്ങളും ഗ്രഹിച്ച് കൊണ്ട് അതിനനുയോജ്യമായ വിധത്തിൽ ബോധപൂർവ്വം നില കൊള്ളുന്നവർക്ക് രക്ഷയുണ്ട് എന്നത്രേ ഹദീസിന്റെ താൽപര്യം. الله اعلم

# 60. സൂറത്തുല്‍ മുംതഹിന
## (പരീക്ഷിക്കപ്പെടേണ്ടവള്‍)

**മദീനയില്‍ അവതരിച്ചത്**

വചനങ്ങള്‍ 13, വിഭാഗം (റുക്കൂഅ്) 2

ഈ സൂറത്തിന് മുംതഹന: (പരീക്ഷിക്കപ്പെടേണ്ടവള്‍) എന്നും ഇംതിഹാന്‍(പരീക്ഷ) എന്നും പേരുകളുണ്ട്. പേരുകള്‍ക്കാസ്പദമായ കാരണം 10-ാം വചനത്തില്‍ നിന്ന് മനസ്സിലാക്കാം.

**വിഭാഗം 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്‍റെ നാമത്തില്‍

**വചനം 1:**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَتَّخِذُواْ عَدُوِّى وَعَدُوَّكُمْ أَوْلِيَآءَ تُلْقُونَ إِلَيْهِم بِٱلْمَوَدَّةِ وَقَدْ كَفَرُواْ بِمَا جَآءَكُم مِّنَ ٱلْحَقِّ يُخْرِجُونَ ٱلرَّسُولَ وَإِيَّاكُمْ ۙ أَن تُؤْمِنُواْ بِٱللَّهِ رَبِّكُمْ إِن كُنتُمْ خَرَجْتُمْ جِهَٰدًا فِى سَبِيلِى وَٱبْتِغَآءَ مَرْضَاتِى ۚ تُسِرُّونَ إِلَيْهِم بِٱلْمَوَدَّةِ وَأَنَا۠ أَعْلَمُ بِمَآ أَخْفَيْتُمْ وَمَآ أَعْلَنتُمْ ۚ وَمَن يَفْعَلْهُ مِنكُمْ فَقَدْ ضَلَّ سَوَآءَ ٱلسَّبِيلِ ﴿١﴾

1 ഹേ, വിശ്വസിച്ചവരേ, എന്‍റെ ശത്രുവും നിങ്ങളുടെ ശത്രുവുമായവരോട് സ്നേഹ ബന്ധം കാട്ടിക്കൊണ്ടു നിങ്ങള്‍ അവരെ മിത്രങ്ങളാക്കി വെക്കരുത്;- നിങ്ങള്‍ക്ക് വന്നെത്തിയിട്ടുള്ള സത്യത്തില്‍ അവര്‍ അവിശ്വസിച്ചിരിക്കയാണെന്നിരിക്കെ. നിങ്ങള്‍ നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവില്‍ വിശ്വസിക്കുന്നതിനാല്‍, റസൂലിനെയും, നിങ്ങളെയും അവര്‍ (നാട്ടില്‍നിന്നു) പുറത്താക്കുന്നു. നിങ്ങള്‍, എന്‍റെ മാര്‍ഗത്തില്‍ (ധര്‍മ്മ) സമരം ചെയ്യുന്നതിനും, എന്‍റെ പ്രീതി തേടുന്നതിനും പുറപ്പെട്ടിരിക്കയാണെങ്കില്‍ (അങ്ങിനെ ചെയ്യരുത്). നിങ്ങള്‍ അവരോട് സ്നേഹബന്ധം രഹസ്യമായി നടത്തുന്നു; ഞാനാകട്ടെ, നിങ്ങള്‍ മറച്ചുവെച്ചതും, നിങ്ങള്‍ പരസ്യമാക്കിയതും നല്ലവണ്ണം അറിയുന്നവനുമാണ് (എന്നിട്ടും)! നിങ്ങളില്‍നിന്ന് ആരെങ്കിലും അത് ചെയ്യുന്നതായാല്‍ തീര്‍ച്ചയായും അവന്‍ നേരായ മാര്‍ഗം (തെറ്റി) പിഴച്ചുപോയി.

ഈ വചനത്തിന്‍റെ സന്ദര്‍ഭവും താല്‍പര്യവും ഇമാം ബുഖാരി(റ) രേഖപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന സംഭവത്തില്‍ നിന്നും ഗ്രഹിക്കാവുന്നതാണ്.

നബി(സ) മക്കാ വിജയ യാത്രക്ക് ഒരുങ്ങിക്കൊണ്ടിരിക്കുന്ന സന്ദര്‍ഭത്തില്‍ ഹാത്വിബ്(റ) എന്ന സ്വഹാബി, മക്കയിലേക്ക് പോകുന്ന ഒരു സ്ത്രീ വശം, ഒരു സ്വകാര്യ കത്ത് ഖുറൈശികള്‍ക്ക് കൊടുത്തയച്ചു - റസൂല്‍(സ) അങ്ങോട്ട് വരുന്നുണ്ട്; സൂക്ഷിക്കണം എന്നായിരുന്നു കത്തിലെ ഉള്ളടക്കം.

വഹ്‌യ് മൂലം വിവരമറിഞ്ഞ തിരുമേനി(സ) അലി(റ) മുതലായ ചിലരെ 'ഖാഖ്' എന്ന തോട്ടത്തില്‍ എത്തിയിട്ടുള്ള ആ സ്ത്രീയുടെ അടുക്കല്‍ നിന്നും ആ കത്ത് വാങ്ങികൊണ്ട് വരാന്‍ കല്‍പിച്ചു. ആദ്യം നിഷേധിച്ച അവള്‍, ഒടുവില്‍ ഭീഷണിക്ക് വഴങ്ങി, തന്‍റെ മുടിക്കെട്ടില്‍ നിന്നും കത്ത് പുറത്തെടുത്ത് കൊടുത്തു.

നബി(സ) ഹാത്വിബ്(റ) നെ വിളിച്ച് വിശദീകരണം ചോദിച്ചപ്പോള്‍ ഒരു മുഹാജിറും ബദര്‍ യുദ്ധത്തില്‍ പങ്കെടുത്ത ആളുമായ അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു:

"മക്കയില്‍ വെച്ച് നാം ഖുറൈശികളുമായി ഏറ്റുമുട്ടുന്ന പക്ഷം തിരുമേനിയുടെ കൂടെയുള്ള

എല്ലാ മുഹാജിറുകൾക്കും തന്നെ അവരുടെ വകയായി അവിടെയുള്ള കുടുംബങ്ങളേയും സ്വത്തുക്കളെയും കാത്തുരക്ഷിക്കാനുള്ള ബന്ധുക്കൾ അവർക്ക് അവിടെയുണ്ട്. എനിക്ക് ഖുറൈശികളുമായി കുടുംബബന്ധമില്ലാത്ത സ്ഥിതിക്ക് മക്കയിലുള്ള എന്റെ കുടുംബത്തെ കാക്കുമാറ് ഒരു സഹായഹസ്തം അവർക്ക് നൽകുവാൻ ഞാൻ ഉദ്ദേശിച്ചു. അതല്ലാതെ, അവിശ്വാസമോ ഇസ്‌ലാമിൽ നിന്നുള്ള വ്യതിയാനമോ നിമിത്തം ചെയ്തതല്ല.”

അദ്ദേഹത്തിന്റെ വിശദീകരണം നബി(സ) സ്വീകരിക്കുകയുണ്ടായി. അദ്ദേഹത്തെ വധിക്കുവാൻ തുനിഞ്ഞ ഉമർ(റ)നെ സമാധാനിപ്പിച്ചു കൊണ്ട് റസൂൽ(സ) തിരുമേനി ഇപ്രകാരം പറയുകയുണ്ടായി:

“ഉമറേ, താങ്കൾക്ക് എന്തറിയാം. അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തയാളാണ്. ബദ്റിൽ സംബന്ധിച്ചവരോട് ഒരുപക്ഷേ അല്ലാഹു പറഞ്ഞിരിക്കാം - നിങ്ങൾ ഉദ്ദേശിച്ചത് ചെയ്തേക്കുക, ഞാൻ പൊറുക്കാം എന്ന്.”

തന്റെ കുടുംബത്തിന്റെ രക്ഷക്ക് വേണ്ടി ദീർഘ ദൃഷ്ടിയില്ലാതെ മനുഷ്യസഹജമായ ഒരു ദൗർബ്ബല്യം കാരണം ഹാത്വിബ്(റ) ഒരു അബദ്ധം പ്രവർത്തിച്ചതാണെങ്കിലും പിന്നീടദ്ദേഹം, പ്രസ്തുത തെറ്റ് ലഘൂകരിക്കാൻ ശ്രമിക്കാതെ, നബി(സ) തിരുമേനിയോട് പറഞ്ഞ വചനങ്ങൾ, അദ്ദേഹത്തിന്റെ നിഷ്കളങ്ക മനസ്ഥിതി വെളിവാക്കുന്നു. ഇത് സഹാബികളുടെ മാതൃകാപരമായ ഒരു സ്വഭാവമത്രെ.

ഈ വചനം അവതരിച്ച സന്ദർഭം ഏതായിരുന്നാലും ശരി, അതിലടങ്ങിയ കാര്യം അത്തരം എല്ലാ സന്ദർഭങ്ങൾക്കും ബാധകമാകുന്നു. ആ നിലക്കാണ്, ശത്രുക്കളുമായി മുസ്‌ലിംകൾ സ്നേഹബന്ധവും സ്വകാര്യ കൂട്ട്കെട്ടും സ്ഥാപിക്കുന്നത് വമ്പിച്ച തെറ്റാണെന്നും, മേലിൽ ആരെങ്കിലും അപ്രകാരം ചെയ്താൽ അവൻ ദുർമാർഗിയാണെന്നും അല്ലാഹു ഗൗരവപൂർവം കാര്യകാരണസഹിതം താക്കീത് ചെയ്യുന്നതും.

**വചനം 2:**

2 നിങ്ങളെ അവർക്ക് പിടികിട്ടുന്നപക്ഷം, അവർ നിങ്ങൾക്ക് ശത്രുക്കളായിരിക്കുകയും, നിങ്ങളുടെനേരെ തിൻമയുമായി അവർ അവരുടെ കൈകളും നാവുകളും നീട്ടുകയും ചെയ്യുന്നതാണ്. നിങ്ങൾ അവിശ്വസിച്ചിരുന്നെങ്കിൽ (കൊള്ളാമായിരുന്നു) എന്ന് അവർ ആഗ്രഹിക്കുകയും ചെയ്യുന്നു.

إِن يَثۡقَفُوكُمۡ يَكُونُواْ لَكُمۡ أَعۡدَآءٗ وَيَبۡسُطُوٓاْ إِلَيۡكُمۡ أَيۡدِيَهُمۡ وَأَلۡسِنَتَهُم بِٱلسُّوٓءِ وَوَدُّواْ لَوۡ تَكۡفُرُونَ ٢

നിങ്ങളെ ശത്രുക്കൾ പിടികൂടുന്ന പക്ഷം അവർ നിങ്ങളുടെ നേരെ തിന്മയുമായി ദേഹോപദ്രവവും ആക്രമവും നടത്തുകയും ചീത്തയും ശകാരവും പൊഴിക്കുന്നതുമാണ്. നിങ്ങൾ അവിശ്വസികളായിരുന്നെങ്കിൽ എന്ന് അവർ ആഗ്രഹിക്കുകയും ചെയ്യുന്നതാണ്.

**വചനം 3,4,5:**

3 നിങ്ങളുടെ രക്തബന്ധങ്ങളാകട്ടെ, നിങ്ങളുടെ മക്കളാകട്ടെ, ഖിയാമത്തുനാളിൽ നിങ്ങൾക്ക് ഉപകരിക്കുകയില്ലതന്നെ. അവൻ (അല്ലാഹു) നിങ്ങളുടെ ഇടയിൽ (തീരുമാനമെടുത്തു) വേർപിരിക്കുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

لَن تَنفَعَكُمۡ أَرۡحَامُكُمۡ وَلَآ أَوۡلَٰدُكُمۡۚ يَوۡمَ ٱلۡقِيَٰمَةِ يَفۡصِلُ بَيۡنَكُمۡۚ وَٱللَّهُ بِمَا تَعۡمَلُونَ بَصِيرٞ ٣

4 ഇബ്റാഹീമിലും, അദ്ദേഹത്തിൻെറ കൂടെയുള്ളവരിലും നിങ്ങൾക്കു നല്ലതായ ഒരു മാതൃകയുണ്ടായിട്ടുണ്ട്; (അതെ) അവർ തങ്ങളുടെ ജനതയോട് പറഞ്ഞ സന്ദർഭം: “നിശ്ചയമായും

قَدۡ كَانَتۡ لَكُمۡ أُسۡوَةٌ حَسَنَةٞ فِيٓ إِبۡرَٰهِيمَ وَٱلَّذِينَ مَعَهُۥٓ إِذۡ قَالُواْ لِقَوۡمِهِمۡ إِنَّا بُرَءَٰٓؤُاْ

مِنكُمْ وَمِمَّا تَعْبُدُونَ مِن دُونِ ٱللَّهِ كَفَرْنَا
بِكُمْ وَبَدَا بَيْنَنَا وَبَيْنَكُمُ ٱلْعَدَٰوَةُ
وَٱلْبَغْضَآءُ أَبَدًا حَتَّىٰ تُؤْمِنُوا۟ بِٱللَّهِ
وَحْدَهُۥٓ إِلَّا قَوْلَ إِبْرَٰهِيمَ لِأَبِيهِ
لَأَسْتَغْفِرَنَّ لَكَ وَمَآ أَمْلِكُ لَكَ مِنَ ٱللَّهِ
مِن شَىْءٍ ۖ رَّبَّنَا عَلَيْكَ تَوَكَّلْنَا وَإِلَيْكَ
أَنَبْنَا وَإِلَيْكَ ٱلْمَصِيرُ ﴿٤﴾

ഞങ്ങൾ, നിങ്ങളിൽനിന്നും, നിങ്ങൾ അല്ലാഹുവിനുപുറമെ ആരാധിച്ചുകൊണ്ടിരിക്കുന്നവയിൽ നിന്നും (ബന്ധമറ്റ്) ഒഴിവായവരാകുന്നു; ഞങ്ങൾ നിങ്ങളെ അവിശ്വസി (നിഷേധി)ച്ചിരിക്കുന്നു; അല്ലാഹു ഏകൻ എന്ന നിലക്ക് നിങ്ങളവനിൽ വിശ്വസിക്കുന്നതുവരേക്കും -എക്കാലത്തും-ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ ശത്രുതയും വിദ്വേഷവും വെളിപ്പെടുകയും ചെയ്തിരിക്കുന്നു." (പക്ഷേ) ഇബ്റാഹീം തന്റെ പിതാവിനോട് "നിശ്ചയമായും, ഞാൻ താങ്കൾക്കുവേണ്ടി പാപമോചനം തേടും; അല്ലാഹുവിങ്കൽനിന്ന് താങ്കൾക്ക് യാതൊന്നുംതന്നെ (ചെയ്വാൻ) ഞാൻ അധീനമാക്കുന്നില്ല" എന്നു പറഞ്ഞതൊഴികെ (ഇതിൽ നിങ്ങൾക്കു മാതൃകയില്ല). (അവർ പറഞ്ഞിരുന്നു:) "ഞങ്ങളുടെ റബ്ബേ, നിന്റെമേൽ ഞങ്ങൾ ഭരമേല്പിച്ചു; നിന്റെ അടുക്കലേക്കുതന്നെ ഞങ്ങൾ (വിനയപ്പെട്ടു) മടങ്ങുകയും ചെയ്തിരിക്കുന്നു; നിങ്കലേക്കു തന്നെയാണ് തിരിച്ചെത്തലും.

رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلَّذِينَ كَفَرُوا۟ وَٱغْفِرْ
لَنَا رَبَّنَآ ۖ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ﴿٥﴾

5 "ഞങ്ങളുടെ റബ്ബേ, അവിശ്വസിച്ചതായ ആളുകൾക്ക് ഞങ്ങളെ നീ ഒരു പരീക്ഷണ (പാത്ര) മാക്കരുതേ! ഞങ്ങൾക്കു പൊറുത്തുതരുകയും ചെയ്യേണമേ-ഞങ്ങളുടെ റബ്ബേ! നിശ്ചയമായും നീ തന്നെയാണ് അഗാധജ്ഞനായ പ്രതാപശാലി."

നിങ്ങളോടും, നിങ്ങളുടെ ആരാധ്യ വസ്തുക്കളോടും ഞങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്നും, അല്ലാഹുവിൽ വിശ്വസിക്കാത്ത കാലത്തോളം, നാം തമ്മിൽ പ്രത്യക്ഷ ശത്രുക്കളാണെന്നും ഇബ്രാഹീം(അ) നബിയും അദ്ദേഹത്തിന്റെ അനുയായികളും തങ്ങളുടെ എതിരാളികളോട് തുറന്ന് പ്രഖ്യാപിച്ചിരുന്നു. ഈ ചര്യയിൽ സത്യവിശ്വാസികൾക്ക് നല്ലതായ മാതൃകയുണ്ട്. അവർ തങ്ങളുടെ കാര്യം അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും ശത്രുക്കളിൽ നിന്നും രക്ഷക്കും പാപമോചനത്തിനും വേണ്ടി പ്രാർത്ഥിച്ച് കൊണ്ടിരിക്കുകയും ചെയ്തു. അതുപോലെയാണ് നിങ്ങളും ചെയ്യേണ്ടത്.

എന്നാൽ ഇബ്രാഹീം(അ) നബി അദ്ദേഹത്തിന്റെ അവിശ്വാസിയായ പിതാവിന് വേണ്ടി പാപമോചനം തേടുകയുണ്ടായി. അതിൽ നിങ്ങൾ അദ്ദേഹത്തിന്റെ മാതൃക സ്വീകരിച്ച് കൂടാത്തതാകുന്നു. അതിന് കാരണമെന്താണെന്ന് സൂ:തൗബ 113,114 വചനങ്ങളിൽ അല്ലാഹു വിശദീകരിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. ഒരാൾ ശിർക്കിലും കുഫ്റിലും ആണ് മരണപ്പെട്ടിരിക്കുന്നതെന്ന് ബോധ്യപ്പെട്ടാൽ, ആ ആൾക്ക് വേണ്ടി പാപമോചനത്തിനും, രക്ഷക്കും വേണ്ടി പ്രാർത്ഥിക്കുവാൻ സത്യ വിശ്വാസികൾക്ക് പാടില്ലാത്തതാണെന്ന് ഈ ഖുർആൻ വചനങ്ങൾ മുഖേന സ്പഷ്ടമാകുന്നു.

**വചനം 6:**

لَقَدْ كَانَ لَكُمْ فِيهِمْ أُسْوَةٌ حَسَنَةٌ لِّمَن
كَانَ يَرْجُوا۟ ٱللَّهَ وَٱلْيَوْمَ ٱلْءَاخِرَ ۚ وَمَن

6 തീർച്ചയായും അവരിൽ നിങ്ങൾക്കു നല്ലതായ മാതൃകയുണ്ടായിരുന്നു; അതായത്, അല്ലാഹുവിനെയും, അന്ത്യനാളിനെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നവർക്ക്. ആരെങ്കിലും

يَتَوَلَّ فَإِنَّ ٱللَّهَ هُوَ ٱلْغَنِيُّ ٱلْحَمِيدُ ﴿٦﴾

തിരിഞ്ഞു കളയുന്നപക്ഷം അപ്പോള്‍, നിശ്ചയമായും അല്ലാഹുതന്നെയാണ് ധന്യനും സ്തുത്യര്‍ഹനുമായുള്ളവന്‍.

അല്ലാഹുവിനെക്കുറിച്ചും അന്ത്യനാളിനെക്കുറിച്ചുമുള്ള ഭയവും, അന്നത്തെ ദിവസം അല്ലാഹുവില്‍ നിന്നുള്ള പ്രതിഫലവും രക്ഷയും ലഭിക്കണമെന്ന ആഗ്രഹവും ഉള്ളവര്‍ മാത്രമെ ഇബ്രാഹീം(അ) നബിയുടെയും അനുയായികളുടെയും മാതൃക സ്വീകരിക്കാന്‍ തയാറാവുകയുള്ളൂ. അങ്ങനെ സ്വീകരിക്കുവാന്‍ തയ്യാറില്ലാത്തവരെകൊണ്ട്, അല്ലാഹുവിന് യാതൊരു ന്യൂനതയും ബാധിക്കുവാനില്ല. അതിന്റെ ഭവിഷ്യത്ത് അവര്‍ തന്നെയാണ് അനുഭവിക്കേണ്ടി വരിക.

## വിഭാഗം - 2

**വചനം 7:**

۞ عَسَى ٱللَّهُ أَن يَجْعَلَ بَيْنَكُمْ وَبَيْنَ ٱلَّذِينَ عَادَيْتُم مِّنْهُم مَّوَدَّةً ۚ وَٱللَّهُ قَدِيرٌ ۚ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٧﴾

7 നിങ്ങള്‍ക്കും, അവരില്‍നിന്ന് നിങ്ങള്‍ ശത്രുത വെച്ചവര്‍ക്കുമിടയില്‍ അല്ലാഹു സ്നേഹ ബന്ധം ഉണ്ടാക്കിയേക്കാം. അല്ലാഹു കഴിവു ള്ളവനാണ്; അല്ലാഹു വളരെ പൊറുക്കുന്ന വനും കരുണാനിധിയുമാണ്.

'ഉണ്ടായേക്കാം' എന്ന് അല്ലാഹു ഒരു കാര്യത്തെപറ്റി പറഞ്ഞാല്‍ പിന്നെ അത് ഉണ്ടാകുമെന്നതില്‍ സംശയമില്ലല്ലോ. മക്കാ വിജയത്തോടെ, അക്കാര്യം യാഥാര്‍ത്ഥ്യമായിത്തീരുകയും ചെയ്തു. വിശ്വാസികളും അവരുടെ ചിരകാല ശത്രുക്കളായിരുന്നവരും തമ്മില്‍ അല്ലാഹു സ്നേഹ ബന്ധം ഉണ്ടാക്കി. ഖുറൈശികളും അറബികളാകമാനവും ഇസ്‌ലാമിന് കീഴൊതുങ്ങി. സൂ:ആലു ഇംറാന്‍: 103. സൂ: അന്‍ഫാല്‍: 63 എന്നീ വചനങ്ങളില്‍ അല്ലാഹു ഈ വസ്തുത പ്രതിപാദിച്ചിരിക്കുന്നത് കാണാം.

റസൂല്‍(സ) ഒരവസരത്തില്‍ പറഞ്ഞു: "നിങ്ങളെ വഴി വിഴപിച്ചവരായി ഞാന്‍ കണ്ടില്ലേ. എന്നിട്ട് എന്നെക്കൊണ്ട് അല്ലാഹു നിങ്ങള്‍ക്ക് മാര്‍ഗ്ഗ ദര്‍ശനം നല്‍കി. നിങ്ങള്‍ ഭിന്നിച്ചവരായിരുന്നില്ലേ. എന്നിട്ടും അല്ലാഹു എന്നെക്കൊണ്ട് നിങ്ങളെ ഇണക്കി."

**വചനം 8,9:**

لَّا يَنْهَىٰكُمُ ٱللَّهُ عَنِ ٱلَّذِينَ لَمْ يُقَٰتِلُوكُمْ فِى ٱلدِّينِ وَلَمْ يُخْرِجُوكُم مِّن دِيَٰرِكُمْ أَن تَبَرُّوهُمْ وَتُقْسِطُوٓا۟ إِلَيْهِمْ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُقْسِطِينَ ﴿٨﴾

8 മത(വിഷയ)ത്തില്‍ നിങ്ങളോടു യുദ്ധം ചെയ്യുകയാകട്ടെ, നിങ്ങളുടെ വാസസ്ഥലങ്ങളില്‍ നിന്നു നിങ്ങളെ പുറത്താക്കുകയാകട്ടെ ചെയ്തിട്ടില്ലാത്തവരെപ്പറ്റി അല്ലാഹു നിങ്ങളോടു വിരോധിക്കുന്നില്ല; (അതെ) നിങ്ങള്‍ അവര്‍ക്ക് നന്‍മ ചെയ്യുകയും, അവരോട് നീതിമുറ പാലിക്കുകയും ചെയ്യുന്നത് (വിരോധിക്കുന്നില്ല). നിശ്ചയമായും, നീതിമുറ പാലിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു.

إِنَّمَا يَنْهَىٰكُمُ ٱللَّهُ عَنِ ٱلَّذِينَ قَٰتَلُوكُمْ فِى ٱلدِّينِ وَأَخْرَجُوكُم مِّن دِيَٰرِكُمْ وَظَٰهَرُوا۟ عَلَىٰٓ إِخْرَاجِكُمْ أَن تَوَلَّوْهُمْ ۚ وَمَن يَتَوَلَّهُمْ فَأُو۟لَٰٓئِكَ هُمُ ٱلظَّٰلِمُونَ ﴿٩﴾

9 മത വിഷയ(ത്തില്‍) നിങ്ങളോടു യുദ്ധം ചെയ്യുകയും, നിങ്ങളെ നിങ്ങളുടെ വാസസ്ഥലങ്ങളില്‍നിന്നു പുറത്താക്കുകയും, നിങ്ങളെ പുറത്താക്കുന്നതിന് പരസ്പരം പിന്തുണ നല്‍കുകയും ചെയ്യുന്നവരെപ്പറ്റി മാത്രമേ അല്ലാഹു നിങ്ങളോട് വിരോധിക്കുന്നുള്ളു; (അതെ) അവരോട് മൈത്രികാണിക്കുന്നതു (മാത്രം). അവരോട് ആര്‍ മൈത്രി കാണിക്കുന്നുവോ, അക്കൂട്ടര്‍ തന്നെയാണ് അക്രമികള്‍.

രണ്ട് വചനങ്ങളുടെയും ഉദ്ദേശം വ്യക്തമാണല്ലോ. ഇങ്ങോട്ട് അക്രമണത്തിനും കൈയേറ്റത്തിനും മുതിരാത്ത ആരോടും - അവർ ഏത് മതക്കാരായാലും ശരി - അങ്ങോട്ട് ശത്രുത കാണിക്കണമെന്ന് അല്ലാഹു ആവശ്യപ്പെടുന്നില്ല. മാത്രമല്ല. അവരോട് നീതിമുറയനുസരിച്ച് പൊരുമാറണമെന്ന് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ, ഇങ്ങോട്ട് മത വിഷയത്തിൽ ധിക്കാരത്തിനും മർദ്ദനത്തിനും വരുന്നവരോട് അങ്ങോട്ട് സ്നേഹവും മൈത്രിയും സ്ഥാപിക്കുവാൻ മുസ്ലിംകൾ തുനിയുന്നത് അക്രമവും കാപട്യവും കുറ്റകരവും ആകുന്നു. രണ്ട് വചനങ്ങളിലെയും അവസാന വാക്യങ്ങൾ പ്രത്യേകം മനസ്സിരുത്തേണ്ടതാണ്.

<u>വചനം 10:</u>

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا جَآءَكُمُ ٱلۡمُؤۡمِنَٰتُ
مُهَٰجِرَٰتٖ فَٱمۡتَحِنُوهُنَّۖ ٱللَّهُ أَعۡلَمُ بِإِيمَٰنِهِنَّۖ
فَإِنۡ عَلِمۡتُمُوهُنَّ مُؤۡمِنَٰتٖ فَلَا تَرۡجِعُوهُنَّ
إِلَى ٱلۡكُفَّارِۖ لَا هُنَّ حِلّٞ لَّهُمۡ وَلَا هُمۡ يَحِلُّونَ
لَهُنَّۖ وَءَاتُوهُم مَّآ أَنفَقُواْۚ وَلَا جُنَاحَ عَلَيۡكُمۡ
أَن تَنكِحُوهُنَّ إِذَآ ءَاتَيۡتُمُوهُنَّ أُجُورَهُنَّۚ
وَلَا تُمۡسِكُواْ بِعِصَمِ ٱلۡكَوَافِرِ وَسۡـَٔلُواْ مَآ
أَنفَقۡتُمۡ وَلۡيَسۡـَٔلُواْ مَآ أَنفَقُواْۚ ذَٰلِكُمۡ حُكۡمُ
ٱللَّهِ يَحۡكُمُ بَيۡنَكُمۡۖ وَٱللَّهُ عَلِيمٌ حَكِيمٞ ١٠

10 ഹേ, വിശ്വസിച്ചവരേ, വിശ്വസിച്ച സ്ത്രീകൾ നാടുവിട്ട് (അഭയാർത്ഥിനികളായും) കൊണ്ടു നിങ്ങളുടെ അടുക്കൽ വന്നാൽ, നിങ്ങൾ അവരെ പരീക്ഷിച്ചുനോക്കണം. അവരുടെ വിശ്വാസത്തെപ്പറ്റി അല്ലാഹു ഏറ്റവും അറിയുന്നവനാണ്. എന്നിട്ട്, അവർ വിശ്വാസിനികളാണെന്നു നിങ്ങൾ അറിഞ്ഞാൽ അവരെ അവിശ്വാസികളിലേക്ക് നിങ്ങൾ മടക്കിവിടരുത്. ആ സ്ത്രീകൾ അവർക്ക് അനുവദനീയമല്ല; അവർ ആ സ്ത്രീകൾക്കും അനുവദനീയമാവുകയില്ല. അവർ (അവിശ്വാസികൾ) ചിലവഴിച്ചത് നിങ്ങൾ അവർക്കു കൊടുക്കുകയും വേണം. നിങ്ങൾ ആ സ്ത്രീകളുടെ പ്രതിഫലങ്ങൾ ('മഹ്റു'കൾ) കൊടുത്താൽ നിങ്ങളവരെ വിവാഹം ചെയ്യുന്നതിന് നിങ്ങളുടെമേൽ തെറ്റില്ല. അവിശ്വാസിനികളുടെ സംബന്ധങ്ങളെ (വിവാഹബന്ധങ്ങളെ) നിങ്ങൾ വെച്ചുകൊണ്ടിരിക്കുകയും അരുത്. നിങ്ങൾ ചിലവഴിച്ചത് നിങ്ങൾ ചോദിച്ചു (വാങ്ങി)കൊള്ളുകയും ചെയ്യുക; അവർ ചിലവഴിച്ചത് അവരും ചോദിച്ചു (വാങ്ങി) കൊള്ളട്ടെ. അതെല്ലാം അല്ലാഹുവിന്റെ വിധി (നിയമം) ആകുന്നു; അവൻ നിങ്ങൾക്കിടയിൽ വിധികല്പിക്കുന്നു. അല്ലാഹു സർവ്വജ്ഞനും, അഗാധജ്ഞനുമാകുന്നു.

പല നിയമങ്ങളും തത്വങ്ങളും ഉൾക്കൊള്ളുന്നതാണ് സുദീർഘമായ ഈ വചനം. ഹുദൈബിയാ സന്ധി പ്രകാരം, മുശ്രിക്കുകളുടെ പക്ഷത്ത് നിന്ന് മുസ്ലിംകളുടെ പക്ഷത്തേക്ക് വരുന്നവരെ തിരിച്ചയച്ച് കൊടുക്കണമെന്ന നിബന്ധനയുണ്ടായിരുന്നു. (സൂ:ഫത്ഹ് ന്റെ പ്രാരംഭ വിവരണം നോക്കുക) ഈ സന്ധിക്ക് ശേഷം മക്കായിൽ നിന്നും ഇസ്ലാമിൽ വിശ്വസിച്ച് വന്ന അബലരായ ചില ആളുകളെ നബി(സ) ഈ വ്യവസ്ഥയനുസരിച്ച് മടക്കി അയക്കുകയുണ്ടായി. ഇതുപോലെ വന്ന സ്ത്രീകളെയും തിരിച്ചയക്കണമെന്ന് ഖുറൈശികൾ വാദിച്ചു. സന്ധി നിയമങ്ങൾ പുരുഷന്മാരെ മാത്രം ബാധിക്കുന്നതാണെന്ന് നബി(സ) മറുപടി കൊടുത്തു. ഇങ്ങനെയുള്ള സ്ത്രീകളുടെ വിഷയത്തിൽ, നബി(സ)യുടെ വാദം ശരിവെച്ചുകൊണ്ടും തുടർ നടപടികൾ വിശദീകരിച്ചുകൊണ്ടുമാണ് ഈ വചനം അവതരിച്ചത്.

അവ ഇപ്രകാരം സംഗ്രഹിക്കാം.

1. അവിശ്വാസികളുടെ പക്ഷത്ത് നിന്നും തങ്ങൾ സത്യ വിശ്വാസികളാണെന്ന് പറഞ്ഞ് കൊണ്ട്,

വല്ല സ്ത്രീകളും മുസ്‌ലിംകളുടെ അടുക്കൽ അഭയാർത്ഥികളായി വന്നാൽ അവരുടെ വാദം ശരിയാണെന്ന് ഉറപ്പ് വരുത്തുവാനായി അവരെ പരീക്ഷിക്കേണ്ടതുണ്ട്. (ഈ സൂറത്തിന്റെ നാമത്തിന് നിദാനമായ വചനം) താൻ വന്നിരിക്കുന്നത് ഭൗതികമായ നേട്ടങ്ങളെ ഉദ്ദേശിച്ചല്ല എന്നും, അല്ലാഹുവിനോടും റസൂലിനോടുമുള്ള സ്നേഹം കൊണ്ട് മാത്രമാണെന്നും ഓരോ സ്ത്രീയിൽ നിന്നും സത്യവാങ്മൂലം ലഭിച്ച ശേഷമേ അവരെ തിരുമേനി സ്വീകരിച്ചുള്ളൂ. അവരുടെ യഥാർത്ഥ നിലയെ പറ്റി അല്ലാഹു ഏറ്റവും അറിയുന്നവനാകുന്നു.

2. അങ്ങനെ, അവർ വിശ്വാസിനികളാണെന്ന് ബോദ്ധ്യപ്പെട്ട് കഴിഞ്ഞാൽ പിന്നെ അവരെ അവിശ്വാസികളായ ഭർത്താക്കളുടെയോ നാട്ടുകാരുടെയോ അടുക്കലേക്ക് മടക്കി അയക്കുവാൻ പാടുള്ളതല്ല.

3. സത്യവിശ്വാസം സ്വീകരിച്ച സ്ത്രീകളും, അവിശ്വാസികളായ പുരുഷന്മാരും തമ്മിൽ വിവാഹബന്ധം പാടില്ല.

4. സ്ത്രീ മുസ്‌ലിം ആയിത്തീരുകയും, പുരുഷൻ അവിശ്വാസത്തിൽ നിലകൊള്ളുകയുമാണെങ്കിൽ അവർ തമ്മിലുള്ള വിവാഹബന്ധം വേർപെടും.

5. ഇതുപോലെ തന്നെ, പുരുഷൻ മുസ്‌ലിം ആയിത്തീരുകയും സ്ത്രീ അവിശ്വാസത്തിൽ നിലകൊള്ളുകയുമാണെങ്കിലും, അവർ തമ്മിലുള്ള വിവാഹം വേർപ്പെടും.

6. സ്ത്രീ മുസ്‌ലിം ആയത് നിമിത്തം വിവാഹബന്ധം വേർപ്പെട്ട് പോകുമ്പോൾ ആ സ്ത്രീയെ മുസ്‌ലിംകൾക്ക് വിവാഹം ചെയ്യാവുന്നതാണ്.

7. അങ്ങനെ വിവാഹബന്ധം മുറിഞ്ഞ് പോയ സ്ത്രീകളെ മുസ്‌ലിംകൾ വിവാഹം ചെയ്യുമ്പോൾ ആ സ്ത്രീകൾക്ക് മര്യാദയനുസരിച്ചുള്ള വിവാഹ മൂല്യം (മഹ്ർ) നൽകേണ്ടതാണ്. 'അവർ ചിലവഴിച്ചത്' എന്നും 'ആ സ്ത്രീകളുടെ പ്രതിഫലം' എന്നും പറഞ്ഞതിന്റെ വിവക്ഷ 'മഹ്ർ' എന്നാകുന്നു.

8. മുൻ വിവാഹങ്ങളിൽ ആ സ്ത്രീകൾക്ക് അവരുടെ ഭർത്താക്കൾ കൊടുത്തിരുന്ന 'മഹ്ർ' മുസ്‌ലിംകൾക്ക് അവിശ്വാസികളുടെ ഭാഗത്ത് നിന്നും, അവിശ്വാസികൾക്ക് മുസ്‌ലിംകളുടെ ഭാഗത്ത് നിന്നും തിരിച്ച് വാങ്ങാവുന്നതാണ്. ഈ ഇനത്തിൽ മുസ്‌ലിംകളുടെ ഭാഗത്ത് നിന്ന് നൽകപ്പെടുന്ന സംഖ്യക്ക് 'ഗനീമത്ത്' മുതലായ പൊതു നിധിയിൽ നിന്നും ഭരണ നേതാവ് പരിഹാരം ഉണ്ടാക്കേണ്ടതാണ്. ഗനീമത്തുകളിൽ നിന്ന് ഇത് കഴിച്ച് ബാക്കിയേ ഓഹരി ചെയ്യപ്പെടേണ്ടതുള്ളൂ.

ഈ ആയത്തിന്റെ അവതരണത്തോടെ ഇവയെല്ലാം ഇസ്‌ലാമിന്റെ സ്ഥിരവും അംഗീകൃതവുമായ നിയമങ്ങളായിത്തീർന്നു.

**വചനം 11:**

وَإِن فَاتَكُمْ شَىْءٌ مِّنْ أَزْوَٰجِكُمْ إِلَى ٱلْكُفَّارِ فَعَاقَبْتُمْ فَـَٔاتُوا۟ ٱلَّذِينَ ذَهَبَتْ أَزْوَٰجُهُم مِّثْلَ مَآ أَنفَقُوا۟ ۚ وَٱتَّقُوا۟ ٱللَّهَ ٱلَّذِىٓ أَنتُم بِهِۦ مُؤْمِنُونَ ﴿١١﴾

11 നിങ്ങളുടെ ഭാര്യമാരിൽനിന്ന് വല്ലവരും അവിശ്വാസികളിലേക്കു (പോയി) നിങ്ങൾക്ക് നഷ്ടമാകുകയും, എന്നിട്ട് നിങ്ങൾ അനന്തര നടപടി എടുക്കുകയും (അഥവാ അതിന്നവസരം വരുകയും) ചെയ്തുവെങ്കിൽ. അപ്പോൾ, യാതൊരു കൂട്ടരുടെ ഭാര്യമാർ (നഷ്ടപ്പെട്ടു) പോയോ അവർക്ക് അവർ ചിലവഴിച്ചതുപോലെ നിങ്ങൾ കൊടുത്തുകൊള്ളുവിൻ. നിങ്ങൾ യാതൊരുവനിൽ വിശ്വസിക്കുന്നവരാണോ ആ അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ.

മുസ്‌ലിംകളുടെ ഭാര്യന്മാരായിരുന്നവർ അമുസ്‌ലിം പക്ഷത്തേക്ക് പോകുകയാണെങ്കിൽ, അവർക്ക് കൊടുത്തിരുന്ന മഹ്റിന്റെ സംഖ്യ ഈടാക്കുവാനായി, അമുസ്ലിംകളുമായി അതിന് അനന്തര നടപടികൾ കൈക്കൊള്ളുവാൻ ശ്രമിക്കേണ്ടതാണ്. യുദ്ധത്തിൽ ലഭിക്കുന്ന ഗനീമത്ത് സ്വത്തുക്കളിൽ നിന്നോ, മുസ്‌ലിംകളുടെ ഭാഗത്ത് നിന്ന് അവർക്ക് കൊടുക്കേണ്ടതുള്ള മഹറ് വകകളിൽ നിന്നോ ഇത് ഈടാക്കിക്കൊടുക്കേണ്ടതാണ്.

വിവാഹത്തിൽ മഹറിനുള്ള സ്ഥാനവും അതിന്റെ ഉത്തരവാദിത്തത്തിന്റെ ഗൗരവവും ഇസ്‌ലാമിൽ എത്രമാത്രം വമ്പിച്ചതാണെന്ന് അല്ലാഹുവിന്റെ ഈ വചനങ്ങളിൽ നിന്നും ഗ്രഹിക്കാവുന്നതാണ്.

**വചനം 12:**

12 ഹേ, നബിയേ, വിശ്വാസികളായ സ്ത്രീകൾ, തങ്ങൾ അല്ലാഹുവിനോട് യാതൊന്നിനെയും പങ്കു ചേർക്കുകയില്ലെന്ന് 'ബൈഅത്തു' (പ്രതിജ്ഞ) നൽകിക്കൊണ്ടു നിൻെറ അടുക്കൽ വന്നാൽ,- അവർ മോഷ്ടിക്കുകയുമില്ല, വ്യഭിചാരം ചെയ്യുകയുമില്ല, തങ്ങളുടെ സന്താനങ്ങളെ കൊലപ്പെടുത്തുകയുമില്ല, തങ്ങളുടെ കൈകാലുകൾക്കിടയിൽ വെച്ച് (മനഃപൂർവ്വം) കെട്ടിച്ചമക്കുന്ന യാതൊരു കള്ളവാദവും കൊണ്ടുവരികയുമില്ല,- ഒരു (സദാചാരപരമായ) സൽകാര്യത്തിലും നിന്നോട് അവർ അനുസരണക്കേട് കാണിക്കുകയുമില്ല എന്നും (ബൈഅത്തു നൽകിക്കൊണ്ടുവന്നാൽ), നീ അവരോട് 'ബൈഅത്തു' (പ്രതിജ്ഞ) വാങ്ങിക്കൊള്ളുക; അവർക്കുവേണ്ടി അല്ലാഹുവിനോട് പാപമോചനം തേടുകയും ചെയ്യുക. നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനാണ്, കരുണാനിധിയാണ്.

يَٰٓأَيُّهَا ٱلنَّبِيُّ إِذَا جَآءَكَ ٱلْمُؤْمِنَٰتُ يُبَايِعْنَكَ عَلَىٰٓ أَن لَّا يُشْرِكْنَ بِٱللَّهِ شَيْـًٔا وَلَا يَسْرِقْنَ وَلَا يَزْنِينَ وَلَا يَقْتُلْنَ أَوْلَٰدَهُنَّ وَلَا يَأْتِينَ بِبُهْتَٰنٍ يَفْتَرِينَهُۥ بَيْنَ أَيْدِيهِنَّ وَأَرْجُلِهِنَّ وَلَا يَعْصِينَكَ فِى مَعْرُوفٍ ۙ فَبَايِعْهُنَّ وَٱسْتَغْفِرْ لَهُنَّ ٱللَّهَ ۖ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٢﴾

മക്കാ വിജയത്തെ തുടർന്ന്, മക്കാ നിവാസികൾ നബി(സ)യുടെ അടുക്കൽ വന്ന് തങ്ങൾ ഇസ്‌ലാമിനെ അംഗീകരിച്ചതായി ബൈഅത്ത് (പ്രതിജ്ഞ) നടത്തുകയുണ്ടായി. അവരിൽ പെട്ട സ്ത്രീകൾ ബൈഅത്തിന് വരുമ്പോൾ, അവരിൽ നിന്ന് ബൈഅത്ത് വാങ്ങേണ്ടുന്ന രൂപം അല്ലാഹു ഈ വചനത്തിൽ എടുത്തുകാട്ടുന്നു.

തങ്ങൾ മോഷ്ടിക്കുകയില്ലെന്നും വ്യഭിചരിക്കുകയില്ലെന്നും, തങ്ങളുടെ സന്താനങ്ങളെ (പെൺകുട്ടികളെ) ജീവനോടെ കുഴിച്ച് മൂടുകയില്ലാ എന്നും അവർ പ്രതിജ്ഞ ചെയ്യേണ്ടതുണ്ട്.

അന്യപുരുഷ സ്പർശനത്തിൽ ജനിച്ച ജാര സന്താനങ്ങളെ സ്വഭർത്താക്കളുടെയോ, താനിഷ്ടപ്പെടുന്ന മറ്റൊരാളുടെയോ സന്താനമായി നിശ്ചയിക്കുന്ന പതിവും, പ്രസ്തുത ജാഹിലിയ്യാ അറബി സ്ത്രീകൾക്കിടയിലുണ്ടായിരുന്നു. ഇതെല്ലാം ഉദ്ദേശിച്ച് കൊണ്ടാണ് സന്താനങ്ങളെ കൊല്ലുകയില്ലെന്നും, കൈകാലുകൾക്കിടയിൽ വെച്ച് (മന:പൂർവ്വം) കെട്ടിച്ചമക്കുന്ന കള്ളവാദം കൊണ്ട് വരികയില്ലെന്നും അവരുടെ ബൈഅത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതും. കൂടാതെ, സൽ കാര്യങ്ങളിൽപ്പെട്ട ഏതൊന്ന് കൽപിച്ചാലും അത് അനുസരിക്കാതിരിക്കുകയില്ലെന്നും ബൈഅത്തിന്റെ വാചകത്തിൽ ഒരു പൊതു ഉപാധി കൂടി വെച്ചിരിക്കുന്നത് ശ്രദ്ധേയമാകുന്നു. അല്ലാഹു നിർബ്ബന്ധമാക്കിയിട്ടിലാത്ത കാര്യമായിരുന്നാലും സൽകർമ്മങ്ങളിൽ പെട്ട ഒരു കാര്യം നബി(സ)യോ ഉത്തരവാദപ്പെട്ട നേതാവോ കൽപിച്ചാൽ അത് മറ്റുള്ളവർ അനുസരിക്കേണ്ടതുണ്ട് 'എന്ന്' ഇതിൽ നിന്നും മറ്റ് തെളിവുകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

**വചനം 13:**

13 ഹേ, വിശ്വസിച്ചവരേ, അല്ലാഹു കോപിച്ചിട്ടുള്ള ജനതയോട് നിങ്ങൾ മൈത്രി സ്ഥാപിക്കരുത്. ഖബ്റുകളിലുള്ളവരെ സംബന്ധിച്ചു അവിശ്വാസികൾ നിരാശപ്പെട്ടിരിക്കുന്നതുപോലെ, പരലോകത്തെ സംബന്ധിച്ചു തീർച്ചയായും അവർ നിരാശപ്പെട്ടിരിക്കുകയാണ്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَوَلَّوْا۟ قَوْمًا غَضِبَ ٱللَّهُ عَلَيْهِمْ قَدْ يَئِسُوا۟ مِنَ ٱلْـَٔاخِرَةِ كَمَا يَئِسَ ٱلْكُفَّارُ مِنْ أَصْحَٰبِ ٱلْقُبُورِ ﴿١٣﴾

സൂറത്തിന്റെ ആരംഭത്തിൽ പ്രതിപാദിക്കപ്പെട്ടിരുന്ന കാര്യം സത്യവിശ്വാസികളെ സംബോധന ചെയ്തുകൊണ്ട് ഒരിക്കൽ കൂടി ചുരുക്കി ആവർത്തിച്ചുണർത്തിക്കൊണ്ട്, അല്ലാഹു സൂറത്ത് സമാപിപ്പിക്കുന്നു.

"അല്ലാഹു കോപിച്ചിട്ടുള്ള ജനത" എന്നത് കൊണ്ടുദ്ദേശ്യം എല്ലാ അവിശ്വാസികളും ആയിരിക്കാവുന്നതാണ് എന്നാണൊരഭിപ്രായം. ഖുർആനിലെ ചില പ്രസ്താവനകളെ ആസ്പദമാക്കി, യഹൂദികളാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടത് എന്നത്രെ മറ്റ് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. . الله اعلم

ഒന്നാമത്തെ അഭിപ്രായം അനുസരിച്ച് അവസാന വാക്യത്തിന്റെ സാരം ഈ രണ്ടിലൊരു പ്രകാരമായിരിക്കും:

1. ഖബറിലുള്ളവരെ തിരിച്ച് കിട്ടുമെന്ന പ്രതീക്ഷ ആ അവിശ്വാസികൾക്കില്ലാത്തത് പോലെ, പരലോകത്ത് വെച്ച് വല്ല ഗുണവും തങ്ങൾക്ക് ലഭിക്കുമെന്ന പ്രതീക്ഷയും അവർക്കില്ല. പരലോകത്തിലും മരണാനന്തര സംഭവത്തിലും ആ അവിശ്വാസികൾക്ക് വിശ്വാസമില്ലല്ലോ.

2. ഖബറുകളിലുള്ളവരെ കുറിച്ച് അവിശ്വസികൾ ആശ മുറിഞ്ഞവരാണെന്നത് പോലെ യഹൂദികൾ പരലോക ഗുണത്തിലും ആശ നഷ്ടപ്പെട്ടവരാകുന്നു. യഹൂദികൾ പരലോകത്തെ നിഷേധിക്കുന്നവരല്ലെങ്കിലും, തങ്ങളുടെ തോന്നിയ വാസങ്ങൾ നിമിത്തം, തങ്ങൾക്ക് രക്ഷയില്ലെന്ന് അവർക്ക് തന്നെ അറിയാം എന്ന് താൽപര്യം.

അവസാന വാക്യത്തിന് ഇങ്ങനെയും അർത്ഥം കൽപിക്കപ്പെട്ടിട്ടുണ്ട്.

"ഖബ്റിന്റെ ആൾക്കാരിൽ പെട്ട അവിശ്വാസികൾ പരലോക നന്മയെന്ന പ്രതീക്ഷക്ക് അവകാശമില്ലാതെ നിരാശപ്പെട്ടത് പോലെ അല്ലാഹുവിന്റെ കോപത്തിന് വിധേയരായ ആ ജനതയും പരലോകത്തെ സംബന്ധിച്ച് നിരാശപ്പെട്ടിട്ടുണ്ട്."

ഏത് അർത്ഥങ്ങൾ സ്വീകരിച്ചാലും ഉദ്ദേശ്യം വ്യക്തം തന്നെ. الله اعلم

# 61. സൂറത്തു - സ്‌ സ്വഫ്‌-ഫ്‌ (അണി)

**മദീനയിൽ അവതരിച്ചത്‌**

വചനങ്ങൾ 14, വിഭാഗം (റുക്കൂഅ്‌) 2

സൂറത്തിന്റെ 4-ാം വചനത്തിൽ സ്വഫ്ഫ്‌ (അണി) ചേരുന്നതിനെക്കുറിച്ച്‌ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

## വിഭാഗം - 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1:**

سَبَّحَ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿١﴾

1 ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) അല്ലാഹുവിന്‌ സ്തോത്രകീർത്തനം ചെയ്യുന്നു. അവൻ അഗാധജ്ഞനായ പ്രതാപശാലിയത്രെ.

ഇതുപോലെയുള്ള വചനങ്ങളും അവയുടെ വ്യാഖ്യാനവും ഒന്നിലധികം സൂറത്തുകളിൽ (‘മുസബ്ബിഹാത്ത്‌’) മുമ്പ്‌ കഴിഞ്ഞ്‌ പോയിട്ടുള്ളത്‌ ശ്രദ്ധിക്കുക (സൂ:ഹദീദ്‌ ന്റെ ആമുഖവും, 1,2 വചനങ്ങളുടെ വിശദീകരണവും നോക്കുക.)

**വചനം: 2,3:**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لِمَ تَقُولُونَ مَا لَا تَفْعَلُونَ ﴿٢﴾

2 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ ചെയ്യാത്തത്‌ നിങ്ങൾ പറയുന്നത്‌ എന്തിനുവേണ്ടിയാണ്‌?!

كَبُرَ مَقْتًا عِندَ ٱللَّهِ أَن تَقُولُوا۟ مَا لَا تَفْعَلُونَ ﴿٣﴾

3 നിങ്ങൾ ചെയ്യാത്തത്‌ പറയുക എന്നുള്ളത്‌, അല്ലാഹുവിങ്കൽ വളരെ വലിയ ക്രോധകരമായിട്ടുള്ളതാണ്‌.

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യാൻ അനുമതി കിട്ടിയാൽ കൊള്ളാമെന്ന്‌ ആഗ്രഹം പ്രകടിപ്പിക്കുകയും, യുദ്ധം നിയമിക്കപ്പെട്ടപ്പോൾ ചിലർക്കത്‌ അസഹ്യമായിത്തോന്നുകയും ചെയ്ത സന്ദർഭത്തിലാണ്‌ ഈ വചനങ്ങൾ അവതരിച്ചതെന്നാണ്‌ അധിക മുഫസ്സിറുകളുടെയും അഭിപ്രായം. ചില രിവായത്തുകളും ഇത്‌ സംബന്ധിച്ച്‌ വന്നിട്ടുണ്ട്‌. അടുത്ത വചനം ഇതിന്‌ പിൻബലം നൽകുന്നതും കാണാം.

ശപഥം മുഖേനയോ, വാഗ്ദത്തമായിട്ടോ, നേർച്ചാ രൂപത്തിലോ, നല്ല കാര്യങ്ങൾ ചെയ്യാമെന്ന്‌ വായ കൊണ്ട്‌ പറഞ്ഞാൽ, അത്‌ പ്രവർത്തിയിൽ വരുത്തുകയെന്നത്‌ ആ പറഞ്ഞയാളുടെ കടമയത്രെ. അത്‌ ലംഘിക്കുന്നത്‌ അല്ലാഹുവിന്റെ അടുക്കൽ വമ്പിച്ച ക്രോധകരമായ കാര്യമാകുന്നു.

“വിശ്വസിക്കപ്പെട്ടാൽ ചതിക്കുക, വർത്തമാനം പറഞ്ഞാൽ കളവ്‌ പറയുക, ഉടമ്പടി ചെയ്താൽ വഞ്ചിക്കുക, പിണങ്ങിയാൽ തോന്നിയവാസം പ്രവർത്തിക്കുക” എന്നീ നാല്‌ കാര്യങ്ങൾ ഏതൊരുവനിൽ ഉണ്ടോ അവൻ തനി കപട വിശ്വാസിയാകുന്നു. അവയിൽ ഒന്ന്‌ ആരിലെങ്കിലും ഉണ്ടായിരുന്നാൽ, കാപട്യത്തിന്റെ ഒരു അംശം അവനിൽ ഉണ്ടായിരിക്കും.” - നബി വചനം (ബു; മു)

**വചനം 4:**

إِنَّ ٱللَّهَ يُحِبُّ ٱلَّذِينَ يُقَٰتِلُونَ فِي سَبِيلِهِۦ صَفًّا كَأَنَّهُم بُنْيَٰنٌ مَّرْصُوصٌ ﴿٤﴾

4 നിശ്ചയമായും അല്ലാഹു, ഓരായം ചേർത്തുണ്ടാക്കപ്പെട്ട ഒരു ഭിത്തി എന്നോണം ഒരു അണിയായി അവന്റെ മാർഗത്തിൽ യുദ്ധംചെയ്യുന്നവരെ ഇഷ്ടപ്പെടുന്നു.

ഇടയ്ക്ക് ഒട്ടും വിടവില്ലാതെ വളവില്ലാതെ, കെട്ടുറപ്പോട് കൂടി, അണി കെട്ടി നിന്നുകൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ, സ്ഥിരം ശത്രുക്കളോട് അടരാടുന്ന പടയാളികളെ അല്ലാഹു പ്രശംസിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു.

യുദ്ധാവസരത്തിൽ മാത്രമല്ല, സംഘമായി നമസ്കരിക്കുമ്പോൾ പോലും, അണികൾ അപ്രകാരമായിരിക്കുവാൻ നബി(സ)യും സ്വഹാബികളും അത്യധികം നിഷ്കർഷിച്ചിരുന്നു. അതുപോലെ ഒരു വരി പൂർത്തിയായ ശേഷമേ, അടുത്ത വരി ആരംഭിക്കാവൂ എന്നും തിരുമേനി കൽപിച്ചിരുന്നു. ഈ നിർദ്ദേശം പാലിക്കാത്ത പക്ഷം നിങ്ങളുടെ ഉദ്ദേശങ്ങളിലും, ഗതികളിലും അനൈക്യം സംഭവിക്കും എന്ന് നബി(സ) തിരുമേനി താക്കീത് ചെയ്യുകയുണ്ടായിട്ടുണ്ട്. ഈ നിർദ്ദേശം അവഗണിച്ചതിന്റെ ഫലമായി മുസ്‌ലിംകൾക്കിടയിലുണ്ടായിട്ടുള്ള ഭിന്നതകൾ നാമിന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മുസ്‌ലിംകളുടെ ആഭ്യന്തര കാര്യങ്ങളിലാകട്ടെ, ഇസ്‌ലാമിന്റെ ശത്രുക്കളുമായുള്ള സമീപനങ്ങളിലാകട്ടെ, പരസ്പരം യോജിച്ച് പ്രവർത്തിക്കാനുള്ള ആഗ്രഹമോ. സാധ്യതയോ, നമുക്കിന്നില്ലാതായിത്തീർന്നിരിക്കുകയാണ്.

**വചനം 5:**

وَإِذْ قَالَ مُوسَىٰ لِقَوْمِهِۦ يَٰقَوْمِ لِمَ تُؤْذُونَنِى وَقَد تَّعْلَمُونَ أَنِّى رَسُولُ ٱللَّهِ إِلَيْكُمْ ۖ فَلَمَّا زَاغُوٓا۟ أَزَاغَ ٱللَّهُ قُلُوبَهُمْ ۚ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْفَٰسِقِينَ ﴿٥﴾

5 മൂസാ തൻെറ ജനതയോടു പറഞ്ഞ സന്ദർഭം (ഓർക്കുക): “എൻെറ ജനങ്ങളെ, നിങ്ങൾ എന്തിനാണ് എന്നെ ഉപദ്രവിക്കുന്നത്? ഞാൻ നിങ്ങളിലേക്ക് അല്ലാഹുവിൻെറ റസൂലാണെന്ന് നിങ്ങൾക്ക് അറിയാമല്ലോ! അങ്ങനെ, അവർ (നേർമാർഗം) തെറ്റിയപ്പോൾ, അല്ലാഹു അവരുടെ ഹൃദയങ്ങളെ തെറ്റിച്ചുകളഞ്ഞു. അല്ലാഹു ദുർന്നടപ്പുകാരായ ജനതയെ സൻമാർഗത്തിലാക്കുന്നതുമല്ല.”

മൂസാ(അ) നബിയെ ഈസ്രഈല്യർ ദ്രോഹിച്ചതിനും സ്വൈര്യം കെടുത്തിയതിനും, പല ഉദാഹരണങ്ങളും ഖുർആനിൽ തന്നെ കാണാവുന്നതാണ്. (സൂറ:ബഖറ: 51,61; സൂ: അഹ്സാബ്: 69 എന്നിവിടങ്ങളിൽ നോക്കുക.) തീഹു വനാന്തരങ്ങളിൽ വെച്ച്, അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട ഫലസ്തീനിൽ പ്രവേശിക്കുവാൻ അദ്ദേഹം കൽപിച്ചപ്പോൾ, അവിടെ ശത്രുക്കളുമായി ഏറ്റ് മുട്ടേണ്ടി വരുമെന്ന് കണ്ടപ്പോൾ അവർ വിസമ്മതിച്ചു. ‘വേണമെങ്കിൽ നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്ത്കൊള്ളുക’ എന്ന് വരെ ധിക്കാരപൂർവ്വം അവർ പറയുകയുണ്ടായി. (സൂ:മാഇദ: 22,23,24 നോക്കുക). ഏറെ താമസിയാതെ ആ പ്രവാചകവര്യൻ കാലഗതി പ്രാപിച്ചു. ആ ജനതയാകട്ടെ നാൽപത് കൊല്ലക്കാലം ആ വനാന്തരങ്ങളിൽ വട്ടംകറങ്ങേണ്ടിയും വന്നു.

ഈസ്രാഈല്യർ മൂസാ(അ) നബിയോട് ചെയ്തത് പോലെ നിങ്ങൾ നിങ്ങളുടെ നബിയോട് അനുവർത്തിക്കരുതെന്ന് മുസ്‌ലിംകളോടുള്ള താക്കീതാണ് ഈ വചനം.

**വചനം 6:**

وَإِذْ قَالَ عِيسَى ٱبْنُ مَرْيَمَ يَٰبَنِىٓ إِسْرَٰٓءِيلَ إِنِّى رَسُولُ ٱللَّهِ إِلَيْكُم مُّصَدِّقًا لِّمَا بَيْنَ يَدَىَّ مِنَ ٱلتَّوْرَىٰةِ وَمُبَشِّرًۢا بِرَسُولٍ يَأْتِى مِنۢ بَعْدِى ٱسْمُهُۥٓ أَحْمَدُ ۖ فَلَمَّا جَآءَهُم بِٱلْبَيِّنَٰتِ قَالُوا۟ هَٰذَا سِحْرٌ مُّبِينٌ ﴿٦﴾

6 മർയമിൻെറ മകൻ ഈസാ പറഞ്ഞ സന്ദർഭം (ഓർക്കുക): “ഇസ്രാഈൽ സന്തതികളേ, നിശ്ചയമായും ഞാൻ, നിങ്ങളിലേക്ക് അല്ലാഹുവിൻെറ റസൂലാകുന്നു; തൗറാത്താകുന്ന എൻെറ മുമ്പിലുള്ളതിനെ (വേദഗ്രന്ഥത്തെ) സത്യമാ(ക്കി ശരിവെ)ക്കുന്നവനായിക്കൊണ്ടും, എൻെറ ശേഷം വരുന്നതായ, ‘അഹ്മദ്’ (അധികം സ്തുതിയുള്ളവൻ) എന്നുപേരുള്ള ഒരു റസൂലിനെക്കുറിച്ചു സുവിശേഷം അറിയിക്കുന്നവനായിക്കൊണ്ടും (നിയോഗിക്കപ്പെട്ടവ

നാണ്)." അങ്ങനെ, അദ്ദേഹം വ്യക്തമായ തെളിവുകളുമായി അവരിൽ വന്നപ്പോൾ അവർ പറഞ്ഞു: "ഇത് (തനി) സ്പഷ്ടമായ ജാലമാണ്" എന്ന്!

ഈസാ(അ) നബിയുടെ ദൗത്യോദ്ദേശങ്ങളിൽ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളാണ് അദ്ദേഹം തന്റെ ജനതയായ ഇസ്രാഈല്യരെ അറിയിക്കുന്നത്.

1. അദ്ദേഹത്തിന്റെ മുമ്പ് അവതരിക്കപ്പെട്ടതും, തന്റെ മുമ്പിൽ നിലവിലുള്ളതുമായ 'തൗറാത്തി'ന്റെ സത്യത സ്ഥാപിക്കുകയും, ശരിവെക്കുകയും ചെയ്യുക - അഥവാ അതിന്റെ നിയമങ്ങൾ നടപ്പിൽ വരുത്തുക.

2. തന്റെ ശേഷം, അഹ്മദ് എന്ന പേരുള്ള ഒരു റസൂൽ വരാനിരിക്കുന്നുവെന്ന സുവിശേഷം അറിയിക്കുക. അഥവാ ആ റസൂലിനെ അനുസരിക്കുവാൻ ജനങ്ങളെ സജ്ജമാക്കുക. അദ്ദേഹം കൊണ്ടുവന്ന 'ഇഞ്ചീൽ' (സുവിശേഷം എന്നർത്ഥം) ആകട്ടെ ഉപദേശങ്ങളുടെയും സുവിശേഷങ്ങളുടെയും ഒരു സമാഹാരവുമാകുന്നു.

ഈസാ(അ) നബിയുടെ ശേഷം വരാനിരിക്കുന്ന റസൂലിനെക്കുറിച്ച് 'അഹ്മദ്' എന്ന് പറഞ്ഞത് മുഹമ്മദ് നബി(സ) തിരുമേനിയെ തന്നെ ഉദ്ദേശിച്ച് കൊണ്ടാകുന്നു. നബി(സ) പ്രസ്താവിച്ചതായി ബുഖാരി(റ) ഉദ്ധരിച്ചിരിക്കുന്നു:

"എനിക്ക് പല പേരുകൾ ഉണ്ട്. ഞാൻ 'മുഹമ്മദ്' (അധികമായി സ്തുതിക്കപ്പെട്ടവൻ) ആകുന്നു. ഞാൻ 'അഹ്മദും' (അധികം സ്തുതിയുള്ളവൻ) ആണ്. ഞാൻ 'മാഹീ' (മായിച്ച് കളയുന്നവൻ)യും ആകുന്നു. എന്നെക്കൊണ്ട് അല്ലാഹു അവിശ്വാസത്തെ മായിച്ച് കളയുന്നു."

ഇതിൽ നിന്ന് 'അഹ്മദ്' എന്ന് പറഞ്ഞത് നബി(സ) തിരുമേനിയെ ഉദ്ദേശിച്ച് തന്നെയാണെന്ന് മനസ്സിലാക്കാമല്ലൊ. ഈസാ(അ) നബിക്കും, നബി തിരുമേനി(സ)ക്കും ഇടയിൽ വേറൊരു റസൂൽ വന്നിട്ടുള്ളതായി അറിയപ്പെട്ടിട്ടില്ലതാനും. തിരുമേനിയാണെങ്കിൽ അന്ത്യ പ്രവാചകനുമാണ്.

നബി(സ)യുടെ ആഗമനത്തെ പറ്റി ഈസാ(അ) നൽകിയ സുവിശേഷങ്ങൾ, അതേപടി, ഇന്ന് നിലവിലുള്ള കൈകടത്തപ്പെട്ട ഇഞ്ചീലുകളിൽ, കാണപ്പെടുകയില്ലെങ്കിലും, ഈ പ്രസ്താവനയെശരിവെക്കുന്ന ചില വാക്യങ്ങൾ ഇന്നത്തെ ഇഞ്ചീലുകളിൽ പോലും കാണാവുന്നതാണ്. (ഉദാ: യോഹന്നാൻ സുവിശേഷം: 14: 16; 14:26; 15:26; 16:7,8; 16:12,13)

ഇന്ന് 'ഖാദിയാനികൾ', എന്ന പേരിൽ അറിയപ്പെടുന്ന 'അഹ്മദിയാ' മതക്കാർ, ഈ ആയത്തിൽ പ്രസ്താവിക്കപ്പെട്ട 'അഹ്മദ്' തങ്ങൾ പ്രവാചകനായി സ്വീകരിച്ച മീർസാ ഗുലാം അഹ്മദ് ഖാദിയാനിയാണെന്ന് വാദിക്കാറുണ്ട്. നബി(സ) തിരുമേനി അന്ത്യ പ്രവാചകനാണെന്ന ഇസ്ലാമിന്റെ മൗലിക തത്വം സ്വീകരിക്കാത്ത വ്യാജ വാദക്കാരാകുന്നു അക്കൂട്ടർ. (സൂ:അഹ്സാബ്: 40-ാം വചനത്തിന്റെ വിശദീകരണം നോക്കുക.)

**വചനം 7,8,9:**

7 അല്ലാഹുവിൻെറ മേൽ വ്യാജം കെട്ടിച്ചമക്കുന്നവനേക്കാൾ അക്രമി ആരുണ്ട് അവനാകട്ടെ, ഇസ്ലാമിലേക്ക് ക്ഷണിക്കപ്പെടുകയും ചെയ്യുന്നു (എന്നിട്ടും)?! അല്ലാഹു, അക്രമികളായ ജനങ്ങളെ സൻമാർഗത്തിലാക്കുകയില്ല.

وَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ ٱلْكَذِبَ وَهُوَ يُدْعَىٰٓ إِلَى ٱلْإِسْلَٰمِ ۚ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿٧﴾

8 തങ്ങളുടെ വായകൊണ്ട് അല്ലാഹുവിൻെറ പ്രകാശം കെടുത്തികളയുവാൻ അവർ ഉദ്ദേശിക്കുന്നു. അല്ലാഹുവാകട്ടെ, തൻെറ പ്രകാശം പൂർത്തിയാക്കുന്നവനുമാണ്-അവിശ്വാസികൾക്ക് വെറുപ്പായാലും ശരി.

يُرِيدُونَ لِيُطْفِـُٔوا۟ نُورَ ٱللَّهِ بِأَفْوَٰهِهِمْ وَٱللَّهُ مُتِمُّ نُورِهِۦ وَلَوْ كَرِهَ ٱلْكَٰفِرُونَ ﴿٨﴾

هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ لِيُظْهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ وَلَوْ كَرِهَ ٱلْمُشْرِكُونَ ﴿٩﴾

9 അവനത്രെ, തൻെറ റസൂലിനെ മാർഗദർശനവും, യഥാർത്ഥമതവുംകൊണ്ട് അയച്ചിട്ടുള്ളവൻ, എല്ലാ മതത്തെക്കാളും അതിനെ (വിജയിപ്പിച്ചു) പ്രത്യക്ഷപ്പെടുത്തുവാൻ വേണ്ടി; ബഹുദൈവ വിശ്വാസികൾക്ക് വെറുപ്പായാലും ശരി.

വിശുദ്ധ ഖുർആനും നബി(സ) തിരുമേനിയുടെ ദൗത്യ വിഷയങ്ങളുമാണ് അല്ലാഹുവിന്റെ പ്രകാശം എന്നത്കൊണ്ട് വിവക്ഷ. അതിനെ വായ കൊണ്ട് ഊതിക്കെടുത്തുവാനോ ദുരാരോപങ്ങളും, അപവാദങ്ങളും വഴി കെടുത്തിക്കളയുവാനോ ആർക്കും സാധ്യമല്ല. (സൂ: തൗബ: 32,33 വചനങ്ങൾ നോക്കുക) ലോകമുള്ള കാലത്തോളം, എതിരാളികളും നിഷേധികളും അതിനുണ്ടായേക്കാം. എന്നാൽ നബി(സ) പ്രവചിച്ചിട്ടുള്ളത് പോലെ, ഒരു വിഭാഗം ആളുകളെങ്കിലും, അതിന്റെ യഥാർത്ഥ അനുയായികളായി, ലോകാവസാനം വരെ ശേഷിക്കാതിരിക്കുകയില്ല.

ഇസ്ലാമല്ലാത്ത ഏതൊരു മതത്തെ എടുത്താലും ആ മതത്തിന്റെ സാക്ഷാൽ പ്രമാണമായി, അവതരിപ്പിക്കുവാൻ, അവർക്ക് ഒരു തത്വ സംഹിതയും ഇല്ല തന്നെ. മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം, തങ്ങളുടെ മൂല പ്രമാണം വിശുദ്ധ ഖുർആൻ ആണെന്നും, അതിൽ വല്ലതും ചേർക്കുവാനോ, ഒഴിവാക്കുവാനോ ഇല്ലെന്നുമുള്ള കാര്യത്തിൽ അവർ ഏകാഭിപ്രായക്കാരാകുന്നു. അപ്പോൾ ലോകാവസാനം വരെ നിലനിൽക്കുന്ന വിശുദ്ധ ഖുർആനിലൂടെ അല്ലാഹുവിന്റെ പ്രകാശം പൊലിയാതെയും, അവന്റെ മതം തിരോധാനം ചെയ്യാതെയും അവശേഷിപ്പിക്കുക തന്നെ ചെയ്യുന്നതാണ് - അവിശ്വാസികൾക്കും, ബഹുദൈവ വിശ്വാസികൾക്കും, അത്, എത്ര തന്നെ വെറുപ്പുള്ളതായാലും ശരി.

## വിഭാഗം - 2

**വചനം 10,11,12,13:**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ هَلْ أَدُلُّكُمْ عَلَىٰ تِجَٰرَةٍ تُنجِيكُم مِّنْ عَذَابٍ أَلِيمٍ ﴿١٠﴾

10 ഹേ, വിശ്വസിച്ചവരേ, വേദനയേറിയ ഒരു ശിക്ഷയിൽനിന്നു നിങ്ങൾക്ക് രക്ഷനൽകുന്ന ഒരു കച്ചവടത്തെപ്പറ്റി ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെയോ?-

تُؤْمِنُونَ بِٱللَّهِ وَرَسُولِهِۦ وَتُجَٰهِدُونَ فِى سَبِيلِ ٱللَّهِ بِأَمْوَٰلِكُمْ وَأَنفُسِكُمْ ۚ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿١١﴾

11 നിങ്ങൾ അല്ലാഹുവിലും, അവൻെറ റസൂലിലും വിശ്വസിക്കണം; അല്ലാഹുവിൻെറ മാർഗത്തിൽ നിങ്ങളുടെ ധനങ്ങൾകൊണ്ടും, ദേഹങ്ങൾ കൊണ്ടും സമരം ചെയ്യുകയും വേണം. ആയത് നിങ്ങൾക്ക് ഗുണകരമാകുന്നു-നിങ്ങൾക്ക് അറിയാമെങ്കിൽ!

يَغْفِرْ لَكُمْ ذُنُوبَكُمْ وَيُدْخِلْكُمْ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ وَمَسَٰكِنَ طَيِّبَةً فِى جَنَّٰتِ عَدْنٍ ۚ ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ﴿١٢﴾

12 (എന്നാൽ) നിങ്ങളുടെപാപങ്ങൾ അവൻ നിങ്ങൾക്കു പൊറുത്തുതരും; അടിഭാഗത്തു കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളിലും, സ്ഥിരവാസത്തിൻെറ സ്വർഗങ്ങളിലുള്ള വിശിഷ്ടമായ പാർപ്പിടങ്ങളിലും നിങ്ങളെ അവൻ പ്രവേശിപ്പിക്കുകയും ചെയ്യും. അതത്രെ, മഹത്തായ ഭാഗ്യം.

وَأُخْرَىٰ تُحِبُّونَهَا ۖ نَصْرٌ مِّنَ ٱللَّهِ وَفَتْحٌ قَرِيبٌ ۗ وَبَشِّرِ ٱلْمُؤْمِنِينَ ﴿١٣﴾

13 മറ്റൊരു കാര്യവും (കൂടി)-അത് നിങ്ങൾ ഇഷ്ടപ്പെടുന്നതാണ് (അതെ) അല്ലാഹുവിങ്കൽ നിന്നുള്ള സഹായവും, ആസന്നമായ ഒരു വിജയവും! (നബിയേ) സത്യവിശ്വാസികൾക്കു നീ സന്തോഷവാർത്ത അറിയിച്ചുകൊള്ളുക.

അല്ലാഹുവിലും അവന്റെ റസൂലിലുമുള്ള വിശ്വാസം മൂല ധനമാക്കിക്കൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ധനം കൊണ്ടും ദേഹം കൊണ്ടും സേവനം ചെയ്യുന്നവർക്ക് പാപമോചനവും, നരക ശിക്ഷയിൽ നിന്നുള്ള രക്ഷയും, സുഖ സമ്പൂർണ്ണമായ ശാശ്വത സ്വർഗ്ഗവും അല്ലാഹു വാഗ്ദാനം ചെയ്യുന്നു. മഹത്തായ മേൽ പറഞ്ഞ വാഗ്ദാനങ്ങൾക്ക് പുറമേ, അല്ലാഹുവിങ്കൽ നിന്നുള്ള സർവ്വവിധ സഹായവും, ശത്രുക്കൾക്കെതിരിലുള്ള വിജയവും, സംബന്ധിച്ച സന്തോഷ വാർത്തയും അല്ലാഹു സത്യ വിശ്വാസികൾക്ക് അറിയിക്കുന്നു.

അല്ലാഹുവിങ്കൽ ഏറ്റവും ഇഷ്ടപ്പെട്ട കർമ്മം ഏതാണെന്ന് അന്വേഷിച്ച ചില സഹാബികൾക്ക് നബി(സ) ഈ സൂറത്ത് ഓതിക്കേൾപ്പിക്കുകയുണ്ടായി. (അ;തി)

അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ (ആമീൻ).

**വചനം 14:**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُونُوٓا۟ أَنصَارَ ٱللَّهِ كَمَا قَالَ عِيسَى ٱبْنُ مَرْيَمَ لِلْحَوَارِيِّـۧنَ مَنْ أَنصَارِىٓ إِلَى ٱللَّهِ ۖ قَالَ ٱلْحَوَارِيُّونَ نَحْنُ أَنصَارُ ٱللَّهِ ۖ فَـَٔامَنَت طَّآئِفَةٌ مِّنۢ بَنِىٓ إِسْرَٰٓءِيلَ وَكَفَرَت طَّآئِفَةٌ ۖ فَأَيَّدْنَا ٱلَّذِينَ ءَامَنُوا۟ عَلَىٰ عَدُوِّهِمْ فَأَصْبَحُوا۟ ظَـٰهِرِينَ ﴿١٤﴾

14 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിൻെറ സഹായികളായിത്തീരുവിൻ; മർയമിൻെറ മകൻ ഈസാ'ഹവാരി'കളോട്; "അല്ലാഹുവിങ്കലേക്കുള്ള (മാർഗത്തിൽ) എൻെറ സഹായികൾ ആരാണ്" എന്നു പറഞ്ഞതുപോലെ; 'ഹവാരീ' കൾ പറഞ്ഞു: "ഞങ്ങൾ അല്ലാഹുവിൻെറ സഹായികളാണ് എന്ന്. ഇതുപോലെ നിങ്ങളും ആയിരിക്കുവിൻ.'' എന്നിട്ട്, ഇസ്രാഈൽ സന്തതികളിൽ നിന്നുള്ള ഒരു വിഭാഗം വിശ്വസിച്ചു; ഒരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. അപ്പോൾ, വിശ്വസിച്ചവർക്ക് അവരുടെ ശത്രുവിന്നെതിരെ ബലം നൽകി; അങ്ങനെ അവർ (വിജയം നേടി) പ്രത്യക്ഷരായിത്തീർന്നു.

'ഹവാരീകൾ' എന്ന വാക്കിന് പല അർത്ഥങ്ങളും പറയപ്പെട്ടിട്ടുണ്ടെങ്കിലും, ഇവിടെ ഈസാ(അ)ന്റെ പ്രധാന ശിഷ്യ ഗണങ്ങളായ പന്ത്രണ്ട് പേരെ ഉദ്ദേശിച്ചാണ്, ഈ വാക്ക് പ്രയോഗിക്കപ്പെടുന്നത് എന്ന കാര്യത്തിൽ തർക്കമില്ല. ഇവർ വഴിയാണ് അദ്ദേഹത്തിന്റെ പ്രബോധനം അതി വിദൂര രാജ്യങ്ങളിൽ എത്തിയത്. ഇവരെക്കുറിച്ചാണ് 'അപ്പോസ്തലൻമാർ' എന്ന് പറയപ്പെടുന്നത്.

സൂ: ആലു ഇംറാൻ: 52-ാം വചനത്തിൽ അല്ലാഹു ഇപ്രകാരം പറയുന്നു:

എന്നിട്ട്, ഈസാക്ക് അവരിൽ നിന്ന് അവിശ്വാസം അനുഭവപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: "ആരാണ് അല്ലാഹുവിങ്കലേക്കുള്ള എന്റെ സഹായികൾ" ഹവാരീകൾ പറഞ്ഞു: ''ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണ്. ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ മുസ്‌ലിംകളാണെന്ന് താങ്കൾ സാക്ഷ്യം വഹിച്ചുകൊള്ളുക."

ഇത് പോലെ, അവിശ്വാസത്തിനെതിരിൽ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ, ത്യാഗവും സേവനവും ചെയ്യുവാൻ നിങ്ങളും സന്നദ്ധരാകണമെന്നാണ്, അല്ലാഹു സത്യവിശ്വാസികളോട് ആഹ്വാനം ചെയ്യുന്നത്.

എന്നാൽ ഈസാ(അ) നബിയുടെ ദൗത്യം ഇസ്രാഈല്യരിൽ ഒരു വിഭാഗം സ്വീകരിച്ചുവെങ്കിലും മറ്റൊരു വിഭാഗം ആളുകൾ - ഇവരാണ് യഹൂദികൾ - നിഷേധിക്കുകയാണുണ്ടായത്. വിശ്വസിച്ചവരെ അല്ലാഹു ബലപ്പെടുത്തുകയും, എതിരാളികളെ പരാജയപ്പെടുത്തി അവർക്ക് വിജയംനൽകുകയും ചെയ്തു. അതുപോലെ അല്ലാഹുവിന്റെ മതത്തെ, നിങ്ങൾ സഹായിച്ചാൽ, അല്ലാഹു നിങ്ങളെയും സഹായിക്കുകയും, ശത്രുക്കൾക്കെതിരെ നിങ്ങളുടെ കാലടികളെ ഉറപ്പിച്ച് നിങ്ങൾക്ക് വിജയം നൽകുകയും ചെയ്യുന്നതാണ്.

# 62. സൂറത്തുൽ – 'ജുമുഅ:'

**മദീനയിൽ അവതരിച്ചത്**

വചനങ്ങൾ 11, വിഭാഗം (റുക്കൂഅ്) 2

9-ാം വചനത്തിൽ ജുമുഅ നമസ്കാരത്തെ പറ്റിയുള്ള പരാമർശമാണ് ഈ പേരിന് നിദാനം.

നബി(സ) തിരുമേനി വെള്ളിയാഴ്ച ജുമുഅ: നമസ്കാരത്തിൽ ഈ സൂറത്തും അടുത്ത സൂറത്തും (സൂ: മുനാഫിഖൂൻ) ഓതാറുണ്ടായിരുന്നുവെന്ന് മുസ്ലിം(റ) രേഖപ്പെടുത്തിയിരിക്കുന്നു. ഈ സൂറത്തിൽ ഇസ്ലാമിന്റെ ശത്രുക്കളായ യഹൂദികളെകുറിച്ചും, അടുത്ത സൂറത്തിൽ മറ്റൊരു ശത്രു വിഭാഗമായ മുനാഫിഖുകളെക്കുറിച്ചും പ്രസ്താവിക്കുന്നു.

## വിഭാഗം – 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3,4:**

يُسَبِّحُ لِلَّهِ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ٱلْمَلِكِ ٱلْقُدُّوسِ ٱلْعَزِيزِ ٱلْحَكِيمِ ﴿١﴾

1 ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) അല്ലാഹുവിന് സ്തോത്രകീർത്തനം ചെയ്തുവരുന്നു; രാജാധിപതിയും, മഹാ പരിശുദ്ധനും, പ്രതാപശാലിയും, അഗാധജ്ഞനുമായുള്ളവനായ (അല്ലാഹുവിന്)

هُوَ ٱلَّذِى بَعَثَ فِى ٱلْأُمِّيِّۦنَ رَسُولًا مِّنْهُمْ يَتْلُوا۟ عَلَيْهِمْ ءَايَٰتِهِۦ وَيُزَكِّيهِمْ وَيُعَلِّمُهُمُ ٱلْكِتَٰبَ وَٱلْحِكْمَةَ وَإِن كَانُوا۟ مِن قَبْلُ لَفِى ضَلَٰلٍ مُّبِينٍ ﴿٢﴾

2 അക്ഷരജ്ഞാനമില്ലാത്തവരിൽ, അവരിൽനിന്നു (തന്നെ) ഒരു റസൂലിനെ നിയോഗിച്ചവനത്രെ അവൻ അവർക്കു തന്റെ 'ആയത്തുകൾ' 'ലക്ഷ്യങ്ങൾ' അദ്ദേഹം ഓതിക്കൊടുക്കുകയും, അവരെ സംസ്കരിക്കുകയും, അവർക്ക് വേദഗ്രന്ഥവും വിജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു റസൂലിനെ). നിശ്ചയമായും അവർ (അതിനു) മുമ്പ് സ്പഷ്ടമായ വഴിപിഴവിൽതന്നെയായിരുന്നു.

وَءَاخَرِينَ مِنْهُمْ لَمَّا يَلْحَقُوا۟ بِهِمْ ۚ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٣﴾

3 (മാത്രമല്ല) അവരിൽനിന്നുള്ള വേറെ ആളുകൾക്കും-അവർ ഇവരുമായി (എത്തി) ചേർന്നു കഴിഞ്ഞിട്ടില്ല. വന്നു ചേരുന്നേയുള്ളു.-പ്രതാപശാലിയും, അഗാധജ്ഞനുമായുള്ളവനത്രെ അവൻ.

ذَٰلِكَ فَضْلُ ٱللَّهِ يُؤْتِيهِ مَن يَشَآءُ ۚ وَٱللَّهُ ذُو ٱلْفَضْلِ ٱلْعَظِيمِ ﴿٤﴾

4 അത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു; അവൻ ഉദ്ദേശിക്കുന്നവർക്ക് അവനത് നൽകുന്നു. അല്ലാഹുവാകട്ടെ, വമ്പിച്ച അനുഗ്രഹശാലിയുമാണ്.

1-ാം വചനത്തിലേത് പോലെയുള്ള വചനങ്ങളും അവയുടെ വ്യാഖ്യാനവും ഒന്നിലധികം സൂറത്തുകളിൽ ('മുസബ്ബിഹാത്ത്') മുമ്പ് വിശദീകരിച്ചിട്ടുള്ളത് ശ്രദ്ധിക്കുക. (സൂ: ഹദീദിന്റെ ആമുഖവും 1,2 വചനങ്ങളുടെ വിശദീകരണവും നോക്കുക)

റസൂലിന്റെ കാലത്തെ അറബികൾ പൊതുവിൽ 'ഉമ്മിയ്യു'കൾ(അക്ഷര ജ്ഞാനമില്ലാത്തവർ) ആയിരുന്നു ''അക്ഷര ജ്ഞാനമില്ലാത്തവരിൽ അവരിൽ നിന്ന് തന്നെ ഒരു റസൂലിനെ നിയോഗിച്ചു" എന്ന് പറഞ്ഞതിൽ ഒന്നിലധികം സൂചനകൾ അടങ്ങിയിരിക്കുന്നു:

1. നബി(സ) തിരുമേനി അവരിൽപെട്ട ഒരാളായത്കൊണ്ട് അദ്ദേഹത്തെ പറ്റി അവർക്ക് വേണ്ടത്ര പരിചയമുണ്ട്.

2. അദ്ദേഹം സ്വന്തം ജനതയിൽ നിന്നുള്ള ആളായത്കൊണ്ട്, അദ്ദേഹത്തിന്റെ നിയോഗം, അവർക്ക് കൂടുതൽ അഭിമാനത്തിനും ശ്രേഷ്ഠതക്കും കാരണമാണ്.

3. അദ്ദേഹം അക്ഷരജ്ഞാനമില്ലാത്ത ആളായിരിക്കെ, അദ്ദേഹം കൊണ്ട് വന്ന മഹത്തായ വേദ ഗ്രന്ഥവും അദ്ദേഹത്തിന്റെ സ്വന്തം കൃതിയായിരിക്കുവാൻ തരമില്ല.

നബി(സ) ഉമ്മിയ്യുകളുടെ (അറബികളുടെ) ഇടയിലാണ് നിയോഗിക്കപ്പെട്ടിട്ടുള്ളത് എങ്കിലും നബി(സ) മനുഷ്യർക്ക് ആകമാനമുള്ള റസൂലാണെന്ന് സൂ: അഅ്റാഫ്: 158; സൂ: സബഅ്: 28 മുതലായ വചനങ്ങളിൽ ഖുർആൻ വ്യക്തമായും ആവർത്തിച്ചും പറഞ്ഞിട്ടുള്ളതാണ്. മാത്രമല്ല 3-ാം വചനത്തിൽ അല്ലാഹു പറഞ്ഞിരിക്കുന്നതും ശ്രദ്ധേയമാകുന്നു - 'ഇത് വരേയും അവരോടൊപ്പം വന്ന് ചേർന്നിട്ടില്ലാത്തവരും, ഭാവിയിൽ വരാനിരിക്കുന്നവരും ആയ മറ്റെല്ലാവർക്കും ബാധകമാണ്, അദ്ദേഹത്തിന്റെ ദൗത്യവും അദ്ധ്യാപനങ്ങളും.'

ഇബ്രാഹിം നബി(അ) ഇപ്രകാരം പ്രാർത്ഥിച്ചിരുന്നതായി സൂ: അൽ ബഖറ: 129-ാം വചനത്തിൽ കാണാം: "ഞങ്ങളുടെ റബ്ബേ, അവർക്ക് (ഞങ്ങളുടെ സന്താനങ്ങൾക്ക്) നിന്റെ ലക്ഷ്യങ്ങൾ ഓതികൊടുക്കുകയും, വേദഗ്രന്ഥവും വിജ്ഞാനവും പഠിപ്പിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു റസൂലിനെ അവരിൽ നീ നിയോഗിക്കേണമേ. നീ തന്നെയാണല്ലോ അഗാധജ്ഞനായ പ്രതാപശാലി."

ഈ പ്രാർത്ഥനയിൽ കാണുന്ന അതേ വിശേഷണങ്ങൾ തന്നെയാണ് അല്ലാഹു റസൂൽ(സ) തിരുമേനിയുടെ ദൗത്യ ലക്ഷ്യങ്ങളായി ഇവിടെയും ഉദ്ധരിക്കുന്നത്. ഇബ്റാഹീം നബി(അ) നബിയുടെ ആ പ്രാർത്ഥനയുടെ പുലർച്ച കൂടിയാണ്, തിരുമേനിയുടെ നിയോഗം.

"ഞാൻ എന്റെ പിതാവ് ഇബ്രാഹീമിന്റെ പ്രാർത്ഥനയാണ്" എന്ന് അവിടുന്ന് പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

നുബുവ്വത്തും രിസാലത്തും (പ്രവാചകത്വും ദിവ്യദൗത്യവും) അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് നൽകുന്ന അനുഗ്രഹം മാത്രമാകുന്നു. അത് മനുഷ്യന്റെ അർഹതകൊണ്ടോ, ആഗ്രഹം കൊണ്ടോ സിദ്ധിക്കുന്ന സ്ഥാനമല്ല. അറബികളാകുന്ന, 'ഉമ്മിയ്യു'കൾ വളരെയധികം വഴി പിഴച്ച ജനതയാണെങ്കിലും, പ്രവാചക ദൗത്യം ഏറ്റെടുക്കാൻ കൊള്ളാത്തവിധം ദുഷിച്ചുപോയ, പ്രവാചകത്വത്തിന്റെയും വേദ ഗ്രന്ഥത്തിന്റെയും കുത്തകാവകാശം വാദിച്ചുകൊണ്ടിരുന്ന വേദക്കാരേക്കാൾ, ഈ ദൗത്യം ഏറ്റെടുത്ത് നടത്തുവാൻ നല്ലത് അറബികളാണെന്ന് സർവ്വജ്ഞനായ അല്ലാഹു അറിയുന്നവനാകുന്നു.

**വചനം 5:**

مَثَلُ ٱلَّذِينَ حُمِّلُوا۟ ٱلتَّوْرَىٰةَ ثُمَّ لَمْ
يَحْمِلُوهَا كَمَثَلِ ٱلْحِمَارِ يَحْمِلُ أَسْفَارًۢا ۚ
بِئْسَ مَثَلُ ٱلْقَوْمِ ٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِ
ٱللَّهِ ۚ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿٥﴾

5 'തൗറാത്ത്' ചുമതലപ്പെടുത്തപ്പെട്ടിട്ട് പിന്നെ അത് ഏറ്റെടു(ത്തു നിർവ്വഹി) ക്കാതിരുന്നവരുടെ ഉപമ, (വൻ) ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതയുടെ മാതിരിയാകുന്നു. അല്ലാഹുവിൻെറ 'ആയത്തു'കളെ ലക്ഷ്യങ്ങളെ വ്യാജമാക്കിയ ജനതയുടെ ഉപമ എത്രയോ ചീത്ത! അക്രമികളായ ജനങ്ങളെ അല്ലാഹു സൻമാർഗത്തിലാക്കുകയില്ല.

പുസ്തക ഭാണ്ഡം പേറിക്കൊണ്ട് നടക്കുന്ന കഴുതക്ക് അതിൽ വഹിക്കുന്ന വസ്തുവിന്റെ മൂല്യം എന്താണെന്ന് അറിയുകയില്ലല്ലോ. ഇത് പോലെയാകുന്നു, തൗറാത്തിന്റെ ഉള്ളടക്കമോ, സാരാംശമോ, എന്തെന്നറിയാത്ത അത് ചുമതലപ്പെടുത്തപ്പെട്ട, അതിന്റെ ഭാരവാഹികളായ യഹൂദരുടെ അവസ്ഥയും. പരമ്പരാഗതമായ ഐതിഹ്യങ്ങൾ കൊണ്ടും വ്യാമോഹങ്ങൾ കൊണ്ടും തൃപ്തി അടയുകയാണവർ. ബുദ്ധിശക്തിയില്ലാത്ത മൃഗങ്ങളേക്കാൾ പിഴച്ചവരാകുന്നു ബുദ്ധിയുള്ള ഇക്കൂട്ടർ. വിശുദ്ധ ഖുർആന്റെ അനുയായികളുടെ ഇന്നത്തെ സ്ഥിതി വച്ച് നോക്കുമ്പോൾ, ഇനിയൊരു വേദ ഗ്രന്ഥം അവതരിക്കുമായിരുന്നെങ്കിൽ അവരെ പറ്റി അല്ലാഹു എങ്ങനെ ഉപമിക്കുകമായിരിക്കും - ചിന്തിച്ചു നോക്കുക.

**വചനം 6,7:**

قُلۡ يَٰٓأَيُّهَا ٱلَّذِينَ هَادُوٓاْ إِن زَعَمۡتُمۡ أَنَّكُمۡ أَوۡلِيَآءُ لِلَّهِ مِن دُونِ ٱلنَّاسِ فَتَمَنَّوُاْ ٱلۡمَوۡتَ إِن كُنتُمۡ صَٰدِقِينَ ۝٦

وَلَا يَتَمَنَّوۡنَهُۥٓ أَبَدَۢا بِمَا قَدَّمَتۡ أَيۡدِيهِمۡۚ وَٱللَّهُ عَلِيمُۢ بِٱلظَّٰلِمِينَ ۝٧

6 (നബിയേ) പറയുക: "ഹേ, യഹൂദികളായുള്ളവരേ, (മറ്റു) മനുഷ്യരെക്കൂടാതെ, നിങ്ങൾ (മാത്രം) അല്ലാഹുവിന് മിത്രങ്ങളാണ് എന്നു നിങ്ങൾ ജല്പിക്കുകയാണെങ്കിൽ എന്നാൽ -നിങ്ങൾ മരണത്തിന് (ഒന്നു) കൊതിക്കുവിൻ-നിങ്ങൾ സത്യവാൻമാരാണെങ്കിൽ!"

7 തങ്ങളുടെ കരങ്ങൾ മുൻചെയ്തു വെച്ചിട്ടുള്ളതു നിമിത്തം, ഒരുകാലത്തും അവർ അതിന് കൊതിക്കുകയില്ല. അല്ലാഹു, അക്രമികളെപ്പറ്റി അറിയുന്നവനാകുന്നു.

"ഞങ്ങൾ അല്ലാഹുവിന്റെ മക്കളും അവന്റെ ഇഷ്ടക്കാരുമാണ്" (സൂ: മാഇദ:18); "എണ്ണിക്കണക്കാക്കപ്പെട്ട ചില ദിവസങ്ങളിലല്ലാതെ നരകം തങ്ങളെ സ്പർശിക്കുന്നതല്ല" (സൂ: അൽ ബഖറ:80) എന്നിങ്ങനെ വാദിച്ചിരുന്ന യഹൂദികൾ ഇതൊക്കെ, ആത്മാർത്ഥയോടെ പറയുന്നതാണെങ്കിൽ അല്ലാഹുവിന്റെ ഇഷ്ടവും പ്രീതിയും വേഗം ലഭിക്കേണ്ടതിന്, വേഗം മരണപ്പെടുവാൻ ഒന്ന് കൊതിക്കുന്നത് കാണട്ടെ - എന്ന് അല്ലാഹു അവരെ വെല്ല് വിളിക്കുന്നു. വെല്ല് വിളിയോടൊപ്പം, അവരുടെ യഥാർത്ഥമനസ്ഥിതി അറിയുന്ന അല്ലാഹു, അവരുടെ മുൻകാല ചെയ്തികൾ മൂലം അവരതിന് ധൈര്യപ്പെടുന്നതല്ലെന്ന് ഉറപ്പിച്ച് പറയുകയും ചെയ്തു.

ഇത്പോലെ മറ്റൊരു വെല്ലുവിളി (മുബാഹല) ക്രിസ്ത്യാനികളോടും നടത്തപ്പെടുകയുണ്ടായിട്ടുണ്ട്. (സൂ: ആലു ഇംറാൻ: 61-ാം വചനവും വിശദീകരണവും നോക്കുക) കൃസ്ത്യാനികൾ ഒഴിഞ്ഞ് മാറുകയാണുണ്ടായത്.

ഇതെല്ലാം ഖുർആന്റെ ദിവ്യതയും നബി(സ) തിരുമേനിയുടെ സത്യതയും തെളിയിക്കുന്ന പ്രത്യക്ഷ ദൃഷ്ടാന്തങ്ങളാകുന്നു.

**വചനം 8:**

قُلۡ إِنَّ ٱلۡمَوۡتَ ٱلَّذِي تَفِرُّونَ مِنۡهُ فَإِنَّهُۥ مُلَٰقِيكُمۡۖ ثُمَّ تُرَدُّونَ إِلَىٰ عَٰلِمِ ٱلۡغَيۡبِ وَٱلشَّهَٰدَةِ فَيُنَبِّئُكُم بِمَا كُنتُمۡ تَعۡمَلُونَ ۝٨

8 പറയുക: "നിങ്ങൾ പേടിച്ചോടിപ്പോകുന്നതായ (ആ) മരണം, -നിശ്ചയമായും അത്- നിങ്ങളുമായി കണ്ടുമുട്ടുന്നതാണ്. പിന്നീട്, അദൃശ്യത്തെയും, ദൃശ്യത്തെയും അറിയുന്നവന്റെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നതുമാകുന്നു. അപ്പോൾ, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെക്കുറിച്ചു അവൻ നിങ്ങളെ വൃത്താന്തമറിയിക്കുന്നതാണ്."

നിങ്ങൾ ആ വെല്ല് വിളി നേരിടാൻ ധൈര്യപ്പെടട്ടെ, ധൈര്യപ്പെടാതിരിക്കട്ടെ, നിങ്ങൾ അനുഭവിക്കാൻ പോകുന്ന ഭവിഷ്യത്ത് ഇതാകുന്നു എന്ന് അല്ലാഹു വ്യക്തമായ ഭാഷയിൽ ഈ വചനത്തിലൂടെ അവരെ താക്കീത് ചെയ്യുന്നു.

## വിഭാഗം - 2

**വചനം 9,10:**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا نُودِيَ لِلصَّلَوٰةِ مِن يَوۡمِ ٱلۡجُمُعَةِ فَٱسۡعَوۡاْ إِلَىٰ ذِكۡرِ ٱللَّهِ وَذَرُواْ

9 ഹേ, വിശ്വസിച്ചവരേ, ജുമുഅഃ ദിവസത്തെ (വെള്ളിയാഴ്ചയിലെ) നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ, അല്ലാഹുവിന്റെ സ്മരണയിലേക്ക് നിങ്ങൾ ഉത്സാഹിച്ചു വരുവിൻ; കച്ചവടം

ٱلْبَيْعَ ۚ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿٩﴾

ഉപേക്ഷിക്കുകയും ചെയ്യുവിൻ. അതു നിങ്ങ ൾക്ക് ഗുണകരമാകുന്നു-നിങ്ങൾക്ക് അറിയാ വുന്നതാണെങ്കിൽ!

فَإِذَا قُضِيَتِ ٱلصَّلَوٰةُ فَٱنتَشِرُوا۟ فِى ٱلْأَرْضِ وَٱبْتَغُوا۟ مِن فَضْلِ ٱللَّهِ وَٱذْكُرُوا۟ ٱللَّهَ كَثِيرًا لَّعَلَّكُمْ تُفْلِحُونَ ﴿١٠﴾

10 എന്നിട്ട് നമസ്കാരം നിർവ്വഹിക്കപ്പെട്ടാൽ, നിങ്ങൾ ഭൂമിയിൽ വ്യാപിക്കുകയും, അല്ലാഹുവിൻെറ അനുഗ്രഹത്തിൽ നിന്ന് അന്വേഷിച്ചു കൊള്ളുകയും ചെയ്യുവിൻ. അല്ലാഹുവിനെ ധാരാളം ഓർമിക്കുകയുംചെയ്യുക-നിങ്ങൾക്കു വിജയം ലഭിച്ചേക്കാം.

വെള്ളിയാഴ്ചയിലെ ജുമുഅ: നമസ്കാരത്തിനുള്ള ബാങ്ക് വിളി കേട്ടാൽ, കച്ചവടം തുടങ്ങിയ വ്യവഹാരങ്ങളെ നിറുത്തൽ ചെയ്ത്, അല്ലാഹുവിനെ സ്മരിക്കുവാനായി ജുമുഅയിൽ പങ്കെടുക്കേണ്ട താണ്. അത് കഴിഞ്ഞാൽ ജീവിത മാർഗ്ഗങ്ങൾ അന്വേഷിക്കുന്നതിൽ പ്രവേശിക്കാം. പക്ഷെ അല്ലാഹുവിനെക്കുറിച്ചുള്ള ഓർമ്മ കൈവിടരുത്; നിങ്ങൾക്ക് പല നന്മകളും വിജയവും കൈവരുന്നതാണ്.

<u>വചനം 11:</u>

وَإِذَا رَأَوْا۟ تِجَٰرَةً أَوْ لَهْوًا ٱنفَضُّوٓا۟ إِلَيْهَا وَتَرَكُوكَ قَآئِمًا ۚ قُلْ مَا عِندَ ٱللَّهِ خَيْرٌ مِّنَ ٱللَّهْوِ وَمِنَ ٱلتِّجَٰرَةِ ۚ وَٱللَّهُ خَيْرُ ٱلرَّٰزِقِينَ ﴿١١﴾

11 ഒരു കച്ചവടമോ, വിനോദമോ കണ്ടാൽ അവർ അതിലേക്ക് പിരിഞ്ഞുപോകുകയും, (നീ) നിന്നുംകൊണ്ടിരിക്കെ നിന്നെ വിട്ടുകളയുകയും ചെയ്യുന്നു! പറയുക: "അല്ലാഹുവിൻെറ പക്കലുള്ളത്, വിനോദത്തെക്കാളും, കച്ചവടത്തെക്കാളും ഉത്തമമാകുന്നു. അല്ലാഹു, ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനുമാകുന്നു.

ഒരിക്കൽ നബി(സ) വെള്ളിയാഴ്ച ഖുത്ത്ബ: നടത്തിക്കൊണ്ടിരിക്കെ ഭക്ഷണ സാധനങ്ങൾ വഹിച്ച ഒരു ഒട്ടക സംഘം വന്നെത്തിയതറിഞ്ഞ, സ്വഹാബികൾ പള്ളിയിൽ നിന്ന് പുറത്തേക്ക് ദ്രുതഗതിയിൽ പോകുകയുണ്ടായി. അബൂബക്കർ(റ), ഉമർ(റ), ജാബിർ(റ) എന്നിവരുൾപ്പെടെ പന്ത്രണ്ട് പുരുഷന്മാരും ഒരു സ്ത്രീയും മാത്രം പള്ളിയിൽ അവശേഷിച്ചു.

അപ്പോൾ റസൂൽ(സ) തിരുമേനി പറഞ്ഞു:

"നിങ്ങളിൽ ഒരാളും അവശേഷിക്കാത്തവിധം പോയിരുന്നുവെങ്കിൽ നിങ്ങളെയും കൊണ്ട് (ഈ) താഴ്വരയിൽ അഗ്നി ഒഴുകുമായിരുന്നു."

ആ സന്ദർഭത്തിൽ ഈ വചനം അവതരിക്കുകും ചെയ്തു.

"നിന്ന് കൊണ്ടിരിക്കെ നിന്നെ വിട്ട് പോയി" എന്ന് പറഞ്ഞത്, വെള്ളിയാഴ്ച പ്രസംഗം (ഖുത്ത്ബ:) നബി(സ) തിരുമേനി നിന്ന് കൊണ്ടായിരുന്നു നടത്തിയിരുന്നത് എന്നതിനെ ഉദ്ദേശിച്ച് കൊണ്ടാകുന്നു. [ഇബ്നു കഥീർ(റ)]

വെള്ളിയാഴ്ച, നമസ്കാരത്തിന് ശേഷം ഖുത്തുബ: നിർവ്വഹിക്കുകയെന്ന പതിവുണ്ടായിരുന്ന കാലത്താണ് ഈ സംഭവം നടന്നതെന്നാണ് ഇബ്നു കഥീർ(റ) ഉദ്ധരിച്ചിരിക്കുന്നത്. അറബികളുടെ കച്ചവട സംഘങ്ങൾ വരുകയും പോകുകയും ചെയ്യുമ്പോൾ, ചെണ്ട മുതലായ ആർഭാടങ്ങളും വിനോദങ്ങളും നടക്കുന്നതും, അതിൽ നാട്ടുകാർ സകലരും പങ്കെടുക്കുന്നതും പതിവായിരുന്നു. അത്തരമൊരു സന്ദർഭത്തിലാണ്, ജുമുഅ: നമസ്കാരം കഴിഞ്ഞ് നബി(സ) പ്രസംഗം നടത്തിക്കൊണ്ടിരിക്കെ, ചിരകാല ശീലത്താൽ, അധികമൊന്നും ആലോചിക്കാതെ, പലരും എഴുന്നേറ്റ് പോയതും, പ്രസ്തുത സംഭവത്തെ ആക്ഷേപിച്ച്കൊണ്ട് ഈ വചനം അല്ലാഹു അവതരിപ്പിച്ചതും.

അല്ലാഹുവിങ്കൽ നിന്ന് ലഭിക്കാനിരിക്കുന്ന നന്മകൾക്കാണ് സത്യവിശ്വാസികൾ പ്രാധാന്യം കൽപിക്കേണ്ടതെന്നും, മേലിൽ ഇങ്ങനെയുള്ള വഴക്കങ്ങൾ ഉണ്ടായിക്കൂടാ എന്നും അല്ലാഹു സത്യ വിശ്വാസികളെ ശക്തമായി താക്കീത് നൽകുന്നു.

# 63. സൂറത്തുൽ - മുനാഫിഖൂൻ
# (കപടവിശ്വാസികൾ)

**മദീനയിൽ അവതരിച്ചത്**

വചനങ്ങൾ 11, വിഭാഗം (റുക്കൂഅ്) 2

സൂറത്തിന്റെ ഒന്നാം വചനത്തിൽ തന്നെ കപട വിശ്വാസികളെ (മുനാഫിഖുകൾ) ക്കുറിച്ച് പരാമർശിക്കുന്നു. നബി(സ) തിരുമേനി വെള്ളിയാഴ്ച ജുമുഅ: നമസ്കാരത്തിൽ സൂറത്തുൽ ജുമുഅയും ഈ സൂറത്തും ഓതാറുണ്ടായിരുന്നുവെന്ന് മുസ്‌ലിം(റ) രേഖപ്പെടുത്തിയിരിക്കുന്നു.

## വിഭാഗം - 1

پരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3:**

إِذَا جَآءَكَ ٱلْمُنَٰفِقُونَ قَالُوا۟ نَشْهَدُ إِنَّكَ لَرَسُولُ ٱللَّهِ ۗ وَٱللَّهُ يَعْلَمُ إِنَّكَ لَرَسُولُهُۥ وَٱللَّهُ يَشْهَدُ إِنَّ ٱلْمُنَٰفِقِينَ لَكَٰذِبُونَ ﴿١﴾

1 (നബിയേ) കപടവിശ്വാസികൾ നിന്റെ അടുക്കൽ വരുമ്പോൾ അവർ പറയും: "താങ്കൾ അല്ലാഹുവിന്റെ റസൂൽ തന്നെയാണെന്ന് ഞങ്ങൾ സാക്ഷ്യപ്പെടുത്തുന്നു'' എന്ന്. അല്ലാഹുവിനറിയാം, നീ അവന്റെ റസൂൽ തന്നെ എന്ന്. നിശ്ചയമായും, കപടവിശ്വാസികൾ കളവുപറയുന്നവരാകുന്നുവെന്ന് അല്ലാഹു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

ٱتَّخَذُوٓا۟ أَيْمَٰنَهُمْ جُنَّةً فَصَدُّوا۟ عَن سَبِيلِ ٱللَّهِ ۚ إِنَّهُمْ سَآءَ مَا كَانُوا۟ يَعْمَلُونَ ﴿٢﴾

2 തങ്ങളുടെ ശപഥങ്ങളെ അവർ ഒരു തടവ് (അഥവാ പരിച) ആക്കിയിരിക്കുന്നു; അങ്ങനെ, അല്ലാഹുവിന്റെ മാർഗത്തിൽനിന്നും അവർ (ജനങ്ങളെ) തടയുകയാണ്. നിശ്ചയമായും, അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എത്രയോ ദുഷിച്ചതത്രെ!

ذَٰلِكَ بِأَنَّهُمْ ءَامَنُوا۟ ثُمَّ كَفَرُوا۟ فَطُبِعَ عَلَىٰ قُلُوبِهِمْ فَهُمْ لَا يَفْقَهُونَ ﴿٣﴾

3 അത്, അവർ വിശ്വസിക്കുകയും, പിന്നീട് അവിശ്വസിക്കുകയും ചെയ്തതുകൊണ്ടാകുന്നു. അതിനാൽ അവരുടെ ഹൃദയങ്ങൾക്കു മുദ്രവെക്കപ്പെട്ടിരിക്കുന്നു; ആകയാൽ, അവർ (കാര്യം) ഗ്രഹിക്കുന്നതല്ല.

മുസ്‌ലിം വേഷമണിയുകയും, അതേസമയം ഉള്ളിൽ അവിശ്വാസം പുലർത്തിപ്പോരുകയും, ഇസ്‌ലാമിനെതിരിൽ ഗൂഢ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നവരാണല്ലോ കപട വിശ്വാസികൾ (മുനാഫിഖുകൾ). നബി(സ)യുടെ അടുക്കൽ വരുമ്പോൾ തങ്ങൾ നബി(സ)യിൽ വിശ്വസിച്ചിട്ടുണ്ടെന്ന് അവർ സത്യം ചെയ്ത് സാക്ഷ്യപ്പെടുത്തും. തങ്ങൾ ഇസ്‌ലാമിന്റെ ശത്രുക്കളായി ഗണിക്കപ്പെടാതിരിക്കാനും, യഥാർത്ഥ മുസ്‌ലിംകളെ വഞ്ചിച്ച് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് അവരെ തടയുവാനും വേണ്ടിയാകുന്നു, മനസ്സാക്ഷിക്കെതിരായി, ആ കപട വിശ്വാസികൾ, അങ്ങനെ സത്യം ചെയ്യുന്നത്. ആരംഭത്തിൽ സത്യവിശ്വാസം രേഖപ്പെടുത്തിയ അവർ പിന്നീട് അവശ്വാസത്തിൽ തന്നെ ഉറച്ച് നിന്നു. ഇതിന്റെ ഫലമായി അവരുടെ ഹൃദയങ്ങൾ മേലിൽ യാതൊരു നന്മയും സത്യവും പ്രവേശിക്കാത്തവിധം, മുദ്രവെക്കപ്പെട്ടു; അതുകൊണ്ട് ഇനി അവർ കാര്യം ഗ്രഹിക്കുമെന്ന് പ്രതീക്ഷിക്കാവതല്ല.

**വചനം 4:**

۞ وَإِذَا رَأَيْتَهُمْ تُعْجِبُكَ أَجْسَامُهُمْ ۖ وَإِن

4 അവരെ നീ കണ്ടാൽ, അവരുടെ ശരീരങ്ങൾ നിന്നെ ആശ്ചര്യപ്പെടുത്തും; അവർ (വല്ലതും)

يَقُولُوا۟ تَسْمَعْ لِقَوْلِهِمْ ۖ كَأَنَّهُمْ خُشُبٌ
مُّسَنَّدَةٌ ۖ يَحْسَبُونَ كُلَّ صَيْحَةٍ عَلَيْهِمْ ۚ هُمُ
ٱلْعَدُوُّ فَٱحْذَرْهُمْ ۚ قَٰتَلَهُمُ ٱللَّهُ ۖ أَنَّىٰ
يُؤْفَكُونَ ﴿٤﴾

പറയുന്നപക്ഷം അവരുടെ വാക്കിലേക്ക് നീ ചെവികൊടുത്തു പോകയും ചെയ്യും! ചാരി വെക്കപ്പെട്ട മരത്തടികളെന്നോണമിരിക്കുന്നു, അവർ. ഉച്ചത്തിലുള്ള എല്ലാ ശബ്ദവും തങ്ങൾക്കെതിരെയാണെന്ന് അവർ വിചാരിക്കും. അവരത്രെ ശത്രു; ആകയാൽ, അവരെ സൂക്ഷിച്ചുകൊള്ളുക. അല്ലാഹു അവരെ നശിപ്പിക്കട്ടെ (ശപിക്കട്ടെ)! എങ്ങിനെയാണ് അവർ (സത്യം വിട്ട്) തെറ്റിക്കപ്പെടുന്നത്?!

അഴകുള്ള അവരുടെ ശരീരവും, ചുണയുള്ള അവരുടെ ശബ്ദവും നിന്നെ ആശ്ചര്യപ്പെടുത്തുകയും, നിന്നെ ആകർഷിക്കുയും ചെയ്യും. എന്നാൽ അവർ വെറും ചാരി വെക്കപ്പെട്ട മരത്തടികൾപോലെ ജീവസും ഉപകാരവും ഇല്ലാത്തവരാകുന്നു. പൌരുഷമോ ധീരതയോ ഇല്ലാത്ത അവർ ഉച്ചത്തിലൊരു ശബ്ദം കേട്ടാൽ, അത് തങ്ങൾക്കെതിരെയാണെന്ന് ധരിച്ച് വിറളിയെടുക്കുകയായി. എന്നാൽ അവരെ ശത്രുക്കളെപ്പോലെ കരുതി സദാ ജാഗരൂകരായിരിക്കണമെന്ന് അല്ലാഹു മുന്നറിയിപ്പ് നൽകുന്നു. അല്ലാഹുവിന് അവരോടുള്ള കഠിനമായ വെറുപ്പ് രേഖപ്പെടുത്തുകയും ചെയ്യുന്നു.

**വചനം 5,6:**

وَإِذَا قِيلَ لَهُمْ تَعَالَوْا۟ يَسْتَغْفِرْ لَكُمْ
رَسُولُ ٱللَّهِ لَوَّوْا۟ رُءُوسَهُمْ وَرَأَيْتَهُمْ
يَصُدُّونَ وَهُم مُّسْتَكْبِرُونَ ﴿٥﴾

5 “വരുവിൻ, അല്ലാഹുവിൻെറ റസൂൽ നിങ്ങൾക്കു വേണ്ടി പാപമോചനം തേടിക്കൊള്ളും” എന്ന് അവരോടു പറയപ്പെട്ടാൽ, അവർ തങ്ങളുടെ തലതിരിച്ചുകളയും. അഹംഭാവം നടിക്കുന്നവരായുംകൊണ്ട് അവർ തട്ടിത്തിരിഞ്ഞു പോകുന്നതായി നീ കാണുകയും ചെയ്യും.

سَوَآءٌ عَلَيْهِمْ أَسْتَغْفَرْتَ لَهُمْ أَمْ لَمْ
تَسْتَغْفِرْ لَهُمْ لَن يَغْفِرَ ٱللَّهُ لَهُمْ ۚ إِنَّ ٱللَّهَ لَا
يَهْدِى ٱلْقَوْمَ ٱلْفَٰسِقِينَ ﴿٦﴾

6 അവർക്കുവേണ്ടി നീ പാപമോചനം തേടിയോ, അവർക്കുവേണ്ടി നീ പാപമോചനം തേടിയില്ലയോ (രണ്ടും) അവരിൽ സമമാകുന്നു; അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുന്നതേയല്ല. നിശ്ചയമായും തോന്നിയവാസികളായ ജനങ്ങളെ അല്ലാഹു സൻമാർഗത്തിലാക്കുകയില്ല.

തങ്ങളുടെ പാപം പൊറുത്ത് കിട്ടണമെന്നോ, അതിനായി റസൂൽ(സ) പ്രാർത്ഥിച്ചാൽ കൊള്ളാമെന്നോ ഒന്നും തന്നെ അവർക്ക് ആഗ്രഹമില്ല. അതെല്ലാം അവർക്ക് പുഛവും പരിഹാസവുമാണ്. ഇനി, നബി(സ) അവർക്ക് വേണ്ടി പാപമോചനം തേടിയത് കൊണ്ട് വല്ല മെച്ചവും അവർക്ക് ലഭിക്കുവാനുണ്ടോ? അതില്ലതാനും, കാരണം അവർ അത്രയും തോന്നിയവാസികളും ദുഷിച്ച ധിക്കാരികളുമാകുന്നു. അവരുടെ ധിക്കാരത്തിന്റെ ഒരു ഉദാഹരണം ഇതാ:

**വചനം 7,8:**

هُمُ ٱلَّذِينَ يَقُولُونَ لَا تُنفِقُوا۟ عَلَىٰ مَنْ
عِندَ رَسُولِ ٱللَّهِ حَتَّىٰ يَنفَضُّوا۟ ۗ وَلِلَّهِ
خَزَآئِنُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَلَٰكِنَّ
ٱلْمُنَٰفِقِينَ لَا يَفْقَهُونَ ﴿٧﴾

7 അവരത്രെ പറയുന്നവർ: “അല്ലാഹുവിൻെറ റസൂലിൻെറ അടുക്കലുള്ളവർക്ക് നിങ്ങൾ (ഒന്നും) ചിലവുചെയ്യരുത്; അങ്ങനെ അവർ വേറിട്ടു പോയിക്കൊള്ളും” എന്ന്! ആകാശങ്ങളുടെയും, ഭൂമിയുടെയും ഖജനാക്കൾ (ഭണ്ഡാരങ്ങൾ) അല്ലാഹുവിനാണു താനും. പക്ഷെ, കപടവിശ്വാസികൾ ഗ്രഹിക്കുന്നില്ല.

يَقُولُونَ لَئِن رَّجَعْنَآ إِلَى ٱلْمَدِينَةِ
لَيُخْرِجَنَّ ٱلْأَعَزُّ مِنْهَا ٱلْأَذَلَّ ۚ وَلِلَّهِ
ٱلْعِزَّةُ وَلِرَسُولِهِۦ وَلِلْمُؤْمِنِينَ وَلَٰكِنَّ
ٱلْمُنَٰفِقِينَ لَا يَعْلَمُونَ ﴿٨﴾

8 അവര്‍ പറയുന്നു: "നാം മദീനായിലേക്കു മടങ്ങിച്ചെന്നാല്‍ കൂടുതല്‍ പ്രതാപമുള്ളവര്‍ കൂടുതല്‍ നിന്ദ്യരായുള്ളവരെ അവിടെനിന്നു പുറത്താക്കുക തന്നെ ചെയ്യും" എന്ന്! പ്രതാപം, അല്ലാഹുവിനും, അവന്‍റെ റസൂലിനും, സത്യവിശ്വാസികള്‍ക്കുമാണ് താനും. പക്ഷെ, കപടവിശ്വാസികള്‍ അറിയുന്നില്ല.

"അല്ലാഹുവിന്‍റെ റസൂലാണെന്ന് പറയുന്ന ഇദ്ദേഹത്തിന്‍റെ ഒന്നിച്ചുള്ളവരെ നാം തീറ്റിപ്പോറ്റിയിട്ടാണ് അവര്‍ ഇത്രയും അന്തസ്സും പ്രതാപവുമുള്ളവരായിത്തീര്‍ന്നത്. ഇനി അവര്‍ക്ക് വേണ്ടി നാം ഒന്നും ചിലവഴിക്കരുത്. അങ്ങനെ അവരെല്ലാം വിട്ടൊഴിഞ്ഞ് പോകട്ടെ." എന്നിങ്ങനെ അവര്‍ തമ്മില്‍ പറയുന്നു. എന്നാല്‍ ആകാശ ഭൂമികളുടെ സകല ഭണ്ഡാരങ്ങളും അല്ലാഹുവിന്‍റെ കൈവശമാണെന്ന യാഥാര്‍ത്ഥ്യം ആ കപട വിശ്വാസികള്‍ ഗ്രഹിക്കാത്തതാണ് അതിന് കാരണം.

അതുപോലെ തന്നെ നബി(സ)യും സഹാബികളും മദീനാ വിട്ട് പോയ ചില യുദ്ധ യാത്രകളില്‍ അവര്‍ പറഞ്ഞിരുന്നു: നാം നാട്ടില്‍ മടങ്ങി എത്തട്ടെ. ആര്‍ക്കാണ് അന്തസ്സും പ്രതാപവുമുള്ളതെന്ന് മനസ്സിലാക്കിക്കൊടുക്കാം എന്നൊക്കെ. പ്രതാപവും അന്തസ്സുമെല്ലാമുള്ളത് അല്ലാഹുവിനും, അവന്‍റെ റസൂലിനും സത്യ വിശ്വാസികള്‍ക്കുമാകുന്നു. ഈ വസ്തുത ആ കപടന്മാര്‍ക്ക് അറിഞ്ഞ് കൂടാ.

**വിഭാഗം - 2**

**വചനം 9,10,11:**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تُلْهِكُمْ أَمْوَٰلُكُمْ وَلَآ
أَوْلَٰدُكُمْ عَن ذِكْرِ ٱللَّهِ ۚ وَمَن يَفْعَلْ
ذَٰلِكَ فَأُو۟لَٰٓئِكَ هُمُ ٱلْخَٰسِرُونَ ﴿٩﴾

9 ഹേ, വിശ്വസിച്ചവരേ, നിങ്ങളുടെ സ്വത്തുക്കളാകട്ടെ നിങ്ങളുടെ മക്കളാകട്ടെ, അല്ലാഹുവിന്‍റെ സ്മരണയില്‍നിന്നു നിങ്ങളെ അശ്രദ്ധയിലാക്കാതിരിക്കട്ടെ. ആര്‍ അങ്ങനെ ചെയ്യുന്നുവോ, എന്നാല്‍ അവര്‍ തന്നെയാണ് നഷ്ടപ്പെട്ടവര്‍.

وَأَنفِقُوا۟ مِن مَّا رَزَقْنَٰكُم مِّن قَبْلِ أَن
يَأْتِىَ أَحَدَكُمُ ٱلْمَوْتُ فَيَقُولَ رَبِّ
لَوْلَآ أَخَّرْتَنِىٓ إِلَىٰٓ أَجَلٍ قَرِيبٍ
فَأَصَّدَّقَ وَأَكُن مِّنَ ٱلصَّٰلِحِينَ ﴿١٠﴾

10 നിങ്ങള്‍ക്കു നാം നല്‍കിയിട്ടുള്ളതില്‍ നിന്നു നിങ്ങള്‍ ചെലവഴിക്കുകയും ചെയ്യുവിന്‍, നിങ്ങളില്‍ ഒരാള്‍ക്ക് (ഓരോരുവനും) മരണം വന്നെത്തുകയും, എന്നിട്ട് അവന്‍ (ഇങ്ങിനെ) പറഞ്ഞേക്കുകയും ചെയ്യുന്നതിനു മുമ്പ്: "എന്‍റെ റബ്ബേ, അടുത്ത ഒരവധിവരേക്കും എന്നെ നീ (ഒഴിവാക്കി) പിന്തിച്ചുകൂടേ?- എന്നാല്‍ ഞാന്‍ ദാനധര്‍മ്മം ചെയ്യുകയും, സദ്‌വൃത്തന്‍മാരുടെ കൂട്ടത്തിലായിത്തീരുകയും ചെയ്യുമായിരുന്നു!"

وَلَن يُؤَخِّرَ ٱللَّهُ نَفْسًا إِذَا جَآءَ أَجَلُهَا ۚ
وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ ﴿١١﴾

11 ഒരു ദേഹത്തെയും (ആളെയും) അതിന്‍റെ അവധി വന്നാല്‍ അല്ലാഹു പിന്തിക്കുകയില്ല തന്നെ. നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മമായി അറിയുന്നവനുമാണ്.

മനുഷ്യന്‍റെ നന്മക്കെന്നപ്പോലെ തന്നെ, തിന്മക്കും കാരണമാകുന്ന രണ്ട് വസ്തുതകളാണ് ധനവും മക്കളും. ഈ രണ്ട് കാര്യങ്ങളിലും ബദ്ധ ശ്രദ്ധരായിക്കൊണ്ട് അല്ലാഹുവിനെക്കുറിച്ചുള്ള ഓര്‍മ്മയും ബോധവും നഷ്ടപ്പെടുവാന്‍ ഇട വരുത്തരുതെന്ന് അല്ലാഹു സത്യവിശ്വാസികളെ താക്കീത് ചെയ്യുന്നു. "നിങ്ങളുടെ സ്വത്തുക്കളും സന്താനങ്ങളും ഒരു പരീക്ഷണം മാത്രമാകുന്നു" എന്ന് സൂ: തഗാബുന്‍: 15-ാം വചനത്തില്‍ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. ഈ പരീക്ഷണത്തില്‍ വിജയം നേടിയവരത്രേ ഭാഗ്യവന്മാര്‍.

അല്ലാഹു തന്ന അനുഗ്രഹമായ ധനം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുന്നത് വിജയം നേടുവാനുള്ള മാർഗ്ഗമാകുന്നു. ജീവിത കാലത്ത് ധനം ചിലവഴിക്കാൻ മുമ്പോട്ട് വരാത്തവർ മരണവേളയിൽ ഖേദിക്കുമെന്നും, എന്നാൽ ആ ഖേദം കൊണ്ട് യാതൊരു ഫലവും ലഭിക്കുകയില്ലെന്നും അല്ലാഹു മുന്നറിയിപ്പ് നൽകുന്നു. ദാന ധർമ്മങ്ങളിൽ ഏറ്റവും ഉത്തമമായത് "നീ ദാരിദ്ര്യത്തെ പേടിച്ചും, ധനത്തിന് മോഹിച്ചും കൊണ്ട് ആരോഗ്യവാനും, പിശുക്കനുമായിരിക്കുമ്പോൾ ചെയ്യുന്ന ദാനധർമ്മമാകുന്നു."

അവിശ്വാസികളും സത്യ നിഷേധികളും മരണ സമയത്ത് ഖേദിച്ച് വിലപിച്ച് കൊണ്ട്, തങ്ങളെ അൽപ കാലത്തേക്ക് കൂടി മടക്കിത്തന്നാൽ മേലിൽ നന്നായിക്കൊള്ളാമെന്ന് അല്ലാഹുവിനോട് കേണപേക്ഷിക്കുകയും ചെയ്യുമെന്ന് സൂ:ഇബ്രാഹീം: 44ലും മറ്റും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. സൽക്കർമ്മങ്ങൾ ചെയ്യുന്നതിൽ വീഴ്ച വരുത്തിയ സത്യ വിശ്വാസികൾ തന്നെ, ആ വീഴ്ചകൾ നികത്തുവാൻ അൽപം കൂടി അവസരം നൽകേണമേ എന്ന് അപേക്ഷിക്കുമെന്നും ഈ വചനത്തിൽ നിന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. എന്നാൽ ഒരു ദേഹത്തേയും അതിന്റെ അവധി എത്തിക്കഴിഞ്ഞാൽ അല്ലാഹു പിന്തിക്കുകയില്ലെന്ന് അല്ലാഹു മുന്നറിയിപ്പ് നൽകുന്നു.

നമ്മെയെല്ലാം അല്ലാഹു അവന്റെ സജ്ജനങ്ങളായ അടിയാന്മാരിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ - ആമീൻ.

# 64. സൂറത്തു-ത്തഗാബുന്‍ (നഷ്ടം വെളിപ്പെടല്‍)

**മദീനയില്‍ അവതരിച്ചത്**

വചനങ്ങള്‍ 18, വിഭാഗം (റുക്കൂഅ്) 2

9-ാം വചനത്തില്‍ നഷ്ടം വെളിപ്പെടുത്തുന്ന ദിവസത്തെ (തഗാബുന്‍) ക്കുറിച്ചുള്ള പരാമര്‍ശ മാണ് ഈ പേരിന് നിദാനം.

## വിഭാഗം - 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍

بسم الله الرحمن الرحيم

**വചനം 1:**

يُسَبِّحُ لِلَّهِ مَا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ ۖ لَهُ ٱلْمُلْكُ وَلَهُ ٱلْحَمْدُ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١﴾

1 ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) അല്ലാഹുവിന് സ്തോത്രകീര്‍ത്തനം ചെയ്യുന്നു. അവന്നാണു രാജാധിപത്യം; അവ ന്നാണു സ്തുതിയും. അവന്‍ എല്ലാ കാര്യ ത്തിനും കഴിവുള്ളവനുമാകുന്നു.

'തസ്ബീഹി'ന്റെ (സ്തോത്ര കീര്‍ത്തനത്തിന്റെ) വാക്യം കൊണ്ടാരംഭിക്കുന്ന സൂറത്തുകളില്‍ (മുസബ്ബിഹാത്തുകളില്‍) അവസാനത്തേതാണീ സൂറത്ത്. (സൂ:ഹദീദ് ന്റെ ആമുഖവും 1,2 വചനങ്ങളുടെ വിശദീകരണവും നോക്കുക.) എല്ലാ വസ്തുക്കളും എന്തുകൊണ്ട് അല്ലാഹുവിന് തസ്ബീഹ് ചെയ്യുന്നു, എന്ത് കൊണ്ട് ചെയ്യണം - എന്നതിനുള്ള കാരണവും ഈ വചനത്തില്‍ തന്നെ സംക്ഷിപ്തമായി പ്രസ്താ വിക്കപ്പെട്ടിരിക്കുന്നത് കാണാം. തുടര്‍ന്നുള്ള വചനങ്ങളില്‍ നിന്ന് കൂടുതല്‍ വിശദീകരണവും ലഭിക്കുന്ന താണ്.

**വചനം 2,3,4:**

هُوَ ٱلَّذِى خَلَقَكُمْ فَمِنكُمْ كَافِرٌ وَمِنكُم مُّؤْمِنٌ ۚ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٢﴾

2 അവനത്രെ, നിങ്ങളെ സൃഷ്ടിച്ചവന്‍. എന്നിട്ട്, നിങ്ങളില്‍ (ചിലര്‍) അവിശ്വാസിയുണ്ട്; നിങ്ങ ളില്‍ (ചിലര്‍) സത്യവിശ്വാസിയും ഉണ്ട്. നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റി അല്ലാഹു കണ്ടറി യുന്നവനുമാകുന്നു.

خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ وَصَوَّرَكُمْ فَأَحْسَنَ صُوَرَكُمْ ۖ وَإِلَيْهِ ٱلْمَصِيرُ ﴿٣﴾

3 ആകാശങ്ങളെയും, ഭൂമിയെയും അവന്‍ മുറ പ്രകാരം സൃഷ്ടിച്ചിരിക്കുന്നു. അവന്‍ നിങ്ങളെ രൂപപ്പെടുത്തുകയും അങ്ങനെ, നിങ്ങളുടെ രൂപങ്ങളെ നന്നാക്കിത്തീര്‍ക്കുകയും ചെയ്തിരി ക്കുന്നു. അവങ്കലേക്കത്രെ, തിരിച്ചെത്തലും.

يَعْلَمُ مَا فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَيَعْلَمُ مَا تُسِرُّونَ وَمَا تُعْلِنُونَ ۚ وَٱللَّهُ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٤﴾

4 ആകാശങ്ങളിലും ഭൂമിയിലുള്ളത് (മുഴുവനും) അവന്‍ അറിയുന്നു; നിങ്ങള്‍ രഹസ്യമാക്കു ന്നതും, പരസ്യമാക്കുന്നതും അവന്‍ അറി യുന്നു. അല്ലാഹു, നെഞ്ചുകളില്‍ (ഹൃദയ ങ്ങളില്‍) ഉള്ളതിനെപ്പറ്റി അറിയുന്നവനുമാണ്

ഈ വചനങ്ങളില്‍ വിവരിച്ച യാഥാര്‍ത്ഥ്യങ്ങളെ അവഗണിച്ച് കൊണ്ട് അവിശ്വാസികളായിത്തീര്‍ന്ന മുന്‍ സമുദായങ്ങള്‍ അനുഭവിക്കേണ്ടിവന്ന അതേ ദുരന്ത ഫലങ്ങള്‍ നിലവിലുള്ള ഈ ജനതക്കും പാഠ മായിരിക്കേണ്ടതുണ്ടെന്ന് അടുത്ത വചനം ചൂണ്ടിക്കാട്ടുന്നു.

**വചനം 5,6:**

أَلَمۡ يَأۡتِكُمۡ نَبَؤُاْ ٱلَّذِينَ كَفَرُواْ مِن قَبۡلُ فَذَاقُواْ وَبَالَ أَمۡرِهِمۡ وَلَهُمۡ عَذَابٌ أَلِيمٞ ۝٥ ذَٰلِكَ بِأَنَّهُۥ كَانَت تَّأۡتِيهِمۡ رُسُلُهُم بِٱلۡبَيِّنَٰتِ فَقَالُوٓاْ أَبَشَرٞ يَهۡدُونَنَا فَكَفَرُواْ وَتَوَلَّواْۚ وَّٱسۡتَغۡنَى ٱللَّهُۚ وَٱللَّهُ غَنِيٌّ حَمِيدٞ ۝٦

5 മുമ്പ് അവിശ്വസിച്ചവരുടെ വൃത്താന്തം നിങ്ങൾക്കു വന്നിട്ടില്ലേ?- എന്നിട്ട് തങ്ങളുടെ കാര്യത്തിൻെറ ദുരന്തഫലം അവർ ആസ്വദിച്ചു; അവർക്ക് വേദനയേറിയ ശിക്ഷയും ഉണ്ട്.

6 അത് ഇതുകൊണ്ടാണ്: (അതായത്) അവരുടെ റസൂലുകൾ വ്യക്തമായ തെളിവുകളുമായി അവരുടെ അടുക്കൽ ചെന്നിരുന്നു; അപ്പോൾ അവർ പറഞ്ഞു: “മനുഷ്യരോ നമുക്കു മാർഗദർശനം നൽകുന്നു?” അങ്ങനെ, അവർ അവിശ്വസിക്കുകയും, തിരിഞ്ഞുകളയുകയും ചെയ്തു; (അവരിൽ നിന്ന്) അല്ലാഹുവും ധന്യത കാണിച്ചു. (ഇതാണ്) കാരണം. അല്ലാഹു (പരാശ്രയം വേണ്ടാത്ത) ധന്യനും, സ്തുത്യർഹനുമാണ്.

റസൂലുകൾ വേണ്ടത്ര തെളിവുകളുമായി വന്നിട്ടും അതൊന്നും വക വെക്കാതെ, നമ്മെപ്പോലെയുള്ള മനുഷ്യരാണോ നമ്മെ നേർമാർഗ്ഗത്തിലാക്കാൻ വന്നിരിക്കുന്നത് എന്ന് പറഞ്ഞ് കൊണ്ട് അതെല്ലാം അവർ നിരസിച്ചു കളഞ്ഞു. അല്ലാഹുവിന്റെ ആശ്രയവും സഹായവും തങ്ങൾക്കാവശ്യമില്ലെന്ന നിലപാടാണ് അവർ സ്വീകരിച്ചത്. അല്ലാഹുവാകട്ടെ ആരുടെയും യാതൊരാശ്രയവും ആവശ്യമില്ലാത്ത ധന്യനുമാകുന്നു. അല്ലാഹു അവരെ അവഗണിക്കുകയും, വമ്പിച്ച നാശനഷ്ടങ്ങൾ അവരെ അനുഭവിപ്പിക്കുകയും ചെയ്തു.

**വചനം 7:**

زَعَمَ ٱلَّذِينَ كَفَرُوٓاْ أَن لَّن يُبۡعَثُواْۚ قُلۡ بَلَىٰ وَرَبِّي لَتُبۡعَثُنَّ ثُمَّ لَتُنَبَّؤُنَّ بِمَا عَمِلۡتُمۡۚ وَذَٰلِكَ عَلَى ٱللَّهِ يَسِيرٞ ۝٧

7 അവിശ്വസിച്ചവർ ജൽപിക്കുകയാണ്. അവർ (മരണാനന്തരം) എഴുന്നേൽപ്പിക്കപ്പെടുന്നതേയല്ല എന്ന്. (നബിയേ) പറയുക: “ഇല്ലാതേ! എൻെറ റബ്ബ് തന്നെയാണ (സത്യം)! നിശ്ചയമായും, നിങ്ങൾ എഴുന്നേൽപിക്കപ്പെടും; പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി നിങ്ങൾക്ക് വൃത്താന്തമറിയിക്കപ്പെടും. അത് അല്ലാഹുവിൻെറമേൽ നിസ്സാര കാര്യമാകുന്നു.”

മരണാനന്തര ജീവിതത്തെ നിഷേധിക്കുന്നവരോട് “നിങ്ങൾ എഴുന്നേൽപ്പിക്കപ്പെടുകയും, പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെ പറ്റി നിങ്ങൾക്ക് വൃത്താന്തമറിയിക്കപ്പെടുകയും ചെയ്യും” എന്ന് ശക്തിയായി ആണയിട്ട് പറയുവാൻ അല്ലാഹു നബി(സ)യോട് കൽപിക്കുന്നു: ഇങ്ങനെ ശക്തിയായി ഉറച്ച് മറുപടി പറയുവാൻ നബി(സ)യോട് കൽപിക്കുന്ന മൂന്ന് തിരുവചനങ്ങളിൽ ഒന്നാകുന്നു ഈ വചനം. മറ്റ് രണ്ട് വചനങ്ങൾ സൂ:യൂനുസ്:53 ലും സൂ: സബഅ്:3ലും കാണാം. വിഷയത്തിന്റെ ഗൗരവത്തേയാണിത് കുറിക്കുന്നത്.

“രണ്ടാമതൊരിക്കൽ കൂടി ജീവിപ്പിക്കുകയെന്നത് അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം നിസ്സാര കാര്യമാകുന്നു” എന്നും അല്ലാഹു ഓർമ്മിപ്പിക്കുന്നു.

**വചനം 8:**

فَـَٔامِنُواْ بِٱللَّهِ وَرَسُولِهِۦ وَٱلنُّورِ ٱلَّذِيٓ أَنزَلۡنَاۚ وَٱللَّهُ بِمَا تَعۡمَلُونَ خَبِيرٞ ۝٨

8 ആകയാൽ, അല്ലാഹുവിലും, അവൻെറ റസൂലിലും, നാം അവതരിപ്പിച്ചിട്ടുള്ള പ്രകാശത്തിലും നിങ്ങൾ വിശ്വസിച്ചുകൊള്ളുക. അല്ലാഹു

നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മ മായി അറിയുന്നവനാണ്.

ഖുർആൻനിനെ ഉദ്ദേശിച്ചാണ് ഇവിടെ النور - പ്രകാശം - എന്ന് പറഞ്ഞിരിക്കുന്നത്. അജ്ഞത, അസത്യം, ദുർമ്മാർഗ്ഗം ആദിയായ ഇരുട്ടുകളിൽ നിന്നും ജ്ഞാനത്തിലേക്കും സത്യത്തിലേക്കും, സന്മാർഗ്ഗ ത്തിലേക്കും വെളിച്ചം നൽകുന്ന പ്രകാശമാണല്ലോ വി.ഖുർആൻ.

**വചനം 9,10**

يَوْمَ يَجْمَعُكُمْ لِيَوْمِ الْجَمْعِ ۖ ذَٰلِكَ يَوْمُ التَّغَابُنِ ۗ وَمَن يُؤْمِن بِاللَّهِ وَيَعْمَلْ صَالِحًا يُكَفِّرْ عَنْهُ سَيِّئَاتِهِ وَيُدْخِلْهُ جَنَّاتٍ تَجْرِي مِن تَحْتِهَا الْأَنْهَارُ خَالِدِينَ فِيهَا أَبَدًا ۚ ذَٰلِكَ الْفَوْزُ الْعَظِيمُ ﴿٩﴾

9 ഒരുമിച്ചുകൂട്ടുന്ന (ആ) ദിവസത്തേക്ക് നിങ്ങളെ അവൻ ഒരുമിച്ചുകൂട്ടുന്ന ദിവസം (ഓർമി ക്കുക);- അതത്രെ നഷ്ടം വെളിപ്പെടുത്തുന്ന ദിവസം! ആർ അല്ലാഹുവിൽ വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്യു ന്നുവോ അവന് അവൻെറ തിൻമകളെ അവൻ മറച്ചു (പൊറുത്ത്) കൊടുക്കുന്നതാണ്; അടിഭാഗത്തുകൂടി അരുവികൾ ഒഴുകി ക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളിൽ അവനെ പ്രവേശിപ്പിക്കുകയും ചെയ്യും; അതിൽ എന്നെന്നും സ്ഥിരവാസികളായ നിലയിൽ. അതത്രെ മഹത്തായ ഭാഗ്യം!

وَالَّذِينَ كَفَرُوا وَكَذَّبُوا بِآيَاتِنَا أُولَٰئِكَ أَصْحَابُ النَّارِ خَالِدِينَ فِيهَا ۖ وَبِئْسَ الْمَصِيرُ ﴿١٠﴾

10 അവിശ്വസിക്കുകയും നമ്മുടെ 'ആയത്തു'കളെ (ലക്ഷ്യങ്ങളെ) വ്യാജമാക്കുകയും ചെയ്തവരാ കട്ടെ, അക്കൂട്ടർ നരകത്തിൻെറ ആൾക്കാരാ കുന്നു-അതിൽ സ്ഥിരവാസികളായ നിലയിൽ. (ആ) തിരിച്ചെത്തുന്ന സ്ഥാനം എത്രയോ ചീത്ത!

ഇഹത്തിൽ വെച്ച് ജീവ പര്യന്തം നടത്തിയ വ്യവഹാരങ്ങളുടെയെല്ലാം കണക്ക് പരിശോധിച്ച് ആർക്കെല്ലാമാണ് നഷ്ടം പിണഞ്ഞിരിക്കുന്നത്, ആരെല്ലാമാണ് ലാഭം നേടിയിരിക്കുന്നത് എന്ന് വെളി പ്പെടുത്തപ്പെടുന്ന ദിവസം അന്നാണല്ലോ. അത് കൊണ്ടാണ് ആ ദിവസത്തിന് 'നഷ്ടം വെളിപ്പെടുത്തുന്ന ദിവസം' يوم التغابن അഥവാ ലാഭനഷ്ട കണക്ക് നോക്കുന്ന ദിവസം എന്ന് പറഞ്ഞത്. അല്ലാഹുവിൽ വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നവരെ അന്നേ ദിവസം അല്ലാഹു അവന്റെ സ്വർഗ്ഗപ്പൂന്തോപ്പിൽ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ സ്ഥിരവാസികളായിരിക്കും. അല്ലാഹുവിന്റെ ആയത്തുകളെ അവിശ്വസിച്ചിട്ടുള്ളവരാകട്ടെ, അവർ നരകത്തിന്റെ ആൾക്കാരാകുന്നു - അവരതിൽ സ്ഥിര വാസികളുമായിരിക്കും.

## വിഭാഗം - 2

**വചനം 11,12,13:**

مَا أَصَابَ مِن مُّصِيبَةٍ إِلَّا بِإِذْنِ اللَّهِ ۗ وَمَن يُؤْمِن بِاللَّهِ يَهْدِ قَلْبَهُ ۚ وَاللَّهُ بِكُلِّ شَيْءٍ عَلِيمٌ ﴿١١﴾

11 യാതൊരു ബാധയും തന്നെ, അല്ലാഹുവിൻെറ അനുമതി പ്രകാരമല്ലാതെ ബാധിക്കുന്നതല്ല. ആർ അല്ലാഹുവിൽ വിശ്വസിക്കുന്നുവോ, അവൻെറ ഹൃദയത്തിന് അവൻ മാർഗദർശനം നൽകുന്നതാണ്. അല്ലാഹു എല്ലാ കാര്യത്തെ ക്കുറിച്ചും അറിയുന്നവനാകുന്നു.

12 നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ; റസൂലിനെയും അനുസരിക്കുവിൻ. ഇനി, നിങ്ങൾ തിരിഞ്ഞുപോകുകയാണെങ്കിൽ (അറിഞ്ഞേക്കുക), -എന്നാൽ- നിശ്ചയമായും നമ്മുടെ റസൂലിൻെറ മേൽ സ്പഷ്ടമായ പ്രബോധനം മാത്രമാണ് (ബാധ്യത) ഉള്ളത്.

وَأَطِيعُوا۟ ٱللَّهَ وَأَطِيعُوا۟ ٱلرَّسُولَ ۚ فَإِن تَوَلَّيْتُمْ فَإِنَّمَا عَلَىٰ رَسُولِنَا ٱلْبَلَٰغُ ٱلْمُبِينُ ﴿١٢﴾

13 അല്ലാഹു, അവനല്ലാതെ ആരാധ്യനേയില്ല. അല്ലാഹുവിൻെറമേൽ ഭരമേല്പിച്ചുകൊള്ളട്ടെ, സത്യവിശ്വാസികൾ.

ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ﴿١٣﴾

മനുഷ്യന് ബാധിക്കുന്ന യാതൊന്നും തന്നെ - അത് നന്മയാകട്ടെ തിന്മയാകട്ടെ - അല്ലാഹു ഉദ്ദേശിച്ചതും കണക്കാക്കിയതുമാകുന്നു. ഇത് അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണമത്രേ. അല്ലാഹുവിൽ ആത്മാർത്ഥമായി വിശ്വസിക്കുന്നവരുടെ ഹൃദയങ്ങൾക്ക് അവൻ സന്മാർഗ്ഗം കാണിച്ച് കൊടുക്കുകയും അതിലേക്ക് നയിക്കുകയും ചെയ്യും.

“സത്യവിശ്വാസിക്ക് അല്ലാഹു ഏതൊന്ന് വിധിച്ചാലും അതവന് ഗുണകരമായിരിക്കും. വല്ല ബുദ്ധിമുട്ടും (കഷ്ടപ്പാടും) ബാധിച്ചാൽ അതവൻ ക്ഷമിക്കും; അതവന് ഗുണമായിത്തീരും. വല്ല സന്തോഷവും ബാധിച്ചാൽ അവൻ അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കും. അതും അവന് ഗുണകരമായിത്തീരും ” എന്ന് നബി(സ) തിരുമേനി അരുളിയിരിക്കുന്നു. (ബു. മു)

അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കാൻ ഒരാൾ തയ്യാറായില്ലെങ്കിൽ, അല്ലാഹുവിങ്കൽ നിന്നുള്ള ഹിദായത്ത് (സന്മാർഗ്ഗ ദർശനം) അയാൾക്ക് ലഭിക്കുന്നതല്ല. അതിന്റെ ഉത്തരവാദിത്തം അവന് തന്നെ. റസൂലിന് അതിൽ ബാധ്യതയൊന്നുമില്ല. അല്ലാഹുവിന്റെ ദൗത്യം പ്രബോധനം ചെയ്ത് എത്തിച്ച് കൊടുക്കുക മാത്രമേ അദ്ദേഹത്തിന് ചുമതലയുള്ളൂ. അതദ്ദേഹം നിർവ്വഹിച്ചിട്ടുമുണ്ട്. എന്നിട്ട് പിന്നേയും പിന്തിരിഞ്ഞു പോകുന്നവർ, അവരുടെ കാര്യങ്ങൾ ആരിലെങ്കിലും അർപ്പിച്ച് കൊള്ളട്ടെ. തൗഹീദിന്റെ ആൾക്കാരായ സത്യവിശ്വാസികൾ അവരുടെ കാര്യങ്ങളെല്ലാം, അല്ലാഹുവിൽ മാത്രം അർപ്പിക്കേണ്ടതാണ്. അവൻ മതി അവർക്ക്.

**വചനം 14,15:**

14 ഹേ, വിശ്വസിച്ചവരേ, നിശ്ചയമായും നിങ്ങളുടെ ഇണകളിലും നിങ്ങളുടെ മക്കളിലും തന്നെ നിങ്ങൾക്ക് (ഒരുതരം) ശത്രുക്കളുണ്ട്; അതിനാൽ നിങ്ങൾ അവരെ കാത്തു (സൂക്ഷിച്ചു) കൊള്ളുവിൻ. നിങ്ങൾ മാപ്പുനൽകുകയും, വിട്ടുകൊടുക്കുകയും, പൊറുത്തു കൊടുക്കുകയും ചെയ്യുന്നുവെങ്കിലോ, നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനാണ്, കരുണാനിധിയാണ്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِنَّ مِنْ أَزْوَٰجِكُمْ وَأَوْلَٰدِكُمْ عَدُوًّا لَّكُمْ فَٱحْذَرُوهُمْ ۚ وَإِن تَعْفُوا۟ وَتَصْفَحُوا۟ وَتَغْفِرُوا۟ فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٤﴾

15 നിശ്ചയമായും നിങ്ങളുടെ സ്വത്തുക്കളും, നിങ്ങളുടെ മക്കളും ഒരു പരീക്ഷണം മാത്രമാണ്. അല്ലാഹുവാകട്ടെ, അവൻെറ പക്കൽ വമ്പിച്ച പ്രതിഫലമുണ്ടുതാനും.

إِنَّمَآ أَمْوَٰلُكُمْ وَأَوْلَٰدُكُمْ فِتْنَةٌ ۚ وَٱللَّهُ عِندَهُۥٓ أَجْرٌ عَظِيمٌ ﴿١٥﴾

ഭാര്യാ മക്കളുടെ നിർബ്ബന്ധത്തിനും, ശാഠ്യത്തിനും വഴങ്ങി അല്ലെങ്കിൽ അവരോടുള്ള വാത്സല്യം നിമിത്തം, അതുമല്ലെങ്കിൽ അവരുടെ ഏതെങ്കിലും കൊള്ളരുതായ്മ മൂലം അവൻ പല അപകടങ്ങളിലും, അപമാനങ്ങളിലും, ചെന്ന് ചാടേണ്ടി വരുന്നു. ഐഹികവും, പാരത്രികവുമായ തുറകളിൽ അവന് നിരവധി ദോഷങ്ങൾ നേരിടേണ്ടിയും വരുന്നു. അതുകൊണ്ട്, നിങ്ങൾ അവരെ തൊട്ട് എപ്പോഴും വളരെ

ജാഗ്രതയും സൂക്ഷ്മതയും കൈക്കൊള്ളണമെന്ന് അല്ലാഹു സത്യ വിശ്വാസികളെ താക്കീത് ചെയ്യുന്നു.

അതേസമയം, ഭാര്യാ മക്കളില്‍ നിന്നുണ്ടാകുന്ന തെറ്റ് കുറ്റങ്ങള്‍ക്കെല്ലാം അവര്‍ക്കെതിരെ നടപടിയെടുക്കുവാന്‍ മുതിരുന്നതും ശരിയല്ല. അവരെ നന്നാക്കിത്തീര്‍ക്കാന്‍ ശ്രമിക്കുകയാണ് വേണ്ടത്. ക്ഷമിക്കുകയും മാപ്പും, വിട്ട് വീഴ്ചയും കൈകൊള്ളുകയുമാണ് കരണീയമായിട്ടുള്ളത്. അത് നിമിത്തം അല്ലാഹുവിന്റെ പക്കല്‍ നിന്നുള്ള കാരുണ്യവും പൊറുക്കലും അവന് ലഭിക്കുന്നതാണ്.

“നിങ്ങളുടെ സ്വത്തുക്കളും, മക്കളും ഒരു പരീക്ഷണം മാത്രമാകുന്നു” എന്ന വാക്യവും വളരെ ശ്രദ്ധേയമാകുന്നു. അല്ലാഹുവിങ്കല്‍ നിന്നുള്ള പ്രതിഫലത്തെ ഉന്നം വെച്ചും, അതിന് പ്രാധാന്യം കല്‍പിച്ചുകൊണ്ടും, സ്വത്തിനെയും സന്താനങ്ങളെയും പ്രയോജനപ്പെടുത്തുന്നവര്‍ പരീക്ഷണത്തില്‍ വിജയികളും ഭാഗ്യവാന്മാരുമാകുന്നു. അല്ലാത്തവര്‍ പരാജിതരും നിര്‍ഭാഗ്യവാന്മാരും തന്നെ. എന്ന് വെച്ച് സ്വത്ത്മൂലവും മക്കള്‍ മൂലവും ലഭിച്ചേക്കാവുന്ന എല്ലാ ഐഹിക താല്‍പര്യങ്ങളും വര്‍ജ്ജിക്കേണമെന്നില്ല താനും.

<u>വചനം 16:</u>

فَٱتَّقُوا۟ ٱللَّهَ مَا ٱسْتَطَعْتُمْ وَٱسْمَعُوا۟ وَأَطِيعُوا۟ وَأَنفِقُوا۟ خَيْرًا لِّأَنفُسِكُمْ ۗ وَمَن يُوقَ شُحَّ نَفْسِهِۦ فَأُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿١٦﴾

16 അതുകൊണ്ട് നിങ്ങള്‍ക്കു സാധ്യമായപ്രകാരം നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കുവിന്‍; കേള്‍ക്കുകയും, അനുസരിക്കുകയും ചെയ്യുവിന്‍; നിങ്ങള്‍ക്ക് സ്വന്തംതന്നെ ഗുണകരമായ നിലക്ക് (ധനം) ചെലവഴിക്കുകയും ചെയ്യുവിന്‍. യാതൊരുവന്‍ അവന്‍െറ മനസ്സിന്‍െറ പിശുക്കില്‍(അഥവാ ആര്‍ത്തിയില്‍) നിന്നു കാത്തു രക്ഷിക്കപ്പെടുന്നുവോ, അങ്ങിനെയുള്ളവര്‍ തന്നെയാണ് വിജയികള്‍.

ധനം മുഖേനയും മക്കള്‍ മുഖേനയും പരീക്ഷണങ്ങളില്‍ വിജയം നേടുവാനുള്ള മാര്‍ഗ്ഗങ്ങള്‍ അല്ലാഹു ഉപദേശിക്കുന്നു:

1. എല്ലാ വിഷയങ്ങളിലും അവനവന് കഴിയുന്നത്ര അല്ലാഹുവിനെ സൂക്ഷിക്കുക.

2. ഓരോ വിഷയത്തിലും അല്ലാഹുവിന്റെയും റസൂലിന്റെയും കല്‍പനകള്‍ കേട്ട് മനസ്സിലാക്കുകയും അനുസരിക്കുകയും ചെയ്യുക.

3. അതനുസരിച്ച് പ്രവര്‍ത്തിക്കുക.

4. അവനവന് യഥാര്‍ത്ഥത്തില്‍ ഗുണകരമായി - ഇഹത്തിലും പരത്തിലും - കലാശിക്കുന്ന വിഷയങ്ങളില്‍ ധനം ചിലവ് ചെയ്യുക.

മേല്‍ പറഞ്ഞ കാര്യങ്ങള്‍ ഗൗനിക്കപ്പെടുന്നതിന് ഏറ്റവും വലിയ വിഘ്നാതം മനസ്സിലൊളിഞ്ഞ് കിടക്കുന്ന ‘പിശുക്ക്’ (ശുഹ്-ഹ്) എന്ന പൈശാചിക ദുര്‍ഗുണമത്രേ. شح (ശുഹ്-ഹ്) എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് സ്വന്തം കൈയിലുള്ളത് ചിലവാക്കാനുള്ള മടിയും മറ്റുള്ളവരുടെ പക്കലുള്ളത് കൂടി ലഭിക്കാനുള്ള ആര്‍ത്തിയും എന്നാകുന്നു. ശുഹ്-ഹില്‍ നിന്ന് രക്ഷപ്പെട്ടവരാണ് വിജയികള്‍ എന്ന് അല്ലാഹു പ്രത്യേകം ഉണര്‍ത്തുന്നു. (സൂ:ഹശ്ര്‍: 9-ാം വചനത്തിന്റെ വ്യാഖ്യാനം നോക്കുക)

വചനത്തിന്റെ പ്രാരംഭത്തില്‍ അല്ലാഹുവിനെ സൂക്ഷിക്കണമെന്ന് പറഞ്ഞപ്പോള്‍ നിങ്ങള്‍ക്ക് “സാധ്യമായത്ര” എന്ന് പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാകുന്നു. സൂ: ആലുഇംറാന്‍ 102-ാം വചനത്തില്‍ ‘നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കേണ്ടുന്ന മുറപ്രകാരം സൂക്ഷിക്കുവിന്‍’ എന്ന് പറഞ്ഞിട്ടുള്ളതിന്റെ ഉദ്ദേശ്യവും ഇത് തന്നെ. അല്ലാഹുവിനോടുള്ള കടപ്പാട് പൂര്‍ണ്ണമായി നിറവേറ്റുവാന്‍ മനുഷ്യര്‍ക്ക് സാധ്യമല്ലെന്നും, സാധ്യതയുടെ കാര്യത്തില്‍ തന്നെ വ്യക്തികളെല്ലാവരും ഒരു പോലെയല്ലെന്നും വ്യക്തമാണല്ലോ. “അല്ലാഹു ഒരാളോടും അയാളുടെ കഴിവില്‍ പെട്ടതല്ലാതെ ചെയ്യാന്‍ നിര്‍ബ്ബന്ധിക്കുകയില്ല” എന്ന സൂ: അല്‍ ബഖറ: 286:-ാം വചനത്തില്‍ അല്ലാഹു അസന്നിഗ്ദമായി പ്രസ്താവിച്ചിട്ടുണ്ട് താനും. അതുകൊണ്ട് തന്നെയാണ് നബി(സ) ഇപ്രകാരം അരുളിയിരിക്കുന്നതും:

“നിങ്ങളോട് ഞാൻ വല്ല കാര്യവും കൽപിച്ചാൽ നിങ്ങൾ അതിൽ നിങ്ങൾക്ക് സാധിക്കുന്നത്ര കൊണ്ട് വരുവിൻ. നിങ്ങളോട് ഞാൻ എന്ത് വിരോധിച്ചുവോ അത് നിങ്ങൾ പൂർണ്ണമായും വർജ്ജിക്കുകയും ചെയ്യുവീൻ” - ബു, മു.

<u>വചനം 17,18:</u>

إِن تُقْرِضُوا۟ ٱللَّهَ قَرْضًا حَسَنًا يُضَـٰعِفْهُ لَكُمْ وَيَغْفِرْ لَكُمْ ۚ وَٱللَّهُ شَكُورٌ حَلِيمٌ ﴿١٧﴾

عَـٰلِمُ ٱلْغَيْبِ وَٱلشَّهَـٰدَةِ ٱلْعَزِيزُ ٱلْحَكِيمُ ﴿١٨﴾

17 അല്ലാഹുവിനു നിങ്ങൾ നല്ലതായ കടം കൊടുക്കുന്ന പക്ഷം, അവൻ നിങ്ങൾക്ക് അത് ഇരട്ടിയാക്കിത്തരുന്നതാണ്; നിങ്ങൾക്ക് പൊറുത്തു തരുകയും ചെയ്യും. അല്ലാഹു വളരെ നന്ദിയുള്ളവനും, സഹനശീലനുമാകുന്നു.

18 (അവൻ) അദൃശ്യത്തെയും, ദൃശ്യത്തെയും അറിയുന്നവനാണ്; പ്രതാപശാലിയാണ്; അഗാധജ്ഞനാണ്!

അല്ലാഹുവിന് നല്ല വിധത്തിൽ കടം കൊടുക്കുന്നതിനെപറ്റി സൂ: ഹദീദ് 11-ാം വചനത്തിൽ വിവരിച്ചിരിക്കുന്നത് ശ്രദ്ധിക്കുക.

അദൃശ്യത്തെയും ദൃശ്യത്തേയും അറിയുന്ന അല്ലാഹു പ്രതാപ ശാലിയും അഗാധജ്ഞനുമാണെന്ന വചനത്തോടെ അല്ലാഹു ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു.

# 65. സൂറത്തു- ത്ത്വലാഖ്
## (വിവാഹ മോചനം)

**മദീനയിൽ അവതരിച്ചത്**

വചനങ്ങൾ 12, വിഭാഗം (റുക്കൂഅ്) 2

വിവാഹ മോചനം (ത്വലാഖ്) വിഷയമായി മുസ്‌ലിം സമുദായം അനുഷ്ഠിക്കേണ്ടുന്ന പല നിയമങ്ങളും അല്ലാഹു ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു.

**വിഭാഗം - 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1:**

يَٰٓأَيُّهَا ٱلنَّبِيُّ إِذَا طَلَّقۡتُمُ ٱلنِّسَآءَ فَطَلِّقُوهُنَّ لِعِدَّتِهِنَّ وَأَحۡصُواْ ٱلۡعِدَّةَۖ وَٱتَّقُواْ ٱللَّهَ رَبَّكُمۡۖ لَا تُخۡرِجُوهُنَّ مِنۢ بُيُوتِهِنَّ وَلَا يَخۡرُجۡنَ إِلَّآ أَن يَأۡتِينَ بِفَٰحِشَةٖ مُّبَيِّنَةٖۚ وَتِلۡكَ حُدُودُ ٱللَّهِۚ وَمَن يَتَعَدَّ حُدُودَ ٱللَّهِ فَقَدۡ ظَلَمَ نَفۡسَهُۥۚ لَا تَدۡرِي لَعَلَّ ٱللَّهَ يُحۡدِثُ بَعۡدَ ذَٰلِكَ أَمۡرٗا ١

1 ഹേ, നബിയേ നിങ്ങൾ സ്ത്രീകളെ (ഭാര്യമാരെ) വിവാഹമോചനം ചെയ്യുന്നതായാൽ, അവരുടെ 'ഇദ്ദഃ' (കാത്തിരിപ്പാൻ) നിർദ്ദേശിക്കപ്പെട്ട സമയത്തേക്ക് അവരെ മോചനം ചെയ്യുവിൻ; 'ഇദ്ദഃ'യെ നിങ്ങൾ (എണ്ണി) കണക്കാക്കുകയും ചെയ്യണം. നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. അവരുടെ വീടുകളിൽനിന്ന് നിങ്ങളവരെ പുറത്താക്കരുത്; അവർ പുറത്തുപോകുകയും ചെയ്യരുത്; -പ്രത്യക്ഷത്തിലുള്ളതായ വല്ല നീചവൃത്തിയും അവർ കൊണ്ടുവരുന്നതായാലല്ലാതെ, അപ്പോൾ (പുറത്താക്കാവുന്നതാണ്.) അത് (എല്ലാം) അല്ലാഹുവിൻെറ നിയമാതിർത്തികളാകുന്നു. അല്ലാഹുവിൻെറ നിയമാതിർത്തികളെ ആർ വിട്ടു കടക്കുന്നുവോ, തീർച്ചയായും അവൻ തന്നോടുതന്നെ അക്രമം പ്രവൃത്തിച്ചിരിക്കുന്നു. നിനക്കറിഞ്ഞുകൂടാ-അതിനു ശേഷം അല്ലാഹു വല്ല കാര്യവും പുത്തനായുണ്ടാക്കിയേക്കാം.

വിവാഹ മോചനം (ത്വലാഖ്) മൂലമോ മറ്റോ, വിവാഹ ബന്ധം വേർപ്പെടുമ്പോൾ, ആ സ്ത്രീ ഗർഭവതിയാണോ അല്ലേ എന്നറിയുക, വിവാഹ മോചനം ചെയ്ത് കഴിഞ്ഞ ശേഷം അതിനെ പറ്റി ഖേദിക്കുകയും, പഴയ ബന്ധത്തിലേക്ക് മടങ്ങുവാൻ ആഗ്രഹിക്കുയും ചെയ്യുന്നവർക്ക് അതിന് ഒരവസരം നൽകുക മുതലായ ആവശ്യങ്ങളെ മുൻനിർത്തി, വിവാഹ മോചനം ചെയ്യപ്പെട്ട സ്ത്രീകൾ കുറച്ച് കാലം നിർബ്ബന്ധമായി കാത്തിരിക്കേണ്ടതുണ്ട്. ഈ കാലത്തിന് 'ഇദ്ദ:' (**العدة**) എന്ന് പറയപ്പെടുന്നു. ഇദ്ദ: ആചരിക്കുന്നത് സംബന്ധിച്ചേടത്തോളം സ്ത്രീകൾ പല വിഭാഗക്കാരായുണ്ട്.

1. ഭർത്താവിന്റെ മരണം കാരണം വേർ പെട്ടവർ. ഇവരുടെ ഇദ്ദ: കാലം നാല് മാസവും പത്ത് ദിവസവുമാകുന്നു. (സൂ: അൽ ബഖറ: 234-ാം വചനം)

2. ഭർത്താവുമായി സ്പർശനം (സംയോഗം) ഉണ്ടാകുന്നത് മുമ്പ് തന്നെ ത്വലാഖ് ചെയ്യപ്പെട്ടവൾ ഇദ്ദ ആചരിക്കേണ്ടതില്ല. (സൂ:അഹ്സാബ്: 49-ാം വചനം നോക്കുക.)

3. ഗർഭമുണ്ടെന്ന് അറിയപ്പെട്ടവൾ.

4. ആർത്തവ രക്തം ഉണ്ടാകാതിരിക്കുകയോ ഉണ്ടായ ശേഷം അത് നിലച്ച് പോകുകയോ ചെയ്തവൾ.

ഈ രണ്ട് കൂട്ടരുടെയും ഇദ്ദയെക്കുറിച്ച് താഴെ വചനങ്ങളിൽ പ്രസ്താവിക്കുന്നുണ്ട്. (വചനം: 4 നോക്കുക)

5. ആർത്തവവും ആർത്തവ ശുദ്ധിയും ഉണ്ടാകാറുള്ളവർ. ഇവരുടെ ഇദ്ദ: മൂന്ന് ആർത്തവ ശുദ്ധി കഴിയുന്ന കാലമാകുന്നു. (സൂ: അൽ ബഖറ: 228 നോക്കുക) ഈ വിഭാഗത്തിൽ പെട്ടവരുടെ ഇദ്ദ: കാലത്തിൽ ഏറ്റക്കുറവ് വരാൻ സാധ്യതയുള്ളത്കൊണ്ട് - അതിൽ ദൈർഘ്യം വരാതിരിക്കുവാൻ വേണ്ടി - അല്ലാഹു കൽപിച്ച ഒരു നിയമമാണ്, ഈ വചനത്തിന്റെ ആദ്യത്തിൽ കാണുന്നത്.

അതായത്, സ്ത്രീകളുടെ ആർത്തവം കഴിഞ്ഞ് ശുദ്ധിയാവുകയും ആ ശുദ്ധികാലത്ത് സ്പർശനം (സംയോഗം) ഉണ്ടാകാതിരിക്കുകയും ചെയ്യുന്ന അവസരത്തിലേ ത്വലാഖ് നടക്കുവാൻ പാടുള്ളൂ. ഇതാണ് 'അവരുടെ ഇദ്ദ: സമയത്തേക്ക് അവരെ മോചനം ചെയ്യുവീൻ' എന്ന് പറഞ്ഞതിന്റെ താൽപര്യം. ഇങ്ങനെ ചെയ്യുന്നപക്ഷം ത്വലാഖ് നടന്ന ആ ശുദ്ധികാലം ഒരെണ്ണമായി കണക്കാക്കി പിന്നീട് രണ്ട് ആർത്തവം കഴിഞ്ഞ് മൂന്നാമത്തെ ശുദ്ധിയിൽ പ്രവേശിക്കുന്നതോടെ, അവളുടെ ഇദ്ദ: അവസാനിക്കുന്നതാണ്.

ഒരിക്കൽ അബ്ദുല്ലാഹിബ്നു ഉമർ(റ) തന്റെ ഭാര്യയെ ആർത്തവ കാലത്ത് വിവാഹമോചനം ചെയ്തതറിഞ്ഞ റസൂൽ തിരുമേനി(സ), അവളെ മടക്കിയെടുക്കുവാനും, അവൾക്ക് ശുദ്ധിയുണ്ടാകുകയും, പിന്നെ ആർത്തവമുണ്ടായതിന് ശേഷം, ശുദ്ധിയാവുകയും ചെയ്യുന്നത് വരെ (ആ ശുദ്ധികാലത്ത് സ്പർശനം - സംയോഗം - നടത്താതെ) അവളെ വെച്ച് കൊണ്ടിരിക്കുവാനും അവന് തോന്നുന്ന പക്ഷം, ആ ശുദ്ധി കാലത്ത് ത്വലാഖ് നടത്തുവാനും നിർദ്ദേശിക്കുകയുണ്ടായി.

ഇദ്ദ: ആരംഭിക്കുന്നതിന് പറ്റിയ സമയത്തായിരിക്കണം ത്വലാഖ് നടത്തുന്നതെന്ന് കൽപിച്ച ശേഷം 'ഇദ്ദ: യെ ശരിയായി കണക്കാക്കുകയും വേണം' എന്ന് കൂടി അല്ലാഹു കൽപിക്കുന്നു. പഴയ വിവാഹ ബന്ധത്തിലേക്ക് തന്നെ മടക്കിയെടുക്കൽ, പുതിയ വിവാഹ കാര്യം ആലോചിക്കൽ, ഇദ്ദ: കാലത്തെ ഭക്ഷണ ചെലവും, താമസ സൗകര്യവും നൽകൽ മുതലായതെല്ലാം ആ കാലത്തെ ആശ്രയിച്ച് തീരുമാനിക്കപ്പെടേണ്ടതുണ്ടല്ലോ.

'നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനെ സൂക്ഷിക്കുകയും വേണം' എന്ന വാക്യം ഇക്കാര്യത്തിന്റെ ഗൗരവത്തെ സൂചിപ്പിക്കുന്നു.

നമ്മുടെ നാടുകളിൽ തീരെ വിസ്മരിക്കപ്പെട്ടിരിക്കുന്ന ഒരു നിയമമാണ് അല്ലാഹു തുടർന്ന് പറയുന്നത്: "അവരെ അവരുടെ വീടുകളിൽ നിന്ന് പുറത്താക്കരുത്. അവർ പുറത്ത് പോകുകയും അരുത്" വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീ അതുവരെ അവൾ താമസിച്ചിരുന്ന വീട്ടിൽ നിന്ന് - ഭർത്താവിന്റെ വീട്ടിൽ നിന്ന് - അവളെ ഇറക്കി അയക്കുവാനും, അവൾക്ക് ഇറങ്ങിപ്പോകുവാനും പാടുള്ളതല്ല. "വ്യക്തമായ വല്ല നീചവൃത്തിയും ചെയ്താലല്ലാതെ" എന്ന് തുടർന്ന് പറയുന്നതിൽ നിന്നും, അങ്ങിനെ വല്ല നീചവൃത്തിയും അവരിൽ നിന്ന് വെളിപ്പെട്ടാൽ, അവരെ പുറത്താക്കാമെന്ന് വ്യക്തമാകുന്നു. 'വ്യക്തമായ നീചവൃത്തി' എന്നത്കൊണ്ട് വ്യഭിചാരം, കളവ്, തുടർച്ചയായി വഴക്കും വക്കാണവും ഉണ്ടാക്കിക്കൊണ്ടിരിക്കൽ മുതലായവയാണെന്നാണ് പല പണ്ഡിതന്മാരുടെയും അഭിപ്രായം.

മേൽ പറഞ്ഞതെല്ലാം അല്ലാഹുവിന്റെ നിയമാതിർത്തികളാണെന്നും അവയെ ലംഘിക്കുന്നവർ, തങ്ങളോട് തന്നെയാണ് അനീതി പ്രവർത്തിക്കുന്നതെന്നും കൂടി അല്ലാഹു താക്കീത് ചെയ്യുന്നു.

ഈ താക്കീത് കൊണ്ടും അല്ലാഹു മതിയാക്കിയിട്ടില്ല. വിവാഹ മോചനത്തിന് ശേഷം, പിന്നീട് എന്തെല്ലാം കാര്യങ്ങളാണ് നടക്കുവാനിരിക്കുന്നത്, അല്ലാഹു എന്തെല്ലാം മാറ്റങ്ങളാണ്, സംഭവിപ്പിക്കാൻ പോകുന്നത് എന്നൊന്നും നിനക്കറിഞ്ഞ് കൂടല്ലോ. ഇദ്ദ കാലത്ത് ഒരു പക്ഷേ നീ സ്വയം തന്നെ ഖേദിച്ചേക്കാം. അല്ലെങ്കിൽ ഭാവിയിൽ നിങ്ങൾ തമ്മിൽ പൂർവ്വാധികം സ്നേഹത്തിൽ കഴിഞ്ഞ് കൂടാൻ അവസരമുണ്ടായേക്കാം. (വിവാഹ മോചനം ചെയ്യപ്പെട്ടവൾ, ഇദ്ദ കാലത്ത് ഭർത്താവിന്റെ വീട്ടിൽ താമസിക്കുവാൻ കൽപിച്ചതിലടങ്ങിയ തത്വം ഇപ്പറഞ്ഞതാണെന്ന അടിസ്ഥാനത്തിലാണ്, ഭർത്താവ് മരണപ്പെട്ടവളുടെയും മടക്കിയെടുക്കാൻ പാടില്ലാത്ത വിധം ത്വലാഖ് ചെയ്യപ്പെട്ടവളുടെയും ഇദ്ദ കാലത്ത് ഇത് ബാധകമല്ലെന്ന് ഇമാം അഹ്മദ്(റ) മുതലായവർ അഭിപ്രായപ്പെടുന്നത്)

മേൽ പ്രസ്താവിക്കപ്പെട്ട അല്ലാഹുവിന്റെ നിയമ നിർദ്ദേശങ്ങൾ മുസ്‌ലിംകൾ നടപ്പിലാക്കിയിരുന്നുവെങ്കിൽ ഇന്ന് നടക്കുന്ന വിവാഹ മോചനങ്ങളിൽ അധികവും, താനേ ദുർബ്ബലപ്പെട്ടുപോകുമായിരുന്നു.

'ത്വലാഖ്' മതത്തിൽ അനുവദിക്കപ്പെട്ട ഒന്നാണ് എങ്കിലും, അല്ലാഹുവിന് ഒട്ടും ഇഷ്ടമല്ലാത്തതാണ് അതെന്ന്, ഒരു നബി വചനത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട് (ദാ). ഇനി അഥവാ ത്വലാഖ് നടന്നാൽ തന്നെ വീണ്ടും മടക്കി എടുക്കുവാനുള്ള അവസരങ്ങളും പ്രോത്സാഹനങ്ങളും ഇതിന് പുറമേയും. ഇതെല്ലാം മുസ്‌ലിംകൾ അതർഹിക്കുന്ന ഗൗരവത്തോടെ ചിന്തിക്കേണ്ടുന്ന വിഷയങ്ങളാകുന്നു.

**വചനം 2,3:**

فَإِذَا بَلَغْنَ أَجَلَهُنَّ فَأَمْسِكُوهُنَّ بِمَعْرُوفٍ أَوْ فَارِقُوهُنَّ بِمَعْرُوفٍ وَأَشْهِدُوا۟ ذَوَىْ عَدْلٍ مِّنكُمْ وَأَقِيمُوا۟ ٱلشَّهَـٰدَةَ لِلَّهِ ۚ ذَٰلِكُمْ يُوعَظُ بِهِۦ مَن كَانَ يُؤْمِنُ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ ۚ وَمَن يَتَّقِ ٱللَّهَ يَجْعَل لَّهُۥ مَخْرَجًا ﴿٢﴾

2 അങ്ങനെ, അവർ (ആ സ്ത്രീകൾ) അവരുടെ അവധിക്കലെത്തുമ്പോൾ, നിങ്ങൾ അവരെ (സദാചാര) മര്യാദ പ്രകാരം വെച്ചുകൊള്ളുകയോ, അല്ലെങ്കിൽ (സദാചാര) മര്യാദ പ്രകാരം അവരുമായി പിരിയുകയോ ചെയ്യുക. നിങ്ങളിൽ നിന്നുള്ള രണ്ടു നീതിമാൻമാരെ സാക്ഷ്യപ്പെടുത്തുകയും, അല്ലാഹുവിനുവേണ്ടി സാക്ഷ്യം (ശരിക്കും) നിലനിറുത്തുകയും ചെയ്യുക. അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിച്ചുവരുന്നവർക്ക് ഉപദേശം നൽകപ്പെടുന്നതാണ് ഇതൊക്കെ. ആർ അല്ലാഹുവിനെ സൂക്ഷിക്കുന്നുവോ അവന് അവൻ ഒരു പോംവഴി ഏർപ്പെടുത്തിക്കൊടുക്കും;-

وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ ۚ وَمَن يَتَوَكَّلْ عَلَى ٱللَّهِ فَهُوَ حَسْبُهُۥٓ ۚ إِنَّ ٱللَّهَ بَـٰلِغُ أَمْرِهِۦ ۚ قَدْ جَعَلَ ٱللَّهُ لِكُلِّ شَىْءٍ قَدْرًا ﴿٣﴾

3 (മാത്രമല്ല.) അവൻ കണക്കാക്കാത്തവിധത്തിലൂടെ അവന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. ആർ അല്ലാഹുവിൻെറ മേൽ (കാര്യങ്ങളെല്ലാം) ഭരമേല്പിക്കുന്നുവോ അവന് അവൻ (തന്നെ) മതിയാകും. നിശ്ചയമായും, അല്ലാഹു തൻെറ (ഉദ്ദിഷ്ട) കാര്യം പ്രാപിക്കുന്നവനാണ്. എല്ലാ (ഓരോ) കാര്യത്തിനും അല്ലാഹു ഒരു നിർണ്ണയം (വ്യവസ്ഥ) ഏർപ്പെടുത്തിയിട്ടുണ്ട്.

ഇദ്ദ: കാലത്ത് എപ്പോൾ വേണമെങ്കിലും അവന് അവളെ മടക്കിയെടുക്കാം. അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ ഇദ്ദ:യുടെ കാലാവധി അവസാനിക്കുന്നതോടെ, ഒന്നുകിൽ അവളെ മടക്കിയെടുക്കണം, അല്ലാത്തപക്ഷം, ത്വലാഖ് നടപ്പിൽ വരുത്തി അവളെ പിരിച്ച് പിടണം. ഏത് വിധമായാലും, ഇരു കൂട്ടരുടെ നന്മയും, സൗകര്യവും കണക്കിലെടുത്ത് കൊണ്ട് സദാചാര മര്യാദയനുസരിച്ചായിരിക്കണം അത് നടപ്പിലാക്കേണ്ടത്. ആയതിന്, മര്യാദക്കാരായ രണ്ട് മുസ്‌ലിംകളെ സാക്ഷി നിർത്തുകയും ചെയ്യേണ്ടതുണ്ട്. ഭാവിയിൽ വല്ല പ്രശ്നവും ഉണ്ടാവുകയാണെങ്കിൽ, ഈ സാക്ഷികൾ അല്ലാഹുവിനെ ഓർത്ത് തങ്ങളുടെ സാക്ഷ്യം യഥാവിധി നിറവേറ്റേണ്ടതുണ്ട്.

അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുന്ന സത്യ വിശ്വാസികളോടുള്ള ഉപദേശങ്ങളാണ് ഇതെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ഉപദേശങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് അല്ലാഹു സത്യ വിശ്വാസികൾക്ക് താക്കീത് നൽകുന്നു.

തുടർന്ന് അല്ലാഹുവിന്റെ വിധി വിലക്കുകൾ അനുസരിക്കുക വഴി അവനെ സൂക്ഷിക്കുന്നവർക്ക് ('തഖ്‌വാ' കൈ കൊള്ളുന്നവർക്ക്) അവർ വിചാരിക്കാത്ത വിധത്തിൽ അവർക്ക് അല്ലാഹു ഉപജീവന മാർഗ്ഗം നൽകുമെന്നും, അവരുടെ പ്രശ്നങ്ങൾക്ക് രക്ഷാ മാർഗ്ഗം പ്രദാനം ചെയ്യുമെന്നും അല്ലാഹു

ഉണർത്തുന്നു. ജീവിതത്തിന്റെ എല്ലാ വശങ്ങളെയും ബാധിക്കുന്ന വിധി വിലക്കുകളെ സൂക്ഷിച്ച് പോരലാണ് 'തഖ്‌വാ'കൊണ്ടുള്ള വിവക്ഷ. തുടർന്നുള്ള 4-ാം വചനത്തിലും, 5-ാം വചനത്തിലും ഖുർആനിൽ പലയിടങ്ങളിലും 'തഖ്‌വാ'യെ പറ്റി അല്ലാഹു ആവർത്തിച്ച് ഉണർത്തിക്കൊണ്ടിരിക്കുന്നത്, മനുഷ്യന്റെ ഐഹികവും പാരത്രികവുമായ എല്ലാ രക്ഷക്കും നിദാനമായിട്ടുള്ളത് ഈ സൂക്ഷ്മതയാകുന്ന 'തഖ്‌വാ' ആകുന്നു എന്നതിനാലാകുന്നു.

അല്ലാഹുവിന്റെ മേൽ കാര്യങ്ങളെ ഭരമേൽപ്പിക്കുന്നവർക്ക്, അല്ലാഹു തന്നെ മതി, എന്ന് തുടർന്ന് അല്ലാഹു ഉണർത്തുന്നു. അല്ലാഹു ഉദ്ദേശിച്ച കാര്യം അവൻ നിശ്ചയിച്ച് വെച്ചിട്ടുള്ള വ്യവസ്ഥയും നിർണ്ണയവും അനുസരിച്ച് തന്നെ സംഭവിക്കുന്നതാണ്. എന്നിരിക്കെ, അവനിൽ കാര്യങ്ങളർപ്പിക്കുന്നവന്റെ കാര്യങ്ങൾ വേണ്ടതിൻ വണ്ണം ശരിപ്പെടുത്തിക്കൊടുക്കാൻ അവൻ തന്നെ തീർച്ചയായും മതി. അല്ലാഹുവിൽ ഭരമേൽപിക്കുന്നതൊടൊപ്പം, ഓരോ തുറയിലും അവനോട്, ചെയ്യുവാൻ കൽപിക്കപ്പെട്ടത് ഒരുവന്റെ പരമാവധി കഴിവുപയോഗിച്ച് അവൻ നിർവ്വഹിക്കുകയും വേണം. അപ്പോൾ അവൻ നിനക്കാത്ത നന്മകൾ അവന് ലഭിച്ച് കൊണ്ടിരിക്കുകയും ഊഹിക്കാത്ത രൂപത്തിൽ അവനിൽ നിന്നും തിന്മകൾ തട്ടിനീങ്ങികൊണ്ടിരിക്കുകയും അവന്റെ കഴിവിനപ്പുറമുള്ള കാര്യങ്ങളെ അവന് നിവൃത്തിയായി കൊണ്ടിരിക്കുകയും ചെയ്യുന്നതാണ്.

നബി(സ) ഒരിക്കൽ ഇബ്നു അബ്ബാസ്(റ)നെ ഇപ്രകാരം ഉപദേശിക്കുകയുണ്ടായി:

"നീ അല്ലാഹുവിനെ സൂക്ഷിക്കുക, നീ സഹായമഭ്യർത്ഥിക്കുന്നതായാൽ അല്ലാഹുവിനോട് സഹായമഭ്യർത്ഥിക്കുക. നിനക്ക് ഉപകാരം ചെയ്യുവാൻ വേണ്ടി സമുദായങ്ങൾ എല്ലാം ഒരുമിച്ച് ചേർന്നാലും അല്ലാഹു നിനക്ക് നിശ്ചയിച്ച് വെച്ചതല്ലാത്ത യാതൊന്ന് കൊണ്ടും അവർ നിനക്ക് ഉപകാരം ചെയ്യുകയില്ല. നിനക്ക് ഉപദ്രവം ചെയ്യുവാൻ അവരെല്ലാം ഒരുമിച്ച് ചേർന്നാലും അല്ലാഹു നിന്റെ പേരിൽ നിശ്ചയിച്ചതല്ലാത്ത യാതൊന്ന് കൊണ്ടും അവർ നിനക്ക് ഉപദ്രവം ചെയ്കയില്ല. പേനകൾ ഉയർത്തപ്പെടുകയും ഏടുകൾ (മഷി) വറ്റുകയും ചെയ്തിരിക്കുന്നു" (നടക്കുവാനിരിക്കുന്ന കാര്യങ്ങളെല്ലാം അല്ലാഹു തീരുമാനിച്ച് കഴിഞ്ഞിരിക്കുന്നു എന്നാകുന്നു അവസാന വാക്യത്തിന്റെ സാരം.)

**വചനം 4,5:**

4 നിങ്ങളുടെ സ്ത്രീകളിൽനിന്ന് ആർത്തവത്തെ സംബന്ധിച്ച് നിരാശപ്പെട്ടവരാകട്ടെ,-നിങ്ങൾ സംശയപ്പെടുകയാണെങ്കിൽ-അവരുടെ 'ഇദ്ദഃ' മൂന്നുമാസമാകുന്നു:-ആർത്തവമുണ്ടായിട്ടില്ലാത്തവരുടേതും (അങ്ങിനെ) തന്നെ. ഗർഭവതികളായ സ്ത്രീകളാകട്ടെ, അവരുടെ അവധി അവർ തങ്ങളുടെ ഗർഭം പ്രസവിക്കലാണ്. അല്ലാഹുവിനെ ആർ സൂക്ഷിക്കുന്നുവോ അവന് തൻെറ കാര്യത്തെക്കുറിച്ച് അവൻ എളുപ്പം (സൗകര്യം) ഉണ്ടാക്കിക്കൊടുക്കുന്നതാണ്.

وَٱلَّٰٓـِٔي يَئِسۡنَ مِنَ ٱلۡمَحِيضِ مِن نِّسَآئِكُمۡ إِنِ ٱرۡتَبۡتُمۡ فَعِدَّتُهُنَّ ثَلَٰثَةُ أَشۡهُرٖ وَٱلَّٰٓـِٔي لَمۡ يَحِضۡنَۚ وَأُوْلَٰتُ ٱلۡأَحۡمَالِ أَجَلُهُنَّ أَن يَضَعۡنَ حَمۡلَهُنَّۚ وَمَن يَتَّقِ ٱللَّهَ يَجۡعَل لَّهُۥ مِنۡ أَمۡرِهِۦ يُسۡرٗا ﴿٤﴾

5 അത് അല്ലാഹുവിൻെറ കൽപനയാകുന്നു; അവൻ അത് നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുകയാണ്. അല്ലാഹുവിനെ ആർ സൂക്ഷിക്കുന്നുവോ അവന് തൻെറ തിൻമകളെ അവൻ (മാപ്പാക്കി) മറച്ചുവെച്ചുകൊടുക്കുകയും, അവന് പ്രതിഫലം വമ്പിച്ചതാക്കുകയും ചെയ്യും.

ذَٰلِكَ أَمۡرُ ٱللَّهِ أَنزَلَهُۥٓ إِلَيۡكُمۡۚ وَمَن يَتَّقِ ٱللَّهَ يُكَفِّرۡ عَنۡهُ سَيِّـَٔاتِهِۦ وَيُعۡظِمۡ لَهُۥٓ أَجۡرًا ﴿٥﴾

ആർത്തവമുണ്ടാകാറുള്ള സ്ത്രീകളുടെ ഇദ്ദഃ കാലം മൂന്ന് ആർത്തവ ശുദ്ധി ഉണ്ടാകലാണെന്ന് 1-ാം വചനത്തിന്റെ വിവരണത്തിൽ പ്രസ്താവിച്ചല്ലോ.

പ്രായാധിക്യം നിമിത്തം ആർത്തവം നിലച്ച് പോയവളുടെയും തീരെ ആർത്തവമുണ്ടായിട്ടില്ലാത്തവരുടെയും ഇദ്ദ: മൂന്ന് മാസക്കാലമാണെന്ന് ഈ വചനത്തിൽ അല്ലാഹു അറിയിക്കുന്നു. ഇവരുടെ ഇദ്ദ:യെ പറ്റി നിങ്ങൾ സംശയപ്പെടുകയാണെങ്കിൽ എന്ന് പറയുവാൻ കാരണം സൂ: ബഖറ: 228-ൽ ആർത്തവമുണ്ടാകാറുള്ള സ്ത്രീകളുടെ ഇദ്ദയെ പറ്റി പ്രസ്താവിച്ചപ്പോൾ ആർത്തവം ഉണ്ടാകാത്ത സ്ത്രീകളുടെ ഇദ്ദ:യെ കുറിച്ച് ചിലർക്ക് സംശയമുണ്ടായതാണെന്നും അതിനെ തുടർന്നാണ് ഈ വചനം അവതരിച്ചതെന്നും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. (ഹാ; ബ) ഈ അഭിപ്രായമാണ് ഇബ്നു ജരീർ(റ) ബലപ്പെടുത്തിയിരിക്കുന്നത്. രക്തം കാണുകയും അത് ആർത്തവമോ, രക്തസ്രാവമോ എന്നറിയാതെ സംശയപ്പെട്ടാൽ എന്നാണ് ആ വാക്ക് കൊണ്ട് ഉദ്ദേശ്യം എന്നത്രേ മുജാഹിദ്(റ) മുതലായ ചിലരുടെ അഭിപ്രായം.

ഇനി ബാക്കിയുള്ളത്, ത്വലാഖ് നടക്കുമ്പോൾ ഗർഭവതികളായ സ്ത്രീകളാകുന്നു. അവരുടെ ഇദ്ദ: അവരുടെ പ്രസവം വരെയാകുന്നു. പ്രസവം ഉടനെ തന്നെ സംഭവിച്ചാലും ശരി, കുറെ മാസങ്ങൾക്ക് ശേഷമായിരുന്നാലും ശരി, അതോടെ ഇദ്ദ:യും അവസാനിക്കും.

തുടർന്ന് അല്ലാഹുവിനെ സൂക്ഷിക്കുന്നതിന്റെ പ്രാധാന്യവും, ഇവയെല്ലാം അല്ലാഹുവിന്റെ കൽപനകളാകുന്നു എന്നതും അല്ലാഹു ആവർത്തിച്ചു ഉണർത്തുന്നു. ഇങ്ങനെയുള്ള വാക്യങ്ങൾ ഓരോന്നും സശ്രദ്ധം മനസ്സിരുത്തിക്കൊണ്ടായിരിക്കണം നാം ഖുർആൻ പാരായണം ചെയ്യേണ്ടത്. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നൽകട്ടെ - ആമീൻ.

**വചനം 6,7:**

أَسْكِنُوهُنَّ مِنْ حَيْثُ سَكَنتُم مِّن وُجْدِكُمْ وَلَا تُضَآرُّوهُنَّ لِتُضَيِّقُوا۟ عَلَيْهِنَّ ۚ وَإِن كُنَّ أُو۟لَٰتِ حَمْلٍ فَأَنفِقُوا۟ عَلَيْهِنَّ حَتَّىٰ يَضَعْنَ حَمْلَهُنَّ ۚ فَإِنْ أَرْضَعْنَ لَكُمْ فَـَٔاتُوهُنَّ أُجُورَهُنَّ ۖ وَأْتَمِرُوا۟ بَيْنَكُم بِمَعْرُوفٍ ۖ وَإِن تَعَاسَرْتُمْ فَسَتُرْضِعُ لَهُۥٓ أُخْرَىٰ ٦

6 നിങ്ങൾ താമസിക്കുന്നിടത്തിൽപെട്ട - അതായത്, നിങ്ങളുടെ കഴിവിൽപെട്ട -(ഒരു) സ്ഥലത്തു നിങ്ങൾ അവരെ താമസിപ്പിക്കുവിൻ. അവരുടെമേൽ ഇടുക്കം (ഞെരുക്കം) ഉണ്ടാക്കുവാൻവേണ്ടി നിങ്ങൾ അവരോട് ഉപദ്രവം പ്രവർത്തിക്കരുത്. അവർ ഗർഭവതികളാണെങ്കിൽ, അവർ തങ്ങളുടെ ഗർഭം പ്രസവിക്കുന്നതുവരേക്കും നിങ്ങൾ അവർക്കു ചിലവുകൊടുക്കുകയും ചെയ്യണം. ഇനി, അവർ നിങ്ങൾക്കു വേണ്ടി (കുട്ടിക്കു) മുലകൊടുക്കുന്നപക്ഷം നിങ്ങൾ അവർക്ക് അവരുടെ പ്രതിഫലം കൊടുക്കണം. (സദാചാര) മര്യാദപ്രകാരം നിങ്ങൾ തമ്മിൽ കാര്യാലോചന നടത്തുകയും ചെയ്യുവിൻ. നിങ്ങൾ (അന്യോന്യം) ഞെരുക്കം പ്രകടിപ്പിക്കുകയാണെങ്കിൽ, അപ്പോൾ അവനു (ഭർത്താവിനു) വേണ്ടി വേറൊരുവൾ (കുട്ടിക്കു) മുലകൊടുത്തേക്കാവുന്നതാണ്.

لِيُنفِقْ ذُو سَعَةٍ مِّن سَعَتِهِۦ ۖ وَمَن قُدِرَ عَلَيْهِ رِزْقُهُۥ فَلْيُنفِقْ مِمَّآ ءَاتَىٰهُ ٱللَّهُ ۚ لَا يُكَلِّفُ ٱللَّهُ نَفْسًا إِلَّا مَآ ءَاتَىٰهَا ۚ سَيَجْعَلُ ٱللَّهُ بَعْدَ عُسْرٍ يُسْرًا ٧

7 നിവൃത്തിയുള്ളവൻ തൻെറ നിവൃത്തിയിൽ നിന്നു ചിലവഴിച്ചുകൊള്ളട്ടെ; യാതൊരുവൻെറ മേൽ അവൻെറ ഉപജീവനം കുടുസ്സാക്കപ്പെട്ടിരിക്കുന്നുവോ അവൻ, തനിക്ക് അല്ലാഹു നൽകിയതിൽനിന്നും ചിലവഴിച്ചുകൊള്ളട്ടെ, ഒരു ദേഹത്തോടും (ആളോടും) അല്ലാഹു അതിനു നൽകിയതല്ലാതെ (ചിലവാക്കുവാൻ) അവൻ ശാസിക്കുകയില്ല. ഒരു പ്രയാസത്തിനുശേഷം

അല്ലാഹു വല്ല എളുപ്പവും ഏർപ്പെടുത്തി ക്കൊടുത്തേക്കുന്നതാണ്.

ഈ വചനങ്ങളിൽ വിവാഹ മോചനം ചെയ്യപ്പെട്ട സ്ത്രീകളോടുള്ള ചില ബാധ്യതകളെ ക്കുറിച്ച് പ്രസ്താവിക്കുന്നു:

വിവാഹ മോചനം ചെയ്യപ്പെട്ട സ്ത്രീകൾക്ക്, അവരുടെ ഇദ്ദ: കാലത്ത്, ഭർത്താവ്, അവന്റെ വസതികളിൽ ഒന്നിൽ, അല്ലെങ്കിൽ അവൻ താമസിക്കുന്ന വസതിയിൽ, അവളെ താമസിപ്പിക്കേണ്ടതാണ്. ഏതെങ്കിലും വിധേന അവളെ സ്വൈരം കെടുത്തുവാനോ, വിഷമിപ്പിക്കുവാനോ പാടുള്ളതല്ല. അവൾ ഗർഭവതിയാണെങ്കിൽ പ്രസവം കഴിയുന്നതുവരെ അവളുടെ ചിലവ് നടത്തുകയും വേണം. പ്രസവാനന്തരം അവളുമായി കൂടിയാലോചിച്ച് അവൾ തന്നെ കുട്ടിക്ക് മുല കൊടുക്കുന്ന പക്ഷം (അതാണ് വേണ്ടതും) അവൾക്ക് തക്കതായ പ്രതിഫലം നൽകേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ അവൾ മുല കൊടുക്കുന്നത് അപ്രായോഗികമാണെന്ന് വരികയാണെങ്കിൽ, വേറെ സ്ത്രീകളെ മുല കൊടുക്കുവാൻ ഏൽപിക്കാവുന്നതാണ്.

ഏതായാലും ചിലവ് കൊടുക്കുന്നതിലും, പ്രതിഫലം നൽകുന്നതിലും, പാർപ്പിട സൗകര്യം അനുവദിക്കുന്നതിലുമെല്ലാം ഓരോരുത്തരുടെയും കഴിവും നിവൃത്തി മാർഗ്ഗവുമാണ് പരിഗണിക്കപ്പെടേണ്ടത്. കഴിവിനപ്പുറം വല്ലതും ചെയ്യുവാൻ ആരോടും അല്ലാഹു നിർബ്ബന്ധിക്കുന്നതല്ല. ദാരിദ്ര്യം കൊണ്ടും മറ്റും ഞെരുങ്ങിക്കഴിയുന്നവർക്ക് ഭാവിയിൽ അല്ലാഹു അവരുടെ നില ഭേദപ്പെടുത്തി ആശ്വാസം നൽകുമെന്നും, സൽ പ്രതീക്ഷ കൈ വിടരുതെന്നും സത്യവിശ്വാസികളെ അല്ലാഹു തുടർന്ന് സമാധാനിപ്പിക്കുന്നു.

മടക്കിയെടുക്കാവുന്ന ത്വലാഖ് (ഒന്നാമത്തേയോ രണ്ടാമത്തേയോ പ്രാവശ്യം ഭാര്യയെ വിവാഹ മോചനം ചെയ്യുന്നത്) മടക്കിയെടുക്കുവാൻ പാടില്ലാത്ത ത്വലാഖ്, പാർപ്പിടത്തിന്റെയും ചിലവിന്റെയും വിഷയങ്ങൾ, വിവിധ തരത്തിലുള്ള ഇദ്ദ: കാലത്തെ നടപടി ക്രമങ്ങൾ എന്നിവയെ പറ്റി ഫിഖ്ഹ് (കർമ്മ ശാസ്ത്രം) ഗ്രന്ഥങ്ങളിൽ വിശദമായി പ്രതിപാദിക്കപ്പെട്ടിട്ടുള്ളത് ശ്രദ്ധിക്കുക.

## വിഭാഗം - 2

**വചനം 8,9,10,11:**

وَكَأَيِّن مِّن قَرْيَةٍ عَتَتْ عَنْ أَمْرِ رَبِّهَا وَرُسُلِهِۦ فَحَاسَبْنَٰهَا حِسَابًا شَدِيدًا وَعَذَّبْنَٰهَا عَذَابًا نُّكْرًا ﴿٨﴾

8 എത്രയോ രാജ്യം (രാജ്യക്കാർ) അതിൻെറ റബ്ബിൻെറയും, അവൻെറ റസൂലുകളുടെയും കൽപന ധിക്കരിച്ചു കളഞ്ഞു! അതിനാൽ, നാം അവയെ കഠിനമായ കണക്കു വിചാരണ നടത്തുകയും, നികൃഷ്ടമായ (കടുത്ത) ശിക്ഷ ശിക്ഷിക്കുകയും ചെയ്തു.

فَذَاقَتْ وَبَالَ أَمْرِهَا وَكَانَ عَٰقِبَةُ أَمْرِهَا خُسْرًا ﴿٩﴾

9 അങ്ങനെ, അവയുടെ കാര്യത്തിൻെറ ദുഷ്ഫലം അവ ആസ്വദിച്ചു; അവയുടെ കാര്യത്തിൻെറ പര്യവസാനം നഷ്ടം (തന്നെ) ആയിരുന്നുതാനും.

أَعَدَّ ٱللَّهُ لَهُمْ عَذَابًا شَدِيدًا ۖ فَٱتَّقُوا۟ ٱللَّهَ يَٰٓأُو۟لِى ٱلْأَلْبَٰبِ ٱلَّذِينَ ءَامَنُوا۟ ۚ قَدْ أَنزَلَ ٱللَّهُ إِلَيْكُمْ ذِكْرًا ﴿١٠﴾

10 അവർക്ക് (ആ രാജ്യക്കാർക്ക്) അല്ലാഹു കഠിനമായ ഒരു ശിക്ഷ ഒരുക്കിവെച്ചിരിക്കുന്നു. ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ-ബുദ്ധിമാൻമാരേ, (അതെ), വിശ്വസിച്ചവരേ തീർച്ചയായും, നിങ്ങൾക്ക് അല്ലാഹു ഒരു ഉൽബോധനം ഇറക്കിത്തന്നിരിക്കുന്നു;-

رَّسُولًا يَتْلُوا۟ عَلَيْكُمْ ءَايَٰتِ ٱللَّهِ مُبَيِّنَٰتٍ

11 (അതെ) ഒരു റസൂലിനെ (അയച്ചിരിക്കുന്നു). വ്യക്തമായി വിവരിക്കുന്നതായും കൊണ്ട്

لِّيُخْرِجَ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟
ٱلصَّٰلِحَٰتِ مِنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ ۚ وَمَن
يُؤْمِنۢ بِٱللَّهِ وَيَعْمَلْ صَٰلِحًا يُدْخِلْهُ
جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ
فِيهَآ أَبَدًا ۖ قَدْ أَحْسَنَ ٱللَّهُ لَهُۥ رِزْقًا ﴿١١﴾

അല്ലാഹുവിൻെറ 'ആയത്തുകളെ' (വേദലക്ഷ്യങ്ങളെ) അദ്ദേഹം നിങ്ങൾക്ക് ഓതിത്തരുന്നു; വിശ്വസിക്കുകയും, സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് വരുത്തുവാൻ വേണ്ടി. അല്ലാഹുവിൽ വിശ്വസിക്കുകയും, സൽകർമം പ്രവർത്തിക്കുകയും ചെയ്യുന്നതാരോ അവനെ അവൻ അടിഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗങ്ങളിൽ പ്രവേശിപ്പിക്കുന്നതാണ്; അതിൽ എന്നെന്നും നിത്യവാസികളായ നിലയിൽ. അല്ലാഹു അ(ങ്ങിനെയുള്ള) വന് ഉപജീവനം നന്നാ(യി ഒരു)ക്കി വെച്ചിട്ടുണ്ട്.

അല്ലാഹുവിന്റെയും അവന്റെ ദൂതന്മാരുടെയും കൽപനകൾ ധിക്കരിച്ച ജന വിഭാഗങ്ങൾ ഇഹത്തിൽ അനുഭവിച്ചതും പരത്തിൽ അനുഭവിക്കാനിരിക്കുന്നതുമായ ദുരന്തഫലങ്ങളെ ചൂണ്ടികാണിച്ച് കൊണ്ട് സത്യ വിശ്വാസികളായ ബുദ്ധിമാന്മാരെ അല്ലാഹു ഉപദേശിക്കുകയാണ്.

നിങ്ങൾ അല്ലാഹുവിന്റെ വിധി വിലക്കുകൾ അനുസരിച്ച് കൊണ്ട് അവനെ സൂക്ഷിക്കണം. നിങ്ങൾക്ക് നേർമാർഗ്ഗം വ്യക്തമായി വിവരിച്ച് തരുന്ന വേദഗ്രന്ഥവും ദേവദൂതനും ഉണ്ട്. ദുർമാർഗ്ഗത്തിന്റെ അന്ധകാരങ്ങളിൽ നിന്നും സന്മാർഗ്ഗത്തിന്റെ വെളിച്ചത്തിലേക്ക് അദ്ദേഹം നിങ്ങളെ കൊണ്ടുവരും. നിങ്ങൾ സത്യവിശ്വാസവും സൽകർമ്മവും കൈവിടാതിരിക്കുന്ന പക്ഷം നിങ്ങൾക്ക് ശാശ്വതമായ സ്വർഗ്ഗീയ ജീവിതം ലഭിക്കും. നിങ്ങൾക്ക് വേണ്ടതെല്ലാം അല്ലാഹു ഒരുക്കി വെച്ചിട്ടുണ്ട്.

**വചനം 12:**

ٱللَّهُ ٱلَّذِى خَلَقَ سَبْعَ سَمَٰوَٰتٍ وَمِنَ
ٱلْأَرْضِ مِثْلَهُنَّ يَتَنَزَّلُ ٱلْأَمْرُ بَيْنَهُنَّ
لِتَعْلَمُوٓا۟ أَنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ وَأَنَّ
ٱللَّهَ قَدْ أَحَاطَ بِكُلِّ شَىْءٍ عِلْمًۢا ﴿١٢﴾

12 ഏഴു ആകാശങ്ങളെ-ഭൂമിയിൽനിന്നുംതന്നെ അവയെപ്പോലെ-സൃഷ്ടിച്ചവനത്രെ അല്ലാഹു. അവയ്ക്കിടയിൽ കൽപന ഇറങ്ങിക്കൊണ്ടിരിക്കുന്നു; അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാണെന്നും, അല്ലാഹു അറിവുകൊണ്ട് എല്ലാ വസ്തുവെയും വലയം ചെയ്തിരിക്കുന്നുവെന്നും നിങ്ങൾ അറിയുവാൻവേണ്ടിയത്രെ (ഇതെല്ലാം അറിയിക്കുന്നത്).

'ഏഴു ആകാശങ്ങൾ' എന്ന് അല്ലാഹു ഖുർആനിൽ ഒന്നിലധികം സ്ഥലത്ത് പ്രസ്താവിച്ചിട്ടുണ്ട്. (സൂ: മുഅ്മിനൂൻ: 17-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിശദ വിവരം നോക്കുക) എന്നാൽ ഭൂമിയെക്കുറിച്ച് 'ഏഴ് ഭൂമികൾ' എന്ന് ഖുർആനിൽ വ്യക്തമായി എവിടെയും പ്രസ്താവിച്ചിട്ടില്ല. എങ്കിലും ഭൂമിയും ഏഴ് ഉണ്ടെന്നാണ് ഈ വചനത്തിൽ നിന്നും മനസ്സിലാക്കാവുന്നത്. ചില നബി വചനങ്ങളിൽ 'ഏഴു ഭൂമികൾ' എന്ന് വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട് താനും.

"ഒരാൾ ഭൂമിയിൽ നിന്ന് ഒരു ചാൺ സ്ഥലം അക്രമിച്ചെടുത്താൽ ഏഴ് ഭൂമികളിൽ നിന്നുമായി അത് അവന് മാലയിടപ്പെടും" (ബു, മു).

"ഏഴു ഭൂമികളെ പറ്റിയും വന്നിട്ടുള്ള ഹദീസുകളുടെ അദ്ധ്യായം" എന്ന ശീർഷകത്തിൽ ഇത് കൂടാതെയും ഹദീസുകൾ ബുഖാരി (റ) രേഖപ്പെടുത്തിയിരിക്കുന്നു. ഈ ഖുർആൻ വചനം അതിൽ ഉദ്ധരിക്കകയും ചെയ്തിട്ടുണ്ട്.

ഏഴ് ആകാശങ്ങളെക്കുറിച്ച് പറഞ്ഞത് പോലെ തന്നെ, ഏഴ് ഭൂമികളെ പറ്റിയും, അവയുടെ

യാഥാർത്ഥ്യവും സൂക്ഷ്മജ്ഞാനവും വിശദ വിവരവും അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. അല്ലാഹു അറിയിച്ച് തന്നത് യാതൊരു ഏറ്റക്കുറവും വരുത്താതെ അങ്ങ് വിശ്വസിക്കുക; യാഥാർത്ഥ്യം അവങ്കലേക്ക് വിട്ടേക്കുക; കിട്ടിക്കഴിഞ്ഞ അറിവുകൾ ഉപയോഗപ്പെടുത്തി, അവന്റെ സൃഷ്ടി വൈഭവത്തെ പറ്റി ചിന്തിക്കുക - ഇതാണ് നമുക്ക് കരണീയമായിട്ടുള്ളത്.

ആകാശ ലോകങ്ങളിലാകട്ടെ, ഭൂമി ലോകങ്ങളിലാകട്ടെ കാര്യങ്ങളെല്ലാം അല്ലാഹുവിന്റെ കൽപനയനുസരിച്ചാണ് നടമാടിക്കൊണ്ടിരിക്കുന്നത്. എല്ലാറ്റിന്റെയും നിയന്താവും ഭരണ കർത്താവും അവൻ തന്നെ. അവൻ സർവ്വ ശക്തനും സർവ്വജ്ഞനുമാകുന്നു. ഈ പരമർത്ഥങ്ങൾ മനുഷ്യൻ സദാ ഓർത്തും അറിഞ്ഞും ഇരിക്കേണ്ടതുണ്ട്. അവന്റെ സകല നന്മയുടെയും അടിത്തറ ഇതത്രേ.

# 66. സൂറത്തു - ത്തഹ്‌രീം
# (നിഷിദ്ധമാക്കൽ)

**മദീനയിൽ അവതരിച്ചത്**

വചനങ്ങൾ 12, വിഭാഗം (റുക്കൂഅ്) 2

ഒന്നാം വചനത്തിൽ, 'നീ എന്തിന് നിഷിദ്ധമാക്കുന്നു' എന്ന വചനമാകുന്ന, തഹ്‌രീം (നിഷിദ്ധമാക്കൽ) എന്ന നാമത്തിന് നിദാനം.

## വിഭാഗം - 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1:**

يَٰٓأَيُّهَا ٱلنَّبِيُّ لِمَ تُحَرِّمُ مَآ أَحَلَّ ٱللَّهُ لَكَ تَبۡتَغِي مَرۡضَاتَ أَزۡوَٰجِكَۚ وَٱللَّهُ غَفُورٞ رَّحِيمٞ ١

1 ഹേ, നബിയേ, അല്ലാഹു നിനക്ക് അനുവദനീയമാക്കിത്തന്നിട്ടുള്ളതിനെ നീ എന്തിന് നിഷിദ്ധമാക്കുന്നു?! നീ നിന്റെ ഭാര്യമാരുടെ പ്രീതിയെ തേടുന്നു. അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

ആയിശ(റ) പ്രസ്താവിച്ചതായി ബുഖാരി, മുസ്ലിം(റ) എന്നിവർ ഇപ്രകാരം ഉദ്ധരിക്കുന്നു:

"അസർ നമസ്കാരം കഴിഞ്ഞാൽ നബി(സ) ഭാര്യമാരുടെ അടുക്കൽ പോകാറുണ്ടായിരുന്നു. അക്കൂട്ടത്തിൽ സൈനബയുടെ അടുക്കൽ പോകുകയും അവിടെ നിന്ന് തേൻ കുടിക്കുകയും ചെയ്തിരുന്നു. ഞാനും ഹഫ്സയും കൂടി ഇങ്ങനെ പറഞ്ഞൊത്തു. നബി(സ) ഞങ്ങൾ രണ്ട് പേരിൽ ആരുടെ അടുക്കൽ വന്നാലും ഇങ്ങനെ പറയണം." തിരുമേനിയിൽ നിന്ന് 'മഗാഫീറി'ന്റെ (ഏതോ ഒരു വൃക്ഷത്തിന്റെ കറ - അതിന് അസുഖകരമായ മണമാകുന്നു) ഗന്ധം അനുഭവപ്പെടുന്നുവല്ലോ എന്ന്. അങ്ങനെ, തിരുമേനി ഒരാളുടെ അടുക്കൽ ചെന്നപ്പോൾ അവൾ അങ്ങനെ പറയുകയും ചെയ്തു. അപ്പോൾ തിരുമേനി ഇപ്രകാരം പറഞ്ഞു. "ഇല്ല. ഞാൻ സൈനബയുടെ അടുക്കൽ നിന്നു തേൻ കുടിച്ചതാണ്. ഇനി അത് ആവർത്തിക്കുന്നതല്ല. ഞാൻ ശപഥം ചെയ്യുന്നു. നീ മററാരോടും ഇതിനെ പറ്റി പ്രസ്താവിക്കരുത്."

മേൽ സംഭവത്തെ തുടർന്നാണ് ഈ വചനങ്ങൾ അവതരിച്ചത് എന്നാണ് പ്രബലമായ അഭിപ്രായം. വേറെയും ചില അഭിപ്രായങ്ങൾ ഉണ്ട്.

തിരുമേനിയുടെ പത്നിമാരായ അബൂബക്കർ(റ)ന്റെ മകളായ ആയിശാ(റ)യും ഉമർ(റ)ന്റെ മകളായ ഹഫ്സ(റ)യും തമ്മിൽ പ്രത്യേക സ്നേഹ ബന്ധമായിരുന്നു. മറ്റുള്ളവരേക്കാൾ അഭിമാനികളുമായിരുന്നു, അവർ. നബി(സ) സൈനബ(റ)യുടെ അടുക്കൽ നിന്ന് തേൻ കുടിക്കുന്ന പതിവ് അറിഞ്ഞ അവർക്ക് അതത്ര രസിച്ചിരുന്നില്ല. ആ പതിവ് ഇല്ലാതാക്കാൻ വേണ്ടി രണ്ടുപേരും കൂടി എടുത്ത സൂത്രമായിരുന്നു ഇത്. നബി(സ) തിരുമേനിയാകട്ടെ, തന്നിൽ നിന്ന് സുഗന്ധമല്ലാതെ, ദുർഗന്ധം പുറത്ത് വരുന്നത് ഒരിക്കലും ഇഷ്ടപ്പെടാത്ത ആളുമാണ്.

അല്ലാഹു ഹലാലാക്കിയ ഒരു ഉത്തമ വസ്തുവായ തേൻ, ചില ഭാര്യമാരുടെ അപ്രീതി ഭയന്ന്, മേലിൽ അത് കുടിക്കുകയില്ലെന്ന് തിരുമേനി സ്വയം നിഷിദ്ധമാക്കിയതിനെക്കുറിച്ചാണ് അല്ലാഹു തിരുമേനിയെ ആക്ഷേപിച്ചത്. അല്ലാതെ, അല്ലാഹു അനുവദനീയമാണെന്ന് കൽപിച്ച ഒരു കാര്യം തിരുമേനി ഹറാമാണെന്ന് (നിഷിദ്ധമാണെന്ന്) വിധിച്ചുവെന്നോ, അല്ലാഹുവിന്റെ വിധിയെ നബി(സ) അവഗണിച്ചുവെന്നോ, എന്നല്ല; അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാണെന്ന് പറഞ്ഞുകൊണ്ട് അത് സമാപിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇത്പോലെ നന്നല്ലാത്ത വല്ല കാര്യത്തെക്കുറിച്ചും സത്യം ചെയ്ത് കഴിഞ്ഞാൽ പിന്നീട് അതിന് പ്രായശ്ചിത്തം ചെയ്ത് മടങ്ങേണ്ടതുണ്ട് എന്ന് അടുത്ത വചനത്തിൽ അല്ലാഹു ചൂണ്ടി കാട്ടുന്നു.

**വചനം 2:**

قَدْ فَرَضَ ٱللَّهُ لَكُمْ تَحِلَّةَ أَيْمَـٰنِكُمْ ۚ وَٱللَّهُ مَوْلَىٰكُمْ ۖ وَهُوَ ٱلْعَلِيمُ ٱلْحَكِيمُ ﴿٢﴾

2 നിങ്ങളുടെ സത്യങ്ങൾക്കുള്ള പരിഹാരം അല്ലാഹു നിങ്ങൾക്ക് നിയമിച്ചു തന്നിട്ടുണ്ട്; അല്ലാഹു നിങ്ങളുടെ 'മൗലാ' (യജമാനൻ) ആകുന്നു; അവനത്രെ അഗാധജ്ഞനായ സർവ്വജ്ഞൻ.

പ്രായശ്ചിത്തം എന്താണെന്ന് സൂ: മാഇദ: 89-ാം വചനത്തിൽ അല്ലാഹു അറിയിച്ചിട്ടുണ്ട്. പത്ത് ദരിദ്രന്മാർക്ക്, ഭക്ഷണമോ, വസ്ത്രമോ, നൽകുക; അല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിക്കുക; അതുമല്ലെങ്കിൽ മൂന്ന് ദിവസം നോമ്പ് പിടിക്കുക - ഇതാകുന്നു പ്രായശ്ചിത്തം.

നബി(സ) ഇപ്രകാരം അരുളിയതായി അബൂ ഹുറൈറ:(റ) നിവേദനം ചെയ്തിരിക്കുന്നു:

"ഒരാൾ ഒരു കാര്യം സത്യം ചെയ്തിട്ട് അതിനേക്കാൾ ഉത്തമം മറ്റൊന്നാണെന്ന് കണ്ടാൽ അവൻ തന്റെ സത്യത്തിന് പ്രായശ്ചിത്തം നൽകുകയും ഉത്തമമായത് ഏതോ അത് ചെയ്യുകയും ചെയ്ത് കൊള്ളട്ടെ."

**വചനം 3:**

وَإِذْ أَسَرَّ ٱلنَّبِىُّ إِلَىٰ بَعْضِ أَزْوَٰجِهِۦ حَدِيثًا فَلَمَّا نَبَّأَتْ بِهِۦ وَأَظْهَرَهُ ٱللَّهُ عَلَيْهِ عَرَّفَ بَعْضَهُۥ وَأَعْرَضَ عَنۢ بَعْضٍ ۖ فَلَمَّا نَبَّأَهَا بِهِۦ قَالَتْ مَنْ أَنۢبَأَكَ هَـٰذَا ۖ قَالَ نَبَّأَنِىَ ٱلْعَلِيمُ ٱلْخَبِيرُ ﴿٣﴾

3 തൻെറ ഭാര്യമാരിൽ ചിലരോട് നബി ഒരു വർത്തമാനം രഹസ്യമായിപ്പറഞ്ഞ സന്ദർഭം: എന്നിട്ട് അവൾ അതിനെക്കുറിച്ചു (മറ്റൊരാളോട്) വിവരമറിയിക്കുകയും, അല്ലാഹു അദ്ദേഹത്തിന് (നബിക്ക്) അതിനെപ്പറ്റി വെളിവാക്കിക്കൊടുക്കുകയും ചെയ്തപ്പോൾ, അതിൻെറ ചിലഭാഗം അദ്ദേഹം അറിയിച്ചുകൊടുക്കുകയും, ചിലഭാഗം വിട്ടുകളയുകയും ചെയ്തു. അങ്ങനെ, അദ്ദേഹം അവൾക്ക് അതിനെക്കുറിച്ചു വിവരമറിയിച്ചപ്പോൾ, അവൾ പറഞ്ഞു: "ഇത് ആരാണ് അങ്ങേക്ക് വിവരമറിയിച്ചുതന്നത്?!'' അദ്ദേഹം പറഞ്ഞു: "എനിക്ക് സൂക്ഷ്മമായി അറിയുന്ന സർവ്വജ്ഞൻ വിവരമറിയിച്ചിരിക്കുന്നു."

സൈനബ(റ)യുടെ വീട്ടിൽ നിന്ന് തേൻ കുടിച്ചതും, തുടർന്ന് മേലിൽ തേൻ കുടിക്കുകയില്ലെന്ന് ഹഫ്സ(റ)യോട് ശപഥം ചെയ്യുകയും ചെയ്തപ്പോൾ തിരുമേനി, ഇത് ആരേയും അറിയിക്കരുതെന്ന് കൂടി അവരോട് പറഞ്ഞിട്ടുണ്ടായിരുന്നവല്ലോ: പക്ഷേ ഹഫ്സ(റ) ആ വിവരം ആയിശ(റ)യോട് പറയുകയുണ്ടായി. വഹ്‌യ് മുഖേന ഈ വിവരം അറിഞ്ഞ നബി(സ)താനറിഞ്ഞതിന്റെ ചില ഭാഗം മാത്രം ഹഫ്സ(റ)യെ അറിയിച്ചു. മുഴുവൻ ഭാഗം അറിഞ്ഞതായി പ്രസ്താവിച്ചാൽ അത് അവർക്ക് അപമാനമായിരിക്കുമല്ലോ. തങ്ങൾ തമ്മിൽ നടന്ന ഈ രഹസ്യം ആയിശ(റ), തിരുമേനിയോട് പറഞ്ഞിരിക്കുമോ എന്നൊന്നും അറിയാതെ, അവർക്ക് പരിഭ്രമമായി. അതേക്കുറിച്ച് തിരുമേനിയോട് ചോദിച്ചപ്പോൾ, എല്ലാം അറിയുന്ന അല്ലാഹുവാണ് അറിയിച്ച് തന്നതെന്ന് അവിടുന്ന് ഉത്തരം പറയുകയും ചെയ്തു.

**വചനം 4:**

إِن تَتُوبَآ إِلَى ٱللَّهِ فَقَدْ صَغَتْ قُلُوبُكُمَا ۖ وَإِن تَظَـٰهَرَا عَلَيْهِ فَإِنَّ ٱللَّهَ هُوَ مَوْلَىٰهُ

4 നിങ്ങൾ രണ്ടുപേരും അല്ലാഹുവിങ്കലേക്കു പശ്ചാത്തപിക്കുന്നപക്ഷം (അതാവശ്യം തന്നെ); (കാരണം) നിങ്ങളുടെ ഹൃദയങ്ങൾ ചെരിഞ്ഞുപോയിട്ടുണ്ട്. നിങ്ങൾ രണ്ടുപേരും

وَجِبْرِيلُ وَصَٰلِحُ ٱلْمُؤْمِنِينَ وَٱلْمَلَٰٓئِكَةُ بَعْدَ ذَٰلِكَ ظَهِيرٌ ﴿٤﴾

അദ്ദേഹത്തിനെതിരെ പരസ്പരം പിൻതുണ നൽകുകയാണെങ്കിലോ, എന്നാൽ, (അറിഞ്ഞേക്കുക:) അല്ലാഹുവത്രെ അദ്ദേഹത്തിൻെറ 'മൗലാ'(സഹായി). ജിബ്‌രീലും, സത്യവിശ്വാസികളിലെ സദ്‌വൃത്തരും (സഹായികളാകുന്നു). അതിനുപുറമെ, മലക്കുകളും പിൻതുണ നൽകുന്നവരാണ്.

ഈ ഗൂഢ പ്രവർത്തനത്തിൽ പങ്കെടുത്ത രണ്ട് പേരുടെയും പേര് വ്യക്തമാക്കാതെ, അവരെ അഭിമുഖീകരിച്ച് കൊണ്ട് അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ച് മടങ്ങുവാൻ, അല്ലാഹു കൽപിക്കുന്നു. ഏത് ചെറിയ കാര്യത്തിലും നബി(സ)യുടെ കൽപനകൾ പൂർണ്ണമായി അനുസരിക്കേണ്ടവരാണ് അവിടുത്തെ പത്നിമാർ. ആ കാര്യത്തിലുള്ള ചെറിയ വീഴ്ചപോലും അല്ലാഹു ഗൗരവമായി വീക്ഷിക്കുന്നു.

അല്ലാഹു റസൂൽ തിരുമേനിയുടെ മൗലാ(സഹായി)യും, ജിബ്‌രീലും, സത്യവിശ്വാസികളിലെ സദ്‌വൃത്തരും, സഹായികളും, മലക്കുകൾ പിൻതുണ നൽകുന്നവരുമാകുന്നു എന്ന വസ്തുത അല്ലാഹു അവരെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

**വചനം 5:**

عَسَىٰ رَبُّهُۥٓ إِن طَلَّقَكُنَّ أَن يُبْدِلَهُۥٓ أَزْوَٰجًا خَيْرًا مِّنكُنَّ مُسْلِمَٰتٍ مُّؤْمِنَٰتٍ قَٰنِتَٰتٍ تَٰٓئِبَٰتٍ عَٰبِدَٰتٍ سَٰٓئِحَٰتٍ ثَيِّبَٰتٍ وَأَبْكَارًا ﴿٥﴾

5 (നബിയുടെ പത്നിമാരേ)നിങ്ങളെ അദ്ദേഹം വിവാഹമോചനംചെയ്യുന്നപക്ഷം നിങ്ങളെക്കാൾ ഉത്തമരായ ഭാര്യമാരെ അദ്ദേഹത്തിന് അദ്ദേഹത്തിൻെറ റബ്ബ് പകരം നൽകിയേക്കാം. അതായത്, മുസ്‌ലിംകളായ, സത്യവിശ്വാസിനികളായ, ഭക്തികാണിക്കുന്നവരായ, പശ്ചാത്തപിക്കുന്നവരായ, ആരാധനക്കാരികളായ, വ്രതം ആചരിക്കുന്നവരായ, വിധവകളും കന്യകകളുമായ സ്ത്രീകളെ.

നിലവിലുള്ള ഭാര്യമാരെ മുഴുവനും വിവാഹ മോചനം നൽകി വിടേണ്ടി വന്നാലും, നബി(സ)ക്ക് അതുകൊണ്ട് ഒരു ദോഷവും സംഭവിക്കുവാനില്ലെന്നും, അവരേക്കാൾ ഏത് നിലക്കും ഉത്തമരായ സ്ത്രീകളെ അല്ലാഹു അവിടുത്തേക്ക് പകരം നൽകിയേക്കാം എന്നും അല്ലാഹു അറിയിക്കുന്നു.

**വചനം 6,7:**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ قُوٓا۟ أَنفُسَكُمْ وَأَهْلِيكُمْ نَارًا وَقُودُهَا ٱلنَّاسُ وَٱلْحِجَارَةُ عَلَيْهَا مَلَٰٓئِكَةٌ غِلَاظٌ شِدَادٌ لَّا يَعْصُونَ ٱللَّهَ مَآ أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ ﴿٦﴾

6 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ നിങ്ങളുടെ ദേഹങ്ങളെയും, നിങ്ങളുടെ കുടുംബങ്ങളെയും ഒരു (വമ്പിച്ച) അഗ്നിയിൽനിന്നു കാത്തുകൊള്ളുവിൻ! അതിൽ കത്തിക്കപ്പെടുന്നത് (വിറക്) മനുഷ്യരും, കല്ലുമാകുന്നു. അതിൻെറ മേൽ(നോട്ടത്തിന്) പരുഷസ്വഭാവക്കാരും കഠിനൻമാരുമായ മലക്കുകളുണ്ടായിരിക്കും. അവരോടു കൽപിച്ചതിൽ അവർ അല്ലാഹുവിനോട് അനുസരണക്കേട് കാട്ടുകയില്ല; അവരോട് കൽപിക്കപ്പെടുന്നത് (ഏതും) അവർ ചെയ്യുകയും ചെയ്യും.

يَٰٓأَيُّهَا ٱلَّذِينَ كَفَرُوا۟ لَا تَعْتَذِرُوا۟ ٱلْيَوْمَ إِنَّمَا تُجْزَوْنَ مَا كُنتُمْ تَعْمَلُونَ ﴿٧﴾

7 (പറയപ്പെടും:) “ഹേ, അവിശ്വസിച്ചവരേ, ഇന്നു നിങ്ങൾ ഒഴികഴിവു പറയേണ്ട നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനു മാത്രമേ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നുള്ളു.”

വിശ്വാസികൾക്ക് തങ്ങളുടെയും തങ്ങളുടെ കുടുംബത്തിന്റെയും വിഷയത്തിലുള്ള ഉത്തരവാദിത്തം അല്ലാഹു ഓർമ്മപ്പെടുത്തുന്നു.

ഈ ലോകത്തുള്ള അഗ്നിയേക്കാൾ എഴുപത് ഇരട്ടി ഉഷ്ണമേറിയതാണ് നരകാഗ്നി എന്ന് നബി(സ)അരുളിയിട്ടുണ്ട്. (ബു.മു) അതിൽ വിറകായി ഉപയോഗിക്കപ്പെടുക (മഹാപാപികളായ) മനുഷ്യരും കല്ലുകളുമാണെന്ന് അല്ലാഹു അറിയിക്കുന്നു. ഈ കല്ലുകൾ ഏതാണെന്നതിനെപറ്റി പല മഹാന്മാരും പല അഭിപ്രായങ്ങളും പ്രകടിപ്പിച്ചിട്ടുണ്ടെങ്കിലും (വിഗ്രഹരാധകർ ഉണ്ടാക്കിയ വിഗ്രഹത്തിന്റെ കല്ലുകളാണെന്നും, ദുർഗന്ധം വമിക്കുന്ന, ആളിക്കത്തുന്ന ഗന്ധകക്കല്ലുകളാണെന്നും മറ്റും) സത്യസ്ഥിതി അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ.

നരകാഗ്നിയുടെ കാഠിന്യത്തെപറ്റി പറഞ്ഞശേഷം, അതിന്റെ കൈകാര്യക്കാരായ മലക്കുകളുടെ സ്വഭാവം അല്ലാഹു ചൂണ്ടിക്കാട്ടുന്നു - ഒട്ടും ദയ തോന്നാത്തവരും, അതി ശക്തന്മാരും, അല്ലാഹുവിന്റെ ഏത് കൽപനയും അനുസരിക്കുന്നവരുമാണവർ. കഠിനമായ ശിക്ഷ അനുഭവിക്കുന്ന നരകസ്ഥരായ ആളുകളുടെ അപേക്ഷകളോ, ഒഴിവ് കഴിവുകളോ അവർ പരിഗണിക്കുന്നതല്ല തന്നെ. ഇങ്ങനെയുള്ള നരക ശിക്ഷയിൽ അകപ്പെടാൻ ഇടയാകാതെ, ഓരോ സത്യ വിശ്വാസിയും അവനവനെ മാത്രമല്ല, താന്താങ്ങളുടെ ഭാര്യ, മക്കൾ മുതലായ കുടുംബാംഗങ്ങളേയും കാത്ത് കൊള്ളണമെന്ന് അല്ലാഹു മുന്നറിയിപ്പ് നൽകുന്നു. ഒരാൾ തന്റെ കുടുംബാംഗങ്ങളെ അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ച് ജീവിക്കാൻ നിർബ്ബന്ധിക്കാതെ, സ്വന്തം നിലക്ക് എത്ര ഭയഭക്തനും സൽകർമ്മിയും ആയിരുന്നാലും ശരി അയാൾ അല്ലാഹുവിന്റെ അടുക്കൽ ശിക്ഷാർഹൻ തന്നെയായിരിക്കും. അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ - ആമീൻ.

## വിഭാഗം - 2

**വചനം 8:**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ تُوبُوٓا۟ إِلَى ٱللَّهِ تَوْبَةً نَّصُوحًا عَسَىٰ رَبُّكُمْ أَن يُكَفِّرَ عَنكُمْ سَيِّـَٔاتِكُمْ وَيُدْخِلَكُمْ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ يَوْمَ لَا يُخْزِى ٱللَّهُ ٱلنَّبِىَّ وَٱلَّذِينَ ءَامَنُوا۟ مَعَهُۥ ۖ نُورُهُمْ يَسْعَىٰ بَيْنَ أَيْدِيهِمْ وَبِأَيْمَٰنِهِمْ يَقُولُونَ رَبَّنَآ أَتْمِمْ لَنَا نُورَنَا وَٱغْفِرْ لَنَآ ۖ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٨﴾

8 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് ആത്മാർത്ഥമായ പശ്ചാത്താപം പശ്ചാത്തപിക്കുവിൻ. (എന്നാൽ) നിങ്ങളുടെ റബ്ബ് നിങ്ങൾക്ക് നിങ്ങളുടെ തിൻമകളെ മൂടിവെച്ചു (മാപ്പാക്കി) തരുകയും, താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗ്ഗങ്ങളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം; (അതെ) നബിയെയും, അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും അല്ലാഹു അപമാനത്തിലാക്കാത്ത ദിവസം. തങ്ങളുടെ പ്രകാശം അവരുടെ മുമ്പിലൂടെയും, അവരുടെ വലഭാഗങ്ങളിലൂടെയും പാഞ്ഞു (വ്യാപിച്ചു) കൊണ്ടിരിക്കും. അവർ പറയും: “ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്ക് ഞങ്ങളുടെ പ്രകാശം പൂർത്തീകരിച്ചു തരേണമേ! ഞങ്ങൾക്ക് പൊറുത്തുതരുകയും വേണമേ! നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.”

ആത്മാർത്ഥമായ പശ്ചാത്താപം (توبة نصوحا) എന്നതിന്റെ ഉദ്ദേശ്യം കുറ്റങ്ങളിൽ നിന്നും ആത്മാർത്ഥമായി ഖേദിച്ചു മടങ്ങുക എന്ന് തന്നെ. ചെയ്ത് കഴിഞ്ഞ കുറ്റങ്ങളെ പറ്റി ഖേദം, മേലിൽ ചെയ്കയില്ലെന്ന് ദൃഢ നിശ്ചയം, അന്യനെ സംബന്ധിക്കുന്ന കുറ്റമാണെങ്കിൽ അവനോട് മാപ്പ് വാങ്ങുക, മേലിൽ നല്ല നില കൈക്കൊള്ളുക - ഇതെല്ലാമാണ് അതിനുള്ള ഉപാധികൾ. ഇത്തരത്തിൽ തൗബ: (പശ്ചാത്താപം) ചെയ്യുന്നവർക്കും അവരുടെ പാപങ്ങൾ പൊറുക്കപ്പെടുമെന്ന് മാത്രമല്ല, അവർക്ക് വമ്പിച്ച പ്രതിഫലം അല്ലാഹു നൽകുന്നതുമാണ്. (സൂ:ഫുർഖാൻ 70 നോക്കുക) സത്യ വിശ്വാസികൾക്ക് പര

ലോകത്ത് വെച്ച് ലഭിക്കുന്ന പ്രകാശത്തെക്കുറിച്ച് സൂ:ഹദീദ്: 12-ാം വചനത്തിൽ പ്രസ്താവിച്ചത് ശ്രദ്ധിക്കുക.

**വചനം 9:**

يَٰٓأَيُّهَا ٱلنَّبِيُّ جَٰهِدِ ٱلْكُفَّارَ وَٱلْمُنَٰفِقِينَ وَٱغْلُظْ عَلَيْهِمْ ۚ وَمَأْوَىٰهُمْ جَهَنَّمُ ۖ وَبِئْسَ ٱلْمَصِيرُ ﴿٩﴾

9 ഹേ, നബിയേ, അവിശ്വാസികളോടും, കപട വിശ്വാസികളോടും സമരം ചെയ്യുക; അവരോട് പരുഷമായി പെരുമാറുകയും ചെയ്യുക. അവരുടെ സങ്കേതം 'ജഹന്നം' (നരകം) ആകുന്നു. (ആ) തിരിച്ചെത്തുന്ന സ്ഥലം എത്രയോ ചീത്ത!

അവിശ്വാസികളോടുള്ള സമരത്തിന് ആയുധങ്ങളും സംഘട്ടനങ്ങളും ആവശ്യമായി വന്നേക്കും. എന്നാൽ കപട വിശ്വാസികൾ ബാഹ്യത്തിൽ മുസ്‌ലിംകളാകകൊണ്ട് അവരോടുള്ള സമരം നീതിന്യായങ്ങളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലും, അവരിൽ ഇസ്‌ലാമിക ശിക്ഷാ നിയമങ്ങൾ നടപ്പിൽ വരുത്തുന്നത് മുഖേനയും ആയിരിക്കും.

**വചനം 10,11,12:**

ضَرَبَ ٱللَّهُ مَثَلًا لِّلَّذِينَ كَفَرُوا۟ ٱمْرَأَتَ نُوحٍ وَٱمْرَأَتَ لُوطٍ ۖ كَانَتَا تَحْتَ عَبْدَيْنِ مِنْ عِبَادِنَا صَٰلِحَيْنِ فَخَانَتَاهُمَا فَلَمْ يُغْنِيَا عَنْهُمَا مِنَ ٱللَّهِ شَيْـًٔا وَقِيلَ ٱدْخُلَا ٱلنَّارَ مَعَ ٱلدَّٰخِلِينَ ﴿١٠﴾

10 അവിശ്വസിച്ചവർക്ക് അല്ലാഹു ഒരു ഉദാഹരണം എടുത്തു കാട്ടുകയാണ്, നൂഹിന്റെ ഭാര്യയെയും, ലൂത്ത്വിന്റെ ഭാര്യയെയും. രണ്ടു സ്ത്രീകളും നമ്മുടെ അടിയാൻമാരിൽപെട്ട രണ്ടു സദ്‌വൃത്തരായ അടിയാൻമാരുടെ കീഴിലായിരുന്നു; എന്നിട്ട് രണ്ടുപേരും അവരെ വഞ്ചിച്ചു. എന്നാൽ, അവർക്ക് (ആ രണ്ടു സ്ത്രീകൾക്കും) അല്ലാഹുവിങ്കൽനിന്ന് (ഉണ്ടാക്കുന്ന) യാതൊന്നും അവർ രണ്ടാളും ഒഴിവാക്കിക്കൊടുത്തില്ല. (അവരോട്) പറയപ്പെടുകയും ചെയ്തു: "നരകത്തിൽ പ്രവേശിക്കുന്നവരോടൊപ്പം നിങ്ങൾ രണ്ടുപേരും (അതിൽ) പ്രവേശിച്ചുകൊള്ളുക" എന്ന്!

وَضَرَبَ ٱللَّهُ مَثَلًا لِّلَّذِينَ ءَامَنُوا۟ ٱمْرَأَتَ فِرْعَوْنَ إِذْ قَالَتْ رَبِّ ٱبْنِ لِى عِندَكَ بَيْتًا فِى ٱلْجَنَّةِ وَنَجِّنِى مِن فِرْعَوْنَ وَعَمَلِهِۦ وَنَجِّنِى مِنَ ٱلْقَوْمِ ٱلظَّٰلِمِينَ ﴿١١﴾

11 വിശ്വസിച്ചവർക്കും അല്ലാഹു ഒരു ഉദാഹരണം എടുത്തുകാട്ടുന്നു, ഫിർഔന്റെ ഭാര്യയെ, അതായത്, അവൾ പറഞ്ഞ സന്ദർഭം: "എന്റെ റബ്ബേ, എനിക്ക് നിന്റെ അടുക്കൽ സ്വർഗത്തിൽ ഒരു വീട് സ്ഥാപിച്ചുതരേണമേ! ഫിർഔനിൽനിന്നും, അവന്റെ പ്രവർത്തനത്തിൽനിന്നും നീ എന്നെ രക്ഷിക്കുകയും ചെയ്യേണമേ! അക്രമികളായ ജനങ്ങളിൽ നിന്നും എന്നെ നീ രക്ഷിക്കുകയും ചെയ്യേണമേ!"

وَمَرْيَمَ ٱبْنَتَ عِمْرَٰنَ ٱلَّتِىٓ أَحْصَنَتْ فَرْجَهَا فَنَفَخْنَا فِيهِ مِن رُّوحِنَا وَصَدَّقَتْ بِكَلِمَٰتِ رَبِّهَا وَكُتُبِهِۦ وَكَانَتْ مِنَ ٱلْقَٰنِتِينَ ﴿١٢﴾

12 ഇംറാന്റെ മകൾ മർയമിനെയും (ഉദാഹരണമാക്കുന്നു); (അതായത്) തന്റെ ഗുഹ്യസ്ഥാനം സൂക്ഷി(ച്ച് ചാരിത്ര്യശുദ്ധി സംരക്ഷി)ക്കുകയും, അങ്ങിനെ, നമ്മുടെ (വക) ആത്മാവിൽ നിന്നും അതിൽ നാം ഊതുകയും ചെയ്തവൾ- തന്റെ റബ്ബിന്റെ വചനങ്ങളെയും, അവന്റെ വേദഗ്രന്ഥങ്ങളെയും അവൾ സത്യമാ(യി

വിശ്വസി) ക്കുകയും ചെയ്തു. അവൾ ഭക്ത
രുടെ കൂട്ടത്തിൽ (പെട്ടവൾ) ആയിരുന്നു
താനും.

സത്യവിശ്വാസവും സൽകർമ്മങ്ങളും കൊണ്ടല്ലാതെ, പ്രവാചകന്മാരടക്കമുള്ള മഹാന്മാരുടെ ബന്ധുക്കൾക്ക് പോലും രക്ഷയില്ല എന്ന് അല്ലാഹു നൂഹ്(അ) ലൂത്ത്(അ) നബിമാരുടെ ഭാര്യമാരുടെ ഉദാഹരണം എടുത്ത് കാട്ടി വിവരിക്കുന്നു. അവർ രണ്ടുപേരും തങ്ങളുടെ ഭർത്താക്കളായ പ്രവചകന്മാരുടെ പ്രബോധനങ്ങൾക്ക് എതിരായി കാപട്യം സ്വീകരിക്കുകയാണ് ചെയ്തിരുന്നത്. പ്രവാചകന്മാരുടെ ഭാര്യമാരാണെന്നുള്ളത് കൊണ്ട് അവർക്ക് നരക ശിക്ഷയിൽ നിന്ന് യാതൊരു രക്ഷയും കിട്ടിയില്ല.

എന്നാൽ കടുത്ത ധിക്കാരിയായ ഫിർഔന്റെ ഭാര്യ - ഇവരുടെ പേര് ആസിയ എന്നാണെന്ന് ഹദീസിൽ വന്നിട്ടുണ്ട് - അവന്റെ അക്രമങ്ങൾ വകവെക്കാതെ, വമ്പിച്ച ത്യാഗങ്ങൾ സഹിച്ച്കൊണ്ട്, അല്ലാഹുവിൽ വിശ്വസിക്കുകയും എല്ലാം അല്ലാഹുവിൽ അർപ്പിക്കുകയും ചെയ്തു. അങ്ങനെ അവർക്ക് അല്ലാഹുവിങ്കൽ മഹത്തായ സ്ഥാനമാനങ്ങൾ ലഭിക്കുകയും ചെയ്തു.

മറ്റൊരു മഹതിയായ ഇംറാന്റെ മകളും ഈസാ(അ) നബിയുടെ മാതാവുമായ മറിയം(റ) ഗുണവതിയും സദ്‌വൃത്തയുമായിരുന്നു. അവർ തന്റെ ചാരിത്ര്യശുദ്ധി സംരക്ഷിക്കുകയും, അല്ലാഹുവിന്റെ കൽപനകളും വേദവാക്യങ്ങളും ശരിക്ക് പാലിച്ചുകൊണ്ട് അല്ലാഹുവിന്റെ മഹത്തായ ആദരവിനും അനുഗ്രഹത്തിനും പാത്രമായിത്തീരുകയും ചെയ്തു.

(12-ാം വചനത്തിൽ 'ഗുഹ്യസ്ഥാനം സൂക്ഷിച്ചവൾ' "നമ്മുടെ ആത്മാവിൽ നിന്നും നാം ഊതുമയും ചെയ്തവൾ" എന്നീ വാക്യങ്ങളുടെ വിശദ വിവരം സൂ:അൻബിയാഉ്: 91-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചത് ശ്രദ്ധിക്കുക.)

# 67. സൂറത്തുൽ – മുൽക് (ആധിപത്യം)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 30, വിഭാഗം (റുക്കൂഅ്) 2

(അവസാനത്തെ വചനം മദനീയാണെന്നും അഭിപ്രായമുണ്ട്.)

ആദ്യത്തെ വചനത്തിൽ അല്ലാഹുവിന്റെ 'ആധിപത്യ'(മുൽക്)ത്തെ ക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നു.

**ജുസുഅ് – 29**

## വിഭാഗം – 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2:**

1 രാജാധിപത്യം യാതൊരുവൻെറ കയ്‌വശമാണോ അവൻ നൻമ (അഥവാ മഹത്വം) ഏറിയവനാകുന്നു. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമത്രെ.

2 നിങ്ങളിൽ ആരാണ് കൂടുതൽ നല്ല പ്രവൃത്തി ചെയ്യുന്നവരെന്ന് നിങ്ങളെ പരീക്ഷണം ചെയ്‌വാൻവേണ്ടി, മരണവും ജീവിതവും സൃഷ്ടിച്ചവനാണ് (അവൻ) അവനത്രെ, വളരെ പൊറുക്കുന്നവനായ പ്രതാപശാലി.

تَبَٰرَكَ ٱلَّذِى بِيَدِهِ ٱلْمُلْكُ وَهُوَ عَلَىٰ كُلِّ
شَىْءٍ قَدِيرٌ ﴿١﴾
ٱلَّذِى خَلَقَ ٱلْمَوْتَ وَٱلْحَيَوٰةَ لِيَبْلُوَكُمْ أَيُّكُمْ
أَحْسَنُ عَمَلًا ۚ وَهُوَ ٱلْعَزِيزُ ٱلْغَفُورُ ﴿٢﴾

അഖില വസ്തുക്കളുടെയും രാജാധിപതിയായ അല്ലാഹു സർവ്വവിധ നന്മകളാലും അനുഗൃഹീതനാകുന്നു; അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

കേവലം ശൂന്യാവസ്ഥയിലായിരുന്ന മനുഷ്യൻ ഭൂമിയിൽ പിറക്കുന്നതും, ജീവിതാന്ത്യത്തിൽ അവൻ മരണപ്പെടുന്നതും അവന്റെ ആഗ്രഹമനുസരിച്ചോ, ഉദ്ദേശ്യമനുസരിച്ചോ, പ്രവർത്തന ഫലമായോ, അല്ല സംഭവിക്കുന്നത്. രണ്ടും അല്ലാഹുവിന്റെ ഇഛക്കനുസരിച്ചത്രേ സംഭവിക്കുന്നത്. അപ്പോൾ ഈ ജീവിതത്തിന്റെ ലക്ഷ്യം എന്തായിരിക്കുമെന്ന് തീരുമാനിക്കുന്നതും അല്ലാഹു തന്നെ. മരണത്തോടെ മനുഷ്യജീവിതം അവസാനിക്കുന്നില്ല – അനന്തമായ മറ്റൊരു ജീവിതത്തിലേക്കുള്ള പ്രയാണമാകുന്നു ഐഹിക ജീവിതം. ആ ജീവിതത്തിലേക്കുള്ള പ്രവേശനമാണ് മരണം. ആ ജീവിതം സുഖകരമാക്കുന്നതിന് ആവശ്യമായ സമ്പത്ത് തയ്യാറാക്കുകയത്രേ ഈ താൽകാലിക ഇഹലോക ജീവിതത്തിന്റെ ലക്ഷ്യം. അപ്പോൾ, മരണവും ജീവിതവും ഏർപ്പെടുത്തിയിരിക്കുന്നത്, നിങ്ങളിൽ വെച്ച് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവർ ആരൊക്കെയാണെന്ന് പരിശോധിക്കുവാൻ വേണ്ടിയാണെന്ന് അല്ലാഹു പ്രസ്താവിക്കുന്നു.

**വചനം 3,4:**

3 അടുക്കുകളായ നിലയിൽ ഏഴു ആകാശങ്ങളെ സൃഷ്ടിച്ചവനാണ് (അവൻ). പരമകാരുണികനായുള്ളവൻെറ സൃഷ്ടിയിൽ യാതൊരു ഏറ്റ കുറച്ചിലും നീ കാണുകയില്ല. എന്നാൽ, നീ (ഒന്നു) ദൃഷ്ടി മട(ക്കിനോ)ക്കുക: വല്ല പിളവും നീ കാണുന്നുവോ?!

4 പിന്നെയും രണ്ടു ആവർത്തി നീ മട (ക്കിനോ)ക്കുക: നിന്ദ്യമായനിലയിൽ നിന്നിലേക്കുതന്നെ ദൃഷ്ടി തിരിച്ചുവരുന്നതാണ് – അതാകട്ടെ. പരാജയപ്പെട്ടതും പരവശപ്പെട്ടതുമായിരിക്കും.

ٱلَّذِى خَلَقَ سَبْعَ سَمَٰوَٰتٍ طِبَاقًا ۖ مَّا تَرَىٰ
فِى خَلْقِ ٱلرَّحْمَٰنِ مِن تَفَٰوُتٍ ۖ فَٱرْجِعِ
ٱلْبَصَرَ هَلْ تَرَىٰ مِن فُطُورٍ ﴿٣﴾
ثُمَّ ٱرْجِعِ ٱلْبَصَرَ كَرَّتَيْنِ يَنقَلِبْ إِلَيْكَ
ٱلْبَصَرُ خَاسِئًا وَهُوَ حَسِيرٌ ﴿٤﴾

'ഏഴ് ആകാശങ്ങളെ' ക്കുറിച്ച് ഇതിന് മുമ്പ് വിശദീകരിച്ചുള്ളതാകുന്നു (സൂ: മുഅ്മിനൂൻ: 17; സൂ: ത്വലാഖ്: 12 എന്നീ വചനങ്ങളുടെ വ്യാഖ്യാനം നോക്കുക) അവ ഒന്നൊന്നിന് മീതെ അടുക്കടുക്കായി - അഥവാ തട്ട് തട്ടായി - സ്ഥിതി ചെയ്യുന്നു വെന്ന് അല്ലാഹു ഇവിടെ വ്യക്തമായി പ്രസ്താവിക്കുന്നു. ഹദീസുകളിലും ഇതിനെപറ്റി പ്രസ്താവിച്ച് കാണാം. (സൂ: നൂഹ്: 15 നോക്കുക)

പരമ കാരുണികനായ അല്ലാഹുവിന്റെ സൃഷ്ടിയിൽ യാതൊരു ഏറ്റക്കുറച്ചിലോ വൈകല്യമോ കാണാൻ കഴിയുകയില്ലെന്ന് അല്ലാഹു പ്രസ്താവിക്കുന്നു. ആകാശ സൃഷ്ടിയിൽ വല്ല പോരായ്മയും ഉണ്ടോ എന്ന് വീണ്ടും വീണ്ടും പരോശോധിച്ച് നോക്കുവാൻ അല്ലാഹു മനുഷ്യരെ ആവർത്തിച്ച് ആഹ്വാനം ചെയ്യുന്നു. എന്നാൽ നിങ്ങൾ പരാജിതരായി പരവശപ്പെട്ടു കൊണ്ട് പിൻ മടങ്ങുക തന്നെ വേണ്ടി വരുമെന്ന് ഖണ്ഡിതമായി പ്രഖ്യാപിക്കുക കൂടി ചെയ്യുന്നു.

അല്ലാഹുവിന്റെ മഹത്വത്തിനുള്ള മറ്റൊരു ദൃഷ്ടാന്തമാണ് അടുത്ത വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്.

**വചനം 5:**

وَلَقَدْ زَيَّنَّا ٱلسَّمَآءَ ٱلدُّنْيَا بِمَصَٰبِيحَ وَجَعَلْنَٰهَا رُجُومًا لِّلشَّيَٰطِينِ ۖ وَأَعْتَدْنَا لَهُمْ عَذَابَ ٱلسَّعِيرِ ﴿٥﴾

5 തീർച്ചയായും ഏറ്റവും അടുത്ത ആകാശത്തെ (നക്ഷത്ര) വിളക്കുകൾകൊണ്ടു നാം അലങ്കരിച്ചിട്ടുണ്ട്. അവയെ നാം പിശാചുക്കളെ എറിഞ്ഞാട്ടുന്നവയും ആക്കിയിരിക്കുന്നു. അവർക്ക് ജ്വലിക്കുന്ന അഗ്നി (നരക) ശിക്ഷ നാം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

ഏറ്റവും അടുത്ത ആകാശത്തെ എണ്ണമറ്റ നക്ഷത്രങ്ങളെക്കൊണ്ട് അല്ലാഹു അലങ്കരിച്ചിരിക്കുന്നു. ഭൂമിക്ക് മീതെ വളരെ കമനീയമായി നിർമ്മിക്കപ്പെട്ട അതി വിശാലമായ ഒരു പന്തലിന്റെ മുകൾ ഭാഗത്ത് മിന്നിത്തിളങ്ങുന്ന ദീപാലങ്കാരമായും അല്ലാഹു അവയെ ആക്കിവെച്ചിരിക്കുന്നു. കൂടാതെ ആകാശത്ത് വെച്ച് മലക്കുകൾക്കിടയിൽ നടക്കുന്ന ചില സംസാരങ്ങളെ പതിയിരുന്ന് കട്ട് കേൾക്കുന്ന പിശാചുക്കളെ ആട്ടിയോടിക്കാനുള്ള ഒരു ഏർപ്പാടും ആ നക്ഷത്രങ്ങൾ വഴി അല്ലാഹു ചെയ്ത് വെച്ചിരിക്കുന്നു - അവയിൽ നിന്ന് പുറത്ത് വരുന്ന ഒരു തരം അഗ്നി ജ്വാലകളാകുന്ന ഉൽക്കകൾ മൂലം പിശാചുക്കൾ എറിഞ്ഞാട്ടപ്പെടുന്നു. (സൂ: ഹിജ്ർ: 16,17,18; സൂ:സ്വാഫ്ഫാത്ത് 6-10; സൂ: ജിന്ന്: 8,9 വചനങ്ങൾ ശ്രദ്ധിക്കുക) പിശാചുക്കൾക്ക് ശാശ്വതമായ നരക ശിക്ഷ ഉണ്ടായിരിക്കുന്നതാണെന്ന് തുടർന്ന് അല്ലാഹു പ്രസ്താവിക്കുന്നു.

**വചനം 6,7,8,9,10,11:**

وَلِلَّذِينَ كَفَرُوا۟ بِرَبِّهِمْ عَذَابُ جَهَنَّمَ ۖ وَبِئْسَ ٱلْمَصِيرُ ﴿٦﴾

6 തങ്ങളുടെ രക്ഷിതാവിൽ അവിശ്വസിച്ചവർക്ക് 'ജഹന്നമി' (നരകത്തി)ൻെറ ശിക്ഷയുണ്ട്. (ആ) തിരിച്ചെത്തുന്ന സ്ഥലം വളരെ ചീത്ത!

إِذَآ أُلْقُوا۟ فِيهَا سَمِعُوا۟ لَهَا شَهِيقًا وَهِىَ تَفُورُ ﴿٧﴾

7 അവർ അതിൽ ഇടപ്പെട്ടാൽ, അതിന് ഒരു ഗർജ്ജനം അവർ കേൾക്കുന്നതാണ്. അതാകട്ടെ, തിളച്ചുമറിഞ്ഞുകൊണ്ടുമിരിക്കും!

تَكَادُ تَمَيَّزُ مِنَ ٱلْغَيْظِ ۖ كُلَّمَآ أُلْقِىَ فِيهَا فَوْجٌ سَأَلَهُمْ خَزَنَتُهَآ أَلَمْ يَأْتِكُمْ نَذِيرٌ ﴿٨﴾

8 ഉഗ്രകോപം നിമിത്തം അത് (പൊട്ടിച്ചിതറി) വേർപെട്ടുപോകുമാറാകും! ഓരോകൂട്ടം (ആളുകൾ) അതിൽ ഇടപ്പെടുമ്പോഴൊക്കെ അതിലെ പാറാവുകാർ അവരോട് ചോദിക്കും: "നിങ്ങൾക്ക് താക്കീതു നൽകുന്ന ആൾ വന്നിരുന്നില്ലേ?"

قَالُوا۟ بَلَىٰ قَدْ جَآءَنَا نَذِيرٌ فَكَذَّبْنَا وَقُلْنَا

9 അവർ പറയും: "ഇല്ലാതേ! തീർച്ചയായും

مَا نَزَّلَ ٱللَّهُ مِن شَيْءٍ إِنْ أَنتُمْ إِلَّا فِي ضَلَٰلٍ كَبِيرٍ ﴿٩﴾

ഞങ്ങൾക്ക് താക്കീതു നൽകുന്ന ആൾ വന്നിരുന്നു. എന്നാൽ, ഞങ്ങൾ വ്യാജമാക്കുകയാണ് ചെയ്തത്; ഞങ്ങൾ (അവരോട്) പറയുകയും ചെയ്തു: "അല്ലാഹു യാതൊന്നും തന്നെ അവതരിപ്പിച്ചിട്ടില്ല; നിങ്ങൾ വലുതായ വഴിപിഴവിലല്ലാതെ (മറ്റൊന്നും) അല്ല."

وَقَالُوا۟ لَوْ كُنَّا نَسْمَعُ أَوْ نَعْقِلُ مَا كُنَّا فِيٓ أَصْحَٰبِ ٱلسَّعِيرِ ﴿١٠﴾

10 അവർ (വീണ്ടും) പറയും: "ഞങ്ങൾ കേൾക്കുകയോ, ബുദ്ധികൊടു(ത്തു മനസ്സിലാ)ക്കുകയോ ചെയ്തിരുന്നുവെങ്കിൽ, ഞങ്ങൾ (ഈ) ജ്വലിക്കുന്ന അഗ്നിയുടെ ആൾക്കാരിൽ ആകുമായിരുന്നില്ല."

فَٱعْتَرَفُوا۟ بِذَنۢبِهِمْ فَسُحْقًا لِّأَصْحَٰبِ ٱلسَّعِيرِ ﴿١١﴾

11 അങ്ങനെ, അവർ തങ്ങളുടെ കുറ്റം (ഏറ്റുപറഞ്ഞു) സമ്മതിക്കുന്നതാണ്. അപ്പോൾ, ജ്വലിക്കുന്ന അഗ്നിയുടെ ആൾക്കാർക്ക് വിദൂരം (അഥവാ ശാപം)!

സത്യ നിഷേധികളായ അവിശ്വാസികളെ നരകത്തിൽ ഇടുമ്പോൾ അത്യുഗ്രമായ ഉഷ്ണ താപവും കോപ താപവും നിമിത്തം സ്വയം പൊട്ടിത്തെറിച്ച് ചിന്നിച്ചിതറി പോകുമാറ് തിളച്ച് മറിഞ്ഞ് എരിപൊരി കൊള്ളുന്ന നരകം അവരുടെ നേരെ ഇരമ്പി ഗർജ്ജിക്കും. ഓരോ കൂട്ടം ആളുകളെയും നരകത്തിലേക്ക് വലിച്ചിഴക്കുമ്പോൾ അതിലെ മലക്കുകൾ അവരോട് ചോദിക്കും - "ഈ ശിക്ഷയെ ക്കുറിച്ച് നിങ്ങൾക്ക് താക്കീത് നൽകാൻ മുന്നറിയിപ്പുകാരൻ വന്നിട്ടുണ്ടായിരുന്നില്ലേ". താക്കീതുകാർ വന്നിരുന്നുവെന്നും, ഞങ്ങൾ അവരെ നിഷേധിക്കുകയും പരിഹസിക്കുകയുമാണുണ്ടായതെന്നും അവർ തുറന്ന് സമ്മതിക്കുന്നതാണ്. 'അന്ന് ഞങ്ങൾ അത് കേട്ടനുസരിച്ച് ബുദ്ധി ഉപയോഗിച്ച് മനസ്സിരുത്തുകയും ചെയ്തിരുന്നെങ്കിൽ ഞങ്ങൾക്കീ അവസ്ഥ വരുമായിരുന്നില്ല' എന്നവർ പരിതപിക്കുന്നതാണ്. പക്ഷെ, ഈ അവസരത്തിൽ കുറ്റ സമ്മതം കൊണ്ട് യാതൊരു ഫലവുമുണ്ടാകുന്നതല്ലല്ലോ. കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും കണിക പോലും ഇനി അവർക്ക് പ്രതീക്ഷിക്കാനില്ലാത്തവണ്ണം വിദൂരത്തിലും ശാപത്തിലുമാണവരുള്ളത്.

"നരകത്തിൽ പ്രവേശിക്കുന്ന ഒരാളും തന്നെ സ്വർഗ്ഗത്തേക്കാൾ നരകത്തിനാണ് താൻ അർഹൻ എന്ന ബോധം വരാത്തവനാവുകയില്ല". എന്ന് തിരുമേനി അരുളിയിട്ടുണ്ട്. (അ)

**വചനം 12:**

إِنَّ ٱلَّذِينَ يَخْشَوْنَ رَبَّهُم بِٱلْغَيْبِ لَهُم مَّغْفِرَةٌ وَأَجْرٌ كَبِيرٌ ﴿١٢﴾

12 നിശ്ചയമായും, തങ്ങളുടെ റബ്ബിനെ അദൃശ്യമായ നിലയിൽ ഭയപ്പെടുന്നവർ, അവർക്ക് പാപമോചനവും, വലുതായ പ്രതിഫലവും ഉണ്ട്.

അല്ലാഹുവിനെ അങ്ങോട്ട് കാണുന്നില്ലെങ്കിലും അവൻ ഇങ്ങോട്ട് കാണുന്നുവെന്ന ബോധത്തോടെ ജീവിതത്തിലുടനീളം സൂക്ഷ്മത പാലിച്ച് കൊണ്ട്, അവന്റെ ലക്ഷ്യ ദൃഷ്ടാന്തങ്ങൾ മുഖേന യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി ഭയഭക്തിയോടെ ജീവിക്കുന്ന സത്യവിശ്വാസികൾക്ക് അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്യുന്നു.

**വചനം 13,14:**

وَأَسِرُّوا۟ قَوْلَكُمْ أَوِ ٱجْهَرُوا۟ بِهِۦٓ ۖ إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿١٣﴾

13 നിങ്ങൾ നിങ്ങളുടെ വാക്ക് (സംസാരം) പതുക്കെയാക്കിക്കൊള്ളുക, അല്ലെങ്കിൽ അത് ഉറക്കെയാക്കിക്കൊള്ളുക. (രണ്ടും, സമമാണ്.) (കാരണം) നിശ്ചയമായും അവൻ (അല്ലാഹു) ഹൃദയങ്ങളിലുള്ളവയെപ്പറ്റി അറിയുന്നവനാകുന്നു.

أَلَا يَعْلَمُ مَنْ خَلَقَ وَهُوَ ٱللَّطِيفُ ٱلْخَبِيرُ ۝١٤

14 സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ! അവനാകട്ടെ, ഗൂഢരഹസ്യമറിയുന്നവനാണ്, സൂക്ഷ്മജ്ഞാനിയാണ്.

നിങ്ങളടെ വാക്കുകൾ പതുക്കെയാകട്ടെ, ഉറക്കെയാകട്ടെ, ഹൃദയങ്ങളിലുള്ളവയെ പറ്റി അറിയുന്ന അല്ലാഹു, അവയെല്ലാം അറിയുന്നവനാകുന്നു. സ്രഷ്ടാവായ അല്ലാഹു ഗൂഢ രഹസ്യമറിയുന്നവനും, സൂക്ഷ്മജ്ഞാനിയുമാകുന്നു.

## വിഭാഗം 2

**വചനം 15:**

هُوَ ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ ذَلُولًا فَٱمْشُوا۟ فِى مَنَاكِبِهَا وَكُلُوا۟ مِن رِّزْقِهِۦ ۖ وَإِلَيْهِ ٱلنُّشُورُ ۝١٥

15 അവനത്രെ നിങ്ങൾക്ക് (കൈകാര്യം നടത്തുമാറ്) ഭൂമിയെ വിധേയമായതാക്കിത്തന്നവൻ. അതിനാൽ നിങ്ങൾ അതിൻെറ തോളുകളിലൂടെ (ഉപരിതലത്തിലൂടെ) സഞ്ചരിക്കുകയും, അവൻെറ (വക) ആഹാരത്തിൽ നിന്ന് തിന്നുകയും ചെയ്തുകൊള്ളുവിൻ. അവങ്കലേക്കു തന്നെയാണ് ഉയിർത്തെഴുന്നേൽപും.

യഥേഷ്ടം വിഹരിക്കുവാനും ഉപ ജീവന മാർഗ്ഗങ്ങളന്വേഷിച്ച് കൊണ്ടിരിക്കുവാനും ഉതകത്തക്ക വണ്ണം ഭൂമിയെ അല്ലാഹു മനുഷ്യന് പാകപ്പെടുത്തിത്തന്നിട്ടുള്ളതിനെ ഓർമ്മപ്പെടുത്തിക്കൊണ്ട് അത് നമ്മുടെ ജീവിതത്തിൽ ഉപയോഗ പ്രദമാക്കുവാൻ അല്ലാഹു നമ്മെ പ്രോത്സാഹിപ്പിക്കുന്നു. അതേ അവസരത്തിൽ തന്നെ, അവങ്കലേക്കുള്ള ഉയിർത്തെഴുന്നേൽപിന്നെ പറ്റി ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

**വചനം 16,17,18:**

ءَأَمِنتُم مَّن فِى ٱلسَّمَآءِ أَن يَخْسِفَ بِكُمُ ٱلْأَرْضَ فَإِذَا هِىَ تَمُورُ ۝١٦

16 ആകാശത്തുള്ളവനെ-അവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നത്-നിങ്ങൾ നിർഭയരായിരിക്കുകയാണോ?! എന്നാൽ, അപ്പോഴത് ക്ഷോഭിച്ച് ഇളകി മറിഞ്ഞുകൊണ്ടിരിക്കും!

أَمْ أَمِنتُم مَّن فِى ٱلسَّمَآءِ أَن يُرْسِلَ عَلَيْكُمْ حَاصِبًا ۖ فَسَتَعْلَمُونَ كَيْفَ نَذِيرِ ۝١٧

17 അതല്ലെങ്കിൽ, ആകാശത്തുള്ളവനെ-അവൻ നിങ്ങളുടെ മേൽ വല്ല ചരൽവർഷവും അയക്കുന്നത്- നിങ്ങൾ നിർഭയരായിരിക്കയാണോ?! എന്നാൽ, നിങ്ങൾക്ക് അറിയാറാകും, എൻെറ താക്കീത് എങ്ങിനെയിരിക്കുന്നുവെന്ന്!

وَلَقَدْ كَذَّبَ ٱلَّذِينَ مِن قَبْلِهِمْ فَكَيْفَ كَانَ نَكِيرِ ۝١٨

18 തീർച്ചയായും,ഇവരുടെ മുമ്പുള്ളവരും വ്യാജമാക്കുകയുണ്ടായിട്ടുണ്ട്. എന്നിട്ട്, എൻെറ പ്രതിഷേധം എങ്ങിനെയുണ്ടായി?! (അവർ അതൊന്ന് ആലോചിച്ചു നോക്കട്ടെ.)

'ആകാശത്തിലുള്ളവൻ' എന്ന് പറഞ്ഞത് അല്ലാഹുവിനെ ഉദ്ദേശിച്ചാകുന്നു. 'അല്ലാഹു അർശിന്മേൽ ആരോഹണം ചെയ്തു'; 'അവൻ ആകാശത്ത് നിന്ന് ഭൂമിയിലേക്ക് കാര്യം നിയന്ത്രിച്ച് കൊണ്ടിരിക്കുന്നു' എന്നൊക്കെയുള്ള പ്രയോഗം പോലെയുള്ള ഒന്നാകുന്നു ഇതും. (സൂ:സജദ: 4,5 വചനങ്ങളും വിശദീകരണവും നോക്കുക)

ഭൂമിയിൽ നിങ്ങളുടെ നിഷേധവും ധിക്കാരവും അവസാനിപ്പിക്കുന്നില്ലെങ്കിൽ, ഈ ഭൂമി ക്ഷോഭിച്ചിളകി, അതിൽ നിങ്ങളെ ആഴ്ത്തിക്കളയുകയോ, അല്ലെങ്കിൽ, ഒരു ചരൽ വർഷം അയച്ച്കൊണ്ട് നിങ്ങളെ നശിപ്പിക്കുകയോ ചെയ്യാൻ അല്ലാഹുവിന് ഒട്ടും പ്രയാസമില്ല. നിങ്ങളെപ്പോലുള്ളവരിൽ ഇതിന് മുമ്പും അങ്ങനെയൊക്കെ സംഭവിച്ചിട്ടുണ്ട്. ഇവർ അതെക്കുറിച്ചൊക്കെ ആലോചിച്ച് നോക്കട്ടെ. ഖാറൂനും അവന്റെ ഭവനവും ഭൂമിയിൽ ആഴ്ത്തപ്പെട്ടതും, ലൂത്വ്(അ) നബിയുടെ ജനതയുടെ മേൽ ചരൽ വർഷം ഉണ്ടാ

യതും, കഅ്ബ പൊളിക്കാൻ ശ്രമിച്ച ആനപ്പട്ടാളം കല്ലുകളാൽ നശിപ്പിക്കപ്പെട്ടതും മേൽ പറഞ്ഞതിന് ഉദാഹരണങ്ങളാണല്ലോ.

**വചനം 19:**

أَوَلَمْ يَرَوْا۟ إِلَى ٱلطَّيْرِ فَوْقَهُمْ صَٰٓفَّٰتٍ وَيَقْبِضْنَ ۚ مَا يُمْسِكُهُنَّ إِلَّا ٱلرَّحْمَٰنُ ۚ إِنَّهُۥ بِكُلِّ شَىْءٍۭ بَصِيرٌ ﴿١٩﴾

19 അവരുടെ മീതെ (ചിറകുവിരുത്തി) അണി നിരന്നുകൊണ്ടും, (ചിറകു) കൂട്ടിപിടിച്ചു കൊണ്ടും പക്ഷികളെ അവർ നോക്കിക്കണ്ടി ട്ടില്ലേ?! പരമകാരുണികനല്ലാതെ (ആരും) അവയെ പിടിച്ചു നിറുത്തുന്നില്ല. നിശ്ചയ മായും, അവൻ എല്ലാ വസ്തുവെക്കുറിച്ചും, കണ്ടറിയുന്നവനാകുന്നു.

ഇവയെല്ലാം അല്ലാഹുവിന്റെ അപാരമായ കഴിവുകളുടെ വ്യക്തമായ ദൃഷ്ടാന്തങ്ങളാണല്ലോ. (സൂ: നഹ്ൽ: 79 നോക്കുക)

**വചനം 20,21,22:**

أَمَّنْ هَٰذَا ٱلَّذِى هُوَ جُندٌ لَّكُمْ يَنصُرُكُم مِّن دُونِ ٱلرَّحْمَٰنِ ۚ إِنِ ٱلْكَٰفِرُونَ إِلَّا فِى غُرُورٍ ﴿٢٠﴾

20 അതല്ലാ, ഇങ്ങിനെയുള്ള ഒരുവൻ-അതായത്, പരമകാരുണികനായുള്ളവനു പുറമെ നിങ്ങളെ സഹായിക്കുന്ന നിങ്ങളുടെ ഒരു പട്ടാളമായു ള്ളവൻ-ആരാണുള്ളത്?! അവിശ്വാസികൾ വഞ്ചനയിൽ (അകപ്പെട്ടിരിക്കുക) അല്ലാതെ (മറ്റൊന്നും) അല്ല.

أَمَّنْ هَٰذَا ٱلَّذِى يَرْزُقُكُمْ إِنْ أَمْسَكَ رِزْقَهُۥ ۚ بَل لَّجُّوا۟ فِى عُتُوٍّ وَنُفُورٍ ﴿٢١﴾

21 അതല്ലെങ്കിൽ, ഇങ്ങിനെയുള്ള ഒരുവൻ-അതാ യത്, അവൻെറ (അല്ലാഹുവിൻെറ) ആഹാരം അവൻ നിറുത്തിവെച്ചാൽ നിങ്ങൾക്ക് ആഹാരം നൽകുന്നവൻ-ആരാണുള്ളത്?! (ആരുമില്ല.) എങ്കിലും, അവർ ധിക്കാരത്തിലും, വെറുപ്പിലും നിരതരായിരിക്കയാണ്.

أَفَمَن يَمْشِى مُكِبًّا عَلَىٰ وَجْهِهِۦٓ أَهْدَىٰٓ أَمَّن يَمْشِى سَوِيًّا عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٢٢﴾

22 അപ്പോൾ, മുഖം കുത്തിമറിഞ്ഞുകൊണ്ട് നടക്കുന്നവനാണോ കൂടുതൽ സൻമാർഗം പ്രാപിച്ചവൻ, അതല്ല, നേരെയുള്ള പാതയി ലൂടെ ശരിക്കു നടക്കുന്നവനോ?!

അല്ലാഹു അല്ലാത്ത ആരിൽ നിന്നും ഒരു സഹായവും അവര്ക്ക് പ്രതീക്ഷിക്കുവാനില്ല. അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നും അവരെ സഹായിക്കുവാൻ തക്ക ഏത് സേനയാണ് അവർക്കുള്ളത്. അല്ലാഹു അവർക്ക് നൽകികൊണ്ടിരിക്കുന്ന ഉപജീവന മാർഗ്ഗം അവൻ നിർത്തൽ ചെയ്താൽ വേറെ ആരുണ്ട് അവർക്ക് ആഹാരം നൽകുവാനായി. ആരുമില്ല തന്നെ. എന്നിട്ടും അവർ ധിക്കാരികളും വെറുപ്പിലും കഴിഞ്ഞുകൂടുകയാണ്. നേരായ പാതയിലൂടെ നടന്ന് പോകു ന്നവരും, വക്രമായ വഴിലൂടെ മുഖം കുത്തി മറിഞ്ഞ് വീണു കൊണ്ടു പോകുന്നവനും ഒരി ക്കലും സമമാകുകയില്ലല്ലോ. ഇവരിൽ ആരാണ് ഉദിഷ്ട സ്ഥാനത്ത് എത്തിച്ചേരുക എന്ന് പറ യേണ്ടതില്ലല്ലോ. ഇതുപോലെ തന്നെയാണ് സത്യവിശ്വാസികളുടെയും അവിശ്വാസികളുടെയും സ്ഥിതിയും.

**വചനം 23,24,25,26:**

قُلْ هُوَ ٱلَّذِىٓ أَنشَأَكُمْ وَجَعَلَ لَكُمُ

23 (നബിയേ) പറയുക: “നിങ്ങളെ (സൃഷ്ടിച്ച്) ഉണ്ടാക്കുകയും, നിങ്ങൾക്കു കേൾവിയും,

ٱلسَّمْعَ وَٱلْأَبْصَٰرَ وَٱلْأَفْـِٔدَةَ ۖ قَلِيلًا مَّا تَشْكُرُونَ ﴿٢٣﴾

കാഴ്ചകളും, ഹൃദയങ്ങളും ഏർപ്പെടുത്തിത്തരുകയും ചെയ്തവനത്രെ അവൻ (അല്ലാഹു). നന്നെക്കുറച്ചേ നിങ്ങൾ നന്ദി ചെയ്യുന്നുള്ളു".

قُلْ هُوَ ٱلَّذِى ذَرَأَكُمْ فِى ٱلْأَرْضِ وَإِلَيْهِ تُحْشَرُونَ ﴿٢٤﴾

24 പറയുക: "നിങ്ങളെ ഭൂമിയിൽ പെരുപ്പിച്ചുണ്ടാക്കിയവൻ അവനത്രെ. അവനിലേക്കു തന്നെ നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്യുന്നു."

وَيَقُولُونَ مَتَىٰ هَٰذَا ٱلْوَعْدُ إِن كُنتُمْ صَٰدِقِينَ ﴿٢٥﴾

25 അവർ (അവിശ്വാസികൾ) പറയുന്നു: "എപ്പോഴാണ് ഈ (ഒരുമിച്ചു കൂട്ടുമെന്ന) വാഗ്ദാനം? -നിങ്ങൾ സത്യവാൻമാരാണെങ്കിൽ (കേൾക്കട്ടെ)!"

قُلْ إِنَّمَا ٱلْعِلْمُ عِندَ ٱللَّهِ وَإِنَّمَآ أَنَا۠ نَذِيرٌ مُّبِينٌ ﴿٢٦﴾

26 പറയുക: "നിശ്ചയമായും (ആ) അറിവ് അല്ലാഹുവിൻെറ പക്കൽ മാത്രമാകുന്നു, ഞാൻ സ്പഷ്ടമായ ഒരു താക്കീതുകാരൻ മാത്രമാണ്."

അല്ലാഹു മനുഷ്യർക്ക് നൽകിയ അനുഗ്രഹങ്ങളെ പറ്റി പ്രസ്താവിച്ചതിന് ശേഷം അന്ത്യനാളിനെക്കുറിച്ച് അല്ലാഹു ഓർമ്മപ്പെടുത്തുന്നു. അത് എപ്പോഴാണെന്ന് അല്ലാഹുവിന് മാത്രമെ അറിയുകയുള്ളൂ. അതിന്റെ സമയത്തെക്കുറിച്ചല്ല, അതിനെ തുടർന്നുണ്ടാകാനിരിക്കുന്ന ഭവിഷ്യത്തുക്കളെ കുറിച്ചാണ് ഓരോരുത്തരും ജാഗരൂകരാകേണ്ടത്. നബി(സ) തിരുമേനി യുടെ ദൗത്യം നിങ്ങളെ വ്യക്തമായ താക്കീത് ചെയ്യുക എന്നത് മാത്രമാകുന്നു.

**വചനം 27:**

فَلَمَّا رَأَوْهُ زُلْفَةً سِيٓـَٔتْ وُجُوهُ ٱلَّذِينَ كَفَرُوا۟ وَقِيلَ هَٰذَا ٱلَّذِى كُنتُم بِهِۦ تَدَّعُونَ ﴿٢٧﴾

27 എന്നാൽ, അവർ അത് സമീപിച്ചതായി കണ്ടപ്പോൾ (ആ) അവിശ്വസിച്ചവരുടെ മുഖങ്ങൾക്ക് മ്ളാനത ബാധിച്ചു! (അവരോട്) പറയപ്പെടുകയും ചെയ്തു: "നിങ്ങൾ യാതൊന്നിനെക്കുറിച്ച് വാദിച്ചുകൊണ്ടിരുന്നുവോ അതത്രെ ഇത്."

എല്ലാവരേയും ഒരുമിച്ച് കൂടുന്ന ആ ദിവസം അത്ര വിദൂരമൊന്നുമല്ല; അത് വന്ന് കഴിഞ്ഞു എന്ന് തന്നെ പറയാം. അതവർ കാത്തിരുന്ന് കൊള്ളട്ടെ എന്നാണ് ഭൂത കാല രൂപത്തിലുള്ള ഈ പ്രയോഗത്തിലടങ്ങിയ സൂചന.

**വചനം 28,29:**

قُلْ أَرَءَيْتُمْ إِنْ أَهْلَكَنِىَ ٱللَّهُ وَمَن مَّعِىَ أَوْ رَحِمَنَا فَمَن يُجِيرُ ٱلْكَٰفِرِينَ مِنْ عَذَابٍ أَلِيمٍ ﴿٢٨﴾

28 പറയുക: "നിങ്ങൾ കണ്ടുവോ, എന്നെയും, എൻെറ കൂടെയുള്ളവരെയും അല്ലാഹു നശിപ്പിക്കുകയോ, അല്ലെങ്കിൽ ഞങ്ങൾക്ക് അവൻ കരുണചെയ്യുകയോ ചെയ്താൽ,- എന്നാൽ ആരാണ് വേദനയേറിയ ശിക്ഷയിൽനിന്ന് അവിശ്വാസികൾക്കു രക്ഷനൽകുന്നത്? (ഇതൊന്നു പറയുവിൻ)!"

قُلْ هُوَ ٱلرَّحْمَٰنُ ءَامَنَّا بِهِۦ وَعَلَيْهِ تَوَكَّلْنَا ۖ فَسَتَعْلَمُونَ مَنْ هُوَ فِى ضَلَٰلٍ مُّبِينٍ ﴿٢٩﴾

29 പറയുക: "അവൻ പരമകാരുണികനത്രെ; അവനിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു; അവൻെറ മേൽതന്നെ ഞങ്ങൾ ഭരമേല്പിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, (അടു

ത്തു) നിങ്ങൾക്ക് അറിയാറാകും: സ്പഷ്ടമായ
വഴിപിഴവിൽ ആരാണുള്ളത് എന്ന്!"

അല്ലാഹുവിന്റെ ലൗകികമായ ശിക്ഷ ഉണ്ടാകുന്ന പക്ഷം തങ്ങളെ മാത്രമല്ല നബി(സ)യേയും അനുയായികളേയും കൂടി അത് ബാധിക്കുന്നതായിരിക്കും എന്ന് കരുതി സമാധാനിച്ചിരിക്കുന്ന അവിശ്വാസികൾക്കുള്ള മറുപടിയാണ് 28-ാം വചനത്തിൽ. നബി(സ)യും അനുയായികളും ശിക്ഷിക്കപെടുന്നുവോ അതല്ല രക്ഷിക്കപ്പെടുന്നുവോ എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കുകയില്ല അവിശ്വാസികളുടെ ഭാഗധേയം നിർണ്ണയിക്കപ്പെടുന്നത്. അവിശ്വാസത്തിന്റെയും അധർമ്മത്തിന്റെയും ദുഷ്ഫലങ്ങളിൽ നിന്ന് അവർക്കെങ്ങനെ മോചനം നേടാനാകുമെന്നാണ് അവർ ആലോചിക്കേണ്ടത്.

**الرحمن** എന്ന പദം ഖുർആനിൽ പലയിടങ്ങളിലും കാണുന്നത് പോലെ, അല്ലാഹുവിന്റെ കാരുണ്യാധിക്യത്തെ അനുസ്മരിപ്പിക്കുകയും, പാപികൾ പശ്ചാത്തപിച്ച് മടങ്ങുന്ന പക്ഷം; അവന്റെ കാരുണ്യത്തിൽ നിരാശക്ക് അവകാശമില്ലെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

**വചനം 30:**

قُلْ أَرَءَيْتُمْ إِنْ أَصْبَحَ مَآؤُكُمْ غَوْرًا فَمَن يَأْتِيكُم بِمَآءٍ مَّعِينٍ ﴿٣٠﴾

30 പറയുക: "നിങ്ങൾ കണ്ടുവോ, നിങ്ങളുടെ വെള്ളം വറ്റിയതായിത്തീർന്നാൽ, ആരാണ് നിങ്ങൾക്ക് ഒഴുകുന്ന (ഉറവു) വെള്ളം കൊണ്ടു വന്നു തരുക? (പറയുവിൻ)!"

സാധാരണ പതിവിൽ നിന്ന് വ്യത്യസ്തമായി ആകാശത്ത് നിന്ന് മഴയിറങ്ങാൻ വൈകിപ്പോയാലുള്ള അവസ്ഥ, നമുക്കെല്ലാം അറിയാമല്ലോ. അല്ലാഹുവല്ലാതെ മറ്റാരാണ് ഭൂമിയിലെ ഈർപ്പവും ഉറവും പ്രദാനം ചെയ്യുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുന്ന ബുദ്ധിമാന്മാരുടെ കൂട്ടത്തിൽ അവൻ നമ്മെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ - ആമീൻ.

# 68 സൂറത്തുൽ ഖലം (പേന)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 52, വിഭാഗം (റുകൂഅ്) 2

സൂറത്തിന്റെ ആദ്യവചനത്തിൽ തന്നെ പേന(ഖലം)യെ പറ്റി പരാമർശിക്കുന്നതാകുന്നു, അദ്ധ്യായ നാമത്തിന് നിദാനം.

## വിഭാഗം 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3,4,5,6**

1 ‘നൂൻ’. പേനതന്നെയാണ, അവർ (എഴുതി) രേഖപ്പെടുത്തുന്നതും തന്നെയാണ (സത്യം)!–

2 (നബിയേ) നിൻെറ റബ്ബിൻെറ അനുഗ്രഹം കൊണ്ട് നീ ഭ്രാന്തനല്ല.

3 നിശ്ചയമായും, നിനക്ക് മുറിഞ്ഞുപോകാത്ത (നിരന്തരമായ) പ്രതിഫലവും ഉണ്ട്;

4 നിശ്ചയമായും, നീ മഹത്തായ ഒരു സ്വഭാവ ഗുണത്തോടുകൂടിയാണ് (ഉള്ളത്).

5 എന്നിരിക്കെ, വഴിയെ നീ കണ്ടറിയുന്നതാണ്; അവരും കണ്ടറിയും:

6 നിങ്ങളിൽ ആരിലാണ് കുഴപ്പം പിടിപെട്ടവൻ (ഉള്ളത്) എന്ന്!

نٓ ۚ وَٱلْقَلَمِ وَمَا يَسْطُرُونَ ﴿١﴾

مَآ أَنتَ بِنِعْمَةِ رَبِّكَ بِمَجْنُونٍ ﴿٢﴾

وَإِنَّ لَكَ لَأَجْرًا غَيْرَ مَمْنُونٍ ﴿٣﴾

وَإِنَّكَ لَعَلَىٰ خُلُقٍ عَظِيمٍ ﴿٤﴾

فَسَتُبْصِرُ وَيُبْصِرُونَ ﴿٥﴾

بِأَييِّكُمُ ٱلْمَفْتُونُ ﴿٦﴾

സൂറത്തിന്റെ പ്രാരംഭത്തിൽ കാണുന്ന ن പോലെയുള്ള കേവലാക്ഷരങ്ങളെകുറിച്ച് സൂ: അൽ ബഖറയുടെ പ്രാരംഭത്തിലെ വിശദീകരണം നോക്കുക.

നബി(സ)യെ കുറിച്ച് മുശ്രിക്കുകൾ ഭ്രാന്തനെന്നും ജിന്ന് ബാധിച്ചവനെന്നും മറ്റും ആരോപിച്ചിരുന്നതിനെ അല്ലാഹു ഖണ്ഡിക്കുന്നു. മാത്രമല്ല, തിരുമേനി അല്ലാഹുവിനാൽ അനുഗ്രഹീതനാണെന്നും അല്ലാഹുവിങ്കൽ ഉന്നതസ്ഥാനമുള്ള ആളാണെന്നും വളരെ മഹത്തായ സ്വഭാവ വൈശിഷ്ട്യത്തിനുടമയാണെന്നും അസന്നിഗ്ധമായി പ്രസ്താവിക്കുകയും ചെയ്യുന്നു. 5-ഉം 6-ഉം വചനങ്ങളിൽ കാണുന്ന പ്രവചനം അധികം താമസിയാതെ തന്നെ ഇസ്ലാമിന്റെ വിജയത്തോടെ പുലരുകയും ചെയ്തിട്ടുണ്ട്. അതെ, കുഴപ്പം പിടിച്ചത് നബി(സ)ക്കല്ലെന്നും തങ്ങൾക്ക് തന്നെയാണെന്നും അവർക്ക് ബോധ്യമാവുകയും ചെയ്തു.

പേനക്കും എഴുത്തിനും അല്ലാഹു കല്പിച്ചിട്ടുള്ള പ്രാധാന്യം ഒന്നാം വചനത്തിൽ നിന്ന് തന്നെ വ്യക്തമാണ്. നബി(സ)തിരുമേനിക്ക് ഒന്നാമതായി അവതരിച്ച ഖുർആൻ സൂക്തങ്ങളിൽ തന്നെ “അവൻ പേനകൊണ്ട് പഠിപ്പിച്ചു” (സൂ: അലഖ് - 4) എന്ന് പറഞ്ഞിട്ടുള്ളതും പ്രത്യേകം പ്രസ്താവ്യമാകുന്നു. ഈ വചനത്തിൽ “പേന” എന്നത് കൊണ്ട് മനുഷ്യൻ എഴുതുവാൻ ഉപയോഗിക്കുന്ന ഉപകരണങ്ങളും “അവർ (എഴുതി) രേഖപ്പെടുത്തുന്നത്” എന്നത് കൊണ്ട് അവർ എഴുതുന്ന ലിഖിതങ്ങളും ആണ് ഉദ്ദേശ്യം എന്നാണ് വ്യാഖ്യാതാക്കളുടെ കൂടുതൽ യുക്തമായ അഭിപ്രായം. الله اعلم

തിരുമേനിയുടെ സൽസ്വഭാവത്തെ അവിടുത്തെ എതിരാളികൾ പോലും പ്രശംസിക്കുമായിരുന്നു. “സൽസ്വഭാവങ്ങൾ പൂർത്തീകരിക്കുവാൻ വേണ്ടിത്തന്നെയാണ് അല്ലാഹു എന്നെ നിയോഗിച്ചിട്ടുള്ളത്” എന്ന് തിരുമേനി അരുളി ചെയ്തിട്ടുമുണ്ട്.(അ). “തിരുമേനിയുടെ സ്വഭാവം ഖുർആൻ ആയിരുന്നു” എന്ന് ആയിശ(റ) പ്രസ്താവിച്ചിട്ടുണ്ട്. (അ;ന) ഖുർആനിൽ പ്രസ്താവിക്കപ്പെട്ട സൽസ്വഭാവങ്ങളുടെയെല്ലാം പ്രാവർത്തിക മാതൃകയായിരുന്നു തിരുമേനിയുടെ ജീവിതം.

**വചനം 7,8,9 :**

إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِۦ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ﴿٧﴾
فَلَا تُطِعِ ٱلْمُكَذِّبِينَ ﴿٨﴾
وَدُّوا۟ لَوْ تُدْهِنُ فَيُدْهِنُونَ ﴿٩﴾

7 നിശ്ചയമായും, നിന്റെ റബ്ബ് അവന്റെ മാർഗ്ഗം വിട്ട് പിഴച്ചുപോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനാകുന്നു; സൻമാർഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനാണ്.
8 ആകയാൽ, വ്യാജമാക്കുന്നവരെ നീ അനുസരിക്കരുത്.
9 നീ മയപ്പെടുത്തിയിരുന്നെങ്കിൽ (നന്നായിരുന്നു) എന്ന് അവർ ആഗ്രഹിക്കുകയാണ്; എന്നാൽ അവരും മയപ്പെടുത്തുമായിരുന്നു.

മുശ്‌രിക്കുകളുടെ ആരാധ്യവസ്തുക്കളെയും ദുരാചാരങ്ങളെയും ആക്ഷേപിക്കാത്ത, ഒരു അനുരഞ്ജന നയം സ്വീകരിച്ച്കൊണ്ട് നബി(സ) തിരുമേനി, അവിടുത്തെ പ്രബോധന രീതി അല്പം മയപ്പെടുത്തുന്ന പക്ഷം, തിരുമേനിയോടുള്ള എതിർപ്പിൽ അയവു വരുത്താമെന്ന് അവർ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. എന്നാൽ സത്യസിദ്ധാന്തങ്ങളുടെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും കൈകൊള്ളരുതെന്ന് അല്ലാഹു നബി(സ)യെ ഉണർത്തുന്നു.

എല്ലാ കാലത്തേയും മതപ്രബോധകരും മതപ്രചാരകന്മാരുമായ ആളുകൾ ഈ വചനങ്ങൾ മനസ്സിരുത്തേണ്ടിയിരിക്കുന്നു.

**വചനം 10,11,12,13,14,15,16 :**

وَلَا تُطِعْ كُلَّ حَلَّافٍ مَّهِينٍ ﴿١٠﴾
هَمَّازٍ مَّشَّآءٍۭ بِنَمِيمٍ ﴿١١﴾
مَّنَّاعٍ لِّلْخَيْرِ مُعْتَدٍ أَثِيمٍ ﴿١٢﴾
عُتُلٍّۭ بَعْدَ ذَٰلِكَ زَنِيمٍ ﴿١٣﴾
أَن كَانَ ذَا مَالٍ وَبَنِينَ ﴿١٤﴾
إِذَا تُتْلَىٰ عَلَيْهِ ءَايَٰتُنَا قَالَ أَسَٰطِيرُ ٱلْأَوَّلِينَ ﴿١٥﴾
سَنَسِمُهُۥ عَلَى ٱلْخُرْطُومِ ﴿١٦﴾

10 അധികമായി സത്യം ചെയ്യുന്നവനും, നിന്ദ്യനുമായ ഒരാളെയും നീ അനുസരിക്കരുത്.
11 കുത്തുവാക്ക് പറയുന്നവനും, ഏഷണിയുമായി നടക്കുന്നവനും,–
12 നല്ല കാര്യത്തിന് തടസ്സക്കാരനും, അതിക്രമിയും, മഹാപാപിയും,–
13 അതിനുപുറമെ, ക്രൂരനും, ദുഷ്കീർത്തി നേടിയവനും (അഥവാ ശരിയായ പിതാവില്ലാത്തവനും),–
14 (അതെ) അവൻ സ്വത്തും മക്കളുമുള്ളവനായതിനാൽ!
15 അവൻ നമ്മുടെ ‘ആയത്തു’കൾ (വേദലക്ഷ്യങ്ങൾ) ഓതികേൾപ്പിക്കപ്പെടുന്നതായാൽ അവൻ പറയും: “പൂർവ്വികൻമാരുടെ പുരാണകഥകളാണ് (അവ)” എന്ന്.
16 വഴിയെ അവനു നാം (ആ) തുമ്പിക്കൈക്ക് (അഥവാ നീണ്ട മൂക്കിന്) അടയാളം വെച്ചേക്കും!

അല്ലാഹുവിന്റെ ആയത്തുകളെ വ്യാജവും പഴഞ്ചനുമാക്കിതള്ളുന്ന നിഷേധികളുടെ എട്ടൊമ്പത് സ്വഭാവങ്ങളാണ് ഈ വചനങ്ങളിൽ അല്ലാഹു എടുത്തുകാട്ടിയിരിക്കുന്നത്. അവയിൽ ഏതെങ്കിലും ഒന്ന് മാത്രം ഒരാളിൽ ഉണ്ടായാൽ തന്നെ അതവനെ അങ്ങേയറ്റം ദുഷിപ്പിക്കുന്നതാണ്.

സ്ഥാനത്തും അസ്ഥാനത്തും അധികമായി സത്യം ചെയ്യുന്ന പതിവ് കളവ് പറയുന്നവരുടെ ലക്ഷണമാകുന്നു. തങ്ങളെപറ്റി മറ്റുള്ളവർക്ക് വിശ്വാസമില്ലെന്ന് അറിയാവുന്ന അവർ തങ്ങൾ പറയുന്ന കാര്യം ശ്രോതാവിനെകൊണ്ട് വിശ്വസിപ്പിക്കുന്നതിനായിരിക്കുമല്ലൊ, കൂടുതലായി സത്യം ചെയ്യാൻ മുതിരുന്നത്. നേരായ കാര്യത്തിൽ പോലും അത്യാവശ്യ ഘട്ടത്തിലല്ലാതെ സത്യം ചെയ്യുന്നത് നല്ല സ്വഭാവമല്ല.

11,12,13 വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള ദുർഗുണങ്ങളെകുറിച്ച് പ്രത്യേകിച്ച് വിശദീകരിക്കേണ്ടതില്ലല്ലോ. അതിന് പുറമേ ദുഷ്കീർത്തി നേടിയവനും എന്നുള്ള അവസാനത്തെ വിശേഷണം മേൽപറഞ്ഞ എല്ലാ ദുർഗുണങ്ങൾക്കും മകുടം ചാർത്തുന്ന ഒന്നത്രേ. زنيم എന്ന വാക്കിന്റെ അർത്ഥം നീചത്വത്തിൽ കുപ്രസിദ്ധി നേടിയവൻ എന്നാണെങ്കിലും, വ്യഭിചാരത്തിൽ ജനിച്ച ജാരസന്താനം എന്ന ഉദ്ദേശ്യത്തിലാണ് ആ പദം അധികം ഉപയോഗിക്കപ്പെടാറുള്ളത്. അത്തരം ആളുകളിൽ മേൽ പ്രസ്താവിച്ചത് പോലുള്ള ദുഷിച്ച സമ്പ്രദായങ്ങൾ പ്രകടമാകുന്നത് സ്വാഭാവികമായിരിക്കും. ഇത്തരക്കാരെ വിശ്വസിക്കുവാനും അനുസരിക്കുവാനും പാടില്ലെന്നത്രേ അല്ലാഹു ഈ വചനങ്ങളിൽ ഉപദേശിക്കുന്നത്.

"അവൻ സ്വത്തും മക്കളും ഉള്ളവനായതിനാൽ" എന്ന 14-ാം വചനത്തിന്റെ ഉദ്ദേശ്യം രണ്ട് മൂന്ന് തരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്.

: മേൽ പറഞ്ഞ ദുർഗുണങ്ങളുള്ളവർ സ്വത്തും മക്കളും അധികമുള്ളവരാണെന്ന് വെച്ച് അവരെ അനുസരിച്ച് പോകരുത് എന്നാണ് ഒരു വ്യാഖ്യാനം. ഇതാണ് കൂടുതൽ സ്വീകാര്യമായി തോന്നുന്നത്.

: ഇത്രയും നികൃഷ്ടമായ സ്വഭാവങ്ങൾ അവരിൽ ഉണ്ടാകുവാൻ കാരണം അവർക്ക് സ്വത്തും മക്കളും ഉണ്ടെന്നുള്ളതാകുന്നു- എന്നാണ് മറ്റൊരഭിപ്രായം.

: അവർക്ക് ധനവും മക്കളും ഉള്ളതിനാൽ അവർക്ക് അല്ലാഹുവിന്റെ ആയത്തുകൾ ഓതികേൾപ്പിക്കപ്പെട്ടാൽ അത് പഴഞ്ചൻ വർത്തമാനമാണെന്ന് പറഞ്ഞ്(വചനം15) അവരതിനെ തള്ളികളയും എന്ന് വേറൊരഭിപ്രായം

മേൽ വചനങ്ങളിൽ വിവരിക്കപ്പെട്ട ദുസ്വഭാവങ്ങളുടെ ഉടമകളായ നിഷേധികളെ സമീപഭാവിയിൽ തന്നെ അല്ലാഹു കഠിനമായി ശിക്ഷിക്കുകയും അവരുടെ 'തുമ്പികൈ'ക്ക്(നീണ്ടമൂക്കിന്) സ്ഥിരമായ ഒരു അടയാളം വെച്ച് അവരെ അപമാനിക്കുകയും ചെയ്യുന്നതാണെന്ന് 16-ാം വചനത്തിലൂടെ അല്ലാഹു താക്കീത് ചെയ്യുന്നു.

**വചനം 17,18 :**

إِنَّا بَلَوْنَـٰهُمْ كَمَا بَلَوْنَآ أَصْحَـٰبَ ٱلْجَنَّةِ إِذْ أَقْسَمُوا۟ لَيَصْرِمُنَّهَا مُصْبِحِينَ ﴿١٧﴾

17 നാം, (ആ) തോട്ടക്കാരെ പരീക്ഷണം നടത്തിയതുപോലെ, ഇവരെ(യും) നാം പരീക്ഷണം ചെയ്തിരിക്കയാണ്; അതായത്, പ്രഭാതവേളയിലായിരിക്കെ തങ്ങൾ നിശ്ചയമായും അത് (തോട്ടത്തിലെ ഫലങ്ങൾ) മുറിച്ചെടുക്കുന്നതാണെന്ന് അവർ സത്യം ചെയ്തു പറഞ്ഞ സന്ദർഭം.

وَلَا يَسْتَثْنُونَ ﴿١٨﴾

18 അവർ ഒഴിവാക്കിപ്പറഞ്ഞിരുന്നതുമില്ല.

ഈ വചനങ്ങളിൽ ഉദാഹരിച്ച തോട്ടക്കാർ ഏതായിരുന്നുവെന്ന് തിട്ടപ്പെടുത്തിപ്പറയുവാൻ സാധ്യമല്ല. എന്നാൽ സംഭവത്തിന്റെ സാമാന്യരൂപം ഇപ്രകാരമാകുന്നു:

ഉദാരശീലനായ ആ തോട്ടമുടമസ്ഥൻ തോട്ടത്തിലെ ഫലങ്ങൾ പറിച്ചെടുക്കുമ്പോൾ അവിടെ ഒരുമിച്ച് കൂടുന്ന പാവങ്ങൾക്ക് ഫലത്തിന്റെ ഒരു ഭാഗം ദാനം ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം മക്കൾ പിതാവിന്റെ പതിവ് തുടരാൻ ഇഷ്ടപ്പെട്ടില്ല. അവർ രാത്രി വെളുക്കാൻ കാലത്ത്, ആരും അറിയാതെ ഫലം പറിച്ചെടുക്കുവാൻ തീരുമാനിച്ചു. അങ്ങനെ അവർ തോട്ടത്തിൽ ചെന്ന് നോക്കിയപ്പോൾ, തോട്ടം അതാ ഒരു അത്യാഹിതം ബാധിച്ച് നിശ്ശേഷം നശിച്ച് പോയിരിക്കുന്നു. അവർ തീരാദുഖത്തിലും സങ്കടത്തിലും ആയിത്തീർന്നു.

സംഭവത്തിന്റെ രൂപവും അതിലടങ്ങിയ പാഠവും ഖുർആൻ വാക്യങ്ങളിൽ നിന്ന് തന്നെ സ്പഷ്ടമാണ്.

"അവർ ഒഴിവാക്കിപ്പറഞ്ഞിരുന്നതുമില്ല" എന്ന വചനത്തെക്കുറിച്ച് കൂടുതൽ സ്വീകാര്യമായ വ്യാഖ്യാനം ഇപ്രകാരമാകുന്നു:

അവർ ആരും അറിയാതെ ഫലം പറിച്ചെടുക്കണമെന്ന് തീരുമാനിച്ചപ്പോൾ "അല്ലാഹു ഉദ്ദേശിച്ചെങ്കിൽ"

എന്ന് പറയുകയുണ്ടായില്ല. അല്ലാഹുവിനെക്കുറിച്ചുള്ള ബോധം അവർക്കുണ്ടായില്ല, അതിന്റെ തിക്ത ഫലം അവർ അനുഭവിക്കുകയും ചെയ്തു.

**വചനം 19,20 :**

فَطَافَ عَلَيۡهَا طَآئِفٞ مِّن رَّبِّكَ وَهُمۡ نَآئِمُونَ ١٩

فَأَصۡبَحَتۡ كَٱلصَّرِيمِ ٢٠

19 എന്നിട്ട്, അവർ ഉറങ്ങുന്നവരായിക്കൊണ്ടിരിക്കെ, നിൻെറ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു (ശിക്ഷാ) ബാധ അതിൻെറ (തോട്ടത്തിൻെറ) മേൽ ബാധിച്ചു.

20 അങ്ങനെ, പ്രഭാതവേളയിൽ അത് മുറിച്ചെടുക്കപ്പെട്ടതുപോലെ ആയിത്തീർന്നു.

അല്ലാഹുവിങ്കൽ നിന്ന് തോട്ടത്തിന് ബാധിച്ച ആപത്ത് ഒരു വമ്പിച്ച ചുഴലിക്കാറ്റായിരുന്നുവെന്നും ഇടിത്തീയോ മറ്റോ ആയിരുന്നുവെന്നും പറയപ്പെടുന്നു.- അല്ലാഹുവിന്നറിയാം. ഏതായിരുന്നാലും തോട്ടം പൂർണ്ണമായി നശിച്ച് പോയി.

**വചനം 21,22,23,24,25,26,27 :**

فَتَنَادَوۡاْ مُصۡبِحِينَ ٢١

أَنِ ٱغۡدُواْ عَلَىٰ حَرۡثِكُمۡ إِن كُنتُمۡ صَٰرِمِينَ ٢٢

فَٱنطَلَقُواْ وَهُمۡ يَتَخَٰفَتُونَ ٢٣

أَن لَّا يَدۡخُلَنَّهَا ٱلۡيَوۡمَ عَلَيۡكُم مِّسۡكِينٞ ٢٤

وَغَدَوۡاْ عَلَىٰ حَرۡدٖ قَٰدِرِينَ ٢٥

فَلَمَّا رَأَوۡهَا قَالُوٓاْ إِنَّا لَضَآلُّونَ ٢٦

بَلۡ نَحۡنُ مَحۡرُومُونَ ٢٧

21 എന്നാൽ, പ്രഭാതവേളയിൽ അവർ അന്യോന്യം വിളിച്ചു പറഞ്ഞു:-

22 "നിങ്ങൾ (ഫലങ്ങൾ) മുറിച്ചെടുക്കു (വാൻ ഉദ്ദേശിക്കു)ന്നവരാണെങ്കിൽ, നിങ്ങളുടെ കൃഷിസ്ഥലത്ത് നിങ്ങൾ കാലത്ത് വരുവിൻ'' എന്ന്.

23 അങ്ങനെ, അവർ പതുക്കെപ്പറഞ്ഞും കൊണ്ടു പോയി:-

24 "നിശ്ചയമായും അതിൽ (തോട്ടത്തിൽ) ഒരു സാധുവും ഇന്ന് നിങ്ങളുടെ അടുക്കൽ പ്രവേശിക്കരുത്'' എന്ന്.

25 (സാധുക്കളെ) മുടക്കം ചെയ്വാൻ കഴിയുന്നവരായുംകൊണ്ട് അവർ കാലത്ത് വരുകയും ചെയ്തു.

26 അങ്ങനെ, അതു(തോട്ടം)കണ്ടപ്പോൾ അവർ പറഞ്ഞു: "നിശ്ചയമായും നാം, പിഴച്ചവരാകുന്നു!-

27 "(അത്രയുമല്ല) പക്ഷേ, നാം വിലക്കപ്പെട്ടവരാണ് (സർവ്വം നഷ്ടപ്പെട്ടവരാണ്)!"

പ്രഭാതമായപ്പോൾ പരസ്പരം വിളിച്ചും ക്ഷണിച്ചും കൊണ്ട്, സാധുക്കളെ ഒഴിവാക്കാൻ കഴിയുമെന്ന വിചാരത്തോടെ അവർ ഉത്സാഹത്തോടെ തോട്ടത്തിൽ വന്നെത്തി. എന്നാൽ ആകെ നശിച്ച് പോയ തോട്ടമാണ് അവർ കണ്ടത്. "നമുക്ക് പിഴവ് പറ്റിയിരിക്കുന്നു, സ്ഥലം മാറിപ്പോയിരിക്കുന്നു" - എന്നൊക്കെയാണവർക്ക് ആദ്യം തോന്നിയത്. ഏറെ താമസിയാതെ യാഥാർത്ഥ്യം മനസ്സിലാക്കിയ അവർ "നമുക്ക് സർവ്വം നഷ്ടപ്പെട്ടുപോയല്ലോ; നമ്മുടെ ദുർവിചാരം നമ്മെ അപകടത്തിലാക്കി"എന്നിങ്ങനെ വിലപിക്കുവാൻ തുടങ്ങി.

**വചനം 28,29 :**

قَالَ أَوۡسَطُهُمۡ أَلَمۡ أَقُل لَّكُمۡ لَوۡلَا تُسَبِّحُونَ ٢٨

28 അവരിൽ കൂടുതൽ മദ്ധ്യമനായ (ഉത്തമനായ) ആൾ പറഞ്ഞു: "ഞാൻ നിങ്ങളോടു പറഞ്ഞില്ലേ, നിങ്ങൾ 'തസ്ബീഹ്' (സ്തോത്ര കീർത്തനം) ചെയ്യാത്തതെന്താണ്'' എന്ന്?!

قَالُواْ سُبۡحَٰنَ رَبِّنَآ إِنَّا كُنَّا ظَٰلِمِينَ ﴿٢٩﴾

29 അവർ പറഞ്ഞു: "നമ്മുടെ രക്ഷിതാവിന് സ്തോത്രകീർത്തനം (അവൻെറ പരിശുദ്ധിയെ ഞങ്ങളിതാ വാഴ്ത്തുന്നു)! നിശ്ചയമായും നാം അക്രമികളായിത്തീർന്നിരിക്കുന്നു!"

അവരുടെ കൂട്ടത്തിൽ ഉത്തമനായ ഒരാൾ താൻ നേരത്തെ ഉപദേശിച്ചിരുന്നത് അവർ ചെവികൊള്ളാതിരുന്നത് കൊണ്ട് നേരിട്ട ഭവിഷ്യത്താണ് ഇതെന്ന് അവരെ ഓർമ്മപ്പെടുത്തുകയാണ്. അല്ലാഹു നിങ്ങൾക്ക് തന്ന അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുകയും അവന്റെ മഹത്വം പ്രകീർത്തനം ചെയ്യുകയും ചെയ്യേണ്ടതാണെന്ന് അവരെ ഗുണദോഷിക്കുകയും ചെയ്തിരുന്നു. തങ്ങൾ ചെയ്തത് അക്രമം തന്നെയാണെന്ന് തുടർന്ന് അവർക്ക് ബോധ്യം വരുകയും അവർ അല്ലാഹുവിന് സ്തോത്രകീർത്തനം നടത്തുകയും ചെയ്തു.

**വചനം 30,31,32,33 :**

فَأَقۡبَلَ بَعۡضُهُمۡ عَلَىٰ بَعۡضٖ يَتَلَٰوَمُونَ ﴿٣٠﴾

30 അങ്ങനെ, പരസ്പരം കുറ്റപ്പെടുത്തിക്കൊണ്ട് അവരിൽ ചിലർ ചിലരുടെ നേരെ തിരിഞ്ഞു.

قَالُواْ يَٰوَيۡلَنَآ إِنَّا كُنَّا طَٰغِينَ ﴿٣١﴾

31 അവർ പറഞ്ഞു: "നമ്മുടെ കഷ്ടമേ! നിശ്ചയമായും നാം അതിരു കവിഞ്ഞവരായിരിക്കുന്നു!

عَسَىٰ رَبُّنَآ أَن يُبۡدِلَنَا خَيۡرٗا مِّنۡهَآ إِنَّآ إِلَىٰ رَبِّنَا رَٰغِبُونَ ﴿٣٢﴾

32 "നമ്മുടെ റബ്ബ് നമുക്ക് ഇതിനെക്കാൾ ഉത്തമമായത് പകരം നൽകിയേക്കാവുന്നതാണ്. നിശ്ചയമായും, നാം നമ്മുടെ റബ്ബിങ്കലേക്ക് ആഗ്രഹം (അപേക്ഷ) സമർപ്പിക്കുന്നവരാകുന്നു."

كَذَٰلِكَ ٱلۡعَذَابُۖ وَلَعَذَابُ ٱلۡأٓخِرَةِ أَكۡبَرُۚ لَوۡ كَانُواْ يَعۡلَمُونَ ﴿٣٣﴾

33 അപ്രകാരമാണ് ശിക്ഷ! പരലോകശിക്ഷയാകട്ടെ, കൂടുതൽ വമ്പിച്ചതുംതന്നെ. അവർ അറിഞ്ഞിരുന്നുവെങ്കിൽ!

അവർ പരസ്പരം കുറ്റപ്പെടുത്തുകയും സ്വയം പഴിക്കുകയും തങ്ങളുടെ റബ്ബിലേക്ക് സർവ്വതും സമർപ്പിക്കുകയും ചെയ്തു. ധിക്കാരികൾക്ക് ഇഹത്തിൽ വെച്ച് ലഭിക്കാവുന്ന ശിക്ഷ ഇങ്ങനെയൊക്കെയാണ് - എന്നാൽ അതിനേക്കാൾ എത്രയോ വമ്പിച്ചതായിരിക്കും പരലോകത്ത് വെച്ച് ലഭിക്കാനിരിക്കുന്ന ശിക്ഷ എന്ന് അല്ലാഹു താക്കീത് നൽകുകയും ചെയ്യുന്നു.

## വിഭാഗം - 2

**വചനം 34,35,36,37,38 :**

إِنَّ لِلۡمُتَّقِينَ عِندَ رَبِّهِمۡ جَنَّٰتِ ٱلنَّعِيمِ ﴿٣٤﴾

34 നിശ്ചയമായും ഭയഭക്തൻമാർക്ക് തങ്ങളുടെ രക്ഷിതാവിൻെറ അടുക്കൽ സുഖാനുഗ്രഹത്തിൻെറ തോപ്പുകൾ ഉണ്ടായിരിക്കും.

أَفَنَجۡعَلُ ٱلۡمُسۡلِمِينَ كَٱلۡمُجۡرِمِينَ ﴿٣٥﴾

35 എന്നാൽ, 'മുസ്ലിം'കളെ നാം കുറ്റവാളികളെപ്പോലെ ആക്കുകയോ?!

مَا لَكُمۡ كَيۡفَ تَحۡكُمُونَ ﴿٣٦﴾

36 നിങ്ങൾക്കെന്താണ്, എപ്രകാരമാണ് നിങ്ങൾ വിധികല്പിക്കുന്നത്?!

أَمۡ لَكُمۡ كِتَٰبٞ فِيهِ تَدۡرُسُونَ ﴿٣٧﴾

37 അഥവാ, നിങ്ങൾക്ക് വല്ല ഗ്രന്ഥവും ഉണ്ടോ, നിങ്ങളതിൽ (വായിച്ചു) പഠിച്ചുകൊണ്ടിരിക്കുമാറ്?-

إِنَّ لَكُمۡ فِيهِ لَمَا تَخَيَّرُونَ ﴿٣٨﴾

38 നിങ്ങൾ (യഥേഷ്ടം) തിരഞ്ഞെടുക്കുന്നത് നിശ്ചയമായും അതിൽ(ആ ഗ്രന്ഥത്തിൽ) നിങ്ങൾക്കുണ്ടായിരിക്കുമെന്ന്!

ഭയഭക്തന്മാർക്ക് തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ സുഖാനുഗ്രഹത്തിന്റെ തോപ്പുകൾ ഉണ്ടായിരിക്കുന്നതാണ്.

അവിശ്വാസികളുടെ ഒരു പിഴച്ച ധാരണക്ക് തുടർന്നുള്ള വചനങ്ങളിൽ അല്ലാഹു മറുപടി പറയുന്നു. അവിശ്വാസികൾ ഇപ്രകാരം പറയാറുണ്ടായിരുന്നു- "ഞങ്ങളാണല്ലോ തോട്ടങ്ങൾ മുതലായ ധനസമ്പത്തുകൾ ധാരാളമുള്ളവർ; മുസ്ലീംകൾ ഞങ്ങളേക്കാൾ ഉത്തമന്മാരാണെങ്കിൽ അവർക്കല്ലല്ലൊ കൂടുതൽ സുഖവും സമ്പത്തും ഉണ്ടായിരിക്കേണ്ടത്. മരണാനന്തരം ഒരു ജീവിതമുണ്ടെങ്കിൽ അവിടെ വെച്ചും ഞങ്ങൾക്ക് ഇത്പോലെ ഇവരേക്കാൾ സുഖസൗകര്യങ്ങൾ ലഭിക്കാതിരിക്കുകയില്ല"- എന്നൊക്ക.

അവരുടെ പ്രസ്തുത അബദ്ധ ധാരണക്ക് അല്ലാഹുവിന്റെ മറുപടി ഇപ്രകാരമാകുന്നു: "നിങ്ങൾ നിങ്ങളുടെ ഈ നില തന്നെ തുടർന്നാലും നിങ്ങൾ ഇഷ്ടപ്പെടുന്നതും നിങ്ങൾ തിരഞ്ഞെടുക്കപ്പെടുന്നതുമായ പ്രതിഫലം തന്നെയാണ് നിങ്ങൾക്ക് ലഭിക്കുക എന്ന് വിധി കല്പിക്കുന്ന വല്ല വേദഗ്രന്ഥവും നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ, അത് വായിച്ച് പഠിച്ച്കൊണ്ടാണോ നിങ്ങൾ ഇപ്രകാരമെല്ലാം വാദിക്കുന്നത്."

**വചനം 39,40,41:**

أَمْ لَكُمْ أَيْمَٰنٌ عَلَيْنَا بَٰلِغَةٌ إِلَىٰ يَوْمِ ٱلْقِيَٰمَةِ ۙ إِنَّ لَكُمْ لَمَا تَحْكُمُونَ ﴿٣٩﴾

39 അഥവാ, ഖിയാമത്തു നാൾവരേക്കും എത്തു (മാറ് ബലത്തിലിരിക്കു)ന്ന വല്ല സത്യപ്രതിജ്ഞകളും നമ്മുടെ മേൽ (ഉത്തരവാദപ്പെട്ടതായി) നിങ്ങൾക്കുണ്ടോ? നിങ്ങൾ വിധികല്പിക്കുന്നത് നിശ്ചയമായും നിങ്ങൾക്കുണ്ടായിരിക്കുമെന്ന്!

سَلْهُمْ أَيُّهُم بِذَٰلِكَ زَعِيمٌ ﴿٤٠﴾

40 (നബിയേ) അവരോടു ചോദിക്കൂ: അവരിൽ ഏതൊരുവനാണ് അതു സംബന്ധിച്ച് ഏറ്റു പറയുന്നവൻ?!

أَمْ لَهُمْ شُرَكَآءُ فَلْيَأْتُوا۟ بِشُرَكَآئِهِمْ إِن كَانُوا۟ صَٰدِقِينَ ﴿٤١﴾

41 അഥവാ, അവർക്ക് വല്ല പങ്കുകാരും (ആരാധ്യരും) ഉണ്ടോ? എന്നാലവർ, തങ്ങളുടെ പങ്കുകാരെ കൊണ്ടുവരട്ടെ, അവർ സത്യവാൻമാരാണെങ്കിൽ!

അവരുടെ ഹിതവും ഇഛയും അനുസരിച്ചായിരിക്കും ഖിയാമത്ത് നാളിൽ പ്രതിഫലം നൽകപ്പെടുക എന്നുള്ളതിനും അന്ന് വരേക്കും ബലത്തിലിരിക്കുന്ന വല്ല ഉറപ്പും അല്ലാഹു അവർക്ക് നൽകിയിട്ടുള്ളതായി വല്ലവരും വാദിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അവർ അതൊന്നു തെളിയിക്കട്ടെ. അതല്ലെങ്കിൽ അവരുടെ ഉദ്ദേശ്യങ്ങൾ സാധിപ്പിച്ച് കൊടുക്കത്തക്ക അധികാരാവകാശങ്ങളോട് കൂടിയ വല്ല പങ്കുകാരും - അഥവാ, അല്ലാഹുവിന്റെ പങ്കാളികളായി അവർ ഗണിച്ച് വരുന്ന വല്ല ആരാധ്യ വസ്തുക്കളും- അവർക്കുണ്ടോ; ഉണ്ടെങ്കിൽ അതും ഒന്ന് കാണട്ടെ.- എന്ന് അല്ലാഹു ചോദിക്കുന്നു.

**വചനം 42,43 :**

يَوْمَ يُكْشَفُ عَن سَاقٍ وَيُدْعَوْنَ إِلَى ٱلسُّجُودِ فَلَا يَسْتَطِيعُونَ ﴿٤٢﴾

42 കണങ്കാൽ വെളിവാക്കപ്പെടുന്ന ദിവസം (കാര്യം ഗൗരവത്തിലെത്തുന്ന) ദിവസം (ഓർക്കുക)! 'സുജൂദ്' ചെയ്‌വാൻ അവർ ക്ഷണിക്കപ്പെടും, അപ്പോൾ അവർക്ക് (അതിന്) സാധ്യമാകുന്നതുമല്ല.

خَٰشِعَةً أَبْصَٰرُهُمْ تَرْهَقُهُمْ ذِلَّةٌ ۖ وَقَدْ كَانُوا۟ يُدْعَوْنَ إِلَى ٱلسُّجُودِ وَهُمْ سَٰلِمُونَ ﴿٤٣﴾

43 തങ്ങളുടെ കണ്ണുകൾ (താഴ്ത്തി) വിനയപ്പെട്ടവരായ നിലയിൽ നിന്ദ്യത അവരെ ആവരണം ചെയ്യുന്നതാണ്. അവർ സുരക്ഷിതമായിരിക്കുമ്പോൾ 'സുജൂദ്' ചെയ്‌വാൻ അവർ ക്ഷണിക്കപ്പെടാറുണ്ടായിരുന്നു. (അന്ന് അവരത് ചെയ്തിരുന്നില്ല.)

"കണങ്കാൽ വെളിവാക്കപ്പെടുന്ന ദിവസം" എന്ന അലങ്കാര പ്രയോഗം, ഖിയാമത്ത് നാളിലെ അതീവഗൗരവ ഘട്ടത്തെയാണ് ഇവിടെ അനുസ്മരിക്കപ്പെടുന്നത്. ലോകരക്ഷിതാവായ അല്ലാഹു സൃഷ്ടികളെ വിചാരണക്കെടുക്കുന്ന അവസരത്തിൽ, അവിശ്വാസികളോട് അല്ലാഹുവിന്റെ മുമ്പിൽ സുജൂദ് (സാഷ്ടാംഗ നമസ്കാരം) ചെയ്‌വാൻ കല്പിക്കുന്ന അവസരത്തിൽ, അവർക്കതിന് സാധ്യമാകുന്നതല്ല. ഇഹലോകത്തിൽ വെച്ച് അല്ലാഹുവിന് സുജൂദ് ചെയ്യാൻ പ്രവാചകന്മാർ അവരെ ക്ഷണിച്ചിരുന്നപ്പോൾ അവർ അതിന് വിസമ്മതിക്കുകയാണുണ്ടായത്. എന്നാൽ ഇപ്പോൾ അവർ സജൂദ് ചെയ്യാൻ പൂർണ്ണമായും സന്നദ്ധരാണെങ്കിലും അവർക്കതിന് സാധ്യമാകുകയില്ല. അവർ അങ്ങേയറ്റം നിന്ദ്യരും ഹീനരുമാക്കപ്പെട്ട്, ലജ്ജിച്ചു തല താഴ്ത്തിക്കൊണ്ട് കീഴ്പ്പോട്ട് നോക്കികൊണ്ടിരിക്കുന്നതാണ് (സൂ:ശൂറാ: 45-ാം വചനം നോക്കുക)

ഇഹലോകത്തിൽ വെച്ച് കീർത്തിക്കും പ്രശസ്തിക്കും വേണ്ടി സുജൂദ് ചെയ്തിരുന്നവർക്കും ഈ അവസരത്തിൽ സുജൂദ് ചെയ്യാൻ സാധിക്കാതെ അവരുടെ നട്ടെല്ല് വളയാത്ത അവസ്ഥയിലായിരിക്കുമെന്ന് ബുഖാരിയും മുസ്ലീമും(റ) ഉദ്ധരിക്കുന്ന ഒരു നബി വചനത്തിൽ വന്നിട്ടുണ്ട്.

**വചനം 44,45 :**

فَذَرْنِي وَمَن يُكَذِّبُ بِهَٰذَا ٱلْحَدِيثِ ۖ سَنَسْتَدْرِجُهُم مِّنْ حَيْثُ لَا يَعْلَمُونَ ﴿٤٤﴾

وَأُمْلِي لَهُمْ ۚ إِنَّ كَيْدِي مَتِينٌ ﴿٤٥﴾

44 ആകയാൽ, എന്നെയും, ഈ വർത്തമാനത്തെ (ഖുർആനെ) വ്യാജമാക്കുന്നവരെയും വിട്ടേക്കുക. നാം അവരെ അറിയാത്തവിധത്തിലൂടെ പടിപടിയായിക്കൊണ്ടുവന്നു(ശിക്ഷിച്ചു) കൊള്ളാം.

45 ഞാൻ അവർക്ക് അയച്ചിട്ടുകൊടുക്കുന്നതുമാണ്. നിശ്ചയമായും, എൻെറ തന്ത്രം ബലവത്തായതത്രെ,

ആ സത്യ നിഷേധികളെ അല്ലാഹു തല്ക്കാലം അവരുടെ ഇംഗിതത്തിന് വിട്ടിരിക്കുന്നത് ഒരു തന്ത്രം മാത്രമാകുന്നു. ആ തന്ത്രത്തിൽ അകപ്പെടാതെ രക്ഷപ്പെടുവാൻ അവർക്ക് യാതൊരു ഗത്യന്തരവുമില്ല, ക്രമേണ അവരെ അല്ലാഹു പിടികൂടുകയും കുതറി രക്ഷപ്പെടുവാൻ കഴിയാതെ, അവർ അല്ലാഹുവിന്റെ കടുത്ത ശിക്ഷയിലേക്ക് നയിക്കപ്പെടുന്നതുമാണ്.

**വചനം 46,47 :**

أَمْ تَسْـَٔلُهُمْ أَجْرًا فَهُم مِّن مَّغْرَمٍ مُّثْقَلُونَ ﴿٤٦﴾

أَمْ عِندَهُمُ ٱلْغَيْبُ فَهُمْ يَكْتُبُونَ ﴿٤٧﴾

46 അതല്ല, (ഒരുപക്ഷേ) നീ അവരോടു വല്ല പ്രതിഫലവും ചോദിച്ചിട്ട് അവർ കടബാധ്യത നിമിത്തം ഭാരപ്പെട്ടവരാകുന്നുവോ?!

47 അതല്ല, അദൃശ്യജ്ഞാനം അവരുടെ പക്കൽ ഉണ്ടായിട്ട് അവർ എഴുതുകയാണോ?!

ഇതും ഇതുപോലെയുള്ള പല ചോദ്യങ്ങളും സൂ: ത്വൂർ-ൽ കഴിഞ്ഞ് പോയിട്ടുണ്ട്. അവയും അവയുടെ വിവരണവും നോക്കുക. നബി(സ) അവരോട് യാതൊരു പ്രതിഫലവും ചോദിക്കില്ലെന്നും അവരുടെ പക്കൽ അദൃശ്യജ്ഞാനമില്ലെന്നും വ്യക്തമാണല്ലോ.

**വചനം 48,49,50 :**

فَٱصْبِرْ لِحُكْمِ رَبِّكَ وَلَا تَكُن كَصَاحِبِ ٱلْحُوتِ إِذْ نَادَىٰ وَهُوَ مَكْظُومٌ ﴿٤٨﴾

لَّوْلَآ أَن تَدَٰرَكَهُۥ نِعْمَةٌ مِّن رَّبِّهِۦ لَنُبِذَ

48 അതുകൊണ്ട് (നബിയേ) നീ നിൻെറ റബ്ബിൻെറ വിധിക്കു ക്ഷമിച്ചുകൊള്ളുക. നീ (ആ) മത്സ്യത്തിൻെറ ആളെപ്പോലെ ആയിരിക്കരുത്; അതായത്, അദ്ദേഹം വ്യസനം (അഥവാ കോപം) നിറഞ്ഞവനായ നിലയിൽ വിളി (ച്ചു പ്രാർത്ഥി)ച്ച സന്ദർഭം.

49 തൻെറ രക്ഷിതാവിങ്കൽനിന്നുള്ള ഒരു (മഹത്തായ) അനുഗ്രഹം അദ്ദേഹത്തെ വീണ്ടെടു

بِٱلۡعَرَآءِ وَهُوَ مَذۡمُومٞ ﴿٤٩﴾

ക്കുകയുണ്ടായിട്ടില്ലായിരുന്നുവെങ്കിൽ, അദ്ദേഹം (ആ) പാഴ്ഭൂമിയിൽ ആക്ഷേപിക്കപ്പെട്ടവനായുംകൊണ്ട് പുറംതള്ളപ്പെടുമായിരുന്നു!

فَٱجۡتَبَٰهُ رَبُّهُۥ فَجَعَلَهُۥ مِنَ ٱلصَّٰلِحِينَ ﴿٥٠﴾

50 എന്നാൽ, അദ്ദേഹത്തിൻെറ രക്ഷിതാവ് അദ്ദേഹത്തെ (നല്ലവനാക്കി) തിരഞ്ഞെടുത്തു; എന്നിട്ട് അദ്ദേഹത്തെ സദ്വൃത്തൻമാരുടെ കൂട്ടത്തിൽ ആക്കുകയും ചെയ്തു.

അക്രമികളായ ശത്രുക്കളുടെ കാര്യത്തിൽ അല്ലാഹുവിന്റെ ശക്തമായ നടപടി ഉണ്ടാകുന്നത് വരെ ക്ഷമ കൈകൊള്ളുവാനും ഈ വിഷയത്തിൽ യൂനുസ് നബി(അ) ചെയ്തത് പോലെ ചെയ്യരുതെന്നും നബി(സ) തിരുമേനിയെ അല്ലാഹു ഉപദേശിക്കുന്നു. യൂനുസ്(അ) നബിയുടെ ജനത അവിശ്വാസത്തിലും അക്രമത്തിലും ശഠിച്ച് നിന്നപ്പോൾ, വ്യസനവും കോപവും സഹിക്കവയ്യാതെ അദ്ദേഹം സ്ഥലം വിട്ട് പോകുകയും കപ്പൽ യാത്രക്കിടെ ഒരു മത്സ്യം അദ്ദേഹത്തെ വിഴുങ്ങുകയും ഉണ്ടായി. മത്സ്യത്തിന്റെ വയറ്റിൽ വെച്ച് അദ്ദേഹം ഖേദിച്ച് മടങ്ങുകയും അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്തു. അനന്തരം മത്സ്യം അദ്ദേഹത്തെ സമുദ്രതീരത്തുള്ള ഒരൊഴിഞ്ഞ സ്ഥലത്ത് പുറം തള്ളുകയുമുണ്ടായി. അത്യന്തം അവശനായ അദ്ദേഹത്തെ അല്ലാഹു രക്ഷിക്കുകയും വീണ്ടും ജനങ്ങൾക്കിടയിൽ തിരിച്ച് ചെന്ന് ദിവ്യദൗത്യ പ്രബോധനം തുടരാൻ കഴിവുള്ളവനാക്കുകയും ചെയ്തു. ഇങ്ങനെ ജനങ്ങളുടെ നിഷേധത്തിൽ അക്ഷമയും നിരാശയും ഉണ്ടാകരുതെന്ന് നബി(സ)യെ ഈ സംഭവവിവരണത്തിലൂടെ അല്ലാഹു ഉപദേശിക്കുകയാണ്. (ഈ സംഭവത്തെ കുറിച്ച് സൂ: അമ്പിയാഅ് 87,88 വചനങ്ങളിൽ വിവരിച്ചിരിക്കുന്നത് നോക്കുക.)

**വചനം 51,52 :**

وَإِن يَكَادُ ٱلَّذِينَ كَفَرُواْ لَيُزۡلِقُونَكَ بِأَبۡصَٰرِهِمۡ لَمَّا سَمِعُواْ ٱلذِّكۡرَ وَيَقُولُونَ إِنَّهُۥ لَمَجۡنُونٞ ﴿٥١﴾

51 അവിശ്വസിച്ചവർ, ഉൽബോധനം(ഖുർആൻ) കേൾക്കുന്ന അവസരത്തിൽ അവരുടെ ദൃഷ്ടികൾ (പതിപ്പിച്ചു) കൊണ്ട് നിന്നെ അവർ വഴുക്കി വീഴുമാറാക്കുകതന്നെ ചെയ്യുന്നു. അവർ പറയുകയും ചെയ്യുന്നു; ''നിശ്ചയമായും ഇവൻ ഒരു ഭ്രാന്തൻതന്നെ'' എന്ന്.

وَمَا هُوَ إِلَّا ذِكۡرٞ لِّلۡعَٰلَمِينَ ﴿٥٢﴾

52 ഇതാകട്ടെ, ലോകർക്ക് (പൊതുവായു) ള്ള ഒരു ഉൽബോധനമല്ലാതെ (മറ്റൊന്നും) അല്ലതാനും.

ഖുർആൻ കേൾക്കുമ്പോൾ അവിശ്വാസികൾ വെറുപ്പോടെയും പ്രതിഷേധത്തോടെയും തിരുമേനിയുടെ നേരെ നോക്കുന്ന നോട്ടം കണ്ടാൽ അതിന്റെ ഗൗരവം നിമിത്തം തിരുമേനി സ്തംഭിച്ച് കാൽവഴുതി അടിതെറ്റി വീഴുമാറായേക്കും. നബി(സ)തിരുമേനിയെ ഭ്രാന്തനെന്ന് പറഞ്ഞ് തൃപ്തി അടയുകയും ചെയ്യും. അവർ സ്വീകരിക്കുന്നില്ലെന്ന് വെച്ച് ഖുർആൻന്റെ പ്രബോധനം നിറുത്തി വെക്കാവതല്ല. കാരണം അത് അവരെ മാത്രം ഉദ്ദേശിച്ചുള്ളതല്ല- അത് ലോകരെയാകമാനം ഉദ്ദേശിച്ച് കൊണ്ടുള്ള ഒരു ഉൽബോധന ഗ്രന്ഥമാകുന്നു.

# 69. സൂറത്തുൽ ഹാഖ്ഖ: (യഥാർത്ഥ സംഭവം)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 52, വിഭാഗം (റുകൂഅ്) 2

സൂറത്തിന്റെ ആദ്യ വചനത്തിൽ തന്നെ യഥാർത്ഥ സംഭവ (ഹാഖ്ഖ)ത്തെ പറ്റി പരാമർശിക്കുന്നു.

**വിഭാഗം- 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3 :**

ٱلْحَآقَّةُ ﴿١﴾
مَا ٱلْحَآقَّةُ ﴿٢﴾
وَمَآ أَدْرَىٰكَ مَا ٱلْحَآقَّةُ ﴿٣﴾

1 (ആ) യഥാർത്ഥ സംഭവം!

2 യഥാർത്ഥ സംഭവമെന്നാലെന്താണ്?!

3 യഥാർത്ഥ സംഭവമെന്താണെന്നു നിനക്ക് എന്തറിയാം?!

ഖിയാമത്ത് നാളാണ് **الحاقة** (യഥാർത്ഥ സംഭവം) എന്നത്കൊണ്ട് വിവക്ഷ. ഖിയാമത്ത് നാളിന്റെ ഗൗരവത്തെയും പ്രാധാന്യത്തെയും കുറിക്കുന്ന പല നാമങ്ങളും ഖുർആനിൽ കാണാം. അവയിൽ ഒന്നാകുന്നു 4-ാംവചനത്തിൽ പ്രസ്താവിക്കപ്പെട്ട ആ ഞെട്ടിക്കുന്ന സംഭവം **القارعة** എന്ന പദം (സൂ: ഖാരിഅ: 1,2 വചനങ്ങൾ നോക്കുക)

**വചനം 4,5,6,7,8 :**

كَذَّبَتْ ثَمُودُ وَعَادٌۢ بِٱلْقَارِعَةِ ﴿٤﴾
فَأَمَّا ثَمُودُ فَأُهْلِكُوا۟ بِٱلطَّاغِيَةِ ﴿٥﴾
وَأَمَّا عَادٌ فَأُهْلِكُوا۟ بِرِيحٍ صَرْصَرٍ عَاتِيَةٍ ﴿٦﴾
سَخَّرَهَا عَلَيْهِمْ سَبْعَ لَيَالٍ وَثَمَـٰنِيَةَ أَيَّامٍ حُسُومًا فَتَرَى ٱلْقَوْمَ فِيهَا صَرْعَىٰ كَأَنَّهُمْ أَعْجَازُ نَخْلٍ خَاوِيَةٍ ﴿٧﴾
فَهَلْ تَرَىٰ لَهُم مِّنۢ بَاقِيَةٍ ﴿٨﴾

4 ഥമൂദുഗോത്രവും, ആദുഗോത്രവും (ആ ഞെട്ടിക്കുന്ന) ഭയങ്കര സംഭവത്തെ വ്യാജമാക്കി.

5 എന്നാൽ, ഥമൂദു ഗോത്രമാകട്ടെ, (ആ) അതിരു കവിഞ്ഞ സംഭവം കൊണ്ടു നശിപ്പിക്കപ്പെട്ടു.

6 ആദുഗോത്രമോ ഊക്കേറിയ ('ശരശരെ'യുള്ള) ഉഗ്രമായ ഒരു കാറ്റുകൊണ്ടും നശിപ്പിക്കപ്പെട്ടു.

7 ഏഴു രാത്രിയും, എട്ടു പകലും തുടർച്ചയായി അവരിൽ അതിനെ അവൻ (അല്ലാഹു) നിയോഗിച്ചു. അപ്പോൾ, (ആ) ജനതയെ കടപുഴകി വീണ ഈന്തത്തടികളെന്നപോലെ അതിൽ വീണു കിടക്കുന്നവരായി നിനക്കു കാണാമായിരുന്നു.

8 ഇനി, അവർക്കു വല്ല അവശിഷ്ടവും നീ കാണുന്നുവോ?! (ഇല്ല, ഒന്നുമില്ല)

4 മുതൽ 12 വരെയുള്ള വചനങ്ങളിൽ അന്ത്യദിനത്തെ നിഷേധിച്ചിരുന്ന ചില സമുദായങ്ങൾക്ക് നേരിട്ട ദൈവിക ശിക്ഷകളെ ചൂണ്ടിക്കാട്ടുന്നു. ഥമൂദ് ഗോത്രങ്ങളെ അല്ലാഹു നശിപ്പിച്ചത് ഒരു ഘോര ശബ്ദം മുഖേനയായിരുന്നുവെന്ന് സൂ ഹൂദ്: 67 മുതലായ സ്ഥലങ്ങളിൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. അതാണിവിടെ 'അതിർകവിഞ്ഞ സംഭവം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആദ് സമൂഹത്തിന്റെ ശിക്ഷയെ പറ്റി ഇവിടെ തന്നെ അല്ലാഹു വിവരിച്ചു പറഞ്ഞിരിക്കുന്നവല്ലോ.

**വചനം 9,10,11,12 :**

وَجَآءَ فِرۡعَوۡنُ وَمَن قَبۡلَهُۥ وَٱلۡمُؤۡتَفِكَٰتُ بِٱلۡخَاطِئَةِ ﴿٩﴾

فَعَصَوۡاْ رَسُولَ رَبِّهِمۡ فَأَخَذَهُمۡ أَخۡذَةً رَّابِيَةً ﴿١٠﴾

إِنَّا لَمَّا طَغَا ٱلۡمَآءُ حَمَلۡنَٰكُمۡ فِي ٱلۡجَارِيَةِ ﴿١١﴾

لِنَجۡعَلَهَا لَكُمۡ تَذۡكِرَةً وَتَعِيَهَآ أُذُنٞ وَٰعِيَةٞ ﴿١٢﴾

9 ഫിർഔനും, അവൻെറ മുമ്പുള്ളവരും, അടിമേലായി മറിഞ്ഞ രാജ്യങ്ങളും (രാജ്യക്കാരും) പിഴച്ച പ്രവർത്തനവുമായിവന്നു.

10 അങ്ങനെ, അവർ തങ്ങളുടെ രക്ഷിതാവിൻെറ റസൂലിനോട് അനുസരണക്കേട് പ്രവർത്തിച്ചു. അപ്പോൾ അവൻ (രക്ഷിതാവ്) അവരെ കവിഞ്ഞതായ ഒരു പിടുത്തം പിടിച്ചു (ശിക്ഷിച്ചു)!

11 നിശ്ചയമായും വെള്ളം അതിരുകവിഞ്ഞ അവസരത്തിൽ നിങ്ങളെ നാം കപ്പലിൽ കയറ്റി (രക്ഷിച്ചു).

12 നിങ്ങൾക്ക് അവയെ ഒരു സ്മരണയാക്കുവാനും, പഠി(ച്ചു ഗ്രഹി)ക്കുന്ന കാതുകൾക്ക് അവ പഠി(ച്ചു ഗ്രഹി)ക്കുവാനും വേണ്ടിയത്രെ (അതെല്ലാം).

മേൽചൂണ്ടിക്കാട്ടിയ സമുദായങ്ങളുടെ സംഭവങ്ങളെല്ലാം ഇതിന് മുമ്പ് പല സൂറത്തുകളിലായി വിവരിക്കപ്പെട്ടതാകുന്നു. ഇവിടെ അതെല്ലാം ചൂണ്ടിക്കാട്ടുക മാത്രമാണ് അല്ലാഹു ചെയ്യുന്നത്. 'നാം നിങ്ങളെ കപ്പലിൽ കയറ്റി രക്ഷിച്ചു' എന്ന് പറഞ്ഞത് നൂഹ്(അ) നബിയുടെ അനുയായികളെക്കുറിച്ചാകുന്നു.

ഖിയാമത്ത് നാളിനെ നിഷേധിച്ച ജനതകൾക്കേർപ്പെട്ട ദൈവികശിക്ഷകളെക്കുറിച്ചു വിവരിച്ചത് ജനങ്ങൾ അവയെക്കുറിച്ച് ഓർമ്മിക്കുവാനും, അവയിൽ നിന്ന് പാഠം പഠിക്കുവാനുമാണെന്ന് 12-ാം വചനം വ്യക്തമാക്കുന്നു.

തുടർന്ന് 13-ാം വചനം മുതൽ 37 അടക്കമുള്ള വചനങ്ങളിൽ ഖിയാമത്ത്നാളിൽ ഉണ്ടാകുന്ന വിവിധ സംഭവ വികാസങ്ങളെക്കുറിച്ച് അല്ലാഹു പ്രസ്താവിക്കുന്നു.

**വചനം 13,14,15,16,17,18:**

فَإِذَا نُفِخَ فِي ٱلصُّورِ نَفۡخَةٞ وَٰحِدَةٞ ﴿١٣﴾

وَحُمِلَتِ ٱلۡأَرۡضُ وَٱلۡجِبَالُ فَدُكَّتَا دَكَّةٗ وَٰحِدَةٗ ﴿١٤﴾

فَيَوۡمَئِذٖ وَقَعَتِ ٱلۡوَاقِعَةُ ﴿١٥﴾

وَٱنشَقَّتِ ٱلسَّمَآءُ فَهِيَ يَوۡمَئِذٖ وَاهِيَةٞ ﴿١٦﴾

وَٱلۡمَلَكُ عَلَىٰٓ أَرۡجَآئِهَاۚ وَيَحۡمِلُ عَرۡشَ رَبِّكَ فَوۡقَهُمۡ يَوۡمَئِذٖ ثَمَٰنِيَةٞ ﴿١٧﴾

يَوۡمَئِذٖ تُعۡرَضُونَ لَا تَخۡفَىٰ مِنكُمۡ خَافِيَةٞ ﴿١٨﴾

13 എന്നാൽ, കാഹളത്തിൽ ഒരൊറ്റ ഊത്ത് ഊതപ്പെട്ടാൽ!-

14 ഭൂമിയും, പർവ്വതങ്ങളും പൊക്കിയെടുക്കപ്പെടുകയും, എന്നിട്ട് അവ ഒരു ഇടിച്ചു തകർക്കൽ തകർത്തപ്പെടുകയും (ചെയ്താൽ),-

15 അപ്പോൾ, അന്ന്(ആ)സംഭവം സംഭവിക്കുകയായി!

16 ആകാശം പൊട്ടിപ്പിളരുകയും ചെയ്യും എന്നിട്ടത് അന്ന് (കുഴഞ്ഞ്) ദുർബലമായതായിരിക്കും.

17 മലക്കുകൾ അതിൻെറ(നാനാ) ഭാഗങ്ങളിലുമുണ്ടായിരിക്കും. നിൻെറ റബ്ബിൻെറ 'അർശു' (സിംഹാസനം) അന്ന് അവരുടെ മീതെയായി എട്ടു കൂട്ടർ വഹിക്കുന്നതുമാണ്.

18 അന്നത്തെ ദിവസം നിങ്ങൾ കാണിക്കപ്പെടുന്നതാണ് (ഹാജറാക്കപ്പെടുന്നതാണ്). (രഹസ്യമായി) മറഞ്ഞു കിടക്കുന്ന ഒരു കാര്യവും (അന്ന്) നിങ്ങളിൽ നിന്നുമറഞ്ഞു പോകുന്നതല്ല.

ഒന്നാമത്തെ കാഹളമൂത്തിനെ തുടർന്നുണ്ടാകുന്ന സംഭവവികാസങ്ങളെക്കുറിച്ചും പിന്നീട് അല്ലാഹുവിന്റെ മുമ്പിൽ സൃഷ്ടികളെ വിചാരണക്ക് കൊണ്ടുവരുന്ന ഘട്ടത്തെക്കുറിച്ചുമാണ് ഈ വചനങ്ങളിൽ പറയുന്നത്. സൂ: ഫജ്ർ 21,22 വചനങ്ങളിൽ "ഭൂമി ഇടിപൊടിയായി ഇടിച്ച് തകർക്കപ്പെടുകയും, നിന്റെ റബ്ബും അണിയണിയായി മലക്കുകളും വരുകയും ചെയ്താൽ"എന്ന് പ്രസ്താവിച്ചതും ഇതേ സന്ദർഭത്തെക്കുറിച്ചാകുന്നു.

"അന്ന് അർശാകുന്ന സിംഹാസനം വഹിക്കുന്നത് എട്ട് കൂട്ടരായിരിക്കും" എന്ന് പറഞ്ഞതിന്റെ വിശദീകരണവും അതിൽ അടങ്ങിയ രഹസ്യവും നമുക്ക് അറിയുന്നതല്ല. എട്ട് കൂട്ടർ എന്ന് പറഞ്ഞത് എട്ട് മലക്കുകൾ എന്നാണെന്നും അതല്ല എട്ട് സംഘം മലക്കുകൾ എന്നാണെന്നും അഭിപ്രായങ്ങളുണ്ട്. ഏതായാലും ആ സന്ദർഭത്തിന്റെ ഗൗരവാവസ്ഥയാണ് അത് ചൂണ്ടിക്കാട്ടുന്നത് എന്ന് മനസ്സിലാക്കിയാൽ മതി.

**വചനം 19,20,21,22,23,24 :**

فَأَمَّا مَنْ أُوتِىَ كِتَـٰبَهُۥ بِيَمِينِهِۦ فَيَقُولُ هَآؤُمُ ٱقْرَءُوا۟ كِتَـٰبِيَهْ ﴿١٩﴾

إِنِّى ظَنَنتُ أَنِّى مُلَـٰقٍ حِسَابِيَهْ ﴿٢٠﴾

فَهُوَ فِى عِيشَةٍ رَّاضِيَةٍ ﴿٢١﴾

فِى جَنَّةٍ عَالِيَةٍ ﴿٢٢﴾

قُطُوفُهَا دَانِيَةٌ ﴿٢٣﴾

كُلُوا۟ وَٱشْرَبُوا۟ هَنِيٓـًٔا بِمَآ أَسْلَفْتُمْ فِى ٱلْأَيَّامِ ٱلْخَالِيَةِ ﴿٢٤﴾

19 എന്നാൽ, അപ്പോൾ ഏതൊരുവന് അവൻെറ ഗ്രന്ഥം (കർമരേഖ) തൻെറ വലങ്കയ്യിൽ കൊടുക്കപ്പെട്ടുവോ അവൻ പറയും: "ഇതാ, എടുത്തു കൊള്ളുവിൻ, എൻെറ ഗ്രന്ഥം വായിക്കുവിൻ!-

20 "നിശ്ചയമായും എൻെറ വിചാരണയെ ഞാൻ കണ്ടുമുട്ടുന്നവനാണെന്ന് ഞാൻ (മുമ്പെ) ധരിച്ചിരിക്കുന്നു."

21 അങ്ങനെ, അവൻ തൃപ്തികരമായ ജീവിതത്തിലായിരിക്കും;-

22 അതായത്, ഉന്നതമായ സ്വർഗത്തിൽ!

23 അതിലെ (പറിച്ചെടുക്കുന്ന) പഴങ്ങൾ താണ് (അടുത്തു) വരുന്നവയാകുന്നു.

24 "നിങ്ങൾ മംഗളമായി (ആനന്ദപൂർവ്വം) തിന്നുകയും, കുടിക്കുകയും ചെയ്തുകൊള്ളുവിൻ, കഴിഞ്ഞുപോയ ദിവസങ്ങളിൽ നിങ്ങൾ മുൻ ചെയ്തുവെച്ചതിൻെറ ഫലമായിട്ട്!" (എന്ന് അവരോടു പറയപ്പെടും.)

അന്നേ ദിവസം സജ്ജനങ്ങളായ ഭാഗ്യവാന്മാർക്ക് അവരുടെ കർമ്മഫലങ്ങൾ രേഖപ്പെടുത്തിയ ഗ്രന്ഥങ്ങൾ അവരുടെ വലംകൈകളിൽ ലഭിക്കുമ്പോൾ, അവരത് അഭിമാനപൂർവ്വം, മറ്റുള്ളവരോട് അതെടുത്ത് വായിച്ച് നോക്കുവാൻ പറയുന്നതാണ്. അല്ലാഹുവിന്റെ വിചാരണയെ നേരിടേണ്ടി വരുമെന്ന് ധരിച്ച്കൊണ്ട്, അതനുസരിച്ച് ഇഹത്തിൽവെച്ച് ബോധപൂർവ്വം പ്രവർത്തിച്ചതിനാൽ ഞങ്ങൾ രക്ഷപ്പെട്ടു എന്നവർ കൃതാർത്ഥരായിത്തീരുകയും ചെയ്യും. അവർക്ക് അവരുടെ ഇഷ്ടാനുസരണം സർവ്വസ്വതന്ത്രരായി, ശാശ്വത വിഹാരം കൊള്ളാവുന്ന ഉന്നത സ്വർഗ്ഗം, പ്രതിഫലമായി അല്ലാഹു പ്രദാനം ചെയ്യുന്നതാണ്.

ഇങ്ങനെയുള്ള സജ്ജനങ്ങളുടെ കൂട്ടത്തിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തട്ടെ- ആമീൻ

**വചനം 25,26,27,28,29 :**

وَأَمَّا مَنْ أُوتِىَ كِتَـٰبَهُۥ بِشِمَالِهِۦ فَيَقُولُ يَـٰلَيْتَنِى لَمْ أُوتَ كِتَـٰبِيَهْ ﴿٢٥﴾

25 എന്നാൽ, യാതൊരുവൻെറ ഇടങ്കയ്യിൽ അവൻെറ ഗ്രന്ഥം കൊടുക്കപ്പെട്ടുവോ അവനാകട്ടെ, അവൻ പറയും: "ഹാ! എൻെറ ഗ്രന്ഥം എനിക്ക് നൽകപ്പെടാതിരുന്നെങ്കിൽ നന്നായേനെ!

26 “എന്‍റെ വിചാരണ എന്താണെന്നു ഞാന്‍ അറിയാതെയും (ഇരുന്നെങ്കില്‍ നന്നായേനെ)!-
27 “ഹാ! അത് (അക്കാര്യം-അഥവാ മരണം) തീരുമാനം വരുത്തുന്നതായിരുന്നെങ്കില്‍ നന്നായേനെ! (അതോടെ എല്ലാം അവസാനിച്ചിരുന്നുവെങ്കില്‍ എത്ര നന്നായിരുന്നു!)”
28 “എന്‍റെ ധനം എനിക്ക് ഉപകരിച്ചില്ല!
29 “എന്‍റെ സ്വാധീനശക്തി എന്നില്‍നിന്ന് നശിച്ചു (നഷ്ടപ്പെട്ടു) പോയി!”

وَلَمۡ أَدۡرِ مَا حِسَابِيَهۡ ﴿٢٦﴾
يَٰلَيۡتَهَا كَانَتِ ٱلۡقَاضِيَةَ ﴿٢٧﴾
مَآ أَغۡنَىٰ عَنِّي مَالِيَهۡۜ ﴿٢٨﴾
هَلَكَ عَنِّي سُلۡطَٰنِيَهۡ ﴿٢٩﴾

കുറ്റവാളികളുടെ കര്‍മ്മരേഖയാകുന്ന ഗ്രന്ഥമാകട്ടെ അവരുടെ ഇടം കയ്യിലായിരിക്കും കൊടുക്കപ്പെടുക. അപ്പോള്‍ അവര്‍ അങ്ങേഅറ്റം ഖേദത്തിലും നിരാശയിലുമായിത്തീരുന്നു. ഈ ഗ്രന്ഥം എനിക്ക് കിട്ടിയിരുന്നില്ലെങ്കില്‍.... വിചാരണ അനുഭവിക്കേണ്ടി വന്നിരുന്നില്ലെങ്കില്‍..... ആ മരണത്തോടെ എല്ലാം അവസാനിച്ചിരുന്നെങ്കില്‍.... ഒക്കെ എത്ര നന്നായേനേ. എന്‍റെ സ്വത്തും സമ്പത്തും ഒന്നും എനിക്ക് ഉപകരിച്ചില്ലല്ലോ.... എനിക്കിവിടെ ഒരു കഴിവും സ്വാധീനവും ഇല്ലാതായല്ലോ.... എന്നൊക്കെ പറഞ്ഞ് കൊണ്ട് അവര്‍ വിലപിച്ച് കൊണ്ടിരിക്കുന്നതാണ്.

**വചനം 30,31,32,33,34,35,36,37 :**

30 “അവനെ പിടിക്കുവിന്‍! എന്നിട്ട് അവനെ (കഴുത്തോട് ചേര്‍ത്ത്) ആമം വെക്കുവിന്‍!
31 “പിന്നെ, അവനെ ജ്വലിക്കുന്ന നരകത്തില്‍ കടത്തുവിന്‍!
32 “പിന്നെ, എഴുപതുമുഴം അളവുള്ള ചങ്ങലയില്‍ അവനെ പ്രവേശിപ്പിക്കുവിന്‍!-
33 “(കാരണം) നിശ്ചയമായും അവന്‍, മഹാനായ അല്ലാഹുവില്‍ വിശ്വസിച്ചിരുന്നില്ല;
34 “സാധുവിന് ഭക്ഷണം നല്‍കുന്നതിന് അവന്‍ പ്രോല്‍സാഹനം നല്‍കിയിരുന്നതുമില്ല.
35 “ആകയാല്‍ ഒരു ഉറ്റബന്ധുവും ഇന്ന് അവന് ഇവിടെയില്ല.
36 ‘ഗിസ്‌ലീനി’ല്‍ നിന്നല്ലാതെ (അവനു) ഭക്ഷണവും ഇല്ല:-
37 പിഴച്ചവര്‍ (തെറ്റു ചെയ്തവര്‍) അല്ലാതെ അത് ഭക്ഷിക്കുകയില്ല.”

خُذُوهُ فَغُلُّوهُ ﴿٣٠﴾
ثُمَّ ٱلۡجَحِيمَ صَلُّوهُ ﴿٣١﴾
ثُمَّ فِي سِلۡسِلَةٖ ذَرۡعُهَا سَبۡعُونَ ذِرَاعٗا فَٱسۡلُكُوهُ ﴿٣٢﴾
إِنَّهُۥ كَانَ لَا يُؤۡمِنُ بِٱللَّهِ ٱلۡعَظِيمِ ﴿٣٣﴾
وَلَا يَحُضُّ عَلَىٰ طَعَامِ ٱلۡمِسۡكِينِ ﴿٣٤﴾
فَلَيۡسَ لَهُ ٱلۡيَوۡمَ هَٰهُنَا حَمِيمٞ ﴿٣٥﴾
وَلَا طَعَامٌ إِلَّا مِنۡ غِسۡلِينٖ ﴿٣٦﴾
لَّا يَأۡكُلُهُۥٓ إِلَّا ٱلۡخَٰطِـُٔونَ ﴿٣٧﴾

ഈ വചനങ്ങളില്‍ വിവരിക്കപ്പെട്ട കഠിന കഠോരമായ ശിക്ഷ അവര്‍ക്ക് നല്‍കപ്പെടുവാന്‍ രണ്ട് കാരണങ്ങള്‍ അല്ലാഹു എടുത്തുപറയുന്നു- അല്ലാഹുവില്‍ അവര്‍ വിശ്വസിച്ചിരുന്നില്ല; സാധുക്കള്‍ക്ക് ഭക്ഷണം നല്‍കുവാന്‍ അവര്‍ പ്രേരണ നല്‍കിയിരുന്നുമില്ല.

അല്ലാഹുവില്‍ വിശ്വസിക്കാത്തവര്‍ എത്ര സല്‍കര്‍മ്മങ്ങള്‍ ചെയ്താലും അത് പരലോകത്ത് വെച്ച് പ്രതിഫലത്തിന് അര്‍ഹമാകുന്നതല്ല. സൂ: ഫുര്‍ഖാന്‍ 23 മുതലായ സ്ഥലങ്ങളില്‍ അല്ലാഹു ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. സഹജീവികളോടുള്ള കടമകളില്‍ വെച്ച് ഏറ്റവും പ്രാധാന്യമര്‍ഹിക്കുന്ന ഒന്നാണ് പാവപ്പെട്ടവര്‍ക്ക് ഭക്ഷണം നല്‍കുകയെന്നത്. സാധുക്കള്‍ക്ക് ഭക്ഷണം നല്‍കിയിരുന്നില്ല എന്ന് പറയാതെ, അതിന് അവന്‍ പ്രോത്സാഹനം നല്‍കിയിരുന്നില്ല എന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. അവരവര്‍ നല്‍കിയാലും പോരാ മറ്റുള്ളവരെക്കൊണ്ട് അത് ചെയ്യിക്കുവാന്‍ വേണ്ടുന്ന പ്രേരണയും പരിശ്രമവും കൂടി ആവശ്യമാണെന്ന് ഇതില്‍ നിന്ന് മനസ്സിലാക്കാവുന്നതാണ്.

നരകത്തിലെ ഭക്ഷണമായ 'ഗിസ്‌ലീൻ' എന്നത് നരകക്കാരുടെ മാംസങ്ങളിൽ നിന്ന് പൊട്ടി ഒഴുകുന്നതും ദുർഗന്ധം വമിക്കുന്നതുമായ ദുർന്നീരാണെന്നാണ് അധികവ്യാഖ്യാതാക്കളും പ്രസ്താവിക്കുന്നത്. ഗിസ്‌ലീനിൽ നിന്നുള്ള ഒരു കൊട്ടക്കോരി വെള്ളം ഇഹലോകത്തിൽ ഒഴുകപ്പെടുന്ന പക്ഷം ഇഹത്തിലുള്ളവർക്കെല്ലാം അത് ദുർഗന്ധമുണ്ടാക്കുന്നതാണ്. എന്ന നബിവചനം ഹാക്കിം(റ) ഉദ്ധരിച്ചിരിക്കുന്നു.

## വിഭാഗം 2

**വചനം 38,39,40,41,42,43 :**

فَلَآ أُقۡسِمُ بِمَا تُبۡصِرُونَ ﴿٣٨﴾
وَمَا لَا تُبۡصِرُونَ ﴿٣٩﴾
إِنَّهُۥ لَقَوۡلُ رَسُولٖ كَرِيمٖ ﴿٤٠﴾
وَمَا هُوَ بِقَوۡلِ شَاعِرٖۚ قَلِيلٗا مَّا تُؤۡمِنُونَ ﴿٤١﴾
وَلَا بِقَوۡلِ كَاهِنٖۚ قَلِيلٗا مَّا تَذَكَّرُونَ ﴿٤٢﴾
تَنزِيلٞ مِّن رَّبِّ ٱلۡعَٰلَمِينَ ﴿٤٣﴾

38 എന്നാൽ, നിങ്ങൾ കാണുന്നവയെക്കൊണ്ടു ഞാൻ സത്യം ചെയ്തു പറയുന്നു:
39 നിങ്ങൾ കാണാത്തവയെക്കൊണ്ടും (സത്യം ചെയ്തു പറയുന്നു):-
40 നിശ്ചയമായും, അത് (ഖുർആൻ) മാന്യനായ ഒരു (ദൈവ) ദൂതൻെറ വാക്കുതന്നെ:
41 അത് ഒരു കവിയുടെ വാക്കല്ല. വളരെക്കുറച്ചേ നിങ്ങൾ വിശ്വസിക്കുന്നുള്ളു.
42 (അത്) ഒരു പ്രശ്നക്കാരൻെറ വാക്കുമല്ല. വളരെക്കുറച്ചേ നിങ്ങൾ ആലോചിച്ചു നോക്കുന്നുള്ളു.
43 (സർവ്വ) ലോക രക്ഷിതാവിങ്കൽനിന്ന് അവതരിപ്പിച്ചതത്രെ (അത്).

**فلا أقسم** എന്ന് അല്ലാഹു സത്യം ചെയ്ത് പറയുന്ന വാക്കിന്റെ പ്രയോഗത്തെ പറ്റി സൂ അൽ വാഖിഅ: 75-76 ന്റെ വ്യാഖ്യാനത്തിൽ വിവരിച്ചത് നോക്കുക.

നബി(സ) പ്രബോധനം ചെയ്യുന്ന വിശുദ്ധഖുർആൻ സത്യനിഷേധികൾ ജല്പിക്കുന്നത് പോലെ കവി വാക്യങ്ങളോ ജ്യോത്സ്യവാക്യങ്ങളോ അല്ല.. ഖുർആൻ അവതരിക്കുന്നത് ലോകരക്ഷിതാവായ അല്ലാഹുവിൽ നിന്നാകുന്നു. അത് അവരിൽ ഓതികേൾപ്പിക്കുന്നത് അവനാൽ നിയോഗിക്കപ്പെട്ട ഒരു മാന്യ ദൂതനായ മുഹമ്മദ് നബി(സ) ആകുന്നു. അതാകട്ടെ ഏതെങ്കിലും ഒരു ജനതക്കോ ജനവിഭാഗത്തിനോ വേണ്ടി മാത്രമായി അവതരിച്ചതുമല്ല. ലോകജനതക്ക് ആകമാനം വേണ്ടിയുള്ളതാകുന്നു.

ഉമർ(റ) ഇപ്രകാരം പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. "ഞാൻ മുസ്ലീമാകുന്നതിന് മുമ്പ് ഒരു തക്കം നോക്കി പള്ളിയിൽ റസൂൽ(സ) തിരുമേനിയുടെ പിന്നിൽ ചെന്ന് നിന്നു. അവിടുന്ന് സൂ: ഹാഖ്ഖ ഓതാനാരംഭിച്ചു. അത് കേട്ടപ്പോൾ ഖുർആന്റെ ഘടനയെകുറിച്ച് എനിക്ക് ആശ്ചര്യം തോന്നി. ഞാൻ മനസ്സിൽ പറഞ്ഞു, "ഇവനൊരു കവിയാണ്" അപ്പോഴേക്കും അവിടുന്ന് "അതൊരു കവിയുടെ വാക്കല്ല" എന്ന വചനം ഓതി. അപ്പോൾ ഞാൻ മനസ്സിൽ പറഞ്ഞു: "എന്നാൽ അവൻ ഒരു പ്രശ്നക്കാരനായിരിക്കും" അപ്പോഴേക്കും തിരുമേനി "അതൊരു പ്രശ്നക്കാരന്റെ വാക്കുമല്ല". എന്നും ഓതി. അങ്ങനെ എന്റെ ഹൃദയത്തിൽ മുഴുവനും ഇസ്ലാം സ്ഥലം പിടിച്ച് പോയി."

അദ്ദേഹം മുസ്ലീമാകുവാനുള്ള പ്രേരണകളിൽ ഒന്നായിരുന്നു ഈ സംഭവം.

**വചനം 44,45,46,47:**

وَلَوۡ تَقَوَّلَ عَلَيۡنَا بَعۡضَ ٱلۡأَقَاوِيلِ ﴿٤٤﴾
لَأَخَذۡنَا مِنۡهُ بِٱلۡيَمِينِ ﴿٤٥﴾
ثُمَّ لَقَطَعۡنَا مِنۡهُ ٱلۡوَتِينَ ﴿٤٦﴾

44 അദ്ദേഹം (റസൂൽ) നമ്മുടെ പേരിൽ വല്ല വാക്കുകളും കെട്ടിപ്പറഞ്ഞിരുന്നുവെങ്കിൽ;-
45 അദ്ദേഹത്തെ നാം വലകൈകൊണ്ടു പിടി(ച്ചു ശിക്ഷി)ക്കുമായിരുന്നു!-
46 പിന്നീട്, അദ്ദേഹത്തിൽനിന്ന് (ഹൃദയത്തിലെ) ജീവനാഡിയെ നാം മുറിക്കുകയും ചെയ്യുമായിരുന്നു!

47 അപ്പോൾ, നിങ്ങളിൽ ഒരാളുംതന്നെ, അദ്ദേഹ ത്തിൽ നിന്ന് (അത്) തടയുന്നവരായി ഉണ്ടാവു കയില്ല

فَمَا مِنكُم مِّنْ أَحَدٍ عَنْهُ حَٰجِزِينَ ﴿٤٧﴾

അവിശ്വാസികൾ കൊട്ടിഘോഷിക്കുന്നതുപോലെ നബി(സ) തിരുമേനി അല്ലാഹുവിന്റെ പേരിൽ യാതൊന്നും തന്നെ കെട്ടിച്ചമക്കുന്നില്ല. അഥവാ, അങ്ങനെ വല്ലതും ചെയ്തേക്കുന്ന പക്ഷം അല്ലാഹു നബി(സ) തിരുമേനിയെ ഒരിക്കലും വെറുതെ വിടുകയില്ല, നിശ്ചയമായും അതികഠിനമായി ശിക്ഷിക്കു കയും ജീവഹാനി വരുത്തുകയും ചെയ്യുന്നതാണ്. അങ്ങനെ നടപടി എടുക്കുന്ന പക്ഷം അത് തടയു വാൻ ആരെക്കൊണ്ടും സാധ്യമല്ല തന്നെ-എന്നിങ്ങനെ ഈ വചനങ്ങളിൽ അല്ലാഹു വ്യക്തമായി പ്രസ്താവിക്കുന്നു.

(ഹൃദയത്തോട് ബന്ധപ്പെട്ട് നിൽക്കുന്നതും അറ്റ്പോയാൽ ജീവഹാനി വരുത്തുന്നതുമായ ഒരു രക്തക്കുഴലാകുന്നു 'അൽ വതീൻ' എന്നത്)

ദൈവിക നിയമവ്യവസ്ഥയുടെ പരമോന്നതിക്കും പരിശുദ്ധതക്കും കളങ്കം ചാർത്തുമാറ് പ്രവാ ചക പദവിയിലുള്ള ഒരു ദൈവ ദൂതൻ അല്ലാഹുവിന്റെ പേരിൽ സ്വന്തം വകയായി വല്ലതും കെട്ടിച്ചമ ക്കുന്ന പക്ഷം, യാതൊരു നടപടിയുമെടുക്കാതെ അദ്ദേഹത്തെ യഥേഷ്ടം വിഹരിക്കുവാൻ അല്ലാഹു വിട്ടുകളയുകയോ - അതൊരിക്കലും സംഭാവ്യമല്ല. നബി(സ)തിരുമേനി പ്രവാചകത്വത്തിന് ശേഷം 23 വർഷത്തോളം ജീവിച്ചു. മക്കായിലും മദീനായിലും മാത്രമല്ല, അറേബ്യയിൽ മുഴുക്കെയുള്ള കരുത്തരായ ശത്രുക്കളിൽ നിന്നും അല്ലാഹു തിരുമേനിയെ രക്ഷിച്ചു; അവിടുത്തെ പ്രബോധന യാത്ര വിജയത്തിൽ നിന്നും വിജയത്തിലേക്കും അഭിവൃദ്ധിയിൽ നിന്നും അഭിവൃദ്ധിയിലേക്കും, സകല വിധ പ്രതിസന്ധിക ളേയും തരണം ചെയ്ത്കൊണ്ട് അവസാനം വരെ തുടർന്നു പോന്നു. ആ സത്യദീപത്തിന്റെ വെളിച്ചം അല്ലാഹുവിന്റെ സഹായത്താൽ ഭൂഗോളമാകമാനം, ഏറെത്താമസിയാതെ വ്യാപിക്കുകയും ചെയ്തു. നബി(സ)തിരുമേനിയുടെ സത്യതക്ക് തികച്ചും മതിയായ തെളിവുകളാണിവയെല്ലാം തന്നെ.

**വചനം 48,49,50 :**

48 നിശ്ചയമായും, അത് (ഖുർആൻ) ഭയഭക്തൻ മാർക്ക് ഒരു സ്മരണയാകുന്നു.

49 നിശ്ചയമായും, നമുക്കറിയാം, നിങ്ങളുടെ കൂട്ടത്തിൽ ചില വ്യാജമാക്കുന്നവരുണ്ടെന്ന്.

50 നിശ്ചയമായും, അത് അവിശ്വാസികളുടെമേൽ ഖേദ (കാരണ)വുമത്രെ.

وَإِنَّهُۥ لَتَذْكِرَةٌ لِّلْمُتَّقِينَ ﴿٤٨﴾

وَإِنَّا لَنَعْلَمُ أَنَّ مِنكُم مُّكَذِّبِينَ ﴿٤٩﴾

وَإِنَّهُۥ لَحَسْرَةٌ عَلَى ٱلْكَٰفِرِينَ ﴿٥٠﴾

സൂക്ഷ്മത പാലിക്കുന്ന ഭയഭക്തന്മാരായ വിശ്വാസികളായിരിക്കും ഖുർആൻ യഥാർത്ഥത്തിൽ ഉപയോഗപ്പെടുത്തുക. അതുകൊണ്ടാണ് അല്ലാഹു പലപ്പോഴും "ഖുർആൻ ഭയഭക്തന്മാർക്ക് സ്മരണയാ കുന്നു" "ഭയഭക്തന്മാർക്ക് മാർഗദർശനമാണ്" എന്നും മറ്റും പറഞ്ഞു കാണുന്നത്. ഖുർആനെ വ്യാജ മാക്കി നിഷേധിക്കുന്നവരെപറ്റി, അല്ലാഹുവിന് ശരിക്കും അറിയാം- എന്നാൽ അവരെ തൽക്കാലം ഒഴി വാക്കിയിരിക്കയാണ്. അതിന്റെ ഫലം അവർ അനുഭവിക്കുക തന്നെ ചെയ്യും. അതവർക്ക് ഖേദത്തിനും ദുഖത്തിനും കാരണമായിത്തീരുകയും ചെയ്യുന്നതാണ്. ഖുർആനും റസൂലും അവർക്ക് വന്ന് കഴിഞ്ഞിട്ടും അതിൽ അവിശ്വാസം പ്രകടിപ്പിച്ച അവർക്ക് എല്ലാ വിധത്തിലുള്ള ഒഴിവ് കഴിവിനുള്ള പഴുതുകളും അടഞ്ഞ് പോയിരിക്കയാണ് (20:134 ; 28:47 വചനങ്ങൾ നോക്കുക)

**വചനം 51,52 :**

51 നിശ്ചയമായും, ഇത് ദൃഢമായ യഥാർത്ഥമാ കുന്നു.

52 ആകയാൽ, നീ നിൻെറ മഹാനായ റബ്ബിൻെറ നാമത്തിൽ 'തസ്ബീഹ്' (സ്തോത്രകീർ ത്തനം) ചെയ്തുകൊള്ളുക.

وَإِنَّهُۥ لَحَقُّ ٱلْيَقِينِ ﴿٥١﴾

فَسَبِّحْ بِٱسْمِ رَبِّكَ ٱلْعَظِيمِ ﴿٥٢﴾

സൂറത്തുൽ - വാഖിഅ:യുടെ അവസാനത്തെ രണ്ട് വചനങ്ങളും (56: 95;96) അവയുടെ വിവരണ ങ്ങളും ഇവിടെയും ഓർക്കുക.

# 70 സൂറത്തുൽ മആരിജ് (കയറുന്ന വഴികൾ)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 44, വിഭാഗം (റുകൂഅ്) 2

3-ാം വചനത്തിൽ കയറിപ്പോകുന്ന സ്ഥാനങ്ങൾ (മആരിജ്)നെ കുറിച്ച് പരാമർശിക്കുന്നതാണ് അദ്ധ്യായ നാമത്തിന് നിദാനം.

**വിഭാഗം 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3 :**

سَأَلَ سَآئِلُۢ بِعَذَابٍ وَاقِعٍ ﴿١﴾

لِّلْكَـٰفِرِينَ لَيْسَ لَهُۥ دَافِعٌ ﴿٢﴾

مِّنَ ٱللَّهِ ذِى ٱلْمَعَارِجِ ﴿٣﴾

1 സംഭവി(ക്കുവാനിരി)ക്കുന്ന ശിക്ഷയെ ഒരു ചോദ്യകർത്താവ് ചോദിച്ചാവശ്യപ്പെടുകയാണ്,-

2 (അതെ) അവിശ്വാസികൾക്കു (സംഭവിക്കുന്നത്); അതിനെ തടുക്കുന്നതൊന്നും (തന്നെ) ഇല്ല,-

3 കയറിപ്പോകുന്ന സ്ഥാനങ്ങളുടെ അധിപനായ അല്ലാഹുവിൽനിന്ന് (സംഭവിക്കുന്നത്).

വാചകഘടനയിൽ പരസ്പരം ബന്ധപ്പെട്ടുകൊണ്ടുള്ള ഈ മൂന്ന് വചനങ്ങൾക്കും കൂടി ഒന്നിച്ച് ഇങ്ങനെ അർത്ഥം നൽകാം. "കയറിപ്പോകുന്ന സ്ഥാനങ്ങളുടെ അധിപനായ അല്ലാഹുവിന്റെ ഭാഗത്ത് നിന്നുള്ള യാതൊരു വിധ തടുക്കലും ഉണ്ടായിരിക്കാത്ത, അവിശ്വാസികൾക്ക് സംഭവിക്കാനിരിക്കുന്ന ശിക്ഷയെ ഒരാൾ ചോദിച്ചാവശ്യപ്പെടുകയാണ്-" വ്യാഖ്യാനം താഴെ വരുന്നുണ്ട്.

**വചനം 4,5,6,7 :**

تَعْرُجُ ٱلْمَلَـٰٓئِكَةُ وَٱلرُّوحُ إِلَيْهِ فِى يَوْمٍ كَانَ مِقْدَارُهُۥ خَمْسِينَ أَلْفَ سَنَةٍ ﴿٤﴾

فَٱصْبِرْ صَبْرًا جَمِيلًا ﴿٥﴾

إِنَّهُمْ يَرَوْنَهُۥ بَعِيدًا ﴿٦﴾

وَنَرَىٰهُ قَرِيبًا ﴿٧﴾

4 മലക്കുകളും'റൂഹും' (ആത്മാവും) അവങ്കലേക്ക് കയറിപ്പോകുന്നു,-അമ്പതിനായിരം കൊല്ലം വലുപ്പം ഉള്ളതായ ഒരു ദിവസത്തിൽ!

5 എന്നാൽ (നബിയേ), നീ ഭംഗിയായ ക്ഷമ കൈകൊള്ളുക.

6 നിശ്ചയമായും അവർ അതിനെ വിദൂരമായ ഒന്നായി കാണുന്നു;

7 നാം അതിനെ അടുത്തതായും കാണുന്നു.

3-ാം വചനത്തിൽ ذى المعارج (കയറിപ്പോകുന്ന സ്ഥാനങ്ങളുടെ അധിപൻ) എന്ന് പറഞ്ഞതിന്റെ വ്യാഖ്യാനത്തിൽ المعارج (കയറിപ്പോകുന്ന സ്ഥാനങ്ങൾ) എന്നത് കൊണ്ടുദ്ദേശ്യം ആകാശങ്ങൾ ആണെന്നും ആകാശങ്ങളിൽ മലക്കുകൾ കയറിപ്പോകുന്ന പ്രത്യേക സ്ഥാനങ്ങൾ ആണെന്നും, ഉയർന്ന പദവികൾ എന്നാണെന്നും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. എന്നാൽ അടുത്ത വചനത്തിൽ തന്നെ (4-ാം വചനം) "മലക്കുകളും റൂഹും അവനിലേക്ക് കയറിപ്പോകുന്നു" എന്ന് പറഞ്ഞിരിക്കകൊണ്ടു "മലക്കുകൾ കയറി ച്ചെല്ലുന്ന സ്ഥാനങ്ങൾ" എന്ന് മനസ്സിലാക്കുന്നതിനാണ് കൂടുതൽ ന്യായം കാണുന്നത الله اعلم.

റൂഹ് الروح കൊണ്ടുദ്ദേശ്യം ജിബ്രീൽ(അ) ആണെന്നാണ് അധിക വ്യാഖ്യാതാക്കളുടെയും അഭിപ്രായം. (സൂ : ശുഅറാഅ് 193-ാം വചനവും വ്യാഖ്യാനവും നോക്കുക) മലക്കുകളുടെ കൂട്ടത്തിൽ പ്രമുഖൻ അദ്ദേഹമായത്കൊണ്ട്, മലക്കുകളെ പറ്റി പൊതുവിൽ പ്രസ്താവിച്ച ശേഷം, അദ്ദേഹത്തിന്റെ പേർ പ്രത്യേകം എടുത്ത് പറഞ്ഞതായിരിക്കാം. 'റൂഹ്' എന്നത്കൊണ്ട് മനുഷ്യാത്മാക്കൾ എന്നാണുദ്ദേ ശ്യമെന്ന് മറ്റൊരഭിപ്രായവുമുണ്ട്.

അമ്പതിനായിരം കൊല്ലം ദൈർഘ്യമുള്ള ഒരു ദിവസം എന്ന് പറഞ്ഞത് ഖിയാമത്ത് നാളിനെ ഉദ്ദേശിച്ചാകുന്നു. തുടർന്നുള്ള ആയത്തുകളിൽ നിന്നും, ചില നബി വചനങ്ങളിൽ നിന്നും ഇത് വ്യക്തമായി മനസ്സിലാക്കാവുന്നതാണ്. സൂ: സജദ 5-ാം വചനത്തിൽ ഖിയാമത്ത് നാളിനെക്കുറിച്ച് ആയിരം കൊല്ലം ദൈർഘ്യമുള്ള ദിവസം എന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അവിശ്വാസികളെ സംബന്ധിച്ചിടത്തോളം ആ ദിവസം അത്രയും ദൈർഘ്യം തോന്നുന്നതും വിഷമം നിറഞ്ഞതുമാണ് എന്നായിരിക്കാം പ്രസ്തുത വചനങ്ങളുടെ താൽപര്യം. الله اعلم എന്നാൽ സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം ആ ദിവസത്തിന്റെ ദൈർഘ്യം ഒരു സാധാരണ നിർബന്ധ നമസ്കാരത്തിന്റെ സമയത്തേക്കാൾ ലഘൂകരിക്കപ്പെടുന്നതാണെന്ന് നബി(സ)യുടെ ഹദീസുകളിൽ വന്നിട്ടുണ്ട്.(അ;ബ)

ഇവിടെ അമ്പതിനായിരം കൊല്ലം എന്നും, സൂ: സജദ 5-ാം വചനത്തിൽ ആയിരം കൊല്ലം എന്നും ആ നാളിനെ കുറിച്ച് പറഞ്ഞിരിക്കുന്നതിനെക്കുറിച്ച് ഇബ്നു അബ്ബാസ്(റ) ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"അങ്ങിനെ രണ്ട് ദിവസങ്ങളെക്കുറിച്ച് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അവയെ പറ്റി അല്ലാഹുവിനറിയാം. അല്ലാഹുവിന്റെ കിത്താബിൽ എനിക്ക് അറിയാത്തതിനെക്കുറിച്ച് പറയാൻ ഞാൻ മടിക്കുന്നു."

അത്പോലെ തന്നെ "മലക്കുകളും റൂഹും അല്ലാഹുവിങ്കലേക്ക് കയറിപ്പോകുന്നു" എന്ന് പറഞ്ഞതിന്റെ -യഥാർത്ഥ താൽപര്യം എന്താണെന്ന് തിട്ടപ്പെടുത്തി പറയുവാൻ നമുക്ക് സാധ്യമല്ല. എന്നാൽ അവയുടെ ആശയം മനസ്സിലാക്കുവാൻ സൂ: സജദ 5; സൂ: ഫാത്വിർ 10; സൂ: ഹൂദ് 123 എന്നീ വചനങ്ങളുടെ വ്യാഖ്യാനങ്ങൾ ഓർക്കുന്നത് സഹായകമായിരിക്കും. അന്തിമമായ നടപടിയുടെയും തീരുമാനത്തിന്റെയും ദിവസമാണല്ലോ, ഖിയാമത്ത് നാൾ. അന്നു മലക്കുകളും ആത്മാക്കളുമെല്ലാം അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാകുമെന്നതിൽ സംശയമില്ല.

ഖിയാമത്ത് നാളിൽ അവിശ്വാസികൾക്കുള്ള ശിക്ഷയെക്കുറിച്ച് നബി(സ) താക്കീത് ചെയ്യുന്നതിനെ പരിഹസിച്ച് കൊണ്ട്, ആ ശിക്ഷ ഇപ്പോൾ തന്നെ ഒന്നു കാണട്ടെ എന്ന് മുശ്രിക്കുകൾ പരിഹസിക്കുമായിരുന്നു. "അല്ലാഹുവെ, ഇവൻ പറയുന്ന ഇതൊക്കെത്തന്നെയാണ് പരമാർത്ഥമെങ്കിൽ ഞങ്ങളിൽ നീ കല്ല് മഴ വർഷിപ്പിക്കുകയോ, വേദനയേറിയ ഏതെങ്കിലും ശിക്ഷ ഞങ്ങൾക്ക് തരുകയോ ചെയ്യുക" എന്ന് അവിശ്വാസികൾ പറഞ്ഞതായി സൂ: അൻഫാൽ 32ൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. അവിശ്വാസികളുടെ അത്തരം പരിഹാസവും ധിക്കാരവും നബി(സ) തിരുമേനിയെ ഒട്ടും അസ്വാസ്ഥ്യപ്പെടുത്തരുതെന്നും, നല്ല ക്ഷമ കൈകൊള്ളണമെന്നും, അല്ലാഹു തിരുമേനിയെ ഉപദേശിക്കുന്നു. അവരുടെ ശിക്ഷ, അവർ വളരെ വിദൂരവും അസംഭാവ്യവുമായി കരുതുന്നത് കൊണ്ടാണ് അവർ അങ്ങനെ പരിഹസിക്കുന്നതെന്നും, എന്നാൽ അല്ലാഹുവിന്റെ അടുക്കൽ അത് ഒട്ടും വിദൂരമോ പ്രയാസപ്പെട്ടതോ അല്ലെന്നും, അല്ലാഹു നബി(സ) യെ അറിയിക്കുന്നു.

**വചനം 8,9,10,11,12,13,14 :**

يَوْمَ تَكُونُ ٱلسَّمَآءُ كَٱلْمُهْلِ ﴿٨﴾

وَتَكُونُ ٱلْجِبَالُ كَٱلْعِهْنِ ﴿٩﴾

وَلَا يَسْـَٔلُ حَمِيمٌ حَمِيمًا ﴿١٠﴾

يُبَصَّرُونَهُمْ ۚ يَوَدُّ ٱلْمُجْرِمُ لَوْ يَفْتَدِى مِنْ عَذَابِ يَوْمِئِذٍۭ بِبَنِيهِ ﴿١١﴾

8 ആകാശം എണ്ണക്കീടം (അഥവാ ലോഹ ദ്രാവകം) പോലെ ആയിത്തീരുന്ന ദിവസം. (അന്നാണ് ആ ശിക്ഷ സംഭവിക്കുക.)

9 പർവ്വതങ്ങൾ കടഞ്ഞരോമം പോലെ ആയിത്തീരുകയും ചെയ്യുന്ന (ദിവസം).

10 ഒരു ഉറ്റബന്ധുവും (മറ്റ്) ഒരു ഉറ്റ ബന്ധുവിനോട് (ഒന്നും) ചോദിക്കുന്നതുമല്ല.

11 അവർക്ക് അവരെ കാണിക്കപ്പെടും. (എന്നാലും പരസ്പരം അവർ അന്വേഷിക്കയില്ല.) കുറ്റവാളിയായുള്ളവൻ കൊതിക്കും: തൻെറ മക്കളെ (പ്രായശ്ചിത്തമാക്കി)ക്കൊണ്ട് അന്നത്തെ ശിക്ഷയിൽനിന്ന് താൻ മോചനം നേടിയിരുന്നെങ്കിൽ (നന്നായേനെ)!-

12 (മാത്രമല്ല) തന്‍െറ സഹധര്‍മിണിയെയും, തന്‍െറ സഹോദരനെയും കൊണ്ടും;- وَصَٰحِبَتِهِۦ وَأَخِيهِ ﴿١٢﴾
13 തനിക്ക് (രക്ഷാ) സങ്കേതം നല്‍കിയിരുന്ന തന്‍െറ ബന്ധുകുടുംബങ്ങളെകൊണ്ടും,- وَفَصِيلَتِهِ ٱلَّتِي تُـْٔوِيهِ ﴿١٣﴾
14 (അത്രയുമല്ല) ഭൂമിയിലുള്ളവരെ മുഴുവന്‍ കൊണ്ടും, എന്നിട്ടു (പോലും) അതവനെ രക്ഷപ്പെടുത്തിയിരുന്നെങ്കില്‍ (നന്നായേനേ എന്നു കൊതിക്കും)! وَمَن فِي ٱلْأَرْضِ جَمِيعًا ثُمَّ يُنجِيهِ ﴿١٤﴾

കുറ്റവാളികളായ ദുര്‍ജനങ്ങളെ സംബന്ധിച്ചിടത്തോളം അവര്‍ പരിഹസിച്ച്കൊണ്ടിരിക്കുന്ന ആ ദിവസത്തിലെ ഭയങ്കരതയും, ഭയാനകതയും എന്ത് മാത്രമായിരിക്കുമെന്ന് അല്ലാഹു ഈ വചനങ്ങളിലൂടെ ചൂണ്ടിക്കാട്ടുകയാണ്. താനല്ലാത്തവരെ മുഴുവന്‍ പ്രായശ്ചിത്തമായി ബലി കൊടുത്തിട്ടെങ്കിലും തനിക്ക് രക്ഷ കിട്ടിയാല്‍ മതിയായിരുന്നു എന്നായിരിക്കും ഓരോരുത്തനും കൊതിക്കുക, പക്ഷേ യാതൊരു ഫലവുമുണ്ടാവുകയില്ല. അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ - ആമീന്‍.

**വചനം 15,16,17,18 :**

15 അതുവേണ്ടാ (ആ കൊതിവേണ്ടാ)! നിശ്ചയമായും, അത് ‘ലളാ’ (ആളിക്കത്തുന്ന നരകം) ആകുന്നു!- كَلَّآ ۖ إِنَّهَا لَظَىٰ ﴿١٥﴾
16 തലയുടെ തൊലി (ഉരിച്ചു) നീക്കുന്നത്!- نَزَّاعَةً لِّلشَّوَىٰ ﴿١٦﴾
17 പിന്നോക്കം പോകുകയും തിരിഞ്ഞുകളയുകയും ചെയ്തവരെ അതു വിളിക്കും,- تَدْعُوا۟ مَنْ أَدْبَرَ وَتَوَلَّىٰ ﴿١٧﴾
18 ശേഖരിച്ചു കൂട്ടുകയും എന്നിട്ട് (ചിലവഴിക്കാതെ) സൂക്ഷിച്ചുവെക്കുകയും ചെയ്ത (വരെ). وَجَمَعَ فَأَوْعَىٰٓ ﴿١٨﴾

അങ്ങനെ രക്ഷപ്പെട്ട് കളയാമെന്ന വ്യാമോഹങ്ങളൊന്നും അവിശ്വാസികള്‍ക്ക് വേണ്ടാ. കത്തിജ്വലിക്കുന്ന നരകം അവരുടെ തലയുടെ തൊലി-അഥവാ ശരീരത്തിന്‍റെ പുറഭാഗങ്ങളൊക്കെ ഉരിച്ച് കളയുന്നതാണ്. കുറ്റവാളികളുടെ പ്രത്യേകതകള്‍ 17,18 വചനങ്ങളില്‍ അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

അവര്‍ സത്യവിശ്വാസത്തില്‍ നിന്ന് പിന്നോക്കം പോകുകയും സദുപദേശങ്ങളില്‍ നിന്ന് തിരിഞ്ഞ് കളയുകയും ധനം ശേഖരിച്ച് വെച്ച് സദ്കാര്യങ്ങള്‍ക്ക് ചിലവഴിക്കാതെ കെട്ടിപ്പൂട്ടിവെക്കുകയും ചെയ്യുന്നവരാകുന്നു.

**വചനം 19,20,21 :**

19 നിശ്ചയമായും, മനുഷ്യന്‍ അക്ഷമനായി (അഥവാ വേവലാതിക്കാരനായി) സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ۞ إِنَّ ٱلْإِنسَٰنَ خُلِقَ هَلُوعًا ﴿١٩﴾
20 അതായത്, തനിക്ക് ദോഷം ബാധിച്ചാല്‍ ക്ഷമകെട്ടവനായിട്ട്;- إِذَا مَسَّهُ ٱلشَّرُّ جَزُوعًا ﴿٢٠﴾
21 തനിക്ക് ഗുണം ബാധിച്ചാല്‍ മുടക്കക്കാരനായിട്ടും. وَإِذَا مَسَّهُ ٱلْخَيْرُ مَنُوعًا ﴿٢١﴾

മനുഷ്യ സഹജമായ ഒരു കൊള്ളരുതായ്മയെ അല്ലാഹു എടുത്ത് കാട്ടുന്നു. ധനത്തിലാകട്ടെ, ദേഹത്തിലാകട്ടെ വല്ല ദോഷവും ബാധിക്കുമ്പോള്‍ വ്യസനവും പരാതിയും ഭയവും നിരാശയും അവനെ പിടികൂടുന്നു. വല്ല ഗുണമോ നന്മയോ ബാധിച്ചാലാകട്ടെ അത് വേണ്ടവിധം ഉപയോഗപ്പെടുത്തുകയോ വിനിയോഗിക്കുകയോ ചെയ്യാതെ പിശുക്ക് കാണിച്ചും മറ്റും അതിന് ഭംഗം വരുത്തുന്നു.- ഇതാണ്, അവന്‍ അക്ഷമനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞതിന്‍റെ അര്‍ത്ഥം. എന്നാല്‍ സൃഷ്ടിയിലെ ഈ പോരായ്മയെ നിയന്ത്രിക്കുന്നതിനുള്ള പ്രതിവിധികളും, അല്ലാഹു തുടര്‍ന്നുള്ള വചനങ്ങളില്‍ നിര്‍ദ്ദേ

ശിക്കുന്നു. പ്രസ്തുത പ്രതിവിധികൾ കൈകൊള്ളുന്നവരുടെ ഗുണഗണങ്ങൾ ഇവയാകുന്നു.

**വചനം 22,23,24,25 :**

إِلَّا ٱلْمُصَلِّينَ ﴿٢٢﴾
ٱلَّذِينَ هُمْ عَلَىٰ صَلَاتِهِمْ دَآئِمُونَ ﴿٢٣﴾
وَٱلَّذِينَ فِىٓ أَمْوَٰلِهِمْ حَقٌّ مَّعْلُومٌ ﴿٢٤﴾
لِّلسَّآئِلِ وَٱلْمَحْرُومِ ﴿٢٥﴾

22 നമസ്കരിക്കുന്നവർ ഒഴികെ,-
23 അതായത്, തങ്ങളുടെ നമസ്കാരത്തിൽ നിത്യ നിഷ്ഠയുള്ള ആളുകൾ;
24 തങ്ങളുടെ സ്വത്തുക്കളിൽ അറിയപ്പെട്ട (നിശ്ചിതമായ) അവകാശം ഉള്ളവരും (ഒഴികെ),-
25 (അതെ) ചോദിക്കുന്നവനും (ചോദിക്കുന്നതിന്) മുടക്കം ബാധിച്ചവനും;-

അവർ നമസ്കരിക്കുന്നവരും, തങ്ങളുടെ നമസ്കാരത്തിൽ സ്ഥിരനിഷ്ഠയുള്ളവരുമാകുന്നു. ചോദിച്ചാവശ്യപ്പെട്ട് വരുന്നവർക്കും അഭിമാനം കൊണ്ടോ, അംഗവൈകല്യം, രോഗം മുതലായ കാരണങ്ങൾ നിമിത്തമോ അന്യനോട് ചോദിച്ച് വാങ്ങാൻ മുന്നോട്ട് വരാത്തവർക്കും, തങ്ങളുടെ സ്വത്തിൽ നിന്ന് അവകാശവും ഓഹരിയും കൊടുക്കേണ്ടതുണ്ടെന്ന് ബോധ്യമുള്ളവരുമാകുന്നു അവർ. (ഈ വിഷയ സംബന്ധമായി സൂ: ദാരിയാത്ത് 19-ാം വചനത്തിന്റെ വിവരണം നോക്കുക)

**വചനം 26,27,28 :**

وَٱلَّذِينَ يُصَدِّقُونَ بِيَوْمِ ٱلدِّينِ ﴿٢٦﴾
وَٱلَّذِينَ هُم مِّنْ عَذَابِ رَبِّهِم مُّشْفِقُونَ ﴿٢٧﴾
إِنَّ عَذَابَ رَبِّهِمْ غَيْرُ مَأْمُونٍ ﴿٢٨﴾

26 പ്രതിഫല നടപടിയുടെ ദിവസത്തെ സത്യമാ(ക്കി വിശ്വസി)ക്കുന്നവരും;-
27 തങ്ങളുടെ റബ്ബിൻെറ ശിക്ഷയെക്കുറിച്ചു ഭയപ്പാടുള്ളവരും (ഒഴികെ);-
28 (കാരണം) നിശ്ചയമായും, അവരുടെ റബ്ബിൻെറ ശിക്ഷ (വരികയില്ലെന്ന്) സമാധാനപ്പെട്ടു കൂടാത്തതാകുന്നു;-

അവർ മരണാനന്തര രക്ഷാ ശിക്ഷകളെപറ്റി ദൃഢമായി വിശ്വസിക്കുന്നവരാകുന്നു. തങ്ങളുടെ നന്മകൊണ്ടോ മറ്റേതെങ്കിലും കാരണത്താലോ, അല്ലാഹുവിന്റെ ശിക്ഷ തങ്ങളിൽ ബാധിച്ചേക്കുകയില്ലെന്ന് കരുതി അവർ വഞ്ചിതരാകുകയോ, അതിനെ കുറിച്ച് ഭയമില്ലാതെ സമാധാനപ്പെട്ട് കൊണ്ടിരിക്കുകയോ ചെയ്കയില്ല.

**വചനം 29,30,31,32,33,34,35 :**

وَٱلَّذِينَ هُمْ لِفُرُوجِهِمْ حَـٰفِظُونَ ﴿٢٩﴾
إِلَّا عَلَىٰٓ أَزْوَٰجِهِمْ أَوْ مَا مَلَكَتْ أَيْمَـٰنُهُمْ فَإِنَّهُمْ غَيْرُ مَلُومِينَ ﴿٣٠﴾
فَمَنِ ٱبْتَغَىٰ وَرَآءَ ذَٰلِكَ فَأُو۟لَـٰٓئِكَ هُمُ ٱلْعَادُونَ ﴿٣١﴾
وَٱلَّذِينَ هُمْ لِأَمَـٰنَـٰتِهِمْ وَعَهْدِهِمْ رَٰعُونَ ﴿٣٢﴾
وَٱلَّذِينَ هُم بِشَهَـٰدَٰتِهِمْ قَآئِمُونَ ﴿٣٣﴾
وَٱلَّذِينَ هُمْ عَلَىٰ صَلَاتِهِمْ يُحَافِظُونَ ﴿٣٤﴾

29 തങ്ങളുടെ ഗുഹ്യസ്ഥാനങ്ങളെ കാത്തുസൂക്ഷിക്കുന്നവരും (ഒഴികെ);
30 തങ്ങളുടെ ഭാര്യമാരെയോ, അല്ലെങ്കിൽ തങ്ങളുടെ വലകൈകൾ ഉടമപ്പെടുത്തിയിട്ടുള്ളവരെയോ സംബന്ധിച്ചല്ലാതെ, കാരണം, അവർ ആക്ഷേപിക്കപ്പെട്ടുകൂടാത്തവരാകുന്നു.
31 എന്നാൽ അതിനപ്പുറം ആരെങ്കിലും തേടുന്നതായാൽ ആ കൂട്ടർതന്നെയാണ് അതിരുകടന്നവർ.
32 തങ്ങളുടെ അമാനത്ത് (വിശ്വസ്തത) കളെയും, ഉടമ്പടിയെയും പാലിച്ചുവരുന്നവരും,-
33 തങ്ങളുടെ സാക്ഷ്യങ്ങളെ (ശരിക്ക്) നിർവ്വഹിക്കുന്നവരും,-
34 തങ്ങളുടെ നമസ്കാരത്തെപ്പറ്റി സൂക്ഷി(ച്ചു പാലി) ക്കുന്നവരും (ഒഴികെ)

35 അക്കൂട്ടർ (എല്ലാം) സ്വർഗങ്ങളിൽവെച്ച് ആദരിക്കപ്പെടുന്നവരാകുന്നു.

أُوْلَـٰٓئِكَ فِي جَنَّـٰتٍ مُّكْرَمُونَ ﴿٣٥﴾

അവരുടെ ഗുണഗണങ്ങളായി 29 മുതൽ 33 കൂടിയ വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട വിഷയങ്ങളെ കുറിച്ചുള്ള വിശദീകരണങ്ങൾക്ക് സൂ: മുഅ്മിനൂൻ 5,6,7,8 വചനങ്ങളുടെ വ്യാഖ്യാനം നോക്കുക. 34 -ാം വചനത്തിൽ 'നമസ്ക്കാരത്തെക്കുറിച്ച് സൂക്ഷമത പാലിക്കുന്നവർ' എന്ന് പറഞ്ഞതിനെകുറിച്ചും സൂ: മുഅ്മിനൂൻ 2,9 വചനങ്ങളുടെ വ്യാഖ്യാനം നോക്കുക.

സ്വർഗ്ഗത്തിൽ ആദരിക്കപ്പെടുന്നവർ എന്ന് അല്ലാഹു സന്തോഷ വാർത്ത അറിയിക്കുകയും, അക്ഷമരും ദുർബ്ബലരുമല്ലാത്തവരുമെന്ന് അവൻ പ്രശംസിക്കുകയും ചെയ്ത ഈ സജ്ജനങ്ങളുടെ സവിശേഷതകൾ പലതും അല്ലാഹു മേൽ വചനങ്ങളിൽ എടുത്ത് പറഞ്ഞിരിക്കുന്നു. അവയിൽ ഒന്നാമതായി എണ്ണിയത് നമസ്ക്കരിക്കുന്നവരെ പറ്റിയാണ്. (വചനം 22,23) ഏറ്റവും അവസാനമായി എടുത്ത് പറഞ്ഞതും നമസ്കാരത്തെ പറ്റി തന്നെ(വചനം 34) ഈ വചനങ്ങളും ഖുർആനിൽ പലയിടങ്ങളിലും നമസ്കാരത്തെപറ്റി ഊന്നിപറഞ്ഞിട്ടുള്ള പല വചനങ്ങളും നമസ്കാരത്തിന് ഇസ്ലാമിലുള്ള പ്രാധാന്യത്തെപറ്റിയാണ് സൂചിപ്പിക്കുന്നത്.

## വിഭാഗം 2

**വചനം 36,37,38,39 :**

36 എന്നാൽ, അവിശ്വസിച്ചവർക്ക് എന്താണ് (അവർ) നിൻെറ മുമ്പിൽ (കഴുത്തു നീട്ടി നോക്കി)പാഞ്ഞു പോയ്കൊണ്ടിരിക്കുന്നു?-

فَمَالِ ٱلَّذِينَ كَفَرُواْ قِبَلَكَ مُهْطِعِينَ ﴿٣٦﴾

37 വലത്തോട്ടും ഇടത്തോട്ടും കൂട്ടങ്ങളായി (ചിതറി) ക്കൊണ്ട്!

عَنِ ٱلْيَمِينِ وَعَنِ ٱلشِّمَالِ عِزِينَ ﴿٣٧﴾

38 അവരിൽ എല്ലാ (ഓരോ) മനുഷ്യനും മോഹിക്കുന്നുണ്ടോ, സുഖാനുഗ്രഹത്തിൻെറ സ്വർഗത്തിൽ അവൻ പ്രവേശിപ്പിക്കപ്പെടുമെന്ന്?!

أَيَطْمَعُ كُلُّ ٱمْرِيٍٕ مِّنْهُمْ أَن يُدْخَلَ جَنَّةَ نَعِيمٍ ﴿٣٨﴾

39 അതു വേണ്ടാ! അവരെ നാം അവർക്ക് അറിയാവുന്ന വസ്തുവിൽ നിന്നത്രെ സൃഷ്ടിച്ചിരിക്കുന്നത്.

كَلَّآ إِنَّا خَلَقْنَـٰهُم مِّمَّا يَعْلَمُونَ ﴿٣٩﴾

നബി(സ)യുടെ നേരെ വെറുപ്പും അമർഷവും പ്രകടിപ്പിച്ച് കൊണ്ട് തുറിച്ച് നോക്കുക, അവിടുത്തെ ഉപദേശങ്ങളിൽ പ്രതിഷേധിച്ച് അസ്വസ്ഥരായി വിറളിയെടുത്ത് ഇടവും വലവും പാഞ്ഞ് പോവുക, ഇതെല്ലാം മക്കയിലെ മുശ്രിക്കുകളുടെ പതിവായിരുന്നു. സത്യവിശ്വാസവും സൽകർമ്മവും കൂടാതെ, സ്വർഗ്ഗത്തിൽ പ്രവേശിക്കപ്പെടുമെന്ന് അവർ വ്യാമോഹിച്ചിട്ട് യാതൊരു കാര്യവുമില്ല. കേവലം നിന്ദ്യമായ ഒരു വെള്ളതുള്ളിയിൽ നിന്ന് സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഒരു പരിശുദ്ധമായ വർഗ്ഗമൊന്നുമല്ല; സത്യവിശ്വാസവും സൽകർമ്മങ്ങളും മാത്രമാണ് അല്ലാഹുവിങ്കൽ പരിശുദ്ധതക്കുള്ള ഉപാധികൾ.

**വചനം 40,41**

40 എന്നാൽ, ഉദയസ്ഥാനങ്ങളുടെയും അസ്തമനസ്ഥാനങ്ങളുടെയും റബ്ബിനെക്കൊണ്ടു ഞാൻ (ഇതാ) സത്യം ചെയ്തു പറയുന്നു! -നിശ്ചയമായും നാം കഴിവുള്ളവർ തന്നെയാണ്,-

فَلَآ أُقْسِمُ بِرَبِّ ٱلْمَشَـٰرِقِ وَٱلْمَغَـٰرِبِ إِنَّا لَقَـٰدِرُونَ ﴿٤٠﴾

41 അവരെക്കാൾ ഉത്തമമായവരെ അവർക്കു പകരം കൊണ്ടുവരുവാൻ. നാം മുൻകടക്കപ്പെടുന്നവരല്ലതാനും (പരാജയപ്പെട്ടു പോകുന്നവരുമല്ല).

عَلَىٰٓ أَن نُّبَدِّلَ خَيْرًا مِّنْهُمْ وَمَا نَحْنُ بِمَسْبُوقِينَ ﴿٤١﴾

**لأقسمو** എന്ന വാക്കിനെക്കുറിച്ച് സൂ: വാഖിഅ 75ലും ഉദയാസ്ഥമന സ്ഥാനങ്ങളെക്കുറിച്ച് സൂ: സ്വാഫ്ഫാത് 5-ാം വചനത്തലും വിവരിച്ചത് ശ്രദ്ധിക്കുക. ഈ അവിശ്വാസികളെയെല്ലാം അങ്ങ് നശിപ്പിച്ച് അവരേക്കാൾ ഉത്തമമായ ഒരു ജനതയെ കൊണ്ട് വരുവാൻ അല്ലാഹുവിന് യാതൊരു പ്രയാസവുമില്ലതന്നെ. അവൻ അങ്ങനെ ചെയ്യുന്ന പക്ഷം അവനെ മുൻകടന്ന് പരാജയപ്പെടുത്തുവാൻ ആരും തന്നെയില്ല താനും.

**വചനം 42,43,44 :**

فَذَرْهُمْ يَخُوضُوا۟ وَيَلْعَبُوا۟ حَتَّىٰ يُلَـٰقُوا۟ يَوْمَهُمُ ٱلَّذِى يُوعَدُونَ ﴿٤٢﴾

42 (നബിയേ) ആകയാൽ അവരെ വിട്ടേക്കുക- അവർ (തോന്നിയവാസത്തിൽ) മുഴുകിയും കളിച്ചുംകൊണ്ടിരിക്കട്ടെ, അവരോട് വാഗ്ദത്തം (താക്കീത്) ചെയ്യപ്പെടുന്ന അവരുടെ (ആ) ദിവസവുമായി അവർ കണ്ടുമുട്ടുന്നതുവരേക്കും!

يَوْمَ يَخْرُجُونَ مِنَ ٱلْأَجْدَاثِ سِرَاعًا كَأَنَّهُمْ إِلَىٰ نُصُبٍ يُوفِضُونَ ﴿٤٣﴾

43 അതായത് ഖബറുകളിൽനിന്ന് അവർ ബദ്ധപ്പെട്ടവരായി പുറത്തുവരുന്ന ദിവസം; അവർ ഒരു നാട്ടക്കുറിയിലേക്ക് ധൃതിപ്പെട്ടുവരുന്നതുപോലെയിരിക്കും;

خَـٰشِعَةً أَبْصَـٰرُهُمْ تَرْهَقُهُمْ ذِلَّةٌ ۚ ذَٰلِكَ ٱلْيَوْمُ ٱلَّذِى كَانُوا۟ يُوعَدُونَ ﴿٤٤﴾

44 -അവരുടെ കണ്ണുകൾ (വിനയപ്പെട്ടു) താഴ്മ കാണിച്ചുകൊണ്ട്-നിന്ദ്യത അവരെ ആവരണം ചെയ്യുന്നതാണ്. അതത്രെ, അവരോടു വാഗ്ദത്തം (താക്കീത്) ചെയ്യപ്പെട്ടിരുന്ന(ആ) ദിവസം!

ഖിയാമത്ത്നാളിലെ രണ്ടാമത്തെ കാഹളം ഊത്തിനെ തുടർന്ന് എല്ലാവരും ഖബറുകളിൽ നിന്ന് ഭയവിഹ്വലരായും കൊണ്ട്, എഴുന്നേറ്റ് മഹ്ശറിലേക്ക് ഓടി വരുന്നതിനെ സൂചിപ്പിച്ചാണ്. “നാട്ടക്കുറിയെ ഉന്നം വെച്ച് ധൃതിപ്പെട്ട് പാഞ്ഞ് വരുംപോലെ” എന്ന് ഉപമിച്ചിരിക്കുന്നത്. ഇന്നത്തെ ഈ ഊക്കും ധാർഷ്ട്യവുമെല്ലാം അവസാനിച്ച് അന്ന് അവരെല്ലാം താഴ്മയോടും വിനയത്തോടും കൂടി നിന്ദ്യമായ നിലയിൽ അവിടെ സമ്മേളിക്കും. ഇപ്പോൾ അവർ ഒരുവിധത്തിലും വഴങ്ങുന്നില്ലെങ്കിൽ തൽക്കാലം അവരെ അവരുടെ പാട്ടിന് വിട്ടേക്കുക എന്ന് അല്ലാഹു നബി(സ)യെ ഉപദേശിക്കുന്നു.

# 71. സൂറത്തു നൂഹ്

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 28, വിഭാഗം (റുകൂഅ്) 2

സൂറത്തിന്റെ ഒന്നാം വചനത്തിൽ തന്നെ നൂഹ് നബി(അ)യെക്കുറിച്ച് പ്രസ്താവിക്കുന്നു.

**വിഭാഗം 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3,4 :**

1 നിശ്ചയമായും നാം നൂഹിനെ അദ്ദേഹത്തിൻെറ ജനതയിലേക്ക് (റസൂലായി) അയച്ചു,-നിൻെറ ജനതക്ക് വേദനയേറിയ വല്ല ശിക്ഷയും വരുന്നതിനുമുമ്പായി നീ അവരെ താക്കീതു ചെയ്യണം എന്ന് (കല്പിച്ചുംകൊണ്ട്)

إِنَّآ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦٓ أَنْ أَنذِرْ قَوْمَكَ مِن قَبْلِ أَن يَأْتِيَهُمْ عَذَابٌ أَلِيمٌ ﴿١﴾

2 അദ്ദേഹം പറഞ്ഞു: "എൻെറ ജനങ്ങളേ, നിശ്ചയമായും ഞാൻ നിങ്ങൾക്ക് സ്പഷ്ടമായ ഒരു താക്കീതുകാരനാകുന്നു;"

قَالَ يَـٰقَوْمِ إِنِّى لَكُمْ نَذِيرٌ مُّبِينٌ ﴿٢﴾

3 "നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ, അവനെ സൂക്ഷിക്കുകയും ചെയ്യുവിൻ, എന്നെ അനുസരിക്കുകയും ചെയ്യുവിൻ എന്ന്.

أَنِ ٱعْبُدُوا۟ ٱللَّهَ وَٱتَّقُوهُ وَأَطِيعُونِ ﴿٣﴾

4 "എന്നാലവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങളിൽ നിന്നു പൊറുത്തുതരുന്നതാണ്; നിർണ്ണയിക്കപ്പെട്ട ഒരവധിവരെ അവൻ നിങ്ങളെ (ഒഴിവാക്കി) പിന്തിച്ചു തരുന്നതുമാകുന്നു. നിശ്ചയമായും, അല്ലാഹുവിൻെറ (നിശ്ചയപ്രകാരമുള്ള) അവധിവന്നാൽ, അത് പിന്തിക്കപ്പെടുന്നതല്ല. നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ!"

يَغْفِرْ لَكُم مِّن ذُنُوبِكُمْ وَيُؤَخِّرْكُمْ إِلَىٰٓ أَجَلٍ مُّسَمًّى ۚ إِنَّ أَجَلَ ٱللَّهِ إِذَا جَآءَ لَا يُؤَخَّرُ ۖ لَوْ كُنتُمْ تَعْلَمُونَ ﴿٤﴾

തൊള്ളായിരത്തി അൻപത് വർഷക്കാലം സ്വജനതയെ അവരുടെ പരിഹാസവും ഭീഷണിയും സഹിച്ച് കൊണ്ട് തൗഹീദിലേക്ക് ക്ഷണിച്ച് കൊണ്ടിരുന്ന പ്രവാചക വര്യനായ റസൂലത്രേ നൂഹ് നബി(അ) അറിയപ്പെട്ടിടത്തോളം, ഒരു സമുദായത്തെ തൗഹീദിലേക്ക് ക്ഷണിക്കുവാൻ വേണ്ടി അയക്കപ്പെട്ട ഒന്നാമത്തെ റസൂലായിരുന്നു അദ്ദേഹം. വിഗ്രഹാരാധനയിലും തോന്നിയവാസത്തിലും മുഴുകിയിരുന്ന ആധിക്കാരികളെ അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും അവന്റെ വിധിവിലക്കുകൾ സൂക്ഷിക്കണമെന്നും അദ്ദേഹം ഉപദേശിച്ചു. ഈ പ്രബോധനം സ്വീകരിച്ചാൽ, അല്ലാഹു അവരുടെ പാപങ്ങൾ പൊറുക്കുമെന്നും, അവരുടെ നിശ്ചിത ആയുഷ്കാലാവധി വരെ അവർക്ക് സമാധാന ജീവിതം പ്രദാനം ചെയ്യുമെന്നും, അല്ലാത്ത പക്ഷം അല്ലാഹുവിങ്കൽ നിന്നുള്ള കഠിനമായ ഏതെങ്കിലും ശിക്ഷ മുഖേന അവർക്ക് നാശം സംഭവിക്കുമെന്നും അതിന്റെ അവധി എത്തിക്കഴിഞ്ഞാൽ പിന്നീട് യാതൊരു ഒഴികഴിവും ലഭിക്കുകയില്ലെന്നും അദ്ദേഹം അവരെ താക്കീത് ചെയ്തു.

**വചനം 5,6,7 :**

5 അദ്ദേഹം പറഞ്ഞു: "എൻെറ റബ്ബേ! നിശ്ചയമായും എൻെറ ജനതയെ ഞാൻ രാവും പകലും വിളിച്ചു"-

قَالَ رَبِّ إِنِّى دَعَوْتُ قَوْمِى لَيْلًا وَنَهَارًا ﴿٥﴾

6 "എന്നിട്ട് എൻെറ വിളി അവർക്ക് ഓടിപ്പോക്കല്ലാതെ (മറ്റൊന്നും) വർദ്ധിപ്പിച്ചില്ല.

فَلَمْ يَزِدْهُمْ دُعَآءِىٓ إِلَّا فِرَارًا ﴿٦﴾

وَإِنِّي كُلَّمَا دَعَوْتُهُمْ لِتَغْفِرَ لَهُمْ جَعَلُوٓا۟ أَصَٰبِعَهُمْ فِىٓ ءَاذَانِهِمْ وَٱسْتَغْشَوْا۟ ثِيَابَهُمْ وَأَصَرُّوا۟ وَٱسْتَكْبَرُوا۟ ٱسْتِكْبَارًا ﴿٧﴾

7 "നീ അവർക്ക് പൊറുത്തുകൊടുക്കുവാൻ വേണ്ടി ഞാൻ അവരെ വിളിക്കുമ്പോഴൊക്കെയും,-അവർ തങ്ങളുടെ കാതുകളിൽ വിരലുകൾ ഇട്ടു (പൊത്തി) കളയുകയും, തങ്ങളുടെ വസ്ത്രങ്ങളെ(മീതെയിട്ടു)മൂടിപ്പുതക്കുകയും ചെയ്യുകയാണ്! അവർ (നിഷേധത്തിൽ) ശഠിച്ചു നിൽക്കുകയും, ഒരു (കടുത്ത) അഹംഭാവം നടിക്കൽ നടിക്കുകയും ചെയ്യുന്നു!"

തങ്ങളോട് ഉപദേശിക്കപ്പെടുന്നത് കേൾക്കാൻ പോലും അവർ വിമുഖരായിരുന്നു. അത്കൊണ്ടാണ് അവർ കാതിൽ വിരലിട്ട് പൊത്തിക്കളയുകയും, തങ്ങളുടെ വസ്ത്രങ്ങൾ തങ്ങളുടെ മേലിട്ട് മൂടിപ്പുതക്കുകയും ചെയ്തിരുന്നത്.

**വചനം 8,9,10,11,12 :**

ثُمَّ إِنِّي دَعَوْتُهُمْ جِهَارًا ﴿٨﴾

ثُمَّ إِنِّىٓ أَعْلَنتُ لَهُمْ وَأَسْرَرْتُ لَهُمْ إِسْرَارًا ﴿٩﴾

فَقُلْتُ ٱسْتَغْفِرُوا۟ رَبَّكُمْ إِنَّهُۥ كَانَ غَفَّارًا ﴿١٠﴾

يُرْسِلِ ٱلسَّمَآءَ عَلَيْكُم مِّدْرَارًا ﴿١١﴾

وَيُمْدِدْكُم بِأَمْوَٰلٍ وَبَنِينَ وَيَجْعَل لَّكُمْ جَنَّٰتٍ وَيَجْعَل لَّكُمْ أَنْهَٰرًا ﴿١٢﴾

8 "പിന്നെ (അതിനുപുറമെ) ഞാൻ, അവരെ ഉറക്കെ വിളിച്ചു."

9 "പിന്നെ ഞാൻ, അവരോട് (എന്റെവിളി) പരസ്യമാക്കുകയും, സ്വകാര്യമാക്കി രഹസ്യമാക്കുകയും ചെയ്തു."

10 "അങ്ങനെ, ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ റബ്ബിനോട് പാപമോചനം തേടുവിൻ, നിശ്ചയമായും, അവൻ വളരെ പൊറുക്കുന്നവനാണ്;-"

11 "എന്നാൽ നിങ്ങൾക്ക് അവൻ ആകാശത്തെ (മഴയെ) സമൃദ്ധമായി അയച്ചുതരും;

12 "സ്വത്തുക്കളും മക്കളുംകൊണ്ട് നിങ്ങളെ അവൻ പോഷിപ്പിക്കുകയും ചെയ്യും; നിങ്ങൾക്ക് തോട്ടങ്ങളുണ്ടാക്കിത്തരികയും, നിങ്ങൾക്ക് അരുവികളുണ്ടാക്കിത്തരികയും ചെയ്യും."

രാപകൽ ഭേദമന്യേ നിരന്തരം, പരസ്യമായും രഹസ്യമായും ഉറക്കെയും പതുക്കെയും അദ്ദേഹം അവരെ സത്യവിശ്വാസത്തിലേക്ക് ക്ഷണിച്ച് നോക്കി. സത്യവിശ്വാസം സ്വീകരിക്കുന്ന പക്ഷം പരലോകത്ത് വെച്ച് അല്ലാഹു പാപങ്ങൾ പൊറുത്ത് തരുമെന്ന് മാത്രമല്ല, ഇഹത്തിലും നിങ്ങൾക്ക് സുഖജീവിതവും അഭിവൃദ്ധിയും അവൻ നൽകും എന്നും ഉപദേശിച്ചു. പക്ഷേ എന്ത് തന്നെയായിട്ടും തങ്ങളുടെ മർക്കട മുഷ്ടി അവർ അവസാനിപ്പിച്ചില്ല.

സത്യവിശ്വാസവും സൽകർമ്മങ്ങളും സ്വീകരിക്കുന്നതിന്റെ ആത്യന്തികലക്ഷ്യം ഐഹികനേട്ടങ്ങളല്ല, പാരത്രിക നേട്ടങ്ങളാകുന്നു. (സു: അൻഫാൽ 67-ാം വചനം നോക്കുക) എന്നാൽ അത് മൂലം അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങൾ അവനിൽ വർഷിച്ച് കൊണ്ടിരിക്കുകയും, അവന്റെ ഐഹിക ജീവിതത്തിലും അതിന്റെ സ്ഫുരണം ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും. മനുഷ്യർക്കിടയിൽ പാപവർദ്ധനയും സത്യവിശ്വാസത്തിന്റെ അഭാവവും ഉണ്ടാകുമ്പോൾ പാരത്രികമായ ശിക്ഷക്ക് പുറമേ ഐഹികമായ ശിക്ഷകളും കൂടി നേരിട്ടേക്കാമെന്നും സത്യ വിശ്വാസവും പാപമോചനവും പാരത്രികമായ പ്രതിഫലത്തിന് പുറമെ ഇഹത്തിൽ ക്ഷേമൈശ്വര്യങ്ങൾ ലഭിക്കുന്നതിനും കാരണമാകുമെന്നും ഈ 10,11,12 വചനങ്ങളിൽ നിന്നും മനസ്സിലാക്കാം. (സൂ: അഅ്റാഫ് 96, സൂ: ഹൂദ് 3 വചനങ്ങളും നോക്കുക)

എന്നാൽ ഭൗതികമായ സുഖഐശ്വര്യങ്ങൾ ഒരു ജനതയുടേയോ, വ്യക്തിയുടെയോ സാക്ഷാൽ നന്മക്ക് മാനദണ്ഡമല്ല. തനി ഭൗതിക വാദികളും ധാർമ്മിക രംഗത്ത് അങ്ങേയറ്റം അധപതിച്ചവരുമായ ജനസമൂഹങ്ങൾ അങ്ങേയറ്റം സുഖാഢംഭരങ്ങളിൽ മുഴുകികഴിയുന്നതും അവരേക്കാൾ ഏത് നിലക്കും ഉത്തമരായിട്ടുള്ളവർ വളരെ ക്ലേശകരമായ ജീവിതം നയിച്ച് വരുന്നതും നാം കാണുന്നു. ഇതെല്ലാം

അല്ലാഹുവിൽ നിന്നുള്ള പരീക്ഷണങ്ങളത്രേ. (സൂ: അൻബിയാഅ് 35, സൂ: അഅ്റാഫ് 168 വചനങ്ങൾ നോക്കുക)

**വചനം 13,14 :**

مَّا لَكُمْ لَا تَرْجُونَ لِلَّهِ وَقَارًا ﴿١٣﴾

وَقَدْ خَلَقَكُمْ أَطْوَارًا ﴿١٤﴾

13 "(ജനങ്ങളേ) നിങ്ങൾക്കെന്താണ്, നിങ്ങൾ അല്ലാഹുവിന് ഒരു മഹത്വവും പ്രതീക്ഷിക്കുന്നില്ല?–

14 'അവൻ നിങ്ങളെ പല ദശകളായി സൃഷ്ടിച്ചുണ്ടാക്കിയിട്ടുണ്ടല്ലോ (എന്നിട്ടും)!'

നൂഹ് നബി(അ) തുടരുന്നു: നിങ്ങൾ നിങ്ങളുടെ ആരാധ്യവസ്തുക്കളായ വിഗ്രഹങ്ങൾക്ക് പോലും വളരെ മഹത്വം കല്പിച്ച് കൊണ്ടിരിക്കുന്നു. എന്നാൽ നിങ്ങളെ വിവിധ ദശകളായി ഗർഭപാത്രത്തിൽ വെച്ചും നിങ്ങളുടെ പിറവിക്ക് ശേഷവും സൃഷ്ടിച്ച് പരിപാലിച്ച് പോരുന്ന അല്ലാഹുവിന് നിങ്ങൾ യാതൊരു മഹത്വവും ഗൗരവവും കല്പിക്കുന്നില്ല. ഇതെന്തൊരു ആശ്ചര്യമാണ്.

**വചനം 15,16,17,18 :**

أَلَمْ تَرَوْا كَيْفَ خَلَقَ اللَّهُ سَبْعَ سَمَاوَاتٍ طِبَاقًا ﴿١٥﴾

وَجَعَلَ الْقَمَرَ فِيهِنَّ نُورًا وَجَعَلَ الشَّمْسَ سِرَاجًا ﴿١٦﴾

وَاللَّهُ أَنبَتَكُم مِّنَ الْأَرْضِ نَبَاتًا ﴿١٧﴾

ثُمَّ يُعِيدُكُمْ فِيهَا وَيُخْرِجُكُمْ إِخْرَاجًا ﴿١٨﴾

15 "നിങ്ങൾ കണ്ടില്ലേ, എങ്ങിനെയാണ് (ഒന്നൊന്നിനുമീതെ) അടുക്കുകളായ നിലയിൽ അല്ലാഹു ഏഴു ആകാശങ്ങളെ സൃഷ്ടിച്ചിരിക്കുന്നത്?! (ആലോചിച്ചുനോക്കൂ.)

16 "അവയിൽ ചന്ദ്രനെ അവൻ ഒരു പ്രകാശമാക്കുകയും ചെയ്തിരിക്കുന്നു: സൂര്യനെ ഒരു വിളക്കും ആക്കിയിരിക്കുന്നു.

17 "അല്ലാഹു തന്നെ, ഭൂമിയിൽനിന്നു നിങ്ങളെ ഒരു (തരം) ഉൽപാദനം ഉൽപാദിപ്പിച്ചിരിക്കുന്നു.

18 "പിന്നീട്, നിങ്ങളെ അതിൽ (വീണ്ടും) മടക്കുകയും (അതിൽനിന്ന്) ഒരു പുറത്തുവരുത്തൽ വരുത്തുകയും ചെയ്യുന്നു."

നൂഹ്(അ) ചില പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

'അടുക്കുകളായ ഏഴു ആകാശങ്ങൾ' എന്നതിന്റെ വിവക്ഷയെകുറിച്ച് സൂ: ഖലം 3-ാം വചനത്തിന്റെ വിവരണം നോക്കുക. സൂര്യവെളിച്ചത്തെ അപേക്ഷിച്ച് ലഘുവായ ചന്ദ്രവെളിച്ചം, സ്വയം പ്രകാശിക്കുന്ന സൂര്യന്റെ അതിശക്തമായ വെളിച്ചം തിരിച്ചടിക്കുന്നതിനാൽ ഉണ്ടാകുന്നതാണല്ലോ. അത്കൊണ്ടായിരിക്കും 'ചന്ദ്രനെ പ്രകാശമാക്കി' എന്നും 'സൂര്യനെ വിളക്കാക്കി' എന്നും വ്യത്യസ്ത രൂപത്തിൽ അല്ലാഹു പ്രസ്താവിച്ചത്.

"നിങ്ങളെ ഭൂമിയിൽ നിന്നും ഒരു ഉൽപാദനം ഉൽപാദിപ്പിച്ചിരിക്കുന്നു" എന്ന് പറഞ്ഞതും ശ്രദ്ധേയമാകുന്നു. മനുഷ്യ പിതാവായ ആദമിനെ സൃഷ്ടിച്ചത് മണ്ണിൽ നിന്നാകുന്നു. ഒന്നാമത്തെ ആ മനുഷ്യ ച്ചെടിയിൽ നിന്ന് പെരുകി ഉണ്ടായതാണല്ലോ, ഈ കോടാനുകോടി മനുഷ്യർ. ഇന്ദ്രിയത്തിൽ നിന്നാണ് പ്രത്യക്ഷത്തിൽ ഓരോരോ മനുഷ്യന്റെ ഉൽഭവമെങ്കിലും ഇന്ദ്രിയം ഭക്ഷണത്തിൽ നിന്നും ഭക്ഷണം ഭൂമിയിലെ വിഭവങ്ങളിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്നതും ആണല്ലോ.

ഒടുക്കം എല്ലാവരേയും അതേ മണ്ണിലേക്ക് തന്നെ വീണ്ടും തിരിച്ചയക്കുകയും ചെയ്യുന്നു-മൃതശരീരം മണ്ണിൽ മൂടപ്പെടട്ടെ അല്ലെങ്കിൽ ദഹിപ്പിക്കപ്പെടട്ടെ ഒടുക്കം മണ്ണിൽ തന്നെ ലയിച്ച് ചേരുന്നു.

ഇതെല്ലാം ചെയ്യുന്ന അല്ലാഹുവിന് മനുഷ്യനെ ഒരിക്കൽ കൂടെ പുറത്ത് വരുത്തുകയെന്നത് പ്രയാസമുള്ള ഒരു കാര്യമല്ല തന്നെ.

**വചനം 19,20 :**

وَاللَّهُ جَعَلَ لَكُمُ الْأَرْضَ بِسَاطًا ﴿١٩﴾

19 "അല്ലാഹുതന്നെ, നിങ്ങൾക്ക് ഭൂമിയെ ഒരു വിരിപ്പാക്കിത്തരുകയും ചെയ്തിരിക്കുന്നു;

لِّتَسْلُكُوا۟ مِنْهَا سُبُلًا فِجَاجًا ﴿٢٠﴾

20 "നിങ്ങൾക്ക് അതിൽനിന്ന് വിസ്തീർണമായ മാർഗങ്ങളിൽ പ്രവേശിക്കുവാൻ വേണ്ടി."

വിരിപ്പിൽ യഥേഷ്ടം ഇരിക്കാം, കിടക്കാം, ഉറങ്ങാം എന്നത് പോലെ ഭൂമിയും വസിക്കുവാനും, സഞ്ചരിക്കുവാനും ഉപജീവനമാർഗ്ഗം തേടുവാനും, ഗൃഹങ്ങളുണ്ടാക്കി താമസിക്കുവാനും സൗകര്യപ്പെടുമാറ് അല്ലാഹു ഭൂമിയെ പരന്ന് വിശാലമാക്കിയിരിക്കുന്നു. ഓരോരുത്തനും അവന്റെ ഹിതമനുസരിച്ച് വിഹരിക്കുവാനുള്ള മാർഗ്ഗങ്ങളും വിശാലം തന്നെ. ഭൂമിയിലെ കരയിലൂടെയും കടലിലൂടെയും മരുഭൂമിയിലൂടെയും സഞ്ചരിക്കുവാനുള്ള വിവിധ മാർഗ്ഗങ്ങളും അല്ലാഹു മനുഷ്യന് കീഴ്പ്പെടുത്തിത്തന്നിരിക്കുന്നു. ഇവയെല്ലാം അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹങ്ങളും അവന്റെ മഹത്വത്തിനുള്ള ദൃഷ്ടാന്തങ്ങളുമത്രേ.

## വിഭാഗം 2

**വചനം 21,22,23,24 :**

قَالَ نُوحٌ رَّبِّ إِنَّهُمْ عَصَوْنِى وَٱتَّبَعُوا۟ مَن لَّمْ يَزِدْهُ مَالُهُۥ وَوَلَدُهُۥٓ إِلَّا خَسَارًا ﴿٢١﴾

21 നൂഹ് പറഞ്ഞു: "എന്റെ റബ്ബേ! നിശ്ചയമായും അവർ, എന്നോട് അനുസരണക്കേട് കാണിച്ചിരിക്കുകയാണ്; യാതൊരുവർക്ക് അവരുടെ സ്വത്തും സന്താനവും നഷ്ടമല്ലാതെ വർദ്ധിപ്പിച്ചിട്ടില്ലയോ, അങ്ങിനെയുള്ളവരെ അവർ പിൻപറ്റുകയും ചെയ്തിരിക്കുന്നു.

وَمَكَرُوا۟ مَكْرًا كُبَّارًا ﴿٢٢﴾

22 "വളരെ വലിയ കുതന്ത്രവും അവർ പ്രയോഗിച്ചിരിക്കുന്നു."

وَقَالُوا۟ لَا تَذَرُنَّ ءَالِهَتَكُمْ وَلَا تَذَرُنَّ وَدًّا وَلَا سُوَاعًا وَلَا يَغُوثَ وَيَعُوقَ وَنَسْرًا ﴿٢٣﴾

23 അവർ പറഞ്ഞു: "(ജനങ്ങളേ) നിശ്ചയമായും നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ വിട്ടേക്കരുത്; 'വദ്ദി'നെയാകട്ടെ, 'സുവാഇ'നെയാകട്ടെ നിങ്ങൾ വിട്ടേക്കരുത്; 'യഗൂഥി'നെയും, 'യഊഖി'നെയും, 'നസ്റി'നെയും (വിട്ടേക്കുകയും) അരുത്" (എന്നൊക്കെ).

وَقَدْ أَضَلُّوا۟ كَثِيرًا ۖ وَلَا تَزِدِ ٱلظَّٰلِمِينَ إِلَّا ضَلَٰلًا ﴿٢٤﴾

24 "അവർ വളരെ (ജനങ്ങളെ) വഴിപിഴപ്പിച്ചിട്ടുണ്ട്. (റബ്ബേ) അക്രമികൾക്ക് വഴി കേടല്ലാതെ നീ വർദ്ധിപ്പിക്കരുതേ!"

950 കൊല്ലത്തോളം തന്റെ ജനതയെ സത്യവിശ്വാസത്തിലേക്ക് ക്ഷണിച്ച് കൊണ്ടിരുന്നിട്ടും ആ ജനത അതിന് നേരെ കൈകൊണ്ട ധിക്കാരവും പരിഹാസവും അഹംഭാവവും നിറഞ്ഞ നിലപാടെന്തായിരുന്നുവെന്ന് നൂഹ്(അ) നബി തന്റെ പ്രസ്താവനയിൽ മനോവേദനയോട് കൂടി വിവരിക്കുന്നു:

"സ്വത്തും മക്കളും നഷ്ടമല്ലാതെ മറ്റൊന്നും വർദ്ധിപ്പിച്ചിട്ടില്ലാത്തവർ" എന്ന് 21-ാം വചനത്തിൽ പ്രസ്താവിച്ചത് അവരിലുള്ള നേതാക്കളേയും ധനികരേയും കുറിച്ചാകുന്നു. പാമരന്മാരും സാധാരണക്കാരും അവരെ അനുകരിക്കുകയും പിൻപറ്റുകയും ചെയ്തു. ആ ധിക്കാരികളായ ജനതക്ക് പരാജയവും, ആപത്തും, നാശവും സംഭവിക്കണം എന്നതായിരിക്കാം 24-ാം വചനത്തിലെ നൂഹ്(അ) നബിയുടെ പ്രാർത്ഥനയുടെ താല്പര്യം. തുടർന്നുള്ള വചനങ്ങളിൽ നിന്നും അതാണ് മനസ്സിലാകുന്നത് الله اعلم (26,27 വചനങ്ങളും നോക്കുക)

നൂഹ്(അ) എന്ത് തന്നെ പറഞ്ഞാലും ശരി, നമ്മുടെ ദൈവങ്ങളെ വിട്ട് കളയരുതെന്ന്, നേതാക്കൾ മറ്റുള്ളവരെ നിർബന്ധിച്ചു. അവരുടെ ദൈവങ്ങളായി കണക്കാക്കുന്ന അഞ്ച് പ്രധാന വിഗ്രഹങ്ങളുടെ പേരാണ് 23-ാം വചനത്തിൽ കാണുന്നത്. സജ്ജനങ്ങളുടെ മരണാനന്തരം, അവരുടെ പേരിൽ സ്ഥാപിക്കപ്പെട്ട പ്രതിമകൾ പിന്നീട് ആരാധ്യദൈവങ്ങളായി മാറുകയാണുണ്ടായതെന്നും, ഇതേ പേരിലുള്ള വിഗ്രഹങ്ങൾ അറബികൾക്കിടയിലും പ്രചാരണത്തിലുണ്ടായിരുന്നുവെന്നും ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചിരിക്കുന്നു. ഇവക്ക് പുറമേ ലാത്ത, ഉസ്സ, മനാത്ത മുതലായ മറ്റു വിഗ്രഹങ്ങളും അറബികൾക്കുണ്ടായിരുന്നു.

**വചനം 25 :**

مِّمَّا خَطِيٓـَٔـٰتِهِمْ أُغْرِقُوا۟ فَأُدْخِلُوا۟ نَارًا فَلَمْ يَجِدُوا۟ لَهُم مِّن دُونِ ٱللَّهِ أَنصَارًا ﴿٢٥﴾

25 അവരുടെ തെറ്റുകളാൽതന്നെ അവർ മുക്കി നശിപ്പിക്കപ്പെട്ടു; എന്നിട്ട് അവർ അഗ്നിയിൽ പ്രവേശിപ്പിക്കപ്പെട്ടു. അപ്പോൾ, അവർ, തങ്ങ ൾക്ക് അല്ലാഹു അല്ലാതെയുള്ള സഹായികളെ കണ്ടെത്തിയില്ല.

നൂഹ്(അ) നബിയുടെ പ്രാർത്ഥനക്ക് അല്ലാഹു ഉത്തരം നൽകി. ധിക്കാരികളായ ആ ജനത ജല പ്രളയത്തിൽ മുക്കി നശിപ്പിക്കപ്പെട്ടു. അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നു അൽപം മാത്രം ആളുകൾ അദ്ദേ ഹത്തോടൊപ്പം, അല്ലാഹുവിന്റെ കല്പനപ്രകാരം കപ്പലിൽ കയറി രക്ഷപ്പെട്ടു. (സൂ: ഹൂദ് 40-48 വചന ങ്ങൾ നോക്കുക). 'എന്നിട്ട് അവർ അഗ്നിയിൽ പ്രവേശിപ്പിക്കപ്പെട്ടു' എന്ന് പറഞ്ഞത് ഖിയാമത്ത് നാളിൽ അവർ നരകത്തിൽ പ്രവേശിപ്പിക്കപ്പെടുന്നതിനെ ഉദ്ദേശിച്ചായിരിക്കാം. അല്ലെങ്കിൽ മുങ്ങി നശിച്ചതോ ടൊപ്പം തന്നെ അവരെ അല്ലാഹു യഥാർത്ഥത്തിൽ ഒരു അഗ്നി ശിക്ഷക്ക് വിധേയരാക്കിയിട്ടുണ്ട് എന്നും ആകാവുന്നതാണ്. الله اعلم (ചെങ്കടലിൽ മുക്കി നശിപ്പിക്കപ്പെട്ട ഫിർഔനിനെയും അനുയായികളെയും രാവിലെയും വൈകുന്നേരവും നരകത്തിൽ പ്രദർശിപ്പിക്കപ്പെട്ടു വരുന്നുണ്ടെന്ന് സൂ: മുഅ്മിൻ 46-ാം വചനത്തിൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ടല്ലോ)

**വചനം 26,27 :**

وَقَالَ نُوحٌ رَّبِّ لَا تَذَرْ عَلَى ٱلْأَرْضِ مِنَ ٱلْكَـٰفِرِينَ دَيَّارًا ﴿٢٦﴾

26 നൂഹ് (വീണ്ടും) പറഞ്ഞു: "എന്റെ റബ്ബേ, അവിശ്വാസികളിൽപെട്ട ഒരു പൗരനെയും ഭൂമിക്കുമീതെ നീ (ബാക്കിയാക്കി) വിട്ടേക്ക രുതേ!

إِنَّكَ إِن تَذَرْهُمْ يُضِلُّوا۟ عِبَادَكَ وَلَا يَلِدُوٓا۟ إِلَّا فَاجِرًا كَفَّارًا ﴿٢٧﴾

27 "(കാരണം) നിശ്ചയമായും, അവരെ (നശി പ്പിക്കാതെ) വിട്ടേക്കുന്നപക്ഷം, അവർ നിന്റെ അടിയാൻമാരെ വഴിതെറ്റിച്ചു കളയുന്നതാണ്; സത്യനിഷേധക്കാരായ ദുർവൃത്തരെയല്ലാതെ അവർ ജനിപ്പിക്കുകയും ചെയ്കയില്ല."

ആ അക്രമികൾ സത്യവിശ്വാസം സ്വീകരിക്കുന്ന ആളുകളെ - ഒരു പക്ഷേ അദ്ദേഹത്തിൽ വിശ്വ സിച്ചവരായി നിലവിലുള്ള ചുരുക്കം ചിലരെപോലും - ഭാവിയിൽ വഴിപിഴപ്പിക്കുമെന്നും, ഭാവിതലമുറ കൾ അവരെപോലെ ദുഷിച്ച ജനതയായി തീർന്നേക്കുമെന്നും ദീർഘകാലത്തെ അനുഭവത്തിൽ നിന്നും അദ്ദേഹത്തിന് ബോധ്യമായിരിക്കുന്നു. കൂടാതെ അദ്ദേഹത്തോടൊപ്പം വിശ്വസിച്ച് കഴിഞ്ഞിട്ടുള്ള അൽപം ചിലരല്ലാതെ മേലിൽ ആ ജനതയിൽ നിന്ന് ആരും വിശ്വസിക്കുന്നതല്ല എന്ന് അല്ലാഹു അദ്ദേഹത്തിന് വഹ്‌യ് നൽകുകയും ചെയ്തിരിക്കുന്നു.(സൂ: ഹൂദ് 36) ഈ പ്രാർത്ഥന അതിന് ശേഷമായിരിക്കാനും ഇട യുണ്ട്. الله اعلم സമാനമായ സാഹചര്യത്തിൽ മൂസ(അ) ഫിർഔനിനും അവന്റെ ആൾക്കാർക്കും എതി രായി നടത്തിയ പ്രാർത്ഥന സൂ:യൂനസ് 88,89 വചനങ്ങളിൽ കാണാം.

**വചനം 28 :**

رَّبِّ ٱغْفِرْ لِى وَلِوَٰلِدَىَّ وَلِمَن دَخَلَ بَيْتِىَ مُؤْمِنًا وَلِلْمُؤْمِنِينَ وَٱلْمُؤْمِنَـٰتِ وَلَا تَزِدِ ٱلظَّـٰلِمِينَ إِلَّا تَبَارًۢا ﴿٢٨﴾

28 "എന്റെ റബ്ബേ, എനിക്കും, എന്റെ മാതാപിതാ ക്കൾക്കും, എന്റെ വീട്ടിൽ സത്യവിശ്വാ സിയായിക്കൊണ്ടു പ്രവേശിച്ചവർക്കും, സത്യ വിശ്വാസികൾക്കും, വിശ്വാസിനികൾക്കും പൊറുത്തുതരേണമേ! അക്രമികൾക്ക് നാശ (നഷ്ട) മല്ലാതെ നീ വർദ്ധിപ്പിക്കുകയും ചെയ്യരുതേ!"

അവസാനമായി തന്റെയും തന്റെ മതാപിതാക്കളുടെയും മറ്റെല്ലാ സത്യവിശ്വാസികളുടെയും പാപ മോചനത്തിനായി നൂഹ്(അ) നബി പ്രാർത്ഥിക്കുന്നു. അക്രമികൾക്കെതിരായിട്ടുള്ള പ്രാർത്ഥന ഒരിക്കൽ

കൂടി ആവർത്തിക്കുകയും ചെയ്തിരിക്കുന്നു.

അല്ലാഹുവിനോട് ദുആ ചെയ്യുമ്പോൾ സ്വീകരിക്കേണ്ടുന്ന ഒരു മര്യാദ ഈ വചനത്തിൽ നിന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. അതായത്, പ്രാർത്ഥനയിൽ ആദ്യം സ്വന്തം കാര്യവും പിന്നീട് അവനവനുമായി ഏറ്റവും ബന്ധപ്പെട്ടവരുടെ കാര്യവും, പ്രത്യേകം എടുത്ത് പറയണം. തുടർന്ന് പൊതുവിൽ എല്ലാവർക്കും വേണ്ടിയും പ്രാർത്ഥിക്കേണ്ടതാണ്.

"എന്റെ വീട്" എന്ന് പറഞ്ഞത് അദ്ദേഹവും സത്യവിശ്വാസികളും ഇബാദത്ത് ചെയ്തിരുന്ന പള്ളിയെ ഉദ്ദേശിച്ചാണെന്നാണ് പല വ്യാഖ്യാതാക്കളുടെയും അഭിപ്രായം. എന്നാൽ അദ്ദേഹം വസിച്ചിരുന്ന സ്വന്തം വീട് തന്നെയാണെന്നാണ് മറ്റൊരഭിപ്രായം. ഖുർആനിൽ നിന്നും നേർക്ക് നേരെ മനസ്സിലാകുന്നതും ഇതാണ്.

# 72. സൂറത്തുൽ ജിന്ന്

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 28, വിഭാഗം (റുകൂഅ്) 2

ഈ അദ്ധ്യായത്തിലെ പ്രധാന സംസാര വിഷയം ജിന്നുകളെ സംബന്ധിക്കുന്നതാകുന്നു.

മലക്കുകളെ പോലെ തന്നെ നമ്മുടെ ദൃഷ്ടിക്ക് കാണാൻ കഴിയാത്ത ഒരുതരം ആത്മീയ ജീവികളത്രെ ജിന്ന് വർഗ്ഗം. മലക്കുകളുടെ ആവാസ സ്ഥാനം ആകാശങ്ങളിലാകുന്നു. ജിന്നുകളാകട്ടെ ഭൂവാസികളാകുന്നു. മനുഷ്യർ മണ്ണിനാലും ജിന്നുകൾ അഗ്നിയാലും ആണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് ഖുർആനിൽ ഒന്നിലധികം സ്ഥലത്ത് പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. മലക്കുകൾ പ്രകാശത്താലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് ഹദീഥിലും വന്നിട്ടുണ്ട്. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം, ഖുർആനും നബി വചനങ്ങളും സ്വീകരിക്കാൻ തയ്യാറല്ലാത്തവരും, ഭൗതിക ചിന്താഗതി വച്ച് പുലർത്തുന്നവരുമായ മുസ്‌ലിം നാമധാരികൾ മാത്രമേ ജിന്ന് വർഗ്ഗത്തേയും, മലക്ക് വർഗ്ഗത്തേയും നിഷേധിക്കുന്നുള്ളൂ. അപരിഷ്കൃതരായ മനുഷ്യ വിഭാഗത്തെക്കുറിച്ചാണ് ജിന്നുകളെന്ന് പറയുന്നതെന്ന് വരുത്തിത്തീർക്കുവാൻ അവർ ചില ഖുർആൻ വചനങ്ങളെ ദുർവ്യാഖ്യാനം ചെയ്യുകയും, ഹദീഥുകളെ യുക്തി ന്യായങ്ങൾ പറഞ്ഞ് തള്ളിക്കളയുകയും ചെയ്യും.

ഒരു കൂട്ടം ജിന്നുകൾ നബി(സ) തിരുമേനിയിൽ നിന്നും ഖുർആൻ കേൾക്കുകയും അവർ ഖുർആനിലും നബി(സ)യിലും വിശ്വസിക്കുകയും അനന്തരം തങ്ങളുടെ സമുദായത്തെ സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുകയും ഉണ്ടായ സംഭവമാണ് ഈ സൂറത്തിലെ പ്രധാന വിഷയം. സ്വ ജനതയെ ക്ഷണിച്ചുകൊണ്ട് അവർ ചെയ്ത പ്രസ്താവനകൾ അല്ലാഹു ഇതിൽ ഉദ്ധരിച്ചിരിക്കുന്നു. സൂ: നൂഹിൽ വിവരിക്കപ്പെട്ട നൂഹ്(അ) നബിയുടെ ജനതയിൽ നിന്നും വിഭിന്നമായി, മനുഷ്യ വർഗ്ഗത്തിൽപെട്ടവർ പോലുമല്ലാഞ്ഞിട്ടും, ഒരു കൂട്ടം ജിന്നുകൾ നബി(സ)യിൽ നിന്ന് ഖുർആൻ കേട്ട മാത്രയിൽ അതിൽ ആകൃഷ്ടരാകുകയും, വിശ്വസിക്കുകയും ചെയ്തുവെന്ന് മാത്രമല്ല അവർ തങ്ങളുടെ ജനതയെ അതിലേക്ക് ക്ഷണിക്കുക കൂടി ഉണ്ടായെന്നും ഈ സൂറത്ത് ഓർമ്മിപ്പിക്കുന്നു. സത്യനിഷേധികൾ ഖുർആനിൽ വിശ്വസിക്കാത്തത് ഖുർആന്റേയോ നബി(സ)യുടെയോ, ഏതെങ്കിലും പോരായ്മ കൊണ്ടല്ല, അവരുടെ മർക്കടമുഷ്ടികൊണ്ടു മാത്രമായിരുന്നുവെന്നും, ഈ സൂറത്ത് സമർത്ഥിക്കുന്നുണ്ട്.

## വിഭാഗം-1

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം: 1,2.**

قُلْ أُوحِىَ إِلَىَّ أَنَّهُ ٱسْتَمَعَ نَفَرٌ مِّنَ ٱلْجِنِّ فَقَالُوٓا۟ إِنَّا سَمِعْنَا قُرْءَانًا عَجَبًا ﴿١﴾

1 (നബിയേ) പറയുക: “ജിന്നുകളിൽ നിന്നുള്ള ഒരു കൂട്ടർ (ഖുർആൻ) ശ്രദ്ധിച്ചുകേൾക്കുകയുണ്ടായെന്ന് എനിക്ക് ‘വഹ്‌യു’ നൽകപ്പെട്ടിരിക്കുന്നു. എന്നിട്ട് അവർ പറഞ്ഞു: “നിശ്ചയമായും, ഞങ്ങൾ ആശ്ചര്യകരമായ ഒരു ‘ഖുർആൻ’ (പാരായണ ഗ്രന്ഥം) കേട്ടു.

يَهْدِىٓ إِلَى ٱلرُّشْدِ فَـَٔامَنَّا بِهِۦ ۖ وَلَن نُّشْرِكَ بِرَبِّنَآ أَحَدًا ﴿٢﴾

2 “അത് സൻമാർഗ്ഗത്തിലേക്ക് വഴി കാട്ടുന്നു; അതിനാൽ ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിനോട് ഒരാളെയും പങ്കു ചേർക്കുകയില്ലതന്നെ.”

ജിന്നുകൾ നബി(സ)യിൽ നിന്ന് ഖുർആൻ പാരായണം കേട്ട സംഭവത്തെ പറ്റി പല ഹദീസുകളിലും കാണാവുന്നതാണ്. (സൂ.അഹ്ക്വാഫ് 29-32 വചനങ്ങളും വിവരണവും നോക്കുക). ജിന്നുകൾ ഒന്നിലധികം തവണ നബി(സ)യുടെ സന്നിധിയിൽ വന്നിട്ടുണ്ടെന്നു തിരുമേനിയൊന്നിച്ച് സഹാബികളിൽ ചിലർ ഉള്ളപ്പോഴും, ആരും ഇല്ലാത്തപ്പോഴും അത് സംഭവിച്ചിട്ടുണ്ടെന്നും അവിടെ വിവരിക്കപ്പെട്ടിട്ടുണ്ട്. ബുഖാരി, മുസ്ലിം(റ) തുടങ്ങിയ പലരും ഇബ്നു അബ്ബാസ്(റ)ൽ നിന്നുദ്ധരിച്ച ഒരു ഹദീസിൽ

നബി(സ) അവരെ കണ്ടിട്ടില്ലെന്നും, അവർ ഖുർആൻ പാരായണം കേട്ട് പോയ വിവരം വഹ്‌യ് മുഖേന മാത്രമാണ് തിരുമേനി അറിഞ്ഞതെന്നും പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ ഇബ്നു മസ്ഊദ്(റ) പ്രസ്താവിച്ചതായി അഹ്മദ്, മുസ്ലിം(റ) മുതലായവർ ഉദ്ധരിച്ച ഒരു ഹദീസിൽ മറ്റൊരവസരത്തിൽ ജിന്നുകളുടെ പ്രതിധിനികൾ തിരുമേനിയുടെ അടുക്കൽ വന്ന് ആവശ്യപ്പെട്ട പ്രകാരം തിരുമേനി അവർക്ക് ഖുർആൻ ഓതിക്കേൾപ്പിക്കുകയും, അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുകയും ഉണ്ടായെന്നും വിവരിക്കപ്പെട്ടിരിക്കുന്നു. (സു.അഹ്ഖാഫ് 29-32ൽ കൂടുതൽ വിവരണം കാണാം.)

നബി(സ)യിൽ നിന്ന് ജിന്നുകൾ ഖുർആൻ കേട്ട സംഭവങ്ങളിൽ ഒന്നിനെ പറ്റിയാണ് ഇവിടെ അല്ലാഹു പ്രസ്താവിക്കുന്നത്. ആ വിവരം വഹ്‌യ് ലഭിച്ചപ്പോഴേ നബി(സ)ക്ക് അറിയുവാൻ കഴിഞ്ഞുള്ളൂ. നബി(സ) അറിയാതെ തന്നെ, അവിടുന്ന്, ഖുർആൻ പാരായണം ചെയ്യുന്നത് കേട്ടപ്പോൾ അതിൽ അത്ഭുതവും വിശ്വാസവും ജനിച്ച ആ ജിന്നുകൾ വീണ്ടും വന്ന്, തങ്ങൾക്ക് ഖുർആൻ കേൾപ്പിക്കണമെന്ന് ആവശ്യപ്പെടുന്നത് കേവലം സ്വഭാവികം മാത്രമാണല്ലോ.

ജിന്നുകളുടെ ഈ സംഭവം ഖുർആനിൽ ഉദ്ധരിച്ചതിൽ നിന്നും നമുക്ക് താഴെ കാണുന്ന യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാൻ കഴിയും:

1) നബി(സ) തിരുമേനിയുടെ ദൗത്യം മനുഷ്യരിലേക്ക് മാത്രമായിരുന്നില്ല - ജിന്നുകളിലേക്ക് കൂടി ആയിരുന്നു. 2) ജിന്നുകൾക്ക് മനുഷ്യന്റെ സംസാരവും ഭാഷയും മനസ്സിലാക്കാൻ സാധിക്കും. 3) അവരും മത ശാസനകൾക്ക് വിധേയരാണ്. 4) അവരും ഒരുതരം സാമൂഹ്യ ജീവിതം നയിക്കുന്നവരും പരസ്പരം ഉപദേശങ്ങൾ നടത്താറുള്ളവരുമാകുന്നു. 5) ജിന്നുകൾ പോലും ഖുർആൻ കേട്ട മാത്രയിൽ അതിൽ വിശ്വസിച്ചു. എന്നാൽ ആവർത്തിച്ച് കേട്ടിട്ടും ഖുർആനിൽ വിശ്വസിക്കാത്ത ചില മനുഷ്യർക്ക് അതിനുള്ള വിഘാതം അവരുടെ കുബുദ്ധിയും മർക്കട മുഷ്ടിയുമാകുന്നു. ഖുർആൻ സന്മാർഗ്ഗത്തിലേക്ക് വഴികാട്ടുന്നുവെന്നും, തങ്ങൾ തങ്ങളുടെ രക്ഷിതാവിനോട് ഒരാളേയും പങ്ക് ചേർക്കുകയില്ലെന്നും ജിന്നുകൾ അസന്നിഗ്ദമായി പ്രസ്താവിക്കുകയും ചെയ്തു. ഖുർആൻ അവരിലുണ്ടാക്കിയ പ്രതികരണം എത്ര വമ്പിച്ചതായിരുന്നുവെന്ന് 1 മുതൽ 15 കൂടിയുള്ള വചനങ്ങളിൽ നിന്ന് നല്ലപോലെ മനസ്സിലാക്കാം.

**വചനം 3,4,5:**

وَأَنَّهُۥ تَعَٰلَىٰ جَدُّ رَبِّنَا مَا ٱتَّخَذَ صَٰحِبَةً وَلَا وَلَدًا ﴿٣﴾

3 നമ്മുടെ റബ്ബിൻെറ മഹത്വം ഉന്നതമായതാകുന്നു എന്നും അവൻ സഹധർമിണിയെയാകട്ടെ, സന്താനത്തെയാകട്ടെ സ്വീകരിച്ചിട്ടില്ല എന്നും;

وَأَنَّهُۥ كَانَ يَقُولُ سَفِيهُنَا عَلَى ٱللَّهِ شَطَطًا ﴿٤﴾

4 നമ്മിലുള്ള ഭോഷൻ അല്ലാഹുവിൻെറ പേരിൽ കവിഞ്ഞ അനീതി പറയാറുണ്ടായിരുന്നു എന്നും;

وَأَنَّا ظَنَنَّآ أَن لَّن تَقُولَ ٱلْإِنسُ وَٱلْجِنُّ عَلَى ٱللَّهِ كَذِبًا ﴿٥﴾

5 മനുഷ്യരും ജിന്നും അല്ലാഹുവിൻെറ പേരിൽ നിശ്ചയമായും വ്യാജം പറയുന്നതേയല്ല എന്ന് ഞങ്ങൾ ധരിച്ചുവെന്നും (പ്രസ്താവിച്ചു)

അല്ലാഹുവിന് മക്കളും ഭാര്യയുമുണ്ട് എന്നിങ്ങനെ യാഥാർത്ഥ്യവുമായി വിദൂരബന്ധം പോലുമില്ലാത്ത വ്യാജങ്ങൾ അവന്റെ പേരിൽ മനുഷ്യ വർഗ്ഗമോ ജിന്ന് വർഗ്ഗമോ പറഞ്ഞുണ്ടാക്കുമെന്ന് ഞങ്ങൾ വിചാരിച്ചിരുന്നില്ല. ഇപ്പോൾ ഖുർആൻ കേൾക്കുകയും സത്യവിശ്വാസം സ്വീകരിക്കുകയും ചെയ്തപ്പോഴാണ് അതെല്ലാം വിഡ്ഢിത്തമാണെന്നും അല്ലാഹു അതിൽ നിന്നെല്ലാം പരിശുദ്ധനാണെന്നും ഞങ്ങൾക്ക് ബോദ്ധ്യമായത് - എന്ന് സാരം.

**വചനം 6,7:**

وَأَنَّهُۥ كَانَ رِجَالٌ مِّنَ ٱلْإِنسِ يَعُوذُونَ بِرِجَالٍ مِّنَ ٱلْجِنِّ فَزَادُوهُمْ رَهَقًا ﴿٦﴾

6 മനുഷ്യരിൽനിന്നുള്ള ചില പുരുഷൻമാർ (ആളുകൾ) ജിന്നുകളിൽനിന്നുള്ള ചില പുരുഷൻമാരോട് (ആളുകളോടു) ശരണം

തേടാറുണ്ടായിരുന്നു; അങ്ങനെ അവർ അവർക്കു വിഡ്ഢിത്തം (അഥവാ ഗർവ്വ്) വർദ്ധിപ്പിച്ചു എന്നും;

7 അല്ലാഹു ഒരാളെയും എഴുന്നേൽപിക്കുന്നതേയല്ല എന്ന് നിങ്ങൾ ധരിച്ചതുപോലെ അവരും ധരിച്ചിരിക്കുന്നുവെന്നും (പ്രസ്താവിച്ചു).

وَأَنَّهُمْ ظَنُّوا۟ كَمَا ظَنَنتُمْ أَن لَّن يَبْعَثَ ٱللَّهُ أَحَدًا ﴿٧﴾

ജിന്നുകളെക്കുറിച്ചും അവരിലുള്ള ദുഷ്ട വിഭാഗമായ ശൈത്വാനെ (പിശാചിനെ)ക്കുറിച്ചും ഇന്ന് പലരിലും കണ്ടുവരുന്നത് പോലെ അറബികൾക്കിടയിലും, പല തെറ്റായ ധാരണകളും അന്ധ വിശ്വാസങ്ങളും ഉണ്ടായിരുന്നു. വിജന പ്രദേശമായ വല്ല താഴ്വരയിലൂടെയോ മറ്റോ സഞ്ചരിക്കുമ്പോൾ ആ പ്രദേശ നിവാസികളായ ജിന്നുകളിൽ നിന്ന് വല്ല ഉപദ്രവമോ, ആപത്തോ നേരിട്ടേക്കാമെന്ന് അവർ ഭയപ്പെട്ടിരുന്നു. അതിനാൽ അങ്ങനെയുള്ള സ്ഥലങ്ങളിൽ കൂടി പോകുമ്പോൾ 'ഈ താഴ്വരയിലെ വിവരമില്ലാത്തവരായ ജിന്നുകളെ സംബന്ധിച്ച് ഇവിടുത്തെ നേതാവായ ജിന്നിനോട് ഞങ്ങൾ ശരണം തേടുന്നു' എന്ന് അവർ പറയാറുണ്ടായിരുന്നു. ഇങ്ങനെ പറയുന്നതായാൽ തങ്ങൾക്ക് അവരിൽ നിന്നും ഉപദ്രങ്ങളൊന്നും നേരിടുകയില്ലെന്ന് അവർ സമാധാനിക്കുകയും ചെയ്യും. ഇതിനെ പറ്റിയാണ് 6-ാം വചനത്തിൽ ജിന്നുകൾ പ്രസ്താവിക്കുന്നത്.

**فزادهم رهقا** എന്ന വാക്യത്തിന് രണ്ട് വിധത്തിൽ അർത്ഥ വ്യാഖ്യാനം നൽകപ്പെട്ടിട്ടുണ്ട്. 1) ആ ശരണം തേടൽ മൂലം ജിന്നുകൾക്ക് മനുഷ്യർ വിഡ്ഢിത്തം വർദ്ധിപ്പിച്ചു. അഥവാ, അത് നിമിത്തം അവർക്ക് ഗർവും ധിക്കാരവും അധികമായിത്തീർന്നു; 2) അത് മൂലം മനുഷ്യർക്ക് ജിന്നുകൾ വിഡ്ഢിത്തം വർദ്ധിപ്പിച്ചു. അഥവാ ജിന്നുകളെ കുറിച്ചുള്ള ഭയവും അവരോട് ശരണം തേടലും കാരണമായി അവരിൽ ഭോഷ്കും, നിഷിദ്ധമായ പ്രവർത്തനങ്ങളും വർദ്ധിച്ചു - രണ്ടായിരുന്നാലും ഉദ്ദേശ്യം വ്യക്തമാണല്ലോ.

7-ാം വചനത്തിൽ 'അല്ലാഹു ഒരാളെയും എഴുന്നേൽപ്പിക്കുന്നതേയല്ല' (**لن يبعث الله احد**) എന്ന് പറഞ്ഞതിന്റെ താൽപര്യം അല്ലാഹു ആരേയും റസൂലായി എഴുന്നേൽപിക്കുകയില്ല എന്നും മരണ ശേഷം അല്ലാഹു ആരേയും രണ്ടാമത് എഴുന്നേൽപിക്കുകയില്ല എന്നും (ഉള്ള ജിന്നുകളുടേയും മനുഷ്യരുടെയും ധാരണ) ആകാവുന്നതാണ്. രണ്ടായാലും, ജിന്ന് വർഗ്ഗവും മനുഷ്യവർഗ്ഗവും ധരിച്ച് വന്നിരുന്ന ആ ധാരണ തെറ്റാണെന്ന് തങ്ങൾക്ക് ഇപ്പോൾ ബോധ്യമായിരിക്കുന്നു വെന്നത്രേ ജിന്നുകൾ പ്രസ്താവിച്ചതിന്റെ സാരം.

**വചനം 8,9:**

8 നാം ആകാശത്തെ സ്പർശിച്ചു (നോക്കി): അപ്പോൾ അത് ശക്തിമത്തായ പാറാവുകാരാലും, തീജ്വാലകളാലും നിറക്കപ്പെട്ടിരിക്കുന്നതായി നാം കണ്ടെത്തി എന്നും;

وَأَنَّا لَمَسْنَا ٱلسَّمَآءَ فَوَجَدْنَٰهَا مُلِئَتْ حَرَسًا شَدِيدًا وَشُهُبًا ﴿٨﴾

9 നാം അതിൽ (ആകാശത്തിൽ) നിന്ന് ചില ഇരിപ്പിടങ്ങളിൽ കേൾക്കുവാൻ വേണ്ടി ഇരിക്കാറുണ്ടായിരുന്നു; എന്നാൽ, ഇപ്പോൾ ആരെങ്കിലും ചെവികൊടുക്കുന്ന (കേൾക്കാൻ ശ്രമിക്കുന്ന) തായാൽ, അവനെ വീക്ഷിച്ചു കൊണ്ടിരിക്കുന്ന ഒരു തീജ്വാലയെ അവൻ കണ്ടെത്തുന്നതാണ് എന്നും (പ്രസ്താവിച്ചു).

وَأَنَّا كُنَّا نَقْعُدُ مِنْهَا مَقَٰعِدَ لِلسَّمْعِ ۖ فَمَن يَسْتَمِعِ ٱلْـَٔانَ يَجِدْ لَهُۥ شِهَابًا رَّصَدًا ﴿٩﴾

മുൻ കാലത്ത് ആകാശത്ത് ചില പ്രത്യേക സ്ഥലങ്ങളിൽ കയറിച്ചെന്ന് പതിയിരിക്കുകയും ഭൂമിയിൽ നടക്കാൻ പോകുന്ന ചില കാര്യങ്ങളെക്കുറിച്ച് മലക്കുകൾ തമ്മിലുള്ള സംഭാഷണങ്ങളിൽ നിന്ന് കേൾക്കുകയും, അതിൽ വളരെയേറെ വ്യാജങ്ങൾ കൂട്ടിച്ചേർത്ത്കൊണ്ട് ആ വിവരം തങ്ങളുടെ സേവകരും ആരാധകരുമായ മനുഷ്യർക്ക് എത്തിച്ച് കൊടുക്കുകയും ചെയ്യുന്ന പതിവ് ജിന്നുകളിലെ ദുഷ്ട ജനങ്ങ

ളായ പിശാചുക്കളിൽ ഉണ്ടായിരുന്നു. നബി(സ) തിരുമേനിയുടെ നിയോഗത്തോടെ അവർക്ക് ആകാശ ത്തേക്കുള്ള പ്രവേശനം തടയപ്പെട്ടു. പ്രത്യേകം ചില കാവലുകൾ ഏർപ്പെടുത്തപ്പെടുകയും നക്ഷത്രങ്ങ ളിൽ നിന്നുള്ള ഉൽക്കകളാൽ അവർ എറിഞ്ഞാട്ടപ്പെടുകയും ചെയ്തു. (സൂ: ഹിജ്ർ 16,17,18; സൂ: സ്വാഫ്ഫാത്ത്: 6 - 10; സൂ: മുൽക് 5 എന്നിവിടങ്ങളിൽ നോക്കുക.) ഇതിനെ പറ്റിയാണ് ജിന്നുകളുടെ ഈ പ്രസ്താവന. ഈ വിഷയം ഖുർആനിൽ ഒന്നിലധികം സ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ട്.

**വചനം 10,11:**

وَأَنَّا لَا نَدْرِىٓ أَشَرٌّ أُرِيدَ بِمَن فِى ٱلْأَرْضِ أَمْ أَرَادَ بِهِمْ رَبُّهُمْ رَشَدًا ﴿١٠﴾

وَأَنَّا مِنَّا ٱلصَّٰلِحُونَ وَمِنَّا دُونَ ذَٰلِكَ ۖ كُنَّا طَرَآئِقَ قِدَدًا ﴿١١﴾

10 ഭൂമിയിലുള്ളവരിൽ തിൻമയാണോ ഉദ്ദേശിക്ക പ്പെട്ടിരിക്കുന്നത്, അതല്ല അവരുടെ റബ്ബ് അവരിൽ നേർവഴി (അഥവാ നൻമ) ഉദ്ദേശി ച്ചിരിക്കുന്നുവോ എന്ന് നമുക്കറിഞ്ഞുകൂടാ എന്നും;

11 നാമാകട്ടെ, നമ്മളിൽ സദ്വൃത്തൻമാരുണ്ട്, അതല്ലാത്തവരും നമ്മിലുണ്ട്; (അതെ) നാം വിഭിന്നമാർഗങ്ങളായിത്തീർന്നിരിക്കയാണ് എന്നും (അവർ പ്രസ്താവിച്ചു).

ആകാശത്ത് കാവൽ ഏർപ്പെടുത്തിക്കൊണ്ട് തങ്ങളുടെ പ്രവേശനം തടയപ്പെട്ടിരിക്കുന്നത് മൂലം വല്ല അനിഷ്ട സംഭവങ്ങളും ഭൂമിയിൽ സംഭവിക്കാൻ പോകുന്നുണ്ടോ അതല്ല, വല്ല നന്മയും ഭൂമിയിലു ള്ളവർക്ക് അതുമൂലം വരാനിരിക്കുന്നുവോ എന്ന് തങ്ങൾക്ക് അറിഞ്ഞുകൂടാ എന്നത്രേ 10-ാം വചന ത്തിന്റെ സാരം. മിക്ക വ്യാഖ്യാതാക്കളും പറയുന്നതും അങ്ങനെയാണ്. ഒരു പക്ഷേ, 11-ാം വചനത്തിൽ അവർ ചൂണ്ടിക്കാട്ടിയത് പോലെ, ഭൂവാസികളിൽ കുറെ നല്ലവരുണ്ടെങ്കിലും അവരിൽ, നല്ലവരല്ലാത്ത വരും വിഭിന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചവരും ഉള്ള സ്ഥിതിക്ക് അവർക്ക് വല്ല ആപത്തും നേരിടുമോ ഇല്ലയോ എന്നറിഞ്ഞ് കൂടാ എന്നും ഉദ്ദേശ്യമാകാം. അതുമല്ലെങ്കിൽ, പ്രവാചകന്മാരുടെ നിയോഗത്തിന് ശേഷം സമുദായം ദുർമാർഗ്ഗം കൈ വിടാതെ ശഠിച്ച് നിൽക്കുമ്പോൾ അവരിൽ പൊതു ശിക്ഷ അനുഭവപ്പെടാ റുള്ളത് പോലെ, നബി(സ) തിരുമേനിയുടെ സമുദായത്തിന്നും വല്ല ശിക്ഷയും സംഭവിക്കുമോ എന്ന് ജിന്നുകൾ സംശയിച്ചതാണെന്നും വരാം. الله اعلم

**വചനം 12,13,14,15 :**

وَأَنَّا ظَنَنَّآ أَن لَّن نُّعْجِزَ ٱللَّهَ فِى ٱلْأَرْضِ وَلَن نُّعْجِزَهُۥ هَرَبًا ﴿١٢﴾

وَأَنَّا لَمَّا سَمِعْنَا ٱلْهُدَىٰٓ ءَامَنَّا بِهِۦ ۖ فَمَن يُؤْمِنۢ بِرَبِّهِۦ فَلَا يَخَافُ بَخْسًا وَلَا رَهَقًا ﴿١٣﴾

وَأَنَّا مِنَّا ٱلْمُسْلِمُونَ وَمِنَّا ٱلْقَٰسِطُونَ ۖ فَمَنْ أَسْلَمَ فَأُو۟لَٰٓئِكَ تَحَرَّوْا۟ رَشَدًا ﴿١٤﴾

وَأَمَّا ٱلْقَٰسِطُونَ فَكَانُوا۟ لِجَهَنَّمَ حَطَبًا ﴿١٥﴾

12 ഭൂമിയിൽ നാം അല്ലാഹുവിനെ (അസാധ്യനാ ക്കി) പരാജയപ്പെടുത്തുന്നതേയല്ലെന്നും, ഓടി പ്പോയിക്കൊണ്ടും അവനെ നാം പരാജയ പ്പെടുത്തുന്നതല്ലെന്നും നാം (ഉറപ്പായി) ധരിച്ചി രിക്കുന്നു എന്നും;

13 ഞങ്ങൾ സൻമാർഗം കേട്ട അവസരത്തിൽ (തന്നെ) ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കു ന്നുവെന്നും; എന്നാൽ യാതൊരുവൻ തന്റെ റബ്ബിൽ വിശ്വസിക്കുന്നുവോ അവൻ നഷ്ട ത്തെയാകട്ടെ, അക്രമത്തെയാകട്ടെ ഭയപ്പെ ടേണ്ടി വരികയില്ല; എന്നും

14 നാമാകട്ടെ, (അനുസരിച്ചു) കീഴൊതുങ്ങുന്ന വരും നമ്മിലുണ്ട്, അനീതി ചെയ്യുന്നവരും നമ്മിലുണ്ട് എന്നും; എന്നാൽ, ആർ (അനുസ രിച്ചു) കീഴൊതുങ്ങിയോ, അക്കൂട്ടർ നേർമാർഗം ഗൗനിച്ചു; എന്നും

15 അനീതിചെയ്യുന്നവരാകട്ടെ, അവർ നരക ത്തിനു വിറകായിത്തീരുന്നതുമാണ് (എന്നും പ്രസ്താവിച്ചു).

നാം പിഴച്ച മാർഗ്ഗം തുടരുകയാണെങ്കിൽ അല്ലാഹു നമ്മെ ശിക്ഷിക്കുന്നതാണ്. അവനിൽ നിന്നും ഓടി രക്ഷപ്പെടാൻ നമുക്ക് സാധ്യമല്ല തന്നെ. നമ്മിലാകട്ടെ, അല്ലാഹുവിനെ അനുസരിച്ച് ജീവിക്കുന്നവരും, അല്ലാത്തവരും ഉണ്ട് താനും. അല്ലാഹുവിൽ വിശ്വസിക്കുകയും അവന് കീഴ്പെടുകയും ചെയ്യുന്നവർക്ക് രക്ഷയുണ്ട്. അല്ലാത്തവർക്ക് നരകം തന്നെയാണാധാരം - എന്നിങ്ങനെയുള്ള തത്വോപദേശങ്ങളാണ് അവർ (ഖുർആൻ കേട്ട ജിന്നുകൾ) തങ്ങളുടെ ജനതക്ക് നൽകുന്നത്. മനുഷ്യരിലെന്ന പോലെ തന്നെ ജിന്നുകളിലും സദ്വൃത്തരും ദുർവൃത്തരും ഉണ്ടെന്നും അല്ലാഹുവിന്റെ വിധി വിലക്കുകൾ ജിന്നുകൾക്കും ബാധകമാണെന്നും ഈ പ്രസ്താവനകളിൽ നിന്നും മനസ്സിലാക്കാം.

സൂറത്തിന്റെ ആദ്യ വചനത്തിൽ തന്നെ ജിന്നുകളെക്കുറിച്ച് 'എന്നിട്ട് അവർ പറഞ്ഞു' എന്ന് പറഞ്ഞുകൊണ്ട് തുടങ്ങി, ഇതുവരെയുള്ള വചനങ്ങളിൽ കാണുന്നതെല്ലാം, അല്ലാഹു അവരുടെ പ്രസ്താവനയെ ഉദ്ധരിച്ചതാകുന്നു. അടുത്ത വചനങ്ങൾ അല്ലാഹു നബി(സ)ക്ക് നൽകിയ നിർദ്ദേശങ്ങൾ ആകുന്നു.

**വചനം 16,17:**

16 (ആ) മാർഗ്ഗത്തിൽ അവർ ഉറച്ചു നിലകൊള്ളുകയാണെങ്കിൽ, നാം അവർക്കു ധാരാളമായി വെള്ളം കുടിപ്പാൻ കൊടുക്കുന്നതാണ് എന്നും, (എനിക്ക് വഹ്‌യു നൽകപ്പെട്ടിരിക്കുന്നുവെന്ന് പറയുക);-

وَأَلَّوِ ٱسْتَقَـٰمُوا۟ عَلَى ٱلطَّرِيقَةِ لَأَسْقَيْنَـٰهُم مَّآءً غَدَقًا ﴿١٦﴾

17 അതിൽ അവരെ നാം പരീക്ഷിക്കുവാൻവേണ്ടി (യത്രെ, അത്). തൻെറ റബ്ബിൻെറ ഉൽബോധനത്തെ (അഥവാ സ്മരണയെ) വിട്ട് ആർ തിരിഞ്ഞുകളയുന്നുവോ അവനെ അവൻ പ്രയാസകരമായശിക്ഷയിൽ പ്രവേശിപ്പിക്കുന്നതാണ്.

لِّنَفْتِنَهُمْ فِيهِ ۚ وَمَن يُعْرِضْ عَن ذِكْرِ رَبِّهِۦ يَسْلُكْهُ عَذَابًا صَعَدًا ﴿١٧﴾

ആ മാർഗ്ഗത്തിൽ 'അവർ ഉറച്ച് നിൽക്കുകയാണെങ്കിൽ' എന്ന വാക്കിലെ 'അവർ' എന്ന സർവ്വനാമം ജിന്നുകളെ ഉദ്ദേശിച്ചോ മനുഷ്യരെ ഉദ്ദേശിച്ചോ, രണ്ട് കൂട്ടരെയും കൂടി ഉദ്ദേശിച്ചോ ആകാവുന്നതാകുന്നു. അതുപോലെ 'ധാരാളം വെള്ളം കുടിപ്പാൻ നൽകും' എന്ന് പറഞ്ഞതിന്റെ താൽപര്യം അവരുടെ ജീവിത മാർഗ്ഗം സുഖകരമാക്കിക്കൊടുക്കുമെന്നത്രേ. 'ആ മാർഗ്ഗം' കൊണ്ടുള്ള വിവക്ഷ മുൻ വചനങ്ങളിൽ നിന്ന് അറിയപ്പെട്ട നല്ല മാർഗ്ഗമോ അല്ലെങ്കിൽ ചീത്ത മാർഗ്ഗമൊ ആയിരിക്കാവുന്നതാണ്. അപ്പോൾ 16-ാം വചനത്തിന്റെ സാരം രണ്ടിലൊരു പ്രകാരത്തിലായിരിക്കാവുന്നതാണ്.

1) മേൽ സൂചിപ്പിച്ച ആ നേരായ മാർഗ്ഗത്തിൽ അവർ ചൊവ്വിന് ഉറച്ച് നിൽക്കുന്ന പക്ഷം അല്ലാഹുവിങ്കൽ ലഭിക്കുവാനിരിക്കുന്ന പ്രതിഫലങ്ങൾക്ക് പുറമേ ഭൂമിയിൽ വെച്ച് സുഖകരമായ ജീവിതവും അവൻ നൽകുന്നതാകുന്നു. 2) അവർ ഇത് വരെ സ്വീകരിച്ച ആ ദുർമാർഗ്ഗത്തിൽ തന്നെ അവർ ഉറച്ച് നിൽക്കുകയാണെങ്കിലും അവർക്ക് അല്ലാഹു ജീവിത മാർഗ്ഗങ്ങൾ നൽകുക തന്നെ ചെയ്യും. അവരുടെ ശിക്ഷ പരലോകത്ത് വെച്ച് അവർ അനുഭവിക്കുകയും ചെയ്യും - ആദ്യം പറഞ്ഞതാണ് കൂടുതൽ വ്യക്തവും സ്വീകാര്യവുമായിട്ടുള്ളത്. വെള്ളം മുതലായ ജീവിതോപാധികൾ നൽകപ്പെടുന്നതിൽ, അവർ നന്ദി കാണിക്കുമോ, എന്ന് അവരെ പരീക്ഷിക്കുകയെന്ന ലക്ഷ്യം കൂടി ഉൾക്കൊള്ളുന്നു. പരീക്ഷണങ്ങളാകട്ടെ നന്മ മുഖേനയും തിന്മ മുഖേനയും നടത്തപ്പെടുന്നതുമാണ്.

**വചനം 18,19:**

18 പള്ളികൾ അല്ലാഹുവിനുള്ളതാണ്; ആകയാൽ അല്ലാഹുവിനോടുകൂടി നിങ്ങൾ ഒരാളെയും വിളി (ച്ചു പ്രാർത്ഥി)ക്കരുത് എന്നും;

وَأَنَّ ٱلْمَسَـٰجِدَ لِلَّهِ فَلَا تَدْعُوا۟ مَعَ ٱللَّهِ أَحَدًا ﴿١٨﴾

19 അല്ലാഹുവിൻെറ അടിയാൻ (നബി) അവനെ വിളിച്ചു (പ്രാർത്ഥിച്ചു) കൊണ്ടു നിന്നപ്പോൾ, അവർ അദ്ദേഹത്തിൻെറമേൽ (കൂട്ടം കൂടി)

وَأَنَّهُۥ لَمَّا قَامَ عَبْدُ ٱللَّهِ يَدْعُوهُ كَادُوا۟ يَكُونُونَ عَلَيْهِ لِبَدًا ﴿١٩﴾

തിങ്ങിക്കൊണ്ടിരിക്കുമാറായി എന്നും (വഹ്‌യു നൽകപ്പെട്ടതായി പറയുക).

അല്ലാഹുവിനെ ആരാധിക്കുവാനും അവനോടു പ്രാർത്ഥന നടത്തുവാനും വേണ്ടി അവന്റെ നാമത്തിൽ സ്ഥാപിക്കപ്പെടുന്നവയാണ് പള്ളികളാകുന്ന ആരാധനാ സ്ഥലങ്ങൾ. ആരാധനയും പ്രാർത്ഥനയുമാകട്ടെ അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതുമാണ്. അവിടെ വെച്ച് അല്ലാഹുവിനെയല്ലാതെ മറ്റാരേയും ആരാധിക്കുവാനോ വിളിച്ച് പ്രാർത്ഥിക്കുവാനോ മുതിരുന്നത് വമ്പിച്ച ആക്രമവും, അനീതിയും, പാപവുമാകുന്നു.

عبد الله – അല്ലാഹുവിന്റെ അടിയാൻ – എന്ന് പറഞ്ഞത് നബി(സ)യെ ഉദ്ദേശിച്ചാകുന്നു. തിരുമേനിയുടെ അടുക്കൽ ജിന്നുകൾ ചെല്ലുമ്പോൾ അവിടുന്ന് സഹാബികളുമൊന്നിച്ച് നമസ്കരിക്കുകയായിരുന്നു. നമസ്കാരവും ഖുർആൻ പാരായണവും കണ്ടപ്പോൾ അവർ ആശ്ചര്യത്തോടും ആവേശത്തോടും കൂടി തിരക്കിട്ട് തിരുമേനിയുടെ ചുറ്റും ചെന്ന് കൂടുകയുണ്ടായി. ഈ വിവരവും നബി(സ)ക്ക് വഹ്‌യ് മൂലം അല്ലാഹു അറിയിച്ച് കൊടുത്തു എന്നാണ് 19-ാം വചനത്തിൽ പ്രസ്താവിച്ചത്.

## വിഭാഗം - 2

**വചനം 20,21,22,23,24:**

قُلۡ إِنَّمَآ أَدۡعُواْ رَبِّي وَلَآ أُشۡرِكُ بِهِۦٓ أَحَدٗا ﴿٢٠﴾

20 (നബിയേ) പറയുക: "നിശ്ചയമായും ഞാൻ എന്റെ റബ്ബിനെ മാത്രമേ വിളി(ച്ചു പ്രാർത്ഥി)ക്കുന്നുള്ളു; അവനോടു ഞാൻ ഒരാളെയും പങ്കുചേർക്കുന്നതുമല്ല"

قُلۡ إِنِّي لَآ أَمۡلِكُ لَكُمۡ ضَرّٗا وَلَا رَشَدٗا ﴿٢١﴾

21 പറയുക: "നിശ്ചയമായും ഞാൻ, നിങ്ങൾക്ക് ഒരു ഉപദ്രവമാകട്ടെ, ഒരു നേർമാർഗമാകട്ടെ അധീനപ്പെടുത്തുന്നില്ല (രണ്ടിനും കഴിവില്ല)"

قُلۡ إِنِّي لَن يُجِيرَنِي مِنَ ٱللَّهِ أَحَدٞ وَلَنۡ أَجِدَ مِن دُونِهِۦ مُلۡتَحَدًا ﴿٢٢﴾

22 പറയുക: "നിശ്ചയമായും, അല്ലാഹുവിൽനിന്ന് എനിക്ക് ഒരാളും രക്ഷ നൽകുന്നതല്ല. അവനു പുറമെ യാതൊരഭയസ്ഥാനവും ഞാൻ കണ്ടെത്തുന്നതുമല്ലതന്നെ;-

إِلَّا بَلَٰغٗا مِّنَ ٱللَّهِ وَرِسَٰلَٰتِهِۦۚ وَمَن يَعۡصِ ٱللَّهَ وَرَسُولَهُۥ فَإِنَّ لَهُۥ نَارَ جَهَنَّمَ خَٰلِدِينَ فِيهَآ أَبَدًا ﴿٢٣﴾

23 അല്ലാഹുവിങ്കൽനിന്നുള്ള (പ്രബോധനം) എത്തിക്കലും അവന്റെ ദൗത്യങ്ങളുമല്ലാതെ (മറ്റൊന്നും എന്റെ അധീനത്തിലില്ല). അല്ലാഹുവിനോടും, അവന്റെ റസൂലിനോടും ആർ അനുസരണക്കേട് കാണിക്കുന്നുവോ അവർക്ക് നിശ്ചയമായും 'ജഹന്ന'മിന്റെ (നരകത്തിന്റെ) അഗ്നിയുണ്ടായിരിക്കും; -അതിൽ എന്നെന്നും നിത്യവാസികളായിക്കൊണ്ട്!"

حَتَّىٰٓ إِذَا رَأَوۡاْ مَا يُوعَدُونَ فَسَيَعۡلَمُونَ مَنۡ أَضۡعَفُ نَاصِرٗا وَأَقَلُّ عَدَدٗا ﴿٢٤﴾

24 അങ്ങനെ, അവരോടു വാഗ്ദത്തം ചെയ്യപ്പെടുന്ന കാര്യം അവർ കണ്ടാൽ, അപ്പോൾ അവർ അറിഞ്ഞുകൊള്ളും, ആരാണ് സഹായികളിൽ ഏറ്റവും ദുർബലരും; എണ്ണത്തിൽ ഏറ്റവും കുറഞ്ഞവരും എന്ന് !

നബി(സ)യോട് ഇപ്രകാരം ജനങ്ങളെ ഉദ്ബോധിപ്പിക്കാൻ അല്ലാഹു കൽപിക്കുന്നു. "നിങ്ങൾ സ്വീകരിച്ചാലും ഇല്ലെങ്കിലും ശരി, ഞാൻ തൗഹീദിനെതിരായ ഒന്നും തന്നെ പ്രവർത്തിക്കുകയില്ല. നിങ്ങൾക്ക് വല്ല ഗുണമോ ദോഷമോ വരുത്തുവാൻ എനിക്ക് സാധ്യവുമല്ല. എനിക്ക് തന്നെയും അല്ലാഹുവിങ്കൽ നിന്ന് വല്ല ആപത്തും വരികയാണെങ്കിൽ അത് തടുക്കുവാൻ ആർക്കും സാധ്യമല്ല. അവനല്ലാതെ

എനിക്ക് യാതൊരു അഭയസ്ഥാനവുമില്ല. പക്ഷെ അല്ലാഹുവിന്റെ പക്കൽ നിന്നുള്ള ദൗത്യങ്ങൾ നിറവേറ്റുവാനും അവന്റെ സന്ദേശങ്ങൾ പ്രബോധനം ചെയ്യുവാനും ഞാൻ നിയുക്തനായിരിക്കുകയാണ്. ആ നിലക്കാണ് ഞാൻ നിങ്ങളെ അഭിമുഖീകരിക്കുന്നത്. അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കാൻ നിങ്ങൾ തയ്യാറില്ലെങ്കിൽ, ശാശ്വതമായ നരകശിക്ഷക്ക് നിങ്ങൾ അർഹരായിത്തീരും. തൽക്കാലമുള്ള കഴിവും സ്വാധീനവുമൊന്നും, അല്ലാഹുവിന്റെ ശിക്ഷക്കെതിരിൽ, നിങ്ങൾക്ക് ഉപകരിക്കുന്നതല്ല നിങ്ങൾ തികച്ചും നിസ്സഹായരായിത്തീരുമെന്ന് നിങ്ങൾ ഓർത്തിരിക്കണം.”

‘അവരോട് വാഗ്ദത്തം ചെയ്യപ്പെട്ട കാര്യം’ എന്നതുകൊണ്ടുദ്ദേശ്യം അടുത്ത ഭാവിയിൽ സംഭവിക്കാനിരിക്കുന്ന തൗഹീദിന്റെ വിജയവും ശിർക്കിന്റെ പരാജയവുമായിരിക്കാം; അല്ലെങ്കിൽ പരലോക ശിക്ഷയുമായിരിക്കാം - الله اعلم

**വചനം 25,26,27,28,:**

قُلْ إِنْ أَدْرِىٓ أَقَرِيبٌ مَّا تُوعَدُونَ أَمْ يَجْعَلُ لَهُۥ رَبِّىٓ أَمَدًا ﴿٢٥﴾

عَٰلِمُ ٱلْغَيْبِ فَلَا يُظْهِرُ عَلَىٰ غَيْبِهِۦٓ أَحَدًا ﴿٢٦﴾

إِلَّا مَنِ ٱرْتَضَىٰ مِن رَّسُولٍ فَإِنَّهُۥ يَسْلُكُ مِنۢ بَيْنِ يَدَيْهِ وَمِنْ خَلْفِهِۦ رَصَدًا ﴿٢٧﴾

لِّيَعْلَمَ أَن قَدْ أَبْلَغُوا۟ رِسَٰلَٰتِ رَبِّهِمْ وَأَحَاطَ بِمَا لَدَيْهِمْ وَأَحْصَىٰ كُلَّ شَىْءٍ عَدَدًۢا ﴿٢٨﴾

25 പറയുക:- “എനിക്ക് അറിഞ്ഞുകൂടാ, നിങ്ങളോടു വാഗ്ദത്തം ചെയ്യപ്പെടുന്ന കാര്യം സമീപത്തുണ്ടാകുന്നതാണോ, അതല്ല, എൻെറ റബ്ബ് അതിനു വല്ല (ദീർഘമായ) കാലാവധിയും ഏർപ്പെടുത്തുന്നതാണോ എന്ന്.

26 “അദൃശ്യത്തെ അറിയുന്നവനത്രെ (അവൻ). എന്നാൽ, തൻെറ അദൃശ്യകാര്യങ്ങളെപ്പറ്റി അവൻ ഒരാൾക്കും വെളിവാക്കിക്കൊടുക്കുന്നതല്ല;

27 “-അവൻ തൃപ്തിപ്പെട്ടിട്ടുള്ള വല്ല റസൂലിനുമല്ലാതെ. എന്നാൽ അദ്ദേഹമാകട്ടെ, അദ്ദേഹത്തിൻെറ മുമ്പിലൂടെയും, പിമ്പിലൂടെയും അവൻ പാറാവുകാരെ പ്രവേശിപ്പിക്കുന്നതുമാണ്.

28 “അവർ തങ്ങളുടെ റബ്ബിൻെറ ദൗത്യങ്ങളെ എത്തിച്ചുകൊടുത്തിട്ടുണ്ട് എന്ന് അറിയുവാൻവേണ്ടി (യാണത്). അവരുടെ അടുക്കലുള്ളതിനെ അവൻ(അല്ലാഹു) വലയം ചെയ്യുകയും ചെയ്തിരിക്കുന്നു. (പൂർണ്ണമായി അറിയുന്നു) അവൻ, സർവവസ്തുവും എണ്ണം കണക്കാക്കുകയും ചെയ്തിരിക്കുന്നു.”

ഈ വചനങ്ങളിൽ, വീണ്ടും ചില കാര്യങ്ങൾ ഉദ്ബോധിപ്പിക്കാൻ അല്ലാഹു നബി(സ)യോട് കൽപിക്കുന്നു. “അവിശ്വാസികൾ അനുഭവിക്കേണ്ടിവരുമെന്ന് താക്കീത് ചെയ്യപ്പെടുന്ന ശിക്ഷ എപ്പോഴാണ് സംഭവിക്കുക എന്ന് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. അതേക്കുറിച്ച് മാത്രമല്ല, അദൃശ്യമായ കാര്യങ്ങളെക്കുറിച്ചും എനിക്കൊ മറ്റോ അറിയുകയില്ല. അല്ലാഹു തൃപ്തിപ്പെടുന്ന ദൂതന്മാർക്ക് അവൻ വല്ലതും അറിയിച്ച് കൊടുത്തേക്കാം. അങ്ങനെ അവൻ എനിക്ക് അറിയിച്ച് തന്നേക്കാവുന്ന കാര്യങ്ങളല്ലാതെ മറ്റ് അദൃശ്യ കാര്യങ്ങളൊന്നും തന്നെ എനിക്കൊ മറ്റോ അറിയുകയില്ല.” (സൂ.അൽ ബഖറ: 255; സൂ.അൻആം: 50; സൂ.നംല്: 65 വചനങ്ങൾ നോക്കുക). അപ്പോൾ പ്രശ്നക്കാർ, ജ്യോത്സ്യന്മാർ, പിശാചുക്കൾ, മന്ത്രവാദികൾ, മഹാത്മാക്കളായ ആളുകൾ എല്ലാം തന്നെ അദൃശ്യ കാര്യം അറിയാൻ കഴിയാത്തവരാണെന്ന് സ്പഷ്ടം. അദൃശ്യ കാര്യങ്ങളെക്കുറിച്ച് സൂ.ലുഖ്മാനിന്റെ അവസാനത്തിലും മറ്റും വിവരിച്ചത് നോക്കുക.

റസൂലുകൾക്ക് അവൻ അറിയിക്കുന്ന സംഗതികളാകട്ടെ; അതിൽ ഒരു പ്രകാരേണയും യാതൊരു കൈ കടത്തലുകളൊ, മാറ്റത്തിരുത്തലുകളൊ സംഭവിക്കാൻ യാതൊരു മാർഗ്ഗവുമില്ല. കാരണം അല്ലാഹുവിൽ നിന്ന് നബിമാർക്ക് സന്ദേശം (വഹ്യ്) എത്തിക്കുമ്പോൾ അവരുടെ മുമ്പിലും പിമ്പിലും അവൻ

പാറാവുകാരെ ഏർപ്പെടുത്തിയിരിക്കും. ഈ പാറാവുകാർ മലക്കുകൾ ആയിരിക്കും. ഇബ്നു അബ്ബാസ്(റ) ഇപ്രകാരം പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

"ഏതൊരു ഖുർആൻ വചനവും തന്നെ, അല്ലാഹുവിന്റെ നബിയുടെ അടുക്കൽ എത്തുന്നത് വരെയും അതിനെ കാത്തും കൊണ്ട്, അതിന്റെ കൂടെ നാല് മലക്കുകൾ ഇല്ലാതെ അവൻ ഇറക്കിയിട്ടില്ല." - ഇതിന് തെളിവായി ഇബ്നു അബ്ബാസ്(റ) 27,28 വചനങ്ങൾ ഓതുകയും ചെയ്തു. വഹ്യ് കൊണ്ട് വരുന്ന ജിബ്രീൽ(അ)നോട് ഒന്നിച്ച് വേറെ നാല് മലക്കുകൾ ഉണ്ടാകുമെന്നാണ് 'പാറാവുകാർ' എന്ന് പറഞ്ഞതിന്റെ വിവക്ഷ എന്ന് സഈദ് ബ്നു ജുബൈർ(റ) പ്രസ്താവിച്ചിരിക്കുന്നു. അല്ലാഹുവിൽ നിന്നുള്ള വാർത്തയുമായി വരുന്നവരെക്കുറിച്ചും, വാർത്ത എത്തിക്കപ്പെടുന്നവരെക്കുറിച്ചും എന്നുവേണ്ട സകല കാര്യങ്ങളെക്കുറിച്ചും അല്ലാഹു പരിപൂർണ്ണമായും സൂക്ഷ്മമായും അറിയുന്നവനാകുന്നു. അപ്പോൾ "തങ്ങളുടെ റബ്ബിന്റെ ദൗത്യങ്ങൾ അവർ എത്തിച്ച് കൊടുത്തിട്ടുണ്ടെന്ന് അറിയുവാൻ വേണ്ടി" എന്ന വാക്യത്തിന്റെ ഉദ്ദേശ്യം ഒന്നിലധികം പ്രകാരത്തിൽ വ്യാഖ്യാനിക്കപെട്ടിരിക്കുന്നു:

പ്രവാചകന് എത്തിച്ച് കൊടുക്കാൻ വേണ്ടി അല്ലാഹു ഏൽപിച്ച് കൊടുക്കുന്ന ദൗത്യങ്ങളെ ശരിക്കും എത്തിച്ച് കൊടുത്തിട്ടുണ്ടെന്ന് റസൂലിന് ബോധ്യപ്പെടുവാൻ വേണ്ടി - എന്നുള്ളതാണ് അവയിൽ കൂടുതൽ ബലപ്പെട്ട അഭിപ്രായം. ലോക സ്രഷ്ടാവിന്റെ തിരു സന്നിധിയിൽ നിന്ന് വിശ്വസ്തനും അല്ലാഹുവിങ്കൽ പ്രത്യേക സ്ഥാനവുമുള്ള ജിബ്രീൽ(അ) മുഖേന, സൃഷ്ടികളിൽ വെച്ച് ഏറ്റവും ഉന്നതന്മാരായ പ്രവാചകന്മാരിലേക്കുള്ള വാർത്താ മാർഗ്ഗമാണല്ലൊ വഹ്യ്. അപ്പോൾ ആത്മീയ സൃഷ്ടികളിൽ നിന്നോ, ഭൗതിക സൃഷ്ടികളിൽ നിന്നോ മാർഗ്ഗ മദ്ധ്യേ യാതൊരു ഇടപെടലുകളും കൂടാതെ, സുരക്ഷിതവും സുഭദ്രവുമായ നിലയിൽ അത് യഥാസ്ഥാനത്ത് എത്തിച്ചേർന്നിട്ടുണ്ടെന്ന് അങ്ങേയറ്റം ഉറപ്പ് വരുത്തുക എന്നതാണ് വഹ്യിന്റെ കൂടെ അത് കാത്ത് രക്ഷിക്കുവാൻ ഒരു പാറാവ് സംഘം ഏർപ്പെടുത്തപ്പെട്ടതിന്റെ ഉദ്ദേശ്യം.

പിശാചുക്കൾ ആകാശത്ത് നിന്ന് ചില വാർത്തകൾ കട്ട് കേൾക്കാൻ ശ്രമിച്ചിരുന്നുവെന്നും, ശക്തമായ പാറാവും അഗ്നിജ്വാലയും മുഖേന ആ ഏർപ്പാട് നിശ്ശേഷം തടയപ്പെട്ടിരിക്കുന്നുവെന്നും ഈ സൂറത്തിലും മറ്റും പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ പിശാചുക്കൾ കട്ട് കേട്ടിരുന്നത് വഹ്യിന്റെ ഇനത്തിലൊ, ദൈവിക രഹസ്യങ്ങളിലൊ പെട്ട കാര്യങ്ങളായിരുന്നില്ലെന്നും - നബി വചനങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളത് പോലെ - ഭൂമിയിൽ സംഭവിക്കാൻ പോകുന്ന ചില കാര്യങ്ങൾ മലക്കുകൾ സംസാരിക്കുന്നത് മാത്രമായിരുന്നു അവർക്ക് കട്ട് കേൾക്കുവാൻ കഴിഞ്ഞിരുന്നതെന്നും ഈ വചനങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

# 73. സൂറത്തുൽ മുസ്-സമ്മിൽ (വസ്ത്രത്താൽ മൂടിയവൻ)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 20, വിഭാഗം (റുകൂഅ്) 2

സൂറത്തിന്റെ ഒന്നാം വചനത്തിൽ നബി(സ) തിരുമേനിയെ വസ്ത്രമിട്ട് മൂടിയവൻ (മുസ്-സമ്മിൽ) എന്ന് അല്ലാഹു അഭിസംബോധന ചെയ്യുന്നു.

## വിഭാഗം - 1

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3,4:**

يَـٰٓأَيُّهَا ٱلْمُزَّمِّلُ ﴿١﴾

قُمِ ٱلَّيْلَ إِلَّا قَلِيلًا ﴿٢﴾

نِّصْفَهُۥٓ أَوِ ٱنقُصْ مِنْهُ قَلِيلًا ﴿٣﴾

أَوْ زِدْ عَلَيْهِ وَرَتِّلِ ٱلْقُرْءَانَ تَرْتِيلًا ﴿٤﴾

1 ഹേ, വസ്ത്രമിട്ടു മൂടിയവനേ!

2 രാത്രി അൽപം ഒഴിച്ചു (ബാക്കി സമയം) എഴുന്നേറ്റു (നമസ്കരിച്ചു) കൊള്ളുക;-

3 അതായത്, അതിൻെറ പകുതി (സമയം); അല്ലെങ്കിൽ, അതിൽനിന്ന് അൽപം ചുരുക്കി ക്കൊള്ളുക;-

4 അല്ലെങ്കിൽ, അതിനെക്കാൾ (അൽപം) വർദ്ധി പ്പിച്ചുകൊള്ളുക; ഒരു സാവകാശക്രമത്തിൽ ഖുർആൻ നിറുത്തിനിറുത്തി ഓതുകയും ചെയ്യുക.

المزمل. (വസ്ത്രമിട്ട് മൂടിയവൻ) എന്ന് നബി(സ) തിരുമേനിയെ അഭിസംബോധന ചെയ്തതിന് ഒന്നിലധികം വിധത്തിൽ വ്യാഖ്യാനം നൽകപ്പെട്ടിരിക്കുന്നു. 1) വഹ്‌യിന്റെ ആരംഭത്തിൽ നബി(സ)ക്ക് ഭയം തോന്നുകയും വീട്ടിൽ വന്ന് “വസ്ത്രമിട്ട് മൂടിത്തരുവിൻ, പുതപ്പിട്ട് തരുവിൻ” എന്ന് അവിടുന്ന് പറയുകയുമുണ്ടായി. അങ്ങനെയുള്ള അവസരത്തിലായിരുന്നു ഈ വചനങ്ങൾ അവതരിച്ചത്. 2) പ്രവാചകത്വം (നുബുവ്വത്ത്) ആകുന്ന വസ്ത്രത്താൽ ആവരണം ചെയ്യപ്പെടുകയും, ദിവ്യ ദൗത്യം (രിസാലത്ത്) ആകുന്ന ഭാരം ഏൽപിക്കപ്പെടുകയും ചെയ്ത ആൾ എന്ന വിവക്ഷ. 3) രാത്രി വസ്ത്രമിട്ട് പുതച്ച് മൂടി കിടക്കുന്നയാൾ എന്ന സൂചന. 4) പ്രാർത്ഥനക്കായി വസ്ത്രം ധരിച്ച് ഒരുങ്ങിയവൻ - എന്നിങ്ങനെ.

പ്രവാചകത്വത്തിന്റെ ആദ്യ ഘട്ടത്തിൽ, അഞ്ചു നേരത്തെ നമസ്കാരം നിർബ്ബന്ധമാക്കപ്പെടുന്നതിനു മുമ്പാണ് ഈ സൂറത്ത് അവതരിച്ചത്. ഈ കാലഘട്ടത്തിൽ രാത്രി നമസ്കാരം നിർവ്വഹിക്കൽ പൊതുവിൽ എല്ലാവർക്കും നിർബന്ധമായിരുന്നുവോ, അതല്ല നബി(സ)ക്ക് മാത്രം നിർബന്ധമായിരുന്നുവോ എന്നുള്ളതിൽ ഭിന്നാഭിപ്രായം കാണാം. (20-ാം വചനം വിശദീകരണം നോക്കുക.) എന്നാൽ പിന്നീട്, രാത്രി നമസ്കാരം - അഥവാ ‘തഹജ്ജുദ്’ നമസ്കാരം - നിർബ്ബന്ധമല്ലാത്ത, എന്നാൽ വളരെ പ്രധാനപ്പെട്ട ഒരു പുണ്യ കർമ്മമായി നിയമമാക്കപ്പെട്ടു. (സൂ.ഫുർഖാൻ: 64; സൂ.സജദ: 16; സൂ. ദാരിയാത്ത്: 17,18 വചനങ്ങളും നോക്കുക)

നമസ്കാരത്തിന്റെ പ്രധാന ഘടകങ്ങളാണല്ലോ നിറുത്തം, റുകൂഅ്, സുജൂദ്, ഖുർആൻ പാരായണം എന്നിവയെല്ലാം. നമസ്കാരത്തെ ഉദ്ദേശിച്ച് ഈ വാക്കുകൾ ഉപയോഗിക്കപ്പെടാറുണ്ട്. രണ്ടാം വചനത്തിൽ “രാത്രി എഴുന്നേൽക്കുക”എന്നും 20-ാം വചനത്തിൽ “നീ എഴുന്നേൽക്കുന്നു എന്നും പറഞ്ഞിരിക്കുന്നത്, എഴുന്നേറ്റ് നമസ്കരിക്കുന്നതിനെ സൂചിപ്പിക്കുന്നുവെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. രാത്രിയിൽ ഏതാണ്ട് പകുതി സമയം - അതിൽ അൽപം കുറവോ കൂടുതലോ സമയം - എഴുന്നേറ്റ് നമസ്കരിക്കണമെന്ന് 2,3,4 വചനങ്ങളിലൂടെ അല്ലാഹു നബി(സ)യോട് കൽപ്പിക്കുന്നു.”

നമസ്കാരത്തെ പറ്റി പ്രസ്താവിച്ചതിനെ തുടർന്ന് സമസ്കാരത്തിലെ ഒരു പ്രധാന ഘടകമായ ഖുർആൻ പാരായണത്തെക്കുറിച്ച് അല്ലാഹു പ്രസ്താവിക്കുന്നു.

ഖുർആൻ 'തർതീൽ' ആക്കി ഓതണമെന്ന കൽപന വളരെ അർത്ഥവത്തായ ഒരു നിബന്ധനയാകുന്നു. അക്ഷരങ്ങൾ വ്യക്തമാക്കിയും, വാക്കുകൾ മുറിച്ച് മുറിച്ചും, വാചകങ്ങൾ നിറുത്തി നിറുത്തിയും കൊണ്ട് സാവകാശ ക്രമത്തിൽ ഓതണമെന്നാണ് 'തർതീൽ' എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. ഓതുന്നവന് അതിന്റെ അർത്ഥവും, ആശയവും സൂചനകളുമെല്ലാം മനസ്സിൽ പതിയാനും, അവയെ പറ്റി ഉറ്റാലോചിക്കുവാനും അത് വളരെ ഉപകരിക്കുന്നു. അത്തരത്തിലുള്ള ഓത്ത്, അത് കേൾക്കുന്നവർക്കും ഫലം ചെയ്യും. ഖുർആനോടുള്ള ആദരവും ഭക്തിയും പ്രകടിപ്പിക്കലും കൂടിയാകുന്നു അത്. ഖുർആന്റെ വായന രൂപങ്ങളും മര്യാദകളും വിഷയമാക്കിക്കൊണ്ടുള്ള ഒരു പ്രത്യേക ശാസ്ത്രം തന്നെ - ഇൽമു-ത്തജ്‌വീദ്- ഇസ്ലാമിലുണ്ട്. പല ഹദീസുകളും, ഈ വിഷയ സംബന്ധമായി നിവേദനം ചെയ്യപ്പെട്ടിട്ടുമുണ്ട്.

**വചനം 5,6,7:**

إِنَّا سَنُلْقِى عَلَيْكَ قَوْلًا ثَقِيلًا ﴿٥﴾

إِنَّ نَاشِئَةَ ٱلَّيْلِ هِىَ أَشَدُّ وَطْـًٔا وَأَقْوَمُ قِيلًا ﴿٦﴾

إِنَّ لَكَ فِى ٱلنَّهَارِ سَبْحًا طَوِيلًا ﴿٧﴾

5 നിശ്ചയമായും ഭാരപ്പെട്ട ഒരു വചനം നാം നിൻെറ മേൽ ഇട്ടേച്ചു (അവതരിപ്പിച്ചു) തരാൻ പോകുന്നു.

6 നിശ്ചയമായും, രാത്രി (നമസ്കാരത്തിന്) ഉണർന്നെഴുന്നേൽക്കുക എന്നത്: അത് കൂടുതൽ ശക്തമായി സമ്മർദ്ദം ചെലുത്തുന്നതും, വാക്ക് കൂടുതൽ ചൊവ്വാക്കുന്നതുമത്രെ.

7 നിശ്ചയമായും, പകലിൽ നിനക്കു ദീർഘമായി ജോലിത്തിരക്കുണ്ട്.

"ഭാരപ്പെട്ട വചനം ഇട്ട് തരാൻ പോകുന്നു" എന്ന് പറഞ്ഞത് നബി(സ)ക്ക് അവതരിക്കുവാനിരിക്കുന്ന ഖുർആൻ വചനങ്ങൾ, നിയമ നിർദ്ദേശങ്ങൾ ആദിയായവയെ ഉദ്ദേശിച്ചാകുന്നു. വഹ്‌യാകുന്ന ദിവ്യസന്ദേശങ്ങൾ സ്വീകരിക്കലും, അവ നടപ്പിൽ വരുത്തലും, പ്രബോധനം ചെയ്യലും വളരെ ഭാരിച്ച കൃത്യമാണല്ലോ. പ്രസ്തുത ഭാരിച്ച ചുമതലകൾ ഏറ്റു വാങ്ങുവാനും, നിറവേറ്റുവാനും വേണ്ടുന്ന ദൈവിക സഹായവും ആത്മീയ ശക്തിയും സിദ്ധിക്കുവാനുമുള്ള മാർഗ്ഗമത്രേ രാത്രി ഉറക്കിൽ നിന്ന് എഴുന്നേറ്റ് ചെയ്യുന്ന പ്രയാസമേറിയ നമസ്കാര കർമ്മം. ആത്മ നിയന്ത്രണത്തിനും, ഏകാഗ്രതയും മനസ്സാന്നിദ്ധ്യവും വർദ്ധിപ്പിക്കുവാനും, നാവിനും ഹൃദയത്തിനുമിടയിൽ കൂടുതൽ പൊരുത്തവും സംയോജനവും ഉണ്ടാകുവാനും, രാത്രി നമസ്കാരം കൂടുതൽ ഉപകരിക്കുന്നു. അന്യ ചിന്തകളുടെയോ ജോലിത്തിരക്കുകളുടെയോ അലട്ടില്ലാത്ത ആ അവസരം നമസ്കാരം, ഖുർആൻ പാരായണം, ദിക്ർ, ദുആ തുടങ്ങിയ ആരാധനകൾ നടത്തുവാൻ ഏറ്റവും യോജിച്ചത് തന്നെ.

"ഒരാൾ ഉറങ്ങുമ്പോൾ പിശാച് അവന്റെ പിരടിക്ക് മൂന്ന് കെട്ടുകൾ കെട്ടുന്നു. അവൻ ഉണർന്ന് അല്ലാഹുവിനെ സ്മരിക്കുമ്പോൾ, എഴുന്നേറ്റ് 'വുളു' എടുത്താൽ, തുടർന്ന് നമസ്കരിച്ചാൽ ആ മൂന്ന് കെട്ടുകൾ ഒന്നൊന്നായി അഴിഞ്ഞ് പോകും. അങ്ങനെ അവൻ ഹൃദയം ശുദ്ധമായവനായി നേരം പുലരും; അല്ലാത്ത പക്ഷം മനസ്സ് ദുഷിച്ചവനായും മടിയനായും കൊണ്ടും നേരം പുലരും." - നബി(സ) തിരുമേനിയുടെ ഒരു വചനത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു. (ബു.മു)

**വചനം 8,9,10,11:**

وَٱذْكُرِ ٱسْمَ رَبِّكَ وَتَبَتَّلْ إِلَيْهِ تَبْتِيلًا ﴿٨﴾

رَّبُّ ٱلْمَشْرِقِ وَٱلْمَغْرِبِ لَآ إِلَـٰهَ إِلَّا هُوَ فَٱتَّخِذْهُ وَكِيلًا ﴿٩﴾

وَٱصْبِرْ عَلَىٰ مَا يَقُولُونَ وَٱهْجُرْهُمْ

8 നിൻെറ റബ്ബിൻെറ നാമം സ്മരിക്കുകയും, അവങ്കലേക്ക് (ഏകാഗ്രചിത്തനായി) ഒരു മുറിഞ്ഞടുക്കൽ അടുക്കുകയും ചെയ്യുക.

9 ഉദയസ്ഥാനത്തിൻെറയും, അസ്തമനസ്ഥാനത്തിൻെറയും റബ്ബാകുന്നു (അവൻ); അവനല്ലാതെ ആരാധ്യനേയില്ല. അതിനാൽ, അവനെ നീ (എല്ലാ കാര്യവും) ഭരമേല്പിക്കപ്പെട്ടവനാക്കിക്കൊള്ളുക.

10 അവർ (അവിശ്വാസികൾ) പറഞ്ഞുവരുന്നതിനെക്കുറിച്ച് ക്ഷമ കൈക്കൊള്ളുകയും,

هَجۡرٗا جَمِيلٗا ١٠
ഭംഗിയായ വിധത്തിൽ അവരെ വെടിഞ്ഞു നിൽക്കുകയും ചെയ്യുക.

وَذَرۡنِي وَٱلۡمُكَذِّبِينَ أُوْلِي ٱلنَّعۡمَةِ وَمَهِّلۡهُمۡ قَلِيلًا ١١
11 എന്നെയും സുഖാനുഗ്രഹത്തിൻെറ ആൾക്കാരായ (ആ) വ്യാജവാദികളെയും വിട്ടേക്കുകയും, അവർക്ക് അൽപം ഇടനൽകുകയും ചെയ്യുക. (അവരുടെ കാര്യം ഞാൻ തീരുമാനിച്ചുകൊള്ളാം.)

"അല്ലാഹു അല്ലാതെ ആരാധ്യനില്ല." എന്ന തൗഹീദിന്റെ വാക്യം സ്വീകരിക്കുന്നതോടെ അനിവാര്യമായിത്തീരുന്ന കടമയാണ് സകല കാര്യങ്ങളും അല്ലാഹുവിൽ അർപ്പിക്കലും അവനെ കാര്യ കർത്താവായി സ്വീകരിക്കുകയെന്നതും. അവിശ്വാസികളോട് ക്ഷമ കൈക്കൊള്ളുകയും അവരോട് നയപൂർവ്വം പെരുമാറുകയും ചെയ്യണം. ശത്രുക്കളുടെ അക്രമങ്ങളെ സംബന്ധിച്ച് അല്ലാഹു യഥാ സമയം ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

**വചനം 12,13,14:**

إِنَّ لَدَيۡنَآ أَنكَالٗا وَجَحِيمٗا ١٢
12 നിശ്ചയമായും, നമ്മുടെ അടുക്കൽ കനത്ത വിലങ്ങുകളും, കത്തിജ്ജ്വലിക്കുന്ന അഗ്നിയുമുണ്ട്;

وَطَعَامٗا ذَا غُصَّةٖ وَعَذَابًا أَلِيمٗا ١٣
13 (കീഴ്പോട്ടിറങ്ങാതെ തൊണ്ടയിൽ)അടഞ്ഞു നിൽക്കുന്ന ഭക്ഷണവും, വേദനയേറിയ ശിക്ഷയും ഉണ്ട്.

يَوۡمَ تَرۡجُفُ ٱلۡأَرۡضُ وَٱلۡجِبَالُ وَكَانَتِ ٱلۡجِبَالُ كَثِيبٗا مَّهِيلًا ١٤
14 ഭൂമിയും, പർവ്വതങ്ങളും വിറകൊള്ളുകയും പർവ്വതങ്ങൾ അലിഞ്ഞൊഴുകുന്ന മണൽക്കുന്ന് (പോലെ) ആകുകയും ചെയ്യുന്ന ദിവസം! (അന്നായിരിക്കും അത്.)

ഖിയാമത്ത് നാളിലെ സംഭവ വികാസങ്ങളേയും ശിക്ഷകളേയുമാണ് ഈ വചനങ്ങളിൽ ചൂണ്ടിക്കാട്ടുന്നത്. നരകത്തിലെ ഭക്ഷ്യ സാധനങ്ങളായ 'സഖ്-ഖൂം' (സൂ: ദുഖാൻ: 43 - 46; സൂ.സ്വാഫാത്ത്: 62-66 വചനങ്ങൾ നോക്കുക) 'ളരീഉ്' (സൂ: ഗാശിയ: 6 നോക്കുക)എന്നിവയെ ഉദ്ദേശിച്ചാണ് 'തൊണ്ടയിൽ അടഞ്ഞ് നിൽക്കുന്ന ഭക്ഷണം' എന്ന് പറഞ്ഞിരിക്കുന്നത്.

**വചനം 15 16:**

إِنَّآ أَرۡسَلۡنَآ إِلَيۡكُمۡ رَسُولٗا شَٰهِدًا عَلَيۡكُمۡ كَمَآ أَرۡسَلۡنَآ إِلَىٰ فِرۡعَوۡنَ رَسُولٗا ١٥
15 (ജനങ്ങളെ) നിശ്ചയമായും നാം, നിങ്ങളുടെ മേൽ സാക്ഷിയായ ഒരു റസൂലിനെ നിങ്ങളിലേക്ക് അയച്ചിരിക്കുന്നു; ഫിർഔൻെറ അടുക്കലേക്ക് ഒരു റസൂലിനെ നാം അയച്ചതുപോലെ (ത്തന്നെ).

فَعَصَىٰ فِرۡعَوۡنُ ٱلرَّسُولَ فَأَخَذۡنَٰهُ أَخۡذٗا وَبِيلٗا ١٦
16 എന്നിട്ട് ഫിർഔൻ (ആ) റസൂലിനോട് അനുസരണക്കേട് കാണിച്ചു. അപ്പോൾ, നാം അവനെ കടുത്തതായ ഒരു പിടുത്തം പിടിച്ചു (ശിക്ഷിച്ചു).

വമ്പിച്ച ശക്തിയും സ്വാധീനവും ഉണ്ടായിരുന്ന ഫിർഔനും അവന്റെ ആൾക്കാരും, അല്ലാഹുവിന്റെ റസൂലിനെ അനുസരിക്കായ്കയാൽ ഇഹത്തിൽ വെച്ച് തന്നെ അല്ലാഹു അവരെ പിടികൂടി ശിക്ഷിച്ചു. നിങ്ങളിലേക്ക് അല്ലാഹു അയച്ച റസൂലിനെ നിങ്ങൾ ധിക്കരിക്കുകയാണെങ്കിൽ, നിങ്ങളെയും ശിക്ഷിക്കുവാൻ അല്ലാഹുവിന് യാതൊരു പ്രയാസവുമില്ല തന്നെ.

**വചനം 17,18,19:**

17 എന്നാൽ, നിങ്ങൾ അവിശ്വസിക്കുകയാണെങ്കിൽ, കുട്ടികളെ നരച്ചവരാക്കുന്ന ഒരു (ഭയങ്കര) ദിവസത്തെ നിങ്ങൾ എങ്ങിനെയാണ് സൂക്ഷിക്കുക?!

18 ആകാശം അതുമൂലം പൊട്ടിപ്പിളർന്നതായിരിക്കും. അവൻെറ (അല്ലാഹുവിൻെറ) വാഗ്ദത്തം പ്രവർത്തനത്തിൽ വരുത്തപ്പെടുന്നതാകുന്നു.

19 നിശ്ചയമായും, ഇത് ഒരു (മഹത്തായ) ഉപദേശമാണ്. ആകയാൽ, ആർ (വേണമെന്ന്) ഉദ്ദേശിക്കുന്നുവോ അവൻ തൻെറ റബ്ബിങ്കലേക്ക് ഒരു മാർഗ്ഗം ഏർപ്പെടുത്തിക്കൊള്ളട്ടെ!

فَكَيْفَ تَتَّقُونَ إِن كَفَرْتُمْ يَوْمًا يَجْعَلُ ٱلْوِلْدَٰنَ شِيبًا ﴿١٧﴾

ٱلسَّمَآءُ مُنفَطِرٌۢ بِهِۦ ۚ كَانَ وَعْدُهُۥ مَفْعُولًا ﴿١٨﴾

إِنَّ هَٰذِهِۦ تَذْكِرَةٌ ۖ فَمَن شَآءَ ٱتَّخَذَ إِلَىٰ رَبِّهِۦ سَبِيلًا ﴿١٩﴾

അല്ലാഹുവിൽ നിന്നുള്ള ഇഹപര ശിക്ഷകൾ ഒഴിവാക്കിക്കിട്ടുവാനും, അവന്റെ പ്രീതിയും അനുഗ്രഹവും ലഭിക്കുവാനും ഉദ്ദേശിക്കുന്നവർ അതിനുള്ള മാർഗ്ഗങ്ങളായ സത്യ വിശ്വാസവും സൽക്കർമ്മങ്ങളും സ്വീകരിച്ച് കൊണ്ട് അവന്റെ നിയമ വ്യവസ്ഥകൾ അനുസരിച്ച് കൊണ്ട് ജീവിക്കേണ്ടതാണ്.

## വിഭാഗം - 2

**വചനം 20:**

20 നിശ്ചയമായും, നിൻെറ റബ്ബ് അറിയുന്നു: രാത്രിയുടെ ഏതാണ്ട് മൂന്നിൽ രണ്ടുഭാഗവും, പകുതിയും മൂന്നിലൊന്നും (സമയം) നീയും, നിൻെറ കൂടെയുള്ളവരിൽ ഒരു വിഭാഗവും എഴുന്നേറ്റു (നമസ്കരിച്ചു) വരുന്നുണ്ടെന്ന്. അല്ലാഹുവത്രെ, രാത്രിയെയും, പകലിനെയും കണക്കാക്കിക്കൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് അത് (തിട്ടമായി) ക്ളിപ്തപ്പെടുത്താവതല്ല എന്ന് അവനറിയാം. ആകയാൽ, അവൻ നിങ്ങളുടെ പേരിൽ (ഇളവുനൽകി) മടക്കം സ്വീകരിച്ചിരിക്കുന്നു. ഇനി, നിങ്ങൾ ഖുർആനിൽനിന്നും സൗകര്യപ്പെട്ടത് ഓതി (നമസ്കരിച്ചു) കൊള്ളുവിൻ. അവനറിയാം, നിങ്ങളിൽ രോഗികൾ ഉണ്ടായേക്കുന്നതാണെന്ന്; വേറെ ചിലർ അല്ലാഹുവിൻെറ അനുഗ്രഹത്തിൽ നിന്ന് അന്വേഷിച്ചുകൊണ്ട് ഭൂമിയിൽ സഞ്ചരിക്കുമെന്നും, വേറെ ചിലർ അല്ലാഹുവിൻെറ മാർഗത്തിൽ യുദ്ധത്തിലേർപ്പെടുകയും ചെയ്യുമെന്നും (അറിയാം), അതിനാൽ, നിങ്ങൾ അതിൽ(ഖുർആനിൽ) നിന്നു സൗകര്യപ്പെട്ടത് ഓതി (നമസ്കരിച്ചു) കൊള്ളുക. നമസ്കാരം നിലനിറുത്തുകയും, സക്കാത്തുകൊടുക്കുകയും അല്ലാഹുവിന്ന് നല്ല കടം കൊടുക്കുകയും ചെയ്യുവിൻ. നിങ്ങൾ നിങ്ങൾക്കു തന്നെ വേണ്ടി വല്ല നൻമയും മുൻകൂട്ടി ചെയ്തു വെക്കുന്നതായാൽ, അത് കൂടുതൽ ഗുണകരമായതായും, വളരെ മഹത്തായ പ്രതിഫലമുള്ളതായും അല്ലാഹുവിൻെറ അടുക്കൽ നിങ്ങൾ

۞ إِنَّ رَبَّكَ يَعْلَمُ أَنَّكَ تَقُومُ أَدْنَىٰ مِن ثُلُثَىِ ٱلَّيْلِ وَنِصْفَهُۥ وَثُلُثَهُۥ وَطَآئِفَةٌ مِّنَ ٱلَّذِينَ مَعَكَ ۚ وَٱللَّهُ يُقَدِّرُ ٱلَّيْلَ وَٱلنَّهَارَ ۚ عَلِمَ أَن لَّن تُحْصُوهُ فَتَابَ عَلَيْكُمْ ۖ فَٱقْرَءُوا۟ مَا تَيَسَّرَ مِنَ ٱلْقُرْءَانِ ۚ عَلِمَ أَن سَيَكُونُ مِنكُم مَّرْضَىٰ ۙ وَءَاخَرُونَ يَضْرِبُونَ فِى ٱلْأَرْضِ يَبْتَغُونَ مِن فَضْلِ ٱللَّهِ ۙ وَءَاخَرُونَ يُقَٰتِلُونَ فِى سَبِيلِ ٱللَّهِ ۖ فَٱقْرَءُوا۟ مَا تَيَسَّرَ مِنْهُ ۚ وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَأَقْرِضُوا۟ ٱللَّهَ قَرْضًا حَسَنًا ۚ وَمَا تُقَدِّمُوا۟ لِأَنفُسِكُم مِّنْ خَيْرٍ تَجِدُوهُ عِندَ ٱللَّهِ هُوَ خَيْرًا وَأَعْظَمَ أَجْرًا ۚ وَٱسْتَغْفِرُوا۟ ٱللَّهَ ۖ إِنَّ ٱللَّهَ غَفُورٌ رَّحِيمٌۢ ﴿٢٠﴾

അതിനെ കണ്ടെത്തുന്നതാണ്. നിങ്ങൾ അല്ലാഹുവി നോട് പാപമോചനം തേടുകയും ചെയ്യുവിൻ. നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

ഇസ്ലാമിന്റെ ആരംഭത്തിൽ - ഈ സൂറത്തിന്റെ ആദ്യ ഭാഗങ്ങളിൽ കാണുന്നത് പോലെ - രാത്രി നമസ്കാരം മുസ്ലിംകൾക്ക് നിർബ്ബന്ധമായിരുന്നു. നബി(സ)യും സഹാബികളും കുറെക്കാലത്തോളം ഒരു നിർബ്ബന്ധ കടമയെന്ന നിലക്ക് അത് ആചരിച്ച് വന്ന ശേഷമാണ് ഈ വചനം മുഖേന പ്രസ്തുത നിർബ്ബന്ധം ഇളവ് ചെയ്യപ്പെട്ടത്. ചിലപ്പോൾ രാത്രി ഏതാണ്ട് മൂന്നിൽ രണ്ട് ഭാഗവും, ചിലപ്പോൾ പകുതിയും ചിലപ്പോൾ മൂന്നിൽ ഒരു ഭാഗവും - പലപ്പോഴും കാലിൽ നീരു പോലും കെട്ടുമാറ് - നബി(സ)യും സഹാബികളും തെറ്റാതെ രാത്രി നമസ്കാരം അനുഷ്ഠിച്ച് വന്നിരുന്നു. അല്ലാഹുവിന്റെ കൽപന അനുസരിക്കുന്നതിൽ അവർക്കുള്ള താൽപര്യം അല്ലാഹു കണ്ടറിയുന്നുണ്ട്. "ആകയാൽ പ്രസ്തുത നിർബ്ബന്ധത്തെ നിങ്ങളുടെ പേരിൽ അവൻ മടക്കം സ്വീകരിച്ചിരിക്കുന്നു." എന്ന വചനത്തിലൂടെ സർവ്വജ്ഞനായ അല്ലാഹു, പ്രസ്തുത നിർബന്ധത്തെ ഇളവ് ചെയ്തിരിക്കുന്നു. ഇനി മേലിൽ രാത്രി നമസ്കാരത്തിന്റെ നിർബന്ധത്തിലും സമയ ദൈർഘ്യത്തിലും അല്ലാഹു ഇളവ് നൽകിയിരിക്കുന്നു. ഓരോരുത്തരുടെയും കഴിവും സൗകര്യവുമനുസരിച്ച് അനുഷ്ഠിച്ചാൽ മതിയാകും എന്നത്രെ. "ഖുർആനിൽ നിന്നും സൗകര്യമായത് ഓതിക്കൊള്ളുക" എന്ന വാക്യത്തിന്റെ താല്പര്യം. ഇളവ് നൽകുവാനുള്ള കാരണവും അല്ലാഹു വിവരിച്ചിരിക്കുന്നു- ചിലർ രോഗബാധിതരായേക്കാം, ചിലർ ഉപജീവന മാർഗ്ഗം അന്വേഷിച്ചുള്ള യാത്രിലായിരിക്കാം, വേറെ ചിലർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധർമ്മ യുദ്ധത്തിലായിരിക്കാം. ഇസ്ലാമിൽ യുദ്ധം നടപ്പാക്കപ്പെട്ടിട്ടില്ലാത്ത കാലത്ത് അവതരിച്ച ഈ അദ്ധ്യായം, വരാനിരിക്കുന്ന മുടക്കുകളെ കൂടി നേരത്തെ തന്നെ പരിഗണിച്ചിരിക്കുന്നത് അല്ലാഹുവിന്റെ മഹത്തായ കാരുണ്യത്തേയും അനുഗ്രഹത്തേയുമാണ് സൂചിപ്പിക്കുന്നത്.

'ഖുർആനിൽ നിന്നും സൗകര്യമായത് ഓതിക്കൊള്ളുവിൻ' അഥവാ "സൗകര്യപ്പെട്ടേടത്തോളം നമസ്ക്കരിക്കുക" എന്ന് ആവർത്തിച്ച് പറഞ്ഞിരിക്കുന്നത്, നിർബ്ബന്ധമില്ലെങ്കിലും, നിങ്ങളുടെ ഗുണത്തിന് വേണ്ടിത്തന്നെ നിങ്ങളത് കഴിവതും അനുഷ്ഠിക്കേണ്ടതുണ്ടെന്നാണ് കാണിക്കുന്നത്. ഈ ആയത്തിന്റെ അവസാനത്തിൽ, ഓരോരുത്തനും അവന്റെ ഭാവി നന്മയ്ക്ക് വേണ്ടി, സൽക്കർമ്മങ്ങൾ സമ്പാദിക്കേണ്ടതുണ്ടെന്ന് എടുത്ത് പറഞ്ഞിരിക്കുന്നതും സ്മരണീയമാകുന്നു.

രാത്രി നമസ്കാരത്തെക്കുറിച്ച് പ്രസ്താവിച്ച ശേഷം നമസ്കാരത്തെ നില നിർത്തണമെന്നും, സകാത്ത് കൊടുക്കണമെന്നും, പറഞ്ഞിരിക്കുന്നത് അഞ്ച് നേരത്തെ നമസ്കാരങ്ങളെയും നിർബ്ബന്ധ ധർമ്മത്തേയും ഉദ്ദേശിച്ചാകുന്നു എന്ന് വ്യക്തമാകുന്നു. കാരണം തുടർന്നുള്ള വാക്യത്തിൽ 'അല്ലാഹുവിന് നല്ലതായ കടം കൊടുക്കുകയും ചെയ്യുവിൻ' എന്ന് പറഞ്ഞുവല്ലോ. ഇത് ഐഛികമായ ദാന ധർമ്മങ്ങളെ ഉദ്ദേശിച്ചാകുവാനാണ് സാധ്യത. والله اعلم "അല്ലാഹുവിന് നല്ലതായ കടം കൊടുക്കുക." എന്ന പ്രയോഗത്തെ പറ്റി സൂ.ഹദീദ്:11ലും സൂ.തഗാബുൻ:17ലും വിവരിച്ചത് ഓർക്കുക. "നിങ്ങൾ നിങ്ങൾക്ക് തന്നെ വേണ്ടി വല്ല നന്മയും മുൻകൂട്ടി ചെയ്യുന്നതായാൽ..." എന്ന വാക്യം നമസ്കാരം, ദാനധർമ്മങ്ങൾ തുടങ്ങി ചെറുതും വലുതും ആയതും, നിർബ്ബന്ധവും, ഐഛികവും ആയതുമായ എല്ലാവിധ പുണ്യകർമ്മങ്ങളെയും കുറിച്ചുള്ള പ്രോത്സാഹനമാകുന്നു. ഓരോന്നിന്നും പ്രതീക്ഷയിൽ കവിഞ്ഞ പ്രതിഫലം അവൻ നൽകുന്നതാകുന്നു.

തുടർന്ന് തന്നെ വചനത്തിന്റെ അവസാനമായി എല്ലാവരും പാപമോചനം തേടിക്കൊണ്ടിരിക്കണമെന്ന് അല്ലാഹു ഉപദേശിക്കുന്നു. സൽക്കർമ്മങ്ങളുടെ കൂട്ടത്തിൽ പാപമോചനം തേടലിനുള്ള പ്രത്യേക സ്ഥാനം ഇതിൽ നിന്നും മനസ്സിലാക്കാം. മനുഷ്യൻ എത്ര തന്നെ പരിശുദ്ധനും സൽകർമ്മിയും ആയിക്കൊള്ളട്ടെ അവന്റെ പക്കൽ അറിഞ്ഞോ അറിയാതെയോ, പല തെറ്റ് കുറ്റങ്ങളും പോരായ്മകളും ഉണ്ടായേക്കാം. "ആദമിന്റെ മക്കളെല്ലാം അബദ്ധം പിണയുന്നവരാണ്. അബദ്ധം പിണയുന്നവരിൽ ഉത്തമന്മാർ പാശ്ചാത്തപിച്ച് മടങ്ങുന്നവരാകുന്നു." (തി; ജ)

മനുഷ്യരിൽ വെച്ച് ഏറ്റവും പാപരഹിതനായ നബി(സ) തിരുമേനി പോലും ദിനം പ്രതി നൂറ് തവണ പാപമോചനം തേടാറുണ്ടായിരുന്നുവെന്ന് ഹദീഥുകളിൽ വന്നിട്ടുള്ളത് പ്രസ്താവ്യമാണ്. പാപമോചനം തേടുന്നത് നിമിത്തം, പാപങ്ങൾ പൊറുത്ത് കിട്ടുന്നതിന് പുറമേ, അല്ലാഹുവിന്റെ കാരുണ്യത്തിനും അനുഗ്രഹത്തിനും അത് കാരണമാണെന്ന് കൂടി ഉണർത്തിക്കൊണ്ടാണ് അല്ലാഹു സൂറത്ത് അവസാനിപ്പിക്കുന്നത്.

# 74. സൂറത്തുൽ മുദ്ദഥിർ (പുതച്ച് മൂടിയവൻ)

**മക്കയിൽ അവതരിച്ചത്**

**വചനങ്ങൾ 56, വിഭാഗം (റുകൂഅ്) 2**

സൂറത്തിന്റെ ആദ്യ വചനത്തിൽ നബി(സ) തിരുമേനിയെ പുതച്ച് മൂടിയവനേ (മുദ്ദഥിർ) എന്ന് അല്ലാഹു അഭിസംബോധന ചെയ്യുന്നു.

നബി(സ) തിരുമേനിക്ക് ഒന്നാമതായി ലഭിച്ച വഹ്‌യ് സൂ: അലഖ് ലെ ആദ്യ വചനങ്ങൾ ആയിരുന്നു. അതിന് ശേഷം കുറച്ച് കാലത്തേക്ക് വഹ്‌യ് ലഭിക്കാതിരിക്കുകയുണ്ടായി. നബി(സ) വളരെ പരിഭ്രമത്തിലും വ്യസനത്തിലുമായി. പിന്നീട് ആദ്യമായി അവതരിച്ച അദ്ധ്യായം, ഈ സൂറത്ത് ആയിരുന്നുവെന്നാണ് ഭൂരിപക്ഷം വ്യാഖ്യാതാക്കളും സ്ഥിരപ്പെടുത്തിയിട്ടുള്ളത്. വഹ്‌യുമായി വന്ന ജിബ്‌രീൽ(അ)നെ കണ്ട നബി(സ) തിരുമേനി പേടിച്ച് വിറച്ച് നിലത്ത് വീഴാറാവുകയും വീട്ടുകാരുടെ അടുക്കൽ വന്നു 'വസ്ത്രമിട്ട് മൂടിത്തരുവിൻ, പുതച്ച് തരുവിൻ' എന്ന് പറയുകയും ഖദീജാ(റ) തിരുമേനിയെ പുതപ്പിക്കുകയും ചെയ്തു. ഈ അവസരത്തിൽ ياأيهاالمدثر മുതൽ فاهجر വരെയുള്ള വചനങ്ങൾ അവതരിക്കുകയും ചെയ്തു. പിന്നീട് വഹ്‌യ് തുടർന്ന് കൊണ്ടിരിക്കുകയും ചെയ്തു.

സൂ.അലഖ് ലെ ആദ്യ വചനങ്ങൾ നബി(സ)യോട് വായിക്കുവാൻ കൽപിക്കുന്നവയാണ്. അതിന്റെ അവതരണത്തോടെ തിരുമേനിക്ക് 'നുബുവ്വത്ത്' (പ്രവാചകത്വം) സിദ്ധിച്ചു. ഈ സൂറത്തിലെ ആദ്യവാക്യങ്ങളാകട്ടെ തിരുമേനിയോട് എഴുന്നേറ്റ് ചെന്ന് ജനങ്ങൾക്ക് താക്കീത് നൽകുവാനാണ് കൽപ്പിക്കുന്നത്. - അഥവാ പ്രബോധനം ആരംഭിക്കുവാനുള്ള കൽപനയാണത്. ഇതോട് കൂടി തിരുമേനിക്ക് 'രിസാലത്തും' (ദിവ്യദൗത്യം) സിദ്ധിച്ചു.

ഈ സൂറത്തിന്റെയും, സൂ.മുസമ്മിൽ ന്റെയും അവതരണ സന്ദർഭത്തെയും രണ്ടിന്റെയും ആരംഭത്തിൽ നബി(സ)യെ അഭിസംബോധന ചെയ്ത വാക്കുകളെയും പരിഗണിക്കുമ്പോൾ രണ്ടിൽ ഏതാണ് ആദ്യം അവതരിച്ചതെന്ന് തീർത്ത് പറഞ്ഞുകൂടാ. എങ്കിലും ഉള്ളടക്കങ്ങളും മറ്റ് ചില വസ്തുതകളും വെച്ച് നോക്കുമ്പോൾ - ഈ സൂറത്ത് അവതരിച്ച ശേഷമായിരിക്കും സൂ.മുസമ്മിൽ അവതരിച്ചത് എന്നാണ് മനസ്സിലാകുന്നത്. الله اعلم

**വിഭാഗം - 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3,4,5:**

يَٰٓأَيُّهَا ٱلۡمُدَّثِّرُ ١

1 ഹേ, പുതച്ചുമൂടിയവനേ!

قُمۡ فَأَنذِرۡ ٢

2 എഴുന്നേൽക്കുക, എന്നിട്ട് (ജനങ്ങളെ) താക്കീതു ചെയ്യുക.

وَرَبَّكَ فَكَبِّرۡ ٣

3 നിൻെറ റബ്ബിനെ നീ മഹത്വപ്പെടുത്തുക.

وَثِيَابَكَ فَطَهِّرۡ ٤

4 നിൻെറ വസ്ത്രങ്ങളെ നീ ശുദ്ധിയാക്കുക.

وَٱلرُّجۡزَ فَٱهۡجُرۡ ٥

5 ശിക്ഷ (ക്കുകാരണമായിത്തീരുന്നവ)യെ നീ വിട്ടുനിൽക്കുക.

നബി(സ)യെ 'പുതച്ചു മൂടിയവനേ' എന്ന് അഭിസംബോധന ചെയ്ത്കൊണ്ട് പ്രബോധന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അല്ലാഹു കൽപിക്കുന്നു. പ്രബോധന പ്രവർത്തനത്തിന്റെ രണ്ട് പ്രധാന വശങ്ങളത്രേ - സത്യ വിശ്വാസവും സൽകർമ്മവും സ്വീകരിക്കുന്നവർക്ക് അല്ലാഹുവിന്റെ പ്രതിഫലങ്ങളെക്കുറിച്ചുള്ള സന്തോഷ വാർത്ത അറിയിക്കുകയും, അത് സ്വീകരിക്കാത്തവർക്കുള്ള അവന്റെ ശിക്ഷാ നടപടികളെക്കുറിച്ചുള്ള താക്കീത് നൽകലും. ഇതിൽ ഖുർആൻ മുൻഗണന നൽകിക്കാണുന്നത് താക്കീതിന്റെ - الإنذار - വശത്തിനാകുന്നു. (സൂ.അൽ കഹ്ഫിന്റെ 2,3 വചനങ്ങളും വിശദീകരണവും നോക്കുക)

പ്രബോധന കൃത്യം ആരംഭിക്കുവാനുള്ള ആദ്യത്തെ ഈ കൽപനയിലും താക്കിതിന്റെ വശത്തിന് അല്ലാഹു മുൻഗണന നൽകിയിരിക്കുന്നു.

തുടർന്ന് കൊണ്ട് അല്ലാഹുവിന്റെ മഹത്വത്തെ പ്രകീർത്തനം ചെയ്യുവാനുള്ള കൽപനയാണുള്ളത്. അല്ലാഹുവിന്റെ സ്ഥാനം അവന്റെ ചില നിസ്സാര സൃഷ്ടികൾക്ക് കൽപിച്ചുകൊണ്ട് കഴിഞ്ഞുകൂടുന്ന ഒരു ജനതയെയാണല്ലൊ നബി(സ) താക്കീത് ചെയ്യുവാൻ പോകുന്നത്. അപ്പോൾ ഇക്കാര്യം ഇവിടെ നബി(സ)യെ പ്രത്യേകം ഉണർത്തിയത് വളരെ സന്ദർഭോചിതമാണെന്ന് പറയേണ്ടതില്ലല്ലോ.

തുടർന്നുള്ള കൽപനയായ 'നിന്റെ വസ്ത്രങ്ങളെ നീ ശുദ്ധിയാക്കുക' എന്ന വചനം, ശുദ്ധിക്കും വൃത്തിക്കും ഇസ്ലാം നൽകുന്ന പ്രാധാന്യം വ്യക്തമാക്കുന്നു. നമസ്കാരാദി കർമ്മങ്ങൾ നിർവ്വഹിക്കുന്ന തിനും, ജനങ്ങളുമായി ഇടപഴകുമ്പോൾ അവരുടെ ഇണക്കവും സ്വീകാര്യതയും ലഭിക്കുന്നതിനും അത് അത്യാവശ്യമാണല്ലോ. ഈ വാക്യത്തിന് ചില വ്യംഗ്യാർത്ഥങ്ങളും ചില വ്യാഖ്യാതാക്കൾ കൽപിക്കാ റുണ്ട് - പാപങ്ങളിൽ നിന്നും ശുദ്ധമായിരിക്കുക; മനസ്സും ശരീരവും പരിശുദ്ധമായിരിക്കുക; ഉപയോഗി ക്കുന്ന വസ്ത്രം കുറ്റകരമായ വഴിക്ക് സമ്പാദിച്ചതല്ലാതിരിക്കുക; തെറ്റായ വിഷയങ്ങളിൽ വസ്ത്രങ്ങളെ ഉപയോഗപ്പെടുത്താതിരിക്കുക എന്നീ സാരങ്ങളാണവ.

5-ാ മത്തെ വചനത്തിന്, രണ്ട് അർത്ഥങ്ങളാണ് വ്യാഖ്യാതാക്കൾ പൊതുവിൽ സ്വീകരിച്ചിരിക്കു ന്നത് - അതായത് "ശിക്ഷയെ" അകന്ന് നിൽക്കുക എന്നും, വിഗ്രഹങ്ങളെ അകന്ന് നിൽക്കുക എന്നും. 'ശിക്ഷ'കൊണ്ടുദ്ദേശ്യം ശിക്ഷാർഹമായ എല്ലാ പാപങ്ങളുമാകുന്നു.

**വചനം 6,7:**

وَلَا تَمْنُن تَسْتَكْثِرُ ﴿٦﴾
وَلِرَبِّكَ فَٱصْبِرْ ﴿٧﴾

6 അധികം (ലഭിക്കുവാൻ) മോഹിച്ചുകൊണ്ട് നീ ഉപകാരം (അഥവാ ദാക്ഷിണ്യം) ചെയ്യരുത്.'
7 നിന്റെ റബ്ബിനുവേണ്ടി നീ ക്ഷമിച്ചും കൊള്ളുക.

വല്ല ഉപകാരമൊ ദാക്ഷിണ്യമൊ ചെയ്യുമ്പോൾ അല്ലാഹുവിന്റെ പ്രീതിയും പൊരുത്തവും മാത്രം ഉദ്ദേശിച്ച് കൊണ്ടായിരിക്കണം അത്; അല്ലാതെ ജനങ്ങളിൽ നിന്ന് കൂടുതൽ വല്ലതും - പ്രത്യുപകാര മോ, ആനുകൂല്യമോ - ലഭ്യമാകും എന്ന് പ്രതീക്ഷിച്ച് കൊണ്ടാകരുത്. അല്ലാഹുവിന്റെ പ്രീതി ലഭിക്കുവാ നാകട്ടെ അവന്റെ മാർഗ്ഗത്തിൽ ക്ഷമയും സഹനവും കൈക്കൊള്ളുകയും വേണം.

**വചനം 8,9,10:**

فَإِذَا نُقِرَ فِى ٱلنَّاقُورِ ﴿٨﴾
فَذَٰلِكَ يَوْمَئِذٍ يَوْمٌ عَسِيرٌ ﴿٩﴾
عَلَى ٱلْكَٰفِرِينَ غَيْرُ يَسِيرٍ ﴿١٠﴾

8 എന്നാൽ, കാഹളത്തിൽ മുഴക്കപ്പെട്ടാൽ (ഊത പ്പെട്ടാൽ),-
9 അപ്പോഴത്-അന്നത്തെ ദിവസം-പ്രയാസ കരമായ ഒരു ദിവസമായിരിക്കും!-
10 അവിശ്വാസികളുടെമേൽ നിസ്സാരമല്ലാത്ത (ദിവസം)!

ഖിയാമത്ത് നാളിനെക്കുറിച്ചാണ് പറയുന്നതെന്ന് വ്യക്തം. കാഹളത്തിൽ ഊതുവാൻ നിയോഗി ക്കപ്പെട്ട മലക്ക് അല്ലാഹുവിന്റെ കൽപന കിട്ടിയാൽ ഊതുവാൻ തയാറായി കൊമ്പു വായിൽ വെച്ച് കൊണ്ട് നെറ്റി ചുളിക്കുകയും ചെയ്തിരിക്കുന്നു എന്നരുളിയ തിരുമേനി(സ) തുടർന്ന് സഹാബികളോട് ഇപ്രകാരം പറയുകയുണ്ടായി: "ഞങ്ങൾക്ക് അല്ലാഹു മതി. അവൻ ഭരമേൽപ്പിക്കപ്പെടുവാൻ എത്രയോ നല്ലവൻ തന്നെ. ഞങ്ങൾ അല്ലാഹുവിന്റെ മേൽ ഭരമേൽപ്പിക്കുന്നു എന്ന് നിങ്ങൾ പറഞ്ഞ് കൊള്ളുവിൻ."

**വചനം 11,12,13,14,15,16,17:**

ذَرْنِى وَمَنْ خَلَقْتُ وَحِيدًا ﴿١١﴾

11 എന്നെയും, ഞാൻ ഏകനായി (സ്വന്തം) സൃഷ്ടിച്ചുണ്ടാക്കിയ ഒരുവനെയും (അങ്ങ്) വിട്ടേക്കുക (അവന്റെ കാര്യം ഞാൻ ഏറ്റു കൊള്ളാം)!-

وَجَعَلۡتُ لَهُۥ مَالٗا مَّمۡدُودٗا ﴿١٢﴾

12 അവന് (ധാരാളമായി) അയച്ചിട്ടു കൊടുക്കപ്പെട്ട ധനവും ഞാൻ ഉണ്ടാക്കിക്കൊടുത്തിരിക്കുന്നു;-

وَبَنِينَ شُهُودٗا ﴿١٣﴾

13 സന്നദ്ധരായ (കുറേ) പുത്രൻമാരെയും (കൊടുത്തിരിക്കുന്നു);-

وَمَهَّدتُّ لَهُۥ تَمۡهِيدٗا ﴿١٤﴾

14 ഞാൻ അവന് ഒരു (നല്ല) സൗകര്യം സൗകര്യപ്പെടുത്തിക്കൊടുക്കുകയും ചെയ്തിരിക്കുന്നു.

ثُمَّ يَطۡمَعُ أَنۡ أَزِيدَ ﴿١٥﴾

15 പിന്നെയും ഞാൻ വർദ്ധിപ്പിച്ചുകൊടുക്കുവാൻ അവൻ മോഹിച്ചുകൊണ്ടുമിരിക്കുന്നു!

كَلَّآۖ إِنَّهُۥ كَانَ لِأٓيَٰتِنَا عَنِيدٗا ﴿١٦﴾

16 വേണ്ടാ! അവൻ നമ്മുടെ 'ആയത്തു' (ലക്ഷ്യം)കളോട് ധിക്കാരക്കാരനായിരിക്കുന്നു!

سَأُرۡهِقُهُۥ صَعُودًا ﴿١٧﴾

17 ഞാൻ അവനെ കയറ്റം കയറുവാൻ (ഞെരുക്കം അനുഭവിക്കുവാൻ) വഴിയെ നിർബന്ധിക്കുന്നതാണ്.

11-ാം വചനം മുതൽ 30 അടക്കമുള്ള വചനങ്ങൾ വലീദ്ബ്നു മുഗീറ: യുടെ വിഷയത്തിൽ അവതരിച്ചതാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ അംഗീകരിച്ചിട്ടുണ്ട്.

ഖുറൈശ് ഗോത്രത്തിലെ ബനൂമഖ്സൂം ശാഖയിലെ ധനാഢ്യനും നേതാവുമായിരുന്നു വലീദ്. പ്രസിദ്ധ കവിയും പാട്ടുകാരനും വമ്പിച്ച സ്വത്തിനുടമയുമായിരുന്ന അയാൾക്ക് പ്രാപ്തരായ എട്ട് പത്ത് ആൺമക്കളും ഉണ്ടായിരുന്നു. അവരിൽ ഖാലിദ്, ഹിശാം, ഉമാറത്ത്(റ) എന്നിവർ ഇസ്ലാം മതം സ്വീകരിച്ചവരായിരുന്നു. തന്റെ പേരും പ്രശസ്തിയും നിമിത്തം "ഖുറൈശികളുടെ വാസനച്ചെടി" എന്നൊരു കീർത്തിനാമം പോലും വലീദ് സമ്പാദിച്ചിരുന്നു. അതേ സമയം തന്നെ ഇസ്ലാമിന്റെയും നബി(സ)യുടെയും അതികഠിന ശത്രുവുമായിരുന്നു അയാൾ.

ഒരിക്കൽ വലീദ് നബി(സ) തിരുമേനിയിൽ നിന്ന് ഖുർആൻ പാരായണം കേട്ടു. അവന്റെ ഹൃദയത്തിന് അലിവുണ്ടായത് പോലെ തോന്നി. അയാൾ മുസ്ലിമായെന്ന് സംശയിച്ച് പരിഭ്രമചിത്തനായ അബൂജഹൽ അയാളുടെ അടുക്കൽ ചെന്ന് അയാളെ നിന്ദ്യമായി പരിഹസിച്ച് കൊണ്ട്, നബിയോട് വെറുപ്പുള്ള ആളാണ് താനെന്ന് ഖുറൈശികളെ അറിയിക്കുവാനായി, നബിയെക്കുറിച്ച് തന്റെ അഭിപ്രായം പ്രകടിപ്പിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഖുർആൻ ദിവ്യ വെളിപാടാണെന്ന് ബോദ്ധ്യപ്പെട്ടിട്ടും അബൂജഹലിന്റെ സ്വാധീനത്തിന് വഴങ്ങി അയാൾ കുറെ ആലോചിച്ചതിന് ശേഷം നബി(സ) ഒരു മാരണക്കാരൻ (സാഹിർ) ആണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. നബി(സ)യിൽ വിശ്വസിച്ചു കഴിഞ്ഞ ആളുകളും അവരുടെ കുടുംബങ്ങളും തമ്മിൽ സ്വാഭാവികമായും ഉണ്ടാകുന്ന ഭിന്നിപ്പുകളെ അവൻ മാരണക്കാർക്ക് തെളിവായി എടുത്ത് കാട്ടുകയും ചെയ്തു.

(നബി(സ)യിൽ നിന്ന് വലീദ് കേട്ടത് 'ഹാമീം സജദ' എന്ന അദ്ധ്യായമായിരുന്നു എന്ന് മറ്റൊരു രിവായത്തിൽ വന്നിട്ടുണ്ട്.)

ഈ സന്ദർഭത്തിലാണ് 11-30 വചനങ്ങൾ അവതരിച്ചത് എന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ അംഗീകരിച്ചിട്ടുണ്ട്.

ഈ വചനങ്ങളുടെ വിശദീകരണങ്ങളിലേക്ക്: അല്ലാഹു പറയുന്നു: മറ്റാരുടെയും പങ്കോ സഹായമോ കൂടാതെ ഞാൻ ഒറ്റക്ക് തന്നെ അവനെ (വലീദു) സൃഷ്ടിച്ചുണ്ടാക്കി. ധാരാളം സമ്പൽ സമൃദ്ധിയും യോഗ്യരായ പുത്രന്മാരേയും സ്ഥാനമാനങ്ങളും സുഖസൗകര്യങ്ങളും അവന് പ്രദാനം ചെയ്തു. പിന്നെയും അവൻ എന്നിൽ നിന്ന് കൂടുതൽ വർദ്ധനവ് മോഹിച്ചും പ്രതീക്ഷിച്ചും കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതൊക്കെയായിട്ടും അവൻ അതിന് നന്ദിയും കൂറും കാണിക്കുന്നില്ലന്ന് മാത്രമല്ല നമ്മുടെ ലക്ഷ്യ ദൃഷ്ടാന്തങ്ങളുടെ നേരെ ധിക്കാരവും മാത്സര്യവുമാണ് കാണിക്കുന്നത്. വേണ്ടാ; അതവന് നല്ലതല്ല. ആ വ്യാമോഹങ്ങളൊക്കെ അങ്ങ് വിട്ടേക്കട്ടെ; അധികം താമസിയാതെ അസഹ്യമായ ശിക്ഷയാകുന്ന വൻ ചുരത്തിൽ നാം അവനെ നിർബ്ബന്ധിച്ച് കയറ്റുക തന്നെ ചെയ്യും.

ഈ വചനങ്ങൾ അവതരിച്ചതിന് ശേഷം വലിദിന്റെ മക്കളിലും, ധനത്തിലും അധ:പതനം നേരിട്ട് കൊണ്ടാണ് അവൻ മൃതിയടഞ്ഞതെന്ന് മുക്വാതിൽ(റ) പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളും അവൻ നൽകിയ സുഖ സൗകര്യങ്ങളും ആസ്വദിച്ചു കൊണ്ടിരിക്കുകയും അവയ്ക്ക് നന്ദി കാണിക്കുന്നതിന് പകരം അവനെയും അവന്റെ സന്ദേശങ്ങളെയും ധിക്കരിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്ന ഏത് നിഷേധികൾക്കും ഈ വചനങ്ങളിലെ ആക്ഷേപങ്ങളും താക്കീതുകളും ബാധകമായിരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

**വചനം 18,19,20,21,22,23,24,25:**

18 കാരണം, അവൻ ചിന്തിച്ചു; (ഒരു രൂപം) കണക്കാക്കുകയും ചെയ്തു.

إِنَّهُۥ فَكَّرَ وَقَدَّرَ ﴿١٨﴾

19 അതിനാൽ, അവൻ കൊലപ്പെടട്ടെ (നശിക്കട്ടെ)! എങ്ങിനെയാണവൻ കണക്കാക്കിയത്?!

فَقُتِلَ كَيْفَ قَدَّرَ ﴿١٩﴾

20 പിന്നെയും (വീണ്ടും) അവൻ കൊലപ്പെടട്ടെ (നശിക്കട്ടെ)! എങ്ങിനെയാണവൻ കണക്കാക്കിയത്?!

ثُمَّ قُتِلَ كَيْفَ قَدَّرَ ﴿٢٠﴾

21 പിന്നീടവൻ (ഒന്നു) നോക്കി;

ثُمَّ نَظَرَ ﴿٢١﴾

22 പിന്നെ, അവൻ (മുഖം) ചുളിക്കുകയും ഇറുകിച്ചുളുങ്ങുകയും ചെയ്തു.

ثُمَّ عَبَسَ وَبَسَرَ ﴿٢٢﴾

23 പിന്നെ, അവൻ പിന്നോട്ടു മാറുകയും, അഹംഭാവം നടിക്കുകയും ചെയ്തു.

ثُمَّ أَدْبَرَ وَٱسْتَكْبَرَ ﴿٢٣﴾

24 എന്നിട്ട് പറഞ്ഞു: "ഇത് പ്രമാണിച്ചു പറയപ്പെടുന്ന 'സിഹ്റ'ല്ലാതെ (മറ്റൊന്നും) അല്ല. (മറ്റാരിൽനിന്നോ കേട്ട് ഉദ്ധരിക്കപ്പെടുന്ന മാരണം മാത്രമാണ് ഈ ഖുർആൻ.)

فَقَالَ إِنْ هَٰذَآ إِلَّا سِحْرٌ يُؤْثَرُ ﴿٢٤﴾

25 "ഇത് മനുഷ്യന്റെ വാക്കല്ലാതെ (വേറൊന്നും)അല്ല".

إِنْ هَٰذَآ إِلَّا قَوْلُ ٱلْبَشَرِ ﴿٢٥﴾

നബി(സ)യിൽ നിന്നും ഖുർആൻ കേട്ടപ്പോൾ അത് ദിവ്യ വചനമാണെന്ന് ബോധ്യപ്പെട്ടിട്ടും ജനങ്ങൾക്കിടയിൽ സൽപേരും കീർത്തിയും നിലനിർത്തുവാൻ വേണ്ടി മനസ്സാക്ഷി പണയപ്പെടുത്തി കളവ് കെട്ടപ്പറയുവാൻ ധൈര്യപ്പെട്ടിരിക്കുകയാണ് അവൻ. താൻ കേട്ട ഖുർആൻ വചനങ്ങൾ മനുഷ്യന്റേയോ ജിന്നിന്റേയോ വാക്യങ്ങളല്ല. അത് ദിവ്യ വെളിപാടാണ് എന്ന് സ്വൽപം മുമ്പ് താൻ പ്രകടിപ്പിച്ച അഭിപ്രായം ഇപ്പോൾ മാറ്റിപ്പറയേണ്ടി വന്നിരിക്കുകയാണ്. അവൻ കുറെ ചിന്തിച്ചു; പറയേണ്ട വിധം മനസ്സിൽ സ്വരൂപിച്ചു; മനസ്സാക്ഷി അവനെ അലട്ടിക്കൊണ്ടിരുന്നു; കുറെ മുഖം ചുളിക്കും; നെറ്റി ചുളിക്കും; മുഖം കറുക്കും. ഒടുക്കം ഇപ്രകാരം വിധി പുറപ്പെടുവിച്ചു: "മുഹമ്മദിന്റെ പക്കൽ നിന്ന് കേൾക്കുന്ന വാക്യങ്ങൾ സിഹ്റല്ലാതെ - മാരണമല്ലാതെ - മറ്റൊന്നുമല്ല. (അതുകൊണ്ടാണ് ആദ്യം ഞാൻ അതിലൊന്ന് മയങ്ങിപ്പോയത്). ഏതോ ചില മാരണക്കാരിൽ നിന്ന് പ്രമാണിച്ചുദ്ധരിക്കപ്പെടുന്നതാണ് ഇത്. ഇത് മനുഷ്യ നിർമ്മിതം തന്നെ. അല്ലാതെ ദിവ്യ വചനമൊന്നും അല്ല."

19,20 വചനങ്ങളിൽ ആവർത്തിച്ച് പറയപ്പെട്ട 'ഖുതില' എന്ന വാക്ക് ശാപമടയട്ടെ, നശിക്കട്ടെ, തുലഞ്ഞ് പോകട്ടെ എന്നൊക്കെയുള്ള അർത്ഥത്തിലാണിവിടെ ഉപയോഗിക്കപ്പെട്ടിട്ടുള്ളത് - അല്ലാഹു ആ വാക്ക് ആവർത്തിച്ചുപയോഗിച്ചത്; അല്ലാഹുവിന്റെ അവനോടുള്ള അങ്ങേയറ്റത്തെ കോപത്തേയും അമർഷത്തേയും ആണ് സൂചിപ്പിക്കുന്നത്.

**വചനം 26,27,28,29,30:**

26 വഴിയെ ഞാനവനെ 'സഖറിൽ' (നരകത്തിൽ) ഇട്ട് എരിക്കുന്നതാണ്.

سَأُصْلِيهِ سَقَرَ ﴿٢٦﴾

27 'സഖർ' എന്നാലെന്താണെന്ന് നിനക്ക് എന്തറിയാം!?–

وَمَآ أَدْرَىٰكَ مَا سَقَرُ ﴿٢٧﴾

لَا تُبْقِي وَلَا تَذَرُ ﴿٢٨﴾

28 അത് (ഒന്നിനെയും) ബാക്കിയാക്കുകയില്ല; വിട്ടുകളയുകയുമില്ല;-

لَوَّاحَةٌ لِّلْبَشَرِ ﴿٢٩﴾

29 തൊലിയെ എരിച്ചു (മാറ്റംവരുത്തി) കളയുന്നതാകുന്നു.

عَلَيْهَا تِسْعَةَ عَشَرَ ﴿٣٠﴾

30 അതിൻെറമേൽ (നോട്ടത്തിന്) പത്തൊമ്പതു പേരുണ്ട്.

നരകത്തിന് ഖുർആനിൽ കാണുന്ന പല പേരുകളിൽ ഒന്നാകുന്നു 'സഖർ' എന്നത്. ഉരുക്കി കളയുന്നത്, കരിച്ച് കളയുന്നത് എന്നൊക്കെയാണ് അതിന് പദാർത്ഥം. നരകത്തിലകപ്പെടുന്ന ഏത് വസ്തുവെയും അത് എരിച്ച് കളയാതെ ബാക്കി വെക്കുകയില്ല. തൊലികളെ കരിച്ച് നിറം മാറ്റി അതിനെ കരിമയമാക്കുന്നതാണ്. നിരന്തരം യാതന അനുഭവിപ്പിക്കുന്നതിനായി വെന്തുകരിയുന്ന തൊലികൾക്ക് പകരം അല്ലാഹു വേറെ തൊലികളെ പകരം ഉണ്ടാക്കും എന്നും നരകത്തിൽ അവൻ മരണമടയുകയില്ല, ജീവിക്കുകയുമില്ല എന്നും അല്ലാഹു ഖുർആനിൽ പലയിടങ്ങളിലായി പ്രസ്താവിച്ചിട്ടുണ്ട്.

നരകത്തിന്റെ മേൽനോട്ടം വഹിക്കുന്നവരാകട്ടെ പരുഷ സ്വഭാവികളും കഠിനന്മാരുമായ മലക്കുകളാകുന്നുവെന്ന് അല്ലാഹു സൂ: തഹ്‌രീം 6-ാം വചനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇവരുടെ എണ്ണം പത്തൊമ്പതാക്കി നിശ്ചയിച്ചതിന്റെ രഹസ്യം എന്താണെന്നു നമക്കറിഞ്ഞുകൂടാ. എങ്കിലും അതിവിടെ പ്രസ്താവിച്ചതിലടങ്ങിയ ചില വസ്തുതകൾ അടുത്ത വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

**വചനം 31 :**

وَمَا جَعَلْنَآ أَصْحَٰبَ ٱلنَّارِ إِلَّا مَلَٰٓئِكَةً ۙ وَمَا جَعَلْنَا عِدَّتَهُمْ إِلَّا فِتْنَةً لِّلَّذِينَ كَفَرُوا۟ لِيَسْتَيْقِنَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ وَيَزْدَادَ ٱلَّذِينَ ءَامَنُوٓا۟ إِيمَٰنًا ۙ وَلَا يَرْتَابَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ وَٱلْمُؤْمِنُونَ ۙ وَلِيَقُولَ ٱلَّذِينَ فِى قُلُوبِهِم مَّرَضٌ وَٱلْكَٰفِرُونَ مَاذَآ أَرَادَ ٱللَّهُ بِهَٰذَا مَثَلًا ۚ كَذَٰلِكَ يُضِلُّ ٱللَّهُ مَن يَشَآءُ وَيَهْدِى مَن يَشَآءُ ۚ وَمَا يَعْلَمُ جُنُودَ رَبِّكَ إِلَّا هُوَ ۚ وَمَا هِىَ إِلَّا ذِكْرَىٰ لِلْبَشَرِ ﴿٣١﴾

31 നരകത്തിൻെറ (മേൽനോട്ടക്കാരായ) ആൾക്കാരെ നാം മലക്കുകളല്ലാതെ ആക്കിയിട്ടില്ല; അവരുടെ എണ്ണം അവിശ്വസിച്ചവർക്ക് ഒരു പരീക്ഷണമല്ലാതെയും ആക്കിയിട്ടില്ല. (അതെ) വേദഗ്രന്ഥം നൽകപ്പെട്ടിട്ടുള്ളവർ ദൃഢമായി വിശ്വസിക്കുവാനും, വിശ്വസിച്ചിട്ടുള്ളവർക്ക് വിശ്വാസം വർദ്ധിക്കുവാനും,- വേദഗ്രന്ഥം നൽകപ്പെട്ടവരും സത്യവിശ്വാസികളും സന്ദേഹപ്പെടാതിരിക്കുവാനുമാകുന്നു (അത്). (കൂടാതെ) ഹൃദയങ്ങളിൽ (ഒരുതരം) രോഗമുള്ളവരും അവിശ്വാസികളും "ഇതുമൂലം എന്തൊരു ഉപമയാണ് അല്ലാഹു ഉദ്ദേശിച്ചിരിക്കുന്നത്'' എന്ന് പറയുവാൻവേണ്ടിയുമാകുന്നു. അപ്രകാരം, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ വഴിപിഴപ്പിക്കുകയും, അവൻ ഉദ്ദേശിക്കുന്നവരെ സൻമാർഗത്തിലാക്കുകയും ചെയ്യുന്നു. നിൻെറ റബ്ബിൻെറ സൈന്യങ്ങളെ അവനല്ലാതെ (ആരും) അറിയുന്നതല്ല. ഇത് മനുഷ്യർക്ക് ഒരു സ്മരണ (അഥവാ ഉപദേശം) അല്ലാതെ (മറ്റൊന്നും) അല്ലതാനും.

നരകത്തിന്റെ മേൽനോട്ടം വഹിക്കുവാൻ ഏൽപിക്കപ്പെട്ടിരിക്കുന്നത് 'പത്തൊമ്പത് മലക്കുകളാണെന്ന്' അല്ലാഹു പ്രസ്താവിച്ചുവല്ലോ. ഇതു കേട്ടപ്പോൾ അബൂ ജഹലും അയാളുടെ ആൾക്കാരും, ആ പത്തൊമ്പത് പേരെ തങ്ങൾക്ക് കൈകാര്യം ചെയ്യാനുള്ളതേയുള്ളൂ എന്ന് അതിനെ പരിഹസിച്ച് ജൽപിക്കുകയുണ്ടായി എന്ന് ചില രിവായത്തുകളിൽ വന്നിരിക്കുന്നു.

നരകത്തിന്റെ മേൽ നോട്ടക്കാർ മനുഷ്യരല്ല. മലക്കുകളാകുന്നു. ഒരു മലക്കിനെപ്പോലും നേരിടുവാനോ ചെറുത്ത് നിൽക്കുവാനോ എത്ര തന്നെ മനുഷ്യർ വിചാരിച്ചാലും സാധ്യമല്ല തന്നെ. എന്നി

രിക്കെ പത്തൊമ്പത് പേരിൽ നിന്ന് എങ്ങനെ രക്ഷപ്പെടുവാൻ കഴിയും. പത്തൊമ്പത് എന്ന എണ്ണം സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം, ഏതെങ്കിലും തരത്തിലുള്ള സംശയത്തിനോ, ആശയക്കുഴപ്പത്തിനോ, ഇടമില്ലാത്തവണ്ണം, അല്ലാഹുവിന്റെ വചനമെന്ന നിലയിൽ, അപ്പടി വിശ്വസിക്കുവാൻ അവർ ബാദ്ധ്യസ്തരാകുന്നു. എന്നാൽ അവിശ്വാസികളെ സംബന്ധിച്ചേടത്തോളം അതൊരു പരീക്ഷണം മാത്രമാണെന്ന്, അല്ലാഹു തുടർന്ന് പ്രസ്താവിച്ചിരിക്കുന്നു. ഈ മുഖവുരകൾക്ക് ശേഷം, വിഷയം കുറെകൂടി വിശദീകരിക്കുകയാണ് അല്ലാഹു അടുത്ത വാക്യങ്ങളിൽ ചെയ്തിരിക്കുന്നത്.

അതായത് വേദഗ്രന്ഥം നൽകപ്പെട്ടവർക്ക്, അവരുടെ പക്കലുള്ള ഗ്രന്ഥങ്ങൾ മുഖേനയുള്ള അവരുടെ അറിവ് കാരണം, ഖുർആനിലുള്ള വിശ്വാസം ദൃഢതരമായിത്തീരുവാൻ അത് അവർക്ക് സഹായകരമായിത്തീരുന്നതാണ്. ഖുർആൻ അതോട് യോജിച്ച് കാണുമ്പോൾ അവർക്കത് കൂടുതൽ ബോധ്യവും സ്വീകാര്യവും ആയിരിക്കുമല്ലോ. മുൻ വേദ ഗ്രന്ഥങ്ങളിൽ ഈ വിവരം ഉള്ളത് കൊണ്ടാണ് അല്ലാഹു ഇപ്രകാരം പ്രസ്താവിച്ചതെന്നും ഇബ്നു അബ്ബാസ്(റ), ഖത്താദ(റ), മുജാഹിദ്(റ) എന്നിവർ നിവേദനം ചെയ്തിരിക്കുന്നു. സത്യ വിശ്വാസികൾക്ക് അത് വിശ്വാസം വർദ്ധിക്കുവാനും, അല്ലാഹുവിങ്കൽ നിന്ന് അവതരിച്ച്, കൊണ്ടിരിക്കുന്ന ഓരോ സന്ദേശവും അവരുടെ വിശ്വാസത്തിൽ വർദ്ധനവുണ്ടാകുവാനും അത് കാരണമാകുന്നു. അങ്ങനെ ഇരു കൂട്ടർക്കും - വേദക്കാർക്കും സത്യ വിശ്വാസികൾക്കും - സന്ദേഹത്തിനോ ആശയക്കുഴപ്പത്തിനോ അവകാശമില്ലാതായിത്തീരുന്നു. പരീക്ഷണത്തിന്റെ ഒരു വശമത്രേ ഇത്.

നേരെ മറിച്ച് ഹൃദയത്തിൽ രോഗമുള്ളവരായ കപട വിശ്വാസികൾക്കും സത്യനിഷേധികളായ ആൾക്കാർക്കും ഈ പ്രസ്താവന മൂലം ആശയക്കുഴപ്പവും കുതർക്കവുമായിരിക്കും വർദ്ധിക്കുക. പരീക്ഷണത്തിന്റെ മറുവശമാകുന്നു ഇത്. അവർ പറഞ്ഞേക്കും - "ഇതെന്തൊരു ഉപമയാണ്. ഇതിന്റെ ഉദ്ദേശമെന്താണ്. എന്താണ് ഒരു പത്തൊമ്പതിന്റെ കണക്ക്" എന്നൊക്കെ. ഇതിന് അല്ലാഹു നൽകുന്ന മറുപടി ശ്രദ്ധേയമാകുന്നു.

: ഇത്തരം പരീക്ഷണങ്ങൾ മുഖേന അല്ലാഹു ഉദ്ദേശിച്ചവരെ അവൻ വഴി പിഴപ്പിക്കുകയും അവൻ ഉദ്ദേശിച്ചവരെ അവൻ സന്മാർഗ്ഗത്തിലാക്കുകയും ചെയ്യുന്നു. അതെ, സഹൃദയന്മാർക്ക് നേർമാർഗ്ഗം പ്രാപിക്കുവാനും ദുഷ്ടന്മാർക്ക് വഴി പിഴച്ച് തെറ്റിപ്പോകുവാനും അത് കാരണമായിത്തീരുന്നു.

: അല്ലാഹുവിന്റെ സൈന്യങ്ങൾ ഏതൊക്കെയാണ്, എത്രയൊക്കെയാണ്, അവരുടെ സ്ഥിതിഗതികൾ എന്തെല്ലാമാണ് എന്നൊക്കെ അല്ലാഹു മാത്രമേ അറിയുകയുള്ളൂ. അവരെക്കുറിച്ച് അല്ലാഹു പറയുന്നത് അക്ഷരാർത്ഥത്തിൽ വിശ്വസിച്ച് അംഗീകരിക്കുകയെന്നതാണ് ഏവർക്കും കരണീയമായിട്ടുള്ളത്.

: നരകത്തെപറ്റിയുള്ള ഇത്തരം പ്രസ്താവനകളുടെ ലക്ഷ്യം ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകയെന്നുള്ളതാണ്. ഇഷ്ടമുള്ളവർക്ക് അത് സ്വീകരിച്ചു സ്വന്തം ജീവിതചര്യയെ ചിട്ടപ്പെടുത്താം.

## വിഭാഗം - 2

**വചനം 32,33,34,35,36,37:**

| | |
|---|---|
| 32 അങ്ങിനെ വേണ്ട! ചന്ദ്രൻ തന്നെയാണ (സത്യം)! | كَلَّا وَٱلْقَمَرِ ﴿٣٢﴾ |
| 33 രാത്രിയുമാണ-അത് പിന്നിട്ടുപോകുമ്പോൾ-സത്യം!- | وَٱلَّيْلِ إِذْ أَدْبَرَ ﴿٣٣﴾ |
| 34 പ്രഭാതവുമാണ-അത് പുലർന്നു (പ്രകാശിച്ചു) വന്നാൽ- സത്യം!- | وَٱلصُّبْحِ إِذَآ أَسْفَرَ ﴿٣٤﴾ |
| 35 നിശ്ചയമായും അത് (നരകം) വൻകാര്യങ്ങളിൽ ഒന്നുതന്നെ!- | إِنَّهَا لَإِحْدَى ٱلْكُبَرِ ﴿٣٥﴾ |
| 36 മനുഷ്യന് ഒരു താക്കീത് എന്ന നിലക്ക്;- | نَذِيرًا لِّلْبَشَرِ ﴿٣٦﴾ |
| 37 അതായത്, നിങ്ങളിൽനിന്ന് മുന്നോക്കം വരുവാനോ, പിന്നോക്കം പോകുവാനോ ഉദ്ദേശിച്ചവർക്ക്! | لِمَن شَآءَ مِنكُمْ أَن يَتَقَدَّمَ أَوْ يَتَأَخَّرَ ﴿٣٧﴾ |

ചന്ദ്രൻ, രാത്രി, പ്രഭാതം എന്നിവയുടെ പേരിൽ സത്യം ചെയ്തുകൊണ്ട് 'സഖർ' എന്ന നരക ശിക്ഷയുടെ ഗൗരവം അല്ലാഹു ഒന്നുകൂടി ഊന്നിപ്പറയുകയാണ് - ആ 'സഖറാ'കുന്ന നരകം ഏറ്റവും വമ്പിച്ച ഒരു കാര്യമത്രേ. അത്, മനുഷ്യവർഗ്ഗത്തിനാകമാനമുള്ള ഒരു താക്കീതാകുന്നു; അതെ, മുന്നോട്ട് വന്ന് സത്യം സ്വീകരിക്കുവാൻ തയാറാകുന്നവർക്കും, സത്യത്തിൽ നിന്ന് പിന്നോക്കം പോയി ദുർമാർഗ്ഗത്തിൽ പതിക്കുന്നവർക്കുമുള്ള താക്കീത്.

**വചനം 38,39,40,41,42:**

كُلُّ نَفْسٍ بِمَا كَسَبَتْ رَهِينَةٌ ۝٣٨
إِلَّآ أَصْحَٰبَ ٱلْيَمِينِ ۝٣٩
فِى جَنَّٰتٍ يَتَسَآءَلُونَ ۝٤٠
عَنِ ٱلْمُجْرِمِينَ ۝٤١
مَا سَلَكَكُمْ فِى سَقَرَ ۝٤٢

38 എല്ലാ (ഓരോ) ദേഹവും (ആളും) അത് സമ്പാദിച്ചുവെച്ചതിന് പണയപ്പെട്ടതായിരിക്കും;
39 വലതുപക്ഷക്കാരൊഴികെ.
40 ചില സ്വർഗങ്ങളിലായിരിക്കും (അവർ). അവർ ചോദ്യം ചെയ്യും,-
41 കുറ്റവാളികളെക്കുറിച്ച്:
42 "നിങ്ങളെ 'സഖറി'ൽ പ്രവേശിപ്പിച്ചത് എന്താണ്?" എന്ന്.

ഓരോ മനുഷ്യനും അവനവന്റെ കർമ്മങ്ങൾക്കനുസരിച്ചുള്ള പ്രതിഫലമായിരിക്കും അനുഭവിക്കുക. വലത് പക്ഷക്കാരായ സജ്ജനങ്ങളെ സംബന്ധിച്ചേടത്തോളം സുഖ സൗകര്യങ്ങൾ നിറഞ്ഞ സ്വർഗ്ഗമായിരിക്കും അവരുടെ സങ്കേതം (സൂ: വാഖിഅ: 8; 27-40 വചനം നോക്കുക) അവിടെ വെച്ച് അവർ സഖറിന്റെ (നരകത്തിന്റെ) അവകാശികളായിത്തീർന്ന കുറ്റവാളികളെക്കുറിച്ച് അന്വേഷണം നടത്തും- നിങ്ങൾ ഈ ശിക്ഷക്ക് വിധേയരായിത്തീരാൻ കാരണമെന്താണെന്ന് അവരോട് ചോദിക്കും. അതിന് നരകക്കാർ നൽകുന്ന മറുപടി നോക്കുക.

**വചനം 43,44,45,46,47:**

قَالُوا۟ لَمْ نَكُ مِنَ ٱلْمُصَلِّينَ ۝٤٣
وَلَمْ نَكُ نُطْعِمُ ٱلْمِسْكِينَ ۝٤٤
وَكُنَّا نَخُوضُ مَعَ ٱلْخَآئِضِينَ ۝٤٥
وَكُنَّا نُكَذِّبُ بِيَوْمِ ٱلدِّينِ ۝٤٦
حَتَّىٰٓ أَتَىٰنَا ٱلْيَقِينُ ۝٤٧

43 അവർ (മറുപടി) പറയും: "ഞങ്ങൾ നമസ്കരിക്കുന്നവരുടെ കൂട്ടത്തിൽ ആയിരുന്നില്ല;-
44 "ഞങ്ങൾ സാധുക്കൾക്ക് ഭക്ഷണം കൊടുത്തിരുന്നതുമില്ല;-
45 "(തോന്നിയവാസത്തിൽ) മുഴുകിയിരുന്നവരോടൊപ്പം ഞങ്ങൾ മുഴുകിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു;-
46 "പ്രതിഫലനടപടിയുടെ ദിവസത്തെ ഞങ്ങൾ വ്യാജമാക്കുകയും ചെയ്തിരുന്നു;-
47 "അങ്ങനെ (മരണമാകുന്ന ആ) ഉറപ്പ് ഞങ്ങൾക്കു വന്നെത്തി."

സത്യവിശ്വാസികളുടെ സൽക്കർമ്മങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന നമസ്കാരവും, അതിന്റെ അടുത്ത സ്ഥാനം വഹിക്കുന്ന സാധുക്കളുടെ വിശപ്പടക്കലും, അവർ നിറവേറ്റിയിരുന്നില്ല. വിശുദ്ധ ഖുർആനിന്റെയും, പ്രവാചക തിരുമേനി(സ)യുടെയും അദ്ധ്യയനങ്ങൾക്കെതിരെ അവർ നിലകൊണ്ടിരുന്നു. ആർക്കും സംശയത്തിനിടയില്ലാത്ത അനിവാര്യ കാര്യമായ മരണം വരെ ഈ നിലപാട് അവർ തുടർന്ന് പോരുകയും ചെയ്തു. - അത് കൊണ്ടാണ് ഞങ്ങൾ നരക ശിക്ഷയ്ക്ക് വിധേയരായത് എന്ന് സാരം.

**വചനം 48:**

فَمَا تَنفَعُهُمْ شَفَٰعَةُ ٱلشَّٰفِعِينَ ۝٤٨

48 ഇനി, അവർക്ക് ശുപാർശക്കാരുടെ ശുപാർശ പ്രയോജനപ്പെടുന്നതല്ല.

രക്ഷയ്ക്കുള്ള മാർഗ്ഗങ്ങളെല്ലാം അവർ യഥാസമയം പ്രയോജനപ്പെടുത്താതിരുന്നത് കൊണ്ട് ഇനി അവർക്ക് വേണ്ടി ശുപാർശ ചെയ്യുവാൻ ആരുമില്ല. ഉണ്ടെന്ന് അഥവാ, സങ്കൽപിച്ചാൽ തന്നെ അതവിടെ സ്വീകാര്യവുമല്ല.

**വചനം 49,50,51:**

فَمَا لَهُمْ عَنِ ٱلتَّذْكِرَةِ مُعْرِضِينَ ﴿٤٩﴾

كَأَنَّهُمْ حُمُرٌ مُّسْتَنفِرَةٌ ﴿٥٠﴾

فَرَّتْ مِن قَسْوَرَةٍۭ ﴿٥١﴾

49 എന്നിരിക്കെ, എന്താണവർക്ക്, -ഈ ഉൽബോധനത്തെ വിട്ട് (അവർ) തിരിഞ്ഞുകളയുന്നവരായിക്കൊണ്ടിരിക്കുന്നു?!

50 വിറളിയെടുത്തോടുന്ന കഴുതകളെന്നോണമിരിക്കുന്നു അവർ,-

51 (അതെ) വല്ല സിംഹത്തിൽനിന്നും ഓടിപ്പായുന്ന (കഴുതകളെപ്പോലെ).

ഉൽബോധനങ്ങളും, ഉപദേശങ്ങളും കേൾക്കുമ്പോൾ അവരിലുണ്ടാകുന്ന പ്രതികരണങ്ങളും ചേഷ്ടകളും കാണുമ്പോൾ തങ്ങളെ വേട്ടയാടിപ്പിടിക്കുവാൻ വരുന്ന സിംഹങ്ങളെ കണ്ട് നാല് പാടും വിറളിയെടുത്തോടുന്ന കാട്ട് കഴുത കൂട്ടങ്ങളാണ് അവരെന്ന് തോന്നിപ്പോകുന്നതാണ്.

**വചനം 52,53:**

بَلْ يُرِيدُ كُلُّ ٱمْرِئٍ مِّنْهُمْ أَن يُؤْتَىٰ صُحُفًا مُّنَشَّرَةً ﴿٥٢﴾

كَلَّا ۖ بَل لَّا يَخَافُونَ ٱلْآخِرَةَ ﴿٥٣﴾

52 (അത്രയുമല്ല) പക്ഷേ, അവരിൽനിന്നുള്ള എല്ലാ (ഓരോ) മനുഷ്യനും ഉദ്ദേശിക്കുന്നു,- (തുറന്നു) നിവർത്തിവെക്കപ്പെട്ട ഏടുകൾ തനിക്ക് നൽകപ്പെടണമെന്ന്!

53 അതുവേണ്ടാ! പക്ഷേ, അവർ പരലോകത്തെ ഭയപ്പെടുന്നില്ല.

അവരുടെ ധിക്കാരം കണ്ടാൽ പ്രവാചകന് ലഭിച്ച ഗ്രന്ഥമൊന്നും പോരാ, അവരിൽ ഓരോരുത്തനും, വെവ്വേറെ തന്നെ തുറന്ന വേദഗ്രന്ഥം അവതരിച്ച് കിട്ടണം എന്നാണവരുടെ നിലപാടെന്ന് തോന്നിപോകും. ഇത്രത്തോളം ധിക്കാരത്തിന് മുതിരാതിരിക്കുകയാണവർക്ക് നല്ലത് എന്നവർ ഓർത്ത് കൊള്ളട്ടെ. പരലോകത്തെക്കുറിച്ച് ഭയമില്ലാത്തതാണ് അവരുടെ ധിക്കാരങ്ങൾക്കെല്ലാം കാരണം.

**വചനം 54,55,56:**

كَلَّآ إِنَّهُۥ تَذْكِرَةٌ ﴿٥٤﴾

فَمَن شَآءَ ذَكَرَهُۥ ﴿٥٥﴾

وَمَا يَذْكُرُونَ إِلَّآ أَن يَشَآءَ ٱللَّهُ ۚ هُوَ أَهْلُ ٱلتَّقْوَىٰ وَأَهْلُ ٱلْمَغْفِرَةِ ﴿٥٦﴾

54 അതുവേണ്ടാ! നിശ്ചയമായും ഇതൊരു ഉൽബോധനമത്രെ!-

55 ആകയാൽ, ആർക്കുവേണമോ അവൻ അത് ഓർമിച്ചുകൊള്ളട്ടെ.

56 അല്ലാഹുഉദ്ദേശിക്കുന്നതായാലല്ലാതെ അവർ ഓർമിക്കുന്നതല്ലതാനും. അവൻ ഭയഭക്തിക്ക് അവകാശപ്പെട്ടവനും, പാപമോചനത്തിന് അവകാശപ്പെട്ടവനുമത്രെ.

ഈ തിരു വചനം ഓതികൊണ്ട് നബി(സ) ഇപ്രകാരം അരുളുകയുണ്ടായി: "നിങ്ങളുടെ റബ്ബ് പറയുന്നു: "ഞാൻ സൂക്ഷിക്കപ്പെടുവാൻ - ഭയഭക്തി കാണിക്കപ്പെടുവാൻ - അർഹനാകുന്നു. അതുകൊണ്ട് എന്നോടൊപ്പം ഒരു ആരാധ്യനും സ്വീകരിക്കപ്പെട്ടുകൂടാ. എന്നാൽ, എന്നെ ആർ സൂക്ഷിക്കുകയും, അങ്ങനെ എന്നോടൊപ്പം ഒരു ആരാധ്യനേയും സ്വീകരിക്കാതിരിക്കുകയും ചെയ്തുവോ, അവന് ഞാൻ പൊറുത്ത് കൊടുക്കുവാൻ അവകാശപ്പെട്ടവനാകുന്നു." (അ; തു; ജ; ന)

ഖുർആൻ ആരേയും സത്യമാർഗ്ഗത്തിലേക്ക് നിർബ്ബന്ധിച്ച് പിടിച്ച് വലിക്കുന്നില്ല. അത് സത്യങ്ങൾ വെട്ടിത്തുറന്ന് കാട്ടിയും സദുപദേശങ്ങൾ നൽകിയും നേർവഴിയിലേക്ക് മാടി വിളിക്കുന്നുവെന്ന് മാത്രം. നേർമാർഗ്ഗം പ്രാപിക്കണം എന്ന് താൽപര്യമുള്ളവർക്ക് അത് സ്വീകരിക്കാം. അല്ലാത്തവർക്കാകട്ടെ അത് നിരസിക്കുകയുമാവാം. (സു.അൽ കഹ്ഫ്: 29-ാം വചനം നോക്കുക)

എന്നാൽ, അല്ലാഹുവിന്റെ ഉദ്ദേശ്യം കൂടി ഉണ്ടങ്കിലേ, അവർ സദുപദേശം ഓർക്കലും, വിശ്വസിക്കലും എല്ലാം ഉണ്ടാകുകയുള്ളൂ. അക്രമകാരികളായ ആളുകളെ അവൻ നേർ മാർഗ്ഗത്തിൽ ആക്കുകയില്ലതാനും. (സൂ.മുനാഫിഖൂൻ: 6-ാം വചനം)

ചുരുക്കി പറഞ്ഞാൽ സൂക്ഷിക്കപ്പെടുവാനും ഭയഭക്തി അർപ്പിക്കപ്പെടുവാനുമുള്ള അർഹത അല്ലാഹുവിന് മാത്രമാണുള്ളത്. (സൂ. തക്‌വീർ 29-ാം വചനം നോക്കുക) അവനെ ആർ സൂക്ഷിച്ച് വരുന്നുവോ, അവന് അല്ലാഹു പൊറുത്ത് കൊടുക്കുകയും ചെയ്യും. പൊറുത്ത് കൊടുക്കുവാനുള്ള അവകാശവും അധികാരവുമാകട്ടെ അവന് മാത്രമല്ലാതെ മറ്റാർക്കും ഇല്ല താനും. നബി(സ) തിരുമേനിക്കു പോലും തിരുമേനി ഇഷ്ടപ്പെടുന്നവരെ നേർമാർഗ്ഗത്തിലാക്കുവാൻ സാധ്യമല്ല. (സൂ.ഖസസ്: 56-ാം വചനം ശ്രദ്ധിക്കുക.)

അല്ലാഹു, നമുക്കെല്ലാം സത്യം ഗ്രഹിക്കുവാനും നേർമാർഗ്ഗം പ്രാപിക്കുവാനും തൗഫീഖ് നൽകട്ടെ - ആമീൻ.

നമ്മുടെ പാപങ്ങളും പാകപ്പിഴവുകളും അവൻ പൊറുത്ത് തരട്ടെ - ആമീൻ.

# 75. സൂറത്തുൽ ഖിയാമഃ (ഉയർത്തെഴുന്നേൽപ്പ്)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 40, വിഭാഗം (റുകൂഅ്) 2

ഒന്നാം വചനത്തിൽ 'ഉയിർത്തെഴുന്നേൽപ്പ് (ഖിയാമഃ) നാളിനെക്കുറിച്ച് അല്ലാഹു പ്രസ്താവിക്കുന്നു. '

**വിഭാഗം - 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം: 1,2,3,4:**

لَآ أُقْسِمُ بِيَوْمِ ٱلْقِيَـٰمَةِ ﴿١﴾

1 'ഖിയാമത്തു' നാൾ (ഉയിർത്തെഴുന്നേൽപിൻെറ ദിവസം)കൊണ്ടു ഞാൻ സത്യം ചെയ്തു പറയുന്നു;-

وَلَآ أُقْسِمُ بِٱلنَّفْسِ ٱللَّوَّامَةِ ﴿٢﴾

2 ആക്ഷേപകാരിയായ ആത്മാവിനെ (അഥവാ മനസ്സിനെ) ക്കൊണ്ടും ഞാൻ സത്യം ചെയ്തു പറയുന്നു:

أَيَحْسَبُ ٱلْإِنسَـٰنُ أَلَّن نَّجْمَعَ عِظَامَهُۥ ﴿٣﴾

3 മനുഷ്യൻ ഗണിച്ചുകൊണ്ടിരിക്കുന്നുവോ, അവൻെറ എല്ലുകളെ നാം ഒരുമിച്ചുകൂട്ടുന്ന തേയല്ല എന്ന്?!

بَلَىٰ قَـٰدِرِينَ عَلَىٰٓ أَن نُّسَوِّىَ بَنَانَهُۥ ﴿٤﴾

4 ഇല്ലാതേ! അവൻെറ വിരൽതലപ്പുകളെ (പ്പോലും) ശരിപ്പെടുത്തുവാൻ കഴിവുള്ളവരായിക്കൊണ്ട് (നാമതു ചെയ്യും).

**لاأقسم** എന്ന വാക്കിന് 'ഞാൻ സത്യം ചെയ്ത് പറയുന്നു' എന്ന് അർത്ഥം കൽപിച്ചതിനെക്കുറിച്ച് സൂ.വാഖിഅ: 75-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചത് ഓർക്കുക. ഇവിടെ, ഒന്നാമതായി ഖിയാമത്ത് നാളിന്റെ പേരിലും, തുടർന്ന് ആക്ഷേപകാരിയായ ആത്മാവിന്റെ - അഥവാ മനസ്സിന്റെ - പേരിലും സത്യം ചെയ്തുകൊണ്ട് അല്ലാഹു പറയുന്നു:

"മനുഷ്യന്റെ മരണശേഷം അവന്റെ അസ്ഥികളെ മുഴുവനും ഒരുമിച്ച് കൂട്ടി അവനെ നാം പുനർജീവിപ്പിക്കുന്നതാണ്. നാമത് ചെയ്കയില്ലെന്നോ, നമുക്കതിന് കഴിയുകയില്ലെന്നോ, അവൻ ഭാവിക്കുന്നുണ്ടോ? തീർച്ചയായും നാമത് ചെയ്യുക തന്നെ ചെയ്യും. അവന്റെ വിരൽ തുമ്പുകളെപ്പോലും ശരിപ്പെടുത്തുവാൻ നമുക്ക് തികച്ചും കഴിവുണ്ട്." കോടാനുകോടി മനുഷ്യരിൽ ഓരോരുത്തരുടെയും വിരൽത്തമ്പുകൾ തികച്ചും വ്യത്യസ്തമാണ്. തിരിച്ചറിയാനുള്ള ഒരിക്കലും മാറിപ്പോകാത്ത ഉപാധിയത്രേ വിരലടയാളം. ഇതൊക്കെ അല്ലാഹുവിന്റെ സൃഷ്ടി വൈഭവത്തിന്റെ ഉത്തമ നിദർശനമത്രേ.

മനുഷ്യ മനസ്സിനെ 'ആക്ഷേപകാരിയായ അഥവാ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്ന' **اللوامة** എന്ന് വിശേഷിപ്പിച്ചത് വളരെ അർത്ഥവത്താകുന്നു. ഒരാൾ ഒരു ദിവസം ഒരു തെറ്റായ കാര്യം ചെയ്യുമ്പോൾ അത് അരുതാത്തതാണെന്ന് അവന്റെ മനസ്സ് അവനെ കുറ്റപ്പെടുത്തുന്നു. ഒരു നന്മ ചെയ്താലാകട്ടെ അതിനേക്കാൾ നന്നാകുമായിരുന്ന മറ്റൊന്ന് ചെയ്യാത്തതിനെ പറ്റിയും മനസ്സിൽ ആക്ഷേപമുയരുന്നു. സൽക്കർമ്മങ്ങൾ കുറെയെല്ലാം ചെയ്തിരുന്നാലും പരലോകത്ത് വെച്ച് ലഭിക്കുന്ന അവർണ്ണനീയമായ സുഖ സൗകര്യങ്ങൾ കാണുമ്പോൾ, കുറേകൂടി സൽകർമ്മങ്ങൾ ഞാൻ ചെയ്ത് വെച്ചിരുന്നെങ്കിൽ എത്ര നന്നായേനെ എന്ന് മനുഷ്യൻ വിലപിച്ച് പോകും.

**വചനം 5,6,7,8,9,10,11,12:**

بَلْ يُرِيدُ ٱلْإِنسَـٰنُ لِيَفْجُرَ أَمَامَهُۥ ﴿٥﴾

5 പക്ഷേ, മനുഷ്യൻ അവൻെറ മുമ്പോട്ടു(ള്ള ജീവിതത്തിൽ) തോന്നിയവാസം ചെയ്വാൻ ഉദ്ദേശിക്കുകയാണ്.

6 അവന്‍ ചോദിക്കുന്നു: ഏതവസരത്തിലാണ് ഖിയാമത്തുനാള്‍ എന്ന് !
7 എന്നാല്‍, കണ്ണ് (അന്ധാളിച്ച്) അഞ്ചിപ്പോയാല്‍,-
8 ചന്ദ്രന്‍ (പ്രകാശം പോയി) ഇരുളടയുകയും (ചെയ്താല്‍),
9 സൂര്യനും ചന്ദ്രനും ഒരുമിച്ചുകൂട്ടപ്പെടുകയും ചെയ്താല്‍),-
10 അന്നത്തെ ദിവസം മനുഷ്യന്‍ പറയും: "എവിടെയാണ് ഓടി രക്ഷപ്പെടുന്നത്?!"
11 അതില്ല! രക്ഷയേ ഇല്ല!
12 നിന്‍റെ റബ്ബിങ്കലേക്കത്രെ, അന്നത്തെ ദിവസം (ചെന്ന്) അടങ്ങുന്നത്.

يَسْـَٔلُ أَيَّانَ يَوْمُ ٱلْقِيَـٰمَةِ ﴿٦﴾
فَإِذَا بَرِقَ ٱلْبَصَرُ ﴿٧﴾
وَخَسَفَ ٱلْقَمَرُ ﴿٨﴾
وَجُمِعَ ٱلشَّمْسُ وَٱلْقَمَرُ ﴿٩﴾
يَقُولُ ٱلْإِنسَـٰنُ يَوْمَئِذٍ أَيْنَ ٱلْمَفَرُّ ﴿١٠﴾
كَلَّا لَا وَزَرَ ﴿١١﴾
إِلَىٰ رَبِّكَ يَوْمَئِذٍ ٱلْمُسْتَقَرُّ ﴿١٢﴾

അവിശ്വാസിയായ മനുഷ്യന്‍ ഭാവിയും നഷ്ടപ്പെടുത്തുമാറ് തോന്നിയവാസം തുടരുവാനാണ് തുനിയുന്നത്. "ഖിയാമത്ത് നാള്‍ എപ്പോഴാണ് ഉണ്ടാവുക" എന്ന് അവന്‍ നിഷേധപൂര്‍വ്വം പരിഹസിക്കുന്നു. അതത്ര വിദൂരമൊന്നുമല്ലെന്ന് അവന്‍ അറിഞ്ഞിരിക്കട്ടെ. അന്ന് മനുഷ്യന്‍ അന്ധാളിച്ച് ഭയവിഹ്വലനായിത്തീരും; മിന്നലേറ്റവണ്ണം അവന്‍റെ കണ്ണുകള്‍ അഞ്ചിപ്പോകും; ചന്ദ്രന്‍റെ പ്രകാശം നഷ്ടപ്പെട്ട്, അത് ഇരുള്‍ മയമായിത്തീരും; സൂര്യനും ചന്ദ്രനും, ഒരേ സ്ഥാനത്ത് ഒരുമിച്ച് കൂട്ടപ്പെടും; ആ സമയത്ത് മനുഷ്യന്‍ രക്ഷാ മാര്‍ഗ്ഗത്തിന് വേണ്ടി മുറവിളി കൂട്ടികൊണ്ടിരിക്കും - എന്നാല്‍ ഒരാള്‍ക്കും അതില്‍ നിന്ന് രക്ഷ കിട്ടുകയില്ല. അന്നേ ദിവസം എല്ലാവരും ലോക രക്ഷിതാവിന്‍റെ കോടതിയില്‍ സമ്മേളിക്കേണ്ടതാണ്.

**വചനം 13,14,15:**

13 മനുഷ്യന്‍ മുന്‍ചെയ്തുവെക്കുകയും, (ചെയ്യാതെ) പിന്നോക്കംവെക്കുകയും ചെയ്തിട്ടുള്ളതിനെപ്പറ്റി അന്ന് അവന്‍ ബോധപ്പെടുത്തപ്പെടും.
14 പക്ഷേ, (അത്രയുമല്ല) മനുഷ്യന്‍ തനിക്കുതന്നെ എതിരില്‍ തെളിവായിരിക്കും;-
15 അവന്‍ തന്‍റെ ഒഴികഴിവുകള്‍ സമര്‍പ്പിച്ചാലും ശരി.

يُنَبَّؤُا۟ ٱلْإِنسَـٰنُ يَوْمَئِذٍۭ بِمَا قَدَّمَ وَأَخَّرَ ﴿١٣﴾
بَلِ ٱلْإِنسَـٰنُ عَلَىٰ نَفْسِهِۦ بَصِيرَةٌ ﴿١٤﴾
وَلَوْ أَلْقَىٰ مَعَاذِيرَهُۥ ﴿١٥﴾

നല്ലതാകട്ടെ, ചീത്തയാകട്ടെ, ഓരോരുവനും മരണത്തിന് മുമ്പ് ചെയ്ത് വെച്ച സകല കര്‍മ്മങ്ങളെയും ചെയ്യാതെ ബാക്കി വെച്ച കര്‍മ്മങ്ങളെയും കുറിച്ച് സവിസ്തരം അവനെ തെര്യപ്പെടുത്തുന്നതാണ്. അവന്‍ ഒഴിവുകഴിവുകള്‍ പലതും സമര്‍പ്പിച്ചേക്കാമെങ്കിലും, അവന്‍റെ കര്‍മ്മ രേഖകളും, വിവിധതരം സാക്ഷികളും, കൂടാതെ, സ്വയം തന്നെയും തനിക്കെതിരില്‍ സാക്ഷ്യം വഹിക്കുന്നതാണ്. (സൂ.യാസീന്‍: 65; സൂ: ഹാമീം സജദ: 20,21 വചനങ്ങള്‍ നോക്കുക.)

**വചനം 16,17,18,19:**

16 (നബിയേ) നീ അതിന് (ഖുര്‍ആന്) ധൃതികൂട്ടുവാന്‍ വേണ്ടി നിന്‍റെ നാവിനെ അതുംകൊണ്ട് നീ ഇളക്കേണ്ട.
17 നിശ്ചയമായും അതിനെ(നിന്‍റെ മനസ്സില്‍) സമാഹരിക്കലും, അതുഓതിത്തരലും നമ്മുടെ മേലാണ് (ബാധ്യത)ഉള്ളത്
18 ആകയാല്‍, നാം അത് ഓതിത്തന്നാല്‍ നീ ആ ഓത്ത് പിന്‍പറ്റിക്കൊള്ളുക.
19 പിന്നീട് അത് വിവരിച്ചുതരലും നമ്മുടെ മേലാണ് (ബാധ്യത) ഉള്ളത്.

لَا تُحَرِّكْ بِهِۦ لِسَانَكَ لِتَعْجَلَ بِهِۦٓ ﴿١٦﴾
إِنَّ عَلَيْنَا جَمْعَهُۥ وَقُرْءَانَهُۥ ﴿١٧﴾
فَإِذَا قَرَأْنَـٰهُ فَٱتَّبِعْ قُرْءَانَهُۥ ﴿١٨﴾
ثُمَّ إِنَّ عَلَيْنَا بَيَانَهُۥ ﴿١٩﴾

നബി(സ) തിരുമേനിക്ക് വളരെ ആശ്വാസ പ്രദമായ ഉപദേശമാണ് ഈ വചനങ്ങളിൽ. ഖുർആന്റെ വചനങ്ങളുമായി ജിബ്രീൽ(അ) വന്ന് ഓതിക്കേൾപ്പിക്കുമ്പോൾ, അത് മറന്ന് പോയേക്കുമൊ എന്ന ആശങ്ക നിമിത്തം വഹ്‌യ് അവസാനിക്കുന്നതിന് മുമ്പ് തന്നെ തിരുമേനി അത് മന:പാഠമാക്കുവാനായി നാവിളക്കി ധൃതിയിൽ ചൊല്ലിക്കൊണ്ടിരുന്നു. (സൂ.ത്വാഹാ: 114-ാം വചനം നോക്കുക) ഇത് സംബന്ധിച്ചാണ് ഈ വചനങ്ങൾ അവതരിച്ചതെന്ന് ബുഖാരിയും മുസ്ലിം(റ) ഉം മറ്റും ഉദ്ധരിച്ച ഹദീസുകളിൽ വ്യക്തമാക്കിയിരിക്കുന്നു. അങ്ങനെ സാഹസപ്പെടേണ്ടതില്ലെന്നും, ഖുർആൻ വചനങ്ങളെ മറന്ന് പോകാതെ മനസ്സിൽ സമാഹരിച്ച് ഉറപ്പിച്ച് തരലും, വേണ്ടത് പോലെ ഓതിത്തരലും നമ്മുടെ ബാദ്ധ്യതയാണെന്നും, ഓതിത്തരുമ്പോൾ അത് ശ്രദ്ധിച്ച് കേട്ട് കൊണ്ടിരുന്നാൽ മതിയെന്നും അവതരിപ്പിച്ച് തരുന്ന ഖുർആൻ വചനങ്ങൾക്ക് ആവശ്യമായ വിവരണവും വ്യാഖ്യാനവും നാം നൽകുന്നതാണെന്നും അല്ലാഹു നബി(സ) തിരുമേനിയെ ആശ്വസിപ്പിക്കുന്നു.

'ഖുർആൻ വിവരിക്കുന്നതിന്റെ ബാധ്യത അല്ലാഹുവിനാണ്' എന്ന വാഗ്ദാനം നിറവേറ്റപ്പെടുന്നത് പ്രധാനമായും രണ്ട് പ്രകാരത്തിലായിരിക്കും.

1) ചില വചനങ്ങളിൽ സംക്ഷിപ്തമായോ, സൂചനയായോ, വ്യംഗ്യമായോ മറ്റോ പ്രസ്താവിക്കപ്പെട്ടിട്ടുള്ള ചില കാര്യങ്ങൾ മറ്റ് ചില വചനങ്ങൾ മുഖേന വിശദമായി വ്യക്തമാക്കിക്കൊടുക്കുക.

2) ഖുർആൻ വചനങ്ങൾ മുഖേനയല്ലാതെ, നബി(സ) തിരുമേനിയുടെ വചനങ്ങളിലൂടെയും ചര്യകളിലൂടെയും ഖുർആൻ വചനങ്ങുടെ വിശദീകരണം നമുക്ക് ലഭിക്കുന്നു.

മുൻ വചനങ്ങളിൽ ഖിയാമത്തു നാളിനെക്കുറിച്ച് വിവരിച്ചതിന്റെ തുടർച്ചയാകുന്നു അടുത്ത വചനങ്ങൾ.

**വചനം 20,21:**

كَلَّا بَلْ تُحِبُّونَ ٱلْعَاجِلَةَ ﴿٢٠﴾

وَتَذَرُونَ ٱلْـَٔاخِرَةَ ﴿٢١﴾

20 (മനുഷ്യരേ) അങ്ങിനെ വേണ്ട! പക്ഷേ, നിങ്ങൾ ക്ഷണികമായതിനെ (ഐഹികജീവിതത്തെ) ഇഷ്ടപ്പെടുന്നു;

21 പരലോക (ജീവിത) ത്തെ നിങ്ങൾ വിട്ടേക്കുകയും ചെയ്യുന്നു!

ക്ഷണികമായ ഐഹിക ജീവിതത്തോടുള്ള പ്രേമവും, സ്ഥായിയായ പരലോക ജീവിതത്തേക്കുറിച്ചുള്ള അവഗണനയും മൂലമാണ് മനുഷ്യൻ എല്ലാ സത്യ യാഥാർത്ഥ്യങ്ങളെയും നിഷേധിക്കുന്നതും തോന്നിയവാസങ്ങളിൽ മുഴുകുന്നതും. അതാണ് മനുഷ്യന് പിണയുന്ന അബദ്ധവും. (സൂ: ഇൻസാൻ: 27-ാം വചനം ശ്രദ്ധിക്കുക)

**വചനം 22,23,24,25:**

وُجُوهٌ يَوْمَئِذٍ نَّاضِرَةٌ ﴿٢٢﴾

إِلَىٰ رَبِّهَا نَاظِرَةٌ ﴿٢٣﴾

وَوُجُوهٌ يَوْمَئِذٍ بَاسِرَةٌ ﴿٢٤﴾

تَظُنُّ أَن يُفْعَلَ بِهَا فَاقِرَةٌ ﴿٢٥﴾

22 ചിലമുഖങ്ങൾ അന്നത്തെ ദിവസം (സന്തോഷിച്ചു) പ്രസന്നമായവയായിരിക്കും;-

23 (അതെ) അവയുടെ റബ്ബിങ്കലേക്കുനോക്കിക്കാണുന്നവയായിരിക്കും.

24 (മറ്റു) ചില മുഖങ്ങളാകട്ടെ, അന്നത്തെ ദിവസം (വിഷാദിച്ചു) ചുളുങ്ങിയവയുമായിരിക്കും;-

25 അവയെക്കൊണ്ട് വല്ല അത്യാപത്തും പ്രവർത്തിക്കപ്പെടുമെന്ന് അവ(ഉറപ്പായി) ധരിക്കുന്നതാണ്.

അന്നത്തെ ദിവസം സന്തോഷാധിക്യത്താൽ സജ്ജനങ്ങളുടെ മുഖങ്ങൾ പ്രശോഭിച്ച് പ്രസന്നമായവയായിരിക്കും. സ്വർഗ്ഗീയ അനുഗ്രഹങ്ങളിൽ ഏറ്റവും മഹത്തായ അനുഗ്രഹമായ അല്ലാഹുവിനെ ദർശിക്കുക എന്ന മഹാഭാഗ്യം സിദ്ധിക്കുന്നതുമാണ്. "ഒട്ടും മേഘമില്ലാത്ത അവസരത്തിൽ സൂര്യനെയും ചന്ദ്രനെയും വ്യക്തമായി കാണുന്നത്പോലെ, സ്വർഗ്ഗീയവാസികൾ അല്ലാഹുവിനെ ദർശിക്കുന്നു" എന്ന് നബി(സ) തിരുമേനി അരുളിയിരിക്കുന്നു. - ബു.മു.

"സ്വർഗ്ഗക്കാർ സ്വർഗ്ഗത്തിൽ പ്രവേശിച്ചാൽ 'നിങ്ങൾക്ക് ഞാൻ വല്ലതും കൂടുതലായി നൽകേണ്ട

തുണ്ടോ' എന്ന് അല്ലാഹു അവരോട് ചോദിക്കുന്നതും, തുടർന്ന് മറ ഉയർത്തപ്പെടുന്നതുമാണ്. അതോടെ അല്ലാഹുവിന്റെ തിരുമുഖം കാണുകയെന്ന മഹത്തായ അനുഗ്രഹം അവർക്ക് സിദ്ധിക്കുന്നതുമാണ്. അതിനേക്കാൾ ഇഷ്ടപ്പെടുന്നതായി അവർക്ക് മറ്റൊന്നും തന്നെ ഉണ്ടായിരിക്കുകയില്ല." എന്ന് അരുളിയ നബി(സ) തിരുമേനി തുടർന്ന് സൂ.യൂനുസിലെ 26-ാം വചനം "നന്മ പ്രവർത്തിച്ചവർക്ക് ഏറ്റവും നല്ല പ്രതിഫലമുണ്ട്; കൂടുതലുമുണ്ട്" ഓതുകയും ചെയ്തു. "ഏറ്റവും നല്ല പ്രതിഫലം" എന്ന് പറഞ്ഞത് സ്വർഗ്ഗവും "കൂടുതൽ" എന്ന് പറഞ്ഞത് തിരുമുഖ ദർശനവും ആകുന്നു എന്നാണ് തിരുമേനി ഇത് മുഖേന ചൂണ്ടിക്കാട്ടിയത്. "തുടർന്ന് മറ ഉയർത്തപ്പെടും" എന്ന് പറഞ്ഞതിലെ 'മറ' എന്താണെന്ന് അല്ലാഹുവിന്നറിയാം. അല്ലാഹുവിനെ ദർശിക്കുന്നതിൽ നിന്ന് മഹാപാപികൾ മറയിടപ്പെടുന്നവരാണ് എന്ന് സൂ.മുത്വഫ്-ഫി ഫീൻ 15-ാം വചനത്തിൽ അല്ലാഹു പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്.

ഖിയാമത്ത് നാളിൽ ദുർജ്ജനങ്ങളാകട്ടെ തങ്ങൾക്ക് അത്യാപത്താണ് നേരിടാനുള്ളതെന്ന് കണ്ട് അങ്ങേയറ്റം വിഷാദപ്പെടുന്നതാണ്. അവരുടെ മുഖങ്ങൾ ഇരുളടഞ്ഞ് ചുളുങ്ങിപ്പോകുകയും ചെയ്യുന്നതാണ്.

**വചനം 26,27,28,29,30:**

كَلَّآ إِذَا بَلَغَتِ ٱلتَّرَاقِيَ ﴿٢٦﴾
26 വേണ്ട! അത് (പ്രാണൻ) തോളെല്ലിങ്കൽ (തൊണ്ടക്കുഴിയിൽ) എത്തിയാൽ,-

وَقِيلَ مَنْۜ رَاقٍ ﴿٢٧﴾
27 "ആരുണ്ട് മന്ത്രം നടത്തുന്നവൻ" എന്ന് പറയപ്പെടുകയും,-

وَظَنَّ أَنَّهُ ٱلْفِرَاقُ ﴿٢٨﴾
28 അവൻ (മരണം ആസന്നമായവൻ) അത് (തൻെറ) വേർപാടാണെന്ന് (ഉറപ്പായി) ധരിക്കുകയും,-

وَٱلْتَفَّتِ ٱلسَّاقُ بِٱلسَّاقِ ﴿٢٩﴾
29 കണങ്കാൽ കണങ്കാലോടു കൂടിപ്പിണയുകയും (ചെയ്താൽ)!-

إِلَىٰ رَبِّكَ يَوْمَئِذٍ ٱلْمَسَاقُ ﴿٣٠﴾
30 അന്ന് നിൻെറ റബ്ബിങ്കലേക്കായിരിക്കും (അവനെ) കൊണ്ടുപോകുന്നത്.

ഈ രംഗം അധികമൊന്നും വിവരിക്കേണ്ടുന്ന ആവശ്യമില്ല. അൽപമൊന്ന് ആലോചിക്കുന്ന ഏതൊരാൾക്കും അതിന്റെ ഗൗരവം ഏറെക്കുറെ ഊഹിക്കാവുന്നതാണ്. ഏതൊരുവനും നിസ്സഹായനായി മുട്ടുകുത്തുന്ന രംഗമത്രെ അത്. അതേ, ഈ ലോകവുമായി എന്നെന്നേക്കുമായി വിട വാങ്ങുകയും വിഭാവനകൾക്കതീതമായ പരലോക ജീവിതവുമായി കണ്ടുമുട്ടുകയും ചെയ്യുന്ന രംഗം.

## വിഭാഗം - 2

**വചനം 31,32,33,34,35:**

فَلَا صَدَّقَ وَلَا صَلَّىٰ ﴿٣١﴾
31 എന്നാൽ, അവൻ (വിശ്വസിച്ച്) സത്യമാക്കിയിട്ടില്ല, നമസ്കരിച്ചിട്ടുമില്ല;-

وَلَٰكِن كَذَّبَ وَتَوَلَّىٰ ﴿٣٢﴾
32 പക്ഷേ, വ്യാജമാ(ക്കി നിഷേധി)ക്കുകയും, പിൻതിരിയുകയും ചെയ്തിരിക്കുന്നു!

ثُمَّ ذَهَبَ إِلَىٰٓ أَهْلِهِۦ يَتَمَطَّىٰٓ ﴿٣٣﴾
33 പിന്നെ(അതിനും പുറമെ) അവൻ തൻെറ സ്വന്തക്കാരിലേക്ക് ദുരഭിമാനം നടിച്ചുകൊണ്ടു പോകുകയും ചെയ്തിരിക്കുന്നു.

أَوْلَىٰ لَكَ فَأَوْلَىٰ ﴿٣٤﴾
34 (ഹേ, മനുഷ്യാ,) നിനക്ക് ഏറ്റവും വേണ്ടപ്പെട്ടതുതന്നെ, വേണ്ടപ്പെട്ടതുതന്നെ! (നിനക്ക് യോജിച്ച ശിക്ഷതന്നെ)

ثُمَّ أَوْلَىٰ لَكَ فَأَوْلَىٰٓ ﴿٣٥﴾
35 പിന്നെ (വീണ്ടും) നിനക്ക് ഏറ്റവും വേണ്ടപ്പെട്ടതുതന്നെ, വേണ്ടപ്പെട്ടതുതന്നെ! (നിനക്കു യോജിച്ച ശിക്ഷതന്നെ)

മരണാനന്തരം, അവന്റെ രക്ഷക്ക് വേണ്ടുന്ന യാതൊന്നും തന്നെ അവൻ സമ്പാദിച്ചിട്ടില്ല - സത്യ

മെന്ന് വിശ്വസിക്കേണ്ടതൊന്നും അവൻ വിശ്വസിച്ചിട്ടില്ല; നമസ്കാര കർമ്മവും അവൻ നിർവ്വഹിച്ചിട്ടില്ല. നേരെ മറിച്ച് സത്യ യഥാർത്ഥ്യങ്ങളെ വ്യാജമാക്കി നിഷേധിക്കുകയും ഉപദേശങ്ങൾ അനുസരിക്കാതെ പിൻതിരിഞ്ഞ് കളയുകയുമാണവൻ ചെയ്തിരിക്കുന്നത്. മാത്രമല്ല തന്റെ ധിക്കാര പ്രവർത്തനങ്ങളിൽ അഹങ്കരിച്ച് കൊണ്ട് അവൻ തന്റെ ആൾക്കാരുടെ അടുക്കൽ ചെല്ലുകയും ചെയ്തിരിക്കുന്നു. അത്തരം ധിക്കാരികൾക്കും യോജിച്ച കഠിനമായ ശിക്ഷ തന്നെ കിട്ടുമെന്ന് അല്ലാഹു 34,35 വചനങ്ങളിലൂടെ നാല് തവണ ആവർത്തിച്ചാവർത്തിച്ച് താക്കീത് നൽകുന്നു.

അല്ലാഹുവിന്റെ കോപത്തിനും ക്രോധത്തിനും പാത്രമാകാതെ നമ്മെയെല്ലാം അവൻ കാത്ത് രക്ഷിക്കട്ടെ - ആമീൻ.

**വചനം 36,37,38,39,40:**

أَيَحْسَبُ ٱلْإِنسَـٰنُ أَن يُتْرَكَ سُدًى ﴿٣٦﴾
أَلَمْ يَكُ نُطْفَةً مِّن مَّنِىٍّ يُمْنَىٰ ﴿٣٧﴾
ثُمَّ كَانَ عَلَقَةً فَخَلَقَ فَسَوَّىٰ ﴿٣٨﴾
فَجَعَلَ مِنْهُ ٱلزَّوْجَيْنِ ٱلذَّكَرَ وَٱلْأُنثَىٰٓ ﴿٣٩﴾
أَلَيْسَ ذَٰلِكَ بِقَـٰدِرٍ عَلَىٰٓ أَن يُحْـِۧىَ ٱلْمَوْتَىٰ ﴿٤٠﴾

36 മനുഷ്യൻ വിചാരിക്കുന്നുവോ, അവൻ വെറുതെ യങ്ങ് ഉപേക്ഷിക്കപ്പെടുമെന്ന്?!
37 അവൻ (ഗർഭാശയത്തിൽ) സ്രവിക്കപ്പെടുന്ന ഇന്ദ്രിയത്തിൽനിന്നുമുള്ള ഒരു തുള്ളിയായി രുന്നില്ലേ?!-
38 പിന്നീടവൻ ഒരു രക്തപിണ്ഡമായി; എന്നിട്ട് (അവനെ) അവൻ (അല്ലാഹു) സൃഷ്ടിച്ചു ശരിപ്പെടുത്തി;-
39 അങ്ങനെ, അതിൽനിന്ന് ആണും പെണ്ണുമാ കുന്ന രണ്ട് ഇണകളെ അവൻ ഉണ്ടാക്കി.
40 (അങ്ങിനെയുള്ള) അവൻ മരണപ്പെട്ടവരെ ജീവിപ്പിക്കുവാൻ കഴിവുള്ളവനല്ലേ?!

അതെ, നിശ്ചയമായും അല്ലാഹു അതിനെല്ലാം കഴിവുള്ളവൻ തന്നെ. ശൂന്യാവസ്ഥയിലായിരുന്ന മനുഷ്യനെ കേവലം നിസ്സാരമായ ഇന്ദ്രിയത്തുള്ളികളിൽ നിന്നും ഉത്ഭവിപ്പിച്ച് പല ഘട്ടങ്ങളെയും തരണം ചെയ്യിച്ച് ഈ നിലക്ക് എത്തിച്ച ആ മഹാ ശക്തിക്ക് അവന്റെ മരണശേഷം, അവനെ വീണ്ടും ഒരിക്കൽ കൂടി ജീവിപ്പിക്കുവാൻ കഴിയുമോ എന്ന് വിശേഷ ബുദ്ധിയുള്ള ആരെങ്കിലും സംശയിക്കുമോ?

ഈ ഒടുവിലത്തെ വചനം ഓതിക്കഴിഞ്ഞാൽ **سبحانك** (നീ പരിശുദ്ധൻ) എന്നും **بلى** (ഇല്ലാതെ-നിശ്ചയമായും കഴിയും) എന്ന് നബി(സ) പറഞ്ഞിരുന്നതായി ഹദീസിൽ വന്നിട്ടുണ്ട്. (ഹദീസ് സൂ. മുർസലാത്തിന്റെ അവസാനത്തിൽ കാണാം. അതുപോലെ നാമും പറയേണ്ടതാണ്.)

# 76. സൂറത്തുൽ ഇൻസാൻ (മനുഷ്യൻ)

(ഈ അദ്ധ്യായത്തിന് സൂറത്തു-ദ്ദഹ്ർ എന്നും പേരുണ്ട്)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 31, വിഭാഗം (റുകൂഅ്) 2

വെള്ളിയാഴ്ച ദിവസങ്ങളിൽ സുബ്ഹ് നമസ്കാരത്തിന് റസൂൽ(സ) തിരുമേനി ഒന്നാമത്തെ റക്അത്തിൽ സൂ.സജദ:യും രണ്ടാമത്തെ റക്അത്തിൽ ഈ സൂറത്തും ഓതിയിരുന്നതായി ബുഖാരി, മുസ്ലിം(റ) രിവായത്ത് ചെയ്തിരിക്കുന്നു.

സൂറത്തിന്റെ ആദ്യ വചനത്തിൽ തന്നെ മനുഷ്യൻ (إنسان)ന്റെ ഒരു കാലഘട്ടത്തെ(الدّهر) ക്കുറിച്ച് അല്ലാഹു പ്രസ്താവിക്കുന്നു എന്നതാണ് അദ്ധ്യായ നാമങ്ങൾക്ക് നിദാനം.

## വിഭാഗം - 1

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1:**

1 മനുഷ്യൻ പറയത്തക്ക ഒരുവസ്തുവും ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെമേൽ (കഴിഞ്ഞു) പോയിട്ടുണ്ടോ?!

هَلْ أَتَىٰ عَلَى ٱلْإِنسَٰنِ حِينٌ مِّنَ ٱلدَّهْرِ لَمْ يَكُن شَيْـًٔا مَّذْكُورًا ﴿١﴾

"ഉണ്ട്, നിശ്ചയമായും കഴിഞ്ഞു പോയിട്ടുണ്ട്" എന്നല്ലാതെ ഈ ചോദ്യത്തിന് ഉത്തരം പറയുവാനില്ല. 'മനുഷ്യൻ' എന്ന അവസ്ഥ പോയിട്ട് ഏതെങ്കിലും രൂപത്തിലുള്ള ഒരു 'വസ്തു' എന്ന് പോലും പറയപ്പെടാനില്ലാത്ത ശുദ്ധ ശൂന്യമായിരുന്ന ഒരു ദീർഘ കാലഘട്ടം അവന് മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്. ലോകത്ത് മനുഷ്യവർഗ്ഗം ജന്മം കൊള്ളുന്നതിന് മുമ്പും മനുഷ്യ വർഗ്ഗം നിലവിൽ വന്നതിന് ശേഷവും അവനിൽ കഴിഞ്ഞുപോയ അതി ദീർഘ കാലത്തെ ശൂന്യാവസ്ഥക്ക് വിരാമമിട്ടുകൊണ്ട് അവന് അസ്തിത്വം നൽകിയ ഒരു സൃഷ്ടി കർത്താവില്ലാതെ ഏതെങ്കിലും ഒരു ശുഭ മുഹൂർത്തത്തിൽ പെട്ടെന്ന് സ്വയം അസ്തിത്വം കൈക്കൊണ്ടവനാണ് മനുഷ്യൻ എന്ന് പറയുവാൻ വിശേഷ ബുദ്ധിയുള്ള ആർക്കെങ്കിലും കഴിയുമോ? ഒരിക്കലും കഴിയുകയില്ല തന്നെ.

**വചനം 2,3:**

2 (പലതിനാലും) മിശ്രമായ ഒരു ഇന്ദ്രിയ ബിന്ദുവിൽ നിന്നു മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു-അവനെ നാം പരീക്ഷണം ചെയ്വാനായിട്ട്. അങ്ങനെ, നാം അവനെ കേൾക്കുന്നവനും കാണുന്നവനുമാക്കിയിരിക്കുന്നു.

إِنَّا خَلَقْنَا ٱلْإِنسَٰنَ مِن نُّطْفَةٍ أَمْشَاجٍ نَّبْتَلِيهِ فَجَعَلْنَٰهُ سَمِيعًۢا بَصِيرًا ﴿٢﴾

3 ഒന്നുകിൽ (അവൻ) നന്ദിയുള്ളവനായിക്കൊണ്ട്, അല്ലാത്തപക്ഷം നന്ദികെട്ടവനായിക്കൊണ്ട് അവനു നാം മാർഗം കാട്ടിക്കൊടുത്തിരിക്കുന്നു.

إِنَّا هَدَيْنَٰهُ ٱلسَّبِيلَ إِمَّا شَاكِرًا وَإِمَّا كَفُورًا ﴿٣﴾

കേവലം നിസ്സാരമായ ഇന്ദ്രിയ ബിന്ദുവിൽ നിന്നാണല്ലൊ മനുഷ്യന്റെ ഉത്ഭവം. പിതാവിൽ നിന്നും മാതാവിൽ നിന്നുമുള്ള ബീജാംശങ്ങൾ കലർന്ന ആ ചെറു ബീജം, എത്രയോ വസ്തുക്കളുടെയും ഗുണ വിശേഷങ്ങളുടെ മിശ്രമാണെന്ന് കാണാം. ബഹു ഗുണങ്ങളടങ്ങിയ പ്രസ്തുത ബീജത്തിൽ നിന്ന് മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത് അവൻ നന്ദിയുള്ളവനായിരിക്കുമോ, അതല്ല നന്ദി കെട്ടവനായിരിക്കുമോ എന്ന് പരീക്ഷിക്കുവാനത്രേ. ഈ പരീക്ഷണത്തിൽ വിജയം നേടുവാനായി, കണ്ടും കേട്ടും, കാര്യങ്ങൾ ഗ്രഹിക്കുവാനുള്ള വിവേചന ശക്തി അവന് നൽകുകയും, അവൻ ചരിക്കേണ്ട യഥാർത്ഥ മാർഗ്ഗം ഇന്നതാണെന്ന്, അവന് കാട്ടിക്കൊടുക്കുകയും ചെയ്തിരിക്കുന്നു അല്ലാഹു.

**വചനം 4,5,6:**

4 നിശ്ചയമായും നാം, അവിശ്വാസികൾക്ക് ചില ചങ്ങലകളും, വിലങ്ങുകളും കത്തിജ്വലിക്കുന്ന അഗ്നിയും ഒരുക്കിവെച്ചിരിക്കുന്നു.

إِنَّآ أَعْتَدْنَا لِلْكَٰفِرِينَ سَلَٰسِلَا۟ وَأَغْلَٰلًا وَسَعِيرًا ﴿٤﴾

إِنَّ ٱلْأَبْرَارَ يَشْرَبُونَ مِن كَأْسٍ كَانَ مِزَاجُهَا كَافُورًا ﴿٥﴾

5 നിശ്ചയമായും, പുണ്യവാൻമാർ (മദ്യം നിറച്ച) ഒരു തരം പാനപാത്രത്തിൽനിന്നു കുടിക്കുന്നതാണ്;- അതിലെ കൂട്ട് (ചേരുവ) കർപ്പൂരമായിരിക്കും.

عَيْنًا يَشْرَبُ بِهَا عِبَادُ ٱللَّهِ يُفَجِّرُونَهَا تَفْجِيرًا ﴿٦﴾

6 അതായത്, അല്ലാഹുവിൻെറ അടിയാൻമാർ കുടിക്കുന്നതായ ഒരു ഉറവ് (ജലം)! അവരത് (ഇഷ്ടമനുസരിച്ച്) ഒഴുക്കി നടത്തിക്കൊണ്ടിരിക്കും.

പരലോക ജീവിതത്തിൽ അവിശ്വാസികൾക്കായി ഒരുക്കിവെച്ചിരിക്കുന്ന ശിക്ഷകളും പുണ്യവാൻമാർക്ക് ലഭിക്കാനിരിക്കുന്ന സുഖാനുഭവങ്ങളെക്കുറിച്ചും അല്ലാഹു പ്രസ്താവിക്കുന്നു. പുണ്യവാന്മാരുടെ ഗുണവിശേഷങ്ങൾ തുടർന്നുള്ള വചനങ്ങളിൽ അല്ലാഹു വവരിക്കുന്നു.

**വചനം 7,8,9,10:**

يُوفُونَ بِٱلنَّذْرِ وَيَخَافُونَ يَوْمًا كَانَ شَرُّهُۥ مُسْتَطِيرًا ﴿٧﴾

7 അവർ നേർച്ചയെ നിറവേറ്റുകയും, തിൻമ പാറിപ്പരക്കുന്ന (അഥവാ ആപത്തുകൾ വ്യാപിക്കുന്ന) തായ ഒരു ദിവസത്തെ ഭയപ്പെടുകയും ചെയ്യുന്നു.

وَيُطْعِمُونَ ٱلطَّعَامَ عَلَىٰ حُبِّهِۦ مِسْكِينًا وَيَتِيمًا وَأَسِيرًا ﴿٨﴾

8 ഭക്ഷണത്തിന് പ്രേമമുള്ളതോടെ (ത്തന്നെ) സാധുവിനും, അനാഥക്കും, ബന്ധനസ്ഥനും അവർ ഭക്ഷണം നൽകുകയും ചെയ്യുന്നു.

إِنَّمَا نُطْعِمُكُمْ لِوَجْهِ ٱللَّهِ لَا نُرِيدُ مِنكُمْ جَزَآءً وَلَا شُكُورًا ﴿٩﴾

9 (അവർ പറയും:) "നിശ്ചയമായും" അല്ലാഹുവിൻെറ പ്രീതിക്കുവേണ്ടി മാത്രം ഞങ്ങൾ നിങ്ങൾക്കു ഭക്ഷണം നൽകുന്നു; ഞങ്ങൾ നിങ്ങളിൽനിന്ന് ഒരു പ്രതിഫലമാകട്ടെ, നന്ദിയാകട്ടെ ഉദ്ദേശിക്കുന്നില്ല.

إِنَّا نَخَافُ مِن رَّبِّنَا يَوْمًا عَبُوسًا قَمْطَرِيرًا ﴿١٠﴾

10 "(വിഷാദപ്പെട്ട്) മുഖം ചുളിച്ചുപോകുന്ന അതിദുസ്സഹമായ ഒരു ദിവസത്തെ ഞങ്ങളുടെ റബ്ബിങ്കൽനിന്നും ഞങ്ങൾ ഭയപ്പെടുന്നു."

ആ പുണ്യവാന്മാർ തങ്ങളുടെ മേൽ നിർബ്ബന്ധമായി കൽപിക്കപ്പെട്ടിട്ടുള്ള എല്ലാ കർമ്മങ്ങളും, കൂടാതെ തങ്ങൾ ചെയ്ത് കൊള്ളാമെന്ന് സ്വയം പ്രതിജ്ഞ ചെയ്തിട്ടുള്ള മറ്റ് കടമകളും ശരിയാംവണ്ണം നിറവേറ്റുന്നവരാകുന്നു. അവർ, ആപത്ത് നിറഞ്ഞ ഖിയാമത്ത് നാളിനെക്കുറിച്ച് സദാ ഭയമുള്ളവരും, സാധുക്കൾക്കും അനാഥകൾക്കും, ബന്ധനസ്ഥരായ ആളുകൾക്കും - മുസ്ലിംകൾക്കും അമുസ്ലിംകൾക്കും - അന്നദാനം ചെയ്യുന്നവരുമാകുന്നു. ബദ്ർ യുദ്ധത്തിൽ ചിറ പിടിക്കപ്പെട്ട മുശ്രിക്കുകൾക്ക് പോലും ഭക്ഷണം നൽകിയതിന് ശേഷമല്ലാതെ സഹാബികൾ ഭക്ഷണം കഴിക്കാറുണ്ടായിരുന്നില്ല.

ഭക്ഷണ സാധനത്തോട് ആവശ്യവും പ്രേമവും ഉള്ളപ്പോൾ അത് ദാന ധർമ്മങ്ങളിൽ വിനിയോഗിക്കുന്നത് ഒരാളുടെ ത്യാഗ മനസ്ഥിതിയും പ്രതിഫലേഛയുമാണ് കാണിക്കുന്നത്. പുണ്യ കർമ്മങ്ങളെ പറ്റി പ്രസ്താവിക്കുന്ന മദ്ധ്യേ "ധനത്തോട് പ്രേമമുള്ളപ്പോൾ അത് നൽകുന്നവരാകുന്നു പുണ്യവാന്മാർ" എന്ന് സൂ.അൽ ബഖറ:177ലും, "നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്ന് നിങ്ങൾ ചിലവഴിക്കുന്നത് വരെ നിങ്ങൾക്ക് പുണ്യം ലഭിക്കുന്നതേയല്ല" എന്ന് സൂ.ആലു ഇംറാൻ: 92ലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

"ധർമ്മത്തിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായത് ധനത്തിന് മോഹിച്ചും ദാരിദ്ര്യത്തെ ഭയന്നും കൊണ്ടുള്ള അവസ്ഥയിൽ നീ ആരോഗ്യവാനും അത്യാർത്തിയുമുള്ളവനായിരിക്കെ ചെയ്യുന്ന ധർമ്മമാകുന്നു." - നബി വചനം - ബുഖാരി (റ).

കീർത്തിക്കും പേരിനും വേണ്ടിയോ, നിർബ്ബന്ധത്തിന് വഴങ്ങിയോ, അല്ലെങ്കിൽ ധർമ്മം സ്വീകരിക്കുന്നവരിൽ നിന്നും നന്ദിയോ, പ്രതിഫലമോ പ്രതീക്ഷിച്ച് കൊണ്ടോ ആയിരിക്കുകയില്ല സജ്ജനങ്ങൾ ദാനധർമ്മങ്ങൾ ചെയ്യുന്നത്. അവരുടെ ലക്ഷ്യം അല്ലാഹുവിന്റെ പ്രീതി ലഭിക്കയും, ഖിയാമത്ത് നാളിലെ ഭീകര വിപത്തുകളിൽ നിന്നുള്ള സംരക്ഷണവും മാത്രമായിരിക്കും. ഉപകാരം ചെയ്യുന്നവർ ഉപകാരം സ്വീകരിക്കുന്നവരിൽ നിന്നുള്ള നന്ദി കാണിക്കൽ പ്രതീക്ഷിച്ച് കൂടാത്തതാണ്. അതുപോലെ തന്നെ ചെയ്ത ഉപകാരം എടുത്ത് പറയാൻ പാടില്ലാത്തതുമാകുന്നു. (സൂ. അൽ ബഖറ: 264 കാണുക.)

ദാന ധർമ്മങ്ങൾ ചെയ്യുന്നവർ അത് മൂലം അല്ലാഹുവിന്റെ പക്കൽ നിന്നുള്ള പ്രതിഫലമല്ലാതെ, അവ സ്വീകരിക്കുന്നവരിൽ നിന്നും യാതൊന്നും തന്നെ പകരം ലഭിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്ന് അവരോട് വ്യക്തമാക്കുന്നത് നല്ലതാണെന്ന് കൂടി, സജ്ജനങ്ങൾ അവരോട് പറയുന്ന വാക്കുകളായി അല്ലാഹു 9,10 വചനങ്ങൾ ഉദ്ധരിച്ചതിൽ നിന്ന് മനസ്സിലാകുന്നു. و الله اعلم

**വചനം 11,12,13,14,15,16:**

فَوَقَىٰهُمُ ٱللَّهُ شَرَّ ذَٰلِكَ ٱلْيَوْمِ وَلَقَّىٰهُمْ نَضْرَةً وَسُرُورًا ﴿١١﴾

وَجَزَىٰهُم بِمَا صَبَرُوا۟ جَنَّةً وَحَرِيرًا ﴿١٢﴾

مُّتَّكِـِٔينَ فِيهَا عَلَى ٱلْأَرَآئِكِ ۖ لَا يَرَوْنَ فِيهَا شَمْسًا وَلَا زَمْهَرِيرًا ﴿١٣﴾

وَدَانِيَةً عَلَيْهِمْ ظِلَـٰلُهَا وَذُلِّلَتْ قُطُوفُهَا تَذْلِيلًا ﴿١٤﴾

وَيُطَافُ عَلَيْهِم بِـَٔانِيَةٍ مِّن فِضَّةٍ وَأَكْوَابٍ كَانَتْ قَوَارِيرَا۠ ﴿١٥﴾

قَوَارِيرَا۟ مِن فِضَّةٍ قَدَّرُوهَا تَقْدِيرًا ﴿١٦﴾

11 അതിനാൽ, ആദിവസത്തിൻെറ തിൻമയെ (ആപത്തിനെ)അല്ലാഹു അവർക്ക് കാത്തുകൊടുക്കുന്നതാണ്. അവർക്കു പ്രസന്നതയും, സന്തോഷവും അവൻ ഇട്ടുകൊടുക്കുകയും ചെയ്യും.

12 അവർ ക്ഷമിച്ചതുനിമിത്തം അവർക്ക് (സ്വർഗീയ) തോട്ടവും, പട്ടും അവൻ പ്രതിഫലം കൊടുക്കുന്നതുമാണ്;-

13 അതിൽ സോഫ(അഥവാ അലംകൃത കട്ടിലു) കളിൽ ചാരിയിരുന്നുകൊണ്ട് (അവർ സുഖിക്കും.) വെയിലാകട്ടെ, കടുംതണുപ്പാകട്ടെ, അതിലവർ കാണുകയില്ല.

14 അതിലെ തണലുകൾ (മരക്കൊമ്പുകൾ) അവർക്കുമീതെ അടുത്തതായിക്കൊണ്ടുമായിരിക്കും. അതിലെ പഴക്കുലകൾ നിഷ്പ്രയാസമാക്കി സൗകര്യപ്പെടുത്തപ്പെടുകയും ചെയ്തിരിക്കുന്നതാണ്.

15 വെള്ളികൊണ്ടുള്ള പാത്രങ്ങളും, സ്ഫടികങ്ങളായ കൂജകളുമായി അവരിലൂടെ ചുറ്റിനടക്കപ്പെടുകയും ചെയ്യും.

16 അതായത്, വെള്ളികൊണ്ടുള്ള സ്ഫടിക (മയമായ) പാത്രങ്ങൾ! അവർ അവയ്ക്ക് ഒരു തോത് നിർണ്ണയപ്പെടുത്തുന്നതാണ്.

അവർ അതിയായ ക്ഷമയും സഹനവും കൈകൊണ്ടതിനാൽ ഖിയാമത്ത് നാളിലെ ഭയങ്കരതകളിൽ നിന്നെല്ലാം അല്ലാഹു അവരെ കാത്ത് രക്ഷിക്കുകയും, കൂടാതെ അവർണ്ണനീയമായ സ്വർഗ്ഗീയ സുഖസൗകര്യങ്ങൾകൊണ്ട്, അവരെ അനുഗ്രഹിക്കുകയും ചെയ്യുന്നതാണ്. സ്വർഗ്ഗീയ വാസികൾക്ക് കരഗതമാകാനിരിക്കുന്ന വിവിധ അനുഗ്രഹങ്ങളാണ് 13,1,4,15,16 വചനങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ളത്.

പാന പാത്രങ്ങളുമായി ചുറ്റി നടക്കുന്ന ബാലന്മാരെക്കുറിച്ച് 19-ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്. സ്വർഗ്ഗവാസിയുടെ ഹിതത്തിനും ആവശ്യത്തിനും അനുസൃതമായിട്ടായിരിക്കും പരിചാരകരായ ബാലന്മാർ പാനീയം കൊണ്ട് വന്ന് കൊടുക്കുന്നത്.

**വചനം 17,18,19,20,21,22:**

وَيُسْقَوْنَ فِيهَا كَأْسًا كَانَ مِزَاجُهَا زَنجَبِيلًا ﴿١٧﴾

17 അതിൽ അവർക്ക് (മദ്യം നിറച്ച) ഒരു തരം പാന പാത്രവും കുടിക്കുവാൻ കൊടുക്കപ്പെടും; അതിൻെറ ചേരുവ (കൂട്ട്) ഇഞ്ചിയായിരിക്കുന്നതാണ്.

عَيْنًا فِيهَا تُسَمَّىٰ سَلْسَبِيلًا ﴿١٨﴾

18 അതായത് 'സൽസബീൽ' എന്ന് പേരുപറയപ്പെടുന്ന അതിലെ ഒരു ഉറവ് (ജലം)!

۞ وَيَطُوفُ عَلَيْهِمْ وِلْدَٰنٌ مُّخَلَّدُونَ إِذَا
رَأَيْتَهُمْ حَسِبْتَهُمْ لُؤْلُؤًا مَّنثُورًا ﴿١٩﴾

19 ശാശ്വത(മായ നവത്വ) ജീവിതം നൽകപ്പെട്ടവരായ ചില കുട്ടികൾ അവരിലൂടെ ചുറ്റിനടന്നുകൊണ്ടുമിരിക്കും; അവരെ നീ കണ്ടാൽ, വിതറിയിടപ്പെട്ട മുത്തുകളാണ് അവരെന്നു നീ വിചാരിക്കുന്നതാണ് !

وَإِذَا رَأَيْتَ ثَمَّ رَأَيْتَ نَعِيمًا وَمُلْكًا كَبِيرًا ﴿٢٠﴾

20 അവിടം നീ കണ്ടാൽ, ഒരു (മഹത്തായ) സുഖാനുഗ്രഹവും വലുതായ ഒരു രാജകീയതയും (അഥവാ സാമ്രാജ്യവും) നിനക്ക് കാണാവുന്നതുമായിരിക്കും.

عَٰلِيَهُمْ ثِيَابُ سُندُسٍ خُضْرٌ وَإِسْتَبْرَقٌ ۖ
وَحُلُّوٓا۟ أَسَاوِرَ مِن فِضَّةٍ وَسَقَىٰهُمْ رَبُّهُمْ
شَرَابًا طَهُورًا ﴿٢١﴾

21 അവരുടെ മേലിൽ പച്ച വർണമായ നേർമ്മപ്പട്ടിന്റെ വസ്ത്രങ്ങളും, കട്ടിപ്പട്ടും (അഥവാ കസവു വസ്ത്രവും) ഉണ്ടായിരിക്കും; വെള്ളി കൊണ്ടുള്ള വളകളും അവർക്ക് അണിയിക്കപ്പെടും. അവരുടെ റബ്ബ് അവർക്ക് വളരെ ശുദ്ധമായ ഒരു (തരം) പാനീയം കുടിക്കുവാൻ കൊടുക്കുന്നതുമാണ്.

إِنَّ هَٰذَا كَانَ لَكُمْ جَزَآءً وَكَانَ سَعْيُكُم
مَّشْكُورًا ﴿٢٢﴾

22 "(ഹേ, പുണ്യവാൻമാരേ) നിശ്ചയമായും ഇത് (ഒക്കെയും) നിങ്ങൾക്ക് പ്രതിഫലമായിരിക്കുന്നതാകുന്നു. നിങ്ങളുടെ പരിശ്രമം നന്ദിപൂർവ്വം സ്വീകരിക്കപ്പെട്ടതുമാകുന്നു" (എന്നു പറയപ്പെടും)

5-ാം വചനത്തിൽ കർപ്പൂര കലർപ്പുള്ള ഒരുതരം ഉറവ് മദ്യത്തെ പറ്റി പറഞ്ഞുവല്ലോ. അതുപോലെ ഇഞ്ചിക്കലർപ്പുള്ള മറ്റൊരു ഉറവ് മദ്യത്തെക്കുറിച്ചാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ഉറവ് ജലത്തിന് അല്ലാഹു 'സൽസബീൽ' എന്ന് നാമകരണം ചെയ്തിരിക്കുന്നുവെന്നല്ലാതെ, ആ വാക്കിന്റെ അർത്ഥം എന്താണെന്ന് തിട്ടമായി നമുക്കറിഞ്ഞുകൂടാ.

ശാശ്വത ജീവിതം നൽകപ്പെട്ട കുട്ടികൾ, എന്ന് വിശേഷിപ്പിച്ചതിൽ നിന്ന് ആ പാനീയങ്ങളുമായി ഉപചാര സേവനം നടത്തുന്ന ബാലന്മാർക്ക് അവരുടെ കൗമാരത്വത്തിന് ഒരു കാലത്തും കോട്ടം തട്ടുകയില്ലെന്ന് മനസ്സിലാക്കാം. മുത്ത് വിതറിയത് പോലെ എന്ന ഉപമ അവരുടെ കൗതുകവും ഭംഗിയും വടിവും സൂചിപ്പിക്കുന്നു.

സ്വർഗ്ഗീയ സുഖാനുഭവങ്ങൾ വിവരിക്കുമ്പോൾ (നരകത്തെ സംബന്ധിച്ചും അത് പോലെ തന്നെ) നമുക്ക് സുപരിചിതമായ ഭാഷയിലൂടെയും പ്രയോഗങ്ങളിലൂടെയുമല്ലാതെ, അപരിചിത വാക്കുകളിലൂടെ നമ്മോട് സംസാരിച്ചിട്ട് പ്രയോജനമില്ലല്ലോ. അതുകൊണ്ട് സ്വർഗ്ഗത്തിലെ പഴവർഗ്ഗങ്ങൾ, മദ്യം, വെള്ളി, പട്ട്, വള തുടങ്ങിയ ഓരോന്നിനും അതേ പേരിൽ നമുക്കറിയാവുന്ന വസ്തുക്കളുടെ തോത് വെച്ച് രൂപം കൽപിച്ച് കൂടാത്തതാകുന്നു. സ്വർഗ്ഗീയ സുഖ സൗകര്യങ്ങളെക്കുറിച്ച് "ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതും ഒരു മനുഷ്യന്റെ ഹൃദയത്തിലും തോന്നിയിട്ടില്ലാത്തതുമായിരിക്കും അവ" എന്ന് നബി(സ) പ്രസ്താവിച്ചിട്ടുള്ളത്, ഈ യഥാർത്ഥ്യമാണ് വ്യക്തമാക്കുന്നത്. 20-ാം വചനത്തിൽ നിന്ന് തന്നെ ഈ വസ്തുത നമുക്ക് ഏറെക്കുറെ മനസ്സിലാക്കാം. സൂ.സജദ: 17-ാം വചനത്തിന്റെ വ്യാഖ്യാനം നോക്കുക.

അല്ലാഹു നമ്മെയെല്ലാം അവന്റെ പുണ്യവാന്മാരായ അടിയാന്മാരിൽ ഉൾപ്പെടുത്തട്ടെ - ആമീൻ.

**വിഭാഗം - 2**

**വചനം 23,24,25,26:**

إِنَّا نَحۡنُ نَزَّلۡنَا عَلَيۡكَ ٱلۡقُرۡءَانَ تَنزِيلٗا ﴿٢٣﴾ فَٱصۡبِرۡ لِحُكۡمِ رَبِّكَ وَلَا تُطِعۡ مِنۡهُمۡ ءَاثِمًا أَوۡ كَفُورٗا ﴿٢٤﴾ وَٱذۡكُرِ ٱسۡمَ رَبِّكَ بُكۡرَةٗ وَأَصِيلٗا ﴿٢٥﴾ وَمِنَ ٱلَّيۡلِ فَٱسۡجُدۡ لَهُۥ وَسَبِّحۡهُ لَيۡلٗا طَوِيلًا ﴿٢٦﴾

23 നിശ്ചയമായും നാം തന്നെയാണ് നിൻെറമേൽ ഖുർആൻ ഒരു (ക്രമേണയായുള്ള) അവതരിപ്പിക്കൽ അവതരിപ്പിച്ചിരിക്കുന്നത്.
24 അതിനാൽ നിൻെറ രക്ഷിതാവിൻെറ വിധിക്കു നീ ക്ഷമിച്ചുകൊള്ളുക; അവരിൽനിന്നുയാതൊരു പാപിയെയോ, അവിശ്വാസിയായുള്ളവനെയോ നീ അനുസരിക്കുകയും ചെയ്യരുത്.
25 രാവിലെയും, വൈകുന്നേരവും, നിൻെറ റബ്ബിൻെറ നാമം നീ സ്മരിക്കുകയും ചെയ്യുക.
26 രാത്രിയിൽനിന്നുംതന്നെ (അല്പനേരം) നീ അവന് സുജൂദ് (സാഷ്ടാംഗനമസ്കാരം) ചെയ്യണം; ഒരു നീണ്ട (സമയം) രാത്രി അവന് 'തസ്ബീഹും' (പ്രകീർത്തനവും) നടത്തണം.

ഖുർആനിനെ ഒന്നായി അവതരിപ്പിക്കാതെ സന്ദർഭമനുസരിച്ച് ഗഡുക്കളായും സാവകാശമായും അവതരിപ്പിച്ച് കൊണ്ടിരിക്കുന്നത് അല്ലാഹുവിന്റെ വിധിയനുസരിച്ചാണെന്നും അത് തൃപ്തിപ്പെട്ട് കൊള്ളണമെന്നും സഹനത്തോടും ക്ഷമയോടും കൂടി കൃത്യങ്ങളെല്ലാം നിർവ്വഹിച്ച് കൊണ്ടിരിക്കണമെന്നും, അതിനെതിരിൽ പ്രവർത്തിക്കുന്ന ഏത് പാപികളേയും നിഷേധികളേയും അനുസരിക്കുകയോ അവർക്ക് വഴങ്ങിക്കൊടുക്കുകയോ ചെയ്യരുതെന്നും അല്ലാഹു നബി(സ)യോട് കൽപിക്കുന്നു.

രാവിലെയും വൈകുന്നേരവും റബ്ബിന്റെ നാമം സ്മരിക്കുക എന്ന് പറഞ്ഞതിൽ സുബ്ഹ്, ളുഹ്ർ, അസ്വ്ർ എന്നീ നമസ്കാരങ്ങൾ മുഖേനയുള്ള സ്മരണയും, രാത്രി കുറച്ച് സമയം സുജൂദ് ചെയ്യണമെന്ന് പറഞ്ഞതിൽ മഗ്‌രിബും ഇശായും ഉൾപ്പെടുന്നതാണ്. രാത്രി ദീർഘനേരം തസ്ബീഹ് - സ്തോത്ര കീർത്തനം - നടത്തണമെന്ന് പറഞ്ഞതിൽ രാത്രിയിലെ 'തഹജ്ജുദ്' നമസ്കാരം തുടങ്ങിയ ദിക്റുകളും ഉൾപ്പെടുന്നു. ദിക്ർ - തസ്ബീഹ് - സുജൂദ് എന്നിവയെ പറ്റിയും, അവയുടെ സമയങ്ങളെ പറ്റിയും സൂ. അൻകബൂത്ത്: 45; സൂ.റൂം: 17,18 വചനങ്ങളുടെ വിവരണം ശ്രദ്ധിക്കുക.

**വചനം 27,28:**

إِنَّ هَٰٓؤُلَآءِ يُحِبُّونَ ٱلۡعَاجِلَةَ وَيَذَرُونَ وَرَآءَهُمۡ يَوۡمٗا ثَقِيلٗا ﴿٢٧﴾ نَّحۡنُ خَلَقۡنَٰهُمۡ وَشَدَدۡنَآ أَسۡرَهُمۡۖ وَإِذَا شِئۡنَا بَدَّلۡنَآ أَمۡثَٰلَهُمۡ تَبۡدِيلًا ﴿٢٨﴾

27 നിശ്ചയമായും, ഇക്കൂട്ടർ ക്ഷണികമായതിനെ (ഐഹികജീവിതത്തെ) ഇഷ്ടപ്പെടുന്നു; ഭാരമേറിയ ഒരു ദിവസത്തെ അവർ തങ്ങളുടെ പുറകിൽ വിട്ടുകളയുകയും ചെയ്യുന്നു.
28 നാമത്രെ അവരെ സൃഷ്ടിച്ചതും, അവരുടെ (ശരീര) ഘടനയെ ബലപ്പെടുത്തിയതും. നാം ഉദ്ദേശിച്ചാൽ, അവർക്ക് തുല്യമായവരെ നാം (അവർക്കു) പകരമാക്കിക്കൊണ്ടുവരുന്നതുമാണ്.

സൂ.ഖിയാമ: 20,21 വചനങ്ങളിലെ ആശയം തന്നെയാണ് 27-ാം വചനത്തിലും കാണുന്നത്. അവിടെ 'പരലോകം' എന്നതിന്റെ സ്ഥാനത്ത് ഇവിടെ 'ഭാരമേറിയ ദിവസം' എന്നാണുള്ളത്. ഇത് ഖിയാമത്ത് നാളാണെന്ന് വ്യക്തമാണ്. ക്ഷണികമായ ഐഹിക ജീവിതത്തോടുള്ള പ്രതിപത്തിമൂലം പിന്നാലെ വരാനിരിക്കുന്ന ആ ഭാരമേറിയ ദിവസത്തെ അവർ അവഗണിച്ച് കളയുന്നു.

28-ാം വചനത്തിന്റെ അവസാന ഭാഗം രണ്ട് പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു:

1) നാം ഉദ്ദേശിക്കുമ്പോൾ, അഥവാ പുനരുത്ഥാന ദിവസം അവരെ പുതിയൊരു സൃഷ്ടിക്കായി മാറ്റിക്കൊണ്ട് നാം എഴുന്നേൽപിക്കും.

2) നാം ഉദ്ദേശിക്കുകയാണെങ്കിൽ അവരെ മാറ്റി അവരെപ്പോലെയുള്ള, സ്വഭാവത്തിലും മറ്റും വ്യത്യസ്ത രായ, ഒരു കൂട്ടരെ ഇവിടെ പകരം കൊണ്ടുവരും. (സൂ.ഫാത്വിർ: 16-ാം വചനം നോക്കുക.)

ഒന്നാമത്തേതിന് ഭാഷാപരമായ ചില ന്യായീകരണങ്ങളും, രണ്ടാമത്തെ അഭിപ്രായത്തിന് ഖുർആൻ വാക്യങ്ങളുടെ പിൻബലവും ചൂണ്ടിക്കാണിക്കപ്പെടുന്നു. و الله اعلم

**വചനം 29,30,31:**

إِنَّ هَٰذِهِۦ تَذۡكِرَةٞۖ فَمَن شَآءَ ٱتَّخَذَ إِلَىٰ رَبِّهِۦ سَبِيلٗا ٢٩

وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُۚ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمٗا ٣٠

يُدۡخِلُ مَن يَشَآءُ فِي رَحۡمَتِهِۦۚ وَٱلظَّٰلِمِينَ أَعَدَّ لَهُمۡ عَذَابًا أَلِيمَۢا ٣١

29 നിശ്ചയമായും ഇതൊരു (മഹത്തായ) ഉപദേശം (അഥവാ സ്മരണ) ആകുന്നു. ആകയാൽ ആർ (വേണമെന്ന്) ഉദ്ദേശിച്ചുവോ അവൻ, തൻെറ റബ്ബിങ്കലേക്ക് (വേണ്ടുന്ന) മാർഗം ഏർപ്പെടുത്തി ക്കൊള്ളട്ടെ.

30 അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുന്നതുമല്ല. നിശ്ചയമായും, അല്ലാഹു സർവജ്ഞനും, അഗാധജ്ഞനുമാകുന്നു.

31 അവൻ ഉദ്ദേശിക്കുന്നവരെ അവൻ തൻെറ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നു; അക്രമികൾ ക്കാകട്ടെ, അവർക്ക് വേദനയേറിയ ശിക്ഷ അവൻ ഒരുക്കുകയും ചെയ്തിരിക്കുന്നു.

സൂ.മുസമ്മിൽ: 19-ാം വചനത്തിന്റെ അതേ ഉദ്ദേശ്യം തന്നെയാണ് ഇവിടെ 29-ാം വചനത്തി ന്റേതും. പുണ്യവാന്മാരായ സജ്ജനങ്ങളുടെ സന്തോഷ വാർത്തകളും, എതിർ പക്ഷക്കാരായ ദുർജനങ്ങ ളുടെ ഭയചകിത വാർത്തകളും ഈ സൂറത്തിൽ വിവരിച്ചതിന് ശേഷം വേണമെന്നുള്ളവർ റബ്ബിലേക്ക് വേണ്ടുന്ന മാർഗ്ഗം സ്വീകരിച്ച് കൊള്ളട്ടെ എന്ന് അല്ലാഹു മുന്നറിയിപ്പ് നൽകുന്നു.

തുടർന്ന് അതി പ്രധാനമായ ഒരു യഥാർത്ഥ്യം അല്ലാഹു ഓർമ്മിപ്പിക്കുന്നു. മനുഷ്യന് ഏതൊരു കാര്യവും ഉദ്ദേശിക്കുവാനും അത് പ്രയോഗിക്കുവാനും - സന്മാർഗ്ഗം സ്വീകരിക്കുന്നത് പോലും - അല്ലാഹു ഉദ്ദേശിക്കുമ്പോഴേ സംഭവിക്കുകയുള്ളൂ. എന്നാൽ ആരൊക്കെയാണ് സന്മാർഗ്ഗം പ്രാപിക്കാൻ അർഹത യുള്ളവർ, ആരൊക്കെയാണ് അതിന് അർഹതയില്ലാത്തവർ, എപ്പോഴാണതിന്റെ സന്ദർഭം എന്നൊക്കെ യുള്ള കാര്യങ്ങൾ സർവ്വജ്ഞനും യുക്തിമാനുമായ അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ.

അവസാനമായി, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കു മെന്നും അക്രമികൾക്ക് വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ടെന്നും ഒരിക്കൽ കൂടി അവൻ അനുസ്മ രിപ്പിക്കുന്നു. തോന്നിയവാസികളായ ജനങ്ങളെ അല്ലാഹു സന്മാർഗ്ഗത്തിലാക്കുകയില്ല എന്ന് സൂ.സ്വഫ്ഫ്: 5-ാം വചനത്തിലും അക്രമികളായ ആളുകളെ സന്മാർഗ്ഗത്തിലാക്കുകയില്ല എന്ന് സൂ.സ്വഫ്ഫ്: 7-ാം വച നത്തിലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് പ്രത്യേകം ശ്രദ്ധേയമാകുന്നു. അക്രമികളും തോന്നിയവാ സികളുമല്ലാത്ത സജ്ജനങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തിന് അർഹരായിത്തീരുന്നതുമാകുന്നു. അപ്പോൾ അല്ലാഹുവിന് അവന്റെ വിധി നിർണ്ണയത്തിൽ ന്യായമുണ്ടെന്ന് വ്യക്തമാണല്ലോ.

# 77. സൂറത്തുൽ മുർസലാത്ത് (അയക്കപ്പെടുന്നവ)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 50, വിഭാഗം (റുകൂഅ്) 2

അദ്ധ്യായത്തിന്റെ ആദ്യ വചനത്തിൽ തന്നെ 'അയക്കപ്പെടുന്നവ' (മുർസലാത്ത്)കൊണ്ട് സത്യം ചെയ്യുന്നതായി അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

**വിഭാഗം - 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3,4,5,6,7:**

وَٱلْمُرْسَلَٰتِ عُرْفًا ﴿١﴾ فَٱلْعَٰصِفَٰتِ عَصْفًا ﴿٢﴾ وَٱلنَّٰشِرَٰتِ نَشْرًا ﴿٣﴾ فَٱلْفَٰرِقَٰتِ فَرْقًا ﴿٤﴾ فَٱلْمُلْقِيَٰتِ ذِكْرًا ﴿٥﴾ عُذْرًا أَوْ نُذْرًا ﴿٦﴾ إِنَّمَا تُوعَدُونَ لَوَٰقِعٌ ﴿٧﴾

1 പതിവായി (തുടർച്ചയായി) അയക്കപ്പെടുന്നവ തന്നെയാണ (സത്യം)!
2 അങ്ങനെ, (ഊക്കോടെയുള്ള) ഒരു അടിച്ചു വീശൽ വീശുന്നവ തന്നെയാണ (സത്യം)!
3 പരത്തി വ്യാപിപ്പിക്കുന്നവയും തന്നെയാണ (സത്യം)!
4 എന്നിട്ട് വേർതിരിച്ച് വിവേചനം ചെയ്യുന്നവ തന്നെയാണ (സത്യം)!
5 അങ്ങനെ, സന്ദേശം (അഥവാ ഉപദേശം) ഇട്ടുകൊടുക്കുന്നവയാണ (സത്യം)!-
6 അതായത്, ഒഴികഴിവ്, അല്ലെങ്കിൽ മുന്നറിയിപ്പ് (ഇട്ടുകൊടുക്കുന്നവ)
7 നിശ്ചയമായും നിങ്ങളോടു വാഗ്ദത്തം (അഥവാ താക്കീത്) ചെയ്യപ്പെടുന്നത് സംഭവിക്കുന്നതു തന്നെയാകുന്നു.

സൂ.സ്വാഫ്-ഫാത്ത്, സൂ.ദാരിയാത്ത് എന്നിവയുടെ ആരംഭത്തിൽ കണ്ടത് പോലെയുള്ള ചില സത്യ വാചകങ്ങളാണ് ആദ്യത്തെ അഞ്ച് വചനങ്ങളിൽ കാണുന്നത്. ഓരോന്നിലും പറയപ്പെട്ടിട്ടുള്ള വിശേഷണങ്ങൾ കൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നത് ഏതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. അതിനാൽ ഇവിടെ വ്യാഖ്യാതാക്കൾക്ക് പല അഭിപ്രായങ്ങളും കാണാം:

1) എല്ലാം മലക്കുകളെ ഉദ്ദേശിച്ചാണെന്നും; 2) എല്ലാം കാറ്റിനെ ഉദ്ദേശിച്ചാണെന്നും; 3) എല്ലാം നബിമാരെ ഉദ്ദേശിച്ചാണെന്നും; 4) എല്ലാം ഖുർആൻ വചനങ്ങളെ ഉദ്ദേശിച്ചാണെന്നും; 5) എല്ലാം മലക്കുകൾ, പ്രവാചകന്മാർ, സദ്വൃത്തരായ പണ്ഡിതന്മാർ മുതലായവരെ ഉദ്ദേശിച്ചാണെന്നും; 6) ആദ്യത്തെ മൂന്ന് വചനങ്ങളും കാറ്റിനെ ഉദ്ദേശിച്ചും പിന്നീടുള്ള രണ്ട് വചനങ്ങൾ മലക്കുകളെ ഉദ്ദേശിച്ചാണെന്നും 7) അഞ്ചാമത്തേത് മാത്രം മലക്കുകളെ ഉദ്ദേശിച്ചും ബാക്കി കാറ്റിനേയോ മറ്റോ ഉദ്ദേശിച്ചാണെന്നും - പല അഭിപ്രായങ്ങളും കാണാം.

പ്രസ്തുത അഭിപ്രായങ്ങളിൽ ഏറ്റവും പ്രമാണികമായിട്ടുള്ളത് 1 ഉം 6 ഉം അഭിപ്രായങ്ങളാകുന്നു. ഈ രണ്ട് അഭിപ്രായങ്ങളിൽ തന്നെ 6-ാം അഭിപ്രായം ആണ് കൂടുതൽ സ്വീകാര്യമായി തോന്നുന്നത് (ആദ്യത്തെ മൂന്ന് വചനങ്ങൾ കാറ്റിനെ ഉദ്ദേശിച്ചും പിന്നീടുള്ള രണ്ട് വചനങ്ങൾ മലക്കുകളെ ഉദ്ദേശിച്ചും ഉള്ള സത്യ വാചകങ്ങൾ ആണെന്ന അഭിപ്രായം) . و الله اعلم

അല്ലാഹുവിന്റെ അനുഗ്രഹമായ മഴക്ക് മുമ്പായി സന്തോഷ വാർത്ത അറിയിച്ച് കൊണ്ട് കാറ്റിനെ അയക്കുന്നതായി സൂ.അഅ്'റാഫ്: 57ലും വേറെ സ്ഥലങ്ങളിലും അല്ലാഹു പ്രസ്താവിച്ചുള്ളതായി കാണാം. ഏറെക്കുറെ ഈ ആശയം തന്നെയാണ് ഇവിടെയും (ആദ്യത്തെ മൂന്ന് വചനങ്ങളിൽ) കാറ്റുകളെ കുറിച്ച് പറഞ്ഞിരിക്കുന്നത്. 4ഉം 5ഉം വചനങ്ങളിൽ സത്യാസത്യങ്ങൾക്കിടയിൽ വിവേചനം നൽകുന്ന ദിവ്യസ

ന്ദേശങ്ങളിലൂടെ നബിമാർ മുഖേന ജനങ്ങൾക്ക് മുന്നറിയിപ്പ് എത്തിച്ച് കൊടുക്കുന്ന മലക്കുകളെ കൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു. വഹ്‌യിന്റെ വാഹകനായ മലക്ക് ജിബ്രീൽ(അ) ആണെന്നിരിക്കെ ഇവിടെ 'മലക്കുകളെന്ന് ബഹു വചന രൂപത്തിൽ പ്രസ്താവിച്ചത് പ്രസ്തുത ദൗത്യത്തിൽ വേറെ മലക്കുകൾക്കും പങ്കുണ്ടെന്ന് ഖുർആനിൽ നിന്ന് തന്നെ വ്യക്തമായിട്ടുള്ളതിനാലാകുന്നു. ജിബ്‌രീൽ(അ) അവരുടെയെല്ലാം തലവനായിരിക്കാം. ഇബ്‌റാഹീം(അ) നബിക്ക് സന്തോഷ വാർത്തയും ലൂത്ത്(അ) നബിയുടെ ജനതക്കുള്ള മുന്നയിപ്പും, കൊണ്ട് വന്ന മലക്കുകൾ ഒന്നിലധികം പേരുണ്ടായിരുന്നുവല്ലോ. വഹ്‌യിന്റെ സംരക്ഷണാർത്ഥം മുമ്പിലും പിമ്പിലും അല്ലാഹു രക്ഷാ സേനയെ അയക്കുമെന്ന് സൂ.ജിന്ന് 27,28 വചനങ്ങളിലും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

മേൽ പറഞ്ഞ മഹത്തായ - അർത്ഥഗർഭമായ - സത്യ വാചകങ്ങളെക്കൊണ്ട് സത്യം ചെയ്ത് അല്ലാഹു ഉറപ്പിച്ച് പറയുന്ന വിഷയം ആകുന്നു ഏഴാം വചനത്തിൽ. അതായത് "നിശ്ചയമായും നിങ്ങളോട് വാഗ്ദത്തം (അഥവാ താക്കീത്) ചെയ്യപ്പെടുന്നത് സംഭവിക്കുന്നത് തന്നെയാകുന്നു." പരലോകം, പുനർ ജീവിതം, അന്ത്യനാൾ, രക്ഷാ ശിക്ഷകൾ ആദിയായവ സംഭവിക്കാനിരിക്കുന്ന തീർച്ചയായ കാര്യങ്ങൾ തന്നെയാണല്ലോ.

**വചനം 8,9,10,11,12,13,14,15:**

| | | |
|---|---|---|
| 8 | എന്നാൽ, നക്ഷത്രങ്ങൾ (വെളിച്ചം) തുടച്ചുമായിക്കപ്പെട്ടാൽ!- | فَإِذَا ٱلنُّجُومُ طُمِسَتۡ ٨ |
| 9 | ആകാശം (തുറന്നു) വിടർത്തപ്പെടുകയും ചെയ്താൽ!- | وَإِذَا ٱلسَّمَآءُ فُرِجَتۡ ٩ |
| 10 | മലകൾ (ധൂളിയായി) പൊടിക്കപ്പെടുകയും ചെയ്താൽ!- | وَإِذَا ٱلۡجِبَالُ نُسِفَتۡ ١٠ |
| 11 | റസൂലുകൾക്ക് സമയം നിശ്ചയിക്കപ്പെടുകയും ചെയ്താൽ!- | وَإِذَا ٱلرُّسُلُ أُقِّتَتۡ ١١ |
| 12 | ഏതൊരു ദിവസത്തേക്കാണ് അവർക്ക് അവധി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്?! | لِأَيِّ يَوۡمٍ أُجِّلَتۡ ١٢ |
| 13 | (അതെ)തീരുമാനത്തിൻെറ ദിവസത്തേക്കു (തന്നെ)! | لِيَوۡمِ ٱلۡفَصۡلِ ١٣ |
| 14 | തീരുമാനത്തിൻെറ ദിവസം എന്നാലെന്താണെന്ന് നിനക്ക് എന്തറിയാം?! | وَمَآ أَدۡرَىٰكَ مَا يَوۡمُ ٱلۡفَصۡلِ ١٤ |
| 15 | അന്നത്തെ ദിവസം (മഹാ)നാശം, വ്യാജമാക്കുന്നവർക്കായിരിക്കും. | وَيۡلٞ يَوۡمَئِذٖ لِّلۡمُكَذِّبِينَ ١٥ |

അന്ത്യനാളിലെ ഗൗരവമേറിയ ചില സംഭവ വികാസങ്ങളാണ് ഈ വചനങ്ങളിൽ ചൂണ്ടിക്കാട്ടുന്നത്. ആകാശം, ഭൂമി, പർവ്വതങ്ങൾ, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ ആദിയായവയെല്ലാം അന്നേ ദിവസം നില തെറ്റി അവതാളത്തിലാകുമെന്ന് ഖുർആനിൽ പലപ്പോഴും പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണ്. താഴെ വരുന്ന മക്കീ സൂറത്തുകളിൽ ഇതുപോലെ വേറെയും പല സംഭവ വികാസങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട്. ഖിയാമത്ത് നാളിൽ അല്ലാഹു റസൂലുകളെ ഒരുമിച്ചുകൂട്ടി അവരുടെ സമുദായം അവരുടെ പ്രബോധനം സ്വീകരിച്ചതിനെ പറ്റി അവരോട് ചോദിക്കുമെന്നും (5:109) സമുദായങ്ങളുടെ മേൽ സാക്ഷികളായി നബിമാരെ കൊണ്ട് വരുമെന്നും (4:41) അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ഇങ്ങിനെ ഓരോ റസൂലിന്റെയും അവരുടെ സമുദായത്തിന്റെയും കാര്യങ്ങൾ തീരുമാനം ചെയ്യുന്നതിനുള്ള അവധി നിർണ്ണയത്തെക്കുറിച്ചാണ് 11-ാം വചനത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. തുടർന്ന് 12-ാം വചനത്തിൽ ആ ദിനത്തിന്റെ അതിഭയങ്കരത ഓർമ്മിപ്പിച്ചുകൊണ്ട്, മേൽ പറഞ്ഞ കാര്യങ്ങളെല്ലാം സംഭവിക്കാനിരിക്കുന്ന ദിവസമാണ് സാക്ഷാൽ തീരുമാനത്തിന്റെ ദിവസമെന്നും, അന്ന് സത്യ നിഷേധികൾക്ക് വമ്പിച്ച നാശത്തിന്റെ ദിവസമായിരിക്കുമെന്നും തുടർന്നുള്ള വചനങ്ങളിൽ അല്ലാഹു പ്രസ്താവിക്കുന്നു. വമ്പിച്ച നാശത്തെപറ്റി താക്കീത് നൽകുന്ന 15-ാം വചനം ഈ അദ്ധ്യായത്തിൽ അല്ലാഹു പത്ത് പ്രാവശ്യം ആവർത്തിച്ചിരിക്കുന്നത് കാണാം. (വചനങ്ങൾ - 15,19,24,28,34,37,40,45,47,49) - സമാനവചനം സൂ: മുതഫ്-ഫീൻ 10-ാം വചനം നോക്കുക

**വചനം 16,17,18,19,20,21,22,23,24:**

أَلَمْ نُهْلِكِ ٱلْأَوَّلِينَ ﴿١٦﴾
ثُمَّ نُتْبِعُهُمُ ٱلْـَٔاخِرِينَ ﴿١٧﴾
كَذَٰلِكَ نَفْعَلُ بِٱلْمُجْرِمِينَ ﴿١٨﴾
وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿١٩﴾
أَلَمْ نَخْلُقكُّم مِّن مَّآءٍ مَّهِينٍ ﴿٢٠﴾
فَجَعَلْنَٰهُ فِى قَرَارٍ مَّكِينٍ ﴿٢١﴾
إِلَىٰ قَدَرٍ مَّعْلُومٍ ﴿٢٢﴾
فَقَدَرْنَا فَنِعْمَ ٱلْقَٰدِرُونَ ﴿٢٣﴾
وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٢٤﴾

16 പൂർവ്വികൻമാരെ നാം നശിപ്പിച്ചു കളഞ്ഞില്ലേ?!
17 പിറകെ, അവസാനമുള്ളവരെ നാം അവരോട് തുടർത്തുന്നതാണ്.
18 അപ്രകാരമത്രെ, നാം കുറ്റവാളികളെക്കൊണ്ടു ചെയ്യുക.
19 അന്നത്തെ ദിവസം (മഹാ)നാശം, വ്യാജമാക്കുന്നവർക്കായിരിക്കും.
20 നിസ്സാരപ്പെട്ട ഒരു ജലത്തിൽ നിന്നു നിങ്ങളെ നാം സൃഷ്ടിച്ചില്ലേ?!
21 എന്നിട്ട് അതിനെ ഭദ്രമായ ഒരു താവളത്തിൽ നാം ആക്കി(വെച്ചു);
22 -നിശ്ചിതമായ ഒരു (കാല) അളവുവരെ.
23 അങ്ങനെ, നാം (എല്ലാം) കണക്കാക്കി (നിർണ്ണയിച്ചു). അപ്പോൾ, (നാം)എത്രയോ നല്ല കഴിവുള്ളവരത്രെ.
24 അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കായിരിക്കും.

കേവലം നിസ്സാരമായ ഇന്ദ്രിയ ജലത്തിൽ നിന്ന് മനുഷ്യനെ സൃഷ്ടിച്ചുണ്ടാക്കിയതും, കുറെക്കാലത്തോളം ആ ബീജം മാതാവിന്റെ ഗർഭാശയത്തിൽ ഭദ്രമായി സൂക്ഷിച്ച് വെച്ചതും അവന്റെ ആകൃതിയും പ്രകൃതിയുമെല്ലാം നിർണ്ണയിച്ച് സൃഷ്ടിരൂപം പൂർത്തിയാക്കിയതും അനുസ്മരിച്ച് കൊണ്ട് അവന്റെ പുനർ ജീവിതത്തിന്റെ സാധ്യത ഓർമ്മിപ്പിക്കുകയാണ് അല്ലാഹു. قدر (ഖദ്റ്) എന്ന വാക്കിന് 'നിർണ്ണയിച്ച് കണക്കാക്കി' എന്നൊക്കെ അർത്ഥം വരുന്നത് പോലെ 'കഴിവുണ്ടായി, സാധ്യമായി' എന്നിങ്ങനെയും അർത്ഥമുണ്ട്. - അല്ലാഹു എല്ലാറ്റിനും കഴിവുകളുള്ളവനാണ് എന്ന് താൽപര്യം. (ആവർത്തിത വചനങ്ങൾ 19,24 ശ്രദ്ധിക്കുക)

**വചനം 25,26,27,28:**

أَلَمْ نَجْعَلِ ٱلْأَرْضَ كِفَاتًا ﴿٢٥﴾
أَحْيَآءً وَأَمْوَٰتًا ﴿٢٦﴾
وَجَعَلْنَا فِيهَا رَوَٰسِىَ شَٰمِخَٰتٍ وَأَسْقَيْنَٰكُم مَّآءً فُرَاتًا ﴿٢٧﴾
وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٢٨﴾

25 ഭൂമിയെ നാം ഉൾക്കൊള്ളുന്നതാക്കിയില്ലേ,-
26 ജീവനുള്ളവരെയും, മരണപ്പെട്ടവരെയും?!
27 ഉന്നതങ്ങളായി ഉറച്ചുനിൽക്കുന്ന പർവ്വതങ്ങളെ നാം അതിൽ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. സ്വച്ഛമായ ജലം നിങ്ങൾക്കു നാം കുടിക്കുവാൻ തരുകയും ചെയ്തിരിക്കുന്നു.
28 അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കാണ്.

ജീവിക്കുന്നവർക്ക് ഭൂമുഖത്ത് ജീവിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത് പോലെ മരണപ്പെട്ടവരെ ഭൂമിക്കുള്ളിൽ അടക്കം ചെയ്യുവാനുള്ള സൗകര്യവും അല്ലാഹു ഏർപ്പെടുത്തിയിരിക്കുന്നു. (വചനം 25; 26) ഇത് കൂടാതെ പർവ്വതം, ജലം തുടങ്ങിയ അനുഗ്രഹങ്ങളെയും ദൃഷ്ടാന്തങ്ങളെയും എടുത്ത് കാണിച്ച് കൊണ്ട്, അല്ലാഹുവിന്റെ അപാരമായ കഴിവിനെക്കുറിച്ചും, മരണാനന്തര ജീവിതത്തെക്കുറിച്ചും, അല്ലാഹു ഓർമ്മപ്പെടുത്തുന്നു. (ആവർത്തിത വചനം 28 ശ്രദ്ധിക്കുക)

**വചനം 29, 30, 31, 32, 33, 34**

ٱنطَلِقُوٓا۟ إِلَىٰ مَا كُنتُم بِهِۦ تُكَذِّبُونَ ﴿٢٩﴾

29 (ഹേ, വ്യാജമാക്കുന്നവരേ) നിങ്ങൾ യാതൊന്നിനെ വ്യാജമാക്കിക്കൊണ്ടിരുന്നുവോ അതിലേക്കു നിങ്ങൾ പോയിക്കൊള്ളുവിൻ!

30 അതായത്, മൂന്നു ശാഖകളുള്ളതായ ഒരു (തരം) തണലിലേക്ക് പോയിക്കൊള്ളുവിൻ!-
31 (അത് ചൂടിൽനിന്നു)നിഴൽ നൽകുന്നതല്ല; (അഗ്നി) ജ്വാലയിൽ നിന്ന് അത് തടുക്കുകയുമില്ല.
32 നിശ്ചയമായും അത്, (നരകം) വൻ കെട്ടിടം പോലെയുള്ള തീപ്പൊരി വീശുന്നതാണ്.
33 അത് (തീപ്പൊരി) മഞ്ഞവർണ്ണമായ ഒട്ടകക്കൂട്ടമെന്നോണമിരിക്കും!''
34 അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കാണ്.

ٱنطَلِقُوٓاْ إِلَىٰ ظِلٍّ ذِى ثَلَٰثِ شُعَبٍ ﴿٣٠﴾
لَّا ظَلِيلٍ وَلَا يُغْنِى مِنَ ٱللَّهَبِ ﴿٣١﴾
إِنَّهَا تَرْمِى بِشَرَرٍ كَٱلْقَصْرِ ﴿٣٢﴾
كَأَنَّهُۥ جِمَٰلَتٌ صُفْرٌ ﴿٣٣﴾
وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٣٤﴾

നരക ശിക്ഷയെ വ്യാജമാക്കിയിരുന്നവർക്കിതാ മൂന്ന് ശാഖകളായി പിരിഞ്ഞുയരുന്ന വമ്പിച്ച കരിമ്പുകയുടെ 'തണൽ' ഒരുക്കപ്പെട്ടിരിക്കുന്നു. അത് സാധാരണ തണല് പോലെ ചൂടിൽ നിന്ന് തണുപ്പോ അഗ്നി ജ്വാലയിൽ നിന്ന് തടവോ ആയിരിക്കുന്നതല്ല. നരകമാകട്ടെ മഞ്ഞ വർണ്ണത്തിലുള്ള ഒട്ടകങ്ങൾ ചിന്നിചിതറുന്നത് പോലെ, വൻ കെട്ടിടങ്ങൾ പോലെയുള്ള വമ്പിച്ച തീപ്പൊരികൾ പറപ്പിച്ച് കൊണ്ടിരിക്കുകയും ചെയ്യും. (സൂ: അൽ കഹ്ഫ്: 29; അൽ വാഖിഅ: 43,47 വചനങ്ങൾ നോക്കുക.); ആവർത്തിത വചനം 34 ശ്രദ്ധിക്കുക.

**വചനം 35,36,37:**

35 അവർ മിണ്ടാത്തതായ ദിവസമത്രെ ഇത്.
36 (ഒഴികഴിവ് പറയുവാൻ) അവർക്ക് അനുവാദം നൽകപ്പെടുകയുമില്ല, എന്നാലവർക്ക് ഒഴികഴിവ് പറയാമായിരുന്നു.
37 അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കാകുന്നു.

هَٰذَا يَوْمُ لَا يَنطِقُونَ ﴿٣٥﴾
وَلَا يُؤْذَنُ لَهُمْ فَيَعْتَذِرُونَ ﴿٣٦﴾
وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٣٧﴾

സ്ഥിതി ഗതികളുടെ ഗൗരവം നിമിത്തം അന്നവർക്ക് സംസാരിക്കുവാൻ പോലും കഴിയുന്നതല്ല. വല്ല ഒഴിവ് കഴിവും പറഞ്ഞു. നോക്കുവാനാണെങ്കിൽ, അതിന് അനുവാദവും ലഭിക്കുന്നതല്ല. (ആവർത്തിത വചനം 37 ശ്രദ്ധിക്കുക)

**വചനം 38,39,40:**

38 "(ഹേ, വ്യാജമാക്കുന്നവരേ) തീരുമാനത്തിന്റെ ദിവസമാണിത്. നിങ്ങളെയും പൂർവികൻമാരെയും നാം (ഇവിടെ) ഒരുമിച്ചു കൂട്ടിയിരിക്കുന്നു.
39 ഇനി, വല്ല ഉപായതന്ത്രവും നിങ്ങൾക്ക് ഉണ്ടെങ്കിൽ എന്നോട് നിങ്ങൾ(അത്) പ്രയോഗിച്ചു കൊള്ളുവിൻ!'' (എന്നാലതൊന്നു കാണാമല്ലോ!)
40 അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കാകുന്നു.

هَٰذَا يَوْمُ ٱلْفَصْلِ ۖ جَمَعْنَٰكُمْ وَٱلْأَوَّلِينَ ﴿٣٨﴾
فَإِن كَانَ لَكُمْ كَيْدٌ فَكِيدُونِ ﴿٣٩﴾
وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٤٠﴾

അവിശ്വാസികളുടെ ദയനീയാവസ്ഥയെ ഓർമ്മിപ്പിച്ച് കൊണ്ട് അല്ലാഹു അവരെ പരിഹസിക്കുന്നു. (ആവർത്തിത വചനം 40 ശ്രദ്ധിക്കുക)

**വിഭാഗം - 2**

**വചനം 41,42,43,44,45,46,47:**

41 നിശ്ചയമായും, സൂക്ഷ്മതയുള്ളവർ ചില (മഹത്തായ) തണലുകളിലും, ഉറവുജലങ്ങളിലുമായിരിക്കും;-

إِنَّ ٱلْمُتَّقِينَ فِى ظِلَٰلٍ وَعُيُونٍ ﴿٤١﴾

42 അവർ ഇച്ഛിക്കുന്ന തരത്തിലുള്ള പഴവർഗ ങ്ങളിലുമായിരിക്കും (കഴിഞ്ഞുകൂടുക)

وَفَوَٰكِهَ مِمَّا يَشْتَهُونَ ﴿٤٢﴾

43 "നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതു നിമി ത്തം, നിങ്ങൾ മംഗളമായി തിന്നുകയും കുടിക്കു കയും ചെയ്തു കൊള്ളുവിൻ!"(എന്നു പറയ പ്പെടും)

كُلُوا۟ وَٱشْرَبُوا۟ هَنِيٓـًٔۢا بِمَا كُنتُمْ تَعْمَلُونَ ﴿٤٣﴾

44 നിശ്ചയമായും, അപ്രകാരമത്രെ നാം സുകൃത വാൻമാർക്ക് പ്രതിഫലം കൊടുക്കുന്നത്.

إِنَّا كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿٤٤﴾

45 അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കു ന്നവർക്കായിരിക്കും.

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٤٥﴾

46 "നിങ്ങൾ അൽപം (കാലം) തിന്നുകയും സുഖമനുഭവിക്കുകയും ചെയ്തുകൊള്ളുക;- നിശ്ചയമായും, നിങ്ങൾ കുറ്റവാളികളാകുന്നു!".

كُلُوا۟ وَتَمَتَّعُوا۟ قَلِيلًا إِنَّكُم مُّجْرِمُونَ ﴿٤٦﴾

47 അന്നത്തെ ദിവസം(മഹാ) നാശം, വ്യാജമാക്കു ന്നവർക്കാകുന്നു.

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٤٧﴾

40-44 വചനങ്ങൾ സത്യവിശ്വാസികളായ സുകൃതവാന്മാർക്കുള്ള സ്വർഗ്ഗീയാനുഗ്രഹങ്ങളെക്കു റിച്ച് അല്ലാഹു വിവരിക്കുന്നു.

45,46,47 വചനങ്ങളിലൂടെ അല്ലാഹു വീണ്ടും സത്യനിഷേധികൾക്കുള്ള ദുരനുഭവങ്ങളെക്കുറിച്ച് ഓർപ്പെടുത്തുന്നു - ഓരോരുത്തനും നിശ്ചയിക്കപ്പെട്ട തുഛമായ ആയുഷ്കാലം തീരുന്നതുവരെ നിങ്ങൾക്കി വിടെ വിഹരിക്കാം. പക്ഷെ, നിങ്ങളുടെ ഭാവി ഭയാനകം തന്നെയാണെന്ന് ഓർത്ത് കൊള്ളുക.(ആവർത്തിത വചനങ്ങൾ 45,47 ശ്രദ്ധിക്കുക)

**വചനം 48,49,50**

48 "നിങ്ങൾ കുമ്പിടുവിൻ" എന്ന് അവരോട് പറയപ്പെട്ടാൽ അവർ കുമ്പിടുന്നതല്ല.

وَإِذَا قِيلَ لَهُمُ ٱرْكَعُوا۟ لَا يَرْكَعُونَ ﴿٤٨﴾

49 അന്നത്തെ ദിവസം (മഹാ) നാശം വ്യാജമാക്കു ന്നവർക്കാകുന്നു.

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٤٩﴾

50 ഇനി, ഇതിനു (ഖുർആന്നു) ശേഷം ഏതൊരു വർത്തമാനത്തിലാണ് അവർ വിശ്വസിച്ചേ ക്കുന്നത്?!

فَبِأَىِّ حَدِيثٍۭ بَعْدَهُۥ يُؤْمِنُونَ ﴿٥٠﴾

ആ കടുത്ത പാപികൾ, "നിങ്ങൾ അല്ലാഹുവിനോട് താഴ്മ കാണിക്കുവാൻ അവന്റെ മുമ്പിൽ കുമ്പിട്ട് നമസ്കരിക്കുവിൻ" എന്ന് പറയപ്പെട്ടാൽ അവർ അതിന് തയാറില്ലാതെ ഗർവും അഹംഭാവവു മായി കഴിയുന്നവരായിരുന്നു. ഇത്രയും വ്യക്തവും യുക്തവുമായ ഉപദേശങ്ങളും തീക്കീതുകളും ലഭിച്ചു കൊണ്ടിരിന്നിട്ടും ഈ ഖുർആനിൽ വിശ്വസിക്കുവാൻ അവർ കൂട്ടാക്കുന്നില്ല. എന്നിരിക്കെ, ഇനി ഏതൊ ന്നിലാണ് അവർ വിശ്വസിക്കാൻ പോകുന്നത്.

നബി തിരുമേനി(സ) ഇപ്രകാരം അരുളിയതായി അബൂ ഹുറൈറ(റ)യിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

"സൂ.തീൻ ഓതി അവസാനിക്കുമ്പോൾ ഓതുന്നവർ 'അല്ലാതെ, ഞാനും അതിന് സാക്ഷിയാണ്' എന്നും സൂ.ഖിയാമ അവസാനിക്കുമ്പോൾ 'അല്ലാതെ' എന്നും സൂ.മുർസലാത്ത്' ഓതി അവസാനിക്കു മ്പോൾ 'ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു' എന്നും പറയണം"

ഈ സൂറത്തുകളുടെ അവസാനത്തെ വചനങ്ങളിൽ അടങ്ങിയ ചോദ്യങ്ങൾക്ക് മറുപടിയെന്നോ ണമാണത്രെ ആ വാക്കുകൾ പറയുവാൻ നബി(സ) കൽപിക്കുന്നത്. മാത്രമല്ല ഖുർആൻ പാരായണ വേളയിൽ സന്തോഷ വാർത്തകൾ കാണുന്നിടത്ത് അതിന് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കലും ഭയ വാർത്തകൾ കാണുന്നിടത്ത് അല്ലാഹുവിനോട് അതിൽ നിന്ന് രക്ഷ തേടലും ആവശ്യമാണ്. (ആവർത്തിത വചനം 49 ശ്രദ്ധിക്കുക)

# 78 സൂറത്തുന്നബഅ് (വൃത്താന്തം)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 40, വിഭാഗം (റുകൂഅ്) 2

രണ്ടാം വചനത്തിൽ ആ മഹത്തായ വൃത്താന്ത (നബഅ്)ത്തെക്കുറിച്ച് അല്ലാഹു പ്രസ്താവിക്കുന്നു.

**ജുസുഅ് – 30**

**വിഭാഗം – 1**

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3,4,5:**

عَمَّ يَتَسَآءَلُونَ ١

1 എന്തിനെക്കുറിച്ചാണ് അവർ ചോദ്യം ചെയ്തു കൊണ്ടിരിക്കുന്നത്?

عَنِ ٱلنَّبَإِ ٱلْعَظِيمِ ٢

2 (അതെ, ആ) മഹത്തായ വൃത്താന്തത്തെക്കുറിച്ച്!

ٱلَّذِى هُمْ فِيهِ مُخْتَلِفُونَ ٣

3 അതായത്, യാതൊന്നിൽ അവർ ഭിന്നാഭിപ്രായക്കാരാകുന്നുവോ അക്കാര്യം (തന്നെ).

كَلَّا سَيَعْلَمُونَ ٤

4 അങ്ങിനെ വേണ്ട, അവർക്ക് വഴിയെ അറിയാറാകും!

ثُمَّ كَلَّا سَيَعْلَمُونَ ٥

5 പിന്നെ, (വീണ്ടും) അങ്ങിനെ വേണ്ട, അവർക്കു വഴിയെ അറിയാറാകും!!

'മഹത്തായ വൃത്താന്തം' എന്ന് പറഞ്ഞത് മരണാനന്തര ജീവിതത്തെ ഉദ്ദേശിച്ചാണെന്നാണ് മിക്കവാറും എല്ലാ ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായം. മരണാനന്തര ജീവിതമെന്ന യാഥാർത്ഥ്യത്തെയാണ് മുശ്രിക്കുകൾ മറ്റെല്ലാറ്റിനേക്കാളും കഠിനമായി നിഷേധിക്കുന്നത്. ഈ വിഷയ സംബന്ധമായി അവർ തമ്മിൽ തമ്മിലും നബി(സ)യോടും സത്യ വിശ്വാസികളോടും ചോദ്യങ്ങളും വാദങ്ങളും നടത്തിക്കൊണ്ടിരിക്കുക അവരുടെ പതിവത്രേ. സത്യാന്വേഷണത്തിലുപരി, പരിഹാസം, ധിക്കാരം, നിഷേധം ഒക്കെയാണ് അവരെ അതിന് പ്രേരിപ്പിക്കുന്നത്. എന്നാൽ അത് അങ്ങനെ ചോദ്യം ചെയ്യപ്പെടാവുന്ന ഒരു കാര്യമല്ലെന്നും അതിനെ സംബന്ധിച്ച് സഗൗരവം മനസ്സിരുത്താത്ത പക്ഷം അതിന്റെ ഭവിഷ്യത്ത് അതിഗുരുതരമായിരുക്കുമെന്നും അല്ലാഹു താക്കീത് ചെയ്യുന്നു.

**വചനം 6,7,8,9,10,11,12,13,14,15,16:**

أَلَمْ نَجْعَلِ ٱلْأَرْضَ مِهَـٰدًا ٦

6 ഭൂമിയെ നാം ഒരു വിതാനം (വിരിപ്പെന്നോണം) ആക്കിയിട്ടില്ലേ?!–

وَٱلْجِبَالَ أَوْتَادًا ٧

7 മലകളെ (ഭൂമിക്ക്) ആണികളും (ആക്കിയിട്ടില്ലേ)?!

وَخَلَقْنَـٰكُمْ أَزْوَٰجًا ٨

8 നിങ്ങളെ നാം ഇണകളാക്കി സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു;

وَجَعَلْنَا نَوْمَكُمْ سُبَاتًا ٩

9 നിങ്ങളുടെ ഉറക്ക് നാം (നിങ്ങൾക്ക്) ഒരു വിശ്രമമാക്കുകയും ചെയ്തിരിക്കുന്നു;

وَجَعَلْنَا ٱلَّيْلَ لِبَاسًا ١٠

10 രാത്രിയെ (നിങ്ങൾക്കു) നാം ഒരു വസ്ത്രവും ആക്കിയിരിക്കുന്നു;

وَجَعَلْنَا ٱلنَّهَارَ مَعَاشًا ١١

11 പകലിനെ നാം ജീവിതസന്ധാരണവേളയായും ആക്കിയിരിക്കുന്നു;

وَبَنَيْنَا فَوْقَكُمْ سَبْعًا شِدَادًا ١٢

12 നിങ്ങളുടെ മീതെ നാം ശക്തമായ (ആകാശങ്ങൾ) ഏഴെണ്ണം സ്ഥാപിച്ചിരിക്കുന്നു;

وَجَعَلْنَا سِرَاجًا وَهَّاجًا ﴿١٣﴾
وَأَنزَلْنَا مِنَ ٱلْمُعْصِرَٰتِ مَآءً ثَجَّاجًا ﴿١٤﴾
لِّنُخْرِجَ بِهِۦ حَبًّا وَنَبَاتًا ﴿١٥﴾
وَجَنَّٰتٍ أَلْفَافًا ﴿١٦﴾

13 കത്തിത്തിളങ്ങിക്കൊണ്ടിരിക്കുന്ന ഒരു വിളക്ക് (സൂര്യനും) നാം ഉണ്ടാക്കിയിരിക്കുന്നു.
14 മഴക്കാറുകളിൽനിന്ന് കുത്തി ഒഴുകുന്ന വെള്ളം (മഴയും) നാം ഇറക്കി;-
15 അതുകൊണ്ട് നാം ധാന്യവും സസ്യവും (ഉൽപ്പാദിപ്പിച്ച്) വെളിക്ക് വരുത്തുവാൻവേണ്ടി;-
16 ഇടതിങ്ങിയ തോട്ടങ്ങളും (വെളിക്ക് വരുത്തുവാൻ)

നിത്യേന മനുഷ്യൻ കണ്ടും അനുഭവിച്ചും കൊണ്ടിരിക്കുന്ന പ്രത്യക്ഷ ദൃഷ്ടാന്തങ്ങളും മഹത്തായ അനുഗ്രഹങ്ങളുമാണ്, അല്ലാഹു ഈ വചനങ്ങളിൽ എടുത്ത് കാട്ടിയിരിക്കുന്നത്. ഖുർആനിൽ പലയിടങ്ങളിലും ഇവയെപറ്റി ആവർത്തിച്ചും വിവരിച്ചും പ്രസ്താവിക്കപ്പെട്ടിട്ടുള്ളതുമാകുന്നു.

"അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണുന്ന പക്ഷം നിങ്ങൾക്ക് അത് എണ്ണി ക്കണക്കാക്കാവില്ല" എന്ന വചനം പ്രത്യേകം ശ്രദ്ധേയമാകുന്നു. (സൂ.നഹ്ൽ: 18)

**വചനം 17,18,19,20:**

إِنَّ يَوْمَ ٱلْفَصْلِ كَانَ مِيقَٰتًا ﴿١٧﴾
يَوْمَ يُنفَخُ فِى ٱلصُّورِ فَتَأْتُونَ أَفْوَاجًا ﴿١٨﴾
وَفُتِحَتِ ٱلسَّمَآءُ فَكَانَتْ أَبْوَٰبًا ﴿١٩﴾
وَسُيِّرَتِ ٱلْجِبَالُ فَكَانَتْ سَرَابًا ﴿٢٠﴾

17 നിശ്ചയമായും, തീരുമാനത്തിൻെറ ദിവസം സമയനിർണിതമായിരിക്കുന്നു.
18 അതായത്, കാഹളത്തിൽ ഊതപ്പെടുന്ന ദിവസം അപ്പോൾ, നിങ്ങൾ കൂട്ടമായി വന്നെത്തും.
19 ആകാശം തുറക്കപ്പെടുകയും ചെയ്യും; എന്നിട്ടത് പല വാതിലുകളായിത്തീരും.
20 പർവതങ്ങൾ (തൽസ്ഥാനം വിട്ടു) നടത്തപ്പെടുകയും ചെയ്യും; എന്നിട്ട് അവ കാനൽ (സമാനം) ആയിത്തീരും.

ഖിയാമത്ത് നാളിലെ സംഭവ വികാസങ്ങളാണ് ഇവയെല്ലാം. "ആകാശം തുറക്കപ്പെടുകയും, എന്നിട്ടത് പല വാതിലുകളും ആയിത്തീരും" എന്നത് കൊണ്ട് ഉദ്ദേശം ആകാശം പൊട്ടിപ്പിളരുമ്പോൾ അതിൽ ഏർപ്പെടുന്ന വിടവുകളെ കുറിച്ചാണെന്നും, അതല്ല ആകാശത്ത് നിന്ന് മലക്കുകൾ കൂട്ടം കൂട്ടമായി പ്രവഹിക്കുവാനുള്ള പ്രവേശന മാർഗ്ഗങ്ങൾ അന്ന് തുറക്കുന്നതിനേക്കുറിച്ചാണെന്നും അഭിപ്രായങ്ങളുണ്ട്.

الله اعلم

**വചനം 21,22,23,24,25,26:**

إِنَّ جَهَنَّمَ كَانَتْ مِرْصَادًا ﴿٢١﴾
لِّلطَّٰغِينَ مَـَٔابًا ﴿٢٢﴾
لَّٰبِثِينَ فِيهَآ أَحْقَابًا ﴿٢٣﴾
لَّا يَذُوقُونَ فِيهَا بَرْدًا وَلَا شَرَابًا ﴿٢٤﴾
إِلَّا حَمِيمًا وَغَسَّاقًا ﴿٢٥﴾
جَزَآءً وِفَاقًا ﴿٢٦﴾

21 നിശ്ചയമായും 'ജഹന്നം' (നരകം) ഒരു പതിസ്ഥാനമാകുന്നു;-
22 അതിക്രമകാരികൾക്ക് സങ്കേത സ്ഥലമായിക്കൊണ്ട്;-
23 (അതെ) അതിൽ പല യുഗങ്ങൾ താമസിക്കുന്നവരായും കൊണ്ട്!
24 അതിൽവെച്ച് ഒരു തണുപ്പാകട്ടെ, വല്ല പാനീയമാകട്ടെ അവർ രുചി നോക്കുന്നതല്ല;
25 -അത്യുഷ്ണജലവും (ദുർഗന്ധത്തോടെ ഒഴുകുന്ന) അതിശൈത്യ ജലവുമല്ലാതെ.
26 (അവർക്ക്) യോജിച്ച പ്രതിഫലമെന്ന നിലക്ക് !

നരകത്തിൽ പതിയിരിക്കുന്ന കാവൽക്കാരായ മലക്കുകൾ അതിര് വിട്ടിരുന്ന ധിക്കാരികളെ തേടിപ്പിടിക്കുന്നതാണ്. കണക്കറ്റ യുഗങ്ങൾ ആ അതിക്രമകാരികൾ, നരകത്തിൽ കഴിച്ച് കൂട്ടേണ്ടിയിരിക്കു

ന്നു. അവർക്ക് 'ദാഹശമന'ത്തിന് വായയും കുടലും വെന്തുരുകിപ്പോകുമാറുള്ള 'ഹമീം' എന്ന അത്യുഷ്ണ ജലവും, തണുപ്പിന്, നരകത്തിലെ ദുർഗന്ധവും അഴുക്കും നിറഞ്ഞ അതിശൈത്യ ജലമായ 'ഗസ്സാഖും' ആണ് ലഭിക്കുവാനുള്ളത്. (സു.സ്വാദ്: 57 നോക്കുക) അല്ലാഹു നമ്മെ കാക്കട്ടെ - ആമീൻ. അല്ലാഹുവിന്റെ സന്ദേശങ്ങളും കൽപനകളും ധിക്കരിച്ച അക്രമകാരികൾക്ക് അനുയോജ്യമായ ശിക്ഷകൾ തന്നെയാണ് അവരെ, നരകത്തിൽ കാത്തിരിക്കുന്നത് (വചനം: 26).

**വചനം 27,28,29,30:**

إِنَّهُمْ كَانُوا۟ لَا يَرْجُونَ حِسَابًا ﴿٢٧﴾

وَكَذَّبُوا۟ بِـَٔايَـٰتِنَا كِذَّابًا ﴿٢٨﴾

وَكُلَّ شَىْءٍ أَحْصَيْنَـٰهُ كِتَـٰبًا ﴿٢٩﴾

فَذُوقُوا۟ فَلَن نَّزِيدَكُمْ إِلَّا عَذَابًا ﴿٣٠﴾

27 നിശ്ചയമായും, അവർ വിചാരണയെ പ്രതീക്ഷിക്കുന്നില്ലായിരുന്നു;
28 നമ്മുടെ ലക്ഷ്യങ്ങളെ അവർ ഒരു (വല്ലാത്ത) വ്യാജമാക്കൽ വ്യാജമാക്കുകയും ചെയ്തു. (ഇതാണ് കാരണം)
29 എല്ലാ കാര്യവും തന്നെ, നാം (എഴുതി) രേഖപ്പെടുത്തി തിട്ടമാക്കിവെച്ചിരിക്കുന്നു.
30 ആകയാൽ, (ഹേ, അതിക്രമകാരികളേ) രുചി നോക്കിക്കൊള്ളുവിൻ! ഇനി, നിങ്ങൾക്ക് ശിക്ഷയല്ലാതെ (മറ്റൊന്നും) നാം വർദ്ധിപ്പിച്ചുതരുന്നതേയല്ല.

ഖത്താദ(റ)യിൽ നിവേദനം ചെയ്യപ്പെട്ടത്പോലെ, നരകക്കാരെ സംബന്ധിച്ചേടത്തോളം വചനം 30 -നേക്കാളും ഗൗരവമേറിയ മറ്റൊരു വാക്യം ഖുർആനിൽ ഇല്ലെന്ന് തന്നെ പറയാം. അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ - ആമീം.

## വിഭാഗം - 2

**വചനം 31,32,33,34,35,36,37,38:**

إِنَّ لِلْمُتَّقِينَ مَفَازًا ﴿٣١﴾

حَدَآئِقَ وَأَعْنَـٰبًا ﴿٣٢﴾

وَكَوَاعِبَ أَتْرَابًا ﴿٣٣﴾

وَكَأْسًا دِهَاقًا ﴿٣٤﴾

لَّا يَسْمَعُونَ فِيهَا لَغْوًا وَلَا كِذَّٰبًا ﴿٣٥﴾

جَزَآءً مِّن رَّبِّكَ عَطَآءً حِسَابًا ﴿٣٦﴾

رَّبِّ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ٱلرَّحْمَـٰنِ ۖ لَا يَمْلِكُونَ مِنْهُ خِطَابًا ﴿٣٧﴾

يَوْمَ يَقُومُ ٱلرُّوحُ وَٱلْمَلَـٰٓئِكَةُ صَفًّا ۖ لَّا يَتَكَلَّمُونَ إِلَّا مَنْ أَذِنَ لَهُ ٱلرَّحْمَـٰنُ وَقَالَ صَوَابًا ﴿٣٨﴾

31 നിശ്ചയമായും സൂക്ഷ്മതയുള്ളവർക്ക് വിജയം (അഥവാ ഭാഗ്യസ്ഥാനം) ഉണ്ട്.
32 അതായത്, തോപ്പുകളും, മുന്തിരി (വള്ളി)കളും,
33 സമപ്രായക്കാരായ സ്തനം തുടിച്ച തരുണികളും,
34 (കള്ളിന്റെ) നിറഞ്ഞ കോപ്പകളും (ഉണ്ട്).
35 അവിടത്തിൽവെച്ച് വല്ല അനാവശ്യമാകട്ടെ, വ്യാജവാർത്തയാകട്ടെ അവർ കേൾക്കുന്നതല്ല.
36 നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള പ്രതിഫലം! അതായത്, കണക്കൊത്ത (തികച്ചും മതിയായ) സമ്മാനം!
37 (അതെ) ആകാശങ്ങളുടെയും, ഭൂമിയുടെയും, അവ രണ്ടിനുമിടയിലുള്ളതിന്റെയും രക്ഷിതാവിന്റെ -പരമകാരുണികനായുള്ളവന്റെ- (വക സമ്മാനം)! അവനോട് അഭിമുഖസംസാരത്തിന് അവർക്ക് (ആർക്കും) സാധിക്കുകയില്ല.
38 'റൂഹും' (ആത്മാവും) മലക്കുകളും അണിയായി നിൽക്കുന്ന ദിവസം;-(അന്ന്) പരമകാരുണികനായുള്ളവൻ ഏതൊരുവന് അനുമതി നൽകുകയും, താൻ ശരിയായത് പറയുകയും ചെയ്തിരിക്കുന്നുവോ അവനല്ലാതെ അവർ (ആരുംതന്നെ) സംസാരിക്കുകയില്ല.

സത്യ വിശ്വാസികളായ സജ്ജനങ്ങൾക്കുള്ള സന്തോഷ വാർത്ത ഈ വചനങ്ങളിലൂടെ അല്ലാഹു അറിയിക്കുന്നു. ദുഷ്കർമ്മങ്ങൾക്കുള്ള പ്രതിഫലം അവക്ക് സമാനമായ ശിക്ഷ മാത്രമായിരിക്കുമെന്ന് 26-ാം വചനത്തിൽ 'യോജിച്ച പ്രതിഫലം' എന്ന് പറഞ്ഞതിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. എന്നാൽ ഭയ ഭക്തന്മാരുടെ പ്രതിഫലത്തെക്കുറിച്ച് 36-ാം വചനത്തിലെ വിശേഷണത്തിലൂടെ, സൽക്കർമ്മങ്ങൾക്ക് പത്തിരട്ടിയും അതിലധികവും പ്രതിഫലം നൽകപ്പെടുമെന്ന അല്ലാഹുവിന്റെ വാഗ്ദാനത്തെക്കുറിച്ച് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

അണിയണിയായി നിൽക്കുന്ന മലക്കുകളുടെ വലയത്തിൽ പ്രവാചകന്മാർ പോലും 'എന്റെ കാര്യം, എന്റെ കാര്യം' എന്ന് പറഞ്ഞേക്കുന്ന ആ ഭയങ്കര ദിനത്തിൽ, സൃഷ്ടികളെല്ലാം തന്നെ പറ്റിയുള്ള തീരുമാനത്തെക്കുറിച്ച് പരിഭ്രാന്തിയോടെ കാത്തുനിൽക്കുന്ന ആ ഭീകര ഘട്ടത്തിൽ, വല്ലതും ഉരിയാടാൻ ആർക്കും സാധിക്കുന്നതല്ല. - അല്ലാഹു അനുമതി നൽകുകയും അവൻ തൃപ്തിപ്പെടുകയും ചെയ്തവർക്കല്ലാതെ.

"അത് വന്നെത്തുന്ന ദിവസം ഒരാളും തന്നെ അല്ലാഹുവിന്റെ അനുവാദം കൂടാതെ സംസാരിക്കുകയില്ല." സൂ.ഹൂദ്:105; "അവന്റെ അനുവാദമില്ലാതെ അവന്റെ അടുക്കൽ ആർ ശുപാർശ ചെയ്യും." (അൽ ബഖറ: 255) എന്നീ വചനങ്ങൾ ശ്രദ്ധിക്കുക.

അനുമതി ലഭിക്കുന്നത് ആർക്കായിരിക്കുമെന്ന് **وقال صوابا** (ശരിയായത് പറയുകയും ചെയ്തു - വചനം 38) എന്ന വാക്യം മുഖേന അല്ലാഹു ചൂണ്ടിക്കാട്ടുന്നു. - അഥവാ ഇഹത്തിൽ വെച്ച് തൗഹീദിന്റെ വാക്യവും തദടിസ്ഥാനത്തിലുള്ള തത്വങ്ങളും സ്വീകരിച്ചവർ.

38-ാം വചനത്തിൽ 'റൂഹ്' എന്ന് പറഞ്ഞത് കൊണ്ടുദ്ദേശ്യം 'ജിബ്‌രീൽ' ആണെന്ന് അഭിപ്രായമുണ്ട്. 'ജിബ്‌രീലി'നെ പ്പറ്റി 'റൂഹ്' എന്ന് ഖുർആനിലും ഹദീസിലും ഉപയോഗിക്കാറുള്ളതാണ്. എന്നാൽ ഇബ്നു കഥീർ(റ) അഭിപ്രായപ്പെട്ടത് ഇവിടെ 'റൂഹ്' എന്നതുകൊണ്ട് 'മനുഷ്യാത്മക്കൾ' എന്നാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്നാകുന്നു. സന്ദർഭോചിതമായിട്ടുള്ളതും പ്രസ്തുത അഭിപ്രായമാകുന്നു. **الله اعلم**

**വചനം 39,40:**

ذَٰلِكَ ٱلْيَوْمُ ٱلْحَقُّ ۖ فَمَن شَآءَ ٱتَّخَذَ إِلَىٰ رَبِّهِۦ مَـَٔابًا ﴿٣٩﴾
إِنَّآ أَنذَرْنَـٰكُمْ عَذَابًا قَرِيبًا يَوْمَ يَنظُرُ ٱلْمَرْءُ مَا قَدَّمَتْ يَدَاهُ وَيَقُولُ ٱلْكَافِرُ يَـٰلَيْتَنِى كُنتُ تُرَٰبًۢا ﴿٤٠﴾

39 അതത്രെ, യഥാർത്ഥദിവസം! ആകയാൽ, (വേണമെന്ന്)ആർ ഉദ്ദേശിച്ചുവോ അവൻ തൻെറ രക്ഷിതാവിങ്കലേക്ക് (മടങ്ങുവാനുള്ള) സങ്കേതം ഏർപ്പെടുത്തിക്കൊള്ളട്ടെ,

40 (ജനങ്ങളേ) നിശ്ചയമായും, സമീപസ്ഥമായ ഒരു ശിക്ഷയെക്കുറിച്ച് നിങ്ങൾക്കു നാം (ഇതാ) മുന്നറിയിപ്പു നൽകിയിരിക്കുന്നു! (അതെ) മനുഷ്യൻ തൻെറകരങ്ങൾ മുൻചെയ്തുവെച്ചതിനെ നോക്കിക്കാണുന്ന ദിവസം; -അവിശ്വാസിയായുള്ളവൻ (അന്ന്) പറയും: "അയ്യോ! ഞാൻ മണ്ണായിരുന്നെങ്കിൽ നന്നായേനെ!" എന്ന്.

ഖിയാമത്ത് നാളിലെ ഭയങ്കരതയും കഠിന ശിക്ഷയും കാണുമ്പോൾ അവിശ്വാസികൾ കൊതിച്ച് പോകും - "തങ്ങൾ മനുഷ്യരായി സൃഷ്ടിക്കപ്പെടാതെ വെറും മണ്ണായിരുന്നെങ്കിൽ എത്ര നന്നായേനെ; എങ്കിൽ ഇതൊന്നും അനുഭവിക്കേണ്ടി വരികയില്ലായിരുന്നുവല്ലോ" എന്ന്.

അബൂ ഹുറൈറ(റ)യിൽ നിന്നും ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു:

"എല്ലാ സൃഷ്ടികളും ഖിയാമത്ത് നാളിൽ ഒരുമിച്ച് കൂട്ടപ്പെടും. കാലികളും പറവകളും ഇതര ജീവികളും എല്ലാംതന്നെ. അങ്ങനെ കൊമ്പില്ലാത്തവർക്ക് കൊമ്പുള്ള ജീവികളോട് പ്രതികാരം എടുത്ത് കൊള്ളത്തക്കവണ്ണം അല്ലാഹു നടപടിയെടുക്കും. പിന്നീട് അവയോട് അല്ലാഹു നിങ്ങൾ മണ്ണായിക്കൊള്ളുക" എന്ന് പറയും. അപ്പോഴാണ് അവിശ്വാസിയായവൻ "അയ്യോ ഞാൻ മണ്ണായിരുന്നെങ്കിൽ എത്ര നന്നായേനെ" എന്ന് പറയുക.

# 79. സൂറത്തു ന്നാസിആത്ത് (ഊരിയെടുക്കുന്നവ)

**മക്കയിൽ അവതരിച്ചത്**

വചനം 46, വിഭാഗം - 2

സൂറത്തിന്റെ ആദ്യ വചനത്തിൽ 'ഊരിയെടുക്കുന്നവ'(നാസിആത്ത്) യെ ക്കൊണ്ട് അല്ലാഹു സത്യം ചെയ്യുന്നു.

**വിഭാഗം - 1**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ بسم الله الرحمن الرحيم

**വചനം 1,2,3,4,5:**

(പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ)

وَٱلنَّٰزِعَٰتِ غَرۡقٗا ١

1 മുഴുകി പ്രവേശിച്ച് (നിർദ്ദയം) ഊരിയെടുക്കുന്നവ തന്നെയാണ (സത്യം)!

وَٱلنَّٰشِطَٰتِ نَشۡطٗا ٢

2 വേഗതയിൽ (സൗമ്യമായി) അഴിച്ചുവിടുന്നവ തന്നെയാണ (സത്യം)!

وَٱلسَّٰبِحَٰتِ سَبۡحٗا ٣

3 ഒരു (ശക്തമായ) ഒഴുക്ക് ഒഴുകിവരുന്നവ തന്നെയാണ (സത്യം)!

فَٱلسَّٰبِقَٰتِ سَبۡقٗا ٤

4 എന്നിട്ട്, മുന്നോട്ട് കുതിച്ചു പോകുന്നവ തന്നെയാണ (സത്യം)!

فَٱلۡمُدَبِّرَٰتِ أَمۡرٗا ٥

5 എന്നിട്ട്, കൽപന (വ്യവസ്ഥപ്രകാരം) ചിട്ടപ്പെടുത്തുന്നവ തന്നെയാണ (സത്യം)!

മരണ സമയത്ത് മനുഷ്യരുടെ ആത്മാക്കളെ പിടിച്ചെടുക്കുന്ന മലക്കുകളെ കൊണ്ട് അല്ലാഹു ഈ വചനങ്ങളിൽ സത്യം ചെയ്യുന്നു. അതോടൊപ്പം അവർ ആ കൃത്യം നിർവ്വഹിക്കുന്നതിന്റെ സ്വഭാവവും ചൂണ്ടിക്കാട്ടുന്നു. അവിശ്വാസികളുടെ ആത്മാക്കളെ പിടിച്ചെടുക്കുന്നത് വളരെ നിർദ്ദയമായ രീതിയിലായിരിക്കും. ഒരു ജലാശയത്തിനടിയിൽ മുങ്ങിത്തപ്പുന്നത് പോലെ ശരീരത്തിന്റെ നാനാഭാഗങ്ങളിലും അവർ മുഴുകി പ്രവേശിക്കും. മരണമടയുന്നവൻ അതിനാൽ അങ്ങേയറ്റം വേദനയും യാതനയും അനുഭവിക്കുകയും ചെയ്യും. ഇതാണ് 1-ാം വചനത്തിൽ സൂചിപ്പിക്കുന്നത്. അവിശ്വാസികളുടെ മരണ വേളയിൽ മലക്കുകൾ അവരോട് വളരെ പരുഷമായി പെരുമാറുന്നതിനെ പറ്റി സൂ.അൻആം: 93, സൂ. അൻഫാൽ:50; സൂ. മുഹമ്മദ്: 27 എന്നിവിടങ്ങളിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ സജ്ജനങ്ങളുടെ ആത്മാക്കളെ പിടിച്ചെടുക്കുന്നതാകട്ടെ വളരെ സൗമ്യത്തിലും വേഗത്തിലുമായിരിക്കും - അഥവാ കെട്ടിയിട്ട മൃഗത്തെ കെട്ടഴിച്ച് കൊണ്ട് പോകുന്നത് പോലെ വളരെ വേഗത്തിലും സന്തോഷത്തോട് കൂടിയും ആയിരിക്കും (സൂ.നഹ്ൽ: 32 നോക്കുക). ഇവിടെ 2-ാം വചനത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത് ഇതേ പറ്റിയാണ്. 3-ാം വചനത്തിൽ ആകാശത്ത് നിന്ന് മലക്കുകൾ അതിവേഗം ഇറങ്ങി വരുന്നതിനേയും, 4-ാം വചനത്തിൽ, മരണപ്പെട്ടവരുടെയെല്ലാം ആത്മാക്കളെ ഒരു നിശ്ചിത സ്ഥാനത്ത് ധൃതിയിൽ കൊണ്ടുപോയി എത്തിക്കുന്നതിനെയും പറ്റി സൂചിപ്പിച്ചിരിക്കുന്നു. മേൽ വിവരിച്ചതും അല്ലാത്തതുമായ, അല്ലാഹു നടപ്പാക്കുവാൻ കൽപിച്ച കാര്യങ്ങളെല്ലാം ചിട്ടയനുസരിച്ച് മലക്കുകൾ നടപ്പാക്കുന്നതിനെക്കുറിച്ചാണ് 5-ാം വചനത്തിൽ സൂചന.

ഈ അഞ്ച് സത്യ വചനങ്ങളിലും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് മലക്കുകൾ ആണെന്നാണ് സ്വഹാബികളും മുൻഗാമികളുമായ മഹാന്മാരിൽ ഭൂരിഭാഗവും സ്വീകരിച്ചിട്ടുള്ള അഭിപ്രായം. അതനുസരിച്ചാണ് ഈ വചനങ്ങളുടെ വിവരണം നൽകിയിട്ടുള്ളത്. എന്നാൽ അവ നക്ഷത്രങ്ങളെ ഉദ്ദേശിച്ചാണെന്നും യുദ്ധക്കുതിരകളെക്കുറിച്ചാണെന്നും വ്യാഖ്യാതാക്കളിൽ ചിലർ അഭിപ്രായപ്പെട്ടിട്ടുള്ളതായും കാണാം. അത് പ്രകാരം ആദ്യത്തെ നാലും നക്ഷത്രങ്ങളെ ഉദ്ദേശിച്ചാണന്നും യുദ്ധക്കുതിരകളെ ഉദ്ദേശിച്ചാണെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. എന്നാൽ അഞ്ചാം വചനത്തിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് മലക്കുകൾ തന്നെയാണെന്ന കാര്യത്തിൽ ഖുർആൻ വ്യാഖ്യാതാക്കളെല്ലാം യോജിച്ചവരാകുന്നു. الله اعلم



www.islamhouse.com

**വചനം 6,7,8,9:**

يَوْمَ تَرْجُفُ ٱلرَّاجِفَةُ ﴿٦﴾ تَتْبَعُهَا ٱلرَّادِفَةُ ﴿٧﴾ قُلُوبٌ يَوْمَئِذٍ وَاجِفَةٌ ﴿٨﴾ أَبْصَـٰرُهَا خَـٰشِعَةٌ ﴿٩﴾

6 കിടിലം കൊള്ളുന്നത് കിടിലംകൊള്ളുന്ന ദിവസം!-

7 പിന്നാലെ വരുന്നത് അതിനെത്തുടർന്ന് വരുന്നതാണ്.

8 അന്നത്തെ ദിവസം ചില ഹൃദയങ്ങൾ (പേടിച്ചു) വിറകൊള്ളുന്നവയായിരിക്കും;

9 അവയുടെ കണ്ണുകൾ (വിനയപ്പെട്ടു) താഴ്മ ചെയ്യുന്നവയായിരിക്കും.

ഖിയാമത്ത് നാളിൽ ലോകം ആകമാനം കിടുകിടെ വിറപ്പിക്കപ്പെടുന്ന ആദ്യത്തെ കാഹളം ഊത്തിനെ കുറിച്ചാണ് 6-ാം വചനത്തിൽ സൂചിപ്പിക്കുന്നത്. അതിനുശേഷം എല്ലാവരും ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്ന രണ്ടാമത്തെ കാഹളം ഊത്താണ് 7-ാം വചനത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. ഇവയെക്കുറിച്ച് ഖുർആനിൽ പലയിടത്തും പ്രസ്താവിച്ചിട്ടുള്ളതാകുന്നു (സൂ.യാസീൻ: 51-ാം വചനം നോക്കുക). അവിശ്വാസികൾക്ക് അന്നേ ദിവസം അങ്ങേയറ്റം ഭയവും പരിഭ്രമവും അപമാനവും നേരിടുന്നതാണ്. അതിനുള്ള കാരണങ്ങളാണ് അടുത്ത വചനങ്ങളിൽ.

**വചനം 10,11,12:**

يَقُولُونَ أَءِنَّا لَمَرْدُودُونَ فِى ٱلْحَافِرَةِ ﴿١٠﴾ أَءِذَا كُنَّا عِظَـٰمًا نَّخِرَةً ﴿١١﴾ قَالُوا۟ تِلْكَ إِذًا كَرَّةٌ خَاسِرَةٌ ﴿١٢﴾

10 അവർ പറയുന്നു: "നിശ്ചയമായും, നാം കുഴിയിൽ വെച്ച് (മുൻസ്ഥിതിയിൽ) മടക്കപ്പെടുന്നവരാണോ?!"

11 "നാം ജീർണ്ണിച്ച് എല്ലുകളായിത്തീർന്നിട്ടാണോ (ആ മടക്കം)?!"

12 അവർ പറയുകയാണ്: "അങ്ങിനെയാണെങ്കിൽ, നഷ്ടകരമായ ഒരു തിരിച്ചുവരവത്രെ അത്."

മരണാനന്തര ജീവിതത്തെ നിഷേധിക്കുന്ന മുശ്‌രിക്കുകൾ പരിഹാസ പൂർവ്വം പറയുന്ന വാക്കുകളാണ് ഈ വചനങ്ങളിൽ. മരണശേഷം എല്ലുകൾ പോലും ദ്രവിച്ച് ജീർണ്ണിച്ചതിന് ശേഷം പിന്നെയും ഞങ്ങളെ കബറുകളിൽ വെച്ച് മുൻ സ്ഥിതിയിൽ ജീവിപ്പിക്കുമെന്നാണോ നിങ്ങൾ പറയുന്നത്; അങ്ങനെയാണെങ്കിൽ അത് ഞങ്ങളെ സംബന്ധിച്ചിടത്തോളം വമ്പിച്ച നഷ്ടമായിരിക്കുമല്ലോ; ഞങ്ങൾ ആ ജീവിതത്തിലേക്ക് യാതൊരു ഒരുക്കവും ചെയ്തിട്ടില്ലല്ലൊ - അങ്ങനെ പോകുന്നു അവരുടെ പരിഹാസം.

**വചനം 13,14:**

فَإِنَّمَا هِىَ زَجْرَةٌ وَٰحِدَةٌ ﴿١٣﴾ فَإِذَا هُم بِٱلسَّاهِرَةِ ﴿١٤﴾

13 എന്നാൽ, അത് ഒരേ ഒരു (ഘോര) ശബ്ദം മാത്രമായിരിക്കും.

14 അപ്പോഴേക്ക് അവരതാ ഭൂമുഖത്തായിരിക്കും!

കാഹളത്തിൽ ഊതപ്പെടുമ്പോൾ ഭൂമിയുടെ ഇന്നത്തെ സ്ഥിതിയെല്ലാം മാറിപ്പോകുമെന്നും, എല്ലാം സമ നിരപ്പാക്കപ്പെടുന്നതുമാണെന്ന് ഖുർആനിൽ പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതാകുന്നു. രണ്ടാമത്തെ, കാഹളമൂത്തിനെ തുടർന്ന് 'മഹ്ശറി'ൽ സമ്മേളിക്കുകയും ചെയ്യുന്നതാണ്.

തുടർന്നുള്ള വചനങ്ങളിൽ മൂസാ(അ) നബിയുടെയും ഫിർഔനിന്റെയും ചരിത്രം അല്ലാഹു വിവരിക്കുന്നു.

**വചനം 15,16,17,18,19:**

هَلْ أَتَىٰكَ حَدِيثُ مُوسَىٰٓ ﴿١٥﴾ إِذْ نَادَىٰهُ رَبُّهُۥ بِٱلْوَادِ ٱلْمُقَدَّسِ طُوًى ﴿١٦﴾

15 (നബിയേ) നിനക്ക് മൂസായുടെ വർത്തമാനം വന്നിരിക്കുന്നുവോ?!-

16 അതായത്, 'ത്വുവാ' എന്ന പരിശുദ്ധ താഴ്‌വരയിൽവെച്ച് അദ്ദേഹത്തിൻെറ റബ്ബ് അദ്ദേഹത്തെ വിളിച്ചു പറഞ്ഞ സന്ദർഭം:-



www.islamhouse.com

أَذْهَبْ إِلَىٰ فِرْعَوْنَ إِنَّهُۥ طَغَىٰ ﴿١٧﴾

17 "നീ ഫിർഔൻെറ അടുക്കലേക്ക് പോയി ക്കൊള്ളുക; നിശ്ചയമായും, അവൻ (ധിക്കാര ത്തിൽ) അതിരുകവിഞ്ഞിരിക്കുന്നു.

فَقُلْ هَل لَّكَ إِلَىٰٓ أَن تَزَكَّىٰ ﴿١٨﴾

18 എന്നിട്ട് പറയുക: "നീ പരിശുദ്ധി പ്രാപിക്കേണ്ട തിലേക്ക് നിനക്ക് ഒരുക്കമുണ്ടോ?-

وَأَهْدِيَكَ إِلَىٰ رَبِّكَ فَتَخْشَىٰ ﴿١٩﴾

19 "നിൻെറ റബ്ബിങ്കലേക്ക് ഞാൻ നിനക്ക് മാർഗ ദർശനം നൽകുകയും, അങ്ങിനെ നീ (അവനെ) ഭയപ്പെടുകയും ചെയ്യുന്നതിനും (ഒരുക്ക മുണ്ടോ)?"

സീനാ പർവ്വതത്തിലെ ത്വുവാ താഴ്‌വരയിൽ വെച്ച് അല്ലാഹു മൂസാ(അ) നബിയോട് സംസാ രിച്ച വിവരം സൂ. ത്വാഹായിൽ (9 -48 വചനങ്ങൾ) വിശദമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. സംസാര ത്തിന്റെ ഒരു ഭാഗമാണ് ഇവിടെ അല്ലാഹു ഉദ്ധരിക്കുന്നത്.

**വചനം 20,21,22,23,24:**

فَأَرَىٰهُ ٱلْـَٔايَةَ ٱلْكُبْرَىٰ ﴿٢٠﴾

20 അങ്ങനെ, അദ്ദേഹം അവന് (ആ) വമ്പിച്ച ദൃഷ്ടാന്തം കാട്ടിക്കൊടുത്തു.

فَكَذَّبَ وَعَصَىٰ ﴿٢١﴾

21 എന്നാൽ, അവൻ വ്യാജമാക്കുകയും, അനുസര ണക്കേട് കാണിക്കുകയും ചെയ്തു.

ثُمَّ أَدْبَرَ يَسْعَىٰ ﴿٢٢﴾

22 പിന്നീട് അവൻ (എതിരായ) പരിശ്രമം നടത്തി ക്കൊണ്ട് പിന്നോട്ടുപോയി.

فَحَشَرَ فَنَادَىٰ ﴿٢٣﴾

23 അങ്ങനെ, അവൻ (തൻെറ ആൾക്കാരെ) ശേഖരിച്ചു; എന്നിട്ട് വിളിച്ചു (പ്രഖ്യാപിച്ചു);-

فَقَالَ أَنَا۠ رَبُّكُمُ ٱلْأَعْلَىٰ ﴿٢٤﴾

24 അവൻ പറഞ്ഞു: "ഞാൻ നിങ്ങളുടെ ഏറ്റവും ഉന്നതനായ റബ്ബാകുന്നു."

മൂസാ(അ) നബി തന്റെ വടി താഴെയിട്ടപ്പോൾ അത് പാമ്പായി മാറുന്ന മഹത്തായ ദൃഷ്ടാന്തം ഫിർഔൻനെ കാണിക്കുകയും അയാളെ സത്യ പ്രബോധനത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു. എന്നാൽ മൂസാ(അ) നബിയുടെ ദൗത്യത്തേയും പ്രബോധനത്തേയും നിഷേധിക്കുക മാത്രമല്ല, അദ്ദേഹത്തിന് എതിരായ പ്രവർത്തനങ്ങളുമായി ഫിർഔൻ മുന്നോട്ട് പോകുകയും ചെയ്തു. "ഞാൻ നിങ്ങളുടെ ഉന്ന തനായ റബ്ബാകുന്നു" എന്ന് വരെ അവൻ പ്രഖ്യാപിക്കുകയുണ്ടായി.

**വചനം 25,26:**

فَأَخَذَهُ ٱللَّهُ نَكَالَ ٱلْـَٔاخِرَةِ وَٱلْأُولَىٰٓ ﴿٢٥﴾

25 അപ്പോൾ അല്ലാഹു അവനെ പരലോകത്തി ൻെറയും ആദ്യലോക (ഇഹലോക)ത്തിൻെറയും ശിക്ഷാനടപടിയായി പിടിച്ചു (ശിക്ഷിച്ചു).

إِنَّ فِى ذَٰلِكَ لَعِبْرَةً لِّمَن يَخْشَىٰٓ ﴿٢٦﴾

26 നിശ്ചയമായും ഭയപ്പെടുന്നവർക്ക് അതിൽ ഒരു വലിയ ചിന്താപാഠമുണ്ട്.

നൈൽ നദിയിൽ അവനും പരിവാരങ്ങളും മുക്കിക്കൊല്ലപ്പെട്ടു. ഇത് ഇഹത്തിൽ വെച്ച് അവന് ലഭിച്ച ശിക്ഷയാണ്. തുടർന്ന് പരലോകത്ത് നരക ശിക്ഷയും. ഒരു മഹാ സാമ്രാജ്യത്തിന്റെ സർവ്വാധിപ തിയായിരുന്ന ഫിർഔന്റെ അതി ദാരുണമായ പര്യവസാനത്തിൽ അല്ലാഹുവിനെ ഭയപ്പെടുന്ന ഏവർക്കും വമ്പിച്ച പാഠമുണ്ടെന്നത് തീർച്ച തന്നെ.

## വിഭാഗം - 2

**വചനം 27,28,29,30,31,32,33:**

ءَأَنتُمْ أَشَدُّ خَلْقًا أَمِ ٱلسَّمَآءُ ۚ بَنَىٰهَا ﴿٢٧﴾

27 നിങ്ങളാണോ സൃഷ്ടിക്കപ്പെടുവാൻ കൂടുതൽ പ്രയാസപ്പെട്ടവർ, അതല്ല, ആകാശമോ?! അതി നെ അവൻ നിർമിച്ചിരിക്കുന്നു.



www.islamhouse.com

رَفَعَ سَمۡكَهَا فَسَوَّىٰهَا ٢٨

28 അതിൻെറ മേൽഭാഗം അവൻ ഉയർത്തി; അങ്ങനെ അതിനെ (പരിപൂർണമായി) ശരിപ്പെടുത്തി.

وَأَغۡطَشَ لَيۡلَهَا وَأَخۡرَجَ ضُحَىٰهَا ٢٩

29 അതിലെ രാത്രിയെ അവൻ ഇരുട്ടിയതാക്കുകയും, അതിലെ വെളിച്ചം (പകലിനെ) അവൻ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു;

وَٱلۡأَرۡضَ بَعۡدَ ذَٰلِكَ دَحَىٰهَآ ٣٠

30 ഭൂമിയെ അതിനുശേഷം അവൻ (പരത്തി) വിതാനിക്കുകയും ചെയ്തിരിക്കുന്നു;

أَخۡرَجَ مِنۡهَا مَآءَهَا وَمَرۡعَىٰهَا ٣١

31 അതിൽനിന്ന് അതിലെ (ഉറവു) ജലവും അതിലെ മേച്ചിൽ സ്ഥലവും (സസ്യലതാദികളും) അവൻ പുറപ്പെടുവിച്ചു;

وَٱلۡجِبَالَ أَرۡسَىٰهَا ٣٢

32 മലകളെയും(അതിൽ) ആണിയിട്ടുറപ്പിച്ചു:-

مَتَٰعٗا لَّكُمۡ وَلِأَنۡعَٰمِكُمۡ ٣٣

33 നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും ഉപയോഗത്തിനായിട്ട്.

ഈ വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട ദൃഷ്ടാന്തങ്ങൾ പ്രദാനം ചെയ്ത സർവ്വ ശക്തനായ അല്ലാഹുവിന്, നിങ്ങൾക്ക് രണ്ടാമതൊരു ജീവിതം നൽകുവാനും പരലോകമെന്ന മറ്റൊരു ലോകം സൃഷ്ടിക്കുവാനും പ്രയാസമുള്ള കാര്യമല്ലല്ലോ.

**വചനം 34,35,36,37,38,39,40,41:**

فَإِذَا جَآءَتِ ٱلطَّآمَّةُ ٱلۡكُبۡرَىٰ ٣٤

34 എന്നാൽ (എല്ലാറ്റിനെയും) അടക്കി ജയിക്കുന്ന ഏറ്റവും വലിയ വിപത്ത് വന്നാൽ!-

يَوۡمَ يَتَذَكَّرُ ٱلۡإِنسَٰنُ مَا سَعَىٰ ٣٥

35 അതായത്, മനുഷ്യൻ താൻ പ്രവർത്തി(ച്ചുവെ)ച്ചതിനെക്കുറിച്ച് ഓർമിക്കുന്ന ദിവസം;-

وَبُرِّزَتِ ٱلۡجَحِيمُ لِمَن يَرَىٰ ٣٦

36 കത്തിജ്വലിക്കുന്ന നരകം, കാണാവുന്നവർക്ക് (കാണുവാൻ) വേണ്ടി വെളിക്കുകൊണ്ടു വരപ്പെടുകയും ചെയ്യുന്ന (ദിവസം);-

فَأَمَّا مَن طَغَىٰ ٣٧

37 എന്നാലപ്പോൾ, യാതൊരുവൻ അതിരുവിട്ടിരിക്കുന്നുവോ,-

وَءَاثَرَ ٱلۡحَيَوٰةَ ٱلدُّنۡيَا ٣٨

38 ഐഹികജീവിതത്തിന് പ്രാധാന്യം കൊടുക്കുകയും ചെയ്തിരിക്കുന്നുവോ-,

فَإِنَّ ٱلۡجَحِيمَ هِيَ ٱلۡمَأۡوَىٰ ٣٩

39 (അവന്) കത്തിജ്വലിക്കുന്ന നരകം തന്നെയാണ് സങ്കേതസ്ഥാനം.

وَأَمَّا مَنۡ خَافَ مَقَامَ رَبِّهِۦ وَنَهَى ٱلنَّفۡسَ عَنِ ٱلۡهَوَىٰ ٤٠

40 അപ്പോൾ, യാതൊരുവൻ തൻെറ റബ്ബിൻെറ സ്ഥാനത്തെ (അവൻെറ മുമ്പിൽ നിൽക്കുന്നതിനെ) ഭയപ്പെടുകയും, മനസ്സിനെ ഇച്ഛയിൽ നിന്ന് വിലക്കിനിറുത്തുകയും ചെയ്തിരിക്കുന്നുവോ-,

فَإِنَّ ٱلۡجَنَّةَ هِيَ ٱلۡمَأۡوَىٰ ٤١

41 (അവന്) സ്വർഗംതന്നെയാണ് സങ്കേതസ്ഥാനം

എല്ലാ ആപത്തുകളെയും വിസ്മരിപ്പിച്ചു കളയുന്ന ഏററവും വലിയ വിപത്താകുന്ന ഖിയാമത്ത് നാളിൽ മനുഷ്യൻ മറ്റേത് കാര്യങ്ങൾ മറന്നാലും ശരി, താൻ ഇഹത്തിൽ വെച്ച് ചെയ്ത ചെറുതും വലുതുമായ കർമ്മങ്ങൾ ഒന്നൊന്നായി അവന് ഓർമ്മ വരും. വെളിക്ക് കൊണ്ട് വരപ്പെടുന്ന നരകം നേരിൽ കാണുന്ന കുറ്റവാളികൾക്ക് തങ്ങളുടെ ശിക്ഷയെകുറിച്ചുള്ള പരിഭ്രമവും വിഭ്രാന്തിയും കൂടുതൽ വർദ്ധിക്കുന്നതുമാണ്. ധാർമ്മിക മൂല്യങ്ങളെ ധിക്കരിക്കുന്നതിൽ അതിര് കവിയുകയും, ഐഹിക ജീവിതത്തിന് അർഹിക്കുന്നതിൽ കവിഞ്ഞ പ്രാധാന്യം നൽകുകയും ചെയ്തവരാകുന്നു, അക്കൂട്ടർ. എന്നാൽ റബ്ബിന്റെ മുമ്പിൽ ഹാജരാകേണ്ടി വരുന്നതിനെക്കുറിച്ചു ഭയമുള്ളവരും, ദേഹേഛ ചിന്തകളിൽ നിന്ന് മനസ്സിനെ തടഞ്ഞു നിർത്തുകയും ചെയ്തിട്ടുള്ള സൽക്കർമ്മികൾക്ക് സ്വർഗ്ഗമാകുന്ന സങ്കേത സ്ഥാനം



www.islamhouse.com

അല്ലാഹു വാഗ്ദാനം നല്കുകയും ചെയ്യുന്നു. അല്ലാഹു നമ്മെ പുണ്യവാൻമാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തട്ടെ - ആമീൻ.

**വചനം 42,43,44,45,46:**

يَسْـَٔلُونَكَ عَنِ ٱلسَّاعَةِ أَيَّانَ مُرْسَىٰهَا ﴿٤٢﴾
فِيمَ أَنتَ مِن ذِكْرَىٰهَآ ﴿٤٣﴾
إِلَىٰ رَبِّكَ مُنتَهَىٰهَآ ﴿٤٤﴾
إِنَّمَآ أَنتَ مُنذِرُ مَن يَخْشَىٰهَا ﴿٤٥﴾
كَأَنَّهُمْ يَوْمَ يَرَوْنَهَا لَمْ يَلْبَثُوٓا۟ إِلَّا عَشِيَّةً أَوْ ضُحَىٰهَا ﴿٤٦﴾

42 (നബിയേ) അന്ത്യഘട്ടത്തെക്കുറിച്ച് അവർ നിന്നോട് ചോദിക്കുന്നു: ''ഏതവസരത്തിലാണ് അതിൻെറ സ്ഥാപനം (അത് സംഭവിക്കൽ)?'' എന്ന്.

43 അതിൻെറ പ്രസ്താവനയെ സംബന്ധിച്ച് എന്തൊരു നിലയിലാണ് നീയുള്ളത്?! (നിനക്ക് അതിനെപ്പറ്റി ഒന്നും അറിഞ്ഞുകൂടല്ലോ)

44 നിൻെറ റബ്ബിങ്കലേക്കാണ് അതിൻെറ കലാശം. (അത് അവന്നു മാത്രമേ അറിഞ്ഞുകൂടൂ.)

45 നിശ്ചയമായും അതിനെ ഭയപ്പെടുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നവൻ മാത്രമാകുന്നു നീ.

46 അതിനെ അവർ കാണുന്ന ദിവസം ഒരു സായാഹ്ന (സമയ)മോ, അല്ലെങ്കിൽ അതിൻെറ പൂർവ്വാഹ്ന(സമയ)മോ അല്ലാതെ അവർ (ഇഹത്തിൽ) കഴിഞ്ഞുകൂടിയിട്ടില്ലെന്നപോലെയിരിക്കും! (അത്രക്കും ഭയങ്കരമായിരിക്കും അത്.)

അന്ത്യനാളിനെക്കുറിച്ചുള്ള താക്കീതുകൾക്ക് നിഷേധികളുടെ പരിഹാസത്തിനുള്ള മറുപടിയാണീ വചനങ്ങളിൽ.

അത് എപ്പോഴാണെന്ന് നബി(സ)ക്കോ മറ്റൊർക്കെങ്കിലുമോ അറിയുകയില്ല. അല്ലാഹുവിന് മാത്രം അറിയാവുന്ന ഒരു പരമ രഹസ്യമാണത്. അല്ലാഹു അറിയിച്ച് കൊടുക്കാതെ അവിടുത്തേക്ക് എന്തറിയാനാണ്. അല്ലാഹുവിന്റെ കൽപന പ്രകാരം, അതിനെക്കുറിച്ച് ഭയപ്പെടുന്നവർക്ക് തിരുമേനി അതേക്കുറിച്ച് താക്കീത് നൽകുന്നുവെന്ന് മാത്രം.

വാസ്തവത്തിൽ അതിന്റെ സമയത്തേക്കുറിച്ചല്ല, അതിന്റെ ഗൗരവത്തെക്കുറിച്ചാണ്, അതെക്കുറിച്ച് ഭയപ്പെടാത്ത നിഷേധികൾ അന്വേഷിക്കേണ്ടത്. കാരണം അത് സംഭവിക്കുമ്പോൾ അവരുടെ പരമ ലക്ഷ്യമായിരുന്ന ഐഹിക ജീവിതത്തിൽ അവർ കേവലം ഒരു പകലിന്റെ സന്ധ്യാസമയത്തോളം അല്ലെങ്കിൽ അതിന്റെ രാവിലത്തെ സമയത്തോളം മാത്രമെ കഴിച്ച് കൂട്ടിയിട്ടുള്ളൂ എന്ന് അവർക്ക് തോന്നും. അത്രയും ഭയാനകമായിരിക്കും അന്നത്തെ അവസ്ഥ. അന്ത്യമില്ലാത്ത ഒരു ജീവിതത്തിന്റെ തുടക്കമായരിക്കും അത്.



www.islamhouse.com

# 80. സൂറത്തു അബസ (മുഖം ചുളിച്ചു)

**മക്കയിൽ അവതരിച്ചത്**

വചനം - 42

സൂറത്തിന്റെ ആദ്യ വചനത്തിൽ 'അദ്ദേഹം മുഖം ചുളിച്ചു' (അബസ) എന്ന് പ്രസ്താവന കാണാം.

നബി(സ) തിരുമേനി മക്കായിലെ പ്രമുഖരായ ചില ഖുറൈശി നേതാക്കളെ സ്വകാര്യമായി ഉപദേശിച്ച് കൊണ്ടും അവരെ ഇസ്ലാമിലേക്ക് ക്ഷണിച്ചും കൊണ്ടിരിക്കുന്ന ഒരു സന്ദർഭവത്തിൽ അബ്ദുല്ലാഹി ബ്നു ഉമ്മി മക്തൂം(റ) അവിടേക്ക് കടന്ന് ചെന്നു. ആദ്യം മുതലെ സത്യ വിശ്വാസം സ്വീകരിച്ച, ഒരു സഹാബി ആയിരുന്ന അദ്ദേഹം. അന്ധത നിമിത്തം, സന്ദർഭം മനസ്സിലാക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നില്ല. "നബിയേ എനിക്ക് മാർഗ ദർശനം നൽകണം, വല്ലതും പഠിപ്പിച്ചു തരണം" എന്ന് അദ്ദേഹം അപേക്ഷിച്ചു. കേവലം സാധുവും അന്ധനുമായ ഒരാളുടെ സാന്നിദ്ധ്യം ആ പ്രമാണിമാർക്ക് രസിക്കുകയില്ലെന്നും അങ്ങനെ അവരെ ഉപദേശിക്കുവാനുള്ള സന്ദർഭം നഷ്ടപ്പെട്ടേക്കുമെന്നും കരുതിയ തിരുമേനിക്ക് നീരസം തോന്നുകയും അദ്ദേഹത്തോട് വൈമുഖ്യം കാണിക്കുകയും ചെയതു.

ഈ സംഭവത്തെ പറ്റിയാണ് ഈ അദ്ധ്യായത്തിന്റെ ആദ്യ വചനങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത് എന്നാണ് മിക്ക മുഫസ്സിറുകളും, തിർമുദി(റ) ഹാകിം(റ) മുതലായവരും ഉദ്ധരിച്ചിരിക്കുന്നത്.

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**<u>വചനം 1,2,3,4:</u>**

عَبَسَ وَتَوَلَّىٰٓ ﴿١﴾

أَن جَآءَهُ ٱلْأَعْمَىٰ ﴿٢﴾

وَمَا يُدْرِيكَ لَعَلَّهُۥ يَزَّكَّىٰٓ ﴿٣﴾

أَوْ يَذَّكَّرُ فَتَنفَعَهُ ٱلذِّكْرَىٰٓ ﴿٤﴾

1 അദ്ദേഹം മുഖം ചുളിച്ചു, തിരിഞ്ഞുകളയുകയും ചെയ്തു.-

2 തൻെറ അടുക്കൽ (ആ) കുരുടൻ വന്നതിനാൽ!

3 (നബിയേ) നിനക്ക് എന്തറിയാം? അദ്ദേഹം പരിശുദ്ധി പ്രാപിച്ചേക്കാമല്ലോ!

4 അല്ലെങ്കിൽ, അദ്ദേഹം ഉപദേശം സ്വീകരിക്കുകയും, അങ്ങനെ (ആ) ഉപദേശം അദ്ദേഹത്തിന് പ്രയോജനപ്പെടുകയും ചെയ്തേക്കാം.

"അദ്ദേഹം മുഖം ചുളിച്ചു" എന്ന് പറഞ്ഞത് നബി(സ)യെ ഉദ്ദേശിച്ച് കൊണ്ട് സൗമ്യമായ രൂപത്തിൽ അല്ലാഹു നബി(സ)ക്ക് മര്യാദ ഉപദേശിക്കുകയാണ്. എത്ര നിസ്സാരമായിരുന്നാലും നബി(സ)യുടെ പക്കൽ ഒരു വീഴ്ച വന്ന് പോയാൽ ഉടനെ അല്ലാഹു അത് തിരുത്തുക പതിവാണ്. ഇതിന് വേറെയും ഉദാഹരണങ്ങൾ ഖുർആനിൽ കാണാം.

കുറച്ചാളുകൾ സംസാരിച്ചുകൊണ്ടിരിക്കുന്ന മദ്ധ്യേ ഇടക്ക് കയറി അവരുടെ സമ്മതം കൂടാതെ സംസാരിക്കുകയെന്നത് നല്ല വഴക്കമല്ല. ആ സ്ഥിതിക്ക് ഇബ്നു ഉമ്മി മക്തൂം(റ)വിന്റെ പെരുമാറ്റത്തിൽ തിരുമേനിക്ക് വെറുപ്പ് തോന്നിയതിൽ ഇത്ര ആക്ഷേപിക്കുവാനുണ്ടോ എന്ന് സംശയിക്കപ്പെടാം. ഇതിനു മറുപടി അല്ലാഹുവിന്റെ വചനങ്ങളിൽ തന്നെ അടങ്ങിയിരിക്കുന്നത് കാണാം:

ആഗതൻ കേവലം കണ്ണു കാണാത്ത ഒരാൾ. ആ ഉപദേശം മുലം അദ്ദേഹം പരിശുദ്ധി പ്രാപിച്ചേക്കാം എന്ന് ന്യായമായും കരുതാവുന്നതുമാണ്. അതേ സമയം നബി(സ)യുടെ സന്നിധിയിലുണ്ടായിരുന്ന ഖുറൈശീ പ്രമുഖന്മാരുടെ നിലപാടാകട്ടെ, അല്ലാഹു തുടർന്നുള്ള വചനങ്ങളിൽ വിവരിക്കുന്നു.



www.islamhouse.com

**വചനം 5,6,7,8,9,10:**

أَمَّا مَنِ ٱسْتَغْنَىٰ ﴿٥﴾ فَأَنتَ لَهُۥ تَصَدَّىٰ ﴿٦﴾ وَمَا عَلَيْكَ أَلَّا يَزَّكَّىٰ ﴿٧﴾ وَأَمَّا مَن جَآءَكَ يَسْعَىٰ ﴿٨﴾ وَهُوَ يَخْشَىٰ ﴿٩﴾ فَأَنتَ عَنْهُ تَلَهَّىٰ ﴿١٠﴾

5 എന്നാല്‍, ധന്യത നടിച്ച് (സ്വയം പര്യാപ്തനെന്ന് ധരിച്ച)വനാകട്ടെ,-

6 അവനുവേണ്ടി നീ ഒരുമ്പെട്ടിരിക്കുന്നു.

7 അവന്‍ പരിശുദ്ധി പ്രാപിക്കാതിരിക്കുന്നതിനാല്‍ നിന്‍റമേല്‍ എന്താണ് (ബാധ്യത) ഉള്ളത്?!

8 എന്നാല്‍ (ഉല്‍സാഹപൂര്‍വ്വം) പാഞ്ഞുകൊണ്ട് നിന്‍റെ അടുക്കല്‍ വന്നവനാകട്ടെ,

9 -അദ്ദേഹമോ (അല്ലാഹുവിനെ) ഭയപ്പെടുകയും ചെയ്യുന്നു-

10 അദ്ദേഹത്തെപ്പറ്റി നീ അശ്രദ്ധകാണിക്കുന്നു!

ധന്യത നടിച്ച് കൊണ്ട് തങ്ങള്‍ സ്വീകരിച്ച് വരുന്ന നടപടികളെല്ലാം തന്നെയാണ് ശരിയായിട്ടുള്ളതെന്ന ധാരണ വെച്ച് പുലര്‍ത്തുന്ന ആ പ്രമാണികള്‍ക്ക് വേണ്ടി സമയം ചിലവഴിക്കുന്നതിനേക്കാള്‍ എത്രയോ ഭേദം ഭയഭക്തനും വിജ്ഞാന ദാഹിയുമായ ആ സഹാബിയുടെ കാര്യത്തില്‍ ശ്രദ്ധ കൊടുക്കുകയാണ് - എന്ന് സാരം

ഈ വചനങ്ങള്‍ അവതരിച്ചതിന് ശേഷം തിരുമേനി ആ മഹാനെ പൂര്‍വ്വാധികം ആദരിക്കുകയും, അദ്ദേഹത്തെ കാണുമ്പോള്‍ ഇപ്രകാരം പറയുകയും പതിവായിരുന്നു: "എന്‍റെ റബ്ബ് എന്നെ ആക്ഷേപിക്കുവാന്‍ ഇടയായ ആള്‍ക്ക് സ്വാഗതം."

നബി(സ) മദീനായില്‍ നിന്നും പുറത്ത് പോയിരുന്ന സന്ദര്‍ഭങ്ങളില്‍ അദ്ദേഹത്തെയായിരുന്നു അവിടുന്ന് മദീനായില്‍ പ്രതിനിധിയായി നിശ്ചയിച്ചിരുന്നത്. തിരുമേനിയുടെ ബാങ്ക് വിളിക്കാരില്‍ ഒരാളായിരുന്നു അദ്ദേഹം. 3,4,8,9 വചനങ്ങളില്‍ അല്ലാഹു അദ്ദേഹത്തെക്കുറിച്ച് പ്രശംസിച്ചത് എത്രമാത്രം അന്വര്‍ത്ഥമായിരിക്കുമെന്ന് ഇതില്‍ നിന്നൊക്കെ മനസ്സിലാക്കാമല്ലൊ.

വിശുദ്ധ ഖുര്‍ആന്‍ നബി(സ)യുടെ സ്വന്തം വചനങ്ങളല്ല എന്നതിനും, വിശുദ്ധ ഖുര്‍ആനില്‍ എന്തെങ്കിലും കൂട്ടുകയോ കുറക്കുകയോ ചെയ്യാന്‍ നബി(സ)ക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല എന്നതിനും തെളിവ് കൂടിയാണ് 1-10 വചനങ്ങള്‍.

**വചനം 11,12,13,14,15,16:**

كَلَّآ إِنَّهَا تَذْكِرَةٌ ﴿١١﴾ فَمَن شَآءَ ذَكَرَهُۥ ﴿١٢﴾ فِى صُحُفٍ مُّكَرَّمَةٍ ﴿١٣﴾ مَّرْفُوعَةٍ مُّطَهَّرَةٍۭ ﴿١٤﴾ بِأَيْدِى سَفَرَةٍ ﴿١٥﴾ كِرَامٍۭ بَرَرَةٍ ﴿١٦﴾

11 അങ്ങിനെ വേണ്ടാ! നിശ്ചയമായും അവ (ഖുര്‍ആന്‍ വചനങ്ങള്‍) ഒരു ഉപദേശമാകുന്നു.

12 ആകയാല്‍, ആര്‍ (വേണമെന്ന്) ഉദ്ദേശിച്ചുവോ അവരത് ഓര്‍മിച്ചുകൊള്ളട്ടെ.

13 മാനിക്കപ്പെട്ടതായ ചില ഏടുകളിലാണ് (അതുള്ളത്),-

14 (അതെ) ഉന്നതമാക്കപ്പെട്ടതും, പരിശുദ്ധമാക്കപ്പെട്ടതുമായ (ഏടുകളില്‍);-

15 ചില ദൗത്യവാഹകന്‍മാരുടെ കൈക്ക്;-

16 -മാന്യന്‍മാരും, പുണ്യവാന്‍മാരുമായ (ദൗത്യവാഹകന്‍മാരുടെ കൈക്ക്).

അങ്ങനെ സദുപദേശം തേടി വരുന്നവന്‍റെ നേരെ അശ്രദ്ധ കാണിക്കുകയും, അതിനാവശ്യമില്ലെന്ന് കരുതുന്നവരുടെ നേരെ ശ്രദ്ധ പതിപ്പിക്കുകയും ചെയ്യേണ്ടതില്ല. ഈ ഓതി കേള്‍പ്പിക്കപ്പെടുന്ന ഉപദേശങ്ങള്‍ - അഥവാ ഖുര്‍ആന്‍ വചനങ്ങള്‍ - അവരില്‍ നിര്‍ബ്ബന്ധ പൂര്‍വ്വം വെച്ച് കെട്ടേണ്ട ആവശ്യവുമില്ല. വേണമെന്നുള്ളവര്‍ അത് സ്വീകരിച്ച് കൊള്ളട്ടെ; എന്നാല്‍ അത് സാധാരണ ഉപദേശ



www.islamhouse.com

ങ്ങളെപ്പോലെയുള്ള ഒന്നല്ല. പുണ്യവാന്മാരും മാന്യന്മാരുമായ ചില ദൗത്യ വാഹകന്മാരുടെ കൈക്ക്, പരിശുദ്ധവും ഉന്നത നിലവാരത്തിലുള്ളതുമായ ആദരണീയ ഗ്രന്ഥങ്ങളിൽ സ്ഥിതി ചെയ്യുന്ന ഉപദേശ ങ്ങളത്രേ. - അവ വളരെ സംശുദ്ധവും പരിപാവനവുമാകുന്നു.

'ദൗത്യ വാഹകന്മാർ' എന്നത്കൊണ്ട് മലക്കുകൾ ആണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്നാണ് ഇബ്നു ജരീർ(റ), ബുഖാരി(റ) മുതലായവർ അഭിപ്രായപ്പെട്ടിട്ടുള്ളത് പോലെ ശരിയായ പക്ഷം - പ്രവാചകന്മാരെ ഉദ്ദേശിച്ചാണ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നതെന്ന് ചില വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും الله اعلم

ദൗത്യ വാഹകന്മാർ മലക്കുകൾ ആണെന്ന് വെക്കുമ്പോൾ 'മാനിക്കപ്പെട്ട ഏടുകൾ' എന്നത് കൊണ്ടുള്ള വിവക്ഷ അല്ലാഹുവിന്റെ ജ്ഞാന ഫലകമാകുന്ന 'ലൗഹുൽ മഹ്ഫൂള്' എന്ന് ആയിരിക്കുന്നതാണ്.

സൂ.വാഖിഅ: 77-80 വചനങ്ങളിലെയും സൂ.ബുറൂജ്: 21,22 വചനങ്ങളിലെയും ആശയങ്ങൾ തന്നെയാണ് ഈ വചനങ്ങളിലും ഉൾക്കൊള്ളുന്നത്. കൂടുതൽ വിവരം ആ രണ്ട് സ്ഥലത്തും നോക്കുക.

**വചനം 17,18,19,20,21,22:**

قُتِلَ ٱلْإِنسَٰنُ مَآ أَكْفَرَهُۥ ﴿١٧﴾

17 മനുഷ്യൻ കൊല്ലപ്പെടട്ടെ(നാശമടയട്ടെ) എന്താണവൻ ഇത്ര നന്ദികെട്ടവൻ (അഥവാ അവിശ്വാസി) ആയത്?!

مِنْ أَىِّ شَىْءٍ خَلَقَهُۥ ﴿١٨﴾

18 ഏതൊരു വസ്തുവിൽനിന്നാണ് അവൻ (അല്ലാഹു) അവനെ സൃഷ്ടിച്ചിരിക്കുന്നത്?

مِن نُّطْفَةٍ خَلَقَهُۥ فَقَدَّرَهُۥ ﴿١٩﴾

19 ഒരു ഇന്ദ്രിയത്തുള്ളിയിൽനിന്നു (തന്നെ) .(അതെ) അവനെ അവൻ സൃഷ്ടിച്ചു; എന്നിട്ട് അവനെ (വേണ്ടപ്രകാരം) വ്യവസ്ഥ ചെയ്തു;-

ثُمَّ ٱلسَّبِيلَ يَسَّرَهُۥ ﴿٢٠﴾

20 പിന്നെ, (അവൻ ചരിക്കേണ്ടുന്ന) മാർഗ്ഗം അവന് എളുപ്പമാക്കിക്കൊടുത്തു;-

ثُمَّ أَمَاتَهُۥ فَأَقْبَرَهُۥ ﴿٢١﴾

21 പിന്നെ, അവനെ മരണപ്പെടുത്തി; എന്നിട്ടവനെ 'ഖബ്റി'ലാക്കി (മറച്ചു);-

ثُمَّ إِذَا شَآءَ أَنشَرَهُۥ ﴿٢٢﴾

22 പിന്നീട് അവൻ (അല്ലാഹു) ഉദ്ദേശിക്കുമ്പോൾ അവനെ (വീണ്ടും) ഉയിർത്തെഴുന്നേല്പിക്കുന്നതാണ്.

മനുഷ്യൻ സത്യനിഷേധിയും ധിക്കാരിയുമായി ജീവിക്കുക വഴി, പുനരുത്ഥാനത്തെ നിഷേധിക്കുക വഴി അല്ലാഹുവിനോട് കാണിക്കുന്ന നന്ദികേടിന്റെ ഗൗരവം അവന്റെ ആദ്യന്ത ചരിത്രം ചൂണ്ടിക്കാട്ടിക്കൊണ്ട് അല്ലാഹു അവനെ ബോധ്യപ്പെടുത്തുന്നു. കേവലം നിസ്സാരമായ ഒരു ഇന്ദ്രിയ ബിന്ദുവിൽ നിന്നും അവനെ സൃഷ്ടിച്ച്, അവന് പൂർണ്ണമായ മനുഷ്യരൂപം നൽകി, ആകൃതിയും പ്രകൃതിയും അന്നവും ആയുസ്സും എല്ലാം വ്യവസ്ഥ ചെയ്തും, നന്മ തിന്മകളുടെ മാർഗ്ഗം വിവരിച്ചുകൊണ്ടും നേർമാർഗ്ഗം സൗകര്യപ്പെടുത്തികൊടുത്ത് കൊണ്ടും അല്ലാഹു അവന് വേണ്ടതെല്ലാം കൊടുത്തരുളി. പിന്നീട് ആയുഷ്കാലം അവസാനിച്ചപ്പോൾ മരണപ്പെടുത്തി ഭൂമിയിൽ മറക്കുകയും ചെയ്തു. പിന്നീട് താൻ ഉദ്ദേശിക്കുന്ന ഒരവസരത്തിൽ മനുഷ്യനെ അല്ലാഹു വീണ്ടും ജീവിപ്പിക്കുകയും ചെയ്യുന്നതാണ്.

**വചനം 23,24,25,26,27,28,29,30,31,32:**

كَلَّا لَمَّا يَقْضِ مَآ أَمَرَهُۥ ﴿٢٣﴾

23 അങ്ങിനെ വേണ്ടാ! അവനോട് അവൻ (അല്ലാഹു) കല്പിച്ചത് അവൻ നിർവഹിച്ചില്ല.

فَلْيَنظُرِ ٱلْإِنسَٰنُ إِلَىٰ طَعَامِهِۦٓ ﴿٢٤﴾

24 എന്നാൽ, മനുഷ്യൻ തൻെറ ഭക്ഷണത്തിലേക്ക്(ഒന്ന് ചിന്തിച്ചു)നോക്കട്ടെ;-



www.islamhouse.com

25 അതായത്, നാം (മഴ) വെള്ളം ഒരു (ശക്തിയായ) ചൊരിച്ചുകൊടുക്കൽ കൊടുത്തിരിക്കുന്നത്.

أَنَّا صَبَبۡنَا ٱلۡمَآءَ صَبّٗا ٢٥

26 പിന്നെ ഭൂമിയെ നാം ഒരു(യുക്തമായ) പിളർത്തൽ പിളർത്തി.

ثُمَّ شَقَقۡنَا ٱلۡأَرۡضَ شَقّٗا ٢٦

27 അങ്ങനെ, അതിൽ നാം ധാന്യം മുളപ്പിച്ചു;

فَأَنۢبَتۡنَا فِيهَا حَبّٗا ٢٧

28 മുന്തിരിയും, പച്ചക്കറിയും,

وَعِنَبٗا وَقَضۡبٗا ٢٨

29 ഒലീവും, ഈത്തപ്പനയും,

وَزَيۡتُونٗا وَنَخۡلٗا ٢٩

30 (വൃക്ഷങ്ങൾ) തൂർന്നു നിൽക്കുന്ന തോട്ടങ്ങളും

وَحَدَآئِقَ غُلۡبٗا ٣٠

31 പഴവർഗവും, മേച്ചിൽ പുല്ലും (മുളപ്പിച്ചു);-

وَفَٰكِهَةٗ وَأَبّٗا ٣١

32 നിങ്ങൾക്കും, നിങ്ങളുടെ കന്നുകാലികൾക്കും ഉപയോഗത്തിനായിട്ട്.

مَّتَٰعٗا لَّكُمۡ وَلِأَنۡعَٰمِكُمۡ ٣٢

മനുഷ്യനും, അവന്റെ കന്നുകാലികൾക്കും ആവശ്യമായ വിവിധ ഭക്ഷ്യവിഭവങ്ങളെ ഭൂമിയിൽ ഉൽപാദിപ്പിക്കുകയും അതിന് വേണ്ടി മഴ വർഷിപ്പിക്കുകയും ഭൂമി പാകപ്പെടുത്തുകയും ചെയ്തിരിക്കുന്നതിനെക്കുറിച്ച് മാത്രം ചിന്തിച്ചാൽ അവൻ അല്ലാഹുവിന് അളവറ്റ നന്ദി ചെയ്യുവാൻ കടപ്പെട്ടവനാണെന്ന് കാണാം. എന്നിട്ടും മനുഷ്യൻ അല്ലാഹുവിന്റെ കൽപനകൾ നിറവേറ്റുവാനോ അവനോട് നന്ദി കാണിക്കുവാനോ തയാറാകുന്നില്ല എന്ന് സാരം.

**വചനം 33,34,35,36,37:**

33 എന്നാൽ, ചെകിടടക്കുന്ന (ആ ഭീകര) ശബ്ദം വന്നാൽ!-

فَإِذَا جَآءَتِ ٱلصَّآخَّةُ ٣٣

34 അതായത്, മനുഷ്യൻ തൻെറ സഹോദരനെ വിട്ട് ഓടിപ്പോകുന്ന ദിവസം,-

يَوۡمَ يَفِرُّ ٱلۡمَرۡءُ مِنۡ أَخِيهِ ٣٤

35 തൻെറ മാതാവിനെയും, പിതാവിനെയും (വിട്ടും)

وَأُمِّهِۦ وَأَبِيهِ ٣٥

36 തൻെറ തുണ (ഭാര്യ) യെയും, തൻെറ മക്കളെയും(വിട്ടും ഓടുന്ന ദിവസം)! (ഹാ! എന്തായിരിക്കും അന്ന് അവൻെറ നില?!)

وَصَٰحِبَتِهِۦ وَبَنِيهِ ٣٦

37 അന്നത്തെ ദിവസം, അവരിൽ എല്ലാ (ഓരോ) മനുഷ്യനുമുണ്ടായിരിക്കും അവനെ മതിയാക്കത്തക്ക ഒരു കാര്യം.

لِكُلِّ ٱمۡرِيٕٖ مِّنۡهُمۡ يَوۡمَئِذٖ شَأۡنٞ يُغۡنِيهِ ٣٧

ആദ്യ വചനത്തിൽ **الصاخة** എന്ന് പറഞ്ഞിരിക്കുന്നത് അന്ത്യ നാളിൽ സംഭവിക്കുന്ന കാഹളം ഊതുന്നതിനെക്കുറിച്ചാകുന്നു. അന്ന് ഭയവിഹ്വലരായിത്തീരുന്ന മനുഷ്യന് മറ്റുള്ളവരെക്കുറിച്ച് - തന്റെ മാതാവിനേയോ; പിതാവിനേയോ, ഭാര്യയേയോ മക്കളേയോ കുറിച്ച് -ചിന്തയോ ഓർമ്മയോ ഉണ്ടാകുന്നതല്ല. ഓരോരുത്തനും 'തന്റെ കാര്യം, തന്റെ കാര്യം' എന്ന് മാത്രമായിരിക്കും ചിന്ത.

**വചനം 38,39,40,41,42:**

38 ചില മുഖങ്ങൾ അന്നത്തെ ദിവസം(പ്രസന്നമായി) തെളിഞ്ഞവയായിരിക്കും;-

وُجُوهٞ يَوۡمَئِذٖ مُّسۡفِرَةٞ ٣٨

39 ചിരിക്കുന്നവയായിരിക്കും, സന്തോഷം കൊള്ളുന്നവയായിരിക്കും.

ضَاحِكَةٞ مُّسۡتَبۡشِرَةٞ ٣٩

40 (വേറെ) ചില മുഖങ്ങളാകട്ടെ, അന്ന് അവയുടെ മേൽ പൊടിപടലം ഉണ്ടായിരിക്കും.

وَوُجُوهٞ يَوۡمَئِذٍ عَلَيۡهَا غَبَرَةٞ ٤٠



www.islamhouse.com

41 അവയെ കൂരിരുട്ട് മൂടിയിരിക്കും. تَرۡهَقُهَا قَتَرَةٌ ﴿٤١﴾

42 അക്കൂട്ടരത്രെ, തോന്നിയവാസികളായ അവിശ്വാസികൾ. أُوْلَٰٓئِكَ هُمُ ٱلۡكَفَرَةُ ٱلۡفَجَرَةُ ﴿٤٢﴾

അന്നേ ദിവസം സുകൃതവാന്മാരായ സത്യ വിശ്വാസികളുടെ മുഖങ്ങൾ പ്രസന്നവും സന്തോഷ ഭരിതവുമായിരിക്കും. ധിക്കാരികളായ അവിശ്വാസികളുടെ മുഖമാകട്ടെ, പൊടി പടലം നിറഞ്ഞു, കൂരിരുൾ മൂടിയതുമായിരിക്കും.

അല്ലാഹു അവന്റെ മഹത്തായ കാരുണ്യം കൊണ്ട് നമ്മെയെല്ലാം സുകൃതവാന്മാരായ സത്യ വിശ്വാസികളിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ - ആമീൻ.



www.islamhouse.com

# 81. സൂറത്തു ത്തക്‌വീർ (ചുറ്റിപ്പൊതിയൽ)

**മക്കയിൽ അവതരിച്ചത്**

വചനം 29

അദ്ധ്യായത്തിന്റെ ആരംഭത്തിൽ തന്നെ സൂര്യൻ 'ചുറ്റിപ്പൊതിയപ്പെടുമ്പോൾ' (കുവ്വിറത്) എന്ന വചനം കാണാം.

ഇമാം അഹമദ്; തിർമദീ, ഹാകിം(റ) എന്നിവർ നിവേദനം ചെയ്തിട്ടുള്ള ഒരു നബി വചനം ഇപ്രകാരമാകുന്നു: "ഖിയാമത്ത് നാളിനെ കണ്ണ് കൊണ്ട് കാണുന്നത് പോലെ നോക്കിക്കാണുവാൻ ആരെങ്കിലും ഇഷ്ടപ്പെടുന്നുവെങ്കിൽ അവർ സൂ: തക്‌വീർ, സൂ: ഇൻഫിത്വാർ; സൂ.ഇൻശിഖാഖ് എന്നിവ ഓതിക്കൊള്ളട്ടെ."

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ — بسم الله الرحمن الرحيم

**വചനം 1,2,3,4,5,6,7,8,9,10,11,12,13,14:**

إِذَا ٱلشَّمْسُ كُوِّرَتْ ﴿١﴾
وَإِذَا ٱلنُّجُومُ ٱنكَدَرَتْ ﴿٢﴾
وَإِذَا ٱلْجِبَالُ سُيِّرَتْ ﴿٣﴾
وَإِذَا ٱلْعِشَارُ عُطِّلَتْ ﴿٤﴾
وَإِذَا ٱلْوُحُوشُ حُشِرَتْ ﴿٥﴾
وَإِذَا ٱلْبِحَارُ سُجِّرَتْ ﴿٦﴾
وَإِذَا ٱلنُّفُوسُ زُوِّجَتْ ﴿٧﴾
وَإِذَا ٱلْمَوْءُۥدَةُ سُئِلَتْ ﴿٨﴾
بِأَىِّ ذَنۢبٍ قُتِلَتْ ﴿٩﴾
وَإِذَا ٱلصُّحُفُ نُشِرَتْ ﴿١٠﴾
وَإِذَا ٱلسَّمَآءُ كُشِطَتْ ﴿١١﴾
وَإِذَا ٱلْجَحِيمُ سُعِّرَتْ ﴿١٢﴾
وَإِذَا ٱلْجَنَّةُ أُزْلِفَتْ ﴿١٣﴾
عَلِمَتْ نَفْسٌ مَّآ أَحْضَرَتْ ﴿١٤﴾

1 സൂര്യൻ ചുറ്റിപ്പൊതിയപ്പെടുമ്പോൾ;-
2 നക്ഷത്രങ്ങൾ ഉതിർന്നുവീഴുകയും ചെയ്യുമ്പോൾ;-
3 പർവതങ്ങൾ (സ്ഥാനം വിട്ട്) നടത്തപ്പെടുകയും ചെയ്യുമ്പോൾ;-
4 പൂർണ്ണഗർഭിണികളായ ഒട്ടകങ്ങൾ വെറുതെ (ഒഴിച്ചു) വിടപ്പെടുകയും ചെയ്യുമ്പോൾ;-
5 കാട്ടുജന്തുക്കൾ ഒരുമിച്ചുകൂട്ടപ്പെടുകയും ചെയ്യുമ്പോൾ;-
6 സമുദ്രങ്ങൾ തിളച്ചുമറിക്കപ്പെടുകയും ചെയ്യുമ്പോൾ;
7 ആത്മാക്കൾ (അഥവാ ആളുകൾ കൂട്ടി) ഇണക്കപ്പെടുകയും ചെയ്യുമ്പോൾ;-
8 (ജീവനോടെ) കുഴിച്ചുമൂടപ്പെട്ട (പെൺ) ശിശു ചോദ്യം ചെയ്യപ്പെടുകയും ചെയ്യുമ്പോൾ;-
9 "ഏതൊരു കുറ്റത്തിനാണ് അത് കൊല്ലപ്പെട്ടത്" എന്ന്;-
10 ഏടുകൾ (തുറന്ന്) വിരുത്തപ്പെടുകയും ചെയ്യുമ്പോൾ;-
11 ആകാശംഉരി(ച്ചു മറനീ)ക്കപ്പെടുകയും ചെയ്യുമ്പോൾ;-
12 ജ്വലിക്കുന്ന അഗ്നി (നരകം) ആളിക്കത്തിക്കപ്പെടുകയും ചെയ്യുമ്പോൾ;-
13 സ്വർഗം അടുപ്പിച്ചുകൊണ്ട് വരപ്പെടുകയും ചെയ്യുമ്പോൾ;-
14 (അപ്പോൾ)ഓരോ ആളും താൻ തയ്യാറാക്കിക്കൊണ്ട് വന്നതെന്തെന്ന് അറിയുന്നതാണ് !

ഖിയാമത്ത് നാളിലെ കഠിന കഠോരങ്ങളായ ചില സംഭവ വികാസങ്ങളാണ് അല്ലാഹു ചൂണ്ടിക്കാട്ടുന്നത്.

1. സൂര്യൻ ചുറ്റിപ്പൊതിയപ്പെടുന്നു. അഥവാ അതിന്റെ പ്രകാശം നഷ്ടപ്പെട്ട് പോകുന്നു. 2. നക്ഷത്ര



www.islamhouse.com

ങ്ങളെല്ലാം സ്ഥാനവും ക്രമവും വിട്ടുകൊഴിഞ്ഞ് വീഴുന്നു. 3. പർവ്വതങ്ങൾ സ്ഥാനം വിട്ട് നീക്കപ്പെടുകയും തട്ടിത്തകർക്കപ്പെടുകയും ചെയ്യുന്നു. 4. അറബികളുടെ വിലപ്പെട്ട സമ്പത്തായ പൂർണ്ണ ഗർഭിണികളായ ഒട്ടകങ്ങൾ പോലും അവഗണിക്കപ്പെടുന്നു. 5. കാട്ടു ജീവികളും ജന്തുക്കളും എതിർപ്പോ അക്രമമോ കൂടാതെ പരസ്പരം കൂടിക്കലരുന്നു. 6. സമുദ്രങ്ങൾ തിളച്ച് മറിയുകയും കവിഞ്ഞൊഴുകയും ചെയ്യുന്നു. 7. നല്ലവരായ ആളുകൾ നല്ലവരുമായും ചീത്ത ആൾക്കാർ ചീത്തപ്പെട്ടവരുമായും കൂട്ടിച്ചേർക്കപ്പെടും എന്നും, ഓരോ ആത്മാവും അതിന്റെ ജഡവുമായി സംയോജിക്കപ്പെടും എന്നും 7-ാം വചനത്തിന് വ്യാഖ്യാനം നൽകപ്പെട്ടിരിക്കുന്നു. 8. ജനിച്ചയുടനെ ജീവനോടെ കുഴിച്ച് മൂടപ്പെടുവാൻ അവർ ചെയ്ത അപരാധങ്ങളെന്തെന്ന് പ്രത്യേകം വിചാരണ ചെയ്യപ്പെടുന്നു. 9. ഓരോരുത്തരുടെയും കർമ്മ ഫലങ്ങളുടെ ഏടുകൾ അവർ വായിച്ച് നോക്കുമാറ് അവ നിവർത്തി കൈകളിൽ നൽപ്പെടുന്നു. 10. മൃഗങ്ങളുടെ തോലുരിച്ചെടുക്കുന്നത് പോലെ ആകാശത്തിന്റെ മറകളെല്ലാം നീക്കി അവ വെളിവാക്കപ്പെടുന്നു. 11. എത്രയോ കാലമായി കത്തി ജ്വലിച്ച് കൊണ്ടിരിക്കുന്ന നരകം അന്ന് കൂടുതൽ ഉജ്ജ്വലമായി ആളിക്കത്തുന്നു. 12. സ്വർഗ്ഗം സജ്ജനങ്ങളുടെ അടുക്കലേക്ക് അടുപ്പിച്ച് കൊണ്ട് വരപ്പെടുന്നു. (സു.ശുഅറാ: 90,91 വചനങ്ങൾ നോക്കുക)

ഇങ്ങനെയുള്ള അതീവ ഗൗരവ ഘട്ടങ്ങളിൽ ഓരോ മനുഷ്യനും താൻ മുൻ ജീവിതത്തിൽ എന്തെല്ലാം സൽക്കർമ്മങ്ങളും ദുഷ് കർമ്മങ്ങളും ആണ് ചെയ്തിട്ടുള്ളതെന്ന് അറിയാറാകും - അവ അവന്റെ ഏടുകളിലും അവന്റെ ഓർമ്മയിലും അവന് വ്യക്തമായി കാണാം. (വചനം: 14)

ആ അവസരത്തിൽ സ്വന്തം ഏടുകളിൽ സൽക്കർമ്മങ്ങൾ കണ്ട് ആനന്ദിക്കുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ - ആമീൻ.

**വചനം 15,16,17,18,19,20,21:**

فَلَآ أُقۡسِمُ بِٱلۡخُنَّسِ ﴿١٥﴾
ٱلۡجَوَارِ ٱلۡكُنَّسِ ﴿١٦﴾
وَٱلَّيۡلِ إِذَا عَسۡعَسَ ﴿١٧﴾
وَٱلصُّبۡحِ إِذَا تَنَفَّسَ ﴿١٨﴾
إِنَّهُۥ لَقَوۡلُ رَسُولٖ كَرِيمٖ ﴿١٩﴾
ذِي قُوَّةٍ عِندَ ذِي ٱلۡعَرۡشِ مَكِينٖ ﴿٢٠﴾
مُّطَاعٖ ثَمَّ أَمِينٖ ﴿٢١﴾

15 എന്നാൽ, പിൻവാങ്ങിപ്പോകുന്നവകൊണ്ട് ഞാൻ സത്യം ചെയ്തുപറയുന്നു;-
16 (അതായത്) സഞ്ചരിച്ചുകൊണ്ടിരിക്കുന്നവ; അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നവ;
17 രാത്രി (ഇരുട്ടുമായി മുന്നോട്ട്-അല്ലെങ്കിൽ പിന്നോട്ട്) ഗമിക്കുമ്പോൾ അതുകൊണ്ടും;-
18 പ്രഭാതം (വികസിച്ച്) വെളിച്ചം വീശിവരുമ്പോൾ അതുകൊണ്ടും (സത്യം ചെയ്തു പറയുന്നു);-
19 നിശ്ചയമായും ഇത് (ഖുർആൻ) മാന്യനായ ഒരു ദൂതൻെറ വാക്കാകുന്നു;-
20 (അതെ) ശക്തിമാനായുള്ളവൻ, 'അർശി'ൻെറ (സിംഹാസനത്തിൻെറ) ഉടമസ്ഥൻെറ അടുക്കൽ സ്ഥാനമുള്ളവൻ.-
21 അവിടെ അനുസരിക്കപ്പെടുന്നവൻ, വിശ്വസ്തൻ.(അങ്ങിനെയുള്ള ഒരു ദൂതൻെറ വാക്കാണ്.)

**لاأقسم** (ഞാൻ സത്യം ചെയ്ത് പറയുന്നു) എന്ന വാക്കിനെക്കുറിച്ച് സൂ.വാഖിഅ: 75-ാം വചനത്തിന്റെ വിശദീകരണം നോക്കുക. ഇവിടെ അല്ലാഹു മൂന്ന് വസ്തുക്കളെക്കൊണ്ട് സത്യം ചെയ്ത് പറഞ്ഞിരിക്കുന്നു.

1) 15,16 വചനങ്ങളിൽ പറഞ്ഞിരിക്കുന്ന, സ്വഭാവ വിശേഷങ്ങൾ നക്ഷത്രങ്ങളെ സൂചിപ്പിക്കുന്നവയാകുന്നു. 2) 17-ാം വചനത്തിൽ രാത്രിയുടെ സ്വഭാവ വിശേഷം സൂചിപ്പിക്കുന്നു. 3) പ്രഭാതം വെളിച്ചം പരത്തിക്കൊണ്ട് വെളിപ്പെട്ട് വ്യാപിക്കുന്ന അവസ്ഥയാണ് 18-ാം വചനത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നത്.

വിശുദ്ധ ഖുർആൻന്റെ സത്യത സ്ഥാപിക്കുകയാണ് ഈ സത്യങ്ങൾ മുഖേന അല്ലാഹു ചെയ്യുന്നത്. അല്ലാഹുവിങ്കൽ നിന്ന് ഖുർആൻ നബി(സ)ക്ക് വന്ന് കിട്ടുന്നത്, ജിബ്രീൽ(അ) മുഖേനയാണല്ലോ.



www.islamhouse.com

അദ്ദേഹം വളരെ മാന്യനും, ശക്തിമാനും, 'അർശി'ന്റെ അധിപനായ അല്ലാഹുവിന്റെ അടുക്കൽ ഉയർന്ന സ്ഥാനമാനങ്ങളുള്ള ഒരു ദൈവ ദൂതനുമാകുന്നു. മാത്രമല്ല മലക്കുകളുടെ ആവാസ കേന്ദ്രമായ 'മല ഉൽ അഅ്‌ലാ'യിൽ അനുസരിക്കപ്പെടുന്ന ഒരു നേതാവുമാകുന്നു അദ്ദേഹം. (സൂ.നജ്മ്: 5,6,7 വചനങ്ങൾ നോക്കുക) ആ മഹാ ദൂതനിൽ നിന്ന് അത് ഏറ്റ് വാങ്ങി പ്രബോധനം ചെയ്യുന്ന നബി(സ) തിരുമേനിയെക്കുറിച്ചാണ് അടുത്ത വചനങ്ങളിൽ പ്രസ്താവിക്കുന്നത്.

**വചനം 22,23,24,25:**

وَمَا صَاحِبُكُم بِمَجْنُونٍ ﴿٢٢﴾

22 നിങ്ങളുടെ ചങ്ങാതി ഒരു ഭ്രാന്തൻ അല്ലതാനും.

وَلَقَدْ رَءَاهُ بِٱلْأُفُقِ ٱلْمُبِينِ ﴿٢٣﴾

23 തീർച്ചയായും അദ്ദേഹത്തെ (ആ ദൂതനെ) പ്രത്യക്ഷമായ (നഭോ)മണ്ഡലത്തിൽവെച്ച് അദ്ദേഹം കണ്ടിട്ടുണ്ട്.

وَمَا هُوَ عَلَى ٱلْغَيْبِ بِضَنِينٍ ﴿٢٤﴾

24 അദ്ദേഹമാകട്ടെ, അദൃശ്യവാർത്തയെപ്പറ്റി പിശുക്ക് കാണിക്കുന്ന ആളുമല്ല.

وَمَا هُوَ بِقَوْلِ شَيْطَٰنٍ رَّجِيمٍ ﴿٢٥﴾

25 അത് (ഖുർആൻ) ആട്ടപ്പെട്ട (ശപിക്കപ്പെട്ട) വല്ല പിശാചിൻെറ വാക്കും അല്ല.

അതെ, അദ്ദേഹം നിങ്ങൾക്കിടയിൽ ജനിച്ച് വളർന്നവനാകുന്നു. ബുദ്ധിമാനും വിശ്വസ്തനുമായ അദ്ദേഹത്തിന് ഭ്രാന്തോ ബുദ്ധിഭ്രമമോ ഒന്നുമില്ല. ജിബ്‌രീൽ(അ) എന്ന മഹാദൂതനെ തിരുമേനി ഉപരി മണ്ഡലത്തിൽ വെച്ച് കണ്ട് പരിചയപ്പെട്ടിട്ടുണ്ട്. അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന അദൃശ്യ വിവരങ്ങൾ അതേ പടി എത്തിച്ച് കൊടുക്കുന്നതിൽ പിശുക്ക് കാട്ടി ഒളിച്ചും മറച്ചും വെക്കുന്ന സ്വഭാവക്കാരനുമല്ല അദ്ദേഹം. ഈ ഖുർആൻ ആകട്ടെ, നിങ്ങൾ ജൽപിക്കുന്നത് പോലെ അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്നും ആട്ടി ദൂരത്താക്കപ്പെട്ട പിശാച് മുഖേന ലഭിച്ചതുമല്ല. വളരെ അനുഗ്രഹീതനും മാന്യനുമായ ദൂതൻ വഴി അല്ലാഹുവിൽ നിന്നും ലഭിച്ച ഉൽകൃഷ്ടവും പരിപാവനവുമായ വചനങ്ങളാകുന്നു വിശുദ്ധ ഖുർആൻ. (സു.ഹാഖ: 40-ാം വചനം നോക്കുക)

ജിബ്രീൽ(അ)നെ നബി(സ) പലവട്ടം കാണുകയുണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ സാക്ഷാൽ രൂപത്തിൽ തന്നെ രണ്ട് പ്രാവശ്യം തിരുമേനി(സ) അദ്ദേഹത്തെ കണ്ടിട്ടുണ്ട്. ഒന്ന് 'ഹിറാ' മലയിൽ വെച്ചും മറ്റൊന്ന് 'മിഅ്‌റാജ്' യാത്രയിലും. ഇവയിൽ ഒന്നാമത്തേതിനെക്കുറിച്ചാണ് 23-ാം വചനത്തിലും, സൂ. നജ്മ്: 5-12 വചനങ്ങളിലും പ്രസ്താവിച്ചിട്ടുള്ളത്. രണ്ടാമത്തേതിനെക്കുറിച്ച് (മിഅ്‌റാജ് യാത്രയിലേത്) സൂ.നജ്മ്: 13-18 വചനങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്.

**വചനം 26,27,28,29:**

فَأَيْنَ تَذْهَبُونَ ﴿٢٦﴾

26 അപ്പോൾ, എങ്ങോട്ടാണ് നിങ്ങൾ പോകുന്നത്?!

إِنْ هُوَ إِلَّا ذِكْرٌ لِّلْعَٰلَمِينَ ﴿٢٧﴾

27 അത് ലോകർക്കുവേണ്ടിയുള്ള ഒരു ഉപദേശം (അഥവാ ഉൽബോധനം) അല്ലാതെ (മറ്റൊന്നും)അല്ല.

لِمَن شَآءَ مِنكُمْ أَن يَسْتَقِيمَ ﴿٢٨﴾

28 അതായത് നിങ്ങളിൽ നിന്ന് ചൊവ്വിനു നില കൊള്ളുവാൻ ഉദ്ദേശിച്ചവർക്കുവേണ്ടി.

وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُ رَبُّ ٱلْعَٰلَمِينَ ﴿٢٩﴾

29 ലോകരക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ലതാനും.

വാസ്തവം മേൽ വിവരിച്ച പ്രകാരത്തിലാണെന്നിരിക്കെ നിങ്ങളുടെ ദുർ ന്യായങ്ങളും കള്ള വാദങ്ങളും സ്ഥാപിക്കുവാൻ എന്ത് മാർഗ്ഗമാണ് നിങ്ങൾക്കുള്ളത്. എവിടെപ്പോയാലും നിങ്ങൾക്കതിന് സാധ്യമാവുകയില്ല. ലോകർക്കാകമാനം വേണ്ടിയുള്ള ഉപദേശവും ഉത്ബോധനവുമാകുന്നു ഈ ഖുർ ആൻ. എന്നാൽ നേർ മാർഗ്ഗത്തിൽ ചൊവ്വിന് നില കൊള്ളുവാൻ ഉദ്ദേശിക്കുന്നവർക്കേ അതിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ. അല്ലാത്തവർക്ക്, അത് കൊണ്ട് നേട്ടമൊന്നും കൈവരിക്കാനില്ല. "ലോക രക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുന്നതല്ല" എന്ന് അല്ലാഹു അവസാനമായി ഉണർത്തിയിരിക്കുന്നു. ഒരു വമ്പിച്ച മൗലിക യാതാർത്ഥ്യമാകുന്ന ഈ വിഷയത്തെക്കുറിച്ച് സൂ. ഇൻസാൻ: 30-ാം വചനത്തിന്റെ വിവരണത്തിൽ വായിച്ചത് ഓർക്കുക.



www.islamhouse.com

# 82. സൂറത്തുൽ - 'ഇൻഫിത്വാർ' (പൊട്ടിക്കീറൽ)

**മക്കയിൽ അവതരിച്ചത്**

വചനം 19

സൂ.തക്‌വീറിന്റെ ആമുഖത്തിൽ പ്രസ്താവിക്കപ്പെട്ട നബി വചനം ഇവിടെയും ഓർക്കുക. അദ്ധ്യായത്തിന്റെ ആരംഭത്തിൽ ആകാശം പൊട്ടിപ്പിളരുമ്പോൾ. (അൻ ഫത്വറത്) എന്ന വചനം കാണാം.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3,4,5:**

إِذَا ٱلسَّمَآءُ ٱنفَطَرَتۡ ۝١
وَإِذَا ٱلۡكَوَاكِبُ ٱنتَثَرَتۡ ۝٢
وَإِذَا ٱلۡبِحَارُ فُجِّرَتۡ ۝٣
وَإِذَا ٱلۡقُبُورُ بُعۡثِرَتۡ ۝٤
عَلِمَتۡ نَفۡسٞ مَّا قَدَّمَتۡ وَأَخَّرَتۡ ۝٥

1 ആകാശം പൊട്ടിപ്പിളരുമ്പോൾ!-

2 (നക്ഷത്ര) ഗ്രഹങ്ങൾ കൊഴിഞ്ഞുവീഴുകയും ചെയ്യുമ്പോൾ!-

3 സമുദ്രങ്ങൾ പൊട്ടി ഒഴുക്കപ്പെടുകയും ചെയ്യുമ്പോൾ!-

4 'ഖബ്റു'കൾ (അടിയോടെ) മറിച്ചിടപ്പെടുകയും ചെയ്യുമ്പോൾ!-

5 (അപ്പോൾ) ഓരോ ആളും താൻ മുൻചെയ്തു വെച്ചതും, (ചെയ്യാതെ) പിന്നേക്കുവെച്ചതും എന്താണെന്ന് അറിയുന്നതാണ്.

കഴിഞ്ഞ സൂറത്തിൽ കണ്ടത് പോലെ ഖിയാമത്ത് നാളിലെ ചില സംഭവ വികാസങ്ങൾ തന്നെയാണ് ഇവിടെയും പ്രസ്താവിക്കപ്പെട്ടിട്ടുള്ളത്. ആദ്യത്തെ മൂന്ന് വചനങ്ങളുടെയും സാരം അവിടെ വിവരിച്ചതിൽ നിന്നും മനസ്സിലാക്കാം.

4-ാം വചനത്തിന്റെ സാരം, മരണപ്പെട്ട് കിടക്കുന്നവരെ ഖബറുകളിൽ നിന്ന് വീണ്ടും ഉയിർത്തെഴുന്നേൽപ്പിക്കപ്പെടും എന്നാകുന്നു, കഴിഞ്ഞ സൂറത്തിലെ 14-ാം വചനത്തിലെ അതേ ആശയം തന്നെയാണ് 5-ാം വചനത്തിലും അടങ്ങിയിരിക്കുന്നത്. 'ഇഹത്തിൽ' വെച്ച് ചെയ്തിട്ടുള്ള കർമ്മങ്ങളും, പ്രവർത്തിക്കാതെ വിട്ട് കളഞ്ഞ കർമ്മങ്ങളും എന്താണെന്ന് അവൻ അറിയുന്നതാണ്. മരണപ്പെടുമ്പോൾ വിട്ടേച്ച് പോകുന്ന സ്വത്തുക്കൾ, മരണാന്തരം തുടർന്ന് കൊണ്ടിരിക്കുന്ന നല്ലതോ ചീത്തയോ ആയ ഏർപ്പാടുകൾ എന്നിങ്ങനെയുള്ളവയാണ് 'പിന്നേക്ക് വച്ചത്' എന്ന് കൊണ്ടുള്ള വിവക്ഷ എന്നും അഭിപ്രായമുണ്ട്. ഏതായാലും തത്വത്തിൽ എല്ലാം ഒന്ന് തന്നെ. (സൂ.യാസീൻ: 12-ാം വചനവും നോക്കുക)

**വചനം 6,7,8:**

يَٰٓأَيُّهَا ٱلۡإِنسَٰنُ مَا غَرَّكَ بِرَبِّكَ ٱلۡكَرِيمِ ۝٦
ٱلَّذِي خَلَقَكَ فَسَوَّىٰكَ فَعَدَلَكَ ۝٧
فِيٓ أَيِّ صُورَةٖ مَّا شَآءَ رَكَّبَكَ ۝٨

6 ഹേ, മനുഷ്യാ, ഉദാരനായ (അഥവാ മാന്യനായ) നിൻെറ റബ്ബിനെക്കുറിച്ച് നിന്നെവഞ്ചിച്ചുകളഞ്ഞതെന്താണ്?(ആശ്ചര്യം)!

7 (അതെ) നിന്നെ സൃഷ്ടിച്ചുണ്ടാക്കി ശരിപ്പെടുത്തി പാകപ്പെടുത്തിയവൻ;-

8 അവൻ ഉദ്ദേശിച്ചതായ ഏതോ ഒരു രൂപത്തിൽ നിന്നെ അവൻ സംഘടിപ്പിച്ചുണ്ടാക്കിയിരിക്കുന്നു.

ഹേ മനുഷ്യാ! അല്ലാഹു നിന്നെ ഒരു ഇന്ദ്രിയത്തുള്ളിയിൽ നിന്നും സൃഷ്ടിച്ചുണ്ടാക്കി. അവനുദ്ദേശിച്ച വിധത്തിൽ നിനക്ക് രൂപം നൽകി നിന്നെ സംരക്ഷിച്ച് വരുന്ന അത്യുദാരനും അതി മാന്യനുമായ നിന്റെ റബ്ബിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാതെ വഞ്ചിതനായിക്കൊണ്ട് നീ കഴിഞ്ഞു കൂടുന്നത് വളരെ ആശ്ചര്യകരം തന്നെ - എന്നിങ്ങനെ അല്ലാഹു അവിശ്വാസികളെ അഭിമുഖീകരിച്ച് കൊണ്ട് പറയുകയാണ്.



www.islamhouse.com

**വചനം 9,10,11,12:**

9 അങ്ങിനെവേണ്ട! പക്ഷേ, നിങ്ങൾ പ്രതിഫല നടപടിയെ വ്യാജമാക്കിക്കൊണ്ടിരിക്കുന്നു.

كَلَّا بَلْ تُكَذِّبُونَ بِالدِّينِ ٩

10 നിശ്ചയമായും, നിങ്ങളുടെമേൽ സൂക്ഷിച്ചു (വീക്ഷിച്ചു) കൊണ്ടിരിക്കുന്ന ചിലരുണ്ടു താനും;-

وَإِنَّ عَلَيْكُمْ لَحَافِظِينَ ١٠

11 അതായത്, എഴുതി രേഖപ്പെടുത്തുന്ന ചില മാന്യൻമാർ.

كِرَامًا كَاتِبِينَ ١١

12 നിങ്ങൾ ചെയ്യുന്നത് (എല്ലാം) അവർ അറിയുന്നു.

يَعْلَمُونَ مَا تَفْعَلُونَ ١٢

നിങ്ങളുടെ സ്രഷ്ടാവിനെക്കറിച്ച് നിങ്ങൾ വഞ്ചിതരായിരിക്കുകയാണ്. മാത്രമല്ല, വിചാരണ ചെയ്ത് നടപടി എടുക്കുന്നതിനെപ്പോലും നിങ്ങൾ വ്യാജമാക്കി നിഷേധിച്ച് കൊണ്ടിരിക്കുന്നു. നിങ്ങൾ ചെയ്യുന്നതെല്ലാം സസൂക്ഷ്മം വീക്ഷിച്ചുകൊണ്ട് എഴുതി രേഖപ്പെടുത്തുവാൻ അല്ലാഹു മാന്യരായ ആളുകളെ - മലക്കുകളെ - നിയോഗിച്ചിട്ടുണ്ട് (സൂ.ഖാഫ്: 16-18 വചനങ്ങൾ നോക്കുക). ആ രേഖയനുസരിച്ച് നിങ്ങളുടെ മേൽ നടപടി എടുത്ത് പ്രതിഫലം നൽകാതെ നിങ്ങൾ വിട്ടേക്കപ്പെടുന്നതല്ല.

**വചനം 13,14,15,16,17,18,19:**

13 നിശ്ചയമായും, പുണ്യവാൻമാർ സുഖാനുഗ്രഹത്തിൽ തന്നെയായിരിക്കും.

إِنَّ الْأَبْرَارَ لَفِي نَعِيمٍ ١٣

14 (ദുർമാർഗികളായ) തോന്നിയവാസികൾ ജ്വലിക്കുന്ന അഗ്നിയിലും തന്നെയായിരിക്കും.

وَإِنَّ الْفُجَّارَ لَفِي جَحِيمٍ ١٤

15 പ്രതിഫലനടപടിയുടെ ദിവസം അവർ അതിൽ കടന്ന് കരിയുന്നതാണ്.

يَصْلَوْنَهَا يَوْمَ الدِّينِ ١٥

16 അവർ അത് വിട്ട് മറഞ്ഞ് (ഒഴിവായി) പോകുന്നവരുമല്ല.

وَمَا هُمْ عَنْهَا بِغَائِبِينَ ١٦

17 പ്രതിഫലനടപടിയുടെ ദിവസമെന്നാലെന്താണെന്ന് നിനക്ക് എന്തറിയാം?!

وَمَا أَدْرَاكَ مَا يَوْمُ الدِّينِ ١٧

18 പിന്നെയും (വീണ്ടും), പ്രതിഫലനടപടിയുടെ ദിവസമെന്നാലെന്താണെന്ന് നിനക്ക് എന്തറിയാം?!!

ثُمَّ مَا أَدْرَاكَ مَا يَوْمُ الدِّينِ ١٨

19 (അതെ) ഒരാളും (വേറെ) ഒരാൾക്ക് യാതൊന്നും അധീനമാക്കാത്ത (അഥവാ ചെയ്വാൻ കഴിയാത്ത) ദിവസം! അന്നത്തെ ദിവസം കാര്യം (അഥവാ കൽപനാധികാരം) അല്ലാഹുവിനുമായിരിക്കും.

يَوْمَ لَا تَمْلِكُ نَفْسٌ لِّنَفْسٍ شَيْئًا ۖ وَالْأَمْرُ يَوْمَئِذٍ لِّلَّهِ ١٩

പ്രതിഫല നാളിന്റെ ഗൗരവത്തിലേക്കും ഭയങ്കരതയിലേക്കും ശ്രദ്ധ ക്ഷണിക്കുകയാണ് 17ഉം 18ഉം വചനങ്ങളിൽ. ഐഹിക ജീവിതത്തിൽ കുറെയെല്ലാ സ്വാതന്ത്ര്യവും കഴിവും അല്ലാഹു നൽകിയിട്ടുണ്ട്. എന്നാൽ പ്രതിഫല നാളിൽ സ്വന്തം കാര്യത്തിലാകട്ടെ, മറ്റൊരാളുടെ കാര്യത്തിലാകട്ടെ എന്തെങ്കിലും ചെയ്യുവാൻ ഒരാൾക്കും സാധ്യമല്ല തന്നെ. അന്ന് എല്ലാ അധികാരവും എല്ലാ കൽപനകളും അല്ലാഹുവിന് മാത്രമായിരിക്കും. അതിൽ ആർക്കും യാതൊരു വിധ പങ്കും ഉണ്ടായിരിക്കുന്നതല്ല.

അന്നത്തെ ദിവസം പുണ്യവാന്മാരായ സജ്ജനങ്ങളുടെ കൂട്ടത്തിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ - ആമീൻ.



www.islamhouse.com

# 83. സൂറത്തുല്‍ - മുത്വഫ്-ഫ്ഫീന്‍
# (അളവില്‍ കമ്മി വരുത്തുന്നവര്‍)

വചനം 36

ഈ അദ്ധ്യായം മക്കയില്‍ അവതരിച്ചതോ, മദീനയില്‍ അവതരിച്ചതോ എന്ന വിഷയത്തില്‍ ഭിന്നാഭിപ്രായമുണ്ട്. മക്കി സൂറത്തുകളില്‍ അവസാനത്തേതാണെന്നും, മദനീ സൂറത്തുകളില്‍ ആദ്യത്തേതാണെന്നും മറ്റും അഭിപ്രായങ്ങളുണ്ട്. ഇബ്നു അബ്ബാസ്(റ)ന്റെ അഭിപ്രായ പ്രകാരം നബി(സ) മദീനയില്‍ ചെന്ന ഉടനെയാണ് ഈ സൂറത്ത് അവതരിച്ചത് എന്നാകുന്നു - അല്ലാഹുവിന്നറിയാം.

സൂറത്തിന്റെ ആരംഭത്തില്‍ തന്നെ 'അളവില്‍ കുറവ് വരുത്തുന്നവര്‍' (മുത്വഫ്-ഫിഫീന്‍)ക്ക് നാശം എന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍ — بسم الله الرحمن الرحيم

**വചനം 1,2,3,4,5,6:**

وَيْلٌ لِّلْمُطَفِّفِينَ ﴿١﴾
ٱلَّذِينَ إِذَا ٱكْتَالُوا۟ عَلَى ٱلنَّاسِ يَسْتَوْفُونَ ﴿٢﴾
وَإِذَا كَالُوهُمْ أَو وَّزَنُوهُمْ يُخْسِرُونَ ﴿٣﴾
أَلَا يَظُنُّ أُو۟لَـٰٓئِكَ أَنَّهُم مَّبْعُوثُونَ ﴿٤﴾
لِيَوْمٍ عَظِيمٍ ﴿٥﴾
يَوْمَ يَقُومُ ٱلنَّاسُ لِرَبِّ ٱلْعَـٰلَمِينَ ﴿٦﴾

1 (അളവില്‍) കുറക്കുന്നവര്‍ക്ക് മഹാനാശം!-

2 അതായത്, യാതൊരു കൂട്ടര്‍ക്ക്: അവര്‍ ജനങ്ങളോട് അളന്ന് വാങ്ങുന്നതായാല്‍ അവര്‍ (അളവ്) പൂര്‍ത്തിയാക്കി എടുക്കും;

3 അവര്‍ക്ക് (അങ്ങോട്ട്) അളന്നുകൊടുക്കുകയോ, അല്ലെങ്കില്‍ തൂക്കിക്കൊടുക്കുകയോ ചെയ്യുന്നതായാല്‍ അവര്‍ (ജനങ്ങള്‍ക്ക്) നഷ്ടം വരുത്തുകയും ചെയ്യും.

4 അക്കൂട്ടര്‍ വിചാരിക്കുന്നില്ലേ, തങ്ങള്‍ (മരണാനന്തരം) എഴുന്നേല്‍പിക്കപ്പെടുന്നവരാണെന്ന്?-

5 വമ്പിച്ച ഒരു ദിവസത്തിങ്കലേക്ക്!

6 (അതെ) ലോകരക്ഷിതാവിങ്കലേക്ക് ജനങ്ങള്‍ എഴുന്നേറ്റ് വരുന്ന ദിവസം.

അളവിലും തൂക്കത്തിലും അന്യരെ കമ്പളിപ്പിക്കുന്നവര്‍ക്ക് അല്ലാഹു ശക്തമായ താക്കീത് നല്‍കുന്നു. ഇത്തരം ആളുകള്‍ ഇങ്ങോട്ട് വാങ്ങുന്നതിലും അങ്ങോട്ട് കൊടുക്കുന്നതിലും വെവ്വേറെ അളവ് പാത്രങ്ങളും തൂക്കക്കട്ടികളും ഉപയോഗിക്കുന്നതും പതിവാണ്. ഇത്തരക്കാര്‍ക്ക് വമ്പിച്ച നാശമാണുള്ളതെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. ഖിയാമത്ത് നാളില്‍ അവര്‍ അല്ലാഹുവിന്റെ മുന്നില്‍ കൈകെട്ടി നിന്ന് അതിനുത്തരം പറയേണ്ടി വരുന്നതാണ്.

അളവിലും തൂക്കത്തിലും കബളിപ്പിക്കുന്നതിനെ പറ്റി സൂ.അന്‍ആം: 152; സൂ.ഇസ്രാഅ്: 35; സൂ.ശുഅറാ: 181 -183; സൂ.റഹ്മാന്‍ 7-9 എന്നീ വചനങ്ങളില്‍ അല്ലാഹു താക്കീത് നല്‍കിയിട്ടുള്ളതായി കാണാം.

അളവിലും തൂക്കത്തിലും കുറവ് വരുത്തുന്നവര്‍ക്ക് ഐഹികമായ കെടുതി തന്നെ ബാധിക്കുമെന്നും, അവര്‍ക്ക് ഉല്‍പാദനം തടയപെടുകയും ക്ഷാമം പിടിപെടുകയും ചെയ്യാതിരിക്കുകയില്ല എന്നും നബി(സ) ഒരു ഹദീസിലൂടെ താക്കീത് ചെയ്തിരിക്കുന്നു.

**വചനം 7,8,9:**

كَلَّآ إِنَّ كِتَـٰبَ ٱلْفُجَّارِ لَفِى سِجِّينٍ ﴿٧﴾
وَمَآ أَدْرَىٰكَ مَا سِجِّينٌ ﴿٨﴾

7 വേണ്ട! നിശ്ചയമായും തോന്നിയവാസികളുടെ ഗ്രന്ഥം 'സിജ്ജീനി'ല്‍ തന്നെയായിരിക്കും.

8 'സിജ്ജീന്‍' എന്നാലെന്താണെന്ന് നിനക്ക് എന്തറിവാണുള്ളത്?!



www.islamhouse.com

كِتَٰبٌ مَّرْقُومٌ ٩

9 ലിഖിതം ചെയ്യപ്പെട്ട ഒരു ഗ്രന്ഥമത്രെ (അത്).

'സിജ്ജീന്‍' എന്നത് ദുര്‍മ്മാര്‍ഗ്ഗികളുടെ കര്‍മ്മങ്ങള്‍ രേഖപ്പെടുത്തിയ രേഖകളുടെ സമുച്ചയമാണെന്നും, നരകം തന്നെയാണെന്നും മറ്റും പറയപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്നറിയാം. അത് എന്താണെന്ന് നിനക്ക് എന്തറിവാണുള്ളത് എന്ന ചോദ്യം അതിന്റെ ഭയങ്കരതയും ഗൗരവവും ചൂണ്ടിക്കാട്ടുന്നു. 9-ാം വചനം 'സിജ്ജീനി'ന്റെ ഒരു നിര്‍വചനമായിട്ടല്ല, ആ ഗ്രന്ഥത്തിന്റെ ഒരു വിവരണമായിട്ടാണുള്ളത്. എല്ലാം ലിഖിതം ചെയ്ത് രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഒന്നാണ് അത് എന്ന് സാരം.

**വചനം 10,11,12,13:**

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ١٠

ٱلَّذِينَ يُكَذِّبُونَ بِيَوْمِ ٱلدِّينِ ١١

وَمَا يُكَذِّبُ بِهِۦٓ إِلَّا كُلُّ مُعْتَدٍ أَثِيمٍ ١٢

إِذَا تُتْلَىٰ عَلَيْهِ ءَايَٰتُنَا قَالَ أَسَٰطِيرُ ٱلْأَوَّلِينَ ١٣

10 വ്യാജമാക്കുന്നവര്‍ക്ക് അന്നത്തെ ദിവസം മഹാനാശം!

11 അതായത്, പ്രതിഫലനടപടിയുടെ ദിവസത്തെ വ്യാജമാക്കുന്നവര്‍ക്ക്.

12 മഹാപാപിയായ എല്ലാ അതിരുവിട്ടവനുമല്ലാതെ അതിനെ വ്യാജമാക്കുകയില്ലതാനും.

13 അവന് നമ്മുടെ 'ആയത്തു'(ലക്ഷ്യം)കള്‍ ഓതിക്കേള്‍പ്പിക്കപ്പെടുന്നതായാല്‍ അവന്‍ പറയും: ''പൂര്‍വ്വികന്‍മാരുടെ ഐതിഹ്യങ്ങളാണ് (ഇതൊക്കെ)'' എന്ന്.

അല്ലാഹു നിശ്ചയിച്ച നിയമാതിര്‍ത്തികളും ധാര്‍മ്മിക മൂല്യങ്ങളും അതിലംഘിച്ച് കൊണ്ട് പാപകരവും കുറ്റകരവുമായ ദുര്‍വൃത്തികളില്‍ മുഴുകിയവര്‍, വേദ വാക്യങ്ങളും മത ലക്ഷ്യങ്ങളും കേള്‍ക്കുമ്പോള്‍ അത് പഴഞ്ചനാണ്, ഐതിഹ്യമാണ്, പിന്തിരിപ്പനാണ്, എന്നൊക്കെ പറഞ്ഞ്കൊണ്ട് പരിഹസിച്ച് തൃപ്തി അടയുക എന്നത് എല്ലാ കാലത്തും കണ്ട് വരുന്ന ഒരു സമ്പ്രദായമാകുന്നു. അത്തരക്കാര്‍ക്ക് പ്രതിഫല നാളില്‍ മഹാനാശമായിരിക്കും നേരിടേണ്ടി വരിക. 10-ാം വചനം, സൂ: മുര്‍സലാത്തില്‍ 10 പ്രാവശ്യം ആവര്‍ത്തിച്ചിരിക്കുന്നതായി കാണാം.

**വചനം 14,15,16,17:**

كَلَّا ۖ بَلْ ۜ رَانَ عَلَىٰ قُلُوبِهِم مَّا كَانُوا۟ يَكْسِبُونَ ١٤

كَلَّآ إِنَّهُمْ عَن رَّبِّهِمْ يَوْمَئِذٍ لَّمَحْجُوبُونَ ١٥

ثُمَّ إِنَّهُمْ لَصَالُوا۟ ٱلْجَحِيمِ ١٦

ثُمَّ يُقَالُ هَٰذَا ٱلَّذِى كُنتُم بِهِۦ تُكَذِّبُونَ ١٧

14 അങ്ങിനെയല്ല; പക്ഷേ, അവര്‍ (പ്രവര്‍ത്തിച്ചു) സമ്പാദിച്ചു കൊണ്ടിരിക്കുന്നത് അവരുടെ ഹൃദയങ്ങളില്‍ കറപിടിച്ചിരിക്കുന്നു.

15 വേണ്ട! നിശ്ചയമായും, അന്നത്തെ ദിവസം അവര്‍ തങ്ങളുടെ റബ്ബില്‍നിന്നും മറയിടപ്പെടുന്നവരത്രെ.

16 പിന്നെ, നിശ്ചയമായും, അവര്‍ ജ്വലിക്കുന്ന അഗ്നിയില്‍ കടന്ന് കരിയുന്നവര്‍തന്നെ.

17 പിന്നെ, (അവരോട്) പറയപ്പെടും: ''ഇതത്രെ, നിങ്ങള്‍ വ്യാജമാക്കിക്കൊണ്ടിരുന്നത്''.

അബൂ ഹുറൈറ(റ)യില്‍ നിന്നും നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസില്‍ ഇപ്രകാരം വന്നിരിക്കുന്നു: "ഒരു അടിയാന്‍ ഒരു പാപം ചെയ്താല്‍ അത് അവന്റെ ഹൃദയത്തില്‍ ഒരു കറുത്ത പുള്ളിയായി തീരും. അതില്‍ നിന്ന് അവന്‍ പശ്ചാത്തപിച്ചു മടങ്ങിയാല്‍ അത് അവന്റെ ഹൃദയം തുടച്ച് മാറ്റും. പാപം വര്‍ദ്ധിച്ചാല്‍ കറുപ്പും (കറയും) വര്‍ദ്ധിക്കും. അതാണ് അല്ലാഹു ഇപ്രകാരം പ്രസ്താവിക്കുന്നത് എന്ന് പറഞ്ഞുകൊണ്ട് നബി(സ) പതിനാലാം വചനം ഓതുകയുണ്ടായി." (ജ; തി; ന)

ഖിയാമത്ത് നാളില്‍ ദുര്‍ജനങ്ങള്‍ തങ്ങളുടെ റബ്ബില്‍ നിന്നും മറയിടപ്പെട്ടവരായിരിക്കും. സജ്ജനങ്ങള്‍ അല്ലാഹുവിനെ ദര്‍ശിക്കുന്നതിനെ പറ്റി സു.ഖിയാമ: 22,23 വചനങ്ങളില്‍ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് ഓര്‍ക്കുക.



www.islamhouse.com

**വചനം 18,19,20,21:**

18 വേണ്ട! നിശ്ചയമായും പുണ്യവാൻമാരുടെ ഗ്രന്ഥം 'ഇല്ലിയ്യീനി' ൽതന്നെയായിരിക്കും.

كَلَّآ إِنَّ كِتَٰبَ ٱلۡأَبۡرَارِ لَفِي عِلِّيِّينَ ١٨

19 'ഇല്ലിയ്യൂൻ' എന്നാൽ എന്താണെന്ന് നിനക്ക് എന്തറിവാണുള്ളത്?!

وَمَآ أَدۡرَىٰكَ مَا عِلِّيُّونَ ١٩

20 ലിഖിതം ചെയ്യപ്പെട്ട ഒരു ഗ്രന്ഥമത്രെ (അത്).

كِتَٰبٞ مَّرۡقُومٞ ٢٠

21 അതിൻെറ അടുക്കൽ (അല്ലാഹുവിങ്കൽ) സാമീപ്യം സിദ്ധിച്ചവർ സന്നിഹിതരാകുന്നതാണ്.

يَشۡهَدُهُ ٱلۡمُقَرَّبُونَ ٢١

ദുർമ്മാർഗ്ഗികളുടെ ഗ്രന്ഥമായ 'സിജ്ജീനി'നെ ക്കുറിച്ച് പറഞ്ഞത് പോലെ, സജ്ജനങ്ങളുടെ ഗ്രന്ഥമായ 'ഇല്ലിയ്യീൻ'നെ ക്കുറിച്ചും നമുക്ക് സൂക്ഷ്മമായി അറിഞ്ഞ് കൂടാ. സ്വർഗ്ഗമാണെന്നും, വളരെ ഉന്നതവും ശ്രേഷ്ഠവുമായ ഒരു പ്രത്യേക സ്ഥാനമാണെന്നും മറ്റും പറയപ്പെടുന്നു. "അതിന്റെ അടുക്കൽ അല്ലാഹുവിങ്കൽ സാമീപ്യം സിദ്ധിച്ചവർ - അഥവാ മലക്കുകൾ - സന്നിഹിതമായിരിക്കുമെ"ന്ന് പറഞ്ഞത് സജ്ജനങ്ങളുടെ ഗ്രന്ഥങ്ങൾക്ക് അല്ലാഹുവിങ്കലുള്ള ആദരണീയ സ്ഥാനമാണ് ചൂണ്ടിക്കാട്ടുന്നത്.

**വചനം 22,23,24,25,26,27,28:**

22 നിശ്ചയമായും പുണ്യവാൻമാർ സുഖാനുഗ്രഹങ്ങളിൽതന്നെയായിരിക്കും.

إِنَّ ٱلۡأَبۡرَارَ لَفِي نَعِيمٍ ٢٢

23 സോഫ (അലംകൃതകട്ടിലു) കളിലായി അവർ നോക്കിക്കണ്ടുകൊണ്ടിരിക്കും.

عَلَى ٱلۡأَرَآئِكِ يَنظُرُونَ ٢٣

24 അവരുടെ മുഖങ്ങളിൽ സുഖാനുഗ്രഹത്തിൻെറ ഓജസ്സ് നിനക്ക് (കണ്ട്) അറിയാവുന്നതാണ്.

تَعۡرِفُ فِي وُجُوهِهِمۡ نَضۡرَةَ ٱلنَّعِيمِ ٢٤

25 മുദ്രവെക്കപ്പെട്ട ശുദ്ധമായ കള്ളിൽനിന്ന് അവർക്ക് കുടിപ്പാൻ നൽകപ്പെടും.

يُسۡقَوۡنَ مِن رَّحِيقٖ مَّخۡتُومٍ ٢٥

26 അതിൻെറ മുദ്രണം കസ്തൂരിയായിരിക്കും. കിടമൽസരം നടത്തുന്നവർ അതിൽ കിടമൽസരം നടത്തട്ടെ!

خِتَٰمُهُۥ مِسۡكٞۚ وَفِي ذَٰلِكَ فَلۡيَتَنَافَسِ ٱلۡمُتَنَٰفِسُونَ ٢٦

27 അതിൻെറ ചേരുവ 'തസ്നീം' കൊണ്ടായിരിക്കും.

وَمِزَاجُهُۥ مِن تَسۡنِيمٍ ٢٧

28 എന്നുവെച്ചാൽ (അല്ലാഹുവിങ്കൽ) സാമീപ്യം സിദ്ധിച്ചവർ കുടി(ച്ചാസ്വദി) ക്കുന്ന ഒരു ഉറവുജലം!

عَيۡنٗا يَشۡرَبُ بِهَا ٱلۡمُقَرَّبُونَ ٢٨

പുണ്യവാന്മാർക്ക് സ്വർഗ്ഗത്തിൽ ലഭിക്കാനിരിക്കുന്ന അനുഗ്രഹങ്ങളാണീ വചനങ്ങളിൽ. അല്ലാഹുവിങ്കൽ പ്രത്യേക സാമീപ്യ സ്ഥാനം സിദ്ധിച്ചവർക്ക് കുടിച്ച് ആസ്വദിക്കുവാനുള്ള ഒരു ഉയർന്ന തരം ഉറവ് ജലമത്രേ 'തസ്നീം.' അത്യുന്നത സുഖ സൗകര്യങ്ങളോട് കൂടിയ ശാശ്വത സ്വർഗ്ഗീയ ജീവിതം ലഭിക്കുവാനല്ലേ മനുഷ്യൻ അശ്രാന്ത പരിശ്രമവും കിട മത്സരവും നടത്തേണ്ടത് എന്ന് അല്ലാഹു ഉണർത്തുന്നു.

**വചനം 29,30,31,32,33:**

29 നിശ്ചയമായും കുറ്റം പ്രവർത്തിച്ചവർ വിശ്വസിച്ചവരെക്കുറിച്ച് ചിരിച്ചുകൊണ്ടിരിക്കുമായിരുന്നു.

إِنَّ ٱلَّذِينَ أَجۡرَمُواْ كَانُواْ مِنَ ٱلَّذِينَ ءَامَنُواْ يَضۡحَكُونَ ٢٩



www.islamhouse.com

وَإِذَا مَرُّواْ بِهِمْ يَتَغَامَزُونَ ﴿٣٠﴾

30 അവർ അവരുടെ അരികെ നടന്നുപോകുമ്പോൾ അവർ പരസ്പരം കണ്ണിട്ടു (ഗോഷ്ടി) കാണിക്കുകയും ചെയ്തിരുന്നു.

وَإِذَا ٱنقَلَبُوٓاْ إِلَىٰٓ أَهْلِهِمُ ٱنقَلَبُواْ فَكِهِينَ ﴿٣١﴾

31 തങ്ങളുടെ സ്വന്തക്കാരുടെ അടുക്കലേക്ക് തിരിച്ചു ചെല്ലുമ്പോൾ അവർ രസിച്ചു (സംതൃപ്തരായി)ക്കൊണ്ട് തിരിച്ചുചെല്ലുകയും ചെയ്തിരുന്നു.

وَإِذَا رَأَوْهُمْ قَالُوٓاْ إِنَّ هَٰٓؤُلَآءِ لَضَآلُّونَ ﴿٣٢﴾

32 അവർ അവരെ കാണുമ്പോൾ പറയുകയും ചെയ്യും:“നിശ്ചയമായും ഇക്കൂട്ടർ വഴിപിഴച്ചവർതന്നെ” എന്ന്.

وَمَآ أُرْسِلُواْ عَلَيْهِمْ حَٰفِظِينَ ﴿٣٣﴾

33 അവരുടെ (സത്യവിശ്വാസികളുടെ) മേൽ (നോട്ടം ചെയ്യുന്ന) സൂക്ഷിപ്പുകാരായി അവർ നിയോഗിക്കപ്പെട്ടിട്ടില്ലതാനും.

മുസ്ലിംകളെക്കുറിച്ച് പുച്ഛിച്ച് ചിരിക്കുക, കണ്ണ് കൊണ്ടും മറ്റും ഗോഷ്ടിയും മറ്റും കാട്ടി പരിഹസിക്കുക, സ്വന്തം ആൾക്കാരുടെ അടുക്കൽ ചെല്ലുമ്പോൾ അതിൽ ദുരഭിമാനം കൊള്ളുക, പിഴച്ചവരെന്നും കൊള്ളരുതാത്തവരെന്നും മുസ്ലിംകളെക്കുറിച്ച് വിധി കൽപിച്ച് സ്വയം തൃപ്തരാകുക - മുതലായ സ്വഭാവങ്ങൾ ഖുർആന്റെ അവതരണ കാലത്തെ മുശ്രിക്കുകളിൽ മാത്രമല്ല ഇസ്‌ലാമിന്റെ എതിരാളികളിലും പൊതുവെ കാണപ്പെടുന്ന സ്വഭാവങ്ങളാകുന്നു. ആധുനിക വാദികളായ ചില മുസ്‌ലിം നാമധാരികളിലും ഇത്തരം സ്വഭാവ പ്രവണതകൾ വിരളമല്ല.

ഇതെല്ലാം കാണുമ്പോൾ സത്യ വിശ്വാസികളുടെ കാര്യങ്ങളിൽ മേൽ നോട്ടം വഹിക്കുവാൻ, അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ട സൂക്ഷിപ്പുക്കാരാണ് അവരെന്ന് തോന്നിയേക്കും. എന്നാൽ അവർ അപ്രകാരം നിയോഗിക്കപ്പെട്ടിട്ടില്ലെന്ന് അല്ലാഹു എടുത്ത് പറയുന്നു.

**വചനം 34,35,36:**

فَٱلْيَوْمَ ٱلَّذِينَ ءَامَنُواْ مِنَ ٱلْكُفَّارِ يَضْحَكُونَ ﴿٣٤﴾

34 എന്നാൽ അന്ന് (ഖിയാമത്തുനാളിൽ) വിശ്വസിച്ചിട്ടുള്ളവർ അവിശ്വാസികളെക്കുറിച്ച് ചിരിക്കുന്നതാണ്.

عَلَى ٱلْأَرَآئِكِ يَنظُرُونَ ﴿٣٥﴾

35 സോഫ (അലങ്കൃതകട്ടിലു)കളിലായി അവർ നോക്കികൊണ്ടിരിക്കും.

هَلْ ثُوِّبَ ٱلْكُفَّارُ مَا كَانُواْ يَفْعَلُونَ ﴿٣٦﴾

36 അവിശ്വാസികൾക്ക് അവർ ചെയ്തുകൊണ്ടിരുന്നതിന് പ്രതിഫലം നൽകപ്പെട്ടുവോ?!

ഈ ജീവിതത്തിൽ സത്യവിശ്വാസികൾ ഇങ്ങനെയുള്ള അനുഭവങ്ങൾ പലതും സഹിക്കേണ്ടി വന്നേക്കാമെങ്കിലും പരലോകത്ത് അവർക്കുള്ള അനുഭവങ്ങൾ മറിച്ചായിരിക്കുമെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. പ്രസ്തുത പ്രതിഫലം ലഭിക്കുന്നതോട് കൂടി യഥാർത്ഥത്തിൽ അവർ അർഹിക്കുന്നതും അവർക്ക് അനുയോജ്യവുമായ പ്രതിഫലം അവർക്ക് കിട്ടിക്കഴിഞ്ഞുവെന്നതിൽ ഒട്ടും സംശയമില്ല. അവിശ്വാസികൾക്കാകട്ടെ അവരർഹിക്കുന്ന കഠോര ശിക്ഷയും - കഠോര ശിക്ഷ അനുഭവിക്കുന്നത് വിശ്വാസികൾ നോക്കിക്കൊണ്ടിരിക്കുന്നതുമാണ്.



www.islamhouse.com

# 84. സൂറത്തുൽ - ഇൻശിഖാഖ് (പൊട്ടിപിളരൽ)

**മക്കയിൽ അവതരിച്ചത്**

വചനം 25

സൂ.തക്‌വീറിന്റെ ആമുഖത്തിൽ പ്രസ്താവിക്കപ്പെട്ട നബി വചനം ഇവിടെയും ഓർക്കുക.

സൂറത്തിന്റെ ആദ്യ വചനത്തിൽ തന്നെ ആകാശം 'പൊട്ടിപ്പിളരു'(ഇൻശിഖാഖ്)ന്നതിനെ ക്കുറിച്ച് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3,4,5:**

إِذَا ٱلسَّمَآءُ ٱنشَقَّتْ ﴿١﴾
وَأَذِنَتْ لِرَبِّهَا وَحُقَّتْ ﴿٢﴾
وَإِذَا ٱلْأَرْضُ مُدَّتْ ﴿٣﴾
وَأَلْقَتْ مَا فِيهَا وَتَخَلَّتْ ﴿٤﴾
وَأَذِنَتْ لِرَبِّهَا وَحُقَّتْ ﴿٥﴾

1 ആകാശം പിളരുമ്പോൾ!
2 അത് അതിൻെറ റബ്ബിന് ചെവി കൊടുക്കുക (കല്പനക്ക് കീഴൊതുങ്ങുക)യും (ചെയ്യു മ്പോൾ)! അത് (അതിന്) കടമപ്പെട്ടിരിക്കു ന്നുതാനും.
3 ഭൂമി (പരത്തി) നീട്ടപ്പെടുകയും ചെയ്യുമ്പോൾ!
4 അതിലുള്ളതിനെ അത് (വെളിക്ക്) ഇടുകയും, അത് ഒഴിവായിത്തീരുകയും (ചെയ്യുമ്പോൾ)!
5 അത് അതിൻെറ റബ്ബിന് ചെവികൊടുക്കുക (കല്പനക്ക് കീഴൊതുങ്ങുക)യും (ചെയ്യു മ്പോൾ)! അത് (അതിന്) കടമപ്പെട്ടിരിക്കുന്നു താനും.

ആകാശം പൊട്ടിപ്പിളരുക, ഭൂമി നിരത്തി നിരപ്പാക്കപ്പെടുക, ലോകാരംഭം മുതൽക്കുള്ള മനുഷ്യരടക്കം ഭൂമി ഉൾക്കൊള്ളുന്ന വസ്തുക്കളെയെല്ലാം വെളിക്ക് കൊണ്ട് വരിക മുതലായ ഖിയാമത്ത് നാളിലെ സംഭവ വികാസങ്ങളാണ് ഈ പ്രസ്താവിക്കപ്പെട്ടിട്ടുള്ളത്. ആകാശവും ഭൂമിയുമെല്ലാം അല്ലാഹുവിന്റെ കൽപനക്ക് പുർണ്ണമായും വിധേയമായിക്കൊണ്ടും അവന്റെ ഉദ്ദേശം നടപ്പിൽ വരുത്തപ്പെടുന്നതാണ്.

**വചനം 6:**

يَـٰٓأَيُّهَا ٱلْإِنسَـٰنُ إِنَّكَ كَادِحٌ إِلَىٰ رَبِّكَ كَدْحًا فَمُلَـٰقِيهِ ﴿٦﴾

6 ഹേ, മനുഷ്യാ, നിശ്ചയമായും നീ, നിൻെറ റബ്ബിങ്കലേക്ക് (തീവ്രമായ) അദ്ധ്വാനം അദ്ധ്വാനി ച്ചു കൊണ്ടിരിക്കുന്നതാണ്; അങ്ങനെ, (നീ) അവ നുമായി കണ്ടുമുട്ടുന്നവനാകുന്നു.

മനുഷ്യൻ തന്റെ ജീവിത കാല മത്രയും അദ്ധ്വാനിച്ചും ക്ലേശപ്പെട്ടും കൊണ്ടേ ഇരിക്കേണ്ടതുണ്ട്. തുടർന്ന് മരണാനന്തരം റബ്ബിന്റെ മുമ്പിൽ കഴിഞ്ഞകാല ചെയ്തികളെക്കുറിച്ച് കണക്ക് ബോധിപ്പിക്കേണ്ടിയും വരും. അതുകൊണ്ട് ഓരോരുത്തരും അവന്റെ അദ്ധ്വാനം ഭാവിയിൽ അവന് ഗുണകരമായിത്തീരാൻ ശ്രമിച്ച് കൊള്ളട്ടെ.

**വചനം 7,8,9:**

فَأَمَّا مَنْ أُوتِىَ كِتَـٰبَهُۥ بِيَمِينِهِۦ ﴿٧﴾
فَسَوْفَ يُحَاسَبُ حِسَابًا يَسِيرًا ﴿٨﴾

7 എന്നാൽ അപ്പോൾ, ഏതൊരുവന് അവൻെറ ഗ്രന്ഥം അവൻെറ വലങ്കയ്യിൽ കൊടുക്ക പ്പെട്ടുവോ,-
8 എന്നാലവൻ വഴിയെ ലഘുവായ ഒരു വിചാരണ ചെയ്യപ്പെടുന്നതാണ്.



www.islamhouse.com

9 അവൻ തൻെറ സ്വന്തക്കാരിലേക്ക് സന്തുഷ്ടനായിക്കൊണ്ട് തിരിച്ചു പോകുകയും ചെയ്യും.

وَيَنقَلِبُ إِلَىٰٓ أَهۡلِهِۦ مَسۡرُورٗا ۝٩

സജ്ജനങ്ങളിൽ പെട്ട മനുഷ്യന് റബ്ബുമായി കണ്ട് മുട്ടുമ്പോൾ, തന്റെ ഗ്രന്ഥം വലം കൈയിൽ നൽകപ്പെടുന്നതാണ്. അവന് നാമ മാത്രമായ വിചാരണ മാത്രമേ നേരിടേണ്ടി വരികയുള്ളൂ. അത് കഴിയുമ്പോൾ അവൻ തന്റെ സ്വന്തക്കാരിലേക്ക് സന്തോഷത്തോടെ മടങ്ങിച്ചെല്ലുകയും ചെയ്യും 'തന്റെ സ്വന്തക്കാർ' എന്ന് പറഞ്ഞതിന്റെ വിവക്ഷ. സദ്‌വൃത്തരായ അവന്റെ കൂട്ടുകാർ, കുടുംബാംഗങ്ങൾ മുതലായവരോ, സ്വർഗ്ഗത്തിൽ അവന് നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്വന്തക്കാരോ ആകാവുന്നതാണ്.

"ഖിയാമത്ത് നാളിൽ ഏതൊരാളുടെ വിചാരണ കർശനമായി നടത്തപ്പെട്ടുവോ, അവൻ ശിക്ഷക്ക് വിധേയനാകുന്നതാണ്" എന്ന് നബി(സ) തിരുമേനി പ്രസ്താവിച്ചിരിക്കുന്നു. (ബു; മു)

**വചനം 10,11,12:**

10 ഏതൊരുവന് അവൻെറ ഗ്രന്ഥം അവൻെറ മുതുകിൻെറ പിന്നിലൂടെ കൊടുക്കപ്പെട്ടുവോ-

11 അവൻ വഴിയെ നാശത്തെ വിളി (ച്ചു നിലവിളി) ക്കുന്നതാണ്.

12 ആളിക്കത്തുന്ന അഗ്നിയിൽ അവൻ കടന്നെരിയുകയും ചെയ്യും.

وَأَمَّا مَنۡ أُوتِيَ كِتَٰبَهُۥ وَرَآءَ ظَهۡرِهِۦ ۝١٠
فَسَوۡفَ يَدۡعُواْ ثُبُورٗا ۝١١
وَيَصۡلَىٰ سَعِيرًا ۝١٢

ദുർജ്ജനങ്ങളായ ആളുകൾക്ക് അവരുടെ കർമ്മരേഖ അവരുടെ പിൻഭാഗത്ത് കൂടെ, ഇടത് കൈയിലായിരിക്കും നൽകപ്പെടുക. അവൻ ഹാ കഷ്ടമേ എന്ന് വിളിച്ച് വിലപിക്കുന്നതാണ്. പക്ഷെ യാതൊരു ഫലവുമുണ്ടാവുകയില്ല. കത്തിജ്വലിക്കുന്ന നരകം തന്നെയാകുന്നു അവർക്കാധാരം.

**വചനം 13,14,15:**

13 (കാരണം) അവൻ അവൻെറ സ്വന്തക്കാർക്കിടയിൽവെച്ച് സന്തുഷ്ടനായിരുന്നു.

14 അവൻ ധരിച്ചു, അവൻ (അല്ലാഹുവിങ്കലേക്ക്) മടങ്ങിവരുന്നതേയല്ല എന്ന്.

15 ഇല്ലാതേ! (മടങ്ങാതിരിക്കയില്ല) നിശ്ചയമായും അവൻെറ റബ്ബ് അവനെപ്പറ്റി കണ്ടറിയുന്നവനായിരുന്നു.

إِنَّهُۥ كَانَ فِيٓ أَهۡلِهِۦ مَسۡرُورًا ۝١٣
إِنَّهُۥ ظَنَّ أَن لَّن يَحُورَ ۝١٤
بَلَىٰٓۚ إِنَّ رَبَّهُۥ كَانَ بِهِۦ بَصِيرٗا ۝١٥

സ്വന്തം ഭാവിയെക്കുറിച്ചുള്ള ചിന്തയോ അല്ലാഹുവിനെക്കുറിച്ചുള്ള ബോധമോ ഇല്ലാതെ, തന്റെ സ്വന്തക്കാരുടെയും, സുഹൃത്തുക്കളുടെയും കൂട്ടത്തിൽ തികച്ചും സംതൃപ്തനും സന്തുഷ്ടനുമായിക്കൊണ്ടു അവൻ അവന്റെ ഐഹിക ജീവിതം കഴിച്ച് കൂട്ടി. അല്ലാഹുവിങ്കലേക്ക് തിരിച്ച് ചെല്ലേണ്ടി വരികയില്ലെന്നാണ് അവർ ധരിച്ച് വെച്ചത്. അതാണ് അവരുടെ ഈ ദുർഗ്ഗതിക്ക് കാരണം. അവനെ സദാ കണ്ടും വീക്ഷിച്ചും കൊണ്ടിരിക്കുന്ന റബ്ബിന്റെ പിടുത്തത്തിൽ അകപ്പെടാതെ രക്ഷപ്പെടാൻ ആർക്കും സാധ്യമല്ല തന്നെ.

**വചനം 16,17,18,19,20,21:**

16 എന്നാൽ അസ്തമയ ശോഭകൊണ്ട് ഞാൻ സത്യംചെയ്തു പറയുന്നു;

17 രാത്രിയും, അതുൾക്കൊള്ളുന്നവയുംകൊണ്ടും-

18 ചന്ദ്രൻ നികന്നു (പൂർണത പ്രാപിച്ചു) വരുമ്പോൾ അതുകൊണ്ടും (സത്യംചെയ്തു പറയുന്നു):-

19 തീർച്ചയായും നിങ്ങൾ (ഓരോ) ഘട്ടം ഘട്ടമായി കയറിക്കൊണ്ടിരിക്കുന്നതാണ്.

فَلَآ أُقۡسِمُ بِٱلشَّفَقِ ۝١٦
وَٱلَّيۡلِ وَمَا وَسَقَ ۝١٧
وَٱلۡقَمَرِ إِذَا ٱتَّسَقَ ۝١٨
لَتَرۡكَبُنَّ طَبَقًا عَن طَبَقٖ ۝١٩



www.islamhouse.com

فَمَا لَهُمْ لَا يُؤْمِنُونَ ۝٢٠ وَإِذَا قُرِئَ عَلَيْهِمُ ٱلْقُرْءَانُ لَا يَسْجُدُونَ ۩ ۝٢١

20 എന്നിരിക്കെ, എന്താണ് ഇവർക്ക്-ഇവർ വിശ്വസിക്കുന്നില്ല?!-

21 അവർക്ക് ഖുർആൻ ഓതിക്കൊടുക്കപ്പെട്ടാൽ അവർ 'സുജൂദ്' (സാഷ്ടാംഗനമസ്കാരം) ചെയ്യുന്നുമില്ല?!

21-ാം വചനം ഓതിയാൽ ഓത്തിന്റെ സുജൂദ് ചെയ്യേണ്ടതാണ്.

അസ്തമയ സമയത്തെ ശോഭ, രാത്രിയും രാത്രി ഉൾക്കൊള്ളുന്നവയും, - അഥവാ അതിന്റെ ഇരുട്ടിൽ പെട്ട് മറഞ്ഞ് പോകുന്ന വസ്തുക്കൾ - പൂർണ ദശ പ്രാപിച്ച ചന്ദ്രൻ എന്നീ പ്രകൃതി ദൃഷ്ടാന്തങ്ങളെക്കൊണ്ട് അല്ലാഹു സത്യം ചെയ്യുന്നു. മരണത്തിന് മുമ്പ് ശൈശവം, കൗമാരം, യുവത്വം, വാർദ്ധക്യം, ആരോഗ്യം, രോഗം, സുഖം, ദുഖം മുതലായ വിവിധ ഘട്ടങ്ങളും, മരണാനന്തരം, ഖബറിലെ ജീവിതം, ഉയിർത്തെഴുന്നേൽപ്, മഹ്ശരിലേക്ക് സമ്മേളിക്കൽ, വിചാരണ, രക്ഷാശിക്ഷകൾ ആദിയായ ഘട്ടങ്ങളും ഒന്നിന്ന് പിറകെ ഒന്നായി വിഷമത്തോടു കൂടി മനുഷ്യൻ തരണം ചെയ്യേണ്ടിയിരിക്കുന്നു. കേവലം നിശ്ചലമോ സുസ്ഥിരമോ ആയ ഒരവസ്ഥയല്ല മനുഷ്യനുള്ളത്. ഇതെല്ലാം മനുഷ്യനെ അവന്റെ ശാശ്വതമായ ഭാവിയെ പറ്റി ഇരുത്തി ചിന്തിപ്പിക്കുവാൻ, അവന് പ്രേരകമാകേണ്ടതാണ്. പക്ഷേ എന്നിട്ടും സത്യവിശ്വാസം സ്വീകരിക്കുവാനോ, അല്ലാഹുവിന്റെ മുമ്പിൽ തല കുനിക്കുവാനോ, അവൻ തയാറാകുന്നില്ലയെന്നത് അതിശയം തന്നെ.

**വചനം 22,23,24,25:**

بَلِ ٱلَّذِينَ كَفَرُوا۟ يُكَذِّبُونَ ۝٢٢

22 (അത്രയുമല്ല) പക്ഷേ, അവിശ്വസിച്ചവർ വ്യാജമാക്കിക്കൊണ്ടിരിക്കുകയാണ്.

وَٱللَّهُ أَعْلَمُ بِمَا يُوعُونَ ۝٢٣

23 അവർ (മനസ്സിൽ) സൂക്ഷിച്ചുവെക്കുന്നതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനുമാകുന്നു.

فَبَشِّرْهُم بِعَذَابٍ أَلِيمٍ ۝٢٤

24 ആകയാൽ, (നബിയേ) അവർക്ക് വേദനയേറിയ ഒരു ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക.

إِلَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَهُمْ أَجْرٌ غَيْرُ مَمْنُونٍۭ ۝٢٥

25 വിശ്വസിക്കുകയും, സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കൊഴികെ, അവർക്ക് മുറിഞ്ഞു (നഷ്ടപ്പെട്ട്) പോകാത്ത പ്രതിഫലം ഉണ്ട്.

അവർ സത്യവിശ്വാസം സ്വീകരിക്കുന്നില്ലെന്നും, അല്ലാഹുവിന് സാഷ്ടാംഗ നമസ്കാരം ചെയ്യുന്നില്ലെന്നും മാത്രമല്ല ഖുർആനിനേയും മറ്റും വ്യാജമാക്കി നിഷേധിക്കുക കൂടി ചെയ്യുന്നു. അത് കൊണ്ട് അവർക്ക് വല്ല സന്തോഷ വാർത്തയും അറിയിച്ച് കൊടുക്കാനുണ്ടെങ്കിൽ, അത് കഠിനമായ നരക ശിക്ഷയെക്കുറിച്ചാകുന്നു. നേരെ മറിച്ച് സത്യ വിശ്വാസവും സൽകർമ്മങ്ങളും സ്വീകരിച്ചവർക്കാകട്ടെ ഒരിക്കലും നിലച്ച് പോകാത്ത ശാശ്വതമായ പ്രതിഫലവും ഉണ്ടായിരിക്കും.

23-ാം വചനത്തിൽ 'അവർ മനസ്സിൽ സൂക്ഷിച്ച് വെക്കുന്നത് - **مايوعون** എന്നത് കൊണ്ടുദ്ദേശം, അസൂയ, വെറുപ്പ്, വിദ്വേഷം, നിഷേധം മുതലായവയാകുന്നു. **الله اعلم**



www.islamhouse.com

# 85. സൂറത്തുൽ - ബുറൂജ് (ഗ്രഹമണ്ഡലങ്ങൾ)

**മക്കയിൽ അവതരിച്ചത്**

വചനം 22

സൂറത്തിന്റെ ആദ്യ വചനത്തിൽ തന്നെ അല്ലാഹു 'ഗ്രഹമണ്ഡല'ത്തെ (ബുറൂജ്) ക്കുറിച്ച് പരാമർശിക്കുന്നു.

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3:**

وَٱلسَّمَآءِ ذَاتِ ٱلْبُرُوجِ ﴿١﴾
وَٱلْيَوْمِ ٱلْمَوْعُودِ ﴿٢﴾
وَشَاهِدٍ وَمَشْهُودٍ ﴿٣﴾

1 ഗ്രഹമണ്ഡലങ്ങളുള്ളതായ ആകാശം തന്നെയാണ (സത്യം)!

2 വാഗ്ദത്തം ചെയ്യപ്പെട്ട (ആ) ദിവസം തന്നെയാണ (സത്യം)!

3 സാക്ഷിയും, സാക്ഷീകരിക്കപ്പെടുന്നതും തന്നെയാണ (സത്യം)!

ഈ മൂന്ന് വചനങ്ങളിലായി നാല് വസ്തുക്കളെക്കൊണ്ട് അല്ലാഹു ആണയിടുന്നു.

1. ഗ്രഹ മണ്ഡല(ബുറൂജ്)ങ്ങളുള്ള ആകാശം കൊണ്ട്. (ബുറൂജ് എന്ന വാക്കിന്റെ വിശദാർത്ഥത്തെക്കുറിച്ച് സൂ.ഫുർഖാൻ: 61 -ാം വചനം നോക്കുക). 2. വാഗ്ദത്തം ചെയ്യപ്പെട്ട ദിവസം - ഖിയാമത്ത് നാൾ - കൊണ്ട്.

3,4. സാക്ഷിയും സാക്ഷീകരിക്കപ്പെടുന്നതും കൊണ്ട്-ഈ രണ്ട് വാക്കുകളും കുറെ വ്യാപകമായ അർത്ഥം ഉൾക്കൊള്ളുന്നതാകുന്നു. മനുഷ്യന്റെ കർമ്മങ്ങൾക്ക് ലോക വസ്തുക്കളിൽ കണക്കറ്റ സാക്ഷികളെ കാണാവുന്നതാണ് - സ്ഥലങ്ങൾ, പരിസര വസ്തുക്കൾ, സമയങ്ങൾ, ഉപകരണങ്ങൾ, സഹജീവികൾ മുതലായ പലതും. അല്ലാഹുവിന്റെ കോടതിയിൽ ഇവയെല്ലാം മനുഷ്യ കർമ്മങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നതാണ്.

നബി(സ) തിരുമേനി ഈ സമുദായത്തിനും, മുമ്പുണ്ടായിരുന്ന പ്രവാചകന്മാർ അവരുടെ സമുദായങ്ങൾക്കും സാക്ഷികളാകുന്നു; (സൂ.നിസാഅ്: 41), ഈ സമുദായം മറ്റ് സമുദായങ്ങൾക്കും സാക്ഷിയാണ് (സൂ.അൽ ബഖറ: 143); മനുഷ്യന്റെ അവയവങ്ങൾ അവന് സാക്ഷികളായിരിക്കും (സൂ.യാസീൻ: 65) എന്നീ ഖുർആൻ വചനങ്ങളിലും നബി(സ) തിരുമേനിയുടെ ഹദീസുകളിലും പല തരത്തിലുള്ള സാക്ഷികളെക്കുറിച്ചും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

**വചനം 4,5,6,7:**

قُتِلَ أَصْحَٰبُ ٱلْأُخْدُودِ ﴿٤﴾
ٱلنَّارِ ذَاتِ ٱلْوَقُودِ ﴿٥﴾
إِذْ هُمْ عَلَيْهَا قُعُودٌ ﴿٦﴾
وَهُمْ عَلَىٰ مَا يَفْعَلُونَ بِٱلْمُؤْمِنِينَ شُهُودٌ ﴿٧﴾

4 കിടങ്ങിൻെറ ആൾക്കാർ കൊല്ലപ്പെടട്ടെ (ശപിക്കപ്പെടട്ടെ)!-

5 അതായത് ഇന്ധനം (വിറക്) നിറച്ച അഗ്നിയുടെ (ആൾക്കാർ);-

6 അവർ അതിങ്കൽ ഇരുന്നുകൊണ്ടിരുന്ന സന്ദർഭം;-

7 സത്യവിശ്വാസികളെക്കൊണ്ട് തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതിന് അവർ ദൃക്സാക്ഷികളായുംകൊണ്ട്.

നബി(സ) തിരുമേനിയും സഹാബികളും അങ്ങേ അറ്റം ശത്രു മർദ്ദനങ്ങൾക്ക് ഇരയായിക്കൊണ്ടിരുന്ന സന്ദർഭത്തിൽ അവതരിച്ച ഒരദ്ധ്യായമാണിത്. ബിലാൽ(റ) സുഹൈബ്(റ) തുടങ്ങിയ പല സഹാബികളും - സഹാബി വനിതകൾ പോലും - ഖുറൈശികളുടെ ക്രൂര മർദ്ദനങ്ങൾക്ക് വിധേയരായിരുന്നു. ഒരിക്കൽ അവർ തിരുമേനിയോട് അതിനെക്കുറിച്ച് സങ്കടപ്പെടുകയുണ്ടായി. തങ്ങൾക്ക് വേണ്ടി അല്ലാഹുവിനോട് സഹായം തേടുവാനും ദുആ ചെയ്യുവാനും അവർ തിരുമേനിയോട് പറഞ്ഞു. അവരുടെ



www.islamhouse.com

മുമ്പുള്ള ചിലർക്കുണ്ടായ അതി കഠിനമായ മർദ്ദനങ്ങളെക്കുറിച്ചും, അതെല്ലാം സഹിച്ച് വിശ്വാസത്തിൽ അവർ ദൃഢരായി ഉറച്ച് നിന്നതിനെക്കുറിച്ചും തിരുമേനി ആ സഹാബികളെ വിശദമായി ധരിപ്പിക്കുകയും, അല്ലാഹുവിന്റെ സഹായവും ഇസ്‌ലാമിന്റെ വിജയവും അധികം വൈകാതെ വന്നെത്തുമെന്ന് അവരെ സമാധാനിപ്പിക്കുകയും ചെയ്തു.

മുൻ കാലത്ത് സത്യ വിശ്വാസികളായ ഒരു കൂട്ടർ സഹിക്കേണ്ടി വന്ന ഒരു ദാരുണ സംഭവം ഈ സൂറത്തിൽ അല്ലാഹു അവർക്ക് വിവരിച്ച് കൊടുക്കുകയാണ്.

സത്യ വിശ്വാസം സ്വീകരിച്ചു എന്ന ഏക കാരണത്താൽ ഒരു ക്രൂര ജനത, സത്യ വിശ്വാസികളായ കുറച്ച് സാധുക്കളെ ജീവനോടെ ഒരു തീക്കുണ്ഡാരത്തിലിട്ട് അഗ്നിക്കിരയാക്കുകയും, ആ പാവങ്ങൾ തീയിൽ എരിഞ്ഞ് പിടയുന്നത് നോക്കിക്കൊണ്ട് ആഹ്ലാദിച്ച് രസിക്കുകയും ചെയ്ത സംഭവമാണ് അല്ലാഹു വിവരിക്കുന്നത്.

തീക്കുണ്ഡാരത്തിന്റെ ഒന്നിലധികം സംഭവങ്ങൾ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അവയിൽ ഏതെങ്കിലും ഒരു സംഭവത്തെ ഉദ്ദേശിച്ചാണോ അതല്ല, അത് പോലെയുള്ള സംഭവങ്ങളെ മൊത്തത്തിൽ ഉദ്ദേശിച്ചാണോ, ഈ വിവരണമെന്ന് തീർത്ത് പറയാവുന്നതല്ല. എങ്ങനെയായാലും, ഈ സംഭവത്തിലടങ്ങിയ പാഠം ഗ്രഹിക്കുവാനും, അത് പ്രയോജനപ്പെടുത്തുവാനും, സംഭവം എവിടെ വെച്ച് എപ്പോൾ ഉണ്ടായി എന്നറിയേണ്ടതില്ലല്ലൊ.

**വചനം 8,9,10:**

وَمَا نَقَمُوا۟ مِنْهُمْ إِلَّآ أَن يُؤْمِنُوا۟ بِٱللَّهِ ٱلْعَزِيزِ ٱلْحَمِيدِ ﴿٨﴾

8 പ്രതാപശാലിയായ, സ്തുത്യർഹനായ അല്ലാഹുവിൽ അവർ (ആ സത്യവിശ്വാസികൾ) വിശ്വസിക്കുന്നതല്ലാതെ, അവരെക്കുറിച്ച് അവർ (യാതൊന്നും) കുറ്റപ്പെടുത്തിയിട്ടില്ലതാനും;-

ٱلَّذِى لَهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ وَٱللَّهُ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿٩﴾

9 അതായത്, ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധിപത്യം യാതൊരുവന്നാണോ അവനിൽ(വിശ്വസിക്കുന്നത്.) അല്ലാഹുവാകട്ടെ, എല്ലാ കാര്യത്തിനും ദൃക്സാക്ഷിയാകുന്നു.

إِنَّ ٱلَّذِينَ فَتَنُوا۟ ٱلْمُؤْمِنِينَ وَٱلْمُؤْمِنَـٰتِ ثُمَّ لَمْ يَتُوبُوا۟ فَلَهُمْ عَذَابُ جَهَنَّمَ وَلَهُمْ عَذَابُ ٱلْحَرِيقِ ﴿١٠﴾

10 നിശ്ചയമായും, സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും (മർദ്ദിച്ച്) കുഴപ്പത്തിലാക്കുകയും, പിന്നീട് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്തവർ; അവർക്ക് നരകശിക്ഷയുണ്ട്; അവർക്ക് ചുട്ടുകരിക്കുന്ന ശിക്ഷയുമുണ്ട്.

ആകാശ ഭൂമികളുടെ രാജാധിപനായ അല്ലാഹു മാത്രമാണ് ആരാധ്യനും രക്ഷിതാവും എന്ന സത്യത്തിൽ വിശ്വസിച്ചുവെന്നല്ലാതെ, മറ്റൊരു ആരോപണവും ആ സത്യ വിശ്വാസികളുടെ മേൽ അവർക്ക് ചുമത്തുവാനില്ലായിരുന്നു. അതിനെ ഒരു കുറ്റമായെടുത്ത് അവരെ മൃഗീയമായി ശിക്ഷിച്ച ആ ദുഷ്ട ജനതയെ അല്ലാഹു എങ്ങനെ ശപിക്കാതിരിക്കും. എല്ലാം കണ്ട് കൊണ്ടിരിക്കുന്ന അല്ലാഹു എല്ലാറ്റിന്നും നടപടി എടുക്കുക തന്നെ ചെയ്യും.

**വചനം 10,11,12,13,14,15,16:**

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ لَهُمْ جَنَّـٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ ۚ ذَٰلِكَ ٱلْفَوْزُ ٱلْكَبِيرُ ﴿١١﴾

11 നിശ്ചയമായും, വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ;- അവർക്ക് അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളുണ്ട്. അതത്രെ വലുതായ വിജയം.

إِنَّ بَطْشَ رَبِّكَ لَشَدِيدٌ ﴿١٢﴾

12 നിശ്ചയമായും, നിൻെറ റബ്ബിൻെറ പിടുത്തം (പിടിച്ചു ശിക്ഷിക്കൽ) കഠിനമായത് തന്നെയാണ്.



www.islamhouse.com

13 നിശ്ചയമായും, അവൻ തന്നെയാണ്, ആദ്യമായു ണ്ടാക്കുകയും, (വീണ്ടും)ആവർത്തിച്ചുണ്ടാ ക്കുകയും ചെയ്യുന്നത്.

إِنَّهُۥ هُوَ يُبۡدِئُ وَيُعِيدُ ١٣

14 വളരെ പൊറുക്കുന്നവനും, വളരെ സ്നേഹ മുള്ളവനും അവനത്രെ.

وَهُوَ ٱلۡغَفُورُ ٱلۡوَدُودُ ١٤

15 ‘അർശു’(സിംഹാസനം) ഉള്ളവനും, മഹത്വ മേറിയവനും;-

ذُو ٱلۡعَرۡشِ ٱلۡمَجِيدُ ١٥

16 താൻ ഉദ്ദേശിക്കുന്നതെന്തോ അത് (ശരിക്കും) പ്രവർത്തിക്കുന്നവനും.

فَعَّالٞ لِّمَا يُرِيدُ ١٦

അല്ലാഹുവിന്റെ പിടിയിൽ അമരാത്തവനോ, അവന്റെ നടപടിയിൽ നിന്ന് രക്ഷപ്പെടുന്നവനോ, അവനെ അതി ജയിക്കുന്നവനോ ആരും തന്നെയില്ല. എല്ലാം അവന്റെ സൃഷ്ടികൾ. രക്ഷിക്കുവാനും ശിക്ഷിക്കുവാനുമുള്ള അധികാരവും കഴിവും അവനാകുന്നു. മാപ്പ് ചെയ്യുവാനും, ദയ കാണിക്കുവാനുള്ള കഴിവും സന്നദ്ധതയും ഉള്ളവനും അവൻ തന്നെ. പരമാധികാരവും പരിപൂർണ്ണ സ്വാതന്ത്ര്യവും അവന് മാത്രം. അവനെ ചോദ്യം ചെയ്യാൻ ആരുമില്ല.

**വചനം 17,18:**

17 (ആ) സൈന്യങ്ങളുടെ വർത്തമാനം നിനക്ക് വന്നെത്തിയിരിക്കുന്നുവോ (നബിയേ),-

هَلۡ أَتَىٰكَ حَدِيثُ ٱلۡجُنُودِ ١٧

18 അതായത്, ഫിർഔൻെറയും, ‘ഥമൂദി’ൻെറയും?!

فِرۡعَوۡنَ وَثَمُودَ ١٨

അതെ, ഫിർഔന്റെയും ‘ഥമൂദി’ന്റെയും വർത്തമാനം നിങ്ങൾക്കറിയാമല്ലൊ. അത്, നിങ്ങൾക്ക് സമാധാനം നൽകുവാനും, സത്യനിഷേധികൾക്ക് പാഠമായിരിക്കുവാനും മതിയാകുന്നതാണ്.

**വചനം19,20,21,22:**

19 എങ്കിലും (ഈ) അവിശ്വസിച്ചവർ വ്യാജമാക്ക ലിലാണു (ഏർപ്പെട്ടിട്ടു)ള്ളത്.

بَلِ ٱلَّذِينَ كَفَرُواْ فِي تَكۡذِيبٖ ١٩

20 അല്ലാഹുവാകട്ടെ, അവരുടെ പിൻവശത്തിലൂടെ (അവരെ) വലയം ചെയ്തുകൊണ്ടിരിക്കുന്നവ നുമാണ്.

وَٱللَّهُ مِن وَرَآئِهِم مُّحِيطُۢ ٢٠

21 പക്ഷേ, അത് മഹത്വമേറിയ ഒരു ഖുർആ നാകുന്നു;

بَلۡ هُوَ قُرۡءَانٞ مَّجِيدٞ ٢١

22 സുരക്ഷിതമായ ഒരു ഫലകത്തിലാണ് (അതു ള്ളത്).

فِي لَوۡحٖ مَّحۡفُوظِۭ ٢٢

ഫിർഔൻ, ഥമൂദ് വർഗ്ഗം എന്നിവരുടെ ചരിത്രത്തിൽ നിന്നും, ഈ ധിക്കാരികൾ പാഠം പഠിക്കാതെ, അവരിപ്പോഴും നിഷേധത്തിലും, ധിക്കാരത്തിലും ഉറച്ച് നിൽക്കുകയാണ്. അല്ലാഹു എല്ലാം സൂക്ഷ്മമായി അറിഞ്ഞ് കൊണ്ടിക്കുന്നു താനും. ഖുർആനിലെ വചനങ്ങളും ആശയങ്ങളും, അത് വിഭാവനം ചെയ്യുന്ന ആദർശങ്ങളുമെല്ലാം തന്നെ അതി മഹത്തായതുമാകുന്നു. ഖുർആൻ സുരക്ഷിതമായ ഒരു ഫലകത്തിലാകുന്നു ഉള്ളത്.

لوح المحفوظ(സുരക്ഷിത ഫലകം അഥവാ സൂക്ഷിക്കപ്പെട്ട പലക)നെ പറ്റി വസ്തു നിഷ്ഠമായി വിവരിക്കാൻ നമുക്ക് അറിഞ്ഞു കൂടാ. ഖുർആൻനിനെ പറ്റി സൂ. വാഖിഅ: 77-80 വചനങ്ങളും അവയുടെ വിശദീകരണവും ഓർക്കുക. ആ ആശയം തന്നെയാണ് ഇവിടെയും ഉള്ളത്.

സു.റഅ്ദ്: 39-ാം വചനത്തിൽ അല്ലാഹു പ്രസ്താവിക്കുന്നു: “അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ മായിച്ച് കളയുകയും സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. മൂലഗ്രന്ഥം അവന്റെ അടുക്കലുണ്ട് താനും.”

അപ്പോൾ അല്ലാഹുവിങ്കൽ പ്രത്യേകം സൂക്ഷിക്കപ്പെട്ട ഒരു ജ്ഞാന രേഖയാണ് لوح المحفوظ എന്നും ഖുർആൻ അടക്കം അല്ലാഹു അതിൽ പലതും രേഖപ്പെടുത്തി വെച്ചിട്ടുണ്ടെന്നും അവൻ അറിയിച്ച് കൊടുത്തതല്ലാതെ ആർക്കും അതിനെ പറ്റി അറിയുന്നതല്ലെന്നും ഗ്രഹിക്കാവുന്നതാണ്. و الله اعلم



www.islamhouse.com

# 86. സൂറത്തു - ത്താരിഖ് (രാത്രിയില്‍ വരുന്നത്)

**മക്കയില്‍ അവതരിച്ചത്**

വചനം 17

സൂറത്തിന്റെ ആദ്യ വചനത്തില്‍ 'രാത്രിയില്‍ കടന്നു വരുന്നത്' (ത്വാരിഖ്)നെ ക്കുറിച്ച് അല്ലാഹു പ്രസ്താവിക്കുന്നു.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍ بسم الله الرحمن الرحيم

**വചനം 1,2,3,4:**

وَٱلسَّمَآءِ وَٱلطَّارِقِ ﴿١﴾ وَمَآ أَدۡرَىٰكَ مَا ٱلطَّارِقُ ﴿٢﴾ ٱلنَّجۡمُ ٱلثَّاقِبُ ﴿٣﴾ إِن كُلُّ نَفۡسٖ لَّمَّا عَلَيۡهَا حَافِظٞ ﴿٤﴾

1 ആകാശം തന്നെയാണ, രാത്രി കടന്നുവരുന്നതും തന്നെയാണ (സത്യം)!

2 രാത്രി കടന്നുവരുന്നത് എന്നാല്‍ എന്താണെന്ന് നിനക്ക് എന്തറിയാം?!

3 തുളച്ചുചെല്ലുന്ന നക്ഷത്രമത്രെ (അത്).

4 എല്ലാ ഓരോ ദേഹവും (ആളും)തന്നെ, അതിന്‍െറ മേല്‍ സൂക്ഷിച്ചു (വീക്ഷിച്ചു) കൊണ്ടിരിക്കുന്ന ഒരാള്‍ ഇല്ലാത്തതായിട്ടില്ല.

ആകാശത്തെയും നക്ഷത്രത്തേയും (രാത്രി കടന്ന് വരുന്നത്; പ്രകാശിക്കുന്ന ശോഭയോട് കൂടി തുളച്ച് ചെല്ലുന്നത്) കൊണ്ട് അല്ലാഹു സത്യം ചെയ്യുന്നു. ഓരോ ആളെ പറ്റിയും സൂക്ഷിച്ച് വീക്ഷിച്ച് കൊണ്ടിരിക്കുന്ന ഒരു പറാവുകാരന്‍ ഉണ്ടെന്നും ആരും അതില്‍ നിന്ന് ഒഴിവല്ല എന്നുമാണ് അല്ലാഹു തുടര്‍ന്ന് സത്യം ചെയ്യുന്നത്. മനുഷ്യന്റെ കര്‍മ്മങ്ങളെല്ലാം രേഖപ്പെടുത്തുന്ന മലക്കുകളെക്കുറിച്ച് സൂ. ഇന്‍ഫിത്വാര്‍: 10ലും സൂ. റഅ്ദ്:11ലും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. പാറാവുകാര്‍ എന്ന് പറഞ്ഞത് ഈ മലക്കുകളെ ഉദ്ദേശിച്ചാവാം. അല്ലാഹുവിനെ തന്നെ ഉദ്ദേശിച്ചും ആവാം. ഏറ്റവും നല്ല പാറാവുകാരന്‍ അവന്‍ തന്നെയാണല്ലോ. الله اعلم

**വചനം 5,6,7:**

فَلۡيَنظُرِ ٱلۡإِنسَٰنُ مِمَّ خُلِقَ ﴿٥﴾ خُلِقَ مِن مَّآءٖ دَافِقٖ ﴿٦﴾ يَخۡرُجُ مِنۢ بَيۡنِ ٱلصُّلۡبِ وَٱلتَّرَآئِبِ ﴿٧﴾

5 എന്നാല്‍, മനുഷ്യന്‍ (ചിന്തിച്ചു) നോക്കട്ടെ, അവന്‍ എന്തില്‍നിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് !

6 തെറിച്ചുവരുന്ന ഒരു വെള്ളത്തില്‍നിന്നത്രെ അവന്‍ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

7 അത് മുതുകെല്ലിന്നും, നെഞ്ചെല്ലുകള്‍ക്കും ഇടയില്‍ നിന്ന് പുറത്തുവരുന്നു.

ഭക്ഷ്യ വസ്തുക്കളില്‍ നിന്ന് ഉല്‍ഭൂതമാകുന്നതും ശരീരാംഗങ്ങളില്‍ നിന്ന് ഒഴുകി വരുന്നതുമാണ് പുരുഷ ബീജവും സ്ത്രീയുടെ അണ്ഡവും. അത് പുരുഷന്റെ മുതുകെല്ലുകള്‍ക്കിടയില്‍ നിന്നും സ്ത്രീയുടെ നെഞ്ചെല്ലുകള്‍ക്കിടയില്‍ നിന്നുമാണ് പുറത്ത് വരുന്നത്. മാതാപിതാക്കളുടെ ശരീരത്തില്‍ നിന്ന് വാര്‍ന്ന് തെറിച്ച് വീഴുന്ന ഒരു നിസ്സാര ജലത്തിന്റെ ഏറ്റവും ചെറിയ ബിന്ദുവില്‍ നിന്ന് സൃഷ്ടിക്കപ്പെട്ടവനല്ലെ മനുഷ്യന്‍?

**വചനം 8,9,10:**

إِنَّهُۥ عَلَىٰ رَجۡعِهِۦ لَقَادِرٞ ﴿٨﴾ يَوۡمَ تُبۡلَى ٱلسَّرَآئِرُ ﴿٩﴾

8 നിശ്ചയമായും, അവന്‍ (അല്ലാഹു) അവനെ മട(ക്കി സൃഷ്ടി)ക്കുന്നതിന് കഴിവുള്ളവന്‍ തന്നെ,-

9 രഹസ്യങ്ങള്‍ പരിശോധിക്കപ്പെടുന്ന ദിവസം.



www.islamhouse.com

10 അപ്പോള്‍ അവന്ന് യാതൊരു ശക്തിയാകട്ടെ, സഹായകനാകട്ടെ (ഉണ്ടായിരിക്കുക) ഇല്ല.

فَمَا لَهُۥ مِن قُوَّةٍ وَلَا نَاصِرٍ ﴿١٠﴾

അങ്ങനെ സൃഷ്ടിക്കപ്പെട്ട മനുഷ്യന് രണ്ടാമതൊരു ജീവിതം കൂടി നല്‍കുവാന്‍ കഴിവുള്ളവന്‍ തന്നെയാകുന്നു അല്ലാഹു. സ്വകാര്യ ജീവിതത്തില്‍ അവന്‍ നടത്തുന്ന എല്ലാ ഗൂഢ പ്രവര്‍ത്തനങ്ങളും അവന്റെ വിചാര വികാരങ്ങളും എല്ലാം തന്നെ ഖിയാമത്ത് നാളില്‍ പരിശോധനാ വിധേയമാകുന്നതാണ്. ഇന്ന് അവനുള്ള കഴിവും സ്വാധീനവും സഹായകരും ഒന്നും തന്നെ അന്ന് അവനെ രക്ഷിക്കുവാന്‍ ഉണ്ടാകുന്നതല്ല.

**വചനം 11,12,13,14:**

11 ആവര്‍ത്തി(ച്ചു മഴചൊരി)ക്കുന്ന ആകാശം തന്നെയാണ (സത്യം)!

وَٱلسَّمَآءِ ذَاتِ ٱلرَّجْعِ ﴿١١﴾

12 (സസ്യലതാദികള്‍ മുളച്ചു) പിളരുന്ന ഭൂമിയും തന്നെയാണ (സത്യം)!

وَٱلْأَرْضِ ذَاتِ ٱلصَّدْعِ ﴿١٢﴾

13 നിശ്ചയമായും, ഇത് ഒരു (ഖണ്ഡിതമായ) തീരുമാന വചനം തന്നെയാകുന്നു.

إِنَّهُۥ لَقَوْلٌ فَصْلٌ ﴿١٣﴾

14 ഇത് തമാശയല്ല.

وَمَا هُوَ بِٱلْهَزْلِ ﴿١٤﴾

11,12 വചനങ്ങളില്‍ അല്ലാഹു വീണ്ടും പ്രകൃതി ശക്തികളെക്കൊണ്ട് സത്യം ചെയ്യുന്നു. മനുഷ്യന്റെ സൃഷ്ടികളെക്കുറിച്ചും, അവന്റെ പുനരെഴുന്നേല്‍പിനെക്കുറിച്ചും അവന്റെ ചിന്തയെ ഉദ്ദീപിപ്പിക്കുവാന്‍ പോരുന്നതാണീ സത്യ വാചകങ്ങള്‍. മരണാനന്തര ജീവിതമെന്നത് ഒരു തമാശയോ വിനോദമൊ അല്ല എന്നും, ഖണ്ഡിതവും അവസാനത്തേതുമായ ഒരു വാക്കാണെന്നുമത്രേ അല്ലാഹു സത്യം ചെയ്ത് പറയുന്നത്.

**വചനം 15,16,17:**

15 നിശ്ചയമായും, അവര്‍ (അവിശ്വാസികള്‍) ഒരു (വമ്പിച്ച) തന്ത്രം പ്രയോഗിച്ചുകൊണ്ടിരിക്കുന്നു;

إِنَّهُمْ يَكِيدُونَ كَيْدًا ﴿١٥﴾

16 ഞാനും ഒരു(വമ്പിച്ച)തന്ത്രം പ്രയോഗിക്കുന്നതാണ്

وَأَكِيدُ كَيْدًا ﴿١٦﴾

17 ആകയാല്‍, (നബിയേ) അവിശ്വാസികള്‍ക്ക് നീ (കാല) താമസം നല്‍കുക; അവര്‍ക്ക് നീ അല്‍പമൊന്ന് താമസം ചെയ്തുകൊടുക്കുക.

فَمَهِّلِ ٱلْكَٰفِرِينَ أَمْهِلْهُمْ رُوَيْدًۢا ﴿١٧﴾

സത്യ പ്രബോധനത്തിനെതിരെ അവിശ്വാസികള്‍ ഗൂഢ തന്ത്രങ്ങള്‍ പലതും നടത്തിക്കൊണ്ടിരിക്കുയാണ്. അവരെ പരാജയപ്പെടുത്തുവാനുള്ള തന്ത്രങ്ങള്‍ അല്ലാഹുവും നടത്തുന്നുണ്ട്. അതുകൊണ്ട് അവരുടെ കാര്യത്തില്‍ ധൃതിപ്പെടേണ്ടതില്ല; താമസിയാതെ അവര്‍ പരാജയപ്പെടുക തന്നെ ചെയ്യും - എന്ന് അല്ലാഹു നബി(സ)യെ സമാധാനിപ്പിക്കുകയാണ്. അവരുടെ പരാജയം സംഭവിച്ച് കഴിയുകയും ചെയ്തുവല്ലൊ.



www.islamhouse.com

# 87. സൂറത്തുൽ - അഅ്ലാ (അത്യുന്നതൻ)

**മക്കയിൽ അവതരിച്ചത്**

വചനം 19

രണ്ട് പെരുന്നാൾ നമസ്കാരങ്ങളിലും, വെള്ളിയാഴ്ച ജുമുഅ: നമസ്കാരത്തിലും (പെരുന്നാളും ജുമുഅ:യും ഒരേ ദിവസം - വെള്ളിയാഴ്ച - വന്നപ്പോഴും) തിരുമേനി ആദ്യ റക്അത്തിൽ ഈ സൂറത്തും രണ്ടാമത്തെ റക്അത്തിൽ; സൂ. ഗാശിയയും ഓതാറുണ്ടായിരുന്നു - (അ; മു; തി; ന). 'വിത്ർ' നമസ്കാരത്തിൽ ഈ സൂറത്തും സൂറത്തുൽ കാഫിറൂൻ ഉം സൂ. ഇഖ്ലാസ് ഉം തിരുമേനി ഓതി വന്നിരുന്നു. - അഹ്മദ്(റ).

സൂറത്തിന്റെ ആദ്യ വചനത്തിൽ 'അത്യുന്നതനായ' (അഅ്ലാ) രക്ഷിതാവിന്റെ നാമത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ بسم الله الرحمن الرحيم

**വചനം 1,2,3,4,5:**

1 നിൻെറ അത്യുന്നതനായ രക്ഷിതാവിൻെറ നാമത്തെ നീ സ്തോത്രകീർത്തനം ചെയ്യുക. سَبِّحِ ٱسْمَ رَبِّكَ ٱلْأَعْلَى ﴿١﴾

2 അതായത്, സൃഷ്ടിച്ച് ശരിപ്പെടുത്തിയവൻ;- ٱلَّذِى خَلَقَ فَسَوَّىٰ ﴿٢﴾

3 (വ്യവസ്ഥ)നിർണ്ണയിച്ച് മാർഗദർശനം നൽകിയവനും; وَٱلَّذِى قَدَّرَ فَهَدَىٰ ﴿٣﴾

4 മേച്ചിൽ സ്ഥാനം (അഥവാ സസ്യാദികളെ) ഉൽപാദിപ്പിച്ചവനും;- وَٱلَّذِىٓ أَخْرَجَ ٱلْمَرْعَىٰ ﴿٤﴾

5 എന്നിട്ട് അതിനെ അവൻ (ഇരുണ്ട) ചാമ്പൽ വർണ്ണമുള്ളതായ ചവറാക്കിത്തീർക്കുകയും ചെയ്തു. (അങ്ങിനെയുള്ളവൻെറ നാമം.) فَجَعَلَهُۥ غُثَآءً أَحْوَىٰ ﴿٥﴾

2,3 വചനങ്ങളിലെ ആശയത്തെക്കുറിച്ച് സൂ. ഇൻഫിത്വാർ 7,8; സൂ.അബസ 19,20; സൂ.ത്വാഹാ: 50 മുതലായ വചനങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളത് ഓർക്കുക. ഓരോ വസ്തുവിനും അതിന്റെ പ്രകൃതി, ആകൃതി, സ്വഭാവം ആദിയായ കാര്യങ്ങൾ സൃഷ്ടിച്ചുണ്ടാക്കി, അതിനനുയോജ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി, കന്നുകാലികൾക്കും മറ്റും വേണ്ട സസ്യലതാദികളെ ഉൽപാദിപ്പിച്ച് പിന്നീട് അവയെ ചണ്ടിയും ചവറും ആക്കിത്തീർക്കുകയും ചെയ്ത ആ അത്യുന്നതനായ രക്ഷിതാവിന്റെ നാമം പ്രകീർത്തനം ചെയ്യുവാനും, അവനെ വാഴ്ത്തുവാനും അല്ലാഹു കൽപിക്കുന്നു.

1-ാം വചനത്തിന്റെ അവതരണത്തിന് ശേഷം, **سبحان رب الاعلى**. (എന്റെ അത്യുന്നതനായ റബ്ബിന് സ്തോത്ര കീർത്തനം ചെയ്യുന്നു) എന്ന് സുജൂദിൽ ചൊല്ലുവാൻ നബി(സ) നിർദ്ദേശിക്കുകയുണ്ടായി. അതുപോലെ സൂ.വാഖിഅ: 96-ാം വചനം അവതരിച്ചപ്പോൾ **سبحان رب عظيم** (എന്റെ മഹാനായ റബ്ബിന് സ്തോത്ര കീർത്തനം ചെയ്യുന്നു) എന്ന് റുകൂഇൽ ചൊല്ലുവാനും നബി തിരുമേനി(സ) നിർദ്ദേശിച്ചു.

**വചനം 6,7,8:**

6 നിനക്ക് നാം ഓതിത്തരാം; അതിനാൽ നീ മറന്നു പോകുന്നതല്ല; سَنُقْرِئُكَ فَلَا تَنسَىٰٓ ﴿٦﴾

7 -അല്ലാഹു ഉദ്ദേശിച്ചതൊഴികെ. നിശ്ചയമായും, അവൻ പരസ്യവും അവ്യക്തമായിരിക്കുന്നതും അറിയുന്നു. إِلَّا مَا شَآءَ ٱللَّهُ ۚ إِنَّهُۥ يَعْلَمُ ٱلْجَهْرَ وَمَا يَخْفَىٰ ﴿٧﴾

8 കൂടുതൽ സുഗമമായതിലേക്ക് നിനക്ക് നാം സൗകര്യപ്പെടുത്തിത്തരുന്നതുമാണ്. وَنُيَسِّرُكَ لِلْيُسْرَىٰ ﴿٨﴾



www.islamhouse.com

നബി(സ)ക്ക് അവതരിക്കുന്ന വഹ്യുകളൊന്നും തന്നെ - അത് ഖുർആൻ ആകട്ടെ മറ്റ് വിജ്ഞാനങ്ങളാകട്ടെ - മറന്ന് പോകാതിരിക്കത്തക്ക വണ്ണം മലക്ക് മുഖേന അല്ലാഹു തിരുമേനിക്ക് ഓതിക്കൊടുത്ത് മനസ്സിൽ ഉറപ്പിച്ച് കൊടുക്കുമെന്നും പിന്നേക്ക് ഓർമ്മ വെച്ചിരിക്കേണ്ടുന്ന ആവശ്യമില്ലാത്ത ഭാഗങ്ങൾ വല്ലതും അതിലുണ്ടെങ്കിൽ ആ ഭാഗം അല്ലാഹു മറപ്പിച്ച് കൂടായ്കയില്ലെന്നും അല്ലാഹു നബി(സ)യെ ഉണർത്തുന്നു. എല്ലാ രഹസ്യ പരസ്യങ്ങളും അറിയുന്ന അല്ലാഹു, പ്രബോധന സംബന്ധമായി കൂടുതൽ സുഗമമായ മാർഗ്ഗങ്ങൾ നബി(സ)ക്ക് തുറന്ന് കിട്ടുവാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതുമാണെന്നും നബി(സ) തിരുമേനിയെ അറിയിക്കുന്നു.

**വചനം 9,10:**

فَذَكِّرْ إِن نَّفَعَتِ ٱلذِّكْرَىٰ ﴿٩﴾

9 ആകയാൽ, നീ ഉപദേശിച്ചുകൊള്ളുക, ഉപദേശം ഫലപ്പെടുന്നുവെങ്കിൽ.

سَيَذَّكَّرُ مَن يَخْشَىٰ ﴿١٠﴾

10 (അല്ലാഹുവിനെ) ഭയപ്പെടുന്നവർ ഉപദേശം സ്വീകരിച്ചുകൊള്ളുന്നതാണ്.

ഉപദേശം ഫലപ്പെടുമെന്ന് തോന്നുന്നിടത്ത് ഉപദേശം നലകണമെന്നും, ഫലപ്പെടുകയില്ലെന്ന് കാണുന്നിടത്ത് അത് വേണ്ടതില്ലെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു. എന്ത് തന്നെ കേട്ടാലും തങ്ങൾ പിന്തുടർന്ന് വരുന്നതിൽ നിന്ന് വ്യത്യസ്തമായി മറ്റൊന്നും സ്വീകരിക്കാൻ തയാറല്ലാത്തവരെ ഉപദേശിച്ചിട്ട് കാര്യമില്ലല്ലൊ. പ്രബോധനം നടത്തുന്ന ആളുകൾ അറിഞ്ഞിരിക്കേണ്ട ഒരു മര്യാദയാകുന്നു ഇത്. അല്ലാഹുവിനേക്കുറിച്ചും, തന്റെ ഭാവിയെക്കറിച്ചും ഭയപ്പാടുള്ളവർക്ക് മാത്രമേ സദുപദേശം പ്രയോജനപ്പെടുകയുള്ളൂ എന്ന് തുടർന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

**വചനം 11,12,13:**

وَيَتَجَنَّبُهَا ٱلْأَشْقَى ﴿١١﴾

11 ഏറ്റവും ഭാഗ്യംകെട്ടവൻ അതിനെ (ഉപദേശത്തെ) വിട്ടകന്നുപോകുന്നതാണ്;-

ٱلَّذِى يَصْلَى ٱلنَّارَ ٱلْكُبْرَىٰ ﴿١٢﴾

12 (അതെ) ഏറ്റവും വലിയ അഗ്നിയിൽ കടന്നെരിയുന്നവൻ.

ثُمَّ لَا يَمُوتُ فِيهَا وَلَا يَحْيَىٰ ﴿١٣﴾

13 പിന്നീട് അതിൽവെച്ച് അവൻ മരണമടയുകയില്ല, ജീവിക്കുകയുമില്ല,

സ്വന്തം ശാശ്വത വിജയത്തിന് ആവശ്യമായ ഉപദേശങ്ങൾ കൽപിച്ച് കൂട്ടി തിരസ്കരിക്കുകയും അങ്ങനെ ഏറ്റവും വലിയ അഗ്നിക്ക് ഇരയാകേണ്ടി വരികയും ചെയ്തവനേക്കാൾ ഭാഗ്യം കെട്ടവൻ മറ്റാരുണ്ട്. ആ അഗ്നിയിൽ പ്രവേശിച്ച് കഴിഞ്ഞാൽ, മരണം സംഭവിക്കുമായിരുന്നുവെങ്കിൽ അതോടെ ശിക്ഷ അവസാനിക്കുമെന്ന് കരുതാമായിരുന്നു - എന്നാൽ അതിൽ മരണം സംഭവിക്കുന്നതേയല്ല. അതിൽ, ജീവിച്ചിരിക്കുകയാണെന്നും പറയാൻ പറ്റാത്ത, ഒഴിവില്ലാത്ത ശിക്ഷ അനുഭവിച്ച് കൊണ്ടേയിരിക്കുന്നതാണ്. (സൂ.ഫാത്വിർ: 36-ാം വചനം നോക്കുക). അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ - ആമീൻ.

**വചനം 14,15:**

قَدْ أَفْلَحَ مَن تَزَكَّىٰ ﴿١٤﴾

14 തീർച്ചയായും, (ആത്മ) പരിശുദ്ധി നേടിയവൻ ഭാഗ്യം പ്രാപിച്ചു.

وَذَكَرَ ٱسْمَ رَبِّهِۦ فَصَلَّىٰ ﴿١٥﴾

15 തൻെറ രക്ഷിതാവിൻെറ നാമം സ്മരിക്കുകയും എന്നിട്ട് നമസ്കരിക്കുകയും ചെയ്ത(വൻ).

അവിശ്വാസവും കാപട്യവും കൂടാതെ ആന്തരിക ശുദ്ധിയും ആത്മീയാഭിവൃദ്ധിയും കൈവരിക്കുകയും തദടിസ്ഥാനത്തിൽ അല്ലാഹുവിനെ ആരാധിക്കുകയും - വിശിഷ്യാ നമസ്കാര കർമ്മം നിർവ്വഹിക്കുകയും - ചെയ്തവരാരോ അവരത്രെ വിജയികളും ഭാഗ്യവാന്മാരും; അല്ലാത്തവരോ പരാജിതരും നിർഭാഗ്യവാന്മാരും.

**വചനം 16,17:**

بَلْ تُؤْثِرُونَ ٱلْحَيَوٰةَ ٱلدُّنْيَا ﴿١٦﴾

16 പക്ഷേ, നിങ്ങൾ ഐഹികജീവിതത്തിന് പ്രാധാന്യം നൽകുന്നു.



www.islamhouse.com

وَٱلْأَخِرَةُ خَيْرٌ وَأَبْقَىٰٓ ﴿١٧﴾

17 പരലോകമാകട്ടെ, ഏറ്റവും ഉത്തമവും, കൂടുതല്‍ ശേഷിക്കുന്നതുമാണ്.

നിങ്ങളുടെ സകല നാശത്തിന്റേയും സാക്ഷാല്‍ ഹേതു നിങ്ങള്‍ക്ക് കൂടുതല്‍ കൂടുതല്‍ ഗുണകരവും, അനശ്വരവുമായ പരലോകത്തെ ജീവിതത്തെ അവഗണിച്ചതും, പകരം നശ്വരവും ക്ഷണികവുമായ ഐഹിക ജീവിതത്തെ സര്‍വ്വ പ്രധാനമാക്കിയതുമാണ്.

<u>വചനം 18,19:</u>

إِنَّ هَٰذَا لَفِى ٱلصُّحُفِ ٱلْأُولَىٰ ﴿١٨﴾

صُحُفِ إِبْرَٰهِيمَ وَمُوسَىٰ ﴿١٩﴾

18 നിശ്ചയമായും, ഇത് ആദ്യത്തെ ഏടുകളില്‍ ത്തന്നെയുണ്ട്;-

19 അതായത്, ഇബ്രാഹീമിന്‍െറയും, മൂസായുടെയും ഏടുകളില്‍.

മുഹമ്മദ്(സ) പ്രബോധനം ചെയ്യുന്നതായ ഈ തത്വ സിദ്ധാന്തങ്ങള്‍ അദ്ദേഹം പുത്തനായി കൊണ്ടുവന്നതല്ല. ഇബ്രാഹീം നബി(അ) മൂസാ നബി(അ) മുതലായവര്‍ കൊണ്ട് വന്ന മുന്‍ വേദ ഗ്രന്ഥങ്ങളില്‍ ഉള്ള സത്യസിദ്ധാന്തങ്ങള്‍ തന്നെ, എന്ന് സാരം.



www.islamhouse.com

# 88. സൂറത്തുൽ - ഗാശിയ: (മൂടുന്ന സംഭവം)

**മക്കയിൽ അവതരിച്ചത്**

വചനം 26

കഴിഞ്ഞ അദ്ധ്യായത്തിന്റെ പ്രാരംഭത്തിൽ ഉദ്ധരിച്ച ഹദീസുകൾ ഇവിടെയും ഓർക്കുക.

സൂറത്തിന്റെ ആരംഭത്തിൽ 'മൂടുന്ന സംഭവത്തെ' (ഗാശിയ)ക്കുറിച്ച് അല്ലാഹു പ്രസ്താവിക്കുന്നു.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ بسم الله الرحمن الرحيم

**വചനം 1,2,3,4,5,6,7:**

1 (നബിയേ, ആ) മൂടുന്ന സംഭവത്തിൻെറ വർത്തമാനം നിനക്ക് വന്നിരിക്കുന്നുവോ?- هَلْ أَتَىٰكَ حَدِيثُ ٱلْغَٰشِيَةِ ﴿١﴾

2 ചില മുഖങ്ങൾ അന്നത്തെ ദിവസം (പേടിച്ചു) താഴ്മ കാണിക്കുന്നവയായിരിക്കും; وُجُوهٌ يَوْمَئِذٍ خَٰشِعَةٌ ﴿٢﴾

3 പണിപ്പെട്ട(അഥവാ അദ്ധ്വാനപ്പെട്ടവയായി രിക്കും;) ക്ഷീണിച്ചവയായിരിക്കും. عَامِلَةٌ نَّاصِبَةٌ ﴿٣﴾

4 അവ ചൂടേറിയ അഗ്നിയിൽ കടന്നുകരിയുന്നതാണ് تَصْلَىٰ نَارًا حَامِيَةً ﴿٤﴾

5 തിളച്ചുവെന്ത (അത്യുഷ്ണമായ) ഒരു ഉറവുജലത്തിൽനിന്ന് അവർക്ക് കുടിപ്പിക്കപ്പെടുന്നതാണ്. تُسْقَىٰ مِنْ عَيْنٍ ءَانِيَةٍ ﴿٥﴾

6 അവർക്ക് 'ളരീഇ'ൽനിന്നല്ലാതെ യാതൊരു ഭക്ഷണവുമില്ല;- لَّيْسَ لَهُمْ طَعَامٌ إِلَّا مِن ضَرِيعٍ ﴿٦﴾

7 അത് പോഷണം നൽകുകയില്ല. വിശപ്പിന് പര്യാപ്തമാകുകയുമില്ല. لَّا يُسْمِنُ وَلَا يُغْنِى مِن جُوعٍ ﴿٧﴾

മൂടുന്ന സംഭവം **الغاشية** എന്നത് കൊണ്ടുദ്ദേശ്യം ഖിയാമത്ത് നാളാകുന്നു. അന്നേ ദിവസം അവിശ്വാസികളായ ദുർജ്ജനങ്ങളുടെ ഗതികളെപ്പറ്റിയാണ് ഈ വചനങ്ങളിൽ വിവരിക്കുന്നത്. ഇഹത്തിൽ വെച്ച് വളരെ പണിപ്പെട്ട് അദ്ധ്വാനങ്ങളും പ്രവർത്തനങ്ങളും അവർ നടത്തിയിട്ടുണ്ടായിരിക്കും എന്നാൽ ഒന്നും നേരായ മാർഗ്ഗത്തിൽ ഉള്ളതായിരുന്നില്ല. അതിനാൽ അവയെല്ലാം പാഴായിപ്പോകുന്നതാണ്. അവരുടെ മുഖങ്ങൾ അന്ന് പേടിച്ചരണ്ട് താഴ്മ കാണിക്കുന്നവയായിരിക്കും. നരകം മാത്രമായിരിക്കും അവർക്ക് ആധാരം. നരകത്തിലെ അവസ്ഥയാകട്ടെ കഠിന കഠോരവും.

'ളരീഅ്' എന്ന കള്ളിമുൾച്ചെടിയാകുന്ന നരകത്തിലെ ഭക്ഷണമാകട്ടെ വിശപ്പിന് ശമനം ഉണ്ടാക്കുന്നതോ ശരീരത്തിന് പോഷണം നൽകുന്നതോ ആയ ഒരു വസ്തുവല്ല. സൂ: സ്വാഫ് - ഫാത്ത്: 62 -66ലും സൂ.ദുകാൻ 43-46ലും പ്രസ്താവിക്കപ്പെട്ട 'സഖ്-ഖും' വൃക്ഷത്തെപ്പോലെയുള്ളതോ, അല്ലെങ്കിൽ അത് തന്നെയോ ആയിരിക്കാം 'ളരീഉം' - അല്ലാഹുവിനറിയാം. അവർക്ക് കുടിപ്പിക്കുന്നതാകട്ടെ തിളച്ച് വെന്ത ഒരു ഉറവ് ജലത്തിൽ നിന്നുമായിരിക്കും. അല്ലാഹു നമ്മെ രക്ഷിക്കട്ടെ - ആമീൻ.

**വചനം 8,9,10,11,12,13,14,15,16:**

8 ചില മുഖങ്ങൾ അന്നത്തെ ദിവസം (ആനന്ദ ഭരിതമായി) മിനുസ്സം പൂണ്ടവയായിരിക്കും;- وُجُوهٌ يَوْمَئِذٍ نَّاعِمَةٌ ﴿٨﴾

9 അവയുടെ പ്രയത്നത്തെ (അവ സ്വയം) തൃപ്തിപ്പെട്ടവയായിരിക്കും;- لِّسَعْيِهَا رَاضِيَةٌ ﴿٩﴾

10 (അവ) ഉന്നതമായ സ്വർഗത്തിലായിരിക്കും;- فِى جَنَّةٍ عَالِيَةٍ ﴿١٠﴾



www.islamhouse.com

لَّا تَسْمَعُ فِيهَا لَٰغِيَةً ﴿١١﴾
11 അതില്‍വെച്ച് യാതൊരു നിരര്‍ത്ഥമായതും (അഥവാ അനാവശ്യവും) അവ കേള്‍ക്കുന്നതല്ല.

فِيهَا عَيْنٌ جَارِيَةٌ ﴿١٢﴾
12 ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു (തരം) ഉറവുജലം അതിലുണ്ട്;-

فِيهَا سُرُرٌ مَّرْفُوعَةٌ ﴿١٣﴾
13 അതില്‍ ഉയര്‍ത്തിവെക്കപ്പെട്ട കട്ടിലുകളുണ്ട്;-

وَأَكْوَابٌ مَّوْضُوعَةٌ ﴿١٤﴾
14 (തയാറാക്കി) വെക്കപ്പെട്ട കോപ്പകളുമുണ്ട്;-

وَنَمَارِقُ مَصْفُوفَةٌ ﴿١٥﴾
15 അണിയായി (നിരത്തി) വെക്കപ്പെട്ട മെത്തത്തലയിണകളുമുണ്ട്;

وَزَرَابِيُّ مَبْثُوثَةٌ ﴿١٦﴾
16 വിരിച്ചു വിതാനിക്കപ്പെട്ട പരവതാനികളുമുണ്ട്.

എന്നാല്‍ സജ്ജനങ്ങളുടെ പ്രവര്‍ത്തനങ്ങള്‍, സല്‍കര്‍മ്മങ്ങളും, നേര്‍മാര്‍ഗ്ഗത്തില്‍ അധിഷ്ഠിതമായതും ആയിരിക്കും. അവ മൂലം തങ്ങള്‍ക്ക് ലഭിക്കുവാനിരിക്കുന്ന മഹത്തായ അനുഗ്രഹങ്ങള്‍ കണ്ട് അവരുടെ മുഖങ്ങള്‍ ആനന്ദഭരിതമായിരിക്കും. അല്ലാഹു വര്‍ണ്ണിച്ചത് പോലെയുള്ള സര്‍വ്വവിധ സുഖാഡംബര സൗകര്യങ്ങളാല്‍ അനുഗൃഹീതമായ ആ ഉന്നത സ്വര്‍ഗ്ഗത്തില്‍ അവര്‍ ശാശ്വത ജീവിതം നല്‍കപ്പെട്ടവരായിരിക്കും.

**വചനം 17,18,19,20:**

أَفَلَا يَنظُرُونَ إِلَى ٱلْإِبِلِ كَيْفَ خُلِقَتْ ﴿١٧﴾
17 എന്നാല്‍, അവര്‍ ഒട്ടകത്തിലേക്ക് നോക്കുന്നില്ലേ, അതെങ്ങിനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന്?!-

وَإِلَى ٱلسَّمَآءِ كَيْفَ رُفِعَتْ ﴿١٨﴾
18 ആകാശത്തിലേക്ക് അതെങ്ങിനെ ഉയര്‍ത്തപ്പെട്ടിരിക്കുന്നുവെന്നും?!

وَإِلَى ٱلْجِبَالِ كَيْفَ نُصِبَتْ ﴿١٩﴾
19 പര്‍വ്വതങ്ങളിലേക്ക് അവ എങ്ങിനെ നാട്ടിവെക്കപ്പെട്ടിരിക്കുന്നുവെന്നും?!

وَإِلَى ٱلْأَرْضِ كَيْفَ سُطِحَتْ ﴿٢٠﴾
20 ഭൂമിയിലേക്ക് അത് എങ്ങിനെ പരത്തപ്പെട്ടിരിക്കുന്നുവെന്നും (നോക്കുന്നില്ലേ)?!

അറബികളുടെ സന്തത സഹചാരിയായ ഒട്ടകം, ആകാശം, പര്‍വതങ്ങള്‍, നാം നിവസിക്കുന്ന ഭൂമി എന്നീ നിത്യ ദൃഷ്ടാന്തങ്ങള്‍ ഓരോന്നും, എത്രമാത്രം സമര്‍ത്ഥവും, പ്രയോജനകരവും ആയ വ്യവസ്ഥയിലാണ് സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത്. ഓരോന്നിലും അടങ്ങിയ സൃഷ്ടി രഹസ്യങ്ങളെക്കുറിച്ചും അവയെല്ലാം നിയന്ത്രിച്ച് പരിപാലിച്ച് വരുന്ന ശക്തിയെക്കുറിച്ചും ചിന്തിച്ച് നോക്കുന്ന ഏതൊരു നിഷ്കളങ്ക ഹൃദയനും അല്ലാഹുവിന്റെ മഹത്വത്തെക്കുറിച്ചും സര്‍വ്വജ്ഞതയെക്കുറിച്ചും ബോധം വരാതിരിക്കുയില്ല. അത് വഴി പരലോകം, മരണാനന്തര ജീവിതം എന്നിവ അംഗീകരിച്ച് കൊണ്ട് ദൈവിക സന്ദേശങ്ങള്‍ സ്വീകരിക്കുവാന്‍ അവന് യാതൊരു വിഘ്നാതവും ഉണ്ടായിരിക്കുകയില്ല.

ആകാശവും ഭൂമിയും സൃഷ്ടിക്കുകയും മലകളെ നാട്ടി ഉറപ്പിക്കുകയും ചെയ്തിട്ടുള്ളത് അല്ലാഹുവാണെന്ന് നബി(സ)യില്‍ നിന്നും നേരിട്ട് ബോധ്യം വന്ന മരുഭൂവാസിയായ ഒരു അറബി (ബനൂ സഅദ് ഗോത്രക്കാരനായ ളുമാമ് ബ്നു ഥഅ്ലബ:), നബി(സ) നിര്‍ദ്ദേശിച്ച പ്രകാരം, ഞങ്ങള്‍ രാവും പകലുമായി അഞ്ച് നേരം നമസ്കരിക്കാമെന്നും, ഞങ്ങളുടെ സ്വത്തുക്കളില്‍ നിന്നും ഒരു ഭാഗം സക്കാത്ത് കൊടുത്ത് കൊള്ളാമെന്നും, ഞങ്ങളില്‍ കഴിവുള്ളവര്‍ ഹജ്ജ് കര്‍മ്മം നിര്‍വ്വഹിക്കാമെന്നും, തിരുമേനി(സ)യോട് പറയുകയും, ഇപ്പറഞ്ഞതില്‍ ഒന്നും കൂട്ടുകയും കുറക്കുകയും ചെയ്യുന്നതല്ല (കൃത്യമായി നിര്‍വ്വഹിച്ച് കൊള്ളാം) എന്ന് വാക്ക് കൊടുക്കുകയും ചെയ്തു.

അപ്പോള്‍ നബി(സ) തിരുമേനി ഇപ്രകാരം പറയുകയുണ്ടായി: "അദ്ദേഹം പറഞ്ഞത് സത്യമാണെങ്കില്‍ നിശ്ചയമായും അദ്ദേഹം സ്വര്‍ഗ്ഗത്തില്‍ പ്രവേശിക്കും." (അ; ബു; മു; ദാ; ജ; ന)

ഒട്ടകം, അറബികളുടെ അമൂല്യ സമ്പത്താണല്ലോ. അതിന്റെ പാല്, മാംസം എന്നിവ ആഹാര



www.islamhouse.com

മായും, രോമം വസ്ത്ര നിർമ്മാണത്തിനും, തോലുകൾ പാത്രം, തമ്പുകൾ എന്നിവ നിർമ്മിക്കുവാനും മരുഭൂമിയിലെ യാത്രാവേളകളിൽ സവാരിക്കും ഭാരം വഹിക്കുവാനും മറ്റും അവ വളരെ പ്രയോജന പ്രദമാകുന്നു. 'മരുക്കപ്പൽ' എന്ന ഒട്ടകത്തിന്റെ വിശേഷണത്തിൽ നിന്ന് തന്നെ നമുക്കവയുടെ പ്രയോജനത്തെ പറ്റി ഊഹിക്കാം.

മരുഭൂമികളിലൂടെയുള്ള ദീർഘയാത്രാ വേളകളിൽ, കിട്ടിയ ഭക്ഷണം കൊണ്ട് തൃപ്തിപ്പെടാനും, വെള്ളം സുലഭമായി ലഭിക്കുന്ന അവസരത്തിൽ ധാരാളം വെള്ളം ഉള്ളറകളിലാക്കി സൂക്ഷിച്ച് വെക്കുവാനുമുള്ള സംവിധാനവും അല്ലാഹു അവക്ക് നൽകിയിരിക്കുന്നു. സൗകര്യപ്പെടുമ്പോൾ കിട്ടുന്ന ഭക്ഷണത്തിന്റെ സത്തുക്കൾ പൂഞ്ഞകളിൽ ശേഖരിച്ച് വെക്കുവാനും, മണൽ പൂഴിയിൽ ആണ്ട് പോകാതിരിക്കത്തക്കവണ്ണമുള്ള വികസിച്ച് പരക്കുന്ന കാലടികളും അവയുടെ സവിശേഷതയാകുന്നു. ഒട്ടകത്തിന്റെ വിനയവും ക്ഷമയും നിസ്സീമമാണ്. കാല് കെട്ടി നിലത്ത് വീഴ്ത്താതെ - നിന്ന നിലയിൽ തന്നെ - അതിനെ അറുത്ത് വീഴ്ത്തുവാൻ അത് കഴുത്ത് നീട്ടിക്കൊടുക്കും. എല്ലാം അല്ലാഹുവിന്റെ സൃഷ്ടി വൈഭവം.

**വചനം 21,22,23,24,25,26:**

فَذَكِّرْ إِنَّمَآ أَنتَ مُذَكِّرٌ ﴿٢١﴾

21 അതിനാൽ,(നബിയേ) നീ ഉപദേശിച്ചുകൊള്ളുക. നിശ്ചയമായും, നീ ഒരു ഉപദേഷ്ടാവ് മാത്രമാകുന്നു;-

لَّسْتَ عَلَيْهِم بِمُصَيْطِرٍ ﴿٢٢﴾

22 നീ അവരിൽ അധികാരം ചെലുത്തുന്നവനൊന്നുമല്ല.

إِلَّا مَن تَوَلَّىٰ وَكَفَرَ ﴿٢٣﴾

23 (പക്ഷെ) തിരിഞ്ഞുപോകുകയും, അവിശ്വസിക്കുകയും ചെയ്തവനൊഴികെ;-

فَيُعَذِّبُهُ ٱللَّهُ ٱلْعَذَابَ ٱلْأَكْبَرَ ﴿٢٤﴾

24 എന്നാൽ, അവനെ അല്ലാഹു ഏറ്റവും വലിയ ശിക്ഷ ശിക്ഷിക്കുന്നതാണ്.

إِنَّ إِلَيْنَآ إِيَابَهُمْ ﴿٢٥﴾

25 നിശ്ചയമായും, നമ്മുടെ അടുക്കലേക്കാണ് അവരുടെ മടങ്ങിവരവ്.

ثُمَّ إِنَّ عَلَيْنَا حِسَابَهُم ﴿٢٦﴾

26 പിന്നെ, നമ്മുടെ മേൽ (ബാധ്യത) തന്നെയാണ് അവരുടെ വിചാരണ, (അത് നാം നടത്തുക തന്നെ ചെയ്യും.)

മേൽ പറഞ്ഞ നിത്യ സത്യങ്ങളാകുന്ന ദൃഷ്ടാന്തങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ മനുഷ്യരെ ഉദ്ബോധിപ്പിച്ചുകൊണ്ട് അല്ലാഹു നബി(സ)യോട് പറയുന്നു:

നബി(സ) തിരുമേനി ഒരു ഉപദേഷ്ടാവ് മാത്രമാണെന്നും, അവരിൽ അധികാരം ചെലുത്തുന്നവനല്ല എന്നും അല്ലാഹു നബി(സ)യെ ആശ്വസിപ്പിക്കുന്നു. അവിശ്വസിക്കുകയും തിരിഞ്ഞ് പോകുകയും ചെയ്യുന്നവർക്ക് വിചാരണ നാളിൽ അതി കഠിനമായ ശിക്ഷയെക്കുറിച്ച് താക്കീത് നൽകുകയും ചെയ്യുന്നു.

നബി(സ) ഇപ്രകാരം അരുളുകയുണ്ടായി: "അറിഞ്ഞേക്കുക. നിങ്ങളെല്ലാവരും സ്വർഗ്ഗത്തിൽ പ്രവേശിക്കും. ഒട്ടകം അതിന്റെ ആൾക്കാരോട് വിരണ്ടോടുന്ന പ്രകാരം, അല്ലാഹുവിനോട് വിരണ്ടോടിയവരൊഴികെ." - അഹ്മദ്(റ)



www.islamhouse.com

# 89. സൂറത്തുൽ – ഫജ്ർ (പ്രഭാതം)

**മക്കയിൽ അവതരിച്ചത്**

വചനം 30

സൂറത്തിന്റെ ആദ്യ വചനത്തിൽ അല്ലാഹു 'പ്രഭാതം' (ഫജ്ർ) കൊണ്ട് സത്യം ചെയ്യുന്നു.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ بسم الله الرحمن الرحيم

**വചനം 1,2,3,4,5:**

1 പ്രഭാതം തന്നെയാണ (സത്യം)! وَالْفَجْرِ ﴿١﴾

2 പത്തു രാത്രികൾ തന്നെയാണ (സത്യം)! وَلَيَالٍ عَشْرٍ ﴿٢﴾

3 ഇരട്ടയും ഒറ്റയും തന്നെയാണ (സത്യം)! وَالشَّفْعِ وَالْوَتْرِ ﴿٣﴾

4 രാത്രി അതുതന്നെയാണ (സത്യം), അത് ചരിച്ചു കൊണ്ടിരിക്കെ. وَاللَّيْلِ إِذَا يَسْرِ ﴿٤﴾

5 അതിൽ (മേൽപ്പറഞ്ഞതിൽ) കാര്യബോധമുള്ളവന് സത്യം (സത്യത്തിനു വക) ഉണ്ടോ?! هَلْ فِي ذَٰلِكَ قَسَمٌ لِّذِي حِجْرٍ ﴿٥﴾

മേൽ വചനങ്ങളിൽ വിവരിക്കപ്പെട്ട അർത്ഥഗർഭങ്ങളായ അഞ്ച് സത്യ വാചകങ്ങൾ മുഖേന തുടർന്ന് സ്ഥാപിക്കപ്പെടുന്ന കാര്യങ്ങൾ വാസ്തവമെന്ന് മനസ്സിലാക്കുവാൻ ബുദ്ധിയും കാര്യബോധവുമുള്ളവർക്ക് തികച്ചും വകയുണ്ട്.

1-ാ മത്തെ സത്യം പ്രഭാതം കൊണ്ടാകുന്നു. പ്രഭാതം ആരംഭിക്കുന്നതോടെ നിദ്രയിലാണ്ട് കിടന്നിരുന്ന ശരീരങ്ങൾ ഉയിർത്തെഴുന്നേൽക്കുന്നു; ആത്മാവിന് ഒരു പുതിയ ഉണർവ്വുണ്ടായിത്തീരുന്നു – ഇത് പോലെ മരണാനന്തരം പൂർവ്വസ്ഥിതിയിൽ നിന്നും എല്ലാ നിലക്കും വ്യത്യസ്തമായ – കൂടുതൽ വസ്തുനിഷ്ഠമായ – മറ്റൊരു ജീവിതം ഉടലെടുക്കുന്നു. ഈ യാതാർത്ഥ്യത്തിലേക്ക് പ്രഭാതത്തിലെ മാറ്റങ്ങൾ വിരൽ ചൂണ്ടുന്നു.

പത്ത് രാത്രികളെക്കൊണ്ടാണ് തുടർന്ന് അല്ലാഹു സത്യം ചെയ്യുന്നത്. ഈ പത്ത് ദിവസങ്ങൾ മുഹർറം മാസത്തെ ആദ്യത്തെ പത്ത്ദിവസങ്ങളാണെന്നും റമസാൻ മാസത്തിലെ ഒടുവിലത്തെ പത്ത് ദിവസങ്ങളാണെന്നും അതിന്റെ ശ്രേഷ്ഠതകളെ മുൻ നിർത്തി ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും കൂടുതൽ ശരിയായതും സ്വീകാര്യമായിട്ടുള്ളതും ദുൽഹജ്ജ് മാസത്തിലെ ആദ്യത്തെ പത്ത് ദിവസങ്ങൾ എന്നതാകുന്നു. ഹജ്ജ് കർമ്മങ്ങളുടെ പ്രധാന ഇനങ്ങളെല്ലാം നടക്കുന്നത് ആ ദിവസങ്ങളിലാണല്ലോ. ആ ദിവസങ്ങൾ ജാഹിലിയത്തിലും ഇസ്ലാമിലും ആദരണീയ ദിവസങ്ങളുമാണല്ലോ. ദുൽ ഹജ്ജിലെ ആദ്യത്തെ പത്ത് ദിവസങ്ങളിൽ ചെയ്യുന്ന സൽകർമ്മങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുന്നതിനേക്കാൾ അല്ലാഹുവിങ്കലേക്ക് ഇഷ്ടപ്പെട്ടതായിരിക്കും. – തന്റെ ദേഹവും ധനവും കൊണ്ട് പോയിട്ട് അവയിൽ ഒന്നു പോലും മടക്കിക്കൊണ്ട് വരാത്ത (ജീവനും ധനവും ബലിയർപ്പിച്ച) മനുഷ്യന്റെ കർമ്മമൊഴികെ – എന്ന് നബി(സ) തിരുമേനി അരുളിയിരിക്കുന്നു. – അ; ബു.

ഇരട്ടയും ഒറ്റയും – അഥവാ ഇണയുള്ളതും ഇണയില്ലാത്തതും – കൊണ്ടാകുന്നു അടുത്ത രണ്ട് സത്യങ്ങൾ. ഈ രണ്ട് ഇനത്തിൽ പെടാത്ത വസ്തുക്കളൊന്നും ഇല്ലെന്ന് കാണാം. മറ്റൊരു വിധത്തിൽ നോക്കുമ്പോൾ യാതൊരു തരത്തിലുള്ള ഇണയോ, തുല്യതയോ, സാമ്യതയോ ഒന്നുമില്ലാതെ എല്ലാ നിലക്കും പരിപൂർണ്ണമായും ഒറ്റയായിട്ടുള്ളത് അല്ലാഹു മാത്രമേയുള്ളൂ. അവനല്ലാതെയുള്ള വസ്തുക്കൾ അഥവാ സൃഷ്ടികൾ – എല്ലാം തന്നെ ഒരർത്ഥത്തിലല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ ഇരട്ടകളായിരിക്കും.



www.islamhouse.com

ഒരു നബി വചനം ഇപ്രകാരമാകുന്നു: 'അല്ലാഹു ഒറ്റയാകുന്നു. അവൻ ഒറ്റയെ ഇഷ്ടപ്പെടുന്നു. ആകയാൽ നിങ്ങൾ വിത്ർ നമസ്കാരം (ഒന്ന്, മൂന്ന് എന്നിങ്ങനെ ഒറ്റയായ റക്അത്ത് കൊണ്ട് അവസാനിപ്പിക്കുന്ന രാത്രിയിലെ സുന്നത്ത് നമസ്കാരം) നിർവ്വഹിക്കുവീൻ'- ദാ; തി.

ഹസൻ ബസരീ(റ) ഇപ്രകാരം രിവായത്ത് ചെയ്തിരിക്കുന്നു: "സൃഷ്ടികളെല്ലാം ഇരട്ടയും ഒറ്റയുമാകുന്നു. അല്ലാഹു അവന്റെ സൃഷ്ടികളെക്കൊണ്ട് സത്യം ചെയ്തിരിക്കയാണ്."

മുജാഹിദ്(റ) ഇപ്രകാരം പ്രസ്താവിച്ചതായി കാണാം: "അല്ലാഹു ഒറ്റയുമാകുന്നു. അവന്റെ സൃഷ്ടികൾ ഇരട്ടയും (അഥവാ ഇണയുള്ളതും) ആകുന്നു. "

ഇതെല്ലാം കണക്കിലെടുത്ത് കൊണ്ടാണ് മുകളിൽ, ഇരട്ടക്കും ഒറ്റക്കും വിവരണം നൽകപ്പെട്ടിട്ടുള്ളത്!

അഞ്ചാമത്തെ സത്യം ചരിച്ച് കൊണ്ടിരിക്കുന്ന രാത്രിയെക്കൊണ്ടാകുന്നു. രാത്രിയോടെ, അനേകം മാറ്റങ്ങൾ ലോകത്ത് സംഭവിച്ച് കൊണ്ടിരിക്കുന്നുവല്ലോ. അവയെ പറ്റിയും ആലോചിക്കുവാനും, അതുവഴി ഖുർആൻ പ്രബോധനം ചെയ്യുന്ന യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കുവാനും, ഇതും ഉപകരിക്കുന്നത് അത് വഴി തന്നെ.

**വചനം 6,7,8,9,10,11,12,1,3,14:**

| | | |
|---|---|---|
| 6 | നിൻെറ രക്ഷിതാവ് 'ആദി'നെക്കൊണ്ട് എപ്രകാരം ചെയ്തുവെന്ന് നീ കണ്ടില്ലേ?!- | أَلَمْ تَرَ كَيْفَ فَعَلَ رَبُّكَ بِعَادٍ ٦ |
| 7 | അതായത് തൂണിൻെറ ആൾക്കാരായ 'ഇറമു' (ഗോത്രം); | إِرَمَ ذَاتِ ٱلْعِمَادِ ٧ |
| 8 | (അതെ) രാജ്യങ്ങളിൽ അതുപോലെയുള്ളവർ സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്ത (ആ ഗോത്രം);- | ٱلَّتِى لَمْ يُخْلَقْ مِثْلُهَا فِى ٱلْبِلَٰدِ ٨ |
| 9 | താഴ്‌വരയിൽ പാറവെട്ടി (കെട്ടിടങ്ങൾ) ഉണ്ടാക്കിയവരായ 'ഥമൂദി'നെക്കൊണ്ടും; | وَثَمُودَ ٱلَّذِينَ جَابُوا۟ ٱلصَّخْرَ بِٱلْوَادِ ٩ |
| 10 | കുറ്റികളുടെ ആളായ ഫിർഔനെക്കൊണ്ടും; | وَفِرْعَوْنَ ذِى ٱلْأَوْتَادِ ١٠ |
| 11 | (അതെ) രാജ്യങ്ങളിൽ അതിക്രമം നടത്തിയവർ. | ٱلَّذِينَ طَغَوْا۟ فِى ٱلْبِلَٰدِ ١١ |
| 12 | അങ്ങനെ, അവർ അതിൽ കുഴപ്പം വർദ്ധിപ്പിച്ചു. | فَأَكْثَرُوا۟ فِيهَا ٱلْفَسَادَ ١٢ |
| 13 | അതിനാൽ നിൻെറ റബ്ബ് അവരുടെ മേൽ ശിക്ഷയുടെ ചമ്മട്ടി ചൊരിഞ്ഞു. | فَصَبَّ عَلَيْهِمْ رَبُّكَ سَوْطَ عَذَابٍ ١٣ |
| 14 | നിശ്ചയമായും, നിൻെറ റബ്ബ് പതിസ്ഥാനത്ത് (വീക്ഷിച്ചുകൊണ്ടിരിക്കുക) തന്നെയാണ്. | إِنَّ رَبَّكَ لَبِٱلْمِرْصَادِ ١٤ |

ഈ വചനങ്ങളിൽ അല്ലാഹു ചില ചരിത്ര ദൃഷ്ടാന്തങ്ങളെ വിവരിക്കുന്നു. ആദ്, ഥമൂദ് ഗോത്രങ്ങൾ, ഫിർഔനും ആൾക്കാരും എന്നിവരുടെ ധിക്കാരത്തിന്റെയും അവർ അനുഭവിക്കേണ്ടി വന്ന ശിക്ഷയുടെയും ചരിത്രം ഖുർആനിൽ പലയിടത്തും പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണ്. 'ഇറമ്' എന്നത് ആദ് ജനതയുടെ പിതാ മഹാന്റെ പേരാണെന്നും, അതല്ല അവരുടെ പ്രധാന വാസ സ്ഥലത്തിന്റെ പേരാണെന്നും അഭിപ്രായങ്ങളുണ്ട് والله اعلم. ആദ് ജനതയെ 'തൂണിന്റെ ആൾക്കാർ' എന്ന് വിശേഷിപ്പിച്ചതിന്റെ താൽപര്യം സൂ.ശുഅറാഅ്: 128-ൽ വിവരിച്ചിട്ടുണ്ട്. വലുപ്പത്തിലും കൈയൂക്കിലും നിസ്തുല്യരായിരുന്നു ആ ജനത (8-ാം വചനം). വമ്പിച്ച പാറകൾ വെട്ടിത്തുരന്ന് വീടും കെട്ടിടവും നിർമ്മിക്കുക ഥമൂദ് ഗോത്രത്തിന്റെ പതിവായിരുന്നു (9-ാം വചനം). ഫിർഔന്റെ ആൾക്കാരെ 'കുറ്റിയുടെ ആൾക്കാർ' (വചനം 10) എന്ന് വിശേഷിപ്പിച്ചതിനെ പറ്റി സൂ. സ്വാദ്: 12-ാം വചനത്തിന്റെ വിവരണം നോക്കുക.



www.islamhouse.com

ഈ മൂന്ന് കൂട്ടരും ചെയ്ത അക്രമങ്ങളുടെ രത്ന ചുരുക്കമാണ് 11,12 വചനങ്ങളിൽ കാണുന്നത്. എല്ലാവർക്കും അനുഭവപ്പെട്ട ശിക്ഷകളുടെ കാഠിന്യവും വലിപ്പവും ചൂണ്ടിക്കാട്ടുന്നതാണ് 13-ാം വചനത്തിലെ 'ശിക്ഷയുടെ ചമ്മട്ടി ചൊരിഞ്ഞു' എന്ന അലങ്കാര വാക്യം. അല്ലാഹു സ്ഥലകാല ഭേദമന്യേ, സർവ്വരുടെയും ചെയ്തികളെ സദാ, കണ്ടറിഞ്ഞ് കൊണ്ടിരിക്കുന്നുവെന്നും, ഓരോരുത്തരുടെയും പേരിൽ തക്ക സമയത്ത് ഉചിത നടപടി കൈക്കൊള്ളുമെന്നും താക്കീത് ചെയ്യുന്നതാണ് 14-ാം വചനം.

**വചനം 15,16:**

فَأَمَّا ٱلۡإِنسَٰنُ إِذَا مَا ٱبۡتَلَىٰهُ رَبُّهُۥ فَأَكۡرَمَهُۥ وَنَعَّمَهُۥ فَيَقُولُ رَبِّيٓ أَكۡرَمَنِ ﴿١٥﴾

15 എന്നാൽ മനുഷ്യനോ, അവനെ അവൻെറ റബ്ബ് പരീക്ഷണം ചെയ്കയും, എന്നിട്ടവനെ ആദരിക്കുകയും, അവന് സൗഖ്യം നൽകുകയും ചെയ്താൽ-അപ്പോൾ അവൻ പറയും "എൻെറ റബ്ബ് എന്നെ ആദരിച്ചിരിക്കുന്നു" എന്ന്!

وَأَمَّآ إِذَا مَا ٱبۡتَلَىٰهُ فَقَدَرَ عَلَيۡهِ رِزۡقَهُۥ فَيَقُولُ رَبِّيٓ أَهَٰنَنِ ﴿١٦﴾

16 ഇനി, അവനെ പരീക്ഷണം ചെയ്യുകയും, എന്നിട്ട് അവൻെറമേൽ അവൻെറ ഉപജീവനം കുടുസ്സാക്കുക (പരിമിതപ്പെടുത്തുക)യും ചെയ്താലോ, അപ്പോൾ അവൻ പറയും;"എൻെറ റബ്ബ് എന്നെ അപമാനിച്ചിരിക്കുന്നു" എന്ന് !

പൊതുവേ കാണപ്പെടുന്ന ഒരു സ്വഭാവമാണിത്. സുഖ സൗകര്യങ്ങൾ ലഭിക്കുമ്പോൾ അത് അല്ലാഹുവിന് തന്നോടുള്ള പ്രത്യേക സ്നേഹം കൊണ്ടും തനിക്ക് അല്ലാഹുവിങ്കലുള്ള പ്രത്യേക സ്ഥാനം കൊണ്ടും ലഭിച്ചതാണെന്ന് വിശ്വസിച്ച് അവനതിൽ അഭിമാനം കൊള്ളുന്നു. നേരെ മറിച്ച് ഉപജീവന മാർഗ്ഗത്തിലും സുഖ സൗകര്യങ്ങളിലും കുറവ് വരുമ്പോൾ, തന്നെ അല്ലാഹു അവഗണിച്ചിരിക്കുകയാണെന്നും അപമാനിച്ചിരിക്കുകയാണെന്നും പരാതിപ്പെടുകയും ചെയ്യുന്നു. വാസ്തവത്തിൽ ഐഹികമായ സുഖ സൗകര്യങ്ങളാകട്ടെ വിഷമങ്ങളാകട്ടെ അല്ലാഹുവിങ്കൽ മനുഷ്യനുള്ള സ്നേഹത്തിന്റെയോ വെറുപ്പിന്റെയോ മാനദണ്ഡമായി കണക്കാക്കാവതല്ല. രണ്ടും അല്ലാഹുവിങ്കൽ നിന്നുള്ള പരീക്ഷണങ്ങളാകുന്നു. സന്തോഷത്തിലും സൗകര്യത്തിലും നന്ദി കാണിക്കുകയും സന്താപത്തിലും ഞെരുക്കത്തിലും ക്ഷമ കാണിക്കുകയും ചെയ്യുന്ന പക്ഷം രണ്ടും അവന് ഗുണകരമായി കലാശിക്കും. ഇല്ലെങ്കിൽ രണ്ടും ദോഷകരവുമായിരിക്കും.

**വചനം 17,18,19,20:**

كَلَّاۖ بَل لَّا تُكۡرِمُونَ ٱلۡيَتِيمَ ﴿١٧﴾

17 അങ്ങിനെ വേണ്ട! പക്ഷേ, (അതിനും പുറമെ) നിങ്ങൾ അനാഥയെ ആദരിക്കുന്നില്ല.

وَلَا تَحَٰٓضُّونَ عَلَىٰ طَعَامِ ٱلۡمِسۡكِينِ ﴿١٨﴾

18 പാവപ്പെട്ടവൻെറ ഭക്ഷണത്തെപ്പറ്റി നിങ്ങൾ പരസ്പരം പ്രോത്സാഹനം നൽകുന്നുമില്ല.

وَتَأۡكُلُونَ ٱلتُّرَاثَ أَكۡلٗا لَّمّٗا ﴿١٩﴾

19 അനന്തരാവകാശത്തെ നിങ്ങൾ അടക്കി കൂട്ടിയ തീറ്റ തിന്നുകയും ചെയ്യുന്നു.

وَتُحِبُّونَ ٱلۡمَالَ حُبّٗا جَمّٗا ﴿٢٠﴾

20 ധനത്തെ നിങ്ങൾ അമിതമായ സ്നേഹം സ്നേഹിക്കുകയും ചെയ്യുന്നു.

നിങ്ങൾ സുഖ സൗകര്യങ്ങളിൽ നന്ദി കാണിക്കുകയും വിഷമങ്ങളിൽ ക്ഷമ കൈക്കൊള്ളുകയും ചെയ്യുന്നില്ലെന്നു മാത്രമല്ല അനാഥകളെ ആദരിക്കുന്നില്ല; സാധുക്കളുടെ ഭക്ഷണ വിഷയത്തിൽ നിങ്ങൾ പരസ്പരം പ്രോത്സാഹിപ്പിക്കുന്നുമില്ല. അനാഥകൾക്ക് ഭക്ഷണം തുടങ്ങിയ ആവശ്യങ്ങൾ നിർവ്വഹിച്ച്കൊടുത്താലും പോരാ, അവരെ ആദരിക്കേണ്ടതുണ്ട് എന്നും, സാധുക്കൾക്ക് ആഹാരം കൊടുത്താൽ മാത്രം പോരാ, അവരുടെ വിഷയത്തിൽ പരസ്പരം സഹകരിച്ച് കൂട്ടായ പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട് എന്നും അല്ലാഹു പ്രത്യേകം സൂചിപ്പിക്കുന്നു.



www.islamhouse.com

അന്യായ മാർഗ്ഗങ്ങളും ദുസ്സാമർത്ഥ്യവും വഴി അനന്തരാവകാശികളെ കബളിപ്പിക്കകയും, അവരുടെ അവകാശങ്ങളെ പിടിച്ചെടുക്കുകയും ചെയ്യുക; ധനത്തെ അമിതമായി സ്നേഹിക്കുകയും, എന്ത് മാർഗ്ഗം സ്വീകരിച്ചും ധനം വാരിക്കൂട്ടുക - ഇതൊക്കെ ഇന്ന് പരക്കെ കാണാവുന്ന സ്വഭാവങ്ങളാകുന്നു. വാസ്തവത്തിൽ ധനം ശപിക്കപ്പെട്ട ഒരു വസ്തുവല്ല. പക്ഷെ അതിന് അമിതമായ പ്രാധാന്യം നൽകുന്നതും അത് അന്യായമായ രൂപത്തിൽ സമ്പാദിക്കുന്നതും വിനിയോഗിക്കേണ്ട പ്രകാരം വിനിയോഗിക്കാതിരിക്കുന്നതുമാണ് ശാപ ഹേതു.

അത്യാവശ്യം കഴിച്ചുള്ളത് ചിലവഴിക്കാതെ പിടിച്ചുവെക്കുന്നത് ദോഷകരമാണെന്നും, അത് ചിലവഴിക്കുന്നത് ഗുണകരമാണെന്നും, മേലേ കൈ (കൊടുക്കുന്ന കൈ) താഴേ കൈയിനേ (വാങ്ങുന്ന കൈ)ക്കാൾ ഉത്തമമാണെന്നും നബി(സ) അരുളിയിരിക്കുന്നു.

**വചനം 21,22,23,24,25,26:**

21 വേണ്ടാ!- ഭൂമി ഒരു പൊടിപൊടിക്കൽ പൊടിക്കപ്പെട്ടാൽ!-

22 നിൻെറ റബ്ബും അണിയണിയായി മലക്കുകളും വരുകയും (ചെയ്താൽ)!-

23 അന്നു‘ജഹന്നം’ (നരകം) കൊണ്ട് വരപ്പെടുകയും ചെയ്യും, അന്നത്തെ ദിവസം, മനുഷ്യന് ഓർമ വരുന്നതാണ്. എവിടെ നിന്നാണ് അവന് ഓർമ (വന്നത്)?! (എന്താണതുകൊണ്ട് പ്രയോജനം?!)

24 അവൻ പറയും: “അയ്യോ! ഞാൻ എൻെറ (ഈ) ജീവിതത്തിനുവേണ്ടി മുൻ(കൂട്ടി) ചെയ്തുവെച്ചിരുന്നെങ്കിൽ നന്നായേനെ!”

25 അപ്പോൾ-അന്നത്തെ ദിവസം, അവൻെറ (അല്ലാഹുവിൻെറ) ശിക്ഷ ഒരാളും ശിക്ഷിക്കയില്ല;

26 അവൻെറ പിടിച്ചു ബന്ധിക്കൽ ഒരാളും പിടിച്ചു ബന്ധിക്കുന്നതുമല്ല.

كَلَّآ إِذَا دُكَّتِ ٱلْأَرْضُ دَكًّا دَكًّا ﴿٢١﴾
وَجَآءَ رَبُّكَ وَٱلْمَلَكُ صَفًّا صَفًّا ﴿٢٢﴾
وَجِاْىٓءَ يَوْمَئِذٍۭ بِجَهَنَّمَ ۚ يَوْمَئِذٍ يَتَذَكَّرُ ٱلْإِنسَٰنُ وَأَنَّىٰ لَهُ ٱلذِّكْرَىٰ ﴿٢٣﴾
يَقُولُ يَٰلَيْتَنِى قَدَّمْتُ لِحَيَاتِى ﴿٢٤﴾
فَيَوْمَئِذٍ لَّا يُعَذِّبُ عَذَابَهُۥٓ أَحَدٌ ﴿٢٥﴾
وَلَا يُوثِقُ وَثَاقَهُۥٓ أَحَدٌ ﴿٢٦﴾

21-ാം വചനം ഖിയാമത്ത് നാളിനെയും 22-ാം വചനം വിചാരണയെയും സംബന്ധിച്ചാകുന്നു. വിചാരണ ഘട്ടത്തിൽ അല്ലാഹുവിന്റെ മലക്കുകൾ, ആ മഹാ സദസ്സിനെ വലയം ചെയ്തിരിക്കും. ജഹന്നമാകുന്ന നരകം അവിടെ പ്രദർശിപ്പിക്കപ്പെടും. ആ സന്ദർഭത്തിൽ പാപിയായ മനുഷ്യന് താൻ ചെയ്ത തെറ്റ് കുറ്റങ്ങളെല്ലാം താനേ ഓർമ്മ വരും. കഴിഞ്ഞ ജീവിതത്തിൽ വെച്ച് സൽ കർമ്മങ്ങൾ ചെയ്ത് വെച്ചിരുന്നെങ്കിൽ എത്ര നന്നായേനെ എന്നവൻ വിലപിക്കും. പക്ഷേ അത് കൊണ്ട് യാതൊരു പ്രയോജനവുമുണ്ടാകുകയില്ല. അല്ലാഹുവിന്റെ പിടുത്തത്തിൽ നിന്ന് അവന് യാതൊരു രക്ഷയുമുണ്ടാവുകയില്ല. അല്ലാഹുവിന്റെ ശിക്ഷക്ക് സമാനമായ ശിക്ഷ ശിക്ഷിക്കുവാനോ, അവൻ പിടിച്ച് ബന്ധിക്കുന്നത് പോലെ ബന്ധിക്കുവാനോ കഴിവുള്ളവർ ആരുമില്ല തന്നെ.

നബി(സ) തിരുമേനി പ്രസ്താവിച്ചതായി ഇബ്നു മസ്ഊദ്(റ) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു:

“അന്നത്തെ ദിവസം ‘ജഹന്നം’ കൊണ്ട് വരപ്പെടും. അതിന് എഴുപതിനായിരം കടിഞ്ഞാൺ ഉണ്ടായിരിക്കും. ഓരോ കടിഞ്ഞാണൊന്നിച്ചും എഴുപതിനായിരം മലക്കുകൾ ഉണ്ടായിരിക്കും. അവർ അത് വലിച്ച് കൊണ്ട് വരുന്നതാണ്” - മു; തി.

**വചനം 27,28,29,30:**

27 “ഹേ, സമാധാനമടഞ്ഞ ആത്മാവേ!-

28 തൃപ്തിപ്പെട്ടുകൊണ്ട്, തൃപ്തി ലഭിച്ചുകൊണ്ട്,നീ നിൻെറ രക്ഷിതാവിങ്കലേക്ക് മടങ്ങിക്കൊള്ളുക.

يَٰٓأَيَّتُهَا ٱلنَّفْسُ ٱلْمُطْمَئِنَّةُ ﴿٢٧﴾
ٱرْجِعِىٓ إِلَىٰ رَبِّكِ رَاضِيَةً مَّرْضِيَّةً ﴿٢٨﴾



www.islamhouse.com

فَٱدۡخُلِي فِي عِبَٰدِي ﴿٢٩﴾

29 എന്നിട്ട് എൻെറ അടിയാൻമാരിൽ പ്രവേശിച്ചു കൊള്ളുക.

وَٱدۡخُلِي جَنَّتِي ﴿٣٠﴾

30 എൻെറ സ്വർഗത്തിലും പ്രവേശിച്ചുകൊള്ളുക.''

സന്മാർഗ്ഗികളായി അല്ലാഹുവിനെ അനുസരിച്ചുകൊണ്ട് ജീവിച്ച്, സന്തോഷത്തിൽ നന്ദിയും സന്താപത്തിൽ ക്ഷമയുംസ്വീകരിച്ച് കൊണ്ട് ഐഹിക ജീവിതം നയിച്ച ശുദ്ധാത്മാക്കളത്രേ 'സമാധാനമടഞ്ഞ ആത്മാക്കൾ'. ഭയമോ, വ്യസനമോ, ആശങ്കയോ, നിരാശയോ, മോഹഭംഗമോ ഒന്നും അവരെ ബാധിച്ചിരുന്നില്ല (സൂ.റഅ്ദ്: 27,28 വചനങ്ങൾ നോക്കുക). അവരത്രേ മനസ്സമാധാനമടഞ്ഞ ഭാഗ്യവാന്മാർ. മരണവേളയിലും ഖിയാമത്ത് നാളിലുമെല്ലാം തന്നെ ഇക്കൂട്ടർക്ക് അല്ലാഹുവിങ്കൽ നിന്നുള്ള സ്വാഗതവും സന്തോഷവാർത്തയും ലഭിക്കുന്നതായിരിക്കും.

അങ്ങനെയുള്ള ആത്മാവിനെ അല്ലാഹു വിളിച്ച് സ്വാഗതം ചെയ്യുകയാണ് – നീ പരിപൂർണ്ണമായി തൃപ്തിപ്പെട്ടുകൊണ്ടും, നിന്നെക്കുറിച്ച് നിന്റെ റബ്ബ് നല്ലപോലെ തൃപ്തിപ്പെട്ടതായിക്കൊണ്ടും, എന്റെ പ്രീതിക്ക് പാത്രീഭൂതരായ സജ്ജനങ്ങളുടെ കൂട്ടത്തിൽ നീ പ്രവേശിച്ച് കൊള്ളുക; സജ്ജനങ്ങൾക്കായി ഞാൻ ഒരുക്കി വെച്ചിട്ടുള്ള അനുഗൃഹീത സ്വർഗ്ഗത്തിൽ പ്രവേശിച്ച് നീ ശാശ്വത സൗഖ്യം അനുഭവിച്ച് കൊള്ളുകയും ചെയ്യുക.

ഇങ്ങനെയുള്ള ഭാഗ്യവാന്മാരിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ – ആമീൻ.



www.islamhouse.com

# 90. സൂറത്തുൽ - ബലദ് (രാജ്യം)

**മക്കയിൽ അവതരിച്ചത്**

വചനം 20

സൂറത്തിന്റെ ആദ്യ വചനത്തിൽ അല്ലാഹു ഈ രാജ്യത്തെ (ബലദ്) കൊണ്ട് സത്യം ചെയ്ത് പറയുന്നു.

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3,4:**

لَآ أُقْسِمُ بِهَٰذَا ٱلْبَلَدِ ﴿١﴾

وَأَنتَ حِلٌّۢ بِهَٰذَا ٱلْبَلَدِ ﴿٢﴾

وَوَالِدٍ وَمَا وَلَدَ ﴿٣﴾

لَقَدْ خَلَقْنَا ٱلْإِنسَٰنَ فِى كَبَدٍ ﴿٤﴾

1 ഈ രാജ്യത്തെക്കൊണ്ട് ഞാൻ സത്യം ചെയ്തു പറയുന്നു;

2 -നീ ഈ രാജ്യത്തിൽ അനുവദനീയനാണ് താനും,-

3 ജനയിതാവിനെയും, അതുജനിപ്പിക്കുന്നതിനെയും കൊണ്ടും (സത്യം ചെയ്യുന്നു)!-

4 തീർച്ചയായും, മനുഷ്യനെ ക്ലേശത്തിലായിക്കൊണ്ട് നാം സൃഷ്ടിച്ചിരിക്കുന്നു.

ഈ രാജ്യം എന്ന് പറഞ്ഞത് മക്കയെക്കുറിച്ചാകുന്നു. മുസ്ലിംകൾ മാത്രമല്ല, ഇസ്ലാമിന് മുമ്പ് ജാഹിലിയ്യത്തിലും മക്കാ രാജ്യത്തിന് കഅ്ബാ ശരീഫ് നില നിൽക്കുന്ന സ്ഥലമെന്ന നിലയിൽ അതിന്റെ പരിചാരകരായ അറബികൾ വമ്പിച്ച സ്ഥാനം കൽപിച്ചിരുന്നുവല്ലൊ. ഈ സ്ഥിതിക്ക് ആ രാജ്യത്തെ കൊണ്ട് സത്യം ചെയ്യുന്നത് മുസ്ലിംകളെ മാത്രമല്ല, മുശ്‌രിക്കുകളെ അപേക്ഷിച്ചും വളരെ പ്രധാന്യമർഹിക്കുന്നു.

അടുത്തതായി 'ജനയിതാവിനെ'കൊണ്ടും അത് 'ജനിപ്പിച്ചതിനെ'ക്കൊണ്ടും സത്യം ചെയ്തിരിക്കുന്നു. മനുഷ്യന്റെ മാത്രമല്ല, ഇതര ജീവികളുടെയും, വ്യക്തികളുടെ മാത്രമല്ല, സമൂഹത്തിന്റെയും ജനയിതാക്കൾക്കുമെല്ലാം ഉപയോഗിക്കാവുന്ന വാക്കാണത്. ആ നിലക്ക് നോക്കുമ്പോൾ, മനുഷ്യ പിതാവിന്റെയും, മനുഷ്യ സമുദായത്തിന്റെയും - അല്ലെങ്കിൽ മറ്റെല്ലാ സമുദായങ്ങളുടെയും അവയുടെ ജനയിതാക്കളുടെയും - ഉത്ഭവം, വളർച്ച, വികാസം, പെരുപ്പം, ആദിയായവയിൽ അടങ്ങിയ ദൃഷ്ടാന്ത രഹസ്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതാണ് ഈ സത്യ വാചകം എന്ന് കാണാം.

ഒന്നാം വചനത്തിൽ മക്കയെക്കൊണ്ടുള്ള സത്യത്തിന് ഒരു ഉപാധിയെന്നോണം രണ്ടാം വചനത്തിൽ "നീ ഈ രാജ്യത്തിൽ (മക്കയിൽ) അനുവദനീയനാണ്" എന്ന് പറഞ്ഞതിനെപറ്റി ഒന്നിലധികം വ്യാഖ്യാനങ്ങൾ നൽകപ്പെട്ടതായി കാണാം:

1. ഈ രാജ്യത്തെകൊണ്ട് ഞാൻ സത്യം ചെയ്ത് പറയുന്നു. അതിന്റെ പരിവാവനത്വവും അലംഘനീയതയും പ്രസിദ്ധമാണ്. എങ്കിലും നിനക്ക് (നബിക്ക്) ഒരിക്കൽ അവിടം അനുവദിക്കപ്പെട്ട് തരുന്നതാണ്. അഥവാ ഒരവസരത്തിൽ അതിന്റെ അലംഘനീയ പരിധിയിൽ നിന്ന് നിനക്ക് ഒരു ഇളവ് ലഭിക്കുവാൻ പോകുന്നുണ്ട് - ഹിജ്റ 8-ാം കൊല്ലത്തിൽ നടന്ന മക്കാ വിജയ സംഭവത്തെയാണിത് സൂചിപ്പിക്കുന്നത് എന്നാണ് പല മഹാന്മാരും സ്വീകരിച്ച ഒരു വ്യാഖ്യാനം.

2. നബിയെ, നീ ഈ രാജ്യത്ത്(മക്കയിൽ) അനാദരിക്കപ്പെട്ടവനും അക്രമങ്ങൾക്ക് വിധേയനും ആയിക്കൊണ്ടാണിരിക്കുന്നത്. ഇത് പരിഗണിച്ച് കൊണ്ട് തന്നെയാണ് ഈ രാജ്യത്തെ കൊണ്ട് സത്യം ചെയ്തിരിക്കുന്നത് - എന്നിങ്ങനെയാണ് മറ്റൊരു വ്യാഖ്യാനം.

3. ഈ രാജ്യത്ത് നീ (നബി) താമസിച്ച് വരുന്നുവെന്നത് കൂടി കണക്കിലെടുത്ത് കൊണ്ടാണ് ഈ രാജ്യം കൊണ്ട് സത്യം ചെയ്യുന്നത്- ഇതാണ് മൂന്നാമതൊരു വ്യാഖ്യാനം.

പലതരം ക്ലേശങ്ങളും ബുദ്ധിമുട്ടുകളും അനുഭവിച്ചുകൊണ്ടുള്ള ഒരു പ്രകൃതിയോടെയാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് എന്ന് തുടർന്ന് അല്ലാഹു പ്രസ്താവിക്കുന്നു. ഗർഭപാത്രത്തിന്റെ ഇരുട്ടറയിലും, തുടർന്ന് പ്രസവത്തിലും, ജീവിതം മുതൽ മരണം വരേയും, ദേഹത്തിനും, മനസ്സിനും, സാമൂഹ്യ ജീവിയെന്ന നിലയിലും, പല വിധത്തിലുള്ള ക്ലേശങ്ങളും ബുദ്ധിമുട്ടുകളും അവൻ അനുഭവിക്കണം.



www.islamhouse.com

ഇങ്ങനെ ക്ലേശ പൂർണ്ണമായ ഈ ജീവിതത്തിൽ കൂടി വേണം ഭാവി ജീവിത വിജയത്തിനുള്ള മാർഗ്ഗവും അവന് കരസ്ഥമാക്കുവാൻ.

**വചനം 5,6,7:**

5 അവൻ വിചാരിക്കുന്നുവോ,- അവനോട് ഒരാൾക്കും കഴിവുണ്ടാകുന്നതേയല്ല എന്ന്?! أَيَحْسَبُ أَن لَّن يَقْدِرَ عَلَيْهِ أَحَدٌ ﴿٥﴾

6 അവൻ പറയുന്നു: "ഞാൻ മേൽക്കുമേൽ (വളരെയധികം) ധനം (ചിലവാക്കി) നശിപ്പിച്ചു"വെന്ന് ! يَقُولُ أَهْلَكْتُ مَالًا لُّبَدًا ﴿٦﴾

7 അവൻ വിചാരിക്കുന്നുവോ-അവനെ ഒരാളും കാണുന്നില്ലെന്ന്?! أَيَحْسَبُ أَن لَّمْ يَرَهُۥٓ أَحَدٌ ﴿٧﴾

പരലോക ജീവിതത്തിന് വേണ്ടി പ്രയത്നിക്കാതെ, സ്വേഛകൾക്ക് വേണ്ടി എന്ത് ത്യാഗവും സഹിക്കാൻ തയാറാകുന്ന ഒരു വിഭാഗം ആളുകളെ പറ്റി അല്ലാഹു പറയുന്നു:

അവൻ എന്ത് ചെയ്താലും ചോദ്യം ചെയ്യാനോ, അവന്റെ പേരിൽ നടപടിയെടുക്കുവാനോ സാധ്യമല്ല എന്നൊക്കെയാണവന്റെ ഭാവം. 'ഇന്നിന്ന വിഷയങ്ങളിലും ധർമ്മത്തിന് വേണ്ടിയും എത്രയോ ധനം ഞാൻ ചിലവഴിച്ചു നശിപ്പിച്ചു' എന്നവൻ വീമ്പിളക്കുന്നു. അവനെപറ്റി ആർക്കും അറിഞ്ഞു കൂടാ എന്നും അവനെ ആരും കാണുന്നില്ല എന്നുമുള്ള നിലപാടാണ് അവനും. എന്നാൽ അല്ലാഹുവിന് അവനെ എപ്പോഴും എന്തും ചെയ്യുവാൻ കഴിയും എന്ന് അവൻ ഓർമ്മ വെച്ചുകൊള്ളട്ടെ.

**വചനം 8,9,10:**

8 അവന് നാം രണ്ടു കണ്ണുകൾ ഉണ്ടാക്കിക്കൊടുത്തിട്ടില്ലേ?- أَلَمْ نَجْعَل لَّهُۥ عَيْنَيْنِ ﴿٨﴾

9 ഒരു നാവും രണ്ട് ചുണ്ടുകളും (കൊടുത്തിട്ടില്ലേ)?- وَلِسَانًا وَشَفَتَيْنِ ﴿٩﴾

10 (തെളിഞ്ഞുകാണുമാറ്) പൊന്തിനിൽക്കുന്ന രണ്ട് വഴികൾ അവനു നാം കാട്ടിക്കൊടുക്കുകയും ചെയ്തിരിക്കുന്നു. وَهَدَيْنَٰهُ ٱلنَّجْدَيْنِ ﴿١٠﴾

കണ്ടറിയുവാൻ രണ്ട് കണ്ണുകളും സംസാരിക്കുവാനും, രുചി അറിയുവാനും, ഭക്ഷണം കഴിക്കുവാനും വേണ്ടി ഒരു നാവും രണ്ട് ചുണ്ടുകളും അല്ലാഹു അവന് നൽകിയിരിക്കുന്നു. കൂടാതെ മനുഷ്യന്റെ നന്മയുടെയും തിന്മയുടെതുമായ രണ്ട് വഴികളും തെളിഞ്ഞ് പൊന്തിക്കാണത്തക്കവിധം അല്ലാഹു അവയെ വ്യക്തമായി വിവരിച്ചു കൊടുത്തിട്ടുമുണ്ട്. എന്നിട്ടും അതിന് നന്ദിയായി നന്മയുടെ മാർഗ്ഗത്തിൽ പ്രവേശിക്കാൻ അവൻ മുതിരുന്നില്ല എന്ന് അല്ലാഹു മനുഷ്യനെ കുറ്റപ്പെടുത്തുകയാണ്. അല്ലാഹു പറയുന്നു:

**വചനം 11,12,13,14,15,16:**

11 എന്നിട്ട്, അവൻ ചുരമാർഗ്ഗത്തിൽ തിരക്കിക്കടന്നില്ല فَلَا ٱقْتَحَمَ ٱلْعَقَبَةَ ﴿١١﴾

12 ചുരമാർഗം എന്നാലെന്താണെന്ന് നിനക്ക് എന്തറിയാം?- وَمَآ أَدْرَىٰكَ مَا ٱلْعَقَبَةُ ﴿١٢﴾

13 (അതെ) അടിമയെ വിടുതലാക്കുക; فَكُّ رَقَبَةٍ ﴿١٣﴾

14 അല്ലെങ്കിൽ, പട്ടിണിയുള്ള ദിവസത്തിൽ ഭക്ഷണം നൽകുക,- أَوْ إِطْعَٰمٌ فِى يَوْمٍ ذِى مَسْغَبَةٍ ﴿١٤﴾

15 കുടുംബബന്ധമുള്ള അനാഥക്ക്; يَتِيمًا ذَا مَقْرَبَةٍ ﴿١٥﴾

16 അല്ലെങ്കിൽ, മണ്ണുപുരണ്ട (കടുത്ത ദാരിദ്ര്യമുള്ള) സാധുവിന്. أَوْ مِسْكِينًا ذَا مَتْرَبَةٍ ﴿١٦﴾



www.islamhouse.com

ഇതൊക്കെയാണ് 'ചുരമാർഗ്ഗം' എന്ന് പറഞ്ഞത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇങ്ങനെയുള്ള മാർഗ്ഗങ്ങളിലൊന്നും പ്രവേശിക്കുവാനുള്ള തിരക്കോ സാഹസമൊ അവൻ കാണിച്ചില്ല. നേരെ മറിച്ച് സ്വേഛയുടെ എളുപ്പ മാർഗ്ഗമാണ് അവൻ സ്വീകരിച്ചതും. മാത്രമല്ല:

**വചനം 17,18,19,20:**

ثُمَّ كَانَ مِنَ ٱلَّذِينَ ءَامَنُواْ وَتَوَاصَوْاْ بِٱلصَّبْرِ وَتَوَاصَوْاْ بِٱلْمَرْحَمَةِ ﴿١٧﴾

17 പിന്നെ, (അതിനുപുറമെ) വിശ്വസിക്കുകയും, ക്ഷമകൊണ്ട് പരസ്പരം ഉപദേശം നൽകുകയും, കാരുണ്യംകൊണ്ട് പരസ്പരം ഉപദേശം നൽകുകയും ചെയ്തവരുടെ കൂട്ടത്തിൽ അവൻ ആയിത്തീരുകയും (ഉണ്ടായില്ല).

أُوْلَٰٓئِكَ أَصْحَٰبُ ٱلْمَيْمَنَةِ ﴿١٨﴾

18 അങ്ങിനെയുള്ളവർ (ശുഭകരമായ) വലതു പക്ഷത്തിൻെറ ആൾക്കാരത്രെ.

وَٱلَّذِينَ كَفَرُواْ بِـَٔايَٰتِنَا هُمْ أَصْحَٰبُ ٱلْمَشْـَٔمَةِ ﴿١٩﴾

19 നമ്മുടെ 'ആയത്തു' (ലക്ഷ്യം)കളിൽ അവിശ്വസിച്ചവരാകട്ടെ, അവരത്രെ, (അശുഭകരമായ) ഇടതുപക്ഷത്തിൻെറ ആൾക്കാർ.

عَلَيْهِمْ نَارٌ مُّؤْصَدَةٌۢ ﴿٢٠﴾

20 അവരുടെമേൽ അടച്ചുമൂടപ്പെട്ട അഗ്നിയുണ്ടായിരിക്കും.

മനുഷ്യൻ അവന്റെ അനശ്വര ജീവിതത്തിന് വേണ്ടി സമ്പാദിക്കുവാനുള്ള ക്ലേശങ്ങളൊന്നും ചെയ്യുന്നില്ല എന്ന് മാത്രമല്ല സത്യ വിശ്വാസം, പരസ്പരം ക്ഷമ കൊണ്ടും കാരുണ്യം കൊണ്ടും ഉപദേശിക്കൽ എന്നിങ്ങനെയുള്ള സൽഗുണങ്ങളോട് കൂടിയ ആളുകളുടെ കൂട്ടത്തിൽ അവൻ ഉൾപ്പെടുന്നുണ്ടോ? അതും ഇല്ല. മേൽ ചൂണ്ടികാണിച്ചത് പോലെയുള്ള ത്യാഗത്തിന്റെയും നന്മയുടെയും മാർഗ്ഗം സ്വീകരിച്ചവരാകുന്നു, ശുഭകരമായ വലത് പക്ഷത്തിന്റെ ആൾക്കാർ. അവർക്കാണ് ശാശ്വത രക്ഷയുള്ളത്. എന്നാൽ ആ മാർഗ്ഗം സ്വീകരിക്കാതെ അല്ലാഹുവിന്റെ ലക്ഷ്യ പ്രമാണങ്ങളേയും ദൃഷ്ടാന്തങ്ങളെയും നിഷേധിക്കുന്നവരാകുന്നു അശുഭകരമായ ഇടത് പക്ഷത്തിന്റെ ആൾക്കാർ. ഇവർ നരകത്തിൽ ശാശ്വത വാസികളായിരിക്കും. അതിലെ അഗ്നി അവരിൽ അടച്ച് മൂടപ്പെട്ടുകൊണ്ടരിക്കും. വലത് പക്ഷക്കാരെയും ഇടത് പക്ഷക്കാരേയും, സാമീപ്യം നൽകപ്പെട്ട വിഭാഗക്കാരേയും കുറിച്ച് സു.വാഖിഅ: 7-56 വചനങ്ങളിലും 88-94 വചനങ്ങളിലും വിശദമായി പ്രസ്താവിച്ചിട്ടുള്ളത് ശ്രദ്ധിക്കുക.

ഇസ്ലാമിന്റെ ആരംഭ കാലത്ത് അടിമത്ത സമ്പ്രദായം നിലവിലിരുന്ന അവസരത്തിൽ അവതരിച്ചതാണീ സൂറത്ത്. ഈ അവസരത്തിൽ അടിമകളെ മോചിപ്പിക്കുകയും സാധുക്കൾക്ക് അന്നദാനം നൽകുവാൻ കൽപിക്കുകയും ചെയ്യുന്നതിന്റെ പ്രാധാന്യം വ്യക്തമാണ്.

"സത്യ വിശ്വാസിയായ ഒരു അടിമയെ ആരെങ്കിലും മോചിപ്പിച്ചാൽ ആ അടിമയുടെ ഓരോ അവയവത്തിനും പകരം, അല്ലാഹു, അവന്റെ അവയവത്തിന് നരകത്തിൽ നിന്നും മോചനം നൽകുന്നതാണ്." എന്ന് നബി(സ) തിരുമേനി അരുളിയിരിക്കുന്നു. - (അ; ബു; മു; തി; ന)

അനാഥകൾക്കും സാധുക്കൾക്കും അന്നദാനം ചെയ്യുന്നത് വളരെ പുണ്യപ്പെട്ട കർമ്മം തന്നെ. നബി(സ) പറയുന്നു: "സാധുവിന് ധർമ്മം കൊടുക്കൽ ഒരു ധർമ്മമാകുന്നു. രക്ത ബന്ധമുള്ളവന് കൊടുക്കുന്നത് രണ്ട് ധർമ്മമാണ് - അതായത് ധർമ്മം പാലിക്കലും, കുടുംബ ബന്ധം പാലിക്കലും." - അ; തി; ന.

ചൂണ്ടാണി വിരലും, നടുവിരലും ഉയർത്തിപ്പിടിച്ച് ആംഗ്യം കാട്ടിക്കൊണ്ട് നബി(സ) ഇപ്രകാരം പറയുകയുണ്ടായി - "ഞാനും അനാഥയെ സംരക്ഷിക്കുന്നവനും സ്വർഗ്ഗത്തിൽ ഇപ്രകാരമായിരിക്കും." - ബു.



www.islamhouse.com

# 91. സൂറത്തു - ശ്ശംസ് (സൂര്യൻ)

**മക്കയിൽ അവതരിച്ചത്**

**വചനം 15**

സൂറത്തിന്റെ ആരംഭത്തിൽ അല്ലാഹു സൂര്യനെ (ശംസ്) കൊണ്ട് സത്യം ചെയ്യുന്നു.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ — بسم الله الرحمن الرحيم

**വചനം 1,2,3,4,5,6,7,8:**

وَٱلشَّمۡسِ وَضُحَىٰهَا ﴿١﴾
1 സൂര്യനും, അതിൻെറ (പൂർവാഹ്ന) പ്രഭയും തന്നെയാണ (സത്യം)!

وَٱلۡقَمَرِ إِذَا تَلَىٰهَا ﴿٢﴾
2 ചന്ദ്രൻതന്നെയാണ (സത്യം)-അത് അതിനെ തുടർന്നുവരുമ്പോൾ!

وَٱلنَّهَارِ إِذَا جَلَّىٰهَا ﴿٣﴾
3 പകൽ തന്നെയാണ (സത്യം)-അത് അതിനെ പ്രത്യക്ഷപ്പെടുത്തുമ്പോൾ!

وَٱلَّيۡلِ إِذَا يَغۡشَىٰهَا ﴿٤﴾
4 രാത്രി തന്നെയാണ (സത്യം)-അത് അതിനെ മൂടിക്കൊണ്ടിരിക്കുമ്പോൾ!

وَٱلسَّمَآءِ وَمَا بَنَىٰهَا ﴿٥﴾
5 ആകാശവും, അതിനെ സ്ഥാപിച്ചതും (ആ മഹാശക്തിയും) തന്നെയാണ (സത്യം)!

وَٱلۡأَرۡضِ وَمَا طَحَىٰهَا ﴿٦﴾
6 ഭൂമിയും, അതിനെ പരത്തിയതും (ആ മഹാ ശക്തിയും) തന്നെയാണ (സത്യം)!

وَنَفۡسٖ وَمَا سَوَّىٰهَا ﴿٧﴾
7 ആത്മാവും, അതിനെ (ഘടന ഒപ്പിച്ച) ശരിപ്പെടുത്തിയതും (ആ മഹാശക്തിയും) തന്നെയാണ (സത്യം)!-

فَأَلۡهَمَهَا فُجُورَهَا وَتَقۡوَىٰهَا ﴿٨﴾
8 എന്നിട്ട്, അതിന് അതിൻെറ ദുഷ്ടതയും, അതിൻെറ സൂക്ഷ്മതയും അവൻ (ആ മഹാ ശക്തി) തോന്നിപ്പിച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു.

നമുക്കേവർക്കും സുപരിചിതമായ പ്രകൃതി ദൃഷ്ടാന്തങ്ങളാണ് ആദ്യ നാല് വചനങ്ങളിൽ. ആകാശത്തെ ഉയർത്തി സ്ഥാപിച്ചത്, ഭൂമിയെ നിവാസയോഗ്യമാംവണ്ണം പരത്തിയുണ്ടാക്കിയത്, ആവശ്യമായ അവയവങ്ങളും അനുയോജ്യമായ ആകൃതിയും പ്രകൃതിയും നൽകി ആത്മാക്കളെ - അഥവാ ദേഹികളെ - ശരിപ്പെടുത്തിയത് എന്നീ ഓരോന്നിന്റെയും കർത്താവായ, ആ മഹാശക്തിയായ അല്ലാഹുവിനെ കൊണ്ടാണ്. 5,6,7 വചനങ്ങളിൽ സത്യം ചെയ്യുന്നത്. മനുഷ്യനെ സൃഷ്ടിച്ച് ശരിപ്പെടുത്തുക മാത്രമല്ല അവന്റെ നന്മയും തിന്മയും അവന് വേർ തിരിച്ച് മനസ്സിലാക്കികൊടുക്കുകയും, നല്ലതും ചീത്തയും തിരഞ്ഞെടുക്കുവാനുള്ള കഴിവും അല്ലാഹു അവന് നൽകുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ ശക്തി മാഹാത്മ്യങ്ങളെയും അധികാരാവകാശങ്ങളിലുള്ള ഏകത്വത്തേയും വിളിച്ചോതുന്ന മഹത്തായ ദൃഷ്ടാന്തങ്ങളാണ്. ഈ സത്യ വചനങ്ങളിലൂടെ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്.

**വചനം 9,10:**

قَدۡ أَفۡلَحَ مَن زَكَّىٰهَا ﴿٩﴾
9 തീർച്ചയായും, അതിനെ (ആത്മാവിനെ) പരിശുദ്ധമാക്കിയവൻ ഭാഗ്യം പ്രാപിച്ചു

وَقَدۡ خَابَ مَن دَسَّىٰهَا ﴿١٠﴾
10 അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു.

ഈ വചനങ്ങളിൽ അല്ലാഹു രണ്ട് മൗലിക യാഥാർത്ഥ്യങ്ങൾ ചൂണ്ടിക്കാട്ടുന്നു. ആത്മാവിനെ



www.islamhouse.com

പരിശുദ്ധമാക്കിയാൽ വിജയവും ഭാഗ്യവും പ്രാപിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ ദൗർഭാഗ്യവാനും പരാജിതനുമാകുകയും ചെയ്തു. സത്യ വിശ്വാസം, സൽകർമ്മം, സൽസ്വഭാവം ആദിയായവ മൂലമാണ് ആത്മ പരിശുദ്ധി കൈവരിക്കുന്നത്. സത്യ നിഷേധം, ദുഷ്കർമ്മങ്ങൾ, ദു:സ്വഭാവം ആദിയായവ ആത്മാവിനെ കളങ്കപ്പെടുത്തുകയും ചെയ്യുന്നു.

**വചനം 11,12,13,14,15:**

11 'ഥമൂദ്'(ഗോത്രം) അതിൻെറ ധിക്കാരം മൂലം വ്യാജമാക്കുകയുണ്ടായി;- كَذَّبَتْ ثَمُودُ بِطَغْوَىٰهَآ ﴿١١﴾

12 അതിലെ ഏറ്റവും ദുർഭാഗ്യവാനായവൻ (നിയുക്തനായി) എഴുന്നേറ്റ സന്ദർഭം. إِذِ ٱنۢبَعَثَ أَشْقَىٰهَا ﴿١٢﴾

13 അപ്പോൾ, അവരോട് അല്ലാഹുവിൻെറ റസൂൽ പറഞ്ഞു: "അല്ലാഹുവിൻെറ ഒട്ടകവും അതിൻെറ വെള്ളം കുടിയും (സൂക്ഷിക്കുക)!" (അതിന്നു ഭംഗം വരുത്തരുത്.) فَقَالَ لَهُمْ رَسُولُ ٱللَّهِ نَاقَةَ ٱللَّهِ وَسُقْيَٰهَا ﴿١٣﴾

14 എന്നാൽ, അവർ അദ്ദേഹത്തെ വ്യാജമാക്കി അതിനെ കുത്തിയറുത്തു (കൊന്നു).അപ്പോൾ അവരുടെ പാപം നിമിത്തം അവരുടെ റബ്ബ് അവരിൽ (ശിക്ഷ) ആകെ മൂടിക്കളഞ്ഞു; എന്നിട്ട് അത് (എല്ലാവർക്കും) സമപ്പെടുത്തി. (ഒരാളും ഒഴിവായില്ല.) فَكَذَّبُوهُ فَعَقَرُوهَا فَدَمْدَمَ عَلَيْهِمْ رَبُّهُم بِذَنۢبِهِمْ فَسَوَّىٰهَا ﴿١٤﴾

15 അവൻ (റബ്ബ്) അതിൻെറ അനന്തരഫലത്തെ ഭയപ്പെട്ടിരുന്നതുമില്ല. وَلَا يَخَافُ عُقْبَٰهَا ﴿١٥﴾

സ്വാലിഹ്(അ) നബിയുടെ ജനതയായ ഥമൂദ് ഗോത്രം അദ്ദേഹത്തെ നിഷേധിക്കുകയും ധിക്കാരം പ്രവർത്തിക്കുകയും ചെയ്തു. അവർക്കും അവർക്ക് ദൃഷ്ടാന്തമായി അല്ലാഹു നിശ്ചയിച്ച ഒട്ടകത്തിനും ഇടയിൽ അവരുടെ ജലാശയത്തിലെ വെള്ളം പങ്കിടപ്പെട്ടിരുന്നു. അല്ലാഹുവിന്റെ മുന്നറിയിപ്പ് വകവയ്ക്കാതെ അവർ ആ ഒട്ടകത്തെ കൊല്ലുവാൻ തന്നെ തീരുമാനിച്ചു. അവരിൽ വെച്ച് ഏറ്റവും കടുത്ത ഒരു ധിക്കാരി - അതെ ഏറ്റവും വലിയ നിർഭാഗ്യവാൻ - അതിനു മുമ്പോട്ട് വന്നു. താമസിയാതെ അല്ലാഹു ഒരു ഭൂകമ്പവും, ഉഗ്ര ശബ്ദവും മുഖേന അവരെ ഒന്നടങ്കം നശിപ്പിക്കുകയും ചെയ്തു. (വിശദ വിവരം സൂ.ശുഅറാഅ്: 141-159 വചനങ്ങളിലും സൂ.നംല്: 45-53 വചനങ്ങളിലും കാണാം).

ഒരാൾ പോലും ബാക്കിയാകാത്ത വിധം, അത്ര കടുത്തതും വ്യാപകവുമായ ശിക്ഷ അവർക്ക് നൽകിയത് നിമിത്തം എന്തെങ്കിലും ഭവിഷ്യത്ത് സംഭവിച്ചേക്കുമോ എന്ന യാതൊരു ഭയവും അല്ലാഹുവിന് ഇല്ല തന്നെ (വചനം: 15). ഇത് അവരെ പരിഹസിച്ച് കൊണ്ട് അല്ലാഹു പറഞ്ഞതാകുന്നു.



www.islamhouse.com

# 92. സൂറത്തുൽ – ലൈൽ (രാത്രി)

**മക്കയിൽ അവതരിച്ചത്**

വചനം 21

സൂറത്തിന്റെ ആരംഭത്തിൽ അല്ലാഹു രാത്രിയെ (ലൈല്)കൊണ്ട് സത്യം ചെയ്യുന്നു.

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3,4:**

وَٱلَّيۡلِ إِذَا يَغۡشَىٰ ﴿١﴾

1 രാത്രിതന്നെയാണ (സത്യം)– അത് മൂടിക്കൊണ്ടിരിക്കുമ്പോൾ!

وَٱلنَّهَارِ إِذَا تَجَلَّىٰ ﴿٢﴾

2 പകൽതന്നെയാണ (സത്യം)–അത് പ്രത്യക്ഷപ്പെടുമ്പോൾ!

وَمَا خَلَقَ ٱلذَّكَرَ وَٱلۡأُنثَىٰٓ ﴿٣﴾

3 ആണിനേയും പെണ്ണിനേയും സൃഷ്ടിച്ചിട്ടുള്ളത് (ആ മഹാശക്തി) തന്നെയാണ (സത്യം)!

إِنَّ سَعۡيَكُمۡ لَشَتَّىٰ ﴿٤﴾

4 നിശ്ചയമായും, നിങ്ങളുടെ പരിശ്രമം വിഭിന്നങ്ങളത്രെ

കഴിഞ്ഞ അദ്ധ്യായത്തിലെ 3,4 വചനങ്ങളിൽ കണ്ടത് പോലെയുള്ള ആശയം തന്നെയാണ് ഈ അദ്ധ്യായത്തിലെ 1,2 വചനങ്ങളിലും ഉള്ളതെന്ന് പറയാം. അവിടെ 5,6,7 വചനങ്ങളിൽ സൂചിപ്പിച്ച അതേ മഹാശക്തിയെ – അല്ലാഹുവിനെ –ക്കുറിച്ചാകുന്നു ഇവിടെ 3–ാം വചനത്തിലും സൂചിപ്പിക്കുന്നത്.

മനുഷ്യരുടെ – ജിന്നുകളുടെയും തന്നെ – പരിശ്രമങ്ങളും പ്രവർത്തനങ്ങളും ഒരേ രൂപത്തിലുള്ളവയല്ല, വിഭിന്ന നിലയിലുള്ളതാണ് എന്നത്രേ അല്ലാഹു സത്യം ചെയ്ത് പറയുന്നത് – അതെ, രാത്രിയും പകലും എന്ന പോലെയും, ആണും പെണ്ണും എന്ന പോലെയും, മനുഷ്യന്റെ സൽകർമ്മം ദുഷ്കർമ്മം എന്നപോലെയും വ്യത്യസ്തങ്ങളാണ് എന്ന് താൽപര്യം. അടുത്ത വചനങ്ങളിൽ ഈ യാഥാർത്ഥ്യം ഉദാഹരണ സഹിതം അല്ലാഹു വിവരിക്കുന്നു.

**വചനം 5,6,7,8,9,10,11:**

فَأَمَّا مَنۡ أَعۡطَىٰ وَٱتَّقَىٰ ﴿٥﴾

5 അപ്പോൾ, യാതൊരുവൻ (ധനം) കൊടുക്കുകയും (അല്ലാഹുവിനെ) സൂക്ഷിക്കുകയും.–

وَصَدَّقَ بِٱلۡحُسۡنَىٰ ﴿٦﴾

6 ഏറ്റവും നന്നായുള്ളതിനെ സത്യമാക്കുകയും ചെയ്തുവോ.–

فَسَنُيَسِّرُهُۥ لِلۡيُسۡرَىٰ ﴿٧﴾

7 അവന് നാം ഏറ്റവും സൗകര്യമായുള്ളതിലേക്ക് സൗകര്യം ചെയ്തു കൊടുത്തേക്കും.

وَأَمَّا مَنۢ بَخِلَ وَٱسۡتَغۡنَىٰ ﴿٨﴾

8 എന്നാൽ, യാതൊരുവൻ ലുബ്ധത കാണിക്കുകയും, ധന്യത നടിക്കുകയും.–

وَكَذَّبَ بِٱلۡحُسۡنَىٰ ﴿٩﴾

9 ഏറ്റവും നന്നായുള്ളതിനെ വ്യാജമാക്കുകയും ചെയ്തുവോ.–

فَسَنُيَسِّرُهُۥ لِلۡعُسۡرَىٰ ﴿١٠﴾

10 അവനു നാം ഏറ്റവും ഞെരുക്കമായുള്ളതിലേക്ക് സൗകര്യപ്പെടുത്തിക്കൊടുത്തേക്കുകയും ചെയ്യും.

وَمَا يُغۡنِي عَنۡهُ مَالُهُۥٓ إِذَا تَرَدَّىٰٓ ﴿١١﴾

11 അവൻ മറിഞ്ഞുവീണാൽ അവന്റെ ധനം അവന് പ്രയോജനപ്പെടുന്നതുമല്ല.

ലുബ്ധത കൂടാതെ സൽ കാര്യങ്ങളിൽ ധനം ചിലവഴിക്കുക, അല്ലാഹുവിന്റെ കൽപനാ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് അവനെ സൂക്ഷിക്കുക. സത്യ വിശ്വാസം, സൽകർമ്മം സദാചാരം എന്നിവ



www.islamhouse.com

കൈക്കൊള്ളുക - മുതലായ ഗുണങ്ങളോട് കൂടിയവയായിരിക്കും മനുഷ്യരിൽ ഒരു വിഭാഗം ആളുകൾ. ഇവർക്ക് സൽകർമ്മങ്ങൾ ചെയ്ത് കൊണ്ടിരിക്കുവാനും, നല്ല പ്രതിഫലം ആസ്വദിക്കുവാനും അല്ലാഹു സഹായിക്കുന്നു. ഇവരുടെ പര്യവസാനം ശാശ്വത സൗഖ്യവും സ്വർഗ്ഗവുമായിരിക്കും.

നേരെ മറിച്ച് മറ്റൊരു വിഭാഗം മനുഷ്യരുണ്ട് - അവർ ലുബ്ധരും തങ്ങൾക്ക് തങ്ങൾ തന്നെ മതി എന്ന നിലപാടുകാരുമായിരിക്കും. അവർ അല്ലാഹുവിന്റെ നിയമ നിർദ്ദേശങ്ങളെ അവഗണിക്കുകയും, സദുപദേശങ്ങളെ നിഷേധിച്ച് കളയുകയും ചെയ്യുന്നു. ഇത്തരക്കാർക്ക് പ്രയാസങ്ങളിൽ വെച്ച് ഏറ്റവും പ്രയാസകരമായ പ്രതിഫലവും നരക ശിക്ഷയുമായിരിക്കും ലഭിക്കുക.

"സൻമാർഗ്ഗം സ്വീകരിച്ചവർക്ക് അല്ലാഹു സന്മാർഗ്ഗം വർദ്ധിപ്പിച്ച് കൊടുക്കുകയും അവർക്ക് അവരുടെതായ സൂക്ഷ്മത നൽകുകയും ചെയ്യും" എന്ന് സൂ.മുഹമ്മദ്: 17-ാം വചനത്തിലും "അവിശ്വസിക്കുകയും അക്രമം ചെയ്യുകയും ചെയ്തവർക്ക് പൊറുത്ത് കൊടുക്കുവാനാകട്ടെ, നരകത്തിന്റെ മാർഗ്ഗമല്ലാത്ത ഒരു മാർഗ്ഗത്തിലേക്ക് നയിക്കുവാനാകട്ടെ അല്ലാഹു തയ്യാറല്ല" എന്ന് സൂ.നിസാഅ്: 168, 169 വചനങ്ങളിലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

**വചനം 12,13,14,15,16,17,18,19,20:**

إِنَّ عَلَيۡنَا لَلۡهُدَىٰ ﴿١٢﴾

12 നിശ്ചയമായും മാർഗദർശനം നൽകൽ നമ്മുടെ മേലാണ് (ബാധ്യത) ഉള്ളത്.

وَإِنَّ لَنَا لَلۡأٓخِرَةَ وَٱلۡأُولَىٰ ﴿١٣﴾

13 നമുക്കുള്ളതുതന്നെയാണ്, പരലോകവും ആദ്യലോകവും.

فَأَنذَرۡتُكُمۡ نَارٗا تَلَظَّىٰ ﴿١٤﴾

14 അതിനാൽ, ആളിക്കത്തിക്കൊണ്ടിരിക്കുന്ന അഗ്നിയെക്കുറിച്ച് ഞാൻ നിങ്ങൾക്ക് താക്കീത് നൽകിയിരിക്കുന്നു.

لَا يَصۡلَىٰهَآ إِلَّا ٱلۡأَشۡقَى ﴿١٥﴾

15 വളരെ ദുർഭാഗ്യവാനായുള്ളവനല്ലാതെ അതിൽ കടന്നെരിയുകയില്ല.

ٱلَّذِي كَذَّبَ وَتَوَلَّىٰ ﴿١٦﴾

16 അതായത്, വ്യാജമാക്കുകയും തിരിഞ്ഞുകളയുകയും ചെയ്തവൻ (അല്ലാതെ).

وَسَيُجَنَّبُهَا ٱلۡأَتۡقَى ﴿١٧﴾

17 വളരെ സൂക്ഷ്മത (ഭയഭക്തി) യുള്ളവൻ അതിൽ നിന്ന് അകറ്റി നിറുത്തപ്പെട്ടേക്കുകയും ചെയ്യും.

ٱلَّذِي يُؤۡتِي مَالَهُۥ يَتَزَكَّىٰ ﴿١٨﴾

18 അതായത്, താൻ പരിശുദ്ധി നേടുവാനായി തൻെറ ധനം കൊടുക്കുന്നവൻ.

وَمَا لِأَحَدٍ عِندَهُۥ مِن نِّعۡمَةٖ تُجۡزَىٰٓ ﴿١٩﴾

19 പ്രത്യുപകാരം നൽകപ്പെടേണ്ടുന്നതായ ഒരനുഗ്രഹവും (ഉപകാരവും)അവൻെറ പക്കൽ ഒരാൾക്കുംതന്നെ ഇല്ലതാനും;-

إِلَّا ٱبۡتِغَآءَ وَجۡهِ رَبِّهِ ٱلۡأَعۡلَىٰ ﴿٢٠﴾

20 തൻെറ അത്യുന്നതനായ റബ്ബിൻെറ പ്രീതിയെ നേടുക എന്നതല്ലാതെ.

അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കുകയും തിരിഞ്ഞ് കളയുകയും ചെയ്തവന് ആളികത്തിക്കൊണ്ടിരിക്കുന്ന നരകാഗ്നിയെക്കുറിച്ച് അല്ലാഹു താക്കീത് നൽകുന്നു. സൂക്ഷ്മത പാലിച്ചവരാകട്ടെ അതിൽ നിന്ന് അകറ്റി നിർത്തപ്പെടുകയും ചെയ്യും.

ആർക്ക് എന്ത് നന്മ ചെയ്ത് കൊടുത്താലും അതിൽ അല്ലാഹുവിന്റെ പ്രീതി ലഭിക്കണമെന്ന ഏക ഉദ്ദേശമല്ലാതെ, ജനങ്ങളിൽ നിന്ന് അത് മൂലം എന്തെങ്കിലും പ്രതിഫലം ലഭിക്കണമെന്ന വിചാരമില്ലാതെ ധനം ചിലവഴിക്കുന്നവനാണ്, ആത്മ പരിശുദ്ധിക്ക് വേണ്ടി ധനം ചിലവഴിക്കുന്നവൻ.

**വചനം 21:**

وَلَسَوۡفَ يَرۡضَىٰ ﴿٢١﴾

21 വഴിയെ അവൻ തീർച്ചയായും തൃപ്തി അടയുകയും ചെയ്യും.

അല്ലാഹുവിന്റെ വിധി വിലക്കുകളെ സൂക്ഷിച്ച് ജീവിക്കുന്ന, സൂക്ഷ്മത പാലിക്കുന്നവർക്ക് തൃപ്തി വരുവോളം ഉന്നതമായ പ്രതിഫലം അല്ലാഹു പ്രദാനം ചെയ്യുന്നതാണ്.



www.islamhouse.com

# 93. സൂറത്തു -ള്-ളുഹാ (പൂർവ്വാഹ്നം)

**മക്കയിൽ അവതരിച്ചത്**

വചനം 11

ഒരിക്കൽ കുറച്ച് ദിവസങ്ങളോളം നബി(സ)ക്ക് വഹ്‌യും കൊണ്ട് ജിബ്‌രീൽ(അ) വരാതിരിക്കുകയും "മുഹമ്മദിനെ അവന്റെ റബ്ബ് കൈ വെടിഞ്ഞിരിക്കുന്നു" എന്ന് അവിശ്വാസികൾ പരിഹസിച്ച് പറയുവാൻ തുടങ്ങുകയും ചെയ്യുകയുണ്ടായി എന്നും പ്രസ്തുത ഈ അവസരത്തിലാണ് ഈ സൂറത്ത് അവതരിച്ചതെന്നും പല രിവായത്തുകളിലും കാണാം.

അദ്ധ്യായത്തിന്റെ ആരംഭത്തിൽ അല്ലാഹു പൂർവാഹ്നം(ളുഹാ) കൊണ്ട് സത്യം ചെയ്യുന്നു.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ بسم الله الرحمن الرحيم

**വചനം 1,2,3,4,5:**

1 പൂർവ്വാഹ്നംതന്നെയാണ (സത്യം)! وَٱلضُّحَىٰ ﴿١﴾

2 രാത്രിതന്നെയാണ (സത്യം)-അത് ശാന്തമാകുമ്പോൾ! وَٱلَّيۡلِ إِذَا سَجَىٰ ﴿٢﴾

3 (നബിയേ) നിൻെറ റബ്ബ് നിന്നെ വിട്ടുകളഞ്ഞിട്ടില്ല, (നിന്നോട്) ഈർഷ്യത കാട്ടിയിട്ടുമില്ല. مَا وَدَّعَكَ رَبُّكَ وَمَا قَلَىٰ ﴿٣﴾

4 നിശ്ചയമായും, പരലോകം നിനക്ക് ആദ്യലോകത്തെ (ഇഹലോകത്തെ)ക്കാൾ ഉത്തമമാകുന്നു. وَلَلۡأٓخِرَةُ خَيۡرٞ لَّكَ مِنَ ٱلۡأُولَىٰ ﴿٤﴾

5 വഴിയെ നിൻെറ റബ്ബ് നിനക്ക് നിശ്ചയമായും തരുകയും ചെയ്യും. അപ്പോൾ നീ തൃപ്തിപ്പെടുന്നതാണ്. وَلَسَوۡفَ يُعۡطِيكَ رَبُّكَ فَتَرۡضَىٰٓ ﴿٥﴾

പകലിനെയും, ലോകത്തെ ശാന്തമാക്കുന്ന രാത്രിയെയും കൊണ്ട് സത്യം ചെയ്ത ശേഷം അല്ലാഹു നബി(സ) തിരുമേനിയെ സാന്ത്വനപ്പെടുത്തുകയും ചില സന്തോഷ വാർത്തകൾ അറിയിക്കുകയും ചെയ്യുന്നു. തിരുമേനിയെ അല്ലാഹു കൈവെടിയുകയൊ ഈർഷ്യത കാണിക്കുകയോ ചെയ്തിട്ടില്ല. സുഖ ദു:ഖ സമ്മിശ്രമായ ഈ ലോകത്ത് അൽപം ചില വിഷമങ്ങളെല്ലാം സഹിക്കേണ്ടി വന്നാലും പരലോകത്ത് തിരുമേനിക്ക് ഏറ്റവും ഉത്തമമായ ജീവിതമായിരിക്കും സിദ്ധിക്കുക. മാത്രമല്ല തിരുമേനിക്ക് പരിപൂർണ്ണമായി തൃപ്തി വരുമാറ് വേണ്ടതെല്ലാം അല്ലാഹു വഴിയെ കൊടുത്തരുളുകയും ചെയ്യുന്നതാണ്. അതുകൊണ്ട് തൽക്കാലം ക്ഷമ കൈകൊള്ളുകയും ഭാവിയെ പറ്റി ശുഭ പ്രതീക്ഷയോടെ ഇരിക്കുകയും ചെയ്തു കൊള്ളുക.

**വചനം 6,7,8:**

6 നിന്നെ അവൻ അനാഥയായി കാണുകയും, എന്നിട്ട് (നിനക്ക്) ആശ്രയം നൽകുകയും ചെയ്തില്ലേ?! أَلَمۡ يَجِدۡكَ يَتِيمٗا فَـَٔاوَىٰ ﴿٦﴾

7 നിന്നെ അവൻ വഴി അറിയാത്തവനായി കാണുകയും, എന്നിട്ട് (നിനക്ക്) മാർഗദർശനം നൽകുകയും ചെയ്തിരിക്കുന്നു. وَوَجَدَكَ ضَآلّٗا فَهَدَىٰ ﴿٧﴾

8 നിന്നെ അവൻ ദരിദ്രനായി കാണുകയും, എന്നിട്ട് (നിനക്ക്) ധന്യത നൽകുകയും ചെയ്തിരിക്കുന്നു. وَوَجَدَكَ عَآئِلٗا فَأَغۡنَىٰ ﴿٨﴾

നബി(സ)ക്ക് സിദ്ധിച്ച മൂന്ന് അനുഗ്രഹങ്ങളെക്കുറിച്ചാണ് അല്ലാഹു പ്രസ്താവിക്കുന്നത്.



www.islamhouse.com

1. അവിടുന്ന് ഗർഭസ്ഥ ശിശുവായിരുന്നപ്പോൾ തന്നെ പിതാവും, ആറ് വയസ്സായപ്പോൾ മതാവും കാലഗതി അടഞ്ഞു. അങ്ങനെ അനാഥനായിത്തീർന്ന തിരുമേനിയെ ആദ്യം പിതാമഹനും, അദ്ദേഹത്തിന് ശേഷം പിതൃവ്യനും തിരുമേനിയെ ഓമനിച്ച് വളർത്തി. പ്രവാചകത്വത്തിന് ശേഷം, പിതൃവ്യനായ അബൂത്വാലിബ് അതിൽ വിശ്വസിച്ചില്ലെങ്കിലും, തിരുമേനിയെ ശത്രുക്കളിൽ നിന്നും സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്തു കൊണ്ടിരുന്നു. ഹിജ്റയുടെ അൽപം മുമ്പ് അദ്ദേഹത്തിന്റെ വിയോഗം സംഭവിക്കുകയുണ്ടായി. എന്നാൽ ഏറെ താമസിയാതെ, മദീനാ നിവാസികൾ തിരുമേനിയെ സ്വന്തം കുടുംബാംഗത്തെപ്പോലെ സഹായിച്ച് കൊള്ളാമെന്ന് ഉടമ്പടി ചെയ്യുകയും അതവർ തികച്ചും പാലിക്കുകയും ചെയ്തു - ഇതെല്ലാം ഒന്നാമത്തെ അനുഗ്രഹത്തിൽ പെട്ടതാകുന്നു.

2. നേർ വഴിയും സന്മാർഗവും എതാണ് എന്നൊന്നും അറിയാത്ത തിരുമേനിക്ക് സന്മാർഗ്ഗ ദർശനം നൽകി അനുഗ്രഹിച്ചു. സന്മാർഗ്ഗമെന്തെന്ന് മനസ്സിലാക്കുവാൻ അവസരം ലഭിച്ചിട്ടില്ലാത്ത, എഴുത്തും വായനയും അറിഞ്ഞ് കൂടാത്ത, തിരുമേനിയെപറ്റി സൂ.ശൂറാ: 52 -ാം വചനത്തിൽ അല്ലാഹു പറയുന്നത് ഇപ്രകാരമാകുന്നു: "വേദഗ്രന്ഥമാകട്ടെ, സത്യ വിശ്വാസമാകട്ടെ എന്താണെന്ന് നിനക്ക് അറിയുമായിരുന്നില്ല."

ഇങ്ങനെയുള്ള തിരുമേനിയെ വേദ ഗ്രന്ഥങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ ഖുർആൻ നൽകി അല്ലാഹു അനുഗ്രഹിക്കുകയും സമസ്ത ലോകത്തിനായുള്ള റസൂലും പ്രവാചകന്മാരിൽ ശ്രേഷ്ഠനും ആക്കി അല്ലാഹു നിയോഗിക്കുകയും ചെയ്തു.

3. അന്യരെ ആശ്രയിച്ച് കഴിയുമാറുള്ള ദാരിദ്ര്യാവസ്ഥ നീക്കി ധന്യനായി കഴിഞ്ഞ് കൂടത്തക്ക നില അല്ലാഹു തിരുമേനിക്ക് നൽകി. പിതാമഹനേയും പിതൃവ്യനേയും ആശ്രയിച്ച് ജീവിക്കേണ്ടി വന്ന നിർധനനായ നബി(സ)ക്ക് - ഈ സൂറത്ത് അവതരിക്കുന്നതിന് മുമ്പ് തന്നെ - ഖദീജാ(റ)യുടെ കച്ചവടത്തിന്റെ നടത്തിപ്പ് മുഖേന അല്ലാഹുവിന്റെ അനുഗ്രഹത്താൽ സാമ്പത്തിക സ്വയം പര്യാപ്തത കൈവരുത്തകുയുണ്ടായി. ഹിജ്റക്ക് ശേഷം അൻസാരികളുടെ സഹായവും സിദ്ധിച്ചു. പിന്നീട് യുദ്ധങ്ങളിൽ നിന്ന് ലഭിക്കുന്ന 'ഗനിമത്ത്' സ്വത്തുക്കളുടെ പങ്കും തിരുമേനിക്ക് അനുവദിക്കപ്പെടുകയുണ്ടായി.

എന്നാൽ ധനത്തിന് തിരുമേനി കൽപിച്ചിട്ടുള്ള സ്ഥാനം ഇന്ന് നാം അതിന് കൽപിക്കാറുള്ള വിധത്തിലായിരുന്നില്ല. ഒരു രാജാവായ പ്രവാചകനായിരിക്കുന്നതിനേക്കാൾ ഒരു പ്രവാചകനായ അടിയാനായിരിക്കുവാനായിരുന്നു അവിടുന്ന് ഇഷ്ടപ്പെട്ടത്. "ധനം എന്നത് വസ്തുക്കളുടെ ആധിക്യം കൊണ്ടുള്ളതല്ല; ധനം എന്നത് മനസ്സിന്റെ ധന്യതയാണ്" (ബു.മു) എന്ന നബി വചനം ശ്രദ്ധേയമാകുന്നു.

<u>വചനം 9,10,11:</u>

فَأَمَّا ٱلْيَتِيمَ فَلَا تَقْهَرْ ﴿٩﴾

9 എന്നിരിക്കെ, അനാഥയെ നീ കീഴടക്കിവെക്കരുത്.

وَأَمَّا ٱلسَّآئِلَ فَلَا تَنْهَرْ ﴿١٠﴾

10 ചോദിച്ചുവരുന്നവനെ നീ മിരട്ടിവിടുകയും അരുത്.

وَأَمَّا بِنِعْمَةِ رَبِّكَ فَحَدِّثْ ﴿١١﴾

11 നിൻെറ റബ്ബിൻെറ അനുഗ്രഹത്തെക്കുറിച്ച് നീ വർത്തമാനം പറയുകയും ചെയ്യുക.

കഴിഞ്ഞ വചനങ്ങളിൽ തിരുമേനിക്ക് സിദ്ധിച്ച മൂന്ന് അനുഗ്രഹങ്ങളെയാണല്ലോ എടുത്ത് കാട്ടിയത്. ഈ വചനങ്ങളിൽ മൂന്ന് കാര്യങ്ങളെക്കുറിച്ച് ഉപദേശിക്കുകയും ചെയ്തിരിക്കുന്നു. അവയാകട്ടെ ഓരോ സത്യ വിശ്വാസിക്കും ബാധകവുമാകുന്നു.

ഒന്നാമതായി യത്തീമിനെ - പിതാവ് മരണപ്പെടുകയും പ്രായ പൂർത്തി എത്താതിരിക്കുകയും ചെയ്ത അനാഥക്കുട്ടി - കീഴടക്കി വെക്കരുതെന്നുള്ളതാണ്. അനാഥ കുട്ടികളുടെ സംരക്ഷണ കാര്യത്തിൽ ധാരാളം ഖുർആൻ വചനങ്ങളും, നബി വചനങ്ങളും പ്രാധാന്യം കൽപിച്ചിട്ടുള്ളത് എല്ലാവർക്കും അറിയാവുന്നതാണല്ലോ.

രണ്ടാമത്തേത്, ചോദിച്ച് വരുന്നവനെ വിരട്ടി വിടരുതെന്നുള്ളതാണ്. ഉണ്ടെങ്കിൽ കൊടുക്കുക, ഇല്ലാത്ത പക്ഷം സൗമ്യമായ വാക്ക് പറഞ്ഞ് വിടുക. എന്നല്ലാതെ, അവനെ നിന്ദിക്കുവാനോ ആക്ഷേപി



www.islamhouse.com

ക്കുവാനോ പാടില്ലാത്തതാണ് - ഒന്നും കൈവശമില്ലാത്തപ്പോൾ തിരുമേനി അവരോട് നല്ല വാക്ക് പറയുകയും, പിന്നീട് കൈവശം കിട്ടുമ്പോൾ കൊടുത്ത് നിറവേറ്റുകയും ചെയ്യുമായിരുന്നു.

മൂന്നാമത്തേത് അല്ലാഹു നൽകിയ അനുഗ്രങ്ങളെക്കുറിച്ച് വർത്തമാനം പറയുക എന്നുള്ളതാകുന്നു. അതായത് അല്ലാഹു നൽകിയ അനുഗ്രങ്ങളെ മൂടി വെക്കാതെ, സന്തോഷവും കൃതജ്ഞതയും പ്രകടിപ്പിക്കുകയും, സന്ദർഭോചിതം അതേക്കുറിച്ച് പ്രസ്താവിക്കുകയും അതിന്റെ അടയാളം പുറമെ പ്രകടമാക്കുകയും ചെയ്യുക എന്നുള്ളതാകുന്നു. അല്ലാഹു നൽകിയിട്ടുള്ള അനുഗ്രഹത്തിന്റെ അടയാളം അവന്റെ മേൽ കാണപ്പെടുന്നതിനെ അല്ലാഹു ഇഷ്ടപ്പെടുന്നുവെന്ന് നബി(സ) തിരുമേനി സഹാബികളെ ഉപദേശിക്കുമായിരുന്നു.

“നിങ്ങൾ നന്ദി കാണിക്കുന്ന പക്ഷം നിശ്ചയമായും ഞാൻ നിങ്ങൾക്ക് വർദ്ധിപ്പിച്ച് തരും. നിങ്ങൾ നന്ദികേട് കാട്ടിയെങ്കിലോ നിശ്ചയമായും എന്റെ ശിക്ഷ കഠിനമായതുമാണ്”. എന്ന് സൂ.ഇബ്റാഹീം 7-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

എന്നാൽ സന്തോഷമെന്ന നിലക്കും നന്ദിയായിക്കൊണ്ടുമല്ലാതെ, അഹങ്കാരവും ദുരഭിമാനവുമായിക്കൊണ്ട്, അല്ലാഹു ചെയ്ത അനുഗ്രഹങ്ങളെ എടുത്ത് പറയുന്നതും പ്രകടിപ്പിക്കുന്നതും പാടില്ലാത്തതുമാകുന്നു.



www.islamhouse.com

# 94. സൂറത്തുൽ - ഇൻശിറാഹ് (വിശാലമാക്കൽ)

**മക്കയിൽ അവതരിച്ചത്**

വചനം 8

സൂറത്തിന്റെ ആദ്യ വചനത്തിൽ നിനക്ക് - നിന്റെ ഹൃദയം - "വിശാലമാക്കിത്തന്നില്ലേ" (അലം നശ്റഹ്) എന്ന് അല്ലാഹു നബി(സ)യെ അനുസ്മരിപ്പക്കുന്നു. അദ്ധ്യായത്തിന് 'ഇൻശിറാഹ്' എന്ന നാമം നൽകപ്പെട്ടത് ഇതിനാലാകുന്നു.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3,4:**

1 (നബിയേ) നിൻെറ നെഞ്ച് (ഹൃദയം) നിനക്ക് നാം വിശാലമാക്കിത്തന്നില്ലേ?!

أَلَمْ نَشْرَحْ لَكَ صَدْرَكَ ﴿١﴾

2 നിൻെറ ഭാരം നിന്നിൽനിന്ന് നാം (ഇറക്കി) വെക്കുകയും ചെയ്തിരിക്കുന്നു;-

وَوَضَعْنَا عَنكَ وِزْرَكَ ﴿٢﴾

3 (അതെ) നിൻെറ മുതുകിനെ ഞെരുക്കി ക്കളഞ്ഞതായ (ആ ഭാരം).

ٱلَّذِىٓ أَنقَضَ ظَهْرَكَ ﴿٣﴾

4 നിൻെറ കീർത്തി നിനക്ക് നാം ഉയർത്തി ത്തരുകയും ചെയ്തിരിക്കുന്നു.

وَرَفَعْنَا لَكَ ذِكْرَكَ ﴿٤﴾

അല്ലാഹു നബി(സ)ക്ക് ചെയ്തു കൊടുത്ത ചില അനുഗ്രഹങ്ങളെ അനുസ്മരിപ്പിച്ച് കൊണ്ട്, അല്ലാഹു അവിടുത്തേക്ക് മനസ്സമാധാനവും ശുഭപ്രതീക്ഷയും പ്രദാനം ചെയ്യുന്നു. അല്ലാഹു മനുഷ്യന് നൽകുന്ന അതി മഹത്തായ അനുഗ്രഹമത്രേ ഹൃദയ വിശാലത. സീനാ താഴ്വരയിൽ വെച്ച് മൂസാ(അ) നബിയെ അല്ലാഹുവിന്റെ റസൂലായി നിയോഗിച്ചപ്പോൾ അദ്ദേഹം ചെയ്ത ആദ്യത്തെ പ്രാർത്ഥന തന്നെ "റബ്ബേ എനിക്ക് എന്റെ ഹൃദയം നീ വിശാലമാക്കിത്തരണമേ" എന്നായിരുന്നു - സൂ.ത്വാഹാ: 25.

ഹൃദയ വിശാലത ലഭിച്ചവരിൽ ഒന്നാമത്തെ സ്ഥാനം നബി(സ) തിരുമേനിക്ക് തന്നെ. മക്കാ ജീവിതകാലത്ത് തിരുമേനിയെ നഷ്ഠൂരം ഉപദ്രവിച്ച് മദീനായിലേക്ക് പാലായനം ചെയ്യിച്ച ഖുറൈശി കൾ മക്കാ വിജയ ദിവസം തിരുമേനിയുടെ മുമ്പിൽ തിരുമേനിയുടെ വിധി പ്രഖ്യാപനത്തിനായി കൈയും കെട്ടി തലയും താഴ്ത്തി കാത്ത് നിന്നപ്പോൾ തിരുമേനി അവർക്ക് മാപ്പ് നൽകി നിരുപാധികം വിട്ടയക്കു കയാണുണ്ടായത്.

മക്കാ ജീവിത കാലത്ത് അഭയം തേടി ത്വാഇഫിലെത്തിയ തിരുമേനിയെ, കല്ലെറിഞ്ഞ് രക്തം ചിന്തിച്ച് ആട്ടി വിട്ട അന്നാട്ടുകാരെക്കുറിച്ച് അവിടുന്ന് അല്ലാഹുവിനോട് പ്രാർത്ഥിച്ചത് ഇപ്രകാരമായി രുന്നു - "അല്ലാഹുവേ, ഇവർക്ക് നീ പൊറുത്ത് കൊടുക്കേണമേ. അവർ അറിവില്ലാത്തവരാകുന്നു."

നബി(സ) തിരുമേനിയുടെ ചരിത്രത്തിൽ തെളിഞ്ഞു കാണാവുന്ന ഇത്തരം ധാരാളം സംഭവങ്ങ ളെല്ലാം അവിടുത്തെ ഹൃദയ വിശാലതയുടെ മകുടോദാഹരണങ്ങളത്രേ.

പ്രബോധന മാർഗ്ഗത്തിലെ പ്രതിബന്ധങ്ങൾ, വേദ ഗ്രന്ഥങ്ങളെയും മത കാര്യങ്ങളെയും സംബ ന്ധിച്ചുള്ള അപരിചിതത്വം എന്നിങ്ങനെയുള്ള വിഷമങ്ങളെല്ലാം ക്രമേണ അല്ലാഹു നീക്കിക്കൊടുക്കുന്ന തിനെക്കുറിച്ചാണ്, 'നിന്റെ മുതുകിനെ ഞെരുക്കുന്ന ഭാരം ഇറക്കി വെച്ച് തന്നിരിക്കുന്നു' എന്ന് പറഞ്ഞി രിക്കുന്നത്.

ലോകാവസാനം വരെ അവിടുത്തെ കീർത്തിയും പ്രസിദ്ധിയും അല്ലാഹു നില നിർത്തുന്നതാ ണ്. ലോകമാകമാനം ദിനം പ്രതിയുള്ള ബാങ്ക് വിളികളിലും, സർവ്വ സമയങ്ങളിലും തുടരുന്ന നമ സ്കാര കർമ്മങ്ങളിലും സ്വലാത്തുകളിലും, ഖുർആൻ - ഇസ്ലാമിക വിജ്ഞാന സദസ്സുകളിലും അവി ടുത്തെ പേരും പ്രശസ്തിയും ലോകം നിലവിലുള്ള കാലത്തോളം അനുസ്മരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന താണ്. മുസ്ലിംകൾക്കിടയിൽ മാത്രമല്ല, അമുസ്ലിംകൾക്കിടയിലും അവിടുത്തെ മാതൃകാപരമായ ഗുണഗ ണങ്ങൾ നിരന്തരം സ്മരിക്കപ്പെടുന്നു.

ഭൂലോകത്ത് മാത്രമല്ല, വാന ലോകത്ത് മലക്കുകൾക്കിടയിലും തിരുമേനി കീർത്തിമാൻ തന്നെ.



www.islamhouse.com

എല്ലാ പ്രവാചകന്മാരേക്കാളും ഉപരിയായ സ്ഥാനമാനങ്ങൾ നബി(സ)ക്ക് അല്ലാഹു നൽകുന്നതാണെന്ന് ഖുർആനിൽ നിന്നും ഹദീസുകളിൽ നിന്നും സുവ്യക്തമാണ്.

**വചനം 5,6:**

فَإِنَّ مَعَ ٱلْعُسْرِ يُسْرًا ﴿٥﴾

5 അപ്പോൾ, (അറിയുക:) നിശ്ചയമായും ഞെരുക്കത്തോടുകൂടി ഒരു സൗകര്യം (അഥവാ എളുപ്പം) ഉണ്ടായിരിക്കും.

إِنَّ مَعَ ٱلْعُسْرِ يُسْرًا ﴿٦﴾

6 നിശ്ചയമായും ഞെരുക്കത്തോടുകൂടി ഒരു സൗകര്യം (അഥവാ എളുപ്പം) ഉണ്ടായിരിക്കും.

നമുക്കേവർക്കും ജീവിതത്തിൽ മനസ്സമാധാവും ശുഭ പ്രതീക്ഷയും പ്രദാനം ചെയ്യുന്നതാണ് ഈ വചനങ്ങൾ. ഈ ജീവിതത്തിൽ ബാധിക്കുന്ന ഏത് തരം ഞെരുക്കമാകട്ടെ, അതേ തുടർന്ന് ആശ്വാസവും സൗകര്യവും ഉണ്ടാകുക തന്നെ ചെയ്യുമെന്ന് അല്ലാഹു ആവർത്തിച്ചും ഉറപ്പിച്ചും പറഞ്ഞിരിക്കുന്നു.

“ഒരു പ്രത്യേകമായ ഞെരുക്കം സംഭവിക്കുന്ന പക്ഷം അതോടൊപ്പം ഏതെങ്കിലും തരത്തിലുള്ള ഒരു സൗകര്യം (എളുപ്പം) - ഒന്നല്ലെങ്കിൽ മറ്റൊന്ന് - തീർച്ചയായും ഉണ്ടായിരിക്കുന്നതാണ്” - എന്നാകുന്നു ഈ രണ്ട് വചനങ്ങളുടെ ഭാഷാ നിയമം അടിസ്ഥാനമാക്കിയുള്ള സമ്പൂർണ്ണ സാരം. ഈ രണ്ട് വചനങ്ങൾ ഓതിക്കൊണ്ട് നബി(സ) ഇപ്രകാരം അരുളുകയുണ്ടായി:
“ഒരു ഞെരുക്കം, രണ്ട് സൗകര്യങ്ങളെ ജയിക്കുകയില്ല തന്നെ.”

**വചനം 7,8:**

فَإِذَا فَرَغْتَ فَٱنصَبْ ﴿٧﴾

7 ആകയാൽ, നിനക്ക് ഒഴിവു കിട്ടിയാൽ നീ അദ്ധ്വാനിച്ചുകൊള്ളുക.

وَإِلَىٰ رَبِّكَ فَٱرْغَب ﴿٨﴾

8 നിന്റെ രക്ഷിതാവിങ്കലേക്കുതന്നെ നീ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യുക.

ഈ വചനങ്ങളിൽ അല്ലാഹു മഹത്തായ ഒരു ഉപദേശം നൽകുന്നു - ഒഴിവ് കിട്ടിയാൽ അദ്ധ്വാനിക്കുക; ആഗ്രഹം പ്രകടിപ്പിക്കുന്നത് അഥവാ അപേക്ഷ സമർപ്പിക്കുന്നത് അല്ലാഹുവിങ്കലേക്കായിരിക്കണം. നബി(സ)യെ അഭിമുഖീകരിച്ച് കൊണ്ടാണെങ്കിലും സത്യവിശ്വാസികൾക്ക് പൊതുവായുള്ള ഒരു ഉപദേശമാകുന്നു ഇത്. ഒരു കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ച് കൊണ്ടിരിക്കെ, മറ്റൊരു കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുവാൻ മനുഷ്യന് സാദ്ധ്യമല്ലല്ലോ. സൂ.അഹ്സാബ്: 4-ാം വചനത്തിൽ അല്ലാഹു പറയുന്നു:

“ഒരു മനുഷ്യന്നും തന്നെ അവന്റെ ഉള്ളിൽ അല്ലാഹു രണ്ട് ഹൃദയങ്ങളെ ഏർപ്പെടുത്തിയിട്ടില്ല.” ഭക്ഷണത്തിന്റെ മുമ്പിൽ വെച്ചും മല മൂത്ര വിസർജ്ജന ശങ്കയുള്ളപ്പോഴും നമസ്കരിക്കരുതെന്ന നബി വചനം ഈ തത്വത്തെ ആസ്പദമാക്കിയാകുന്നു. ഒഴിവ് സമയം പാഴാക്കിയാൽ പിന്നീടൊരിക്കലും അത് തിരിച്ച് കിട്ടുവാൻ പോകുന്നില്ലെന്ന് നബി(സ) ഒരു തിരു വചനത്തിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഏതൊരു കാര്യവും നിർവ്വഹിക്കുവാനും അതിന്റെ പര്യവസാനം നന്നായിത്തീരുവാനും അല്ലാഹുവിന്റെ സഹായം അനിവാര്യമാകുന്നു. അതിന്റെ യഥാർത്ഥ പ്രതിഫലം അവനിൽ നിന്ന് മാത്രം ലഭിക്കേണ്ടതുമാണ്. അപ്പോൾ എല്ലാ കാര്യത്തിനും അവന്റെ മുമ്പിൽ ആഗ്രഹം പ്രകടിപ്പിക്കേണ്ടത് അഥവാ അപേക്ഷ സമർപ്പിക്കേണ്ടത് അത്യാവശ്യമാണല്ലോ. നിസ്സാര കാര്യങ്ങൾ തൊട്ട് വൻ കാര്യങ്ങൾ വരെയുള്ള എല്ലാറ്റിനും അവന്റെ സഹായം അനിവാര്യമാകുന്നുവല്ലോ. ഏതൊരു കാര്യത്തിനും പ്രാർത്ഥനയോടൊപ്പം തന്നെ അവരവർക്ക് കഴിയുന്നതായ പരിശ്രമങ്ങൾ ചെയ്യേണ്ടതുമുണ്ട്.

നബി(സ) തിരുമേനി ചൊല്ലാറുണ്ടായിരുന്നതായി ഇമാം മുസ്ലിം(റ) ഉദ്ധരിച്ചിട്ടുള്ള ഒരു ദുആയുടെ സാരം ഇപ്രകാരമാകുന്നു.

“അല്ലാഹുവെ എന്റെ കാര്യത്തിന്റെ രക്ഷയാകുന്ന എന്റെ മതനിഷ്ഠ നീ എനിക്ക് നന്നാക്കിത്തരേണമേ. എന്റെ ജീവിതമാർഗ്ഗം ഉൾക്കൊള്ളുന്നതായ എന്റെ ഐഹിക ജീവിതവും നീ എനിക്ക് നന്നാക്കിത്തരേണമേ. എന്റെ മടക്ക സ്ഥലം ഉൾക്കൊള്ളുന്ന എന്റെ പാരത്രിക ജീവിതവും നീ എനിക്ക് നന്നാക്കിത്തരേണമേ. ഈ ജീവിതം എല്ലാവിധ നന്മയിലും എനിക്ക് വർദ്ധനവാക്കിത്തീർക്കുകയും വേണമേ. മരണത്തെ എല്ലാവിധ തിന്മയിൽ നിന്നും എനിക്ക് ആശ്വാസമാക്കിത്തീർക്കുകയും വേണമേ”.



www.islamhouse.com

# 95. സൂറത്തുൽ - ത്തീൻ (അത്തി)

**മക്കയിൽ അവതരിച്ചത്**

വചനം 8

സൂറത്തിന്റെ ആദ്യ വചനത്തിൽ അല്ലാഹു 'അത്തി' (തീൻ) വൃക്ഷത്തെ കൊണ്ട് സത്യം ചെയ്യുന്നു.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ بسم الله الرحمن الرحيم

**വചനം 1,2,3,4,5,6:**

1 അത്തിതന്നെയാണ, ഒലീവും തന്നെയാണ (സത്യം)! وَٱلتِّينِ وَٱلزَّيْتُونِ ﴿١﴾

2 സീനാപർവതവും തന്നെയാണ (സത്യം)! وَطُورِ سِينِينَ ﴿٢﴾

3 ഈ നിർഭയരാജ്യവും തന്നെയാണ (സത്യം)! وَهَٰذَا ٱلْبَلَدِ ٱلْأَمِينِ ﴿٣﴾

4 തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല പാകതയിലായി സൃഷ്ടിച്ചിരിക്കുന്നു. لَقَدْ خَلَقْنَا ٱلْإِنسَٰنَ فِىٓ أَحْسَنِ تَقْوِيمٍ ﴿٤﴾

5 പിന്നീട് അവനെ നാം അധമൻമാരിൽ ഏറ്റവും അധമനാക്കിത്തീർത്തു.- ثُمَّ رَدَدْنَٰهُ أَسْفَلَ سَٰفِلِينَ ﴿٥﴾

6 വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ ഒഴികെ. എന്നാൽ, അവർക്കാകട്ടെ, മുറിഞ്ഞുപോകാത്ത പ്രതിഫലമുണ്ടായിരിക്കും.- إِلَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ فَلَهُمْ أَجْرٌ غَيْرُ مَمْنُونٍ ﴿٦﴾

അറേബ്യയിലെ - വിശേഷിച്ചും ഫലസ്തീൻ നാടുകളിലെ - അത്തിപ്പഴം ആരോഗ്യദായകമായ ഒരു ഭക്ഷ്യ വസ്തുവും ഔഷധ വീര്യം നിറഞ്ഞതുമാകുന്നു. ഒലീവ് മരത്തിന്റെ കായയാകട്ടെ കറികളുണ്ടാക്കാനും, അതിൽ നിന്നെടുക്കുന്ന സൈത്തെണ്ണ - ഒലീവെണ്ണ - കറിയായും, മരുന്നായും ലേപനമായും, വിളക്കെണ്ണയായും ഉപയോഗപ്പെട്ടു വരുന്നതുമാകുന്നു.

മൂസാ(അ) നബിക്ക് പ്രവാചകത്വം സിദ്ധിച്ചതും അല്ലാഹുവിന്റെ സംസാരം കേട്ടതും തൗറാത്ത് ലഭിച്ചതും സീനാ പർവ്വതത്തിൽ - 'സിനിൻ', അഥവാ 'സൈനാ'- വെച്ചാകുന്നു. 'ഈ നിർഭയമായ രാജ്യം' എന്നത്കൊണ്ട് വിവക്ഷ മക്കാ രാജ്യമത്രെ.

ഈ നാല് വസ്തുക്കളെക്കൊണ്ടും ആണയിട്ട്കൊണ്ട് അല്ലാഹു മനുഷ്യനെ പറ്റി ഇപ്രകാരം പറയുന്നു:

മനുഷ്യനെ അല്ലാഹു ഏറ്റവും നല്ല ഒരു പാകത(ഘടന)യിലായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. ശാരീരികമായും ബുദ്ധിപരമായും, ആത്മീയമായും എല്ലാം തന്നെ അവൻ ഇതര ജീവികളേക്കാൾ ഉൽകൃഷ്ടനാകുന്നു. എന്നാൽ അതേ മനുഷ്യനെ തന്നെ അവൻ സത്യവിശ്വാസവും സൽകർമ്മവും സ്വീകരിക്കാത്ത പക്ഷം ഏറ്റവും വലിയ അധമനാക്കി അല്ലാഹു തരം താഴ്ത്തുകയും ചെയ്തിരിക്കുകയാണ്. പരലോകത്ത് അവന് നിന്ദ്യവും ശോചനീയവുമായ പ്രതിഫലമായിരിക്കും ലഭിക്കുക. എന്നാൽ, സത്യ വിശ്വാസവും സൽകർമ്മവും സ്വീകരിച്ചവരാകട്ടെ - സൃഷ്ട്യാ ഉള്ള അവരുടെ ഉൽകൃഷ്ടതക്ക് പുറമെ - അല്ലാഹുവിന്റെ അടുക്കലും ഉൽകൃഷ്ടർ തന്നെയായിരിക്കും. അവർക്ക് ലഭിക്കുവാനിരിക്കുന്ന പ്രതിഫലമാകട്ടെ ശാശ്വതവുമായിരിക്കും.

**വചനം 7,8:**

7 (നബിയേ) എന്നിരിക്കെ, പിന്നീട് പ്രതിഫലനടപടിയെക്കുറിച്ച് നിന്നെ വ്യാജമാക്കുന്നത് എന്താണ് (എന്തൊരു ന്യായമാണതിനുള്ളത്)?! فَمَا يُكَذِّبُكَ بَعْدُ بِٱلدِّينِ ﴿٧﴾



www.islamhouse.com

8 അല്ലാഹു വിധികർത്താക്കളിൽവെച്ച് ഏറ്റവും (വലിയ) വിധികർത്താവല്ലയോ?!

أَلَيْسَ ٱللَّهُ بِأَحْكَمِ ٱلْحَٰكِمِينَ ﴿٨﴾

സൂ.തീൻ ഓതി അവസാനിക്കുമ്പോൾ "അല്ലാതെ (തീർച്ചയായും) ഞാനും അതിന് സാക്ഷ്യം വഹിക്കുന്നവരിൽ പെട്ടവനാണ്" എന്ന് പറയേണ്ടതുണ്ട്. (സൂ.മുർസലാത്ത് ന്റെ അവസാനത്തിൽ ഉദ്ധരിച്ച ഹദീസിൽ പ്രസ്താവിച്ചത് നോക്കുക)

മനുഷ്യന്റെ നിലയും നിലവാരവും മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരമാണ് എന്നിരിക്കെ, വിചാരണയെയും പ്രതിഫല നാളിനെയും വ്യാജമാക്കി നിഷേധിക്കുവാൻ ഈ ജനങ്ങൾക്ക് എന്ത് ന്യായമാണുള്ളത്? എന്ത് കാരണമാണുള്ളത്? യാതൊന്നുമില്ല തന്നെ - കേവലം മർക്കട മുഷ്ടിയും ധിക്കാരവുമല്ലാതെ. അല്ലാഹു സാധാരണ വിധി കർത്താക്കളെപ്പോലെയുള്ള ഒരു വിധി കർത്താവല്ല. അവൻ എല്ലാ വിധി കർത്താക്കളെക്കാളും ഏറ്റവും വലിയ യുക്തിമാനും, ശക്തിമാനും അധികാരസ്ഥനുമായ വിധി കർത്താവാകുന്നു. - ഇതവർ ഓർത്തിരിക്കട്ടെ.



www.islamhouse.com

# 96. സൂറത്തുൽ - അലഖ് (രക്തപിണ്ഡം)

**മക്കയിൽ അവതരിച്ചത്**

വചനം 19

നബി(സ) തിരുമേനിക്ക് ആദ്യമായി അവതരിച്ച ഖുർആൻ വചനങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ സൂറത്ത്. തിരുമേനിക്ക് പ്രവാചകത്വം സിദ്ധിച്ചതും ഈ വചനങ്ങളുടെ അവതരണത്തോട് കൂടിയാണ്. ഹിറാ ഗുഹയിൽ ചെന്ന് ദിവസങ്ങളോളം ആരാധന നടത്തിക്കൊണ്ടിരിക്കുമായിരുന്ന നബി(സ) തിരുമേനിക്ക് ഒരു ദിവസം ജിബ്രീൽ(അ) താങ്കൾ അല്ലാഹുവിന്റെ റസൂൽ ആണെന്ന സന്തോഷ വാർത്ത അറിയിച്ചു. തുടർന്ന് ജിബ്രീൽ 'ഓതുക' എന്ന് തിരുമേനിയോട് നിർദ്ദേശിക്കുകയുണ്ടായി.

ഞാൻ ഓതുന്നവനല്ല (എനിക്ക് ഓതുവാൻ അറിഞ്ഞുകൂടാ) എന്ന് അവിടുന്ന് പറഞ്ഞു. അപ്പോൾ മലക്ക് രണ്ടാമതും മൂന്നാമതും തിരുമേനിയെ കൂട്ടിപ്പിടിച്ച് വിട്ടുകൊണ്ട് 'ഓതുക' എന്ന് വീണ്ടും പറഞ്ഞു. തുടർന്ന് ഈ സൂറത്തിന്റെ 1-5 വചനങ്ങൾ ഓതിക്കേൾപ്പിച്ചു.

പരിഭ്രമിച്ച് വിറച്ച് കൊണ്ട് വീട്ടിലെത്തിയ നബി തിരുമേനിയെ ഖദീജ(റ) പുതപ്പിച്ച് കൊടുക്കുകയും വിവരമറിഞ്ഞ അവർ തിരുമേനിയെ ഇപ്രകാരം സമാധാനിപ്പിക്കുകയും ചെയ്തു.

"പേടിക്കേണ്ട; സന്തോഷപ്പെട്ട് കൊള്ളുക. അവിടുന്ന് കുടുംബ ബന്ധം പാലിക്കുകയും, അന്യരുടെ ഞെരുക്കം ഏറ്റെടുക്കുകയും, ഇല്ലാത്തവനെ സഹായിക്കുകയും, അതിഥികളെ സൽക്കരിക്കുകയും ചെയ്യുന്ന ആളാണല്ലോ. അല്ലാഹു അങ്ങയെ ഒരിക്കലും അപമാനപ്പെടുത്തുകയില്ല."

പിന്നീട് ഖദീജ(റ) തിരുമേനിയേയും കൊണ്ട് തന്റെ പിതൃവ്യ പുത്രനും, വേദ പണ്ഡിതനും, കൃസ്ത്യാനിയുമായ വറഖത്തുബ്നു നൗഫലിന്റെ അടുക്കലേക്ക് കൊണ്ടുപോയി. തിരുമേനി നടന്ന സംഭവം അദ്ദേഹത്തെ അറിയിച്ചു. അത് കേട്ട അദ്ദേഹം ഇപ്രകാരം പറഞ്ഞു.

"അത് മൂസാ(അ) നബിയുടെ അടുക്കൽ വരാറുണ്ടായിരുന്ന ആ മഹാ ദൂതനത്രേ. താങ്കൾ കൊണ്ട് വരാൻ പോകുന്ന ദൗത്യവുമായി വരുന്ന ആരും ഉപദ്രവിക്കപ്പെടാതിരിക്കുകയില്ല. താങ്കളുടെ ജനത താങ്കളെ പുറത്താക്കുന്ന അവസരത്തിൽ അന്ന്, ഞാൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ താങ്കൾക്ക് ഞാൻ ശക്തിമത്തായ സഹായം ചെയ്യുന്നതാണ്." അധികം താമസിയാതെ വറഖത്ത് മരണമടയുകയുണ്ടായി.

ഈ സൂറത്തിലെ ആദ്യ അഞ്ച് വചനങ്ങളാണ് നബി(സ)ക്ക് ഒന്നാമതായി അവതരിച്ച ഖുർആൻ വചനങ്ങൾ. പിന്നീട് പ്രബോധനം ആരംഭിക്കുകയും ഖുറൈശികളുടെ എതിർപ്പും, നിഷേധവും വർദ്ധിച്ച് വരുകയും ചെയ്തപ്പോഴാണ് ബാക്കി ഭാഗം അവതരിച്ചത് എന്നാണ് മനസ്സിലാകുന്നത് الله اعلم

സൂറത്തിന്റെ രണ്ടാമത്തെ വചനത്തിൽ അല്ലാഹു രക്തപിണ്ഡ (അലഖ്)ത്തെ പറ്റി പരാമർശിക്കുന്നതാകുന്നു അദ്ധ്യായ നാമത്തിന് നിദാനം.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ — بسم الله الرحمن الرحيم

**വചനം 1,2,3,4,5:**

1 സൃഷ്ടിച്ചവനായ നിൻെറ രക്ഷിതാവിൻെറ നാമത്തിൽ ഓതുക. — ٱقْرَأْ بِٱسْمِ رَبِّكَ ٱلَّذِى خَلَقَ ﴿١﴾

2 മനുഷ്യനെ അവൻ രക്തപിണ്ഡത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. — خَلَقَ ٱلْإِنسَٰنَ مِنْ عَلَقٍ ﴿٢﴾

3 ഓതുക, നിൻെറ രക്ഷിതാവ് ഏറ്റവും ഉദാരൻ (അഥവാ മാന്യൻ) ആകുന്നു. — ٱقْرَأْ وَرَبُّكَ ٱلْأَكْرَمُ ﴿٣﴾

4 പേനകൊണ്ട് പഠിപ്പിച്ചവനാണ്. — ٱلَّذِى عَلَّمَ بِٱلْقَلَمِ ﴿٤﴾

5 (അതെ) മനുഷ്യന് അവൻ അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു. — عَلَّمَ ٱلْإِنسَٰنَ مَا لَمْ يَعْلَمْ ﴿٥﴾

വിശുദ്ധ ഖുർആൻ ഓതിത്തുടങ്ങുവാനുള്ള കൽപനയാണിത്. ഓത്ത് ആരംഭിക്കുന്നത് എല്ലാ വസ്തുക്കളുടെയും സൃഷ്ടാവായ അല്ലാഹുവിന്റെ നാമത്തിലായിരിക്കണമെന്ന് അല്ലാഹു കൽപിക്കുന്നു.



www.islamhouse.com

തുടർന്ന്; മനുഷ്യനെ രക്ത പിണ്ഡത്തിൽ നിന്ന് സൃഷ്ടിച്ചതിനെ പ്രത്യേകം എടുത്ത് പറഞ്ഞ് അവന്റെ ഉത്ഭവത്തെ പറ്റി ചിന്തിപ്പിക്കുന്നു: അനന്തരം വേദഗ്രന്ഥം പാരായണം ചെയ്യുവാൻ ഒരിക്കൽ കൂടി കൽപിച്ച് കൊണ്ട് ആ രക്ഷിതാവ് ഏറ്റവും ഉദാരനായ അതി മാന്യനാണെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. അതെ, അവന്റെ ഔദാര്യവും മാന്യതയും നിമിത്തമാണ് ഈ വേദഗ്രന്ഥം അവതരിപ്പിക്കുന്നതും, പേന കൊണ്ട് മനുഷ്യരെ പഠിപ്പിക്കുമാറാക്കിയതും, അവർക്കറിഞ്ഞുകൂടാത്ത എത്രയോ കാര്യങ്ങൾ അവർക്ക് പഠിപ്പിച്ചതും.

വേദ ഗ്രന്ഥത്തിന്റെ ആദ്യ സന്ദേശത്തിൽ തന്നെ വേദ ഗ്രന്ഥത്തെയും പേനയുടെയും കാര്യം എടുത്ത് പറഞ്ഞിരിക്കുന്നതിൽ നിന്നും എഴുത്തിനും വായനക്കും സത്യ വിശ്വാസികൾ എത്രമാത്രം പ്രാധാന്യം കൽപിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കാമല്ലോ. എഴുത്തും വായനയും അഭ്യസിക്കുന്നതിന് ഇസ്‌ലാം മതത്തോളം സ്ഥാനം കൽപിക്കുന്ന മറ്റൊരു മതവുമില്ലെന്നത് വ്യക്തമായ വസ്തുതയാകുന്നു.

**വചനം 6,7,8:**

كَلَّآ إِنَّ ٱلْإِنسَٰنَ لَيَطْغَىٰٓ ﴿٦﴾
أَن رَّءَاهُ ٱسْتَغْنَىٰٓ ﴿٧﴾
إِنَّ إِلَىٰ رَبِّكَ ٱلرُّجْعَىٰٓ ﴿٨﴾

6 വേണ്ട! നിശ്ചയമായും, മനുഷ്യൻ അതിരുവിട്ടു കളയുന്നു,-
7 അവൻ അവനെ (സ്വയം) ധന്യനായിരിക്കുന്നുവെന്ന് കണ്ടതിനാൽ!
8 (മനുഷ്യാ) നിശ്ചയമായും, നിൻെറ റബ്ബിങ്കലേക്കത്രെ മടക്കം.

പ്രഥമ ദൃഷ്ടാ, മനുഷ്യൻ ഈ ലോകത്ത് സ്വതന്ത്രനായി വിടപ്പെട്ടിരിക്കുയായത് കൊണ്ട് തനിക്ക് മറ്റാരുടെയും ആശ്രയം വേണ്ടതില്ല, തനിക്ക് മറ്റാരോടും കടപ്പാടില്ല, എന്നിങ്ങനെയുള്ള നാട്യത്തിലാകുന്നു അവൻ. ഈ ധാരണ നിമിത്തം, അവൻ സൃഷ്ടാവിനെക്കറിച്ചും, ഭാവിയെക്കുറിച്ചും ബോധമില്ലാതെ ധിക്കാരം കാട്ടിക്കൊണ്ടിരിക്കുന്നു. ആ നാട്യവും ധാരണയും അവൻ വിട്ടേക്കട്ടെ; അവന്റെ രക്ഷിതാവായ അല്ലാഹുവിന്റെ മുമ്പിൽ കൈയും കെട്ടി അവൻ ഉത്തരം പറയേണ്ടതായി വരും എന്നവർ ഓർത്ത് കൊള്ളട്ടെ.

**വചനം 9,10,11,12,13,14:**

أَرَءَيْتَ ٱلَّذِى يَنْهَىٰ ﴿٩﴾
عَبْدًا إِذَا صَلَّىٰٓ ﴿١٠﴾
أَرَءَيْتَ إِن كَانَ عَلَى ٱلْهُدَىٰٓ ﴿١١﴾
أَوْ أَمَرَ بِٱلتَّقْوَىٰٓ ﴿١٢﴾
أَرَءَيْتَ إِن كَذَّبَ وَتَوَلَّىٰٓ ﴿١٣﴾
أَلَمْ يَعْلَم بِأَنَّ ٱللَّهَ يَرَىٰ ﴿١٤﴾

9 നീ കണ്ടുവോ, വിരോധിക്കുന്നവനെ?-
10 അതെ, ഒരു അടിയാനെ (വിരോധിക്കുന്നവനെ) അദ്ദേഹം നമസ്കരിക്കുമ്പോൾ!
11 നീ കണ്ടുവോ, അദ്ദേഹം (ആ അടിയാൻ) സൻമാർഗത്തിലാണെങ്കിൽ?!-
12 അല്ലെങ്കിൽ, അദ്ദേഹം സൂക്ഷ്മത (ഭയഭക്തി) യെപ്പറ്റി കൽപിക്കുകയാണെങ്കിൽ?!
13 നീ കണ്ടുവോ, അവൻ (വിരോധിക്കുന്നവൻ) വ്യാജമാക്കുകയും തിരിഞ്ഞു കളയുകയുമാണെങ്കിൽ (എന്തായിരിക്കും അവസ്ഥ)?!
14 അവൻ അറിഞ്ഞിട്ടില്ലേ, അല്ലാഹു കാണുന്നുണ്ടെന്ന്?!

ഒരിക്കൽ റസൂൽ(സ) നമസ്കരിക്കുമ്പോൾ അബൂജഹൽ തിരുമേനിയുടെ പിരടിക്ക് ചവിട്ടാനായി ചെന്നു. അതേ നിമിഷം തന്നെ, അവൻ ചെന്ന കാലിൽ തന്നെ പെട്ടെന്ന് മടങ്ങുകയും കൈകൊണ്ടു തടുക്കുകയുമുണ്ടായി. തനിക്കെന്ത് പറ്റിയെന്ന് ചോദിക്കപ്പെട്ടപ്പോൾ അവൻ പറഞ്ഞു: “എനിക്കും അവനുമിടയിൽ ഒരു അഗ്നിയുടെ കിടങ്ങും, കുറെ ഭയാനക വസ്തുക്കളും ചിറകുകളും ഞാൻ കണ്ടു.” ഇതേക്കുറിച്ച് നബി(സ) ഇപ്രകാരം പറഞ്ഞു: “അവൻ എന്നോട് അടുത്ത് വന്നിരുന്നുവെങ്കിൽ മലക്കുകൾ അവനെ ഓരോരോ അവയവമാക്കി റാഞ്ചി എടുക്കുമായിരുന്നു.”



www.islamhouse.com

ഈ വചനങ്ങളിൽ സൂചിപ്പിക്കുന്നത് പ്രസ്തുത സംഭവത്തെ പറ്റിയാണെന്ന് പല മുഫസ്സിറുകളും പ്രസ്താവിച്ചിരിക്കുന്നു.

ഒരു അടിയാൻ നമസ്കരിക്കുമ്പോൾ അദ്ദേഹത്തെ ഒരുവൻ വിലക്കുന്നു. എന്താണവന്റെ നില. ആലോചിച്ച് നോക്കുക. ആ നമസ്കരിക്കുന്ന അടിയാൻ സന്മാർഗ്ഗത്തിൽ നില കൊള്ളുന്നവനോ, അല്ലാഹുവിനെ സൂക്ഷിച്ച് ഭയ ഭക്തിയോടെ ജീവിക്കാൻ ജനങ്ങളോട് കൽപിക്കുന്ന ആളോ ആയിരിക്കും. അങ്ങനെയാണെങ്കിൽ - അങ്ങനെ തന്നെയാണ് താനും - ആ വിലക്ക് എത്രമാത്രം കടുത്തതും ശോചനീയവും ആയിരിക്കുമെന്ന് ആലോചിച്ച് നോക്കൂ. അതേ സമയത്ത്, ആ വിലക്ക് ചെയ്യുന്ന ആൾ സത്യത്തെ കളവാക്കുകയും അതിൽ നിന്ന് തിരിഞ്ഞ് മാറിപ്പോകുകയും ചെയ്യുന്നവനാണെങ്കിലോ അത് കൂടുതൽ കടുത്തതും ആപൽക്കരവുമായിരിക്കും. അല്ലാഹു എല്ലാം കണ്ട് കൊണ്ടിരിക്കുന്നുണ്ട്. അവൻ ഇത്തരം ചെയ്തികളെക്കുറിച്ച് നടപടി എടുക്കാതിരിക്കുകയില്ല എന്ന് അവന് അറിഞ്ഞു കൂടെ?

ഈ വചനങ്ങൾ മേൽ പറഞ്ഞ സംഭവത്തെ തുടർന്ന് അവതരിച്ചതായിരുന്നാലും അല്ലെങ്കിലും ശരി, നേർ മാർഗ്ഗത്തിലും സത്യത്തിലും നില കൊള്ളുന്ന ഒരാൾ നമസ്കാരം മുതലായ കർമ്മങ്ങളും കടമകളും നിർവ്വഹിക്കുമ്പോൾ അതിന് ഭംഗമുണ്ടാക്കുന്നത്, ധിക്കാരവും, അതിക്രമവുമാണെന്ന് എല്ലാവരെയും ഈ വചനങ്ങൾ താക്കീത് ചെയ്യുന്നു.

**വചനം 15,16,17,18,19:**

كَلَّا لَئِن لَّمۡ يَنتَهِ لَنَسۡفَعَۢا بِٱلنَّاصِيَةِ ﴿١٥﴾

نَاصِيَةٖ كَٰذِبَةٍ خَاطِئَةٖ ﴿١٦﴾

فَلۡيَدۡعُ نَادِيَهُۥ ﴿١٧﴾

سَنَدۡعُ ٱلزَّبَانِيَةَ ﴿١٨﴾

كَلَّا لَا تُطِعۡهُ وَٱسۡجُدۡ وَٱقۡتَرِب۩ ﴿١٩﴾

15 വേണ്ട! അവൻ വിരമിക്കുന്നില്ലെങ്കിൽ, നിശ്ചയമായും നാം (ആ) കുടുമ പിടിച്ചു വലിക്കുകതന്നെ ചെയ്യും;-

16 (അതെ) കള്ളവാദിയായ, അബദ്ധക്കാരിയായ കുടുമ!

17 എന്നിട്ട്, അവൻ അവൻെറ സഭയെ വിളിച്ചു കൊള്ളട്ടെ!-

18 നാം 'സബാനിയത്തി'നെ (നരകത്തിലെ ഊക്കൻമാരായ മലക്കുകളെ) വിളിച്ചുകൊള്ളാം!

19 വേണ്ട, (നബിയെ) നീ അവനെ അനുസരിക്കരുത്. നീ 'സുജൂദ്' (സാഷ്ടാംഗനമസ്കാരം) ചെയ്യുകയും, (അല്ലാഹുവിങ്കലേക്ക്) സാമീപ്യം തേടുകയും ചെയ്തുകൊള്ളുക.

ഈ സൂറത്തിന്റെ അവസാനം ഓത്തിന്റെ സുജൂദ് ചെയ്യേണ്ടതാണ്.

ആ ദുഷ്ടനായ മനുഷ്യനെക്കുറിച്ച് അല്ലാഹുവിനുള്ള അതി കഠിനമായ വെറുപ്പും കോപവുമാണ് 15-18 വചനങ്ങളിലൂടെ അല്ലാഹു പ്രകടിപ്പിക്കുന്നത്.

അത്തരം ധിക്കാരം അവൻ നിർത്തൽ ചെയ്യാത്തപക്ഷം അവന്റെ ആ പിഴച്ച കള്ളത്തലയിലെ കുടുമ പിടിച്ച് വലിച്ച് നാമവനെ നരകത്തിലിടും. അവൻ അവന്റെ കിങ്കരമാരെയും കൂട്ടുകാരെയുമെല്ലാം സഹായത്തിന് വിളിച്ച് കൊള്ളട്ടെ. അവനെ പിടിച്ച് ശിക്ഷിക്കുവാൻ നരകത്തിലെ മല്ലന്മാരും ഊക്കന്മാരുമായ മലക്കുകളെ നാം വിളിക്കുന്നതാണ്. അവന്റെ ധിക്കാരം അപ്പോൾ കാണാമല്ലോ - എന്നിങ്ങനെ അല്ലാഹു അവന് കഠിനമായ താക്കീത് നൽകുകയാണ്.

"അബൂജഹൽ ഈ വചനങ്ങൾ കേട്ടിട്ട് അവന്റെ ആൾക്കാരെ വിളിച്ചിരുന്നെങ്കിൽ അതേ നാഴികയിൽ തന്നെ ശിക്ഷയുടെ മലക്കുകൾ അവനെ പിടികൂടുമായിരുന്നു" എന്ന് ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. (തി; ന)

19-ാം വചനത്തിലൂടെ അല്ലാഹു നബി(സ)യെ ഉപദേശിക്കുന്നു - ആ ദുഷ്ടന്മാരെ വകവെക്കേണ്ടതില്ല. അവരെ നീ അനുസരിക്കരുത്. നിർഭയം സാഷ്ടാംഗ നമസ്കാരം (സുജൂദ്) നടത്തിയും, സൽകർമ്മങ്ങളും ആരാധനാ കർമ്മങ്ങളും നിർവ്വഹിച്ചും അല്ലാഹുവിന്റെ സാമീപ്യം തേടിക്കൊള്ളുകയും ചെയ്യുക.

നബി(സ) ഇപ്രകാരം അരുളിയിരിക്കുന്നു - "ഒരു അടിയാൻ തന്റെ റബ്ബിനോട് ഏറ്റവും സമീപസ്ഥനായിരിക്കുന്നത് സുജൂദിലാകുന്നു. അതുകൊണ്ട് നിങ്ങൾ സുജൂദിൽ ദുആ വർദ്ധിപ്പിച്ച് കൊള്ളുവിൻ"(മു).



www.islamhouse.com

# 97. സൂറത്തുല്‍ - ഖദ്ർ (നിര്‍ണ്ണയം)

മക്കയില്‍ അവതരിച്ചത് (മദീനായില്‍ അവതരിച്ചതാണെന്നും പറയപ്പെട്ടിരിക്കുന്നു)
വചനം 5

ആദ്യ വചനത്തില്‍ നിര്‍ണ്ണയത്തിന്റെ രാത്രി (ലൈലത്തുല്‍ ഖദ്ര്‍)യില്‍ ഖുര്‍ആന്‍നെ അവതരിപ്പിച്ചിരിക്കുന്നു എന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍ بسم الله الرحمن الرحيم

**വചനം 1,2,3,4,5:**

1 നിശ്ചയമായും, നാം ഇതിനെ (ഖുര്‍ആനെ) 'ലൈലത്തുല്‍ ഖദ്റി'ല്‍ (നിര്‍ണ്ണയത്തിന്‍െറ രാത്രിയില്‍) അവതരിപ്പിച്ചിരിക്കുന്നു.
2 'ലൈലത്തുല്‍ ഖദ്ര്‍' എന്നാലെന്താണെന്ന് നിനക്ക് എന്തറിയാം?!
3 'ലൈലത്തുല്‍ ഖദ്ര്‍' ആയിരം മാസത്തെക്കാള്‍ ഉത്തമമാകുന്നു.
4 മലക്കുകളും, 'റൂഹും' (ആത്മാവും) അവരുടെ റബ്ബിന്‍െറ ഉത്തരവുപ്രകാരം അതില്‍ ഇറങ്ങിവരുന്നു; എല്ലാ കാര്യത്തെസംബന്ധിച്ചും.
5 സമാധാനശാന്തിയത്രെ അത്! പ്രഭാതോദയം വരേക്കുമുണ്ടായിരിക്കും!

إِنَّآ أَنزَلْنَٰهُ فِى لَيْلَةِ ٱلْقَدْرِ ﴿١﴾
وَمَآ أَدْرَىٰكَ مَا لَيْلَةُ ٱلْقَدْرِ ﴿٢﴾
لَيْلَةُ ٱلْقَدْرِ خَيْرٌ مِّنْ أَلْفِ شَهْرٍ ﴿٣﴾
تَنَزَّلُ ٱلْمَلَٰٓئِكَةُ وَٱلرُّوحُ فِيهَا بِإِذْنِ رَبِّهِم مِّن كُلِّ أَمْرٍ ﴿٤﴾
سَلَٰمٌ هِىَ حَتَّىٰ مَطْلَعِ ٱلْفَجْرِ ﴿٥﴾

'ലൈലത്തുല്‍ ഖദ്ര്‍' എന്ന വാക്കിന് 'നിര്‍ണ്ണയത്തിന്റെ രാത്രി' എന്നും 'ബഹുമാനത്തിന്റെ രാത്രി' എന്നും വിവര്‍ത്തനം നല്‍കാം. ഈ രാത്രിയെക്കുറിച്ച് സൂ.ദുഖാന്‍: 4-ാം വചനത്തില്‍ അല്ലാഹു ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു - "യുക്തിമത്തായ എല്ലാ കാര്യങ്ങളും അതില്‍ (ആ രാത്രിയില്‍) വേര്‍തിരിച്ച് വിവരിക്കപ്പെടുന്നു." ഈ രാത്രിയെ പറ്റി തന്നെ സൂ. ദുഖാന്‍ 3-ാം വചനത്തില്‍ 'അനുഗ്രഹീതമായ ഒരു രാത്രി' എന്നും അല്ലാഹു വിശേഷിപ്പിച്ചിരിക്കുന്നു. ഈ സൂറത്തിലാകട്ടെ പ്രസ്തുത രാത്രിയുടെ പല മാഹാത്മ്യങ്ങളും എടുത്ത് പറഞ്ഞ് പ്രശംസിക്കുകയും ചെയ്തിരിക്കുന്നു.

പ്രസ്തുത രാത്രിയെ പറ്റി (ലൈലത്തുല്‍ ഖദ്ര്‍) 1-ാം വചനത്തില്‍ അല്ലാഹു പ്രസ്താവിച്ചത് ഖുര്‍ആന്‍ അവതരിപ്പിച്ചത് ആ രാത്രിയിലാണ് എന്നത്രേ. ആ ദിവ്യ ഗ്രന്ഥത്തിന്റെ അവതരണം ഉണ്ടായ രാവ് നിശ്ചയമായും ഒരു അനുഗ്രഹീതമായ രാവാകുന്നു. ഈ രാവ് റമസാന്‍ മാസത്തിലാണെന്ന് പരക്കെ അറിയപ്പെട്ടതും സു.അല്‍ ബഖറ: 185-ല്‍ നിന്ന് മനസ്സിലാക്കാവുന്നതുമാണ്. എന്നാല്‍ ഖുര്‍ആന്‍റെ അവതരണം പൂര്‍ത്തിയായത് ഇരുപത്തിമൂന്ന് കൊല്ലക്കാലം കൊണ്ടാണെന്നിരിക്കെ 'ഈ രാത്രിയില്‍ അവതരിപ്പിച്ചു' എന്ന് പറഞ്ഞതിന്റെ താല്‍പര്യം എന്താണെന്നതിനെക്കുറിച്ച് സൂ.ദുഖാന്‍റെ പ്രാരംഭ വചനങ്ങളുടെ വിശദീകരണത്തില്‍ വിവരിക്കപ്പെട്ടിട്ടുണ്ട് - അല്ലാഹുവിന്റെ ജ്ഞാന രേഖയാകുന്ന 'ലൗഹുല്‍ മഹ്ഫൂളി'ല്‍ നിന്ന് ഖുര്‍ആന്റെ മുഴുവന്‍ ഭാഗവും അടുത്ത ആകാശ ലോകത്തേക്ക് ആ രാത്രിയില്‍ അവതരിക്കപ്പെടുകയും പിന്നീട് സന്ദര്‍ഭാനുസരണം ഘട്ടം ഘട്ടമായി നബി(സ)ക്ക് അവിടെ നിന്നും 23 വര്‍ഷക്കാലം കൊണ്ട് അവതരിപ്പിക്കപ്പെടുകയും ചെയ്തു എന്നുമാകുന്നു ഭൂരിഭാഗം പണ്ഡിതന്മാരുടെയും അഭിപ്രായം. മറ്റൊരു അഭിപ്രായം ഖുര്‍ആന്‍ നബി(സ)ക്ക് അവതരിപ്പിക്കുവാന്‍ ആരംഭിച്ചത് റമസാന്‍ മാസത്തിലെ ആ രാത്രിയിലായിരുന്നു എന്നാകുന്നു. രണ്ടായിരുന്നാലും ശരി, കൊല്ലം തോറും റമസാന്‍ മാസത്തില്‍ ആ പുണ്യരാവ് ആവര്‍ത്തിക്കപ്പെടുമെന്ന് പല ഹദീസുകളിലും സംശയ രഹിതമായി വന്നിട്ടുള്ളതാകുന്നു. ഖുര്‍ആന്റെ പ്രസ്താവനകളും അതാണ് കാട്ടിത്തരുന്നത്.

'ലൈലത്തുല്‍ ഖദ്ര്‍'നെ ക്കുറിച്ച് നിനക്ക് വല്ലതും അറിയാമോ എന്ന് ചോദിച്ച് കൊണ്ട് അതിന്റെ മഹത്വത്തിലേക്ക് 2-ാം വചനം ശ്രദ്ധ ആകര്‍ഷിക്കുന്നു. തുടര്‍ന്ന് കൊണ്ട്, ആ രാത്രി ആയിരം മാസങ്ങളേക്കാള്‍ ഉത്തമമാണെന്ന് അല്ലാഹു ഉണര്‍ത്തുന്നു. (വചനം 3) അല്ലാഹു, ചില തത്വങ്ങളുടെ അടി



www.islamhouse.com

സ്ഥാനത്തിൽ ചില പള്ളികൾക്കും (മസ്ജിദുൽ ഹറം, മസ്ജിദുന്നബവി, മസ്ജിദുൽ അഖ്സാ) ചില ദിവസങ്ങൾക്കും (വെള്ളിയാഴ്ച, അറഫാ ദിനം, പെരുന്നാൾ ദിവസങ്ങൾ) ചില മാസങ്ങൾ (റമസാൻ, ദുൽഹജ്ജ്) ശ്രേഷ്ഠത നിശ്ചയിച്ചിരിക്കുന്നു. അക്കൂട്ടത്തിൽ ഒന്നത്രേ ലൈലത്തുൽ ഖദ്റിന് അല്ലാഹു കൽപിച്ചിരിക്കുന്ന ശ്രേഷ്ഠത. അവൻ ബഹുമാനിച്ചതിനെയും അവന്റെ ചിഹ്നങ്ങളേയും നാമും, അല്ലാഹുവും റസൂലും കാണിച്ച് തന്ന വിധത്തിൽ ബഹുമാനിക്കുന്നത് നിർബ്ബന്ധമാകുന്നു. (സൂ.ഹജ്ജ്: 30,32 വചനങ്ങളും വ്യാഖ്യാനവും നോക്കുക.) മനുഷ്യരുടെ വകയായി ഏതെങ്കിലും സ്ഥലത്തിനോ സമയത്തിനോ പ്രത്യേക ബഹുമാനം കൽപിക്കാൻ പാടില്ലാത്തതാകുന്നു. 'ലൈലത്തുൽ ഖദ്ർ' രാത്രിയിൽ ഉണ്ടാകുമെന്ന് സൂ.ദുഖാൻ 1-8 വചനങ്ങളിലും ഈ സൂറത്തിലും പ്രസ്താവിക്കപ്പെട്ടിട്ടുള്ള മഹത്തായ കാര്യങ്ങൾ അതിന്റെ മഹത്വത്തെ വർദ്ധിപ്പിക്കുന്നു. അതിനെല്ലാം പുറമെ വേറെയും നമുക്കറിയാത്ത രഹസ്യങ്ങൾ അതിലുണ്ടായിക്കൂടാ എന്നില്ല താനും. و الله اعلم

'ലൈലത്തുൽ ഖദ്ർ' ആയിരം മാസത്തേക്കാൾ ഉത്തമം എന്ന് 3-ാം വചനത്തിൽ പറഞ്ഞതിന്റെ താൽപര്യം - പല മഹാന്മാരും പ്രസ്താവിച്ചിരിക്കുന്നത് പോലെ - ലൈലത്തുൽ ഖദ്ർ കൂടാതെയുള്ള ആയിരം മാസങ്ങളിൽ പുണ്യകർമ്മങ്ങൾ ചെയ്താലുണ്ടാകുന്ന പ്രതിഫലം ആ രാത്രിയിൽ ചെയ്യുന്ന പുണ്യകർമ്മങ്ങൾക്ക് ലഭിക്കുമെന്നായിരിക്കാം. അല്ലെങ്കിൽ അടുത്ത വചനങ്ങളിൽ കാണുന്നത് പോലെ ആ രാത്രിയിൽ മലക്കുകളുടെ വരവ് തുടങ്ങിയ പല കാര്യങ്ങളും അന്ന് സംഭവിക്കുന്നുവെന്ന നിലക്കും ആയിരിക്കാം. و الله اعلم

4 -ാം വചനത്തിൽ, ആ രാത്രിയുടെ സവിശേഷതയായി, മലക്കുകളും 'റൂഹും' അവരുടെ റബ്ബിന്റെ ഉത്തരവ് പ്രകാരം ഇറങ്ങി വരുന്നതാണ് എന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. 'റൂഹ്' എന്നാൽ ആത്മാവ് എന്നാണ് വാക്കർത്ഥം. ഇവിടെ 'റൂഹ്' എന്നത് കൊണ്ട് ജിബ്രീൽ എന്ന മലക്കാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നാണ് കൂടുതൽ സ്വീകാര്യമായ അഭിപ്രായം (സൂ.ശുഅറാഅ്: 193 നോക്കുക). അദ്ദേഹം മലക്കുകളുടെ കൂട്ടത്തിൽ പ്രധാനിയായത് കൊണ്ട് അദ്ദേഹത്തിന്റെ പേർ പ്രത്യേകം എടുത്ത് പറഞ്ഞതാകുന്നു. നമ്മുടെ ദൃഷ്ടിക്കും ബുദ്ധിക്കും മനസ്സിലാക്കുവാൻ കഴിയാത്ത എത്രയോ കാര്യങ്ങൾ മലക്കുകൾ വഴി സംഭവിച്ച് കൊണ്ടിരിക്കുന്നുണ്ടല്ലോ. 'ലൈലത്തുൽ ഖദ്റി'ന്റെ രാത്രിയിൽ മഹത്തായ, അനുഗ്രഹീതമായ പല കാര്യങ്ങളുമായി മലക്കുകൾ റബ്ബിന്റെ ഉത്തരവ് പ്രകാരം ഭൂമിയിൽ ആഗതരാകുമെന്നതിൽ സംശയമില്ല. മലക്കുകളുടെ വരവ് "എല്ലാ കാര്യത്തെ സംബന്ധിച്ചും" ആണെന്ന് പറഞ്ഞതിന്റെ സാരം ഭൂമിയിൽ മലക്കുകൾവഴി നടത്തപ്പെടുന്ന സർവ്വ കാര്യങ്ങളുടെയും ആവശ്യാർത്ഥം എന്നായിരിക്കാം. و الله اعلم ആ രാത്രി അത്രയും സമാധാന ശാന്തിയാണെന്നും അത് പ്രഭാതോദയം വരെ ഉണ്ടായിരിക്കുമെന്നും അല്ലാഹു തുടർന്ന് പ്രസ്താവിക്കുന്നു. നബി(സ) കാണിച്ച് തന്നത് പോലെ ആ രാത്രി പ്രയോജനപ്പെടുത്തുന്നവർക്ക് ആ നന്മകൾ തികച്ചും അനുഭവിക്കുവാൻ ഭാഗ്യമുണ്ടാകുന്നതാണ്. പ്രസ്തുത അനുഗ്രഹം ലഭിക്കുവാൻ അല്ലാഹു തൗഫീഖ് നൽകി നമ്മെ അനുഗ്രഹിക്കെട്ടെ - ആമീൻ.

'ലൈലത്തുൽ ഖദ്ർ' സംബന്ധമായി വന്നിട്ടുള്ള പ്രബലമായ ഹദീസുകളിൽ നിന്ന് നമുക്ക് പല കാര്യങ്ങളും ഗ്രഹിക്കാവുന്നതാണ്:

: 'ലൈലത്തുൽ ഖദ്ർ' കൊല്ലം തോറും ഉണ്ടായിരിക്കും. ഖുർആൻ അവതരിച്ച ആ ഒരേ ഒരേ ഒരു രാത്രിയെ പറ്റി മാത്രമല്ല 'ലൈലത്തുൽ ഖദ്ർ' എന്ന് പറയുന്നത്

: അത് മിക്കവാറും റമസാൻ മാസത്തിലെ ഒടുവിലെ പത്തിൽ- വിശേഷിച്ചും അതിലെ ഒറ്റയായ രാത്രികളിൽ- ഒരു രാത്രി ആയിരിക്കും.

: എന്നാൽ അത് ഏത് രാത്രിയാണെന്ന് നിർണയിച്ച് പറയുവാൻ നിവൃത്തിയില്ല

: എല്ലാ കൊല്ലത്തിലും ഒരു നിശ്ചിത തിയതിക്ക് മാത്രമായിരിക്കും അതെന്ന് കരുതുവാൻ നിവൃത്തിയില്ല.

: അനുഭവപൂർവ്വമായ വല്ല അടയാളങ്ങൾ മുഖേനയും ആ രാത്രിയെ തിരിച്ചറിയാൻ സജ്ജനങ്ങളായ ചിലർക്ക് സാധിച്ചെന്ന് വരാം.



www.islamhouse.com

# 98. സൂറത്തുൽ - ബയ്യിന (വ്യക്തമായ തെളിവ്)

**മക്കയിൽ അവതരിച്ചത്**

വചനം 8

വ്യക്തമായ തെളിവ് (ബയ്യിന)നെ ക്കുറിച്ച് അല്ലാഹു ആദ്യ വചനത്തിൽ തന്നെ പ്രസ്താവി ക്കുന്നു.

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3:**

لَمْ يَكُنِ ٱلَّذِينَ كَفَرُوا۟ مِنْ أَهْلِ ٱلْكِتَٰبِ وَٱلْمُشْرِكِينَ مُنفَكِّينَ حَتَّىٰ تَأْتِيَهُمُ ٱلْبَيِّنَةُ ﴿١﴾ رَسُولٌ مِّنَ ٱللَّهِ يَتْلُوا۟ صُحُفًا مُّطَهَّرَةً ﴿٢﴾ فِيهَا كُتُبٌ قَيِّمَةٌ ﴿٣﴾

1 വേദക്കാരിൽനിന്നും ബഹുദൈവ വിശ്വാസികളിൽ നിന്നും അവിശ്വസിച്ചവർ, തങ്ങൾക്ക് വ്യക്തമായ തെളിവ് വന്നെത്തുന്നതുവരെ (അവിശ്വാസത്തിൽനിന്ന്) വേറിട്ട് പോരുന്നവരായിട്ടില്ല.

2 അതായത്, ശുദ്ധമാക്കപ്പെട്ട ഏടുകൾ ഓതിക്കൊടുക്കുന്ന ഒരു റസൂൽ (വന്നെത്തുന്നതുവരെ).

3 (വക്രതയില്ലാതെ) ചൊവ്വായുള്ള പല (ലിഖിത)രേഖകൾ അവ ഉൾക്കൊള്ളുന്നു.

യാതൊരു തരത്തിലുള്ള വക്രതയോ കോട്ടമോ ഇല്ലാത്തതും ശരിയായ, ചൊവ്വായ, നിയമങ്ങളും തത്വങ്ങളും ഉൾക്കൊള്ളുന്നതും പരിശുദ്ധമായ ചില ഏടുകളിലായി രേഖപ്പെടുത്തി സൂക്ഷിക്കപ്പെട്ടിട്ടുള്ളതുമായ ഖുർആൻ വചനങ്ങൾ ഓതികേൾപ്പിക്കുന്ന ഒരു റസൂൽ - നബി(സ) തിരുമേനി - സുവ്യക്തമായ തെളിവുകൾ സഹിതം വന്നെത്തിയത് വരെയും വേദക്കാരും മുശ്‌രിക്കുകളുമാകുന്ന അവിശ്വാസികൾ അവരുടെ ദുർമാർഗ്ഗത്തിൽ ചിരകാലമായി ഉറച്ച് നിന്ന് വരികയായിരുന്നു. റസൂൽ(സ) വന്ന് ഖുർആൻ ഓതികേൾപ്പിക്കാൻ തുടങ്ങിയപ്പോഴാണ് ചിലർ അതിൽ നിന്ന് വേറിട്ട് പോന്ന് രക്ഷപ്പെടുവാൻ തുടങ്ങിയത്. മറ്റുള്ളവരാകട്ടെ ഭിന്നിപ്പിലും നിഷേധത്തിലും മുഴുകുകയും ചെയ്തു.

**വചനങ്ങൾ 4,5:**

وَمَا تَفَرَّقَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ إِلَّا مِنۢ بَعْدِ مَا جَآءَتْهُمُ ٱلْبَيِّنَةُ ﴿٤﴾ وَمَآ أُمِرُوٓا۟ إِلَّا لِيَعْبُدُوا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ حُنَفَآءَ وَيُقِيمُوا۟ ٱلصَّلَوٰةَ وَيُؤْتُوا۟ ٱلزَّكَوٰةَ ۚ وَذَٰلِكَ دِينُ ٱلْقَيِّمَةِ ﴿٥﴾

4 വേദഗ്രന്ഥം നൽകപ്പെട്ടവർ തങ്ങൾക്ക് വ്യക്തമായ തെളിവ് വന്നതിനു ശേഷമായിട്ടല്ലാതെ ഭിന്നിക്കുകയുണ്ടായിട്ടില്ല.

5 മതത്തെ (അഥവാ കീഴ്‌വണക്കത്തെ)അല്ലാഹുവിന് നിഷ്കളങ്കരാക്കിക്കൊണ്ട്-ഋജുമനസ്കരായ നിലയിൽ-അവനെ ആരാധിക്കുവാനും, നമസ്കാരം നിലനിറുത്തുവാനും, സക്കാത്ത് കൊടുക്കുവാനും അല്ലാതെ അവരോട് കല്പിക്കപ്പെട്ടിട്ടില്ലതാനും. അതത്രെ ചൊവ്വായ മാർഗത്തിൻെറ മതം (അഥവാ നടപടി).

ഖുർആനെയും നബി(സ)യെയും കുറിച്ച അറിവുള്ള, വേദഗ്രന്ഥങ്ങളുമായി പരിചയമുള്ള, വേദക്കാർ, അവയുടെ അദ്ധ്യാപനങ്ങളിൽ നിന്ന് പിഴച്ച് ദുർമാർഗ്ഗത്തിൽ പതിച്ച് കൊണ്ടിരിക്കെയാണ് വ്യക്തമായ തെളിവുകളുമായി റസൂലും ഖുർആനും അവർക്ക് അവതരിക്കുന്നത്. മുൻഗ്രന്ഥങ്ങളിൽ അവരോട് ശാസിക്കപ്പെട്ടിരുന്ന ശിർക്കിന്റെ കലർപ്പില്ലാത്ത നിഷ്കളങ്കമായ തൗഹീദ്, നമസ്കാരം, സക്കാത്ത് മുതലായ കാര്യങ്ങൾ തന്നെയാണ് 'ഖുർആനും' അവരോട് ശാസിക്കുന്നത്. എന്നിട്ട് പോലും വേദക്കാർ ഖുർആനിലും റസൂലിലും വിശ്വസിക്കുവാൻ തയ്യാറായില്ല. മാത്രമല്ല, അസൂയയും പകയും വെച്ച് പുലർത്തിക്കൊണ്ട് ഇസ്ലാമിന്റെ ശത്രുക്കളായി ഭിന്നിക്കുകയാണ് അവർ ചെയ്തത്.



www.islamhouse.com

**വചനം 6,7,8:**

إِنَّ ٱلَّذِينَ كَفَرُوا۟ مِنْ أَهْلِ ٱلْكِتَـٰبِ وَٱلْمُشْرِكِينَ فِى نَارِ جَهَنَّمَ خَـٰلِدِينَ فِيهَآ ۚ أُو۟لَـٰٓئِكَ هُمْ شَرُّ ٱلْبَرِيَّةِ ﴿٦﴾

6 നിശ്ചയമായും, വേദക്കാരിൽനിന്നും, ബഹുദൈവവിശ്വാസികളിൽനിന്നും അവിശ്വസിച്ചവർ 'ജഹന്നമി' (നരകത്തി)ൻെറ അഗ്നിയിലായിരിക്കും-അതിൽ നിത്യവാസികളായിക്കൊണ്ട്. അക്കൂട്ടർതന്നെയാണ്, സൃഷ്ടികളിൽ വെച്ച് മോശമായവർ.

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ أُو۟لَـٰٓئِكَ هُمْ خَيْرُ ٱلْبَرِيَّةِ ﴿٧﴾

7 നിശ്ചയമായും, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ. അക്കൂട്ടരത്രെ, സൃഷ്ടികളിൽവെച്ച് ഉത്തമരായവർ.

جَزَآؤُهُمْ عِندَ رَبِّهِمْ جَنَّـٰتُ عَدْنٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَآ أَبَدًا ۖ رَّضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ ۚ ذَٰلِكَ لِمَنْ خَشِىَ رَبَّهُۥ ﴿٨﴾

8 അവരുടെ രക്ഷിതാവിങ്കൽ അവരുടെ പ്രതിഫലം, അടിഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്ഥിരവാസത്തിൻെറ സ്വർഗങ്ങളാകുന്നു. അതിൽ എന്നെന്നും (അവർ) നിത്യവാസികളായിക്കൊണ്ട്. അല്ലാഹു അവരെക്കുറിച്ച് തൃപ്തിപ്പെടുന്നതാണ്; അവർ അവനെക്കുറിച്ചും തൃപ്തിപ്പെടുന്നതാണ്. അത്, ഏതൊരുവൻ തൻെറ റബ്ബിനെ ഭയപ്പെട്ടുവോ അവനുള്ളതാകുന്നു.

വേദക്കാരായിരുന്നാലും, മുശ്‌രിക്കുകളായിരുന്നാലും ശരി, അല്ലാഹുവിനേയും റസൂലിനേയും നിഷേധിക്കുന്നവർ നരകത്തിന്റെ അഗ്നിയിൽ നിത്യവാസികളായിരിക്കും. അക്കൂട്ടർ തന്നെയാകുന്നു സൃഷ്ടികളിൽ വെച്ച് ഏറ്റവും മോശപ്പെട്ടവർ. എന്നാൽ വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്തവർ, സുഖസമ്പൂർണ്ണമായ സ്ഥിരവാസത്തിന്റെ സ്വർഗങ്ങളിലായിരിക്കും. അക്കൂട്ടരത്രേ സൃഷ്ടികളിൽ വെച്ച് ഏറ്റവും ഉത്തമരായവർ.

അല്ലാഹുവിന്റെ തൃപ്തി ലഭിക്കുകയും അവനെപറ്റി തൃപ്തി വരികയും ചെയ്യുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം, ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ - ആമീൻ.



www.islamhouse.com

# 99. സൂറത്തുൽ-സ്-സിൽസാൽ (പ്രകമ്പനം)

**മദീനയിൽ അവതരിച്ചത്** (മക്കയിൽ അവതരിച്ചതാണെന്നും പറയപ്പെട്ടിരിക്കുന്നു)
വചനം 8

ഒന്നാം വചനത്തിൽ ഭൂമി ഒരു പ്രകമ്പനം കമ്പിക്കപ്പെട്ടാൽ (സിൽസാൽ) എന്ന് അല്ലാഹു പ്രസ്താവിക്കുന്നു

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3,4,5:**

إِذَا زُلْزِلَتِ ٱلْأَرْضُ زِلْزَالَهَا ﴿١﴾
وَأَخْرَجَتِ ٱلْأَرْضُ أَثْقَالَهَا ﴿٢﴾
وَقَالَ ٱلْإِنسَٰنُ مَا لَهَا ﴿٣﴾
يَوْمَئِذٍ تُحَدِّثُ أَخْبَارَهَا ﴿٤﴾
بِأَنَّ رَبَّكَ أَوْحَىٰ لَهَا ﴿٥﴾

1 ഭൂമി അതിൻെറ (അതിഭയങ്കരമായ) ആ കമ്പനം കമ്പിക്കപ്പെട്ടാൽ!-
2 ഭൂമി അതിൻെറ ഭാരങ്ങളെ പുറംതള്ളുകയും,
3 ''അതിന് എന്താണ് (പറ്റിയത്)'' എന്ന് മനുഷ്യൻ പറയുകയും (ചെയ്താൽ)!-
4 (അതെ) ആ ദിവസം അത് അതിൻെറ വർത്തമാനങ്ങൾ പറഞ്ഞറിയിക്കുന്നതാണ്.
5 നിൻെറ റബ്ബ് അതിന് ബോധനം നൽകിയ കാരണത്താൽ.

അന്ത്യനാളിലെ അതിഭയങ്കര സംഭവങ്ങളെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്. ഭൂമി അതിഘോരമായ കമ്പനത്തിനും ക്ഷോഭത്തിനും വിധേയമാകുന്നു. മരണപ്പെട്ടു മണ്ണടഞ്ഞവരടക്കം, ഭൂമിയിലുള്ള നിക്ഷേപങ്ങളെല്ലാം അത് വെളിക്ക് വരുത്തുന്നു. ഇതെല്ലാം കാണുന്ന മനുഷ്യൻ ഭയവിഹ്വലനായിക്കൊണ്ട് പറയും - 'ഹാ! എന്താണിത്, ഭൂമിക്ക് എന്ത് പറ്റി?'. ഭൂമിക്ക് അല്ലാഹു ബോധനവും അനുമതിയും നൽകിയതിനാൽ ഭൂമിയിൽ ഒളിഞ്ഞ് കിടപ്പുള്ള രഹസ്യങ്ങളെല്ലാം, അത് തുറന്ന് കാട്ടുകയും ചെയ്യുന്നതാണ്.

4-ാം വചനം ഓതിക്കൊണ്ട് റസൂൽ(സ) സഹാബികളോട് ഇപ്രകാരം പറയുകയുണ്ടായി: "ഭൂമിയുടെ വർത്തമാനങ്ങൾ എന്ന് വെച്ചാൽ, ഓരോ അടിയാനും, അതിന് മീതെ വച്ച് പ്രവർത്തിച്ചതിനെപ്പറ്റി അത് സാക്ഷി പറയലാകുന്നു."

**വചനം 6,7,8:**

يَوْمَئِذٍ يَصْدُرُ ٱلنَّاسُ أَشْتَاتًا لِّيُرَوْا۟ أَعْمَٰلَهُمْ ﴿٦﴾
فَمَن يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُۥ ﴿٧﴾
وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُۥ ﴿٨﴾

6 അന്നത്തെ ദിവസം, തങ്ങളുടെ പ്രവർത്തന (ഫല)ങ്ങൾ തങ്ങൾക്ക് കാട്ടിക്കൊടുക്കപ്പെടുവാനായി മനുഷ്യർ ഭിന്നസംഘങ്ങളായി രംഗത്തുവരുന്നതാണ്.
7 അപ്പോൾ, ആർ ഒരു അണുത്തൂക്കം നൻമ പ്രവർത്തിച്ചിരുന്നുവോ അവൻ അതും കാണും.
8 ആർ, ഒരു അണുത്തൂക്കം തിൻമ പ്രവർത്തിച്ചിരുന്നുവോ അവൻ അതും കാണും.

അന്നേ ദിവസം പല തരക്കാരും സ്വഭാവക്കാരുമായ ജനങ്ങളെല്ലാം ഖബറുകളിൽ നിന്ന് വിചാരണ സ്ഥലത്തേക്ക് രംഗ പ്രവേശം ചെയ്യുന്നതാണ്. ഓരോരുത്തന്റെയും സകല കർമ്മങ്ങളും- ഒരണുവോളം നന്മ ചെയ്തിട്ടുണ്ടെങ്കിൽ അതും, ഒരണുവോളം തിന്മ ചെയ്തിട്ടുണ്ടെങ്കിൽ അതും, അവന് കാണിച്ച് കൊടുക്കപ്പെടുന്നതാണ്. അതതിന്റെ പ്രതിഫലം അതതിന്റെ ആളുകൾക്ക് അനുഭവപ്പെടുകയും ചെയ്യുന്നതാണ്. എന്നാൽ ഒരു കാര്യം ഇവിടെ പ്രത്യേകം ഓർക്കേണ്ടതുണ്ട്. സത്യവിശ്വാസം സ്വീകരിക്കാത്തവരുടെ സൽകർമ്മങ്ങൾക്ക് അല്ലാഹു പരലോകത്ത് യാതൊരു പ്രതിഫലവും നൽകുന്നതല്ലെന്നും അവർക്കുള്ള പ്രതിഫലം ഇഹത്തിൽ വെച്ച് തന്നെ അല്ലാഹു നിറവേറ്റിക്കൊടുക്കുകയാണ് ചെയ്യുക, എന്നും സൂ.ഹൂദ് 15,16, സൂ.ഫുർഖാൻ 23 മുതലായ സ്ഥലങ്ങളിൽ അല്ലാഹു വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതാകുന്നു.



www.islamhouse.com

# 100. സൂറത്തുല്‍ - ആദിയാത്ത് (ഓടുന്നവ)

**മക്കയില്‍ അവതരിച്ചത്** (മദനീയാണെന്നും അഭിപ്രായമുണ്ട്)
വചനം 11

ഒന്നാം വചനത്തില്‍ ഓടുന്നവ തന്നെയാണ് (ആദിയാത്ത്) സത്യം എന്ന് അല്ലാഹു പ്രസ്താവിക്കുന്നു.

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍

**വചനം 1,2,3,4,5:**

وَٱلْعَـٰدِيَـٰتِ ضَبْحًا ﴿١﴾
فَٱلْمُورِيَـٰتِ قَدْحًا ﴿٢﴾
فَٱلْمُغِيرَٰتِ صُبْحًا ﴿٣﴾
فَأَثَرْنَ بِهِۦ نَقْعًا ﴿٤﴾
فَوَسَطْنَ بِهِۦ جَمْعًا ﴿٥﴾

1 കിതച്ച് (ശീഘ്രഗതിയില്‍) ഓടുന്നവ തന്നെയാണ (സത്യം)!-
2 അങ്ങനെ, (കുളമ്പ് കല്ലില്‍) ഉരസി തീ പറപ്പിക്കുന്നവ;-
3 അങ്ങനെ, പ്രഭാതത്തില്‍ (ചെന്ന്) ആക്രമണം നടത്തുന്നവ;-
4 എന്നിട്ട് അതില്‍ (പ്രഭാതത്തില്‍) അവ പൊടിപടലം ഇളക്കിവിട്ടു;-
5 എന്നിട്ട് അതില്‍ (പ്രഭാതത്തില്‍) അവ (ശത്രു) സംഘത്തിന് നടുവില്‍ പ്രവേശിച്ചു.

ഈ വചനങ്ങളില്‍ പറഞ്ഞ ഗുണങ്ങള്‍ ഒത്തിണങ്ങിയ മുന്തിയ തരം കുതിരകളെക്കൊണ്ട് അല്ലാഹു സത്യം ചെയ്തു പറയുന്നു. അതിശീഘ്രം കിതച്ച് പാഞ്ഞുകൊണ്ട് ഓട്ടത്തിന്റെ ഊക്കും വേഗതയും നിമിത്തം, കാലുകള്‍ കല്ലില്‍ ഉരസി തീ പാറിച്ച് കൊണ്ട്, ശത്രുക്കള്‍ പുറത്ത് വരും മുമ്പായി പ്രഭാത വേളയില്‍ തന്നെ അവരുടെ താവളത്തിലെത്തി ആക്രമണം നടത്തിക്കൊണ്ട്, അന്തരീക്ഷം പൊടിപടലത്തില്‍ മൂടുമാറ് ജാഗ്രതയില്‍ ശത്രുമദ്ധ്യത്തില്‍ കടന്ന് ചെന്ന് കൊണ്ട് ആ കുതിരകള്‍ പട നടത്തുന്നു.

യന്ത്രീകൃത യുദ്ധങ്ങള്‍ പ്രചാരത്തില്‍ വരുന്നതിന് മുമ്പായി ധര്‍മ്മ സമരങ്ങള്‍ക്ക് കുതിരകളെ സജ്ജമാക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും, ഇസ്ലാമില്‍ വളരെയധികം പ്രാധാന്യം കല്‍പിക്കപ്പെട്ടിരുന്നു (സൂ.അന്‍ഫാല്‍: 60-ാം വചനം നോക്കുക). അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ ഒരു കുതിരയെ വല്ലവരും മുടക്കി വെച്ചാല്‍ അതിന് വേണ്ടി ചെയ്യുന്ന എല്ലാ സേവനങ്ങള്‍ക്കും അതിന്റെ ചലനങ്ങള്‍ക്കും അത് കാഷ്ഠിക്കുന്നതിനും മൂത്രിക്കുന്നതിനും അടക്കം എല്ലാറ്റിനും പുണ്യം ലഭിക്കുമെന്ന് നബി(സ) അരുളിയിരിക്കുന്നു. (ബു)

**വചനം 6,7,8:**

إِنَّ ٱلْإِنسَـٰنَ لِرَبِّهِۦ لَكَنُودٌ ﴿٦﴾
وَإِنَّهُۥ عَلَىٰ ذَٰلِكَ لَشَهِيدٌ ﴿٧﴾
وَإِنَّهُۥ لِحُبِّ ٱلْخَيْرِ لَشَدِيدٌ ﴿٨﴾

6 നിശ്ചയമായും, മനുഷ്യന്‍ അവന്‍െറ രക്ഷിതാവിനോട് നന്ദികെട്ടവന്‍ തന്നെ.
7 നിശ്ചയമായും, അവന്‍ അതിന് സാക്ഷ്യം വഹിക്കുന്നവനും തന്നെ.
8 നിശ്ചയമായും, അവന്‍ നല്ലതിനോട് (ധനത്തോട്) സ്നേഹത്തില്‍ കാഠിന്യമുള്ളവനും തന്നെയാണ്.

മനുഷ്യനെ സൃഷ്ടിച്ചുണ്ടാക്കി അവന് വേണ്ടുന്ന എല്ലാ അനുഗ്രഹങ്ങളും നല്‍കി വളര്‍ത്തിപ്പോരുന്ന അല്ലാഹുവിനെക്കുറിച്ചുള്ള ബോധമോ നന്ദിയോ ഇല്ലാതെ, അവന്റെ മുമ്പില്‍ തല കുനിക്കാതെ കഴിഞ്ഞ് കൂടുകയാണ് മനുഷ്യന്‍. അവന്‍ തന്നെ, അതിന് സാക്ഷ്യം വഹിക്കുന്നുണ്ട് - അവന്റെ വാക്കുകള്‍,


www.islamhouse.com

പ്രവൃത്തികൾ എന്നിവയും, അവന്റെ മനസ്സാക്ഷി പോലും അതിന് സാക്ഷിയാണ്. അല്ലാഹുവിനോട് നന്ദി കാട്ടുന്നതിന് പകരം ഐഹിക സുഖ സൗകര്യങ്ങളിലും ധന കേന്ദ്രീകരണത്തിലുമാകുന്നു അവന്റെ ശ്രദ്ധ. കയ്യിലണിഞ്ഞ ധനമാകട്ടെ സൽമാർഗ്ഗത്തിൽ ചിലവഴിക്കാൻ അവൻ കൂട്ടാക്കുകയുമില്ല.

**വചനം 9,10,11:**

۞ أَفَلَا يَعْلَمُ إِذَا بُعْثِرَ مَا فِى ٱلْقُبُورِ ﴿٩﴾ وَحُصِّلَ مَا فِى ٱلصُّدُورِ ﴿١٠﴾ إِنَّ رَبَّهُم بِهِمْ يَوْمَئِذٍ لَّخَبِيرٌۢ ﴿١١﴾

9 എന്നാൽ, അവൻ അറിയുന്നില്ലേ? ഖബ്റുകളിലുള്ളത് ഇളക്കി മറി(ച്ചു പുറത്താ)ക്കപ്പെട്ടാൽ....!-

10 നെഞ്ചു (ഹൃദയം) കളിലുള്ളത് (വെളിക്കു) വരുത്തപ്പെടുകയും (ചെയ്താൽ).....! (എന്തായിരിക്കും അപ്പോൾ അവൻെറ സ്ഥിതി?!)

11 നിശ്ചയമായും, അന്നത്തെ ദിവസം അവരെപ്പറ്റി അവരുടെ റബ്ബ് സൂക്ഷ്മമായി അറിയുന്നവൻ തന്നെ.

മരണപ്പെട്ടവരെല്ലാം ഖബ്റുകളിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുകയും, ഓരോരുത്തന്റെയും ഹൃദയത്തിൽ ഒളിഞ്ഞ് കിടപ്പുള്ള വിചാര വികാര രഹസ്യങ്ങളെല്ലാം ഒന്നൊഴിയാതെ വെളിക്ക് കൊണ്ട് വരപ്പെടുകയും ചെയ്യുന്ന ഒരു ദിവസമുണ്ടെന്ന് അവൻ മനസ്സിലാക്കുന്നില്ല. അല്ലാഹു എല്ലാം ശരിക്കും സൂക്ഷ്മമായും അറിയുന്നവനാണ്. ഇതവർ ഓർത്ത് കൊള്ളട്ടെ.



www.islamhouse.com

# 101. സൂറത്തുല്‍ ഖാരിഅ: (ഭയങ്കര സംഭവം)

**മക്കയില്‍ അവതരിച്ചത്**

**വചനങ്ങള്‍ 11**

ഒന്നാം വചനത്തില്‍ മുട്ടി അലക്കുന്ന സംഭവത്തെ (ഖാരിഅ) കുറിച്ച് അല്ലാഹു പ്രതിപാദിക്കുന്നു.

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍

**വചനം 1,2,3:**

ٱلْقَارِعَةُ ﴿١﴾
مَا ٱلْقَارِعَةُ ﴿٢﴾
وَمَآ أَدْرَىٰكَ مَا ٱلْقَارِعَةُ ﴿٣﴾

1 മുട്ടി അലക്കുന്ന (ആ ഭയങ്കര) സംഭവം!

2 മുട്ടി അലക്കുന്ന സംഭവം എന്നാല്‍ എന്താണ്?!

3 മുട്ടി അലക്കുന്ന സംഭവം എന്നാല്‍ എന്താണെന്ന് നിനക്ക് എന്തറിയാം?!

'മുട്ടി അലക്കുന്ന ആ ഭയങ്കര സംഭവം' എന്നത് കൊണ്ട് ഖിയാമത്ത് നാളാകുന്നു വിവക്ഷ. കാഹളം ഊതുന്നത് കൊണ്ടും ലോകമാസകലം തട്ടിത്തകരുന്നത്കൊണ്ടും ഉണ്ടാകുന്ന ഘോര ശബ്ദവും തുടര്‍ന്നുണ്ടാകുന്ന വമ്പിച്ച ഭീകരാവസ്ഥകളും കാരണമായി ഖിയാമത്ത് നാളിന് ആ പേര്‍ നല്‍കപ്പെട്ടിരിക്കുന്നു.

**വചനം 4,5:**

يَوْمَ يَكُونُ ٱلنَّاسُ كَٱلْفَرَاشِ ٱلْمَبْثُوثِ ﴿٤﴾
وَتَكُونُ ٱلْجِبَالُ كَٱلْعِهْنِ ٱلْمَنفُوشِ ﴿٥﴾

4 (അതെ) മനുഷ്യന്‍ ചിന്നിച്ചിതറിയ പാറ്റപോലെ ആയിത്തീരുന്ന ദിവസം!-

5 പര്‍വതങ്ങള്‍ കടയപ്പെട്ട രോമംപോലെ ആയിത്തീരുകയും ചെയ്യുന്ന (ദിവസം)! (അന്നാണ് ആ സംഭവം.)

അന്നേ ദിവസം ഭയ വിഹ്വലരായ മനുഷ്യ കോടികള്‍, പാറ്റ കൂട്ടങ്ങളെപ്പോലെ ചിന്നിചിതറുകയും നിശ്ചലമായി ഉറച്ച് നില്‍ക്കുന്ന പര്‍വ്വത കൂട്ടങ്ങള്‍ കടഞ്ഞ രോമങ്ങളെപ്പോലെ ധൂളികളായി തട്ടി നിരത്തപ്പെടുകയും ചെയ്യും.

**വചനം 6,7,8,9,10,11:**

فَأَمَّا مَن ثَقُلَتْ مَوَٰزِينُهُۥ ﴿٦﴾
فَهُوَ فِى عِيشَةٍ رَّاضِيَةٍ ﴿٧﴾
وَأَمَّا مَنْ خَفَّتْ مَوَٰزِينُهُۥ ﴿٨﴾
فَأُمُّهُۥ هَاوِيَةٌ ﴿٩﴾
وَمَآ أَدْرَىٰكَ مَا هِيَهْ ﴿١٠﴾
نَارٌ حَامِيَةٌۢ ﴿١١﴾

6 അപ്പോള്‍, യാതൊരുവന്‍െറ തുലാസ്സുകള്‍ (അഥവാ തൂക്കം) ഘനംതൂങ്ങിയോ അവന്‍;-

7 അവന്‍, തൃപ്തികരമായ ജീവിതത്തിലായിരിക്കും.

8 എന്നാല്‍, യാതൊരുവന്‍െറ തുലാസ്സുകള്‍ (അഥവാ തൂക്കം) ലഘുവായോ അവനാകട്ടെ,

9 അവന്‍െറ സങ്കേതം 'ഹാവിയഃ'(അഗാധ നരകം) ആകുന്നു.

10 അത് ('ഹാവിയ:') എന്താണെന്ന് നിനക്ക് എന്തറിയാം?!-

11 ചൂടേറിയ അഗ്നിയത്രെ!

മനുഷ്യന്റെ കര്‍മ്മങ്ങളെല്ലാം, ഖിയാമത്ത് നാളില്‍ അല്ലാഹുവിന്റെ പ്രത്യേക സംവിധാനത്തി



www.islamhouse.com

ലൂടെ തൂക്കിക്കണക്കാക്കപ്പെടുന്നതാണെന്ന് ഖുർആൻ പല സ്ഥലത്തും പ്രസ്താവിച്ചിട്ടുള്ളതാകുന്നു.

സൂ.അഅ്റാഫ് 8, 9: വചനങ്ങളിൽ അല്ലാഹു പറയുന്നു: "അന്നത്തെ ദിവസം തൂക്കി കണക്കാക്കൽ യഥാർത്ഥ്യമായുള്ളതാണ്. അപ്പോൾ യാതൊരുവരുടെ തുലാസ്സുകൾ - അഥവാ തൂക്കം - കനം തൂങ്ങിയോ, അവരത്രേ ഭാഗ്യവാന്മാർ. യാതൊരുവരുടെ തുലാസുകൾ തൂക്കം ലഘുവായോ, അവരത്രേ സ്വയം നഷ്ടപ്പെടുത്തിയവർ."

ആ ഭാഗ്യ നഷ്ടങ്ങളുടെ വിശദീകരണമാണ് ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നത്. അതെ, സൽകർമ്മങ്ങൾക്ക് മുൻതൂക്കം ലഭിച്ചവർ ഭാഗ്യവാന്മാരും സ്വർഗ്ഗാവകാശികളും, അതിന് പിൻതൂക്കം വന്ന് പോയവർ നഷ്ടക്കാരും നരകാവകാശികളും.

അല്ലാഹു നമ്മെ സൽകർമ്മങ്ങൾക്ക് മുൻതൂക്കം ലഭിക്കുന്ന ഭാഗ്യവാന്മാരിൽ ഉൾപ്പെടുത്തട്ടെ - ആമീൻ.



www.islamhouse.com

# 102. സൂറത്തു ത്-തകാഥുർ
# (പെരുമ നടിക്കൽ)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 8

ഒന്നാം വചനത്തിൽ പെരമ നടിക്കുന്നതിനെ (തകാഥുർ) കുറിച്ച് അല്ലാഹു പ്രതിപാദിക്കുന്നു.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ بسم الله الرحمن الرحيم

**വചനം 1,2:**

أَلْهَىٰكُمُ ٱلتَّكَاثُرُ ﴿١﴾

1 പരസ്പരം പെരുപ്പം കാണിക്കൽ നിങ്ങളെ അശ്രദ്ധയിലാക്കിയിരിക്കയാണ്,-

حَتَّىٰ زُرْتُمُ ٱلْمَقَابِرَ ﴿٢﴾

2 നിങ്ങൾ ഖബ്ർസ്ഥാനങ്ങളെ സന്ദർശിക്കുന്നതു വരേക്കും.

ധനം, മക്കൾ മുതലായ ഭൗതിക സൗകര്യങ്ങൾ എനിക്ക് മറ്റുള്ളവരേക്കാൾ അധികമുണ്ടെന്ന നാട്യത്തിനും അധികമുണ്ടായിരിക്കണമെന്ന മത്സര മനസ്ഥിതിക്കുമാണ് പെരുപ്പം നടിക്കൽ (തകാഥുർ) എന്ന് പറയുന്നത് (സൂ.ഹദീദ്: 20-ാം വചനം നോക്കുക). ഖബർ സ്ഥാനം സന്ദർശിക്കുന്നത് വരെ - അഥവാ മരണപ്പെട്ടു പോകുന്നത് വരെ - ഐഹിക സുഖ സൗകര്യങ്ങളിൽ വ്യാപൃതനാകുകയും പര ലോക ജീവിതത്തെക്കുറിച്ചുള്ള ശ്രദ്ധ നഷ്ടപ്പെടുകയും ചെയ്യുന്നതിനെക്കുറിച്ചാണ് അല്ലാഹു താക്കീത് ചെയ്യുന്നത്.

1-ാം വചനം ഓതിക്കൊണ്ട് നബി(സ) പറയുകയുണ്ടായി: “ആദമിന്റെ മകൻ പറയും ‘എന്റെ ധനം, എന്റെ ധനം’ എന്ന്. ഹേ മനുഷ്യാ, നീ തിന്ന് തീർത്തതോ, നീ ഉടുത്ത് പാഴാക്കിയതോ, നീ ധർമ്മം കൊടുത്തതോ, അല്ലാതെ, മറ്റെല്ലാം തന്നെ ജനങ്ങൾക്കായി നീ വിട്ടൊഴിഞ്ഞ് പോകുന്നതാണ്” (അ; മു; തി). എന്നിരിക്കെ, ഐഹിക സുഖസൗകര്യങ്ങൾക്ക് അമിതമായ പ്രാധാന്യം നൽകുന്നതിൽ പരം വിഡ്ഢിത്തം മറ്റെന്തുണ്ട്.

**വചനം 3,4,5,6,7,8:**

كَلَّا سَوْفَ تَعْلَمُونَ ﴿٣﴾

3 വേണ്ടാ, വഴിയെ നിങ്ങൾക്ക് അറിയാറാകും!

ثُمَّ كَلَّا سَوْفَ تَعْلَمُونَ ﴿٤﴾

4 പിന്നെ, വേണ്ടാ! വഴിയെ നിങ്ങൾക്ക് അറിയാറാകും!

كَلَّا لَوْ تَعْلَمُونَ عِلْمَ ٱلْيَقِينِ ﴿٥﴾

5 വേണ്ടാ! നിങ്ങൾ ദൃഢമായ അറിവ് അറിയുമായിരുന്നെങ്കിൽ! (എന്നാൽ നിങ്ങൾ അങ്ങിനെ ചെയ്യുമായിരുന്നില്ല.)

لَتَرَوُنَّ ٱلْجَحِيمَ ﴿٦﴾

6 ജ്വലിക്കുന്ന നരകത്തെ നിശ്ചയമായും നിങ്ങൾ കാണുകതന്നെ ചെയ്യും.

ثُمَّ لَتَرَوُنَّهَا عَيْنَ ٱلْيَقِينِ ﴿٧﴾

7 പിന്നെ, നിശ്ചയമായും, നിങ്ങൾ അതിനെ ദൃഢമായ കൺകാഴ്ചയായി കാണുകതന്നെ ചെയ്യും.

ثُمَّ لَتُسْـَٔلُنَّ يَوْمَئِذٍ عَنِ ٱلنَّعِيمِ ﴿٨﴾

8 പിന്നീട് അന്നത്തെ ദിവസം, നിങ്ങളോട് സുഖാനുഗ്രഹങ്ങളെപ്പറ്റി നിശ്ചയമായും ചോദ്യം ചെയ്യപ്പെടും!

ഇഹത്തിൽ വെച്ച് മനുഷ്യൻ അനുഭവിച്ചതും ആസ്വദിച്ചതുമായ എല്ലാ സുഖ സൗകര്യങ്ങളെക്കുറിച്ചും മനുഷ്യൻ ചോദ്യം ചെയ്യപ്പെടുന്നതാണ്. കത്തിജ്വലിക്കുന്ന നരകം കൺമുമ്പിൽ ഹാജരാക്കപ്പെട്ടിട്ടുമുണ്ടായിരിക്കും. ഇതെല്ലാം കേവലം ചില ഊഹ വാർത്തകളല്ല, സുദൃഢവും അനുഭവത്തിൽ കണ്ടറിയുവാനിരിക്കുന്നതുമായ യാഥാർത്ഥ്യങ്ങളാകുന്നു.



www.islamhouse.com

സൂ.ഇസ്രാഅ്: 36-ാം വചനത്തിൽ അല്ലാഹു പറയുന്നു: "നിശ്ചയമായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്."

"ഒരു മനുഷ്യൻ അവന്റെ ആയുഷ്കാലം എങ്ങനെ വിനിയോഗിച്ചു എന്നും, അവന്റെ യുവത്വം എന്തിന് നശിപ്പിച്ചു എന്നും, അവന്റെ ധനം എങ്ങനെ സമ്പാദിച്ചു എങ്ങനെ ചിലവഴിച്ചു എന്നും, അവന് അറിയാവുന്ന കാര്യത്തിൽ അവൻ എന്താണ് പ്രവർത്തിച്ചത് എന്നും ചോദ്യം ചെയ്യപ്പെടാതെ ഖിയാമത്ത് നാളിൽ അവന്റെ കാലടികൾ വിചാരണാ നിലയും വിട്ട് നീങ്ങുകയില്ല" എന്ന നബി വചനം പ്രത്യേകം ശ്രദ്ധേയമാകുന്നു.



www.islamhouse.com

# 103. സൂറത്തുൽ അസ്വ്ർ (കാലം)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 3

"നബി(സ) തിരുമേനിയുടെ സഹാബികളിൽ രണ്ട് പേർ കണ്ട് മുട്ടിയാൽ ഒരാൾ മറ്റെയാളെ സൂറത്തുൽ - അസ്വ്ർ ഓതികേൾപ്പിക്കാതെ അവർ പിരിഞ്ഞ് പോകാറില്ല" എന്ന് ഉബൈദുല്ലാഹ്ബ്നു ഹഫ്സ്വ(റ) പറഞ്ഞതായി ഇമാം ത്വബ്റാനി ഉദ്ധരിച്ചിരിക്കുന്നു.

"ഖുർആനിലെ എല്ലാ വിജ്ഞാനങ്ങളും ഈ സൂറത്ത് ഉൾക്കൊണ്ടിരിക്കുന്നു" എന്ന് ഇമാം ശാഫി(റ) ഈ സൂറത്തിനെപറ്റി പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

ഒന്നാം വചനത്തിൽ അല്ലാഹു കാലം തന്നെയാണ് (അസ്വ്ർ) സത്യം എന്ന് പ്രസ്താവിച്ചിരിക്കുന്നു.

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3:**

وَٱلْعَصْرِ ۝١

إِنَّ ٱلْإِنسَـٰنَ لَفِى خُسْرٍ ۝٢

إِلَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ وَتَوَاصَوْا۟ بِٱلْحَقِّ وَتَوَاصَوْا۟ بِٱلصَّبْرِ ۝٣

1 കാലംതന്നെയാണ (സത്യം)!

2 നിശ്ചയമായും, മനുഷ്യൻ നഷ്ടത്തിൽ തന്നെയാണ്;-

3 വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും, യഥാർത്ഥത്തെക്കുറിച്ച് അന്യോന്യം 'ഒസിയ്യത്ത്' (ബലമായ ഉപദേശം) ചെയ്യുകയും, ക്ഷമയെക്കുറിച്ച് അന്യോന്യം'ഒസിയ്യത്ത്' ചെയ്യുകയും ചെയ്തവരൊഴികെ. (ഇവർ മാത്രം നഷ്ടത്തിലല്ല.)

ലോകാലോകങ്ങളിൽ നടമാടിക്കൊണ്ടിരിക്കുന്ന എണ്ണമറ്റ സംഭവങ്ങളെല്ലാം തന്നെ കാലത്തിന്റെ കണ്ണികളിൽ ഒതുങ്ങി നിൽക്കുന്നവയത്രേ. കാലം സാക്ഷിയാകാത്ത സംഭവങ്ങളോ ചരിത്രങ്ങളോ ഇല്ല തന്നെ. ആ കാലത്തെ മുൻനിർത്തി, സത്യം ചെയ്തുകൊണ്ട്, മനുഷ്യന്റെ ആദ്യം തൊട്ട് അവസാനം വരെ ബാധകമായ ഒരു നിയമം അല്ലാഹു നമ്മെ അറിയിക്കുന്നു - സത്യ വിശ്വാസം, സൽകർമ്മങ്ങൾ, യഥാർത്ഥത്തെ പറ്റി പരസ്പരം ഉപദേശിക്കൽ, ക്ഷമയെ പറ്റി പരസ്പരം ഉപദേശിക്കൽ എന്നീ നാല് കാര്യങ്ങൾ അനുഷ്ഠിക്കാത്ത മനുഷ്യരെല്ലാം നഷ്ടക്കാരിൽ പെട്ടവരാകുന്നു.

അല്ലാഹു ഇവിടെ ഉദ്ദേശിക്കുന്ന 'നഷ്ടം' എന്നത് ഭൗതികമോ, ഐഹികമൊ ആയ നാമമാത്ര നഷ്ടം അല്ല, ആ നഷ്ടം - പാരത്രികമായ ആ ശാശ്വത നഷ്ടം - എന്താണെന്നതിനെക്കുറിച്ച് അല്ലാഹു തന്നെ ഖുർആനിൽ പലയിടത്തായി നമുക്ക് വിവരിച്ച് തന്നിട്ടുള്ളതാകുന്നു - സൂ: അൽ കഹ്ഫ് 103-106; സൂ.മുനാഫിഖൂൻ: 9; സു.ഹജ്ജ്: 11; സു.ആലു ഇംറാൻ: 85 എന്നീ വചനങ്ങൾ ഉദാഹരണങ്ങളാകുന്നു.

ഈ നഷ്ടത്തിൽ നിന്നും രക്ഷപ്പെടുവാൻ നാല് കാര്യങ്ങളാണ് അല്ലാഹു രക്ഷാ മാർഗ്ഗമായി എടുത്ത് കാട്ടുന്നത്:

ഒന്നാമതായി - വിശ്വാസം, അല്ലാഹുവിലും അവന്റെ പ്രവാചകന്മാരിലും, വേദഗ്രന്ഥങ്ങളിലും, അന്ത്യനാൾ തുടങ്ങിയ കാര്യങ്ങളിലും ഉള്ള സുദൃഢവും സൽകർമ്മങ്ങൾക്ക് പ്രചോദനം നൽകുന്നതുമായിട്ടുള്ള വിശ്വാസം (സു.ഹുജുറാത്ത്: 14,15 വചനങ്ങൾ നോക്കുക).

രണ്ടാമതായി - സൽകർമ്മങ്ങൾ പ്രവർത്തിക്കൽ, മേൽ പറഞ്ഞ സത്യവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ, ജീവിതത്തിന്റെ നാനാ തുറകളിലും അനുസരിക്കപ്പെടേണ്ടതുള്ള നിയമ നിർദ്ദേശങ്ങൾ അനുഷ്ഠിച്ച് കൊണ്ട് അല്ലാഹുവിന് ആരാധനാ കർമ്മങ്ങൾ നിർവ്വഹിക്കുകയും ജനങ്ങളോടും സഹസൃഷ്ടികളോടും, തന്നോട്തന്നെയും പാലിക്കേണ്ടുന്ന കടമകളും മര്യാദകളും പാലിക്കുകയും ചെയ്യുക.



www.islamhouse.com

മൂന്നാമതായി - പരസ്പരം യഥാർത്ഥം കൊണ്ട് - അഥവാ വിശ്വാസപരമായോ, കർമ്മ പരമായോ, വേണ്ടപ്പെട്ടതും സ്ഥിരപ്പെട്ടതുമായ എല്ലാ കാര്യങ്ങൾ കൊണ്ടും - അന്യോന്യം ഒസിയ്യത്ത് ചെയ്യുകയെന്നതാണ്. വേണ്ടപ്പെട്ട കാര്യങ്ങളെക്കുറിച്ച് ഉപദേശം നൽകലും വെറുക്കപ്പെട്ട കാര്യങ്ങളെക്കുറിച്ച് വിരോധിക്കുകയെന്നതും മുസ്ലിംകളുടെ പൊതു കടമയുമാകുന്നു.

നാലാമതായി - ക്ഷമയെ പറ്റി പരസ്പരം ഒസിയത്ത് ചെയ്യുകയെന്നതത്രേ. സത്യോപദേശങ്ങൾ നൽകുമ്പോൾ അതിനെതിരിൽ നേരിട്ടേക്കാവുന്ന എതിർപ്പുകളേയും വിഷമങ്ങളേയും സഹിക്കുക, ആപത്തുകളിലും പരീക്ഷണങ്ങളിലും ക്ഷമ കൈക്കൊള്ളുക, മത കാര്യങ്ങൾ അനുഷ്ഠിക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകളെ ക്ഷമാപൂർവ്വം തരണം ചെയ്യുക എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

വളരെ ചെറിയ ഒരു സൂറത്ത് ആണെങ്കിലും, അതി വിപുലവും അർത്ഥഗർഭവുമായ ആശയങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ സൂറത്ത്. വ്യക്തികളുടെയും സമുദായത്തിന്റെയും വിജയ മാർഗ്ഗങ്ങൾ മുഴുവനും അതിൽ സംക്ഷിപ്തമായി വിവരിക്കപ്പെട്ടിരിക്കുന്നു.



www.islamhouse.com

# 104. സൂറത്തുൽ ഹുമസ: (കുത്തിപ്പറയുന്നവർ)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 9

എല്ലാ കുത്തിപ്പറയുന്ന(ഹുമസ:)വർക്കും നാശം എന്ന് ഒന്നാം വചനത്തിൽ തന്നെ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3:**

وَيْلٌ لِّكُلِّ هُمَزَةٍ لُّمَزَةٍ ١

1 (അന്യരെ) കുത്തിപ്പറയുന്നവരും കുറവാക്കുന്നവരുമായ എല്ലാവർക്കും നാശം!

ٱلَّذِى جَمَعَ مَالًا وَعَدَّدَهُۥ ٢

2 അതായത്, ധനം ശേഖരിക്കുകയും, അത് എണ്ണി നോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവന് (നാശം).

يَحْسَبُ أَنَّ مَالَهُۥٓ أَخْلَدَهُۥ ٣

3 അവൻെറ ധനം അവനെ ശാശ്വതനാക്കിയിരിക്കുന്നുവെന്ന് അവൻ വിചാരിക്കുന്നു.

എങ്ങനെയെങ്കിലുമൊക്കെ കുറെ ധനം ശേഖരിച്ചുണ്ടാക്കുകയും അത് വേണ്ടപ്പെട്ട വിഷയങ്ങളിൽ വിനിയോഗിക്കാതെ അഹങ്കാരപൂർവ്വം അത് എണ്ണി നോക്കി അതിനെപറ്റി മാത്രം ചിന്താ വിഷയമാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ദുഷ്ടന്മാരിൽ സ്വാഭാവികമായി കണ്ടു വരുന്ന ഒരു സ്വഭാവമാണ് അന്യരെ കുത്ത് വാക്കുകൾ ഉപയോഗിച്ച് ഇടിച്ച് താഴ്ത്തലും കുറ്റവും കുറവും എടുത്ത് കാട്ടി ദുഷിച്ച് കൊണ്ടിരിക്കലും. തങ്ങളുടെ ധനം തങ്ങൾക്ക് ഈ ലോകത്ത് ശാശ്വത ജീവിതം നേടിത്തരുമെന്നുള്ള ഭാവമായിരിക്കും ആ ധന പൂജകന്മാരിൽ പ്രകടമാകുന്നത്. ഇങ്ങനെയുള്ളവർക്ക് വമ്പിച്ച നാശമാണുള്ളതെന്ന് അല്ലാഹു അവരെ താക്കീത് ചെയ്യുന്നു.

**വചനം 4,5,6,7,8,9:**

كَلَّا ۖ لَيُنۢبَذَنَّ فِى ٱلْحُطَمَةِ ٤

4 വേണ്ട! നിശ്ചയമായും അവൻ 'ഹുത്വമഃ'യിൽ (ധ്വംസിച്ചു കളയുന്ന നരകത്തിൽ) എറിയപ്പെടുന്നതാണ്.

وَمَآ أَدْرَىٰكَ مَا ٱلْحُطَمَةُ ٥

5 'ഹുത്വമഃ' എന്നാലെന്താണെന്ന് നിനക്ക് എന്തറിയാം?!-

نَارُ ٱللَّهِ ٱلْمُوقَدَةُ ٦

6 അല്ലാഹുവിൻെറ ജ്വലിപ്പിക്കപ്പെട്ട അഗ്നിയത്രെ (അത്)!-

ٱلَّتِى تَطَّلِعُ عَلَى ٱلْأَفْـِٔدَةِ ٧

7 (എന്നുവെച്ചാൽ) ഹൃദയങ്ങളിൽ (കയറിച്ചെന്ന്) എത്തിനോക്കുന്നത്.

إِنَّهَا عَلَيْهِم مُّؤْصَدَةٌ ٨

8 നിശ്ചയമായും, അത് അവരുടെമേൽ അടച്ചുമൂടപ്പെടുന്നതായിരിക്കും:-

فِى عَمَدٍ مُّمَدَّدَةٍۭ ٩

9 നീട്ടിയുണ്ടാക്കപ്പെട്ട (വമ്പിച്ച) തൂണുകളിലായിക്കൊണ്ട്.

മേൽ പറഞ്ഞ ധിക്കാരികളെ അല്ലാഹു 'ഹുത്വമ'യിൽ എറിയുന്നതാണ്. നരകത്തിന്റെ വിശേഷണ നാമമായ 'ഹുത്വമ'യുടെ വിശദീകരണമത്രേ തുടർന്നുള്ള വചനങ്ങളിൽ കാണുന്നത്. അല്ലാഹു പ്രത്യേകമായി ജ്വലിപ്പിച്ചു വെച്ചിട്ടുള്ള കഠിന കഠോരമായ ഒരു പ്രത്യേകാഗ്നിയാകുന്നു ഹുത്വമ. ബാഹ്യാവയങ്ങളെ മാത്രമല്ല, ഹൃദയങ്ങളുടെ ഉള്ളോട്ട് കയറിച്ചെന്ന് അവയെയും അത് കടന്നാക്രമിക്കുന്നതാണ്. മാത്രമല്ല, അവർ വമ്പിച്ച നെടും തൂണുകൾക്കിടയിൽ ബന്ധിക്കപ്പെടുകയും, വാതിലുകൾ അടച്ച് മൂടപ്പെടുകയും ചെയ്യുന്നു. അങ്ങനെ യാതൊരു രക്ഷാ മാർഗ്ഗവും ഇല്ലാതെ നാനാഭാഗത്ത് കൂടെയും അവർ നിത്യ യാതന അനുഭവിച്ച് കൊണ്ടിരിക്കുകയും ചെയ്യും.

അല്ലാഹു നമ്മെയെല്ലാം കാത്ത് രക്ഷിക്കട്ടെ - ആമീൻ.



www.islamhouse.com

# 105. സൂറത്തുൽ ഫീൽ (ആന)

**മദീനായിൽ അവതരിച്ചത്**

വചനങ്ങൾ 5

ഈ സൂറത്തിന്റെ അവതരണവുമായി ബന്ധപ്പെട്ട ചരിത്ര പ്രസിദ്ധമായ ഒരു സംഭവം താഴെ വിവരിക്കുന്നു.

അബിസീനിയായിലെ ചക്രവർത്തിയായിരുന്ന നജ്ജാശിയുടെ കീഴിൽ യമൻ ഭരിച്ചിരുന്ന അബ്രഹത്ത് എന്ന ഒരു രാജാവ്, ചക്രവർത്തിയുടെ പ്രീതി സമ്പാദിക്കാനായി യമനിൽ വലിയ ഒരു ക്യസ്തീയ ദേവാലയം പണിതു. ഖുറൈശികളുടെ കഅബ ദേവാലയം പൊളിച്ചു മാറ്റി, ആളുകൾ അവിടേക്ക് ഹജ്ജ് കർമ്മത്തിന് പോകുന്ന പതിവ് നിർത്തലാക്കിയാലേ ആ ക്രിസ്തീയ ദേവാലയത്തിലേക്ക് ആളുകളെ ആകർഷിക്കുവാൻ സാധിക്കുകയുള്ളൂ എന്നയാൾ മനസ്സിലാക്കി. അങ്ങനെ ഖുറൈശികളുടെ കഅബ: പൊളിച്ച് നീക്കാനുള്ള ഉദ്ദേശവുമായി, അബ്രഹത്ത് ഒരു വമ്പിച്ച സേനയുമായി മക്കയിലേക്ക് നീങ്ങുകയുണ്ടായി. ഈ സൈന്യത്തിൽ ഒന്നോ അധികമോ ആനകൾ ഉണ്ടായിരുന്നതിനാൽ ആ സേനയെ ആനപ്പട്ടാളം എന്ന് പറയപ്പെട്ടു.

അബ്രഹത്തിന്റെ വരവിന്റെ ഉദ്ദേശ്യമറിഞ്ഞ ഖുറൈശികൾ, തങ്ങളുടെ ജീവനെപ്പോലെ ബഹുമാനിച്ചാദരിച്ച് വരുന്ന കഅ്ബ:യെ സംരക്ഷിക്കുവാനുള്ള കെൽപ്പോ കരുത്തോ തങ്ങൾക്ക് ഇല്ലാത്തതിനാൽ, ആ കാഴ്ച കാണരുതെന്നും, അതിനാൽ നേരിടാവുന്ന ആപത്ത് തങ്ങൾക്ക് പിണയരുതെന്നും കരുതി അവർ സ്ഥലം വിട്ട് പോകുകയാണുണ്ടായത്.

അബ്രഹത്ത് കഅ്ബായിലേക്കുള്ള വഴിമദ്ധ്യേ കഅ്ബ:യുടെ മേൽനോട്ടം വഹിക്കുന്ന അബ്ദുൽ മുത്തലിബ് (നബി(സ)യുടെ പിതാമഹൻ)ന്റെ ഇരുനൂറ് ഒട്ടകങ്ങളെ പിടിച്ചടക്കിയിരുന്നു. അബ്ദുൽ മുത്തലിബ് അബ്രഹത്തിനെ സമീപിച്ച് തന്റെ ഒട്ടകത്തെ വിട്ട് തരണമെന്ന് അഭ്യർത്ഥിച്ചപ്പോൾ നിങ്ങളുടെ മത കേന്ദ്രത്തെ പറ്റി ഒന്നും പറയാത്ത നിങ്ങൾ ഒരു കൊള്ളരുതാത്തവൻ തന്നെ എന്ന് അധിക്ഷേപിക്കുകയുണ്ടായി. അപ്പോൾ അബ്ദുൽ മുത്വലിബ് ഇപ്രകാരം പ്രതിവചിച്ചു:

“ഞാനാണ് ഒട്ടകത്തിന്റെ ഉടമസ്ഥൻ. ആ മന്ദിരത്തിന് ഒരു ഉടമസ്ഥനുണ്ട്. അതവൻ സംരക്ഷിച്ചു കൊള്ളും.”

അങ്ങനെ മുമ്പിൽ ആനയുമായി സൈന്യം മുന്നോട്ട് നീങ്ങി. കഅബായുടെ നേർക്ക് തിരിഞ്ഞതോടെ ആന മുട്ടു കുത്തി, മുന്നോട്ട് നീങ്ങാതായി. വളരെ കിണഞ്ഞ് ശ്രമിച്ചിട്ടും ആന കഅ്ബയുടെ ഭാഗത്തേക്ക് തിരിയുന്നു പോലുമില്ല. തുടർന്ന് അല്ലാഹു അവരിലേക്ക് ഒരു തരം പക്ഷികൂട്ടത്തെ നിയോഗിച്ചയക്കുകയും ഒരു പ്രത്യേക തരം കല്ലുകൾ അവ സൈന്യത്തിന് മീതെ വർഷിക്കുകയും ആ സൈന്യത്തെ നാമാവശേഷമാക്കിത്തീർക്കുകയും ചെയ്തു. അങ്ങനെ അല്ലാഹു അവന്റെ മന്ദിരത്തെ കാത്തു രക്ഷിക്കുകയും ചെയ്തു.

ഈ സംഭവം ഉണ്ടായത് ഏ.ഡി.571-ാം വർഷത്തിലായിരുന്നു. (ഏപ്രിൽ 2-ാം തിയതിയാണെന്ന് ചിലർ ക്ലിപ്തപ്പെടുത്തി പ്രസ്താവിച്ചിട്ടുമുണ്ട്.) ഈ വർഷത്തിലായിരുന്നു നബി(സ) തിരുമേനിയുടെ ജനനവും. ഹിജ്റാ വർഷാരംഭം ഇസ്ലാമിൽ അംഗീകരിക്കപ്പെടുന്നത് വരെ, അറബികൾ ആനക്കലഹം മുതൽ പിന്നീടുണ്ടാകുന്ന സംഭവങ്ങൾക്ക് കാലം നിർണ്ണയിക്കുക പതിവായിരുന്നു.

ആനക്കാരെ (അസ്ഹാബിൽ ഫീൽ)ക്കുറിച്ച് ആദ്യ വചനത്തിൽ തന്നെ പ്രതിപാദിക്കുന്നതാണ്, സൂറത്തിന്റെ നാമത്തിന് നിദാനം.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3,4,5:**

1 ആനക്കാരെക്കൊണ്ട് നിൻെറ റബ്ബ് ചെയ്തതെങ്ങിനെയാണെന്ന് നീ കണ്ടില്ലേ?!-

أَلَمْ تَرَ كَيْفَ فَعَلَ رَبُّكَ بِأَصْحَٰبِ ٱلْفِيلِ ﴿١﴾



www.islamhouse.com

| | |
|---|---|
| 2 അവരുടെ തന്ത്രം അവന്‍ പിഴവിലാക്കിയില്ലേ?!- | أَلَمْ يَجْعَلْ كَيْدَهُمْ فِى تَضْلِيلٍ ۝٢ |
| 3 അവരുടെമേല്‍ അവന്‍ കൂട്ടംകൂട്ടമായി ഒരു തരം പക്ഷികളെ അയക്കുകയും ചെയ്തു:- | وَأَرْسَلَ عَلَيْهِمْ طَيْرًا أَبَابِيلَ ۝٣ |
| 4 അവ അവരെ (ചൂളവെച്ച) ഇഷ്ടികക്കല്ലു കൊണ്ട് എറിഞ്ഞിരുന്നു. | تَرْمِيهِم بِحِجَارَةٍ مِّن سِجِّيلٍ ۝٤ |
| 5 അങ്ങനെ, അവരെ അവന്‍ തിന്നപ്പെട്ട വൈക്കോല്‍തുരുമ്പുപോലെ ആക്കി. | فَجَعَلَهُمْ كَعَصْفٍ مَّأْكُولٍۭ ۝٥ |

'ആനക്കാര്‍' എന്ന് പറഞ്ഞത് അബ്റഹത്തിനെയും സൈന്യത്തേയും ഉദ്ദേശിച്ച് തന്നെ. അവരുടെ തന്ത്രം എന്നത് കൊണ്ടുദ്ദേശം, കഅ്ബ:യെ നശിപ്പിച്ച് ജനങ്ങളുടെ തീര്‍ത്ഥാടന യാത്രകള്‍ യമനിലെ കൃസ്തീയ ദേവാലയത്തിലേക്ക് ആക്കിത്തീര്‍ക്കാനുള്ള പരിപാടിയാകുന്നു. ആ സൈന്യത്തെ പരാജയപ്പെടുത്തിയതിനെക്കുറിച്ച് അല്ലാഹു ഇപ്രകാരം വിവരിക്കുന്നു.

കൂട്ടം കൂട്ടമായി ഒരു തരം പക്ഷികളെ അല്ലാഹു അവരില്‍ നിയോഗിച്ചു. അവ, അവരെ കളിമണ്ണ് കൊണ്ടുള്ള, ചൂളയില്‍ വെച്ച ഒരുതരം കല്ലുകള്‍ - അഥവാ ഇഷ്ടികക്കല്ലുകള്‍ - കൊണ്ട് എറിയുകയും അങ്ങനെ സൈന്യം, കന്ന് കാലികള്‍ തിന്നശേഷം നിലത്ത് കൊഴിഞ്ഞ് കിടക്കുന്ന വൈക്കോല്‍ തുരുമ്പെന്നോണം ചിന്നിച്ചിതറി നശിച്ച് പോകുകയും ചെയ്തു.

'സിജ്ജീല്‍' എന്നാണ് അവരെ എറിയാനുപയോഗിച്ച കല്ലിനെക്കുറിച്ച് അല്ലാഹു പറഞ്ഞത്. ലൂത്ത്(അ) നബിയുടെ ജനതയെ നശിപ്പിക്കാന്‍ വര്‍ഷിച്ച കല്ലിന് അല്ലാഹു പ്രസ്തുത പദം (സൂ.ഹൂദ്:82) പ്രയോഗിച്ചിരിക്കുന്നു. ഇതേ കല്ലിനെക്കുറിച്ച് സൂ: ദാരിയാത്ത്: 33-ാം വചനത്തിലും പറയപ്പെട്ടിട്ടുണ്ട്.

വിശുദ്ധ കഅ്ബയെ നശിപ്പിക്കുവാന്‍ തയാറെടുത്ത് വന്ന ഒരു ആന പട്ടാളത്തെ അല്ലാഹു കഠിനമായി ശിക്ഷിച്ച് പരാജയപ്പെടുത്തിയ ചരിത്ര പ്രസിദ്ധമായ സംഭവമാണ് ഈ സൂറത്തില്‍ അടങ്ങിയിരിക്കുന്നത്. പ്രസ്തുത സംഭവം മുഖേന അല്ലാഹു ഖുറൈശികള്‍ക്ക് നല്‍കിയ അനുഗ്രഹം, അതിലടങ്ങിയ ദൈവിക ദൃഷ്ടാന്തങ്ങള്‍ എന്നിവയെക്കുറിച്ച് അവരെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. ഈ സംഭവം നടക്കുമ്പോള്‍ ദൃക്സാക്ഷികളായരുന്ന പല അറബികളും ഈ സൂറത്ത് അവതരിക്കുമ്പോളും ജീവിച്ചിരിപ്പുണ്ടായിരുന്നു.



www.islamhouse.com

# 106. സൂറത്തുൽ ഖുറൈശ് (ഖുറൈശ് ഗോത്രം)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 4

'ഖുറൈശ്' എന്ന പേരിൽ അറിയപെടുന്നതും ഖുറൈശികളെ (ഒന്നാം വചനം നോക്കുക) സംബന്ധിച്ച് മാത്രം പ്രസ്താവിക്കപ്പെട്ടുള്ളതുമായ ഒരു അദ്ധ്യായമാകുന്നു ഇത്.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3,4:**

1 ഖുറൈശികൾക്ക് ഇണക്കമുണ്ടാക്കിക്കൊടുത്തതിനാൽ,-

لِإِيلَٰفِ قُرَيۡشٍ ﴿١﴾

2 അതായത്, ശൈത്യകാലത്തെയും, ഉഷ്ണകാലത്തെയും യാത്ര അവർക്ക് ഇണക്കിക്കൊടുത്തത്;-

إِۦلَٰفِهِمۡ رِحۡلَةَ ٱلشِّتَآءِ وَٱلصَّيۡفِ ﴿٢﴾

3 അതിനാൽ, അവർ ഈ വീട്ടിന്റെ റബ്ബിനെ ആരാധിച്ചുകൊള്ളട്ടെ;-

فَلۡيَعۡبُدُواْ رَبَّ هَٰذَا ٱلۡبَيۡتِ ﴿٣﴾

4 (അതെ) അവർക്ക് വിശപ്പിന് ഭക്ഷണം നൽകുകയും അവർക്ക് ഭയത്തിന് സമാധാനം നൽകുകയും ചെയ്തവനെ (ആരാധിച്ചുകൊള്ളട്ടെ).

ٱلَّذِيٓ أَطۡعَمَهُم مِّن جُوعٖ وَءَامَنَهُم مِّنۡ خَوۡفِۭ ﴿٤﴾

വിശുദ്ധ കഅ്ബയുടെ ശുശ്രൂഷകരും ഭരണാധിപരുമെന്ന നിലക്ക് ഖുറൈശികൾക്ക് അറബികൾക്കിടയിൽ വലിയ പ്രശസ്തിയുണ്ടായിരുന്നു. എന്നാൽ ജീവിത മാർഗ്ഗങ്ങൾക്കായി അവർക്ക് മിക്കവാറും അന്യ നാടുകളെ ആശ്രയിക്കേണ്ടിയിരുന്നു. ഇതിനായി ഉഷ്ണ കാലത്ത് ശാമിലേക്ക് (സിരിയായിലേക്ക്) വടക്കോട്ടും, ശൈത്യ കാലത്ത് യമനിലേക്കു്, തെക്കോട്ടും അവർ കച്ചവട യാത്രകൾ നടത്തുമായിരുന്നു. അറേബ്യാ രാജ്യത്തെ ഭൂപ്രകൃതിയും കാലാവസ്ഥയും കാരണം അവരുടെ യാത്ര പലപ്പോഴും വളരെയധികം വിഷമം നിറഞ്ഞതായിരുന്നു. തണുപ്പ് കാലത്ത് തണുപ്പും ചൂടു കാലത്ത് ചൂടും അസഹ്യമായിരുന്നു. ഈ കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായാണ് അവർ അവരുടെ വടക്കോട്ടും തെക്കോട്ടുമുള്ള യാത്ര ക്രമീകരിച്ചിരുന്നത്. അവരുടെ കച്ചവട സാധനങ്ങൾ വിറ്റഴിക്കലും അവർക്ക് വേണ്ട അവശ്യ വസ്തുക്കൾ നാട്ടിലേക്ക് ഇറക്കുമതി ചെയ്യലും ഈ യാത്രകൾ മുഖേനയായിരുന്നു. ഓരോ യാത്രയും പലപ്പോഴും മാസങ്ങളോളം ദീർഘിക്കുമായിരുന്നു.

ഈ യാത്രകൾക്ക് വേണ്ടുന്ന സൗകര്യങ്ങളും പരിചയവും നൽകിയത് മുഖേന അല്ലാഹു ഖുറൈശികളെ വിശപ്പിൽ നിന്ന് രക്ഷിക്കുകയും, അവർക്ക് ആഹാരത്തിനുള്ള മാർഗ്ഗം നൽകുകയും ചെയ്തു. അവർക്ക് അറബികൾക്കിടയിലുണ്ടായിരുന്ന പ്രത്യേക സ്ഥാന മാനങ്ങൾ നിമിത്തം, അവരുടെ യാത്രാ സംഘങ്ങൾ, വഴിമദ്ധ്യേയുണ്ടാകാറുണ്ടായിരുന്ന സംഘട്ടനങ്ങളിൽ നിന്നും അനിഷ്ഠ സംഭവങ്ങളിൽ നിന്നും മറ്റും ഏറെക്കുറെ സുരക്ഷിതരുമായിരുന്നു. കഅ്ബയുടെ സമീപത്ത് വെച്ച് അക്രമവും സംഘട്ടനവും നടക്കുന്നത് വമ്പിച്ച ഒരു പാതകമായി ഏവരും അംഗീകരിച്ച് വന്നിരുന്നത് കൊണ്ട് സ്വന്തം നാട്ടിലും അവർക്ക് നിർഭയരായി സമാധാനപരമായി ജീവിക്കാമായിരുന്നു. കഅ്ബയുടെ സംരക്ഷകരും സമീപസ്ഥരും ആയതിനാലാണല്ലോ, ഇത്തരം അനുഗ്രഹങ്ങളും, മറ്റുള്ള യോഗ്യതകളും, കീർത്തിയും സ്വാധീനവും എല്ലാം തന്നെ അവർക്ക് ലഭിക്കുവാനിടയായത്. അപ്പോൾ എല്ലാ നിലക്കും, അവർ ആ വിശുദ്ധ മന്ദിരത്തിന്റെ ഉടമസ്ഥനായ അല്ലാഹുവിനെ ആരാധിക്കാനും അവനെയല്ലാതെ മറ്റൊന്നിനെയും ആരാധിക്കാതിരിക്കുവാനും ബാദ്ധ്യസ്ഥരാകുന്നു. ഈ ബാദ്ധ്യത അവർ നിറവേറ്റിക്കൊള്ളട്ടെ എന്ന് അല്ലാഹു അവരെ ഉൽബോധിപ്പിക്കുകയാണ്.



www.islamhouse.com

# 107. സൂറത്തുൽ മാഊൻ (പരോപകാര വസ്തുക്കൾ)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 7

പരോപകാര വസ്തുക്കളെ (മാഊൻ) അവർ മുടക്കം ചെയ്യുന്നതിനെക്കുറിച്ച് 7-ാം വചനത്തിൽ അല്ലാഹു പ്രതിപാദിക്കുന്നു.

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3,4,5,6,7:**

أَرَءَيْتَ ٱلَّذِى يُكَذِّبُ بِٱلدِّينِ ﴿١﴾
فَذَٰلِكَ ٱلَّذِى يَدُعُّ ٱلْيَتِيمَ ﴿٢﴾
وَلَا يَحُضُّ عَلَىٰ طَعَامِ ٱلْمِسْكِينِ ﴿٣﴾
فَوَيْلٌ لِّلْمُصَلِّينَ ﴿٤﴾
ٱلَّذِينَ هُمْ عَن صَلَاتِهِمْ سَاهُونَ ﴿٥﴾
ٱلَّذِينَ هُمْ يُرَآءُونَ ﴿٦﴾
وَيَمْنَعُونَ ٱلْمَاعُونَ ﴿٧﴾

1 മതത്തെ വ്യാജമാക്കുന്നവനെ നീ കണ്ടുവോ?!-

2 അനാഥക്കുട്ടിയെ തള്ളിവിടുന്നവനത്രെ അത്.

3 പാവപ്പെട്ടവന്റെ ഭക്ഷണത്തെപ്പറ്റി അവൻ പ്രോൽസാഹനം നൽകുകയുമില്ല,

4 എന്നാൽ, നമസ്കാരക്കാർക്ക് നാശം!-

5 അതായത്, തങ്ങളുടെ നമസ്കാരത്തെക്കുറിച്ച് അശ്രദ്ധരായുള്ളവർക്ക്, -

6 (അതെ) യാതൊരു കൂട്ടർ; അവർ (മറ്റുള്ളവരെ) കാണിക്കുവാനായി പ്രവർത്തിക്കുന്നു;

7 പരോപകാരവസ്തു(ക്കളെ) അവർ മുടക്കം ചെയ്കയും ചെയ്യും. (ഇങ്ങനെയുള്ളവർക്കാണ് നാശം)

മത സിദ്ധാന്തങ്ങൾ, പരലോക ജീവിതം, കർമ്മങ്ങൾക്കുള്ള പ്രതിഫലം ആദിയായ കാര്യങ്ങളെ വ്യാജമാക്കുന്ന മത നിഷേധികളുടെയും കപട വിശ്വാസികളുടെയും ചില ലക്ഷണങ്ങൾ അല്ലാഹു ഈ വചനങ്ങളിലൂടെ വിവരിക്കുന്നു:

1. അവർ അനാഥ കുട്ടികളോട് നിർദ്ദയമായും പരുഷമായും പെരുമാറുന്നു; 2. അവർ പാവപ്പെട്ട വർക്ക് ഭക്ഷണം നൽകുന്ന വിഷയത്തിൽ പ്രോത്സാഹനം നൽകുന്നില്ല. ഈ രണ്ട് കാര്യങ്ങളെകുറിച്ചും ഖുർആൻ പലപ്പോഴും ശക്തിയായ ഭാഷയിൽ ഉണർത്താറുള്ളതാണ്. അനാഥക്കുട്ടികളെ പുറം തള്ളു ന്നതും സാധുക്കൾക്ക് ഭക്ഷണം നൽകുന്നതിൽ പ്രോത്സാഹനം നൽകാതിരിക്കലും മത നിഷേധത്തിന്റെ ലക്ഷണമായിട്ടാണ് ഇവിടെ അല്ലാഹു എടുത്ത് കാട്ടിയിരിക്കുന്നത്.

3. നമസ്കാരത്തിന്റെ നിയമപരമായ നിർബന്ധത്തിന് ബാദ്ധ്യസ്ഥരായവരെക്കുറിച്ചാകുന്നു തുടർന്നുള്ള പ്രസ്താവന. അവർ തങ്ങളുടെ നമസ്കാരത്തെക്കുറിച്ച് അശ്രദ്ധരാകുന്നു. 'നമസ്കാരക്കാർക്ക് നാശം' എന്ന് മുന്നറിയിപ്പ് നൽകിക്കൊണ്ടാണ് അല്ലാഹു ഇക്കാര്യം ഉണർത്തിയിരിക്കുന്നത്. നമസ്കാര ത്തെക്കുറിച്ച് ശ്രദ്ധയില്ലാത്ത കപടന്മാരായ നമസ്കാരക്കാരെ ഉദ്ദേശിച്ചാകുന്നു ഈ പ്രസ്താവന - അത് കൊണ്ടാണ് 'അവർ മറ്റുള്ളവരെ കാണിക്കുവാനായി നമസ്കരിക്കുന്നു' എന്ന് പറഞ്ഞിരിക്കുന്നതും. അശ്രദ്ധയെന്നത് പല വിധത്തിലും പ്രകടമാകാം - നമസ്കാരം ചിലപ്പോൾ മാത്രം നിർവ്വഹിക്കുക. മറ്റു ള്ളവരുടെ കൂട്ടത്തിലാകുമ്പോൾ മാത്രം നമസ്കരിക്കുക, നമസ്കാരം പാടേ ഉപേക്ഷിക്കുക, സമയ നിഷ്ഠ പാലിക്കാതിരിക്കുക, നമസ്കാരത്തിലെ നിബന്ധനകളെക്കുറിച്ച് ഗൗനിക്കാതിരിക്കക. അന്യചിന്തകളിൽ മുഴുകിക്കൊണ്ട് ബാഹ്യരൂപം മാത്രം കഴിച്ചുകൂട്ടുക, ദിക്ർ - ദുആ - ഖുർആൻ മുതലായവയുടെ സാരം ഗ്രഹിക്കാതെ യാന്ത്രികമായി മാത്രം ചൊല്ലുക എന്നിവയെല്ലാം തന്നെ - ഇബ്നു കഥീർ(റ) ചൂണ്ടിക്കാ ട്ടിയത് പോലെ - നമസ്കാരത്തെക്കുറിച്ചുള്ള അശദ്ധയിൽ ഉൾപ്പെടുന്നു. നമസ്ക്കാരത്തിൽ അശ്രദ്ധരാ യവരെക്കുറിച്ച് അല്ലാഹു സു.നിസാഅ്: 142ലും സൂ.തൗബ: 54ലും പ്രസ്താവിച്ചിട്ടുള്ളത് ഇവിടെ സ്മര ണീയമാകുന്നു.



www.islamhouse.com

കപട വിശ്വാസിയുടെ നമസ്കാരം, സമയം തെറ്റിച്ചു കൊണ്ടായിരിക്കുമെന്നും, അത് സൂര്യാരാധകരുടെ ആരാധനയുമായി സമയ സാദൃശ്യമുള്ളതായിരിക്കുമെന്നും, നമസ്കാരത്തിന്റെ നിയമങ്ങളും മര്യാദകളും ഗൗനിക്കാതെ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ പാലിക്കാതെ, കോഴി കൊത്തുന്ന പോലെ ഒരു നാല് കൊത്ത് കൊത്തിക്കൊണ്ട് വേഗത്തിൽ കുമ്പിട്ട് തീർക്കുന്നതുമായിരിക്കും എന്നും അത്തരം നമസ്കാരത്തെക്കുറിച്ച് നബി(സ) പ്രസ്താവിക്കുകയുണ്ടായി - 'അസർ' നമസ്കാരത്തെക്കുറിച്ചാണ് നബി(സ) ഇവിടെ ഉദാഹരിച്ചത്. അത്തരക്കാരുടെ മറ്റ് നമസ്കാരങ്ങളുടെ സ്ഥിതിയും ഇതിൽ നിന്ന് ഊഹിക്കാമല്ലൊ.

4) മതത്തെ വ്യാജമാക്കുന്നവരുടെ മറ്റൊരു ലക്ഷണമായി അല്ലാഹു പ്രസ്താവിക്കുന്നത് "അവർ പരോപകാര വസ്തുക്കളെ മുടക്കം ചെയ്യുകയും ചെയ്യും" എന്നാകുന്നു. അയൽവാസികൾ സാധാരണ അന്യോന്യം പരോപകാരത്തിന് വിട്ടു കൊടുക്കാറുള്ള ചെറുതരം ഉപകരണങ്ങളെ തടയുന്നവരാകുന്നു അവർ. പരോപകാര വസ്തുക്ക(മാഊൻ)ളിൽ പ്രധാനമായത് സക്കാത്തും, അതിൽ ഏറ്റവും താണ പടിയിലുള്ളത് പാത്രങ്ങൾ, മഴു, കുടുക്ക, സൂചി മുതലായ നിത്യോപയോഗ വസ്തുക്കളും ആകുന്നുവെന്ന് ഇക്രിമ(റ) പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. "ധനം കൊണ്ടോ ഉപയോഗം കൊണ്ടോ സഹായ സഹകരണം ചെയ്യാതിരിക്കുക" എന്നാകുന്നു. 'യം ന ഊനൽ മാഊ'നെപറ്റി ഇബ്നു കഥീർ(റ) സംഗ്രഹിച്ച് പറഞ്ഞത്.

ചുരുക്കിപ്പറഞ്ഞാൽ തങ്ങളുടെ രക്ഷിതാവിനുള്ള പ്രധാന ആരാധനാ കർമ്മമായ നമസ്കാരം പോലും നന്നായി നിർവ്വഹിക്കാത്തവരും നഷ്ടം ബാധിക്കാത്ത വിധത്തിലെങ്കിലും നിത്യോപയോഗ വസ്തുക്കളെക്കൊണ്ട് ജനങ്ങൾക്ക് സഹായ സഹകരണം ചെയ്യുവാൻ തയ്യാറില്ലാത്തവരുമായിരിക്കും, കപട വിശ്വാസികൾ എന്ന് സാരം. ആത്മാർത്ഥതയില്ലാതെ, പേരും കീർത്തിയും ലക്ഷ്യം വെച്ച് കൊണ്ട് സാമൂഹ്യ സേവനമെന്ന പേരിലുള്ള പ്രവർത്തനങ്ങളും ഒന്നും തന്നെ അല്ലാഹുവിങ്കൽ വില പോകുകയില്ലെന്ന് സ്പഷ്ടമാണ്. അല്ലാഹുവിന്റെ നോട്ടം ഹൃദയ ശുദ്ധിയിലേക്കാണല്ലൊ.



www.islamhouse.com

# 108. സൂറത്തുൽ കൗഥർ (ധാരാളം)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 3

നിനക്ക് ധാരാളം നന്മകൾ (കൗഥർ) നാം നൽകിയിരിക്കുന്നു എന്ന് ആദ്യ വചനത്തിൽ അല്ലാഹു നബി(സ) തിരുമേനിയോട് പ്രസ്താവിക്കുന്നു.

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം: 1,2,3:**

വിന്റെ നാമത്തിൽ

إِنَّآ أَعۡطَيۡنَٰكَ ٱلۡكَوۡثَرَ ١

1 നിശ്ചയമായും നാം നിനക്ക് ധാരാളം (നൻമകൾ) നൽകിയിരിക്കുന്നു.

فَصَلِّ لِرَبِّكَ وَٱنۡحَرۡ ٢

2 ആകയാൽ, നിൻെറ റബ്ബിന് നീ നമസ്കരിക്കുകയും (ബലി) അറുക്കുകയും ചെയ്യുക.

إِنَّ شَانِئَكَ هُوَ ٱلۡأَبۡتَرُ ٣

3 നിശ്ചയമായും, നിന്നോട് വിദ്വേഷം വെക്കുന്നവൻ തന്നെയാണ് വാലറ്റവൻ (ഭാവിയില്ലാത്തവൻ).

ഇഹത്തിൽ വെച്ചും പരത്തിൽ വെച്ചും അല്ലാഹു നബി(സ)ക്ക് ചെയ്ത് കൊടുത്ത ധാരാളക്കണക്കിലുള്ള അനുഗ്രഹങ്ങളെ (കൗഥർ)ക്കുറിച്ച് പ്രത്യേകം പറയേണ്ടതില്ലല്ലോ. സ്വർഗ്ഗത്തിൽ അല്ലാഹു നബി(സ) തിരുമേനിക്ക് നൽകുന്ന 'ഹൗളുൽ കൗഥർ' എന്ന അരുവി - തടാകം - ആണ് 'കൗഥർ' കൊണ്ട് ഉദ്ദേശ്യമെന്ന് ആയിശ(റ)യും പല മഹാന്മാരും പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഇബ്നു കഥീർ(റ) ചൂണ്ടിക്കാട്ടിയത് പോലെ ഇതും ഇതല്ലാത്തതും അടക്കം അല്ലാഹു നബി(സ)ക്ക് നൽകിയ എല്ലാ അനുഗ്രഹങ്ങളും, 'കൗഥർ' എന്ന വാക്കിൽ അടങ്ങുന്നുവെന്ന് കരുതുന്നതാണ് കൂടുതൽ ഔചിത്യം.

"ഹൗളുൽ കൗഥർ-ലെ വെള്ളം പാലിനേക്കാൾ വെള്ളയായതും, അതിന്റെ പരിമളം കസ്തൂരിയേക്കാൾ നല്ലതും, അതിലെ പാന പാത്രങ്ങൾ ആകാശത്തെ നക്ഷത്രങ്ങൾ കണക്കെയുള്ളതുമാകുന്നു. അതിൽ നിന്ന് ആരെങ്കിലും കുടിക്കുന്ന പക്ഷം അവന് ഒരു കാലത്തും ദാഹം ഉണ്ടാകുകയില്ല." എന്ന് നബി(സ) തിരുമേനി പ്രസ്താവിച്ചതായി ഇബ്നു ഉമർ(റ) നിവേദനം ചെയ്തിരിക്കുന്നു.

നബി(സ) തിരുമേനിക്ക് പ്രത്യേകമായി ഇഹത്തിലും പരത്തിലും അല്ലാഹു നൽകിയിട്ടുള്ള അനുഗ്രഹങ്ങൾ നിരവധിയാണ്. അതിന് നന്ദിയായി നമസ്കാരം വർദ്ധിപ്പിക്കുന്നതിൽ തിരുമേനിക്കുണ്ടായിരുന്ന അതീവ താൽപര്യം പ്രസിദ്ധമാണല്ലോ. രാത്രിയിൽ അധിക സമയം നിന്ന് നമസ്കരിക്കുന്നത് മൂലം അവിടുത്തെ കാലിൽ നീര് കെട്ടിപ്പോകുമായിരുന്നു. മൃഗബലി നടത്തുന്ന കാര്യത്തിലും തിരുമേനി മുൻപന്തിയിൽ തന്നെയായിരുന്നു. വലിയ പെരുന്നാളിലും ഹജ്ജിന്റെയും ഉംറ:യുടെയും അവസാനത്തിലും ധാരാളം ബലി കർമ്മം നടത്തുക അവിടുത്തെ പതിവായിരുന്നു.

നബി(സ) തിരുമേനിയുടെ ശത്രുക്കൾ അവിടുത്തെക്കുറിച്ച് പലതും പറഞ്ഞ് സ്വയം കൃതാർത്ഥത അടയാറുണ്ടായിരുന്നു. ഇവരെ ക്കുറിച്ചാണ് അവസാന സൂക്തത്തിൽ അല്ലാഹു പ്രസ്താവിക്കുന്നത്: "മുഹമ്മദ് അധികം താമസിയാതെ മരണമടയും; അതോടെ ഈ പുത്തൻ പ്രസ്ഥാനവും നശിച്ച് കൊള്ളും; അവന് ആൺ മക്കൾ ജീവിക്കുന്നില്ല; അതുകൊണ്ട് അവന്റെ പ്രാതിനിധ്യം ഏറ്റെടുക്കാൻ ആരുമുണ്ടാവില്ല; ആകയാൽ അവൻ ഇവിടെ യാതൊരു ഭാവിയുമില്ലാത്ത(വാലറ്റവൻ)വനാകുന്നു." - എന്നൊക്കെ അവർ ജൽപിക്കുമായിരുന്നു.

എന്നാൽ യഥാർത്ഥത്തിൽ നബി(സ)യോട് വിദ്വേഷവും പകയും വെച്ച് പുലർത്തുന്ന അക്കൂട്ടർ തന്നെയാണ് വാലറ്റവർ എന്ന് അല്ലാഹു അവർക്ക് മുന്നറിയിപ്പ് നൽകുന്നു. അവർക്കാണ് പിന്തുടർച്ചയില്ലാത്തത്. അവരുടെ പേരും പ്രശസ്തിയുമാണ് നശിക്കാൻ പോകുന്നത്. നബി(സ)യുടെ പിന്തുടർച്ചയും, സ്മരണയും, പ്രശസ്തിയും എല്ലാം തന്നെ ലോകവസാനം വരെ നില നിൽക്കാതിരിക്കുകയില്ല - എന്നൊക്കെയാണ് അവസാനത്തെ വചനത്തിൽ സൂചിപ്പിക്കുന്നത്. و الله اعلم അങ്ങനെ തന്നെയാണല്ലോ സംഭവിച്ചതും സംഭവിച്ച് കൊണ്ടിരിക്കുന്നതും.



www.islamhouse.com

# 109. സൂറത്തുൽ കാഫിറൂൻ (സത്യനിഷേധികൾ)

**മക്കയിൽ അവതരിച്ചത്**

**വചനങ്ങൾ 6**

ഈ സൂറത്തും സൂ.'ഇഖ്ലാസും' സുബ്ഹ് നമസ്കാരത്തിന് മുമ്പും, മഗ്‌രിബിന്റെ ശേഷവുമുള്ള സുന്നത്ത് നമസ്കാരങ്ങളിലും, 'കഅ്ബ'യെ ത്വവാഫ് ചെയ്ത് കഴിഞ്ഞ ശേഷമുള്ള സുന്നത്ത് നമസ്കാരത്തിലും നബി(സ) തിരുമേനി ഓതാറുണ്ടായിരുന്നുവെന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ഉറങ്ങുവാൻ കിടക്കുമ്പോഴും തിരുമേനി(സ) ഇവ ഓതാറുണ്ടായിരുന്നു.

ചില ഖുറൈശി പ്രമാണിമാർ നബി(സ)യോട് ഒരിക്കൽ ഇപ്രകാരം പറഞ്ഞു: "മുഹമ്മദേ, ഞങ്ങളുടെ മതം നീ പിൻ പറ്റുക; നിന്റെ മതം ഞങ്ങളും പിൻപറ്റാം; ഞങ്ങളുടെ ദൈവങ്ങളെ നീയും ആരാധിക്കുക. നിന്റെ ദൈവത്തെ ഞങ്ങളും ആരാധിക്കാം. എങ്കിൽ, നിന്റേതാണ് ഉത്തമമെങ്കിൽ അതിൽ ഞങ്ങളും, ഞങ്ങളുടേതാണ് ഉത്തമമെങ്കിൽ അതിൽ നീയും ഭാഗഭാക്കാകുമല്ലൊ." - ഇബ്നു ജരീർ(റ), ഇബ്നു അബീ ഹാതിം(റ).

അപ്പോൾ നബി(സ) ഇപ്രകാരം മറുപടി പറഞ്ഞു: "അല്ലാഹുവിനോട് മറ്റൊന്നിനെ പങ്ക് ചേർക്കുന്നതിൽ നിന്നും ഞാൻ അവനോട് ശരണം തേടുന്നു."

ഇതേ തുടർന്നാണ് ഈ സൂറത്ത് അവതരിച്ചത്. അനന്തരം ഹറമിൽ വെച്ച് ഖുറൈശി പ്രമാണികളുടെ സാന്നിദ്ധ്യത്തിൽ തിരുമേനി ഈ അദ്ധ്യായം ഓതി വിളംബരം ചെയ്യുകയും ചെയ്തു.

സൂറത്തിന്റെ ആദ്യ വചനത്തിൽ, ഹേ അവിശ്വാസികളെ (യാ അയ്യുഹൽ കാഫിറൂൻ) എന്ന് അവരെ സംബോധന ചെയ്യാനായി അല്ലാഹു നബി(സ)യോട് പറയുന്നു.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ — بسم الله الرحمن الرحيم

**വചനം 1,2,3,4,5,6:**

| | |
|---|---|
| 1 (നബിയേ) പറയുക:"ഹേ, അവിശ്വാസികളേ"!- | قُلْ يَٰٓأَيُّهَا ٱلْكَٰفِرُونَ ﴿١﴾ |
| 2 "നിങ്ങൾ ആരാധിച്ചുവരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല";- | لَآ أَعْبُدُ مَا تَعْبُدُونَ ﴿٢﴾ |
| 3 "ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല". | وَلَآ أَنتُمْ عَٰبِدُونَ مَآ أَعْبُدُ ﴿٣﴾ |
| 4 "നിങ്ങൾ ആരാധിച്ചുവന്നതിനെ (അഥവാ നിങ്ങളുടെ ആരാധന) ഞാനും ആരാധിക്കുന്നവനല്ല";- | وَلَآ أَنَا۠ عَابِدٌ مَّا عَبَدتُّمْ ﴿٤﴾ |
| 5 ഞാൻ ആരാധിച്ചുവരുന്നതിനെ (അഥവാ എന്റെ ആരാധന) നിങ്ങളും ആരാധിക്കുന്നവരല്ല. | وَلَآ أَنتُمْ عَٰبِدُونَ مَآ أَعْبُدُ ﴿٥﴾ |
| 6 നിങ്ങൾക്ക് നിങ്ങളുടെ മതം; എനിക്ക് എന്റെ മതവും! | لَكُمْ دِينُكُمْ وَلِىَ دِينِ ﴿٦﴾ |

ഇസ്ലാമിന്റെ പ്രഥമവും പരമ പ്രധാനവുമായ ലക്ഷ്യമായ തൗഹീദിനെ സ്ഥാപിക്കുന്നതിനും, ശിർക്കിനെ നിർമ്മാർജ്ജനം ചെയ്യുന്നതിനുമായിട്ടാണല്ലോ നബി(സ) നിയുക്തനായിട്ടുള്ളത്. മറ്റുള്ളതെല്ലാം തന്നെ ഈ ലക്ഷ്യത്തിന്റെ വിശദാംശങ്ങളും അനിവാര്യ ഫലങ്ങളുമാകുന്നു. ഏക ദൈവാരാധനയാകുന്ന തൗഹീദും ബഹുദൈവാരാധനയാകുന്ന ശിർക്കും തമ്മിൽ ഭാഗികമോ നാമമാത്രമോ ആയ സന്ധിപോലും ഉണ്ടാകുകയെന്നത് സാധ്യമല്ല തന്നെ. തൗഹീദും ശിർക്കും പരസ്പര വിരുദ്ധങ്ങളാണെന്ന യാഥാർത്ഥ്യം സ്പഷ്ടവും ഖണ്ഡിതവുമായ ഭാഷയിൽ ശക്തിയുക്തം തുറന്ന് പ്രഖ്യാപിക്കുന്ന ഒരു അദ്ധ്യായമാകുന്നു ഇത്. തൗഹീദിന്റെ മൗലിക വശങ്ങളെ സുവ്യക്തമായ ഭാഷയിൽ സംക്ഷിപ്തമായി വിവരിക്കുന്ന ഒരു ചെറു അദ്ധ്യായമാകുന്നു സൂറത്തുൽ ഇഖ്ലാസ്. لا إله الا الله (അല്ലാഹു അല്ലാതെ



www.islamhouse.com

ഒരു ആരാധ്യനുമില്ല) എന്ന കലിമത്ത് തൗഹീദിന്റെ ആദ്യ ഭാഗമായ لاإله (ഒരു ആരാധ്യനുമില്ല) എന്നതിന്റെ വിശദീകരണമാണ് ഈ സൂറത്ത് എന്നും അവസാന ഭാഗമായ إلا الله (അല്ലാഹു ഒഴികെ) എന്നതിന്റെ വിശദീകരണമാണ് സൂ.ഇഖ്ലാസ് എന്നും പറയാം. ഈ രണ്ട് സൂറത്തുകൾക്കും നബി(സ) വളരെ പ്രാധാന്യം കൽപിച്ചിരുന്നതിന്റെ രഹസ്യം ഇതിൽ നിന്നും മലസ്സിലാക്കാമല്ലോ.

ഈ സൂറത്തിന്റെ ആശയം ഇപ്രകാരം സംഗ്രഹിക്കാം: അല്ലാഹുവിന് പുറമേ നിങ്ങൾ ആരാധിച്ച് വരുന്ന യാതൊരു ദൈവത്തേയും ആരാധ്യ വസ്തുക്കളെയും ഞാൻ ആരാധിക്കുന്നില്ല. ഞാൻ അതിന് തയ്യാറുമല്ല. ഞാൻ ആരാധിച്ചുവരുന്നതു അല്ലാഹുവിനെ മാത്രമാകുന്നു. അവനെ നിങ്ങളും ആരാധിക്കുന്നില്ല. അതിന് നിങ്ങൾ തയ്യാറുമല്ല. നിങ്ങൾ നടത്തി വരുന്ന ശിർക്ക് പരമായ ആരാധനാ മുറകൾ ഒന്നും എനിക്ക് സ്വീകാര്യമല്ല. എന്റെ ആരാധനാ മുറകൾ നിങ്ങളും സ്വീകരിക്കുന്നില്ല. എന്റെ ആരാധ്യനായ അല്ലാഹു നിർദ്ദേശിച്ച് തന്ന ആരാധനാ രൂപം മാത്രമാണ് ഞാൻ സ്വീകരിച്ച് വരുന്നത്. നിങ്ങൾ നടത്തി വരുന്ന ആരാധനകളാകട്ടെ അവ നിങ്ങൾ തന്നെ സ്വയം കെട്ടിയുണ്ടാക്കിയ ചില ചടങ്ങുകൾ മാത്രമാണ്. അതുകൊണ്ട് ആരാധനാ കാര്യങ്ങളിൽ നാം തമ്മിൽ ഒരിക്കലും യോജിക്കുക എന്ന പ്രശ്നമേയില്ല. നിങ്ങൾ നിങ്ങളുടെ മതവും നടപടിക്രമങ്ങളും പിൻപറ്റിക്കൊള്ളുക; ഞാൻ എന്റെ മതവും നടപടിയും പിൻപറ്റിക്കൊള്ളാം. അതതിന്റെ ഫലം നമുക്ക് ഇരു കൂട്ടർക്കും വഴിയെ കണ്ടറിയുകയും ചെയ്യാം.

ഇബ്റാഹീം നബി(അ) തൗഹീദ് സംബന്ധമായി തന്റെ മുശ്രിക്കുകളായ ജനതയോട് തുറന്ന് പ്രഖ്യാപിച്ച പ്രസ്താവന സൂ: മുംതഹിന: 4-ാം വചനത്തിൽ അല്ലാഹു ഉദ്ധരിച്ചത് ശ്രദ്ധിക്കുക. "അതിൽ നിങ്ങൾക്ക് നല്ലതായ ഒരു മാതൃകയുണ്ട്", എന്നും അതോടൊപ്പം അല്ലാഹു നമ്മെ ഉണർത്തുകയും ചെയ്തിരിക്കുന്നു.

ഈ സൂറത്തിൽ നബി(സ)യോടുള്ള അല്ലാഹുവിന്റെ കൽപന അവിടുത്തെ അനുയായികൾക്കും ബാധകമാണെന്ന് പറയേണ്ടതില്ലല്ലോ.



www.islamhouse.com

# 110. സൂറത്തു ന്നസ്ർ (സഹായം)

**മദീനയിൽ അവതരിച്ചത്**

വചനങ്ങൾ 3

സൂറത്തിന്റെ ആദ്യ വചനത്തിൽ അല്ലാഹുവിന്റെ സഹായം (നസ്ർ)നെ ക്കുറിച്ച് അല്ലാഹു പ്രതി പാദിക്കുന്നു.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3:**

إِذَا جَآءَ نَصۡرُ ٱللَّهِ وَٱلۡفَتۡحُ ١ وَرَأَيۡتَ ٱلنَّاسَ يَدۡخُلُونَ فِي دِينِ ٱللَّهِ أَفۡوَاجٗا ٢ فَسَبِّحۡ بِحَمۡدِ رَبِّكَ وَٱسۡتَغۡفِرۡهُۚ إِنَّهُۥ كَانَ تَوَّابَۢا ٣

1 അല്ലാഹുവിൻെറ സഹായവും, വിജയവും വന്നാൽ,-

2 അല്ലാഹുവിൻെറ മതത്തിൽ കൂട്ടംകൂട്ടമായി പ്രവേശിക്കുന്നതായി മനുഷ്യരെ നീ കാണുകയും (ചെയ്താൽ),-

3 അപ്പോൾ നീ നിൻെറ റബ്ബിനെ സ്തുതിച്ചു കൊണ്ട് 'തസ്ബീഹു' (സ്തോത്രകീർത്തനം) ചെയ്തുകൊള്ളുക; അവനോട് പാപമോചനം തേടുകയും ചെയ്യുക. നിശ്ചയമായും അവൻ പശ്ചാത്താപം സ്വീകരിക്കുന്നവനാകുന്നു.

നബി(സ) തിരുമേനിയുടെ വിയോഗത്തിന് അൽപം മുമ്പായി അവതരിച്ച ഒരു സൂറത്താകുന്നു ഇത്. അവർണ്ണനീയമായ ത്യാഗങ്ങളും കഷ്ടപ്പാടുകളും സഹിച്ച് കൊണ്ട് ഏതാണ്ട് ഇരുപത്തിമൂന്ന് കൊല്ല ക്കാലം നടത്തിവന്ന അശ്രാന്ത പരിശ്രമങ്ങൾക്ക് പൂർണ്ണ വിജയം സിദ്ധിച്ച് കഴിഞ്ഞിരിക്കുകയാണ്. അല്ലാഹു അവന്റെ ദീനിനെയും അവന്റെ നബിയെയും സഹായിച്ചു. വിഗ്രഹാദി ദൈവങ്ങളുടെ കൂത്തരങ്ങായി രുന്ന അറേബ്യാ ഉപ ഭൂഖണ്ഡത്തിൽ നിന്നും ശിർക്കിന്റെ അനുയായികളും അവരുടെ ദൈവങ്ങളും നിഷ്കാസനം ചെയ്യപ്പെട്ടു. അറേബ്യാ മുഴുവനും സത്യ വിശ്വാസത്തിന്റെയും മനുഷ്യത്വത്തിന്റെയും നാടായി മാറി. 'മക്കാ വിജയ'മാകുന്ന 'വിജയങ്ങളുടെ വിജയം' കഴിഞ്ഞതോടെ, ഇസ്ലാമിനെ ആശ്ളേഷി ക്കുവാനായി, വിദൂര ദേശങ്ങളിൽ നിന്നടക്കം നാനാ പ്രദേശങ്ങളിൽ നിന്നും ആൾക്കൂട്ടങ്ങളും ഭരണാധി കാരികളും തുടരെത്തുടരെ മദീനയിലേക്ക് പ്രവേശിച്ച് കൊണ്ടിരുന്നു. പുറം നാടുകളിൽ ഇസ്ലാമിന്റെ സന്ദേശം പ്രചരിപ്പിക്കുവാനായി നബി(സ) തിരുമേനിയുടെ പ്രഗത്ഭരായ ശിഷ്യഗണങ്ങൾ സജ്ജരായി രിക്കുന്നുമുണ്ട്.

ചുരുക്കത്തിൽ ഇഹത്തിൽ വെച്ച് നബി(സ) തിരുമേനിക്ക് അല്ലാഹുവിൽ നിന്നും സിദ്ധിക്കേ ണ്ടുന്ന സഹായ വാഗ്ദാനങ്ങളും ഇസ്ലാമിന്റെ വിജയവും സിദ്ധിച്ചു കഴിഞ്ഞു. തൗഹീദിന്റെ വിജയം അവിടുത്തെ കണ്ണിന് കുളിർമയും മനസ്സിന് ആനന്ദവും പ്രദാനം ചെയ്യുകയും ചെയ്ത് കഴിഞ്ഞു. ഇനി, അവിടുത്തേക്ക് വേണ്ടി അല്ലാഹു തന്റെ അടുക്കൽ ഒരുക്കി വെച്ചിട്ടുള്ളതും, എല്ലാറ്റിനേക്കാളും ഉപരിയാ യതുമായ അനുഗ്രഹങ്ങൾ നൽകുവാനായി അല്ലാഹു തന്റെ തിരു ദൂതരെ അവന്റെ പരിശുദ്ധ സന്നിധി യിലേക്ക് സ്വാഗതം ചെയ്യുകയാണ് ഈ സൂറത്ത് മുഖേന. ആ യാത്രക്ക് മുമ്പായി ഇതേ വരെ ലഭിച്ച വമ്പിച്ച അനുഗ്രഹങ്ങൾക്ക് നന്ദിയായി അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് സ്തോത്ര കീർത്തനം നട ത്തണമെന്നും അല്ലാഹുവിനോട് പാപമോചനം നടത്തണമെന്നും ഉപദേശിക്കുകയും ചെയ്യുന്നു.

പ്രവാചകന്മാർ പാപങ്ങളിൽ നിന്നും സുരക്ഷിതരായിരിക്കുമെന്നിരിക്കെ, പാപമോചനം തേടാൻ നബി(സ)യോട് കൽപിച്ചതിനെക്കുറിച്ചും, നബിമാരുടെ പാപങ്ങൾ എന്നത് കൊണ്ടുള്ള വിവക്ഷയെക്കു റിച്ചും, സൂ.സ്വാദ് 34-38; സൂ.മുഹമ്മദ്: 19; സൂ.ഫത്ത്ഹ്: 2 മുതലായ വചനങ്ങളിൽ വിവരിച്ചത് ശ്രദ്ധിക്കുക. നബി(സ) തിരുമേനി പോലും അല്ലാഹു വിനോട് പാപമോചനം തേടുവാൻ കൽപിക്കപ്പെട്ടിരിക്കെ, സാധാ രണ മനുഷ്യരായ നാമെല്ലാവരും തന്നെ അതിന് കടപ്പെട്ടവരാണെന്ന് വ്യക്തമാണല്ലോ.



www.islamhouse.com

"അല്ലാഹുവിന്റെ സഹായവും വിജയവും വന്നാൽ..." എന്ന് അല്ലാഹു പറഞ്ഞതിനെക്കുറിച്ച് മഹാനായ ഇബ്നു അബ്ബാസ്(റ) വ്യാഖ്യാനം നൽകിയത് ഇപ്രകാരമാകുന്നു:

"അത് റസൂൽ(സ) തിരുമേനിയുടെ ആയുഷ്കാലാവധി അറിയിച്ച് കൊടുത്തതാണ്. അതായത്, അല്ലാഹുവിന്റെ സഹായവും വിജയവും വന്നാൽ, അത് നിന്റെ അവധിയുടെ അടയാളമാണ്. അപ്പോൾ നിന്റെ റബ്ബിനെ സ്തുതിച്ച് കൊണ്ട് നീ 'തസ്ബീഹ്' നടത്തുകയും അവനോട് പാപമോചനം തേടുകയും ചെയ്തുകൊള്ളുക എന്നാകുന്നു."

ഈ സൂറത്തിൽ അടങ്ങിയ സൂചനയാണ് ഇബ്നു അബ്ബാസ്(റ) ചൂണ്ടിക്കാട്ടിയത്. ഈ സൂറത്ത് അവതരിച്ചപ്പോൾ റസൂൽ(സ) തിരുമേനി "എനിക്ക് എന്റെ മരണ വാർത്ത അറിയിക്കപ്പെട്ടു" എന്ന് പറഞ്ഞതായി അഹ്മദ്(റ)ഉം ബൈഹഖി(റ)യും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സൂറത്തിന് 'യാത്ര അയപ്പിന്റെ അധ്യായം' എന്നും പറയപ്പെട്ടിട്ടുള്ളത് ഇത് കൊണ്ടാണ്.

ഈ സൂറത്തിന്റെ അവതരണ ശേഷം റുകൂഇലും സുജൂദിലും നബി(സ) ധാരാളമായി ഇപ്രകാരം പറയാറുണ്ടായിരുന്നു: .سبحانك اللهم ربنا وبحمدك اللهم اغفرلى

(ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിനക്ക് ഞാൻ സ്തോത്ര കീർത്തനം ചെയ്യുന്നു. അല്ലാഹുവേ എനിക്ക് പൊറുത്ത് തരേണമേ.) മറ്റ് പാപമോചന പ്രാർത്ഥനകളും നബി(സ) അധികമായി ചൊല്ലാറുണ്ടായിരുന്നു. തിരുമേനി(സ) നിൽക്കുമ്പോഴും ഇരിക്കുമ്പോഴും നടക്കുമ്പോഴുമൊക്കെയും അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് سبحان الله وبحمده എന്ന് പറഞ്ഞിരുന്നതായി മുസ്ലിം(റ) ഉദ്ധരിച്ചിട്ടുണ്ട്.

മുമ്പില്ലാത്ത ഈ പതിവിന് കാരണം ഈ സൂറത്തിൽ പ്രസ്താവിച്ച അടയാളം കണ്ടത് കൊണ്ടാണെന്ന് തിരുമേനി മറുപടി പറഞ്ഞതായും ഹദീസുകളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.



www.islamhouse.com

# 111. സൂറത്തു ല്ലഹബ് (അബൂ ലഹബ്)

**മക്കയിൽ അവതരിച്ചത്**

വചനങ്ങൾ 5

ഈ സൂറത്തിന് സൂ. ‘തബ്ബത്ത്’ എന്നും സൂ. ‘മസദ്’ എന്നും പേരുകളുണ്ട്. ഈ വാക്കുകളുടെ അർത്ഥം സൂറത്തിന്റെ വചനങ്ങളിൽ കാണാം.

സൂ.ശുഅറാഅ് ലെ 214-ാം സൂക്തമായ “നിന്റെ അടുത്ത ബന്ധുക്കൾക്ക് താക്കീത് നൽകുക” എന്ന വചനം അവതരിച്ചപ്പോൾ നബി(സ) സഫാ കുന്നിന്മേൽ കയറി അടുത്ത കുടുബാംഗങ്ങളെയെല്ലാം വിളിച്ച് വരുത്തി. “ഞാൻ, അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് നിങ്ങളെ താക്കീത് ചെയ്യുവാൻ അയക്കപ്പെട്ട ദൂതനാണ്” - എന്ന് അവരെ പൊതുവായും, ഓരോരുത്തരേയും പ്രത്യേകം പ്രത്യേകമായും അറിയിക്കുകയുണ്ടായി. ഈ അവസരത്തിൽ തിരുമേനിയുടെ പിതൃവ്യനായ അബൂലഹബ് ‘ഇതിന് വേണ്ടിയാണോ ഞങ്ങളെ നീ ഒരുമിച്ച് കൂട്ടിയത്’ എന്ന് പറഞ്ഞുകൊണ്ട് നബി(സ)യെ അധിക്ഷേപിക്കുകയുണ്ടായി.

ഇതിനെ തുടർന്ന് ഈ സൂറത്ത് അവതരിച്ചു.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

**വചനം 1,2,3,4,5:**

1 അബൂലഹബിൻെറ ഇരുകരങ്ങൾ (നഷ്ടമടഞ്ഞു) നശിക്കട്ടെ! അവൻ (ശാപമടഞ്ഞു) നശിച്ചുതാനും.

تَبَّتْ يَدَآ أَبِى لَهَبٍ وَتَبَّ ﴿١﴾

2 അവന് അവൻെറ ധനവും, അവൻ സമ്പാദിച്ചു വെച്ചതും ഉപകാരപ്പെട്ടിട്ടില്ല.

مَآ أَغْنَىٰ عَنْهُ مَالُهُۥ وَمَا كَسَبَ ﴿٢﴾

3 ജ്വാലയുള്ളതായ ഒരഗ്നിയിൽ (നരകത്തിൽ) അവൻ വഴിയെ കടന്നെരിയും!

سَيَصْلَىٰ نَارًا ذَاتَ لَهَبٍ ﴿٣﴾

4 അവൻെറ ഭാര്യയും-(അതെ, ആ) വിറകുചുമട്ടുകാരി (അവളും കടന്നെരിയും)!

وَٱمْرَأَتُهُۥ حَمَّالَةَ ٱلْحَطَبِ ﴿٤﴾

5 അവളുടെ കഴുത്തിൽ (ഈന്തനാരിനാൽ) പിരിച്ച ഒരു ചൂടിക്കയർ ഉണ്ടായിരിക്കും.

فِى جِيدِهَا حَبْلٌ مِّن مَّسَدٍۭ ﴿٥﴾

നബി(സ)യുടെ പിതൃവ്യനായ അബൂ ലഹബിന്റെ സാക്ഷാൽ പേര് ‘അബ്ദുൽ ഉസ്സാ’ (ഉസ്സാ എന്ന വിഗ്രഹത്തിന്റെ അടിമ) എന്നത്രേ, അയാളുടെ മുഖം വളരെ ശോഭയും തെളിവും ഉണ്ടായിരുന്നത് കൊണ്ട് ‘അബൂലഹബ്’(ജ്വലിക്കുന്ന മുഖമുള്ളവൻ) എന്ന പേരിൽ അയാൾ അറിയപ്പെട്ടിരുന്നു. നബി(സ) തൗഹീദ് പ്രബോധനം തുടങ്ങിയപ്പോൾ മുതൽ, മരണം വരെ നബി(സ)യോട് ശത്രുതയും കഠിന വൈരവും അയാൾ വെച്ചുപുലർത്തിപ്പോന്നു. കിട്ടിയ അവസരങ്ങളിലെല്ലാം തിരുമേനിയെ അപമാനിക്കാനും ഉപദ്രവിക്കുവാനും ഖുറൈശികളുടെ ഒരു നേതാവ് കൂടിയായിരുന്ന അയാൾ വിനിയോഗിച്ചു. തിരുമേനിയുടെ വാതിൽക്കൽ മലിന വസ്തുക്കൾ വലിച്ചിടുകയെന്നത് അയൽവാസിയായ അയാളുടെ പതിവായിരുന്നു. നബി(സ) പ്രബോധനം നടത്തുന്നയിടങ്ങളിലെല്ലാം പിൻ തുടരുകയും “ഇവൻ മതം മാറിയവനാണ്; കള്ളം പറയുന്നവനാണ്” എന്ന് തിരുമേനിയെ അധിക്ഷേപിച്ചു പറയുകയും ചെയ്യുക എന്നത് അയാളുടെ പതിവായിരുന്നു.

ഇസ്ലാമിനും നബി(സ)ക്കും എതിരിൽ ഇത്രയും നീചവും നികൃഷ്ടവുമായ അയാളുടെ പെരുമാറ്റം കാരണമായിരിക്കാം അവന്റെ പേരെടുത്ത് പറഞ്ഞ് കൊണ്ട് അല്ലാഹു അവനെ, ഈ ഒരു സൂറത്തിലൂടെ ശപിച്ചാക്ഷേപിച്ച് കൊണ്ട് അവനോടുള്ള വെറുപ്പ് പ്രകടമാക്കിയത്.

അബൂലഹബിന്റെ ഭാര്യയായിരുന്ന ഉമ്മു ജമീൽ എന്നവർ നബി(സ)ക്കെതിരായ പ്രവർത്തനങ്ങളിൽ അയാളെ സഹായിക്കുമായിരുന്നു. തിരുമേനിക്കെതിരായി പ്രചരണം നടത്തുക, തിരുമേനി നട



www.islamhouse.com

ക്കുന്ന വഴിയിൽ ഞെരിഞ്ഞിൽ മുള്ളും മറ്റും കൊണ്ടിടുക, തിരുമേനിയെക്കുറിച്ച് ഏഷണി പറഞ്ഞ് പരത്തുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ആ സ്ത്രീ ചെയ്തുകൊണ്ടിരുന്നു. ഇക്കാരണത്താൽ അവളും അല്ലാഹുവിന്റെ കടുത്ത കോപത്തിന് പാത്രമായിത്തീർന്നു.

രണ്ട് പേർക്കും ഇഹത്തലും പരത്തിലും നാശമാണുള്ളതെന്ന് അല്ലാഹു അവരെ ശപിക്കുന്നു. രണ്ടുപേരും ജീവിച്ചിരിക്കെത്തന്നെയായിരുന്നു ഈ സൂറത്തിന്റെ അവതരണം. സൂറത്തിന്റെ ആദ്യ വചനത്തിൽ 'അബൂലഹബിന്റെ ഇരു കരങ്ങൾ നശിക്കട്ടെ' എന്ന പറഞ്ഞ ഉടനെ തന്നെ 'അവൻ നശിക്കുകയും ചെയ്തിരിക്കുന്നു' എന്ന് വർത്തമാന ക്രിയാ രൂപത്തിൽ അല്ലാഹു എടുത്ത് പറയുന്നു. രണ്ടാമത്തെ വചനത്തിൽ അവന്റെ ധനം, സ്വാധീനം, മക്കൾ മുതലായവയൊന്നും ഇഹത്തിലൊ പരലോകത്തിലൊ അവന് ഉപകരിക്കുകയില്ലെന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ശാപം മരണത്തിന് മുമ്പ് ഇഹത്തിൽ വെച്ച് തന്നെ അബൂലഹബും കുടുംബവും അനുഭവിക്കുകയുണ്ടായി. അവന്റെ മകൻ ഉത്ത്ബത്ത് ശാമിലേക്കുള്ള യാത്രയിൽ സിംഹത്തിന് ഇരയായി. അവനാകട്ടെ 'അദസത്ത്' എന്ന് പറയപ്പെടുന്ന മാരകരോഗം ബാധിക്കുകയുണ്ടായി. ദുർഗന്ധം നിമിത്തം ജനങ്ങൾ അടുക്കാതെയായി. ശവ സംസ്കാരത്തിന് പോലും ബന്ധുക്കളെ കിട്ടാതെ, കൂലിക്കാരാണത് എങ്ങനെയോ എടുത്ത് മറവ് ചെയ്തത്. ഇഹത്തിൽ അവന് ലഭിച്ച ശിക്ഷക്ക് പുറമെ, മൂന്നാം വചനത്തിൽ അല്ലാഹു പറഞ്ഞത് പോലെ, ജ്വലിച്ച് പ്രകാശിച്ചിരുന്ന ആ മുഖം കത്തി ജ്വലിക്കുന്ന നരകത്തിൽ കിടന്ന് എരിയുക തന്നെ ചെയ്യും.

അബൂലഹബിന്റെ ഭാര്യയേയും അല്ലാഹു ശപിക്കുകയും 'വിറക് ചുമട്ടുകാരി' എന്ന് അവളെ നിന്ദിക്കുകയും ചെയ്തിരിക്കുന്നു. 'ഏഷണിക്കാരി' എന്ന അർത്ഥത്തിലാണ് ആ വാക്ക് ഉപയോഗിച്ചതെന്നും അതല്ല, നബി(സ)യുടെ വഴിയിൽ അവൾ മുള്ളും മറ്റും വിതറിയിരുന്നതിനെ ഉദ്ദേശിച്ചാണെന്നും അഭിപ്രായമുണ്ട്. “അവളുടെ കഴുത്തിൽ പിരിച്ച ഒരു ചൂടിക്കയർ ഉണ്ടായിരിക്കും” എന്നത് നരകത്തിൽ വെച്ചുള്ള അവളുടെ നിന്ദ്യമായ ശിക്ഷയെക്കുറിച്ച് വിവരിച്ചതാണ് എന്നാണ് പല മഹാന്മാരും പറയുന്നത്. വിറക് ചുമക്കൽ ഏത് അർത്ഥത്തിലായിരുന്നാലും, വിറക് ചുമട്ടുകാരൻ അതിന് തക്ക കയറും കൊണ്ട് നടക്കുമല്ലൊ. നബി(സ)ക്കും ഇസ്ലാമിനുമെതിരെ 'വിറക് ശേഖരിക്കുവാൻ' മിനക്കെട്ടിരുന്ന അവൾക്ക് അതിന് തികച്ചും അനുയോജ്യമായ ശിക്ഷയായിരിക്കും നരകത്തിലും അനുഭവപ്പെടുക എന്ന് സാരം. والله اعلم



www.islamhouse.com

# 112. സൂറത്തുൽ ഇഖ്‌ലാസ് (നിഷ്കളങ്കത)

**മക്കയിൽ അവതരിച്ചത്** (മദീനായിൽ അവതരിച്ചത് എന്നും പറയപ്പെട്ടിട്ടുണ്ട്)

വചനങ്ങൾ 4

ഈ സൂറത്ത് ഒന്നിലധികം പേരുകളിൽ അറിയപ്പെടുന്നു. യാതൊരു കലർപ്പും കൂടാത്ത - തികച്ചും പരുശുദ്ധമായ - ഏക ദൈവ വിശ്വാസ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന അദ്ധ്യായമെന്ന നിലക്ക് സൂ.ഇഖ്‌ലാസ് (നിഷ്കളങ്കത) എന്നും മതത്തിന്റെ അടിസ്ഥാന മൗലിക തത്വങ്ങൾ ഉൾക്കൊള്ളുന്നതെന്ന നിലയ്ക്ക് സൂ.അസാസ് (അടിത്തറ) എന്നും സൂ. തൗഹീദ് (ഏകദൈവ സിദ്ധാന്തം) എന്നും ഇതിന് പേരുകൾ ഉണ്ട്. ഓരോ പേരും സൂറത്തിന്റെ മഹത്വവും പ്രാധാന്യവും ചൂണ്ടിക്കാട്ടുന്നു.

ഒരിക്കൽ ഒരു സൈന്യ തലവൻ, സൈന്യവുമായി നമസ്കരിക്കുമ്പോൾ, എല്ലായ്പോഴും, ഈ അദ്ധ്യായം ഓതിക്കൊണ്ടായിരുന്നു അതിൽ ഖുർആൻ പാരായണം അവസാനിപ്പിച്ചുകൊണ്ടിരുന്നത്. സൈനികർ പറഞ്ഞു വിവരമറിഞ്ഞ നബി(സ) അദ്ദേഹം അങ്ങനെ ചെയ്യുവാൻ കാരണമെന്തെന്ന് അന്വേഷിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു: “കാരണം, അത് പരമ കാരുണികന്റെ ഗുണ വിശേഷണമാണ്. ഞാൻ അത് പാരായണം ചെയ്യാൻ ഇഷ്ടപ്പെടുന്നു.” ഇതു കേട്ടപ്പോൾ നബി(സ) പറഞ്ഞു: “അല്ലാഹു അദ്ദേഹത്തെ സ്നേഹിക്കുന്നുണ്ടെന്ന് അദ്ദേഹത്തെ അറിയിക്കുക.” - മുസ്ലിം(റ)

മറ്റൊരു സംഭവം ഇപ്രകാരമാകുന്നു. ഖുബായിലെ പള്ളിയിലെ ഒരു ഇമാം നമസ്കാരത്തിന് ഓരോ സൂറത്ത് ഓതുമ്പോഴും അതിന് മുമ്പായി ആദ്യം ഈ സൂറത്ത് ഓതുമായിരുന്നു. ജനങ്ങളുടെ ആക്ഷേപം വകവെക്കാതെ, അദ്ദേഹം അത് തുടർന്ന് പോന്നു. നബി(സ) അവിടെ വന്നപ്പോൾ തിരുമേനി കാരണമന്വേഷിച്ചപ്പോൾ ‘ഞാനതിനെ ഇഷ്ടപ്പെടുന്നു’ എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അപ്പോൾ നബി(സ) ഇപ്രകാരം പറഞ്ഞു: “താങ്കൾക്ക് അതിനോടുള്ള ഇഷ്ടം താങ്കളെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്.” - ബുഖാരി(റ), തിർമുദി(റ).

‘ഈ സൂറത്ത് ഖുർആൻ-ന്റെ മൂന്നിൽ ഒരു ഭാഗത്തിന് സമമാകുന്നു’ എന്ന് നബി(സ) അരുളിയിട്ടുണ്ട്. എല്ലാ രാത്രിയും കിടക്കുവാൻ നേരം ഈ സൂറത്തും അടുത്ത രണ്ടു സൂറത്തുകളും (സൂ.ഫലഖും, സൂ.നാസ്) ഓതി രണ്ട് കൈകളിലും ഊതി മുഖത്തും, തലയിലും, ശരീരം മുഴുവനും മൂന്ന് പ്രാവശ്യം നബി(സ) തടവിയിരുന്നതായും ബുഖാരി(റ) മുസ്ലിം(റ) മുതലായവർ രേഖപ്പെടുത്തിയിട്ടുണ്ട്. സൂറത്തുൽ കാഫിറൂന്റെ ആരംഭത്തിൽ ഉദ്ധരിച്ച ഹദീസുകളും ഓർക്കുക.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ — بسم الله الرحمن الرحيم

**വചനം 1,2,3,4:**

1 (നബിയെ) പറയുക: അത് (കാര്യം): അല്ലാഹു ഏകനാകുന്നു. — قُلْ هُوَ ٱللَّهُ أَحَدٌ ﴿١﴾

2 അല്ലാഹു സർവ്വാശ്രയനായ യജമാനനത്രെ. — ٱللَّهُ ٱلصَّمَدُ ﴿٢﴾

3 അവൻ (സന്താനം) ജനിപ്പിച്ചിട്ടില്ല; അവൻ (സന്താനമായി) ജനിച്ചുണ്ടായിട്ടുമില്ല. — لَمْ يَلِدْ وَلَمْ يُولَدْ ﴿٣﴾

4 അവനു തുല്യനായിട്ട് യാതൊരുവനും ഇല്ല താനും. — وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ ﴿٤﴾

നിന്റെ റബ്ബിനെ നീ ഞങ്ങൾക്കൊന്ന് വിവരിച്ച് തരണം എന്ന് മുശ്രിക്കുകൾ നബി(സ)യോട് ആവശ്യപ്പെട്ടുവെന്നും അതിനെ തുടർന്നാണ് ഈ സൂറത്ത് അവതരിച്ചതെന്നും ബുഖാരി, അഹ്മദ്, തിർമുദി(റ) എന്നീ മഹാന്മാർ നിവേദനം ചെയ്തിരിക്കുന്നു.

ഏതൊരു രക്ഷിതാവിന്റെ - ആരാധ്യന്റെ - ഏകത്വ സിദ്ധാന്തത്തിലേക്കാണോ ഞാൻ നിങ്ങളെ ക്ഷണിക്കുന്നത് ആ രക്ഷിതാവും ആ ആരാധ്യനുമായുള്ളവന്റെ മഹോൽകൃഷ്ട ഗുണ വിശേഷണങ്ങളെ ഇതാ ഞാൻ നിങ്ങൾക്ക് വിവരിച്ച് തരാം എന്ന് പ്രഖ്യാപിക്കുവാൻ നബി(സ)യോട് കൽപിച്ച് കൊണ്ടാണ് അല്ലാഹു സൂറത്ത് ആരംഭിക്കുന്നത്. അല്ലാഹുവിനെക്കുറിച്ച് ഈ സൂറത്തിൽ പരിചയപ്പെടുത്തുന്നത്



www.islamhouse.com

അവന്റെ അഞ്ച് ഗുണ വിശേഷണങ്ങളിലൂടെയാണ്.

1. الله احد (അല്ലാഹു ഏകനാണ്): അതെ, ബഹുത്വമോ, നാനാത്വമോ, ഇണയോ, തുണയോ, പങ്കാളിയോ ഇല്ലാത്തവൻ; സത്തയിലും ഗുണങ്ങളിലും പ്രവർത്തനങ്ങളിലുമെല്ലാം തന്നെ ഏകനായുള്ളവൻ. എണ്ണത്തിൽ ഏകൻ എന്ന് മാത്രമല്ല. ഏത് നിലക്ക് നോക്കിയാലും ഏകനായുള്ളവൻ എന്ന അർത്ഥമാണ് احد എന്ന വാക്കിനുള്ളത്. നിഷേധ രൂപത്തിൽ പറയുമ്പോൾ ഈ വാക്ക് സൃഷ്ടികളെ പറ്റി ഉപയോഗിക്കാറുണ്ടെങ്കിലും ( ഉദാ: لا احد -ഒരാളുമില്ല) സ്ഥാപന രൂപത്തിൽ പറയുമ്പോൾ അല്ലാഹുവിനെക്കുറിച്ചല്ലാതെ, സൃഷ്ടികളെക്കുറിച്ച് ആ വാക്ക് ചേർത്ത് പറഞ്ഞു കൂടാത്തതാണ്. അതുപോലെ എണ്ണം പറയുമ്പോൾ 'ഒന്ന്' അല്ലെങ്കിൽ 'ഒരാൾ' എന്ന അർത്ഥത്തിലും ആ പദം ഉപയോഗിക്കപ്പെടാവുന്നതല്ല. واحد (വാഹിദ്) എന്നേ ഉപയോഗിക്കാറുള്ളൂ.

അല്ലാഹു ഏകനാണ് എന്നതിന്റെ വിശദീകരണമാണ് തുടർന്നുള്ള വചനങ്ങൾ എന്ന് പറയാം.

2. الله الصمد (അല്ലാഹു സർവ്വരാലും ആശ്രയിക്കപ്പെടുന്ന യജമാനനത്രെ) : ആരുടെയും ആശ്രയം വേണ്ടാത്ത, എന്നാൽ എല്ലാവരും ആശ്രയിക്കേണ്ടി വരുന്ന അജയ്യനായ നിത്യ ശക്തനായ യജമാനൻ എന്നാകുന്നു (അ-സ്സ്വമദ്) എന്ന വാക്കിന് ചുരുക്കത്തിൽ വിവക്ഷ. അതായത്, യാതൊന്നിന്റെയും ഒരു തരത്തിലുമുള്ള ആശ്രയവും വേണ്ടാതിരിക്കുവാനും, എല്ലാ വസ്തുക്കൾക്കും ആശ്രയം അനിവാര്യമായിത്തീരുവാനും ആവശ്യമായ എല്ലാ ഉൽകൃഷ്ട ഗുണങ്ങളും സമ്പൂർണ്ണമായിട്ടുള്ള മഹാൻ എന്ന് സാരം.

3,4 لم يلد (അവൻ സന്താനം ജനിപ്പിച്ചിട്ടില്ല) ولم يولد (അവൻ ജനിച്ചുണ്ടായിട്ടുമില്ല) : അല്ലാഹു ഏതെങ്കിലും ഒന്നിന്റെ ജനയിതാവല്ല - അഥവാ പിതാവോ മാതാവോ ബീജമോ അല്ല. അവൻ മറ്റൊന്നിൽ നിന്നും ജന്യനായവനോ, ഉത്ഭൂതമായവനോ അല്ല. അവൻ സ്വയം ഭൂവാകുന്നു; അനാദ്യനാണ്; അനന്തനാണ്. അപ്പോൾ അവന്റെ സന്താനമോ അവതാരമോ ആയി യാതൊന്നും ഉണ്ടാകാവതല്ല തന്നെ. അങ്ങിനെയുള്ള സങ്കൽപങ്ങളിൽ നിന്നുമെല്ലാം പരിശുദ്ധനാണവൻ. അവനല്ലാതെയുള്ളതെല്ലാം അവന്റെ സൃഷ്ടികൾ മാത്രം.

5. ولم يكن له كفوا احد (അവന് തുല്യനായി ഒരുവനുമില്ല): അവന്റെ സത്തയിലോ ഗുണങ്ങളിലോ, പ്രവർത്തനങ്ങളിലോ, അധികാരത്തിലോ, അവകാശത്തിലോ, സൃഷ്ടിയിലോ, സംഹാരത്തിലോ, നിയന്ത്രണത്തിലോ, കൈകാര്യ കർതൃത്വത്തിലോ, അറിവിലോ, കഴിവിലോ ഒന്നും തന്നെ അവന് തുല്യനായി പങ്കാളിയായി യാതൊന്നുമില്ല; ആരും തന്നെയില്ല. അവനെപ്പോലെ ഒരു വസ്തുവും ഇല്ല. അവനാകട്ടെ എല്ലാം കേൾക്കുന്നവനും കണ്ടറിയുന്നവനുമത്രേ.

ഈ സൂറത്തിന്റെ തത്വസാരം പരിശോധിക്കുമ്പോൾ അവിശ്വാസികളിൽ പെട്ട ഓരോ വിഭാഗക്കാരും, മുസ്ലിം സമുദായത്തിൽ തന്നെയുള്ള ചില അന്ധവിശ്വാസികളും അല്ലാഹുവിനെപറ്റി സങ്കൽപിച്ചോ വാദിച്ചോ വരുന്ന എല്ലാ അപവാദങ്ങൾക്കുമുള്ള മറുപടിയും വിശദീകരണവും അതിൽ അടങ്ങിയിട്ടുണ്ടെന്ന് കാണാവുന്നതാണ്.



www.islamhouse.com

# 113. സൂറത്തുൽ ഫലഖ് (പുലരി)

**മക്കയിൽ അവതരിച്ചത്** (മദീനായിലാണെന്നും അഭിപ്രായമുണ്ട്.)

വചനങ്ങൾ 5

ഈ സൂറത്തിനും അടുത്ത സൂറത്തിനും (സൂ. നാസ്) ഒന്നിച്ച് 'മുഅവ്വിദത്താനി' (ശരണം അഥവാ രക്ഷ തേടുന്ന രണ്ട് സൂറത്തുകൾ) എന്ന് പറയപ്പെടുന്നു. വിവിധ തരത്തിൽ ഉണ്ടാകുന്ന കെടുതികളിൽ നിന്ന് അല്ലാഹുവിൽ ശരണം പ്രാപിക്കുകയും അവനോട് രക്ഷ തേടുകയും ചെയ്യുവാൻ പഠിപ്പിക്കുന്നതാണ് രണ്ട് സൂറത്തുകളും. "ഈ സൂറത്തുകളിലെ ആയത്തുകളെപ്പോലെയുള്ളവ തീരെ കാണപ്പെട്ടിട്ടില്ല" എന്നും "ഏതൊരാൾക്കും ചോദിക്കുവാനും രക്ഷ തേടുവാനും ഇവയെപ്പോലെ മറ്റൊന്നില്ല" എന്നും റസൂൽ(സ) തിരുമേനി പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

സൂറത്തിന്റെ ആദ്യ വചനത്തിൽ പുലരിയുടെ (ഫലഖ്) റബ്ബിനോട് ശരണം തേടുന്നതായി പറയുവാൻ അല്ലാഹു നിർദ്ദേശിക്കുന്നു.

بسم الله الرحمن الرحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

**വചനം 1,2,3,4,5:**

قُلْ أَعُوذُ بِرَبِّ ٱلْفَلَقِ ﴿١﴾
مِن شَرِّ مَا خَلَقَ ﴿٢﴾
وَمِن شَرِّ غَاسِقٍ إِذَا وَقَبَ ﴿٣﴾
وَمِن شَرِّ ٱلنَّفَّٰثَٰتِ فِى ٱلْعُقَدِ ﴿٤﴾
وَمِن شَرِّ حَاسِدٍ إِذَا حَسَدَ ﴿٥﴾

1 പറയുക:-പുലരിയുടെ (പ്രഭാതത്തിൻെറ) റബ്ബിനോട് ഞാൻ ശരണം തേടുന്നു,-

2 അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽ നിന്ന്;

3 ഇരുട്ടിയ രാത്രി മൂടിവരുമ്പോൾ അതിൻെറ കെടുതിയിൽനിന്നും;

4 കെട്ടുകളിൽ (മന്ത്രിച്ച്) ഊതുന്നവരുടെ കെടുതിയിൽനിന്നും;

5 അസൂയക്കാരൻ അസൂയപ്പെടുമ്പോൾ അവൻെറ കെടുതിയിൽനിന്നും (ശരണം തേടുന്നു.)

കഴിഞ്ഞ സൂറത്തിൽ (സൂ.ഇഖ്‌ലാസ്) തൗഹീദിനെക്കുറിച്ച് വിവരിച്ചതിന് ശേഷം തുടർന്നുള്ള രണ്ട് സൂറത്തുകളിലും, എങ്ങനെയാണ്, ആരോടാണ്, ഏത് പ്രകാരത്തിലാണ്, ഏതൊക്കെ കാര്യങ്ങളിൽ നിന്നാണ് മനുഷ്യൻ ശരണവും രക്ഷയും തേടേണ്ടത് എന്നൊക്കെ പഠിപ്പിച്ച് കൊണ്ട് അല്ലാഹു പറയുന്നു:

പറയുക; ഞാൻ പുലരിയുടെ റബ്ബിനോട് ശരണം തേടുന്നു (വചനം 1). **الفلق** (ഫലഖ്) എന്നാൽ പിളർത്തുക എന്നാകുന്നു സാക്ഷാൽ വാക്കർത്ഥം. സൂ.അൻആം:95 ൽ 'നിശ്ചയമായും അല്ലാഹു ധാന്യത്തെയും കുരുവിനെയും - പരിപ്പിനെയും - പിളർത്തുന്നവനാണ്' എന്നും വചനം 96ൽ 'പ്രഭാതത്തെയും പിളർത്തിയവൻ' എന്നുമുള്ള പ്രസ്താവനകളിൽ അല്ലാഹു 'ഫലഖ്' എന്ന വാക്ക് കൊണ്ട് പിളർത്തുക എന്നാണ് അർത്ഥമാക്കുന്നത്. സാമാന്യമായ ഈ അർത്ഥം സ്വീകരിക്കുമ്പോൾ, ഒന്ന് പിളർത്തി അതിൽ നിന്ന് മറ്റൊന്ന് ഉൽഭവിപ്പിക്കുന്ന - അഥവാ സൃഷ്ടിച്ചുണ്ടാക്കുന്ന - റബ്ബിനോട് ശരണം തേടുന്നു എന്നായിരിക്കും ഈ സുറത്തിലെ ആദ്യ വചനത്തിന്റെ വിവക്ഷ. രാത്രിയുടെ ഇരുട്ട് പിളർന്ന് അതിൽ നിന്നാണല്ലോ പ്രഭാതത്തിന്റെ പുലരി വെളിപ്പെടുന്നത്. ആകയാൽ 'പുലരി' അല്ലെങ്കിൽ 'പ്രഭാതം' എന്ന അർത്ഥത്തിലും ആ വാക്ക് ഉപയോഗിക്കപ്പെടുന്നു. ഈ അർത്ഥമാണ് മുഫസ്സിറുകൾ ഇവിടെ സ്വീകരിച്ചിരിക്കുന്നത്. 'പുലരി'യുടെ രക്ഷിതാവായ അല്ലാഹുവിനോട് മാത്രമായിരിക്കണം നാം രക്ഷ തേടേണ്ടത് എന്ന് വ്യക്തമാക്കിയതിന് ശേഷം, എന്തെല്ലാം കാര്യങ്ങളിൽ നിന്നാണ് രക്ഷയും ശരണവും തേടേണ്ടതെന്ന് തുടർന്നുള്ള വചനങ്ങളിൽ അല്ലാഹു വശദീകരിക്കുന്നു:

: "അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതികളിൽ നിന്ന്"(വചനം 2) - അല്ലാഹുവിന്റെ സൃഷ്ടികളെല്ലാം തന്നെ മനുഷ്യന് ഓരോ തരത്തിലുള്ള നന്മയ്ക്ക് വേണ്ടി സൃഷ്ടിക്കപ്പെട്ടവയാണ്. എന്നാൽ



www.islamhouse.com

ഏതെങ്കിലും കാരണവശാൽ അവ മൂലം ചിലപ്പോൾ നാശ നഷ്ടവും ആപത്തും സംഭവിച്ചേക്കാം. വായു, വെള്ളം, ഭക്ഷണം, തീ, ചൂടും തണുപ്പും പോലെയുള്ള പ്രകൃതി മാറ്റങ്ങൾ, വാഹനം, വീട് തുടങ്ങി എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ, ചിലപ്പോൾ അജ്ഞാതമായ കാരണങ്ങളാൽ, മറ്റ് ചില പ്പോൾ സ്വന്തം കൈക്ക് തന്നെ വന്ന പാകപ്പിഴവിനാൽ, അല്ലെങ്കിൽ അന്യരുടെ പ്രവർത്തനത്താൽ, മനു ഷ്യരുടെ കെടുതിക്ക് കാരണമായിത്തീരാം. നിസ്സാര വസ്തുവായ പേന കൊണ്ടെഴുതിയ ചില വചന ങ്ങൾ, മനുഷ്യന്റെ ഒരു വാക്ക്, ഒരു നോട്ടം, ഒരു വിരൽ ചൂണ്ടൽ ഇവയെല്ലാം തന്നെ വമ്പിച്ച വിപത്തു കൾ വലിച്ച് വെക്കുന്നവയായിത്തീർന്നേക്കാം. പിശാച്, ദുഷ്ട ജന്തുക്കൾ, രോഗങ്ങൾ മുതലായവയുടെ വിപത്തുകൾ വേറെയും. ഇങ്ങനെയുള്ള കണക്കറ്റ ദോഷങ്ങളിൽ ചിലതെല്ലാം മനുഷ്യന്റെ സൂക്ഷ്മത മൂലം, അല്ലാഹുവിന്റെ സഹായത്തോടെ, ഒഴിവായെന്ന് വരാം. മിക്കതിൽ നിന്നും രക്ഷ ലഭിക്കുന്നതിൽ മനുഷ്യർക്ക് ഒരു പങ്കും ഉണ്ടായിരിക്കുന്നതല്ല. അല്ലാഹുവിന്റെ കാരുണ്യവും രക്ഷയും കൊണ്ടുമാത്രമേ മനുഷ്യന് രക്ഷ ലഭിക്കുകയുള്ളൂ.

ഒരു പുതിയ വസ്ത്രം ധരിക്കുമ്പോൾ പോലും നബി(സ) തിരുമേനി ആ വസ്ത്രത്തിന്റെ കെടു തലിൽ നിന്നും, അത് ഏതൊന്നിനായി നിർമ്മിക്കപ്പെട്ടിരിക്കുന്നുവോ, അതിന്റെ കെടുതലിൽ നിന്നും അല്ലാഹുവിനോട് രക്ഷ തേടാറുണ്ടായിരുന്നു.

അവിശ്വാസം, കപട വിശ്വാസം, ദാരിദ്ര്യം, അപമാനം, ഉപകാരം ചെയ്യാത്ത അറിവ്, സ്വീകാര്യമ ല്ലാത്ത കർമ്മം, ഉത്തരം കിട്ടാത്ത പ്രാർത്ഥന, ഭയ ഭക്തിയില്ലാത്ത ഹൃദയം, തൃപ്തി വരാത്ത മനസ്സ്, ദുർബ്ബലത, ലുബ്ധത, ഭീരുത്വം, മടി, അശുഭകരമായ പര്യവസാനം, വഞ്ചന, അസൂയ, കണ്ണേറ് (കരിങ്കണ്ണ്) ജീവിതത്തിലെ പരീക്ഷണങ്ങൾ, മഹാരോഗങ്ങൾ, വാർദ്ധക്യ ക്ഷീണം, ദുഃഖം, ശത്രുക്കളുടെ സന്തോ ഷം, വ്യസനം, ധനം കൊണ്ടുള്ള ആപത്ത് എന്നിങ്ങനെ അനേകമനേകം കാര്യങ്ങളിൽ നിന്ന് നബി(സ) അല്ലാഹുവിൽ നിന്ന് ശരണം തേടിയിരുന്നതായി ഹദീസുകളിൽ കാണാം.

ഇത്രയും പറഞ്ഞതിൽ നിന്നും അല്ലാഹു സൃഷ്ടിച്ചവയുടെ കെടുതലുകളിൽ നിന്നും ശരണം തേടുക എന്നതിന്റെ വ്യാപ്തിയും വൈപുല്യവും പ്രാധാന്യവും വ്യക്തമാണല്ലൊ. പൊതുവായ കെടുതി കളിൽ നിന്നും ശരണം ചോദിക്കുന്നതിനെപറ്റി പ്രസ്താവിച്ച ശേഷം പ്രധാനപ്പെട്ട ചില പ്രത്യേക കെടു തികളെക്കുറിച്ച് അല്ലാഹു തുടർന്നുള്ള വചനങ്ങളിൽ പറയുന്നു:

: “ഇരുട്ടിയ രാത്രി മൂടി വരുമ്പോഴത്തെ കെടുതിയിൽ നിന്നും” (വചനം 3) - ആപത്തുകൾ സംഭ വിക്കാനുള്ള സാധ്യത പകലിനേക്കാൾ കൂടുതൽ രാത്രിയിലാണല്ലോ. വെളിച്ചമോ മറ്റ് മുൻ കരുതലു കളോ ഇല്ലാതെ രാത്രിയിൽ സഞ്ചിരിക്കുന്ന പലർക്കും, അപ്രതീക്ഷിതമായ ആപത്തുകൾ ഓർക്കാപ്പു റത്ത് നേരിടുന്നത് സാധാരണമാണല്ലോ. രാത്രിയുടെ മാത്രമല്ല ഈ സൂറത്തിലും അടുത്ത സൂറത്തിലു മായി അല്ലാഹു തുടർന്ന് പറയുന്ന മറ്റ് കാര്യങ്ങളുടെയും ഭവിഷ്യത്തുകൾ - അവ ഭൗതികമോ ആത്മീയമോ ആകട്ടെ - വമ്പിച്ചതായിരിക്കുമെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

:“കെട്ടുകളിൽ മന്ത്രിച്ച് ഊതുന്നവരുടെ കെടുതികളിൽ” നിന്നും ശരണം തേടാൻ തുടർന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. (വചനം 4) - മന്ത്രവാദം നടത്തുന്നവരും ‘സിഹ്ർ’ (മാരണം, ജാലവിദ്യ മുത ലായവ) നടത്തുന്നവരുമാണ് ‘കെട്ടുകളിൽ ഊതുന്നവർ’ എന്നത് കൊണ്ടുദ്ദേശ്യം. അൽപം ഉമിനീർ തെറിപ്പിച്ച് കൊണ്ടുള്ള ഊത്തിനാണ് ഈ വചനത്തിലെ **نَفَّاثَات** എന്ന പദം ഉപയോഗിക്കാറുള്ളത്. നൂലിലൊ കയറിന്റെ കഷ്ണത്തിലോ കെട്ടുകളുണ്ടാക്കി അതിൽ ശക്തമായി ഊതുന്നത് ഇത്തരക്കാരുടെ പതിവാ കുന്നു. മന്ത്രക്കാരും ‘സിഹ്റു’കാരും വരുത്തിത്തീർക്കുന്ന വിനകൾ ഭയങ്കരവും ദുർഗ്രാഹ്യവുമായിരിക്കു ന്നത് കൊണ്ടാണ് അല്ലാഹു അത് പ്രത്യേകം എടുത്ത് പറഞ്ഞത്. **نَفَّاثَات** എന്ന പദം സ്ത്രീ ലിംഗ രൂപ ത്തിലുള്ളതായത് കൊണ്ട് ‘കെട്ടുകളിൽ ഊതുന്നവർ’ എന്ന് പറഞ്ഞതിന്റെ താൽപര്യം, പുരുഷന്മാരുടെ മനോദൃഢതയെ മാറ്റി മറിക്കുന്ന സ്ത്രീകളായ ഊതുന്നവർ എന്ന് അഭിപ്രായമുണ്ടെങ്കിലും, ‘കെട്ടുക ളിൽ ഊതുക’ എന്ന പ്രവർത്തിയിൽ ഏർപ്പെടുന്ന എല്ലാവരും - പുരുഷനോ, സ്ത്രീയോ ആകട്ടെ - അതിൽ ഉൾപ്പെടുന്നുവെന്നാണ് ഖുർആൻ വ്യാഖ്യാതാക്കൾ സ്വീകരിച്ചിട്ടുള്ള അഭിപ്രായം.

സിഹ്റുകാരും മന്ത്രവാദക്കാരും രോഗം മാറ്റുവാൻ, ഭാഗ്യം സിദ്ധിക്കുവാൻ, ശത്രുവിന് ആപത്ത് നേരിടുവാൻ, തമ്മിൽ പിണക്ക മുണ്ടാക്കുവാൻ തുടങ്ങി പലതിന്റെ പേരിലും പല പൈശാചിക പ്രവർത്ത നങ്ങളും - ഹോമം, ജപം, മുട്ടറുക്കൽ, ഉറുക്ക്, മന്ത്രം, ജ്യോൽസ്യം മുതലായ - നടത്തി ജനങ്ങളെ



www.islamhouse.com

ചൂഷണം ചെയ്യുന്നു. 'അസ്മാഇന്റെ പണിക്കാർ' 'ത്വൽ സമാത്തുകാർ' എന്നീ അറബിപ്പേരുകളിൽ അറിയപ്പെടുന്നവരും ഇതിൽ ഉൾപ്പെടുന്നവർ തന്നെ. ചില ദിക്റുകളും ഖുർആൻ വചനങ്ങളും - ചിലപ്പോൾ അവരറിയാതെ ഈ സൂറത്ത് തന്നെയും സൂ.യാസീനും തൗഹീദിന്റെ കലിമയും മറ്റും - കൂട്ടിക്കലർത്തിക്കൊണ്ട് അല്ലാഹുവിനെ വിളിച്ച് പ്രാർത്ഥിക്കുന്ന അതേ രൂപത്തിൽ തന്നെ അവർക്ക് പോലും അജ്ഞാതമായ ഏതോ ചില പേരുകൾ വിളിച്ച് പ്രാർത്ഥിക്കലും അർത്ഥം ഗ്രാഹ്യമല്ലാത്ത വാക്കുകൾ ഉരുവിടലും അവരുടെ പതിവാണ്. പാമരന്മാരെ വഞ്ചിക്കുവാനായി പിശാച് ആസൂത്രണം ചെയ്യുന്ന അതി സമർത്ഥമായ പകിട്ട് വിദ്യകളത്രെ ഇവയെല്ലാം.

എന്നാൽ, "ഇസ്ലാമിൽ മന്ത്രമേയില്ല, എല്ലാ മന്ത്രവും അന്ധ വിശ്വാസത്തിൽ നിന്ന് ഉടലെടുത്തതാണ്" എന്നത് തികച്ചും തെറ്റായ ഒരു വാദമത്രേ. അല്ലാഹുവും റസൂലും നിർദ്ദേശിച്ചും അനുവദിച്ചും തന്നിട്ടുള്ള എല്ലാ മന്ത്രങ്ങളും അനുവദനീയമാകുന്നു. റസൂൽ(സ) തിരുമേനിയുടെ അന്ത്യനാളുകളിലെ രോഗാവസ്ഥയിൽ അവിടുന്ന് ഇഖ്ലാസ്, ഫലഖ്, നാസ് എന്നീ സൂറത്തുകൾ ഓതി ദേഹത്തിൽ ഊതിയിരുന്നുവെന്നും, രോഗം ശക്തിയായപ്പോൾ താൻ അവ ഓതി തിരുമേനിയുടെ കൈയിൽ ഊതി ആ കൈകൊണ്ട് തടവിക്കൊടുക്കാറുണ്ടായിരുന്നുവെന്നും ആയിശാ(റ) പ്രസ്താവിച്ചിരിക്കുന്നു (ബു.മു). രോഗികളെ ഈ സൂറത്തുകൾ ഓതി മന്ത്രിക്കാമെന്ന് ഈ ഹദീസുകളിൽ നിന്നും സ്പഷ്ടമാണ്. ഹദീസുകളിൽ വന്നിട്ടുള്ള മന്ത്രങ്ങൾ പരിശോധിച്ചാൽ അവയെല്ലാം കേവലം അല്ലാഹുവിനോടുള്ള പ്രാർത്ഥനകളാണെന്ന് കാണാവുന്നതാണ്. 'മുഅവ്വിദാത്ത്' (സൂ.ഇഖ്ലാസ്, സൂ.ഫലഖ്, സൂ.നാസ്) അവതരിക്കുന്നത് വരെ നബി(സ) ജിന്നുകളിൽ നിന്നും മനുഷ്യന്റെ കണ്ണേറിൽ നിന്നും അല്ലാഹുവിനോട് ശരണം തേടാറുണ്ടായിരുന്നു. പിന്നീട് ആ സൂറത്തുകൾ സ്വീകരിക്കുകയും മറ്റ് വാചകങ്ങളിലൂടെയുള്ള ശരണം തേടൽ വിട്ടു കളയുകയും ചെയ്തു - എന്ന് ഇമാം അസ്ഖലാനി(റ) പ്രസ്താവിച്ചിട്ടുണ്ട്. മൂന്ന് നിബന്ധനകൾ ഒത്ത് വന്നാൽ മന്ത്രങ്ങൾക്ക് വിരോധമില്ലെന്നുള്ളതിൽ പണ്ഡിതന്മാർ യോജിക്കുന്നു: 1. അല്ലാഹുവിന്റെ വാക്യമോ, അവന്റെ നാമങ്ങളോ, അവന്റെ ഗുണ വിശേഷണങ്ങളോ കൊണ്ടായിരിക്കുക. 2. അറബി ഭാഷയിലൊ അർത്ഥം അറിയാവുന്ന മറ്റ് ഭാഷയിലൊ ആയിരിക്കുക. 3. ഫലം ചെയ്യുവാൻ മന്ത്രത്തിന് സ്വയം ശക്തിയില്ല, അല്ലാഹു മാത്രമാണ് ഫലം നൽകുന്നവൻ എന്ന വിശ്വാസം ഉണ്ടായിരിക്കുക - (ഫത്ഹുൽ ബാരി). മന്ത്രിക്കുന്ന വാക്യങ്ങൾ ഖുർആനിലൊ ഹദീസിലോ ഉള്ളതാണെങ്കിൽ അർത്ഥം അറിയാത്തവർക്കും അത് ഉപയോഗിക്കുന്നതിന് വിരോധമില്ല. എങ്കിലും ശരിയായി ഫലം ലഭിക്കുവാൻ അർത്ഥം അറിഞ്ഞിരിക്കൽ ആവശ്യമാണ് താനും. നബി(സ) തിരുമേനി, ഇസ്ലാമിന് മുമ്പ് അറബികളിൽ നിലവിൽ ഉണ്ടായിരുന്ന മന്ത്രങ്ങൾ പരിശോധിക്കുകയും അവ ശിർക്ക് കലർന്നവയായിരുന്നതിനാൽ അവയെ വിരോധിക്കുകയും ചെയ്തു. തിരുമേനി(സ) ഇപ്രകാരം പറയുകയും ചെയ്തു - "എല്ലാ വിധത്തിലുള്ള 'തമീമത്തു'കളും 'തിവലത്തും' ശിർക്ക് ആകുന്നു." "കാവലിനും രക്ഷക്കും വേണ്ടി ഉപയോഗിക്കപ്പെടുന്ന ഉറുക്ക്, ഐക്കല്ല്, കവചം മുതലായവയാണ്. 'തമീമത്തും' 'തിവലത്തു'ം". ഹസൻ(റ), ഹുസൈൻ(റ) എന്നിവർക്ക് വേണ്ടി നബി(സ) അല്ലാഹുവിനോട് തേടിയിരുന്ന ശരണവും, തന്റെ മക്കളായ ഇസ്മാഈലിനും ഇസ്ഹാഖിനും വേണ്ടി ഇബ്രാഹീം നബി(അ) അല്ലാഹുവിനോട് തേടിയിരുന്ന ശരണവും, വിവിധ ഹദീസുകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്."

'സിഹ്റി'നെ സംബന്ധിച്ച് പറയുകയാണെങ്കിൽ -ബാഹ്യേന്ദ്രിയങ്ങളേയും ആന്തരേന്ദ്രിയങ്ങളേയും കബളിപ്പിക്കുക വഴി ഉപദ്രവങ്ങൾ നടത്തുന്ന 'കെട്ടുകളിൽ ഊതുന്നവർ' സിഹ്റുകാരാകുന്നു. വസ്തുക്കളുടെ പ്രകൃതിയിൽ മാറ്റം വരുത്തുന്നതോ പുതിയ ഏതെങ്കിലും യാഥാർത്ഥ്യം സൃഷ്ടിക്കുന്നതോ അല്ല സിഹ്ർ. പക്ഷെ മനുഷ്യന്റെ ഇന്ദ്രിയ ശക്തികളെ സിഹ്റിന്റെ കർത്താവ് ഉദ്ദേശിക്കുന്ന പ്രകാരത്തിൽ അത് കബളിപ്പിച്ചേക്കും. ഇതാണ് മൂസാ(അ) നബിയുടെ ചരിത്രത്തിൽ ഖുർആൻ വിവരിച്ച സിഹ്ർ. സിഹ്റുകാരുടെ കയറുകളും വടികളും അവരുടെ സിഹ്ർ നിമിത്തം ഓടുന്ന പാമ്പുകളായി അദ്ദേഹത്തിന്ന് തോന്നിപ്പിക്കപ്പെട്ടുവെന്നും, അതിനാൽ അദ്ദേഹത്തിന് മനസ്സിൽ ഭയം തോന്നിയെന്നും 'ഭയപ്പെടേണ്ടതില്ല, നീ തന്നെയാണ് ഉന്നതൻ' എന്ന് അല്ലാഹു പറഞ്ഞുവെന്നും (സൂ.ത്വാഹാ വചനം 65-69) അല്ലാഹു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കയറും വടിയുമൊന്നും സർപ്പമായി മാറിയിട്ടില്ല; 'സിഹ്ർ' നിമിത്തം മൂസാ(അ) നബിക്കും ജനങ്ങൾക്കും അങ്ങനെ തോന്നുക മാത്രമാണുണ്ടായത്. ഇതാണ് സിഹ്റിന്റെ സ്വഭാവ പ്രകൃതം. അല്ലാഹുവിനോട് ശരണം തേടേണ്ടുന്ന കെടുതൽ തന്നെയാകുന്നു 'സിഹ്ർ'.



www.islamhouse.com

: തുടർന്നുള്ള വചനത്തിൽ “അസൂയക്കാരൻ അസൂയപ്പെടുമ്പോഴുള്ള കെടുതിയിൽ നിന്നും” ശരണം തേടാൻ അല്ലാഹു പറയുന്നു (വചനം -5) - മറ്റുള്ളവരുടെ നന്മയിൽ അസഹിഷ്ണുത പ്രകടിപ്പിക്കുന്ന അസൂയക്കാരൻ, അവർക്ക് തുരങ്കം വെക്കാനും അവരെ അബദ്ധത്തിൽ ചാടിക്കുവാനും തന്നാലാകുന്ന കുതന്ത്രങ്ങളും ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കും. വ്യക്തികൾ തമ്മിലെന്ന പോലെ സമൂഹങ്ങളും സമുദായങ്ങളും രാഷ്ട്രങ്ങളും തമ്മിലും അസൂയ പ്രകടിപ്പിച്ചേക്കാം. യൂസുഫ്(അ) നബിയെ സഹോദരങ്ങൾ കിണറ്റിലിട്ടതും, മുഹമ്മദ് നബി(സ) അറബികളിൽ പെട്ട ആളായത് കൊണ്ട് വേദക്കാർ ഇസ്ലാമിന്റെ ശത്രുക്കളായി മാറിയതും അസൂയ കൊണ്ടായിരുന്നു.

ശരണവും രക്ഷയും തേടേണ്ടത് ലോക രക്ഷിതാവായ അല്ലാഹുവിനോടായിരിക്കണമെന്നും ഏതെല്ലാം കാര്യങ്ങളിലാണ് അത് തേടേണ്ടതെന്നും അല്ലാഹു പഠിപ്പിക്കുന്നു. - ഈ സൂറത്തിലും അടുത്ത സൂറത്തിലും.



www.islamhouse.com

# 114. സൂറത്തു ന്നാസ് (ജനങ്ങൾ)

**മക്കയിൽ അവതരിച്ചത്** (മദനിയാണെന്നും അഭിപ്രായമുണ്ട്)

വചനങ്ങൾ 6

കഴിഞ്ഞ സൂറത്തിന്റെ പ്രാരംഭത്തിലും വിവരണത്തിലും ഈ രണ്ട് സൂറത്തുകളെയും സംബന്ധിച്ച് ഉദ്ധരിച്ച ഹദീസുകൾ ഇവിടെയും ഓർമ്മിക്കുക.

ആദ്യ വചനത്തിൽ മനുഷ്യരുടെ (നാസ്) റബ്ബിനോട് ശരണം തേടുന്നതായി പറയുവാൻ അല്ലാഹു നിർദ്ദേശിക്കുന്നു.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ — بسم الله الرحمن الرحيم

**വചനം 1,2,3,4,5,6:**

| | |
|---|---|
| 1 പറയുക: മനുഷ്യരുടെ റബ്ബിനോട് ഞാൻ ശരണം തേടുന്നു,- | قُلْ أَعُوذُ بِرَبِّ ٱلنَّاسِ ١ |
| 2 (അതെ) മനുഷ്യരുടെ രാജാധിപതിയായ,- | مَلِكِ ٱلنَّاسِ ٢ |
| 3 മനുഷ്യരുടെ ആരാധ്യനായ (റബ്ബിനോട്),- | إِلَٰهِ ٱلنَّاسِ ٣ |
| 4 (കുസൃതികൂട്ടി) പിൻമാറിക്കളയുന്നവൻെറ ദുർമന്ത്രത്തിൻെറ കെടുതിയിൽനിന്ന്,- | مِن شَرِّ ٱلْوَسْوَاسِ ٱلْخَنَّاسِ ٤ |
| 5 അതായത്, മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർമന്ത്രം നടത്തുന്നവൻ,- | ٱلَّذِى يُوَسْوِسُ فِى صُدُورِ ٱلنَّاسِ ٥ |
| 6 ജിന്നുകളിൽനിന്നും, മനുഷ്യരിൽനിന്നും (ദുർമന്ത്രം നടത്തുന്നവൻ). | مِنَ ٱلْجِنَّةِ وَٱلنَّاسِ ٦ |

അല്ലാഹുവിന്റെ സൃഷ്ടികളിൽ നിന്ന് മൊത്തത്തിലും ചില പ്രത്യേക വസ്തുക്കളിൽ നിന്ന് വിശേഷിച്ചും, സംഭവിക്കാവുന്ന കെടുതലുകളിൽ നിന്നും ശരണം തേടണമെന്ന് കഴിഞ്ഞ സൂറത്തിൽ അല്ലാഹു ഉദ്ബോധിപ്പിച്ചു. മനുഷ്യർക്ക് അറിയാൻ കഴിയാത്ത ഗൗരവമേറിയ മറ്റൊരു അജ്ഞാത ശക്തിയുടെ കെടുതലിൽ നിന്ന് കൂടി നാം രക്ഷ തേടേണ്ടതുണ്ടെന്ന് ഈ സൂറത്ത് മുഖേന അല്ലാഹു പഠിപ്പിക്കുന്നു. മനുഷ്യമക്കളിൽ ദുർവികാരങ്ങൾ ഇളക്കി വിട്ട്, ദുർ വൃത്തികൾക്ക് പ്രേരണ നൽകിക്കൊണ്ട് വഴി പിഴപ്പിക്കുകയാണ് ആ ദു:ശക്തിയുടെ പ്രവൃത്തി. അതിനായി അവരുടെ ഹൃദയങ്ങളിൽ ദുർമന്ത്രം നടത്തുകയും ബാഹ്യരംഗത്ത് പ്രത്യക്ഷപ്പെടാതെ നിഗൂഢമായി കുസൃതി കൂട്ടി ഒളിഞ്ഞ് പിൻ മാറുകയും ചെയ്യുക അതിന്റെ പതിവാകുന്നു. അതിനെ കണ്ണ് കൊണ്ട് കാണുവാനോ കൈ കൊണ്ട് എത്തിപ്പിടിക്കുവാനോ സാധ്യമല്ല. മനുഷ്യന്റെ വിചാര വികാരങ്ങളേയും കർമ്മങ്ങളേയും കർമ്മ രംഗങ്ങളെയും നിയന്ത്രിച്ച് വരുന്ന ഹൃദയങ്ങളിൽ ദുർമന്ത്രം നടത്തിക്കൊണ്ടാണ് ആ ദുശ്ശക്തികൾ – ജിന്നു വർഗ്ഗത്തിൽ പെട്ട പിശാചുക്കളും മനുഷ്യ വർഗ്ഗത്തിൽ പെട്ട പിശാചുക്കളും – മനുഷ്യരെ വഴിപിഴപ്പിക്കുന്നത്. പ്രസ്തുത ഗൂഢശക്തികളുടെ കെടുതിയിൽ നിന്നും, മനുഷ്യരുടെ ആരാധ്യനായ, മനുഷ്യരുടെ രാജാധിപതിയായ, മനുഷ്യരുടെ രക്ഷിതാവായ റബ്ബിനോട് ശരണം തേടാൻ ഈ സൂറത്ത് മുഖേന അല്ലാഹു പഠിപ്പിക്കുന്നു.

മനുഷ്യ വർഗ്ഗത്തിന്റെ ആരംഭം മുതൽക്കേ അവരുടെ പരമ ശത്രുവായ ഇബ്ലീസിന്റെ സന്തതികളും സൈന്യങ്ങളുമാണ് ജിന്ന് വർഗ്ഗത്തിലെ പിശാചുക്കൾ. അവർ മനുഷ്യർക്ക് കാണാൻ കഴിയാത്ത ആത്മീയ ജീവികളാകുന്നു. മനുഷ്യ പിശാചുക്കളാകട്ടെ മനുഷ്യർ തന്നെയാണെങ്കിലും, മനുഷ്യരെ സന്മാർഗ്ഗങ്ങളിൽ നിന്ന് അകറ്റിക്കളയുന്നതിന് ജിന്നുകളോടൊപ്പം, പസ്പരം സഹകാരികളായിരിക്കും. “എല്ലാ ഓരോ പ്രവാചകനും, മനുഷ്യരിലും ജിന്നുകളിലും പെട്ട പിശാചുക്കളാകുന്ന ചില ശത്രുക്കളെ നാം ഏർപ്പെടുത്തിയിരിക്കുന്നു. അവരിൽ ചിലർ ചിലരോട് വഞ്ചനക്കായി മോടി വാക്കുകൾ ദുർബോധനം ചെയ്തുകൊണ്ടിരിക്കും” എന്ന് സൂ.അൻആം: 112ലും, “നിങ്ങളോട് തർക്കം നടത്തുവാൻ വേണ്ടി നിശ്ച



www.islamhouse.com

യമായും പിശാചുക്കൾ തങ്ങളുടെ മിത്രങ്ങളോട് സ്വകാര്യ സംഭാഷണം നടത്തുന്നതാണ്. നിങ്ങൾ അവരെ അനുസരിക്കുന്ന പക്ഷം നിശ്ചയമായും നിങ്ങൾ മുശ്‌രിക്കുകൾ തന്നെ" - എന്ന് സൂ. അൻആം: 121ലും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. മനുഷ്യ പിശാചുക്കളും ജിന്ന് പിശാചുക്കളും പരസ്പര ധാരണയും സഹ കരണവും ഉണ്ടെന്ന് ഇതിൽ നിന്നും സ്പഷ്ടമാണല്ലോ.

നബി(സ) പറയുകയുണ്ടായി: "ഒരാളും തന്നെ (ഞാൻ ഉൾപ്പെടെ) ജിന്നിൽ നിന്നുള്ള അവന്റെ ഇണയും മലക്കുകളിൽ നിന്നുള്ള അവന്റെ ഇണയും, അവനിൽ നിയോഗിക്കപ്പെടാതില്ല. എന്നാൽ എന്റെ പ്രസ്തുത ഇണയുടെ മേൽ അല്ലാഹു എനിക്ക് സഹായം നൽകിയിരിക്കുന്നതിനാൽ അവൻ എന്നോട് നല്ലതിനല്ലാതെ ഉപദേശിക്കുകയില്ല". - മുസ്ലിം(റ)

"പിശാച് മനുഷ്യനിൽ അവന്റെ രക്ത സഞ്ചാരമുള്ളിടത്തൊക്കെ സഞ്ചരിക്കുന്നതാണ്" എന്നും തിരുമേനി അരുളിയിട്ടുണ്ട് - (ബു.മു)

മനുഷ്യ ഹൃദയത്തിൽ പിശാചിന്റെ ദുർമന്ത്രത്തിന് ഒരു ഉദാഹരണം നബി(സ) വിവരിക്കുന്നു: "നിങ്ങളുടെയടുക്കൽ പിശാച് വന്ന് ഇപ്രകാരം തോന്നിപ്പിക്കും. ഇന്ന വസ്തു സൃഷ്ടിച്ചുണ്ടാക്കിയതാരാണ്? ആ വസ്തുവിനെ സൃഷ്ടിച്ചുണ്ടാക്കിയതാര്? അങ്ങനെ ഒടുക്കം പറയും: ഇവയെല്ലാറ്റിനെയും സൃഷ്ടിച്ച നിന്റെ റബ്ബിനെ സൃഷ്ടിച്ചതാരാണ്? ആ സന്ദർഭമെത്തിയാൽ അല്ലാഹുവിൽ ശരണം തേടിക്കൊള്ളുകയും, (അതിൽ നിന്ന്) വിട്ടു നിൽക്കുകയും ചെയ്ത് കൊള്ളട്ടെ." - (ബു.മു)

ജിന്ന് പിശാചുക്കൾ മനുഷ്യന്റെ ഹൃദയങ്ങളിൽ മേൽ പറഞ്ഞ രീതിയിൽ കുതർക്കങ്ങളും ദുർന്യായങ്ങളും സമർപ്പിക്കുമ്പോൾ മനുഷ്യപിശാചുക്കൾ അന്വേഷണം, വിശകലനം, നിരൂപണം, ചർച്ച എന്നീ മധുര പേരുകൾ നൽകി ആശയക്കുഴപ്പത്തിലേക്കും ഒടുവിൽ നിഷേധത്തിലേക്കും നയിച്ച് വഴിപിഴപ്പിക്കുകയും ചെയ്യും. അതുകൊണ്ട് ഇതുപോലെയുള്ള വിപൽ സന്ധിയിലേക്ക് നീങ്ങുവാൻ മനസ്സിനെ അനുവദിക്കരുത് എന്നാണ് ഹദീസിന്റെ താൽപര്യം. ഇത്തരം സന്ദർഭങ്ങളിൽ ഒരാൾ "ഞാൻ അല്ലാഹുവിലും അവന്റെ റസൂലുകളിലും വിശ്വസിക്കുന്നു" എന്ന് പറഞ്ഞു കൊള്ളട്ടെ എന്ന് നബി(സ) തിരുമേനി പ്രസ്താവിച്ചിട്ടുണ്ട്. (ബു.മു)

പിശാചുക്കളുടെ ദുർമന്ത്രങ്ങളെക്കുറിച്ച് നാം വളരെ ഗൗരവപൂർവ്വം കരുതിയിരിക്കേണ്ടതുണ്ടെന്നും അതിൽ നിന്ന് രക്ഷ കിട്ടുവാൻ മനുഷ്യരുടെ രാജാധിപതിയും ആരാധ്യനുമായ റബ്ബിനോട് സദാ പ്രാർത്ഥിക്കേണ്ടതുണ്ടെന്നും ഇതിൽ നിന്നൊക്കെ സ്പഷ്ടമാകുന്നു.



www.islamhouse.com